## .എങ്ങനെ ഉപയോഗിക്കണം

നിഘണ്ടുവിൻെറ സാങ്കേതികത്വങ്ങൾ താഴെ വിവരിക്കുന്നു.

### അകാരാദിക്രമം

അകാരാദിക്കു പല നിഘണ്ടുക്കളും പല ക്രമങ്ങൾ പിന്തുടർന്നുവന്നിട്ടുണ്ട്. കേരളഭാഷാനി. ഘണ്ടുവിൽ പിന്തുടരുന്ന ക്രമം വിവരിക്കുന്നു.

സ്വരങ്ങൾക്ക് അങ്ങ്ഗീകൃതമായ ക്രമം തന്നെ.

സ്വരം ചേരാതെ തനിയെ നിൽക്കുന്ന വ്യഞ്ജനം, സ്വരം ചേർന്ന വ്യഞ്ജനം, വ്യഞ്ജനത്തോടു ചേർന്നുനിൽക്കുന്ന വ്യ്ഞ്ജനം (കൂട്ടക്ഷരം) ഇതാണ് ഈനിഘണ്ടുവിൽ സ്വീകരിച്ചിട്ടുള്ള ക്രമം. (നിഘണ്ടുവിൽ വ്യഞ്ജനമോരോന്നും അവതരിപ്പിക്കുമ്പോൾ അക്ഷരമാലയിലെ ഇത്രാമത്തെ വ്യഞ്ജനം എന്നു പറഞ്ഞുപോയിട്ടുണ്ട്. അക്ഷരമാലയിലെ എല്ലാവർണ്ണങ്ങളും നിഘണ്ടുവിൽ പ്രദർശിപ്പിക്കേണ്ടിവരികയില്ല. സ്വരങ്ങളും വ്യഞ്ജനങ്ങളും ഒരു വ്യഞ്ജനത്തോടു പലവിധത്തിൽ ചേർന്നു വിവിധ അക്ഷരങ്ങളുണ്ടാകുന്നു. ഇവയിൽ വ്യഞ്ജനം മാത്രം ആദ്യം എടുത്തു കാണിക്കുകയാണു നിഘണ്ടുവിൽ ചെയ്തിട്ടുള്ളത്. അവയെ ഇത്രാമത്തെ വ്യഞ്ജനം എന്നു പറയുന്നതാവും കൂടുതൽ ശരി.)

### ചില്ലുകൾ

സംവൃതോകാരത്തിൻെറ പോലും സഹായമില്ലാതെ തനിയേ നിൽക്കാവുന്ന വ്യഞ്ജനങ്ങൾ ൺ, ൻ, ർ, ൽ, യ്, ൾ, ഴ് ഇവയാണ്. ടവർഗത്തോടുചേരുമ്പോഴൊഴികെ 'ൺ' തനിയെനിൽക്കും. വിൺമൂത്രം, വീൺവാക്ക് ഇത്യാദിനോക്കുക. 'വിണ്ണ്" എന്നതിനുമുമ്പുതന്നെ 'വിൺ' കൊടുത്തിരിക്കും. തവർഗത്തിലെ അനുനാസികത്തിന് തവർഗത്തിലെ വർണങ്ങളോടും മകാരത്തോടും ചേർന്നുനിൽക്കാൻ കഴിയും. തൻകാര്യം, പശുവിൻപാൽ ഇത്യാദികളിലെപ്പോലെ മറ്റിടങ്ങളിൽ 'ൻ' തനിയെനിൽക്കുന്നു. അതിനാൽ 'തൻ കാര്യ'ത്തിനു ശേഷമാണ് 'തനതു' തുടങ്ങിയ ശബ്ദങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. ഇതുപോലെ ർ,ൽ,യ്,ൾ,ഴ് ഇവയുടെ കാര്യത്തിലും 'പതർച്ച'യ്ക്കുശേഷം 'പതറുക'യും 'വിൽ' എന്നതിനുശേഷം 'വിലയും' വരും. 'തേയ്ക്കുക' എന്നത് 'തേയുക' എന്നതിനുമുമ്പേവരും. (തീ-യ്-ക്കു-ക' എന്നതിൽ 'യ്' സ്വതന്ത്രമായി നിൽക്കുന്നതിനാൽ അത് ആദ്യം കാണിച്ചിരിക്കുന്നു.) 'വാള', 'വാൾ' എന്നതിനുശേഷം. 'പാഴ്ച്ചെലവിൻെറ' സ്ഥാനം' പാഴൂഴിക്കു മുമ്പാണ്. വളരെകുറച്ചു വാക്കുകളേ ഇങ്ങനെയുള്ളു എന്നതിനാൽ നിഘണ്ടു ഉപയോഗിക്കുന്നവർക്ക് കാര്യമായ അസൗകര്യം വരാനില്ല.

### അനുനാസികങ്ങൾ.

കവർഗത്തോടു ചേരുമ്പോൾ അനുസ്വാരം 'ങ' കാരമായി മാറുന്നതു മലയാളിയുടെ ഉച്ചാരണത്തിൻെറ പ്രത്യേകതയാണ്. അതിനാൽ ശംഖ്, സംഘം ഇത്യാദി ശബ്ദങ്ങൾ അനുസ്വാരത്തിൻെറ സ്ഥാനത്തല്ല, 'ങ'കാരത്തിൻെറ സ്ഥാനത്താണ് നോക്കേണ്ടത്. ചില

നിഘണ്ടുക്കളിൽ ഇവിടെ അനുസ്വാരമെഴുതുകയും 'ങ' കാരത്തിൻെറ സ്ഥാനത്തു പദം ചേർക്കുകയും ചെയ്തിട്ടുണ്ട്. അവിടെ അനുസ്വാരത്തെ 'ങ' കാരമായിത്തന്നെയാണ് കരുതു ന്നതെന്നു വ്യക്തം. ശീർഷകപദങ്ങളിലെല്ലാം അനുസ്വാരത്തിൻെറ സ്ഥാനത്തു 'ങ' കാരം ചേർത്ത് സങ്ഘം, ശങ്ഖ് എന്നിങ്ങനെയാണ് പദങ്ങൾ പ്രദർശിപ്പിച്ചിട്ടുള്ളത് (ശംഖ് ഇത്യാദിരൂപങ്ങൾ തെറ്റാണെന്നു വിവക്ഷിച്ചിട്ടില്ല).

## അനുസ്വാരം

അനുസ്വാരം എന്നത് മകാരം തന്നെയാണെന്ന് എല്ലാ വൈയാകരണന്മാരും സമ്മതിക്കുന്നു. അനുസ്വാരത്തിൻെറ സ്ഥാനം മകാരത്തിനുമുമ്പാണ്. സുഖപ്രദൻ സുഖപ്രദം എന്നതാണു ക്രമം. മറിച്ചു വരികയില്ല.

## സംവൃതോകാരം

ചന്ദ്രക്കലയുടെ ചി ംകൊണ്ട് അരയുകാരത്തെ കാണിച്ചിരിക്കുന്നു. എന്നാൽ തെക്കൻ പ്രദേശങ്ങളിൽ എഴുതിവന്നിരുന്നതനുസരിച്ചാണെങ്കിൽ മുഴു ഉകാരം എഴുതിയിട്ട് അതിൻെറ മീതെ അർധചന്ദ്രചി ം അടയാളപ്പെടുത്തുകയായിരുന്നു പതിവ്. കമ്പ്യൂട്ടറിൽ ലഭ്യമായ ചി ങ്ങളുപ യോഗിച്ചാൽ 'അതു്', 'പോത്തു്' എന്നിങ്ങനെ വിലക്ഷണമായിട്ടേ എഴുതുകയുള്ളു. അദൃശ്യമായ ഒരു അക്ഷരം '്' ഇവയ്ക്കിടയിൽ അടിച്ചുചേർത്താലേ 'അതു്', 'പോത്തു്' എന്നിങ്ങനെ രൂപം കിട്ടുകയുള്ളു. പിന്നെ അപ്രകാരമുള്ള രൂപങ്ങളുടെ അഭങ്ങിയും കൂടി പരിഗണിച്ച് ചന്ദ്രക്കലയുടെ ചി ം മാത്രം മതിയെന്നു വച്ചു. മലയാളികൾ പൊതുവേ അങ്ങീകരിച്ചിരിക്കുന്ന ലിപിവിന്യാ സക്രമം ഇതുതന്നെയാണുതാനും. പദമധ്യത്തിൽ ഒരു വ്യഞ്ജനത്തിനുമീതെ ചന്ദ്രക്കല അടയാള മിട്ടാൽ ആ വ്യഞ്ജനത്തിൽ സ്വരസംയോഗം ഇല്ലെന്നാണ് അർഥം. പദാന്തത്തിൽ മാത്രം അതു സംവൃതോകാരത്തെ കാണിക്കുന്നു.

സംസ്കൃതത്തിലെ ലകാരത്തിനു ചില്ലില്ല. മറ്റക്ഷരങ്ങളോടു ചേരുമ്പോൾ ഇത് ഒരു ചന്ദ്രക്കല കൊണ്ട് അടയാളപ്പെടുത്തിയിരിക്കുന്നു. എന്നാൽ മലയാളത്തിലെ ലകാരത്തിന് സ്വരസംയോഗ മില്ലാതിരിക്കുമ്പോൾ അത് 'ൽ' എന്നു മാറുന്നു. ശല്കം, വല്കലം ഇത്യാദിപദങ്ങൾ സംസ്കൃ തമാണ്. തിരുമുൽപ്പാട്, വേൽക്കാരൻ തുടങ്ങിയവ മലയാളപദങ്ങളും

## ശീർഷകപദം

ശീർഷകപദമോരോന്നും തടിച്ച അക്ഷരങ്ങളിൽ (10 പോയിൻറ്) ചേർത്തിരിക്കുന്നു. ഒരേ അക്ഷര സങ്ഘാതം ആവർത്തിച്ചുവന്നാൽ ഓരോന്നിനും ക്രമ നമ്പർ കൊടുത്തിരിക്കും.

ഉദാഹരണത്തിന്, മതി എന്ന നാമം രണ്ടുപ്രാവശ്യം ചേർത്തിരിക്കുന്നു. ആദ്യത്തേത് മതി1 എന്നും രണ്ടാമത്തേത് മതി2 എന്നും കാണിച്ചിരിക്കുന്നു.

## വ്യത്യയരൂപങ്ങൾ

വ്യത്യയരൂപങ്ങൾ കാണിക്കാൻ, അവ മുഴുവനായിട്ടെഴുതാതെ ആദ്യത്തെ രൂപത്തിൽനിന്നും വ്യത്യാസമുള്ളഭാഗങ്ങൾ മാത്രം രണ്ടാമത്തേതിൽ കാണിക്കുകയും സമാനമായഭാഗങ്ങളെ ഒരു ചെറിയ വരകൊണ്ട് അടയാളപ്പെടുത്തുകയും ചെയ്തിരിക്കും. പ്രഗൽഭൻ, ള –ഗദ്ഭൻ, –ഗത്ഭൻ എന്നതുദാഹരണം. ആദ്യത്തെതൊഴികെയുള്ള രൂപങ്ങൾ ദ്വിത്വകോഷ്ടത്തിനുള്ളിൽ കൊടുത്തിരി ക്കുന്നതിൻെറ അർഥം അതിനുള്ള പദങ്ങൾക്കു പ്രത്യേകം എൻട്രി (ശീർഷകം) ഇല്ല എന്നാണ്.

## നിരുക്തം

ശീർഷകം കഴിഞ്ഞാൽ ചതുരകോഷ്ടത്തിൽ പദത്തിൻെറ നിരുക്തം നൽകാനാണു ശ്രമിച്ചിട്ടുള്ളത്. ഏറ്റവുമധികം നിരുക്തി നൽകേണ്ടിവന്നിട്ടുള്ളതു സംസ്കൃതപദങ്ങൾക്കാണ്. ചിലപ്പോൾ [സം.] എന്നുമാത്രം നിർദ്ദേശിച്ചുകാണാം. ഇതിൻെറ അർഥം പദത്തിനു ഭാഷയിൽ പ്രത്യയങ്ങളുടെ കാര്യത്തിലൊഴിച്ച് വ്യത്യാസമില്ല എന്നാണ്. അപ്പോൾ സംസ്കൃതരൂപം

മനസ്സിലാക്കാൻ പ്രയാസമില്ലല്ലോ. [<സം.] എന്നാൽ മലയാളരൂപത്തിനുസംസ്കൃതരൂപത്തിൽനിന്നു വർണങ്ങളുടെ കാര്യത്തിൽ വ്യത്യാസം വന്നിട്ടുണ്ട് എന്നാണ്. ഗൗരവം [സം. < ഗുരു] എന്നതിനർഥം സംസ്കൃതരൂപം (ഗൗരവം) തന്നെ സംസ്കൃതത്തിലെ മറ്റൊരു പദത്തിൽനിന്ന് (ഗുരു എന്നതിൽനിന്ന്) നിഷ്പന്നമെന്നാണ്. ചി ം '>' എന്നാണെങ്കിൽ അതിൻെറ ഇടതുവശത്തുള്ളതിൽനിന്ന് വലതുവശത്തുള്ളതു നിഷ്പാദപ്പിക്കാമെന്നർഥം. മുക്കുക [മുങ്ങുക>പ്രയോ] എന്നു കാണിച്ചാൽ മുക്കുക മുങ്ങുക എന്നതിൽനിന്നു ജനിക്കുന്ന പ്രയോജകരൂപമാണെന്നു മനസ്സിലാക്കണം. ശീർഷക പദത്തിലെ ഘടകപദമോ മുകളിൽ നിരുക്തത്തിൽ വന്നുകഴിഞ്ഞ ഘടകപദമോ ഒരു വരകൊണ്ടു നിർദ്ദേശിക്കുന്നതു സ്ഥലപരിമിതികൊണ്ടാണ്. [സം. കാമ–ദേവൻ] എന്നു മുകളിലെ പദത്തിൽ നിരുക്തം നൽകിയശേഷം കാമശാസ്ത്രം എന്നതു [–ശാസ്ത്ര] എന്നു പ്രദർശിപ്പിച്ചിരിക്കും. രണ്ടിലും ആവർത്തിക്കുന്ന കാമശബ്ദം ഒരു വരകൊണ്ടു നിർദേശിക്കുന്നു. ഇതുപോലെ ശീർഷകത്തിലെ വ്യത്യയരൂപങ്ങളിൽ ആവർത്തിക്കുന്ന പദങ്ങളിലും. ഉത്കർഷം, ഉൽ– എന്നിടത്തു രണ്ടാമത്തെ പദം മുഴുവനായി കർഷം എന്നാണെന്നറിയണം.

നിയുക്ത സൂചന നൽകുമ്പോൾ സംസ്കൃതശബ്ദങ്ങളുടെ പ്രകൃതിമാത്രമേ കാണിച്ചിട്ടുള്ളു.

മധ്യകാലമലയാളത്തിൽ ഉത്– എന്നത് ഉൽ– എന്നു വായിക്കുന്ന സമ്പ്രദായമുണ്ടായിരുന്നു. അത് ഈ നിഘണ്ടുവിൽ സ്വീകരിച്ചിട്ടില്ല. അതുമൂലം പദത്തിൻെറ സ്ഥാനം അകാരാദിയിൽ വ്യത്യസ പ്പെടുന്നുവെന്ന് ഓർക്കുക. എല്ലാ പദങ്ങൾക്കും ഈ വ്യത്യയം പ്രദർശിപ്പിക്കാതെ ആദ്യത്തെ ഒന്നോ രണ്ടോ എണ്ണത്തിനു കാണിച്ചശേഷം തുടർന്നുവരുന്ന ശബ്ദങ്ങൾ ശരിയായരൂപത്തിൽ മാത്രം പ്രദർശിപ്പിച്ചിരിക്കുന്നു.

മലയാളപദത്തിലെ തെറ്റും ശരിയും സംസ്കൃതശബ്ദം പരിശോധിക്കുമ്പോൾ മനസ്സിലാക്കാൻ സാധിക്കും. ഇങ്ഗ്ലീഷ്, സംസ്കൃതം, പ്രാകൃതം എന്നീ ഭാഷകളിലേത് ഒഴിച്ചാൽ നിരുക്തത്തിൽ രൂപം പ്രദർശിപ്പിച്ചിട്ടില്ല. ഏതു ഭാഷയിൽനിന്നും വന്നു എന്നു ചൂണ്ടിക്കാണിച്ചിട്ടേയുള്ളു.

## അർഥം

നിരുക്തം രണ്ടാമത്തെ ചതുരകോഷ്ഠം ']' കൊണ്ടുതീർത്തിട്ട് ഉദ്ധരണിയിൽ ചിലപ്പോൾ പദത്തിൻെറ വാച്യാർഥം പറഞ്ഞുകാണാം. മലയാളത്തിൽ അർഥാദേശം സംഭവിച്ച വാക്കുകളുടെ കാര്യത്തിലാണ് അധികവും ഇങ്ങനെ ചെയ്തിട്ടുള്ളത്. മൂലാർഥം എന്തെന്നു മനസ്സിലാക്കാൻ ഇതു സഹായിക്കുന്നു. പിന്നീട് പദത്തിൻെറ വ്യാകരണപരമോ (നാമം, ക്രിയ, അവ്യയം ഇത്യാദി) വിഷ യപരമോ (മനശ്ശാസ്ത്രം, ഭൗതികം, കാമശാസ്ത്രം, മീമാംസ, വേദാന്തം ഇത്യാദി) ആയ വർഗീകരണ മാണ് (ചുരുക്കെഴുത്തിൽ). ഒരുസെറ്റ് അർഥങ്ങളിൽ ഓരോന്നും കോമാ (,) കൊണ്ടും സെറ്റിനെ അർധവിരാമം (;) കൊണ്ടും വേർതിരിച്ചിരിക്കുന്നു. വാക്കുകളെ വേർതിരിക്കാൻ കോഷ്ഠകത്തിനു ള്ളിൽ മാത്രമേ കോമാ ഉപയോഗിച്ചിട്ടുള്ളു. അർഥാവിരാമത്തിനുശേഷം അടുത്ത ക്രമസംഖ്യ ആയിരിക്കും. ഒരു അർഥം കഴിഞ്ഞ് അതിനു പ്രത്യേകപ്രയോഗം (പ്ര) ഉള്ളപ്പോൾ അതുകാണി ച്ചിരിക്കും. ചില അർഥങ്ങൾ പ്രയോഗവിശേഷങ്ങളിൽ മാത്രമുള്ളപ്പോൾ അതിനെ ( പ്ര.) എന്ന് അടയാളപ്പെടുത്തിയിരിക്കുന്നു. ഒരു അർഥം തുടങ്ങുന്നത് സമചി ം കൊണ്ടാണെങ്കിൽ അതി നർഥം ആ പദം ശീർഷകമായി വരുന്നിടത്തു കൂടുതൽ അർഥത്തിനായി നോക്കണമെന്നാകുന്നു. പദങ്ങളോടു ബന്ധപ്പെട്ട പഴഞ്ചൊല്ലുകൾ അവിടവിടെ കാണിച്ചിട്ടുണ്ട്.

സാങ്കേതിക പദങ്ങൾ, പഴഞ്ചൊൽലുകൾ, ശൈലികൾ എന്നിവ അനുബന്ധമായി കൊടുത്തിരിക്കുന്നു.



## അ

അ1 1. അക്ഷര മാലയിലെ ആദ്യത്തെ അക്ഷരം,ഹ്രസ്വസ്വരം, കണ്ഠ്യം; 2. ഒരു..ചുട്ടെഴുത്ത്, ദൂരെയുള്ള ഒന്നിനെ നിർദ്ദേശിക്കാൻഉപയോഗിക്കുന്നു. 3. പേരെച്ചപ്രത്യയം. ഉദാ. ഒഴുകുന്ന,പറയുന്ന.

അ2 ഇല്ലായ്മ,അല്ലായ്മ,ഇല്ലാത്ത,അല്ലാത്ത,ഈ അർഥങ്ങൾ കാണിക്കാൻ സംസ്ക്"തത്തിൽനിന്ന് എടുത്ത ഒരു പുരഃപ്രത്യയം.'ന' എന്ന നിഷേധപ്രത്യയത്തിൻെറ നകാരം ലോപിച്ചത്. ഉദാ.അവിഘ്നം,അക്രൂരം.

അക1 [അകയ്ക്കുക]ധാതുരൂപം

അക2 നാ.അകച്ചത്,മുള,തളിർ,പ്ലാവ് കായ്ക്കുന്നതിനു പ്രാരംഭമായി തടിയിലുണ്ടാകുന്ന പൊടിപ്പു.

അകകുലം (പ:മ.) നാ. ശംഖുവിളി.

അകക്കണ്ണ്, -ങ്കണ്ണ് [അകം1-കണ്ണ്]നാ.ഉൾക്കണ്ണ്,.ജ്ഞാനദൃഷ്ടി.

അകക്കരപ്പൻ [അകം1-കരപ്പൻ] നാ.(പുറത്തു കാണാതെ)ശരീരത്തിനകത്ത് അടങ്ങുന്ന കരപ്പൻ,കുട്ടികൾക്കുണ്ടാകുന്ന ഒരു വ്യാധി.

അകക്കഴി [അകം1-കഴി] നാ.നുകത്തിൽ കാളയെ ബന്ധിക്കാൻ ഓരോ അറ്റത്തും ഈരണ്ടു കഴികൽ ഉള്ളതിൽ അകത്തേത്.

അകക്കാമ്പ് [അകം1-കാംബ്] നാ.മനസ്സ്,ഹ്രുദയം.

അകക്കുരുന്ന് [അകം1-കുരുന്ന്] നാ.അകക്കാമ്പ്.

അകക്കൂത്ത് [അകം1-കൂത്ത്] നാ.കൂത്തിൻെറ ഒരു വകഭേദം.

അകക്കോയ്മ [അകം1-കോയ്മ] നാ.1.അകത്തെ കോയ്മ,ക്ഷേത്രത്തിനുള്ളിലെ മേൽ വിചാരിപ്പുകാരൻ; 2.സ്മാത്ത്വിചാരവേളയിൽ സമാധാനം പാലിക്കുന്ന ആൾ.

അകങ്കാൽ [അകം1-കാൽ] നാ.1.ഉള്ളങ്കാൽ; 2.കായികാഭ്യാസത്തിൽ കാൽകൊണ്ടുള്ള ഒരു പ്രയോഗം.

അകങ്കാലൻ നാ.തിറയാട്ടത്തിലെ ഒരു ദേവത.

അകങ്കൂട്ടുക [അകം1-കൂട്ടുക]ക്രി.1.വഴിപാടായി ക്ഷേത്രത്തിൽ സമപ്പിക്കുക,നടയ്ക്കു വയ്ക്കുക; 2.നാൽപ്പത്തൊന്നാം ദിവസം പട്ടടയിൽനിന്ന് മണ്ണുവാരി മരിച്ച ആളിൻെറ ആത്മാവിനെ അതിൽ ആവാഹിച്ചുകൊണ്ടുവന്നു വീട്ടിനുള്ളിൽ പ്രതിഷ്ടിക്കുക.

അക'ങ്കൈ' [അകം1-കൈ] നാ.ഉള്ളങ്കൈ.

അകങ്കൊള്ളുക [അകം1-കൊള്ളുക] ക്രി..കുടിവയ്ക്കുക,വിവാഹത്തിനുശേഷം വധുവിനെ ആദ്യമായി വരൻെറ വീട്ടിൽ കൊണ്ടുവരിക.

അകങ്കോയിൽ [അകം1-കോയിൽ] നാ.അന്തഃപുരം.

അകച [സം. അ-കച] വി.കചം (മുടി) ഇല്ലാത്ത.

അകചാരി [അകം1-ചാരി] നാ.അരങ്ങിൽ തിരശീലയ്ക്ക്കത്ത് ചെയ്യുന്ന സഞ്ചാരവിശേഷം. താരത. പുറചാരി..

അകച്ചുറ്റ് [അകം1-ചുറ്റ്] നാ.അമ്പലത്തിൻെറ അകത്തെ പ്രാകാരം.

അകഞ്ചുകിത [സം. അ-കഞ്ചുകിത] വി. കഞ്ചുകം ധരിക്കാത്ത.

അകടവികടം, [അകടവികട് നാ. 1.നേരംപോക്ക്,വികൃതിത്തരം; 2.കീഴ്മേൽ മറിയൽ.

അകടിക്കുക [<സം. അ-ഘട്] ക്രി.പിരിയുക,തകരുക.

അകടു [സം.അ-കടു] വി.1.എരിവില്ലാത്ത; 2.കോപമില്ലാത്ത;ക്രൂരതയില്ലാത്ത.

അകണ്ടക [സം.-കണ്ടക] വി.1.മുള്ളില്ലാത്ത; 2.ഉപദ്രവമില്ലാത്ത; 3.ശത്രുക്കളില്ലാത്ത.

അകണ്ട്കി [സം.-കണ്ടകിൻ] നാ.മുള്ളില്ലാത്തത്.

അകതരണി,-തരുണി നാ. ഒരിനം വസൂരി.

അകതളിർ [അകം1-തളിർ] നാ. മൃദുവായ ഹൃദയം,മനസ്സ്.

അകതാർ [അകം1-താർ] നാ.ഉൾപ്പൂ,മനസ്സ്.
അകതാര, -താരി [<മ.അകം1-സം.ധാരാ] നാ.ആയുധത്തിൻെറ അകത്തെ വായ്ത്തല. കളരിപ്പയറ്റിൽ പ്രതിയോഗിയുടെ വലതുവശം ലക്ഷ്യമാക്കിയുള്ള പ്രയോഗം. ഉദാ. അകതാരകടകം.
അകത്തടി [ അകത്ത്-അടി] നാ.ക്ഷേത്രത്തിലെ അടിച്ചുതളിജോലി.
അകത്തണ്ട് [അകം1-തണ്ട് ] നാ.ഹ്രുദയം,മനസ്സ്.
അകത്തമ്മ [അകത്ത്-അമ്മ] നാ. 1.വീട്ടിനുള്ളിൽ കഴിഞ്ഞുകൂടുന്ന സ്ത്രീ,അന്തജനം.
അകത്തവർ [അകത്ത്-അവർ] നാ.(പു.ബ.വ.)ഗ്രിഹിണി,വീട്ടുകാരി.
അകത്തഴി [അകത്ത്-അഴി] നാ.1.വീട്ടുചെലവ്;
2.ആഹാരപദാഠങ്ങൾ,ആഹാരത്തിനും മറ്റുമായി ചെലവാക്കുന്നത്.
അകത്താൻ നാ.ഗ്രുഹനാഥൻ,ഭത്താവ്. (സ്ത്രീ.)അകത്താൾ.
അകത്താർ നാ. (ബ.വ.)അകത്തവർ.
അകത്തി [പ്രാ.അഗത്ഥിയ<സം.അഗസ്ത്യ] നാ.ഒരുതരം ചെറുമരം,അകത്തിച്ചീര.
അകത്തിയൻ [പ്രാ.അഗത്ഥിയ] നാ.അഗസ്ത്യമുനി.
അകത്തിയം നാ.തമിഴ് വ്യാകരണം,പേരകത്തിയം. (അഗസ്ത്യർ രചിച്ചതെന്നു വിശ്വാസം)
അകത്തിറച്ചി [അകത്ത്-ഇറച്ചി] നാ.1.ഒരുതരം സസ്യം; 2.കാക്കാമ്പരണ്ട
3.കോഴിയുടെ കരൾ,കോഴിയുടെ ആമാശയത്തെ പൊതിഞ്ഞിരിക്കുന്ന മാംസം.
അകത്ത് [അകം1-അത്ത്] (വിഭക്ത്യാഭാസം). അവ്യ. 1.ഉള്ളിൽ,ഉൾഭാഗത്ത്; 2 ഹ്യദയത്തിൽ,മനസ്സിൽ; 3.വയറ്റിൽ; 4.നിട്ട്രിഷ്ടസമയത്തിനു മുമ്പ്. ഉദാ.ഒരു മനിക്കകത്ത്.
അകത്തുക [അകൽ-ത്തുക] ക്രി.അകറ്റുക.
അകത്തുചാർന്നവർ [അകത്ത്-ചാന്നവർ]നാ.ബന്ധുജനങ്ങൾ,കൊട്ടാരക്കെട്ടിലേയും മറ്റും അകത്തെ പ്രവത്തിക്കാർ.
അകത്തുള്ളാൾ [അകത്ത്-ഉള്ളാൾ] നാ.അകത്തോൾ,ആത്തോൾ,ആത്തോൽ,അന്തജനം.
അകത്തൂടി [അകത്ത്-മൂവടി] നാ.ഉച്ചയ്ക്കകം മൂന്നടി നിഴലുള്ള സമയം.
അകത്തൂട് നാ. 1.വേലിയോ മതിലോ കെട്ടി അടച്ചിട്ടുള്ള വീട്,കൊട്ടാരം; 2.അകത്തൂട്ടു പണിക്കമ്മാർ,സാമൂതിരിയുടെ സേവകന്മാർ.
അകത്തൂട്ട് അവ്യ.അകത്തേക്ക്.അകത്തൂട്ടു പിറന്നവർ=അടിയാരുടെ സന്താനങ്ങൾ. അകത്തൂട്ടുപരിഷ=സാമൂതിരിമാരുടെ സന്താനപരമ്പരയിൽപെട്ടവർ,ഉള്ളകത്തു നായർ,കച്ചേരിനമ്പി.
അകത്തെ, -ത്തേ [അകത്ത്-ഏ] അവ്യ. അകത്തുള്ള,ഉള്ളിലെ.
അകത്തോൻ [അകത്തെ-അവൻ] നാ.വീട്ടുവേലക്കാരൻ.
അകത്ഥന [സം.അ-കത്ഥന] വി.ആത്മപ്രശംസ ചെയ്യാത്ത.
അകഥക [സം. -കഥക] വി. 1.കഥ പറയാത്ത; 2.സംസാരിക്കാത്ത.
അകഥനം [സം. -കഥന] നാ.പറയാതിരിക്കൽ.
അകഥഹം ളഅകഥം,അകഡമ്ം [സം.] നാ.പ്രപഞ്ചത്തിൻെറ ചി മായി അ,ക,ഥ,ഹ എന്നീ വണ്ണങ്ങൾ എഴുതിയ യന്ത്രം.
അകഥിത [സം. അ-കഥിത] വി..പറയപ്പെടാത്ത.
അകനാനൂർ [അകം2-നാനൂർ] നാ.സംഘകാലത്തെ പ്രേമകവിതകളുടെ സമാഹാരം.
അകനാഴിക [അകം1-പാ.നാഴികാ] ക്ഷേത്രത്തിലെ ഗർഭഗൃഹം.
അകനിന്ദ [മ. അക- സം. നിന്ദാ]നാ.ഉള്ളിൽ ഒതുക്കിയ നിന്ദ.

അകനിഷ്ഠ          [സം. അ-കനിഷ്ഠ]വി. 1.ഏറ്റവും പ്രായം കുറഞ്ഞതല്ലാത്ത,മൂത്ത; 2.കനിഷ്ഠന്മാരില്ലാത്ത,മറ്റുള്ളവരേക്കാൾ പ്രായം കുറഞ്ഞ.

അകനിഷ്ഠൻ          [സം.] നാ.അത്യുത്തമൻ.
അകനീയസ്          [സം. അ-കനീയസ്] വി. ഇളയ ആളില്ലാത്ത.
അകനൊച്ചി          [അകം1-നൊച്ചി] നാ.അസ്ഥിയിൽനിന്നുണ്ടാകുന്ന ഒരുതരം വസൂരി..
അകന്ന          [<അകലുക] (ഭൂ.പേരെച്ചം)വി. 1.അകലത്തായ,ദൂരത്തായ; 2.അടുപ്പമില്ലാത്ത (കാലത്തിലോ,ദേശത്തിലോ ചാർച്ചയിലോ); 3.ഇല്ലാത്ത,കൂടാത്ത.
അകന്നവർ          [അകന്ന-അവർ] നാ. 1.പിരിഞ്ഞുപോയവർ,പിണങ്ങിയവർ ശത്രുക്കൾ; 2.അകന്ന ബന്ധുക്കൾ,അടുത്ത ചാർച്ചയിൽ വരാത്ത ബന്ധുക്കൾ.
അകന്നാൾനീക്കൽ   നാ.ദുർദിനത്തിലെ മരണം മൂലം ഉണ്ടാകുന്ന ദോഷം തീർക്കൽ.
അകന്മഷ, -കൽമഷ          [സം. അ-കൽമഷ] വി. മലിനമല്ലാത്ത.
അകപ്പ1          നാ. (സങ്ഗീ.) ഒരു രാഗം.
അകപ്പ2. ഉഅകുപ്പ്   നാ.തവി,കയിൽ.
അകപ്പ3          നാ. 1.മതിൽക്കെട്ട്,കോട്ടമതിൽ; 2.മതിൽകെട്ടിനകത്തെ മേട; 3.കിടങ്ങ്.
അകപ്പടുവൻ          [അകം1-പടുവൻ] നാ.അപഥ്യാചരണം കൊണ്ട് വസൂരിരോഗമുണ്ടാകുന്ന ഒരവസ്ഥ.
അകപ്പം          നാ. നെല്ല് പുല്ല് മുതലായവയുടെ തണ്ട്,പുൽക്കൊടി.
അകപ്പരിവാരം(അകം1-പരിവാര) നാ.ക്ഷേത്രത്തിലേയോ കൊട്ടാരത്തിലേയോ ജോലിക്കാർ.
അകപ്പറ്റ്          [അകം1-പറ്റ്] നാ. 1.അകമേയുള്ള പറ്റ്,സ്നേഹം; 2.കുളത്തിൽനിന്ന് ജലസേചനം നടത്തുന്ന സ്ഥലം.
അകപ്പാട്          [അകം1-പാട്]   നാ. 1.അകപ്പെടൽ; 2.അപകടം.
അകപ്പാട്ടി          നാ. കാണിക്കാരുടെ ഒരു ദേവത.
അകപ്പാൻ          നാ.അകപ്പ.
അകപ്പാർ          [അകം1-പാർ] നാ.മീൻപിടിക്കാനുപയോഗിക്കുന്ന ഒരുതരം വള്ളം.
അകപ്പൊതുവാൾ, -പുതുവാൾ [അകം1-പൊതുവാൾ] നാ.ക്ഷേത്രഭരണം നിർവഹിക്കുന്ന ഒരു അമ്പലവാസി. വർഗം.
അകപ്പൊരുൾ          [അകം1-പൊരുൾ] നാ. 1.ഉൾപ്പൊരുൾ,സാരാർത്ഥം; 2.എല്ലാറ്റിൻേറയും അകത്തു കുടികൊള്ളുന്ന പൊരുൾ, ആത്മാവ്,ഈശ്വരൻ,വീട്ടിലെ സമ്പത്ത്; 4.(തമിഴ്)പ്രേമസാഹിത്യം.
അകം1          നാ.ഉള്ള്; 2.മനസ്സ്,ഹൃദയം; 3.സ്ഥലം,ദേശം,ഭൂമി, ഉദാ.തമിഴകം,കുമരകം; 4.വീട്,ഇല്ലം,വീട്ടിനുൾഭാഗം,അന്തഃപുരം; 5.ക്ഷേത്രവളപ്പിനകം.
അകം2          നാ.പ്രേമത്തെ ആസ്പതമാക്കിയുള്ള കവിത (തമിഴിൽ പ്രേമം അകം വിഷയവും യുദ്ധം പുറംവിഷയവുമായിരുന്നു).
അകം3          [സം അ-ക] നാ. 1.സുഖമില്ലായ്മ,വേദന,കഷ്ടത; 2.ജലമില്ലായ്മ.
അകം4          ഒരു ആധാരികാഭാസപ്രത്യയം. ഉദാ. ആസ്രമമകംപൂക്ക്.
അകം തെളിയുക   ക്രി. സന്തോഷിക്കുക.
അകം പുറം          നാ. 1.അകമേത് പുറമേത് എന്നു തിരിച്ചറിയാനുള്ള കഴിവ്; 2.അകത്തും പുറത്തും ഉള്ളത്; 3.ചതി,വഞ്ചന.

അകം വേവുക ക്രി. ദുഃഖിക്കുക.
അകമന1 [സം. അ-കമന] വി. ആഗ്രഹിക്കാൻ തോന്നാത്ത.
അകമന2 [അകം1-മന] നാ.അകത്തെ മന.
അകമല [അകം1-മല] നാ.മലയകം,മലയിടുക്ക്.
അകമലം [മ.അകം1- സം. മലം] നാ. ഉള്ളിലെ അഴുക്ക്,പാപം.
അകമലർ [അകം1-മലർ] നാ.അകമാകുന്ന മലർ,ഹൃദയം.
അകമലരി [അകം1-മലരി] നാ.ഒരിനം വസൂരി.
അകമലിവ് [അകം1-അലിവ്] നാ.ഉള്ളലിവ്.

അകമിതാവ് [സം. അ-കമിതൃ<കമ] നാ. 1.കമിതാവല്ലാത്തവൻ,ഭർത്താവല്ലാത്തവൻ; 2.കാമമില്ലാത്തവൻ. (സ്ത്രീ.) അകമിത്രി..
അകമിയം [<സം.അഗമ്യ] നാ.രഹസ്യം,ഉള്ളുകള്ളി.
അകമുടയാൻ [അകം1-ഉടയാൻ] നാ. 1.ഹൃദയനാഥൻ,ഭർത്താവ്; 2.വെള്ളാളരോട് ബന്ധപ്പെട്ട ഒരു ജാതി.
അകമുടയാൾ [അകം1-ഉടയാൾ] നാ. കാമിനി..
അകമുണ്ടി [അകം1-മുണ്ടി] നാ. ഒരുതരം കരപ്പൻ.
അകമേ [അകം1-ഏ] അവ്യ. 1.അകത്തായി,അകത്ത് ചേർന്ന്; 2.നിശ്ചിത അളവിൽ; 3.മനസ്സിൽ.
അകമ്പ [സം.അ-കമ്പ < കമ്പ്] വി. 1.ഇളക്കമില്ലാത്ത,ഉറച്ച; 2.കുലുക്കമില്ലാത്ത.
അകമ്പടി [അകം1-പടി] നാ. 1.ക്ഷേത്രത്തിലെയോ കൊട്ടാരത്തിലെയോ അകംവേലക്കാർ,പടി(ശമ്പളം)പറ്റുന്നവർ; 2.അംഗരക്ഷകർ; 3.തെയ്യം കെട്ടുന്ന വണ്ണാൻ നായരെ വിളിക്കാനുപയോഗിക്കുന്ന പദം.
അകമ്പടിക്കാരൻ നാ.അംഗരക്ഷകൻ.
അകമ്പന [സം. അ-കമ്പന] വി.ഇളക്കമില്ലാത്ത,ഉറച്ച,ദൃഢനിശ്ചയമുള്ള.
അകമ്യ നാ. ഭാവിയിൽ ഉണ്ടാകുന്നത്,ഭൂസ്വത്തിന്മേലുള്ള എട്ട് സ്ഥിരാവകാശങ്ങളിൽ ഒന്ന്.
അകയ്ക്കുക ക്രി. മുളയുണ്ടാവുക,തളിർക്കുക,തഴയ്ക്കുക,വളരുക.
3
അകർണൻ [സം. അ-കർണ] നാ. 1.ചെവിയില്ലാത്തവൻ,ബധിരൻ; 2.പാമ്പ്.
അകർണം [സം.] വി.ചെവിയില്ലാത്തത്, നാ.പാമ്പ്.(കാതുതന്നെ കണ്ണും എന്ന ധാരണയിൽ).
അകർണ്യ [സം. അ-കർണ്യ] വി. ചെവിക്കു കൊള്ളാത്ത,കേൾക്കാൻ കൊള്ളരുതാത്ത.
അകർത്താവ് [സം. അ-കർതൃ] നാ.ഒന്നും ചെയ്യാത്തവൻ,കർത്താവല്ലാത്തവൻ.
അകർതൃക [സം. -കർതൃക] വി.കർത്താവില്ലാത്ത.
അകർതൃത്വം [സം. -കർതൃത്വ] നാ. 1.കർത്താവില്ലാത്ത അവസ്ഥ. 2.കർത്താവല്ലാത്ത സ്ഥിതി; 3.പരമാധികാരമില്ലായ്മ.
അകർമകം [സം. -കർമക) നാ.(വ്യാക.)കർമമില്ലാത്ത ക്രിയ. ഉദാ.പോക,ഉറങ്ങുക. × സകർമകം.

അകര്മകൃത്ത് [സം.-കര്മകൃത്) വി.കര്മം ചെയ്യാത്തവൻ.

അകര്മണ്യ [സം.-കര്മണ്യ) വി.കര്മത്തിനു പ്രാപ്തിയില്ലാത്ത,ജോലിയിൽ മുടക്കമില്ലാത്ത;ചെയ്തുകൂടാത്ത,ചെയ്യാൻ യോഗ്യമല്ലാത്ത.

അകര്മഭോഗം [സം.-കര്മ-ഭോഗ < ഭുജ്] നാ.കര്മബോഗം ഇല്ലായ്മ; 2.കര്മഭലാനുഭവമുക്തി.

അകര്മം [സം. -കര്മൻ] നാ.1.കര്മമില്ലായ്മ,അലസത; 2.അനുചിതകര്മം,കുറ്റം,പാപം.

അകര്മാവ് [സം. -കര്മിൻ] നാ.കര്മം ചെയ്യാത്തവൻ,തൊഴിലില്ലാത്തവൻ,അലസൻ.

അകര്മി [സം. -കര്മിൻ] നാ.കര്മിയല്ലാത്തവൻ.

അകർശന [സം. -കർശന < കൃശ്] വി. കർശനമല്ലാത്ത.

അകർശിത [സം. -കർശിത] വി. മെലിയാത്ത,ക്ഷീണിക്കാത്ത.

അകര1 [സം. -കര] നാ. വി 1.കയില്ലാത്ത; 2.കരമില്ലാത്ത,നികുതിയില്ലാത്ത.

അകര2 [സം.-കരാ] നാ.നെല്ലി.

അകരദ [സം. -കരദ] വി. 1.കരം കൊടുക്കാത്ത,കരമൊഴിവായ. ഉദാ.അകരദ-ഗ്രാമം.

അകരണ [സം. -കരണ] വി. 1.കൃത്രിമമല്ലാത്ത,ഇന്ദ്രിയങ്ങൾ ഇല്ലാത്ത.

അകരണൻ [സം.]ഇന്ദ്രിയാതിതൻ,പരമാത്മാവ്.

അകരണം [സം..] നാ.ചെയ്യാതിരിക്കൽ

അകരണി [സം. അ-കരണി] നാ.1.തോലവി; 2.നൈരാശ്യം; 3.പ്രവർത്തിക്കാതിരിക്കൽ.

അകരണിയ [സം. -കരണിയ] വി.കരണിയമല്ലാത്ത,പ്രവർത്തിക്കാൻ യോഗ്യമല്ലാത്ത.

അകരം1 [സം. അഗ്ര] നാ. (തമിഴ്)ബ്രാഹ്മണരുടെ തെരുവ്.

അകരം2 [സം. അഗാര,ആഗാര] നാ. ഭവനം.

അകരുണ [സം. അ-കരുണ] വി.. കരുണയില്ലാത്ത.

അകരുണം [സം] അവ്യ.. കരുണയില്ലാതെ,നിർദയമായി.

അകൽച്ച [അകൽ-ച്ച] നാ.അകന്നിരിക്കുന്ന അവസ്ഥ,വേർപാട്.

അകല [സം. അ-കല] വി. 1.അംശമല്ലാത്ത,മുഴുവനായ,(പരമാത്മാവിൻെറ വിശേഷണം); 2.കലകളിൽ നൈപുണ്യമില്ലാത്ത.

അകലൻ,അകളൻ [സം. -കല] നാ. ഈശ്വരൻ.

അകലം [അകലുക] നാ. 1.ദൂരം,രണ്ടു വസ്തുക്കൾക്കു മധ്യേയുള്ള ഇട; 2.വീതി,വിസ്താരം,വലുപ്പം.

അകലവേ [<അകലുക] അവ്യ. 1.അകലത്ത്,ദൂരത്ത് (തൻ വിന.) 2.അകലുമ്പോൾ,ദൂരത്തു പോകുമ്പോൾ.

അകലിക്കുക [അകലുക>പ്രയോ.] ക്രി. അകലം വയ്ക്കുക.

അകലിത [സം. അ-കലിത] വി.ചെയ്യപ്പെടാത്ത.

അകലുക ക്രി. 1.അടുപ്പം ഇല്ലാതാകുക,വേർപെടുക,മറ്റൊന്നിൽനിന്ന് ദൂരത്താകുക; 2.മാറി ഇല്ലാതാകുക,വിട്ടൊഴിയുക, ഉദാ. ദുഃഖം വിട്ടകലുക,ദാരിദ്ര്യം അകലുക.

അകലുഷ [സം.-കലുഷ] വി.കലങ്ങിയതല്ലാത്ത,തെളിഞ്ഞ,പരിശുദ്ധമായ, 2.പാപമില്ലാത്ത.

അകലേബരൻ,–കളേ– [സം. –കലേബര] നാ.ശരീരം ഇല്ലാത്തവൻ,കാമദേവൻ.
അകൽക [സം.–കൽക] വി. 1.കൽകം (മട്ടി) ഇല്ലാത്ത; 2.അശുദ്ധിയില്ലാത്ത,പാപമില്ലാത്ത.നാ.നിലാവ്.
അകൽകത [സം. –കൽകതാ] നാ.കള്ളം ഇല്ലായ്മ,സത്യസന്ധത.
അകൽകന [സം. –കൽകന] വി. 1.വഞ്ചനയില്ലാത്ത; 2.ഗർവം ഇല്ലാത്ത,വിനീതമായ .
അകൽപ [സം. –കൽപ] വി. 1.നിയമത്തിനു കീഴ്പ്പെടാത്ത; 2.നിയന്ത്രണാധീനമല്ലാത്ത; 3.ശക്തമല്ലാത്ത,ത്രാണിയില്ലാത്ത; 3.സാദൃശ്യമില്ലാത്ത.
അകൽപിത [സം. –കൽപിത] വി. 1.കൽപിത്മല്ലാത്ത,പ്രകൃതിസിദ്ധമായ,അകൃത്രിമമായ; 2.ഉദ്ധിഷ്ടമല്ലാത്ത,സങ്കൽപിക്കാത്ത.
അകൽമഷ = അകന്മഷ.
അകല്യ [സം. അ–കല്യ] വി. 1.ആരോഗ്യമില്ലാത്ത; 2.കലകളിൽ നൈപുണ്യമില്ലാത്ത ; 3.വ്യാജമട്ട; 4.ശുഭമല്ലാത്ത; 5.തയ്യാറല്ലാത്ത.
അകല്യാണ [സം. അ–കല്യാണ] വി.അമങ്ങലകരമായ.
അകല്ലോല [സം. –കല്ലോല] വി.തിരമാലകളില്ലാത്ത.
അകവ [സം. –കവ < കു] വി. 1.വർണിക്കാനാകാത്ത; 2.അനിന്ദ്യമായ.
അകവൽ നാ. 1.കേരാരവം; 2.ഒരു തമിഴ് വൃത്തം (ഓട്ടന്തുള്ളൽ വൃത്തം ഇതിൽനിന്നുണ്ടായി എന്ന് അഭിപ്രായം).
അകവാർപ്പ് നാ. 1.ഒരുതരം കരപ്പൻ; 2.അർബുദം.
അകവി [സം. അ–കവി<കൂ] നാ. 1.കവിയല്ലാത്ത ആൾ; 2.ബുദ്ധിയില്ലാത്ത ആൾ.
അകവില [അകം1–വില] നാ.നിരക്കുവില,കമ്പോളവില.
അകവൂർചാത്തൻ നാ. പറച്ചിപെറ്റ പന്തിരുകുലത്തിൽപെറ്റ ഒരു മഹാൻ,വരരുചിയുടെ പുത്രന്മാരിൽ ഒരാൾ.
അകശീല [അകം1–ശീല] നാ.ഉൾത്തുണി,അടിവസ്ത്രം.
അകശ്മല [സം. അ–കശ്മല] വി.ദുഷ്ടനല്ലാത്ത.
അകഷായ [സം.അ–കഷായ] വി.ചവർപ്പില്ലാത്ത,ചെമപ്പു നിറമില്ലാത്ത.
അകസാമാനം [മ.അകം1 – പേർ. സാമാനം] നാ.വീടിനകത്ത് ഉപയോഗിക്കുന്ന സാധനങ്ങൾ.

അകസ്മാത് അവ്യ.പെട്ടെന്ന്,യാദൃച്ഛികമായി.
അകളങ്ക [സം. അ–കലങ്ക] വി.കളങ്കമില്ലാത്ത.
അകളേബരൻ [സം. –കലേബര] നാ.കാമദേവൻ.
അകഴി [< അകഴ്] നാ. 1.കിടങ്ങ്, കുളം; 1.മതിൽ,മൺകോട്ട.
അകഴ് [അകഴുക] ധാതുരൂപം.
അകഴുക ക്രി. 1.അകിഴുക,കുഴിക്കുക,കുഴിതോണ്ടുക.
അകറ്റൽ [<അകറ്റുക] നാ.അകലത്താക്കൽ,ദൂരേയാക്കൽ.
അകറ്റുക [അകൽ–ത്ത്] ക്രി. 1.അകത്തുക,അകലത്താക്കുക,വേർപെടുത്തുക,നീക്കുക,മാറ്റുക,വിടർത്തുക.
അകാ(യ്) [അകം1–വായ്] നാ. 1.വീട്ടിനകം; 2.അകത്തുള്ളവർ,അന്തർജനം.

അകാണ്ഡ [സം. അ – കാണ്ഡ] വി. 1.കാണ്ഡമില്ലാത്ത,തായ്ത്തടിയില്ലാത്ത; 1.അനവസരത്തിലുള്ള,അസമയത്തുള്ള; 3.അപ്രതീക്ഷിതമായ,യാദൃച്ഛാ സംഭവിച്ച; 4.അകാരണമായ.

അകാണ്ഡേ [സം. –കാണ്ഡേ] അവ്യ.പെട്ടെന്ന്,അനവസരത്തിൽ,അപ്രതീക്ഷിതമായി,കാരണം കൂടാതെ.

അകാതര [സം. അ–കാതര] വി. 1.ഭയമില്ലാത്ത,ധീരതയുള്ള; 2.പാരവശ്യമില്ലാത്ത, നാ.അകാതര്യം.

അകാനോനികം [< സം. അ – ല. കാനോൻ] വി.കാനോനു വിരുദ്ധമായ.

അകാന്ത [സം. –കാന്ത] വി.ആഗ്രഹിക്കാൻ കൊള്ളാത്ത.

അകാന്തി [സം. –കാന്തി] നാ. 1.കാന്തിയില്ലായ്മ,ശോഭയില്ലായ്മ;എഴുത്തിലെ അഭംഗി.

അകാമ [സം. –കാമ] വി. 1.കാമം ഇല്ലാത്ത,ആഗ്രഹം ഇല്ലാത്ത; 2.കാമവികാരം ഇല്ലാത്ത,അനുരാഗമില്ലാത്ത; 3.മനപൂർവമല്ലാത്ത. നാ.അകാമത.

അകാമദ [സം. –കാമ–ദ < ദാ] വി.ആഗ്രഹങ്ങളെ കൊടുക്കാത്ത.

അകാമഹത [സം.–കാമ–ഹത < ഹൻ] വി.കാമദേവനാൽ പീഢിക്കപ്പെടാത്ത.

അകാമ്യ [സം. –കാമ്യ < ക] വി. ആഗ്രഹിക്കാൻ കൊള്ളാത്ത.

അകായൻ [സം. –കായ] നാ. 1.ശരീരം ഇല്ലാത്തവൻ; 2.പരബ്രഹ്മം; 3. രാഹു, (തല മാത്രമുള്ളവൻ.

അകാർപ്പണ്യം [സം. –കാർപണ്യ] നാ. 1.പിശുക്കില്ലായ്മ; 2.ആത്മജ്ഞാനമുള്ള അവസ്ഥ.

അകാർശ്യം [സം. –കാർശ്യ<കൃശ] നാ.മെലിച്ചിൽ ഇല്ലായ്മ.

അകാർഷ്ണ്യം [സം. –കാർഷ്ണ്യ] വി.കറുപ്പില്ലാത്ത അവസ്ഥ,വെളുപ്പ്.

അകാര(ക) [സം. –കാര(ക)] വി. ക്രിയയില്ലാത്ത,പ്രവർത്തിക്കാത്ത.

അകാരണ [സം. –കാരണ] വി. 1.കാരണമില്ലാത്ത; 2.താനേ ഉണ്ടായ,ആകസ്മികമായ,യാദൃച്ഛികമായി സംഭവിച്ച.

അകാരണൻ [സം.] നാ.ഈശ്വരൻ.

അകാരണം [സം.] അവ്യ. കാരണമില്ലാതെ.

അകാരം [സം.] നാ. 'അ' എന്ന അക്ഷരം.

അകാരാദി [സം. അകാര–ആദി] നാ. അകാരം തുടങ്ങിയുള്ള അക്ഷരമാലാക്രമത്തിൽ പദങ്ങളെ അടുക്കിയിട്ടുള്ളത്, നിഘണ്ടു.

അകാരാദിസൂചി [സം.അകാരാദി–സൂചി] നാ.അക്ഷരമാലാക്രമത്തിലുള്ള വിഷയസൂചിക,ഗ്രന്ഥത്തിലെ ഉള്ളടക്കം എളുപ്പത്തിൽ കണ്ടുപിടിക്കുന്നതിനു വിഷയങ്ങളെ അക്ഷരമുറയ്ക്ക് അടുക്കിച്ചേർത്തിട്ടുള്ള അനുബന്ധം,പദസൂചി.

അകാരി [സം അ–കാരിൻ] നാ.പ്രവൃത്തിരഹിതൻ,ഈശ്വരൻ.

അകാരിതം [സം. –കാരിത] (വ്യാക.) മലയാളത്തിലെ കൃതികളുടെ ഒരു വിഭാഗം.

അകാരുണിക [സം. –കാരുണിക] വി. കാരുണ്യമില്ലാത്തവൻ.

അകാരുണ്യം [സം. –കാരുണ്യ] നാ. കാരുണ്യമില്ലായ്മ.ദയയില്ലായ്മ.

അകാര്യകാരി [സം. –കാര്യ– കാരിൻ] നാ.വേണ്ടപോലെ കർമം ചെയ്യാത്തവൻ,സ്വധർമം ചെയ്യാത്തവൻ. (സ്ത്രീ.) അകാര്യകാരിണി.

അകാര്യം [സം. -കാര്യ <കൃ] നാ. ചെയ്യരുതാത്തത്, ചെയ്യാനരുതാത്തത്, ദുഷ്കൃത്യം,പാപം.

അകാല1 [സം. -കാല] വി. 1.കാലം തെറ്റിയ,അനവസരത്തിലുള്ള; 2.ശരിയായ കാലത്തിനു മുമ്പുള്ള.

അകാല2, -ള [സം. അ-കാല] വി.കറുത്തതല്ലാത്ത,വെളുത്ത.

അകാലകുശ്മാണ്ഡം [സം. അകാല-കുശ്മാണ്ഡ] നാ. 1.അകാലത്തുണ്ടാകുന്ന കുമ്പളങ്ങ; 2. (ആല.) പ്രയോജനമില്ലാത്ത ജനനം.

അകാലചരമം [സം. -ചരമ] നാ.അപ്രതീക്ഷിതമായ മരണം.

അകാലജനനം [സം. -ജനന] നാ. ഗർഭം പൂർത്തിയാകാതെയുണ്ടാകുന്ന ജനനം.

അകാലനിര്യാണം [സം. അകാല-നിർ യാന < യാ] നാ.കാലമെത്താതെയുള്ള മരണം.

അകാലപക്വം [സം. -പക്വ < പച്] വി. അകാലത്തിൽ പക്വമായ,മൂപ്പെത്താതെ പഴുത്ത.

അകാലപുരുഷ [സം. -പുരുഷ] നാ.അകാലമൂർത്തി.

അകാലപ്രസവം [സം. -പ്രസവ < സു] നാ. 1.അകാലജനനം; 2.അകാലകുസുമം.

അകാലം [സം.അ-കാല] നാ.തക്കതല്ലാത്ത കാലം,അനവരസം; 2.ചീത്ത സമയം,അശുഭകാലം; 3.അസമയം.

അകാലമരണം [സം. അകാല-മരണ < മൃ] നാ.പ്രായമെത്തുന്നതിനു മുമ്പുള്ള മരണം,ചെറുപ്പത്തിലേയുള്ള മൃതി.

അകാലമൂർത്തി [സം. -മൂർത്തി] നാ. നിത്യപുരുഷൻ,ഈശ്വരൻ.

അകാലമൃത്യു [സം. -മൃത്യു < മൃ] നാ.അകാലമരണം.

അകാലവർഷം [സം. -വർഷ] നാ.അകാലത്തിലുള്ള മഴ.

അകാലി [ഹി.അകാലീ] നാ.സിക്കുകാരിൽ ഒരു വിഭാഗം.

അകാലിക [സം.അകാലിക] വി.കാലികമല്ലാത്ത,തക്കതല്ലാത്ത കാലത്തിലുള്ള.

അകാല്യ [സം. അ-കാല്യ] വി. 1.അകാലത്തുള്ള,അനവസരത്തിലുള്ള; 2.മംഗളമല്ലാത്ത.

അകാഷായ [സം. അ-കാഷായ] വി.കാവിനിറമില്ലാത്ത,കാവിനിറമല്ലാത്ത.

അകാഹള [സം. -കാഹല] വി.കാഹളമില്ലാത്ത.

5

അകാള = അകാല2.

അകാളിക [സം. അ-കാലിക] വി.മിഷിയല്ലാത്ത,കറുപ്പല്ലാത്ത.

അകിഞ്ചന [സം. -കിഞ്ജ്ജന] വി. 1.ഒന്നും ഇല്ലാത്ത,തീരെ ദരിദ്രമായ,കാലക്ഷേപത്തിനു വകയില്ലാത്ത; 2.സ്വന്ത താത്പര്യമില്ലാത്ത,ഉദാസീനമായ.

അകിഞ്ചനത്വം [സം. അകിഞ്ചന-ത്വ] നാ. 1.ഒന്നും ഇല്ലാത്ത അവസ്ഥ,ദാരിദ്ര്യം; 2.(ജൈന.)സർവസ്വപരിത്യാഗം.

അകിഞ്ചിജ്ഞ [സം. അ-കിഞ്ചിത്-ജ്ഞ] വി.(കിഞ്ചിജ്ജ്ഞ എന്നു ശരിയായ രൂപം)ഒന്നും അറിയാത്ത,തീരെ അറിവില്ലാത്ത.

അകിഞ്ചിത്കര [സം.-കിഞ്ചിത്-കര<കൃ] വി. 1.ഒരു പ്രവർത്തിയും ചെയ്യാഥ,അലസതയുള്ള; 1.ഉപയോഗമില്ലാത്ത,സാരമില്ലാത്ത; 3.ഒന്നിനും ശക്തിയില്ലാത്ത.

അകിട്. നാ. പശു,എരുമ മുതലായ മൃഗങ്ങളുടെ മുലത്തടം,മടി.

അകിടുപകിടു നാ.അകിടുപകിട്,കീഴ്മേൽ മറിയൽ.

അകിതവൻ [സം.അ-കിതവ] നാ. ധൂർത്തനല്ലാത്തവൻ.

അകിർച്ച [അകിർ-ച] നാ.അലറൽ,അമറൽ,മുക്കുറയിടൽ.
അകിൽ [പാ.അകലു < സം.അഗുരു] നാ.തടിക്കു സുഗന്ധമുള്ള ഒരിനം വലിയ വൃക്ഷം,ചന്ദനത്തിൻെറ ഇനത്തിൽ പെട്ടത്.
അകിൽക്കൂട്ട് [അകിൽ-കൂട്ട്]നാ.കർപൂരം,അകിൽ,ച്ന്ദനം,ഏലം,തേൻ ഇത്യാദി ചേർത്തുണ്ടാക്കുന്ന സുഗന്ധക്കൂട്ട്.
അകിൽവെണ്ണ നാ.അകിലിൻറ്റെ കാതലിൽനിന്നു പാകപ്പെടുത്തിയെടുക്കുന്ന എണ്ണ.
അകിൽബിഷ [സം. അ-കിൽബിഷ] വി.കിൽബിഷം (പാപം) ഇല്ലാത്ത.

അകിശോരൻ [സം.-കിശോര] നാ.കിശോരനല്ലാത്തവൻ,കുട്ടിയല്ലാത്തവൻ.
അകിഴുക ക്രി.=അകഴുക.
അകിറ് = എകിറ്.
അകീർത്തന [സം.അ-കീർത്തനാ]നാ.1.കീർത്തിക്കാതിരിക്കൽ,സ്തുതിക്കാതിരിക്കൽ; 2.അകീർത്തി.
അകീർത്തി [സം. -കീർത്തി] നാ.ദുഷ്കീർത്തി,അവമാനം.
അകീലിത [സം. -കീലിത] വി.കീലം (ആണി) വച്ചുമുറുക്കിയിട്ടില്ലാത്ത,ബന്ധിക്കപ്പെടാത്ത.
അകുചരൻ [സം. -കുചര] നാ.ചീത്തയായി നടക്കാത്തവൻ,ദൂഷ്യം പറയാത്തവൻ,സജ്ജനം.
അകുഞ്ചിത [സം. -കുഞ്ചിത] വി.കുനിയാത്ത,കുനിക്കപ്പെടാത്ത.
അകുടില [സം -കുടില] വി.കുടിലമല്ലാത്ത,വക്രതയില്ലാത്ത.
അകുടീരം [സം. -കുടീര] നാ.കുടിലല്ലാത്തത്.
അകുടുംബി [സം. -കുടുംബിൻ] നാ. . കുടുംബമില്ലാത്തവൻ,ഭാര്യയില്ലാത്തവൻ,ഗൃഹസ്ഥനല്ലാത്തവൻ.
അകുണ്ടക [സം. -കുണ്ടക] വി..തടിക്കാത്ത,മെലിഞ്ഞ.
അകുണ്ഠ [സം. -കുണ്ഠ] വി. കുണ്ഠിതമില്ലാത്ത.
അകുണ്ഠധിഷ്ണ്യം സം. അകുണ്ഠ-ധിഷ്ണ്യ] നാ.നിത്യമായ സ്ഥാനം,സ്വർഗം.
അകുണ്ഠിത [സം. അ-കുണ്ഠിത] വി.അകുണ്ഠ.
അകുതശ്ചലൻ [സം. -കുതശ്ചല] നാ.ഒന്നുകൊണ്ഠും ചലിക്കാത്തവൻ,ശിവൻ.
അകുതഃ [സം. -കുതഃ] അവ്യ.ഒരിടത്തുമില്ലാത്ത.
അകുതുകം [സം. -കുതുക] നാ.ഉത്സാഹമില്ലായ്മ,സന്തോഷക്കുറവ്.
അകുതൂഹലം [സം. -കുതൂഹല] നാ. 1.കുതൂഹലം(താത്പര്യം), ഉണ്ടാക്കാത്ത വസ്തു; 2.ശ്രദ്ധയില്ലായ്മ,ആഗ്രഹമില്ലയ്മ.
അകുതോഭയൻ [സം. അകുതഃ-ഭയ] നാ.ഒന്നുകൊണ്ടും പേടിക്കാത്ത.
അകുത്സ,കുത്സനം സം.അ-കുത്സാ, -കുത്സന] നാ.നിന്ദിക്കാതിരിക്കൽ,ശകാരിക്കാതിരിക്കൽ.
അകുത്സം [സം.-കുത്സ] നാ.ഏകദേശം 76.2 സെ.മീ (30 ഇഞ്ച്) നീളമുള്ള ഒരു അളവ്.
അകുത്സിത [സം. -കുത്സിത] വി..കുത്സിതമല്ലാത്ത,നിന്ദിക്കപ്പെടാത്ത.
അകുപിത [സം. -കുപിത < കുപ്]വി.കോപിക്കാത്ത.
അകുപ്യകം [സം.-കുപ്യക] നാ.നീചലോഹമല്ലാത്തത്,വെള്ളിയോ സ്വർണമോ.

അകുബ്ജ [സം.-കുബ്ജ] വി.കൂനില്ലാത്ത,വളഞ്ഞതല്ലാത്ത.
അകുംഭിലൻ [സം. -കുംഭില] നാ. 1.കള്ളനല്ലാത്തവൻ,ഭവനഭേദനം ചെയ്യാത്തവൻ; 2.ഗർഭപൂർത്തി വന്നശേഷം ജനിച്ചവൻ.
അകുല1 [സം. -കുല] വി. 1.കുലമില്ലാത്ത; 2.കുലമഹിമയില്ലാത്ത.
അകുല2 [സം. -കുലാ] നാ.പാർവതി.
അകുലട [സം. -കുലടാ] നാ.കുലടയല്ലാത്തവൾ,സദാചാരനിരത.
അകുലത [സം. -കുലതാ] നാ.കുലമഹിമയില്ലായ്മ.
അകുലൻ [സം.] നാ.ശിവൻ.
അകുലിക [സം. -കുലിക] വി. 1.നല്ല വംശത്തിൽ പിറക്കാത്ത,ഹീനകുലത്തിൽ ജനിച്ച,തരവടിത്തമില്ലാത്ത; 2.ഒരേകുലത്തിൽ ജനിക്കാത്ത.
അകുലീന [സം. -കുലീന] വി.നീചകുലത്തിൽ പിറന്ന,ആഭിജാത്യമില്ലാത്ത.
അകുശല [സം. -കുശല] വി. 1.മിടുക്കില്ലാത്ത; 2.വൈദഗ്ധ്യമില്ലാത്ത; 3.ശുഭമല്ലാത്ത; 4.സന്തോഷമില്ലാത്ത.

അകുശലം [സം.] നാ. 1.അമങ്ഗലം,,അശുഭം; 2.സാമർഥ്യമില്ലായ്മ.
അകുശലവേദന [അകുശല-വേദനാ] നാ. 1.(ബുദ്ധ.) ദുഃഖവേദന.പഞ്ചസ്കന്ധങ്ങ്ങളിലൊന്നായ വേദനാ സ്കന്ധത്തിൻറ്റെ മൂന്നുവിഭാഗങ്ങ്ങളിൽ ഒന്ന്; 2.അകുശലകാര്യങ്ങ്ങൾ കൊണ്ടുള്ള വേദന.
അകുശലി [സം. അ-കുശലിൻ] വി.ഭാഗ്യഹീനൻ,അസന്തുഷ്ടൻ. (സ്ത്രീ.) അകുശലിനി.
അകുസീദ [സം. -കുസീദ] വി.പലിശയ്ക്കു പണം കൊടുക്കുന്നവനല്ലാത്ത,പലിശ വാങ്ങാത്ത.
അകുസുമിത [സം. -കുസുമിത] വി.പൂക്കാത്ത.
അകുഹ(ക) [സം. -കുഹ(ക)] വി.വഞ്ചനയില്ലാത്ത,സത്യസന്ധതയുള്ള.
അകുഹന [സം. -കുഹനാ] നാ. 1.കാപട്യമില്ലായ്മ; 2.പ്രതിഫലേച്ഛരകൂടാതെ ദൈവികകര്മങ്ങൾ അനുഷ്ഠിക്കൽ.
അകുട [സം. -കുട] വി. 1.കപടതയില്ലാത്ത; 2.വ്യാജനിര്മിതമല്ലാത്ത; 3.ഉറപ്പില്ലാത്ത,ഇളകുന്ന.
അകുപാരൻ [സം. -കുപാര] നാ.സൂര്യൻ,സമുദ്രം.
അകുപാരം [സം.] നാ. 1.സമുദ്രം; 2.ആമ; 3.കല്ല്,പാറ; 4.സമുദ്രജലം.
അകൂർച്ച [സം. -കൂർച്ച] വി. 1.താടിയില്ലാത്ത; 2.ചതിയില്ലാത്ത; 3.കഷണ്ടിയായ.
അകുലകം [സം. -കുലക] നാ.നാഗദന്തി.
അകൃച്ഛ്രം [സം. -കൃച്ഛ്ര] നാ. 1.പ്രയാസമില്ലായ്മ; 2.ലാഘവം,സൗകര്യം.
അകൃത1 [സം. -ക്ര്ഋത < കൃ] വി.ചെയ്യാത്ത.
അകൃത2 [സം. -കൃതാ] നാ.നിയമപ്രകാരം പുത്രിയായി കൽപിക്കപ്പെടാത്തവൾ,വളർത്തുമകൾ.
അകൃതക [സം. -കൃതക] വി. 1.ഉണ്ടാക്കപ്പെടാത്ത,കൃത്രിമമല്ലാത്ത; 2.വ്യജമില്ലാത്ത,സത്യമായ.
അകൃതകര്മാവ് [സം. -കൃത-കര്മൻ] നാ.കര്മം ചെയ്യാത്തവൻ.

അകൃതകാമ [സം. -കൃത-കാമ] വി.ആഗ്രഹങ്ങൽ സാധിക്കാത്ത.

അകൃതകൃത്യ [സം. -കൃത-കൃത്യ] വി. 1.ചെയ്യേണ്ടതു ചെയ്തിട്ടില്ലാത്ത; 2.ജയം ലഭിച്ചിറ്റില്ലാത്ത; 3.അതൃപ്തമായ.

അകൃതക്രിയ [സം.] വി.അകൃതകൃത്യ.

അകൃതക്ഷേത്രം [സം.] നാ.കൃഷിയിറക്കാത്ത ഭൂമി.

അകൃതഘ്ന [സം. -കൃത-ഘ്ന < ഹൻ] വി.ഉപകാരസ്മരണയുള്ള,നന്ദികെട്ടതല്ലാത്ത.

അകൃതചികീർഷ [സം.അകൃത-ചികീർഷാ] നാ.മുമ്പ് ചെയ്തിട്ടില്ലാത്തതു ചെയ്യുന്നതിനുള്ള ആശ.

അകൃതചുഡൻ [സം.അ-കൃതചുഡ] വി..ചൗളം കഴിയാത്തവൻ.

അകൃതജ്ഞ [സം. -കൃത-ജ്ഞ < ജ്ഞാ] വി.കൃതജ്ഞതയില്ലാത്ത.

അകൃതതീർഥ [സം. -കൃത-തീർഥ] വി.തീർഥമാടിയിട്ടില്ലാത്ത.

അകൃതധീ [സം. -കൃത-ധീ] വി.മനസ്സംസ്കാരമില്ലാത്ത,ജ്ഞാനമില്ലാത്ത.

അകൃതനിശ്ചയ [സം. -കൃത-നിശ്ചയ] വി..നിശ്ചയിക്കാത്ത,തീരുമാനം എടുക്കാത്ത.

അകൃതപരിശ്രമ [സം. -കൃത-പരിശ്രമ] വി..പരിശ്രമം ചെയ്യാത്ത.

അകൃതപുങ്ങ്ഖ [സം. -കൃതപുങ്ങ്ഖ] വി..ശരപ്രയോഗത്തിൽ മിടുക്കില്ലാത്തവൻ.

അകൃതപുണ്യ [സം. അകൃത-പുണ്യ] വി..പുണ്യം ചെയ്യാത്ത.

അകൃതപ്രതിജ്ഞ [സം. അകൃത-പ്രതിജ്ഞ] വി..ഉടമ്പടി ചെയ്തിട്ടില്ലാത്ത,വാഗ്ദാനം അനുസരിച്ചു നടക്കാത്ത.

അകൃതബുദ്ധി [സം. അ-കൃത-ബുദ്ധി] വി..അറിവില്ലാത്ത.

അകൃതം [സം.കൃത < കൃ] നാ. 1.ചെയ്യപ്പെടാത്തത്,മുമ്പാരും ചെയ്തിട്ടില്ലാത്തത്; 2.സൃഷ്ടിക്കപ്പെടാത്തത്,നിത്യമായത്; 3.അധറ്മം,ദുഷ്കൃത്യം.

അകൃതമാർഗ [സം. അകൃത-മാർഗ] വി..വെട്ടിത്തെളിക്കാത്ത വഴി.

അകൃതമുഖ [സം. -മുഖ] വി..പഠിച്ചിട്ടില്ലാത്ത,സാമർഥ്യമില്ലാത്ത,അറിവില്ലാത്ത.

അകൃതലക്ഷണ [സം. -ലക്ഷണ] വി..ലക്ഷണം ചെയ്തിട്ടില്ലാത്ത,നിർവചിക്കാത്ത,അടയാളമില്ലാത്ത.

അകൃതവിദ്യ [സം. -വിദ്യ < വിദ്.]വി..പഠിപ്പില്ലാത്ത.

അകൃതവേതന [സം. -വേതന] വി.കൂലിക്കുള്ള വേല ചെയ്യാത്ത,കൂലിയില്ലാത്ത.

അകൃതവേദി [സം. അകൃത-വേദിൻ] വി. കൃതവേദി(ഉപകാരസ്മരണയുള്ളവൻ)അല്ലാത്ത.

അകൃതവേഷ [സം. -വേഷ] വി. അണിഞ്ഞൊരുങ്ങാത്ത,വേഷം ധരിക്കാത്ത.

അകൃതവ്രണൻ [സം. -വ്രണ] വി. മുറിവേൽപ്പിക്കപ്പെടാത്തവൻ.

അകൃതശോഭ [സം. -ശോഭ] വി. നിസർഗ്ഗസൗന്ദര്യമുള്ള.

അകൃതശൗച [സം. -ശൗച < ശുചി]വി. ശുദ്ധിയാക്കിയിട്ടില്ലാത്ത.

അകൃതശ്രമ [സം. -ശ്രമ] വി. 1.അലസനായ; 2.പഠിക്കാത്ത.

അകൃതസങ്കൽപ [സം. -സംകൽപ] വി. 1.സങ്കൽപിച്ചിട്ടില്ലത്ത; 2.നിശ്ചയിച്ചിട്ടില്ലാത്ത.

അകൃതസാക്ഷി [സം. -സാക്ഷിൻ] വി.. സാക്ഷിപറയാത്ത,സാക്ഷിയാക്കാത്ത.

അകൃതഹസ്ത [സം. -ഹസ്ത] വി..കൃതഹസ്തനല്ലാത്ത,മിടുക്കില്ലാത്ത.

അകൃതാത്മാവ് [സം.-ആത്മൻ] നാ. 1.ആത്മനിയന്ത്രണമില്ലാത്തവൻ; 2.പഠിക്കാത്തവൻ.

അകൃതാഭാഗ്യമം [സം. -അഭാഗ്യമ] നാ.ചെയ്യാത്ത കര്‍മത്തിനു ഫലമുണ്ടാകുക എന്ന യുക്തിവൈരുധ്യം.
അകൃതാര്‍ഥ [സം. -അര്‍ഥ] വി. ചരിതാര്‍ഥനല്ലാത്ത,തോല്‍വിപറ്റിയ,ആഗ്രഹം സാധിക്കാത്ത.
അകൃതി [സം. അ-കൃതിന്‍] നാ.കൃതിയല്ലാത്തവന്‍,നിര്‍ഭാഗ്യവാന്‍.
അകൃതോദ്വാഹ [സം. അകൃത-ഉദ്വാഹ] വി. വിവാഹം കഴിച്ചിട്ടില്ലാത്ത.
അകൃതോപാസ്തി [സം. -ഉപാസ്തി] നാ.ഉപാസിക്കാത്തവന്‍.
അകൃത്ത [സം. അ-കൃത്ത < കൃത്] വി.മുറിക്കപ്പെടാത്ത,കുറവു വരാത്ത.
അകൃത്നു [സം. -കൃത്നു] വി. മിടുക്കില്ലാത്ത,ശക്തിയില്ലാത്ത.
അകൃത്യകാരി [സം.അകൃത്യ-കാരിന്‍] നാ.കുറ്റം ചെയ്യുന്നവന്‍,പാപി.
അകൃത്യം [സം.] നാ.പാപം,ചീത്ത പ്രവര്‍ത്തി.
അകൃത്യയാഗം [സം. അകൃത്യ-യാഗ] നാ.പാപപരിഹാരാര്‍ഥം യഹൂദന്മാര്‍ ചെയ്തിരുന്ന യാഗം.
അകൃത്രിമ [സം. അ-കൃത്രിമ] വി. സ്വാഭാവികമായ,പ്രകൃതിസിദ്ധമായ.
7
അക്ര്ളന്തനം [സം. -കൃന്തന < കൃത്] നാ. മുറിക്കാതിരിക്കല്‍.
അക്ര്ളപാലു [സം. -കൃപാലു] വി.കൃപയില്ലാത്ത.
അകൃമില1 [സം. -കൃമില] വി. കൃമിയില്ലാത്ത.
അകൃമില2 [സം. -കൃമിലാ] നാ.പ്രസവിക്കാത്ത സ്ത്രീ.
അകൃശ [സം. -കൃശ] വി.തടിച്ച,മെലിഞ്ഞതല്ലാത്ത.
അകൃഷ്ട [സം. -കൃഷ്ട <കൃഷ്] വി.കൃഷിചെയ്യാത്ത,നിലം ഒരുക്കാത്ത.
അകൃഷ്ടപച്യ [സം.അകൃഷ്ട-പച്യ] വി. താനേ വളര്‍ന്നുവരുന്ന.
അകൃഷ്ടഫലിത [സം. -ഫലിത] നാ.അവിദ്വാന്‍.
അകൃഷ്ടി [സം. -കൃഷ്ടി] നാ.അവിദ്വാന്‍.
അകൃഷ്ണ [സം. -കൃഷ്ണ] വി.കറുപ്പല്ലാത്ത,വെളുത്ത,അശുദ്ധിയില്ലാത്ത.
അകൃഷ്ണകര്‍മാവ് [സം. -കൃഷ്ണ-കര്‍മന്‍] നാ.കുറ്റം ചെയ്തിട്ടില്ലാത്തവന്‍ 2.സത്കര്‍മങ്ങള്‍ ചെയ്യുന്നവന്‍.
അകൃഷ്ണന്‍ [സം.] നാ.ചന്ദ്രന്‍.
അകൃഷ്ണം [സം.] നാ. കര്‍പൂരം.
അകൃഷ്യ [സം. -കൃഷ്യ < കൃഷ്] വി.കൃഷി ചെയ്യാന്‍ കൊള്ളരുതാത്ത.
അകേകര [സം. -കേകര] വി. കോങ്കണ്ണില്ലാത്ത.
അകേതന [സം. -കേതന] വി. കൊടിയില്ലാത്ത,വീടില്ലാത്ത.

അകേതു [സം. -കേതു] വി. കൊടിയടയാളമില്ലാത്ത.
അകേശ [സം. -കേശ] വി. രോമമില്ലാത്ത,മുടിയില്ലാത്ത.
അകേശിക [സം. -കേശിക] വി. ധാരാളം തലമുടിയില്ലാത്ത.
അകൈതവ [സം. -കൈതവ] വി. കപടതയില്ലാത്ത.
അകോടം [സം. -കോട] നാ. കോട്ടം കൂടാതെ വളരുന്നത്,കമുക്.
അകോപന [സം. -കോപന] വി. .കോപമില്ലാത്ത.
അകോമള [സം. -കോമല] വി.. കോമളമല്ലാത്ത,സൗന്ദര്യമില്ലാത്ത.

അകോവിദ [സം. –കോവിദ] വി. സാമർഥ്യമില്ലാത്ത.
അകോശ [സം. –കോശ] വി..ഭണ്ഡാരമില്ലാത്ത,ധനമില്ലാത്ത.
അകൗട [സം. –കൗട <കുടീ] വി. 1.സ്വഗൃഹത്തിൽ താമസിക്കാത്ത; 2.സ്വാതന്ത്ര്യം ഇല്ലാത്ത; 3.ചതിയില്ലാത്ത.
അകൗടില്യം [സം. –കൗടില്യ] നാ. കുടിലതയില്ലായ്മ,നേർബുദ്ധി.
അകൗടുംബ [സം. –കൗടുംബ] വി.. കുടുംബമില്ലാത്ത,ബന്ധുത്വമില്ലാത്ത.
അകൗതുകം [സം. –കൗതുക] നാ.കൗതുകമില്ലായ്മ,താത്പര്യക്കുറവ്.
അകൗമുദി [സം. –കൗമുദി] നാ. കൗമുദി (നിലാവ്) ഇല്ലാത്ത അവസ്ഥ.
അകൗലീന്യം [സം. –കൗലീന്യ] നാ.കുലീനത്വമില്ലായ്മ.
അകൗശലം [സം. –കൗശല] നാ. 1.ക്ഷേമമില്ലായ്മ,ഭാഗ്യമില്ലായ്മ; 2.സാമർഥ്യക്കുറവ്.
അകൗസീദ്യം [സം. –കൗസീദ്യ] നാ. 1.മടിയില്ലായ്മ; 2.അധികപ്പലശ വാങ്ങാതിരിക്കൽ.
അക്ക = അക്കൻ.
അക്കക്കെട്ട് [അക്കം–കെട്ട്] നാ.അക്കംകൊണ്ടുള്ള ഭാഷാപ്രയോഗം,സംഖ്യകൾ കൊണ്ടു ഗൂഢമായി ആശയവിനിമയം നടത്തുന്ന വിദ്യ. ഉദാ.പിരി = 50,000 പിരിപ്പൊന്ന് = 50,000 സ്വർണനാണയം.
അക്കച്ചി1 [അക്ക–ച്ചി,(<ത്തി)] നാ. അക്കൻ.
അക്കച്ചി2 [അലക്ക്–അച്ചി] നാ.അലക്കുകാരി.
അക്കടാ വ്യാക്ഷേ.അദ്ഭുതദ്യോതകം.അയ്യടാ,അമ്പടാ ഇത്യാദിപോലെ.
അക്കൻ നാ. 1.മൂത്ത സഹോദരി,ജ്യേഷ്ഠത്തി,ചേച്ചി;
2.മൂത്ത സഹോദരൻെറ ഭാര്യ; 3.അച്ഛനേൻ്റ്യാ അമ്മയുടെയോ സഹോദരങ്ങളുടെ മകൾ (തന്നേക്കൾ പ്രായം കൂടിയവൾ); 4.മൂത്ത സഹോദരിയേപോലെ കരുതപ്പെടുന്ന സ്ത്രീ.
അക്കനം നാ. 1.അക്ഷരം; 2.ലോകം; 3.ബഹുമാനം; 4.പ്രകൃതി; 5.പരബ്രഹ്മം.
അക്കപ്പടം [അക്കം–പടം] നാ. വ്ശ്യം പ്രയോഗിക്കുന്നതിനും മറ്റും മന്ത്രവാദികൾക്കുള്ള യന്ത്രം.
അക്കപ്പട്ടിക [അക്കം–പട്ടിക] അക്കങ്ങളോടുകുഉടിയ ഒരുതരം രക്ഷാബന്ധം.
അക്കണ്ഡൂ [അക്കം–പൂ] നാ. ഒരുതരം നീർച്ചെടി.
അക്കപ്പോര് [അക്കം–പോര്] നാ. 1.വഴക്ക്,ലഹള,ശണ്ഠ; 2.ഉപദ്രവം,ശല്യം.
അക്കപ്രശ്നം [അക്കം–പ്രശ്നം] നാ. 1.പദപ്രശ്നത്തിൻെറ മാതൃകയിൽ അക്കങ്ങൾകൊണ്ടു പൂരിപ്പിക്കേണ്ട ഒരു പ്രശ്നസമ്പ്രദായം. 2.അക്കം (സംഖ്യ) പറയിച്ച് ജ്യോതിഷപ്രകാരം നടത്തുന്ന ഫലവിചാരം.
അക്കം [താരത. സം. അങ്ക] നാ. സംഖ്യയെകുറിക്കുന്ന ചി ം,1,2,3,4,5 മുതലായവ; 2.സംഖ്യ,എണ്ണം.
അക്കര [ആ–കര] നാ.അങ്ങേക്കര,മറുകര.
അക്കരം നാ. ശിശുക്കൾക്കു നാക്കിലുണ്ടാകുന്ന പൂപ്പൽ രോഗം.
അക്കരെ അവ്യ. മറുകരയിൽ.
അക്കരെക്കൊറ്റി [അക്കരെ–കൊറ്റി] നാ. പ്രതിധ്വനി.
അക്കൽ [അറ.] നാ. 1.ബുദ്ധി,മനസ്സ്,തല,തലച്ചോർ; 2.ജ്ഞാനം.
അക്കൽക്കറുവ ളഅക്കി–,അക്കിൽക്കറ [സം.അഗ്രഗ്രാഹി] നാ. അക്രാവ്.

അക്കൽദാമ [ഹീ.] രക്തത്തിൻെറ നിലം.
അക്കൽ വിട്ടം = അക്കപ്പടം.
അക്കൾ നാ. കക്ഷം.താരത.അക്കുളം.
അക്കദമി ഉഅക്കഡമി, അക്കാ്-[ഗ്രീ] നാ.കലകളുടെയും ശാസ്ത്രങ്ങളുടെയും ഉന്നമനത്തിനായി പ്രവർത്തിക്കുന്ന പണ്ടിതസമിതി.
അക്കാനി [ത അക്കാനി] നാ.തെങ്ങിൽനിന്നോ പനയിൽനിന്നോ എടുക്കുന്ന മധുരക്കള്ള്.
അക്കാനിമാടൻ [അക്കാനി-മാടൻ] നാ. 1.കള്ളുകുടിയൻ; 2.തിരിച്ചറിവില്ലാത്തവൻ,വകതിരിവില്ലാത്തവൻ.
അക്കാരക്കരപ്പൻ [അക്കാര-കരപ്പൻ] നാ. കുട്ടികൾക്കുണ്ടാകുന്ന ഒരിനം കരപ്പൻ.
അക്കാരപ്പൂട [അക്കാര-പൂട] നാ. ഇലയുടെപുറത്ത് ലോമങ്ങളുള്ള ഒരിനം നീർച്ചെടി. (കൃമിനാശിനിയായി ഉപയോഗിക്കാം എന്നു പറയപ്പെടുന്നു.)
അക്കാരം = അക്കരം.
അക്കാൾ [അക്കാ-ആൾ] 'ആൾ' പൂജകം.നാ. 1.അക്ക,ചേച്ചി; 2.ലക്ഷ്മീദേവിയുടെ ജ്യേഷ്ഠത്തി,മൂധേവി..
അക്കി [പ്രാ. അഗ്ഗി < സം.അഗ്നി] നാ.1.തീയ്; 2.ജഠരാഗ്നി; 3.അക്കിക്കരപ്പൻ എന്ന രോഗം; 4.അക്കിപ്പൂ;ചെമന്ന ആമ്പൽപ്പൂ.
അക്കിടി നാ.വിഷമാവസ്ഥ,ആപത്ത്,അപായം,അബദ്ധം.
അക്കിത്തൻ [< സം. അഗ്നി-ദത്ത] നാ.ഒരു സംജ്ഞ.
അക്കിത്തം [പ്രാ. അഗ്ഗി-ത്ഥവ < സം. അഗ്നിസ്തവ] നാ.കൂടിയാട്ടത്തിലെ മങ്ങലാചരണം.
അക്കിത്തിരി [പ്രാ. അഗ്ഗി-സിറി < സം.അഗ്നി-ശ്രീ] നാ.അഗ്നിയജനം ചെയ്ത മലയാളബ്രാഹ്മണൻ.
അക്കിത്രാണം [പ്രാ. അഗ്ഗി- സം.ത്രാണ] നാ.വേണ്ടത്ര ഭക്ഷണം കഴിക്കാത്തതിനാൽ ആഹാരത്തിനുണ്ടാകുന്ന അത്യാർത്തി.
അക്കിയെഴുത്ത് [അക്കി-എഴുത്ത്] നാ. അക്കിക്കരപ്പൻെറ ശമനത്തിനായി ദേഹത്ത് കോലമെഴുതുന്നത്,അക്കിവര.
അക്കിരപ്പൊൻ [അക്കിര-പൊൻ] നാ. ബ്രാഹ്മണരുടെ ആഹരത്തിനായി നീക്കിവച്ചിരിക്കുന്ന പൊന്ന്.
അക്കിരം [< സം.അഗ്ര] നാ. 1.അഗ്രഭോജനം,ബ്രാഹ്മണഭോജനം; 2.നിവേദ്യം,തിരുവക്കിരം.
അക്കിളാരിത്തേങ്ങ [അക്കിളാരി-തേങ്ങ] നാ. അക്രാരി,ഒരു ഔഷധം.
അക്കീം = ഹക്കീം.
അക്ക് നാ. തുല്ല്,അമ്പാല്.(കുട്ടികൾ കളിക്കുമ്പോൾ പറയുന്നത്.)
അക്കുളം നാ. 1.കക്ഷം; 2.ഇക്കിളി,കിക്കിളിയിടൽ.
അക്കുറി [ആ-കുറി] അവ്യ.അത്തവണ.
അക്കൂറ്റ് [ആ-കൂറ്റ്] നാ.അങ്ങേപ്പുറം,അയൽ.
അക്കോലം നാ.തേറ്റാമ്പരൽ.
അക്കൗണ്ടൻറ് [ഇം.ക്ക്യൃഗന്മ ഡൻറ ഡ] നാ.കണക്കപ്പിള്ള,കണക്കെഴുത്തിൽ പ്രാഗൽഭ്യമുള്ള ആൾ.

അക്കൗണ്ടൻറ് ജനറൽ [ഇം.ക്ക്യഗനഗ്മ ഡൻറ ഡ ട്ടന്ദ ന്ദത്സൻറRs] നാ.സർക്കാരിൻെറ വരവുചെലവ് കണക്ക് കൈകാര്യം ചെയ്യുന്ന കച്ചേരി.
അക്ടോബർ,ഒക്ടോബർ [ഇം.ന്യ്യഡഗ്വന്ദത്സ]നാ.ക്രിസ്തുവർഷമനുസരിച്ചു പത്താം മാസം.
അക്ത1 [സം. അക്ത < അഞ്ജ്] വി. തേച്ച,പുരട്ടിയ,പുരണ്ട.
അക്ത2 [സം. അക്താ] നാ. രാത്രി.
അക്തം [സം.] നാ. പുരട്ടാനുള്ള കുഴമ്പ്,എണ്ണ.
അക്ക്ത്രം [സം.] നാ. യുദ്ധോചിതമായ വേഷം,കവചം.

അക്ര [സം.]വി. 1.സ്ഥിരമായ; 2.ലാഭമില്ലാത്ത.
അക്രതു1 [സം. അ-ക്രതു] വി. യാഗം ചെയ്യാത്ത.
അക്രതു2 [സം.] നാ. ഇച്ഛരാരഹിതൻ,പരമാത്മാവ്.
അക്രഥന [സം. അ-ക്രഥന] നാ. കൊല്ലാതിരിക്കൽ.
അക്രന്ദനം [സം. -ക്രന്ദന < ക്രന്ദ്] നാ. കരയാതിരിക്കൽ.
അക്രം [സം.] നാ.കോട്ട.
അക്രമ [സം. അക്രമ -മ.പട്ട] നാ.ഒരിനം വസൂരി രോഗം.
അക്രമഭിന്നം [സം. -ഭിന്ന] നാ. (ഗണിത) ക്രമപ്രകാരമല്ലാത്ത ഭിന്നം,ഛേദത്തേക്കാൾ വലിയ അംശത്തോടു കൂടിയ ഭിന്നം,വിഷമഭിന്നം.
അക്രമം1 [സം. അ-ക്രമ] ന. 1.ക്രമക്കേട്,ചിട്ടയില്ലായ്മ,കുഴപ്പം; 2.അന്യായം,മര്യാദകേട്,കുറ്റം,ബലപ്രയോഗം; 3.നിപാതത്തെ ക്രമം തെറ്റി പ്രയോഗിക്കുന്നതുകൊണ്ടുള്ള വാക്യദോഷം.
അക്രമം2 [സം. -ക്രമം] അവ്യ. ക്രമം ഇല്ലാതെ.
അക്രമരാഹിത്യം [സം. അക്രമ-രാഹിത്യ< രഹിത] നാ. അക്രമം ഇല്ലായ്മ.
അക്രമസന്യാസം [സം. -സംനാസ്യ] നാ. മുറയനുസരിക്കാതെയുള്ള സന്യാസം, (ബ്രഹ്മചര്യം,ഗാർഹസ്ഥ്യം,വാനപ്രസ്ഥം എന്ന മുറതെറ്റിയ സന്യാസം.)
അക്രമാതിശയോക്തി [സം. -അതിശയോക്തി] നാ. ഒരു അർഥാലങ്കാരം.
അക്രമി [സ. അ-ക്രമിൻ] നാ. 1.ക്രമം വിട്ടു പ്രവർത്തിക്കുന്നവൻ,കൈയേറ്റക്കാരൻ; 2.ആക്രമണം നടത്തുന്നവൻ,മര്യാദകെട്ടവൻ.
അക്രമിക [സം.-ക്രമിക] വി.മുറയ്ക്കുള്ളതല്ലാത്ത.
അക്രമിക്കുക [സം. അ-ക്രമ്] ക്രി. അക്രമം കാട്ടുക,മുറവിട്ടു പ്രവർത്തിക്കുക.
അക്രയം [സം. -ക്രയ] നാ.വിലയ്ക്കു വാങ്ങാതിരിക്കൽ.
അക്രയ്യ [സം. ക്രയ്യ < ക്രീ] വി. വിലയ്ക്കു വാങ്ങത്തക്കതല്ലാത്ത.
അക്രാന്ത [സം.-ക്രാന്ത<ക്രമ്] വി. 1.അതിശയിക്കപ്പെടാത്ത; 2.കീഴടക്കാൻ കഴിയാത്ത; 3.മുള്ളുകൊണ്ട് അടുക്കാൻ കഴിയാത്ത.
അക്രാന്തം [സം.] നാ. ഒരുതരം സസ്യം,ചെറുവഴുതിന,കണ്ടകാരിച്ചുണ്ട.
അക്രാരി [<സം.അഗ്നിജാര] നാ. ഒരു ഓഷധി,അക്ലാരി,അക്കിളാരിത്തേങ്ങ.
അക്രാരിത്തെങ്ങ് നാ.കടല്ത്തെങ്ങ്,മാലദ്വീപുസമൂഹത്തിലെ തെങ്ങ്.
അക്രാവ് നാ.അക്കൽക്കറുവ.
അക്രിയ1. [സം.അ-ക്രിയ < കൃ] വി. പ്രവർത്തി ചെയ്യാത്ത.
അക്രിയ2 [സം.-ക്രിയാ] നാ. പ്രവർത്തിയില്ലായ്മ,ഉത്സാഹക്കുറവ്.

അക്രിയൻ [സം.] നാ.പ്രവർത്തി ചെയ്യാത്തവൻ,മതകർമങ്ങൾ അനുഷ്ഠിക്കാത്തവൻ,പരമാത്മാവ്.
അക്രിയവാദം [സം.അക്രിയ-വാദ] നാ. (ബുദ്ധ.)ആത്മാവ് അക്രിയനാണെന്നും അതിനാൽ പുണ്യപാപങ്ങളുടെ ഫലങ്ങൾ അനുഭവിക്കേണ്ടതില്ലെന്നും ഉള്ള വാദം.
അക്രിയവാദി [സം.അക്രിയ-വാദിൻ] നാ. അക്രിയവാദത്തിൽ വിശ്വസിക്കുന്നവൻ. (ബ്രാഹ്മണർ ശ്രീബുദ്ധനിട്ട പരിഹാസപ്പേർ.)
9
അക്രീത [സം. -ക്രീത < ക്രീ] വി. വിലയ്ക്കു വങ്ങപ്പെടാത്ത,വില കൊടുക്കാതെ ലഭിച്ച.
അക്രീതദാസൻ [സം. അക്രീത-ദാസ] നാ. വിലയ്ക്കു വാങ്ങപ്പെടാത്ത ഭൃത്യൻ,സ്വയമേവ ദാസനായിത്തീർന്നവൻ,ഭക്തൻ. അക്രീതദാസ്യം = സ്വയം വരിച്ച ദാസ്യം.
അക്രുദ്ധ [സം. -ക്രുദ്ധ] വി. കോപമില്ലാത്തവൻ.
അക്രുധ [സം. -ക്രുധ < ക്രുധ്] നാ. ക്രോധമില്ലായ്മ.
അക്രൂര [സം.ക്രൂര] വി. ക്രൂരതയില്ലാത്ത,ദയയുള്ള.
അക്രൂരൻ [സം.] നാ. ശ്രീകൃഷ്ണൻെറ ബന്ധുവായ ഒരു ഭക്തൻ.
അക്രേതവ്യ [ അ-ക്രേതവ്യ < ക്രീ] വി. വാങ്ങാൻ കൊള്ളരുതാത്ത.

അക്രേയ [സം. -ക്രേയ] വി. അക്രേതവ്യ.
അക്രോടം ഉഅക്രോട്ട്ം[പേർ] നാ.അക്ഷോടം,താന്നിമരം.
അക്രോധനൻ [സം.-ക്രോധന] നാ. 1.ക്രോധമില്ലാത്തവൻ; 2.അയുതായുസ്സിൻെറ പുത്രൻ.
അക്രോധം [സം. അ-ക്രോധ < ക്രുധ്] നാ. കോപമില്ലായ്മ.
അക്രോധാലു [സം. അ-ക്രോധാലു] വി.കോപസ്വഭാവമില്ലാത്ത.
അക്ലമം [സം. -ക്ലമ] നാ. തളർചയില്ലായ്മ,വാട്ടമില്ലായ്മ.
അക്ലാന്ത [സം. -ക്ലാന്ത] വി. തളരാത്ത,വാടാത്ത.
അക്ലിക [സം.അക്ലികാ] നാ. അമരി.
അക്ലിന്ന [സം. അ-ക്ലിന്ന] വി. നനവുതട്ടാത്ത.
അക്ലിന്നവർത്മം [സം. -ക്ലിന്ന-വർത്മൻ] നാ. ഒരു നേത്രരോഗം.
അക്ലിപ്ത [സം. -ക്ലിപ്ത] വി. ക്രമപ്പെടുത്തിയിട്ടില്ലാത്ത,വ്യവസ്ഥ ചെയ്തിട്ടില്ലാത്ത.
അക്ലിപ്തി [സം. -ക്ലിപ്തി] നാ. അനിശ്ചിതത്വം,അതിരില്ലായ്മ.
അക്ലിഷ്ട [സം. -ക്ലിഷ്ട < ക്ലിശ്] വി.ക്ലേശിക്കാത്ത.
അക്ലിഷ്ടകര്മാവ് [സം. അക്ലിഷ്ട-കർമൻ] നാ. ക്ലേശിക്കാതെ കർമം ചെയ്യുന്നവൻ.
അക്ലിഷ്ടവ്രത [സം. -വ്രത] വി. വ്രതത്തിൽ ക്ലിഷ്ടതയില്ലാത്ത,മതാനുഷ്ഠാനത്തിൽ നിഷ്ഠയുള്ള.
അക്ലീബ [സം. അ-ക്ലീബ] വി. നപുംസകമല്ലാത്ത,ബലക്കുറവില്ലാത്ത,നീചത്വമില്ലാത്ത.
അക്ലേദം [സം. -ക്ലേദ < ക്ലിദ്] വി. നനക്കാനാകാത്ത,കുതിർക്കാനാകാത്ത.
അക്ലേശം [സം. -ക്ലേശം] അവ്യ. ക്ലേശമില്ലാതെ,ബുദ്ധിമുട്ടില്ലാതെ.
അക്വണിത [സം. -ക്വണിത < ക്വണ്] വി. ശബ്ദിക്കാത്ത.

അക്വേറിയം [ഇം.ക്കഞ്ഞൻറത്സദ്ധഗ്മണ്ഡ <ല] ജലത്തിലെ ജന്തുക്കളേയും സസ്യങ്ങളേയും പ്രദർശിപ്പിക്കുന്ന മന്തിരം.
അക്ഷകൻ [സം.] നാ. ഒരുരോഗം,നീർക്കരപ്പൻ,ഒരുതരം വസൂരി.
അക്ഷകം [സം.] നാ. 1.ഒരുതരം വൃക്ഷം,തൊടുകാര,തേരുമരം; 2.തോളെല്ല്,കാരയെല്ല്.
അക്ഷകർണം [സം. അക്ഷ-കർണ] നാ. സമകോണത്രികോണത്തിന് എതിരെയുള്ള വശം.
അക്ഷകീലം [സം. -കീല] നാ. അച്ചുതണ്ടിലിടുന്ന ചാവിയാണി.
അക്ഷകുശല [സം. -കുശല] വി. ചൂതുകളിയിൽ സാമർഥ്യമുള്ള.
അക്ഷകൂടം [സം. -കൂട] നാ.കണ്ണിലെ കൃഷ്ണമണി.
അക്ഷകൃച്ഛ്രം [സം. -കൃച്ഛ്ര] നാ. ഒരു വ്രതം,താന്നിക്കാ മാത്രം ഭക്ഷിച്ച് ഒരുമാസം കഴിച്ചുകൂട്ടുക.
അക്ഷകോവിദ [സം. -കോവിദ] വി. ചൂതുകളിയിൽ സാമർഥ്യമുള്ള.
അക്ഷക്രിയ [സം. -ക്രിയാ] നാ. ചൂതുകളി.
അക്ഷക്രീഡ [സം. -ക്രീഡാ] നാ. അക്ഷക്രിയ.
അക്ഷക്ഷേത്രം [സം. -ക്ഷേത്ര] നാ. (ജ്യോ.) പരൽ ഇടാനുള്ള കളം,അഷ്ടവർഗചക്രം.
അക്ഷഗമ്യ [സം. -ഗമ്യ] വി.ഇന്ദ്രിയഗോചരമായ.
അക്ഷഗ്ലഹം [സം. -ഗ്ലഹ] നാ. ചൂതുകളി.
അക്ഷജ [സം. -ജ < ജൻ] നാ.അക്ഷത്തിൽനിന്നു ജനിച്ച.
അക്ഷജൻ [സം.] നാ.വിഷ്ണു.
അക്ഷജം [സം.] നാ. 1.ഇന്ദ്രിയജ്ഞാനം,പ്രത്യക്ഷജ്ഞാനം; 2.വജ്രം,വൈരക്കല്ല്; 3.ഇടിവെട്ട്.
അക്ഷജ്ഞ [സം. അക്ഷ-ജ്ഞ < ജ്ഞാ] നാ. ചൂതുകളി അറിയുന്ന.
അക്ഷണം [സം. അ-ക്സണ] നാ.അകാലം,അനവസരം.
അക്ഷണവേധി [മ. ആ-സം. ക്ഷണ-വേധിൻ] നാ. പ്രഗൽഭനായ വില്ലാളി.
അക്ഷണിക [സം. അ-ക്ഷണിക] വി.ക്ഷണികമല്ലാത്ത,സ്ഥിരതയുള്ള.

അക്ഷണ്വാൻ [സം. -ക്ഷണ്വത് <ക്ഷണ്] വി. ഉപദ്രവിക്കാത്തവൻ.
അക്ഷത1 [സം. -ക്ഷത < ക്ഷണ്] വി. 1.പരുക്കുപറ്റാത്ത,ചതയാത്ത,മുറിവുപറ്റാത്ത; 2.ഭഞ്ജിക്കപ്പെടാത്ത,ഭങ്ഗം വരാത്ത; 3.വിഭജിക്കാത്ത,പൂർണതയുള്ള; 4.കേടില്ലാത്ത,കേടുതട്ടാത്ത.
അക്ഷത2 [സം. -അക്ഷതാ] നാ.യോനിക്ഷതം സംഭവിക്കാത്തവൾ,കന്യക.
അക്ഷതണ്ഡുല [സം. അക്ഷ - തണ്ഡുലാ] നാ. വലിയകുറുന്തോട്ടി,ആനക്കുറുന്തോട്ടി,മഹാബല,അതിബല.
അക്ഷതത്ത്വം [സം. -തത്ത്വം] നാ.ദ്യുതശാസ്ത്രം,അക്ഷവിദ്യ.
അക്ഷതൻ [സം.] നാ. ക്ഷതം പറ്റാത്തവൻ,ശിവൻ.

അക്ഷതം [സം.] നാ. 1.കുത്തി ഉമി കളയാത്ത ധാന്യം; 2.അരി (നല്ലപോലെ കുത്തി ഉമി കളയാത്തത്,നെല്ലും അരിയും കലർന്നത്,പൂജാതികളിൽ ഉപയോഗിക്കുന്നത്); 3.മലർപ്പോടി; 4.യവം; 5.ധാന്യം.
അക്ഷതഹോമം [സം. അക്ഷത-ഹോമ < ഹു] നാ.അക്ഷതംകൊണ്ടുള്ള ഹോമം.
അക്ഷതാഡനം [സം. അക്ഷ-താഡന] നാ. സന്ധ്യാകാലത്തെ വാദ്യാഘോഷം.
അക്ഷതാർപ്പണം [സം. അക്ഷത-അർപ്പണ < അർപ്] നാ. അക്ഷതം അർപ്പിക്കൽ,അരിയിട്ടുവാഴ്ച.
അക്ഷതിക [സം.] നാ. നൂൽപ്പഞ്ഞി.
അക്ഷത്ര [സം. അ-ക്ഷത്ര] വി. ക്ഷത്രിയജാതിയിൽ പെടാത്ത,ക്ഷത്രിയഗുണം ഇല്ലാത്ത.
അക്ഷത്രം [സം. അക്ഷ-ത്ര] നാ. 1.അക്ഷങ്ങളെ ത്രാണനം ചെയ്യുന്നത്,ഇന്ദ്രിയങ്ങലെ രക്ഷിക്കുന്നത്,തല; 2.അക്ഷത്തെ വഹിക്കുന്നത്,വണ്ടിച്ചക്രം; 3.ചക്രവാളം.
അക്ഷത്രിയ [സം. അ-ക്ഷത്രിയാ] നാ. ക്ഷത്രിയസ്ത്രീ അല്ലാത്തവൾ.
അക്ഷദണ്ഡം [സം. അക്ഷ-ദണ്ഡ] നാ.അച്ചുതണ്ട്.
അക്ഷദർശകൻ [സം. -ദർശക] നാ. 1.നീതിന്യായവിചാരണ നടത്തുന്ന ആൾ,ന്യായാധിപൻ; 2.ചൂതുകളിയിൽ അധ്യക്ഷതവഹിക്കുന്ന ആൾ.
അക്ഷദൃക്ക് [സം. -ദൃക് < ദൃശ്] നാ.അക്ഷദർശകൻ.
അക്ഷദേവനം [സം. -ദേവന < ദിവ്] നാ.ചൂതുകളി.
അക്ഷദേവി [സം. -ദേവിൻ < ദീവ്] നാ. അക്ഷങ്ങ്നളാൽ ദേവനം ചെയ്യുന്നവൻ,ചൂതുകളിക്കാരൻ.
അക്ഷദ്യുതം [സം. -ദ്യുത] നാ. ചൂതുകളി.
അക്ഷദ്യുതികം [സം. -ദ്യുതിക] നാ. ചൂതുകളിയിലുള്ള വിവാദം.
അക്ഷധരൻ [സം. -ധര] നാ. 1. ചക്രം ധരിക്കുന്നവൻ വിഷ്ണു; 2.ചൂതാട്ടക്കാരൻ.
അക്ഷധരം [സം. -ധര < ധൃ] നാ. അക്ഷത്തെ ധരിക്കുന്നത്,വണ്ടിച്ചക്രം.
അക്ഷധൂര് [സം. -ധൂർ] നാ. 1.കോൽമരം; 2.നുകം.
അക്ഷധൂർത്തൻ [സം. -ധൂർത്ത] നാ. ചൂതാറ്റാക്ക്ക്കാആറാൺ.
അക്ഷധൂർത്തം [സം.] നാ. പരുവമരം.
അക്ഷധൂർത്തിലം [സം. അക്ഷ-ധൂർത്തില] നാ. വണ്ടിക്കാള.
അക്ഷൻ [സം.] നാ. 1.അക്ഷകുമാരൻ; 2.ഗരുഡൻ; 3.ജന്മാന്ധൻ; 4.കണ്ണുള്ളവൻ(സമാസത്തിൽ. ഉദാ.പങ്കജാക്ഷൻ).
അക്ഷന്തവ്യ [സം. അ-ക്ഷ്ന്തവ്യ] വി. ക്ഷമിക്കത്തക്കതല്ലാത്ത.
അക്ഷപടം [സം. അക്ഷ-പട] നാ. ചൂതുകളിക്കുള്ള കളം വരച്ച തുണി.
അക്ഷപടലം [സം. -പടല] നാ. 1.വരവുചെലവു കണക്കുകൾ സൂക്ഷിക്കുന്ന സ്ഥലം; 2.ന്യായാസനം; 3.പ്രമാണ രേഖകൾ സൂക്ഷിക്കുന്ന ഇടം.
അക്ഷപടലാധ്യക്ഷൻ [സം. -പടല-അധ്യക്ഷ] നാ. 1.പ്രധാനന്യായാധിപൻ; 2.കണക്കുകൾ സൂക്ഷിക്കുന്ന വകുപ്പിൻെറ മേധാവി.
അക്ഷപാടകൻ [സം. -പാടക] നാ. 1.നിയമജ്ഞൻ; 2.ന്യായാധിപൻ.

അക്ഷപാടം,വാടം [സം. -പാട, വാട] നാ.ചൂതുകളി സ്ഥലം,ഗോദാ.

അക്ഷപാതം [സം. -പാത < പത്] നാ. ചൂതേർ.
അക്ഷപാദൻ [സം. - പാദ] നാ. ന്യായദർശനത്തിൻെറ ഉപജ്ഞാതാവായ ഗൗതമൻ.
അക്ഷപിത [സം. അ-ക്സപിത < ക്ഷപ്] വി. നശിപ്പിക്കപ്പെടാത്ത.
അക്ഷപീഡ [സം. അക്ഷ-പീഡാ] നാ. 1.ഇന്ദ്രിയങ്ങൾക്കുള്ള പീഡ; 2.കീരിവള്ളി,യവതിക്ത.
അക്ഷപീലുകം [സം. -പീലുക] നാ. അക്ഷിപീലു.
അക്ഷബീജം [സം. -ബീജ] നാ. താന്നിക്കുരു.
അക്ഷഭാഗം [സം. -ഭാഗ] നാ.അക്ഷാംശം.
അക്ഷഭാരം [സം. -ഭാര] നാ. 1.ഒരു വണ്ടിയിൽ കയറുന്നത്ര ഭാരം; 2.രഥത്തിൻെറ കീഴ്ഭാഗം.
അക്ഷഭീരു [സം. -ഭീരു] നാ. ചൂതുകളിയിൽ ഭയമുള്ളവൻ.
അക്ഷം [സം. നാ. 1.അച്ചുതണ്ട്,അച്ചുതടി; 2.തേർ,വണ്ടി; 3.വണ്ടിച്ചക്രം; 4.അക്ഷരേഖ; 5.ഭൂമിയുടെ അച്ചുതണ്ടായി കൽപിക്കപ്പെടുന്ന രേഖ; 6.തുലാക്കോൽ; 7.തോളെല്ല്; 8.ഒരു അളവ്; 9.പാമ്പ്; 10.താന്നി; 11.ചൂതുകരു; 12.ചൂതുകളി; 13.രുദ്രാക്ഷം; 14.കർഷം,മൂന്നുകഴഞ്ച്,പതിനാറു മാഷം; 15.തുവർച്ചിലയുപ്പ്,.തുവരുപ്പ്,.തുവർച്ചിലക്കാരം; 16.തുത്ത്,തുത്഻ാഞ്ജനം,നീലത്തുരിശ്; 17. വെൺകടുക്; 18. കുടകപ്പാലയരി; 19.മാതളനാരകം; 20.കണ്ണ്; 21.ഇന്ദ്രിയം; 22.ആത്മാവ്; 23.ജ്ഞാനം; 24.കോടതിയിലെ വ്യവഹാരം; 25.ധനം,പൊന്നും വെള്ളിയും മറ്റും; 26.(ജ്യോ.) പരൽ; 27. ഒന്നിലധികം രാജ്യങ്ങൾ ചേർന്നുണ്ടാകുന്ന കൂട്ടുകെട്ട്; 28.അഞ്ച് എന്ന സംഖ്യ; 29.ജപമാലയിലെ കായ്; 30.ഗണിതശാസ്ത്രത്തിൽ ബിന്ദുസ്ഥാനങ്ങളെ നിർദേശിക്കുവാനുള്ള ആധാരരേഖ.
അക്ഷമ1 [സം. അ-ക്ഷമ < ക്ഷമ്] വി. 1.ക്ഷമയില്ലാത്ത,സഹനശക്തിയില്ലാത്ത; 2.ശക്തിയില്ലാത്ത,കരുത്തില്ലാത്ത,പ്രാപ്തിയില്ലാത്ത; 3.യുക്തമല്ലാത്ത.
അക്ഷമ2 [സം.അക്ഷമ] നാ. 1.ക്ഷമകേട്,അസഹിഷ്ണുത; 2.കോപം; 3.അസൂയ.
അക്ഷമം1 [സം.] ഒരു ചെറിയ പക്ഷി.
അക്ഷമം2 [സം.] അവ്യ. ക്ഷമയില്ലാതെ.
അക്ഷമാത്രം [സം. അക്ഷ-മാത്ര] നാ. 1.പകിടയോളം വലിപ്പമുള്ളത്; 2.പകിട; 3.കണ്ണ് ഇമയ്ക്കുന്ന സമയം.
അക്ഷമാല, -മാല്യം [സം. -മാല,-മാല്യ] നാ. 1.രുദ്രാക്ഷമാല; 2.'അ' മുതൽ ക്ഷ' വരെയുള്ള ഓരോ അക്ഷരത്തിനും ഒന്നുവീതം മണികൾ ചേർത്ത് ഉണ്ടാക്കുന്ന ജപമാല.
അക്ഷമാലിക [സം. -മാലികാ] നാ.അക്ഷമാല.
അക്ഷമി [സം. അ-ക്ഷമിൻ] നാ. ക്ഷമയില്ലാത്തവൻ.
അക്ഷമൗനം [സം.അക്ഷ-മൗന] നാ.ഇന്ദ്രിയനിഗ്രഹം.
അക്ഷയ1 [സം. അ-ക്ഷയ < ക്ഷി] വി. 1.ക്ഷയിക്കാത്ത,നാശമില്ലാത്ത; 2.വീടില്ലാത്ത.
അക്ഷയ2 [സം. -ക്ഷയാ] നാ.ബ്രഹ്മാണിയുടെ കുലത്തിൽപ്പെട്ട എട്ട് ദേവിമാരിൽ ഒരാൾ; 2.ബൃഹസ്പതി ചക്രത്തിൽ 60-ആമത്തെ വർഷം (ഇരുപതാം വർഷമെന്നു പക്ഷാന്തരം); 3.ഒരു ചന്ദ്രമാസത്തിൽ ഞായറാഴ്ച്യോ തിങ്കളാഴ്ചയോ വരുന്ന സപ്തമി; 4.ഒരുചന്ദ്രമാസത്തിൽ ബുധനാഴ്ച വരുന്ന ചതുർഥി.
അക്ഷയഗുണൻ [സം.അക്ഷയ1-ഗുണ] നാ.നശിക്കാത്ത ഗുണങ്ങളുള്ളവൻ,ശിവൻ.
അക്ഷയതുണീരം [സം.-തുണീര] നാ. അമ്പ് ഒടുങ്ങാത്ത ആവനാഴി.

അക്ഷയതൃതീയ [സം. അക്ഷയ-തൃതീയാ] നാ.വൈശാഖമാസത്തിൽ വെളുത്തപക്ഷത്തിലെ തൃതീയ.

അക്ഷയദീപം [സം. അക്ഷയ-ദീപ] നാ.കെടാവിളക്ക്.
അക്ഷയൻ [സം.] നാ. 1.അനശ്വരൻ; 2.പരമാത്മാവ്; 3.ശിവൻ; 4.വീടില്ലത്തവൻ,സന്യാസി.
അക്ഷയപാത്രം [സം. അക്ഷയ1-പാത്ര] നാ.ഒടുങ്ങാത്ത വിഭവങ്ങളുള്ള പാത്രം,വനവാസകാലത്ത് സൂര്യൻ പാഞ്ചാലിക്കു കൊടുത്തത്.
11
അക്ഷയപുരുഹൂതൻ [സം. -പുരുഹൂത] നാ. ശിവൻ.
അക്ഷയലളിത [സം.അക്ഷയ-ലലിതാ] നാ. ഭാദ്രപദമാസത്തിൽ സപ്തമീദിവസം സ്ത്രീകൾ അനുഷ്ഠിക്കുന്ന ഒരു വ്രതം.
അക്ഷയലോകം [സം. അക്ഷയ-ലോക] നാ. നാശരഹിതമായ ലോകം,സ്വർഗം.
അക്ഷയവടം [സം.-വട] നാ.പ്രയാഗയിൽ യമുനാതീരത്തുള്ള ഒരു പേരാൽ.
അക്ഷയഷഷ്ഠി [സം. അക്ഷയ-ഷഷ്ഠീ] നാ.ഭാദ്രപദമാസത്തിലെ ഷഷ്ഠീദിവസം അനുഷ്ഠിക്കുന്ന ഒരു വ്രതം.
അക്ഷയിണി [സം. അ-ക്ഷയിണീ] നാ. പാർവതി.
അക്ഷയ്യ [സം. -ക്ഷയ്യ] വി. ക്ഷയിപ്പിക്കാൻ ഒക്കാത്ത.
അക്ഷയ്യനവമി [സം. അക്ഷയ്യ്-അനവമീ] നാ. ആശ്വിനമാസത്തിലെ ശുക്ലപക്ഷനവമി.
അക്ഷയ്യോദകം [സം. -ഉദക] നാ. മധുവും എള്ളും കലർത്തി പിതൃക്കൾക്കു കൊടുക്കുന്ന ജലം,തൃപ്തി ജലം.
അക്ഷര [സം. അ-ക്ഷര] വി. നശിക്കാത്ത.
അക്ഷരകാലം [സം. അക്ഷര-കാല] നാ. ഒരു ലഘ്വക്ഷരം ഉച്ചരിക്കുന്നതിനു വേണ്ട കാലം.
അക്ഷരക്കരു [സം. -മ. കരു] ന. ലിപി വാർത്തിട്ടുള്ള അച്ച്,ടൈപ്പ്.
അക്ഷരചഞ്ചു [സം. -ചഞ്ചു] നാ.പകർപ്പെഴുത്തുകാരൻ.
അക്ഷരച്ഛന്ദസ്സ് [സം. -ഛന്ദസ്] നാ. പാദങ്ങളെ അക്ഷരസംഖ്യയനുസരിച്ച് ക്രമപ്പെടുത്തിയിട്ടുള്ള വൃത്തം,വർണവൃത്തം.
അക്ഷരച്യുദകം [സം. -ച്യുതക] നാ. അർഥഭേദം വരത്തക്കവണ്ണം പദത്തിലെ അക്ഷരം വിടുക. ഉദാ.അംശുകം - ശുകം. (ഒരുതരം സാഹിത്യവിനോദം.
അക്ഷരച്യുതി [സം. -ച്യുതി < ച്യു] നാ. അക്ഷരവീഴ്ച,അക്ഷരപ്പിഴ.
അക്ഷരജ്ഞാനം [സം. -ജ്ഞാന] നാ. 1.ഹരിശ്രീ അറിയൽ,അക്ഷരപരിചയം; 2.നാശമില്ലാത്ത അറിവ് (ബ്രഹ്മവിദ്യ).
അക്ഷരഡംബരം [സം. -ഡംബര] നാ. കാവ്യാദികളിലെ ശബ്ദാഡംബരം.
അക്ഷരത്രയം [സം. -ത്രയ] നാ. അ ഉ മ എന്നീ മൂന്ന് അക്ഷരങ്ങൾ ചേർന്നുണ്ടാകുന്ന ഓംകാരം.
അക്ഷരൻ [സം. അ-ക്ഷര] 'നാശമില്ലാത്തവൻ' നാ. 1.ശിവൻ; 2.വിഷ്ണു; 3.ബ്രഹ്മാവ്.
അക്ഷരന്യാസം [സം. അക്ഷര-ന്യാസ] നാ. 1.അക്ഷരത്തെ ന്യസിക്കൽ,എഴുത്ത്; 2.അക്ഷരമാല; 3.(തന്ത്ര.) ബീജാക്ഷരങ്ങളെ ധ്യാനിച്ചുകൊണ്ട് ഹൃദയാദ്യാധാരങ്ങളിൽ വിന്യാസം ചെയ്യുക.

അക്ഷരപങ്ക്തി [സം. -പങ്ങ് ക്തി] നാ. 1.ജപം തുടങ്ങുന്ന ഹോമാതാവ് ചൊല്ലേണ്ട സു,മത്,പഠ്,വഗ്,ദേ എന്നീ അക്ഷരങ്ങൾ; 2.ഒരു സംസ്കൃതവൃത്തം.
അക്ഷരപഞ്ചകം [സം. -പഞ്ചക] നാ. 'നമഃശിവായ' എന്ന മന്ത്രം.
അക്ഷരപുരുഷൻ [സം. -പുരുഷ] നാ.
കാരണശരീരം,പ്രാതിഭാസികശരീരം,അധ്യാത്മശരീരം ഏ മൂന്നു ശരീരങ്ങളിൽ കൂടി പ്രവർത്തിക്കുന്ന ജീവാത്മാവ്,പ്രാതിഭാസികൻ.
അക്ഷയപുരുഹൂതൻ [സം. -പുരുഹൂത] നാ. ശിവൻ.
അക്ഷയബ്രഹ്മം [സം. -ബ്രഹ്മൻ] നാ. ശബ്ദബ്രഹ്മം,പരബ്രഹ്മം.

അക്ഷരം [സം.] നാ. 1.ആകാരാദിവർണങ്ങളിൽ ഒന്ന്,സ്വരമോ സ്വരം ചേർന്ന വ്യഞ്ജനമോ പൂർണമായി ഉച്ചാരക്ഷമമായ വർണമോ വർണസങ്ഘാതമോ; 2.എഴുത്ത്,ലിപി; 3.ഓങ്കാരം; 4.പരബ്രഹ്മം; 5.മോക്ഷം; 6.മൂലപ്രകൃതി; 7.ജലം; 8.ആകാശം; 9.ധർമം; 10.യാഗം; 11.തപസ്സ്; 12.ഒരു കാലയളവ്; 13.പ്രമാണം; 14.നിലനിൽപ്പ്,സ്ഥിരത; 15.വാൾ; 16.കടലാടി.
അക്ഷരമാല [സം. അക്ഷര-മാലാ] നാ. ഒരു ഭാഷയിലെ അക്ഷരങ്ങളെ എല്ലാം ക്രമത്തിൻ അടുക്കി പട്ടികയാക്കിയത്.
അക്ഷരമുഖൻ [സം. -മുഖ] നാ. 1.പണ്ഡിതൻ; 2.വിദ്യാർഥി.
അക്ഷരമുഖം [സം.] നാ. ആദ്യാക്ഷരം,അകാരം.
അക്ഷരമുദ്ര [സം. അക്ഷര-മുദ്രാ] നാ. അക്ഷരത്തിൻെറ മുദ്ര,അച്ചടിക്കുന്നതിനുള്ള ടൈപ്പുകൾ.
അക്ഷരമുഷ്ടിക [സം. -മുഷ്ടികാ] നാ. 1.അക്ഷരങ്ങളെ മുഷ്ടിയിൽ മറച്ചുവച്ചപോലെയുള്ള കഥനരീതി,ഒന്നിൽകൂടുതൽ പദങ്ങളുടെ ആദ്യത്തെ അക്ഷരങ്ങൾ എടുത്ത് പദങ്ങൾ ഉണ്ടാക്കി പറയുന്ന രീതി; 2.ആങ്ങ്യഭാഷണം.
അക്ഷരലക്ഷം [സം. -ലക്ഷ] നാ. ഒരു അക്ഷരത്തിന് ഒരു ലക്ഷം സ്വർണനാണയം എന്ന ക്രമത്തിൽ നൽകുന്ന സാഹിത്യപുരസ്കാരം.
അക്ഷരവിദ്യ [സം. -വിദ്യാ] നാ. അക്ഷരാഭ്യാസം,എഴുത്തുപഠിക്കൽ,വിദ്യാഭ്യാസം.
അക്ഷരവിന്യാസം [സം. -വിന്യാസ < ന്യസ്] നാ.അക്ഷരന്യാസം.
അക്ഷരവിഹീന [സം. -വിഹീന < ഹാ] വി. അക്ഷരമറിയാത്ത,വിദ്യാഭ്യാസമില്ലാത്ത.
അക്ഷരവീഴ്ച [സം. അക്ഷര -മ.വീഴ്ച] നാ. എഴുതുന്നതിലോ വായിക്കുന്നതിലോ വരുത്തുന്ന അക്ഷരത്തെറ്റ്.
അക്ഷരവ്യക്തി [സം. -വ്യക്തി < വ്യഞ്ജ്] നാ. ഉച്ചാരണ സ്ഫുടത.
അക്ഷരശിക്ഷ [സം. -ശിക്ഷാ < ശിക്ഷ്] നാ. എഴുത്തു പഠിക്കൽ,വിദ്യാഭ്യാസം.
അക്ഷരശുദ്ധി [സം. -ശുദ്ധി] നാ. 1.ഉച്ചാരണശുദ്ധി; 2.അക്ഷരവീഴ്ചയില്ലായ്മ.
അക്ഷരശൂന്യൻ [സം. -ശൂന്യ] നാ. എഴുത്ത് അറിഞ്ഞുകൂടാത്തവൻ,വിദ്യാഭ്യാസം ചെയ്യാത്തവൻ.
അക്ഷരശ്ലോകം [സം. -ശ്ലോക] നാ. ഒരു സാഹിത്യ വിനോദം,ഒരാൾ ചൊല്ലിയ ശ്ലോകത്തിൻെറ മൂന്നാം പാദത്തിലെ ഒന്നാമക്ഷരം കൊണ്ടു തുടങ്ങുന്ന ശ്ലോകം അടുത്തയാൾ എന്ന ക്രമത്തിൽ എല്ലാവരും മാറി മാറി ശ്ലോകം ചൊല്ലുക.

അക്ഷരസങ്ങ്ഖ്യ [സം. -സങ്ങ്ഖ്യാ] നാ. അക്ഷരങ്ങളെക്കൊണ്ട് അക്കങ്ങളെ സൂചിപ്പിക്കുന്ന രീതി,പരൽപ്പേർ. 'കടപയാദി' നോക്കുക.
അക്ഷരസങ്ങ്ഘാതം [സം. -സങ്ങ്ഘാത] നാ. 1.അക്ഷരസമൂഹം,അക്ഷരമാല; 2.(നാട്യ.) മുപ്പത്താറുവിധ നാട്യാലങ്കാരങ്ങളിൽ ഒന്ന്.
അക്ഷരസംയുക്ത1 [സം. -സമ്യുക്ത < യുജ്] വി.അക്ഷരത്തോടുകൂടിയ,വിദ്യാഭ്യാസം ചെയ്ത.
അക്ഷരസംയുക്ത2 [സം. -സംയുക്താ] നാ. വിദ്യാസമ്പന്ന.
അക്ഷരസംയുക്തൻ [സം.] നാ. വിദ്യാഭ്യാസം ചെയ്തവൻ.
അക്ഷരസംസ്ഥാനം [സം. -സംസ്ഥാന] നാ. അക്ഷരമെഴുത്ത്,അക്ഷരങ്ങളെ ക്രമപ്പെടുത്തി ചേർക്കുന്ന പ്രവൃത്തി.
അക്ഷരാജൻ [സം. അക്ഷ-രാജ] നാ. 1.ചൂതുകളിയിൽ സമർഥൻ; 2.അക്ഷങ്ങളിൽ രാജൻ,കലി എന്ന കരു.
അക്ഷരാഡംബരം [സം. -ആഡം ബര] വി. അക്ഷരഡംബരം.
അക്ഷരാത്മിക [സം. -ആത്മികാ] നാ.അക്ഷരസ്വരൂപിണി,സരസ്വതി.
അക്ഷരാഭ്യാസം [സം. -അഭ്യാസ] നാ. എഴുത്തു പഠിക്കൽ.
അക്ഷരാർഥം [സം. -അർഥ] നാ. പദത്തിനുള്ള പ്രസിദ്ധമായ അർഥം.
അക്ഷരി [സം. അക്ഷരീ] നാ. ക്ഷയിക്കാത്ത കാലം,സമൃദ്ധിയുള്ള കാലം,മഴക്കാലം.

അക്ഷലീല [സം. അക്ഷ-ലീലാ] നാ. ചൂതുകളി.
അക്ഷവതി [സം. അക്ഷ-വതീ < വ്രത്]നാ. 1.ചൂതാട്ടം,ചൂതുകളി; 2.ചൂതാട്ടത്തിനുള്ള സ്ഥലം.
അക്ഷവാടം [സം. -വാട] നാ. 1.ചൂതുകളിക്കുള്ള സ്ഥലം; 2.ചൂതുപലക,ചൂതുകളിക്കുള്ള പീഠം,ഗുസ്തിപിടിക്കനുള്ള സ്ഥലം,ഗോദാ.
അക്ഷവാടി, -വാടിക [സം. -വാടീ, -വാടികാ] നാ. അക്ഷവാടം.
അക്ഷവിത്ത് [സം. -വിദ് < വിദ്] നാ. ചൂതുകളിയിൽ വിദഗ്ധൻ.
അക്ഷവിദ്യ [സം. -വിദ്യാ] നാ.ചൂതുകളി.
അക്ഷവൃത്ത [സം. -വൃത്ത] വി. ചൂതുകളിയിൽ ഏർപ്പെട്ട,ചൂതുകളി പരിചയിച്ച,ചൂതുകളിക്കുമ്പോൾ സംഭവിച്ച.
അക്ഷവൃത്തം [സം. -വൃത്തം] നാ. 1.ചൂതുകളി സമ്പന്ധിച്ച വാർത്ത; 2.രാശിചക്രം.
അക്ഷവേത്താവ് [സം. -വേത്തൃ < വിദ്] നാ. അക്ഷവിത്ത്. (സ്ത്രീ.) അക്ഷവേത്ത്രി.
അക്ഷശാകം [സം. -ശാക] നാ. വിളാർ മരം.
അക്ഷശാല [സം. -ശാലാ] നാ. 1. ചൂതുകളിക്കുന്ന സ്ഥലം; 2.സ്വർണം വെള്ളി മുതലായവ കൊണ്ടുള്ള പണി നടക്കുന്ന സ്ഥലം,കമ്മട്ടം.
അക്ഷശൗണ്ഡ [സം. -ശൗണ്ഡ] വി. ചൂതുകളിയിൽ സാമർഥ്യമുള്ള, ചൂതുകളിയിൽ അഭിനിവേശമുള്ള.
അക്ഷസസ്യം [സം. -സസ്യ] നാ. അക്ഷശാകം.
അക്ഷസൂത്രം [സം. -സൂത്ര] നാ. രുദ്രാക്ഷമാലയുടെ ചരട്,രുദ്രാക്ഷമാല.
അക്ഷസ്തുഷം [സം. -സ്തുഷ] നാ. താന്നിമരം.

അക്ഷഹൃദയം [സം. -ഹൃദയ] നാ. ചൂതുകളിയിൽ വൈദഗ്ധ്യം നേടാൻ സഹായിക്കുന്ന ഒരു മന്ത്രം.
അക്ഷാഗ്രകീലകം [സം. അക്ഷാഗ്ര-കീലക] നാ. വണ്ടിച്ചക്രം ഊരിപ്പോരാതിരിക്കാൻ അച്ചുതണ്ടിൻെറ അറ്റത്തിടുന്ന ആണി,ചാവിയാണി.
അക്ഷാഗ്രം [സം. അക്ഷ-അഗ്ര] നാ. 1.അച്ചുതണ്ട്; 2.അച്ചുതണ്ടിൻെറ അറ്റം; 3.ചെടിയുടെ ഇലയ്ക്കും തണ്ടിനും മധ്യേയുള്ള കോണം.
അക്ഷാങ്കുരം [സം. -അങ്കുര] നാ. ചെടിയുടെ ഇലക്കവരങ്ങളിൽ ഉണ്ടാകുന്ന അങ്കുരം (മുള).
അക്ഷാതിവാപൻ [സം. -അതിവാപ] നാ. ചൂതുകളിക്കാരൻ.
അക്ഷാന്തി [സം. അ-ക്ഷാന്തി] നാ. അക്ഷമ,ഈർഷ്യ,അസൂയ,കോപം.
അക്ഷാംശം [സം. അക്ഷ-അംശ] ഭൂമിയുടെ അക്ഷത്തെ അംശിക്കുന്നത്,ഭൂമധ്യരേഖയിൽനിന്ന് വടക്കോറ്റോ തെക്കോറ്റോ ധ്രുവം വരെ ഉള്ള ദൂരത്തെ 90 ആയി ഭാഗിച്ചതിൽ ഒരു അംശം.
അക്ഷാമ [സം. അ-ക്ഷാമ] വി. ക്ഷാമം ഇല്ലാത്ത.
അക്ഷാവപനം [സം. അക്ഷ-ആവപന] നാ. ചൂതുകളിപ്പലക.
അക്ഷാവലി [സം. -ആവലി] നാ. രുദ്രാക്ഷമാല,ജപമാല.
അക്ഷാവാപൻ [സം. -ആവാപ] നാ. ചൂതുകളിക്കാരൻ.
അക്ഷി1 [സം. അക്ഷി] നാ. 1.കണ്ണ്; 1.രണ്ട് എന്ന സംഖ്യ.
അക്ഷി2 [സം. അക്ഷി] നാ. താന്നിമരം.
അക്ഷികം [സം.] നാ. 1.കണ്ണിനു ഹിതമായത്; 2.രക്തചന്ദനം; 3.അക്ഷകം,തേരുമരം,അച്ചുതണ്ട് ഉണ്ടാക്കുവാൻ ഉപയോഗിക്കുന്ന മരം.
അക്ഷികമ്പം [സം. അക്ഷി-കമ്പ] നാ. കണ്ണിമയ്ക്കൽ.
അക്ഷികർണം [സം. -കർണ] നാ. അക്ഷിയും കർണവും ഒന്നായ ജീവി,സർപ്പം.
അക്ഷികൂടകം [സം. -കൂടക] നാ. 1.കണ്ണിൻെറ കൃഷ്ണമണി; 2.നേത്രഗോളം; 3.കണ്ണിനു മുകളിൽ എഴുന്നു നിൽക്കുന്ന ഭാഗം,പുരികത്തിൻെറ സ്ഥാനം.
അക്ഷികൂപം [സം. -കൂപ] നാ. കൺകുഴി.

അക്ഷികുലകം [സം. -കുലക] നാ. കണ്മണി.
അക്ഷികോണം [സം. -കോണ] നാ. കണ്ണിൻെറ കോണ്,കണ്മുന,കടക്കണ്ണ്.
അക്ഷിഗത [സം. -ഗത] വി. 1.കണ്ണിൽപ്പെട്ട; 2.കണ്ണിലെ കരടായ,വെറുക്കപ്പെട്ട.
അക്ഷിഗോചര [സം. -ഗോചര] വി.കണ്ണിൽപ്പെട്ട,കാണത്തക്ക.
അക്ഷിഗോണികം [സം. -ഗോണിക] നാ. ദൃക്-വെന്ർറിക്കിൾ.
അക്ഷിഗോളം [സം. -ഗോള] നാ. കൺപോളകൾക്കുള്ളിൽ ഗോളാകൃതിയിലുള്ള അവയവം.
അക്ഷിജ [സം. -ജ <ജന്] നാ. ചുവന്നപാച്ചോറ്റി.
അക്ഷിണി [സം. അക്ഷിണീ] നാ. ഭൂസ്വത്തിനെ സമ്പന്ധിച്ച അവകാശങ്ങളിൽ ഒന്ന്.
അക്ഷിത [സം. അ-ക്സിത < ക്ഷി] വി. 1.അഴുകാത്ത,ചീയാത്ത; 2.ഉപദ്രവം തട്ടാത്ത,ക്ഷയിക്കാത്ത.
അക്ഷിതം [സം.] നാ. വെള്ളം,വലിയ ഒരു സംഖ്യ.

അക്ഷിതരം [സം. അക്ഷി-തര] നാ. നൈറ്മല്യംകൊണ്ട് അക്ഷിക്കു തുല്യമായത്,ജലം.
അക്ഷിതാര [സം. -താരാ] നാ. കൃഷ്ണമണി.
അക്ഷിദ്വന്ദ്വം [സം. -ദ്വന്ദ്വ] നാ. കണ്ണിണ.
13
അക്ഷിദ്വയം [സം. -ദ്വയ] നാ. = അക്ഷിദ്വന്ദ്വം.
അക്ഷിപക്ഷ്മം [സം. -പക്ഷ്മൻ] നാ. കൺപീലി.ഇമ.
അക്ഷിപഥം [സം. -പഥ] നാ. അക്ഷിയുടെ പന്ഥാവ്, കാണാവുന്നെടം.
അക്ഷിപാകം [സം. -പാക] നാ. ഒരു നേത്രരോഗം.
അക്ഷിപാകാത്യയം [സം. -പാകാത്യയ] നാ. = അക്ഷിപാകം.
അക്ഷിപീലു [സം. -പീലു(ക)] നാ. വലിയ വേപ്പ്,അക്ഷപീലുകം.
അക്ഷിപ്ത [സം. അ-ക്സിപ്ത] വി. 1.എറിഞ്ഞു കളയാത്ത; 2.നിന്ദാശീലമില്ലാത്ത; 3.തടസപ്പെടാത്ത.
അക്ഷിപ്നു [സം. -ക്ഷിപ്നു < ക്ഷിപ്] വി. എറിഞ്ഞുകളയാത്തത്.
അക്ഷിബം,-വം [സം.അക്ഷിബ] നാ. 1.മഞ്ഞപ്പൂവുള്ള മുരിങ്ങ,ശോഭാഞ്ജനം; 2.കടലുപ്പ്.
അക്ഷിഭു [സം. അക്ഷി-ഭു] വി. പ്രത്യക്ഷമായ,കണ്ണിൽപെട്ട.
അക്ഷിഭേഷജം [സം. -ഭേഷജ] നാ. ചുവന്നപാച്ചോറ്റി,ഒരുതരം നേത്രാഞ്ജനം.
അക്ഷിഭൈഷജ്യം [സം. -ഭൈഷജ്യ] നാ. അക്ഷിഭേഷജം.
അക്ഷിഭ്രുവം [സം. -ഭ്രുവ] നാ. കണ്ണും പുരികവും
അക്ഷിമണി [സം. -മണി] നാ. കൃഷ്ണമണി.
അക്ഷിയുഗം [സം. -യുഗം] നാ. കണ്ണിണ.
അക്ഷിയുഗളം [സം. -യുഗല] നാ. അക്ഷിയുഗം.
അക്ഷിരോമം [സം. -രോമൻ] നാ. കൺപീലി.
അക്ഷിലോമം [സം. -ലോമൻ] നാ. അക്ഷിരോമം.
അക്ഷിവികുണിതം [സം. -വികുണിത] നാ. 1.കടാക്ഷം; 2.കണ്ണു പകുതി അടച്ചുകൊണ്ടുള്ള നോട്ടം.
അക്ഷിവികൂശിതം [സം. -വികൂശിത] നാ. അക്ഷിവികൂണിതം.
അക്ഷിവിലാസം [സം. -വിലാസ] നാ. 1.കണ്ണിൻെറ ഭങ്ങ്ഗി; 2.കാമദ്യോതകമായ നോട്ടം.
അക്ഷിശ്രവസ്സ് [സം. -ശ്രവസ്] നാ. പാമ്പ് (കണ്ണിലൂടെ കേൾക്കുന്നത്.)
അക്ഷിസ്പന്ദനം [സം. -സ്പന്ദന < സ്പന്ദ്] നാ. കണ്ണിൻെറ ചലനം,കൺ ഇടിപ്പ്.
അക്ഷീകം [സം. അക്ഷിക] നാ. = അക്ഷികം.
അക്ഷീണ [സം. അ-ക്ഷീണ] വി. ക്ഷീണിക്കാത്ത.
അക്ഷീബ [സം. -ക്ഷീബ] വി. മദിച്ചിട്ടില്ലാത്ത,ലഹരി പിടിച്ചിട്ടില്ലാത്ത.
അക്ഷീബം [സം.] നാ. 1.കടലുപ്പ്; 2.മഞ്ഞപ്പൂവുള്ള മുരിങ്ങ.
അക്ഷീരം [സം. അ-ക്ഷീര] നാ. 1.വലിയവേപ്പ്; 2.മുളവെണ്ണ.

അക്ഷു [സം.അക്ഷു] നാ. ഒരുതരം വല.
അക്ഷുണ്ണ [സം. അ-ക്ഷുണ്ണ < ക്ഷുദ്] വി. 1.ക്ഷോഭിപ്പിക്കപ്പെടാത്ത,പൊടിയാത്ത; 2.സഞ്ചരിച്ചിട്ടില്ലാത്ത; 3.അടിക്കപ്പെടാത്ത.

അക്ഷുണ്ണത [സം. -ക്ഷുണ്ണതാ] നാ. 1.പരിചയമില്ലായ്മ; 2.കുറവില്ലായ്മ.
അക്ഷുത്ത് [സം. അ-ക്ഷുധ്] നാ. വിശപ്പില്ലായ്മ,വിശപ്പില്ലാത്ത.
അക്ഷുദ്ര [സം. അ-ക്ഷുദ്ര] വി.
ചെറുതല്ലാത്ത,നിസാരമല്ലാത്ത,ചീത്തയല്ലാത്ത,താണതല്ലാത്ത.
അക്ഷുദ്രൻ [സം.] നാ. ശിവൻ.
അക്ഷുബ്ധ [സം. അ-ക്ഷുബ്ധ < ക്ഷുഭ്] വി.ക്ഷോഭിക്കാത്ത.
അക്ഷുല്ല [സം. -ക്സുല്ല] വി.ചെറുതല്ലാത്ത.
അക്ഷേത്ര [സം. അ-ക്ഷേത്ര] വി. 1.വയൽ ഇല്ലാത്ത; 2.കൃഷിയിറക്കാത്ത; 3.ഭാര്യയില്ലാത്ത; 4.ക്ഷേത്രഗണിതമനുസരിച്ചല്ലാത്ത.
അക്ഷേത്രജ്ഞൻ [സം. അ-ക്സേത്ര-ജ്ഞ] നാ. ക്സേത്രത്തെ അറിയാത്തവൻ.
അക്ഷേത്രൻ [സം. അ-ക്ഷേത്ര] നാ. 1.നല്ല ശിഷ്യനില്ലാത്തവൻ; 2.സത്പാത്രമല്ലാത്തവൻ.
അക്ഷേത്രം [സം.] നാ. 1.ചീത്തവയൽ; 2.ശരീരമല്ലാത്തത്.
അക്ഷേത്രവിത്ത് [സം. അക്ഷേത്ര-വിദ്] നാ. = അക്ഷേത്രജ്ഞൻ.
അക്ഷേത്രി [സം. അ-ക്ഷേത്രിൻ] നാ. സ്വന്തമായി കൃഷിഭൂമിയില്ലാത്തവൻ.
അക്ഷോട(കം),അക്ഷോഡ(കം),അക്കോളംആഖോടം,അക്രോത്ത് [സം. അക്ഷോട] നാ. താന്നി..
അക്ഷോഭ [സം. അ-ക്ഷോഭ < ക്ഷുഭ്] വി.
ക്ഷോഭമില്ലാത്ത,ഇളക്കമില്ലാത്ത,ശാന്തമായ.
അക്ഷോഭം [സം.] നാ. 1.ക്ഷോഭമില്ലയ്മ,നിശ്ചലത്വം; 2.ആനയെ തളയ്ക്കുന്ന കുറ്റി; 3.കച്ചക്കയർ.
അക്ഷോഭ്യ [സം. -ക്ഷോഭ്യ < ക്ഷുഭ്] വി.
ക്ഷോഭിക്കാത്ത,ഇളകാത്ത,ഇളക്കാനാകാത്ത.
അക്ഷോഭ്യം [സം.] നാ. ഒരു വലിയസംഖ്യ.
അക്ഷൗഹിണി [സം. അക്ഷ-ഊഹിനീ] നാ. ഒരു വലിയ സേനാവിഭാഗം. 21870 തേര്,അത്രയും ആന,65610 കുതിര,109,350 കാലാൾ ഇത്രയും ചേർന്ന സൈന്യം.
അക്ഷ്ണ [സം.അക്ഷ്ണ] വി. അഖണ്ഡമായ,മുറിക്കപ്പെടാത്ത.
അക്ഷ്ണം [സം.] നാ. തുടർച്ചയായി ഗമിക്കുന്നത്,കാലം.
അഖചിത [സം. അ-ഖചിത] വി.രത്നാദികൾ പതിച്ചിട്ടില്ലാത്ത.
അഖണ്ഡ [സം. -ഖണ്ഡ] വി. 1.ഖണ്ഡമല്ലാത്ത,മുഴുവനായ,ഛേദിച്ചിട്ടില്ലാത്ത; 2.മുടക്കമില്ലാത്ത. നാ.അഖണ്ഡത.
അഖണ്ഡകലൻ [സം. അഖണ്ഡ-കല] നാ. പൂർണചന്ദ്രൻ.
അഖണ്ഡജ്യോതിസ്സ്, -ദീപം [സം. -ജ്യോതിസ്,-ദീപ] നാ. അണയാതെ കത്തുന്ന വിളക്ക്,വാടാവിളക്ക്,കെടാവിളക്ക്.
അഖണ്ഡദ്വാദശി [സം.-ദ്വാദശി] നാ. ധനുമാസത്തിലെ വെളുത്ത പക്ഷത്തിലുള്ള ദ്വാദശി.
അഖണ്ഡധാര [സം. -ധാരാ] നാ. 1.ഇടവിടാതെയുള്ള ഒഴുക്ക്; 2.ഇലയുടെ കുതകളില്ലാത്തവക്ക്.
അഖണ്ഡൻ [സം.] നാ. 1.പരിപൂർണൻ,ഈശ്വരൻ; 2.ഒരിനം മൂർഖൻ പാമ്പ്.
അഖണ്ഡനം [സം. അ-ഖണ്ഡന < ഖണ്ഡ്] നാ. 1.ഛേദിക്കാതിരിക്കൽ; 2.ഖണ്ഡിക്കാതിരിക്കൽ; 3.കാലം.

അഖണ്ഡനാമജപം [സം. -നാമ-ജപ] നാ. നിശ്ചിതകാലത്തേക്കു മുടങ്ങാതെ നടത്തുന്ന ഈശ്വരനാമജപം.
അഖണ്ഡനീയ [സം. അ-ഖണ്ഡനീയ] വി. ഖണ്ഡിക്കത്തക്കതല്ലാത്ത, നശിപ്പിക്കാൻ കഴിയാത്ത,നിരസിക്കാൻ കഴിയാത്ത,യുക്തിയുക്തമായ.
അഖണ്ഡാത്മബോധം [സംഃ-ആത്മ-ബോധ] നാ. സ്വപ്നം,ജാഗ്രത്ത്,സുഷുപ്തി ഈ മൂന്നവസ്ഥകൾക്കും അപ്പുറത്തുള്ളതും സർവവിഷയശൂന്യവുമായ സുബോധാവസ്ഥ,യോഗനിദ്ര.

അഖണ്ഡാർഥസിദ്ധി [സം. -അർഥ-സിദ്ധി] നാ. മോക്ഷം.
അഖണ്ഡിത [സം. അ-ഖണ്ഡിത] വി. 1.വിഭജിക്കപ്പെടാത്ത; 2.എന്നേക്കും നിലനിൽക്കുന്ന; 3.നിരസിക്കപ്പെടാത്ത.
അഖണ്ഡിതൻ [സം.] നാ. ഈശ്വരൻ.
അഖർവ [സം. അ-ഖർവ] വി. കുള്ളനല്ലാത്ത,വളർച്ച നിലയ്ക്കാത്ത.
അഖലൻ [സം. -ഖല] നാ. ഖലനല്ലാത്തവൻ.
അഖാത [സം. -ഖാത < ഖൻ] വി. 1.കുഴിക്കപ്പെടാത്ത; 2.കുഴിച്ചിടാത്ത.
അഖാതക [സം. -ഖാതക] നാ. കടക്കാരനല്ലാത്തവൻ.
അഖാതം [സം. -ഖാത] നാ. 1.വെട്ടിയുണ്ടാക്കിയതല്ലാത്ത കുളം; 2.അമ്പലക്കുളം.
അഖാദനം [സം. -ഖാദന] നാ. തിന്നാതിരിക്കൽ.
അഖാദനീയ,-ഖാദ്യ [സം. -ഖാദനീയ,-ഖാദ്യ] വി. തിന്നാൻ കൊള്ളാത്ത.
അഖാദുക [സം. -ഖാദുക] വി. ഉപദ്രവം ചെയ്യാത്ത.
അഖിന്ന [സം. -ഖിന്ന < ഖിദ്] വി.ദുഃഖമില്ലാത്ത,ക്ഷീണിച്ചിട്ടില്ലാത്ത.
അഖില [സം. -ഖില] വി. 1.വിടവില്ലാത്ത,പൂർണമായ,മുഴുവനായ,എല്ലാമായ; 2.തരിശില്ലാത്ത,കൃഷിയിറക്കുന്ന.
അഖിലകലാവല്ലി [സം. അഖില-കലാ-വല്ലീ] നാ. കലകൾക്കെല്ലാം നിദാനം ആയിട്ടുള്ളവൾ,സരസ്വതി.
അഖിലരൂപൻ,-വ്യാപി [സം. -രൂപ,-വ്യാപിൻ] നാ.വിശ്വരൂപൻ,ഈശ്വരൻ.
അഖിലാണ്ഡം [സം. -അണ്ഡ] നാ. ബ്രഹ്മാണ്ഡം.
അഖിലാത്മാവ് [സം.-ആത്മൻ] നാ. സകലത്തിൻേറയും ആത്മാവ്,ഈശ്വരൻ.
അഖേടികം [സം.-ഖേടിക] നാ. 1.ആഖേടികം,നായാട്ടുനായ്; 2.വൃക്ഷം.
അഖേദ [സം. അ-ഖേദ] വി. ഖേദമില്ലാത്ത.
അഖേദി [സം. -ഖേദിൻ ] വി. ഖേദമില്ലാത്തവൻ.
അഖേദിത്വം [സം. -ഖേദിത്വ] ഖേദമില്ലായ്മ.
അഖ്യാത [സം. -ഖ്യാത < ഖ്യാ] വി. ഖ്യാതിയില്ലാത്ത.
അഖ്യാതിവാദി [സം. -ഖ്യാതി-വാദിൻ] നാ. ആത്മാവ് ജ്ഞാനസ്വരൂപമാണെന്ന വാദത്തെ എതിർക്കുന്നവർ.
അഗ [സം. അ-ഗ < ഗമ്] വി. ഗമിക്കാത്ത,ചലിക്കാത്ത.
അഗച്ഛം [സം. -ഗച്ഛ] നാ. ഗമിക്കാത്തത്,വൃക്ഷം.
അഗജ1 [സം. അഗ-ജ] വി. 1.മലയിൽ ഉണ്ടായ; 2.വൃക്ഷത്തിൽ നിന്ന് ഉണ്ടായ.
അഗജ2 [സം. -ജാ] നാ. പാർവതി.
അഗജം [സം.] നാ. കന്മദം.

അഗജാരമണൻ [സം. അഗജാ-രമണ] നാ. ശിവൻ.
അഗണനീയ [സം. -ഗണനീയ < ഗണ്] വി. എണ്ണേണ്ടതില്ലാത്ത,നിസ്സാരമായ.
അഗണിത [സം. -ഗണിത] വി. എണ്ണമില്ലാത്ത,അറിയപ്പെടാത്ത.
അഗണ്യ [സം. -ഗണ്യ] വി. 1.അവഗണനീയമായ,കണക്കാക്കാൻ വയ്യാത്ത; 2.ഗണനാർഹമല്ലാത്ത,നിസ്സാരമായ.
അഗത [സം. -ഗത <ഗമ്] വി. നഷ്ടമായിട്ടില്ലാത്ത,പോയതല്ലാത്ത.
അഗതി(ക) [സം. -ഗതി(ക)] നാ.കാലക്ഷേപത്തിനു വകയില്ലാത്ത വ്യക്തി,പോക്കില്ലാത്തവൻ,അശരണൻ.
അഗതികഗതി [സം.അഗതിക-ഗതി] നാ. മറ്റുമാർഗമില്ലാതെ വരുമ്പോൾ ആശ്രയിക്കുന്ന പോംവഴി.
അഗദ [സം. -ഗദ] വി. 1.രോഗമില്ലാത്ത,ആരോഗ്യമുള്ള; 2.മനഃപീഡയില്ലാത്ത; 3.സംസാരിക്കാത്ത; 4.കുറ്റം ആരോപിക്കപ്പെട്ടിട്ടില്ലാത്ത.
അഗദകരൻ,-കാരൻ [സം. അഗദ-കര, -കാര] നാ.ഔഷധം ഉണ്ടാക്കുന്നവൻ,വൈദ്യൻ.
അഗദതന്ത്രം [സം. -തന്ത്ര] നാ. 1.ആരോഗ്യശാസ്ത്രം,വൈദ്യശാസ്ത്രം; 2.ഒരു ആയുർവേദമന്ത്രം; 3.വിഷവൈദ്യം.

അഗദം [സം.] നാ. 1.ഗദത്തെ,രോഗത്തെ,ഇല്ലാതാക്കുന്നത്,ഔഷധം; 2,ആരോഗ്യം; 3.മിണ്ടാതിരിക്കൽ; 4.കൊട്ടം; 5.പ്രത്യൗഷധങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന വൈദ്യശാസ്ത്രവിഭാഗം.
അഗദരാജം [സം. -രാജൻ] നാ. ഔഷധങ്ങളിൽ ശ്രേഷ്ഠം,കടുക്ക.
അഗദിത [സം. -ഗദിത <ഗദ്] വി. പറയപ്പെടാത്ത.
അഗൻ [സം. -ഗ] നാ. പ്രാപിക്കാൻ ആകാത്തവൻ,സൂര്യൻ.
അഗനന്ദിനി [സം. അഗ-നന്ദിനീ] നാ. പർവതി.
അഗപതി [സം. -പതി] നാ. പർവതങ്ങളുടെ രാജാവ്,ഹിമവാൻ.
അഗപ്പെ [ഗ്രീ.ക്കദ്ദൻറണ്മണ്മനു] നാ. ആദിമക്രിസ്ത്യാനികളുടെ സ്നേഹവിരുന്ന്.
അഗം [സം. അ-ഗ] നാ. 1.പർവതം; 2.വൃക്ഷം; 3.ഏഴ് എന്ന സങ്ങ്ഖ്യ (കുലപർവതങ്ങൾ ഏഴായതിനാൽ); 4.കുടം; 5.പാമ്പ്.
അഗമ [സം. -ഗമ] വി.പ്രാപിക്കാൻ കഴിയാത്ത.
അഗമം [സം.] നാ. ചലിക്കാത്തത്,പർവതം.
അഗമനീയ [സം. -ഗമനീയ] വി. അഗമ്യ.
അഗമ്യ1 [സം. -ഗമ്യ < ഗമ്]വി. വിവാഹം കഴിക്കാൻ പാടില്ലാത്ത,രക്തബന്ധമുള്ള.
അഗമ്യ2 [സം. -ഗമ്യാ] നാ. പ്രാപിക്കാൻ പാടില്ലാത്തവൾ.
അഗമ്യഗമനം [സം. അഗമ്യ-ഗമന] നാ. അഗമ്യപുരുഷനോടുള്ള ചേർച്ച,പ്രാപിച്ചുകൂടാത്ത പുരുഷനെ പ്രാപിക്കൽ.
അഗമ്യാഗമനം [സം. അഗമ്യാ-ഗമന] നാ. പ്രാപിച്ചുകൂടാത്ത സ്ത്രീയെ പ്രാപിക്കൽ.
അഗമ്യാഗാമി [സം. അഗമ്യാ-ഗാമിൻ] നാ. വ്യഭിചാരം ചെയ്യുന്നവൻ.
അഗർഭപ്രാണായാമം [സം. അഗർഭ-പ്രാണായാമ] നാ.ജപധ്യാനങ്ങൾ കൂടാതെയുള്ള പ്രാണായാമം.
15
അഗർവി [സം. അ-ഗർവിൻ] വി.അഹങ്കാരമില്ലാത്ത,വിനയമുള്ള.

അഗർഹണീയ [സം. -ഗർഹണീയ] വി. നിന്ദിക്കരുതാത്ത.
അഗർഹ്യ [സം. -ഗർഹ്യ < ഗർഹ്] വി. നിന്ദായോഗ്യമല്ലാത്ത.
അഗരപ്പറ്റ് [അഗര-പറ്റ്] നാ. അഗ്രഹാരഗ്രാമത്തോട് ചേർന്നുകിടക്കുന്ന വയൽ.
അഗരം1 [അ-ഗര < ഗൃ] നാ. നശിക്കാത്തത്.
അഗരം2 [< സം. അഗ്ര] നാ. അഗ്രഹരം.
അഗരി [സം.അഗരീ] നാ. ദേവതാളി.
അഗരു,അഗുരു [സം. അ-ഗുരു] നാ. അകിൽ.
അഗസ്തി [സം.] നാ. 1.അഗസ്ത്യമുനി, 2.അകത്തി,അഗസ്ത്യവൃക്ഷം; 3.അഗസ്ത്യനക്ഷത്രം; 4.തെക്കേദിക്ക്.
അഗസ്ത്യകൂടം [സം. അഗസ്ത്യ-കൂട] നാ. സഹ്യപർവതത്തിൻെറ തെക്കേ അറ്റത്തുള്ള ഒരു കൊടുമുടി.
അഗസ്ത്യദിക്ക് [സം. -ദിക് < ദിശ്] നാ. തെക്കേദിക്ക്.
അഗസ്ത്യൻ നാ. ഒരു മഹർഷി,അകത്തിയർ.
അഗസ്ത്യനക്ഷത്രം [സം. അഗസ്ത്യ-നക്ഷത്ര] നാ. ആകാശത്ത് തെക്കുകിഴക്കു ഭാഗത്തായി ഉദിക്കുന്ന ഒരു നക്ഷത്രം.
അഗസ്ത്യമാസങ്ങൾ [സം. -മാസ] നാ. കന്നി മുതൽ ഇടവം വരെയുള്ള മാസങ്ങൾ.
അഗസ്ത്യസംഹിത [സം. -സാഹിതാ] നാ.അഗസ്ത്യൻ സമാഹരിച്ച ഒരു തന്ത്രഗ്രന്ഥം,വിഷ്ണുപൂജാക്രമവും മറ്റും വിവരിക്കുന്നത്.
അഗസ്ത്യോദയം [സം. -ഉദയ] നാ. അഗസ്ത്യനക്ഷത്രത്തിൻെറ ഉദയം,ശരത്കാലാരംഭം.
അഗാത്മജ [സം. അഗ-ആത്മജാ] നാ. പർവതപുത്രിയായ പാർവതി.
അഗാധ [സം. -ഗാധ] വി. 1.കടക്കാൻ പാടില്ലാത്ത ആഴമുള്ള; 2.ഭാവത്തിലും അർഥത്തിലും മികച്ച,ഗംഭീരമായ.
അഗ്ഗാധത [സം. അഗാധ-താ] 1.നിലയില്ലായ്മ; 2.അർഥഗാംഭീര്യം.

അഗ്ഗാധം [സം. അ-ഗാധ] നാ. ആഴമേറിയ ഗർത്തം,നിലയില്ലാത്ത കുഴി.
അഗാരം [സം.] നാ. 1.വീട്,ആഗാരം; 2.പട്ടണം.
അഗാരി1 [സം. അഗ-അരി] നാ. പർവതങ്ങളുടെ ശത്രുവായ ഇന്ദ്രൻ.
അഗാരി2 [സം. അഗാരിൻ] നാ. വീടുള്ളവൻ.
അഗിരൻ [സം.] നാ. ആദിത്യൻ.
അഗിരം [സം.] നാ. 1.സ്വർഗം; 2.അഗ്നി; 3.നീലക്കൊടുവേലി.
അഗിരൗകസ്സ് [സം. അഗിര-ഓകസ്സ്] നാ. സ്വർഗം വാസസ്ഥാനമായവൻ,ദേവൻ.
അഗീർണ [സം. അ-ഗീർണ] വി. 1.വിഴുങ്ങപ്പെടാത്ത; 2.സ്തുതിക്കപ്പെടാത്ത.
അഗു [സം. -ഗു < ഗോ] വി. 1.ഗോവല്ലാത്ത,ധനമില്ലാത്ത; 2.രശ്മിയില്ലാത്ത,ഇരുണ്ട. നാ. 1.രാഹു; 2.ഇരുട്ട്.
അഗുണ [സം. -ഗുണ] വി. 1.ഗുണമില്ലാത്ത,വിശേഷമില്ലാത്ത; 2.സദ്ഗുണങ്ങളില്ലാത്ത,ഉപയോഗശൂന്യമായ.
അഗുണം [സം.] നാ. ഗുണമില്ലായ്മ,ദോഷം.
അഗുണി [സം. അ-ഗുണിൻ] നാ. 1.ഗുണമില്ലാത്തവൻ; 2.ദുഷ്ടൻ; 3.അങ്ങ്ഗവൈകല്യമുള്ളവൻ.

അഗുപ്ത [സം. അ-ഗുപ്ത < ഗുപ്] വി. 1.ഗോപനം ചെയ്യപ്പെടാത്ത,മറയ്ക്കാത്ത; 2.രക്ഷിക്കപ്പെടാത്ത.
അഗുരു1 [സ്ം. -ഗുരു] നാ. 1.(പും.) ഗുരുവല്ലാത്തവൻ; 2.(ന.ലിം.) ലഘു,ഒരു മാത്രയുള്ള അക്ഷരം.
അഗുരു2 [സം.] = അഗരു.
അഗുൽമികൻ [സം. -ഗുൽമിക] നാ. സ്വന്തം നേതാവിനാൽ നയിക്കപ്പെടാത്ത സേനാവിഭഗത്തിലെ യോദ്ധാവ്,ഗുൽമത്തിൽ പെടാത്തവൻ.
അഗുഢ [സം. അ-ഗുഢ] വി. ഗൂഢമല്ലാത്ത,മറവില്ലാത്ത,തെളിഞ്ഞ,സ്പഷ്ടമായ.
അഗൂഢഗന്ധം [സം. അഗൂഢ-ഗന്ധ] നാ. കടുത്ത ഗന്ധമുള്ളത്,പെരുങ്കായം.
അഗൂഢഭാവ [സം. -ഭാവ] നാ. 1.ഗൂഢഭാവമില്ലാത്ത; 2.സ്പഷ്ടാർഥമുള്ള.
അഗൂഢം [സം. -ഗൂഢ] നാ. വ്യങ്ഗ്യാർഥം സ്പഷ്ടമായ കാവ്യം,ഗുണീഭൂതവ്യങ്ഗ്യം.
അഗൃഹൻ [സം. -ഗൃഹ] നാ. 1.സ്വന്തം ഗൃഹമില്ലാതെ അലഞ്ഞു നടക്കുന്നവൻ; 2.വാനപ്രസ്ഥൻ.
അഗൃഹീത [സം. -ഗൃഹീത] വി. ഗൃഹീതമല്ലാത്ത.
അഗോചര [സം.-ഗോചര] വി. ഇന്ദ്രിയങ്ങൾക്കു വിഷയമല്ലാത്ത,സ്പഷ്ട്സമല്ലാത്ത.
അഗോചരൻ [സം.] നാ.ഈശ്വരൻ.
അഗോപനീയ,ഗോപ്യ [സം. -ഗോപനീയ-ഗോപ്യ <ഗുപ്] മറച്ചുവയ്ക്കേണ്ടതല്ലാത്ത,രഹസ്യമല്ലാത്ത.
അഗൗകസ്സ് [സം.അഗ-ഓകസ്] നാ. 1.മലയിൽ പാർക്കുന്നവൻ,കാട്ടാളൻ; 2.ശരഭം; 3.സിംഹം; 4.അഗത്തിൽ (വൃക്ഷത്തിൽ) താമസിക്കുന്നത്,പക്ഷി.
അഗൗരവ [സം. അ-ഗൗരവ] വി. 1.ഗൗരവമില്ലാത്ത; 2.ഗുരുത്വമില്ലാത്ത; 3.ബഹുമാനം അർഹിക്കാത്ത.
അഗ്നാമരുത്ത് [സം. അഗ്നി-മരുത്] നാ. അഗ്നി,മരുത്ത് എന്നീ ദേവതകൾ.
അഗ്നായി [സം.അഗ്നായീ] നാ. 1.അഗ്നിയുടെ പത്നി; 2.നേത്രായുഗം.
അഗ്നി [സം. അഗ്നി,പ്രാ. അഗ്ഗി] നാ. 1.തീയ്,പഞ്ചഭൂതങ്ങളിൽ ഒന്ന്; 2.അഗ്നിദേവൻ,വേദത്തിലെ ഒരു മുഖ്യദേവത,അഷ്ടദിക്പാലകന്മാരിൽ തെക്കുകിഴക്കേ ദിക്കിൻെറ അധിപതി; 3.യാഗാഗ്നി (ഗാർഹപത്യാഗ്നി,ആഹവനീയാഗ്നി,ദക്ഷിണാഗ്നീ എന്നു മൂന്ന്); 4.അഗ്നിഷ്ടോമം,ഒരു വൈദികക്രിയ; 5.ജഠരാഗ്നി; 6.പിത്തം; 7.സ്വർണം; 8.മൂന്ന് എന്ന സങ്ഖ്യ (യാഗാഗ്നി മൂന്നായതിനാൽ); 9.കൊടുവേലി; 10.ചേരുമരം; 11.വടുകപ്പുളിനാരകം; 12.നാരകം; 13.(ജ്യോ.) ചൊവ്വഗ്രഹം; 14.വെടിയുപ്പ്; 15.താമസമന്വന്തരത്തിലെ സപ്തർഷിമാരിൽ ഒരാൾ.

അഗ്നികം [സം. അഗ്നി-ക] നാ. 1.മിന്നാമിനുങ്ങ്; 2.ഇന്ദ്രഗോപകീടം; 3.കൊടുവേലി; 4.ചേരുമരം.
അഗ്നികർമം [സം.-കര്മൻ] നാ. 1.അഗ്നികണ്ടുള്ള ക ർമം,ഹോമം; 2.ചുടൽ,ചാമ്പലാക്കൽ; 3.ശവദാഹം,ദഹനം.

അഗ്നികല [സം. –കലാ] നാ.അഗ്നിയുടെ വിവിധരൂപങ്ങളിൽ ഓരോന്നും. (അഗ്നികലകൾ പത്ത്.1.ധൂമ്രാർച്ചിസ്സ്; 2.ഊഷ്മാവ്; 3.ജ്വലിനി; 4.ജ്വാലിനി 5. 0വിസ്ഫുലിങ്ഗിനി; 6.സുശ്രീ; 7.സുരൂപ; 8.കപില; 9.ഹവ്യവഹ; 10.കവ്യവഹ.)

അഗ്നികായം [സം.–കായ] നാ. അഗ്നിരൂപമായ ശരീരം.

അഗ്നികാരക [സം. –കാരികാ] നാ. 1.യാഗാഗ്നി കത്തിക്കൽ,നെയ്യൊഴിച്ച് യാഗാഗ്നി കൂട്ടൽ; 2.യാഗാഗ്നി കത്തിക്കുമ്പോൾ ഉച്ചരിക്കുന്ന മന്ത്രം.

അഗ്നികാര്യം [സം. –കാര്യ < കൃ] നാ. 1.ഹോമാഗ്നിയിൽ ചെയ്യേണ്ടത്,ഹോമാദികൾ; 2.ഉരുക്കുനെയ്യൊഴിച്ച് യാഗഗ്നി കൂട്ടുക.

അഗ്നികുക്കുടം [സം. –കുക്കുട] നാ. 1.എരിയുന്ന വയ്ക്കോൽച്ചുരുൾ,എരിയുന്ന ചൂട്ട്; 2.തീക്കൊള്ളി.

അഗ്നികുണ്ഡം [സം. –കുണ്ഡ] നാ. അഗ്നി കത്തിക്കുന്നതിനുള്ള കൂണ്ഡം,കുഴി,നെരിപ്പോട്.

അഗ്നികുമാരൻ [സം. –കുമാര] നാ. അഗ്നിയിൽ ജനിച്ചവൻ,സുബ്രഹ്മണ്യൻ.

അഗ്നികേതു [സം. –കേതു] നാ. അഗ്നിയുടെ കേതു,പുക.

അഗ്നികോണം [സം. –കോണ] നാ. തെക്കുകിഴക്കേ ദിക്ക്.

അഗ്നിക്കാവടി [സം. അഗ്നി–പ്രാ.കാവഡ < സം. കാമഠ] നാ. തീക്കനലിന്മേൽ നടത്തുന്ന കാവടിയാട്ടം.

അഗ്നിക്രിയ [സം. –ക്രിയ < കൃ] നാ. 1.അഗ്നി ഉപയോഗിച്ചുള്ള ശവദാഹം; 2.പൊള്ളിക്കൽ,ചൂടുവയ്ക്കൽ.

അഗ്നിക്രീഡ [സം. –ക്രീഡാ] നാ. വെടിക്കെട്ട്,കരിമരുന്നു പ്രയോഗം.

അഗ്നിഖണ്ഡം [സം. –ഖണ്ഡ] നാ. പുരയിടത്തിൻെറ തെക്കുകിഴക്കേ ഖണ്ഡം.

അഗ്നിഗർഭ1 [സം. –ഗർഭ] വി. ഉള്ളിൽ അഗ്നിയുള്ള.

അഗ്നിഗർഭ2 [സം. –ഗർഭാ] നാ. സമി,ചമത.

അഗ്നിഗർഭകം [സം. –ഗർഭക] നാ. 1.സൂര്യകാന്തം; 2.അരണി; 3.അക്ലാരി,അഗ്നിജാരം.

അഗ്നിഗൃഹം [സം. –ഗൃഹ] നാ. യാഗശാല,ഹോമപ്പുര.

അഗ്നിഘൃതം [സം. –ഘൃത] നാ. ജഠരാഗ്നിയെ ഉദ്ദീപിപ്പിക്കുന്ന ഒരു ഔഷധം. (ഘൃതത്തിൽ –നെയ്യിൽ– തയ്യാറാക്കിയത്.)

അഗ്നിചയം [സം. ചയ < ചി] നാ. ഹോമാഗ്നി സംഭരിച്ചു സൂക്ഷിക്കൽ.

അഗ്നിചിത്ത് [സം. –ചിത്] നാ. 1.ഹോമാഗ്നി സൂക്ഷിക്കുന്നവൻ; 2.അഗ്നിഹോത്രാദികൾ നടത്തുന്നവൻ.

അഗ്നിചിത്യ [സം. –ചിത്യാ] നാ. 1.അഗ്നിചയനം; 2.സംരക്ഷണം; 3.യാഗാഗ്നികൾക്കുള്ള സ്ഥലം ഒരുക്കൽ.

അഗ്നിചൂഡൻ [സം. –ചൂഡ] നാ. ചെമന്ന ഉച്ചിപൂവുള്ള ഒരുതരം പക്ഷി.

അഗ്നിചൂർണം [സം. –ചൂർണ] നാ. വെടിമരുന്ന്.

അഗ്നിചൈത്യം [സം. –ചൈത്യ] നാ. മണ്ണുകൊണ്ടു വീടുകളുണ്ടാക്കി അതിൽ പലവിധ രത്നങ്ങൾ നിറച്ച് അഗ്നിയെ ഉദ്ദേശിച്ച് സമർപ്പണം നടത്തൽ.

അഗ്നിജ [സം. –ജ < ജന്] വി. അഗ്നിയിലുണ്ടായ,അഗ്നിജാത.

അഗ്നിജൻ [സം.] നാ. 1.സുബ്രഹ്മണ്യൻ; 2.വിഷ്ണു.

അഗ്നിജന്മാവ് [സം. അഗ്നി–ജന്മൻ] നാ. അഗ്നിജൻ.

അഗ്നിജം [സം. –ജ]ന. 1.സ്വർണം; 2.അക്ലാരി.

അഗ്നിജാത [സം. –ജാത] വി. അഗ്നിജ.

അഗ്നിജാരം [സം. -ജര] നാ. അക്ലാരി.
അഗ്നിജിഹ്വ [സം. -ജിഹ്വാ] നാ. 1.തീയുടെ നാക്ക്,ജ്വാല; 2.അഗ്നിയുടെ ഏഴുതരം ജ്വാലകളിൽ ഓരൊന്നും. (കരാളി,ധൂമിനി,ശ്വേത,ലോഹിത,നീലലോഹിത,സുവർണ,പത്മരാഗ എന്നിവ); 3.മേത്തോന്നി; 4.ജഗപിപ്പലി.
അഗ്നിജിഹ്വിക [സം. -ജിഹ്വികാ] നാ. അഗ്നിജിഹ്വ,മേത്തോന്നി.
അഗ്നിജീവി [സം. -ജീവിൻ] നാ. 1.അഗ്നി ഉപയോഗിച്ചു തൊഴിൽ നടത്തി ജീവിക്കുന്നവൻ; 2.കമ്പക്കെട്ടുകാരൻ.
അഗ്നിജ്വാല [സം. -ജ്വാലാ < ജ്വല്] നാ. 1. അഗ്നിയുടെ ജ്വാല,തീനാക്ക്; 2.ഗജപിപ്പലി; 3.താതിരി,ചായം പിടിപ്പിക്കുവാൻ ഉപയോഗിക്കുന്നതും ചുവന്ന പൂക്കളുള്ളതും ആയ ഒരിനം ചെടി.
അഗ്നിതപസ്സ് [സം. -തപസ്സ്] നാ. പഞ്ചാഗ്നിമധ്യത്തിലുള്ള തപസ്സ്.
അഗ്നിതീർഥം [സം. -തീർഥ] നാ. വാരാണസിയിലെ ഒരു തീർഥം.
അഗ്നിത്രയം [സം -ത്രയ] നാ. ആഹവനീയം,ഗാർഹപത്യം,ദക്ഷിണം എന്നീ മൂന്നു യാഗാഗ്നികൾ.
അഗ്നിത്രാണം [സം. -ത്രാണ < ത്രൈ] നാ. അഗ്നിബാധയിൽനിന്നുള്ള രക്ഷ,അഗ്നിബാധയ്ക്കുള്ള പ്രതിവിധി.
അഗ്നിത്രിതയം [സം. -ത്രിതയ] നാ. അഗ്നിത്രയം.
അഗ്നിദ [സം. -ദ < ദാ] വി. 1.അഗ്നിയെ നൽകുന്ന; 2.തീവയ്ക്കുന്ന; 3.ദഹനശേഷി നൽകുന്ന.
അഗ്നിദഗ്ധ [സം. -ദഗ്ധ < ദഹ്] വി. 1.തീയിൽ വെന്ത; 2.ചിതയിൽ ദഹിച്ച.
അഗ്നിദണ്ഡം [സം. -ദണ്ഡ] നാ. വേനൽക്കാലത്ത്,പകൽ മൂന്നും നാലും യാമങ്ങളിൽ തീകത്തിക്കുന്നതിനുള്ള പിഴ. (തീപിടിത്തം ഒഴിവാക്കുന്നതിൻ).
അഗ്നിദമനി [സം. -ദമനീ < ദമ്] വി. ജഠരാഗ്നിയെ ശമിപ്പിക്കുന്നതിനുള്ള പിഴ. (തീപിടിത്തം ഒഴിവാക്കുന്നതിന്).
അഗ്നിദമനി [സം. -ദമനീ < ദമ്] വി. ജഠരാഗ്നിയെ ശമിപ്പിക്കുന്നത്. നാ.കണ്ടകാരിച്ചുണ്ട.
അഗ്നിദാതാവ് [സം. -ദാതൃ] നാ. ശേഷക്രിയ ചെയ്യുന്നവൻ.
അഗ്നിദാഹം [സം. ദാഹ < ദഹ്] നാ. തീകത്തിക്കൽ,ചുടൽ,കൊള്ളിവയ്പ്പ്.
അഗ്നിദിക്ക് [സം. -ദിക് < ദിശ്] നാ. തെക്കുകിഴക്കെ കോൺ.
അഗ്നിദീപിക [സം. -ദീപക < ദീപ്] വി.ജഠരാഗ്നിയെ ജനിപ്പിക്കുന്ന.
അഗ്നിദീപന [സം. -ദീപന] അഗ്നിദീപക.
അഗ്നിദീപ്ത [സം. -ദീപ്ത < ദീപ്] വി. അഗ്നിപോലെ ദീപ്തിയുള്ള. നാ. വലിയവാലുഴവം,മഹാജ്യോതിഷ്മതി.
അഗ്നിദീപ്തി [സം. -ദീപ്തി] നാ. ദഹനശക്തി.
അഗ്നിദൂതൻ [സം. -ദൂത] നാ. അഗ്നി ആർക്കാണോ ദൂതനായി വർത്തിക്കുന്നത്,ആ ദേവൻ.
അഗ്നിദൂതം [സം. -ദൂത] നാ. അഗ്നിയെ ദൂതനാക്കുന്ന യാഗം.
അഗ്നിദൂഷിത [സം. -ദൂഷിത < ദുഷ്] വി. തീക്കൊള്ളി വച്ച,ചൂടുവച്ച.

അഗ്നിദേവൻ [സം. -ദേവ] നാ. 1.അഗ്നിഭഗവാൻ; 2.അഗ്നിയെ ദേവനായി പൂജിക്കുന്നവൻ.

അഗ്നിധ് [സം.] നാ. യാഗാഗ്നി കൊളുത്തുന്ന പുരോഹിതൻ.

അഗ്നിധാനം [സം. -ധാന < ധാ] നാ. 1.യാഗാഗ്നി സൂക്ഷിക്കുന്ന സ്ഥലം,അല്ലെങ്കിൽ പാത്രം; 2.അഗ്നിഹോത്രിയുടെ വീട്.

17

അഗ്നിധാരണം [സം.-ധാരണ] നാ. 1.യാഗാഗ്നിയ്ടെ സം രക്ഷണം.; 2.ഉള്ളിൽ അഗ്നിയെ ധരിക്കുന്നത്.

അഗ്നിനക്ഷത്രം [സം. -നക്ഷത്ര] നാ. അഗ്നി ദേവതയായുള്ള കാർത്തികനക്ഷത്രം.

അഗ്നിനിധാനം [സം. -നിധാന < നി-ധാ] നാ. 1.അടുപ്പ്; 2.നെരിപ്പോട്.

അഗ്നിനിര്യാസം [സം. -നിര്യാസ < നിർ-യസ്] നാ. അഗ്നിയുടെ കറ,അഗ്നിജാരം,അക്ലാരി.

അഗ്നിനേത്രൻ [സം. - നേത്ര] നാ. അഗ്നിമയമായ നേത്രത്തോടുകൂടിയവൻ,ശിവൻ.

അഗ്നിപക്വ [സം. -പക്വ < പച്] വി. തീയിൽ പാകപ്പെടുത്തിയ,വെയിൽകൊണ്ട് പാകമായ.

അഗ്നിപഞ്ചകം [സം. -പഞ്ചക] നാ. (ജ്യോ.) അഗ്നിഭയം ഉണ്ടാക്കുന്ന അശുഭമുഹൂർത്തം

അഗ്നിപദം [സം. -പദ] നാ. തീയിടുന്ന സ്ഥലം,അടുപ്പ്.

അഗ്നിപർവതം [സം. -പർവത] നാ. ലാവ ഇടയ്ക്കിടെ ഒഴുകുന്ന മല,ജ്വാലാമുഖി.

അഗ്നിപരിക്രിയ [സം. -പരിക്രിയാ] നാ. അഗ്ന്യാദാനം,അഗ്നിപൂജ.

അഗ്നിപരിചരണം [സം. -പരിചരണ < പരി-ചര്] നാ. യാഗാഗ്നി തയ്യാറാക്കൽ.

അഗ്നിപരിചര്യ [സം. -പരിചര്യാ] നാ. അഗ്നിപരിചരണം.

അഗ്നിപരിച്ഛദം [സം. -പരിച്ഛദ < പരി-ഛദ്] നാ. അഗ്നിഹോത്രത്തിനുള്ള ഉപകരണങ്ങൾ.

അഗ്നിപരിധാനം [സം. -പരിധാന] നാ. യാഗാഗ്നിക്കു ചുറ്റും ഉള്ള മറച്ചുകെട്ട്.

അഗ്നിപരീക്ഷ [സം. -പരീക്ഷാ] നാ. 1.നിഷ്കളങ്കതയുണ്ടെങ്കിൽ പൊള്ളലുണ്ടാകുകയില്ല എന്ന വിശ്വാസത്തിൽ നടത്തപ്പെടുന്ന ഒരു പരിശോധന,തിളച്ച എണ്ണയിൽ കൈമുക്കുക; 2.കഠിനമായ ജീവിതപ്രശ്നങ്ങളെ അഭിമുഖീകരിക്കൽ.

അഗ്നിപാദപം [സം. -പാദപ] നാ. വ ിമരം,ശമീവൃക്ഷം.

അഗ്നിപുരാണം [സം. -പുരാണ] നാ. ആഗ്നേയമഹാപുരാണം,പതിനെട്ടു മഹാപുരാണങ്ങളിൽ ഒന്ന്.

അഗ്നിപുഷ്പ [സം. -പുഷ്പാ] നാ. താതിരി.

അഗ്നിപൂരകം [സം. -പൂരക < പൂര്] നാ. ഷട്ചക്രങ്ങളിൽ ഒന്ന്,മണിപൂരകം.

അഗ്നിപ്രതിഷ്ഠ [സം. -പ്രതിഷ്ഠാ < പ്രതി-സ്ഥാ] നാ. (വൈവാഹിക) അഗ്നി സ്ഥാപിക്കൽ.

അഗ്നിപ്രതീകാരം [സം. -പ്രതീകാര] നാ. അഗ്നിബാധ ഉണ്ടാകാതിരിക്കത്തക്കവിധമുള്ള മുങ്കരുതൽ.

അഗ്നിപ്രഭ [സം. -പ്രഭാ] നാ. 1.അഗ്നിയുടെ പ്രഭ; 2.അഗ്നി വർണമുള്ളത്,ബ്രാൻഡി; 3.ഒരു വിഷകീടം.

അഗ്നിപ്രവേശ(ന)ം [സം. -പ്രവേശ(ന)] നാ. 1.തീയിൽ ചാടൽ,അഗ്നിപരീക്ഷ; 2.ഉടന്തടിച്ചാട്ടം.
അഗ്നിപ്രസ്തരം [സം. -പ്രസ്തര] നാ. തീക്കല്ല്.(ഇത് ഉരച്ച് സ്ഫുലിങ്ഗങ്ങളുണ്ടാക്കി തീ പിടിപ്പിക്കാം.)
അഗ്നിപ്രാകാരം [സം. -പ്രാകാര] നാ.ധ്യാനത്തിൽ ആത്മരക്ഷാർഥം അഗ്നികൊണ്ടു നിറ്മിക്കുന്നതായി സങ്കൽപിക്കുന്ന കോട്ട.
അഗ്നിഫല [സം. -ഫലാ] നാ. വലിയ വാലുഴവം.
അഗ്നിബലം [സം. -ബല] നാ.ജഠരാഗ്നിയുടെ ബലം,ദീപനശക്തി,ദഹനശക്തി.
അഗ്നിബാധ [സം. -ബാധാ] നാ. തീപിടിത്തം.
അഗ്നിബാഹു [സം. -ബാഹു] നാ. 1.തീയുടെ കൈ,പുക; 2.സ്വായംഭുവമനുവിൻെറ പുത്രൻ. (ഈപേരിൽ പല പുരാണകഥാപാത്രങ്ങലുമുണ്ട്).
അഗ്നിബീജം [സം. -ബീജ] നാ. 1.സ്വർണം; 2.രേഫം.
അഗ്നിഭം [സം. -ഭ<ഭാ] നാ.അഗ്നിപോലെ ശോഭിക്കുന്നത്,ചെറുപുന്ന.
അഗ്നിഭവം [സം. -ഭവ < ഭൂ] നാ.സ്വർണം (തീയിൽ ഉരുക്കുയെടുക്കുന്നതിനാൽ.)
അഗ്നിഭാസ [സം. -ഭാസ < ഭാസ്] നാ. അഗ്നിഭം.
അഗ്നിഭൂതി [സം. -ഭൂതി] നാ. 1.അഗ്നിയിൽ നിന്നുണ്ടായത്; 2.അഗ്നിയുടെ പ്രഭാവം.
അഗ്നിഭൂവ് [സം. -ഭൂ] നാ. 1.അഗ്നിയിൽനിന്നുണ്ടായത് 2.വേള്ളം; 3.സുബ്രഹ്മണ്യൻ; 4.കാശ്യപൻ,അഗ്നിയുടെ ശിഷ്യൻ; 5.ദുര്യോധനപുത്രിയിൽ അഗ്നിക്കു ജനിച്ച പുത്രൻ; 6.ആർ എന്ന സങ്ങ്ഗ്യ.
അഗ്നിഭൂസിതം [സം. -ഭൂസിത] നാ. ഏഴിലം പാല

അഗ്നിഭൈരവൻ [സം. -ഭൈരവ] നാ. ആഭിചാരത്തിനും മറ്റും ഉപാസിക്കപ്പെടുന്ന ഒരു മൂർത്തി.
അഗ്നിമണി [സം. -മണി] നാ. 1.സൂര്യകാന്തം; 2.തീക്കല്ല് (തീയുണ്ടാക്കാൻ ഉപയോഗിച്ചിരുന്നു).
അഗ്നിമണ്ടലം [സം. -മണ്ടല]നാ. 1.(യോഗ.) മൂലാധാരത്തിൽ ജലത്തിനും പൃഥ്വിക്കും മധ്യേയുള്ള അഗ്നിസ്ഥാനം,നാഭിയുടെ അധോഭാഗത്തു ത്രികോണമെന്നും പേരുള്ള ഒരു സ്ഥാനം; 2.(ജ്യോ.)പൂയം,കർതിക,വിശാഖം,ഭരണി,മകം,പൂരം,പൂരുരുട്ടാതി എന്നീ ഏഴു നക്ഷത്രങ്ങൾ ചേർന്നത്.
അഗ്നിമന്ഥകം [സം. -മന്ഥക] നാ.മുഞ്ഞ.
അഗ്നിമന്ഥനം [സം. -മന്ഥന] നാ. 1.തീ ഉരച്ചുണ്ടാക്കൽ; 2.മുഞ്ഞ.
അഗ്നിമന്ഥം [സം. -മന്ഥ] നാ. 1.തീകടയൽ; 2.മുഞ്ഞ; 3.ഒരു ഗുഹ്യരോഗം.
അഗ്നിമയ [സം. -മയ] വി. തീയുള്ള.
അഗ്നിമാടൻ [സം. അഗ്നി -മ.മാടൻ] നാ. ഒരു ദുർബാധ,വസൂരി ബാധിച്ചു മരിച്ച ആളിൻെറ ഗതികിട്ടാത്ത പ്രേതം.
അഗ്നിമാൻ [സം. -മത്] നാ. അഗ്നിയോടുകൂടിയവൻ.
അഗ്നിമാന്ദ്യം [സം. -മാന്ദ്യ] നാ. ജഠരഗ്നിയുടെ മന്ദത,ദഹനക്കുറവ്.
അഗ്നിമാരി [സം. -ത മാരി] നാ. വസൂരി.

അഗ്നിമാരുതി [സം. -മാരുതി < മരുത്] നാ. അഗ്നിയുടെയും മരുത്തിൻെറയും പുത്രൻ,അഗസ്ത്യൻ.
അഗ്നിമാലി [സം. -മാലിൻ] നാ. 1.അഗ്നിമയമായ മാലയുള്ളത്; 2.ഒരു സസ്യം,ചെങ്കൊടുവേലി.
അഗ്നിമുഖൻ [സം. -മുഖ] നാ. 1.അഗ്നിയിലൂടെ ഹവിർഭാഗം സ്വീകരിക്കുന്നവൻ,ദേവൻ; 2.അഗ്നിഹോത്രി; 3.ശൂരപദ്മാസുരൻെറ പുത്രൻ; 4.സുഗ്രീവഭൃത്യനായ ഒരു വാനരൻ; 5.ശിവൻെറ പാർഷദന്മാരിൽ ഒരുവൻ.
അഗ്നിമുഖം [സം.] നാ. 1.യാഗത്തിൽ അഗ്നിചയനം മുതൽക്കുള്ള ചടങ്ങുകൾ; 2.കുങ്കുമം; 3.(ചക്രദത്തൻ ഉപദേശിച്ച) ഒരു ചൂർണയോഗം; 4.മുട്ട; 5.കുയുമ്പ; 6.കൊടുവേലി; 7.ചേരുമരം; 8.മേത്തോന്നി.
അഗ്നിമുഖി [സം. അഗ്നി-മുഖീ] നാ. 1.അടുക്കള; 2.ചേരുമരം; 3.മേത്തോന്നി; 4.ഗായത്രി (അഗ്നിയും ഗായത്രിയും ബ്രഹ്മമുഖത്തുനിന്നും ജാതരായി എന്ന് വിശ്വാസം.)
അഗ്നിമുഹൂർത്തം [സം. -മുഹൂർത] നാ. രാത്രിയിലെ 15 മുഹൂർത്തങ്ങളിൽ ഏഴാമത്തേത്.
അഗ്നിമൂല [സം. അഗ്നി-മ.മൂല] നാ. തെക്കുകിഴക്കേദിക്ക്.
അഗ്നിയജനം [സം. -യജന] നാ. അഗ്നിഹോത്രം.
അഗ്നിയന്ത്രം [സം. -യന്ത്ര] നാ. കോട്ടയ്ക്കു തീവയ്ക്കാനുള്ള ഉപകരണം,തോക്ക്.
അഗ്നിയോഗം [സം. -യോഗ < യുജ്] നാ. 1. (ജ്യോ.) ചില തിഥികളും ആഴ്ചകളും ഒന്നിച്ചുവരുന്നതിനാൽ ഉണ്ടാകുന്ന അശുഭയോഗം; 2.വെടിമരുന്ന്.
അഗ്നിയോജനം [സം. -യോജന] നാ. ഹോമതീ കൂട്ടൽ.
അഗ്നിരക്ഷണം [സം. -രക്ഷണ < രക്ഷ്] നാ. ഗാർഹപത്യാഗ്നിയെ പുലർത്തൽ.
അഗ്നിരജസ്സ് [സം. -രജസ്] നാ. 1.ഇന്ദ്രഗോപകിരീടം; 2.മിന്നാമിനുങ്ങ്; 3.സ്വർണം.
അഗ്നിരാശി [സം. -രാശി] നാ. തീക്കൂന.
അഗ്നിരുഹ [സം. -രുഹാ < രുഹ്] നാ. മാംസരോഹിണി എന്ന ചെടി. (തീപോലെ ചുവന്ന തളിരുകൾ ഉള്ളതിനാൽ എപ്പേർ).
അഗ്നിരൂപ [സം. -രൂപ] വി. അഗ്നിയുടെ രൂപമുള്ള,അഗ്നിയുടെ സ്വഭാവമുള്ള.
അഗ്നിരേതസ്സ് [സം -രേതസ്] നാ.സ്വർണം.

അഗ്നിരോഹിണി [സം. -രോഹിണീ < രുഹ്] 'തീപോലെ ചുവന്നത്.' നാ. 1.കക്ഷത്തിൽ വരുന്ന ഒരുതരം പുളവ; 2.തൊണ്ടയിൽ മാംസം വളർന്നു പഴുത്തു ചൂടും എരിച്ചിലും ദാഹവും ഉണ്ടാകുന്ന മാരകമായ ഒരു രോഗം.
അഗ്നിലോകം [സം. -ലോക] നാ. 1.കൗഷീതകി ഉപനിഷത്ത് അനുസരിച്ച് ഏഴു ലോകങ്ങളിൽ ഒന്ന്; 2.കാശീഖണ്ഡപ്രകാരം മഹാമേരുവിൻെറ കൊടുമുടിക്കു താഴെയുള്ള ഒരു ലോകം.
അഗ്നിവക്രത [സം. -വക്രതാ] നാ.ഒരിനം എട്ടുകാലി..
അഗ്നിവധു [സം. -വധൂ] നാ. സ്വാഹാദേവി.
അഗ്നിവർച്ചസ്സ് [സം. -വർച്ചസ്] നാ. 1.അഗ്നിയുടെ പ്രഭ; 2.അഗ്നിപോലെ പ്രഭയുള്ളത്.
അഗ്നിവർണ1 [സം. -വർണ] വി. 1.തീയുടെ നിറമുള്ള; 2.ചൂടുള്ള.
അഗ്നിവർണ2 [സം. -വർണാ] നാ. അഗ്നിപ്രഭ,ബ്രാണ്ടി.
അഗ്നിവർധക [സം. -വർധക] വി. ദഹനശക്തി വർധിപ്പിക്കുന്ന.

അഗ്നിവല്ലഭം [സം. -വല്ലഭ] നാ. മരുതുവൃക്ഷം,ചെഞ്ചല്യം.
അഗ്നിവാർപ്പൻ [സം. അഗ്നി-മ. വാർപ്പൻ] നാ. ഒരുരോഗം,അഗ്നിവിസർപ്പം,അഗ്നിക്കരപ്പൻ.
അഗ്നിവാസരം [സം. -വാസര] നാ. ചൊവ്വാഴ്ച.
അഗ്നിവാസസ്സ് [സം. -വാസസ്] നാ. ചുവന്ന ഉടുപ്പുള്ള.
അഗ്നിവാഹം [സം. -വാഹ < വഹ്] നാ.അഗ്നിയുടെ വാഹനം,പുക,ആട്.
അഗ്നിവിത്ത് [സം. -വിദ്] നാ. അഗ്നിയുടെ രഹസ്യം അറിയുന്നവൻ,അഗ്നിഹോത്രി.
അഗ്നിവിദ്യ [സം. -വിദ്യാ] നാ. യാഗത്തിനു മന്ദ്രപുരസ്സരം അഗ്നി ഒരുക്കി സ്ഥപിക്കുന്ന ക്രിയ.
അഗ്നിവിസർഗം [സം. -വിസർഗ < വി.-സൃജ്] നാ.തീവയ്പ്പ്.
അഗ്നിവിസർപ്പം [സം. -വിസർപ] നാ. ഒരു രോഗം.
അഗ്നിവീഥി [സം. -വീഥി] നാ. (തച്ചു.) അഗ്നികോണ് താണും വായുകോണ് ഉയർന്നും കിടക്കുന്ന പറമ്പ് (അവിടെ പുര പണിതാൽ ധനനാശം ഫലമെന്നു വിശ്വാസം.)
അഗ്നിവീര്യം [സം. -വീര്യ] നാ. 1.അഗ്നിയുടെ ശക്തി; 2.സ്വർണം.
അഗ്നിവേതാളൻ [സം. -വേതാല] നാ.ത്രിപുരാപൂജയിൽ ആരാധിക്കപ്പെടുന്ന ഒരു ഉപദേവത.
അഗ്നിവേശൻ, -വേശ്യൻ [സം. -വേശ, -വേശ്യ] നാ. 1.അഗ്നിപുത്രനായി അറിയപ്പെടുന്ന ഒരു മുനി,ദ്രോണരുടെ ഗുരു; 2.പ്രശസ്തനായ ഒരു ആയുർവേദാചാര്യൻ,ചരകൻ.
അഗ്നിവേശ്യർ [സം.] നാ. (ബ.വ.) ഭാരതയുദ്ധത്തിൽ പാണ്ഡവരോടു ചേർന്ന ഒരു ജനത.
അഗ്നിവ്രതം [സം. -അഗ്നി-വ്രത] നാ. പ്രതിപദംതോറും ഒരിക്കൽ ഉണ്ട് അവസാനത്തിൽ ഫലങ്ങൾ ദാനം ചെയ്ത് സമാചരിക്കുന്ന വ്രതം. (അഗ്നിയേപ്പോലെ ദുഷ്ടസംഹാരം ചെയ്യാൻ രാജാവ് സ്വീകരിക്കുന്ന വ്രതം.)
അഗ്നിശമനി [സം. -ശമനീ < ശം] നാ. അഗ്നിയെ ശമിപ്പിക്കാനുള്ള യന്ത്രം.
അഗ്നിശരണം [സം. -ശരണ] നാ.അഗ്നിശാല,ഹോമപ്പുര.
അഗ്നിശലാക [സം. -ശലാകാ] ന.(ആയുർ.) ചില രോഗങ്ങൾക്കു ചൂടുവയ്ക്കാനുള്ള ശലാക.
അഗ്നിശാല,-ശാലം [സം. -ശാലാ] നാ. 1.അഗ്നിശരണം; 2.അടുക്കള.
അഗ്നിശിഖം [സം. -ശിഖ] നാ. 1.വിളക്ക്; 2.ശരം; 3.വാണം; 4.കുസുംഭ (കുയുമ്പ); 4.കുങ്കുമം (അല്ലികൾ അഗ്നിജ്വാലയ്ക്കു തുല്യമായത്).
അഗ്നിശുദ്ധി [സം. -ശുദ്ധി] നാ. അഗ്നിപരീക്ഷകൊണ്ടു ശുദ്ധി തെളിയിക്കൽ.
അഗ്നിശേഖരം [സം. -ശേഖര] നാ. 1.കുങ്കുമം; 2.കുയുമ്പ; 3.സ്വർണം.
അഗ്നിശൈലം [സം. -ശൈല] നാ. അഗ്നിപർവതം.
അഗ്നിഷ്ടുത് [സം. -സ്തുത്] വി. അഗ്നിയെ സ്തുതിക്കുന്നത്. നാ. 1.അഗ്നിഷ്ടോമയാഗത്തിൻെറ ഒന്നം ദിവസം ചെയ്യുന്ന ഒരു കര്മം; 2.ചാക്ഷുഷമനുവിൻെറ ഒരു പുത്രൻ.

അഗ്നിഷ്ടോമം [സം. -സ്തോമ] നാ. വസന്തകാലത്തു ചെയ്യേണ്ട ജ്യോതിഷ്ടോമയാഗങ്ങളിൽ ഒന്ന്.

അഗ്നിഷ്ഠ [സം. -സ്ഥ] നാ. 1.നെരിപ്പോട്; .അഗ്നിക്കുമുമ്പിൽ നിറുത്തിയിരിക്കുന്ന യൂപം,അശ്വമേധയാഗത്തിലെ 21 യൂപങ്ങളിൽ അഗ്നിയോട് ഏറ്റവും അടുത്തുവരുന്ന 11-ആമത്തെ യൂപം; 3.ഇരുമ്പുകൊണ്ടുള്ള വറചട്ടി.
അഗ്നിഷ്ഠിക [സം. -സ്ഥികാ] നാ. നെരുപ്പോട്.
അഗ്നിഷ്വാത്തന്മാർ നാ. (ബ.വ.) 1.അഗ്നിയാൽ സ്വദിക്കപ്പെട്ടവർ,പിതൃക്കൾ; 2.(അഗ്നിഷു-ആത്ത) അഗ്നിയിൽക്കൂടി ഭക്ഷിക്കുന്നവർ,ദേവന്മാർ
19
അഗ്നിസഖൻ [സം. -സഖ] നാ. വായു.
അഗ്നിസങ്ങ്ഗ്രഹം [സം. -സങ്ഗ്രഹ < ഗ്രഹ്] നാ. യാഗാഗ്നി സംഭരണം.
അഗ്നിസന്ദീപനം [സം. -സംദീപന] വി. ജഠരാഗ്നിയെ ഉദ്ദീപിപ്പിക്കുന്നത്.
അഗ്നിസംഭവം [സം. -സംഭവ < സം -ഭൂ] നാ. 1.സ്വർണം; 2.ദഹനം കൊണ്ടുണ്ടായത്.
അഗ്നിസംവർത്തം [സം. -സംവർത < വൃത്] നാ. അഗ്നിപ്രളയം.
അഗ്നിസംസ്കാരം [സം. -സംസ്കാര < കൃ] നാ. ശുദ്ധിചെയ്യൽ,ശവദഹം.
അഗ്നിസഹ [സം. -സഹ < സഹ്] വി.വേകാത്ത.
അഗ്നിസഹായ [സം. -സഹായ] വി.അഗ്നി(ക്ക്) സഹായത്തിനായി ഉള്ള. നാ.വായു.
അഗ്നിസഹായം [സം.] നാ. 1.ഒരു പക്ഷി,കാട്ടുപ്രാവ്; 2.പുക.
അഗ്നിസാക്ഷി [സം. -സാക്ഷിൻ] വി. അഗ്നിസാക്ഷിയായിട്ടുള്ള.
അഗ്നിസാക്ഷികം [സം. -സാക്ഷിക] നാ. അഗ്നി സാക്ഷിയായയത്.
അഗ്നിസാക്ഷിണി [സം. -സാക്ഷിണീ] നാ.അഗ്നിസാക്ഷിയായി വിവാഹം ചെയ്യപ്പെട്ടവൾ.
അഗ്നിസാത്കരിക്കുക [<സം. അഗ്നി-സാത്-കൃ] ക്രി.അഗ്നിക്ക് അധീനമാക്കുക,ദഹിപ്പിക്കുക.
അഗ്നിസാദം [സം. -സാദ] നാ.അഗ്നിമാന്ദ്യം,വിശപ്പില്ലായ്മ.
അഗ്നിസാരം [സം. -സാര] നാ.കണ്മഷി,രസാഞ്ജനം.
അഗ്നിസുതൻ [സം. -സുത] നാ.സുബ്രഹ്മണ്യൻ.
അഗ്നിസൂത്രം [സം. -സൂത്ര] നാ.ഉപനയത്തിനു ബ്രാഹ്മണബാലന്മാരെ ധരിപ്പിക്കുന്ന മുഞ്ജച്ചരട്.
അഗ്നിസ്തംഭം1 [സം. -സ്തംഭ] നാ. മന്ത്രം,ഔഷധം ഇത്യാദികൊണ്ട് തീയുടെ ചൂട് ഇല്ലാതാക്കൽ.അഗ്നിസ്തംഭനം.
അഗ്നിസ്തംഭം2 [സം.] നാ. ഇസ്രായേൽക്കാരെ മരുഭൂമിയിൽനിന്ന് പുറത്തേക്കു നയിച്ച തീത്തൂൺ.
അഗ്നിസ്തോകം [സം. അഗ്നി-സ്തോക] നാ.തീപ്പൊരി.
അഗ്നിസ്തോമം [സം. -സ്തോമ] നാ. അഗ്നിഷ്ടോമം.
അഗ്നിസ്ഥ [സം. -സ്ഥ < സ്ഥാ] വി. തീയിൽ സ്ഥിതി ചെയ്യുന്ന.
അഗ്നിസ്ഥാലി [സം. -സ്ഥാലി] നാ. മതകർമങ്ങൾക്ക് അഗ്നി സൂക്ഷിക്കുന്ന പാത്രം.
അഗ്നിസ്നാനം [സം. -സ്നാന] നാ. ഭസ്മം പൂശി ശുദ്ധീകരിക്കൽ.
അഗ്നിസ്ഫുലിങ്ങ്ഗം [സം. -സ്ഫുലിങ്ങ്ഗ] നാ. തീപ്പൊരി.
അഗ്നിഹേതി [സം. -ഹേതി] നാ. അഗ്നിയുടെ ആയുധം,തീജ്വാല.
അഗ്നിഹോതാവ് [സം. -ഹോതൃ] നാ. അഗ്നിയിൽ ഹോമം ചെയ്യുന്നവൻ.
അഗ്നിഹോത്രം [സം. -ഹോത്ര <ഹു] നാ. 1.അഗ്നിയിൽ ചെയ്യുന്ന ഹോമം; 2.യാഗാഗ്നി; 3.യാഗശാല.

അഗ്നിഹോത്രഹവണി [സം. -ഹോത്ര-ഹവനി] നാ. അഗ്നിഹോത്രത്തിൽ ഉപയോഗിക്കുന്ന മരക്കോരിക.
അഗ്നിഹോത്രി [സം. -ഹോത്രി] നാ. 1.അഗ്നിഹോത്രം ചെയ്യുന്നവൻ.
അഗ്നീത്ത് [സം. -ഇത് < ഇന്ധ്] നാ. 1.യാഗാഗ്നി കൊളുത്തുന്ന ഋത്വിക്ക്.
അഗ്നീധ്രൻ [സം. -ഇധ്ര < ഇന്ധ്] നാ. 1.ബ്രഹ്മാവ് എന്ന ഋത്വിക്ക്,അഗ്നീത്ത്; 2.അഗ്നിഹോത്രി.

അഗ്നീന്ധനം [സം. -ഇന്ധന < ഇന്ധ്] നാ. 1.യാഗാഗ്നി കത്തിക്കൽ; 2.ഒരു മന്ത്രം.
അഗ്നീയ [സം.] നാ. അഗ്നിയെ സം ബന്ധിച്ച,തീപോലെയുള്ള,അഗ്നിയുടെ സമീപത്തിലുള്ള.
അഗ്നീയൻ [സം.] നാ.ആഗ്നേയഗ്രഹമായ ചൊവ്വ.
അഗ്നീഷോമന്മാർ [സം. അഗ്നി-സോമ] നാ. അഗ്നി,സോമൻ എന്നീ ദേവതമാർ.
അഗ്നീഷോമപ്രണയനം [സം. അഗ്നി-സോമ-പ്രണയന] നാ.ജ്യോതിഷ്ടോമയാഗത്തിൽ അഗ്നിയെയും സോമനെയും യാഗശാലയ്ക്കു പുറത്തേക്കു നയിക്കുന്ന ചടങ്ങ്.
അഗ്ന്യഗാരം,അഗ്ന്യാ- [സം. അഗ്നി-അഗാര,-ആഗാരാ] നാ.യാഗാഗ്നി സൂക്ഷിക്കുന്ന ഗൃഹം.
അഗ്ന്യസ്ത്രം [സം. -അസ്ത്ര] നാ. ആഗ്നേയാസ്ത്രം.
അഗ്ന്യാത്മക [സം. -ആത്മക] വി. 1.ഉള്ളിൽ തീയുള്ള; .അഗ്നിയുടെ സ്വഭാവമുള്ള,തീക്ഷ്ണമായ.
അഗ്ന്യാത്മകൻ [സം.] നാ.അഗ്നിപോലെ രൂക്ഷമായ സ്വഭാവമുള്ളവൻ.
അഗ്ന്യാധാനം [സം. -ആധാനം] നാ.അഗ്നിഹോത്രത്തിനുവേണ്ടി വിധിപ്രകാരം ചെയ്യുന്ന അഗ്നിപ്രതിഷ്ഠ,ആഹവനീയാദികളായ അഗ്നികളെ സജ്ജമാക്കൽ.
അഗ്ന്യാധേയൻ [സം. -ആധേയ] നാ.അഗ്ന്യാധാനം ചെയ്യുന്നവൻ,അടിതിരി.
അഗ്ന്യാശയം [സം. -ആശയ < ആ-ശീ] നാ. ജഠരാഗ്നിയുടെ ഇരിപ്പിടം,ആമാശയത്തിനു സമീപം സ്ഥിതി ചെയ്യുന്നതും ദഹനത്തിൻ സഹായകമായ രസത്തെ സ്രവിപ്പിക്കുന്നതുമായ ഗ്രന്ഥി.
അഗ്ന്യാഹിതൻ [സം. -ആഹിത < അ-ധാ] നാ. അഗ്ന്യാധാനം ചെയ്തവൻ,ആഹിതാഗ്നി.
അഗ്യാഹുതി [സം. -ആഹുതി < ആ-ഹൂ] നാ. അഗ്നിഹോത്രം.
അഗ്ന്യുത്പാതം [സം. -ഉത്-പാത < പത്] നാ. 1.അഗ്നിയുടെ ഉത്പാതം (കൊള്ളിമീനുവീഴ്ചപോലെ); 2.വാൽനക്ഷത്രത്തിൻെറ ഉദയം; 3.അഗ്നിബാധ.
അഗ്ന്യുദ്ധരണം [സം. -ഉദ്ധരണ < ഉദ്-ഹൃ] നാ. 1.അഗ്നിയെ യാഗസ്ഥലത്തേക്കു കൊണ്ടുവരൽ; 2.അരണി കടഞ്ഞ് അഗ്നിയുണ്ടാക്കൽ.
അഗ്ന്യുദ്വാസനം [സം. -ഉദ്വാസന < ഉദ്-വസ്] നാ.തീകെടുത്തൽ.
അഗ്ന്യുപസ്ഥാപനം [സം. -ഉപസ്ഥാപന < ഉപ്-സ്ഥാ]നാ. അഗ്നിപൂജ,ഹോമകർമം.
അഗ്ന്യേധൻ [സം. -ഏധ < ഏധ്] നാ.തീകൊളുത്തുന്നവൻ.
അഗ്ര [സം.] വി.പ്രധാനപ്പെട്ട,ഒന്നാമത്തേതായ,ശ്രേഷ്ഠമായ.
അഗ്രകരം [സം. -കര] നാ. അഗ്രഹസ്തം,മണിബന്ധം മുതൽ വിരലുകളുടെ ഭാഗംവരെ,കൈപ്പത്തി.
അഗ്രകൽപിത [സം. -കൽപിത < ക്ലൃപ്] വി. മുൻകൂട്ടി തീരുമാനിച്ച.
അഗ്രകായം [സം. -കായ] നാ.അരക്കെട്ടിനു മുകളിലുള്ള ഭാഗം,പൂർവകായം.

അഗ്രകുലം [സം. -കുല] നാ.ഉയർന്ന കുലം,ബ്രാഹ്മണകുലം.
അഗ്രഗണനീയ, -ഗണ്യ [സം. -ഗണനീയ, -ഗണ്യ < ഗണ്] വി.മുമ്പേ ഗണിക്കത്തക്ക,ഒന്നാമത്തേതായ,ഒരു സമൂഹത്തിലച്ച് ഏറ്റവും മഹത്വമുള്ള.
അഗ്രഗൻ [സം. -ഗ < ഗമ്] നാ.അഗ്രത്തിൽ ഗമിക്കുന്നവൻ,നേതാവ്,മുമ്പൻ.
അഗ്രഗാമി [സം. -ഗാമിൻ < ഗമ്] നാ. അഗ്രഗൻ.
അഗ്രഗ്രാഹി [സം. -ഗ്രാഹി < ഗ്രഹ് അക്കൽക്കറുവ (സംസ്കൃതീകൃതരൂപം.)
അഗ്രചർമം [സം. -ചർമൻ] നാ.അറ്റത്തുള്ള തൊലി,പുരുഷലിങ്ഗത്തിൻെറ അഗ്രത്തിലെ തൊലി.
അഗ്രചർമി [സം. -ചർമിൻ] നാ. അഗ്രചർമം ഉള്ളവൻ,ചേലാകർമം ചെയ്യാത്തവൻ.
അഗ്രചർവണക [സം. -ചർവണക] നാ. ചിറ്റണപ്പുല്ല്.
അഗ്രചരണം [സം. -ചരണ] നാ. കാലിൻെറ അഗ്രഭാഗം,കാൽവിരലുകൾ.
അഗ്രചൂഡം [സം.-ചൂഡ] നാ.(അമ്പലത്തിൽ) കൊടിമരത്തിൻെറ അറ്റത്തു സ്ഥാപിക്കുന്ന ത്രിശൂലം ഘടിപ്പിച്ച താഴികക്കുടം.

അഗ്രജ1 [സം. -ജ < ജൻ] വി.മുമ്പേ ജനിച്ച,ആദ്യം ജനിച്ച.
അഗ്രച2 [സം.] നാ.ജ്യേഷ്ഠത്തി,മൂത്തവൾ.
അഗ്രജങ്ഘ [സം. -ജങ്ഘ] നാ. ജങ്ഘയുടെ (കണങ്കാലിൻെറ) മുൻഭാഗം.
അഗ്രചൻ,ജന്മാവ് [സം.അഗ്രജ,-ജന്മൻ] നാ. 1.മൂത്തവൻ, ജ്യേഷ്ഠൻ,ആദ്യം ജനിച്ചവൻ; 2.ബ്രാഹ്മണൻ.
അഗ്രജന്മാവ് [സം.-ജന്മൻ] നാ. അഗ്രജൻ.
അഗ്രജാത [സം.-ജാത < ജന്] നാ. അഗ്രജൻ.
അഗ്രജിഹ്വ [സം.-ജിഹ്വാ] നാ. നാവിൻെറ അറ്റം.
അഗ്രജ്യാവ് [സം. -ജ്യാ] നാ.ക്ഷിതിജത്തിലെ ഉദയാസ്തമയബിന്ദുക്കളിൽ നിന്ന് ഗ്രഹത്തിൻെറ ഉയരം.
അഗ്രണി [സം. -നീ] നാ. 1.അഗ്രത്തിൽ നടക്കുന്നവൻ,നേതൃത്വം കൊടുക്കുന്നവൻ,മുഖ്യൻ; 2.അഗ്നി.
അഗ്രതഃ [സം. അഗ്ര-തഃ] അവ്യ..അഗ്രഭാഗത്ത്,ആദ്യമായി,മുമ്പേ.
അഗ്രതഃസരൻ [സം. അഗ്രതഃ-സരൻ < സൃ] നാ.മുമ്പേ നടക്കുന്നവൻ,പ്രമാണി.
അഗ്രതാംബൂലം [സം. -താമ്പൂല]. നാ.മാന്യതയുടെ അങ്ങ്ഗീകാരമായി (മുമ്പേ) നൽകുന്ന താംബൂലം.
അഗ്രദാനി [സം. -ദാനിൻ < ദാ]നാ.നീചബ്രാഹ്മണൻ,ശൂദ്രരിൽനിന്ന് ദാനം സ്വീകരിക്കുഅയോ പ്രേതത്തെ ഉദ്ദേശിച്ചു ചെയ്യുന്ന ദക്ഷിണ വാങ്ങുകയോ ചെയ്യുന്ന ബ്രാഹ്മണൻ.
അഗ്രദിധിഷു [സം. -ദിധിഷു] നാ. 1.മരിച്ചുപോയ ജ്യേഷ്ഠൻെറ ഭാര്യയെ വേൾക്കുന്നവൻ; 3.ജ്യേഷ്ഠൻെറ വിവാഹത്തിനു മുൻപു വേൾക്കുന്ന അനുജൻ; 4.ജ്യേഷ്ഠത്തിയുടെ വിവാഹത്തിനുമുമ്പു വിവാഹിതയാകുന്ന അനുജത്തി..
അഗ്രദൂതൻ [സം. -ദൂത] നാ.വാർത്ത മുൻകൂട്ടി അറിയിക്കുന്ന ദൂതൻ. (സ്ത്രീ.) അഗ്രദൂതി.
അഗ്രദ്രവസംഹതി [സം. -ദ്രവ-സംഹതി] നാ.പാട.

അഗ്രധാനി [സം. -ധാനിൻ] നാ.കെട്ടിടത്തിൻെറ മേൽക്കൂടിനെ താങ്ങി നിറുത്തുന്നത്,മോന്തായം.
അഗ്രനിരൂപണം [സം.-നി-രൂപണ < രൂപ്] നാ. 1.മുൻകൂട്ടി നിശ്ചയിച്ചുറയ്ക്കൽ; 2.ദീർഘദർശനം.
അഗ്രപത്രം [സം. -പത്ര] നാ.പൂക്കുടം വരുന്നതിനു മുമ്പേയുള്ള ഇല,അറ്റത്തെ ഇല.
അഗ്രപർണി [സം. -പർണിൻ] നാ. നായ്ക്കുരുണ.
അഗ്രപാണി [സം. -പാണി] നാ. അഗ്രകരം.
അഗ്രപാതി [സം. -പാതിൻ] വി.. മുൻകൂട്ടി സംഭവിക്കുന്ന.
അഗ്രപാദം [സം. -പാദ] നാ.പാദത്തിൻെറ മുൻവശം.
അഗ്രപീഠം [സം. -പീഠ] നാ. 1.അഗ്രാസനം; 2.ബഹുമാന്യസ്ഥാനം.
അഗ്രപൂജ [സം. -പൂജാ < പൂജ്] നാ.മുഖ്യപൂജ,വിശിഷ്ടാതിഥിക്കു നൽകുന്ന സത്കാരം.
അഗ്രപേയം [സം.-പേയ <പാ] വി.ആദ്യം കുടിക്കേണ്ടത്.
അഗ്രബീജ [സം. -ബീജ] വി. 1.അഗ്രത്തിൽ ബീജത്തോടുകൂടിയ,കൊമ്പു മുറിച്ചുനട്ടാൽ കിളിർക്കുന്ന; 2.മറ്റുവൃക്ഷങ്ങളുടെ ശാഖയിൽനിന്നു മുളയ്ക്കുന്ന.
അഗ്രഭാഗം [സം. -ഭാഗ] നാ. 1.ആദ്യഭാഗം,പ്രധാനഭാഗം; 2.മുൻഭാഗം,മുൻവശം.
അഗ്രഭാഗി [സം. -ഭാഗിൻ] നാ. 1.ആദ്യം അവകാശപ്പെടുന്നവൻ; 2.അഗ്രഭാഗത്തിൻെറ അവകാശി.
അഗ്രഭുക്ക് [സം. -ഭുക് <ഭുജ്] നാ. അഗ്രഭോജനത്തിന് അർഹതയുള്ള ആൾ.ഒന്നാമതായി ഭക്ഷണം കഴിക്കുന്നവൻ.

അഗ്രഭൂ(മി) [സം. - ഭൂ(മി0] നാ. 1.അത്യുച്ചസ്ഥാനം; 2.ലക്ഷ്യം,പ്രാപ്യസ്ഥാനം.
അഗ്രഭോജനം [സം. -ഭോജന < ഭുജ്] നാ. 1.മുമ്പേ ഉണ്ണാനുള്ള അവകാശം; 2.ബ്രാഹ്മണഭോജനം.
അഗ്രം [സം.] നാ. 1.മുൻഭാഗം; 2.മുനpശം; 3.മുകളറ്റം; 4.(ജ്യോ.)സൂര്യൻ ഉദിക്കുന്നതോ അസ്തമിക്കുന്നതോ ആയ ചക്രവാളത്തിൽനിന്നുള്ള അകലം; 5.ആകെത്തുക; 6.ഊണുകഴിക്കുന്നതിനു മുമ്പു ചെയ്യേണ്ട കർമം,ദേവനു നിവേദിക്കുക,ഭിക്ഷകൊടുക്കുക,മുതലായവ.
അഗ്രമഹിഷി [സം. -മഹിഷീ] നാ. പട്ടമഹിഷി.
അഗ്രമാംസം [സം. -മാംസ] നാ. 1.ഉത്കൃഷ്ടമായ മാംസം,ഹൃദയത്തിലെ മാംസം; 2.കരളിൽ വരുന്ന മുഴ.
അഗ്രമുകുളം [സം. -മുകുല] നാ. 1.മുമ്പേയുള്ള പോക്ക്; 2.ശത്രുവിനെ നേരിടാൻ മുമ്പേ പോകുന്നത്; 3.മഹായാനം.
അഗ്രയായി [സം. -യായിൻ < യാ] നാ.മുമ്പിൽ യാനം ചെയ്യുന്നവൻ,നേതാവ്.
അഗ്രയോധി [സം. -യോധിൻ < യുധ്] നാ. മുമ്പിൽ നിന്ന് യുധം ചെയ്യുന്നവൻ,യോദ്ധാക്കളിൽ മുഖ്യൻ.
അഗ്രലേഖം [സം. -ലേഖ <ലിഖ്] നാ. (പത്രത്തിൻെറയോ മറ്റോ) മുഖപ്രസങ്ങ്ഗം.
അഗ്രലോഹിത [സം. -ലോഹിത] വി. അഗ്രം ചുവന്ന ഒരിനം ചീര,പലാശലോഹിതം.

അഗ്രവക്രതം [സം. – വക്രത] നാ. ശസ്ത്രക്രിയയ്ക്കുള്ള ഒരു ഉപകരണം.
അഗ്രശാല [സം. –ശാലാ] നാ. ക്ഷേത്രത്തിൽ ബ്രാഹ്മണർക്ക് ഊട്ടുനടത്തുന്ന പുര, ഊട്ടുപുര.
അഗ്രശാലപ്പറ [സം. അഗ്രശാല–മ.പറ] നാ. പത്തിടങ്ങഴികൊള്ളുന്ന പറ, മുദ്രപ്പറ (അങ്ങ്ഗീകൃതമായ അളവുപാത്രം.)
അഗ്രശൂലം [സം. –ശൂല] നാ. ബയണറ്റ്, തോക്കിൻെറ അറ്റത്തു ഘടിപ്പിച്ചിട്ടുള്ള കത്തി.
അഗ്രസന്ധാനി [സം. –സന്ധാനിൻ] നാ. മനുഷ്യരുടെ പുണ്യപാപങ്ങളെക്കുറിച്ചുള്ള യമധർമ്മൻെറ രേഖ, ചിത്രഗുപ്തൻെറ പുസ്തകം.
അഗ്രസന്ധ്യ [സം. –സന്ധ്യാ] നാ. പ്രഭാതം, ഉഷസ്സന്ധ്യ.
അഗ്രസരൻ [സം. –സരൻ < സൃ] നാ.മുമ്പേനടക്കുന്നവൻ, മുഖ്യൻ, അഗ്രേസരൻ.
അഗ്രസാര [സം. – സാര] നാ. 1. കായില്ലാതെ അങ്കുരം മാത്രമുള്ള; 2. മുള. (പുറം മാത്രം കട്ടിയുള്ളതാകയാൽ ), 3. ഒട്ടേറെവസ്തുക്കളെ ഒരുമിച്ച് എണ്ണുന്നതിനുള്ള വിദ്യ.
അഗ്രസ്വരം [സം.–സ്വര] നാ. (ഭാ.ശാ.) ഒരു സ്വരവിഭാഗം, നാക്കിൻെറ മുൻഭാഗം. വായുടെ മേൽഭിത്തിയോട് അടുപ്പിച്ച് ഉച്ചരിക്കുന്ന സ്വരം.
അഗ്രഹരം [സം. –ഹര] നാ. ആദ്യമായി ദാനംചെയ്യേണ്ടത്.
അഗ്രഹസ്തം [സം.–ഹസ്ത] നാ. കരത്തിൻെറ അഗ്രഭാഗം, വിരലുകൾ, തുമ്പിക്കൈയുടെ അറ്റം.
അഗ്രഹായണം [സം–ഹായന] നാ. 1. ഹായനത്തിൻെറ അറ്റം, ആണ്ടുപിറപ്പ്; 2. മാർഗശീർഷമാസം (നവംബർ–ഡിസംബർ)
അഗ്രഹാരം [സം.–ഹാര] നാ. 1. ബ്രാഹ്മണർക്കു രാജാവ് ദാനംചെയ്ത ഭൂമി; 2. ബ്രാഹ്മണഗ്രാമം.
അഗ്രാക്ഷി [സം.–അക്ഷി] നാ. സൂക്ഷിച്ചുള്ള നോട്ടം.
അഗ്രാണികം [സം.–അനീക] നാ. മുന്നണിസേന.
അഗ്രാംശ [സം.–അംശ] നാ. ആദ്യത്തെ പങ്ക്, മുഖ്യഭാഗം.
അഗ്രാംശു [സം.–അംശു] നാ. പ്രകാശരശ്മിയുടെ അഗ്രം, നാഭീബിന്ദു.
അഗ്രാമ്യ [സം.–ഗ്രാമ്യ] വി. ഗ്രാമ്യമല്ലാത്ത.
അഗ്രാവലേഹിത [സം.–അവലേഹിത<അവ–ലിഹ്] നാ. അവലേഹിതമായ (പിതൃക്കളാൽ ആസ്വദിക്കപ്പെട്ട] അഗ്രഭാഗത്തോടുകൂടിയത്, ശ്രാദ്ധസദ്യ.

അഗ്രാശനം [സം.–അശന] നാ. 1. മുമ്പേഭക്ഷണം കഴിക്കൽ; 2. പുണ്യസ്ഥാനത്തുള്ള ഭക്ഷണം; 3. പുത്തരി.
അഗ്രാശി [സം.–അശിൻ] നാ. മുമ്പേഭക്ഷണം കഴിക്കുന്നവൻ. (സ്ത്രീ.) അഗ്രാശിനി.
അഗ്രാസനൻ [സം.–ആസന] നാ. പ്രധാനപീഠത്തിൽ ഇരിക്കുന്നവൻ, അധ്യക്ഷൻ.
അഗ്രാഹ്യ1 [സം.അ–ഗ്രാഹ്യ< ഗ്രഹ്] വി. 1. ഗ്രഹിക്കാൻ കഴിയാത്ത; 2. കൈക്കൊള്ളാൻ യോഗ്യമല്ലാത്ത; 3. വിശ്വാസ്യമല്ലാത്ത; 4. പരിഗണനാർഹമല്ലാത്ത.
അഗ്രാഹ്യ2 [സം.–ഗ്രാഹ്യാ] നാ. ശുദ്ധികർമ്മത്തിനു യോഗ്യമല്ലാത്ത മണ്ണ്.
അഗ്രിമ1 [സം.] വി. 1. അഗ്രസ്ഥാനത്തുള്ള, ഒന്നാമത്തെ; 2. ആദ്യം ജനിച്ച, മുമ്പുള്ള.
അഗ്രിമ2 [സം. അഗ്രിമാ] നാ. മുള്ളൻപഴം, വ്ലാത്തിപ്പഴം.

അഗ്രിമൻ [സം.] നാ. മുമ്പൻ, ശ്രേഷ്ഠൻ, അകപ്പുതുവാൾ.

അഗ്രിയ [സം. അഗ്ര-ഇയ(ഘഞ്.)] വി. അഗ്രത്തുള്ള, ശ്രേഷ്ഠതയുള്ള, പ്രധാനപ്പെട്ട.

അഗ്രിയൻ [സം.] നാ. ശ്രേഷ്ഠൻ, ജ്യേഷ്ഠൻ, മുമ്പൻ.

അഗ്രിയം [സം.] നാ. പ്രഥമഫലം, മുഖ്യഭാഗം.

അഗ്രീയ [സം.] വി. മുമ്പനായ, മുഖ്യത്വമുള്ള.

അഗ്രീവ [സം. അ-ഗ്രീവ] വി. കഴുത്തില്ലാത്ത.

അഗ്രു [സം.] നാ. 1. വിരൽ, 2. നദി; 3. വിവാഹം കഴിക്കാത്ത സ്ത്രീ.

അഗ്രേ [സം.] അവ്യ. 1. അഗ്രത്തിൽ, ആദ്യം, ഒന്നാമതായി. 2. മുമ്പേ, നേരിൽ, സമക്ഷത്ത്.

അഗ്രേജാതൻ [സം. അഗ്രേ-ജാത<ജന്] നാ. മുമ്പേജനിച്ചവൻ, ജ്യേഷ്ഠൻ.

അഗ്രേസരൻ [സം.-സര<സൃ] നാ. നേതാവ്, മുഖ്യൻ.

അഗ്രോപഹാരം [സം. അഗ്ര-ഉപ-ഹാര<ഹൃ] നാ. ആദ്യമായി കൊടുക്കുന്ന കാഴ്ചദ്രവ്യം, തിരുമുൽക്കാഴ്ച.

അഗ്ര്യജന്മാവ് [സം. അഗ്ര്യ-ജന്മൻ] നാ=അഗ്രജന്മാവ്.

അഗ്ര്യദ്വാരം [സം.-ദ്വാര] നാ. പ്രധാനവാതിൽ.

അഗ്ര്യൻ [സം.] നാ. മുഖ്യൻ, ശ്രേഷ്ഠത്വമുള്ളവൻ, മൂത്തവൻ.

അഗ്ര്യപൂജ [സം.-പൂജാ] നാ. അഗ്രപൂജ.

അഗ്ര്യം [സം.] വി. അഗ്രത്തിൽ ഭവിച്ച, മുഖ്യമായ, ശ്രേഷ്ഠമായ.

അഗ്ര്യസ്ഥാനം [സം. അഗ്ര്യ-സ്ഥാന] നാ. ഒന്നാം സ്ഥാനം, പൂജ്യസ്ഥാനം.

അഗ്ര്യഹാരി [സം.-ഹാരിൻ] നാ. പ്രധാന പങ്ക് എടുക്കുന്നവൻ.

അഗ്ലാസ്നു [സം. അ-ഗ്ലാസ്നു<ഗ്ലൈ]നാ. രോഗംമൂലം വിവശനാകാത്തവൻ, വാട്ടമില്ലാത്തവൻ.

അഘ [സം.] വി. ചീത്തഅയായ, പാപകരമായ.

അഘഘ്ന, -നാശന [സം. അഘ-ഘ്ന, -നാശന] നാ. 1. അഘത്തെ നശിപ്പിക്കുന്നവൻ; 2. അഘൻ എന്ന അസുരനെ നശിപ്പിച്ചവൻ, ശ്രീകൃഷ്ണൻ.

അഘടിത [സം. അ-ഘടിത] നാ. ഘടിക്കാത്ത, യോജിക്കാത്ത.

അഘടിതഘടന [സം. -ഘടിത-ഘടനാ] നാ. ചേരാത്തതിനെ ചേർക്കൽ.

അഘം [സം.] നാ. 1. പാപം, തിന്മ; 2. ആപത്ത്, ദൗർഭാഗ്യം; 3. ആശൗചം, പുല; 4. ദുഃഖം, വേദന; 5. കുറ്റം, ദോഷം.

അഘമർഷണ [സം. അഘ-മർഷണ] നാ. 1. പാപത്തെ നശിപ്പിക്കുന്നത്; 2. അഘമർഷണൻ എന്ന ഋഷി രചിച്ച ഒരു ഋക്ക്.

അഘമാര [സം. -മാര] വി. പാപത്തെശമിപ്പിക്കുന്ന.

അഘര്മ [സം. അ-ഘര്മ] വി. ചൂടില്ലാത്ത, തണുത്ത.

അഘര്മാംശു [സം. അഘര്മ-അംശു] നാ. തണുത്ത രശ്മികൾ ഉള്ളവൻ, ചന്ദ്രൻ.

അഘരത [സം. അഘ-രത] വി. പാപം ചെയ്യുന്നതിൽ താത്പര്യമുള്ള.

അഘശംസൻ [സം. -ശംസ] നാ. അഘത്തെ (പാപത്തെ) വാഴ്ത്തുന്നവൻ, ദുഷ്ടൻ.

അഘഹരണം [സം. -ഹരണ] നാ. പാപത്തെ ഇല്ലാതാക്കൽ.

അഘഹരൻ, -ഹാരൻ [സം. -ഹര <ഹൃ] നാ. പാപത്തെനശിപ്പിക്കുന്നവൻ.

അഘഹാരൻ [സം. –ഹാര] നാ. 1. കൊള്ളക്കാരൻ; 2. അഘഹരൻ.

അഘാതം [സം. അ–ഘാത <ഹന്] നാ. കൊലചെയ്യായ്ക, വധനിരോധനം.

അഘാപഹ [സം. അഘ–അപഹാ] വി. പാപത്തെ ഹനിക്കുന്നത്, ഒരു നദി.

അഘായു [സം. –ആയുസ്] വി. 1. പാപമുള്ള; 2. ദുർഗുണമുള്ള; 3. ഉപദ്രവിക്കുന്ന.

അഘാർദനനവമി [സം. –അർദന–നവമീ] നാ. മഹാനവമി, ആശ്വിനമാസത്തിൽ വെളുത്തപക്ഷത്തിൽ അഷ്ടമീതിഥിയും മൂലം നക്ഷത്രവും ഒരുമിച്ചു വരുന്നത്.

അഘാരി1 [സം. –അരി] നാ. = അഘഘ്നൻ.

അഘാരി2 [സം. അഘ–അരി < അഘം ഋച്ഛതി <ഋ] നാ. ആപത്തിൽപ്പെട്ടവൻ.

അഘാശ്വൻ [സം. അഘ–അശ്വ] നാ. 1. ചീത്തക്കുതിരയുള്ളവൻ; 2. പേദു എന്ന രാജാവ്.

അഘാഹം [സം. –അഹന്] നാ. 1. അശുദ്ധദിവസം; 2. ആശൗചദിവസം.

അഘൃണ [സം. അ–ഘൃണ] വി. വെറുപ്പില്ലാത്ത, അസൂയയില്ലാത്ത.

അഘോര1 [സം. –ഘോര] വി. ക്രൂരതയില്ലാത്ത, ഭയങ്കരമല്ലാത്ത.

അഘോര2 [സം.] നാ. മന്നിമാസത്തിലെ ചതുർദശി, ശൈവന്മാർക്കു ഒരു പുണ്യദിനം.

അഘോരകലകൾ [സം. അഘോര–കല] നാ. (ബ.വ.) അഘോരൻെറ കലകൾ, (താമസി, മോഹ, ക്ഷയ, നിദ്ര, വ്യാധി, മൃത്യുരൂപിണി, ക്ഷുധ എന്ന് എട്ട്).

അഘോരൻ [സം.] നാ. 1.ശിവൻ; 2. ശിവഭക്തൻ.

അഘോരപഥൻ, –പന്ഥി [സം. അഘോര–പഥ, –ഹി.പന്ഥി] നാ. അഘോരപഥം സ്വീകരിച്ച ശൈവൻ.

അഘോരപഥം –മാർഗം [സം. –പഥ, –മാർഗ] നാ. ഒരു ശൈവവിഭാഗം.

അഘോരം [സം.] നാ. 1. ശിവൻെറ അഞ്ചുമുഖങ്ങളിൽ ഒന്ന്; 2. ഒരു ശൈവമന്ത്രം; 3. ഒരു ശൈവവിഭാഗം.

അഘോരാസ്ത്രം [സം. അഘോര–അസ്ത്ര] നാ. 1. അഘോരൻെറ അസ്ത്രം; 2. ഒരു ശൈവമന്ത്രം.

അഘോരി [സം. അ–ഘോരി] നാ. 1. ശാക്തേയന്മാർ ആരാധിക്കുന്ന ദേവിമാരിൽ ഒരു ഗണം; 2. അഘോരപഥൻ; 3. ഒരു ഔഷധി, കാര.

അഘോഷം [സം. –ഘോഷ] നാ. 1. ഘോഷാക്ഷരമില്ലാത്തത്; 2. ഖരാതിഖരങ്ങളും ശ, ഷ, സ എന്നീ അക്ഷരങ്ങളും വിസർഗവും.

അഘൗഘ [സം. അഘ–ഓഘ] നാ. പാപങ്ങളുടെ കൂട്ടം, പാപാധിക്യം.

അഘ്ന്യ1 [സം. അ–ഘ്ന്യ <ഹൻ]] വി. ഹനിക്കരുതാത്ത.

അഘ്ന്യ2 [സം. –ഘ്ന്യാ] ന. പശു. (വധാർഹയല്ലാത്തവൾ).

അഘ്ന്യൻ [സം.] നാ. 1. ബ്രഹ്മാവ്; 2. കാള.

അഘ്രേയം [സം. അ–ഘ്രേയ < ഘ്രാ] വി. ഘ്രാണിച്ചുകൂടാത്ത, മണപ്പിക്കരുതാത്ത. നാ. മദ്യം

അങ്കകരണം [സം. അങ്ക–കരണ] നാ. അടയാളപ്പെടുത്തൽ.

അങ്കക്കലി [അങ്കം–കലി] നാ. അങ്കംവെട്ടാനുള്ള ആവേശം, കലിബാധ കൊണ്ടതുപോലെയുള്ള സമരാസക്തി.

അങ്കക്കളരി [അങ്കം–കളരി] നാ. അങ്കംവെട്ടു പരിശീലിക്കുന്നതിനുള്ള സ്ഥാപനം.

അങ്കക്കാരൻ [അങ്കം–കാരൻ] നാ. 1. പോരാളി; 2. തിറയാട്ടത്തിലെ ഒരു ദേവത (വ.മ.)
അങ്കക്കിഴി [അങ്കം–കിഴി] നാ. അങ്കംവെട്ടുന്ന ചേവകർക്കു നൽകുന്ന പണക്കിഴി, (പ്രതിഫലം)
അങ്കക്കോഴി [അങ്കം–കോഴി] നാ. പോരുകോഴി.

അങ്കഗണിതം [സം. അങ്ക–ഗണിത] നാ. അക്കങ്ങൾകൊണ്ടുള്ള കണക്കുകൂട്ടൽ, കണക്ക്.
അങ്കഗത [സം. –ഗത] 'അങ്കത്തിൽ ഗമിച്ച' വി. 1. മടിയിലായ; 2. അടുത്തുവന്ന.
അങ്കച്ചമയം [സം. അങ്കം–ചമയം] നാ. അങ്കത്തിനുള്ള ഒരുക്കം, ധരിക്കുന്ന വസ്ത്രവും മറ്റും.
അങ്കച്ചൂട്ട് [അങ്കം–ചൂട്ട്] നാ. 1. കന്നുകാലിയുടെ നെറ്റിയിലെ പുള്ളി; 2. നെറ്റിയിൽ പുള്ളിയുള്ള നാൽക്കാലി.
അങ്കണം [സം.] നാ. 1. മുറ്റം, വീടിനുതൊട്ടു നടക്കത്തക്കവണ്ണം വെടിപ്പാക്കിയിട്ടുള്ള സ്ഥലം; 2. നാലുകെട്ടിനകത്തുള്ള മുറ്റം; 3. തുറസ്സായസ്ഥലം.
അങ്കതത്ത്വം, –തന്ത്രം [സം. അങ്ക–തത്ത്വ, –തന്ത്ര] നാ. കണക്കുശാസ്ത്രം.
അങ്കത്തട്ട്1 [അങ്കം–തട്ട്] നാ. 1. അങ്കംവെട്ടുന്നതിന് പലകകൊണ്ട് ഉണ്ടാക്കുന്നതട്ട്.
അങ്കത്തട്ട്2 [സം.അങ്ക –മ.തട്ട്] മടിത്തട്ട്.
അങ്കത്താരി [അങ്കം–താരി] നാ. അങ്കത്തിൻെറ രീതി വിവരിക്കുന്ന വായ്ത്താരി, കളരിപ്പയറ്റിലെ ഓരോ അടവിനേയും അഭ്യാസത്തെയും വിവരിക്കുന്നത്.
അങ്കനം [സം.] നാ. അങ്കമിടൽ, അടയാളപ്പെടുത്തൽ, മുദ്രയിടൽ.
അങ്കനി [സം.അങ്കനീ] നാ. പെൻസിൽ.
അങ്കപടി നാ. = അങ്കവടി.
അങ്കപരിവർത്തനം [സം. അങ്ക–പരിവർതന] നാ. 1. മറുപുറം തിരിയൽ; 2. മടിയിൽ കിടന്നുരുളൽ.
അങ്കപാലി [സം. –പാലി] നാ. 1. മടി; 2. മടിയിലുള്ള ഇരിപ്പ്, ആലിങ്ങനം; 3. വളർത്തമ്മ; 4. ഒരു ചെടി, വേദിക എന്ന ഗന്ധദ്രവ്യം.
അങ്കപാശം [സം. –പാശ] നാ. ചങ്ങലപോലെ അക്കങ്ങൾ തൊടുത്തെഴുതുന്ന അങ്കഗണിതക്രിയ.
അങ്കപാളി [സം. –പാലി] നാ. അങ്കപാലി.
അങ്കപൂരണം [സം. –പൂരണ] നാ. സങ്ഖ്യകൾ ഗുണിക്കുന്ന ക്രിയ, ഗുണനം.
അങ്കപ്പണം [–അങ്ക–പണം] നാ. അങ്കംവെട്ടുന്നതിന് അനുമതിക്കുവേണ്ടി രാജാവിന് (നാടുവാഴിക്ക്) കൊടുത്തുവന്ന തുക.
അങ്കപ്പൂവ് [അങ്കം–പൂവ്] നാ. പോരുകോഴിയുടെ താടയ്ക്കണിയിക്കുന്ന ആഭരണം.
അങ്കപ്പോർ നാ. ദ്വന്ദ്വയുദ്ധം, (നാട്ടുകാരെ അറിയിച്ചുകൊണ്ട് തർക്കം തീർക്കാൻ നടത്തുനത്, പണ്ടു കേരളത്തിൽ നടപ്പുണ്ടായിരുന്നു.)
അങ്കബന്ധം [സം. അങ്ക –ബന്ധ] നാ. ചമ്രം പടിഞ്ഞിരിക്കൽ, ഇരിക്കുമ്പോൾ കാലുകൾ പിണച്ചുവയ്ക്കൽ.
23
അങ്കഭാക്ക് [സം. –ഭാജ്] വി. 1. മടിയിൽ ഇരിക്കുന്ന; 2. എളിയിൽ ഇരിക്കുന്ന.

അങ്കം1 [സം. അങ്ക] നാ. അടയാളം, പാട്, വടു, മറുവ്, മുദ്ര, കളങ്കം, ചി ം; 2. പാപം, പിഴ, അപരാധം; 3. ആഭരണം, അലങ്കാരം; 4. അക്കം; 5. ചൂണ്ടൽ; 6. മടിത്തട്ട്; 7. ശരീരം, അവയവം; 8. നാടകത്തിൻറെ വിഭാഗം, ദശരൂപങ്ങളിൽ ഒന്ന്; 9. കട്ടിൽ.

അങ്കം2 നാ. യുദ്ധം, പോര്, ദ്വന്ദയുദ്ധം. അങ്കംവളപ്പാൻ = ഒരു രോഗം, കരപ്പൻ, തീക്കരപ്പൻ, അഗ്നിവിസർപ്പം.

അങ്കമണി നാ. സ്ത്രീധനം.

അങ്കമാലി [അങ്കം2-മാലി] നാ. 1. തുറന്ന സ്ഥലം; 2. ഒരുസ്ഥലത്തിൻറെ പേര്. പഴയ സുറിയാനിബിഷപ്പിൻറെ ആസ്ഥാനം.

അങ്കമുഖം [സം. അങ്ക-മുഖ] നാ. അങ്കത്തിൻറെ മുഖം, അർഥോപക്ഷേപങ്ങളിൽ ഒന്ന്. വിഷ്കംഭം, പ്രവേശകം, അങ്കാവതാരം, ചൂളിക എന്നിങ്ങനെ മറ്റുള്ളവ.

അങ്കമ്മ നാ. കാളിയുടെ ഒരു രൂപം.

അങ്കയൻ [പ്രാ. അങ്ങ്ഗയ, സം. അങ്ങ്ഗജ] നാ. കാമദേവൻ.

അങ്കയന്ത്രം [സം. അങ്ക-യന്ത്ര] നാ. അക്കവിട്ടം.

അങ്കയർകണ്ണി [അം-കയൽ-കണ്ണി] നാ. മനോഹരമായ കയലിനെപ്പോലെ കണ്ണുള്ളവൾ. മധുരമീനാക്ഷിദേവി.

അങ്കരക്ക [അങ്കർക്കാവ്] നാ. അങ്ക്രക്കാവ്, ഒരിനം നീണ്ട ഉടുപ്പ്.

അങ്കലാപ്പ് നാ. ആകുലത, ദുഃഖം, വേവലാതി, പരിഭ്രമം.

അങ്കലായ്ക്കുക ക്രി. 1. പരിഭ്രമിക്കുക, വേവലാതിപ്പെടുക; 2. നിലവിളിക്കുക, വിലപിക്കുക.

അങ്കലോഡ്യം [സം. അങ്ക-ലോഡ്യ] നാ. 1. ഇഞ്ചി; 2. ചിഞ്ചോടം.

അങ്കലോപം [സം. -ലോപ] നാ. ഗണിതം, വ്യപകലനം, കുറയ്ക്കൽ.

അങ്കവടി നാ. കുതിരപ്പുറത്തേക്ക് ചവിട്ടിക്കയറാനുള്ള ഇരുമ്പുവളയം, അങ്കപടി.

അങ്കവസ്ത്രം [ < സം. അങ്ങ്ഗ-വസ്ത്ര] നാ. ഉത്തരീയം, രണ്ടാംമുണ്ട്.

അങ്കവാൽ നാ. 1. പൂവൻകോഴിയുടെ വാലിനോടു ചേർന്ന നീണ്ടുവളഞ്ഞ മനോഹരമായ തൂവലുകൾ; 2. തലക്കെട്ടിൻറെ മുകളിൽ തൂവൽ തിരുകിയും മറ്റും അങ്കവാൽപോലെ ഉണ്ടാകുന്ന ഭാഗം.

അങ്കവിദ്യ [സം. അങ്ക-വിദ്യാ] നാ. അക്കങ്ങൾകൊണ്ടുള്ള ശാസ്ത്രം, ഗണിതശാസ്ത്രം.

അങ്കവൃക്ഷം [സം. -വൃക്ഷ] നാ. കടമ്പ്.

അങ്കശാല [സം. -ശാലാ] നാ. നാടകശാല.

അങ്കറക്ക, -ക്കാവ് നാ. അങ്കരക്ക.

അങ്കാഗത [സം. അങ്ക-ആഗത] വി. അടുത്തെത്തിയ.

അങ്കാങ്കം [സം. -അങ്ക] നാ. വെള്ളം.

അങ്കാനനം [സം. -ആനന] നാ. അങ്കമുഖം.

അങ്കാം [പേര്.] വി. തത്കാലത്തേക്കുള്ള. ഉദാഃ അങ്കാം ഗുമസ്ഥൻ.

അങ്കാമിആമ്യൻ നാ. കോടതിയിലെ ഒരു ഉദ്യോഗസ്ഥൻ.

അങ്കാരം [ < അങ്ങ്ഗാര ] നാ. മാധ്യബ്രാഹ്മണൻ നെറ്റിയിൽ തൊടുന്ന കുറി.

അങ്കാവതരണം, -താരം [സം. അങ്ക്-അവതരണ, -അവതാര] നാ. നാടകങ്ങളിലെ അർഥോപക്ഷേപങ്ങളിൽ ഒന്ന്.

അങ്കാശ്രയ [സം. ആശ്രയ] നാ. മടിയെ ആശ്രയിക്കൽ, മടിയിൽകയറ്റിയിരുത്തൽ.
അങ്കാസ്യം [സം. -ആസ്യ] നാ. അങ്കകകഥാസൂചന കൊടുക്കുന്ന അങ്കാരംഭം.
അങ്കാളപ്പൻ നാ. ഒരുതരം കരപ്പൻ.
അങ്കാളമ്മ(ൻ) [അം-കാളി-അമ്മ] നാ. കാളി, അങ്കമ്മ.
അങ്കി1 [സം. അങ്കിൻ] വി. അങ്കത്തോടുകൂടിയ, അടയാളമുള്ള.
അങ്കി2 [സം.] 'അങ്കത്തിൽ വച്ചു കൊട്ടുന്നത്.' നാ. ഒരുതരം ചെണ്ട, തുടി.
അങ്കി3 [പ്രാ. അങ്ങ്ഗിയാ, സം. അങ്ങ്ഗികാ] നാ. 1. അങ്ങ്ഗത്തിൽ ധരിക്കുന്നത്, മുഴുക്കുപ്പായം; 2. എഴുന്നള്ളിപ്പിനുള്ള ജീവത.
അങ്കിത [സം.] വി. 1. അങ്കനം ചെയ്ത, അടയാളപ്പെടുത്തിയ; 2. അക്കമിട്ട, നാ. അടയാളം, തഴമ്പ്.
അങ്കുടം [സം.] നാ. താക്കോൽ.
അങ്കുട്ടം [പ്രാ. അങ്ങ്ഗൂട്ഠ < അങ്ങ്ഗുഷ്ട്ഠ] നാ. പെരുവിരൽ.
അങ്കുരകം [സം. അങ്കൂര-ക] നാ. പക്ഷിയുടെ കൂട്.
അങ്കുരണം [സം.] നാ. അങ്കുരിക്കൽ, മുളയ്ക്കൽ, കിളിർക്കൽ.
അങ്കുരദളം [സം. അങ്കുര-ദല] നാ. വിത്തില, ആദിപത്രം.
അങ്കുരം1 [സം.] നാ. 1. നാമ്പ്, കൂമ്പ്, കിളുന്ന്; 2. പ്രാരംഭാവസ്ഥ; 3. രോമം; 4. വെള്ളം; 5. രക്തം; 6. ഒരുഹസ്ത മുദ്ര; 7. കുരു, പരു, ൻവ്ര്.
അങ്കുരം2 നാ. നങ്കൂരം.
അങ്കുരാർപ്പണം [സം. അങ്കുര-അർപ്പണ] നാ. മുളയിടൽ, ഉത്സവം, വിവാഹം മുതലായ കാര്യങ്ങളിൽ ശുഭാശുഭഫലം അറിയാനായി ധാന്യം മുളപ്പിക്കാൻ ഇടുക.

അങ്കുരാരോപണം [സം. -ആരോപ] നാ. അങ്കുരാർപ്പണം.
അങ്കുരിക്കുക [ < സം. അങ്കുര] ക്രി. 1. അങ്കൂരം ഉണ്ടാകുക, മുളയ്ക്കുക; 2. സംഭവിക്കുക, ഉണ്ടാവുക.
അങ്കുരിത [സം.] വി. 1. അങ്കുരിച്ച, മുളച്ച; 2. ഉണ്ടായ, സംഭവിച്ച.
അങ്കുശഗ്രഹൻ [സം. അങ്കുശ-ഗ്രഹ] നാ. ആനക്കാരൻ, ആനപ്പാപ്പാൻ.
അങ്കുശധരൻ, -ധാരി [സം. -ധര, -ധാരിൻ] നാ. 1. അങ്കുശം ധരിച്ചവൻ; 2. ഗണപതി.
അങ്കുശപാണി [സം. -പാണി] നാ. 1. ഗണപതി; 2. കാളി.
അങ്കുശപാശധരൻ [സം. -പാശ-ധര] അങ്കുശവും പാശവും ധരിച്ചവൻ. നാ. ഗണപതി.
അങ്കുശബന്ധം [സം. -ബന്ധ] നാ. കാവ്യത്തിലെ ചിത്രബന്ധങ്ങളിൽ ഒന്ന്.
അങ്കുശം [സം.] നാ. 1. തോട്ടി, ആനത്തോട്ടി; 2. എഴുതുമ്പോൾ അല്പമായ വിരാമം കാണിക്കാൻ ഇടുന്ന ചി ം, അല്പവിരാമം, അങ്കുശംകൊണ്ടു തടയുന്നതുപോലെ നിറുത്തലിഎ സൂചിപ്പിക്കുന്നത് (,) എന്ന ചി ം; 3. തടവ്, തടസ്സം.
അങ്കുശി [സം. അങ്കുശിൻ] നാ. അങ്കുശമുള്ളവൻ.
അങ്കുശിക [സം. അങ്കുശികാ] നാ. ഉരുണ്ടുകയറുന്നതുപോലുള്ള വേദന, കൊളുത്തിപ്പിടിക്കുന്ന വേദന.
അങ്കുശിത [സം.] വി. അങ്കുശംപ്രയോഗിച്ച, തോട്ടികൊണ്ടുപിടിച്ച.

അങ്കുസ്താൻ [പേർ.] നാ. തുന്നുമ്പോൾ സൂചി വിരലിൽകൊള്ളാതിരിക്കാൻ വിരലിൽ ധരിക്കുന്ന ഉറ, തിംബിൾ
അങ്കൂർ, അങ്കോർ [പേർ.] നാ. ഒരുതരം മുന്തിരിപ്പഴം.
അങ്കൂരം [സം.] നാ. അങ്കുരം.
അങ്കൂരിത [സം.] അങ്കുരിത.
അങ്കൂഷം [സം. അങ്കൂഷ] നാ. 1. അങ്കുശം; 2. കീരി.
അങ്കോടം [സം.] നാ. അങ്കോലം.
അങ്കോലം [സം.] നാ. ഒരു മരം.
അങ്കോലസാരം [സം. അങ്കോല-സാര] നാ. അങ്കോലത്തിൽ നിന്നുണ്ടാകുന്ന ഒരു വിഷദ്രവം.
അങ്കോലിക [സം.] നാ. അങ്കപാലിക.
അങ്കോറ [ഇം.] നാ. 1. ഒരിനം കമ്പിളിയാട്; 2. അങ്കോറ ആടിൻറെ രോമംകൊണ്ടുണ്ടാക്കിയ തുണി.
അങ്ക്യ [സം.] വി. അങ്കനം ചെയ്യത്തക്ക, അടയാളപ്പെടുത്താവുന്ന.
അങ്ക്യം [സം.] നാ. അങ്കത്തിൽ (മടിയിൽ) വച്ചുകൊടുക്കുന്നത്, ആനദ്ധവാദ്യങ്ങളിൽ ഒരിനം. (കുടുക്കയുടെ ആകൃതി).
അങ്ക്റി നാ. മുലക്കാമ്പ് (കന്നുകാലികളുടെ).
അങ്ങ്ഗ, അം- [സം.] വ്യാക്ഷേ. അല്ലയോ, കൊള്ളാം, ശരി, പിന്നെ എന്നുതുടങ്ങിയ അർഥങ്ങളെ ദ്യോതിപ്പിക്കുന്നത് (മണിപ്രവാളത്തിൽ പ്രയോഗം).
അങ്ങ്ഗകം, അം- [സം.] നാ. 1. അവയവം; 2. ശരീരം.
അങ്ങ്ഗകർമം [സം. അങ്ങ്ഗ-കർമൻ] നാ. 1. അങ്ങ്ഗത്തെ സംബന്ധിച്ച കർമം, ശരീരത്തിൽ സുഗന്ധദ്രവ്യം പൂശൽ; 2. നൃത്താദികളിൽ തല, കൈ, കാൽ, ഉരസ്സ്, പാർശ്വം, കടിപ്രദേശം ഇവ കൊണ്ടുചെയ്യുന്ന ചേഷ്ടകൾ.
അങ്ങ്ഗകരണങ്ങൾ [സം. -കരണാഃ] നാ. (ബ.വ.) നൃത്തത്തിൽ മെയ്വഴക്കം കിട്ടുന്നതിനുവേണ്ടിയുള്ള അഭ്യാസങ്ങൾ.
അങ്ങ്ഗക്രിയ [സം. -ക്രിയാ] നാ. 1. യാഗത്തിൻറെ അങ്ങ്ഗമായ ക്രിയ; 2. സുഗന്ധദ്രവ്യങ്ങൾ പൂശൽ; 3. (വ്യാക.)പറ്റുവിന.
അങ്ങ്ഗക്ഷേപം [സം. -ക്ഷേപ] നാ. അങ്ങ്ഗത്തിൻറെ ക്ഷേപം, അങ്ങ്ഗവിക്ഷേപം, ആങ്ങ്ഗ്യം.

അങ്ങ്ഗഗ്രഹം [സം. -ഗ്രഹ] നാ. അങ്ങ്ഗങ്ങളിലുള്ള പിടിത്തം, കോച്ചൽ, കൊളുത്ത്.
അങ്ങ്ഗഘാതം [സം. -ഘാത]. (ആയുർ) അങ്ങ്ഗങ്ങളെ ബാധിക്കുന്ന തളർച്ച, തളർവാതം.
അങ്ങ്ഗചാരി [സം. -ചാരിൻ] നാ. സങ്ങ്ഗീതത്തിലെ നൂറ്റൊന്ന് അലങ്കാരങ്ങളിൽ ഒന്ന്.
അങ്ങ്ഗജ1 [സം. -ജ] നാ. 1. ശരീരത്തിൽ നിന്നുണ്ടായ; 2. അലങ്കാരരൂപമായ.
അങ്ങ്ഗജ2 [സം. -ജാ] നാ. മകൾ.
അങ്ങ്ഗജചാപം [സം. അങ്ങ്ഗജ-ചാപ] നാ. 1. കാമദേവൻറെ വില്ല്; 2. കരിമ്പ്.
അങ്ങ്ഗജതാപം [സം. -താപ] നാ. കാമപീഡ.
അങ്ങ്ഗജൻ [സം. അങ്ങ്ഗ-ജ] നാ. കാമദേവൻ.

അങ്ഗജനാടകം [സം. അങ്ഗാ-നാടക] നാ. കാമലീല
അങ്ഗജന്മാവ് [സം. അങ്ഗ-ജന്മൻ] നാ. കാമദേവൻ.
അങ്ഗജബാണം [സം. അങ്ഗജ-ബാണ] നാ. കാമൻറെ അമ്പ്.
അങ്ഗജരസം [സം. -രസ] നാ. ശ്രുങ്ഗാരം.
അങ്ഗജരിപു [സം. -രിപു] നാ. കാമൻറെ ശത്രു, ശിവൻ.
അങ്ഗജലീല [സം. -ലീലാ] നാ. കാമലീല.
അങ്ഗജവേദന [സം. -വേദനാ] നാ. കാമപീഡ.
അങ്ഗജവൈരി [സം. -വൈരിൻ] നാ. ശിവൻ.
അങ്ഗജാത [സം. അങ്ഗ-ജാത] വി. = അങ്ഗജ.
അങ്ഗജാർത്തി [സം. അങ്ഗജ-ആർതി] നാ. കാമപീഡ
അങ്ഗജാരാതി, -ജാരി [സം. -അരാതി, -അരി] നാ. അങ്ഗജവൈരി.
അങ്ഗജ്വരം [സം. അങ്ഗ-ജ്വര] നാ. ഒരുതരം ക്ഷയരോഗം.
അങ്ഗദ [സം. -ദാ] നാ. ദക്ഷിണദിക്കിലെ ദിഗ്ഗജത്തിൻറെ പിടി.
അങ്ഗന [സം. അങ്ഗനാ] 'പ്രശസ്തങ്ങളായ അങ്ഗങ്ങളോടുകൂടിയവൾ' നാ. 1. സുന്ദരി; 2. സ്ത്രീ; 3. (ജ്യോ.) കന്നിരാശി; 4. വടക്കേ ദിക്കിലെ ദിഗ്ഗജമായ സാർവഭൗമൻറെ പിടിയാന; 5. കറ്റാർവാഴ; 6. ഞാഴൽ.
അങ്ഗനാപ്രിയം [സം.] 'സ്ത്രീകൾക്കു പ്രിയമുള്ളത്.' നാ. 1. മാവ്; 2. അശോകം.
അങ്ഗന്യാസം [സം. അങ്ഗ-ന്യാസ] നാ. ഉചിതങ്ങളായ മന്ത്രങ്ങളോടുകൂടി ശരീരാങ്ഗങ്ങളെ സ്പർശിച്ച് അവയിൽ ദേവതയെ സ്ഥാപിക്കൽ.
അങ്ഗപടി നാ. അങ്കപടി.
അങ്ഗപതി [സം. അങ്ഗ-പതി] നാ. അങ്ഗരാജ്യത്തിൻറെ പതി, കർണൻ.
അങ്ഗപാലൻ [സം. -പാല] നാ. അങ്ഗരക്ഷകൻ.
അങ്ഗപ്രത്യങ്ഗ [സം. അങ്ഗ-പ്രത്യങ്ഗ] വി. അങ്ഗത്തെയും (ശരീരത്തെയും) ഓരോ അവയവത്തെയും പറ്റിയുള്ള.
അങ്ഗപ്രദക്ഷിണം [സം. -പ്രദക്ഷിണ] നാ. അങ്ഗംകൊണ്ടുള്ള പ്രദക്ഷിണം, ശയനപ്രദക്ഷിണം.
അങ്ഗപ്രസാരണം [സം. അങ്ഗ-പ്രസാരണ] നാ. അങ്ഗങ്ങൾ നിവർത്തുക, മൂരി നിവരുക.
അങ്ഗപ്രായശ്ചിത്തം [സം. -പ്രായശ്ചിത്ത] നാ. ശാരീരികമായ അശുദ്ധിക്കുള്ള പ്രായശ്ചിത്തദാനം (പുല, വാലായ്മ മുതലായതിന്).
അങ്ഗഭംഗം [സം. -ഭങ്ഗ] നാ. 1. അങ്ഗത്തിൻറെ ഭങ്ഗം, അവയവനഷ്ടം; 2. (വ്യാക.) അക്ഷരലോപം, കൊടുന്തമിഴ് മലയാളമായി പരിണമിച്ചപ്പോൾ, ചില പദങ്ങൾക്ക് അക്ഷരലോപംകൊണ്ടു സംഭവിച്ച വികാരം.
അങ്ഗഭൂവ് [സം. -ഭൂ] നാ. 1. കാമൻ; 2. പുത്രൻ; 3. അങ്ഗരാജ്യം.
അങ്ഗം, അം- [സം.] നാ. 1. അവയവം (കൈകാലുകൾ, മൂർധാവ്, പൃഷ്ടം, ഉദരം ഇവ); 2. ശരീരം; 3. (ജ്യോ.) ലഗ്നം; 4. മനസ്സ്; 5. ഭാഗം, പൂരിപ്പിക്കുന്ന അംശം; 6. ഒന്നിൻറെ ഘടകം; 7. മന്ത്രാങ്ഗങ്ങളിൽ ഒന്ന്; 8. അപ്രധാനാംശം; 9. കൂട്ടത്തിൽപ്പെട്ട വ്യക്തി; 10. പഞ്ചസന്ധികളുടെവിഭാഗങ്ങളിൽ ഒന്ന്; 11.താളത്തിൻെറ കാലം,മാർഗം; 12.(വ്യാക.) അങ്ഗക്രിയ (നാമാങ്ഗം,

ക്രിയാങ്ഗം); 13.(വ്യാക.) പ്രകൃതിയും ഇടനിലയുംകൂടിച്ചേർന്ന പദഭാഗം; 14.ആറ് എന്ന സങ്ഖ്യ; 15.ബീഹാറും ബങ്ഗാളിൻെറ പടിഞ്ഞാറൻ ഭാഗങ്ങളും കൂടിച്ചേർന്ന പ്രദേശത്തിൻെറ പൗരാണികനാമം.

25

അങ്ഗമർദകൻ [സം. –മർദ,–മർദക] നാ. മെയ്യുഴിയുന്നവൻ,തിരുമ്മുകാരൻ.

അങ്ഗമർദം [സം. –മർദ] നാ. 1.ശരീരം നുറുങ്ങുമാറുള്ള വേദന; 2.അങ്ഗത്തെ മർദിക്കൽ,കാലുതിരുമ്മൽ.

അങ്ഗമർദി [സം. –മർദിൻ] നാ. അങ്ഗമർദകൻ.

അങ്ഗമർഷം [സം. –മർഷ] നാ.അങ്ഗങ്ങൾക്കുണ്ടാകുന്ന വേദന,വാതം.

അങ്ഗമേജയത്വം [സം. അങ്ഗം–ഏജയത്വം] നാ. കാമശരീരത്തിലെ ക്ഷോഭങ്ങളാൽ സ്ഥൂലശരീരത്തിൽ ഉണ്ടാകുന്ന അവയവ ചേഷ്ട,ശരീരത്തിൻെറ വിറയൽ.

അങ്ഗയജ്ഞം [സം. –യജ്ഞ] നാ. പ്രധാനയാഗത്തിൻ അങ്ഗമായ യാഗം.

അങ്ഗയഷ്ടി [സം. –യഷ്ടി] നാ. മെലിഞ്ഞ ശരീരം.

അങ്ഗയോഗം [സം. –യോഗ] നാ. 1.അഷ്ടാങ്ഗയോഗങ്ങളിൽ ഒന്ന്; 2.(ജ്യോ.) വ്യാഴം ഉദയത്തിലോ കേന്ദ്രത്തിലോ മൂലത്രികോണത്തിലോ ഉച്ചത്തിലോ നിൽക്കുന്നത്.

അങ്ഗയോനി [സം. –യോനി] നാ. കാമദേവൻ.

അങ്ഗർക്കാവ് [പ്രാ. അങ്ങ്ഗ–രക്ഖാ] നാ. ഒരിനം നീണ്ട ഉടുപ്പ്.

അങ്ഗരക്ഷ [സം. അങ്ഗ–രക്ഷാ] 'അങ്ഗത്തെ രക്ഷിക്കുന്നത്' നാ. കവചം.

അങ്ഗരക്ഷകൻ [സം. –രക്ഷക] നാ.ശരീരത്തെ കാക്കുന്നവൻ.

അങ്ഗരഞ്ജനം [സം. –രഞ്ജന] നാ.(കണ്ണ്,ഉള്ളങ്കൈ മുതലായ) അങ്ഗങ്ങൾക്കു നിറം പിടിപ്പിക്കൽ,കുറിക്കൂട്ടു പൂശൽ.

അങ്ഗരാഗം [സം. –രാഗ] നാ. ശരീരത്തിൽ പൂശുന്നതിനുള്ള കുറിക്കൂട്ട്,സുഗന്ധദ്രവ്യം.

അങ്ഗരുഹം [സം. –രുഹ] 'അങ്ഗത്തിൽ മുളയ്ക്കുന്നത്' നാ. രോമം.

അങ്ഗലേപം [സം.] നാ. 1.ശരീരത്തിൽ പൂശുന്നത്,കുറിക്കൂട്ട്; 2.അങ്ഗത്തിൽ പൂശൽ.

അങ്ഗവസ്ത്രം [സം. –വസ്ത്ര] നാ. ഉത്തരീയം.

അങ്ഗവാക്യം [സം. –വാക്യ] നാ.(വ്യാക.) പ്രധാനവാക്യത്തെ ആശ്രയിച്ചു നിൽക്കുന്ന അപ്രധാനവാക്യം.

അങ്ഗവികല [സം. –വികല] വി. അങ്ഗത്തിനു വൈകല്യമുള്ള,ശരീരത്തിനു മുറിവോ ചതവോ ഉള്ള.

അങ്ഗവികൃതി [സം .–വികൃതി] നാ. അങ്ഗത്തിൻെറ വികൃതി,ശരീരത്തിൻെറ അവയവങ്ങൾക്കു വരുന്ന കോട്ടം.

അങ്ഗവിക്ഷേപം [സം. –വിക്ഷേപ] നാ. അങ്ഗങ്ങളുടെ വിക്ഷേപം,ആങ്ഗ്യം.

അങ്ഗവിദ്യ [സം. –വിദ്യാ] നാ. 1.ശിക്ഷ,കൽപം,നിരുക്തം,വ്യാകരണം,ഛന്ദസ്സ്,ജ്യോതിഷം എന്നീ ആറിൽ ഒന്ന്; 2. (ജ്യോ.) ദൂതലക്ഷണം,ചോദിക്കുന്ന ആൾ യാദൃച്ഛികമായി തൊടുന്ന അങ്ഗത്തിനനുസരിച്ചു ഫലം പറയുന്ന വിദ്യ; 3.അങ്ഗങ്ങളുടെ ലക്ഷണം നോക്കി ശുഭാശുഭം പറയുന്ന വിദ്യ; 4.പ്രാകൃതഭാഷയിലുള്ള ഒരു അങ്ഗലക്ഷണഗ്രന്ഥം.

അങ്ഗവിധി [സം. –വിധി] നാ.പ്രധാനവിധിക്കു അങ്ഗമായ വിധി.

അങ്ഗവേഷ്ടി [സം. –വേഷ്ടിൻ] നാ. അങ്ഗവസ്ത്രം,ഉത്തരീയം.

അങ്ഗവൈകല്യം [സം. -വൈകല്യ] നാ. അങ്ഗത്തിൻെറ വൈകല്യം,ന്യൂനത.
അങ്ഗവൈകൃതം [സം. -വൈകൃത] നാ. അങ്ഗവൈരൂപ്യം.
അങ്ഗവൈരൂപ്യം [സം. -വൈരൂപ്യ] നാ. അങ്ഗത്തിൻെറ ഭങ്ഗിക്കുറവ്.
അങ്ഗശോഷം [സം. -ശോഷ] നാ. അങ്ഗങ്ങളുടെ മെലിച്ചിൽ; 2.ഒരിനം വാതരോഗം.
അങ്ഗസങ്ങ്ഗം [സം. -സങ്ഗ] നാ. 1.അങ്ഗങ്ങളുടെ സങ്ഗം; 2.ആലിങ്ഗനം; 3.സമ്യോഗം.
അങ്ഗസംജ്ഞ [സം. -സംജ്ഞാ] നാ. അങ്ഗം കൊണ്ടുള്ള അടയാളം,കൈക്രിയ,ആങ്ഗ്യം.
അങ്ഗസംസ്കാരം [സം. -സംസ്കാര] നാ. 1.കുളിച്ചും കുറിക്കൂട്ടു പൂശിയും മറ്റും ശരീരത്തിനു ഭങ്ഗി വരുത്തൽ; 2.കായികസംസ്കാരം.

അങ്ഗസാദം [സം. -സാദ] നാ. ശരീരത്തിൻെറ തളർച്ച.
അങ്ഗഹാനി [സം. അങ്ഗ - ഹാനി] നാ.അവയവനാശം.
അങ്ഗഹാരം [സം. -ഹാര] 'അങ്ഗങ്ങളുടെ ഹാരം' നാ. നൃത്തത്തിൽ ഭാവപ്രകടനത്തിനുള്ള അങ്ഗവിക്ഷേപങ്ങൾ.
അങ്ഗഹീന [സം. -ഹീന] വി. 1.ശരീരം ഇല്ലാത്ത; 2.അവയവം ഏതെങ്കിലും ഇല്ലാത്ത.
അങ്ഗാഗമം [സം. -ആഗമ] നാ. (ജൈന.) ദിഗംബരന്മാരുടെ ആഗമഗ്രന്ഥങ്ങളിൽ ഒരു വിഭാഗം.
അങ്ഗാങ്ഗിത [സം. -അങ്ഗിതാ] നാ. ഒരു അങ്ഗിക്കു വിധേയമായിരിക്കുന്ന അവസ്ഥ,അങ്ഗാങ്ഗീഭാവം.
അങ്ഗാങ്ഗീഭാവം [സം. -അങ്ഗഭാവ] നാ. അങ്ഗാങ്ഗിത.
അങ്ഗാധിപൻ [സം. -അധിപ] നാ. 1.അങ്ഗരാജ്യത്തിൻെറ അധിപൻ,കർണൻ; 2.ലഗ്നാധിപൻ.
അങ്ഗാരകചതുർഥി [സം. അങ്ഗാരക-ചതുർഥി] നാ. ചൊവ്വാഴ്ച വരുന്ന ചതുർഥി.
അങ്ഗാരകദിനം [സം. -ദിന] നാ.ചൊവ്വാഴ്ച്ച.
അങ്ഗാരകൻ,അംഗാ- [സം. അങ്ഗാരക] നാ. ചൊവ്വാഗ്രഹം.
അങ്ഗാരകനവമി [സം. -നവമീ] നാ. ചൊവ്വാഴ്ച്ച വരുന്ന നവമി.
അങ്ഗാരകമണി [സം. -മണി] നാ. അങ്ഗാരകനു പ്രിയപ്പെട്ട മണി,പവിഴം.
അങ്ഗാരകാരൻ,-കാരി [സം.അങ്ഗാര-കാര,-കാരിൻ] നാ. കരി ഉണ്ടാക്കുന്നവൻ.
അങ്ഗാരധാനി, -പാത്രി [സം. -ധാനീ, -പാത്രിൻ] നാ. നെരിപ്പോട്.
അങ്ഗാരനേത്രൻ [സം. -നേത്ര] 'തീക്കണ്ണുള്ളവൻ'. നാ. ശിവൻ.
അങ്ഗാരപുഷ്പം [സം. -പുഷ്പ] 'തീക്കനലിൻെറ നിറമുള്ള പൂക്കളോടു കൂടിയത്.' നാ. ഓടൽവള്ളി..
അങ്ഗാരഭോജി [സം. -ഭോജിൻ] നാ. 1.ചകോരം; 2.തീവിഴുങ്ങിപ്പക്ഷി.
അങ്ഗാരം [സം.] നാ. 1.തീക്കനൽ; 2.കരിക്കട്ട; 3.ചുവന്ന നിറം; 4.ചെറുതേക്ക്; 5.കൊടുവേലി; 6.ദക്ഷിണഭാരതത്തിലെ ഒരു പ്രാചീനരാജ്യം.
അങ്ഗാരമണി [സം. അങ്ഗാര-മണി] നാ. പവിഴം.
അങ്ഗാരരാശി [സം. -രാശി] നാ. 1.കനൽക്കൂട്ടം; 2.ഒരു നരകത്തിൻെറ പേര്.
അങ്ഗാരലോചനൻ [സം. -ലോചന] നാ. അങ്ഗാരനേത്രൻ,ശിവൻ.
അങ്ഗാരവല്ലി [സം. -വല്ലീ] നാ. മുഞ്ഞ. (പല ചെടികൾക്കും ഇപ്പേർ പറയും.)

അങ്ഗാരവായു [സം. -വായു] നാ.ഇങ്ഗാലാമ്ളവാതകം.
അങ്ഗാരവാഹിക [സം. -വാഹികാ] നാ. അങ്ഗാരത്തെ വഹിക്കുന്നത്,ഒരു നദി.
അങ്ഗാരവേണു [സം. -വേണു] നാ. ഒരിനം മുള.
അങ്ഗാരശകടി [സം. -ശകടീ] നാ. നെരിപ്പോട്,തീവച്ചിരിക്കുന്ന ചട്ടി.
അങ്ഗാരാമ്ളം [സം. -അമ്ല] നാ.ഇങ്ഗാലാമ്ലവാതകം.
അങ്ഗാരി [സം. അങ്ഗാരിൻ] നാ. 1.അങ്ഗാരം കൊണ്ടു പെരുമാറുന്നവൻ,കൊല്ലൻ,കന്നാൻ; 2.പുളിയാരൽ; 3.നെരിപ്പോട്.
അങ്ഗാരിക [സം. അങ്ഗാരികാ] നാ. 1.നെരിപ്പോട്; 2.കരിമ്പിൻ തണ്ട്; 3.പ്ലാശിൻ മൊട്ട്.
അങ്ഗാരികൻ =അങ്ഗാരകൻ.
അങ്ഗാരിണി [സം.അങ്ഗാരിണീ] നാ. 1.അങ്ഗാരത്തെ വഹിക്കുന്നത്; 2.ചെറിയ നെരിപ്പോട്; 3.സൂര്യൻ വിട്ടുപോയ രാശി അഥവാ നക്ഷത്രം.
അങ്ഗാരിത1 [സം.] വി. വറുത്ത,പൊരിച്ച.
അങ്ഗാരിത2 [സം. അങ്ഗാരിതാ] നാ. നെരിപ്പോട്.
അങ്ഗാരിതം [സം.] നാ. (മുരിക്കിൻെറയോ പ്ലാശിൻെറയോ ) മൊട്ട്.
അങ്ഗാര്യ [സം. അങ്ഗാര്യാ] നാ. കരിക്കട്ടയുടെ കൂട്ടം.
അങ്ഗി,അംഗി [സം. അങ്ഗിൻ] നാ. അങ്ഗങ്ങളോടു കൂടിയത്,പ്രധാനപ്പെട്ടത്,മുഖ്യമായത്.
അങ്ഗിക [സം. അങ്ഗികാ] നാ. ശരീരത്തെ ആവരണം ചെയ്യുന്നത്,അങ്കി,ഉടുപ്പ്,ചട്ട,ബോഡീസ്.

അങ്ഗിക്രിയ [സം. -ക്രിയാ] നാ. (വ്യാക.) പ്രധാനക്രിയ,പൂർണക്രിയ.
അങ്ഗിരൻ,-രസ്,അങ്ഗിര [സം.] നാ. 1.പല ഋഗ്വേദമന്ത്രങ്ങളുടെയും ദ്രഷ്ടാവായ ഒരു ഋഷി; 2.അഗ്നി; 3.ബൃഹസ്പതി; 4.ബൃഹസ്പതിചക്രത്തിൽ പെട്ട അറുപതു വർഷങ്ങളിൽ ആറാമത്തേത്.
അങ്ഗിരസ്സുകൾ [സം.] നാ. (ബ.വ.) അങ്ഗിരസ്സിൻെറ ഗോത്രക്കാർ.
അങ്ഗിവാക്യം [സം. -വാക്യ] നാ. പ്രധാനവാക്യം,പൂർണക്രിയകൊണ്ട് ആശയം തീരുന്ന വാക്യം.
അങ്ഗീകർത്തവ്യം, -കാര്യം [സം. -അങ്ഗീ-കർതവ്യ,-കാര്യ] വി.അ ങ്ഗീകരിക്കേണ്ട,സ്വീകരിക്കത്തക്ക.
അങ്ഗീകരിക്കുക [<സം.അങ്ഗീ-കൃ] ക്രി..കൈക്കൊള്ളുക,സ്വീകരിക്കുക,സമ്മതി നൽകുക.
അങ്ഗീകാരം,അംഗീ- [സം. -കാര] നാ. അങ്ഗീകരണം.
അങ്ഗീകൃത [സം. -കൃത] വി. അങ്ഗീകരിക്കപ്പെട്ട,സ്വീകരിച്ച.
അങ്ഗു,അംഗു [സം.] നാ. 1.കൈ; 2.പക്ഷി.
അങ്ഗുരി [സം.] നാ. അങ്ഗുലി,കൈവിരൽ.
അങ്ഗുരീയം, -യകം [സം. അങ്ഗുരീയ -രീയക -ലീയ,-ലീയക] നാ.മോതിരം.
അങ്ഗുലം,അംഗു- [സം.] നാ. 1.കൈവിരൽ,തള്ളവിരൽ; 2.വിരലിട,എട്ടുയവം അളവ്; 3.രണ്ടു വിരലിട,അത്തരം 24 അങ്ഗുലം =ഒരു കോൽ; 4.അരയാൽ.
അങ്ഗുലാസ്ഥി [സം. -അസ്ഥി] നാ. വിരലുകളുടെ മുട്ടുകൾക്ക് ഇടയിലുള്ള അസ്ഥി.

അങ്ഗുലി1,അംഗു- [സം.അങ്ഗുലി,-ലീ] നാ. 1.വിരൽ,(കൈയിലെയോ കാലിലെയോ); 2.അങ്ഗുഷ്ഠം (പെരുവിരൽ); 3.ആനയുടെ തുമ്പിക്കൈയുടെ അറ്റത്തു പെരുവിരൽപോലെയുള്ള ഭാഗം; 4.അങ്ഗുലം.
അങ്ഗുലി2 [സം.] നാ. പുരികങ്ങൾക്കു നടുവിലുള്ള ഭാഗം.
അങ്ഗുലിക [സം. അങ്ഗുലിക] നാ. ഇഴഞ്ഞുപോകുന്നത്,ഒരിനം ഉറുമ്പ്.
അങ്ഗുലിതോരണം [സം. -തോരണ] നാ. വിരൽ കൊണ്ടും മറ്റും നെറ്റിയിൽ തോരണം പോലെ വരയ്ക്കുന്ന രൂപം.
അങ്ഗുലിത്രം, -ത്രാണം [സം. -ത്ര, -ത്രാണ] 'അങ്ഗുലിയെ ത്രാണനം ചെയ്യുന്നത്.' നാ.വിരലുറ.
അങ്ഗുലിത്രാണകം [സം. -ത്രാണക] നാ. ബലം പ്രയോഗിച്ചു മരുന്നുകൊടുക്കുന്ന ആളിൻെറ കൈയിൽ കടിപറ്റാതിരിക്കാൻ ഉപയോഗിക്കുന്ന ഉപകരണം.
അങ്ഗുലിപഞ്ചകം [സം. -പഞ്ചക] നാ. അഞ്ചുവിരലുകൾ.
അങ്ഗുലിപരിമിതം, അങ്ഗുലീ- [സം.] വി. വിരലുകളുടെ എണ്ണത്തിൽ കവിയാത്ത,വളരെ കുറവായ.
അങ്ഗുലീഫല [സം. -ഫലാ] നാ. വിരൽപോലെ നീണ്ട കായോടുകൂടിയത്.
അങ്ഗുലിമാനം [സം. -മാന] നാ. വിരൽകൊണ്ടുള്ള ഒരു അളവ്.
അങ്ഗുലിമാലൻ, അങ്ഗുലീ- [സം.] നാ. കാളിയുടെ പ്രീതിക്കായി 999 പേരെ കൊന്ന് അവരുടെ വിരലുകൾ മാലയാക്കി അണിഞ്ഞു നടന്നിരുന്ന ഘോരതാപസൻ (ശ്രീ ബുദ്ധനെ കൊല്ലാൻ ശ്രമിച്ചപ്പോൾ അദ്ദേഹം ഉപദേശിച്ചു സദ്വൃത്തനാക്കി.)
അങ്ഗുലിമുദ്ര, -മുദ്രിക [സം. -മുദ്രാ, -മുദ്രികാ] നാ. അടയാളമോതിരം.
അങ്ഗുലിമോടനം [സം. -മോടന] നാ. ഞൊട്ടയൊടിക്കൽ,ഞൊട്ടയിടൽ.
അങ്ഗുലിശസ്ത്രം [സം. -ശസ്ത്ര] നാ. (ആയുർ.) ശസ്ത്രക്രിയക്കുള്ള ഒരുതരം ഉപകരണം.
അങ്ഗുലിസന്ദേശം [സം. -സന്ദേശ] നാ. അങ്ഗുലികൊണ്ടുള്ള സന്ദേശം.
അങ്ഗുലിസംജ്ഞ, അങ്ഗുലീ- [സം. -സംജ്ഞാ] നാ. വിരൽ കൊണ്ടുള്ള ഞൊടിക്കൽ,സംജ്ഞ.
അങ്ഗുലിസംഭൂതം [സം. -സംഭൂത] വിരലിൽ ഉണ്ടായത്. നാ. നഖം.
അങ്ഗുലീയകം [സം.] അങ്ഗുലിയിൽ അണിയുന്നത്. നാ. മോതിരം.
27
അങ്ഗുഷ്ഠപദം [സം. അങ്ഗുഷ്ഠ-പദ] നാ. പേരുവിരലടയാളം.
അങ്ഗുഷ്ഠം,അംഗു- [സം.] നാ. പെരുവിരൽ,തള്ളവിരൽ.
അങ്ഗുഷ്ഠമാത്ര [സം.അങ്ഗുഷ്ഠ-മാത്ര] വി. പെരുവിരലിനോളം മാത്രം വലിപ്പമ്മുള്ള.

അങ്ഗുഷ്ഠാസം [സം.] നാ. കാലിലെ പെരുവിരലിനു താഴെയുള്ള ഒരു മർമം.
അങ്ഗുഷ്ഠ്യം [സം.] നാ. പെരുവിരലിലെ നഖം.
അങ്ഗുഷം,അംഗു- [സം. അങ്ഗുഷ] നാ. 1.അസ്ത്രം; 2.കീരി.
അങ്ഗേശൻ, -ശ്വരൻ [സം. അങ്ഗ -ഈശ, -ഈശ്വര] നാ. അങ്ഗ രാജാവ്,കർണ്ണൻ.
അങ്ഘസ്സ്,അം- [സം.] നാ. അംഹസ്,ദുരിതം,പാപം.
അങ്ഘ്രി, അം- [സം.] നാ. 1.കാലടി,പാദം; 2.വൃക്ഷാദികളുടെ വേര്; 3.നാല് എന്ന സംഖ്യ.
അങ്ഘ്രിജ [സം. അങ്ഗഘ്രി-ജ] നാ. പാദത്തിൽനിന്ന് ജനിച്ച.

അങ്ഘ്രിജൻ [സം.] നാ. ബ്രഹ്മാവിൻെറ പാദത്തിൽനിന്നു ജനിച്ചവൻ.
അങ്ഘ്രിന്നാമകം [സം. അങ്ഘ്രി-നാമക] നാ. മരച്ചുവട്,മുരട്.
അങ്ഘ്രിപം [സം. -പ] നാ. പാദപം,വൃക്ഷം.
അങ്ഘ്രിബല [സം. -ബലാ] നാ. ഓരില.
അങ്ഘ്രിസ്കന്ധം [സം. -സ്കന്ധ] നാ. കാലിൻെറ കുഴ,പാദവും കണങ്കാലും കൂടിച്ചേരുന്ന സന്ധി.
അങ്ങ നാ.അങ്ങ് (നിങ്ങൾ എന്ന അർഥത്തിൽ ബഹുമാനസൂചകം).
അങ്ങങ്ങ് [അങ്ങ്-അങ്ങ്] അവ്യ. അവിടവിടെ,പല ഇടങ്ങളിലും.
അങ്ങത്,അങ്ങേത് [അങ്ങേ-അത്] നാ. അടുത്തത്,അടുത്ത വീട്.
അങ്ങത്ത നാ. അങ്ങുന്ന്, അവിടുന്ന്.
അങ്ങത്തെ അങ്ങത്ത എന്നതിൻെറ സംബോധന,പ്രതിഗ്രാഹിക,സംബന്ധിക എന്നിവയിൽ ഓരോന്നിലെയും രൂപം.
അങ്ങനെ അവ്യ. ആ വിധം. ഊന്നൽ കൊടുക്കുവാൻ പ്രയോഗം.ചിലപ്പോൾ നിരർഥകമായും. (പ്ര.) അങ്ങനെയിങ്ങനെ =വല്ല പ്രകാരേണയും..
അങ്ങാടി [പ്രാ.സങ്ങ്ഗാഡയ, സം.ശൃങ്ഗാടക] നാ. 1.സാമാനങ്ങൾ ക്രയവിക്രയം ചെയ്യുന്ന സ്ഥലം; 2.നിരയായി കടകളുള്ള കച്ചവടസ്ഥലം,കമ്പോളം.
അങ്ങാടിക്കാരൻ നാ. അങ്ങാടിയിലിരുന്നു കച്ചവടം ചെയ്യുന്നവൻ.
അങ്ങാടിക്കൂലി നാ. അങ്ങാടിയിലെ കടയുടെ കരം.
അങ്ങാടിക്കൂറ്റൻ [അങ്ങാടി-കൂറ്റൻ] നാ. 1.അങ്ങാടിയിൽ അലയുന്ന കാള അല്ലെങ്കിൽ പോത്ത്; 2.ഊരുതെണ്ടി.
അങ്ങാടിച്ചരക്ക് നാ. കച്ചവടസാധനങ്ങൾ.
അങ്ങാടിത്തോലി [അങ്ങാടി-തോലി] നാ. ക്രയവിക്രയത്തിൽ വരുന്ന ചേതം.
അങ്ങാടിനിലവാരം നാ. അങ്ങാടിയിലെ വിലനിരക്ക്,കമ്പോളനിലവാരം.
അങ്ങാടിപ്പാട്ടം നാ. അങ്ങാടിക്കൂലി.
അങ്ങാടിപ്പാട്ട് നാ. അങ്ങാടിയിൽപ്പോലും പരസ്യമായത്.
അങ്ങാടിപ്പിള്ളേർ നാ. അങ്ങാടിയിലെ കളിപ്പിള്ളേർ. അങ്ങാടിപ്പിള്ളേരും കന്നാലിപ്പിള്ളേരുംകൂടി കളിക്കാനാകാ (പഴ.).
അങ്ങാടിപ്പീടിക നാ. കച്ചവടത്തെരുവിലെ കട.
അങ്ങാടിപ്പെട്ടി നാ. അങ്ങാടിമരുന്നുകൾ സൂക്ഷിക്കാനായി ധാരാളം ചെറിയ അറകളോടുകൂടി നിറ്മിക്കുന്ന പെട്ടി.
അങ്ങാടിപ്പെണ്ണ് നാ. സ്വന്തം ശരീരം വിറ്റ് ജീവിക്കുന്നവൾ,വേശ്യ.
അങ്ങാടിഭോഗം നാ. അങ്ങാടിക്കൂലി,ചന്തക്കരം.
അങ്ങാടിമരുന്ന് ന. അങ്ങാടിയിൽ വാങ്ങാൻ കിട്ടുന്നതും ഉണങ്ങിയതുമായ ഓഷധികൾ (താരത,പച്ചമരുന്ന്).
അങ്ങാടിവാർത്ത നാ. കേട്ടുകേൾവി,ജനശ്രുതി.
അങ്ങാടിവില നാ. നിരക്കുവില,കമ്പോളവില.
അങ്ങിങ്ങ് [അങ്ങ്-ഇങ്ങ്] അവ്യ. അവിടെയും ഇവിടെയും വിരളമായി.
അങ്ങില്ലാപ്പൊങ്ങ് നാ. വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന ഒരിനം പായൽ,ഉണ്ടപ്പായൽ.
അങ്ങ്1, അവ്യ. 1.അവിടെ,ആ സ്ഥലത്ത്; 2.അപ്പുറത്ത്,ദൂരത്ത്; 3.പാദപൂരണത്തിനും മറ്റും ഉപയോഗിക്കുന്ന ശബ്ദം.

അങ്ങ്2 സ.നാ. അങ്ങുന്ന്, അവിടുന്ന് (ബഹുമാനസൂചകം).
അങ്ങുന്ന്1 [അങ്ങു-നിന്ന്] അവ്യ. അവിടെനിന്ന്.
അങ്ങുന്ന്2 സ.നാ. 1. (മധ്യമപുരുഷനിലും പ്രധമപുരുഷനിലും പ്രയോഗം.) അവിടന്ന്,യജമാനൻ; 2.ബഹുമാനം സൂചിപ്പിക്കാൻ പുരുഷാർഥനാമങ്ങളോടു ചേർക്കുന്ന ഒരു ശബ്ദം.
അങ്ങേ അവ്യ. 1.അകലെയുള്ള, മറ്റേ, അടുത്ത. (പ്ര.) അങ്ങേയറ്റം = ആകുന്നിടത്തോളം,പരമാവധി; 2.അങ്ങയുടെ.
അങ്ങേക്കൂറ്റ് നാ. അടുത്ത വീട്.
അങ്ങേടം [അങ്ങേ-ഇടം] നാ. അപ്പുറം,അടുത്ത ഇടം.
അങ്ങേത് [അങ്ങേ-അത്] നാ. അപ്പുറത്തുള്ളത്,അടുത്ത വീട്.
അങ്ങേവൻ [അങ്ങേ-അവൻ] സ.നാ. അയാൾ.
അങ്ങേർ [അങ്ങേ-അവർ] സ.നാ. (ബഹുമാനസൂചകം) അദ്ദേഹം.
അങ്ങോട് അവ്യ. അവിടേക്ക്.
അങ്ങോർ [അങ്ങ്-ഓർ < അവർ] സ.നാ. അദ്ദേഹം.
അചകടവിചകട വി. 1.അസം ബന്ധം സംസാരിക്കുന്ന; 2.അസഭ്യമായ.
അചക്ര [സം. അ-ചക്ര] വി. ചക്രം ഇല്ലാത്ത.
അചക്ഷുസ്സ് [സം. -ചക്ഷൂസ്] വി. കണ്ണില്ലാത്ത,കാഴ്ചയില്ലാത്ത.
അചഞ്ചല [സം. -ചഞ്ചല] വി. ഇളകാത്ത,ചലിക്കാത്ത.
അചണ്ഡ [സം. -ചണ്ഡ] വി. ക്രൂരയല്ലാത്ത,കോപമില്ലാത്ത,ശാന്തമായ.
അചണ്ഡഭാനു [സം. അചണ്ഡ-ഭാനു] നാ. ശീതകിരണൻ.
അചണ്ഡി [സം. അ-ചണ്ഡീ] വി. 1.കോപമില്ലാത്തവൾ; 2.ഇണങ്ങിയ പശു.
അചതുര [സം. -ചതുര] വി. ചാതുര്യമില്ലാത്ത,നിപുണതയില്ലാത്ത.
അചന്ദ്ര [സം. -്യഅന്ദ്ര] വി. ചന്ദ്രനില്ലാത്ത.
അചപല [സം. -ചപാൽ] വി. ചാപല്യമില്ലാത്ത.
അചര [സം. -ചര] വി. ചരിക്കാത്ത,ഇളകാത്ത.
അചരപ്രതിഷ്ഠം [സം. അചര-പ്രതിഷ്ഠാ] നാ.അഷ്ടഗന്ധം മുതലായവ ഇട്ട് ഇളകാത്തവിധം ഉറപ്പിച്ചിരിക്കുന്ന പ്രതിഷ്ഠ.
ആചരമ [സം. അ-ചരമ] വി.ഒടുവിലത്തേതല്ലാത്ത.
അചരരാശി [സം. അചര-രാശി] നാ. ചരരാശിയല്ലാത്തത്,സ്ഥിരരാശി.ഇടവം,ചിങ്ങം,വൃശ്ചികം,കുംഭം ഈ നാല് എണ്ണമാണ് സ്ഥിരങ്ങൾ.
അചല1 [സം. അ-ചല] വി. ചലിക്കാത്തത്.
അചല2 [സം. -ചലാ] നാ. ഇളകാത്തവൾ,പാർവതി,ഭൂമി.
അചലകന്യ [സം. അചല-കന്യാ] നാ. പാർവതി. (അചല പര്യായങ്ങളോട് പുത്രീപര്യായങ്ങൾ ചേർത്തു പാർവതിയെ കുറിക്കാനുള്ള പദങ്ങളുണ്ടാകാം.
അചലത്വിട്ട് [സം. ആ്യഅല-ത്വിട് < ത്വിഷ്] നാ. 1.മാറാത്ത നിറത്തോടു കൂടിയത്; 2.കുയിൽ.
അചലദ്വിട്ട് [സം. -ദ്വിട് < ദ്വിഷ്] നാ. പർവതങ്ങളുടെ ശത്രു,ഇന്ദ്രൻ.
അചലൻ [സം.] നാ. ഈശ്വരൻ.
അചലപതി [സം. അചല -പതി] നാ. ഹിമവാൻ.
അചലപ്പെണ്ണ് [സം. അചല -മ.പെണ്ണ്] നാ.പാർവതി.

അചലം [സം.] നാ. പർവതം.
അചലലിങ്ങ്ഗം [സം. അചല-ലിങ്ങ്ഗ] നാ. സ്ഥിരമായി പ്രതിഷ്ഠിച്ചിരിക്കുന്ന ശിവലിങ്ങ്ഗം,സ്ഥാവരലിങ്ങ്ഗം,ക്ഷേത്രത്തിലെ വിമാനം,ഗോപുരം ആദിയായവ.
അചലസപ്തമി [സം. -സപ്തമീ] നാ. ആശ്വിനമാസത്തിലെ ശുക്ലപക്ഷസപ്തമി.

അചലാധിപൻ1 [സം. -അധിപ] നാ. 1.പർവതരാജനായ ഹിമവാൻ.
അചലാധിപൻ2 [സം. അചലാ-അധിപ] ഭൂമിയുടെ അധിപൻ,രാജാവ്.
അചലാബ്ധിനാഥൻ [സം. -അബ്ധി-നാഥ] നാ. കുന്നലക്കോനാതിരി (സംസ്കൃതീകൃതരൂപം).
അചലാത്മജ [സം. -ആത്മജാ] നാ. പാർവതി. പർവതശബ്ദത്തിൻെറ പര്യായങ്ങളോട്, 'പുത്രി' എന്നർഥമായ ഏതു ശബ്ദം ചേർത്താലും പാർവതി എന്നർഥം കിട്ടും.
അചാപല്യം [സം. അ-ചാപല്യ < ചപല] നാ. ഇളക്കമില്ലായ്മ,ഉറപ്പ്.
അചാരു [സം. -ചാരു] വി. ഭങ്ങ്ഗിയില്ലാത്ത,കൊള്ളരുതാത്ത.
അചാലനം [സം. -ചാലന < ചൽ] നാ. ഇളക്കമില്ലായ്മ,ഉറച്ചനില.
അചികിത്സ്യ [സം. -ചികിത്സ്യ] വി. ചികിത്സിച്ചു ശമിപ്പിക്കാനാകാത്ത.
അചിത [സം -ചിത < ചി] വി. ശേഖരിക്കാത്ത.
അചിത്ത [സം. -ചിത്ത] വി. 1.ചിത്തമില്ലാത്ത; 2.അഗോചരമായ,വിചാരിച്ചുകൂടാത്ത,മന്ദബുദ്ധിയായ.
അചിത്തി [അം. -ചിത്തി] നാ. അജ്ഞാനം,മൂഢത,ബുദ്ധിയില്ലായ്മ,സമ്മോഹം.
അചിത്ത് [സം. -ചിത്] നാ. ചിത്തല്ലാത്തത്,ആത്മാവല്ലാത്തത്,ജഡപ്രകൃതി.
അചിദ്രൂപം [സം. അചിത്-രൂപം] വി. ചിദ്രൂപമല്ലാത്തത്, നാ. ജഡരൂപം.
അചിന്തനീയ [സം. അ-ചിന്തനീയ] വി. വിചാരിക്കത്തക്കതല്ലാത്ത,ഊഹവിഷയമല്ലാത്ത.
അചിന്തിത [സം. -ചിന്തിത] വി. ചിന്തിച്ചിട്ടില്ലാത്ത.
അചിന്ത്യ [സം. -ചിന്ത്യ] വി. ചിന്തിക്കാൻ സാധിക്കാത്ത.
അചിന്ത്യൻ [സം. -ചിന്ത്യ] നാ. 1.വിഷ്ണു; 2.ശിവൻ,ഈശ്വരൻ.
അചിര [സം. -ചിര] വി. നിലനിൽക്കാത്ത,ക്ഷണികമായ.
അചിരദ്യുതി [സം. അചിര-ദ്യുതി] നാ. ക്ഷണപ്രഭ,മിന്നൽ.('അചിര'ശബ്ദത്തിൻെറ പര്യായങ്ങളോട്,'ദ്യുത്'യുടെ പര്യായങ്ങൾ ചേർത്താൽ 'മിന്നൽ'എന്നർഥം കിട്ടും.)
അചിരസ്ഥായി [സം. -സ്ഥായിൻ] വി. അധികകാലം നിലനിൽക്കാത്ത.
അചിരാത് [സം. അ-ചിരാത്] അവ്യ. താമസിയാതെ,വേഗത്തിൽ,ഉടനേ.
അചിരായ [സം.-ചിരായ] അവ്യ. അചിരാത്,അചിരേണ.
അച്രേണ [സം. -ചിരേണ] അവ്യ. അചിരാത്,അചിരായ.
അചുംബിത [സം. -ചുമ്ബിത] വി. 1.ചുംബിക്കപ്പെടാത്ത; 2.ഉപയോഗിക്കപ്പെടാത്ത,പുതിയ.
അചേതന [സം. -ചേതന] വി. ജീവനില്ലാത്ത,ചേതനയില്ലാത്ത,ജഡമായ.
അചേതസ്സ് [സം.-ചേതസ്] വി. 1.ചേതസ്സില്ലാത്ത,ചൈതന്യമില്ലാത്ത; 2.ബുദ്ധിയില്ലാത്ത.
അചേലക [സം. -ചേലക] വി. ചേലയില്ലാത്ത,നഗ്നമായ.

അചേഷ്ട [സം. അ-ചേഷ്ട] വി. ചേഷ്ടയില്ലാത്ത.

അചൈതന്യം [സം. -ചൈതന്യ] വി. ബോധമില്ലായ്മ,അറിവില്ലായ്മ.

അച്ച [പ്രാ. അജ്ജിആ < സം.ആര്യാ] 1.അമ്മ, 2.അമ്മയുടെ അനുജത്തി.

അച്ചച്ചോ (വ്യാക്ഷേ.) അദ്ഭുതം ഭീതി മുതലായവയെ കുറിക്കുന്നത്.

അച്ചടക്കം [അച്ച്-അടക്കം] നാ. അടങ്ങി ഒതുങ്ങിക്കഴിയുന്ന സ്ഥിതി,ഒതുക്കം,വിനയം,നല്ല പരിശീലനം ഉള്ള അവസ്ഥ.

അച്ചടയാളം നാ. തിരിച്ചറിയാനുള്ള അടയാളം.

അച്ചടി [അച്ച്-അടി] നാ. 1.അക്ഷരങ്ങൾ,രൂപങ്ങൾ മുതലായവയുടെ കരുക്കളിൽ മഷിപുരട്ടി,കടലാസിലും മറ്റും പതിക്കൽ,മുദ്രണം; 2.അച്ചടിച്ച തുണിത്തരം.

അച്ചടിക്കരു [-കരു] നാ. അച്ചടിക്കാൻ അക്ഷരമുദ്രയുള്ള ആണി അല്ലെങ്കിൽ ലോഹത്തകിട്.

അച്ചടിച്ചപ്പ് [അച്ചടി-ചപ്പ് < മാ. ശപ്ഫ,സം. ശഷ്പ] നാ. ഇലയിൽ നിന്ന് തൈ മുളച്ചുണ്ടാകുന്ന ഒരിനം ചെടി (ഇതിൻെറ ഇലയിൽ മുദ്രകൾ പതിക്കാവുന്നതിനാൽ ഇപ്പേർ.)

അച്ചടിപ്പട്ട് [-പട്ട്] നാ.ചിത്രങ്ങൾ അച്ചടിച്ചിട്ടുള്ള പട്ട്.

അച്ചടിപ്പ് [അച്ചടിക്കുക] നാ. അച്ചടിക്കൽ.

അച്ചടിയന്ത്രം [അച്ചടി-യന്ത്രം] നാ. അച്ചടികാനുള്ള യന്ത്രം.

അച്ചടിയോല [-ഓല] നാ. കുട്ടികൾക്ക് ആധാരമെഴുതിപ്പിടിക്കാൻ സർക്കാർ മുദ്രവച്ചു കൊടുക്കുന്ന താളിയോല.

29

അച്ചടിശാല [അച്ചടി-ശാലാ] നാ. അച്ചുകൂടം,അച്ചടിക്കുന്ന ഇടം.

അച്ചട്ട് [അച്ചിട്ട?] നാ. അച്ചിലിട്ട പോലെ തുല്യമായ,കണിശ്ശമായ.

അച്ചൻ [പ്രാ.അജ്ജ] നാ. 1.അച്ഛൻ,പിതാവ്; 2.ചില നായർതറവാടുകളിൽ പ്രഭുക്കന്മാർക്കുള്ള സ്ഥാനപ്പേർ. ഉദാ. കോമ്പിയച്ചൻ,പാലിയത്തച്ചൻ; 3.ബഹുമാനസൂചകമായി ഉപയോഗിക്കുന്ന ഒരു പദം; 4.ക്രിസ്ത്യൻ പാതിരി; 5.അമ്മാവൻ,(ക്രിസ്ത്യാനികളുടെ ഇടയിൽ); 6.ബഹുമാനം,വാത്സല്യം മുതലായവ സൂചിപ്പിക്കാൻ പുരുഷനാമങ്ങളോട് ചേർക്കുന്ന ഒരു പദം. ഉദാ.പിള്ളേച്ചൻ,ചാക്കോച്ചൻ; 7.ജ്യേഷ്ഠൻ,മച്ചുനൻ; 8.മൃഗവാചകശബ്ദങ്ങളോടും ചേർക്കുന്നു, ഉദാ.കുരങ്ങച്ചൻ.

അച്ചൻചേല നാ. പണ്ടുണ്ടായിരുന്ന ഒരുതരം ചേല.

അച്ചപ്പൻ [അച്ചൻ-അപ്പൻ] നാ. അച്ചൻെറ അപ്പൻ,വലിയച്ഛൻ.

അച്ചപ്പം [അച്ച്-അപ്പം] നാ. ഒരുതരം അച്ച് ഉപയോഗിച്ചുണ്ടാക്കുന്ന എണ്ണപ്പലഹാരം.

അച്ചം [< അൻഞ്ചുക] നാ. 1.പേടി; 2.അമ്പരപ്പ്,പരിഭ്രമം.

അച്ചമ്മ [അച്ചൻ-അമ്മ] നാ.അച്ഛൻെറയോ അമ്മയുടെയോ അമ്മ.

അച്ചാച്ചൻ [അച്ചൻ-അച്ചൻ] നാ. 1.ജ്യേഷ്ഠൻ,(ക്രിസ്ത്യാനികൾക്കിടയിൽ); 2.അച്ഛൻെറ അച്ഛൻ; 3.പിതാവ്.

അച്ചാണി1 [അച്ച്-ആണി] നാ. അച്ചുകൊത്തിയ ആണി.

അച്ചാണി2 [പ്രാ. അച്ഛ് - സം. ആണി] നാ. വണ്ടിയുടെ അച്ചുതണ്ടിൻെറ അറ്റത്തു ചക്രം ഇട്ടിരിക്കുന്ന ചാവി.

അച്ചാമ്മ [അച്ച-അമ്മ] നാ. അച്ചമ്മ,അമ്മൂമ്മ.

അച്ചായൻ നാ. 1.ജ്യേഷ്ഠൻ; 2.അച്ഛൻ; 3.അമ്മാവൻ (ചില സമൂഹങ്ങൾക്കിടയിൽ); 4.ഗുരുസ്ഥാനമുള്ള ആരും.
അച്ചാർ [പേർ.] നാ. ഉപ്പിലിട്ടത്.
അച്ചാരക്കല്യാണം [അച്ചാര-കല്യാണം] നാ. കല്യാണനിശ്ചയത്തിൻെറ അടിയന്തിരം (ആസമയത്ത്,സ്ത്രീസ്വത്ത് ഭാഗികമായോ മുഴുവനായോ മുങ്കൂർ വരൻെറ രക്ഷാകർത്താക്കൾക്കു നൽകുന്നതിനാൽ).
അച്ചാരം [പ്രാ. സച്ചംകാര < സം. സത്യംകാര] നാ. ഉറപ്പ്,ഈട്,മുൻ കൂർ കൊടുക്കുന്ന തുക.
അച്ചാൽ [ആ-ചാൽ] നാ. ആ വഴി, (പ്ര.) അച്ചാലും പുച്ചാലും = പലവിധത്തിൽ.
അച്ചി [പ്രാ. അജ്ജിആ < സം. ആര്യികാ] നാ. 1.നായർ സ്ത്രീ; 2.നായർസ്ത്രീകളുടെ പേരുകളോടു ചേർത്ത് ബഹുമതിസൂചകമായി പണ്ടു പ്രയോഗിച്ചിരുന്ന ശബ്ദം. ഉദാ.ഉണ്ണിയച്ചി,ഇളയച്ചി; 3.ഭാര്യ; അച്ചിക്ക് കൊഞ്ചുപക്ഷം,നായർക്ക് ഇഞ്ചിപക്ഷം (പഴ.) 4.അമ്മ,തള്ളമൃഗം; 5.ജ്യേഷ്ഠത്തി,മൂത്ത സഹോദരി; 6.ആദരവോ സ്നേഹമോ സൂചിപ്പിക്കുന്ന ഒരു സ്ത്രീവാചകശബ്ദം,ഉദാ.അക്കച്ചി,അമ്മച്ചി; 7.മുത്തശ്ശി; 8.വേലക്കാരി,ക്ഷേത്രത്തിലെയോ കൊട്ടാരത്തിലെയോ വേലക്കാരിയായ നായർ സ്ത്രീ.
അച്ചിക്കുറുപ്പ് നാ. കൊട്ടാരം ക്ഷേത്രം മുതലായ ഇടങ്ങളിൽ അച്ചിമാരുടെ മേൽനോട്ടം വഹിക്കുന്ന ആൾ.
അച്ചിക്കൊതിയൻ നാ. ഭാര്യയിൽ അമിതമായ ആസക്തിയുള്ളവൻ,പെൺകോന്തൻ.
അച്ചിങ്ങ [പച്ചക്കായ്>പച്ചങ്ങാ>അച്ചിങ്ങാ?] നാ. 1.പയറിൻെറ ഇളങ്കായ്,ഇളയ അമരയ്ക്ക; 2.വെള്ളയ്ക്ക,തെങ്ങിലെ വളർച്ച പ്രാപിക്കാത്ത കായ്.

അച്ചിട്ട വി. അച്ച്ൽ ഇട്ടതുപോലെയുള്ള,മാറ്റമില്ലാത്ത.
അച്ചിത്തടി = അച്ചുതടി.
അച്ചിയാർ [അച്ചി-ആർ] നാ. (പു.ബ.വ.) നാ.നായർസ്ത്രീ.
അച്ചിരി [സം. അ-ശ്രീ] നാ. ഐശ്വര്യമില്ലായ്മ,ഭങ്ങ്ഗികേട്.
അച്ച്രിയൻ [<സം. അ-ശ്രീക] നാ.പിശാച്.
അച്ചിരിയിച്ചിരി നാ. യാത്രക്കളിയിൽ മാച്ചാൻെറ പുറപ്പാടിനുശേഷമുള്ള ഭാഗം.
അച്ചീടുപലിശ [അച്ച്-ഈട്-പലിശ] നാ.കുടിയാനവന്മാർ ദേവസ്വത്തിൽനിന്നോ രാജഭണ്ഡാരത്തിൽനിന്നോ വാങ്ങിയ കടത്തിൻെറ പലിശ. (അച്ച് ഒരു പഴയ നാണയം..)
അച്ച്1 [പ്രാ..അച്ഛ <സം.അക്ഷ] നാ. 1.കരു,മാതൃക; 2.മൂശ, (പ്ര.)അച്ചിലിട്ടു വാർക്കുക; 3.മുദ്ര; 4.കടച്ചില്യന്ത്രം; 5.പൊൻപണിക്കാർ ലോഹനൂൽ വണ്ണം കുറച്ചെടുക്കാൻ ഉപയോഗിക്കുന്ന ദ്വാരമുള്ള കട്ടിത്തകിട്,(ഇടുങ്ങിയ ദ്വാരത്തിലൂടെ നൂൽ ബലമായി വലിച്ചെടുത്ത് വണ്ണം കുറയ്ക്കുന്ന); 6.അക്ഷരരൂപം കത്തിയ ആണി,ടൈപ്പ്; 7.ഒരു പഴയ നാണയം, (അഴകച്ച്,ആനയച്ച് ഇത്യാദി); 8.നെയ്ത്തുതറിയിൽ നൂൽ അടുപ്പിക്കുന്നതിനുള്ള ഉപകരണം; 9.വിനോദമത്സരങ്ങളിൽ തോല്വിയെ കുറിക്കുന്ന ശബ്ദം; 10.പിശാച്; 11.ഒച്ച്; 12.അച്ചുതണ്ട്.
അച്ച്2 [സം.അച്] നാ.(വ്യാക.) സംസ്കൃതവ്യാകരണത്തിൽ സ്വരങ്ങൾക്കു പൊതുവേയുള്ള സംജ്ഞ.
അച്ചുകുത്ത് നാ. ഗോവസൂരിപ്രയോഗം,അടയാളമിൻറാക്കൽ,അക്ഷരങ്ങളുടെ അച്ചുണ്ടാക്കൽ.

അച്ചുകുത്തുപിള്ള നാ. ഗോവസൂരിപ്രയോഗം നടത്തുന്ന ആരോഗ്യവകുപ്പുദ്യോഗസ്ഥൻ.
അച്ചുകൂടം നാ. അച്ചടിശാല.
അച്ചുതടി നാ. അച്ചുതണ്ട്.
അച്ചുതണ്ട് [പ്രാ. അച്ഛ-ദണ്ഡ < സം. അക്ഷദണ്ഡ] നാ. 1.എതിരേയുള്ള രണ്ടു ചക്രങ്ങളെ നടുവിലൂടെ ഖടിപ്പിക്കുന്ന തണ്ട്,ഇതിൻെറ അറ്റത്തു കിടന്നാണ് ചക്രങ്ങൾ തിരിയുന്നത്; 2.ഭൂമിയുടെ ധ്രുവങ്ങളെ യോജിപ്പിച്ചുകൊണ്ട് സ്ഥിതി ചെയ്യുന്നതായി സങ്കൽപിക്കപ്പെടുന്ന ദണ്ഡ്,അക്ഷം.
അച്ചുതൊണ്ട് നാ. ഞവണിക്കായുടെ തൊണ്ട്.
അച്ചുപിഴ നാ. അച്ചടിത്തെറ്റ്.
അച്ചുവടിവ് നാ. അച്ചിൽ വാർത്താലെന്നപോലെയുള്ള വടിവ്,പ്രകടമായ സാമ്യം.
അച്ചുവരി നാ. ഒരു പഴയനികുതി.
അച്ചുവെല്ലം നാ. അച്ചിൽ വാർത്ത ശർക്കര.
അച്ചെട്ട് വി. അച്ചട്ട്.
അച്ചോ വ്യാക്ഷേ. അദ്ഭുതം,വ്യസനം,അനുകമ്പ മുതലായവയെ സൂചിപ്പിക്കുന്നത്.
അച്ഛ [സം.അച്ഛ] വി. തെളിഞ്ഞ,പ്രസന്നമായ.
അച്ഛ്ച്ഛൻ = അച്ചച്ചൻ.
അച്ഛത [സം. അച്ഛ-താ] നാ. തെളിവ്,സ്വച്ഛത.
അച്ഛൻ1 [പ്രാ. അജ്ജ < സം.ആര്യ] നാ. 1.അച്ചൻ,പിതാവ്; 2.ബഹുമാനസൂചകമായ പദം.
അച്ഛൻ2 നാ. (ജ്യോ.) ശുക്രൻ.
അച്ഛന്ദസ്സ് [സം. അ-ഛന്ദസ്] വി. 1.ഛന്ദോബദ്ധമല്ലാത്ത,ഗദ്യരൂപത്തിളുള്ള; 2.വേദം പഠിക്കാത്ത; 3.താന്തോന്നിയായ.
അച്ഛന്ന [സം. അ-ഛന്ന < ഛദ്] വി. അച്ഛാദിത.
അച്ഛപാനം [സം. അച്ഛ-പാന] നാ. (ആയുർ.) വിധിയനുസരിച്ച് എണ്ണ കുടിക്കൽ.
അച്ഛഭല്ലം [സം. -ഭല്ല] നാ. ആൾക്കരടി.
അച്ഛം [സം.] നാ. 1.സ്ഫടികം; 2.കരടി.

അച്ഛമ്മ നാ. =അച്ചമ്മ.
അച്ഛവാരം നാ. ശുക്രവാരം.
അച്ഛാ [ഹി.] വി. നല്ല, (വ്യാക്ഷേ.) കൊള്ളാം.
അച്ഛാച്ഛൻ നാ. 1.അപ്പൂപ്പൻ; 2.അച്ചായൻ.
അച്ഛാദിത [സം. അ-ഛാദിത] വി. മറയ്ക്കാത്ത.
അച്ഛായ [സം. -ഛായ] വി. നിഴലില്ലാത്ത,കളങ്കമറ്റ,തെളിഞ്ഞ.
അച്ഛാവാകൻ നാ. സോമയാഗത്തിലെ പതിനാറുപുരോഹിതന്മാരിൽ ഒരാൾ.
അച്ഛിദ്രം [സം. അ-ഛിദ്ര] 1.(വി). പഴുതില്ലാത്ത,കുറ്റമില്ലാത്ത,കേടില്ലാത്ത,ഹാനിയില്ലാത്ത; 2.(അവ്യ.) ഇടതടവില്ലാതെ; 3.സുഖമായി,ക്ഷേമമായി.
അച്ഛിന്ന [സം. -ഛിന്ന < ഛിദ്] വി. ഛേദിക്കപ്പെടാത്ത,മുറിക്കപ്പെടാത്ത.
അച്ഛിന്നപത്രം, -പർണം [സം. അച്ഛിന്ന-പത്ര, -പർണ] നാ.ശാഖോടം എന്ന മരം.

അച്ഛേദ്യ [സം. അ–ഛേദ്യ] വി. മുറിച്ചുകൂടാത്ത,കുറയ്ക്കാനാകാത്ത.
അച്ഛോദ1 [സം. അച്ഛ–ഉദക] വി. തെളിഞ്ഞ വെള്ളമുള്ള.
അച്ഛോദ2 നാ. ഒരു നദി,അഗ്നിഷ്വാത്തർ എന്ന പിതൃക്കളുടെ മാനസപുത്രി.
അച്യുത1 [സം. അ–ച്യുത] വി. സ്വസ്ഥാനത്തുനിന്നും ഇളകാത്ത,നാശമില്ലാത്ത.
അച്യുത2 [സം. –ച്യുതാ] നാ. പാർവതി.
അച്യുതൻ [സം.] നാ. നാശമില്ലാത്തവൻ,വിഷ്ണു,കൃഷ്ണൻ,സ്കന്ദൻെറ ഒരു പാർഷദൻ.
അച്യുതം [സം.] നാ. 1.പന്ത്രണ്ടു കാണ്ഡങ്ങൾ ഉള്ള ഒരു തരം കാവ്യം; 2.അത്തിമരം.
അച്യുതസോദരി [സം. –സോദരി] നാ. പാർവതി.
അച്യുതാഗ്രജൻ [സം. –അഗ്രജ] നാ. അച്യുതപൂർവജൻ,ഇന്ദ്രൻ, (കൃഷ്ണാവതാരത്തിൽ) ബലരാമൻ.
അച്യുതാത്മജൻ [സം. –ആത്മജ] നാ. കാമദേവൻ.
അച്യുതാവാസം [സം. –ആവാസ] നാ. അരയാൽ വൃക്ഷം.
അജ1 [സം. അ–ജ] വി. ജനിക്കാത്ത,ശാശ്വതമായ.
അജ2 [സം. അജാ] നാ. പെണ്ണാട്,പ്രകൃതി,മായ.
അജക [സം. അജ–കാ] നാ. 1.ചെറിയ പെണ്ണാട്; 2.അജകാജാതം എന്ന നേത്രരോഗം.
അജകം [സം.അജകാ] നാ. ഒരു നേത്രരോഗം; 2. ഒരുതരം ആട്,വരയാട്.
അജകർണം [സം. അജ–കർണ] നാ. 1.വേങ്ങ; 2.സാലം; 3.മരുത്.
അജകവം നാ. ശിവൻെറ വില്ല്.
അജകാവം [സം.] നാ. 1.അജകവം; 2.അജങ്ങൾക്കു പ്രിയപ്പെട്ടത്,ഒരിനം സസ്യം,വർവരി; 3.മിത്രാവരുണന്മാർക്കുള്ള ഒരു യാഗപാത്രം; 4.വിഷമുള്ള ഒരു ഇഴജന്തു,പഴുതാര,തേൾ.
അജഗജാന്തരം [സം. അജ–ഗജ–അന്തര] നാ. ആടും ആനയും തമ്മിലുള്ള വ്യത്യാസം, വലിയ വ്യത്യാസം.
അജഗൻ [സം. –ഗ] നാ. 1.അജനാൽ (ബ്രഹ്മാവിനാൽ) സ്തുതിക്കപ്പെടുഅവൻ,വിഷ്ണു; 2.അജത്തിന്മേൽ യാനം ചെയ്യുന്നവൻ,അഗ്നി; 3.സുനന്തുവിൻെറ പുത്രൻ (ഒരു പുരാണകഥാപാത്രം).
അജഗ്ഡ,–ഗന്ധിക [സം. –ഗന്ധാ,–ഗന്ധികാ] നാ.ആടിൻെറ മണമുള്ളത്,ആടുനറിവേള,അയമോദകം.
അജഗന്ധൻ നാ. രുദ്രൻ.
അജഗർദം, അല– [സം.] നാ. വെള്ളത്തിൽ ജീവിക്കുന്ന ഒരുതരം പാമ്പ്.
അജഗരഗമനം [സം. അജഗര–ഗമന] വി. പെരുമ്പാമ്പ് ഗമിക്കുന്നതുപോലെ ഇഴഞ്ഞു നീങ്ങുമ്മ, നാ.ഒരു ഭാഷാവൃത്തം.

അജഗരം [സം.] നാ. മലമ്പാമ്പ്,പെരുമ്പാമ്പ്.
അജഗല്ലിക [സം. അജ–ഗല്ലികാ] നാ. ആടിൻെറ ചെള്ള.
അജഗവം [സം.] നാ. സൂര്യചന്ദ്രാദികളുടെ സഞ്ചാരപഥത്തിൻെറ തെക്കേ ഭാഗം.

അജഗളം [സം. അജ-ഗല] നാ. കൊഴുത്ത മദ്യം.
അജഗളസ്തനം [സം. -ഗല-സ്തന] നാ. ആണാടിൻെറ കഴുത്തിലുള്ള മുല,നിഷ്പ്രയോജനമായത്.
അജങ്ങ്ഗമ [സം. അ-ജങ്ങ്ഗമ] വി. സ്ഥാവരമായ,ഇളകാത്ത.
അജ്ജീവൻ,-ജീവിക [സം. -ജീവ] നാ.ആടിനെക്കൊണ്ട് ഉപജീവനം നടത്തുന്നവൻ,ആട്ടിടയൻ.
അജട1 [സം. -ജട] വി. ജടയില്ലാത്ത.
അജട2 [സം. -ജടാ] നാ. ഒരു പച്ചമരുന്ന്,കീഴാനെല്ലി.
അജഡ1 [സം. -ജഡ] വി. 1.ജഡമല്ലാത്ത,അചേതനമല്ലാത്ത; 2.മന്ദബുദ്ധിയല്ലാത്ത.
അജഡ2 [സം. -ജഡാ] നാ. ഒരു ഔഷധച്ചെടി,നായ്ക്കുരുണ.
അജണ്ട [ഇം.ക്കതഥന ന്ദ്രറ] നാ.കാര്യപരിപാടി,യോഗത്തിൽ ആലോചിക്കേണ്ട വിഷയങ്ങളെക്കുറിച്ചു തയ്യാറാക്കുന്ന പട്ടിക.
അജതനയൻ =അജാത്മജൻ.
അജഥ്യ [സം.അജഥ്യാ] നാ. 1.ഒരിനം മുല്ലവള്ളി,മഞ്ഞക്കുറുമുഴി; 2.ആട്ടിൻപറ്റം.
അജദണ്ഡി [സം. അജ-ദണ്ഡിൻ] നാ. ബ്രഹ്മദണ്ഡി,കണ്ടപത്രഫല.
അജദേവത [സം. -ദേവതാ] നാ. 1.അജൻ ദേവതയായുള്ളത്,പൂരുരുട്ടാതി നക്ഷത്രം; 2.ആടിൻെറ ദേവത; 3.അഗ്നി.
അജൻ [സം. അ-ജ] നാ. 1.ജനിക്കാത്തവൻ,ഈശ്വരൻ; 2.ബ്രഹ്മാവ്; 3.വിഷ്ണു; 4.ശിവൻ; 5.പതിനൊന്നു രുദ്രന്മാരിൽ ഒരാൾ; 6.ദശരഥൻെറ പിതാവ്; 7.ഉത്തമമനുവിൻെറ പിതാവ്; 8.ചന്ദ്രൻ; 9.ഇന്ദ്രൻ; 10.കാമദേവൻ.
അജന [സം. -ജന] വി. ജനങ്ങളില്ലാത്ത,കുടിപാർപ്പില്ലാത്ത.
31
അജനനൻ [സം. -ജനന] നാ. ജനനമില്ലാത്തവൻ,ഈശ്വരൻ,ബ്രഹ്മാവ്,നിസ്സാരൻ.
അജനനാമകം [സം. അജന-നാമക] നാ. അജനാമകം.
അജനയോനി [സം. -യോനി] നാ. അജനനായ ബ്രഹ്മാവിൽനിന്നു ജനിച്ചവൻ,ദക്ഷൻ.
അജനാമകം [സം. അജ-നാമക] നാ. മാക്കീരക്കല്ല്.
അജനി [സം. അ-ജനി] നാ. 1.വഴി; 2.ജനനമില്ലായ്മ.
അജന്ത നാ. മധേൻഢ്യയിലെ ഒരു പൗരാണികബൗദ്ധസങ്കേതം (ഗുഹാചിത്രങ്ങൾക്കു പ്രസിദ്ധം).
അജന്തം [സം. അച്-അന്ത] നാ. അച് അന്തത്തിലുള്ള പദം.
അജന്മാർ നാ. (ബ.വ.) സ്വാധ്യായം കൊണ്ടു സ്വർഗം പ്രാപിച്ച ഒരുകൂട്ടം ഋഷിമാർ.
അജന്മാവ് [സം. അ-ജന്മൻ] നാ.ജന്മമില്ലാത്തവൻ,ഈശ്വരൻ.
അജന്യ [സം. -ജന്യ] വി. 1.ജനിക്കത്തക്കതല്ലാത്ത; 2.ജനങ്ങൾക്കു ഹിതമല്ലാത്ത.
അജന്യം [സം.] നാ.അജനിൽ (ഈശ്വരനിൽ) നിന്ന് ഉണ്ടാകുന്നത്,ജനത്തിനു ഹിതമല്ലാത്തത്,ഭൂകമ്പം മുതലായവ.
അജപ [സം. അ-ജപാ] നാ. ജപിക്കപ്പെടാത്തത്,ശ്വാസോച്ഛ്വാസരൂപത്തിലുള്ള ഹംസമന്ത്രം.

അജപതി [സം. അജ-പതി] നാ. 1.ആട്ടിടയൻ; 2.(ജ്യോ.) മേടം രാശിയുടെ അധിപൻ,ചൊവ്വാ; 3.അജങ്ങളിൽ ശ്രേഷ്ഠൻ,കിടയിൽ മൂപ്പൻ.
അജപഥം [സം. -പഥ] 'ബ്രഹ്മാവ് സൃഷ്ടിച്ച വഴി' നാ.മൂലം പൂരാടം ഉത്രടം എന്നീ നക്ഷത്രങ്ങൾ ചേർന്നത്.
അജപൻ1 -പാലകൻ [സം. അജ-പ, -പാലക] നാ. അജങ്ങളെ രക്ഷിക്കുന്നവൻ,ആട്ടിടയൻ.
അജപൻ2 [സം. അ-ജപ] വിധിച്ചരീതിയിൽ (മന്ത്ര)ജപം ചെയ്യാത്തവൻ.
അജപൗത്രൻ [സം. -പൗത്രൻ] നാ.അജൻെറ പേരക്കിടാവായ ശ്രീരാമൻ.
അജപൗത്രി [സം. -പൗത്രീ] നാ. ബ്രാഹ്മണപുത്രനായ ജാം ബവാൻെറ മകൾ,ജാം ബവതി.

അജബന്ധു [സം. അജ-ബന്ധു] നാ. വിഡ്ഢി.
അജബ് [അറ.] വി. അത്ഭുതകരമായ,വിശേഷപ്പെട്ട.
അജഭക്ഷം [സം. -ഭക്ഷ] നാ. 1.കറുത്ത കാട്ടുതുളസി; 2.ആടുതിന്നിച്ചീര.
അജം [സം.] നാ. 1.ആട്; 2.ഭാദ്രപ്രദമാസത്തിലെ കറുത്ത പക്ഷത്തിലെ ഏകാദശി; 3.ഒരിനം നെല്ല്; 4.അഗ്നി; 5.അഗ്നിയുടെ വാഹനം.
അജംഭൻ [സം. -ജംഭ] നാ. സൂര്യൻ.
അജംഭം [സം.] നാ.തവള.
അജമാരൻ [സം. അജ-മാര] നാ. ആടുകളെ കൊല്ലുന്നവൻ,കശാപ്പുകാരൻ.
അജമിഖൻ [സം. -മുഖ] നാ. ആടിൻെറ മുഖമുള്ളവൻ,ദക്ഷൻ.
അജമുഖി [സം. -മുഖീ] ഒരു രാക്ഷസി.
അജമുഴ നാ. കഴുത്തിൽ മുൻഭാഗത്തുണ്ടാകുന്ന മുഴ.
അജമോജം [സം.അജമോജാ] നാ. അജമോദ.
അജമോദ [സം. അജ-മോദാ] 'ആടിൻെറ ഗന്ധത്തോടുകൂടിയത്,ആടിനെ സന്തോഷിപ്പിക്കുന്നത്.' നാ. 1.അയമോദകം,ഓമം; 2.ഇലവിൻപശ.
അജയ1 [സം. അ-ജയ < ജി] വി. ജയിക്കാനാവാത്ത.
അജയ2 [സം. അജ-യ <യാ] നാ. അജത്തിന്മേൽ യാനം ചെയ്യുന്നവൻ,അഗ്നി.
അജയ3 [സം. അ-ജയാ] നാ. ദുർഗയുടെ ഒരു സഖി.
അജയൻ [സം.] നാ. 1.വിഷ്ണു; 2.അഗ്നി; 3.ശിവൻ.
അജയം [സം.] വി. ജയിക്കപ്പെടാത്ത,നാ.തോൽ വി.
അജയുദ്ധം [സം. അജ-യുദ്ധ] നാ. 1.ആടുകളുടെ യുദ്ധം; 2.(തച്ചു.) മോന്തായത്തിൻെറ രണ്ടു തലയ്ക്കലും കുടത്തിൻെറ പാർശ്വഭാഗം സന്ധിപ്പിക്കുന്ന ഒരു രീതി.
അജയ്യ [സം. അ-ജയ്യ] വി. ജയിക്കപ്പെടാത്ത.
അജര1 [സം. -ജര < ജരാ] വി. 1.ഒരിനം ചെറിയ സസ്യം,മറിക്കുന്നി; 2.കറ്റാർവാഴ; 3.സരസ്വതീനദി; 4.ഗൗളി.
അജരൻ [സം. -ജര] നാ. ദേവൻ,പരമാത്മാവ്.
അജരം [സം.] നാ. 1.കുതിര; 2.സ്വർണം.
അജര്യ [സം. അ-ജര്യ] വി. 1.ജരിക്കാത്ത,ജീർണിക്കാത്ത; 2.ദഹിക്കാത്ത.
അജലംബനം [സം. -ലംബന] നാ. സ്രോതോഞ്ജനം,ആൻറിമണി.
അജലോമം [സം. -ലോമൻ] നാ. 1.ആട്ടിന്രോമം; 2.ഒരു ഔഷധവള്ളി; 3.നായ്ക്കുരുണ.

അജലോമി [സം. -ലോമിൻ] നാ. 1.ആട്ടിന്രോമം കൊണ്ടുള്ള തുണി; 2.നായ്ക്കുരുണ; 3.വെൺകറുക.

അജവസൂരി [<സം. -മസൂരികാ] നാ. ആടിനുണ്ടാകുന്ന വസൂരി.

അജവാഹനം [സം. -വാഹന] നാ. അജത്തെ വാഹനമാക്കുന്ന ദേവൻ,അഗ്നി.

അജവീഥി [സം. -വീഥി] നാ. 1.അജപഥം; 2.അത്തം,ചിത്തിര,ചോതി,എന്നീ നക്ഷത്രങ്ങൽ; 3.നവവീഥികളിൽ രണ്ടാമത്തേത്.

അഗശശൃങ്ഗി [സം. -ശൃങ്ഗിൻ] നാ. 1. ആട്ടിൻകൊമ്പുപോലെയുള്ള കായോടുകൂടിയത്,ആട്ടുകൊട്ടപ്പാല; 2.കർക്കടശൃങ്ഗി.

അജസന്ധി [സം. -സന്ധി] നാ. കൈമുട്ടിൻെറ താഴെ ഇരുപുറവുമുള്ള മർമങ്ങൾ.

അജസ്ര [സം. അ-ജസ്ര] വി. ഇടമുറിയാത്ത.

അജസ്രം [സം.] അവ്യ..ഇടമുറിയാതെ,തുടർച്ചയായി.

അജഹ [സം. അ-ജഹാ] വി. (രോമങ്ങളെ) ഉപേക്ഷിക്കാത്തത്, നാ. നായ്ക്കുരുണ.

അജഹല്ലക്ഷണ [സം. അ-ജഹല്ലക്ഷണാ] നാ. വാച്യാർഥത്തെ ഉപേക്ഷിക്കാത്ത ലക്ഷണ.

അജഹലിങ്ഗം [സം. അജഹത്-ലിങ്ഗ] നാ.(വ്യാക.) വിശേഷണമായി പ്രയോഗിക്കുമ്പോഴും ലിങ്ഗം മാറാത്ത നാമശബ്ദം.

അജാക്ഷി [സം.] നാ. കാട്ടത്തിമരം,പേയത്തി.

അജാഗര [സം. അ-ജാഗര] 'ജാഗരമില്ലാത്ത.' വി.ഉണർവില്ലാത്ത.

അജാഗരം [സം.] നാ. ഒരിനം സസ്യം,കയ്യോന്നി.

അജാഗളസ്തനം [സം. അജാ- ഗള-സ്തന] നാ. പെണ്ണാടിൻെറ കഴുത്തിലെ മുല,പ്രയോജനമില്ലാത്തത്.

അജാഗ്രത [സം. അ-ജാഗ്രതാ] നാ. ജാഗ്രതയില്ലായ്മ.ഉറക്കം,ആലസ്യം.

അജാജി [സം.] വി. സ്വാഭാവികമായ മന്ദാഗ്നിത്വത്തെ കളയുന്നത്,നാ. 1.ജീരകം; 2.കരിഞ്ജീരകം; 3.പേയത്തി.

അജാജീവൻ [സം. അജാ-ജീവ] നാ. ആടിനെ ആശ്രയിച്ചു ജീവിക്കുന്നവൻ,ആട്ടിടയൻ.

അജാണ്ഡി [സം. -അജാണ്ഡീ] നാ. അജാന്ത്രീ.

അജാത [സം. അ-ജാത] വി. ജനിക്കാത്ത,ഉണ്ടായിട്ടില്ലാത്ത.

അജാതപക്ഷ [സം. അജാത-പക്ഷ] വി. ചിറകുമുളയ്ക്കാത്ത.

അജാതപുത്രൻ [സം. -പുത്ര] നാ. മകൻ ജനിച്ചിട്ടില്ലാത്തവൻ.

അജാതരിപു [സം. -രിപു] നാ. അജാതശത്രു.

അജാതലോമി [സം. -ലോമീ] നാ. രോമം മുളയ്ക്കാത്തവൾ.

അജാതവൈരി [സം. -വൈരിൻ] നാ. =അജാതശത്രു.

അജാതവ്യവഹാരൻ [സം. -വ്യവഹാര] നാ. അപ്രാപ്തവ്യവഹാരൻ,പ്രായം തികയാത്തവൻ.

അജാതശത്രു [സം. ശത്രു] നാ. 1.ശത്രുക്കളുണ്ടാകാത്തവൻ; 2.ശിവൻ; 3.യുധിഷ്ഠിരൻ.(പല പൗരാണികരാജാക്കന്മാരും ഈപേരിലറിയപ്പെടുന്നു.)

അജാതാരി [സം. -അരി] നാ. അജാതശത്രു,ശത്രുക്കളില്ലാത്തവൻ.

അജാതി [സം. അ-ജാതി] നാ. ജനിക്കാത്ത അവസ്ഥ,ജനനമില്ലായ്മ,അനുത്പത്തി.
അജാതൗലലി [സം. അജാ-തൗലലി] നാ. ആട്ടിൻപാൽ മാത്രം കുടിച്ചു ജീവിച്ച തൗലലി എന്ന മഹർഷി.
അജാത്മജ [സം. അജ-ആത്മജാ] നാ. ബ്രഹ്മാവിൻെറ മകൾ,സന്ധ്യാദേവി.
അജാത്മജൻ [സം. -ആത്മജ] നാ. 1.വസിഷ്ഠൻ; 2.ജാം ബവാൻ. (രണ്ടും ബ്രഹ്മപുത്രൻ എന്ന അർഥത്തിൽ); 3.അജൻെറ പുത്രനായ ദശരഥൻ.
അജാദധി [സം. -ദധി] നാ. അട്ടിൻ തൈര്.
അജാദനി [സം. -അദനീ] നാ. ആടുകൾ ഭക്ഷിക്കുന്നത്,ഒരിനം സസ്യം,ചെറിയ കൊടിത്തൂവ.
അജാനി,-ജാനികൻ,-ജാനേയ [സം. -അ-ജാനി] നാ. ജായയില്ലാത്തവൻ,ഭാര്യയില്ലാത്തവൻ.
അജാനികൻ [സം. അജാനിക < അജാ] നാ. അജത്തെക്കൊണ്ട് കാലയാപനം നടത്തുന്നവൻ,ആട്ടിടയൻ.
അജാന്ത്രി [സം. -അന്ത്രീ] നാ. ആട്ടിൻകുടൽ പോലെയുള്ള പൂക്കുലകളോടു കൂടിയ ഒരിനം സസ്യം,മറിക്കുന്നി.
അജാമൻ [അര. ഹജ്ജാം] നാ. ക്ഷുരകൻ.
അജായിബത്ത് [അറ.] നാ. അത്ഭുതം.
അജാവീകം [സം. -അവിക] നാ. 1.അജങ്ങളും (വേലിയാടുകളും)അവികളും(ചെമ്മരിയാടുകളും); 2.മുഷ്ടിയുദ്ധപ്രകാരങ്ങളിൽ ഒന്ന്.
അജാശ്വൻ [സം. -അശ്വ] നാ. ആടുകളാകുന്ന അശ്വങ്ങളോടുകൂടിയവൻ,പൂഷാവ്,സൂര്യൻ.
അജാളി നാ. ഒരുതരം അയമോദകം.
അജി [സം.അജിൻ <അജ്]വി. ചുറ്റിക്കറങ്ങുന്ന,പോകുന്ന.
അജിക = അജക.
അജിത1 [സം. അ-ജിത < ജി] വി. 1.ജയിക്കപ്പെടാത്ത; 2.അടക്കാത്ത,അമർച്ചചെയ്യാത്ത,ജയിച്ചടക്കാത്ത.
അജിത2 [സം. -ജിത] നാ. ഒരു ദേവത.
അജിതൻ [സം.] നാ. 1.ശ്രീകൃഷ്ണൻ; 2.ശിവൻ; 3.കൗരവരിൽ ഒരുവൻ; 3.മൈത്രേയൻ; 4.ഒരു ജിനതീർഥങ്കരൻ.

അജിതേന്ദ്രിയൻ [സം. അ-ജിതേന്ദ്രിയ] നാ. ഇന്ദ്രിയനിഗ്രഹം ചെയ്തിട്ടില്ലാത്തവൻ.
അജിനചിത്ര [സം. അജിന-ചിത്ര] വി. മാൻതോൽപൊലെ പുള്ളികളോടുകൂടിയ.
അജിനപത്ര [സം. അജിന-പത്രാ] വി. തോൽച്ചിറകുള്ളത്,വവ്വാൽ.
അജിനം [സം.] നാ. മാന്തോൽ,മൃഗചര്മം.
അജിനയോനി [സം. അജിന-യോനി] നാ. അജ്നത്തിൻെറ ഉത്പത്തിസ്ഥാനം,കൃഷ്ണമൃഗം.
അജിനവാസി [സം. -വാസിൻ < വസ്-ആച്ഛാദനേ] നാ. തോൽ ധരിച്ചവൻ.
അജിമാശി [പേർ.] നാ. കണ്ടെഴുത്ത്,ഭൂമിനികുതി തിട്ടപ്പെടുത്തൽ.
അജിര1 [സം.] വി. വേഗമുള്ള.
അജിര2 [സം. അജിരാ] നാ. 1.ദുർഗ; 2.ഒരു നദി.

അജിരം [സം.] നാ. 1.മുറ്റം,അങ്കണം; 2.തവള; 3.ഇന്ദ്രിയപ്രത്യക്ഷമായ ഏതു വസ്തുവും (ഉദാ.കാറ്റ്,വെള്ളം).

അജിരീയ [സം.] വി. അജിരത്തെ,(അങ്കണത്തെ)സമ്പന്ധിച്ച.

അജിസം [സം.] നാ. 1.മുറ്റം,അങ്കണം; 2.യുദ്ധക്കളം; 3.ഒരുതരം ചുണ്ടെലി; 4.ശരീരം; 5.കാറ്റ്.

അജിഹ്മ [സം. അ-ജിഹ്മ] വി. 1.വളവില്ലാത്ത,നേരെയുള്ള, ഋജുവായ; 2.വക്രബുദ്ധിയില്ലാത്ത,സത്യസന്ധതയുള്ള.

അജിഹ്മഗ [സം. അജിഹ്മ-ഗ] വി. നേരെ പോകുന്ന.

അജിഹ്മഗം [സം.] നാ. അമ്പ്.

അജിഹ്വ [സം. അ-ജിഹ്വ] വി. നാക്കില്ലാത്ത.

അജിഹ്വം [സം.] നാ. തവള.

അജീഗർത്തം [സം. അജീഗർത] വി. ഗർഭത്തിൽ ഗമിക്കുന്ന,നാ.പാമ്പ്.

അജീത [സം. അ-ജീത] വി. വാടാത്ത,തളരാത്ത,ക്ഷീണിക്കാത്ത.

അജീതി [സം.] നാ. വാട്ടമില്ലായ്മ,അഭിവൃദ്ധി,കേടില്ലായ്മ.

അജീർണ [സം. അ-ജീർണ] വി. ജീർണിക്കാത്ത,ദഹിക്കാത്ത.

അജീർണകരം [സം. അജീർന-കര] നാ. ഉഴുന്ന്.

അജീർണജരണം [സം. -ജരണ] നാ. കച്ചോലം.

അജീർണം [സം. അ-ജീർണ] നാ. ദഹനക്കേട്.

അജീർണി1 [സം.] നാ. അജീർണം.

അജീർണി2 [സം. അജിർണിൻ] നാ. ദഹനക്കേടുള്ളവൻ,അജീർണരോഗി.

അജീർത്തി [സം. അ-ജീർതി] നാ. അജീർണം.

അജീര്യ [സം. -ജീര്യ] വി. ജീര്യം (നശിക്കാവുന്നത്) അല്ലാത്ത.

33

അജീവ [സം. -ജീവ] വി. ജീവനില്ലാത്ത,അചേതനമായ.

അജീവൻ [സം. അജീവ] നാ. അജത്തെക്കൊണ്ട് ഉപജീവനം കഴിക്കുന്നവൻ,ആട്ടിടയൻ.

അജീവന [സം. അ-ജീവന] വി. കാലക്ഷേപത്തിനു വകയില്ലാത്ത.

അജീവനം [സം.] നാ. 1.ജീവനില്ലാത്ത അവസ്ഥ; 2.ഉപജാവനമാർഗമില്ലായ്മ.

അജീവനി [സം. അ-ജീവനി] നാ. ജീവിച്ചിരിക്കായ്ക,മരണം.

അജേയ [സം. -ജേയ] വി. ജയിക്കാനാവാത്ത.

അജൈഡകം [സം. അജാ-ഏഡക] നാ. ആടുകളും മുട്ടാടുകളും.

അജൈത്ര [സം. അ-ജൈത്ര] വി. ജയിച്ചു ശീലമില്ലാത്ത,ജയിക്കാത്ത.

അജൈവ [സം. -ജൈവ] വി. ജീവസം ബന്ധിയല്ലാത്ത.

അജ്ജുക [പ്രാ.അജ്ജുകാ] നാ. പണം സമ്പാദിക്കുന്നവൾ,വേശ്യ.

അജ്ത്ധലം [സം. അജ്-ത്ധല] നാ. പരിച,തീക്കനൽ,തുകൽ.

അജ്ഞ [സം. അ-ജ്ഞ < ജ്ഞാ] വി. 1.(ആത്മ)ജ്ഞാനമില്ലാത്ത,അറിവില്ലാത്ത,പരിചയമില്ലാത്ത; 2.ബിദ്ധിയില്ലാത്ത.

അജ്ഞത [സം. അജ്ഞ-താ] ന. അറിവില്ലായ്മ.

അജ്ഞൻ [സം. -ഭൂ] നാ. അറിവില്ലാത്തവൻ.

അജ്ഞഭൂ(വ്) [സം. –ഭൂ] നാ. ചെറുപയർ.
അജ്ഞാത [സം. അ–ജ്ഞാത] വി. അറിയപ്പെടാത്ത.
അജ്ഞാതകർതൃക [സം. അജ്ഞാത–കർതൃക] വി. കർത്താവ് ആരെന്നറിയാൻ പാടില്ലാത്ത.
അജ്ഞാതനാമാ(വ്) [സം.–നാമൻ] നാ. അറിയപ്പെടാത്ത പേരോടുകൂടിയ ആൾ,അറിയപ്പെടാത്തവൻ.
അജ്ഞാതപൂർവ [സം. –പൂർവ] വി. മുമ്പ് അറിഞ്ഞിട്ടില്ലാത്ത,പരിചയിച്ചിട്ടില്ലാത്ത.
അജ്ഞാതവാസം [സം. –വാസ] ന. ഗൂഢമായ വാസം,ആരും അറിയാതെയുള്ള താമസം.
അജ്ഞാതി [സം. അ–ജ്ഞാതി] വി. ജ്ഞാതി (ബന്ധു) അല്ലാത്തവൻ.
അജ്ഞനം [സം. –ജ്ഞാന] നാ. 1.അറിവില്ലായ്മ; 2.ആത്മജ്ഞാനം ഇല്ലായ്മ; 3.മിഥ്യ,മായ.
അജ്ഞാനി [സം. –ജ്ഞാനിൻ] നാ. 1.അറിവില്ലാത്തവൻ; 2.ആത്മീയകാര്യങ്ങളിൽ അജ്ഞൻ; 3.അവിശ്വാസി.
അജ്ഞേയ [സം. –ജ്ഞേയ] വി. അറിയാൻ സാധിക്കാത്ത.
അജ്ഞേയൻ [സം.] നാ. ഈശ്വരൻ.
അജ്ഞേയവാദം [സം. അജ്ഞേയ–വാദ] ന. പരമമായ തത്വം അജ്ഞേയമാണെന്ന വാദം.
അജ്ഞേയവാദി [സം. –വാദിൻ] നാ. അജ്ഞേയവാദത്തിൽ വിശ്വസിക്കുന്നവൻ.
അജ്മാവ് [സം. അജ്മൻ] നാ. 1.പശു; 2.ഗതി,വഴി; 3.യുദ്ധം.
അജ്രം [സം.] നാ. താരത അജിരം. 1.വയൽ; 2.മൈതാനം.
അഞ്ചഗ്നി [മ. അഞ്ച്– സം. അഗ്നി] നാ. (ബ.വ) 1.ദ്യുലോകം,പർജന്യൻ,പൃഥിവീ,പുരുഷൻ,യോഷിത്ത് ഇവ അഞ്ച്; 2.അച്ഛൻ,അമ്മ,ആത്മാവ്,അഗ്നി,ഗുരു എന്നിങ്ങനെ അഞ്ച്.
അഞ്ചടന്ത നാ. ഒരു താളം.
അഞ്ചടി നാ. തിറ മുതലായ അനുഷ്ഠാനകലകളിൽപ്പെടുന്ന ഒരുതരം തോറ്റം പാട്ട്.
അഞ്ചടിയന്തിരം നാ. ശ്രീപദ്മനാഭസ്വാമിക്ഷേത്രത്തിലെ അഞ്ച് പ്രധാന ആഘോഷങ്ങൾ.(മഹാരാജാവിൻെറ ആട്ടപ്പിറന്നാൾ ഇതിൽ പ്രധാനം).
അഞ്ചമ്പൻ നാ. പഞ്ചബാണൻ,കാമൻ.
അഞ്ചം നാ. ചെറിയ കിണ്ണം.
അഞ്ചരപ്പള്ളിക്കാർ നാ. (ബ.വ) അഞ്ചുപള്ളികളിൽ പൂർണാവകാശവും ഒരു പള്ളിയിൽ പകുതി അവകാശവും ഉണ്ടായിരുന്ന ക്നാനായക്കാർ.
അഞ്ചൽ1 [<അഞ്ചുക] നാ. 1.പേടി,ഭയപ്പാട്; 2.അലസത,മടി.
അഞ്ചൽ2 നാ. 1.മുമ്പ് തിരുവിതാങ്കൂർ കൊച്ചി ഇവിടങ്ങളിൽ നിലവിലിരുന്ന ഒരു പോസ്റ്റൽ സമ്പ്രദായം; 2.കൊല്ലം ജില്ലയിലെ ഒരു സ്ഥലം.
അഞ്ചൽക്കുറ്റി നാ. എഴുത്തുപെട്ടി (ഇതു വാർപ്പിരുമ്പിൽ ഉണ്ടാക്കി കുറ്റിപോലെ നാട്ടി നിറുത്തിയിരിക്കുന്നു.)
അഞ്ചലനാഗം [ഐം–തല–നാഗം] നാ. അഞ്ചു തലകളുള്ള സർപ്പം.
അഞ്ചലം [സം.] നാ. അറ്റം,തുമ്പ്,കോണ്.
അഞ്ചലർ [അഞ്ച്–അലർ] നാ. കാമദേവൻെറ ആയുധങ്ങളായ അഞ്ചുപൂക്കൾ (താമര,അശോകം,മാവ്,നവമാലിക,കരിങ്കൂവളം).

അഞ്ചലോട്ടക്കാരൻ [അഞ്ചൽ-ഓട്ടക്കാരൻ] നാ. അഞ്ചൽ ഉരുപ്പടികൾ ഓടിക്കൊണ്ട് എത്തേണ്ടിടത്ത് എത്തിച്ചിരുന്ന ശിപായി..
അഞ്ചാം = അഞ്ചാമത്തെ.
അഞ്ചാംതരം വി. മോശപ്പെട്ട. നാ. അഞ്ചാം ക്ലാസ്സ്.
അഞ്ചാംതാളം (സങ്ഗീ.) ഒരു താളം.

അഞ്ചാമ്പട്ടം നാ. ക്രിസ്തീയപുരോഹിതർക്ക് ഏഴു പട്ടങ്ങളുള്ളതിൽ അഞ്ചാമത്തേത്.
അഞ്ചാമ്പത്തി നാ. ശത്രുക്കളുടെ ഒറ്റുകാരോ അവരോട് ആനുകൂല്യമുള്ളവരോ ആയ സ്വപക്ഷീയർ. (ഞ്ചദ്ധക്ഷഢ്ധ ᵧഗ്ഗRsഗ്മണ്ഡ എന്നതിൻെറ തർജുമ)
അഞ്ചാമ്പനി നാ. വസൂരിപോലെ ഒരു രോഗം,മണ്ണൻ,പൊങ്ങൻപനി.
അഞ്ചാമ്പുര നാ. 1.അടുക്കള; 2.നാലുകെട്ടിനുപുറത്തേക്കുള്ള പുര. (സ്മാർത്തവിചാരത്തിനുമുമ്പ് സംശയിക്കപ്പെടുന്ന സ്ത്രീയെ ഇതിനകത്തേക്കു മാറ്റി താമസിപ്പിച്ചിരുന്നു.)
അഞ്ചാൽ നാ. പഴയകുടിപ്പള്ളിക്കൂടങ്ങളിൽ ശിക്ഷയായി കുട്ടികളെ കെട്ടിത്തൂക്കുവാൻ ഉപയോഗിച്ചിരുന്ന കയർ (താരത. ഊഞ്ചല് >ഊഞ്ഞാൽ).
അഞ്ചാലി നാ. 1. (നാഞ്ചിനാട്ടിൽ) ഒറ്റി,ജന്മം തുടങ്ങിയ വസ്തുക്കളിൽ ചുമത്തിയിരുന്ന ഒരുവിധം നികുതി; 2. കരംപിരിക്കാൻ നൽകുന്ന അധികാരപത്രം; 3.അഞ്ചാൽ; 4.അഞ്ചുരത്നങ്ങൾ പതിച്ചിട്ടുള്ള താലി..
അഞ്ചിക്കുക [അഞ്ചുക] ക്രി. പ്രഭകൊണ്ടു കാണാൻ കഴിയാതാകുക. (പ്ര.) കണ്ണഞ്ചിക്കുന്ന പ്രകാശം.
അഞ്ചിക്കൈമൾ [അഞ്ചിൽ-കൈമൾ] നാ. എറണാകുളവും പരിസരങ്ങളും ചേർന്ന പ്രദേശത്തിൻെറ പഴയ പേർ (ഇത് അഞ്ചു കൈമളന്മാരുടെ കൈവശമിരുന്നതുകൊണ്ടെന്ന് ഒരഭിപ്രായം. സം. അഞ്ജി = സേനാനായകൻ.കൈമൾ സേനാപതിയായിരുന്നതുകൊണ്ടുമാകാം.)
അഞ്ചിത [< സം.അഞ്ച്=ഗമിക്കുക,പൂജിക്കുക] വി. 1.പൂജിക്കപ്പെട്ട; 2.അലങ്കരിക്കപ്പെട്ട,ഭങ്ഗിയായ; 3.പോയ.
അഞ്ചിതപത്രം [സം. അഞ്ചിത-പത്ര] നാ. ചുരുണ്ട ഇലകളുള്ള ഒരിനം താമര.
അഞ്ചിതഭ്രൂ [സം. -ഭ്രൂ] നാ. വളഞ്ഞ പുരികക്കൊടിയുള്ളവൾ,സുന്ദരി.
അഞ്ചിതം [സം.] നാ. 1.ചുമ്പനവിശേഷം; 2.നൃത്തത്തിൽ കഴുത്തുകൊണ്ടു കാണിക്കുന്ന ഒരുവിധം നടനം.
അഞ്ചിതൾപ്പൂ [അഞ്ച്-ഇതൾ-പൂ] നാ. അമ്പരത്തിപ്പൂ.
അഞ്ചിറ [അഞ്ച്-ഇറ] നാ. അഞ്ചുതരം നികുതി.
അഞ്ച് [ത അയ്ന്തു] (വിശേഷണമായും നാമമായും പ്രയോഗം). 1.നാലിനുമേൽ അടുത്ത സംഖ്യ; 2.കുട്ടിക്കാലം.
അഞ്ചുക ക്രി. 1.ഭയപ്പെടുക,നടുങ്ങുക; 2.ലജ്ജിക്കുക,ചുളുങ്ങുക,പിൻ വാങ്ങുക,ശങ്കിക്കുക; 3. തോൽക്കുക; 4.പതറുക; 5.പ്രകാശാധിക്യത്താൽ കാഴ്ച മങ്ങുക.
അഞ്ചുകുളി [അഞ്ച്-കുളി] നാ. പ്രസവത്തിനുശേഷം അഞ്ചാം ദിവസത്തെ കുളി,തീണ്ടാരിയായി അഞ്ചാം ദിവസത്തെ കുളി.
അഞ്ചുകെട്ടി [അഞ്ച്-കെട്ടി] നാ. അഞ്ചുകല്ലുകൾ പതിച്ച ഒരുതരം കണ്ഠാഭരണം.

അഞ്ചുതമ്പുരാക്കൾ [അഞ്ച്-തമ്പുരാക്കൾ] നാ. പഞ്ചപാണ്ഡവന്മാർ (പുലയരുടെ ആരാധനാമൂർത്തികൾ).
അഞ്ചുതമ്പുരാൻപാട്ട് നാ. അഞ്ചു രാജകുടുംബാങ്ഗങ്ങൾ തമ്മിൽ ഉണ്ടായ പോരിനെ ആസ്പദമാക്കി രചിക്കപ്പെട്ട നാടൻ പാട്ട്.
അഞ്ചുനീർക്കുളി [അഞ്ചു-നീർ-കുളി] നാ. അഞ്ചുകുളി.
അഞ്ചുപണംരൂപ നാ. മദ്രാസ്സ് പ്രസിഡൻസി ഈസ്റ്റിൻഡ്യാക്കമ്പനി അടിച്ചിറക്കിയ ഒരുതരം വെള്ളിനാണയം.
അഞ്ചുപത്താക്ക് നാ. (മുസ്ലിം)സ്ത്രീകളുടെ ഒരു കണ്ഠാഭരണം.
അഞ്ചുപുല നാ. അഞ്ചുദിവസത്തേക്ക് ആചരിക്കുന്ന പുല,ഏഴുവിധം പുലകളിൽ ഒന്ന്.
അഞ്ചുപൂജ നാ. മഹാക്ഷേത്രങ്ങളിൽ നടത്തുന്ന അഞ്ചുനേരത്തെ പൂജ (1.ഉഷഃപൂജ; 2.എതിരത്തെ പൂജ; 3.പന്തീരടിപ്പൂജ; 4.ഉച്ചപ്പൂജ; 5.അത്താഴപ്പൂജ.).

അഞ്ചുപ്പ് [അഞ്ച്-ഉപ്പ്] നാ. അഞ്ചുതരം ഉപ്പുകൾ.
അഞ്ചുമഠം നാ. ശ്രീപദ്മനാഭസ്വാമിക്ഷേത്രത്തിലെ ചില പ്രത്യേക പൂജകൾ നടത്താനായി സ്ഥാപിച്ചിട്ടുള്ള അഞ്ചു മഠങ്ങൾ (1.കാഞ്ചീപുരത്തുമഠം; 2.പാൽപ്പായസമഠം; 3.രാമവർമർ തിരുമഠം; 4.പഞ്ചാണ്ടന്മഠം; 5.കുന്നാണ്ടന്മഠം.).
അഞ്ചുമൂന്നുകാരാണ്മ നാ. ഒരു പഴയ ഭൂവുടമസമ്പ്രദായം.
അഞ്ചുവണ്ണം [അഞ്ചു-വർണ?]നാ. പഴയകാലത്തെ ഒരു കച്ചവടസങ്ഘടന.
അഞ്ചുവിലക്ക് നാ. തീയ്,വെള്ളം,ഇണങ്ങ്,അലക്ക്,ക്ഷൗരം എന്നീ അഞ്ചും വിലക്കുന്നത്.
അഞ്ചൊല്ലാൾ [അം-ചൊല്ല്-ആൾ] നാ.അഴകായി സംസാരിക്കുന്നവൾ,തേന്മൊഴി.
അഞ്ജന [സം. അഞ്ജനാ] നാ. ഹനുമാൻെറ അമ്മ.
അഞ്ജനകേശി [സം. -കേശാ] നാ. 1.അഞ്ജനം പോലെ കറുത്ത മുടിയുള്ളവൾ,സുന്ദരി; 2.നളിനാമലകം എന്ന സുഗന്ധദ്രവ്യം.
അഞ്ജനക്കല്ല് നാ. കറുത്തു തിളങ്ങുന്ന ഒരുതരം ധാതുദ്രവ്യം,ആൻറിമണി.
അഞ്ജനക്കാരൻ നാ. മോഷണം തുടങ്ങിയ കാര്യങ്ങൾ തെളിയിക്കാൻ അഞ്ജനം നോക്കുന്നവൻ,മഷിനോട്ടക്കാരൻ.
അഞ്ജനക്കോൽ നാ. കണ്ണിൽ മഷി എഴുതുന്നതിനുള്ള കോൽ,അഞ്ജനശലാക.
അഞ്ജനൻ [സം.] നാ. 1.അഷ്ടദിഗ്ഗജങ്ങളിൽ ഒന്ന് (പടിഞ്ഞാറിൻേറത്); 2.മിഥിലയിലെ ഒരു രാജാവ്; 3.ഒരു നാഗം; 4.ഹിരണ്യകശിപുവിൻെറ ഭാഗിനേയൻ.
അഞ്ജനനാമിക [സം. അഞ്ജന-നാമികാ] നാ. ഒരു നേത്രരോഗം,കൺകുരു.
അഞ്ജനം [സം.] നാ. 1.അജനം (പൂശൽ) ചെയ്യുന്നതിനുള്ളത്,കണ്മഷി; 2.കറുത്തുമിനുങ്ങുന്ന ഒരു പദാർഥം; 3.(പുരാണങ്ങളിൽ പറയുന്ന)ഒരു പർവതം; 4.ഒരുതരം ഗൗളി; 5.അഗ്നി; 6.ഇരുട്ട്,രാത്രി; 7.ഒരു നേത്രരോഗം; 8.നീലരത്നം; 9.കുറിക്കൂട്ട്; 10.മഷിനോട്ടത്തിനുള്ള ഒരിനം കുറ്റിച്ചെടി; 11.കാശാവ് (കായാവ്).
അഞ്ജനമൂലകം [സം. അഞ്ജന-മൂലക] നാ. അഞ്ജനവർണത്തിലുള്ള കറുത്ത ഒരിനം രത്നം.
അഞ്ജനവർണൻ [സം. -വർണ] നാ. ശ്രീകൃഷ്ണൻ

അഞ്ജനശലാക [സം. -ശലാകാ] നാ. അഞ്ജനക്കോൽ.
അഞ്ജനാതനയൻ [സം. അഞ്ജനാ-തനയ] നാ. അഞ്ജനയുടെ പുത്രൻ ആയ ഹനുമാൻ.
അഞ്ജനാധിക [സം. അഞ്ജന-അധികാ] നാ. സാധാരണ പല്ലിയേക്കാൾ കറുത്ത പല്ലി.
അഞ്ജനാവതി [സം. -വതീ] നാ. വടക്കുകിഴക്കേദിക്കിൻെറ കാവൽക്കാരനായ സുപ്രതീകൻ എന്ന ആനയുടെ പിടി.
അഞ്ജനി [സം.അഞ്ജനീ] നാ. 1.കളഭം,കുറിക്കൂട്ട് മുതലായവ അണിഞ്ഞവൾ; 2.ഒരു ഔഷധസസ്യം.
അഞ്ജനിക [സം.അഞ്ജനികാ] നാ. 1.ഒരുതരം പല്ലി; 2.ഒരിനം ചുണ്ടെലി.
അഞ്ജലി [സം.] നാ. 1.കൈക്കുമ്പിൾ; 2.തൊഴുകൈ; 3.കൈക്കുടന്ന നിറയെ ജലമോ പുഷ്പമോ മറ്റോ കൊണ്ടുള്ള അർച്ചന; 4.വെള്ളം എടുക്കാനുള്ള ഒരുതരം പാത്രം; 5.ഇരുപത്തിനാല് അങ്ഗുലം നീളമുള്ള മുഴക്കോൽ; 6.ധാന്യത്തിൻെറ ഒരു അളവ്,കുഡവം; 7.(നാട്യ.) അഞ്ജലിമുദ്ര; 8.സ്തോത്രം.
അഞ്ജലിക [സം. അഞ്ജലികാ] നാ. 1.ചുണ്ടെലിക്കുഞ്ഞ്; 2.ഒരുതരം ചിലന്തി.
അഞ്ജലികം [സം.] നാ.അമ്പ്.
അഞ്ജലികരം,-കാരം,-കാരിക [സം.അഞ്ജലി-കര,-കാര,-കാരികാ] നാ. 1.തൊട്ടാവാടി; (തൊടുമ്പോൾ കൈതൊഴുമ്പോലെ ഇലകൾ കൂപ്പുന്നതിനാൽ); 2.മുക്കുറ്റിച്ചെടി.
അഞ്ജലികർമം [സം. -കർമൻ]നാ. കൈകൂപ്പൽ.
അഞ്ജലിപുടം [സം.-പുട] നാ. കൈക്കുടന്ന,കൈക്കുമ്പിൾ.

അഞ്ജലിബന്ധം [സം. -ബന്ധ] നാ. കൈകൂപ്പി തൊഴൽ.
അഞ്ജലിമുദ്ര [സം. -മുദ്രാ] നാ.(നാട്യ.)ഒരു ഹസ്തമുദ്ര.

അഞ്ജസവം [അജ്ഞ-സവ] നാ. സോമരസം.
അഞ്ജസാ [സം.] അവ്യ. .പെട്ടന്ന്,താമസിയാതെ; 2.നേരെ,ചൊവ്വേ; 3.വാസ്തവത്തിൽ; 4.ന്യായമായി,കൃത്യമായി.
അഞ്ജസി [സം. അഞ്ജസീ] നാ. സ്വർഗത്തിലെ ഒരു നദി.
അഞ്ജസ്സ് [സം. അഞ്ജസ്] നാ. 1.വേഗം; 2.ഊക്ക്; 3.ചേർച്ച; 4.കുറിക്കൂട്ട്.
അഞ്ജി [സം.] നാ. 1.ചന്ദനാദി കൊണ്ടുള്ള പൊട്ട്; 2.കുറിക്കൂട്ട്; 2.വർണം,ചായം; 4.സേനാനായകൻ.
അഞ്ജിക്കുക [സം. അഞ്ജ്] ക്രി.തേയ്ക്കുക,പൂശുക.
അഞ്ജിഷ്ഠൻ [സം.] നാ.കിരണങ്ങളാൽ ലോകത്തെ അഞ്ജനം ചെയ്യുന്നവൻ,സൂര്യൻ.
അഞ്ജിഷ്ണു [സം.] നാ. അഞ്ജിഷ്ഠൻ.
അഞ്ജീർ [പേർ.] നാ. ശീമയത്തി,ശീമയത്തിപ്പഴം.
അഞ്ഞനം (പ.മ.) നാ. = അഞ്ജനം.
അഞ്ഞായം [പ.മ.] നാ. = അന്യായം.
അഞ്ഞാഴി [ഐം-നൂറ്] (നാമമായും വിശേഷണമായും പ്രയോഗം), അഞ്ചു നൂറ്.
അഞ്ഞൂറ്റാൻ നാ. മലബാറിലെ ഒരു ജാതി.

അഞ്ഞൂറ്റിക്കാർ നാ. (ബ.വ.) ലത്തീൻ ക്രിസ്ത്യാനികളിൽ ഒരു വിഭാഗം.

അഞ്ഞൂറ്റുവർ നാ. അഞ്ഞൂറു പേരടങ്ങിയ നാട്ടുകൂട്ടം.

അട1 [അടയുക] ധാതുരൂപം.

അട2 നാ. ഒരു പലഹാരം,ഇലയട.

അട3 നാ. 1.പൂട്ട്,മൂടി,അടപ്പ്; 2.വിശ്രമം; 3.അഭയം; 4.വെറ്റില; 5.വിളക്ക്; 6.പിടക്കോഴി മുട്ടയിന്മേൽ പതിയിരിക്കുന്നത്; 7.മറ, (ഉദാ.കണ്ണട); 8.ഈട്,പണയം; 9.തേനറക്കൂട്; 10.സാധനങ്ങൾ മറിഞ്ഞുപോകാതിരിക്കാൻ വയ്ക്കുന്ന തട.

അട4 [സം. < അട്] ധാതുരൂപം = ചുറ്റിത്തിരിയുക.

അട5 [പ്രാ. അട്ഠ <സം. അഷ്ടൻ] നാ. ഒരു താളം,അട്ടതാളം.

അട6 നാ.നാട്ടുബദാം.

അടകല്ല് [അട3-കല്ല്] നാ. 1.അടയ്ക്കുന്നതിനുള്ള കല്ല്; 2.കൊല്ലൻ ലോഹംവച്ച് അടിച്ചുപരത്താൻ ഉപയോഗിക്കുന്ന കല്ല്.

അടകുടി [അട1-കുടി?] നാ. അടുത്ത കുടി,ചാർച്ചയുള്ള കുടുംബം.

അടകുടിക്കാരൻ = മറ്റൊരാളിന്റെ പറമ്പിൽ കുടികിടക്കുന്നവൻ.

അടകൊതിയൻ,-പൊതിയൻ നാ. = അടപതിയൻ. ഒരുപച്ചമരുന്ന്.

അടകൊരട് നാ. ആണിപറിക്കുന്നതിനുള്ള ഉപകരണം.

അടകോടൻ നാ. തെണ്ടി,മോശക്കാരൻ.

അടക്കം1 [<അടങ്ങുക] നാ. 1.ക്ഷമ; 2.ഒതുക്കം,വിനയം; 3.മറവ്,രഹസ്യം; 4.കൈയടക്കൽ; 5.കീഴടക്കൽ,ബാധയൊഴിക്കൽ; 6.അവസാനം; 7.ശവം മറവ്ചെയ്യൽ (പ്ര.) അടക്കം ചെയ്യുക =കുഴിച്ചിടുക; 8.ഉൾപ്പെടെ(പ്ര.) രാജാവും മന്ത്രിയുമടക്കം.

അടക്കം2 കാൽവെള്ളയിലെ ഒരു മർമം.

അടക്കലം, ള-കള്ം അട1-കളം] നാ. അഭയസ്ഥാനം,രക്ഷാസ്ഥാനം.

അടക്കവാതിൽ നാ. (അടയ്ക്കായുടെ തൊണ്ടു തിന്നുന്ന/അടയ്ക്കയോളം മാത്രമുള്ള?) ചെറിയവവ്വാൽ,നരിച്ചീർ.

അടക്കാവ് നാ. 1.അടയ്ക്കാക്കുരുവി; 2.രക്ഷാസങ്കേതം.

അടക്കിവിചാരം നാ. ഒരു ഉദ്യോഗം.

അടക്ക് [അടക്കുക] നാ. അടക്കുന്ന പ്രവൃത്തി.

അടക്കുക1 [അടങ്ങുക >പ്രയോ.] ക്രി. കൈവശമാക്കുക,അപഹരിക്കുക,ശവം മറവുചെയ്യുക,ഒതുക്കുക,ആജ്ഞയ്ക്കു വിധേയമാകുക.

അടക്കുക2 = അടർക്കുക.

അടക്കോഴി നാ. അടയിരിക്കുന്ന കോഴി.

അടങ്ങ് [അടങ്ങുക] ധാതുരൂപം.

അടങ്കം = അടക്കം.

അടങ്കൽ, -ങ്ങൽ [അടങ്ങുക] നാ. 1.മതിപ്പ് ചെലവ്,ഒരു പണിക്ക് ദിവസക്കൂലി വാങ്ങിക്കുന്നതിനു പകരം മൊത്തം പറഞ്ഞു സമ്മതിക്കുന്ന കൂലി; 2.അടക്കം.

അടച്ച് [അടയ്ക്കുക] (മുൻവിന.) അവ്യ. 1.ആകെ,മുഴുവനും; 2.പൂട്ടി,ബന്ധിച്ച്.

അടച്ചുതുറ നാ. സുറിയാനിക്രിസ്ത്യാനികൾക്കിടയിൽ കല്യാണം കഴിഞ്ഞ് നാലാം ദിവസം നടത്തുന്ന ഒരു ചടങ്ങ്.ശ്വശ്രു ജാമാതാവിനെ സമ്മാനങ്ങൾ വാഗ്ദാനം ചെയ്തു മണവറയിൽനിന്ന് പുറത്തിറക്കുന്ന ചടങ്ങ്.

അടച്ചുവാറ്റി,അടച്ചൂറ്റി നാ. കഞ്ഞിവെള്ളം വാർന്നു പോകുവാൻ കലത്തിൻെറ വായിൽവച്ച് അടച്ച് ഊറ്റുവാനുപയോഗിക്കുന്ന പലക.

അടതാളം നാ. (സങ്ഗീ.) ഒരു താളം.

അടത്തുക ക്രി.= അടർത്തുക.

അടൻ [സം. < അട്] വി. അടനം ചെയ്യുന്ന,ചുറ്റിത്തിരിയുന്ന.

അടന [സം.അടനാ] നാ. യാചന.

അടനം [സം.] നാ. സഞ്ചാരം,ചുറ്റിത്തിരിയൽ.

അടനമ്പ് [അട-നയ്മ്പ്] നാ. തുഴ,പങ്കായം.

അടനി [സം. അടനീ] നാ. വില്ലിൻെറ തല,വില്ലിൻെറ അറ്റം.

അടന്ത നാ. (സങ്ഗീ.) ഒരു താളം.

അടന്ന = അടർന്ന.

അടപടലേ [അട1-പടലേ] അവ്യ. ആകെപ്പാടെ,എല്ലാം.

അടപലക [അട3-പലക] നാ. അടച്ചുവാറ്റി.

അടപ്പക്കാരൻ [അടപ്പം-കാരൻ] നാ. ചെല്ലപ്പെട്ടി സൂക്ഷിക്കുന്നവൻ.

അടപ്പൻ നാ. ഒരു രോഗം,അടപ്പാംകുരു.

അടപ്പം നാ. 1.കരണ്ടകം,വെറ്റിലച്ചെല്ലം; 2.ക്ഷുരകൻെറ സഞ്ചി (പെട്ടി).

അടപ്പ് [< അടയ്ക്കുക] നാ. 1.അടയ്ക്കുന്നതിനുള്ള ഉപകരണം; 2.അടയ്ക്കുന്ന പ്രവൃത്തി.

അടപ്പുതാരി നാ. പരിച ഉപയോഗിച്ചുള്ള ഒരടവ്.

അടപ്രഥമൻ [അട2-പ്രഥമൻ] നാ. പായസം പോലെയുള്ള ഒരു ഭക്ഷ്യം.

അടമഴ [അട1-മഴ] നാ. ധാരമുറിയാതെയുള്ള മഴ.

അടമാങ്ങ [അട1-മാങ്ങ] നാ. ഉപ്പിലിട്ട് അടച്ചുസൂക്ഷിക്കുന്ന മാങ്ങ.

അടമാനം [അട1-മാനം] നാ. 1.അടയ്ക്കുവാൻ ഉപയോഗിക്കുന്ന സാധനം; 2.ഈട്,പണയം, (പ്ര.) അടമാനം വയ്ക്കുക = ഈടുവയ്ക്കുക.

അടമാറി നാ. ഞാറ്റടി,ഞാറു വളർത്തുന്ന ചെറിയ നിലം.

അടമ്പാടേ അവ്യ.. മുഴുവനും അടങ്ങത്തക്കവിധം.

അടമ്പ് നാ. 1.ഒരു വള്ളി; 2.മുറ്റിയ വെറ്റില.

അടയ്ക്കാ,അടക്കാ [അട2-കായ്] നാ. അട(വെറ്റില)യോട് ചേർത്ത് ചവയ്ക്കാനുള്ള കായ്(?).

അടയ്ക്കാക്കത്തി നാ. പാക്കുവെട്ടി.

അടയ്ക്കാക്കുരുവി നാ. അടുക്കളക്കുരികിൽ.

അടയ്ക്കാമണിയൻ നാ. ഒരു ഔഷധസസ്യം.

അടയ്ക്കാമരം നാ. കമുക്.

അടയ്ക്കുക [അടയുക >പ്രയോ.] ക്രി.മൂടുക.

അടയ [<അട1] അവ്യ. എല്ലാം,മുഴുവനും അടങ്ങ്ങ്ങത്തക്കവിധം.

അടയച്ച് നാ. പൊന്നിലും മറ്റും ചെറിയ മണികൽ ഉണ്ടാക്കാനുള്ള അച്ച്.

അടയമൃത് [അട-അമൃത്] നാ. ക്ഷേത്രത്തിൽ നിവേദിക്കുന്നതിനുള്ള അട.

അടയൽ നാ. 1.അണ,ചിറ; 2.അടപ്പ്.

അടയലർ ഉഅടലർ,അടലാർ (പ.മ.) നാ. അടുക്കാത്തവർ,ശത്രുക്കൾ.

അടയാണി നാ. വയലിൽനിന്നുള്ള വെള്ളം ഒഴുകിപ്പോകുന്നതിനുള്ള ചാൽ.
അടയാളം നാ. 1.തിരിച്ചറിയുവാനുള്ള ചി ം,മുദ്ര; 2.സൂചന,സങ്കേതം; 3.പാട്,കല,വടു.
അടയാളവാക്ക് നാ.വിശ്വാസ്യമായി തോന്നാൻ,വേറാർക്കും അറിയാത്ത രഹസ്യം ഒരാൾക്കു സന്ദേശമായി അയയ്ക്കാൻ ഉപയോഗിക്കുന്ന വാക്ക്.
അടയുക
ക്രി..വന്നുചേരുക,കൂടിച്ചേരുക,ലഭിക്കുക,പ്രാപിക്കുക,(നികുതി)കൊടുത്തു തീരുക,പൂർത്തിയാകുക.
അടയെ [<അടയുക] =അടയ.
അടയോല നാ. പാട്ടച്ചീട്ട്.
അടർ1 [അടർക്കുക] ധാതുരൂപം.
അടർ2 നാ.യുദ്ധം.
അടർക്കരപ്പൻ നാ. ഒരുതരം കരപ്പൻ (പൊറ്റൻ അടരുന്നതിനാൽ).
അടർക്കളം നാ. യുദ്ധക്കളം.
അടർക്കുക,അടർത്തുക ക്രി..പൊട്ടിച്ചെടുക്കുക,ഇളക്കിമാറ്റുക.
അടർച്ച [<അടരുക] ന. അടരൽ,അടരുന്ന സ്ഥിതി.
അടർത്തുക = അടർക്കുക.
അടർനിലം = അടർക്കളം.
അടർപ്പ് നാ. അടർന്നുവന്നത്,അടർത്തിയത്,പൂള്,കീറ്.
അടര് നാ. 1.അടർന്നത്,നുറുങ്ങ്,ചീന്ത്; 2.അടുക്ക്,അട്ടി.
അടരുക ക്രി. പൊട്ടിവീഴുക,ഇളകിപ്പോകുക.
അടരൂഷകം [സം.] നാ. ആടലോടകം.
അടൽ നാ. 1.യുദ്ധം,ഏറ്റുമുട്ടൽ; 2.കൊല; 3.കരുത്ത്. (പ്ര.) അടൽ കിട്ടുക = യുദ്ധം ചെയ്യുക.
അടല വി. ഇളക്കമില്ലാത്ത,ഉറച്ച.
അടലാംശു [സം.] നാ. ആടലോടകം.
അടലിടം [അടൽ-ഇടം] നാ. യുദ്ധക്കളം.
അടല് =അടര്.
അടലുക = അടരുക.
അടവയ്ക്കുക [അട3-വയ്ക്കുക] ക്രി. 1.താങ്ങുകൊടുക്കുക; 2.അടക്കോഴിയെ മുട്ടയ്ക്കു മീതെ ഇരുത്തുക.
അടവഴി നാ. അടഞ്ഞവഴി..
അടവി1 നാ. 1.വനം,കാട്; 2.അടച്ചുകെട്ടിയ സ്ഥലം.
അടവി2 നാ. അടവ്.
അടവി3 നാ. കഴുകൻ.
അടവികൻ,ആടവികൻ [സം.] നാ. 1.കാട്ടാളൻ,വനചരൻ; 2.വനസംരക്ഷകൻ,വനം വിചാരിപ്പുകാരൻ; 3.കാടുവാഴി..
അടവിക്കച്ചോലം നാ. ഒരു ഓഷധി.
അടവിജംബീരം [സം. അടവി-ജംബീര] നാ. കാട്ടുനാരകം,മലനാരകം.

അടവിതുള്ളൽ നാ. പടയണിയിലെ ഒരു ചടങ്ങ്.
അടവ് [< അടയുക] നാ. 1. അടഞ്ഞിരിക്കൽ,അടപ്പ്,തടസ്സം; 2.മറവ്,രഹസ്യം,ഭദ്രത; 3.അടച്ചുകെട്ടിയ സ്ഥലം,പുരയിടം; 4.വേലി,മതിൽ; 5.ക്രമം,മുറ,ആചാരം, 6.പ്രയോഗകൗശലം,സാമർഥ്യം,ഉപായം; 7.പോര്; 8.പോരിൽ ആക്രമണം തടയത്തക്കവണ്ണമുള്ള പ്രയോഗം,അഭ്യാസരീതി,ഉദാ.പതിനെട്ടടവും പയറ്റി; 9.ഒരു സൈന്യവിഭാഗം,വകുപ്പ്; 10.അടുപ്പം,ചേർച്ച; 11.അടഞ്ഞതുക,കൊടുത്തുതീർത്ത മുതൽ; 12.അടഞ്ഞതുക സംബന്ധിച്ച കണക്ക്; 13.അടങ്കമുള്ളത്; 14.അടങ്കൽ പതിവായി നിശ്ചിതസാധനങ്ങൾ ഏൽപ്പിക്കുന്ന ഏർപ്പാട്,പറ്റുവരവ്.
അടവുകാരൻ നാ. 1.പതിവായി സാധനങ്ങൾ വാങ്ങുകയോ ഏൽപ്പിക്കുകയോ ചെയ്യുന്ന ആൾ; 2.സൂത്രശാലി.
അടവുകേട് നാ. 1.മുറയില്ലായ്മ; 2.കായികപരിശീലനത്തിൽ വരുന്ന പിഴവ്.
അടവുചവിട്ട് നാ. പാട്ടിനി.ടയിൽ നടത്തുന്ന താളം ചവിട്ട്.
അടവുക [<അടുക] ക്രി. പാകം ചെയ്യുക.
അടവേ [അടവ്-ഏ] അവ്യ. അടച്ച്,മുഴുവനായി.
അടശ് [<അട1] നാ. അടയത്തക്കവണ്ണം ചെയ്യുന്നത്,ചട്ടക്കൂട്ടുകതകിൻെറ നാലു ചട്ടങ്ങളുടെ നടുഭാഗം അടയ്ക്കുന്ന പലക,അപ്രകാരം പലകയിട്ടു ചെയ്യുന്ന കതക്.
അടാ [അടു-ആ] ക്രി. 1.അടുക്കുകയില്ല,യോജിക്കയില്ല; 2.ചെല്ലുകയില്ല; 3.ഒക്കുകയില്ല,സാധിക്കുകയില്ല.
അടാത,-ത്ത [അടുക] (ഭൂ.പേരെച്ചം) വി. 1.അടുക്കാത്ത,ചേരാത്ത; 2.സാധിക്കാത്ത,കഴിയാത്ത.
അടാതോർ [അടാത-അവർ] നാ. (ബ.വ.) കൊള്ളരുതാത്തവർ,അടുക്കാത്തവർ.
അടപിടി നാ. 1.ബലാത്കാരം,അക്രമം,കുഴപ്പം; 2.നിർബന്ധം,(അവ്യ.) ഉടൻ,അടുത്തപാടേ.
അടമ്പടി.-പിടി [അടാം-പടി,-പിടി] അവ്യ..അടുക്കും പടി ചേരും വണ്ണം,മുറപ്രകാരം.
അടി1 [അടിയുക] ധാതുരൂപം.
അടി2 [അടിക്കുക] നാ. 1.തല്ല്,കൈകൊണ്ടോമറ്റോ പ്രഹരിക്കൽ,ഊക്കോടെ മറ്റൊന്നിൽ ചെന്നു തട്ടൽ; 2.ലഹള,,തമ്മിൽതല്ല്; 3.വീശൽ; 4.നടത്തൽ,തെളിക്കൽ,(കാളവണ്ടിപോലുള്ള വാഹനങ്ങളുടെ); 5.പതിക്കൽ,(അച്ച്,മുദ്ര ഇത്യാദി); 6.തൂപ്പ്,വെടിപ്പാക്കൽ,(ഉദാ.അടിച്ചുവാരുക); 7.മുഴക്കം,കിലുക്കം; 8.പൂശൽ,തേപ്പ് (ഉദാ.അടിച്ചു വാരുക),ചിറകു ചലിപ്പിക്കുക; 12.സാമർഥ്യപ്രയോഗം; 13.വസ്ത്രം അലക്കൽ (ഉദാ.അടിയും കുളിയും).
37
അടി3 നാ. 1.കീഴറ്റം,താഴത്തെ ഭാഗം; 2.കീഴ്,മറ്റൊന്നിനു താഴെയുള്ള ഭാഗം; 3.കാലടി,പാദം,പക്ഷിമൃഗാദികളുടെ കാൽ (ഉദാ.തിരുവടി); 4.അടിയളവ്,ചുവടളവ്; 5.നടക്കുമ്പോളൊരു കാൽ മുന്നോട്ട് വയ്ക്കുന്ന ദൂരം,ചുവട്.
അടികലശൽ നാ. അടിപിടി,ബഹളം,തമ്മിൽത്തല്ല്.
അടികൾ [അടി3-കൾ] നാ. 1.(പു.ബ.വ.) തിരുവടികൾ,തൃപ്പാദങ്ങൾ; 2.ഒരു പൂജാരിവർഗം.(സ്ത്രീ.) അടിയമ്മ.
അടികൊള്ളി [അടി2-കൊള്ളി] നാ. 1.തല്ലു വാങ്ങിക്കുന്നവൻ,കൊള്ളരുതാത്തവൻ; 2.ഒരിനം നെല്ല്,ശക്തിയായി അടിച്ചാൽ മാത്രം കൊഴിയുന്നത്.

അടിക്കടി [അടിക്ക്-അടി3] അവ്യ. ഓരോ അടിവയ്ക്കുമ്പോഴും,വീണ്ടും വീണ്ടും.
അടിക്കട്ട നാ. ഓടത്തിനു വേഗതയുണ്ടാക്കുന്ന ഒരു ഉപകരണം.
അടിക്കണ [അടി3-കണ] നാ. (നെല്ലിൻെറ)ചുവട്ടിലെ കണ,കിളിർപ്പ്.

അടിക്കനം [അടി3-കനം] നാ.അടിയിലുള്ള കനം,അടിച്ചരക്ക്.
അടിക്കലം [അടി3-കലം] നാ.1.രാജാവ് ഭക്ഷണം കഴിക്കുന്ന പാത്രം; 2.ഒന്നിനു മീതെ മറ്റൊന്നായി പല കങ്ങൾ വച്ചിരിക്കുന്നതിൽ അടിയിലത്തേത്.
അടിക്കല്ല് [അടി3-കല്ല്] നാ. 1.കെട്ടിടത്തിൻ അടിത്തറകെട്ടുമ്പോൾ ആദ്യമായി ഇടുന്ന കല്ല്,ആധാരശില; 2.(ആല.)അടിസ്ഥാനതത്ത്വം.
അടിക്കളം [അടി2-കളം] നാ. കറ്റയടിക്കാനുള്ള കളം.
അടിക്കാട് [സം.അടി3-കാട്] നാ. വൻവൃക്ഷങ്ങൾക്കു കീഴിൽ നിൽക്കുന്ന കുറ്റിച്ചെടികളും ചെറുമരങ്ങളും അടങ്ങിയ കാട്.താരത മേൽക്കാട്.
അടിക്കാരൻ [അടി2-കാരൻ] നാ. അടിപിടികൂടുന്നവൻ.
അടിക്കിടാവ് [അടി3-കിടാവ്] നാ. 1.ആദ്യത്തെ കുട്ടി; 2.അടിയാൻെറ കുട്ടി.
അടിക്കുക ക്രി.. 1.കൈകൊണ്ടോ വടികൊണ്ടോ മറ്റോ തല്ലുക,തല്ലിക്കയറ്റുക,ആഘാതമേൽപ്പിച്ച് ഉറപ്പിക്കുക; 2.ചൂലു മുതലായവ കൊണ്ട് തൂത്തു വൃത്തിയാക്കുക; 3.വീശുക (ഉദാ.കാറ്റടിക്കുന്നു),പരക്കുക (ഗന്ധം പോലെ); 4.പൂശുക,തേച്ചുപിടിപ്പിക്കുക; 5.വണ്ടി,കാള മുതലായവ തെളിക്കുക,നടത്തുക; 6,മുദ്രപതിക്കുക,മുദ്രണം ചെയ്യുക; 7.ചേങ്ങല മണി മുതലായവ തട്ടിയോ മുട്ടിയോ ശബ്ദമുണ്ടാക്കുക; 8.ഉഴുതനിലം നിരപ്പാക്കുക; 9.ചിറക് ചലിപ്പിക്കുക; 10.അലക്കുക; 11.യന്ത്രമുപയോഗിച്ചു തയ്ക്കുക; 12.ധാരാളമായി തിന്നുക,കുടിക്കുക(പരിഹാസാർഥം); 13.കൈക്കലാക്കുക; 14.സമ്മാനമോ ഖ്യാതിയോ നേടുക; 15.സങ്കോചം കൂടാതെ പറയുക (ഉദാ.അടിച്ചുവിടുക).
അടിക്കുറിപ്പ് [അടി3-കുറിപ്പ്] നാ. പുസ്തകത്തിലും മറ്റും ഒരു പുറത്തിൻെറ അടിയിൽ ചേർക്കുന്ന കുറിപ്പ്..
അടിച്ചരക്ക് [അടി3-ചരക്ക്] നാ. 1.പായ്ക്കപ്പൽ മുതലായ ജലയാനങ്ങൾ മറിയാതിരിക്കൻ അവയുടെ അടിഭാഗത്തു നിക്ഷേപിക്കുന്ന ഭാരം; 2.പലവ്യഞ്ജനപ്പെട്ടിയിൽ അവശേഷിക്കുന്ന പൊട്ടും പൊടിയും.
അടിച്ചി [അടി3-ത്തി] നാ. അടിയാട്ടി,ഭൃത്യ.
അടിച്ചിപ്പാര,അടിച്ചാര [അടിച്ചിൽ-പാര] നാ.കോഞ്ഞാട്ട,ഓലമടലിൻെറ അടിയറ്റത്തുള്ള വലപോലുള്ള ചൂട്ട്.
അടിച്ചിൽ [<അടിയുക] നാ. 1.അടിയൽ,വീണു നിലം പൊത്തൽ; 2.അടിഞ്ഞത്,മട്ട്,മട്ടി; 3.കുരുക്ക്,കെണി.
അടിച്ച് [അടിക്കുക] (ഭൂ.പേരെച്ചം) (പ്ര.) അടിച്ചുകളയുക = ബലം പ്രയോഗിച്ചു പുറത്താക്കുക,നിഷ്കാസനം ചെയ്യുക; അടിച്ചുകയറുക = (തിരയടിക്കുന്നതുപോലെ)മുന്നേറുക,ഇരമ്പിക്കയരുക; അടിച്ചുകൂട്ടുക = 1.തൂത്തു കൂട്ടുക, 2.കൂര പണിയുക; അടിച്ചുപൂസാകുക = മദ്യപിച്ചു ലക്കുകെട്ടുപോകുക; അടിച്ചുവിടുക = ആലോചിക്കാതെ പറയുക,തട്ടിവിടുക; അടിച്ചെടുക്കുക = തട്ടിയെടുക്കുക; അടിച്ചേൽപ്പിക്കുക =നിർബന്ധിച്ചു സ്വീകരിപ്പിക്കുക,അടിച്ചുകൂട്ട് = തടികൊണ്ട് അടിച്ചുകൂട്ടി നിർമിക്കുന്ന പുര.

അടിച്ചു [സം.അടിക്കുക] (ഭൂ.രൂപം.)
അടിച്ചുതളി നാ. അടിതളി.
അടിതട നാ. അടിയും തടയും,കളരിയിലെ അഭ്യാസമുറകൾ.
അടിതളി [അടി2-തളി] നാ. തൂത്തുവാരി വൃത്തിയാക്കി വെള്ളമോ ചാണകമോ തളിക്കൽ.
അടിതളിർ [അടി3-തളിർ] നാ. മൃദുലമായ കാൽപാദം.

അടിതിരി [അടി3-തിരി] നാ. മലയാളബ്രാഹ്മണരിൽ ഒരു വിഭാഗം,അഗ്ന്യാധാനം ചെയ്തവൻ.
അടിത്തട്ട് [അടി3-തട്ട്] നാ. 1.അടിയിലെ തട്ട്,ഏറ്റവും താണ ഭാഗം; 2.ജലാശയത്തിൻെറ അടിപ്പരപ്പ്.
അടിത്തറ [അടി3-തറ] നാ. കെട്ടിടം ഉറച്ചുനിൽക്കുന്ന മണ്ണ്,അടിസ്ഥാനം.
അടിദ്രവ്യം [അടി3-ദ്രവ്യ] നാ. 1.തിരുമുൽക്കാഴ്ച; 2.[അടു-ദ്രവ്യ?] സ്ത്രീധനമായി കൊടുക്കുന്ന ദ്രവ്യം.
അടിപിടി നാ. 1.വഴക്ക്,തമ്മിൽത്തല്ല്; .കാലുപിടിത്തം.
അടിപിഴചാവർ നാ. മന്നാന്മാരുടെ ഒരു ദേവത.
അടിപെടുക ക്രി. അടിയിൽ പെടുക,പരാജയപ്പെടുക.
അടിപ്പട(വ്) [അടി3-പട(വ്)] നാ. 1.അടിത്തറ,അടിസ്ഥാനം; 2.പടിയുടെ ഏറ്റവും അടിയിലെ കല്ല്,അടിയിൽ പടുത്ത കല്ല്.
അടിപ്പൻ നാ. അച്ചിൽ അടിച്ചുണ്ടാക്കുന്നത്,കിണ്ണം.
അടിപ്പാട് [അടി3-പാട്] നാ. 1.കീഴ്വശം; 2.ചുവട്ടടിയളവ്,കാൽപ്പാട്,പാദമുദ്ര,അടിയേറ്റ പാട്.
അടിപ്പ് [അടിക്കുക] നാ. അടിക്കൽ (=പ്പ് ചേർന്ന കൃദ്രൂപം).
അടിമ [അടി3-മ] നാ. 1.വേറൊരാൾക്ക് അടിപ്പെട്ട വ്യക്തി,വിലകൊടുത്തു വാങ്ങിയിട്ടോ തടവിലാക്കിയിട്ടോ സ്വന്തമായിത്തീർന്നവൻ; 2. യജമാനനു വേണ്ടി കൂലി വാങ്ങാതെ ജോലി ചെയ്യാൻ കടപ്പെട്ട വ്യക്തി,കീഴാൾ,അടിയാൻ; 3.ദാസൻ,സേവകൻ; 4.ഭക്തൻ; 5.വിധേയൻ,വേറൊരാളിൻെറയോ വേറൊന്നിൻെറയോ ശക്തിക്കു കീഴ്പ്പെട്ടവൻ; 6.ഒരു പഴയ ഭൂവുടമസമ്പ്രദായം,അടിമപ്പണിക്കു പകരം ജന്മമായി വിട്ടുകൊടുത്ത വസ്തു.(പ്ര.) അടിമ ഇരുത്തുക = പുണ്യവാളൻെറയോ,പുണ്യവതിയുടെയോ സംരക്ഷണയ്ക്കു കുട്ടിയെ സമർപ്പിക്കുക (ക്രിസ്ത്യാനികളുടെ ഇടയിൽ); അടിമകിടത്തുക = ക്ഷേത്രത്തിൻെറ നടയിൽ കുഞ്ഞിനെ കിടത്തി ദേവൻെറയോ ദേവിയുടെയോ അടിമയാക്കുക.
അടിമക്കച്ചവടം നാ. അടിമകളെ വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന സമ്പ്രദായം.
അടിമക്കാശ് നാ. (ക്ഷേത്രത്തിലെ)ഊഴിയക്കാരിൽനിന്നു പിരിച്ചുവന്നിരുന്ന കരം.
അടിമക്കൊടി നാ. സാമന്തത്വം സൂചിപ്പിക്കുന്ന കൊടി,മേൽക്കോയ്മ സമ്മതിച്ച് അർപ്പിക്കുന്ന കൊടി.
അടിമജന്മം നാ. അടിയാന്മാർക്കു കരമൊഴിവായി കൊടുക്കുന്ന വസ്തു.
അടിമത്തം നാ. അടിമയായിരിക്കുന്ന അവസ്ഥ.

അടിമപ്പണം നാ. 1.അമ്പലത്തിൽ അടിമയായി അർപ്പിച്ച ആളിനെ വീണ്ടെടുക്കാൻ കൊടുക്കുന്ന പണം; 2.അടിമകൾ കൊടുത്തിരുന്ന വരിപ്പണം; 3.അടിമയൊറ്റി,ജന്മം മുതലായവയ്ക്കു കൊടുക്കുന്ന പണം.
അടിമപ്പണി നാ. അടിമവേല,ദാസ്യവൃത്തി,പ്രതിഫലം പറ്റാതെ ചെയ്യുന്ന പണി.
അടിമപ്പറമ്പ് നാ. കരമൊഴിവായോ കുറഞ്ഞ കരത്തിനോ അടിമയ്ക്കു വിട്ടുകൊടുക്കുന്ന പറമ്പ്.
അടിമപ്പാട് നാ. കാണിക്ക,തിരുമുൽക്കാഴ്ച്ച.
അടിമപ്പെടുക ക്രി. അടിമയായിത്തീരുക.
അടിമയാവന [മ. അടിമ-സം. യാപനാ] നാ. അടിമകൾക്ക് ജീവിതവൃത്തിക്കായി കൊടുക്കുന്ന ഭൂമി..
അടിമയൊറ്റി [അടിമ-ഒറ്റി] നാ. ഒരു പഴയ ഭൂവുടമസമ്പ്രദായം.
അടിമയോല [അടിമ-ഓല] നാ. അടിമയുടെ ക്രയവിക്രയങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള ഓല.

അടിമവിരുത്തി നാ. അടിമയ്ക്കു കൊടുക്കുന്ന വിരുത്തി വസ്തു,ഒരു ഭൂവുടമസമ്പ്രദായം.
അടിമാച്ചിൽ [അടി2-മാച്ചിൽ] നാ. തെരുവു തൂക്കാൻ ഉള്ള നീണ്ടപിടിയോടുകൂടിയ ചൂൽ.
അടിമുടി [അടി3-മുടി] നാ. കാലടിമുതൽ തലമുടിവരെ,പാദാദികേശം.
അടിമ്പക്ഷി നാ. മണ്ണാത്തിപ്പുള്ള്.
അടിയൻ [അടി3-ഏൻ] നാ. 1.താണവനായ ഞാൻ,പാദദാസൻ; 2.ഒരു ഗിരിവർഗം.
അടിയന്തിരം,-ന്തരം,-ന്ത്രം [ഒടി-യന്ത്രം?] നാ. 1.അത്യാവശ്യമായി നടക്കേണ്ട കാര്യം; 2.ആചാരമനുസരിച്ച് നടക്കേണ്ട വിശേഷച്ചടങ്ങ്. (ഉദാ.പതിനാറടിയന്തിരം.)
അടിയന്തിരാവസ്ഥ [അടിയന്തിര-അവസ്ഥ] നാ. രാജ്യം ആപദ്ഘട്ടത്തിലെത്തുമ്പോൾ ഭരണാധികാരികൾ പ്രഖ്യാപിക്കുന്ന കർക്കശനിയന്ത്രണം.
അടിയമ്മ നാ. അടികൾ ജാതിയിൽപ്പെട്ട സ്ത്രീ.
അടിയവൻ [അടി3-അവൻ] നാ. അടിയാൻ.
അടിയവരമ്പൻ [അടിയവർ-അൻപൻ] നാ. ഭക്തപ്രിയൻ.
അടിയളപ്പൻ [അടി3-അളപ്പൻ] നാ. 1.ഒറ്റയാൻെറ ചുവട്ടടി പിടിച്ചുനടക്കുന്ന കുട്ടിക്കൊമ്പൻ; 2.ഒറ്റയാൻ പന്നി.
അടിയളവ് [അടി3-അളവ്] നാ.പകൽ,സമയം നിർണയിക്കാൻ ചുവട്ടടി അളക്കൽ.
അടിയളവുവാക്യം [അടി3-അളവുവാക്യം] നാ. നിഴലളന്നു സമയം നിർണയിക്കാനുള്ള വാക്യം,ഛായാവാക്യം.
അടിയറ [അടി3-അറ] നാ. 1.പാദത്തിൽ സമർപ്പിക്കുന്നത്,കാണിക്ക,തിരുമുൽക്കാഴ്ച; 2.രാജാവിനു നൽകുന്ന ഉപഹാരം; 3.തോൽവി സമ്മതിച്ചു കാൽക്കൽ വയ്ക്കുന്ന കാണിക്ക,(ചതുരങ്ഗക്കളിയിൽ) നിൽക്കക്കള്ളിയില്ലാതാകൽ.
അടിയറപ്പാട്ടം [അടിയറ-പാട്ടം] നാ. ഒരു ഭൂവുടമസമ്പ്രദായം.

അടിയറവ് [അടി3-അറവ് < അറു] നാ. ചതുരങ്ഗക്കളിയിൽ തോൽവി സമ്മതിക്കൽ.
അടിയറുക്കുക [അടി3-അറുക്കുക] ക്രി. മൂലച്ഛേദം ചെയ്യുക,നശിപ്പിക്കുക,ചുവടേ നശിപ്പിക്കുക.
അടിയാധാരം [അടി3-ആധാരം] നാ. മുൻപ്രമാണം.
അടിയാൻ [അടി3-അവൻ] നാ. 1.പാദസേവകൻ; 2.ജന്മിമാരെ ആശ്രയിച്ച് അവരുടെ കൃഷിയും മറ്റും നോക്കിക്കഴിയുന്ന കീഴാൾ,അടിമ,ആശ്രിതൻ. (സ്ത്രീ.)അടിയാൾ,അടിയാട്ടി.
അടിയായ്മ,-ണ്മ നാ. അടിമത്തം.
അടിയാർപണം നാ. ജന്മിമാർക്ക് അടിയാർ കൊടുത്തിരുന്ന ഒരുതരം കരം.
അടിയാൾ [അടി3-ആൾ] നാ. അടിമസ്ത്രീ,ദാസി,അടിയാട്ടി.
അടിയിത്തമ്മോൻ [അടി-ഇരുത്തുവോൻ?] നാ. കൈമൾ സ്ഥനമുള്ള സാമന്തൻ.
അടിയില്ലം [അടി3-ഇല്ലം] നാ. തെക്കൻ പുലയരുടെ ഗോത്രങ്ങളിൽ ഒന്ന്.
അടിയിറ [അടി3-ഇറ] നാ. കാലടികളിൽ അർപ്പിക്കുന്ന ഇറ,ഒരു കരം.
അടിയുക [<അടി1] ക്രി. 1.അടിയിൽ ഉറഞ്ഞുകൂടുക; 2.താഴെ വീഴുക; 3.നിലത്തുവീണു കിടക്കുക,നമസ്കാരം ചെയ്യുക; 4.കുമിഞ്ഞുകൂടുക; 5. (ആല.) വിഷാദം,നിരാശ മുതലായ വികാരങ്ങളിൽ മുഴുകുക; 6.അകപ്പെടുക,കുടുങ്ങുക; 7.നശിക്കുക,താണുപോകുക; 8.ഒഴുക്കിൽപ്പെട്ടു വന്നുചേരുക,കരയിലടുക്കുക.
അടിയുറവ്,അടിയൂറ്റ് [അടി3-ഉറവ്, -ഊറ്റ്] നാ. ഭൂമിയുടെ അടിയിൽനിന്ന് ഊറിവരുന്ന ഊറ്റ്.
അടിയൊഴുക്ക് [അടി3-ഒഴുക്ക്] നാ. മേൽപ്പരപ്പിൽ കാണാതെയുള്ള ഒഴുക്ക്, (ആല.) രഹസ്യം,പൊതുജനങ്ങൾ അറിയാതെ നടക്കുന്നത്.
അടിയോടി നാ. കടത്തനാട്ടിലെ നായന്മാരിൽ ഒരു വിഭാഗം.
അടിവര [അടി3-വര] നാ. (പ്രത്യേകശ്രദ്ധയർഹിക്കുന്നത് എന്ന അർഥത്തിൽ) വാക്കിൻെറ അടിക്കു വരയ്ക്കുന്ന വര.

അടിവലിവ് [അടി3-വലിവ്] നാ. അടിയൊഴുക്ക്.
അടിവാക്യം [അടി3-വാക്യം] നാ. അടിയളവുവാക്യം.
അടിവാനം [അടി3-വാനം] നാ. (കെട്ടിടത്തിൻെറയും മറ്റും) അടിസ്ഥാനം.
അടിവാരം [അടി3-വാരം] നാ. 1.കുന്നിൻെറയും മറ്റും താഴത്തെ ഭാഗം,താഴ്വര; 2.അടിസ്ഥാനം,അസ്ഥിവാരം.
അടിവ് [<അടിയുക] നാ. അടിഞ്ഞത്,മട്ടി.
അടിസ്ഥാനജനാധിപത്യം [സം. -ജനാധിപത്യ] നാ. (രാഷ്ട്ര.) താഴ്ന്ന തലത്തിൽ ജനാധിപത്യം പ്രവർത്തിക്കുന്ന സംവിധാനം.
39
അടിസ്ഥാനം [സം. അധിഷ്ഠാന < അധി-സ്ഥാന] നാ. 1.അടിക്കെട്ട്,അടിത്തറ; 2.ആധാരമയ വസ്തുത,തെളിവ്.
അടിസ്ഥാനവിദ്യാഭ്യാസം [സം. അടിസ്ഥാന-വിദ്യാഭ്യാസ] നാ. തൊഴിൽ പരിശീലനത്തെ ആസ്പദമാക്കിയുള്ള ഒരു വിദ്യാഭ്യാസസമ്പ്രദായം.
അടീരി = അടിതിരി.

അടു1 [അടുക] ധാതുരൂപം.
അടുക ക്രി. ചീയുക,അഴുകുക,ഇലയും മറ്റും വീണു ദ്രവിക്കുക,കടലാസും മറ്റും നനഞ്ഞു പൊടിയുക.
അടുകുക ക്രി. 1.വേവിക്കുക,പകം ചെയ്യുക; 2.കുടിക്കുക,കഴിക്കുക.
അടുക്കം നാ. തുറസ്സായ സ്ഥലം.
അടുക്കൽ1 [അടു-കൽ] അവ്യ. 1.അടുത്ത്,അരികെ; 2.മുമ്പാകെ,സന്നിധാനത്തിൽ; 3.പക്കൽ,ഓട്,കൂടെ.
അടുക്കൽ2 [അടുക്കുക] നാ. 1.അടുക്കി വയ്ക്കൽ,അടുക്കുന്ന ക്രിയ; 2.അടുത്തു വരുന്ന പ്രവൃത്തി.
അടുക്കള [അടു-ക്ക-അള] നാ. 1.അടുക്കുന്ന സ്ഥലം,പാചകശാല,മടപ്പള്ളി; 2.അടുക്കളക്കാരി,ഭാര്യ,ഗൃഹിണി. (പ്ര.) അടുക്കള കാണുക = ജാമാതാവിൻെറ ഗൃഹത്തിൽ ചെല്ലുക; അടുക്കളക്കലഹം = അടുക്കളവഴക്ക്,സ്ത്രീകൾ തമ്മിലുള്ള വഴക്ക്;അടുക്കളക്കാണം = 1.കാണപ്പാട്ടം പുതുക്കുമ്പോൾ ജന്മിയുടെ ഗൃഹത്തിലെ സ്ത്രീകൾക്ക് പാട്ടക്കാരൻ കൊടുക്കുന്നത്; 2.അടുക്കളച്ചെലവിന് കാണമായി കൊടുക്കുന്നവസ്തു.
അടുക്കളക്കാരൻ നാ. അരിവയ്പ്പുകാരൻ.
അടുക്കളക്കാരി നാ. വീട്ടുകാരി.
അടുക്കളക്കാര്യം നാ. വീട്ടുകാര്യം.
അടുക്കളക്കുട്ടൻ നാ. വീട്ടിലിരുന്നു വമ്പു പറയുന്നവൻ.
അടുക്കളക്കുരികിൽ നാ. ഒരുതരം ചെറിയ പക്ഷി,ഊർക്കുരികിൽ,അടയ്ക്കാക്കുരികിൽ.
അടുക്കളക്കുറ്റം,-ദോഷം നാ. വീട്ടിലെ സ്ത്രീജനങ്ങളുടെ ചാരിത്രദോഷം.
അടിക്കളത്തോട്ടം നാ. അടുക്കളയിലേക്കു വേണ്ട മലക്കറി ലഭ്യമാകാൻ വീടിനോട്(അടുക്കളയോട്)ചേർന്ന് ഉണ്ടാക്കുന്ന മലക്കറിത്തോട്ടം.
അടുക്കളപ്പുറം നാ.ക്ഷേത്രത്തിലെ മടപ്പള്ളിയുടെ ചെലവിലേക്കായി വിട്ടുകൊടുക്കുന്ന ഭൂമി.
അടുക്കളമാടൻ നാ. വിശേഷിച്ചൊരുജോലിയുമില്ലാതെ തിന്നുകൊഴുത്തു കഴിയുന്നവൻ.
അടുക്കളമിടുക്ക് നാ. വീട്ടിനുള്ളിൽ മാത്രം കാണിക്കുന്ന സാമർഥ്യം,തിണ്ണമിടുക്ക്.
അടുക്കളസേവ [മ. അടുക്കള-സം.സേവാ] നാ. ഗൃഹനായികയുടെ പ്രീതി സമ്പാദിക്കൽ.
അടുക്ക് [<അടുക്കുക] നാ. 1.അടുക്കിയത്,അടുത്തടുത്തു വച്ചിട്ടുള്ളത്,ക്രമപ്പെടുത്തിയിട്ടുള്ളത്; 2.കൂട്ടം,നിര,പങ്ക്തി,മുറ,വിഷയങ്ങളെ അനുക്രമമായി ചേർത്തിട്ടുള്ളത്; 3.വഴക്കം,മുറ,ചിട്ട; 4.പാളി,അട്ടി,ഒന്നിനുമേൽ ഒന്നായി കൂടിയിരിക്കൽ; 5.പിച്ചാത്തി മുതലായവയുടെ പിടി,അതിൽ ഭങ്ഗിക്കായി കന്നുങൊമ്പ് മുതലായവ പതിച്ചിട്ടുള്ളത്; 6.ഞൊറി (ഉദാ.അടുക്കിട്ട് തുണി ഉടുക്കുക) അടുക്കു പറയുന്നവന് അഞ്ഞാഴി.(പഴ.)

അടുക്കുക ക്രി. 1.അടുത്തുചെല്ലുക,സമീപിക്കുക,വേറൊന്നുമായുള്ള അന്തരം കുറയത്തക്കവണ്ണം നീങ്ങുക,ദൂരത്തു നിന്ന്,അടുത്തെക്ക് എത്തുക,(കാലത്തിലോ ദേശത്തിലോ)ചേരുക; 2.യുദ്ധത്തിൽ നേരിടുക; 3.ഉചിതമാകുക,യോഗ്യമാകുക,ഇണങ്ങുക,പറ്റുക; 4.തുല്യമാകുക; 5.അടുത്തു പെരുമാറുക,ഇണങ്ങുക,മൈത്രിയിലാകുക,സേവയ്ക്കു പറ്റിക്കൂടുക; 6.കൊടുക്കുക.

അടുക്കുക2 ക്രി. അടുക്കായി വയ്ക്കുക,ഒന്നിനോട് ഒന്ന് ചേർത്തു വയ്ക്കുക,ക്രമപ്പെടുത്തുക,മുറയ്ക്കാക്കുക.

അടുക്കുത്തരം [അടുക്ക്-ഉത്തരം] നാ.(തച്ചു.) ചുറ്റുത്തരം,പ്രധാന ഉത്തരത്തിൻ മുകളിൽ ഉറപ്പിക്കുന്ന ഉത്തരം.

അടുക്കുപാത്രം നാ. (ഒരേ ആകൃതിയായതിനാൽ) ഒന്നിനു മുകളിൽ ഒന്നായി അടുക്കി കൊളുത്തിട്ട് വയ്ക്കാവുന്ന പാത്രങ്ങൾ.

അടുക്കുമത്,-വത് നാ. 1.കൊടുക്കുവാനുള്ളത്,ചെല്ലാനുള്ളത്,പതിവിൻപടി വിറ്റതോ ഒറ്റികൊടുത്തതോ ആയ വസ്തുവിൽ ജന്മിക്കു നിൽക്കുന്ന അവകാശം; 2.വിരുത്തിക്കാരൻ മരിച്ചൽ ആയാളുടെ പിന്തുടർച്ചക്കാരൻ വിരുത്തി അനുഭവിക്കുന്നതിൻ സർക്കാരിലേക്കോ,ജന്മിക്കോ നൽകുന്ന സംഖ്യ.

അടുക്കൂട്ടം നാ. കാണപ്പുലയരുടെ ഒരു ഗോത്രം.

അടുങ്ങുക ക്രി. അടുത്തുചേരുക,ചേർന്നിരിക്കുക.

അടുത്ത [<അടുക്കുക] (ഭൂ.പേരെച്ചം) വി. 1.അടുത്തുള്ള,സമീപമുള്ള,തൊട്ടുപിന്നെയുള്ള; 2.ബന്ധം കൊണ്ട് അടുപ്പമുള്ള,സ്നേഹമുള്ള,ഉറ്റ,നേരിട്ടുള്ള; 3.ദാനം ചെയ്ത; 4.യോജിച്ച,ഉചിതമായ.

അടുത്തടുത്ത് അവ്യ. ഒന്നുകഴിഞ്ഞ് അധികം താമസിയാതെ മറ്റൊന്ന് എന്ന കണക്കിൽ,തുടരെത്തുടരെ.

അടുത്ത് [അടുക്കുക] (മുന്വിന) അവ്യ. 1.അടുക്കൽ,ദൂരെയല്ലാതെ,സമീപത്ത്; 2.തുടരെ,തുടർച്ചയായി; 3.പക്കൽ,ഓട്.

അടുത്തൂൺ [അടുത്ത്-ഊൺ] നാ. കൊട്ടാരത്തിൽ നിന്ന് ജീവനക്കാർക്ക് നൽകിയിരുന്ന ജീവനാംശം,പെൻഷൻ

അടുപ്പക്കാരൻ നാ. 1.സ്നേഹിതൻ; 2.കാമുകൻ; 3.ജാരൻ

അടുപ്പം [അടുക്കുക] നാ. 1.തമ്മിൽ അകലം ഇല്ലായ്മ; 2.സ്നേഹം,ബന്ധം; 3.അവിഹിതവേഴ്ച.

അടുപ്പ് [അടു(<അടുക്കുക)-പ്പ്] നാ. ആഹാരം പാകം ചെയ്യുന്നതിൻ പത്രം വച്ച് അടിയിൽ തീ കത്തിക്കുന്നതിനുള്ള സംവിധാനം,അങ്ങനെയുള്ള ഉപകരണം.

അട്ട1 [പ്രാ. അട്ഠ < സം.അഷ്ടൻ] നാ. എട്ട്.

അട്ട2 [അടുക] (ഭൂ.പേരെച്ചം) വി. അഴുകിയ,ചീഞ്ഞ; 2.പാകം ചെയ്ത അട്ട ചോറും കെട്ട കറിയും.

അട്ട3 നാ. അനേകം കാലുകളുള്ളതും കുപ്പയിൽ കിടക്കുന്നതുമായ ഒരു ഇഴജന്തു.പെരുമാളട്ട = ഇളം ചുവപ്പു നിറമുള്ള വലിയ അട്ട.കുളയട്ട= ചെളിവെള്ളത്തിൽ കിടക്കുന്നതും രക്തം വലിച്ചുകുടിക്കുന്നതുമായ ഒരിനം പുഴു (കന്നട്ട).

അട്ട4 [സം.] വി. 1.ഉയർന്ന,കിളർന്ന; 2.ഉച്ചത്തിലുള്ള; 3.കൂടെക്കൂടെയുള്ള; 4.വരണ്ട,ഉണങ്ങിയ.

അട്ടക്കരി നാ. അട്ടത്തിൽ പറ്റിപ്പിടിക്കുന്ന കരി,പുകയുറ,പരണിലും മേൽക്കൂരയിലും മറ്റും പറ്റിപ്പിടിക്കുന്ന കരി.

അട്ടക്കാൽ [അട്ട3-കാൽ] നാ.കുരുമുളകുകൊടി,വെറ്റിലക്കൊടി,തുടങ്ങിയവയുട് പറ്റുവേര്.

അട്ടക്കൂട് നാ.നത്തക്ക.

അട്ടചുരുട്ടി നാ. മുണ്ടെല്ലിനു താഴെയുള്ള ഒരു മർമം.
അട്ടതാളം [പ്രാ.അട്ഠ–താള] നാ. അടന്തതാളം.
അട്ടതീനി നാ.ഓലേഞ്ഞാലിപ്പക്ഷി.
അട്ടത്തോടൻ നാ. ഒരുതരം സ്വർണവള.
അട്ടനാറി നാ. ഒരു ഔഷധച്ചെടി.
അട്ടം1 നാ. 1.മുകളിലത്തെ നില,മേട; 2.ഗോപുരം; 3.പ്രാസാദശൃങ്ഗം,കൊത്തളം; 4.കൊട്ടാരം,മാളിക; 5.ചന്ത; 6.നേരിയതുണി; 7.ആധിക്യം; 8.തട്ട്,മേല്ത്തട്ട്,തട്ടിൻപുറം; 9.അടുപ്പിൻെറ മുകളിലായി വിറകും മറ്റും വയ്ക്കുവാൻ കെട്ടുന്ന തട്ട്,പരണ്.
അട്ടം2 നാ. ചോറ്,ഭക്ഷണം.
അട്ടം3 [പ്രാ. അട്ഠ < സം.അഷ്ടൻ] നാ. 1.എട്ട്; 2.എട്ട് അനുവാകങ്ങൾ ചേർന്ന ഒരു വിഭാഗം (ഋഗ്വേദത്തിൽ); 3.(വേദമോതുമ്പോൾ)കൈപ്പടങ്ങൾ കൂട്ടിപ്പിടിക്കൽ.
അട്ടസ്ഥലി [സം.അട്ട–സ്ഥലീ] നാ. കൊട്ടാരങ്ങൾ നിറഞ്ഞ സ്ഥലം.
അട്ടഹസിക്കുക [<സം. അട്ട–ഹസ്] ക്രി. പൊട്ടിച്ചിരിക്കുക.
അട്ടഹാസം [സം.] നാ. പൊട്ടിച്ചിരി.
അട്ടഹാസി [സം.അട്ടഹാസിൻ] നാ. അട്ടഹസിക്കുന്നവൻ.
അട്ടഹാസ്യം [സം.] നാ. പൊട്ടിച്ചിരി.
അട്ടറപ്പുര [അട്ട–അറ–പുര] നാ. സദ്യക്കു പാകം ചെയ്ത ചോറും മറ്റും സൂക്ഷിക്കുന്ന അറ.
അട്ടറ,–റി നാ. മഴകഴിഞ്ഞ് മരത്തിൽനിന്ന് വീഴുന്ന വെള്ളം,മരം പെയ്ത്ത്,എറിച്ചി(ൽ)വെള്ളം.
അട്ടാട്ടം [സം.അട്ടാട്ട] നാ. 1.ധിക്കാരം,നിന്ദ; 2.ആധിക്യം.
അട്ടാലം [സം. അട്ടാല] നാ. 1.കോട്ടമതിലിൻെറ മുകളിലുള്ള കാവൽപ്പുര; 2.മട്ടുപ്പാവ്.
അട്ടാലയം [സം. അട്ട–ആലയ] നാ= അട്ടാലം.
അട്ടാലിക [സം.അട്ടാലികാ] = അട്ടാലം.
അട്ടാലികാകാരൻ [സം.അട്ടാലികാ–കര] നാ. കൽപ്പണിക്കാരൻ.
അട്ടി1 നാ. 1.അടുക്ക്,തൊട്ടു മേലേമേലേ സ്ഥിതിചെയ്യുന്നത്; 2.നിര,കൂട്ടം,കൂന; 3.ഗ്രാമം; 4.കൊപ്രാക്കളം,ഒരുതരം ചീട്ടുകളി.(പ്ര.)അട്ടിയിടുക=ഒന്നിൻെറ മീതേ ഒന്നായി അടുക്കുക.അട്ടിമറിക്കുക=അട്ടിയായി ഇരിക്കുന്നതിനെ മറിക്കുക,വിധ്വംസനം ചെയ്യുക,കുഴപ്പത്തിലാക്കുക;അട്ടിമറിക്കൂലി=വാഹനങ്ങളിൽനിന്ന് സാധനങ്ങൾ ഇറക്കി അട്ടിവയ്ക്കുന്നതിനുള്ള കൂലി.
അട്ടി2 (പ.മ.) [അട്ടുക](മുന്വിന.)അവ്യ.നീർവീഴ്ത്തിയ ശേഷം,വീഴ്ത്തിക്കൊണ്ട്.
അട്ടിക നാ. ഒരുതരം സ്വർണമാല,ആഡ്ഡ്യൽ.അട്ടിപ്പേർ1 [അട്ടി–പേർ] നാ. 1.ദാനശാസനം,വിടുപേർ,നീർവീഴ്ത്തിയുള്ള ദാനം; 2.തീർ,വിലയാധാരം.
അട്ടിപ്പേർ2 നാ.അടുക്കളച്ചെലവിനുള്ള വിടുപേർ,ക്ഷേത്രത്തിലെ മടപ്പള്ളിച്ചെലവിനുള്ള ദാനം കൊടുക്കുന്നതിനുള്ള ശാസനം,അടുക്കളക്കാണി.
അട്ടിമതുരം (പ.മ.) [പ്രാ.ലട്ഠിമധുകാ <സം. യക്ഷിമധുകാ] നാ. ഇരട്ടിമധുരം,അതിമധുരം.

അട്ടിമറി നാ. 1.അട്ടിയായി വച്ചിരിക്കുന്നതിനെ എടുത്തിടൽ,വാഹനങ്ങളിൽ നിന്നു ചുമടിറക്കൽ; 2.(ആല.)വ്യവസ്ഥാപിതമായ സ്ഥാപനങ്ങളെയും സംവിധാനങ്ങളെയും തകർക്കൽ.

അട്ടിൽ [അടു-ഇൽ] നാ.അടുക്കള,പാചകശല.
അട്ടുക ക്രി. 1.ചേരുക,പറ്റുക,പറ്റിപ്പിടിക്കുക; 2.ഒഴിക്കുക,കൊടുക്കുക, (ഉദകപൂർവം ദാനം ചെയ്യുക); 3.പാകം ചെയ്യുക.
അട്ടുപ്പ് [അട്ട-ഉപ്പ്] നാ. കാച്ചിയ ഉപ്പ്.
അട്ടെ നിയോജകപ്രകാരപ്രത്യയം.ഉദാ.വരട്ടെ,പോകട്ടെ. നിയോഗം, ആശംസ, അപേക്ഷ, അനുമതി,അനാസ്ഥ,അനാദരം,മുതലായ പല അർഥങ്ങളിലും പ്രയോഗം. ഉദാ.കുട്ടികൾ പഠിക്കട്ടെ (നിയോഗം),അവർക്കു കുട്ടികളുണ്ടാ കട്ടെ (ആശംസ),ദൈവം തുണയ്ക്കട്ടെ (അപേക്ഷ),അവർ വന്നുകൊള്ളട്ടെ (അനുമതി),എങ്ങനെയോ വരട്ടെ (അനസ്ഥ),അതുപോകട്ടെ (അനാദരം).
അട്ടോല നാ. അട്ടിപ്പേറോല.
അഠാണ നാ. ഒരു രാഗം.
അഡ്ജുഡിക്കേഷൻ [ഇം.ക്കന്ത്രഥഗ്മദ്ധ്യൻറഡഢഗ ] നാ. മധ്യസ്ഥതീർപ്പ്,പ്രത്യേകകോടതിയുടെ വിധി.
അഡ്ഡചലം [സം.] നാ. കലപ്പയുടെ ഭാഗം.
അഡ്ഡനം [സം.] നാ. അട്ടനം.
അഡ്ഡിക നാ = അട്ടിക.
അഡ്മിനിസ്ട്രേറ്റർ [ഇം.ക്കണ്ഡഢ ഢന്ഥഡത്സൻറഡഗത്സ] നാ. ഭരണകാര്യങ്ങൾ നിർവഹിക്കുന്നവൻ.
അഡ്മിനിസ്ട്രേറ്റീവ് കോടതി [ഇം.ക്കണ്ഡഢ ഢന്ഥഡത്സൻറഡഢത്മന ൃഗഗ്മത്സഡ] നാ. സർക്കാർ ഉദ്യോഗസ്ഥന്മാരുടെ സേവനസംബന്ധമായ തർക്കങ്ങൾക്ക് പരിഹാരം കാണാൻ നിയുക്തമായ പ്രതേകകോടതി.
അഡ്മിറൽ [ഇം.ക്കണ്ഡഢത്സൻററട] നാ. നാവികസേനാധിപൻ.
അഡ്യൽ,ളഅഡ്ഡിയൽ = അട്ടിക.
അഡ്രസ്സ് [ഇം..ക്കത്ത്രസനന്ഥന്ഥ] നാ. മേലവിലാസം.
അഡ്വർട്ടൈസ്മെൻറ് [ഇം.ക്കത്ത്രമനത്സഡഢന്ഥനണ്ഡന ഡ] നാ. പരസ്യം.
അഡ്വാൻസ് [ഇം.ക്കത്ത്രമൻറൃന] നാ. മുൻകൂറുള്ളത്,അച്ചാരം.
അഡ്വാക്കേറ്റ് [ഇം.ക്കത്ത്രമഗ്യൻറഡന] നാ. അഭിഭാഷകൻ.
അൺ [ത.] വി.മുകളിലത്തെ (പ്ര.) അണ്ണൻ,അണ്ണാക്ക്.
അൺപുക ക്രി. 1.അടുക്കുക,വന്നുചേരുക; 2.ഒന്നിനോടുകൂടിയതാകുക; 3.വസിക്കുക.
അണ1 നാ. നദിയിലും മറ്റും ജലപ്രവാഹം തടഞ്ഞുനിറുത്തുവാൻ കുറുകെ ഉണ്ടാക്കുന്ന സംവിധാനം,ചിറ.
അണ2 [അണയ്ക്കുക] 1.ചേർത്തുവയ്ക്കുന്നത്,തലയണ; 2.മെത്ത,കിടക്ക; 3.വായുടെ അകത്തെ ഇടംവലം ഭാഗങ്ങൾ; 4.കത്തി,വാൾ തുടങ്ങിയവ തേച്ചുമൂർച്ചപ്പെടുത്തുന്നതിനുപയോഗിക്കുന്ന തടിക്കഷണം,ചാണ.

അണ3 ഒരു ബ്രിട്ടീഷിൻഡ്യാ നാണയം,രൂപയുടെ പതിനാറിൽ ഒന്ന്.
അണ4 [<ഇണ?] വി. ഇരട്ടയായ ഉദാ. അണപ്പുടവ.
അണക്കെട്ട് നാ. ജലസേചനം,വൈദ്യുതിയുത്പാദനം,മുതലായവയ്ക്കായി നദികൾക്കു കുറുകെ ഉണ്ടാക്കുന്ന നിർമിതി..
അണങ്ങ് നാ. 1.ചെറുകൊതുക്; 2.ഒരുതരം വെളുത്ത ഈച്ച; 3.പ്രേതം; 4.തിറയാട്ടത്തിൽ കുട്ടികൾ കെട്ടുന്ന ഒരു കോലം.
41
അണച്ചൽ [<അണയ്ക്കുക1] നാ. 1.കെട്ടിപ്പിടിക്കൽ,ആലിങ്ഗനം; 2.അടുപ്പിക്കൽ,സമീപത്തേക്ക് ആകർഷിക്കൽ; 3.ചാണയ്ക്കുവയ്ക്കൽ.
അണപ്പല്ല് നാ. അണയിലെ പല്ല്.
അണപ്പ്1 [<അണയ്ക്കുക2] നാ.ആലിങ്ഗനം.
അണപ്പ്2 [<അണയ്ക്കുക3] നാ. കിതപ്പ്.
അണപ്പ്3 നാ. കള്ളം,കൗശലം.
അണം [വേണ്ടും >വേണം>അണം] (വ്യാക.) വിധായകപ്രകാരത്തിൻെറ പ്രത്യയം,ആവശ്യം,ആജ്ഞ,നിർബന്ധം മുതലായ അർഥങ്ങളിൽ പ്രയോഗം.

അണയ്ക്കുക1 [അണയുക >പ്രയോ. ക്രി. 1.അടുപ്പിക്കുക,ചേർക്കുക,പുണരുക; 2.അടുക്കൽ എത്തിക്കുക; 3.അർപ്പിക്കുക,കാണിക്ക നൽകുക; 4.ചാണയ്ക്കു വയ്ക്കുക.
അണയ്ക്കുക2 ക്രി. കെടുത്തുക,നശിപ്പിക്കുക.
അണയ്ക്കുക3 ക്രി. കിതയ്ക്കുക,നെഞ്ചിടിപ്പോടെ വേഗത്തിൽ ശ്വസിക്കുക.
അണയ അവ്യ. = അണയെ.
അണയത്ത് [<അണയം] അവ്യ. അടുത്ത്.
അണയം നാ. അടുത്ത സ്ഥലം,സമീപപ്രദേശം.
അണയലം = അണിയലം.
അണയുക1 [അണ്] ക്രി. 1.അടുക്കുക,സമീപിക്കുക; 2.കെട്ടിപ്പിടിക്കുക,സംയോഗം ചെയ്യുക; 3.ഉണ്ടാകുക,വന്നുചേരുക; 4.യുദ്ധത്തിൽ നേരിടുക.
അണയുക2 ക്രി.. എരിയുന്ന തീ കെട്ടുപോകുക,ജ്വാല നശിക്കുക.
അണൽ നാ. വായ്ക്കകത്തെ ഇടം വലം ഭാഗങ്ങൾ,വായുടെ ഉള്ളറ്റത്തെ ദന്തനിരയും മോണയും ചേർന്നത്.
അണലി [സം. മണ്ഡലിൻ] നാ. വിഷമുള്ള ഒരുതരം പാമ്പ്.
അണലിവേഗം നാ. വിഷനാശത്തിനുള്ള ഒരു ഔഷധം.
അണവി [<സം.അണു] നാ. = അണവീനം.
അണവീനം,അണവ്യം [സം.] നാ. ചെറിയധാന്യങ്ങൾ വിളയുന്ന സ്ഥലം.
അണവ് [അണയുക1] നാ. 1.അടുത്തുചെല്ലൽ; 2.അടുപ്പം; 3.ബന്ധം,ചാർച്ച; 4.ഇണക്കം; 5.ആലിങ്ഗനം.
അണവ്യം [സം.അണവ്യ] നാ. അണവീനം.
അണി1 വി. 1.ഭങ്ഗിയുള്ള,മനോഹരമായ; 2.അണിയുന്ന,ധരിക്കുന്ന.
അണി2 നാ. 1.അണിയൽ,ചമയൽ,വേഷം ധരിക്കൽ; 2.അണിയുന്നത്,ആഭരണം; 3.അഴക്,സൗന്ദര്യം.
അണി3 [പ്രാ.അണിയ] നാ. 1.പങ്ക്തി,അടുക്ക്,നിര,(പ്ര.)അണിയുക,അണിചേരുക; 2.സേന,പടയണി; 3.കൂട്ടം,സങ്ഘം.

അണി4 [സം.അണീ] നാ. 1.സൂചിയുടെ അറ്റം,ശൂലാഗ്രം; 2.ചാവിയാണി; 3.വണ്ടിച്ചക്രത്തിൻെറ ആണി.
അണികലം നാ. അണിയലം.
അണിദ്വാരം നാ. മനോഹരമായ വാതിൽ,അറത്തൂട്ടിവാതിൽ.
അണിപന്തൽ നാ. മനോഹരമായ പന്തൽ,അലങ്കരിച്ച പന്തൽ.
അണിമ,-മാവ് [സം.അണിമൻ] നാ. 1.അണുത്വം,ചെറുതായിരിക്കുന്ന അവസ്ഥ; 2.ശരീരം സൂക്ഷ്മമാക്കാൻ സഹായിക്കുന്ന സിദ്ധി,അഷ്ടൈശ്വര്യങ്ങളിൽ ഒന്ന്.
അണിമതി നാ. സുന്ദരമായ ചന്ദ്രബിംബം.
അണിമർമം നാ. ആണിമർമം.
അണിമാവ് നാ. = അണിമൻ.
അണിയം [പ്രാ.അണിയ] നാ. 1.വള്ളം കപ്പൽ മുതലായവയുടെ മുൻഭാഗം; 2.അണിയൽ,ചമയൽ.
അണിയൽ [<അണിയുക] നാ. അണിയുന്ന ക്രിയ,ചമയം.
അണിയലക്കൊട്ട നാ. വിഗ്രഹത്തിൽ ചാർത്താനുള്ള ആഭരണങ്ങൾ സൂക്ഷിക്കുന്ന കൊട്ട.
അണിയലം [അണിയുക] നാ. അണിയാനുള്ള വേഷം.
അണിയറ [അണി-അറ] നാ. വസ്ത്രാഭരണാദികൾ സൂക്ഷിച്ചിരിക്കുന്ന മുറി,നാടകശാലയിൽ വേഷം കെട്ടുന്ന മുറി.(പ്ര.) അണിയറനീക്കം = രഹസ്യനീക്കം.
അണിയിക്കുക [അണിയുക > പ്രയോ.] ക്രി. വസ്ത്രമോ ആഭരണമോ മറ്റൊരാൾക്കു ചാർത്തിക്കൊടുക്കുക.

അണിയുക ക്രി. 1.ധരിക്കുക,അലങ്കരിക്കുക,ആഭരണാദി ധരിച്ചു മോടികൂട്ടുക; 2.ശരീരത്ത് പറ്റുക,പറ്റിപ്പിടിക്കുക.
അണിൽ നാ. അണ്ണാൻ.
അണിവിരൽ നാ. മോതിരവിരൽ,അനാമിക.
അണിവ് [അണിയുക] നാ. 1.അലങ്കരിക്കൽ,അണിയൽ; 2.അലങ്കാരം.
അണിവെടി നാ.ആചാരവെടി.
അണിഷ്ഠ [സം.] വി. ഏറ്റവും അണുവായ,തീരെ ചെറിയ.
അണീയസ്കം [സം. അണീയസ്-ക] വി.അണുവിനേക്കാൾ ചെറിയ.
അണു [സം.] നാ. 1.വസ്തുവിൻെറ ഏറ്റവും ചെറിയ അംശം,കണം,കാലത്തിൻെറ ഏറ്റവും ചെറിയ അംശം,ഒരു മുഹൂർത്തത്തിൻെറ (രണ്ടുനാഴികയുടെ)5,46,75,000-ൽ ഒരു ഭാഗം,ഏറ്റവും ചെറിയ അളവ്,പരമാണു,ഇമ്മിയുടെ 21-ൽ ഒരംശം; 2.ചെറുനെല്ല്,കുവരക്,കടുക് തുടങ്ങിയ ധാന്യങ്ങൾ; 3.ചെറിയവെള്ളീച്ച; 4.ശിവൻ; 5.ഒരു മൂലകത്തിൻെറ തനതായ സ്വഭാവവിശേഷത്തോടുകൂടിയ ഏറ്റവും ചെറിയ ഘടകം.
അണുക [സം.] വി. വളരെ ചെറിയ,മിടുക്കുള്ള, നാ. 1.ഏകകോശജീവി; 2.അണു,പരമാണു; 3.ചെറുധാന്യം.
അണുകുക ക്രി. അണയുക,അടുക്കുക.
അണുകേന്ദ്രം [സം.] നാ. ന്യൂക്ലിയസ്സ്.
അണുക്ക് [അണ്,അണയുക] ഉടലും കാലുമായി കൂടിച്ചേരുന്ന ഇടം,ഏണ്.
അണുങ്കൻ,അളുങ്ക് നാ. ഈനാംപീച്ചി.

അണുത.-ത്വം [സം. അണു-താ,-ത്വ] നാ. അണുവായിരിക്കുന്ന അവസ്ഥ,സൂക്ഷ്മത്വം.
അണുതൈലം [സം.-തൈല] നാ. സസ്യത്തിനുപയോഗിക്കുന്ന ഒരു ഔഷധതൈലം.
അണുദർശിനി [സം.-ദർശിനീ] നാ. ഭൂതക്കണ്ണാടി.
അണുപനച്ചി നാ. ചെറുപന.
അണുപുഞ്ജം [സം.-പുഞ്ജ] നാ. തന്മാത്ര.
അണുപ്രായം [സം.-പ്രായ] വി. അണുവോളമുള്ള,സൂക്ഷ്മമായ.
അണുഭ [സം.-ഭാ] നാ.മിന്നൽ.
അണുഭാരം [സം. -ഭാരം] നാ.ഒരു പരമാണുവിൻെറ ആപേക്ഷികഭാരം.
അണുമതി [സം.-മതി] നാ. അൽപബുദ്ധി.
അണുമാത്രം [സം. -മാത്രം] അവ്യ. അല്പം മാത്രം,അല്പം പോലും.
അണുമുഷ്ടികം [സം.-മുഷ്ടിക] നാ. 1.ഒരു ഔഷധം,കാട്ടപ്പ; 2.കാട്ടുതിപ്പലി; 3.കാഞ്ഞിരം.
അണുരേവതി [സം. -രേവതി] നാ. ഒരു ഔഷധസസ്യം,ചെറിയദന്തി.
അണുവാദം [സം. വാദ] നാ. = അണുസിദ്ധാന്തം.
അണുവീക്ഷണം [സം. -വീക്ഷണ] നാ. സൂക്ഷ്മനിരീക്ഷണം.
അണുവീക്ഷണി [സം. -വീക്ഷണീ] നാ. സൂക്ഷ്മദർശിനി.
അണുവ്രതങ്ങൾ [സം. -വ്രത] നാ. ജൈനമതവിശ്വാസികൾ അനുഷ്ഠിക്കേണ്ട പന്ത്രണ്ടു ലഘുവ്രതങ്ങൾ.
അണുവ്രീഹി [സം. -വ്രീഹി] നാ. ചെറുനെല്ല്.
അണുസിദ്ധാന്തം [സം.-സിദ്ധാന്ത] നാ. പദാർഥങ്ങളുടെ മൗലികഘടകങ്ങൾ അണുക്കളാണെന്നും അണു നശിക്കുന്നില്ലെന്നും ഉള്ള വാദം,കണാദമതം.
അണുഭവിക്കുക [<സം.അണു-ഭൂ] ക്രി.അണുപോലെ ചെറുതാകുക.
അണ്ട1 നാ. 1.അടുപ്പം,സാമീപ്യം; 2.വരമ്പ്; 3.അള,ദ്വാരം; 4.റാന്തലിൽ തിരിയിടുന്ന ഭാഗം; 5.ഗുദമറ്മം.
അണ്ട2 [സം. അണ്ഡ] നാ. 1.വൃഷണം; 2.കസ്തൂരിസഞ്ചി,കസ്തൂരിമാനിൻെറ അണ്ഡകോശം.
അണ്ട3 വി. അട്ട,അഴുകിയ (ചപ്പുചവറുകൾ).

അണ്ടത്തി [സം. അണ്ഡജ-സ്ത്രീ > പ്രാ.അംഡയിത്ഥീ?] നാ.മുക്കുവത്തി,കടത്തുകാരി.
അണ്ടൻ നാ. 1.തെണ്ടി,ഭിക്ഷചോദിച്ചുവരുന്നവൻ,നീചൻ; 2.കുണ്ടളപ്പുഴു. (പ്ര.) അണ്ടനും അടകോടനും.
അണ്ടങ്കാക്ക നാ. ബലിക്കാക്ക,കാവതിക്കാക്ക.
അണ്ടൻ കൊക്ക് നാ. ക്രൗഞ്ചം,ഒരുതരം മുണ്ടിപ്പക്ഷി.
അണ്ടം1 [സം.അണ്ട] നാ. 1.ബ്രഹ്മാണ്ഡം; 2.മുട്ട; 3.വൃഷണം; 4.പൃഷ്ഠം; 5.കൂമ്പാരം; 6.ഗുദം.
അണ്ടം2 [സം.ലണ്ഡം] നാ. ആനപ്പിണ്ടം.
അണ്ടർ1 നാ. (ബ.വ.) മുകളിലുള്ളവർ,ദേവന്മാർ.
അണ്ടർ2 നാ. (ബ.വ.) ഇടയർ.

അണ്ടർ3 നാ. (ബ.വ.) ശത്രുക്കൾ.
അണ്ടർകോൻ നാ. സ്വർഗവാസികളുടെ രാജാവ്,ഇന്ദ്രൻ.
അണ്ടലർ1 [അണ്ടു-അൽ-അർ] നാ. (ബ.വ.) അടുക്കാത്തവർ,ശത്രുക്കൾ.
അണ്ടലർ2 [<തണ്ടലർ] നാ. താമര.
അണ്ടവാഴ നാ. ചതുപ്പുനിലങ്ങളിൽ വളരുന്നതും വാഴയുടെ ആകൃതിയിലുള്ളതുമായ ഒരു ചെടി.
അണ്ടാർ [അണ്ടാ- അർ] നാ. (ബ.വ.) അടുക്കാത്തവർ,ശത്രുക്കൾ.
അണ്ടാവ് [മറാ.ഹണ്ഡാ] നാ. ചെമ്പുകൊണ്ടോ പിച്ചളകൊണ്ടോ മറ്റോ ഉണ്ടാക്കുന്ന വലിയ പാത്രം.
അണ്ടി നാ. 1.മാങ്ങയുടെയും മറ്റും ഉള്ളിലുള്ള കുരു; 2.അണ്ഡം,വൃഷണം; 3.നിസ്സാരൻ.(പ്ര.)അണ്ടിയോ മൂത്തത്,മാങ്ങയോ മൂത്തത് =തീർക്കാൻ കഴിയാത്ത പ്രശ്നം. അണ്ടികളി = പറങ്കിയണ്ടികൊണ്ട് ഉള്ള ഒരു കളി.
അണ്ടിക്കാതില [അണ്ടി-കാതില] നാ. രണ്ടുചേർപ്പുകളായി പണിതുചേർത്തിട്ടുള്ള ഒരു കർണാഭരണം.
അണ്ടിനെയ്യ് നാ. കശുവണ്ടിയുടെ കറ.
അണ്ടിപ്പുറത്തുമാങ്ങ നാ. കശുമാങ്ങ.
അണ്ടിളർ നാ. (ബ.വ.) മുക്കുവർ.
അണ്ടുക ക്രി. 1.അടുക്കുക,എത്തുക; 2.കടക്കുക; 3.അഭയം തേടുക,ആശ്രയിക്കുക.
അണ്ടകടാഹം [സം.അണ്ട-കടാഹ] നാ. ബ്രഹ്മാണ്ടം,പ്രപഞ്ചം.
അണ്ടകം [സം.] നാ. 1.ചെറിയ അണ്ടം; 2.വൃഷണം.
അണ്ടകോടരപുഷ്പി [സം. അണ്ട-കോടര-പുഷ്പീ] നാ. അജാന്ത്രി,മറിക്കുന്നി..
അണ്ടകോശം [സം.-കോശ] നാ. സ്ത്രീബീജം സ്ഥിതി ചെയ്യുന്ന അറ,വിത്തറ.
അണ്ടജ1 [സം. അണ്ട-ജ] വി. മുട്ടവിരിഞ്ഞുണ്ടാകുന്നത്.
അണ്ടജ2 [സം.] നാ. കസ്തൂരി.
അണ്ടജധ്വജൻ [സം.അണ്ഡജ-ധ്വജ] നാ.ഗരുഡൻ കൊടിയടയാളമായിട്ടുള്ളവൻ,വിഷ്ണു.
അണ്ഡജൻ നാ. 1.ഗരുഡൻ; 2.ബ്രഹ്മാവ്.
അണ്ടജനായകൻ [സം. -നായക] നാ. 1.പക്ഷിശ്രേഷ്ഠൻ,ഗരുഡൻ; 2.അരയന്നം.
അണ്ഡജം നാ. 1.മത്സ്യം; 2.പാമ്പ്; 3.പക്ഷി; 4.ഗൗളി; 5.ചീങ്കണ്ണി; 6.മുതല;7.എറുമ്പ്.
അണ്ഡജവാഹനൻ [സം. അണ്ഡജ-വാഹന] നാ. ഗരുഡൻ വാഹനമായിട്ടുള്ളവൻ,വിഷ്ണു.
അണ്ടധരൻ [സം. അണ്ട-ധര] നാ. ശിവൻ.
അണ്ടധരം [സം.] നാ.സസ്യബീജത്തെ ധരിക്കുന്നത്,താമര മുതലായവയുടെ വിത്തുമണിയെ തോടുമായി ബന്ധിപ്പിക്കുന്ന നാര്.
അണ്ഡഭാണ്ഡം [സം. അണ്ഡ-ഭാണ്ഡ] നാ. ബ്രഹ്മാണ്ഡം.
അണ്ഡം [സം.] നാ. 1.മുട്ട; 2.വൃഷനം; 3.സ്ത്രീബീജം; 4.ഗോലാകാരം; 5.ബ്രഹ്മാണ്ഡം; 6.താഴികക്കുടം.
അണ്ടയോനി [സം. അണ്ഡ-യോനി] നാ. 1.സൂര്യൻ; 2.ബ്രഹ്മാണ്ഡത്തിൻെറ ഉത്പത്തിസ്ഥാനം,വിഷ്ണു.

അണ്ഡരസം [സം.-രസ] നാ. മുട്ടയ്ക്കകത്തെ ദ്രാവകം.
അണ്ഡവർധനം [സം. -വർധന] നാ. 1.ആന്ത്രവീക്കം,വൃഷണവീക്കം; 2.കുടലിറക്കം.
അണ്ഡവാതം [സം. -വാത] നാ. അണ്ഡവർധനം.
അണ്ഡവാഹിനി [സം.-വാഹിനീ] നാ. സ്ത്രീബീജം അണ്ഡാശയത്തിൽനിന്ന് ഗർഭാശയത്തിലേക്ക് കൊണ്ടു പോകുന്ന കുഴൽ.
അണ്ഡവിസർഗം [സം. -വിസർഗ] നാ. അണ്ഡാശയത്തിൽ നിന്നുള്ള അണ്ഡമോചനം.
അണ്ഡവൃദ്ധി [സം. വൃദ്ധി] നാ. ആന്ത്രവീക്കം.
അണ്ഡശുക്ലകം [സം. -ശുക്ല(ക)] നാ. 1.മുട്ടയുടെ വെള്ളക്കരു; 2.വെള്ളക്കരു പോലെയുള്ള ഒരു പദാർഥം,ആൽബുമിൻ.
അണ്ഡാകർഷണം [സം. -ആകർഷന] നാ. വരിയുടയ്ക്കൽ,വന്ധ്യംകരണം.
43
അണ്ഡാകാര [സം. -ആകാര] വി. മുട്ടയുടെ ആകൃതിയിലുള്ള,ദീർഘവൃത്താകൃതിയായ.
അണ്ഡാലു [സം.] വി.. ധാരാളം മുട്ടകളുള്ളത്,ഒരിനം മത്സ്യം.
അണ്ഡാശയം [സം. അണ്ഡ-ആശയ] നാ. വിത്തറ,ബീജകോശം.
അണ്ഡിനി [സം. അണ്ഡിനീ] വി. അണ്ഡാകൃതിയിൽ ഗർഭാശയം പുറത്തേക്കു തള്ളുന്ന രോഗം ബാധിച്ച സ്ത്രീ.
അണ്ഡീരൻ [സം.] നാ. അണ്ഡമുള്ളവൻ,ബലവാൻ.
അണ്ഡുകം [സം.] നാ. ആനയുടെ കാൽച്ചങ്ങല.
അണ്ണ1 നാ. = അണ്ണം.
അണ്ണ2 നാ. വാപൊളിയൻ,വിഡ്ഢി,താരത,മൊണ്ണ.
അണ്ണ3 നാ. അണ്ണാൻ.
അണ്ണക്കര നാ. ഒരുതരം പാഴ്മരം,പമ്പരക്കുമ്പിൾ,നായ്ക്കുമ്പിൾ.
അണ്ണൻ1 [അണ്] നാ. ജ്യേഷ്ഠൻ; 2.ജ്യേഷ്ഠനു തുല്യമായ ബന്ധമുള്ള പുരുഷൻ,കാരണവർ; 3.തന്നിൽ അൽപം കൂടുതൽ പ്രായം ഉള്ള ആളിനെ നിർദേശിക്കാനുള്ള പദം; 4.ഉറ്റവൻ; 5.ഈശ്വരൻ.
അണ്ണൻ2 നാ. അണ്ണാൻ.
അണ്ണന്തമ്പി നാ. അണ്ണനും തമ്പിയും പോലെയുള്ള സൗഭ്രാത്രം.
അണ്ണം നാ. 1.അണ്ണാക്ക്; 2.വൃഷണം,അണ്ഡം.
അണ്ണൽ1 [അണ്] നാ. 1.എല്ലാറ്റിനും ഉപരിയായുള്ളവൻ,ഈശ്വരൻ; 2.വിഷ്ണു; 3.ശിവൻ; 4.രാജാവ്; 5.പെരുമ,ശ്രേഷ്ഠത.
അണ്ണൽ2 നാ. അണ്ണാൻ.
അണ്ണൽ3 നാ. അണ്ണാക്ക്.
അണ്ണലാർ നാ. (പു.ബ.വ.) ഈശ്വരൻ,ദേവത.
അണ്ണാ1 [അൺ-നാ(വ്)] നാ. അണ്ണാക്ക്.
അണ്ണാ2 അവ്യ. മേൽപോട്ടു നോക്കി വായ്പിളർന്ന് സം ഭ്രമം ദ്യോതിപ്പിക്കും പോലെയുള്ള വിളി.
അണ്ണാക്ക് [അൺ-നാക്ക്] നാ. 1.നാക്കിനുമുകൾ,ഉണ്ണാക്ക്,മേലണ്ണാക്ക്; 2.നാക്കുദ്ഭവിക്കുന്ന ഇടം.

അണ്ണാച്ചി [അണ്ണൻ-അച്ചൻ] നാ. 1.അണ്ണൻ; 2.തമിഴരെ ബഹുമാനപുരസ്സരം പരാമർശിക്കുവാനുപയോഗിക്കുന്ന പദം.
അണ്ണാച്ചിപ്പഴം [പോർ.അന്നാസി] നാ. കൈതച്ചക്ക,പൃത്തിച്ചക്ക.
അണ്ണാടി [അണ്ണാ-അടി] നാ. അണ്ണാക്കിൻെറ അടിഭാഗം,ചെകിടെല്ല്,താടിയെല്ല്,അണപ്പല്ല്.
അണ്ണാൻ [അണ്] നാ. റോഡൻറവർഗത്തിൽപ്പെട്ട ഒരു ജീവി..
അണ്ണാന്ന് [അണ്ണാ-എന്ന്] അവ്യ. അണ്ണാ2.
അണ്ണാമ്പലി -പുലി, [അണ്ണാൻ-ബലി] നാ. ഒരിനം ഇലപ്പലഹാരം.
അണ്ണാമ്പോരൻ [അണ്ണാൻ-പോരൻ] നാ. ഒരിനം കുരുമുളക്,അണ്ണാൻെറ പുറത്തെ വരകൾപോലെ വരകളുള്ളത്.

അണ്ണാർ [ത.അണ്ണാർ] നാ. ശത്രുക്കൾ,അണ്ടാർ.
അണ്ണാര [പോർ.അനന്നാസ്] നാ. കൈതച്ചക്ക.
അണ്ണാരക്കൊട്ടൻ,അണ്ണാ-,അണ്ണാറ-, നാ. അണ്ണാൻ.
അണ്ണാവി [അണ്-ആൾ-വി] നാ. 1.ഗുരു,അധ്യാപകൻ; 2.നാട്യാചാര്യൻ,നട്ടുവൻ; 3.മൂത്തസഹോദരൻ; 4.പരദേശി ബ്രാഹ്മണരെ ബഹുമാനമായി വിളിക്കുന്ന പേർ.
അണ്ണാവ് [അണ്-നാവ്] നാ. അണ്ണാക്ക്.
അണ്ണി നാ. അണ്ണൻെറ ഭാര്യ,ജ്യേഷ്ഠപത്നി.
അണ്ണിൽ നാ. അണ്ണാൻ.
അണ്ണുക ക്രി. അണുക്കുക,പ്രാപിക്കുക.
അണ്വായുധം [സം. അണു-ആയുധ] നാ. അണുവിസ്ഫോടനത്തിൻെറ ശക്തി,സംഹാരത്തിനുപയോഗിക്കുന്നവിധത്തിലുള്ള ആയുധം.
അത [അതാ] അവ്യ. അതാ. (പദ്യത്തിൽ മാത്രം.)
അതകൻ [സം. അതക <അത്] നാ. അലഞ്ഞുതിരിയുന്നവൻ,വഴിപോക്കൻ,സഞ്ചാരി.
അതകുത നാ. ബദ്ധപ്പാട്, അവ്യ. ബദ്ധപ്പെട്ട്.
അതടം [സം. അ-തട] നാ. 1.തടമില്ലാത്തത്,കരയില്ലാത്തത്; 2.തൂക്കായ മലഞ്ചെരിവ്.
അതട്ടുക,അതറ്റുക ക്രി ശകാരിക്കുക,വിരട്ടുക,ഗർജനം കൊണ്ടു പേടിപ്പിക്കുക.
അതത [സം. അ-തത] വി. പരന്നതല്ലാത്ത.
അതത്,അതാത് [അത്-അത്] സ.നാ. ഓരോന്നിനെയും വെവ്വേറെ പരാമർശിക്കുന്നത്.
അതഥാ [സം. -തഥാ] അവ്യ. അപ്രകാരമല്ലാത്ത.
അതഥോചിത [സം. -തഥാ-ഉചിത] വി. 1.അപ്രകാരം അർഹിക്കാത്ത; 2.അത്തരം കാര്യങ്ങളിൽ പരിചയം ഇല്ലാത്ത.
അതഥ്യം [സം. അ-തഥ്യ] വി. യഥാർഥമല്ലാത്ത.
അതദർഹം [സം. -തദർഹം] അവ്യ. അതിന് അർഹമല്ലാതെ,അതിന് അയോഗ്യമായി..
അതദ്ഗുണം [സം. -തദ്ഗുണ] നാ. ഒരു അർഥാലങ്കാരം.
അതനു1 [സം. -തനു] വി. തനു (ചെറുത്) അല്ലാത്ത.
അതനു2 [സം.] നാ. തനു (ശരീരം) ഇല്ലാത്തവൻ,കാമദേവൻ.

അതന്ത്ര [സം. അ-തന്ത്ര] വി. 1.ചരടില്ലാത്ത;
2.നിയന്ത്രണമില്ലാത്ത,സ്വതന്ത്രമായ.
അതന്ത്രം [സം. -തന്ത്രം] അവ്യ. മടികൂടാതെ.
അതന്ദ്ര [സം. -തന്ദ്ര] വി. അലസതയില്ലാത്ത,മടിയില്ലാത്ത,ചുണയുള്ള.
അതന്ദ്രിത [സം. -തന്ദ്രിത] വി. 1.ക്ഷീണിക്കാത്ത; 2.മടിയില്ലാത്ത; 3.ജാഗ്രതയുള്ള.
അതന്ദ്രില [സം. -തന്ദ്രില] = അതന്ദ്രിത.
അതപ [സം. -തപ < തപ്] വി. താപമില്ലാത്ത,ചൂടില്ലാത്ത.
അതപസ്കൻ [സം. -തപസ്ക] നാ. തപസ്സ്
ഉപേക്ഷിച്ചവൻ,അനുഷ്ഠാനങ്ങളില്ലാത്തവൻ,(ബുദ്ധ.) ഒരു വിഭാഗം സന്യാസിമാർ.
അതപസ്സ് [സം. -തപസ്] വി. = അതപസ്കൻ.
അതപ്ത [സം. -തപ്ത <തപ്] വി. 1.തപ്തമല്ലാത്ത,ചുട്ടു പഴുപ്പിക്കാത്ത;
2.ദുഃഖമില്ലാത്ത; 3.തപസ്സു ചെയ്യാത്ത.
അതയ്ക്കുക [അത] ക്രി. വിങ്ങുക,നീരുവന്നു വീർക്കുക.
അതർക്ക [സം. -തർക] വി. യുക്തിരഹിതമായ,സംശയമില്ലാത്ത.
അതർക്യ [സം. -തർക്യ<തർക്] വി. ഊഹിച്ചറിയാൻ കഴിയാത്ത.
അതല [സം. -തല] വി. അടിത്തട്ടില്ലാത്ത,ആഴമുള്ള.
അതലൻ [സം.] നാ. ശിവൻ.

അതലം [സം.] നാ. ഭൂമിക്കുകീഴിലുള്ള ഏഴുലോകങ്ങളിൽ ആദ്യത്തേത്.
അതലസ്പർശി [സം. അതല-സ്പർശിൻ] നാ. 1.അടിത്തട്ടുവരെ ചെല്ലുന്ന
ബുദ്ധിയുള്ളവൻ; 2.[അ-തലസ്പർശിൻ] ഉപരിപ്ലവമായ.
അതലാന്തികം [ഇം.ക്കഡ്ഡഞsൻറ ഡ്ഡദ്ധ്യ] നാ.അട്ലാൻറിക് സമുദ്രം.
അതസം [സം.] നാ. 1.വായു; 2.ആത്മാവ്.
അതസി [സം.അതസീ] നാ. ചെറുചണം,അഗസി.
അതഃ [സം.] അവ്യ. 1.ഇവിടെനിന്ന്,ഇതിനുശേഷം; 2.അതുകൊണ്ട്.
അതഃപരം [അതഃ-പരം] അവ്യ. ഇതിനുശേഷം,ഇതിലധികമായി.
അതളി നാ. അമളി,കുഴപ്പം.
അതാ [അത്-ആ] അവ്യ.. ദൂരത്തുള്ളതിനെ ചൂണ്ടി പറയുന്നത്,അങ്ങോട്ട്
നോക്കുക.
അതാത് = അതത്.
അതാൻ [അറ.] നാ. മുസ്ലിം പള്ളിയിലെ വാങ്കുവിളി.
അതാന്ത [സം. അ-താന്ത < തമ്] വി. തളർച്ചയില്ലാത്ത.
അതാര്യ [സം. -താര്യ <തൃ] വി. 1.തരണം ചെയ്യപ്പെടാനാകാത്ത;
2.പ്രകാശരശ്മികൾക്കു കടന്നുചെല്ലാനാകാത്ത. റ്റസുതാര്യ.
അതാവിത് [അത്-ആവിത്] അവ്യ. അത് ആയത്,എന്തെന്നാൽ,പറയുന്നതിനെ
വിശദീകരിക്കുന്ന വാചകം തുടങ്ങുന്നതിന് ചേർക്കുന്ന അവ്യയം.
അതാവ് [അറ. അതാബ്] നാ. വേദന,ദുഃഖം,കഷ്ടത.

അതി– [സം. അതി–] ഉപ.
അതിക്രമിക്കുക,അതിശയിക്കുക,അധികമാകുക,തുടങ്ങിയ അർഥങ്ങളിൽ പൂർവപദമായി വരുന്ന ഒരു ഉപസർഗം.
അതികണ്ടക [സം. –കണ്ടക] വി. വളരെ ക്രൂരമായ,നാ. വെൺകൊടിത്തൂവ.
അതികഥ [സം. –കഥാ] നാ. വിശ്വസിക്കാനാകാത്ത കഥ.
അതികന്ദനം [സം. –കന്ദക] നാ. മാറാമ്പ്,ഹസ്തികന്ദം.
അതികർഷണം [സം. –കർഷന<കൃഷ്] നാ. 1.അതിപ്രയത്നം; 2.അതിർകടന്ന ഉഴവ്.
അതികരുണം [സം. –കരുണം] അവ്യ.. ഏറ്റവും ദയയോടെ.
അതികാന്ത [സം. –കാന്ത] വി. ഏറ്റവും പ്രിയപ്പെട്ട.
അതികാന്തം [സം.] നാ. ഒരുതരം രത്നം.
അതികായ [സം. –കായ] വി. വളരെ വലിയ ശരീരമുള്ള, നാ. രാവണൻെറ ഒരു പുത്രൻ.
അതികാലജ [സം. –കാലജ] വി. കാലം തെറ്റി ജനിച്ച.
അതികുമാരൻ [സം. –കുമാര] വി. നന്നേ പ്രായം കുറഞ്ഞവൻ,പയ്യൻ.
അതികൃച്ഛ്രം [സം. –കൃച്ഛ്ര] നാ. 1.വലിയകഷ്ടത; 2.തീവ്രമായ വേദന; 3.അനുഷ്ഠിക്കാൻ പ്രയാസമുള്ള ഒരു വ്രതം.
അതികൃത [സം. –കൃത] വി. അധികമായി ചെയ്ത,ആവശ്യത്തിൽ കവിഞ്ഞു ചെയ്ത.
അതികൃതി [സം. –കൃതി] നാ. 1.അധികമായി ചെയ്ത പ്രവൃത്തി; 2.ഒരു ഛന്ദസ്സ്.
അതികൃശ [സം. –കൃശ] വി. തീരെ മെലിഞ്ഞ,തീരെ ചെറിയ.
അതികൃഷ്ണ [സം. –കൃഷ്ണ] വി. വളരെ കറുത്ത,അത്യധികമായി നീലിച്ച.
അതികേശരം,–സരം [സം.–കേശര,–സര] നാ. 1.മുള്ളുചേമന്തി,കുബ്ജകം, 2.വങ്കൊട്ട,വാലട്ട.
അതികോപി [സം. –കോപിൻ] നാ. കടുത്തകോപമുള്ളവൻ.
അതിക്രമക്കാരൻ നാ. അതിക്രമം കാണിക്കുന്നവൻ.
അതിക്രമണം [സം. –ക്രമണ] നാ. 1.അതിക്രമിക്കൽ; 2.കഴിച്ചുകൂട്ടൽ.
അതിക്രമണീയ [സം. –ക്രമണീയ] ഇ. അതിക്രമിക്കത്തക്ക.

അതിക്രമം [സം. –ക്രമ < ക്രമ്] നാ. 1.ലങ്ഘനം,കടക്കൽ; 2.മര്യാദകേട്,ധിക്കാരം; 3.അവകാശത്തെയോ നിയമത്തെയോ ലങ്ഘിക്കൽ; 4.കുറ്റം,കഠിനപ്രവൃത്തി; 5.അതിരുകവിയൽ,ആസക്തി; 6.ശക്തമായ ആക്രമണം,കൈയേറ്റം; 7.അതിർത്തി ലങ്ഘിക്കൽ; 8.(സമയം)കടന്നുപോകൽ.
അതിക്രമി [സം. –ക്രമിൻ] നാ. അതിക്രമിക്കുന്നവൻ. (സ്ത്രീ.) അതിക്രമിണി.
അതിക്രമിക്കുക [<സം. അതി–ക്രമ്] ക്രി. 1.അതിരുകവിയുക (ദേശത്തിലോ കാലത്തിലോ); 2.(ധർമം.ആചാരം,മുറ ഇത്യാദികളെ)ലങ്ഘിക്കുക; 3.മെച്ചപ്പെട്ടിരിക്കുക,(എണ്ണത്തിലും,വലുപ്പത്തിലും)അതിശയിക്കുക; 4.ആക്രമിക്കുക,ജയിച്ചടക്കുക; 5.ഒഴിവാക്കുക,അവഗണിക്കുക.
അതിക്രമ്യ [സം. –ക്രമ്യ] വി. അതിക്രമണീയ.
അതിക്രാന്ത [സം. –കാന്ത] വി. അതിക്രമിച്ച,അതിർകടന്ന,അതിശയിച്ച.

അതിക്രുദ്ധ [സം. –ക്രുദ്ധ] വി. വളരെ കോപിച്ച.

അതിക്രൂര [സം. –ക്രൂര] വി. വളരെ ക്രൂരതയുള്ള, നാ.(ജ്യോ.) പാപഗ്രഹം.

അതിക്ഷാരം [സം. –ക്ഷര] നാ. കല്ലുപ്പ്.

അതിക്ഷിപ്ത [സം. –ക്ഷിപ്ത ,ക്ഷിപ്] വി. ദൂരത്തേക്ക് എറിയപ്പെട്ട.

അതിക്ഷിപ്തം [സം.] നാ. മാംസപേശികളുടെയോ എല്ലിൻെറയോ ഒരുതരം ഇടർച്ച,ഉളുക്ക്.

അതിക്ഷുദ്ര [സം. –ക്ഷുദ്ര] വി. 1.അത്യൽപമായ; 2.നീചമായ.

അതിഖരം [സം. –ഖര] നാ. ഓരോ വർഗത്തിലെയും രണ്ടാമത്തെ അക്ഷരം,ഖ,ഛ,ഠ,ഥ,ഫ എന്നിവ. (ഖരങ്ങളെക്കാൾ ഖരത്വം ഏറിയിരിക്കുന്നതിനാൽ.)

അതിഗ [സം. –ഗ <ഗമ്] വി. അതിശയിക്കുന്ന,മറികടക്കുന്ന,മികച്ചുനിൽക്കുന്ന.

അതിഗണ്ഡൻ [സം.] നാ. വലിയ കവിളുള്ളവൻ.

അതിഗണ്ഡം [സം. –ഗണ്ഡ] നാ. 1.വലിയ കവിൾത്തടം; 2.(ജ്യോ.) ശുഭകർമങ്ങൾക്കുകൊള്ളാത്ത നിത്യയോഗങ്ങളിൽ ഒന്ന്.

അതിഗത [സം. –ഗത] വി..കഴിഞ്ഞുപോയ.

അതിഗന്ധ [സം. –ഗന്ധ] വി.. രൂക്ഷമായ മണമുള്ള.

അതിഗന്ധകം [സം. –ഗന്ധക] നാ. ഓടൽ.

45

അതിഗന്ധം [സം. –ഗന്ധ] നാ. 1.ചേമന്തി; 2.ഗന്ധകം, 3.വാസനപ്പുല്ല്,ഇഞ്ചിപ്പുല്ല്; 4.ഒരുതരം മുല്ല; 5.ഗന്ധരാജൻ,ഒരു ഔഷധം.

അതിഗന്ധാലു [സം. –ഗന്ധാലു] നാ. ഒരിനം വള്ളിച്ചെടി.

അതിഗന്ധിക [സം. –ഗന്ധികാ] നാ. അടയ്ക്കാമണിയൻ.

അതിഗമിക്കുക [<സം. –ഗമ്] ക്രി. വേറൊന്നിനെ കടന്നുപോകുക,അതിശയിക്കുക; 2.കഴിച്ചുകൂട്ടുക; 3.മരിക്കുക,രക്ഷപ്രാപിക്കുക.

അതിഗവ [സം. –ഗവ < ഗോ] വി. 1.മന്ദബുദ്ധിയായ; 2.വർണിക്കാൻ ആകാത്ത.

അതിഗഹന [സം. –ഗഹന] വി. 1.വളരെ ആഴമുള്ള,അഗാധമായ; 2.മനസ്സിലാക്കാൻ വിഷമമുള്ള.

അതിഗുണ [സം.–ഗുണ] വി. 1.വിശേഷഗുണങ്ങൾ ഉള്ള; 2.ഗുണങ്ങളെ അതിക്രമിച്ച; 3.ഒരു ഗുണവുമില്ലാത്ത.

അതിഗുരു [സം. –ഗുരു] വി. അത്യധികമായി ആദരിക്കേണ്ട ആൾ.അതിഗുരുത്രയം = 1.അച്ഛൻ,2.അമ്മ, 2.ആചാര്യൻ.

അതിഗുഹ [സം. –ഗുഹാ] നാ. ഒരു ഔഷധസസ്യം,മൂവില.

അതിഗ്രഹ [സം. –ഗ്രഹ] വി.ഗ്രഹണശക്തിക്ക് അപ്പുറമായ,മനസ്സിലാക്കാൻ പ്രയാസമുള്ള.

അതിഗ്രഹം [സം.] നാ. 1.ഗ്രഹങ്ങൾക്കു,(ഇന്ദ്രിയങ്ങൾക്കു)വിഷയമായ,(ഗ്രഹങ്ങൽ എട്ട്.അവയ്ക്ക് ഓരോന്നിനും ഓരോ അതിഗ്രഹവും.പ്രാണൻ (ഘ്രാണം), വാഗിന്ദ്രിയം,രസനേന്ദ്രിയം,ചക്ഷുസ്സ്,ശ്രോത്രം,മനസ്സ്,ഹസ്തം,ത്വക്ക്,എന്ന്

എട്ടുഗ്രഹങ്ങൾക്ക്,ക്രമത്തിൽ അപാനൻ, (ഗന്ധം), നാമം, രസം, രൂപം, ശബ്ദം, കാമം,കർമം സ്പർശം എന്നീ എട്ട് അതിഗ്രഹങ്ങൾ); 2.സൂക്ഷ്മ മായ ജ്ഞാനം; 3.കരകവിയൽ,അതിശായനം; 4.ക്രമാധികമായ ആദാനം.

അതിഗ്രാഹ്യ [സം. -ഗ്രാഹ്യ] വി. അടക്കേണ്ടതായ,നിയന്ത്രിക്കത്തക്ക.

അതിഗ്രാഹ്യം [സം.] നാ. ജ്യോതിഷ്ടോമയാഗത്തിലെ മൂന്ന് ആഹുതികൾ.

അതിഘ്നം [സം.-ഘ്ന < ഹന്] 'വളരെ നാശമുണ്ടാക്കുന്നത്'. നാ. 1.മാരകമായ ഒരു ആയുധം; 2.കോപം.

അതിഘോര [സം.-ഘോര] വി. വളരെ ഭയങ്കരമായ.

അതിഘോര [സം.-ഘോരാ] നാ. നരകങ്ങളുടെ ഒരു വിഭാഗം.

അതിഘ്ന [സം. -ഘ്ന] വി. ഏറ്റവും നാശകരമായ.

അതിഘ്നി [സം. -ഘ്നീ] '(അതിശയേന) ദുഃഖങ്ങളെ ഹനിക്കുന്നത്.' നാ. അങ്ങേയറ്റത്തെ ആനന്ദം അനുഭവിക്കുന്ന അവസ്ഥ.

അതിങ്ങൾ,അതു- (ബ.വ.) അതുകൾ എന്നതിൻെറ നാടോടി രൂപം.താണവരെപ്പറ്റി ദയയോ സഹതാപമോ പ്രദർശിപ്പിച്ചുകൊണ്ടുള്ള പ്രയോഗം.

അതിചര1 [സം. അതി-ചര] വി. ക്ഷണംപ്രതി മാറിക്കൊണ്ടിരിക്കുന്ന,അസ്ഥിരമായ,ക്ഷണികമായ.

അതിചര2 [സം.] വേഗത്തിൽ പടരുന്നത്.' നാ. ഓരിലത്താമര; 2.ചീനപ്പരുത്തി.

അതിചരണ [സം. -ചരണാ] നാ. അതിമൈഥുനംകൊണ്ടും തൃപ്തമാകാത്ത യോനി,ഒരു യോനിദോഷം.

അതിചരണം [സം. -ചരണ] നാ. ആവശ്യത്തിൽ കൂടുതൽ ചെയ്തത്.

അതിചരവ് നാ. അധികമായ അയവ്.

അതിചരിക്കുക [<സം. അതി-ചര്] ക്രി. അതിര് കടന്നു പോകുക.

അതിചാരം [സം. -ചാര] നാ. 1.അതിരുകടക്കൽ,ലങ്ഘനം; 2.അക്രമം,കൈയേറ്റം; 3.കടന്നുകയറ്റം,അതിശയിക്കൽ; 4.(ജ്യോ.) കുജാദിപഞ്ചഗ്രഹങ്ങൾ ക്ലിപ്തകാലത്തിനുമുമ്പ് ഒരു രാശിയിൽനിന്ന് അടുത്തരാശിയിലേക്ക് കടക്കൽ.

അതിചാരി [സം. -ചാരിൻ] നാ. 1.ഉല്ലങ്ഘിക്കുന്നവൻ,അതിരുകടക്കുന്നവൻ; 2.അതിശയിക്കുന്നവൻ.

അതിചാലകത [സം. -ചാലകതാ] നാ. വളരെ കുറഞ്ഞ താപനിലകളിൽ ചിലപദാർഥങ്ങളുടെ വൈദ്യുതരോധം ഏറെക്കുറെ പൂജ്യമായിരിക്കുന്ന പ്രതിഭാസം.

അതിചിരം [സം. -ചിരം] അവ്യ. വളരെക്കാലത്തേക്ക്.

അതിച്ഛത്ര [സം. -ഛത്രാ] 'ഛത്രത്തെക്കാൾ ഭങ്ഗിയുള്ളത്.'നാ. 1.ശതകുപ്പ; 2.ആട്ടുകൊട്ടപ്പാല; 3.കുമിൾ; 4.കരിന്തൂമ്പ; 5.വയൽച്ചുള്ളി (ഇവയ്ക്കെല്ലാം ഛത്രത്തിൻെറ ആകൃതിയുള്ളതിനാൽ ഇപ്പേർ).

അതിച്ഛന്ദസ്സ് [സം. -ഛന്ദസ്]'ഛന്ദസ്സിനെ കവിഞ്ഞുനിൽക്കുന്നത്.'നാ. 1.അതിജഗതി,അതിധൃതി എന്നീ ഛന്ദസ്സുകൾ; 2.യജ്ഞവേദികയിലെ പ്രത്യേക ഇഷ്ടികയുടെ പേര്; 3.വൈദികവിധി ലങ്ഘിക്കുന്നവൻ; 4.ആശയട്ട വ്യക്തി; 5.ലൗകികാസക്തി നശിച്ചവൻ,വിരക്തൻ.

അതിജഗതി [സം.-ജഗതീ] 'ജഗതിയെക്കാൾ ഒരക്ഷരം കുടുതലുള്ളത്. നാ. ഒരു വർണവൃത്തം.

അതിജന [സം. -ജന] വി. ജനവാസമില്ലാത്ത,ആൾപാർപ്പില്ലാത്ത.

അതിജവി [സം. -ജവ] വി. വളരെ വേഗമുള്ള.

അതിജാഗര [സം. -ജാഗര] വി. അധികം ഉണർവുള്ള,വളരെ ഉത്സാഹമുള്ള.

അതിജാഗരം [സം. -ജാഗര] നാ. 1.എല്ലായ്പ്പോഴും ഉണർന്നിരിക്കൽ; 2.കരിഞ്ഞാറൽപ്പക്ഷി.
അതിജാത [സം.] വി. മാതാപിതാക്കളെ കവിഞ്ഞ ഗുണങ്ങളോടുകൂടിയ.× അപജാത.
അതിജീവനം [സം.-ജീവന] നാ. കവിഞ്ഞുജീവിക്കൽ.
അതിജീവിക്കുക [<സം. അതി-ജീവ്] ക്രി.. മറ്റൊന്നിന്റെ കാലശേഷം ജീവിച്ചിരിക്കുക,ശേഷിക്കുക.
അതിഡീനം [സം. -ഡീന <ഡീ] നാ. പക്ഷികളുടെ അതിവേഗത്തിലുള്ള പറക്കൽ.
അതിതരണം [സം. -തരണ < തൃ] നാ. 1.(മറുകര) കടക്കൽ,ഉല്ലങ്ഘനം; 2.വിഷമത്തെ കടന്നുപോകൽ.
അതിതരാം,-തമാം [സം. -തരാം,-തമാം] അവ്യ. മെച്ചപ്പെട്ട തരത്തിൽ,വളരെയധികം,ഏറ്റവും.
അതിതാരം [സം. -താര] നാ. (സങ്ഗീ.) അത്യുച്ചത്തിലുള്ള ഗാനസ്വരം,താരതരസ്ഥായി.
അതിതീക്ഷ്ണ [സം.-തീക്ഷ്ണ] വി. ഏറ്റവും മൂർച്ചയുള്ള,വളരെ രൂക്ഷമായ.
അതിതുങ്ഗം [സം. -തുങ്ഗ] (ജ്യോ.) ഗ്രഹങ്ങളുടെ അത്യുച്ചം,പരമോച്ചം.
അതിഥി1 [സം. അ-തിഥി] നാ. 1.വിരുന്നുകാരൻ,ഒരു മാസത്തിലധികം താമസിക്കാത്തവൻ,വന്നിട്ടുപോയാൽ പതിനഞ്ചുനാൾക്കുള്ളിൽ വീണ്ടും വരാത്ത ആൾ,യാദൃച്ഛികമായി വന്നുചേരുന്ന ആൾ; 2.അടിയന്തിരാദികൾക്കു ക്ഷണപ്രകാരം വരുന്ന ആൾ.
അതിഥി2 [സം.] നാ. കന്മദം.
അതിഥിക്രിയ [സം. അതിഥി-ക്രിയാ] നാ. അതിഥിപൂജ,വിരുന്നുകാരെ സത്കരിക്കൽ.
അതിഥിഗൃഹം [സം.-ഗൃഹ] നാ. അതിഥിയെ സത്കരിച്ചു താമസിപ്പിക്കുവാനുള്ള വീട്.
അതിഥിദേവൻ [സം. -ദേവ] നാ. അതിഥിയെ ദേവനുതുല്യം പൂജിക്കുന്നവൻ.
അതിഥിധർമം [സം. -ധർമ] നാ. 1.അതിഥിയെ സത്കരിക്കേണ്ട രീതി; 2.ആതിഥ്യത്തിനുള്ള അവകാശം.
അതിഥിപതി [സം. -പതി] നാ. അതിഥിസത്കാരം നടത്തുന്നവൻ.
അതിഥിപൂജ [സം. -പൂജാ] നാ. അതിഥിയെ പൂജിക്കൽ.
അതിഥിമൃഗവനം [സം. -മൃഗവന] നാ. മൃഗസംരക്ഷണത്തിനുവേണ്ടിയുള്ള വനം.
അതിഥീകൃത [സം. അതിഥീ-കൃത] വി. അതിഥിയാക്കപ്പെട്ട.
അതിദഗ്ധം [സം. -ദഗ്ധ] നാ. ഒരുതരം തീപ്പൊള്ളൽ.
അതിദൂരം [സം. -ദൂര] നാ. വലിയ അകലം.
അതിദേവൻ [സം. -ദേവ] നാ. എല്ലാദേവന്മാരിലും വച്ച് ശ്രേഷ്ഠൻ,ശിവൻ.
അതിദേശം [സം. -ദേശ] നാ. 1.സ്ഥലം മാറ്റം,വിട്ടുകൊടുക്കൽ; 2.(വ്യാക.) ഒന്നിനെപ്പറ്റിയുള്ള വിധി സമാനമായ മറ്റൊന്നിലും പ്രയോഗിക്കൽ; 3.ഒന്നിനു പകരം മറ്റൊന്നു വയ്ക്കൽ.

അതിദേശിക്കുക [<സം. അതി–ദിശ്] ക്രി. 1.ഒന്നിൽനിന്ന് മറ്റൊന്നിലേക്ക് മാറ്റുക,വിട്ടുകൊടുക്കുക; 2.(വ്യാക.) ഒന്നിനെപ്പറ്റിയുള്ള വിധി മറ്റൊന്നിലേക്കു വ്യാപിപ്പിക്കുക.
അതിദൈവ [സം. –ദൈവ] വി. ദേവന്മാരുടെ കഴിവിനെയും കടന്നുനിൽക്കുന്ന.
അതിദ്രുതം [സം. –ദ്രുതം] അവ്യ. അതിവേഗത്തിൽ,നാ.(സങ്ഗീ.) ദ്രുതത്തിൻെറ അർധകാലം,മാത്രയുടെ നാലിലൊന്ന്.
അതിദ്വയ [സം. –ദ്വയ] വി. 1.രണ്ടിനെയും അതിക്രമിച്ച; 2.രണ്ടാമതൊന്നില്ലാത്ത,അദ്വിതീയമായ,അതുല്യമായ.
അതിധന്വാവ് [സം. –ധന്വൻ] നാ. 1.തുല്യതയില്ലാത്ത വില്ലാളി; 2.മരുഭൂമിയെ കടന്നു നിൽക്കുന്നത്.
അതിധൃതി [സം. –ധൃതി] നാ. ഒരു വർണവൃത്തം.
അതിനതിന് [അതിന് –അതിന് ] അവ്യ. അടിക്കടി,എതിരുകളെ വകവയ്ക്കാതെ വീണ്ടും വീണ്ടും. (പ്ര.) അതിനതിന് അവൻ മെക്കിട്ടു കേറുന്നു.(എതിർക്കുന്തോറും).

അതിനാൽ = അകാരണം കൊണ്ട്,ആ ഉപകരണത്താൽ.
അതിനിദ്ര1 [സം. അതി–നിദ്ര] വി. 1.അധികം ഉറങ്ങുന്ന; 2.നിദ്രയില്ലാത്ത.
അതിനിദ്ര2 [സം. –നിദ്രാ] നാ. അതിയായ ഉറക്കം.
അതിനിദ്രം [സം.–നിദ്രം] അവ്യ. ഉറക്കത്തിനുള്ള സമയം കഴിഞ്ഞ്.
അതിനിർഹാരി [സം. –നിർഹാരിൻ] വി. 1.വളരെ ആകർഷകമായ (ഗന്ധം), 2.വളരെ വ്യാപിക്കുന്ന.
അതിനീചം [സം. –നീച] നാ. (ജ്യോ.) ഗ്രഹങ്ങളുടെ ഏറ്റവും നീചമായ സ്ഥാനം.
അതിനീചരതം [സം. –നീചരത] നാ. തീരെ ചേർച്ചയില്ലാത്ത നായികാനായകന്മാർ തമ്മിലുള്ള രതി..
അതിപക്ഷതി [സം. –പക്ഷതി] നാ. ഒരുമാസം പ്രായം തികഞ്ഞ കുട്ടി..
അതിപഞ്ച [സം. –പഞ്ചാ] ന. അഞ്ചുവയസ്സു തികഞ്ഞ പെൺകുട്ടി..
അതിപതനം [സം. –പതന] നാ. 1.കവിഞ്ഞുപൊകൽ,അതിരുകടക്കൽ; 2.വീഴ്ച; 3.ശീഘ്രഗമനം.
അതിപത്തി [സം. –പത്തി , പദ്] നാ. ലങ്ഘനം,ചെയ്യാതെ കഴിഞ്ഞുപോകൽ,വീഴ്ച,ഉപേക്ഷ. ഉദാ. ക്രിയാതിപത്തി =കർമം പൂർത്തിയാകാതിരിക്കൽ.
അതിപത്രം [സം. –പത്ര] നാ. 1.തേക്കുമരം; 2.മാറാമ്പ്.
അതിപദ [സം. –പദ] വി. 1.പാദം ഇല്ലാത്ത; 2.ഒരു കാലിനു നീളം കൂടിയ.
അതിപന്ഥാവ് [<സം.–പഥിൻ] നാ. സാധാരണയിൽ കവിഞ്ഞു നല്ലവഴി.
അതിപന്ന [സം. –പന്ന <പദ്] വി. അപ്പുറം പോയ,അതിരുകടന്ന,ലങ്ഘിച്ച.
അതിപരൻ [സം.–പര] നാ. 1.ശത്രുക്കളെ ജയിച്ചവൻ; 2.വലിയ ശത്രു.
അതിപരോക്ഷ [സം. –പരോക്ഷ] വി. 1.ദൃഷ്ടിയിൽ നിന്ന് തീരെ മറഞ്ഞ; 2.കാണാവുന്ന,പ്രത്യക്ഷമായ.
അതിപാതം [സം. –പാത < പത്] നാ. 1.കടന്നുപോകൽ; 2.അതിക്രമം,ലങ്ഘനം; 3.എതിരിടൽ.
അതിപാതിതം [സം. –പാതിത] നാ. മുറിഞ്ഞുവേർതിരിയത്തക്കവിധം ഉള്ള ഒടിവ്.
അതിപാത്യ [സം. –പാത്യ] വി. താമസിപ്പിക്കാവുന്ന,നീട്ടിവയ്ക്കാവുന്ന.
അതിപിച്ഛില [സം. അതി–പിച്ഛിലാ] ന. കറ്റാർവാഴ,കറ്റുവാഴ.

അതിപുരുഷൻ [സം.-പുരുഷ] നാ. അസാമാന്യസാമർഥ്യമുള്ള പുരുഷൻ,മഹാൻ.
അതിപ്രശ്നം [സം. -പ്രശ്ന] നാ. കടന്നചോദ്യം,അറിവിനപ്പുരത്തുനിന്നുള്ള ചോദ്യം,മര്യാദവിട്ട ചോദ്യം.
അതിപ്രസക്ത [സം. -പ്രസക്ത] വി. വലിയ ആസക്തിയുള്ള.
അതിപ്രസക്തി [സം. -പ്രസക്തി] നാ. 1.കവിഞ്ഞ താത്പര്യം; 2.അതിവ്യാപ്തി,കൂടുതൽ വ്യാപകമായ വിധത്തിൽ നിയമങ്ങളിൽ അയവുവരുത്തൽ; 3.അധികമായ അടുപ്പം; 4.ധിക്കാരം.
അതിപ്രസങ്ഗം [സം. -പ്രസങ്ഗ] നാ. 1.അതിവ്യാപ്തി; 2.ആവശ്യത്തിൽ അധികമായ പദപ്രയോഗം; 3.അധികപ്രസങ്ഗം,ധിക്കാരം; 4.അധികമായ അടുപ്പം.
അതിപ്രസരം [സം. -പ്രസര] നാ. അധികം വ്യാപിക്കൽ,ക്രമാധികമായ സ്വാധീനത,ക്രമാധികമായ പുരോഗമനം.
അതിപ്രൗഢ1 [സം. -പ്രൗഢ] വി. 1.വലരെ പ്രവൃദ്ധമായ; 2.അധികം ഉദ്ധതമായ; 3.വളരെ പ്രൗഢിയുള്ള,ആഡംബരപ്രിയമുള്ള.
അതിപ്രൗഢ2 [സം. -പ്രൗഢാ] നാ. വിവാഹപ്രായം കവിഞ്ഞ സ്ത്രീ,വളർച്ചമുറ്റിയവൾ.
47
അതിബന്ധു [സം. -ബന്ധു] നാ. (ജ്യോ.) അനുകൂലക്ഷേത്രത്തിൽ നിൽക്കുന്ന ബന്ധുഗ്രഹം.
അതിബല [സം. -ബല] നാ. 1.ആനക്കുറുന്തോട്ടി; 2.വിശ്വാമിത്രൻ രാമലക്ഷ്മണന്മാർക്കുപദേശിച്ച മന്ത്രങ്ങളിലൊന്ന്.

അതിബലം [സം. -ബല] നാ. 1.കവിഞ്ഞശക്തി; 2.വലിയ സൈന്യം.
അതിബാല [സം. -ബാലാ] നാ. 1.തീരെ പ്രായം കുറഞ്ഞ പെൺകുട്ടി; 2. രണ്ടുവയസ്സായ പശുക്കുട്ടി.
അതിബാഹു [സം. -ബാഹു] നാ. വലിയ കൈയുള്ളവൻ,ഗന്ധർവൻ.
അതിബുദ്ധി [സം. -ബുദ്ധി] നാ. അസാധാരണമായ ബുദ്ധി.
അതിബൃഹത്ഫല [സം. -ബൃഹത്-ഫലാ] വി. വളരെ വലിയ കായുള്ള. നാ. പ്ലാവ്.
അതിബ്രഹ്മചര്യൻ [സം. -ബ്രഹ്മചര്യ] നാ. 1.ബ്രഹ്മചര്യകാലം കടന്നവൻ,അശ്ഹ്യയനം പൂർത്തിയായവൻ; 2.ബ്രഹ്മചര്യം ലങ്ഘിച്ചവൻ.
അതിഭങ്ഗം [സം. -ഭങ്ഗ] നാ. ഭങ്ഗങ്ങളനുസരിച്ച് നാലുതരം ദേവിവിഗ്രഹങ്ങളുള്ളതിൽ ഒന്ന് (നാലു മടക്കുകളുള്ളത്).
അതിഭരം,-ഭാരം [സം. -ഭര.-ഭാര] നാ. 1.വലിയ ചുമട്; 2.ആധിക്യം,വേഗം; 3.(വാക്യത്തിലെ) അവ്യക്തത.
അതിഭവം [സം.-ഭവ] നാ. 1.അതിശയിക്കൽ,കടന്നു നിൽക്കൽ; 2.തോൽപ്പിക്കൽ.
അതിഭാരഗം [സം. -ഭാരഗ] 'വളരെ ഭാരം വഹിച്ചുകൊണ്ടു പോകുന്നത്'. നാ. 1.കഴുത; 2.വെട്ടിക്കുതിര; 3.കോവർകഴുത.
അതിഭീ [സം.-ഭീ] 'അധികമായ ഭയം ഉണ്ടാക്കുന്നത്.' നാ. മിന്നൽ.
അതിഭൂമി [സം. -ഭൂമി] നാ. 1.ആധിക്യം,ഉച്ചാവസ്ഥ; 2.കവിഞ്ഞത്; 3.ഉത്കർഷം,മേന്മ; 4.വിസ്താരമുള്ള ഭൂമി; 5.മര്യാദാലങ്ഘനം.
അതിഭൗതിക [സം. -ഭൗതിക] വി. ഭൗതികാതീതമായ.
അതിമങ്ഗല്യം [സം. -മങ്ഗല്യ] നാ. കൂവളം. (അധികം ശുഭത്വമുള്ളതിനാൽ).

അതിമതി [സം. -മതി] നാ. 1.അതിരുകടന്ന അഭിമാനം; 2.അതിബുദ്ധി.
അതിമധുരം [സം. -മധ്ര] നാ. യഷ്ടിമധുകം,ഇരട്ടിമധുരം.
അതിമന്ദചരി [സം. -ചരീ] നാ. 1.സങ്ഗീതത്തിലെ അലങ്കാരങ്ങളിൽ ഒന്ന്; 2.അതിമന്ദം ചരിക്കുന്നവൾ.
അതിമർത്യ [സം. -മർത്യ] വി. മനുഷ്യത്വത്തെ കവിഞ്ഞ,അതിമാനുഷമായ,ദിവ്യമായ.
അതിമര്യാദ [സം. -മര്യാദ] വി. മര്യാദ കവിഞ്ഞ,അതിരുകടന്ന.
അതിമാത്ര [സം. -മാത്ര] വി. മാത്രയെ അതിക്രമിച്ച,ആവശ്യത്തിലധികമായ.
അതിമാത്രം [സം. -മാത്രം] അവ്യ.. അളവിൽ കവിഞ്ഞ്,ഏറ്റവും.
അതിമാനം [സം. -മാന] നാ. 1.അളവിൽ കവിഞ്ഞത്,വളരെ വിസ്തൃതമായതത്; 2.വർധിച്ച ബഹുമാനം; 3.ദുരഭിമാനം.
അതിമാനി [സം. -മാനിൻ] നാ. ദുരഭിമാനി.
അതിമാനുഷ [സം. -മാനുഷ] വി. മനുഷ്യാതീതമായ,ദിവ്യമായ.
അതിമാംസ [സം. -മാംസ] വി. വളരെ തടിച്ച,മാംസളമായ.
അതിമായ [സം. -മായ] വി. മായയെ അതിജീവിച്ച,മുക്തി നേടിയ.
അതിമായിക [സം. -മായിക] നാ. ഈശ്വരൻ.
അതിമാരുതം [സം. -മാരുത] നാ. കൊടുങ്കാറ്റ്.
അതിമിത [സം. -മിത] വി. അളവറ്റ,പരിധികവിഞ്ഞ.
അതിമിത്രം [സം. -മിത്ര] നാ. 1.ഉറ്റസ്നേഹിതൻ; 2.(ജ്യോ.) ജന്മനക്ഷത്രം തൊട്ട് ഒമ്പതാമത്തെ നക്ഷത്രം,ക്ഷേത്രം കൊണ്ടും നിസർഗജമായും മിത്രമായത്.
അതിമുക്ത [സം. -മുക്ത] സംസാരബന്ധങ്ങൾ നിശ്ശേഷം അറ്റ,ഫലശൂന്യമായ,മുത്തിനെ അതിശയിച്ച.
അതിമുക്തം [സം.] നാ. 1.മുത്തിനെക്കാൾ വെണ്മയുള്ളത്; 2.കുരുക്കുത്തിമുല്ല; 3.വളരെ തടിച്ചത്; 4.കരുന്താളി; 5.പനച്ചി.
അതിമുക്തി [സം. അതി-മുക്തി] നാ. പൂർണമായ മുക്തി.
അതിമുദിതം [സം. -മുദിത] നാ. 1.ഒരു വർണവൃത്തം; 2.അത്യന്തം സന്തുഷ്ടമായ.
അതിമൃത്യു [സം. -മൃത്യു] 'മൃത്യുവിന് അപ്പുറത്തുള്ള സ്ഥിതി.' നാ. മോക്ഷം.
അതിമെത്രാസനം [സം. അതി -അറ. മെത്രാൻ-സം. ആസന്ന] നാ. ആർച്ചുബിഷപ്പിൻെറ രൂപത, അതിരൂപത.
അതിമോക്ഷ്യ [സം. -മോക്ഷ്യാ] നാ. യാഗത്തിൽ നടത്തുന്ന ഒരു ഹോമം.
അതിമോഘം [സം. -മോഘ] വി. വളരെ നിഷ്ഫലമായ.
അതിമോദ [സം. -മോദ] 'അധികം ഗന്ധമുള്ളത്' നാ. 1.നവമല്ലിക; 2.ഗണികാരി എന്ന ചെറുമരം.
അതിമോഹ [സം. അതി-മോഹ < മുഹ്] നാ. 1.കഴിവിൽ കവിഞ്ഞ കാര്യങ്ങൾക്കായുള്ള മോഹം,അതിരുകടന്ന ആശ; 2.ദുർമോഹം.
അതിയമാൻ [പാ. സതിയ < സം. സത്യ -മ.മകൻ?] നാ. ചേരവംശത്തിൻെറ ഒരു താവഴിയുടെ സ്ഥാപകൻ.
അതിയാത [സം. -യാത] വി. 1.കഴിഞ്ഞുപോയ; 2.വളരെ വേഗമുള്ള.
അതിയാൻ സ.നാ. അയാൾ,അങ്ങോർ(അങ്ങാര്),അദ്ദേഹം.
അതിയാനം [സം. യാന] നാ. അപ്പുറം കടന്നുപോകൽ.

അതിയാപനം [സം. -യാപന] നാ. ആവശ്യത്തിലധികം കാലം കഴിച്ചുകൂട്ടൽ,താമസിക്കൽ.
അതിയുഗ്മ,-വിപുല [സം. -യുഗ്മാ-വിപുലാ] നാ. ഒരു വർണവൃത്തം.
അതിയോഗം [സം. -യോഗ] നാ. 1.അധികമായ ചേർച്ച,ആധിക്യം; 2.(ജ്യോ.) ഒരു ശുഭയോഗം; 3.(വൈദ്യ.) വിധിച്ചിട്ടുള്ള മാത്രയിൽ കൂടുതൽ ഔഷധം ചേർക്കൽ.
അതിർ നാ. 1.ഒരു സ്ഥലത്തെ അടുത്ത സ്ഥലത്തിൽനിന്ന് വേർതിരിക്കുന്ന വരമ്പ്,എലുക; 2.അവസാനം,അന്തം; 3.മര്യാദ,ഔചിത്യം.
അതിർത്തി,അത്യ- നാ. അതിര്; അതിർത്തിക്കല്ല് = എലുകക്കല്ല്,സർവേക്കല്ല്.
അതിർപ്പം [സം. അദ്ഭുതം,>അൽപ്പുതം>അർപുതം>അതുർപ്പം>അതിർപ്പം] നാ. അദ്ഭുതം
അതിരക്ത [സം. -രക്ത < രഞ്ജ്] വി. 1.അധികം രഞ്ജിപ്പിക്കുന്ന,അധികം ഇണക്കുന്ന; 2.ഏറെ ചുവന്ന; 3.ഏറെ അനുരാഗമുള്ള, നാ. അഗ്നി.
അതിരണി [സം. -രണിൻ] നാ. അധികം രണപ്രിയമുള്ള.
അതിരഥൻ [സം. -രഥ] നാ. അദ്വിതീയനായ പടയാളി,സ്വയം തേരുതെളിച്ച് പടവെട്ടുന്നവൻ.
അതിരസം [സം.] നാ. 1.കൂടുതൽ ഇനിപ്പ്; 2.അരിമാവുകൊണ്ടുള്ള ഒരു മധുരപലഹാരം; 3.ഉപ്പ്.
അതിരാജാ(വ്) [സം. -രാജൻ] നാ. പ്രശസ്തനായ രാജാവ്.
അതിരാണി,അതിരാഞ്ചി നാ. കദലിച്ചെടി,മഷിക്കായ് ഉണ്ടാകുന്ന കുറ്റിച്ചെടി.
അതിരാത്ര [സം. അതി-രാത്ര] വി. ഒരു രാത്രികൊണ്ടു നിർവഹിക്കുന്ന.
അതിരാത്രം [സം. -രാത്ര] നാ. 1.നടുരാത്രി; 2.സോമയജ്ഞങ്ങളിൽ ഒന്ന്; 3.ഒരു രാത്രികൊണ്ടു നടത്താവുന്നതും ജ്യോതിഷ്ടോമയാഗത്തിൻെറ അങ്ഗവുമായ ഒരു യാഗം.
അതിരി നാ. 1.നെൽക്കൂന; 2.വൈക്കോൽക്കൂമ്പാരം,തുറു.
അതിരിക്ത [സം. അതി-രിക്ത <രിച്] വി. 1.ആവശ്യത്തിൽ കവിഞ്ഞ,അതുല്യമായ; 2.നിശ്ശേഷം ഒഴിഞ്ഞ,പൊള്ളയായ; 3.വ്യത്യസ്തമായ.
അതിരിക്താങ്ഗ [സം. അതിരിക്ത-അങ്ഗ] വി. അങ്ഗം അധികമുള്ള,വിരലുകളോ മറ്റോ കൂടുതൽ ഉള്ള.
അതിരിച്യമാന [സം. -രിച്യമാന] വി. കവിഞ്ഞിരിക്കുന്ന.
അതിരുക്ക് [സം. -രുക്] നാ. അതിയായ വേദന.
അതിരുചിര1 [സം. -രുചിര] വി. വളരെ മനോഹരമായ.
അതിരുചിര2 [സം. -രുചിരാ] നാ. ഒരു വർണവൃത്തം.
അതിരുദ്രം [സം. -രുദ്ര] നാ. ശിവപ്രീതിക്കായുള്ള പൂജ.
അതിരുഷിത [സം. -രുഷിത < രുഷ്] വി. വളരെ രോഷമുള്ള,ഏറെ കോപിച്ച.

അതിരൂക്ഷ [സം. -രൂക്ഷ] വി. 1.വളരെ ക്രൂരമായ,സ്നേഹമില്ലാത്ത; 2.രൂക്ഷതയെ അതിക്രമിച്ച,സ്നേഹമുള്ള.
അതിരൂപ [സം. -രൂപ] വി. 1.ഒരു രൂപമില്ലാത്ത,നിരാകാരമായ; 2.രൂക്ഷതയെ അതിലങ്ഘിച്ച.

അതിരൂപത [സം. -രൂപതാ] 'രൂപതയെക്കാൾ വലുത്.' നാ. ആർച്ചുബിഷപ്പിൻെറ അധികാരസീമ,ആർച്ചുഡയോസിസ്.
അതിരൂപൻ [സം. -രൂപ] 'രൂപത്തെ അതിലങ്ഘിച്ചവൻ.' നാ. 1.ഈശ്വരൻ; 2.അധികം സുന്ദരൻ.
അതിരൂപം [സം.] നാ. അതിസൗന്ദര്യം.
അതിരേകം [സം. -രേക] നാ. 1.കവിയൽ.ആധിക്യം; 2.മേന്മ; 3.വ്യത്യാസം.
അതിരേചക [സം. -രേചക < രിച്] വി. നല്ലപോലെ വയറിളക്കാൻ ശക്തിയുള്ള.
അതിരോഗം [സം. -രോഗ] നാ. ക്ഷയം.
അതിരോമശം [സം. -രോമശ] 'അധികം രോമമുള്ളത്.' നാ. കരിങ്കുരങ്ങ്.
അതിലങ്ഘനം [സം.-ലങ്ഘന <ലങ്ഘ്] നാ. അതിക്രമിക്കൽ.
അതിലങ്ഘിക്കുക [സം. അതി-ലങ്ഘ്] ക്രി. 1.അപ്പുറം കടക്കുക,ധർ മനിയമാദികളെ അവഗണിച്ചു പ്രവർത്തിക്കുക; 2.കവിയുക,അതിശയിക്കുക.
അതിലംബി [സം. അതി-ലംബീ] നാ. ചതകുപ്പ.
അതിലെ,ലേ [അത്-ഇൽ-ഏ] അത് എന്നതിൻെറ ആധാരികാഭാസരൂപം, അവ്യ. 1.അതിലുള്ള; 2.ആവഴിയേ.
അതിലോക [സം. അതി-ലോക] വി. ലോകാതീതമായ.
അതിവക്താവ് [സം. -വക്തൃ] നാ. അധികം സംസാരിക്കുന്നവൻ. (സ്ത്രീ.) അതിവക്ത്രി.
അതിവക്രൻ [സം. -വക്ര] നാ. 1.അതിവക്രഗതിയുള്ള ചൊവ്വാ തുടങ്ങിയ അഞ്ചു ഗ്രഹങ്ങളിൽ ഒന്ന്; 2.ഏറ്റവും വളഞ്ഞ ബുദ്ധിയുള്ളവൻ,അതികൗശലക്കാരൻ.
അതിവചനം [സം. -വചന] നാ. 1.വളരെ ഉച്ചത്തിലുള്ള സംസാരം; 2.കടന്ന വാക്ക്,മര്യാദവിട്ട സംസാരം.
അതിവർണാശ്രമൻ [സം. -വർണാശ്രമ] നാ. വർണാശ്രമധർമങ്ങളെ കടന്നുനിൽക്കുന്നവൻ.
അതിവർത്തനം [സം. -വർതന<വൃത്] നാ. കടന്നു പ്രവർത്തിക്കൽ,ലങ്ഘനം; 2.മാപ്പു കൊടുക്കത്തക്കകുറ്റം.
അതിവർത്തിക്കുക [<സം. അതി-വൃത്] ക്രി. കവിഞ്ഞ്നു നിൽക്കുക,അതിലങ് ഘിക്കുക,തരണം ചെയ്യുക.
അതിവർഷം സം. -വർഷ] നാ. കടുത്ത മഴ.
അതിവസുമാൻ [സം. -വസുമത്]'വലുതായ സമ്പത്തുള്ളവൻ.' നാ. (ജ്യോ.) ഒരു ശുഭയോഗം.
അതിവഹിക്കുക [<സം. അതി-വഹ്] ക്രി. കടത്തിക്കൊണ്ടു പോകുക,സമയം കഴിക്കുക.
അതിവാദം [സം.] നാ. 1.അതിരുകടന്ന വാക്ക്; 2.മുഷിഞ്ഞ് പറച്ചിൽ,അധിക്ഷേപം; 3.അത്യുക്തി.
അതിവാദി [സം. അതി-വാദിൻ] വി. 1.അധികം സംസാരിക്കുന്നവൻ,വാചാലൻ; 2.പരുഷവാക്കു പറയുന്നവൻ; 3.വാദത്തിൽ മികച്ചുനിൽക്കുന്നവൻ.
അതിവാസനം [സം. -വാസന] നാ. (ശരീരത്തിൽ ചെയ്യുന്ന) സുഗന്ധലേപനം.
അതിവാസം [സം. -വാസ] നാ. ശ്രാദ്ധത്തിൻെറ തലേ നാലത്തെ ഉപവാസം.
അതിവാഹകൻ [സം. -വാഹക] നാ. സൂക്ഷ്മശരീരത്തെ മറ്റൊരു ദേഹത്തിലേക്ക് കൊണ്ടുപോകുന്ന ദേവൻ.'അതിവാഹനം' നോക്കുക.
അതിവാഹനം [സം. -വാഹന] നാ. 1.കടുത്ത ചുമട്,കഠിനപ്രയത്നം,വലിയ ചുമട് എടുക്കൽ; 2.കാലം കഴിച്ചു കൂട്ടൽ.

അതിവാഹം [സം. -വാഹ] നാ. 1.കടത്തിക്കൊണ്ടുപോകൽ,ഒരിടത്തുനിന്നു മറ്റൊരിടത്തേക്ക് മാറ്റൽ; 2.പുണ്യക്ഷയത്താൽ സൂക്ഷ്മശരീരത്തിൻെറ ദേഹാന്തരപ്രാപ്തി.
അതിവാഹിക [സം.-വാഹികാ] വി. അതിവാഹസംബന്ധമായ.
അതിവാഹിത [സം. -വാഹിത] വി. കഴിച്ചുകൂട്ടിയ,ഒഴിഞ്ഞുപോയ.
അതിവാഹിതൻ [സം.] നാ. ഭൂമിക്കടിയിലുള്ള ലോകത്തിൽ ജീവിക്കുന്നവൻ.
അതിവാഹിതം [സം.] നാ. സൂക്ഷ്മശരീരം.
അതിവികട [സം. അതി-വികട] വി. വളരെ ദുഃശീലമുള്ള.
.അതിവിടം,-വിഷാ,-വിഷം [സം. -വിഷാ] നാ. അതിവിടയം,ഒരു ഔഷധം.
49
അതിവൃത്തി [സം. -വൃത്തി] നാ. 1.കവിയൽ,കവിഞ്ഞുനിൽക്കൽ,ജയിക്കൽ; 2.ലങ്ഘനം; 3.അതിശയോക്തി; 4.വലിയ പ്രവാഹം; 5.കഠിനപ്രയത്നം.
അതിവൃഷ്ടി [സം.-വൃഷ്ടി] നാ. കഠിനമായ മഴ,ഈതിബാധകളിൽ ഒന്ന്.
അതിവേധം [സം. -വേധ] നാ. വലിയ അടുപ്പം,(ജ്യോ.) ദശമി,ഏകാദശി ഇവയുടെ സന്ധി.
അതിവേല [സം. -വേലം] വി.ഏറ്റവും.
അതിവ്യക്ത [സം. -വ്യക്ത] വി. വളരെ സ്പഷ്ടമായ.
അതിവ്യഥ [സം. -വ്യഥാ] നാ. കടുത്തവേദന.
അതിവ്യാപ്തി [സം. -വ്യാപ്തി] നാ. ആവശ്യത്തിൽ കൂടുതലായ വ്യാപ്തി,ഉൾപ്പെടേണ്ടാത്തതുകൂടി ഉൾപ്പെടത്തക്കവിധമുള്ള നിർവചനം (തർക്കശാസ്ത്രം അനുസരിച്ചുള്ള ഒരു ലക്ഷണദോഷം).
അതിവ്യായാമം [സം. -വ്യായാമ] നാ. 1.അധികവ്യായാമം; 2.ശരീരത്തിനു താങ്ങാവുന്നതിൽ അധികമായ അധ്വാനം.
അതിശക്വരി [സം. -ശക്വരീ] നാ. ശക്വരിയെക്കാൾ ഒരക്ഷരം കൂടുതലുള്ള ഛന്ദസ്സ്.
അതിശങ്ക [സം. -ശങ്കാ] നാ. വലിയ സംശയം.
അതിശത്രു [സം. -ശത്രു] നാ. 1.പരമശത്രു;2.(ജ്യോ.) സ്വാഭാവികമായ ശത്രുത്വത്തിനു പുറമേ തത്കാലശത്രുത്വം കൂടിയുള്ള ഗ്രഹം.
അതിശയ [സം. -ശയ < ശീ] കവിഞ്ഞുകിടക്കുന്ന. വി. കവിഞ്ഞ,ഉത്കർഷമുള്ള,ശ്രേഷ്ഠതയുള്ള.
അതിശയനം [സം. -ശയന] നാ. മികച്ചുനിൽക്കൽ,ഉത്കർഷ.
അതിശയനി [സം. -ശയനീ] നാ,അത്യഷ്ടിഛന്ദസ്സിൽപെട്ട ഒരുപവൃത്തം(ചിത്രലേഖ എന്നു നാമാന്തരം).
അതിശയം [സം. -ശയ] നാ. 1.ആധിക്യം,ഉത്കർഷം,ഗുണാതിശയം; 2.അദ്ഭുതം.
അതിശയനീയ [സം. -ശയനനീയ] വി. അതിശയിക്കത്തക്ക,അദ്ഭുതം ഉളവാക്കത്തക്ക.
അതിശയാലു [സം.] വി. കവിഞ്ഞുനിൽക്കുന്ന സ്വഭാവമുള്ള.
അതിശയി [സം. അതി-ശയിൻ] നാ. ഉത്കൃഷ്ടമായ; 2.അത്യധികമായ.
അതിശയിക്കുക [<സം. അതി-ശീ]'കടന്നു കിടക്കുക'. ക്രി. 1.കവിഞ്ഞുനിൽക്കുക; 2.അദ്ഭുതപ്പെടുക.

അതിശയിത [സം. -ശയിത <ശീ] വി. അതിശയിക്കപ്പെട്ട,മികച്ച,കടന്ന.
അതിശയോക്തി [സം. അതിശയ-ഉക്തി] നാ. 1.ഉള്ളതിൽ കവിഞ്ഞുള്ള ഉക്തി,അത്യുക്തി; 2.ഒരു അർഥാലങ്കാരം.
അതിശസ്ത [സം. -ശസ്ത] വി. അധികം ശ്രേഷ്ഠമായ.
അതിശസ്ത്ര [സം. അതി-ശസ്ത്ര] വി. ആയുധങ്ങളെ അതിശയിക്കുന്ന.
അതിശായനം [സം. -ശായന] നാ. 1.കവിഞ്ഞുകിടക്കുന്ന അവസ്ഥ,ആധിക്യം; 2.തരതമഭാവം.
അതിശായി [സം. -ശായിൻ] വി. അതിശയിക്കുന്ന സ്വഭാവമുള്ള.
അതിശിഷ്ടം [സം. -ശിഷ്ട] നാ. അവശിഷ്ടം,മിച്ചം വന്നത്.

അതിശേഷം [സം. -ശേഷ <ശിഷ്] നാ. = അതിശിഷ്ടം.
അതിശേഷിക്കുക [<സം. അതി-ശിഷ്] ക്രി. മിച്ചം വരുക.
അതിശോഭന [സം. -ശോഭനാ]'അത്യന്തം ശോഭയുള്ളവൾ.' നാ. പാർവതി.
അതിശ്രുത [സം. -ശ്രുത] വി. വളരെ കീർത്തിയുള്ള.
അതിശ്രേയസി [സം. -ശ്രേയസീ] നാ. ഉത്തമസ്ത്രീയുടെ ഭർത്താവാകാൻ ആവശ്യമായതിലധികം യോഗ്യതയുള്ളവൻ.
അതിശ്വ [സം. -ശ്വൻ] വി. ബലംകൊണ്ടു ശ്വാവിനെക്കാൾ മെച്ചപ്പെട്ടതോ മോശപ്പെട്ടതോ ആയ.
അതിശ്വാവ് [സം. -ശ്വൻ] നാ. മെച്ചപ്പെട്ട നായ്.
അതിഷ്ഠ [സം. -സ്ഥ < സ്ഥാ] നാ. ഉത്കർഷം,മേന്മ,മഹത്ത്വം. വി. എല്ലാത്തിനെയും കവിഞ്ഞ.
അതിഷ്ഠൻ [സം. അ-തിഷ്ഠ] നാ. എല്ലാറ്റിനും അപ്പുറത്തുള്ളവൻ.
അതിസക്ത സം. അതി-സക്ത] വി. വളരെയധികം താത്പര്യമുള്ള.
അതിസക്തി [സം. -സക്തി] നാ. അധികമായ ബന്ധം,ക്രമാധികമായ അടുപ്പം,അധികമായ സ്നേഹം,അടുത്ത സമ്പർക്കം.
അതിസന്ധം [സം. -സന്ധം] അവ്യ. പ്രതിജ്ഞയെയോ വ്യവസ്ഥയെയോ ലങ്ഘിച്ച്.
അതിസന്ധാനം [സം. -സന്ധാന] നാ. കബളിപ്പിക്കൽ.
അതിസന്ധി [സം. -സന്ധി] നാ. 1.അതിരുകടന്ന വ്യവസ്ഥകളോടുകൂടിയ സന്ധി; 2.കബളിപ്പിക്കൽ.
അതിസന്ധ്യ [സം. -സന്ധ്യാ] നാ. ഉദയത്തിനും അസ്തമയത്തിനും മുമ്പുള്ള സമയം.
അതിസമ്പന്ന [സം. -സമ്പന്ന] വി. വളരെ സമ്പത്തുള്ള.
അതിസർഗം [സം. -സർഗ <സൃജ്] നാ. 1.അനുമതി നൽകൽ,അനുവാദം; 2.കൊടുക്കൽ,തിരിച്ചുനൽകൽ; 3.വേർപെടൽ; 4.വിടുതൽ.
അതിസർജനം [സം. -സർജന <സൃജ്] നാ. 1.കൊടുക്കൽ,ഔദാര്യം; 2.വേർപിരിയൽ; 3.ചതി; 4.കൊല.
അതിസർവൻ [സം. -സർവ] 'എല്ലാറ്റിനെയും അതിശയിച്ചവൻ.' നാ. സർവേശ്വരൻ.
അതിസര [സം. -സര < സൃ] വി. 1.അതിക്രമിക്കുന്ന; 2.നയിക്കുന്ന.
അതിസരം [സം.] നാ. പ്രയത്നം.
അതിസരിക്കുക [<സം. അതി-സൃ] ക്രി. 1.വയറിളക്കുക; 2.വ്യാപിക്കുക.

അതിസാംവത്സര [സം. -സാംവത്സര] നാ. ഒരു വത്സരത്തിൽ അധികമായ.
അതിസാമ്യ [സം. -സാമ്യാ] നാ. 1.ഇരട്ടിമധുരം; 2.മഞ്ചെട്ടിയുടെ മധുരസാരം.
അതിസാരം [സം. -സാര] നാ. ഒരു രോഗം,വയറിളക്കം,വിരേചനം,വയറുകടി..
അതിസാരി ള-സാരകി,അതീ- [സം.-സാരിൻ] നാ. അതിസാരം ബാധിച്ചവൻ.
അതിസുരദ്രു [സം. -സുരദ്രു] വി. കൽപവൃക്ഷത്തെ അതിശയിക്കുന്ന.
അതിസൂക്ഷ്മം [സം. -സൂക്ഷ്മ] നാ. 1.കുരികിൽ; 2.(സങ്ഗീ.) നാദത്തിൻെറ ഒരു വിദാഗം,ഏറ്റവും സൂക്ഷ്മമായത്.
അതിസൃഷ്ടി [സം. -സൃഷ്ടി<സൃജ്] നാ. ഉത്കൃഷ്ടമായ സൃഷ്ടി.
അതിസൗരഭം [സം. -സൗരഭ] നാ. തേന്മാവ്]
അതിസ്തിമിത [സം. -സ്തിമിതാ] നാ. ഒരു വർണവൃത്തം.
അതിസ്ഥിര [സം. -സ്ഥിര] വി. വളരെ ഉറച്ച,നിശ്ചലമായ,തീർച്ചയുള്ള.
അതിസ്ഥൗല്യം [സം. -സ്ഥൗല്യ]'വലിയ തടിപ്പ്'. നാ. ഒരു രോഗം.
അതിസ്നേഹം [സം. -സ്നേഹ] നാ. അതിരുകടന്ന സ്നേഹം.
അതിസ്വരം, -സ്വാരം [സം. -സ്വര,-സ്വാര] നാ. (സങ്ഗീ.) നിഷാദസ്വരത്തിന്നാധാരമായ സ്വരം.
അതിഹസിതം [സം. -ഹസിത] നാ. ശരീരം ഇളക്കിയുള്ള ചിരി,ആറുവിധം ഹാസങ്ങളിൽ ഒന്ന്.

അതീക്ഷ്ണ [സം. അ-തീക്ഷ്ണ] വി. മൂർച്ചയില്ലാത്ത.
അതീത [അതി-ഇത <ഇ] വി. കടന്ന,കഴിഞ്ഞ,പിൻതള്ളപ്പെട്ട,കവിഞ്ഞുനിൽക്കുന്ന.
അതീതഗ്രഹം [സം. അതീത-ഗ്രഹം] നാ.(സങ്ഗീ.) താളഗ്രഹരീതികളിൽ ഒന്ന്,പാട്ടു തുടങ്ങിയിട്ട് താളം പിടിക്കാൻ തുടങ്ങൽ.
അതീതൻ [സം. അതി-ഇത] നാ. ലൗകികകാര്യങ്ങളെ ഉപേക്ഷിച്ചവൻ,സന്യാസി.
അതീതം [സം. അതി-ഇത] നാ. കഴിഞ്ഞത്.
അതീതവ്യവഹാര [സം. -വ്യവഹാര] വി. വ്യവഹാരത്തിനുള്ള പ്രായം കഴിഞ്ഞ.
അതീതസംഖ്യ [സം. -സംഖ്യ] നാ. കണക്കിൽ കവിഞ്ഞ,ഇത്രയെന്നു പറയാനാകാത്ത.
അതീതാധ്വാവ് [സം. -അധ്വൻ] നാ. 1.വഴി പിന്നിട്ടവൻ; 2.കടന്നുപോയ വഴി.
അതീന്ദ്രിയ [സം. അതി-ഇന്ദ്രിയ] വി.. ഇന്ദ്രിയങ്ങൾക്കപ്പുറത്തുള്ള,അതിസൂക്ഷ്മമായ.
അതീന്ദ്രിയജ്ഞാനം [സം. അതീന്ദ്രിയ-ജ്ഞാന] നാ. ഇന്ദ്രിയങ്ങളിലൂടെയല്ലാതെ ലഭിക്കുന്ന ജ്ഞാനം.
അതീന്ദ്രിയപ്രത്യക്ഷം [സം. -പ്രത്യക്ഷ] നാ.ഇന്ദ്രിയങ്ങളിലൂടെയല്ലാതെയുള്ള പ്രത്യക്ഷം,ധ്യാനത്തിൻെറ ശക്തിയിൽനിന്നു ലഭ്യമാകുന്ന ജ്ഞാനം.
അതീന്ദ്രിയവൃത്തി [സം. -വൃത്തി] നാ. 1.ഇന്ദ്രിയങ്ങൾക്ക് അതീതമായ സ്ഥിതി; 2.ഇന്ദ്രിയങ്ങൾക്കതീതമായി വർത്തിക്കുന്നവൻ.
അതീവ [സം -ഇവ] അവ്യ. ധാരാളം,ഏറെ,അധികം,ഏറ്റവും.
അത് സ.നാ. 'അ' എന്ന ചുട്ടെഴുത്തിനോട് 'തു' പ്രത്യയം ചേർന്നുണ്ടാകുന്ന രൂപം.സ.നാ. 1.പ്ര.പു.നപും.ഏ.വ.പറഞ്ഞതോ പറയാൻ ഉദ്ദേശിക്കുന്നതോ

ആയ വസ്തു അല്ലെങ്കിൽ ജീവിയെ നിർദേശിക്കുന്ന ശബ്ദം,അകലത്തുള്ള ഒന്ന്,(പും.) അവൻ,(സ്ത്രീ.) അവൾ. സാമാന്യലിങ്ഗമായും അതു പ്രയോഗിക്കും,അവ എന്നു ബ.വ.;2.വാക്യാർഥത്തിനു പകരം നിൽക്കുന്ന ശബ്ദം; 3.ക്രിയയോടു ചേർക്കുന്ന നപുംസകസർവനാമപ്രത്യയം; 4.നപുംസകാഖ്യാതനാമം ഉണ്ടാക്കുവാൻ പേരെച്ചത്തോടു ചേർക്കുന്ന പ്രത്യയം,(പ്ര.) വന്ന+അത്-വന്നത്,വരുന്ന+അത്-വരുന്നത് ഇത്യാദി; 5.വിശേഷണത്തോടു ചേർത്തു നപുംസകനാമമുണ്ടാക്കാനുപയോഗിക്കുന്ന പ്രത്യയം; 6.അ എന്ന ചുട്ടെഴുത്തിനുപകരം വരുന്ന ശബ്ദം,(പ്ര.) അതു+നേരം = അന്നേരം; 7.പ്രത്യേകാർഥം കൂടാതെ നപുംസകനാമത്തോടു ചേർത്തു പ്രയോഗിക്കുന്ന ശബ്ദം.(പ്ര.) വചനമതു കേട്ടു; 8.ഒരു സംബന്ധികാവിഭക്തിപ്രത്യയം,തൻ+അതു (തനതു) = തൻെറ; 9.ചോദ്യത്തിലും മറ്റും അവൻ,അവൾ,അവർ എന്നീ അർഥങ്ങളിൽ പ്രയോഗിക്കുന്ന ശബ്ദം,(പ്ര.) അത് ആര്?; 10.അലിങ്ഗാഖ്യാതനാമം ഉണ്ടാക്കാൻ പേരെച്ചത്തോടു ചേർക്കുന്ന പ്രത്യയം,(പ്ര.) വന്നത് ആര് (വന്നവൻ ആര് ഇത്യാദിപ്രയോഗങ്ങളിൽ അനാദരം).

അതുച്ഛ [സം. അ-തുച്ഛ] വി. തുച്ഛമല്ലാത്ത,നിസ്സാരമല്ലാത്ത,ചെറുതല്ലാത്ത.

അതുമിതും [അതും-ഇതും] അവ്യ. സം ബന്ധമില്ലാത്ത പലതും,സ്വല്പം വല്ലതും.

അതുല,-തുല്യ [സം. അ-തുല,-തുല്യ] വി. തുല്യതയറ്റ,നിസ്തുലമായ.

അതുലം [സം.] നാ. എള്ള്,എള്ളിൻ തൈ.

അതുലിത [സം. അ-തുലിത< തുല്] വി. തുല്യതയില്ലാത്ത,സാമ്യപ്പെടുത്തുവാൻ കഴിയാത്ത.

അതുഷാര [സം. -തുഷാര] വി. 1.തണുപ്പല്ലാത്ത; 2.തണുപ്പില്ലാത്ത,ചൂടുള്ള.

അതുഷാരകരൻ [സം. -തുഷാര-കര] നാ. ശീതരശ്മിയല്ലാത്തവൻ,സൂര്യൻ.

അതുഷ്ട [സം. -തുഷ്ട <തുഷ്] വി. സന്തോഷിക്കാത്ത.

അതുഹിനകരൻ [സം. -തുഹിന-കര] നാ. അതുഷാരകരൻ,സൂര്യൻ.

അതൃണാദ [സം. -തൃണാദ] വി. പുല്ലുതിന്നാത്ത.

അതൃണാദൻ [സം. -തൃണ-അദ<അദ്] നാ. പുല്ലുതിന്നുതുടങ്ങാൻ പ്രായമാകാത്ത കന്നുകുട്ടി

അതൃണ്യ [സം. -തൃണ്യാ<തൃണ] വി. ഒരുപിടിപ്പുല്ല്,ചെറിയകെട്ട് പുല്ല്.

അതൃപ്ത [സം. -തൃപ്ത < തൃപ്] വി. തൃപ്തിയില്ലാത്ത,സന്തുഷ്ടിവരാത്ത.

അതൃപ്തി [സം.-തൃപ്തി] നാ. തൃപ്തിയില്ലായ്മ,അസന്തുഷ്ടി.

അതേ, -തെ [അത്-ഏ] അവ്യ. 1.അതുതന്നെ,അങ്ങനെതന്നെ,ശരിതന്നെ,വി.അതുതന്നെയായ,മറ്റൊന്നല്ലാത്ത,(പ്ര.) അതേരൂപം = ആ രൂപം തന്നെ; അതേപോലും = പരിഹാസപൂർവമായ തിരസ്കാരം; അതേവരെ = അതുവരെയും,അപ്പോൾ വരെ,നിർദിഷ്ടമായ ഒരുകാര്യം സംഭവിക്കുന്നതുവരെ.

അതേജസ്സ് [സം. അ-തേജസ്] നാ. 1.ശോഭയില്ലായ്മ,നിഴൽ,ഇരുട്ട്; 2.ഓജസ്സില്ലായ്മ,ഉണർവില്ലായ്മ,ദൗർബല്യം; 3.സാരമില്ലായ്മ.

അതോ [അത്-ഓ] അവ്യ. 1.ചൂണ്ടിക്കാണിക്കൽ,(അതാ,അവിടെ,അങ്ങ്,അങ്ങോട്ടുനോക്കുക ഇത്യാദി); 2.ചോദ്യനിപാതം,അതുതന്നെയോ; 3.വികൽപനിപാതം,(പ്ര.) അതോ ഇതോ?.

അത്ത നാ. 1.അച്ഛന്റെ സഹോദരി; 2.മൂത്ത സഹോദരി; 2.ഭർത്താവിന്റെയോ ഭാര്യയുടെയോ അമ്മ,അമ്മായി; 4.അച്ഛൻ.

അത്തച്ചമയം [അത്ത < പ്രാ. ഹത്ഥ < സം.ഹസ്ത–മ. ചമയം] നാ. കേരളീയരാജാക്കന്മാർ,വിശിഷ്യ കൊച്ചിരാജാക്കന്മാർ,ചിങ്ങമാസത്തിലെ അത്തം നാളിൽ നടത്തുന്ന ആഘോഷം.

51

അത്തപ്പാടി നാ. നിർധനൻ,ഗതികെട്ടവൻ.

അത്തപ്പാട്ട് നാ. മുത്തശ്ശിപ്പാട്ട്,ധാത്രീകഥ.

അത്തപ്പൂവ് നാ. ചിങ്ങമാസത്തിൽ അത്തം നാൾ മുതൽ തിരുവോണം വരെ പൂക്കൾ കൊണ്ടു വീട്ടുമുറ്റത്തു ചെയ്യുന്ന അലങ്കാരം,തൃക്കാക്കരയപ്പനെ ഉദ്ദേശിച്ചു ചെയ്യുന്ന പൂവിടൽ ചടങ്ങ്.

അത്തം [പ്രാ. ഹത്ഥ < സം. ഹസ്ത] നാ. ഒരു നക്ഷത്രം.

അത്തർ (അറ.) നാ. ഒരു സുഗന്ധദ്രവ്യം.

അത്തരം [ആ–തരം] അവ്യ. അപ്രകാരമുള്ള,അങ്ങനെയുള്ള.

അത്തൽ നാ. ദുഃഖം,കഷ്ടത,വ്യസനം,ദൗർഭാഗ്യം.

അത്തല [ആ–തല] നാ. അപ്പുറം,മറുപക്ഷം.

അത്തവ്വ് [ആ–തവ്വ്] നാ. ആ സമയം,ആ സന്ദർഭം.

അത്താണി [പ്രാ. അത്ഥാണി < സം.ആസ്ഥാനിൻ] നാ. ചുമടുതാങ്ങി.

അത്താൻ നാ. 1. അപ്പച്ചിയുടെ മകൻ; 2.മൂത്തസഹോദരിയുടെ ഭർത്താവ്; 3.അമ്മാമന്റെ മകൻ.

അത്താവ് [സം. അത്തൃ < അദ്] നാ. ഭക്ഷിക്കുന്നവൻ. (സ്ത്രീ.) അത്ത്രി.

അത്താഴക്കോടതി അത്താഴത്തിനിരിക്കുന്ന സ്ത്രീകളുടെ സദസ്സ്.

അത്താഴച്ചക്ക നാ. ഉറുമാമ്പഴം,മാതളങ്ങ.

അത്താഴപ്പക്കീര് നാ. റംസാൻ നോയമ്പുകാലത്ത്,അർധരാത്രിക്കുശേഷം മുസ്ലിം ഗൃഹങ്ങളിൽ പോയിവ്രതക്കാരെ അത്താഴം കഴിക്കാൻ വിളിച്ചുണർത്തുന്ന ആൾ.

അത്താഴപ്പട്ടിണി നാ. അത്താഴം പോലും കഴിക്കാനില്ലാത്ത അവസ്ഥ,കടുത്ത ദാരിദ്ര്യം.

അത്താഴപ്പൂജ നാ. അത്താഴനൈവേദ്യം അർപ്പിച്ചുകൊണ്ടു ചെയ്യുന്ന പൂജ.

അത്താഴം നാ. ഉറക്കത്തിനുമുമ്പുള്ള ഭക്ഷണം.

അത്താഴംമുടക്കി നാ. 1.നീർക്കോലി,പുളവൻ; 2.ചെറിയ പ്രതിബന്ധങ്ങൾ വരുത്തുവാൻ കഴിയുന്നവൻ; 3.വലിയകേതുവള്ളം,രാത്രിയിൽ വളരെ താമസിച്ച് ഓടുന്ന ബസ്സ്.

അത്താർ [സം. ആസ്തര?] നാ. ഓട(ൽ)പൊളികൊണ്ടുള്ള ഒരുതരം പായ്.

അത്തി1 നാ. ഒരു വലിയമരം,നാൽപ്പാൽമരങ്ങളിൽ ഒന്ന്.

അത്തി2 (പ.മ.) [പ്രാ.ഹത്ഥീ < സം.ഹസ്തിൻ] നാ. ആന; അത്തിമുകൻ = ഹസ്തിയുടെ മുഖമുള്ളവൻ,ഗണപതി.

അത്തി3 (പ.മ.) [പ്രാ. അത്ഥി < സം. അസ്ഥി] നാ. എല്ല്.

അത്തിക നാ. ജ്യേഷ്ഠത്തി.

അത്തിക്കള്ള് –കൾ നാ. അത്തിയുടെ വേരിൽനിന്നെടുക്കുന്ന കള്ള്.

അത്തിത്തിപ്പലി [പ്രാ. ഹത്ഥി–പിപ്പാലീ] നാ. ഒരു ഔഷധം,ഗജപിപ്പലി.

അത്തിരി നാ. 1.ഗ്രാമം; 2.ഒട്ടകം; 3.കുതിര.

അത്ത്1 'അത്തുന്നത്,പറ്റിപ്പിടിച്ചുകയറുന്നത്.' നാ. ഇഞ്ച.
അത്ത്2 (വ്യാക.) അനുസ്വാരത്തിൽ അവസാനിക്കുന്ന നാമപദത്തോട് സ്വരാദിയായ പ്രത്യയം ചേരുമ്പോൾ അന്തത്തിലെ 'അം' എന്നതിൻെറ സ്ഥാനത്ത് വരുന്ന ഇടനില. ഉദ. മരം + ഓടു = മരത്തോടു.
അത്ത്3 [അം+ +] (വ്യാക.) ആധാരികാഭാസം. ഉദാ. ഇരുട്ടത്ത്,വെയിലത്ത്,മഴയത്ത്.
അത്തുക ക്രി. 1.ചേരുക,ചേർന്നിരിക്കുക,പറ്റിപ്പിടിച്ചിരിക്കുക; 2.പുരട്ടുക; 3.ചാരുക; 4.തേയ്ക്കുക.
അത്തേ (വ്യാക.) പുരണിതദ്ധിതത്തോടു ചേരുന്ന വിശേഷണപ്രത്യയം. ഉദാ. ഒന്നാമത്തെ,എത്രാമത്തെ.
അത്തൻ [സം. അത] 'എപ്പോഴും ഗമിച്ചുകൊണ്ടിരിക്കുന്ന.' നാ. 1.സൂര്യൻ; 2.വായു; 3.യാത്രക്കാരൻ.
അത്ഭുതദർശന [സം. അദ്ഭുത-ദർശന] വി. അദ്ഭുതകരമായ സൗന്ദര്യമുള്ള.
അത്ഭുതൻ [സം.] നാ. ശിവൻ.
അത്ഭുതപ്പെടുക [സം. അദ്ഭുത-മ. പെടുക] ക്രി. വിസ്മയിക്കുക,ആശ്ചര്യപ്പെടുക.
അത്ഭുതം,അദ്-അൽ- [സം. അദ്ഭുത] നാ. 1.അസാധാരണമോ അപൂർവമോ ആയ അനുഭവം അല്ലെങ്കിൽ വികാരം,ആശ്ചര്യം,വിസ്മയം; 2.അദ്ഭുതരസം,നവരസങ്ങളിൽ ഒന്ന്; 3.അലൗകികവസ്തുദർശനജന്യമായ ആശ്ചര്യം; 4.ഒരു മർമം.
അത്ഭുതശാന്തി [സം. -ശാന്തി] നാ. 1.അഥർവവേദത്തിലെ അറുപത്തേഴാം പരിശിഷ്ടത്തിൻെറ പേർ; 2.അദ്ഭുതസംഭവങ്ങൾ,കൊള്ളിമീൻ വീഴ്ച,ഭൂകമ്പം മുതലായ ദുർനിമിത്തങ്ങൾ ഇവ ഉണ്ടാകുമ്പോൾ ശാന്തിക്കായി ചെയ്യുന്ന ഹോമം.
അത്ഭുതസ്വനൻ [സം. -സ്വന] നാ. ശിവൻ.
അത്ഭുതാവഹ [സം. -ആവഹ] വി. അദ്ഭുതം ആവഹിക്കുന്ന,ആശ്ചര്യകരമായ.
അത്മത്തി,അല്മത്തി [ല. ●ൻറRsണ്ഡൻറന്ധദ്ധ്യൻറ] നാ. ഡീക്കൻ കുർബാനസമയത്തു ധരിക്കുന്ന വസ്ത്രം,ബിഷപ്പ് ആഘോഷമായി പൂജ അർപ്പിക്കുമ്പോൾ അണിയുന്ന വസ്ത്രങ്ങളിൽ ഒന്ന്.
അത്യഗ്നി [സം. അതി-അഗ്നി] വി. അഗ്നിയെ അതിശയിക്കുന്ന,നാ. തീവ്രമായി ഉദരാഗ്നി പ്രവർത്തിക്കൽ,അതിയായ വിശപ്പ് എന്ന രോഗം.
അത്യഗ്നിഷ്ടോമം [സം. -അഗ്നിഷ്ടോമ] നാ. അഗ്നിഷ്ടോമത്തെ അതിശയിച്ചത്,അഗ്നിഷ്ടോമത്തിൻെറ അവസാനത്തിൽ ചൊല്ലുന്ന ഒരു ദേവസ്തുതി.
അത്യഗ്ര [സം. -അഗ്ര] വി. 1.അഗ്രം പൊന്തിനിൽക്കുന്ന; 2.ആസന്നമായ,വളരെ അടുത്ത.
അത്യങ്കുശ [സം. -അങ്കുശ] വി. തോട്ടിക്കു വഴങ്ങാത്ത,നിയന്ത്രിക്കാനാകാത്ത.
അത്യണു [സം. -അണു] വി. ഏറ്റവും ചെറിയ.
അത്യത്ഭുതം [സം. -അത്ഭുത] നാ. വലിയ അതിശയം.
അത്യദ്ധ്വാവ് [സം. -അധ്വൻ] നാ. ദീർഘയാത്ര,ക്ലേശകരമായ യാത്ര.

അത്യന്ത [സം. -അന്ത] 'അന്തത്തെ അതിക്രമിച്ച.' വി. അവസാനമില്ലാത്ത,ഏറെ മുറ്റിയ,തികഞ്ഞ.

അത്യന്തഗത [സം. അത്യന്ത-ഗത] വി. എന്നെന്നേക്കുമായി പിരിഞ്ഞ,വേർപെട്ടുപോയ.
അത്യന്തഗതി [സം. -ഗതി] നാ. പൂർത്തിയാക്കൽ,പൂർണതാത്പര്യം.
അത്യന്തഗാമി [സം. -ഗാമിൻ] വി. 1.അതിവേഗം പോകുന്ന; 2.അധികമായ,ധാരാളമായ.
അത്യന്തഗുണി [സം. -ഗുണിൻ] നാ. അസാധാരണഗുണങ്ങളുള്ളവൻ.
അത്യന്തതിരസ്കൃതവാച്യം [സം. -തിരസ്കൃത-വാച്യ] നാ. (അലം.) വാച്യാർഥത്തെ നിശ്ശേഷം തിരസ്കരിച്ചത്,അവിവക്ഷിതവാച്യധ്വനിയുടെ രണ്ടു പിരിവുകളിൽ ഒന്ന്.
അത്യന്തനിവൃത്തി [സം. -നിവൃത്തി] നാ. ലോകകാര്യങ്ങളിൽനിന്നു സംപൂർണമായ പിൻവാങ്ങൽ.
അത്യന്തം [സം. അതി-അന്തം] അവ്യ. കവിഞ്ഞ,ഏറ്റവും.
അത്യന്തവാസി [സം. അത്യന്ത-വാസിൻ] നാ. എപ്പോഴും ഗുരുവിനോടൊത്തു വസിക്കുന്നവൻ.
അത്യന്തസംയോഗം [സം. -സംയോഗ] നാ. വലിയ അടുപ്പം,അടുത്ത ബന്ധം.
അത്യന്താതിശയോക്തി [സം. -അതിശയോക്തി] നാ. ഒരു അർഥാലങ്കാരം,കാരണത്തിനുമുമ്പേ കാര്യം സംഭവിക്കുന്നതായി വർണിക്കുന്നത്.
അത്യന്താപേക്ഷിതം [സം. -അപേക്ഷിത] വി. ഒഴിച്ചുനിറുത്താനാകാത്ത,ഏറ്റവും ആവശ്യമായ.
അത്യന്താഭാവം [സം. -അഭാവ] നാ. പരിപൂർണമായ അഭാവം (ഒരു കാലത്തും ഇല്ലാത്തതും ഉണ്ടാകാത്തതുമായത്,മുയലിൻെറ കൊമ്പുപോലെ).
അത്യന്തി [സം. അതി-അന്തിൻ] നാ. തന്നിഷ്ടക്കാരൻ.
അത്യന്തിക [സം. -അന്തിക] വി. 1.വളരെ അടുത്ത; 2.അന്തികത്തെ അതിക്രമിച്ച,അടുത്തല്ലാത്ത.
അത്യന്തികം [സം.] നാ. 1.വലിയ അടുപ്പം (അതിശയിതം അന്തികം); 2.വലിയ ദൂരം (അതിക്രാന്തം അന്തികം). അവ്യ. ഏറ്റവും സമീപത്ത്.
അത്യന്തീന [സം.] 1.വളരെ ദൂരം പോകുന്ന,വളരെ വേഗം പോകുന്ന; 2.ദീർഘകാലത്തേക്കു നിലനിൽക്കുന്ന.
അത്യം [സം.] നാ. കുതിര.
അത്യമ്ലാ [സം. -അമ്ലാ]'വളരെ പുളിയുള്ളത്.' നാ. 1.കോൽപ്പുളി; 2.കാട്ടു നാരകം; 3.അമ്പഴം; 4.മരപ്പുളി.
അത്യയം [സം. -അയ] നാ. 1.കടന്നുപോകൽ,അതിരുകടക്കൽ, 2.വിട്ടുപോകൽ,മരണം,നാശം; 3.ഉലങ്ഘനം,കുറ്റം; 4.പിഴ.
അത്യയസന്ധി [സം. -അയ-സന്ധി] നാ. യുദ്ധാവസാനത്തിൽ ഇന്ന ദേശത്ത്,ഇന്ന കാലത്ത് ഇന്ന തുക കൊടുക്കണമെന്നു കാണിച്ചു ചെയ്യുന്ന സന്ധി.
അത്യയി [സം. -അയിൻ] വി. കടന്നു പോകുന്ന,കവിയുന്ന.
അത്യർഥ [സം. -അർഥ] വി. അർഥത്തെ അതിക്രമിച്ച,യഥാർഥവിലയിൽ കവിഞ്ഞ,അളവിൽ കവിഞ്ഞ,ഏറ്റവും കൂടുതലായ.
അത്യർഥം [സം. -അർഥം] അവ്യ. ഏറ്റവും വളരെ,ഏറെ.
അത്യർഥവേദി [സം. അതി-അർഥ-വേദിൻ] നാ. അല്പമായ വേദനപോലും അറിയുന്ന (ആന).
അത്യരം [സം. -അരം] അവ്യ. വളരെ വേഗത്തിൽ.

അത്യശ്ന [സം. -അശ്ന] വി. അധികം ഭക്ഷിക്കുന്ന.
അത്യഷ്ടി [സം. -അഷ്ടി] നാ. 1.ഒരു ഛന്ദസ്സ്; 2.പതിനേഴ്.
അത്യ [സം. -അ ] വി.. ഒരു ദിവസത്തിലധികം കാലമായ.
അത്യാകാര [സം. -ആകാര] വി. വളരെവലുപ്പമുള്ള. നാ. 1.ആകാരത്തിൻെറ വലിപ്പം; 2.നിന്ദ,ആക്ഷേപം.
അത്യാക്രമണം [സം. -ആക്രമണ] നാ. കയ്യേറ്റം.

അത്യാക്ഷേപം [സം. -ആക്ഷേപ] നാ. അതിയായനിന്ദ,ധിക്കാരം.
അത്യാഗ്രഹം [സം. -ആഗ്രഹ] നാ. അതിരുകവിഞ്ഞ ആശ.
അത്യാഗ്രഹി [സം. -ആഗ്രഹിൻ] നാ. അതിയായ ആഗ്രഹമുള്ള.
അത്യാചാരം [സം. -ആചാര] നാ. ആചാരത്തെ അതിക്രമിച്ചത്,മര്യാദവിട്ട പ്രവൃത്തി,അധർമം.
അത്യാദിത്യ [സം. -ആദിത്യ] വി. സൂര്യനെ അതിശയിച്ച പ്രഭയുള്ള.
അത്യാധാനം [സം. -ആധാന] നാ. 1.ചുമത്തൽ,മുകളിലേറ്റി വയ്ക്കൽ; 2.യാഗാഗ്നി സൂക്ഷിക്കാതിരിക്കൽ; 3.അതിക്രമം,ലങ്ഘനം; 4.വഞ്ചിക്കൽ,കബളിപ്പിക്കൽ.
അത്യാനന്ദ [സം. -ആനന്ദ] വി. 1.മൈഥുനം കൊണ്ട് ആനന്ദമുണ്ടാകാത്ത (യോനി,മൈഥുനത്തിൽ ഏറ്റവും ആനന്ദമുള്ളത്,എന്നും); 2.രതിക്രീഡയിൽ ആസക്തിയില്ലാത്ത.
അത്യാപത്ത് [സം. -ആപദ്] നാ. അതിയായ ആപത്ത്.
അത്യായം [സം. -ആയ] നാ. 1.അതിക്രമിക്കുന്ന; 2.യാത്രയ്ക്കു മുഹൂർത്തം കഴിഞ്ഞ.
അത്യാർത്തി [സം. -ആർതി] നാ. 1.അതിയായദുഃഖം; 2.അധികമായ താത്പര്യം.
അത്യാരൂഢ [സം. -ആ-രൂഢ <രുഹ്] വി. 1.കൂടുതൽ വളർന്ന; 2.വളരെ ഉയർന്ന നിലയുള്ള.
അത്യാരൂഢം [സം.] നാ. വളരെ ഉയർന്ന പദവി.
അത്യാലം [സം.] നാ. രക്തചിത്രകം,ചുവന്നകൊടുവേലി.
അത്യാശ്രമൻ [സം. അതി-ആശ്രമ] നാ. ബ്രഹ്മചര്യം തുടങ്ങിയ ആശ്രമങ്ങളെ അതിക്രമിച്ചവൻ,പരമഹംസൻ.
അത്യാസന്ന [സം -ആസന്ന] നാ. 1.വലിയ ആപത്ത്; 2.അപ്രതീക്ഷിതമായ ആപത്ത്.
അത്യുക്തി [സം. -ഉക്തി <വച്] 'അത്യായ ഉക്തി.' നാ. ഉള്ളതിൽ കവിഞ്ഞുള്ള പറച്ചിൽ,പെരുപ്പിച്ചു പറയൽ,അതിശയോക്തി.
അത്യുഗ്ര [സം. -ഉഗ്ര] വി. വളരെ ഉഗ്രമായ; 2.അതിഭയങ്കരമായ.
അത്യുഗ്രഗന്ധ [സം. -ഉഗ്ര-ഗന്ധ] നാ. 1.അയമോദകം; 2.കറുത്ത മലയമുക്കി; നീലശങ്ഘുപുഷ്പം.
അത്യുഗ്രം [സം. -ഉഗ്ര] നാ. 1.വളരെ ഭയങ്കരമായത്; 2.പെരുങ്കായം.
അത്യുച്ചം [സം. -ഉച്ച] നാ. ഏറ്റവും ഉയർന്നത്,(ജ്യോ.) ഉച്ചക്ഷേത്രത്തിൽ ഉച്ചഭാഗയിൽനിൽക്കുന്ന ഗ്രഹത്തിൻെറ അവസ്ഥ.
അത്യുച്ചരതം [സം. -ഉച്ച-രത] നാ. ഉയർന്നരീതിയിലുള്ള രതം,അശ്വജാതിയിലുള്ള പുരുഷനും മൃഗീജാതിയിൽ പെട്ട സ്ത്രീയും തമ്മിലുള്ള രതം.

അത്യുത്തമം [സം. –ഉത്തമ] നാ. വളരെ വിശേഷപ്പെട്ടത്.
അത്യുന്നത [സം. –ഉന്നത] വി. വളരെ ഉയർന്ന,ശ്രേഷ്ഠമായ.
അത്യുഷ്ണ [സം. –ഉഷ്ണ] വി. വളരെ ചൂടുള്ള.
അത്യൂഹം [സം. –ഊഹ] നാ. 1.ഗാഢമായ ധ്യാനം; 2.ധ്യാനിച്ചുണ്ടാകുന്ന അറിവ്; 3.നീർക്കാക്ക; 4.മയിൽ.
അത്ര1 [‘അ’ എന്ന ചുട്ടെഴുത്തിനോട് ‘ത്ര’ എന്ന പ്രത്യയം ചേർന്നുണ്ടാകുന്നത്] അവ്യ. 1.ചൂണ്ടിപ്പറയുന്ന ഒന്നിനു തുല്യം വലിപ്പത്തിൽ, (അളവിലോ എണ്ണത്തിലോ); 2.മുൻപറഞ്ഞവിധം; 3.വേണ്ടവിധം; 4.വേണ്ടവണ്ണം
53
അത്ര2 അവ്യ.ഇവിടെ ,ഈവിഷയത്തിൽ.
അത്രടം = അത്രേടം.
അത്രച്ചെ,–ശ്ശെ,ശ്ശേ [അത്ര–ചെയ്ത്] അവ്യ. 1.അത്രയോളം,അത്രയും മാത്രം; 2.ഓരോന്നിനും അത്രയും വച്ച്.
അത്രത്യ [സം. അത്ര–ത്യ] വി. 1.ഈ സ്ഥലത്തുള്ള; 2.ഈസ്ഥലത്തെ സംബന്ധിച്ച.
അത്രപ [സം. –ത്രപ] വി. 1.ലജ്ജയില്ലാത്ത,നാണം കെട്ട; 2.വിനയമില്ലാത്ത,ധിക്കാരമുള്ള.

അത്രപം [സം. –ത്രപം] അവ്യ. ലജ്ജകൂടാതെ,സങ്കോചമില്ലാതെ.
അത്രഭവാൻ [സം. അത്ര–ഭവാൻ] സ.നാ. അവിടുന്ന്,അങ്ങ്,താങ്കൾ(ബഹുമാനസൂചകം.)
അത്രമാത്രം അവ്യ. 1.അത്രത്തോളം; 2.മുഴുവനും,എല്ലാം,പൂർണമായി.
അത്രയോളം നാ. 1.അവിടം വരെ; 2.അത്രയും,ആ അളവിൽ,മുൻപറഞ്ഞ തോതിൽ.
അത്രയ്ക്കത്ര അവ്യ.. എത്രയുണ്ടോ അതിനുമാത്രം,കുറച്ചു മാത്രം.
അത്രസ്ത [സം. അ–ത്രസ്ത<ത്രസ്] വി. ഭയം ഇല്ലാത്ത,പേടിക്കാത്ത.
അത്രസ്നു [സം. –ത്രസ്നു] വി. അത്രസ്ത.
അത്രാന്തരേ [സം. അത്ര–അന്തരേ] അവ്യ..ഇതിനിടയിൽ.
അത്രാസം [സം. അ–ത്രാസം] അവ്യ.. ഭയം കൂടാതെ.
അത്രി [സം.] നാ. സപ്തർഷികളിൽ ഒരാൾ.
അത്രിജൻ [അത്രി–ജ] നാ. 1.അത്രിയുടെ പുത്രൻ,ചന്ദ്രൻ; 2.ദുർവാസാവ്; 3.ദത്താത്രേയൻ.
അത്രിനേത്രപ്രസൂതൻ [സം. –നേത്ര–പ്രസൂത] നാ. ചന്ദ്രൻ.
അത്രേ,–ത്രെ [അത്ര–ഏ (അവധാരകം)] അവ്യ. 1.തന്നെ,ശരി തന്നെ; 2.അത്രമാത്രം; 3.പറഞ്ഞത് ഉറപ്പിക്കാൻ വാക്യാന്തത്തിൽ പ്രയോഗിക്കുന്ന ശബ്ദം; 4.ആയിരിക്കാം (മേൽ പ്രസ്താവിച്ചതു സ്ഥിരീകരിക്കാൻ പ്രയാസം എന്ന് കാണിക്കുന്നു. ഉദാ. അവനു ശമ്പളം കിട്ടില്ലത്രെ = വക്താവിൻെറ നോട്ടത്തിൽ കിട്ടി.)
അത്രേ,–ത്രെ [അത്ര–ഏ (അവധാരകം)] അവ്യ. 1.തന്നെ,ശരി തന്നെ; 2.അത്രമാത്രം; 3.പറഞ്ഞത് ഉറപ്പിക്കാൻ വാക്യാന്തത്തിൽ പ്രയോഗിക്കുന്ന ശബ്ദം; 4.ആയിരിക്കാം (മേൽ പ്രസ്താവിച്ചതു സ്ഥിരീകരിക്കാൻ പ്രയാസം എന്ന് കാണിക്കുന്നു. ഉദാ. അവനു ശമ്പളം കിട്ടില്ലത്രെ = വക്താവിൻെറ നോട്ടത്തിൽ കിട്ടി.)

അത്രേടം,അത്രടം [എടം<ഇടം] അവ്യ. അതുവരെ,അവിടം വരെ.
അത്രൈവ [സം. -ഏവ] അവ്യ. അവിടെത്തന്നെ.
അഥ [സം.] (ഗ്രന്ഥാരം ഭത്തിൽ മങ്ഗലാർഥമായി പ്രയോഗിക്കുന്ന പദം),അനന്തരം,പിന്നീട്.
അഥർവണൻ [സം.] നാ. ശിവൻ,(അഥർവകൃത്ത് ആകയാൽ).
അഥർവണം [സം.] നാ. അഥർവം,നാലാമത്തെ വേദം.
അഥർവണി [സം.] നാ. അഥർവവേദജ്ഞനായ ബ്രാഹ്മണൻ കുടുംബപുരോഹിതൻ.
അഥർവൻ [സം.] നാ. 1.ഒരു ആചാര്യൻ; 2.അഥർവവേദത്തിൻെറ കർത്താവ് ഒരു പ്രജാപതി; 3.അഗ്നിയെയും സോമനെയും ഉപാസിക്കുന്ന ബ്രാഹ്മണൻ; 4.ശിവൻ.
അഥർവം [സം. അഥർവൻ] നാലാമത്തെ വേദം,അഥർവണം.
അഥർവവിത്ത് [സം. അധർവ-വിദ്] നാ. അഥർവം പഠിച്ചവൻ.
അഥർവശിഖ [സം. -ശിഖാ] നാ. ഒരു ഉപനിഷത്ത്,ബ്രഹ്മവിദ്യയെപ്പറ്റി പ്രതിപാദിക്കുന്നത്.
അഥർവാങ്ഗിരസ്സുകൾ [സം. -അങ്ഗിരസീ] നാ. അഥർവൻെറയും അങ്ഗിരസ്സിൻെറയും സന്തതി; അഥർവാവും അങ്ഗിരസ്സും ദർശിച്ച മന്ത്രങ്ങൾ.
അഥർവാണം [സം.] നാ. അഥർവവേദപ്രകാരമുള്ള ആചാരം,അഥർവം.
അഥർവാധിപൻ [സം. അഥർവ-അധിപ] നാ. ബുധൻ (അഥർവത്തിനു അധിപനായ ഗ്രഹം).
അഥവാ [സം. അഥ-വാ] അവ്യ. ഒരുപക്ഷേ,അല്ലെങ്കിൽ,അല്ലാത്തപക്ഷം.
അദ [സം. < അദ്] വി. ഭക്ഷിക്കുന്ന (പദാന്തത്തിൽ) ഉദാ. കണാദ = കണങ്ങളെ തിന്നുന്നവൻ.

അദക്ഷ [സം. അ-ദക്ഷ] വി. സാമർഥ്യമില്ലാത്ത,ത്രാണിയില്ലാത്ത.
അദക്ഷിണ [സം. -ദക്ഷിണ] വി. 1. വലത്തേതല്ലാത്ത,ഇടത്തേ; 2.തെക്കേതല്ലാത്ത,വടക്കേ; 3.ദക്ഷിണ നൽകാത്ത,ദാക്ഷിണ്യമില്ലാത്ത; 5. സാമർഥ്യമില്ലാത്ത.
അദക്ഷിണ്യ,-ദക്ഷിണീയ [സം. -ദക്ഷിണ്യ,-ദക്ഷിണീയ] വി. ദക്ഷിണയ്ക്ക് അർഹതയില്ലാത്ത.
അദഗ്ധ [സം. -ദഗ്ധ < ദഹ്] വി. ദഹിപ്പിക്കാത്ത,ദഹിക്കാത്ത.
അദണ്ഡ [സം. -ദണ്ഡ] വി. ശിക്ഷയിൽനിന്ന് ഒഴിവാക്കപ്പെട്ട.
അദണ്ഡകര [സം. അദണ്ഡ-കര] വി. പിഴയിൽനിന്നും ശിക്ഷയിൽനിന്നും ഒഴിവാക്കപ്പെട്ട.
അദണ്ഡ്യ [സം. അ-ദണ്ഡ്യ] വി. ശിക്ഷയർഹിക്കാത്ത.
അദത്ക [സം.-ദത്ക] വി. അദന്ത.
അദത്ത് [സം. അ-ദത് < ദന്ത] വി. പല്ലില്ലാത്ത.
അദത്ത1 [സം. -ദത്ത < ദാ] വി. 1.കൊടുക്കപ്പെടാത്ത; 2.അന്യായമായി നൽകിയ.
അദത്ത2 [സം. -ദത്താ] നാ. വിവാഹം ചെയ്തു കൊടുക്കപ്പെടാത്തവൾ,അവിവാഹിത.

അദത്തം [സം.] നാ. പ്രത്യേകസാഹചര്യത്തിൽ നൽകിയതും തിരിച്ചെടുക്കാൻ തടസ്സമില്ലാത്തതുമായ വസ്തു.
അദത്താദാനം [സം. അദത്ത-ആദാന] നാ. കൊടുക്കാത്തതിനെ എടുക്കൽ,മോഷണം,കവർച്ച.
അദനം [സം. അദന < അദ്] നാ. ഭക്ഷണം.
അദന്ത [സം. അ-ദന്ത] വി. പല്ലില്ലാത്ത.
അദന്തൻ [സം.] നാ. പുഷാവ്,12 ആദിത്യന്മാരിൽ ഒരാൾ.
അദന്തം [സം.] നാ. പല്ലില്ലാത്തത്,കുളയട്ട.
അദന്ത്യ [സം. അ-ദന്ത്യ] വി. 1.ദന്ത്യാക്ഷരമില്ലാത്ത,ദന്ത്യാക്ഷരമല്ലാത്ത; 2.പല്ലിനു ചേരാത്ത.
അദബ് [അറ.] നാ. മര്യാദ,വണക്കം.
അദഭ്ര [സം. -ദഭ്ര] വി. ചെറുതല്ലാത്ത.
അദഭ്രം [സം.] നാ. കടൽ.
അദഭ്രശുഭ്രം [സം. അദഭ്ര-ശുഭ്രം] വി. വെളുത്ത,നല്ലപോലെ തിളങ്ങുന്ന.
അദംഭ [സം. അ-ദംഭ] വി. ഗർവില്ലാത്ത,സത്യസന്ധമായ.
അദംഭൻ [സം.] നാ. ശിവൻ.
അദംഭി [സം. അ-ദംഭിൻ] നാ. 1.ദംഭമില്ലാത്തവൻ; 2.വഞ്ചനയില്ലാത്തവൻ.
അദംഷ്ട്രം [സം. -ദംഷ്ട്ര] നാ. വിഷപ്പല്ലില്ലാത്ത ഒരുതരം പാമ്പ്.
അദമ്യ [സം. -ദമ്യ <ദമ്] വി. 1.ദമനം ചെയ്യാൻ കഴിയാത്ത,അടക്കാൻ കഴിയാത്ത; 2.മെരുക്കാൻ കഴിയാത്ത.
അദയ [സം. -ദയ] വി. ദയയില്ലാത്ത,നിർദയ.
അദയം സം. -ദയ] അവ്യ..ദയയില്ലാതെ,നിഷ്ഠൂരമായി.× സദയം.
അദർശനം [സം. -ദർശന] നാ. 1.കാണായ്ക,കാണാൻ കൂട്ടാക്കാതിരിക്കുക; 2.(വ്യാക.) ലോപം.
അദർശനീയ [സം. -ദർശനീയ <ദൃശ്] വി. കാണാൻ കൊള്ളാത്ത.
അദർശം1 [സം. -ദർശ] നാ. കറുത്തവാവ്,അമാവാസി (ചന്ദ്രനെ കാണാൻ കഴിയാത്തതിനാൽ).
അദർശം2 [സം.] നാ. കണ്ണാടി,ആദർശം.
അദര [സം. അ-ദര] വി. 1.അല്പമല്ലാത്ത,വലുതായ; 2.ഭയമില്ലാത്ത.
അദല1 [സം. -ദല] വി. ഇതളില്ലാത്ത,ഇലയില്ലാത്ത.
അദല2 [സം. -ദലാ] നാ. 1.കറ്റാർവാഴ; 2.നീർക്കടമ്പ്.

അദലിത [സം. -ദലിത < ദല്] വി. പിളർക്കാത്ത,ഭിന്നമാക്കപ്പെടാത്ത.
അദാക്ഷിണ്യ [സം. -ദാക്ഷിണ്യ <ദക്ഷിണ] വി. സൗജന്യമില്ലാത്ത,സൗമനസ്യമില്ലാത്ത.
അദാക്ഷിണ്യം [സം.] നാ. സൗമനസ്യമില്ലായ്മ,മനസ്സം സ്കാരമില്ലായ്മ.
അദാതാവ് [സം. അ-ദാതൃ] നാ. ദാനശീലമില്ലാത്തവൻ,പിശുക്കൻ.(സ്ത്രീ.) അദാത്രി.
അദാന [സം. -ദാന] വി. 1.ദാനം ചെയ്യാത്ത,പിശുക്കുള്ള; 2.മദമില്ലാത്ത.

അദാന്ത [സം. –ദാന്ത <ദമ്] വി. മെരുങ്ങാത്ത,ഇണങ്ങാത്ത,അടക്കാൻ വയ്യാത്ത,ഇന്ദ്രിയങ്ങളെ അടക്കാത്ത.

അദാബ് [അറ.] നാ. 1.കഷ്ടപ്പാട്,വേദന; 2.(നരക)ശിക്ഷ.

അദായ [സം. –ദായ] വി. ഭാഗം കിട്ടാൻ അവകാശമില്ലാത്ത.

അദായാദ [സം. –ദായാദ] വി. 1.അവകാശിയല്ലാത്ത; 2.അവകാശിയില്ലാത്ത.

അദായിക [സം. –ദായികാ] വി. അവകാശികളില്ലാത്ത. (സ്ത്രീ.) അദായികി.

അദാരകൻ [സം. –ദാരക] നാ. ദാരങ്ങളില്ലാത്തവൻ,ഭാര്യയില്ലാത്തവൻ; 2.ദാരകനില്ലാത്തവൻ,അപുത്രൻ.

അദാലത്ത് [അറ.] നാ. നീതിന്യായക്കോടതി.

അദാസൻ [സം. അ–ദാസ] നാ. ദാസനല്ലാത്തവൻ,ഭൃത്യനോ അടിമയോ അല്ലാത്തവൻ,സ്വതന്ത്രൻ.

അദാഹ്യ [സം. –ദാഹ്യ <ദഹ്] വി. 1.തീ പിടിക്കാത്ത,ദഹിപ്പിക്കാൻ കഴിയാത്ത; 2.ചിതയിൽ ദഹിപ്പിച്ചുകൂടാത്ത.

അദിതി [സം.] നാ. 1.ദേവമാതാവ്; 2.ഭൂമി; 3.പർവതി.

അദിനം [സം. –ദിന] നാ. 1.ദുർദിനം; 2.ദൗർഭാഗ്യം.

അദിവ്യ [സം. –ദിവ്യ] വി. ദിവ്യമല്ലാത്ത,ലൗകികമായ,സാധാരണമായ.

അദീന [സം. –ദീന] വി. 1.ദീനതയില്ലാത്ത,രോഗിയല്ലാത്ത,ക്ഷീണമില്ലാത്ത; 2.ദാരിദ്ര്യമില്ലാത്ത.

അദീപനം [സം. –ദീപന <ദീപ്] നാ. ദഹനമില്ലായ്മ,അഗ്നിമാന്ദ്യം,രുചിയില്ലായ്മ.

അദീർഘ [സം. –ദീർഘ] വി. 1.നീണ്ടതല്ലാത്ത,കുറിയ; 2.ദീർഘകാലം നിലനിൽക്കാത്ത.

അദീർഘൻ [സം.] നാ. മുണ്ടൻ,വാമനൻ.

അദുഗ്ധ [സം. അ–ദുഗ്ധാ <ദുഹ്] വി. കറവറ്റ (പശു).

അദുർഗ [സം. –ദുർ–ഗ <ഗമ്] വി. ദുർഗമമല്ലാത്ത,പ്രവേശിക്കാവുന്ന,കോട്ടയില്ലാത്ത.

അദുഷ്ട [സം. –ദുഷ്ട] വി. ദുഷ്ടമല്ലാത്ത,ചീത്തയാകാത്ത.

അദുഃഖ [സം. –ദുഃഖ] വി. ദുഃഖമില്ലാത്ത,സുഖമുള്ള,ശാന്തിയുള്ള.

അദൂന [സം. –ദൂന <ദൂ] വി. ദുഃഖമില്ലാത്ത,പീഡിപ്പിക്കപ്പെടാത്ത,വേദനിപ്പിക്കപ്പെടാത്ത.

അദൂര [സം. –ദൂര] വി. അകലെയല്ലാത്ത,സമീപമുള്ള.

അദൂരവർത്തി [സം. അദൂര–വർതിൻ] വി. ദൂരയല്ലാത്ത,സമീപത്തിൽ ഉള്ള.

അദൂഷിത [സം. അ–ദൂഷിത <ദുഷ്] വി. ദുഷിക്കപ്പെടാത്ത,കെട്ടതല്ലാത്ത,നിന്ദ്യമല്ലാത്ത.

അദൃക്ക് [സം. ദൃക് <ദൃശ്] വി. കണ്ണില്ലാത്ത,കഴ്ചയില്ലാത്ത.

അദൃപ്ത [സം. –ദൃപ്ത <ദൃപ്] വി. ദർപ്പമില്ലാത്ത,അഹങ്കരിക്കാത്ത.

അദൃശ്യ [സം. –ദൃശ്യ] വി. കാണാൻ വയ്യാത്ത,കാഴ്ചയിൽപ്പെടാത്ത; 2.അറിയപ്പെടാത്ത,അനുഭവിച്ചറിയാത്ത.

അദൃഷ്ട1 [സം. –ദൃഷ്ട <ദൃശ്] നാ. 1.കാണപ്പെടാത്തത്; 2.വിധി,സുകൃതദുഷ്കൃതങ്ങളുടെ ഫലമായി വരുന്ന സുഖദുഃഖനുഭവങ്ങൾ, പൂർവകർമഫലം; 3.അപ്രതീക്ഷിതമായ ആപത്ത്,ഒരു വിഷവസ്തു,ഒരുതരം കീടം.

അദൃഷ്ട2 [സം.] വി. കണ്ണില്ലാത്ത,കാഴ്ചയില്ലാത്ത, നാ. വിരുദ്ധദൃഷ്ടി,വിദ്വേഷം മുതലായവ സ്ഫുരിക്കുന്ന നോട്ടം.

അദൃഷ്ടകർമം [സം. -കർമൻ] നാ. നന്മതിന്മകളെ അനുഭവിക്കുന്ന കർമം.
അദൃഷ്ടകർമാവ് [സം.] നാ. ചെയ്തു പരിചയമില്ലാത്തവൻ.
അദൃഷ്ടചര,-പൂർവ [സം. -ചര,-പൂർവ] വി. മുമ്പുകണ്ടിട്ടില്ലാത്ത.
അദൃഷ്ടനരം [സം. -നര] നാ. മൂന്നാമതൊരാൾ ഇല്ലാതെ രണ്ടുപേർ മാത്രം ചേർന്നു ചെയ്യുന്ന ഉടമ്പടി..
അദൃഷ്ടഫലം [സം. -ഫല] നാ. പ്രവൃത്തിയുടെ ഭാവിഫലം (ഭാവി അജ്ഞാതമാകയാൽ).
അദൃഷ്ടവാദം [സം. -വാദ] നാ. പരലോകം,ആത്മാവ് തുടങ്ങിയ ഇന്ദ്രിയാതീതങ്ങളായ കാര്യങ്ങളെക്കുറിച്ചുള്ള പഠനം.
അദൃഷ്ടശാലി [സം. -ശാലിൻ] നാ. ഭാഗ്യശാലി.
അദൃഷ്ടി [സം.] വി. കണ്ണില്ലാത്ത.
അദേയ [സം. അ-ദേയ < ദാ] വി. കൊടുത്തുകൂടാത്ത,കൊടുക്കത്തക്കതല്ലാത്ത,അദേയദാനം =നിയമവിധേയമല്ലാത്ത ദാനം.
അദേവ [സം. -ദേവ] വി. 1.ദേവനല്ലാത്ത; 2.ദിവ്യമല്ലാത്ത,ദേവോചിതമല്ലാത്ത; 3.ഈശ്വരചിന്തയില്ലാത്ത,മതവിശ്വാസമില്ലാത്ത,അധാർമിക. അദേവമാതൃക =വി. മഴകൊണ്ടുള്ള ജലസേചനം ഇല്ലാത്ത.
അദേശ്യ [സം. -ദേസ്യ < ദിശ്] വി. നിർദേശിക്കാൻ വയ്യാത്ത,ഉപദേശത്തിനു യോഗ്യമല്ലാത്ത,സൂചിപ്പിക്കാൻ അയോഗ്യമായ; 2.ദേശത്ത് അല്ലെങ്കിൽ സ്ഥലത്ത് ഇല്ലാത്ത; 3.നിർദിഷ്ടമായ,സമയത്ത് ഇല്ലാത്ത.
55
അദേഹൻ [സം. -ദേഹ] നാ. ദേഹമില്ലാത്തവൻ,കാമദേവൻ.
അദൈന്യം [സം. -ദൈന്യ < ദീന] നാ. 1.വാട്ടമില്ലായ്മ; 2.രോഗമില്ലായ്മ.
അദൈവ [സം. -ദൈവ] വി. 1.ദിവ്യമല്ലാത്ത,ദൈവകൽപിതമല്ലാത്ത,വിധിവിഹിതമല്ലാത്ത; 2.ഭാഗ്യദോഷമുള്ള,ദൗർഭാഗ്യമുള്ള.
അദോഷ [സം. -ദോഷ] വി. 1.ദോഷമില്ലാത്ത,ന്യൂനതയില്ലാത്ത; 2.അപരാധമില്ലാത്ത; 3.കാവ്യദോഷമില്ലാത്ത.
അദോഹം [സം. -ദോഹ < ദുഹ്] നാ. 1.പാലു കറക്കാതിരിക്കൽ; 2.പശുവിനെ കറന്നുകൂടാത്ത സമയം,കറവയറ്റ കാലം.
അദ്ദേഹം [ആ-ദേഹം] സ.നാ. മാന്യനായ ആ മനുഷ്യൻ.
അദ്ധാ [സം.] അവ്യ. 1.വ്യക്തമായി; 2.സംശയമില്ലാതെ; 3.വേഗത്തിൽ.
അദ്ഭുതം [സം.] നാ. = അത്ഭുതം.
അദ്യ1 [സം. അദ്യ <അദ്] വി. തിന്നാൻ കൊള്ളാവുന്ന.
അദ്യ2 [സം.] അവ്യ.ഇന്ന്,ഇപ്പോൾ,ഇക്കാലത്ത്.
അദ്യതന [സം. -തന] വി. ഇന്നുള്ള,ഇക്കാലത്തുള്ള,ഇപ്പോഴുള്ള.
അദ്യപ്രഭൃതി [സം.] അവ്യ. ഇന്നുമുതൽക്ക്.
ആദ്യപ്രസൂതി [സം. -പ്രസൂതി] നാ. പ്രസവകാലം അടുത്തവൾ.

അദ്യശ്വീനം [സം. –ശ്വീന < ശ്വഃ] വി. ഇന്നോ നാളെയോ സംഭവിക്കാവുന്ന.

അദ്യാപി [സം. –അപി] അവ്യ. ഇന്നും,ഇന്നുപോലും,ഇന്നുവരെ.

അദ്യാവധി [സം. –അവധി] അവ്യ.. ഇന്നുവരെ.

അദ്യുത് [സം. അ–ദ്യുത്] വി. പ്രകാശമില്ലാത്ത,പ്രഭയില്ലാത്ത.

അദ്യൈവ [സം. –ഏവ] അവ്യ. ഇന്നുതന്നെ.

അദ്രവ [സം. –ദ്രവ < ദ്രു] വി. ദ്രവമല്ലാത്ത,ഒഴുകുന്നതല്ലാത്ത.

അദ്രവ്യ [സം. –ദ്രവ്യ] വി. 1.കൊള്ളരുതാത്ത; 2.ദ്രവ്യമില്ലാത്ത,സ്വത്തില്ലാത്ത.

അദ്രവ്യം [സം.] നാ. കൊള്ളരുതാത്ത വസ്തു.

അദ്രി [സം.അദ്രി] നാ. 1.പർവതം; 2.വൃക്ഷം; 3.സൂര്യൻ; 4.ഇടിവാൾ; 5.മേഘം; 6.ഏഴ് എന്ന സംഖ്യ (കുലപർവതങ്ങൾ ഏഴാകയാൽ); 7.കല്ല്; 8.ഒരു അളവ്; 9.ഒരു സൂര്യവംശരാജാവ്.

അദ്രികന്യ [സം. –കന്യാ] നാ. പാർവതി. ('അദ്രി','കന്യ' ഈ ശബ്ദങ്ങളുടെ പര്യായങ്ങൾ ഉപയോഗിച്ച് പാർവതി എന്നർഥമായ പദങ്ങളുണ്ടാക്കാം.)

അദ്രികീല [സം. –കീല] നാ. അദ്രികളാകുന്ന കീലങ്ങളോടുകൂടിയത്,ഭൂമി.(ഭൂമിയെ ഉറപ്പിച്ചു നിറുത്തുന്നത് പർവതങ്ങളെന്ന സങ്കൽപം.)

അദ്രികുക്ഷി [സം. –കുക്ഷി] നാ. പർവതഗുഹ.

അദ്രിജ1 [സം. –ജ] വി. പർവതത്തിൽ ഉണ്ടായ.

അദ്രിജ2,–ജാത [സം. –ജാ,–ജാതാ] നാ. 1.പാർവതി; 2.മലന്തിപ്പല്ലി.

അദ്രിജം [സം.] നാ. 1.കന്മദം; 2.ഞാഴൽ; 3.കാവിമണ്ണ്.

അദ്രിജാതം [സം. –ജാത] നാ. 1.കന്മദം; 2.കാട്ടുതീ.

അദ്രിദ്രോണി [സം. –ദ്രോണി] നാ. മലയിടുക്ക്.

അദ്രിദ്വിട്ട് [സം. –ദ്വിഷ് < ദ്വിഷ്] നാ. ഇന്ദ്രൻ (പർവതങ്ങളെ ഹനിക്കുന്നവൻ).

അദ്രിനാഥൻ,–പതി [സം. –നാഥ,–പതി] നാ. ഹിമവാൻ.

അദ്രിബുധ്ന [സം. –ബുധ്ന] വി. 1.പാറയിൽ വേരൂന്നിയ; 2.കല്ലുപോലെ ഉറച്ച.

അദ്രിഭിത്ത് [സം. –ഭിദ്] നാ. അദ്രികളെ ഭേദനം ചെയ്യുന്നവൻ,ഇന്ദ്രൻ.

അദ്രിഭുവ് [സം. –ഭു] വി. പർവതത്തിൽ ഉണ്ടായ, നാ. 1.മലയമുക്കി; 2.എലിച്ചെവി.

അദ്രിശയ്യൻ [സം. –ശയ്യ] നാ. പർവതത്തിൽ ശയിക്കുന്നവൻ,ശിവൻ.

അദ്രിശൃങ്ഗം [സം. –ശൃങ്ഗ] നാ. കൊടുമുടി.

അദ്രിസാരം [സം. –സാര] നാ. ഇരുമ്പ്.

അദ്രുതം [സം. അ–ദ്രുത] അവ്യ. വേഗത്തിൽ അല്ലാതെ,പതുക്കെ.

അദ്രോഹം [സം. –ദ്രോഹ <ദ്രുഹ്] നാ. 1.ദ്രോഹമില്ലായ്മ,വിരോധം ഇല്ലായ്മ; 2.മൃദുലത,സൗമ്യത.

അദ്വന്ദ്വ [സം. –ദ്വന്ദ്വ] വി. 1.രണ്ടെന്ന ഭാവമില്ലാത്ത,ഇരട്ടയല്ലാത്ത; 2.ശത്രുവില്ലാത്ത.

അദ്വയ [സം. –ദ്വയ] വി. 1.രണ്ടല്ലാത്ത,ഒന്നു മാത്രമായ; 2.രണ്ടാമനില്ലാത്ത.

അദ്വയൻ [സം.] നാ. 1.ശ്രീബുദ്ധൻ; 2.പരമാത്മാവ്.

അദ്വയം [സം.] വി. 1.രണ്ടാമതല്ലാത്ത,ഒന്നാമത്തേതായ,ഒന്നാം കിടയിലുള്ള,അതുല്യമായ; 2.ഏകമായ,ഒറ്റയായ, നാ.ബ്രഹ്മം.

അദ്വയു [സം. -ദ്വയു] വി. പ്രവൃത്തിയും വിചാരവും രണ്ടല്ലാത്ത.

അദ്വിതീയ [സം. -ദ്വിതീയ] വി. 1.രണ്ടാമത്തേതല്ലാത്ത; 2.ഏറ്റവും പ്രധാനപ്പെട്ട; 3.ഒറ്റയായ.

അദ്വിഷേണ്യ [സം. -ദ്വിഷേണ്യ] വി. ദോഷം ഇല്ലാത്ത,വിരോധം ഇല്ലാത്ത.

അദ്വിഷേണ്യം [സം.] നാ. ദ്രോഹബുദ്ധിയില്ലായ്മ,വിദ്വേഷമില്ലായ്മ.

അദ്വൈത [സം. അ-ദ്വൈത <ദ്വി] വി. 1.രണ്ടല്ലാത്ത,ഒന്നായ,ഏകഭാവമുള്ള,വ്യത്യാസമില്ലാത്ത,മാറ്റം വരാത്ത; 2.സാമ്യമില്ലാത്ത,ഏകമാത്രമായ.

അദ്വൈതം [സം.] നാ. 1.രണ്ടല്ലായ്ക,ഏകത്വം; 2.ബ്രഹ്മവും പ്രപഞ്ചവും രണ്ടല്ല എന്ന സിദ്ധാന്തം,പരമമായ സത്യം,ജീവാത്മാവും പരമാത്മാവും ഒന്നുതന്നെയെന്ന മതം,വേദാന്തത്തിലെ മൂന്നു പ്രസ്ഥാനങ്ങളിൽ ഒന്ന്; 3.തത്ത്വവാദം,(പരിഹാസത്തിൽ) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് അപ്രായോഗികമായി ചെയ്യുന്ന പരാമർശം,കപടമായ തത്ത്വവാദം.

അദ്വൈതി [സം. അ-ദ്വൈതിൻ] നാ. 1.അദ്വൈതമതവിശ്വാസി; 2.കപടമായി തത്ത്വവാദം ചെയ്യുന്ന ആൾ (പരിഹാസത്തിൽ).

അധന [സം. -ധന] വി. 1.ധനമില്ലാത്ത,പാവപ്പെട്ട; 2.സ്വതന്ത്രമായി സ്വത്തു സമ്പാദിക്കുവാൻ അവകാശമില്ലാത്ത.

അധന്യ [സം. -ധന്യ] വി.. ധാന്യസമൃദ്ധിയില്ലാത്ത,ധന്യതയില്ലാത്ത,ഭാഗ്യമില്ലാത്ത,ദുരിതമനുഭവിക്കുന്ന.

അധമ [സം.] വി. ചീത്തയായ,നിന്ദ്യമായ,ഹീനമായ.

അധമഗ്രഹം [സം. അധമ-ഗ്രഹ] നാ. (ജ്യോ.) ശത്രുക്ഷേത്രത്തിലോ നീചത്തിലോ നിൽക്കുന്ന ഗ്രഹം.

അധമത്വബോധം [സം. അധമ-ത്വ-ബോധ] നാ. അധമനാണെന്ന ബോധം,അപകർഷത.

അധമദശ [സം. -ദശാ] നാ. (ജ്യോ.) അധമൻെറ (നീചത്തിലും ശത്രുക്ഷേത്രത്തിലും നിൽക്കുന്ന ഗ്രഹത്തിൻെറ) ദശ.

അധമഭൂമി [സം. -ഭൂമി] നാ. അശുഭലക്ഷണങ്ങളോടുകൂടിയ ഭൂമി,വീടുപണിയാൻ കൊള്ളാത്തത്.

അധമഭൃതകൻ [സം. -ഭൃതക] നാ. ഏറ്റവും താണ ജോലിക്കാരൻ,ചുമട്ടുകാരൻ.

അധമമേളം [സം. -മേലാ < മില്] നാ. (സങ്ഗീ.) മേളങ്ങൾ മൂന്നുവിധമുള്ളതിൽ അവസാനത്തേത്.

അധമയോഗം [സം. -യോഗ] നാ. (ജ്യോ.) സൂര്യകേന്ദ്രത്തിൽ ചന്ദ്രൻ നിൽക്കുന്നതുകൊണ്ട് ഉണ്ടാകുന്ന യോഗം.

അധമർണൻ [സം. -ഋണ] നാ. കടം വാങ്ങിയവൻ,കടം മൂലം അധമത്വം ഭവിച്ചവൻ. × ഉത്തമർണൻ.

അധമാങ്ഗം [സം. -അങ്ഗ] നാ. പാദം. × ഉത്തമാങ്ഗം.

അധമാധമ [സം. -അധമ] വി. ഏറ്റവും അധമമായ,താണതിലും താണ.
അധമാർധം [സം. -അർധ] നാ. നാഭിക്കു കീഴുള്ള ശരീരഭാഗം.
അധർമ [സം. അ-ധർമ] നാ. ധർമമല്ലാത്തത്,പാപം.
അധർമദണ്ഡനം [സം. -ദണ്ഡന] നാ. ന്യായരഹിതമായ ശിക്ഷ.
അധർമൻ [സം. അധർമ] നാ. 1.ധർമം ഇല്ലാത്തവൻ; 2.ഒരു പ്രജാപതി,സൂര്യൻെറ അനുചരൻ.
അധർമഭീരു [സം.ഭീരു] നാ. പാപത്തെ ഭയക്കുന്നവൻ.
അധർമം [സം.] നാ. 1.ധർമമല്ലാത്തത്,സദാചാരമില്ലായ്മ,മതവിരോധം,അക്രമം,ദുഷ്ടത; 2.പുണ്യമില്ലായ്മ; 3.പാപം,അകൃത്യം,വിരോധം.
അധർമാസ്തികായം [സം. അധർ മ-അസ്തികായ] നാ. 1.അധർമമെന്ന അസ്തികായം. (ജൈനസിദ്ധാന്തമനുസരിച്ച് അഞ്ച് അസ്തികായങ്ങൾ. വസ്തുക്കൾ ചലിക്കുന്നത് ധർമം എന്ന അസ്തികായത്തിൻെറ ശക്തികൊണ്ടാണ്.അധർമം മൂലം ചലനശേഷി ഇല്ലാതകുന്നു. ഹിന്ദുമതത്തിലെ ധർമവുമായി ഇതിനു ബന്ധമില്ല.)
അധർമാത്മാവ് [സം. -ആത്മൻ] നാ. പാപി,ദുഷ്ടൻ.
അധർമി [സം. അ-ധർമിൻ] നാ. 1.ധർമമില്ലാത്തവൻ,പാപമുള്ളവൻ; 2.ധർമം(ഗുണം)ഇല്ലാത്തവൻ.
അധർമിഷ്ഠ [സം. -ധർമിഷ്ഠ] വി. വളരെ ദുഷ്ടതയുള്ള,ദുർമാർഗിയായ.
അധർമ്യ [സം. -ധർമ്യ] വി.ധർമമില്ലാത്ത,പാപമുള്ള,നിയമവിരുദ്ധമായ,മതവിരുദ്ധമായ.
അധർഷിത [സം. അ-ധർഷിത] വി. തോൽപ്പിക്കപ്പെടാത്ത.
അധര [സം.] വി. 1.താഴോട്ടു ചാഞ്ഞ,താഴത്തെ; 2.നിന്ദ്യമായ.×ഉത്തര.
അധരകണ്ഠം [സം. അധര-കണ്ഠ] നാ. കഴുത്തിൻെറ കീഴ്ഭാഗം.
അധരകായം [സം. -കായ] നാ. അരയ്ക്കു താഴെയുള്ള ഭാഗം.×ഉത്തരകായം.
അധരപട്ടിക [സം. -പട്ടികാ] ഉമ്മറപ്പടി.
അധരപാനം [സം. -പാന] നാ. അധരത്തെ ആസ്വദിക്കൽ,ചുംബനം.

അധരപുടം [സം. -പുട] നാ. പുടരൂപത്തിലുള്ള അധരം,മണിച്ചെപ്പിൻെറ മൂടിപോലുള്ള അധരം.
അധരബിംബം [സം. -ബിംബ] നാ. തൊണ്ടിപ്പഴംപോലെ ചുവന്ന കീഴ്ചുണ്ട്.
അധരം [സം.] നാ. 1.കീഴ്ചുണ്ട്; 2.അരയ്ക്കു താഴെയുള്ള ഭാഗം; 3.പ്രശ്നോത്തരം.
അധരമധു, -യൂഷം [സം. അധര-മധു, -യൂഷ] നാ. അധരത്തിലെ മധു,അധരരസം,അധരാമൃതം.
അധരവസ്തി [സം. -വസ്തി] നാ. ഗുദംവഴി ചെയ്യുന്ന വസ്തി പ്രയോഗം.
അധരവ്യായാമം [സം. -വ്യായാമ] നാ. വാക്കുകൊണ്ടുള്ള അഭ്യാസം.
അധരാഞ്ചി [സം. -അഞ്ച്] നാ. അധോദിക്ക്,ദക്ഷിണദിക്ക്.
അധരാനുകമ്പ [സം. -അനുകമ്പാ] നാ. വാക്കിൽ മാത്രമുള്ള സഹതാപപ്രകടനം (ആംഗലശൈലി).

അധരാംബരം [സം. -അംബര] നാ. 1.അടിവസ്ത്രം; 2.മുണ്ട്.
അധരാമൃതം [സം. -അമൃത] നാ. അധരരസം.
അധരാരണി [സം. -അരണി] നാ. യാഗാഗ്നി കടയാൻ ഉപയോഗിക്കുന്ന രണ്ട് അരണിക്കമ്പുകളിൽ താഴത്തേത്.
അധരോത്തര [സം. -ഉത്തര] വി. 1.തലകീഴായ,കീഴ്മേൽ ആയ; 2.താണതും ഉയർന്നതും ആയ; 3.അടുത്തും അകലെയും ഉള്ള.
അധരോഷ്ഠ [സം. -ഓഷ്ഠ] നാ. 1.കീഴ്ചുണ്ട്; 2.അധരവും ഓഷ്ഠവും.
അധവ [സം. അ-ധവാ] വി. ഭർത്താവ് ഇല്ലാത്തവൾ,വിധവ.
അധശ്ചരൻ [സം. അധഃ-ചര] 'തറയിൽ ഇഴഞ്ഞ് സഞ്ചരിക്കുന്നവൻ.' നാ. 1.കള്ളൻ; 2.അധഃപതിക്കുന്നവൻ.
അധശ്ശല്യം [സം. -ശല്യ]'കീഴോട്ട് തിരിഞ്ഞ ശല്യം (മുള്ള്) ഉള്ളത്'. നാ. വലിയ കടലാടി.
അധസ്തന [സം. -തന] വി. 1.ഏറ്റവും താഴെയുള്ള; 2.മുമ്പിലുള്ള,കീഴിലുള്ള,കഴിഞ്ഞ.
അധസ്തലം [സം. -തല] നാ. താണസ്ഥലം,താഴത്തെ പ്രദേശം,അടിഭാഗം.
അധസ്തസ്വരം [സം.] നാ. (ഭാ.ശാ.) നാവ് പ്രകടമായി ഉയർത്താതെ ഉച്ചരിക്കുന്ന സ്വര. ഉദാ.'അ'.
അധസ്താത്,-ൽ [സം. -താത്] അവ്യ. താഴെ,അധോഭാഗത്ത്,കീഴെ,കീഴ്ഭാഗത്ത്.
അധഃ [സം. അധസ്] അവ്യ. താഴെ,അടിയിൽ.
അധഃകരണം [സം. -കരണ] നാ. കീഴ്പ്പെടുത്തൽ.
അധഃകൃതൻ [സം. -കൃത] നാ. 1.കീഴാക്കപ്പെട്ടവൻ; 2.ദളിതൻ.
അധഃകരിക്കുക [സം. -കൃ] ക്രി. കീഴ്പ്പെടുത്തുക.
അധഃപതനം [സം. -പതന] നാ. 1.താഴെ വീഴൽ,താണുപോകൽ; 2.നാശം.
അധഃപതിക്കുക [<സം. അധഃ-പത്] ക്രി. താഴേക്ക് വീഴുക,നീചമായ സ്ഥിതിയിലാകുക,വീഴുക,നശിക്കുക.
അധഃപാതം [സം. -പാത] നാ. = അധഃപതനം.
57
അധഃപുഷ്പി [സം. -പുഷ്പീ] 'താഴോട്ട് അഭിമുഖമായ പൂക്കൾ ഉള്ളത്.' നാ. 1.കൊഴുപ്പ്; 2.പെരുഞ്ജീരകം; 3.ആനച്ചുവടി.
അധഃസ്ഥ [സം. -സ്ഥ] വി. താഴെ സ്ഥിതിചെയ്യുന്ന,കീഴ്പെട്ട.
അധസ്ഥിത [സം. -സ്ഥിത] വി. താഴേക്കിടയിലുള്ള.
അധാർമിക [സം. അ-ധാർമിക<ധർമ] വി. ധർമമില്ലാത്ത, ധർമവിരുദ്ധമായ,അന്യായമായ.
അധാരണക [സം. -ധാരണക] വി. 1.താങ്ങിനിറുത്താൻ കഴിവില്ലാത്ത; 2.ലാഭമില്ലാത്ത,പ്രതിഫലമില്ലാത്ത.
അധി [സം.] ന. 1.മനോവേദന,ഉത്കണ്ഠ; 2.രജസ്വല.

അധി– [സം.] ഉപ. മുകളിൽ,ഉയരെ,കൂടെ,കൂടുതൽ,സംബന്ധിച്ച് എന്നീ അർഥങ്ങളിൽ ധാതുക്കളുടെയും നാമങ്ങളുടെയും മുമ്പിൽ ചേർക്കുന്ന ഒരു പുരസ്സർഗം.

അധിക [സം.] വി. 1.കൂടുതലായ,വലിയ; 2.ധാരാളമായ,സമൃദ്ധിയായ; 3.അസാധാരണമായ. നാ.ആധിക്യം.

അധികൻ [സം.] നാ. ഉയർന്നവൻ,ശ്രേഷ്ഠൻ.

അധികകോണം [സം. അധിക–കോണ] നാ. 90 ഡിഗ്രിയിൽ അധികമുള്ള കോൺ.

അധികപദം [സം അധിക–പദ] നാ. ആവശ്യത്തിലധികം പദം പ്രയോഗിക്കൽ,വാക്യദോഷങ്ങളിൽ ഒന്ന്.

അധികപ്പറ്റ് [സം അധിക–മ.പറ്റ്] നാ. 1.ആവശ്യത്തിൽ കവിഞ്ഞുള്ളത്; 2.കൂടുതലായി പറ്റിയിട്ടുള്ളത്.

അധികപ്പെടുക [സം. അധിക–മ.പെടുക] ക്രി. അധികമാകുക.

അധികപ്രസങ്ഗം [സം. –പ്രസങ്ഗ] നാ. മര്യാദവിട്ട സംസാരം,ധിക്കാരം.

അധികപ്രസങ്ഗി [സം. –പ്രസങ്ഗിൻ] നാ. ധിക്കാരി.

അധികം [സം.] നാ. ഒരു അർഥാലങ്കാരം.

അധികർദ്ധി [സം. അധിക–ഋദ്ധി] വി. അധികം സമ്പത്തുള്ള,അധികസമ്പന്നനായ.

അധികർണൻ [സം. –ഋണ] നാ. വളരെ കടമുള്ളവൻ.

അധികർമകൃത്ത് [സം. അധികർമ–കൃത്] നാ. മേൽനോട്ടം വഹിക്കുന്ന ആൾ,കങ്കാണി.

അധികർമം [സം. അധി–കർമൻ] നാ. മേൽനോട്ടം.

അധികർമികൻ [സം. അധി–കർമിക] നാ. ചന്തയിൽ കച്ചവടക്കാരിൽ നിന്ന് ചുങ്കം പിരിക്കുന്നവൻ.

അധികരണഭോജകൻ [സം. അധികരണ–ഭോജക] നാ. ന്യായാധിപതി.

അധികരണം [സം. അധി–കരണ <കൃ] നാ. 1.മുകളിൽ വയ്പ്,അധിരോപിക്കൽ; 2.ആധാരം,ആസ്പദം; 3.വിഷയം,പ്രമേയം; 4.അധ്യായം,വിഭാഗം; 5.നീതിന്യായക്കോടതി,ന്യായാസനം; 6.അധികാരം; 7.അവകാശം; 8.(വ്യാക.)ആധാരികാവിഭക്തിയുടെ കാരകം,ആധാരം.

അധികരണമണ്ഡപം [സം. അധികരണ–മണ്ഡപ] നാ. ന്യായവിചാരണയ്ക്കുള്ള മണ്ഡപം.

അധികരണി [സം. അധി–കരണിൻ] നാ. 1.ന്യായാധിപതി; 2.സർക്കാരുദ്യോഗസ്ഥൻ.

അധികരണ്യം [സം. –കരണ്യ] നാ. 1.അധികാരം; 2.ശക്തി.

അധികരിക്കുക [<സം അധി–കൃ] ക്രി. 1.ആധാരമാക്കുക,ആസ്പദമാക്കുക; 2.പരാമർശിക്കുക,പുരസ്കരിക്കുക,വിഷയമാക്കുക; 3.മേൽനോട്ടം വഹിക്കുക,അധികാരം നടത്തുക; 4.അധികമാകുക (ഈയർഥത്തിലുള്ള പ്രയോഗം സാധുവല്ലെന്നഭിപ്രായം).

അധികാങ്ഗ [സം അധിക–അങ്ഗ] വി. സാധാരണയിൽ കവിഞ്ഞ് അവയവങ്ങളുള്ള.

അധികാങ്ഗം [സം.] നാ. 'വസ്ത്രത്തിൽനിന്ന് അധികമായുള്ളത്.' നാ. അരപ്പട്ട.

അധികാരഒഴിവ് [സം. അധികാര–മ.ഒഴിവ്] നാ. അധികാരത്തിൽ കരമൊഴിവായിട്ടുള്ള ജന്മവസ്തു.

അധികാരപത്രം [സം. അധികാര–പത്ര] നാ. 1.അധികാരം നൽകുന്ന പത്രം,ശീട്ട്; 2.ഒരാൾക്കുവേണ്ടി വ്യവഹരിക്കാനും മറ്റും അധികാരം നൽകുന്ന രേഖ.

അധികാരപദാർഥം [സം. -പദാർഥ] നാ. തിരുവനന്തപുരത്ത് ശ്രീപദ്മനാഭസ്വാമിക്ഷേത്രത്തിൽ എട്ടരയോഗക്കാരുടെ കീഴിൽ മുമ്പുണ്ടായിരുന്ന ഉദ്യോഗം.
അധികാരപ്പെടുത്തുക [സം. അധികാര-മ. പെടുത്തുക] ക്രി. അധികാരം കൊടുക്കുക,ചുമതലപ്പെടുത്തുക.
അധികാരപ്രമത്ത [സം. -പ്രമത്ത] വി. 1.അധികാരം കൊണ്ടു മദിച്ച; 2.അധികാരത്തിൽ ഇരിക്കെ പ്രമാദം സംഭവിച്ച.

അധികാരം [സം. അധി-കാര] <കൃ] നാ. 1.മേൽനോട്ടം,ആധിപത്യം,ഭരണാവകാശം,വ്യക്തികളെയും സ്ഥാപനങ്ങളെയും നിയന്ത്രിക്കാനും നിയോഗിക്കാനും ശിക്ഷിക്കാനും മറ്റും വ്യവസ്ഥാനുസാരം സിദ്ധിച്ചിട്ടുള്ള ശക്തി; 2.കോയ്മ; 3.അവകാശം, അനിഭ വാവകാശം; 4.അർഹത,യോഗ്യത; 5.ഒരു പ്രബന്ധത്തിന്റെ വിഭാഗം; 6.അംശം,പകുതി,പ്രവൃത്തി,താലൂക്കിന്റെ ഒരു വിഭാഗം,സംബന്ധം,പരാമർശം.
അധികാരസ്ഥ [സം. അധികാര-സ്ഥ] വി. അധികാരത്തിൽ സ്ഥിതിചെയ്യുന്ന,അധികാരമുള്ള.
അധികാരി [സം. അധി-കാരിൻ] നാ. 1.അധികാരമുള്ളവൻ; 2.അവകാശി,നാഥൻ; 3.യോഗ്യതയുള്ളവൻ,അർഹൻ; 4.(മലബാറിൽ) വില്ലേജാഫീസർ; 5.ക്ഷേത്രഭരണം നടത്തുന്ന ആൾ. (സ്ത്രീ.) അധികാരിണി.
അധികൃത [സം. അധി-കൃത] വി. അധികാരം നൽകപ്പെട്ട,യോഗ്യതയുള്ള.
അധികൃതൻ [സം.] നാ. ഉദ്യോഗസ്ഥൻ,ഭരണാധികാരി,തലവൻ.
അധികൃതി [സം. അധി-കൃതി] നാ. അധികാരം,അവകാശം,ഉടമസ്ഥത.
അധികൃത്യ [സം. -കൃത്യ <കൃ] അവ്യ.. അധികരിച്ച്, പ്രമാണമാക്കിക്കൊണ്ട്, അടിസ്ഥാനമാക്കിക്കൊണ്ട്.
അധികോൺ [സം. -കോണ] നാ. സമകോണിനെക്കാൾ വലിയ കോൺ,ബൃഹത്കോൺ.
അതിക്രമം,-ക്രമണം [സം. -ക്രമ(ണ)] നാ. കടന്നേറ്റം,ആക്രമണം.
അധിക്ഷിത്ത് [സം. -ക്ഷിത് <ക്ഷി] നാ. 1.അപചയം,നാശം; 2.നാശം വരുത്തുന്നവൻ; 3.അധിപതി,ഭരണകർത്താവ്.
അധിക്ഷിപ്ത [സം. -ക്ഷിപ്ത<ക്ഷിപ്] വി. അധിക്ഷേപിക്കപ്പെട്ട,നിന്ദിക്കപ്പെട്ട.
അധിക്ഷേപം [സം. -ക്ഷേപ] നാ. 1.ആക്ഷേപം,പഴിക്കൽ,നിന്ദ,ശകാരം; 2.ഏറ്; 3.പിരിച്ചുവിടൽ.
അധിക്ഷേപിക്കുക [< സം. അധി-ക്ഷിപ്] നാ. അധിക്ഷേപിക്കുക,നിന്ദിക്കുക,പരിഹസിക്കുക.
അധിഗത [സം. -ഗത <ഗമ്] വി. 1.പ്രാപിച്ച,നേടിയ; 2.പഠിച്ച,അറിഞ്ഞ.
അധിഗന്താവ് [സം. -ഗന്തൃ] നാ. അനുഗമിക്കുന്നവൻ,നേടുന്നവൻ,സമ്പാദിക്കുന്നവൻ.(സ്ത്രീ.) അധിഗന്ത്രി.
അധിഗമനീയ [സം. -ഗമനീയ] വി. അധികമിക്കാവുന്ന,പ്രാപിക്കാവുന്ന,അഭ്യസിക്കത്തക്ക.
അധിഗമം [സം. -ഗമ] നാ. 1.പ്രാപ്തി,ലബ്ധി; 2.പഠിത്തം; 3.ലാഭം,ആദായം.

അധിഗമിക്കുക [<സം.അധി-ഗമ്] ക്രി. പ്രാപിക്കുക,സിദ്ധിക്കുക; 2.പഠിക്കുക,പഠിച്ചറിയുക; 3.അടുത്തുചെല്ലുക,സമീപിക്കുക; 4.സഹവസിക്കുക.
അധിഗമ്യ1 [സം. -ഗമ്യ] വി. അധിഗമനീയ.
അധിഗമ്യ2 [സം. -ഗമ്യ] അവ്യ. അധിഗമിച്ചിട്ട്.
അധിഗവ [സം. -ഗവ <ഗോ] വി. പശുവിൽനിന്നുണ്ടായ.
അധിഗുണ [സം. -ഗുണ] വി. അധികഗുണമുള്ള,സദ്ഗുണമുള്ള.
അധിചർമം [സം. -ചർമൻ] വി. പുറന്തൊലി.
അധിചരണം [സം. -ചരണ] നാ. 1.മീതേകൂടിയുള്ള നടപ്പ്; 2.ബലാത്സങ്ഗം.
അധിചാപം [സം. -ചാപ] വി. (ഗണിത) ഒരു വൃത്തപരിധിയെയോ,ചാപത്തെയോ രണ്ടായി ഖണ്ഡിച്ചതിൽ വലിയ അംശം.
അധിജിഹ്വ ഉജിഹ്വിക്[സം. -ജിഹ്വാ,-ജിഹ്വികാ] നാ. 1.അണ്ണാക്ക്; 2.നാക്കിലോ അണ്ണാക്കിലോ ഉണ്ടാകുന്ന ഒരുതരം വീക്കം,ഒരു തൊണ്ടരോഗം.
അധിജിഹ്വം [സം. -ജിഹ്വ] നാ. 1.ഒന്നിലധികം നാവുള്ളത്,സർപ്പം; 2.നാക്കിലോ തൊണ്ടയിലോ ഉണ്ടാകുന്ന ഒരു തരം വീക്കം.
അധിജ്യ [സം. -ജ്യ <ജ്യാ] വി. വലിച്ചുകെട്ടിയ,ഞാണേറ്റിയ.
അധിജ്യകാർമുകൻ,-ധന്വാ(വ്) [സം.അധിജ്യ-കാർമുക,-ധന്വൻ] നാ. ഞാണേറ്റിയ വില്ലോടുകൂടിയവൻ.

അധിതടം [സം. -തട] അവ്യ. തടത്തിൽ,കരയിൽ.
അധിതലീയം [സം. -തലീയ <തല] നാ. പുറന്തൊലി.
അധിതല്പം [സം. -തല്പ] അവ്യ. കിടക്കമേൽ.
അധിത്യക [സം. -ത്യകം (പ്രത്യയം)] നാ. പർവതത്തിൻെറ മുകൾപ്പരപ്പ്. ×ഉപത്യക.
അധിദണ്ഡനേതാവ് [സം. അധിദണ്ഡ-നേതൃ] നാ. ശിക്ഷാധികാരം ഉള്ളവൻ,യമൻ.
അധിദന്തം [സം. അധി-ദന്ത] നാ. പല്ലിനുപുറമേ വളരുന്ന വേറൊരു പല്ല്.
അധിദാർവ [സം. -ദാർവ <ദാരു] വി.ദാരു (തടി)കൊണ്ടുണ്ടാക്കിയ.
അധിദിവസം [സം. -ദിവസ] നാ. അധിവർഷത്തിനുവേണ്ട ഒരു ദിവസം.(ഫെബ്രുവരിമാസത്തിൽ കൂട്ടിച്ചേർക്കുന്നു.)
അധിദീധിതി [സം. -ദീധിതി] വി. ദിവ്യശോഭയുള്ള,അത്യധികം കാന്തിയുള്ള.
അധിദേവത [സം. -ദേവതാ] നാ. ആധിപത്യമുള്ള ദേവത,രക്ഷാദേവത.
അധിദേവൻ [സം.-ദേവ] നാ. അധിദേവത.
അധിദേവനം [സം. -ദേവന <ദിവ്] 'യാതൊന്നിൻെറ മുകളിൽ ദേവനം ചെയ്യുന്നുവോ അത്.' നാ. ചൂതുപലക.
അധിദൈവം [-വതം] [സം. -ദൈവ,ദൈവത] നാ. 1.അധിഷ്ഠാനദേവത,പരദേവത; 2.പരമാത്മാവ്,ഭൗതികവസ്തുക്കളിൽ പ്രവർത്തിക്കുന്ന ദിവ്യചൈതന്യം.
അധിദൈവിക [സം. -ദൈവിക വി. ദൈവത്തെ സംബന്ധിച്ച,അധ്യാത്മികമായ.
അധിധാരണം [സം. -ധാരണ] നാ.(രസ.) രാസപരിണാമം കൂടാതെ വലിച്ചെടുക്കൽ,വാതകങ്ങളുടെയും മറ്റും കണങ്ങൾ ചില ലോഹങ്ങൾ അവയുടെ ഘടനയ്ക്കുള്ളിൽ തടഞ്ഞുനിറുത്തുന്ന പ്രക്രിയ.
അധിധ്രുവം [സം. -ധ്രുവ] നാ. വൈദ്യുതീപ്രവാഹത്തിൻെറ ഉത്പത്തിസ്ഥാനം.

അധിനയിക്കുക [<സം. അധി–നീ] ക്രി. 1.അകറ്റിക്കൊണ്ടുപോകുക; 2.വർധിപ്പിക്കുക.
അധിനാഥൻ [സം. –നാഥ] നാ. അധീശൻ,പ്രധാനി,മേൽക്കോയ്മ.
അധിനായകൻ [സം.–നായക] നാ. അധിനാഥൻ(സ്ത്രീ.) അധിനായിക.
അധിനായം [സം. –നായ] നാ. സുഗന്ധം.
അധിനികടം [സം.] അവ്യ. അരികത്ത്.
അധിനിദ്രം [സം.] അവ്യ. ഉറക്കത്തിൽ.
അധിനിവേശം [സം. അധി–നിവേശ <നി–വിശ്] നാ. കുടിയേറിപ്പാർപ്പ്,അപ്രകാരം പാർക്കുന്ന സ്ഥലം.
അധിപതി [സം. –പതി] നാ. 1.അധിപൻ,നാഥൻ,പരമാധികാരി; 2.ഒരു മർമം.
അധിപതിപ്പൊരുത്തം [സം. അധിപതി–മ. പൊരുത്തം] നാ.(ജ്യോ.) രാശ്യധിപന്മാർ തമ്മിലുള്ള പൊരുത്തം.
അധിപൻ [സം. അധി–പ < പാ] നാ. അധിപതി, ഭരണകർത്താവ്, നായകൻ, രാജാവ്,തലവൻ.
അധിപുരുഷൻ [സം. അധി–പുരുഷ] നാ. പരമാത്മാവ്.
അധിപ്രജം [സം. –പ്രജ] അവ്യ. പ്രജകളെ അധികരിച്ച്.
അധിബലം [സം. –ബല] നാ. 1.വാഗ്വാദം,വാക്കേറ്റം; 2.നാടകത്തിലെ ഗർഭസന്ധിയുടെ രങ്ഗം.
അധിഭർത്താവ് [സം. –ഭർതൃ] നാ. അധീശൻ,പ്രധാന ഭരണാധികാരി.
അധിഭവിക്കുക [<സം. അധി–ഭൂ] ക്രി. അധിപതിയാകുക.
അധിഭൂതം [സം. –ഭൂത] ‘സർവഭൂതങ്ങൾക്കും ആധാരമായത്’.നാ. പരമാത്മാവിൻെറ മൂന്നു ഭാവങ്ങളിലൊന്ന്.
അധിഭൂവ് [സം. –ഭൂ] വി. അധിപനാകുന്നവൻ.
അധിമന്ഥനം [സം. –മന്ഥന] നാ. 1.തീയുണ്ടാക്കാൻ വേണ്ടി (രണ്ടു കമ്പുകളോ മറ്റോ)കൂട്ടിയുരയ്ക്കൽ; 2.അപ്രകാരം ഉരയ്ക്കാൻ കൊള്ളാവുന്നത്, ഉദാ.അരണി.

അതിമന്ഥം [സം.] നാ. ഒരു നേത്രരോഗം.
അധിമാത്ര [സം.] വി. അളവറ്റ,വളരെ അധികമായ.
അധിമാംസാർമം [സം.അധിമാംസ–അർമൻ] നാ. ഒരു നേത്രരോഗം.
അധിമാസം [സം. അധി–മാസ] നാ. 1.ഒരു ദിവസം അധികം വരുന്ന മാസം; 2.രണ്ടു കറുത്തവാവുകൾ വരുന്ന സൗരമാസം,അപ്രകാരമുള്ള രണ്ടു കറുത്തവാവുകൾക്കു മധ്യേ വരുന്ന ചാന്ദ്രമാസം; 3.മൂന്നു വർഷത്തിലൊരിക്കൽ അധികപ്പെട്ടു വരുന്ന ചാന്ദ്രമാസം.
59
അധിമുക്തിക [സം. –മുക്തികാ] നാ. മുത്തുച്ചിപ്പി.
അധിമേഹനം [സം. –മേഹന] നാ. ബലാത്സങ്ഗം.
അധിയജ്ഞം [സം. –യജ്ഞ] നാ. 1.പ്രധാനയോഗം; 2.യജ്ഞത്തിൻെറ അധിഷ്ഠാനദേവത,പരമാത്മാവ്.
അധിയോഗം [സം. –യോഗ] നാ. (ജ്യോ.) ചന്ദ്രൻെറ ആറ്,ഏഴ്,എട്ട് ഈ സ്ഥനങ്ങളിൽ ശുഭഗ്രഹങ്ങൾ നിൽക്കുന്ന യോഗം.
അധിയോധൻ [സം. –യോധ] നാ. മുഖ്യയോദ്ധാവ്.

അധിരഥൻ [സം. -രഥ] നാ. 1.തേരാളി,സാരഥി; 2.കർണൻെറ വളർത്തച്ഛൻ.

അധിരാജൻ [സം. -രാജൻ] നാ. ചക്രവർത്തി.

അധിരാജ്യം [സം. -രാജ്യ < രാജ്] നാ. 1.സാമ്രാജ്യം; 2.അധിരാജപദവി.

അധിരാട്ട് [<സം. -രാജ്] നാ. അധിരാജൻ.

അധിരാഷ്ട്രം [സം.] നാ. അധിരാജ്യം.

അധിരുക്മ [സം. -രുക്മ] വി. സ്വർണാഭരണങ്ങൾ ധരിക്കുന്ന.

അധിരുഹ്യ [സം. -രുഹ്യ < രുഹ്] അവ്യ. അധിരോഹണം ചെയ്തിട്ട്.

അധിരൂഢ [സം. -രൂഢ] വി. 1.അധിരോഹണം ചെയ്ത,മുകളിൽ കയറിയ; 2.വർധിച്ച.

അധിരോപണം [സം. -രോപണ] നാ. മുകളിൽ കയറ്റിയിരുത്തൽ.

അധിരോപ്യ [സം. -രുഹ്] അവ്യ. അധിരോപിച്ചിട്ട്,കയറ്റിയിട്ട്.

അധിരോഹണം [സം. -രോഹണ] നാ. മുകളിലേക്ക് കയറ്റം.

അധിരോഹം [സം. -രോഹ] നാ. 1.അധിരോഹണം ചെയ്യുന്നവൻ; 2.പാപ്പാൻ.

അധിരോഹിക്കുക [<സം. അധി-രുഹ്] ക്രി. മുകളിൽ കയറുക,കയറിയിരിക്കുക.

അധിരോഹിണി [സം. -രോഹിണി] നാ. പടവ്,കോവണി.

അധിവക്താവ് [സം. -വക്തൃ] നാ. 1.വേറൊരാൾക്കു വേണ്ടി വാദിക്കുന്നവൻ,വക്കീൽ; 2.പ്രഭാഷകൻ.

അധിവചനം [സം. -വചന] നാ. പക്ഷംപിടിച്ചു വാദിക്കൽ,മറ്റൊരാളിനുവേണ്ടി സംസാരിക്കൽ.

അധിവർഷം [സം. -വർഷ] നാ. സാധാരണവർഷത്തെക്കാൾ ഒരു ദിവസം അധികമുള്ള വർഷം.

അധിവസിക്കുക [<സം. അധി-വസ്] ക്രി.. (സംസ്കൃതത്തിൽ പ്രതിഗ്രാഹിക ചേർത്തു പ്രയോഗം),പാർക്കുക,താമസിക്കുക,താവളം ഉറപ്പിക്കുക,തങ്ങുക.

അധിവസ്ത്ര [സം. -വസ്ത്ര] വി. വസ്ത്രം ധരിച്ച.

അധിവാകം [സം -വാക < വാച്] നാ. 1.അധിവചനം; 2.രക്ഷണം.

അധിവാസൻ [സം. -വാസ] നാ. 1.അയൽക്കാരൻ; 2.മുകളിൽ വസിക്കുന്നവൻ.

അധിവാസനം [സം. -വാസന] നാ. 1.വാസന പിടിക്കൽ,കുറിക്കൂട്ടുകൾ മാല മുതലായവകൊണ്ടുള്ള സംസ്കാരം; 2വിഗ്രഹത്തിൻെറ പ്രാണപ്രതിഷ്ഠ,വിഗ്രഹത്തിൽ ദേവതാവാഹനം.

അധിവാസം1 [സം. -വാസ] നാ. 1.ആവാസം; 2.കുടിപാർപ്പിടം,വാസസ്ഥാനം; 3.ഉപവാസസത്യാഗ്രഹം; 4.ചട്ട, മേലങ്കി; 5.ജൻമസ്ഥലം,വിഗ്രഹത്തിൻെറ പ്രാണപ്രതിഷ്ഠ.

അധിവാസം2 [സം.] നാ. സുഗന്ധദ്രവ്യം,സുഗന്ധം പൂശൽ.

അധിവസസ്സ് [സം. -വാസസ്] നാ. ശരീരമാകെ മറയ്ക്കുന്ന മേലുടുപ്പ്.

അധിവാസി [സം.-വാസിൻ] നാ. അധിവസിക്കുന്നവൻ,(സ്ത്രീ.) അധിവാസിനി.

അധിവാസിത [സം. -വാസിത] വി. സുഗന്ധം പൂശിയ,സുഗന്ധിതമായ.

അധിവാഹനം [സം. -വാഹന <വഹ്] നാ. മുകളിലേറ്റുന്നത്.

അധിവേദനം [സം. -വേദന] നാ. ഒന്നിലധികം വേളികഴിക്കൽ. അധ്വേത്താവ് = ഒന്നിലധികം വേട്ടവൻ.

അധിഷ്ഠാനദേവത [സം. -സ്ഥാന-ദേവതാ] നാ. അധിദേവത,അധിഷ്ഠാനം ചെയ്യുന്ന ദേവത.
അധിഷ്ഠാനം [സം. -സ്ഥാന] നാ. ഒന്നിനുമേൽ സ്ഥിതിചെയ്യൽ,അടിസ്ഥാനം.
അധിഷ്ഠാനശരീരം [സം. -സ്ഥാന-ശരീര] നാ. സ്ഥൂലദേഹം വിട്ടതിനുശേഷം സൂക്ഷ്മശരീരം സ്വീകരിക്കുന്നതിനിടയിൽ പ്രേതാത്മാവ് കൈക്കൊള്ളുന്ന ശരീരം.
അധീക്ഷകൻ [സം. -ഈക്ഷക <ഈക്ഷ്] നാ. മേൽനോട്ടം വഹിക്കുന്നവൻ.
അധീത [സം. അധി-ഇത <ഇ] വി. പഠിച്ച.
അധീതവിദ്യൻ [സം. അധീത-വിദ്യ] നാ. വിദ്യപഠിച്ചവൻ,പഠിപ്പു കഴിഞ്ഞവൻ.
അധീതി1 [സം. അധി-ഇതി] നാ. 1.പഠിത്തം,അധ്യയനം; 2.ഓർമ,സ്മരണം.
അധീതി2 [സം. അധീതിൻ] വി. പഠിച്ച,വേദങ്ങൾചൊല്ലുന്ന.
അധീന [സം. അധി-ഇന] വി. കീഴ്പ്പെട്ട,വശത്തായ,ആശ്രയത്തിലുള്ള.
അധീനത [സം. അധീന-താ] നാ. അധീശത്വം,കീഴ്പ്പെട്ട സ്ഥിതി,നിയന്ത്രണം,അധികാരം.
അധീര1 [സം. അ-ധീര] വി. 1.ധീരതയില്ലാത്ത,ഭയം ഉള്ള; 2.നിശ്ചലമല്ലാത്ത,ഉറപ്പില്ലാത്ത,ഉരുളുന്ന,ഇളക്കമുള്ള; 2.മൂഢസ്വഭാവമുള്ള.
അധീര2 [സം. -ധീരാ] നാ. 1.ധൈര്യമില്ലാത്ത സ്ത്രീ; 2.മിന്നൽപ്പിണർ,കലഹിക്കുന്ന നായിക.
അധീശ്വരൻ [സം. അധി-ഈശ്വര] നാ. 1.പരമാധികാരി,പ്രധാനി,ശ്രേഷ്ഠൻ; 2.(ജൈന.) അർ ഹതൻ.
അധീഷ്ടം [സം. -ഇഷ്ട] നാ. 1.പ്രതിഫലം പറ്റാതെ വഹിക്കുന്ന ഉദ്യോഗം; 2.ശിഷ്യന്റെ അപേക്ഷപ്രകാരം ചെയ്യുന്ന അധ്യാപനം.
അധുനാ [സം.] അവ്യ. ഇപ്പോൾ. അധുനാതന = ഇപ്പോഴുള്ള.
അധൂത [സം. അ-ധൂത] വി. എളുപ്പത്തിൽ ഇളക്കാൻ പറ്റാത്ത,ധൈര്യമുള്ള.
അധൂമക [സം. -ധൂമക] വി. പുകയില്ലാത്ത,കത്തിക്കാളുന്ന.
അധുര [സം. -ധുര < ധുർ] വി. ഭാരം ചുമക്കാൻ കഴിവില്ലാത്ത,കൃത്യഭാരം വഹിക്കാത്ത.
അധൂര്യ [സം. -ധൂര്യ] വി. അധുര.
അധൃത [സം. -ധൃത <ധൃ] വി. പൊക്കിപ്പിടിക്കാത്ത,അശാന്തമായ,അടക്കിയിട്ടില്ലാത്ത.
അധൃതൻ [സം.] നാ. വിഷ്ണു.
അധൃതി [സം. -ധൃതി] നാ. 1.ധൈര്യമില്ലായ്മ; 2.ക്ഷമയില്ലായ്മ.
അധൃഷ്ട [സം. -ധൃഷ്ട < ധൃഷ്] വി. ധൈര്യമില്ലാത്ത,ലജ്ജയുള്ള.
അധൃഷ്യ [സം. -ധൃഷ്യ] വി. 1.അടുത്തുചെന്നു കൂടാത്ത,ആക്രമിക്കാൻ പറ്റാത്ത,ജയിച്ചുകൂടാത്ത; 2.അഹങ്കാരമുള്ള; 3.വിനയമുള്ള.
അധേനു [സം. -ധേനു] നാ. കറവയില്ലാത്ത പശു.
അധൈര്യം [സം. -ധൈര്യ < ധീര] നാ. ധീരതയില്ലായ്മ,ആത്മവിശ്വാസക്കുറവ്.
അധോ = അധഃ
അധോക്ഷ [സം. അധഃ-അക്ഷ] വി. 1.ഇന്ദ്രിയങ്ങളെ ജയിച്ച; 2.വണ്ടിയുടെ അച്ചുതണ്ടിനു കീഴെയുള്ള; 3.താഴോട്ടു കണ്ണുകളുള്ള,കുഴിഞ്ഞ കണ്ണുള്ള.
അധോക്ഷജൻ [സം.]'കീഴോട്ടു നോക്കുന്നവൻ'. നാ. മുനി.
അധോഗതി [സം.-ഗതി] നാ. കീഴോട്ടുള്ള പോക്ക്,അധഃപതനം.

അധോഗന്താവ് [സം. -ഗന്തൃ] നാ. 1.താഴോട്ടുപോകുന്നവൻ; 2.എലി.
അധോഗം [സം. -ഗ <ഗമ്]'കീഴോട്ടുള്ള ഗതി' നാ. 1.നൃത്തത്തിൽ ശിരസ്സിനെ ചേഷ്ടിപ്പിക്കേണ്ടവിധങ്ങളിൽ ഒന്ന്; 2.ഒരുതരം രക്തപിത്തം,ദുഷിച്ചരക്തം മലദ്വാരം തുടങ്ങിയവയിലൂടെ പുറത്തേക്ക് പോകുന്നത്.
അധോഗമനം [സം. -ഗമന] നാ. അധോഗതി.
അധോഘണ്ട [സം. -ഘണ്ടാ] നാ. വലിയ കടലാടി.
അധോങ്ഗം [സം. -അങ്ഗ] നാ. 1.ഗുദം,മലദ്വാരം; 2.യോനി,ഉപസ്ഥം,അരക്കെട്ടിനുകീഴ്വശം.
അധോജനി [സം. -ജനി] നാ. താണിരിക്കുന്ന അണ്ഡാശയം. (സസ്യ.)
അധോജിഹ്വിക [സം. -ജിഹ്വികാ] നാ. അടിനാക്ക്,ചെറുനാക്ക്.
അധോദിക്ക് [സം. -ദിശ്] നാ. 1.താഴത്തെ ദിക്ക്,ഭൂമിയുടെ കീഴ്വശം; 2.തെക്കേദിക്ക്.
അധോദൃഷ്ടി [സം. -ദൃഷ്ടി]നാ. 1.കീഴ്പ്പോട്ടുള്ള ദൃഷ്ടി; 2.നാസാ.
അധോധൗതി [സം. -ധൗതി] നാ. ഗുദത്തിലൂടെ തുണി വിഴുങ്ങി കുടൽ വൃത്തിയാക്കുന്ന യോഗാഭ്യാസം.
അധോബിന്ദു [സം. -ബിന്ദു] നാ. ചക്രവാളത്തിനു ലംബമായ ഗോളത്തിനു വ്യാസരേഖകളുണ്ടെന്ന് സങ്കൽപിച്ചാൽ ആ രേഖ ഖഗോളത്തിൽ സ്പർശിക്കുന്ന രണ്ടു സാങ്കൽപ്പികബിന്ദുക്കളിൽ ഒന്ന്.
അധോഭക്തം [സം. -ഭക്ത] നാ. ഊണിനുശേഷം സേവിക്കാനുള്ള ഒരുനേരത്തെ മരുന്ന്.
അധോഭൂവ് [സം. -ഭൂ] നാ. താഴത്തെ സ്ഥലം,താഴ്വര.
അധോഭുവനം [സം. -ഭുവന] നാ. ഭൂമിക്കു താഴെയുള്ള ലോകം,പാതാളം.
അധോംശുകം [സം. -അംശുകം] നാ. അടിവസ്ത്രം,അടിയിലുടുക്കുന്ന മുണ്ട്.
അധോമണ്ഡലം [സം. -മണ്ഡല] നാ. 1.താഴത്തെ മണ്ഡലം; 2.രണ്ടു മണ്ഡലങ്ങളുള്ള നിയമസഭയുടെ താഴത്തെ മണ്ഡലം,ജനസഭ.
അധോമർമം [സം. -മർമൻ] നാ. 1.ഗുദം; 2.യോനി.
അധോമാർഗം [സം. -മാർഗ] നാ. 1.ഭൂഗർഭപാത; 2.മുഷ്ടിയുദ്ധത്തിലെ ഒരടവ്; 3.അധഃപതനത്തിനുള്ള മാർഗം.
അധോമുഖ1 [സം. -മുഖ] വി. തലതാഴ്ത്തിയ,മുഖം കുനിഞ്ഞ,അധോമുഖനക്ഷത്രങ്ങൾ = (ജ്യോ.) ഭരണി,കാർത്തിക,ആയില്യം,മകം,പൂരം,വിശാഖം,മൂലം,പൂരാടം,പൂരുരുട്ടാതി എന്നീ ഒൻപത്.
അധോമുഖ2 [സം.] നാ. കൊഴുപ്പ,ഗോജിഹ്വ.
അധോമുഖൻ [സം.] നാ. വിഷ്ണു.
അധോമുഖം [സം.] നാ. ഒരു നരകം.
അധോമുഖരാശി [സം. -മുഖ-രാശി] നാ. (ജ്യോ.) ആദിത്യൻ നിൽക്കുന്ന രാശിയും അതിൻെറ കേന്ദ്രരാശികളും.
അധോലോകം [സം. -ലോക] നാ. 1.പാതാളം; 2.നിയമത്തിനു കീഴ്പ്പെടാതെ കഴിയുന്നവർ,കുഴപ്പക്കാർ.

അധോവദന [സം. -വദന] വി. മുഖം കുനിച്ച.
അധോവായു [സം. -വായു] നാ. കീഴോട്ടുള്ള വായു,അപാനവായു.
അധ്യക്ഷ [സം. അധി-അക്ഷ] വി. 1.ഇന്ദ്രിയഗോചരമായ; 2.മേൽനോട്ടം വഹിക്കുന്ന.
അധ്യക്ഷൻ [സം.] നാ. 1.ദൃക്സാക്ഷി; 2.മേൽനോട്ടക്കാരൻ,മേലാവ്; 3.സമ്മേളനത്തിൽ അഗ്രാസനാധിപത്യം വഹിക്കുന്നവൻ; 4.തലവൻ.
അധ്യക്ഷം [സം.] അവ്യ. കണ്ണിനു മുമ്പിൽ. നാ. പഴമുൺപാല,ക്ഷീരിക.
അധ്യക്ഷരം [സം. അധി-അക്ഷര] അവ്യ. 1.അക്ഷരങ്ങളെ അധികരിച്ച്; 2.എല്ലാ അക്ഷരങ്ങൾക്കും ഉപരിയായി, നാ.പ്രണവം,ഓങ്കാരം.

അധ്യഗ്നി [സം. -അഗ്നി] 'അഗ്നിയുടെ സമീപത്ത്.' നാ. വിവാഹസമയത്ത്,അഗ്നിസമക്ഷം വധുവിനു കൊടുക്കുന്ന ധനം.
അധ്യണ്ഡ [സം. -അണ്ഡ] 'അധികം കുരുവുള്ളത്' നാ. 1.നായ്ക്കുരുണ; 2.കീഴാനെല്ലി.
അധ്യധീന [സം. -അധീന] വി. പൂർണമായും അധീനമായ,കീഴ്പ്പെട്ട.
അധ്യയനം [സം. -അയന] നാ. 1.(വേദ)പഠനം,വായന; 2.പ്രണവജപം.
അധ്യയനവിരുത്തി [സം. അധ്യയന-വൃത്തി] നാ. വേദാധ്യയനത്തിനു വേണ്ട ബ്രാഹ്മണന്മാർക്കുകൊടുക്കുന്ന കരമൊഴിവു വസ്തു.
അധ്യയം [സം.] നാ. = അധ്യയനം.
അധ്യർക്കം [സം. അധി-അർക] നാ. 1.ചുവന്ന പൂവുള്ള മന്താരം; 2.എരിക്ക്.
അധ്യർധധാരം [സം. അധ്യർധ-ധാര] നാ. ആയുർവേദക്കാരുടെ ഒരിനം ശസ്ത്രക്രിയോപകരണം.
അധ്യർധം [സം. -അർധ] വി. 1.ഒന്നര ഇരട്ടിയുള്ള; 2.പകുതികൂടി അധികം ഉള്ള. നാ. 1.വായു; 2.ഒന്നര.
അധ്യർധാംശുകം [സം. -അംശുക] നാ. ഊട് പാവ് ഇവയിൽ ഒന്ന് ഒറ്റ ഇഴയായും,മറ്റത് ഇരട്ട ഇഴയായും നെയ്ത പട്ട്.
അധ്യർബുദം [സം. അധി-അർബുദ] നാ. അർബുദം വന്നു പൊറുത്ത സ്ഥാനത്ത് വീണ്ടും വരുന്ന അർബുദം.
61
അധ്യവസാനം [സം. -അവസാന] നാ. 1.ശ്രമം,പ്രയത്നം; 2.നിശ്ചയം,തീരുമാനം.
അധ്യവസായം [സം. -അവസായ] നാ. 1.പ്രയത്നം, സ്ഥിരോത്സാഹം; 2.നിശ്ചയം,ധാരണ.
അധ്യവസായി [സം. -അവസായിൻ] നാ. പ്രയത്നശാലി.
അധ്യവസിക്കുക [<സം. അധി-അവ-സി] മനസ്സിലുറപ്പിക്കുക,ഗ്രഹിക്കുക.
അധ്യവസിത [സം. -അവസിത] വി. തീരുമാനപ്പെടുത്തിയ,നിശ്ചയിച്ച.
അധ്യശനം [സം. -അശന] നാ. കഴിച്ച ആഹാരം ദഹിക്കുമ്മുമ്പേ വീണ്ടും കഴിക്കൽ,അമിതഭക്ഷണം.
അധ്യസ്ഥി [സം. -അസ്ഥി] നാ. ഒരസ്ഥിക്കുമേൽ വളരുന്ന വേറൊരസ്ഥി.
അധ്യാകാശം [സം. -ആകാശ] അവ്യ. ആകാശത്തിൽ.

അധ്യാക്രാന്ത [സം. -ആക്രാന്ത] വി. ആക്രമിക്കപ്പെട്ട,സ്വാധീനമാക്കപ്പെട്ട.
അധ്യാത്മ [സം. -ആത്മ] വി. സ്വന്തമായ,തന്നെ സംബന്ധിച്ച; 2.ആത്മാവിനെ സംബന്ധിച്ച.
അധ്യാത്മജ്ഞാനം [സം. അധ്യാത്മ-ജ്ഞാന] നാ. ജീവാത്മാവ്,പരമാത്മാവ് ഇവയെക്കുറിച്ചും ഇവയുടെ പരസ്പരബന്ധത്തെക്കുറിച്ചും ഉള്ള അറിവ്.
അധ്യാത്മം [സം.] നാ. 1.പരമാത്മാവ്; 2.ജീവാത്മാവ്; 3.സൂക്ഷ്മശരീരം.
അധ്യാത്മരാമായണം [സം. -രാമായണ] നാ. രാമകഥ പ്രതിപാദിക്കുന്ന ഒരു സംസ്കൃതകൃതി..അധ്യാത്മരാമായണം കിളിപ്പാട്ട് = അധ്യാത്മരാമായണമെന്ന സംസ്കൃതകൃതിയെ ഉപജീവിച്ച് എഴുത്തച്ഛൻ മലയാളത്തിൽ കിളിപ്പാട്ട് വൃത്തത്തിൽ രചിച്ച കൃതി.
അധ്യാത്മവിദ്യ [സം. -വിദ്യാ] നാ. അധ്യാത്മജ്ഞാനം.
അധ്യാത്മിക [സം. അധി-ആത്മ] (അധ്യാത്മ എന്നതു കൂടുതൽ സമീചീനം) വി.. ആത്മാവിനെ സംബന്ധിച്ച.
അധ്യാപകൻ [സം. -ആപക] നാ. 1.അധ്യാപനം ചെയ്യുന്നവൻ,പഠിപ്പിക്കുന്നവൻ,(സ്ത്രീ.) അധ്യാപിക; 2.വേദം പഠിപ്പിക്കുന്നവൻ,ഓതിക്കോൻ.
അധ്യാപനം [സം. -ആപന] നാ. (വേദം) പഠിപ്പിക്കൽ,അധ്യയനം ചെയ്യിക്കൽ.
അധ്യാപയിതാവ് [സം. -ആപയിതൃ] നാ. അധ്യാപനം ചെയ്യുന്നവൻ, (സ്ത്രീ.) അധ്യാപയിത്രി..
അധ്യായ [സം. -ആയ] നാ. 1.ഗ്രന്ഥത്തിൻെറ വിഭാഗം; 2.പഠിത്തം,വായന.
അധ്യായി [സം. -ആയിൻ] നാ. അധ്യയനം ചെയ്യുന്നവൻ, (സ്ത്രീ.) അധ്യായിനി..

അധ്യാരൂഢ [സം. -ആരൂഢ] വി. കയറിയ.
അധ്യാരോപം [സം. -ആരോപ] നാ. 1.മറ്റൊന്നിൽ കയറ്റിവയ്ക്കൽ; 2.(വേദാ.) ഒന്നിന്മേൽ മറ്റൊന്നിൻെറ സ്വഭാവം ചുമത്തൽ,ഒന്നിനെ മറ്റൊന്നായി തെറ്റിദ്ധരിക്കൽ; 3.തെറ്റായി മനസ്സിലാക്കൽ.
അധ്യാരോപിത [സം. -ആരോപിത] വി. തെറ്റായി ആരോപിക്കപ്പെട്ട,ചുമത്തിയ.
അധ്യാരോഹണം [സം. -ആരോഹണ] നാ. കയറ്റം,മുകളിൽ കയറൽ.
അധ്യാവസിക്കുക [<സം. അധി-ആവസ്] ക്രി..കുടികൊള്ളുക,വസിക്കുക.
അധ്യാവാപം [സം. -ആവാപ] നാ. (വിത്തു) വിതയ്ക്കൽ,ചിതറൽ.
അധ്യാവാഹനികം [സം. -ആവാഹനിക] നാ. വധുവിനെ വരനോട് ഒത്ത് അയയ്ക്കുമ്പോൾ,പിതൃഗൃഹത്തിൽനിന്നു കൊടുക്കുന്ന ധനം.
അധ്യാസം [സം. -ആസ] നാ. 1. (മറ്റൊന്നിൻെറ മേൽ) സ്ഥിതി ചെയ്യുക; 2.അധ്യാരോപം,ഒന്നിനെ മറ്റൊന്നായി ധരിക്കൽ,മിഥ്യാജ്ഞാനം.
അധ്യാസനം [സം. -ആസന] നാ. 1.മുകളിൽ സ്ഥിതിചെയ്യൽ,അധ്യക്ഷം; 2.(വേറൊരാളിൻെറയോ വേറൊരു വസ്തുവിൻെറയോ) മുകളിൽ കയറി ഇരിക്കുക.
അധ്യാസീന [സം. -ആസീന] വി. മുകളിൽ സ്ഥിതിചെയ്യുന്ന.
അധ്യാഹരണം [സം. -ആഹരണ] നാ. = അധ്യാഹാരം.
അധ്യാഹരിക്കുക [<സം. -ആ-ഹൃ] ക്രി. (വ്യാക.) പ്രകൃതത്തിൽ ഇല്ലാത്തത് സന്ദർഭാനുസരണം കൂട്ടിച്ചേർക്കുക.

അധ്യാഹാരം [സം. -ആഹാര] നാ. അധ്യാഹരിക്കൽ,
(സന്ദർഭാനുസരണം)കൂട്ടിച്ചേർക്കൽ.
അധ്യുഷിത [സം. -ഉഷിത <വസ്] വി. പാർപ്പിടമാക്കിയ,വസിച്ച.
അധ്യുഷ്ട്രം [സം. -ഉഷ്ട്ര] നാ. ഒട്ടകങ്ങൾ വലിക്കുന്ന വണ്ടി..
അധ്യൂഢ [സം. -ഊഢ <വഹ്] വി. 1.ഉയർന്ന,ഉന്നതമായ,മുകളിൽ
സ്ഥിതിചെയ്യുന്ന; 2.സമൃദ്ധിയുള്ള.
അന്യൂഢൻ [സം.] നാ. 1.ശിവൻ; 2.സ്ത്രീ അവിവാഹിതയായിരിക്കുമ്പോൾ ജനിച്ച
മകൻ.
അധ്യൂഹിക്കുക [<സം. അധി-ഊഹ്] ക്രി. മുകളിൽ വയ്ക്കുക,മേൽ
നിരത്തുക,ഉയർത്തുക.
അധ്യേതാവ് [സം. -ഏതൃ] നാ. അധ്യയനം ചെയ്യുന്നവൻ,വിദ്യാർഥി, (സ്ത്രീ.)
അധ്യേത്രി.
അധ്യേഷണ [സം. -ഏഷണാ <ഇഷ്] നാ. അധികമായ ഏഷണ,ആചാര്യനോട്
വിദ്യാദാനത്തിനായി ചെയ്യുന്ന അഭ്യർഥന.
അധ്രുവ [സം. അ-ധ്രുവ] വി.
നിശ്ചയമില്ലാത്ത,സംശയമുള്ള,സ്ഥിരതയില്ലാത്ത,ഇളക്കമുള്ള,ശാശ്വതമല്ലാത്ത,ചഞ്ചലസ്വഭാവ
മുള്ള.
അധ്വഖിന്ന [സം. അധ്വ-ഖിന്ന] വി. വഴിനടന്നു ക്ഷീണിച്ച.
അധ്വഖേദം [സം. -ഖേദ] നാ. യാത്രാക്ഷീണം.
അധ്വഗ1 [സം. -ഗ <ഗമ്] വി. വഴിപോകുന്ന,യാത്രക്കാരനായ.
അധ്വഗ2 [സം. -ഗാ] നാ. ഗംഗാ നദി.
അധ്വഗൻ [സം. -ഗ] നാ. 1.വഴിപോക്കൻ; 2.സൂര്യൻ.
അധ്വഗഭോഗ്യം [സം. അധ്വഗ-ഭോഗ്യ] നാ. അമ്പഴം.
അധ്വഗമനം [സം. അധ്വ-ഗമന] നാ. വഴിയാത്ര.
അധ്വനിക [സം. അ-ധ്വനിക] വി. ശബ്ദിക്കാത്ത,ചെവി കേൾക്കാത്ത.
അധ്വനിവേശ [സം. അധ്വ-നിവേശ] നാ. വഴിത്താവളം.
അധ്വനീനൻ [സം. -നീന] നാ. വഴിപോക്കൻ.
അധ്വന്യൻ [<സം. അധ്വൻ] നാ. അധ്വനീനൻ.
അധ്വപതി [സം. അധ്വ-പതി] നാ. ആകാശമാർഗത്തിൻെറ അധിപനായ സൂര്യൻ.
അധ്വബാധം [സം. -ബാധ] നാ. 1.വഴിയടയ്ക്കൽ; 2.വഴിയിൽ വച്ചുള്ള ഉപദ്രവം.
അധ്വര [സം വി. 1.വളഞ്ഞതല്ലാത്ത; 2.ശ്രദ്ധയുള്ള; 3.ഈടു നിൽക്കുന്ന.

അധ്വരഥൻ [സം. അധ്വ-രഥ] നാ. വഴി അറിയാവുന്ന ദൂതൻ.
അധ്വരഥം [സം.] നാ. യാത്രയ്ക്കുള്ള രഥം.
അധ്വരൻ [സം.] നാ. അഷ്ടവസുക്കളിൽ ഒരാൾ.
അധ്വരം [സം. -അധ്വര] നാ. 1.യാഗം,വൈദികകർമം,സോമയാഗം.
അധ്വരവാൻ [സം. അധ്വര-വാൻ <വത്] നാ. യാഗം ചെയ്യുന്നവൻ.
അധ്വരി [സം. അധ്വരിൻ] നാ. യാഗം കഴിക്കുന്നവൻ.
അധ്വരുചി [സം. അധ്വ-രുചി] നാ. സഞ്ചാരപ്രിയനായ.

അധ്വരൈഷി [സം. അധ്വര-ഏഷിൻ] നാ. യാഗം ചെയ്യാൻ ആഗ്രഹിക്കുന്നവൻ,യജ്ഞകാമൻ.

അധ്വര്യൂ [സം. അധ്വര്യു] നാ. അധ്വരം സംവിധാനം ചെയ്യുന്ന പുരോഹിതൻ,(ഹോതാവ്,ഉദ്ഗാതാവ്,ബ്രഹ്മൻ ഇവരോടൊപ്പം യാഗകാര്യത്തിൽ പ്രാമുഖ്യം വഹിക്കുന്നവൻ.)

അധ്വര്യവേദം [സം. -വേദ] നാ. യജുർവേദം.

അധ്വവൃക്ഷം [സം. അധ്വ-വൃക്ഷ] നാ. വഴിയരികിലുള്ള മരം,ചോലവൃക്ഷം.

അധ്വശല്യം [സം. -ശല്യ] നാ. വലിയ കടലാടി.

അധ്വശ്രമം [സം. -ശ്രമ] നാ. യാത്രകൊണ്ടുണ്ടാകുന്ന തളർച്ച.

അധ്വസ്ത [സം. അ-ധ്വസ്ത] വി.ധ്വംസിക്കപ്പെടാത്ത,നശിപ്പിക്കപ്പെടാത്ത.

അധ്വാനം1 [സം. -ധ്വാന <ധ്വന്] നാ. ശബ്ദമില്ലായ്മ.

അധ്വാനം2 [സം. അധ്വാന <അധ്വൻ] നാ. പ്രയത്നം,കഷ്ടപ്പാട്,ബുദ്ധിമുട്ട്.

അധ്വാനിക്കുക ക്രി..പ്രയാസപ്പെട്ടു ജോലി ചെയ്യുക.

അധ്വാന്തം1 [അ-ധ്വാന്ത] നാ. ഇരുട്ടല്ലാത്തത്,ഇരുട്ടില്ലാത്തത്,അസ്തമയപ്രഭ.

അധ്വാന്തം2 [സം. അധ്വ-അന്ത] നാ. വഴിയുടെ അവസാനം.

അധ്വാവ് [സം. അധ്വൻ] നാ. 1.വഴി; 2.ഗ്രഹപഥം; 3.യാത്ര; 4.ദേവശാഖ,5.വായു,അന്തരീക്ഷം.

അൻ1 'അ' എന്ന നിർദേശകസർവനാമത്തോട് ലിങ്ഗവചനസൂചനയ്ക്കുള്ള അംശമായ 'ൻ' ചേർന്നത്.'അൻ' ദീർഘിച്ച് 'ആൻ'എന്നുരൂപം.ആഗമികമായി അൻ,ആൺ എന്നതിൻെറ രൂപഭേദം. 1. (വ്യാക.) പ്രഥമപുരുഷസർ വനാമപ്രത്യയം,(പുംലിങ്ഗം ഏകവചനം.) ഉദാ. അ+അൻ > അവൻ,ഇ+അൻ > ഇവൻ ഇത്യാദി; 2.പുംലിങ്ഗൈകവചനപ്രത്യയം,ഉദാ.മകൻ,കൊച്ചൻ;

3.സംസ്കൃതത്തിലെ അകാരാന്തപുംലിങ്ഗനാമങ്ങൾ മലയാളത്തിലേക്ക് സ്വീകരിക്കുമ്പോൾ ചേർക്കുന്ന പ്രത്യയം.ഉദാ. സം. രാമ >മ.രാമൻ,സം. ഗോപ > ഗോപൻ; 4.അതുള്ളവൻ,അതിലുള്ളവൻ ഇത്യാദ്യർഥങ്ങളിൽ ചേർക്കുന്ന തദ്വത്തദ്ധിതപ്രത്യയം. ഉദാ. മടിയുള്ളവൻ =മടിയൻ,കൂനുള്ളവൻ =കൂനൻ, കോട്ടാറിലുണ്ടായത് =കോട്ടാറൻ ഇത്യാദി; 5.ഇത്രാമത്തെ ആൾ (പുംലിങ്ഗം) എന്നു കാണിക്കുന്ന പുരണിതദ്ധിതപ്രത്യയം. ഉദാ. രണ്ടാം+അൻ >രണ്ടാമൻ; 6.നപുംസക ഏകവചനപ്രത്യയമായ 'അം' എന്നതിൻെറ സ്ഥാനത്തുവരുന്ന പ്രത്യയം. ഉദാ.തുരപ്പൻ; 7.ഉത്തമപുരുഷ സർവനാമപ്രത്യയമായ 'എൻ/ഏൻ' എന്നതിന് ക്രിയയോടു ചേരുമ്പോൾ ഉച്ചാരണത്തിൽ വരുന്ന ഭേദം. കാണുവേൻ >കാണുവൻ.

അൻ2 [സം.] സ്വരാദിയായ പദത്തിനുമുമ്പിൽ നിഷേധപ്രത്യയമായ 'അ' എന്നതിൻെറ രൂപം.ഉദാ. അ+ഏക=അൻ+ഏക > അനേക.

അൻപത് [അയ്-മ്-പത്] നാ. അഞ്ചുപത്തുകൂടിയത്,അമ്പത്.

അൻപൻ നാ. 1.അൻപുള്ളവൻ,സ്നേഹമുള്ളവൻ; 2.ഭക്തൻ; 3.ഭർത്താവ്.

അൻപ് നാ. 1.സ്നേഹം; 2.വാത്സല്യം; 3.സന്തോഷം; 4.ദയ; 5.ഭക്തി.

അൻപുക ക്രി. 1.അടുക്കുക; 2.സ്നേഹിക്കുക; 3.സന്തോഷിക്കുക.

അൻവർ [പേർ.] വി. പ്രകാശമാനമായ,താരത. നൂർ = പ്രകാശം.

അൻസാരി [അറ.] നാ. സഹായി,കൂട്ടുകാരൻ,അൻസാരികൾ = മുഹമ്മദ്നബിയെ മദീനയിൽ സ്വാഗതം ചെയ്തു സഹായിച്ചവർ.
അന (പ.മ.) (വ്യാക.) ക്രിയയോടു ചേർക്കുന്ന നപുംസകബഹുവചനപ്രത്യയം.
അനക [സം.] വി. അധമസ്ഥിതിയിലുള്ള.
അനകം [സം.] അവ്യ. എപ്പോഴും,ധാരാളം.
അനക്കം [<-അനങ്ങുക] നാ. കുലുക്കം,ഉലച്ചിൽ,മന്ദമായ ചലനം.
അനക്കുക1 [അനങ്ങുക >പ്രയോ.] ക്രി.. ചലിപ്പിക്കുക,ഉലയ്ക്കുക,ഇളക്കുക,സ്ഥാനഭേദം വരുത്തുക.
അനക്കുക2 [അനൽക്കുക] ക്രി.. ചൂടാകുക.
അനക്ഷ [സം. അന-അക്ഷ] വി. 1.കാഴ്ചയില്ലാത്ത,കണ്ണില്ലാത്ത; 2.അച്ചുതണ്ട്(അക്ഷം) ഇല്ലാത്ത.
അനക്ഷജ്ഞ [സം. -അക്ഷജ്ഞ] വി. ചൂതുകളിയറിഞ്ഞുകൂടാത്ത.
അനക്ഷര [സം. -അക്ഷര] വി. 1.പഠിപ്പില്ലാത്ത; 2.ഊമയായ,പറയരുതാത്ത.
അനക്ഷരകുക്ഷി [സം. അനക്ഷര-കുക്ഷി] നാ. അക്ഷരജ്ഞാനമില്ലാത്ത ആൾ.
അനക്ഷരം [സം.] നാ. പറയാൻ യോഗ്യമല്ലാത്ത വാക്ക്,അക്ഷരസ്ഫുടത ഇല്ലായ്മ,അക്ഷരപ്പിശക്,അക്ഷരലോപം.
അനക്ഷി [സം. -അക്ഷി] നാ. കാഴ്ചകുറഞ്ഞ കണ്ണ്.
അനഗാരൻ [സം. -അഗാര] നാ. സന്യാസി. (ഭവനരഹിതനായവൻ) (സ്ത്രീ.) അനഗാരിക.
അനഗാരിക1 [സം. -അഗാരിക] നാ. അനഗാരൻെറ അവസ്ഥ.
അനഗാരിക2 [സം. -അനഗാരികാ] നാ. സന്യാസിനി.
അനഗ്നിദഗ്ധ [സം. അനഗ്നി-ദഗ്ധ < ദഹ്] വി. ചിതയിൽ സംസ്കരിക്കപ്പെടാത്ത.
അനഗ്നിഹോത്രി [സം. -ഹോത്രിൻ] നാ. അഗ്നിഹോത്രം ചെയ്യാത്തവൻ.
അനഘ [സം. -അഘ]വി. പാപമില്ലാത്ത,സുന്ദരമായ.
അനഘൻ [സം.] നാ. 1.വിഷ്ണു; 2.ശിവൻ; 3.ഒരു ഗന്ധർവൻ.
അനങ്ങ് [അനങ്ങുക] ധാതുരൂപം.
അനങ്കിത [സം. അന്-അങ്കിത] വി. അടയാളപ്പെടുത്തിയിട്ടില്ലാത്ത.
അനന്തശീർഷൻ [സം. അന്-അങ്കുശ] വി. സ്വാതന്ത്ര്യമുള്ള,അടക്കിനിറുത്തുവാൻ നിവൃത്തിയില്ലാത്ത.
63
അനങ്ഗ,-അനംഗ [സം. -അങ്ഗ] വി. ശരീരമില്ലാത്ത,അവയവമില്ലാത്ത,ആകാരമില്ലാത്ത.
അനങ്ഗകം [സം. -അങ്ഗക] നാ. മനസ്സ്.
അനങ്ഗക്രീഡ [സം. അനങ്ഗ-ക്രീഡാ] നാ. 1.കാമക്രീഡ; 2.ഒരു വൃത്തം.
അനങ്ഗത്രയോദശി [സം. -ത്രയോദശീ] നാ. 1.അനങ്ഗൻ അനുഷ്ഠിച്ച വ്രതം; 2.ധനുമാസശുക്ലപക്ഷത്രയോദശമി..
അനങ്ഗൻ [സം. -അങ്ഗ] നാ. കാമദേവൻ (ശരീരമില്ലാത്തവൻ), ഇച്ഛയെ ഉളവാക്കുന്നവൻ.
അനങ്ഗം [സം.] നാ. 1.ആകാശം; 2.കാറ്റ്; 3.മനസ്സ്; 4.ഒരു താളം.
അനങ്ഗരങ്ഗം [സം.അനങ്ഗ-രങ്ഗ] നാ. 1.രതിക്രീഡയ്ക്കുള്ള ആസനങ്ങളെ വിവരിക്കുന്ന കാമശാസ്ത്രഗ്രന്ഥം; 2.ഉപസ്ഥം.
അനങ്ഗലേഖം [സം. -ലേഖ] നാ. കാമലേഖനം.

അനങ്ഗശത്രു [സം. -ശത്രു] നാ. അനങ്ഗാരി.
അനങ്ഗശാസനൻ [സം. -ശാസനൻ] നാ. ശിവൻ.
അനങ്ഗാഗമം [സം. -ആഗമ] നാ. കാമശാസ്ത്രം.
അനങ്ഗാർത്തി [സം. -ആർതി] നാ. കാമപീഡ.
അനങ്ഗാരി [സം. -അരി] നാ. ശിവൻ.

അനങ്ഗി [സം. അൻ-അംഗിൻ] നാ. 1.കാമദേവൻ; 2.ഈശ്വരൻ.
അനങ്ഗുലി [സം. -അങ്ഗുലി] വി. വിരലില്ലാത്ത.
അനങ്ങുക ക്രി. സ്ഥാനത്തുനിന്നു മാറുക,നീങ്ങുക,കുലുങ്ങുക,ഉലയുക,തുടിക്കുക.
അനച്ച [<അനൽക്കുക] നാ. അനൽപ്പ്,ചൂട്.
അനച്ഛ [സം. അന്-അച്ഛ] വി. തെളിവില്ലാത്ത,മലിനമായ,അഴുക്കടിഞ്ഞ.
അനജ്ഞന [സം. -അഞ്ജന] വി. 1.മഷിയില്ലാത്ത; 2.ചായം തേയ്ക്കാത്ത; 3.കളങ്കമില്ലാത്ത.
അനഞ്ജനൻ [സം.] നാ. വിഷ്ണു.
അനഞ്ജനം [സം. -അഞ്ന] നാ. 1.ആകാശം; 2.പരബ്രഹ്മം (ഒന്നിലും പറ്റാത്തതിനാൽ).
അനഡുഹി [സം. അനഡുഹീ] നാ.പശു (അനഡ്വാൻ എന്നതിൻെറ സ്ത്രീലിങ്ഗം).
അനഡ്വാൻ [സം. അനഡുഹ്] വണ്ടിവലിക്കുന്നത്, നാ. കാള.
അനഡ്വാഹി [സം. അനഡ്വാഹീ] നാ. അനഡുഹി.
അനണു [സം. അന്-അണു] വി. ചെറുതല്ലാത്ത,വലിയ,പരുപരുത്ത.
അനത [സം. അ-നത] വി. കുമ്പിടാത്ത,വളയാത്ത,നേരെയുള്ള,തലകുനിക്കാത്ത,ഔദ്ധത്യമുള്ള.
അനതി1 [സം. അ-നതി <നമ്] നാ. 1.അവിനയം,അഹങ്കാരം; 2.വളവില്ലായ്മ.
അനതി2 [സം. അന്-അതി] വി. അധികമല്ലാത്ത.
അനതിക്രമണീയ [സം. -അതിക്രമണീയ] വി. അതിക്രമിക്കാൻ പാടില്ലാത്ത.
അനതിക്രമം [സം. -അതിക്രമ] നാ. 1.മിതമായിരിക്കുന്ന അവസ്ഥ.; 2.ശാന്തത; 3.മര്യാദ,ഔചിത്യം.
അനതിപ്രീത [സം. -അതിപ്രീത] വി. അതിപ്രീതിയില്ലാത്ത.
അനതിരിക്ത [സം. -അതിരിക്ത] വി. അതിക്രമിക്കാത്ത,സീമ കടക്കാത്ത.
അനതിലങ്ഘ്യ [സം. -അതിലങ്ഘ്യ] വി. അതിലങ്ഘിക്കാൻ പാടില്ലാത്ത.
അനതിവിസ്തര [സം. -അതിവിസ്തര] വി. അധികം വിശദമല്ലാത്ത.
അനതിവിളംബിത [സ. -അതിവിളംബിത] വി. അധികം താമസമില്ലാത്ത,വാചാലമായ.
അനതിശയിത [സം. -അതിശയിത] വി. അതിശയിക്കപ്പെടാത്ത.
അനതീത [സം. -അതീത] വി. അതീതമല്ലാത്ത,കഴിഞ്ഞുപോയതല്ലാത്ത.
അനത്ത്1 [അനത്തുക] നാ. 1.ചൂടാക്കൽ; 2.പാകം ചെയ്യൽ; 3.അടി.
അനത്ത്2 (പ.മ.) [ത.അനൈത്തു] അവ്യ .അത്രയും,അത്രത്തോളം,എല്ലാം,മുഴുവൻ.
അനത്തുക [അനല്] ക്രി. 1.അൽപമായി ചൂടുപിടിപ്പിക്കുക,ചൂടാക്കുക,കാച്ചുക; 2.ഭക്ഷണം പാകം ചെയ്യുക; 3.പ്രഹരിക്കുക.
അനത്തുയിർ [അനത്ത്-ഉയിർ] നാ. സർവാത്മാവ്,പരമാത്മാവ്.
അനത്യയ [സം. അന്-അത്യയ] വി. അവസാനമില്ലാത്ത,നാശമില്ലാത്ത.

അനദ്യതന [സം. -അദ്യ-തന] വി. അദ്യതനമല്ലാത്ത,പ്രാചീനമായ.
അനധിക [സം. -അധിക] വി. അധികമല്ലാത്ത,തികഞ്ഞ,അതിശയിക്കാൻ കഴിയാത്ത.
അനധികാര [സം. -അധികാര] വി. അധികാരമില്ലാത്ത,അവകാശമില്ലാത്ത.
അനധികൃത [സം. -അധികൃത] വി. അധികൃതമല്ലാത്ത,അധികാരപ്പെടുത്തിയിട്ടില്ലാത്ത.
അനധിഗത [സം. -അധിഗത] വി. അധിഗതമല്ലാത്ത; 2.ലഭിക്കാത്ത; 3.പഠിക്കാത്ത; 4.സ്വാധീനപ്പെടുത്താത്ത.
അനധിരൂഢ [സം. -അധിരൂഢ] വി. അധിരോഹണം ചെയ്യാത്ത,കയറാത്ത.
അനധീന [സം. -അധീന] വി. കീഴടങ്ങാത്ത.
അനധീനകൻ [സം. -അധീനക] നാ.തന്നിഷ്ടപ്രകാരം ആർക്കും അടിമപ്പെടാതെ പണിചെയ്യുന്നവൻ.
അനധ്യക്ഷ [സം. -അധ്യക്ഷ] വി. 1.അധ്യക്ഷനില്ലാത്ത,മേലധികാരിയില്ലാത്ത; 2.പ്രത്യക്ഷമല്ലാത്ത.
അനധ്യയന [സം. -അധ്യയന] വി. വായിക്കാത്ത,പഠിത്തമില്ലാത്ത.

അനധ്യായദിനം [സം. -അധ്യായ-ദിന] നാ. ഒഴിവുദിവസം.
അനധ്യായം [സം. -അധ്യായ] നാ. അധ്യയനത്തിനു മുടക്കം.
അനൻ1 [അൻ-അൻ] (വ്യാക.) ക്രിയയോട് 'അൻ' എന്ന പുരുഷപ്രത്യയം ചേർക്കുമ്പോൾ 'അൻ' ഇടനിലചേർന്നുള്ള രൂപം.സ്ത്രീ.'അനൾ',ബ.വ. 'അനർ'. കണ്ടു എന്ന ക്രിയയോട് ഈപ്രത്യയങ്ങൾ ചേരുമ്പോൾ യഥാക്രമം,കണ്ടനൻ,കണ്ടനൾ,കണ്ടനർ എന്നുരൂപങ്ങൾ.
അനൻ2 [സം. അന] ഗത്യർഥകമായ അനശബ്ദത്തോടു പ്ര,അപ,വ്യാ (വി-ആ)ഉദാ(ഉദ്-ആ) സമാ [സമ്-ആ] എന്നീ ഉപസർഗങ്ങൾ ചേർന്ന് യഥാക്രമം പ്രാണൻ അപാനൻ വ്യാനൻ സമാനൻ എന്നീ പദങ്ങളുണ്ടാകുന്നു. നാ. 1.ശ്വാസം; 2.പ്രാണൻ,ജീവൻ.
അനനം [<സം. അന] നാ. ശ്വസനം.
അനനുഭാവുക [സം. അന്-അനുഭാവക] വി. 1.മനസ്സിലാക്കുവാൻ വിഷമമായ; 2.അനുഭവം ജനിപ്പിക്കാത്ത.
അനന്ത1 [സം. -അന്ത] വി. 1.അവസാനമില്ലാത്ത,നിത്യമായ; 2.അതിരറ്റ,സീമയില്ലാത്ത.
അനന്ത2 [സം. -അന്താ] നാ. 1.ഭൂമി; 2.ഒന്ന് എന്ന സംഖ്യ; 3.പാർവതി; 4.ചെങ്കൊടിത്തൂവ; 5.നറുനീണ്ടി; 6.കുപ്പമഞ്ഞൾ; 7.വെൺകറുക,കരിങ്കറുക; 8.കടുക്കാ; 9.മുത്തങ്ങ; 10.നെല്ലി; 11.ചിറ്റമൃത്;12.തിപ്പല്ലി; 13.ത്രികോൽപ്പക്കൊന്ന; 14.വെറ്റിലക്കൊടി; 15.മേത്തോന്നി; 16.ചെറുചീര; 17.മുൾക്കുറിഞ്ഞി,ചേമുള്ളി,വജ്രദന്തി.
അനന്തകരൻ [സം. അനന്ത-കര] നാ. അതിരറ്റു വലുതാക്കുന്നവൻ.
അനന്തകാലചക്രം [സം. -കാലചക്ര] നാ. അസങ്ഖ്യം കാലചക്രങ്ങൾ കൂടിയ ഒരു കാലപരിമാണം.
അനന്തകാലം [സം. -കാല] നാ. അവസാനമില്ലാത്ത കാലം.
അനന്തകൃഷ്ണൻ [സം.-കൃഷ്ണ] നാ. അനന്തശായിയായ കൃഷ്ണൻ.
അനന്തഗ [സം. -ഗ <ഗമ്] വി. നിരന്തരം സഞ്ചരിച്ചുകൊണ്ടിരിക്കുന്ന.

അനന്തഗുണ [സം. -ഗുണ] വി. എണ്ണമറ്റ ഗുണങ്ങളോടു കൂടിയ.
അനന്തചതുർദശി [സം. -ചതുർദശീ] നാ. ഭാദ്രപദമാസത്തിലെ ശുക്ലപക്ഷചതുർദശി.
അനന്തജിത്ത് [സം. -ജിത്] നാ. വിഷ്ണു,സർവവും ജയിക്കുന്നവൻ.
അനന്തത [സം.-താ] നാ. അനന്തത്വം,നിത്യത.
അനന്തതലം [സം. -തല നാ. ആകാശം.
അനന്തതാന [സം. -താന] വി. അളവറ്റ വിസ്താരമുള്ള.
അനന്തതാസ്പർശകം [സം. അനന്തതാ-സ്പർശക] നാ. അനന്തമായി നീണ്ടുപോകുന്ന വക്രരേഖയെ സ്പർശിച്ചു വരയ്ക്കുന്ന നേർവര.
അനന്തതീർഥകൃത്ത് [സം. അനന്ത-തീർഥകൃത്] നാ. പതിനെട്ടാമത്തെ ജൈനതീർഥങ്കരനായ അനന്തനാഥൻ.
അനന്തതൃതീയ [സം. -തൃതീയാ] നാ. ഭാദ്രപദം,മാർഗശീർഷം,വൈശാഖം ഈമാസങ്ങളിലെ ശുക്ലപക്ഷതൃതീയ.(വിഷ്ണുഭജനത്തിനു മുഖ്യം.)
അനന്തദൃഷ്ടി [സം. -ദൃഷ്ടി] നാ. 1.ശിവൻ; 2.ഇന്ദ്രൻ.
അനന്തദേവൻ [സം. -ദേവ] നാ. 1.ആദിശേഷൻ; 2.വിഷ്ണു.(അനന്തനിൽ ശയിക്കുന്നവൻ.)
അനന്ത-ദ്വാദശി [സം. -ദ്വാദശീ] നാ. ഭാദ്രപദം,മാർഗശീർഷം,വൈശാഖം ഇതിലേതെങ്കിലും മാസത്തിലെ ദ്വാദശി.
അനന്തൻ [സം. അന്-അന്ത] നാ. 'അന്-അന്ത] നാ. 'അന്തം ഇല്ലാത്തവൻ,' നാ. 1.ആദിശേഷൻ; 2.വിഷ്ണു; 3.ശിവൻ; 4.വാസുകി; 5.ബലരാമൻ.
അനന്തപുരം [സം. അനന്ത-പുര] നാ. തിരുവനന്തപുരം.

അനന്തം [സം.] 1.ആകാശം; 2.അഭ്രം; 3.സ്വർണം; 4.പരബ്രഹ്മം; 5.മോക്ഷം; 6.വെൺകൊടിത്തൂവ; 7.നൊച്ചി,സിന്ദുവാരം; 8.(ജ്യോ.) തിരുവോണം; 9.അനന്തചതുർദശിദിവസം കൈയിൽ കെട്ടുന്ന നൂൽ; 10. ആ എന്ന അക്ഷരം; 11.ആവർത്തകദശാംശസംഖ്യ (ഉദാ. 1/3 = .3333....)
അനന്തമുടി നാ. ഒരുതരം കർണാഭരണം.
അനന്തമൂലം [സം. അനന്ത-മൂല] വി. വളരെനീണ്ട വേരുള്ളത്,നറുനീണ്ടി..
അനന്തർഭാവിത [സം. അന്-അന്തർഭാവിത] വി. ഉൾപ്പെടുത്താത്ത.
അനന്തര [സം. -അന്തര] വി. 1.അന്തരമില്ലാത്ത,ഇടയില്ലാത്ത,വിടവില്ലാത്ത; 2.ഇടതടവില്ലാത്ത,നിറുത്തില്ലാത്ത,തുടർച്ചയായ; 3.തൊട്ടടുത്തു പിമ്പേവരുന്ന.
അനന്തരഗാമി [സം. അനന്തര-ഗാമിൻ] നാ. പിന്നാലേ വരുന്നവൻ,അവകാശി.
അനന്തരജൻ [സം. -ജ] അനന്തരജാതി പുരുഷനിൽനിന്ന് ജനിച്ചവൻ. നാ. 1.ഉപരിജാതി ഭർത്താവിൽനിന്ന് ക്ഷത്രിയസ്ത്രീക്കോ,വൈശ്യസ്ത്രീക്കോ ജനിച്ചവൻ; 2.തൊട്ടടുത്ത (നേരെ ഇളയതോ മൂത്തതോ ആയ) സഹോദരൻ.
അനന്തരൻ [സം.] നാ. 1.അനന്തരവൻ,പിൻവാഴ്ചക്കാരൻ,അനന്തരാവകാശി; 2.അയൽരാജ്യത്തുള്ള ശത്രു.
അനന്തരപ്പാട് [സം. അനന്തര - മ. പാട്] നാ. പാരമ്പര്യാവകാശം,ദായം.

അനന്തരവൻ –ന്തിരവൻ [സം.] നാ. 1.ഭാഗിനേയൻ,ശേഷക്കാരൻ (മരുമക്കത്തായ സമ്പ്രാദായമനുസരിച്ച്),(സ്ത്രീ.)അനന്തരവൾ,അനന്തരത്തി; 2.പിൻവാഴ്ചക്കാരൻ, പിൻഗാമി; 3.മുതലിന് അവകാശമുള്ളവൻ; 4.അനന്തരം ജനിച്ചവൻ,അനുജൻ.അനന്തരവൻനടുക്കാണം = വസ്തു സംബന്ധമായ ഇടപാടുകളിൽ സമ്മതം കിട്ടുന്നതിനായി അവകാശിക്കു കൊടുക്കുന്ന പണം.

അനന്തരവാദം [സം. അനന്തര–വാദ] നാ. പ്രതിവാദിയുടെ പക്ഷം,ഉത്തരവാദം.

അനന്തരസ്ഥാനം [സം. –സ്ഥാന] നാ. പിൻവാഴ്ച.

അനന്തരാപുത്രൻ [സം. അനന്തരാ–പുത്ര] നാ. അടുത്ത താണജാതി സ്ത്രീയിൽ ജനിച്ച പുത്രൻ.

അനന്തരായൻ, –രാമൻ [സം.] നാ. പണ്ടത്തെ ഒരു സ്വർണനാണ്യം,അനന്തരായൻപണം.

അനന്തരാശി [സം. അനന്ത–രാശി] നാ. അവസാനമില്ലാത്ത അളവ്.

അനന്തരീയൻ [സം. അന്–അന്തരീയ] നാ. മുറയ്ക്കു പിന്നീടുള്ളവൻ,അടുത്ത വാഴ്ച്ചക്കാരൻ.

അനന്തരൂപൻ [സം. അനന്ത–രൂപ] നാ. അനന്തവൈവിധ്യമുള്ള രൂപങ്ങളോടു കൂടിയവൻ,വിഷ്ണു.

അനന്തവരാഹൻ [സം. –വരാഹ] നാ. തിരുവിതാങ്കൂറിൽ പതിനെട്ടാം ശതകത്തിൽ പ്രചാരത്തിലിരുന്നതും വരാഹത്തിൻെറ രൂപം കൊത്തിയിരുന്നതുമായ ഒരു സ്വർണനാണയം.

അനന്തവിജയം [സം. –വിജയ] നാ. ധർമപുത്രരുടെ ശങ്ഖിൻെറ പേര്.

അനന്തശക്തി [സം. –ശക്തി] നാ. അവസാനമില്ലാത്ത പ്രഭാവം,പരബ്രഹ്മം.

അനന്തശയനം [സം. –ശയന] നാ. തിരുവനന്തപുരം. അനന്തശയനനായ വിഷ്ണുവിൻെറ ക്ഷേത്രം ഉള്ളിടം.

അനന്തശയനൻ,–ശായി [സം. –ശയന, –ശായിൻ] നാ. അനന്തൻെറമേൽ പള്ളികൊള്ളുന്നവൻ,വിഷ്ണു.

അനന്തശീർഷൻ [സം. –ശീർഷ] നാ. 1.വിഷ്ണു; 2.പരബ്രഹ്മം.

65

അനന്തശ്രീ [സം. –ശ്രീ] നാ. 1.അനന്തമായ ഐശ്വര്യം; 2.പരബ്രഹ്മം.

അനന്താത്മാവ് [സം. –ആത്മൻ] നാ. പരബ്രഹ്മം.

അനന്താപുരം നാ. = തിരുവനന്തപുരം.

അനന്താഭാർഗവീകാന്തൻ = വിഷ്ണു. (ഭൂമിയുടേയും ലക്ഷ്മീദേവിയുടെയും ഭർത്താവ്).

അനന്താലയം [സം. അനന്ത–ആലയ] നാ. = അനന്തപുരം.

അനന്താസന [സം. –ആസന] നാ. അനന്തശായി.

അനന്താസനം [സം.] നാ. ബിംബപ്രതിഷ്ഠയ്ക്കുള്ള ഒരുതരം പീഠം.

അനന്തിരപ്പറ്റ്,–പാട്ടം നാ. പഴയ ഒരുതരം ഭൂവുടമ.

അനന്തിരവൻ = അനന്തരവൻ.

അനന്ത്യ [സം. അന്–അന്ത്യ] വി. അന്തത്തിലുള്ളതല്ലാത്ത.

അനന്ദ [സം. അ–നന്ദ] വി. സന്തോഷമില്ലാത്ത. നാ. ഒരു നരകം.

അനന്നാസ് [പോർ.] നാ. പൃത്തിച്ചക്ക.

അനന്യ [സം. അന്-അന്യ] വി. അന്യമല്ലാത്ത,മറ്റൊന്നല്ലാത്ത; 2.തുല്യമായി രണ്ടാമതൊന്നില്ലാത്ത; 3.ഒന്നിലധികമില്ലാത്ത,എതിരറ്റ; 4.അന്യബന്ധമില്ലാത്ത; 5.ശത്രുതയില്ലാത്ത,എതിരില്ലാത്ത.

അനന്യഗതി [സം. അനന്യ-ഗതി] വി. മറ്റുഗതിയില്ലാത്ത.

അനന്യചിത്ത [സം.] (അനന്യ-ചേതസ്സ്,-മനസ്സ്,-മാനസ,-ഹൃദയ,-ഹൃത്ത് എന്നും പ്രയോഗങ്ങൾ) വി. ഒരേ വിഷയത്തില്ത്തന്നെ ഉറപ്പിച്ച മനസ്സോടുകൂടിയവൻ.

അനന്യജൻ,-ജന്മാവ് [സം. അനന്യ-ജ, -ജന്മൻ] നാ. കാമദേവൻ.

അനന്യജാനി [സം. -ജാനി] നാ. അന്യജായ (മറ്റുഭാര്യ)ഇല്ലാത്തവൻ.

അനന്യത [സം. -താ] നാ. മറ്റൊന്ന് അല്ലെന്നോ ഇല്ലെന്നോ ഉള്ള അവസ്ഥ,ഏകത,അഭിന്നത.

അനന്യതന്ത്ര [സം. -തന്ത്ര] വി. മറ്റൊരാളിൻെറ പ്രേരണയ്ക്കു വശംവദമല്ലാത്ത.

അനന്യത്വം [സം. -ത്വം] നാ. അനന്യത.

അനന്യദൃഷ്ടി [സം. -ദൃഷ്ടി] നാ. മറ്റൊരുസ്ഥലത്തും നോക്കാത്ത,ഒരിടത്തുതന്നെ ദൃഷ്ടിയുറപ്പിച്ച,ഒന്നിൽ തന്നെ ഉറ്റുനോക്കുന്ന.

അനന്യദേവൻ [സം. -ദേവ] നാ. 1.പരമാത്മാവ്; 2.മറ്റൊരുദേവനിൽ വിശ്വസിക്കാത്തവൻ.

അനന്യപര [സം. -പര] വി. മറ്റൊന്നിലും താത്പര്യമില്ലാത്ത.

അനന്യപൂർവ [സം.] നാ. മുമ്പ് മറ്റൊരാൾ വിവാഹം ചെയ്തിട്ടില്ലാത്ത,കന്യകയായ.

അനന്യപൂർവൻ [സം. -പൂർവ] നാ. മറ്റൊരു ഭാര്യയില്ലാത്തവൻ,ഏകഭാര്യൻ.

അനന്യഭാക് [സം. -ഭാജ്] വി. വേറൊരാളിനെയോ വേറൊന്നിനെയോ സേവിക്കാത്ത.

അനന്യമനസ്സ് [സം. -മനസ്] വി. മറ്റുകാര്യങ്ങളിൽ ശ്രദ്ധിക്കാത്ത,ഏകാഗ്രചിത്തമായ.

അനന്യരാഗ [സം. -രാഗ] വി. മറ്റൊരാളിലോ മറ്റൊന്നിലോ സ്നേഹമില്ലാത്ത.

അനന്യവിഷയ [സം. -വിഷയ] വി. മറ്റൊരു വിഷയത്തെ സംബന്ധിക്കാത്ത.

അനന്യവൃത്തി [സം. -വൃത്തി] വി. ഒന്നില്ത്തന്നെ മനസ്സു വച്ച,ഏകതാനമായ; 2.ജീവിക്കാൻ മറ്റുമാർഗം ഇല്ലാത്ത; 3.അന്യവൃത്തിയല്ലാത്ത,അതേസ്വഭാവമുള്ള.

അനന്യശരണ [സം. -ശരണ] വി. മറ്റൊരു ശരണമില്ലാത്ത,ആരും താങ്ങില്ലാത്ത.

അനന്യസാധാരണ [സം. -സാധാരണ] വി. അന്യസാധാരണമല്ലാത്ത,അസാധാരണമായ.

അനന്യഹൃത്ത് [സം. അന്-അന്യഹൃത്ത്] വി. വേറെ ചിന്തയില്ലാത്ത.

അനന്യഹൃദയ [സം. -അന്യഹൃദയ] വി. അനന്യഹൃത്ത്.

അനന്യദൃശ [സം. -അന്യദൃശ] വി. മറ്റൊന്നിനെപ്പോലെയല്ലാത്ത.

അനന്യധീന [സം. -അന്യാധീന] വി. വേറൊന്നിനോ വേറൊരാൾക്കോ വിധേയമല്ലാത്ത,സ്വതന്ത്രമായ.

അനന്യാപേക്ഷ [സം. -അന്യാപേക്ഷ] വി. അന്യാപേക്ഷയില്ലാത്ത,പരമമായ.

അനന്യാശ്രിത [സം. -അന്യ-ആശ്രിത <ആ-ശ്രി] വി. അനന്യാധീന.

അനന്വയം [സം. -അന്വയ] നാ. 1.അന്വയമില്ലാത്തത്; 2.ഒരു അർഥാലങ്കാരം.

അനന്വിത [സം. -അന്വിത] വി. 1.അന്യോന്യബന്ധമില്ലാത്ത,ചേർച്ചയില്ലാത്ത; 2.ക്രമമില്ലാത്ത; 3.കൂടെയില്ലാത്ത.

അനപകരണം [സം. -അപകരണ] നാ. 1.അപ്രകാരം ചെയ്യാതിരിക്കൽ,ഉപദ്രവിക്കാതിരിക്കൽ; 2.കൊടുക്കാതിരിക്കൽ, 3.(നിയ.) കരം മുതലായവ കൊടുക്കാതിരിക്കൽ.

അനപകാരം [സം.] നാ. 1.ഉപദ്രവമില്ലായ്മ; 2.പ്രതിക്രിയ ചെയ്യാതിരിക്കൽ.
അനപകാരി [സം. -അപകാരിൻ] നാ. അപകാരം ചെയ്യാത്തവൻ,ഉപദ്രവിക്കാത്തവൻ.
അനപക്രിയ [സം. -അപക്രിയാ] നാ. അനപകരണം.
അനപഗ [സം. -അപഗ] വി. അപഗമിക്കാത്ത,പിരിഞ്ഞുപോകാത്ത.
അനപചയ [സം. -അപചയ ,അപ-ചി] വി. കുറവില്ലാത്ത,ഊനതയില്ലാത്ത.
അനപത്യ [സം.] വി. 1.സന്തതിയില്ലാത്ത; 2.സന്താനങ്ങൾ അനുകൂലമല്ലാത്ത.
അനപത്യത [സം. -അപത്യ-താ] നാ. സന്തതിയില്ലായ്മ,വന്ധ്യത.
അനപത്രപ [സം. -അപ-ത്രപ] വി. ലജ്ജയില്ലാത്ത,നാണം കെട്ട.
അനപഭ്രംശം [സം. -അപ-ഭ്രംശ] നാ. തെറ്റില്ലാത്തത്,സമുചിതമായ വാക്ക്,വ്യാകരണശുദ്ധിയുള്ള പദം.
അനപര [സം. -അപര] വി. രണ്ടാമനില്ലാത്ത,മറ്റൊന്നല്ലാത്ത.
അനപരാധി [സം. -അപരാധിൻ] നാ. 1.അപരാധിയല്ലാത്തവൻ,ഉപദ്രവം ചെയ്യാത്തവൻ.
അനപലപനീയ [സം. -അപലപനീയ] വി. കുറ്റം പറയാൻ പാടില്ലാത്ത,നിന്ദിച്ചുകൂടാത്ത.
അനപരാധൻ,-ധി [സം. -അപരാധ,-ധിൻ] വി. അപരാധം ചെയ്യാത്തവൻ,നിരപരാധി.
അനപലപനീയ [സം. -അപലപനീയ] വി. ആക്ഷേപിക്കാൻ പാടില്ലാത്ത,നിന്ദിച്ചുകൂടാത്ത.
അനപസര [സം. -അപസര <അപ-സൃ] വി. 1.അപസരിക്കാൻ പാടില്ലാത്ത,പുറമെ പോകാനാകാത്ത; 2.രക്ഷാമാർഗമില്ലാത്ത.
അനപസാര [സം. -അപസാര] വി. കൈയടക്കിവയ്ക്കുന്ന.
അനപസാരൻ [സം.] നാ. ബലം പ്രയോഗിച്ച് കൈക്കലാക്കുന്നവൻ.
അനപാകർമം,-കരണം [സം. -അപാകർമൻ,-കരണ] നാ. (കരം മുതലായവ)കൊടുക്കാതിരിക്കൽ.
അനപായ [സം. -അപായ < അപ-ഇ] വി. അപായമില്ലാത്ത,കുഴപ്പമില്ലാത്ത.
അനപായൻ [സം.] നാ. ശിവൻ.
അനപായം1 [സം. -അപായ] നാ. 1.അപായമില്ലായ്മ,നാശമില്ലായ്മ; 2.പ്രകൃതിച്ഛന്ദസ്സിൽപെട്ട ഒരു വൃത്തം.
അനപായം2 [സം. -അപായം] അവ്യ. ആപത്തില്ലാതെ,നാശമൊഴിഞ്ഞ്.
അനപായി [സം. -അപായിൻ] വി. നാശമില്ലാത്ത,ഈടു നിൽക്കുന്ന. നാ.നാശമില്ലാത്തവൻ.
അനപേക്ഷ [സം. -അപേക്ഷ] വി. 1.താത്പര്യമില്ലാത്ത,പക്ഷപാതമില്ലാത്ത; 2.സ്വതന്ത്രമായ; 3.അപ്രസക്തമായ,ചേർച്ചയില്ലാത്ത.
അനപേക്ഷൻ [സം.] നാ. അനാസക്തൻ,യോഗി.
അനപേക്ഷം [സം.] നാ. അനാസ്ഥ,ഉപേക്ഷ. അവ്യ. 1.കണക്കിലെടുക്കാതെ,ബന്ധമില്ലാതെ; 2.ഉദാസീനമായി; 3.സ്വതന്ത്രമായി.
അനപേത [സം. -അപേത <അപ-ഇത] വി. 1.പോകാത്ത; 2.വിട്ടുകളയാത്ത,മാറ്റം വരുത്താത്ത; 3.ചേർന്ന; 4.വ്യതിചലിക്കാത്ത.
അനപേതകാല [സം. -അപേതകാല] വി. കാലം പാഴാക്കാത്ത.
അനപേതാർഥ [സം. -അപേതാർഥ] വി. ധനം നശിക്കാത്ത.
അനപ്പ് [അനല്] നാ. 1.അനൽച്ച; 2.അനത്ത്,ഭക്ഷണം പാകം ചെയ്യൽ; 3.അനത്തിയത്,ഭക്ഷണം.

അനഘാ,അനഭാ [സം.] നാ. (ജ്യോ.) ചന്ദ്രൻെറ പന്ത്രണ്ടിൽ സൂര്യൻ ഒഴികെയുള്ള ഗ്രഹങ്ങൾ നിൽക്കുന്നതുമൂലമുണ്ടാകുന്ന ഗ്രഹയോഗം.
അനഭിഗ്രാഹ്യ [സം. അന്-അഭിഗ്രാഹ്യ] വി. പിടിച്ചെടുക്കാൻ കഴിയാത്ത,ആക്ഷേപിക്കാൻ കഴിയാത്ത.
അനഭിജ്ഞ [സം. -അഭിജ്ഞ] വി. നല്ല അറിവില്ലാത്ത,പരിചയിക്കാത്ത.
അനഭിധ്യ [സം. -അഭിധ്യാ <അഭി-ധൈ] വി. താത്പര്യമില്ലാത്ത,ആഗ്രഹിക്കാത്ത,
അനഭിധ്യേയ [സം. -അഭിധ്യേയ] വി. ചിന്തിക്കാൻ പറ്റാത്ത,ഗണിക്കാത്ത.
അനഭിപ്രേത [സം. -അഭിപ്രേത <-പ്ര-ഇത] വി. ഇഷ്ടമല്ലാത്ത,പ്രതീക്ഷിക്കാത്ത.

അനഭിമ്ലാന [സം. -അഭിമ്ലാന] വി. വാടാത്ത.
അനഭിയോഗം [സം. -അഭി-യോഗ] നാ. 1.പരിശ്രമിക്കാതിരിക്കൽ,അലസത; 2.(നിയ.) വ്യവഹാരത്തിൽനിന്ന് വിട്ടുനിൽക്കൽ.
അനഭിലക്ഷിത [സം. -അഭിലക്ഷിത] വി.തിരിച്ചറിയാൻ കഴിയാത്ത,കപടവേഷം ധരിച്ച.
അനഭിലഷണീയ [സം. -അഭിലഷണീയ] വി. ആഗ്രഹിക്കത്തക്കതല്ലാത്ത.
അനഭിലഷിത [സം. -അഭിലഷിത] വി. ആഗ്രഹിക്കാത്ത.
അനഭിലാഷം [സം. -അഭിലാഷ] നാ.ആഗ്രഹമില്ലായ്മ.
അനഭിലിഖിത [സം. -അഭിലിഖിത] വി. എഴുതപ്പെടാത്ത,ലിഖിതമായ രേഖകളില്ലാത്ത.
അനഭിവൃദ്ധ [സം. -അഭിവൃദ്ധ] വി. അഭിവൃദ്ധി പ്രാപിക്കാത്ത.
അനഭിസന്ധാനം [സം. -അഭിസന്ധാന] നാ. സാക്ഷ്യമില്ലായ്മ,താത്പര്യമില്ലായ്മ.
അനഭിഹിത [സം. -അഭി-ഹിത <ധാ] വി. 1.പറയാത്ത,പേരില്ലാത്ത; 2.കൂട്ടിയോജിപ്പിക്കാത്ത.
അനഭ്യാവൃത്തി [സം. -അഭ്യാവൃത്തി] നാ. ആവൃത്തി ഇല്ലായ്മ.
അനഭ്യാശ [സം.-അഭ്യാശ] വി. അടുത്തല്ലാത്ത,ദൂരെയുള്ള.
അനഭ്ര [സം. -അഭ്ര] വി. മേഖമില്ലാത്ത.
അനംബരൻ [സം. -അംബര] നാ. വസ്ത്രം ധരിക്കാത്തവൻ,ജൈനഭിക്ഷു.
അനംശ [സം. -അംശ] വി. പങ്കിന് അവകാശമില്ലാത്ത; 2.വിഭജിക്കാത്ത.
അനമൻ [സം.] നാ. ബ്രാഹ്മണൻ.
അനമിതംപചൻ [സം. അന്-അമിതംപച] വി. അമിതമായി പാകം ചെയ്യാത്തവൻ,പിശുക്കൻ.
അനമിത്ര [സം. -അമിത്ര] വി. ശത്രുവില്ലാത്ത,ശത്രുവല്ലാത്ത.
അനമ്യ [സം. അ-നമ്യ <നമ്] വി. നമിക്കാത്ത,കുനിയാത്ത,വളയാത്ത.
അനമ്ര [സം. -നമ്ര] വി. വണങ്ങാത്ത,ഔദ്ധ്യത്തമുള്ള.
അനയ1 [സം. -നയ <നീ] വി. നീതികെട്ട,ന്യായമില്ലാത്ത.
അനയ2 [സം. അന്-അയ<ഇ] നാ. ആപത്ത്,ഭാഗ്യദോഷം.
അനയം [സം. അ-നയ] നാ. 1.നീതികേട്,അന്യായം; 2.ദുർന്നയം; 3.ദുർഭരണം,ചീത്തനടത്ത; 4.ചൂതാട്ടം.
അനർഗള [സം. അണ്-അർഗല] വി. തടസ്സം കൂടാത്ത,സാക്ഷയിടാത്ത.
അനർഗളം [സം.] അവ്യ .തടസ്സം കൂടാതെ.
അനർഘ [സം. അന്-അർഘ] വി. വിലമതിക്കാനാവാത്ത.
അനർഘം [സം.] നാ. അനുചിതമായ മൂല്യം.

അനർഘ്യ [സം. അന്-അർഘ്യ] വി..വില നിർണയിക്കാൻ കഴിയാത്തത്.
അനർഥ [സം. -അർഥ] വി. 1.സമ്പത്തില്ലാത്ത; 2.അർഥമില്ലാത്ത; 3.പ്രയോജനമില്ലാത്ത; 4.ആപത്തുള്ള,ദോഷകരമായ; 5.ദൗർഭാഗ്യമുള്ള,അസന്തുഷ്ടമായ.
അനർഥകര [സം. അനർഥ-കര] നാ. ഉപദ്രവമുണ്ടാക്കുന്ന,ആപത്തു വരുത്തുന്ന.
അനർഥകാരി [സം. -കാരിൻ] നാ. അനർഥമുണ്ടാക്കുന്നവൻ,പ്രയോജനം ഇല്ലാത്തത് ചെയ്യുന്നവൻ, (സ്ത്രീ.) അനർഥകാരിണി.
അനർഥൻ [സം. അന്-അർഥ] നാ. ആഗ്രഹങ്ങളില്ലാത്തവൻ,വിഷ്ണു.
അനർഥനാശി [സം. അനർഥ-നാശിൻ] നാ. ആപത്തുകൾ ഇല്ലാതാക്കുന്നവൻ,ശിവൻ.
അനർഥം [സം. അന്-അർഥ] നാ. 1.ദോഷം,വിപത്ത്,നാശം,ആപത്ത്; 2.ഉപദ്രവം,ശല്യം,കുഴപ്പം; 3.അർഥമില്ലായ്മ; 4.തെറ്റായ വഴിയിൽ നേടിയ അർഥം (ധനം).
അനർഥ്യ [സം. -അർഥ്യ] വി. അർഥിക്കുവാൻ കൊള്ളാത്ത,യാചിക്കത്തക്കതല്ലാത്ത.
അനർഹ [സം. -അർഹ] വി. അർഹതയില്ലാത്ത; 2.ചേർച്ചയില്ലാത്ത.
67
അനരുക [അനര്] ക്രി. =അനലുക.

അനൽ1 [സം. അനല? സംസ്കൃതരൂപം ദ്രാവിഡരൂപത്തിൽ നിന്ന് ഉണ്ടായി എന്ന് പണ്ഡിതമതം.] നാ. തീയ്.
അനൽ2 [സം. അനലുക] ധാതുരൂപം.
അനൽക്കുക,അനക്കുക [അനല്] ക്രി. അനപ്പ് അനുഭവമാകുക.അനച്ചവെള്ളത്തിൽ ചാടിയ പൂച്ച പച്ചവെള്ളം കാണുമ്പോളറയ്ക്കും. (പഴ.).
അനൽച്ച,അനച്ച [അനല്] നാ. അനപ്പ്,ചൂട്.
അനൽപ്പാട് [അനല്-പാട്] നാ. അഴൽപ്പാട്,ദുഃഖം.
അനല [സം. അന്-അല-അലം] വി.(എത്രതിന്നാലും)മതിയാകാത്ത. (അഗ്നിയെപ്പോലെ.)
അനലങ്കൃത [സം. -അലങ്കൃത] വി. അലങ്കരിക്കപ്പെടാത്ത.
അനലദീപന [സം. അനല-ദീപന] വി. ദീപനശക്തിയെ വർധിപ്പിക്കുന്ന.
അനലൻ [സം.] നാ. 1.അഗ്നി,അഗ്നിദേവൻ.2.ദഹനശക്തി; 3.പിത്തകരസം; 4.അഷ്ടവതുക്കളിൽ ഒരാൾ; 5.വിഷ്ണു; 6.കേതു; 7.കാറ്റ്; 8.രേഫം.
അനലപ്രഭ [സം അനല-പ്രഭാ] നാ. 1.ചെറുപുന്ന; 2.ഉഴിഞ്ഞ; 3.ഒരു അപ്സരസ്സ്.
അനലപ്രിയ [സം. -പ്രിയാ] നാ. സ്വാഹാദേവി.
അനലം [സം.] നാ. 1.ചേരുമരം; 2.കൊടുവേലി; 3.തീയ്; 4.പിത്തരസം; 5.ബൃഹസ്പതിചക്രത്തിൽ അമ്പതാമത്തെ വർഷം; 6.സ്വർണം; 7.കർത്തികനക്ഷത്രം.
അനലമുഖൻ [സം. -മുഖ] നാ. അഗ്നിമുഖൻ.
അനലസ [സം. അന്-അലസ] വി. മടിയില്ലാത്ത,പരിശ്രമിക്കുന്ന.
അനലസാദം [സം. അനല-സാദ] നാ. അജീർണം,വിശപ്പില്ലായ്മ.
അനലാചലനാഥൻ [സം.-അചല-നാഥ] നാ. അരുണാദ്രിനാഥൻ,ശിവൻ.
അനലാദ്രി [സം. -അദ്രി] നാ. അഗ്നിപർവതം.
അനലാശ്മം [സം. -അശ്മൻ] നാ. തീക്കല്ല്.

അനലി1 നാ. 1.കൊക്കുമന്താരം; 2.അകത്തിമരം; 3.തീയ്,നെരിപ്പോട്.
അനലി2 നാ. സൂര്യൻ.
അനലുക,അനരുക [അനല്] ക്രി. ചൂടാകുക.
അനൽപ [സം. അന്-അൽപ] വി. വളരെയുള്ള,കുറച്ചല്ലാത്ത.
അനവ1 [സം. അ-നവ] വി. പുതിയതല്ലാത്ത,പഴയ.
അനവ2 [സം. അന്-അവ] അന്,അവ എന്നീ ഉപസർഗങ്ങളുടെ സംയുക്തം,ആക്ഷേപം താങ്ങ് കുനിവ് അറിവ് ഇത്യാർഥങ്ങൾ.
അനവകാശ [സം. -അവ-കാശ] വി. 1.അവകാശമില്ലാത്ത,അവസരമില്ലാത്ത; 2.ബാധകമല്ലാത്ത; 3.ഇടയില്ലാത്ത.
അനവഗ്രഹ [സം. -അവ-ഗ്രഹ] വി. തടസ്സം ഇല്ലാത്ത,അടക്കാൻ പാടില്ലാത്ത.
അനവച്ഛിന്ന [സം. -അവ-ഛിന്ന] വി.1.വേർതിരിക്കപ്പെടാത്ത; 2.അളവറ്റ,അത്യധികമായ; 3.നിർവചിക്കപ്പെടാത്ത; 4.നിരന്തരമായ.
അനവച്ഛേദക [സം. -അവ-ഛേദക] വി. അതിരില്ലാത്ത,അളവില്ലാത്ത.
അനവച്ഛേദ്യ [സം.-അവ-ഛേദ്യ] വി. ഇത്രയെന്നു കണക്കാക്കാൻ കഴിയാത്ത,നിർവചിക്കാനാകാത്ത.
അനവദ്യ1 [സം. -അവദ്യ] വി. ദോഷരഹിതമായ,കുറ്റം പറയാനാവാത്ത.
അനവദ്യ2 [സം. -അവദ്യാ] നാ. 1.കന്യക; 2.ഒരു അസുരസ്ത്രീ.
അനവദ്യം [സം.] നാ. കുങ്കുമം.
അനവദ്രാണ [സം. അന്-അവ-ദ്രാണ] വി. ഉറക്കംതൂങ്ങാത്ത.
അനവധാനം [സം. -അവ-ധാന] നാ. ശ്രദ്ധയില്ലായ്മ,സൂക്ഷ്മക്കുറവ്.
അനവധാരിത [സം. -അവ-ധാരിത] വി. നിർണയം ചെയ്യപ്പെടാത്ത.
അനവധി [സം. -അവ-ധി] നാ. അതിരറ്റ,എണ്ണമറ്റ.

അനവധീരിത [സം. -അവ-ധീരിത] വി. നിന്ദിക്കപ്പെടാത്ത.
അനവനം [സം. -അനവ] നാ. രക്ഷിക്കായ്ക,രക്ഷകിട്ടാതിരിക്കൽ.
അനവബ്രവ [സം. -അവ-ബ്രവ] വി. അപവാദമില്ലാത്ത,ദൂഷ്യം പറയാനില്ലാത്ത.
അനവമ [സം. -അവ-മ] വി. ഹീനമല്ലാത്ത.
അനവരത [സം. -അവ-രത] വി. നിറുത്തില്ലാത്ത,ഇടവിടാതെയുള്ള.
അനവരതം [സം.] അവ്യ. നിറുത്തില്ലാതെ തുടർച്ചയായി.
അനവരാർധ്യ [സം. അന്-അവരാർധ്യ] വി. അപ്രധാനമല്ലാത്ത,മുഖ്യമായ.
അനവലംബ [സം. -അവ-ലംബ] വി. താങ്ങില്ലാത്ത.
അനവലോഭനം [സം. -അവ-ലോഭന] നാ. ഗർഭം അലസിപ്പോകാതിരിക്കാൻ മൂന്നാം മാസത്തിൽ നടത്തുന്ന ശുദ്ധീകരണകർമം.
അനവസരം [സം. -അവ-സര] നാ. 1.അനുചിതമായ സമയം; 2.അവസരമില്ലായ്ക,സ്ഥാനം തെറ്റിയത്.
അനവസാദം [സം. -അവ-സാദ] നാ. ക്ഷീണമില്ലായ്മ,ഊർജസ്വലത.
അനവസാന [സം.-അവ-സാന] വി. അവസാനിക്കാത്ത,അനന്തമായ,നാശമില്ലാത്ത.
അനവസിത [സം.-അവ-സിത] വ. 1.അവസാനിച്ചിട്ടില്ലാത്ത,തീർന്നിട്ടില്ലാത്ത; 2.തീരുമാനിച്ചിട്ടില്ലാത്ത.

അനവസിതസന്ധി [സം.-അവസിത-സന്ധി] നാ. ശൂന്യഭൂമിയിൽ ആളുകളെ പാർപ്പിക്കുന്നതിനെക്കുറിച്ച് രാജാക്കന്മാർ തമ്മിൽ ചെയ്യുന്ന സന്ധി.

അനവസ്കര [സം. -അവ-(സ്)കര] വി. അവസ്കരം (അഴുക്ക്) ഇല്ലാത്തത്.

അനവസ്ഥ1 [സം.-അവ-സ്ഥ] വി. അവസ്ഥയില്ലാത്ത,അവസാനമില്ലാത്ത.

അനവസ്ഥ2 [സം.-അവ-സ്ഥാ] നാ. 1.സ്ഥിരതയില്ലായ്മ,ഉറപ്പില്ലായ്മ; 2.ദുർവൃത്തി.

അവസ്ഥാനം [സം.-അവ-സ്ഥാന] നാ. 1.അസ്ഥിരത; 2.ദുരാചാരം,അഴിഞ്ഞുനടപ്പ്.

അനവസ്ഥിത [സം. -അവ-സ്ഥിത] വി. 1.അവസ്ഥയില്ലാത്ത; 2.അവസാനമില്ലാത്ത; 3.വ്യത്യാസപ്പെടുത്തിയ; 4.വിശ്വസ്തതയില്ലാത്ത,സന്മാർഗനിഷ്ഠയില്ലാത്ത.

അനവസ്ഥിതി [സം. -അവ-സ്ഥിതി] നാ. ഉറപ്പില്ലായ്മ,ചാഞ്ചല്യം.

അനവഹിത [സം. -അവ-ഹിത] വി.ശ്രദ്ധയില്ലാത്ത,അവധാനമില്ലാത്ത.

അനവാനം [സം. -അവ-അന] അവ്യ .ഒറ്റശ്വാസത്തിൽ,നിറുത്തില്ലാത്ത.

അനവാപ്ത [സം.-അവ-ആപ്ത] വി. ലഭിക്കാത്ത.

അനവാപ്തി [സം.-അവ-ആപ്തി] നാ. കിട്ടായ്ക.

അനവാപ്യ1 [സം. -അവ-ആപ്യ] വി. പ്രാപ്യമല്ലാത്ത.

അനവാപ്യ2 [സം.] അവ്യ .പ്രാപിക്കാതെ.

അനവീകൃതം [സം. അ-നവീകൃത] നാ. 1.പുതുക്കിയതല്ലാത്തത്; 2.വൈചിത്ര്യം കൂടാതെയുള്ള പ്രതിപാദനം,കാവ്യദോഷങ്ങളിൽ ഒന്ന്.

അനവേക്ഷ [സം അന്-അവ - ഈക്ഷാ <ഈക്ഷ്] നാ. നോക്കാതിരിക്കൽ.

അനവേക്ഷക [സം. -അവ-ഈക്ഷക] വി. പരിഗണിക്കാത്ത,ശ്രദ്ധയില്ലാത്ത.

അനവേക്ഷണം [സം. -അവ-ഈക്ഷണ] നാ. 1.ശ്രദ്ധയില്ലായ്ക,ഉദാസീനത, 2.മേൽനോട്ടമില്ലായ്ക.

അനവ്രതൻ [സം. -അവ്രത] നാ. അവ്രതനല്ലാത്തവൻ,ജൈനഭിക്ഷുക്കളിൽ ഒരു വിഭാഗം,പേരിനു ചില വ്രതങ്ങളുള്ളവൻ.

അനശനദീക്ഷ [സം.-അനശ-ദീക്ഷാ] നാ. നിരാഹാരവ്രതം.

അനശനം [സം.-അശന] നാ. നിരാഹാരവ്രതം,ഭക്ഷണം കഴിക്കാതിരിക്കൽ.

അനശ്മം [സം. -അശ്മൻ] നാ. തീക്കല്ല്.

അനശ്മിത [സം. -അശ്മിത] വി. ചരലിട്ടുറപ്പിക്കാത്ത.

അനശ്വ [സം. -അശ്വ] വി. കുതിരയില്ലാത്ത.

അനശ്വര [സം. അ-നശ്വര] നാ. നശ്വരമല്ലാത്ത,നശിക്കാത്ത.

അനസു [സം. അന-അസു] വി. പ്രാണനില്ലാത്ത,ജീവനില്ലാത്ത.

അനസൂയ [സം. -അസൂയാ] നാ. 1.അസൂയയില്ലായ്മ; 2.അത്രിയുടെ പത്നി; 3.ശകുന്തളയുടെ ഒരു തോഴി.

അനസൂയു [സം. -അസൂയു] നാ. അസൂയയില്ലാത്തവൻ.

അനസ്ഥി [സം.-അസ്ഥി] നാ. അസ്ഥിയില്ലാത്ത അവയവം.

അനസ്വാൻ [സം. -അനസ്-വത്] നാ. വണ്ടിയുള്ളവൻ.

അനസ്സ് [സം.അനസ്] നാ. വണ്ടി.

അനഹങ്കാരം [സം. അന്-അഹങ്കാര] നാ. അഹങ്കാരമില്ലായ്മ.

അനഹംകൃതി [സം. -അഹങ്കൃതി] നാ. അനഹങ്കാരം.

അനാകമ്പ്യ [സം. –ആകമ്പ്യ] വി. ഇളക്കത്തക്കതല്ലാത്ത.
അനാകർഷക [സം.–ആകർഷക] വി. ആകർഷകമല്ലാത്ത.
അനാകാര [സം. –ആകാര] വി. രൂപമില്ലാത്ത.
അനാകാലഭൃത്യൻ [സം. അന്–ആകാല–ഭൃത്യ] നാ. ക്ഷാമം കാരണം ദാസ്യം സ്വീകരിക്കുന്നവൻ.
അനാകാലം [സം. –ആ–കാല] നാ. 1.അനവസരം; 2.ക്ഷാമം.
അനാകുലം [സം.–ആകുലം] അവ്യ. ആകുലതകൂടാതെ. വി.. വീണ്ടെടുക്കാത്ത,സൂക്ഷിക്കപ്പെടാത്ത.
അനാക്രാന്ത [സം.–ആക്രാന്ത] വി. 1.എതിർക്കപ്പെടാത്ത; 2.ആക്രമിക്കപ്പെടാത്ത. നാ. കണ്ടകാരിച്ചുണ്ട,ചെറുവഴുതിന.
അനാഖ്യ [സം.–ആഖ്യ] വി. പേരില്ലാത്ത.
അനാഖ്യേയ [സം.–ആഖ്യേയ] വി. വാക്കിനു വിഷയമല്ലാത്ത,വർണിക്കാവതല്ലാത്ത.
അനാഗത [സം. അന്–ആഗത] വി. 1.ആഗതമായിട്ടില്ലാത്ത,വന്നുചേർന്നിട്ടില്ലാത്ത; 2.കിട്ടിയിട്ടില്ലാത്ത; 3.വരാനിരിക്കുന്ന.
അനാഗതം [സം.] ന. 1.ഭാവികാലം; 2.(സങ്ഗീ.) സ്വരത്തിനുമുമ്പ് താളം തുടങ്ങുന്ന രീതി.
അനാഗതവിധാതാവ് [സം. –വിധാതൃ] നാ. ഭാവിയിലേക്കു കരുതിവയ്ക്കുന്നവൻ.
അനാഗതശ്മശ്രു,–സ്മശ്രു [സം. –ശ്മശ്രു,–സ്മശ്രു] നാ. മീശ മുളയ്ക്കാത്തവൻ.
അനാഗതാബാധ [സം. അനാഗത–ആബാധ] നാ. ഭാവിവിപത്ത്,ഭാവിയിൽ വരാവുന്ന ശാരീരികരോഗങ്ങൾ.
അനാഗതാർത്തവ [സം. –ആർതവാ] നാ. തിരളാത്ത പെൺകുട്ടി.
അനാഗതാവേക്ഷണം [സം.–അവേക്ഷണ] നാ. 1.ഭാവിയിലേക്കുള്ള നോട്ടം; 2.മുങ്കരുതൽ; 3.പിന്നാലെ പറയാൻ പോകുന്നതിനെക്കുറിച്ചുള്ള സൂചന.
അനാഗതി [സം. അന്–ആഗതി] നാ. അപ്രാപ്തി,എത്തിച്ചേരായ്ക.
അനാഗന്തുക [സം.–ആഗന്തുക] വി. യാദൃശ്ചരികമല്ലാത്ത,പതിവായ.
അനാഗന്ധിതം [സം. –ആഗന്ധിത] വി. അനാഘ്രാതം,മണക്കപ്പെടാത്ത.
അനാഗമ [സം. –ആഗമ] വി. ആഗമമല്ലാത്ത (വ്യവഹാരത്തിൽ) ആധാരമില്ലാത്ത.
അനാഗമ്യ [സം. –ആഗമ്യ] വി. അടുത്തുകൂടാത്ത,പ്രാപിച്ചുകൂടാത്ത.
അനാഗസ്സ് [സം. –ആഗസ്] വി. പാപം ചെയ്തിട്ടില്ലാത്ത,കുറ്റമില്ലാത്ത.
അനാഗാരികൻ [സം. –ആഗാരിക] വി. 1.വീടുവിട്ടവൻ; 2.സന്യാസി.
അനാഘ്രാത [സം. –ആഘ്രാത] വി. മണപ്പിച്ചിട്ടില്ലാത്ത.
അനാചാരം [സം. –ആചാര] വി. 1.ആചാരമല്ലാത്തത്,ദുരാചാരം; 2.ആചാരങ്ങൾ അനുഷ്ഠിക്കാതിരിക്കൽ.
അനാച്ഛാദനം [സം. –ആച്ഛാദന] നാ. അനാവരണം,മൂടിമാറ്റൽ,മറനീക്കൽ.
അനാച്ഛാദിത [സം. –ആച്ഛാദിത] വി. ആച്ഛാദിതമല്ലാത്ത,മറയ്ക്കപ്പെടാത്ത,വിവൃതമായ.
അനാജ്ഞപ്ത [സം. –ആജ്ഞപ്ത] വി. ആജ്ഞാപിക്കപ്പെടാത്ത.

അനാജ്ഞാത [സം.–ആജ്ഞാത] വി. അറിയപ്പെടാത്ത.
അനാഡമ്പര [സം. –ആഡമ്പര] വി. ആഡമ്പരമില്ലാത്ത.

അനാഢ്യലിങ്ഗം [സം. അനാഢ്യ-ലിങ്ഗ] നാ. ഒരുതരം ശിവലിങ്ഗം, സ്വസ്തികലിങ്ഗം.
അനാതങ്കം [സം. അന്-ആതങ്ക] അവ്യ . അഴലില്ലാതെ. നാ. ദുഃഖമില്ലായ്മ.
അനാതപ [സം.-ആതപ] വി. ചൂടില്ലാത്ത,വെയിലില്ലാത്ത.
അനാതപം [സം.] നാ. തണുപ്പ്,തണൽ.
അനാതിസാമാനം [സം.] നാ. അരിയും വ്യഞ്ജനങ്ങളും.
അനാതുര [സം. അന്-ആതുര] വി. ദുഃഖമില്ലാത്ത,രോഗമില്ലാത്ത.
69
അനാത്മ [സം. -ആത്മൻ] വി. ആത്മാവില്ലാത്ത,ആത്മാവിനെ സംബന്ധിച്ചതല്ലാത്ത,ജഡരൂപമായ.
അനാത്മകം [സം. -ആത്മക] നാ. (ബുദ്ധ.) പ്രപഞ്ചം.
അനാത്മജ്ഞ [സം. അനാത്മ-ജ്ഞ] വി. ആത്മജ്ഞാനമില്ലാത്ത,തന്നത്താനറിയാത്ത.
അനാത്മവാദം [സം. -വാദ] നാ. ആത്മാവില്ലെന്ന വാദം.
അനാത്മവാൻ [സം. -വത്] നാ. ആത്മനിയന്ത്രണമില്ലാത്തവൻ.
അനാത്മീയ [സം. അന്-ആത്മീയ] വി. 1.ഭൗതികമായ; 2.തൻേറതല്ലാത്ത.
അനാത്മ്യം [സം. -ആത്മ്യ] നാ. സ്വകുടുംബസ്നേഹമില്ലായ്മ.
അനാഥ [സം. അ-നാഥ] വി. 1.നാഥനില്ലാത്ത,രക്ഷിതാവില്ലാത്ത; 2.അച്ഛനമ്മമാരില്ലാത്ത; 3.വൈധവ്യം സംഭവിച്ച; 4.നിസ്സഹായമായ.
അനാഥപിണ്ഡികൻ,-പിണ്ഡകൻ [സം. അനാഥ-പിണ്ഡിക -പിണ്ഡക] നാ. 1.അനാഥർക്കു അന്നപിണ്ഡങ്ങൾ നൽകുന്നവൻ; 2.ശ്രീബുദ്ധനെ ഉപചരിച്ചിരുന്ന ഒരു വണിക്ക്.
അനാഥപ്രേതം [സം. -പ്രേത] നാ. എടുത്തു മറവു ചെയ്യാൻ ആളുകളില്ലാത്ത ശവശരീരം.
അനാഥമന്ദിരം,-ശാല [സം. -മന്ദിര] നാ. പാവങ്ങളെ,(അനാഥരെ) സംരക്ഷിക്കുന്നിടം,അഗതിമന്ദിരം.
അനാദരം [സം. അന്-ആദര] നാ. നിന്ദ,ഉപേക്ഷ.
അനാദരിക്കുക [<സം. അന്-ആദ്യ] ക്രി. ബഹുമാനിക്കാതിരിക്കുക.
അനാദി1 [സം.-ആദി] വി. ആദിയില്ലാത്ത,തുടക്കം ഇല്ലാത്ത.
അനാദി2 [സം. അ-നാദിൻ <നദ്] വി. ശബ്ദിക്കാത്ത.
അനാദിത [സം. അന്-ആദിതാ] നാ. ആദിയില്ലാത്ത സ്ഥിതി.
അനാദിനീധന [സം. -ആദി-നിധന] വി. ആദിയോ അന്തമോ ഇല്ലാത്ത,നിത്യമായ.
അനാദിമധ്യാന്ത [സം.-ആദി-മധ്യ-അന്ത] വി. ആദി അധ്യം അവസാനം ഇവയില്ലാത്ത,നിത്യമായ.
അനാദിവിദ്യ [സം. -ആദി-വിദ്യാ] നാ. മായ.
അനാദിഷ്ട [സം. -ആദിഷ്ട <ആ-ദിശ്] വി. നിർദേശം ലഭിക്കാത്ത.
അനാദീനവം [സം. -ആദീനവ] വി. കുറ്റമറ്റ,ദോഷമില്ലാത്ത.
അനാദൃത [സം. -ആദൃത] വി. നിന്ദിക്കപ്പെട്ട,വിഗണിതമായ.
അനാദൃത്യ [സം. -ആദൃത്യ] അവ്യ . അനാദരിച്ചിട്ട്.
അനാദേയ [സം. -ആദേയ] വി. ആദേയം (സ്വീകാര്യം) അല്ലാത്ത.
അനാദ്യ [സം. -ആദ്യ] വി. ആദിയില്ലാത്ത,ആദ്യമല്ലാത്ത.
അനാദ്യൻ [സം.] നാ. ഈശ്വരൻ.

അനാദ്യന്ത	[സം. അന്-ആദ്യന്ത] വി. ആദിയും അന്തവും ഇല്ലാത്ത.
അനാദ്യവിദ്യ	[സം. -ആദി-അവിദ്യാ] നാ. മായ,അനാദിവിദ്യ.
അനാധാര	[സം. -ആധാര] വി. താങ്ങില്ലാത്ത; ആധാരം ഇല്ലാത്ത.
അനാധി	[സം. -ആധി] നാ. ദുഃഖമില്ലായ്മ. വി. ആധിയില്ലാത്ത.
അനാധൃഷ്ട	[സം. -ആധൃഷ്ട] വി. തടുക്കപ്പെടാത്ത.

അനാധൃഷ്യ	[സം. -ആധൃഷ്യ] വി. കീഴടക്കാൻ കഴിയാത്ത.
അനാധൃഷ്യൻ	[സം.] നാ. കീഴടക്കാൻ കഴിയാത്തവൻ,കൗരവന്മാരിൽ ഒരുവൻ.
അനാനത	[സം. അന്-ആനത] വി. ആനമിക്കാത്ത,വളയാത്ത,കുനിയാത്ത.
അനാനാസ്	[പോർ.] = അനന്നാസ്.
അനാപൂര്യ	[സം. അന്-ആപൂര്യ] വി.
ആപൂര്യമല്ലാത്ത,നിറയ്ക്കപ്പെടാനാകാത്ത,തൃപ്തിവരാത്ത.
അനാപ്ത	[സം. -ആപ്ത] വി. ലഭിക്കാത്ത,കൊള്ളരുതാത്ത,അടുപ്പമുള്ളതല്ലാത്ത.
അനാപ്തൻ	[സം.] നാ. അപരിചിതൻ.
അനാപ്തി	[സം. അന്-ആപ്തി] നാ. അപ്രാപ്തി.
അനാപ്യ	[സം. -ആപ്യ] വി. അസാധ്യമായ,പ്രാപ്യമല്ലാത്ത.
അനാമ1	[സം. അ-നാമൻ] വി. പേരില്ലാത്തത്,കുപ്രസിദ്ധിയുള്ളത്;
2.അനാമിക,മോതിരവിരൽ.
അനമത്ത്	[അറ. അമാനത്] നാ. 1.സൂക്ഷിക്കാനേൽപ്പിച്ച മുതൽ;
2.നിക്ഷേപം,ഈട്, (ജാമ്യം),സർക്കാരിലോ കോടതിയിലോ മുൻകൂർ കെട്ടിവയ്ക്കുന്ന
തുക,കണക്കിൽ പെടാതെയുള്ളത്.
അനാമയൻ	[സം. അന്-ആമയ] 'ദുഃഖമില്ലാത്തവൻ'. നാ.1.വിഷ്ണു; 2.ശിവൻ.
അനാമിക	[സം. -നാമികാ] നാ. അണിവിരൽ,പേരു പറയാൻ പാടില്ലാത്തത്.
അനാമിഷ	[സം. അന്-ആമിഷ] വി. മാംസമില്ലാത്ത,ഇരയില്ലാത്ത.
അനാമൃണ	[സം. -ആമൃണ] വി. ഹിംസകന്മാരില്ലാത്ത,മുറിവേൽപ്പിക്കാത്ത.
അനാമൃത	[സം. -അമൃത] വി. മരണമില്ലാത്ത,നാശമില്ലാത്ത.
അനാമ്യ	[സം. അ-നാമ്യ <നമ്] വി. വളയ്ക്കാൻ സാധിക്കാത്ത,നാ. അനാമൃത.
അനായക	[സം. -നായക] വി. നായകനില്ലാത്ത.
അനായത	[സം. അന്-ആയത] വി. നീളമില്ലാത്ത,തടുക്കപ്പെടാത്ത.
അനായതി	[സം. -ആയതി] നാ. വരവ് (ആദായം) ഇല്ലായ്മ.
അനായത്ത	[സം. -ആയത്ത] വി. സ്വതന്ത്രമായ.
അനായാസം	[സം. -ആയാസ] അവ്യ.. പ്രയാസം കൂടാതെ. നാ. ആയാസമില്ലായ്മ.
അനായാസകൃതം = എളുപ്പമായി ചെയ്യപ്പെട്ടത്.
അനായുഷ്യ	[സം. -ആയുഷ്യ] വി. ആയുസ്സില്ലാത്ത,ആയുസ്സിനെ കെടുക്കുന്ന.
അനാർ	[പേർ.] നാ. 1.മാതളം; 2.ഒരു സംജ്ഞാനാമം.
അനാർക്കലി	[പേർ. അനാർ-ഹി.കലി] നാ. മാതളപ്പൂമൊട്ട്. (സംജ്ഞയായും
പ്രയോഗം.)
അനാർജവം	[സം. അന്-ആർജവ] നാ. നേരുകേട്,ചതി.
അനാർത്തവ1	[സം. -ആർതവ <ഋതു] വി. അകാലത്തുള്ള,പാകമാകാത്ത.
അനാർത്തവ2	[സം. -ആർതവാ] നാ.ഋതുവാകാത്തവൾ,തീണ്ടാരി നിന്നവൾ.

അനാർഭാടം		[സം. –ആർഭാട] നാ. ആർഭാടമില്ലായ്മ.
അനാർഷ		[സം. –ആർഷ] വി. ഋഷിയെ സംബന്ധിച്ചതല്ലാത്ത,വൈദികമല്ലാത്ത.
അനാർഷേയ		[സം. –ആർഷേയ] വി. = അനാർഷ.
അനാരതം		[സം.] അവ്യ . എല്ലായ്പ്പോഴും,തുടർച്ചയായി.
അനാരബ്ധ		സം. അന്–ആരബ്ധ] വി. ആരംഭിക്കപ്പെടാത്ത.
അനാരംഭം		[സം. –ആരംഭ<രഭ്] നാ. ആരംഭിക്കാതിരിക്കൽ,തുടങ്ങാതിരിക്കൽ.
അനാരൂഢ		[സം. –ആ–രൂഢ < രുഹ്] വി. 1.കയറാത്ത; 2.മുളയ്ക്കാത്ത.
അനാരോഗ്യം		[സം. –ആരോഗ്യ] നാ. ആരോഗ്യമില്ലായ്മ,സുഖക്കേട്.
അനാര്യ		[സം. –ആര്യ] വി. ആരുമല്ലാത്ത,സുജനത്തിനു ചേരാത്ത.
അനാര്യക,–കജ		[സം. –ആര്യക,–ആര്യകജ] വി. അൽപം മഞ്ഞനിറമുള്ള.
അനാര്യജിഷ്ടം		[സം. –ജുഷ്ട <ജുഷ്] വി. സജ്ജനം അനുഷ്ഠിക്കാത്ത.
അനാര്യതിക്തം		[സം. –തിക്ത] നാ.കിരിയാത്ത്.
അനാര്യൻ		[സം. അന്–ആര്യ] നാ. ആര്യനല്ലാത്തവൻ,നിന്ദ്യൻ.

അനാലക്ഷ്യ		[സം.–ആലക്ഷ്യ] വി. കാണാനാകാത്ത.
അനാലംബം		[സം. –ആലംബ] നാ. ആശ്രയമില്ലായ്മ,നൈരാശ്യം.
അനാലംബി		[സം. –ആലംബിൻ] നാ. ശിവൻെറ വീണ.
അനാലംബുക		[സം.–ആലംബുകാ] നാ. രജസ്വല.
അനാലസ്യം		[സം. –ആലസ്യ] നാ. ക്ഷീണമില്ലായ്മ,മടിയില്ലായ്മ,ചൊടി,ശുഷ്കാന്തി.
അനാലാപ		[സം. –ആലാപ] വി.മൗനമാർന്ന,മിണ്ടാത്ത.
അനാലോകനം		[സം. –ആലോകന] നാ. കാണായ്ക.
അനാലോചിത		[സം. –ആലോചിത] വി.
കാണപ്പെടാത്ത,ആലോചിക്കപ്പെടാത്ത,അപ്രതീക്ഷിതമായ.
അനാലോച്യ		[സം. –ആലോച്യ] വി. ആലോചിക്കാൻ കഴിയാത്ത.
അനാവരണം		[സം. –ആവരണ] നാ. മറനീക്കൽ.
അനാവശ്യം		[സം. –ആവശ്യ] നാ. ആവശ്യമില്ലാത്തത്,മര്യാദകേട്,
അധികപ്രസങ്ഗം.
അനാവിദ്ധ		[സം. –ആവിദ്ധ] വി. തുളയ്ക്കപ്പെടാത്ത,മുറിപ്പെടുത്താത്ത;
2.കേടില്ലാത്ത.
അനാവില		[സം. –ആവില] വി.
കലങ്ങാത്ത,തെളിഞ്ഞ,ചതുപ്പല്ലാത്ത,ആരോഗ്യകരമായ.
അനാവിലൻ		[സം.] നാ. ശുക്രൻ,കലക്കമില്ലാത്തവൻ.
അനാവൃത		[സം. അന്–ആവൃത] വി. മറയ്ക്കപ്പെടാത്ത,മൂടപ്പെടാത്ത,വസ്ത്രധാരണം ചെയ്യാത്ത,സംരക്ഷിക്കപ്പെടാത്ത,നിയന്ത്രണത്തിനു വഴങ്ങാത്ത.
അനാവൃത്ത		[സം. –ആവൃത്ത] വി..
തിരിച്ചുവരാത്ത,ആവർത്തിക്കപ്പെടാത്ത,ആദ്യത്തേതായ.
അനാവൃത്തി		[സം. ആ–വൃത്തി] നാ. ആവർത്തനമില്ലായ്മ,തിരിച്ചുവരായ്ക,മോക്ഷം.
അനാവൃഷ്ടി		[സം. –ആ–വൃഷ്ടി] നാ. ഈതിദോഷങ്ങളിൽ ഒന്ന്,മഴയില്ലായ്മ.
അനാവേധ		[സം. –ആവേധ <വിധ്] വി. തുളയ്ക്കപ്പെടാത്ത.
അനാശ1		[സം. അ–നാശ] വി. നാസമില്ലാത്ത.

അനാശ2　　　　[സം. അന്-ആശ] വി. ആഗ്രഹമില്ലാത്ത.
അനാശക　　　　[സം. -ആശക < അശ്] വി. നിരാഹാരവൃതമുള്ള.
അനാശകായനം　　[സം. അനാശ-അയന] നാ. ഉപവാസവൃതം.
അനാശൻ　　　　[സം. അ-നാശ] നാ. ഈശ്വരൻ.
അനാശാസ്യ　　　[സം. അന്-ആശാസ്യ] വി. ആഗ്രഹിക്കാൻ കൊള്ളാത്ത.
അനാശി　　　　[സം. അ-നാശിൻ] വി. നാശമില്ലാത്ത.
അനാശു　　　　[സം. അന്-ആശു] വി. വേഗമില്ലാത്ത,മന്ദഗതിയായ.
അനാശ്രമി　　　[സം. -ആശ്രമിൻ] നാ. ഗൃഹസ്ഥാദ്യാശ്രമങ്ങളില്ലാത്തവൻ, ആശ്രമധർമങ്ങൾ അനുസരിക്കാത്തവൻ.
അനാശ്രയ　　　[സം. -ആശ്രയ] വി. ആശ്രയമില്ലാത്ത.
അനാശ്രിത　　　[സം. -ആശ്രിത] വി. ആശ്രയിക്കാത്ത,ആശ്രയിക്കപ്പെടാത്ത.
അനാസ　　　　[സം. അ-നാസ] വി. മൂക്കില്ലാത്ത,പതിഞ്ഞ മൂക്കുള്ള.
അനാസക്ത　　　[സം. അന്-ആസക്ത] വി. ആസക്തിയില്ലാത്ത,സങ്ഗമില്ലാത്ത.
അനാസക്തി　　　[സം. -ആസക്തി] നാ. ആസക്തിയില്ലായ്മ,സങ്ഗമില്ലായ്മ.
അനാസാദിത　　[സം. -ആസാദിത] വി. 1.പ്രാപിക്കാത്ത,2.എതിരിടാത്ത; 3.സംഭവിച്ചിട്ടില്ലാത്ത.
അനാസാദ്യ　　　[സം. -ആസാദ്യ] വി. പ്രാപിക്കാൻ കഴിയാത്ത,എതിരിടാനാകാത്ത.
അനാസ്തിക　　　[സം. അ-നാസ്തിക] വി. നാസ്തികനല്ലാത്ത,ദൈവവിശ്വാസമുള്ള.
അനാസ്തിക്യം　　[സം. -നാസ്തിക്യ] 'നാസ്തിക്യമില്ലായ്മ' നാ.ദൈവവിശ്വാസം.
അനാസ്ഥ　　　　[സം. അന്-ആസ്ഥാ] നാ. താത്പര്യക്കുറവ്,അശ്രദ്ധ,അനാദരം.
അനാസ്ഥാവാചി　[സം. അനാസ്ഥാ-വാചിൻ] നാ. സർവനാമത്തിൻെറ ഒരു വിഭാഗം. ഉദാ.വല്ല.
അനാസ്പദം　　　[സം. അന്-ആസ്പദ] നാ. ആസ്പദമല്ലാത്തത്,ആധാരമല്ലാത്തത്.

അനാസ്രാവ　　　[സം. -ആസ്രാവ] വി. 1.കേടില്ലാത്ത; 2.ക്ലേശരഹിതമായ.
അനാസ്വാദ　　　[സം. -ആസ്വാദ] വി. രുചിയില്ലാത്ത,സ്വാദില്ലാത്ത.
അനാസ്വാദിത　　[സം. -ആസ്വാദിത] വി.. ആസ്വദിക്കപ്പെടാത്ത.

71

അനാഹത　　　　[സം. -ആഹത] വി. ആഹനിക്കപ്പെടാത്ത,അകൃത്രിമമായ.
അനാഹതം　　　[സം.] നാ. 1.അടിക്കപ്പെടാത്തത്; 2.നെയ്ത്തു തറിയിൽനിന്ന് അപ്പോൾമാത്രം എടുത്തതും മുറുക്കപ്പെടാത്തതുമായ വസ്ത്രം; 3.ഷഡാധാരങ്ങളിൽ നാലാമത്തേത്; 4.ഗുണിക്കപ്പെടാത്തത്.
അനാഹാരം　　　[സം. അന്-ആഹാര] നാ. ഭക്ഷണമില്ലായ്മ,ഉണ്ണാവ്രതം.
അനാഹാര്യ　　　[സം. -ആഹാര്യ] വി. ആഹാര്യമല്ലാത്ത,അകൃത്രിമമായ.
അനാഹൂത　　　[സം. -അഹൂത] വി. വിളിക്കപ്പെടാത്ത.
അനാറ്റമി　　　[ഇം.ക്ക ൻറഡഗണഡത്ത] നാ. ശരീരഘടനയും,ശരീരത്തിലെ കോശങ്ങളുടെ സംവിധാനവും പ്രതിപാദിക്കുന്ന ശാസ്ത്രശാഖ,ശാരീരം.
അനിക　　　　[സം. അനികാ] നാ. കിണികിണിപ്പാല,നീലംപാല,ദുഗ്ധിക.
അനികാരം　　　[സം. അ-നികാര] നാ. തിരസ്കരിക്കായ്ക,ഉപദ്രവിക്കായ്ക,തരം താഴ്ത്താതിരിക്കൽ.

അനികേത [സം. -നികേത] വി. വീടില്ലാത്ത,ആശ്രയസ്ഥാനമില്ലാത്ത.
അനിക്ഷു [സം. അന്-ഇക്ഷു] നാ. ചെറിയ കുരുവിക്കരിമ്പ്.
അനിഗീർണ [സം. അ-നിഗീർണ] വി. 1.നിഗീരണം ചെയ്യപ്പെടാത്ത,വിഴുങ്ങപ്പെടാത്ത; 2.(അക്ഷരം അല്ലെങ്കിൽ പദം) ലോപിച്ചിട്ടില്ലാത്ത.
അനിഗൂഹിത [സം. -നിഗൂഹിത] വി. നിഗൂഹനം ചെയ്യപ്പെടാത്ത,മറയ്ക്കപ്പെടാത്ത,തെളിവായ.
അനിഗ്രഹം [സം. -നിഗ്രഹ] നാ. 1.നിയന്ത്രണമില്ലായ്മ; 2.(വാദത്തിൽ) തോൽപ്പിക്കായ്ക,ഖണ്ഡിക്കാതിരിക്കൽ,തോൽവി സമ്മതിക്കാതിരിക്കൽ; 3.ഒരുതരം ചവണ,മുനരണ്ടും തമ്മിൽ ചേർന്നിരിക്കാത്തത്.
അനിച്ചം1 (പ.മ.) [പ്രാ. അനിച്ച < സം. അനിത്യ] നാ. നിത്യമല്ലാത്ത.
അനിച്ചം2 നാ. ഉപ്പനച്ചം.
അനിച്ഛ [സം. അന്-ഇച്ഛാ] നാ. ആഗ്രഹമില്ലായ്മ.
അനിത [സം. -ഇത] വി. പോയിട്ടില്ലാത്ത.
അനിതര [സം. -ഇതര] വി. വേറൊന്നില്ലാത്ത,വേറൊന്നിലില്ലാത്ത.(പ്ര.) അനിതരസാധാരണം.
അനിത്യ [സം. അ-നിത്യ] വി. 1.നിത്യമല്ലാത്ത,എന്നേക്കും നിലനിൽക്കാത്ത,സ്ഥിരമല്ലാത്ത,ക്ഷണികമായ; 2.വല്ലപ്പോഴുമുള്ള,താത്കാലികമായ,പതിവായുള്ളതല്ലാത്ത.
അനിത്യകർമം [സം. അനിത്യ-കർമൻ] പ്രത്യേകസന്ദർഭത്തിൽമാത്രം ചെയ്യുന്ന കർമം,പ്രത്യേകോദ്ദേശ്യത്തോടെയുള്ള യാഗം.
അനിത്യത [സം. -താ] നാ. അസ്ഥിരത,ബലഹീനത.
അനിത്യദത്തൻ,-ദത്തകൻ [സം. -ദത്ത,-ദത്തക] നാ. പിതാവിനാൽ തത്കാലത്തേക്കുമാത്രം അന്യനു ദത്തു പുത്രനായി നൽകപ്പെട്ടവൻ.
അനിത്യസമാസം [സം. -സമാസ] നാ.ഘടകപദങ്ങളെക്കൊണ്ടുതന്നെ വിഗ്രഹമുള്ള സമാസം.
അനിദ്ര [സം. അ-നിദ്ര] വി. ഉറക്കമില്ലാത്ത,ഉണർന്നിരിക്കുന്ന.
അനിദ്രാണ [സം. -നിദ്രാണ] വി. ഉറങ്ങാതിരിക്കുന്ന.
അനിന്ദിത [സം. -നിന്ദിത] വി. നിന്ദിക്കപ്പെടാത്ത.
അനിന്ദ്യ [സം. -നിന്ദ്യ] വി. നിന്ദിക്കത്തക്കതല്ലാത്ത.
അനിബദ്ധ [സം. -നിബദ്ധ] വി. നിബന്ധിക്കാത്ത,കെട്ടാത്ത; 2.പൂർവാപരബന്ധമില്ലാത്ത,തമ്മിൽ ഘടിക്കാത്ത.

അനിബദ്ധം [സം.] നാ. (സങ്ഗീ.) വ്യവസ്ഥിതമായ താളവും മറ്റും ഇല്ലാതെ മനോധർമമനുസരിച്ചു പാടാവുന്ന വിധം രചിച്ചിരിക്കുന്ന ഗാനം.
അനിബാധ [സം. അ-നിബാധ] വി. തടസ്സമില്ലാത്ത.
അനിഭൃത [സം. -നിഭൃത] വി. 1.രഹസ്യമല്ലാത്ത,ഒളിക്കാത്ത,തുറന്ന,പരസ്യമായ; 2.ധൃഷ്ടതയുള്ള,ധീരതയുള്ള; 3.അപൂർണമായ; 4.അസ്ഥിരമായ.
അനിഭ്യ [സം. അന്-ഇഭ്യ] വി. ധനമില്ലാത്ത,പാവപ്പെട്ട.
അനിമകം [സം.] നാ. തവള.

അനിമാന [സം. അ–നിമാന] വി. അളവില്ലാത്ത,അപരിച്ഛിന്നമായ.
അനിമിത്ത [സം. –നിമിത്ത] വി. കാരണമില്ലാത്ത,യാദൃച്ഛികമായ.
അനിമിത്തനിരാക്രിയ [സം. അനിമിത്ത–നിരാക്രിയാ] നാ.ദുർനിമിത്തപരിഹാരം.
അനിമിത്തം [സം. അ–നിമിത്ത] നാ. 1.കാരണമില്ലായ്മ; 2.ദുർനിമിത്തം; 3.ദുശ്ശകുനം.
അനിമിത്തലിങ്ഗനാശം [സം. അനിമിത്ത–ലിങ്ഗ–നാശ] നാ. അജ്ഞാതകാരണത്താൽ കാഴ്ച നഷ്ടപ്പെടുന്ന അവസ്ഥ.
അനിമിഷ,–നിമേഷ [സം. അ–നിമിഷ, –നിമേഷ] വി. കണ്ണിമയ്ക്കാത്ത.
അനിമിഷദൃഷ്ടി,–നയന,–ലോചന [സം. അനിമിഷ–ദൃഷ്ടി,–നയന,–ലോചന] വി. കണ്ണിമയ്ക്കാതെ സൂക്ഷിച്ചു നോക്കുന്ന.
അനിമിഷൻ [സം. അ–നിമിഷ] നാ. 1.ദേവൻ (കണ്ണിമയ്ക്കാത്തവൻ); 2.വിഷ്ണു.
അനിമിഷം [സം.] നാ. 1.കണ്ണിമയ്ക്കാത്തത്,മത്സ്യം; 2.മീനം രാശി.
അനിയത [സം. അ–നിയത] വി. 1.നിയന്ത്രിക്കാനാകാത്ത; 2.കൽപിതമല്ലാത്ത,നിശ്ചയിച്ചിട്ടില്ലാത്ത; 3.ക്രമം ഇല്ലാത്ത,കാരണമില്ലാത്ത.
അനിയതപുംസ്ക [സം. അനിയത–പുംസ്കാ] നാ. സ്ഥിരമായി ഭർത്താവില്ലാത്തവൾ,വ്യഭിചാരിണി.
അനിയതം [അ–നിയത] നാ. അനിശ്ചിതസംഖ്യ.
അനിയതവൃത്തി [സം. അനിയത–വൃത്തി] നാ. സ്ഥിരമായി ജോലിയില്ലാത്തവൻ.
അനിയത്തി നാ. 1.അനുജത്തി,ഭാര്യയുടെ ഇളയവൾ; 2.അനുജൻെറ ഭാര്യ.
അനിയൻ നാ. = അനുജൻ.
അനിയന്ത്രണ [സം. അ–നിയന്ത്രണ] നാ. നിയന്ത്രണമില്ലാത്ത,വരുതിയിൽ പെടാത്ത,നിയന്ത്രിക്കാൻ ആകാത്ത,അടക്കിനിറുത്താൻ കഴിയാത്ത.
അനിയന്ത്രണീയ,–നിയന്ത്ര്യ [സം. അ–നിയന്ത്രണീയ,–നിയന്ത്ര്യ] വി. നിയന്ത്രിക്കാൻ ആകാത്ത.
അനിയന്ത്രിത [സം. –നിയന്ത്രിത] വി. നിയന്ത്രിക്കപ്പെടാത്ത.
അനിയമപരിവൃത്തം [സം. –നിയമ–പരിവൃത്ത] നാ. ഒരു കാവ്യദോഷം,നിയമം വേണ്ടാത്തിടത്ത് നിയമം ചെയ്യുന്നത്.
അനിയമം [സം. –നിയമ] നാ. 1.നിയമമില്ലായ്മ,നിയന്ത്രണമില്ലായ്മ; 2.ക്രമക്കേട്;സന്ദേഹം; 4.മര്യാദകേട്.
അനിയായം [പ.മ.] = അന്യായം.
അനിയുക്ത [സം. അ–നിയുക്ത] വി. നിയോഗിക്കപ്പെടാത്ത,നിയമിക്കപ്പെടാത്ത,ചുമതല ഏൽപ്പിക്കപ്പെടാത്ത.
അനിയുക്തൻ [സം.] നാ. ക്രമപ്രകാരം നിയമിക്കപ്പെട്ടിട്ടില്ലാത്തവൻ.
അനിർജ്ഞാത [സം. അ–നിർജ്ഞാത] വി. സമ്പൂർണമായി അറിയപ്പെടാത്ത.
അനിർണയനം [സം. –നിർണയ <നിർ–നീ] നാ. നിർണയനം ചെയ്യാതിരിക്കൽ.
അനിർദശാഹ [സം. –നിർദശ–അഹൻ] വി.(പ്രസവിച്ചിട്ടോ ബന്ധു മരിച്ചിട്ടോ) പത്തു ദിവസം കഴിയാത്ത,പുലകഴിയാത്ത.
അനിർദിഷ്ട [സം. –നിർദിഷ്ട<നിർ–ദിശ്]വി. നിർദേശിക്കപ്പെടാത്ത,നിർവചിക്കപ്പെടാത്ത.
അനിർദേശം [സം. –നിർദേശ] നാ. നിർദേശമില്ലായ്മ.
അനിർദേശ്യ [സം. –നിർദേശ്യ] വി.നിർദേശിക്കത്തക്കതല്ലാത്ത,നിർവചിക്കാനാകാത്ത.
അനിർധാരിത [സം. –നിർധാരിത] വി. നിർണയിക്കപ്പെടാത്ത,ക്ലിപ്തപ്പെടുത്താത്ത.

അനിർധാര്യ [സം. –നിർധാര്യ] വി..നിർണയിക്കാൻ കഴിയാത്ത,അങ്ങ്ഗീകരിക്കാനാകാത്ത.
അനിർമാല്യപൂജ [സം. –നിർമാല്യ–പൂജാ] നാ.(വിഷ്ണുവിനെ ഉദ്ദേശിച്ചുള്ള) മാനസികപൂജ.
അനിർല്ലോഡിത [സം. –നിർലോഡിത] വി. വേണ്ടവണ്ണം പര്യാലോചിക്കപ്പെടാത്ത.
അനിർവചനീയ [സം. –നിർവചനീയ] വി. 1.നിർവചിക്കാനാകാത്ത; 2.പറയാൻ കൊള്ളരുതാത്ത,പറഞ്ഞുകൂടാത്ത.
അനിർവചനീയൻ [സം. –നിർവചനീയ] നാ. പരമാത്മാവ്,ഈശ്വരൻ.
അനിർവചനീയം [സം.] നാ. മായ,അജ്ഞാനം,മായാകാര്യമായ പ്രപഞ്ചം.
അനിർവർണനം [സം. അ–നിർവർണന] നാ. നോക്കാതിരിക്കൽ.
അനിർവർത്തന [സം. –നിർവർതന] വി. പിന്തിരിയാത്ത,സ്ഥിരമായി പറ്റിപ്പിടിച്ചുനിൽക്കുന്ന,ഉപേക്ഷിക്കരുതാത്ത.
അനിർവർത്തി [സം. –നിർവർതിൻ] നാ. തിരിച്ചുവരാത്തവൻ.
അനിർവാച്യ [സം. –നിർവാച്യ< നിർ–വച്]നാ. അനിർവചനീയ.
അനിർവാണ [സം. –നിർ–വാന <വാ] വി. കെടാത്ത; 2.നിർവാണമടയാത്ത,മോക്ഷം പ്രാപിക്കാത്ത; 3.കുളിക്കാത്ത,കഴുകാത്ത.
അനിർവാഹം [സം. –നിർവാഹ] നാ. 1.നിർവഹിക്കായ്ക; 2.പൂർത്തിയാകായ്ക; 3.നിർണയത്തിലെത്തായ്ക; 4.വരുമാനം തികയായ്ക.
അനിർവിണ്ണ [സം. –നിർവിണ്ണ< നിർ–വിദ്] വി. നൈരാശ്യമില്ലാത്ത,തളർച്ചയില്ലാത്ത.
അനിർവൃത [സം. –നിർവൃത] വി. 1.തൃപ്തിയില്ലാത്ത; 2.സുഖമില്ലാത്ത,സ്വൈരംകെട്ട; 3.പൂർത്തിയാകാത്ത.
അനിർവൃതി [സം. –നിർവൃതി] നാ. 1.അസംതൃപ്തി;2.സുഖക്കേട്; 3.സങ്കടം; 4.ഉത്കണ്ഠ; 5.ദാരിദ്ര്യം.
അനിർവൃത്ത [സം. –നിർവൃത്ത [സം. –നിർവൃത്ത] വി. 1.സാധിക്കപ്പെടാത്ത,നിർവഹിക്കപ്പെടാത്ത; 2.പൂർണമാകാത്ത.
അനിർവേദം [സം. –നിർവേദ] നാ. 1.മനസ്സുമടുപ്പ് ഇല്ലായ്ക,നൈരാശ്യമില്ലായ്മ; 2.സ്വാശ്രയം,ധൈര്യം കൈക്കൊള്ളൽ.
അനിർവേശ [സം. –നിർവേശ] വി. 1.തൊഴിലില്ലാത്ത,ദിഃഖിതമായ; 2.പാപപരിഹാരം ചെയ്തിട്ടില്ലാത്ത,പ്രായശ്ചിത്തം ചെയ്യാത്ത. നാ. അനിർവേശം.
അനിർഹാര്യ [സം. –നിർഹാര്യ] വി. 1.പുറത്തേക്ക് എടുക്കാനാകാത്ത,എടുത്തുമാറ്റാൻ കഴിയാത്ത; 2.നശിപ്പിക്കാനാകാത്ത.
അനിരുക്ത [സം. –നിരുക്ത < നിർ–ഉക്ത <വച്] വി. 1.ശരിയായി ഉച്ചരിക്കപ്പെടാത്ത; 2.വ്യക്തമായി പ്രസ്താവിക്കപ്പെടാത്ത; 3.പറയാനാകാത്ത,നിർവചിക്കുവാൻ കഴിയാത്ത.
അനിരുദ്ധ [സം. –നിരുദ്ധ] വി. നിരോധിക്കപ്പെടാത്ത,അടക്കാൻ കഴിയാത്ത,സ്വതന്ത്രമായ.
അനിരുദ്ധൻ [സം.] നാ. 1.ചാരൻ; 2.ശ്രീകൃഷ്ണൻെറ പൗത്രൻ; 3.ശിവൻ; 4.വിഷ്ണു.
അനിരുദ്ധം [സം.] നാ. കയർ. (കാലികളെ കെട്ടുന്നത്).
അനിരൂപിത [സം. അ–നിരൂപിത] വി. നിർണയിച്ചിട്ടില്ലാത്ത.

അനിലകുമാരൻ [സം. അനില–കുമാര] നാ. ഹനുമാൻ.
അനിലക്ഷേത്രം [സം. –ക്ഷേത്ര] ഗുരുവായൂർ ക്ഷേത്രം.
അനിലഘ്നം [സം. –ഘ്ന] നാ. അനിലാന്തകം,താന്നി.
അനിലജൻ [സം. –ജ] നാ. = അനിലകുമാരൻ.
അനിലൻ [സം.] നാ. 1.വായു,വായുദേവൻ; 2.അഷ്ടവസുക്കളിൽ അഞ്ചാമൻ; 3.വിഷ്ണു; 4.മാലിക്കു വസുധയിലുണ്ടായ ഒരു പുത്രൻ.
അനിലനക്ഷത്രം [സം. അനില–നക്ഷത്ര] നാ. ചോതി.
അനിലബന്ധു, –സഖൻ [സം. –ബന്ധു,–സഖ < സഖി] നാ. അഗ്നി.
അനിലം [സം.] നാ. 1.ജനനം; 2.ഭയം; 3.ചോതിനക്ഷത്രം; 4.ത്രിദോഷങ്ങളിൽ ഒന്ന്.

അനിലയ [സം. അ–നിലയ] വി.
വീടില്ലാത്ത,നിലയനമില്ലാത്ത,വിശ്രമസ്ഥാനമില്ലാത്ത.
അനിലയനം [സം. –നിലയന] നാ. നിലയനമല്ലാത്തത്,വിശ്രമസ്ഥാനമല്ലാത്തത്.
അനിലാത്മജൻ [സം. അനില – ആത്മജ] നാ. =അനിലകുമാരൻ.
അനിലാമയം [സം. –ആമയ] നാ. 1.വായുക്ഷോഭം; 2.വാതരോഗം.
അനിലാശനൻ [സം. –അശന] നാ. പാമ്പ്.
അനിലാശി [സം. –അശിൻ] നാ. അനിലാശനൻ.
അനിലോഡിത [സം. അ–നിലോഡിത] വി. പരിചയമില്ലാത്ത.
അനിലോദ്ധൂത [സം. അനില – ഉദ്ധൂത] വി. കാറ്റടിച്ചുപറത്തിയ.
അനിവാരിത [സം. അ –നിവാരിത] വി.. തടയപ്പെടാത്ത.
അനിവാര്യ [സം. –നിവാര്യ] വി..
തടുക്കരുതാത്ത,എതിരിടാനാകാത്ത,ഒഴിവാക്കാനാകാത്ത.
73
അനിവൃത്ത [സം. –നിവൃത്ത] വി. പിൻവാങ്ങാത്ത,ധൈര്യമുള്ള.
അനിശം [സം. –നിശം] 'രാത്രിയില്ലാതെ.' അവ്യ . എല്ലായ്പ്പോഴും.
അനിശ്ചിത [സം. –നിശ്ചിത] വി. തീർച്ചപ്പെടുത്താത്ത,തീർച്ചയില്ലാത്ത.
അനിഷം = അനിഴം.
അനിഷിദ്ധ [സം. അ –നിഷിദ്ധ] വി.
നിഷേധിക്കപ്പെടാത്ത,തടയപ്പെടാത്ത,വിലക്കില്ലാത്ത.
അനിഷേധ്യ [സം. –നിഷേധ്യ] വി. നിഷേധിക്കാനാകാത്ത,തടയാനാകാത്ത.
അനിഷ്കൃത [സം. –നിഷ്കൃത] വി.
സ്ഥിരപ്പെടുത്താത്ത,പൂർത്തിയാക്കാത്ത,നിർണയിക്കപ്പെടാത്ത.
അനിഷ്ടഗ്രഹം [സം. അന്–ഇഷ്ട–ഗ്രഹ] നാ. (ജ്യോ.) പാപഗ്രഹം.
അനിഷ്ടം [സം. –ഇഷ്ട <ഇഷ്] നാ.
അപ്രിയം,വിപത്ത്,ഭാഗ്യദോഷം,ദുഃശകുനം,കുറ്റം.
അനിഷ്ടശങ്കി [സം. അനിഷ്ട–ശങ്കിൻ] വി. അനിഷ്ടത്തെ ശങ്കിക്കുന്ന.
അനിഷ്ടാപത്തി [സം. –ആപത്തി] നാ. അനിഷ്ടപ്രാപ്തി.
അനിഷ്ഠിത [സം. അ–നിഷ്ഠിത <നി–സ്ഥാ] വി. പൂർണമാകാത്ത,പണിതീർക്കാത്ത.
അനിഷ്ഠൂര [സം. –നിഷ്ഠൂര] വി. ക്രൂരതയില്ലാത്ത.

അനിഷ്ണ [സം. –നിഷ്ണ] വി. സാമർഥ്യമില്ലാത്ത.

അനിഷ്ണാത [സം. –നിഷ്ണാത] വി. അനിഷ്ണ.

അനിഷ്പത്തി [സം. –നിഷ്പത്തി <നിസ്–പദ്] നാ. 1.സിദ്ധിക്കായ്ക; 2.പൂർത്തിയാകായ്ക.

അനിഷ്പന്ന [സം. –നിഷ്പന്ന] വി. 1.ഉണ്ടാകാത്ത; 2.തെളിഞ്ഞിട്ടില്ലാത്ത.

അനിസൃഷ്ട [സം. –നി–സൃഷ്ട <സൃജ്] വി. 1.തള്ളപ്പെടാത്ത; 2.അനുമതി നൽകപ്പെടാത്ത.

അനിസ്തീർണ [സം. –നിസ്തീർണ] വി. 1.തരണം ചെയ്യാത്ത,കടക്കാത്ത; 2.നിരാകരിക്കപ്പെടാത്ത; 3.സമാധാനം നൽകപ്പെടാത്ത,നിഷേധിക്കപ്പെടാത്ത.

അനി ുത [സം. –നി ുത] വി. മറയ്ക്കപ്പെടാത്ത,നിഷേധിക്കാത്ത.

അനിഴം,അനുഷം,അനുഴം [പ്രാ. അനുലാഹാ < സം. അനുരാധാ] നാ. പതിനേഴാമത്തെ നക്ഷത്രം.

അനീകം [സം.] നാ. സേന.

അനീകസ്ഥൻ [സം. അനീക–സ്ഥ] നാ. 1.യോദ്ധാവ്; 2.ആനയെ പരിചരിക്കുന്നവൻ,ആനപ്പാപ്പാൻ.

അനീകസ്ഥം [സം.] നാ. 1.അനീകത്തിൽ (സൈന്യത്തിൽ) ചേർന്നത്,കാഹളം; 2.അടയാളം.

അനീകിനി [സം. അനീകിനീ] നാ. 1.സേന; 2.അനീകങ്ങളുടെ സങ്ഗം; 3.താമര.

അനീച [സം. അ–നീച] വി. 1.നീചമല്ലാത്ത,താണതല്ലാത്ത; 2.മാനിക്കത്തക്ക; 3.അനുദാത്തമല്ലാത്ത.

അനീഡ [സം. –നീഡ] വി. 1.കൂടില്ലാത്ത; 2.ദേഹമില്ലാത്ത.

അനീതി [സം. –നീതി] നാ. 1.നീതികേട്,അന്യായം,അധർമം,അക്രമം,തെറ്റായ പ്രവൃത്തി.

അനീദാ [സുറി..] നാ. മരിച്ചവർക്കുവേണ്ടിയുള്ള പ്രാർഥന.

അനീലവാജി [സം. അ–നീല–വാജിൻ] നാ. അർജുനൻ.

അനീശ [സം. –നിശ] വി. 1.നാഥനില്ലാത്ത,പ്രഭുവായ; 2.നാഥനല്ലാത്ത; 3.അസ്വതന്ത്രനായ.

അനീശൻ [സം. അന്–ഈശ] നാ. 1.വിഷ്ണു; 2.ശിവൻ.

അനീശ്വര [സം. –ഈശ്വര] വി. നാഥനില്ലാത്ത,ഈശ്വരനെ സംബന്ധിക്കാത്ത; നാസ്തികനായ;അധികാരമില്ലാത്ത,സ്വതന്ത്രമല്ലാത്ത.

അനീശ്വരൻ [സം.] നാ. നാസ്തികൻ.

അനീശ്വരം [സം.] നാ. പ്രപഞ്ചം.

അനീശ്വരവാദി [സം. അന്–ഈശ്വര–വാദിൻ] നാ. ഈശ്വരനില്ലെന്നി വാദിക്കുന്നവൻ,നാസ്തികൻ.

അനീഹ [സം. –ഈഹാ] വി. ആഗ്രഹമില്ലാത്ത,ഉദാസീനമായ.

അനീഹൻ [സം.] നാ. ആശയില്ലാത്തവൻ.

അനീഹിത [സം. അന്–ഈഹിത] വി. കാംക്ഷിക്കപ്പെടാത്ത,അപ്രിയമായ.

അനു– പിന്നാലെ,കൂടെ,അരികിൽ,പോലെ,തോറും,കുറവായി,സം ബന്ധിച്ച്,സദൃശമായിട്ട് ഇത്യാദ്യർഥങ്ങളെ കാണിക്കുന്ന ഒരു ഉപസർഗം.

അനുകഥനം [സം. അനു–കഥന] നാ. ഒരാളെയോ ഒന്നിനെയോ തുടർന്നു പറയൽ.

അനുകൻ [സം. –ക] നാ. കാമുകൻ.

അനുകമ്പ [സം. –കമ്പാ] നാ. ദയ,സഹാനുഭൂതി,കരുണരസം.

അനുകമ്പനം [സം. –കമ്പന] നാ. അനുകമ്പിക്കൽ,മറ്റൊന്നിൻെറ കമ്പനത്തെ അനുസരിച്ചുള്ള കമ്പനം.

അനുകമ്പനീയ [സം. –കമ്പനീയ] വി. അനുകമ്പ അർഹിക്കുന്ന.

അനുകമ്പി [സം. –കമ്പിൻ] നാ. കൃപയുള്ളവൻ.

അനുകമ്പിത [സം. –കമ്പിത] വി. അനുകമ്പ തോന്നിയ,ദയയ്ക്കു വിധേയനായ.

അനുകമ്പ്യൻ [സം. –കമ്പ്യ] 'അനുകമ്പ അർഹിക്കുന്നവൻ.' നാ. 1.ദൂതൻ; 2.സന്യാസി.

അനുകർത്തവ്യ [സം. –കർതവ്യ] വി. അനുകരണീയ.

അനുകർത്താവ് [സം. –കർതൃ] നാ. അനുകരിക്കുന്നവൻ,നടൻ.

അനുകർമം [സം. –കർമൻ] നാ. പ്രധാനകർമത്തെ തുടർന്നുള്ള കർമം.

അനുകർഷണം [സം. –കർഷണ <കൃഷ്] നാ. 1.തേരിൻെറ (വണ്ടിയുടെ)അടിത്തട്ട്,അച്ചുതടി; 2.പിന്നിലുള്ളതിനെ മുന്നോട്ട് വലിച്ചുകൊണ്ടുപോകൽ; 3.മന്ത്രംകൊണ്ടു വിളിക്കൽ,പിടിച്ചുവലിക്കൽ; 4.ഒരുതരം ആയുധം; 5.താമസിച്ചുള്ള കാര്യനിർവഹണം; 6.അർഥപൂർത്തിക്കായി ഉത്തരസൂത്രഭാഗം പൂർവസൂത്രത്തിലേക്ക് അന്വയിക്കുക.

അനുകർഷിക്കുക [< സം. അനു–കൃഷ്] ക്രി. 1.പിടിച്ചുവലിക്കുക; 2.മന്ത്രംകൊണ്ടു വിളിക്കുക.

അനുകര [സം. –കര] വി. അനുകരിക്കുന്ന.

അനുകരണം [സം. –കരണ] നാ. അനുകരിക്കൽ.

അനുകരൻ [സം. –കര] നാ. സഹായി.

അനുകരണീയ [സം. –കരണീയ] വി. അനുകരിക്കത്തക്ക.

അനുകരിക്കുക [<സം. അനു–കൃ] ക്രി. അന്യൻ ചെയ്യുന്നതുപോലെ ചെയ്യുക.

അനുകൽപം [സം. –കൽപ] നാ. 1.ഏകദേശം സദൃശമായത്; 2.പകരമായി കൽപിച്ചത്; (ശാസ്ത്രവിധി രണ്ടു പ്രകാരം ഉണ്ട്,പ്രധാനം (പ്രഥമകൽപം), അപ്രധാനം (അനുകൽപം). ഉദാ.ഔപാസനത്തിനു നെല്ലു മുഖ്യം (ഇതു പ്രഥമകൽപം),അതു കിട്ടിയില്ലെങ്കിൽ വരിനെല്ലു മതിയാകും (ഇത് അനുകൽപം); 3.സർവാങ്ഗയുക്തമായ കർമത്തിൽ നിന്ന് ഏതാനും കുറഞ്ഞ കർമം.

അനുകാമം [സം. –കാമം] അവ്യ . ഇച്ഛപോലെ. നാ. അനുരൂപമായ കാമം,യുക്തമായ ആഗ്രഹം.

അനുകാമീനൻ [സം. –കാമീന] നാ. ഇഷ്ടം പോലെ പ്രവർത്തിക്കുന്നവൻ.

അനുകാരം [സം. –കാര] നാ. അനുകരണം.

അനുകാരി [സം. –കാരിൻ] വി. 1.അനുകരിക്കുന്ന,അനുസരിക്കുന്ന; 2.നടിക്കുന്ന,സദൃശമായിരിക്കുന്ന.

അനുകാര്യ [സം. –കാര്യ] വി. 1.അനുകരിക്കത്തക്ക; 2.അഭിനയിക്കത്തക്ക.

അനുകാലം [സം. –കാലം] അവ്യ . കാലത്തിനു തക്കവണ്ണം,സന്ദർഭോചിതമായി.

അനുകീർത്തനം [സം. -കീർതന] നാ. 1.അറിയിക്കൽ; 2.പ്രസിദ്ധമാക്കൽ; 3.പുകഴ്ത്തൽ; 3.പുകഴ്ത്തൽ.

അനുകൂല1 [സം. -കൂല വി. 1.ഹിതമായ,ഇഷ്ടമായ; 2.തീരത്തിനൊത്ത; 3.ചേർച്ചയുള്ള; 4.സ്നേഹമുള്ള.

അനുകൂല2 [സം. -കൂലാ] നാ. 1.ഭർത്താവിനെ വഞ്ചിക്കാത്തവൾ; 2.ചെറിയദന്തി.

അനുകൂലത [സം. -കൂലതാ] നാ. 1.അനുസരണം; 2.വിരോധമില്ലായ്മ.

അനുകൂല [സം. -കൂല] നാ. വിശ്വാസ്യനായ ഭർത്താവ്,നായകന്മാർ നാലു വിധമുള്ളതിൽ ഒന്ന്. (ഒരുനായികയിൽ മാത്രം അനുരക്തൻ.)

അനുകൂലം [സം.] നാ. 1.ഒരു കാവ്യാലങ്കാരം; 2.യോജിച്ചവണ്ണം.

അനുകൂലശത്രു [സം. അനുകൂല-ശത്രു] നാ. ഇഷ്ടഭാവത്തിൽ അടുക്കുന്ന വിരോധി..

അനുകൂലി [സം. അനു-കൂലിൻ] നാ. അനുകൂലിക്കുന്ന ആൾ.

അനുകൂലിക്കുക [<സം. അനു-കൂല] ക്രി. അനുസരിക്കുക,യോജിക്കുക,ഹിതമായി പ്രവർത്തിക്കുക,സഹായിക്കുക.

അനുകൃത [സം. -കൃത] നാ. അനുകരിക്കപ്പെട്ട.

അനുകൃതി [സം. -കൃതി] നാ. അനുകരണം,പകർപ്പ്,ഹാസ്യാനുകൃതി.

അനുക്ത [സം. -ഉക്ത < വച്] വി. പറയപ്പെടാത്ത.

അനുക്തവാച്യം [സം. -വാച്യ] നാ. ഒരു കാവ്യദോഷം. (അവശ്യം പറയേണ്ടതു പറയാതിരിക്കൽ).

അനുക്തസിദ്ധം [സം. -സിദ്ധ] നാ. സ്വയം സിദ്ധമായിട്ടുള്ളത്.

അനുക്രകച [സം. -ക്രകച] വി. അറപ്പുവാൾ പോലെ പല്ലുകളുള്ള.

അനുക്രമണം [സം. -ക്രമണ] നാ. ക്രമം,മുറ,അനുക്രമിക്കൽ.

അനുക്രമണി(ക) [സം. -ക്രമണി(കാ)] നാ. വിഷയസൂചി..

അനുക്രമം [സം. -ക്രമ] വി. 1.ക്രമം അനുസരിച്ചുള്ളത്; 2.ശബ്ദാലങ്കാരങ്ങളിൽ ഒന്ന്.

അനുക്രമിക്കുക [<സം. അനു-ക്രമ്] ക്രി. അനുഗമിക്കുക,ക്രമമനുസരിക്കുക.

അനുക്രോശം [സം. -ക്രോശ] നാ. അനുകമ്പ,ദീനന്മാരെക്കുറിച്ചുള്ള മനസ്സലിവ്.

അനുക്ഷണം [സം. -ക്ഷണ] അവ്യ. ക്ഷണം തോറും,നിമിഷം തോറും,ഇടവിടാതെ,കൂടെക്കൂടെ.

അനിഖ്യാതാവ് [സം. -ഖ്യാതൃ] നാ. അറിയിക്കുന്നവൻ.

അനുഖ്യാതി [സം. -ഖ്യാതി] നാ. 1. (ദൂരെനിന്നുള്ള) കാഴ്ച; 2.അറിയിപ്പ്.

അനുഗ [സം. -ഗ] നാ. 1.അനുഗമിക്കുന്ന; 2.സാദൃശ്യമുള്ള.

അനുഗത [സം. -ഗത] വി. 1.പിന്തുടർന്ന; 2.ലബ്ധമായ; 3.സാദൃശ്യമുള്ള.

അനുഗതവ്യാഖ്യാനം [സം. അനുഗത-വ്യാഖ്യാന] നാ. മൂലഗ്രന്ഥത്തെ പദം പ്രതി വിവരിച്ച് ഉപപത്തി കാണിക്കുന്ന വ്യാഖ്യാനം.

അനുഗതാർഥ [സം. -അർഥ] വി. ചേർച്ചയുള്ളതോ എളുപ്പത്തിൽ കണ്ടുപിടിക്കാവുന്നതോ ആയ അർഥത്തോടു കൂടിയ.

അനുഗതി [സം. -ഗതി] നാ. 1.പിന്നാലെ പോക്ക്,പിന്തുടർച്ച; 2.അനുകരണം; 3.അനുമരണം.

അനുഗൻ [സം. -ഗ] നാ. ഭൃത്യൻ,കൂട്ടുകാരൻ.

അനുഗന്താവ് [സം. -ഗന്തൃ] നാ. അനുഗമിക്കുന്നവൻ.

അനുഗമനം [സം. -ഗമന] നാ. 1.പിന്തുടരൽ; 2.അനുകരണം; 3.സതിയനുഷ്ഠിക്കൽ; 4.അനുസരിക്കൽ,യോജിക്കൽ.
അനുഗമിക്കുക [<സം. അനു-ഗമ്] ക്രി. പിന്നാലെ പോകുക,പിന്തുടരുക. നാ. അനുഗമനം.
അനുഗമ്യ [സം. -ഗമ്യ] വി. അനുഗമിക്കത്തക്ക,അനുകരിക്കത്തക്ക.
അനുഗർജനം [സം. -ഗർജന] നാ. ഒന്നിനെ തുടർന്നുള്ള അലർച്ച,ഒപ്പമുള്ള അലർച്ച.
അനുഗർജിതം [സം. -ഗർജിത] നാ. അനുഗർജനം,മാറ്റൊലി.
അനുഗവീനൻ [സം. -ഗവീന] 'ഗോവിൻെറ പിന്നാലെ പോകുന്നവൻ.' നാ. മാട്ടിടയൻ.
അനുഗാദി [സം. -ഗാദിൻ] നാ. ഏറ്റുചൊല്ലുന്നവൻ,ആവർത്തിച്ചു പറയുന്നവൻ.
അനുഗാനം [സം. -ഗാന] നാ. പിൻപാട്ട്,ഏറ്റുപാടൽ.
അനുഗാമി [സം. -ഗാമിൻ] നാ. അനുഗമിക്കുന്നവൻ,പിന്തുടർച്ചക്കാരൻ. (സ്ത്രീ.) അനുഗാമിനി.
അനുഗാമീനൻ [സം. -ഗാമീന] നാ. ഒത്തവണ്ണം നടക്കുന്നവൻ.
അനുഗാമുക [സം. -ഗാമുക] നാ. പതിവായി അനുഗമിക്കുന്ന.
അനുഗായി [സം. -ഗായിൻ] നാ. അനുഗാനം ചെയ്യുന്നവൻ.
അനുഗിരം [സം. -ഗിര < ഗിരി] അവ്യ . ഗിരിയുടെ മുകളിൽ.
അനുഗീത1 [സം. -ഗീത] വി. തുടർന്നു പാടുന്ന.
അനുഗീത2 [സം.] നാ. മഹാഭാരതത്തിലെ ഒരു ഉപപർവം.
75
അനുഗീതം [സം.] നാ. അനുഗാനം.
അനുഗുണ [സം. അനു-ഗുണ] വി. തുല്യഗുണമുള്ള,ചേർച്ചയുള്ള.
അനുഗുണം1 [സം.] നാ. 1.ഒരു അർഥാലങ്കാരം.
അനുഗുണം2 [സം.] അവ്യ . ഗുണത്തിനനുസരിച്ച്,അനുരൂപമായി.
അനുഗൃഹീത [സം. അനു-ഗൃഹീത] വി. അനുഗ്രഹിക്കപ്പെട്ട,അനുഗ്രഹം സിദ്ധിച്ച.
അനുഗ്ര [സം. അന്-ഉഗ്ര] വി. ഉഗ്രമല്ലാത്ത.
അനുഗ്രഹകാതര [സം. അനുഗ്രഹ-കാതര] വി. അനുഗ്രഹിക്കുവാൻ താത്പര്യമുള്ള.
അനുഗ്രഹചക്രം [സം. -ചക്ര] നാ. സൗഭാഗ്യം മുതലായവയ്ക്കുവേണ്ടി എഴുതിയുണ്ടാക്കുന്ന യന്ത്രം.
അനുഗ്രഹണം [സം. അനു-ഗ്രഹണ] നാ. അനുഗ്രഹിക്കൽ.
അനുഗ്രഹം [സം. -ഗ്രഹ] നാ. 1.ദേവതയോ,ഗുരുജനമോ ഉത്കൃഷ്ടവ്യക്തിയോ നൽകുന്ന പ്രസാദം,ഉപകാരം,കാരുണ്യം; 2.മനുഷ്യശരീരത്തിൽ അദൃശ്യരായ ദേവതാദികളുടെ ആവേശം.
അനുഗ്രഹസർഗം [സം. -ഗ്രഹ-സർഗ] നാ. (സാംഖ്യ.) മനോവികാരങ്ങളുടെ സൃഷ്ടി.
അനുഗ്രഹിക്കുക [<സം. അനു-ഗ്രഹ്] ക്രി. 1.നന്മനേരുക,വരം കൊടുക്കുക,കനിയുക,പ്രസാദിക്കുക,പ്രീതികാണിക്കുക; 2.ദേവതാദികളുടെ ആവേശമുണ്ടാകുക.
അനുഗ്രാസകം [സം. -ഗ്രാസക] വായിൽ കൊള്ളുന്നത്ര (ചോറ് മുതലായവ).
അനുഗ്രാഹ്യ [സം. -ഗ്രാഹ്യ] വി. അനുഗ്രഹിക്കത്തക്ക.
അനുഘ്ലസം [സം. -ഘ്ലസം] അവ്യ. ദിവസംതോറും.
അനുചര [സം. -ചര] വി. കൂടെപ്പോകുന്ന.
അനുചരണം [സം. -ചരണ] നാ. പിന്തുടരൽ.

അനുചരൻ [സം.] നാ. കൂട്ടുകാരൻ,ഭൃത്യൻ (സ്ത്രീ.) അനുചരി.

അനുചരിക്കുക [<സം. അനു–ചര്] ക്രി. 1.പിന്തുടരുക; 2.സേവിക്കുക; 3.ചുറ്റിത്തിരിയുക,അലഞ്ഞുനടക്കുക.

അനുചരിതം [സം. –ചരിത] നാ. അനുചരിക്കപ്പെട്ടത്,സഞ്ചാരം,നടപ്പ്.

അനുചാരകൻ [സം. –ചാരക] നാ. അനുചാരി.

അനുചാരി [സം. –ചാരിൻ] 'പിന്നാലെ നടക്കുന്നവൻ.' നാ. ഭൃത്യൻ,ശിഷ്യൻ.

അനുചിത [സം. അന്–ഉചിത] വി. യോഗ്യമല്ലാത്ത,തെറ്റായ.

അനുചിതാർഥം [സം.– ഉചിത–അർഥ] നാ. ഉചിതമല്ലാത്ത അർഥം.

അനുചിന്തനം [സം. അനു–ചിന്തന] നാ. 1.ആവർത്തിച്ചുള്ള ചിന്ത,പര്യാലോചന; 2.ധ്യാനം,ഓർമിക്കൽ.

അനുചിന്തിക്കുക [<സം. അനു–ചിന്ത്] ക്രി.പര്യാലോചിക്കുക.

അനുചിന്ത്യ [സം. –ചിന്ത്യ] അവ്യ . അനുചിന്തനം ചെയ്തിട്ട്. വി.അനുചിന്തനം അർഹിക്കുന്ന.

അനുചാരകൻ [സം. അന്–ഉച്ചാരകൻ] നാ. ഉച്ചരിക്കാത്തവൻ,ഉച്ചാരണത്തിൽ വാക്കോ അക്ഷരമോ വിട്ടുകളയുന്നവൻ.

അനുച്ചാരണം [സം. –ഉച്ചാരണ] നാ. ഉച്ചരിക്കായ്ക.

അനിച്ഛരിത്തി [സം. –ഉച്ഛരിത്തി] നാ. നശിപ്പിക്കാതിരിക്കൽ.

അനുച്ഛരിഷ്ട [സം. –ഉച്ഛരിഷ്ട] വി. 1.ഉപയോഗിക്കപ്പെടാത്ത,പരിശുദ്ധമായ; 2.ശേഷിപ്പില്ലാത്ത.

അനുച്ഛേദം [സം. അനു–ഛേദ] നാ. വകുപ്പ്,ഖണ്ഡിക.

അനുച്ഛ്രിത [സം. –ഉച്ഛരിത്ര] വി. പൊക്കമില്ലാത്ത.

അനുജ1 [സം. അനു–ജ] വി. പിന്നാലെ ജനിച്ച.

അനുജ2 [സം. –ജാ] നാ. 1.ഇളയ സഹോദരി,അനുജത്തി; 2.ബ്രഹ്മി.

അനുജത്തി = അനുജ2.

അനുജൻ [സം. അനു–ജ] നാ. ഇളയസഹോദരൻ,അനിയൻ.

അനുജം [സം.] നാ. വീരപുണ്ഡരി,വരൾത്താമര.

അനുജന്മ [സം. അനു–ജന്മ] വി. പിന്നീടുണ്ടായ.അനുജന്മനക്ഷത്രങ്ങൾ = ജന്മനക്ഷത്രത്തിന്റെ പത്താമത്തെയും പത്തോമ്പതാമത്തെയും നക്ഷത്രങ്ങൾ. ഉദാ.അശ്വതിക്കു മകവും മൂലവും.

അനുജന്മാവ് [സം. –ജന്മൻ] നാ. അനുജൻ.

അനുജാത [സം. –ജാത] നാ. അനുജ.

അനുജിഘൃക്ഷ [സം. –ജിഘൃക്ഷ] നാ. അനുഗ്രഹിക്കുവാനുള്ള ഇച്ഛ.

അനുജിഘൃക്ഷു [സം. –ജിഘൃക്ഷു] നാ. അനുജിഘൃക്ഷയുള്ളവൻ.

അനുജീവനൻ,–ജീവി [സം. –ജീവന,–ജീവിൻ] നാ. സേവകൻ, ആശ്രയിച്ചു പാർക്കുന്നവൻ.

അനുജീവിക്കുക [<സം. അനു–ജീവ്] ക്രി. 1.ആശ്രയിച്ചു പാർക്കുക; 2.അനുകരിച്ചുജീവിക്കുക.

അനുജ്ഞ [സം. –ജ്ഞാ] നാ. 1.അനുവാദം (അനുജ്ഞാനം); 2.കൽപന,ആജ്ഞ; 3.യാത്രാനുമതി,വിട; 4.മാപ്പ്; 5.ഒരു അലങ്കാരം.

അനുജ്ഞപ്തി [സം. –ജ്ഞപ്തി] നാ. 1.അനുവാദം,കൽപന; 2.അധികാരപ്പെടുത്തൽ.

അനുജ്ഞാത [സം. –ജ്ഞാത] വി. 1.കൽപിക്കപ്പെട്ട,അനുവദിക്കപ്പെട്ട; 2.വിട നൽകപ്പെട്ട.
അനുജ്ഞാനം [സം. –ജ്ഞാന] നാ. അനുജ്ഞ.
അനുജ്ഞാപകൻ [സം. ജ്ഞാപക] നാ. കൽപന (അനുമതി) കൊടുക്കുന്നവൻ.
അനുജ്ഞാപനം [സം. –ജ്ഞാപന] നാ. അനുജ്ഞപ്തി.
അനുജ്ഞായകം [സം. –ജ്ഞായക] നാ. (വ്യാക.) സമ്മതം എന്ന വിശേഷാർഥത്തെ കുറിക്കുന്ന ക്രിയ.(പ്രകാരം നാലിവിധമുള്ളതിൽ നാലാമത്തേത്. ഉദാ. പോകാം,വരാം,കാണാം. ഇവിടെ –ആം എന്നത് അനുജ്ഞായകപ്രത്യയം.)
അനുജ്ഞേയ [സം. –ജ്ഞേയ] വി. അനുവദിക്കത്തക്ക.
അനുജ്യേഷ്ഠം [സം. –ജ്യേഷ്ഠ] അവ്യ. 1.മൂപ്പിൻെറ ക്രമമനുസരിച്ച്; 2.ജ്യേഷ്ഠനുപിമ്പേ.
അനുതപിക്കുക [<സം. അനു–തപ്] ക്രി. 1.പശ്ചാത്തപിക്കുക; 2.സഹതപിക്കുക,ദുഃഖിക്കുക.
അനുതപ്ത [സം. –തപ്ത] വി. 1.ചെയ്തതിനെ കുറിച്ചു ദുഃഖിച്ച; 2.ചൂടുപിടിപ്പിച്ച.
അനുതർഷം, –തർഷണം [സം. –തർഷ,–തർഷണ] നാ. 1.ദാഹം; 2.മദ്യപാനം; 3.പാനപാത്രം; 4.ആഗ്രഹം.
അനുതരം [സം. –തര] നാ. 1.കടത്തുകൂലി; 2.ചരക്ക്,കേവ്.

അനുതരിക്കുക [<സം. അനു–തൃ] ക്രി. (നദിയും മറ്റും) വിലങ്ങനെ കടക്കുക.
അനുതാപന [സം. –താപന] വി. 1.പശ്ചാത്താപം ഉളവാക്കുന്ന; 2.വേദനയുണ്ടാക്കുന്ന.
അനുതാപം [സം. –താപ] നാ. 1.പശ്ചാത്താപം; 2.ചൂട്; 3.സഹതാപം.
അനുതാപി [സം. –താപിൻ] നാ. പശ്ചാത്തപിക്കുന്നവൻ.
അനുതിലം [സം.–തിലം] അവ്യ . എള്ളുകീർമ്പോലെ,സൂക്ഷ്മമായി.
അനുത്തമ [സം. അന്–ഉത്തമ] വി. 1.ശിവൻ; 2.വിഷ്ണു; 3.അതിശ്രേഷ്ഠൻ.
അനുത്തര [സം. –ഉത്തര] വി. 1.ഉത്തമമായ; 2.പ്രധാനമായ; 3.മറുപടിപറയാത്ത,മൗനമായ; 4.തെക്കേദിക്കിലുള്ള; 5.കീഴ്ഭാഗത്തുള്ള; 6.ശ്രേഷ്ഠമല്ലാത്ത.
അനുത്തരങ്ഗ [സം. –ഉദ്–തരങ്ഗ] വി. 1.ഉറച്ച; 2.തിരയടിക്കാത്ത.
അനുത്ഥാനം [സം. –ഉത്ഥാന] നാ. 1.അധ്വാനമില്ലായ്മ,പ്രയത്നമില്ലായ്മ; 2.ഉയരായ്ക.
അരുത്ഥായി [സം. –ഉത്ഥായിൻ] നാ. എഴുന്നേൽക്കാത്തവൻ.
അനുത്പത്തി [സം. –ഉത്പത്തി] നാ. 1.ജനിക്കാതിരിക്കൽ,ജനനമില്ലായ്മ; 2.ഉണ്ടാകാതിരിക്കൽ.
അനുത്പന്ന [സം. –ഉത്പന്ന]വി.ഉണ്ടാകാത്ത,ജനിക്കാത്ത.
അനുത്സാഹം [സം. –ഉത്സാഹ] നാ. 1.ഉത്സാഹമില്ലായ്മ; 2.പ്രയത്നമില്ലായ്മ.
അനുത്സേകം [സം. –ഉത്സേക] നാ. ഗർവമില്ലായ്മ,വിനയം.
അനുദക [സം. –ഉദക] വി. 1.ജലമില്ലാത്ത; 2.ശ്രാദ്ധത്തിൽ നീരുകൊടുക്കാത്ത.
അനുദഗ്ര [സം. –ഉദഗ്ര] വി. 1.ഉയർന്നതല്ലാത്ത; 2.കൂർത്തതല്ലാത്ത,തീക്ഷ്ണമല്ലാത്ത.
അനുദർശനം [സം. അനു–ദർശന] നാ. പരിശോധന,പരിഗണന.
അനുദർശിക്കുക [<സം. അനു–ദൃശ്] ക്രി. അനുദർശനം ചെയ്യുക.
അനുദര [സം. അന്–ഉദര] വി. മെലിഞ്ഞ,വയറില്ലാത്ത.

അനുദാത്ത [സം. -ഉദാത്ത] വി. 1.ഉച്ചത്തിലല്ലാത്ത; 2.ലഘുവായ; 3.ചെറിയ.
അനുദാത്തം [സം.] നാ. സ്വരം മൂന്നുവിധമുള്ളതിൽ ഒന്ന്, ഉയർത്തിയോ താഴ്ത്തിയോ അല്ലാതെ സാധാരണഗതിയിൽ സംസാരിക്കപ്പെടുന്നത്. (ഉദാത്തം സ്വരിതം എന്നു മാറ്റു രണ്ട്.)
അനുദാര1 [സം. അന്-ഉദാര] വി. പിശുക്കുള്ള,ഔദാര്യമില്ലാത്ത.
അനുദാര2 [സം. അനു-ദാര] വി. 1.നല്ല ഭാര്യയോടുകൂടിയ; 2.ദാരങ്ങളാൽ (ഭാര്യയാൽ) അനുഗമിക്കപ്പെട്ട.
അനുദിത [സം. അന്-ഉദിത] വി. 1.ഉദിക്കാത്ത; 2.ഉദയത്തിനുമുമ്പുള്ള.
അനുദിനം [സം. അനു-ദിനം] അവ്യ . ദിവസം പ്രതി.
അനുദിശം [സം. -ദിശം < ദിശാ] അവ്യ . ദിക്കുതോറും.
അനുദൃഷ്ടി [സം. -ദൃഷ്ടി] നാ. ഇഷ്ടത്തോടുകൂടിയ നോട്ടം.
അനുദേശം [സം. -ദേശ] നാ. 1.കഴിഞ്ഞതിനെ ചൂണ്ടിക്കാണിക്കൽ; 2.മുൻ നിയമത്തെ ചൂണ്ടിക്കാണിക്കുന്ന പ്രമാണം; 3.വഴികാണിക്കൽ,നിർദേശം,നിയോഗം.
അനുദ്ധത [സം. അന്-ഉദ്ധത] വി. 1.അഹങ്കാരമില്ലാത്ത; 2.ഉയർത്തപ്പെടാത്ത; 3.മുഴങ്ങുന്ന ശബ്ദങ്ങൾ ഇല്ലാത്ത.
അനുദ്ധരണം, -ഉദ്ധാരണം [സം. -ഉദ്ധരണ,-ഉദ്ധാര] നാ. എടുത്തു ചേർക്കാതിരിക്കൽ,മാറ്റാതിരിക്കൽ.
അനുദ്ഭട [സം. -ഉദ്ഭട] വി. 1.ശക്തിയില്ലാത്ത; 2.ധൈര്യമില്ലാത്ത; 3.ഉന്നതമല്ലാത്ത.
അനുദ്ഭൃത [സം. -ഉദ്ഭൃത] വി. ഭാരം കയറ്റാത്ത.
അനുദ്യത [സം. -ഉദ്യത] വി. ഉദ്യമിക്കാത്ത,മടിയുള്ള.
അനുദ്യൂതം [സം. അനു-ദ്യൂത] നാ. തുടർന്നുള്ള ചൂതുകളി.
അനുദ്യോഗ [സം. അന്-ഉദ്യോഗ] വി. 1.പരിശ്രമിക്കാത്ത; 2.ഉദ്യോഗമില്ലാത്ത.
അനുദ്യോഗസ്ഥൻ [സം. -ഉദ്യോഗസ്ഥ] നാ. ഉദ്യോഗസ്ഥനല്ലാത്തവൻ. (പ്ര.) അനുദ്യോഗസ്ഥാങ്ഗം.

അനുദ്രുത [സം. അനു-ദ്രുത] വി. പിന്തുടർന്ന,പിറകേ ചെന്ന.
അനിദ്വാഹം [സം. അന്-ഉദ്വാഹ] നാ. ബ്രഹ്മചര്യം.
അനുദ്വിഗ്ന [സം. -ഉദ്വിഗ്ന] വി. പരിഭ്രമിക്കാത്ത.
അനുദ്വേഗം [സം. -ഉദ്വേഗ] നാ. ഉത്കണ്ഠയോ ഭയമോ ഇല്ല്ലായ്ക.
അനുധാവനം [സം. അനു-ധാവന] നാ. 1.പിന്നാലെയുള്ള ഓട്ടം,പിന്തുടരൽ; 2.എന്തിനെങ്കിലും വേണ്ടി തുടർച്ചയായി യത്നിക്കൽ.
അനുധ്യാനം [സം. -ധ്യാന] നാ. 1.തുടർച്ചയായ ധ്യാനം; 2.സ്മരണ.
അനുധ്യേയ [സം. -ധ്യേയ] നാ. അനുധ്യാനം ചെയ്യത്തക്ക.
അനുനന്ദിക്കുക [<സം. അനു-നന്ദ്] ക്രി. ആസ്വദിക്കുക,ലാളിക്കുക.
അനുനയം [സം. -നയ <നീ] നാ. 1.വശപ്പെടുത്തൽ; 2.ഉപചാരം; 3.അഭ്യർഥന; 4.അച്ചടക്കം.
അനുനയിക്കുക [<സം. അനു-നീ] ക്രി. 1.വശപ്പെടുത്തുക; 2.ശിക്ഷണം കൊടുക്കുക.
അനുനാദം [സം. -നാദ] നാ. മാറ്റൊലി.
അനുനാദിത [സം. -നാദിത] വി. മാറ്റൊലികൊണ്ട.

അനുനായക [സം. –നായക] വി. അനുനയിക്കത്തക്ക,വിനയമുള്ള,കീഴൊതുങ്ങുന്ന.
അനുനാസികം [സം. –നാസിക] നാ. വായിലൂടെയെന്നപോലെ മൂക്കിൽക്കൂടിയും ശ്വാസം നിസ്സരിപ്പിച്ച് ഉച്ചരിക്കുന്ന വർണം. ഉദാ.വർഗപഞ്ചമങ്ങൾ.
അനുനാസികാതിപ്രസരം [സം. –നാസിക–അതിപ്രസര] നാ. അനുനാസികം തൊട്ടുപിന്നാലേ വരുന്ന ഖരത്തെക്കൂടി അനുനാസികമാക്കി മാറ്റുന്ന ഭാഷാനയം. ഉദാ. അടങ്കൽ >അടങ്ങൽ.
അനുനിമിഷം [സം. –നിമിഷം] അവ്യ . നിമിഷം തോറും.
അനുനീതി [സം. –നീതി] നാ. അനുനയം.
അനുനേയ [സം. –നേയ] വി. അനുനയിക്കത്തക്ക.
അനുപചയം [സം. അന്–ഉപചയ] നാ. (ജ്യോ.) ലഗ്നം രണ്ട് നാല് അഞ്ച് ഏഴ് എട്ട് ഒമ്പത് പന്ത്രണ്ട് എന്നീ ഭാവങ്ങൾ.
77
അനുപതനം [സം. അനു–പതന] നാ. പിന്തുടരൽ,ആക്രമിക്കൽ.
അനുപതിക്കുക [<സം. അനു–പത്] 'കൂടെ വീഴുക.' ക്രി. 1.പിന്നാലെ ഓടുക,പിന്തുടരുക; 2.പായുക; 3.ആക്രമിക്കുക.
അനുപഥം [സം. –പഥ] അവ്യ . വഴിയിൽക്കൂടി,വഴിയേ,വഴിനീളെ.
അനുപദ [സം. –പദ] വി. വാക്കിനുവാക്ക് എന്ന രീതിയിലുള്ള,പദാനുപദമായ.
അനുപദം [സം.] അവ്യ. അടിക്കടി,ഓരോ ചുവടുവയ്പ്പിലും തൊട്ടുപുറകിലായി.
അനുപദി [സം. അനു–പദിൻ] നാ. അന്വേഷകൻ.
അനുപദിഷ്ട [സം. അന്–ഉപദിഷ്ട] വി. ഉപദേശിക്കപ്പെടാത്ത,അഭ്യസിക്കപ്പെടാത്ത.
അനുപദീന [സം. –പദീനാ] നാ. 1.മൂടിച്ചെരുപ്പ്,(ങ്ങഗങ്ങഗന്ധനഥ); 2.മെതിയടി.
അനുപധ [സം. അന്–ഉപധ] വി. 1.ഉപധയില്ലാത്ത,ചതിയില്ലാത്ത; 2.ഉപധാക്ഷരമില്ലാത്ത.
അനുപധി [സം. –ഉപധി] വി. നിർവ്യാജമായ.
അനുപനീതൻ [സം. –ഉപനീത] നാ. ഉപനയം കഴിയാത്തവൻ.
അനുപപത്തി [സം. –ഉപപത്തി] നാ. പൊരുത്തമില്ലായ്മ,ചേർച്ചയില്ലായ്മ,യുക്തിയില്ലായ്മ.
അനുപപന്ന [സം. –ഉപപന്ന] വി. അനുയുക്തമായ, അയോഗ്യമായ, അപ്രസക്തമായ, തെളിയിക്കപ്പെടാത്ത.
അനുപഭുക്ത [സം. –ഉപഭുക്ത] വി. അനുഭവിക്കപ്പെടാത്ത.
അനുപമ1 [സം. –ഉപമ] വി. തുല്യതയില്ലാത്ത,മെച്ചപ്പെട്ട.
അനുപമ2 [സം. –ഉപമാ] നാ. അതുല്യയായവൾ,കുമുദനെന്ന ദിഗ്ഗജത്തിൻെറ പിടി.
അനുപമിത [സം. –ഉപമിത] വി. ഉപമിക്കപ്പെടാൻ ആകാത്ത,അത്യന്തം ഉത്കൃഷ്ടമായ.

അനുപയുക്ത [സം. –ഉപയുക്ത] വി. ഉപയുക്തമല്ലാത്ത,ഉപയോഗിക്കപ്പെടാത്ത,ചേർച്ചയില്ലാത്ത.
അനുപരത [സം. –ഉപരത] വി. 1.അവസാനിക്കാത്ത,മരിക്കാത്ത; 2.തടയപ്പെടാത്ത.
അനുപലബ്ധ [സം. –ഉപലബ്ധ] വി. ഉപലഭിക്കാത്ത,കാണാത്ത,കിട്ടാത്ത.

അനുപലബ്ധി [സം. -ഉപലബ്ധി] നാ. അപ്രത്യക്ഷം,(പ്രത്യക്ഷാദിയുടെ)അഭാവം.
അനുപല്ലവി [സം. അനു-പല്ലവീ] നാ. (സങ്ഗീ.) പല്ലവി കഴിഞ്ഞാൽ അടുത്ത ഭാഗം,ചരണത്തിനു തൊട്ടുമുമ്പിൽ ഉള്ളത്.
അനുപവീതി [സം. അന്-ഉപവീതിൻ] നാ. ഉപവീതം (പൂണുനൂൽ) ധരിക്കാത്തവൻ.
അനുപശയം [സം. -ഉപശയ] നാ. 1.ശമിപ്പിക്കാത്തത്,വർധിപ്പിക്കുന്നത്; 2.(ആയുർ.) രോഗം വർധിപ്പിക്കുന്നത്. (അപഥ്യഭക്ഷണം,അധ്വാനം എന്നിവപോലെ).
അനുപശ്യ1 [സം. അനു-പശ്യ] വി. നോക്കിക്കൊണ്ടിരിക്കുന്ന.
അനുപശ്യ2 [സം. അനു-പശ്യ] അവ്യ. നോക്കിയിട്ട്.
അനുപസ്കൃത [സം. അന്-ഉപസ്കൃത] വി. 1.ഒരുക്കപ്പെടാത്ത,തേച്ചുമിനുക്കാത്ത; 2.അകൃത്രിമമായ; 3.പാകം ചെയ്യാത്ത.
അനുപസ്ഥിത [സം. -ഉപസ്ഥിത] വി. 1.സമീപത്തല്ലാത്ത; 2.നിലവിലില്ലാത്ത. നാ. അനുപസ്ഥിതി.
അനുപാതകം [സം. -പാതക] നാ. മോഷണം,വ്യഭിചാരം തുടങ്ങിയ നിന്ദ്യകർ മങ്ങൾ.
അനുപാതം [സം. അനു-പാത] 'കൂടെ വീഴൽ.' നാ. 1.പിന്തുടരൽ,പറക്കൽ; 2.ക്രമത്തിനുള്ള പോക്ക്; 3.(ഗണിത.) രണ്ട് അംശബന്ധങ്ങൾക്കു തമ്മിലുള്ള സമാനത (തുല്യത).
അനുപാദേയ [സം. അന്-ഉപാദേയ] വി. സ്വീകരിക്കുവാൻ സാധ്യമല്ലാത്ത.
അനുപാധിശേഷം [സം. -ഉപാധി-ശേഷ] നാ. (ബുദ്ധ.) പരിനിർവാണം. (ഉപാധിശേഷം,അനുപാധിശേഷം എന്നു നിർവാണം രണ്ടു വിധം; ഒന്നാമത്തേതിൽ കാമാദികൾ നശിക്കുന്നു,രണ്ടാമത്തെതിൽ അവയ്ക്കു പുറമെ ശരീരവും.)
അനുപാനം [സം. അനു-പാന] നാ. മരുന്നു സേവിച്ചതിനു പിമ്പോ,സേവിച്ചശേഷമോ കഴിക്കുന്ന വസ്തു,മേമ്പൊടി.
അനുപാലനം [സം. -പാലന] നാ. 1.രക്ഷണം; 2.സൂക്ഷിക്കൽ.
അനുപാസ്യ [സം. അന്-ഉപാസ്യ] വി. ഉപാസിക്കത്തക്കതല്ലാത്ത.
അനുപുരുഷൻ [സം. അനു-പുരുഷ] നാ. പിന്നാലെ ചെല്ലുന്നവൻ,അനുഗൻ.
അനുപൂർവ [സം. -പൂർവ] അവ്യ . മുമ്പിലത്തേതിനെ മുറയ്ക്കു തുടർന്നുള്ള.
അനുപൂർവ്യ [സം. -പൂർവ്യ] വി. പൂർവത്തെ അതിക്രമിക്കാത്ത,മുറയ്ക്കുള്ള.
അനുപൂരക [സം. -പൂരക] വി. 1.ചേർന്നുപൂരിപ്പിക്കുന്ന; 2.പൂർണമാക്കുന്ന.
അനുപൃഷ്ടം [സം. -പൃഷ്ടം] അവ്യ . ഒന്നിനുപിന്നിൽ മറ്റൊന്നായി.
അനുപേക്ഷണീയ [സം. അന്-ഉപേക്ഷണീയ] വി. ഉപേക്ഷിക്കത്തക്കതല്ലാത്ത.
അനുപേത [സം. -ഉപേത] വി. 1.കൂടെയുള്ളതല്ലാത്ത; 2.ഉപനയം കഴിക്കാത്ത.
അനുപ്ത [സം. -ഉപ്ത] വി. വിതയ്ക്കപ്പെടാത്ത.
അനുപ്രകൃതി [സം. -പ്രകൃതി] നാ. ഉപമന്ത്രി,മന്ത്രിയുടെ സഹായിയായ അധികാരി.
അനുപ്രദാനം [സം. അനു-പ്രദാന] നാ. 1.സമ്മാനം; 2.(വ്യാക.) വർണങ്ങളുടെ ശ്രുതിഭേദങ്ങളിൽ ഒന്ന്.
അനുപ്രയോഗം [സം. -പ്രയോഗ] നാ. 1.കൂടെയുള്ള പ്രയോഗം,പിന്നെയും പിന്നെയും ചെയ്യൽ; 2.(വ്യാക.)ഒരു ധാതുവിനെ സഹായിക്കാൻ അതിനുപിന്നാലേ പ്രയോഗിക്കുന്ന മറ്റൊരു ധാതു. ഉദാ. പോയ്ക്കളഞ്ഞു. ('കളഞ്ഞു.' അനുപ്രയോഗം).
അനുപ്രവചനം [സം. -പ്രവചന] നാ. ഗുരു ചൊല്ലിക്കൊടുക്കുന്നത് കേട്ട് ആവർത്തിച്ചു ചൊല്ലിപ്പഠിക്കൽ.

അനുപ്രവിഷ്ട [സം. -പ്രവിഷ്ട] വി. അനുപ്രവേശം ചെയ്ത.

അനുപ്രവേശം [സം. -പ്രവേശ] നാ. 1.അടുത്തതിന്നടുത്ത വീട്; 2.അനുകരണം; 3.കയ്യേറ്റം.

അനുപ്രവേശിക്കുക [<സം. അനു-പ്ര-വിശ്] ക്രി. 1.ഒപ്പം പ്രവേശിക്കുക,2.പരിചിതഭാവത്തിൽ സംഭാഷണത്തിലേർപ്പെടുക; 3.അനുകരിക്കുക.

അനുപ്രശ്നം [സം. -പ്രശ്ന] നാ. തുടർന്നുള്ള ചോദ്യം.

അനുപ്രസക്ത [സം. -പ്രസക്ത] വി. വീതിക്കുള്ള,ഇരുഭാഗത്തോടും വ്യാപിച്ചിരിക്കുന്ന.

അനുപ്രാണിത [സം. -പ്രാണിത] വി. പ്രാണൻ നൾകിയ,സഹായിച്ച.

അനുപ്രാപ്തി [സം. -പ്രാപ്തി] നാ. 1.പ്രാപിക്കൽ,ചെന്നുചേരൽ.

അനുപ്രാസം [സം. -പ്രാസ] നാ. ഒരു ശബ്ദാലങ്കാരം.(വ്യഞ്ജനങ്ങൾ ആവർത്തിക്കുന്നത്.)

അനുപ്ലവിക്കുക [സം. അനു-പ്ലു] ക്രി. 1.പിന്നിൽനിന്നു തള്ളിക്കയറുക; 2.പിന്തുടർന്ന് ഒഴുകുക.

അനുബദ്ധ [സം. -ബദ്ധ] വി. 1.കൂട്ടിച്ചേർത്ത,സംബന്ധിച്ച; 2.പിന്തുടർന്നുവരുന്ന; 3.കടപ്പെട്ട.

അനുബന്ധക [സം. -ബന്ധക] വി. അനുബന്ധിച്ചിട്ടുള്ള.

അനുബന്ധചതുഷ്ടയം [സം. അനുബന്ധ-ചതുഷ്ടയ] നാ. പ്രതിപാദ്യവിഷയത്തിലെ അടിസ്ഥാനഘടകങ്ങളായ വിഷയം,പ്രയോജനം,സംബന്ധം,അധികാരി എന്നീ നാലിനും കൂടി പറയുന്ന പേർ.

അനുബന്ധൻ [സം. അനു-ബന്ധ] നാ. 1.ശിഷ്യൻ; 2.അച്ഛനമ്മമാരടക്കമുള്ള ഗുരുക്കന്മാരെ അനുസരിക്കുന്ന കുട്ടി.

അനുബന്ധം [സം.] നാ. 1.കൂട്ടിച്ചേർക്കൽ,കൂട്ടിച്ചേർത്ത ഭാഗം; 2.തടസ്സം; 3.പിന്തുടർച്ച; 4.ബന്ധം; 5.നിസ്സാരാംശം; 6.പ്രകൃതിപ്രത്യയാദിയിൽ ലോപവിധികൊണ്ടു നശിക്കുന്ന അംശം; 7.ഇടപാട്; 8.അവസാനം; 9.ദോഷസംഭവം; 10. (രോഗത്തിൻെറ)അപ്രധാനലക്ഷണങ്ങൾ.

അനുബന്ധഷഡ്വർഗം [സം. അനുബന്ധ-ഷഡ്വർഗ] നാ. ധനം സംബന്ധിച്ച ആറുതരം ആപത്തുകൾ.

അനുബന്ധി [സം. -ബന്ധിൻ] വി. ബന്ധമുള്ള,ചേർന്നിരിക്കുന്ന. നാ. 1.ദാഹം; 2.ഇക്കിൾ.

അനുബന്ധിക്കുക [<സം. അനു-ബന്ധ്] ക്രി. കൂട്ടിത്തൊടുക്കുക,ചേർന്നിരിക്കുക.

അനുബന്ധീഭൂതം [സം. -ബന്ധീ-ഭൂത] നാ. (വ്യാക.) ഭൂതകാലത്തിൻെറ ഒരു വകഭേദം.

അനുബന്ധ്യ [സം. -ബന്ധ്യ] വി. 1.പ്രധാനപ്പെട്ട; 2.കൊല്ലപ്പെടേണ്ട.

അനുബന്ധ്യം [സം.] നാ. യാഗപശു.

അനുബിംബം [സം. -ബിംബ] നാ. നിഴൽ,പ്രതിച്ഛായ.

അനുബിംബിക്കുക [<സം. അനു-ബിംബ്] ക്രി. നിഴലിക്കുക.

അനുബോധനം [സം. -ബൊധന] നാ. ഓർമിപ്പിക്കൽ.

അനുബോധം [സം. -ബോധ] നാ. 1.ഓർമ; 2.ഉത്തരചിന്ത.

അനുഭവ [സം. -ഭവ < ഭൂ] വി. പിന്നീടുണ്ടായ.

അനുഭവം [സം. -ഭവ] നാ. 1.നേരിട്ടുണ്ടാകുന്ന ബോധം,ജീവിതത്തിൽ നേരിടേണ്ടി വന്ന കാര്യങ്ങളെക്കുറിച്ചുള്ള അറിവ്,ധാരണ; 2.പരീക്ഷണനിരീക്ഷണങ്ങൾകൊണ്ട് സദ്ധിച്ച ജ്ഞാനം; 3.പ്രവൃത്തിപരിചയം; 4.ഭൂസ്വത്തു മുതലായവ കൈവശം വച്ചു ഫലമെടുക്കൽ;

5.ശമ്പളം,പ്രതിഫലം,ശമ്പളത്തിനുപുറമേയുള്ള ആദായം; 6.അനുഭോഗം; 7.ഫലം,ഗുണദോഷാദികൾക്കുപാത്രമാകൽ,സ്ഥാനമോ ശിക്ഷയോ; 8.സുഖദുഃഖാദികൾക്കു പാത്രമാകൽ.

അനുഭവനീയ [സം. -ഭവനീയ] വി. അനുഭവിക്കത്തക്ക.

അനുഭവപ്പെടുക [സം. അനുഭവ-മ.പെടുക] ക്രി. അനുഭവത്തിൽ വരിക.

അനുഭവരസികൻ [സം. -രസിക] നാ. അനുഭവത്തിൽ രസിക്കുന്നവൻ,സഹൃദയൻ.

അനുഭവസിദ്ധ [സം. -സിദ്ധ] വി. അനുഭവംകൊണ്ടു നേടിയ.

അനുഭവസ്ഥൻ [സം. -സ്ഥ] നാ. അനുഭവം കൊണ്ട് അറിഞ്ഞവൻ.

അനുഭവിക്കുക [സം. -ഭൂ] ക്രി. അനുഭവപ്പെടുക; അനുഭവത്തിനു വിധേയമാക്കുക.

അനുഭവ്യ -ഭവനീയ [സം. -ഭവ്യ, -ഭവനീയ] വി. അനുഭവിക്കാൻ തക്ക.

അനുഭാവക [സം. -ഭാവക] വി. 1.അറിയിക്കുന്ന; 2.അനുഭവിപ്പിക്കുന്ന.

അനുഭാവനം [സം. -ഭാവന] നാ. അഭിപ്രായസൂചനം.

അനുഭാവം [സം. -ഭാവ] നാ. 1.മനോവികാരങ്ങളെ പുറത്തറിയിക്കുന്ന ചേഷ്ടാവിശേഷം,ഭാവബോധനം; 2.സജ്ജനങ്ങളുടെ ബുദ്ധിനിശ്ചയം; 3.പ്രഭാവം; 4.അനുകൂലമായ മനോഗതി.

അനുഭാവി [സം. -ഭാവിൻ] നാ. അനുഭാവമുള്ളവൻ.

അനുഭാഷണം [സം. -ഭാഷണ] നാ. 1.പറഞ്ഞതുതന്നെ പിന്നെയും പറയൽ; 2.ചേർന്നുപറച്ചിൽ.

അനുഭൂത [സം. -ഭൂത] വി. അനുഭവിച്ച,അറിഞ്ഞ,ആസ്വദിച്ച.

അനുഭൂതി [സം. -ഭൂതി] നാ. 1.അനുഭവം; 2.പ്രത്യക്ഷജ്ഞാനം (പ്രത്യക്ഷം,അനുമതി,ഉപമിതി,ശബ്ദം ഇവനാലുമത്രെ അനുഭൂതിചതുഷ്ടയം).

അനുഭൂയ [സം. -ഭൂയ] അവ്യ. അനുഭവിച്ചിട്ട്.

അനുഭോക്താവ് [സം. -ഭോക്തൃ] നാ. അനുഭവിക്കുന്ന ആൾ,ഉപഭോക്താവ്.

അനുഭോഗം [സം. -ഭോഗ] നാ. 1.അനുഭവം,ആസ്വാദനം; 2.സേവനത്തിനു പ്രതിഫലമായി ഇനാം നൽകുന്ന ഭൂമി..

അനുഭോഗഇറയിലി [സം. അനുഭോഗ-മ. ഇറ-ഇലി] നാ. കരമൊഴിവായ അനുഭോഗവസ്തു.

അനുഭോഗവിരുത്തി [സം. അനുഭോഗ -ന. വിരുത്തി] നാ. നാമമാത്രമായി നികുതി ചുമത്തി അനുഭവത്തിനു കൊടുക്കുന്ന വസ്തു.

അനുഭ്രാതാവ് [സം. അനു-ഭ്രാതൃ] നാ. ഇളയ സഹോദരൻ.

അനുമത [സം. -മത] വി. അങ്ഗീകരിച്ച; 2.ഇഷ്ടപ്പെട്ട; 3.സമ്മതമായ,ഹൃദ്യമായ.

അനുമതൻ [സം.] നാ. ഇഷ്ടൻ,കാമുകൻ,സമ്മതൻ.

അനുമതം [സം.] നാ. സമ്മതം,ഇഷ്ടപ്പെട്ടത്,അങ്ഗീകാരം.

അനുമതി [സം. അനു-മതി] നാ. 1.സമ്മതം,മൗനാനുമതി; 2.അങ്ഗീകാരം; 3.പ്രഥമ മുതൽ പതിനാലാം ദിവസം വരുന്ന വെളുത്ത വാവ്.

അനുമതിക്കുക [<സം. അനു-മന്] ക്രി.. അനുവദിക്കുക.

അനുമൻ (പ.മ.) = ഹനുമാൻ.



അനുമനനം [അനു-മനന] നാ. സമ്മതിക്കൽ,അനുമതി.

അനുമന്താവ് [സം. -മന്തൃ] നാ. അനുമതി നൽകുന്നവൻ.

അനുമന്ത്രിക്കുക [<സം. അനു-മന്ത്ര്] ക്രി. അനുഗ്രഹിച്ചു പറഞ്ഞയക്കുക.

അനുമരണം [സം. -മരണ] നാ. ഉടന്തടിചട്ടം,സതിയനുഷ്ഠിക്കൽ.

അനുമാതാവ് [സം. -മാതൃ] നാ. ഊഹിക്കുന്നവൻ.

അനുമാത്രം [സം. -മാത്രം] അവ്യ . മാത്രതോറും,നിമിഷം തോറും.

അനുമാനം [സം. -മാന] നാ. 1.(തർക്ക.) ഊഹം,ആറുപ്രമാണങ്ങളിൽ ഒന്ന്,പ്രത്യക്ഷമായ ഒരു വസ്തുവിൽനിന്ന് അപ്രത്യക്ഷമായ ഒന്നിനെ ഊഹിക്കുന്നത്; 2.ഒരു അർഥാലങ്കാരം.

അനുമാനവിവേചനം [സം. അനുമാന-വിവേചന] നാ. (തർക്ക.) നിഗമനാനുവാദം,നിഗമനയുക്തി.

അനുമാനിക്കുക [<സം. അനു-മാന്] ക്രി.. ഊഹിക്കുക.

അനുമാപക [സം. -മാപക] വി. അനുമാനത്തിനു ഹേതുവായ.

അനുമാർഗണം [സം. -മാർഗ] നാ. അന്വേഷണം.

അനുമാർഗം [സം. -മാർഗം] അവ്യ .വഴിയേ,വഴിമധ്യേ.

അനുമാസം [സം. -മാസം] അവ്യ .മാസം തോറും.

അനുമിക്കുക [<സം.അനു-മാ] ക്രി. അനുമാനിക്കുക.

അനുമിത [സം. -മിത] വി. അനുമിക്കപ്പെട്ട,ഊഹിച്ച.

അനുമിതി [സം. -മിതി] നാ. അനുമാനം.

അനുമേയ [സം. -മേയ] വി. അനുമിക്കത്തക്ക,അനുമിക്കേണ്ട.

അനുമോദം [സം. -മോദ] നാ. കൂടെയുള്ള സന്തോഷം.

അനുമോദനം [സം. -മോദന] നാ. കൂടെ സന്തോഷിക്കൽ.

അനുമോദിക്കുക [<സം. അനു-മുദ്] ക്രി. കൂടെ സന്തോഷിക്കുക,അഭിനന്ദിക്കുക.

അനുമോദിത [സം. -മോദിത] വി. അനുമോദിക്കപ്പെട്ട.

അനുയവം [സം. -യവ] നാ. പടുതുവര,കുറുയവം.

അനുയാജം [സം. -യാജ] നാ. യജ്ഞാങ്ഗം.

അനുയാത [സം. -യാത] വി. കൂടെപ്പോയ,അനുഗമിച്ച.

അനുയാതാവ് [സം. -യാതൃ] നാ. അനുചരൻ,കൂട്ടുകാരൻ.

അനുയാത്ര [സം. -യാത്രാ] നാ. ബഹുമാനമുള്ളവരെ യാത്രയാക്കുമ്പോൾ കൂടെ പോകൽ,ആചാരപൂർവകം പിറകെ യാത്രചെയ്യൽ.

അനുയാത്രം [സം.] നാ. പരിവാരം,യാത്രയ്ക്കുവേണ്ടത്.

അനുയാത്രികൻ [സം. അനു-യാത്രിക] നാ. കൂടെപോകുന്നവൻ.

അനുയാനം [സം. -യാന] നാ. അനുയാത്ര.

അനുയായി [സം. -യായിൻ] നാ. 1.അനുചരൻ,കൂട്ടുകാരൻ; 2.ഒരു ആചാര്യനെ അനുസരിക്കുന്നവൻ. (സ്ത്രീ.) അനുയായിനി.

അനുയുക്ത [സം. -യുക്ത] വി. ചോദിക്കപ്പെട്ട,കൽപ്പിക്കപ്പെട്ട.

അനുയോക്താവ് [സം. -യോക്തൃ] നാ. ചോദിക്കുന്നവൻ.

അനുയോഗം [സം. -യോഗ] നാ. 1.ചോദ്യം; 2.പരിശോധന; 3.പരിഹാസം,ശകാരം; 4.ധ്യാനം.

അനുയോജിക്കുക [<സം. അനു-യുജ്] ക്രി. ചേരുക,ഇണങ്ങുക,യോജിപ്പുള്ളതായിരിക്കുക.

അനുയോജ്യ [സം. -യോജ്യ] വി. 1.ചോദിക്കത്തക്ക,പരീക്ഷിക്കത്തക്ക; 2.ഇണങ്ങുന്ന,ചേർച്ചയുള്ള (ഈ അർഥം സംസ്കൃതത്തിലില്ല.)
അനുയോജ്യൻ [സം.] നാ. (വിധേയത്വമുള്ള) ഭൃത്യൻ.
അനുർവര [സം. അന്-ഉർവര] വി. ഫലവത്തല്ലാത്ത,വിളഭൂമിയല്ലാത്ത.
അനുരക്ത [സം. അനു-രക്ത] വി. 1.അനുരാഗമുള്ള; 2.സന്തുഷ്ടിയുള്ള; 3.ആസക്തിയുള്ള; 4.ചെമന്ന.
അനുരക്ത് [സം. -രക്തി] നാ. 1.അനുരാഗം; 2.ഭക്തി; 3.ആസക്തി.
അനുരഞ്ജനം [സം. -രഞ്ജന] നാ. 1.യോജിപ്പിക്കൽ,യോജിപ്പ്; 2.പ്രീണനം.
അനുരഞ്ജിക്കുക [<സം. അനു-രഞ്ജ്] ക്രി. 1.ഇണങ്ങുക; 2.ചുവക്കുക.
അനുരണനം [സം. -രണന] നാ. 1.മാറ്റൊലി; 2.(മണിനാദത്തെ തുടർന്നുള്ള) മൃദുവായ ശബ്ദം; 3.(അലം.) വ്യഞ്ജന,അനുസ്വാനധ്വനി.
അനുരതൻ [സം. -രത] നാ. താത്പര്യമുള്ളവൻ,ആസക്തൻ.
അനുരതി [സം. -രതി] നാ. പ്രേമം,ആഗ്രഹം.
അനുരഥ്യ [സം. -രഥ്യാ] നാ. റോഡുവക്കത്ത് കാൽനടക്കാർക്കുള്ള ചെറിയ വഴി,നടപ്പാത.
അനുരസം [സം. -രസ] നാ. 1.മാറ്റൊലി; 2.അപ്രധാനരസം,അങ്ഗരസം.
അനുരസിതം [സം. -രസിത] നാ. മാറ്റൊലി..
അനുരാഗം [സം. -രാജ] നാ. 1.കാമുകീകാമുകന്മാർക്കു തമ്മിലുള്ള മാനസികബന്ധം; സ്നേഹം,പ്രേമം; 2.സൗഹൃദം;3.ഭക്തി,ആസക്തി; 4.ചെമപ്പ്.
അനുരാഗി [സം. -രാഗിൻ] നാ. അനുരാഗമുള്ളവൻ. (സ്ത്രീ.) അനുരാഗിണി.
അനുരാത്രം [സം. -രാത്രം] അവ്യ .രാത്രിതോറും.
അനുരാധ [സം. -രാധാ] നാ. അനിഴം നക്ഷത്രം.

അനുരൂപ1 [സം. -രൂപ] വി. സാദൃശ്യമുള്ള,ചേർച്ചയുള്ള.
അനുരൂപ2 [സം. -രൂപാ] നാ. അനുരൂപയായവൾ.
അനുരൂപം [സം.] അവ്യ .ചേർച്ചപോലെ,യുക്തമാം വണ്ണം.
അനുരോദനം [സം. അനു-രോദന] നാ. കൂടെയുള്ള കരച്ചിൽ.
അനുരോധക [സം. -രോധക] വി. ഇണക്കമുള്ള,അനുസരിക്കുന്ന.
അനുരോധനം [സം. -രോധ്ന] നാ. അനുരോധം.
അനുരോധം [സം. -രോധ] നാ. 1.അനുസരണം; 2.പ്രേരണം; 3.അപേക്ഷ; 4.പിന്നാലെ ചെന്നുതടുക്കൽ.
അനുരോധിക്കുക [<സം. അനു-രുധ്] ക്രി. 1.തടുക്കുക; 2.ബന്ധിക്കുക; 3.വളയുക; 4.അനുസരിക്കുക; 5.അനുഷ്ഠിക്കുക; 6.ഇഷ്ടപ്പെടുക; 7.അനുനയിക്കുക; 8.നിർബന്ധിക്കുക; 9.അനുകൂലിക്കുക.
അനുലാപം [സം. -ലാപ] നാ. 1.സല്ലാപം; 2.ആവർത്തിച്ചുപറയൽ.
അനുലാസം [സം. -ലസ] നാ. ആണ്മയിൽ.
അനുലിപ്ത [സം. -ലിപ്ത] വി. ലേപനം ചെയ്യപ്പെട്ട.
അനുലോമ1 [സം. -ലോമൻ] വി. 1.രോമത്തിൻെറ ചായ്വിനൊത്തുള്ള; 2.അനുകൂലമായ.
അനുലോമ2 [സം. -ലോമാ] നാ. ഭർത്താവിനെക്കാൾ താണ ജാതിയിലുള്ള.

അനുലോമജൻ [സം. -ലോമജ] നാ.അനുലോമവിവാഹത്തിൽ ജനിച്ചവൻ.
അനുലോമപ്രതിലോമം [സം. അനുലോമ-പ്രതിലോമ] നാ. ഒരു ശബ്ദാലങ്കാരം,തുടക്കത്തിൽനിന്ന് ഒടുക്കത്തിലേക്കും ഒടുക്കത്തിൽനിന്ന് തുടക്കത്തിലേക്കും ഒരുപോലെയിരിക്കുന്ന വർണഘടന.
അനുല്ലങ്ഘ്യ [സം. -ഉല്ലങ്ഘ്യ] വി. മറികടക്കാനാകാത്ത.
അനുവക്താവ് [സം. -വക്തൃ] നാ. 1.ഏറ്റുപറയുന്നവൻ,കൂടെ പറയുന്നവൻ; 2.മറുപടി പറയുന്നവൻ.
അനുവചനം [സം. -വചന] നാ.1.കൂടെപ്പറയൽ,കേട്ടുപറയൽ,ആവർത്തിച്ചുപറയൽ;2.കാണാപ്പാഠം ചൊല്ലൽ; 3.പ്രസങ്ഗം.
അനുവത്സരം [സം. -വത്സര] അവ്യ .വർഷംതോറും.
അനുവദനചുംബനം [സം. -വദന-ചുംബന] നാ. രതിശാസ്ത്രപ്രകാരമുള്ള ഒരു ചുംബനം.
അനുവദിക്കുക [<സം. അനു-വദ്] ക്രി. 1.സമ്മതിക്കുക; 2.അപേക്ഷ അങ്ഗീകരിക്കുക; 3.കൂടെ പറയുക.
അനുവർത്തിക്കുക [<സം. അനു-വൃത്] ക്രി. 1.അനുസരിക്കുക; 2.പിന്നാലെ പോകുക; 3.പെരുമാറുക; 4.(വ്യാക.)നേരത്തെപറഞ്ഞ ഒരുനിയമം സന്ദർഭത്തിൽ ചേർക്കുക.
അനുവസിത [സം. -വസിത] വി. 1.വസ്ത്രം ധരിച്ച; 2.വസ്ത്രങ്ങൾ ചേർത്തുകെട്ടിയ.
അനുവാകം [സം.] നാ. 1.(വേദത്തിൻെറയും മറ്റും)ഗ്രന്ഥവിഭാഗം; 2.പിന്നാലെ പറയൽ; 3.വായന; 4.നീർക്കടമ്പ്.
അനുവാചക [സം. -വാചക] വി. 1.വായിക്കുന്ന; 2.കേൾക്കുന്ന; 3.തുടർന്നു പറയുന്ന,ഏറ്റുപറയുന്ന.
അനുവാചകൻ [സം.] നാ. 1.വായിക്കുന്നവൻ; 2.കേൾക്കുന്നവൻ; 3.ഏറ്റുപറയുന്നവൻ.
അനുവാതം [സം. -വാതം] അവ്യ . കാറ്റിൻെറ ഗതിയനുസരിച്ച്.
അനുവാദക [സം. -വാദക] വി. അനുവദിക്കുന്ന,ആവർത്തിച്ചു പറയുന്ന,പിന്താങ്ങുന്ന,സ്ഥിരീകരിക്കുന്ന,പരിഭാഷപ്പെടുത്തുന്ന.
അനുവാദകൻ [സം.] ന. 1.പരിഭാഷകൻ; (സ്ത്രീ.) അനുവാദിക; 2.പിന്താങ്ങുന്നവൻ; 3.ഒരാൾ പറയുന്നതിനെ ഏറ്റുപറയുന്നവൻ.
അനുവാദപത്രം [സം. -വാദ-പത്ര] നാ. അനുമതിച്ചീട്ട്,സമ്മതരേഖ.

അനുവാദം [സം. -വാദ] 'അനുവദിക്കൽ,പിന്നീടോ തുടർന്നോ പറയൽ.' നാ. 1.എന്തെങ്കിലും എടുത്തുകൊള്ളുവാനോ ചെയ്തുകൊള്ളാനോ നൽകുന്ന അനുമതി; 2.ഭാഷാന്തരീകരണം,തർജുമ; 3.ആവർത്തിച്ചുപറയൽ,പുനരുക്തി; 4.വിധിവിഹിതമായതിനെ എടുത്തുപറയൽ.
അനുവാദമുറിയോലക്കരണം [സം. അനുവാദ-മ.മുറി-ഓല-സം.കരണ] നാ. ഓലയിൽ എഴുതിയ പറ്റുചീട്ട്.
അനുവാദ്യകർത്താവ് [സം. അനു-വാദ്യ-കർത്താവ്] നാ. (വ്യാക.) ഘടകശബ്ദംകൊണ്ടു യോജിപ്പിച്ച രണ്ടുനാമങ്ങൾ കർതൃസ്ഥാനത്തു വരുമ്പോൾ അവയിൽ ആദ്യത്തെ നാമം. ഉദാ. രാവണൻ എന്ന രാക്ഷസൻ. ഇവിടെ രാവണൻ അനുവാദ്യകർത്താവ്.
അനുവാരം [സം. -വാരം] അവ്യ. 1.വീണ്ടും വീണ്ടും; ആഴ്ച തോറും.

അനുവാസരം [സം. -വാസരം] അവ്യ .ദിവസം തോറും.
അനുവിദ്ധ [സം. -വിദ്ധ] വി. 1.തുളയ്ക്കപ്പെട്ട; 2.കെട്ടുപിണഞ്ഞ,ചുറ്റപ്പെട്ട; 3.മൂടപ്പെട്ട.
അനുവിധാനം [സം. -വിധാന] നാ. ആജ്ഞയനുസരിച്ചു പ്രവർത്തിക്കൽ,അനുസരിക്കൽ.
അനു(വ്)1 [<സം. അനു-ജ്ഞാ] നാ. അനുവാദം.
അനു(വ്)2 [<സം. അനു-വാദ] നാ. അനുവാദം.
അനുവൃത്തദൃഷ്ടി [സം. -വൃത്ത-ദൃഷ്ടി] നാ. (നാസ്യ.) വേഗത്തിൽ മേൽപ്പോട്ടും കീഴ്പ്പോട്ടും ഉള്ള നോട്ടം.
അനുവൃത്തി [സം.-വൃത്തി] നാ. 1.അനുസരണം; 2.തുടർച്ച,ആവർത്തിക്കൽ; 3.പൂർവാംശത്തിൽനിന്ന് ഉത്തരാംശത്തിലേക്ക് വാക്കുകളെടുത്തുചേർത്ത് അർഥം വിശദമാക്കൽ; 4.നാട്യാലങ്കാരങ്ങളിൽ ഒന്ന്.
അനുവേധം [സം. -വേധ] നാ. 1.തുളയ്ക്കൽ,മുറിക്കൽ; 2.സംയോഗം; 3.മിശ്രണം; 4.സമ്പർക്കം.
അനുവേലം [സം. -വേലം] അവ്യ .കൂടെക്കൂടെ.
അനുവേല്ലിതം [സം. -വേല്ലിത] നാ. 1.വളവിനു ചേരത്തക്കവണ്ണം വളച്ചുണ്ടാക്കിയത്; 2.(ആയുർ.) കൈകാലുകളിലെ വ്രണങ്ങൾ വച്ചുകെട്ടാൻ ഉപയോഗിക്കുന്ന പട്ട.
അനുവേശനം [സം. -വേശന] നാ. 1.പിന്നീടുള്ള പ്രവേശനം; 2.ജ്യേഷ്ഠൻ വേൾക്കുന്നതിനുമ്പ് അനുജൻ വേൾക്കൽ; 3.അടുത്ത വീട്.
അനുവേശ്യൻ [സം.-വേശ്യ] നാ. അനുവേശത്തിൽ (അയലത്ത്) ഉള്ളവൻ.
അനുവ്യാഹരണം [സം. -വ്യാഹരണ] നാ. 1.ആവർത്തനം; 2.ശാപം.
അനുവ്രജനം [സം. -വ്രജന] നാ. കൂടെപ്പോകൽ,അനുയാത്ര.
അനുവ്രത [സം. -വ്രത] വി. വ്രതങ്ങളെ പിന്തുടരുന്ന,സ്വകർമങ്ങളെ അനുഷ്ഠിക്കുന്ന.
അനുശയം [സം. -ശയ] നാ. 1.പശ്ചാത്താപം; 2.ദീർഘവൈരം.
അനുശയാന1 [സം. -ശയാന] വി. പശ്ചാത്തപിക്കുന്ന.
അനുശയാന2 [സം. -ശയാനാ] നാ. സങ്കേതത്തിൽ കാമുകനെ കാണായ്കയാൽ ദുഃഖിക്കുന്ന പരകീയയായ നായിക.
അനുശയി [സം. -ശയിൻ] നാ. അനുശയമുള്ളവൻ.
അനുശയിക്കുക [<സം. അനു-ശീ] ക്രി. 1.കൂടെക്കിടക്കുക; 2.ദുഃഖിക്കുക.
അനുശസ്ത്രം [സം. -ശസ്ത്ര] നാ. താത്കാലികമായി ഉപയോഗിക്കുന്ന ആയുധം.
അനുശാസകൻ [സം. -ശാസക] നാ. അനുശാസിക്കുന്നവൻ.
അനുശാസനം [സം.] നാ. 1.വരുതി,കൽപന,ഭരണം; 2.ചട്ടം,പ്രമാണം; 3.ഗുണദോഷം; 4.നിർബന്ധനടപടി; 5.ശിക്ഷിക്കൽ.
അനുശാസിക്കുക [<സം. അനു-ശാസ്] ക്രി. 1.ഉപദേശിക്കുക; 2.വിധിക്കുക; 3.പഠിക്കുക; 4.ഭരിക്കുക.
അനുശാസിത [സം. -ശാസിത] വി. അനുശാസിക്കപ്പെട്ട.

അനുശാസിതാവ് [സം. -ശാസിതൃ] നാ. അനുശാസകൻ.
അനുശിഷ്ട [സം. -ശിഷ്ട] വി. അനുശാസിക്കപ്പെട്ട.

അനുശീലനം [സം. -ശീലന] നാ. പരിശീലനം.
അനുശേഷിക്കുക [<സം. അനു-ശിഷ്] ക്രി. അവശേഷിക്കുക.
അനുശോകം [സം. -ശോക] നാ. പശ്ചാത്താപം;ദുഃഖം.
അനുശോചനം [സം. -ശോചന] നാ. അനുശോകം,വേറൊരാളിനോടുചേർന്നു ദുഃഖിക്കൽ.
അനുശ്രവിക്കുക [<സം. അനു-ശ്രു] ക്രി.. വീണ്ടും കേൾക്കുക.
അനുഷക്ത [സം. -സക്ത] വി. ഒന്നുചേർന്ന,ബന്ധപ്പെട്ട,ആസക്തിയുള്ള.
അനുഷക്തി [സം. -സക്തി] നാ. കൂറ്,അനുരക്തി,ദയ.
അനുഷങ്ഗം [സം. -സങ്ഗ] നാ. 1.ദൃഢബന്ധം; 2.ചേർച്ച; 3.ആസക്തി; 4.കരുണ.
അനുഷങ്ഗി [സം. -സങ്ഗിൻ] വി. 1.പറ്റിപ്പിടിച്ചിരിക്കുന്ന; 2.ഫലമായി വരുന്ന; 3.സന്ദർഭാനുസരണം വന്നുചേരുന്ന. നാ. ആസക്തൻ,തത്പരൻ.
അനുഷഞ്ജനം [സം. -സഞ്ജന] നാ. പൊരുത്തം,ചേർച്ച.
അനുഷേകം [സം. -സേക] നാ. വീണ്ടും വീണ്ടുമുള്ള സേകം.
അനുഷ്ടുപ്പ് [സം. -സ്തുഭ്] നാ. ഒരു ഛന്ദസ്സ്.
അനുഷ്ഠാതവ്യ [സം. -സ്ഥാതവ്യ] വി. അനുഷ്ഠിക്കേണ്ട.
അനുഷ്ഠാനകല [സം. -സ്ഥാന-കലാ] നാ. അനുഷ്ഠാനത്തിൻെറ ഭാഗമായി നടത്തുന്നതോ അനുഷ്ഠാനസ്വഭാവമുള്ളതോ ആയ കല.
അനുഷ്ഠാനം [സം. -സ്ഥാന] നാ. 1.ആചാരം; 2.പ്രയോഗം,കാര്യം നടത്തൽ; 3.മറ്റൊന്നിനെ അനുസരിച്ചുള്ള പ്രവർത്തനം; 4.ശാസ്ത്രവിഹിതമായ കർമം ചെയ്യൽ; 5.മതകർമാചാരം.
അനുഷ്ഠാപക [സം. -സ്ഥാപക] വി. അനുഷ്ഠിപ്പിക്കുന്ന.
അനുഷ്ഠിക്കുക [<സം. അനു-സ്ഥാ] ക്രി. ആചരിക്കുക,ചെയ്യുക.
അനുഷ്ഠിത [സം. -സ്ഥിത] വി. അനുഷ്ഠിക്കപ്പെട്ട.
അനുഷ്ഠേയ [സം. -സ്ഥേയ] വി. അനുഷ്ഠിക്കേണ്ടതായ.
അനുഷ്ണ [സം. അന്-ഉഷ്ണ] വി. 1.ചൂടില്ലാത്ത,തണുത്ത; 2.ഉത്സാഹമില്ലാത്ത,മടിയുള്ള.
അനുഷ്ണകരൻ [സം. അനുഷ്ണ-കര] നാ. തണുത്ത രശ്മികളുള്ളവൻ,ചന്ദ്രൻ. (അനുഷ്ണാർഥകശബ്ദങ്ങളോടു രശ്മിപര്യായങ്ങൾ -കരം,ഗോ (-ഗു),കിരണം ഇത്യാദി- ചേർത്താൽ ചന്ദ്രൻ എന്നർഥം കിട്ടും.)
അനുഷ്ണം [സം. അന്-ഉഷ്ണ] നാ. 1.ചൂടില്ലായ്മ,തണുപ്പ്; 2.കരിങ്കൂവളം.ഉത്പലം.
അനുഷ്ണവല്ലിക [സം. -വല്ലികാ] നാ. നീലക്കറുക.
അനുഷ്ണരശ്മി [സം. -രശ്മി] നാ. അനുഷ്ണകരൻ.
അനുസന്ധാനം [സം. അനു-സന്ധാന] നാ. 1.അന്വേഷണം; 2.വിചാരണ; 3.കൂട്ടിച്ചേർക്കൽ; 4.ജ്ഞാനം; 5.പദ്ധതി; 6.ലക്ഷ്യമാക്കൽ.
അനുസന്ധിക്കുക [<സം. അനു-സം-ധാ] ക്രി. കൂട്ടിച്ചേർക്കുക.
അനുസന്ധേയ [സം. -സം-ധേയ] വി. അനുസന്ധാനം ചെയ്യത്തക്ക.
അനുസരണം [സം. -സരണ] നാ. 1.സമ്മതം; 2.പിന്നാലെ പോകൽ; 3.ആജ്ഞയനുസരിച്ചു പ്രവർത്തിക്കൽ.
അനുസരൻ [സം.] നാ. 1.കൂട്ടുകാരൻ; 2.ഭൃത്യൻ.
അനുസരം [സം. -സര] നാ. അനുസരണം.

അനുസരിക്കുക [<സം. അനു-സൃ] ക്രി. അനുസരണം ഉണ്ടാകുക,അനുസരിച്ചു പ്രവർത്തിക്കുക.
അനുസരിച്ച് [അനുസരിക്കുക] (മുൻ വിന.) ആദരിച്ച്, അങ്ഗീകരിച്ച്, ആശ്രയിച്ച്,അപേക്ഷിച്ച്.
അനുസാരം [സം. അനു-സാര] നാ. 1.അനുഗമനം; 2.അനുസരണം; 3.ഔചിത്യം.
അനുസാരി [സം. -സാരിൻ] നാ. 1.അനുസരിക്കുന്നവൻ,ഭൃത്യൻ; 2.ഉപകരണം; 3.ചേർന്നത്.
അനുസൃത [സം. -സൃത] നാ. കൂട്ടിനെയ്ത,കൂട്ടിത്തയ്ച്ച,തുടർച്ചയായ.
അനുസൃതി [സം. -സൃതി] നാ. അനുസരണം,കടമ.
അനുസൃത്യ [സം. -സൃത്യ] അവ്യ .അനുസരിച്ചിട്ട്.
അനുസ്പന്ദനം [സം. -സ്പന്ദന] നാ. കൂടെയുള്ള മിടിപ്പ്,ഒന്നിൻെറ സ്പന്ദനത്തിനൊപ്പം മറ്റൊന്നിന് ഉണ്ടാകുന്ന ചലനം.
അനുസ്മരണം,-സ്മൃതി [സം. -സ്മൃതി] നാ. വീണ്ടുമുള്ള ഓർമ,കൂടെക്കൂടെയുണ്ടാകുന്ന ഓർമ.
അനുസ്മരിക്കുക [<സം. അനു-സ്മൃ] ക്രി. ഓർമിക്കുക.
അനുസ്യൂത [സം. -സ്യൂത] വി. 1.കൂട്ടിനെയ്ത,കൂട്ടിത്തയ്ച്ച; 2.തുടർച്ചയായ.
അനുസ്യൂതം [സം.] അവ്യ .ഇടവിടാതെ.
അനുസ്യൂതി [സം. അനു-സ്യൂതി നാ. തുടർച്ച.
അനുസസം [<സം. ഹനു-സ്രസ] നാ. ചെവിക്കുഴിക്കുമുന്നിൽ കീഴ്ത്താടിയെല്ലിൻെറ അറ്റത്തുള്ള ഒരു മർമം.
അനുസ്രാവണം [സം. അനു-ശ്രാവണ] നാ. പ്രഖ്യാപനം,വിളംബരം,വിജ്ഞാപനം, ഒരുബുദ്ധഭിക്ഷു മരിച്ചാൽ പരേതൻെറ വസ്ത്രങ്ങളും പാത്രങ്ങളും ഇന്നയാളിനു കൊടുക്കണമെന്നു ഭിക്ഷിസംഘത്തിൻെറ മുമ്പാകെ പ്രധാനഭിക്ഷു ആവർത്തിച്ചു ചെയ്യുന്ന പ്രസ്താവന.
അനുസ്വരം [സം. -സ്വര] നാ. (സങ്ഗീ.) അടുത്തസ്വരത്തെ മധ്യത്തിലാക്കിയിട്ടുള്ള ഇരട്ടസ്വരം,സ്ഫുരിതം,സസ,രിരി,ഗഗ,എന്നിവയെ സരിഗ,രിഗരി,ഗമഗ എന്നപോലെ ആലപിക്കുന്നത്,പ്രസന്നാലങ്കാരം.
അനുസ്വാനധ്വനി [സം. -സ്വാന-ധ്വനി] നാ. അസംലക്ഷ്യക്രമധ്വനി..
അനുസ്വാനം [സം. -സ്വാന] നാ. 1.മാറ്റൊലി; 2.മറ്റൊന്നിനെ അനുകരിച്ചു ശബ്ദിക്കുക.
അനുസ്വാരം [സം. -സ്വാര] 'സ്വരത്തെ അനുഗമിക്കുന്നത്.' നാ. മകാരത്തിൻെറ ധ്വനി,സ്വരത്തെ തുടർന്നുച്ചരിക്കപ്പെടുന്ന ശുദ്ധമകാരം.
അനുഹരണം -ഹാരം [സം. -ഹരണ,-ഹാര] നാ. അനുകരണം സാദൃശ്യം.
അനുഹാര്യ [സം. -ഹാര്യ] വി. അനുകരിക്കത്തക്ക.
അനൂകം [സം.] നാ. 1.നട്ടെല്ല്; 2.ഒരുതരം യാഗപാത്രം; 3.വംശം,ഗോത്രം,വർഗം; 4.പൂർവജന്മം; 5.വംശസ്വഭാവം, സ്വഭാവം, ശീലം.
അനൂകാശം [സം.] നാ. പ്രതിഫലനം,തെളിച്ചം.
അനൂചാനൻ [സം. അന്-ഊചാന <വച്] നാ. അധ്യയനതത്പരൻ,പണ്ഡിതൻ,ഗുരുചൊല്ലിക്കൊടുത്തതിനെ കേട്ട് കൂടെ ചൊല്ലി പഠിച്ചവൻ. വേദവേദാങ്ഗങ്ങളിൽ നിഷ്ണാതൻ,അവ ചൊല്ലിപ്പഠിപ്പിക്കുന്നതിൽ വിദഗ്ധനായവൻ.

അനുച്യം		[സം.] കട്ടിലിൻെറ ഇരുവശങ്ങളിലുമുള്ള പലക.
അനൂഢ1		[സം. അന്-ഊഢ] വി. 1.വഹിക്കപ്പെടാത്ത; 2.വിവാഹം കഴിക്കാത്ത.
അനൂഢ2		[സം. അന്-ഊഢാ] നാ. കന്യക.
അനൂഢാഭ്രാതാവ്	[സം. അനൂഢാ-ഭ്രാതൃ] നാ. 1.വിവാഹിതയല്ലാത്ത സ്ത്രീയുടെ സഹോദരൻ; 2.രാജാവിൻെറ വെപ്പാട്ടിയുടെ സഹോദരൻ.
അനൂന		[സം. അന്-ഊന] വി. കുറവില്ലാത്ത,പൂർണതയുള്ള.
അനൂനകം		[സം. -ഊനക] നാ. ഒന്നൊഴിയാതെയുള്ളത്.
അനൂപജം		[സം. അനു-അപ-ജ] 'ചതുപ്പുനിലത്തിൽ വളരുന്നത്.' നാ. ഇഞ്ചി.
അനൂപം		[സം. അനു-അപ<അപ്] 'വെള്ളത്തിനടുത്ത് സ്ഥിതിചെയ്യുന്നത്,ചതുപ്പുള്ളത്' നാ. 1.ചതുപ്പുനിലം; 2.കുളം; 3.പോത്ത്; 4.തവള; 5.ആന.
അനൂപരുഹം		[സം. -അപ-രൂഹ] നാ. ചതുപ്പുനിലത്തിൽ വളരുന്ന സസ്യം.
അനൂപവാതകം		[സം. അനൂപ-വാതക] ചതുപ്പിൽ നിന്നു പൊങ്ങിവരുന്ന വാതകം, മീഥേൻ.
അനുപാലു		[സം.] നാ. നീർച്ചേമ്പ്.
അനൂപ്യ		[സം.] വി. അനൂപത്തെ സംബന്ധിച്ച.
അനൂർമി		[സം. അന്-ഊർമിൻ] വി. തിരയില്ലാത്ത,അലയടിയില്ലാത്ത.
അനൂരു		[സം. -ഊരു] 'തുടയില്ലാത്ത.' നാ. അരുണൻ.
അനൂരുകൻ		[സം. അനൂരു-ക] നാ. അനൂരു,അരുണൻ.
അനൂരുസാരഥി		[സം. -സാരഥിൻ] 'അനൂരു സാരഥിയായിട്ടുള്ളവൻ.' നാ. സൂര്യൻ.
അനൂഹ്യ		[സം. അന്-ഊഹ്യ] വി. ഊഹിക്കത്തക്കതല്ലാത്ത.
അനൃജു		[സം. -ഋജു] വി. 1.വളഞ്ഞ,ചൊവ്വില്ലാത്ത; 2.നേരില്ലാത്ത. നാ. കുടിലമായ മനസ്സോടുകൂടിയവൻ.
അനൃണ		[സം. -ഋണ] വി. ഋണം (കടം) ഇല്ലാത്ത,കടം വീട്ടിക്കഴിഞ്ഞ.
അനൃത		[സം. -ഋത] വി. സത്യമല്ലാത്ത.
അനൃതകൻ		[സം. അനൃത-ക] നാ. കള്ളം പറയുന്നവൻ.
അനൃതൻ		[സം. അന്-ഋത] നാ. അധർമത്തിനു ഹിംസയിൽ ജനിച്ച പുത്രൻ.
അനൃതഭാഷണം		[സം. അനൃത-ഭാഷണ] നാ. കള്ളം പറച്ചിൽ.
അനൃതം		[സം. അന്-ഋത] നാ. 1.സത്യമല്ലാത്തത്,കള്ളം,വഞ്ചന; 2.കൃഷി.
അനൃതവാദി		[സം. അനൃത-വാദിൻ] നാ. കള്ളം പറയുന്നവൻ. (സ്ത്രീ.) അനൃദവാദിനി.
അനൃതവ്രത		[സം. -വ്രത] വി. വ്രതം (വാഗ്ദാനം) ഭഞ്ജിക്കുന്ന.
അനൃതി		[സം. -ഋത്] നാ. കള്ളം പറയുന്നവൻ.
അനൃതു		[സം. -ഋതു] നാ. അകാലം,ആർത്തവത്തിനു മുമ്പുള്ള കാലം.
അനെ		(വ്യാക.) പ്രകാരാർഥത്തിലുള്ള ഒരു പ്രത്യയം. ഉദാ. കടുക്കനെ.
അനേക		[സം. അന്-ഏക] വി. ഒന്നിലധികമായ,പല,വളരെ,ഏറെ.
അനേകചിത്ത		[സം. അനേക-ചിത്ത] വി. ചഞ്ചലചിത്തനായ.
അനേകജം		[സം. -ജ] നാ. പക്ഷി (പല ജന്മങ്ങളുള്ള).
അനേകധാ		[സം. -ധാ] അവ്യ. പലപ്രകാരത്തിൽ.
അനേകപ		[സം. -പാ] 'പല വഴിക്കും കുടിക്കുന്ന(വൾ).' നാ. പിടിയാന.
അനേകപം		[സം.] നാ. ആന.

അനേകമൂർത്തി [സം. അനേക-മൂർതി] 'പലരൂപങ്ങളുള്ള.' നാ. വിഷ്ണു (പല അവതാരങ്ങളുള്ളതിനാൽ).
അനേകലോചനൻ [സം. -ലോചന] നാ. 1.ശിവൻ; 2.ഇന്ദ്രൻ.
അനേകവചനം [സം. -വചന] നാ. ബഹുവചനം.
അനേകശഫ [സം. -ശഫ] വി. പിളർന്ന കുളമ്പുള്ള,ഇരട്ട കുളമ്പുള്ള.
അനേകശബ്ദ [സം. -ശബ്ദ] വി. പര്യായങ്ങളുള്ള.
അനേകശഃ [സം. -ശഃ] അവ്യ. അനേകം തവണയായി,പലപ്പോഴും.
അനേകസാധാരണ [സം. -സാധാരണ] വി.. പലതിനു പൊതുവായ.
അനേകാഗ്ര [സം. അന്-ഏകാഗ്ര] വി. 1.ഒന്നിൽ തന്നെ മനസ്സുറപ്പിക്കാത്ത,പലതിൽ വ്യാപരിക്കുന്ന; 2.അമ്പരന്ന.
അനേകാന്ത [സം. അന്-ഏകാന്ത] വി. 1.ഏകാന്തമല്ലാത്ത; 2.സംശയമുള്ള.
അനേകാന്തവാദം [സം. അനേകാന്ത-വാദ] നാ. (ജൈന.) ഒരു പ്രസ്താവനയ്ക്കുതന്നെ ഉണ്ട്,ഇല്ല-ഉണ്ട്,ഇല്ല-ഉണ്ട് എന്നാൽ അതിനെപ്പറ്റിപ്പറയാൻ സാധ്യമല്ല, ഇത്യാദി പലതരത്തിലുള്ള സാധ്യതകളുണ്ടെന്നുള്ള വാദം.ജൈനമതത്തിൻെറ അടിസ്ഥാനപ്രമാണം.
അനേകാന്തികത [സം. -ഏകാന്തികത] നാ. ഒരു കാവ്യദോഷം,ഉദ്ദിഷ്ടമായ അർഥം വ്യക്തമാക്കാത്ത പദഘടന.
അനേകാർഥം [സം. -അർഥ] നാ. 1.അനേകം അർഥങ്ങളുള്ളത്; 2.പല ഉദ്ദേശ്യങ്ങളുള്ളത്; 3.മാംസം.
അനേജത്ത് [സം. -ഏജത്] നാ. ചലിക്കാത്തത്,അനങ്ങാത്തത്.
അനേഡൻ,-ളൻ [സം. -ഏഡ] നാ. മൂഢൻ.
അനേഡമൂകൻ [സം. അനേഡ-മൂക] നാ. കേൾക്കാനും സംസാരിക്കാനും വയ്യാത്തവൻ.
അനേത്രൻ [സം. അ-നേത്ര] നാ. കുരുടൻ,കണ്ണില്ലാത്തവൻ.
അനേനസ് [സം. അന്-ഏനസ്] വി. പാപമില്ലാത്ത.
അനേഹാവ്,അനേഹസ്സ് [സം. അനേഹസ്] ന. കാലം.
അനൈക്യം [സം. അന്-ഐക്യ] നാ. യോജിപ്പില്ലായ്മ.
അനൈച്ഛിക [സം. -ഐച്ഛിക] വി. ഇച്ഛപോലെയല്ലാത്ത.
അനൈത്തും (പ.മ.) അവ്യ .എല്ലാം,മുഴുവനും.
അനൈവർ (പ.മ.) നാ. എല്ലാവരും.
അനേകശായി [സം. അന്-ഓക-ശായിൻ] നാ. വീടില്ലാത്തവൻ.
അനേകഹം [സം.] നാ. വൃക്ഷം.
അനോപമ [സം.] വി. തുല്യമല്ലാത്ത.
അനോവാഹ്യ [സം. അനസ്-വാഹ്യ] വി. വണ്ടിയിൽ കൊണ്ടുപോകാനുള്ള.
അനൗചിതി [സം. അന്-ഔചിതി] നാ. ഉചിതമല്ലായ്ക.
83
അനൗചിത്യം [സം. -ഔചിത്യം] നാ. =അനൗചിതി.
അനൗദ്ധത്യം [സം. -ഔദ്ധത്യം] നാ. വിനയം,വണക്കം.
അനൗദ്യോഗിക [സം. -ഔദ്യോഗിക] വി. ഔദ്യോഗികമല്ലാത്ത.
അനൗപചാരിക [സം. -ഔപചാരിക] വി. 1.ഉപചാരപൂർവകമല്ലാത്ത; 2.ചിട്ടപ്പടിയുള്ളതല്ലാത്ത.
അനൗരസ [സം. -ഔരസ] വി. 1.തനിക്കു ജനിച്ചതല്ലാത്ത; 2.ദത്തെടുക്കപ്പെട്ട.

അനൗരസി [സം. -ഔരസീ] നാ. ജാരപുത്രി.
അന്ത [അഭ എന്ന ചുട്ടെഴുത്തിനോട്,അനുനാസികവും,'ത' എന്ന നപുംസകപ്രത്യയവും അതിനുമേൽ 'അ' എന്ന പേരെച്ചപ്രത്യയവും ചേർന്ന രൂപം.] വി. (നിർദേശകം). ആ,അവിടെയുള്ള,നേരത്തെ പറഞ്ഞ. ഉദാ. അന്ത ഹന്തയ്ക്കിന്ത പട്ട്.
അന്തക [സം.] വി. അന്തമുണ്ടാക്കുന്ന.
അന്തകഘാതി [സം. അന്തക-ഘാതിൻ] നാ. അന്തകനെ കൊന്നവൻ,ശിവൻ.
അന്തകദിക്ക് [സം.അന്തക-ദിക്ക്] നാ. കാലൻ കാക്കുന്ന ദിക്ക്,തെക്ക്.
അന്തകൻ [സം. അന്ത-ക] 'അന്തം വരുത്തുന്നവൻ.' നാ. 1.നശിപ്പിക്കുന്നവൻ; 2.മരണദേവത,കാലൻ.
അന്തകനൂർ [അന്തകൻ-ഊർ] നാ. കാലപുരി.
അന്തകപുരി [സം. അന്തക-പുരീ] നാ. യമൻെറ നഗരം.
അന്തകം [സം.] നാ. 1.അതിരാത്; 2.മരണം; 3.മരണഹേതുകമായ ഒരുവക സന്നിപാതരോഗം.
അന്തകമാർഗം [സം. അന്തക-മാർഗ] നാ. കാലപുരിയിലേക്കുള്ള വഴി.
അന്തകര,-കരണ [സം. അന്ത-കര,-കരണ] വി. മരണകരമായ,നാശകരമായ.
അന്തകരിപു [സം.അന്തക-രിപു] നാ. അന്തകാരി.
അന്തകാത്മജൻ [സം. -ആത്മജ] നാ. കാലപുത്രനായ യുധിഷ്ഠിരൻ,ധർമപുത്രർ.
അന്തകാരി [സം. -അരി] നാ. കാലൻെറ ശത്രു,ശിവൻ.
അന്തകാലം [സം. അന്ത-കാല] നാ. മരണകാലം.
അന്തകൃത്ത് [സം. -കൃത്] നാ. മരണം ഉണ്ടാക്കുന്നവൻ,കാലൻ.
അന്തഗ [സം. -ഗ] വി. 1.അവസാനം വരെ എത്തുന്ന; 2.അങ്ങേയറ്റം പ്രാപിച്ച,ദൃഢമായി പഠിച്ച.
അന്തഗതി [സം. -ഗതി] നാ. മരണം.
അന്തഗമനം [സം. -ഗമന] നാ. 1.അന്തത്തിലേക്കു പോകൽ,പൂർത്തിയാക്കൽ; 2.മരണം.
അന്തചര [സം. -ചര] വി. 1.അതിർത്തിവരെ പോകുന്ന; 2.മുഴുമിപ്പിക്കുന്ന.
അന്തജ [സം. -ജ] വി. ഒടുവിൽ ജനിച്ച.
അന്തജൻ [സം.] നാ. ഒടുവിൽ ജനിച്ചവൻ,ശൂദ്രൻ.
അന്തട്ട നാ. സാക്ഷ.
അന്തണൻ 'അന്തത്തെ,വേദാന്തത്തെ അണഞ്ഞവൻ?' നാ. ബ്രാഹ്മണൻ.
അന്തണം നാ. അങ്കണം,തണലുള്ളിടം.
അന്തണി നാ. ബ്രാഹ്മണസ്ത്രീ.
അന്തതഃ [സം. -തഃ] അവ്യ. അവസാനമായി.
അന്തപാലകൻ [സം. -പാല] നാ. രാജ്യാതിർത്തി സംരക്ഷിക്കുന്നവൻ.
അന്തഭേദി [സം. -ഭേദിൻ] നാ. ഒരുതരം സൈന്യവ്യൂഹം.
അന്തം1 [സം.] നാ. 1.അവസാനം,അറ്റം,അഗ്രം; × ആദി; 2.മരണം,നാശം; 3.അവസാനഭാഗം,വക്ക്,പ്രാന്തം,അതിര്; 4.സമീപം,അടുക്കൽ,സന്നിധാനം, അയൽപക്കം,ഉപാന്തം; 5.(വ്യാക.) ഒരു പദത്തിൻെറ അവസാനം ഉള്ള അക്ഷരം; 6.ഒരു പ്രശ്നത്തിൻെറ നിശ്ചയം,നിർണയം,തീർപ്പ്; 7.ആകെത്തുക,മൊത്തം; 8.ഒരു വലിയ സംഖ്യ (പതിനേഴുസ്ഥാനമുള്ളത്); 9.വിഭാഗം; 10.അന്തർഭാഗം.

അന്തം2 നാ. ചന്തം,ഭങ്ഗി. (പ്ര.) അന്തം ചാർത്തുക = ചില ക്രിസ്തീയവിഭാഗങ്ങൾക്കിടയിൽ വിവാഹത്തിൻെറ തലേദിവസം ക്ഷൗരം ചെയ്യിക്കുന്ന ചടങ്ങ്; അന്തം വിടുക = അമ്പരക്കുക.
അന്തർ1 വി. അകത്തേ,ഉള്ളിലുള്ള. × ബഹിഃ.
അന്തർ2 [സം.] (പിന്നിൽ വരുന്ന അക്ഷരത്തിൻെറ സ്വഭാവമനുസരിച്ച്, അന്തഃ,അന്തർ,അന്തശ് അന്തസ്,എന്നീ രൂപങ്ങളിൽ വരും). വി. 1.അകത്തെ,ഉള്ളിലെ; 2.നിറഞ്ഞ,ഒളിഞ്ഞ; 3. (അവ്യ.) മദ്ധ്യേ,ഇടയ്ക്ക്,അകത്ത്,ഉള്ളിൽ.
അന്തർഗത [സം. അന്തർ-ഗത] വി. 1.അകത്തു കയറിയ,അകത്തുള്ള,ഉൾപ്പൂകിയ; 2.ഉൾപ്പെട്ട,ഉള്ളടങ്ങിയ. അന്തർഗതപ്രഭം = ഉള്ളിൽ പ്രഭയുള്ള (രത്നം).
അന്തർഗതം [സം.] നാ. മനസ്സിലിരിപ്പ്,വിചാരം,ആശയം,അഭിപ്രായം,ഉദ്ദേശ്യം.
അന്തർഗളം [സം. -ഗല] നാ. കരിങ്കുറിഞ്ഞി.
അന്തർഗാമി [സം. -ഗാമിൻ] വി. ഉള്ളിൽ കടക്കുന്ന. അന്തർഗാമിനാഡി = ഇന്ദ്രിയവേദനങ്ങളെ തലച്ചോറിലെത്തിക്കുന്ന നാഡി,സംജ്ഞാവാഹി.
അന്തർഗൂഢ [സം. -ഗൂഢ] വി. ഉള്ളിൽ മറച്ച.
അന്തർഗൃഹം [സം. -ഗൃഹ] നാ. ഉള്ളറ.
അന്തർഘണം,-ഘനം,-ഘാതം [സം.-ഘണ,ഘന,ഘാത] നാ. വീട്ടിൻെറ മുമ്പിലുള്ള സ്ഥലം,മുറ്റം.
അന്തർജനം [സം. -ജന] നാ. അകത്തുള്ളോർ,അകത്തമ്മ,നമ്പൂതിരിസ്ത്രീ.
അന്തർദശ [സം. -ദശാ] നാ. ജ്യോ. അപഹാരം,ഒരു ഗ്രഹത്തിൻെറ മഹാദശയിൽ മാറ്റു ഗ്രഹങ്ങൾക്ക് ഓരോന്നിനുമുള്ള ആധിപത്യകാലം.
അന്തർദാഹം [സം. -ദാഹ] നാ. 1.ഉൾച്ചൂട്; 2.കഠിനദാഹം; 3.നെഞ്ചെരിവ്, (ആമാശയത്തിൽ അംമ്ലം വർധിച്ചുണ്ടാകുന്നത്); 4.അത്യുത്ക്കടമായ അഭിലാഷം.
അന്തർദൃഷ്ടി [സം. -ദൃഷ്ടി] നാ. 1.ഉൾക്കണ്ണ്,ജ്ഞാനദൃഷ്ടി; 2.സ്വന്തം ഉള്ളിലേക്കുള്ള നോട്ടം,ആത്മപരിശോധന.
അന്തർദേശീയ [സം. -ദേശീയ] വി. പല രാജ്യങ്ങളെ സംബന്ധിച്ച.
അന്തർധാ [സം. -ധാ] നാ. മറയ്ക്കൽ,ഒളിപ്പ്,പൊതിയൽ.
അന്തർധാനം [സം. -ധാന] നാ. മറയൽ,അപ്രത്യക്ഷമാകൽ.
അന്തർധാനയോഗം [സം. -ധാന-യോഗ] നാ. ഉപയോഗിക്കുന്ന ആളിനെ അടുത്തുനിൽക്കുന്നവർക്കു കാണാൻ പാടില്ലാതാക്കുന്ന ഔഷധയോഗം,ഒരുതരം ജാലവിദ്യ.
അന്തർധാര [സം. -ധാരാ] നാ. 1.ഉള്ളൊഴുക്ക്,അടിയൊഴുക്ക്; 2.പെരുമഴ.
അന്തർധി1 [സം -ധി] നാ. അന്തർധനം.
അന്തർധി [സം.] നാ. മധ്യവർത്തി.
അന്തർധൗതി [സം. അന്തർ-ധൗതി] നാ. (ഹഠ.)ഉള്ളുകഴുകൽ,വായു,വെള്ളം മുതലായവ ഉള്ളിൽ കടത്തി പുറത്തേക്കു വിടുന്ന ശുദ്ധികർമങ്ങൾ നാലുതരമുള്ളതിൽ ഒന്ന്.
അന്തർനാടകം [സം. -നാടക] നാ. 1.ഒരു നാടകത്തിനുള്ളിൽ നിബന്ധിച്ചിട്ടുള്ള ലഘുനാടകം; 2.ഏതാനുംപേർ ചേർന്നു രഹസ്യമായി നടത്തുന്ന പ്രവർത്തനം.
അന്തർബോധം [സം. -ബോധ] നാ. ഉൾബോധം.
അന്തർഭവിക്കുക [<സം. അന്തർ-ഭൂ] ക്രി. 1.ഉൾക്കൊണ്ടിരിക്കുക,ഉൾക്കൊള്ളുക,ഉൾപ്പെടുക; 2.ഉള്ളിലേക്കു കടക്കുക.
അന്തർഭാഗം [സം. -ഭാഗ] നാ. 1.ഉൾഭാഗം,അകം; 2.ഉള്ള്,മനസ്സ്,ഹൃദയം.

അന്തർഭാവം [സം. -ഭാവനാ] നാ. 1.ആത്മവിഷയകമായ ധ്യാനം; 2.ഉൾപ്പെടുത്തൽ; 3.ഉത്കണ്ഠ.
അന്തർഭാവിത [സം. -ഭാവിത] വി. ഉൾപ്പെടുത്തപ്പെട്ട.
അന്തർഭൂത [സം. -ഭൂത] വി. 1.അന്തർഭവിച്ച,ഉൾപ്പെട്ട; 2.ഉള്ളിൽ സ്ഥിതമായ,ആഭ്യന്തരമായ.
അന്തർഭൂതം [സം. -ഭൂത] നാ. അന്തരാത്മാവ്.
അന്തർഭൂമി [സം. -ഭൂമി] നാ. ഭൂമിയുടെ അന്തർഭാഗം.
അന്തർഭേദി,അന്ത- [സം. അന്ത(ർ)ഭേദിൻ] നാ. ശത്രു സൈന്യത്തെ ഭേദിച്ച് അകത്തുകടക്കുന്നത്,ഒരുതരം സൈന്യവിന്യാസം.
അന്തർഭൗമ [സം. -ഭൗമ] വി. ഭൂമിക്കുള്ളിലുള്ള.
അന്തർമണലി നാ. അസ്ഥിയിൽ നിന്നുണ്ടാകുന്ന ഒരുതരം വസൂരി.
അന്തർമണ്ഡലം നാ. ക്ഷേത്രത്തിൽ മൂലപ്രസാദത്തിൽ നിന്നും അരദണ്ഡു വീതിയിൽ ചുറ്റുമുള്ള സ്ഥലം,പഞ്ചപ്രകാരങ്ങളിലൊന്നായ അകത്തെ ബലിവട്ടം.
അന്തർമനസ് [സം. -മനസ്] നാ. 1.ഹൃദയാന്തർഭാഗം; 2.അന്തർഭാഗത്തേക്കു തിരിച്ച മനസ്സോടു കൂടിയവൻ; 3.ദുഃഖിതമനസ്കൻ.
അന്തർമസ്തിഷ്കം [സം. -മസ്തിഷ്ക] നാ. തലച്ചോറിൻെറ ഒരു ഭാഗം.
അന്തർമഹാനാദം [സം. -മഹാനാദ] നാ. ശങ്ഖ്.
അന്തർമുഖ [സം. -മുഖ] വി. 1.അകത്തേക്കു തിരിഞ്ഞ; 2.ഉള്ളിലേക്കു പ്രവേശനദ്വാരമുള്ള; 3.ഉള്ളിലേക്കു നോക്കുന്ന,ആത്മാവിനെപ്പറ്റി ചിന്തിക്കുന്ന.
അന്തർമുഖൻ [സം. -മുഖ] നാ. 1.ആത്മധ്യാനനിരതൻ; 2.സുഷുപ്തിയിൽ ആനന്ദം അനുഭവിക്കുന്ന പ്രാജ്ഞൻ എന്ന ആത്മാവ്.
അന്തർമുഖം [സം.] നാ. ശസ്ത്രക്രിയയ്ക്കുള്ള ഒരു ഉപകരണം.
അന്തർമുദ്ര [സം. -മുദ്ര] വി. ഉള്ളിൽ മുദ്രവച്ച.
അന്തർമൃതൻ [സം. -മൃത] നാ. ചാപിള്ള.
അന്തർയാഗം [സം. -യാഗ] നാ. തന്ത്രങ്ങളിൽ നിർദേശിച്ചിട്ടുള്ള ഒരുതരം അർച്ചന,മാനസികപൂജ.
അന്തർയാമം1 [സം. -യാമ] നാ. പ്രാണായാമത്തോടുകൂടെ ചെയ്യുന്ന സോമതർപ്പണം.
അന്തർയാമം2 [സം. അന്തർ-യാമ] നാ. ഒടുവിലത്തെ യാമം,അന്ത്യയാമം.
അന്തർയാമി [സം. -യാമിൻ] നാ. ഉള്ളിൽ കുടികൊണ്ടു നിയന്ത്രിക്കുന്നത്.
അന്തർലീന [സം. -ലീന] വി. ഉള്ളടങ്ങിയ,ലയിച്ചുചേർന്ന.
അന്തർവത്നി [സം. -വത്നീ] നാ. ഗർഭിണി.
അന്തർവാഹിനി [സം. -വാഹിനീ] നാ. ജലത്തിനടിയിൽക്കൂടി സഞ്ചരിക്കുന്ന വാഹനം. സബ്മറൈൻ.
അന്തർഹിത [സം. -ഹിത] വി. ഉള്ളടങ്ങിയ.
അന്തരങ്ഗ [സം. -അങ്ഗ] വി. 1.ഹൃദയത്തോട് ഏറ്റവും അധികം ബന്ധമുള്ള,പ്രിയപ്പെട്ട; 2.മുഖ്യമായ,പ്രധാനപ്പെട്ട; 3.രഹസ്യമായ. ×ബഹിരങ്ഗ.
അന്തരങ്ഗങ്ങൾ [സം.] നാ. (ബ.വ.) (യോഗ.) അഷ്ടാങ്ഗയോഗത്തിൽ ചിത്തവൃത്തിനിരോധവുമായി കൂടുതൽ ബന്ധമുള്ള ധാരണ,ധ്യാനം,സമാധി എന്നിവ. × ബഹിരങ്ഗങ്ങൾ (യമം,നിയമം,ആസനം,പ്രാണായാമം,പ്രത്യാഹാരം).
അന്തരങ്ഗം [സം. -അങ്ഗ] നാ. ഹൃദയം,മനസ്സ്,മനോഗതി.

അന്തരജ്ഞ [സം. അന്തര-ജ്ഞ] വി. ഉള്ളറിയുന്ന,മുൻകൂട്ടി കാണാൻ കഴിവുള്ള.
അന്തരയം [സം.] നാ. =അന്തരായം.
അന്തരവയവം [സം. അന്തർ-അവയവ] നാ. ഉള്ളിലെ
അവയവം,ഹൃദയം,ശ്വാസകോശം,ആമാശയം മുതലായവ.
അന്തരസ്ഥ [സം. അന്തര-സ്ഥ] വി. അകത്തുള്ള,ഹൃദയത്തിലുള്ള.
അന്തരാ [സം.] അവ്യ. 1.ഉള്ളിൽ,ഉള്ളിലേക്ക്; 2.ഇടയ്ക്ക്; 3.വഴിയിൽ; 4.അടുത്ത്;
5.കൂടാതെ.
അന്തരാകാശം [സം. അന്തർ-ആകാശ] നാ. 1.ഇടയ്ക്കുള്ള സ്ഥലം; 2.അന്തരാത്മാവ്.
അന്തരാഗാര [സം.-ആഗാര] നാ. വീട്ടിനുള്ളിലുള്ളത്.
അന്തരാത്മാവ് [സം.-ആത്മാ] നാ. ഹൃദയത്തിൽ കുടികോള്ളുന്ന
ആത്മാവ്,മനസ്സ്,അന്തഃകരണം; 2.മനുഷ്യനിൽ കുടികൊള്ളുന്ന
ലിങ്ഗാത്മാവ്,ജീവാത്മാവ്,സൂക്ഷ്മശരീരം.
അന്തരാന്തരാ [സം.അന്തരാ-ആന്തരാ] അവ്യ .ഇടയ്ക്കിടയ്ക്ക്.
അന്തരാപത്യ [സം. അന്തർ-ആപത്യ] നാ. അന്തർവത്നി,ഗർഭിണി.
അന്തരായം1 [സം. -ആയ] നാ. ക്ഷേത്രത്തിലെ അകവരവ്,നടവരവ്.
അന്തരായം2 [സം.] നാ. 1.മുടക്കം,തടസ്സം,(മറവുണ്ടാകുന്നതിനാൽ); 2.ആവരണം;
3.വിഘ്നഹേതു.
അന്തരായാമ [സം. അന്തർ-ആയാമ] നാ. ഒരു വാതവ്യാധി,വായു ശരീരത്തെ
വില്ലുപോലെ അകത്തേക്കു വലിക്കുന്നു.
അന്തരാർത്തി [സം.-ആർതി] നാ. മനോവേദന,ദുഃഖം.
അന്തരാരംഭശേഷം [സം.-ആരംഭ-ശേഷ] നാ. പൊതുപ്പണിക്കു നീക്കിവച്ചിരിക്കുന്ന
തുകയിൽ വരുന്ന മിച്ചം.
അന്തരാവിഷ്ട [സം. -ആവിഷ്ട] വി. അകത്താക്കപ്പെട്ട.
85
അന്തരാവൃതി [സം.-ആവൃതി] നാ. ബീജപടം,ബീജപാളി.
അന്തരാശി [സം. അന്ത-രാശി] നാ. 1.പന്ത്രണ്ടാം രാശി;
2,നാശം,വ്യയം,ദുരിതം,ആപത്ത് (ജ്യോതിഷക്കാർ ഈ രാശിയെ ആസ്പദമാക്കി
പരിശോധിക്കുന്ന വിഷയങ്ങൾ.)
അന്തരാഹാരബീജം [സം.അന്തർ-ആഹാര-ബീജ] നാ. മുളയ്ക്കാൻ വേണ്ട ആഹാരം
ബീജപത്രങ്ങളിൽ സംഭരിച്ചുവച്ചിട്ടുള്ള വിത്ത്,പുളിങ്കുരുവും അമരവിത്തും പോലെ.
അന്തരാളൻ [അം.] നാ. 1.അന്തരാളജാതിയിൽ പെട്ടവൻ,സങ്കരജാതിയിൽ
ജനിച്ചവൻ; 2.അമ്പലവാസി,ഇവർ പൂണൂലുള്ളവരും ഇല്ലാത്തവരുമായി പല
വിഭാഗക്കാരുണ്ട്.
അന്തരാളം [സം. അന്തരാല] നാ. 1.ഇടയ്ക്കുള്ള സ്ഥലം,ആഭ്യന്തരം;
2.ഇടയ്ക്കുള്ള സമയം; 3.ഉള്ള്,മധ്യം.
അന്തരിക്കുക [സം. അന്തർ-ഇ] ക്രി. അന്തരം ഉണ്ടാകുക,വ്യത്യാസം വരിക;
2.മറഞ്ഞുപോവുക; 3.മരിക്കുക; 4.(ഗണിത.) അന്തരം കാണിക്കുക,ചെയ്യുക,കുറയ്ക്കുക.
അന്തരിക്ഷചരം [സം. അന്തരിക്ഷ-ചര] നാ. അന്തരീക്ഷത്തിൽ ചരിക്കുന്നത്,പക്ഷി.
അന്തരിക്ഷചാരി [സം.-ചാരിൻ] നാ. ഗഗനചാരി,ഗന്ധർവൻ.
അന്തരിക്ഷം [സം.] നാ. =അന്തരീക്ഷം.

അന്തരിത [സം. അന്തർ-ഇത] വി. 1.നടുക്കുവന്ന,ഇടയ്ക്കുകയറിയ; 2.മറയ്ക്കപ്പെട്ട; 3.മറഞ്ഞ,കാണാതായ; 4.നിസ്സാരമാക്കിയ,തിരസ്കരിക്കപ്പെട്ട.
അന്തരിതം [സ.] നാ. (ഗണിത.) ശിഷ്ടം.
അന്തരിന്ദ്രിയം [സം. അന്തർ-ഇന്ദ്രിയ] നാ. അന്തഃകരണം,മനസ്സ്.
അന്തരീക്ഷം [സം. -ഇക്ഷ] നാ. ആകാശം,വായുമണ്ഡലം.
അന്തരീപം [സം.-ഈപ <അപ്] നാ. 1.കോടി,മുനമ്പ്; 2.ദ്വീപ്.
അന്തരീയം [സം.] നാ.അടിയിലുടുക്കുന്ന മുണ്ട്,ഉടുമുണ്ട്. താരത.ഉത്തരീയം.
അന്തരേ [സം.] അവ്യ. ഉള്ളിൽ,നടുവിൽ.
അന്തരേണ [സം.] അവ്യ .കൂടാതെ,കുറിച്ച്,ഇടയ്ക്ക്.
അന്തശയ്യ [സം. അന്ത-ശയ്യാ] നാ.തറയിലുള്ള കിടക്ക,മരണശയ്യ,ചിത.
അന്തശ്ചര [സം. അന്തഃ-ചര] വി. ഉള്ളിലുള്ള.
അന്തശ്ഛിദ്രം [സം. -ഛിദ്ര] നാ. ആഭ്യന്തരകലഹം,വീട്ടുവഴക്ക്. (അന്തച്ഛിദ്രം എന്നു അസാധുവായ രൂപം).
അന്തശ്ശരീരം [സം. അന്ത-ശരീര] നാ. 1.ലിങ്ഗശരീരം; 2.ശരീരത്തിൻെറ ഉൾഭാഗം.
അന്തശ്ശൗചം [സം. അന്തഃ-ശൗച] നാ. അന്തശ്ശുദ്ധി,മനസ്സിൻെറ ശുദ്ധി.
അന്തസ്താപം [സം. -താപ] നാ. 1.മനസ്താപം; 2.ഉൾപ്പനി.
അന്തസ്ഥം [സം. -സ്ഥ] വി. 1.അന്തത്തിലുള്ള; 2.ഉള്ളിലുള്ള,ഇടയിലുള്ള.
അന്തസ്ഥങ്ങൾ [സം. അന്തഃ-സ്ഥാഃ] നാ. (വ്യാക.) മധ്യമങ്ങൾ (ഉച്ചാരണം കൊണ്ട്, സ്വരത്തിനും വ്യഞ്ജനത്തിനും ഇടയിലുള്ളത്),യ,ര,ല,വ,ഴ,റ ഈ വർണങ്ങൾ.
അന്തസ്ഥായി [സം. അന്ത-സ്ഥായിൻ] നാ. മിത്രം,അമിത്രം എന്നീക്രമത്തിലുള്ള രാജാക്കന്മാരിൽ അവസാനത്തെ ആൾ.
അന്തസ്സത്ത [സം. അന്തഃ-സത്താ] നാ. ആന്തരസത്യം,അന്തശ്ചൈതന്യം.
അന്തസ്സത്വ1 [സം. -സ്വത്വ]വി. ആത്മബലമുള്ള.
അന്തസ്സത്വ2 [സം.] നാ. 1.ഗർഭിണി; 2.ചേർക്കുരു.
അന്തസ്സജ്ഞ [സം. അന്തഃ-സംജ്ഞാ] വി. അകമെ ബോധമുള്ള.
അന്തസ്സാരം [സം. -സാര] നാ. അകത്തെ കാതൽ,മുഖ്യ ഭാഗം,മനസ്സിൻെറ ഉറപ്പ്,ഉൾക്കരുത്ത്.
അന്തസ്സ് [സം. അന്ധസ്] 'ഭക്ഷണം,ചോറ്' നാ.ഗൗരവം,മാന്യത,പ്രൗഢി,അവസ്ഥ.
അന്തസ്സുഖൻ [സം. -സുഖ] നാ. ആത്മാരാമൻ.
അന്തസ്സ്വേദം [സം. -സ്വേദ] നാ. മദജലമുള്ള ആന.
അന്തഃ [സം. അന്തർ] ഉപ. അന്തർ എന്നതിനു ചില സന്ധികളിൽ വരുന്ന വ്യതിയാനം.
അന്തഃകരണം [സം. -കരണ] നാ. മനസ്സ്,മനസ്സാക്ഷി.
അന്തഃപുരം [സം. -പുര] നാ. രാജകീയമന്ദിരങ്ങളിൽ സ്ത്രീജനങ്ങൾ താമസിക്കുന്ന ഭാഗം,സനാന.
അന്തഹാര [സ്ം. അന്ത-ഹാര] നാ. അമ്പലത്തിൽ പ്രാസാദത്തിനുചുറ്റുമുള്ള അഞ്ചു പ്രാകാരങ്ങളിൽ രണ്ടാമത്തേത്.
അന്തറ്,അന്തർവട്ട് [ഇം.ണ്ണഗ്മ ത്രസ്നുന്ദ്രനുദ്ധദ്ദ്ദന്ധ] നാ.ഒരു തൂക്കം; 112 റാത്തൽ.
അന്താരാഷ്ട്ര [സം. അന്തർ-രാഷ്ട്ര] വി. പല രാഷ്ട്രങ്ങളെ സംബന്ധിച്ച.
അന്തരാഷ്ട്രിയ [സം. -രാഷ്ട്രിയ] വി. അന്താരാഷ്ട്ര സംബന്ധമായ.

അന്താവസായി [സം. അന്ത-അവസായിൻ] നാ. 'നഖകേശങ്ങളുടെ അറ്റം മുറിക്കുന്നവൻ.' 1.ക്ഷുരകൻ; 2.അന്താവശായി = ചണ്ഡാലൻ.

അന്തി1 [<സം. സന്ധ്യാ] നാ. പകലിൻെറ അവസാനം.

അന്തി2 [സം. അന്തീ] നാ. (നാട്യ.) ജ്യേഷ്ഠത്തി.

അന്തിക1 [സം.] വി. 1.അടുത്തുള്ള; 2.അറ്റത്തുള്ള.

അന്തിക2 [സം. അന്തികാ] 1.ജ്യേഷ്ഠത്തി (എപ്പോഴും അടുത്തുണ്ടാകുന്നതിനാൽ) 2.അടുപ്പ്; 3.ഒരു മിശ്രവൃത്തം; 4.ചർമലത എന്ന ഔഷധച്ചെടി.

അന്തികം [സം.] നാ. സാമീപ്യ, അവ്യ.. അടുക്കൽ.

അന്തികേ [സം.] അവ്യ. അന്തികത്തിൽ.

അന്തിക്കട നാ. വൈകുന്നേരം മാത്രം തുറന്നു പ്രവർത്തിക്കുന്ന കട.

അന്തിക്കള്ള് നാ. വൈകുന്നേരം ആകുമ്പോൾ എടുത്തുകൊണ്ടുവരുന്ന കള്ള്.

അന്തിക്കാപ്പ് [അന്തി-കാപ്പ്] നാ. ക്ഷേത്രത്തിൽ സന്ധ്യാസമയത്ത് ബിംബത്തെ അലങ്കരിക്കൽ.

അന്തിക്കുക ക്രി. =അന്ധിക്കുക.

അന്തിക്കുരുട്ട് നാ. സന്ധ്യയാകുമ്പോൾ കാഴ്ചനഷ്ടപ്പെടുന്ന രോഗം,മാലക്കണ്ണ്>

അന്തിക്കൂത്ത് [സം. അന്തി-കൂത്ത്] നാ. സന്ധ്യാസമയത്തെ കൂത്ത്, ശിവൻെറ അന്തിനടനം.

അന്തിക്രിസ്തു [ഇം.ഗ്രീ.ക്രിസ്തു) ക്രിസ്തുവിന്എതിരായിരിക്കുന്നവൻ.

അന്തിച്ചന്ത നാ. വൈകുന്നേരം നടക്കുന്ന ചന്ത.

അന്തിച്ചുവപ്പ്,-ചോപ്പ് [അന്തി-ചുവപ്പ്] നാ. സന്ധ്യയ്ക്കു ആകാശത്തിൽ കാണപ്പെടുന്ന ചുവപ്പ്.

അന്തിത്തിരി നാ. മൂവന്തിക്കു കൊളുത്തിവയ്ക്കുന്ന (തിരിയിട്ട) വിളക്ക്.

അന്തിത്തിരിയൻ നാ. ചെറിയ അമ്പലത്തിലെ പൂജാരി,അന്തിവിളക്കു കൊളുത്തുന്നതിൻെറ ചുമതലക്കാരൻ.

അന്തിത്തിരുവമിർത് നാ. സന്ധ്യാനൈവേദ്യം.

അന്തിമ [സം.] വി. 1.വളരെ അടുത്ത; 2.അവസാനത്തേ, നാ.അന്തിമവർഗക്കാരൻ,ചണ്ഡാലൻ.

അന്തിമന്താരം നാ.= അന്തിമലരി.

അന്തിമലരി നാ. നാലുമണിച്ചെടി.

അന്തിമഹാകാളൻ [മ. അന്തി- സം. മഹാകാല] നാ. സന്ധ്യാനടനത്തിലേർപ്പെട്ടിരിക്കുന്ന ശിവൻ.

അന്തിമാങ്കം [സം. അന്തിമ-അങ്ക] നാ. 1.അവസാനത്തെ അങ്കം; 2.ഒമ്പത് എന്ന അക്കം.

അന്തിമാളമ്മൻ [സം. അന്തി-മാളമ്മൻ] നാ. അന്തിക്കു നൃത്തം ചെയ്യുന്ന മഹാകാളനും,(ശിവനും),പർവതിയും.

അന്തിമുടിക്കുക ക്രി. സന്ധ്യാവന്ദനം ചെയ്തു മുടിക്കുക.

അന്തിയൂഴം [അന്തി-ഊഴം] നാ. ചാവടിയന്തിരം അവസാനിക്കുന്ന ദിവസത്തിൻെറ തലേരാത്രി മരിച്ച ആളിൻെറ വീട്ടിൽ ബന്ധുക്കൾ ഒരുമിച്ചുകൂടുന്ന ആചാരം.

അന്തിവഴങ്ങുക [സം. അന്തി-വഴങ്ങുക] ക്രി. സന്ധ്യാപൂജ നടത്തുക.

അന്തിവിളക്ക് [അന്തി-വിളക്ക്] നാ. സന്ധ്യക്കു വയ്ക്കുന്ന വിളക്ക്.

അന്തേ [സം.] അവ്യ. 1.അവസാനത്തിൽ; 2.ഉള്ളിൽ.

അന്തേവാസൻ [സം. അന്തേ-വാസ] നാ. 1.അയൽവാസി; 2,വിദ്യാർഥി.
അന്തേവാസി [സം. -വാസിൻ] =അന്തേവാസൻ.
അന്തേശയൻ [സം. -ശയ] നാ. കാമദേവൻ.
അന്തോളം,-ളകം,-ളിക [സം. ആന്ദോലാ] നാ. പല്ലക്ക്,മേനാവ്.
അന്ത്യ1 [സം.] വി. 1.അന്തത്തിലുള്ളത്,അവസാനത്തേത്; 2.ഏറ്റവും താണ,അധമമായ; 3.നശ്വരമായ,ക്ഷണികമായ.
അന്ത്യ2 [സം. അന്ത്യാ] നാ. അവസാനത്തെ ജാതിയിൽപ്പെട്ടസ്ത്രീ.
അന്ത്യകർമം [സം. അന്ത്യ-കർമൻ] നാ. അന്ത്യക്രിയ,സംസ്കാരം.
അന്ത്യകാഷ്ഠ [സം. -കാഷ്ഠാ] നാ. അങ്ങേയറ്റത്തെ നില,പരമകാഷ്ഠ.
അന്ത്യകൂദാശ [സുറി. -കൂദാശ] നാ. മരണാസന്നനായ ആളിനു വേണ്ടി ചെയ്യുന്ന കൂദാശ,ഒടുക്കത്തെ ഒപ്പുറൂശ്മ.
അന്ത്യഗമനം [സം.-ഗമന] നാ. ഉയർന്നജാതിയിൽപ്പെട്ട സ്ത്രീ അന്ത്യജാതിയിൽപ്പെട്ട പുരുഷനെ പ്രാപിക്കുന്നത്.
അന്ത്യജ [സം. അന്ത്യ-ജ] വി. 1.ഒടുവിൽ ജനിച്ച; 2.താഴ്ന്ന ജാതിയിൽപ്പെട്ട.
അന്ത്യജൻ,-ജാതൻ [സം. അന്ത്യ-ജ,-ജാത] നാ. 1.ഏറ്റവും താണ ജാതിയിൽപ്പെട്ടവൻ,ശൂദ്രൻ, 2.ചണ്ഡാലൻ; 3.രജകൻ,ചർമകാരൻ,നടൻ,വരുഡൻ, (ചൂരൽപ്പണിക്കാരൻ),മുക്കുവൻ,മേദൻ,ഭില്ലൻ,എന്നീ ഏഴുവർഗങ്ങളിലൊന്നിൽ പെട്ടവൻ.
അന്ത്യജാതി [സം. -ജാതി] നാ. ശൂദ്രൻ.
അന്ത്യപ്രാസം [സം. -പ്രാസ] നാ. പദാന്തങ്ങളിലോ പാദാന്തങ്ങളിലോ ഒരേ അക്ഷരം ആവർത്തിക്കുന്നത്,മഹാരാഷ്ട്രപ്രാസം.
അന്ത്യഭം [സം. -ഭ] (ജ്യോ.) നാ. 1.അന്ത്യനക്ഷത്രം,രേവതി; 2.അന്ത്യരാശി,മീനം.
അന്ത്യം [സം.] നാ. 1.അവസാനത്തേത്; 2.അവസാനം,മരണം,നാശം; 3.(ഗണിത.) ഒരു വലിയ സംഖ്യ,ആയിരം ലക്ഷം കോടി; 4.(ജ്യോ.) അന്ത്യരാശി,മീനം; 5.ലഗ്നത്തിൻെറ പന്ത്രണ്ടാം ഭാവം; 6.അവസാനത്തെ ചാന്ദ്രമാസം (ഫാൽഗുനം),പൃഷ്ഠത്തിൽ ഉള്ള ഒരു മർമം, 7.മുത്തങ്ങ.
അന്ത്യയാത്ര [സം. -യാത്രാ] നാ. 1.അവസാനയാത്ര; 2.മരണം.
അന്ത്യയാമം [സം. -യാമ] നാ. രാത്രിയുടെ അവസാനത്തെ യാമം (ഏഴരവെളുപ്പുള്ളപ്പോൾ മുതൽ പുലർച്ചവരെ.)
അന്ത്യയുഗം [സം. -യുഗ] നാ. ചതുർയുഗങ്ങളിൽ ഒടുവിലത്തേത്,കലിയുഗം.
അന്ത്യലേപനം [സം. -ലേപന] നാ. = അന്ത്യകൂദാശ.
അന്ത്യലോപം [സം. -ലോപ] നാ. ഒടുവിലത്തെ വർണം ലോപിക്കൽ.
അന്ത്യവർണം [സം. -വർണ] നാ. 1.അവസാനത്തെ ജാതി, ശൂദ്രൻ; 2.ഒടുവിലത്തെ അക്ഷരം.
അന്ത്യശാസനം [സം. -ശാസന] നാ. അവസാനത്തെ താക്കീത്,ഒടുവിലത്തെ അറിയിപ്പ്.
അന്ത്യപ്രാസം [സം. -പ്രാസ] നാ. പദാന്തങ്ങളിലോ,പാദാന്തങ്ങളിലോ ഒരേ അക്ഷരം ആവർത്തിക്കുന്നത്,മഹാരാഷ്ട്രപ്രാസം.
അന്ത്യാക്ഷരി [സം. -അക്ഷരീ] നാ. ഒരു പദ്യത്തിൻെറ അവസാനത്തെ അക്ഷരംകൊണ്ട് തുടങ്ങുന്ന അടുത്തപദ്യം എന്ന ക്രമത്തിലുള്ള സ്തോത്രവും മറ്റും.
അന്ത്യാമന്ത്രണം [സം. -ആമന്ത്രണ] നാ. അവസാനത്തെ യാത്രപറച്ചിൽ.

അന്ത്യാവസായി [സം. -അവസായിൻ] നാ. ചണ്ഡാലനു നിഷാദസ്ത്രീയിൽ ജനിച്ചവൻ. (സ്ത്രീ.) അന്ത്യാവസായിനി.
അന്ത്യാശ്രമം [സം. -ആശ്രമ] നാ. ആശ്രമങ്ങളിൽ അവസാനത്തേത്,സന്ന്യാസം.
അന്ത്യാഹൂതി [സം. -ആഹൂതി] നാ. =അന്ത്യേഷ്ടി.
അന്ത്യേഷ്ടി [സം. -ഇഷ്ടി] നാ. 1.ശവദാഹം മുതൽ പിണ്ഡംവരെയുള്ള പിതൃകർമം.2.വേദവിധിപ്രകാരമുള്ള ശവദാഹം.
അന്ത്യോപചാരം [സം. -ഉപചാര] നാ. 1.മരിച്ച ആളിനു ശവസംസ്കാരത്തിനുമുമ്പു ചെയ്യുന്ന ഉപചാരം; 2.മരിച്ച ആളിനെ ഉദ്ദേശിച്ചു ചെയ്യുന്ന ഉദകക്രിയയും മറ്റും.
87
അന്ത്രകൂജനം [സം. അന്ത്ര-കൂജനം] നാ. കുടലിരപ്പ്.
അന്ത്രരസം [സം. -രസ] നാ. ദീപനരസം.
അന്ത്രവല്ലിക [സം. -വല്ലികാ] നാ. മഹിഷവല്ലി,എരുമവള്ളി. (രസവീര്യപാകാദിയിൽ)
അന്ത്രാദം [സം. -അദ] കുടലിനെ തിന്നുന്നത്,ഒരുതരം കൃമി.
അന്ദു [സം. -അന്ദു,-ന്ദൂ] നാ. 1.(ആനയുടെ കാലിലിടുന്ന) ചങ്ങല; 2.ഒരുതരം കാൽത്തള.
അന്ദോളനം [സം. അന്ദോലന] നാ. ഊഞ്ഞാലിലും മറ്റുമുള്ള ആട്ടം.
അന്ധ [സം.] 1.കണ്ണുകാണാത്ത,കുരുടനായ,(ആല.) വിവേകമില്ലാത്ത; 2.ഇരുളടഞ്ഞ; 3.അറിവില്ലാത്ത.
അന്ധകഘാതി [സം. അന്ധക-ഘാതിൻ] നാ. അന്ധകനെ കൊന്നവൻ,ശിവൻ.
അന്ധകൻ [സം.] നാ. 1.കാഴ്ചയില്ലാത്തവൻ,കുരുടൻ; 2.ഒരു അസുരൻ; 3.ശ്രീകൃഷ്ണൻെറ പൂർവികനായ ഒരു യാദവൻ.
അന്ധകം [സം.] നാ. 1.തൂം പൂണി,സുഗന്ധഫലങ്ങൾ കായ്ക്കുന്ന ഒരു വൃക്ഷം; 2.ആന്ധ്രദേശം.
അന്ധകരിപു [സം. അന്ധക-രിപു] നാ. ശിവൻ.
അന്ധകാരാസ്ത്രം [സം. അന്ധകാര-അസ്ത്ര] നാ. എയ്യുമ്പോൾ ഇരുട്ടുണ്ടാക്കുന്ന അസ്ത്രം,താമസാസ്ത്രം.
അന്ധകാരഭൂഖണ്ഡം [സം.-ഭൂഖണ്ഡ] നാ. ആഫ്രിക്ക (പരിഷ്കാരം എത്തിനോക്കാത്ത സ്ഥലമായിരുന്നതിനാൽ.)
അന്ധകാരം [സം അന്ധ-കാര <കൃ]'അന്ധതയുണ്ടാക്കുന്നത്' നാ. 1.ഇരുട്ട്; 2.(ആല.)ആത്മജ്ഞാനമില്ലായ്മ,അറിവില്ലായ്മ.
അന്ധകാരയുഗം [സം.അന്ധകാര-യുഗ] നാ.യൂറോപ്പിൽ വൈജ്ഞാനികമായ ഉണർവില്ലാതിരുന്ന കാലം,മധ്യയുഗം.
അന്ധകാരി [സം. അന്ധക-അരി] നാ. ശിവൻ.
അന്ധകൂപം [സം. അന്ധ-കൂപ] നാ. 1.പൊട്ടക്കിണർ; 2.ഒരു നരകം; 3.മാനസികമായ ഇരുട്ട്.
അന്ധത,ത്വം [സം. അന്ധതാ,-ത്വ] നാ. 1.കണ്ണുകാണായ്ക; 2.(ആല.) അറിവില്ലായ്മ,മൂഢത; 3.എന്തുചെയ്യണമെന്നറിവില്ലായ്മ,കുഴക്കം,അവിവേകം,സാഹസം.
അന്ധതമസം [സം. അന്ധ-തമസ] നാ. 1.കൂരിരുട്ട്; 2.(ആല.) അജ്ഞാനം.
അന്ധതാമിസ്രം [സം. -താമിസ്ര] നാ. 1.അന്ധതമസം; 2.ഘോരനരകങ്ങളിൽ ഒന്ന്.
അന്ധധീ [സം. -ധീ] നാ. അന്ധമായ ധീയോടുകൂടിയവൻ,മൂഢൻ.

അന്ധൻ [സം.] നാ. കണ്ണുകാണാത്തവൻ,കുരുടൻ; 2.അറിവില്ലാത്തവൻ,മൂഢൻ; 3.നാലു ചവിട്ടടിയിൽ കൂടുതൽ ദൂരത്തിൽ നോക്കാത്ത ഭിക്ഷു,എന്തുചെയ്യണമെന്നറിയാത്തവൻ.
അന്ധപൂതന [സം. അന്ധ-പൂതനാ] നാ. ബാലപീഡയ്ക്കു കാരണമെന്നു കരുതപ്പെടുന്ന ഒരു പിശാചി.
അന്ധം [സം.] നാ. 1.ഇരുട്ട്; 2.അജ്ഞാനം; 3.ജലം,കലക്കുള്ളവെള്ളം.
അന്ധമൂഷിക [സം. അന്ധ-മൂഷിക] നാ. ദേവതാളി.
അന്ധവിശ്വാസം [സം. -വിശ്വാസ] നാ. യുക്തിഹീനമായ വിശ്വാസം,മൂഢവിശ്വാസം.
അന്ധസ്സ് [സം. അന്ധസ്] നാ. 1.ഭക്ഷണം,ചോർ; 2.സോമലത.'അന്തസ്സ്' നോക്കുക.
അന്ധാളിക്കുക ക്രി..പരിഭ്രമിക്കുക,കുഴങ്ങുക.
അന്ധാളിത്തം നാ. പരിഭ്രമം,അമ്പരപ്പ്.
അന്ധിക [സം. അന്ധികാ] നാ. 1.രാത്രി; 2.കണ്ണുകെട്ടിക്കളി; 3.ഒരു നേത്രരോഗം; 4.സ്ത്രീകളിൽ ഒരിനം.
അന്ധിക്കുക [<സം. അന്ധ] ക്രി. 1.കാണാൻ കഴിവില്ലാതെ വരിക,അന്ധാളിക്കുക; 2.കളിപ്പു പറ്റുക; 3.വിഡ്ഢിയാകുക.
അന്ധീകരിക്കുക [<സം. അന്ധീ-കൃ] ക്രി. കണ്ണുകാണാതെയാക്കുക.
അന്ധീകൃത [<സം. അന്ധീ-കൃ] നാ. കാഴ്ചയില്ലാതാക്കപ്പെട്ട.
അന്ധീഭവിക്കുക [<സം. അന്ധീ-ഭൂ] ക്രി.കാഴ്ചപോകുക.
അന്ധു [സം.] നാ. 1.കിണർ; 2.പുരുഷലിങ്ങ്ഗം.
അന്ധുലം [സം.] നാ. നെന്മേനിവാക.
അന്ധ്രം [സം.] നാ. ആന്ധ്രദേശം.
അന്ന [സം. അന്ന <അദ്]വി. ഭക്ഷിക്കപ്പെട്ട.
അന്നകാമ [സം. അന്ന-കാമ] വി. ആഹാരത്തിന്ആഗ്രഹമുള്ള.
അന്നകൂല്യ [സം. -കൂല്യാ] നാ. അന്നപഥം.
അന്നകോഷ്ഠകൻ [സം. -കോഷ്ഠക] നാ. 1.വിഷ്ണു; 2.സൂര്യൻ.
അന്നകോഷ്ഠകം [സം. -കോഷ്ഠക] നാ. 1.ആഹാരപദാർഥങ്ങൾ വയ്ക്കാനുള്ള അറ; 2.പത്തായം,നെൽപ്പുര.
അന്നക്കാവടി [സം. അന്ന-പ്രാ.കാവഡ] നാ. 1.ധർമച്ചോറു ശേഖരിക്കുവാനുള്ള കുട്ടകൾ തൂക്കിയിടുന്ന കാവുതണ്ട്; 2.ആഹാരം ഇരന്നു നടക്കുന്നവൻ,തെണ്ടി.
അന്നക്കൊടി1 [അന്നം-കൊടി] നാ. 1.അരയന്നത്തിൻെറ അടയാളമുള്ള കൊടി; 2.ശ്രേഷ്ടമായ അരയന്നം.
അന്നക്കൊടി2 നാ. അന്നദാനം ചെയ്യപ്പെടുമെന്നു സൂചിപ്പിക്കാൻ ഊട്ടുപുരയിൽ കെട്ടുന്ന കൊടി.
അന്നക്കൊടിയോൻ [മ. അന്നം- കൊടി-ഓൻ] നാ. അരയന്നം കൊടിയടയാളമ്മയി ഉള്ളവൻ,ബ്രഹ്മാവ്.
അന്നഗതി [മ. അന്നം-സം.ഗതി] നാ. അന്നത്തിൻെറ ഗതി,നട.
അന്നഗന്ധി [സം. അന്ന-ഗന്ധി] നാ. 1.വയറുകടി; 2.അതിസാരം.
അന്നജ1 [സം.-ജ] നാ. ഭക്ഷണത്തിൽനിന്നുണ്ടായ,അന്നജാത.
അന്നജ2 [സം. -ജാ] നാ. ഭക്ഷണജന്യമായ ഇക്കിൾ.
അന്നജം [സം. -ജ] ധാന്യകം,സ്റ്റാർച്ച്.

അന്നതന്ത്രം [സം. -തന്ത്ര] നാ. പോഷണശാസ്ത്രം.
അന്നതൃഷ്ണ [സം. -തൃഷ്ണാ] നാ. ഒരുതരം ഉദരരോഗം.
അന്നത്തേ,-ത്തെ [അന്ന്-അത്ത്-ഏ; ആധാരികാഭാസം] അവ്യ. ആദിവസത്തെ,അക്കാലത്തെ.
അന്നദ1 [സം. അന്ന-ദ <ദാ] വി. ആഹാരം നൽകുന്ന.
അന്നദാതാ(വ്) [സം. -ദാതൃ] നാ. 1.ആഹാരം നൽകുന്നവൻ; 2.രക്ഷാകർത്താവ്.
അന്നദാനം [സം. -ദാന] നാ.ഭക്ഷണം കൊടുക്കൽ,മഹാദാനങ്ങളിൽ ഒന്ന്.
അന്നദാസൻ [സം. -ദാസ] നാ. ചോറിനുമാത്രം വേണ്ടി ദാസവൃത്തി ചെയ്യുന്നവൻ.
അന്നദോഷം [സം. -ദോഷ] നാ. 1.നിഷിദ്ധാഹാരം കഴിക്കുന്നതുമൂലമുണ്ടാകുന്ന പാപം; 2.ആഹാരത്തിലുള്ള ദൂഷ്യം.
അന്നദ്രവശൂലം [സം. -ദ്രവ-ശൂല] നാ. ഒരുതരം ശൂലരോഗം.
അന്നദ്വേഷം [സം. -ദ്വേഷ] നാ. ആഹാരത്തോടു വേറുപ്പ്,വിശപ്പില്ലായ്മ.
അന്നൻ [സം. അന്ന] നാ. 1.അന്നത്തിൻെറ നടത്ത; 2.ഒരു ദ്രാവിഡവൃത്തം.
അന്നനടയാൾ [അന്നം-നടയാൾ] നാ. സുന്ദരി.
അന്നനാളം [സം. അന്ന-നാള] നാ. തൊണ്ടമുതൽ ആമാശയംവരെയുള്ള ആഹാരക്കുഴൽ.
അന്നന്ന് [അന്ന്-അന്ന്] അവ്യ. 1.അതതുദിവസം,പ്രതിദിനം; 2.അതതുകാലത്ത്,കാലംതോറും.
അന്നന്നേടം [അന്ന്-അന്ന്-ഏടം] അവ്യ. ഓരോ ദിവസവും.
അന്നപതി [സം. അന്ന-പതി] 'ആഹാരത്തിൻെറ അധികാരി.' നാ. 1.സൂര്യൻ; 2.അഗ്നി; 3.ശിവൻ; 4.വായു.
അന്നപാകം [സം. -പാക] നാ. 1.ആഹാരം പാകം ചെയ്യൽ; 2.ആഹാരദഹനം.
അന്നപാനം [സ. -പാന] നാ. ചോറും വെള്ളവും (അല്ലെങ്കിൽ ഏതെങ്കിലും പാനീയം)>
അന്നപൂർണ1 [സം. -പൂർണ] വി.സമൃദ്ധിയായി ഭക്ഷണപഥാർഥങ്ങളുള്ള.
അന്നപൂർണ2 [സം. -പൂർണാ] നാ. സുഭിക്ഷതയുടെ ദേവി,ദുർഗ.
അന്നപ്പക്ഷി [മ. അന്നം-സം.പക്ഷിൻ] നാ. നാരായണക്കിളി,അരിക്കിളി,അങ്ങാടിക്കുരുവി,വീട്ടുകുരുവി.
അന്നപ്രളയം [സം. അന്ന-പ്രളയ] നാ. മരണശേഷം അന്നവസ്തുവായുള്ള രൂപാന്തരപ്രാപ്തി.
അന്നപ്രാവ് [അന്നം-പ്രാവ്] നാ. പറക്കാൻ കഴിയാത്ത ഒരിനം പ്രാവ്. മൗറീഷ്യസ് ദ്വീപിൽ പണ്ടുണ്ടായിരുന്നു.
അന്നപ്രാശം,-പ്രാശനം [സം. അന്ന-പ്രാശ, -പ്രാശന < അശ്] നാ. ചോറൂണ്,കുഞ്ഞിന് ആദ്യമായി ചോറു കൊടുക്കുക എന്ന ചടങ്ങ്,ഷോഡശസംസ്കാരങ്ങളിൽ ഒന്ന്.
അന്നബലം [സം. -ബല] നാ. 1.ഭക്ഷണം കഴിക്കുന്നതിനുള്ള ശക്തി; 2.അന്നമാകുന്ന ബലം.
അന്നബ്രഹ്മം [സം. -ബ്രഹ്മൻ] നാ. അന്നമാകുന്ന ബ്രഹ്മം; ശരീരകാരണമാകുന്ന ബ്രഹ്മം.
അന്നഭക്തൻ [സം. -ഭക്ത] നാ. അന്നദാസൻ.

അന്നഭേദി [സം. -ഭേദിൻ] നാ. ഒരു ധാതുദ്രവ്യം,ഇരുമ്പ്,ഗന്ധകം,ഓക്സിജൻ ഇവയുടെ രാസയോഗത്താലുണ്ടാകുന്ന ഒരു പദാർഥം.
അന്നം1 [ത.അന്നം, സം. ഹംസ] നാ. അരയന്നം,താറാവിൻെറ ജാതിയിൽപ്പെട്ട ഒരു ജലചരപ്പക്ഷി,പുരാണങ്ങളനുസരിച്ച്,ബ്രഹ്മാവിൻെറ വാഹനം.നടപ്പിൻെറ അഴക് പ്രസിദ്ധം. (പാലും വെള്ളവും ചേർന്ന മിശ്രിതത്തിൽനിന്ന് പാൽ വേർതിരിച്ചു കുടിക്കാൻ കഴിവുണ്ടെന്നു കവികൽപന.)
അന്നം2 [സം. അന്ന<അദ്] നാ. 1.ആഹാരം,ഭക്ഷണപദാർഥം,ചോറ്; 2.ധാന്യം; 3.ജലം; 4.ഭൂമി.
അന്നംകാണാപ്പക്ഷി നാ. കതിരുകാണാക്കിളി.
അന്നമയ [സം. അന്ന-മയ] നാ. അന്നം കൊണ്ടുള്ള,അന്നരൂപമായ.
അന്നരയകോശം നാ. 1.ആത്മാവിനെ ആവരണം ചെയ്യുന്ന അഞ്ചു കോശങ്ങളിൽ ഒന്ന്; 2.സ്ഥൂലശരീരം.അന്നമലം [സം. -മല] നാ. 1.അമേധ്യം; 2.മദ്യം.
അന്നമൂഷിക [സം. -മൂഷികാ] നാ. ദേവതാളി.
അന്നമെന്നടയാൾ [അന്ന്-മെൽ-നടയാൾ] നാ. അന്നത്തെപ്പോലെ മെല്ലെ നടക്കുന്നവൾ.
അന്നരസം [സം. അന്ന-രസ] നാ. 1.അന്നാഹാരത്തിൻെറ സത്ത്,പോഷണദ്രവ്യം; 2.ആഹാരത്തിൻെറ രുചി.
അന്നൽ നാ. അരയന്നം.
അന്നലേപനം [സം. അന്ന-ലേപന] നാ. അന്നം (ചോറാത്) ലേപനം ചെയ്യൽ (ഒരു ചികിത്സ).
അന്നവസ്ത്രം [സം. -വസ്ത്ര] നാ. ഉണ്ണാനും ഉടുപ്പാനും ഉള്ള വക.
അന്നവാഹനം [സം. -വാഹന] നാ. ഹംസവാഹൻ,ബ്രഹ്മാവ്.
അന്നവാഹി [സം. -വാഹിന്ന്] നാ.അന്നനാളം.
അന്നവികാരം [സം. -വികാര] നാ. 1.ആഹാരം ദഹിക്കുമ്പോൾ അതിനുണ്ടാകുന്ന വികാരം; 2.ആമാശയത്തിലുണ്ടാകുന്ന ഭാവഭേദം; 3.ഇന്ദ്രിയസ്ഖലനം.
അന്നശ്രാദ്ധം [സം. -ശ്രാദ്ധ] നാ. ശ്രാദ്ധം പലവിധത്തിലുള്ളതിൽ ഒന്ന്.
അന്നസത്രം [സം. -സത്ര] നാ. സൗജന്യമായ ഭക്ഷണം കൊടുക്കുന്ന സ്ഥലം,ഊട്ടുപുര.
അന്നാദ [സം. -അദ] വി. അന്നം അദിക്കുന്ന,ചോറുണ്ണുന്ന.
അന്നാദൻ [സം.] നാ. 1.വിഷ്ണു; 2.അഗ്നി; 3.പരമാത്മാവ്.
അന്നായു [സം. -ആയുസ്] നാ. ഉണ്ണാൻ വേണ്ടി മാത്രം ജീവിച്ചിരിക്കുന്നവൻ,ആഹാരത്തിന് ആർത്തിയുള്ളവൻ.
അന്നാരച്ചക്ക നാ. പൃത്തിച്ചക്ക.
അന്നാൾ [ആ-നാൾ] നാ. ആദിവസം,അക്കാലത്ത്.
അന്നിൽ നാ. ക്രൗഞ്ചപ്പക്ഷി.
അന്നീദാ [സുറി.] നാ. അനീദാ.
അന്ന് അവ്യ . ആദിവസം.അപ്പോൾ.
അന്നേ [അന്ന്-ഏ] അവ്യ . അന്നുതന്നെ.
അന്നേരം [ആ-നേരം] അവ്യ . അപ്പോൾ,ആസമയത്ത്.
അന്നോടകം അവ്യ . അന്നുതന്നെ,അന്നുവരെ.
അമ്പത് [ഐം-പത്] നാ. അഞ്ചു പത്തുകൂടിയത്.
അന്യ1 [സം.] വി. വേറെയുള്ള,തൻേറതല്ലാത്ത,വ്യത്യാസപ്പെട്ട.

അന്യ2 [സം. അന്യാ] നാ. പരകീയയായ നായിക,മറ്റൊരുവൾ.
അന്യകാരുക [സം. അന്യ-കാരുക] നാ. മലത്തിൽ ജീവിക്കുന്ന കൃമി.
89
അന്യക്ഷേത്രം [സം. -ക്ഷേത്ര] നാ. 1.മറ്റൊരു വയൽ; 2.വിദേശം; 3.അന്യൻെറ ഭാര്യ.
അന്യഗ1 [സം. -ഗ] വി. അന്യനെ പ്രാപിക്കുന്ന.
അന്യഗ2 [സം. -ഗാ] നാ. പാതിവൃത്യമില്ലാത്തവൾ.
അന്യചിത്ത വി. മറ്റൊന്നിൽ മനസ്സുറപ്പിച്ച,മറ്റെന്തിനെയെങ്കിലും പറ്റി ചിന്തിക്കുക.
അന്യച്ഛേദം [സം. -ഛേദ] നാ. അന്യം നിൽപ്പ്.
അന്യജാത [സം. -ജാത] വി. മറ്റൊന്നിലോ മറ്റൊരാളിലോ ജനിച്ച.
അന്യതര [സം. -തര] വി. രണ്ടിലേതെങ്കിലും ഒന്നായ.
അന്യതസ്ത്യൻ [സം.] നാ. എതിരാളി,ശത്രു.
അന്യതഃ [സം. അന്യ-തഃ അവ്യ. 1.മറ്റൊന്നിൽനിന്ന്,മറ്റൊരാളിൽനിന്ന്; 2.മറ്റൊരു കാരണത്താൽ; 3.മറ്റൊരിടത്ത്.
അന്യതാബോധം [സം. അന്യതാ-ബോധ] നാ. തനിക്കുള്ളതല്ല എന്ന ചിന്ത,ഒന്നിനോട് ഇഴുകിച്ചേരാൻ പറ്റാത്ത അവസ്ഥ.
അന്യത്ര [സം. അന്യ-ത്ര] അവ്യ. 1.മറ്റൊരിടത്ത്; 2.മറ്റൊരിക്കൽ.
അന്യഥാ [സം. -ഥാ] അവ്യ. 1.മറ്റൊരു രീതിയിൽ; 2.വിപരീതമായി; 3.അല്ലെങ്കിൽ. അന്യഥാകരണം = മറ്റൊരു തരത്തിലാക്കൽ.
അന്യഥാ [സം. -ഥാ] അവ്യ . മറ്റൊരിക്കൽ,മറ്റൊരു സന്ദർഭത്തിൽ.
അന്യൻ [സം.] നാ. മറ്റൊരുവൻ,തന്നിൽനിന്നു ഭിന്നനായവൻ.
അന്യപൂർവ [സം. അന്യ-പൂർവാ] നാ. വേറൊരാൾക്കു ഭാര്യയായി നിശ്ചയിക്കപ്പെട്ട സ്ത്രീ.
അന്യമനസ്ക [സം. -മനസ്ക] വി. 1.മറ്റൊരാളിലോ മറ്റൊന്നിലോ മനസ്സുറച്ച; 2.ശ്രദ്ധയില്ലാത്ത.
അന്യം [സം. അന്യത്] നാ. 1.മറ്റൊന്ന്,മറ്റൊരു വസ്തു; 2.വേറെയായത്; തൻേറതല്ലാത്തത്. അന്യംനിൽക്കുക = അവകാശികളില്ലാതാകുക.
അന്യാദൃശ [സം. -അദൃശ] 1.അസാധാരണമായ,മറ്റൊന്നിൽ കാണാത്ത,വിശേഷപ്പെട്ട; 2.മറ്റൊരു തരത്തിലുള്ള.
അന്യാധീന [സം. -അധീന] വി. അന്യനു കീഴ്പ്പെട്ട,മറ്റൊരാൾക്കു വിധേയമായ.
അന്യാപദേശം [സം. -അപദേശ] നാ. (അലം.) അപ്രസ്തുതപ്രശംസയുടെ ഒരു വകഭേദം.
അന്യായം [സം. അ-ന്യായം] നാ. 1.ന്യായമല്ലാത്തത്,നീതിക്കും ധർമത്തിനും വിരുദ്ധമായ പ്രവൃത്തി; 2.കോടതിയിലും മറ്റും സമർപ്പിക്കുന്ന പരാതി. അന്യായക്കാരൻ = നിയമപരമായല്ലാതെ വ്യക്തിയെ തടഞ്ഞുവയ്ക്കൽ. അന്യായപ്പെടുക =കോടതിയിലും മറ്റും ആവലാതി ബോധിപ്പിക്കുക.
അന്യാർഥം1 [സം. -അർഥ] നാ. 1.വേറെ ഒരർഥം; 2.ഒരു കാവ്യദോഷം (വിവക്ഷിക്കാത്തതും,അനുചിതവുമായ മറ്റൊരർഥം കൂടി സ്ഫുരിക്കുന്നത്).
അന്യാർഥം2 [സം. -അർഥം] അവ്യ . വേറൊരാൾക്കോ വേറൊന്നിനോ വേണ്ടി.
അന്യേ [പ.മ] എന്നിയെ,കൂടാതെ.
അന്യേദ്യു [സം. അന്യേ-ദ്യുഃ] അവ്യ . 1.മറ്റൊരു ദിവസം,അടുത്ത ദിവസം; 2.ഒരിക്കൽ.

അന്യേദ്യുഷ്ക [സം.-ദ്യുഷ്-ക] വി. എന്നും സംഭവിക്കുന്ന.

അന്യേദ്യുഷ്കം [സം.] നാ. ഒരിനം ജ്വരം.

അന്യോക്തി [സം. അന്യ-ഉക്തി] നാ. അന്യാപദേശം.

അന്യോന്യ [സം. അന്യഃ-അന്യ] വി. തമ്മിൽത്തമ്മിൽ ഉള്ള.

അന്യോന്യം1 [സം.] അവ്യ .തമ്മിൽത്തമ്മിൽ,പരസ്പരം.

അന്യോന്യം2 [സം.] നാ. 1.പരസ്പരമൈത്രി; 2.ഒരു അർഥാലങ്കാരം; 3.കടവല്ലൂർ ക്ഷേത്രത്തിൽ വച്ച് നമ്പൂതിരിമാർ നടത്തിയിരുന്ന വേദമത്സരപ്പരീക്ഷ. (രണ്ടുകരക്കാർ -തൃശ്ശൂർക്കാരും തിരുനാവാക്കാരും-തമ്മിൽ നടത്തിയിരുന്ന മത്സരമായതിനാൽ അന്യോന്യം എന്നു പേർവന്നു.)

അന്യോന്യഭാവം [സം. അന്യോന്യ-അഭാവ] നാ. (ന്യായ.) രണ്ടെണ്ണത്തിൽ ഓരോന്നിലും മറ്റതിൻെറ അഭാവം. ഒന്നു മറ്റതല്ലായ്ക. നാലുതരം അഭാവങ്ങളിൽ ഒന്ന്.

അന്യോന്യാശ്രയം [സം. -ആശ്രയ] നാ. 1.പരസ്പരമുള്ള ആശ്രയം; 2.(ന്യായ.) പരസ്പരമുള്ള കാര്യകാരണബന്ധം.

അന്വക്ഷം [സം. അനു-അക്ഷം] അവ്യ. പിന്നീട്,തൊട്ടുപിന്നാലെ.

അന്വക്ഷരം [സം.-അക്ഷര] അവ്യ .അക്ഷരക്രമമനുസരിച്ച്.

അന്വയം [സം. അനു-അയ <ഇ] നാ. 1.വംശം; 2.സംബന്ധം; 3.സാഹചര്യം; 4.ആഖ്യാതങ്ങളുടെ ഐക്യം കാണിക്കുന്ന വാക്യം; 5.പദങ്ങളുടെ പരസ്പരാകാങ്ക്ഷ; 6.അനുഗമനം,പിന്തുടരൽ.

അന്വയവാചി [സം. അന്വയ-വാചിൻ] നാ. ആഖ്യാതങ്ങളുടെ ഐക്യം കാണിക്കുന്ന ക്രിയ.

അന്വയാഗത [സം. -ആഗത] വി. 1.വംശവഴിക്കുള്ള; 2.പരമ്പരാഗതമായ; 3.അന്വയിച്ചു കിട്ടിയ.

അന്വയിക്കുക [<സം. അനു-ഇ] ക്രി. പദങ്ങളെ പരസ്പരാകാങ്ക്ഷയനുസരിച്ചു ചേർക്കുക.

അന്വർഥ(ക) [സം. -അർഥക] വി. അർഥത്തിനു യോജിച്ച, സാർഥകമായ.

അന്വർഥവേദി [സം. അന്വർഥ-വേദിൻ] നാ. അടിച്ചാലും മുറിവേൽപ്പിച്ചാലും വകവയ്ക്കാത്ത ആന.

അന്വർഥി [സം. അനു-അർഥിൻ] നാ. ആശ്രയിച്ചു ജീവിക്കുന്നവൻ.

അന്വവസർഗം [സം. -അവ-സർഗ <സൃജ്] നാ. 1.ശിഥിലമാക്കൽ,അയച്ചുവിടൽ; 2.ഇഷ്ടം പോലെ ചെയ്യാൻ അനുവദിക്കൽ; 3.തന്നിഷ്ടം പോലെ പ്രവർത്തിക്കൽ.

അന്വവസിത [സം. -അവ-സിത <സി] വി. ബന്ധപ്പെട്ട,പിടിക്കപ്പെട്ട.

അന്വവായം [സം. -അവായ] നാ. 1.നിലനിറുത്തുന്നത്, 2.വംശം.

അന്വവേക്ഷണം [സം. -അവ-ഈക്ഷണ] നാ. പരിഗണന,ബഹുമാനം.

അന്വഷ്ടക [സം. -അഷ്ടകാ] നാ. പൗഷം,മാഘം,ഫാൽഗുനം,എന്നീ മാസങ്ങളിലെ കൃഷ്ണപക്ഷത്തിലെ നവമി.

അന്വസ്ത [സം. -അസ്ത] വി. എറിയപ്പെട്ട.

അന്വഹം [സം. -അഹൻ] അവ്യ . ദിവസം തോറും.

അന്വാഖ്യാത [സം. -ആ-ഖ്യാത <ഖ്യൈ] വി. തുടർന്ന് പറയപ്പെട്ട.

അന്വാഖ്യാതസംഭാഷണം [സം. അന്വാഖ്യാത-സംഭാഷണ] നാ. മറ്റൊരാളിൻെറ വാക്യത്തെ ഉദ്ധരിക്കാതെ,ആയാൾ പറഞ്ഞ കാര്യം തന്നെ സ്വന്തവാക്യങ്ങളിൽ ആഖ്യാനം ചെയ്യുന്നത്.

അന്വാഖ്യാനം [സം. അനു-ആഖ്യാന] നാ. 1.പറഞ്ഞതിന്റെ തുടർച്ചയായി പറയുക; 2.മൂലത്തെ കൃത്യമായി പിന്തുടരുന്ന വ്യാഖ്യാനം.
അന്വാചയം [സം. -ആ-ചയ <ചി] നാ. പ്രധാനപ്പെട്ട കർമം വിധിച്ചതിനുശേഷം ഗൗണമായതിനെ വിധിക്കൽ,പ്രധാനത്തോട് അപ്രധാനം കൂട്ടിച്ചേർക്കൽ.
അന്വാചിത [സം. -ആചിത] വി. അപ്രധാനമായ,താണതരമായ.
അന്വാദിഷ്ട [സം. -ആദിഷ്ട] വി. പിന്നീട് പറയപ്പെട്ട.
അന്വാദേശം [സം. -ആദേശ] നാ. 1.പിന്നീടുള്ള പ്രസ്താവം,ഒരിക്കൽ പറഞ്ഞതിനെപ്പറ്റി വീണ്ടും പറയൽ; 2.ഒരു സങ്ഗതിക്കായി ഒരിക്കൽ നിർദേശിച്ച നാമത്തെ മറ്റൊരു സങ്ഗതിക്കായി വീണ്ടും പറയൽ; 3.കൂട്ടിച്ചേർത്ത പ്രസ്താവം,അനുബന്ധം.
അന്വാധാനം [സം. -ആ-ധാന- <ധാ] നാ. പിന്നീട് ഇടുക,ഹോമാഗ്നിയിൽ വിറകുവയ്ക്കൽ.
അന്വാധി [സം. -ആധി] നാ. 1.മറ്റൊരാൾക്കു കൊടുക്കാൻ വേണ്ടി ഏൽപ്പിച്ച വസ്തു; 2.പശ്ചാത്താപം; 3.നിരന്തരമായ ആധി.
അന്വാധേയകം [സം. -ആധേയക] നാ. ഒരുതരം സ്ത്രീധനം,വിവാഹാനന്തരം സ്വഗൃഹത്തിൽനിന്നോ ഭർതൃഗ്ര്ഹത്തിൽനിന്നോ കിട്ടുന്ന ധനം.
അന്വായത്ത [സം. -ആയത്ത] വി. പിന്നാലെ വന്ന.
അന്വായനം [സം. -ആയന] നാ. വിവാഹശേഷം സ്ത്രീ പിതൃഗൃഹത്തിൽനിന്നും ഭർതൃഗൃഹത്തിലേക്കു കൊണ്ടുപോകുന്ന സാധനങ്ങൾ.
അന്വാരബ്ധ [സം. -ആരബ്ധ] വി. പിന്നീടുതുടങ്ങിയ.
അന്വാരംഭം [സം. -ആരംഭ] നാ. 1.യാഗത്തിൽ അർപ്പിച്ച പഴങ്ങൾക്കും യാഗത്തിന്റെ പുണ്യത്തിനും അർഹനാക്കുന്നതിനായി യജമാനനെ തൊടുന്നത്, 2.വിദ്യാരംഭം കഴിച്ചശേഷം തുടർന്നുള്ള അഭ്യാസം.
അന്വാരോഹണം [സം. -ആ-രോഹ <രുഹ്] നാ. ഉടന്തടി ചാടൽ, ഭർത്താവിന്റെ ശരീരം ചിതയിൽ വയ്ക്കുന്നതിനെ തുടർന്നു ഭാര്യ (വിധവ) അതിൽ പ്രവേശിക്കുന്നത്.
അന്വാസനം [സം. -ആസന] നാ. 1.(ഒരാൾ) ഇരുന്നശേഷം ഇരിക്കുക; 2.സേവനം, ശുശ്രൂഷ; 3.പശ്ചാത്താപം, വ്യസനം; 4.സ്നേഹവസ്തി (മൂന്നുതരം ആധാര വസ്തികളിൽ ഒന്ന്). 5.പണിപ്പുര, ആല.
അന്വാസിക്കുക [<സം. അനു-ആസ്] ക്രി. അടുത്ത് ഇരിക്കുക, ശുശ്രൂഷിക്കുക.
അന്വാഹാര്യം [സം. -ആഹാര്യ] നാ. പൗർണമാസികളിൽ പിതൃക്കൾക്കായി ചെയ്യുന്ന ശ്രാദ്ധം.
അന്വാഹിക [സം. -ആഹിക<അഹൻ] വി. ദിവസം തോറുമുള്ള.
അന്വിത [സം. -ഇത <ഇ] വി. 1.അന്വയിച്ച, കൂടിയ, ഒത്തുപോകുന്ന; 2.ഉള്ള, സഹിതമായ.
അന്വിതാർഥ [സം. അന്വിത-അർഥ] നാ. സന്ദർഭം കൊണ്ടു തന്നെ വിശദമാകുന്ന അർഥത്തോടുകൂടിയ.
അന്വിതി [സം. അനു-ഇതി] നാ. 1.അനുഗമനം; 2.ആഹാരം.
അന്വിഷ്ട [സം. -ഇഷ്ട] വി. അന്വേഷിക്കപ്പെട്ട.
അന്വീക്ഷണം [സം. -ഈക്ഷണ] നാ. അന്വീക്ഷ.
അന്വീക്ഷാ [സം.-ഈക്ഷാ] നാ. 1.അന്വേഷണം; 2.ചിന്ത; 3.വിചാരണ, പരിശോധന.
അന്വേഷ [സം. -ഏഷാ] നാ. അന്വേഷണം.

അന്വേഷകൻ [സം. –ഏഷക] നാ. ആരായുന്നവൻ.
അന്വേഷണ [സം. –ഏഷണാ] നാ. അന്വേഷണം.
അന്വേഷണം [സം.] നാ. 1.തിരയൽ, ആരായൽ; 2.കാര്യവിചാരം. ഉദാ.കാര്യാന്വേഷണം.
അന്വേഷി [സം. –ഏഷിൻ] നാ. അന്വേഷകൻ. (സ്ത്രീ.) അന്വേഷിണീ.
അന്വേഷിക്കുക [<സം. അനു–ഇഷ്] ക്രി. 1.തേടുക, ആരായുക, വിവരം അറിയാൻ ശ്രമിക്കുക; 2.മേൽവിചാരം ചെയ്യുക, കാര്യം നടത്തുക.
അന്വേഷ്ടാവ് [സം. –ഏഷ്ട്യ] നാ. അന്വേഷകൻ.
അപ– [സം. അപ] അവ്യ. ദൂരെ, തെറ്റായ, കീഴോട്ട്, ഇല്ലാതെ, കൂടാതെ, തുടങ്ങിയ അർഥങ്ങളിൽ സംസ്കൃതത്തിൽ നാമങ്ങൾക്കും കൃതികൾക്കും മുമ്പിൽ ചേർക്കുന്ന ഒരു ശബ്ദം.
അപകടം [സം. –കട] നാ. 1.ആപത്ത്, അനിഷ്ടസംഭവം, യാദൃച്ഛികവിപത്ത്; 2.വേണ്ടാതനം, ദോഷം; 3.കുഴപ്പം; 4.വൈഷമ്യം, അഹിതം, ശല്യം.
അപകർത്താവ് [സം. അപ–കർതൃ] നാ. അപകാരം ചെയ്യുന്നവൻ, ശത്രു.
അപകർമം [സം. –കർമൻ] നാ. 1.ദുഷ്കർമം; 2.കടം വീട്ടൽ; 3.മടി, അസാമർഥ്യം, കൊള്ളരുതായ്ക.
അപകർഷക [സം. –കർഷക] വി. 1.കീഴേക്കുവലിക്കുന്ന; 2.കുറവു വരുത്തുന്ന, കുറച്ചിലുണ്ടാക്കുന്ന.
അപകർഷണ [സം. –കർഷണ <കൃഷ്] നാ. വലിച്ചുമാറ്റൽ, നീക്കം ചെയ്യൽ.
അപകർഷത [സം.–കർഷതാ] നാ. കുറവ്, കീഴോട്ട് വലിക്കപ്പെടുന്ന അവസ്ഥ. (അപകർഷതാബോധം എന്ന അർഥത്തിലും പ്രയോഗം).
അപകർഷതാബോധം [സം. –അപകർഷതാ–ബോധ] നാ. താൻ കുറവുള്ളവൻ (നിസ്സാരൻ) ആണെന്ന ബോധം.
അപകർഷതാമനോഗ്രന്ഥി [സം. ––മനസ്–ഗ്രന്ഥി] നാ. (മന.) അങ്ഗീകാരത്തിനുവേണ്ടിയുള്ള ആഗ്രഹവും മുൻസന്ദർഭങ്ങളിൽ ഉണ്ടായ പരാജയങ്ങൾ സൃഷ്ടിച്ച നൈരാശ്യവും തമ്മിലുള്ള സങ്ഘർഷത്തിൽ നിന്നുളവാകുന്ന പ്രതിരോധാത്മകവും പ്രതിപൂർത്തിപരവും പലപ്പോഴും ആക്രമണപരവും ആയ മനോഭാവം.
അപകർഷം [സം. അപ–കർഷ <കൃഷ്] നാ. 1.താഴേക്കു വലിക്കൽ, തരം താഴ്ത്തൽ; 2.താഴ്ച, കുറവ്, നാശം, നഷ്ടം, നിന്ദ, അപമാനം. × ഉത്കർഷം.
അപകരണം [സം. –കരണ] നാ. 1.അയോഗ്യമായി പ്രവർത്തിക്കൽ, തെറ്റായി ചെയ്യൽ; 2.ഉപദ്രവിക്കൽ.
അപകരിക്കുക [<സം. അപ–കൃ] ക്രി. ഉപദ്രവിക്കുക, ദ്രോഹിക്കുക.
അപകരുണ [സം. –കരുണ] വി. കരുണയില്ലാത്ത, ക്രൂരമായ.
അപകരുണം [സം. –കരുണം] അവ്യ . കരുണയില്ലാതെ.
അപകൽമഷ,–കന്മഷ [സം. –കൽമഷ] വി. 1. കളങ്കമില്ലാത്ത, പാപമില്ലാത്ത; 2.അപരാധമില്ലാത്ത, കുറ്റം ചെയ്യാത്ത.
91
അപകളങ്കം [സം. –കലങ്ക] നാ. കളങ്കമില്ലായ്മ.
അപകാമം [സം. –കാമ] അവ്യ .ഇഷ്ടത്തിനു വിരുദ്ധമായി, മനസ്സില്ലാതെ.
അപകാരകൻ [സം. –കാരക] നാ. ദോഷം ചെയ്യുന്നവൻ, ശത്രു.
അപകാരം [സം. –കാര] നാ. ഉപദ്രവം, ദ്രോഹം, അപരാധം. × ഉപകാരം.

അപകാരി [സം. -കാരിൻ] നാ. അപകാരകൻ (സ്ത്രീ.) അപകാരിണി × ഉപകാരി.
അപകാര്യം [സം. -കാര്യ] നാ. ചെയ്തുകൂടാത്ത കാര്യം, നിന്ദ്യമായ പ്രവൃത്തി.
അപകിരണം [സം. -കിരണ] നാ. അവകിരണം, ചിതറൽ.
അപകീർത്തി [സം. -കീർതി] നാ. 1.ദുഷ്ക്രീർത്തി, അവമാനം; 2.ദുഷ്കീർത്തിപ്പെടുത്തൽ, മാനനഷ്ടം.
അപകൃത [സം. -കൃത] വി. അപകാരം ചെയ്യപ്പെട്ട, ദ്രോഹിക്കപ്പെട്ട, അപമാനിക്കപ്പെട്ട.
അപകൃതി [സം. -കൃതി] നാ. 1.ഉപദ്രവം, ദ്രോഹം, അപരാധം. × ഉപകൃതി; 2.വിരോധം, എതിർപ്പ്, നിന്ദ്യപ്രവൃത്തി.
അപകൃത്യം [സം. -കൃത്യ] നാ. അപകൃതി.
അപകൃപം [സം. -കൃപ] അവ്യ .കൃപകൂടാതെ, ദയയില്ലാതെ.
അപകൃഷ്ട [സം. -കൃഷ്ട] വി. നീചമായ. ×ഉത്കൃഷ്ട.
അപകേന്ദ്രക [സം. -കേന്ദ്രക] വി. കേന്ദ്രത്തിൽനിന്ന് അകന്നുപോകുന്ന.
അപകേന്ദ്രകം [സം.] നാ. (രാഷ്ട്ര.) കേന്ദ്രത്തിൽനിന്ന് അകന്നുപോകുന്നത്, വിഘടനസ്വഭാവമുള്ളത്.
അപക്തി [സം. അ-പക്തി <പച്] നാ. 1.പാകമാകായ്ക; 2.ദഹനക്കേട്,അഗ്നിസാദം.
അപക്രമണം [സം. -ക്രമണ] നാ. (രാഷ്ട്ര.) യുദ്ധത്തിൽ സൈന്യം തന്ത്രപൂർവമോ അല്ലാതെയോ പിൻവാങ്ങുന്ന നടപടി.
അപക്രമം,-ക്രമണം [സം. -ക്രമ,-ക്രമണ] നാ. 1.ഓടിപ്പോകൽ, ദൂരെപ്പോകൽ, ഒഴിഞ്ഞുമാറ്റം, രക്ഷപ്പെടൽ; 2.ക്രമഭങ്ഗം, ഭഗ്നപ്രക്രമം; 3.(ജ്യോ.) ഘടികാമണ്ഡലത്തിൽ നിന്നുള്ള സൂര്യൻെറ അകലം, അപമം, ക്രാന്തി.
അപക്രമവൃത്തം [സം. അപക്രമ-വൃത്ത] നാ. (ജ്യോ.) ക്രാന്തിവൃത്തം, സൂര്യൻെറ സാങ്കൽപ്പികമായ സഞ്ചാരപഥം.
അപക്രമാങ്കുരം [സം. -അങ്കുര] നാ. ചെടികളുടെ അഗ്രങ്ങളിലോ കവരങ്ങളിലോ അല്ലാതെ ഉണ്ടാകുന്ന അങ്കുരം, അപസ്ഥാനികമുകുളം.
അപക്രമിക്കുക [<സം. അപ-ക്രമ്] ക്രി. 1.മാറിപ്പോകുക, രക്ഷപ്പെടുക; 2.വഴുതിപ്പോകുക, കടന്നുപോകുക.
അപക്രയം,-ക്രയണം [സം. -ക്രയ.-ക്രയണ] നാ. അവക്രയം.
അപക്രിയ [സം. -ക്രിയാ] നാ. അവക്രിയ.
അപക്രോശം [സം. -ക്രോശ] നാ. ശകാരം, നിന്ദനം.
അപക്വ [സം. അ-പക്വ] വി. 1.പാകം വന്നിട്ടില്ലാത്ത, വിളയാത്ത; 2.ലോകപരിചയം സിദ്ധിക്കാത്ത, അനുഭവസമ്പത്തില്ലാത്ത; 3.ദഹിക്കാത്ത; 4.പാകം ചെയ്യാത്ത.
അപക്ഷ [സം. -പക്ഷ] വി. 1.ചിറകില്ലാത്ത; 2.കക്ഷിചേരാത്ത; 3.സ്വപക്ഷത്തിൽ ആരുമില്ലാത്ത; 4.താത്പര്യമില്ലാത്ത; 5.സ്നേഹമില്ലാത്ത; 6.എതിരായ.
അപക്ഷപാതം [സം. -പക്ഷ-പാത] നാ. പക്ഷപാതമില്ലായ്മ.
അപക്ഷയം [സം. അപ-ക്ഷയ] നാ. 1.നാശം, കെടുതി; 2.കൃഷ്ണപക്ഷം.
അപക്ഷീണ [സം. -ക്ഷീണ] വി. ക്ഷീണിച്ച, ക്ഷയിച്ച.
അപക്ഷേപണം [സം. -ക്ഷേപണ] നാ. ദൂരെ എറിയൽ, താഴെ കളയൽ.
അപക്ഷേപിക്കുക [<സം. അപ-ക്ഷിപ്] ക്രി. ദൂരെ എറിയുക, എറിഞ്ഞുകളയുക.

അപഖ്യാതി		[സം. –ഖ്യാതി] നാ. ദുഷ്കീർത്തി.
അപഗ1		[സം.–ഗ <ഗമ്] വി. പിരിഞ്ഞുപോകുന്ന. വിട്ടുപോകുന്ന.
അപഗ2		[സം.–ഗാ[ നാ. ആപഗാ, നദി.
അപഗണ്ഡൻ		[സം. –ഗണ്ഡ] നാ. അപോഗണ്ഡൻ, പ്രായപൂർത്തി വന്നവൻ.
അപഗത		[സം. –ഗത] വി. 1.പൊയ്പ്പോയ, കഴിഞ്ഞുപോയ, പിരിഞ്ഞുപോയ, ഇല്ലാത്ത; 2.ഉള്ളിലേക്കു വലിഞ്ഞ; 3.മരിച്ചുപോയ.
അപഗതി		[സം. –ഗതി] നാ. 1.ദുർഗതി; 2.ദുർവിധി.
അപഗമം,–ഗമനം		[സം. –ഗമ,–ഗമന] നാ. 1.പിരിഞ്ഞുപോകൽ, പോക്ക്; 2.വിരഹം, വേർപാട്; 3.അപ്രത്യക്ഷമാകൽ; 4.മരണം.
അപഗമിക്കുക		[<സം. അപ–ഗമ്] ക്രി. 1.ദൂരെ പോകുക; 2.പോയി മറയുക.
അപഗർജിത		[സം. –ഗർജിത] വി. ഗർജിതം ഒഴിഞ്ഞ, ഇടിമുഴക്കമില്ലാത്ത.
അപഗരൻ		[സം. –ഗര] നാ. ശകാരിക്കുന്നവൻ, അപ്രിയവാദി.
അപഗരം		[സം.] നാ. ശകാരം, ദൂഷണം.
അപഗുണം		[സം. അപ–ഗുണ] നാ. ദുർഗുണം, ദോഷം, കുറ്റം.
അപഗ്രഥനം		[സം. –ഗ്രഥന] നാ. 1.അഴിച്ചുപിരിക്കൽ, യഥാർഥ സ്വഭാവം മനസ്സിലാക്കാൻ ഒന്നിനെ അംശങ്ങളായി പിരിച്ചു പരിശോധിക്കൽ. × ഉദ്ഗ്രഥനം; 2.(വ്യാക.) വാക്യത്തിലെ അങ്ഗാങ്ഗിഭാഗങ്ങളെ പിരിച്ചുകാണിക്കൽ.
അപഗ്രഥിക്കുക		[<സം. അപ–ഗ്രഥ്] ക്രി. ഒന്നിന്റെ ഭാഗങ്ങളെ വേർതിരിക്കുക, പിരിക്കുക.
അപഗ്രഥിത		[സം. –ഗ്രഥിത] വി. അപഗ്രഥനം ചെയ്യപ്പെട്ട, പിരിച്ച.
അപഗ്രഥിതകക്ഷ്യ		[സം. അപഗ്രഥിത–കക്ഷ്യാ] നാ. പ്രത്യയങ്ങൾക്കു പകരം സ്വതന്ത്രപദങ്ങൾ ഉപയോഗിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഭാഷകൾക്കുള്ള വിഭാഗം.
അപഘന		[സം. അപ–ഘന] വി. മേഘമില്ലാത്ത.
അപഘനം		[സം.] നാ. 1.അവയവം, കൈകാലുകൾ മുതലായവ; 2.ശരീരം.
അപഘർഷക		[സം. അപ–ഘർഷക <ഘൃഷ്] വി. തേയ്മാനം ഉണ്ടാക്കുന്ന.
അപഘർഷണം		[സം. അപ–ഘർഷണ] നാ. 1.തേയ്മാനം; 2.ഉരച്ചുനീക്കൽ.
അപഘാതം		[അം. –ഘാത] നാ. 1.അടിച്ചകറ്റൽ; 2.അകറ്റിനിറുത്തൽ; 3.ദുർ മരണം, മരണകാരണമായ അപകടം; 4.കൊല.
അപഘുഷ്ട		[സം. –ഘുഷ്ട <ഘുഷ്] 'അപഘോഷിക്കപ്പെട്ട.' വി. നിന്ദിക്കപ്പെട്ട.
അപഘ്നത്ത്		[സം. –ഘ്നത് <ഹന്] വി. നശിപ്പിക്കുന്ന.
അപങ്കില		[സം. അ–പങ്കില] വി. കലങ്ങാത്ത, ശുദ്ധമായ.
അപച		[സം. –പച] വി. പാകം ചെയ്യാൻ കഴിവില്ലാത്ത.
അപചൻ		[സം.] നാ. കൊള്ളരുതാത്ത വയ്പുകാരൻ.
അപചയനം		[സം. അപ–ചയന] നാ. സംഭരിക്കൽ, ശേഖരിക്കൽ.
അപചയം		[സം. –ചയ <ചി] നാ. 1.ക്ഷയം, നാശം, കുറവ്; 2.അധഃപതനം, വീഴ്ച; 3.തോൽവി, നഷ്ടം; 4.(ജ്യോ.) മൂന്ന്, ആറ്, പത്ത്, പതിനൊന്ന് ഇവയൊഴിച്ചുള്ള രാശികൾ; 5.അപഹരണം.
അപചയിക്കുക		[<സം. അപ–ചി] ക്രി. 1.നശിക്കുക, ക്ഷയിക്കുക; 2.ബഹുമാനിക്കുക; 3.ബഹുമാനപൂർവം ക്ഷണിക്കുക; 4.സംഭരിക്കുക, ശേഖരിക്കുക.
അപചരിത		[സം. –ചരിത] വി. 1.പിഴച്ചുപോയ; 2.മാറിപ്പോയ; 3.അപകാരം ചെയ്ത.

അപചരിതം [സം.] നാ. കുറ്റം, തെറ്റ്, പിഴ.
അപചായിത [സം. അപ–ചായിത] വി. അപചയിക്കപ്പെട്ട, ബഹുമാനിക്കപ്പെട്ട.
അപചാരം [സം. –ചാര] നാ. 1.മര്യാദകെട്ട പ്രവൃത്തി, ദുരാചാരം, കുറ്റം × ഉപചാരം; 2.ദ്രോഹം, ദ്രോഹകരമായ പെരുമാറ്റം.
അപചാരി [സം. –ചാരിൻ] നാ. അന്യായം ചെയ്യുന്നവൻ, ഉചിതമല്ലാത്തതു ചെയ്യുന്നവൻ, ദുഷ്ടൻ. (സ്ത്രീ.) അപചാരിണി.
അപചി [സം.] നാ. ഒരുതരം പ്രമേഹക്കുരു (ഞാറപ്പഴംപോലെ കക്ഷത്തിലും മറ്റും വരുന്നത്.)
അപചിത [സം. –ചിത] വി. 1.ബഹുമാനിക്കപ്പെട്ട; 2.ക്ഷയിച്ച, കുറഞ്ഞുപോയ, ക്ഷീണിച്ച, മെലിഞ്ഞ.
അപചിതം [സം.] നാ. 1.ബഹിമാനിക്കൽ; 2.ഒരു മർമം.
അപചിതി [സം. അപ–ചിതി] നാ. 1.ബഹുമാനിക്കൽ, ആരാധിക്കൽ, പൂജ; 2.ക്ഷയം, നഷ്ടം, നാശം; 3.നഷ്ടപരിഹാരം; 4.ഒഴിവാക്കൽ; 5.പ്രതിക്രിയ.
അപച്ഛത്ര [സം. –ഛത്ര] വി. കുടയില്ലാത്ത.
അപച്ഛായ1 [സം. –ഛായ] വി. 1.നിഴലില്ലാത്ത; 2.അശുഭമായ നിഴൽ ഉള്ള; 3.പ്രകാശമില്ലാത്ത, മങ്ങിയ.
അപച്ഛായ2 [സം. –ഛായാ] നാ. അശുഭമായ നിഴൽ, മരിച്ചയാളിൻെറ രൂപം കാണുന്നുവെന്ന തോന്നൽ.
അപച്ഛേദനം [സം. –ഛേദന <ഛിദ്] നാ. 1.മുറിച്ചുകളയൽ, ഖണ്ഡനം; 2. നഷ്ടം; 3.തടസ്സം; 4.ഉടവ്, പിളർപ്പ്.
അപച്യവം [സം. –ച്യവ <ച്യൂ] നാ. 1.പുറത്തേക്കു പോകൽ, നിർഗമനം, പിൻവാങ്ങൽ; 2. തള്ളിമാറ്റൽ.
അപച്യുത [സം. –ച്യുത <ച്യൂ] വി. 1.വീണുപോയ, കഴിഞ്ഞ; 2.നശിച്ച, മരിച്ച; 3.ഉരുകിപ്പോയ.
അപച്യുതി [സം. –ച്യുതി] നാ. നാശം.
അപജയം [സം. –ജയ] നാ. 1. തോൽവി, ആശാഭങ്ഗം; 2.വൈഷമ്യം, അപായം.
അപജാതൻ [സം. –ജാത] നാ. ചീത്ത സന്താനം, അച്ഛനമ്മമാരെ അപേക്ഷിച്ചു ഗുണം കുറഞ്ഞവൻ.
അപഞ്ചീകൃതം [സം. അ–പഞ്ചീ–കൃത] ക്രി. പഞ്ചീകരിക്കാത്തത്, കൂടിക്കലരാതെ ശുദ്ധമായി നിൽക്കുന്ന പഞ്ചഭൂതങ്ങൾ, എല്ലാ സൂക്ഷ്മഭൂതങ്ങളും കൂടിക്കലർന്നല്ലാതെ ഉണ്ടാകുന്ന വസ്തുക്കൾ.
അപടാന്തര [സം. –പടാന്തര] വി. തിരശീലകൊണ്ടു മറയാത്ത, അടുത്തുള്ള.
അപടി [സം. –പടീ] നാ. തിരശ്ശീല, തട്ടി, മറ.
അപടീക്ഷേപം [സം. അപടീ–ക്ഷേപ] നാ. തിരശ്ശീല വലിച്ചു മാറ്റൽ (നാടകത്തിൽ കഥാപാത്രം രങ്ഗപ്രവേശം ചെയ്യുമ്പോൾ.).
അപടു [സം. അ–പടു] വി. 1.സാമർഥ്യമില്ലാത്ത; 2.മന്ദബുദ്ധിയായ; 3.സുഖക്കേടു പിടിപെട്ട.
അപഠ [സം. –പഠ] വി. പഠിപ്പില്ലാത്ത, മൂഢതയുള്ള.
അപഠൻ [സം.] നാ. 1. അറിവില്ലാത്തവൻ, മൂഢൻ, ആത്മജ്ഞാനശൂന്യൻ; 2.സാമർഥ്യമില്ലാത്തവൻ.
അപണ്ഡിത [സം. –പണ്ഡിത] വി. പഠിപ്പില്ലാത്ത, മൂഢതയുള്ള.

അപണ്ഡിതൻ [സം.] നാ. 1.അറിവില്ലാത്തവൻ, മൂഢൻ, 2.ആത്മജ്ഞാനമില്ലാത്തവൻ.
അപണ്യ [സം. -പണ്യ] വി. വിൽക്കാൻ കൊള്ളാത്ത.
അപണ്യം വി. വിൽക്കത്തക്കതല്ലാത്ത വസ്തു.
അപതന്ത്രകം [സം. -തന്ത്രക] നാ. വാതരോഗത്തിൻെറ ഒരു വിഭാഗം.
അപതന്ത്രം [സം. -തന്ത്ര] നാ. = അപതന്ത്രകം.
അപതർപ്പണം [സം. -തർപണ] നാ. 1. ഉപവാസം, രോഗത്താൽ തടിച്ച ശരീരം മെലിയുന്നതിനുള്ള ചികിത്സ; 2.തൃപ്തിപ്പെടുത്താതിരിക്കൽ.
അപതാനകം [സം. -താനക] നാ. ഒരുതരം വാതരോഗം.
അപതാനം നാ. =അപതാനകം.
അപതാപം [സം. -താപ] അവ്യ . താപം കൂടാതെ, ദുഃഖമില്ലാതെ.
അപതിക [സം. അ-പതിക] വി. 1.വിവാഹം കഴിക്കാത്ത, ഭർത്താവില്ലാത്ത; 2.യജമാനനില്ലാത്ത.
അപതീർഥം [സം. അപ-തീർഥ] നാ. നിന്ദ്യമായ തീർഥം.
അപതോക [സം. -തോകാ] നാ. ഗർഭം അലസിയ സ്ത്രീയോ പശുവോ.
അപത്നീകൻ [സം. അ-പത്നീക] നാ. ഭാര്യ ഇല്ലാത്തവൻ × സപത്നീകൻ.
അപത്യകാമ [സം. അപത്യ-കാമ] വി. സന്താനത്തെ ആഗ്രഹിക്കുന്ന.
അപത്യജീവം [സം. -ജീവ] നാ. പൂത്തിലഞ്ഞി, പുത്രജീവം.
അപത്യപഥം [സം. -പഥ] നാ. അപത്യത്തിൻെറ വഴി, ഉപസ്ഥം.
അപത്യം [സം. അ-പത്യ] നാ. 1.പിതൃക്കൾ നരകത്തിൽ പോകാതെ നോക്കുന്നവൻ, പുത്രൻ; 2.സന്താനം.
അപത്യമാർഗം [സം. അപത്യ-മാർഗ] നാ. അപഥ്യപഥം.
അപത്യവിക്രയി [സം. -വിക്രയിൻ] നാ. സ്വന്തം കുഞ്ഞുങ്ങളെ വിൽക്കുന്നവൻ.
അപത്യശത്രു [സം. -ശത്രു] നാ. 1.അപത്യം ശത്രുവായത്, ഞണ്ട് (സന്താനോത്പാദനത്തോടുകൂടി നശിക്കുന്നു എന്ന വിശ്വാസത്തിൽ നിന്ന്); 2.അപത്യത്തിനു ശത്രുവായത്, സർപ്പം.
അപത്ര1 [സം. അ-പത്ര] വി. 1.ഇലയില്ലാത്ത; 2.ചിറകില്ലാത്ത.
അപത്ര2 [സം. -പത്രാ] നാ. കണ്ടകാരിച്ചുണ്ട.
അപത്രപ [സം. അപ-ത്രപാ] നാ. 1.ലജ്ജ, മറ്റൊരാളിൻെറ സാന്നിധ്യത്തിൽ തോന്നുന്ന നാണം; 2.പരുങ്ങൽ, കുഴക്കം.

93

അപത്രപിക്കുക [<സം. അപ-ത്രപ്] ക്രി. നാണംകൊണ്ടു മുഖം തിരിച്ചുകളയുക, ലജ്ജിക്കുക."അപത്രപിച്ചിടേണ്ടാ ഞാനോ വനത്തിൽ വാഴുന്നാളാണേ" (നളച.ആ.)
അപത്രപിഷ്ണു [സം.-ത്രപിഷ്ണു] നാ. ലജ്ജാശീലൻ.
അപത്രം [സം.അ-പത്ര]നാ.1.(വൃക്ഷലതാതികളുടെ) മുള; 2.മുളങ്കുരുന്ന്; 3.ചിറകില്ലാത്ത പക്ഷി; 4.ഇലകൊഴിഞ്ഞ വൃക്ഷം.
അപത്രവല്ലിക [സം. അപത്ര-വല്ലികാ] നാ. എരുമവള്ളി, സോമലത.
അപഥം [സം.അ-പഥ] നാ. 1.ചീത്ത വഴി; 2.വടക്കു പടിഞ്ഞാറുനിന്നു തെക്കുകിഴക്കോട്ടു ചരിഞ്ഞു കിടക്കുന്ന ഭൂമി.
അപഥ്യ [സം.-പഥ്യ] വി. പഥ്യമല്ലാത്ത, ഹിതമല്ലാത്ത, യുക്തമല്ലാത്ത.
അപഥ്യകാരി [സം.അപഥ്യ-കാരിൻ] നാ. അഹിതം ചെയ്യുന്നവൻ, ദ്രോഹി.

അപഥ്യം [സം.അ-പഥ്യ] നാ. 1.ഔഷധത്തിനും രോഗത്തിനും വിരുദ്ധമായ ആഹാരാദികൾ; 2. അഹിതം.
അപദ [സം. അ-പദ] വി. 1. പാദമില്ലാത്ത; 2. സ്ഥാനമില്ലാത്ത, ഉദ്യോഗമില്ലാത്ത.
അപദക്ഷിണം [സം. അപ-ദക്ഷിണം] അവ്യ. ഇടത്തോട്ട്.
അപദം1 [സം.അ-പദ] നാ. പാദമില്ലാത്തത്, സർപ്പം, ഇഴജന്തു.
അപദം2 [സം.] നാ. 1. വീടില്ലായ്മ; 2. ചീത്തസ്ഥലം; 3. പ്രത്യയം ചേരാത്ത ശബ്ദം, പ്രകൃതി; 4. അന്തരീക്ഷം.
അപദമ [സം.അപ-ദമ] വി. അടക്കമില്ലാത്ത, ആത്മനിയന്ത്രണമില്ലാത്ത
അപദയം [സം.-ദയം] അവ്യ. ക്രൂരമായി.
അപദരുഹ,-രോഹിണി [സം.അപദ-രുഹാ] നാ. ഒരുതരം ഇത്തിൾ.
അപദാനം [സം.അപ-ദാന] നാ. 1. ഉത്കൃഷ്ടകൃത്യം, മഹാകാര്യം, നേട്ടം; 2.പരിശുദ്ധമായ ആചരണം; 3.മുങ്കാല ചരിത്രം.
അപദാന്തര [സം.അ-പദാന്തര] വി. ഒരു കാലടി അകലമില്ലാത്ത, തൊട്ടടുത്ത.
അപദാർഥം [സം.അ-പദാർഥ] നാ. 1. പദാർഥമല്ലാത്തത്, ശൂന്യം; 2. വാച്യാർഥ മല്ലാത്തത്.
അപദാഹം [സം.അപ-ദാഹ] നാ. രാമച്ചം.
അപദിശം [സം.-ദിശം] അവ്യ. ദിങ്മധ്യത്തിൽ, രണ്ടു ദിക്കുകളുടെ നടുവിൽ.
അപദൂരം [സം.-ദൂര] നാ. (ജ്യോ.) ഗ്രഹത്തിൻെറ സഞ്ചാരപഥത്തിൽനിന്ന് ഏറ്റവും അകന്നതോ അടുത്തതോ ആയ ദൂരം.
അപദേവത [സം.-ദേവതാ] നാ. ഒരുദുർദേവത.
അപദേശം [സം.-ദേശ] നാ. 1.നാട്യം, വ്യാജപ്രകടനം, മറയ്ക്കൽ, വ്യാജവാദം; 2.സ്വരൂപത്തെ മറയ്ക്കൽ; 3.ലാക്ക്, കുറി; 4.പ്രസ്താവനം, നിർദേശം; 5.(വൈശേ.) ഹേതു; 6.ദിക്ക്, ദേശം; 7.നികൃഷ്ടദേശം; 8.ഖണ്ഡിക്കാൻ വേണ്ടി മറ്റൊരാളിൻെറ അഭിപ്രായം ഉദ്ധരിക്കൽ.
അപദേശിക്കുക [<സം.അപ-ദിശ്] ക്രി. 1.യഥാർഥമനോഭാവം മറച്ചുവച്ച് വേറൊരു മട്ട് കാണിക്കുക; 2. വ്യാജകാരണം പറയുക; 3.കാണിച്ചുകൊടുക്കുക, നിർദേശിക്കുക; 4.പ്രഖ്യാപിക്കുക, പ്രസ്താവിക്കുക, പറയുക; 5.കുറ്റാരോപണം ചെയ്യുക; 6.മറയ്ക്കുക, പ്രച്ഛന്നവേഷം ധരിക്കുക.
അപദേശ്യ [സം.-ദേശ്യ] വി. 1.അപദേശിക്കത്തക്ക; 2.തെറ്റായ സ്ഥാനത്തോ ദേശത്തോ ഉള്ള.
അപദ്രവ്യം [സം.-ദ്രവ്യ] നാ. ചീത്ത സാധനം.
അപദ്വാരം [സം-ദ്വാര] നാ. അപ്രധാനമായ വാതിൽ.
അപധാവനം [സം.-ധാവന] നാ. 1.ഓടിക്കളയൽ; 2.ഒഴിഞ്ഞുമാറൽ; 3.വളച്ചുകെട്ടിയുള്ള സംഭാഷണം.
അപധൂമ [സം.-ധൂമ] വി. പുകയില്ലാത്ത.
അപധ്യാനം [സം.-ധ്യാന] നാ. 1.ദുർവിചാരം, വേറൊരാൾക്ക് ആപത്ത് ഉണ്ടാകട്ടെ എന്ന് ആഗ്രഹിക്കുക; 2.അസൂയ, ഈർഷ്യ; 3.(ജൈന.) നിഷേധിച്ചിട്ടുള്ളവയെക്കുറിച്ചുള്ള ധ്യാനം.
അപധ്വംസജൻ [സം.അപധ്വംസ-ജ] നാ. സങ്കരജാതിയിൽ ജനിച്ചവൻ (അച്ഛൻേറതിനേക്കാൾ ഉയർന്നജാതിയിൽ പെട്ട അമ്മയുടെ മകൻ).

അപധ്വംസം [സം.അപ-ധ്വംസ] നാ. 1.തരംതാഴ്ത്തൽ, വീഴ്ച, അധോഗതി; 2.അപമാനം; 3.ഒഴിച്ചുവയ്ക്കൽ.

അപധ്വംസിക്കുക [<സം. അപ-ധ്വംസ്] ക്രി. 1.ഇടിച്ചു താഴ്ത്തുക; 2.നശിപ്പിക്കുക 3.ആട്ടിപ്പായിക്കുക; 4.ശകാരിക്കുക; 5.അപമാനിക്കുക; 6.സ്ഥാനഭ്രംശം വരുത്തുക.

അപധ്വസ്ത [സം. -ധ്വംസ്ത] വി. 1.അപധ്വംസനംചെയ്യപ്പെട്ട, അധിക്ഷേപിക്കപ്പെട്ട; 2.ഉപേക്ഷിക്കപ്പെട്ട; 3.ചീത്തയായി പൊടിക്കപ്പെട്ട, അവചൂർണിത.

അപധ്വസ്തൻ [സം.] നാ.ഹീനം, നിന്ദ്യൻ, നികൃഷ്ടൻ, നന്മതിന്മ തിരിച്ചറിയാത്തവൻ.

അപധ്വാന്തം [സം. അപ-ധ്വാന്ത] നാ. കർക്കശമായ ശബ്ദം.

അപനയനം [സം.-നയന] നാ. 1.അകറ്റൽ, എടുത്തുമാറ്റൽ, ദൂരത്താക്കൽ; 2.(രോഗം) ശമിപ്പിക്കൽ; 3.കടം വീട്ടൽ, കടപ്പാടു തീർക്കൽ.

അപനയം [സം.-നയ] 1.ദുർനയം, ചീത്തയായ പെരുമാറ്റം, അന്യായം, മര്യാദകേട്; 2.അപകാരം, ദ്രോഹം, ഉപദ്രവം.

അപനയിക്കുക [<സം. അപ-നീ] ക്രി. 1.തെറ്റായ മാർഗത്തിൽ കൂടെ നയിക്കുക; 2.അകറ്റുക, എടുത്തുകളയുക; 3.മാച്ചുകളയുക, തൂത്തുമാറ്റുക; 4.നിഷേധിക്കുക, നിരസിക്കുക; 5.നിയമത്തിൽനിന്ന് ഒഴിവാകുക.

അപനാമം [സം.-നാമൻ] നാ. കള്ളപ്പേർ.

അപനീത [സം.-നീത] വി.1.തെറ്റായ മാർഗത്തിൽ നയിക്കപ്പെട്ട; 2.മാറ്റിയ, അകലത്താക്കിയ, തള്ളിപ്പറയപ്പെട്ട; 3.ദുസ്സ്വഭാവമുള്ള.

അപനീതം സം.] നാ. അപനയം, ദുരാചാരം, ദുർവൃത്തി, വഞ്ചന.

അപനീത [സം.അപ-നീതി] അപനയം.

അപനുത്തി [സം.-നുത്തി] നാ. അപനോദം.

അപനേയി [സം.-നേയിൻ] വി. നീക്കിക്കളയുന്ന, മാറ്റുന്ന, അപഹരിക്കുന്ന.

അപനേയിമാനം [സം.അപനേയി-മാന] നാ. 1.അപഹരിക്കൽ, ചീത്തയായ സാധനം ഇട്ടിട്ട് പകരം നല്ല സാധനങ്ങൾ എടുക്കൽ; 2.വജ്രം, മണി, മുത്ത്, പവിഴം എന്നിവയുടെ തൂക്കത്തിൽ കാണിക്കുന്ന കള്ളം; 3. കള്ളത്തൂക്കം.

അപനോദം,-നം [സം.അപ-നോദന] നാ. 1. എടുത്തുമാറ്റൽ, ദൂരീകരിക്കൽ, നശിപ്പിക്കൽ; 2. പ്രായശ്ചിത്തം.

അപന്ഥാവ് [സം. അ-പന്ഥാ <പഥിൻ] നാ. അപഥം.

അപന്യസ്തം സം. അപ-ന്യസ്ത] നാ. ഗദ പിന്നിലാക്കി ഓങ്ങി പ്രഹരിക്കൽ.

അപന്യായം [സം.-ന്യായ] നാ. നീതികേട്.

അപപാഠം സം.-പാഠ] നാ. അബദ്ധപാഠം, ഒരു കൃതിയിൽ പദത്തിനും മറ്റും കാണുന്ന അശുദ്ധരൂപം, പകർപ്പിൽ കാണപ്പെടുന്ന പിഴ.

അപപാത്രൻ [സം.-പാത്ര] നാ. 1. പാത്രങ്ങൾ ഉപയോഗിക്കാൻ അർഹതയില്ലാത്തവൻ; 2. താണജാതിയിൽ പെട്ടവൻ. അപപാത്രിതൻ = ഭ്രഷ്ടൻ.

അപപാദ [സം. -പാദ] വി.ചീത്ത കാലുള്ളവൻ.

അപപാദത്രൻ [സം.-പാദത്ര] പാദത്രമില്ലാത്ത്വൻ നാ. ചെരിപ്പ് ഇല്ലാത്തവൻ.

അപപ്രജാത [സം.-പ്രജാതാ] നാ. ഗർഭം അലസിപ്പോയവൾ.

അപപ്രഥ [സം.-പ്രഥാ] നാ. അപഖ്യാതി.

അപപ്രദാനം [സം.-പ്രദാന] നാ. കൈക്കൂലി, കോഴ.

അപബാഹു [സം.-ബാഹു]നാ. വാതരോഗംകൊണ്ട് ഞരമ്പുകൾക്ക് കോട്ടം വന്ന് കൈ ഇളകാതായവൻ.

അപഭങ്ഗം,-ഭംഗം [സം.-ഭങ്ഗ] നാ. 1.ഒടിവ്, ചായ്വ്; 2.ഒരു തലത്തിൽ നിന്ന് സാന്ദ്രത കൂടിയതോ കുറഞ്ഞതോ ആയ മറ്റൊരു തലത്തിലൂടെ സഞ്ചരിക്കുമ്പോൾ രശ്മിക്കുണ്ടാകുന്ന ഒടിവ്, ചായ്വ് അഥവാ വ്യതിയാനം.
അപഭണ്ഡി [സം.-ഭണ്ഡി] നാ. മോശമായ സാധനം, മായം, അന്യായലാഭമെടുക്കാൻ കച്ചവടക്കാർ നല്ല സാധനത്തോട് ചേർക്കുന്ന സമാനരൂപമായ ചീത്തവസ്തു.
അപഭയം [സം.-ഭയ] അവ്യ. നിർഭയം, പേടികൂടാതെ.
അപഭരണി [സം.-ഭരണീ] നാ. ഭരണിനക്ഷത്രം.
അപഭാഷണം [സം.-ഭാഷണ] നാ. ചീത്ത പറച്ചിൽ, ശകാരം, അപവാദം.
അപഭീതി [സം.-ഭീതി] വി. ഭയമില്ലാത്ത.
അപഭൂ [സം.-ഭൂ] നാ. ഗ്രഹാദികളുടെ അയനപഥത്തിൽ ഭൂമിയിൽനിന്ന് ഏറ്റവും ദൂരെ വരുന്ന സ്ഥാനം.
അപഭൂതി [സം.-ഭൂതി] നാ. തോൽവി, പരാജയം, കേട്, അറ്റകുറ്റം.
അപഭ്രംശം [സം.-ഭ്രംശ] നാ. 1.അധ:പതനം, വീഴ്ച; 2.വ്യാകരണശുദ്ധിയില്ലാത്ത പദം, അപശബ്ദം; 3.ഭാരതീയാര്യ ഭാഷാകുടുംബത്തിൽപ്പെട്ട പ്രാകൃത ഭാഷകളുടെ അവസാനഘട്ടം (മൂന്നാം ഘട്ടം).
അപഭ്രഷ്ട [സം-ഭ്രഷ്ട <ഭ്രംശ്] വി. 1.അപഭ്രംശം സംഭവിച്ച, പതിതമായ; 2.ദുഷിച്ച.
അപമം [സം.] നാ. (ജ്യോ.) ക്രാന്തിമണ്ഡലം, ക്രാന്തിവൃത്തം.
അപമമണ്ഡലം [സം. അപമ -മണ്ഡല] നാ. 1. അടിച്ചുവാരിയത്, ചവറ്, പൊടി; 2. (ശത്രുസൈന്യത്തിനു വരുത്തിയ) നാശം.
അപമർശം [സം.-മർശ <മ്രിശ്] നാ. സ്പർശം.
അപമര്യാദ [സം.-മര്യാദാ]നാ. മര്യാദകേട്, അവിനയം, അയോഗ്യമായ പെരുമാറ്റം.
അപമാനം [സം.-മാനം<മൻ] നാ. മാനക്കേട്, ബഹുമാനമില്ലായ്മ.
അപമാനിക്കുക [<സം. അപ-മന്] ക്രി. അവമാനിക്കുക, നിന്ദിക്കുക.
അപമാനിത [സം.-മാനിത]വി. അപമാനത്തിനു വിധേയമായ, നിന്ദിക്കപ്പെട്ട.
അപമാർഗം1 [സം.-മാർഗ] നാ. ചീത്തവഴി, ഇടവഴി.
അപമാർഗം2 [സം.-മാർഗ <മൃജ്] നാ അപമാർജനം
അപമാർജനം [സം.-മാർജന] നാ. 1.തുടച്ചുനീക്കൽ, ദൂരീകരിക്കൽ, ശുചിയാക്കൽ; 2. ശരീരം തടവൽ.
അപമാരിഷം [സം.-മാരിഷ]നാ. ചെറുചീര.
അപമിത്യ(ക)ം [സം.-മിത്യ(ക)] നാ. കടം.
അപമുഖ [സം.-മുഖ] വി. 1.മുഖം തിരിച്ച; 2.ദുർമുഖനായ, നീരസമുള്ള.
അപമൃത്യു [സം. -മൃത്യു]നാ. അപകടമരണം, അപമരണം.
അപമൃത്യുവിചാരകൻ [സം. അപമൃത്യു-വിചാരക] നാ. സംശയാസ്പദമായ മരണത്തെക്കുറിച്ച് അന്വേഷിക്കുന്ന ഉദ്യോഗസ്ഥൻ.
അപമൃഷിത [സം. അപ-മൃഷിത] വി. 1.അർഥം വിശദമാക്കാത്ത (വാക്യമോ പദമോ); 2.അസഹ്യമായ.
അപമൃഷ്ട [സം.-മൃഷ്ട] നാ. അപമാര്ജനം ചെയ്യപ്പെട്ട, തുടച്ചു വൃത്തിയാക്കപ്പെട്ട.
അപയശസ്സ് [സം.-യശസ്]നാ. അപകീര്ത്തി, ദുഷ്കീർത്തി.

അപയാനം [സം.-യാന] നാ. 1. മാറിപ്പോകൽ, ഓടിപ്പോകൽ; 2.പിൻ വാങ്ങൽ.
അപർണ1 [സം.അ-പർണ] വി. ഇലയില്ലാത്ത.
അപർണ2 [സം.അപർണാ] നാ. പാർവതി.
അപർവ [സം. അ-പർവൻ] നാ. ആഘോഷമില്ലാത്ത, സന്ധിയില്ലാത്ത, മുട്ടില്ലാത്ത.
അപർവദണ്ഡം [സം.അപർവ-ദണ്ഡ] 'മുട്ടില്ലാത്ത തണ്ടുള്ളത്' നാ. മുട്ടില്ലാത്ത ഒരിനം കരിമ്പ്.
അപർവം [സം.] നാ. പർവമില്ലാത്ത ദിനം, അമാവാസി, പൗർണമാസി, അഷ്ടമി, ചദുർദശി,ഇവയൊഴിച്ചുള്ള ദിവസങ്ങൾ.
അപർത്തു [സം. അപ-തു] വി. 1. അകാലികമായ, അവസരം പിഴച്ച; 2. തീണ്ടാരി നിലച്ച. നാ. തെറ്റായ കാലം.
അപര [സം. അ-പരാ] നാ.1.പടിഞ്ഞാറെ ദിക്ക്; 2.ആനയുടെ പിൻഭാഗം; 3,ഗർഭപാത്രം, മറുപിള്ള, മാശ് റ്റ പൂർവ.
അപരകർമം [സം. അപര-കർമൻ]നാ. അപരക്രിയ.
അപരകായം [സം.-കായ] ശരീരത്തിൻെറ പിൻഭാഗം.
അപരക്ത [സം.അപ-രക്ത] വി. 1.ചുവപ്പുനിറം ഇല്ലാത്ത, നിറപ്പകർച്ചവന്ന; 2.രക്തം വാർന്നുപോയ, വിളറിയ; 3.ത്രിപ്തിയില്ലാത്ത, അപ്രീതിയുള്ള.
അപരക്രിയ [സം.അപര-ക്രിയാ] നാ.ശേഷക്രിയ, ശവസംസ്കാരാദി.
അപരഗതി [സം.-ഗതി] നാ. സങ്ഗീതത്തിലെ ഒരു അലങ്കാരം.
അപരജ,അവര- [സം.-ജ] വി.പിന്നീടു ജനിച്ച.
അപരജം [സം.] നാ. പ്രളയാഗ്നി.
അപരത1 [സം.അപ-രത <രമ്] വി. 1.താത്പര്യമില്ലാത്ത, ആസക്തിയില്ലാത്ത; 2.അവസാനിച്ച.
അപരത2 [സം. അപര-താ] നാ. 1. അപരത്വം, അന്യത്വം, വേറൊന്നായിരിക്കുന്ന സ്ഥിതി, വ്യത്യാസം, വിപരീതഭാവം; 2.അടുപ്പം, സാമീപ്യം; 3. അകലം, പിൻപ് (സ്ഥലത്തിലോ കാലത്തിലോ).
95
അപരതി [സം.അപ-രതി] നാ. 1.നിറുത്ത്, വിരാമം; 2. അസംതൃപ്തി.
അപരത്ര [സം.അപര-ത്ര] അവ്യ. മറ്റൊരിടത്ത്.
അപരഥാ [സം.-ഥാ] അവ്യ. മറ്റൊരുവിധത്തിൽ.
അപരദക്ഷിണം [സം.-ദക്ഷിണ] അവ്യ. തെക്കുപടിഞ്ഞാറായി.
അപരൻ [സം. അ-പര] നാ. മറ്റൊരുത്തൻ, ശത്രു.
അപരനന്ദ [സം. അപര-നന്ദാ] നാ. ഗംഗയുടെ ഒരു പോഷകനദി, അളകനന്ദ.
അപരനാമം [സം.-നാമൻ] നാ. മറ്റൊരു പേർ, പര്യായം.
അപരപക്ഷം [സം.-പക്ഷ] നാ. 1.വെളുത്ത പക്ഷം; 2.മറുപക്ഷം; 3.പ്രതിഭാഗം.
അപരപ്രണേയ [സം.-പ്ര-നേയ <നീ]വി. എളുപ്പത്തിൽ വശംവദമാക്കാവുന്ന.
അപരഭാവം [സ്.-ഭാവ] നാ. 1.അന്യത്വം, വ്യത്യാസം; 2.തുടർച്ച.
അപരം1 [സം.അ-പര] നാ. 1.പരമായി മറ്റൊന്നില്ലാത്തത്, എതിരില്ലാത്തത്, അദ്വിതീയമായത്; 2.പിൻഭാഗം, മുതുക്; 3.ആനയുടെ പിങ്കാൽ; 4.പടിഞ്ഞാറ്; 5.ഭാവി; 6.അടുത്തത്, പിന്നീടുള്ളത്, മറ്റൊന്ന്; 7.അവസാനത്തേത്.
അപരം2 [സം.] അവ്യ. വീണ്ടും.

അപരരാത്രം [സം. അപ്ര–രാത്ര] നാ. രാത്രിയുടെ അന്ത്യയാമം, പ്രഭാതം.
അപരവക്ത്ര [സം.–വക്ത്രാ] നാ.ഒരു അർധസമവൃത്തം.
അപരവർണൻ [സം.–വര്ണ്ണ] നാ. ഒടുവിലേ വർണത്തിൽ പെട്ട ആൾ, ശൂദ്രൻ.
അപരവിദ്യ [സം.–വിദ്യാ] നാ. സാങ്ഗങ്ങളായ വേദങ്ങളെ അധ്യയനം ചെയ്യൽ. ൻ പരവിദ്യ (ബ്രഹ്മജ്ഞാനം.)
അപരസക്ഥം [സം.–സക്ഥ <സക്ഥി] നാ. പിൻതുട.
അപരസം [സം.അപ–രസ] അവ്യ. രസമില്ലാതെ.
അപരസ്വസ്തികം [സം.അപര–സ്വസ്തിക] നാ.ചക്രവാളത്തിൻെറ പടിഞ്ഞാറെ ബിന്ദു.
അപരഹൈമന [സം.–ഹൈമന] നാ. ശീതകാലത്തിൻെറ അവസാനത്തിലുള്ള.
അപരാഗം [സം.അപ–രാഗ] നാ. 1. വെറുപ്പ്; 2.അതൃപ്തി; 3. ശത്രുത.
അപരാഗ്നി [സം.അപര–അഗ്നി] നാ. ശവസംസ്കാരത്തിനുള്ള അഗ്നി.
അപരാഗ്നികൾ [സം.] (ബ.വ.) ദക്ഷിണാഗ്നിയും ഗാർഹപത്യാഗ്നിയും.
അപരാങ്മുഖ [സം. അ–പരാങ്മുഖ] വി. 1.മുഖം തിരിക്കാത്ത; 2.ധീരതയോടെ നേരിട്ട് നിൽക്കുന്ന; 3.ഉദാസീനതയില്ലാത്ത.
അപരാജിത1 [സം.–പരാ–ജിത] വി. 1.തോൽപ്പിക്കപ്പെടാത്ത; 2.കീഴ്പ്പെടാത്ത.
അപരാജിത2 [സം. –പരാജിതാ] നാ. 1.ദുർഗ 2.വിഷ്ണുക്രാന്തി എന്ന ചെടി; 3.നീരാരൽ (സസ്യം); 4.ചെറിയ അടയ്ക്കാമണിയൻ; 5.പുഴമുഞ്ഞ; 6.വെളുത്ത നൊച്ചി; 7.വെളുത്ത ശംഖുപുഷ്പം; 8.തുവരപ്പയർ; 9.വടക്കുകിഴക്കു ദിക്ക്; 10.ഒരു വർണവൃത്തം; 11.മാർഗശീർഷമാസത്തിലെ ശുക്ലപക്ഷസപ്തമി.
അപരാജിതഗണഹോമം [സ.അപരാജിത–ഗണഹോമ] നാ. പരാജയം ഭവിക്കാതിരിക്കാൻ ചെയ്യുന്ന ഹോമം
അപരാജിതൻ [സം.] നാ.1. ശിവൻ; 2.വിഷ്ണു; 3.പതിനൊന്നു രുദ്രന്മാരിൽ ഒരാൾ.
അപരാജിതം [സം.] നാ. 1. പരാജയപ്പെടുത്താൻ (തടഞ്ഞുനിറുത്താൻ) കഴിയാത്തത്; 2. ഒരുതരം വിഷകീടം; 3.ഒഴിക്കുന്നത്; 4.ഹോമത്തിന് ഉപയോഗിക്കുന്ന ഒരുതരം പാത്രം.
അപരാദ്ധ [സം. അപ–രാദ്ധ <രാധ്] വി.അപരാധം ചെയ്ത, പാപം ചെയ്ത; 2.ഉന്നം പിഴച്ച.
അപരാധം [സം.–രാധ] നാ. 1.തെറ്റ്, കുറ്റം; 2.ശിക്ഷ; 3.അപരാധം.
അപരാധ [സം. –രാധിൻ] നാ. അപരാധം ചെയ്തവൻ. (സ്ത്രീ.) അപരാധിനി.
അപരാധിക്കുക [<സം.അപ–രാധ്] ക്രി. 1.അപരാധം ചെയ്യുക, തെറ്റ് ചെയ്യുക; 2.വ്യഭിചരിക്കുക (ഗ്രാമ്യം).
അപരാന്തം [സം.അപര–അന്ത] നാ.പടിഞ്ഞാറെ അതിർത്തി.
അപരാന്തിക [സം.അപരാന്തികാ] നാ. ഒരു മാത്രാവൃത്തം.
അപരാന്നം [സം.–അന്ന] നാ. വിളവെത്താത്ത നെല്ലിൻെറ അരി.
അപരാഭിധാനം [സം.–അഭിധാന] നാ. വേറൊരു പേര്.
അപരാർധം [സം.–അർധ] നാ. ഉത്തരാർധം, രണ്ടാമത്തെ പകുതി.
അപരാസനം [സം. –ആസന] നാ. കൊല.
അപരാഹ്ണം, –അ ം [സം.–അ ] നാ. ഉച്ചകഴിഞ്ഞ സമയം.
അപരിക്രമ [സം അ–പരി–ക്രമ <ക്രമ്] 'പരിക്രമമില്ലാത്ത.' വി. ചുറ്റിനടക്കാത്ത.
അപരിക്ഷത [സം. –പരി–ക്ഷത <ക്ഷണ്] വി. പരിക്ഷതമല്ലാത്ത, മുറിപ്പെടാത്ത.
അപരിഗ്രഹ [സം.–പരിഗ്രഹ] വി. 1. വസ്തുവകകളില്ലാത്ത; 2.ഭാര്യയില്ലാത്ത.

അപരിഗ്രഹം [സം.] നാ. 1. ദാനം സ്വീകരിക്കാതിരിക്കൽ, സർവസങ്ഗപരിത്യാഗം; 2.യോഗശാസ്ത്രത്തിൽ വിധിച്ചിട്ടുള്ള യാഗങ്ങളിൽ ഒന്ന്.

അപരിചയം [സം.-പരിചയ] നാ. 1. പരിചയമില്ലായ്മ, നേരിട്ട് അറിയായ്ക.

അപരിചയി [സം. -പരി-ചയിൻ <ചി] പരിചയക്കാരാരുമില്ലാത്തവൻ, മനുഷ്യദ്വേഷി.

അപരിചിത [സം.-പരിചിത] വി. പരിചയം ഇല്ലാത്ത, അറിഞ്ഞുകൂടാത്ത.

അപരിചിതൻ [സം.-പരിചിത] നാ. പരിചയമില്ലാത്തവൻ

അപരിച്ഛദ [സം.-പരിച്ഛദ] വി. 1.അകമ്പടിയില്ലാത്ത; 2.നിത്യവൃത്തിക്ക് വേണ്ടതില്ലാത്ത; 3. പാവപ്പെട്ട.

അപരിച്ഛിന്ന [സം. -പരി-ച്ഛിന്ന]വി. 1.പരിച്ഛേദിക്കപ്പെടാത്ത, ക്ലിപ്തപ്പെടുത്താത്ത; 2.തടവില്ലാത്ത, തുടർച്ചയായ; 3.ഇന്നതെന്ന് തിരിച്ചറിയാൻ സാധിക്കാത്ത.

അപരിച്ഛേദം [സം. -ച്ഛേദ] നാ. 1.വിവേചനമില്ലായ്മ; 2.അവിഭക്താവസ്ഥ, 3.മുറയില്ലായ്മ, ക്രമമില്ലായ്മ.

അപരിച്ഛേദ്യ [സം. -ഛേദ്യ] വി. ക്ലിപ്തപ്പെടുത്താൻ സാധ്യമല്ലാത്ത, അളവറ്റ; 2.വേർതിരിച്ചറിയാൻ പാടില്ലാത്ത.

അപരിണത [സം. -പരിണത] വി. പാകപ്പെടാത്ത.

അപരിണയം [സം.] നാ. വിവാഹം കഴിക്കാത്ത അവസ്ഥ, ബ്രഹ്മചര്യം.

അപരിണാമം [സം. അ-പരിണാമ] നാ. മാറ്റമില്ലായ്മ.

അപരിണാമി [സം. -പരിണാമിൻ] വി. മാറ്റമില്ലാത്ത.

അപരിണീത [സം.-പരിണീത] നാ. അവിവാഹിതയായ പെൺകുട്ടി.

അപരിത്യാജ്യ [സം. -പരി-ത്യാജ്യ <ത്യജ്] വി. ഉപേക്ഷിക്കാൻ സാധിക്കാത്ത, കൂടിയേതീരൂ എന്നുള്ള.

അപരിനിഷ്ഠിത [സം.-പരി-നി-സ്ഥിത] വി. 1. പൂർണമായി ഉറപ്പിക്കാത്ത; 2.ക്ലിപ്തപ്പെടുത്താത്ത, (പ്രത്യയം ചേർത്ത്) രൂപം ക്ലിപ്തമാക്കാത്ത.

അപരിമാണ [സം.-പരിമാണ] വി. അളവില്ലാത്ത, അതിരില്ലാത്ത, അളക്കാൻ കഴിയാത്ത.

അപരിമിത,-മേയ [<സ. പരി-മാ] വി. അപരിമാണ.

അപരിമ്ലാന [സം.-പരി-മ്ലാന <മ്ലൈ] വി. വാടാത്ത,.

അപരിമ്ലാനം [സം.] നാ. വാടാത്തത്, ചെങ്കുറുഞ്ഞി.

അപരിവർത്തനീയ [സം.അ-പരി-വർതനീയ <വൃത്] വി. മാറ്റാനാകാത്ത, ക്ലിപ്തമായ.

അപരിവൃത [സം.-പരി-വൃത <വൃ] വി. ചുറ്റും മറച്ചിട്ടില്ലാത്ത, വേലി കെട്ടിത്തിരിക്കാത്ത.

അപരിശേഷ [സം.-പരി-ശേഷ] വി. 1. പരിശിഷ്ടമില്ലാത്ത; 2.എല്ലാറ്റിനെയും ഉൾക്കൊള്ളുന്ന, സർവവ്യാപിയായ.

അപരിഷ്കൃത [സം. -പരി-സ്-കൃത] വി. പരിഷ്കാരം സിദ്ധിക്കാത്ത, പ്രാകൃതാവസ്ഥയിൽ കഴിയുന്ന.

അപരിസ്രാവി [സം. -പരി-സ്രാവിൻ] വി. ചലം ഒലിക്കാത്തത്. നാ. ഒരുതരം പാണ്ഡുരോഗം.

അപരിഹരണീയ [സം. -പരി-ഹരണീയ <ഹൃ] പരിഹരിക്കാനാകാത്ത.

അപരിഹാര്യ [സം.-പരി-ഹാര്യ] വി. = അപരിഹരണീയ (പരിഹരിക്കാനാകാത്ത.)

അപരീക്ഷിത [സം. –പരി–ഈക്ഷിത] വി. 1. പരിശോധിക്കപ്പെടാത്ത; 2. തെളിയിക്കപ്പെടാത്ത.

അപരു [സം.] നാ. ചെങ്കരിങ്ങാലി, രക്തഖദിരം.

അപരൂപ [സം. അപ–രൂപ] വി. വിരൂപമായ, സൗന്ദര്യമില്ലാത്ത.

അപരേതര [സം. അപര–ഇതര] നാ.പടിഞ്ഞാറല്ലാത്തത്, കിഴക്ക്.

അപരേദ്യു: [സം.അപരേ–ദ്യു:] അവ്യ. മറുനാൾ, അടുത്ത ദിവസം.

അപരോക്ഷ [സം. അ–പരോക്ഷ] വി. 1.പരോക്ഷമല്ലാത്ത, അക്ഷികൾക്ക് അപ്പുറത്തല്ലാത്ത, പ്രത്യക്ഷമായ; 2.ദൂരത്തല്ലാത്ത. അപരോക്ഷവിദ്യ = ബ്രഹ്മവിദ്യ.

അപരോക്ഷജ്ഞാനം [സം. –പരോക്ഷ–ജ്ഞാന] നാ. പ്രത്യക്ഷജ്ഞാനം, ഇന്ദ്രിയങ്ങളിലൂടെ കിട്ടുന്ന ജ്ഞാനം.

അപരോക്ഷം [സം. –പരോക്ഷം] അവ്യ. പ്രത്യക്ഷമായി, കാണത്തക്കവിധം.

അപരോക്ഷാനുഭൂതി [സം. അപരോക്ഷ–അനുഭൂതി] നാ. ആത്മസാക്ഷാത്കാരം.

അപരോധം [സം. അപ–രോധ] നാ. ഒഴിവാക്കി നിർത്തൽ, പുറത്താക്കൽ, നിരോധം.

അപരോപം [സം. –രോപ <രുഹ്]നാ. 1. ഉന്മൂലനം; 2. സിംഹാസനഭ്രംശം.

അപരന്ത്യ [സം. അ–പര്യന്ത] വി. അതിരില്ലാത്ത.

അപര്യാപ്ത [സം.–പരി–ആപ്ത] വി. 1.മതിയാകാത്ത, പോരാത്ത; 2.കഴിവില്ലാത്ത; 3.അതിരില്ലാത്ത. നാ. അപര്യാപ്തി.

അപര്യായ [സം.–പര്യായ] വി. ക്രമമില്ലാത്ത.

അപര്യുഷിത [സം.–പരി–ഉഷിത <വസ്] വി. അടുത്തദിവസംവരെ നിൽക്കാത്ത

അപല [സം.–പല] വി. മാംസമില്ലാത്ത.

അപലപനം [സം. അപ–ലപന] നാ. അപലാപം.

അപലപനീയ [സം.–ലപനീയ] വി. 1. അപലപിക്കത്തക്ക, ആക്ഷേപിക്കത്തക്ക; 2.നിഷേധിക്കത്തക്ക; 3. മറയ്ക്കത്തക്ക.

അപലപിക്കുക [<സം. അപ–ലപ്] ക്രി. 1. അനുവദിക്കുക, ഇടിച്ചുപറയുക, പഴിക്കുക; 2.നിഷേധിക്കുക.

അപലം [സം.] നാ. സാക്ഷ, കുറ്റി, ഏറുതാഴ്.

അപലാപം [സം. അപ–ലാപ] നാ. 1. അപവാദം, ഇടിച്ചുപറയൽ, ആക്ഷേപം; 2. യാഥാർഥചിന്തകളെ മറച്ചുപറയൽ, സത്യം പറയൽ, ഗൂഢോക്തി; 3.നിഷേധിച്ചു പറയൽ, തിരസ്കാരം; 4. (അലം.) വചനസ്സംബന്ധമായ അലങ്കാരങ്ങളിൽ ഒന്ന്, മുമ്പുപറഞ്ഞതിനെ മറ്റൊരു വിധം പറഞ്ഞൊപ്പിക്കൽ; 5.ചുമലിനും വാരിയെല്ലിനും മധ്യേയുള്ള ഭാഗം.

അപലാഷി [സം.–ലാഷിൻ] നാ. 1.ദാഹമുള്ളവൻ, 2.തൃഷ്ണാരഹിതൻ, ദാഹമില്ലാത്തവൻ.

അപലാഷിക [സം. അപലാഷികാ] നാ. തൃഷ്ണ, അമിതമായ ആഗ്രഹം.

അപലി [സം.] നാ. വെൺകടുക്.

അപവചനം [സം. അപ–വചന] നാ. ചീത്തപറച്ചിൽ, ശകാരം.

അപവദനം [സം.–വദന <വദ്] നാ. അപവചനം.

അപവദിക്കുക [<സം. അപ–വദ്] നാ. 1. അപവാദം പറയുക, ചീത്ത പറയുക, നിന്ദിച്ചു സംസാരിക്കുക; 2. നിഷേധിക്കുക, ഖണ്ഡിക്കുക, പ്രതിഷേധിക്കുക.

അപവൻ [സം. അ–പ്] നാ. വസിഷ്ഠൻ.

അപവന [സം. അ–പവന <പൂ] വി. കാറ്റില്ലാത്ത.

അപവനം [സം.] നാ. നഗരത്തിനു സമീപമുള്ള, ഉപവനം.

അപവർഗം [സം. അപ–വർഗ] നാ. 1.പരിപൂർത്തി, സമാപ്തി, പ്രാപ്തി; 2. അപവാദം, വിശേഷവിധി, പ്രത്യേകനിയമം; 3. ദു:ഖാദികളെ വർജിക്കുന്നത്, പുനർജന്മത്തിൽനിന്നുള്ള മോചനം, നിർവാണം; 4. ദാനം, സംഭാവന; 5. പരിവർജനം, നിരാകരണം; 6. എറിയൽ, എയ്യൽ.

അപവർജനം [സം. –വർജന] നാ. 1. പരിവർജനം, വിട്ടുകളയൽ, ഉപേക്ഷിക്കൽ; 2.കടം വീട്ടൽ; 3.ദാനം, സംഭാവന; 4.അപവർഗം മോക്ഷം, സായൂജ്യം.

അപവർണ [സം.–വർണ] വി. 1.ശുദ്ധമായി അക്ഷരം ഉച്ചരിക്കാത്ത; 2. വർണം (നിറം) മാറിയ.

അപവർത്തകം [സം. –വർതക] നാ. 1. സാധാരണഘടകം; 2.സ്വർണമണികളും മാണിക്യവും മുത്തും ഇടവിട്ട് കോർത്ത മാല.

അപവർത്തനം [സം.–വർത] നാ. 1.എടുത്തുനീക്കൽ; 2.റദ്ദുചെയ്യൽ; 3.ഹാരകം.

അപവരകം [സം.–വരക] നാ. 1. ഉള്ളറ; 2. ഈറ്റില്ലം; 3. വായുകയറാനുള്ള ദ്വാരം.

അപവരണം [സം.–വരണ] നാ. 1. മറ, മൂടി; 2. വസ്ത്രം.

അപവഹനം [സം. –വഹന] നാ. ദൂരെ കൊണ്ടാക്കൽ.

അപവാദക [സം.–വാദക] വി. 1. അപവദിക്കുന്ന, ഏഷണി പറയുന്ന; 2. സാമാന്യ നിയമത്തിനു വ്യത്യസ്തത വരുത്തുന്ന.

97

അപവാദം [സം. –വാദ] നാ. 1. അപകീർത്തി, ദുഷ്പ്രവാദം, ദുഷിക്കൽ, ദോഷാരോപണം, നിന്ദ, ശകാരം; 2.സാമാന്യ നിയമത്തിന് ചേരാത്ത, ഉത്സർഗവിധി; 3. ആജ്ഞ, കൽപന; 4. നിഷേധം, തിരസ്കരണം; 5. മാനിനെ കുരുക്കിലാക്കുന്നതിന് മുഴക്കുന്ന വാദ്യമോ മണിയോ; 6. (നാട്യ.) വിമർശസന്ധിയുടെ അങ്ഗങ്ങളിൽ ഒന്ന്.

അപവാദി [സം.–വാദിൻ] നാ. 1. അപവാദം ഉണ്ടാക്കുന്നവൻ, അപഖ്യാതി വരുത്തുന്നവൻ; 2.എതിർക്കുന്നവൻ

അപവാരകം [സം.–വാരക] നാ. 1. ആച്ഛാദനം, മറ; 2.തിരശ്ശീലകൊണ്ടു മറച്ച സ്ഥലം.

അപവാരണം [സം. –വാരണ] നാ. മറയ്ക്കൽ, മൂടൽ, ആച്ഛാദനം.

അപവാരിത [സം.–വാരിത] വി. മറയ്ക്കപ്പെട്ട.

അപവാരിതം [സം.–വാരിതം] അവ്യ. അപവാര്യ.

അപവാര്യ [സം. –വാര്യ] അവ്യ. 1. അപവാരിതം, മറച്ചുകൊണ്ട്; 2. (നാട്യ.) രങ്ഗത്തുനിന്ന് ഒരു കഥാപാത്രം വേറൊരു കഥാപാത്രത്തോട് മാത്രമായി രഹസ്യം പോലെ പറയുന്നത്.

അപവാഹനം [സം. –വാഹന] നാ. 1. ദൂരെ കൊണ്ടുപോകൽ, നീക്കൽ; 2. മറ്റാളുകളെ കുടിയേറിപ്പാർപ്പിക്കൽ; 3.നീർച്ചാൽ; 4.വ്യപകലനം.

അപവാഹം [സം. –വാഹ] നാ. ഒരു സംസ്കൃതവൃത്തം.

അപവാഹിത [സം.–വാഹിത] വി. അപവാഹനം ചെയ്യപ്പെട്ട, അന്യദേശത്തുനിന്ന് കുടിയേറിപ്പാർക്കാൻ കൊണ്ടുവന്ന; 2.നാടുകടത്തപ്പെട്ട, നാട്ടിൽനിന്ന് അകറ്റപ്പെട്ട.

അപവിത്ര [സം. അ–പവിത്ര] വി. മലിനമായ.

അപവിദ്ധ [സം. അപ–വിദ്ധ <വ്യധ്] വി. ദൂരെക്കളഞ്ഞ, ഉപേക്ഷിക്കപ്പെട്ട; 2.നികൃഷ്ടമായ, നിന്ദ്യമായ; 3. തുളച്ച.

അപവിദ്ധൻ [സം.] നാ. 1.അച്ഛനമ്മമാർ ഉപേക്ഷിച്ചു വേറൊരാൾ ദത്തെടുത്ത പുത്രൻ; 2.ദേവകളെയും പിതൃക്കളെയും ഗുരുവിനെയും ത്യജിക്കുകയോ ഗോ-ബ്രാഹ്മണ-സ്ത്രീഹത്യകളിൽ ഒന്ന് നടത്തുകയോ ചെയ്തവൻ.
അപവിദ്യ [സം. അപ-വിദ്യാ] നാ. അവിദ്യമായ, അജ്ഞാനം.
അപവിഷ1 [സം.-വിഷ] വി. വിഷമില്ലാത്ത.
അപവിഷ2 [സം.-വിഷാ] നാ. നിർവേശി, മഞ്ഞക്കൂവ.
അപവീത [സം. -വീത] നാ. നല്ലതല്ലാത്ത കാര്യത്തിനു ചെലവാക്കപ്പെട്ട.
അപവൃത്തം [സം.-വൃത്ത] നാ.(ജ്യോ.) അപക്രമവൃത്തം, ക്രാന്തിവൃത്തം.
അപവൃത്തി [സം.-വൃത്തി] നാ. അന്തം, അവസാനം, കടന്നുപോകൽ.
അപവൃദ്ധി [സം. -വൃദ്ധി] നാ. ക്ഷയം, ക്ഷയിക്കൽ, നാശം.
അപവേധം [സം. -വേധ] നാ. നേരെയല്ലാതെ തുളയ്ക്കൽ.
അപവ്യപായം [സം. -വ്യപായ] അവ്യ. വ്യപായം കൂടാതെ, നാശം കൂടാതെ, നിർവിഘ്നം.
അപവ്യയ [സം. -വ്യയിൻ] വി. 1.അമിതമായി ചെലവാക്കുന്ന; 2.കടം വീട്ടാത്ത.
അപവ്യയനം [സം.-വ്യയന] നാ. സൂക്ഷിക്കാൻ ഏറ്റതോ കടം മേടിച്ചതോ ആയ ദ്രവ്യം വാങ്ങിയിട്ടില്ലെന്ന് നിഷേധിച്ചുപറയൽ.
അപവ്യയം [സം. -വ്യയ] നാ.ദുർവ്യയം.
അപവ്യയി [സം. -വ്യയിൻ] വി. ദുർവ്യയം ചെയ്യുന്ന.
അപശകുനം [സം. -ശകുന] നാ. ചീത്ത ശകുനം, ദുർനിമിത്തം.
അപശങ്കം [സം. -ശങ്ക] അവ്യ. ശങ്കകൂടാതെ, സംശയം കൂടാതെ, ഭയം കൂടാതെ.
അപശദൻ [സം. -ശദ] നാ. 1.അപസദൻ, ജാതിഭ്രഷ്ടൻ; 2.ഉയർന്ന ജാതിയിൽപ്പെട്ട പുരുഷനു താണജാതിയിൽപ്പെട്ട സ്ത്രീയിൽ നിന്നു ജനിച്ച പുത്രൻ. (സമാസാന്തങ്ങളിൽ നീചൻ ഇത്യാദി ഹീനാർഥങ്ങൾ.)
അപശബ്ദം [സം. -ശബ്ദ] നാ. 1.വ്യാകരണപ്രകാരം അസാധുവായ വാക്ക്, വികലപദം; 2.സാധാരണ പ്രയോഗത്തിലില്ലാത്ത പദം; 3.നിന്ദ്യഭാഷണം, ചീത്തവാക്ക്, അപവാദം.
അപശമം [സം. -ശമ] നാ. വിരാമം.
അപശല്യം [സം.-ശല്യ] നാ. ശല്യമില്ലായ്മ, ഉപദ്രവമില്ലായ്മ.
അപശവ്യം [സം. അ-പശവ്യ] നാ. കന്നുകാലികളുടെ വളർച്ചയ്ക്കു ബാധകമായ.
അപശു [സം.-പശു] വി. 1. പശുവല്ലാത്തത്, യജ്ഞത്തിനു കൊള്ളാത്തത്, ചീത്ത മൃഗം; 2.പശുവും കുതിരയുമല്ലാത്ത മൃഗം.
അപശോക [സ. അപ-ശോക] വി. ദു:ഖമില്ലാത്ത.
അപശോകം [സം.] നാ. അശോകവൃക്ഷം.
അപശ്ചിമ [സം. അ-പശ്ചിമ] വി. 1.പിന്നിലാരുമില്ലാത്ത, ഒടുവിലത്തെ; 2.ഒടുവിലത്തേതല്ലാത്ത, പ്രമുഖമായ; 3.അങ്ങേയറ്റത്തെ; 4.പടിഞ്ഞാറേതല്ലാത്ത.
അപശ്രയം [സം. അപ-ശ്രയ] നാ. തലയിണ.
അപശ്രീ [സം.-ശ്രീ] വി. സൗന്ദര്യമില്ലാത്ത, സൗന്ദര്യം പോയ.
അപശ്രുതി [സം. -ശ്രുതി] നാ. 1. ദുര്യശസ്സ്, ദുഷ്കീർത്തി; 2.(സങ്ഗീ.) തെറ്റായ ശ്രുതി, സ്വരമേളത്തിന് വിഘാതമായി നിൽക്കുന്ന വികൃതസ്വരം, അപസ്വരം; 3.അശുഭശബ്ദം, അശുഭകരമായ വാക്ക്.

അപശ്വാസം [സം.-ശ്വാസ] നാ. അപാനവായു.
അപഷ്ഠം [സം. അപ-സ്ഥ] നാ. ആനത്തോട്ടിയുടെ മുന.
അപഷ്ഠു [സം. -ഷ്ഠു] വി. 1. വിപരീതമായ; 2. ഇടത്തുള്ള; നാ. കാലം, സമയം.
അപഷ്ഠുര,-ല [സം.] വി. വിരുദ്ധമായ, പ്രതികൂലമായ, എതിരായ.
അപസങ്ഗം,-സംഗം, [സം.-സങ്ഗ] നാ. സംശയമില്ലായ്മ, ചേർച്ചയില്ലായ്മ.
അപസങ്ഗമനം,അപസം-[സം. -സംഗമന] നാ. വിട്ടുപോകൽ, ഉപേക്ഷിക്കൽ.
അപസജ്ജിക്കുക [<സം. അപ-സജ്ജ്] ക്രി. കെട്ടുക.
അപസദൻ [സം.] നാ. അപശദൻ.
അപസന്ധേയ [സം. അപ-സം-ധേയ <ധാ]വി. സന്ധിചെയ്യാൻ അർഹതയില്ലാത്ത.
അപസമം [സം. -സമം <സമാ] അവ്യ. 1.കഴിഞ്ഞ ആണ്ട്; 2.വർഷാവസാനം.
അപസർജനം [സം. -സർജന] നാ. 1. പരിത്യാഗം, ഉപേക്ഷിക്കൽ; 2. ദാനം, സംഭാവന; 3. മോക്ഷം, നിർവാണം.
അപസർപ്പ [സം. -സർപ]നാ. ദൂതി, ചാരവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീ.
അപസർപ്പകൻ [സം. -സർപക] നാ. 1. രഹസ്യദൂതൻ, ചാരൻ; 2.കുറ്റാന്വേഷകൻ. അപസർപ്പകകഥ = കുറ്റാന്വേഷണ കഥ.
അപസർപ്പണം [സം. -സർപണ] നാ. 1. പിറകോട്ടുപോകൽ; പിൻവാങ്ങൽ, പിന്മാറ്റം; 2.ചാരവൃത്തി.
അപസർപ്പിക്കുക [<സം. അപ-സൃപ്] ക്രി. 1.മടങ്ങുക,പിൻവാങ്ങുക, ദൂരെ പോകുക; 2.ഗൂഢനിരീക്ഷണം നടത്തുക, ചാരവൃത്തി അനുഷ്ഠിക്കുക.
അപസരണം [സം. -സരണ] നാ. പിൻവാങ്ങൽ, നിർഗമനം, രക്ഷപ്പെടൽ.
അപസരണി [സം. -സരണി] നാ. ഭരണിനക്ഷത്രം.
അപസരം [സം. -സര] നാ. 1. നിർഗമനം, പിരിഞ്ഞുപോകൽ; 2.ശരിയായ ഒഴികഴിവ്; 3.മതിയായ കാരണം.
അപസരിക്കുക <സം. അപ-സൃ] ക്രി. 1. വഴിവിട്ടുപോകുക; 2.പിന്മാറുക; 3.പുറത്തു കടക്കുക; 4.മറയുക; 5.രക്ഷപെടുക.
അപസവ്യ [സം. -സവ്യ <സു] വി. 1. ഇടത്തേതല്ലാത്ത, വലത്തേ; 2.വിപരീതമായ.
അപസവ്യം1 [സം.] നാ. പെരുവിരലിനും ചൂണ്ടുവിരലിനും മധ്യേയുള്ള ഭാഗം, പിതൃതീർഥം.
അപസവ്യം2 [സം.] അവ്യ. 1.വലത്തോട്ട്; 2.വലത്തുവശത്തുനിന്ന് (പൂണുനൂൽ) വലത്തെ തോളിലൂടെ ഇടതുവശത്തേക്ക് തൂങ്ങിക്കിടക്കത്തക്കവിധം ഇട്ടുകൊണ്ട്.
അപസാധ്വസം [സം. അപ-സാധ്വസ] അവ്യ. പേടിയില്ലാതെ.
അപസാരകം [സം. -സാരക] നാ. കൂടാരത്തിനു ചുറ്റുമുള്ള മറ, തിരശ്ശീല. (നീക്കാവുന്നത്).
അപസാരണം [സം. -സാരണ] നാ. 1. അകലത്താക്കൽ, അകറ്റൽ; 2. അപഹരണം (സ്വർണപ്പണിക്കാർ സ്വർണത്തിൽ മറ്റു ലോഹം ചേർത്ത് സ്വർണം അപഹരിക്കുന്നതുപോലെ.); 3. ദൂരീകരണം, പുറംതള്ളൽ, ബഹിഷ്കരണം; 4. നാടുകടത്തൽ.

അപസാരം [സം. -സാര] നാ. 1. ഗമനം, പിൻവാങ്ങൽ; 2.പുറത്തേക്കുള്ള വഴി, രക്ഷാമാർഗം; 3. അഭയസ്ഥാനം; 4. പുറന്തിണ്ണ; 5. കുറ്റത്തിൽനിന്നു മോചനം കിട്ടാനുള്ള കാരണം.
അപസാരിത [സം. -സാരിത] വി. അപസരണം ചെയ്യപ്പെട്ട, അപഹരിക്കപ്പെട്ട, വഞ്ചിച്ചു നീക്കംചെയ്യപ്പെട്ട.
അപസിദ്ധാന്തം [സം. -സിദ്ധാന്ത] നാ. (ന്യായ.) തെറ്റായ സിദ്ധാന്തം.
അപസൂര്യം [സം. -സൂര്യ] നാ. ഒരു ഗ്രഹം അതിൻെറ സഞ്ചാരപഥത്തിൽ സൂര്യനിൽനിന്ന് ഏറെദൂരെ വരുന്ന സ്ഥാനം.
അപസൃത [സം. -സൃത] വി. 1. അപസരിച്ച, പൊയ്ക്കളഞ്ഞ, പിൻവാങ്ങിയ; 2. അപ്രത്യക്ഷമായ, പോയ്മറഞ്ഞ; 3.വലിച്ചുനീട്ടിയ, അപസൃതസന്ധി = സ്വപക്ഷത്തിൽനിന്നു പിരിഞ്ഞുപോയവരോട് പിന്നീടു ചെയ്യുന്ന സന്ധി.
അപസൃതി [സം. -സൃതി] നാ. അപസരം, അപസരണം.
അപസ്കംഭം [സം. -സ്കംഭ] നാ. ബന്ധിക്കൽ, ഉറപ്പിക്കൽ.
അപസ്കരം [സം. അപ-സ്-കര] നാ. 1.തേരിൻെറ അവയവം, ചക്രം; 2.തേരിൻെറ ചക്രം ഒഴിച്ചുള്ള ഏതെങ്കിലും ഭാഗം; 3.മലം; 4.ഉപസ്ഥം; 5.ഗുദം.
അപസ്കാരം [സം. അപ-സ്-കാര]നാ. കാൽമുട്ടിൻെറ കീഴ്ഭാഗം.
അപസ്ഖലം [സം. അപ-സ്ഖല] നാ. വഴുതിപ്പോകൽ, ചാടിപ്പോകൽ.
അപസ്തമ [സം. -സ്-തമ] വി. ഏറ്റവും ചൊടിയുള്ള, ഏറ്റവും വേഗതയുള്ള.
അപസ്ഥാനം [സം. -ഥാന] നാ. 1. വിട്ടുമാറൽ, ഉപേക്ഷിച്ചു പോകൽ; 2.തെറ്റായ സ്ഥാനം.
അപസ്ഥാനിക [സം. -സ്ഥാനിക] വി. സ്ഥാനം തെറ്റിയ. അപസ്ഥാനികമുകുളം = സ്ഥനം തെറ്റിയുണ്ടാകുന്ന മൊട്ട്.
അപസ്നാത [സം. -സ്നാത] വി. ബന്ധുവിൻെറ മരണം കഴിഞ്ഞ് ശേഷക്രിയയ്ക്കുവേണ്ടി കുളിച്ച, പുലകുളിച്ച.
അപസ്നാനം [സം. -സ്നാൻ] നാ. 1.പുലകുളി, അപകൃഷ്ടസ്നാനം; 2.അശുദ്ധസ്നാനം, മറ്റരാൾ കുളിച്ച വെള്ളത്തിലുള്ള കുളി.
അപസ്പർശ [സം. -സ്പർശ] വി. 1.തൊട്ടാൽ അറിയാത്ത, 2.മരിച്ച.
അപസ്പശ [സം.] വി. 1. ചാരന്മാരില്ലാത്ത; 2.ആമുഖമില്ലാത്ത.
അപസ്മരിക്കുക [<സം. അപ-സ്മൃ] ക്രി. മറക്കുക, വിസ്മരിക്കുക.
അപസ്മാരം [സം. -സ്മാര] നാ. 1. ഓർമക്കേട്; 2. ചുഴലിദീനം; 3. ശിവൻ പാദംകൊണ്ടു മർദിച്ച് അടക്കിയ ഒരു ഭൂതം; 4.(അലം.) സഞ്ചാരിഭാവങ്ങളിൽ ഒന്ന്, സ്മൃതിഭ്രംശം.
അപസ്മാരി [സം. -സ്മാരിൻ] വി. അപസ്മാരമുള്ള.
അപസ്മൃതി [സം. -സ്മൃതി] നാ. വിസ്മൃതി, ഓർമക്കേട്.
അപസ്വരം [സം. -സ്വര] നാ. (സങ്ഗീ.) തെറ്റായ സ്വരം, കാതിനിമ്പം നൽകാത്ത സ്വരാലാപനം. (പ്ര.) = അഭിപ്രായഭിന്നത.
അപഹത [സം. -ഹത] വി. അപഹനിക്കപ്പെട്ട, കൊല്ലപ്പെട്ട, നശിപ്പിക്കപ്പെട്ട.
അപഹതി [സം. -ഹതി] നാ. 1. ഇല്ലാതാക്കൽ; 2. നീക്കൽ; 3.അടി.
അപഹനിക്കുക [<സം. അപ-ഹൻ] ക്രി. 1.കൊല്ലുക, നശിപ്പിക്കുക; 2.ദൂരീകരിക്കുക.
അപഹർത്താവ് [സം. -ഹർതൃ <ഹൃ] നാ. അപഹരിക്കുന്നവൻ, തട്ടിക്കൊണ്ടു പോകുന്നവൻ.

അപഹരണം [സം. -ഹരണ] നാ. 1.അപഹരിക്കൽ, നീക്കൽ, ദൂരീകരിക്കൽ; 2.അന്യായമായി എടുത്തുകൊണ്ടു പോകൽ, കവർച്ച, മോഷണം.
അപഹരിക്കുക [<സം. അപ-ഹൃ] ക്രി. അപഹരണം നടത്തുക.
അപഹസിക്കുക [<സം. അപ-ഹസ്] ക്രി. പുച്ഛരിക്കുക, കളിയാക്കുക, പുച്ഛരിച്ചു ചിരിക്കുക.
അപഹസിതം [സം. -ഹസിത] നാ. 1.അർഥശൂന്യമായ ചിരി; 2.കണ്ണീരുവരത്തക്കവണ്ണ മുള്ള ചിരി, ഹാസ്യരസത്തിൻെറ ഒരു വകഭേദം.
അപഹസ്തം [സം. -ഹസ്ത] നാ. 1. കഴുത്തിനുപിടിച്ച് പുറത്താക്കൽ; 2.മോഷ്ടിക്കൽ; 3. രതിക്രീഡയിൽ പ്രയോഗിക്കുന്ന ഒരുതരം താഡനം.
അപഹായ [<സം. അപ-ഹാ] അവ്യ. 1. വിട്ടിട്ട്, ഉപേക്ഷിച്ചിട്ട്; 2.കൂടാതെ, ഒഴികെ.
അപഹാരകൻ [സം. -ഹാരക] നാ. അപഹരിക്കുന്നവൻ, പിടിച്ചുപറിക്കാരൻ.
99
അപഹാരം [സം.-ഹാര <ഹൃ] നാ. 1.തട്ടിക്കൊണ്ടുപോകൽ, മോഷണം, പിടിച്ചുപറി, തട്ടിപ്പ്, കൈവശപ്പെടുത്തൽ; 2.(ജ്യോ.) ഗ്രഹത്തിൻെറ അന്തർദശ, ഒരുഗ്രഹത്തിൻെറ ദശാകാലത്തിനകത്ത്, മറ്റുള്ള ഓരോ ഗ്രഹത്തിൻെറയും പ്രത്യേകകാലം; 3. പിൻവലിക്കൽ, പ്രതിസംഹാരം.
അപഹാരി [സം. -ഹാരിൻ] നാ. അപഹരിക്കുന്നവൻ.
അപഹാസകൻ [സം. -ഹാസക <ഹസ്] നാ. നിന്ദിക്കുന്നവൻ, ദോഷനിരൂപകൻ.
അപഹാസം [സം. -ഹാസ] നാ. 1.അപഹസിതം, കാരണമില്ലാത്ത ചിരി, അർഥശൂന്യമായ ചിരി; 2.ആക്ഷേപിച്ചുകൊണ്ടുള്ള ചിരി.
അപഹാസി [സം. -ഹാസിൻ] നാ. അപഹസിക്കുന്നവൻ.
അപഹാസ്യ1 [സം. -ഹാസ്യ] വി. അപഹാസം അർഹിക്കുന്ന, ആക്ഷേപിക്കത്തക്ക.
അപഹാസ്യ2 [സം. -ഹാസ്യ] അവ്യ. പരിഹസിച്ചിട്ട്.
അപഹിത [സം. -ഹിത] വി. ഹിതമല്ലാത്ത.
അപഹിതം [സം.] നാ. ഇഷ്ടക്കേട്.
അപഹീനം [സം. അപ-ഹീന <ഹാ] നാ. നഷ്ടം, കുറവ്, കുറവുവന്നത്.
അപഹൃത [സം. -ഹൃത] വി. അപഹരിക്കപ്പെട്ട, കവർന്നു കൊണ്ടുപോയ, മോഷ്ടിക്കപ്പെട്ട.
അപഹൃതി [സം. -ഹൃതി] നാ. 1.അപഹാരം; 2. (ജ്യോ.) ദശാപഹാരം.
അപഹൃത്യ [സം. -ഹൃത്യ] അവ്യ. അപഹരിച്ചിട്ട് (മണിപ്രവാളത്തിൽ).
അപ വം [സം. - വ < ു] നാ. 1.മറയ്ക്കൽ, (അറിവ്, വികാരം മുതലായവ) ഗോപനം ചെയ്യൽ; 2. നിഷേധം, സത്യസ്ഥിതി മറച്ചുവയ്ക്കൽ, കപടനാട്യം; 3. സമാധാനപ്പെടുത്തൽ, തൃപ്തിപ്പെടുത്തൽ; 4. ഒരു കാവ്യാലങ്കാരം, അപ ുതി; 5. സ്നേഹം.
അപ വിക്കുക [<സം. അപ- ു] ക്രി. മറച്ചുവയ്ക്കുക, ഗോപനം ചെയ്യുക.
അപ ുതി [സം. - ുതി] നാ. 1.മറയ്ക്കൽ, ഗോപനം, യാഥാർഥ്യത്തെ മറയ്ക്കൽ, വസ്തുസ്ഥിതി നിഷേധിക്കൽ; 2.ഒരു കാവ്യാലങ്കാരം.
അപാക [സം. അ-പാക] വി. 1.പാകമാകാത്ത, പഴുക്കാത്ത; 2. വേകാത്ത; 3. ദഹിക്കാത്ത; 4. പ്രായപൂർത്തിയാകാത്ത; 5. പിന്നിൽനിൽക്കുന്ന; 6. അകലത്തുനിന്നുവരുന്ന; 7. അനൽപ്പമായ.
അപാകജ [സം. -പാകജ] വി. 1.പാകം ചെയ്യതല്ലാത്ത; 2. സ്വാഭാവികമായ.

അപാകത [സം. അപാക-താ] നാ. അപാകം, തെറ്റ്, പോരായ്മ, അനൗചിത്യം.

അപാകം [സം. അ-പാക] നാ. 1.പാകമാകായ്ക, അപക്വത; 2.പാകം ചെയ്യുന്നതിൽ വന്ന തകരാറ്; 3.ചേർച്ചയില്ലായ്മ, പോരായ്മ; 4. മര്യാദകേട്.

അപാകരണം [സം. അപ-ആ-കരണ] നാ. 1. ആട്ടിപ്പായിക്കൽ, ദൂരത്താക്കൽ; 2.തിരസ്കരണം, അഭിപ്രായത്തിൻെറ നിരസനം, തള്ളിക്കളയൽ; 3. കൊടുത്തു തീർക്കൽ; 4.നശിപ്പിക്കൽ.

അപാകരം [സം. -ആകര] നാ. 1.പുറത്തുപോകുന്നത്, ദൂരീകരിക്കുന്നത്, മാറ്റുന്നത്; 2.ഒരുതരം പേശി.

അപാകശാകം [സം. അപാക-ശാക]നാ. ഇഞ്ചി.

അപാകൃത [സം. അപ-ആകൃത] വി. 1.അപകരിക്കപ്പെട്ട, നീക്കപ്പെട്ട; 2. കൊടുത്തുതീർക്കപ്പെട്ട; 3. ഇല്ലാത്ത, കൂടാത്ത.

അപാക്ഷ [സം. -അക്ഷ] വി. 1. സന്നിഹിതമായ, പ്രത്യക്ഷമായ; 2. കണ്ണില്ലാത്ത, ചീത്തക്കണ്ണുള്ള.

അപാങ് ക്തൻ,-പാംക്തൻ [സം. അ-പങ് ക്ത] നാ. അപാങ് ക്തേയൻ.

അപാങ് ക്തേയൻ [സം. -പാങ് ക്തേയ] നാ. ഒരേ വരിയിൽ സ്ഥിതി ചെയ്യാത്തവൻ, പന്തിഭോജനത്തിന് അർഹതയില്ലാത്തവൻ, ജാതിഭ്രഷ്ടൻ.

അപാങ്ഗദർശനം [സം. അപാങ്ഗ-ദർശന] നാ. കടക്കണ്ണുകൊണ്ടുള്ള നോട്ടം.

അപാങ്ഗൻ [സം. അപ-അങ്ഗ] നാ. അനങ്ഗൻ, കാമദേവൻ.

അപാങ്ഗം [സം.] നാ. 1.കടക്കണ്ണ്; 2.കടക്കണ്ണിൻെറ മേൽഭാഗത്ത് പുരികത്തിനടിയിലുള്ള ഒരു മർമം, കണ്ണുന്തി; 3.തിലകം; 4.വലിയ കടലാടി.

അപാചി [സം. അപ-അചീ <അഞ്ച്] നാ. 1. തെക്ക്; 2. പടിഞ്ഞാറ്.

അപാചിത [സം. അ-പാചിത <പച്] വി. പചനം ചെയ്യപ്പെടാത്ത.

അപാചീന [സം.] വി. 1. തെക്കുള്ള; 2. പടിഞ്ഞാറുള്ള; 3. പിറകിലുള്ള, പിറകോട്ടു തിരിഞ്ഞ; 4. വിപരീതമായ; 5. ദൃശ്യമല്ലാത്ത.

അപാച്യ [സം.] വി. അപാചിയെ സംബന്ധിച്ച, പടിഞ്ഞാറോ തെക്കോ ഉള്ള.

അപാടവം [സം. -പാടവ] നാ. 1. സാമർഥ്യമില്ലായ്മ; 2. അവശത, സുഖക്കേട്.

അപാഠം [സം. -പാഠ] നാ. 1. അപപാഠം; 2. പടിക്കാതിരിക്കൽ.

അപാണിനീയ [സം. അ-പാണിനീയ] വി. 1.പാണിനിയുടെ വ്യാകരണസിദ്ധാന്തങ്ങൾക്കു അനുസൃതമല്ലാത്ത; 2. വ്യാകരണജ്ഞാനമില്ലാത്ത.

അപത്രദായി [സം. അപത്ര-ദായിൻ] നാ. അനർഹനു ദാനം ചെയ്യുന്നവൻ.

അപാത്രഭൃത്ത് [സം. -ഭൃത്] നാ. അയോഗ്യന്മാരെ സംരക്ഷിക്കുന്നവൻ.

അപാത്രം [സം. -പാത്ര] നാ. 1. ഉപയോഗമില്ലാത്ത പാത്രം; 2. അയോഗ്യൻ, ദാനം വാങ്ങുന്നതിന് അനർഹൻ.

അപാത്രീകരണം [സം. -പാത്രീകരണ] നാ. അപാത്രമാക്കിത്തീർക്കൽ, ഉചിതമല്ലാത്ത പ്രവൃത്തി ചെയ്യൽ. അപാത്രീകരണചതുഷ്ടയം = മനുസ്മൃതിപ്രകാരം അപാത്രമാക്കുന്ന നാല് ഹീനപ്രവൃത്തികൾ (1.നിന്ദ്യരിൽനിന്ന് ധനം കൊള്ളൽ; 2.വാണിജ്യം; 3.അസത്യഭാഷണം; 4.ശൂദ്രസേവനം). അപാത്രീകരണഷ്ടകം = ആറു നീചകൃത്യങ്ങൾ (1.ബാലസഖിത്വം; 2.ദുർജനസേവ; 3.ഗർദഭയാനം; 4.അകാരണഹാസ്യം; 5.സ്ത്രീകളോടു വിവാദം; 6.അസത്കൃതമായ അന്നം).

അപാദ [സം. -പാദ] വി. 1.പാദമില്ലാത്ത; 2.പദ്യത്തിലെപ്പോലെ പാദങ്ങളായി തിരിച്ചിട്ടില്ലാത്ത, വൃത്തബന്ധമില്ലാത്ത.
അപാദാനം [സം. അപ-ആദാനം]നാ. 1.എടുത്തുമാറ്റൽ, നീക്കൽ, പിരിക്കൽ, ചേർന്നിരിക്കുന്ന രണ്ടെണ്ണത്തിൽ ഒന്നിനെ മറ്റതിൽ നിന്നു ദൂരത്താക്കൽ; 2. ഒരു വസ്തുവിൽനിന്ന് മറ്റൊന്ന് എടുത്തു മാറ്റുമ്പോൾ ഏതിൽ നിന്നാണോ വേർപ്പെടുന്നത് അത്; 3.(വ്യാക.) സംസ്കൃതത്തിലെ ഒരു കാരകം, പഞ്ചമീവിഭക്തി ഉപയോഗിച്ചു പറയുന്നത്.
അപധ്വാവ് [സം. അപ-അധ്വൻ] നാ. ചീത്തവഴി, അപാധ്വഗന്താവ് = ദുർന്നടപ്പുകാരൻ.
അപാനൻ [സം. അപ-അന] നാ. ശരീരത്തിലെ പഞ്ചവായുക്കളിൽ ഒന്ന്, മൂത്രപൂരിഷാദികളെ പുറത്തേക്കു വിസർജിപ്പിക്കുന്ന വായു.
അപാനനം [സം. -അനന] നാ. 1.മലമൂത്രവിസർജനം; 2.ശ്വാസോച്ഛ്വാസം.
അപാനഭൃത്ത് [സം. അപാന-ഭൃത്] 'അപാനവായു ഏൽക്കുന്നത്' നാ. യജ്ഞത്തിൽ ഉപയോഗിക്കുന്ന ഒരുതരം ഇഷ്ടിക.
അപാനം [സം.] നാ. മലദ്വാരം. (അപാനനെ പുറത്തേക്കു വിടുന്നതിനാൽ).
അപാനമുദ്ര [സം. അപാന-മുദ്രാ]നാ. ഒരു ഹസ്തമുദ്ര.
അപാനവായു [സം. -വായു]നാ. അപാനൻ എന്ന വായു,അധോവായു.
അപാനൃത [സം. അപ-അനൃത] നാ. അനൃതമല്ലാത്ത, കള്ളമല്ലാത്ത, വാസ്തവമായ.
അപാപ [സം. അ-പാപ] വി. പാപമില്ലാത്ത, കുറ്റമില്ലാത്ത.
അപാപവിദ്ധ [സം. അപാപ-വിദ്ധ] വി. പാപസ്പർശമില്ലാത്ത, ക്ലേശാദികളില്ലാത്ത.
അപാം [സം.] അപ് എന്നതിൻെറ ഷഷ്ഠീബഹുവചനരൂപം. അപ്പുകളുടെ, ജലത്തിൻെറ. (സമാസത്തിൽ പൂർവപദമായി പ്രയോഗം. ഉദാ. അപാംനിധി.)
അപാംനപാത്ത് [സം.അപാം-നപാദ്] 'വരുണൻെറ പൗത്രൻ.' നാ. അന്തരീക്ഷത്തിൽ മിന്നലായി ജനിക്കുന്ന അഗ്നി, ബഡവാഗ്നി.
അപാംനാഥൻ [സം. -നാഥ] നാ. 1.വരുണൻ; 2.സമുദ്രം. (അപാം എന്നതിനോട് നാഥൻ, നിധി, പതി ഇത്യാദ്യർഥങ്ങൾ വരുന്ന പദങ്ങൾ ചേർത്ത് വരുണപര്യായങ്ങളുണ്ടാക്കാം).
അപാം പിത്തം [സം. പിത്ത] നാ. 1. അഗ്നി; 2. കൊടുവേലി.
അപാം മാർഗം [സം. -മാർഗ]നാ. 1. വലിയകടലാടി; 2. ഗദാപ്രയോഗത്തിൽ ഒരുവിധം.
അപാം യോനി [സം. -യോനി] നാ. സമുദ്രം.
അപാംശു [സം. അപ-അംശു] വി. തേജസ്സില്ലാത്ത, കിരണങ്ങളില്ലാത്ത.
അപാംസാരം [സം. അപാം-സാര] നാ. രത്നം.
അപാമാർജനം [സം. അപ-ആ-മാർജന] നാ. 1. ശുദ്ധീകരിക്കൽ, തൂത്തുകളയൽ; 2. മന്ത്രപൂർവകം ദർഭകൊണ്ട് ശരീരാവയവങ്ങൾ തുടയ്ക്കൽ; 3. (രോഗം, ദോഷം തുടങ്ങിയവയുടെ) നിവാരണം.
അപായം [സം. അപ-അയ <ഇ] 'വിട്ടുപോകൽ, വേർപാട്' നാ. 1. ആപത്ത്, ദോഷം, അപകടം; 2. അനർഥം, ദൗർഭാഗ്യം; നാശം; 3. വ്യസനം; 4. കേട്, ക്ഷതം, പരുക്ക്; 5. മരണം; 6. നഷ്ടം; 7. വിയോഗം; 8. മറഞ്ഞുപോകൽ, അസ്തമനം; 9. പദ്യാന്തം.
അപാർണ [സം. അപ-ഋണ] വി. 1.അകന്ന, ദൂരത്തുള്ള; 2. അടുത്ത.

അപാർഥ [സം. -അർഥ] വി. 1. അർഥശൂന്യമായ, പ്രയോജനമില്ലാത്ത.
അപാർഥം [-സം.)1. അർഥശൂന്യമായത്, അസംബന്ധ പ്രലപനം, നിരർഥവാദം; 2. (അലം.) കവ്യദോഷങ്ങളിൽ ഒന്ന്, പദങ്ങൾക്കുതമ്മിൽ അർഥത്തിനു ബന്ധമില്ലാതിരിക്കുക; 3. ഉപയോഗ്യശൂന്യമായത്.
അപാർഥിവ [സം. അ-പഥാർഥിവ] വി. 1. ഭൂമിയിലുണ്ടായതല്ലാത്ത, ദിവ്യമായ; 2. രാജാവല്ലാത്ത; 3. രാജാവിനു യോഗ്യമല്ലാത്ത.
അപാർഥിവം [സം.] നാ. ഭൂനികുതിയൊഴിച്ച് രാജാവിനുണ്ടാകുന്ന വരുമാനം.
അപാര [സം. അ-പാര] വി. 1. മറുകരയില്ലാത്ത, അതിരില്ലാത്ത; 2. വളരെ വലിയ, നാ. സമുദ്രം.
അപാരക [സം. -പാരക] വി. ശക്തിയില്ലാത്ത, ത്രാണിയില്ലാത്ത.
അപാരണ [സം. -പാരണാ] നാ. ഉപവാസം.
അപാരത [സം. -പാരതാ] നാ. 1. അനന്തത; 2. ആകാശം.
അപാലാപം [സം. അപ-ആലാപ] നാ. കക്ഷക്കുഴിയിലുള്ള ഒരു മർമം.
അപാവർത്തനം [സം. -ആ-വർതന] നാ. 1. പിന്മാറ്റം, പിന്തിരിയൽ, പിൻവാങ്ങൽ; 2. നിരസനം, തിരസ്കരണം; 3. തിരിച്ചിൽ, ഉരുൾച്ച.
അപാവരണം [സം. -ആവരണ <വൃ] നാ. 1. ആവരണം മാറ്റൽ, മൂടി നീക്കൽ; 2. മൂടിവയ്ക്കൽ, മറയ്ക്കൽ.
അപാവൃത [സം. -അവൃത] വി. 1. അപാവരണം ചെയ്യപ്പെട്ട, ആവരണം നീക്കപ്പെട്ട, തുറന്ന; 2. മൂടപ്പെട്ട, മറയ്ക്കപ്പെട്ട; 3. സ്വേച്ഛാചാരിയായ.
അപാവൃത്ത [സം. -ആ-വൃത്ത] വി. 1. അപാവർത്തനം ചെയ്ത, പിന്തിരിഞ്ഞ, വിമുഖമായ; 2. നിരസിക്കപ്പെട്ട; 3. ആട്ടിപ്പായിച്ച.
അപാവൃത്തം [സം.] നാ. 1. നിലത്തുകിടന്നുള്ള ഉരുളൽ; 2. ഒരു വശത്തേക്കുള്ള നീക്കം; 3. യുദ്ധത്തിൽ പാശംകൊണ്ടുള്ള പ്രയോഗങ്ങളിൽ ഒന്ന്.
അപാവൃത്തി [സം. അപ-ആ-വൃത്തി] നാ. അപാവർത്തനം.
അപാശ്രയ [സം. -ആശ്രയ] വി. ആശ്രയമില്ലാത്ത, താങ്ങില്ലാത്ത.
അപാശ്രയം [സം.] നാ. 1. കട്ടിലിലോ കിടക്കയിലോ തലപൊക്കിവയ്ക്കാനുള്ള സ്ഥാനം, തലയിണ; 2. അഭയസ്ഥാനം; 3. മേൽക്കട്ടി; 4. ആനയ്ക്കു ചാരിനിൽക്കാനുള്ള ഉയർന്ന സ്ഥാനം; 5. ശിരസ്സ്.
അപാശ്രയവാൻ [സം. അപ-ആശ്രയ-വത്] നാ. അസ്വതന്ത്രൻ, (സ്ത്രീ.) അപാസ്രയവതി.
അപാസങ്ഗം [സം. -ആ-സങ്ഗ <സഞ്ജ്] നാ. 1. സാമീപ്യം; 2. ആവനാഴി.
അപാസനം [സം. -ആസന] നാ. 1.ദൂരത്ത് എറിയൽ, തള്ളിക്കളയൽ; 2.കൊല, നശിപ്പിക്കൽ.
അപാസരണം [സം. -ആ-സരണ <സൃ] നാ. അപസരിക്കൽ.
അപാസിത [സം. -അസിത] വി. 1. അപാസിക്കപ്പെട്ട, കൊല്ലപ്പെട്ട; 2. നശിപ്പിക്കപ്പെട്ട.
അപാസു [സം. -അസു] വി. പ്രാണൻ പോയ.
അപാസ്ത [സം. -അസ്ത] വി. 1. ദൂരത്ത് എറിയപ്പെട്ട, തള്ളികളഞ്ഞ; 2. നശിപ്പിക്കപ്പെട്ട.

അപാഹരിക്കുക [<സം.അപ-ആ-ഹൃ] ക്രി. എടുത്തുകൊണ്ടുപോകുക, കവർന്നുകൊണ്ടുപോകുക.
അപി- [സം.അപി] അവ്യ. 1. ചില സംസ്കൃതധാതുക്കളുടെ മുമ്പിൽ സാമീപ്യം., സാഹചര്യം തുടങ്ങിയ അർഥങ്ങളിൽ ചേർക്കുന്ന ഒരു ഉപസർഗം.
അപികക്ഷം [സം.-കക്ഷ] നാ. കക്ഷത്തിനും തോൾപ്പലകയ്ക്കും ഇടയിലുള്ള ഭാഗം.
അപികർണം [സം.-കർണ] നാ. ചെവിക്കടുത്തുള്ള ഭാഗം.
അപിഗമിക്കുക [<സം.അപി-ഗമ്] ക്രി. പ്രാപിക്കുക.
അപിഗീർണ [സം.അപി-ഗീർണ<ഗൃ] വി. സ്തുതിക്കപ്പെട്ട, പ്രശംസിക്കപ്പെട്ട, വർണിക്കപ്പെട്ട.
അപിച്ഛില [സം.അ-പിച്ഛില] വി. കലങ്ങാത്ത, വഴുക്കലില്ലാത്ത, അഗാധമായ.
അപിജ [സമപി-ജ] വി. പിന്നീടുണ്ടായ, വീണ്ടും ജനിച്ച.
അപിജം [സം.] നാ. മിഥുനമാസം.
അപിതൃക [സം.അ-പിതൃക] വി. 1. പിതാവില്ലാത്ത; 2. പിതാവിൻെറ വഴിക്ക് കിട്ടിയതല്ലാത്ത.
അപിത്ര്യ [സം.-പിത്ര്യ] വി. പൈതൃകമല്ലാത്ത.
അപിധാനം,പിധാനം [സം.-പിധാന] നാ. 1. മൂടിവയ്ക്കൽ, ഒളിക്കൽ; 2. മറ, മൂടി, മറവ്; 3. (തച്ചു) മോന്തായത്തിൻെറ മുകളിൽ കമഴ്ത്തിവയ്ക്കുന്ന മൂടിപ്പലക.
അപിധാനശില [സം.-ശിലാ] നാ. മൂടിക്കല്ല്, കമിഴ്ത്തുകല്ല്.
അപിധി [സം.] നാ. 1. ഹോമദ്രവ്യം; 2. മറ്റൊരാൾക്കു പൂർണ തൃപ്തിആകുമാറ് കൊടുത്തത്; 3. മറവ്, മൂടി.
അപിനദ്ധ [സം.അപി-നദ്ധ] വി. 1. മൂടിയ, മറയ്ക്കപ്പെട്ട; 2. ബന്ധിക്കപ്പെട്ട.
അപിപ്രാണ [സം-പ്രാണ] വി. സദാ ചേഷ്ടിക്കുന്ന.
അപിവ്രത [സം.-വ്രത] വി. 1. ഒരേ മതാചാരങ്ങൾ അനുഷ്ടിക്കുന്ന; 2. രക്ത സംബന്ധമുള്ള.
അപിഹിത [സം.അ-പിഹിത] വി. അപിധാനം ചെയ്ത, മറച്ച, അടച്ച, മൂടിയ.
അപിത1 [സം.അപി-ഇത] വി. 1. പ്രവേശിച്ച, ഉൾപ്പൂകിയ, തിരിയെ പ്രാപിച്ച; 2. നഷ്ടപ്പെട്ട; 3. മരിച്ച.
അപിത2 [<സം.അ-പിത<പാ(പിബ്) വി. 1. കുടിക്കാത്ത; 2. പീതം (മഞ്ഞ) അല്ലാത്ത.
അപീനസം [സം.അപീനസ,പീനസ] നാ. 1. പീനസത്തിൻെറ ചില ലക്ഷണങ്ങളുള്ള ഒരു നാസാരോഗം, മൂക്കുവരണ്ട് മണമറിയാതാകൽ; 2. ജലദോഷം.
അപുത്ര [സം.അ-പുത്ര] വി. സന്താനമില്ലാത്ത, പുത്രനില്ലാത്ത.
അപുത്രകം [സം.-പുത്രക]നാ. അന്യംനിന്നു കിട്ടിയ ധനം.
അപുത്രത,-ത്വം [സം.-പുത്രതാ,-ത്വ] നാ. പുത്രനില്ലാത്ത അവസ്ഥ.
അപുനർ [സം.-പുനഃ] അവ്യ. പിന്നീട് ഇല്ലാത്ത, വീണ്ടും ഉണ്ടാകാത്ത, എന്നേക്കുമായ, ഒരിക്കൽ മാത്രമുള്ള. (സമാസത്തിൽ പൂർവപദമായി പ്രയോഗം.)
അപുനീത [സം.-പുനീത] വി. ശുദ്ധീകരിക്കപ്പെടാത്ത.

അപുംസ്ക [സം.-പുംസ്കാ] നാ. പൂമാനോടു കൂടാത്തവൾ, ഭർത്താവില്ലാത്തവൾ.
അപുംസ്ത്വം [സം.-പുംസ്ത്വ] നാ. പുരുഷനല്ലാത്ത സ്ഥിതി, നപുംസകത്വം.
അപുഷ്കല [സം.-പുഷ്കല] വി. 1. ധാരാളം ഇല്ലാത്ത; 2. നീചമായ, ഹീനമായ.
അപുഷ്ട [സം.-പുഷ്ട] വി. 1. പോഷിപ്പിക്കാത്ത, മെലിഞ്ഞ; 2. ഉച്ചത്തിലുള്ളതല്ലാത്ത.
അപുഷ്പ1 [സം.-പുഷ്പ] വി. 1.പുവില്ലാത്ത.
അപുഷ്പ2 [സം.-പുഷ്പാ] നാ. ആർത്തവമില്ലാത്തവൾ.
അപുഷ്പം [സം.] നാ. അത്തിമരം.
അപൂപം [സം.] നാ. 1. അപ്പം; 2. ഗോതമ്പ്; 3. തേനട, അപൂപാഷ്ടക = അപൂപംകൊണ്ടു നടത്തുന്ന അഷ്ടക, മൂന്നുതരം അഷ്ടകശ്രാദ്ധങ്ങളിൽ ഒന്ന്.
അപൂർണ [സം.അ-പൂർണ] വി. 1. പൂർണമല്ലാത്ത, നിറയാത്ത, പൂർത്തിയാകാത്ത; 2. ന്യൂനതയുള്ള.
അപൂർവ [സം.-പൂർവ] വി. 1. മുമ്പില്ലാത്ത, പണ്ടില്ലാത്ത, പുതിയ; 2. അസാധാരണമായ, അത്ഭുതകരമായ; 3. അപരിചിതമായ; 4. ഒന്നാമത്തേതല്ലാത്ത; 5. വിരളമായ, കിഴക്കേതല്ലാത്ത.
അപൂർവൻ [സം.] നാ. തനിക്കുമുമ്പ് വേറാരുമില്ലാത്തവൻ, പരമാത്മാവ്.
അപൂർവപതി [സം.-പതി] നാ. കന്യക, അവിവാഹിത.
അപൂർവം1 [സം.അ-പൂർവ] നാ. 1. (മീമാ.) കർമത്തിൻെറ വിദൂരഫലം, മുൻകൂട്ടിക്കാണാത്തഫലം; 2. സുഖദു:ഖങ്ങളുടെ കാരണമായ പുണ്യപാപങ്ങൾ; 3. കർമത്തിൽ നിന്നുണ്ടാകുന്നതും ഫലത്തിൽ എത്തിക്കുന്നതും ആയവ; 4. കർമത്തെയും ഫലത്തെയും കൂട്ടിയിണക്കുന്ന ചങ്ങല.
അപൂർവം2 [സം.-പൂർവ] അവ്യ. ചുരുക്കമായി, പണ്ടില്ലാത്തവിധം.
അപൂർവി [സം.-പൂർവിൻ] നാ. 1. ദാമ്പത്യ സുഖം അനുഭവിച്ചിട്ടില്ലാത്തവൻ; 2. മുമ്പെങ്ങും കണ്ടിട്ടില്ലാത്തവൻ, അപരിചിതൻ.
അപൂരണി [സം.പൂരണീ] നാ. ഇലവുമരം.
അപൂരുഷ [സം.-പൂരുഷ]വി. 1. ആണത്തമില്ലാത്ത; 2. ജീവനില്ലാത്ത, ആത്മാവില്ലാത്ത; 3. ജനങ്ങളില്ലാത്ത.
അപൃക്ത [സം.-പൃക്ത<പൃച്] വി. കലരാത്ത, ചേരാത്ത, സമ്യുക്തമല്ലാത്ത.
അപേക്ഷ [സം.ഈക്ഷാ] നാ. 1. അഭ്യർഥന, പ്രാർഥന, ഒരുകാര്യം നിറവേറണമെന്ന ആഗ്രഹം പ്രകടിപ്പിക്കൽ; 2. ആഗ്രഹം, പ്രതീക്ഷ, അഭ്യർഥന; 3. ആവശ്യം; 4. ശ്രദ്ധ, പരിഗ്ഗണന; 5. ആശ്രയം; 6. സംബന്ധം; 7. (വ്യാക.) ആകാംക്ഷ.
അപേക്ഷകൻ [സം.-ഈക്ഷക] നാ. (ഏതെങ്കിലും ഉദ്യോഗത്തിനായി) അപേക്ഷിക്കുന്നവൻ.
അപേക്ഷണീയ [സം.-ഈക്ഷണീയ] വി. അപേക്ഷിക്കത്തക്ക.
അപേക്ഷയാ [സം.-ഈക്ഷയാ] അവ്യ. 1. അപേക്ഷിച്ച്, താരതമ്യപ്പെടുത്തുമ്പോൾ; 2. വേണ്ടി, ഉദ്ദേശിച്ച്.
അപേക്ഷാബുദ്ധി [സം.അപേക്ഷാ-ബുദ്ധി] നാ. (വൈശേ.) 'ഇതൊന്ന്', 'ഇതൊന്ന്' എന്നു വിവേചിച്ചറിയാനുള്ള കഴിവ്, ദ്വന്ദ്വാത്മകബോധം ഉണ്ടാക്കുന്നതിനുള്ള കഴിവ്.
അപേക്ഷി [സം.അപേക്ഷിൻ] നാ. അപേക്ഷയുള്ളവൻ, ആഗ്രഹിക്കുന്നവൻ.

അപേക്ഷിക്കുക [<സം.അപ-ഈക്ഷ്] ക്രി. 1. അഭ്യർഥിക്കുക, പ്രാർഥിക്കുക, ഒരു കാര്യം സാധിച്ചുകിട്ടണമെന്ന്താത്പര്യം പ്രകടിപ്പിക്കുക; 2. ആശിക്കുക, അന്വേഷിക്കുക; 3. ആവശ്യപ്പെടുക; 4. ആശ്രയിക്കുക, ആധാരമാക്കുക. അപേക്ഷിച്ച് = താരതമ്യം ചെയ്യുമ്പോൾ.

അപേക്ഷിത [സം.-ഈക്ഷിത] വി. ആഗ്രഹിച്ച.

അപേക്ഷ്യ,അപേക്ഷണീയ [സം.-ഈക്ഷ്യ,-ഈക്ഷണീയ] വി. ആഗ്രഹിക്കാൻകൊള്ളാവുന്ന.

അപേത [സം.-ഇത] വി. 1. പൊയ്പ്പോയ, വിട്ടുമാറിയ, അപ്രത്യക്ഷമായ; 2. വേർപെടുന്ന, ഒഴിഞ്ഞുപോകുന്ന; 3. കൂടാത്ത, ഇല്ലാത്ത, നശിച്ച.

അപ്രേതരാക്ഷസി [സം.അപ്രേത-രാക്ഷസി] നാ. 'രാക്ഷസതുല്യമായ പാപത്തെ പോക്കുന്നത്'. തുളസി.

അപേയ [സം.അ-പേയ] വി. കുടിക്കത്തക്കതല്ലാത്ത.

അപോഗണ്ഡൻ [സം.അ-പോഗണ്ഡ,പൗ-] വി. 1. വികലാങ്ഗൻ; 2. പതിനാറുവയസ്സു തികഞ്ഞവൻ; 3. വലിയ ഭീരു; 4. ജര ബാധിച്ചവൻ.

അപോദക1 [സം.അപ-ഉദക] വി. 1. വെള്ളമില്ലാത്ത, വെള്ളം വാർന്നുപോകാത്ത; 2. ദ്രവമല്ലാത്ത.

അപോദകം2 [സം.] നാ. വലിയ വശളച്ചീര.

അപോദകം [സം.അപ-ഉദക] നാ. വിഷം.

അപോദ്ധരണസ്ഥാലി [സം.-അപോദ്ധരണ-സ്ഥാലി] നാ. ഒരുതരം യാഗപാത്രം.

അപോദ്ധരിക്കുക [<സം.അപ-ഉദ്-ധൃ] ക്രി. (വ്യാക.) ഒരു വാക്യത്തിലെ കർത്താവ്, കർതൃവിശേഷണം, കർമം, കർമവിശേഷണം, ക്രിയ, ക്രിയാവിശേഷണം ഇവ പിരിച്ചുകാണിക്കുക, അങ്ഗാങ്ഗിവാക്യങ്ങളെ അപഗ്രഥിക്കുക.

അപോദ്ധാരം [സം.-ഉദ്ധാര] നാ. (വ്യാക.) അപോദ്ധരിക്കൽ, വ്യാകരിപ്പ്.

അപോഹം [സം.-ഊഹ] നാ. 1. നീക്കൽ, അകറ്റൽ, നിരസനം; 2. യുക്തിയുക്തമായ വിചാരംകൊണ്ട് സംശയത്തെ അകറ്റൽ, യുക്തിവിചാരം; 3. മറ്റൊരാളുടെ വാദഗതിയെ തള്ളിക്കളയുന്നതിനുവേണ്ടി ചെയ്യുന്ന വിപരീതയുക്തി വാദം.

അപോഹ്യ, അപോഹനീയ [സം.-ഊഹ്യ,-ഊഹനീയ] വി. അപോഹം ചെയ്യത്തക്ക.

അപൗരീകരണം [സം.അ-പൗരീകരണ] നാ. (രാഷ്ട്ര.) പൗരത്വം റദ്ദാക്കൽ, പൗരനല്ലാതാക്കൽ.

അപൗരുഷം [സം.-പൗരുഷ] നാ. 1. പൗരുഷമില്ലായ്മ; 2. പുരുഷകൃതമല്ലാത്തത്, ദൈവികമായത്.

അപൗരുഷേയ [സം.-പൗരുഷേയ<പുരുഷ] വി. അപൗരുഷ, പുരുഷകൃതമല്ലാത്ത.

അപൗരുഷേയം [സം.-പൗരുഷേയ] നാ. 1. അപൗരുഷേയം; 2. ഭീരുത്വം; 3. അമാനുഷശക്തി.

അപ്കായം [സം.അപ്-കായ] നാ. ജൈനമതത്തിന്റെ ജീവവർഗീകരണമനുസരിച്ച്, ജലപരമാണുനിർമിതമായ ശരീരമുള്ള ഒരു വിഭാഗം ജീവികൾ.

അപ്തോര്യാമം [സം.അപ്തോർ-യാമ] നാ. ജ്യോതിഷ്ടോമത്തിന്റെ അവസാനഭാഗം.

അപ്നസ്ഥൻ [സം.അപ്നസ്-സ്ഥ] നാ. 1. കർമാധികൃതൻ; 2. ജന്മി, ഉടമ.

അപ്നസ്സ് [സം.അപ്നസ്] നാ. 1. കൈവശാവകാശം, വസ്തുവക; 2. പ്രവൃത്തി, യജ്ഞവൃത്തി, കർമം; 3. സന്താനം; 4. രൂപം, ആകൃതി.

അപ്പ1 നാ. ഒരുതരം പാഴ്ച്ചെടി, കടലാവണക്ക്, വേലിപ്പത്തൽ.

അപ്പ2 നാ. അപ്പൻ.
അപ്പക്കാര [സം.അപ്പം1-കാര] നാ. ഉണ്ണിയപ്പം ചുട്ടെടുക്കുന്നതിനുള്ള ഒരുതരം ഓട്ടുപാത്രം.
അപ്പക്കാള [സം.അപ്പൻ-കാള] നാ. 'അപ്പന്റെ (ദേവന്റെ) കാള'. ശിവക്ഷേത്രത്തിൽ നടയ്ക്കിരുത്തിയിരിക്കുന്ന കാള, നേർച്ചവാങ്ങാൻ കൊണ്ടുനടക്കുന്ന അലങ്കരിച്ച കാള.
അപ്പക്കുടുക്ക നാ. ചെമ്പഞ്ഞിമരം, കാട്ടിലവ്, ശീമപ്പഞ്ഞി.
അപ്പച്ചൻ നാ. 1. അച്ഛൻ; 2. ഒരു സംജ്ഞ.
അപ്പച്ചി [അപ്പൻ-അച്ചി] നാ. 1. അച്ഛന്റെ സഹോദരി; 2. അച്ഛന്റെ അമ്മ.
അപ്പടി [ആ-പടി] അവ്യ. 1. അതേപ്രകാരം, അതുപോലെതന്നെ, അവ്വണ്ണം; 2. മുഴുവനും.
അപ്പതി [സം.അപ്-പതി] നാ. സമുദ്രം.
അപ്പൻ നാ. 1. അച്ഛൻ, പിതാവ്; 2. ആൺകുട്ടി (വാത്സല്യസൂചകം); 3. അച്ഛന്റെ സഹോദരൻ; 4. ഈശ്വരൻ, ദേവൻ.
അപ്പൻവിരൽ നാ. തള്ളവിരൽ.
അപ്പപ്പാ വ്യാ. ദു:ഖം, ആശ്ചര്യം മുതലായവ സൂചിപ്പിക്കുന്നത്.
അപ്പം നാ. ഒരു പലഹാരം.
അപ്പവാണിയം,അപ്പാണിയം നാ. ആണ്ടുതോറും കോഴിക്കോട്ട് മുസ്ലിമുകൾ നടത്തുന്ന ഒരു ആഘോഷം.
അപ്പസ്തോലൻ [ഗ്രീ.] നാ. പ്രേഷിതൻ, ക്രിസ്തുവിന്റെ ദിവ്യസന്ദേശം പ്രചരിപ്പിക്കുവാൻ നിയോഗിക്കപ്പെട്ട പന്ത്രണ്ടു ശിഷ്യന്മാർക്കു പൊതുവേ പറയുന്ന പേര്.
അപ്പളം നാ. പർപ്പടകം.
അപ്പാ വ്യാ. വേദന, ഭയം, അദ്ഭുതം തുടങ്ങിയവ സൂചിപ്പിക്കുന്നു.
അപ്പാട് [ആ-പാട്] അവ്യ. 1. അപ്രകാരം, അങ്ങനെതന്നെ; 2. അപ്പുറം, അയൽവക്കം; 3. മുഴുവനും.
അപ്പാടേ [അപ്പാട്-ഏ] അവ്യ. 1. അപ്രകാരം, അതേപടി; 2. മുഴുവനും.
അപ്പാട്ടേ [അപ്പാട്ട്-ഏ] വി. അയൽവക്കത്തെ.
അപ്പാപ്പൻ [സം.അപ്പൻ-അപ്പൻ] നാ. 1. അപ്പൂപ്പൻ, മുത്തച്ഛൻ; 2. ഉപ്പാപ്പൻ, ചിറ്റപ്പൻ (ക്യസ്ത്യാനികളുടെ ഇടയിൽ).
അപ്പാർത്തീഡ് [ഇം.] നാ. വർണവിവേചനം.
അപ്പാൽ [ആ-പാൽ] അവ്യ. അപ്പുറം. ഉദാ: "അപ്പാലെന്തേ വിചരതി ഭവാൻ" (കോക.); അടുക്കൽ, അനന്തരം, അതിൽപിന്നെ.
അപ്പാലേ,-ലെ [അപ്പാൽ-ഏ] അവ്യ. അനന്തരം, ഉടൻതന്നെ, അപ്പുറം.
അപ്പി1 നാ. കുഞ്ഞ്, ഓമന (വാത്സല്യസൂചകം).
അപ്പി2 നാ. കുഞ്ഞുങ്ങളുടെ മലം. അപ്പിയിടുക = മലവിസർജനം ചെയ്യുക.
അപ്പിടി അവ്യ. മുഴുവനും, എല്ലാം.
അപ്പിത്തം [സം.അപ്-പിത്ത] നാ. 1. അഗ്നി; 2. കൊടുവേലി.
അപ്പിത്താക്ഷൻ [സം.അപ്പിത്ത-അക്ഷ] നാ. അഗ്നിനേത്രൻ, ശിവൻ.

അപ്പീൽ [ഇം.] നാ. 1. അഭ്യർഥന, കീഴധികാരിയുടെ തീരുമാനം പുന:പരിശോധിക്കണം എന്നു കാണിച്ചു മേലധികാരിക്കു നൽകുന്ന അപേക്ഷ; 2. മേലവിചാരണ, പുനർവിചാരം. അപ്പീൽക്കോടതി = അപ്പീലിനുള്ള അപേക്ഷ സ്വീകരിക്കാൻ അധികാരമുള്ള മേൽക്കോടതി.

103

അപ്പ് [സം.അപ്] നാ. 1. വെള്ളം; 2. ഇരുവേലി.

അപ്പുക ക്രി. പറ്റിപ്പിടിക്കുക.

അപ്പുറം [ആ-പുറം] അവ്യ. 1. അങ്ങേവശത്ത്, മറുപുറത്ത്, നിശ്ചിതാതിർത്തിക്കു പുറത്ത്; 2. അക്കാലത്തിനുശേഷം, അടുത്തായി, പിന്നീട്; 3. ആസ്ഥലം കഴിഞ്ഞ്; 4. മുൻപ്; 5. കവിഞ്ഞ്, കടന്നനിലയിൽ, ഉല്ലംഘിച്ച്.

അപ്പൊഴുത് [ആ-പൊഴുത്] അവ്യ. അപ്പോൾ.

അപ്പോത് [ആ-പോത്<പൊഴുത്] അവ്യ. അപ്പോൾ

അപ്പോൾ,അപ്പഴ് [ആ-പൊഴുത്] അവ്യ. 1. ആസമയത്ത്, ആ അവസരത്തിൽ, അക്കാലത്ത്, അന്നേരം; 2. എന്നാൽ, എങ്കിൽ, എന്നാണെങ്കിൽ; 3. അതനുസരിച്ച്, അങ്ങനെവരുമ്പോൾ, അപ്രകാരമായാൽ; 4. വിനയെച്ചത്തോട് ചേർത്ത് ക്രിയാവിശേഷണമായും പ്രയോഗം. ഉദാ: വന്നപ്പോൾ.

അപ്പോത്തിക്കരി,അപ്പാ- [ഇം.] നാ. കമ്പൗണ്ടർ, ബിരുദമില്ലാത്ത അലോപ്പതി ചികിത്സകൻ.

അപ്പോളോ [ഗ്രീ.] നാ. ഗ്രീക്കുകളുടെ ഒരു ദേവത, സൂര്യൻ.

അപ്യ [സം.] നാ അപ്പിനെ സംബന്ധിച്ച, അപ്പിൽനിന്നുണ്ടാകുന്ന.

അപ്യയനം. [സം.അപി-അയനം] നാ. 1. സങ്ഗമം, ചേരൽ; 2. സംയോഗം, മൈഥുനം.

അപ്യയം [സം.-അയ<ഇ] നാ. 1. സങ്ഗമം, ചേർപ്പ്; 2. ലയനം, തന്നിൽത്തന്നെ ലയിക്കുക.

അപ്രകട [സം.അ-പ്രകട] വി. പ്രകടമല്ലാത്ത, പ്രത്യക്ഷമല്ലാത്ത, വ്യർഥമല്ലാത്ത.

അപ്രകമ്പ [സം.-പ്രകമ്പ<കമ്പ്] വി. കുലുക്കമില്ലാത്ത, ഉറച്ച, നിശ്ചലമായ.

അപ്രകര [<സം.-പ്ര-കൃ] വി. വേണ്ടവണ്ണം പ്രവർത്തിക്കാത്ത.

അപ്രകരണം [സം.-പ്രകരണ] നാ. പ്രകരണമല്ലാത്തത്, അപ്രസർമായത്.

അപ്രകരണിക [സം.-പ്രകരണികാ] വി. പ്രകരണത്തിനു (സന്ദർഭത്തിനു) യോജിക്കാത്ത.

അപ്രകൽപ [സം.-പ്ര-കൽപ] വി. വ്യക്തമായ നിബന്ധനയില്ലാത്ത.

അപ്രകാണ്ഡ [സം.-പ്രകാണ്ഡ] വി. പ്രകാണ്ഡമില്ലാത്ത, തായ്ത്തടിയില്ലാത്ത.

അപ്രകാണ്ഡം [സം.] നാ. 1. തായ്ത്തടിയില്ലാത്തത്, കുറ്റിച്ചെടി.

അപ്രകാശ [സം.-പ്രകാശ] വി. പ്രകാശം ഇല്ലാത്ത, ഇരുളടഞ്ഞ. അപ്രകാശതസ്കരൻ = ഉറങ്ങുന്നവനിൽനിന്നോ ബോധംകെട്ടവനിൽനിന്നോ ധനം അപഹരിക്കുന്നവൻ.

അപ്രകാശക [സം.-പ്രകാശാ] വി. 1. പ്രകാശിപ്പിക്കാത്ത, മറച്ചുവച്ച; 2. പ്രസിദ്ധീകരിക്കാത്ത.

അപ്രകാശം [സം.] നാ. രഹസ്യം, അജ്ഞാനം.

അപ്രകാശിത [സം.-പ്രകാശിത] വി. 1. പ്രകാശിപ്പിക്കപ്പെടാത്ത, മറച്ചുവയ്ക്കപ്പെട്ട; 2. പരസ്യപ്പെടുത്താത്ത.
അപ്രകാശ്യ [സം.-പ്രകാശ്യ] പ്രകാശിപ്പിക്കുവാനാകാത്ത.
അപ്രകൃത [സം.-പ്രകൃത]നാ. 1. പ്രകൃതമല്ലാത്തത്, പ്രസ്തുതമല്ലാത്തത്; 2. (അലം.) ഉപമാനം, അവർണ്യം.
അപ്രകൃതശ്ലേഷം [സം.അപ്രകൃത-ശ്ലേഷ] നാ. ശ്ലേഷത്തിൻെറ രണ്ടർഥങ്ങളും അപ്രകൃതങ്ങളാകുന്ന ഒരു കാവ്യാലങ്കാരം.
അപ്രകൃതി [സം.അ-പ്രക്ര്തി] നാ, 1. സഹജഭാവമല്ലാത്തത്, പ്രകൃതിസിദ്ധമല്ലാത്തത്; 2. (സാങ്ഖ്യ.) പുരുഷൻ; 3. (വ്യാക.) പ്രകൃതിയല്ലാത്തത്, പ്രത്യയം.
അപ്രകൃഷ്ട [സം.-പ്ര-കൃഷ്ട] വി. ഉത്കൃഷ്ടമല്ലാത്ത, താണ, നീചമായ.
അപ്രക്ഷിത [സം.-പ്ര-ക്ഷിത] വി. ക്ഷയിക്കാത്ത, കുറയാത്ത.
അപ്രഗമ [സം.-പ്ര-ഗമ] വി. (മറ്റാർക്കും) കടന്നുകയറാൻ കഴിയാത്ത, കൂടെയെത്താൻ കഴിയാത്തവിധം വേഗത്തിൽ സഞ്ചരിക്കുന്ന.
അപ്രഗല്ഭ [സം.-പ്ര-ഗല്ഭ] വി. 1. പ്രഗല്ഭതയില്ലാത്ത, ധൈര്യം ഇല്ലാത്ത; 2. ധൃഷ്ടതയില്ലാത്ത, വിനീതമായ.
അപ്രഗുണ [സം.-പ്രഗുണ] വി. 1. ചിന്നിച്ചിതറിയ, ആകുലമായ; 2. കുഴങ്ങിയ, സംഭ്രമിച്ച.
അപ്രഗ്രഹ [സം.-പ്രഗ്രഹ]വി. കടിഞ്ഞാണില്ലാത്ത, നിയന്ത്രണമില്ലാത്ത.
അപ്രചോദിത [സം.പ്ര-ചോദിത< ചുദ്] വി. പ്രേരിപ്പിക്കപ്പെടാത്ത, ആഗ്രഹിക്കാത്ത.
അപ്രച്ഛേദ്യ [സം.-പ്രച്ഛേദ്യ] വി. ഇന്നതെന്നു പ്രച്ഛേദിച്ച് പറയാനാകാത്ത, ഗഹനമായ, മുറിക്കാനാകാത്ത.
അപ്രജ [സം.-പ്രജ] വി. 1. സന്താനമില്ലാത്ത; 2. ജനങ്ങളില്ലാത്ത.
അപ്രജാത1 [സം.-പ്രജാത] വി. സന്തതിയില്ലാത്ത.
അപ്രജാത2 [സം.-പ്രജാതാ] നാ. പ്രസവിക്കാത്തവൾ.
അപ്രതർക്യ [സം.-പ്രതർക്യ] വി. 1. യുക്തികൊണ്ടോ ഊഹംകൊണ്ടോ ഗ്രഹിക്കാനാകാത്ത; 2. നിർവചിക്കാനാകാത്ത.
അപ്രതാപം [സം.-പ്രതാപ] നാ. 1. പ്രതാപമില്ലായ്മ; 2. ശോഭയില്ലായ്മ, മങ്ങൽ.
അപ്രതികര [സം.പ്രതി-കര] വി. വിശ്വാസ്യതയുള്ള.
അപ്രതികർമ [സം.-പ്രതികർമ] നാ. 1. മഹനീയങ്ങളായ കർമങ്ങളോടു കൂടിയവൻ; 2. എതിരിടാൻ നിവൃത്തിയില്ലാത്തവൻ.
അപ്രതികാര [<സം.-പ്രതികാര] വി. 1. പ്രതികാരം ചെയ്യാത്ത; 2. പ്രതിവിധിയില്ലാത്ത.
അപ്രതികാര്യ [സം.-പ്രതി-കാര്യ] വി. പ്രതിവിധിചെയ്യാനാകാത്ത.
അപ്രതിഗൃഹ്യൻ [സം.-പ്രതി-ഗൃഹ്യ] വി. ആരിൽനിന്നും ദാനം വാങ്ങിക്കൂടയോ അയാൾ.
അപ്രതിഗ്രാഹക [സം-പ്രതി-ഗ്രാഹക] വി. പ്രതിഗ്രഹം സ്വീകരിക്കാത്ത, ദാനം വാങ്ങാത്ത.
അപ്രതിദ്വംദ്വ [സം.-പ്രതി-ദ്വംദ്വ] വി. എതിരാളിയില്ലാത്ത, തടുക്കാനാകാത്ത.
അപ്രതിപക്ഷ [സം.-പ്രതി-പക്ഷ] വി. എതിരില്ലാത്ത, ശത്രുവില്ലാത്ത.

അപ്രതിപത്തി [സം.-പ്രതി-പത്തി] നാ 1. താത്പര്യമില്ലായ്മ, ഇഷ്ടക്കേട്, ഉപേക്ഷ; 2. (തർക്ക) നിർണയമില്ലായ്മ, വിഷമത; 3. മനസ്സാന്നിധ്യമില്ലായ്മ.
അപ്രതിപന്ന [സം.-പ്രതി-പന്ന] വി. പ്രാപിക്കാത്ത, നിർവഹിക്കപ്പെടാത്ത.
അപ്രതിപാദനം [സം.-പ്രതി-പാദന] നാ. 1. പ്രതിപാദനം ഇല്ലാതിരിക്കൽ, പ്രസ്താവിക്കാതിരിക്കൽ; 2. ദാനം ചെയ്യാതിരിക്കൽ.
അപ്രതിബന്ധ [സം.-പ്രതി-ബന്ധ] വി. തടസ്സമില്ലാത്ത, നിയമാനുസൃതമായി ലഭിച്ച (വസ്തു വക).
അപ്രതിബല [സം.-പ്രതി-ബല] വി. അതുല്യമായ ശക്തിയുള്ള.
അപ്രതിഭ [സം.-പ്രതിഭ] വി. മന്ദബുദ്ധിയായ, വിവേകശക്തിയില്ലാത്ത.
അപ്രതിഭട [സം.-പ്രതി-ഭട] വി. എതിരില്ലാത്ത, തുല്യതയില്ലാത്ത.
അപ്രതിഭടൻ [സം.] നാ. അതുല്യനായഭടൻ.
അപ്രതിഭൻ [സം.] നാ. പ്രതിഭയില്ലാത്തവൻ.
അപ്രതിഭൂത [സം.-പ്രതി-ഭൂത] വി. ഉപേക്ഷിക്കപ്പെടാത്ത.
അപ്രതിമ1 [സം.-പ്രതിമ] വി. മറ്റൊന്നിനോട് തുല്യതയില്ലാത്ത.
അപ്രതിമ2 [സം.-പ്രതിമാ] നാ. എതിരില്ലാത്തവൾ.
അപ്രതിമാന [സം.-പ്രതി-മാന] വി. അപ്രതിമ1
അപ്രതിയത്നം [സം.-പ്രതി-യത്ന] നാ. സ്വാഭാവികമായ അവസ്ഥ.
അപ്രതിയോഗി [സം.-പ്രതി-യോഗിൻ] വി. എതിരില്ലാത്ത, സമാനസ്ഥാനത്ത് വേറൊന്നില്ലാത്ത (സ്ത്രീ) അപ്രതിയോഗിനി.
അപ്രതിരഥൻ [സം.-പ്രതി-രഥ] നാ. എതിരാളിയില്ലാത്ത യോദ്ധാവ്.
അപ്രതിരവ [സം.-പ്രതി-രവ] വി. പ്രതിരവമില്ലാത്ത, എതിർവാദമില്ലാത്ത.
അപ്രതിരാഗ [സം.-പ്രതി-രാഗ] നാ. പൊന്നിൻെറ മാറ്റ് ശരിയായി കാണിക്കത്ത ഉരകല്ല്, നല്ലപൊന്ന് ഉരയ്ക്കുമ്പോഴും ചീത്തയായികാണിക്കുന്നത്.
അപ്രതിരൂപ [സം.-പ്രതി-രൂപ] വി. പ്രതിരൂപമില്ലാത്ത, തുല്യതയില്ലാത്ത, അനുരൂപമല്ലാത്ത.
അപ്രതിരോധ്യ [സം.-പ്രതി-രോധ്യ] വി. പ്രതിരോധിക്കാനാകാത്ത.
അപ്രതിരോധ്യം [സം.] നാ. ഒരുതരം സൈന്യവിന്യാസം.
അപ്രതിവീര്യ [സം-പ്രതി-വീര്യ] വി. മറ്റാർക്കുമില്ലാത്ത പോലെ ബലമുള്ള.
അപ്രതിശാസന [സം.-പ്രതി-ശസന] വി. ശസിക്കാൻ മറ്റൊരാളില്ലാത്ത.
അപ്രതിഷേധ്യ [സം.-പ്രതി-സേധ്യ<സിധ്] വി. പ്രതിഷേധിക്കാനാകാത്ത, എതിർക്കാൻ കഴിയാത്ത.
അപ്രതിഷ്ഠ1 [<സം.-പ്രതി-സ്ഥ] വി. 1. ഉറപ്പില്ലാത്ത, സ്ഥിരതയില്ലാത്ത; 2. ദുഷ്കീർത്തിയുള്ള; 3. ആശ്രയമില്ലാത്ത.
അപ്രതിഷ്ഠ2 [സം.-പ്രതി-സ്ഥാ] നാ. ഉറപ്പില്ലായ്മ, ദുഷ്കീർത്തി.
അപ്രതിഷ്ഠം [സം.] നാ. പരബ്രഹ്മം.
അപ്രതിഷ്ഠിത [സം.-പ്രതി-സ്ഥിത] വി. 1. സുസ്ഥാപിതമല്ലാത്ത, ഉറപ്പിക്കപ്പെടാത്ത; 2. പ്രശസ്തിയില്ലാത്ത.
അപ്രതിഷ്ഠിതൻ [സം.] നാ. വിഷ്ണു.
അപ്രതിസങ്ഖ്യ [സം.-പ്രതി-സംഖ്യ] വി. നിരീക്ഷിക്കാത്ത, ദൃഷ്ടിയിൽപ്പെടാത്ത.

അപ്രതിഹത [സം.അ-പ്രതി-ഹത] വി. 1. പ്രതിഹനിക്കാനാകാത്ത, അടിച്ചമർത്താനാകാത്ത; 2. തടയപ്പെടാനാകാത്ത, എതിർക്കാനാകാത്ത; 3. അന്യൂനമായ; 4. നിരാശനാകാത്ത.
അപ്രതിഹതം [സം.] നാ. 1. ആനയെ തളയ്ക്കുവാനുള്ള ഒരു ഉപകരണം; 2. ഒരുതരം സൈന്യവിന്യാസരീതി.
അപ്രതീക [സം.അ-പ്രതീക] വി. അവയവങ്ങൾ ഇല്ലാത്ത, അഖണ്ഡമായ.
അപ്രതീക്ഷിത [സം.-പ്രതി-ഈക്ഷിത] വി. പ്രതീക്ഷിക്കപ്പെടാത്ത, ആകസ്മികമായ, പെട്ടെന്നുള്ള.
അപ്രതീഘാത [സം.പ്രതി-ഘാത] വി. തടസ്സം കൂടാത്ത.
അപ്രതീഘാതം [സം-പ്രതീഘാത] അവ്യ. നിർവിഘ്നമായി.
അപ്രതീത [സം-പ്രതി-ഇത] വി. 1. സന്തോഷമില്ലാത്ത; 2. മനസ്സിലാക്കപ്പെടാത്ത, ദുർഗ്രഹമായ; 3. എതിർക്കപ്പെടാത്ത.
അപ്രതീത [സം.] നാ. (അലം) വേഗത്തിൽ അർഥപ്രതീതിയുണ്ടാകായ്ക, ശാസ്ത്രത്തിൽമാത്രം പ്രചാരത്തിലിരിക്കുന്ന പദങ്ങൾ പ്രയോഗിക്കുന്നതുകൊണ്ടുള്ള ദോഷം.
അപ്രതീതി [സം.-പ്രതീതി] നാ. 1. മനസ്സിലാകായ്ക, അസ്ഫുടത; 2. അവിശ്വാസം.
അപ്രത്ത1 [സം.-പ്രത്ത<പ്രദത്ത] വി. ദാനം ചെയ്യാത്ത, തിരിച്ചുകൊടുക്കാത്ത.
അപ്രത്ത2 [സം.-പ്രത്താ] നാ. വിവാഹം ചെയ്തു കൊടുക്കപ്പെടാത്ത പെൺകുട്ടി.
അപ്രത്യക്ഷ [സം.-പ്രത്യക്ഷ] വി. 1. പ്രത്യക്ഷമല്ലാത്ത, ഇന്ദ്രിയങ്ങൾക്കു വിഷയമല്ലാത്ത; 2. അറിയപ്പെടാത്ത; 3. ഇല്ലാത്ത; 4. നേരിട്ടുള്ളതല്ലാത്ത.
അപ്രത്യയ [സം.-പ്രത്യയ] വി. 1. വിശ്വാസമില്ലാത്ത, ധൈര്യക്കുറവുള്ള; 2. അറിവില്ലാത്ത; 3. (വ്യാക.) പ്രത്യയം ഇല്ലാത്ത.
അപ്രത്യയം [സം.] നാ. അവിശ്വാസം, ധൈര്യക്കുറവ്.
അപ്രത്യാഖ്യേയ [സം.-പ്രതി-ആ-ഖ്യേയ] വി. നിഷേധിക്കാനാകാത്ത, നിരസിക്കപ്പെടാനാകാത്ത.
അപ്രദക്ഷിണം [സം.-പ്ര-ദക്ഷിണ] അവ്യ. പ്രദക്ഷിണമായിട്ടല്ലാതെ, വലത്തുനിന്ന് ഇടത്തോട്ട്.
അപ്രദത്ത1 [സം.-പ്ര-ദത്ത] വി. ദാനം ചെയ്യപ്പെടാത്ത.
അപ്രദത്ത2 [സം.പ്ര-ദത്താ] നാ. വിവാഹം ചെയ്തുകൊടുക്കപ്പെടാത്തവൾ.
അപ്രധർഷണീയ [സം-പ്ര-ധർഷണീയ] വി. അതിക്രമിക്കാനാകാത്ത, അജയ്യമായ.
അപ്രധാന [സം.-പ്രധാന] വി. മുഖ്യമായ, താണപടിയിലുള്ള.
അപ്രധാനം [സം.] നാ. മുഖ്യമല്ലാത്തത്.
അപ്രൻറിസ് [ഇം.] നാ. തൊഴിൽ പരിശീലിക്കുന്ന ആൾ.
അപ്രഭ [സം.അ-പ്രഭ] വി. തെളിവില്ലാത്ത, മങ്ങിയ, പ്രകാശമില്ലാത്ത.
അപ്രഭു [സം.-പ്രഭു] നാ. പ്രഭുവല്ലാത്തവൻ.
അപ്രഭൂതി [സം.പ്ര-ഭൂതി] നാ. അല്പമാത്രമായ പ്രയത്നം.
അപ്രമ [സം.-പ്രമാ] നാ. പ്രമയല്ലാത്തത്, ഭ്രമം, തെറ്റായജ്ഞാനം.
അപ്രമത്ത [സം.-പ്രമത്ത] വി. 1. പ്രമത്തതയില്ലാത്ത, ശ്രദ്ധയുള്ള; 2. തെറ്റുചെയ്യാത്ത.

അപ്രമാണ [സം.-പ്ര-മാന] വി. 1. അളവില്ലാത്ത, അതിരില്ലാത്ത; 2. തെളിവില്ലാത്ത; 3. പ്രമാണമായി കരുതാനാകാത്ത, വിശ്വാസമില്ലാത്ത.
105
അപ്രമാണം [സം.] നാ. പ്രമാണമല്ലാത്തത്, സങ്ഗതമല്ലാത്തത്.
അപ്രമാണീകരിക്കുക [<സം.അ-പ്രമാണീ-കൃ] ക്രി. പ്രമാണമല്ലാതാക്കിത്തീർക്കുക, പ്രമാണമായി കരുതാതിരിക്കുക.
അപ്രമാദം [സം.-പ്ര-മാദ] നാ. 1. ശ്രദ്ധ; 2. തെറ്റില്ലായ്മ, ശരി.
അപ്രമാദി [സം.-പ്ര-മാദിൻ] നാ. 1. അവധാനതയുള്ളവൻ, ശ്രദ്ധയുള്ളവൻ; 2. തെറ്റിപ്പോകാത്തവൻ.
അപ്രമാദിത്വം [സം.-പ്രമാദിത്വ] നാ. പരിശുദ്ധാരൂപി നയിക്കുന്നതിനാൽ ക്രൈസ്തവരെ ദൈവികകാര്യങ്ങൾ പഠിപ്പിക്കുന്നതിൽ മാർപ്പാപ്പായ്ക്കു തെറ്റുവരികയില്ല എന്ന വിശ്വാസം, തെറ്റുപറ്റാത്ത അവസ്ഥ.
അപ്രമിത [സം.-പ്ര-മിത] വി. 1. അളക്കപ്പെടാത്ത, അളവില്ലാത്ത, സ്ഥാപിക്കാത്ത.
അപ്രമൂർച്ഛിത [സം.-പ്ര-മൂർച്ഛിത] വി. അപ്രമൂര.
അപ്രമൂര [സം.] വി. മൂഢതയില്ലാത്ത, വിവേകമുള്ള.
അപ്രമേയ [സം.-പ്ര-മേയ] വി. 1. അളക്കാനാകാത്ത; 2. ശരിയായി നിർണയിക്കാൻ പ്രയാസമായ; 3. (ബ്രഹ്മംപോലെ) തെളിയിക്കാനാകാത്ത.
അപ്രമേയൻ [സം.] നാ. പ്രത്യക്ഷാദിപ്രമാണങ്ങളെക്കൊണ്ട് നിർണയിക്കാനാകാത്തവൻ, ആത്മാവ്, ഈശ്വരൻ, പരമാത്മാവ്.
അപ്രമേയാത്മാവ് [സം.അപ്രമേയ-ആത്മാവ്] നാ. ശിവൻ.
അപ്രമോദം [സം.പ്ര-മോദ] നാ. സന്തോഷമില്ലായ്മ.
അപ്രയാണി [സം.-പ്ര-യാനിൻ] വി. മുമ്പോട്ടുപോകാത്ത, പുരോഗമിക്കാത്ത
അരയാസം [സം.-പ്ര-യാസ] അവ്യ. പ്രയാസം ഇല്ലാത്ത.
അപ്രയുക്ത [സം.-പ്ര-യുക്ത] വി. പ്രയോഗത്തിലില്ലാത്ത, വിരളമായ.
അപ്രയുക്തം [സം.] നാ. 1. പ്രയോഗിക്കപ്പെടാത്തത്; 2. ഒരു കാവ്യ ദോഷം.
അപ്രയോഗം [സം.-പ്ര-യോഗ] നാ. പ്രയോഗമില്ലായ്മ, ചീത്തയായപ്രയോഗം.
അപ്രലംബ [സം.-പ്ര-ലംബ] വി. താമസംകൂടാതെ, വേഗത്തിലുള്ള.
അപ്രവക്തവ്യ [സം.-പ്ര-വക്തവ്യ] വി. 1. പ്രവചിക്കാനാകാത്ത, പറയാവുന്നതല്ലാത്ത; 2. വ്യാഖ്യാനിക്കാനാകാത്ത.
അപ്രവക്താവ് [സം.-പ്ര-വക്തൃ] നാ. പ്രവചനം ചെയ്യാത്തവൻ, വിദ്യ വേണ്ടവണ്ണം ഉപദേശിക്കാത്തവൻ.
അപ്രവർത്തനം [സം.-പ്ര-വർതന] നാ. പ്രവർത്തിക്കായ്ക, ജോലിയിൽ ഏർപ്പെടാതിരിക്കൽ.
അപ്രവിഷ്ട [സം.-പ്ര-വിഷ്ട<വിശ്] വി. പ്രവേശിക്കാത്ത, ഉൾപ്പെടുത്താത്ത.
അപ്രവൃത്ത [സം.-പ്ര-വൃത്ത] വി. 1. പ്രവൃത്തി ചെയ്യാത്ത; 2. വ്യാപൃതമല്ലാത്ത; 3. ആരംഭിക്കാത്ത; 4. അനുചിതമായ.
അപ്രവൃത്തി [സം.-പ്ര-വൃത്തി] നാ. പ്രവർത്തിക്കാതിരിക്കൽ; 2. മടി; 3. മലബന്ധം.
അപ്രവേദ [സം.-പ്ര-വേദ<വിദ്] വി. അറിയുവാൻ പ്രയാസമായ.

അപ്രശസ്ത [സം.-പ്ര-ശസ്ത] വി. 1. പ്രശംസിക്കപ്പെടാത്ത, നിന്ദ്യമായ; 2. കൊള്ളരുതാത്ത, സമ്മതി ലഭിച്ചിട്ടില്ലാത്ത.
അപ്രസക്ത [സം.-പ്ര-സക്ത<സഞ്ജ്] വി. 1. സംബന്ധപ്പെടാത്ത, സന്ദർഭത്തിനു യോജിച്ചതല്ലാത്ത; 2.ആസക്തിയില്ലാത്ത, താത്പര്യമില്ലാത്ത.
അപ്രസക്തി [സം.-പ്രസക്തി] നാ. 1. ചേർച്ചയില്ലായ്മ, താത്പര്യമില്ലായ്മ.
അപ്രസങ്ഗം [സം.-പ്ര-സങ്ഗ] നാ. 1. ചേർച്ചയില്ലായ്മ; 2. അനുചിതസമയം, അനുചിത സന്ദർഭം.
അപ്രസന്ന [സം.അ-പ്രസന്ന<സദ്] വി. 1. പ്രസാദമില്ലാത്ത, തെളിച്ചമില്ലാത്ത; 2. സന്തുഷ്ടീയില്ലാത്ത, പ്രീതിയില്ലാത്ത.
അപ്രസന്നം [സം.] നാ. 1. പ്രസവിച്ച് ഏഴുദിവസം കഴിഞ്ഞ പശുവിനെ കറന്നെടുത്ത പാൽ; 2. ഒരു രചനാ രീതി.
അപ്രസവ [സം.-പ്ര-സവ<സൂ] വി. 1. സന്താനങ്ങളില്ലാത്ത; 2. ഫലപ്രദമല്ലാത്ത.
അപ്രസഹ്യ [സം.-പ്ര-സഹ്യ] വി. 1. സഹിക്കാനാകാത്ത; 2. തടയാൻ പാടില്ലാത്ത.
അപ്രസാദം [സം.-പ്ര-സാദ] നാ. 1. തെളിവില്ലായ്മ, മങ്ങൽ; 2. പ്രീതിയില്ലായ്മ.
അപ്രസാര്യ [സം.-പ്ര-സാര്യ] വി. വലിച്ചുനീട്ടാതെ.
അപ്രസിദ്ധ [സം.-പ്ര-സിദ്ധ] വി. പ്രസിദ്ധമല്ലാത്ത, വിഖ്യാതമല്ലാത്ത, പരക്കെ അറിയപ്പെടാത്ത.
അപ്രസൂത [സം.-പ്രസൂത<സൂ] നാ. പ്രസവിക്കാത്തവൾ, വന്ധ്യ.
അപ്രസ്തുത [സം.-പ്രസ്തുത<സ്തു] വി. 1. പ്രസ്തുതമല്ലാത്ത, പ്രകൃതത്തിൽ പരാമർശിക്കാത്ത, അസങ്ഗതമായ, കാര്യത്തിനോ കാലത്തിനോ യോജിക്കാത്ത; 2. സംബന്ധമില്ലാത്ത; 3. പറയപ്പെടാത്ത; 4. പ്രധാനമല്ലാത്ത; 5. യാദൃച്ഛികമായ; 6. സ്തുത്യർഹമല്ലാത്ത.
അപ്രസ്തുതപ്രശംസ [സം.അപ്രസ്തുത-പ്രശംസാ] നാ. (അലം.) ഒരു അർഥാലങ്കാരം. അപ്രസ്തുതം മാത്രം പറയുന്നത്.
അപ്രസ്തുതം [സം.] നാ. 1. ഉപമാനം, അവർണ്യം; 2. പറയപ്പെടാത്തത്, അസംഗതമായത്.
അപ്രസ്രുത [സം.] വി. (രക്തം) സ്രവിക്കാത്ത.
അപ്രഹത [സം.പ്ര-ഹത<ഹൻ] വി. 1. അടിക്കപ്പെടാത്ത, ഉപദ്രവിക്കപ്പെടാത്ത; 2. കേടുപറ്റാത്ത; 3. കോടിയായ, ന്യൂനമായ; 4. കൃഷിചെയപ്പെടാത്ത.
അപ്രഹിത [സം.അ-പ്രതി-ഹത] വി. വെളിയിലേക്ക് അയയ്ക്കപ്പെടാത്ത.
അപ്രകാശ്യം [സം.പ്രകാശ്യ]നാ. വെളിപ്പെടുത്താൻ പാടില്ലാത്ത, രഹസ്യമായിരിക്കേണ്ട.
അപ്രാകൃത [സം.-പ്രാകൃത] വി. 1. പ്രാകൃതമല്ലാത്ത, അപരിഷ്കൃതമല്ലാത്ത; 2. അധമമല്ലാത്ത; 3. അസാധാരണമല്ലാത്ത; 4. പ്രാകൃതസൃഷ്ടിക്കുമുമ്പുള്ള.
അപ്രാഗ്ര്യ [സം.-പ്രാഗ്ര്യ] വി. അപ്രധാനമായ, താണ.
അപ്രാചീന [സം.-പ്രാചീന] വി. 1. പ്രാചീനമല്ലാത്ത, ആധുനികമായ; 2. പൗരസ്ത്യമല്ലാത്ത, പാശ്ചാത്യമായ.

അപ്രാണ [സം.-പ്രാണ] വി. അചേതനമായ.
അപ്രാണൻ [സം.] നാ. ഈശ്വരൻ.
അപ്രാപ്ത [സം.-പ്രാപ്ത] വി. 1. കിട്ടാത്ത; 2. എത്തിച്ചേരാത്ത; 3. നേടാത്ത; 4. കാര്യശേഷിയില്ലാത്ത, പ്രാപ്തിയില്ലാത്ത.
അപ്രാപ്തകാല [സം.-കാല] വി. 1. തക്കകാലത്തുള്ളതല്ലാത്ത, അനവസരത്തിലുള്ള; 2. മൂപ്പെത്താത്ത, പ്രായപൂർത്തിയാകാത്ത.
അപ്രാപ്തഫല [സം.-ഫലാ] വി. 1. കായ്ക്കാൻ കാലമാകാത്ത (പഴമെന്നപോലെ); 2. ഫലപ്രാപ്തിയില്ലാത്ത (കർമമെന്നപോലെ); 3. ഋതുവാകാത്ത.
അപ്രാപ്തവയസ്കൻ [സം.-വയസ്ക] നാ. പ്രായപൂർത്തിയാകാത്തവൻ.
അപ്രാപ്തവ്യവഹാരൻ [സം.-വ്യവഹാര] നാ. (നിയ.) വ്യവഹാരത്തിലേർപ്പെടുവാൻ മതിയായ പ്രായം എത്താത്തവൻ, മൈനർ.
അപ്രാപ്തി [സം.അ-പ്രാപ്തി] നാ. 1. പ്രാപ്തിയില്ലായ്മ, കഴിവുകേട്; 2. പ്രാപിക്കായ്ക, നേടായ്ക.
അപ്രാപ്യ [സം.-പ്രാപ്യ] വി. 1. ചെന്നെത്താനാകാത്ത; 2. ലഭിക്കാനാകാത്ത; 3. പ്രാപിക്കാനാകാത്ത (സ്ത്രീയെയെന്നപോലെ).
അപ്രാമാണിക [സം.-പ്രാമാണിക] വി. പ്രമാണമായി സ്വീകരിക്കാൻകൊള്ളാത്ത, വിശ്വാസയോഗ്യമല്ലാത്ത.
അപ്രാമാണ്യം [സം.-പ്രാമാണ്യ] നാ. പ്രാമാണ്യമില്ലായ്മ.
അപ്രിയ [സം.-പ്രിയ] വി. 1. പ്രീയമില്ലാത്ത, സന്തോഷപ്രദമല്ലാത്ത; 2. കരുണയില്ലാത്ത.
അപ്രിയഭാഗി [സം.അപ്രിയ-ഭാഗിൻ] നാ. ഭാഗ്യദോഷി.
അപ്രിയം [സം.] നാ. 1. ഇഷ്ടമില്ലാത്തത്; 2. വിരോധം, വെറുപ്പ്; 3. ഇഷ്ടമില്ലാത്ത വാക്ക് പ്രവൃത്തി എന്നിവ.
അപ്രിയവാദി [സം.-വാദിൻ<വദ്] നാ. അപ്രിയം പറയുന്നവൻ.
അപ്രീതി [സം.അ-പ്രീതി] നാ. 1. സന്തോഷം ഇല്ലായ്മ, നീരസം, ഇഷ്ടക്കേട്; 2. വെറുപ്പ്, വിരോധം.
അപ്രേതരാക്ഷസി [സം.] നാ. തുളസിച്ചെടി.
അപ്രൗഢ1 വി. 1. അഹങ്കാരമില്ലാത്ത; 2. ധൈര്യമില്ലാത്ത.
അപ്രൗഢ2 [സം.അ-പ്രൗഢാ] നാ. 1. പ്രായപൂർത്തിയാകാത്തവൾ; 2. കന്യക; 3. വിവാഹിതയെങ്കിലും ഋതുമതിയാകാത്തവൾ.
അപ്വ [സം.അപ്വാ] നാ. 1. രോഗം; 2. അപകടം.
അപ്സരം [സം.അപ്-സര<സൃ] നാ. ജലത്തിൽ സഞ്ചരിക്കുന്നത്.
അപ്സരസ്സ് [സം.അപ്സരസ്] നാ. സ്വർവേശ്യ (ഉർവശി, മേനക, രംഭ, തിലോത്തമ, ഘൃതാചി എന്നിവർ ഉത്തമ സ്വർവേശ്യകൾ).
അപ്സു [സം.അ-പ്സു] വി. രൂപമില്ലാത്ത, സൗന്ദര്യമില്ലാത്ത.
അപ്സുചര [സം.അപ്സു-ചര] വി. വെള്ളത്തിൽ സഞ്ചരിക്കുന്ന.
അപ്സുജ [സം.-ജ] വി. വെള്ളത്തിൽ ഉണ്ടായ.
അപ്സുയോനി [സം.-യോനി] വി. വെള്ളത്തിൽ ജനിച്ചത്. നാ. കുതിര (സൈന്ധവം)
അപ്ലാവ്യ [സം.] നീന്തിക്കടക്കാനാകാത്ത, പ്രാപിക്കാനാകാത്ത.

അഫല1 [സം.] നാ. 1. കായില്ലാത്ത, കായ്ക്കാത്ത; 2. ഉപയോഗശൂന്യമായ; 3. വൃഷണം ഉടച്ച, എരുതാക്കിയ.
അഫല2 [സം.അ-ഫലാ] നാ. 1. കറ്റാർവാഴ; 2. കീഴാനെല്ലി; 3. കാഞ്ഞിമരം.
അഫിഡവിറ്റ് [ഇം.] നാ. സത്യവാങ്മൂലം, കോടതിയിൽ രേഖാമൂലം നൽകുന്ന മൊഴി.
അഫീൻ [അറ.അഫ്യുൻ] നാ. കറുപ്പ്.
അഫേന [സം.അ-ഫേന] വി. നുരയില്ലാത്ത.
അബദ്ധ [സം.അ-ബദ്ധ<ബധ്] വി. പരസ്പരബദ്ധമല്ലാത്ത, അർഥമില്ലാത്ത.
അബദ്ധൻ [സം.] നാ. 1. അബദ്ധത്തിൽപെട്ടവൻ, തെറ്റുപറ്റിയവൻ; 2. വിഡ്ഢി, ബുദ്ധിശൂന്യൻ, അവിവേകി (ഭാഷയിൽവന്ന അർഥവികാസം).
അബദ്ധം [സം.] നാ. 1.തെറ്റ്, പ്രമാദം; 2. ബുദ്ധിശൂന്യത, വിഢ്ഢിത്തം, മണ്ടത്തരം. (പ്ര.) അബദ്ധം എഴുന്നള്ളിക്കുക = വിഢ്ഢിത്തം തട്ടിവിടുക, അബദ്ധത്തിൽ ആകുക-ചാടുക = കുഴപ്പത്തിൽപ്പെടുക.
അബധ്യ [സം.അ-ബധ്യ] വി. 1. ബന്ധിക്കപ്പെടാൻ കഴിയാത്ത; 2. അർഥശൂന്യമായ.
അബന്ധക [സം.-ബന്ധക] വി. 1. ബന്ധിക്കാത്ത; 2. ജാമ്യം ഇല്ലാത്ത.
അബന്ധന [സം.-ബന്ധന] വി. കെട്ടററ, സ്വതന്ത്രമായ.
അബന്ധു [സം.-ബന്ധു] വി. 1. ബന്ധുവല്ലാത്ത; 2. ബന്ധുവില്ലാത്ത, ഏകാകിയായ.
അബന്ധ്യ [സം.-ബന്ധ്യ] വി. ബന്ധിക്കത്തക്കതല്ലാത്ത, നിരോധിക്കാൻ പാടില്ലാത്ത.
അബല1 [സം.-ബല] വി. 1. ശക്തിയില്ലാത്ത, ക്ഷീണിച്ച; 2. സൈന്യം ഇല്ലാത്ത.
അബല2 [സം.-ബലാ] നാ. സ്ത്രീ.
അബലൻ [സം.] നാ. ശിവൻ.
അബലം [സം.] നാ. 1. നീർമാതളം; 2. യവം; 3. ക്ഷീണമില്ലായ്മ.
അബലാസ [സം.അ-ബലാസ] വി. ക്ഷയരോഗത്തിനുകാരണമാകാത്ത.
അബല്യം [സം.-ബല്യ] നാ. 1. ക്ഷീണം, ദൗർബല്യം; 2. രോഗം.
അബഹു [സം.-ബഹു] വി. വളരെയില്ലാത്ത, കുറച്ച്.
അബാധ [സം.അ-ബാധ] വി. 1. തടസ്സം ഇല്ലാത്ത; 2. ഉപദ്രവം ഇല്ലാത്ത; 3. വേദനയില്ലാത്ത.
അബാധം [സം.-ബാധ] നാ. 1. തടസ്സമില്ലായ്മ; 2. എതിർക്കായ്മ.
അബാധിത [സം.-ബാധിത] വി. ബാധിക്കപ്പെടാത്ത, തടുക്കപ്പെടാത്ത.
അബാല [സം.-ബാല] വി. 1. ബാലിശമല്ലാത്ത; 2. ഇളയതല്ലാത്ത, പൂർണമായ (ചന്ദ്രനെപ്പോലെ).
അബാലിശ [സം.-ബാലിശ] വി. ബാലിശതയില്ലാത്ത, കുട്ടിത്തമില്ലാത്ത.
അബാഹ്യ [സം.-ബാഹ്യ]വി. 1. പുറത്തേതല്ലാത്ത, ഉള്ളിലുള്ള; 2. ബഹിർഭാഗത്തുള്ളതല്ലാത്ത, ആന്തരികമായ; 3. (ആല.) സുപരിചിതമായ.
അബിന്ധനം [സം.അപ്-ഇന്ധന] നാ. 'അപ്പ് ഇന്ധനമായിട്ടുള്ളത്'. (പുരാണ.) ബഡവാഗ്നി, സമുദ്രത്തിനുള്ളിലുള്ള അഗ്നി.

അബീജ [സം.അ-ബീജ] വി. 1. വിത്തില്ലാത്ത, പ്രത്യുത്പാദനശേഷിയില്ലാത്ത; 2. കാരണമില്ലാത്ത.

107

അബീജപത്രം [സം.-ബീജപത്ര] നാ. ബീജപത്രമില്ലാത്തത്.

അബുദ്ധ [സം.-ബുദ്ധ] വി. ബുദ്ധിയില്ലാത്ത, വിവേകമില്ലാത്ത, അറിവില്ലാത്ത.

അബുദ്ധി [സം.-ബുദ്ധി] നാ. 1. വിവേകമില്ലായ്മ, അജ്ഞത; 2. ദുർബുദ്ധി.

അബ്ധ [സം.-ബുധ] വി. ബുദ്ധിയില്ലാത്ത.

അബുധൻ [സം.-ബുധ] നാ. മൂഢൻ.

അബുധ്ന [സം.-ബുദ്ന] വി. ചുവടില്ലാത്ത.

അബുദ്നം [സം.] നാ. അന്തരീക്ഷം, വായുമണ്ഡലം.

അബുനാൻ [സുറി.] നാ. പിതാവ്, മെത്രാൻ.

അബോധ [സം.-ബോധ] വി. 1. അറിവില്ലാത്ത, ബുദ്ധിയില്ലാത്ത; 2. ബോധംകെട്ട, കുഴങ്ങിയ; 3. ബോധപൂർവമല്ലാത്ത.

അബോധഗമ്യ [സം.-ബോധഗമ്യ] വി. ഗ്രഹിക്കാൻ കഴിയാത്ത, ഉൾക്കൊള്ളാൻ കഴിയാത്ത.

അബോധനീയ, -ബോധ്യ [സം.-ബോധനീയ, -ബോധ്യ] വി. 1. ബോധിക്കാൻ വിഷമമായ; 2. ഉണർത്താനാവാത്ത.

അബോധപൂർവം [സം.-ബോധപൂർവ] അവ്യ. ബോധപൂർവമല്ലാതെ, അറിവുകൂടാതെ.

അബോധം [സം.-ബോധ] നാ. അറിവില്ലായ്മ, അജ്ഞാനം, മൂഢത്വം.

അബോധവേള [സം.-ബോധ-വേലാ] നാ. അർധരാത്രി.

അബോധാനുകരണം [സം.-ബോധ-അനുകരണ] നാ. അറിയാതെയുള്ള അനുകരണം, അനിച്ഛാനുകരണം.

അബോധാവസ്ഥ [സം.-ബോധ-അവസ്ഥാ] നാ. ബോധമില്ലാത്ത അവസ്ഥ.

അബ്കാരി [പേർ.] നാ. 1. ചാരായം മുതലായ മദ്യങ്ങളുടെ വിൽപന; 2. മദ്യവ്യാപാരത്തിൽനിന്നുള്ള നികുതി, എക്സൈസ് നികുതി; 3. ചാരായക്കട; 4. വാറ്റുസ്ഥലം; 5. അബ്കാരിവകുപ്പ്, എക്സൈസ്വകുപ്പ്.

അബ്ജ1 [സം.അപ്-ജ] വി. അപ്പിൽ ജനിച്ച, വെള്ളത്തിൽ ഉണ്ടായ.

അബ്ജ2 [സം.-ജാ] നാ. മുത്തുച്ചിപ്പി.

അബ്ജകർണിക [സം.അബ്ജ-കർണികാ] നാ. താമരയല്ലി.

അബ്ജകാന്തം [സം.-കാന്ത] നാ. പത്തുനിലയുള്ള പ്രാസാദങ്ങളിൽ ഒരിനം.

അബ്ജകേസര [സം.-കേസര] നാ. താമരയല്ലി.

അബ്ജജൻ [സം.-ജ] നാ. വിഷ്ണുവിൻെറ നാഭിയിലെ താമരയിൽ ജനിച്ചവൻ, ബ്രഹ്മാവ്.

അബ്ജദൃക്ക് [സം.-ദൃക്<ദൃശ്] വി. താമരക്കണ്ണൻ.

അബ്ജൻ [സം.-ജ] നാ. 1. ചന്ദ്രൻ; 2. ധന്വന്തരി.

അബ്ജനകം [സം.-ജനക] നാ. വെള്ളത്തെ ജനിപ്പിക്കുന്നവാതകം, ഹൈഡ്രജൻ.

അബ്ജബന്ധു [സം.അബ്ജ-ബന്ധു] നാ. താമരയുടെ ബന്ധു, സൂര്യൻ.

അബ്ജബാന്ധവൻ [സം.-ബാന്ധവ] നാ. അബ്ജബന്ധു.

അബ്ജഭവൻ [സം.-ഭവ] നാ. അബ്ജജൻ.

അബ്ജഭൂ(വ്) [സം.-ഭൂ] നാ. അബ്ജഭവൻ

അബ്ജഭോഗം [സം.-ഭോഗ] നാ. 1. താമരക്കിഴങ്ങ്; 2. കവടി.

അബ്ജം [സം.] നാ. 1. താമര, താമരപ്പൂവ്; 2. (ശില്പ.) ഭിത്തിയിലും മറ്റും താമരയിതളിന്റെ ആകൃതിയിൽ നെടുകെചെയ്യുന്ന അലങ്കാരപ്പണി; 3. കർപ്പൂരം; 4. നീർക്കടമ്പ്; 5. (ജ്യോ.) ജലരാശി.
അബ്ജയോനി [സം.അബ്ജ-യോനി]നാ. ബ്രഹ്മാവ്.
അബ്ജവാഹന [സം.-വാഹന] നാ. താമരപ്പൂവിലിരിക്കുന്നവൾ, ലക്ഷ്മി.
അബ്ജവാഹനൻ [സം.-വാഹന നാ. ചന്ദ്രനെ ജടയിൽ ധരിക്കുന്നവൻ, ശിവൻ.
അബ്ജശേഖരൻ [സം.-ശേഖർ] നാ. ചന്ദ്രശേഖരൻ, ശിവൻ.
അബ്ജശ്രീ [സം.-ശ്രീ] നാ, ചന്ദ്രിക, നിലാവ്.
അബ്ജസംഭവൻ [സം.] നാ. = അബ്ജജൻ.
അബ്ജസ്ഥിതൻ [സം-സ്ഥിത] നാ. ബ്രഹ്മാവ്.
അബ്ജഹസ്തൻ [സം.-ഹസ്ത] നാ. സൂര്യദേവൻ (ഒരുകയ്യിൽ താമര പിടിച്ചിരിക്കുന്നതായി സങ്കൽപം.)
അബ്ജാസന [സം.-ആസനാ] നാ. "താമരപ്പൂവിൽ ഇരിക്കുന്നവൾ'. 1. സരസ്വതി; 2. ലക്ഷ്മി.
അബ്ജിനി [സം.-അബ്ജിനീ] നാ. 1. താമരച്ചെടി; 2. താമരയുടെ കൂട്ടം, താമരപ്പൊയ്ക.
അബ്ദ [സം.അബ്-ദ] വി. ജലം നൽകുന്ന.
അബ്ദം [സം.] നാ. 1.ജലം ദാനം ചെയ്യുന്നത്, മേഘം; 2. വത്സരം; 3. മുത്തങ്ങ; 4. പർവതം; 5. അഭ്രകം.
അബ്ദശതം [സം.അബ്ദ-ശത] നാ, നൂറ്റാണ്ട്, ശതാബ്ദം.അബ്ദസാരം [സം.-സാര] നാ. ഒരിനം കർപ്പൂരം.
അബ്ദാർധം [സം.-അർധ] നാ. ഒരു വർഷത്തിന്റെ പകുതി.
അബ്ദ് [അറ.] നാ. അടിമ.
അബ്ദുർഗം [സം.അപ്-ദുർഗ] നാ. തടാകമോ കിടങ്ങോ ചുറ്റുമുള്ള കോട്ട.
അബ്ദുല്ല [അറ.] നാ. 'അല്ലാഹുവിന്റെ അടിമ'. മുഹമ്മദ് നബിയുടെ പിതാവിന്റെ നാമം.
അബ്ധി [സം.അപ്-ധി]നാ. 1.വെള്ളത്തിന്റെ ഇരിപ്പിടം, സമുദ്രം; 2. ഏഴ്, നാല് (സമുദ്രങ്ങൾ ഏഴെന്നും, നാലെന്നും ഉള്ള ധാരണയിൽനിന്ന്.); 3. (ഗണിത.) പതിനഞ്ചുസ്ഥാനമുള്ള സംഖ്യ.
അബ്ധികഫലം [സം.-കഫ] നാ. 1. സമുദ്രത്തിന്റെ നുര, പത; 2. കടൽനാക്ക്, ഒരിനം മത്സ്യത്തിന്റെ അസ്ഥി.
അബ്ധിജ1 [സം.-ജ] വി. സമുദ്രത്തിൽ ജനിച്ച.
അബ്ധിജ2 [സം.-ജാ] നാ. 1. ലക്ഷ്മി; 2. സുര, മദ്യം.
അബ്ധിജന്മാർ [സം.-ജൗ] നാ. അശ്വനീദേവന്മാർ.
അബ്ധിജാതൻ [സം.-ജാത] നാ. അബ്ധിജൻ.
അബ്ധിഡിണ്ഡിരം [സം.-ഡിണ്ഡിര] നാ. 1. കടൽനാക്ക്; 2. നുര, ഫേനം.
അബ്ധിദ്വീപ [സം-ദ്വീപാ] നാ. 1. ഭൂമി; 2. സമുദ്രത്താൽ ചുറ്റപ്പെട്ട ഭൂവിഭാഗം.
അബ്ധിനഗരി [സം.-നഗരി] നാ. ദ്വാരക.
അബ്ധിനന്ദിനി [സം.-നന്ദിനീ]നാ. കടൽമകൾ, ലക്ഷ്മി.
അബ്ധിനവനീതകൻ [സം.-നവനീതക] നാ. 'സമുദ്രത്തിൽനിന്ന് വെണ്ണക്കട്ടപോലെ ഉയർന്നുവന്നവൻ, ചന്ദ്രൻ.

അബ്ധിപല്ലവം [സം–പല്ലവ] നാ. 'കടലിലെ തളിര്'. പവിഴം.
അബ്ധിഫേനം [സം.–ഫേന] നാ. അബ്ധികഫം.
അബ്ധിഭവ [സം.–ഭവ] വി. സമുദ്രത്തില് ഉണ്ടായ.
അബ്ധിമണ്ഡൂകി [സം.–മണ്ഡൂകീ] നാ. മുത്തുച്ചിപ്പി.
അബ്ധിമേഖല [സം.–മേഖലാ] ണ. ഭൂമി. (സമുദ്രത്തെ അരഞ്ഞാണ്പോലെ അണിയുന്നവള്.).
അബ്ധിശയനന്,–ശായി [സം.–ശയന, –ശായിന്] നാ. 'കടലില് കിടക്കുന്നവന്'. വിഷ്ണു.
അബ്ധിസാരം [സം.–സാര] നാ. രത്നം.
അബ്ധ്യഗ്നി [സം.–അഗ്നി] നാ. ബഡവാഗ്നി.
അബ്ധ്യംബ [സം.–അംബാ] നാ. ലക്ഷ്മി.
അബ്ധ്യംബു [സം.–അംബു] നാ. സമുദ്രജലം, വേലിയേറ്റം.
അബ്ബാ1,അബ്ബ വ്യാ. അദ്ഭുതാദിഭാവങ്ങളെ സൂചിപ്പിക്കുന്നത്.
അബ്ബാ2 [അറ.] നാ. അപ്പന്, പിതാവ്.
അബ്ബാസ് [അറ.] നാ. സിംഹം.
അബ്ഭക്ഷണം [സം.അപ്–ഭക്ഷണ] നാ. വെള്ളംമാത്രം കഴിക്കല്, ഒരുതരം ഉപവാസം.
അബ്ഭക്ഷം [അന്.–ഭക്ഷ] നാ. സര്പ്പം. (വെള്ളംകൊണ്ട് ജീവിക്കുന്നത് എന്ന വിശ്വാസത്താല്.)
അബ്ഭ്രം [സം.–ഭ്ര] നാ. 'അപ്പിനെ ഭരിക്കുന്നത്'. അഭ്രം.
അബ്രഹ്മചര്യ [സം.അ–ബ്രഹ്മചര്യാ] നാ. ബ്രഹ്മചര്യനിഷ്ഠയില്ലായ്മ.
അബ്രഹ്മണ്യ [സം.–ബ്രഹ്മണ്യ] വി. ബ്രാഹ്മണര്ക്കു ചേരാത്ത.
അബ്രഹ്മണ്യം [സം.അ–ബ്രഹ്മണ്യ] നാ. 1. ബ്രാഹ്മണര്ക്കു യോജിക്കാത്തതോ ഹിതമല്ലാത്തതോ ആയ കര്മം.; 2. അയ്യോ! രക്ഷിക്കണേ! എന്ന അര്ഥത്തില് ബ്രാഹ്മണര് പ്രയോഗിക്കുന്ന ഒരു വ്യാക്ഷേപകം. (നാടകങ്ങളിലും മറ്റും).
അബ്രാം,അബ്രഹാം,ഏബ്രഹാം [ഹീ.] നാ. ശ്രേഷ്ഠനായ പിതാവ്, യഹൂദന്മാരുടെ പൂര്വികന്, ബൈബിള് അനുസരിച്ച് അനേകം ഗോത്രങ്ങളുടെ പിതാവ്.
അബ്രാഹ്മണന് [സം.അ–ബ്രാഹ്മണ] നാ. ബ്രാഹ്മണനല്ലാത്തവന്.
അബ്രാഹ്മണ്യം [സം.] നാ. 1. ബ്രാഹ്മണധര്മലങ്ഘനം; 2. ബ്രാഹ്മണര്ക്ക് അഹിതമായിട്ടുള്ളത്, അബ്രഹ്മണ്യം.
അബ്രൂകൃതം [സം.അ–ബ്രൂകൃത] നാ. അസ്പഷ്ടമായി ഉച്ചരിക്കപ്പെടുന്ന ശബ്ദം.
അബ്ലേയ [സം.അപ്–ലേയ] വി. വെള്ളത്തില് ലയിക്കുന്ന.
അഭക്ത1 [സം.അ–ഭക്ത] വി. 1.ഭക്തിയില്ലാത്ത; 2. സംബന്ധമില്ലാത്ത, വേര്പെട്ടുനില്ക്കുന്ന; 3. ഭക്ഷിക്കപ്പെടാത്ത; 4. ഭാഗിക്കപ്പെടാത്ത.
അഭക്ത2 [സം.] വി. ഭക്തം (ചോറ്) ഇല്ലാത്ത, അന്നമല്ലാത്തത്.
അഭക്തി [സം.അ–ഭക്തി] നാ. ഭക്തിയില്ലായ്മ, ശ്രദ്ധയില്ലായ്മ.
അഭക്ഷ [സം.–ഭക്ഷ] വി. ഭക്ഷണം ഇല്ലാത്ത, ഉപവസിക്കുന്ന.
അഭക്ഷണം [സം.–ഭക്ഷണ] നാ. ഭക്ഷണം ഇല്ലായ്മ, ഉപവാസം.
അഭക്ഷ്യം [സം.–ഭക്ഷ്യ] നാ. 1. ഭക്ഷിക്കുവാന് യോഗ്യമല്ലാത്ത; 2. ഭക്ഷിച്ചുകൂടെന്നു വിധിക്കപ്പെട്ടിട്ടുള്ള വസ്തു. അഭക്ഷ്യഭക്ഷണം = വിലക്കിയിട്ടുള്ളത് ഭക്ഷിക്കല്.

അഭഗ [സം.-ഭഗ] വി. ഭാഗ്യം കെട്ട.
അഭങ്ഗ [സം.അ-ഭങ്ഗ] വി. 1. നാശമില്ലാത്ത; 2. തടസ്സമില്ലാത്ത; 3. തിരയില്ലാത്ത (ജലാശയമെന്നപോലെ).
അഭങ്ഗം [സം.] നാ. 1. (സങ്ഗീ.) ഒരു താളം; 2. (അലം.) ശ്ലേഷത്തിൻെറ ഒരു ഭേദം (പദച്ഛേദംകൊണ്ടല്ലാതെ പദത്തിൻെറ നാനാർഥം കൊണ്ടുണ്ടാക്കുന്നത്).
അഭങ്ഗി [സം.-ഭങ്ഗി] നാ. 1. ഭങ്ഗിയില്ലായ്മ; 2. ഔചിത്യമില്ലായ്മകൊണ്ട് ഉണ്ടാകുന്ന അസ്വാരസ്യം.
അഭങ്ഗുര [സം.-ഭങ്ഗുര] വി. 1. നാശമില്ലാത്ത; 2. ഉടയാത്ത; 3. വേർപാടില്ലാത്ത.
അഭഞ്ജന [സം.-ഭഞ്ജന] വി. അഖണ്ഡമായ, പൂർണമായ.
അഭദ്ര [സം.-ഭദ്ര] വി. അമങ്ഗളമായ.
അഭദ്രം [സം.] നാ. 1. അമങ്ഗളം, പാപം, ദോഷം; 2. വ്യസനം.
അഭയ1 [സം.-ഭയ] വി. ഭയമില്ലാത്ത, അപായമില്ലാത്ത.
അഭയ2 [സം.-ഭയാ] നാ. 1. കടുക്കാ; 2. ദുർഗാദേവിയുടെ ഒരു രൂപം.
അഭയകേന്ദ്രം [സം.അഭയ-കേന്ദ്ര] നാ. (രാഷ്ട) മറ്റൊരു രാഷ്ടത്തിൻെറ അധികാര പരിധിയിൽനിന്ന് രക്ഷപ്പെടാൻ അഭയാർഥിയായി സമീപിക്കുന്ന വ്യക്തിക്ക് ഔദ്യോഗികമായി സംരക്ഷണം നൽകുന്ന രാഷ്ട്രം.
അഭയങ്കര1 [സം.അ-ഭയങ്കര] വി. ഭയമുണ്ടാക്കാത്ത.
അഭയങ്കര2 [സം.അഭയം-കര] വി. അഭയം നൽകുന്ന.
അഭാഡിണ്ഡിമം [സം.അഭയ-ഡിണ്ഡിമ] നാ. 1. സൈനികഭേരി; 2. അഭയപ്രഖ്യാപനം.
അഭയദ [സം.-ദ] വി. രക്ഷനൽകുന്ന.
അഭയദൻ [സം.] നാ. 1. രക്ഷനൽകുന്നവൻ; 2. (ജൈന.) അർഹതൻ; 3. വിഷ്ണു.
അഭയദായി [സം.അഭയ-ദായിൻ] നാ. അഭയദൻ.
അഭയൻ [സം.-ഭയ] നാ. ശിവൻ.
അഭയം1 [സം.] നാ. 1. പേടിയില്ലായ്മ, ധൈര്യം; 2. ശരണം, ആശ്രയം, രക്ഷാസങ്കേതം; 3. രാമച്ചം; 4. അഭയമുദ്ര.
അഭയം2 [സം.-ഭയം] അവ്യ. നിർഭയമായി, പേടികൂടാതെ.
അഭയമുദ്ര,-മുദ്രിക [സം.-മുദ്രാ,-മുദ്രികാ]നാ. അഭയദാനം സൂചിപ്പിക്കുന്ന ഹസ്തമുദ്ര.
അഭയവനം [സം.-വന] നാ. മൃഗാദികൾക്ക് അഭയസ്ഥാനമായിട്ടുള്ള വനം, സംരക്ഷിത വനം.
അഭയാർഥി [സം.-അർഥിൻ] നാ. ശരണം തേടുന്നവൻ, ആശ്രയം തേടിവരുന്നവൻ.
അഭയാവകാശം [സം.-അവകാശ] (രാഷ്ട്ര.) അഭയം തേടാനുള്ള അവകാശം.
അഭയാഹ്വ [സം.-ആഹ്വാ] നാ. 1. കണവീരം; 2. ഒരുതരം അരളി.
അഭർത്തൃക [സം.അ-ഭർതൃകാ] നാ. 1. ഭർത്താവില്ലാത്തവൾ, വിധവ; 2. അവിവാഹിത.
അഭവം [സം.-ഭവ] നാ. 1. ഇല്ലായ്മ, സംസാരബന്ധമില്ലാത്ത അവസ്ഥ, മോക്ഷം, നിർവാണം; 2. ലോകാവസാനം, നാശം, പ്രളയം.

അഭവന്മതയോഗം [സം.-ഭവത്-മതയോഗ] നാ. (കാവ്യ.) വിവക്ഷിതാർഥം യോജിക്കാത്തതരത്തിലുള്ള പദപ്രയോഗംകൊണ്ടുണ്ടാകുന്ന ഒരു വാക്യദോഷം.

അഭവ്യ [അം.-ഭവ്യ] വി. 1. ഭവിക്കേണ്ടതല്ലാത്ത; 2.അരുതാത്ത, ഉചിതമല്ലാത്ത; 3. അമങ്ങ്ഗളമായ; 4. പ്രാകൃതമായ.

അഭാഗ [സം.-ഭാഗ] വി. 1. ഭാഗമില്ലാത്ത, ഓഹരിയില്ലാത്ത; 2. പങ്കിടാത്ത, വിഭജിക്കാത്ത. നാ. മർമം.

109

അഭാഗി [സം.-ഭാഗിൻ] നാ. 1. പങ്കുകാരനല്ലാത്തവൻ; 2. ഭാഗ്യഹീനൻ. (സ്ത്രീ) അഭാഗിനി.

അഭാഗ്യ [സം.-ഭാഗ്യ] വി. ഭാഗ്യമില്ലാത്ത, ദുരിതമുള്ള.

അഭാജ്യ [സം.-ഭാജ്യ] വി. ഭാഗിക്കാൻ കഴിയാത്ത.

അഭാനം [സം.-ഭാന] നാ. പ്രകാശിക്കാതിരിക്കൽ, ബുദ്ധിക്ക് വിഷയമാകാതിരിക്കൽ, അപ്രത്യക്ഷം.

അഭാനാവരണം [സം.അഭാന-ആവരണ] (വേദാ.) അഭാനം എന്ന ആവരണം (വിളങ്ങുന്നില്ല, അനുഭവപ്പെടുന്നില്ല എന്നു തോന്നിക്കുന്ന ആവരണം).

അഭാര്യൻ [അം.-ഭാര്യ] നാ ഭാര്യയില്ലാത്തവൻ, അവിവാഹിതൻ.

അഭാവ [സം.-ഭാവ] വി. 1. സ്നേഹമില്ലാത്ത; 2. ഉണ്മയില്ലത്ത, ഇല്ലാത്ത.

അഭാവന [സം.-ഭാവനാ] നാ. 1. ഭാവനാശക്തിയില്ലായ്മ; 2. ധ്യാനം ഇല്ലായ്മ.

അഭാവനീയ [സം.-ഭാവനീയ] വി. ബുദ്ധിക്കെത്താത്ത, ഊഹിക്കാൻ കഴിയാത്ത.

അഭാവം [സം.-ഭാവ] നാ. 1. ഇല്ലായ്മ; 2. ഭാവത്തിൻെറ വിരുദ്ധാവസ്ഥ; 3. വൈശേഷികസിദ്ധാന്തമനുസരിച്ചുള്ള ഏഴു പദാർഥങ്ങളിൽ ഏഴാമത്തേത്; 4. ന്യൂനത, കുറവ്; 5. മരണം, നാശം.

അഭാവയോഗം [സം.അഭാവ-യോഗ] നാ. (വേദാ.) ആത്മാവിനെ നിർഗുണമായും ശൂന്യംപോലെയും ധ്യാനിക്കൽ.

അഭാവ്യ [സം.അ-ഭാവ്യ] വി. ഭവിക്കേണ്ടതല്ലാത്ത, ഭവിച്ചുകൂടാത്ത, ഭവിക്കാനിടയില്ലാത്ത.

അഭാഷിത [സം.-ഭാഷിത] വി. പറയപ്പെടാത്ത.

അഭി- [സം.-അഭി-] എതിരേ മുകളിൽ, നെരേ എന്നൊക്കെ അർഥം വരുന്ന ഉപസർഗം, ചലനാർഥകക്രിയകളോടു ചേർക്കുമ്പോൾ നേരെ, അടുത്തേയ്ക്ക് ഇത്യാദി പദാർഥങ്ങൾ. കൃതികൃത്തുകളല്ലാത്ത നാമങ്ങളോടു ചേർക്കുമ്പോൾ മേന്മ, മേധാവിത്വം, തീവ്രത തുടങ്ങിയ അർഥങ്ങൾ കിട്ടുന്നു.

അഭിക [സം.അഭി-ക] വി. കാമമുള്ള.

അഭികൻ [സം.] നാ. കാമി, സ്ത്രീലമ്പടൻ.

അഭികമ്പനം [സം.അഭി-കമ്പന<കമ്പ്] നാ. ഉലയ്ക്കൽ, പിടിച്ചുകുലുക്കൽ.

അഭികർത്താവ് [സം-കർതൃ] നാ കാര്യസ്ഥൻ, ഏജൻറ്.

അഭികർഷണം [സം.-കർഷണ<കൃഷ്] നാ. 1. പിടിച്ചുവലിക്കൽ, ആകർഷിക്കൽ; 2. ഒരു കാർഷികോപകരണം.

അഭികരണം [സം.–കരണ] നാ. (സങ്ഗീ.) രാഗാലാപത്തിൻെറ ഏഴങ്ഗങ്ങളിൽ ഒന്ന്. (ആയാതം, കരണം, മുക്തം, സ്ഥായി, വർത്തിനി, ന്യായം എന്ന് മറ്റുള്ളവ). ദ്വിതീയ രാഗവർധിനി എന്നും പേരുണ്ട്.
അഭികരം [സം.–കര] നാ. കഴുത്തും അരക്കെട്ടും മറ്റും ചലിപ്പിക്കുന്ന ഒരിനം പേശി.
അഭികല്പം [സം.–കല്പ] നാ. (മന.) രൂപാങ്കനം, ആസൂത്രണം.
അഭികാംക്ഷ [സം.–കാങ്ക്ഷാ] നാ. ആഗ്രഹം.
അഭികാംക്ഷിക്കുക [<സം.അഭി–കാങ്ക്ഷ്] ക്രി. ആഗ്രഹിക്കുക.
അഭികാമം [സം.–കാമ] നാ. 1. സ്നേഹം, പ്രേമം; 2. ആഗ്രഹം, കാമം.
അഭികാമ്യ [സം.–കാമ്യ<കമ്] വി. ആഗ്രഹിക്കത്തക്ക.
അഭികാശ [സം.–കാശ<കാശ്] വി. പ്രകാശമുള്ള, തെളിഞ്ഞ, ഇരുളടയാത്ത.
അഭികൃതി [സം.–കൃതി] നാ. ഒരു ഛന്ദസ്സ് (പാദത്തിൽ 25 അക്ഷരം വീതം).
അഭികൃത്വാ(വ്) [സം.–കൃത്വൻ] നാ. 1. മായാവി; 2. പിശാച്, ഭൂതം.
അഭികേന്ദ്രകം [സം.–കേന്ദ്രക] നാ. കേന്ദ്രത്തെ ലക്ഷ്യമാക്കി നീങ്ങുന്ന, വിഘടനസ്വഭാവമില്ലാത്ത.
അഭികേന്ദ്രം [സം.–കേന്ദ്ര] നാ. അലർച്ച, ഗർജനം, നിലവിളി, വിളിച്ച്ഹ്കൂവൽ.
അഭിക്രന്ദിക്കുക [<സം.അഭി–ക്രന്ദ്] ക്രി. അലറുക, ഗർജിക്കുക, നിലവിളിക്കുക, ഒച്ചവയ്ക്കുക.
അഭിക്രമണം [സം.അഭി–ക്രമണ നാ. 1. സമീപിക്കൽ, അടുത്തുചെല്ലൽ; 2. എതിർക്കൽ, ആക്രമിച്ചുകീഴടക്കൽ.
അഭിക്രമം [സം.–ക്രമ] നാ. 1. സമീപിക്കൽ; 2. ആക്രമണം, അതിക്രമം; 3. സമാരംഭം, ഉദ്യമം, തുടക്കം; 4. മുകളിലേക്കുള്ളഗതി, കയറ്റം.
അഭിക്രമിക്കുക [<സം.അഭി–ക്രം] ക്രി. 1. അടുക്കുക, സമീപിക്കുക; 2. ആക്രമിക്കുക; 3. സമാരംഭിക്കുക, ഉദ്യമിക്കുക; 4. ചവിട്ടിക്കടന്നു പോവുക, ചവിട്ടുക.
അഭിക്രാന്തി [സം.–ക്രാന്തി] നാ. അഭിക്രമണം.
അഭിക്രോശകൻ [സം.–ക്രോശക] നാ. 1. വിളിച്ചുപറയുന്നവൻ; 2. ദൂഷകൻ, നിന്ദകൻ; 3. പ്രഖ്യാപകൻ, വിളംബരം ചെയ്യുന്നവൻ.
അഭിക്രോശം [സം.–ക്രോശ] നാ. 1. നിലവിളി, കരച്ചിൽ, വിലാപം, വിളിച്ചുകൂവൽ, ആർത്തനാദം; 2. അധിക്ഷേപിക്കൽ, ശകാരിക്കൽ, ഭർത്സിക്കൽ.
അഭിക്രോശിക്കുക [<സം.അഭി–ക്രുശ്] ക്രി. 1. വിളിച്ചുകൂവുക, വിളിച്ചുപറയുക; 2. കരയുക, വിലപിക്കുക; 3. ശകാരിക്കുക, അധിക്ഷേപിക്കുക, ദുഷിക്കുക.
അഭിക്ഷമത [സം.–ക്ഷമതാ] നാ. (മന.) സാമാന്യമോ വിശിഷ്ടമോ ആയ അറിവുകളോ വൈദഗ്ധ്യങ്ങളോ നേടാനുള്ള ജന്മജാതസിദ്ധി.
അഭിക്ഷരിക്കുക [<സം.അഭി–ക്ഷര്] ക്രി. 1. ചുറ്റി ഒഴുകുക; 2. അഭിഷേകം ചെയ്യുക; 3. സന്തോഷിപ്പിക്കുക.
അഭിക്ഷിപ്തം [സം.–ക്ഷിപ്ത] വി. 1. അഭിക്ഷേപിക്കപ്പെട്ട, എറിയപ്പെട്ട; 2. നിന്ദിക്കപ്പെട്ട; 3. അതിശയിച്ച; 4. വിക്ഷേപിക്കപ്പെട്ട.
അഭിക്ഷേപം [സം.–ക്ഷേപ<ക്ഷിപ്] നാ. 1. ഏറ്; 2. അധിക്ഷേപം, നിന്ദ; 3. വിക്ഷേപം.
അഭിക്ഷേപിക്കുക [<സം.അഭി–ക്ഷിപ്] ക്രി. 1. എറിയുക, ചാടുക; 2. അധിക്ഷേപിക്കുക, നിന്ദിക്കുക; 3. വിക്ഷേപിക്കുക.

അഭിഖ്യ [സം.-ഖ്യാ] നാ. 1. പേര്, അഭിത, സ്ഥാനപ്പേര്; 2. ശോഭ, തേജസ്സ്, സൗന്ദര്യം, കാന്തി; 3. കീർത്തി, യശസ്സ്, പ്രഭാവം, മാഹാത്മ്യം.
അഭിഖ്യാത [സം.-ഖ്യാത] വി. 1. അറിയപ്പെട്ട; 2. കീർത്തിപെറ്റ, പ്രശസ്തിയുള്ള.
അഭിഖ്യാനം [സം.-ഖ്യാന] നാ. 1. കീർത്തി, പ്രശസ്തി; 2. അഭ്യാഖ്യാനം, അസത്യാരോപണം, അധിക്ഷേപം, ദൂഷണം; 3. ദുസ്തർക്കം, കാരണം കൂടാതെയുള്ള വഴക്ക്.
അഭിഗത [സം.-ഗത] വി. സമീപിച്ച, അടുത്തുവന്ന.
അഭിഗതി [സം.-ഗതി] നാ. അഭിമുഖമായ ഗതി, നേർക്കുള്ള ഗമനം.
അഭിഗന്താ(വ്) [സം.-ഗന്തൃ<ഗം] നാ. 1. അഭിഗമിക്കുന്നവൻ, സമീപിക്കുന്നവൻ; 2. സ്ത്രീസങ്ഗം ചെയ്യുന്നവൻ; 3. മനസ്സിലാക്കുന്നവൻ.
അഭിഗമനം [സം.-ഗമന] നാ. അഭിഗമം.
അഭിഗമം [സം.-ഗമ] നാ. 1. സമീപിക്കൽ, ആഗമനം; 2. സ്ത്രീസങ്ഗം.
അഭിഗമിക്കുക [<സം.അഭി-ഗമ്] ക്രി. 1. അടുത്തുചെല്ലുക, സമീപിക്കുക, പ്രാപിക്കുക; 2. അനുഗമിക്കുക, പിന്തുടരുക; 3. കാണുക, കണ്ടുമുട്ടുക; 4. സംയോഗം ചെയ്യുക; 5. ലഭിക്കുക, കിട്ടുക, കൈക്കലാക്കുക; 6. മനസ്സിലാക്കുക, ഗ്രഹിക്കുക.
അഭിഗമ്യ1 [സം.-ഗമ്യ] വി. 1. അഭിഗമിക്കത്തക്ക, അടുക്കുവാൻ യോഗ്യമായ; 2. അന്വേഷിക്കത്തക്ക; 3. ഭയംകൂടാതെ അടുത്തുചെല്ലാവുന്ന.
അഭിഗമ്യ2 [സം.] അവ്യ. അഭിഗമനം ചെയ്തിട്ട്.
അഭിഗർജനം [സം.-ഗർജന] നാ. ഘോരമായ അലർച്ച, കൂക്കുവിളി.
അഭിഗർജിക്കുക [<സം.അഭി-ഗർജ്] ക്രി. അലറുക, കൂക്കുവിളിക്കുക.
അഭിഗർജിതം [സം.-ഗർജിത] നാ. അഭിഗർജനം.
അഭിഗരൻ [സം.-ഗര] നാ. അഭിഗരം ചെയ്യുന്ന പുരോഹിതൻ.
അഭിഗരം [സം.] നാ. 1. ശരിയെന്നു വിളിച്ചുപറയൽ, യാഗത്തിലെ ഒരു അങ്ഗക്രിയ; 2. സ്തുതി.
അഭിഗീത [സം.-ഗീത] വി. അഭിഗാനം ചെയ്യപ്പെട്ട, പാടിപ്പുകഴ്ത്തപ്പെട്ട.
അഭിഗുപ്ത [സം.-ഗുപ്ത<ഗുപ്] വി. 1. നന്നായിഗോപനം ചെയ്യപ്പെട്ട, മറയ്ക്കപ്പെട്ട; 2. നല്ലപോലെ രക്ഷിക്കപ്പെട്ട.
അഭിഗുപ്തി [സം.-ഗുപ്തി<ഗുപ്] നാ. 1. മറയ്ക്കൽ; 2. സംരക്ഷണം.
അഭിഗൂർത്തി [സം.-ഗൂർത്തി] നാ. 1. പ്രയത്നം, ശ്രമം; 2. നിരന്തരമായ ചിന്ത, അഭിലാഷം; 3. സ്തുതിഗീതം.
അഭിഗോപ്താ(വ്) [സം.-ഗോപ്തൃ<ഗുപ്] നാ. സംരക്ഷകൻ, രക്ഷകർത്താവ്.
അഭിഗ്രസിക്കുക [<സം.അഭി-ഗ്രസ്] ക്രി. 1. വിഴുങ്ങുക; 2. പിടിച്ചടക്കുക; 3. വിവാദം ചെയ്യുന്ന ആളിനെ ന്യായരഹിതമായി മൂകനാക്കുക.
അഭിഗ്രസ്ത. [സം.-ഗ്രസ്ത] വി. 1. അഭിഗ്രസിക്കപ്പെട്ട, വിഴുങ്ങപ്പെട്ട; 2. പിടിച്ചടക്കപ്പെട്ട, തോൽപ്പിക്കപ്പെട്ട.
അഭിഗ്രഹണം [സം.-ഗ്രഹണ] നാ. 1. സ്വീകരിക്കൽ, സ്വന്തമാക്കൽ; 2. ബലത്കാരമായി കൈവശപ്പെടുത്തൽ; 3. ആക്രമണം; 4. സൈന്യത്തിൻെറ മുന്നേറ്റം; 5. കുറ്റവാളിയെ കുറ്റകൃത്യം ചെയ്തുകൊണ്ടിരിക്കുമ്പോൾ തന്നെ പിടികൂടൽ.
അഭിഗ്രഹം [സം.] നാ. 1. പിടിച്ചുപറിക്കൽ, അപഹരിക്കൽ, കൊള്ളയടിക്കൽ; 2. ആക്രമണം, കയേറ്റം, ബലപ്രയോഗം, പീഡനം; 3. പടയുടെ മുന്നേറ്റം; 4. വെല്ലുവിളി; 5. (ജൈന.) ശപഥം; 6. സ്വീകരിക്കൽ; 7. കള്ളനെ കുറ്റം ചെയ്യുന്ന വേളയിൽത്തന്നെ പിടിക്കൽ.

അഭിഗ്രഹിക്കുക [<സം.അഭി-ഗ്രഹ്] ക്രി. 1. പിടിക്കുക, പിടിച്ചുപറിക്കുക; 2. ആക്രമിക്കുക; 3. വാങ്ങിക്കുക, കൈക്കൊള്ളുക, സ്വീകരിക്കുക; 4. കുറ്റം ചെയ്യെത്തന്നെ പിടിക്കുക.

അഭിഗ്രാഹിരാജ്യം [സം.അഭിഗ്രാഹി-രാജ്യ] നാ. കീഴടക്കിയ രാജ്യം.

അഭിഘട്ടനം [സം.അഭി-ഘട്ടന] നാ. കൂട്ടിമുട്ടൽ, ഏറ്റുമുട്ടൽ, പോര്.

അഭിഘർഷണം [സം.-ഘർഷണ] നാ. 1. ഉരസൽ, തേപ്പ്; 2. പിശാചുബാധ, ഭൂതാവേശം.

അഭിഘാതകൻ [സം.-ഘാതക] നാ. ശത്രു.

അഭിഘാതജ്വരം [സം.-ജ്വര] നാ. അഭിഘാതംകൊണ്ടുണ്ടാകുന്ന ജ്വരം. (ആയാസകരമായ പ്രയത്നം കൊണ്ടും, മുറിവേൽക്കപ്പെടുക, വ്രണപ്പെടുക, അടിയേൽക്കുക, തീപ്പൊള്ളുക മുതലായവകൊണ്ടും ഉണ്ടാകുന്നത്.)

അഭിഘാതം [സം.-ഘാത] നാ. 1. അടി, തട്ട്, തല്ല്, ദണ്ഡനം, കൂട്ടിമുട്ടൽ, ഏറ്റുമുട്ടൽ; 2. കയ്യേറ്റം, ഉപദ്രവം; 3. അറ്റകുറ്റം, കേടുപാട്, ക്ഷതം; 4. ശബ്ദമുണ്ടാക്കത്തക്കവണ്ണം വസ്തുക്കളുടെ കൂട്ടിമുട്ടൽ.

അഭിഘാതശോഫം [സം.അഭിഘാത-ശോഫ] നാ. അഭിഘാതം മുതലായവകൊണ്ടു ദേഹത്തിലുണ്ടാകുന്ന വീക്കം.

അഭിഘാതി [സം.-ഘാതിൻ] നാ. 1. അഭിഹനിക്കുന്നവൻ, എതിരിടുന്നവൻ, കയ്യേറ്റം ചെയ്യുന്നവൻ, ശത്രു; 2. കൊല്ലുന്നവൻ; 3. ഉപദ്രവിക്കുന്നവൻ.

അഭിഘാരണം [സം.-ഘാരണ] നാ. ഹോമദ്രവ്യത്തിന്മേൽ നെയ്യുവീഴ്ത്തൽ.

അഭിഘാരം [സം.-ഘാര<ഘൃ] നാ. നെയ്യ്.

അഭിഘാരിക്കുക [<സം.അഭി-ഘൃ] ക്രി. 1. തുള്ളിതുള്ളിയായിവീഴ്ത്തുക; 2. തളിക്കുക, ഹവിസ്സിൻെറയും മറ്റും മുകളിൽ നയ്യുതളിക്കുക.

അഭിചര [സം.-ചര] വി. 1. പിന്നാലെ നടക്കുന്ന; 2. ക്ഷുദ്രപ്രയോഗം ചെയ്യുന്ന.

അഭിചരണം [സം.-ചരണ] നാ. = അഭിചാരം.

അഭിചരൻ [സം.-ചര] നാ. അനുചരൻ, സേവകൻ, ഭൃത്യൻ.

അഭിചരിക്കുക [<സം.-അഭി-ചര്] ക്രി. 1. ദ്രോഹിക്കുക, ഉപദ്രവിക്കുക, അപരാധം പ്രവർത്തിക്കുക; 2. ദുർമന്ത്രവാദമോ ക്ഷുദ്രപ്രയോഗമോ ചെയ്യുക, ബാധയ്ക്ക് പ്രതിവിധി ചെയ്യുക.

അഭിചാരകൻ [സം.-ചാരക] നാ. ആഭിചാരം ചെയ്യുന്നവൻ. (സ്ത്രീ.) അഭിചാരിക.

അഭിചാരം [സം.-ചാര<ചര്] നാ. ആഭിചാരം, ദുർമന്ത്രവാദം, മാരണാദികർമം, ശത്രുസംഹാരത്തിനുവേണ്ടി ചെയ്യുന്ന ഹോമം, ജപം, മന്ത്രവാദം മുതലായവ, ക്ഷുദ്രപ്രയോഗം.

അഭിചാരി [സം.-ചാരിൻ] നാ. = അഭിചാരകൻ.

അഭിചോദിത [സം.-ചോദിത<ചുദ്] വി. നല്ലവണ്ണം പ്രേരിപ്പിക്കപ്പെട്ട.

അഭിച്ഛായം [സം.-ഛായം] അവ്യ. തണലിൽ, ഇരുളിൽ.

അഭിജന്മം [സം.-ജന്മൻ] വി. ആഭിജാത്യം ഉള്ള. അഭിജന്മതത്വം = ആഭിജാത്യം.

അഭിജയം [സം.-ജയ] നാ. പൂർണവിജയം.

അഭിജയിക്കുക [<സം.അഭി-ജി] ക്രി. ആക്രമിച്ചു കീഴടക്കുക, സമ്പൂർണമായി ജയിക്കുക.

അഭിജാത [സം.–ജാത] വി. 1. ഉത്കൃഷ്ടജനനമുള്ള, നല്ലതറവാട്ടിൽ ജനിച്ച, കുലീനത്വമുള്ള; 2. വൈദൂഷ്യമുള്ള, ജ്ഞാനമുള്ള; 3. യോഗ്യതയുള്ള, ഉത്കൃഷ്ടതയുള്ള.
അഭിജാതൻ [സം.] നാ. 1. ഉന്നതകുലത്തിൽ ജനിച്ചവൻ; 2. (രാഷ്ട്ര) ഉന്നതപാരമ്പര്യമുള്ള കുടുംബത്തിലെ അങ്ഗം, പ്രഭു, കുലീനൻ.
അഭിജാതാധിപത്യം [സം.അഭിജാത–ആധിപത്യ] നാ. (രാഷ്ട്ര) ഉന്നതകുലജാതരുടെ ഭരണം. കുലീനാധിപത്യം.
അഭിജാതി [സം.അഭി–ജാതി] നാ. 1. ആഭിജാത്യം, കുലീനത; 2. അവാന്തരജാതി, (ബൗദ്ധേതരന്മാർ) വർണം ആസ്പദമാക്കി ചെയ്തിരുന്ന വർഗവിഭജനം.
അഭിജിത്ത്1 [സം.–ജിത്] വി. 1. പൂർണമായി ജയിക്കുന്ന; 2. അഭിജിത്തെന്ന നക്ഷത്രത്തിൽ പിറന്ന.
അഭിജിത്ത്2 [സം.] നാ. 1. (ചില ജ്യോതിശ്ശാസ്ത്രജ്ഞന്മാരുടെ മതമനുസരിച്ച്) ഒരു നക്ഷത്രം ഉത്രാടത്തിൻെറ ഒടുവിലത്തെ പതിനഞ്ചുനാഴികയും, തിരുവോണത്തിൻെറ ആദ്യത്തെ നാലുനാഴികയും ചേർന്നത്; 2. വിഷ്ണു; 3. നട്ടുച്ചയ്ക്കുമുമ്പ് 24 മിനിറ്റും ഉച്ചകഴിഞ്ഞ് 24 മിനിറ്റും ചേർന്ന മുഹൂർത്തം; 4. ഒരു സോമയാഗം, ഗവാമയനം എന്ന മഹായജ്ഞത്തിൻെറ ഭാഗം; 5. (പുരാണ) ചന്ദ്രനോദകദുന്ദുഭിയുടെ പുത്രൻ.
അഭിജുഷ്ട [സം.–ജുഷ്ട<ജുഷ്] വി. 1. സേവിക്കപ്പെട്ട; 2. അധീനതയിൽപ്പെട്ട.
അഭിജ്ഞ1 [സം.–ജ്ഞ] വി. 1. അറിവുള്ള, പരിചയം സിദ്ധിച്ച, വിവേകമുള്ള; 2. സാമർഥ്യമുള്ള, പാണ്ഡിത്യമുള്ള; 3. ദിവ്യജ്ഞാനമുള്ള, അതിമാനുഷശക്തി.
അഭിജ്ഞ2 [സം.–ജ്ഞാ] നാ. 1. ഓർമ, സ്മരണ; 2. വിവേചനം, തിരിച്ചറിയൽ; 3. അതിമാനുഷസിദ്ധി; 4. കാര്യബോധമുള്ളവൾ, വിദുഷി.
അഭിജ്ഞത [സം.–ജ്ഞതാ] നാ. അറിവ്, ജ്ഞാനം, വൈദുഷ്യം.
അഭിജ്ഞൻ [സം.–ജ്ഞ] നാ. അറിവുള്ളവൻ, പണ്ഡിതൻ, വിശേഷജ്ഞാനമുള്ളവൻ.
അഭിജ്ഞാത [സം.–ജ്ഞാത] വി. 1. നല്ലപോലെ അറിവുള്ള; 2. അറിയപ്പെട്ട.
അഭിജ്ഞാനപത്രം [സം.–ജ്ഞാന–പത്ര] നാ. (രാഷ്ട്ര.) ഒരുവ്യക്തിക്കോ വ്യക്തികൾക്കോ അഭിജ്ഞാനമായി നൽകപ്പെടുന്ന ആധികാരികരേഖ അല്ലെങ്കിൽ പ്രമാണപത്രം.
അഭിജ്ഞാനം [സം.–ജ്ഞാന] ആ. 1. അറിവ്; 2. ഓർമ, സ്മരണ; 3. തിരിച്ചറിയൽ; 4. അടയാളം, ഓർമിപ്പിക്കുന്നത്. അഭിജ്ഞാനവചനം = സന്ദേശാദികളിൽ അടയാളമായിപ്പറയുന്ന വാക്യം.
അഭിജ്ഞാപക [സം.–ജ്ഞാഅക] വി. അറിയിക്കുന്ന, പ്രഖ്യാപിക്കുന്ന.
അഭിഡീനം [സം.–ഡീന] നാ. (ഒന്നിൻെറ) നേർക്കു പറക്കൽ.
അഭിതപിക്കുക [സം.–തപ്] ക്രി. 1. നല്ലവണ്ണം ചൂടുപിടിക്കുക; 2. ദു:ഖിക്കുക.
അഭിതപ്ത [സം.–തത] വി. 1. അഭിതപിച്ച, ഉണങ്ങിവരണ്ട, പൊള്ളിയ; 2. വ്യസനിച്ച, കഷ്ടപ്പാടിനിരയായ, പീഡിപ്പിക്കപ്പെട്ട.
അഭിതർപ്പണം [സം.–തർപണ] നാ. 1. തൃപ്തിപ്പെടുത്തൽ, സന്തോഷിപ്പിക്കൽ; 2. ക്ഷീണം മാറ്റൽ.
അഭിതരൻ [സം.–തര] നാ. സഹായി.
അഭിതരാം,–രം [സം.–തരം, തരാം] അവ്യ. കൂടുതൽ അടുത്തത്.

അഭിത: [സം.അഭി-ത:]അവ്യ. (ചില സ്ക്ഷരങ്ങൾക്കുമുമ്പ് സന്ധിയിൽ അഭിതോ എന്നു രൂപം) 1. അടുക്കൽ, സമീപത്ത്; 2. നേരെ മുമ്പിൽ, എതിരേ; 3. ഇരുപുറത്തും; 4. മുമ്പും പിമ്പും; 5. നാലുവശത്തും, ചുറ്റും; 6. പെട്ടെന്ന്.

അഭിതാപം [സം.-താപ] നാ. 1. വലിയചൂട്; 2. ഉദ്വേഗം, വ്യാകുലത; 3. വലിയ വേദന.

അഭിതാമ്ര [സം.-താമ്ര] വി. നന്നായി ചെമന്ന, കടും ചുവപ്പുള്ള.

അഭിതൃപ്തി [സം.-തൃപ്തി] നാ. പരിപൂർണതൃപ്തി.

അഭിത്യക്തൻ [സം.-ത്യക്ത] നാ. 1. ഉപേക്ഷിക്കപ്പെട്ടവൻ; 2. വധ്യൻ, മരണശിക്ഷയ്ക്കു വിധിക്കപ്പെട്ടവൻ.

അഭിത്യാഗം [സം.-ത്യാഗ<ത്യജ്] നാ. നിയമപരമോ ധാർമികമോ ആയ കർത്തവ്യത്തിൽ നിന്നും ഒഴിഞ്ഞുമാറൽ.

അഭിദക്ഷിണം [സം.-ദക്ഷിണ] അവ്യ. വലത്തോട്ട്, വലതുഭാഗത്തേക്ക്.

അഭിദർശിക്കുക [<സം.അഭി-ദൃശ്] ക്രി. നേരേനോക്കുക, കാണുക.

അഭിദാതാവ് [സം.-ദാതൃ] നാ. വരിസംഖ്യകൊടുക്കുന്നവൻ, നേരിട്ടുനൽകുന്നവൻ.

അഭിദ്യോതനം [സം.-ദ്യോതന] നാ. തീ കത്തിച്ചു കാണിക്കൽ, ചൂടാക്കൽ.

അഭിദ്രവം [സം.-ദ്രവ] നാ. നേർക്കുപാഞ്ഞടുക്കൽ, ആക്രമണം, ഒരു യുദ്ധ കൗശലം.

അഭിദ്രുത [സം.-ദ്രുത<ദ്രു] വി. ആക്രമിക്കപ്പെട്ട, അമർത്തപ്പെട്ട.

അഭിദ്രുതി [സം.-ദ്രുതി] നാ. കടന്നാക്രമണം.

അഭിദ്രോഹ [സം.-ദ്രോഹ] നാ. 1. പീഡിപ്പിക്കൽ, ക്രൂരത, അമർത്തൽ; 2. വ്യസനം, ശല്യം.

അഭിധ [സം.-ധാ] നാ. 1. പേര്, നാമം; 2. (ഓരോവാക്കിനും സങ്കേതം കൊണ്ടു സിദ്ധിക്കുന്ന) വാച്യാർഥം ബോധിപ്പിക്കുന്ന ശബ്ദ ശക്തി, മൂന്നു ശബ്ദവൃത്തികളിൽ ഒന്ന്. (ലക്ഷണ, വ്യഞ്ജന എന്നിങ്ങനെ മറ്റു രണ്ടെണ്ണം).

അഭിധർമം [സം.-ധർമ] നാ. പരമസത്യം, പരമ ധർമം, അധ്യാത്മവിദ്യ. അഭിധർമപിടകം = അഭിധർമത്തെക്കുറിച്ചു പ്രതിപാദിക്കുന്ന പിടകം. ത്രിപിടകങ്ങളിൽ മൂന്നാമത്തേത്, ആത്മതത്ത്വപിടകം.

അഭിധാനകം [സം.-ധാനക] നാ. ശബ്ദം, ഒച്ച.

അഭിധാനം [സം.-ധാന] നാ. സ്ഥാനപ്പേര്.

അഭിധാമൂലധ്വനി [സം.അഭിധാ-മൂല-ധ്വനി] നാ. (അലം.) അഭിധാർഥത്തെ ആശ്രയിച്ചുള്ള ധ്വനി.

അഭിധായ [സം.-ധായ] അവ്യ. പറഞ്ഞിട്ട്, വിളിച്ചിട്ട്.

അഭിധായക [സം.-ധായക] വി. പറയുന്ന, കുറിക്കുന്ന, നിർദേശിക്കുന്ന.

അഭിധായി [സം.-ധായിൻ] വി. അഭിധാനം ചെയ്യുന്ന, പേരിടുന്ന, സൂചിപ്പിക്കുന്ന, കുറിക്കുന്ന, പറയുന്ന.

അഭിധാരക [സം.-ധാരക] വി. കൈവശം വയ്ക്കുന്ന, അനുഭവിക്കുന്ന.

അഭിധാവക [സം.-ധാവക] വി. 1. പാഞ്ഞടുക്കുന്ന; 2. ആക്രമിക്കുന്ന, കയ്യേറ്റം ചെയ്യുന്ന.

അഭിധാവനം [സം.-ധാവന] നാ. 1. പാഞ്ഞടുക്കൽ, നേർക്കുള്ള ഓട്ടം; 2. കയ്യേറ്റം, ആക്രമണം.

അഭിധേയ [സം.-ധേയ<ധാ] വി. പേരിടത്തക്ക, പറയത്തക്ക, വിളിക്കത്തക്ക.

അഭിധേയം [സം.] നാ. 1. വാക്കുകൊണ്ട് പ്രതിപാദിക്കാവുന്നത്, അർഥം, പൊരുൾ; 2. വാച്യാർഥം; 3. നാമം, പദം; 4. വസ്തു, പദാർഥം, പ്രതിപാദ്യവസ്തു, വിഷയം, സാരം.

അഭിധ്യ [സം.-ധ്യാ<ധ്യൈ] നാ. 1. ഇച്ഛ, അഭിവാഞ്ഛ; 2. ദ്രവ്യത്തിലുള്ള ആഗ്രഹം.

അഭിധ്യാനം [സം.-ധ്യാന<ധ്യൈ] നാ. 1. അഭിലാഷം, ആഗ്രഹം, അത്യാഗ്രഹം; 2. ഉത്കണ്ഠം; 3. കുറ്റാരോപണം.

അഭിനദ്ധ [സം.-നദ്ധ<നഹ്] വി. മൂടിക്കെട്ടിയ, കെട്ടിയ.

അഭിനന്ദകൻ [സം.-നന്ദക] നാ. അഭിനന്ദിക്കുന്നവൻ, ശ്ലാഘിക്കുന്നവൻ.

അഭിനന്ദനം [സം.-നന്ദന] നാ. 1. സന്തോഷിക്കൽ, സന്തോഷം, ആഹ്ലാദം; 2. ശ്ലാഘ, പ്രശംസ, അനുമോദനം; 3. (സങ്ഗീ.) രണ്ടു ലഘുവും രണ്ടു ദ്രുതവും ഒരു ഗുരുവും ഉള്ള ഒരു താളം.

അഭിനന്ദനീയ [അം.-നന്ദനീയ] വി. അഭിനന്ദിക്കത്തക്ക, ശ്ലാഘിക്കത്തക്ക, പ്രശംസിക്കത്തക്ക.

അഭിനന്ദിക്കുക [<സം.അഭി-നന്ദ്] ക്രി. 1. പ്രശംസിക്കുക; 2. അതിയായി സന്തോഷിക്കുക.

അഭിനന്ദ്യ [സം.-നന്ദ്യ] വി. = അഭിനന്ദനീയ.

അഭിനമനം [സം.-നമന] നാ. കുനിയൽ, വണക്കം, ഉപചാരസൂചകമായി തലകുനിക്കൽ.

അഭിനയം [സ്ം.-നയ<നീ] നാ. 1. രസാഭിമുഖമായി പ്രേക്ഷകനെ നയിക്കൽ, ഭാവപ്രകടനം, അവസ്ഥാനുകരണം, അങ്ഗക്രിയകൊണ്ടും മുഖഭാവങ്ങളും മറ്റും കൊണ്ടും കഥാപാത്രങ്ങളെ അനുകരിക്കൽ, (ആങ്ഗികം, വാചികം, ആഹാര്യം, സാത്വികം എന്നിങ്ങനെ അഭിനയം നാലുവിധം); 2. ഇല്ലാത്തത് ഉണ്ടെന്നും ഉള്ളത് ഇല്ലെന്നും ഉള്ള നാട്യം, കപടഭാവം, മിഥ്യാപ്രകടനം.

അഭിനയിക്കുക [<സം.അഭി-നീ] ക്രി. 1. നാടകാദികളിൽ കഥാപാത്രത്തിൻെറ വേഷം കെട്ടി ഭാവപ്രകടനം നടത്തുക, ആടുക, രങ്ഗത്തിൽ പ്രദർശിപ്പിക്കുക; 2. മിഥ്യാപ്രകടനം നടത്തുക, ഇല്ലാത്തത് ഉണ്ടെന്നും ഉള്ളത് ഇല്ലെന്നും ഭാവിക്കുക.

അഭിനവ [സം.-നവ] വി. 1. വളരെ പുതിയ, അടുത്തകാലത്തുള്ള; 2. നന്നേചെറുപ്പമായ.

അഭിനവതാമരസം [സം.അഭിനവ-താമരസ] നാ. ഒരു സംസ്കൃതവൃത്തം.

അഭിനവപയസ്സ് [സം.-പയസ്] നാ. 1. പുതിയ പാൽ; 2. നിർമലജലം.

അഭിനവമാലിക [സം.-മാലികാ] നാ. ഒരു സംസ്കൃതവൃത്തം.

അഭിനവോദ്ഭിത്ത് [സം.-ഉദ്ഭിദ്] നാ വിത്തിൻെറ പുതിയ മുള.

അഭിനിധാനം [സം.-നി-ധാന] നാ. മുകളിൽ വയ്ക്കൽ.

അഭിനിനീഷു [സം.-നിനീഷു] നാ. അഭിനയിക്കുവാൻ ഇച്ഛിക്കുന്നവൻ.

അഭിനിയുക്ത [സം.-നിയുക്ത<നി-യുജ്] വി. 1. ചുമതലപ്പെടുത്തപ്പെട്ട, നിർദേശം നൽകപ്പെട്ട; 2. (ജോലിയിൽ) ഏർപ്പെട്ട, വ്യാപൃതമായ.

അഭിനിയോഗം [സം.-നിയോഗ] നാ. 1. കല്പന, നിർദേശം, ആജ്ഞ; 2. അഭിനിവേശം, താത്പര്യം.

അഭിനിർമുക്ത [സം.-നിർമുക്ത] വി. 1. തള്ളപ്പെട്ട; 2. ത്യക്തമായ.

അഭിനിര്യാണം [സം.-നിർ-യാന<യാ]നാ. യാത്രപുറപ്പാട്, ആക്രമണയാത്ര.
അഭിനിവിഷ്ട [സം.-നിവിഷ്ട] വി. 1. പ്രവേശിച്ച, അഭിനിവേശത്തോടുകൂടിയ, മുഴുകിയ, ആമഗ്നമായ, അത്യന്തം താത്പര്യമായ, ആസക്തമായ, വ്യാപൃതമായ; 2. ദൃഢമായി ഉറപ്പിച്ച; 3. നിശ്ചയദാർഢ്യമുള്ള; 4. വൈദൂഷ്യമുള്ള, പ്രാവീണ്യമുള്ള.
അഭിനിവേശം [സം.-നിവേശ] നാ. 1. ഒന്നിൽ മനസ്സുപതിയൽ, താത്പര്യം, നിഷ്ഠ, ആസ്ഥ; 2. ശുഷ്കാന്തി, ആസക്തി, ശ്രദ്ധ; 3. ആശ, ഉത്കടമായ അഭിലാഷം; 4. ദൃഢമായ അടുപ്പം, സ്നേഹം; 5. നിശ്ചയദാർഢ്യം, സ്ഥൈര്യം, സ്ഥിരോത്സാഹം; 6. ഉത്കടമായ ജീവിതാശ.
അഭിനിഷ്ക്രമണം [സം.-നിഷ്ക്രമണ] നാ. 1. വെളിയിലേക്കുള്ള പുറപ്പാട്; 2. (ബുദ്ധ.) ഭിക്ഷുവാകാൻവേണ്ടി വീടുവിട്ടുപോകൽ.
അഭിനിഷ്പതനം [സം.-നിഷ്-പതന] നാ. ബഹിർഗമനം.
അഭിനി വം [സം.-നി വ] നാ. 1. ഒളിച്ചുവയ്ക്കൽ, ഗോപനം, മറയ്ക്കൽ; 2. നിരസനം, നിഷേധിക്കൽ.
അഭിനീത [സം.-നീത] വി. 1. അടുത്തുകൊണ്ടുവന്ന, സമീപത്ത് എത്തിച്ച; 2. അഭിനയിക്കപ്പെട്ട; 3. ഭങ്ഗിയായി അലങ്കരിക്കപ്പെട്ട; 4. യോഗ്യമായ; 5. ക്ഷമയുള്ള; 6. അങ്ഗീകരിച്ച.
അഭിനീതി [സം.-നീതി] നാ. 1. അഭിനയം; 2. ആങ്ഗ്യം; 3. ക്ഷമ, സ്നേഹം, ദയ.
അഭിനൂത [സം.-നൂത] വി. സ്തുതിക്കപ്പെട്ട.
അഭിനേതാവ് [സം.-നേതൃ] നാ. 1. അടുത്തുകൊണ്ടുവരുന്നവൻ, മുമ്പിൽ ആനയിക്കുന്നവൻ, 2. അഭിനയിക്കുന്നവൻ, നടൻ. (സ്ത്രീ.) അഭിനേത്രി.
അഭിനേയ [സം.-നേയ] വി. അഭിനയിക്കേണ്ടതായ, അഭിനയിക്കത്തക്ക
അഭിന്ന [സം.അ-ഭിന്ന] വി. 1. ഭേദിക്കപ്പെടാത്ത, ഉടയ്ക്കപ്പെടാത്ത; 2. ഭിന്നമല്ലാത്ത, വേറൊന്നല്ലാത്ത; 3. വ്യത്യാസം ഇല്ലാത്ത; 4. വിഭജിക്കപ്പെടാത്ത; 5. ഇടതടവില്ലാത്ത.
അഭിന്നശാല [സം.അഭിന്ന-ശാലാ] നാ. (തച്ചു) തച്ചുശാസ്ത്രപ്രകാരമുള്ള ഒരു ഗൃഹമാതൃക, നാലുകെട്ട് (ഇടയിൽ മുറിയാത്തത്.)
അഭിന്യാസം [സം.അഭി-ന്യാസ] നാ. ഒരുവക സന്നിപാതജ്വരം.
അഭിപതനം [സം.-പതന] നാ. 1. സമീപിക്കൽ, പാഞ്ഞടുക്കൽ, നേരിടൽ; 2. കയ്യേറ്റം, ആക്രമണം; 3. പുറപ്പാട്.
അഭിപതിക്കുക [<സം.അഭി-പത്] ക്രി. 1. സമീപിക്കുക, നേരിടുക; 2. കയ്യേറ്റം ചെയ്യുക, ആക്രമിക്കുക; 3. (മറ്റൊന്നിന്മേൽ) വീഴുക.
അഭിപത്തി [സം.-പത്തി] നാ. 1. അടുത്തുചെല്ലൽ, സമീപിക്കൽ; 2. പിടിച്ചെടുക്കൽ; 3. സംരക്ഷണം.
അഭിപത്മ [സം.-പദ്മ] വി. താമരയിതൾപോലെ വെളുത്ത പുള്ളികളുള്ള, അതിമനോഹരമായ.
അഭിപന്ന [സം.-പന്ന<പദ്] വി. 1. അടുത്തുവന്ന, സമീപിച്ച; 2. അഭയം പ്രാപിച്ച; 3. ആക്രമിക്കപ്പെട്ട, കീഴടങ്ങിയ; 4. ആപത്തിൽ അകപ്പെട്ട, പീഡിപ്പിക്കപ്പെട്ട; 5. അപരാധമുള്ള; 6. രക്ഷിക്കപ്പെട്ട; 7. മരിച്ച.
113
അഭിപീഡ [സം.-പീഡാ നാ. ഉപദ്രവം, വേദന, ദു:ഖം.

അഭിപുഷ്പം [സം.-പുഷ്പ] നാ. നല്ല പൂവ്.

അഭിപൂജ [സം.-പൂജാ] നാ. ആരാധന, ആദരം, ബഹുമാനം.

അഭിപൂജനം [സം.-പൂജന] നാ. ആരാധിക്കൽ, ബഹുമാനിക്കൽ.

അഭിപൂജിത [സം.-പൂജിത] വി. ആരാധിക്കപ്പെട്ട, ബഹുമാനിതനായ്.

അഭിപൂർണ [സം.-പൂർണ] വി. നിറഞ്ഞ.

അഭിപൂർത്തി [സം.-പൂർതി] നാ. 1. നിറവ്; 2. സമാപ്തി.

അഭിപൂർവം [സം.-പൂർവം] അവ്യ. ഒന്നിനുപിറകെ ഉന്നായി.

അഭിപൂരണം [സം.-പൂരണ] നാ. നിറയ്ക്കൽ, പൂർത്തിയാക്കൽ.

അഭിപ്രതപ്ത [സം.-പ്രതത] വി. 1. ഏറ്റവും ചൂടുപിടിച്ച; 2. ഉണങ്ങിയ, വരണ്ട.

അഭിപ്രധർഷണം [സം.-പ്രധർഷണ] നാ. 1. അടിച്ചമർത്തൽ, പീഡനം, ഉപദ്രവം; 2. ഭവനഭേദനം, കുത്തിക്കവർച്ച.

അഭിപ്രവർത്തനം [സം.-പ്രവർതന] നാ. 1. നേർക്കുചെല്ലൽ, മുന്നേറ്റം; 2. പുറപ്പാട്, ഉദ്യമം; 3. പൊട്ടിയൊഴുകൽ.

അഭിപ്രായം [സം.-പ്രായ<പ്രീ] നാ. 1. ഏതെങ്കിലും ഒന്നിൻെറ നന്മതിന്മകളെപ്പറ്റിയുണ്ടാകുന്ന മനോഭാവം, ഗുണദോഷവിവേചനം മൂലം ഉണ്ടാകുന്ന തോന്നൽ, ഒരു വസ്തുവിനെകുറിച്ചുണ്ടാകുന്ന ചിന്താഗതി; 2. ലക്ഷ്യം, ഉദ്ദേശ്യം, ആഗ്രഹം, ഇഷ്ടം; 3. അർഥം, ആശയം, ഭാവം; 4. നാട്യാലങ്കാരങ്ങളിൽ ഒന്ന്. (പ്ര.) അഭിപ്രായേടുക = അഭിപ്രായം പറയുക. അഭിപ്രായം എഴുന്നള്ളിക്കുക = ആവശ്യമില്ലാത്തിടത്ത് കയറി അഭിപ്രായം പറയുക. അഭിപ്രായൈക്യം = അഭിപ്രായപ്പൊരുത്തം.

അഭിപ്രീതി [സം.-പ്രീതി] നാ. 1. വലിയ സന്തോഷം, സംതൃപ്തി; 2. ആഗ്രഹം.

അഭിപ്രേത [സം.-പ്രേത] വി. 1. അഭിപ്രായപ്പെട്ട, ഉദ്ദേശിച്ച; 2. ആഗ്രഹിച്ച; 3. സ്വീകരിച്ച.

അഭിപ്രേരകം [സം.-പ്രേരക] നാ. (മന.) ഒരു ആവശ്യവും വ്യവഹാരത്തിൻെറ ലക്ഷീകരണവും സൂചിപ്പിക്കുന്ന പദം.

അഭിപ്രേരണ [സം.-പ്രേരണാ] നാ. (മന.) ആവശ്യങ്ങളാൽ പ്രേരിതവും ലക്ഷ്യങ്ങളെ ഉന്നം വച്ചിട്ടുള്ളതുമായ വ്യവഹാരം.

അഭിപ്രേരണം [സം.-പ്രേരണ] നാ. 1. പ്രചോദനം, ഉന്തിവിടൽ; 2. ഉത്സാഹിപ്പിക്കൽ; 3. കടത്തിവിടൽ.

അഭിപ്രോക്ഷണം [അം.-പ്രോക്ഷണ] നാ. വെള്ളം മേലേ ഒഴിക്കൽ.

അഭിപ്ലവം [സം.-പ്ലവ] നാ. 1. ഉപദ്രവം; 2. പരാജയം; 3. കവിഞ്ഞൊഴുകൽ.

അഭിപ്ലുത [സം.-പ്ലുത] വി. 1. കവിഞ്ഞൊഴുകിയ; 2. മുഴുകിയ, മൂടപ്പെട്ട; 3. ബാധിക്കപ്പെട്ട.

അഭിപ്ലുതം [സം.] നാ. ഉത്സർഗവിധി, സാമാന്യനിയമം.

അഭിബുദ്ധി [സം.അഭി-ബുദ്ധി] നാ. 1. ജ്ഞാനേന്ദ്രിയം; 2. അന്തഃകരണവൃത്തി, അധ്യവസായം, അഭിമാനം, ഇച്ഛ, കർത്തവ്യത്തിൻെറ ക്രിയ എന്നിവ ഉൾപ്പെടുന്ന ബുദ്ധിവ്യാപാരം.

അഭിഭ [സം.-ഭാ] നാ. ശോഭ, കാന്തി; 2. പ്രേതദർശനം, മരിച്ചുപോയ ആളിൻെറ രൂപം കാണുന്നതുപോലെയുള്ള തോന്നൽ.

അഭിഭങ്ഗം [സം.-ഭങ്ഗ] നാ. 1. ഹാനി, നാശം; 2. മുടക്കം, തടസ്സം.

അഭിഭർത്സനം [സം.-ഭർത്സന] നാ. 1. ശകാരിക്കൽ; 2. ഭീഷണിപ്പെടുത്തൽ.

അഭിഭവം [സം.–ഭവ] നാ. 1. കീഴടക്കൽ, അമർത്തൽ; 2. തോല്വി, പരാജയം; 3. അവമാനം, അന്യരിൽ നിന്നുണ്ടാകുന്ന നിന്ദനം.
അഭിഭവിക്കുക [<സം.അഭി–ഭൂ] ക്രി. 1. എതിർക്കുക, കീഴടക്കുക; 2. ആക്രമിക്കുക, കൈയേറ്റം ചെയ്യുക; 3. അവമാനിക്കുക, പീഡിപ്പിക്കുക.
അഭിഭാര [സം.–ഭാര] വി. അധികം ഭാരമുള്ള.
അഭിഭാരം [സം.] നാ. അധികഭാരം, വലിയ ചുമട്.
അഭിഭാവന [സം.–ഭാവനാ] വി. ജയിപ്പിക്കുന്ന.
അഭിഭാഷകൻ [സം.–ഭാഷക] നാ. 1. ന്യായപീഠത്തെ അഭിമുഖീകരിച്ച് പ്രസങ്ഗിക്കുന്ന ആൾ. കോടതിയിൽ കേസ്സ് വാദിക്കുന്ന ആൾ, വക്കീൽ; 2. പക്ഷം പിടിച്ചു വാദിക്കുന്നവൻ.
അഭിഭാഷണം [സം.–ഭാഷണ] നാ. 1. അഭിസംബോധനം; 2 കോടതിയിൽ കേസുവാദിക്കൽ; 3. സംഭാഷണം.
അഭിഭാഷിക്കുക [<സം.അഭി–ഭാഷ്] ക്രി. 1. അഭിമുഖമായിനിന്ന് സംസാരിക്കുക; 2. കോടതിയിൽ കേസ്സ് വാദിക്കുക, ന്യായവാദം നടത്തുക.
അഭിഭാഷ്യ [സം.–ഭാഷ്യ] വി. അഭിഭാഷിക്കത്തക്ക.
അഭിഭൂത [സം.–ഭൂത] വി. 1. തോൽപ്പിക്കേട്ട, ബാധിച്ച; 2. പീഡിപ്പിക്കപ്പെട്ട; 3. ഗർവമടക്കപ്പെട്ട, അവമാനിക്കപ്പെട്ട, നിന്ദിക്കപ്പെട്ട.
അഭിഭൂതി [സം.–ഭൂതി] നാ. 1. നിന്ദ, അവമാനം, അഹങ്കാരശമനം; 2. പരാജയം, പീഡനം, ഉപദ്രവം; 3. ആക്രമണം, കീഴടക്കൽ.
അഭിമത1 [സം.–മത] വി. 1. ആഗ്രഹിച്ച; 2. സമ്മതിച്ച, അങ്ഗീകരിച്ച; 3. ഇഷ്ടപ്പെട്ട, മനസ്സിനിണങ്ങിയ.
അഭിമത2 [സം.–മതാ] നാ. ഇഷ്ടപ്പെട്ടവൾ.
അഭിമതൻ [സം.–മത] നാ. 1. സ്നേഹിതൻ, കാമുകൻ; 2. സമ്മതനായ ആൾ.
അഭിമതം [സം.] നാ. 1. ആഗ്രഹം, ഇഷ്ടം, അഭിലാഷം; 2. സമ്മതം.
അഭിമതി [സം.–മതി] നാ. 1. അഭിമാനം, ഗർവം; 2. ആഗ്രഹം; 3. ബഹുമാനം.
അഭിമന്ത്രണം [സം.–മന്ത്രണ] നാ. 1. അഭിമന്ത്രിക്കൽ, ക്ഷണിക്കൽ, അഭിസംബോധനം; 2. വശ്യപ്രയോഗം, വശീകരണം; 3. പവിത്രമാക്കുന്നതിനുവേണ്ടി മന്ത്രങ്ങൾ ഉച്ചരിക്കുക.
അഭിമന്ത്രിക്കുക [<സം.അഭി–മന്ത്ര്] ക്രി. 1. മന്ത്രോച്ചാരണംചെയ്യുക; 2. മന്ത്രം കൊണ്ട് വശീകരിക്കുക; 3. ക്ഷണിക്കുക, മന്ത്രോച്ചാരണം കൊണ്ട് അടുക്കലേക്ക് ആവാഹിക്കുക.
അഭിമന്ത്രിത [സം.–മന്ത്രിത] വി. അഭിമന്ത്രിക്കപ്പെട്ട.
അഭിമന്യു [സം.–മന്യു] നാ. ശ്രീകൃഷ്ണൻെറ സഹോദരീപുത്രൻ.
അഭിമർദനം [സം.–മർദന] നാ. ഞെരിക്കൽ, മെതിക്കൽ, പൊടിക്കൽ, പീഡനം.
അഭിമർദം [സം.–മർദ] നാ. 1. മർദിക്കൽ; 2. ചവിട്ടിമെതിക്കൽ; 3. ഞെരുക്കം, ഞെരുങ്ങൽ; 4. യുദ്ധം; 5. മദ്യം.
അഭിമർശക,–ഷക [സം.–മർശക, –മർഷക] വി. 1. സ്പർശിക്കുന്ന, സമ്പർക്കമുള്ള; 2. ആശ്രയിക്കുന്ന; 3. ബലാത്കാരം ചെയ്യുന്ന, കൈയേറുന്ന; 4. ബലാത്സങ്ഗം ചെയ്യുന്ന.

അഭിമർശ(ന)ം [സം.-മർശ(ന)] നാ. 1. സ്പർശനം, സമ്പർക്കം; 2. പിടിക്കൽ; 3. സംയോഗം, കാമവികാരത്തോടുകൂടിയുള്ള സംയോഗം.
അഭിമരൻ [സം-മര] നാ. ആനയോടും കടുവായോടും മറ്റും എതിരിടുന്ന സാഹസികൻ.
അഭിമരം [സം.] നാ. 1. യുദ്ധം; 2. കൊല; 3. സജനങ്ങളിൽനിന്നുള്ള ചതി; 4. ശക്തനായ ശത്രുവിൽനിന്നുള്ള ഭയം; 5. ബന്ധനം, വിലങ്ങ്; 6. സ്വപക്ഷം, സ്വസൈന്യം.
അഭിമാതി [സം.-മാതി] നാ. 1. ചതിയൻ, ഉപദ്രവി; 2. ശത്രു.
അഭിമാത്രൻ [സം.-മാത്ര] നാ. = അഭിമാതി.
അഭിമാദം [സം.-മാദ<മദ്] നാ. (മദ്യസേവകൊണ്ടുള്ള) മയക്കം, ലഹരി.
അഭിമാനക്ഷയം [സം.അഭിമാന-ക്ഷയ] നാ. മാനഹാനി, അവമാനം.
അഭിമാനതിമിരം [സം.-തിമിര] നാ. ദുരഭിമാനം നിമിത്തം കണ്ണുകാണാതാവുക, വിവേകം നഷ്ടപ്പെടുക.
അഭിമാനഭംഗം [സം.-ഭങ്ഗ] നാ. മാനഹാനി.
അഭിമാനം [സം.അഭി-മാന] നാ. 1. തന്നെപ്പറ്റിയും തനിക്കുള്ളതിനെപ്പറ്റിയും തോന്നുന്ന മതിപ്പ്; 2. ഗർവ്, അഹങ്കാരം; 3. താൻ എന്നും തൻെറത് എന്നുമുള്ള ചിന്ത; 4. താൻ ശരിയെന്നുള്ള വിചാരം; 5. സ്വയം ബഹുമാനിക്കുന്ന സംസാരം, നാട്യാലങ്കാരങ്ങളിൽ ഒന്ന്; 6. ഉപദ്രവം, ഹിംസ. (പ്ര.) അഭിമാനം വിറ്റു തിന്നുക = നീചമാർഗത്തിലൂടെ ഉപജീവനം തേടുക.
അഭിമാനി [സം.-മാനിൻ] നാ. 1. അഭിമാനമുള്ളവൻ, ബഹുമാനമുള്ളവൻ, ആസക്തിയുള്ളവൻ; 2. തൻെറതെന്ന് അഭിമാനമുള്ളവൻ; 3. ഇല്ലാത്തത് ഉണ്ടെന്നു ഭാവിക്കുന്നവൻ; 4. ഉദ്ധതൻ, ഗർവമുള്ളവൻ. (സ്ത്രീ.) അഭിമാനിനി.
അഭിമാനിക്കുക [<സം.അഭി-മന്] ക്രി. അഭിമാനം തോന്നുക.
അഭിമാനിതം [സം.-മാനിത] നാ. 1. അഹംബുദ്ധി, അഹങ്കാരം; 2. സ്നേഹം; 3. സംയോഗം.
അഭിമായ [സം.-മായ] വി. 1. പരുങ്ങിയ, കുഴങ്ങിയ, അമ്പരന്ന; 2. മൗഢ്യമുള്ള, അറിവില്ലാത്ത.
അഭിമാർഗണം [സം.-മാർഗണ] നാ. അന്വേഷണം.
അഭിമുഖ [സം.-മുഖ] വി. 1. മുഖത്തോടുമുഖമായ, നേർക്കുള്ള; 2. അനുകൂലമായ, താത്പര്യമുള്ള; 3. മുഖം മേലോട്ടുതിരിച്ച; 4. സമീപത്തുള്ള. നാ. അഭിമുഖത.
അഭിമുഖം [സം.] അവ്യ. മുഖത്തോടുമുഖമായി, നേരേ. (പ്ര.) അഭിമുഖദർശനം = കൂടിക്കാഴ്ച. അഭിമുഖസംഭാഷണം = നേരിട്ടുകണ്ട് സംസാരിക്കൽ.
അഭിമുഖീകരിക്കുക [<സം.അഭിമുഖീ-കൃ] ക്രി. എതിരിടുക, നേരിടുക.
അഭിമൃഷ്ടം [സം.-മൃഷ്ട] വി. അഭിദർശനംചെയ്ത.
അഭിമോദിക്കുക [<സം.അഭി-മോദ<മുദ്] അത്യധികമായി സന്തോഷിക്കുക.
അഭിയാത്ര [സം.-യാത്ര] വി. ആക്രമിക്കപ്പെട്ട.
അഭിയാതി [സം.-യാതിൻ] നാ. ശത്രു.
അഭിയാനം [സം.-യാന] നാ. 1. സമീപിക്കൽ; 2. എതിരിടൽ, ആക്രമണം.
അഭിയാസ്യൻ [സം.-യാസ്യൻ] നാ. അഭിയാനം ചെയ്യാൻ ഉദ്ദേശിക്കുന്നവൻ, ആക്രമിക്കപ്പെടുന്നവൻ.

അഭിയുക്ത [സം.-യുക്ത] വി. 1. തക്ക, ശരിയായ, യോഗ്യമായ; 2. ആസക്തിയുള്ള, താത്പര്യമുള്ള; 3. പാണ്ഡിത്യമുള്ള, വൈദഗ്ധ്യമുള്ള; 4. എതിർക്കപ്പെട്ട, ആക്രമിക്കപ്പെട്ട; 5. കുറ്റം ചുമത്തപ്പെട്ട; 6. നിയമിക്കപ്പെട്ട.

അഭിയോക്താവ് [സം.-യോക്തൃ]നാ. 1. അഭിയോഗംചെയ്യുന്നവൻ, കൈയേറ്റക്കാരൻ, ആക്രമണകാരി; 2. വാദി, ഹർജിക്കാരൻ.

അഭിയോഗം [സം.-യോഗ] നാ. 1. ആസക്തി, ശ്രദ്ധ, പരിശ്രമം, പ്രയത്നം, ഉത്സാഹം, അഭ്യാസം, നിഷ്ഠ; 2. പാണ്ഡിത്യം, വൈദൂഷ്യം; 3. ആക്രമണം, കൈയേറ്റം; 4. കുറ്റം ചുമത്തൽ, ആവലാതി, അന്യായം. അഭിയോഗദ്രവ്യം = അന്യായത്തുക. അഭിയോഗപത്രം = കുറ്റപത്രം.

അഭിയോഗി [സം.-യോഗിൻ] നാ. 1. ആക്രമണകാരി; 2. അന്യായക്കാരൻ.

അഭിയോഗിക്കുക [<സം.അഭി-യുജ്] ക്രി. 1. മനസ്സിരുത്തുക, ശ്രദ്ധിക്കുക, യത്നിക്കുക; 2. ദോഷാരോപണം നടത്തുക, ആവലാതിപറയുക, കുറ്റം ചുമത്തുക; 3. ആക്രമിക്കുക; 4. പറയുക; 5. നുകത്തിൽ കെട്ടുക; 6. ചേർക്കുക.

അഭിയോജ്യൻ [സം.യോജ്യ] നാ. പ്രതി, പ്രതിവാദി.

അഭിരക്തി [സം.-രക്തി<രഞ്ജ്] നാ. മയക്കുമരുന്നിനോടോ മദ്യത്തോടോ ഉള്ള അമിതമായ ആസക്തി.

അഭിരക്ഷ [സം.-രക്ഷാ] നാ. സമ്പൂർണരക്ഷ, സംരക്ഷണം.

അഭിരക്ഷിക്കുക [<സം.അഭി-രക്ഷ്] ക്രി. സമ്പൂർണരക്ഷകൊടുക്കുക.

അഭിരത1 [സം.-രത] വി. 1. സന്തോഷമുള്ള, തൃപ്തിയുള്ള; 2. ആസക്തിയുള്ള, വ്യാപരിക്കുന്ന.

അഭിരത2 [സം.-രതാ] നാ. ആസക്തിയുള്ളവൾ.

അഭിരതി [സം.-രതി] നാ. 1. ആനന്ദം, തൃപ്തി; 2. താത്പര്യം.

അഭിരദനം [സം.-രദന] നാ. കടിക്കൽ, കടി.

അഭിരമിക്കുക [<സം.അഭി-രമ്] ക്രി. സന്തോഷിക്കുക, പ്രീതിയുണ്ടാകുക.

അഭിരാമ [സം.-രാമ] വി. സന്തോഷകരമായ, മനസ്സിനിണങ്ങിയ, മനോഹരമായ.

അഭിരാമൻ [സം.] നാ. ശിവൻ.

അഭിരുചി [സം.-രുചി] നാ. ഇഷ്ടം, താത്പര്യം, പ്രീതി.

അഭിരുചിത [സം.-രുചിത] വി. ഇഷ്ടപ്പെട്ട.

അഭിരുച്യ [സം.-രുച്യ] വി. 1. ഏറ്റവും മനോഹരമായ; 2. വളരെ സ്വാദുള്ള.

അഭിരൂപ [സം.-രൂപ] വി. 1. ചേർച്ചയുള്ള, യുക്തമായ, അനുരൂപമായ; 2. മനോഹരമായ, ഹൃദ്യമായ, പ്രശസ്തമായ; 3. വൈദൂഷ്യമുള്ള. അഭിരൂപഭൂയിഷ്ഠ = അഭിരൂപന്മാർ ധാരാളമുള്ള (ദേശം, സദസ്സ്).

അഭിരൂപൻ [സം.] നാ. 1. സുന്ദരൻ; 2. വിദ്വാൻ; 3. ചന്ദ്രൻ; 4. വിഷ്ണു; 5. ശിവൻ; 6. കാമദേവൻ.

അഭിരൂപപതി [സം.അഭിരൂപ-പതി] നാ. ഒരു വ്രതം, അഭിരൂപനായ (യോഗ്യനായ) പതിയെ (ഭർത്താവിനെ) ലഭിക്കാൻ വേണ്ടിയുള്ള വ്രതം.

അഭിലക്ഷിത [സം.അഭി-ലക്ഷിത] വി. അടയാളപ്പെടുത്തപ്പെട്ട, അടയാളമുള്ള.

അഭിലങ്ഘനം [സം.-ലങ്ഘന] നാ. 1. ചാടിക്കടക്കൽ; 2. മറുത്തുപ്രവർത്തിക്കൽ.

അഭിലംബം [സം.-ലംബ] നാ. ഋജുരേഖയിൽ സമകോണം (90 ഡിഗ്രി കോണം) ഉണ്ടാക്കുന്ന രേഖ, ലംബം.
അഭിലംഭനം [സം.-ലംഭന] നാ. കൈവരിക്കൽ.
അഭിലഷണീയ [സം.-ലഷണീയ] വി. അഭിലഷിക്കത്തക്ക, ആഗ്രഹിക്കത്തക്ക.
അഭിലഷിക്കുക [<സം.അഭി-ലഷ്] ക്രി. ആഗ്രഹിക്കുക, കിട്ടാനായി മനസ്സുവയ്ക്കുക.
115
അഭിലഷിത [സം.-ലഷിത] വി. ആഗ്രഹിച്ച, അഭിലഷിക്കപ്പെട്ട.
അഭിലഷിതം [സം.] നാ. 1. ആഗ്രഹം; 2. ആഗ്രഹിച്ചത്.
അഭിലാപം [സം.-ലാപ] നാ. 1. വാക്ക്, പറച്ചിൽ; 2. പ്രഖ്യാപനം, എടുത്തുപ്രയൽ; 3. (ശപഥത്തിൻെറയോ വ്രതത്തിൻെറയോ) ഉദ്ദേശ്യം പ്രഖ്യാപിക്കൽ.
അഭിലാവം [സം-ലാവ<ലു] നാ. കൊയ്ത്ത്, മുറിക്കൽ, ഛേദിക്കൽ.
അഭിലാഷം [സം.-ലാഷ] നാ 1. ഏതെങ്കിലും ഒന്ന് കിട്ടണമെന്ന താത്പര്യം, കാമം, ഇച്ഛ; 2. പ്രിയജനസമാഗമത്തിനായുള്ള തീവ്രമായ ആഗ്രഹം, വിപ്രലംഭശ്രുങ്ഗാരത്തിൻെറ അവസ്ഥകളിൽ ഒന്ന്.
അഭിലാഷി [സം.-ലാഷിൻ] നാ. അഭിലാഷമുള്ളവൻ, താത്പര്യമുള്ളവൻ. (സ്ത്രീ.) അഭിലാഷിണി.
അഭിലാഷുകൻ [സം.-ലാഷുക] നാ. = അഭിലാഷി.
അഭിലിഖിതം [സം.-ലിഖിത] നാ. 1. എഴുത്ത്; 2. രേഖ, പ്രമാണം.
അഭിലീന [സം.-ലീന] വി. 1. പറ്റിച്ചേർന്ന, നല്ലപോലെ ലയിച്ച; 2. ആശ്ലേഷിച്ച; 3. ആച്ഛാദനം ചെയ്ത.
അഭിലുളിത [സം.-ലുലിത] വി. ക്ഷോഭിച്ച, കുഴങ്ങിയ.
അഭിലൂത [സം.-ലൂത] നാ. ഒരുതരം ചിലന്തി (ലൂത = ചിലന്തി).
അഭിവദിക്കുക [<സം.അഭി-ബദ്] ക്രി. 1. പ്രസ്താവിക്കുക, പ്രഖ്യാപിക്കുക, പറയുക; 2. പേരുപറയുക; 3. അഭിവാദ്യം ചെയ്യുക, വന്ദിക്കുക.
അഭിവന്ദക [സം.-വന്ദക] വി. അഭിവന്ദിക്കുന്ന.
അഭിവന്ദനം [സം.-വന്ദന] നാ. ബഹുമാനപൂർവമുള്ള വന്ദനം, അഭിവാദ്യം.
അഭിവന്ദനീയ [സം.-വന്ദനീയ] വി. അഭിവന്ദ്യ.
അഭിവന്ദിക്കുക [<സം.അഭി-വന്ദ്] ക്രി. ഭക്തിപൂർവം വന്ദിക്കുക, നമസ്കരിക്കുക.
അഭിവന്ദ്യ1,-വന്ദനീയ [സം.-വന്ദ്യ,-വന്ദനീയ] വി. അഭിവന്ദനത്തിനു യോഗ്യതയുൾല.
അഭിവന്ദ്യ2 [സം.-വന്ദ്യാ] വി. വന്ദനീയയായവൾ.
അഭിവന്ദ്യ3 [സം.-വന്ദ്യ] അവ്യ. അഭിവാദ്യം ചെയ്തിട്ട്. (മണിപ്രവാളത്തിൽ).
അഭിവയസ്സ് [സം.-വയസ്] വി. യുവത്വം ഉള്ള, ഊർജസ്വലതയുള്ള.
അഭിവർജനം [സം.-വർജന] നാ. ഉപേക്ഷിക്കൽ.
അഭിവർധനം [സം.-വർധന,-നാ] നാ. വളർച്ച, പെരുകൽ.
അഭിവർഷണം [സം.-വർഷണ] നാ. ചൊരിയൽ, വർഷിക്കൽ.
അഭിവർഷിക്കുക [<സം.അഭി-വൃഷ്] ക്രി. 1. ചൊരിയുക, പെയ്യുക; 2. തളിക്കുക, മീതേഒഴിക്കുക, നനയ്ക്കുക.
അഭിവസനം [സം.-വസന] നാ. തുണികൊണ്ടുമൂടൽ, മൂടിപ്പൊതിയൽ.
അഭിവഹനം [സം.-വാഹന] നാ. അടുക്കലേക്കു കൊണ്ടുപോകൽ.
അഭിവഹിക്കുക [<സം.അഭി-വഹ്] ക്രി. അടുക്കലേക്കു കൊണ്ടുപോകുക.

അഭിവാഞ്ഛ [സം.-വാഞ്ഛ] നാ. വലിയആഗ്രഹം, അഭിലാഷം.
അഭിവാഞ്ഛിക്കുക [<സം.അഭി-വാഞ്ഛ്]ക്രി. ആഗ്രഹിക്കുക, അഭിലഷിക്കുക.
അഭിവാഞ്ഛിതം [സം.-വാഞ്ഛിത] നാ. ആഗ്രഹിക്കപ്പെട്ടത്, അഭിലാഷം.
അഭിവാദക [സം.-വാദക] വി. അഭിവാദനം ചെയ്യുന്ന.
അഭിവാദനം [സം.-വാദന] നാ. തന്നിൽ മുതിർന്നവരെയും ഗുരുക്കന്മാരെയും മറ്റും പേരുപറഞ്ഞ് ('ദേവദ്സ്ത്തോഹം അഭിവാദയേ' ഇത്യാദി) വന്ദിക്കൽ.
അഭിവാദനീയ, -വാദ്യ [സം.-വാദനീയ,-വാദ്യ] വി. അഭിവാദ്യം അർഹിക്കുന്ന.
അഭിവാദം [സം.-വാദ] നാ. 1. അഭിവാദനം; 2. ശകാരം.
അഭിവാദ്യം [സം.-വാദ്യ] നാ. = അഭിവാദനം.
അഭിവാസം [സം.-വാസസ്] നാ. തുണികൊണ്ടു മൂടൽ, മൂടിപ്പൊതിയൽ.
അഭിവാഹനം [സം.-വാഹന] നാ. 1. അഭിവഹനം; 2. ആവാഹിക്കൽ.
അഭിവാഹിനി [സം.-വാഹിനീ] നാ. ഒരു ഹസ്തമുദ്ര, ആവാഹനമുദ്ര.
അഭിവിധി [സം-വിധി] നാ. (വ്യാക.) പൂർണമായി ഗ്രഹിക്കൽ, മുഴുവനും ഉൾപ്പെടുത്തൽ. ഉദാ: ആസേതു = സേതുവരെ. ഇവിടെ അതിരിൽ സേതുവും ഉൾപ്പെടുന്നതിനാൽ 'ആ' ഇവിടെ അഭിവിധിയാകുന്നു.
അഭിവിനീത [സം.-വിനീത] വി. 1. വളരെ വണക്കമുള്ള; 2. നല്ല ശിക്ഷണം ലഭിച്ച; 3. ശുദ്ധിയുള്ള, ഭങ്ഗിയുള്ള.
അഭിവിന്ന [സം.-വിന്ന<വിദ്] വി. നല്ലവണ്ണ, കണ്ടതായ, മനസ്സിലാക്കിയ, ശരിക്കറിഞ്ഞ.
അഭിവിമാന [സം.-വിമാന] വി. അനന്തവിസ്തൃതമായ.
അഭിവിശ്രുത [സം.-വിശ്രുത] വി. നല്ല പ്രസിദ്ധിയുള്ള.
അഭിവീക്ഷകൻ [സം.-വീക്ഷക] നാ. കാഴ്ചക്കാരൻ, നോക്കിയിരിക്കുന്നവൻ.
അഭിവീക്ഷണം [സം.-വീക്ഷണ] നാ. നോട്ടം, നിരീക്ഷണം.
അഭിവീക്ഷിക്കുക [<സം.അഭി-വീക്ഷ്] ക്രി. നിരീക്ഷിക്കുക.
അഭിവീത [സം.-വീത] വി. ഓടിക്കപ്പെട്ട, പ്രേരിപ്പിക്കപ്പെട്ട.
അഭിവൃത്ത [സം.-വൃത്ത] നാ. സംഭവിച്ചുകഴിഞ്ഞ, സാധിച്ച.
അഭിവൃദ്ധ [സം.-വൃദ്ധ] വി. 1. വളരെ വർദ്ധിച്ച, പുഷ്ടിപ്രാപിച്ച, പുരോഗമിച്ച, വളർന്ന; 2. ഐശ്വര്യമുള്ള.
അഭിവൃദ്ധി [സം.-വൃദ്ധി] നാ. 1. വളർച്ച, വലുതാകൽ, പെരുകൽ, പുരോഗതി; 2. ഐശ്വര്യം, ധനധാന്യാദികളുടെസമൃദ്ധി, വലുപ്പം. അഭിവൃദ്ധികര = അഭിവൃദ്ധിയുണ്ടാക്കുന്ന.
അഭിവ്യക്ത [സം.-വി-അക്ത<അഞ്ജ്] വി. നല്ലപോലെവ്യക്തമായ, വിശദമായ.
അഭിവ്യക്തി [സം.-വ്യക്തി] നാ. 1. സ്പഷ്ടത, തെളിവ്, സ്ഫുടത, വൈശദ്യം; 2. കാരണം കാര്യരൂപമായി പ്രകാശിക്കൽ; 3. വ്യങ്ഗ്യാർഥം, ധ്വനി.
അഭിവ്യക്തിവാദം [സം.അഭിവ്യക്തി-വാദ]നാ. (കാവ്യ.) രസപ്രതീതിയെപ്പറ്റിയുള്ള ഒരു വാദം.
അഭിവ്യക്തിവൈകല്യം [സം.-വൈകല്യ] നാ. (മന.) മാനസികവൈകല്യം മൂലം ഭാഷണത്തിൽ വരുന്ന തകരാറ്.
അഭിവ്യഞ്ജക [സം.അഭി-വി-അഞ്ജക] വി. അഭിവ്യഞ്ജിപ്പിക്കുന്ന, സ്പഷ്ടമാക്കുന്ന, പ്രകാശിപ്പിക്കുന്ന, ധ്വനിപ്പിക്കുന്ന.
അഭിവ്യഞ്ജനം [സം.-വ്യഞ്ജന] നാ. അഭിവ്യഞ്ജിപ്പിക്കൽ.

അഭിവ്യഞ്ജിക്കുക [<സം.അഭി-വി-അഞ്ജ്] ക്രി. സ്ഫുരിക്കുക, പ്രകടമാകുക.

അഭിവ്യാദാനം [സം.-വി-ആ-ദാന] നാ. 1. അക്ഷരം ലോപിച്ച് ഉച്ചരിക്കൽ; 2. ഒരേ ശബ്ദത്തിൻെറ ആവർത്തനം.

അഭിവ്യാപക [സം.-വ്യാപക] വി. വ്യാപിക്കുന്ന, ഉൾക്കൊള്ളുന്ന, ഗ്രഹിക്കുന്ന.

അഭിവ്യാപകം [സം.-വ്യാപക] നാ. (വ്യാക.) സംസ്കൃതവ്യാകരണപ്രകാരം ഒരു ആധാരവിഭാഗം.

അഭിവ്യാപ്ത [സം.-വ്യാപ്ത] വി. വ്യാപിച്ച, ഉൾക്കൊണ്ട, ചുറ്റും പരന്ന.

അഭിവ്യാപ്തി [സം.-വ്യാപ്തി] നാ. 1. സാർവത്രികമായ വ്യാപനം, പരക്കൽ, വിസ്തൃതി; 2. ഉൾക്കൊള്ളൽ.

അഭിവ്യാഹരിക്കുക [<സം.അഭി-വി-ആ-ഹൃ] ക്രി. ഉച്ചരിക്കുക, പറയുക, പ്രതിപാദിക്കുക.

അഭിശപനം [സം.-ശപന] നാ. അഭിശാപം.

അഭിശപിക്കുക [<സം.അഭി-ശപ്] ക്രി. ശപിക്കുക.

അഭിശപ്ത [സം.-ശപ്ത] വി. ശപിക്കപ്പെട്ട, ശകാരിക്കപ്പെട്ട, ദുഷിക്കപ്പെട്ട.

അഭിശംസക [സം.-ശംസക] വി. കുറ്റം ചുമത്തുന്ന.

അഭിശംസനം [സം.-ശംസന] നാ. 1. അഭിശംസിക്കൽ, ദോഷാരോപണം നടത്തൽ; 2. അപവാദം, അധിക്ഷേപം, ശകാരം.

അഭിശംസി [സം.-ശംസിൻ] വി. അറിയിക്കുന്ന. നാ. ദൂഷണം ചെയ്യുന്നവൻ, നിന്ദിക്കുന്നവൻ, അപമാനിക്കുന്നവൻ.

അഭിശംസിക്കുക [<സം.അഭി-ശംസ്] ക്രി. 1. കുറ്റപ്പെടുത്തുക, ശകാരിക്കുക; 2. അപവദിക്കുക; 3. ഇടിച്ചുപറയുക, അപകീർത്തിപ്പെടുത്തുക; 4. പ്രശംസിക്കുക.

അഭിശസ്ത [സം.-ശസ്ത] വി. 1. അഭിശംസിക്കപ്പെട്ട; 2. ഭീഷണിപ്പെടുത്തപ്പെട്ട; 3. ശപിക്കപ്പെട്ട; 4. ദുഷ്കീർത്തിയുള്ള, പാപമുള്ള.

അഭിശസ്തൻ [സം.] നാ. 1. കുറ്റം ചുമത്തപ്പെട്ടവൻ, സ്ത്രീവിഷയകമായ ദോഷാരോപണത്തിനു വിധേയനായവൻ; 2. ദുഷ്കീർത്തിയുള്ളവൻ.

അഭിശസ്താങ്കം [സം.അഭിശസ്ത-അങ്ക] നാ. അഭിശസ്തൻ (കുറ്റവാളി) ആണെന്നു കാണിക്കുന്ന അടയാളം, കുറ്റവാളിയായ ബ്രാഹ്മണൻെറ നെറ്റിയിൽ രേഖപ്പെടുത്തിയിരിക്കുന്ന അടയാളം.

അഭിശസ്താന്നം [സം-അന്ന] നാ. ദൂഷിതമായ അന്നം, ചീത്ത ആഹാരം.

അഭിശസ്തി [സം.-ശസ്തി] നാ. 1. ശാപം, പ്രാക്ക്; 2. ഉപാലംഭം, ദൂഷണം; 3. അഭ്യർഥന, നിർബന്ധമായ അപേക്ഷ; 4. കുറ്റം ചുമത്തൽ.

അഭിശാപകൻ [സം.-ശാപക] നാ. 1. വ്യാജകുറ്റാരോപണം നടത്തുന്നവൻ; 2. ശപിക്കുന്നവൻ.

അഭിശാപജ്വരം [സം.അഭിശാപ-ജ്വര] നാ. ശപം മൂലം ഉണ്ടാകുന്ന ജ്വരം.

അഭിശാപനം [സം.-ശാപന] നാ. ശപിക്കൽ.

അഭിശാപം [സം.-ശാപ] നാ. 1. ശാപം, പ്രാക്ക്; 2. ഇല്ലാത്ത ദോഷം ഉണ്ടാക്കിപ്പറയൽ.

അഭിശിരോഗ്ര [സം.-ശിര:-അഗ്ര] വി. തലകീഴായ.

അഭിശീത [സം.-ശീത] വി. തണുത്ത.

അഭിശ്രവണം [സം.-ശ്രവണ] നാ. (ശ്രാദ്ധം അനുഷ്ഠിക്കുമ്പോഴുള്ള) വേദോച്ചാരണം.
അഭിഷങ്ഗജ്വരം [സം.-സങ്ഗ-ജ്വര] നാ. കാമം ഭയം ശോകം കോപം വിഷം ഔഷധഗന്ധം ഇവ കൊണ്ടുണ്ടാകുന്ന ജ്വരം.
അഭിഷങ്ഗം [സം.-സങ്ഗ] നാ. 1. ആസക്തി, താത്പര്യം, ഉറ്റചേർച്ച; 2. പെട്ടെന്നുള്ള ആഘാതം, ഞെട്ടൽ, ദു:ഖം, ദൗർഭാഗ്യം; 3. ആവേശം, ബാധ (പിശാചുബാധപോലെ).
അഭിഷവണം [സം.-സവന] നാ. 1. പിഴിഞ്ഞെടുക്കൽ, യാഗത്തിൽ സോമലത ഇടിച്ചുപിഴിഞ്ഞു നീരെടുക്കൽ; 2. വാറ്റ്.
അഭിഷവം [സം.-സവ] നാ. 1. പിഴിഞ്ഞെടുക്കൽ; 2. വാറ്റ്; 3. പുളിച്ചകാടി; 4. മതകർമ്മങ്ങൾ നടത്തുന്നതിനുമുമ്പുള്ള കുളി; 5. സോമപാനം; 6. യാഗം; 7. അഭിഷേകം.
അഭിഷസ്തി [സം.-സസ്തി] നാ. = അഭിശസ്തി.
അഭിഷിക്ത [സം.-സിക്ത] വി. 1. അഭിഷേകം ചെയ്യപ്പെട്ട, അധികാരത്തിൽ പ്രതിഷ്ടിക്കപ്പെട്ട; 2. തളിക്കപ്പെട്ട, നനയ്ക്കപ്പെട്ട.
അഭിഷുത [സം.-സുത്] വി. അഭിഷവം ചെയ്യപ്പെട്ട, സോമരസം പിഴിഞ്ഞെടുത്ത.
അഭിഷേകം [സം.-സേക] നാ. 1. വെള്ളമോ മറ്റു ദ്രവപദാർഥങ്ങളോകൊണ്ടു നനയ്ക്കൽ; 2. പൂജയുടെ ഭാഗമായി ദേവവിഗ്രഹത്തെ വിധിപ്രകാരം കുളിപ്പിക്കൽ; 3. രാജാവായും മഠാധിപതിയായും മറ്റും സ്ഥാനമേൽക്കുമ്പോഴുള്ള ഒരു ചടങ്ങ്, ശിരസ്സിൽ വിശുദ്ധജലം ഒഴിക്കൽ; 4. അഭിഷേകത്തിനുപയോഗിക്കുന്ന വിശുദ്ധജലം; 5. മതനിയമങ്ങൾ അനുശാസിക്കുന്നപ്രകാരമുള്ള കുളി.
അഭിഷേചനം [സം.-സേചന] നാ. അഭിഷേകം.
അഭിഷേചനീയം [സം.-സേചനീയ] നാ. പട്ടാഭിഷേകത്തോടനുബന്ധിച്ചുള്ള ഒരു യാഗം.
അഭിഷേചിക്കുക [<സം.അഭി-സേവ<സിഞ്ച്] ക്രി. 1. അഭിഷേകം ചെയ്യുക; 2. ദേവവിഗ്രഹത്തെ ജലം തുടങ്ങിയവകൊണ്ടു കുളിപ്പിക്കുക.
അഭിഷേണനം [സം.-സേനന] നാ. സൈന്യസമേതം ശത്രുവിൻെറ നേർക്കു ചെല്ലൽ, പടയെടുക്കൽ.
അഭിഷേവ [സം.-സേവാ] നാ. ആരാധന, ഭക്തി, ബഹുമാനം, സേവിക്കൽ.
117
അഭിഷോതാ(വ്) [സം.-സോതൃ] നാ. സോമരസം പിഴിഞ്ഞെടുക്കുന്ന പുരോഹിതൻ.
അഭിഷ്ടവം [സം.-സ്തവ<സ്തൃ] നാ. സ്തുതി, പുകഴ്ത്തൽ.
അഭിഷ്ടുത [സം.-സ്തുത] വി. സ്തുതിക്കപ്പെട്ട.
അഭിഷ്യന്ദ [സം.-സ്യന്ദ] വി. ഒലിക്കുന്ന, തുള്ളിയായിവീഴുന്ന.
അഭിഷ്യന്ദവമനം [സം.അഭിസ്യന്ദ-വമന] നാ. ഒരു ദേശത്ത് അധികമുള്ള ജനങ്ങളെ മറ്റൊരിടത്ത് കുടിയിരുത്തുക.
അഭിഷ്യന്ദി [സം.അഭി-സ്യന്ദിൻ] വി. 1. ഒലിക്കുന്ന, ഒഴുകുന്ന; 2. ഒലിപ്പിക്കുന്ന; 3. വയറിളക്കുന്ന.
അഭിഷ്യന്ദിരമണം [സം.അഭിസ്യന്ദി-രമണ] നാ. വലിയ നഗരത്തോടു തൊട്ടുകിടക്കുന്ന ചെറിയ നഗരം, ഉപനഗരം, നഗരപ്രാന്തം.

അഭിഷ്വങ്ഗം [സം.അഭി-സ്വങ്ഗ] നാ. 1. തൊടീല്‍, ചേര്‍ച്ച; 2. ഉറ്റമൈത്രി, സ്നേഹം.
അഭിസങ്ക്രുദ്ധ [സം.-സം-ക്രുദ്ധ] വി. (ഒരാള്‍ക്ക്) എതിരേ കോപിച്ചിരിക്കുന്ന.
അഭിസങ്ക്ഷിപ്ത [സം.-സംക്ഷിപ്ത] വി. ശരീരത്തെ ചുരുക്കിയ.
അഭിസങ്ക്ഷേപം [സം.-സങ്ക്ഷേപ] നാ. ഒതുക്കല്‍.
അഭിസങ്ഗമം [സം.-സങ്ഗമ] നാ. തമ്മില്‍ കണ്ടുമുട്ടല്‍, കൂടിക്കാഴ്ച.
അഭിസങ്ഗ്രഹിക്കുക [<സം.അഭി-സം-ഗൃഹ്] ക്രി. ഒന്നിലധികം വിരലുകള്‍ ഒന്നിച്ചുപിടിച്ച് എടുക്കുക.
അഭിസഞ്ചാരി [സം.-ചാരിന്‍] നാ. നാനാദിശകളിലേക്കും സഞ്ചരിക്കുന്ന, അസ്ഥിരബുദ്ധിയായ.
അഭിസഞ്ചിന്തിക്കുക [<സം.അഭി-സം-ചിന്ത്] ക്രി. ഓര്‍മിക്കുക.
അഭിസന്ദേഹം [സം.-സന്ദേഹ] നാ. 1. പകരം കൊടുക്കല്‍, കൈമാറ്റം, വിനിമയം; 2. ജനനേന്ദ്രിയം.
അഭിസന്ധകന്‍ [സം.-സന്ധക] നാ. ചതിയന്‍, വഞ്ചകന്‍, ദോഷാരോപണം ചെയ്യുന്നവന്‍.
അഭിസന്ധാനം [സം.-സന്ധാന] നാ. 1. യോജിപ്പിക്കല്‍; 2. സഖ്യമുണ്ടാക്കല്‍; 3. ചതിക്കല്‍, ചതി; 4. സംഭാഷണം, പ്രസ്താവം; 5. ആസക്തി.
അഭിസന്ധി [സം.-സന്ധി] നാ. 1. ആഗ്രഹം, താത്പര്യം; 2. പ്രയോജനം; 3. ലക്ഷ്യം; 4. അര്‍ഥം; 5. അഭിപ്രായം; 6. ചതി; 7. സന്ധി; 8. ചേര്‍ക്കല്‍, പരസ്പരം ഘടിപ്പിക്കല്‍.
അഭിസംജ്ഞിത [സം.-സംജ്ഞിത] വി. പേരില്‍ അറിയപ്പെടുന്ന.
അഭിസംപരായം [സം.-സമ്പരായ] നാ. വരുംഫലം, ഭാവി.
അഭിസംപാതം [സം.-സമ്പാത] നാ. 1. യുദ്ധം; 2. സമ്മേളിക്കല്‍, ചേരല്‍.
അഭിസംബോധനം [സം.-സംബോധന] നാ. ശ്രദ്ധയെ ആകര്‍ഷിച്ചു വിളിക്കല്‍, നേരിട്ടുപറയല്‍, പേരുചൊല്ലി വിളിക്കല്‍.
അഭിസംയത്ത [സം.-സംയത്ത] വി. പരിപാലിക്കപ്പെടുന്ന, നിയന്ത്രിക്കപ്പെടുന്ന.
അഭിസംയോഗം [സം.-സംയോഗ] നാ. അടുത്തിടപഴകല്‍, ഗാഢബന്ധം പുലര്‍ത്തല്‍.
അഭിസംരംഭം [സം.-സംരംഭ] നാ. അത്യധികമായ കോപം.
അഭിസംവൃതം [സം.-സം-വൃത] നാ. പൊതിയപ്പെട്ടത്, മറയ്ക്കപ്പെട്ടത്.
അഭിസംശ്രയം [സം.-സംശ്രയ] നാ. ആശ്രയം.
അഭിസംസ്കാരം [സം.-സംസ്കാര] നാ. അന്തര്‍ഗതം, ആശയം.
അഭിസംസ്തവം [സം.-സംസ്തവ] നാ. പുകഴ്ത്തല്‍, പ്രശംസ.
അഭിസംസ്ഥിത [സം.-സംസ്ഥിത] വി. നില്‍ക്കുന്ന, നിന്നുകൊണ്ടുശ്രദ്ധിക്കുന്ന.
അഭിസംഹത [സം.-സംഹത] വി. ആക്രമിക്കപ്പെട്ട.
അഭിസംഹരണം [സം.-സംഹരണ] നാ. കൂടുതല്‍ കരംപിരിക്കല്‍.
അഭിസര്‍ഗം [സം.-സര്‍ഗ] നാ. സൃഷ്ടി.
അഭിസര്‍ജനം [സം.-സര്‍ജന] നാ. 1. ദാനം, സംഭാവന; 2. വധം.
അഭിസര്‍പ്പണം [സം.-സര്‍പണ] നാ. 1. (ശത്രുവെന്നനിലയില്‍) നേരിടല്‍; 2. വൃക്ഷലതാദികളില്‍ ഉള്‍നീരിന്‍െറ മേല്‍പ്പോട്ടുള്ള ഗമനം.

അഭിസരണം [സം.-സരണ<സൃ] നാ. 1. അടുത്തുപോകൽ; 2. സങ്കേതസ്ഥലത്തേക്ക് കാമുകിയുടെയോ കാമുകൻെറയോ പോക്ക്.

അഭിസരൻ [സം.-സര] നാ. അനുചരൻ, സഹായി, കൂട്ടുകാരൻ.

അഭിസരിക്കുക [<സം.അഭി-സൃ] ക്രി. 1. സമീപിക്കുക, കാണുവാൻ തേടിച്ചെല്ലുക; 2. കാമുകിയോ കാമുകനോ സങ്കേതത്തിലേക്ക് ചെല്ലുക; 3. നേരിട്ടുചെല്ലുക, അഭിമുഖമായി ചെല്ലുക.

അഭിസായം [സം.-സായം] അവ്യ. സായം കാലത്ത്, വൈകുന്നേരത്ത്.

അഭിസാരണം [സം.-സാരണ] നാ. = അഭിസരണം.

അഭിസാരൻ [സം.-സാര] നാ. 1. അഭിസരൻ; 2. തേടിച്ചെല്ലുന്നവൻ, തൻെറവകയെന്ന് അവകാശപ്പെട്ടു ചെല്ലുന്നവൻ; 3. എതിരിടുന്നവൻ, ആക്രമണകാരി.

അഭിസാരം [സം.] നാ. 1. അഭിസരിക്കൽ; 2. ഒളിസങ്കേതം; 3. ആക്രമണം, കൈയേറ്റം; 4. പടപ്പുറപ്പാട്; 5. യുദ്ധം; 6. സന്നാഹം, ഒരുക്കം; 7. മത്സ്യം.

അഭിസാരി [സം.-സാരിൻ] നാ. 1. സങ്കേതസ്ഥാനത്തേക്കു ചെല്ലുന്നവൻ; 2. സഹായി, അനുചരൻ. (സ്ത്രീ.) അഭിസാരിണി, അഭിസാരിക.

അഭിസാരിക,-രിണി [സം.-സാരികാ,-സാരിണീ] നാ. കാമുകനെ അന്വേഷിച്ച് സങ്കേതസ്ഥാനത്തു ചെല്ലുന്നവൾ, വേശ്യ.

അഭിസൃതം [സം.-സൃത] നാ. നേർക്കുള്ള ഓട്ടം, അശ്വയുദ്ധമുറകളിൽ ഒന്ന്.

അഭിസ്യന്ദം [സം.] നാ. 1. ഒഴുക്ക്, ചേരൽ, ഊറിവീഴൽ; 2. വയറിളക്കം; 3. ഒരു നേത്രരോഗം.

അഭിഹതി [സം.-ഹതി] നാ. 1. അടി, പ്രഹരം; 2. (ഗണിത) ഗുണനം.

അഭിഹനനം [സം.-ഹനന] നാ. 1. കൊല; 2. നശിപ്പിക്കൽ; 3. ഉപദ്രവിക്കൽ.

അഭിഹനിക്കുക [<സം.അഭി-ഹന്] ക്രി. 1. അടിക്കുക, ഉപദ്രവിക്കുക; 2. എതിർത്ത് യുദ്ധം ചെയ്യുക, ആക്രമിക്കുക.

അഭിഹർത്താവ് [സം.-ഹർതൃ] നാ. 1. ബലാത്കാരേണ എടുത്തുകൊണ്ടുപോകുന്നവൻ, പിടിച്ചുപറിക്കാരൻ; 2. മോഷ്ടാവ്.

അഭിഹരണം [സം.-ഹരണ] നാ. 1. അടുക്കലേക്കു കൊണ്ടുപോകൽ; 2. അപഹരണം, തട്ടിക്കൊണ്ടുപോകൽ.

അഭിഹവം [സം.-ഹവ<ഹു] നാ. 1. ആഹ്വാനം, അടുക്കലേക്കുവിളിക്കൽ; 2. മന്ത്രോച്ചരണത്തോടുകൂടിയുള്ള ഹോമം; 3. നിവേദ്യം.

അഭിഹാരം [സം.-ഹാര<ഹൃ] നാ. 1. അഭിഹരണം; 2. ആക്രമണം; 3. ആയുധധാരണം.

അഭിഹാസം [സം.-ഹാസ<ഹസ്] നാ. ഉല്ലാസം, വിനോദം.

അഭിഹിത [സം.-ഹിത] വി. 1. അഭിധാനം ചെയ്യപ്പെട്ട, പേർവിളിക്കപ്പെട്ട; 2. പറയപ്പെട്ട, പ്രസ്താവിക്കപ്പെട്ട; 3. അടിക്കപ്പെട്ട്റ്റ; 4. (ഗണിത) ഗുണിക്കപ്പെട്ട.

അഭിഹിതം [സം.] നാ. പറയപ്പെട്ട്റ്റത്, പേര്, വാക്ക്.

അഭിഹിതസന്ധി [സം.അഭിഹിത-സന്ധി] നാ. വാക്കാൽ ചെയ്യപ്പെടുന്ന സന്ധി.

അഭിഹിതാന്വയവാദം [സം.-അന്വയവാദ] നാ. ഓരോവാക്കിൻെറയും വാക്യാർഥമന്വയിചാണ് അഭിധാർഥമുണ്ടാകുന്നതെന്ന വാദം.

അഭിഹുതി [സം.-ഹുതി] നാ. 1. അടുക്കലേക്ക് വിളിക്കൽ; 2. ഉപാസന, ആരാധന.

അഭീ [സം.അ-ഭീ] വി. ഭീതിയില്ലാത്ത.

അഭീ– [സം.] ചില പദങ്ങൾക്കുമുമ്പിൽ 'അഭി' എന്ന ഉപസർഗം കൈക്കൊള്ളുന്ന രൂപം.
അഭീക [സം.അ–ഭീക] വി. 1. ഭയമില്ലാത്ത; 2. കാമമുള്ള (അഭിക).
അഭീകൻ [സം.] നാ. 1. കാമുകൻ, ഭർത്താവ്; 2. കവി; 3. യജമാനൻ; 4. ക്രൂരൻ.
അഭീക്ഷ്ണ [സം.] വി. 1. കൂടെക്കൂടെയുള്ള, ആവർത്തിച്ചുള്ള, നിരന്തരമായ; 2. അത്യധികമായുള്ള.
അഭീക്ഷ്ണം [സം.] അവ്യ. 1. കൂടെക്കൂടെ, വീണ്ടുംവീണ്ടും; 2. ആവർത്തിച്ച്, നിരന്തരമായി; 3. അത്യധികം; 4. വേഗത്തിൽ.
അഭീജ്യൻ [സം.അഭി–ഇജ്യ] നാ. യാഗംകൊണ്ട് പൂജിക്കപ്പെടുന്നവൻ, ദേവൻ.
അഭീത [സം.അ–ഭീത] വി. പേടിയില്ലാത്ത.
അഭീതി [സം.–ഭീതി] നാ. 1. ഭയമില്ലായ്മ; 2. അഭയമുദ്ര.
അഭീപ്സമാന [സം.അഭി–ഈപ്സമാന] വി. അഭീപ്സയുള്ള, ആഗ്രഹമുള്ള.
അഭീപ്സിത [സം.–ഈപ്സിത] വി. ആഗ്രഹിച്ച.
അഭീപ്സിതൻ [സം.] നാ. കാമുകൻ.
അഭീപ്സിതം [സം.] നാ. അഭിലാഷം, ആഗ്രഹം.
അഭീമ [സം.അ–ഭീമ] വി. 1. ഭയാനകമല്ലാത്ത; 2. ഭീമാകാരമല്ലാത്ത.
അഭീമൻ [സം.] നാ. വിഷ്ണു.
അഭീര [സം.] നാ. 1. കുമിൾ; 2. ഇടയസ്ത്രീ. അഭീരപല്ലി = ഇടയക്കുട്ടി.
അഭീരണം [സം.അഭി–ഈരണ] നാ. = അഭിപ്രേരണം.
അഭീരണി [സം.അഭീരണീ] നാ. ഒരിനം സർപ്പം.
അഭീരൻ [സം.] നാ. = ആഭീരൻ.
അഭീരു [സം.അ–ഭീരു] നാ. 1. ഭയമില്ലാത്തവൻ; 2. ശിവൻ; 3. ശതാവരി.
അഭീരുണ [സം.–ഭീരുണ] വി. 1. ഭയങ്കരമല്ലാത്ത; 2. ഭയം ഇല്ലാത്ത; 3. ഉപദ്രവം ചെയ്യുന്ന.
അഭീരുണം [സം.] അവ്യ. മുമ്പിൽ, സമക്ഷം.
അഭീരുപത്രി,–പർണി [സം.അഭീരു–പത്രി,–പർണീ] നാ. ശതാവരി.
അഭീലാപം [സം.] നാ. സല്ലാപം, സംഭാഷണം.
അഭീലു [സം.] നാ. = അഭീരു.
അഭീവർഗം [സം.അഭീ–വർഗ] നാ. ചുറ്റ്, പരിധി, മണ്ഡലം.
അഭീവർത്തം [സം.–വർത] നാ. 1. വിജയം നൽകുന്നത്; 2. ബ്രഹ്മാവിനോട് ഋത്വിക്കു ചൊല്ലുന്ന സാമം; 3. ശത്രുവിനെ എതിരിടുമ്പോൾ ജപിക്കുന്ന ഒരു ഋക്ക്; 4. ഒരുതരം ഹോമം; 5. സംവത്സരം.
അഭീവൃത [സം.–വൃത] വി. ആവരണം ചെയ്യപ്പെട്ട, മൂടപ്പെട്ട.
അഭീശാപം [സം.–ശാപ] നാ. = അഭിശാപം.
അഭീശു [സം.അഭി–അശ്–ഉന്] നാ. 'അഭിഗമിപ്പിക്കുന്നത്'. 1. കടിഞ്ഞാൺ; 2. രശ്മി; 3. കൈയ്; 4. കൈവിരൽ.
അഭീഷങ്ഗം [സം.അഭീ–സങ്ഗ] നാ. = അഭിസങ്ഗം.
അഭീഷ്ട1 [സം.അഭി–ഇഷ്ട] വി. 1. ആഗ്രഹിച്ച; 2. ഇഷ്ടപ്പെട്ട, സ്നേഹമുള്ള; 3. ഇഷ്ടാനുസരണമുള്ള, ഐച്ഛികമായ.

അഭീഷ്ട2 [സം.-ഇഷ്ടാ] നാ. 1. പ്രിയതമ, വല്ലഭ; 2. വെറ്റില.
അഭീഷ്ടദ [സം.അഭീഷ്ട-ദ] വി. അഭീഷ്ടത്തെ ദാനം ചെയ്യുന്ന, ആഗ്രഹം സാധിച്ചുകൊടുക്കുന്ന.
അഭീഷ്ടം [സം.] നാ. 1. ഇഷ്ടപ്പെട്ടത്; 2. മയിലെള്ള്.
അഭീസാരം [സം.അഭീ-സാര] നാ. = അഭിസാരം.
അഭുക്ത [സം.അ-ഭുക്ത] വി. ഭുജിക്കപ്പെടാത്ത, അനുഭവിക്കാത്ത, ഉപഭോഗവിഷയമായിട്ടില്ലാത്ത.
അഭുഗ്ന [സം.-ഭുഗ്ന] വി. 1. വളവില്ലാത്ത, വക്രതയുള്ള; 2. രോഗമില്ലാത്ത.
അഭുജ [സം.-ഭുജ] വി. ഭുജമില്ലാത്ത.
അഭു(വ്) [സം.-ഭൂ] നാ. ജനനമില്ലാത്തവൻ, വിഷ്ണു.
അഭൂത [സം.-ഭൂത] വി. 1. ഭവിക്കാത്ത, ഉണ്ടാകാത്ത; 2. സംഭവിക്കാത്ത; 3. ഭൂതമല്ലാത്ത, കഴിഞ്ഞതല്ലാത്ത; 4. പഞ്ചഭൂതമല്ലാത്ത.
അഭൂതചര [സം.-ഭൂതചര] വി. മുമ്പ് ഉണ്ടായിട്ടില്ലാത്ത.
അഭൂതപൂർവ [സം.-പൂർവ] വി. പണ്ടില്ലാത്ത, മുമ്പ് സംഭവിച്ചിട്ടില്ലാത്ത.
അഭൂതാത്മക [സം.-ആത്മക] വി. പഞ്ചഭൂതങ്ങളോടു ബന്ധമില്ലാത്ത.
അഭൂതാഹരണം [സം.അഭൂത-ആഹരണ] നാ. 1. ഇല്ലാത്തതിനെ കെട്ടിച്ചമച്ചു പറയൽ, വ്യാജപ്രസ്താവം; 2. നാടകത്തിൽ ഗർഭസന്ധിയുടെ അങ്ഗങ്ങളിൽ ഒന്ന്.
അഭൂതി [സം.-ഭൂതി] നാ. 1. അഭാവം, ഇല്ലായ്മ; 2. ഐശ്വര്യമില്ലായ്മ, ദാരിദ്ര്യം.
അഭൂമി [സം.-ഭൂമി] നാ. 1. ഭൂമിയില്ലാത്തത്; 2. അനുചിതസ്ഥാനം; 3. അവിഷയം, അപ്രാപ്യസ്ഥാനം.
അഭൂരി [സം.-ഭൂരി] വി. അധികമില്ലാത്ത, കുറച്ചുമാത്രമുള്ള.
അഭൃത [സം.-ഭൃത] വി. 1. ഭൃതി (ശമ്പളം) കൊടുക്കപ്പെടാത്ത, കൂലിക്കല്ലാത്ത, കൂലികൊടുക്കാത്ത; 2. ഭരിക്കപ്പെടാത്ത, പിൻവാങ്ങാത്ത, ഊന്നുകൊടുത്തിട്ടില്ലാത്ത.
119
അഭൃശ [സം.-ഭൃശ] വി. വളരെയില്ലാത്ത, കുറച്ച്.
അഭേദ [സം.-ഭേദ] വി. വ്യത്യാസമില്ലാത്ത, തുല്യമായ.
അഭേദം [സം.] നാ. വ്യത്യാസമില്ലായ്മ, തുല്യത, സാമ്യം.
അഭേദകല്പന [സം.അഭേദ-കല്പനാ] നാ. രണ്ടും ഒന്നാണെന്ന സങ്കല്പം.
അഭേദവാദി [സം.-വാദിൻ] നാ. അദ്വൈതവാദി.
അഭേദി [സം.അ-ഭേദിൻ] വി. ഭേദിക്കാത്ത, ഉടയ്ക്കാത്ത.
അഭേദ്യ [സം.-ഭേദ്യ] വി. 1. ഭേദിക്കത്തക്കതല്ലാത്ത, പൊട്ടിക്കാനാകാത്ത; 2. വിഭജിക്കാനാകാത്ത; 3. ഉള്ളിലേക്ക് കടക്കാനാകാത്ത, തുളച്ചുകയറത്തക്കതല്ലാത്ത.
അഭേദ്യം [സം.] നാ. ഭേദിക്കാൻ കഴിയാത്തത്, വജ്രം.
അഭോക്താവ് [സം.-ഭോക്തൃ] നാ. ഭുജിക്കാത്തവൻ, അനുഭവിക്കാത്തവൻ.
അഭോഗം [സം.-ഭോഗ] നാ. സുഖാനുഭവമില്ലായ്മ.
അഭോജനം [സം.-ഭോജന] നാ. ആഹാരം കഴിക്കായ്ക, ഉപവാസം.
അഭോജ്യ [സം.-ഭോജ്യ] വി. ഭുജിക്കത്തക്കതല്ലാത്ത, ഭക്ഷിക്കരുതാത്ത.
അഭൗതിക [സം.-ഭൗതിക] വി. 1. പഞ്ചഭൂതാത്മകമല്ലാത്ത; 2. ഭൗതികമല്ലാത്ത, ആധ്യാത്മികമായ.

അഭ്യക്ത [സം.അഭി-അക്ത] വി. 1. അഭ്യഞ്ജനം ചെയ്യപ്പെട്ട, (എണ്ണ, സുഗന്ധദ്രവ്യം മുതലായവയാൽ) പൂശപ്പെട്ട; 2. അലങ്കരിക്കപ്പെട്ട, വിതാനിക്കപ്പെട്ട.

അഭ്യക്തി [സം.-അക്തി] നാ. അഭ്യഞ്ജനം, എണ്ണതേപ്പ്.

അഭ്യഗ്രം [സം.-അഗ്ര] നാ. സാമീപ്യം, അടുപ്പം.

അഭ്യങ്ഗം [സം.-അങ്ഗ] നാ. 1. എണ്ണ; 2. (എണ്ണ തുടങ്ങിയ ലേപനദ്രവ്യങ്ങൾ) ശരീരത്തിൽ പുരട്ടൽ. അഭ്യങ്ഗസ്നാനം = തേച്ചുകുളി.

അഭ്യഞ്ജനം [സം.-അഞ്ജന] നാ. 1. എണ്ണതേപ്പ്, കുഴമ്പു പുരട്ടൽ; 2. കണ്ണിൽ അഞ്ജനം എഴുതൽ; 3. സ്നേഹദ്രവ്യം, കുറിക്കൂട്ട്.

അഭ്യതീത [സം.-അതീത] വി. കഴിഞ്ഞുപോയ.

അഭ്യധിക [സം.-അധിക]വി. 1. വളരെ കൂടുതലായ; 2. വർധിച്ചഗുണമുള്ള, ഉയർന്ന, ശ്രേഷ്ഠമായ.

അഭ്യധിഗമനം [സം.-അധിഗമന] നാ. അഭിമുഖമായിചെല്ലൽ, വരുന്നവരെപ്പറ്റി അറിയാൻ തിടുക്കത്തിൽ പോക്ക്.

അഭ്യധ്വം [സം.-അധ്വം] അവ്യ. വഴിയിലേക്ക്, വഴിയിലൂടെ.

അഭ്യനുജ്ഞ [സം.-അനുജ്ഞാ] നാ. 1. സമ്മതം, അങ്ഗീകാരം, അനുമതി, കല്പന; 2. അവധിക്കോ യാത്രയ്ക്കോ ഉള്ള അനുവാദം; 3. വാദഗതി അനുവദിച്ചുകൊടുക്കൽ.

അഭ്യനുജ്ഞാത [സം.-അനുജ്ഞാത] വി. 1. സമ്മതിക്കപ്പെട്ട, അങ്ഗീകരിക്കപ്പെട്ട, അനുവദിച്ച; 2. അവധിക്കോ യാത്രയ്ക്കോ അനുവദിക്കപ്പെട്ട.

അഭ്യനുജ്ഞാനം [സം.-അനുജ്ഞാന] നാ. = അഭ്യനുജ്ഞ.

അഭ്യന്തര [സം.-അന്തര] വി. 1. അന്തർഭാഗത്തുള്ള; 2. ഏറ്റവും അടുത്തുള്ള, ഉറ്റസ്നേഹമുള്ള.

അഭ്യന്തരകൻ [സം.-അന്തരക] നാ. ഉറ്റസ്നേഹിതൻ.

അഭ്യന്തരകരണം [സം.-അന്തരകരണ] നാ. അന്തഃകരണം.

അഭ്യന്തരകല [സം.അഭ്യന്തര-കലാ] നാ. രഹസ്യകല, ശൃങ്ഗാരകല.

അഭ്യന്തരകുംഭകം [സം.-കുംഭക] നാ. (യോഗ) ശ്വാസകോശത്തിൽ വായു നിറച്ചിട്ട് കുറേനേരത്തേക്കു വിടാതെ പിടിച്ചുനിറുത്തുന്നത്, അന്തഃകുംഭകം.

അഭ്യന്തരകോണം [സം.-കോണ] നാ. ഉൾക്കോണം, അകത്തെകോൺ.

അഭ്യന്തര [സം.] നാ. 1. അകം, ഉൾഭാഗം; 2. ഇട, രണ്ടുവസ്തുക്കളുടെ ഇടയ്ക്കുള്ള സ്ഥലം; 3. ഉള്ള്, മനസ്സ്.

അഭ്യന്തരശൗപം [സം.അഭ്യന്തര-ശൗപ] നാ. ആഭ്യന്തര ശുദ്ധി, പ്രാണായാമാദികൾകൊണ്ടു ശുദ്ധിവരുത്തൽ.

അഭ്യന്തരീകരിക്കുക [<സം.അഭ്യന്തരി-കൃ] ക്രി. 1. ഉൾക്കൊള്ളിക്കുക, അകത്തേക്കു കടത്തുക; 2. അന്തരങ്ഗസുഹൃത്താക്കുക, ഉറ്റമിത്രമാക്കുക.

അഭ്യമനം [സം.-അമന] നാ. 1. പീഡനം, അക്രമം, കൈയേറ്റം; 2. വ്യാധി.

അഭ്യമിത [സം.-അമിത] വി. 1. അഭ്യമനം ഉണ്ടായ, രോഗം പിടിപെട്ട; 2. ഉപദ്രവം ഏറ്റ, ക്ഷതമേറ്റ.

അഭ്യമിതം [സം.] നാ. രോഗം, കഷ്ടത.

അഭ്യമിത്രം [സം.-അമിത്ര]അവ്യ. ശത്രുവിനുനേരെ. നാ. ശത്രുവിനെ ആക്രമിക്കൽ.

അഭ്യമിത്രീണൻ [സം.-അമിത്രീണ] നാ. ശത്രുവിനെ സുധീരം നേരിടുന്ന യോദ്ധാവ്.

അഭ്യയം [സം.-അയ<ഇ] നാ. 1. സമീപിക്കൽ, എത്തിച്ചേരൽ; 2. സൂര്യാസ്തമയം.
അഭ്യർച്ച [സം.-അർച<അർച്] നാ. പൂജ, ആരാധന.
അഭ്യർച്ചനീയ [സം.-അർചനീയ] വി. പൂജിക്കത്തക്ക, ആരാധനീയ.
അഭ്യർച്ചിത [സം.-അർചിത] വി. പൂജിക്കപ്പെട്ട, ആരാധിക്കപ്പെട്ട.
അഭ്യർച്യ [സം.-അർച്യ] വി. അഭ്യർച്ചനീയ.
അഭ്യർച്യമാന [സം.-അർച്യമാന] വി. അർച്ചിക്കപ്പെടുന്ന.
അഭ്യർണത [സം.അഭി-അർണതാ] നാ. സാമീപ്യം.
അഭ്യർണം1 [സം.-അർണം] അവ്യ. 'അഭിഗമിക്കപ്പെടുന്ന'. അടുത്തുള്ള, സമീപത്തുള്ള, തൊട്ടടുത്തുനിൽക്കുന്ന.
അഭ്യർണം2 [സം.] നാ. സാമീപ്യം, സമീപസ്ഥലം, അടുക്കൽ.
അഭ്യർഥന,-നം [സം.-അർഥനാ,-ന] നാ. അപേക്ഷ, പ്രാർഥന.
അഭ്യർഥനീയ [സം.-അർഥനീയ] വി. അഭ്യർഥിക്കുവാൻ അർഹതയുള്ള.
അഭ്യർഥി [സം.-അർഥിൻ] നാ. അപേക്ഷകൻ.
അഭ്യർഥിക്കുക [<സം.അഭി-അർഥ്] ക്രി. അപേക്ഷിക്കുക, എന്തെങ്കിലും കിട്ടാനുവേണ്ടി താഴ്മയോടെ ചോദിക്കുക.
അഭ്യർഥിത [സം.-അർഥിത] വി. അഭ്യർഥിക്കപ്പെട്ട, കിഴിഞ്ഞ് ആവശ്യപ്പെട്ട.
അഭ്യർഥ്യ [സം.-അർഥ്യ] വി. = അഭ്യർഥനീയ.
അഭ്യർദനം [സം.-അർദന] നാ. പീഡനം, ദണ്ഡനം, കഷ്ടപ്പെടുത്തൽ.
അഭ്യർധം [സം.-അർധ] നാ. അടുപ്പം, സാമീപ്യം.
അഭർഹണം [സം.-അർഹണാ,-ണ] നാ. 1. ആരാധന, പൂജ; 2. ബഹുമാനം, ആദരം, ഭക്തി.
അഭ്യർഹണീയ [സം.-അർഹണീയ] വി. ബഹുമാനിക്കത്തക്ക, ആരാധിക്കത്തക്ക.
അഭ്യർഹൻ [അം.-അർഹ] നാ. അർഹതയുള്ളവൻ, പൂജ്യൻ, ശ്രേഷ്ഠൻ.
അഭ്യർഹിത [സം.-അർഹിത] വി. 1. ബഹുമാനിക്കത്തക്ക, മാന്യതയുള്ള; 2. ഉചിതമായ, യോഗ്യമായ, ചേർച്ചയുള്ള.
അഭ്യവകർഷണം [സം.-കർഷണ] നാ. പുറത്തേക്കു വലിച്ചെടുക്കൽ.
അഭ്യവകരണം [സം.-അവകരണ] നാ. 1. പുറത്തേക്കു കളയൽ; 2. മുകളിൽ ഒഴിക്കൽ, മൂടിവയ്ക്കൽ.
അഭ്യവകാശം [സം.-അവകാശ] നാ. തുറസ്സായ സ്ഥലം.
അഭ്യവപത്തി [സം.-അവപത്തി] നാ. 1. മുമ്പിൽ ചെല്ലൽ, സമീപിക്കൽ, വിധേയത്വം കാണിക്കൽ; 2. വണക്കം, വിധേയത്വം, ആദരവ്; 3. ആപത്തിൽ സഹായിക്കൽ, രക്ഷിക്കൽ.
അഭ്യവപതിക്കുക [<സം.അഭി-അവ-പത്] ക്രി. 1. (രക്ഷയ്ക്കായി) സമീപിക്കുക, അടുക്കുക; 2. രക്ഷിക്കുക.
അഭ്യവമർദം [സം.-അവമർദ] നാ. യുദ്ധം, ആക്രമണം, സങ്ഘർഷം, അഭിമർദം.
അഭ്യവസ്കന്ദനം [സം.-അവസ്കന്ദന] നാ. = അഭ്യവസ്കന്ദം.
അഭ്യവസ്കന്ദം [സം.-അവസ്കന്ദ] നാ. 1. ആക്രമണം, ബാരയോഗം; 2. ശത്രുവിനെ നിർവീര്യമാക്കൽ.

അഭ്യവഹരണം [സം.-അവഹരണ] നാ. 1. ദൂരത്തേക്കോ താഴത്തേക്കോ എറിയൽ; 2. ആഹാരം കഴിക്കൽ, ഊണ്.
അഭ്യവഹരിക്കുക [<സം.അഭി-അവ-ഹൃ] ക്രി. 1. എറിയുക, ചാണ്ടുക; 2. ശേഖരിക്കുക; 3. ആഹാരം കഴിക്കുക.
അഭ്യവഹാരം [സം.-അവഹാര] നാ. ഊണുകഴിക്കൽ, ഭക്ഷിക്കൽ.
അഭ്യവഹാര്യ [സം.-അവഹാര്യ] വി. ഭക്ഷിക്കത്തക്ക.
അഭ്യവഹാര്യം [സം.] നാ. ഭക്ഷണം, ഭക്ഷണസാധനം.
അഭ്യവഹിത [അം.-അവ-ഹിത] വി. വയ്ക്കപ്പെട്ട, ഒതുക്കിയ. (പൊടി എന്നപോലെ).
അഭ്യവഹൃത [സം.-അവ-ഹൃത] വി. ഭക്ഷിക്കപ്പെട്ട..
അഭ്യശനം [സം.-അശന<അശ്] നാ. 1. വ്യാപനം; 2. പ്രാപിക്കൽ; 3. നേടൽ.
അഭ്യസനം [അം.-അസന] നാ. അഭ്യസിക്കൽ, പഠനം, (ആവർത്തിച്ചുള്ള) പരിശീലനം.
അഭ്യസിക്കുക [<സം.അഭി-അസ്] ക്രി. ഒരു വിദ്യ വശപ്പെടുത്താൻ തുടർന്നു യത്നിക്കുക, പരിശീലിക്കുക, പഠിക്കുക.
അഭ്യസൂയ [സം.-അസൂയാ] നാ. 1. അസൂയ; 2. അപ്രീതി, കോപം.
അഭ്യസൂയക [സം.-അസൂയക] വി. 1. അസൂയയുള്ള; 2. അപവാദം പറയുന്ന.
അഭ്യസ്ത [സം.-അസ്ത] വി. 1. അഭ്യസിക്കപ്പെട്ട, പരിശീലിച്ച; 2. (ഗണിത.) ഗുണിച്ച; 3. (സം.വ്യാക.) ഇരട്ടിപ്പുള്ള. അഭ്യസ്തം = ഇരട്ടിച്ചരൂപം.
അഭ്യസ്തവിദ്യ1 [സം.അഭ്യസ്ത-വിദ്യ] വി. വിദ്യ അഭ്യസിച്ച, വിദ്യാഭ്യാസം സിദ്ധിച്ച.
അഭ്യസ്തവിദ്യ2 [അം.-വിദ്യാ] നാ. വിദ്യാഭ്യാസം സിദ്ധിച്ചവൾ.
അഭ്യസ്തവിദ്യൻ [അം.-വിദ്യ] നാ. വിദ്യാഭ്യാസം സിദ്ധിച്ചവൻ.
അഭ്യാകർഷണം [സം.-ആകർഷണ] നാ. വലിച്ചിഴയ്ക്കൽ (മല്ലയുദ്ധത്തിൽ എതിരാളിയെ എന്ന പോലെ).
അഭ്യാകർഷം [സം.-ആകർഷ] നാ. പോർവിളിയിൽ ഗുസ്തിക്കാർ കൈത്തലംകൊണ്ടു മാറിലോ തുടയിലോ അടിക്കൽ, മപ്പടിക്കൽ.
അഭ്യാകാങ്ക്ഷിതം [സം.-ആകാങ്ക്ഷിത] നാ. 1. കളവായി കുറ്റം ചുമത്തൽ, വ്യാജഹർജി; 2. ആഗ്രഹം.
അഭ്യാഖ്യാത [സം.-ആഖ്യാത] വി. വൃഥാരോപണംചെയ്യപ്പെട്ട, അപവദിക്കപ്പെട്ട.
അഭ്യാഖ്യാനം [സം.-ആഖ്യാന] നാ. അഭിഖ്യാനം, വ്യാജമായ കുറ്റാരോപണം, വൃഥാപവാദം.
അഭ്യാഗത [സം.-ആഗത] വി. 1. അടുത്തുവന്ന, സമീപിച്ച, വന്നുചേർന്ന; 2. അതിഥിയായി വന്നുചേർന്ന.
അഭ്യാഗതി [സം.-ആഗതി] നാ. വരവ്, അടുത്തുവന്നുചേരൽ.
അഭ്യാഗമനം [സം.-ആഗമന] നാ. = അഭ്യാഗതി.
അഭ്യാഗമം [സം.-ആ-ഗമ] നാ. 1. വന്നുചേരൽ, സന്ദർശനം; 2. നേരിട്ടെതിർക്കൽ, ആക്രമണം, യുദ്ധം; 3. അടുപ്പം; 4. വിരോധം, ശത്രുത; 5. എതിരേൽപ്പ്, സ്വാഗതംചെയ്യൽ.
അഭ്യാഗമിക്കുക [<സം.അഭി-ആ-ഗം] ക്രി. വന്നുചേരുക, അഥിതിയായിവരിക.

അഭ്യാഗാരികൻ [സം.-ആഗാരിക] നാ. 1. എപ്പോഴും ഗൃഹഭരണത്തിൽ ഏർപ്പെട്ടിരിക്കുന്നവൻ, കുടുംബസംരക്ഷണത്തിൽ വ്യാപൃതൻ; 2. വീട്ടിനുള്ളിൽ പെരുമാറുന്ന ഭൃത്യൻ.
അഭ്യാഘാതം [സം.-ആഘാത] നാ. ആക്രമണം, കൈയേറ്റം.
അഭ്യാഘാത് [സം.-ഘാതിൻ] നാ. ഏറ്റുമുട്ടുന്നവൻ, പ്രഹരിക്കുന്നവൻ.
അഭ്യാചരിക്കുക [<സം.അഭി-ആ-ചര്] ക്രി. 1. സമീപിക്കുക, നേരേചെല്ലുക; 2. പരിശീലിക്കുക, ചെയ്യുക.
അഭ്യാതാനം [സം.-ആതാന] നാ. വ്യാപിക്കൽ, വ്യാപനം, പരക്കൽ.
അഭ്യാത്ത [സം.-ആത്ത] വി. 1. ലഭിച്ച, സിദ്ധിച്ച; 2. വ്യാപിച്ച, സർവവ്യാപിയായ.
അഭ്യാത്മ [അം.-ആത്മ] വി. ആത്മാവിനെ ഉദ്ദേശിച്ചുള്ള, തന്നെ സംബന്ധിച്ച, തൻെറതന്നെ നേർക്കുള്ള.
അഭ്യാദാനം [സം.-ആദാന] നാ. 1. ആരംഭിക്കൽ, തുടക്കം; 2. സ്വീകരിക്കൽ, ആദാനം ചെയ്യൽ.
അഭ്യാധാനം [സം.-ആധാന] നാ. മെൽക്കുമേൽ വയ്ക്കൽ, അട്ടിയടുക്കൽ.
അഭ്യാപാത [സം.-ആപാത] നാ. വിപത്ത്, ദൗർഭാഗ്യം.
അഭ്യാരൂഢ [സം.-ആരൂഢ] വി. 1. കയറിയ; 2. അതിശയിച്ച, കവിഞ്ഞ, വർധിച്ച.
അഭ്യാരോഹം [സം.-ആരോഹ] നാ. 1. കയറൽ, ഉയരൽ, ഉയർച്ച (സ്ഥാനത്തിലോ, പദവിയിലോ); 2. അഭിവൃദ്ധി; 3. ജപധ്യാനങ്ങളാൽ സിദ്ധിക്കുന്ന സമുത്കർഷം.
അഭ്യാവർത്തം [സം.-ആവർത] നാ. 1. ആവർത്തനം; 2. ശ്ലോകങ്ങൾ ആവർത്തിച്ചുചൊല്ലുന്ന ഒരു സ്തോത്രം.
അഭ്യാവർത്തി [സം.-ആവർതിൻ] നാ. 1. ആവർത്തിക്കുന്നത്; 2. അഗ്നിയെ ആവാഹിക്കുന്നതിനുള്ള മന്ത്രം.
അഭ്യാവൃത്തി [സം.-ആവൃത്തി] നാ. അഭ്യാവർത്തനം.
121
അഭ്യാശ [സം.-ആശ] വി. അടുത്ത, സമീപത്തുള്ള.
അഭ്യാശം1 [സം.] നാ. 1. സമീപം; 2. വ്യാപനം; 3. പ്രത്യാശ, പരിണതഫലം.
അഭ്യാശം2 [സം.-ആശം] അവ്യ. സമീപത്ത്, അയൽവക്കത്ത്.
അഭ്യാസം [സം.-ആസ] നാ. 1. ഒരുവിദ്യ പഠിക്കുവാൻ തുടർന്നുള്ള പരിശീലനം, പഠനം; 2. ആയുധപരിശീലനം, യുദ്ധപരിശീലനം; 3. കച്ചകെട്ടിനടത്തുന്ന ചാട്ടം. മറിച്ചിൽ മുതലായ കായികവിദ്യകൾ; 4. പല്ലവി പാടൽ; ഒരേവിഷയത്തിൽത്തന്നെ മനസ്സിനെ ഉറപ്പിച്ചു നിറുത്തൽ, ഏകാഗ്രത; 6. ശീലം, പതിവ്, വഴക്കം, പരിചയം; 7. (സം.വ്യാക.) ഇരട്ടിച്ചധാതുവിൻെറ ആദ്യഭാഗം; 8. (ഗണിത.) ഗുണനക്രിയ; 9. (പാഠ്യപദ്ധതിയിൽ) ആവർത്തിച്ചു പഠിക്കാനായി നിർദേശിച്ചിരിക്കുന്ന ഭാഗം; 10. തന്ത്രം, ഉപായം, വിദ്യ; 11. സാമർഥ്യം; 12. സാമീപ്യം, അയൽപക്കം.
അഭ്യാസാദനം [സം.-ആ-സാദന] നാ. (ശത്രുവിനെ) ആക്രമിക്കൽ, പതിയിരുന്ന് ആക്രമിക്കൽ.
അഭ്യാസി [സം.-ആസിൻ] നാ. 1. അഭ്യസിക്കുന്നവൻ, വിദ്യാർഥി; 2. അഭ്യാസബലമുള്ളവൻ; 3. കായികാഭ്യാസങ്ങളിൽ സാമർഥ്യമുള്ളവൻ.

അഭ്യാഹത [സം.-ആഹത] വി. 1. അടിക്കപ്പെട്ട; 2. പീഡിപ്പിക്കപ്പെട്ട; 3. തടയപ്പെട്ട, മുടക്കപ്പെട്ട.
അഭ്യാഹനനം [സം.-ആഹനന] നാ. 1. താഡനം, അടി; 2. കൊല; 3. പീഡനം, ഉപദ്രവിക്കൽ; 4. തടയൽ, നിരോധനം.
അഭ്യാഹരിക്കുക [<സം.അഭി-ആ-ഹൃ] ക്രി. 1. അടുക്കലേക്കു കൊണ്ടുവരിക; 2. കൊടുക്കുക; 3. തട്ടിക്കൊണ്ടുപോകുക; 4. മോഷ്ടിക്കുക, കൊള്ളയടിക്കുക.
അഭ്യാഹാരം [സം.] നാ. 1. അടുത്തു കൊണ്ടുപോകൽ; 2. തട്ടിക്കൊണ്ടുപോകൽ, മോഷണം.
അഭ്യാഹിത [സ്ം.-ആഹിത] വി. 1. താഴത്തുവയ്ക്കപ്പെട്ട; 2. മേലേവയ്ക്കപ്പെട്ട; 3. കൊടുക്കപ്പെട്ട.
അഭ്യാഹൃത [സം.-ആഹൃത] വി. 1. അടുപ്പിച്ച, അടുത്തു കൊണ്ടുവരപ്പെട്ട; 2. അഭ്യാഹരിക്കപ്പെട്ട, അപഹരിക്കപ്പെട്ട.
അഭ്യുക്ത [സം.-ഉക്ത] വി. പരാമർശിക്കപ്പെട്ട, ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ചു പറയപ്പെട്ട.
അഭ്യുക്ഷണം [സം.-ഉക്ഷണ] നാ. 1. (വെള്ളമോ മറ്റോ) മീതേതളിക്കൽ, കുടയൽ, നനയ്ക്കൽ, വെള്ളം തെറിപ്പിക്കൽ; 2. പുണ്യാഹം തളിക്കൽ.
അഭ്യുചിത [സം.-ഉചിത] വി. സമുചിതമായ, പതിവായ.
അഭ്യുച്ചയം [സം.-ഉത്-ചയ] നാ. 1. വർധന, വളർച്ച; 2. ഐശ്വര്യം; 3. സങ്കലനം, കൂട്ടിച്ചേർക്കൽ.
അഭ്യുച്ചിത [സം.-ഉച്ചിത] വി. വർധിച്ച, ശക്തി വർധിച്ച, ഉപചയം പ്രാപിച്ച.
അഭ്യുച്ഛ്രിത [സം.-ഉദ്-ശ്രിത] വി. 1. ഉയർത്തപ്പെട്ട, ഉയർന്ന; 2. ഉന്നതപദവിയിലുള്ള, ഉത്കൃഷ്ടമായ.
അഭ്യുത്കൃഷ്ടം [സം.-ഉത്കൃഷ്ട] വി. ഉച്ചത്തിൽ പ്രശംസിക്കപ്പെട്ട.
അഭ്യുത്ക്രോശനം [സം.-ഉത്ക്രോശന] നാ. ഉച്ചത്തിലുള്ള ഉദ്ഘോഷണം.
അഭ്യുത്ഥാനം [സം.-ഉത്-സ്ഥാനം] നാ. 1. (ആഗതനോട്) ബഹുമാനം കാണിക്കാൻ എഴുന്നേൽക്കൽ; 2. പുറപ്പാട്, യാത്രതിരിക്കൽ; 3. ഉയർച്ച, അഭിവൃത്തി, ക്ഷേമം; 4. അന്തസ്സ്, അധികാരപദവി; 5. (സൂര്യൻെറ) ഉദയം.
അഭ്യുത്ഥായി [സം.-ഉദ്-സ്ഥായിൻ]നാ. അഭ്യുത്ഥാനം ചെയ്യുന്ന ആൾ.
അഭ്യുത്ഥിത [സം.-ഉത്-സ്ഥിത] വി. 1. അഭ്യുത്ഥാനം ചെയ്ത, എഴുന്നേറ്റ; 2. ഉദിച്ച, ജ്വലിച്ച; 3. ഉന്നമിച്ച, ഉന്നതനിലപ്രാപിച്ച.
അഭ്യുത്പതനം [സം.-ഉത്പതന] നാ. 1. നേർക്കുചാടിവീഴൽ, കുതിക്കൽ; 2. ആക്രമണം.
അഭ്യുത്പതിക്കുക [<സം.അഭി-ഉദ്-പത്] ക്രി. 1. മുകളിലേക്കു പറക്കുക, കുതിച്ചു ചാടുക; 2. (എന്തിൻെറയെങ്കിലും) മുകളിലേക്ക് ചാടുക, അഭിപതിക്കുക.
അഭ്യുദയകാംക്ഷി സം.-ഉദയ-കാംക്ഷിൻ] നാ. (അന്യൻെറ) അഭ്യുദയത്തെ ആഗ്രഹിക്കുന്ന ആൾ.
അഭ്യുദയം [സം.-ഉദ്-അയ<ഇ] നാ. 1. ഉയർച്ച, അഭിവൃദ്ധി, മേന്മ, ശ്രേയസ്സ്, ഐശ്വര്യം, ക്ഷേമം, വിജയം; 2. ഗ്രഹങ്ങളുടെ ഉദയം; 3. പ്രാരംഭം, തുടക്കം; 4. വിവാഹദിശുഭാവസരം; 5. ആഗ്രഹിച്ച ഫലം കരഗതമാകൽ, പരാജയം ഒഴിവാകൽ.
അഭ്യുദയശ്രാദ്ധം [സം.അഭ്യുദയ-ശ്രാദ്ധ] നാ. സന്താനലാഭാദി അഭ്യുദയത്തിനുവേണ്ടി നടത്തുന്ന ശ്രാദ്ധം.

അഭ്യുദാഹരണം [സം-ഉദാഹരണ] നാ. വിപരീതലക്ഷണം വഴിക്കുള്ള ഉദാഹരണം.
അഭ്യുദിത [സം-ഉദിത] വി. ഉദിച്ച, ഉണ്ടായ, ഉയർത്തപ്പെട്ട.
അഭ്യുദിതൻ [സം.] നാ. 1. (ഉഷസ്സന്ധ്യയെ വന്ദിക്കാതെ) സൂര്യോദയസമയത്തു കിടന്നുറങ്ങുന്നവൻ; 2. നേരേ ഉദിച്ചവൻ.
അഭ്യുദീരിത [സം.-ഉദീരിത] വി. (ഉച്ചത്തിൽ) പറയപ്പെട്ട.
അഭ്യുദ്ഗത [സം.-ഉദ്ഗത] വി. 1. അഭിമുഖമായി ഉദ്ഗമിച്ച, എതിരേൽക്കാനായി എഴുന്നേറ്റ; 2. ഉദിച്ചുയർന്ന; 3. വ്യാപിച്ച, പരന്ന.
അഭ്യുദ്ഗമനം [സം.-ഉദ്ഗമന] നാ. അഭ്യുദ്ഗമം.
അഭ്യുദ്ഗമം [സം.-ഉദ്ഗമ] നാ. 1. (മാന്യന്മാരെ സ്വീകരിക്കുവാൻ) എഴുന്നേറ്റ് അഭിമുഖമായി ചെല്ലൽ; 2. ഉദയം, ആരംഭം.
അഭ്യുദൃഷ്ടം [സം.-ഉദ്-ദൃഷ്ട] നാ. (നക്ഷത്രത്തിൻെറ) ദൃശ്യത.
അഭ്യുദ്ധരിക്കുക [<സം.അഭി-ഉദ്-ധൃ] ക്രി. 1. ഉയർത്തുക, പൊക്കുക, പൊക്കിയെടുക്കുക, കോരിയെടുക്കുക (വെള്ളം പോലെ); 2. വീണ്ടെടുക്കുക, കരകയറ്റുക, രക്ഷപ്പെടുത്തുക, പുരോഗതിയിലേക്കു നയിക്കുക.
അഭ്യുദ്ധാരണം [സം.-ഉദ്ധാരണ] നാ. അഭ്യുദ്ധരിക്കൽ, വീണ്ടെടുപ്പ്, രക്ഷപ്പെടുത്തൽ.
അഭ്യുദ്ധാര്യ [സം.-ഉദ്ധാര്യ]വി. അഭ്യുദ്ധരിക്കവുന്ന, പൊക്കിയെടുക്കാവുന്ന.
അഭ്യുദ്ധൃത [സം.-ഉദ്ധൃത] വി. 1. ഉയർത്തപ്പെട്ട; 2. ഉദ്യമിച്ച, ഒരുങ്ങിയ, മുതിർന്ന; 3. ഉദിച്ചുയർന്ന.
അഭ്യുദ്ധൃത [സം.-ഉദ്ധൃത] വി. 1. പൊക്കിയെടുക്കപ്പെട്ട, ഉയർത്തപ്പെട്ട; 2. ഉദ്ധരിക്കപ്പെട്ട; 3. കോരിയെടുത്ത; 4. ശേഖരിക്കപ്പെട്ട; 5. ആവശ്യപ്പെടാതെ ലഭിച്ച; 6. പ്രാർഥനാനന്തരം കിട്ടിയ.
അഭ്യുന്നത [സം.-ഉന്നത] വി. 1. ഉയർന്ന, പൊങ്ങിയ; 2. ഉത്കൃഷ്ടതയുള്ള; 3. എഴുന്നുനിൽക്കുന്ന, ഉയർന്ന.
അഭ്യുന്നതി [സം.-ഉന്നതി] നാ. ഉയർച്ച, ഐശ്വര്യം.
അഭ്യുപഗത [സം.-ഉപഗത]വി. 1. സമീപിച്ച, അടുത്തുചെന്ന; 2. സമ്മതിച്ച, സ്വീകരിക്കപ്പെട്ട; 3. ഊഹിക്കപ്പെട്ട.
അഭ്യുപഗമം [സം.-ഉപഗമ] നാ. 1. സമീപിക്കൽ, ചെന്നണയൽ; 2. സ്വീകരിക്കൽ, ഉണ്ടെന്നോ ശരിയെന്നോ സമ്മതിക്കൽ; 3. കുറ്റം സമ്മതിക്കൽ; 4. കരാർ.
അഭ്യുഗമിക്കുക [<സം.അഭി-ഉപ-ഗമ്] ക്രി. 1. അടുത്തുചെല്ലുക; 2. കിട്ടുക, കൈക്കലാക്കുക; 3. സമ്മതിക്കുക, സ്വീകരിക്കുക, ഏൽക്കുക, വാക്കുകൊടുക്കുക.
അഭ്യുപഗമിത [സം.-ഉപ-ഗമിത] വി. സമ്മതിപ്പിക്കപ്പെട്ട.
അഭ്യുപഗമിതൻ [സം.] നാ. 1. ക്ലിപ്തകാലത്തേക്കുള്ള ഭൃത്യൻ; 2. സ്വമനസ്സാലെ അടിമയായി വന്നുചേർന്നവൻ.
അഭ്യുപപത്തി [സം.അഭി-ഉപപത്തി] നാ. 1. സഹായിക്കാനായി സമീപിക്കൽ; 2. അങ്ഗീകാരം; 3. യുക്തി; 4. സ്വീകരിക്കൽ (മരിച്ച സഹോദരൻെറ ഭാര്യയെ സന്താനോത്പാദനത്തിനെന്നപോലെ); 5. അനുഗ്രഹം, കാരുണ്യം; 6. രക്ഷ; 7. സമാശ്വാസം.
അഭ്യുപപാദനം [സം.-ഉപപാദന] നാ. അഭ്യുപപത്തി.
അഭ്യുപസ്ഥിത [സം.-ഉപസ്ഥിത] വി. 1. അനുഗമിക്കപ്പെട്ട, സഹായിക്കപ്പെട്ട; 2. വന്നുചേർന്ന.

അഭ്യുപാകൃത [സം.-ഉപാകൃത] വി. ക്ഷണിക്കപ്പെട്ട.
അഭ്യുപായനം [സം.-ഉപായന] നാ 1. കാഴ്ചദ്രവ്യം, ഇനാം, സന്തോഷപൂർവം കൊടുക്കുന്ന സംഭാവന; 2. കൈക്കൂലി.
അഭ്യുപായം [സം.-ഉപായ] നാ. 1. കാര്യസാധ്യത്തിനുള്ള വഴി, പരിഹാരമാർഗം; 2. കരാറ്, വാഗ്ദാനം.
അഭ്യുപേത [സം.-ഉപേത] വി. 1. നേരേ അടുത്തുവന്ന, നേരിട്ടുചെന്ന; 2. സമ്മതിച്ച, സ്വീകരിച്ച, അനുഭവിച്ച.
അഭ്യുഷം [സം.-ഉഷ വി. എല്ലായിടവും വേവുതട്ടിയത്.
അഭ്യുഷിത [സം.-ഉഷിത<വസ്] വി. കൂടെത്താമസിച്ച, കൂടെരാത്രികഴിച്ച.
അഭ്യൂഢ [സം.-ഊഢ] വി. അടുക്കൽ എത്തിച്ച, സമീപത്തേക്ക് ആനയിച്ച.
അഭ്യൂഹം [സം.അഭി-ഊഹ] നാ. 1. അനുമാനം, നിഗമനം; 2. ആകാംക്ഷാപൂരണം; 3. ഗ്രഹിക്കൽ.
അഭ്യൂഹികപ്രസ്ഥാനം [സം.അഭ്യൂഹിക-പ്രസ്ഥാന] നാ. അഭ്യൂഹത്തെ ആസ്പദമാക്കുന്ന പ്രസ്ഥാനം, ആഗമനരീതി.
അഭ്യൂഹിക്കുക [<സം.അഭി-ഊഹ്] ക്രി. ഊഹിക്കുക, നിഗമനം ചെയ്യുക, കാര്യകാരണസംബന്ധം ആരാഞ്ഞ് അഭിപ്രായം രൂപീകരിക്കുക.
അഭ്യേത്യ [സം.-ഏത്യ] അവ്യ. പ്രാപിച്ചിട്ട്, അടുത്തുചെന്നിട്ട്, സമീപിച്ചിട്ട്.
അഭ്യേഷണം [സം.-ഏഷണ] നാ. 1. ആഗ്രഹിക്കൽ; 2. നേരേചെല്ലൽ, എതിരിടൽ.
അഭ്രകം [സം.] 1. അഭ്രം എന്ന ധാതു, പാറകളിലും ഖനികളിലും നിന്ന് എടുക്കുന്നത്; 2. ചെറിയ മേഘം.
അഭ്രകസത്ത്വം [സം.അഭ്രക-സത്ത്വ] നാ. ഉരുക്ക്.
അഭ്രകൂടം [സം.അഭ്ര-കൂട] നാ. മേഘശൃങ്ഗം.
അഭ്രഘനം [സം.അഭ്ര-ഘന] നാ. മേഘക്കൂട്ടം.
അഭ്രങ്കഷം [സം.അഭ്രം-കഷ] നാ. 'ആകാശത്തെ ഉരുമ്മുന്നത്'. 1. വായു; 2. പർവതം; 3. തേക്കുമരം.
അഭ്രനാഗം [സം.-നാഗ] നാ. 1. അഷ്ടദിഗ്ഗജങ്ങളിൽ ഒന്ന്; 2. ഐരാവതം.
അഭ്രനിർഝരി [സം.-നിർഝരീ]നാ. ആകാശഗംഗ.
അഭ്രപഥം [സം.-പഥ] നാ. 1. ആകാശം, അന്തരീക്ഷം; 2. ബലൂൺ.
അഭ്രപിശചകൻ [സം.-പിശചക] നാ. രാഹു.
അഭ്രപുഷ്പം [സം.-പുഷ്പ] നാ. 1. (വർഷകാലത്തു പോക്കുന്നത്) വഞ്ഞി; 2. ജലം; 3. ആകാശകുസുമം, ഇല്ലാത്തവസ്തു.
അഭ്രഭസ്മം [സം.-ഭസ്മൻ]നാ. അഭ്രം നീറ്റി എടുത്തത്.
അഭ്രം [സം.] നാ. 1. (അ-ഭൃ) ഒന്നിനേയും ഭരിക്കാത്തത്; 2. (അബ്-ഭൃ) അപ്പുകളെ (ജലത്തെ) ഭരിക്കുന്നത്, ഉൾക്കൊള്ളുന്നത്, മേഘം; 3. മേഘതുല്യമായത്, അഭ്രകം; 4. സ്വർണം; 5. മുത്തങ്ങ; 6. വേതസം, വഞ്ഞിമരം; 7. കർപ്പൂരം; 8. (ഗണിത.) പൂജ്യം.
അഭ്രംലിഹ [സം.അഭ്രം-ലിഹ] വി. 'അഭ്രത്തെ ലേഹനം ചെയ്യുന്ന'. മേഘത്തെ സ്പർശിക്കത്തക്കവിധം ഉയർന്ന.
അഭ്രമ [സം.അ-ഭ്രമ വി. തെറ്റുവരുത്താത്ത, പതറാത്ത.
അഭ്രമണ്ഡലം [സം.അഭ്ര-മണ്ഡല] നാ. ആകാശം.

അഭ്രമം [സം.–ഭ്രമ<ഭ്രമ്] നാ. 1. തെറ്റിപ്പോകായ്ക, അപ്രമാദം; 2. ശാന്തത, സ്ഥിരത.
അഭ്രമാതങ്ഗം [സം.–മാതങ്ഗ] നാ. ഐരാവതം.
അഭ്രമാംസി [സം.–മാംസീ] നാ. ജടാമാംസി (–മാഞ്ചി), ആകാശമാഞ്ചി.
അഭ്രമു [സം.] നാ. ഐരാവതത്തിന്റെ പിടി.
അഭ്രരോഹം [സം.അഭ്ര–രോഹ] നാ. വൈഡൂര്യം.
അഭ്രലിപ്തി [സം.–ലിപ്തി] നാ. അല്പം മേഘമുള്ള ആകാശം.
അഭ്രവാടികം [സം.–വാടിക] നാ. അമ്പഴമരം.
അഭ്രവാരണം [സം.–വാരണ]നാ. അഭ്രമാതങ്ഗം.
അഭ്രവാഹനൻ [സം.–വാഹന] നാ. ഇന്ദ്രൻ.
അഭ്രസഖൻ [സം.–സഖ] നാ. മയിൽ.
അഭ്രസത്ത്വം [സം.–സത്ത്വ] നാ. അഭ്രകസത്ത്വം, ഉരുക്ക്.
അഭ്രസാരം [സം.–സാര] നാ. 'അഭ്രത്തിന്റെ–മുത്തങ്ങയുടെ–സാരം'. കർപ്പൂരം.
അഭ്രസിന്ധു [സം.–സിന്ധു] നാ. ആകാശഗങ്ഗ.
അഭ്രാതൃക [സം.അ–ഭ്രാതൃക] വി. സഹോദരനില്ലാത്ത.
അഭ്രാതൃവ്യ [സം.–ഭ്രാതൃവ്യ] വി. ശത്രുക്കളില്ലാത്ത.
അഭ്രാന്ത [സം.–ഭ്രാന്ത<ഭ്രമ്] വി. 1. ഭ്രമമില്ലാത്ത, പതറാത്ത; 2. ഭ്രാന്തില്ലാത്ത; 3. തെറ്റാത്ത.
അഭ്രാന്തി [സം.–ഭ്രാന്തി] നാ. 1. ഭ്രമമില്ലായ്ക; 2. ശാന്തി.
അഭ്രാപഗ [സം.അഭ്ര–ആപഗാ] നാ. ആകാശഗങ്ഗ.
അഭ്രാവകാശി [സം.–അവകാശിൻ] നാ. മഴയേറ്റുകൊണ്ടു തപസ്സുചെയ്യുന്നവൻ.
അഭ്രി[സം.അഭ്രീ] നാ. 1. തോണികെട്ടുന്ന കുറ്റി; 2. ബലിക്കല്ല്; 3. തൂമ്പ.
അഭ്രിഖാതം [സം.] നാ. ഉഴുതവയൽ.
അഭ്രിത [സം.] വി. മേഘം മൂടിയ.
അഭ്രിയം [സം.] നാ. 1. മിന്നൽ; 2. മേഘസമൂഹം.
അഭ്രീഖാത [സം.–ഖാത] വി. തൂമ്പലൊണ്ടുകുഴിച്ച.
അഭ്രേയം [സം.] നാ. മിന്നൽ.
അഭ്രേഷം [സം.] നാ. 1. നീതി; 2. ഔചിത്യം.
123
അഭ്രോത്ഥം [സം.അഭ്ര–ഉത്ഥ] നാ. മിന്നൽ, വജ്രം.
അഭ്യ [സം.] വി. വസ്ത്രം ധരിക്കാത്ത.
അഭ്യൻ [സം.] നാ. 1. നഗ്നൻ; 2. നഗ്നസന്യാസി.
അഭ്വം [സം.അ–ഭ്വ] നാ. 1. അതിരറ്റ ശക്തി; 2. ഭീമാകാരമായത്; 3. വെള്ളം; 4. മേഘം; 5. ആപത്ത്; 6. അടുപ്പം; 7. സന്താനം.
അം1 തിര്യഗ്ജന്തുക്കളുടെയും അചേതനപദാർഥങ്ങളുടെയും മറ്റും പേരായ അകാരാന്തപുല്ലിങ്ഗശബ്ദങ്ങൾ സംസ്കൃതത്തിൽനിന്നും മറ്റും മലയാളത്തിൽ നപുംസകശബ്ദങ്ങളായി സ്വീകരിക്കുമ്പോൾ അന്ത്യമായ അകാരത്തിന്റെ സ്ഥാനത്തുവരുന്ന ശബ്ദം. ഉദാ: സം.അശ്വഃ – മ. അശ്വം. സം. കാലഃ – മ. കാലം. ഇത്യാദി.
അം2 നപുംസകലിങ്ഗത്തിലുള്ള പല മലയാളനാമപദങ്ങളുടെയും അന്തം. സംസ്കൃതത്തിലെ നപുംസകനാമങ്ങളുടെ അന്തത്തിലെ 'അം'–ൽ നിന്ന്

വ്യത്യസ്തമാണിത്. മരം, വെള്ളം ഇത്യാദി ശുദ്ധമലയാളരൂപങ്ങളിലും ഇതു കാണപ്പെടുന്നു എന്നതു തന്നെ തെളിവ്. ഇതു നപുംസകലിങ്ഗപ്രത്യയമാണെന്നും അല്ല വെറും അങ്ഗപ്രത്യയമാണെന്നും രണ്ടുപക്ഷമുണ്ട്. മരം, വെള്ളം തുടങ്ങിയ ദ്രവ്യനാമങ്ങളിൽ ലിങ്ഗപ്രത്യയമായും അനക്കം, ആട്ടം മുതലായ ക്രിയാനാമങ്ങളിൽ അങ്ഗപ്രത്യയമായും എടുക്കാമെന്ന് മറ്റൊരഭിപ്രായം.

അം3 ഒരു കൃതികൃത്പ്രത്യയം. ഉദാ: ഓട്ടം, ചാട്ടം, പിണക്കം.

അംകയൻ (പ.മ.) = അങ്കയൻ.

അംകോലം = അങ്കോലം.

അംഖോടം ഉസം.] = അങ്ഖോട.

അംഗജൻ [സം.] = അങ്ഗജൻ.

അംഗം [സം.] = അങ്ഗം.

അംഗാരകൻ [സം.] = അങ്ഗാരകൻ.

അംഗി [സം.] = അങ്ഗി.

അംഗിരസ് [സം.] = അങ്ഗിരസ്.

അംഗു [സം.] = അങ്ഗു.

അംഗുലം [സം.] = അങ്ഗുലം.

അംഗുലി [സം.] = അങ്ഗുലി.

അംഗുഷ്ഠ [സം.] = അങ്ഗുഷ്ഠ.

അംഘ്രി [സം.] = അങ്ഘ്രി.

അംബ [സം.അംബാ] നാ. 1. അമ്മ, മാതാവ്; 2. പാർവതി; 3. ഒരു അപ്സരസ്ത്രീ; 4. കാശിരാജാവിൻെറ മൂത്തമകൾ. (ഭീഷ്മരെ ഭർത്താവായി കിട്ടാത്തതിൽ കോപിച്ച് തപസ്സുചെയ്ത് ശിഖണ്ഡിയായി ജനിച്ച് അദ്ദേഹത്തെ വധിക്കാൻ ശ്രമിച്ചു.)

അംബകൻ [സം. അംബക] നാ. അച്ഛൻ.

അംബകം [സം.] നാ. 1. കണ്ണ്; 2. ചെമ്പ്; 3. കൊക്കുമന്താരം; 4. വെള്ളം.

അംബം [സം.] നാ. 1. കണ്ണ്; 2. വെള്ളം; 3. ശബ്ദം.

അംബർ = അമ്പർ.

അംബരകേശൻ [സം.അംബര-കേശ] നാ. ശിവൻ.

അംബരഗങ്ഗ [സം.-ഗങ്ഗാ] നാ. ആകാശഗങ്ഗ.

അംബരഗം [സം.-ഗ] വി. ആകാശത്തിക്കൂടി സഞ്ചരിക്കുന്ന.

അംബരചരൻ [സം.-ചര] നാ. അംബരത്തിൽ ചരിക്കുന്നവൻ, ദേവൻ.

അംബരചാരി [സം.-ചാരിൻ] നാ. = അംബരചരൻ.

അംബരചുംബി [സം.-ചുംബിൻ] വി. ആകാശത്തെ ചുംബിക്കുന്ന, വളരെ ഉയരം ഉള്ള.

അംബരതടിനി [സം.-തടിനീ] നാ. ആകാശഗങ്ഗ.

അംബരദം [സം.-ദ] നാ. 'വസ്ത്രത്തെ നൽകുന്നത്'. പരുത്തി.

അംബരനദി [സം.-നദീ] നാ. = അംബരതടിനി.

അംബരനദീപുരം [സം.അംബര-നദീ-പുര] നാ. അമ്പലപ്പുഴയുടെ സംസ്കൃതീകൃതനാമം.

അംബരബീജം [സം.-ബീജ] നാ. 'ഹാ' എന്ന മന്ത്രം, ആകാശമന്ത്രം.

അംബരം [സം.] നാ. 1. ആകാശം; 2. വസ്ത്രം; 3. അഭ്രകം; 4. പഞ്ഞി; 5. ചുണ്ട്; 6. പാപം; 7. (ജ്യോ.) പതിന്നാലാമത്തെ നക്ഷത്രം, ചിത്തിര (ചിത്രാ); 8. ഒരുതരം

സുഗന്ധദ്രവ്യം, അമ്പർ; 9. കുങ്കുമം; 10 (ജ്യോ.) പത്താംഭാവം; 11. പച്ചില; 12. അംബരീഷരാജാവിനാൽ സ്ഥാപിതമായ നഗരം, ജയപ്പൂർ; 13. ചുറ്റളവ്; 14. പരിസരം, ചുറ്റുപാട്.
അംബരമണി [സം.അംബര-മണി] നാ. 'ആകാശത്തിലെ രത്നം'. സൂര്യൻ.
അംബരയുഗ [സം.-യുഗ] നാ. ഇണവസ്ത്രം, ഇരട്ടവസ്ത്രം.
അംബരലേഖി [സം.-ലേഖിൻ] നാ. ആകാശത്തിൽ എഴുതുന്ന, പൊക്കം കൂടിയ.
അംബരവാണി [സം.-വാണീ] നാ. ആകാശത്തിൽനിന്നു കേൾക്കുന്ന ശബ്ദം, അശരീരി.
അംബരസ്ഥലി [സം.-സ്ഥലീ] നാ. ഭൂമി.
അംബരാംബുജം [സം.-അംബുജ] നാ. ആകാശത്താമര (ഇല്ലാത്തത്).
അംബരായണം [സം.-അയന] നാ. 1. ആകാശമാർഗം; 2. ആകാശഗമനം.
അംബരീഷണൻ [സം.] നാ. 1. വിഷ്ണുഭക്തികൊണ്ടു പ്രസിദ്ധിനേടിയ ഒരു സൂര്യവംശരാജാവ്; 2. ശിവൻ; 3. സൂര്യൻ; 4. വിഷ്ണു; 5. ഗണേശൻ.
അംബരീഷൻ [സം.] നാ. = അംബരീഷണൻ.
അംബരീഷം [സം.] നാ. 1. വറുപ്പുപാത്രം; 2. ഒരു മഹാനരകം; 3. അമ്പഴം; 4. കാരകിൽ; 5. യുദ്ധം; 6. കഴുതയുടെ കുട്ടി; 7. പശ്ചാത്താപം; 8. പുല്ല്; 9. ആകാശം, അന്തരീക്ഷം.
അംബരൗകസ്സ് [സം.അംബര-ഓകസ്] നാ. സ്വർഗവാസി, ദേവൻ.
അംബഷ്ഠ [സം.അംബഷ്ഠാ] നാ. 1. അംബഷ്ഠൻെറ സ്ത്രീ; 2. കുറുമൊഴിമുല്ല; 3. പാടവള്ളി, പാടത്താളി; 4. പുളിയാരൽ; 5. പുളിച്ചിക്കീര; 6. തിപ്പലി.
അംബഷ്ഠൻ [സം.] നാ. 1. ബ്രാഹ്മണനു വൈശ്യയിൽ ജനിച്ച പുത്രൻ; 2. ആനക്കാരൻ; 3. അംബഷ്ഠദേശക്കാരൻ.
അംബഷ്ഠം [സം.] നാ. 1. അമ്പഴങ്ങാ; 2. അംബഷ്ഠദേശം.
അംബഷ്ഠാദിഗണം [സം.അംബഷ്ഠ-ആദി-ഗണ] നാ. താതിരി, മുക്കുറ്റി, അംബാഡി, പലകപ്പയ്യാനി, ഇരട്ടിമധുരം, ഇളയകൂവളക്കായ്, പാച്ചോറ്റി, വെളുത്തപാച്ചോറ്റി, പ്ലാശ്, ചിറ്റരയാൽ, താമരയുടെ അല്ലി ഇവ ചേർന്നത്.
അംബഷ്ഠിക [സം.അംബഷ്ഠികാ] നാ. 1. ബ്രഹ്മി; 2. പാടവള്ളി.
അംബാഡി [സം.] നാ. ആംബാഡി.
അംബായ നാ. അമ്മ.
അംബാലിക [സം.അംബാലികാ] നാ. 1. അംബയുടെയും അംബികയുടെയും അനുജത്തി, പാണ്ഡുവിൻെറ അമ്മ; 2. മാതാവ്; 3. പാടത്താളി.
അംബാശൈലം [സം.അംബാ-ശൈല] നാ. തിരുനാവായ്ക്കു സമീപമുള്ള കൊടിക്കുന്ന് എന്ന സ്ഥലം.
അംബാസഖൻ [സം.-സഖ] നാ. പാർവതീകാന്തൻ, ശിവൻ.
അംബാസഡർ [ഇം.] നാ. സ്ഥാനപതി, നയതന്ത്രപ്രതിനിധി.
അംബിക [സം.അംബികാ] നാ. 1. മാതാവ്; 2. പാർവതി; 3. കാശിരാജാവിൻെറ ഇളയപുത്രി.; 4. പുളിച്ചിക്കീര; 5. പാടത്താളി; 6. (ജൈന.) ധർമദേവത; 7. ഒരു അപ്സരസ്സ്.
അംബികാതനയൻ [സം.-തനയ] നാ. 1. ധൃതരാഷ്ട്രർ; 2. പാർവതിയുടെ പുത്രൻ, ഗണപതി, സുബ്രഹ്മണ്യൻ.

അംബികാപതി, [സം.-പതി, മ. മണാളൻ] നാ. 1. പാർവതീകാന്തൻ, ശിവൻ; 2. വിചിത്രവീര്യൻ (അംബികയെയും അംബാലികയെയും വിവാഹം കഴിച്ചു.)
അംബികേയൻ [സം.] നാ. 'അംബിക്യുടെ പുത്രൻ.' 1. ഗണപതി; 2. സുബ്രഹ്മണ്യൻ; 3. ധൃതരാഷ്ട്രർ.
അംബു [സം.] നാ. 1. വെള്ളം; 2. ഇരുവേലി; 3. രക്തത്തിലെ ജലാംശം; 4. (ജ്യോ.) നാലാംഭാവം; 5. നാല്എന്ന സങ്ഖ്യ.
അംബുകണകരം [സം.അംബു-കണ-കര] നാ. ഊറ്റുകുഴി.
അംബുകണം [സം.-കണ] നാ. വെള്ളത്തുള്ളി.
അംബുകണ്ടകം [സം.-കണ്ടക]നാ. 1. മുതല, പെരുമുതല; 2. ആറ്റിലും മറ്റും വളരുന്ന ഒരു ചെടി, വൻകൊട്ട.
അംബുകം [സം.അംബു-ക] നാ. 1. കൊക്കുമന്താരം, ശിവമല്ലി; 2. വെള്ളെരിക്ക്; 3. ഇലഞ്ഞി; 4. ആവണക്ക്.
അംബുകിരാതം [സം-കിരാത] നാ. മുതല.
അംബുകീശം [സം.-കീശ] നാ. കടൽപ്പന്നി.
അംബുകുക്കുടം [സം-കുക്കുട] നാ. കുളക്കോഴി.
അംബുകുക്കുടിക [സം.-കുക്കുടികാ] നാ. നീർക്കോഴിപ്പിട.
അബുകൂർമം [സം.-കൂർമ] നാ. കടലാമ.
അംബുകേസരം [സം.-കേസര]നാ. 'അല്ലിയിൽ വെൾലമുള്ളയ്ജ്'. ചെറുനാരകം.
അംബുക്രിയ [സം.-ക്രിയാ] നാ. ജലതർപ്പണം (പിതൃക്കളെ ഉദ്ദേശിച്ചുള്ളത്).
അംബുഗ [സം.ഗ] നാ. ജലത്തിൽ ചരിക്കുന്ന, ജലത്തിൽ ജീവിക്കുന്ന.
അംബുചത്വരം [സം.-ചത്വര] നാ. തടാകം.
അംബുചര,-ചാരി [സം.-ചര,-ചാരിൻ] നാ. അംബുഗ.
അംബുചാമരം [സം.-ചാമര] നാ. കരിമ്പായൽ, ശൈവലം.
അംബുജ [സം.-ജ] വി. വെള്ളത്തിൽ ജനിച്ച.
അംബുജകാമുകൻ [സം.അംബുജ-കാമുക] നാ. സൂര്യൻ.
അംബുജൻ [സം.] നാ. ചന്ദ്രൻ.
അംബുജനാഭൻ [സം.അംബുജ-നാഭ] നാ. പദ്മനാഭൻ, വിഷ്ണു.
അംബുജനേത്രൻ [സം.-നേത്ര] നാ. വിഷ്ണു.
അംബുജന്മാവ് [സം.അംബു-ജന്മൻ] നാ. 'വെള്ളത്തിൽ ജനിച്ചവൻ'. ചന്ദ്രൻ.
അംബുജബന്ധു [സം.അംബുജ-ബന്ധു] നാ. സൂര്യൻ.
അംബുജബാണൻ [സം.-ബാണ] നാ. താമരപ്പൂ അമ്പായി ഉപയോഗിക്കുന്നവൻ, കാമൻ.
അംബുജബാന്ധവൻ [സം.-ബാന്ധവ] നാ. സൂര്യൻ.
അംബുജഭവൻ [സം.-ഭവ] നാ. ബ്രഹ്മാവ്.
അംബുജം [സം.അംബു-ജ] നാ. താമര.
അംബുജയോനി [സം.അംബുജ-യോനി] നാ. താമരയിൽ ജനിച്ചവൻ, ബ്രഹ്മാവ്.
അംബുജലോചനൻ [സം.-ലോചന] നാ. താമരക്കണ്ണൻ, വിഷ്ണു, കൃഷ്ണൻ.
അംബുജവനി [സം.-വനീ] നാ. താമരക്കൂട്ടം.
അംബുജവാസൻ [സം.-വാസ] നാ. താമരപ്പൂവിൽ വസിക്കുന്നവൻ, ബ്രഹ്മാവ്.
അംബുജവൈരി [സം-വൈരിൻ] നാ. താമരയുടെ ശത്രു, ചന്ദ്രൻ.
അംബുജശരൻ [സം.-ശര] നാ. കാമൻ.
അംബുജസംഭവ [സം.-സംഭവാ] നാ. ലക്ഷ്മീദേവി.

അംബുജാക്ഷൻ [സം.-അക്ഷ<അക്ഷി] നാ. താമരക്കണ്ണൻ.

അംബുജാക്ഷി [സം.-അക്ഷീ] നാ. താമരയിതൾപോലെ മനോഹരമായ കണ്ണുകളുള്ളവൾ, സുന്ദരി.

അംബുജാതം [സം.അംബു-ജാത] നാ. വെള്ളത്തിൽ ജനിച്ചത്, താമര.

അംബുജാസനൻ [സം.-ആസന] നാ. താമരയിൽ വാസമാക്കിയിട്ടുള്ളവൻ, ബ്രഹ്മാവ്.

അംബുജിനി [സം.അംബുജിനീ] നാ. താമരപ്പൊയ്ക.

അംബുജേക്ഷണ [സം.അംബുജ-ഈക്ഷണാ] നാ. = അംബുജാക്ഷി.

അംബുജേക്ഷണൻ [സം.-ഈക്ഷണ] നാ. വിഷ്ണു, ശ്രീകൃഷ്ണൻ.

അംബുജോദ്ഭവൻ, [സം.-ഉദ്ഭവ] നാ. = അംഭോജസംഭവൻ.

അംബുതസ്കരൻ [സം.അംബു-തസ്കര] നാ. വെള്ളം കവരുന്നവൻ, സൂര്യൻ.

അംബുതാലം [സം.അംബു-മ.താലം] നാ. അംബുചാമരം.

അംബുദം [സം.-ദ] നാ. 1. മേഘം; 2. മുത്തങ്ങ.

അംബുദവാഹനൻ [സം.അംബുദ-വാഹന] നാ. മേഘങ്ങളിൽ സഞ്ചരിക്കുന്നവൻ, ഇന്ദ്രൻ.

അംബുധരം [സം.അംബു-ധര] നാ. 'വെള്ളത്തെ ധരിക്കുന്നത്'. 1. മേഘം; 2. അഭ്രകം; 3. മുത്തങ്ങ.

അംബുധി [സം.-ധി] നാ. 1. അംബുനിധി, സമുദ്രം; 2. നാല് എന്ന സങ്ഖ്യ.

അംബുധികാഞ്ചി, [സം.അംബുധി-കാഞ്ചി,-മേഖലാ] നാ. 'സമുദ്രം അരഞ്ഞാണായിട്ടുള്ളവൾ'. ഭൂമി.

അംബുധിപ്രസവ [സം.-പ്രസവാ] നാ. കറ്റാർവാഴ.

125

അംബുനാമം [സം.അംബു-നാമൻ] നാ. 'ജലപര്യായം'. ഇരുവേലി.

അംബുനിധി [സം.-നിധി] നാ. അംബുധി, സമുദ്രം.

അംബുപൻ [സം.-പ] നാ. വരുണൻ.

അംബുപനസം [സം.-പനസ] നാ. ആഞ്ഞിലി, അയനിമരം.

അംബുപം [സം.-പ] നാ. 1. സമുദ്രം; 2. തകര.

അംബുപാതം [സം.-പാത] നാ. 1. വെള്ളച്ചാട്ടം; 2. ഒഴുക്ക്; 3. അരുവി.

അംബുപ്രസാദം [സം.-പ്രസാദ] നാ. തേറ്റാമ്പരൽ, കതകവൃക്ഷം.

അംബുഭവം [സം.-ഭവ] നാ. അംബുജം.

അംബുഭൂഷണൻ [സം.-ഭൂഷണ] നാ. വരുണൻ.

അംബുഭൃത്ത് [സം.-ഭൃത്] നാ. 'ജലത്തെ ഭരിക്കുന്നത്'. 1. മേഘം; 2. അഭ്രകം; 3. സമുദ്രം; 4. മുത്തങ്ങ; 5. വെള്ളം ചുമക്കുന്നവൻ.

അംബുമുക്ക് [സം.-മുക്<മുച്] നാ. മേഘം.

അംബുയന്ത്രം [സം.യന്ത്ര] നാ. നാഴികവട്ട.

അംബുരാജൻ [സം.-രാജൻ] നാ. 1. വരുണൻ; 2. സമുദ്രം.

അംബുരാശി [സം.-രാശി] നാ. സമുദ്രം.

അംബുരുഹ [സം.-രുഹ] നാ. 1. ഓരിലത്താമര; 2. ചീനപ്പരുത്തി.

അംബുരൂഹം [സം.] നാ. ജലത്തിൽ മുളയ്ക്കുന്നത്. നാ. താമര.

അംബുരോഹി [സം.അംബു-രോഹിൻ] നാ. 1. താമര; 2. ജലാശയത്തിൽ മുട്ടയിട്ടുവിരിയുന്നത്, വണ്ടാരം കോഴി, താമരക്കോഴി.
അംബുരോഹിണി [സം.-രോഹിണീ] നാ. അംബുരുഹം.
അംബുവല്ലിക [സം.-വല്ലികാ] നാ. പാവൽ.
അംബുവാസി [സം.-വാസിൻ] നാ. പൂപ്പാതിരി, പാതിരി.
അംബുവാഹം [സം.-വാഹ] നാ. 'അംബുവിനെ വഹിക്കുന്നത്.' 1. മേഘം; 2. കായൽ, തടാകം; 3. മുത്തങ്ങ; 4. പതിനേഴ് എന്ന സംഖ്യ.
അംബുവാഹി [സം.-വാഹിൻ] നാ. 1. വെള്ളം ചുമക്കുന്നവൻ; 2. മേഘം.
അംബുവിഹാരം [സം.-വിഹാര] നാ. ജലക്രീഡ.
അംബുവേതസം [സം.-വേതസ] നാ. ആറ്റുവഞ്ഞി.
അംബുശായി [സം.-ശായിൻ] നാ. വിഷ്ണു.
അംബുസർപ്പിണി [സം.-സർപിണീ] നാ. വെള്ളത്തിലെ അട്ട, ജളൂകം, കുളയട്ട.
അംബുസരണം [സം.-സരണ] നാ. ജലപ്രവാഹം.
അംബുസാരം [സം.-സാര] നാ. വാഴ.
അംബുസൂർപ്പിക [സം.-സൂർപികാ] നാ. 'വെള്ളത്തിൽ ഇഴഞ്ഞുനടക്കുന്നത്.' മുത്തുച്ചിപ്പി.
അംബുകൃതം [സം.-കൃത] നാ. 1. തുപ്പൽതെറിക്കത്തക്കവണ്ണമുള്ള ഉച്ചാരണം; 2. കരടിയുടെ മുരൾച്ച.
അംഭണം [സം.] നാ. ശബ്ദം പുറപ്പെടുവിക്കുന്നത്, വീണത്തണ്ട്.
അംഭസ്സാരം [സം.അംഭസ്-സാര] നാ. മുത്ത്.
അംഭസ്സ് [സം.അംഭസ്] നാ. 1. ജലം; 2. ഇരുവേലി; 3. ആകാശം; 4. ശക്തി, ശോഭ; 5. ദ്യുലോകത്തിനപ്പുറമുള്ള ലോകം, പിതൃലോകം; 6. രാശിചക്രത്തിൽ നാലാമിടം; 7. നാല് എന്ന സംഖ്യ.
അംഭസ്സുകൾ [സം.] നാ. (ബ.വ.) ദേവന്മാർ, അസുരന്മാർ, പിതൃക്കൾ.
അംഭാരവം [സം.അംഭ-ആരവ] നാ. കന്നുകാലികളുടെ കരച്ചിൽ, ഉക്കുറയിടൽ.
അംഭോജ [സം.അംഭസ്-ജ] വി. വെള്ളത്തിലുണ്ടായ.
അംഭാജജന്മാവ് [സം.-ജന്മൻ] നാ. ബ്രഹ്മാവ്.
അംഭോജൻ [സം.-ജ] നാ. ചന്ദ്രൻ.
അംഭോജബന്ധു [സം.അംഭോജ-ബന്ധു] നാ. അംഭോജബാന്ധവൻ.
അംഭോജബാണൻ [സം.-ബാണ] നാ. കാമൻ.
അംഭോജബാന്ധവൻ [സം.-ബാന്ധവ] നാ. സൂര്യൻ.
അംഭോജഭവൻ [സം.-ഭവ] നാ. ബ്രഹ്മാവ്.
അംഭോജയോനി [സം.-യോനി] നാ. ബ്രഹ്മാവ്.
അംഭോജവൈരി [സം.-വൈരിൻ] നാ. താമരയുടെ ശത്രു, ചന്ദ്രൻ.
അംഭോജസംഭവൻ [സം.-സംഭവ] നാ. ബ്രഹ്മാവ്.
അംഭോജസായകൻ [സം.-സായക] നാ. കാമൻ.
അംഭോജാക്ഷൻ [സം.-അക്ഷ] നാ. താമരക്കണ്ണൻ, വിഷ്ണു.
അംഭോജാലയൻ [സം.-ആലയ] നാ. അംബുജവാസൻ, ബ്രഹ്മാവ്.
അംഭോജാസനൻ [സം.-ആസന] നാ. അംഭോജാലയൻ.
അംഭോജിനി [സം.അംഭോജിനീ] നാ. 1. താമരപ്പൊയ്ക; 2. താമരച്ചെടി.
അംഭോജേക്ഷണൻ [സം.-ഈക്ഷണ] നാ. താമരക്കണ്ണൻ.

അംഭോദം [സം.അംഭസ്-ദ] നാ. 1. ജലത്തെപ്രദാനം ചെയ്യുന്നത്, മേഘം; 2. മുത്തങ്ങ.

അംഭോധരം [സം.-ധര] നാ. 'ജലത്തെ ധരിക്കുന്നത്.' 1. മേഘം; 2. മുത്തങ്ങ.

അംഭോധി [സം.-ധി] നാ. 1. അംബുധി, ജലനിധി, സമുദ്രം; 2. നാല് എന്ന സംഖ്യ.

അംഭോധികന്യ [സം.-കന്യാ] നാ. മഹാലക്ഷ്മി.

അംഭോധിനാഥൻ [സം.-നാഥൻ] നാ. വരുണൻ.

അംഭോധിപല്ലവം [സം.-പല്ലവ] നാ. പവിഴം.

അംഭോധിശായി [സം.-ശായിൻ] നാ. സമുദ്രശായി, വിഷ്ണു.

അംഭോനിധി [സം.-നിധി] നാ. 'അംഭസ്സുകളുടെ നിധി.' സമുദ്രം.

അംഭോരാശി [സം.-രാശി] നാ. അംഭോനിധി.

അംഭോരുഹം [സം.-രുഹ] നാ. 'അംഭസ്സിൽ കിളിർത്ത.' താമര.

അംഭോവാഹം [സം.-വാഹ] നാ. മേഘം.

അംശകൻ [സം.അംശ-ക] നാ. 1. പങ്കുകാരൻ; 2. അംശമായിജനിച്ചവൻ; 3. ബന്ധു.

അംശകം [സം.] നാ. 1. പങ്ക്; 2; ദിവസത്തിൻെറ മുപ്പതിൽ ഒരു ഭാഗം; 3. രാശിയുടെ ഒരു ഭാഗം.

അംശജ [സം.അംശ-ജ] വി. (ദേവന്മാരുടെയോ മറ്റോ) അംശം കൊണ്ടു ജനിച്ച.

അംശനം [സം.] നാ. പങ്കുവയ്ക്കൽ, അംശിക്കൽ.

അംശഭുക്ക് [സം.അംശ-ഭുജ്] നാ. 1. അംശം ഭുജിക്കുന്നവൻ; 2. ഓഹരിക്കവകാശി.

അംശം [സം.] നാ. 1. ഭാഗം; 2. അവകാശമായി കിട്ടിയത്; 3. കൊള്ളമുതലിൻെറ ഭാഗം; 4. ദേശവിഭാഗം (വില്ലേജ്); 5. ജാമ്യമുതൽ.

അംശവടി നാ. മെത്രാന്മാരുടെ അധികാരസൂചകമായ വടി.

അംശവസ്ത്രം [സം.-വസ്ത്ര] നാ. ക്രിസ്തീയപുരോഹിതന്മാർ മതപരമായ ചടങ്ങുകളിൽ ധരിക്കുന്ന വസ്ത്രം.

അംശഹാരി [സം.-ഹാരിൻ] നാ. അംശഹരൻ.

അംശാവതാരം [സം.-അവതാര] നാ. ഈശ്വരൻെറയോ മറ്റുദേവതകളുടെയോ അംശം സ്വീകരിച്ചുകൊണ്ട് എടുക്കുന്ന അവതാരം. ഉദാ: ബാലി.

അംശിക്കുക [<സം.അംശ്] നാ. ഒന്നിനെ പലതായി ഭാഗിക്കുക.

അംശു [സം.] നാ. 1. രശ്മി, കതിർ; 2. വെളിച്ചം; 3. നേരിയ നൂൽ; 4. ഇഴ; 5. ചരടിൻെറ അറ്റം; 6. വസ്ത്രം; 7. അലങ്കാരം.

അംശുകം [സം.] നാ. 1. വസ്ത്രം; 2. ഉത്തരീയം; 3. നേർത്ത വെളുത്ത വസ്ത്രം.; 4. ഒരു ഔഷധി.

അംശുപതി [സം.-പതി] നാ. സൂര്യൻ.

അംശുഭൃത്ത് [സം.-ഭൃത്] നാ. കിരണങ്ങളെ ഭരിക്കുന്നവൻ, സൂര്യൻ.

അംശുമതി [സം.-മതി<മത്] നാ. 1. പ്രകാശമുള്ളവൾ; 2. ഒരു ഔഷധി; 3. ഒരു നദി.

അംശുമർദനം [സം.-മർദന] നാ. ഗ്രഹയുദ്ധം നാലുവിധമുള്ളതിൽ ഒന്ന് (ഭേദം, ഉല്ലേഖം, അപസവ്യം എന്നിവയാണ് മറ്റുള്ളവ. യുദ്ധം, ആയുധം, രോഗം എന്നിവകൊണ്ട് രാജാക്കന്മാർക്ക് പീഡയുണ്ടാകുന്നത് ഫലം.)
അംശുമാല [സം.-മാലാ] നാ. 1. രശ്മിസമൂഹം; 2. പരിവേഷം.
അംശുമാലി [സം.-മാലിൻ] നാ. 1. കിരണസമൂഹമുള്ളവൻ, സൂര്യൻ; 2. ചുവന്ന പൂവുള്ള എരിക്ക്; 3. പന്ത്രണ്ട് എന്ന സംഖ്യ.
അംശുല [സം.] വി. പ്രകാശമുള്ള, ശോഭയുള്ള.
അംശുലൻ [സം.] നാ. ചാണക്യൻ.
അംശുവാഹി [സം.-വാഹിൻ<വഹ്] നാ. അംശുക്കളെ വഹിക്കുന്നവൻ, സൂര്യൻ.
അംശുഹസ്തൻ [സം.-ഹസ്ത] നാ. അംശുക്കളാകുന്ന ഹസ്തങ്ങൾ ഉള്ളവൻ, സൂര്യൻ.
അംസതാപം [സം.-താപ] നാ. തോളിൻെറ ചൂട്, ഒരു രോഗം.
അംസപഥം [സം.-പഥ] നാ. തോൾച്ചുമട്ടുകാരുടെ വഴി.
അംസഭാരി [സം.-ഭാരിൻ] നാ. തോൾചുമടുചുമക്കുന്നവൻ.
അംസം [സം.] നാ. തോൾ.
അംസശോഷം [സം.-ശോഷ] നാ. അംസത്തിൻെറ ശോഷം, വാതംകൊണ്ട് തോളിൻെറ സന്ധിബന്ധം അയഞ്ഞു തോൾ താണുപോകുന്ന രോഗം.
അംസേഭാരൻ [സം.-ഭാര] നാ. അംസഭാരി.
അംഹതി [സം.] നാ. ദുരിതം, രോഗം.
അംഹനം [സം.] നാ. മാറിടംകൊണ്ടുള്ള ഗമനം, പാമ്പിനെപ്പോലെയുള്ള ഇഴച്ചിൽ.
അംഹസ്പതി [സം.അംഹസ്-പതി] നാ. 1. സൂര്യൻ (ദുരിതങ്ങളെ നീക്കുന്നവൻ); 2. (ജ്യോ.) മലമാസങ്ങളിൽ ഒന്ന്.
അംഹസ്സ് [സം.] നാ. 1. പാപം; 2. ഉപദ്രവം.
അംഹിതി [സം.] നാ. ദാനം, ദാനവസ്തു.
അംഹു [സം.] നാ. ദുഷ്കൃത്യം ചെയ്യുന്നവൻ.
അംഹൂരണം [സം.] നാ. വ്യാകുലത, ദു:ഖം.
അംഹ്രി [സം.] നാ. = അങ്ഘ്രി.
അമ1 [അമയുക] ധാതുരൂപം.
അമ2 നാ. 1. ശരപ്പുല്ല്, അമ്പൊട്ടൽ, ഈറ്റ; 2. മുള.
അമ3 [സം.അമാ] നാ. 1. അമാവാസ്യ; 2. ഒരു സൂര്യരശ്മിയുടെ പേര്
അമക്ക് [അമുക്കുക] നാ. അമുക്ക്.
അമക്കുക ക്രി. = അമുക്കുക.
അമങ്ങ് [അമങ്ങുക] ധാതുരൂപം.
അമങ്ഗളം,-മങ്ഗലം [സം.] നാ. 1. മങ്ഗളമില്ലായ്മ, അശുഭം, ദൗർഭാഗ്യം; 2. ആവണക്ക്, വെളുത്താവണക്ക്.
അമങ്ഗലി,-മങ്ഗലി [സം.-മങ്ഗലീ] നാ. മങ്ഗല്യമില്ലാത്തവൾ, വിധവ ക്ഷ് സുമങ്ഗലി.
അമങ്ങുക ക്രി. 1. അമർന്നുതാഴുക, പതുങ്ങുക, അടങ്ങുക, ഒതുങ്ങുക, ശമിക്കുക; 2. ഭാരത്തിൻെറ അടിയിൽ ഞെരിയുക, സമ്മർദംകൊണ്ടു ചുരുങ്ങുക, ഞെരുങ്ങുക.
അമച്ചൻ [പ്രാ.അമച്ച<അമാത്യ] നാ. മന്ത്രി. താരത. ത. അമച്ചർ.

അമച്ചിൽ [അമയ്ക്കുക] നാ. കൂരയുടെ ചായ്മാനം.
അമച്ചിലവ് (പ.മ.) നാ. ഏർപ്പെടുത്തിയ ചെലവ്.
അമഞ്ഞ [അമയുക] ഭൂ.പേ. 1. താമസിക്കുന്ന, കുടിപാർക്കുന്ന; 2. കീഴ്പ്പെട്ട, ഭരണാധികാരത്തിൻ കീഴിലുള്ള; 3. ചേർന്ന, യുക്തമായ, ക്ലിപ്തപ്പെടുത്തിയ; 4. ഏർപ്പെട്ട, വ്യവസ്ഥചെയ്തിട്ടുള്ള, സമ്മതിച്ച.
അമട്ട് [അമട്ടുക] നാ. 1. ഭയപ്പെടുത്തൽ, വിരട്ട്, ഭീഷണി, ശകാരിക്കൽ; 2. ഉപായം, കൗശലം; 3. മറിക്കൽ, ഉലയ്ക്കൽ.
അമട്ടുക ക്രി. 1. ഭയപ്പെടുത്തുക, ഭീഷണിപ്പെടുത്തുക, അലട്ടുക; 2. ഇളക്കുക, കുലുക്കുക, ഉലയ്ക്കുക; 3. അമർത്തുക.
അമണർ [പ്രാ.സമണ<സം.ശ്രമണ] നാ. (ബ.വ.) ബുദ്ധഭിക്ഷുക്കൾ.
അമണ്ഡ [സം.അ-മണ്ഡ] വി. 1. മണ്ഡനമില്ലാത്ത, അലങ്കാരം കൂടാത്ത; 2. പതയില്ലാത്ത.
അമണ്ഡം [സം.] നാ. ആവണക്ക്.
അമണ്ഡിത [സം.അ-മണ്ഡിത] വി. അലങ്കരിക്കപ്പെടാത്ത.
അമത [സം.-മത] വി. 1. ഇഷ്ടമില്ലാത്ത, സമ്മതമില്ലാത്ത, സ്വീകരിക്കപ്പെടാത്ത; 2. അജ്ഞാതമായ. അമതപാരാർഥത = പ്രകൃതാർഥത്തിനു സ്വീകാര്യമല്ലാത്ത മറ്റൊരർഥംകൂടി ഉണ്ടായിരിക്കുന്നതുമൂലമുള്ള ഒരു കാവ്യദോഷം.
അമതി1 [സം.-മതി] നാ. 1. ദുർബുദ്ധി, ചതിയൻ; 2. അറിവില്ലായ്മ, അജ്ഞാനം.
അമതി2 [സം.അമ-തി] നാ. 'അമ ഗതൗ, പോകുന്ന ശീലമുള്ളത്'. 1. കാലം; 2. ചന്ദ്രൻ; 3. രൂപം, ശോഭ.
അമത്ത [സം.അ-മത്ത] വി. മദിച്ചതല്ലാത്ത, അഹങ്കാരംകൊണ്ടു സമബുദ്ധി നശിച്ചിട്ടില്ലാത്ത.
127
അമത്രം [സം.അമ-ത്ര] നാ. 1. പാത്രം, കുടം; 2. ബലം, ശക്തി.
അമത്സര [സം.അ-മത്സര] വി. 1. മത്സരബുദ്ധിയില്ലാത്ത, എതിർപ്പില്ലാത്ത; 2. അസൂയയില്ലാത്ത.
അമദ [സം.-മദ] വി. 1. മദമില്ലാത്ത, ഔദ്ധത്യമില്ലാത്ത; 2. ആഹ്ലാദമില്ലാത്ത.
അമദനൻ [സം.-മദന] നാ. 'മദനനോടുകൂടാത്തവൻ'. ശിവൻ.
അമധവ്യ [സം.-മധവ്യ<മധു] വി. മാധുര്യമില്ലാത്ത.
അമധുര [സം.-മധുര] വി. 1. മധുരമല്ലാത്ത; 2. സ്വാദില്ലാത്ത, രുചിയില്ലാത്ത; 3. മധുരം ചേർക്കാത്ത.
അമൻ [സം.അമ] നാ. പ്രാണൻ, ആത്മാവ്.
അമന [സം.അമന] വി. 1. ഇഷ്ടമില്ലാത്ത, സമ്മതമില്ലാത്ത, സ്വീകരിക്കപ്പെടാത്ത; 2. മനസ്സിനുഗ്രഹിക്കാൻ കഴിയാത്ത, അജ്ഞാതമായ.
അമനം [സംസമന] നാ. തറനിരപ്പറിയാനുള്ള ഉപകരണം.
അമനസ്ക [സം.അ-മനസ്ക] വി. 1. മനസ്സ് ഇല്ലാത്ത; 2. (ശിശുവിനെപ്പോലെ) ബുദ്ധിവികസിക്കാത്ത; 3. മനോനിയന്ത്രണം ഇല്ലാത്ത; 4. ശ്രദ്ധയില്ലാത്ത; 5. സ്നേഹമില്ലാത്ത.
അമനാക് [സം.-മനാക്] അവ്യ. അനല്പമായി, വളരെ.

അമനി [സം.] നാ. 1. മാർഗം, വഴി; 2. മൃഗത്തിൻെറ കടിതടം; 3. മരംകൊണ്ടുള്ള ജലപാത്രം.
അമനീഭാവം [സം.അമനീ-ഭാവ] നാ. ബുദ്ധിവ്യാപാരമില്ലാത്ത.
അമനുഷ്യ [സം.അ-മനുഷ്യ] വി. 1. മനുഷ്യത്വമില്ലാത്ത; 2. പുരുഷത്വമില്ലാത്ത; 3. മനുഷ്യവാസം ഇല്ലാത്ത, ആളില്ലാത്ത; 4. മനുഷ്യവർഗത്തിൽ പെടാത്ത.
അമനുഷ്യൻ [സം.] നാ. മനുഷ്യനല്ലാത്തവൻ, രക്ഷസ്, പിശാച്.
അമനോയോഗം [സം.അ-മനോ-യോഗ] നാ. അശ്രദ്ധ.
അമന്ത്ര [സം.-മന്ത്ര] വി. 1. മന്ത്രോച്ചാരണം കൂടാതെയുള്ള; 2. മന്ത്രത്തിന് (വേദത്തിന്) അധികാരമില്ലാത്ത.
അമന്ദ [സം.-മന്ദ] വി. 1. ചുറുചുറുക്കുള്ള, വേഗമുള്ള; 2. മാന്ദ്യം ഇല്ലാത്ത, ഉന്മേഷമുള്ള, ഉത്സാഹമുള്ള, പ്രസരിപ്പുള്ള; 3. ചെറുതല്ലാത്ത, വലിയ, ഗാഢമായ.
അമന്ദം [സം.] അവ്യ. 1. വേഗത്തിൽ; 2. തീവ്രമായി.
അമന്യു [സം.-മന്യു] നാ. 1. മന്യു (കോപം) ഇല്ലാത്തവൻ; 2. ഗർവമില്ലാത്തവൻ; 3. വ്യസനമില്ലാത്തവൻ.
അമം [സം.] നാ. 1. രോഗം; 2. പോക്ക്; 3. ഊക്ക്; 4. ഭയം.
അമമ [സം.-മമ] വി. മമതയില്ലാത്ത, എൻെറത് എന്നില്ലാത്ത, സ്വാർഥബുദ്ധിയില്ലാത്ത.അമയടക്കം [അമ-അടക്കം] നാ. 1. ഒതുക്കം; 2. അച്ചടക്കത്തോടെയുള്ള പെരുമാറ്റം.
അമയുക (പ.മ.) ക്രി. 1. വസിക്കുക, കുടികൊള്ളുക; 2. ഞെരുങ്ങിനിൽക്കുക; 3. അടങ്ങുക, ശാന്തമാകുക; 4. കീഴ്പ്പെടുക, കീഴടങ്ങുക, അധികാരത്തിൽ പെടുക, അനുസരിക്കുക; 5. സ്വാധീനപ്പെടുക, കൈവശമാകുക; 6. ചേരുക, യോജിക്കുക, അനുരൂപമായിരിക്കുക; 7. തൃപ്തിപ്പെടുക, മതിയാകുക, വേണ്ടുവോളമുണ്ടായിരിക്കുക; 8. ആകുക, സംഭവിക്കുക, ഉണ്ടായിത്തീരുക, വന്നുചേരുക; 9. കഴിയുക, സാധ്യമാകുക; 10. അവസാനിക്കുക, തീരുക, ഒടുങ്ങുക.
അമയ്ക്കുക [അമയുക>പ്രയോ.] ക്രി. 1. കീഴ്പ്പെടുത്തുക, അടിപ്പെടുത്തുക, അടിയിലാക്കുക, കാളയെ നുകത്തിൽ ബന്ധിക്കുക; 2. ചമയ്ക്കുക, തയ്യാറാക്കുക, ഉണ്ടാക്കുക, നിർമിക്കുക, സാധിക്കുക; 3. ഒരുമിച്ചുകൊണ്ടുവരിക, ചേർക്കുക, അടുപ്പിക്കുക; 4. വ്യവസ്ഥചെയ്യുക, ഏർപ്പെടുത്തുക.
അമർ1 [അമരുക] ധാതുരൂപം.
അമർ2 [അമറുക] ധാതുരൂപം.
അമർ3 [അമർകുക] ധാതുരൂപം.
അമർ4 [<സം.സമര] നാ. യുദ്ധം.
അമർക്കളം നാ. പോർക്കളം.
അമർക്കുക ക്രി. 1. അമർത്തുക, കീഴിൽ ഒതുങ്ങത്തക്കവണ്ണം ശക്തി പ്രയോഗിക്കുക; 2. കീഴ്പ്പെടുത്തുക, ശക്തിക്ക് അടിമപ്പെടുത്തുക, അഭിമാനം ഭഞ്ജിച്ച് വിധേയത്വത്തിൽ കൊണ്ടുവരിക; 3. അടക്കുക, (ഉള്ളിൽ) ഒതുക്കുക; 4. ദൃഢമായി ഉറപ്പിക്കുക; 5. പൊടിക്കുക, ഞെക്കിയുടയ്ക്കുക.

അമർച്ച1 [അമർക്കുക] നാ. 1. അമർന്നിരിക്കൽ, സമാധാനം, അടക്കം, ആത്മസംയമനം; 2. കീഴ്പ്പെടൽ; 3. അമർക്കൽ, കീഴ്പ്പെടുത്തൽ, അടക്കൽ, അമർത്തൽ; 4. സമ്മർദം, ഞെരുക്കൽ, ഞെരിക്കൽ; 5. കളരിപ്പയറ്റിലെ ഒരു അടവ്.

അമർച്ച2 [അമറുക] നാ. അമറൽ, ഗർജനം.

അമർച്ചക്കൊടി [-കൊടി] നാ. ഒരു ഔഷധച്ചെടി, കരിനൊച്ചി.

അമർത്തൽ [<അമർത്തുക] നാ. 1. അമർന്നുപോകത്തക്കവിധം ശക്തിപ്രയോഗിക്കൽ; 2. കീഴൊതുക്കൽ, സമ്മർദം.

അമർത്തുക [അമരുക>പ്രയോ] നാ. അമരുന്നതിനുകാരണമാകുക.

അമർത്യ [സം.അ-മർത്യ] വി. 1. മരണമില്ലാത്ത, നാശമില്ലാത്ത; 2. മർത്യനല്ലാത്ത, ദേവകളെ സംബന്ധിച്ച.

അമർത്യത [സം.അമർത്യ-താ] നാ. 1. മരണമില്ലായ്മ; 2. ദേവത്വം.

അമർത്യതടിനി [സം.-തടിനീ] നാ. ദേവന്മാരുടെ നദി, ആകാശഗങ്ഗ.

അമർത്യൻ [സം.] നാ. മർത്യനല്ലാത്തവൻ, ദേവൻ.

അമർത്യപഥം [സം.-പഥ] നാ. ദേവന്മാരുടെ സഞ്ചാരപഥം, ആകാശം.

അമർത്യലോകം [സം.-ലോക] നാ. ദേവലോകം.

അമർത്യവൈരി [സം.-വൈരിൻ] നാ. ദേവന്മാരുടെ ശത്രു, അസുരൻ.

അമർത്യാപഗ [സം.-ആപഗാ] നാ. അമർത്യതടിനി.

അമർത്യാലയം [സം.-ആലയ] നാ. സ്വർഗം.

അമർത്യേന്ദ്രൻ [സം.-ഇന്ദ്ര] നാ. ദേവേന്ദ്രൻ.

അമർപ്പ് [അമർക്കുക] നാ. ചേർപ്പ്.

അമർമം [സം.അ-മർമൻ] നാ. മർമമല്ലാത്ത സ്ഥാനം.

അമർമവേധി [സം.-മർമ-വേധിൻ] വി. മർമത്തെ ഭേദിക്കാത്ത.

അമർഷ [സം.-മർഷാ] നാ. അമർഷം.

അമർഷണ [സം.-മർഷണ] വി. 1. ക്ഷമയില്ലാത്ത, സഹിക്കാത്ത, പൊറുക്കാത്ത; 2. കോപശീലമുള്ള.

അമർഷം [സം.] നാ. 1. അക്ഷമ, അസഹ്യത; 2. അപ്രീതി, കോപം, അസൂയ; 3. മുപ്പത്തിമൂന്നു വ്യഭിചാരിഭാവങ്ങളിൽ ഒന്ന്.

അമർഷി [സം.-മർഷിൻ] നാ. അസഹിഷ്ണു, കോപശീലൻ.

അമർഷിത [സം.-മർഷിത] വി. കോപിച്ച, കോപമുള്ള.

അമര1 [സം-മര] വി. മരണമില്ലാത്ത.

അമര2,അവര നാ. പയർവർഗത്തിൽപ്പെട്ട ഒരിനം വള്ളിച്ചെടി.

അമര3 [സം.അമരാ] നാ. 1. അമരാവതി, ഇന്ദ്രനഗരി; 2. പൊക്കിൾക്കൊടി; 3. ഗർഭപാത്രം; 4. തൂണ്; 5. ചതുരക്കള്ളി; 6. ചിറ്റമൃത്; 7. കരിങ്കറുക; 8. ആറ്റുപേരാൽ; 9. വലിയ അമരി, മഹാനീലി; 10. ഒരു വന്യ വൃക്ഷം, തേക്കിട; 11. ചെറിയകാട്ടുവെള്ളരി.

അമരകണ്ടകം [സം.അമര-കണ്ടക] നാ. അമരകണ്ടകൻ എന്ന രാക്ഷസൻെറ ആസ്ഥാനം, വിന്ധ്യപർവതത്തിൽ ശോണ നർമദ ഈ നദികൾക്കിടയിൽ.

അമരകൾ [അമര(ർ)-കൾ] നാ. (ബ.വ.) ദേവന്മാർ.

അമരകാഷ്ഠം [സം.അമര-കാഷ്ഠ] നാ. ദേവദാരു.

അമരകോശം [സം.-കോശ] നാ. അമരസിംഹൻ പദ്യരൂപത്തിൽ രചിച്ച നാമലിങ്ഗാനുശാസനം എന്ന സംസ്കൃത നിഘണ്ടു.

അമരക്കാരൻ [അമരം1-കാരൻ] നാ. 1. അമരം പിടിക്കുന്നവൻ, കർണധാരൻ; 2. മാർഗദർശി, നേതാവ്.
അമരഗുരു [സം.അമര-ഗുരു] നാ. ദേവന്മാരുടെ ഗുരു, ബൃഹസ്പതി, വ്യാഴം.
അമരച്ചാർത്ത് [അമരം1-ചാർത്ത്] നാ. കളിവള്ളത്തിൻെറ അമരത്തിന് ഉള്ള അലങ്കാരം. (ചുവന്ന പട്ടിൽ വെള്ളികൊണ്ടോ സ്വർണംകൊണ്ടോ ഉള്ള കുമിളകൾ പതിച്ച് ഉണ്ടാക്കുന്നത്.)
അമരജം [സം.അമര-ജ] നാ. കരിങ്ങാലിമരം.
അമരണം [സം.അ-മരണ] നാ. 1. മരണമില്ലായ്മ. ക്രി. അമരുക എന്ന ക്രിയയുടെ വിധിരൂപം.
അമരത [സം.അമര-താ] നാ. മരണമില്ലായ്മ, ദേവത്വം.
അമരതടിനി [സം.-തടിനീ] നാ. അമർത്യതറ്റിനി.
അമരതരു [സം.-തരു] നാ. 1. കല്പവൃക്ഷം; 2. ദേവദാരു.
അമരതാളം [സം.-താല] നാ. (സങ്ഗീ.) ഒരു താളം.
അമരദാരു [സം.-ദാരു] നാ. ദേവദാരകല്പവൃക്ഷം.
അമരദ്വിജൻ [സം.-ദ്വിജ] നാ. ക്ഷേത്രാധികാരിയായ ബ്രാഹ്മണൻ, തന്ത്രി.
അമരൻ [സം.] നാ. ദേവൻ.
അമരനദി [സം.അമര-നദീ] നാ. ദേവന്മാരുടെ നദി. സ്വർഗങ്ഗ.
അമരനന്ദ [സം.-നന്ദാ] നാ. ഒരു പുണ്യ നദി.
അമരപക്കം (പ.മ.) നാ. അപരപക്ഷം. അറുത്തപക്ഷം.
അമരപരിഷ [സം.-പരിഷദ്] നാ. ദേവസഭ, ദേവസമൂഹം.
അമരപുരം [സം.-പുര] നാ. അമരാവതി.
അമരപുരി [സം.-പുരീ] നാ. അമരപുരം.
അമരപുഷ്പം, [സം.-പുഷ്പക] നാ. 1. കുരുവിക്കരിമ്പ്; 2. തേന്മാവ്; 3. പൂക്കൈത.
അമരപുഷ്പിക [സം.-പുഷ്പികാ] നാ. 1. ചതകുപ്പ (ശതപുഷ്പ); 2. വയൽച്ചുള്ളി.
അമരപ്രഖ്യ [സം.-പ്രഖ്യ] വി. ദേവതുല്യമായ.
അമരപ്രതിമണ്ഠം [സം.-പ്രതിമണ്ഠ] നാ. (സങ്ഗീ.) ഒരു താളം, ആ താളത്തെ അനുസരിച്ചുള്ള ഗീതപ്രബന്ധം.
അമരപ്രഭു [സം.-പ്രഭു] നാ. വിഷ്ണു.
അമരം1 [സം.പ്രാ.അവര] നാ. 1. വള്ളം, കപ്പൽ മുതലായവയുടെ പിൻഭാഗം; 2. (ആ.ല.) നിയന്ത്രണം; 3. ഭാരം, അമർച്ച; 4. കുന്തത്തിൻെറ പിന്തല; 5. ആനയുടെ പിൻഭാഗം. (പ്ര.) അമരം തെറ്റുക = അപകടത്തിലാകുക. അമരം പിടിക്കുക = ചുക്കാൻപിടിക്കുക, നിയന്ത്രിക്കുക.
അമരം2 നാ. 1. ചതുരക്കള്ളി; 2. ചങ്ങലമ്പരണ്ട; 3. സ്വർണം; 4. രസം; 5. അസ്ഥിക്കൂമ്പാരം; 6. 33 എന്ന സംഖ്യ (ദേവഗണങ്ങൾ മുപ്പത്തിമൂന്ന് എന്ന സങ്കൽപത്തിൽനിന്ന്).അമരം3 നാ. ഒരു നേത്രരോഗം.
അമരർഷി [സം.അമര-ഋഷി] നാ. ദേവർഷി.
അമരരിപു [സം.-രിപു] നാ. ദേവശത്രു, അസുരൻ.
അമരലത [സം.-ലതാ] നാ. അമരവല്ലി, ആകാശവല്ലി, മൂടില്ലാത്താളി.
അമരലോകം [സം.-ലോക] നാ. ദേവലോകം.

അമരവരൻ [സം.-വര] നാ. ദേവേന്ദ്രൻ.
അമരവല്ലരി [സം.-വല്ലരീ] നാ. അമരലത.
അമരവാരുണി [സം.-വാരുണീ] നാ. ഖേചരീമുദ്രയിൽ കപാലരന്ധ്രത്തിൽ നാക്കു കടത്തുമ്പോൾ ഉണ്ടാകുന്ന ചൂടുകൊണ്ട് ഭ്രുമധ്യത്തിലുള്ള സോമനിൽ നിന്ന് ഊറുന്ന അമൃതം.
അമരസരിത്ത് [സം.-സരിത്] നാ. ദേവന്മാരുടെ നദി., സ്വർഗങ്ഗ.
അമരസിംഹൻ [സം.-സിംഹ] നാ. അമരകോശത്തിൻെറ കർത്താവ്, വിക്രമാദിത്യസദസ്സിലെ നവരത്നങ്ങളിൽ ഒരാളെന്നു പ്രസിദ്ധി.
അമരസിംഹം [സം.] നാ. അമരസിംഹൻെറ കൃതി, അമരകോശം.
അമരസ്വം [സം.അമര-സ്വം] നാ. ദേവസ്വം.
അമരാങ്ഗന [സം.-അങ്ഗനാ] നാ. ദേവസ്ത്രീ, അപ്സരസ്സ്.
അമരാചാര്യൻ [സം.-ആചാര്യ] നാ. ദേവഗുരു.
അമരാഞ്ചി [സം.] നാ. ഒരു പഴയ നാണയം.
അമരാദ്രി [സം.അമര-അദ്രി] നാ. ദേവന്മാരുടെ പർവതം, സുമേരു.
അമരാധിപൻ [സം.-അധിപ]നാ. 1. ദേവേന്ദ്രൻ; 2. ശിവൻ; 3. വിഷ്ണു.
അമരാധീശൻ [സം.-അധീശ] നാ. അമരാധിപൻ.
അമരാന്തകൻ [സം.-അന്തക] നാ. ദേവന്മാരെ നശിപ്പിക്കുന്നവൻ, ഒരു രാക്ഷസൻ.
അമരാപഗ [സം.-ആപഗാ] നാ. അമർത്യാപഗ, ആകാശഗങ്ഗ.
അമരാരി [സം.-അരി] നാ. ദേവന്മാരുടെ ശത്രു, അസുരൻ, ദൈത്യൻ.
അമരാൽ [പോർ.] നാ. നാവികസേനാനായകൻ.
അമരാലയം [സം.അമര-ആലയ] നാ. ദേവലോകം.
129
അമരാവതി [സം.അമരാവതി] നാ. ദേവന്മാരുടെ വാസസ്ഥാനം, ഇന്ദ്രനഗരി.
അമരി [സം.അമരീ] നാ. 1. ദേവസ്ത്രീ; 2. ഒരു ഔഷധച്ചെടി.
അമര് നാ. = അമർ.
അമരുക ക്രി. 1. വാഴുക, വസിക്കുക, വർത്തിക്കുക; 2. അടങ്ങുക, താഴുക, അടിയുക; 3. ഒതുങ്ങുക, ഉള്ളിൽ ഒതുങ്ങിക്കൂടുക; 4. കീഴൊതുങ്ങുക, അധീനതയിലാകുക; 5. ശമിക്കുക, കുറയുക, ഇല്ലാതാകുക.
അമരുലക് [സം.അമര-മ.ഉലക്] നാ. ദേവലോകം.
അമരേജ്യൻ [സം.അമര-ഇജ്യ] നാ. അമരഗുരു, ബൃഹസ്പതി.
അമരേഡ്യൻ [സം.-ഈദ്യ] നാ. ദേവന്മാരാൽ സ്തുതിക്കപ്പെടുന്നവൻ, ബൃഹസ്പതി.
അമരേത്ത് [അമൃതു-ചെയ്ത്ത്] നാ. രാജാവിൻെറയോ ദേവൻെറയോ ഭക്ഷണം, അമൃതേത്ത്.
അമരേന്ദ്രൻ [സം.അമര-ഇന്ദ്ര] നാ. ദേവേന്ദ്രൻ.
അമരേശൻ [സം.-ഈശ] നാ. 1. ഇന്ദ്രൻ; 2. ബൃഹസ്പതി; 3. വിഷ്ണു.
അമര്യാദ1 [സം.അ-മര്യാദ] വി. 1. അതിരുകവിഞ്ഞ, അതിരില്ലാത്ത; 2. അനുചിതമായ.
അമര്യാദ2 [സം.-മര്യാദാ]നാ. 1. മര്യാദകേട്, അക്രമം, അന്യായം; 2. അനാദരം.

അമര്യാദി [സം.-മര്യാദിൻ] നാ. മര്യാദകെട്ടവൻ, അതിരിനുള്ളിൽ ഒതുങ്ങിനിൽക്കാത്തവൻ. (സ്ത്രീ) അമര്യാദിനി.

അമൽ1 നാ. അറിവ്, തികവ്, പൂർണത.

അമൽ2 [അറ.] നാ. 1. അധികാരം; 2. വിചാരണ; 3. കരംപിരിവ്; 4. പ്രവൃത്തി, കർമംനടത്ത്.

അമൽ3 [മറാ.] നാ. 1. മത്ത്, ലഹരി; 2. മാന്ദ്യം.

അമൽദാർ [അറ.അമൽ-പേർ.ദാർ] നാ. 1. കരംപിരിക്കുന്ന ഉദ്യോഗസ്ഥൻ; 2. വിചാരിപ്പുകാരൻ; 3. ജില്ലാപോലീസ് മേധാവി.

അമൽപ്പൊരി ഒരു ഔഷധച്ചെടി, കീരിക്കിഴങ്ങ്.

അമല1 [സം.അ-മല] വി. 1. അഴുക്കില്ലാത്ത, തെളിഞ്ഞ, പരിശുദ്ധമായ; 2. വെളുത്ത, പ്രകാശിക്കുന്ന.

അമല2 [സം.-മലാ] നാ. 1. മഹാലക്ഷ്മി; 2. പൊക്കിൾക്കൊടി; 3. ചർമലന്ത; 4. കിഴുകാനെല്ലി; 5. ഒരു വൃത്തം; 6. (ജ്യോ.) ഒരു യോഗം (ലഗ്നത്തിൽനിന്നോ ചന്ദ്രനിൽനിന്നോ പത്താം ഭാവത്തിൽ ശുഭഗ്രഹം നിൽക്കുന്നത്.)

അമലതരം [സം.അമല-തര] നാ. കൂടുതൽ അമലമായത്.

അമലപതത്രി [സം.-പതത്രിൻ] നാ. കാട്ടുവാഴ.

അമലം [സം.] നാ. 1. മലമില്ലായ്മ, അഴുക്കില്ലായ്ക; 2. അഭ്രകം.

അമലമണി [സം.അമല-മണി] നാ. സ്ഫടികം.

അമലരത്നം [സം.-രത്ന] നാ. സ്ഫടികം, പളുങ്ക്.

അമലാതകം [സം.അമലാതക] നാ. വാടാക്കുറിഞ്ഞി.

അമലാത്മാവ് [സം.അമല-ആത്മൻ] നാ. പരിശുദ്ധഹൃദയൻ.

അമലി [സം.] നാ. 1. ലക്ഷ്മി; 2. ഐശ്വര്യം, സമൃദ്ധി, പൂർണത.

അമലിക്കുക [അമലി] ക്രി. സമൃദ്ധിയാക്കുക, പെരുക്കുക.

അമലിന [സം.അ-മലിന] വി. 'മലിനമല്ലാത്ത', പരിശുദ്ധമായ.

അമലോദ്ഭവ [സം.അമല-ഉദ്ഭവാ] വി. ജന്മപാപമില്ലാതെ ജനിച്ച കന്യകാമറിയം.

അമലോദ്ഭവം [സം.] നാ. വിശുദ്ധജനനം, കന്യകാമറിയത്തിൻെറ ജനനം (ജന്മപാപമില്ലാതെ ജനിച്ചു എന്നു വിശ്വാസം). അമലോദ്ഭവത്തിരുനാൾ = കന്യകാമറിയത്തിൻെറ അമലോദ്ഭവത്തിൻെറ ഓർമ കൊണ്ടാടുന്ന തിരുനാൾ.

അമവിഷ്ണു [സം.] വി. പലദിക്കിൽ ചുറ്റിത്തിരിയുന്ന.

അമസൻ [സം.] നാ. വിഡ്ഢി, മടയൻ.

അമസം [സം.] നാ. 1. രോഗം; 2. വിഡ്ഢിത്തം; 3. കാലം.

അമസൃണ [സം.അ-മസൃണ] വി. മസൃണമല്ലാത്ത, എണ്ണമയമില്ലാത്ത, മൃദുവല്ലാത്ത, മയമില്ലാത്ത, പരുഷമായ, കർക്കശമായ.

അമസ്തു [സം.-മസ്തു] നാ. മസ്തുവില്ലാത്തത്, തൈര്, വെള്ളം മാറ്റിയ തൈര്, കട്ടത്തൈര്.

അമളി നാ. 1. ബഹളം, അന്ധാളിപ്പ്; 2. അബദ്ധം, തെറ്റ്, മണ്ടത്തരം; 3. അപകടം, ദുർഘടം, വൈഷമ്യം, പരിഹാസ്യസ്ഥിതി.

അമളിക്കുക ക്രി. 1. അന്ധാളിക്കുക, പരിഭ്രമിക്കുക; 2. തിടുക്കപ്പെടുക, ബദ്ധപ്പെടുക; 3. വ്യസനിക്കുക, വിഷമിക്കുക.

അമഴ്ത്തുക ക്രി. അമിഴ്ത്തുക.

അമറ് [അറ.അമ്റ്] നാ. കല്പന, ആജ്ഞ.

അമറൽ [അമറുക] നാ. 1. കാള പശു മുതലായവയുടെ പോലെ പ്രത്യേകരീതിയിൽ പുറപ്പെടുവിക്കുന്ന ശബ്ദം, മുക്കറയിടീൽ; 2. പരുഷവും കഠിനവുമായ ശബ്ദിക്കൽ, ഗർജനം, അലർച്ച.
അമാ[സം.] അവ്യ. കൂടെ, ഒരുമിച്ച്, സമീപത്തിൽ.
അമാകല [സം.അമാ-കലാ] നാ. അമാവാസിയിലെ ചന്ദ്രക്കല, ചന്ദ്രൻെറ പതിനഞ്ചാമത്തെയോ പതിനാറാമത്തേയോ കല.
അമാതൃക [സം.അ-മാതൃക] വി. മാതാവില്ലാത്ത ക്ഷ് സമാതൃക.
അമാത്യൻ [സം.അമാ-ത്യ] നാ. 1. അമച്ചൻ, ഭരണവിഷയത്തിൽ രാജാവിനെ ഉപദേശിക്കാനും സഹായിക്കാനും രാജാവിൻെറ ആജ്ഞ നടപ്പാക്കാനും ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ; 2. വസ്തുക്കൾ, പ്രമാണങ്ങൾ മുതലായ കാര്യങ്ങളിൽ വിദഗ്ധനായ മന്ത്രി.
അമാത്യസമ്പത്ത് [സം.അമാത്യ-സമ്പദ്] നാ. 1. അമാത്യന് ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ; 2. അമാത്യരാകുന്ന സമ്പത്ത്.
അമാത്ര [സം.അ-മാത്ര] വി. 1. അളക്കാൻ പാടില്ലാത്ത, അളവറ്റ; 2. മാത്രാനിയമമില്ലാത്ത, വൃത്തവ്യവസ്ഥയില്ലാത്ത; 3. 'അ' എന്ന അക്ഷരത്തിൻെറ മാത്രയോടുകൂടിയത്.
അമാനത്ത് [അറ.അമാനത്ത്] നാ. 1. കോടതിയിൽ കെട്ടിവയ്ക്കുന്ന പണം; 2. സൂക്ഷിക്കാൻ വിശ്വസിച്ചേൽപ്പിക്കുന്ന വസ്തു, അനാമത്ത്.
അമാനൻ [സം.അ-മാന]നാ. അഹംഭാവമില്ലാത്തവൻ.
അമാനനം [സം.-മാനന] നാ. 1. ബഹുമാനിക്കായ്ക, നിന്ദിക്കൽ, ആദരവില്ലായ്ക, നിന്ദ; 2. അനുസരണക്കേട്.
അമാനം [സം.-മാന] നാ. അളവില്ലായ്മ.
അമാനവ [സം.-മാനവ] വി. 1. മനുഷ്യനല്ലാത്ത, മനുഷ്യസംബന്ധമില്ലാത്ത; 2. അമാനുഷമായ, മനുഷ്യാതീതമായ; 3. മനുവിൻെറ വംശത്തിൽ പെടാത്ത; 4. മാനവനില്ലാത്ത.
അമാനസ്യം [സം.-മാനസ്യ] നാ. ആമനസ്യം, വേദന, ദു:ഖം.
അമാനി1 [സം-മാനിൻ] നാ. ദുരഭിമാനമില്ലാത്തവൻ, വിനയം ഉള്ളവൻ.
അമാനി2 [ഹി.അമാനീ] നാ. 'ഒരുതരം വസ്തുഉടമ'. 1. സർക്കാരിൽനിന്ന് നേരിട്ടു കരം പിരിച്ചെടുക്കുന്ന വസ്തു; 2. പണയം; 3. ജാമ്യം.
അമാനിത1 [സം.-മാനിത]വി. മാനിക്കപ്പെടാത്ത, അവമാനിക്കപ്പെട്ട.
അമാനിത2,-ത്വം [സം.-മാനിതാ,-ത്വ] നാ. വിനയം, വണക്കം.
അമാനിതം [സം.-മാനിത]നാ. 1. മാനിക്കപ്പെടാത്തത്; 2. സൈന്യത്തിൽനിന്ന് ഉണ്ടാകുന്ന വ്യസനം; 3. സൈന്യത്തിന് ഉണ്ടാകുന്ന അസംതൃപ്തി.
അമാനുഷ [സം.-മാനുഷ] വി. 1. മനുഷ്യവർഗത്തിൽ പെടാത്ത, മനുഷ്യബന്ധമില്ലാത്ത; 2. പൈശാചികമായ, രാക്ഷസപ്രകൃതിയായ; 3. മനുഷ്യ സാധാരണമല്ലാത്ത, ദൈവികമായ, ദിവ്യമായ.
അമാനുഷിക [സം.-മാനുഷിക] വി. അമാനുഷ.
അമാന്തക്കാരൻ [അമാന്തം-കാരൻ] നാ. മന്ദൻ, മടിയൻ, കാര്യനിർവഹനത്തിന് താമസം വരുത്തുന്നവൻ.
അമാന്തം1 നാ. 1. കാലവിളംബം, കാര്യം നടക്കാതെ ഇട്ടിഴയ്ക്കൽ; 2. ഉദാസീനത, മന്ദത; 3. അമളി, കുഴപ്പം; 4. വിരളത, ചുരുക്കം, കുറവ്.

അമാന്തം2 [സം.അമാ-അന്ത] നാ. അമയുടെ (കറുത്തവാവിൻെറ) അവസാനം.
അമാന്തിക്കുക [<അമാന്തം1] ക്രി. ശുഷ്കാന്തി കുറയുക, മടിക്കുക, ഇട്ടിഴയ്ക്കുക, കാലതാമസം വരുത്തുക.
അമാന്യ [സം.അ-മാന്യ] വി. മാന്യമല്ലാത്ത, ബഹുമാനിക്കത്തക്കതല്ലാത്ത.
അമാപർവാവ് [സം.അമാ-പർവൻ] നാ. അമാവാസിപുണ്യകാലം.
അമാംസ [സം.-മാംസ] വി. 1. മാംസം ഇല്ലാത്ത, മാംസം ഉൾപ്പെട്ടിട്ടില്ലാത്ത; 2. മെലിഞ്ഞ.
അമാമത്ത് [അറ.] നാ. തലയിൽക്കെട്ട്, തലപ്പാവ്.
അമാമസി,അമാമാസി [സം.അമാ-വാസ്യാ] നാ. അമാവാസ്യ.
അമായ [സം.അ-മായ]വി. മായമില്ലാത്ത, ചതിവില്ലാത്ത.
അമായം [സം.] അവ്യ. ചതിവില്ലാതെ, വഞ്ചനയില്ലാതെ, നേരായി, കാപട്യമില്ലാതെ.
അമായി [സം.അ-മായിൻ] നാ. മായാരഹിതൻ, ചതിവില്ലാത്തവൻ, കപടതയില്ലാത്തവൻ, സത്യസന്ധൻ.
അമാർഗഗമനം [സം.-മാർഗ-ഗമന] നാ. 1. അമാസർഗസഞ്ചാരം, ചീത്തവഴിയിൽ കൂടിയുള്ള പോക്ക്, ചീത്ത നടപടി; 2. (ബാഹു) യുദ്ധത്തിൽ ഉപയോഗിക്കേണ്ട ആകർഷണ വികർഷണാദികർമങ്ങളിൽ ഒന്ന്.
അമാർഗം [സം.അ-മാർഗ] നാ. വഴിയില്ലായ്മ, വഴിയല്ലാത്തത്, ചീത്തവഴി, കുമാർഗം.
അമാർഷ്ടവ്യ [സം.അ-മാർഷ്ടവ്യ<മൃജ്] വി. മായിച്ചുകളയാനാവാത്ത.
അമാര [സം.-മാര<മൃ]വി. മരണമില്ലാത്ത.
അമാലൻ [അറ.ഹമ്മാൽ] നാ. പല്ലക്കുചുമക്കുന്നവൻ, പോണ്ടൻ.
അമാലേക്യർ നാ. ഇസ്രായേൽക്കാരുടെ ശത്രുക്കളായിരുന്ന ഒരു ജനത.
അമാവസി [സം.] നാ. അമാവസ്യ.
അമാവാസി,-വാസ്യ [സം.അമാ-വാസ്യാ] നാ. കറുത്തവാവ്. അമാവാസിപുണ്യകാലം = അമാവാസിയുടെ അവസാനത്തെ പുണ്യമുഹൂർത്തം.
അമാറത്തി [പേർ.അമാർ-മ.അത്തി] നാ. മൾബെറിചെടി.
അമി നാ.‘ 1. കലപ്പയോടോ വണ്ടിയോടോ കാളയെ അമിക്കുന്നത്, നുകം; 2. നുകക്കയറ്, അമിവള്ളി; 3. വരിനെല്ല്.
അമിക്കയറ് നാ. നുകക്കയറ്.
അമിക്കുക ക്രി. 1. കാളയെ നുകത്തിൽ ചേർത്തുകെട്ടുക; 2. അമയ്ക്കുക.
അമിക്കോൽ നാ. നുകത്തിൻെറ ആണി, നുകക്കോൽ.
അമിട്ട് നാ. വെടിക്കെട്ടിലെ ഒരിനം. (പ്ര.) അമിട്ടുപൊട്ടിക്കുക = കേൾവിക്കാർക്കു ഞെട്ടലുണ്ടാക്കുന്ന നുണ പറയുക.
അമിട്ടുക ക്രി. അമട്ടുക, മാട്ടുക, ഭയപ്പെടുത്തുക.
അമിത [സം.അ-മിത] വി. 1. മിതമല്ലാത്ത, അളവറ്റ, അതിരറ്റ; 2. അനാദരിക്കപ്പെട്ട; 3. അറിയപ്പെടാത്ത; 4. അപരിഷ്കൃതമായ.

അമിതക്രതു [സം.അമിത-ക്രതു] നാ. അതിരറ്റ ജ്ഞാനമുള്ള, അളവറ്റ ശക്തിയുള്ള.
അമിതതേജസ്സ് [സം.-തേജസ്സ്] നാ. അത്യധികമായ തേജസ്സുള്ളവൻ.
അമിതവാദി [സം.-വാദിൻ] നാ. മിതമല്ലാത്ത ആശയങ്ങൾ (രാഷ്ട്രീയത്തിലും മറ്റും) പുലർത്തുന്നവൻ, തീവ്രവാദി, അമിതവീര്യൻ.
അമിതാക്ഷര [സം.-അക്ഷര] വി. ക്ലിപ്തമായ അക്ഷരനിയമവ്യവസ്ഥയില്ലാത്ത; ഗദ്യം പോലെയുള്ള.
അമിതാധികാരസിദ്ധാന്തം [സമമിത-അധികാര-സിദ്ധാന്ത] നാ. (രാഷ്ട്ര.) രാജ്യം നന്നായിഭരിക്കാൻ അനുവദിക്കാവുന്നതിലുമധികം അധികാരം ആവശ്യമാണെന്ന സിദ്ധാന്തം (ഉദാ:ഫാസിസം).
അമിതാഭ [സം.അമിത-ആഭ] വി. വളരെ ശോഭയുള്ള.
അമിതാഭൻ [സം.] നാ. അളവറ്റ തേജസ്സുള്ളവൻ, ബുദ്ധഭഗവാൻ.
അമിതാശബൻ [സം.അമിത-അശന] നാ. 1. വളരെ തിന്നുന്നവൻ; 2. വിഷ്ണു.
അമിത് [പ്രാ.അമിദ<സം.അമൃത] നാ. അമൃത്.
അമിതേക്ഷണൻ [സം.അമിത-ഈക്ഷണ] നാ. ശിവൻ.
അമിതൗജസ്സ് [സം.-ഓജസ്സ്] വി. വളരെ ശക്തിയുള്ള, വീര്യവത്തായ.
അമിത്രഘാതി [സം.അമിത്ര-ഘാതിൻ] നാ. ശത്രുവിനെ നശിപ്പിക്കുന്നവൻ.
അമിത്രഘ്നൻ [സം.-ഘ്ന] നാ. അമിത്രഘാതി.
131
അമിത്രജിത്ത് [സം.-ജിത്] നാ. ശത്രുക്കളെ ജയിക്കുന്നവൻ.
അമിത്രൻ [സം.അ-മിത്ര] നാ. അമിത്രം.
അമിത്രപുത്ര [സം.-മിത്ര-പുത്ര] വി. സ്നേഹിതന്മാരും പുത്രന്മാരും ഇല്ലാത്ത.
അമിത്രം [സം.-മിത്ര] നാ. ബന്ധുവല്ലാത്തവൻ, ശത്രു.
അമിത്രസഹൻ [സം.അമിത്ര-സഹ] നാ. 1. ശത്രുക്കൾ ചെയ്യുന്നത് സഹിക്കുന്നവൻ; 2. ശത്രുക്കളെ നശിപ്പിക്കുന്നവൻ; 3. ഇന്ദ്രൻ.
അമിത്രഹൻ സം.-ഹന്] നാ. ശത്രുക്കളെ കൊല്ലുന്നവൻ.
അമിത്രാന്തകൻ [സം.-അന്തക] നാ. അമിത്രന്മാർക്ക് (ശത്രുക്കൾക്ക്) അന്തകൻ.
അമിത്രിയ [സം.] വി. അമിത്രത്തെ സംബന്ധിച്ച.
അമിനാദാർ [പേർ.അമാനത്-ദാർ] നാ. 1. കരംപിരിവുദ്യോഗസ്ഥൻ; 2. പോലീസ് വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ.
അമിലാതകം [സം.] നാ. അമലാതകം.
അമിശ്ര [സം.അ-മിശ്ര] വി. കൂട്ടിക്കലരാത്ത.
അമിശ്രിത [സം.-മിശ്രിത] വി. കൂട്ടിക്കലർത്താത്ത.
അമിഷ [സം.-മിഷ] വി. കാപട്യമില്ലാത്ത, ചതിവില്ലാത്ത.
അമിഷം [സം.] നാ. 1. കൈതവമില്ലായ്മ, സത്യസന്ധത; 2. സുഖസാധനം, ഭോഗസാധനം; 3. ആമിഷം, മാംസം.
അമിഴുക [അമിഴ്] ക്രി. താഴുക, മുങ്ങുക.
അമിഴ്ത്തുക [അമുഴുക>പ്രയോ.] ക്രി. അമിഴത്തക്കവണ്ണം ചെയ്യുക.
അമീൻ [അറ.] നാ, വിശ്വസ്തൻ.
അമീബാ [ഇം.] നാ. അണുജീവി.
അമീർ [അറ.] നാ. ധനികൻ.

അമുക്ക നാ. ഒരു മർമം, മാറും വയറും കൂടുന്നഭാഗം.
അമുക്കൻ നാ. 1. അമുക്കുന്നവൻ, പറ്റിപ്പുകാരൻ, കാര്യങ്ങൾ ഗൂഢമായി നിർവഹിക്കുന്നവൻ, ചതിയൻ; 2. പൂഴ്ത്തിവയ്ക്കുന്നവൻ.
അമുക്കം [അമുക്കുക] നാ. അമർത്തൽ, ഞെക്കൽ.
അമുക്കൽ [അമുക്കുക] നാ. അമുക്കൽ.
അമുക്കിരം,അമുക്കുരം നാ. അശ്വഗന്ധ എന്ന ഔഷധച്ചെടി.
അമുക്കുക [അമുങ്ങുക>പ്രയോ.] ക്രി. 1. ഞെക്കുക, അമർത്തുക, ബലംപ്രയോഗിച്ചു താഴ്ത്തുക; 2. കീഴടക്കുക, അമർച്ചചെയ്യുക; 3. ഞെരിക്കുക, പിശുക്കുക; 4. (വ്യവഹാരഭാഷയിൽ) അപഹരിക്കുക, കളിപ്പിച്ചെടുക്കുക. ഉദാ: കരിഞ്ചന്തക്കാർ സാമാനങ്ങൾ അമുക്കി; 5. മുക്കുക (വെള്ളത്തിലും മറ്റും) താഴ്ത്തുക. (പ്ര.) അമുക്കിച്ചിരയ്ക്കുക = തലയിലെ രോമത്തിൻെറ കുറ്റിപോലും പോകത്തക്കവിധം ചിരയ്ക്കുക. അമ്മുക്കിഅളന്നാലും അവക്കു മുഴുക്കാ, അമുക്കിച്ചെരച്ചാലും തലയിലെഴുത്തു മാറുകയില്ല. (പഴ.)
അമുക്കുരം നാ. അമുക്കിരം.
അമുക്കുവൻ നാ. കടലരയന്മാരിൽ ഒരു ഉപജാതി, വാലന്മാരുടെയും അരയന്മാരുടെയും പുരോഹിതൻ.
അമുക്ത [സം.അ-മുക്ത] വി. 1. ബന്ധനത്തിൽനിന്നു മോചനം കിട്ടാത്ത, ബന്ധനത്തിൽപ്പെട്ട; 2. (ജനനമരണങ്ങളിൽനിന്നും) മോചനം ലഭിക്കാത്ത, മോക്ഷം ലഭിക്കാത്ത.
അമുക്തം [സം.] നാ. (കയ്യിൽ നിന്ന്) പിടിവിടാതെ പ്രയോഗിക്കുന്ന ആയുധം (കത്തി വാൾ മുതലായവപോലെ).
അമുക്തഹസ്ത [സം.അമുക്ത-ഹസ്ത] വി. 1.ദാനം ചെയ്യുവാൻ കൈ തുറക്കാത്ത, ലുബ്ധുള്ള, പിശുക്കുള്ള; 2. കയ്യയച്ചു ചെലവുചെയ്യാത്ത, മിതവ്യയ ശീലമുള്ള, ധൂർത്തില്ലാത്ത.
അമുക്തി [സം.അ-മുക്തി] നാ. 1. മുക്തിയില്ലായ്മ; 2. സ്വാതന്ത്ര്യമില്ലായ്മ.
അമുഖ്യ [സം.-മുഖ്യ] വി. മുഖ്യമല്ലാത്ത, പ്രധാനമല്ലാത്ത, അപ്രധാനമായ.
അമുങ്ങുക ക്രി. = അമങ്ങുക.
അമുട്ട് നാ. അമിട്ട്.
അമുണ്ടം നാ. ഭാരമുള്ള തടിയോ വള്ളമോ പലർക്ക് ഒരുമിച്ചുപിടിച്ച് വലിച്ചുകൊണ്ടു പോകത്തക്കവണ്ണം തലയ്ക്കൽ കുറുകെ വച്ചുകെട്ടുന്ന തടി.
അമുത്, അമുതം (പ.മ.<സം.അമൃത] നാ. 1. അമൃത്; 2. നൈവേദ്യം; 3. ചോറ്, ഭക്ഷണം. അമൃതു ചെയ്യുക = (ആചാര.) അമൃതേത്തുകഴിക്കുക, ഭക്ഷണം കഴിക്കുക. അമൃതുപടി = നിവേദ്യം അർപ്പിക്കൽ, നൈവേദ്യം.
അമുത്ര [സം.അമു-ത്ര] അവ്യ. 1. അവിടെ, ആസ്ഥലത്ത്; 2. പരലോകത്ത്, ജന്മാന്തരത്തിൽ.
അമുത്രത്യ [സം.അമുത്ര-ത്യ] വി. 1. പരലോകസംബന്ധമായ; 2. ഭാവിജീവിതത്തെ സംബന്ധിക്കുന്ന.
അമുസ്ലിം [സം.അ-അറ.മുസ്ലിം] നാ. മുസ്ലിം സമുദായത്തിൽ പെടാത്ത ആൾ.
അമുഴുക ക്രി. അമിഴുക.
അമുഴ്ത്തുക ക്രി. 1. അമിഴ്ത്തുക; 2. പതിച്ചുവയ്ക്കുക, ആഴ്ത്തുക.
അമൂഢ [സം.അ-മൂഢ] വി. മൂഢനല്ലാത്ത, അറിവുള്ള.

അമൂഢസംജ്ഞ [സം.അമുഢ-സംജ്ഞ] വി. സംജ്ഞാഹാനിവരാത്ത, ബുദ്ധികെടാത്ത, ചിത്തഭ്രമമില്ലാത്ത.
അമൂദൃശ [സം.അമൂ-ദൃശ] വി. അത്തരത്തിലുള്ള, ആമാതിരിയുള്ള.
അമൂർത്ത [സം.അ-മൂർത] വി. ആകൃതിയില്ലാത്ത, രൂപമില്ലാത്ത, ശരീരമില്ലാത്ത. അമൂർത്തഗുണം = മൂർത്തിമത്തല്ലാത്ത ഗുണം. (ധർമം, അധർമം, ഭാവന, ബുദ്ധി മുതലായവ).
അമൂർത്തൻ [സം.അ-മൂർത] നാ. 1. ആകൃതിയില്ലാത്തവൻ, ദൃശ്യരൂപമൊന്നും ഇല്ലാത്തവൻ; 2. ശിവൻ.
അമൂർത്തന്മാർ, = (ബ.വ.) പിതൃക്കളിൽ ഒരു വിഭാഗം (മറ്റേവിഭാഗം മൂർത്തന്മാർ).
അമൂർത്തി1 [സം.-മൂർതി] വി. രൂപമില്ലാത്ത, ആകൃതിയില്ലാത്ത.
അമൂർത്തി2 [സം.-മൂർതി] നാ. 1. മൂർത്തിയില്ലായ്മ; 2. വിഷ്ണു.
അമൂല [സം.-മൂല] വി. 1. വേരില്ലാത്ത, കിഴങ്ങില്ലാത്ത, ഹേതുവില്ലാത്ത; 2. അടിസ്ഥാനമില്ലാത്ത, ആധാരമില്ലാത്ത; 3. പ്രമാണരഹിതമായ; 4. മൂലകൃതിയിൽ ഇല്ലാത്ത.
അമൂലസംഖ്യ [സം.അമൂല-സംഖ്യാ] നാ. (ഗണിത.) ശരിക്കു വർഗമൂലാദികൾ കാണുവാൻ ആകാത്ത സങ്ഖ്യ.
അമൂല്യ [സം.അ-മൂല്യ] വി. വിലമതിക്കാൻ പാടില്ലാത്ത, വിലയേറിയ.
അമൃണാളം [സം.-മൃണാല] നാ. മൃണാളസദൃശമായത്, രാമച്ചം.
അമൃത1 [സം.-മൃത] വി. 1. മൃതമല്ലാത്ത, മരിക്കാത്ത; 2. മരണമില്ലാത്ത, നാശമില്ലാത്ത, നശിക്കാത്ത, നിത്യമായ; 3. മരണമിലാതാക്കുന്ന; 4. അത്യന്തം മനോഹരമായ, അഭികാമ്യമായ, അത്യന്തം പ്രീയപ്പെട്ട.
അമൃത2 [സം.-മൃതാ] നാ. 1. നെല്ലി; 2. ചിറ്റമൃത്; 3. കടുക്ക; 4. തുളസി; 5. തിപ്പല്ലി; 6. കീഴാനെല്ലി; 7. കിണികിണിപ്പാല; 8. ഐവിരലിക്കോവ, ശിവവള്ളി; 9. അതിവിടയം; 10. കരിങ്കറുക (കറുക); 11. വെളുത്തുള്ളി; 12. പേക്കുമ്മട്ടി; 13. മദ്യം; 14. ഒരു നാഡി; 15. സൂര്യൻെറ ഒരു കിരണം; 16. പാർവതി; 17. ഒരു യോഗിനി; 18. ഗങ്ഗയുടെ ഒരു നാമം; 19. പൂജാഹോമാദികളിൽ പ്രയോഗിക്കേണ്ട അഞ്ചുവിധം പ്രണീത മുദ്രകളിൽ ഒന്ന്, (ശേഷം, ഗ്രാഹണി, മോക്ഷണി, ജ്വാലിനി, അഭയ); 20. (യോഗ.) യോഗികളുടെ ധാരണകളിൽ ഒന്ന്; 21 അനശ്വാവിൻെറ പതി, പരീക്ഷിത്തിൻെറ അമ്മ; 22. പടിക്കാരം; 23. വിവസ്വാൻെറ പതി, യമൻെറ മാതാവ്.
അമൃതകം [സം.-മൃതക] നാ. അമൃതം.
അമൃതകരൻ [സം.അമൃത-കര] നാ. അമൃതംപോലെ സുഖശീതളമായ കിരണങ്ങൾ ഉള്ളവൻ, ചന്ദ്രൻ.
അമൃതകരകലാപൻ [സം.അമൃതകര-കലാപ] നാ. ചന്ദ്രശേഖരൻ, ശിവൻ.
അമൃതകല [സം.അമൃത-കലാ] നാ. 1. ചന്ദ്രക്കല, ചന്ദ്രൻെറ ഒരു ഭാഗം; 2. സുധകല, വെളുത്തപക്ഷത്തിൽ പ്രതിപദം മുതൽ പൂർണിമവരെ വലത്തുകാലിൻെറ പെരുവിരൽതൊട്ട് നെറുകയോളം കയറുകയും കറുത്തപക്ഷത്തിൽ പ്രതി പദംതൊട്ടു കറുത്തവാവുവരെ നെറുകയിൽനിന്ന് ഇടത്തുകാലിൻെറ പെരുവിരലോളം ഇറങ്ങുകയും ചെയ്യുന്ന ഒരു ശക്തിവിശേഷം.; 3. ദുർഗ, കാളി.
അമൃതകലശം [സം.-കലശ] നാ. അമൃതം നിറച്ച പാത്രം.
അമൃതകാലം [സം.-കാല] നാ. (ജ്യോ.) അമൃതഘടിക, ഓരോ നക്ഷത്രത്തിലും പ്രത്യേകം ക്ലിപ്തപ്പെടുത്തിയിട്ടുള്ള നാലുനാഴിക നേരത്തേക്കുള്ള ശുഭസമയം.
അമൃതകിരണൻ [സം.-കിരണ] നാ. അമൃതകരൻ, ചന്ദ്രൻ.

അമൃതകിരണം [സം.] നാ. കർപ്പൂരം.
അമൃതകുണ്ഡം [സം.അമൃത-കുണ്ഡ] നാ. അമൃതകലശം.
അമൃതക്കൊടി [സം.-മ.കൊടി] നാ. ചിറ്റമൃത്.
അമൃതക്ഷാരം [സം.-ക്ഷാര] നാ. നവസാരം.
അമൃതഗർഭൻ [സം.-ഗർഭ] നാ. 1. ജീവാത്മാവ്; 2. പരമാത്മാവ്.
അമൃതഗർഭം [സം.] നാ. ഉറക്കം.
അമൃതഗു [സം.അമൃത-ഗു<ഗോ] നാ. അമൃതകിരണൻ, അമൃതകരൻ.
അമൃതഘടിക [സം.-ഘടികാ] നാ. അമൃതകാലം.
അമൃതങ്കായ് [സം.അമൃതം-മ.കായ്] നാ. ആത്തച്ചക്ക, ശ്ലാത്തിപ്പഴം.
അമൃതചതുഷ്ടയം [സം.അമൃത-ചതുഷ്ടയ] നാ. ഗുണവതിയായ ഭാര്യ, ബാലഭാഷിതം, രാജസമ്മാനം, മാനഭോജനം ഇവ നാലും.
അമൃതജട [സം.-ജടാ] നാ. ജടാമാഞ്ചി.
അമൃത-ത,-ത്വം [സം.-താ,ത്വ] നാ. മരണമില്ലായ്മ.
അമൃതതരങ്ഗിണി [സം.-തരങ്ഗിണീ] നാ. അമൃതമയമായ തരങ്ഗങ്ങൾ ഉള്ളത്, നിലാവ്.
അമൃതദ്രു [സം.-ദ്രു] നാ. ദേവതാരം.
അമൃതധാര [സം.-ധാരാ] നാ, 1.അമൃതപ്രവാഹം; 2. ഒരു വിഷമവൃത്തം.
അമൃതൻ [സം.അ-മൃത] നാ. 1. മരണമില്ലാത്തവൻ; 2. ദേവൻ; 3. പ്രജാപതി; 4. ധന്വന്തരി; 5. ഇന്ദ്രൻ; 6. വിഷ്ണു; 7. ആത്മാവ്; 8. ശിവൻ; 9. സൂര്യൻ.
അമൃതനന്ദനം [സം.അമൃത-നന്ദന] നാ. അമ്പത്തെട്ടു തൂണുള്ള ക്ഷേത്രമണ്ഡപം.
അമൃതനില [സം.അമൃത-മ.നില] നാ. ശുക്ല-കൃഷ്ണ പക്ഷങ്ങളിൽ ശരീരത്തിൻെറ പ്രത്യേകഭാഗങ്ങളിൽ അമൃതകലയുടെ സ്ഥിതി.
അമൃതനീര് [സം.അമൃത-നീര്] നാ. ശുക്ലം.
അമൃതപക്ഷൻ [സം.-പക്ഷ] നാ. 1. യാഗാഗ്നി; 2. ഒരു ജാതി പ്രാപ്പിടിയൻ, സ്വർണവർണമായ ചിറകുള്ളത്; 3. അഗ്നി.
അമൃതപഞ്ചാക്ഷരി [സം.-പഞ്ചാക്ഷരി] നാ. കൈവിഷം (പ്രേതബാധ മുതലായവ) ഒഴിക്കാനുള്ള ഒരു ശൈവമന്ത്രം.
അമൃതപൻ [സം.-പ<പാ] നാ. 1. അമൃതം പാനം ചെയ്യുന്നവൻ, ദേവൻ; 2. മദ്യപാനി; 3. അമൃതന്മാരെ (ദേവന്മാരെ) പാലനം ചെയ്യുന്നവൻ, വിഷ്ണു.
അമൃതപ്രാശം [സം.-പ്രാശ] നാ. (ആയുർ.) ഒരുഔഷധം.
അമൃതഫല [സം.-ഫലാ] നാ. 1. നെല്ലി; 2. മുന്തിരിവള്ളി.
അമൃതഫലം [സം.-ഫല] നാ. 1. നെല്ലിക്കാ; 2. പേരയ്ക്ക, നാസാപതി; 3. ഈന്തപ്പഴം; 4. കയ്പ്പൻപടവലം.
അമൃതബീജം [സം.-ബീജ] നാ. ഒരു മന്ത്രം, വരുണദേവതാകമായ ജലത്തെ സൂചിപ്പിക്കുന്ന ബീജാക്ഷരം.
അമൃതഭാനു [സം.-ഭാനു] നാ. അമൃതകിരണൻ, ചന്ദ്രൻ.
അമൃതഭുക്ക് [സം.-ഭുക്<ഭുജ്] നാ. യാഗശിഷ്ടം ഭുജിക്കുന്നവൻ, ദേവൻ.
അമൃതഭൂവ് [സം.-ഭൂ] നാ. ജനനമരണമില്ലാത്തവൻ.
അമൃതം [സം.] നാ. 1. മരണത്തെ ഇല്ലാതാക്കുന്നത്, അമൃത്, പീയൂഷം, സുധ, സുരാസുരന്മാർചേർന്ന് പാലാഴി കടഞ്ഞെടുത്തത്, ദേവന്മാരുടെ പാനീയം; 2. ആനന്ദപ്രദമായത് എന്ന സാമാന്യാർഥത്തിലും പ്രയോഗം. ഉദാ: കർണാമൃതം, നേത്രാമൃതം;

3. മരണമില്ലായ്മ, അനശ്വരത, മോക്ഷം, നിത്യാനന്ദം; 4. വെള്ളം; 5. മേഘം; 6. ചോറ്; 7. ഉടൻകറന്ന പാൽ; 8. നെയ്യ്; 9. മോര്; 10. യജ്ഞശിഷ്ടമായ ഹവിസ്സ് മുതലായത്; 11. സോമരസം; 12. മദ്യം; 13. ഇമ്പമുണ്ടാക്കുന്നത്, മധുപദാർഥം.; 14. യാചിക്കാതെകിട്ടിയ ഭിക്ഷ; 15. രസം; 16. സ്വർണം; 17. ചിറ്റമൃത്; 18. പന്നിക്കിഴങ്ങ്; 19. അമൃതഫലം; 20. വിഷം, വത്സനാഭം; 21. ശുക്ലം; 22. (ജ്യോ.) ചില നക്ഷത്രങ്ങളും തീയതികളും ചില ആഴ്ചകളും ചേർന്നുവരുമ്പോൾ ഉണ്ടാകുന്ന യോഗം; 23. മഥുരാമണ്ഡലത്തിൽ വിഷ്ണുവിനു പ്രീയപ്പെട്ട ഒരു ഉപവനം; 24. ബ്രഹ്മം; 25. നാല് എന്ന സംഖ്യ.

അമൃതമഥനം [സം.-മഥന] നാ. അമൃതത്തിനുവേണ്ടിയുള്ള പാലാഴികടയൽ.

അമൃതമയ [സം.-മയ] വി. 1. അമൃതം ഉള്ള, അമൃതം നിറഞ്ഞ; 2. അമർത്യ.

അമൃതമയൂഖൻ [സം.-മയൂഖ] നാ. അമൃതകിരണൻ, ചന്ദ്രൻ.

133

അമൃതമാലിനി [സം.-മാലിനീ] നാ. വാടാത്ത മാലയുള്ളവൾ, ദുർഗ.

അമൃതമൂലി [സം.-മൂലിൻ] നാ. മൃതസഞ്ജീവനി.

അമൃതയോഗം [സം.-യോഗ] നാ. (ജ്യോ.) അമൃതം.

അമൃതരശ്മി [സം.-രശ്മി] നാ. അമൃതകിരണൻ, ചന്ദ്രൻ.

അമൃതരസ [സം.-രസാ] നാ. 1. വലിയ മുന്തിരി, നീലമുന്തിരി; 2. ഒരുതരം പലഹാരം.

അമൃതരസം [സം.-രസ] നാ. അമൃതം.

അമൃതരിപ്പാട്ടം [അമൃത്-അരി-പാട്ടം] നാ. അമൃതേത്തിന് അരിവകയ്ക്കുള്ള പാട്ടം, ശ്രീപാദംവക വസ്തുക്കളിന്മേലുള്ള ഒരിനം പാട്ടം.

അമൃതലത [സം.അമൃത-ലതാ] നാ. ചിറ്റമൃത്.

അമൃതലോകം [സം.-ലോക] നാ. അമരലോകം, ദേവലോകം.

അമൃതവല്ലരി [സം.-വല്ലരീ] നാ. 1. ചുവന്ന വശളച്ചീര; 2. ചിറ്റമൃത്.

അമൃതവല്ലി [സം.-വല്ലീ] നാ. അമൃതസ്രവ, ചിറ്റമൃത്.

അമൃതവാക്ക് [സം.-വാക്ക്] നാ. 1. അമൃതംപോലുള്ള വാക്ക്; 2. അമൃതംപോലുള്ള വാക്കുള്ളവൻ.

അമൃതവാരിധി [സം.-വാരിധി] നാ. പാലാഴി.

അമൃതവാഹിനി [സം.-വാഹിനീ] നാ. (സങ്ഗീ.) ഒരു ജന്യരാഗം.

അമൃതശയൻ [സം.-ശയ] നാ. അമൃതത്തിൽ (പാൽക്കടലിൽ) ശയിക്കുന്നവൻ, വിഷ്ണു.

അമൃതശായി [സം.-ശായിൻ] നാ. അമൃതശയൻ.

അമൃതസഞ്ജീവനി [സം.-സംജീവനീ] നാ. 1. (മരിച്ചവരെ) അമൃതതുല്യം ജീവിപ്പിക്കുന്ന ഒരു ഔഷധം; 2. മൃതരെ ജീവിപ്പിക്കുന്ന മന്ത്രം.

അമൃതസംഭവ [സം.-സംഭവാ] നാ. ചിറ്റമൃത്.

അമൃതസംഭൂതൻ [സം.-സംഭൂത] നാ. ചന്ദ്രൻ.

അമൃതസംസ്കാരം [സം.-സംസ്കാര] നാ. കല്ല് മുതലായതിൻെറ വിഷം പോക്കൽ.

അമൃതസാരം [സം.-സാര] നാ. ഉരുക്കിയ നെയ്യ്.

അമൃതസൂത്രി [സം.-സൂത്രിൻ] നാ. 1. ദേവന്മാരുടെ മാതാവ്, അദിതി; 2. അമൃതം സേവിക്കുന്നവൻ, ചന്ദ്രൻ.

അമൃതസോദരം [സം.-സോദര] നാ. 1. പാലാഴിയിൽനിന്ന് അമൃതിനോടൊപ്പം പൊന്തിവന്നത്, ഉച്ചൈശ്രവസ്സ് എന്ന കുതിര; 2. കുതിര.

അമൃതസ്ഥാനം [സം.-സ്ഥാന] നാ. 1. മോക്ഷപദവി; 2. പാൽക്കടലിൻെറ വടക്കെതീരത്തുള്ള ആസ്ഥാനം.
അമൃതസ്രവ [സം.-സ്രവാ] നാ. 1. അമൃതവള്ളി, ചിറ്റമൃത്; 2. അഴുകണ്ണി.
അമൃതസ്രാവം [സം.-സ്രാവ] നാ. അമൃതപ്രവാഹം.
അമൃതാക്ഷര [സം.-അക്ഷര] വി. നാശമില്ലാത്ത, അനശ്വരമായ.
അമൃതാത്മാ(വ്) [സം.-ആത്മൻ] നാ. 1. ചന്ദ്രൻ; 2. ശിവൻ.
അമൃതാന്ധസ്സ് [സം.-അന്ധസ്] നാ. അമൃതാശനൻ, ദേവൻ.
അമൃതാഫലം [സം.അമൃതാ-ഫല] നാ. അമൃതഫലം.
അമൃതാംശു [സം.അമൃത-അംശു] നാ. അമൃതകിരണൻ, ചന്ദ്രൻ.
അമൃതാശൻ [സം.-അശ<അശ്] നാ. 1. ദേവൻ; 2. വിഷ്ണു.
അമൃതാശനൻ [സം.-അശന] നാ. അമൃതം ഭക്ഷിക്കുന്നവൻ, ദേവൻ.
അമൃതാശി [സം.-അശിൻ] നാ. = അമൃതാശനൻ.
അമൃതാസങ്ഗം [സം.ആസങ്ഗ] നാ. 1. കർപ്പരീതുത്ഥം, തുത്ത്, തുരിശ്; 2. പെരുങ്കുരുമ്പ.
അമൃതാഹരണൻ [സം.-ആഹരണ] നാ. അമൃതം അപഹരിച്ചവൻ, ഗരുഡൻ.
അമൃതാഹ്വം [സം.-ആഹ്വ] നാ. 1. നെയ്യ്; 2. ചിറ്റമൃത്; 3. അമൃതഫലം, നാസാപതി, പേര.
അമൃതാഹ്വയം [സം.-ആഹ്വയ] നാ. നെയ്യ്.
അമൃതീകരണം [സം.അമൃതീ-കരണ] നാ. 1. അമൃതമാക്കിത്തീർക്കൽ; 2. വിഗ്രഹത്തെ ദേവതയായി ഭാവിക്കൽ. അമൃതീകരണമുദ്ര = വിഗ്രഹത്തിൽ ദേവനെ ആരാധിക്കുമ്പോൾ കാണിക്കുന്ന ഒരു മുദ്ര.
അമൃത് [സം.അമൃത] നാ. 1. അമൃതം; 2. ചിറ്റമൃത്; 3. മഴ; 4. രാജാക്കന്മാരുടെ ഊണ്, അമൃതേത്ത്. അധികമായാൽ അമൃതും വിഷം. (പഴ.).
അമൃതുതിരി നാ. (കരിമരുന്നു പ്രയോഗം) ഒരു നിലാത്തിരി.
അമൃതേത്ത് [അമൃത്-ചെയ്ത്] നാ. ദേവന്മാരുടെയോ രാജാക്കന്മാരുടെയോ ഭക്ഷണം.
അമൃതേശൻ [സം.അമൃത-ഈശ] നാ. 'അമൃതർക്ക് (ദേവന്മാർക്ക്) ഈശൻ', ശിവൻ.
അമൃതേശയൻ [സം.അമൃതേ-ശയ] നാ. അമൃതത്തിൽ (പാൽക്കടലിൽ) ശയിക്കുന്നവൻ, വിഷ്ണു.
അമൃതേശ്വരൻ [സം.അമ്മൃത-ഈശ്വര] നാ. അമൃതേശൻ.
അമൃതോത്ഭവം [സം.-ഉദ്ഭവ] നാ. 1. കൂവളം; 2. മയിൽതുത്ഥം, തുരിശ്.
അമൃത്യു [സം.അ-മൃത്യു] വി. മൃത്യുവില്ലാത്ത. നാ. വിഷ്ണു.
അമൃഷാ [സം.-മൃഷാ] അവ്യ. കള്ളമില്ലാതെ, സത്യമായിട്ട്, നിർവ്യാജമായി.
അമൃഷ്ട [സം.-മൃഷ്ട] വി. 1. തേച്ചുമിനുക്കാത്ത, കഴുകി വെടിപ്പാക്കാത്ത, അശുചിയായ; 2. രുചികരമല്ലാത്ത, ആസ്വാദ്യമല്ലാത്ത.
അമേദസ്ക [സം.-മേദസ്ക] വി. മേദസ്സില്ലാത്ത, മെലിഞ്ഞ.
അമേധസ്സ് [സം.-മേധസ്] വി. ബുധിയില്ലാത്ത. നാ. മടയൻ, ബുദ്ധിഹീനൻ.
അമേധ്യ [സം.-മേധ്യ] വി. 1. മാധയോഗ്യതയില്ലാത്ത, യജ്ഞാർഹതയില്ലാത്ത, യാഗത്തിനു കൊള്ളരുതാത്ത; 2. അശുചിയായ.
അമേധ്യകുണപാശി [സം.അമേധ്യ-കുണപ-അശിൻ] വി. ചീഞ്ഞശവം തിന്നുന്നവൻ.

അമേധ്യഭോജം [സം.-ഭോജ] നാ. ഒരു നരകം.
അമേധ്യം [സം.അ-മേധ്യ] നാ. 1. മലം, വയറ്റിൽനിന്നും വിസർജിക്കപ്പെടുന്നത്, അശുദ്ധവസ്തു; 2. ദുശ്ശകുനം.
അമേധ്യയുക്ത [സം.അമേധ്യ-യുക്ത] വി. അതിമലിനമായ.
അമേയ [സം.അ-മേയ] വി. 1. അളക്കാനാവാത്ത, അളവറ്റ; 2. അറിയാൻ സാധിക്കാത്ത.
അമേയാത്മാ(വ്) [സം.അമേയ-ആത്മൻ] നാ. 1. അമേയമായ ആത്മാവോടുകൂടിയവൻ, പരമാത്മസ്വരൂപൻ, മഹാമനസ്കൻ; 2. വിഷ്ണു.
അമേരിക്ക നാ. അമേരിഗോ വെസ്പൂച്ചി കണ്ടുപിടിച്ച ഭൂഖണ്ഡം.
അമേരിക്കൻ [ഇം.] വി. അമേരിക്കയെ സംബന്ധിച്ച, അമേരിക്കയിലുള്ള.
അമേരിക്കൻ മാവ് = അമേരിക്കയിലെ ഒരിനം ധാന്യത്തിൽനിന്ന് എടുക്കുന്ന മാവ്.
അമോക്ഷം [സം.അ-മോക്ഷ] നാ. 1. മോക്ഷമില്ലായ്മ; 2. ബന്ധനം, ദാസ്യം; 3. സ്വാതന്ത്ര്യമില്ലായ്മ.
അമോഘ1 [സം.-മോഘ] വി. 1. വ്യർഥമല്ലാത്ത, നിഷ്ഫലമല്ലാത്ത, ഫലമുള്ള, ലാക്കുതെറ്റാത്ത, കുറിക്കുകൊള്ളുന്ന, പ്രയോജനമുള്ള; 2. വിലയേറിയ, നിരർഘമായ, മഹിമയേറിയ.
അമോഘ2 [സം.-മോഘാ] നാ. 1. പൂപ്പാതിരി, പാടലി; 2. വിഴാൽ; 3. കയ്പൻ പടവലം; 4. കടുക്ക; 5. പാർവതി, ദുർഗ; 6. ശക്തി.
അമോഘദർശി [സം.അമോഘ-ദർശിൻ] നാ. 1. സൂഷ്മദൃഷ്ടിയുള്ളവൻ; 2. ഒരു ബോധിസത്ത്വൻ.
അമോഘദൃഷ്ടി [സം.-ദൃഷ്ടി] നാ. അമോഘദർശി.
അമോഘൻ [സം.അ-മോ-ഘ] നാ. 1. ശിവൻ; 2. വിഷ്ണു; 3. സ്കന്ദൻ.
അമോഘം [സം.] നാ. 1. ദിക്പാലാദിസ്ഥാനത്തിൽ അശ്വിനീദേവന്മാർ തുടങ്ങിയവരെ ആവാഹിക്കുവാനുള്ള ഘടകങ്ങളിൽ ഒന്ന്; 2. ഉദയത്തിലും അസ്തമയത്തിലും കാണപ്പെടുന്ന സൂര്യന്റെ ദീർഘരശ്മികൾ.
അമോഘവിക്രമൻ [സം.അമോഘ-വിക്രമ] നാ. ശിവൻ.
അമോചനീയ [സം.-മോചനീയ] വി. വിട്ടയയ്ക്കാൻ പാടില്ലാത്ത, മോചിപ്പിച്ചുകൂടാത്ത.
അമോചിത [സം.-മോചിത] വി. മോചിപ്പിക്കപ്പെടാത്ത, ബന്ധനത്തിൽ സ്ഥിതിചെയ്യുന്ന.
അമോച്ചി നാ. പാശ്ചാത്യരേഖകളിൽ ചാവേറുകളെ കുറിച്ചിരുന്ന ഒരു പേര്. "അമോച്ചി എന്നും നായരി എന്നും പേർ പറയുന്നതായ ഒട്ടുവളരെ പ്രമാണികൾ".
അമോച്യ [സം.അ-മോച്യ] വി. വിട്ടയയ്ക്കാൻ പാടില്ലാത്ത, മോചിപ്പിച്ചുകൂടാത്ത.
അമോണിയ [ഇം.] നാ. നൈട്രജനും ഹൈഡ്രജനും ചേർന്നുണ്ടാകുന്ന രൂക്ഷഗന്ധമുള്ള ഒരു വാതകം.
അമോണിയംസൾഫേറ്റ് [ഇം.] നാ. അമോണിയയും സൾഫൂരിക്കാസിഡും തമ്മിൽ ചേർന്ന് രാസപ്രവർത്തനം കൊണ്ടുണ്ടാകുന്ന ഒരു ലവണം, വളമായി ഉപയോഗപ്പെടുത്തുന്നു.
അമോതൻ [സം.അമോത>അമാ-ഊത] നാ. 'വീട്ടിൽ നെയ്ത' 1. (ശിശുവിനെപ്പോലെ) വീട്ടിൽ സൂക്ഷിച്ചു വളർത്തപ്പെടുന്നവൻ; 2. നെയ്ത്തുകാരൻ.

അമ്പ,അമ്പാ വ്യാ. ആശ്ചര്യം, അക്ഷമ, അസൂയ മുതലായവ ദ്യോതിപ്പിക്കുന്നത്.
അമ്പകം നാ. അമ്പാത്ത്.
അമ്പട,അമ്പടാ [അമ്പ–എടാ] വ്യാ. അദ്ഭുതവും അഭിനന്ദനവും നിന്ദയും മറ്റും ദ്യോതിപ്പിക്കുന്നത്.
അമ്പട്ടൻ,അമ്പിട്ടൻ [പ്ര.അംബട്ഠ<സം.അബഷ്ഠ] നാ. (തലമുടി വെട്ടുകയും മുഖം വടിക്കുകയും തൊഴിലായിട്ടുള്ളവൻ) ക്ഷുരകൻ. (സ്ത്രീ.) അമ്പട്ടത്തി.
അമ്പണം1 [സം.ശ്രമണ] നാ. അസഭ്യം, ചീത്തവാക്ക്, ശകാരം.
അമ്പണം2 [സം.അംഭണ] നാ. വീണയുടെ കുടവും തണ്ടും.
അമ്പത് (വിശേഷണമായും നാമമായും പ്രയോഗം) അഞ്ചുപത്തുകൂടിയ സങ്ഖ്യ. അമ്പതുനോമ്പ് = ക്രിസ്തുവിൻെറ ഉയിർത്തെഴുന്നേൽപ്പുദിവസംകൊണ്ട് അവസാനിക്കുന്ന അമ്പതുദിവസത്തെ നോമ്പ്, വലിയനോമ്പ് (ക്രിസ്ത്യാനികളിൽ ചില വിഭാഗക്കാർക്കിടയിൽ).
അമ്പതാം (പൂരണിതദ്ധിതം) അമ്പതാമത്തെ. അമ്പതാംതിരുനാൾ = പെന്തക്കൂസ്താദിവസം, പെസഹാകഴിഞ്ഞതിൻെറ അമ്പതാം നാൾ.
അമ്പൻ നാ. = അൻപൻ.
അമ്പമ്പ,അമ്പമ്പെടാ വ്യാ. ആശ്ചര്യം ദ്യൊതിപ്പിക്കുന്നത്.
അമ്പയർ [ഇം.] നാ. മധ്യസ്ഥൻ.
അമ്പയിടുക [അമ്പ–ഇടുക] ക്രി. 1. നിലവിളിക്കുക; 2. ഭാരമുള്ള സാധനം വലിച്ചുകൊണ്ടുപോകുമ്പോഴും മറ്റും വായ്ത്താരിയിടുക (ഏല, ഏലോ, അന്തോ, ആലോ എന്നിങ്ങനെ).
അമ്പർ1 നാ. (ബ.വ.) പരലോകത്തുള്ളവർ, ഈശ്വരന്മാർ.
അമ്പർ2 [അറ.] നാ. മീനമ്പർ, ഒരു സുഗന്ധപദാർഥം. (ഏതാണ്ടു ചാരനിറത്തിൽ മെഴുകുപോലെയിരിക്കും, തിമിങ്ഗലത്തിൻെറ കുടലിൽ നിന്ന് ഉണ്ടാകുന്നത്, തിമിങ്ഗലങ്ങൾ ഉള്ള കടലിൻെറ തീരത്തു കാണപ്പെടുന്നു.)
അമ്പരക്കുക ക്രി. (അവിചാരിതമായി നേരിടുന്ന ആപത്തിൽ) എന്തുചെയ്യണമെന്നറിയാതെ പരിഭ്രമിക്കുക, സംഭ്രമിക്കുക, കുഴങ്ങുക, വിഷമിക്കുക.
അമ്പരത്തി [ഐം–പരത്തി] നാ. 'അഞ്ച് ഇതളുകളുള്ള പൂവോടുകൂടിയ ചെടി'. ഒരിനം ചെമ്പരുത്തി, പൂവിനു നാക്കുള്ള കിലുക്കുമണിയുടെ ആകൃതി.
അമ്പരപ്പ് നാ. അന്ധാളിപ്പ്, പരിഭ്രമം, കുഴക്കം, വിസ്മയം.
അമ്പലക്കാരൻ നാ. 1. ഗ്രാമപ്രധാനി (മറവരുടെയിടയിൽ); 2. അമ്പലത്തിലെ ജീവനക്കാരായ ഒരു വിഭാഗം.
അമ്പലക്കാള നാ. 1. നടയ്ക്കു കെട്ടിയ കാള; 2. പച്ചക്കാമദേവൻ; 3. സ്വന്തംകാര്യം മാത്രം നോക്കി നടക്കുന്നവൻ.
അമ്പലത്താടി നാ. അമ്പലത്തിൽ ആടുന്നവൻ, നടരാജൻ, ശിവൻ.
അമ്പലത്താടുവാർ നാ. അമ്പലത്താടി.
അമ്പലപ്പടി നാ. പ്രാചീന കേരളത്തിലെ ഊരാണ്മവ്യവസ്ഥയനുസരിച്ച് ക്ഷേത്രത്തിലെ പൂജാദികാര്യങ്ങൾ നിയന്ത്രിക്കാനുള്ള അധികാരം അമ്പലപ്പടിയൂരാണ്മ.
അമ്പലപ്പുഴപാൽപ്പായസംനാ. 1. അമ്പലപ്പുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ പാൽപ്പായസം, (പാവനതകൊണ്ടും മാധുര്യം കൊണ്ടും പ്രസിദ്ധം); 2. (ആല.) അതിസ്വാദുള്ള പദാർഥം.
അമ്പലപ്പുറം നാ. ശിവക്ഷേത്രത്തിനു ദാനംചെയ്ത ഭൂമി.

അമ്പലം [പ്രാ.അംബല] നാ. 1. ഹിന്ദുദേവാലയം, കോവിൽ, ക്ഷേത്രം, ആരാധനയ്ക്കുവേണ്ടി ദേവതാവിഗ്രഹം പ്രതിഷ്ടിച്ചിട്ടുള്ള എടുപ്പ്; 2. പൊതുജനങ്ങൾ കൂടുന്നസ്ഥലം; 3. വഴിയാത്രക്കാർക്ക് വിശ്രമിക്കനുള്ളസ്ഥലം. ഉദാ: വഴിയമ്പലം.

അമ്പലമ്പൊറുതി നാ. ശ്രീപണ്ഡാരവകയിൽപെട്ട ഒരുതരം ഭൂവുടമ.

അമ്പലമൂരി നാ. നടയ്ക്കുകെട്ടിയ കാള; അമ്പലക്കാള.

അമ്പലവാസി [മ.അമ്പലം-സം.വാസിൻ] നാ. കേരളത്തിലെ ഹിന്ദുക്കളിൽ ഒരു അന്തരാളജാതി.

അമ്പലവിരുത്തി നാ. ക്ഷേത്രത്തിനു പ്രതിഫലമായി വിട്ടുകൊടുത്തിട്ടുള്ള വസ്തു.

അമ്പഴങ്ങ [പ്രാ.അംബാളയ<സം.ആമ്രാതക] നാ. അമ്പഴമരത്തിൻെറ കായ്.

അമ്പഴം [പ്രാ. അംബാളയ<സം.ആമ്രാതക] നാ. ഒരു ഫലവൃക്ഷം.

അമ്പറ നാ. 1. അമ്പുറ, ആവനാഴി; 2. ആയുധപ്പുര, അഞ്ചുപറ വിത്തുവിതയ്ക്കാവുന്ന നിലം, അയ്മ്പറ; 3. നെല്ല്, മലർ, പൂവ്, പഴം, അരി ഈ അഞ്ചു വസ്തുക്കൾകൊണ്ടുള്ള പറയിടൽ.

അമ്പറാ [അമ്പ്-അറാ] വി. അമ്പ് ഒടുങ്ങാത്ത.

അമ്പാ വ്യാ. അമ്പ.

അമ്പാച്ചി നാ. പെൺപിശാച്.

അമ്പാടി [ആയൻ-പാടി] നാ. 1. തൊഴുത്ത്, ഗോഷ്ഠം; 2. ഇടച്ചേരി; 3. ഗോകുലം, ശ്രീകൃഷ്ണൻ വളർന്ന സ്ഥലം, ഗോപന്മാരുടെ വാസസ്ഥലം, ഉത്തരഭാരതത്തിൽ മഥുരാപുരിയിൽ ചേർന്നഗ്രാമം. അമ്പാടിപ്പൈതൽ = ശ്രീകൃഷ്ണൻ.

അമ്പാടി2 [അമ്പ്-ആടി] നാ. അമ്പ് എയ്യുന്നവൻ, വില്ലാളി.

അമ്പാട്ടി [തമ്പുരാട്ടി] നാ. 1. സ്ത്രീകളുടെ ഒരു ഓമനപ്പേര്; 2. ഈശ്വരൻ.

അമ്പാട്ട് നാ. അപ്പാട്ട്.

അമ്പാണി നാ. അമ്പിൻെറ കൂർത്ത തല.

അമ്പാപ്പാട്ട് നാ. തണ്ടുവലിക്കുന്നവരുടെ പാട്ട്. 'അമ്പയിടുക' നോക്കുക.

അമ്പാർ നാ. കൂമ്പാരം (ധാന്യങ്ങളുടെയും മറ്റും.)

അമ്പാരം1 = അമ്പാർ.

അമ്പാരം2 നാ. അമ്പാരി.

അമ്പാരവൃത്തി [അമ്പാര-വൃത്തി] നാ. നെൽപ്പുര സൂക്ഷിപ്പ്.

അമ്പാരി [ഹി.അമ്പാരീ,അമാരീ<പേർ] നാ. ആനപ്പുറത്തു സവാരിചെയ്യാൻ തക്കവണ്ണം വയ്ക്കുന്ന പീഠം. അമ്പാരിക്കൊമ്പൻ = അമ്പാരികൊണ്ട് അലങ്കരിച്ച ആന.

അമ്പാരിമുഖപ്പ് നാ. അമ്പാരിമുഖം.

അമ്പാരിമുഖം നാ. അമ്പാരിയുടെ മുൻവശംപോലെ മൂന്നുപട്ടമുള്ള പൂമുഖം.

അമ്പാരിവാതിൽ നാ. അമ്പാരിയുടെ ആകൃതിയിൽ ഭിത്തിയിൽ പുറത്തേക്ക് ഉന്തിനിൽക്കുന്ന ജന്നൽ.

അമ്പാൽ അവ്യ. കുട്ടികൾ കളിക്കുമ്പോൾ 'ദയവുചെയ്ത് അല്പം നിർത്തുക' എന്നർഥത്തിൽ പറയുന്ന വാക്ക്. അമ്പാൽ ഇടുക, പറയുക, -ആക്കുക, -വയ്ക്കുക = പരാജയപ്പെടുക.

അമ്പാളൻ നാ. അമ്പ് എയ്യുന്നവൻ.

അമ്പാളി നാ. അമ്പാളൻ.

അമ്പാഴങ്ങ = അമ്പഴങ്ങ.

അമ്പാഴം – അമ്പഴം.
അമ്പി [<അൻപ്] നാ. 1. അനുജൻ; 2. ബ്രാഹ്മണബാലൻ.
അമ്പിക്കുക ക്രി. 1. അമർത്തുക; 2. അമർച്ചചെയ്യുക.
അമ്പിച്ചൻ നാ. അനുജൻ.
അമ്പിച്ചി നാ. അമ്മ.
അമ്പിട്ടൻ നാ. അമ്പട്ടൻ.
അമ്പിയാക്കൾ [<അറ.അൻബിയ] നാ. (നബിശബ്ദത്തിൻെറ ബ.വ.) പ്രവാചകൻ (അരബിയിൽ അൻബിയ ബഹുവചനമാകുന്നു.)
അമ്പിയാക്കന്മാർ നാ. അമ്പിയാക്കൾ.
അമ്പിരിയൻ [ഐം–പിരിയൻ] നാ. 'അഞ്ചുപിരിയുള്ളത്' ഒരിനം കുരുമുളകുകൊടി.
അമ്പിളി നാ. ചന്ദ്രൻ.
അമ്പിളിക്കല [മ.അമ്പിളി–സം.കലാ] നാ. ചന്ദ്രക്കല.
അമ്പിളിക്കാക്ക നാ. നിലാവുണ്ണുന്നു എന്നു സങ്കല്പിക്കപ്പെടുന്ന പക്ഷി, ഈശ്വരൻ കാക്ക, ഉപ്പൻ, ചെമ്പോത്ത്, ചകോരം.
അമ്പിളിക്കീറ് നാ. ചന്ദ്രക്കല.
അമ്പിളിത്തെല്ല് നാ. അമ്പിളിക്കീറ്.
അമ്പിളിമണി [മ.അമ്പിളി–സം.മണി] നാ. ചന്ദ്രകാന്തക്കല്ല്.
അമ്പിളിയമ്മാവൻ നാ. ചന്ദ്രൻ (ബാലഭാഷ).
അമ്പിളിവളയം നാ. ചന്ദ്രക്കലപോലെ വളഞ്ഞ ഒരുതരം സങ്ഗീതോപകരണം.
അമ്പ്1 നാ. കണ, സായകം.
അമ്പ്2 നാ. അൻപ്.
അമ്പുക ക്രി. അൻപുക.
അമ്പുമാരി [അമ്പ്–മാരി] നാ. ശരവർഷം.
അമ്പുലി നാ. അമ്പിളി.
അമ്പുറ നാ. ആവനാഴി.
അമ്പെ, അമ്പ [<അൺപുക] അവ്യ. അമ്പത്തക്കവണ്ണം, അടുക്കത്തക്കവണ്ണം, ഗാഢമായി, പൂർണമായി, മുഴുവനും, നല്ലവണ്ണം, പറ്റെ, പാടേ.
അമ്പെടാ വ്യാ. ആശ്ചര്യം അസൂയ മുതലായവ ദ്യോതിപ്പിക്കുന്നത്.
അമ്പൊട്ടൽ നാ. പേക്കരിമ്പ്, അമ.
അമ്പൊന്ന്,ഐമ്പൊന്ന് നാ. പഞ്ചലോഹം, (സ്വർണം, വെള്ളി, ചെമ്പ്. നാഗം, വെളുത്തീയം) എന്നിവ.
അമ്പോ വ്യാ. ആശ്ചര്യം അസൂയ മുതലായവ ദ്യോതിപ്പിക്കുന്നത്.
അമ്പോല നാ. ഓലമെടയുമ്പോൾ ഇടയ്ക്കു കയറ്റുന്ന ഓലക്കാൽ.
അമ്പോറ്റി നാ. 1. ഈശ്വരൻ (ശിശുഭാഷ); 2. അതിസ്നേഹമോ അതിവാത്സല്യമോ സൂചിപ്പിക്കുന്ന പദം.
അമ്മനാ. 1. മാതാവ്, തായ്, പെറ്റവൾ, പ്രസവിച്ചസ്ത്രീ; 2. സ്ത്രീ (ബഹുമാനസൂചകം); 3. ഭർത്താവിൻെറയോ ഭാര്യയുടെയോ മാതാവ്; 4. ഈശ്വരി, ഭഗവതി, പാർവതി, ധർമദേവത, ഭദ്രകാളി. ഉദാ: കൊടുങ്ങല്ലൂരമ്മ, മണ്ടയ്ക്കാട്ടമ്മ; 5. കന്യാസ്ത്രി, മഠാധ്യക്ഷ; 6. ചിലജാതികളിലെ സ്ത്രീകളുടെ പേരിനോടുചേർത്തു പറയുന്ന ഒരു ഉപനാമം. ഉദാ: ചിന്നമ്മ, സാറാമ്മ, തങ്കമ്മ, ചെല്ലമ്മ. അമ്മതമ്പുരാൻ, അമ്മതമ്പുരാട്ടി = നാടുവാഴുന്ന രാജസ്ത്രീ,

രാജമാതാവ്, രാജകുടുംബത്തിലെ പ്രായമുള്ളസ്ത്രീ. അമ്മ പണ്ടാരത്തിൽ, അമ്മരാജാവ് = അമ്മതമ്പുരാട്ടി, രാജമാതാവ്. അമ്മപെങ്ങന്മാർ = അമ്മയും സഹോദരിമാരും.
അമ്മക്കരം നാ. രുദ്രാക്ഷവൃക്ഷം.
അമ്മച്ചി നാ. 1. അമ്മ (ബഹുമാനസൂചകം); 2. വയസ്സായസ്ത്രീ, അമ്മൂമ്മ; 3. പ്രഭുത്വമുള്ള നായർസ്ത്രീകളെ പരാമർശിക്കാൻ ഉപയോഗിക്കുന്ന പദം (ബഹുമാനസൂചകം); 4. രാജഭാര്യ (തിരുവിതാങ്കൂറിൽ); 5. ഭദ്രകാളി, ദേവി.
അമ്മച്ചഛൻ നാ. അമ്മയുടെ അച്ഛൻ.
അമ്മഞ്ഞി നാ. അമ്മിഞ്ഞ.
അമ്മട്ട് [ആ-മട്ട്] അവ്യ. അപകാരം, അത്തരം.
അമ്മണൻ നാ. അമ്മിണൻ.
അമ്മണം നാ. 1.അര, കടിപ്രദേശം; 2. വേശ്യാവൃത്തി.
അമ്മണി1 നാ. അമ്മിണി.
അമ്മണി2 നാ. (സ്ത്രീയുടെ) അരക്കെട്ട്.
അമ്മൻ [ത.അമൻ] നാ. 1. ഭഗവതി, ദേവി, ഗ്രാമദേവത. ഉദാ: അമ്മങ്കാവ്-കൊട, കോവിൽ; 2. അമ്മാവൻ; 3. അച്ഛൻ; 4. ഭാര്യയുടെ അച്ഛൻ (പ്ര.) അമ്മൻതുള്ളുക = ദേവതയുടെ ആവേശംകൊണ്ടു തുള്ളുക, ക്ഷോഭിക്കുക, വെളിച്ചപ്പെടുക.
അമ്മൻകുടം നാ. അമ്മൻകോവിലിൽ വഴിപാടായി എഴുന്നള്ളിക്കാനുള്ള അലങ്കരിച്ചകുടം.
അമ്മൻകൊട നാ. 1. അമ്മനു ബലികൊടുപ്പ്; 2. അമ്മൻകോവിലിലെ ഉത്സവം.
അമ്മം1 നാ. 1. അമ്മിഞ്ഞ, ചോറ് (ബാലഭാഷ); 2. ചുണ്ട്.
അമ്മം2 നാ. ഒരുകുറ്റിച്ചെടി.
അമ്മമ്മ നാ. അമ്മയുടെ അമ്മ, അമ്മാമ്മ, അമ്മൂമ്മ.
അമ്മമ്മാ, അമ്മമ്മോ വ്യാ. അത്ഭുതം, ദു:ഖം, സങ്കടം മുതലായവ ദ്യോതിപ്പിക്കുന്നത്.
അമ്മയ [സം.അബ്-മയ] വി. ജലമയമായ, വെള്ളംനിറഞ്ഞ.
അമ്മയകം നാ. അമ്മാത്ത്.
അമ്മയാർ നാ. (പൂ.ബ.വ.) 1. ബ്രാഹ്മണസ്ത്രീ, അമ്മിയാർ, ആയിമ്മ; 2. വയസ്സായ സ്ത്രീ.
അമ്മയാർകൂന്തൽ നാ. തിരുപ്പൻതാളി.
അമ്മരം1 നാ. അസഭ്യവാക്ക്, വഷളത്തം. അമ്മരക്കാരൻ = അസഭ്യം പറയുന്നവൻ.
അമ്മരം2 നാ. ആകാശം, ദേവലോകം.
അമ്മവിളയാട്ട് നാ. വസൂരിബാധ (അമ്മൻെറ കോപഹേതുവായി വസൂരിയുണ്ടാകുന്നു എന്ന വിശ്വാസത്തിൽ നിന്ന്).
അമ്മവീട് നാ. രാജാവിൻെറ ഭാര്യാഗൃഹം (തിരുവിതാങ്കൂറിൽ).
അമ്മശാസ്ത്രം നാ. ധാത്രീകഥ, അമ്മൂമ്മക്കഥ, ഐതിഹ്യം, പഴങ്കഥ.
അമ്മാ വ്യാ. വേദന, ആശ്ചര്യം മുതലായവ ദ്യോതിപ്പിക്കുന്നത്.
അമ്മാച്ചൻ നാ. 1. അമ്മാവൻ; 2. പ്രായംചെന്നയാൾ, വയസ്സൻ, മൂപ്പിൽ. (സ്ത്രീ) അമ്മാച്ചി; 3. കടുവാ.
അമ്മാഞ്ചി1 [<അമ്മാൻ-ചേയ്] നാ. 1. അമ്മാവൻെറ മകൻ (തമിഴുബ്രാഹ്മണരുടെ ഇടയിൽ); 2. ബുദ്ധിയില്ലാത്തവൻ, മന്ദബുദ്ധി, മടയൻ, വിഡ്ഢി.

അമ്മാഞ്ചി2 നാ. ഒരുവക ചമ്മന്തി.

അമ്മാടി വ്യാ. വ്യസനം ആശ്ചര്യം ആശ്വാസം ഇവയെ ദ്യോതിപ്പിക്കുവാൻ ഉപയോഗിക്കുന്നത്.

അമ്മാടിയടിപ്പ് [സം.] നാ. വയസ്സായവരുടെ മരണത്തിൽ ദു:ഖം പ്രകടിപ്പിക്കുവാൻ (സഞ്ചയനം വരെ) സ്ത്രീകൾ അനുഷ്ഠിച്ചുവരുന്ന ഒരു ആചാരം.

അമ്മാണിയുമ്മാണി [അമ്മാണി-ഉമ്മാണി] നാ. അല്പസ്വല്പം.

അമ്മാതിരി [ആ-മാതിരി] അവ്യ. അങ്ങനെ, അപ്രകാരം.

അമ്മാത്തൻ നാ. അമ്മയുടെയോ അച്ഛൻെറയോ അച്ഛൻ.

അമ്മാത്ത് [<അമ്മ-അകം] നാ. അമ്മ ജനിച്ച കുടുംബം, അമ്മയുടെ ഇല്ലം. (സാധാരണയായി മലയാളബ്രാഹ്മണരുടെ ഇടയിൽ). ഇല്ലത്തുനിന്നു തിരിച്ചുമ്പോയി അമ്മാത്ത് ഒട്ടെത്തിയുമില്ല (പഴ.). അമ്മാത്തു മുത്തച്ഛൻ = അമ്മയുടെ അച്ഛൻ, മാതാമഹൻ (സ്ത്രീ) അമ്മാത്തു മുത്തശ്ശി.

അമ്മാത്രം1 [മ.ആ-സം.മാത്ര] അവ്യ. അത്രമാത്രം, അത്രത്തോളം, അത്രയും, അധികം.

അമ്മാത്രം2 [സം. അപ്-മാത്ര] നാ. വെള്ളം മാത്രം.

അമ്മാൻ [ത.അമ്മാൻ] നാ. 1. അമ്മാവൻ; 2. കടുവാ.

അമ്മാന,-നം നാ. 1. അമ്മാനയാട്ടം; 2. അമ്മാനക്കായ്, അമ്മാനക്കുരു. (പ്ര.) അമ്മാനമാടുക, അമ്മാനയാടുക. അമ്മാനാടുക = അമ്മാനകളിക്കുക, സ്വാധീനപ്പെടുത്തി ഇഷ്ടംപോലെ പെരുമാറുക, ഉപയോഗപ്പെടുത്തുക. (അമ്മാനയാടുന്ന ആൾ അമ്മാനക്കരുവിനെയെന്നപോലെ).

അമ്മാനക്കരു,-കായ് നാ. അമ്മാനയാടുന്നതിന് ഉപയോഗിക്കുന്ന പന്ത്.

അമ്മാനക്കളി നാ. അമ്മാനയാട്ടം.

അമ്മാനപ്പാട്ട് നാ. അമ്മാനയാടുമ്പോൾ പാടുന്ന പാട്ട്.

അമ്മാനയാട്ടം നാ. പല അമ്മാനക്കരുക്കൾ മേൽപ്പോട്ടെറിഞ്ഞിട്ട് താണുവരുമ്പോൾ അവ പിടിച്ച് പകരം വേറെകരുക്കൾ ഉയരത്തക്കവണ്ണം മാറിമാറി കരുക്കൾ എറിഞ്ഞുകളിക്കുന്നത്.

അമ്മാനാട്ടം നാ. അമ്മാനയാട്ടം.

അമ്മാമൻ നാ. = അമ്മാവൻ.

അമ്മാമ്മ [സം.] നാ. അമ്മുമ്മ, അമ്മയുടെയോ അച്ഛൻെറയോ അമ്മ.

137

അമ്മായി,അമ്മാവി നാ. 1. അമ്മാവൻെറ ഭാര്യ; 2. ഭർത്താവിൻെറയോ ഭാര്യയുടെയോ അമ്മ. അമ്മായിപ്പണം = വിവാഹം കഴിഞ്ഞിട്ട് വരൻ അമ്മാവിക്കു കൊടുക്കുന്ന പണം. അമ്മായിപ്പോര് = ഭർത്താവിൻെറ അനന്തരവന്മാർക്കെതിരെയുള്ള കലഹം.

അമ്മായിയപ്പൻ [സം.] നാ. ഭർത്താവിൻെറയോ ഭാര്യയുടെയോ അച്ഛൻ, ശ്വശുരൻ.

അമ്മായിയമ്മ [സം.] നാ. 1. ഭർത്താവിൻെറയോ ഭാര്യയുടെയോ അമ്മ. അമ്മായിയമ്മപ്പോര് = അമ്മായിയമ്മയും മരുമകളും തമ്മിലുള്ള വഴക്ക്.

അമ്മാർ നാ. കപ്പൽക്കയറ്.

അമ്മാവൻ,അമ്മാമൻ നാ. 1. അമ്മയുടെ സഹോദരൻ; 2. അമ്മായിയച്ഛൻ; 3. ഒരു സ്ഥാനപ്പേര്; 4. ഉമ്മം.

അമ്മാവി നാ. = അമ്മായി, അമ്മാവി ഉടച്ചതു മൺചട്ടി, മരുമകൾ ഉടച്ചത് പൊൻചട്ടി. (പഴ.)

അമ്മാൾ [അമ്മ–ആൾ (പൂജകം)] നാ. 1. അമ്മ; 2. അമ്മയ്ക്കുതുല്യം ബഹുമാനിക്കപ്പെടേണ്ടസ്ത്രീ, പ്രായംചെന്ന സ്ത്രീ; 3. ചിലജാതിയിലുള്ള സ്ത്രീകളുടെ പേരിനോടുചേർത്തു പറയുന്ന പദം. ഉദാ: ഗൗരിയമ്മാൾ (അംബാൾ എന്നും. ഉദാ: സുന്ദരാംബാൾ).

അമ്മാളക്കൻ [അമ്മാൾ–അക്കൻ] നാ. നായർസ്ത്രീ.

അമ്മി നാ. 1. അമ്മ; 2. അരകല്ല്, തള്ളക്കല്ല്, അമ്മികുമ്മിചാടുക = കാര്യസാധ്യത്തിനു അതിസാഹസം ചെയ്യുക.

അമ്മിക്കുട്ടി,–കുഴവി [അമ്മി–കുട്ടി] നാ. അരകല്ലിൻെറ കുഴവി, പിള്ളക്കല്ല്.

അമ്മിങ്കര് നാ. നാടാർസമുദായത്തിൽപ്പെട്ടവർ നായർസ്ത്രീകളെ അഭിസംബോധനചെയ്യാൻ ഉപയോഗിക്കുന്ന പദം.

അമ്മിഞ്ഞ നാ. അമ്മിഞ്ഞി, അമ്മിഞ്ഞകുടിയൻ = ഇരുതലമൂരി (ഒരിനം പാമ്പ്)

അമ്മിട്ടം നാ. കീഴ്ച്ചുണ്ട്, അധരം. അമ്മിട്ടം കടിക്കുക = അമർഷംകൊണ്ട് ചുണ്ട് കടിക്കുക, കോപം കാണിക്കുക.

അമ്മിണൻ നാ. അമ്മണൻ, ആൺകുട്ടി, പൈതൽ, യുവാവ് (വാത്സല്യസൂചകം).

അമ്മിണി നാ. 1. പെൺകുട്ടി (വാത്സല്യസൂചകം); 2. സ്ത്രീയുടെ മുല.

അമ്മിമുറിയൻ നാ. ഒരു ഔഷധച്ചെടി, മുറിവിനു മരുന്നായി ഉപയോഗിക്കുന്നു.

അമ്മിയാർ [അമ്മി–ആർ] നാ. അമ്മയാർ, വയസ്സായ ബ്രാഹ്മണസ്ത്രീ.

അമ്മീറാ [സുറി.) നാ. പുളിപ്പിച്ച അപ്പം, ചില പൗരസ്ത്യ ക്രിസ്തീയസഭകൾ ഇതു കുർബാനയ്ക്ക് ഉപയോഗിക്കുന്നു.

അമ്മു നാ. പെൺകുട്ടി (വാത്സല്യസൂചകം).

അമ്മുക ക്രി. 1. അമുങ്ങുക; 2. നിലംപതിക്കുക.

അമ്മുണ്ണുക [അം–ഉണ്ണുക] ക്രി. ഭക്ഷണം കഴിക്കുക.

അമ്മുമ്മ നാ. 1. അമ്മയുടെയോ അച്ഛൻെറയോ അമ്മ; 2. വൃദ്ധ.

അമ്മൂമ്മ നാ. അമ്മുമ്മ

അമ്മുമ്മപ്പഴം [അമ്മുമ്മ–പഴം] നാ. തെറ്റിപ്പഴം, തെച്ചിപ്പഴം.

അമ്മൂവമ്മ നാ. അമ്മുമ്മയുടെയോ അപ്പുപ്പൻെറയോ അമ്മ.

അമ്മേ [<അമ്മ] വ്യാ. ആശ്ചര്യം, ദു:ഖം, ഭയം മുതലായവയെ ദ്യോതിപ്പിക്കുന്നത്.

അമ്മോ വ്യാ. വ്യസനം, വേദന, ആശ്ചര്യം മുതലായവയെ ദ്യോതിപ്പിക്കുന്നത്.

അമ്മോച്ചൻ,അമ്മോശൻ നാ. 1. അമ്മാവൻ; 2. സിംഹം; 3. കടുവാ. അമ്മോച്ചൻ നിൽക്കുന്നേടം അമ്മോച്ചനും പശുനിൽക്കുന്നേടം പശുവും നിൽക്കട്ടെ.(പഴ.)

അമ്മോൻ നാ. 1. അമ്മാവൻ; 2. അമ്മുവൻ.

അമ്മോമൻ നാ. അമ്മോൻ.

അമ്യാർ നാ. അമ്മിയാർ.

അമ്രാതകം [സം.അമ്രാതക] നാ. ആമ്രാതകം, അമ്പഴം.

അമ്ല [സം.] വി. പുളിയുള്ള.

അമ്ലകം [സം.അമ്ല–ക] നാ. 1. പുളിമ്പിലാവ്; 2. പുളിമരം; 3. പുളിയാരൽ.

അമ്ലകാണ്ഡം [സം.–കാണ്ഡ] നാ. 'പുളിപ്പുള്ള തണ്ടോടുകൂടിയത്'. പുളിപ്പൻകോരപ്പുല്ല്, ലവണപ്പുല്ല്.

അമ്ലകേസരം [സം.–കേസര] നാ. 1. നാരകം; 2. പുളിമരം.

അമ്ലചതുഷ്ടയം [സം.-ചതുഷ്ടയ] നാ. നാലു പുളിവൃക്ഷങ്ങൾ (അമ്പഴം, താളിമാതളം, മരപ്പുളി, ഞെരിഞ്ഞാമ്പുളി ഇവ നാലും).
അമ്ലചൂഡ [സം.-ചൂഡാ] നാ. ഞെരിഞ്ഞാമ്പുളി.
അമ്ലജനകം [സം.-ജനക] നാ. പ്രാണവായു.
അമ്ലജംബീരം [സം.-ജംബീര] നാ. വടുകപ്പുളിനാരകം.
അമ്ലനായകം [സം.-നായക] നാ. ഞെരിഞ്ഞാമ്പുളി.
അമ്ലനിംബകം [സം.-നിംബക] നാ. അമ്ലജംബീരം.
അമ്ലപഞ്ചകം [സം.-പഞ്ചക] നാ. ഞെരിഞ്ഞാമ്പുളി, മാതളമ്പുളി, കോൽപ്പുളി, മരപ്പുളി, പിണമ്പുളി ഇവ അഞ്ചും. വാളൻപുളി, മാതളം, നാരകം, ഞെരിഞ്ഞാമ്പുളി, ചെറുനാരകം ഇവ അഞ്ചും എന്നു പക്ഷാന്തരം.
അമ്ലപത്രകം [സം.-പത്രക] നാ. വെണ്ട.
അമ്ലപനസം [സം.-പനസ] നാ. പുളിമ്പിലാവ്, തിത്തിപ്പിലാവ്.
അമ്ലപിത്തം [സം.പിത്ത] നാ. ഒരു രോഗം, ആമാശയത്തിലെ പുളിപ്പ്, ദഹനക്കേട്.
അമ്ലപുരം [സം.-പുര] നാ. വാളൻപുളി, മരപ്പുളി.
അമ്ലം1 [സം.] നാ. 1. പുളിഞ്ചി; 2. പുളിയാരൽ; 3. കോൽപ്പുളി; 4. ഇഞ്ച.
അമ്ലം2 [സം.] നാ. 1. പുളി, പുളിരസം; 2. പുളിയാരൽ; 3. മാതളനാരകം; 4. വിനാഗിരി; 5. മോര്; 6. ഞെരിഞ്ഞാമ്പുളി.
അമ്ലം3 നാ. ക്ഷാരവുമായി പ്രതിപ്രവർത്തിച്ച് ലവണമുണ്ടാക്കുന്ന വസ്തു, ലിറ്റ്മസ് കടലാസിനെ ചുവപ്പുനിറമാക്കുന്നു, ലോഹങ്ങളുമായി പ്രതിപ്രവർത്തിക്കുമ്പോൾ ഹൈഡ്രജനുണ്ടാകുന്നു. ഇലക്ട്രോൺ സ്വീകരിക്കാൻ കഴിവുണ്ട്. ലായനിരൂപത്തിൽ ഹൈഡ്രജൻ അയോണുകളെ മോചിപ്പിക്കുന്നു.
അമ്ലമേഹം [സം.അമ്ല-മേഹ] നാ. ഒരുതരം പ്രമേഹരോഗം.
അമ്ലരുഹ [സം.-രുഹാ] നാ. ഒരുതരം വെറ്റില.
അമ്ലവർഗം [സം.അമ്ല-വർഗ] നാ. പുളിരസമുള്ള ദ്രവ്യങ്ങൾ. (താളി, മാതളങ്ങ, നെല്ലിക്ക, അമ്പഴങ്ങ തുടങ്ങിയ ഫലങ്ങളും, തയിർ, മോര്, പുളി മുതലായ പദാർഥങ്ങളും).
അമ്ലവല്ലി [സം.-വല്ലീ] നാ. നൂറൻ കിഴങ്ങ്, മുള്ളുള്ളതും ഓരോ ഞെട്ടിലും മുമ്മൂന്ന് ഇലകളോടു കൂടിയതുമായ ഒരു വള്ളി, ത്രിപർണിക.
അമ്ലവാടിക [സം.-വാടികാ] നാ. ഒരുജാതി വെറ്റില.
അമ്ലവാതകം [സം.-വാതക] നാ. അമ്ലജനകം ഓക്സിജൻ.
അമ്ലവിദഗ്ധ [സം.-വിദഗ്ധാ] നാ. ഒരു നേത്രരോഗം, വളരെപുളിയുള്ള സാധനങ്ങൾ ഭക്ഷിക്കുന്നതുകൊണ്ട് ഉണ്ടാകുന്നത്.
അമ്ലവേതസം [സം.-വേതസ] നാ. ഞെരിഞ്ഞാമ്പുളി, കുടംപുളി.
അമ്ലസാരം1 [സം.-സാര] നാ. 1. പുളിച്ചകാടി, പുളിച്ചകഞ്ഞിവെള്ളം; 2. ചുത്തപ്പുളി, വിനാഗിരി.
അമ്ലസാരം2 [സം.] നാ. 1. ഞെരിഞ്ഞാമ്പുളി; 2. വടുകപ്പുളിനാരകം; 3. ഈന്തപ്പന.
അമ്ലാങ്കുശം [സം.-അങ്കുശ] നാ. അമ്ലവേതസം.
അമ്ലാന [സം.-മ്ലാന] വി. 1. വാടാത്ത, വാടിക്കുഴയാത്ത (പൂവ് എന്നപോലെ); 2. തെളിഞ്ഞ, പ്രസന്നമായ.
അമ്ലാനം [സം.] നാ. 1. വാടാക്കുറിഞ്ഞി, വാടാമുല്ല; 2. താമര.
അമ്ലിക [സം.അമ്ലികാ] നാ. 1. പുളിമരം; 2. പിണറൻപുളി; 3. പുളിയാരൽ; 4. പലാസി എന്ന വള്ളി; 5. പുളിപ്പ്; 6. പുളിച്ചുതികട്ടൽ.

അമ്ലിമ [സം.അമ്ലിമൻ] നാ. പുളിപ്പ്.
അമ്ലീകരണം [സം.അമ്ലീ,കരണ] നാ. അമ്ലമാക്കൽ, അമ്ലം കലർത്തൽ, അമ്ലനം.
അയ് സമാസത്തിൽ 'ഐ' എന്നതിനു വരുന്ന രൂപാന്തരം. ഉദാ: അയ്യടി, അയ്യായിരം.
അയ,അഴ,അശ [ത.അഴൈ] നാ. 'അയഞ്ഞുതൂങ്ങിക്കിടക്കുന്നത്'. വസ്ത്രം തൂക്കുന്നതിനുവേണ്ടി തൂണുകളിലോ മറ്റോ കെട്ടിയിരിക്കുന്ന ചരട് മുതലായവ.
അയകൻ [പ്രാ.റയഗ<സം.രജക] നാ. അലക്കുകാരൻ, വെളുത്തേടൻ.
അയകോൽ [അയ3-കോൽ] നാ. അയയായി കെട്ടിത്തൂക്കിയിട്ടുള്ള വടി.
അയക്ഷ്മകരണ [സം.അയക്ഷ്മ-കരണ വി. ആരോഗ്യപ്രദമായ.
അയക്ഷ്മത [സം.-താ] നാ. ആരോഗ്യം.
അയക്ഷ്മം [സം.അ-യക്ഷ്മ] നാ. രോഗമില്ലായ്മ, ആരോഗ്യം.
അയജ്ഞക [സം.-യജ്ഞക] വി. യാഗത്തിന് കൊള്ളരുതാത്ത.
അയജ്ഞം [സം.-യജ്ഞ] നാ. യജ്ഞമലാത്തത്, വിധിപ്രകാരമല്ലാത്ത യജ്ഞം.
അയജ്വാ(വ്) [സം.-യജ്വൻ] നാ. (വിധിപ്രകാരം) യാഗം ചെയ്യാത്തവൻ, ഭക്തിയില്ലാത്തവൻ.
അയഞ്ഞ [അയയുക] വി. മുറുക്കമില്ലാത്ത, കടുപ്പം കുറഞ്ഞ. അയഞ്ഞകമ്പിളി = അഭിപ്രായസ്ഥിരതയില്ലാത്തവൻ.
അയഡിൻ,അയോഡിൻ [ഇം.] നാ. ഒരു അലോഹ-ഭൂത-ദ്രവ്യം.
അയണം [സം.അയന] നാ. അയനം (സമാസത്തിൽ പൂർവപദത്തിലെ രേഫം, ഷ ഇവയ്ക്കുശേഷം നകാരം ണകാരമായി മാറുന്നു. ഉദാ: ഉത്തര + അയനം = ഉത്തരായണം. എന്നാൽ ദക്ഷിണ + അയനം = ദക്ഷിണായനം. ണകാരം കൊണ്ടു ഷകാരവും അയനത്തിലെ നകാരവും ഇടമറിഞ്ഞിരിക്കുന്നതിനാൽ ണത്വം വരുന്നില്ല.)
അയണി നാ. അയനിമരം, അയനി.
അയത [സം.അ-യത<യമ്] വി. അടക്കപ്പെടാത്ത, അമർത്തപ്പെടാത്ത, നിയന്ത്രിക്കപ്പെടാത്ത.
അയതി [സം.-യതി] നാ. യതിയല്ലാത്തവൻ. വി. പരിശ്രമിക്കാത്ത.
അയത്ന [സം.-യത്ന<യത്] വി. ശ്രമമില്ലാത്ത, ശ്രമം വേണ്ടാത്ത, പ്രയാസം കൂടാത്ത.
അയത്നം [സം.-യത്നം] അവ്യ. ശ്രമമില്ലാതെ, എളുപ്പത്തിൽ.
അയത്നേന [സം.-യത്നേന] അവ്യ. പ്രയത്നം കൂടാതെ, പ്രയാസം കൂടാതെ.
അയഥാ [സം.-യഥാ] അവ്യ. (സമാസത്തിൽ) പൂർവപദമായി പ്രയോഗം) വേണ്ടപോലെയല്ലാതെ, ഉചിതമല്ലാതെ.
അയഥാതഥം [സം.-യഥാ-തഥം] അവ്യ. വേണ്ടപോലെയല്ലാതെ.
അയഥാപൂർവം [സം.-യഥാ-പൂർവം] അവ്യ. മുമ്പില്ലാത്ത, അതുല്യമായ, അസാധാരണമായ.
അയഥാർഥം [സം.-യഥാർഥ] വി. യഥാർഥമല്ലാത്ത, വാസ്തവമല്ലാത്ത, നേരല്ലാത്ത, മിഥ്യയായ, കള്ളമായ.
അയഥാവത് [സം-യഥാവത്] അവ്യ. അയഥാതഥം.
അയഥേഷ്ടം [സം.-യഥേഷ്ട] വി. ഇഷ്ടംപോലെയല്ലാത്ത.
അയൻ [പ്രാ.അയ<സം.അജ] നാ. 1. ജനിക്കാത്തവൻ, ബ്രഹ്മാവ്; 2. അജൻ എന്ന സൂര്യവംശരാജാവ്.

അയനചലനം [സം.അയന-ചലന] നാ. ഒരു വിഷുവത്തിൽനിന്നും അടുത്ത വിഷുവത്തിലേക്ക് സൂര്യൻെറ ഗതി.
അയനം [സം.<ഇ] നാ. 1. ഗതി, സഞ്ചാരം, പോക്ക്; 2. വഴി, പാത, മാർഗം; 3. സൂര്യൻെറ തെക്കോട്ടോ വടക്കോട്ടോ ഉള്ള ഗതി., ഉത്തര-ദക്ഷിണ- അയനങ്ങൾ; 4. സ്ഥാനം, വാസസ്ഥലം, പ്രാപ്യസ്ഥാനം. അയനസങ്ക്രാന്തി = ഉത്തരായണത്തിൽ നിന്ന് ദക്ഷിനായനത്തിലേക്കോ തിരിച്ചോ ഉള്ള സൂര്യൻെറ സങ്ക്രമണം; 5. പ്രവേശനദ്വാരം;6. യാഗാനുഷ്ടാനത്തുനുള്ളപ്രത്യേക സമയം, പ്രത്യേകയാഗം; 7. രീതി; 8. മോക്ഷം; 9. വ്യാഖ്യാനം.
അയനസ്ഥാനം [സം.അയന-സ്ഥാന] നാ. അയനാനന്തരം, ഉത്തരദക്ഷിനായനങ്ങളിൽ ഭൂമധ്യരേഖയിൽനിന്നും സൂര്യൻെറ ഏറ്റവും അകന്നസ്ഥാനം.
അയനി1 നാ. അയിനി, ആഞ്ഞിലി, പിലാവിൻെറ ഇനത്തിൽപ്പെട്ട ഒരു വലിയ മരം.
അയനി2 [സം.അശനി] നാ. വിവാഹത്തിനു പുറപ്പെടുന്നതിനുമുമ്പ് വരൻെറയും വധുവിൻെറയും വീടുകളിലവച്ച് ബന്ധുക്കൾക്ക് ആചാരമനുസരിച്ച് കൊടുക്കുന്ന സദ്യ. അയനിയൂണ്, അയലൂണ്.
അയന്ത്രം [സം.അ-യന്ത്ര] നാ. 1. നിയന്ത്രണമില്ലായ്മ; 2. ശക്തിയേറിയ ആയുധം.
അയന്ത്രിത [സം.-യന്ത്രിത] വി. നിയന്ത്രിക്കപ്പെടാത്ത, തടയപ്പെടാത്ത, സ്വേച്ഛപോലെചെയ്യുന്ന.
അയന്ന് അവ്യ. ക്ഷീണിച്ച്.
അയപ്പ് [<അയക്കുക] നാ. അയയ്ക്കൽ. ഉദാ: യാത്രയയപ്പ്.
അയം1 നാ. 1. കുളം, 2. ചേറ്; 3. താഴ്വര, പള്ളം, കിടങ്ങ്; 4. വെള്ളം.
അയം2 [സം.] സ.നാ. ഇവൻ, ഈ.
അയം3 [സം.അയ<ഇ] നാ. 1. ഗതി, പോക്ക്; 2. ദൈവാധീനം, ഭാഗ്യം; 3. പൂർവപുണ്യം; 4. ചൂതുകരു, ചുക്കിണി; 5. ചതുരങ്ഗത്തിൽ കരു വലത്തേക്കു നീക്കിവയ്ക്കൽ.
അയമിത [സം.-യമിത] വി. അടക്കപ്പെടാത്ത, നിയന്ത്രിക്കപ്പെടാത്ത.
അയമോദകം [സം.അജ-മോദ,-മോദികാ] നാ. ഒരു ചെറിയമരുന്നുചെടി (അരിക്കു രൂക്ഷമായ ഗന്ധവും എരിവും ഉണ്ട്. ഇലയും അരിയും വ്യഞ്ജനമായും ഉപയോഗിക്കുന്നു.)
139
അയയുക ക്രി. 1. മുറുക്കമില്ലാതാവുക, ശിഥിലമാവുക, കടുപ്പം കുറയുക; 2. കട്ടികുറയുക, ദ്രവാംശം ഏറിയനിലയിലാവുക.
അയയ്ക്കുക1 [അയയുക>പ്രയോ.] ക്രി. 1. അയയത്തക്കവണ്ണം ചെയ്യുക, അയവുവരുത്തുക (കെട്ടിൻെറയോ പിടിയുടെയോ മറ്റോ) മുറുക്കം കുറയ്ക്കുക; 2. കട്ടികുറയ്ക്കുക, ദ്രവാംശം ഏറിയ നിലയിലാക്കുക.
അയയ്ക്കുക2 ക്രി. 1. മുന്നോട്ട് ഊക്കോടെ പോകത്തക്കവണ്ണം വിടുക, പ്രക്ഷേപിക്കുക; 2. യാത്രയാക്കുക, മറ്റൊരിടത്തേക്കു പറഞ്ഞുവിടുക, നിയോഗിക്കുക; 3. വാർത്ത, സന്ദേശം മുതലായവ പറഞ്ഞോ എഴുതിയോ വിടുക.
അയർക്കുക ക്രി. 1. മൂർഛിക്കുക, ബോധംകെടുക; 2. തളരുക, ക്ഷീണിക്കുക; 3. കയർക്കുക, ഇടയുക, കോപിക്കുക, വഴക്കിടുക.
അയർച്ച [അയർ-ച] നാ. 1. തളർച്ച, വാട്ടം; 2. വിപത്ത്, ദു:ഖം, വേദന; 3. വെറുപ്പ്, വിരോധം, പിണക്കം, വിദ്വേഷം; 4. മറവി.

അയർതി [അയർ–തി] നാ. 1. ബോധക്ഷയം; 2. തളർച്ച, ക്ഷീണം; 3. മറവി.
അയർപ്പാല,അയിപ്പാല [അയർ–പാല] നാ. മുള്ളുള്ള ഒരു വൃക്ഷം, ഇരുമ്പാല, നീലപ്പാല (ഇതിൽനിന്നും നീലം എടുക്കുന്നു.)
അയർപ്പ്1 [അയർ–പ്പ്] നാ. അയർതി.
അയർപ്പ്2 നാ. കലഹം, വാഗ്വാദം, മത്സരം, അഭിപ്രായഭേദം, പിണക്കം, വിരോധം, കോപം, ഇടച്ചിൽ.
അയർവ് [അയർ–വ്] നാ. അയർപ്പ്.
അയൽ1 വി. അടുത്ത, തൊട്ടുകിടക്കുന്ന, സമീപമുള്ള (സ്ഥലം).
അയൽ2 നാ. അടുത്തവീട്, അടുത്തിടം, അടുത്തപുരയിടം, അടുത്തനിലം.
അയൽ3 നാ. അയക്കോൽ. ഉടുപ്പാനില്ലാത്തോനെങ്ങനെ അയലിന്മേലിടും. (പഴ.)
അയൽക്കാരൻ [അയൽ2–കാരൻ] നാ. അയൽവീട്ടിൽ താമസിക്കുന്നവൻ.
അയൽപക്കം [അയൽ1–പക്കം] നാ. അയല്പക്കം, അടുത്തവീട്.
അയൽവാസി [മ.അയൽ2–സം.വാസിൻ] നാ. അയൽക്കാരൻ.
അയല, അയില നാ. ഒരുതരം കടൽ മീൻ
അയലാചാരം [മ.അയൽ2–സം.ആചാര] നാ. നാട്ടുനടപ്പ്.
അയലാൻ [അയൽ2–ആൻ] നാ. അയലാളൻ.
അയലാളൻ [അയൽ2–ആളൻ] നാ. അയൽക്കാരൻ.
അയലൂതി [അയൽ2–വാസി] നാ. അയൽക്കാരൻ.
അയവ [സം.അ–യവ] വി. 1. കുറവുള്ള; 2. യവഹീനമായ.
അയവം [സം.] നാ. 1. ഒരുതരം കൃമി; 2. കറുത്തപക്ഷം.
അയവിറക്കുക [അയവ്3–ഇറക്കുക] ക്രി. തിന്നുന്നതു തികട്ടിച്ചവച്ചിറക്കുക.
അയവ്1 [<അയയുക] നാ. 1. അയഞ്ഞ അവസ്ഥ, മുറുക്കമില്ലായ്മ, ശൈഥില്യം; 2. വഴക്കം, വളയ്ക്കാവുന്നമട്ട്; 3. അലിവ്, വിട്ടുവീഴ്ച, സൗജന്യം, ഇളപ്പ്. അയവുള്ള ഭരണഘടന = ഭേദഗതിക്കു സങ്കീർണമായ നടപടിക്രമം ആവശ്യമില്ലാത്ത ഭരണഘടന.
അയവ്2 [ക.അസഗ,അഗസ,മ.അയകൻ] നാ. അലക്ക് (പ്ര.) അയവുകാരൻ, അലക്കുകാരൻ.
അയവ്3 [ത.അശൈ] നാ. 1. (കന്നുകാലികളുടെ) തികട്ടിച്ചവപ്പ്, (പ്ര.) അയവിറക്കുക; 2. തികട്ടിച്ചവയ്ക്കുന്ന ആഹാരം.
അയവെട്ടുക ക്രി. 1. (പശുവിനെയും മറ്റും പോലെ) അയവിറക്കുക; 2. വീണ്ടും വീണ്ടും ഓർമിക്കുക, ചിന്തിക്കുക, ധ്യാനിക്കുക.
അയശം [സം.അ–യശസ്] നാ. ദുഷ്കീർത്തി.
അയശസ്യ [സം.–യശസ്യ] വി. അയശസ്കര, ദുഷ്കീർത്തികരമായ.
അയശസ്സ് [സം.–യശസ്] നാ. ദുഷ്കീർത്തി, അവമാനം, അപവാദം.
അയശ്ചൂർണം [സം.അയസ്–ചൂർണ] നാ. ഇരുമ്പുപൊടി.
അയശ്ശങ്കു [സം.–ശങ്കു] നാ. ഇരുമ്പുകുറ്റി.
അയശ്ശലാക [സം.–ശലാകാ] നാ. ഇരുമ്പുകമ്പി.
അയശ്ശൂലം [സം.–ശൂല] നാ. ഇരുമ്പുശൂലം.
അയസ്കംസം [സം.–കംസ] നാ. ഇരുമ്പുകൊണ്ടുള്ള ലോട്ട.

അയസ്കാണ്ഡം [സം.-കാണ്ഡ] നാ. 1. ഇരുമ്പുശരം; 2. നല്ലയിനം ഇരുമ്പ്; 3. ധാരാളം ഇരുമ്പ്.
അയസ്കാന്തം [സം.-കാന്ത] നാ. ഇരുമ്പിനെ ആകർഷിക്കുന്ന വസ്തു, കാന്തം.
അയസ്കാരൻ [സം.-കാര] നാ. ഇരുമ്പുപണിക്കാരൻ, കൊല്ലൻ.
അയസ്കീടം,അയട്ടം [സം.-കിട്ടം,-കീടം] നാ. തുരുമ്പ്, ഇരുമ്പിങ്കീടം.
അയസ്കുംഭം [സം.കുംഭ] നാ. ഇരുമ്പുകുടം.
അയസ്കൃതി [സം.-കൃതി] നാ. ഒരുമരുന്ന്.
അയസ്തംഭം [സം.-സ്തംഭ] നാ. ഇരുമ്പുതൂണ്.
അയസ്സ് [സം.അയസ്] നാ. 1. ഇരുമ്പ്; 2. ഉരുക്ക്; 3. ലോഹം.
അയ:പാനം [സം.-പാന] നാ. ഒരു നരകം (പഴുത്ത ഇരുമ്പ് തൊണ്ടയിലൂടെ കുത്തിയിറക്കുന്നതിനാൽ).
അയ:പിണ്ഡം [സം.-പിണ്ഡ] നാ. അയോഗാളം, ഇരുമ്പുണ്ട.
അയ:പ്രതിമ [സം.-പ്രതിമാ] നാ. ഇരുമ്പുകൊണ്ടു നിർമിച്ച പ്രതിമ.
അയാചകൻ [സം.അ-യാചക] നാ. യാചകനല്ലാത്തവൻ, ഇരക്കാത്തവൻ.
അയാചിത [സം.-യാചിത] വി. യാചിക്കപ്പെടാത്ത, ഇരക്കപ്പെടാത്ത, ചോദിക്കാതെ ലഭിച്ച.
അയാച്യൻ [സം.-യാച്യ] നാ. യാചിക്കപ്പെടാൻ യോഗ്യനല്ലാത്തവൻ.
അയോജ്യ [സം.-യോജ്യ] വി. 1. യാഗാധികാരമില്ലാത്ത, യാഗം ചെയ്യുകൂടാത്ത, യാഗകർമങ്ങളിൽനിന്ന് ഒഴിവാക്കപ്പെട്ട; 2. ജാതിഭ്രഷ്ടുള്ള.
അയാജ്യയാജനം [സം.-യാജ്യ-യാജന] നാ. അയാജ്യനെക്കൊണ്ട് (യാഗാധികാര മില്ലാത്തവനെ ക്കൊണ്ട്) യാഗം നടത്തിക്കൽ, ഒരു ഉപപാതകം.
അയാത [സം.-യാത] വി. പോകാത്ത, സംഭവിച്ചുകഴിഞ്ഞിട്ടില്ലാത്ത.
അയാതപൂർവ [സം.-യാത-പൂർവ] വി. മുമ്പുകഴിഞ്ഞിട്ടില്ലാത്ത, മുമ്പുപോകാത്ത.
അയാതയാമ [സം.-യാത-യാമ] വി. 1. ഒരു യാമം കഴിഞ്ഞിട്ടില്ലാത്ത, പഴകാത്ത, പുതിയ; 2. ദോഷങ്ങൾ ഇല്ലാത്ത, കുറ്റമറ്റ.
അയാതയാമങ്ങൾ [സം.] നാ. (ബ.വ.) സൂര്യൻ യാജ്ഞവല്ക്യന് ഉപദേശിച്ച യജുസ്സുകൾ.
അയാനം [സം.-യാന] നാ. പോകാതിരിക്കൽ, സഞ്ചരിക്കാതിരിക്കൽ.
അയാൾ [അ-ആൾ] നാ. ആ മനുഷ്യൻ (ആദരവോ അനാദരവോ കൂടാതെയുള്ള പരാമർശം). അയാളും ഇയാളും = വല്ലവരും.
അയി [സം.] അവ്യ. അല്ലയോ, ഹേ, സംബോധന (കവിതയിൽ പ്രയോഗം).
അയിങ്ഗിതി നാ. ഒരു നക്ഷത്രസമൂഹം. അഭിജിത്തും അരികത്തുള്ള അഞ്ചു ചെറിയനക്ഷത്രങ്ങളും.
അയിത്തം [<സം.അശുദ്ധ] നാ. 1. തീണ്ടലും തൊടീലും, ചില ജാതിക്കാർ മറ്റുചില ജാതിക്കാരെ തൊട്ടാലും തീണ്ടിയാലും അശുദ്ധിയുണ്ടാകുമെന്ന വിശ്വാസത്തിൽനിന്നു ഉരുത്തിരിഞ്ഞ ആചാരം; 2. അശുദ്ധം, പുലയും വാലായ്മയും.
അയിത്തോച്ചാടനം [മ.അയിത്തം-സം.ഉച്ചാടന] നാ. അയിത്തം ഇല്ലാതാക്കൽ.
അയിനി നാ. 1. ആഞ്ഞിലിമരം; 2. അയിനിയൂണ്.
അയിന്തലനാഗം നാ. = ഐന്തലനാഗം.
അയിർ നാ. അയിര്, ഇരുമ്പ്.
അയിർക്കല്ല് നാ. അയിര്.

അയിര,അയരു നാ. ഒരുവക ചെറിയമീൻ.
അയിരം1,അയിരി നാ. വയ്ക്കോൽത്തുറു.
അയിരം2 നാ. അയിര.
അയിരാവതം നാ. ഐരാവതം.
അയിരി1 നാ. 1. വയ്ക്കോൽത്തുറു, ഉണങ്ങിയ പുൽത്തുറു, അയിരം; 2. ഒരിനം വൻവൃക്ഷം (ഞാറയുടെ ഇനം).
അയിരി2 നാ. മീൻമുള്ളെടുക്കാനുള്ള ഒരുതരം കത്തി.
അയിര് [ഇം.] നാ. അസംസ്കൃതമായ ഇരുമ്പുകലർന്ന മണ്ണോ കല്ലോ, അസംസ്കൃതമായ ഇരുമ്പ്, ശുദ്ധീകരിക്കാത്ത ലോഹം, ലോഹശില.
അയിരുത്ത് [അയിര്-ഊത്ത്<ഊറ്റ്] നാ. അയിര് ഉരുക്കി ലോഹമെടുക്കൽ, ഇരുമ്പുണ്ടാക്കൽ.
അയിൽ നാ. വേൽ, ശൂലം.
അയില നാ. അയല.
അയിലപ്പാല [ഐ-ഇല-പാല] നാ. അയർപ്പാല, നീലപ്പാല, തൊണ്ടിപ്പാല, ഇരുമ്പാല (ഇതിൻെറ ഇലയിൽനിന്നും നീലം എടുക്കാം.
അയിലാളർ നാ. (ബ.വ.) അയലാളർ.
അയിറ്റപ്പിഴ നാ. 1. പാവം; 2. അനുകമ്പ, ദയ, സഹതാപം.
അയുക് [സം.അ-യുക്] വി. ഇരട്ടയല്ലാത്ത. നാ. (ജ്യോ.) അയുഗ്രാശി ഒന്ന്, മൂന്ന്, അഞ്ച് എന്ന ക്രമത്തിനു പന്ത്രണ്ടു രാശികളിൽ ഒറ്റ സങ്ഖ്യവരുന്ന രാശികൾ, ഓജരാശി.
അയുക്ത [സം.-യുക്ത] വി. 1. ചേർക്കപ്പെടാത്ത; 2. യുക്തമല്ലാത്ത, അനുചിതമായ, തെറ്റായ, ചേരാത്ത; 3. നുകത്തിൽ ചേർത്തുകെട്ടാത്ത, കെട്ടാത്ത.
അയുക്ത [സം.-യുക്തക] വി. യോജിക്കാത്ത, യുക്തമല്ലാത്ത.
അയുക്തകൃത്ത് [സം.-കൃത്] നാ. ചെയ്യരുതാത്തത് ചെയ്യുന്നവൻ.
അയുക്തി [സം.അ-യുക്തി] നാ. 1. ചേർച്ചക്കേട്, യോജിപ്പില്ലായ്മ; 2. യുക്തിഹീനത.
അയുഗ1 [സം.-യുഗ] നാ. ഒറ്റയായ, ഇരട്ടയല്ലാത്ത.
അയുഗ2 [സം.-യുഗാ] നാ. 1. ഏകയായവൾ, അമ്മയുടെ ഒറ്റ മകൾ; 2. ഒന്നുമാത്രം പ്രസവിക്കുന്നവൾ.
അയുഗം [സം.അ-യുഗ] വി. ഒറ്റയായ, അയുഗള, അയുഗ്മ.
അയുഗശരൻ [സം.അയുഗ-ശര] നാ. കാമദേവൻ.
അയുഗസപ്തി [സം.-സപ്തി] നാ. 'കുതിരകളുടെ സങ്ഖ്യ ഒറ്റയായിട്ടുള്ളവൻ, സൂര്യൻ (ഏഴുകുതിരയുള്ളവൻ).
അയുഗള [സം.അ-യുഗല] വി. അയുഗ.
അയുഗു [സം.-യുഗു] നാ. 1. ഏകയായവൾ, അമ്മയുടെ ഒറ്റമകൾ; 2. ഒന്നുമാത്രം പ്രസവിക്കുന്നവൾ.
അയുഗ്മ [സം.-യുഗ്മ] വി. അയുഗ.
അയുഗ്മച്ഛദം [സം.അയുഗ്മ-ഛദ] നാ. ഏഴിലമ്പാല.
അയുഗ്മനേത്രൻ [സം.-നേത്ര] നാ. 'ഇരട്ടസങ്ഖ്യയല്ലാത്ത എണ്ണം വരുന്ന കണ്ണുകളുള്ളവൻ, മുക്കണ്ണൻ, ശിവൻ.
അയുഗ്മപത്രം [സം.-പത്ര] നാ. അയുഗ്മച്ഛദം.

അയുഗ്മസപ്തി [സം.-സപ്തി] നാ. അയുഗസപ്തി.
അയുജ [സം.-യുജ] വി. ഒറ്റയായ, തുല്യമില്ലാത്ത, കൂട്ടില്ലാത്ത.
അയുജം [സം.അ-യുജ] വി. ഒറ്റയായ, തുല്യമില്ലാത്ത, കൂട്ടില്ലാത്ത.
അയുത [സം.-യുത] വി. ചേർക്കപ്പെടാത്ത, ചേരാത്ത, ഇല്ലാത്ത, ഒറ്റയായ, നിർബാധമായ.
അയുതം [സം.-യുത] നാ. 1. പതിനായിരം; 2. അസങ്ഖ്യം, നിരവധി.
അയുതാധ്യാപകൻ [സം.അയുത-അധ്യാപക] നാ. നല്ല അധ്യാപകൻ.
അയുധൻ [സം.-യുധ<യുധ്] നാ. യുദ്ധംചെയ്യാത്തവൻ.
അയുധ്യ [സം.-യുധ്യ] വി. അജയ്യ, കീഴടക്കാൻ കഴിയാത്ത.
അയേ1 അവ്യ. ഹേ, അല്ലയോ.
അയേ2 [സം.] വ്യാ. അത്ഭുതം, സംഭ്രമം മുതലായവയെ സൂചിപ്പിക്കുന്നത്.
അയോഗ [സം.അ-യോഗ] വി. 1. സംയോജിക്കപ്പെടാത്ത, കൂട്ടിച്ചേർക്കാത്ത; 2. കഠിനപ്രയത്നം ചെയ്യുന്ന. അയോഗജനനം = അനിഷേകജനനം.
അയോഗൻ [സം.] നാ. 1. സമ്യോഗമില്ലാത്തവൻ, വിഭാര്യൻ, വിധുരൻ; 2. അയോഗവൻ.
അയോഗം [സം.] നാ. 1. യോഗം ഇല്ലായ്മ, ചേരായ്ക, സംബന്ധമില്ലായ്ക; 2. വേർപാട്, വിയോഗം; 3. അന്യായമായ ചേർച്ച; 4. തീവ്രയത്നം; 5. ചുറ്റിക.
അയോഗവൻ [സം.] നാ. ശൂദ്രനു വൈശ്യയിലുണ്ടായവൻ (തൊഴിൽ മരപ്പണി).
141
അയോഗവിപ്രലംഭം [സം.അയോഗ-വിപ്രലംഭ] നാ. കാമികീകാമുകന്മാർക്കു വിവാഹത്തിനുമുമ്പുള്ള വിപ്രലംഭം, പൂർവാനുരാഗവിപ്രലംഭം.
അയോഗു [സമയസ്-ഗു] നാ. കൊല്ലൻ.
അയോഗുഡം [സം.-ഗുഡ] നാ. ഇരുമ്പുണ്ട.
അയോഗോളം [സം.-ഗോല] നാ. അയോഗുഡം.
അയോഗ്യ [സം.അ-യോഗ്യ] വി. 1. ചേർച്ചയില്ലാത്ത, തക്കതല്ലാത്ത, ശരിയല്ലാത്ത, യോജിപ്പില്ലാത്ത; 2. യോഗ്യതയില്ലാത്ത, അർഹതയില്ലാത്ത, പ്രാപ്തിയില്ലാത്ത; 3. യോഗ്യന്മാർക്കു ചേരാത്ത, മാന്യമല്ലാത്ത, നിന്ദ്യമായ.
അയോഗ്യത [സമയോഗ്യ-താ] നാ. യോഗ്യതയില്ലായ്മ, അർഹതയില്ലായ്മ.
അയോഗ്രം,-ഗ്രകം [സം.അയസ്-അഗ്ര] നാ. 'അറ്റത്ത് ഇരുമ്പുപൂണുള്ളത്'. 1. ഉലക്ക; 2. ചുറ്റിക.
അയോഘനം [സം.-ഘന] നാ. ഇരുമ്പടിക്കാനുള്ള വലിയ കൂടം.
അയോജാല [സം.-ജാല] വി. 1. ഇരുമ്പുവലയുള്ള; 2. അധികം കാപട്യമുള്ള.
അയോജ്യ [സം.അ-യോജ്യ] വി. ചേർച്ചയില്ലാത്ത, യോജിച്ചതല്ലാത്ത, പ്രയോജനമില്ലാത്ത.
അയോദിൻ,അയോദം [ഇം.] നാ. ഒരു അലോഹമൂലകം, അയഡിൻ.
അയോദണ്ഡ [സം.അയസ്-ദണ്ഡ] നാ. ഇരുമ്പുദണ്ഡ്.
അയോധ്യ [സം.അ-യോധ്യാ] നാ. 'യുദ്ധംചെയ്യാൻ (ആക്രമിക്കാൻ) സാധ്യമല്ലാത്ത'. ഉത്തരകോസലത്തിൻെറ രാജധാനി, (രാമായണപ്രസിദ്ധം).
അയോനി1 [സം-യോനി] വി. 1. ഉത്പത്തിശൂന്യമായ, നിത്യമായ, യോനിയിൽനിന്ന് ജനിക്കാത്ത; 2. പെറ്റുപിറക്കാത്ത; 3. ധർമവിരുദ്ധമായവിധത്തിൽ ജനിച്ച.

അയോനി2 [സം.] നാ. 1. യോനിയല്ലാത്തിടം; 2. ഉത്പത്തിയില്ലാത്തവൻ, ബ്രഹ്മാവ്; 3. ശിവൻ.
അയോനിജ1 [സം.അ-യോനിജ] വി. യോനിയിൽ നിന്ന് ജനിക്കാത്ത, പ്രസവിച്ചുണ്ടാകാത്ത.
അയോനിജ2 [സം.അയോനി-ജാ] നാ. സീത, യോനിയിൽനിന്ന് ജനിക്കാത്തവൾ.
അയൊനിജൻ [സം.അ-യോനിജ] നാ. 1. വിഷ്ണു; 2. ശിവൻ; 3. ദ്രോണർ; 4. ധൃഷ്ടദ്യുമ്നൻ.
അയോനിഭവ [സം.അയോനി-ഭവ] നാ. അയോനിജ, സീത.
അയോമയം [സം.അയസ്-മയ] വി. ഇരുമ്പുകൊണ്ടുണ്ടാക്കിയ.
അയോമുഖം [സം.-മുഖ] നാ. അഗ്രത്തിൽ ഇരുമ്പുകെട്ടിയത്. (അമ്പ്, കലപ്പ ഇത്യാദിപോലെ).
അയോമുഖി [സം.-മുഖീ] നാ. ശൂർപ്പണഖ.
അയോയുഗം [സം.-യുഗ] നാ. ഇരുമ്പുകൊണ്ടുള്ളതോ ഇരുമ്പുപൊതിഞ്ഞതോ ആയ ആയുധങ്ങൾ മനുഷ്യൻ ഉപയോഗിച്ചിരുന്ന കാലഘട്ടം, ഇരുമ്പു യുഗം.
അയോഹൃദ [സം-ഹൃദ] വി. കഠിനഹൃദയമുള്ള.
അയോറ [ഇം.] നാ. കുരുവിയെപ്പോലെയുള്ള ഒരു ചെറിയ പക്ഷി.
അയൗക്തിക [സം.-യൗക്തിക] വി. യുക്തിക്കുചേരാത്ത, അസംബന്ധമായ.
അയൗഗിക [സം.-യൗഗിക] വി. യൗഗികമല്ലാത്ത 9പദമെന്നപോലെ).
അയ്ക് നാ. നെതർലണ്ടിലെ ആദ്യകാലചിത്രകാരന്മാരിൽ ഒരാൾ.
അയ്കല്ല് നാ. 'അഞ്ചുകല്ലുപതിച്ചത്'. മുസ്ലിംസ്ത്രീകളുടെ ഒരു കണ്ഠാഭരണം.
അയ്ന്തോളം നാ. = അന്തോളം.
അയ്മേനി നാ. = അൽമേനി.
അയ്മ്പിരിയൻ നാ. ഒരുതരം കുരുമുളകുകൊടി.
അയ്മ്പൊന്ന്,ഐമ്പൊന്ന്നാ. പഞ്ചലോഹം (പൊന്ന്,വെള്ളി,ചെമ്പ്,ഇരുമ്പ്,ഈയം).
അയ്മ്പൊലി നാ. ഓരോ പറവീതം നെല്ല്, ഉണക്കലരി, തെറ്റിപ്പൂ, മലർ, പഴം ഇവ കൂട്ടിയോജിപ്പിച്ച് ദേവിക്കുനൽകുന്ന വഴിപാട്.
അയ്വർ നാ. (ബ.വ.) ഐവർ.
അയ്ഹോളെ [ക.] നാ. ദക്ഷിണേൻഡ്യയിൽ ജൈന-ഹൈന്ദവക്ഷേത്രകലയുടെ ആദ്യകാലവികാസം സംഭവിച്ച ഇടങ്ങളിൽ ഒന്ന്, കർണാടകയിലെ ബിജാപൂർ ജില്ലയിൽ.
അയ്യ1 വ്യാ. സന്തോഷം, ഉത്സാഹം, ആശ്ചര്യം, നിന്ദ മുതലായവയെ കുറിക്കുന്നത്.
അയ്യ2 വി. കൊള്ളരുതാത്ത, ചീത്തയായ.
അയ്യങ്കാർ [<അയ്യൻ-പേർ.ഗാരു] നാ. വൈഷ്ണവബ്രാഹ്മണരുടെ ബിരുദപ്പേർ.
അയ്യട,അയ്യെടാ വ്യാ. പരിഹാസം, അത്ഭുതം, ഉത്സാഹം, സംതൃപ്തി മുതലായവയെ സൂചിപ്പിക്കുന്നത്.
അയ്യടി നാ. അഞ്ച് അടി.
അയ്യൻ [മ.അയ്യ,സം.ആര്യ] നാ. 1. അച്ഛൻ (ചില ജാതിക്കാരുടെയിടയിൽ); 2. മാന്യൻ; 3. പ്രഭു, സ്വാമി; 4. അയ്യപ്പൻ, ശാസ്താവ്, 5. നായാട്ടുദേവത; 6. ബുദ്ധഭിക്ഷു.
അയ്യനവർ നാ. കേരളത്തിലെ ഒരു പട്ടികജാതിക്കാർ.
അയ്യനാർ നാ. (പൂ.ബ.വ.) ശാസ്താവ്.

അയ്യപ്പൻ [മാ.അയ്യ-മ.അപ്പൻ] നാ. 1. ശാസ്താവ്, അയ്യപ്പസ്വാമി, ഹരിഹരപുത്രൻ; 2. ശബരിമലയ്ക്കുപോകുവാൻ വ്രതമെടുത്തിരിക്കുന്ന ഭക്തൻ.

അയ്യപ്പാല നാ. അയ്യർപാല, നീലപ്പാല.

അയ്യം നാ. 1. പറമ്പ്, പുരയിടം, വീട്ടുമുറ്റത്തിനു തൊട്ടുകിടക്കുന്നഭാഗം, കൃഷിസ്ഥലം (അയ്യം എന്നവസാനിക്കുന്ന പേരുകൾ വീടുകൾക്കും കൃഷിപുരയിടങ്ങൾക്കും സാധാരണം); 2. ചീത്ത, ചീത്തയായ, അശുചിയായത്; 3. മുറവിളി, നിലവിളി, രക്ഷയ്ക്കുവേണ്ടിയുള്ള കരച്ചിൽ; 4. ദു:ഖം; 5. അതോ ഇതോ എന്ന സന്ദേഹം; 6. ഭിക്ഷ, യാചന.

അയ്യമ്പൻ നാ. = ഐയമ്പൻ.

അയ്യയ്യ വ്യാ. സന്തോഷം, അദ്ഭുതം, പരിഹാസം മുതലായവ ദ്യോതിപ്പിക്കുന്നത്.

അയ്യയ്യേ [അയ്യേ-അയ്യേ] വ്യാ. അറപ്പ്, നിന്ദ, പരിഹാസം മുതലായവയെ കുറിക്കുന്നത്.

അയ്യയ്യോ [അയ്യോ-അയ്യോ] വ്യാ. ദു:ഖം, വേദന, സഹതാപം, ഉത്കണ്ഠ മുതലായവയെ കുറിക്കുന്നത്.

അയ്യർ നാ. 1. അയ്യൻ എന്നതിൻെറ പൂ.ബ.വ., തമിഴ്ബ്രാഹ്മണരുടെ പുരുഷനാമത്തോടുചേർത്തു പറയുന്ന ശബ്ദം; 2. പണ്ടാരം (നാടാന്മാരുടെ പുരോഹിതൻ); 3. ദേവൻ.

അയ്യരുകളി [ഐവർ-കളി] നാ. 1. പാണ്ഡവരുടെ വേഷംകെട്ടിയുള്ള ഒരുവക ആട്ടം; 2. നേരമ്പോക്ക്, തമാശ, കോലാഹലം; 3. സമൃദ്ധി. ഉദാ: ശാപ്പാടിൻെറ അയ്യർകളി. (പരിഹാസമായും) അടിയുടെ അയ്യർകളി.

അയ്യാ നാ. 1. അയ്യൻ എന്നതിൻെറ സംബോധന; 2. ഒരു വ്യാക്ഷേപകം, ഉത്സാഹം, ആശ്ചര്യം മുതലായവ സൂചിപ്പിക്കുന്നു.

അയ്യായിരം [ഐ-ആയിരം] നാമമായും വിശേഷണമായും പ്രയോഗം. അഞ്ച് ആയിരം, ആയിരത്തിൻെറ അഞ്ചുമടങ്ങ്. വളരെയധികം എന്നു സാമാന്യാർഥത്തിലും പ്രയോഗം.

അയ്യാവ് [മാ.അയ്യ] നാ. അച്ഛൻ, അയ്യൻ (ചിലജാതിക്കാരുടെയിടയിൽ).

അയ്യാളി നാ. ഒരു അങ്ങാടിമരുന്ന്, ആശാളി.

അയ്യോ വ്യാ. ഭയം, സങ്കടം, വേദന, അനുകമ്പ മുതലായവയെ കുറിക്കുന്നത്.

അർക്ക [സം.അർക] നാ. അർപ്പിക്കപ്പെടേണ്ട.

അർക്കകല [സം.-കലാ] നാ. സൂര്യമണ്ഡലത്തിൻെറ ഒരു ഭാഗം, പന്ത്രണ്ടിൽ ഒന്ന്.

അർക്കകാന്ത [സം.-കാന്താ] നാ. 1. ഛായ, സൂര്യപത്നി; 2. തൊഴുകണ്ണി; 3. കാട്ടുകുടങ്ങ്.

അർക്കകാന്തം [സം.-കാന്ത] നാ. സൂര്യകാന്തക്കല്ല്.

അർക്കക്ഷേത്രം [സം.-ക്ഷേത്ര] നാ. (ജ്യോ.) സൂര്യൻെറ ക്ഷേത്രം, ചിങ്ങംരാശി.

അർക്കജർ നാ. (ബ.വ.) അശ്വിനീദേവന്മാർ.

അർക്കദിയാക്കോൻ [ഗ്രീ.] നാ. ആർച്ചുഡീക്കൻ.

അർക്കൻ [സം.അർക<ഋ] നാ. 'പോകുന്ന അർച്ചിക്കപ്പെടുന്ന' 1. സൂര്യൻ; 2. വിഷ്ണു; 3. അഗ്നി; 4. ഇന്ദ്രൻ; 5. മൃത്യുദേവത; 6. പണ്ഡിതൻ; 7. ജ്യേഷ്ഠൻ.

അർക്കനയനൻ [സം.-നയന] നാ. സൂര്യൻ നേത്രമായിട്ടുള്ളവൻ, വിരാട്പുരുഷൻ.

അർക്കപത്രം,-പർണം [സം.-പത്ര,-പർണ] നാ. 1. എരിക്ക്; 2. എരിക്കിൻെറ ഇല.

അർക്കപുത്രൻ [സം.–പുത്ര] നാ. 1. കർണ്ണൻ; 2. ശനി; 3. സുഗ്രീവൻ; 4. വൈവസ്വതമനു; 5. ബാലി.
അർക്കപുത്രി [സം.–പുത്രീ] നാ. 1. യമുന; 2. തപതി (താപ്തി).
അർക്കപ്രിയ [സം.–പ്രിയാ] നാ. ചെമ്പരുത്തി.
അർക്കം [സം.] നാ. 1. സൂര്യകാന്തം; 2. സ്പടികം; 3. രശ്മി; 4. എരിക്ക്; 5. അഗ്നി; 6. ഉത്രം നക്ഷത്രം; 7. വാറ്റുമരുന്ന്; 8. സ്തുതി; 9. ചെമ്പ്.
അർക്കവല്ലഭം [സം.അർക–വല്ലഭാ] നാ. 'അർക്കൻ വല്ലഭനായിട്ടുള്ള'. താമര.
അർക്കശിഷ്യൻ [സം.–ശിഷ്യ] നാ. ഹനുമാൻ.
അർക്കസോദരൻ [സം.–സോദര] നാ. ഐരാവതം.
അർക്കീയ [സം.] വി. എരിക്കിനെ സംബന്ധിച്ച.
അർക്കേന്ദുസങ്ഗമം [സം.അർക–ഇന്ദു–സങ്ഗമ] നാ. അമാവാസ്യ.
അർഗള1 [സം.അർഗലാ] നാ. ദുർഗാസപ്തതിക്കുമുമ്പ് ചൊല്ലുന്ന സ്തോത്രം.
അർഗള2 [സം.] നാ. 1. സാക്ഷാ; 2. പ്രതിബന്ധം; 3. തിര; 4. ഒരു നരകം.
അർഗളി [സം.അർഗലികാ] നാ. ചെറിയ സാക്ഷാ.
അർഘട [സം.] നാ. ചാമ്പൽ.
അർഘം [സം.] നാ. 1. വില; 2. പൂജാദ്രവ്യം; 3. ഒരു ധരണം തൂക്കമുള്ള ഇരുപതു മുത്തുകൾ.
അർഘാർഹ [സം.അർഘ–അർഹ] വി. പൂജ അർഹിക്കുന്ന.
അർഘേശ്വരൻ [സം.–ഈശ്വര] നാ. ശിവൻ.
അർഘ്യ1 [സം.] വി. 1. പൂജയ്ക്കായുള്ള; 2. വിലയേറിയ.
അർഘ്യ2 [സം.അർഘ്യാ] നാ. നല്ലയിനം പശു.
അർഘ്യം [സം.] നാ. 1. ദശോപചാരങ്ങളിൽ ഒന്ന്; 2. പൂജയ്ക്കായുള്ള ജലം; 3. വിലമതിക്കാത്തത്; 4. ഒരുതരം തേൻ.
അർച്ച1 [സം.അർച] വി. പ്രകാശിക്കുന്ന.
അർച്ച2 [സം.അർചാ] നാ. 1. പൂജ, ആരാധന; 2. രതിരൂപം, പൂജാവിഗ്രഹം.
അർച്ചകൻ [സം.അർചക] നാ. പൂജിക്കുന്നവൻ.
അർചന, –നം [സം.] നാ. അർച്ചിക്കൽ, പൂജനം, ദേവതാനാമം ഉച്ചരിച്ചുകൊണ്ടുള്ള ആരാധന.
അർച്ചനീയ,അർച്ച്യ [സം.] വി. അർച്ചനയ്ക്ക് അർഹതയുള്ള, പൂജിക്കപ്പെടേണ്ട.
അർച്ചി,–ച്ചിസ് [സം.അർചിസ്] നാ. 1. (അഗ്നി) ജ്വാല; 2. സൂര്യകിരണം; 3. പ്രകാശം; 4. കൃശാശ്വൻെറ ഭാര്യ.
അർച്ചിക്കുക [<സം.അർച്] ക്രി. 1. പൂജിക്കുക, നാമോച്ചാരണത്തോടുകൂടി പുഷ്പം അർപ്പിക്കുക; 2. വന്ദിക്കുക, സ്തുതിക്കുക.
അർച്ചിത [സം.] വി. അർച്ചിക്കപ്പെട്ട.
അർച്ചിഷ്കണം [സം.അർചിസ്–കണ] നാ. തീപ്പൊരി.
അർച്ചിഷ്മാൻ [സം.മത്] നാ. 1. സൂര്യൻ; 2. അഗ്നി; 3. മാരീചൻ; 4. ദീപ്തിയുള്ളവൻ. (സ്ത്രീ.) അർചിഷ്മതി.
അർജക [സം.] നാ. അർജനം ചെയ്യുന്ന, സമ്പാദിക്കുന്ന (വ്യക്തി).
അർജകം [സം.] നാ. വെൺകഞ്ജകം, വെളുത്ത ചെറുതുളസി (ആരോഗ്യത്തെ സമ്പാദിക്കുന്നത്).
അർജനം [സം.] നാ. സമ്പാദനം, നേടൽ.

അർജി [അറ.] നാ. ഹർജി, പരാതി.
അർജിത [സം.] വി. അർജനം ചെയ്യപ്പെട്ട.
അർജുന [സം.] വി. വെളുത്ത, നിർമലമായ, വെള്ളിപോലുള്ള.
അർജുനകൻ [സം.] നാ. അർജുനനെ ആരാധിക്കുന്നവൻ, ഒരു വേടൻ.
അർജുനൻ [സം.] നാ. അധ്യമപാണ്ഡവൻ.
അർജുനൻപത്ത് നാ. അർജുനപര്യായങ്ങൾ (പത്തെണ്ണം) ഇത് ഉരുവിടുന്നത് ഭയം ഒഴിയാൻ നല്ലതെന്നു വിശ്വാസം.
അർജുനം [സം.] നാ. 1. വെളുത്ത നിറം; 2. പുല്ലുമരുത്; 3. വെള്ളി; 4. ഒരുതരം പുല്ല്; 5. സ്വർണം; 6. ഒരു നേത്രരോഗം; 7. മയിൽ; 8. കണവീരം.
അർജുനി1 [സം.] നാ. 1. അർജുനൻെറ പുത്രൻ; 2. വെളുത്തനിറമുള്ളവൻ; 3. ഒരുതരം സർപ്പം.
അർജുനി2 [സം.അർജുനീ] നാ. 1. വെളുത്തനിറമുള്ള(വൾ), പശു; 2. ഉഷ (അനിരുദ്ധപത്നി); 3. കുട്ടനി; 4. ഒരു നദി.
143
അർണ [സം.] വി. ചലിച്ചുകൊണ്ടിരിക്കുന്ന.
അർണ(വ)പോതം [സം.അർണ(വ)-പോത] നാ. വള്ളം, കപ്പൽ.
അർണം [സം.] നാ. 1. ജലം; 2. തിര; 3. തേക്കുമരം; 4. വർണം, അക്ഷരം; 5. ഒരു ദേശം; 6. ഒരു ദണ്ഡകവൃത്തം.
അർണവകാഞ്ചി [സം.അർണവ-കാഞ്ചി] നാ. കടലിനെ അരഞ്ഞാണായി ധരിക്കുന്നവൾ, ഭൂമി. (കടൽ എന്നതിൻെറ പര്യായങ്ങളോട് ഉടഞ്ഞാൺ എന്നർഥമായ പദങ്ങൾ ചേർത്തുണ്ടാക്കുന്ന ബഹുവ്രീഹിപദങ്ങൾക്കു ഭൂമി എന്നർഥം).
അർണവൻ [സം.] നാ. സൂര്യൻ.
അർണവഭവം [സം.അർണവ-ഭവ] നാ. ശങ്ഖ്.
അർണവം [സം.] നാ. 1. സമുദ്രം; 2. ഒരു ദണ്ഡകം.
അർണവമന്ദിരൻ [സം.-മന്ദിര] നാ. 1. വിഷ്ണു; 2. വരുണൻ.
അർണവോദ്ഭവ [സം.-ഉദ്ഭവാ] നാ. ലക്ഷ്മി.
അർണവോദ്ഭവൻ [സം.-ഉദ്ഭവ] നാ. ചന്ദ്രൻ.
അർണവോദ്ഭവം [സം.] നാ. 1. അമൃത്; 2. അക്രാരി (അഗ്നിജാരം).
അർണസ്വാൻ [സം.അർണസ്-വത്] നാ. 'അർണസ്സ് (ജലം) ഉള്ളത്'. സമുദ്രം.
അർണിക [സം.അർണികാ] നാ. രണ്ടുമാഷത്തൂക്കം.
അർണോ- സമാസത്തിൽ പൂർവപദമായിവരുമ്പോൾ അർണസ്സ് എന്നതിനു സംഭവിക്കുന്ന രൂപാന്തരം.
അർണോജനേത്ര [സം.-നേത്രാ] നാ. താമരയിതൾപോലെ നീണ്ടിട്ടിടംപെട്ട കണ്ണുള്ളവൾ, സുന്ദരി.
അർണോജം [സം.അർണസ്-ജ] നാ. 'വെള്ളത്തിലുണ്ടായത്'. താമര.
അർണോജസംഭവൻ [സം.-ജ-സംഭവ] നാ. താമരയിൽ ജനിച്ചവൻ, ബ്രഹ്മാവ്.
അർണോജിനി [സം.-ജിനീ] നാ. താമരപ്പൊയ്ക.
അർണോനാഥൻ [സം.അർണസ്-നാഥ്] നാ. വരുണൻ.
അർത്തന [സം.അർതന] വി. 1. കുറ്റപ്പെടുത്തുന്ന, ദുഷിച്ച; 2. ദു:ഖിച്ച.
അർത്തനം [സം.] നാ. കുറ്റപ്പെടുത്തൽ.

അർത്തിക [സം.അർതികാ] നാ. (നാട്യ.) നാടകത്തിൽ ജ്യേഷ്ഠത്തിയെ സംബോധന ചെയ്യുവാൻ ഉപയോഗിക്കുന്ന പദം.
അർഥകർമം [സം.-കർമൻ] നാ. പ്രധാനകർമം.
അർഥകര [സം.അർഥ-കര] വി. 1. ധനം നൽകുന്ന; 2. പ്രയോജനം ഉണ്ടാക്കുന.
അർഥകാമ [സം.-കാമ] വി. ധനത്തിൽ ആഗ്രഹമുള്ള.
അർഥകൃച്ഛം [സം.-കൃച്ഛ] നാ. 1. ധനസംബന്ധമായ ബുദ്ധിമുട്ട്; 2. പ്രയാസമേറിയ കാര്യം.
അർഥക്രിയ [സം.-ക്രിയാ] നാ. പ്രത്യേക ഉദ്ദേശ്യത്തോടെ ചെയ്യുന്ന ക്രിയ.
അർഥഗത [സം.-ഗത] വി. 1. അർഥത്തെ ആശ്രയിച്ചുള്ള; 2. അർഥംപൊയ്പ്പോയ.
അർഥഗർഭ [സം.-ഗർഭ] വി. 1. അർഥം ഉൾക്കൊള്ളുന്ന; 2. ഗൂഢാർഥമുള്ള, പ്രത്യേകാർഥമുള്ള.
അർഥഘ്ന [സം.-ഘ്ന] വി. പണം അനാവശ്യമായി ചെലവിടുന്ന.
അർഥജാതം [സം.-ജാത] നാ. അർഥസമൂഹം.
അർഥജ്ഞ [സം.-ജ്ഞ] വി. കാര്യം അറിയുന്ന.
അർഥദ [സം.-ദ] വി. 1. ധനം നൽകുന്ന; 2. പ്രയോജനകരമായ.
അർഥദൻ [സം.] നാ. കുബേരൻ.
അർഥദാനം [സം.അർഥ-ദാന] നാ. ധനം കൊടുക്കൽ, ഒരു പ്രത്യേകകാര്യത്തിൻെറ നടത്തിപ്പിലേക്കായി ചില വ്യവസ്ഥകളിന്മേൽ കൊടുക്കുന്ന ധനം.
അർഥദോഷം [സം.-ദോഷ] നാ. അർഥം സംബന്ധിച്ചുള്ള ദോഷം. (കാവ്യദോഷങ്ങളിൽ ഒരു വിഭാഗം).
അർഥനം [സം.അർഥന<അർഥ്] നാ. യാചന, അപേക്ഷ.
അർഥനിർദേശം [സം.അർഥ-നിർദേശ] നാ. പൊരുൾതിരിക്കൽ.
അർഥനീയ [സം.] വി. അർഥിക്കത്തക്ക.
അർഥപത് [സം.അർഥ-പതി] നാ. വലിയ ധനികൻ.
അർഥപൗനരുക്ത്യം [സം.-പൗനരുക്ത്യ] നാ. ഒരു കാവ്യദോഷം. (പറയാതെ തന്നെ സിദ്ധിക്കുന്നതിനെ എടുത്തുപറയൽ).
അർഥപ്രകൃതികൾ [സം.-പ്രകൃതയ:] നാ. (നാട്യ.)(ബ.വ.) മുഖ്യാർഥത്തിൻെറ നിർവഹണത്തിനു ഉപകരണങ്ങളാകുന്നവ. (ബീജം, ബിന്ദു, പതാക, പ്രകരി, കാര്യം എന്നീ അഞ്ചെണ്ണം).
അർഥപ്രയോഗം [സം.-പ്രയോഗ] നാ. 1. പണം കടംകൊടുത്തുകിട്ടുന്ന പലിശകൊണ്ടു കാലയാപനം കഴിക്കൽ; 2. പണകാര്യഭരണം.
അർഥബന്ധം [സം.-ബന്ധ] നാ. 1. പാഠം, രചന; 2. ആത്മാവിന് ഇന്ദ്രിയവിഷയങ്ങളോടുള്ള സംബന്ധം.
അർഥഭൃതകൻ [സം.-ഭൃതക] നാ. ദിവസക്കൂലിക്കാരനായ ഭൃത്യൻ.
അർഥഭൃത്ത് [സം.-ഭൃത്] നാ. വലിയ ശമ്പളം മേടിക്കുന്നവൻ.
അർഥം [സം.] അവ്യ. വേണ്ടി, ഉദ്ദേശിച്ച്. ഉദാ: ധർമാർഥം, അന്യകാര്യാർഥം. നാ. 1. ധനം; 2. വാക്കിൻെറയോ പ്രവൃത്തിയുടെയോ താത്പര്യം, ശബ്ദംകൊണ്ടു പറയപ്പെടുന്നത് (വാച്യം, ലക്ഷ്യം, വ്യങ്ഗ്യം); 3. നിവൃത്തി; 4. ഉദ്ദേശ്യം, കാര്യം, പ്രയോജനം; 5. വസ്തുതത്ത്വം; 6.ആഗ്രഹം; 7. ഇന്ദ്രിയവിഷയം; 8. അപേക്ഷ.
അർഥവത് [സം.അർഥ-വത്] വി. 1. ധനമുള്ള; 2. സാരമുള്ള; 3. പ്രത്യേക ഉദ്ദേശ്യമുള്ള.

അർഥവാദകഥ [സം.-വാദ-കഥാ] നാ. ഒരു തത്ത്വത്തെ വ്യക്തമാക്കാൻ പറയുന്ന കഥ.
അർഥവാദം [സം.-വാദ] നാ. 1. ഉദ്ദേശ്യം (ഗൂഢാർഥം) അറിയിക്കൽ; 2. വിധിക്കുപ്രേരകമായ വാക്യം. (വിധി മൂന്നുവിധം: ഗുണവാദം, അനുവാദം, ഭൂതാർഥവാദം).
അർഥവാൻ [സം.-വത്] നാ. ധനവാൻ.
അർഥവിത്ത് [സം.-വിദ്] വി. അർഥം അറിയുന്ന, ബുദ്ധിയുള്ള.
അർഥവ്യക്തി [സം.-വ്യക്തി] നാ. കാവ്യഗുണങ്ങളിൽ ഒന്ന്, വസ്തുസ്വഭാവം സ്ഫുടമായിരിക്കുന്നത്, കേട്ടാൽ ഉടൻ അർഥപ്രതീതി ഉണ്ടാകുന്നത്.
അർഥശാസ്ത്രം [സം.-ശാസ്ത്ര] നാ. 1. പുരുഷാർഥങ്ങളിൽ ഒന്നായ അർഥത്തിന് ഉപയോഗിയായ ശാസ്ത്രം; 2. രാഷ്ട്രമീമാംസ.
അർഥശൗചം [സം.-ശൗച] നാ. ധനവിഷയകമായ കാര്യങ്ങളിലുള്ള ശുചിത്വം, സത്യസന്ധത.
അർഥസംസ്ഥാനം [സം.സംസ്ഥാന] നാ. ധനം കൂട്ടിവയ്ക്കൽ, ഖജനാവ്.
അർഥസാധകൻ [സം.-സാധക] നാ. കാര്യം നടത്തുവാൻ മിടുക്കുള്ളവൻ, ദശരഥൻെറ ഒരു മന്ത്രി.
അർഥാഗമം [സം.-ആഗമ] നാ. ധനലാഭം.
അർഥാതുരൻ [സം.-ആതുര] നാ. അർഥം നേടുന്നതിനായി കഷ്ടപ്പെടുന്നവൻ.
അർഥാന്തരം [സം.-അന്തര] നാ. മറ്റൊരർഥം, വേറേകാര്യം.
അർഥാന്തരന്യാസം [സം.അർഥാന്തര-ന്യാസ] നാ. ഒരു അർഥാലങ്കാരം.
അർഥാന്തര സംക്രമിതവാച്യം [സം.-സംക്രമിത-വാച്യ] നാ. ലക്ഷണാമൂലധ്വനിയുടെ ഒരു വിഭാഗം, അർഥം മറ്റൊരിടത്തേക്ക് സംക്രമിച്ചുപോയത്.
അർഥാന്വിത [സം.അർഥ-അന്വിത] വി. അർഥത്തോടുകൂടിയ.
അർഥാപത്തി [സം.-ആപത്തി] നാ. ഒരു അർഥാലങ്കാരം.
അർഥാർഥി [സം.-അർഥിൻ] വി. ധനം യാചിക്കുന്നവൻ.
അർഥാലങ്കാരം [സം.-അലങ്കാര] നാ. അർഥത്തെ ആശ്രയിച്ചിരിക്കുന്ന അലങ്കാരം. ഉദാ: ഉപമ, ഉത്പ്രേക്ഷ തുടങ്ങിയവ.
അർഥാവൃത്തി [സം.-ആവൃത്തി] നാ. ദീപകാലങ്കാരത്തിൻെറ ഒരു വിഭാഗം.
അർഥി [സം.അർഥിൻ] വി. യാചിക്കുന്ന, കാംക്ഷിക്കുന്ന, തേടുന്ന. നാ. യാചകൻ, അപേക്ഷകൻ (സ്ത്രീ.) അർഥിനി.
അർഥികൻ [സം.അർഥി-ക] നാ. 1. വൈതാളികൻ; 2. യാചകൻ.
അർഥിക്കുക [<സം.അർഥ്] ക്രി. യാചിക്കുക, അപേക്ഷിക്കുക.
അർഥിത1 [സം.] വി. അർഥിക്കപ്പെട്ട.
അർഥിത2 [സം.അർഥിതാ] നാ. യാചിക്കുന്ന പ്രവൃത്തി.
അർഥിത്വം [സം.അർഥി-ത്വ] നാ. യാചകനായിരിക്കുന്ന അവസ്ഥ.
അർഥേതര [സം.അർഥ-ഇതര] വി. ധനസംബന്ധമായതല്ലാത്ത.
അർഥൈഷണ [സം.-ഏഷണാ] നാ. ദ്രവ്യാഗ്രഹം.
അർഥോപക്ഷേപകം [സം.-ഉപക്ഷേപക] നാ. (നാട്യ.) കഥാവസ്തു സൂചിപ്പിക്കാൻ നാടകത്തിൽ ഉപയോഗിക്കുന്ന അഞ്ചു സമ്പ്രദായങ്ങളിൽ ഒന്ന്.
അർഥൗകസ്സ് [സം.-ഓകസ്] നാ. ഭണ്ഡാഗാരം.
അർഥ്യ [സം.] വി. 1. അർഥിക്കത്തക്ക; 2. ധനമുള്ള; 3. ബുദ്ധിയുള്ള.
അർഥ്യം [സം.] നാ. കന്മദം.

അർദന1 [സം.] വി. 1. അർദിക്കുന്ന, പീഡിപ്പിക്കുന്ന; 2. സ്വാസ്ഥ്യമില്ലാത്ത; 3. അടങ്ങിയിരിക്കാത്ത.

അർദന2 [സം.അർദനാ] നാ. കൊല, പീഡിപ്പിക്കൽ, യാചന.

അർദനൻ [സം.] നാ. പീഡിപ്പിക്കുന്നവൻ. ഉദാ: ജനാർദനൻ.

അർദനി [സം.അർദനീ] നാ. 1. രോഗം; 2. യാചന; 3. അഗ്നി.

അർദിക്കുക [<സം.അർദ്] ക്രി. 1. ഉപദ്രവിക്കുക, കൊല്ലുക; 2. യാചിക്കുക; 3. ക്ഷോഭിക്കുക; 4. ഉലയ്ക്കുക.

അർദിത [സം.] വി. അർദിക്കപ്പെട്ട.

അർദിതം [സം.] നാ. 1. അർദിക്കപ്പെട്ടത്; 2. കോട്ടുവാതം.

അർധ [സം.അർധ] വി. പകുതിയായ.

അർധക [സം.അർധ-ക] വി. രണ്ടായിപകുക്കുന്ന, പകുതിയായ.

അർധകൃതം [സം.-കൃത] വി. പകുതിചെയ്തുതീർത്ത.

അർധകേക [സം.-കേകാ] നാ. കേകാവൃത്തത്തെ അർധിച്ചത്.

അർധഗ്രാസം [സം.-ഗ്രാസ] നാ. 1.തികയാത്ത ഭക്ഷണം; 2. പകുതിയുരുള.

അർധചന്ദ്ര1 [സം.-ചന്ത്ര] വി. പകുതിചന്ദ്രനെപ്പോലെയുള്ള.

അർധചന്ദ്ര2 [സം.-ചന്ദ്രാ] നാ. നാൽക്കോൽപ്പക്കൊന്ന, ത്രികോൽപ്പക്കൊന്ന.

അർധചന്ദ്രനാരാചം [സം.-നാരാച] നാ. അർധചന്ദ്രാകൃതിയിൽ മുഖമുള്ള അമ്പ്

അർധചന്ദ്രം [സം.-ചന്ദ്ര] നാ. 1. അർധചന്ദ്രൻെറ ആകൃതിയിലുള്ള പുള്ളി, അരയുകാരത്തിൻെറ ചി ം; 2. അർധചന്ദ്രാകൃതിയിലുള്ള അഗ്രത്തോടുകൂടിയ അമ്പ്; 3. (നാട്യ.) ഒരു മുദ്ര. (പ്ര.) അർധചന്ദ്രം കൊടുക്കുക = കഴുത്തിനുപിടിച്ചു പുറംതള്ളുക.

അർധചന്ദ്രവ്യൂഹം [സം.-ചന്ദ്ര-വ്യൂഹ] നാ. ഒരു സൈന്യവിന്യാസസമ്പ്രദായം.

അർധചോലകം [സം.-ചോലക] നാ. കുറുകിയ കുപ്പായം.

അർധതൂരം [സം.-തൂര] നാ. ഒരുതരം വാദ്യം.

അർധനം [സം.] നാ. രണ്ടായിപകുക്കൽ.

അർധനാരായണൻ [സം.-നാരായണ] നാ. ശങ്കരനാരായണൻ.

അർധനാരീശ്വരൻ [സം.-നാരീ-ഈശ്വര] നാ. ഉമാമഹേശ്വരൻ.

അർധനാവം [സം.-നാവ] നാ. അകമ്പടിക്കാർക്കും യാത്രക്കാരായ ദമ്പതിമാർക്കും തോണിയുടെ പകുതിവീതം ഭാഗിച്ചത്.

അർധനിശ [സം.-നിശാ] നാ. പാതിരാത്രി.

അർധപഞ്ചാശത്ത് [സം.-പഞ്ചാശത്] നാ. ഇരുപത്തഞ്ച്.

അർധപണം [സം.-പണ] നാ. അരപ്പണത്തൂക്കം.

അർധപാദം [സം.-പാദ] നാ. കാലിൻെറ പകുതി, അരക്കാൽ.

അർധപ്രഹരം [സം.-പ്രഹര] നാ. ഒന്നരമണിക്കൂർ (പ്രഹരം = ഒരു ദിവസത്തിൻെറ എട്ടിൽ ഒന്നു വരുന്ന സമയം, മൂന്നുമണിക്കൂർ ഇടവിട്ടുള്ള കാവൽ).

അർധഭാക്ക് [സം.-ഭാജ്] നാ. 1. പകുതിക്ക് അവകാശി, 2. കുറ്റുകാരൻ.

അർധഭ്രമകം [സം.-ഭ്രമക] നാ. ഒരുതരം ശബ്ദചിത്രം.

145

അർധമണ്ഡപം [സം.-മണ്ഡപ] നാ. മുഖമണ്ഡപം.

അർധമാഗധി [സം.-മാഗധീ] നാ. ജൈനരുടെ മതഭാഷ, മാഗധിയോടു സാമ്യമുള്ളത്.

അർധമാണവകം [സം.-മാണവക] നാ. പന്ത്രണ്ട് ഇഴകളുള്ള ഒരു കണ്ഠാഭരണം.

അർധമാത്രികം [സം.-മാത്രിക] നാ. പകുതിമാത്രമുള്ള സ്വരം.
അർധമാന്യം [സം.-മാന്യ] നാ. പകുതി നികുതിയിളവുള്ള വസ്തു.
അർധമൗലി [സം.-മൗലിൻ] നാ. ശിവൻ.
അർധയാമപൂജ [സം.-യാമ-പൂജാ] നാ. നടയടയ്ക്കുന്നതിനു മുമ്പുള്ള പൂജ.
അർധർച്ചം [സം.-ഋച] നാ. ഋക്കിൻെറ പകുതി.
അർധരാത്രം [സം.-രാത്ര] നാ. രാത്രിയുടെ പകുതി കഴിയുന്ന സമയം.
അർധരാത്രി [സം.-രാത്രി] നാ. = അർധരാത്രം. (അർധരാത്രം സുഷ്ഠു).
അർധവാർഷികം [സം.-വാർഷിക] വി. ആറുമാസത്തിലൊരിക്കലുള്ള.
അർധവിരാമം [സം.-വിരാമ] നാ. ചി ങ്ങളിൽ ഒന്ന് (;).
അർധവൃത്തം [സം.-വൃത്ത] നാ. വൃത്തത്തിൻെറ പകുതി.
അർധശ: [സം.അർധ-ശ:] അവ്യ. പകുതിവീതം.
അർധസമവൃത്തം [സം.-സമ-വൃത്ത] നാ. (ശ്ലോകത്തിൻെറ) ഒന്നും മൂന്നും പാദങ്ങളും രണ്ടും നാലും പാദങ്ങളും ഒരു പോലിരിക്കുന്ന വൃത്തം.
അർധസീരി,-സീതികൻ [സം.-സീരിക, -സീതിക] നാ. പാതിവാരക്കാരൻ.
അർധസ്വരങ്ങൾ [സം.-സ്വരാ:] നാ. (ബ.വ.)(വ്യാക.) ഈഷദ്വിവൃതങ്ങളായ യ, ര, ല, വ ഈ വർണങ്ങൾ.
അർധാങ്ഗി [സം.-അങ്ഗിൻ] നാ. ശിവൻ (സ്ത്രീ.) അർധാങ്ഗിനി.
അർധാർധം [സം.-അർധ] നാ. പകുതിയുടെ പകുതി, കാൽ. (നാലിൽ ഒന്ന്).
അർധാവഭേദകം [സം.-അവ-ഭേദക] നാ. ചെന്നിക്കുത്ത്.
അർധാസനം [സം.-ആസന] നാ. ഇരിപ്പിടത്തിൽ പകുതി, ബഹുമാനസൂചകം.
അർധി [സം.അർധിൻ] നാ. പകുതിക്ക് അവകാശി.
അർധികൻ [സം.] നാ. 1. വൈശ്യകന്നികയിൽ ബ്രാഹ്മണനു ജനിച്ചവൻ; 2. പകുതിക്ക് അവകാശി; 3. പാതിവാരക്കാരൻ.
അർധിക്കുക [<സം.അർധ] ക്രി. പകുതിക്കുക, ഇരു സമഭാഗങ്ങളാക്കുക.
അർധു [സം.<ഋധ്] നാ. വർധിക്കുന്ന.
അർധേന്ദു [സം.അർധ-ഇന്ദു] നാ. അർധചന്ദ്രൻ.
അർധോക്തി [സം.-ഉക്തി] നാ. പകുതി പറഞ്ഞുനിറുത്തിയ വാക്യം.
അർധോദഗ്ര [സം.-ഉദഗ്ര] വി. പകുതി കുത്തനെയായ.
അർധോദയം [സം.-ഉദയ] നാ. 1. പകുതി ഉദിക്കൽ; 2. ഒരു പുണ്യദിനം (കറുത്തവാവും, തിങ്കളാഴ്ചയും തിരുവോണവും, വ്യതീപാതനിത്യയോഗവും ചേർന്നത്).
അർധോരുകം [സം.-ഊരുക] നാ. അരക്കെട്ട് (തുടകൾ) മാത്രം മറയ്ക്കുന്ന വസ്ത്രം.
അർധ്യ [സം.] വി. 1. അർധത്തെ സംബന്ധിച്ച; 2. വർധിപ്പിക്കത്തക്ക.
അർപ്പകൻ [സം.അർപക<അർപ്] നാ. അർപ്പിക്കുന്നവൻ.
അർപ്പണം [സം.അർപണ] നാ. മുമ്പിൽ വയ്ക്കൽ, ആദരപൂർവം നൽകൽ.
അർപ്പിക്കുക [<സം.അർപ്] ക്രി. ആദരപൂർവം മുമ്പിലിച്ചു നൽകുക.
അർപ്പിത [സം.അർപിത] വി. അർപ്പിക്കപ്പെട്ട.
അർബുദം [സം.] നാ. 1. പത്തുകോടി; 2. ഒരുമഹാരോഗം, ക്യാൻസർ.
അർബുദി [സം.അർബുദിൻ] നാ. അർബുദമുള്ള.
അർഭ(ക) [സം.] വി. ചെറുതായ.
അർഭകൻ [സം.] നാ. 1. ആൺകുട്ടി; 2. മൂഢൻ; 3. അശക്തൻ; 4. ഒരു ശിശുനാഗരാജാവ്.

അർഭകം [സം.] നാ. 1. ആനയുടെ ഒരുമർമ്മം; 2. മൃഗശിശു.
അർഭൻ [സം.] നാ. കുട്ടി.
അർമാസ് [പോർ.] നാ. ആയുധം.
അർമണം [സം.] നാ. ഒരു അളവ്, ഒരു ദ്രോണം.
അർമം [സം.അർമൻ] നാ. ഒരുതരം നേത്രരോഗം.
അർവതി [സം.അർവതി] നാ. 1. പെൺകുതിര; 2. ദൂതി, കുട്ടനി; 3. അപ്സരസ്സ്.
അർവം [സം.അർവൻ] നാ. കുതിര.
അർവാക് [സം.] അവ്യ. 1. കീഴ്ക്കാലത്ത്; 2. കീഴ്ദേശത്ത്; 3. അടുക്കൽ, പിമ്പ്.
അർവാക്കാലിക [സം.അർവാക്-കാലിക] വി. അടുത്തകാലത്തുള്ള.
അർവാങ്ഗൻ [സം.] നാ. കുമ്പിട്ടവൻ.
അർവാചീന [സം.] വി. ഇക്കാലത്തുള്ള, പിന്നീടുള്ള ക്ഷ് പ്രാചീന.
അർവാവസു [സം.] നാ. 1. സൂര്യരശ്മികളിൽ ഒന്ന്; 2. രൈഭ്യമഹർഷിയുടെ പുത്രൻ; 3. ദേവന്മാരുടെ ഹോതാവ്.
അർശ് [ഹി.] നാ. സിംഹാസനം.
അർശം [സം.] നാ. 1. നഷ്ടം, ഉപദ്രവം; 2. അർശസ്സ്.
അർശസൻ [സം.] നാ. അർശരോഗം ഉള്ളവൻ.
അർശസാനൻ [സം.] നാ. 1. ദ്വേഷമുള്ളവൻ; 2. അഗ്നി.
അർശസ്സ് [സം.അർശസ്] നാ. മൂലക്കുരു.
അർശോഘ്നം [സം.അർശസ്-ഘ്ന] നാ. 'അർശസ്സിനെ ഹനിക്കുന്നത്'. 1. കാട്ടുചേന; 2. ഒരു ഭാഗം മോരും മൂന്നുഭാഗം വെള്ളവും ചേർന്ന മിശ്രം; 3. ചേരുമരം.
അർഷണം [സം.] നാ. ഗതി, പോക്ക്, ഒഴുക്ക്.
അർഷണി [സം.] നാ. കഠിനവേദന.
അർഹ [സം.] വി. 1. അർഹതയുള്ള, യോഗ്യതയുള്ള; 2. മാന്യമായ, വിലയുള്ള; 3. ശ്ലാഘയ്ക്കോ നിന്ദയ്ക്കോ പാത്രമാകത്തക്ക.
അർഹണം [സം.അർഹണാ] നാ. പൂജ.
അർഹത [സം.അർഹതാ] നാ. യോഗ്യത, അവകാശം.
അർഹത്തമ [സം.അർഹത്-തമ] വി. ഏറ്റവും അർഹതയുള്ള.
അർഹൻ [സം.] നാ. 1. യോഗ്യൻ; 2. ഇന്ദ്രൻ; 3. വിഷ്ണു.
അർഹന്തൻ [സം.] നാ. 1. ആരാധ്യൻ; 2. ഒരു ബുദ്ധൻ; 3. ബുദ്ധസന്യാസി; 4. ജൈനസിദ്ധൻ; 5. ശിവൻ.
അർഹാപണം [സം.] നാ. വിലമതിപ്പ്.
അർഹിക്കുക [<സം.അർഹ്] ക്രി. നേടുന്നതിനോ കിട്ടുന്നതിനോ യോഗ്യതയുണ്ടായിരിക്കുക, അവകാശമുണ്ടായിരിക്കുക.
അർഹിത [സം.] വി. അർഹണം ചെയ്യപ്പെട്ട, ആരാധിക്കപ്പെട്ട.
അർഹ്യ [സം.] നാ. സ്തുതിക്കത്തക്ക, മാനിക്കത്തക്ക.
അര1[അരയുക] ധാതുരൂപം.
അര2നാ. 1. മധ്യം, കടിപ്രദേശം, അരക്കെട്ട്; (പ്ര.) അരയുംതലയും മുറുക്കുക = അരക്കച്ചയും തലക്കെട്ടും ഉറപ്പിച്ചു (യുദ്ധത്തിന്) ഒരുങ്ങുക; 2. ഒന്നിന്റെ നേർപകുതി; (പ്ര.) അരക്കൈനോക്കുക = മത്സരിക്കുക, ശ്രമിക്കുക.
അരകുറ [അര1-കുറ] നാ. അറ്റകുറ്റം.

അരക്കണം [മ.അര2-പ്രാ.ഖണ<സം.ക്ഷണ] അരനിമിഷം.

അരക്കൻ1 നാ. പിശുക്കൻ.

അരക്കൻ2 (പ.മ.)[പ്രാ.രക്ഖ<സം.രക്ഷസ്] നാ. രാക്ഷസൻ.

അരക്കൻ3 വി. 1. ചുവന്നത്; 2. രക്തവർണമായ.

അരക്കം (പ.മ.)[<സം.അ-രക്ത] നാ. 1. രക്തം; 2. അരക്കില്ലം.

അരക്കൽ നാ. 1. കന്നിപ്പൂകൃഷി; 2. ഭൂനികുതിയുടെ ഒരു ഗഡു.

അരക്കവി [അരയ-കവി] നാ. പുനംനമ്പൂതിരി.

അരക്കറ [അരക്ക്-അറ] നാ. അരക്കില്ലം.

അരക്കാടുക [അരക്ക്-ആടുക] ക്രി. കോലരക്ക് ഉരുക്കിപുരട്ടുക.

അരക്കാണി [അര-കാണി] നാ. കാണിയുടെ പകുതി.

അരക്കാമ്പൽ (പ.മ.)[അരക്ത-ആമ്പൽ] നാ. ചെമന്ന ആമ്പൽ

അരക്കാൽ,-യ്ക്കാൽ [അര-കാൽ] നാ. കാലിൻെറ പകുതി.

അരക്കിടുക [അരക്ക്-ഇടുക] ക്രി. തോട, കാപ്പ്, കുണുക്ക് തുടങ്ങിയ പൊള്ളയായ സ്വർണാഭരണങ്ങൾക്കു ചുളുക്കുവരാതിരിക്കാൻ അതിനുള്ളിൽ അരക്ക് ഉരുക്കി നിറയ്ക്കുക.

അരക്കില്ലം [അരക്ക്-ഇല്ലം] നാ. അരക്കുചേർത്ത പദാർഥങ്ങൾകൊണ്ടു നിർമിച്ചവീട്. പാണ്ഡവന്മാരെ ചതിച്ചു കൊല്ലാൻ ദുര്യോധനൻ ഉണ്ടാക്കിച്ചത്.

അരക്ക്1 [പ്രാ.ലക്ഖ<സം.ലാക്ഷാ] നാ. 1. ഒരുതരം കറ, കോലരക്ക്; 2. ചക്കക്കറ.

അരക്ക്2 [സം.രക്ത] നാ. 1. ചായില്യം; 2. ചെമപ്പ്.

അരക്കുക ക്രി. ഒട്ടുക.

അരക്കുതിരി നാ. (മുദ്രവയ്ക്കാനുള്ള) അരക്ക് തിരിയാക്കിയത്.

അരക്കുപാകം [മ.അരക്ക്-സം.പാക] നാ. (ആയൂർ.) കല്കം അരക്കിൻെറ പരുവത്തിൽ ഇരിക്കുന്ന അവസ്ഥ.

അരക്കുപ്പായം നാ ലങ്കോട്ടി.

അരക്കുഴൽ നാ. അരയിൽ ധരിക്കുന്ന ഒരുവിധം ആഭരണം, ഏലസ്സ്.

അരക്കെട്ട് നാ. കടിപ്രദേശം.

അരക്ത [സം.അ-രക്ത] വി. രക്തമില്ലാത്ത, വിളറിയ.

അരക്തതാ [സം.-രക്തതാ] നാ. രക്തമില്ലായ്മ.

അരക്ഷസ്സ് [സം.-രക്ഷസ്] നാ. രക്ഷസ്സല്ലാത്തത്, നിരുപദ്രവി.

അരക്ഷിത [സം.-രക്ഷിത] വി. രക്ഷിക്കപ്പെടാത്ത, നിസ്സഹായമായ.

അരഗ്വധം [സം.] നാ. കൊന്നമരം.

അരഘട്ടകം [സം.അര-ഘട്ടക] നാ. തുലായന്ത്രം, ഏത്തം.

അരങ്ഘുഷ [സം.അരം-ഘുഷ] വി. ഉറക്കെ ശബ്ദിക്കുന്ന.

അരങ്ങൽ നാ. ചുഴുകുറ്റി.

അരങ്ങഴിയുക ക്രി. നാണംകെട്ടു നടക്കുക, അഭിമാനമില്ലാതെ ജീവിക്കുക.

അരങ്ങിടുക ക്രി. ആരംഭിക്കുക.

അരങ്ങ് [<സം.രങ്ഗ] നാ. 1. കളിസ്ഥലം, അഭിനയിക്കുന്നതിനുള്ള സ്ഥലം, നടനവേദി; 2. കളരി; 3. സഭ, നാടകാദികാണാൻ വന്നിരിക്കുന്നവർ; 4. അഭിനയിക്കാനുള്ള ഭാഗം; 5. പോർക്കളം; 6. പാവകളിനടത്തുന്നവർ ഉപയോഗിക്കുന്ന ഒരുതരം തിരശ്ശീല; 7. കൗതുകകരമായ കാഴ്ച. (പ്ര.) അരങ്ങുതകർക്കുക = നന്നായി അഭിനയിക്കുക;

അരങ്ങേറുക = ആദ്യമായി അരങ്ങത്തുവരിക, ആദ്യമായി പൊതുജനസമക്ഷം പ്രത്യക്ഷപ്പെടുക; അരങ്ങുതളിക്കുക = കൂടിയാട്ടത്തിൽ രങ്ഗസൂചനനല്കുക.

അരങ്ങുക ക്രി. 1. നെല്ലുകുത്തി ഉമി തൊലിക്കുക; 2. പതയ്ക്കുക; 3. തൈരുകടയുക; 4. മുറിക്കുക.

അരചൻ [<സം.രാജൻ] നാ. രാജാവ്.

അരചം നാ. അരശുമരം.

അരച്,-ശ് [സം.രാജൻ] നാ. രാജാവ്, രാജത്വം. (പ്ര.) അരശിരിക്കസ്ഥാനം = രാജധാനി; അരചാളുക = നാടുവാഴുക.

അരച്ചട്ട നാ. അരക്കുപ്പായം, താരത, കാൽക്കുപ്പായം.

അരച്ചല്ലടം നാ. അരമുതൽ കാൽമുട്ടുവരെയുള്ള ചെറിയ കുപ്പായം.

അരച്ചാണി [<അരപ്പ്] നാ. അരപ്പ് (വേദന) ഉണ്ടാക്കുന്ന എറുമ്പ്, കട്ടെറുമ്പ്.

അരച്ചി നാ. ഒരുതരം പുല്ല്.

അരച്ചുരിക [അര-ചുരിക] നാ. കുഞ്ഞുങ്ങളുടെ അരയിൽ ഇടുന്നതും ഇരുമ്പുകൊണ്ടു നിർമിക്കുന്നതുമായ ഒരാഭരണം.

അരജ്ജു [സം.അ-രജ്ജു] വി. 1. കയറല്ലാത്ത; 2. കയറില്ലാത്ത; 3. കയറുകൊണ്ടുള്ളതല്ലാത്ത.

അരഞ്ഞാൺ [അര-ഞാൺ] നാ. അരയിലിടുന്ന ഒരാഭരണം, ഉടഞാൺ.

അരഞ്ഞിൽ നാ. ഒരിനം മരം, അഴിഞ്ഞിൽ.

അരട, -ട് നാ. മരംകൊണ്ടുള്ള വണ്ടിയച്ച്, റാട്ട്.

അരണ1 നാ. വീടുകളിലും മറ്റും ജീവിക്കുന്ന ഒരിനം ഇഴജന്തു, ചെറുതും വലുതുമായി രണ്ട് ഇനം.

അരണ2 നാ. വളരെ ഉയരത്തിൽ വളരുന്നതും കുറുകിയ ശാഖകളോടുകൂടിയതും ആയ ഒരുതരം മരം.

അരണ3 [സം.അ-രണ] വി. യുദ്ധം ചെയ്യാത്ത.

147

അരണം [<സം.]നാ. 1.സഞ്ചാരം, അനക്കം; 2. അഭയസ്ഥാനം.

അരണമാണിക്യം നാ. അരണവായിൽ കൊണ്ടുനടക്കുന്നതായി പറയപ്പെടുന്ന മാണിക്യം.

അരണി [സം.ഋ-അനി]നാ. 1. തീ കടഞ്ഞെടുക്കാനുള്ള മരക്കഷണം.(ഇത് രണ്ട് എണ്ണം: ഉത്തരാരണി, അധരാരണി); 2. സൂര്യൻ; 3. തീക്കല്ല്; 4. ശമീ, ചമത; 5. മൂഞ്ഞ; 6. അഗ്നി; 7. കടലാടി; 8. വാൽമുളക്.

അരണികം [സം.] നാ. കാട്ടുമൂഞ്ഞ.

അരണികേതു [സം.അരണി-കേതു] നാ. അഗ്നിമന്ഥം, മൂഞ്ഞ.

അരണിക്കുക ക്രി. 1. അലങ്കരിക്കുക; 2. ഉറപ്പായി നിൽക്കുക, അജയ്യമായിരിക്കുക.

അരണിജൻ [സം.അരണി-ജ] നാ. അഗ്നി, ശുകൻ.

അരണിദാനം [സം.-ദാന] നാ. ബ്രാഹ്മണരുടെ ഒരു പ്രായശ്ചിത്തകർമം.

അരണിപ്പ് [<അരണിക്കുക] നാമരൂപം.

അരണിസുതൻ [സം.-സുത] നാ. വ്യാസൻെറ ബീജം അരണിമരത്തിൽ വീണു ജനിച്ചവൻ, ശുകബ്രഹ്മർഷി, അഗ്നി.

അരണ്ട [അരളുക] ഭൂ.പേ. ഭയപ്പെട്ട, തെളിച്ചമില്ലാത്ത.

അരണ്ടം [സം.ലണ്ഡ] നാ. ആനപ്പിണ്ടം.

അരണ്ട് [അരളുക] മുൻവിന

അരണ്മന [സം.ശരൺ-ത.മന] നാ. കോട്ടമതിൽകോണ്ടു ചുറ്റപ്പെട്ട മന, രാജകീയഭവനം, അരമന.
അരണ്യചന്ദ്രിക [സം.അരണ്യ-ചന്ദ്രികാ] നാ. പ്രയോജനമില്ലാത്ത അലങ്കാരം.
അരണ്യദ്വാദശി [സം.-ദ്വാദശി] നാ. മാർഗശീഷമാസത്തിലെ ദ്വാദശി.
അരണ്യധർമം [സം.-ധർമ] നാ. 1. വാനപ്രസ്ഥം; 2. വന്യസ്വഭാവം.
അരണ്യപണ്ഡിതൻ [സം.-പണ്ഡിത] നാ. മൂഢൻ.
അരണ്യം [സം.അ-രണ്യം] നാ. യുദ്ധത്തിനു പറ്റാത്തിടം, കാട്.
അരണ്യരാജൻ [സം.അരണ്യ-രാജൻ] നാ. സിംഹം, കടുവ, കാട്ടിലെ രാജാവ്.
അരണ്യരുദിതം [സം.-രുദിത] നാ. കാട്ടിൽ സഹായത്തിനായി കേഴുക, നിഷ്പ്രയോജനമായകാര്യം.
അരണ്യശ്വാവ് [സം.-ശ്വൻ] നാ. 1. ചെന്നായ്; 2. കുറുക്കൻ.
അരണ്യാനി [സം.] നാ. 1. കൊടുങ്കാട്; 2. വനദേവത.
അരണ്യൗകസ്സ് [സം.അരണ്യ-ഓകസ്] നാ. വനത്തിൽപാർക്കുന്ന, വാനപ്രസ്ഥത്തിൽ കഴിയുന്ന.
അരട്ടുക [അരളുക>പ്രയോ.] ക്രി. ഭയപ്പെടുത്തുക, വിരട്ടുക.
അരത [സം.അ-രത] വി. 1. ഒന്നിലും താത്പര്യമില്ലാത്ത; 2. അസംതൃപ്തിയുള്ള.
അരതം [സം.] നാ. സംഭാഗമില്ലായ്മ.
അരതി [സം.അ-രതി] നാ. 1. സന്തോഷമില്ലായ്മ, അതൃപ്തി; 2. രതിയില്ലായ്മ, ഭോഗാസക്തിയില്ലായ്മ; 3. അനാസ്ഥ, താത്പര്യമില്ലായ്മ; 4. വെറുപ്പ്; 5. പിത്തരോഗം.
അരത്ത [പ്രാ.രസ്സാ<സം.രാസ്നാ] നാ. ഒരു ഔഷധം. ചിറ്ററത്ത.
അരത്തൻ [<സം.അ-രക്ത] നാ. മനുഷ്യപ്പറ്റില്ലാത്തവൻ, നിർഗുണൻ.
അരത്തം [സം.-രക്ത] നാ. മഞ്ഞളും ചുണ്ണമ്പും കൂടി കലക്കിയുണ്ടാക്കുന്ന ചുവന്ന ദ്രാവകം.
അരത്നി [സം.] നാ. 1. കൈമുട്ട്; 2. കൈമുട്ടുമുതൽ ചെറുവിരലിന്റെ അറ്റം വരെയുള്ള അളവ്, ഒരു കോൽ, 24 അങ്ഗുലം; 2. മുഷ്ടി.
അരദ [സം.അ-രദ] വി. പല്ലില്ലാത്ത.
അരൻ (പ.മ.)[<സം.ഹര] നാ. ശിവൻ.

അരന്ധന [സം.അ-രന്ധന] വി. 1. അരിവയ്പ്പില്ലാത്ത; 2. ചിങ്ങത്തിന്റെയും കന്നിയുടെയും സംക്രാന്തിദിനം.
അരപ്പടം നാ. അരക്കച്ച.
അരപ്പണി നാ. പൂർത്തിയാകാത്തപണി.
അരപ്പ് [<അരയ്ക്കുക] നാമരൂപം.
അരപ്പൂട്ട് നാ. അരക്കെട്ട്.
അരം1 നാ. 1. (ഇരുമ്പു മുതലായവ) രാകാനുള്ള ഒരു ഉപകരണം; 2. വണ്ടിച്ചക്രത്തിന്റെ അരക്കാൽ.
അരം2 അവ്യ. 1. കാലതാമസം കൂടാതെ; 2. ഏറ്റവും.
അരം3 നാ, വേലിപ്പത്തൽ.
അരം4 നാ. നാശംവരുത്തുന്നത്, ഹരം വരുത്തുന്നത്.

അരമ1,-മാവ് [അര-മാ] നാ. ഒരു മാ അളവിൻെറ പകുതി, നാൽപ്പതിലൊന്ന് (ഒരു മാ = 1/20)
അരമ2 വി. താഴ്ന്ന, നീചമായ.
അരമ3 നാ. സാക്ഷ, മതിയൻ.
അരമണ [സം.അ-രമണ] വി. രമിപ്പിക്കാത്ത.
അരമണി [സം.-രമണീ] നാ. രമിപ്പിക്കാത്തവൾ.
അരമതി [മ.അര-സം.മതി] നാ. അർധചന്ദ്രൻ.
അരമൻ നാ. മുറ്റാത്ത ധാന്യം, മങ്ക്.
അരമന നാ. രാജകീയഭവനം, കൊട്ടാരം (ക്രൈസ്തവ മേലധ്യക്ഷന്മാരുടെ വസതികൾക്കും അരമന എന്നു പറയുന്നു).
അരമ്യ [സം.അ-രമ്യ] വി. മനോഹരമല്ലാത്ത.
അരയൻ [അരചൻ] നാ. 1. (പ.മ.) രാജാവ്; 2. മരയ്ക്കാൻ, മുക്കുവൻ.
അരയന്നം [അരയ-അന്നം<സം.ഹംസ] നാ. 1. പക്ഷിവിശേഷം, താറാവിൻെറ വർഗത്തിൽപ്പെട്ട ഒരു പക്ഷി; 2. കവിസങ്കല്പത്തിലുള്ള ഒരു പക്ഷി, പാലും വെള്ളവും ചേർത്തുവച്ചാൽ ഇതിന് പാൽ വേർതിരിച്ചെടുത്തു കുടിക്കാൻ കഴിയുമെന്നു വിശ്വാസം.
അരയരച്ച,അരയരശ്ശെഅവ്യ. അരയരചെയ്ത്, അരവീതം.
അരയാപ്പ് നാ. അരയിലുണ്ടാകുന്ന ഒരു രോഗം, തുടയുടെ ഇടയിലുണ്ടാകുന്ന വീക്കം.
അരയാമ്പൽ നാ. = അരക്കാമ്പൽ.
അരയാൽ [മ.അരയ-ആൽ] നാ. ഒരിനം ആൽമരം.
അരയാളം നാ. വാർഷികവരുമാനത്തിൻെറ അഥവാ കരത്തിൻെറ പകുതി.
അരയില നാ. അരത്താലി.
അരയുക [<അര1] ക്രി. തേയുക, പൊടിയുക, കുഴമ്പാകുക.
അരയുകാരം നാ. സംവൃതോകാരം. കല്ല്, അത്, ഇത്യാദി രൂപങ്ങളിൽ അവസാനം കാണുന്ന കേന്ദ്രീകൃതസ്വരം.
അരയ്ക്കുക [അരയുക>പ്രയോ] ക്രി. വെള്ളം ചേർത്തു നേർമവരുമാറ് മർദിക്കുക.
അരരം [സം.] നാ. 'വന്നും പോയുമിരിക്കുന്നത്'. 1. വാതിൽ; 2. തമര്, തിരിവുളി.
അരരി [<സം.ഋ] നാ. വാതിൽ.
അരവ [സം.അ-രവ] വി. ശബ്ദമില്ലാത്ത.
അരവക്കൊടി [സം.അരവ-മ.കൊടി] നാ. അരവം (പാമ്പ്) കൊടിയടയാളമായവൻ, ദുര്യോധനൻ.
അരവച്ചട്ട നാ. പാമ്പിൻ പടം, പാമ്പിൻ വള.
അരവണ1 [അരവ്-അണ] നാ. പാമ്പാകുന്ന മെത്ത.
അരവണ2 [<സം.ശര-വന] നാ. ഒരുതരം പായസം, അരവണപ്പായസം. (ശരം-ദർഭപ്പുല്ല്-ഇട്ട് തയ്യാറാക്കുന്നത്.)
അരവണി [അരവ്-അണി] നാ. പാമ്പാകുന്ന ആഭരണം.
അരവത്താൻ നാ. സർപ്പത്താൻ.
അരവം1 [സം.അ-രവ] നാ. ശബ്ദമില്ലായ്മ.
അരവം2 നാ. 1. പാമ്പ്; 2. ആരവം.
അരവയറ് നാ. അല്പം കഞ്ഞി (ഭക്ഷണം.)

അരവാശി നാ. പകുതിപ്പങ്ക്.
അരവാറ് നാ. അരപ്പട്ട.
അരവിന്ദജൻ [സം.അരവിന്ദ-ജ] നാ. ബ്രഹ്മാവ്.
അരവിന്ദനയനൻ [സം.-നയന] നാ. 1. താമരക്കണ്ണൻ, സുന്ദരൻ; 2. വിഷ്ണു. (അരവിന്ദപര്യായങ്ങളോട് നയനപര്യായങ്ങൾ ഏതും ചേർത്ത് വിഷ്ണു, സുന്ദരൻ എന്നീ അർഥങ്ങളുള്ള പദങ്ങൾ ഉണ്ടാക്കാം.)
അരവിന്ദിനി [സം.അരവിന്ദിനീ] നാ. താമരപ്പൊയ്ക.
അരവ്1 [<അരയുക] നാമരൂപം.
അരവ്2 നാ. 1. പാമ്പ്; 2. ശബ്ദം.
അരശൻ നാ. = അരചൻ.
അരശില [അരശ്-ഇല] നാ. അരയാലില പോലെയുള്ള കർണാഭരണം.
അരശ്1 [<സം.രാജൻ] നാ. രാജത്വം, രാജാവ്, രാജ്യം.
അരശ്2 നാ. 1. ഒരുതരം ചൂതുകളി; 2. ചതുരങ്ഗത്തിലെ ഒരു ആക്രമണം, (ആനയെക്കൊണ്ടുള്ളത് പോട്ടരശ്, മന്ത്രിയെക്കൊണ്ടുള്ളത് കുത്തിയരശ്, തേരുകൊണ്ടുള്ളത് വെച്ചരശ്, കുതിരയെക്കൊണ്ടുള്ളത് ഇഷ്ടരശ്); 3. അരശുകരു.
അരസ [സം.അ-രസ] വി. 1. ചാറില്ലാത്ത, നീരില്ലാത്ത; 2. രസത്തിനുവകയില്ലാത്ത; 3. താത്പര്യമില്ലാത്ത; 4. സ്വാദില്ലാത്ത, ഗുണം കുറഞ്ഞ. അരസത = അനാസ്ഥ, വൈരസ്യം.
അരസിക [സം.-രസിക] വി. രസികതയില്ലാത്ത, സഹൃദയത്വമില്ലാത്ത. നാ. അരസികത.
അരസികത്വം [സം.-രസിക-ത്വ] നാ. സഹൃദയത്വമില്ലായ്മ.
അരൾ [പാ.സരള] നാ. പെരുമരം.
അരളി നാ. ഒരു പൂച്ചെടി, അലരി.
അരളുക ക്രി. 1. ഭയപ്പെടുക; 2. സങ്കോചിക്കുക, കുറയുക; 3. മങ്ങുക; 4. അധികം വളരാതിരിക്കുക, മുരടിക്കുക.
അരൾച്ച [<അരളുക] നാമരൂപം.
അരാകുക ക്രി. രാകുക.
അരാഗ [സം.അ-രാഗ] വി. 1. താത്പര്യമില്ലാത്ത, വിരക്തിയുള്ള; 2. നിറമില്ലാത്ത.
അരാഗി [സം.-രാഗിൻ] നാ. വിരക്തൻ (സ്ത്രീ) അരാഗിണി.
അരാജക [സം.-രാജക] വി. 1. രാജാവില്ലാത്ത; 2. നാഥനില്ലാത്ത, അധികാരനിയന്ത്രണമില്ലാത്ത, ഭരണവ്യവസ്ഥ നശിച്ച, ജീവധനാദികൾക്കു രക്ഷയില്ലാത്ത. നാ. അരാജകത. അരാജകത്വം = നിയമവ്യവസ്ഥ നിശ്ശേഷം ഇല്ലാതായ, അരക്ഷിതാവസ്ഥ.
അരാജപണ്യൻ [സം.-രാജ-പണ്യ] നാ. രാജാനുമതി കൂടാതെ (മദ്യം) വിൽക്കുന്നവൻ.
അരാജബീജി [സം.-രാജ-ബീജിൻ] നാ. രാജബീജത്തിൽ പിറക്കാത്തവൻ, രാജവംശജനല്ലാത്തവൻ.
അരാജി [സം.-രാജിൻ] വി. ശോഭയില്ലാത്ത.
അരാദ്ധി [സം.-രാദ്ധി] നാ. 1. പാപം, അപരാധം; 2. അസൂയ, മത്സരം; 3. അപജയം, വിപത്ത്.
അരാധസ്സ് [സം.-രാധസ്] വി. 1. ദരിദ്രമായ; 2. യാഗം ചെയ്യാൻ കഴിവില്ലാത്ത; 3. ഔദാര്യമില്ലാത്ത, ലുബ്ധുള്ള; 4. സ്വാർഥതയുള്ള.

അരായ [സം.-രായ] വി. 1. ധനമില്ലാത്ത, ദാരിദ്ര്യമുള്ള; 2. പിശുക്കുള്ള.
അരാള1 [സം.അരാല] വി. ചുരുണ്ട.
അരാള2 [സം.അരാലാ] നാ. 1. ദുർന്നടപടിക്കാരി; 2. അധ്യഷ്ടയായ നായിക, വിനയമുള്ളവൾ.
അരാളകേശൻ [സം.അരാല-കേശ] നാ. ചുരുണ്ടമുടിയുള്ളവൻ. (സ്ത്രീ.) അരാളകേശി.
അരാളപക്ഷ്മ [സം.-പക്ഷ്മ] വി. വളഞ്ഞ പുരികക്കൊടിയുള്ള.
അരാളം1 [സം.അരാല] വി. 1. വളഞ്ഞത്; 2. ചെഞ്ചല്യം; 3. വളഞ്ഞകൈ; 4. മദയാന; 5. (നാട്യ.) ഒരു മുദ്രക്കൈ.
അരാളം2 നാ. ഇരുവാച്ചിമുല്ല.
അരി1 [<അരിയുക] ധാതുരൂപം.
അരി2 [സം.] നാ. ശത്രു.
അരി3 വി. ചെറിയ, പ്രീയപ്പെട്ട, ഭങ്ഗിയുള്ള.
അരി4 [<ത.പ.മ.അരിചി] നാ. 1. നെല്ലിനകത്തുള്ള കുരു, തണ്ഡുലം; 2. ധാന്യമണി; 3. വൃഷണം.
അരി5 (പ.മ.)[<സം.ഹരി] നാ. 1. വാനരൻ; 2. വിഷ്ണു; 3. വായു; 4. ഇന്ദ്രൻ; 5. കുതിര; 6. സിംഹം.
അരികത്ത്,-കവേ അവ്യ. അരിക് എന്നതിൻെറ ആധാരികാഭാസം. സമീപത്ത്.
അരിക് [<അരിയുക] നാ. 1. വക്ക്, (മുറി); 2. സമീപം.
അരികുഴൽ നാ. ഒരുതരം പുല്ലാങ്കുഴൽ.
അരികേ അവ്യ. അരികിൽ, സമീപത്ത്.
അരിക്കൻ (പ.മ.)[<സം.അർക] നാ. സൂര്യൻ.
അരിക്കലാന്തർ [ഇം.] നാ. ഒരുതരം ചിമ്മിണിവിളക്ക്.
അരിക്കസ്ഥാനം നാ. 1. രക്ഷാസ്ഥാനം; 2. രക്ഷകപദവി.
അരിക്കാരൻ, ഹരി- നാ. തവണക്കാരൻ.
അരിക്കാശ് നാ. അരിവാങ്ങാനുള്ള പണം, നിത്യവൃത്തിക്കുള്ളപണം.
149
അരിക്കിളി നാ. അടയ്ക്കാക്കുരുവി, വീട്ടുകുരുവി.
അരിക്കുക ക്രി. 1. തരി കളഞ്ഞെടുക്കുക, ജലത്തിൽ കഴുകി വേർതിരിച്ചെടുക്കുക; 2. കരണ്ടുതിന്നുക (ഉദാ: ഉറുമ്പരിക്കുക); 3. തിരയുക; 4. ഇഴഞ്ഞുനടക്കുക.
അരിക്ഥഭാക് [സം.അർക്ഥ-ഭാക്<ഭാജ്] വി. കുടുംബസ്വത്തിന് അവകാശമില്ലാത്ത, അവകാശിയില്ലാത്ത.
അരിഗ്രസ്ത [സം.അരി-ഗ്രസ്ത] നാ. ശത്രുവിനാൽ പിടിക്കപ്പെട്ട.
അരിഘ്ന [സം.-ഘ്ന] വി. ശത്രുക്കളെ കൊല്ലുന്ന.
അരിങ്കമാല നാ. വിലപിടിച്ച ഒരിനം കണ്ഠഭൂഷണം.
അരിങ്കിനാവ് [അരി3-ം-കിനാവ്] നാ. അപൂർവമായ സ്വപ്നം, ആഹ്ലാദകാരിയായ കിനാവ്.
അരിചി നാ. = അരി.
അരിച്ചൽ [<അരിയുക] നാമരൂപം.
അരിച്ചാട നാ. = അടിച്ചാര.
അരിജിത്ത് [സം.അരി-ജിത്] നാ. ശത്രുവിനെ ജയിക്കുന്നവൻ.

അരിണി [സം.അ-രിണിൻ] നാ. പൂവൻകോഴി.
അരിതാരം,-താലം [<സം.ഹരിതാല] നാ. ഒരു അങ്ങാടിമരുന്ന്, താളകം.
അരിത് (പ.മ.) അരുത്.
അരിത്ര [സം.അരി-ത്ര] വി. 1. ശത്രുക്കളിൽനിന്നു രക്ഷിക്കുന്ന; 2. മുന്നോട്ടു തള്ളിക്കൊണ്ടുപോകുന്ന.
അരിധരം [സം.-ധര] നാ. ഒരു ഔഷധി, പൊയ്ത്തലച്ചി.
അരിനിപാദം [സം.-നിപാത] നാ. ശത്രുക്കളുടെ ആക്രമണം.
അരിനെല്ലി [അരിയ-നെല്ലി] നാ. ശീമനെല്ലി.
അരിന്തപൻ [സം.അരിം-തപ] നാ. ശത്രുക്കളെ പീഡിപ്പിക്കുന്നവൻ, ശക്തൻ.
അരിന്ദമൻ [സം.-ദമ] നാ. 1. ശത്രുക്കളെ ഒതുക്കുന്നവൻ; 2. വിഷ്ണു; 3. ശിവൻ.
അരിപ്പ [<അരിക്കുക] നാ. അരിക്കുന്നതിനുള്ള ഉപകരണം. (സാധാരണയായി അടിഭാഗം ചെറിയ കണ്ണികളുള്ള വലയോ തകിടോ ആയിരിക്കും).
അരിപ്പം നാ. അരുതായ്ക, പ്രയാസം, ദൗർലഭ്യം.
അരിപ്പൻ നാ. 1. അരിച്ചുപെറുക്കി ചെലവാക്കുന്നവൻ, പിശുക്കൻ; 2. ആറ്റിലും മറ്റും ഇറങ്ങി രത്നങ്ങൾ ശെഖരിക്കുന്നവൻ.
അരിപ്പുകൊട്ട നാ. അരിക്കാനുള്ള കൊട്ട.
അരിപ്പുണ്ണ് നാ. പുണ്ണിനകത്തു പൊങ്ങിവരുന്ന മാംസം. (ഇത് പുണ്ണിനെ നികത്തും).
അരിപ്പു നാ. പൂച്ചെടിപ്പൂ.
അരിപ്ര വി. 1. പാപമില്ലാത്ത; 2. കുറ്റമില്ലാത്ത; 3. മറുകില്ലാത്ത; 4. തെളിച്ചമുള്ള.
അരിപ്രാവ് നാ. ഒരിനം പ്രാവ്.
അരിഭദ്ര [സം.അരി-ഭദ്ര] നാ. ശത്രുക്കളിൽ പ്രമുഖൻ.
അരിം വി. = അരും.
അരിമ [അരി3-മ] നാ. 1. വാത്സല്യം; 2. കാഠിന്യം, പ്രയാസം; 3. ദൗർലഭ്യം; 4. അമൂല്യത.
അരിമ നാ. = അരമ.
അരിമാഥീ [സം.അരി-മാഥിൻ] നാ. ശത്രുക്കളെ മഥിക്കുന്നവൻ.
അരിമാൻ [അരിയ-മാൻ] നാ. ഒരുതരം മാൻ.
അരിമാവ് നാ, അരിപ്പൊടി.
അരിമേജയൻ [സം.അരിം-ഏജയ] നാ. 1. ശത്രുവിനെ വിറപ്പിക്കുന്നവൻ; 2. കുരുവിൻെറ ഒരു പുത്രൻ.
അരിമേദം [സം.] നാ. ഒരു ഔഷധി, പീനാറി.
അരിമ്പൻ വി. അരിമ്പുള്ള, മൊട്ടിടുന്ന, ഭങ്ഗിയുള്ള.
അരിമ്പാറ നാ. ശരീരത്തിൽ മുളച്ചുണ്ടാകുന്ന വേദനയില്ലാത്ത ഒരുതരം കുരു.
അരിമ്പ് [അരിം-പൂ] നാ. 1. പൂമൊട്ട്; 2. ഭങ്ഗിക്കും ഉറപ്പിനും വേണ്ടി ആഭരണങ്ങളുടെ അരികിൽ വച്ചുപിടിപ്പിക്കുന്നത്; 3. തരി, കരട്.
അരിമ്പുമണി നാ. അനവധി പൊന്നരിമ്പുകൾ കൂട്ടിവിളക്കിയുണ്ടാക്കുന്ന കണ്ഠാഭരണം.
അരിമ്പൊരുൾ നാ. 1. സാക്ഷാത്തായ അർഥം; 2. ജഗദീശ്വരൻ; 3. ദുർലഭവസ്തു.

അരിയ [അരി3] വി. 1. പ്രീയമുള്ള; 2. അസാധാരണമായ, ദുർലഭമായ; 3. കഠിനമായ, പ്രയാസമുള്ള; 4. അവിജ്ഞേയമായ; 5. ഭങ്ഗിയുള്ള, ചെറിയ.

അരിയം നാ. = അരിശം.

അരിയമൻ (പ.മ.)[<സം.അര്യമൻ] നാ. സൂര്യൻ.

അരിയാട [അരി-ആട] നാ. എണ്ണ അരിക്കാനുപയോഗിക്കുന്നതും തെങ്ങിൻെറ കൊതുമ്പിനെ പൊതിഞ്ഞിരിക്കുന്നതുമായ ആടപോലുള്ള വസ്തു, കോഞ്ഞാട്ട.

അരിയാന്യർ നാ. ക്രിസ്തുവിനു പൂർണദൈവത്വം ഇല്ലെന്നു വാദിച്ചിരുന്ന അറിയൂസ്സിൻെറ അനുയായികൾ.

അരിയാപൊരിയൻ നാ. ഒരുതരം ചെറിയ മരം, നീലത്താളി.

അരിയിട്ടുവാഴ്ച്ച നാ. കേരളരാജാക്കന്മാരുടെ കിരീടധാരണം സംബന്ധിച്ചുള്ള ഒരു മങ്ഗളകർമം.

അരിയുക ക്രി. ചെറുതായി കനം കുറച്ചു മുറിച്ചെടുക്കുക, നുറുക്കുക.

അരിയുണ്ട നാ. ഒരു മധുരപലഹാരം.

അരിയെണ്ണി നാ. മഹാലുബ്ധൻ.

അരിവ,അരുവ (പ.മ.)[ത.അരുവൈ] സ്ത്രീ, സുന്ദരി.

അരിവയർ [അരിവൈയർ] നാ. (ബ.വ.) സ്ത്രീകൾ, സുന്ദരിമാർ.

അരിവാല നാ. അരിവാർക്കുന്നതിനു ഉപയോഗീക്കുന്ന അടച്ചൂറ്റി.

അരിവാൾ [അരി-വാള്] നാ. അരിയുന്നതിനുള്ള വാൾ, ഒരിനം കത്തി.

അരിവി നാ. = അരുവി.

അരിശം,-യം [പ്രാ.അരിസ<സം.അർശസ്] നാ. കോപം (ഭാഷയിൽ വന്ന അർഥവികാസം).

അരിശസ്സ് [സം.അർശസ്] നാ. ഗുദത്തിൽ ഉണ്ടാകുന്ന ഒരു രോഗം.

അരിഷഡ്വർഗം [സം.അരി-ഷഡ്-വർഗ] നാ. ആറുകൂട്ടം ശത്രുക്കൾ. (1. കാമം, 2. ക്രോധം, 3. ലോഭം, 4. മോഹം, 5. മദം, 6. മാത്സര്യം).

അരിഷ്ട1 [സം.അ-രിഷ്ട] വി. 1. നാശമില്ലാത്ത, പൂർണമായ; 2. കേടില്ലാത്ത, സ്ഥിരതയുള്ള, ദൃഢതയുള്ള; 3. ആപത്തുള്ള, ദൗർഭാഗ്യകരമായ, ദുരിതമുള്ള, വിപത്തുസൂചിപ്പിക്കുന്ന.

അരിഷ്ട2 [സം.രിഷ്ടാ] നാ. കടുകുരോഹിണി.

അരിഷ്ടഗൃഹം [സം.അരിഷ്ട-ഗൃഹ] നാ. ഈറ്റില്ലം.

അരിഷ്ടത [സം.-താ] നാ. കഷ്ടത, ദൗർഭാഗ്യം.

അരിഷ്ടദുഷ്ടധീ [സം.-ദുഷ്ട-ധീ] നാ. കഷ്ടതകാരണം ഭുദ്ധിനശിച്ചവൻ.

അരിഷ്ടൻ [സം.] നാ. 1. ശത്രു; 2. വൃഷഭാസുരൻ; 3. വൈവസ്വതമനുവിൻെറ ഒരു പുത്രൻ.

അരിഷ്ടനേമി [സം.അരിഷ്ട-നേമീ] നാ. 1. (അജ്ഞാതവാസത്തിൽ) സഹദേവൻ; 2. ഗരുഡൻ; 3. കേടില്ലാത്തനേമി (രഥത്തിൻെറ ഉരുൾച്ചുറ്റ്) ഉള്ളവൻ.

അരിഷ്ടം [സം.അ-രിഷ്ട] നാ. 1. ശുഭം; 2. ഭാഗ്യം; 3. പുളിഞ്ചിമരം; 4. വെള്ളുള്ളി; 5. കാക്ക (മരണമില്ലാത്തത് എന്ന അർഥത്തിൽ); 6. മോര്; 7. ഈറ്റില്ലം; 8. മരണലക്ഷണം; 9. വാറ്റിയെടുക്കുന്ന ഒരുതരം മദ്യം, ആസവം പോലെയുള്ള ഒരുതരം ഔഷധം; 10. ഞാറപ്പക്ഷി; 11. വേപ്പുമരം; 12. ഒരു മല (ലങ്കയിൽനിന്ന് തിരിച്ചുചാടാൻ ഹനുമാൻ കയറിയത്).

അരിഷ്ടമഥനൻ [സം.അരിഷ്ട-നഥന] നാ. അരിഷ്ടനെ വധിച്ചവൻ, കൃഷ്ണൻ.

അരിഷ്ടി [സം.അ-രിഷ്ട] നാ. രക്ഷ, സുരക്ഷിതത്വം.
അരിഷ്ടിക്കുക [<സം.അ-രിഷ്ട] ക്രി. കഷ്ടപ്പെട്ടു കഴിഞ്ഞുകൂടുക, ഇല്ലായ്മ അനുഭവിക്കുക.
അരിസ്റ്റോട്ടിൽ നാ. പ്രസിദ്ധനായ ഒരു ഗ്രീക്കുതത്ത്വജ്ഞാനി, മഹാനായ അലക്സാണ്ടരുടെ ഗുരു.
അരീക്ക നാ. ചമ്പനെക്കാൾ മൂത്തതും പഴുക്കയെക്കാൾ ഇളയതുമായ പാക്ക്.
അരീക്കൂൺ നാ. ഒരുതരം ചെറിയ കൂൺ.
അരീണ [സം.അ-രീണ] വി. 1. ഉരുകിയിട്ടില്ലാത്ത; 2. മറഞ്ഞുപോകാത്ത.
അരീതിക [സം.-രീതിക] വി. രീതിയിലല്ലാത്ത.
അരു1 [അരുകുക] ധാതുരൂപം.
അരു2 നാ. 1. അരുക്, വക്ക്; 2. ബന്ധു, വിശ്വസ്തൻ. (പ്ര.) അരുനിൽക്കുക = കൂട്ടുനിൽക്കുക.
അരു3 വി. 1. അരുമയായ, വിശേഷമായ, ഭങ്ഗിയുള്ള; 2. പ്രയാസമുള്ള; 3. ക്രൂരമായ; 4. സൂക്ഷ്മമായ, ചെറിയ.
അരു4 [സം.<ഋ=പോകുക] നാ. 1. സൂര്യൻ; 2. ചെങ്കരിങ്ങാലി.
അരുക്ക് നാ. = അരു2.
അരുകുക ക്രി. ചെറുതാകുക, കുറയുക, അടുക്കുക.
അരുക്ക് [സം.അ-രുക്<രുജ്] വി. രോഗമില്ലാത്ത.
അരുങ്കൊല [അരും-കൊല] നാ. ക്രൂരമായ കൊല.
അരുചി [സം.അ-രുചി] നാ. 1. രുചിയില്ലായ്മ, വിശപ്പില്ലായ്മ; 2. ഒരു രോഗം; 3. ദുസ്സ്വാദ്; 4. വെറുപ്പ്.
അരുജ [സം.-രുജാ] വി. 1. രോഗമില്ലാത്ത; 2. വേദനയില്ലാത്ത; 3. പൊട്ടാത്ത.
അരുജം [സം.-രുജ] നാ. കൊന്നമരം.
അരുണ1 [സം.] വി. ചെമന്ന, ഇളംചുവപ്പുള്ള, പുതിയ.
അരുണ2 [സം.അരുണാ] നാ. 1. അതിവിടയം; 2. ത്രികോൽപ്പക്കൊന്ന; 3. ചെമന്നകുന്നി; 4. നാൽക്കോൽപ്പക്കൊന്ന; 5. മഞ്ചെട്ടി.
അരുണജ്യോതിസ്സ് [സം.അരുണ-ജ്യോതിസ്] നാ. ശിവൻ.
അരുണൻ [സം.] 1. സൂര്യൻ; 2. സൂര്യൻെറ സാരഥി; 3. ബുധൻ; 4. ഉദ്ദാലകൻെറ പിതാവ്.
അരുണപ്രിയ [സം.അരുണ-പ്രിയാ] നാ. 1. നിഴലിൻെറ ദേവത, ഛായാദേവി; 2. ഒരു അപ്സരസ്സ്.
അരുണം [സം.] നാ. 1. ചുവപ്പ്; 2. ചെറുചെങ്കുറിഞ്ഞി; 3. ഹിമാലയ പർവതത്തിലെ ഒരു കൊടുമുടി; 4. എരിക്ക്; 5. സിന്ദൂരം, കുങ്കുമം; 6. ശർക്കരയുണ്ട; 7. ഒരുതരം കുഷ്ഠം; 8. ചെമ്പ്; 9. ഒരു വിഷജന്തു; 10. സ്വർണം; 11. കൊടുവേലി.
അരുണമണി [സം.അരുണ-മണി] നാ. മാണിക്യം.
അരുണലോചനം [സം.-ലോചന] നാ. 'ചുവന്ന കണ്ണുകളുള്ള'. പ്രാവ്.
അരുണസോദരൻ, [സം.-സോദര,-അഗ്രജ] നാ. ഗരുഡൻ.
അരുണാത്മജൻ [സം.-ആത്മജ] നാ. 1. യമൻ; 2. കർണൻ; 3. സുഗ്രീവൻ; 4. ശനി; 5. സാവർണികമനു; 6. സമ്പാതി; 7. ജടായു.
അരുണാധരി [സം.-അധരീ] നാ. സുന്ദരി.
അരുണാർച്ചിസ്സ് [സം.-അർച്ചിസ്] നാ. സൂര്യൻ.

അരുണി [സം.] നാ. 1. ചെമന്ന പരശു; 2. ഉഷസ്സ്; 3. അരുണൻ (സ്ത്രീവേഷം ധരിച്ച് ഇന്ദ്രസദസ്സിൽ ചെന്നപ്പോൾ സ്വീകരിച്ചപേര്).
അരുണിത [സം.] വി. ചെമപ്പിക്കപ്പെട്ട.
അരുണിമ,-മാവ് [സം.അരുണിമൻ] നാ. ചെമപ്പുനിറം.
അരുണേക്ഷണ [സം.അരുണ-ഈക്ഷണാ] വി. ചെമന്ന കണ്ണുള്ള.
അരുണോദയം [സം.-ഉദയ] നാ. പ്രഭാതം (സൂര്യോദയത്തിന് നാലുനാഴികമുമ്പ്).
അരുണോപലം [സം.-ഉപല] നാ. ചെങ്കല്ല്.
അരുതാകുക [അരുത്-ആകുക] ക്രി. വയ്യാതാകുക.
അരുതാത്ത [<അരുതാകുക] വ.പേ. പാടില്ലാത്ത, വിലക്കപ്പെട്ട, അസാധ്യമായ.
അരുതായ്ക [അരുതാകുക] നാ. അരുതാതെയാകൽ.
അരുത് അവ്യ. 1. നിഷേധവാക്ക്. ഉദാ: ചെയ്യരുത്; 2. പ്രയാസമുള്ളത്, അരിത്.
അരുത്തി [അരി3] നാ. ദൗർലഭ്യം, പ്രിയം, വത്സല്യം.
അരുദ്ധ [സം.അ-രുദ്ധ] വി. തടയപ്പെടാത്ത.
അരുന്തപൻ [മ.അരും-സം.തപസ്] നാ. കഠിനആയ തപസ്സ് അനുഷ്ഠിക്കുന്നവൻ.
അരുന്തുക (പ.മ.) ക്രി. തിന്നുക, കുടിക്കുക.
അരുന്തുദ [സം.അരും-തുദ] വി. മർമത്തെ പിളർക്കുന്ന, അധികം വേദന ഉണ്ടാക്കുന്ന.
അരുന്ധതി നാ. 1. വസിഷ്ഠൻെറ ധർമപത്നി; 2. പാതിവ്രത്യനിഷ്ഠയുള്ളവൾ; 3. ഒരു ഔഷധവള്ളി.
അരും വി. അരിയ, ചേർന്ന, സൂക്ഷ്മമായ.
അരുമ [അരു-മ] നാ. 1. ഓമന; 2. മേന്മ; 3. പ്രയാസം; 4. സ്നേഹം.
151
അരുമയാൾ നാ. പ്രിയപ്പെട്ടവൾ.
അരുമറ, -മാമറ നാ. ശ്രേഷ്ഠമായ വേദം.
അരുമാന്ത വി. അപൂർവമായ, കൗതുകം ജനിപ്പിക്കുന്ന.
അരുമാമറ നാ. = അരുമറ.
അരുമ്പൻ നാ. പിശുക്കൻ, ഉലുന്തൻ.
അരുമ്പ് നാ. പൂമൊട്ട്.
അരുമ്പൂണി [അരുമ്പ്-മണി] നാ. അരുമ്പുമണൊമാല.
അരുവ = അരിവ.
അരുവയർ [ത, അരുവൈ-അർ] നാ. (ബ.വ.) സ്ത്രീകൾ.
അരുവാൾ നാ. = അരിവാൾ.
അരുവി നാ. ചെറിയ നദി, ഊറ്റുവെള്ളപ്പാച്ചിൽ.
അരുവുക ക്രി. ഊറ്റിൽനിന്ന് ഒഴുകി ഒലിച്ചുപോകുക.
അരുഷ1 [സം.അ-രുഷ] വി. 1. കോപമില്ലാത്ത; 2. അരുണവർണമായ, പ്രകാശമുള്ള; 3. ചരിക്കുന്ന; 4. രൂക്ഷതയില്ലാത്ത, കാഠിന്യമില്ലാത്ത, മൃദുവായ.
അരുഷ2 നാ. 1. ഉഷസ്സ്; 2. ജ്വാല.
അരുഷൻ [സം.] നാ. 1. അഗ്നിയുടെ ചുവന്ന കുതിര, അഗ്നിജ്വാല; 2. സൂര്യൻ; 3. ചെമന്ന മേഘം.
അരുഷി [സം.] നാ. ഉഷസ്സ്.
അരുഷിക,-സിക [സം.-രുഷികാ] നാ. ഒരു ക്ഷുദ്രരോഗം (തലയിൽ വ്രണമുണ്ടാക്കും).

അരുഷ്കര [സം.അരുസ്-കര] നാ. വ്രണമുണ്ടാക്കുന്ന.
അരുഷ്കരം [സം.] നാ. ചേർക്കുരു (വ്രണത്തെ ഉണ്ടാക്കുന്നതിനാൽ).
അരുഹ [സമ-രുഹാ] നാ. കീഴാനെല്ലി.
അരുൾ1 [അരുളുക] ധാതുരൂപം.
അരുൾ2 നാ. 1. കല്പന, തിരുവാമൊഴി; 2. കൃപ, അനുഗ്രഹം.
അരുളപ്പാട് [അരുളൽ-പാട്] നാ. കല്പന, ആജ്ഞാപനം.
അരുളിക്കാ [ല.] നാ. (ക്രിസ്തു) പുണ്യവാന്മാരുടെ തിരുശേഷിപ്പു സൂക്ഷിക്കുന്നതിനുള്ള പാത്രം.
അരുളിച്ചെയ്യുക ക്രി. (ആചാര.) കല്പിക്കുക, പറയുക.
അരുളുക ക്രി. 1. കല്പിക്കുക; 2. കൊടുക്കുക; 3. മങ്ഗളം ആശംസിക്കുക; 4. കൃപാപൂർവം പ്രവർത്തിക്കുക.
അരൂപ [സം.-രൂപ] വി. രൂപമില്ലാത്ത, ആകൃതിയില്ലാത്ത.
അരൂപം [സം.-രൂപ] നാ. ചുരുക്കം, അപൂർവം, ദുർലഭം.
അരൂപി [സം.-രൂപി] നാ. രൂപമില്ലാത്തവൻ, ശരീരമില്ലാത്തവൻ.
അരൂഷൻ നാ. സൂര്യൻ.
അരൂഷം നാ. ഒരുതരം സർപ്പം.
അരേ [സം.] വ്യാ. എടാ! എന്നപോലെ ഒരു സംബോധന.
അരേണു [സം.അ-രേണു] വി. പൊടിയില്ലാത്ത.
അരേണുകം [സം.-രേണുക] നാ. വാൽമുളക്.
അരേപസ്സ് [സം.-രേപസ്] വി. 1. പാപമില്ലാത്ത, കളങ്കമില്ലാത്ത; 2. ശുദ്ധമായ, പ്രകാശമുള്ള.
അരോക [സം.-രോക] വി. 1. ശോഭയില്ലാത്ത, മങ്ങിയ, ഇരുണ്ട; 2. ദ്വാരമില്ലാത്ത.
അരോഗ [സം.-രോഗ] വി. രോഗമില്ലാത്ത, സുഖമുള്ള.
അരോഗത [സം-രോഗത] നാ. രോഗമില്ലാത്ത അവസ്ഥ, ആരോഗ്യം.
അരോഗി [സം.-രോഗിൻ] നാ. രോഗമില്ലാത്ത ആൾ.
അരോചക [സം.-രോചക] വി. രുചികരമല്ലാത്ത, രുചിയില്ലാത്ത, ഇഷ്ടമില്ലാത്ത, രസകരമല്ലാത്ത, സുഖകരമല്ലാത്ത; 2. പ്രീതിതോന്നാത്ത, രസിക്കാത്ത (കാവ്യാസ്വാദനത്തിലും മറ്റും).
അരോചകം [സം.-രോചക] നാ. 1. അരുചി, ആഹാരത്തിനു രുചിയില്ലായ്മ; 2. ഒരുതരം രോഗം.
അരോചകി [സം.-രോചകിൻ] നാ. 1. അരോചകവ്യാധിയുള്ളവൻ; 2. (അലം.) ത്യാജ്യഗ്രാഹ്യവിവേകത്തോടെ കാവ്യത്തെ സമീപിക്കുന്നവൻ.
അരോചിഷ്ണു [സം.-രോചിഷ്ണു] വി. 1. പ്രകാശിക്കാത്ത, ശോഭയില്ലാത്ത, വിരൂപമായ, മങ്ങിയ; 2. ഇഷ്ടമില്ലാത്ത.
അരോധ്യ [സം.-രോധ്യ] വി. രോധിക്കാൻ സാധിക്കാത്ത.
അര്യ1 [സം.] വി. 1. മഹത്തായ, ശ്രേഷ്ഠമായ; 2. വൈശ്യജാതിയിൽപ്പെട്ട.
അര്യ2 [സം.അര്യാ] നാ. 1. പ്രഭ്വി, ശ്രേഷ്ഠയായവൾ.
അര്യമപ്രസ്തരം [സം.അര്യമ-പ്രസ്തര] നാ. സൂര്യകാന്തക്കല്ല്.
അര്യമൻ [സം.] നാ. 1. ഉത്തമസ്നേഹിതൻ; 2. സൂര്യൻ.
അര്യമാവ് [സം.അര്യമൻ] നാ. സൂര്യൻ (ഗമനശീലമുള്ളവൻ).

അര്യാണി [സം.] നാ. അര്യാ, വൈശ്യസ്ത്രീ.
അൽ1 ഒരു കൃത്പ്രത്യയം. ഉദാ: ചെയ്യൽ.
അൽ2 (വ്യാക) നിഷേധാഖ്യാതശബ്ദം. ഖിലധാതു. (പ്ര.) അല്ല.
അൽ3 നാ. = അല്ല്.
അൽഅമീൻ [അറ.] നാ. 1. വിശ്വസ്തൻ; 2. മുഹമ്മദുനബിക്ക് അനുയായികൾ നൽകിയിരുന്ന പേര്.
അൽക്കിൽ നാ. = അല്കിൽ.
അൽപ്പം അവ്യ = അല്പം.
അൽമായർ [നാ.സുറി] നാ. അൽമേനികൾ.
അൽമേനി [അറ.അൽമാനീ] നാ. ലൗകികർ, ക്രൈസ്തവ സഭകളിലെ വൈദികരല്ലാത്ത സാധാരണക്കാർ, അൽമായർ.
അൽവലസം [അറ.] നാ. ഒരു സുഗന്ധദ്രവ്യം, ബല്സാം മരത്തിൻെറ കറ.
അൽവാ,അലുവാ [അറ.] നാ. = ഹൽവാ.
അല1 [അലയുക] ധാതുരൂപം.
അല2 [അലക്കുക] ധാതുരൂപം.
അല3 [അല] നാ. സമുദ്രത്തിലെ തിര.
അലക1 [സം.അലകാ] നാ. 1. അളകാപുരി; 2. പത്തുവയസ്സിനടുത്തു പ്രായമുള്ള പെൺകുട്ടി.
അലക2 [അല1] നാ. പിശാച്, ദുർഭൂതം.
അലകടൽ നാ. ക്ഷോഭിച്ചകടൽ.
അലകം1 = അളകം.
അലകം2 നാ. 1. അലയുള്ളത്, കടൽ; 2. ഞണ്ട്.
അലകാടി നാ. താടിയെല്ലിൻെറ സന്ധിയിലുള്ള ഒരു മർമം.
അലക് നാ. 1. കമുകിൻെറയും മറ്റും കീറ്; 2. ആറക്കാൽ; 3. പിച്ചാത്തിയുടെയും മറ്റും പിടി ഒഴികെയുള്ള ഭാഗം; 4. പൊളി, തുണ്ടം; 5. താടിയെല്ലിൻെറ മുകൾഭാഗം; 6. ചൂൽ; 7. ഈറ്റപ്പത്തായം; 8. നൂറ് (100); 9. ആൺപന; 10. പയറിൻെറയും മറ്റും പരിപ്പു പിളർന്നത്; 11. ഒറ്റ ഞാറ്; 12. കുടയുടെ നാഴി താങ്ങിനിറുത്തുന്ന കമ്പി.
അലകുലുക്ക് നാ. = അലുകുലുക്ക്.
അലക്ക് [<അലക്കുക] നാ. 1. വസ്ത്രം നനച്ചു ശുചിയാക്കൽ, അലക്കുന്നതൊഴിൽ; 2. ഉലപ്പ്. അലക്കുകാരൻ = വെളുത്തേടൻ, മണ്ണാൻ.
അലക്കുക ക്രി. 1. തുണിഅടിച്ചു കഴുകുക. (പ്ര.) വിഴുപ്പലക്കുക = രഹസ്യമായ ദൂഷ്യങ്ങൾ പരസ്യമായി പറയുക; 2. (ആല.) പരിഹസിച്ച് അഹങ്കാരത്തിനു ശമനം വരുത്തുക, കളിയാക്കുക.
അലക്കുകാരം നാ. വസ്ത്രം അലക്കുവാൻ ഉപയോഗിക്കുന്ന ഒരു രാസപദാർഥം, വാഷിങ്സോഡ.
അലക്കുവിരുത്തി നാ. കൊട്ടാരം, കോവിലകം മുതലായ സ്ഥാപനങ്ങളിലെ വസ്ത്രങ്ങൾ അലക്കി കൊടുക്കുന്നതിന് പ്രതിഫലമായി കൊടുത്തിരുന്ന ഭൂമി.
അലക്തകം [സം.അ–ലക്തക] നാ. കോലരക്ക്, ചെമ്പഞ്ഞിച്ചാറ്.
അലക്ഷണ [സം.–ലക്ഷണ] വി. 1. അടയാളമില്ലാത്ത, ലക്ഷണമില്ലാത്ത, ലക്ഷണനിർവചനമില്ലാത്ത; 2. രൂപഭങ്ഗിയില്ലാത്ത; 3. ഭാഗ്യമില്ലാത്ത, അമങ്ഗലമായ.

അലക്ഷിത [സം.-ലക്ഷിത] വി. 1. കാണപ്പെടാത്ത; 2. അടയാളമില്ലാത്ത; 3. ലക്ഷണം നിർവചിച്ചിട്ടില്ലാത്ത.

അലക്ഷിതാന്തക [സം.അലക്ഷിത-അന്തക] വി. പെട്ടെന്നുമരിച്ച.

അലക്ഷിതോപസ്ഥിത [സം.-ഉപസ്ഥിത] വി. കാണാതെ അടുത്തുവന്ന.

അലക്ഷ്മി [സം.അ-ലക്ഷ്മി] നാ. 1. അശ്രീ, ഐശ്വര്യമില്ലായ്മ, ദൗർഭാഗ്യം, ദാരിദ്ര്യം, കഷ്ടത; 2. ജ്യേഷ്ഠലക്ഷ്മിയുടെ മൂത്തസഹോദരി.

അലക്ഷ്മീക [സം.-ലക്ഷ്മീക] വി. 1. ഭാഗ്യം കെട്ട, ഐശ്വര്യമില്ലാത്ത; 2. ഭങ്ഗിയില്ലാത്ത, ശോഭയില്ലാത്ത, സൗന്ദര്യമില്ലാത്ത.

അലക്ഷ്യ [സം.-ലക്ഷ്യ] വി. 1. കാണപ്പെടാത്ത, നല്ലപോലെ കാണാൻ വയ്യാത്ത; 2. തിരിച്ചറിയത്തക്ക അടയാളമില്ലാത്ത; 3. തെളിഞ്ഞിട്ടില്ലാത്ത; 4. വകവയ്ക്കാത്തമട്ടിലുള്ള.

അലക്ഷ്യം [സം.] നാ. 1. ലക്ഷ്യം ഇല്ലായ്മ, ഉദ്ദേശ്യം ഇല്ലായ്മ; 2. ലക്ഷണത്താൽ ഉദ്ദിഷ്ടമല്ലാത്തത്; 3. ഗൗരവമാക്കായ്ക, നിസ്സാരമാക്കൽ, (ഭാഷയിൽ അർഥവികാസം).

അലഗർദ [സം.] നാ. വിഷമുള്ള ഒരുതരം അട്ട.

അലഗർദൻ [സം.] നാ. ചവിട്ടിയവനെ പീഡിപ്പിക്കാത്തവൻ.

അലഗ്ല [സം.അ-ലഗ്ല] വി. യോജിപ്പില്ലാതെ പറയുന്ന, വിക്കിവിക്കിപറയുന്ന.

അലഘു [സം.-ലഘു] വി. ലഘുവല്ലാത്ത.

അലഘുപ്രതിജ്ഞ [സം.അലഘു-പ്രതിജ്ഞ] നാ. ഗൗരവപൂർവം ചെയ്ത പ്രതിജ്ഞ, ഉഗ്രപ്രതിജ്ഞ.

അലഘുപലം [സം.-ഉപല] നാ. പാറ.

അലങ്കർത്താവ് [സം.അലം-കർതൃ] നാ. അലങ്കരിക്കുന്നവൻ, പരിപൂർണമായിചെയ്യുന്നവൻ.

അലങ്കർമീണ [സം.-കർമീണ] നാ. ജോലിക്കു സാമർഥ്യമുള്ള, കർമശക്തിയുള്ള.

അലങ്കരണം [സം.<അലം-കൃ] നാ. അലങ്കരിക്കൽ, മോടിയാക്കൽ, ആഭരണങ്ങൾ അണിയൽ.

അലങ്കരിക്കുക [<സം.അലം-കൃ] ക്രി. 1. ഭങ്ഗിവരുത്തുക, മോടിപിടിപ്പിക്കുക, ആഭരണങ്ങളോ മറ്റോ അണിയിക്കുക, വിതാനിക്കുക, ശോഭാകരമായ വസ്തുക്കൾകൊണ്ട് ആകർഷകമാക്കുക; 2. വിശിഷ്ടവ്യക്തി (സ്വസന്നിധാനം കൊണ്ടും മറ്റും) ശോഭചേർക്കുക.

അലങ്കരിഷ്ണു [സം.-കരിഷ്ണു] നാ. 1. അലങ്കരണശീലമുള്ളവൻ; 2. ശിവൻ.

അലങ്കൽ നാ. 1, പൂമാല; 2. തളിർ.

അലങ്കാരക്കൈ [സം.അലങ്കാര-മ.കൈ] നാ. കളരിപ്പയറ്റിലെ ഒരു അഭ്യാസം.

അലങ്കാരചതുഷ്ടയം [സം.-ചതുഷ്ടയ] നാ. നാല് അലങ്കാരങ്ങൾ (നക്ഷത്രങ്ങൾക്കു ചന്ദ്രൻ, സ്ത്രീകൾക്കു ഭർത്താവ്, ഭൂമിക്കു രാജാവ്, എല്ലാപേർക്കും വിദ്യ.)

അലങ്കാരചിത്രിത [സം.-ചിത്രിത] വി. അലങ്കരിച്ച് മനോഹരമാക്കിയ.

അലങ്കാരധ്വനി [സം.അലങ്കാര-ധ്വനി] നാ. ശബ്ദശക്തികൊണ്ടല്ലാതെ അർഥശക്തികൊണ്ട് സൂചിപ്പിക്കപ്പെടുന്ന അലങ്കാരം.

അലങ്കാരം [സം.] നാ. 1. ആഭരണം; 2. ഭങ്ഗിവരുത്തൽ; അലങ്കരിക്കൽ; 3. അലങ്കാരശാസ്ത്രം, കാവ്യശരീരത്തെ മോടിപിടിപ്പിക്കുന്ന അപൂർവോക്തികൾ പ്രയോഗിക്കൽ; 4. (സങ്ഗീ.) സ്വരയോജനം; 5. പണ്ടത്തെ ഒരു നികുതി.

അലങ്കാരമണ്ഡപം [സം.അലങ്കാര-മണ്ഡപ] നാ. പുറത്തെഴുന്നള്ളിക്കുന്ന വിഗ്രഹം അലങ്കരിക്കുന്നിടം.

അലങ്കാര
സാധനചതുഷ്ടയം [സം.-സാധന-ചതുഷ്ടയ] നാ. കാവ്യത്തിൽ അലങ്കാരങ്ങളെ ചമയ്ക്കുന്നതിന് സാധകമായ നാലുകാര്യങ്ങൾ (1. സാമ്യം, 2. അതിശയം, 3. വാസ്തവം, 4. ശ്ലേഷം ഇവ.)
അലങ്കാരശാസ്ത്രം [സം.-ശാസ്ത്ര] നാ. കാവ്യത്തിൻെറ സ്വരൂപം ഗുണം ദോഷം അലങ്കാരം, രസം മുതലായവയെപ്പറ്റി പ്രതിപാദിക്കുന്ന ശാസ്ത്രം.
അലങ്കാര്യ [സം.അലം-കാര്യ] വി. അലങ്കരിക്കപ്പെടേണ്ട.
അലങ്കൃത [സം.-കൃത] വി. അലങ്കരിക്കപ്പെട്ട.
അലങ്കൃതി [സം.-കൃതി] നാ. അലങ്കാരം.
അലങ്കൃത്യ [സം.കൃത്യ] അവ്യ. അലങ്കരിച്ചിട്ട്.
അലങ്കോയിക നാ. ജോനകപ്പുല്ല്.
അലങ്കോലം [അലഞ്ഞ കോലം] നാ. കുഴപ്പം പിടിച്ചത്, വൃത്തികേട്.
അലങ്ക്രിയ [സം.അലം-ക്രിയാ] നാ. ഭങ്ഗിപിടിപ്പിക്കൽ, ഭൂഷണം ചാർത്തൽ.
അലങ്ഘനീയം [സം.അ-ലങ്ഘനീയ<ലങ്ഘ്] വി. ലങ്ഘിക്കാൻ കഴിയാത്ത, കടക്കാൻ വയ്യാത്ത, ലങ്ഘിച്ചുകൂടാത്ത, മറുത്തുചെയ്യരുതാത്ത.
അലങ്ഘിത [സം.-ലങ്ഘിത] വി. ലങ്ഘിക്കപ്പെടാത്ത.
അലങ്ഘ്യ [സം.-ലങ്ഘ്യ] വി. അലങ്ഘനീയ.
അലങ്ങുക ക്രി. 1. ഉലയുക, അനങ്ങുക; 2. മനസ്സിനു ക്ഷോഭം ഉണ്ടാക്കുന്ന.
153
അലച്ചിൽ [അലയുക] നാ. അലയുന്ന പ്രവൃത്തി.
അലജം [സം.] നാ. ഒരുതരം പക്ഷി.
അലജി [സം.] നാ. ഒരുതരം പ്രമേഹക്കുരു, കണ്ണിലോ ലിങ്ഗത്തിലോ ഉണ്ടാകുന്നത്.
അലജ്ജ [സം.-ലജ്ജ] വി. നാണമില്ലാത്ത, ധാർഷ്ട്യമുള്ള.
അലഞ്ജരം [സം.അലം-ജര] നാ. 'പെട്ടെന്ന് നശിച്ചുപോകുന്നത്'. മൺകൂജ, പിടാവ് മുതലായി എതെങ്കിലും വലിയ മൺപാത്രം.
അലഞ്ജീവിക [സം.അലം-ജീവികാ] നാ. കാലക്ഷേപത്തിനുമതിയായ.
അലട്ട നാ. വലിയചൂരൽ.
അലട്ടൽ [<അലട്ടുക] നാ. എന്തിനെങ്കിലുംവേണ്ടി കൂടെക്കൂടെ ചോദിച്ചു ശല്യപ്പെടിത്തൽ, സ്വൈര്യം കെടുത്തൽ, ബുദ്ധിമുട്ടിക്കൽ, ഉപദ്രവിക്കൽ.
അലട്ടുക ക്രി. എന്തിനെങ്കിലും ആവർത്തിച്ചാവശ്യപ്പെട്ടു മനശ്ശല്യം ഉണ്ടാക്കുക, ശല്യപ്പെടുത്തുക, മുഷിപ്പിക്കുക.
അലതാരി നാ. 1. ആവശ്യമുള്ള സാമാനം, കോപ്പ്; 2. മുറവിളി, ദു:ഖം.
അലതാങ്ങി നാ. കടൽത്തിരയുടെ ആക്രമണം തടുക്കാനുള്ള കെട്ട്.
അലതി1 നാ. 1. അരിഷ്ടത, ഉപദ്രവം; 2. ക്ഷീണം, കുഴപ്പം.
അലതി2 നാ. (സങ്ഗീ.) പാട്ടിലെ ആവർത്തനസ്വരങ്ങളുടെ ആരംഭം.
അലത്തകം [പ്രാ.അലത്തഗ<സം.അലക്തക] നാ. ചെമ്പഞ്ഞി.
അലന്ന വി. വിശപ്പുകൊണ്ട് പൊരിഞ്ഞ.
അലപത്മകം [സം.] നാ. ഒരു ഹസ്തമുദ്ര.
അലപലാതി നാ. = അലവലാതി.
അലപല്ലവം [സം.] നാ. അലപത്മകം.

അലപ്പൻ [<അലയ്ക്കുക] നാ. അലയ്ക്കുന്നവൻ, വഴക്കാളി.

അലപ്പറ നാ. യാചകൻ, തെണ്ടി.

അലപ്പ് [അലയ്ക്കുക] നാ. 1. നിരർഥകമായി ഉച്ചത്തിൽ ശബ്ദമുണ്ടാക്കൽ; 2. ക്ഷീണം; 3. അത്യാഗ്രഹം; 4. ഭയം.

അലബ്ധ [സം.അ-ലബ്ധ] വി. ലഭിക്കാത്ത, കിട്ടാത്ത.

അലബ്ധി [സം.-ലബ്ധി] നാ. കിട്ടായ്ക.

അലഭ്യ [സം.-ലഭ്യ] വി. ലഭിക്കത്തക്കതല്ലാത്ത, കിട്ടാൻ പ്രയാസമുള്ള.

അലം1 [സം.അലം] അവ്യ. 1. മതി എന്ന അവസ്ഥ, പര്യാപ്തി; 2. ശക്തി, ഭൂഷണം; 3. തടവ്.

അലം2 നാ. 1. തേളിൻെറയും മറ്റും വാൽമുന; 2. അരിതാരം.

അലം3 [സം.] അവ്യ. 1. വേണ്ടുവോളം, മതിയാവോളം, പൂർണമയി, മതി, വേണ്ട, നിർത്താം; 2. തക്കതായി; 3. ഭങ്ഗിയായി; 4. ഏറ്റവും.

അലംബലൻ [സം.അലം-ബല] നാ. പര്യാപ്തമായ ബലം ഉള്ളവൻ, ശിവൻ.

അലംബുദ്ധി [സം.-ബുദ്ധി] നാ. അലംഭാവം, തൃപ്തി.

അലംബൂഷ [സം.] നാ. 1. ഒരു അപ്സരസ്ത്രീ, അലംബൂസ; 2. മുക്കുറ്റി, തൊട്ടാവാടി; 3. പ്രവേശനം നിഷേധിക്കാൻ വെള്ളം ഒഴിച്ചുണ്ടാക്കുന്ന രേഖ; 4. മനുഷ്യശരീരത്തിലെ പത്തു പ്രധാന നാഡികളിൽ ഒന്ന്, ഇടത്തേ നേത്ര നാഡി; 5. പാച്ചോറ്റി; 6. ശ്രാവണി എന്ന ഔഷധി.

അലംബൂഷൻ [സം.] നാ. 1. ഒരു രാക്ഷസൻ (ഘടോത്കചൻ കൊന്നു.); 2. പ്രഹസ്തൻ, രാവണൻെറ മന്ത്രി; 3. ഒരു ഗന്ധർവൻ.

അലംബൂഷം [സം.] നാ. 1. മലങ്കാര; 2. ചുരയ്ക്ക; 3. വിരലുകൾ നിവർത്തിപ്പിടിച്ച കൈപ്പടം.

അലംബൂസം [സം.] നാ. നീലക്കടമ്പ്.

അലംഭാവം [സം.അലം-ഭാവ] നാ. സംതൃപ്തി, മതിയാകൽ.

അലംഭൂഷണൻ [സം.-ഭൂഷണ] നാ. പ്രാപ്തൻ, സമർഥൻ.

അലംഭൂഷ്ണു [സം.-ഭൂഷ്ണു] നാ. പ്രാപ്തൻ, സമർഥൻ.

അലംമതി [സം.-മതി] നാ. അലംഭാവം.

അലമലക്കോൻ [അല-മല-കോന്] നാ. കുന്നലക്കോനാതിരി.

അലമാര [പോർ.] നാ. തട്ടുകളുള്ളതും അടച്ചുപൂട്ടാവുന്നതും ആയ ഗൃഹോപകരണം.

അലമാറ് നാ. ശല്യം, സൈ്വരക്കേട്.

അലമുറ നാ. നിലവിളി.

അലമ്പ നാ. ഉടുക്കിൻെറ പുറത്ത് വിലങ്ങനെ കെട്ടുന്ന നാര്.

അലമ്പട [സം.അ-ലമ്പട] വി. കാമാസക്തിയില്ലാത്ത.

അലമ്പടം [സം.] നാ. അന്ത:പുരം.

അലമ്പന്തിരണ്ടി നാ. ഒരുതരം തിരണ്ടി (രണ്ടുമൂന്നടി വ്യാസത്തിൽ വൃത്താകാരമായത്, ശരീരത്തിൽ വിദ്യുച്ചരക്തിയുണ്ട്.)

അലമ്പൽ [അലമ്പുക] നാമരൂപം.

അലമ്പ് [അലമ്പുക] നാ. ഉപദ്രവം, ക്ഷീണം, അലങ്കോലം.

അലമ്പുക ക്രി. 1. ക്ഷോഭിക്കുക; 2. ശബ്ദിക്കുക; 3. ഉലയുക, തെന്നിമാറുക; 4. കുഴയ്ക്കുക; 5. മുണ്ടും മറ്റും ഉലച്ചുകഴുകുക.

അലയ [സം.അ-ലയ] വി. 1. നശിക്കാത്ത; 2. ഗൃഹമില്ലാത്ത, ഉഴന്നു നടക്കുന്ന. നാ. അലയാളൻ = വീടില്ലാത്തവൻ, അലഞ്ഞുനടക്കുന്നവൻ.
അലയാഴി നാ. അലകടൽ.
അലയുക ക്രി. ഉദ്ദേശ്യരഹിതമായി ചുറ്റിത്തിരിയുക, കഷ്ടപ്പെടുക.
അലയ്ക്കുക ക്രി. അർഥമില്ലാത്ത ശബ്ദങ്ങൾ പുറപ്പെടുവിക്കുക, ഉച്ചത്തിൽ കലപിലകൂട്ടുക.
അലർ1 [അലരുക] ധാതുരൂപം.
അലർ2 നാ. പരാതി, സങ്കടം, നിലവിളി.
അലർക്കം [സം.] നാ. 1. പേപ്പട്ടി; 2. എട്ടടിമാൻ; 3. ഒരുതരം പുഴു; 4. വെള്ളെരുക്ക്.
അലർച്ച1 [അലറുക] നാ. ഗർജനം, സിംഹം തുടങ്ങിയ വന്യമൃഗങ്ങളുടെ ഉച്ചവും പരുഷവുമായ ശബ്ദം.
അലർച്ച2 [അലരുക] നാ. 1. ചൂട്; 2. അത്യാഗ്രഹം, കാമം.
അലർന്തക്കെട്ട് നാ. മുസ്ലിംസ്ത്രീകളുടെ ഒരു കർണാഭരണം.
അലർന്ന [അലരുക] വി. (ഭൂ.പേ.) 1. വിടർന്ന, വികസിച്ച, മലർന്ന; 2. വിശന്നുപൊരിഞ്ഞ.
അലർബാണൻ നാ. = പുഷ്പബാണൻ.
അലർമങ്ക [അലർ-മങ്ക] നാ. ലക്ഷ്മീദേവി.
അലർമാത് നാ. = അലർമങ്ക.
അലർശരൻ നാ. = അലർബാണൻ.
അലരണി നാ. പുഷ്പങ്ങളാകുന്ന ആഭരണം.
അലരമ്പൻ [അലർ-അമ്പൻ] നാ. കാമദേവൻ.
അലരി നാ. ഒരുതരം പൂച്ചെടി, അരളി.
അലരിത്തയ്യലാൾ നാ. ലക്ഷ്മീദേവി.
അലരിവനിത നാ. = അലരിത്തയ്യലാൾ.
അലരുക ക്രി. 1. വികസിക്കുക, വിടരുക, ചൂടുകൊണ്ട് മലക്കുക; 2. ചുറ്റും പരക്കുക; 3. വിശന്നുപൊരിയുക. നാ. അലർ.
അലവൽ നാ. വ്യഭിചാരം, ചാപല്യം, ദു:ഖം.
അലവല വി. കീറിപ്പറിഞ്ഞ.
അലവലാതി നാ. കീറിപ്പറിഞ്ഞവസ്ത്രം ധരിച്ചവൻ, ദരിദ്രവാസി.
അലവാങ്ക് നാ. ഇരുമ്പുപാര.
അലസ് [അലസുക] ധാതുരൂപം.
അലസ1 [സം.അ-ലസ] വി. മടിയുള്ള, ഉത്സാഹമില്ലാത്ത, ക്ഷീണിച്ച, ഊർജിതമില്ലാത്ത.
അലസ2 [സം.അലസാ] നാ. 1. വള്ളിച്ചൊറിയണം; 2. ചെമന്ന ചെറുപുള്ളടി; 3. മടിയുള്ളവൾ.
അലസകം [സം.അലസ-ക] നാ. 1. വയറ്റിലെ വായുക്ഷോഭം; 2. ഒരുതരം കുഷ്ഠം.
അലസത [സം.-താ] നാ. മടി, ഉത്സാഹമില്ലായ്മ.
അലസൻ [സം.] നാ. മടിയൻ.
അലസഭോഗി [സം.അലസ-ഭോഗിൻ] നാ. മടിയൻ തേനീച്ച.

അലസം [സം.] നാ. 1. കാൽവിരലുകൾക്കിടയിൽ ഉണ്ടാകുന്ന വിള്ളൽ, വളംകടി; 2. ഒരുതരം കുഷ്ഠം; 3. (കാവ്യ.) ഒരുരീതി, ഉജ്വലത്തിൻെറ വിപരീതം; 4. ഒരുതരം പാണ്ഡുരോഗം.

അലസൽ [<അലസുക] നാ. അലസുന്ന പ്രവൃത്തി.

അലസാക്ഷി [സം.അലസ-അക്ഷി] നാ. സുന്ദരി.

അലസാങ്ഗം [സം.അലസ-അങ്ഗ] നാ. മനോഹരമായ ശരീരം.

അലസാന്ദ്രം [സം.] നാ. അലശണ്ട, വലിയ ഉഴുന്ന്, രാജമാഷം.

അലസി [സം.അലസീ] നാ. മയിൽക്കൊന്ന, രാജമല്ലി.

അലസിപ്പൂവ് നാ. പുഷ്പാഞ്ജലിക്ക് ഉപയോഗിക്കുന്ന ഒരുതരം പൂവ്.

അലസുക ക്രി. 1. ഗർഭം അഴിഞ്ഞുപോകുക, കലങ്ങുക, വേർപെടുക; 2. ആരംഭത്തിലേ നശിക്കുക; 3. ഉന്മേഷമില്ലാതിരിക്കുക; 4. തളരുക. നാ. അലസൽ.

അലസേക്ഷണ [സം.അലസ-ഈക്ഷണാ] നാ. സുന്ദരി.

അലസ്യ [സം.അ-ലസ്യ] വി. അലസതയുള്ള.

അലറ് [അലറുക] ധാതുരൂപം.

അലറൽ [അലറുക] നാ. അലർച്ച, ഗർജനം.

അലറി നാ. 1. ഒരു വൃക്ഷം, രാജമല്ലി; 2. അരളി.

അലറുക ക്രി. ഗർജിക്കുക, ഉച്ചത്തിൽ ശബ്ദിക്കുക, ഉറക്കെക്കരയുക, അട്ടഹസിക്കുക.

അലാക്ക്,ഹലാക്ക് [അറ.] നാ. കൊല, നാശം.

അലാഘവം [സം.അ-ലാഘവ] നാ. ഗൗരവം, കനക്കുറവില്ലായ്മ.

അലാതചക്രം [സം.അലാത-ചക്ര] നാ. തീക്കൊള്ളി ചുഴറ്റുമ്പോൾ കാണുന്ന വൃത്തം.

അലാതം [സം.] നാ. തീക്കൊള്ളി.

അലാതൃണം [സം.അലാ-തൃണ] നാ. മേഘം.

അലാബു,-ലാവു [സം.] നാ. 1. കറിച്ചുര, ചുരയ്ക്ക; 2. ചുരക്കുടുക്ക; 3. (ആയുർ.) ഒരു നാഡീയന്ത്രം.

അലാബുനി [സം.] നാ. ചുരക്കുടുക്കകൊണ്ടു ഉണ്ടാക്കുന്ന ഒരിനം വീണ.

അലാഭ [സം.-ലാഭ] വി. ലാഭമില്ലാത്ത.

അലാരം [സം.] നാ. 1. അരരം, വാതിൽ; 2. ഒരുതരം ചെടി.

അലാരിപ്പ് നാ. (നാട്യ.) പ്രാരംഭനൃത്തം.

അലാവത്ത് [അറ.] നാ. ഉറപ്പ്, ജാമ്യം.

അലാവനി [പ്ര.ആലാവിനി] നാ. ആലാവിനി.

അലാവിനി [പ്രാ.] നാ. ഒരുതരം വീണ, അലാബുനി.

അലാവു നാ. = അലാബു.

അലാഹം നാ. എന്തുവേണം എന്നറിയാതെ വിഷമിക്കൽ, അങ്കലാപ്പ്.

അലാറം [ഇം.] നാ. 1. ഉറങ്ങുന്നവരെ ശബ്ദമുണ്ടാക്കി ഉണർത്താനും സമയം സൂചിപ്പിക്കാനും ഘടികാരത്തിൽ ഇണക്കിയിട്ടുള്ള യന്ത്രോപായം, അതു പുറപ്പെടുവിക്കുന്ന ശബ്ദം.; 2. അപായസൂചന.

അലി1 [അലിയുക] ധാതുരൂപം.

അലി2 നാ. പുരുഷനും സ്ത്രീയുമല്ലാത്ത വ്യക്തി, നപുംസകം.

അലിക്കുക, -യിക്കുക [അലിയുക>പ്രയോ.] ക്രി. അലിയാൻ ഇടയാക്കുക.

അലിക്കുത്ത് [അറ.] നാ. മേൽക്കാതിൽ മുസ്ലിം സ്ത്രീകൾ അണിയുന്ന ഒരുതരം ആഭരണം (വളയങ്ങൾ).
അലിഖിത [സം.അ-ലിഖിത] വി. ലേഖനം ചെയ്യപ്പെടാത്ത, എഴുതപ്പെടാത്ത.
അലിഖിതനിയമം = രേഖപ്പെടുത്താത്തതും എന്നാൽ പരക്കെ അങ്ഗീകരിക്കപ്പെടുന്നതുമായ നിയമം.
അലിഖിതഭരണഘടന [സം.അലിഖിത-ഭരണ-ഘടനാ] നാ. രാഷ്ട്രം ക്രോഡീകരിച്ച് രേഖപ്പെടുത്തിവച്ചിട്ടില്ലാത്ത ഭരണഘടന, ആചാരങ്ങൾ കീഴ്വഴക്കങ്ങൾ പലപ്പോഴായി ഉണ്ടായിട്ടുള്ള പ്രധാനപ്പെട്ട നിയമങ്ങൾ എന്നിവയിൽ അധിഷ്ടിതമായ ഭരണവ്യവസ്ഥ. ഉദാ: ഇങ്ഗ്ലണ്ടിലെ ഭരണവ്യവസ്ഥ.
അലിഗർദം [സം.അലി-ഗർദ] നാ. അലഗർദം.
അലിങ്ഗൻ [സം.-ലിങ്ഗ] നാ. പരമാത്മാവ്.
അലിങ്ഗം [സം.] വി. ലിങ്ഗമില്ലാത്ത, സ്ത്രീയോ പുരുഷനോ അല്ലാത്ത.
അലിങ്ഗബഹുവചനം [സം.അലിങ്ഗ-ബഹുവചന] നാ. (വ്യാക.) നാമത്തിൻെറ ലിങ്ഗം അറിയാൻ ഒക്കാത്ത ബഹുവചനരൂപം. ഉദാ: അധ്യാപകർ.
അലിങ്ഗി [സം.അ-ലിങ്ഗിൻ] നാ. കപടസന്യാസി, വഞ്ചകൻ.
അലിഞ്ജരം [സം.] നാ. അളിഞ്ജരം.
അലിന്ദം [സം.] നാ. അളിന്ദം.
155
അലിന്ദമുഖം [സം.അലിന്ദ-മുഖ] നാ. കർണരന്ധ്രം.അലിപകം [സം.] നാ. 1. കുയിൽ; 2. തേനീച്ച; 3. നായ്
അലിപ്പുണ്ണ് നാ. കുഴഞ്ഞിറങ്ങിയ വ്രണം
അലിപ്സ [സം.അ-ലിപ്സാ] നാ. നേടാൻ ആഗ്രഹമില്ലായ്മ, വിരക്തി.
അലിംബികം നാ. അലിമ്പകം.
അലിമകം [സം.] നാ. 1. തവള; 2. കുയിൽ; 3. തേനീവ്വ.
അലിയുക ക്രി. ഉരുകുക, കിനിയുക‘
അലിവ് [<അലിയുക] നാ. അലിയുന്നപ്രവൃത്തി, ദ്രവാവസ്ഥ, ആർദ്രത, കനിവ്, ദയ.
അലീകം നാ. = അളികം.
അലീം [അറ.] നാ. പണ്ഡിതൻ.
അലു [സം.] നാ. ചെറിയ ജലപാത്രം.
അലുക്കം നാ. ഇളക്കം, പരിഭ്രമം.
അലുക്ക1 [സം.അ-ലുക്] വി. ലോപമില്ലാത്ത.
അലുക്ക്2 [പ്രാ.അലുഖീ-സം.അരുക്ഷിൻ] നാ. 1. തൊങ്ങൽ, പട്ടുകുടയുടെയും മറ്റും ചുറ്റിനുമായി പിടിപ്പിക്കുന്ന മിനുക്കമുള്ള അലങ്കാരവസ്തു; 2. അലുക്കുത്ത്.
അലുക്കുക1 ക്രി. 1. ഇളക്കുക, കുലുക്കുക; 2. ക്ഷീണിപ്പിക്കുക, വ്യാകുലപ്പെടുത്തുക.
അലുക്കുക2 ക്രി. തളരുക, ചെടിക്കുക.
അലുക്കുത്ത് നാ. = അലിക്കുത്ത്.
അലുക്കുലുക്ക് നാ. ഞെട്ടൽ, നടുങ്ങൽ.
അലുക്സമാസം [സം.അലുക്-സമാസ] നാ. (വ്യാക.) പൂർവപദത്തിലെ പ്രത്യയം ലോപിക്കാത്ത സമാസം. ഉദാ: വനേചരൻ, വേനലിൽക്കുളി.

അലുങ്ങൽ [അലുങ്ങുക] നാ. 1. ഇളക്കം; 2. അമളി; 3. തിടുക്കം.
അലുങ്ങുക ക്രി. = അലങ്ങുക.
അലുപ്ത [സം.അ-ലുപ്ത] വി. ലോപിക്കാത്ത, കുറയാത്ത, വിട്ടുകളഞ്ഞിട്ടില്ലാത്ത.
അലുപ്തസമാസം = അലുക്സമാസം.
അലുപ്പം,അലുപ്പ് നാ. 1. തളർച്ച, ക്ഷീണം; 2. ചെടിപ്പ്, മടുപ്പ്.
അലുബ്ധ [സം.അ-ലുബ്ധ] വി. ലോഭമില്ലാത്ത, ആഗ്രഹമില്ലാത്ത, ധനതൃഷ്ണയില്ലാത്ത.
അലുമിനിയം [ഇം.] നാ. വളരെ ഭാരം കുറഞ്ഞ ഒരു ലോഹം, മൃത്സന്യം.
അലുമ്പുക ക്രി. = അലമ്പുക.
അലുവൽ [-അലു] നാ. 1. ജോലി, വേല, തൊഴിൽ; 2. ബഹളം.
അലുവാ [അറ.ഹൽവാ] നാ. ഒരു മധുരപലഹാരം.
അലുവാങ്ക് നാ. = അലവാങ്ക്.
അലൂക്ഷ [സം.അ-ലൂക്ഷ] വി. മൃദുവായ (അരൂക്ഷ).
അലൂന [സം.-ലൂന] വി. മുറിക്കാത്ത, കൊയ്യാത്ത.
അലേഖ [സം.-ലേഖാ] താളിയോലഗ്രന്ഥത്തിലെ താൾ.
അലേഖം [സം.] നാ. എഴുതാത്ത, എഴുതുവാനായി മുറിച്ചെടുത്ത പനയോല.
അലേപക [സം.അ-ലേപക] വി. മറുകില്ലാത്ത, നിർമലമായ.
അലേമാനി [പോർ.] നാ. ജർമനി.
അലേലൂയ വ്യാ. = അല്ലേലൂയ.
അലേശ [സം.അ-ലേശ] വി. അനല്പമായ, കൂടുതൽ.
അലോക [സം.-ലോക] വി. 1. കാണപ്പെടാത്ത; 2. ജനങ്ങളില്ലാത്ത, ഈ ലോകത്തെ സംബന്ധിച്ചതല്ലാത്ത. അലോകസാമാന്യ = ലോകസാധാരണമല്ലാത്ത, അസാധാരണമായ.
അലോകനം [സം.-ലോകന] നാ. അദൃശ്യത, അപ്രത്യക്ഷം.
അലോകനീയ [സം.-ലോകനീയ] വി. അദൃശ്യമായ, കാണത്തക്കതല്ലാത്ത, കാണാൻ കഴിയാത്ത.
അലോകിത [സം.-ലോകിത] വി. കാണപ്പെടാത്ത.
അലോക്യ [സം.-ലോക്യ] വി. ലോകസാധാരണമല്ലാത്ത, അപൂർവമായ.
അലോക്യം [സം.] നാ. അനുചിതമായത്; ഉപദ്രവം; മര്യാദകേട്, അലോഹ്യം.
അലോഹ്യപ്പെടുത്തുക = ശല്യപ്പെടുത്തുക.
അലോപ്പതി [ഇം.] നാ. 1. പാശ്ചാത്യ ചികിത്സാരീതി; 2. ഇങ്ഗ്ലീഷ് വൈദ്യം.
അലോപ്യ [സം.-ലോപ്യ] വി. കുറയ്ക്കാൻ പറ്റാത്ത, ഇല്ലാതാക്കാൻ കഴിയാത്ത.
അലോല [സം.-ലോല] വി. ഇളക്കമില്ലാത്ത, ക്ഷോഭമില്ലാത്ത, ചാഞ്ചല്യമില്ലാത്ത.
അലോലുപൻ [സം.-ലോലുപ] നാ. ആഗ്രഹം ഇല്ലാത്തവൻ, ആസക്തിയില്ലാത്തവൻ.
അലോസരം ക്രി. 1. അലോസരപ്പെടുത്തുക, ബദ്ധപ്പാട്; 2. കുഴപ്പം; 3. അസൗകര്യം; 4. ശല്യം.
അലോഹം [സം.അ-ലോഹ] നാ. ലോഹമല്ലാത്ത മൂലകം.
അലോഹിത [സം.-ലോഹിത] വി. 1. രക്തമില്ലാത്ത; 2. പൂവന്നതല്ലാത്ത.
അലോഹ്യ [സം.-ലോഹ്യ] വി. ലോഹത്തെ സംബന്ധിച്ചതല്ലാത്ത.
അലോഹ്യം [പ്രാ.അലോഗിഅ<സം.അലൗകിക] നാ. ലോഹ്യമല്ലാത്തത്, ലോകമര്യാദയ്ക്കു വിപരീതമായത്, പിണക്കം അനുചിതമായത്.

അലൗകിക [സം.അ-ലൗകിക] വി. 1. ലോകാതീതമായ, ദിവ്യമായ, ലോകസാധാരണമല്ലാത്ത; 2. ലോകമര്യാദയ്ക്കുയോജിക്കാത്ത, അലോഹ്യമായ; 3. വിരളമായ.

അലൗകികപ്രത്യക്ഷം [സം.അലൗകിക-പ്രത്യക്ഷ] നാ. 1. ഇന്ദ്രിയാർഥസംബന്ധമില്ലാതെ ലഭിക്കുന്ന പ്രത്യക്ഷജ്ഞാനം; 2. ഒരു വസ്തുവിനെക്കുറിച്ചുള്ള ജ്ഞാനംവഴി അതുൾപ്പെടുന്ന വർഗത്തെപ്പറ്റിയുണ്ടാകുന്ന സാമാന്യജ്ഞാനം; 3. യോഗികൾക്കുണ്ടാകുന്ന ഭൂതഭാവിപദാർഥങ്ങളെക്കുറിച്ചുള്ള പ്രത്യക്ഷജ്ഞാനം.

അല്ക [സം.] നാ. 1. വൃക്ഷം; 2. ശരീരാവയവം.

അല്കിടം നാ. 1. അരക്കെട്ട് (അല്കിൽ); 2. അകിട്; 3. അൽക്കീടം, അല്ക്കിടം. "നേർത്തുള്ള ചേലകളാർദ്രങ്ങളായപ്പോൾ ചീർത്തുള്ളൊരൽക്കിടംകാണായ്വന്നു." (കൃ.ഗാ.)

അല്കിൽ [<സം.അല്ഗ] നാ. 1. അരക്കെട്ട്, നിതംബം; 2. സ്ത്രീയുടെ ഗുഹ്യസ്ഥാനം, യോനി.

അല്ക്,അല്കുൽ നാ. നിതംബം (പ.മ.) "ശ്രോത്രയോരിനിയ കർണികാരവും മൂർധ്നി പീലി തിരുവല്കിൽ വാസസി".(വാ.ദേ.സ്ത.)

അല്പ [സം.] വി. ചെറിയ, സാരമില്ലാത്ത, കുറച്ചുമാത്രമുള്ള. നാ. 1. തൊട്ടാലൊട്ടി; 2. ഒരുതരം ചെറിയ ഈച്ച, കൂവീച്ച.

അല്പകാലിക [സം.അല്പ-കാലിക] വി. കുറച്ചുകാലത്തേക്കുള്ള.

അല്പക്രീത [സം.-ക്രീത] വി. ചെറിയ വിലയ്ക്കുവാങ്ങിയ, ലാഭത്തിനുകിട്ടിയ.

അല്പഗന്ധം [സം.-ഗന്ധ] നാ. ചെന്താമര.

അല്പചേഷ്ടിത [സം.-ചേഷ്ടിത] വി. മടിയുള്ള, അധികം പ്രവർത്തിക്കാത്ത.

അല്പജീവി [സം.-ജീവിൻ] നാ. 1. കുറച്ചുകാലം മാത്രം ജീവിക്കുന്ന പ്രാണി, ചെറിയപ്രാണി; 2. നിസ്സാരൻ.

അല്പജ്ഞ [സം.-ജ്ഞ] വി. അറിവുകുറഞ്ഞ, അറിവില്ലാത്ത.

അല്പത,അല്പത്തം [സം.-താ,-ത്വ] നാ. 1. നിസ്സാരത്വം; 2. അണുത്വം; 3. പോരായ്മ; 4. നീചത.

അല്പതനു [സം.-തനു] വി. 1. ചെറിയദേഹമുള്ള; 2. പൊക്കമില്ലാത്ത, മെലിഞ്ഞ.

അല്പദൃഷ്ടി [സം.-ദൃഷ്ടി] വി. ദീർഘദൃഷ്ടിയില്ലാത്ത.

അല്പധീ [സം.-ധീ] വി. 1. ബുദ്ധികുറഞ്ഞ; 2. മനശ്ശാന്തിയില്ലാത്ത.

അല്പൻ [സം.] നാ. നിസ്സാരൻ, നീചൻ. അല്പന് അർഥമുണ്ടായാൽ അർധരാത്രി കുടപിടിക്കും." (പഴ.)

അല്പനാസിക [സം.അല്പ-നാസിക] നാ. 1. ചെറിയപൂമുഖം; 2. (ശില്പ) ഒരു അലങ്കാരപ്പണി.

അല്പപത്മം നാ. = അല്പഗന്ധം.

അല്പപരജീവി [സം.അല്പ-പര-ജീവിൻ] നാ. അർധപരജീവി.

അല്പപ്രജ്ഞ [സം.-പ്രജ്ഞ] വി. ബുദ്ധികുറഞ്ഞ.

അല്പപ്രാണ [സം.-പ്രാണ] നാ. ഉച്ചരിക്കാൻ എളുപ്പമുള്ള അക്ഷരം, (വ്യാക.0 വർഗാക്ഷരങ്ങളിൽ സ്വരങ്ങൾ, ഖരങ്ങൾ, മൃദുക്കൾ, അനുനാസികങ്ങൾ, മധ്യമങ്ങൾ ഇവ അടങ്ങിയ വ്യഞ്ജനങ്ങൾ.

അല്പപ്രാണി [സം.-പ്രാണി] നാ. ചെറിയ പ്രാണി, നിസ്സാരൻ.

അല്പപ്രസാദം [സം.-പ്രസാദ] നാ. ബാലാലയം, ദേവാലയത്തിൽ ജീർണോദ്ധാരണം നടത്തുമ്പോൾ, പ്രതിഷ്ഠാബിംബത്തെ മാറ്റിയിരുത്തുന്നതിനുള്ള സ്ഥാനം, ഇളങ്കോവിൽ.

അല്പബിംബം [സം.-ബിംബ] നാ. ദേവാലയത്തിൽ ജീർണോദ്ധാരണം നടത്തുമ്പോൾ ഇളങ്കോവിലിൽ പ്രതിഷ്ഠിക്കാനായി നിർമിക്കുന്ന ബിംബം, ബാലബിംബം.
അല്പബുദ്ധി [സം.-ബുദ്ധി] വി. ബുദ്ധികുറഞ്ഞ.
അല്പഭാഷി [സം.-ഭാഷിൻ] വി. അല്പം മാത്രം സംസാരിക്കുന്ന. നാ. അധികം സംസാരിക്കാത്തവൻ. (സ്ത്രീ.) അല്പഭാഷിണി.
അല്പം1 [സം.] വി. കുറച്ച്. നാ. സൂക്ഷ്മമമായത് (തടുക്കപ്പെടുന്നത് എന്നു ശബ്ദാർഥം) 'അല്പം' നാമമായും വിശേഷണമായും ഉപയോഗിക്കാം.
അല്പം2 [സം.] നാ. ഒരു ചെടി, കോടാശാരി, അല്പം അകത്ത് വിഷം പുറത്ത് (പഴ.)
അല്പമ്പചൻ [സം.അല്പം-പച] നാ. മഹാലുബ്ധൻ.
അല്പമതി നാ. = അല്പബുദ്ധി.
അല്പമധ്യമ [സം.അല്പ-മധ്യമാ] വി. കൃശമായ അരയോടുകൂടിയ.
അല്പമാരിഷം [സം.-മാരിഷ] നാ. ചെറുചീര.
അല്പമൂത്രത [സം.-മൂത്രതാ] നാ. കുറച്ചുമാത്രം മൂത്രംപോകൽ.
അല്പമൂർത്തി വി. = അല്പതനു.
അല്പരത്നം [സം.അല്പ-രത്ന] നാ. 1. വൈഡൂര്യം; 2. പുഷ്പരാഗം; 3. പവിഴം, ഗോമേദകം.
അല്പരസം [സം.-രസ] നാ. 1. വേഗത്തിൽ നശിക്കുന്ന; 2. നീരസം, പരിഭവം, അല്പരസക്കാരൻ.
അല്പവസുമാൻ [സം.-വസുമത്] നാ. (ജ്യോ.) ഒരു ഗ്രഹയോഗം.
അല്പവാജനം [സം.-വാജന] നാ. ഉത്തരത്തിൻെറ വശത്തും മറ്റും കുതച്ചുപണിയുന്ന ചട്ടം.
അല്പവിദ്യ [സം.-വിധ്യാ] നാ. പഠിത്തമില്ലായ്മ, കുറഞ്ഞപഠിപ്പ്.
അല്പവിരാമം [സം.-വിരാമ] നാ. (വ്യാക.) അല്പമൊന്ന് നിറുത്തി വായിക്കണം എന്നു കാണിക്കുന്ന ചി ം, അങ്കുശചി ം, കോമ (,)
അല്പവിഷയ [സം.] വി. നിസ്സാരകാര്യങ്ങളിൽ വ്യാപരിക്കുന്ന.
അല്പവൃത്തി [സം.] നാ. 1. കുറവായ ഉപായസ്ഥിതി (കാലക്ഷേപം); 2. കഷ്ടിച്ചുള്ള ജീവിതരീതി; 3. ചുരുങ്ങിയതോത്.
അല്പശമി [സം.-ശമീ] നാ. ശമിയെപ്പോലെയുള്ള ഒരു ചെറിയ വൃക്ഷം, ചെറുവന്നി.
അല്പശ: [സം.] അവ്യ. അല്പാല്പമായി, കുറച്ചുകുറച്ച്.
അല്പശി [സം.ആശ്വിനം] നാ. 1. തുലാമാസം; 2. തുലാമാസത്തിൽ നടത്തുന്ന ഉത്സവം.
അല്പസത്ത്വൻ [സം.അല്പ-സത്ത്വ] നാ. ഓജസ്സുകുറഞ്ഞവൻ, പ്രതാപം കുറഞ്ഞവൻ, ദുർബലൻ.
അല്പസാര [സം.-സാര] വി. 1. വിലകുറഞ്ഞ; 2. സാരമില്ലാത്ത; 3. ആദായം കുറഞ്ഞ.
അല്പസാരജ്ഞ [സം.-സാര-ജ്ഞ] വി. ബുദ്ധികുറഞ്ഞ.
അല്പസ്വല്പം [സം.-സു-അല്പം] അവ്യ. വളരെകുറച്ച്.
അല്പാക്ക നാ. ഒരു മൃഗം, അതിൻെറ രോമംകോണ്ടുള്ള തുണി.
അല്പാചമനം [സം.അല്പ-ആചമന] നാ. മൂത്രവിസർജനം.

അല്പാധിപത്യം [സം.-ആധിപത്യ] നാ. പ്രഭുജനാധിപത്യം.
അല്പാന്തി [പോർ.] നാ. കടൽച്ചുങ്കം (കൊച്ചിയിൽ നിലവിലിരുന്നു.).
അല്പായുസ്സ് [സം.അല്പ-ആയുസ്] നാ. 1. ആയുസ്സു കുറഞ്ഞവൻ; 2. ആട്.
അല്പാർഥൻ [സം.-അർഥ] നാ. ധനം കുറഞ്ഞവൻ, ദരിദ്രൻ.
അല്പാല്പം [സം.-അല്പ] അവ്യ. കുറച്ചുകുറച്ചായി.
അല്പാഹര [സം.-ആഹര] വി. അല്പം മാത്രം ഭക്ഷിക്കുന്ന.
157
അല്പിത [സം.] വി. അല്പമാക്കപ്പെട്ട.
അല്പിഷ്ഠ [സം.] വി. 1. ഏറ്റവും അല്പമായ, ഏറ്റവും ചെറിയ; 2. ന്യൂനതമ.
അല്പിഷ്ഠമാനം [സം.അല്പിഷ്ഠ-മാന] നാ. ഒരു ഉപകരണംകൊണ്ട് അളക്കാവുന്നതിൽ ഏറ്റവും ചെറിയ മാനം.
അല്പീകരിക്കുക [<സം.അല്പീ-കൃ] ക്രി. ചെറുതാക്കുക.
അല്പീഭൂത [സം.അല്പീ-ഭൂത] വി. അല്പമായിത്തീർന്ന, വളരെ ചെറുതായ.
അല്പീയസ്സ് [സം.അല്പീയസ്] വി. മറ്റൊന്നിനേക്കാൾ ചെറിയ.
അല്പേച്ഛു [സം.അല്പ-ഇച്ഛു] വി. അല്പം മാത്രം ഇച്ഛിക്കുന്ന.
അല്പേതര [സം.-ഇതര] വി. ചെറുതല്ലാത്ത, വലുതായ, കൂടുതലായ, വളരെ.
അല്ല വ്യാ. ആശ്ചര്യദ്യോതകം.
അല്ലക്കൊല്ലി നാ. വലത്തേ മുലയ്ക്കു ഇരുവിരൽ താഴെയുള്ള ഒരു മർമം.
അല്ലയായ്കിൽ അവ്യ. = അല്ലായ്കിൽ.
അല്ലയോ [അല്ല-ഓ] അവ്യ. 1. ആണല്ലോ, അല്ലേ, അങ്ങനെതന്നെയാണല്ലോ, (ആണ് എന്ന മറുപടി പ്രതീക്ഷിച്ചുള്ള ചോദ്യം); 2. സംബോധന, ഹേ.
അല്ലൽ നാ. ദു:ഖം, വ്യസനം, ദുരിതം, കഷ്ടത. അല്ലൽപ്പെടുക = കഷ്ടപ്പെടുക. അല്ലലുള്ള പുലയിയേ ചുള്ളിയുള്ള കാടുതേടു. (ദാരിദ്ര്യം ഉള്ളവരേ കഷ്ടപ്പെട്ട് ഉപജീവനം സമ്പാദിക്കുകയുള്ളു.) (പഴ.)
അല്ലല്ല [അല്ല-അല്ല] വ്യാ. അല്ല എന്നതിൻെറ ദ്വിരുക്തം. ആശ്ചര്യം മുതലായവയെ ദ്യോതിപ്പിക്കുന്നത്.
അല്ലറചില്ലറ അവ്യ. അല്പസ്വല്പം, പലയിനങ്ങളിലായി കുറച്ചുകുറച്ച്.
അല്ലാ1 നാ. അമ്മദേവി.
അല്ലാ2, അള്ളാ [<അറ.] നാ. ദൈവം.
അല്ലാ3 വ്യാ. ആശ്ചര്യം സന്തോഷം മുതലായവ ദ്യോതിപ്പിക്കുന്നത്.
അല്ലാ4 വ്യാക. 'അല്' എന്ന ഖിലധാതുവിൽനിന്നുള്ളരൂപം. നിഷേധാഖ്യാതശബ്ദം. ആകുന്നു എന്നതിൻെറ നിഷേധരൂപം.
അല്ലാഞ്ഞ് [അല്ലായുക] അവ്യ. (മുൻവിന) അല്ലാതിരുന്നെങ്കിൽ, അല്ലാത്തപക്ഷം, അല്ലാത്തതുകൊണ്ട്.
അല്ലാതെ [അല്ലാത-എ] അവ്യ. 1. കൂടാതെ, പുറമേ, കൂടുതലായി; 2. അല്ലെങ്കിൽ; 3. ഇല്ലെങ്കിൽ; 4. മറ്റുതരത്തിൽ, വിരുദ്ധമായി.
അല്ലാത്ത [അല്ലായുക] വി. (ഭൂ.പേ.) മറ്റുതരത്തിലുള്ള, ഭിന്നമായ, വേറൊന്നായ. അല്ലാത്തപക്ഷം = അല്ലെങ്കിൽ, മറ്റൊരുതരത്തിലാണെങ്കിൽ.അല്ലായുക
ക്രി. അല്ലാതാകുക, അല്ലാതായിരിക്കുക.
അല്ലായ്ക,-യ്മ നാ. അല്ലെന്നുള്ളസ്ഥിതി.

അല്ലാഹ്, -ഹൂ [അറ.] നാ. ദൈവം, അല്ലാ. താരത. ഹീ. ഏലോഹിം. സുറി. ആലാഹാ, അലോഹോ.
അല്ലി1 അവ്യ. = അല്ലേ.
അല്ലി2 നാ. 1. കേസരം, പൂവിന്റെ, വിശേഷിച്ച് ആമ്പൽപ്പൂവിന്റെയും താമരപ്പൂവിന്റെയും നടുക്കു നാരുപോലുള്ള ദളം.; 2. അകയിതൾ; 3. താമര; 4. ആമ്പൽ; 5. നാരങ്ങയുടെയും മറ്റും ഉള്ളിൽ കാണപ്പെടുന്ന അടുക്കുകൾ; 6. തെങ്ങ്, കമുക് മുതലായവയുടെ പൂക്കുലയിലെ കതിർപ്പ്. അല്ലിവെള്ളം = കള്ള്.
അല്ലിക്കള്ള് നാ. ചക്കരക്കള്ള്.
അല്ലിക്കൂത്ത് നാ. അല്ലിയം കൂത്ത്.
അല്ലിച്ചൊട്ട നാ. ചെറിയവളഞ്ഞ വാൾ.
അല്ലിടം നാ. അൽക്കിടം.
അല്ലിത്താർ നാ. താമര. അല്ലിത്താർമാത് = ലക്ഷ്മി. അല്ലിത്താരമ്പൻ = കാമൻ.
അല്ലിപ്പൂ നാ. = അല്ലിത്താർ.
അല്ലിയൻ നാ. 1. കൂട്ടമ്പിരിഞ്ഞ് ഒറ്റയ്ക്കുനടക്കുന്ന കൊമ്പനാന; 2. കൊമ്പില്ലാത്ത ആണാന, മോഴ.
അല്ലിയം നാ. കൃഷ്ണൻ. കുവലയാപീഡത്തെ മർദിച്ച കഥ അനുസ്മരിച്ചുകൊണ്ടുള്ള ഒരിനം നൃത്തം, അല്ലിയം കൂത്ത്.
അല്ലീ വ്യാ. = അല്ലി.
അല്ല് നാ. 1. രാത്രി, ഇരുൾ; 2. വ്യസനം. അല്ലും പകലും = രാപ്പകൽ.
അല്ലെങ്കിൽ [അല്ല-എങ്കിൽ] അവ്യ. 1. ഒന്ന് നിഷേധിച്ചിട്ട് വേറൊന്നു നിർദേശിക്കാൻ ഉപയോഗിക്കുന്ന പദം. അല്ലാത്തപക്ഷം; 2. പലതിൽ ഒന്നോ ചിലതോ നിർദേശിക്കാൻ ഉപയോഗിക്കുന്ന പദം; 3. പറഞ്ഞതിന്റെ വിശദീകരണത്തിനു പ്രയോഗിക്കുന്ന ശബ്ദം. ഒന്നുകിൽ കളരിക്കുപുറത്ത്, അല്ലെങ്കിൽ ആശാന്റെ നെഞ്ചത്ത്. (പഴ.)
അല്ലേ1 [അല്ല-ഏ] അവ്യ. 1. അപ്രകാരം ആണല്ലോ എന്ന അർഥത്തിൽ ചോദ്യം; 2. സംബോധന, അല്ലയോ.
അല്ലേ2 വ്യാ. സന്തോഷം അദ്ഭുതം മുതലായവ ദ്യോതിപ്പിക്കുന്ന.
അല്ലേ3 [അല്ല-ഏ] അവ്യ. ‘അല്ലതന്നെ’ എന്ന് ഉറപ്പിച്ചു നിഷേധിക്കാൻ ഉപയൊഗിക്കുന്ന പദം.
അല്ലേലൂയിയാ,-ലൂയ്യാ [ഹീ.ഹാലേലു-യാഹ്] വ്യാ. ‘ദൈവത്തെ സ്തുതിക്കുക’. യഹോവയ്ക്കു സ്തോത്രം, സ്തുതിവചനം.
അല്ലോ അവ്യ. 1. നിശ്ചയാർഥത്തിൽ ആഖ്യാതമായി പ്രയോഗിക്കുന്നത്, ശ്രോതാവിന്റെ സമ്മതം സിദ്ധവത്കരിച്ചുകൊണ്ട്; 2. ഒരു അനുപ്രയോഗം, അനുസ്മരണം, അനുതാപം, ആശ്ചര്യം, ആശ്വസം മുതലായ അർഥങ്ങളിൽ.
അവ1 സ.നാ. അത് എന്നതിന്റെ ബ.വ.
അവ2 അവ്യ. ക്രിയകളുടെയും, ക്രിയാനാമങ്ങളുടെയും മുമ്പിൽ ചേർക്കാവുന്ന ഉപസർഗം. നിശ്ചയം, വ്യാപ്തി, അനാദരം താങ്ങ് മുതലായ അർഥങ്ങളെ കാണിക്കുന്നു.
അവകട [സം.അവ-കട<കൃത] വി. 1. കീഴോട്ടുള്ള, പിന്നോട്ടുള്ള; 2. വിപരീതമായ.
അവകടം നാ. = അപകടം.

അവകടിക [സം.അവ-കടികാ] നാ. കളിപ്പിക്കൽ, വഞ്ചന.
അവകം [സം.] നാ. കരിമ്പായൽ, കുടപ്പായൽ, പായൽ.
അവകർണനനം [സം.അവ-കർണ്ണന] നാ. ശ്രവണം.
അവകർത്തനം സം.-കർത്തന] നാ. 1. ഛേദനം, മുറിക്കൽ; 2. യുദ്ധഭൂമി.
അവകർത്തനം [സം.-കർത<കൃത്] നാ. കഷണം, തുണ്ട്.
അവകർഷണം [സം.-കർഷണ<കൃഷ്] നാ. 1. വലിച്ചെടുക്കൽ, തള്ളിനീക്കൽ, മാറ്റൽ; 2. ആകർഷണം.
അവകർഷിക്കുക [<സം.അവ-കൃഷ്] ക്രി. ശക്തിയോടെ വലിക്കുക, പിഴുക.
അവകരം [സം.-കര<കൃ] നാ. പൊടി തൂത്തുകൂട്ടിയത്, കുപ്പ.
അവകലനം [സം.-കലന<കല്] നാ. വേർതിരിക്കൽ.
അവകലിത [സം.-കലിത] വി. 1. കാണപ്പെട്ട, നിരീക്ഷിച്ച; 2. അറിഞ്ഞ; 3. എടുത്ത, കൈക്കൊണ്ട; 4. ദുശ്ശീലമുള്ള.
അവകല്പിത [സം.-കല്പിത<കല്പ്] വി. അനുരൂപമായ, ഇണങ്ങുന്ന.
അവകാശനം [സം.-കാശന] നാ. തുറക്കൽ.
അവകാശപ്പെടുക [സം.അവ-കാശ-മ.പെടുക] അവകാശം ഉണ്ടെന്ന് വാദിക്കുക.
അവകാശം [സം.-കാശ] 1. നിയമപ്രകാരം ലഭിക്കുന്നതിനുള്ള അർഹത; 2. കിട്ടാനോ, കൊടുക്കാനോ ഉള്ളത്. വിശേഷാവസരങ്ങളിൽ പ്രഭുക്കന്മാർക്കു കൊടുക്കുന്ന കാഴ്ചകൾ, ആശ്രിതർക്കു കൊടുക്കുന്ന സമ്മാനങ്ങൾ മുതലായവ; 3. അധികാരം; 4. ഹേതു, കാരണം, ന്യായം; 5. സന്ദർഭം, അവസരം; 6. ഇടം, സ്ഥലം; 7. ഇട, ഇടയ്ക്കുള്ള സ്ഥലം, അല്ലെങ്കിൽ സമയം.
അവകാശി [സം.-കാശിൻ] നാ. അവകാശം ഉള്ളവൻ, അധികാരി.
അവകീർണ [സം.-കീർണ] വി. 1. ചിന്നിച്ചിതറിയ; 2. തരിയാക്കിയ; 3. നശിപ്പിച്ച.
അവകീർണി [സം.-കീർണിൻ] നാ. വ്രതഭങ്ഗം വന്നവൻ, ബ്രഹ്മചര്യത്തിനു ഭങ്ഗം നേരിട്ടവൻ.
അവകീർത്തി [സം.-കീർതി] നാ. = അപകീർത്തി.
അവകുഞ്ചനം [സം.-കുഞ്ചന<കുഞ്ച്] നാ. 1. വളയൽ, ചുരുങ്ങൽ; 2. ഒരുരോഗം.
അവകൂടാര [സം.-കൂടാര] വി. ആഴമുള്ള, കിഴുക്കാംതൂക്കായ.
അവകുട്ടിത [സം.-കുട്ടിത<കുട്ട്] വി. ഛാദിച്ച, അലട്ടിൽപ്പെട്ട.
അവകുണ്ഠനം [സം.-കുണ്ഠന<കുണ്ഠ്] നാ. 1. മൂടൽ, ആവരണം; 2. ആകർഷണം.
അവകുണ്ഠനി [സം.-കുണ്ഠനീ] നാ. ഒരു ഹസ്തമുദ്ര.
അവകുണ്ഠിത [സം.-കുണ്ഠിത] വി. 1. ചുറ്റപ്പെട്ട, ആവരണം ചെയ്യപ്പെട്ട; 2. ആകർഷിക്കപ്പെട്ട.
അവകൃഷ്ട [സം.-കൃഷ്ട<കൃഷ്] വി. = അപകൃഷ്ട.
അവകൃഷ്ടൻ [സം.] നാ. വിടുപണിചെയ്യുന്നവൻ ക്ഷ് ഉത്കൃഷ്ടൻ.
അവകേശ [സം.അവ-കേശ] വി. തലമുടി കെട്ടാത്ത, മുടിചിന്നിച്ചിതറിക്കിടക്കുന്ന.
അവകേശി [സം.-കേശിൻ] വി. തലമുടി കുറവായ. നാ. ഫലമുണ്ടാകാത്ത വൃക്ഷം.
അവക്തവ്യം [സം.അ-വക്തവ്യ<വച്] നാ. 1. (ജൈന.) സ്യാദ്വാദത്തിന്റെ ഏഴുവിഭാഗങ്ങളിൽ ഒന്ന്, (ചില കാര്യങ്ങൾ അനുഭവിച്ചറിയാൻ കഴിയുമെങ്കിലും പറഞ്ഞറിയിക്കാൻ പറ്റില്ലെന്നവാദം); 2. പറയാൻ പാടില്ലാത്തത്, നിന്ദ്യമായത്.

അവക്ര [സം.-വക്ര] വി. 1. വളവില്ലാത്ത, ഋജുവായ; 2. നേരേയുള്ള, വക്രതയില്ലാത്ത.
അവക്രന്ദം [സം.-ക്രന്ദ] നാ. കരച്ചിൽ, അലമുറ.
അവക്രമം [സം.-ക്രമ<ക്രമ്] നാ. 1. ക്രമം തെറ്റൽ; 2. ഇറങ്ങൽ.
അവക്രയം [സം.-ക്രയ] നാ. 1. വാടകയ്ക്കോ പാട്ടത്തിനോ കൊടുക്കൽ; 2. കൂലി, പാട്ടം; 3. വില, പ്രതിഫലം; 4. നികുതി, കപ്പം; 5. രാജാക്കന്മാർതമ്മിൽ ചെയ്യുന്ന ഒരു വിധം സന്ധി.
അവക്രയി [സം.-ക്രയിൻ] നാ. വാടകക്കാരൻ.
അവക്രാന്തി [സം.-ക്രാന്തി<ക്രമ്] നാ. 1. ഇറങ്ങൽ; 2. സമീപിക്കൽ.
അവക്രിയ [സം.-ക്രിയാ] നാ. 1. ഉപേക്ഷ, പ്രവർത്തിക്കുവാൻ മറന്നുപോകൽ; 2. വിഹിതകർമങ്ങളെ ചെയ്യാതിരിക്കൽ.
അവക്രീതകം [സം.-ക്രീതക] വി. വാടകയ്ക്കെടുത്തത്.
അവക്രുഷ്ട [സം.-ക്രൃഷ്ട<ക്രുശ്] വി. ആക്ഷേപിക്കപ്പെട്ട, ശപിക്കപ്പെട്ട.
അവക്രോശം [സം.-ക്രോശ] നാ. ചേർച്ചയില്ലാത്ത ശബ്ദം, നിന്ദ, ശകാരം, ശാപം.
അവക്ലിന്ന [സം.-ക്ലിന്ന<ക്ലിദ്] നാ. നന്നായി നനഞ്ഞ.
അവക്ലിപ്തി [സം.-ക്ലിപ്തി<ക്ലിപ്] നാ. 1. നിശ്ചയം, തീർച്ച; 2. സംഭാവ്യത; 3. യുക്തത, അനുരൂപത.
അവക്ലേദം [സം.-ക്ലേദ<ക്ലിദ്] നാ. 1. ഇറ്റിറ്റുവീഴൽ; 2. വ്രണത്തിൽനിന്ന് ഒലിക്കുന്ന നീര്.
അവക്ലേശം [സം.-ക്ലേശ<ക്ലിശ്] നാ. കയറാനും ഇറങ്ങാനും ഉള്ള വഴി.
അവക്വണം [സം.-ക്വണ<ക്വണ്] നാ. അപസ്വരം.
അവക്ഷയണം [സം.-ക്ഷയണ<ക്ഷി] നാ. അഗ്നിശമനി.
അവക്ഷയം [സം.-ക്ഷയ] നാ. ക്ഷയിക്കൽ, നഷ്ടമാകൽ.
അവക്ഷിപ്ത [സം.-ക്ഷിപ്ത<ക്ഷിപ്] വി. 1. താഴേക്ക് എറിയപ്പെട്ട; 2. അധിക്ഷേപിക്കപ്പെട്ട.
അവക്ഷിപ്തം [സം.] നാ. അടിച്ചിൽ.
അവക്ഷീണ [സം.-ക്ഷീണ] വി. ക്ഷയിച്ച, ചടച്ച.
അവക്ഷുത [സം.-ക്ഷുത<ക്ഷു] വി. തുപ്പൽവീഴ്ത്തി മലിനമാക്കിയ.
അവക്ഷുരണം [സം.-ക്ഷുരണ<ക്ഷുര്] നാ. തോണ്ടി എടുക്കൽ.
അവക്ഷേപണം [സം.-ക്ഷേപണ<ക്ഷിപ്] നാ. (ന്യായ.) 1. കർമത്തെ അഞ്ചായി വിഭജിച്ചിട്ടുള്ളതിൽ ഒന്ന്, (ഉത്ക്ഷേപണം, ആകുഞ്ചനം, പ്രസാരണം, ഗമനം എന്നു മറ്റുള്ളവ); 2. കീഴടക്കൽ, തോൽപ്പിക്കൽ; 3. അവമാനിക്കൽ, കളിയാക്കൽ.
അവക്ഷേപണി [സം.-ക്ഷേപണി] നാ. കടിഞ്ഞാൺ.
അവക്ഷേപം [സം.-ക്ഷെപ] നാ. 1. അകലേക്ക് എറിയൽ, 2. ആക്ഷേപം.
അവഖണ്ഡനം [സം.-ഖണ്ഡന] നാ. 1. പങ്കുവയ്ക്കൽ; 2. നശിപ്പിക്കൽ.
അവഖാതം [സം.-ഖാത<ഖൻ] നാ. ആഴമുള്ള കിടങ്ങ്.
അവഖാദം [സം.-ഖാദ<ഖാദ്] നാ. നിന്ദ്യമായ ആഹാരം.
അവഗണ [സം.-ഗണ] വി. കൂട്ടം പിരിഞ്ഞ, ഒറ്റയ്ക്കായ.

അവഗണന [സം.-ഗണനാ] നാ. അനാദരിക്കൽ, തള്ളിക്കളയൽ.

അവഗണിക്കുക [<സം.അവ-ഗണ്] ക്രി. അനാദരിക്കുക, വകവയ്ക്കാതിരിക്കുക, കളിയാക്കുക.

അവഗണിത [സം.-ഗണിത] വി. തള്ളിക്കളഞ്ഞ, കണക്കിൽപ്പെടാത്ത.

അവഗണ്ഡം [സം.-ഗണ്ഡ] നാ. മുഖക്കുരു.

അവഗത [സം.-ഗത<ഗമ്] വി. 1. അറിഞ്ഞ, പഠിച്ച, മനസ്സിലാക്കിയ; 2. സമ്മതമായ, പ്രസിദ്ധമായ.

അവഗതി [സം.-ഗതി] നാ. 1. മനസ്സിലാക്കൽ, ഊഹിക്കൽ; 2. അറിവ്.

അവഗദിത [സം.-ഗദിത] വി. കുറ്റാരോപണവിധേയമായ, നിന്ദിക്കപ്പെട്ട.

അവഗന്തവ്യ [സം.-ഗന്തവ്യ] വി. അവഗമിക്കാൻ പറ്റിയ, അറിയത്തക്ക.

അവഗമനം [സം.-ഗമന] നാ. 1. മനസ്സിലാക്കൽ; 2. താഴോട്ടുപോകൽ; 3. അറിയിപ്പ്.

അവഗമിക്കുക [<സം.അവ-ഗമ്] ക്രി. 1. മനസ്സിലാക്കുക, അറിയുക; 2. താഴോട്ടുപോകുക.

അവഗളിത [സം.-ഗളിത<ഗല്] വി. വീണുപോയ, കൈവിട്ടുപോയ.

അവഗാഢ [സം.-ഗാഢ<ഗാഹ്] വി. മുഴുകിയ, മുങ്ങിയ, ആഴ്ന്ന.

അവഗാദം [സം.-ഗാദ] നാ. വള്ളത്തിൽനിന്ന് വെള്ളം തേകിക്കളയുന്നതിനുള്ള മരപ്പാത്രം.

അവഗാഹം,-ഹനം [സം.-ഗാഹ(ന)] നാ. 'മുങ്ങൽ, മുഴുകിക്കൽ'. 1. കുളി, മുങ്ങൽ; 2. അഗാധമായ അറിവ്; 3. ഔഷധജലത്തിൽ രോഗിയെ ഇരുത്തിച്ചെയ്യുന്ന ഒരു ചികിത്സാസമ്പ്രദായം.

അവഗാഹി [സം.-ഗാഹിൻ] നാ. രീതിയുടെ ഗുണങ്ങളിൽ ഒന്ന്, വായിച്ചാലുടൻ മനസ്സിലാകുക.

അവഗാഹ്യ1 [സം.-ഗാഹ്യ] വി. മുങ്ങാവുന്ന.

അവഗാഹ്യ2 [സം.] അവ്യ. മുങ്ങിയിട്ട്

അവഗീത [സം.അവ-ഗീത<ഗൈ] വി. അവഗാനംവെയ്ത, നിന്ദിച്ച.

അവഗീതം [സം.] നാ. 1. പരിഹാസപ്പാട്ട്; 2. അപസ്വരഗാനം; 3. ആക്ഷേപം, പരിഹാസം; 4. ദൗഷ്ട്യം.

അവഗുണം [സം.അവ-ഗുണ] നാ. കുറ്റം, കുറവ്.

അവഗുണ്ഠനം [സം.-ഗുണ്ഠന<ഗുണ്ഠ്] നാ. 1. മൂടുപടമിടൽ, മുഖം മറയ്ക്കൽ; 2. മൂടുപടം; 3. ചൂരൽ, തുറപ്പ്; 4. (തന്ത്ര.) ഒരു ഹസ്തമുദ്ര, അവഗുണ്ഠനി.

അവഗുണ്ഠിക [സം.-ഗുണ്ഠികാ] നാ. 1. മുഖാവരണം; 2. തിരശ്ശീല.

അവഗുണ്ഠിത [സം.-ഗുണ്ഠിത] വി. (തിരശ്ശീലകൊണ്ടു) മറച്ച.

അവഗുംഫിത [സം.-ഗുംഫിത<ഗുംഫ്] വി. നെയ്തുചേർത്ത.

അവഗുരണം1,-ഗോരണം [സം.-ഗുരണ,-ഗോരണ<ഗുര്] നാ. കൊല്ലണമെന്ന ഉദ്ദേശ്യത്തോടു കൂടിയുള്ള ആക്രമണം.

അവഗുരണം2 [സം.-ഗുരണ] നാ. 1. മർമരശബ്ദം; 2. ഗർജനം.

അവഗൂഹനം [സം.-ഗൂഹന<ഗുഹ്] നാ. 1. മറച്ചുവയ്ക്കൽ; 2. ആലിങ്ഗനം.

അവഗൃഹീത [സം.-ഗൃഹീത] വി. തടഞ്ഞ, നിരോധിച്ച.

അവഗൃഹീതൻ [സം.] നാ. ശിക്ഷിക്കപ്പെട്ടവൻ.

അവഗൃഹ്യ [സം.അവ-ഗൃഹ്യ] വി. വേർപെടുത്താവുന്ന. അവ്യ. വേർപെടുത്തിയിട്ട്.

അവഗ്രഹണം [സം.-ഗ്രഹണ<ഗ്രഹ്] നാ. 1. തടയൽ, പ്രതിബന്ധം; 2. അവഗണന, അനാദരം; 3. മനസ്സിലാക്കൽ.
അവഗ്രഹം [സം.-ഗ്രഹ] നാ. 1. തടസ്സം; 2. അനാവൃഷ്ടി; 3. സമാസത്തിൻെറ വിഗ്രഹം; 4. പ്രശ്ലേഷം; 5. ആനക്കൂട്ടം; 6. ആനയുടെ നെറ്റിത്തടം, (തോട്ടികൊണ്ട് അവഗ്രഹിക്കപ്പെടുന്ന ഭാഗം); 7. ആനത്തോട്ടി; 8. സ്വീകരിക്കൽ; 9. ശപിക്കൽ, ശകാരിക്കൽ; 10. അപഹരണം; 11. പ്രകൃതി, സ്വഭാവം; 12. ഇന്ദ്രിയഗ്രാഹ്യമായ ജ്ഞാനം; 13. ശിക്ഷ, ബന്ധനം.
അവഗ്രഹിക്കുക [<സം.അവ-ഗ്രഹ്] ക്രി. 1. പാട്ടിലാക്കുക; 2. നിരോധിക്കുക.
അവഗ്രാഹം [സം.-ഗ്രാഹ] നാ. 1. വിഘ്നം, തടസ്സം; 2. ശാപവചനം; 3. വെള്ളം കോരാനുള്ള പാത്രം.
അവഘട്ടം [സം.-ഘട്ട] നാ. 1. ഗുഹ; 2. കുഴി; 3. കുലുക്കൽ.
അവഘർഷണം [സം.-ഘർഷണ<ഘൃഷ്] നാ. 1. ഉരപ്പ്, തേച്ചുപിടിപ്പിക്കൽ; 2. പൊടിക്കൽ.
അവഘാടകം [സം.-ഘാടക] നാ. മധ്യത്തിൽ വലിയ മുത്തും ഇരുവശങ്ങളിലും ക്രമേണ വലുപ്പം കുറഞ്ഞ മുത്തുകളും വച്ച് ഉണ്ടാക്കുന്ന മാല.
അവഘാതം [സം.-ഘാത<ഹൻ] നാ. 1. അടി, വെട്ട്; 2. പീഡനം, മർദനം; 3. ധാന്യം കുത്തൽ; 4. അപമൃത്യു; 5. അപകടം.
അവഘാതി [സം.-ഘാതിൻ] വി. കൊല്ലുന്ന, അടിക്കുന്ന.
അവഘുഷിതം [സം.-ഘുഷിത<ഘുഷ്] നാ. വിളംബരം (ചെയ്തത്).
അവഘുഷ്ടം [സം.-ഘുഷ്ട] നാ. അവഘുഷിതം.
അവഘൂർണനം [സം.-ഘൂർണന<ഘൂർണ്] നാ. ചുറ്റൽ, ചുഴറ്റൽ.
അവഘൂർണം [സം.-ഘൂർണ] നാ. ചുഴലൽ.
അവഘോഷകൻ [സം.-ഘോഷക] നാ. 1. വിളംബരം ചെയ്യുന്നവൻ; 2. ആക്രമണത്തിനു മുമ്പ് പ്രതിയോഗിയെ ആക്ഷേപിക്കുന്നവൻ; 3. അപവാദം പ്രചരിപ്പിക്കുന്നവൻ.
അവഘോഷണം [സം.-ഘോഷണ] നാ. വിളംബരം, പ്രഖ്യാപനം.
അവഘോഷിക്കുക [<സം.അവ-ഘുഷ്] ക്രി. വിളംബരം ചെയ്യുക.
അവഘ്രാണം [സം.-ഘ്രാണ] നാ. ആഘ്രാണിക്കൽ, മണപ്പിക്കൽ.
അവച [സം.] വി. താണ, കീഴിലുള്ള.
അവചനം [സം.അ-വചന] നാ. 1. മൗനം; 2. കുറ്റപ്പെടുത്തൽ.
അവചനീയ [സം.-വചനീയ] നാ. പറഞ്ഞുകൂടാത്ത, അസഭ്യമായ.
അവചയം [സം.അവ-ചയ<ചി] നാ. ശേഖരിക്കൽ.
അവചരിക്കുക [<സം.അവ-ചര്] ക്രി. വഴിതെറ്റുക, വ്യഭിചരിക്കുക.
അവചായം [സം.-ചായ] നാ. = അവചയം.
അവചാരണ [സം.-ചാരണ] നാ. ചരിക്കുന്ന, ഗമിക്കുന്ന.
അവചാരണം [സം.-ചാരണ] നാ. 1. പ്രവർത്തനരീതി; 2. ക്ഷാരവസ്തു തയ്യാറാക്കുന്ന രീതി.
അവചാരം [സം.-ചാര] നാ. 1. ഇറങ്ങാനുള്ളസ്ഥലം, പാത; 2. പ്രവർത്തനസ്ഥലം.
അവചിത [സം.-ചിത] വി. 1. അവചയം ചെയ്ത, ശേഖരിച്ച; 2. അധിവസിച്ച.

അവചൂഡം, –ചൂളം [സം.–ചൂഡ] നാ. കൊടിയിലും മറ്റും അലങ്കാരമായി തൂക്കിയിടുന്ന കുഞ്ചലം, തൊങ്ങൽ.
അവചൂർണനം [സം.–ചൂർണന< ചൂർണ്] നാ. 1. പൊടിയാക്കൽ; 2. (മുറിവിൽ) പൊടിവിതറൽ.
അവചൂർണിത [സം.–ചൂർണിത] വി. 1. പൊടിച്ച; 2. പൊടിവിതറിയ.
അവചൂളകം [സം.–ചൂലക] നാ. ഈച്ചയെ ആട്ടിയകറ്റുവാൻ പശുവിൻെറ വാൽ, മയിൽപ്പീലി മുതലായവകൊണ്ടുണ്ടാക്കുന്ന വിശറി.
അവചൂളം നാ. = അവചൂഡം.
അവച്ഛദം, –ഛാദം [സം.–ഛദ,–ഛാദ] നാ. മൂടി, ആവരണം.
അവച്ഛാദനം [സം.–ഛാദന] നാ. ആവരണം ചെയ്യൽ, മറയ്ക്കൽ.
അവച്ഛിന്ന [സം.–ഛിന്ന] വി. 1. മുറിച്ച, വേർതിരിച്ച; 2. നിശ്ചിതമായ.
അവച്ഛുരിതം [സം.–ഛുരിത] നാ. 1. കൂട്ടുചേർന്നത്; 2. കലർത്തപ്പെട്ടത്; 3. അട്ടഹാസം.
അവച്ഛേദ [സം.–ഛേദ] വി. വേർതിരിക്കുന്ന, വ്യാവർത്തിപ്പിക്കുന്ന, ക്ലിപ്തപ്പെടുത്തുന്ന.
അവച്ഛേദനം [സം.–ഛേദന] നാ. മുറിക്കൽ.
അവച്ഛേദം [സം.–ഛേദ] നാ. 1. മുറിച്ചുമാറ്റിയത്, കഷണം; 2. വേർതിരിക്കൽ; 3. വിശേഷത, വ്യാവർത്തകധർമം; 4. തീർച്ച, തീരുമാനം.
അവച്ഛേദിക്കുക [<സം.അവ–ഛിദ്] ക്രി. 1. മുറിക്കുക, വേർപെടുത്തുക; 2. നിർവചിക്കുക, വ്യാവർത്തകധർമം നിർദേശിക്കുക; 3. നിർണയിക്കുക.
അവജയം [സം.–ജയ< ജി] നാ. ജയിച്ചടക്കൽ, തോൽപ്പിക്കൽ.
അവജിത [സം.–ജിത] വി. കീഴടക്കിയ, ജയിച്ച.
അവജിതി [സം.–ജിതി] നാ. ജയിക്കൽ, തോൽപ്പിക്കൽ.
അവജ്ഞ [സം.–ജ്ഞാ] നാ. 1. നിന്ദ, അനാദരം, മതിപ്പില്ലായ്മ; 2. ഒരു കാവ്യാലങ്കാരം.
അവജ്ഞാന [സം.–ജ്ഞാന] വി. നിന്ദിക്കപ്പെട്ട, അനാദരവ് ലഭിക്കുന്ന, അവഗണിക്കപ്പെട്ട.
അവജ്ഞാനം [സം.] നാ. അവമതിപ്പ്, അനാദരവ്.
അവജ്ഞേയ [സം.അവ–ജ്ഞേയ] നാ. അവമാനം അർഹിക്കുന്ന, നിന്ദ്യമായ.
അവഞ്ചനം [സം.അ–വഞ്ചന] നാ. വഞ്ചിക്കാതിരിക്കൽ, സത്യം.
അവടകച്ഛപം [സം.അവട–കച്ഛപ] നാ. കൂപമണ്ഡൂകം.
അവടൻ [സം.–വട] നാ. ഇന്ദ്രജാലക്കാരൻ.
അവടം [സം.] നാ. (മലകൾക്കിടയിലുള്ള) കുണ്ട്, കുഴി.
അവടീട [സം.] വി. പതിഞ്ഞമൂക്കുള്ള.
അവടു1 [സം.] നാ. 1. പിൻകഴുത്തും തലയും കൂടുന്നഭാഗം; 2. കുഴി, കിണർ.
അവടു2 [സം.അ–വടു] നാ. ബ്രഹ്മചാരിയല്ലാത്തവൻ.
അവടുജം [സം.അവടു–ജ] നാ. ശിരസ്സിൻെറ പിൻഭാഗത്തെ തലമുടി.
അവഡങ്ഗ(ക)ം [സം.] നാ. ചന്ത.
അവഡീനം [സം.അവ–ഡീന] നാ. താഴോട്ടുള്ള പറക്കൽ ക്ഷ് ഉഡ്ഡീനം.
അവണ നാ. കോടിക്കഴുക്കോൽ.
അവണപ്പലക നാ. = ആവണപ്പലക.

അവതത [സം.അവ-തത] വി. 1. മീതേ വിരിച്ച, വ്യാപിച്ച, മൂടിയ; 2. അയച്ചുവിട്ട.
അവതതി [സം.-തതി] നാ. വ്യാപ്തി, നീണ്ടുകിടക്കൽ.
അവതംസകം [സം.-തംസക] നാ. 1. കർണാഭരണം; 2. ശിരോഭൂഷണം, മാല; 3. (ആല.) വംശാലങ്കാരം.
അവതംസിതം [സം.-തംസിത] വി. അവതംസമുള്ള, അലങ്കരിച്ച.
അവതമസം [സം.-തമസ] നാ. 1. മങ്ങിയ, മൂടൽ, ഇരുട്ട്; 2. നിഗൂഢത.
അവതർപ്പണം [സം.-തർപ്പണ] നാ. വേദനയെ അകറ്റുന്നത്.
അവതരണം [സം.-തരണ] നാ. 1. ഇറങ്ങിവരൽ; 2. ഈശ്വരൻ മനുഷ്യരിലേക്ക് ഇറങ്ങിവരൽ; 3. കൽപ്പടവ്; 4. മുഖവുര.
അവതരണി [സം.-തരണീ] നാ. 1. മുഖവുര; 2. ക്രമം, മുറ; 3. ജെട്ടി, കടൽപ്പാലം.
അവതരണിക [സം.-തരണികാ] നാ. അവതാരിക.
അവതരം [സം.-തര] നാ. 1. ഇറക്കം; 2. അവതാരം.
അവതരിക്കുക [<സം.അവ-തൄ] ക്രി. 1. ഇറങ്ങുക; 2. ഈശ്വരാംശം മനുഷ്യർക്കിടയിലേക്ക് ഇറങ്ങിവരിക.
അവതരിപ്പിക്കുക [-ക്കുക>പ്രയോ.] ക്രി. അവതരിക്കത്തക്കവണ്ണം ചെയ്യുക; ഒരു സമൂഹത്തിൻെറ മുമ്പാകെ പ്രദർശിപ്പിക്കുക, പരിചയപ്പെടുത്തുക.
അവതാ [സം.അവുധാ] നാ. ആശ്രയിച്ചുപറയൽ.
അവതാനം [സം.അവ-താന] നാ. 1. വില്ലിൻെറ ഞാൺ അഴിച്ചുവിടൽ; 2. പടർപ്പ്, വിതാനം, പന്തലിപ്പ്.
അവതാരക [സം.-താരക] വി. അവതരിപ്പിക്കുന്ന.
അവതാരകൻ [സം.-താരക<തൃ] നാ. അവതരിപ്പിക്കുന്ന ആൾ.
അവതാരണം [സം.-താരണ] നാ. താഴേക്കിറക്കൽ, അവതരിപ്പിക്കൽ.
അവതാരം [സം.-താര] നാ. 1. ഇറങ്ങൽ, താഴത്തേക്കുവരൽ; 2. ദേവതാപ്രഭാവമുള്ളവർ മനുഷ്യരൂപത്തിൽ സ്വർഗത്തിൽനിന്ന് ഇറങ്ങിവരിക, വിശിഷ്ടമായ ജനനം; 3. ആവിർഭാവം, വളർച്ച; 4. പുണ്യസ്ഥലം; 5. കടവ്, തീർഥം; 6. തർജുമ.
അവതാരിക [സം.-താരികാ] നാ. ആമുഖഭാഗം, ശ്രദ്ധയിൽപ്പെടുത്തൽ.
അവതാരിത [സം.-താരിത] വി. അവതരിപ്പിക്കപ്പെട്ട.
161
അവതാളൻ [സം.-താല] നാ. കൊള്ളരുതാത്തവൻ, കുഴപ്പക്കാരൻ.
അവതാളം [സം.-താല<താഡ] നാ. 1. പിഴച്ചതാളം; 2. തെറ്റ്, വിഡ്ഢിത്തം; 3. അപകടം.
അവതീർണ [സം.-തീർണ] വി. 1. അവതരിച്ച, ഇറങ്ങിയ; 2. ദേവാംശത്തിൽ ജനിച്ച.
അവതീർണർണ [സം.-തീർണ-ഋണ] വി. കടത്തിൽനിന്ന് മോചനം നേടിയ.
അവതുങ്ഗ [സം.-തുങ്ഗ] വി. പൊങ്ങിയതല്ലാത്ത.
അവതോക [സം.-തോകാ] നാ. അപകടംമൂലം ഗർഭമലസിയ സ്ത്രീയോ പശുവോ.
അവത്ത [സം.] വി. മുറിച്ചുകളഞ്ഞ.
അവത്രസ്ത [സം.അവ-ത്രസ്ത] വി. ഭയന്ന, പേടിച്ച.
അവദത്ത [സം.-ദത്ത] വി. 1. ദാനംചെയ്ത, കൊടുത്ത; 2. ചെയ്തുതീർന്ന.

അവദംശം [സം.-ദംശ<ദംശ്] നാ. 1. കറി; 2. മാംസംകൊണ്ടുള്ള തൊടുകറി; 3. ഗദായുദ്ധത്തിലെ ഒരു അടവ്.

അവദരണം [സം.-ദരണ] നാ. (പരുപോലെ) പൊട്ടൽ.

അവദാഘ [സം.-ദാഘ] നാ. 1. ചൂട്, വേവ്; 2. വേനൽ.

അവദാത [സം.-ദാത] വി. 1. വെളുത്ത, ശുഭ്രമായ; 2. ശുചിയാക്കിയ, തെളിഞ്ഞ, അഴുക്കുപോയ; 3. സുകൃതമുള്ള.

അവദാതം [സം.] നാ. 1. വെണ്മ, വെളുപ്പുനിറം; 2. മഞ്ഞ (പൊൻനിറം).

അവദാനം1 [സം.അവ-ദാന<ദാ] നാ. 1. നേട്ടം, മഹത്വം; 2. രാമച്ചം.

അവദാനം2 [സം.] നാ. മുറിക്കൽ, കഷണങ്ങളാക്കൽ.

അവദാരണം [സം.അവ-ദാരണ] നാ. 1. കീറൽ, മുറിക്കൽ, തകർക്കൽ; 2. തൂമ്പ, കൈക്കോട്ട്.

അവദാഹം [സം.-ദാഹ<ദഹ്] നാ. 1. ദാഹം മാറ്റുന്നത്, രാമച്ചം; 2. ദഹിപ്പിക്കൽ.

അവദാഹേഷ്ടം [സം.-ദാഹ-ഇഷ്ട] നാ. രാമച്ചം.

അവദിക്കുക [<സം.അവ-ദാ] ക്രി. മുറിക്കുക, ഭാഗിക്കുക, ഹവിസ്സിൻെറ ഭാഗം പ്രത്യേകം മാറ്റിവയ്ക്കുക.

അവദീർണ [സം.-ദീർണ] വി. 1. അവദാരണം ചെയ്ത, പിളർന്ന; 2. ഉരുക്കിയ; 3. പരിഭ്രമിച്ച.

അവദൂർ [സം.-ദൂർ] നാ. പിഴ, ദൂഷ്യം, നുണ.

അവദോഹം [സം.-ദോഹ] നാ. 1. പാൽകറന്നെടുക്കൽ; 2. പാല്.

അവദ്യോതനം [സം.-ദ്യോതന] നാ. വെളിച്ചം, പ്രകാശം.

അവദ്രങ്ഗം [സം.അവദ്-രങ്ഗ] നാ. കട, ചന്ത.

അവധാതവ്യ [സം.-ധാതവ്യ] വി. ശ്രദ്ധേയമായ.

അവധാനം [സം.-ധാന] നാ. ശ്രദ്ധ, മനസ്സിരുത്തൽ, താത്പര്യം.

അവധാനി [സം.-ധാനിൻ] നാ. 1. ശ്രദ്ധയുള്ളവൻ; 2. വേദത്തിൽ നല്ല പരിജ്ഞാനമുള്ളവൻ.

അവധായി [സം.-ധായിൻ<ധാ] നാ. ഏറെ കരുതലുള്ളവൻ. (സ്ത്രീ.) അവധായിനീ.

അവധാരക [സം.-ധാരക<ധൃ] വി. കൃത്യമായി നിർണയിച്ചു പറയുന്ന, ഉറപ്പിച്ചുപറയുന്ന.

അവധാരണ [സം.-ധാരണ] വി. പരിധി നിയന്ത്രിക്കുന്ന, ഉറപ്പിച്ചു പറയുന്ന.

അവധാരണനിപാതം [സം.-ധാരണ-നിപാത] നാ. വേർതിരിച്ചു കാണിക്കാൻ നാമം ക്രിയ മുതലായ ശബ്ദങ്ങളോടു ചേർത്തു പ്രയോഗിക്കുന്ന 'ഏ' എന്ന നിപാതം. ഉദാ: രാമനേ രാവണനെ കൊല്ലൂ; പറയാനേകഴിയൂ.

അവധാരണം [സം.-ധാരണ] നാ. 1. നിർണയം, തീർച്ച; 2. ഉറപ്പിച്ചുപറയൽ; 3. പദങ്ങളുടെ അർഥനിർണയം; 4. മനസ്സിലാക്കൽ.

അവധാരണീയ [സം.-ധാരണീയ] വി. അവധാരണയോഗ്യമായ, മനസ്സിലാക്കേണ്ട.

അവധാരം [സം.-ധാര] നാ. തീർച്ചപ്പെടുത്തൽ, തിട്ടപ്പെടുത്തൽ.

അവധാരിത [സം.-ധാരിത] വി. അവധാരണംചെയ്ത, അറിഞ്ഞ.

അവധാര്യ [സം.-ധാര്യ] വി. അവധാരണീയ.

അവധാവനം [സം.-ധാവന<ധാവ്] നാ 1. ഓടിച്ചുപിടിക്കൽ; 2. അലക്ക്, വൃത്തിയാക്കൽ.

അവധാവിത [സം.-ധാവിത] വി. അവധാവനം ചെയ്യപ്പെട്ട.

അവധി [സം.അവ-ധി<ധാ] നാ. 1. അതിർത്തി, അവസാനം, സമാപ്തി, (കാലത്തിലോ ദേശത്തിലോ) അറ്റം; 2. നിശ്ചിതസമയം, ഒരു പ്രവൃത്തിക്കായി തീർച്ചപ്പെടുത്തിയിരിക്കുന്ന കാലം; 3. ഊഴം, മുറ; 4. തവണ, ഗഡു; 5. ഒഴിവ്, ഒഴിവുകാലം. അവ്യ. വരെ, ഉൾപ്പെടെ.

അവധിക്രയം [സം.അവധി-ക്രയ<ക്രീ] നാ. ഉപാധികൾ അനുസരിച്ചുള്ള വിൽപ്പന.

അവധിജ്ഞാനം [സം.-ജ്ഞാന] നാ. (ജൈന.) പ്രപഞ്ചത്തെ മുഴുവൻ ഗ്രഹിക്കുന്ന ജ്ഞാനം, ഇന്ദ്രീയാതീതമായ ജ്ഞാനം.

അവധീരണൻ [സം.-ധീരണ] നാ. യോഗി, വർണാശ്രമ ധർമങ്ങളെയും ലൗകികബന്ധങ്ങളെയും പരിത്യജിച്ചവൻ.

അവധീരണം [സം.അവ-ധീരണ] നാ. 1. നിരാകരണം, തള്ളിപ്പറയൽ; 2. അവമാനിക്കൽ, നിന്ദിക്കൽ.

അവധീരിത [സം.-ധീരിത] വി. അവമാനിച്ച, നിന്ദിച്ച.

അവധൂകൻ [സം.അ-വധൂക] നാ. ഭാര്യയില്ലാത്തവൻ.

അവധൂത [സം.അവ-ധൂത] വി. 1. അകലത്തെറിഞ്ഞ, ദൂരെക്കളഞ്ഞ; 2. നിന്ദിക്കപ്പെട്ട.

അവധൂപിത [സം.-ധൂപിത<ധൂപ്] വി. സുഗന്ധദ്രവ്യങ്ങളിട്ടു പുകച്ച.

അവധൂലനം [സം.-ധൂലന] നാ. 1. ചിതറൽ; 2. പൊടിക്കൽ.

അവധൃത [സം.-ധൃത<ധൃ] വി. അവധാരണം ചെയ്ത, തീർച്ചയറിഞ്ഞ, നിശ്ചയിച്ച, നിർണയിച്ച.

അവധേയ [സം.-ധേയ<ധാ] വി. പ്രത്യേക ശ്രദ്ധ അർഹിക്കുന്ന.

അവധ്യ [സം.അ-വധ്യ] വി. വധാർഹമല്ലാത്ത.

അവധ്വംസ(ന)ം [സം.അവ-ധ്വംസ(ന)<ധ്വംസ്] നാ. 1. പൊടിക്കൽ; 2. തളിക്കൽ; 3. ഉപേക്ഷിക്കൽ; 4. അവമാനിക്കൽ; 5. നശിപ്പിക്കൽ.

അവധ്വംസം [സം.] നാ. 1. തളിക്കൽ; 2. ഉപേക്ഷിക്കൽ; 3. പൊടി; 4. അനാദരം.

അവധ്വസ്ത [സം.അവ-ധ്വസ്ത] വി. 1. നശിപ്പിച്ച; 2. പൊടിച്ച; 3. പ്രോക്ഷണംചെയ്ത; 4. ഉപേക്ഷിച്ച; 5. അവമാനിക്കപ്പെട്ട.

അവൻ സ.നാ. 1. പ്ര.പു.പുംലിം.,ഏ.വ. ആ മനുഷ്യൻ. അകലെ നിൽക്കുന്ന അല്ലെങ്കിൽ നിർദേശിക്കപ്പെട്ട ആൾ; 2. ആഖ്യാതനാമം ഉണ്ടാക്കാൻ പേരെച്ചത്തോടു ചേർക്കുന്ന ഒരു പ്രത്യയം. ഉദാ: പോകുന്ന + അവൻ = പോകുന്നവൻ.

അവനത [സം.അവ-നത] വി. 1. കുനിഞ്ഞ, കുമ്പിട്ട, വളഞ്ഞ, അധോമുഖമായ; 2. തൂങ്ങിയ; 3. മുങ്ങിയ, താണുകിടക്കുന്ന.

അവനതയന്ത്രം [സം.അവനത-യന്ത്ര] നാ. തറയുടെയും മറ്റും നിരപ്പറിയുന്നതിനുള്ള ഉപകരണം.

അവനതി [സം.-നതി<നമ്] നാ. 1. കുനിയൽ, കുമ്പിടൽ, നമസ്കാരം; 2. വിനയം; 3. അസ്തമയം; 4. (വില്ല് എന്നപോലെ) വളയൽ.

അവനദ്ധ [സം.-നദ്ധ<നഹ്] വി. ബന്ധിച്ച, കെട്ടിയ.

അവനദ്ധം [സം.] നാ. നാലുതരം വാദ്യവിഭാഗങ്ങളിൽ ഒന്ന്. (ചെണ്ട, മൃദങ്ഗം മുതലായവ.)

അവനം [സം.അവന<അവ] നാ. രക്ഷണം, പാലനം, പോറ്റൽ.

അവനമനം [സം.അവ-നമന] നാ. കുനിയൽ, നമസ്കരിക്കൽ.

അവനമിക്കുക [<സം.അവ-നമ്] ക്രി. കുനിയുക, താണുവണങ്ങുക, നമസ്കരിക്കുക.

അവനമ്ര [സം.-നമ്ര] നാ. കുനിഞ്ഞ, നമിച്ച.
അവനയനം [സം.-നയന] നാ. = അപനയനം.
അവനയിക്കുക [<സം.അവ-നീ] ക്രി. 1. താഴത്തേക്കു കൊണ്ടുപോകുക; 2. വീഴ്ത്തുക, ഒഴിക്കുക.
അവനവൻ [അവൻ-അവൻ; ഇരട്ടിപ്പ്] സ.നാ. താൻതാൻ, ഓരോരുത്തനും.
അവനാട [സം.] വി. = അവടീട.
അവനാമം [സം.അവ-നാമ] നാ. അവനമിക്കൽ, വണങ്ങൽ.
അവനാഹം [സം.-നാഹ] നാ. കെട്ടൽ, ഉടുത്തുകെട്ടൽ, അണിയൽ.
അവനി [സം.] നാ. 1. ഭൂമി, സ്ഥലം; 2. വിരൽ; 3. നദി; 4. ഒരുവൃത്തം (അതിജഗതീഛന്ദസ്സിൽ പെടുന്നു); 5. ഒരു ഔഷധച്ചെടി.
അവനിക്ത [സം.അവ-നിക്ത<നിജ്] വി. കഴുകിയ, തുടയ്ക്കപ്പെട്ട (അവനേജനം ചെയ്യപ്പെട്ട).
അവനിചര [സം.അവനി-ചര] വി. അലഞ്ഞുനടക്കുന്ന, അങ്ങുമിങ്ങും സഞ്ചരിക്കുന്ന.
അവനിജ1 [സം.-ജ] വി. ഭൂമിയിൽനിന്ന് ജനിച്ച.
അവനിജ2 [സം.-ജാ] നാ. ഭൂമിപുത്രിയായ സീത.
അവനിജൻ [സം.-ജ] നാ. 1. ചൊവ്വാഗ്രഹം; 2. നരകാസുരൻ.
അവനിതലം [സം.-തല] നാ. ഭൂമിയുടെ ഉപരിതലം.
അവനിദേവൻ [സം.-ദേവ] നാ. ഭൂദേവൻ, ബ്രാഹ്മണൻ.
അവനിധരം [സം.-ധര] നാ. ഭൂമിയെ വഹിക്കുന്നത്, പർവതം.
അവനിധാനം [സം.അവ-നിധാന<അവ-നി-ധാ] നാ. സൂക്ഷിക്കാനേൽപ്പിക്കൽ.
അവനിപതി [സം.-പതി] നാ. ഭൂമിയുടെ പതി, രാജാവ്.
അവനിപൻ [സം.-പി] നാ. ഭൂപാലൻ.
അവനിപാലൻ [സം.-പാല] നാ. അവനിപൻ.
അവനിപുത്രൻ [സം.-പുത്ര] നാ. അവനിജൻ.
അവനിപുത്രി [സം.-പുത്രീ] നാ. അവനിജ.
അവനിപ്പന നാ. നിലംപന
അവനിഭുക് [സം.അവനി-ഭുജ്] നാ. രാജാവ്.
അവനിഭൃത്ത് [സം.-ഭൃത്] നാ. രാജാവ്.
അവനിമണ്ഡലം [സം.-മണ്ഡല] നാ. ഭൂമണ്ഡലം.
അവനിമാത് [സം.അവനി-മ. മാത്] നാ. ഭൂമീദേവി.
അവനിരുഹം [സം.അവനീ-രുഹ] നാ. അവനിയിൽ കുരുത്തത്, വൃക്ഷം.
അവനിവായു [സം.അവനി-വായു] നാ. മർദം മൂലം അടക്കിനിറുത്തപ്പെടുന്ന വായു.
അവനിശ്ചയം [സം.അവ-നിശ്ചയ] നാ. 1. അനുമാനം; 2. ഉറപ്പാക്കൽ.
അവനീതലം [സം.അവനീ-തല] നാ. അവനിതലം.
അവനീദേവൻ [സം.-ദേവ] നാ. ഭൂദേവൻ, ബ്രാഹ്മണൻ.
അവനീധ്രം [സം.-ധ്ര] നാ. അവനീധരം, പർവതം.
അവനീന്ദ്രൻ [സം.അവനീ-ഇന്ദ്ര] നാ. ഭൂമിക്ക് നാഥൻ.
അവനീപതി [സം.അവനീ-പതി] നാ. അവനീപതി, രാജാവ്.
അവനീശൻ [സം.-ഈശ] നാ. അവനീന്ദ്രൻ, രാജാവ്.

അവനേജനം [സം.അവ-നേജന<നിജ്] നാ. 1. കഴുകൽ; 2. സ്നാനം; 3. കൈകാലുകൾ കഴുകാനുള്ള ജലം; 4. ശ്രാദ്ധത്തിൽ പിണ്ഡംവയ്ക്കുവാനായി വിരിച്ച പുല്ലിന്മേൽ നീർവീഴ്ത്തൽ.

അവനേയ [സം.-നേയ<നീ] വി. അവനയിക്കത്തക്ക.

അവന്തി [സം.അവന്തീ] നാ. പ്രാചീനഭാരതത്തിൽ വിന്ധ്യനു വടക്കുണ്ടായിരുന്ന ഒരു രാജ്യം. ഉജ്ജയിനി.

അവന്തിക [സം.അവന്തികാ] നാ. ഉജ്ജയിനി.

അവന്തിസോമം [സം.അവന്തി-സോമ] നാ. പുളിച്ചകാടി.

അവന്ധ്യ1 [സം.അ-വന്ധ്യ] വി. ഫലമുള്ള.

അവന്ധ്യ2 [സം.-വന്ധ്യാ] നാ. മലടിയല്ലാത്തവൾ.

അവന്ധ്യത [സം.അവന്ധ്യ-താ] നാ. സന്താനോത്പാദനശേഷി.

അവപതനം [സം.അവ-പതന] നാ. താഴെവീഴൽ, കീഴോട്ടുള്ള ഗതി.

അവപതിക്കുക [<സം.അവ-പത്] ക്രി. 1. താഴെവീഴുക; 2. കീഴോട്ടു ചാടുകയോ പറക്കുകയോചെയ്യുക.

അവപഥ്യം [സം.-പഥ്യ] വി. പഥ്യമല്ലാത്തത്.

അവപന്ന [സം.-പന്ന] വി. 1. താഴെവീണ, വീഴ്ചപറ്റിയ; 2. കലർന്ന.

അവപാകം [സം.-പാക] നാ. മോശമായി പാകം ചെയ്തത്.

അവപാടിക [സം.-പാടികാ] നാ. ലിങ്ഗാഗ്രത്തിലെ തൊലിക്കു വരുന്ന പൊട്ടൽ.

അവപാതനം [സം.-പാതന] നാ. 1. (നാടകത്തിൽ) ഒരു കഥാപാത്രം പരിഭ്രമത്തോടെ പ്രവേശിക്കകയും ഒടുവിൽ സന്തോഷത്തോടെ മടങ്ങുകയും ചെയ്യുന്നത്; 2. അടിച്ചുവീഴ്ത്തൽ.

163

അവപാതം [സം.-പാത] നാ. 1. വീഴ്ച, വീഴൽ; 2. ഇറങ്ങൽ; 3. വലിയ കുഴിയുണ്ടാക്കി അതിൽ ചാടിച്ച് ആനയെ പിടിക്കുന്ന രീതി.

അവപാത്യ [സം.-പാത്യ] അവ്യ. വീഴിച്ചിട്ട്.

അവപാത്രൻ [സം.-പാത്ര] നാ. മ്ലേച്ഛൻ, ജാതിഭ്രഷ്ഠൻ (അവൻ ആഹാരം കഴിച്ചപാത്രം അശുദ്ധമായി കരുതപ്പെടുകയാൽ.)

അവപാത്രിതൻ [സം.-പാത്രിത] നാ. അവപാത്രൻ.

അവപാദം [സം.-പാദ] നാ. അധഃപതനം, വീഴ്ച.

അവപാലിത [സം.-പാലിത] വി. സംരക്ഷണം കിട്ടാതെ അവഗണിക്കപ്പെട്ട.

അവപാശിത [സം.-പാശിത] വി. ചുറ്റും വലവീശപ്പെട്ട.

അവപീഡ [സം.-പീഡ] വി. ചുറ്റിലും നിന്ന് അമർത്തപ്പെടുന്ന.

അവപീഡക [സം.-പീഡക] വി. തുമ്മലുണ്ടാക്കുന്ന (മരുന്ന്).

അവപീഡനം [സം.-പീഡന] നാ. 1. അമർത്തൽ, ഞെക്കൽ, പിഴിയൽ; 2. തുമ്മിപ്പിക്കൽ, നസ്യചികിത്സ.

അവപീഡം [സം.-ഈഡ] നാ. തുമ്മലുണ്ടാക്കുന്ന ഒരു ഔഷധം. നസ്യചികിത്സ.

അവപൂർണ [സം.-പൂർണ] വി. നിറഞ്ഞ, നിറച്ച.

അവപ്ലുത [സം.-പ്ലുത] വി. 1. മുഴുകിയ, മുങ്ങിയ; 2. താഴേക്കു ചാടിയ.

അവപ്ലൂതം [സം.] നാ. ഗദായുദ്ധത്തിലെ അടവുകളിൽ ഒന്ന്.

അവഫം [സം.] നാ. വയർപെരുക്കം, ആന്ത്രവായു.

അവബദ്ധ [സം.-ബദ്ധ] വി. നല്ലവണ്ണം ബന്ധിച്ച, ഉറപ്പിച്ച, ഉറച്ച, ധരിച്ച.

അവബാധ [സം.-ബാധാ] നാ. 1. വേദന; 2. തടയൽ, എതിർപ്പ്.
അവബാഹു(കം) [സം.-ബാഹു(ക)] നാ. അപബാഹു.
അവബുദ്ധ [സം.-ബുദ്ധ] വി. അറിയപ്പെട്ട, പഠിച്ച.
അവബുധ്യ [സം.-ബുധ്യ] അവ്യ. അറിഞ്ഞിട്ട്.
അവബോധക [സം.-ബോധക] വി. അവബോധം ഉണ്ടാക്കുന്ന.
അവബോധകൻ നാ. 1. ഉണർത്തുന്നവൻ, സ്തുതിപാഠകൻ; 2. സൂര്യൻ; 3. ഗുരുനാഥൻ.
അവബോധം [സം.-ബോധ] നാ. 1. അറിവ്; 2. ഉണർവ്; 3. ഉദ്ദേശ്യം, മനോഭാവം.
അവബ്രവം [സം.-ബ്രവ<ബ്രു] നാ. അപവാദം, മാനനഷ്ടം
അവഭങ്ഗം [സം.-ഭങ്ഗ] നാ. 1. ഒടിക്കൽ; 2. നശിപ്പിക്കൽ; 3. മൂക്കിൻെറ വളവ്; 4. രശ്മിക്കുണ്ടാകുന്ന ഗതിഭേദം, അപഭങ്ഗം.
അവഭയം [സം.-ഭയ] അവ്യ. ഭയം കൂടാതെ.
അവഭാഷണം [സം.-ഭാഷണ] നാ. പറച്ചിൽ, സംഭാഷണം.
അവഭാസക [സം.-ഭാസക] വി. പ്രകാശിപ്പിക്കുന്ന, പ്രകടമാക്കുന്ന.
അവഭാസകം [സം.] നാ. പരമാത്മാവ്.
അവഭാസം [സം.-ഭാസ] നാ. 1. ശോഭ, തേജസ്സ്; 2. ജ്ഞാനം, പ്രത്യക്ഷം; 3. ഭ്രമം, മിഥ്യാബോധം, തോന്നൽ.
അവഭാസി [സം.-ഭാസിൻ] വി. പ്രകാശിക്കുന്ന.
അവഭാസിക്കുക [<സം.അവ-ഭാസ്] ക്രി. 1. പ്രകാശിക്കുക; 2. ഇല്ലാത്തത് ഉള്ളതായി തോന്നുക.
അവഭാസിത [സം.-ഭാസിത] വി. 1. പ്രകാശിപ്പിക്കപ്പെട്ട; 2. പ്രകടമായ, തെളിഞ്ഞ.
അവഭാസിനി [സം.-ഭാസിനീ] നാ. ശരീരത്തിൻെറ ഏറ്റവും പുറമെയുള്ള തൊലി, (ക്യൂട്ടിക്കിൾ).
അവഭീ [സം.-ഭീ] നാ. പാപത്തെക്കുറിച്ചുള്ള ഭയം, അധർമഭീരുത്വം.
അവഭൃഥം [സം.-ഭൃഥ] നാ. 1. യജ്ഞസമാപ്തി; 2. യാഗദീക്ഷാവസാനത്തിലെ സ്നാനം; 3. പുണ്യാഹജലം.
അവഭൃഥസ്നാനം [സം.അവഭൃഥ-സ്നാന] നാ. യാഗാവസാനത്തിൽ നിർവഹിക്കുന്ന സ്നാനം.
അവഭേദ [സം.അവ-ഭേദ] നാ. ഖണ്ഡിക്കൽ, ഭേദിക്കൽ, തകർക്കൽ.
അവഭ്രട [സം.-ഭ്രട] വി. അവടീട.
അവഭ്രം [സം-ഭ്ര] നാ. അപഹരണം, തട്ടിക്കൊണ്ടുപോകൽ.
അവഭ്രഷ്ട [സം.-ഭ്രഷ്ട] വി. = അപഭ്രഷ്ട.
അവമ [സം.-മ] വി. 1. ഏറ്റവും താണ; 2. പാപിയായ; 3. ഏറ്റവും ഇളയ, ഒടുവിലുള്ള; 4. അടുത്ത, അടുപ്പമുള്ള.
അവമത [സം.-മത] വി. അവമാനിക്കപ്പെട്ട.
അവമതാങ്കുശ [സം.അവമത-അങ്കുശ] വി. തോട്ടിയെ അവഗണിക്കുന്ന ഭ്രാന്തനായ (ആന).
അവമതി [സം.അവ-മതി] നാ. അവമാനം.
അവമതിക്കുക [<സം.അവ-മന്] ക്രി. അനാദരിക്കുക, അപമാനിക്കുക, പരിഹസികുക.
അവമന്തവ്യ [സം.-മന്തവ്യ] വി. അവമാനിക്കത്തക്ക, ആക്ഷേപിക്കത്തക്ക.
അവമന്താവ് [സം.-മന്തൃ] നാ. ആക്ഷേപിക്കുന്നവൻ.
അവമന്ഥം [സം.-മന്ഥ] നാ. പരുകൊണ്ടും മറ്റും വരുന്ന നീര്.

അവമം [സം.-മ] നാ. 1. പാപ; 2. ഇളപ്പം
അവമർദനം [സം.-മർദന] നാ. 1. അമർത്തൽ, ഞെരിക്കൽ, മെതിക്കൽ, പൊടിക്കൽ; 2. തിരുമ്മൽ; 3. പീഡനം.
അവമർദപമ്പ് [സം.-മർദ-ഇം.പമ്പ്] നാ. കമ്പ്രഷൻ പമ്പ്‘
അവമർദം [സം.അവ-മർദ] നാ. 1. ഞെരിക്കൽ, അമർത്തൽ, പീഡനം; 2. ആലിങ്ഗനം; 3. ശത്രുരാജ്യം നശിപ്പിക്കൽ.
അവമർദമാപിനി [സം.അവമർദ-മാപിനീ] നാ. അവമർദം അളക്കുന്നതിനുള്ള ഉപകരണം.
അവമർദി [സം.അവ-മർദിൻ] നാ. അമർച്ച വരുത്തുന്നവൻ, പീഡിപ്പിക്കുന്നവൻ.
അവമർദിക്കുക [<സം.അവ-മർദ്] ക്രി. 1. ചവിട്ടിമെതിക്കുക; 2. പീഡിപ്പിക്കുക.
അവമർശം [സം.-മർശ] നാ. 1. സ്പർശം, സമ്പർക്കം; 2. ചിന്ത.
അവമർശസന്ധി [സം.-മർശ-സന്ധി] നാ. (സംസ്കൃത നാടകങ്ങളിലെ) വിമർശസന്ധി.
അവമർഷണം [സം.-മർഷണ] നാ. 1. അസഹിഷ്ണുത, ക്ഷമയില്ലായ്മ; 2. മറക്കൽ.
അവമര്യാദ [സം.-മര്യാദാ] നാ. = അപമര്യാദ.
അവമാനനം [സം.-മാനന] നാ. നിന്ദിക്കൽ, അനാദരിക്കൽ, പരിഹാസം.
അവമാനം [സം.-മാന] നാ. 1. അപമാനം, നിന്ദ, അവഗണന; 2. മാനഹാനി, കുറച്ചിൽ; 3. ഘനയളവ്.
അവമാനിക്കുക [<സം.അവ-മാന്] ക്രി. മാനക്കേടുവരുത്തുക, നിന്ദിക്കുക, മതിപ്പില്ലാതെ പെരുമാറുക.
അവമാനിത [സം.-മാനിത] വി. അവമാനിക്കപ്പെട്ട.
അവമാന്യ,അവമന്തവ്യ [സം.-മന്തവ്യ<മന്] വി. അവമാനം അർഹിക്കുന്ന.
അവമാർജനം [സം.-മാർജന<മൃജ്] നാ. 1. തൂത്തുകളയൽ, മായ്ച്ചുകളയൽ; 2. കുതിരയുടെ ദേഹം വൃത്തിയാക്കാൻ ഉപയോഗിക്കുന്ന ഇരുമ്പുബ്രഷ്, കുതിരച്ചീപ്പ്.
അവമിശ്രണം [സം.-മിശ്രണ] നാ. നേർമയാക്കൽ, കനം കുറയ്ക്കൽ.
അവമൂർധാവ് [സം.-മൂർധൻ] നാ. തൂങ്ങിയ ശിരസ്സോടുകൂടിയവൻ.
അവമോചനം [സം.-മോചന] നാ. 1. മോചിപ്പിക്കൽ, വിട്ടയയ്ക്കൽ; 2. പാർപ്പിടം, താവളം.
അവയജനം [സം.-യജന] നാ. പാപമോചനോപായം.
അവയവം [സം.] നാ. 1. ശരീരത്തിൻെറ അങ്ഗം, കൈ, കാൽ മുതലായവ; 2. ഒന്നിൻെറ അംശം, ഭാഗം; 3. (തർക്ക.) ന്യായവാക്യത്തിൻെറ ഒരുഭാഗം.
അവയവസംസ്ഥാനം [സം.-സംസ്ഥാന] നാ. അവയവങ്ങളുടെ യഥാസ്ഥാനമുള്ള സ്ഥിതി.
അവയവാർഥം [സം.-അർഥ] നാ. ഒരുപദത്തിൻെറ അംശങ്ങൾ പരിഗണിച്ചുള്ള അർഥം.
അവയവി [സം.അവയവിൻ] വി. അവയവങ്ങൾ ഉള്ള.
അവയസ്കൻ [സം.അ-വയസ്ക] നാ. പ്രായമെത്താത്തവൻ.
അവയാതാവ് [സം.അവ-യാതൃ] നാ. 1. വേർപെടുത്തുന്നവൻ; 2. സമാധാനപ്പെടുത്തുന്നവൻ (സ്ത്രീ.) അവയാത്രി.
അവയ്ക്കുക ക്രി. ഉരലിലിട്ട് ഉലക്കകൊണ്ടു കുത്തി അരിയുടെ തവിടുകളയുക.
അവർ സ.നാ. 1. പ്ര.പു.ബ.വ. ഉഭയലിങ്ഗം. ആ ആളുകൾ (അവൻ, അവൾ ഇവയുടെ ബ.വ.); 2. പൂ.ബ.വ.(പുംലിം) ആ മാന്യൻ, അദ്ദേഹം; 3. പൂ.ബ.വ. (സ്ത്രീ.) ആ മാന്യസ്ത്രീ; 4. ഒരു ആഖ്യാതനാമപ്രത്യയം. ഉദാ: ചെയ്തവൾ.

അവർകൾ സ.നാ. (ബഹുത്വത്തെ കാണിക്കുന്ന രണ്ടു പ്രത്യയങ്ങൾ) 1. അവർ; 2. ബഹുമാന സൂചകമായി പേരിൻെറയോ സ്ഥാനനാമത്തിൻെറയോ പിന്നാലെ ചേർക്കുന്ന പദം. ഉദാ: ഗോപിനാഥൻ അവർകൾ.
അവർഗം [സം.അ-വർഗ] നാ. (ഗണിത.) പൂർണമായ വർഗമൂലമില്ലാത്ത സങ്ഖ്യ.
അവർഗീകൃത [സം.-വർഗീ-കൃത] നാ. തരംതിരിക്കപ്പെടാത്ത, വർഗീകരിക്കപ്പെടാത്ത.
അവർജിത [സം.-വർജിത] വി. വർജിക്കാത്ത.
അവർജ്യ [സം.-വർജ്യ] വി. ഉപേക്ഷിക്കാൻ പാടില്ലാത്ത.
അവർണം1 [സം.-വർണ] നാ. 'അ' എന്ന വർണം.
അവർണം2 [സം.] 1. അപവാദം, നിന്ദ, കുറ്റം പറച്ചിൽ.
അവർണ്യം [സം.-വർണ്യ] നാ. 1. വർണിക്കപ്പെടാത്തത്; 2. (അലം.) അപ്രസ്തുതം, ഉപമാനം അപ്രകൃതം.
അവര1 നാ. അമര.
അവര2 [സം.അവര] വി. 1. പിന്നീടുള്ള, പിറകിലുള്ള; 2. പ്രായം കുറഞ്ഞ, ഇളയ; 3. കീഴിലുള്ള, അപ്രധാനമായ; 4. പടിഞ്ഞാറുള്ള; 5. വളരെ മെച്ചമായ; 6. ഒടുക്കത്തെ, അവസാനത്തെ.
അവര3 [സം.അവരാ] നാ. ദുർഗ.
അവരജ1 [സം.അവര-ജ] വി. 1. പിന്നീടുജനിച്ച, ഇളയ; 2. നീചകുലത്തിൽ ജനിച്ച, താണ.
അവരജ2 [സം.-ജാ] നാ. ഇളയ സഹോദരി, അനുജത്തി.
അവരജൻ [സം.-ജ] നാ. 1. അനുജൻ; 2. ശൂദ്രൻ.
അവരജം [സം.] നാ. 1. പിമ്പുറം; 2. ആനയുടെ പിൻകാൽത്തുട.
അവരത1 [സം.അവര-താ] നാ. പിന്നോക്കസ്ഥിതി, താണനില.
അവരത2 [സം.അവ-രത<രമ്] വി. വിരമിച്ച, നിന്നുപോയ.
അവരതി [<സം.-രതി] നാ. നിറുത്ത്, വിരാമം.
അവരപക്കം [പ.മ. പ്രാ. അവര + പ്രാ.പക്ഖ<സം.പക്ഷ] നാ. കൃഷ്ണപക്ഷം.
അവരം1 [സം.അപര] നാ. 1. ആനയുടെ പിൻകാൽമുട്ടിൻെറ കീഴ്ഭാഗം; 2. പ്രധാനമല്ലാത്ത അങ്ഗം.
അവരം2 [സം.അ-വര] വി. വരിക്കാത്ത, ശ്രേഷ്ഠമല്ലാത്ത.
അവരമിക്കുക [<സം.അവ-രമ്] ക്രി. അവസാനിക്കുക, നിൽക്കുക.
അവരവർ [ഇരട്ടിപ്പ്] താന്താങ്ങൾ, ഓരോരുത്തർ, പലർ.
അവരവർണ [സം.അവര-വർണ] വി. കീഴ്ജാതിയിൽപ്പെട്ട.
അവരവ്രതൻ [സം.-വ്രത] നാ. സൂര്യൻ.
അവരശൈലം [സം.-ശൈല] നാ. പശ്ചിമപർവതം, അസ്തമയപർവതം.
അവരഹസ [സം.അവ-രഹസ] വി. വിജനമായ, ആൾപാർപ്പില്ലാത്ത.
അവരാജിത നാ. = അപരാജിത.
അവരാർധം നാ. = അപരാർധം.
അവരാർധ്യ [സം.അവര-അർധ്യ] വി. 1. ഒടുവിൽ ഭവിച്ച; 2. രണ്ടാമത്തെ പകുതിയെ സംബന്ധിച്ച.
അവരാവര [സം.-അവര] വി. ഏറ്റവും താണ.
അവരാഹകം [സം.] നാ. 1. ചീങ്കണ്ണി; 2. കോർമുതല, ശ്രാവ്; 3. നീരാളി.

അവരികൻ [സം.<അവര] നാ. താഴെയുള്ളവൻ, താണവൻ.
അവരീണ [സം.<അവര] വി. അധരീണ, ധിക്കരിക്കപ്പെട്ട, താഴ്ത്തിയ, അവഗണിക്കപ്പെട്ട.
അവരുഗ്ണ [സം.അവ-രുഗ്ണ<രുജ്] വി. 1. പൊട്ടിയ, കീറിയ; 2. രോഗംപിടിച്ച.
അവരുഗ്ണം [സം.] നാ. ഒടിവ്, കീറൽ.
അവരുദ്ധ [സം.അവ-രുദ്ധ<രുധ്] വി. 1. തടയപ്പെട്ട; 2. തടവിലാക്കപ്പെട്ട; 3. വളയപ്പെട്ട, മറച്ച; 4. അവരോധത്തിൽ (അന്തഃപുരത്തിൽ) അടയ്ക്കപ്പെട്ട; 5. വേഷം മാറിയ.
അവരുദ്ധൻ നാ. 1. തടവിലാക്കപ്പെട്ടവൻ; 2. പ്രത്യേകമായി ഒരിടത്ത് ബന്ധനത്തിലാക്കപ്പെട്ടവൻ.
165
അവരുദ്ധി [സം.അവ-രുദ്ധി] നാ. തടവ്, നിരോധം.
അവരൂഢ [സം.-രൂഢ<രുഹ്] വി. 1. ഇറങ്ങിയ; 2. ഉന്മൂലനംചെയ്ത, വേരുപോലും നഷ്ടപ്പെട്ട.
അവരൂപ [സം.-രൂപ] വി. 1. അപരൂപ, വിരൂപമായ; 2. തരം താഴ്ത്തപ്പെട്ട.
അവരോക്ത [സം.അവര-ഉക്ത<വച്] വി. ഒടുവിൽ പറയപ്പെട്ട.
അവരോചകം [സം.അവ-രോചക<രുച്] നാ. വിശപ്പില്ലായ്മ, അജീർണം.
അവരോധകൻ [സം-രോധക] നാ. അവരോധം സൂക്ഷിക്കുന്നവൻ. (സ്ത്രീ.) അവരോധിക.
അവരോധകം [സം.] നാ. വേലി.
അവരോധകഴകം [സം.അവരോധ-മ.കഴകം] നാ. രക്ഷാപുരുഷന്മാരെ അവരോധിക്കുവാനുള്ള കഴകം.
അവരോധനം [സം.അവ-രോധന] നാ. വളഞ്ഞുവയ്ക്കൽ.
അവരോധനമ്പി [സം.അവരോധ-മ.നമ്പി] നാ. കേരളത്തിൽ രക്ഷാപുരുഷന്മാരായി അവരോധിക്കപ്പെട്ടിരുന്ന അർധബ്രാഹ്മണരുടെ സ്ഥാനനാമം.
അവരോധം1 [സം.അവ-രോധ<രുധ്] നാ. 1. തടസ്സം; 2. തടവ്; 3. അന്തഃപുരം (അന്യരുടെ പ്രവേശനത്തെ തടുക്കുന്നതിനാൽ); 4. രാജപത്നി, അന്തഃപുരസ്ത്രീ; 5. വേലി, അതിര്; 6. ഉപരോധം, സൈന്യത്തെക്കൊണ്ട് നഗരം വളയൽ.
അവരോധം2 [സം.] നാ. അധികാരത്തിൽ ഏറ്റൽ, അവരോധിക്കൽ.
അവരോധികൻ [സം.] നാ. = അവരോധകൻ.
അവരോധിക്കുക1 [<സം.അവ-രുധ്] ക്രി. 1. തടയുക, നിരോധിക്കുക; 2. വളയുക, ഉപരോധിക്കുക; 3. തടവിൽ വയ്ക്കുക.
അവരോധിക്കുക2 [സം.] ക്രി. വാഴിക്കുക, അധികാരത്തിൽ പ്രതിഷ്ഠിക്കുക.
അവരോപണം [സം.അവ-രോപണ<രുഹ്] നാ. 1. വേരോടെ പിഴുതുമാറ്റൽ, ഉന്മൂലനം; 2. താഴത്തേക്ക് ഇറക്കൽ.
അവരോപം [സം.-രോപ] നാ. = അവരോപണം.
അവരോപിത [സം.-രോപിത] വി. 1. ഉന്മൂലനം ചെയ്യപ്പെട്ട; 2. താഴത്തിറക്കിയ, ഇറക്കിവച്ച.
അവരോപിതൻ [സം.-രോപിത] നാ. 1. കെട്ടിത്തൂക്കി കൊല്ലപ്പെട്ടവൻ; 2. താഴത്തിറക്കപ്പെട്ടവൻ.
അവരോഹക്രമം [സം.-രോഹ-ക്രമ] നാ. കീഴോട്ടുള്ള മുറ, അവരോഹത്തിൻെറ ക്രമം.

അവരോഹണം [സം.-രോഹണ<രുഹ്] നാ. 1. ഇറങ്ങൽ, ഇറക്കം; 2. സപ്തസ്വരങ്ങളുടെ യഥാക്രമമായ ഇറക്കം.

അവരോഹം [സം.-രോഹ] നാ. 1. അവരോഹണം; 2. ആലിൻെറയും മറ്റും ശാഖയിൽനിന്ന് വളരുന്ന വേര്, താങ്ങുവേര്; 3. മരത്തിൽനിന്ന് വളരുന്നു തലപ്പത്തേക്കു കരറുന്ന വള്ളി; 4. സ്വർഗം.

അവരോഹി [സം.-രോഹിൻ] നാ. അവരോഹമുള്ളത്, വടവൃക്ഷം.

അവരോഹിക [സം.-രോഹികാ] നാ. അമുക്കൂരം.

അവരോഹിണി [സം.-രോഹിണീ] വി. താഴേക്കിറങ്ങുന്ന.

അവരോഹിണീദശ [സം.അവരോഹിണീ-ദശാ] അത്യുച്ചത്തിൽനിന്ന് അതിനീചത്തിലേക്കിറങ്ങുന്ന ഗ്രഹത്തിൻെറ ദശ.

അവരോഹിത [സം.-രോഹിത] വി. ഇളംചുവപ്പായ.

അവൽ [പ്രാ.റവ] നാ. നെല്ല് വറുത്തിടിച്ച് തീരെ കനം കുറച്ച് ഉണ്ടാക്കുന്നത്.

അവൽപ്പൊരി നാ. 1. അവൽപൊരിച്ചത്; 2. അമൽപ്പൊരി.

അവലക്ഷണം [സം.അവ-ലക്ഷണ] നാ. 1. ഭങ്ഗി ഇല്ലായ്മ; 2. വൈകല്യം, വൈരൂപ്യം; 3. ദുശ്ശകുനം; 4. യോഗ്യമല്ലാത്ത പെരുമാറ്റം; 5. ലക്ഷണംകെട്ടത്.

അവലക്ഷം [സം.-ലക്ഷ] നാ. വെളുപ്പുനിറം.

അവലക്ഷ്മി [സം.-ലക്ഷ്മീ] നാ. അശ്രീ, മൂധേവി, ജ്യേഷ്ഠ (ചേട്ട).

അവലഗിതം [സം.-ലഗിത] നാ. നാടകത്തിലെ ഒരുതരം പ്രസ്താവന, പ്രകൃതത്തെപ്പറ്റി പറയുമ്പോൾ അപ്രകൃതമെന്നനിലയിൽ ഒരു കഥാപാത്രം പ്രവേശിക്കുന്നതായി സൂചിപ്പിക്കുന്നത്.

അവലഗ്ന [സം.-ലഗ്ന<ലഗ്] വി. 1. പറ്റിച്ചേർന്ന; 2. തൂങ്ങിക്കിടക്കുന്ന.

അവലഗ്നം [സം.] നാ. 1. അരക്കെട്ട്; 2. പറ്റിച്ചേരുന്നത്, തൂങ്ങിക്കിടക്കുന്നത്.

അവലംബകം [സം.അവ-ലംബക] നാ. നെഞ്ചിൽ ഉള്ള ശ്ലേഷ്മധാതു, കഫം.

അവലംബനം [സം.-ലംബന] നാ. തൂങ്ങിക്കിടക്കൽ, ആശ്രയം, ആധാരം.

അവലംബം [സം.-ലംബ] നാ. 1. ആശ്രയിക്കൽ, തൂങ്ങൽ; 2. ആധാരം, താങ്ങ്; 3. ഊന്നുവടി.

അവലംബിക്കുക [<സം.അവ-ലമ്ബ്] ക്രി. 1. തൂങ്ങിക്കിടക്കുക, മറ്റൊന്നിനെ ആശ്രയിച്ചു സ്ഥിതിചെയ്യുക; 2. ആശ്രയിക്കുക, പറ്റിച്ചേരുക; 3. സ്വീകരിക്കുക, കൈക്കൊള്ളുക, പ്രാപിക്കുക; 4. ആധാരമാക്കുക, ആസ്പദമാക്കുക, പ്രമാണമാക്കുക.

അവലംബിത [സം.-ലംബിത] വി. ആശ്രയിച്ച, തൂങ്ങിക്കിടക്കുന്ന, ആധാരമാക്കിയ.

അവലംബിതം [സം.] നാ. ഒരുതരം രതിബന്ധം.

അവലംബ്യ [സം.അവ-ലംബ്യ] അവ്യ. അവലംബിച്ചിട്ട്.

അവലാപം [സം.-ലാപ] നാ. അപലാപം.

അവലിപ്ത [സം.-ലിപ്ത] വി. 1. ലേപനം ചെയ്ത, പൂശപ്പെട്ട; 2. അഹങ്കരിക്കുന്ന, മദിച്ച.

അവലീഢ [സം.-ലീഢ<ലിഹ്] വി. 1. നനഞ്ഞ, അല്പമായി രുചിക്കപ്പെട്ട; 2. നശിപ്പിക്കപ്പെട്ട; 3. അവഗണന, നിന്ദ.

അവലീന [സം.-ലീന] വി. 1. ഒളിച്ചിരിക്കുന്ന; 2. കൂട്ടം പിരിഞ്ഞു കാണാതായ.

അവലീല [സം.-ലീലാ] നാ. 1. കളി, വിനോദം; 2. അവഗണന, നിന്ദ.

അവലുഞ്ചനം [സം.-ലുഞ്ചന<ലുഞ്ച്] നാ. 1. ഛേദനം; 2. പിഴുതുകളയൽ, വലിച്ചെടുക്കൽ.

അവലുണ്ഠനം [സം.-ലുണ്ഠന<ലുണ്ഠ്] നാ. 1. നിലത്തുകിടന്ന് ഉരുളൽ; 2. കവർച്ച.
അവലൂസ് നാ. 1. അരിമാവിൽ തേങ്ങാപ്പാലോ തേങ്ങാപ്പീരയോ ചേർത്ത് വറുത്തെടുക്കുന്നത്; 2. അവൽപ്പൊരി, അവൽ പൊരിച്ചത്; 3. അമൽപ്പൊരി.
അവലേഖനം [സം.അവ-ലേഖന] നാ. 1. തുടച്ചുകളയൽ, മായ്ച്ചുകളയൽ, കള്ളമായി കണക്കുതീർക്കൽ; 2. ചീകൽ.
അവലേഖം [സം.-ലേഖ്] നാ. 1. ചുരണ്ടിക്കളയൽ; 2. (സങ്ഗീ.)വീണയിൽ ഗമകങ്ങൾ വരുത്തുവാൻ നടുവിരൽകൊണ്ടു മാത്രമായി കീഴ്പ്പോട്ടു തന്ത്രികളെ മീട്ടുന്ന സമ്പ്രദായം.
അവലേഖിനി [സം.-ലേഖിനീ] നാ. ചീപ്പ്.
അവലേപനം [സം.-ലേപ] നാ. 1. പൂശൽ; 2. ലേപനം ചെയ്യാനുള്ളത്, കുറിക്കൂട്ട്; 3. ചന്ദനമരം; 4. ഔദ്ധത്യം, അഹങ്കാരം.
അവലേപം [സം.] നാ. 1. പൂച്ച്; 2. അഹങ്കാരം; 3. ആഭരണം.
അവലേഹം,-ഹനം [സം.അവ-ലേഹ<ലിഹ്] നാ. 1. നക്കുക; 2. നക്കിത്തിന്നുന്ന ഭക്ഷ്യം, ലേഹ്യം.
അവലേഹിക [സം.-ലേഹികാ] നാ. ലേഹ്യം.
അവലോകനം [സം.-ലോകന] നാ. 1. കാണൽ, കാഴ്ച; 2. പരിഗണന.
അവലോകയിതാവ് [സം.-ലോകയിതൃ] നാ. അവലോകനം ചെയ്യുന്നവൻ. (സ്ത്രീ.) അവലോകയിത്രീ.
അവലോകി [സം.-ലോകിൻ] നാ. അവലോകനം ചെയ്യുന്നവൻ. (സ്ത്രീ.) അവലോകിനീ.
അവലോകിക്കുക [<സം.അവ-ലോക്] ക്രി. കാണുക, നോക്കുക, അവലോകനം ചെയ്യുക.
അവലോകിത [സം.-ലോകിത] വി. അവലോകനം ചെയ്യപ്പെട്ട, നോക്കിയ, കണ്ട, നിരീക്ഷിച്ച.
അവലോകിതദൃഷ്ടി [സം.ലോകിത-ദൃഷ്ടി] നാ. കീഴോട്ടുള്ള നോട്ടം.
അവലോകിതേശ്വരൻ [സം.-ലോകിത-ഈശ്വര] നാ. ഒരു ബോധിസത്ത്വൻ.
അവലോക്യ [സം.-ലോക്യ] അവ്യ. നോക്കിയിട്ട്, കണ്ടിട്ട്.
അവലോപം [സം.അവ-ലോപ] നാ. 1. ഛേദനം, മുറിച്ചുകളയൽ; 2. ചുംബനം.
അവലോമ [സം.-ലോമ] വി. അനുകൂലമായ, ചേർച്ചയുള്ള.
അവല്ഗിതം [സം.അ-വല്ഗിത] നാ. കുതിരയുടെ ഒരുതരം ചാട്ടം.
അവല്ഗുജ [സം.-വൽഗു-ജ] വി. ഉത്തമകുലത്തിൽ ജനിക്കാത്ത, മോശപ്പെട്ട.
അവവദിതാവ് [സം.അവ-വദിതൃ] നാ. വിധികർത്താവ്, മധ്യസ്ഥൻ, കുറ്റം പറയുന്നവൻ.
അവവം [<പാ.അബബം] നാ ഒരു വലിയ സംഖ്യ, ഒന്നിനോട് എഴുപത്തേഴു പൂജ്യം ചേർത്തത്.
അവവരകം [സം.അവ-വരക] നാ. 1. ദ്വാരം; 2. ജന്നൽ.
അവവാദം [സം.-വാദ] നാ. 1. അപവാദം; 2. അവിശ്വാസം; 3. കല്പന; 4. കുറ്റപ്പെടുത്തൽ.
അവവിദ്ധ [സം.-വിദ്ധ<വ്യധ്] വി. കീഴോട്ട് എറിഞ്ഞ.
അവവ് [പ.മ.അവു-അവു] സ.നാ. അതത് എന്നതിൻെറ ബ.വ.

അവശ [സം.അ-വശ] വി. 1. സ്വാധീനമില്ലാത്ത, സ്വാധീനമല്ലാത്ത; 2. കഴിവില്ലാത്ത; 3. ക്ഷീണിച്ച; 4. കീഴ്പ്പെടാത്ത; 5. സ്വതന്ത്രമല്ലാത്ത. നാ. അവശത.
അവശം [സം.] അവ്യ. ക്ഷീണതയോടെ.
അവശാതനം [സം.അവ-ശാതന] നാ. ശോഷണം, വാടൽ, ഉണങ്ങൽ.
അവരാശി [<സം.അഭി-സാരികാ] നാ. വേശ്യ.
അവശിഷ്ടം [സം.അവ-ശിഷ്ട] നാ. അവശേഷിച്ചത്.
അവശീനം [സം.] നാ. തേൾ.
അവശീർണ [സം.അവ-ശീർണ] വി. തകർന്ന, ഉടഞ്ഞ.
അവശീർണക്രിയ [സം.-ശീർണ-ക്രിയാ] നാ. പിണങ്ങിപ്പോയവരുമായി ചെയ്യുന്ന സന്ധി.
അവശേഷ [സം.-ശേഷ] വി. ശേഷിച്ച.
അവശേഷം [സം.] നാ. 1. ബാക്കി; 2. അനുബന്ധം.
അവശേഷിക്കുക [<സം.അവ-ശിഷ്] ക്രി. ബാക്കിയാക്കുക, ഒരു കൂട്ടത്തിൽനിന്ന് ഏതാനും ചിലതുപോയിട്ട് ചിലതു മിച്ചം വരിക.
അവശേഷിത [സം.-ശേഷിത] വി. അവശേഷിച്ച.
അവശ്യ1 [സം.അവ-ശ്യാ] നാ. മൂടൽമഞ്ഞ്.
അവശ്യ2 [സം.അ-വശ്യ] വി. ഒഴിച്ചുകൂടാൻ പാടില്ലാത്ത, വശത്തില്ലാത്ത.
അവശ്യപുത്രൻ [സം.അവശ്യ-പുത്ര] നാ. മാതാപിതാക്കളെ അനുസരിക്കാത്ത പുത്രൻ.
അവശ്യം [സം.അ-വശ്യ] അവ്യ. കൂടിയേതീരൂ എന്ന മട്ടിൽ, ഒഴിച്ചുകൂടാൻപാടില്ലാത്ത വിധം, നിശ്ചയമായും.
അവശ്യംഭാവി [സം.അവശ്യം-ഭാവിൻ] വി. ഭവിച്ചേതീരൂ എന്നുള്ള.
അവശ്യായം [സം.അവ-ശ്യായ] നാ. 1. മഞ്ഞ്; 2. ഗർവം.
അവഷ്ടബ്ധ [സം.-സ്തബ്ധ] വി. 1. ഉറച്ചുനിൽക്കുന്ന, ഇളക്കം ഇല്ലാത്ത; 2. താങ്ങപ്പെട്ട, രക്ഷിച്ച, ആശ്രയിച്ച; 3. തൂങ്ങിക്കിടക്കുന്ന; 4. തടയപ്പെട്ട; 5. നിശ്ചേഷ്ടമാക്കിയ; 6. കെട്ടിയ, അനുബന്ധമാക്കിയ; 7. കീഴ്പ്പെടുത്തിയ.
അവഷ്ടംഭം [സം.-സ്തംഭ] നാ. 1. ആരംഭം; 2. അവലംബനം, താങ്ങ്; 3. തൂണ്; 4. സ്ഥൈര്യം, ധൈര്യം; 5. മദം, ആഹ്ലാദം; 6. സ്തംഭിച്ചുനിൽക്കൽ; 7. സ്വർണം; 8. തടസ്സം; 9. സ്തംഭനം എന്ന രോഗം, തളർവാതം.
അവഷ്ടംഭിക്കുക [<സം.അവ-സ്തംഭ്] ക്രി. 1. നിശ്ചലമാക്കുക; 2. ചാരുക, ആശ്രയിക്കുക.
അവസക്ത [സം.-സക്ത] വി. 1. തൂങ്ങിക്കിടക്കുന്ന; 2. ചേർന്നിരിക്കുന്ന; 3. താത്പര്യമുള്ള, ആഗ്രഹമുള്ള, അഭിനിവേശമുള്ള.
അവസക്ഥിക [സം.-സക്ഥിക] നാ. 1. കാൽപ്പട്ട, കാല്മടക്കിയിരിക്കുമ്പോൾ തുടയും കാൽമുട്ടും ചുറ്റി കെട്ടുന്ന മുണ്ട്; 2. മുട്ടുകുത്തിയുള്ള ഇരിപ്പ്.
അവസജ്ജനം [സം.-സജ്ജന] നാ. 1. ആശ്ലേഷം, പുൽകൽ; 2. പറ്റിയിരിക്കൽ.
അവസഞ്ജനം [സം.-സഞ്ജന] നാ. 1. അവസജ്ജനം; 2. പൂണുനൂൽ.
അവസഥം [സം.-സഥ] നാ. 1. വാസസ്ഥലം; 2. (അവസ്ഥ) ഗ്രാമം; 3. വിദ്യാലയം; 4. സത്രം, താവളം, വഴിയമ്പലം.
അവസഥ്യം [സം.-സ്ഥ്യ] നാ. വിദ്യാലയം.
അവസൻ [സം.] നാ. 1. രാജാവ്; 2. സൂര്യൻ.

അവസന്ന [സം.അവ-സന്ന<സദ്] വി. 1. തളർന്ന, ക്ഷീണിച്ച; 2. മനസ്സിടിഞ്ഞ, ദു:ഖിച്ച; 3. അവസാനിച്ച, നിന്നുപോയ; 4. കാര്യപ്രാപ്തിയില്ലാത്ത; 5. നഷ്ടപ്പെട്ട. നാ. അവസന്നത.
167
അവസന്നവർഗം [സം.അവസന്ന-വർഗ] നാ. (രാഷ്ട്ര.) അവശവർഗം.
അവസം [സം.] നാ. 1. ആഹാരം (വഴിച്ചോറ്); 2. എരിക്ക്.
അവസർഗ [സം.അവ-സർഗ<സൃജ്] നാ. 1. മോചനം, അഴിച്ചുവിടൽ, അയച്ചുവിടൽ; 2. ഇഷ്ടമ്പോലെ കഴിയൽ.
അവസർജനം [സം.-സർജന] നാ. = അവസർഗം.
അവസർപ്പണം [സം.-സർപണ<സൃപ്] നാ. താഴേക്കിറങ്ങൽ.
അവസരം [സം.-സര] നാ. 1. സന്ദർഭം, ഉചിതകാലം; 2. വിശ്രമസമയം, ഇളവ്; 3. സൗകര്യമുള്ള സമയം; 4. മഴപെയ്യൽ; 5. വത്സരം.
അവസരവാദി [സം.അവസര-വാദിൻ] നാ. സന്ദർഭത്തിനൊത്തപോലെ പറയുന്നവൻ.
അവസരസമത്വം [സം.-സമത്വ] നാ. എല്ലാവർക്കും തുല്യമായ അവസരം ഉണ്ടാകുക എന്ന സ്ഥിതി.
അവസരസേവകൻ [സം.-സേവക] നാ. അവസരം അറിഞ്ഞ് സേവകൂടുന്നവൻ.
അവസരോക്തി [സം.-ഉക്തി] നാ. സന്ദർഭോചിതമായ വാക്ക്.
അവസരോചിത [സം.-ഉചിത] വി. സന്ദർഭത്തിനു യോജിച്ച.
അവസാദകം [സം.അവ-സാദക] വി. ക്ഷീണം ഉണ്ടാക്കുന്ന, തളർത്തുന്ന, മുഷിപ്പിക്കുന്ന.
അവസാദം1 [സം.-സാദ<സദ്] നാ. 1. തളർച്ച, അലസത, ക്ഷീണം; 2. നാശം; 3. അവസാനം; 4. (വ്യവഹാരത്തിൽ) തോൽവി.
അവസാദം2 [സം.] നാ. (മന.) ഉദ്വേഗം, അപരാധബോധം, സ്വാവമൂലനം, ആത്മഹത്യാവാസന എന്നീ അഭിലക്ഷണങ്ങളോടുകൂടിയ മാനസീകാസ്വാസ്ഥ്യം.
അവസാനം [സം.-സാന<സി] നാ. 1. ഒടുക്കം, അന്തം; 2. സമാപനം, വിരാമം, നിറുത്ത്; 3. അതിര്; 4. മരണം. (പ്ര.) അവസാനക്കൈ = ഒടുക്കത്തെ പ്രയോഗം.
അവസാനിക്കുക [<സം.അവ-സാന<സി] ക്രി. ഇല്ലാതാകുക, സമാപിക്കുക, കഴിയുക, ഒടുങ്ങുക, തീരുക.
അവസാമം [സം.-സാമൻ] നാ. മോശമായ പാട്ട്.
അവസാമാന്യം [സം.-സാമാന്യ] നാ. (മന.) പ്രസാമാന്യത്തിലും കുറവ്, പ്രധാനമായും ശരാശരിയിലും കുറഞ്ഞ ബുദ്ധിനിലവാരത്തെ സൂചിപ്പിക്കുന്നു.
അവസായം [സം.-സായ<സോ] നാ. 1. അവസാനം, സമാപ്തി, ഒടുക്കം; 2. തീർച്ച, നിശ്ചയം, നിർണയം.
അവസാരണം [<സം.-സാരണ<സൃ] നാ. = അപസാരണം.
അവസിത [സം.-സിത<സി] വി. അവസാനിച്ച, പൂർത്തിയായ, പരിണമിച്ച, കഴിഞ്ഞ.
അവസിതം [സം.] നാ. 1. ധാന്യപ്പുര; 2. പാർപ്പിടം.
അവസിതി [സം.അവ-സിതി] നാ. അന്തം.
അവസൃഷ്ട [സം.-സൃഷ്ട] വി. വിട്ടുകളഞ്ഞ, തള്ളിക്കളഞ്ഞ, (അമ്പുപോലെ) വിട്ട.
അവസേകം [സം.-സേക] നാ. തളിക്കൽ, സേചനം.

അവസേചനം [സം.-സേചന] നാ. 1. തളിക്കൽ, നനയ്ക്കൽ; 2. നനയ്ക്കാൻ ഉപയോഗിക്കുന്ന ജലം; 3. രക്തം സ്രവിപ്പിക്കൽ; 4. കുളി.

അവസേയ [സം.-സേയ] വി. 1. അവസാനിപ്പിക്കേണ്ട, നശിപ്പിക്കേണ്ട; 2. തീരുമാനിക്കേണ്ടതായ.

അവസ്കന്ദകൻ [സം.-സ്കന്ദക] നാ. ബലാത് ആക്രമിക്കുന്നവൻ, കൈയ്യേറ്റക്കാരൻ.

അവസ്കന്ദം [സം.-സ്കന്ദ] നാ. ആക്രമണം.

അവസ്കരകൻ [സം.-സ്-കരക] നാ. തൂപ്പുകാരൻ, തോട്ടി.

അവസ്കരകം [സം.] നാ. 1. മലത്തിൽനിന്ന് ഉണ്ടാകുന്ന ഈച്ച; 2. ചൂൽ.

അവസ്കരം [സം.അവ-സ്-കര] നാ. 1. വിസർജന വസ്തു; 2. അഴുക്ക്, കുപ്പ, കുപ്പക്കുഴി; 3. മലവിസർജനസ്ഥലം; 4. ഗുഹ്യസ്ഥാനം.

അവസ്കവം [സം.-സ്-കവ] നാ. ഉപദ്രവിക്കുന്നത്, ഒരുതരം പുഴു.

അവസ്കാര [സം.-സ്-കാര] നാ. ആനയുടെ കൈകളുടെ മേൽഭാഗം, ആനയുടെ നെറ്റിയിൽ കണ്ണുകളുടെ ഇടയ്ക്കുള്ള ഉന്തിയഭാഗം.

അവസ്താത് [സം.അവ-സ്-താത്] അവ്യ. 1. താഴെ; 2. താഴെനിന്ന്; 3. താഴോട്ട്.

അവസ്താരം [സം.അവ-സ്താര<സ്തൃ] നാ. 1. മറ, വെളിയട, കൂടാരത്തിനു ചുറ്റുമുള്ള തുണി; 2. പായ്, കിടക്ക; 3. കള്ളക്കണക്കുണ്ടാക്കൽ.

അവസ്തു [സം.അ-വസ്തു] നാ. സത്തയില്ലാത്തത്.

അവസ്ത്ര [സം.-വസ്ത്ര] വി. വസ്ത്രമില്ലാത്ത, നഗ്നമായ.

അവസ്ഥ [സം.അവ-സ്ഥാ] നാ. 1. സ്ഥിതി, നിലപാട്; 2. വിവരം, വൃത്താന്തം, കാര്യം, വിശേഷം; 3. ഉയർന്നനില, പദവി; 4. ദശ, കാലം, ഘട്ടം; 5. കോടതിയിൽ ഹാജരാകൽ.

അവസ്ഥം [സം.-സ്ഥ] നാ. ലിങ്ഗം, ഉപസ്ഥം.

അവസ്ഥാദ്വയം [സം.അവസ്ഥാ-ദ്വയ] നാ. സുഖം, ദു:ഖം എന്നീ രണ്ട് അവസ്ഥകൾ.

അവസ്ഥാത്രയം [സം.-ത്രയ] നാ. മനസ്സിൻെറ മൂന്ന് അവസ്ഥകൾ. ജാഗ്രത്ത്, സ്വപ്നം, സുഷുപ്തി.

അവസ്ഥാചതുഷ്ടയം [സം.-ചതുഷ്ടയ] നാ. ശൈശവം, കൗമാരം, യൗവനം, വാർധക്യം എന്നീ നാല് അവസ്ഥകൾ.

അവസ്ഥാദശകം [സം.-ദശക] നാ. പത്ത് കാമാവസ്ഥകൾ: ദൃക്സങ്ഗം, മനസ്സങ്ഗം, സങ്കല്പം, ജാഗരം, കൃശത, അരതി, ലജ്ജയില്ലായ്മ, ഉന്മാദം, മൂർച്ഛ, മരണം.

അവസ്ഥാനം [സം.അവ-സ്ഥാന] നാ. 1. നിൽപ്പ്, വാസം, പാർപ്പ്; 2. പാർപ്പിടം, ചുറ്റുപാട്; 3. ദുർഘടസ്ഥാനം.

അവസ്ഥാപനം [സം.-സ്ഥാപന] നാ. 1. നിശ്ചയിക്കൽ, ഏർപ്പെടുത്തൽ; 2. താമസമാക്കൽ, പാർപ്പിക്കൽ.

അവസ്ഥിത [സം.-സ്ഥിത<സ്ഥാ] വി. 1. സ്ഥിരപ്പെട്ട, ഉറച്ച, നിശ്ചയിച്ച; 2. അടുത്തു സ്ഥിതിചെയ്യുന്ന.

അവസ്ഥിതി [സം.-സ്ഥിതി] നാ. 1. നില, ഇരിപ്പ്, നിലനില്പ്പ്; 2. വാസം, പാർപ്പ്.

അവസ്നസ [സം.-സ്നസ] നാ. പെരുഞ്ഞരമ്പ്.

അവസ്പർത്താവ് [സം.-സ്പർതൃ] നാ. സംരക്ഷകൻ, രക്ഷിതാവ്.

അവസ്യന്ദകം [സം.അവ-സ്യന്ദക] നാ. അരിച്ചെടുക്കുമ്പോൾ മിച്ചം വരുന്നത്.

അവസ്യന്ദി [സം.-സ്യന്ദിൻ] നാ. അരിപ്പ.

അവസ്യന്ദിതം [സം.-സ്യന്ദിത] നാ. 1. (അലം.) ഒരു കഥാപാത്രം തൻെറ വാക്കിന് ആദ്യം വിവക്ഷിച്ചതിൽനിന്ന് ഭിന്നമായ അർഥം കല്പിക്കുന്നത്; 2. അരിച്ചനീര്.
അവസ്രംസനം [സം.-സ്രംസന<സ്രസ്] നാ. താഴേക്കുവീഴൽ.
അവസ്രംസിത [സം.-സ്രംസിത] വി. താഴത്തുവീണ, പതിച്ച.
അവസ്രവിക്കുക [<സം.അവ-സ്രു] ക്രി. (കീഴ്പ്പോട്ട്) ഒഴുകുക.
അവസ്രസ്ത [സം.-സ്രസ്ത] വി. = സ്രംസിത.
അവസ്രാവണം [സം.-സ്രാവണ] നാ. 1. നാടുകടത്തൽ; 2. (മറുനാട്ടിലേക്ക്) കടത്തിക്കൊണ്ടുപോകൽ.
അവസ്രാവം [സം.-സ്രാവ] നാ. 1. (താഴോട്ടുള്ള) ഒഴുക്ക്; 2. അഭിഷേകം ചെയ്യുമ്പോൾ ബിംബത്തിൽ നിന്ന് താഴോട്ട് ഒഴുക്കുന്ന തീർഥം.
അവസ്രുതം [സം.സ്രുത] നാ = അവസ്രാവം.
അവസ്സ് [സം.അവസ്] നാ. 1. കീർത്തി; 2. ധനം; 3. ആഹാരം; 4. ആഗ്രഹം.
അവഹതി [സം.അവ-ഹതി] നാ. അവഹനനം.
അവഹനനം [സം.-ഹനന] നാ. 1. (നെല്ലുമുതലായവ) അടിച്ചുപൊഴിക്കൽ; 2. കുത്തൽ; 3. ശ്വാസകോശം.
അവഹസിതം [സം.-ഹസിത] നാ. നിന്ദാപൂർവമായ പൊട്ടിച്ചിരി, ഹാസത്തിൻെറ ആറു പ്രകാരഭേദങ്ങളിൽ ഒന്ന്.
അവഹസ്തം [സൻ,-ഹസ്ത] നാ. 1. കൈയുടെ പുറം; 2. ഗദായുദ്ധത്തിലെ ഒരു അടവ്.
അവഹാരൻ [സം.-ഹാര<ഹൃ] നാ. കള്ളൻ, മോഷ്ടാവ്.
അവഹാരം [സം.] നാ. 1. തത്കാലത്തേക്ക് വൈരം മറക്കുക; 2. ക്ഷണിച്ചുവരുത്തൽ; 3. വീണ്ടെടുക്കൽ.
അവഹാര്യ [സം.-ഹാര്യ] വി. 1. എടുത്തുമാറ്റത്തക്ക; 2. പൂർത്തിയാക്കേണ്ട; 3. വീണ്ടെടുക്കാവുന്ന.
അവഹാസം നാ. =അപഹാസം.
അവഹിത [സം.-ഹിത] വി. അവധാനതയുള്ള, ശ്രദ്ധയുള്ള.
അവഹിത്ഥം [സം.-ഹിത്ഥ] നാ. 1. മറയ്ക്കൽ, ചതിവ്; 2. (നാട്യ.) സഞ്ചാരിഭാവങ്ങളിൽ ഒന്ന്. ഭയം ലജ്ജ മുതലായ വികാരങ്ങളെ മറയ്ക്കൽ; 3. ഒരു മുദ്രക്കൈ.
അവഹീന [സം.-ഹീന] വി. 1. തള്ളിക്കളഞ്ഞ, ഉപേക്ഷിച്ച; 2. കഴിഞ്ഞുപോയ.
അവഹൃത [സം.-ഹൃത] = അപഹൃത.
അവഹേള [സം.-ഹേലാ] നാ. അനാദരം, അവജ്ഞ, നിന്ദ.
അവഹേളനം [സം.-ഹേലന] നാ. നിന്ദിക്കൽ, അനാദരിക്കൽ.
അവഹേളിക്കുക [<സം.അവ-ഹേൽ] ക്രി. നിന്ദിക്കുക, ആക്ഷേപിക്കുക.
അവഹേളിത [സം.-ഹേലിത] വി. നിന്ദിക്കപ്പെട്ട, അനാദരിക്കപ്പെട്ട.
അവഹ്വരം [സം.-ഹ്വര] നാ. വളഞ്ഞവഴി, ചതി.
അവൾ സ.നാ. പ്ര.പു.സ്ത്രീ.ഏ.വ. ആ സ്ത്രീ, ദൂരത്തു നിൽക്കുന്നതോ നിർദേശിക്കപ്പെട്ടതോ ആയ സ്ത്രീ.
അവറ്റ നാ. അവ എന്നതിൻെറ ബ.വ. (ബഹുമാനമില്ലാതെ).
അവാകരം [സം.അവ-ആ-കര] നാ. കമ്മട്ടം.
അവാക്1 [സം.] അവ്യ. താഴോട്ട്, തെക്കോട്ട്.

അവാക്2 [സം.അ-വാക്] വി. മിണ്ടാട്ടമില്ലാത്ത.
അവാക്കർണൻ [സം.അ-വാക്-കർണ] നാ. ചെവി കേൾക്കുകയോ സംസാരിക്കുകയോ ചെയ്യാത്തവൻ, ഏഡമൂകൻ.
അവാക്പുഷ്പി [സം.അവാക്-പുഷ്പിൻ] നാ. ചതകുപ്പ.
അവാക്ശിരസ്സ് [സം.-ശിരസ്] വി. തലതാഴ്ത്തിയ.
അവാഗ്ഭവ [സം.-ഭവ] വി. തെക്കുണ്ടായ.
അവാഗ്ര [സം.അവ-അഗ്ര] വി. അറ്റം കുനിഞ്ഞ.
അവാങ് [സം.] അവ്യ. അനുനാസികത്തിനുമുമ്പ് സന്ധിയിൽ 'അവാക്' എന്നതിനു സംഭവിക്കുന്ന രൂപപരിണാമം.
അവാങ്മുഖ [സം.അവാക്-മുഖ] വി. അധോമുഖ.
അവാങ്മുഖം [സം.] നാ. വിശ്വാമിത്രൻ ശ്രീരാമന് ഉപദേശിച്ച ദിവ്യാസ്ത്രങ്ങളിൽ ഒന്ന്.
അവാചകം [സം.അ-വാചക] നാ. (അലം.) പദദോഷങ്ങളിൽ ഒന്ന്, വിവക്ഷിതാർഥത്തെ പ്രകാശിപ്പിക്കുവാൻ അശക്തമായ പദം.
അവാചി [സം.അവാചീ] നാ. തെക്കേദിക്ക്, അപാചി.
അവാചീന [സം.] വി. 1. കീഴ്പ്പോട്ടായ, തലകീഴായ; 2. താഴത്തുള്ള; 3. തെക്കുള്ള.
അവാച്യ1 [സം.അവ-അഞ്ച്] വി. തെക്കുള്ള.
അവാച്യ2 [സം.അ-വാച്യ] വി. പറയാനാകാത്ത, പറയരുതാത്ത.
അവാത [സം.-വാത] വി. 1. കാറ്റല്ലാത്ത; 2. കാറ്റില്ലാത്ത.
അവാനം [സം.അവാന] നാ. ശ്വാസം ഉള്ളിലേക്കുവലിക്കൽ, ശ്വസിക്കൽ.
അവാന്തര [സം.അവ-അന്തര] വി. 1. മധ്യത്തിലുള്ള, നടുക്കുള്ള; 2. ഉള്ളിൽപെട്ട; 3. അപ്രധാനമായ; 4. നേരിട്ടു ബന്ധപ്പെടാത്ത.
അവാന്തരദേശം [സം.-ദേശ] നാ. ഇടയ്ക്കുള്ള ദേശം.
അവാന്തരദിക്ക് [സം.-ദിക്] നാ. ഇടയ്ക്കുള്ള ദിക്ക്, വിദിക്ക്, തെക്കുകിഴക്ക് മുതലായവ.
അവാന്തരന്മാർ [സം.അവ-അന്തരാ:] നാ. (ബ.വ.) പാതിത്യംവന്ന ബ്രാഹ്മണർ.
അവാന്തരപ്രളയം [സം.അവാന്തര-പ്രലയ] നാ. ബ്രഹ്മരാത്രിയുടെയും ബ്രഹ്മദിനത്തിൻെറയും ഇടയ്ക്കുണ്ടാകുന്ന പ്രളയം.
അവാന്തരയുഗം [സം.-യുഗ] നാ. 576 വർഷങ്ങൾ ചേർന്നകാലം.
അവാന്തരവിഭാഗം [സം.-വിഭാഗ] നാ. ഉപവിഭാഗം.
അവാപം [<സം.അവ-ആപ] നാ. 1. വിദേശകാര്യങ്ങളെക്കുറിച്ചുള്ള വിചിന്തനം; 2. കല്കം.
അവാപിക്കുക [<സം.അവ-ആപ്] ക്രി. 1. പ്രാപിക്കുക, ചെന്നെത്തുക; 2. നേടുക, ലഭിക്കുക.
അവാപ്ത [സം.-ആപ്ത] വി. നേടിയ, ലഭിച്ച.
അവാപ്തവ്യ [സം.-ആപ്തവ്യ] വി. പ്രാപിക്കത്തക്ക.
അവാപ്തി [സം.-ആപ്തി] നാ. 1. പ്രാപിക്കൽ, ലാഭം, സിദ്ധി; 2. (ഗണിത.) ഹരണഫലം.

അവാപ്യ1 [സം.-ആപ്യ] വി. പ്രാപിക്കത്തക്ക, ലഭിക്കാവുന്ന.

അവാപ്യ2 [സം.-ആപ്യ] അവ്യ. പ്രാപിച്ചിട്ട്, എത്തിയിട്ട്, ലഭിച്ചിട്ട്.
അവായം [സം.അവ-അയ<ഇ] നാ. വിട്ടുകൊടുക്കൽ, വിട്ടുപോകൽ.
അവാർഡ് [ഇം.] നാ. 1. സമ്മാനം, പാരിതോഷികം, അങ്ഗീകാരത്തിന്റെ അടയാളമായി നൽകപ്പെടുന്ന ഉപഹാരം; 2. (രാഷ്ട്ര.) തർക്കവിഷയമായ പ്രശ്നത്തിൻമേൽ മധ്യസ്ഥൻ കൈക്കൊള്ളുന്ന വിധിതീർപ്പ്.
അവാരപാരം [സം.അവാര-പാര] നാ. പാരാവാരം, വൻകടൽ.
അവാരപാരീണ [സം.-പാരീണ] വി. 1. സമുദ്രത്തെ സംബന്ധിച്ച, മറുകരകടക്കുന്ന.
അവാരം [സം.] നാ. ഇക്കര.
അവാലത്ത് [അറ.ഹവാലത്ത്] നാ. 1. ജാമ്യം, ഉറപ്പ്; 2. കടപ്പത്രം.
അവാവു സ.നാ. = അവവു.
അവാസ്തവം [സം.അ-വാസ്തവ] നാ. അയഥാർഥമായത്, അസത്യം.
അവാഹി [സം.-വാഹിൻ] വി. (വൈദ്യുതിയെ) വഹിച്ചുകൊണ്ടു പോകാത്തത് (റബർ മുതലായവ).
അവി1 [അവിയുക] ധാതുരൂപം.
അവി2 [സം.] നാ. 1. പെണ്ണാട് (അവിയാട്), ആട്; 2. രജസ്വല; 3. പർവതം; 4. സൂര്യൻ; 5. എലി; 6. യജമാനൻ; 7. മതിൽ; 8. വായു; 9. കിരണം; 10. നുകം; 11. ഭൂമി.
അവി3 [പ.മ.പാ.ഹവി<സം.ഹവിസ്] നാ. ഹോമദ്രവ്യം.
അവിക നാ. പെണ്ണാട്.
അവികടം [സം.അവി-കട] നാ. ആട്ടിൻപറ്റം, ആട്ടിൻകിട.
അവികത്ഥ [സം.-അ-വികത്ഥ] വി. ആത്മപ്രശംസ ചെയ്യാത്ത.
അവികം [സം.] നാ. 1. ആട്; 2. വൈരക്കല്ല്.
അവികല [സം.അ-വി--കല] വി. വികലമല്ലാത്ത, തകരാറില്ലാത്ത, കേടുപറ്റാത്ത, പൂർണമായ.
അവികല്പ [സം.-വി-കല്പ] വി. 1. മാറ്റാനാവാത്ത; 2. സംശയമില്ലാത്ത; 3. നിർവികല്പമായ (താനും പരമാത്മാവും തമ്മിൽ) ഭേദബുദ്ധിയില്ലാത്ത.
അവികല്പം [സം.] നാ. സംശയമില്ലായ്മ.
അവികസിത [സം.-വി-കസിത<വി-കസ്] വി. വികസിക്കാത്ത, വിടരാത്ത, വർധിക്കാത്ത, വിപുലമാകാത്ത.
അവികാര [സം.-വി-കാര] വി. ഭാവഭേദമില്ലാത്ത.
അവികാരി [സം.-വി-കാരിൻ] വി. മാറ്റമില്ലാത്ത (സ്ത്രീ.) അവികാരിണി.
അവികാര്യ [സം.-വി-കാര്യ] വി. മാറ്റാൻ പാടില്ലാത്ത, ഭാവഭേദം വരുത്താനാവാത്ത.
അവികൃത1 [സം.-വി.കൃത] വി. 1. മാറിയിട്ടില്ലാത്ത; 2. വികൃതമല്ലാത്ത (സ്വരം.)
അവികൃത2 [സം.-വി-കൃതാ] നാ. (സങ്ഗീ.) വികൃതസ്വരമായിത്തീരാത്തത്, പ്രകൃതിസ്വരം, ശുദ്ധസ്വരം, ഷഡ്ജവും പഞ്ചമവും.
അവികൃതി [സം.അ-വി-കൃതി] നാ. (സാങ്ഖ്യ.) പ്രകൃതി.
അവിക്കയറ് = അമിക്കയർ.
അവിക്കിണർ നാ. വായുകയറാൻ ഭിത്തിയിലുണ്ടാക്കുന്ന ദ്വാരം.
അവിക്കുക [അവിയുക>പ്രയോ.] ക്രി. വെള്ളത്തിൽ വേവിക്കുക, പുഴുങ്ങുക.
അവിക്രമ [സം.അ-വി-ക്രമ] വി. വിക്രമം ഇല്ലാത്ത, പരാക്രമം ഇല്ലാത്ത, ശക്തികുറഞ്ഞ.

അവിക്രാന്ത [സം.വി-ക്രാന്ത] വി. 1. അതിശയിക്കപ്പെടാത്ത; 2. ശക്തിയില്ലാത്ത, ദുർബലമായ.
അവിക്രിയ [സം.-വി-ക്രിയാ] വി. അവികാര, മാറ്റമില്ലാത്ത.
അവിക്രിയം [സം.വി-ക്രിയ] നാ. അവിക്രിയം, ബ്രഹ്മം.
അവിക്ലബ [സം.-വി-ക്ലബ] വി. പാരവശ്യമില്ലാത്ത, ക്ഷീണമില്ലാത്ത, അമ്പരക്കാത്ത, സുധീരമായ.
അവിക്ലബം [സം.] അവ്യ. പാരവശ്യമില്ലാത്ത.
അവിക്ലമം [സം.-വി-ക്ലമ്] നാ. ക്ഷീണമില്ലായ്മ, ചുറുചുറുക്ക്.
അവിക്ഷത [സം.-വി-ക്ഷത] വി. 1. മുറിവ് ഏല്ക്കാത്ത, കേടുപറ്റാത്ത; 2. മുഴുവനായ.
അവിക്ഷിപ്ത [സം.-വി-ക്ഷിപ്ത] വി. 1. വിക്ഷേപണം ചെയ്യാത്ത, എറിയപ്പെടാത്ത; 2. ശ്രദ്ധാലുവായ.
അവിഖ്യാതി [സം.-വി-ഖ്യാതി] നാ. അപഖ്യാതി.
അവിഗത [സം.-വി-ഗത] വി. 1. പോയിട്ടില്ലാത്ത; 2. വിട്ടുപോയിട്ടില്ലാത്ത, സ്വാധീനതയിലുള്ള.
അവിഗന്ധ [സം.അവി-ഗന്ധാ] നാ. ആട്ടുനാറി.
അവിഗമം [സം.അ-വി-ഗമ] നാ. 1. ഭേദമില്ലായ്മ, യോജിപ്പ്; 2. സാന്നിധ്യം, അസ്തിത്വം.
അവിഗൃഹീതൻ [സം.-വി-ഗൃഹീത<ഗ്രഹ്] നാ. അഭിപ്രായവ്യത്യാസമില്ലാത്തവൻ, യോജിപ്പുള്ളവൻ.
അവിഘാത [സം.-വി-ഘാത<ഹൻ] വി. വിഘാതമില്ലാത്ത, തടസ്സമില്ലാത്ത.
അവിഘ്ന [സം.-വി-ഘ്ന] വി. തടസ്സം ഇല്ലാത്ത.
അവിഘ്നചതുർഥി [അ-വിഘ്ന-ചതുർഥി] നാ. ഫാൽഗുനമാസത്തിലെ ചതുർഥി.
അവിഘ്നം [സം.-വി-ഘ്ന] അവ്യ. തടസ്സമില്ലാതെ, സ്വതന്ത്രമായി, സ്വച്ഛമായി, നിർവിഘ്നം.
അവിഘ്നേന [സം.-വി-ഘ്നേന] അവ്യ. വിഘ്നംകൂടാതെ, തടസ്സമില്ലാതെ.
അവിചക്ഷണ [സം.-വി-ചക്ഷണ] വി. സാമർഥ്യമില്ലാത്ത, മിടുക്കില്ലാത്ത, അറിവില്ലാത്ത.
അവിചല [സം.-വി-ചല<ചല്] വി. ഇളക്കം ഇല്ലാത്ത, സ്ഥിരതയുള്ള.
അവിചാരണീയ [അം.-വി-ചാരണീയ<ചർ] വി. ശരിയോ തെറ്റോ എന്നു നിരൂപണം ചെയ്തുകൂടാത്ത, ചോദ്യം ചെയ്തുകൂടാത്ത.
അവിചാരം [സം.-വി-ചാര] നാ. വിചാരമില്ലായ്മ, അജ്ഞത, മൗഢ്യം.
അവിചാരിത [സം.-വി-ചാരിത] വി. 1. ഗണിക്കപ്പെടാത്ത; 2. വിചാരിച്ചിരിക്കാത്ത, അപ്രതീക്ഷിതമായ.
അവിചാലി [സം.വി-ചാലി] വി. 1. ചലിക്കാത്ത, ഇളകാത്ത, നീങ്ങാത്ത, ഉറച്ച; 2. മാറ്റമില്ലാത്ത.
അവിചാല്യ [സം.-വി-ചാല്യ<ചല്] വി. വിചലിപ്പിക്കാവുന്നതല്ലാത്ത, ഇളക്കത്തക്കതല്ലാത്ത.
അവിച്ഛിത്തി [സം.-വി-ച്ഛിത്തി<ഛിദ്] നാ. വിച്ഛിത്തിയില്ലായ്മ, ഇടവിടാതെയുള്ളസ്ഥിതി.

അവിച്ഛിന്ന [സം.-വി-ഛിന്ന] വി. വിച്ഛേദിക്കപ്പെടാത്ത, തുടർച്ചയായുള്ള, ഇടവിടാതെയുള്ള,
അവിച്ഛേദ [സം.-വി-ഛേദ] വി. 1. വിച്ഛേദമില്ലാത്ത, തുടർച്ചയായുള്ള, മുറിക്കപ്പെടാത്ത; 2. വിഭജിക്കപ്പെടാത്ത.
അവിച്ഛേദം [സം.] നാ. തടവില്ലായ്മ, തുടർച്ച.
അവിച്ഛേദ്യ [സം.അ-വി-ഛേദ്യ] വി. മുറിക്കാൻ പാടില്ലാത്ത, വേർപെടുത്താനാവാത്ത.
അവിജ്ഞ [സം.-വി-ജ്ഞ<ജ്ഞാ] വി. അറിവില്ലാത്ത. നാ. അവിജ്ഞത.
അവിജ്ഞാത [സം.-വി-ജ്ഞാത] വി. അറിയപ്പെടാത്ത.
അവിജ്ഞാതകർത്തൃകം [സം.അവിജ്ഞാത-കർതൃക] വി. കർത്താവാരെന്ന് അറിയപ്പെടാത്ത.
അവിജ്ഞാതഹേതുക [സം.-ഹേതുക] വി. കാരണം അറിയാത്ത.
അവിജ്ഞാതാവ് [സം.അ-വിജ്ഞാതൃ] നാ. പരമേശ്വരൻ.
അവിജ്ഞേയ [സം.-വി-ജ്ഞേയ] വി. അറിയാനാവാത്ത, തിരിച്ചറിയാൻ സാധ്യമല്ലാത്ത.
അവിജ്ഞേയൻ [സം.] നാ. ഈശ്വരൻ.
അവിടം [അ-ഇടം] നാ. ആസ്ഥലം, ആ കാര്യം, ആ ഭാഗം.
അവിടെ [ആ-ഇടെ] അവ്യ. 1. ആ സ്ഥലത്ത്, വീട്ടിൽ; 2. അപ്പോൾ.
അവിട്ടം [പ്രാ.സവിഷ്ഠ<സം.ശ്രവിഷ്ഠാ] നാ. ഇരുപത്തിമൂന്നാമത്തെ നക്ഷത്രം.
അവിട്ട് നാ. അമിട്ട്.
അവിണൻ നാ. അസുരൻ.
അവിത1 [സം.അവിത<അവ്] വി. രക്ഷിക്കപ്പെട്ട, അവനം ചെയ്യപ്പെട്ട.
അവിത2 വ്യാ. = അവത.
അവിതഥ [സം.അ-വി-തഥ] നാ. വിതഥമല്ലാത്ത, സത്യമായ.
അവിതഥം [സം.-വി-തഥം] അവ്യ. വിതഥമല്ലാതെ, സത്യമായി.
അവിതർക്കം [സം.-വി-തർക<തർക്] അവ്യ. സംശയം കൂടാതെ.
അവിതർക്കിത [സം.-തർകിത] വി. 1. ഊഹിക്കപ്പെടാത്ത, പ്രതീക്ഷിക്കാത്ത; 2. തർക്കമറ്റ, നിസ്സന്ദേഹമായ.
അവിതാവ് [സം.അവിതൃ<അവ്] നാ. അവനം ചെയ്യുന്നവൻ, രക്ഷിതാവ്.
അവിത്ത [സം.അ-വിത്ത] വി. ധനമില്ലാത്ത.
അവിതൃജം [സം.അവിത്യ-ജ] നാ. രസം.
അവിഥ്യ [സം.അവിഥ്യാ] നാ. മഞ്ഞക്കുറുമൊഴി, അജഥ്യം.
അവിദഗ്ധ [സം.അ-വി-ദഗ്ധ<ദഹ്] വി. 1. വിദഗ്ധതയില്ലാത്ത, സാമർഥ്യമില്ലാത്ത, പ്രത്യേകം കഴിവില്ലാത്ത; 2. നല്ലപോലെ ദഹിക്കാത്ത.
അവിദാര്യ [സം.-വി-ദാര്യ<ദൃ] വി. 1. പിളർക്കാൻ സാധിക്കാത്ത; 2. കടന്നുചെല്ലാൻ പറ്റാത്ത.
അവിദാഹി [സം.-വി-ദാഹിൻ<ദുഹ്] വി. 1. ശരിയായ ദഹനമുണ്ടാക്കാത്ത; 2. ദഹിപ്പിക്കാത്ത, വേദനിപ്പിക്കാത്ത.
അവിദിത [സം.-വിദിത<വിദ്] വി. അറിയപ്പെടാത്ത. നാ. അവിദിതൻ = ഈശ്വരൻ.
അവിദൂര [സം.-വി-ദൂര] വി. വളരെ ദൂരത്തല്ലാത്ത, അടുത്തുള്ള.

അവിദ്ധ [സം.-വിദ്ധ<വിധ്] വി. വേധനം ചെയ്യപ്പെടാത്ത, തുളയ്ക്കപ്പെടാത്ത.
അവിദ്ധൻ [സം.] നാ. കാതുകുത്താത്തവൻ.
അവിദ്യ1 [സം.അ-വിദ്യ] വി. വിദ്യാഭ്യാസം ഇല്ലാത്ത, പഠിപ്പില്ലാത്ത.
അവിദ്യ2 [സം.-വിദ്യാ] നാ. 1. അജ്ഞാനം, ആത്മാവിനെപ്പറ്റിയുള്ള അജ്ഞത; 2. മായ, മൂലപ്രകൃതി.
അവിദ്യമാന [സം.-വിദ്യമാന] വി. കാണാൻ കഴിയാത്ത, അറിയാൻ ആകാത്ത, നിലവിലില്ലാത്ത.
അവിധവ [സം.-വിധവാ] നാ. വിധവയല്ലാത്തവൾ, ഭർതൃമതി, സുമങ്ഗലി.
അവിധാ,അവിത,-താ [സം.അവിധാ] വ്യാ. ആശ്രയിച്ചു പറയുന്നതിനുപ്രയോഗിക്കുന്ന പദം.
അവിധാനം [സം.-വി-ധാന<ധാ] നാ. നിയമമില്ലായ്മ, ക്രമക്കേട്.
അവിധിപൂർവക [സം.-വിധി-പൂർവക] വി. വിധിപൂർവകമല്ലാത്ത, നിയമാനുസൃതമല്ലാത്ത.
അവിധുര [സം.-വി-ധുര] വി. വേർപെടാത്ത.
അവിധൃത [സം.-വി-ധൃത<ധൃ] വി. ധരിക്കപ്പെടാത്ത.
അവിധേയ [സം.-വി-ധേയ<ധാ] വി. 1. വിധേയത്വം ഇല്ലാത്ത, കീഴ്പ്പെടാത്ത, കീഴ്വഴങ്ങാത്ത; 2. അനുസരണയില്ലാത്ത, മത്സരിച്ചുനിൽക്കുന്ന, വിപരീതമായ.
അവിനയകൂത്ത് [അവിനയ-കൂത്ത്] നാ. ശാന്തിക്കൂത്തിൻെറ വിഭാഗങ്ങളിൽ ഒന്ന്.
അവിനയം1 [സം.-വി-നയ<നീ] നാ. വിനയമില്ലായ്മ, മര്യാദകേട്, ധിക്കാരം.
അവിനയം2 [പ.മ.] നാ. അഭിനയം.
അവിനാഭാവം [സം.അ-വിനാ-ഭാവ] നാ. 1. ഒന്നുകൂടാതെ മറ്റൊന്ന് ഇല്ലെന്ന സ്ഥിതി; 2. സ്വാവാഭികമായ സ്ഥിതി; 3. സംബന്ധം; 4. വ്യാപ്തി.
അവിനാശി [സം.-വി-നാശിൻ] വി. വിനാശമില്ലാത്ത, ശാശ്വതമായ, നിത്യമായ, ഒടുങ്ങാത്ത. (സ്ത്രീ.) അവിനാശിനി.
അവിനിഗമം [സം.-വി-നി-ഗമ] നാ. യുക്തിസഹജമല്ലാത്ത തീരുമാനം.
അവിനീത1 [സം.-വി-നിത] വി. 1. വണക്കമില്ലാത്ത, മര്യാദയില്ലാത്ത; 2. മെരുക്കമില്ലാത്ത, പരുക്കനായ സ്വഭാവത്തോടുകൂടിയ.
അവിനീത2 [സം.-വി-നിതാ] നാ. അടക്കമിലാത്ത സ്ത്രീ, അസതി, പാതിവ്രത്യമില്ലാത്തവൾ.
അവിപക്വ1 [സം.-വി-പക്വ<പച്] വി. 1. പക്വമല്ലാത്ത, പാകതയില്ലാത്ത, മൂപ്പെത്താത്ത; 2. (ആല.) ഇരുത്തമില്ലാത്ത, ലോകപരിചയക്കുറവുകൊണ്ട് പക്വത വരാത്ത.
അവിപത്തി [സം.-വി-പത്തി<പദ്] നാ. 1. വിപത്തില്ലായ്മ, ക്ഷേമം; 2. ഒരു ഔഷധ ചൂർണം.
171
അവിപന്ന [സം.-വി-പന്ന<പദ്] വി. വിപത്തു സംഭവിക്കാത്ത, കേടുതട്ടാത്ത, ദുഷിക്കാത്ത, പരിശുദ്ധമായ.
അവിപാകം [സം.-വി-പാക<പച്] നാ. ദഹനക്കേട്.
അവിപാലൻ [സം.അവി-പാല<പാല്] നാ. ആട്ടിടയൻ.
അവിപ്ലുത [സം.അ-വി-പ്ലുത<പ്ലു] വി. 1. വ്യതിചലിക്കാത്ത; 2. ലങ്ഘിക്കപ്പെടാത്ത.
അവിഭക്ത [സം.-വി-ഭക്ത<ഭഞ്ജ്] വി. ഭാഗിക്കാത്ത, പങ്കിട്ടുപിരിയാത്ത.

അവിഭാജ്യ [സം.-വി-ഭാജ്യ<ഭാജ്യ] വി. 1. വിഭജിക്കാനാവാത്ത, പകുത്തുകൂടാത്ത; 2. പിരിക്കാനാവാത്ത; 3. ഘടകങ്ങളില്ലാത്ത. അവിഭാജ്യങ്ങൾ = കുടുംബസ്വത്തു ഭാഗിക്കുമ്പോൾ വീതിക്കാൻ നിവൃത്തിയില്ലാത്ത ദ്രവ്യങ്ങൾ.

അവിഭാജ്യസങ്ഖ്യ [സം.-വിഭാജ്യ-സങ്ഖ്യാ] നാ. (ഗണിത.) അതേസങ്ഖ്യകൊണ്ടും ഒന്ന് എന്ന സങ്ഖ്യകൊണ്ടും അല്ലാതെ വേറൊരുസങ്ഖ്യയാലും ശിഷ്ടം വരാതെ ഹരിക്കാൻ കഴിയാത്ത സങ്ഖ്യ.

അവിഭാവന [സം.-വി-ഭാവനാ] നാ. പ്രത്യക്ഷമല്ലാത്ത ഭാവം, അദൃശ്യഭാവം.

അവിഭാവനീയ [സം.-വി-ഭാവനീയ] വി. വിഭാവനം ചെയ്യാൻ കഴിയാത്ത, വേർതിരിച്ചുപറയാൻ കഴിയാത്ത.

അവിമർശം [സം.-വി-മർശം<മൃശ്] അവ്യ. ആലോചനകൂടാതെ.

അവിമാംസം [സം.അവി-മാംസ] നാ. ആട്ടിറച്ചി.

അവിമുക്ത [സം.അ-വി-മുക്ത<മുച്] വി. വിമോചിക്കപ്പെടാത്ത, അഴിച്ചുവിടാത്ത.

അവിമൃശ്യ [സം.-വി-മൃശ്യ] വി. ചോദ്യംചെയ്യപ്പെടാനാവാത്ത, അവിചാരണീയമയ.

അവിമൃശ്യകാരി [സം.അവിമൃശ്യ-കാരിൻ] നാ. ആലോചിക്കാതെ പ്രവർത്തിക്കുന്നവൻ. (സ്ത്രീ.) അവിമൃശ്യകാരിണി.

അവിമൃഷ്ട [സം.അ-വി-മൃഷ്ട<മൃശ്] വി. വിമർശിക്കപ്പെടാത്ത, നിർദേശിക്കാത്ത.

അവിമൃഷ്ടവിധേയാംശം [സം.അവിമൃഷ്ട-വിധേയാംശ] നാ. ഒരു കാവ്യദോഷം, വിധിക്കേണ്ടഭാഗത്തെ പ്രധാനമായി നിദേശിക്കാതിരിക്കൽ.

അവിയൽ നാ. മലയാളികളുടെ ഒരു കറി, ഒരു ഉപദംശം, പലതരം മരക്കറികളിട്ട് അവിച്ചുണ്ടാക്കുന്നത്.

അവിയാട് [സം.അവി-മ.ആട്] നാ. കുറിയാട്.

അവിയുക ക്രി. 1. വേകുക, വെന്തുകുറയുക; 2. ചീഞ്ഞുതാഴുക (ചപ്പുചവറുകൾപോലെ); 3. ചുരുങ്ങുക; 4. പട്ടുപോകുക.

അവിയുക്ത [സം.അ-വി-യുക്ത<യുജ്] വി. വേർപെടാത്ത.

അവിയോഗം [സം.-വി.-യോഗ] വി. വിയോഗമില്ലായ്ക, വേർപിരിയായ്ക.

അവിരതം [സം.-വി-രത<രമ്] അവ്യ. അവസാനമില്ലാതെ, നിത്യവും, എപ്പൊഴും.

അവിരതി [സം.-വി-രതി] നാ. തടവില്ലായ്മ, തുടർന്നുപോകൽ, ഭോഗാസക്തി.

അവിരള [സം.-വിരല] വി. തിങ്ങിയ, ചുരുക്കമല്ലാത്ത.

അവിരളം [സം.-വിരലം] അവ്യ. തൊട്ടുതൊട്ട്, തുടർച്ചയായി.

അവിരാമ [സം.-വി-രാമ] വി. വിശ്രമമില്ലാത്ത, നിരന്തരമായ.

അവിരാമം [സം.-വിരാമം] നാ. തുടർച്ച. അവ്യ. വിരാമമില്ലാതെ.

അവിരോധം [സം.-വി-രോധ<രുധ്] നാ. എതിരഭിപ്രായമില്ലായ്ക, യോജിപ്പ്. അവ്യ. വിരോധമില്ലാതെ.

അവിൽ നാ. = അവൽ.

അവിൽദാർ [പേർ.] = ഹവിൽദാർ.

അവില നാ. പെണ്ണാട്.

അവിലേയ [സം.അ-വി-ലേയ<ലി] വി. അലിയാത്ത.

അവിവക്ഷിത [സം.അ-വി-വക്ഷിത<വച്] വി. വിവക്ഷിതമല്ലാത്ത.

അവിവാഹിത [സം.-വി-വാഹിത<വഹ്] വി. വിവാഹം കഴിക്കാത്ത.

അവിവേകം [സം.-വിവേക] നാ. വിവേകമില്ലായ്മ, തിരിച്ചറിവില്ലായ്മ, ആലോചനയില്ലാത്തപ്രവൃത്തി.

അവിവേകി [സം.-വിവേകിൻ] നാ. വിവേകമില്ലാത്തവൻ.

അവിശങ്കം [സം.-വി-ശങ്കം] അവ്യ. ശങ്കകൂടാതെ.

അവിശസ്തൻ [സം.-വി-ശസ്ത] നാ. ആത്മഹത്യചെയ്യവൻ.

അവിശാരി [<സം.] നാ. അഭിസാരിക, ദുർന്നടപടിക്കാരിയായ സ്ത്രീ.

അവിശേഷ [സം.അ-വി-ശേഷ] വി. തുല്യതയുള്ള, വിശേഷമില്ലാത്ത.

അവിശ്രമം [സം.-വി-ശ്രമം<ശ്രമ്] അവ്യ. വിശ്രമം കൂടാതെ, തുടർച്ചയായി.

അവിശ്രാന്ത [സം.-ശ്രാന്ത] വി. ക്ഷീണിക്കാത്ത, വിശ്രമമില്ലാത്ത, നിരന്തരം പ്രയത്നിക്കുന്ന, ഒടുങ്ങാത്ത.

അവിശ്വാസം [സം.-വി-ശ്വാസ<ശ്വസ്] നാ. വിശ്വാസമില്ലായ്മ.

അവിശ്വാസപ്രമേയം [സം.അവിശ്വാസ-പ്രമേയ] നാ. വിശ്വാസം നഷ്ടപ്പെട്ടതായി കാണിച്ച് ഒരു സഭയിൽ അവതരിപ്പിക്കുന്ന പ്രമേയം.

അവിശ്വാസി [സം.അ-വിശ്വാസിൻ] നാ. വിശ്വാസമില്ലാത്തവൻ, മതവിശ്വാസമില്ലാത്തവൻ.

അവിശ്വാസ്യ [സം.-വി-ശ്വാസ്യ] വി. വിശ്വസിക്കത്തക്കതല്ലാത്ത.

അവിഷ1 [സം.അ-വിഷാ] വി. വിഷമില്ലാത്ത, വിഷകരമായ.

അവിഷ2 [സം.] നാ. അടവിക്കച്ചോലം, അതിവിടയം.

അവിഷൻ [സം.] നാ. രാജാവ്.

അവിഷം [സം.] നാ. സമുദ്രം, ആകാശം.

അവിഷയ [സം.അ-വിഷയ] വി. മനസ്സിനോ ഇന്ദ്രിയങ്ങൾക്കോ വിഷയമല്ലാത്ത, ഗ്രഹിക്കാനാകാത്ത.

അവിഷഹ്യ [സം.-വി-സഹ്യ] വി. സഹിക്കാൻവയ്യാത്ത, തടയാനാകാത്ത, എതിർക്കാനാകാത്ത.

അവിഷി [സം.-വിഷി] നാ. നദി, ഭൂമി, സ്വർഗം.

അവിസ്തര [സം.-വി-സ്തര<സ്തൃ] വി. ചുരുക്കമായ, സംക്ഷിപ്തമായ.

അവിസ്മരണീയ [സം.-വി-സ്മരണീയ] വി. മറക്കാനാകാത്ത.

അവിസ്സ് നാ. = ഹവിസ്.

അവിഹത [സം.അ-വി-ഹത<ഹൻ] വി. തടയപ്പെട്ടിട്ടില്ലാത്ത.

അവിഹിത [സം.-വി-ഹിത<ധാ] വി. ചെയ്യുകൂടാത്ത, വിധിച്ചിട്ടില്ലാത്ത, യുക്തമല്ലാത്ത.

അവിഹിതം [സം.] നാ. 1. വിഹിതമല്ലാത്ത (പീനൽകോഡ് അനുസരിച്ചുള്ള) കുറ്റം; 2. കറ്റംകൊടുക്കൽ; 3. ദാരങ്ങളെ പതിയെക്കൂടാതെ ചെന്നുകാണൽ. (പ്ര.) അവിഹിതവേഴ്ച = വ്യഭിചാരം.

അവിളംബം [സം.അ-വി-ലംബ<ലംബ്] അവ്യ. താമസം കൂടാതെ, വേഗത്തിൽ. നാ. താമസമില്ലായ്മ, ചുറുചുറുക്ക്.

അവിളംബിതം [സം.-വി-ലംബിത] നാ. ബദ്ധപ്പാടുള്ളത്, അമാന്തമില്ലാത്തത്.

അവീചി [സം.-വീചി] വി. തിരയില്ലാത്ത. നാ. ഒരു നരകം.

അവീജക [സം.-വീജക] നാ. = അബീജക.

അവീൻ [അറ.അഫ്യൂൻ] നാ. കറുപ്പ്.

അവീർ [അറ.] നാ. മുഖത്തു പൂശുവാനുള്ള ഒരു സുഗന്ധ ചൂർണം.

അവീര1 [സം.അ-വീര] വി. പൗരുഷം (ശക്തി) ഇല്ലാത്ത, വീരന്മാരില്ലാത്ത.

അവീര2 [സം.-വീരാ] നാ. ഭർത്താവും പുത്രനും ഇല്ലാത്തവൾ.

അവു [പ.മ.ക.അവൂ] സ.നാ. അത് എന്നതിൻെറ ബ.വ.
അവുണർ നാ. അസുരർ.
അവുണ്ടില നാ. അടിക്കലം.
അവുതി നാ. അവൾ, നികൃഷ്ടജാതിയിൽപ്പെട്ട കിഴവി.
അവൃത [സം.അ-വൃത] വി. മൂടപ്പെടാത്ത, തടയപ്പെടാത്ത, അരക്ഷിതമായ, വരിക്കപ്പെടാത്ത.
അവൃത്തി [സം.-വൃത്തി] നാ. തൊഴിലില്ലായ്മ, വകയില്ലായ്മ.
അവൃഷ്ടി [സം.-വൃഷ്ടി] നാ. മഴയില്ലായ്മ.
അവൃഷ്യ [സം.-വൃഷ്യ] വി. ശരീരപുഷ്ടിയുണ്ടാക്കാത്ത.
അവെസ്ത നാ. പഹ്ലവിഭാഷയിൽ എഴുതപ്പെട്ട പാർസി മതഗ്രന്ഥങ്ങൾ.
അവേക്ഷ [സം.അവ-ഈക്ഷാ] നാ. നോട്ടം.
അവേക്ഷക [സം.-ഈക്ഷക] വി. മേൽനോട്ടം നടത്തുന്ന.
അവേക്ഷണം [സം.-ഈക്ഷണ] നാ. 1. നോട്ടം; 2. മേൽനോട്ടം; 3. ശ്രദ്ധ.
അവേക്ഷിക്കുക [<സം.അവ-ഈക്ഷ്] ക്രി നോക്കുക, കാണുക.
അവേക്ഷിതാവ് [സം.അവ-ഈക്ഷിതൃ] നാ. നോക്കുന്നവൻ, പരിശോധകൻ.
അവേക്ഷ്യം [സം.-ഈക്ഷ്യ] നാ. നോക്കേണ്ടത്, കാണേണ്ടത്.
അവേത [സം.-ഇത<ഇ] വി. 1. കഴിഞ്ഞ; 2. കിട്ടിയ; 3. യോജിച്ച; 4. അറിഞ്ഞ.
അവേദ്യ1 [സം.അ-വേദ്യ<വിദ്] വി. അറിയപ്പെടാനാകാത്ത.
അവേദ്യ2 [സം.അ-വേദ്യാ] നാ. വിവാഹം ചെയ്യുകൂടാത്തവൾ.
അവേദ്യം [സം.] നാ. 1. കിടാവ്, കന്ന്; 2. അറിയപ്പെടാനാകാത്തത്.
അവേധ്യ [സം.അ-വേധ്യ<വ്യധ്] വി. വേധ്യമല്ലാത്ത, തുളയ്ക്കാനാകാത്ത.
അവേല1 [സം.-വേലാ] വി. 1. അതിരില്ലാത്ത; 2. അകാലികമായ.
അവേല2 [സം.] നാ. ഹിതമല്ലാത്ത കാലം, അയുക്തസമയം.
അവേല്ലജം [സം.] നാ. കുരുമുളക്.
അവേഷ്ടി [സം.അവ-ഇഷ്ടി] നാ. പ്രായശ്ചിത്തയാഗം.
അവൈദിക [സം.അ-വൈദിക] വി. വേദവിരുദ്ധമായ.
അവൈധ [സം.-വൈധ<വിധി] വി. വിധിപ്രകാരമുള്ളതല്ലാത്ത .
അവൈമത്യം [സം.<അവിമത] നാ. യോജിപ്പ്, ഐകമത്യം, എതിരഭിപ്രായമില്ലായ്മ.
അവൈഷ്ണവ [സം.<അവിഷ്ണു] വി. വിഷ്ണുവിനെ സംബന്ധിച്ചതല്ലാത്ത.
അവോദ [സം.അവ-ഉദ] വി. വെള്ളം ഇറ്റിറ്റുവീഴുന്ന, ഈർപ്പമുള്ള.
അവ്യക്കാരൻ നാ. മാടായിക്കാവിൽ ദിവസവും മദ്യം എഴുന്നള്ളിക്കുന്നവൻ.
അവ്യക്ത [അ-വ്യക്ത<അഞ്ജ്] വി. 1. സ്പഷ്ടമല്ലാത്ത; 2. അഗോചരമായ; 3. അജ്ഞാതമായ.
അവ്യക്തഗണിതം [അവ്യക്ത-ഗണിത] നാ. ബീജഗണിതം.
അവ്യക്തൻ [സം.അ-വ്യക്ത] നാ. 1. വിഷ്ണു (ഇന്നപ്രകാരമെന്നു സ്പഷ്ടമല്ലാത്തവൻ); 2. ശിവൻ; 3. കാമദേവൻ; 4. പരമാത്മാവ്.
അവ്യക്തം [സം.] നാ. 1. സ്പഷ്ടമല്ലാത്തത്, ബ്രഹ്മം; 2. അവ്യാകൃതാദിനാമങ്ങൾകൊണ്ടു പറയപ്പെടേണ്ട ഈശ്വരൻെറ ശക്തിവിശേഷം, മൂലപ്രകൃതി, മായ.
അവ്യക്തമൂർത്തി [സം.അവ്യക്ത-മൂർതി] നാ. 1. ഈശ്വരൻ, അഗോചരമായ രൂപമുള്ളവൻ; 2. വ്യക്തമല്ലാത്ത സ്വരൂപം.

അവ്യക്തരാശി [സം.-രാശി] നാ. (ബീജഗണിത.) അറിയപ്പെടാത്ത സങ്ഖ്യ.
അവ്യക്തരൂപൻ [സം.-രൂപ] നാ. വിഷ്ണു.
അവ്യക്തലക്ഷണൻ [സം.-ലക്ഷണ] നാ. ഈശ്വരൻ.
അവ്യക്തലിങ്ഗം [സം.-ലിങ്ഗ] നാ. കൊത്തിരൂപപ്പെടുത്താത്ത വിഗ്രഹം.
അവ്യഗ്ര [സം.അ-വ്യഗ്ര] വി. 1. ഭ്രമമില്ലാത്ത, ഇളകാത്ത; 2. ശ്രദ്ധയുള്ള; 3. പ്രവൃത്തിയിൽ ഏർപ്പെടാത്ത; സ്വസ്ഥതയുള്ള.
അവ്യഗ്രം [സം.] അവ്യ. 1. പതുക്കെ, തിടുക്കം കൂടാതെ; 2. ശാന്തമായി.
അവ്യങ്ഗ [സം.അ-വ്യങ്ഗ] വി. 1. അങ്ഗഭംഗമില്ലാത്ത; 2. പൂർണമായ.
അവ്യങ്ഗം [സം.] നാ. സൂര്യവിഗ്രഹത്തിലെ അരപ്പട്ട.
അവ്യണ്ഡ [സം.അ-വി-അണ്ഡാ] നാ. 1. നായ്ക്കുരണ (ഇതിൻെറ അണ്ഡം വിഗതമാവുകയില്ല); 2. കീഴാനെല്ലി.
അവ്യത്യയം [സം.-വ്യതി-അയ<ഇ] അവ്യ. മാറ്റമില്ലാതെ.
അവ്യഥ1 [സം.-വ്യഥ] വി. വേദനയില്ലാത്ത.
അവ്യഥ2 [സം.അ-വ്യഥാ] നാ. 1. (അവ്യഥാ) വേദനയില്ലായ്മ; 2. കടുക്കാമരം, ഓരിലത്താമര (രണ്ടും ദു:ഖകരമായതിനാൽ).
173
അവ്യഥം [സം.] നാ. 1. സർപ്പം; 2. മഞ്ഞക്കുറിഞ്ഞി.
അവ്യധ [സം.-വ്യധ<വ്യധ്] വി. തുളയ്ക്കപ്പെടാത്ത, മുറിക്കാത്ത.
അവ്യപദേശ്യ [സം.-വി-അപ-ദേശ്യ<ദിശ്] വി. 1. വേർതിരിച്ചുപറയാനാകാത്ത; 2. ചതിക്കാനാകാത്ത.
അവ്യപേക്ഷ [സം.-വി-അപ-ഈക്ഷാ] നാ. ആശ്രദ്ധ, അനാസ്ഥ.
അവ്യപേതം [സം.-വി-അപ-ഇത<ഇ] നാ. 1. വേർതിരിക്കപ്പെടാത്തത്; 2. ഒരുതരം യമകം.
അവ്യഭിചരിത [സം.-വി-അഭി-ചരിത<ചര്] വി. വ്യഭിചരിക്കാത്ത, വ്യതിചലിക്കാത്ത, ദൃഢമായ, തെറ്റിയിട്ടില്ലാത്ത.
അവ്യം1 [സം.] നാ. 1. അവിയെ (ആടിനെ) സംബന്ധിച്ചത്; 2. (സോമരസം അരിക്കാൻ) കമ്പിളികൊണ്ടുള്ള അരിപ്പ്.
അവ്യം2 [പ.മ.] നാ. = ഹവ്യം.
അവ്യയ [സം.-വി-അയ<ഇ] വി. 1. നാശമില്ലാത്ത; 2. മാറ്റമില്ലാത്ത; 3. ചെലവാകാത്ത.
അവ്യയൻ [സം.] നാ. 1. നാശമില്ലാത്തവൻ, വിഷ്ണു, ശിവൻ; 2. ലുബ്ധൻ; 3. ഒരു നാഗം.
അവ്യയം [സം.] നാ. 1. ക്ഷമയില്ലാത്തത്; ചെലവില്ലാത്തത്; 2. (വ്യാക.) രൂപഭേദം വരാത്ത പദം; 3. മൂന്നു ലിങ്ഗത്തിലും ഏഴു വിഭക്തിയിലും മൂന്നുവചനത്തിലും ഒരേ രൂപത്തോടുകൂടിയത്.
അവ്യയീഭാവം [സം.] നാ. അവ്യയവും നാമവും തമ്മിലുള്ള സമാസം. ഉദാ: അധിഹരി.
അവ്യർഥ [സം.അ-വി-അർഥ] വി. സഫലമായ, വ്യർഥമാകാത്ത, നിഷ്പ്രയോജനമല്ലാത്ത.
അവ്യവസായി [സം.-വി-അവ-സായിൻ<സൈ] നാ. ജാഗ്രതയില്ലാത്തവൻ, ഉത്സാഹമില്ലാത്തവൻ.

അവ്യവസിത [സം.-വ്യവസിത] വി. നിശ്ചയമില്ലാത്ത.
അവ്യവസ്ഥ [സം.-വി-അവ-സ്ഥ<സ്ഥാ] വി. ഉറപ്പിക്കപ്പെടാത്ത.
അവ്യവസ്ഥിത [സം.-വ്യവസ്ഥിത] വി. ക്രമരഹിതമായ, ചിട്ടയില്ലാത്ത.
അവ്യവഹാര്യ [സം.-വി-അവ-ഹാര്യ<ഹൃ] വി. 1. നിയമദൃഷ്ടിയിൽ വ്യവഹാരയോഗ്യതയില്ലാത്ത (നീതിന്യാ.) വ്യവഹാരവിഷയമാക്കി ക്കൂടാത്ത; 2. ജാതിയിൽനിന്നും പുറന്തള്ളപ്പെട്ട, പന്തിഭോജനത്തിന് അർഹതയില്ലാത്ത.
അവ്യവഹിത [സം.-വി-അവ--ഹിത<ധാ] വി. 1. ഇടതൂർന്ന; 2. മറയ്ക്കപ്പെടാത്ത; 3. തൊട്ടടുത്ത.
അവ്യവായ [സം.-വി-അവ-അയ<ഇ] വി. തുടർന്നുള്ള, മറവില്ലാത്ത.
അവ്യവായേന [സം.-വ്യവായേന] അവ്യ. തുടർന്ന്, അടുത്ത്.
അവ്യസന [സം.-വി-അസന<അസ്] വി. ദുരാചാരങ്ങളിൽനിന്ന് വിമുക്തമായ, സദാചാരനിഷ്ടയുള്ള.
അവ്യസ്ത [സം.-വ്യസ്ത] വി. വേർതിരിക്കപ്പെടാത്ത, ഒന്നായിരിക്കുന്ന, സമസ്തമായ.
അവ്യളിക [സം.-വി-അലീക] വി. 1. കള്ളമല്ലാത്ത; 2. പ്രിയമായ.
അവ്യാകുല [സം.-വി-ആകുല] വി. പതറാത്ത, ദു:ഖം കൂടാത്ത.
അവ്യാകൃത [സം.-വി-ആകൃത<കൃ] വി. 1. തെളിഞ്ഞുകാണിക്കപ്പെടാത്ത, വിശദമാക്കപ്പെടാത്ത; 2. പ്രകടമാക്കാത്ത, വികാസം പ്രാപിക്കാത്ത.
അവ്യാകൃതം [സം.] നാ. വ്യാകൃതമല്ലാത്തത്, സൃഷ്ടിക്കുമുമ്പ് പ്രപഞ്ചത്തിൻെറ സ്ഥിതി.
അവ്യാക്ഷേപം [സം.-വി-ആ-ക്ഷേപ<ക്ഷിപ്] അവ്യ. പതറാതെ, ദൃഢനിശ്ചയത്തോടുകൂടി. നാ. 1. കുഴപ്പമില്ലായ്മ; 2. താമസമില്ലായ്മ.
അവ്യാഖ്യ [സം.-വി-ആ-ഖ്യ<ഖ്യാ] വി. വൈശദ്യമില്ലാത്ത, വ്യക്തമല്ലാത്ത.
അവ്യാഖ്യേയ [സം.-വ്യാഖ്യേയ] വി. വ്യാഖ്യാനിക്കാൻ കഴിയാത്ത.
അവ്യാജ [സം.-വ്യാജ] വി. കള്ളമല്ലാത്ത, സത്യമായ, അകൃത്രിമമായ.
അവ്യാപക [സം.-വി-ആപക<ആപ്] വി. വ്യാപകമല്ലാത്ത, പ്രത്യേകമായ.
അവ്യാപ്ത [സം.-വ്യാപ്ത] വി. വ്യാപിക്കാത്ത, പരക്കാത്ത.
അവ്യാപ്തി [സം.-വ്യാപ്തി] നാ. വ്യാപ്തിയില്ലായ്മ, ദോഷത്രയത്തിൽ ഒന്ന്. (ലക്ഷ്യത്തിൻെറ ഏകദേശത്തിൽ ലക്ഷണം കാണാതിരിക്കുക. അതിവ്യാപ്തി, അസംഭവം എന്നു മറ്റുരണ്ട്.)
അവ്യാഹത [സം.-വി-ആ-ഹത<ഹൻ] വി. തടസ്സപ്പെടുത്താത്ത, എതിർക്കപ്പെടാത്ത.
അവ്യാഹൃത [സം.-വി-ആ-ഹൃത<ഹൃ] വി. 1. പറയപ്പെടാത്ത; 2. സംസാരിക്കാത്ത.
അവ്യാഹൃതം [സം.-വ്യാഹൃത] നാ. സംസാരിക്കായ്ക, മൗനം.
അവ്യുത്പന്ന [സം.-വി-ഉത്-പന്ന<പദ്] വി. 1. വ്യുത്പത്തിയില്ലാത്ത; 2. ശബ്ദശാസ്ത്രപാണ്ഡിത്യം സിദ്ധിക്കാത്ത, പഠിപ്പില്ലാത്ത.
അവ്യുത്പന്നൻ [സം.-വ്യുത്പന്ന] നാ. വ്യാകരണജ്ഞ്ഞാനം ഇല്ലാത്തവൻ.
അവ്രണ [സം.-വ്രണ] വി. പുണ്ണില്ലാത്ത, മുറിവില്ലാത്ത.
അവ്രണശുക്ലം [സം.അ-വ്രണ-ശുക്ല] നാ. ഒരു നേത്രരോഗം, കണ്ണിൻെറ കൃഷ്ണമണിയിൽ വെള്ളപ്പുള്ളികൾ ഉണ്ടാകുക.
അവ്രത [സം.-വ്രത] വി. വ്രതമില്ലാത്ത, മതകർമങ്ങൾ അനുഷ്ഠിക്കാത്ത.
അവ്രത്യം [സം.-വ്രത്യ] നാ. വ്രതഭങ്ഗം.
അവ്വ നാ. = ഹവ്വാ.

അവ്വണ്ണം [ആ-വണ്ണം] അവ്യ. അതുപോലെ, അപ്രകാരം.
അവ്വയാർ [ത.ഔവൈയാർ] നാ. പ്രസിദ്ധയായ ഒരു ചെന്തമിഴ്കവയത്രി.
അവ്വളവ് [ആ-അളവ്] അവ്യ. അത്രത്തോളം, അത്ര, അപ്പോൾ, ആസമയത്ത്.
അവ്വഴി [ആ-വഴി] നാ. ആ വഴി.
അവ്വാറ് അവ്യ. = അവ്വണ്ണം.
അശ1 നാ. = അയ.
അശ2 [ത.അചൈ] നാ. മാത്ര. (തമിഴ് വൃത്തശാസ്ത്രം അനുസരിച്ച്) നേരശ (ലഘു), നിരയശ (ഗുരു) എന്നു രണ്ടുതരം.
അശക്ത [സം.അ-ശക്ത] വി. ശക്തിയില്ലാത്ത, കഴിവില്ലാത്ത, ക്ഷീണിച്ച.
അശക്തി [സം.-ശക്തി] നാ. ശക്തിയില്ലായ്മ, കഴിവില്ലാത്ത അവസ്ഥ.
അശക്യ [സം.-ശക്യ] വി. കഴിവില്ലാത്ത, സാധ്യമല്ലാത്ത.
അശങ്ക [സം.-ശങ്കാ] നാ. ഭയമില്ലായ്മ, സംശയമില്ലായ്മ, ഉറപ്പ്.
അശങ്കം [സം.-ശങ്കം] അവ്യ. സംശയം കൂടാതെ, ഭയം കൂടാതെ.
അശങ്കിതം [സം.-ശങ്കിത<ശങ്ക്] അവ്യ. അശങ്കം.
അശടൻ [ത.അചടൻ] നാ. 1. മൂഢൻ; 2. നീചൻ; 3. വഴക്കുകൂടുന്ന സ്വഭാവക്കാരൻ.
അശട് [ത.അചടു] നാ. 1. മൗഢ്യം, നീചത്വം; 2. ഭയം, സങ്കോചം; 3. അഴുക്ക്, വൃത്തികേട്; 4. സൂക്ഷ്മതക്കുറവ്.
അശതി നാ. അയർതി, ക്ഷീണം.
അശത്രു [സം.അ-ശത്രു] വി. 1. ശത്രുവില്ലാത്ത; 2. ശത്രുവല്ലാത്ത. നാ. ചന്ദ്രൻ.
അശന [സം.അശന<അശ്] നാ. 'ഭക്ഷിക്കാനുള്ള ആഗ്രഹം'. വിശപ്പ്.
അശനം [സം.] നാ. 1. അശിക്കൽ, ഭക്ഷിക്കൽ; 2. ഭക്ഷണം, ആഹാരം.
അശനംപറച്ചിൽ നാ. 1. ചാക്യാർകൂത്തിൽ വിദൂഷകൻ അശനത്തെപ്പറ്റി വിവരിക്കുന്നത്; 2. അനുഭവിക്കൽ.
അശനായ [സം.] നാ. 1. വിശപ്പ്; 2. അപ്പ്, ജലം.
അശനായിത [സം.] വി. അശിക്കാൻ ആഗ്രഹമുള്ള, വിശപ്പുള്ള.
അശനാശ [സം.അശന-ആശ] നാ. ഭക്ഷണം കഴിക്കാനുള്ള ആഗ്രഹം, വിശപ്പ്.
അശനി [സം.] നാ. ഇടിവാൾ.
അശനിപാതം [സം.അശനി-പാത] നാ, 1. ഇടിത്തീ; 2. ഇടിത്തീവീഴ്ച; 3. തീയ്; 4. ഇന്ദ്രൻ.
അശനിവിസർപ്പം [സം.-വിസർപ] നാ. ഒരുതരം കരപ്പൻ.
അശബ്ദ [സം.അ-ശബ്ദ] വി. ശബ്ദം പ്രകടിപ്പിക്കാത്ത.
അശബ്ദം [സം.] നാ. പരബ്രഹ്മം.
അശർഫി [അറ.അഷ്റഫീ] നാ. ഒരു പുരാതന സ്വർണനാണയം.
അശർമം [സം.അ-ശർമൻ] നാ. അസുഖം, ദൗർഭാഗ്യം, ദുഃഖം.
അശരണ [സം.-ശരണ] വി. സഹായമില്ലാത്ത, രക്ഷയില്ലാത്ത, ആലംബഹീനമായ.
അശരീര [സം.-ശരീര] വി. ശരീരം ഇല്ലാത്ത, ശരീരം കാണാതെയുള്ള (ശബ്ദംപോലെ).
അശരീരൻ നാ. പരമാത്മാവ്.
അശരീരി [സം.അ-ശരീരിൻ] വി ശരീരമില്ലാത്ത. (സ്ത്രീ.) അശരീരിണി.

അശരീരിവാക്ക് [സം.അശരീരി-വാക്] നാ. ശരീരം കാണാതെ കേൾക്കപ്പെടുന്ന ശബ്ദം, ആകാശഭാഷിതം, ദേവഭാഷിതമെന്ന് സങ്കൽപം.

അശലാത്ത് [അയൽ-ആത്ത്<അകത്ത്] നാ. അയൽവീട്.

അശസ്ത [സം.അ-ശസ്ത] വി. 1. പറയപ്പെടാത്ത; 2. നിന്ദിതമായ.

അശസ്ത്ര [സം.-ശസ്ത്ര] വി. നിരായുധനായ, ആയുധമില്ലാത്ത.

അശാന്ത [സം.-ശാന്ത<ശമ്] വി. അടക്കമില്ലാത്ത, സമാധാനമില്ലാത്ത, ക്ഷോഭിച്ച, ചാഞ്ചല്യമുള്ള. നാ. അശാന്തി.

അശാമ്യ [സം.-ശാമ്യ] വി. ശമിപ്പിക്കാനാവാത്ത, അമർത്താനാവാത്ത, അടക്കാൻ കഴിയാത്ത.

അശാസനം [സം.-ശാസന<ശാസ്] നാ. ഗവണ്മെൻറില്ലാത്ത അവസ്ഥ, അരാജകത്വം.

അശാസ്ത്ര [സം.-ശാസ്ത്ര] വി. ശാസ്ത്രവിരുദ്ധമായ, ശാസ്ത്രാനുസാരമല്ലാത്ത.

അശാസ്ത്രീയ [സം.-ശാസ്ത്രീയ] വി. ശാസ്ത്രീയമല്ലാത്ത, ശാസ്ത്രവിരുദ്ധമായ, നിയമാനുസൃതമല്ലാത്ത. (പ്ര.) അശാസ്ത്രീയദത്തൻ = ശാസ്ത്രവിധിപ്രകാരമല്ലാതെ ദത്തെടുക്കപ്പെട്ടവൻ, സർവസ്വദാനം മുതലായവയാൽ പുത്രനായി വരിക്കപ്പെട്ടവൻ.

അശിക്കുക [<സം.അശ്] ക്രി. തിന്നുക, ഭക്ഷിക്കുക, ഉണ്ണുക, ആഹാരം കഴിക്കുക, ആസ്വദിക്കുക.

അശിക്ഷകൻ [സം.അ-ശിക്ഷക] നാ. ഗുരുവല്ലാത്തവൻ, ശിക്ഷണം നൽകാത്തവൻ.

അശിക്ഷിത [സം.-ശിക്ഷിത<ശിക്ഷ്] വി. 1. ശിക്ഷണം സിദ്ധിക്കാത്ത, പഠിക്കാത്ത; 2. ശിക്ഷണം കൂടാതെ (സ്വയം) സിദ്ധിച്ച. (പ്ര.) അശിക്ഷിതപടുത്വം = അഭ്യസിക്കാതെ സ്വയം സിദ്ധിച്ച (ജന്മായത്തമായ) കൗശലം.

അശിത1 [<സം.അശ്] വി. അശിക്കപ്പെട്ട.

അശിത2 [സം.അ-ശിത] വി. മൂർച്ചയില്ലാത്ത, കൂർത്തതല്ലാത്ത.

അശിത്രൻ [സം.അശ്-ഇത്ര] നാ. കള്ളൻ.

അശിത്രം [സം.] നാ. നിവേദ്യം.

അശിര [സം.അ-ശിരസ്] വി. തലയില്ലാത്ത. (പ്ര.) അശിരസ്നാനം = മേലുകഴുകൽ.

അശിരൻ [സം.] നാ. 1. അഗ്നി; 2. സൂര്യൻ; 3. വായു; 4. ഒരു രാക്ഷസൻ.

അശിരം [സം.] നാ. വജ്രം.

അശിരസ്സ് [സം. അ-ശിരസ്] വി. തലയില്ലാത്ത.

അശിവ [സം.-ശിവ] വി. 1. അമങ്ങളമായ, ദോഷകരമായ; 2. ദൗർഭാഗ്യകരമായ, ആപത്കരമായ.

അശിവം [സം.] നാ. അമങ്ങളം, ദൗർഭാഗ്യം.

അശിവാചാരം [സം.അ-ശിവ-ആചാര] നാ. 1. അമങ്ങളകർമം, ദുരാചാരം; 2. ശാസ്ത്രവിരുദ്ധമായ നടപടി.

അശിശിര [സം.-ശിശിര] വി. തണുപ്പില്ലാത്ത, ചൂടുള്ള.

അശിശിരകൻ [സം.-ശിശിര-കര] നാ. 'ഉഷ്ണരശ്മിയുള്ളവൻ'. സൂര്യൻ.

അശിശു [സം.-ശിശു] വി. 1. ശിശുക്കളില്ലാത്ത; 2. ശിശുവല്ലാത്ത. നാ. യുവാവ്.

അശിശ്വി(ക) [സം.അ-ശിശ്വി,-ശ്വികാ] നാ. ശിശുക്കളില്ലാത്ത സ്ത്രീ.

അശിഷ്ട [സം.-ശിഷ്ട<ശിഷ്] വി. 1. നല്ല രീതിയിൽ വളർത്തപ്പെടാത്ത, കുലീനതയില്ലാത്ത, അപകൃഷ്ടതയുള്ള; 2. അയോഗ്യമായി പെരുമാറുന്ന, സംസ്കാരമില്ലാത്ത, യോഗ്യതയില്ലാത്ത; 3. ശസ്ത്രവിരുദ്ധമായ; 4. ഈശ്വരനിന്ദാപരമായ; 5. ശിഷ്ടമില്ലാത്ത.

175

അശിഷ്ഠ [സം.അശ്-ഇഷ്ഠ] വി. ഏറ്റവും കൂടുതൽ അശിക്കുന്ന.

അശിഷ്ഠൻ [സം.അശിഷ്ഠ] വി. എല്ലാം തിന്നൊടുക്കുന്നവൻ. നാ. അഗ്നി.

അശിഷ്യ [സം.അ-ശിഷ്യ] വി. ശിഷ്യനാക്കാൻ കൊള്ളാത്ത, ശിഷ്യന്മാരില്ലാത്ത.

അശീത [സം.-ശീത] വി. അശിശിര, തണുത്തതല്ലാത്ത, ചൂടുള്ള. അശീതകരൻ = ചന്ദ്രൻ.

അശീതള [സം.-ശീതല] വി. = അശീത.

അശീതി [സം.] നാ. എൺപത്. (പ്ര.) അശീതിഭാഗം = എൺപതിലൊന്ന്.

അശീതികൻ [സം.അശീതിക] നാ. എൺപതുവയസ്സു തികഞ്ഞ ആൾ.

അശീർഷക [സം.അ-ശീർഷക] വി. 1. തലയില്ലാത്ത; 2. തലക്കെട്ടില്ലാത്ത (ലേഖനാദികൾക്കെന്നപോലെ)

അശീര്യ [സം.-ശീര്യ] വി. പൊടിഞ്ഞുപോകാത്ത, നശിച്ചുപോകാത്ത.

അശീലം [സം.-ശീല] നാ. ദുശ്ശീലം, മര്യാദകേട്, ഗർവം.

അശു [ത.അചു] നാ. ചെറിയത്, മെലിഞ്ഞത്, ക്ഷീണിച്ചത്, ശക്തികുറഞ്ഞത്.

അശുക്ല [സം.-ശുക്ല] വി. വെളുത്തതല്ലാത്ത.

അശുചി [സം.-ശുചി] വി. 1. ശുചിയല്ലാത്ത, വൃത്തികെട്ട, അശുദ്ധമായ; 2. കറുത്ത.

അശുദ്ധ [സം.-ശുദ്ധ] വി. 1. ശുദ്ധമല്ലാത്ത, അഴുക്കായ; 2. ശരിയല്ലാത്ത.

അശുദ്ധത,അശുദ്ധി [സം.അശുദ്ധ-താ] നാ. 1. ശുദ്ധിയില്ലായ്മ, വൃത്തികേട്, ദോഷം; 2. പുല, വാലായ്മ; 3. അബദ്ധപ്രയോഗം, വ്യകരണസംബന്ധമായി വരുത്തുന്ന ദോഷം.

അശുദ്ധവാസകൻ [സം.-വാസക] നാ. മലിനമായ വസ്ത്രം ധരിക്കുന്നവൻ, അലഞ്ഞുതിരിയുന്നവൻ.

അശുഭ [സം.-ശുഭ] വി. മങ്ഗളമല്ലാത്ത, ക്ഷേമമില്ലാത്ത, ഭാഗ്യം കെട്ട, ആപത്സൂചകമായ, ചീത്തയായ.

അശുഭം [സം.-ശുഭ] നാ. അമങ്ഗളം, പാപം, തിന്മ. (പ്ര.) അശുഭാപ്തിവിശ്വാസം = ഭാവി അശുഭമായിരിക്കുമെന്ന വിശ്വാസം. അശുഭപ്രതീക്ഷകൻ = അശുഭം മാത്രം പ്രതീക്ഷിക്കുന്നവൻ, അശുഭാപ്തിവിശ്വാസി.

അശുഭോദയം [സം.അശുഭ-ഉദയ] നാ. അമങ്ഗളത്തിൻെറ ആവിർഭാവം, ദുശ്ശകുനം.

അശുഭോദർക്കം [സം.-ഉദർക] നാ. ഭാവിഫലം അമങ്ഗളമായത്, അമങ്ഗളഫലം.

അശുമ്പ് നാ. 1. ഊറ്റ്; 2. കിണറ്.

അശുഷ1 [സം.<അശ്] വി. അധികമായി തിന്നുന്ന.

അശുഷ2 [സം.അ-ശുഷ<ശുഷ്] വി. ശോഷിപ്പിക്കാത്ത, ഉണക്കാത്ത.

അശൂന്യ [സം.അ-ശൂന്യ] വി. 1. ശൂന്യമല്ലാത്ത; 2. സാധിതമായ. (പ്ര.) അശൂന്യശയനദ്വിതീയ = വിശ്വകർമാവിൻെറ വിശ്രമദിവസം, ആ ദിവസം ആചരിക്കുന്ന വ്രതാദികൾ. നാ. അശൂന്യം.

അശൂല [സം.-ശൂലാ] നാ. ഒരിനം നൊച്ചി.

അശൃതം [സം.-ശൃത] നാ. വേവിക്കാത്ത ഭക്ഷണം.
അശേഷ [സം.-ശേഷ<ശിഷ്] വി. ശേഷം ഇല്ലാത്ത, ബാക്കി ഇല്ലാത്ത, മുഴുവനായ, സകല.
അശേഷം [സം.] അവ്യ. 1. ശേഷം ഇല്ലാതെ, മുഴുവനും, സകലവും, ആകെ, എല്ലാം; 2. തീരെ, അൽപമ്പോലും, ഒട്ടുംതന്നെ (നിഷേധവാചക ശബ്ദത്തോടു ചേർത്ത്).
അശോക1 [സം.-ശോക] വി. 1. ദു:ഖമില്ലാത്ത; 2. ദു:ഖകരമല്ലാത്ത.
അശോക2 [സം.അശോകാ] നാ. കടുകുരോഹിണി.
അശോകൻ [സം.അശോക] നാ. 'ദു:ഖമില്ലാത്തവൻ'. 1. വിഷ്ണു; 2. ബുദ്ധധർമം പ്രചരിപ്പിച്ച ഒരു മൗര്യചക്രവർത്തി, ബിന്ദുസാരൻെറ പുത്രൻ (ബി.സി.മൂന്നാം ശതകം). (പ്ര.) അശോകചക്രം = അശോകൻ സ്വീകരിച്ചിരുന്ന രാജകീയചി മായ ധർമചക്രം, ഭാരതത്തിൻെറ ദേശിയപതാകയിലെ ചി ം.
അശോകപൂർണിമ [സം.-പൂർണിമാ] നാ. ഫാല്ഗുനമാസത്തിലെ വെളുത്തവാവ്, അന്ന് അനുഷ്ഠിക്കുന്ന ഒരു വ്രതം.
അശോകബാണൻ [സം.-ബാണ] നാ. കാമദേവൻ.
അശോകം [സം.] നാ. 1. ദു:ഖമില്ലായ്മ; 2. ഒരിനം മരം, (മനോഹരമായ ചുവന്ന പൂക്കൾ ഉള്ളത്. സുന്ദരിമാരുടെ പാദതാഡനത്താൽ ഇത് പുഷ്പിക്കുമെന്ന് വിശ്വാസം. ഇതിൻെറ പൂവ് കാമദേവൻെറ പഞ്ചശരങ്ങളിൽ ഒന്നാണെന്ന് കവിസങ്കൽപം.)
അശോകവനം,-വനിക [സം.-വന,-വനികാ] നാ. 1. അശോകമരങ്ങൾ നിറഞ്ഞ ഉദ്യാനം; 2. രാവണൻെറ പൂന്തോട്ടത്തിൻെറ പേര്, സീതാദേവിയെ താമസിപ്പിച്ചിരുന്നത് ഇവിടെയായിരുന്നു.
അശോകവരാളി [സം.-വരാലീ] നാ. (സങ്ഗീ.) ഒരു രാഗം.
അശോകവ്രതം [സം.-വ്രത] നാ. ദു:ഖശാന്തിക്കുള്ള ഒരു വ്രതം. ചൈത്രമാസത്തിലെ വെളുത്ത അഷ്ടമി ദിവസം അനുഷ്ഠിക്കുന്നത്.
അശോകസ്തംഭം [സം.-സ്തംഭ] നാ. ധർമപ്രചരണാർഥം അശോകചക്രവർത്തി സ്ഥാപിച്ച സ്തംഭം.
അശോകാരി [സം.-അരി] നാ. കദംബവൃക്ഷം.
അശോക് [<സം.] നാ. = അശോകം.
അശോചനീയ [സം.അ-ശോചനീയ] വി. = അശൌച്യ.
അശോചം [സം.-ശോച] നാ. 1. ഉത്കണ്ഠയില്ലായ്മ; 2. സമാധാനം; 3. വിനയം.
അശോച്യ [സം.-ശോച്യ<ശുച്] വി. ദു:ഖിക്കാൻ കാരണമില്ലാത്ത.
അശോധ്യ [സം.-ശോധ്യ] വി. ശോധ്യമല്ലാത്ത, ശുദ്ധീകരിക്കാൻ കഴിയാത്ത.
അശോഭനം [സം.-ശോഭന] നാ. അശുഭം, നല്ലതല്ലാത്തത്.
അശോഷ്യ [സം.-ശോഷ്യ] വി. വരണ്ടുപോകാത്ത, ചുങ്ങിപ്പോകാത്ത.
അശൗചം [സം.-ശൗച] നാ. 1. അശുദ്ധി, പരിശുദ്ധിയില്ലായ്മ; 2. ആശൗചം, പുല, വാലായ്മ; 3. കൂറില്ലായ്മ, സ്വാമിഭക്തിയില്ലായ്മ.
അശ്ന [സം.] വി. 1. അശിക്കുന്ന, ധാരാളം ഭക്ഷിക്കുന്ന; 2. വ്യാപിക്കുന്ന. നാ. അശ്നം = മേഘം.
അശ്നയ [സം.അശ്നയാ] നാ. അശനായ, വിശപ്പ്.
അശ്മകന്മാർ [സം.അശ്മകാ:] നാ. (ബ.വ.) അശ്മകദേശക്കാർ.
അശ്മകം [സം.] നാ. 1. കന്മദം; 2. ഫോസ്സിൽ.

അശ്മകുട്ടകൻ [സം.അശ്മൻ-കുട്ടക] നാ. (ഭക്ഷണപദാർഥം) കല്ലുകൊണ്ടുപൊടിക്കുന്നവൻ, വാനപ്രസ്ഥൻ.
അശ്മകുന്ദം [സം.-കുന്ദ] നാ. കല്ലിൻപ്രദേശത്തു വളരുന്ന മുല്ല.
അശ്മഗർഭ(ജ) [സം.-ഗർഭ-ജ] നാ. 1. മരതകം; 2. തീക്കല്ലിൽ നിന്നുണ്ടാകുന്ന തീ.അശ്മഗുഡം [സം.-ഗുഡ] നാ. 1. ഇടികല്ല്; 2. ഒരുതരം ആയുധം.
അശ്മജതു [സം.-ജതു] നാ. കന്മദം.
അശ്മജം [സം.-ജ] നാ. 1. ഇരുമ്പ്, ഉരുക്ക്; 2. കന്മദം; 3. ചുവന്ന ചോക്ക്.
അശ്മദാരണം [സം.-ദാരണ] നാ. കല്ലുപിളർക്കാനുള്ള ഉപകരണം, കല്ലുളി.
അശ്മന്ത [സം.അശ്-മന്ത] വി. 1. അശുഭമായ, അമങ്ഗലമായ; 2. അതിരില്ലാത്ത.
അശ്മന്തകം [സം.] നാ. 1. അടുപ്പ്; 2. മുളംപ്ലോശ്; 3. കല്ലൂർവഞ്ചി; 4. മലയകത്തി.
അശ്മന്തം [സം.] നാ. 1. അടുപ്പ്; 2. വയൽ, വെളിസ്ഥലം; 3. മരണം; 4. അശുഭം; 5. മുളംപ്ലോശ്, അശ്മന്തകം.
അശ്മപുഷ്പം [സം.അശ്മൻ-പുഷ്പ] നാ. കല്ലിൻെറപുറത്ത് പൂപോലെ വളരുന്നത്, ചേലേയം.
അശ്മഭാലം [സം.-ഭാല] നാ. കല്ലുരൽ.
അശ്മഭിത്ത് [സം.-ഭിദ്] നാ. കല്ലൂർവഞ്ചി.
അശ്മം [സം.അശ്മൻ] നാ. 1. പാറ; 2. മേഘം; 3. രത്നം.
അശ്മയോനി [സം.-യോനി] നാ. മരതകം, അശ്മഗർഭം.
അശ്മര [സം.] വി. കല്ലിനെസംബന്ധിച്ച, കല്ലുള്ള, പാറനിറഞ്ഞ.
അശ്മരി [സം.അശ്മരീ] നാ. ഒരു രോഗം, കല്ലടപ്പ്. (പ്ര.) അശ്മര്യാഹരണയന്ത്രം = അശ്മരിയെ മൂത്രവസ്തിയിൽനിന്ന് നീക്കം ചെയ്യാനുപയോഗിക്കുന്ന യന്ത്രം.
അശ്മരീഹരം [സം.അശ്മരീ-ഹര] നാ. നീർമരുത്.
അശ്മസാരം [സം.അശ്മൻ-സാര] നാ. 1. ഇരുമ്പ്; 2. ഇന്ദ്രനീലക്കല്ല്.
അശ്മഹൃദയ [സം.-ഹൃദയ] നാ. കല്ലുപോലെ കഠിനമായ ഹൃദയമുള്ള.
അശ്മരോഹണം [സം.-ആരോഹണ] നാ. അമ്മിചവിട്ടൽ, ബ്രാഹ്മണരുടെ വിവാഹത്തിൽ വധു അമ്മിക്കല്ലു ചവിട്ടുന്ന ചടങ്ങ്.
അശ്മാവ് [സം.] നാ. = അശ്മം.
അശ്മിതരഥ്യ [സം.അശ്മിത-രഥ്യാ] നാ. കല്ലുപാകിയ വഴി.
അശ്മീഭവനം [സം.അശ്മീ-ഭവന] നാ. കല്ലിക്കൽ, ഫോസ്സ്ലീകരണം.
അശ്മിരം [സം.] നാ. = അശ്മരി.
അശ്യ [സം.<അശ്] വി. അശിക്കാവുന്ന, ഭക്ഷിക്കത്തക്ക.
അശ്യാന [സം.അ-ശ്യാന] വി. വേഗം നീർവറ്റാത്ത, വേഗം ഉണങ്ങാത്ത.
അശ്രദ്ദധാന [സം-ശ്രദ്ദധാന] വി. 1. വിശ്വസിക്കാത്ത; 2. ശ്രദ്ധയില്ലാത്ത.
അശ്രദ്ധ1 [സം.-ശ്രദ്ധ] വി. ശ്രദ്ധയില്ലാത്ത, താത്പര്യമില്ലാത്ത, ഉദാസീനമായ.
അശ്രദ്ധ2 [സം.-ശ്രദ്ധാ] നാ. ശ്രദ്ധയില്ലായ്മ, അനാസ്ഥ, ഉദാസീനത, ഉപേക്ഷ.
അശ്രം [സം.] നാ. 1. കോണ്, അറ്റം, മൂല (പ്രായേണ സമാസാന്തത്തിൽ); 2. അസ്രം.
അശ്രമണ [സം.-ശ്രമണ] വി. ക്ഷീണിക്കാത്ത, തളരാത്ത.
അശ്രമണൻ [സം.] നാ. ശ്രമണൻ (ബുദ്ധസന്ന്യാസി) അല്ലാത്തവൻ.

അശ്രമം [സം.അ-ശ്രമ<ശ്രമ്] അവ്യ. ശ്രമം കൂടാതെ, നിഷ്പ്രയാസം.
അശ്രവണം1 [സം.-ശ്രവണ] നാ. കേൾക്കായ്ക, ബധിരത.
അശ്രവണം2 [സം.] നാ. 'ശ്രവണമില്ലാത്തത്'. പാമ്പ്.
അശ്രാന്ത [സം.-ശ്രാന്ത<ശ്രമ്] വി. ക്ഷീണമില്ലാത്ത, ക്ഷീണിക്കാത്ത. (പ്ര.)
അശ്രാന്തപരിശ്രമം = നിറുത്താതെയുള്ള യത്നം.
അശ്രാന്തം [സം.-ശ്രാന്തം] അവ്യ. ക്ഷീണമില്ലാതെ, വിശ്രമമില്ലാതെ.
അശ്രാവ്യ [സം.-ശ്രാവ്യ<ശ്രു] വി. കേട്ടുകൂടാത്ത, കേൾക്കരുതാത്ത.
അശ്രി [സം.അശ്രിൻ] നാ. 1. കോണ്, മൂല; 2. ആയുധത്തിൻെറ വായ്ത്തല, വാൾമുന.
അശ്രീ [സം.അ-ശ്രീ] നാ. 1. ഐശ്വര്യമില്ലായ്മ, അമങ്ഗളം; 2. ജ്യേഷ്ഠ, ഐശ്വര്യമില്ലായ്മയുടെയും ഭാഗ്യദോഷത്തിൻെറയും മറ്റും ദേവത, അത്ത; 3. അഴകില്ലാത്ത.
അശ്രീകര [സം.അശ്രീ-കര] വി. അമങ്ഗളം ചെയ്യുന്ന.
അശ്രീകരം [സം.] നാ. അവലക്ഷണം, വൃത്തികേട്, ദാരിദ്ര്യം.
അശ്രീല,-ര [സം.-ശ്രീല,-ര] വി. ശ്രീലമല്ലാത്ത, ഐശ്വര്യമില്ലാത്ത.
അശ്രു [സം.] നാ. കണ്ണുനീർ.
അശ്രുകണം [സം.അശ്രു-കണ] നാ. കണ്ണുനീർത്തുള്ളി.
അശ്രുഗ്രന്ഥി [സം.-ഗ്രന്ഥി] നാ. കണ്ണുനീർ ഉത്പാദിപ്പിക്കുന്ന ഗ്രന്ഥി.
അശ്രുത [സം.അ-ശ്രുത] വി. 1. കേട്ടിട്ടില്ലാത്ത; 2. ശ്രുതത്തിന്, (വേദത്തിന്) വിപരീതമായ. (പ്ര.) അശ്രുതപൂർവ = മുമ്പ് കേട്ടിട്ടില്ലാത്ത.
അശ്രുതൻ [സം.] നാ. ശ്രുതജ്ഞാനമില്ലാത്തവൻ, അനഭ്യസ്തൻ.
അശ്രുതി [സം.-ശ്രുതി] നാ. കേൾക്കായ്ക.
അശ്രുതിധര [സം.അശ്രുതി-ധര] വി. ചെവിയിൽ പതിയാത്ത, ശ്രദ്ധയിൽപ്പെടാത്ത.
അശ്രുധാര [സം.അശ്രു-ധാരാ] നാ. കണ്ണുനീർപ്രവാഹം.
അശ്രുനാളി [സം.അശ്രു-പാ.നാളി] നാ. കണ്ണുനീർ ഊറിവരുന്ന കുഴൽ.
അശ്രുപാതം [സം.-പാത<പത്] നാ. കണ്ണുനീർപ്രവാഹം ഉണ്ടാകൽ.
അശ്രുപൂർണ [സം.-പൂർണ] വി. കണ്ണുനീർ നിറഞ്ഞ.
അശ്രുമുഖ [സം.-മുഖ] വി. മുഖത്തു കണ്ണുനീർ ഉള്ള.
177
അശ്രുവാതം [സം.-ഖാത] നാ. കണ്ണീർവാതകം.
അശ്രുപഹത [സം.-ഉപഹത] വി. കണ്ണുനീർകൊണ്ടു മൂടിയ.
അശ്രേയസ്കര [സം.അ-ശ്രേയസ്-കര] വി. ശ്രേയസ്കരമല്ലാത്ത, ഹീനമായ, ഉപയോഗമില്ലാത്ത.
അശ്രേയസ്സ് [സം.-ശ്രേയസ്] നാ. തിന്മ, ദു:ഖം.
അശ്രൗത [സം.-ശ്രൗത<ശ്രുത] വി. വേദസമ്മതമല്ലാത്ത.
അശ്ലാഘ [സം.-ശ്ലാഘാ] നാ. ആത്മപ്രശംസചെയ്യായ്ക.
അശ്ലീക [സം.] വി. അശ്രീക.
അശ്ലീല, -ര [സം.-ശ്ലീല] വി. അമങ്ഗളകരമായ, അസഭ്യമായ.
അശ്ലീലം [സം.] നാ. 1. അസഭ്യം; 2. ഒരു കാവ്യദോഷം, ലജ്ജ,ജുഗുപ്സ, അമങ്ഗളം ഇവ തോന്നിപ്പിക്കുന്ന പദപ്രയോഗം.
അശ്ലേഷ [സം.അ-ശ്ലേഷ] നാ. 1. ആയില്യം നക്ഷത്രം; 2. യോജിപ്പില്ലായ്മ; 3. ശ്ലേഷാലങ്കാരമില്ലായ്മ.

അശ്ലേഷാഭവൻ,–ഭുവ് [സം.അശ്ലേഷാ–ഭവ, –ഭൂ] നാ. (ജ്യോ.) കേതുഗ്രഹം.
അശ്വ [സം.അശ്വാ] നാ. പെൺകുതിര.
അശ്വകന്ദം [സം. അശ്വ–കന്ദാ] നാ. അമുക്കൂരം.
അശ്വകം [സം.] നാ. ചെറിയ കുതിര, ചീത്തക്കുതിര, ഉടമസ്ഥനില്ലാതെ അലഞ്ഞുതിരിയുന്ന കുതിര.
അശ്വകർണം [സം.അശ്വ–കർണ] നാ. 'കുതിരച്ചെവിപോലെ ഇലകൾ ഉള്ളത്'. 1. മരുത്; 2. ഒരുതരം അസ്ഥിഭങ്ഗം.
അശ്വകിനി [സം.അശ്വകിനീ] നാ. = അശ്വിനി.
അശ്വകുടി [സം.അശ്വ–കുടീ] നാ. കുതിരലായം.
അശ്വകുശല,–കോവിദ [സം.–കുശല,–കോവിദ] വി. കുതിരയെ ഇണക്കുന്നതിൽ സമർഥനായ.
അശ്വക്രാന്ത [സം.അശ്വ–ക്രാന്താ] നാ. 1. (സങ്ഗീ.) ഷഡ്ജഗ്രാമത്തിൻെറ മൂർച്ഛന കളിൽ ഒന്ന്, ഗാന്ധാരമൂർച്ഛന; 2. തന്ത്രഗ്രന്ഥപ്രചാരണ ത്തിനായി ഭാരതഖണ്ഡത്തെ മൂന്നായി പകുത്തതിൽ ഒരു ഭാഗം.
അശ്വഖുര [സം.–ഖുരാ] നാ. അപരാജിത എന്ന സസ്യം, വിഷ്ണുക്രാന്തി, നീരാരൽ.
അശ്വഖുരജം [സം.–ഖുര–ജ] നാ. കോവർകഴുത.
അശ്വഖുരം [സം.] നാ. 1. കുതിരക്കുളമ്പ്; 2. ഒരു സുഗന്ധദ്രവ്യം.
അശ്വഗതി [സം.അശ്വ–ഗതി] നാ. 1. കുതിരയുടെ ഗമനം; 2. അഷ്ടിച്ഛന്ദസ്സിൽപ്പെട്ട ഒരു വൃത്തം; 3. ധൃതിച്ഛന്ദസ്സിൽപ്പെട്ട ഒരു വൃത്തം.
അശ്വഗന്ധ നാ. 'കുതിരയുടെ ഗന്ധമുള്ളത്'. അമുക്കൂരം.
അശ്വഗന്ധം [സം.] നാ. അമുക്കൂരം.
അശ്വഗോഷ്ഠം [സം.അശ്വ–ഗോഷ്ഠ] നാ. കുതിരലായം.
അശ്വഗ്രീവൻ [സം.–ഗ്രീവ] നാ. ഹയഗ്രീവൻ, കുതിരയുടെ കഴുത്തുള്ള ഒരു അസുരൻ.
അശ്വഘാസം [സം.–ഘാസ] നാ. കുതിരയുടെ തീറ്റ.
അശ്വഘ്നം [സം.–ഘ്ന] നാ. 'അശ്വത്തെ ഹനിക്കുന്നത്' അരളി.
അശ്വചക്രം [സം.–ചക്ര] നാ. 1. കുതിരകളുടെ കൂട്ടം; 2. ഒരുതരം ചക്രം.
അശ്വചേഷ്ടിതം [സം.–ചേഷ്ടിത] നാ. 1. കുതിരയുടെ ചലനം; 2. ഒരു ശകുനം.
അശ്വതര [സം.–തര] വി. വേഗമുള്ള.
അശ്വതരം [സം.അശ്വതര] നാ. 1. കോവർകഴുത; 2. കുതിരക്കുട്ടി (ആൺ). (സ്ത്രീ.) അശ്വതരി. (പ്ര.) അശ്വതരീരഥം = പെൺകുതിര വഹിക്കുന്ന രഥം.
അശ്വതി [സം.അശ്വിനീ] നാ. ഇരുപത്തേഴു നക്ഷത്രങ്ങളിൽ ഒന്നാമത്തേത്.
അശ്വത്ഥ [സം.അശ്വത്ഥാ] നാ. ആശ്വിനമാസത്തിലെ വെളുത്തവാവ്.
അശ്വത്ഥകം [സം.അശ്വത്ഥ–ക] നാ. അശ്വത്ഥവൃക്ഷം, അരയാൽ.
അശ്വത്ഥാമാ(വ്) [സം.അശ്വത്ഥാമൻ] നാ. ദ്രോണനു കൃപിയിലുണ്ടായ പുത്രൻ, ചിരംജീവികളിൽ ഒരുവൻ.
അശ്വത്ഥിക [സം.അശ്വത്ഥികാ] വി. അരയാലിൻെറ കുരു തിന്നു ജീവിക്കുന്ന.
അശ്വദമകൻ [സം.അശ്വ–ദമക] നാ. കുതിരയെ പരിശീലിപ്പിക്കുന്നവൻ.
അശ്വദംഷ്ട്ര [സം.–ദംഷ്ട്രാ] നാ. വലിയ ഞെരിഞ്ഞിൽ.
അശ്വദൂതൻ [സം.–ദൂത] നാ. കുതിരപ്പുറത്തു സഞ്ചരിക്കുന്ന സന്ദേശവാഹകൻ.

അശ്വൻ [സം.] നാ. 1. കുതിരയെപ്പോലെ ബലമുള്ളവൻ; 2. ശിവൻ.
അശ്വനദി [സം.അശ്വ-നദി] നാ. ചർമണ്വതിയുടെ ഒരു പോഷക നദി. (ശിശുവായ കർണനെ ഈ നദിയിലാണ് കുന്തി ഒഴുക്കിയതെന്നു പറയപ്പെടുന്നു.)
അശ്വനായകൻ [സം.-നായക] നാ. കുതിരക്കാരൻ.
അശ്വന്തം [സം.അശ്വന്ത] നാ. = അശ്മന്തം.
അശ്വപതി [സം.അശ്വ-പതി] നാ. 1. കുതിരക്കാരൻ; 2. അശ്വസൈന്യാധിപൻ; 3. ഒരു കേകയ രാജാവ്, കൈകേയിയുടെ പിതാവ്; 4. ഒരു മദ്രരാജാവ്, സാവിത്രിയുടെ പിതാവ്.
അശ്വബഡവം [സം.-ബഡവ] നാ. കുതിരകളുടെ സമൂഹം.
അശ്വഭടൻ [സം.-ഭട] നാ. കുതിരപ്പടയാളി.
അശ്വഭ്രമരം [സം.-ഭ്രമര] നാ കുതിരയുടെ ചുഴി.
അശ്വം [സം.അശ്വ] നാ. 1. കുതിര; 2. ഏഴ് (സൂര്യന് ഏഴു കുതിരകൾ ഉള്ളതുകൊണ്ട്).
അശ്വംവീച്ചിൽ [സം.അശ്വ-മ.വീച്ചിൽ] നാ. ഒരു പയറ്റുമുറ, പരിച ഉപയോഗിച്ചുള്ള യുദ്ധത്തിലെ ഒരു വീശൽ.
അശ്വമാരം [സം.-മാര] നാ. = അശ്വഘ്നം, അരളി.
അശ്വമുഖൻ [സം.-മുഖ] നാ. കുതിരയുടെ മുഖമുള്ളവൻ, കിന്നരൻ. (സ്ത്രീ.) അശ്വമുഖി.
അശ്വമേധം [സം.-മേധ] നാ. ചക്രവർത്തിപദവി കാങ്ക്ഷിച്ചിരുന്ന രാജാക്കന്മാർ പണ്ടു നടത്തിയിരുന്നതായി പറയപ്പെടുന്ന ഒരു യാഗം.
അശ്വമേധിക [സം.-മേധികാ] വി. അശ്വമേധീയ.
അശ്വമേധിക [സം.-മേധിക] വി. അശ്വമേധീയ.
അശ്വമേധീയ [സം.-മേധീയ] വി. അശ്വമേധത്തെ സംബന്ധിച്ച, അശ്വമേധത്തിനു തക്ക.
അശ്വമേരു [സം.-മേരു] നാ. ഒരു ദാനം.
അശ്വയുക്ക്1 [സം.-യുജ്] വി. 1. കുതിരയെപൂട്ടിയ; 2. അശ്വതിനാളിൽ ജനിച്ച.
അശ്വയുക്ക്2 [സം.അശ്വ-യുജാ] നാ. അശ്വതിനക്ഷത്രം.
അശ്വയുജം [സം.-യുജ] നാ. അശ്വീനമാസം, തുലാം.
അശ്വയോഗം [സം.-യോഗ] വി. കുതിരകളുടെ വേഗത്തിൽ പാഞ്ഞെത്തുന്ന.
അശ്വരക്ഷകൻ [സം.-രക്ഷക] നാ. കുതിരയെ രക്ഷിക്കുന്നവൻ, കുതിരക്കാരൻ.
അശ്വരഥം [സം.-രഥ] നാ. കുതിരവണ്ടി.
അശ്വരോധകം [സം.-രോധക] നാ. കണവീരം.
അശ്വലളിതം [സം.-ലലിത] നാ. വികൃതിച്ഛന്ദസ്സിൽപ്പെട്ട ഒരു വൃത്തം.
അശ്വലാല [സം.-ലാലാ] നാ. ഒരുതരം സർപ്പം.
അശ്വലോമാവ് [സം.-ലോമൻ] നാ. 1. കുതിര രോമം; 2. ഒരിനം പാമ്പ്.
അശ്വവക്ത്രൻ [സം.-വക്ത്ര] നാ. അശ്വമുഖൻ, കിന്നരൻ.
അശ്വവാടം [സം.-വാട] നാ. കുതിരലായം.
അശ്വവാരണം [സം.-വാരണ] നാ. ആര്യമാൻ, ഗവയം.
അശ്വവാരൻ [സം.-വാര] നാ. അശ്വപാലൻ.
അശ്വവാഹ(ക)ൻ [സം.-വാഹ(ക)] നാ. കുതിരക്കാരൻ.

അശ്വവാഹമാസം [സം.–വാഹ–മാസ] നാ. മുപ്പത്തഞ്ചു ദിവസംകൂറ്റിയ മാസം (കുതിരക്കാർക്കു ശബളം കൊടുക്കാൻ കണക്കാക്കിവന്നത്).
അശ്വവിത്ത് [സം.–വിദ്] നാ. അശ്വപരിശീലനത്തിൽ സമർഥൻ, ജോക്കി.
അശ്വവൃത്തി [സം.–വൃത്തി] നാ. നീചന്മാരെ സേവിക്കാതിരിക്കൽ.
അശ്വശകം [സം.–ശക] നാ. കുതിരച്ചാണകം.
അശ്വശത്രു [സം.–ശത്രു] നാ. 'അശ്വങ്ങളുടെ ശത്രു'. പോത്ത്.
അശ്വശാന്തി [സം.–സാന്തി] നാ. കുതിരകളുടെ രക്ഷയ്ക്കുവേണ്ടി ചെയ്യുന്ന ഒരു കർമം.
അശ്വശാല [സം.–ശാലാ] നാ. കുതിരലായം.
അശ്വശാവം [സം.–ശാവ] നാ. കുതിരക്കുട്ടി.
അശ്വശിരസ്സ് [സം.–ശിരസ്] നാ. ഒരു ദാനവൻ.
അശ്വസാദി [സം.–സാദിൻ] നാ. 'കുതിരപ്പുറത്തിരിക്കുന്നവൻ'. കുതിരപ്പടയാളി.
അശ്വസ്തനൻ [സം.അ–ശ്വസ്തന] നാ. അടുത്തദിവസത്തേക്ക് ഒന്നും കരുതി വയ്ക്കാത്തവൻ.
അശ്വസ്ഥാനം [സം.അശ്വ–സ്ഥാന] നാ. കുതിരാലയം.
അശ്വഹന്താവ് [സം.–ഹന്താ] നാ. കണവീരം.
അശ്വഹാരകൻ [സം.–ഹാരക] നാ. കുതിരയെ മോഷ്ടിക്കുന്നവൻ.
അശ്വഹൃദയം [സം.–ഹൃദയ] നാ. 1. ഒരു മന്ത്രം, അതിവേഗത്തിൽ കുതിരയെ ഓടിക്കുന്നതിനുള്ളത് (ഇതു നളൻ ഋതുപർണന് ഉപദേശിച്ചു. പകരം അക്ഷഹൃദയം ഗ്രഹിച്ചു); 2. കുതിരവൈദ്യം.
അശ്വാജനി [സം.–അജനീ] നാ. കുതിരച്ചമ്മട്ടി.
അശ്വാനീകം [സം.–അനീക] നാ. കുതിരസൈന്യം.
അശ്വായുർവേദം [സം.–ആയുർവേദ] നാ. കുതിരവൈദ്യം.
അശ്വായുസ്സ് [സം.–ആയുസ്] നാ. കുതിരയുടെ ജീവിതകാലം, മുപ്പത്തിരണ്ടു വർഷം.
അശ്വാരി [സം.–അരി] നാ. പോത്ത്.
അശ്വാരൂഢ [സം.–ആരൂഢ] വി. കുതിരപ്പുറത്തു കയറിയ.
അശ്വാരോഹ [സം.–ആരോഹാ] നാ. അശ്വഗന്ധ, അമുക്കൂരം.
അശ്വാരോഹൻ [സം.–ആരോഹ] നാ. അശ്വാരൂഢൻ.
അശ്വി [സം.അശ്വിൻ] നാ. 1. കുതിരകളുള്ളവൻ, കുതിരപ്പടയാളി, കുതിരകളെ ഇണക്കുന്നവൻ; 2. അശ്വതിനക്ഷത്രം.
അശ്വികൻ [സം.അശ്വിക] നാ. കുതിരപ്പുറത്തു സഞ്ചരിക്കുന്ന ആൾ (സ്ത്രീ.) അശ്വികി.
അശ്വികൾ [സം.അശ്വിനൗ] നാ. അശ്വിനീദേവതകൾ.
അശ്വിനി [സം.അശ്വിനീ] നാ. 1. അശ്വതിനക്ഷത്രം; 2. അശ്വികളുടെ മാതാവ് (പൺകുതിരയുടെ വേഷം പൂണ്ട സൂര്യപത്നി), അശ്വികൾ.
അശ്വിനീദേവന്മാർ [സം.അശ്വിനീ–ദേവൗ] നാ. അശ്വിനീകുമാരന്മാർ.
അശ്വിനീമുദ്ര [സം.–മുദ്രാ] നാ. ഒരു യോഗവിദ്യ.
അശ്വിപുത്രന്മാർ [സം.അശ്വി–പുത്രൗ] നാ. 'അശ്വികളുടെ പുത്രന്മാർ'. നകുലസഹദേവന്മാർ.

അശ്വിമുഹൂർത്തം [സം.-മുഹൂർത] നാ. (ജ്യോ.) രാത്രിയിൽ അഞ്ചാമത്തെ നിത്യനക്ഷത്രമുഹൂർത്തം.

അശ്വീന [സം.<അശ്വ] വി. ചെന്നെത്താൻ ഒരു ദിവസത്തെ കുതിരസവാരി വേണ്ടിവരുന്ന ദൂരത്തുള്ള.

അശ്വീയ [സം.] വി. കുതിരയെ സംബന്ധിച്ച, കുതിരയ്ക്കുകൊള്ളാവുന്ന.

അശ്വീയം [സം.] നാ. അശ്വസമൂഹം.

അശ്വേതിത [സം.അ-ശ്വേതിത] വി. വെളുപ്പിക്കപ്പെടാത്ത.

അഷഡക്ഷീണം [സം.-ഷഡ്-അക്ഷീണ] നാ. ആറുകണ്ണുകളാൽ കാണപ്പെടാത്തത്, രണ്ടുപേർ മാത്രം അറിഞ്ഞത്, രഹസ്യം.

അഷഡങ്ഗജ്ഞൻ [സം.-ഷഡ്-അങ്ഗ-ജ്ഞ] നാ. ആറുവേദാങ്ഗങ്ങളും പഠിച്ചിട്ടില്ലാത്തവൻ.

അഷാഢ(ക)ം [സം.അഷാഢ-ക] നാ. 1. ആഷാഢം, കർക്കടകമാസം; 2. പ്ലാശുകൊണ്ടുള്ള ദണ്ഡ് (ബ്രഹ്മചാരിയോ സന്ന്യാസിയോ ഉപയോഗിക്കുന്നത്).

അഷ്ട [സം.അഷ്ടൻ] വി. (സമാസത്തിൽ അഷ്ടാ എന്നു രൂപം) എട്ട്.

അഷ്ടക1 [സം.] വി. എട്ടു ഭാഗങ്ങളുള്ള.

അഷ്ടക2 [സം.അഷ്ടകാ] നാ. 1. അഷ്ടമി; 2. ഒരുതരം ശ്രാദ്ധം.

അഷ്ടകൻ [സം.അഷ്ടക] നാ. എട്ടധ്യായങ്ങളുള്ള പാണിനീയം പഠിച്ചവൻ.

അഷ്ടകം [സം.] നാ. 1. എട്ടുഭാദങ്ങൾ അടങ്ങിയത്, എട്ടെണ്ണം ചേർന്നത്; 2. എട്ടു ശ്ലോകമുള്ള കവിത; 3. ഋഗ്വേദത്തിൻെറ ഒരു വിഭാഗം.

അഷ്ടകർണ്ണൻ [സം.-കർണ] നാ. ബ്രഹ്മാവ്.

അഷ്ടകർമങ്ങൾ [സം.-കർമൻ] നാ. 1. (ഗന്ധയുക്തി) ശൗചം ആചമനം വിരേചനം ഭാവന പാകം ബോധനം ധൂപനം വാസനം (ദേഹം സുഗന്ധപൂരിതമാക്കുന്നത്) എന്നിവ; 2. (മന്ത്രവാദം) വശ്യം മോഹനം സ്തംഭനം ഉച്ചാടനം ആകർഷണം വിദ്വേഷണം ഭേദന മാരണം എന്നിവ.

അഷ്ടകർമാവ് [സം.-കർമൻ] നാ. എട്ടുതരം കർമങ്ങൾ അനുഷ്ടിക്കേണ്ട രാജാവ്.

179

അഷ്ടകരണങ്ങൾ [സം.-കരണ] നാ. (ബ.വ.) മനസ്സ് ബുദ്ധി ചിത്തം അഹങ്കാരം സങ്കൽപം നിശ്ചയം അവധാരണം അഭിമാനം എന്ന എട്ടു കരണങ്ങൾ.

അഷ്ടകലാശം [സം.-കലാശ<അറ.] നാ. കഥകളിയിലെ പ്രത്യേകസന്ദർഭങ്ങളിലെ സങ്കീർണമായ കലാശം, താളം, ത ത കിട ത കിത എന്നു തുടങ്ങി ക്രമേണ മത്രകൾ ഓരോന്നു കൂട്ടി എട്ടു കലാശങ്ങൾ ആടി അവസാനിപ്പിക്കുന്നത്.

അഷ്ടകഷ്ടങ്ങൾ [സം.-കഷ്ടാ:] നാ. (ബ.വ.) കാമം ക്രോധം ലോഭം മോഹം മദം മാത്സര്യം ഡംഭം അസൂയ എന്നിവ.

അഷ്ടകാങ്ഗം [സം.അഷ്ടക-അങ്ഗ] നാ. ചൂതുപടം.

അഷ്ടകോണപ്രാസാദം [സം.അഷ്ട-കോണ-പ്രാസാദ] നാ. എട്ടുകോണുള്ള ഒരുതരം മാളിക, അഷ്ടാശ്രപ്രാസാദം.

അഷ്ടകോണം [സം.-കോണ] നാ. എട്ടുമൂലകളുള്ളത്, എട്ടുവശങ്ങളുള്ള ജ്യാമിതീയരൂപം.

അഷ്ടഗതികൻ [സം.-ഗതിക] നാ. അഷ്ടകർമാവ്, രാജാവ്.

അഷ്ടഗന്ധം [സം.-ഗന്ധ] നാ. മണമുള്ള എട്ടു സാധനങ്ങൾ. (ചന്ദനം അകിൽ രാമച്ചം കൊട്ടം മാഞ്ചി ഇരുവേലി ഗുൽഗുലു കുങ്കുമം എന്നിവ.

അഷ്ടഗിരികൾ [സം.-ഗിരിയ:] നാ. (ബ.വ.) എട്ടുപർവതങ്ങൾ. (ഹിമവാൻ, നിഷധം, വിന്ധ്യൻ, മാല്യവാൻ, ഗന്ധമാദനം, ഹേമകുടം, പാരിയാത്രകം, ശ്വേതവാൻ എന്നിവ).
അഷ്ടഗുണങ്ങൾ [സം.ഗുണാ:] നാ. (ബ.വ.) എട്ടുഗുണങ്ങൾ (ഭൂതദയ, ക്ഷമ, അനസൂയ, ശൗചം, അനായാസം, മങ്ഗളം, അകാർപ്പണ്യം, അസ്പൃഹ എന്നിവ).
അഷ്ടഗ്രാസി [സം.-ഗ്രാസിൻ] നാ. എട്ട് ഉരുള മാത്രം ഭക്ഷിക്കുന്നവൻ, സന്ന്യാസി.
അഷ്ടചികിത്സ [സം.-ചികിത്സ:] നാ. എട്ടുതരം ചികിത്സകൾ. ശസ്ത്ര-കായ-ബാല-വിഷ-ഭൂത-രസായന-വാജീകരണ-ഊർധ്വാങ്ഗ ചികിത്സകൾ.
അഷ്ടചൂർണം [സം.-ചൂർണ] നാ. ചുക്ക്, കുരുമുളക്, തിപ്പലി, അയമോദകം, ഇന്തുപ്പ്, ജീരകം, കരിംജീരകം, കായം ഇവ എട്ടും കൂടി പൊടിച്ചത്.
അഷ്ടതയം [സം.-തയ] നാ. എട്ടെണ്ണം ചേർന്നത്.
അഷ്ടതലകം [സം.-തലക] നാ. എട്ടുതലങ്ങളുള്ള ഖരരൂപം.
അഷ്ടതാരിണി [സം.-താരിണീ] നാ. താരിണീദേവിയുടെ എട്ടുരൂപങ്ങൾ. (താര, ഉഗ്ര, മഹോഗ്ര, വജ്ര, കാളി, സരസ്വതി, കാമേശ്വരി, ചാമുണ്ഡി.)
അഷ്ടതാലം [സം.-താല] നാ. 1. ഒരുതരം അളവുകോൽ, ഒരു പുരുഷൻെറ ഉയരത്തെ അടിസ്ഥാനമാക്കിയിട്ടുള്ളത്; 2. മുഖായാമത്തിൻെറ എട്ടിരട്ടി പൊക്കമുള്ള വിഗ്രഹം.
അഷ്ടതാളം [സം.-താല] നാ. ഒരു താളം.
അഷ്ടദളം [സം.-ദല] നാ. എട്ടു ദളങ്ങളോടുകൂടിയ താമര.
അഷ്ടദാനം [സം.-ദാന] നാ. 'എട്ടു ദ്രവ്യങ്ങൾ ദാനം ചെയ്യുന്നത്' നാ. എള്ള് ഇരുമ്പ് സ്വർണം പഞ്ഞിക്കുരു ഉപ്പ് സപ്തധാന്യം ഭൂമി പശു എന്നിവ ദാനം ചെയ്യുന്നത്.
അഷ്ടദാരിദ്ര്യം [സം.-ദാരിദ്ര്യ] നാ. അതിയായ കഷ്ടത.
അഷ്ടദിക്കരി [സം.-ദിക്-കരിൻ] നാ. അഷ്ടദിഗ്ഗജം. (സ്ത്രീ.) അഷ്ടദിക്കരിണി.
അഷ്ടദിക്പാലന്മാർ [സം.-ദിക്-പാലാ:] നാ. എട്ടുദിക്കുകളുടെ അധിപന്മാർ. യഥാക്രമം കിഴക്കുമുതൽ (വലത്തോട്ട്) ഇന്ദ്രൻ വ l യമൻ നിരുതി വരുണൻ വായു കുബേരൻ ഈശൻ എന്നിവർ.
അഷ്ടദിക്കുകൾ [സം.അഷ്ട-ദിശ:] നാ. (ബ.വ.) എട്ടു ദിക്കുകൾ. (കിഴക്ക്, തെക്കുകിഴക്ക്, തെക്ക്, തെക്കുപടിഞ്ഞാറ്, പടിഞ്ഞാറ്, വടക്കുപടിഞ്ഞാറ്, വടക്ക്, വടക്കുകിഴക്ക്).
അഷ്ടദിഗ്ഗജങ്ങൾ [സം.-ദിക്-ഗജാ:] നാ. ഐരാവതം, പുണ്ഡരീകൻ, വാമനൻ, കുമുദൻ, അജ്ഞനൻ, പുഷ്പദന്തൻ, സാർവഭൗമൻ, സുപ്രതീകൻ ഇങ്ങനെ യഥാക്രമം കിഴക്കു തുടങ്ങിയ എട്ടു ദിക്കുകളിലെ ഗജങ്ങൾ, അഭ്രമു, കപില, പിങ്ഗള, അനുപമ, താമ്രകർണി, ശുഭ്രദന്തി, അങ്ഗന, അജ്ഞനാവതി എവ യഥാക്രമം പിടിയാനകൾ (അഷ്ടദിക്കരിണികൾ).
അഷ്ടദ്രവ്യം [സം.-ദ്രവ്യ] നാ. 1. യാഗത്തിനാവശ്യമുള്ള എട്ടു സാധനങ്ങൾ (അരയാൽ, അത്തി, പ്ലാശ്, പേരാൽ ഇവയുടെ കമ്പുകൾ വെൺകടുക്, എള്ള്, പായസം, നെയ്യ്); 2. ഗണപതി ഹോമത്തിന് ആവശ്യമുള്ള എട്ടു സാധനങ്ങൾ (തേങ്ങ, ശർക്കര, തേൻ, കരിമ്പ്, അപ്പം, അട, എള്ള്, പഴം എന്നിവ. കരിമ്പ്, മലർപ്പൊടി, പഴം, അവൽ, എള്ള്, മോദകം, നാളികേരം, മലർ എന്നിവ എന്നും.).
അഷ്ടധാ [സം.-ധാ] അവ്യ. എട്ടു പ്രകാരം.
അഷ്ടധാതുക്കൾ [സം.-ധാതവ:] നാ. (ബ.വ.) എട്ടു ലോഹങ്ങൾ (പൊന്ന്, വെള്ളി, ചെമ്പ്, ഇരുമ്പ്, വെള്ളീയം, നാകം, കാരീയം, രസം ഇവ).

അഷ്ടനാഗങ്ങൾ [സം.-നാഗാ:] നാ. (ബ.വ.) അനന്തൻ തിടങ്ങിയ എട്ടു നാഗങ്ങൾ. (അനന്തൻ, ഗുളികൻ, വാസുകി, ശങ്ഖപാലൻ, തക്ഷകൻ, മഹാപദ്മൻ, കാർക്കോടകൻ, പദ്മൻ എന്നിവർ).
അഷ്ടനായികമാർ [സം.-നായികാ:] നാ. (ബ.വ.) (നാട്യ.) എട്ടു തരം നായികമാർ, (സ്വാധീനഭർത്തൃക, ഖണ്ഡിത, അഭിസാരിക, വിപ്രലബ്ധ, കാഹാന്തരിത, പ്രോഷിത ഭർത്തൃക, വാസകസജ്ജ (-സജ്ജിക), വിരഹോത്കണ്ഠിത എന്നിവർ).
അഷ്ടപദം [സം.-പദ] നാ. = അഷ്ടാപദം.
അഷ്ടപദി [സം.-പദീ] നാ. 1. ജയദേവൻെറ ഗീതാഗോവിന്ദത്തിലെ ഗീതം. എട്ടു പാദങ്ങളുള്ളതുകൊണ്ട് ഈ പേര്; 2. കാട്ടുമുല്ല.
അഷ്ടപലം [സം.-പല] നാ. രണ്ടു കുഡവം (ഇരുനാഴി) അളവ്, ശരാവം.
അഷ്ടപാത്ത് [സം.-പാദ്] നാ. 'എട്ടുപാദങ്ങളുള്ളത്'. 1. എട്ടുകാലി, ചിലന്തി; 2. എട്ടടിമാൻ.
അഷ്ടപാദം [സം.-പാദ] നാ. എട്ടുകാലി, ചിലന്തി.
അഷ്ടപാദിക [സം.-പാദികാ] നാ. കാട്ടുമുല്ല.
അഷ്ടപുഷ്പങ്ങൾ [സം.-പുഷ്പാണി] നാ. (ബ.വ.) 1. എട്ടുതരം പൂക്കൾ (പുന്ന, വെള്ളെരുക്ക്, ചമ്പകം, നന്ദ്യാവർത്തം, നീലോത്പലം, പാതിരി, അലരി, ചെന്താമര ഇവ എട്ടും); 2. പൂജയ്ക്കുള്ള വാരുണപുഷ്പം (ജലം) സൗമ്യപുഷ്പം (നയ്യ്, പാൽ, തയിർ) പ്രാജാപാതൃപുഷ്പം (അന്നാദി) ആഗ്നേയപുഷ്പം (ധൂപ-ദീപാദി) വാനസ്പത്യപുഷ്പം (കായ്, പൂവ്), പാർഥിവപുഷ്പം (ദർഭമൂലാദി) വായവ്യപുഷ്പം (ഗന്ധചന്ദനം) വിഷ്ണുപുഷ്പം (ശ്രദ്ധ) എന്നിവ.
അഷ്ടപ്രാസം [സം.-പ്രാസ] നാ. ഒരു ശബ്ദാലങ്കാരം.
അഷ്ടബന്ധം [സം.-ബന്ധ] നാ. ബിംബം പീഠത്തിൽ ഉറപ്പിക്കാൻ എട്ട് സാധനങ്ങൾ പൊടിച്ചുചേർത്ത് ഉണ്ടാക്കുന്ന ഒരു കൂട്ട്. (ശങ്ഖ്, കടുക്കാ, ചെഞ്ചല്യം, കോഴിപ്പരൽ, ആറ്റുമണൽ, നെല്ലിക്കാ, കോലരക്ക്, നൂൽപ്പഞ്ഞി ഇവ കണക്കനുസരിച്ച് ചേർത്ത് ഇടിച്ചുണ്ടാക്കുന്നത്). (പ്ര.) അഷ്ടബന്ധം ഇട്ടുറപ്പിക്കുക = ദൃഢമാക്കുക, നിശ്ചയപ്പെടുത്തുക, ഇളക്കമില്ലാത്തവണ്ണം ഉറപ്പിക്കുക.
അഷ്ടബുദ്ധിഗുണങ്ങൾ [സം.-ബുദ്ധി-ഗുണ] നാ. (ബ.വ.) ബുദ്ധിയുടെ എട്ടു ഗുണങ്ങൾ. (ശുശ്രൂഷ, ശ്രവണം, ഗ്രഹണം, ധാരണം, ഊഹം, അപോഹം, അർഥവിജ്ഞാനം, തത്ത്വജ്ഞാനം ഇവ).
അഷ്ടഭുജ [സം.-ഭുജ] നാ. 'എട്ടു കൈകൾ ഉള്ളവൾ'. ദുർഗാദേവി.
അഷ്ടഭോഗം [സം.-ഭോഗ] നാ. ഭൂസ്വത്തിൽ നിന്നുമുള്ള എട്ടുതരം അനുഭവങ്ങൾ. (അക്ഷിണി, ആഗാമി, ജലാമൃതം, പാഷാണം, നിധി, നിക്ഷേപം, സിദ്ധി, സാധ്യം എന്നിവ).
അഷ്ടമ [സം.അഷ്ട-മ] വി. എട്ടാമത്തെ.
അഷ്ടമം [സം.] നാ. (ജ്യോ.) എട്ടാമത്തേത്, എട്ടാമത്തെ രാശി.
അഷ്ടമങ്ഗലകം [സം.-മങ്ഗലക] നാ. ജ്വരത്തിനുള്ള ഒരു നെയ്യ്.
അഷ്ടമങ്ഗലൻ [സം.-മങ്ഗല] നാ. ഒരു ജാതി കുതിര. (നാലു കുളമ്പുകൾ, മുഖം, വാൽ, കുഞ്ചിരോമം, നെഞ്ച് എന്നീ എട്ടുഭാഗങ്ങൾക്കു വെള്ളനിറമുള്ള കുതിര.
അഷ്ടമങ്ഗലം [സം.-മങ്ഗല] നാ. = അഷ്ടമങ്ഗല്യം. അഷ്ടമങ്ഗലപ്രശ്നം = അഷ്ടമങ്ഗലവസ്തുക്കൾ വച്ചു നടത്തുന്ന പ്രശ്നം.
അഷ്ടമങ്ഗല്യം [സം.-മങ്ഗല്യ] നാ. 'മങ്ഗളസൂചകമായ എട്ടെണ്ണം'. 1. കുരവ കണ്ണാടിവിളക്ക് പൂർണകുംഭം വസ്ത്രം നിറനാഴി മങ്ഗളസ്ത്രീ സ്വർണം എന്നിവ; 2. അരി

നെല്ല് കുരുത്തോല അമ്പ് കണ്ണാടി വസ്ത്രം കത്തുന്ന കൈവിളക്ക് ചപ്പ് (വിവാഹാദി മങ്ഗളാവസരങ്ങളിൽ താലത്തിൽ വച്ചുകൊണ്ടുപോകുന്നത്); 3. ബ്രാഹ്മണർ പശു അഗ്നി സ്വർണം നെയ്യ് ആദിത്യൻ രാജാവ് ജലം എന്നിവ; 4. സിംഹം വൃഷഭം ആന കലശം വ്യജനം കൊടി ഭേരി ദീപം എന്നിവ.

അഷ്ടമരാശി [സം.അഷ്ടമ-രാശി] നാ. (ജ്യോ.) ലഗ്നത്തിൽ നിന്ന് എട്ടാമത്തെ രാശി (ചന്ദ്രലഗ്നത്തിൻെറ). (പ്ര.) അഷ്ടമരാശിക്കൂറ് = ജനിച്ചകൂറിൻെറ അഷ്ടമരാശിയിൽ ചന്ദ്രൻ നിൽക്കുന്ന കാലം.

അഷ്ടമരുത്തുക്കൾ [സം.അഷ്ട-മരുത:] നാ. (ബ.വ.) ശ്വസനൻ സ്പർശനൻ വായു അനിലൻ മാരുതൻ പ്രാണൻ അപാനൻ ജീവൻ എന്നീ എട്ടു മരുത്തുക്കൾ.

അഷ്ടമശനി [സം.അഷ്ടമ-ശനി] നാ. എട്ടാമത്തെ രാശിയിൽ ശനി നിൽക്കൽ.

അഷ്ടമാതാക്കൾ [സം.അഷ്ട-മാതാര:] നാ. (ബ.വ.) എട്ടു മാതാക്കൾ (ബ്രഹ്മാണി, മഹേശ്വരി, കൗമാരി, വൈഷ്ണവി, വരാഹി, ഐന്ദ്രി, ചാമുണ്ഡി, മഹാലക്ഷ്മി എന്നീ എട്ടു ദേവിമാർ).

അഷ്ടമാനം [സം.-മാന] നാ. ഒരു കുഡവം, നാഴി.

അഷ്ടമാർഗങ്ങൾ [സം.-മാർഗ] നാ. (ബ.വ.) അഷ്ടാങ്ഗമാർഗം, ബുദ്ധൻ ഉപദേശിച്ച എട്ടു മാർഗങ്ങൾ (സമ്യഗ്ദൃഷ്ടി, സമ്യക്സങ്കൽപം, സമ്യഗ്വാക്ക്, സമ്യക്കർമം, സമ്യഗാജീവം, സമ്യഗ്വ്യായാമം, സമ്യക്സ്മൃതി, സമ്യക്സമാധി).

അഷ്ടമി [സം.അഷ്ടമീ] നാ. എട്ടാമത്തെ തിഥി.

അഷ്ടമിക [സം.അഷ്ടമികാ] നാ. ഒരുതൂക്കം, നാലുതോല.

അഷ്ടമിവിളക്ക് [സം.അഷ്ടമീ-മ.വിളക്ക്] നാ. വൃശ്ചികമാസത്തിലെ അഷ്ടമി ദിവസം വൈക്കം ക്ഷേത്രത്തിൽ നടത്തുന്ന (ദീപാലംകൃതമായ) പ്രധാന ഉത്സവം.

അഷ്ടമിരോഹിണി [സം.-രോഹിണീ] നാ. ചിങ്ങമാസത്തിൽ അഷ്ടമിയും രോഹിണിയും ചേർന്ന ദിവസം, ശ്രീകൃഷ്ണജയന്തി.

അഷ്ടമുടി [സം.അഷ്ട-മ.മുടി] നാ. കൊല്ലത്തിനു വടക്കുള്ള ഒരു കായൽ (എട്ടു ശാഖകളുള്ളതിനാൽ ഈ പേര്)

അഷ്ടമുഷ്ടി [സം.-മുഷ്ടി] നാ. 1. ഒരളവ്, എട്ടുപിടി (ധാന്യം); 2. മുപ്പത്തിരണ്ടു വിരലിടനീളം.

അഷ്ടമൂർത്തി [സം.-മൂർതി] നാ. ശിവൻ (പഞ്ചഭൂതങ്ങൾ, സൂര്യചന്ദ്രന്മാർ, യജമാനൻ അഥവാ പുരുഷൻ എന്ന എട്ടു മൂർത്തികളോടുകൂടിയവൻ.)

അഷ്ടയോഗം [സം.-യാഗ] നാ. = അഷ്ടാങ്ഗയോഗം.

അഷ്ടയോഗിനിമാർ [സം.-യോഗിന്യ:] നാ. (ബ.വ.) ദുർഗയുടെ എട്ടു പരിചാരികമാർ. (മാർജനി, കർപ്പൂരതിലക, മലയഗന്ധിനി, കൗമുദിക, ഭേരുണ്ഡ, മാതാലീ, നായകി, ജയ എന്ന് എട്ടുപേർ. മങ്ഗല, പിങ്ഗല, ധന്യ, ഭ്രാമരി, ഭദ്രിക, ഉത്ക, സിദ്ധ, സങ്കട എന്നു പക്ഷാന്തരം.)

അഷ്ടരസങ്ങൾ [സം.-രസാ:] നാ. (ബ.വ.) ശ്രുങ്ഗാരം കരുണം വീരം രൗദ്രം ഹാസ്യം ഭയാനകം ബീഭത്സം അത്ഭുതം എന്ന് എട്ടുരസങ്ങൾ. (നാട്യശാസ്ത്രത്തിൽ ശാന്തം പറയുന്നില്ല.)

അഷ്ടരാഗങ്ങൾ [സം.-രാഗാ:] നാ. (ബ.വ.) കാമം ക്രോധം ലോഭം മോഹം മദം മാത്സര്യം ഡംഭം അസൂയ എന്നിവ.

അഷ്ടലക്ഷ്മികൾ [സം.-ലക്ഷ്മീ] നാ. (ബ.വ.) എട്ട് ഐശ്വര്യദേവതമാർ (ധനലക്ഷ്മി, ധാന്യലക്ഷ്മി, ധൈര്യലക്ഷ്മി, ശൗര്യലക്ഷ്മി, വിദ്യാലക്ഷ്മി, കീർത്തിലക്ഷ്മി, വിജയലക്ഷ്മി, രാജ്യലക്ഷ്മി എന്നീ എട്ടു പേർ).
അഷ്ടലവണങ്ങൾ [സം.-ലവണ] നാ. (ബ.വ.) എട്ടുവക ഉപ്പ്. (സൈന്ധവം, സൗവർച്ചലം, വിഡ്, ഔദ്ഭിദം, ക്രൂഷ്ണം, സാമുദ്രം, പാംസുജം, രോമകം).
അഷ്ടാവക്രൻ [സം.-വക്ര] നാ. എട്ട് അവയവങ്ങൾക്ക് വളവുള്ള ഒരു മുനി.
അഷ്ടവർഗം [സം.-വർഗ] നാ. 1. (വൈദ്യ.) ഋഷഭം ജീവകം മേദ മഹാമേദ ഋദ്ധി വൃദ്ധി കാകോളി ക്ഷീരകാ കോളി എന്നീ എട്ട് ഔഷധികൾ; 2. (ജ്യോ.) സൂര്യൻ മുതൽ ശനിവരെയുള്ള സപ്തഗ്രഹങ്ങൾ നിൽക്കുന്ന രാശികളും ലഗ്നരാശിയും കൂടിയുള്ള എട്ടു രാശികളിൽ നിന്ന് ഇടുന്ന എട്ട് അക്ഷരങ്ങളുടെ അഥവാ ബിന്ദുക്കളുടെ സമൂഹം.
അഷ്ടവസ്തുക്കൾ [സം.] നാ. (ബ.വ.) ഇന്ദ്രൻെറ പരിചാരകരായ എട്ടു ദേവതകൾ, ധർമപ്രജാപതിക്കു വസുവെന്ന ദക്ഷപുത്രിയിൽ പിറന്നവർ. (ധരൻ, ധ്രുവൻ, സോമൻ, ആപൻ, അനലൻ, അനിലൻ, പ്രത്യുഷൻ, പ്രഭാസൻ എന്നിവർ).
181
അഷ്ടവിവാഹങ്ങൾ [സം.അഷ്ട-വിവാഹാ:] നാ. (ബ.വ.) ഹൈന്ദവധർമശാസ്ത്രപ്രകാരം എട്ടുവിധത്തിലുള്ള വിവാഹങ്ങൾ. (ബ്രാഹ്മം, ദൈവം, ആർഷം, പ്രാജാപത്യം, ഗാന്ധർവം, ആസുരം, രാക്ഷസം, പൈശാചം എന്നിവ).
അഷ്ടവൈദ്യന്മാർ [സം.-വൈദ്യ] നാ. (ബ.വ.) കേരളത്തിലെ വൈദ്യപാരമ്പര്യമുള്ള എട്ടു കുടുംബങ്ങൾ. (കുട്ടൻചേരി മൂസ്സ്, പ്ലാമന്തോൾ മൂസ്സ്, ചീരട്ടമൺ (ഒളശ്ശ) മൂസ്സ്, ഇളയിടത്തു തൈക്കാട്ടു മൂസ്സ്, ഒല്ലൂർ തൈക്കാട്ടുമൂസ്സ്, വെള്ളോട്ടുമൂസ്സ്, ആലത്തൂർ നമ്പി, കാ(ർ)ത്തോട് എന്നിവർ.
അഷ്ടശ്രവണൻ,-വസ്സ് [സം.-ശ്രവണ,-ശ്രവസ്സ്] നാ. = അഷ്ടകർണൻ.
അഷ്ടസിദ്ധികൾ [സം.-സിദ്ധി] നാ. (ബ.വ.) അഷ്ടൈശ്വര്യങ്ങൾ.
അഷ്ടാ [സം.] വി. 'അഷ്ടൻ എന്നതിനു സമാസത്തിൽ വരുന്ന രൂപം. എട്ട്.
അഷ്ടാക്ഷരം, -രി [സം.അഷ്ട-അക്ഷര-അക്ഷരീ] നാ. എട്ടക്ഷരമുള്ള മന്ത്രം, ഓം നമോ നാരായണായ.
അഷ്ടാങ്ഗ [സം.-അങ്ഗ] വി. എട്ടങ്ഗങ്ങളുള്ള.
അഷ്ടാങ്ഗധീ [സം.അഷ്ടാങ്ഗ-ധീ] നാ. എട്ടു ഗുണങ്ങളോടുകൂടിയ ബുദ്ധി.
അഷ്ടാങ്ഗപാതം [സം.-പാത] നാ. = അഷ്ടാങ്ഗപ്രണാമം.
അഷ്ടാങ്ഗപ്രണാമം [സം.-പ്രണാമ] നാ. സാഷ്ടാങ്ഗ നമസ്കാരം. (കൈകൾ, കാൽമുട്ടുകൾ, തോളുകൾ, നെഞ്ച്, നെറ്റി എന്നിവ നിലത്തു തൊടുവിച്ചുകൊണ്ടുള്ള നമസ്കാരം. ജാനുക്കളും, പാദങ്ങളും, പാണികളും, ഉരസ്സും, ബുദ്ധിയും, ശിരസ്സും, വചസ്സും, ദൃഷ്ടികളും കൊണ്ടുള്ള നമസ്കാരമെന്നും പക്ഷം.)
അഷ്ടാങ്ഗബ്രഹ്മചര്യം [സം.-ബ്രഹ്മചര്യ] നാ. അഷ്ട ഗുണയുക്തമായ ബ്രഹ്മചര്യം. (പ്രണയത്തിൻെറ എട്ടു ദശകളായ ദർശനം, സ്പർശനം, കേളി, കീർത്തനം, ഗുഹ്യഭാഷണം, സങ്കൽപം, അധ്യവസായം, ക്രിയ എന്നിവയെ ത്യജിച്ചുള്ള ബ്രഹ്മചര്യം).
അഷ്ടാങ്ഗമാർഗം [സം.-മാർഗ] നാ. = അഷ്ടമാർഗങ്ങൾ.
അഷ്ടാങ്ഗയോഗം [സം.-യോഗ] നാ. എട്ട് അങ്ഗങ്ങളോടുകൂടിയ യോഗം. (യമം, നിയമം, ആസനം, പ്രാണായാമം, പ്രത്യാഹാരം, ധ്യാനം, ധാരണ, സമാധി ഇവയോടുകൂടിയത്).

അഷ്ടാങ്ഗശീലം [സം.-ശീല] നാ. (ബുദ്ധ.) അഹിംസ സത്യം അസ്തേയം ബ്രഹ്മചര്യം അസങ്ഗ്രഹം അശുദ്ധാന്നവർജനം ചന്ദനാദി സുഗന്ധദ്രവ്യ പരിത്യാഗം നിലത്തു പായിന്മേൽ ശയനം എന്നീ ശീലങ്ങൾ.
അഷ്ടാങ്ഗഹൃദയം [സം.-ഹൃദയ] നാ. വാഗ്ഭടൻ രചിച്ച വൈദ്യഗ്രന്ഥം. (ശല്യം, ശാലാക്യം, കായചികിത്സ, ഭൂതവിദ്യ, കൗമാരഭൃത്യം, അഗദതന്ത്രം, രസായനതന്ത്രം, വാജീകരണതന്ത്രം എന്ന് എട്ട് അങ്ഗങ്ങൾ ഉള്ളതിനാൽ ഈ പേര്).
അഷ്ടാചലം [സം.അഷ്ട-അചല] നാ. = അഷ്ടഗിരികൾ.
അഷ്ടാദശതീർഥങ്ങൾ [സം.അഷ്ടാദശ-തീർഥാനി] നാ. (രാഷ്ട്ര.) ഗവണ്മെൻറിൻെറ 18 ഘടകങ്ങൾ. (പ്രാചീനഭാരതത്തിൽ മന്ത്രിമാർ, പുരോഹിതന്മാർ, സേനാപതികൾ, യുവരാജാവ്, അന്ത:പുരപാലകൻ, ദ്വാരപാലകന്മാർ, പ്രശാസ്താവ്, സമാഹർത്താവ്, സന്നിധാതാവ്, പ്രദേഷ്ടാവ്, നീചകൻ, പൗരവ്യാവഹാരികൻ, കാർത്താന്തികൻ, പ്രധാനമന്ത്രി, നിയമപാലകൻ, ദുർഗപാലൻ, വനപാലകൻ, അതിർത്തി സംരക്ഷകൻ എന്നിവരെയാണ് ഇപ്രകാരം വ്യവഹരിച്ചിരുന്നത്.)
അഷ്ടാദശധാന്യങ്ങൾ [സം.-ധാന്യാനി] പതിനെട്ടു ധാന്യങ്ങൾ (ബാർലി, ഗോതമ്പ്, എള്ള്, തിന, മുതിര, ഉഴുന്ന്, ചെറുപയർ, പെരുമ്പയർ, അമര (രണ്ടുതരം), തുവര, കടല, കുരുമുളക്, കടുക്, കൂവരക്, വരിനെല്ല്, കറുക നെല്ല്, ചാമ.)
അഷ്ടാദശപർവങ്ങൾ[സം.-പർവാണി] നാ. മഹാഭാരതത്തിലെ 18 പർവങ്ങൾ. (ആദി, സഭ, വനം, വിരാടം, ഉദ്യോഗം, ഭീഷ്മം, ദ്രോണം, കർണം, ശല്യം, സൗപ്തികം, സ്ത്രീ, ശാന്തി, അനുശാസനം, ആശ്വമേധികം, ആശ്രമവാസികം, മൗസലം, മഹാപ്രസ്ഥാനികം, സ്വർഗാരോഹണം എന്നിവ).
അഷ്ടാദശപുരാണങ്ങൾ [സം.-പുരാണാ:] നാ. പതിനെട്ടു പുരാണങ്ങൾ. (ബ്രാഹ്മം, മാത്സ്യം, ബ്രഹ്മവൈവർത്തം, ഭവിഷ്യം, പാത്മം, വൈഷ്ണവം, വായവ്യം, ഭാഗവതം, നാരദീയം, മാർക്കണ്ഡേയം, ആഗ്നേയം, ലൈങ്ഗം, വാരാഹം, സ്കാന്ദം, വാമനം, കൗർമം, ഗാരുഡം, ബ്രഹ്മാണ്ഡം എന്നിവ.)
അഷ്ടാദശഭുജ [സം.-ഭുജാ] നാ. മഹാകാളി.
അഷ്ടാദശവിദ്യകൾ [സം.-വിദ്യാ:] നാ. പതിനെട്ടു വിദ്യകൾ. (നാലു വേദങ്ങൾ, ആറു വേദാങ്ഗങ്ങൾ, മീമാംസ, ന്യായശാസ്ത്രം, ധർമശാസ്ത്രം, പുരാണം, ആയുർവേദം, ധനുർവേദം, ഗാന്ധർവം, അർഥശാസ്ത്രം എന്നിവ.)
അഷ്ടാധ്യായി [സം.അഷ്ട-അധ്യായീ] നാ. 'എട്ട് അധ്യായങ്ങൾ ഉള്ളത്'. പാണിനിർമിച്ച സംസ്കൃതവ്യാകരണഗ്രന്ഥം.
അഷ്ടാനീകം [സം.-അനീക] നാ. എട്ട് അനീകങ്ങൾ ചേർന്ന ഒരു സൈന്യവ്യൂഹം.
അഷ്ടാപദം [സം.അഷ്ടാ-പദ] നാ. 1. സ്വർണം; 2. ചൂതുപടം (എല്ലാവരിയിലും എട്ടെട്ടു കള്ളികൾ വീതം ഉള്ളത്); 3. എട്ടുകാലി, ചിലന്തി; 4. ശരഭം, എട്ടടിമാൻ; 5. പുഴു; 6. കൈലാസം.
അഷ്ടാപദി [സം.-പദി] നാ. അഷ്ടപദി, കാട്ടുമുല്ല.
അഷ്ടാംശി [സം.അഷ്ട-അംശിൻ] നാ. കോണം അളക്കുവാൻ നാവികർ ഉപയോഗിക്കുന്ന ഒരു ഉപകരണം.
അഷ്ടാര [സം.-ആര] വി. എട്ടു ചക്രങ്ങളുള്ള.
അഷ്ടാവക്രൻ [സം.അഷ്ടാ-വക്ര] നാ. 'എട്ട് അവയവങ്ങൾക്കു വളവുള്ളവൻ'. ഒരു മുനി.

അഷ്ടാവധാനം [സം.അഷ്ട-അവധാന] നാ. എട്ടുകാര്യങ്ങളിൽ ഒരേസമയം മനസ്സുപതിപ്പിക്കൽ.

അഷ്ടാവധാനി [സം.-അവധാനിൻ] നാ. അഷ്ടാവധാനത്തിന് കഴിവുള്ള ആൾ.

അഷ്ടാശീതി [സം.-അശീതി] (നാമമായും വിശേഷണമായും പ്രയോഗം) എൺപത്തിയെട്ട്.

അഷ്ടാശ്രം = അഷ്ടകോണം.

അഷ്ടാഹം [സം.അഷ്ട-അഹൻ] നാ. എട്ടുദിവസം നീണ്ടുനിൽക്കുന്നത്.

അഷ്ടി [<സം.അശ്] നാ. ഭക്ഷണം.

അഷ്ടൈശ്വര്യങ്ങൾ [സം.അഷ്ട-ഐശ്വര്യ] നാ. അണിമാവ്, മഹിമാവ്, ലഘിമാവ്, ഗരിമാവ്, ഈശിത്വം, വശിത്വം, പ്രാപ്തി, പ്രാകാശ്യം ഈ എട്ടും. (യോഗസിദ്ധികൊണ്ടു ലഭിക്കുന്ന അമാനുഷികപ്രഭാവങ്ങൾ.)

അഷ്ഠി [സം.-അഷ്ഠീ] നാ. കല്ല്, പാറ.

അഷ്ഠില [സം.] നാ. 1. പുക്കിളിനു താഴെ വായുവിൻെറ ഉപദ്രവങ്ങളുണ്ടാകുന്ന മുഴ; 2. കുടകപ്പാല; 3. ഉണ്ടക്കല്ല്.

അസകൃത്ത് [സം.അ-സകൃത്] നാ. വീണ്ടും വീണ്ടും, പലപ്പോഴും.

അസക്ത [സം.-സക്ത] വി. 1. താത്പര്യമില്ലാത്ത; 2. ഇഹലോകവ്യാപാരങ്ങൾ വെടിഞ്ഞ. നാ. അസക്തി.

അസങ്കുല [സം.-സങ്കുല] വി. ഞെരുങ്ങാത്ത.

അസങ്ഖ്യ,-ഖ്യാത [സം.-സങ്ഖ്യ,-ഖ്യാത] വി. എണ്ണമില്ലാത്ത, നിരവധിയായ.

അസങ്ഖ്യേയ [സം.-സങ്ഖ്യേയ] വി. എണ്ണാൻ കഴിയാത്ത.

അസങ്ഗ [സം.-സങ്ഗ] വി. സങ്ഗമില്ലാത്ത, ഒന്നിനോടും പറ്റില്ലാത്ത, ലൗകികബന്ധമറ്റ.

അസങ്ഗത [സം.-സങ്ഗത] വി. 1. യുക്തമല്ലാത്ത, ചേർച്ചയില്ലാത്ത; 2. ബന്ധമില്ലാത്ത, അസംബന്ധആയ, യുക്തിയില്ലാത്ത; 3. ചേർന്നിരിക്കാത്ത; 4. സംഭവിക്കാൻ ഇടയില്ലാത്ത, സത്യമല്ലാത്ത.

അസങ്ഗതി [സം.-സങ്ഗതി] നാ. 1. അസംഭവ്യത, ചേർച്ചയില്ലായ്മ, പൊരുത്തക്കേട്; 2. കാരണമില്ലായ്മ; 3. ഒരു അലങ്കാരം.

അസങ്ഗൻ [സം.-സങ്ഗ] നാ. 1. നിസ്സങ്ഗൻ, ലോകകാര്യങ്ങളിൽ താത്പര്യമില്ലാത്തവൻ, വിരക്തൻ; 2. പുരുഷൻ, പരമാത്മാവ്.

അസങ്ഗം [സം.] നാ. 1. ലോകകാര്യങ്ങളിൽ താത്പര്യമില്ലായ്മ, വിരക്തി; 2. തടസ്സമില്ലായ്മ; 3. ഒരു ഹസ്തമുദ്ര.

അസങ്ഗമം [സം.അ-സങ്ഗമ] നാ. 1. ചേരാതിരിക്കൽ; 2. വേർപാട്.

അസജ്ജനം [സം.-സജ്ജന] നാ. ദുർജനം, ദുഷ്ടൻ, നീചൻ.

അസഞ്ചിത [സം.-സഞ്ചിത] വി. ശേഖരിച്ചിട്ടില്ലാത്ത, കൂട്ടിവച്ചിട്ടില്ലാത്ത.

അസഞ്ചിതം [സം.] നാ. പ്രധാനവിഗ്രഹം നിവർന്നു നിൾക്കുന്ന നിലയിൽ പ്രതിഷ്ഠിക്കപ്പെട്ട ക്ഷേത്രം.

അസതായി [സം.അസതായീ] നാ. ദുഷ്ടത.

അസതി [സം.അ-സതീ] നാ. പതിവ്രതയല്ലാത്തവൾ.

അസത്കരിക്കുക [<സം.അ-സത്-കൃ] ക്രി. അവമാനിക്കുക, അവഗണിക്കുക, നിന്ദിക്കുക.

അസത്കൃത [സം.-സത്-കൃത] വി. സത്കരിക്കപ്പെട്ടതല്ലാത്ത, അവമാനിക്കപ്പെട്ട, അനാദരിക്കപ്പെട്ട.
അസത്കൃതം [സം.] നാ. ദുഷ്കർമം.
അസത്ത [സം.അ-സത്താ] നാ. 1. അസത്യം; 2. അഭാവം, ഇല്ലായ്മ; 3. ദുഷ്ടത.
അസത്ത് [സം.-സത്] നാ. 1. ഇല്ലാത്തത്, നേരല്ലാത്തത്, മായ; 2. ചീത്തയായത്, ദുഷിച്ചത്; 3. ചീത്തയാൾ, ദുഷ്ടൻ.
അസത്ത്വ [സം.-സത്ത്വ] വി. 1. നന്മയില്ലാത്ത; 2. ബലമില്ലാത്ത; 3. ജന്തുക്കളില്ലാത്ത.
അസത്ത്വാവരണം [സം.അസത്ത്വ-ആവരണ] നാ. (വേദാ.) മായയുടെ ആവരണശക്തി രണ്ടുവിധമുള്ളതിൽ ഒന്ന്.
അസത്യം [സം.അ-സത്യ] നാ. നേരല്ലാത്തത്, കള്ളം, വ്യാജം, മിഥ്യ.
അസത്യവാദി [സം.അസത്യ-വാദിൻ] നാ. കള്ളം പറയുന്നവൻ.
അസദൃശ [സം.-സദൃശ] വി. 1. സദൃശമല്ലാത്ത, തുല്യമല്ലാത്ത; 2. ചേരാത്ത, യുക്തമല്ലാത്ത.
അസദ്ഭാവം [സം.-സദ്ഭാവ] നാ. 1. ഇല്ലായ്മ; 2. ദുസ്സ്വഭാവം; 3. തെറ്റായധാരണ.
അസനം1 [സം.<അസ്] നാ. 1. ഏറ്; 2. എറിയൽ; 3. ദൂരത്തേയ്ക്കു വിടൽ.
അസനം2 [സം.അസന] നാ. വേങ്ങമരം.
അസനവില്വാദി [സം.-വില്വ-ആദി] നാ. വേങ്ങക്കാതൽ, കൂവളത്തിൻവേര് മുതലായ മരുന്നുകൾ (ചേർത്തുകാച്ചുന്ന എണ്ണ).
അസനപർണി [സം.-പർണീ] നാ. 1. തുവര (വേങ്ങയുടെ ഇലപോലെയുള്ളത്); 2. നീരാരൽ.
അസനപുഷ്പകം [സം.-പുഷ്പക] നാ. ഒരുതരം ധാന്യം.
അസനി [സം.അസനിൻ] നാ. വിക്ഷേപിക്കുന്നവൻ, എറിയുന്നവൻ.
അസന്തുഷ്ട [സം.അ-സന്തുഷ്ട] വി. 1. സന്തോഷമില്ലാത്ത; 2. അതൃപ്തിയുള്ള.
അസന്തുഷ്ടി [സം.-സന്തുഷ്ടി] നാ. സന്തോഷമില്ലായ്മ, അസന്തൃപ്തി.
അസന്ത്ര്യപ്തി [സം.-സന്ത്ര്യപ്ത] നാ. സന്തൃപ്തിയില്ലായ്മ.
അസന്തോഷം [സം.-സന്തോഷ] നാ. 1. സന്തോഷരാഹിത്യം, അപ്രീതി; 2. അതൃപ്തി.
അസന്ദിഗ്ധ [സം.-സന്ദിഗ്ധ] വി. 1. സംശയമില്ലാത്ത, നിശ്ചയമുള്ള; 2. തെളിവുള്ള, സ്പഷ്ടമായ. (പ്ര.) അസന്ദിഗ്ധാത്മാവ് = ഒന്നിലും സംശയമില്ലാത്ത ആൾ.
അസന്ദിഗ്ദ്ധം [സം.-സന്ദിഗ്ധാ] അവ്യ. സംശയമില്ലാത്തവണ്ണം, നിശ്ചയമായി.
അസന്ധി [സം.-സന്ധി] നാ. 1. സന്ധിയില്ലായ്മ; 2. ഒരുമയില്ലായ്മ.
അസന്ന [സം.-സന്ന] വി. വിശ്രമമില്ലാത്ത, ക്ഷീണിക്കാത്ത.
അസന്നദ്ധ [സം.-സന്നദ്ധ] വി. 1. (കവചം) ബന്ധിച്ചിട്ടില്ലാത്ത; 2. തയ്യാറില്ലാത്ത; 3. അഹംഭാവമുള്ള.
അസന്നികർഷം [സം.-സന്നികർഷ] നാ. അടുത്തല്ലായ്മ, പ്രത്യക്ഷമാകത്തക്കവണ്ണം സമീപത്തല്ലായ്മ.
അസന്നികൃഷ്ട [സം.-സം-നി-കൃഷ്ട] വി. 1. അടുത്തല്ലാത്ത, അകന്ന; 2. കാണപ്പെടാത്ത.
അസന്നിധാനം [സം.-സന്നിധാന] നാ. 1. അസാമീപ്യം; 2. സ്ഥലത്തില്ലാതിരിക്കൽ, അസാന്നിധ്യം.

അസന്നിവിഷ്ടൻ [സം.-സന്നിവിഷ്ട] നാ. വിവാഹം കഴിക്കാത്തവൻ.
അസന്നിവൃത്തി [സം.-സന്നിവൃത്തി] നാ. തിരിച്ചുവരായ്മ, ഇങ്ങിനി വരാത്തവണ്ണം പോകൽ.
അസന്നിഹിത [സം.-സന്നിഹിത] വി. അടുത്തില്ലാത്ത, വന്നുചേർന്നിട്ടില്ലാത്ത.
അസപത്ന [സം.-സപത്ന] വി. 1. ശത്രുവില്ലാത്ത, എതിരാളിയില്ലാത്ത; 2. ശത്രുവല്ലാത്ത; 3. വേറേ ഭാര്യയില്ലാത്ത.
183
അസപത്നം [സം-സപത്ന] നാ. ശത്രുബാധയില്ലായ്മ, സമാധാനം.
അസപത്നി [സം.-സപത്നി] നാ. ഒരുതരം ഇഷ്ടിക.
അസപിണ്ഡ [സം.-സപിണ്ഡ] വി. സപിണ്ഡത്വമില്ലാത്ത, രക്തബന്ധമില്ലാത്ത.
അസഭ്യ [സം.-സഭ്യ] വി. 1. സഭായോഗ്യമല്ലാത്ത, സഭ്യമലാത്ത; 2. അശ്ലീലമായ, ഗ്രാമ്യമായ, മാന്യമല്ലാത്ത.
അസംപുഷ്ട [സം.-സമ്പുഷ്ട] വി. പുഷ്ടിപ്രാപിക്കാത്ത, നല്ലവളർച്ച എത്തിയിട്ടില്ലാത്ത.
അസംപൂർണ [സം.-സംപൂർണ] വി. പൂർണമല്ലാത്ത.
അസംപ്രജ്ഞാത [സം.-സമ്പ്രജ്ഞാത] വി. നല്ലവണ്ണം വിവേചിക്കപ്പെടാത്ത. അസമ്പ്രജ്ഞാതസമാധി = നിർവികൽപസമാധി.
അസംപ്രേക്ഷണം [സം.-സം-പ്ര-ഈക്ഷണ] നാ. അവിവേകം, സാഹസം.
അസംപ്രേക്ഷ്യകാരി [സം.-സംപ്രേക്ഷ്യ-കാരിൻ] നാ. = അസമീക്ഷ്യകാരി.
അസംബദ്ധ [സം.-സം-ബദ്ധ] വി. പരസ്പരം ബന്ധമില്ലാത്ത, ചേർച്ചയില്ലാത്ത, തെറ്റായ. നാ. അസംബദ്ധം = ചേർച്ചയില്ലാത്ത വാക്യം.
അസംബന്ധം [സം.-സം-ബന്ധ] നാ. സംബന്ധമില്ലാത്തത്, ചേർച്ചയില്ലാത്തത്, വിഡ്ഢിത്തരം, ചേർച്ചയില്ലാത്ത വാക്ക്.
അസംബന്ധാതിശയോക്തി[സം.അസംബന്ധ-അതിശയോക്തി] നാ. അയോഗാതിശയോക്തി, ഒരു അർഥാലങ്കാരം.
അസംബാധ1 [സം.-സം-ബാധ<ബാധ്] വി. 1. തടവില്ലാത്ത, തിക്കില്ലാത്ത, ഏകാന്തമായ; 4. ഉപദ്രവം ഇല്ലാത്ത, വേദനയില്ലാത്ത.
അസംബാധ2 [സം.-സം-ബാധാ] നാ. ഒരു വൃത്തം.
അസംബ്ലി [ഇം.] നാ. 1. സമ്മേളനം, സഭ; 2. ജനപ്രതിനിധിസഭ (സംസ്ഥാനങ്ങളിലെ) നിയമസഭ.
അസംഭവ [സം.അ-സം-ഭവ] വി. ഉണ്ടാകാത്ത, നടക്കാത്ത.
അസംഭവം [സം.] നാ. 1. സംഭവിക്കായ്ക; 2. (തർക്ക) ലക്ഷ്യത്തിലെങ്ങും ലക്ഷണം യോജിക്കായ്ക; 3. ഒരു അലങ്കാരം.
അസംഭവ്യ [സം.-സം-ഭവ്യ] വി. സംഭവിക്കാൻ ഇടയില്ലാത്ത, അസാധാരണമായ.
അസംഭാവന [സം.-സം-ഭാവനാ] നാ. 1. സംഭവിക്കത്തക്കതായി കരുതായ്ക; 2. ബഹുമാനമില്ലായ്മ; 3. (വേദാ.) തെറ്റായഭാവന, അബദ്ധബോധം.
അസംഭാവനീയ [സം.-സം.-ഭാവനീയ] വി. സങ്കൽപിക്കാൻ സാധ്യമല്ലാത്ത, സംഭവിക്കാൻ പാടില്ലാത്ത.
അസംഭാവ്യ [സം.-സം-ഭാവ്യ] വി. = അസംഭവ്യ.
അസംഭാഷ്യ [സം.-സം-ഭാഷ്യ] വി. സംഭാഷണത്തിനു യോജിച്ചതല്ലാത്ത.

അസംഭിന്ന [സം.-സം-ഭിന്ന] വി. 1. വേർപെടാത്ത, വ്യത്യസ്തമല്ലാത്ത; 2. ഉടയാത്ത, പൊട്ടിയിട്ടില്ലാത്ത, പിളരാത്ത.

അസംഭൂത [സം.-സം-ഭൂത] വി. സംഭവിച്ചതല്ലാത്ത, ഉണ്ടായതല്ലാത്ത.

അസംഭൂതി [സം.-സം-ഭൂതി] നാ. 1. അഭാവം, മായ; 2. പുനർജന്മമില്ലായ്മ.

അസംഭൃത [സം.-സം-ഭൃത] വി. 1. സംഭരിച്ചുവച്ചതല്ലാത്ത, അകൃത്രിമമായ, സ്വതേയുള്ള; 2. വേണ്ടവിധത്തിൽ പോഷണമില്ലാത്ത.

അസംഭ്രമ [സം.-സം-ഭ്രമ<ഭ്രമ്] വി. സംഭ്രമമില്ലാത്ത, ശാന്തചിത്തതയുള്ള. നാ. അസംഭ്രമം.

അസംഭോജ്യൻ [സം-സം-ഭോജ്യ<ഭുജ്] നാ. പന്തിഭോജനത്തിനു യോഗ്യതയില്ലാത്തവൻ.

അസംയത [സം.-സം-യത<യമ്] വി. അടക്കമില്ലാത്ത.

അസംയമം [സം.-സംയമ] നാ. സംയമരാഹിത്യം, അടക്കമില്ലായ്മ.

അസംയുക്ത [സം.അ-സം-യുക്ത<യുജ്] വി. സംയുക്തമല്ലാത്ത, കൂടിച്ചേർന്നതല്ലാത്ത.

അസംയുതമുദ്ര [സം.-സംയുക്ത-മുദ്രാ] നാ. ഒരുകൈകൊണ്ടുമാത്രം കാണിക്കുന്ന മുദ്ര.

അസംയോഗം [സം.-സം-യോഗ<യുജ്] നാ. സംയോഗമില്ലായ്മ, ചേർച്ചയില്ലായ്മ, വേർപാട്.

അസംരംഭം [സം.-സം-രംഭ<രഭ്] നാ. 1. തുടങ്ങാതിരിക്കൽ; 2. കോപിക്കാതിരിക്കൽ, ക്ഷോഭിക്കാതിരിക്കൽ.

അസംരോധം [സം.-സം-രോധ<രുധ്] നാ. ഉപദ്രവമില്ലായ്മ.

അസംലക്ഷ്യ [സം.-സം-ലക്ഷ്യ<ലക്ഷ്] വി. കാണത്തക്കതല്ലാത്ത.

അസംലക്ഷ്യക്രമം [സം.അ-സം-ലക്ഷ്യ-ക്രമ] നാ. (അലം.) അഭിധാവ്യാപാരംകൊണ്ട് ഉണ്ടാകുന്ന വിവക്ഷിതാന്യപരവാച്യധ്വനിയുടെ ഒരു ഭേദം.

അസംവൃത [സം.-സം-വൃത<വൃ] വി. മറയ്ക്കാത്ത, തുറന്ന.

അസംവ്യവഹാര്യ [സം.-സംവ്യവ-ഹാര്യ<ഹൃ] വി. 1. പറഞ്ഞറിയിക്കുവാൻ പറ്റാത്ത; 2. ഇടപെടാൻ കൊള്ളരുതാത്ത.

അസംശയം [സം.-സംശയ] അവ്യ. സംശയം കൂടാതെ, നിശ്ചയമായി.

അസംശ്രവ [സം.-സം-ശ്രവ<ശ്രു] വി. കേൾവിയിൽപെടാത്ത, കേൾക്കാൻ കഴിയാത്ത.

അസംശ്ലിഷ്ട [സം.-സം-ശ്ലിഷ്ട<ശ്ലിഷ്] വി. സംശ്ലിഷ്ടമല്ലാത്ത, പരസ്പരം ആശ്ലേഷിക്കപ്പെടാത്ത, ഗാഢമായി തമ്മിൽ ചേരാത്ത, തമ്മിൽപിണയാത്ത.

അസംസക്ത [സം.-സം-സക്ത<സഞ്ജ്] വി. താത്പര്യമില്ലാത്ത, ബന്ധപ്പെടാത്ത.

അസംസക്തി [സം.-സം-സക്തി<സഞ്ജ്] നാ. താത്പര്യമില്ലായ്മ, അനാസ്ഥ, ബന്ധമില്ലായ്മ.

അസംസൃതി [സം.-സം-സൃതി<സൃ] നാ. സംസാരമില്ലായ്മ, പുനർജന്മമില്ലായ്മ.

അസംസൃഷ്ട [സം.-സം-സൃഷ്ട<സൃജ്] വി. സംസൃഷ്ടമല്ലാത്ത, തമ്മിൽ ചേർന്നതല്ലാത്ത.

അസംസൃഷ്ടൻ [സം.] നാ. ചേർന്നുതാമസിക്കാത്തവൻ, ഭാഗംപിരിഞ്ഞു പ്രത്യേകം താമസിക്കുന്ന കുടുംബാങ്ഗം.

അസംസൃഷ്ടി [സം.അ-സം-സൃഷ്ടി<സൃജ്] നാ. കൂടിച്ചേരാതിരിക്കൽ.

അസംസ്കൃത1 [സം.-സം-സ്-കൃത<കൃ] വി. 1. സംസ്കാരങ്ങൾ ചെയ്തു രൂപഭേദമോ ഗുണഭേദമോ വരുത്താത്ത, ശുദ്ധീകരിക്കാത്ത; 2. പരിഷ്കരിക്കാത്ത; 3. അലങ്കരിക്കാത്ത.

(പ്ര.) അസംസ്കൃതവസ്തുക്കൾ = ശുദ്ധീകരിക്കാത്ത (ഉപയോഗയോഗ്യമാക്കാത്ത) വസ്തുക്കൾ.
അസംസ്കൃത2 [സം.-സംസ്കൃതാ] നാ. ഗാന്ധർവവിവാഹം ചെയ്യപ്പെട്ടവൾ.
അസംസ്കൃതൻ [സം.-സംസ്കൃത] നാ. 1. ഉപനയനാദി സംസ്കാരങ്ങൾ കഴിയാത്തവൻ; 2. സംസ്കാരം ഇല്ലാത്തവൻ.
അസംസ്കൃതം [സം.] നാ. (വ്യാക.) അപശബ്ദം.
അസംസ്തുത [സം.-സം-സ്തുത<സ്തു] വി. 1. പ്രശംസിക്കപ്പെടാത്ത; 2. പ്രസ്താവിക്കപ്പെടാത്ത; 3. പരിമിതമല്ലാത്ത.
അസംസ്ഥിത [സം.-സം-സ്ഥിത<സ്ഥാ] വി. സംസ്ഥിതമല്ലാത്ത, ചലിച്ചുകൊണ്ടിരിക്കുന്ന, ഭ്രമിക്കുന്ന.
അസംഹത [സം.-സം-ഹത] വി. കൂട്ടമായിരിക്കാത്ത, ചിന്നിച്ചിതറിയ, അയഞ്ഞ.
അസംഹതം [സം.] നാ. ഒരുതരം സേനാവ്യൂഹം.
അസംഹാര്യ [സം.അ-സം-ഹാര്യ<ഹൃ] വി. സംഹരിക്കാൻ വയ്യാത്ത, തടയാനാവാത്ത, തോൽപ്പിച്ചുകൂടാത്ത, അടക്കാൻ പാടില്ലാത്ത.
അസമ [സം.-സമ] വി. 1. തുല്യതയില്ലാത്ത; 2. ഒറ്റയായ, ഒന്ന് മൂന്ന് അഞ്ച് ഏഴ് എന്നുതുടങ്ങിയ സങ്ഖ്യകൾ പോലെ; 3. നിരപ്പില്ലാത്ത.
അസമഗ്ര [സം.-സമഗ്ര] വി. സമഗ്രമല്ലാത്ത, അപൂർണമായ, ഭാഗികമായ.
അസമച്ഛദം [സം.അ-സമ-ഛദ] നാ. സപ്തച്ഛദം, ഏഴിലമ്പാല.
അസമഞ്ജസ [സം.-സമഞ്ജസ] വി. 1. ചേർച്ചയില്ലാത്ത, ചേരാത്ത, അയോഗ്യമായ; 2. അസംബന്ധമായ.
അസമത,-ത്വം [സം.-സമതാ, -ത്വ] നാ. സമത്വമില്ലായ്മ, വ്യത്യാസം, വലിപ്പച്ചെറുപ്പം.
അസമദ [സം.-സമ-ദ] വി. കലഹമില്ലാത്ത, എതിർപ്പില്ലാത്ത.
അസമന [സം.-സമന] വി. 1. പലവർണങ്ങളുള്ള; 2. ഭിന്നാഭിപ്രായമുള്ള; 3. പലവഴിക്കു തിരിയുന്ന.
അസമനയനൻ,-നേത്രൻ [സം.അസമ-നയന] നാ. മുക്കണ്ണൻ, ശിവൻ.
അസമബാണൻ [സം.-ബാണ] നാ. പഞ്ചബാണൻ, കാമദേവൻ.
അസമമിതവക്രം [സം.-മിത-വക്ര] നാ. സമതുലിതമല്ലാത്ത വക്രം.
അസമയം [സം.അ-സമയ] നാ. 1. ഉചിതമല്ലാത്ത കാലം, അനവസരം; 2. തീരെ വൈകിയവേള, ഇരുട്ടിയതിൽപിന്നെ.
അസമർഥ [സം.-സമർഥ] വി. കഴിവില്ലാത്ത, കാര്യപ്രാപ്തിയില്ലാത്ത, ദുർബലമായ.
അസമർഥം [സം.] നാ. ഉദ്ദിഷ്ടാർഥം കുറിക്കുന്നതിനു കഴിവില്ലാത്ത പദപ്രയോഗം.
അസമലോചനൻ [സം.അസമ-ലോചന] നാ. അസമനയനൻ.
അസമവായി [സം.അ-സമവായിൻ] വി. (ന്യായ.) സമവായ സംബന്ധമില്ലാത്ത, ആനുഷങ്ഗികമായ, വേർപെടുത്താവുന്ന. അസമവായികാരണം = (ന്യായ.) സമവായികാരണത്തോടു ബന്ധമുള്ള കാരണം. കാര്യത്തോടുകൂടിയോ കാരണത്തോടുകൂടിയോ ഒരേ വസ്തുവിൽ സമമായ വഴിക്കു ബന്ധപ്പെട്ടുകൊണ്ട് ഏതൊരു വസ്തു കാരണമായിതീരുന്നുവോ അത്.
അസമശരൻ [സം.അസമ-ശര] നാ. കാമദേവൻ.
അസമസായകൻ [സം.-സായക] നാ. അസമശരൻ, കാമൻ.
അസമസ്ത [സം.അ-സമസ്ത] വി. 1. സമ്പൂർണമല്ലാത്ത, അപൂർണമായ, ഭാഗികമായ; 2. സമാസിക്കപ്പെടാത്ത.

അസമാക്ഷൻ [സം.അസമ-അക്ഷ] നാ. മുക്കണ്ണൻ, ശിവൻ.
അസമാധാനം [സം.-സമാധാന] നാ. 1. സമാധാനമില്ലായ്മ; 2. മനശ്ശാന്തിയില്ലായ്മ, അക്ഷമ.
അസമാധേയ [സം.-സമാധേയ] വി. സമാധാനം പറയാൻവയ്യാത്ത.
അസമാന [സം.-സമാന] വി. തുല്യതയില്ലാത്ത.
അസമാപ്ത [സം.-സമാപ്ത] വി. 1. സമാപിക്കാത്ത, പൂർത്തിയാകാത്ത, മുഴുമിക്കാത്ത; 2. തീരാത്ത, അവസാനിച്ചിട്ടില്ലാത്ത.
അസമാവൃത്തൻ [സം.-സമാവൃത്ത] നാ. സമാവർത്തനം കഴിഞ്ഞിട്ടില്ലാത്തവൻ, ഗുരുകുലവാസം തുടരുന്നവൻ.
അസമാഹാരം [സം.-സമാഹാര] നാ. 1. സമാഹരിക്കപ്പെടാത്തത്; 2. യോജിപ്പില്ലായ്മ.
അസമീക്ഷ്യ [സം.-സമീക്ഷ്യ] അവ്യ. ശരിയായി ആലോചിക്കാതെ.
അസമീക്ഷ്യകാരി [സം.അസമീക്ഷ്യ-കാരിൻ] നാ. ആലോചനകൂടാതെ പ്രവർത്തിക്കുന്നവൻ, സാഹസികൻ.
അസമീചീന [സം.-സമീചീന] വി. യുക്തമല്ലാത്ത, തെറ്റായ.
അസമുന്നദ്ധ [സം.-സമുന്നദ്ധ] വി. ഗർവമില്ലാത്ത.
അസമേഷു [സം.അസമ-ഇഷു] നാ. = അസമബാണൻ.
അസമ്മത [സം.അ-സമ്മത] വി. 1. ആദരിക്കപ്പെടാത്ത, ബഹുമാനിക്കപ്പെടാത്ത; 2. അനുവദിക്കപ്പെടാത്ത, പ്രമാണസമ്മതമല്ലാത്ത; 3. ഇഷ്ടപ്പെടാത്ത.
അസമ്മതൻ [സം.] നാ. ആദരിക്കപ്പെടാത്തവൻ.
അസമ്മതാദായി [സം.അസമ്മത-ആദായിൻ] നാ. സമ്മതംകൂടാതെ എടുത്തുകൊണ്ടുപോകുന്നവൻ, മോഷ്ടാവ്.
അസമ്മതി [സം.അ-സമ്മതി] നാ. 1. സമ്മതമില്ലായ്മ, ഭിന്നാഭിപ്രായം; 2. അങ്ഗീകരിക്കാതിരിക്കൽ.
അസമ്മാനം [സം.-സമ്മാന] നാ. അനാദരം, അവമാനം.
അസമ്മിത [സം.-സമ്മിത] വി. അളവില്ലാത്ത.
അസമ്മൂഢ [സം.-സം-മൂഢ] വി. 1. മോഹിക്കപ്പെടാത്ത, വഞ്ചിക്കപ്പെടാത്ത; 2. സ്ഥിരചിത്തനായ.
അസമ്മൃഷ്ട [സം.-സം-മൃഷ്ട<മൃശ്] വി. 1. കൂട്ടിച്ചേർക്കപ്പെടാത്ത; 2. കേടുപറ്റാത്ത; 3. വൃത്തിയാക്കപ്പെടാത്ത.
അസമ്മോഹം [സം.-സമ്മോഹ] നാ. 1. മോഹിക്കാതിരിക്കൽ; 2. സ്ഥിരചിത്തത.
അസമ്യക് [സം.-സമ്യക്] വി. അനുചിതമായ, വേണ്ടപോലെയല്ലാത്ത, അപൂർണമായ.
അസർ, അസ്സർ [അറ.] നാ. സായാ ം.
അസർപ്പൂ [അറ. അസർ-മ.പൂ] നാ. നാലുമണിപ്പൂവ്, അന്തിമലരി.
അസൽ [അറ.] നാ. 1. മൂലമാതൃക, യഥാർഥമായത്, ഒറിജിനൽ; 2. പ്രമാണത്തിൻെറയും മറ്റും നക്കൽ തിരുത്തി ശുദ്ധമാക്കിയ രൂപം; 3. മൂലധനം; 4. തനിസ്വഭാവം (ദുരർഥത്തിൽ); 5. ഭേഷായത്, നല്ലത്, ഭങ്ഗിയായത്. (പ്ര.) അസൽചരക്ക് = ഒന്നാംതരം സാധനം, കലർപ്പില്ലാത്ത സാധനം.

അസൽക്കരിക്കുക ക്രി. = അസത്കരിക്കുക.

അസലം [സം.] നാ. 1. ഇരുമ്പ്; 2. ശരം അയക്കുമ്പോൾ ജപിക്കുന്ന മന്ത്രം; 3. ആയുധം.
അസവർണ [സം.അ-സവർണ] വി. 1. സമാനവർണത്തിൽ പെടാത്ത മറ്റുജാതിയിലുള്ള; 2. സവർണരിൽ പെടാത്ത; 3. ഭിന്നവർഗത്തിലുള്ള (അക്ഷരങ്ങൾ എന്നപോലെ).
അസസ്സർ [ഇം.] നാ. കരം ചുമത്തുന്ന ഉദ്യോഗസ്ഥൻ, ന്യായാധിപൻെറ ഉപദേഷ്ടാവ്.
അസഹ ളസം.അ-സഹ<സഹ്] വി. 1. സഹിക്കാത്ത, താങ്ങാത്ത; 2. ക്ഷമയില്ലാത്ത, ക്ഷമിക്കാത്ത.
അസഹന1 [സം.-സഹന] വി. 1. സഹിക്കാത്ത, ക്ഷമിക്കാത്ത; 2. പരോത്കർഷത്തിൽ അസഹിഷ്ണുതയുള്ള.
അസഹന2 [സം.] നാ. അസഹനൻ = ശത്രു.
അസഹനം [സം.] നാ. സഹിക്കായ്ക, ക്ഷമിക്കായ്ക.
അസഹനീയ [സം.അ-സഹനീയ] വി. അസഹ്യ.
അസഹം [സം.] നാ. മാറിടത്തിൻെറ മധ്യം.
അസഹമാന [സം.-സഹമാന] വി. സഹിക്കാത്ത, ക്ഷമയില്ലാത്ത.
അസഹായ [സം.-സഹായ] വി. സഹായികളില്ലാത്ത, കൂട്ടില്ലാത്ത, ആശ്രയം ഇല്ലാത്ത. നാ. അസഹായത.
അസഹിത [സം.-സഹിത] വി. ചേരാത്ത, കൂടാത്ത.
അസഹിഷ്ണു [സം.-സഹിഷ്ണു] വി. 1. സഹനശീലമില്ലാത്ത, സഹിക്കാത്ത, ക്ഷമിക്കാത്ത; 2. അസൂയകലർന്ന.
അസഹിഷ്ണുത,-ത്വം [സം.-സഹിഷ്ണു-താ,-ത്വ] നാ. സഹിക്കായ്ക, അക്ഷമ, അസൂയ.
അസഹോഷിത [സം.-സഹ-ഉഷിത] വി. ഒന്നിച്ചുതാമസിക്കാത്ത.
അസഹ്യ [സം.-സഹ്യ] വി. സഹിക്കാനാകാത്ത, ക്ഷമിക്കാൻ പാടില്ലാത്ത.
അസഹ്യത [സം.-സഹ്യതാ] നാ. സഹിക്കാൻ പാടില്ലായ്മ, ഉപദ്രവം, ശല്യം.
അസഹ്യപ്പെടുത്തുക = ശല്യപ്പെടുത്തുക, ഉപദ്രവിക്കുക, അലട്ടുക.
അസഹ്യം [സം.-സഹ്യ] നാ. ഒരുതരം സേനാവ്യൂഹം.
അസാകല്യം [സം.-സാകല്യ] നാ. സംപൂർണമാകാതിരിക്കൽ.
അസാക്ഷാത്, -ൽ [സം.-സാക്ഷാത്] അവ്യ. പ്രത്യക്ഷമല്ലാത്ത, മുമ്പിലില്ലാത്ത. നാ. അസാക്ഷാത്കാരം, അസാന്നിധ്യം, അദർശനം.
അസാക്ഷിക [സം.-സാക്ഷിക] വി. 1. സാക്ഷിയില്ലാത്ത, സാക്ഷിപ്പെടുത്തിയിട്ടില്ലാത്ത; 2. നേതാവില്ലാത്ത.
അസാങ്ഗത്യ [സം.-സാങ്ഗത്യ] നാ. യോജിപ്പില്ലായ്മ, ചേർച്ചക്കുറവ്.
അസാധ്യ [സം.-സാധ്യ<സാധ്] വി. 1. ചെയ്യാൻ കഴിയാത്ത, ദുഷ്കരമായ, പ്രയാസമുള്ള; 2. ശമിപ്പിക്കാൻ കഴിയാത്ത, പൊറുക്കാത്ത (രോഗം എന്നപോലെ); 3. (ദുരർഥത്തിൽ) അസാധാരണമായ ഇടപെടലിനു വഴങ്ങാത്ത, വല്ലാത്ത, സഹിക്കാൻപാടില്ലാത്ത; 4. ഈടാക്കാൻ വയ്യാത്ത (കടം).
അസാധക [സം.-സാധക] വി. സാധകമല്ലാത്ത, സാധിക്കാത്ത.
അസാധന [സം.-സാധന] വി. സാമഗ്രികളില്ലാത്ത.
അസാധനം [സം.] നാ. സാധിക്കാതിരിക്കൽ.

അസാധനീയ		[സം.അ-സാധനീയ] വി. അസാധ്യ.
അസാധാരണ		[സം.-സാധാരണ] വി. 1. സാധാരണമല്ലാത്ത, നിത്യപരിചയത്തിൽപ്പെടാത്ത, അപൂർവമായ, ചുരുക്കമായ; 2. വിശേഷപ്പെട്ട, വിശേഷാലുള്ള.
അസാധാരണം		[സം.] നാ. (ന്യായ.) ഒരു ഹേത്വാഭാസം.
അസാധു		[സം.അ-സാധു] വി. 1. നല്ലതല്ലാത്ത, ചീത്തയായ; 2. ദുഷ്ടതയുള്ള; 3. തെറ്റായ; 4. നിയമസമ്മതിയില്ലാത്ത. (പ്ര.) അസാധുവൃത്ത = കുലട.
അസാധുത,-ത്വം		[സം.-സാധുതാ,ത്വ] നാ. സാധുത്വമില്ലായ്മ, ചീത്തയായിരിക്കുന്ന അവസ്ഥ.
അസാധൂകരണം		[സം.അസാധു-കരണ] നാ. (രാഷ്ട്ര.) നിയമത്തിനു യോജിക്കാത്ത എതെങ്കിലും തീരുമാനം കോടതിയോ ആധികാരികമായ മറ്റു സ്ഥാപനങ്ങളോ ഒരു വിധിയിലൂടെ അസ്ഥിരമാക്കുന്ന നടപടി.
അസാധ്വി		[സം.-സാധ്വീ] നാ. പാതിവ്രത്യമില്ലാത്ത സ്ത്രീ. കുലട.
അസാന്നിധ്യം		[സം.അ-സാന്നിധ്യ<സന്നിധി] നാ, അടുത്തില്ലാതിരിക്കൽ, ഹാജരില്ലായ്മ.
അസാന്മാർഗിക		[സം.-സാന്മാർഗിക<സന്മാർഗ] വി. സാന്മാർഗികമലാത്ത, സദാചാരവിരുദ്ധമായ.
അസാമയിക		[സം.-സാമയിക<സമയ] വി. അവസരോചിതമല്ലാത്ത, അനവസരത്തിലുള്ള, അയുക്തികരമായ.
അസാമയികത		[സം.-സാമയികതാ] നാ. ഒരു കാവ്യദോഷം, കവിസമയത്തിൽ (സങ്കേതത്തിൽ) നിന്നു ഭ്രംശിക്കൽ.
അസാമർഥ്യം		[സം.-സാമർഥ്യ<സമർഥ] നാ. 1. മിടുക്കില്ലായ്മ, കഴിവില്ലായ്മ; 2. (അലം) (ശബ്ദത്തിന്) വിവക്ഷിതാർഥം പ്രകാശിപ്പിക്കാൻ ശക്തിയില്ലായ്മ.
അസാമാന്യ		[സം.-സാമാന്യ] വി. പൊതുവായിട്ടുള്ളതല്ലാത്ത, തുല്യമല്ലാത്ത, പ്രാധാന്യമുള്ള.
അസാമി		[സം.-സാമി] അവ്യ. പകുതിയല്ലാത്ത, പൂജ്യമായ.
അസാമുദായിക		[സം.-സാമുദായിക<സമുദായ] വി. സാമുദായികമല്ലാത്ത, സമൂഹനീതിക്കു വിരുദ്ധമായ.
അസാമ്യം		[സം.-സാമ്യ] നാ. 1. സാമ്യമല്ലായ്മ, തുല്യതയില്ലായ്മ; 2. വ്യത്യാസം.
അസാമ്പ്രതം		[സം.-സാമ്പ്രതം<സമ്പ്രതി] അവ്യ. അയുക്തമായത്, അനുചിതമായത്.
അസാമ്പ്രദായിക		[സം.-സാമ്പ്രദായിക] വി. സമ്പ്രദായമനുസരിച്ചുള്ളതല്ലാത്ത, മാമൂലനുസരിക്കാത്ത, പാരമ്പര്യ രീതിക്കുള്ളതല്ലാത്ത.
അസാര1		[സം.-സാര] വി. 1. സാരമില്ലാത്ത; 2. ധനമില്ലാത്ത, ദരിദ്രമായ; 3. ഗൗരവം ഇല്ലാത്ത, വിലയില്ലാത്ത, ബലമില്ലാത്ത; 4. ചെറിയ, നിസ്സാരമായ, അഗണ്യമായ.
അസാര2		[സം.-സാരാ] നാ. വാഴ.
അസാരം		[സം.] നാ. 1. അല്പം, കുറച്ച് (ഭാഷയിൽ വന്ന അർഥവികാസം.); 2. അല്പസമയം. വി. കനം കുറഞ്ഞ, ഭാരമില്ലാത്ത.
അസാരസ്യ		[സം.അ-സാരസ്യ] വി. രസികത്വമില്ലാത്ത, രസമില്ലാത്ത.
അസാവേരി		[സം.-സാവേരീ] നാ. (സങ്ഗീ.) വസന്തകാല രാഗങ്ങളിൽ ഒന്ന്, ഒരു ജന്യരാഗം.

അസി [സം.] നാ. 1. വാൾ; 2. കത്തി. (പ്ര.) അസിലത = വള്ളിപോലെ പുളയുന്ന വാള്, വാളിൻെറ അലക്.
അസിക [സം.] നാ. കരവാൾ.
അസികോശം [സം.അസി-കോശ] നാ. വാളുറ.
അസിക്നി [സം.] നാ. 1. അന്ത:പുരദാസിയായ യുവതി, അസിത (മുടി നരച്ചിട്ടില്ലാത്തവൾ); 2. രാത്രി.
അസിഗണ്ഡം [സം.അസി-ഗണ്ഡ] നാ. കവിൾത്തടത്തിൽ ചേർത്തുവയ്ക്കുന്ന തലയിണ.
അസിത1 [സം.അ-സിത] വി. വെളുത്തതല്ലാത്ത. കറുത്ത.
അസിത2 [സം.] നാ. 1. അസിക്നി; 2. അമരി; 3. യമുനാനദി.
അസിതകേശ [സം.അസിത-കേശാ] നാ. കറുത്ത തലമുടിയുള്ളവൾ, സുന്ദരി.
അസിതഗ്രീവൻ [സം.-ഗ്രീവ] നാ. 'കറുത്ത കഴുത്തുള്ളവൻ'. 1. അഗ്നി; 2. മയിൽ.
അസിതൻ [സം.അ-സിത] നാ. ശനിഗ്രഹം.
അസിതാപാങ്ഗി [സം.അസിത-അപാങ്ഗീ] നാ. കറുത്ത കടക്കണ്ണുള്ളവൾ., സുന്ദരി.
അസിതാർച്ചിസ്സ് [സം.-അർചിസ്] നാ. അഗ്നി.
അസിതാശ്മം [സം.-അശ്മൻ] നാ. നീലക്കല്ല്.
അസിതോത്പലം, [സം.-ഉത്പല] നാ. കരിങ്കൂവളം.
അസിദന്തം [സം.അസി-ദന്ത] നാ. 'വാൾ പോലെ പല്ലുള്ളത്'. ചീങ്കണ്ണി.
അസിദംഷ്ട്രം [സം.-ദംഷ്ട്ര] നാ. മകരമത്സ്യം.
അസിദ്ധ [സം.അ-സിദ്ധ] വി. 1. സാധിച്ചിട്ടില്ലാത്ത, സിദ്ധിക്കാത്ത, കിട്ടാത്ത; 2. പൂർത്തിയാകാത്ത; 3. തെളിയിക്കാത്ത; 4. ബാധകമല്ലാത്ത.
അസിദ്ധി [സം.-സിദ്ധി] നാ. സാധിക്കായ്ക, പരാജയം.
അസിധാര [സം.അസി-ധാരാ] നാ. വാളിൻെറ വായ്ത്തല, അലക്. (പ്ര.) അസിധാരാവലേഹനം = വായ്ത്തലനക്കൽ, അതിദുഷ്കരമായ പ്രവൃത്തി.
അസിധാവൻ [സം.-ധാവ] നാ. കടച്ചിൽക്കൊല്ലൻ, ആയുധം കടഞ്ഞുണ്ടാക്കുന്നവൻ, ആയുധത്തിനു മൂർച്ചവരുത്തുന്നവൻ.
അസിധേനു [സം.-ധേനു] നാ. ചുരിക, കത്തി.
അസിപത്രം1 [സം.-പത്ര] നാ. വാളിൻെറ വായ്ത്തല. (പ്ര.) അസിപത്രവനം = ഒരു നരകം, അസിപത്രം എന്നും പേർ.
അസിപത്രം2 [സം.] നാ. കരിമ്പ് (വാൾപോലെ ഇലയുള്ളത്).
അസിപത്രിക [സം.അസി-പത്രികാ] നാ. ഇലക്കള്ളി.
അസിപഥം [സം.-പഥ] നാ. ശ്വാസഗതി.
അസിപുത്രി [സം.-പുത്രീ] നാ. ചുരിക, കത്തി.
അസിയഷ്ടി [സം.-യഷ്ടി] നാ. നേർത്തു നീണ്ടിരിക്കുന്ന വാൾ.
അസിരം [സം.] നാ. 1. രശ്മി; 2. അമ്പ്.
അസിൽ [സം.] നാ. ക്രൗഞ്ചപ്പക്ഷി.
അസിലത [സം.അസി-ലതാ] നാ. 1. വാളിൻെറ അലക്; 2. നല്ല വാൾ.
അസിസ്റ്റൻറ് [ഇം.] നാ. സഹായി.
അസിഹത്യം [സം.അസി-ഹത്യ] വി. വാളോ കത്തിയോകൊണ്ടുള്ള യുദ്ധം.

അസുഖം [സം.അ-സുഖ] നാ. 1. സുഖമില്ലായ്മ; 2. രോഗം; 3. നീരസം, രസക്കേട്, സ്വരച്ചേർച്ചയില്ലായ്മ, വൈരസ്യം, വിരോധം. (പ്ര.) അസുഖജീവിക = ദു:ഖമയമായ ജീവിതം.
അസുത [സം.-സുത] വി. 1. സന്താനമില്ലാത്ത; 2. ശുദ്ധമാക്കപ്പെടാത്ത, തെളിച്ചെടുക്കാത്ത.
അസുതൃപ്പ് [സം.അസു-തൃപ്] നാ. ഇന്ദ്രിയങ്ങളെ തൃപ്തിപ്പെടുത്തുന്നവൻ.
അസുധാരണം [സം.-ധാരണ] നാ. പ്രാണധാരണം, ജീവിച്ചിരിക്കൽ.
അസുനാഥൻ [സം.-നാഥ] നാ. പ്രാണനാഥൻ.
അസുന്ദര [സം.അ-സുന്ദര] വി. ഭങ്ഗിയില്ലാത്ത, വികൃതമായ.
അസുപ്ത [സം.-സുപ്ത] വി. ഉറങ്ങാത്ത, ഉണർന്നിരിക്കുന്ന.
അസുഭങ്ഗ [സം.-ഭങ്ഗ] നാ. ജീവൻെറ തകർച്ച, പ്രാണനാശം.
അസുഭരണം [സം.-ഭരണ] നാ. പ്രാണധാരണം, ജീവിച്ചുപോകൽ.
അസുഭൃത്ത് [സം.-ഭൃത്] നാ. 'ജീവൻ പുലർത്തുന്നവൻ'. 1. ജീവി; 2. മനുഷ്യൻ.
അസുമത്ത് [സം.-മത്] വി. പ്രാണനുള്ള.
അസുര1 [സം.അസുര] വി. 1. ജീവനുള്ള; 2. ദിവ്യമായ.
അസുര2 [സം.-സുരാ] നാ. 1. രാത്രി; 2. കുലട.
അസുരക്രിയ [സം.അസുര-ക്രിയാ] നാ. കുറ്റിയൂട്ടുപൂജ, പുരപണി പൂർത്തിയാകുമ്പോൾ ആശാരിമാർ ചെയ്യുന്ന പൂജ.
അസുരക്ഷ1 [സം.അസു-രക്ഷാ] നാ. പ്രാണരക്ഷ.
അസുരക്ഷ2 [സം.അ-സുരക്ഷാ] നാ. അരക്ഷിതമായ അവസ്ഥ.
അസുരഖണ്ഡം [സം.അസുര-ഖണ്ഡ] നാ. ബ്രഹ്മസൂത്രംകൊണ്ടും യമസൂത്രംകൊണ്ടും പറമ്പിനെ നാലായിവിഭജിക്കുമ്പോൾ വായുകോണിലുള്ള ഖണ്ഡം.
അസുരഗുരു [സം.-ഗുരു] നാ. 1. ശുകാചാര്യൻ; 2. ശുക്രഗ്രഹം.
അസുരദ്വിട്ട് [സം.-ദ്വിഷ്] നാ. അസുരന്മാരുടെ ശത്രു, വിഷ്ണു.
അസുരൻ [സം.] നാ. 1. ദേവന്മാരുടെ വിരോധി, അസുരവർഗം, രാക്ഷസരിൽ നിന്നു ഭിന്നം (പ്രാണേന്ദ്രിയാദികളിൽ രമിക്കുന്നവർ, വൈഷയികന്മാർ); 2. ഗൃഹനിർമാണാവസരത്തിൽ പടിഞ്ഞാറേ ദിക്കിൽ പൂജിക്കേണ്ട ഒരു ദേവൻ; 3. സൂര്യൻ; 4. രാഹു. (പ്ര.) അസുരത്തി = അസുരസ്ത്രീ. (പ.മ.) അസുരത്വം = അസുരഭാവം. അസുരവിത്ത് = ദുസ്വഭാവി.
187
അസുരനഖം [സം.അസുര-നഖ] നാ. ഒരു സുഗന്ധദ്രവ്യം, നാകുണം.
അസുരപ്പുല്ല് [സം.-പുല്ല്] നാ. ചെവിപ്പാമ്പ്, തൊട്ടാലൊട്ടി.
അസുരഭാഗം [സം.-ഭാഗ] നാ. ആകാശമണ്ഡലത്തിൻെറ ദക്ഷിണഭാഗം.
അസുരം [സം.] നാ. മൂലം നക്ഷത്രം.
അസുരമഹാകാളി [സം.അസുര-മഹാ-കാലീ] നാ. ഒരുതരം ചുഴലി രോഗം, പതിനെട്ടുതരം അപസ്മാരങ്ങളിൽ ഒന്ന്.
അസുരരിപു [സം.-രിപു] നാ. അസുരന്മാരുടെ ശത്രു. വിഷ്ണു.
അസുരവിത്ത് [സം.അസുര-മ.വിത്ത്] നാ. ദുഷ്ടസന്താനം, ദുഷ്ടൻ.
അസുരസത്ത്വം [സം.അസുര-സത്ത്വ] നാ. ദുസ്സ്വഭാവമുള്ള ആന.
അസുരഹൻ [സം.-ഹൻ] നാ. 1. വിഷ്ണു; 2. ഇന്ദ്രൻ; 3. അഗ്നി.
അസുരാചാര്യൻ [സം.-ആചാര്യ] നാ. അസുരഗുരു, ശുക്രൻ.

അസുരാധിപൻ [സം.-അധിപ] നാ. 1. അസുരന്മാരുടെ രാജാവ്; 2. ബലി.
അസുരാഹ്വയം [സം.-ആഹ്വയ] നാ. 'അസുരൻെറ (കംസൻെറ) പേരുള്ളത്'. കാംസ്യം, വെള്ളോട്.
അസുരി [സം.അസുരീ] നാ. 1. അസുരസ്ത്രീ; 2. കറുത്ത കടുക്.
അസുര്യ [സം.അ-സുര്യ] വി. 1. ദിവ്യമായ, ആത്മീയമായ; 2. അസുരസംബന്ധിയായ. നാ. 1. മഴവെള്ളം; 2. ആത്മീയത്വം., ദിവ്യത്വം.
അസുലഭ [സം.-സുലഭ] വി. സുലഭമല്ലാത്ത, ദുർലഭമായ, ലഭിക്കാൻ വിഷമമുള്ള, അപൂർണമായ.
അസുസമൻ [സം.അസു-സമ] നാ. പ്രാണനെപ്പോലെ പ്രിയമുള്ളവൻ, ഭർത്താവ്.
അസുസു [സം.-സു] നാ. 'പ്രാണനെ പുറത്താക്കുന്നത്'. അമ്പ്.
അസുസ്ഥ [സം.-സ്ഥ] വി. സുഖമില്ലാത്ത, രോഗമുള്ള.
അസുഹൃത്ത് [സം.-ഹൃദ്] നാ. സുഹൃത്തല്ലാത്തവൻ, ശത്രു.
അസൂക്ഷണം [സം.-സൂക്ഷണ] നാ. അനാദരം.
അസൂക്ഷ്മം [സം.-സൂക്ഷ്മ] വി. സ്ഥൂലം.
അസൂത [സം.-സൂത] നാ. പ്രസവിച്ചിട്ടില്ലാത്തവൾ.
അസൂതജരതി [സം.അസൂത-ജരതീ] നാ. മലടിയായ വൃദ്ധ.
അസൂതി [സം.അ-സൂതി] നാ. പ്രസവിക്കായ്ക, വന്ധ്യത, കായ്ക്കായ്ക, വിളവില്ലായ്ക.
അസൂതിക [സം.-സൂതികാ] നാ. പ്രസവിച്ചിട്ടില്ലാത്തവൾ.
അസൂയ [സം.അസൂയാ] നാ. പരോത്കർഷത്തിലുള്ള അസഹ്യത, പൊറായ്മ, കണ്ണുകടി.
അസൂയൻ [സം.] നാ. അസൂയയുള്ളവൻ. അസൂയാകുക്ഷി = വലിയ അസൂയക്കാരൻ.
അസൂയനം [സം.] നാ. 1. ഏഷണി, ദോഷാരോപണം; 2. അസൂയ.
അസൂയപ്പെടുക [സം.അസൂയാ-മ.പെടുക] ക്രി. പരോത്കർഷത്തിലും മറ്റും അസഹ്യതതോന്നുക.
അസൂയാലു [സം.] നാ. അസൂയയുള്ളവൻ.
അസൂയിക്കുക [<സം.അസൂയ്] ക്രി. അസൂയപ്പെടുക.
അസൂയു [സം.] നാ. അസൂയാലു.
അസൂർത്ത [സം.] വി. 1. പ്രേരിതമല്ലാത്ത; 2. പ്രകാശിതമല്ലാത്ത, ഇരുണ്ട.
അസൂര [സം.അ-സുര] വി. സ്തോത്രരഹിതമായ.
അസൂര്യ [സം.-സൂര്യ] വി. സൂര്യനില്ലാത്ത.
അസൂര്യപേശ്യ [സം.-സൂര്യാപശ്യ] വി. സൂര്യനെ കാണാത്ത, പുറത്തുവരാതെ അകത്തുതന്നെ കഴിയുന്ന. (അന്തഃപുരസ്ത്രീകളെപ്പോലെ).
അസൃക്കരം [സം.അസൃക്-കര] നാ. രക്തമായിത്തീരുന്നത്, രസധാതു.
അസൃക്പൻ [സം.-പ] നാ. രക്തം കുടിക്കുന്നവൻ, രാക്ഷസൻ.
അസൃക്സ്രാവം [സം.-സ്രാവ] നാ. രക്തസ്രാവം.
അസൃഗ്ദര [സം.-ദര] നാ. സ്ത്രീകൾക്കുണ്ടാവുന്ന ഒരു രോഗം, ക്രമം തെറ്റിയുള്ള ആർത്തവം, രക്തവാർച്ച.
അസൃഗ്ദോഹം [സം.-ദോഹ] നാ. രക്തച്ചൊരിച്ചിൽ.
അസൃഗ്ധര [സം.-ധരാ] നാ. രക്തം വാർന്നുപോകാതെ നിർത്തുന്നത്, തൊലി.

അസൃഗ്ധാര [സം.-ധാരാ] നാ. രക്തധാര.
അസൃഗ്വഹ [സം.-വഹാ] നാ. രക്തനാഡി.
അസൃഗ്വിമോക്ഷണം [സം.-വിമോക്ഷണ] നാ. രക്തം കളയൽ.
അസൃണി [സം.] വി. തടുക്കപ്പെടാത്ത.
അസൃഷ്ട [സം.അ-സൃഷ്ട<സൃജ്] വി. 1. സൃഷ്ടിക്കപ്പെടാത്ത; 2. വിതരണം ചെയ്യപ്പെടാത്ത.
അസൃഷ്ടാന്ന [സം.അസൃഷ്ട-അന്ന] നാ. ഭക്ഷണം വിതരണം ചെയ്യാത്ത.
അസേചനക [സം.അ-സേചനക] നാ. മതിയാവോളം നോക്കാൻ കഴിയാത്തത്ര, കൺകുളിർപ്പിക്കുന്ന, മനോഹരമായ.
അസേന്യ [സം.-സേന്യ] വി. സേനയ്ക്കു യോജിക്കാത്ത.
അസേവന [സം.-സേവന] വി. സേവിക്കാത്ത, പ്രാപിച്ചുകൂടാത്ത.
അസൈനിക [സം.-സൈനിക] വി. സൈന്യസംബന്ധമല്ലാത്ത.
അസോദര്യൻ [സം.-സോദര്യ] നാ. മാതൃസഹോദരിയുടെ പുത്രൻ.
അസോസിയേഷൻ [ഇം.] നാ. (ഉദ്യോഗസ്ഥരുടെ) സങ്ഘടന, സങ്ഘം.
അസൗ [സം.] സ.നാ. ഏ.വ. (പുലിങ്ഗത്തിലും സ്ത്രീലിങ്ഗത്തിലും) ഇവൻ, ഇവൾ.
അസൗകര്യം [സം.അ-സൗകര്യ] നാ. സൗകര്യമില്ലായ്മ, പ്രയാസം.
അസൗഖ്യം [സം.-സൗഖ്യ] നാ. സുഖമില്ലായ്മ.
അസൗന്ദര്യം [സം.-സൗന്ദര്യ] നാ. ഭങ്ഗികേട്, വൈരൂപ്യം.
അസൗമ്യ [സം.-സൗമ്യ] വി. 1. തീക്ഷ്ണമായ, പരുഷമായ, ക്രൂരമായ; 2. അസുഖകരമായ, അപ്രീതികരമായ. നാ. അസൗമ്യാക്ഷം = ക്രൂരമായനോട്ടം.
അസൗഷ്ഠവ [സം.-സൗഷ്ഠവ] വി. 'സുഷ്ഠുവല്ലാത്ത അവസ്ഥ'. സുന്ദരമല്ലാത്ത, വിരൂപമായ.
അസൗഷ്ടവം [സം.] നാ. സൗന്ദര്യമില്ലായ്മ.
അസ്കന്ന [സം.-സ്കന്ന<സ്കന്ദ്] വി. 1. തളിക്കപ്പെടാത്ത; 2. സ്ഥിരമായ.
അസ്കന്ദിത [സം.-സ്കന്ദിത] വി. 1. പോകാത്ത, എതിർക്കപ്പെടാത്ത; 2. നിഷ്ഠയുള്ള.
അസ്കന്ദിതവ്രത [സം.അസ്കന്ദിത-വ്രത] നാ. വ്രതത്തെ നിഷ്ഠയോടെ പാലിക്കുന്ന.
അസ്കിത,-കൃത [സം.<അ-സഹ്യതാ] നാ. 'അസഹ്യത'യുടെ വികൃതരൂപം. നാ. ശല്യം, ഉപദ്രവം.
അസ്ഖലിത [സം.-സ്ഖലിത<സ്ഖല്] വി. 1. തെറ്റിപ്പോകാത്ത, ഇടറാത്ത, വ്യതിചലിക്കാത്ത, ഉറച്ച; 2. തെറ്റില്ലാത്ത, പിഴയ്ക്കാത്ത. (പ്ര.) അസ്ഖലിതപ്രയാണ = കാലിടറാതെ നടക്കുന്ന.
അസ്തകം [സം.അസ്ത-ക] നാ. 1. വീട്; 2. മോക്ഷം.
അസ്തകരുണ [സം.അസ്ത-കരുണ] വി. ദയയില്ലാത്ത.
അസ്തകോപ [സം.-കോപ] വി. കോപം ശമിച്ച, കോപമില്ലാത്ത.
അസ്തഗ [സം.-ഗ] വി. അസ്തപർവതത്തെ പ്രാപിച്ച.
അസ്തഗമനം [സം.-ഗമന] നാ. 1. ക്ഷയം, നാശം; 2. മരണം, ജീവാന്ത്യം.
അസ്തഗിരി [സം.-ഗിരി] നാ. അസ്തമയപർവതം.
അസ്തധീ [സം.-ധീ] വി. ബുദ്ധികെട്ട.
അസ്തപ്രജ്ഞ [സം.-പ്രജ്ഞ] വി. പ്രജ്ഞനശിച്ച, ബോധം നഷ്ടപ്പെട്ട.

അസ്തബ്ധ [സം.അ-സ്തബ്ധ] വി. സ്തംഭിച്ചുപോകാത്ത.
അസ്തഭവനം [സം.അസ്ത-ഭവന] നാ. (ജ്യോ.) ഏഴാം ഭാവം.
അസ്തം1 [സം.] നാ. 1. അസ്തമയപർവതം; 2. അസ്തമയം; 3. നാശം, പതനം; 4. തിരോധാനം. (പ്ര.) അസ്തം ഗമിക്കുക = അസ്തമിക്കുക.
അസ്തം2 [സം.] നാ. 1. വീട്; 2. ഏഴാം ഭാവം.
അസ്തമതി [സം.അസ്തമതീ] നാ. ഒരു ഔഷധച്ചെടി, മൂവില.
അസ്തമനം [സം.അസ്തം-അന] നാ. അസ്തമിക്കൽ, പടിഞ്ഞാറ് ചായൽ. (അന പ്രാണനേ എന്നു ധാതുപാഠം. നശിക്കുക, അന്ത്യശ്വാസം വലിക്കുക എന്നോക്കെ അർഥം. അസ്തത്തിലേക്കു പോകുക എന്ന അർഥത്തിൽ അസ്തമയം ആണു സമീചീനം).
അസ്തമയപർവതം [സം.അസ്തമയ-പർവത] നാ. സന്ധ്യാകാലത്തു സൂര്യൻപോയി പിന്നിൽ മറയുന്നതായി സങ്കൽപിക്കപ്പെടുന്ന പർവതം.
അസ്തമയം [സം.അസ്തം-അയ<ഇ] നാ. 'അസ്തത്തിലേക്കുപോകൽ'. 1. അസ്തമിക്കൽ, ഗ്രഹം ചക്രവാളത്തിൽനിന്നു മറയൽ; 2. താഴ്ച, നാശം, അവസാനം, മറഞ്ഞുപോകൽ, വിട്ടുപോകൽ, തിരോഭവിക്കൽ; 3. (ജ്യോ.) ഏഴംരാശി; 4. കുജാദിഗ്രഹങ്ങൾക്കു സൂര്യനോടുള്ള സങ്ഗമം.
അസ്തമയാദ്രി [സം.അസ്തമയ-അദ്രി] നാ. അസ്തമയപർവതം.
അസ്തമിക്കുക [<സം.അസ്തം-ഇ] ക്രി. 'അസ്തത്തിലേക്കുപോകുക'. 1. ഗ്രഹം ചക്രവാളത്തിൽനിന്നു മറയുക (പകലിൻെറ അവസാനത്തിൽ സൂര്യൻ എന്നപോലെ); 2. നശിക്കുക.
അസ്തമിത [സം.-ഇത] വി. 1. അസ്തമിച്ച; 2. നശിച്ച, ഇല്ലാതായ, മരിച്ച.
അസ്തരാശി [സം.അസ്ത-രാശി] നാ. (ജ്യോ.) ഏഴാംഭാവം.
അസ്തവ്യസ്ത [സം.-വ്യസ്ത] വി. ചിന്നിച്ചിതറിയ, കുഴഞ്ഞുമറിഞ്ഞ.
അസ്തസങ്കം [സം.-ശങ്കം] അവ്യ. ശങ്കകൂടാതെ, സംശയമില്ലാതെ.
അസ്തശിഖിരം [സം.-ശിഖിര] നാ. അസ്തമയപർവതത്തിൻെറ കൊടുമുടി.
അസ്തശൗച [സം.-ശൗച] വി. ശുദ്ധിയില്ലാത്ത, ശൗചമില്ലാത്ത.
അസ്തസങ്ഖ്യ [സം.-സംഖ്യ] വി. സങ്ഖ്യയില്ലാത്ത.
അസ്താഘ [സം.-അഘ] വി. പാപമറ്റ.
അസ്താചലം [സം.-അചല] നാ. അസ്തമയപർവതം.
അസ്താദ്രി [സം.-അദ്രി] നാ. അസ്തമയപർവതം.
അസ്താർഗള [സം.-അർഗല] വി. തടസ്സമറ്റ.
അസ്തി [സം.<അസ്] അസ് ധാതുവിൻെറ വർത്തമാനകാലം. പ്ര.പു.ഏ.വ.ക്രി.ഉണ്ട്, ഭവിക്കുന്നു, സ്ഥിതിചെയ്യുന്നു, വർത്തിക്കുന്നു.
അസ്തിത,-ത്വം [സം.അസ്തി-താ,-ത്വ] നാ. ഉണ്ടെന്നുള്ള അവസ്ഥ, സ്ഥിതി, നിലനിൽപ്പ്, സത്യാവസ്ഥ, ഉണ്മ.
അസ്തികൻ [സം.] നാ. ഈശ്വര വിശ്വാസമുള്ളവൻ.
അസ്തികായ [സം.അസ്തി-കായ] നാ. ജൈനസിദ്ധാന്തപ്രകാരമുള്ള ഷഡ്ദ്രവ്യങ്ങൾക്കു സാമാന്യമായ പേർ. അധർമാസ്തികായം ജീവാസ്തികായം തുടങ്ങിയവ.
അസ്തിക്ഷീര [സം.-ക്ഷീരാ] വി. പാലുള്ള (പശു).
അസ്തിഭാരം [സം.] നാ. = അസ്തിവാരം.
അസ്തിമാൻ [സം.അസ്തി-മത്] നാ. ഉള്ളവൻ, ധനവാൻ.
അസ്തിവാരക്കല്ല് [അസ്തിവാര-കല്ല്] നാ. അടിത്തറയായി വയ്ക്കുന്ന കല്ല്.

അസ്ഥിവാരം [സം.അസ്ഥി-പ്രാ.വാര] നാ. അടിത്തറ, അടിസ്ഥാനം.

അസ്തു [സം.] അസ് ധാതുവിൻെറ നിയോജകം (ലോട്) പ്ര.പു.ഏ.വ.ക്രി. ഭവിക്കട്ടെ, ഉണ്ടാകട്ടെ, ആകട്ടെ.

അസ്തേനൻ [സം.അ-സ്തേന] നാ. കള്ളനല്ലാത്തവൻ.

അസ്തേയം [സം.-സ്തേയ] നാ. മോഷ്ടിക്കാതിരിക്കൽ. (ജൈനരുടെ പഞ്ചമഹാവ്രതങ്ങളിൽ ഒന്ന്)

അസ്തോക [സം.-സ്തോക] വി. അനൽപമായ, വളരെയുള്ള.

അസ്ത്യാനം [സം.-സ്ത്യാന] നാ. നിന്ദ, കുറ്റപ്പെടുത്തൽ, അനാദരം.

189

അസ്ത്രകണ്ടകം [സം.അസ്ത്ര-കംണ്ടക] നാ. ശരം, ആയുധം.

അസ്ത്രകാരൻ [സം.-കാര] നാ. അസ്ത്രകാരൻ, അസ്ത്രകാരി, ആയുധം ഉണ്ടാക്കുന്നവൻ.

അസ്ത്രക്ഷേപകൻ [സം.-ക്ഷേപക<ക്ഷിപ്] നാ. അസ്ത്രം അയക്കുന്ന ആൾ.

അസ്ത്രചികിത്സ [സം.-ചികിത്സാ] നാ. ശസ്ത്രക്രിയ, അസ്ത്രചികിത്സകൻ = ശസ്ത്രക്രിയ ചെയ്യുന്ന ഡോക്ടർ.

അസ്ത്രജീവൻ [സം.-ജീവ] നാ. 'അസ്ത്രപ്രയോഗംകൊണ്ടു ഉപജീവിക്കുന്നവൻ'. ഭടൻ.

അസ്ത്രജീവി [സം.-ജീവിൻ] നാ. = അസ്ത്രജീവൻ.

അസ്ത്രജ്ഞ [സം.-ജ്ഞ] വി. അസ്ത്രവിദ്യ വശമുള്ള.

അസ്ത്രധാരി [സം.-ധാരിൻ] നാ. അസ്ത്രജീവൻ.

അസ്ത്രനാഗം [സം.-നാഗ] നാ. ഒരുതരം വലിയ മൂങ്ങ.

അസ്ത്രനിവാരണം [സം.-നിവാരണ] നാ. അസ്ത്രം തടുക്കൽ.

അസ്ത്രം1 [സം.] നാ. അമ്പ്, ശരം, ബാണം; 2. അസ്ത്രമന്ത്രം.

അസ്ത്രം2 [സം.] നാ. ഒഴിച്ചുകൂട്ടാനെക്കാൾ കുറുകിയും എന്നാൽ കോരിക്കൂട്ടത്തക്കവണ്ണവും ഉള്ള കൂട്ടാൻ.

അസ്ത്രമന്ത്രം [സം.അസ്ത്ര-മന്ത്ര] നാ. 1. അസ്ത്രം എയ്യുമ്പോൾ ജപിക്കുന്ന മന്ത്രം; 2. (ദേവപൂജോപാസനകളിൽ) മാലിന്യങ്ങളെയും വിപരീതശക്തികളേയും ദുരീകരിക്കാനുള്ള മന്ത്രം. (ഉച്ചാടനത്തിനും സംരക്ഷണത്തിനും).

അസ്ത്രമാർജകൻ [സം.-മാർജക] നാ. കടച്ചിക്കൊല്ലൻ.

അസ്ത്രലാഘവം [സം.-ലാഘവ] നാ. അസ്ത്രപ്രയോഗത്തിലുള്ള സാമർഥ്യം.

അസ്ത്രവിത്ത് [സം.-വിദ്] നാ. അസ്ത്രവിദ്യ അറിയാവുന്നവൻ, അസ്ത്രപ്രയോഗത്തിൽ സമർഥൻ.

അസ്ത്രവിദ്യ [സം.-വിദ്യാ] നാ. ധനുർവേദം.

അസ്ത്രവൃഷ്ടി [സം.-വൃഷ്ടി] നാ. അസ്ത്രവർഷം.

അസ്ത്രവേദം [സം.-വേദ] നാ. അസ്ത്രവിദ്യ.

അസ്ത്രവേദി [സം.-വേദിൻ] നാ. അസ്ത്രവിദ്യ അറിയുന്നവൻ, അസ്ത്രവിത്ത്.

അസ്ത്രശസ്ത്രം [സം.-ശസ്ത്ര] നാ. എല്ലാവിധത്തിലുമുള്ള ആയുധങ്ങൾ.

അസ്ത്രശാന്തി [സം.-ശാന്തി] നാ. ആപത്തുകളെ നിവാരണം ചെയ്യുന്ന ഒരു ശാന്തികർമം.

അസ്ത്രശാല [സം.-ശാലാ] നാ. ആയുധപ്പുര.

അസ്ത്രശാസ്ത്രം [സം.-ശസ്ത്ര] നാ. അസ്ത്രവേദം.

അസ്ത്രശിക്ഷ [സം.-ശിക്ഷാ] നാ. അസ്ത്രപ്രയോഗ പരിശീലനം.

അസ്ത്രസംഹാരം [സം.-സംഹാര] നാ. അയച്ച അസ്ത്രത്തെ മന്ത്രംകൊണ്ടു പിൻവലിക്കൽ.
അസ്ത്രഹീന [സം.-ഹീന] വി. ആയുധം ധരിക്കാത്ത.
അസ്ത്രാഗാരം [സം.-ആഗാര] നാ. ആയുധശാല.
അസ്ത്രാഘാതം [സം.ആഘാത] നാ. ആയുധംകൊണ്ടുള്ള മുറിവ്.
അസ്ത്രാഹത [സം.-ആഹത] വി. 'അസ്ത്രത്താൽ ആഹനിക്കപ്പെട്ട' അമ്പേറ്റ, മുറിവേറ്റ.
അസ്ത്രി [സം.അസ്ത്രിൻ] നാ. വില്ലാളി.
അസ്ത്രീ [സം.അ-സ്ത്രീ] വി. സ്ത്രീയല്ലാത്ത.
അസ്ത്രീക [സം.-സ്ത്രീക] വി. 1. സ്ത്രീയില്ലാത്ത; 2. ഭാര്യയില്ലാത്ത.
അസ്ത്രൈണ [സം.-സ്ത്രൈണ] വി. 1. ഭാര്യയോടുകൂടാത്ത; സ്ത്രീസ്വഭാവമില്ലാത്ത.
അസ്ഥാ [സം.] നാ. അവ്യ. പെട്ടെന്ന്.
അസ്ഥാന(ക)പദം [സം.അസ്ഥാന(ക)-പദ] നാ. (കാവ്യ.) ഒരു പദദോഷം.
അസ്ഥാനം [സം.അ-സ്ഥാന] നാ. 1. തെറ്റായസ്ഥാനം, അയുക്തമായ സ്ഥാനം; 2. അനവസരം.
അസ്ഥാനസ്ഥപദം [സം.അസ്ഥാനസ്ഥ-പദ] നാ. വേണ്ടസ്ഥാനത്തല്ലാതെ പ്രയോഗിക്കുന്ന പദം.
അസ്ഥായി [സം.-സ്ഥായിൻ] വി. സ്ഥിരമല്ലാത്ത, നശ്വരമായ, അപ്രധാനമായ.
അസ്ഥി [സം.] നാ. 1. എല്ല്, മനുഷ്യരുടെയും മൃഗങ്ങളുടെയും മറ്റും ശരീരത്തിന് ഉറപ്പും ആകൃതിയും നൽകത്തക്കവണ്ണം മാംസത്തിൻെറ അകത്തു സ്ഥിതിചെയ്യുന്ന കടുപ്പമുള്ള പദാർഥം; 2. സപ്തധാതുക്കളിൽ ഒന്ന്; 3. അണ്ടി, കുരു.
അസ്ഥികലാപൻ [സം.അസ്ഥി-കലാപ] നാ. അസ്ഥി ആഭരണമായി ധരിക്കുന്നവൻ, ശിവൻ.
അസ്ഥികൂടം [സം.-കൂട] നാ. ശരീരത്തിലെ എല്ലുകൾകൊണ്ടുള്ള ചട്ടക്കൂട്, അസ്ഥിപഞ്ജരം.
അസ്ഥിജം [സം.-ജ] നാ. 1. മജ്ജ; 2. ഇടിവാൾ.
അസ്ഥിതേജസ്സ് [സം.-തേജസ്സ്] നാ. മജ്ജ.
അസ്ഥിധന്വാവ് [സം.-ധന്വൻ] നാ. ശിവൻ.
അസ്ഥിനമസ്ക്കാരം [സം.-നമസ്കാര] നാ. സഞ്ചയനാനന്തരം നടത്തുന്ന ഒരു സുപ്രധാനചടങ്ങ്.
അസ്ഥിപഞ്ജരം [സം.-പഞ്ജര] നാ. അസ്ഥികൂടം.
അസ്ഥിപ്രക്ഷേപം [സം.-പ്രക്ഷേപ] നാ. പുണ്യതീർഥത്തിൽ അസ്ഥിനിക്ഷേപിക്കൽ.
അസ്ഥിബന്ധക [സം.-ബന്ധക] നാ. എല്ലുകളെ തമ്മിൽ ബന്ധിക്കുന്ന വെള്ളഞരമ്പ്, സ്നായു.
അസ്ഥിഭക്ഷണം [സം.-ഭക്ഷ] നാ. 'എല്ലുതിന്നുന്നത്'. നായ്,
അസ്ഥിഭങ്ഗം [സം.-ഭങ്ഗ] നാ. എല്ലിൻെറ ഒടിവ്, മുറിവ്, പൊട്ടൽ.
അസ്ഥിഭസ്മം [സം.-ഭസ്മ] നാ. എല്ലിൻെറ ചാരം.
അസ്ഥിഭുക്ക് [സം.-ഭുക്<ഭുജ്] നാ. അസ്ഥിഭക്ഷം, നായ്.
അസ്ഥിഭൂയസ്സ് [സം.-ഭൂയസ്] വി. അസ്ഥിമാത്രമായ.
അസ്ഥിഭൂഷണൻ [സം.-ഭൂഷണ] നാ. 'അസ്ഥികൾ അണിയുന്നവൻ'. ശിവൻ.

അസ്ഥിമാടം [സം.അസ്ഥി-മ.മാടം] നാ. മരിച്ചുപോയ ആളിൻെറ അസ്ഥി സൂക്ഷിച്ചിട്ടുള്ള ചെറുപുര.
അസ്ഥിമാലി [സം.-മാലിൻ] നാ. അസ്ഥിമാല ധരിക്കുന്നവൻ, ശിവൻ.
അസ്ഥിയുക്ക് [സം.-യുജ്] നാ. 'അസ്ഥിയെക്കൂട്ടിപ്പിടിപ്പിക്കുന്നത്'. ചങ്ങലമ്പരണ്ട.
അസ്ഥിയുരുക്കം [സം.അസ്ഥി-മ.ഉരുക്കം] നാ. അസ്ഥിസ്രാവം, ഗൊണോറിയ.
അസ്ഥിയോഗം [സം.-യോഗ] നാ. മുറിഞ്ഞ എല്ലുകൾ തമ്മിൽ ചേർക്കൽ.
അസ്ഥിര [സം.അ-സ്ഥിര] വി. 1. ഉറപ്പില്ലാത്ത, ചപലതയുള്ള, നിലനിൽപ്പില്ലാത്ത, നശിച്ചുപോകുന്ന; 2. അനിശ്ചിതമായ; 3. വിശ്വസിക്കാൻ കൊള്ളരുതാത്ത.
അസ്ഥിവിഗ്രഹ [സം.അസ്ഥി-വിഗ്രഹ] വി. അസ്ഥിമാത്രമായ.
അസ്ഥിശേഷ [സം.-ശേഷ] വി. അസ്ഥിമാത്രമായി ശേഷിച്ച, മെലിഞ്ഞ.
അസ്ഥിശൃങ്ഖല [സം.-ശൃംഖലാ] നാ. ചങ്ങലംപരണ്ട.
അസ്ഥിസഞ്ചയനം [സം.-സം-ചയന<ചി] നാ. ശവദാഹം കഴിഞ്ഞ് അസ്ഥിയെടുക്കൽ.
അസ്ഥിസംഭവം [സം.-സംഭവ] നാ. അസ്ഥിസാരം, അസ്ഥിസ്നേഹം, മജ്ജ.
അസ്ഥിസംഹാരക [സം.-സംഹാരക] നാ. ചങ്ങലംപരണ്ട.
അസ്ഥിസമർപ്പണം [സം.-സമർപണ] നാ. ശവദാഹം കഴിഞ്ഞ് അസ്ഥികൾ എടുത്ത് ജലാശയത്തിൽ ഒഴുക്കൽ.
അസ്ഥിസ്ഥൂണം [സം.-സ്ഥൂന] നാ. ശരീരം.
അസ്ഥിസ്നേഹം [സം.-സ്നേഹ] നാ. മജ്ജ.
അസ്ഥൂല [സം.അ-സ്ഥൂല] വി. സ്ഥൂലമല്ലാത്ത, സൂക്ഷ്മമായ.
അസ്ഥൈര്യം [സം.-സ്ഥൈര്യ] നാ. സ്ഥൈര്യമില്ലായ്മ, ഉറപ്പില്ലായ്മ, ചഞ്ചലത, ഇളക്കം.
അസ്നിഗ്ധ [സം.-സ്നിഗ്ധ] വി. 1. മെഴുക്കില്ലാത്ത, പരുപരുത്ത; 2. സ്നേഹശൂന്യമായ.
അസ്പന്ദ [സം.-സ്പന്ദ] വി. സ്പന്ദിക്കാത്ത, ചലനമില്ലാത്ത, അനങ്ങാത്ത, തുടിക്കാത്ത.
അസ്പർശ [സം.-സ്പർശ] വി. 1. സ്പർശിക്കാത്ത; 2. സ്പർശനശക്തിയില്ലാത്ത; 3. ഒന്നിനോടും ബന്ധമില്ലാത്ത.
അസ്പർശനം [സം.-സ്പർശന<സ്പൃശ്] നാ. തൊടാതിരിക്കൽ.
അസ്പഷ്ട [സം.-സ്പഷ്ട] വി. 1. സ്പഷ്ടമല്ലാത്ത, വ്യക്തമല്ലാത്ത; 2. മങ്ങിയ.
അസ്പൃശി [സം.അ-സ്പൃശീ] നാ. പുത്തരിച്ചുണ്ട.
അസ്പൃശ്യ [സം.-സ്പൃശ്യ] വി. തൊട്ടുകൂടാത്ത, അശുദ്ധമായ.
അസ്പൃശ്യത [സം.-സ്പൃശ്യതാ] നാ. തൊട്ടുകൂടായ്മ, അയിത്തം.
അസ്പൃശ്യൻ [സം.-സ്പൃശ്യ] നാ. തൊട്ടുകൂടാത്തവൻ, അയിത്തജാതിയിൽപ്പെട്ടവൻ.
അസ്പൃശ്യം [സം.-സ്പൃശ്യ] നാ. ചൊറിയണം എന്ന ചെടി.
അസ്പൃഷ്ട [സം.-സ്പൃഷ്ട] വി. സ്പർശിച്ചിട്ടില്ലാത്ത, തൊട്ടിട്ടില്ലാത്ത.
അസ്പൃഷ്ടം [സം.അ-സ്പൃഷ്ട] നാ. കണ്ഠാദിസ്ഥാനങ്ങളിൽ തടയാതെ ഉച്ചരിക്കപ്പെടുന്ന ശബ്ദം, സ്വരങ്ങൾ, അനുസ്വാരം എന്നിവ.
അസ്പൃഷ്ടരജസ്സ്, [സം.-സ്പൃഷ്ട-രജസ്] വി. അത്യന്തം പരിശുദ്ധമായ.
അസ്പൃഷ്ടി [സം.-സ്പൃഷ്ടി] നാ. സ്പർശിക്കാതിരിക്കൽ, തൊടാതിരിക്കൽ.

അസ്പൃഹ [സം.-സ്പൃഹാ] നാ. സ്പൃഹയില്ലായ്മ, ആഗ്രഹമില്ലായ്മ, പരദ്രവ്യത്തിൽ ആശയില്ലായ്മ.
അസ്ഫുടഫലം [സം.അ-സ്ഫുട-ഫല] നാ. അവ്യക്തമായ ഫലം, പൊട്ടാത്ത ഫലം.
അസ്ഫുട [സം.-സ്ഫുട] വി. സ്ഫുടമല്ലാത്ത, വ്യക്തമല്ലാത്ത, മങ്ങിയ.
അസ്ഫുടവാക്ക് [സം.അസ്ഫുട-വാച്<വച്] വി. അവ്യക്തമായി സംസാരിക്കുന്ന, കൊഞ്ഞയായിപറയുന്ന.
അസ്മദീയ [സം.] വി. ഞങ്ങളുടെ, നമ്മുടെ.
അസ്മദ്വിധ [സം.അസ്മദ്-വിധ] വി. നമ്മെപ്പോലുള്ള.
അസ്മന്തം [സം.] നാ. അശ്മന്തം.
അസ്മാകം [സം.] വി. (അസ്മദ് ശബ്ദത്തിന്റെ ഷഷ്ഠി ബ.വ.) നമ്മുടെ, ഞങ്ങളുടെ.
അസ്മാകീന [സം.] വി. നമ്മളെ സംബന്ധിച്ച.
അസ്മാദികൾ [സം.അസ്മദാദി] നാ. (ബ.വ.) 1. നമ്മുടെജാതി, ഇനക്കാർ; 2. ബന്ധുക്കൾ, ചാർച്ചക്കാർ.
അസ്മാദൃക്ക് [സം.അസ്മാദൃക്] നാ. ഞങ്ങളെപ്പോലെയുള്ളവൻ.
അസ്മാദൃശ [സം.] വി. നമ്മെപ്പോലെയുള്ള, ഞങ്ങളെപ്പോലെയുള്ള.
അസ്മാർത്ത [സം.അ-സ്മാർത<സ്മൃതി] വി. 1. ഓർമയിൽ എത്താത്ത; 2. സ്മൃതിവിരുദ്ധമായ; 3. സ്മാർത്തന്മാരെ സംബന്ധിക്കാത്ത.
അസ്മി [സം.] ക്രി. 'അസ്'ധാതുവിന്റെ ഉ.പു.ഏ.വ. വർത്തമാനകാലം. (ഞാൻ) ആകുന്നു, ഉണ്ട്.
അസ്മിത [സം.അസ്മി-താ] നാ. 1. ഞാനെന്നബോധം, അഹങ്കാരം; 2. (യോഗ.) പഞ്ചക്ലേശങ്ങളിൽ ഒന്ന്.
അസ്മൃതി [സം.അ-സ്മൃതി] നാ. ഓർമയില്ലായ്മ, നീതിവിരുദ്ധമായത്.
അസ്രഗീതം [സം.അസ്ര-ഗീത] നാ. ഒരുതരം ത്രിപദീഗാനം. ഉല്ലാപ്യം എന്ന ഉപരൂപകത്തിൽ സാധാരണ ചേർക്കുന്നത്. ചോദ്യോത്തരരൂപേണ തിരശീലയ്ക്കുള്ളിൽനിന്നു പാടുന്നത്.
അസ്രഗുൽമം [സം.-ഗുല്മ] നാ. = രക്തഗുല്മം.
അസ്രജം [സം.-ജ] നാ. രക്തത്തിൽനിന്ന് ഉണ്ടാകുന്നത്, മാംസം.
അസ്രപ [സം.-പ<പാ] നാ. ചോരകുടിക്കുന്നത്, അട്ട.
അസ്രപത്രകം [സം.-പത്രക] നാ. അമ്ലപത്രകം, വെണ്ട.
അസ്രപൻ [സം.-പ] നാ. 'ചോരകുടിക്കുന്നവൻ'. രാക്ഷസൻ.
അസ്രപം [സം.-പ] നാ. മൂലം നക്ഷത്രം.
അസ്രഫല [സം.-ഫലാ] നാ. 'ചുവന്ന പഴമുള്ളത്'. ഈന്തപ്പന.
അസ്രം1 [സം.അസ്ര] നാ. 1. തലമുടി; 2. കോണ്.
അസ്രം2 [സം.] നാ. 1. ചോര; 2. കണ്ണുനീർ, അശ്രു.
അസ്രമാവ് [സം.അസ്രമൻ] വി. അനശ്വരമായ.
അസ്രരോധിനി [സം.അസ്ര-രോധിനീ] നാ. 'രക്തസ്രാവത്തെ തടയുന്നത്'. തൊട്ടാവാടി.
അസ്രാംബു [സം.-അംബു] നാ. രക്തത്തിലെ ദ്രാവകം.
അസ്രാർജകം [സം.-ആർജക] നാ. വെളുത്ത തുളസി.

അസ്രി [സം.അസ്രിൻ] നാ. 1. കോണ്; 2. ഒരുകോടി.

അസ്വ [സം.അ-സ്വ] വി. 1. സ്വത്തില്ലാത്ത, ധനമില്ലാത്ത; 2. സ്വന്തമല്ലാത്ത.
അസ്വക [സം.-സ്വക] വി. സ്വന്തമല്ലാത്ത, അന്യന്റെതായ.
അസ്വകീയ [സം.-സ്വകീയ] വി. സ്വന്തമല്ലാത്ത, അന്യന്റെതായ, പരകീയമായ.
അസ്വച്ഛന്ദ [സം.-സ്വഛന്ദ] വി. സ്വാഭിപ്രായമില്ലാത്ത, തന്റെടമില്ലാത്ത.
അസ്വതന്ത്ര [സം.-സ്വതന്ത്ര] വി. സ്വതന്ത്രമല്ലാത്ത, മറ്റൊന്നിനോ മറ്റൊരാളിനോ വിധായമായ, പരതന്ത്രമായ.
അസ്വത്വം [സം.സ്വത്വ] നാ. സ്വത്തില്ലായ്മ, ഉടമസ്ഥാവകാശമില്ലായ്മ.
അസ്വന്തം [സം.-സ്വന്ത] നാ. അടുപ്പ്.
അസ്വപ്ന [സം.-സ്വപ്ന] വി. സ്വാപമില്ലാത്ത, ഉറക്കമില്ലാത്ത.
അസ്വപ്നൻ [സം.-സ്വപ്ന] നാ. 'ഉറക്കമില്ലാത്തവൻ'. ദേവൻ.
അസ്വർഗം [സം.-സ്വർഗ] നാ. സ്വർഗമല്ലാത്തത്, നരകം.
അസ്വർഗ്യ [സം.-സ്വർഗ്യ] വി. സ്വർഗപ്രാപ്തിക്ക് തക്കതല്ലാത്ത.
അസ്വര [സം.-സ്വര] വി. വിശദമല്ലാത്ത, സ്വരശുദ്ധിയില്ലാത്ത, താണസ്വരത്തിലുള്ള.
അസ്വരം [സം.] നാ. 1. ചീത്തസ്വരം; 2. വ്യക്തമാകാത്ത സ്വരം; 3. സ്വരാക്ഷരമല്ലാത്തത്, വ്യഞ്ജനം; 4. സ്വരാക്ഷരമില്ലായ്മ.
അസ്വരസം [സം.അ-സ്വരസ] നാ. 1. രസമില്ലായ്മ, നീരസം; 2. അരുചി.
അസ്വസ്ഥ [സം.-സ്വസ്ഥ] വി. സ്വസ്ഥമല്ലാത്ത, മനസ്സിനോ ശരീരത്തിനോ സുഖമില്ലാത്ത. അസ്വസ്ഥചിത്തൻ = മനസ്സിന് സ്വസ്ഥതയില്ലാത്തവൻ.
അസ്വസ്ഥത [സം.അസ്വസ്ഥ-താ] നാ. അസ്വാസ്ഥ്യമുള്ള അവസ്ഥ.
അസ്വസ്ഥൻ [സം.] നാ. സ്വസ്ഥതയില്ലാത്തവൻ.
അസ്വാതന്ത്ര്യം [സം.-സ്വാതന്ത്ര്യ] നാ. സ്വതന്ത്രതയില്ലായ്മ, പരന് അധീനമായിരിക്കുന്ന അവസ്ഥ (പരാധീനത)
അസ്വാധീന [സം.-സ്വാധീന] വി. 1. സ്വേച്ഛാനുസാരം പ്രവർത്തിക്കാൻ കഴിവില്ലാത്ത, സ്വതന്ത്രമല്ലാത്ത, പരാധീനതയുള്ള; 2. സ്വാധീനതയില്ലാത്ത, വശമില്ലാത്ത.
അസ്വാധീനത [സം.അ-സ്വാധീനതാ] നാ. അസ്വാതന്ത്ര്യം, കഴിവുകേട്.
അസ്വാധ്യായ [സം.-സ്വാധ്യായ] വി. 1. വേദാധ്യയനം ആരംഭിക്കാത്ത, ഉപനയനം കഴിക്കാത്ത; 2. അധ്യയനദിവസമല്ലാത്ത.
അസ്വാമി [സം.-സ്വാമിൻ] നാ. 1. ധനമില്ലാത്തവൻ; 2. നാഥനല്ലാത്തവൻ. അസ്വാമിവിക്രയം = ഉടയവനല്ലാത്തവൻ ചെയ്യുന്ന വിൽപ്പന.
അസ്വാമിക [സം.-സ്വാമിക] വി. ഉടയവനില്ലാത്ത.
അസ്വാമികം [സം.] നാ. ഉടമസ്ഥനില്ലാത്ത മുതൽ.
അസ്വാമിത [സം.-സ്വാമി-താ] നാ. (മന.) അപ്രാപ്തി, അവശത.
അസ്വാമ്യം [സം.-സ്വാമ്യം] നാ. ഉടമയില്ലായ്മ, അവകാശമില്ലായ്മ.
അസ്വാരസ്യം [സം.-സ്വാരസ്യം] നാ. 1. സ്വാരസ്യമില്ലായ്മ, രസമില്ലായ്മ; 2. നീരസം, വെറുപ്പ്.
അസ്വാസ്ഥ്യം [സം.-സ്വാസ്ഥ്യ] നാ. 1. അസ്വസ്ഥത, മനസ്സമാധാനമില്ലായ്മ; 2. രോഗം, സുഖക്കേട്.
അസ്വീകാരം [സം.-സ്വീകാര] നാ. സ്വീകരിക്കാതിരിക്കൽ, തിരസ്കാരം.
അസ്വീകാര്യ [സം.-സ്വീകാര്യ്] വി. സ്വീകരിക്കത്തക്കതല്ലാത്ത, കൊള്ളത്തക്കതല്ലാത്ത, അങ്ഗീകരിക്കാവുന്നതല്ലാത്ത.

അഹങ്കരിക്കുക [<സം.അഹം-കൃ] ക്രി. ഞാൻ വൻപനെന്നു നടിക്കുക, വൻപുകാണിക്കുക, മദിക്കുക. നാ. അഹങ്കരിക്കൽ, അഹങ്കരിപ്പ്.

അഹങ്കാരം [സം.-കാര] നാ. 1. ഞാനെന്നഭാവം, തന്നെപ്പറ്റി അതിരുകടന്ന മതിപ്പ്, ഗർവം, ദുരഭിമാനം, അഹന്ത; 2. ഞാൻ എന്ന ബോധം.

അഹങ്കാരി [സം.-കാരിൻ<കൃ] നാ. അഹങ്കാരമുള്ളവൻ, ഗർവമുള്ളവൻ.

അഹങ്കാര്യം [സം.-കാര്യ] നാ. തന്നത്താൻ ചെയ്യേണ്ട കാര്യം.

അഹങ്കൃത [സം.-കൃത] വി. അഹങ്കരിച്ച, ധിക്കാരമുള്ള.

അഹങ്കൃതി [സം.-കൃതി] നാ. = അഹങ്കാരം.

അഹത [സം.അ-ഹത<ഹൻ] വി. 1. ഹനിക്കപ്പെടാത്ത, മുറിവുപറ്റാത്ത; 2. അലക്കാത്ത, കോടിയായ (മുണ്ട്); 3. അടിക്കപ്പെടാത്ത, കൊട്ടാത്ത (ചെണ്ടപോലെ); 4. നിരാശപ്പെടാത്ത, പതറാത്ത.

അഹതം [സം.] നാ. കോടിവസ്ത്രം.

അഹൻ, അഹസ്സ് [സം.അഹൻ] നാ. ദിവസം.

അഹന [സം.അഹനാ] നാ. ഉഷസ്സ്.

അഹന്ത [സം.അഹം-താ] നാ. അഹമ്മതി, ഞാനെന്ന ഭാവം, അഹങ്കാരം, ഗർവം.

അഹം [സം.] സ.നാ. ഏ.വ. 1. ഞാൻ; 2. ആത്മാവ്; 3. അഹംബോധം, അഹംഭാവം.

അഹംകേന്ദ്രിതത്വം [സം.അഹം-കേന്ദ്രിത-ത്വ] നാ. അവനവനിലും അവനവൻെറ കാര്യങ്ങളിലും മാത്രം താത്പര്യം, അന്യരുടെകാര്യങ്ങളിൽ ഒട്ടും താത്പര്യമില്ലായ്മ.

അഹമ്പൂർവ [സം.-പൂർവ്] വി. ഒന്നാമനായ്ത്തീരണമെന്ന ആഗ്രഹത്തോടുകൂടിയ.

അഹംപൂർവിക [സം.-പൂർവികാ] നാ. ഞാൻ മുമ്പേ എന്ന വ്യഗ്രത.

അഹംപ്രത്യയം [സം.-പ്രത്യയ] നാ. തന്നെപ്പറ്റിയുള്ള അതിർകടന്ന വിശ്വാസം.

അഹംബുദ്ധി [സം.-ബുദ്ധി<ബുധ്] നാ. അഹങ്കാരം, അഹമ്മതി, ഞാനെന്നഭാവം.

അഹംബോധം [സം.-ബോധ] നാ. അഹംബുദ്ധി.

അഹംഭദ്രം [സം.-ഭദ്ര] നാ. ഞാൻ ശ്രേഷ്ഠൻ എന്ന അഭിപ്രായം.

അഹംഭാവം [സം.-ഭാവ] നാ. = അഹംബുദ്ധി.

അഹംഭാവി [സം.-ഭാവിൻ] നാ. അഹംഭാവമുള്ളവൻ, അഹങ്കാരി, ഗർവിഷ്ഠൻ.

അഹംയു [സം.] വി. 1. അഹങ്കാരമുള്ള, ഉദ്ധതനായ; 2. സ്വാർഥതയുള്ള. നാ. യോദ്ധാവ്.

അഹംവാദി [സം.-വാദിൻ] നാ. 1. ആത്മപ്രശംസകൻ; 2. സാക്ഷിയാകാമെന്നു സ്വയം പറഞ്ഞു വരുന്നവൻ.

അഹംശ്രേയസ്സ് [സം.-ശ്രേയസ്] നാ. താൻ ശ്രേഷ്ഠനാണെന്ന ഭാവം.

അഹമഹമിക [സം.-അഹമികാ] നാ. 1. ഞാൻമുമ്പേ ഞാൻമുമ്പേ എന്ന വ്യഗ്രത, മത്സരം; 2. ഞാൻ മുമ്പൻ എന്ന ഭാവം, അഹങ്കാരം.

അഹമഹമികയാ [സം.] അവ്യ. ഞാൻമുമ്പേ ഞാൻമുമ്പേ എന്ന രീതിയിൽ.

അഹമ്മതി [സം.-മതി] നാ. അഹംബുദ്ധി, അഹംഭാവം.

അഹമ്മമത [സം.-മമതാ] നാ. ഞാനെന്നും എൻേറതെന്നുമുള്ള ബുദ്ധി, അഹംമമാഭിമാനം.

അഹർഗണം [സം.അഹർ-ഗണ] നാ. 1. യാഗത്തിനുള്ള ദിവസങ്ങൾ; 2. മാസം.

അഹർജരം [സം.-ജരാ] നാ. ആണ്ട്, സംവത്സരം (അഹസ്സുകളാൽ ലോകത്തെ ജരിപ്പിക്കുന്നതുകൊണ്ടോ അഹസ്സുകൾ ഇതിൽ ജരിക്കുന്നതുകൊണ്ടോ).
അഹർദിവം [സം.-ദിവം] അവ്യ. എല്ലായ്പ്പോഴും, എല്ലാദിവസവും.
അഹർദിവസം [സം.-ദിവസ] വി. എന്നും നിലനിൽക്കുന്ന.
അഹർനാഥൻ [സം.-നാഥ] നാ. 'ദിവസത്തിൻെറ അധിപൻ'. സൂര്യൻ.
അഹർനിശം [സം.-നിശ] അവ്യ. അഹസ്സും നിശയും, പകലും രാവും, രാപകൽ, എപ്പോഴും.
അഹർപ്പതി, -സ്പതി [സം.-പതി] നാ. സൂര്യൻ.
അഹർമണി [സം.-മണി] നാ. 'അഹസ്സിൻെറ മണി, രത്നം'. സൂര്യൻ.
അഹർമുഖം [സം.-മുഖം] നാ. 'അഹസ്സിൻെറ മുഖം, ആരംഭം'. പ്രഭാതം.
അഹർവൃത്തി [സം.-വൃത്തി] നാ. നിത്യവൃത്തി, കാലക്ഷേപം.
അഹര [സം.അ-ഹര] വി. അപഹരിക്കാത്ത.
അഹരണീയ [സം.അ-ഹരണീയ] വി. 1. അപഹരിച്ചുകൂടാത്ത; 2. വശത്താക്കാൻ സാധിക്കാത്ത; 3. സ്ഥിരചിത്തമായ. നാ. അഹരണീയത (ത്വം).
അഹരഹർ [സം.അഹർ-അഹർ] അവ്യ. അഹസ്സുതോറും, ദിവസംതോറും.
അഹരാഗമം [സം.-ആഗമ] നാ. അഹസ്സിൻെറ ആഗമം, ദിനത്തിൻെറ വരവ്, പ്രഭാതം.
അഹല [സം.അ-ഹല] വി. ഉഴുതിട്ടില്ലാത്ത. ഉദാ: അഹലമായ പ്രദേശം.
അഹല്യ1 [സം.-ഹല്യ<ഹല്] വി. 1. ഉഴുതിട്ടില്ലാത്ത; 2. കൃഷിക്കുയോഗ്യമല്ലാത്ത.
അഹല്യ2 [സം.-ഹല്യാ] നാ. ഗൗതമൻെറ പത്നി, ശതാനന്ദൻെറ മാതാവ്.
അഹല്യാകാമുകൻ [സം.അഹല്യാ-കാമുക] നാ. ഇന്ദ്രൻ.
അഹല്യാനന്ദനൻ [സം.-നന്ദന] നാ. ശതാനന്ദമുനി.
അഹല്ലികം [സം.] നാ. ശവം.
അഹശ്ശേഷം [സം.അഹസ്-ശേഷ] നാ. 1. വൈകുന്നേരം; 2. പുലയുടെ അവസാനദിവസം.
അഹസ്കരൻ [സം.-കര] നാ. 'അഹസ്സിനെ ചെയ്യുന്നവൻ'. സൂര്യൻ.
അഹസ്ത്യ [സം.അ-ഹസ്ത്യ<ഹസ്ത] വി. 1. കയ്യുമായിബന്ധപ്പെടാത്ത; 2. കൈകൊണ്ടുചെയ്യപ്പെടാത്ത.
അഹസ്പതി [സം.അഹസ്-പതി] നാ. സൂര്യൻ.
അഹസ്സ് [സം.അഹസ്] നാ. (സമാസത്തിൽ, അഹർ, അഹോ, അഹം, അ , അഹസ് എന്നും രൂപങ്ങൾ) 1. പകൽ; 2. ദിവസം, പകലും രാത്രിയും ചേർന്ന സമയം; 3. ഒരു ദിവസത്തെ ഉത്സവം; 4. നിത്യവൃത്തി; 5. ആകാശം.
അഹഹ [സം.] വ്യാ. ആശ്ചര്യം ഖേദം മുതലായവ പ്രകടിപ്പിക്കുന്നത്.
അഹാര്യ [സം.അ-ഹാര്യ<ഹൃ] വി. 1. ഹരിച്ചുകൂടാത്ത. അപഹരിക്കത്തക്കതല്ലാത്ത; 2. ഭാഗിച്ചുകൂടാത്ത.
അഹി [സം.] നാ. 1. സർപ്പം, പാമ്പ്; 2. ആയില്യം നക്ഷത്രം; 3. സൂര്യൻ; 4. രാഹു; 5. വൃത്രാസുരൻ; 6. യാത്രക്കാരൻ; 7. ചതിയൻ; 8. വെള്ളം; 9. പൊക്കിൾ; 10. മേഘം; 11. കറവപ്പശു; 12. ഈയം.
അഹിക [സം.അഹി-കാ] നാ. ഇലവ്.
അഹികം [സം.അഹി-ക] നാ. 1. ധ്രുവനക്ഷത്രം; 2. അന്ധസർപ്പം.
അഹികാന്തം [സം.-കാന്ത] നാ. വായു, കാറ്റ്.

അഹികേതനൻ [സം.-കേതന] നാ. = നാഗകേതനൻ, ദുര്യോധനൻ.
അഹികോശം, -ഷം സം.-കോശ] നാ. പാമ്പിൻ ചട്ട.
അഹിഗ്രാഹി [സം.-ഗ്രാഹിൻ<ഗ്രഹ്] നാ. പാമ്പിനെ പിടിക്കുന്നവൻ.
അഹിഘ്ന [സം.-ഘ്ന<ഹൻ] വി. പാമ്പിനെ കൊല്ലുന്ന.
അഹിച്ഛത്ര [സം.-ഛത്രാ] നാ. 1. പഞ്ചസാര; 2. കരിമ്പ്; 3. ചതകുപ്പ.
അഹിച്ഛത്രം = അഹിച്ഛത്രമെന്ന പ്രദേശം.
അഹിച്ഛത്രകം [സം.-ഛത്രക] നാ. കുമിൾ.
അഹിജിത്ത് [സം.-ജിത്<ജി] നാ. 1. കാളിയനെ ജയിച്ചവൻ, കൃഷ്ണൻ; 2. വൃത്താസുരനെ ജയിച്ചവൻ, ഇന്ദ്രൻ.
അഹിജിഹ്വ [സം.-ജിഹ്വാ] നാ. ശതാവരി.
അഹിത [സം.അ-ഹിത] വി. 1. ഹിതമല്ലാത്ത, യുക്തമല്ലാത്ത, ഗുണകരമല്ലാത്ത, അനിഷ്ടമായ, ദോഷകരമായ, തിന്മയെച്ചെയ്യുന്ന, ഇഷ്ടമല്ലാത്ത, സന്തോഷകരമല്ലാത്ത; 2. ശത്രുതയുള്ള, ദ്വേഷമുള്ള.
അഹിതൻ [സം.] നാ. ഹിതനല്ലാത്തവൻ, ശത്രു.
അഹിതം [സം.] 1. അനിഷ്ടം, ദോഷം; 2. സന്തോഷമില്ലായ്മ; 3. തിന്മ, ശത്രുത.
അഹിതുണ്ഡികൻ [സം.അഹി-തുണ്ഡിക] നാ. പാമ്പാട്ടി.
അഹിദേശം [സം.-ദേശ] നാ. കേരളം (ടോളമി എന്ന യവന സഞ്ചാരി നൽകിയ പേര്).
അഹിദ്വിട്ട് [സം.-ദ്വിട്<ദ്വിഷ്] നാ. 'പാമ്പിൻെറ ശത്രു'. 1. ഗരുഡൻ; 2. മയിൽ; 3. കീരി; 4. കൃഷ്ണൻ; 5. ഇന്ദ്രൻ.
അഹിനകുലിക [സം.-നകുലികാ] നാ. പാമ്പും കീരിയും തമ്മിലുള്ള സഹജ ശത്രുത.
അഹിനാമഭൃത്ത് [സം.-നാമഭൃത്] നാ. ബലദേവൻ (അനന്തൻെറ അവതാരം എന്നതിനാൽ).
അഹിനിർമോകം [സം.-നിർമോക] നാ. പാമ്പിൻചട്ട.
193
അഹിനുര [സം.അഹി-മ.നുര] നാ. അഹിഫേനം, കറുപ്പ്.
അഹിന്ദു [സം.അ-ഹിന്ദു] നാ. ഹിന്ദുവല്ലാത്ത ആൾ.
അഹിപതാകം [സം.അഹി-പതാക] നാ. വിഷമില്ലാത്ത ഒരുതരം പാമ്പ്.
അഹിപതി [സം.-പതി] നാ. 'സർപ്പരാജാവ്'. 1. അനന്തൻ; 2. വാസുകി, 3. തക്ഷകൻ; 4. കാളിയൻ.
അഹിഫേനം [സം.-ഫേനം] നാ. 'പാമ്പിൻ നുര'. കറുപ്പ്, അവീൻ, വിഷം.
അഹിബുധ്ന്യൻ [സം.-ബുധ്ന്യ] നാ. 1. ശിവൻ; 2. പന്ത്രണ്ടു രുദ്രന്മാരിൽ ഒരാൾ.
അഹിഭയദ [സം.-ഭയദാ] നാ. കീഴാനെല്ലി.
അഹിഭയം [സം.-ഭയ] നാ. 1. സർപ്പഭീതി; 2. സ്വന്തക്കാരിൽനിന്നു ചതിയുണ്ടാകുമെന്ന ഭീതി.
അഹിഭുക്ക് [സം.-ഭുക്<ഭുജ്] നാ. 'പാമ്പിനെ ഭക്ഷിക്കുന്നത്'. 1. ഗരുഡൻ; 2. മയിൽ; 3. ഉപ്പൻ, ചകോരം; 4. കീരി.
അഹിഭൂഷണൻ [സം.-ഭൂഷണ] നാ. സർപ്പാഭരണൻ, ശിവൻ.
അഹിഭൃത്ത് [സം.-ഭൃത<ഭൃ] നാ. ശിവൻ.

അഹിംസ [സം.അ-ഹിംസാ] നാ. 1. മറ്റുജീവികൾക്കു വിചാരത്താലോ പ്രവൃത്തിയാലോ വേദനയുണ്ടാക്കാതിരിക്കൽ; 2. കൊല നടത്താതിരിക്കൽ; 3. ധർമൻെറ ഭാര്യ.
അഹിംസ്ര [സം.-ഹിംസ്ര] വി. ഹിംസയില്ലാത്ത, കൊല്ലാത്ത.
അഹിമ [സം.അ-ഹിമ] വി. തണുത്തതല്ലാത്ത, ചൂടുള്ള.
അഹിമകരൻ [സം.അഹിമ-കര] നാ. ചൂടുള്ള രശ്മികളോടുകൂടിയവൻ, സൂര്യൻ.
അഹിമകിരണൻ [സം.-കിരണ] നാ. അഹിമകരൻ, സൂര്യൻ.
അഹിമന്യു [സം.അഹി-മന്യു] വി. പാമ്പിനെപ്പോലെ കോപമുള്ള.
അഹിമർദിനി [സം.-മർദിനീ] നാ. ചിറ്റരത്ത, അത്തിത്തിപ്പലി.
അഹിമാരകം [സം.-മാരക] നാ. അരിമേദം.
അഹിമാരൻ [സം.-മാര] നാ. = അഹിദ്വിട്ട്.
അഹിർബുധ്നൻ,-ന്യൻ [സം.അഹിർ-ബുധ്ന] നാ. 1. ശിവൻ; 2. പതിനൊന്നു രുദ്രന്മാരിൽ ഒരാൾ.
അഹിർബുധ്ന്യം [സം.] നാ. ഉത്രട്ടാതി നക്ഷത്രം.
അഹിരാജൻ [സം.അഹി-രാജ] നാ. 1. അനന്തൻ; 2. ഒരു ജാതി പാമ്പ്, രാജിലവർഗത്തിൽപെട്ടത്.
അഹിരാട്ട് [സം.-രാട്ട്<രാജ്] നാ. അനന്തൻ.
അഹിലത [സം.-ലതാ] നാ. 1. വെറ്റിലക്കൊടി; 2. പേരരത്ത.
അഹിവാദ്യം [സം.-വാദ്യ] നാ. ഒരുതരം വാദ്യം.
അഹിഹാ(വ്) [സം.-ഹാ<ഹൻ] നാ. 'സർപ്പഹന്താവ്'. 1. ഗരുഡൻ; 2. അഹിരൂപനായ വൃത്രനെ ഹനിച്ചവൻ, ഇന്ദ്രൻ.
അഹീന [സം.അ-ഹീന] വി. 1. ഹീനമല്ലാത്ത, നീചമല്ലാത്ത; 2. മുഴുവനായ, കുറവില്ലാത്ത; 3. ഉള്ള, കൂടിയ; 4. ജാതിഭ്രഷ്ടനല്ലാത്ത.
അഹീനൻ [സം.അഹി-ഇന] നാ. സർപ്പരാജൻ, അനന്തൻ, വാസുകി.
അഹീനഭുജൻ [സം.അഹീന-ഭുജ] നാ. ദീർഘബാഹു.
അഹീനം [സം.] നാ. അനേകദിവസം നീണ്ടുനിൽക്കുന്ന യാഗം.
അഹീനവാദി [സം.അഹീന-വാദിൻ] നാ. തെളിവുനൽകാൻ അയോഗ്യനായ സാക്ഷി.
അഹീരണി [സം.] നാ. രണ്ടുതലയുള്ള പാമ്പ്. താരത. ഇരുതല മൂർഖൻ.
അഹീരൻ [പ്രാ.അഹീര<സം.അഭീര] നാ. ഇടയൻ, അഭീരൻ.
അഹീശ്രുവൻ [സം.അഹീ-ശ്രുവ] നാ. ശത്രു.
അഹു [സം.] വി. 1. ഇടുങ്ങിയ; 2. വ്യാപിച്ച.
അഹുത [സം.അ-ഹുത<ഹു] വി. ഹോമിക്കപ്പെടാത്ത.
അഹുതം [സം.-ഹുത] നാ. 1. ധ്യാനം, പ്രാർഥന; 2. വേദാധ്യയനം.
അഹുതാദ [സം.അ-ഹുതാദ] വി. ഹോമിച്ചതിനെ ഭക്ഷിക്കാത്ത.
അഹുതാദൻ [സം.-ഹുത-അദ] നാ. യാഗത്തിൽ പങ്കെടുക്കുവാൻ അനുവാദമില്ലാത്ത.
അഹൃദയ [സം.-ഹൃദയ] വി. 1. ഹൃദയശൂന്യനായ; 2. അന്യമനസ്കനായ.
അഹൃദ്യ [സം.-ഹൃദ്യ] വി. മനസ്സിനിണങ്ങാത്ത, വെറുപ്പ് ഉണ്ടാക്കുന്ന.
അഹേതു(ക) [സം.-ഹേതു-ക] വി. കാരണമില്ലാത്ത.

അഹോ [സം.] വ്യാ. ആശ്ചര്യം ദു:ഖം അസൂയ അവജ്ഞ തുടങ്ങിയ ഭാവങ്ങളെ ദ്യോതിപ്പിക്കുന്നത്.

അഹോ– [സം.] സമാ = അഹൻ. (രേഫാദിയായ പദത്തിനു മുമ്പ് ‘അഹൻ’ ശബ്ദത്തിനു വരുന്ന രൂപാന്തരം. ഉദാ: അഹോരാത്രം.)

അഹോരാത്രം [സം.അഹോ–രാത്രം] നാ. പകലും രാത്രിയും. അവ്യ. സദാ, ഇടവിടാതെ, തുടർച്ചയായി.

അഹോവൃത്തി [സം.–വൃത്തി] നാ. ജീവിതമാർഗം. (അഹർവൃത്തി എന്നു ശരിയായ രൂപം).

അ [സം.] (സമാ) = അഹൻ. അ  ാന്തം = വൈകുന്നേരം; മധ്യാ  ം = ഉച്ചനേരം.

അ  ായ [സം.] അവ്യ. പെട്ടെന്ന്, ഉടനേ, വേഗത്തിൽ.

അ  ി [സം.] നാ. പ്രാഹ്ണത്തിനും സായാ  ത്തിനും ഇടയ്ക്കുള്ള കാലം.

അഹ്രീക [സം.അ–ഹ്രീക] വി. ഹ്രീയില്ലാത്ത, നാണമില്ലാത്ത.

അഹ്രീകൻ [സം.] നാ. ബുദ്ധഭിക്ഷു.

അഹ്വല [സം.അ–ഹ്വലാ] നാ. 1. പതർച്ചയില്ലാത്ത; 2. ചേരുമരം.

അൾ സർവനാമത്തോടു ചേർക്കുന്ന സ്ത്രീലിങ്ഗപ്രത്യയം. പ്ര.പു.ഏ.വ. ‘അൻ’ എന്ന പുല്ലിങ്ഗപ്രത്യയത്തിനു സമാനമായ സ്ത്രീലിങ്ഗപ്രത്യയം. ഉദാ: അവൾ, പോയാൾ, വന്നാൾ.

അൾത്താര, –രി [ല.] നാ. പള്ളികളിൽ കുർബാന അർപ്പിക്കുന്ന ബലിപീഠം, വേദിക.

അള്മാരി നാ. = അലമാരി.

അള1നാ. മണ്ണിലും മരത്തിലും മറ്റും ഉള്ള പോട്, പൊത്ത്, മാളം, പുനം, ബിലം, വങ്ക്. (പ്ര.) അളമുട്ടുക = ഗത്യന്തരമില്ലാതാകുക. അളമുട്ടിയാൽ തിരിഞ്ഞു കടിക്കും, അളയിൽ കുത്തിയാൽ ചേരയും കടിക്കും. (പഴ.)

അള2അവ്യ. അളവ്, ഉദാ: ആമള = ആകുമ്പോലെ.

അളക [സം.അലകാ] നാ. 1. കുബേരൻെറ രാജധാനി; 2. എട്ടിനും പത്തിനും ഇടയ്ക്കു വയസ്സുള്ള പെൺകുട്ടി.

അളകനന്ദ [സം.അലക–നന്ദാ] നാ. 1. ഹിമാലയത്തിൽ നിന്നു പുറപ്പെട്ടു ദങ്ഗയിൽ പതിക്കുന്ന ഒരു നദി; 2. എട്ടിനും പത്തിനും ഇടയ്ക്കു വയസ്സു പ്രായമുള്ള പെൺകുട്ടി.

അളകം1 [സം.അലക] നാ. കുറുനിര, ചൂർണകുന്തളം.

അളകം2 [സം.അലർക] നാ. പേപ്പട്ടി.

അളകയൻ [<സം. അലകേശ] നാ. കുബേരൻ.

അളകാപുരി [സം.അലകാ–പുരീ] നാ. കുബേരൻെറ രാജധാനി.

അളകേശൻ [സം.–ഈശ] നാ. അളകയുടെ നാഥൻ, കുബേരൻ.

അളക്കർ [ത.അളക്കർ] നാ. സമുദ്രം.

അളക്കുക [<അള1] ക്രി. 1. ക്ലിപ്തമായ തോതോ പാത്രമോ മറ്റോകൊണ്ട് നീളം, വലിപ്പം, വിസ്താരം, പരിമാണം മുതലായവ തിട്ടപ്പെടുത്തുക; 2. പരീക്ഷിച്ചു നോക്കുക, കൗശലത്തിൽ ഒരാളുടെ യോഗ്യത പരിശോധിക്കുക; 3. അളവുകൊടുക്കുക, അളന്നുകൊടുക്കുക.

അളതേയം [<അളദേശം] നാ. കേരളത്തിൻെറ ഒരു പ്രാചീന നാമം.

അളം1 നാ. കടലോരത്ത് ഉപ്പുവെള്ളം കയറ്റിനിറുത്തി വറ്റിച്ച് ഉപ്പു വിളയിക്കാനുള്ള താണ ചതുപ്പുനിലം. ഉദാ: ഉപ്പളം.

അളം2 [<അളവ്] അവ്യ. അളവിൽ, വരെ, അത്രകണ്ട്. ഉദാ: വേണ്ടുമളം = വേണ്ടുവോളം.

അളമട നാ. പക്ഷികളും പാമ്പുകളും മറ്റുമിരിക്കുന്ന മാളം, പൊത്ത്.

അളമാര നാ. = അലമാര.

അളയുക ക്രി. ഉറയുക, കുഴയുക.

അളർക്കം [സം.അലർക] നാ. = അലർക്കം.

അളർക്കുക ക്രി. = അലറുക.

അളർത്തുക ക്രി. അലർത്തുക, വിടർത്തുക, അകറ്റുക, പിളർത്തുക.

അളരുക ക്രി. = അലറുക.

അളവൻ [ത.അളവൻ] നാ. 1. ധാന്യം അളക്കുന്നവൻ; 2. ഉപ്പളത്തിൽ ജോലിചെയ്യുന്ന ഒരു ജാതി.

അളവ്1 [<അളക്കുക] നാ. 1. അളന്നു തിട്ടപ്പെടുത്തൽ, അളക്കൽ; 2. അളന്നു തിട്ടപ്പെടുത്തുന്ന രീതിയോ സമ്പ്രദായമോ; 3. അളന്നു തിട്ടപ്പെടുത്തിയത്, നീളം, വീതി, കനം, പൊക്കം, വിസ്താരം, ഘനമാനം മുതലായവ; 4. അളക്കാനുള്ള ഉപകരണം, തോത്, താപ്പ്; 5. മാത്ര, പരിമാണം, ആകൃതി, വലുപ്പം; 6. എണ്ണം, പരിമിതി, ക്ലിപ്തി; 7. അളന്നുകൊടുക്കൽ, കൊടുക്കാനുള്ളത്, അളന്ന് ഏൽപ്പിക്കൽ. (പ്ര.) അളവറ്റ = വളരെ, നിരവധി, അസംഖ്യം; അളവറ്റവൻ = ഈശ്വരൻ.

അളവ്2 അവ്യ. 1. സമയത്ത്, അവസരത്തിൽ; 2. വിധം, പ്രകാരം. (പ്ര.) പോമളവ് = പോകുന്ന സമയത്ത്.

അളവുകോൽ നാ. അളക്കനുള്ള കോൽ, മാനദണ്ഡം, തോത്.

അളവുചങ്ങല [അളവ്1-ചങ്ങല] നാ. നിലം, പുരയിടം ഇവ അളക്കാനുള്ള ഇരുമ്പുതുടൽ (100 ലിങ്ക്സ്).

അളവും [അളവ്-ഉം] അവ്യ. വരെ, ഓളം.

അളവുവാശി [അളവ്-വാശി] നാ. നിർദിഷ്ട അളവിൽ അധികമായി കൊടുക്കുന്നത്.

അളവേ [അളവ്1-ഏ] അവ്യ. 1. ഭംഗിയായി, നേരാംവണ്ണം; 2. മുഴുവനും, പൂർണമായും, പാടേ, തികച്ചും, തീരെ; 3. സമയത്ത്.

അളി1 നാ. 1. (മുളയുടെയും മറ്റും) പൊളി; 2. അഴി, ജന്നൽ.

അളി2 [സം.അലി, അഡിൻ] നാ. 1. വണ്ട് (സ്ത്രീ.) അളിനി; 2. തേൾ; 3. വൃശ്ചികം രാശി; 4. മധു, മദ്യം; 5. കുയിൽ; 6. കാക്ക.

അളികണ്ണ് നാ. ചെങ്കണ്ണ്.

അളികം [സം.അലിക] നാ. നെറ്റി.

അളിക്കൺകുരുവി നാ. മലങ്കുരികിൽ.

അളിക്കുക1 [അളിയുക>പ്രയോ] ക്രി. 1. കൂടുതൽ വേവിച്ചു കുഴഞ്ഞുപോകത്തക്കവണ്ണമാക്കുക; 2. വീണ്ടും വീണ്ടും കുഴയ്ക്കുക.

അളിക്കുക2 ക്രി. തോണ്ടുക, മാന്തുക.

അളിക്കുക3 [ത.അളിത്തൽ] ക്രി. 1. നൽകുക; 2. രക്ഷിക്കുക, പുലർത്തുക.

അളിഞ്ചക്കണ്ണ് നാ. അളിഞ്ഞകണ്ണ്, പീളനിറഞ്ഞകണ്ണ്.

അളിഞ്ചക്കണ്ണൻ നാ. അളിഞ്ഞ കണ്ണുള്ളവൻ. (സ്ത്രീ.) അളിഞ്ചക്കണ്ണി.

അളിഞ്ജരം [സം.അലിഞ്ജര] നാ. മൺപാത്രം, അലഞ്ജരം.

അളിനി [സം.അലിനീ] നാ. 1. പെൺവണ്ട്; 2. വണ്ടിൻകൂട്ടം.

അളിന്ദ(ക)ം [സം.അലിന്ദ(ക)] നാ. 'അലങ്കരിക്കപ്പെടുന്നിടം'. പുറന്തിണ്ണ, പൂമുഖം.
അളിപിളി നാ. 1. കുഴപ്പം, അലമ്പ്; 2. ബഹളം; 3. ഭങ്ഗികേട്, വൃത്തികേട്. ഉദാ: അളിപിളിയായികിടക്കുക.
അളിമ്പകം [സം.അലിമ്പക] നാ. = അനിമകം (1. തവള; 2. കുയിൽ; 3. വണ്ട്).
അളിമ്പായ് [അളി1-പായ്] നാ. (ഈറ്റയുറ്റെയോ മുളയുടെയോ) പൊളികൊണ്ടു നയ്തുണ്ടാക്കുന്ന പായ്, പരമ്പ്.
അളിമ്പ് [<അളിയുക] നാ. അളിഞ്ഞിരിക്കുന്ന സ്ഥിതി, വൃത്തികേട്.
അളിയൻ [അളി1-അൻ] നാ. 1. അൻപ് ഉള്ളവൻ, സ്നേഹമുള്ളവൻ; 2. ഭാര്യയുടെ സഹോദരനോ സഹോദരിയുടെ ഭർത്താവോ; 3. അമ്മയുടെ സഹോദരൻെറയോ അച്ഛൻെറ സഹോദരിയുടെയോ മകൻ.
അളിയരാർ നാ. ശത്രുക്കൾ.
അളിയസന്താനം [ക.അളിയ-സന്താന] നാ. ഒരുതരം മരുമക്കത്തായം, സഹോദരിമാർക്കും അവരുടെ മക്കൾക്കും സ്വത്തവകാശം എന്ന ദായക്രമം (മലബാറിലും തെക്കൻ കർണാടകത്തിലും ഉള്ളത്).
195
അളിയുക ക്രി. അധികം വെന്തോ പഴുത്തോ കുഴമ്പുപോലെയാവുക, ചീയുക, അഴുകുക, കുഴയുക.
അളിവേണി [സം.അലി-വേണീ] നാ. കറുത്ത മുടിയുള്ളവൾ, സുന്ദരി.
അളീകം [സം.അലീക] നാ. 1. അപ്രിയമായത്, വെറുക്കത്തക്കത്; 2. അസത്യം, വ്യാജം; 3. നെറ്റി; 4. സ്വർഗം; 5. ശസ്ത്രം.
അളുക്കം [ത.അഴുക്കം] നാ. ഭയം.
അളുക്ക്1 [പ്രാ. അലുക്ഖീ] നാ. 'ഭങ്ഗിയുള്ള'. ചിമിഴ്, ചെറിയ ഡെപ്പി, ചെറിയ ചെപ്പ്.
അളുക്ക്2 നാ. = അലുക്ക്.
അളുക്കുക,-ങ്കുക ക്രി. 1. കോച്ചുക, തിറമ്പിപ്പോവുക, ഉളുക്കുക; 2. ഭയപ്പെടുക, നടുങ്ങുക; 3. ചുരുങ്ങുക, ചൂളുക.
അളുങ്കാമ [അളുങ്ക്-ആമ] നാ. 1. ഒരിനം കടആമ; 2. അളുങ്ക്.
അളുങ്ക് നാ. 1. ഉടുമ്പിൻെറ ആകൃതിയുള്ള ഒരു ജന്തു, ഉറുമ്പുതീനി, ഈനാംപേച്ചി; 2. ചെറുപനച്ചി, ഒരു ഔഷധി.
അളുമ്പ് നാ. = അളിമ്പ്.
അളുമ്പുക ക്രി. 1. ചതയ്ക്കുക, ഞെരിക്കുക; 2. ഞെക്കുക, ഞവിടുക, പിഴിയുക; 3. ശബ്ദത്തോടുകൂടി കുടിക്കുക. (പായസവും മറ്റും പോലെ).
അളുപം, ആലുകം [സം.] നാ. ചേമ്പ്.
അള്ള1 നാ. പൊള്ള, അള, മാളം.
അള്ള2 [അറ.] നാ. അള്ളാ.
അള്ളടം,അള്ളെടം നാ. നീലേശ്വരം (വടക്കേ മലബാറിൽ). അള്ളടോൻ = മണ്ണാനു തെയ്യംകെട്ടാൻ നീലേശ്വരത്തു രാജാവ് നൽകുന്ന ഒരു സ്ഥാനപ്പേര്.
അള്ളർ നാ. ബന്ധുക്കൽ, സ്നേഹമുള്ളവർ. "അള്ളരിടം" (ഉണ്ണിച്ചിരു.)
അള്ളാ, അള്ളാവ് [അറ.] നാ. = അല്ലാഹു.
അള്ളാൻ,അള്ളുവൻ നാ. = അളുങ്ക്.
അള്ളാപ്പ് നാ. = അള.

അള്ള് നാ. 1. തെങ്ങിലും മറ്റും കള്ളന്മാർ കയറാതിരിക്കാനായി ഉടക്കുളിയുടെ ആകൃതിയിൽ ഉറപ്പിച്ചുവയ്ക്കുന്ന ആണി; 2.ഗുഹ, പൊത്ത്; 3. എങ്ങിനെവച്ചാലും ഒരു കൊമ്പു മുകളിലേക്കിരിക്കത്തക്കവിധം മൂന്നു കൊമ്പുകളുള്ളതും വാഹനത്തിൻെറ ടയർ പങ്ചറാക്കാൻ ഉപയോഗിക്കുന്നതുമായ ഉപകരണം.

അള്ളുക1 ക്രി. 1. കൈനഖങ്ങൾകൊണ്ടു ശക്തിയായി അമർത്തിപ്പിടിക്കുക, മാന്തുക; 2. കൈകൊണ്ടു കോരിയെടുക്കുക. (പ്ര.) അള്ളിപ്പിടിക്കുക = ആവേശത്തോടെ മുറുകെപ്പിടിക്കുക.

അള്ളുക2 'അരുളുക' എന്നതിൻെറ സങ്കുചിതരൂപം. പൂജകാർഥത്തിൽ അനുപ്രയോഗം. ഉദാ: എഴുന്നള്ളുക.

അള്ളുള്ളം [അള്ള്-ഉള്ളം] നാ. 'ഉള്ളത്തെ അള്ളുന്നത്'. സങ്കടം, ദു:ഖം.

അള്ളൂരി,ഉ- നാ. 'ഉള്ളിൽ നിന്ന് ഉരിഞ്ഞെടുക്കുന്നത്'. കമുകിൻ പാളയുടെ ഉൾവശത്തെ വെളുത്ത തൊലി.

അള്ളോടൻ നാ. 1. ഉൾക്കട്ടിയില്ലാത്ത തേങ്ങ; 2. നിസ്സാരൻ, കഴമ്പില്ലാത്തവൻ.

അഴ നാ. = അയ.

അഴകച്ച് [അഴക്-അച്ച്] നാ. ഒരു പഴയ നാണയം.

അഴകൻ [അഴക്-അൻ] നാ. 1. സുന്ദരൻ; 2. വിഷ്ണു; 3. ഒരു നല്ലയിനം മരച്ചീനി.

അഴകം നാ. സ്ത്രീകൾ കയ്യിലിടുന്ന ഒരു അടയാളം.

അഴകിയ [അഴകുക] വി. (ഭൂ.പേരെച്ചരൂപം. മറ്റുരൂപങ്ങൾ പ്രയോഗത്തിൽ ഇല്ല.) അഴകുള്ള, നല്ല. (പ്ര.) അഴകിയ നമ്പി = ദൈവം. അഴകിയ റവണൻ = 1. സീതയെ പ്രലോഭിപ്പിക്കാൻ മോടിയായി അണിഞ്ഞു പുറപ്പെട്ട രാവണൻ; 2. മോടിക്കുവേണ്ടി വേഷപ്പകിട്ടു കാട്ടുന്നവൻ, പച്ചക്കാമദേവൻ.

അഴക്1 നാ. 1. കാഴ്ചയ്ക്കു കൗതുകകരമായ ഭാവം, സൗന്ദര്യം, ഭങ്ഗി, ചന്തം, ആകർഷകത്വം, ശോഭ; 2. യോജിപ്പ്, ചേർച്ച, ഔചിത്യം. അഴകുൾല ചക്കയിൽ ചുളയില്ല. (പഴ.)

അഴക്2 നാ. = അകഴ്, കിടങ്ങ്.

അഴകുക1 ക്രി. അഴകുള്ളതായിരിക്കുക. അഴകിയ (ഖിലധാതു).

അഴകുക2 ക്രി. = അയയുക.

അഴകുത് നാ. അഴകുള്ളത്, നല്ലത്, ഭങ്ഗിയുള്ളത്, യുക്തമായത്, ചേർന്നത്. അഴകുതായി = അവ്യ. അഴകുത് ആയി, അഴകായി, നല്ലപോലെ, ഭങ്ഗിയായി, ഉചിതമായി.

അഴകെരുത് [അഴക്1-എരുത്] നാ. 1. നല്ല കാള; 2. വിത്തുകാളയെ നിറുത്തുന്നതിനു ചുമത്തിയിരുന്ന നികുതി.

അഴയാതെ വി. ('അഴയ്ക്കുക' എന്നതിൻെറ നിഷേധവിനയെച്ചം) അഴയ്ക്കാതെ, വിളിച്ചുകൂവാതെ, ബഹളമുണ്ടാക്കാതെ, മിണ്ടാതെ.

അഴയുക ക്രി. = അയയുക, അഴകുക.

അഴയ്ക്കുക1 ക്രി. 1. കൂകിവിളിക്കുക, നിലവിളിക്കുക; 2. ക്ഷണിക്കുക, വിളിക്കുക.

അഴയ്ക്കുക2 ക്രി. = അയയ്കുക, മുറുക്കം കുറയ്ക്കുക.

അഴൽ നാ. 1. ഉൾച്ചൂട്, മനസ്താപം, വ്യസനം, ദു:ഖം; 2. തീയ്, ചൂട്, നീറ്റൽ; 3. പൊള്ളൽ; 4. വാഴക്കൈയിൽ പന്തം കൊളുത്തി ഉഴിയൽ. (പ്ര.) അഴലുഴിയുക, അഴലാങ്ങുക = തീപ്പൊള്ളലിനു മന്ത്രസഹിതം തീക്കൊളി ഉഴിയുക.

അഴൽച്ച [അഴല്-ച] നാ. 1. പൊള്ളൽ; 2. ദു:ഖം, നീറ്റൽ, കത്തൽ.

അഴൽപ്പാട് [അഴൽ–പാട്] നാ. ദു:ഖം, സന്താപം, വ്യസനം, മനോവേദന (താരത. അല്ലൽപ്പാട്).
അഴലുക ക്രി. 1. മനസ്താപം ഉണ്ടാവുക, വ്യസനിക്കുക, ദു:ഖിക്കുക; 2. പൊള്ളുക, വേവുക; 3. ചൂടുപിടിക്കുക.
അഴവ് നാ. = അയവ്.
അഴറുക [<അഴറ്] ക്രി. = അഴലുക.
അഴി1 നാ. കടലും കായലും തൊട്ടുകിടക്കുന്നിടം. (കര അഴിഞ്ഞു പോയതിനാൽ ഈ പേർ), നദീമുഖം.
അഴി2,അളി [<അഴ്, അഴുത്തുക] നാ. 1. ജനലുകളിലും മറ്റും അടുത്തടുത്തായി ഉറപ്പിക്കുന്ന തടിക്കാലുകളോ ഇരുമ്പുകമ്പികളോ, ചുമരിൻെറ സ്ഥാനത്തു നെടുകെയും കുറുകെയും തറയ്ക്കുന്ന പട്ടിക; 2. സാക്ഷ; 3. ആപ്പ്.
അഴികം നാ. = അഴിയം, പുരയിടം, അഴിയകം.
അഴികുഴിക്കാണം [അഴി–കുഴിക്കാണം] നാ.ഒരുതരം ഒറ്റിക്കുഴിക്കാണം, അഴിചെലവ്, അതിര് ഉണ്ടാക്കുന്നതിനും വൃക്ഷാദികൾ നട്ടുപിടിപ്പിക്കുന്നതിനും പ്രതിഫലം കൊടുത്തുകൊള്ളാമന്ന വ്യവസ്ഥയിൽ വാങ്ങുന്ന ഒറ്റി.
അഴിക്കാൽ [അഴി2–കാൽ] നാ. ആരക്കാൽ.
അഴിക്കുക [അഴിയുക>പ്രയോ.] ക്രി. 1. കെട്ടുവിടുവിക്കുക, ബന്ധം അയയ്ക്കുക; 2. ഊരിമാറ്റുക; 3. ചെലവാക്കുക; 4. നശിപ്പിക്കുക, ഇല്ലാതെയാക്കുക. (പ്ര.) ഗർഭം അഴിക്കുക, പിള്ള അഴിക്കുക = അലസിക്കുക; 5. പുതുക്കിപ്പണിയാനും മറ്റുമായി രൂപഭേദം വരുത്തുക (ആഭരണം, ലോഹപാത്രം കെട്ടിടം മുതലായവ ഓലെ) അഴിച്ചുകോർക്കുക; 6. മായ്ക്കുക, തുടച്ചുമാറ്റുക. (പ്ര.) അഴിച്ചാൻ കുഴിച്ചാൻ = അവ്യ. 1. അഴിഞ്ഞുകുഴഞ്ഞ്; 2. ചെയ്തതൊക്കെ ഉപേക്ഷിച്ചിട്ടു പുതുതായി, വീണ്ടും ആദ്യമേ; അഴിച്ചുതുടച്ച് = അഴിച്ചാൻ കുഴിച്ചാൻ.
അഴിച്ചൽ,അഴിച്ചിൽ [<അഴിയുക] നാ. 1. അഴിഞ്ഞുപോകൽ, നാശം, പാഴിലാകൽ; 2. ചെലവ്, വിൽപന.
അഴിഞ്ഞ [അഴിയുക] വി. (ഭൂ.പേരെച്ചം) 1. ബന്ധം വിട്ട; 2. നശിച്ച; 3. ചെലവായ; 4. സന്മാർഗനിഷ്ഠയില്ലാത്ത, വ്യഭിചരിക്കുന്ന; അഴിഞ്ഞവൾ = സദാചാരമില്ലാത്തവൾ.
അഴിഞ്ഞാടുക [അഴിഞ്ഞ്–ആടുക] ക്രി. അഴിഞ്ഞമട്ടിൽ പെരുമാറുക.
അഴിഞ്ഞിൽ [ത.അഴിഞ്ചിൽ] നാ. അങ്കോലം.
അഴിനില നാ. 1. അഴിഞ്ഞനില, നശിച്ച അവസ്ഥ, നാശം; 2. നഗ്നത; 3. ആശാഭങ്ഗം, ദു:ഖം, സങ്കടം, ഹൃദയവേദന, മാനക്കേട്; 4. തടസ്സം.
അഴിന്തി,അഴുന്തി നാ. ഇറങ്ങുന്നവൻ, ആഴ്ന്നുപോകുന്നിടം, അഗാധമായ ചതുപ്പുസ്ഥലം.
അഴിപ്പാങ്കഥ [മ.അഴിപ്പാൻ–സം.കഥാ] നാ. കടങ്കഥ.
അഴിപ്പുര [അഴി2–പുര] നാ. അഴിയിട്ടിട്ടുള്ള പുര, ഠാണാവ്, കാരാഗൃഹം.
അഴിമതി [അഴി1–മതി] നാ. 1. സ്വാഎഥലാഭത്തിനുവേണ്ടി അധികാരസ്ഥർ ചെയ്യുന്ന നീതിവിരുദ്ധമായ പ്രവൃത്തി, കോഴവാങ്ങിക്കൊണ്ടും മറ്റും ചെയ്യുന്ന ന്യായക്കേട്, അധികാരനിർവഹണത്തിൽ വരുത്തുന്ന കാലവിളംബം, നീതിനിഷ്ഠയില്ലായ്മ, അന്യായം, അനീതി, കൈക്കൂലി, അക്രമം, സ്വേച്ഛാചാരിത്വം, തോന്നിയവാസം; 2. കൊള്ള, നാശം, നഷ്ടം, ഉപദ്രവം, കേടുപാട്. (പ്ര.) അഴിമതിപ്പുറ്റ് = വലിയ അഴിമതിക്കാരൻ.

അഴിമതിയാരോപണം[മ.അഴിമതി-സം.ആരോപണ] നാ. നീതിക്കുനിരക്കാത്ത പ്രവൃത്തി ചെയ്തതായി കുറ്റപ്പെടുത്തൽ.
അഴിമുഖം [മ. അഴി-സം.മുഖ] നാ. 1. അഴി; 2. തുറമുഖമായി ഉപയോഗിക്കുന്ന അഴി, കടത്ത്.
അഴിയം,-കം,-യകം നാ. അയ്യം, പുരയിടം. വീട്ടുപേരുകളിൽ ഈ പദം ചേർത്തു പറയാറുണ്ട്. ഉദാ: പട്ടരഴിയം, ചിലമ്പിനഴിയം.
അഴിയുക ക്രി. 1. കെട്ടുവിടുക, മുറുക്കം പോവുക, ശിഥിലമാവുക, ബന്ധം അയയുക; 2. ധൈര്യം കെടുക, മനസ്സു ശിഥിലമാവുക, തളരുക; 3. മനസ്സ് അലിഞ്ഞു ചേരുക, ലയിക്കുക, ആസക്തമാവുക; 4. മനസ്സ് അലിയുക, കനിയുക, വികാരം കവിഞ്ഞൊഴുകുക; 5. നശിക്കുക, തകർന്നുപോകുക, ഇല്ലാതാവുക; 6. ചെലവാകുക, വിറ്റഴിയുക, നാണയം കൈമാറുക; 7. ഗർഭം അലസുക; 8. മായുക.
അഴിയോട [അഴി-ഓട] നാ. മുളയഴി.
അഴിവൻ നാ. (മുദ്രത്താപ്പിൽ) അല്പം കുറവുള്ള താപ്പ്, ചെലവുതാപ്പ്, വരവിനങ്ങൾ അളന്നെടുക്കാനുള്ള വരവു താപ്പിനേക്കാൾ ചെറുതായിരിക്കും ചെലവുതാപ്പ്.
അഴിവ് നാ. 1. കെട്ടുവിടൽ, അഴിയൽ; 2. മാറ്റം, നീക്കം, അന്തരം, ഭേദഗതി; 3. മനസ്സിടിവ്, സ്ഥൈര്യനാശം, ദു:ഖം, നൈരാശ്യം; 4. അലിവ്, പ്രീയം, വാത്സല്യം, കൃപ ഭക്തി; 5. നാശം, കേട്, ഇല്ലാതാകൽ, മരണം; 6. ചെലവ്; 7. (ജ്യോ.) വ്യയസ്ഥാനം, പന്ത്രണ്ടാമെടം; 8. വിൽപ്പന, വിറ്റഴിവ്, വിതരണം; 9. കുറവ്, താഴ്ച. (പ്ര.) അഴിവു ചൊല്ലുക = കുറ്റാരോപണം അസ്ഥിരപ്പെടുത്തുക.
അഴിവുകാലം [മ.അഴിവു-സം.കാല] നാ. ക്ഷാമം, പഞ്ഞം.
അഴിവുപിഴ [ത.അഴിവുപിഴൈ] നാ. കുറ്റക്കാർക്കുള്ള പിഴ.
അഴു1 വി. ഭങ്ഗിയായ, വെടിപ്പായ. നാ. അഴുത്തം.
അഴു2 നാ. കയ്യാല, കൽഭിത്തി.
അഴു3 [അഴുക] ധാതുരൂപം.
അഴുക ക്രി. കരയുക, നിലവിളിക്കുക, വിലപിക്കുക.
അഴുകണ്ണി [അഴു1-കണ്ണി] നാ. ഒരു ചെറു ചെടി, ശിശിരകാലത്ത് ഇതിൽനിന്നും കണ്ണീരുപോലെ വെള്ളം വാർന്നുകൊണ്ടിരിക്കും.
അഴുകൽ [അഴുകുക] നാ. അട്ടുപോകൽ, ചീയൽ.
അഴുകള്ളൻ [അഴു-കള്ളൻ] നാ. ദീനഭാവം നടിക്കുന്നവൻ, പിടിച്ചാൽ കണ്ണീരൊലിപ്പിക്കുന്ന കള്ളൻ.
അഴുകുക ക്രി. ചീത്തയാവുക, ചീയുക, അട്ടുപോവുക, ദ്രവിക്കുക. (പ്ര.) അഴുകിച്ചേതം = വേള്ളപ്പൊക്കമുണ്ടായി വിളവ് അഴുകിപ്പോകുന്നതുകൊണ്ടുള്ള നഷ്ടം. നാ. അഴുകൽ = ചീയൽ, അട്ടുപോകൽ, അളിഞ്ഞുപോകൽ.
അഴുകുരൽ [അഴു-കുരൽ] നാ. 1. നിലവിളി, കൂക്കുവിളി; 2. ഒരു പക്ഷി, സദാ കരയുന്നപോലെ ശബ്ദിക്കുന്നത്.
അഴുക്ക [<അഴുകുക] വി. ചീത്തയായ. ഉദാ: അഴുക്കമാങ്ങ.
അഴുക്ക് നാ. 1. ശുചിത്വമില്ലാതാക്കുന്ന പദാർഥം, വസ്ത്രാദികളിൽ പറ്റിയിരിക്കുന്ന പൊടിയും ചെളിയും മറ്റും, മലം, വൃത്തികേട്, മാലിന്യം, കളങ്കം; 2. വിഴുപ്പ്. (പ്ര.) അഴുക്ക് അടിയുക; അഴുക്കിൽ അടഞ്ഞ മാണിക്യം = കുപ്പയിലെ മാണിക്യം, മാലിന്യത്തിൽ മറഞ്ഞിരിക്കുന്ന വിശിഷ്ടവസ്തു.
അഴുക്കുക [അഴുകുക>പ്രയോ.] ക്രി. ചീയ്ക്കുക. ഉദാ: തൊണ്ട് അഴുക്കുക.

അഴുങ്കാമ നാ. = അളുങ്കാമ.
അഴുത്തം നാ. 1. കടുപ്പം; 2. ഞെരുക്കം; 3. മിനുസം; 4. ഭങ്ഗി.
അഴുത്ത് നാ. 'അഴുത്തിയത്'. തുള, ദ്വാരം, ഉളികൊണ്ടു തടിയിൽ ഉണ്ടാക്കുന്ന തുള അല്ലെങ്കിൽ നീളത്തിലുള്ള കുഴി.
അഴുത്തുക ക്രി. 1. ദ്വാരമുണ്ടാക്കുക (തടിയിലും മറ്റും ഉളികൊണ്ട്); 2. അമിഴ്ത്തുക, പതിക്കുക, അമർത്തുക, ദ്വാരത്തിൽ താഴ്ത്തി ഉറപ്പിക്കുക.
അഴുന്തുക [ത.അഴുന്തൽ] ക്രി. 1. ദു:ഖരോഗാതികളിൽപെട്ടു വിഷമിക്കുക, ആഴുക, ലയിക്കുക, സുഖാദിയിൽ മുഴുകുക; 2. ദു:ഖിക്കുക, അഴുതുക.
197
അഴുവൻ നാ. ഒരുതരം അളവുതാപ്പ്, അഴുവൻ (മുദ്രയിൽ കുറഞ്ഞ അളവ്).
അഴുവം1 [<അഴു1] നാ. 1. മുരശ്; 2. നടുക്കം.
അഴുവം2 നാ. ആഴം, കടൽ.
അറ1 നാ. 1. കെട്ടിടത്തിൽ ചുമരുകൊണ്ടു വേർതിരിച്ചിട്ടുള്ള ഭാഗം, മുറി; 2. നെല്ലും മറ്റും സൂക്ഷിക്കാനുപയോഗിക്കുന്ന മുറി, തിരിച്ചുകെട്ട്; 3. ഭണ്ഡാരം, വലിയ പത്തായം; 4. അലമാരി പെട്ടി മുതലായവയുടെ അകത്തു പലകകൊണ്ടു വേർതിരിച്ചിട്ടുള്ള ഭാഗം, പിള്ളമുറി, മേശയുടെയും മറ്റും വലിപ്പിനകത്തുള്ള ചെറിയ കള്ളി; 5. തേനീച്ചക്കൂട്ടിലെ ചെറിയ ഉള്ളറ; 6. ദേവതയെ പ്രതിഷ്ടിച്ചിട്ടുള്ള മുറി, ചെറിയ അമ്പലം.
അറ2 [അറുക] (വിനയെച്ചം) അറത്തക്കവണ്ണം. "കുലമറ ചിലയെടുത്തു" (രാ.ച.)
അറക്കുക ക്രി. = അറുക്കുക.
അറക്കുട്ടി [അറ1-കുട്ടി] നാ. ചെറിയ ജനൽ, കിളിവാതിൽ.
അറച്ചീര [അറ-ചീര] നാ. 'കറിവയ്ക്കാൻ തല അറുത്തെടുക്കുന്ന ചീര'. അറപ്പുചീര, ഒരിനം ചെറിയ ചീരെ, അറക്കീര.
അറനാടൻ നാ. ഒരു കാട്ടുജാതി.
അറനെറി [അറം1-നെറി] നാ. അറവും നെറിയും, ധർമവും സത്യവും.
അറന്തൽ നാ. ഒരു വൃക്ഷം, അറന്തലാഞ്ഞിലി, പയ്യാനി.
അറപ്പ നാ. 'അറപ്പിക്കുന്നത്'. വേഗത്തിൽ ഓടിപ്പോകാതിരിക്കാൻ കന്നുകാലികളുടെ കഴുത്തിൽ കെട്ടുന്ന തട.
അറപ്പക്ഷി [മ.അറ-സം.പക്ഷി0] നാ. അടുക്കളക്കുരികിൽ.
അറപ്പ്1 നാ. = അറുപ്പ്.
അറപ്പ്2 [<അരയ്ക്കുക] നാ. 1. വെറുപ്പ്, ഭയം മുതലായവകൊണ്ട് അടുക്കാൻ തോന്നായ്ക, മനസ്സിന് ഇണങ്ങാത്തതിൽ നിന്നുള്ള പിന്തിരിയൽ; 2. ശങ്ക, സങ്കോചം; 3. കളരിപ്പയറ്റിലെ ഒരു അഭ്യാസം.
അറപ്പ്3 [<അറുക്കുക] നാ. 1. അറുക്കൽ; 2. അമിതമായ പലിശ ഈടാക്കൽ.
അറപ്പുകാരൻ [അറപ്പ്1-കാരൻ] നാ. 1. തടി അറക്കുന്നവൻ, അറപ്പുകാരൻ; 2. കശാപ്പുകാരൻ; 3. കൊയ്ത്തുകാരൻ.
അറപ്പുക്കൈയ് [അറപ്പ്2-കൈയ്] നാ. കളരിപ്പയറ്റിലെ ഒരു അഭ്യാസം. (തുളുനാടൻ പ്രയോഗം).
അറപ്പുപൊടി [അറപ്പ്1-പൊടി] നാ. തടി അറക്കുമ്പോൾ ഉണ്ടാകുന്ന പൊടി, അറക്കപ്പൊടി.
അറപ്പുര [അറ1-പുര] നാ. 1. സാധനങ്ങൾ സൂക്ഷിക്കുന്നതിനുള്ള മുറി, ഭിത്തിയുടെ സ്ഥാനത്തു നിരയായിരിക്കും സാധാരണ; 2. നെൽപ്പുര.

അറപ്പെട്ടകം [അറ–പെട്ടകം] നാ. മേശയുടെയും മറ്റും വലിപ്പ്, ഡ്രോയർ.
അറബി നാ. 1. അറേബ്യാക്കാരൻ; 2. അറബിഭാഷ; 3. [ഹി–അർവീ] ഒരിനം ചേമ്പ്, കൊളമ്പിച്ചേമ്പ്. (പ്ര.) അറബിക്കടൽ = അറേബ്യാരാജ്യത്തിനു കിഴക്കും കേരളത്തിൻെറ പടിഞ്ഞാറുവശത്തും കിടക്കുന്ന കടൽ; അറബിക്കാശ് = ഒരു പഴയ നാണയം; അറബിക്കുതിര = ഒരു നല്ലയിനം കുതിര, ജോനകക്കുതിര; അറബിപ്പവൻ = ഒരു പഴയ സ്വർണ നാണയം; അറബിമുഹർ = ഒരു പഴയ നാണയം; അറബിക്കല്യാണം = അറബി ധനികന്മാർ കേരളത്തിൽ വന്നു പ്രായം കുറഞ്ഞ പെൺകുട്ടികളുടെ രക്ഷാകർത്താക്കന്മാക്കു വലിയ തുകകൾ കൊടുത്തു നടത്തുന്ന വിവാഹം; അറബിക്കുന്തിരിക്കം = ഒരു സുഗന്ധദ്രവ്യം.
അറം1 നാ. 1. ധർമം, സദാചാരം, മതകർമം, നന്മ, പുണ്യം; 2. യമൻ.
അറം2 [ത. അറം<അറു] നാ. അറുവാക്ക്, ശാപവചനം. അറമ്പറ്റുക = ആലോചനയില്ലാതെ പറയുന്ന വാക്കുകൾ തനിക്കുതന്നെ ദോഷകരമായി പരിണമിക്കുക. കഥാപാത്രങ്ങളുടെ വാക്കുകളായിട്ടു പറയുന്ന ദുരന്തം ഗ്രന്ഥകർത്താവിനുതന്നെ വന്നുചേരുക.
അറമന,അറവനി [<അറയുക] നാ. ഒരുവശം തുകൽ പൊതിഞ്ഞ ഒരു വാദ്യം, ഒരുതരം വലിയ ഗഞ്ചിറ.
അറമാടി,അരു– നാ. = അടമാരി, ഞാറ്റടി.
അറമുറിയൻ [അറ2–മുറിയൻ] നാ. ഭവനഭേദനം ചെയ്യുന്നവൻ, വീട്ടിനു തുരങ്കം വയ്ക്കുന്നവൻ.
അറയാഞ്ഞിലി [അറ1–ആഞ്ഞിലി] നാ. അറയാനി, വൽക്കലവൃക്ഷം, ഇതിൻെറ പട്ട ചതച്ചു മരവുരി ഉണ്ടാക്കുന്നു.
അറയാതെ അവ്യ. 1. അടിക്കാതെ; 2. അറയ്ക്കാതെ.
അറയുക ക്രി. 1. ആവർത്തിച്ച് അടിക്കുകയോ വെട്ടുകയോ ചെയ്യുക, തല്ലുക, അടിക്കുക, വെട്ടിനുറുക്കുക; 2. കൊട്ടുക (വാദ്യങ്ങൾ എന്നപോലെ).
അറയ്ക്കുക ക്രി. 1. അടുക്കാൻ തോന്നാതിരിക്കുക, വെറുപ്പുതോന്നുക, വെറുപ്പുകൊണ്ടോ ഭയം കൊണ്ടോ പിന്മാറുക, സങ്കോചമുണ്ടാവുക, മടിച്ചുനിൽക്കുക; 2. വളർച്ചനിന്നുപോവുക. അറയ്ക്കാതെ = അവ്യ. മടിക്കാതെ, സങ്കോചം കൂടാതെ, അറപ്പുകൂടാതെ.
അറൽ നാ. 1. കറുത്ത മണൽ; 2. ഒഴുകുന്ന വെള്ളം.
അറവൻ നാ. ധർമിഷ്ഠൻ.
അറവന നാ. = അറമന.
അറവാതിൽ നാ. അറയുടെ മുൻഭാഗത്തുള്ള വാതിൽ.
അറവിടുക ക്രി. 1. നിശ്ശേഷം നശിപ്പിക്കുക; 2. വിൽക്കുക.
അറവീട് നാ. അറപ്പുര.
അറവ് [ത.അറവു.] നാ. 1. അറപ്പ്, അറുപ്പ്; 2. മൂർച്ഛ; 3. കൊല്ലാനുള്ള മൃഗമോ പക്ഷിയോ. ഉദാ: അറവുമാട്.
അറവുശാല [മ. അറവു–സം.ശാലാ] നാ. കശാപ്പുശാല.
അറവേ [അറ.–ഏ] അവ്യ. = അറുമാറ്, ഇല്ലാതാകും വിധം.
അറസ്റ്റ് [ഇം.] നാ. പോലീസ്സുകാരൻ നിയമപ്രകാരം ചെയ്യുന്ന തടഞ്ഞുവയ്ക്കൽ, തടങ്കലിൽ വയ്ക്കൽ.

അറാം, ഹറാം [<അറ.ഹറാം] വി. നിഷിദ്ധമായ, തെറ്റായ, അശുദ്ധമായ. അറമ്പിറന്ന = വ്യഭിചാരംകൊണ്ട് ഉണ്ടായ.
അറാമി നാ. അറാംപിറന്നവൻ.
അറികുറി നാ. അറിയിക്കുവാനുള്ള അടയാളം.
അറിന്തർ നാ. (ബ.വ.) അറിവുള്ളവർ, ജ്ഞാനികൾ.
അറിമുഖം നാ. പരിചയം.
അറിയാമ [ത. അറിയാമൈ] നാ. = അറിയായ്മ, അറിയാതിരിക്കൽ, അറിവുകേട്, അജ്ഞാനം.
അറിയിക്കുക,അറിവി- [അറിയുക>പ്രയോ.] ക്രി. മനസ്സിലാക്കിക്കൊടുക്കുക, അറിവുകൊടുക്കുക, നിവേദനം ചെയ്യുക.
അറിയിപ്പ് നാ. 1. അറിയിക്കൽ, അറിവുകൊടുപ്പ്, നിവേദനം, തെരിയപ്പെടുത്തൽ; 2. പരസ്യപ്പെടുത്തൽ, വിജ്ഞാപനം.
അറിയുക ക്രി. 1. മനസ്സിലാക്കുക, ഒന്നിൻെറ സ്വഭാവമോ സ്വരൂപമോ സ്ഥിതിയോ മനസ്സിൽ പതിയുക, ഗ്രഹിക്കുക, ധരിക്കുക; 2. അനുഭവപ്പെടുക; 3. പരിചയമുണ്ടായിരിക്കുക. അറിയേൻ = ഞാൻ അറിയുന്നില്ല.
അറിവാക്കന്മാർ [അറിവ്-ആൾ-കൾ-മാർ] നാ. അറിവുള്ള ആളുകൾ.
അറിവാളൻ [അറിവ്-ആളൻ] നാ. അറിവുള്ളവൻ.
അറിവ് [അറിയുക] നാ. 1. ഇന്ദ്രിയങ്ങൾവഴി മനസ്സിലുണ്ടാകുന്ന പ്രതിരൂപം, ബോധം, ധാരണ, ഗ്രഹണം; 2. പരിചയം; 3. പാണ്ഡിത്യം, പഠിപ്പ്, ജ്ഞാനം, വൈസൂഷ്യം; 4. വിവേകം, വകതിരിവ്, കാര്യാകാര്യവിവേചനം; 5. അറിയിപ്പ്, വിജ്ഞാപനം. (പ്ര.) അറിവുകേട് = അറിവില്ലായ്മ, അജ്ഞാനം.
അറിവുചീട്ട്,-ശീട്ട് [അറിവ്-ചീട്ട്,-ശീട്ട്] നാ. അറിവുകൊടുക്കുന്ന കുറിപ്പ്, വിജ്ഞാപനം, അറിയിപ്പ്.
അറിവോൻ [അറിവ്-ഓൻ<അവൻ] നാ. അറിയുന്നവൻ. (ബ.വ.) അറിവോർ, അറിവവർ.
അറു1 വി. ആറ് (സമാസത്തിൽ) ഉഡാ: അറുപത്, അറുനൂറ്, അറുമുഖൻ, അറുവർ.
അറു2 വി. 1. അറ്റ, മുറിഞ്ഞ; 2. അങ്ങേയറ്റത്തെ, വെറും (ദുരർഥത്തിൽ) ഉദാ: അറുവഷൾ = വളരെ മോശം.
അറുക1 ക്രി. ഭാരംകൊണ്ടോ മുറിവു പറ്റിയോ മറ്റോ ഒന്നിൻെറ ഭാഗം വേറാകുക, മുറിയുക, വേർപെടുക; 2. അവസാനിക്കുക, അന്തം പ്രാപിക്കുക, ഇല്ലാതാവുക; 3. മൂർച്ചയുണ്ടായിരിക്കുക; 4. തീർച്ചയാവുക.
അറുക2 [ത.അറുകൈ] നാ. = കറുക. ഉദാ: അറുകൻ പുല്ല്.
അറുകണ [അറു2-കണ] നാ. ഏണ്.
അറുകാതി [അറു2-കാതി] നാ. കാതിൻെറ വള്ളി അറ്റവൾ, ലക്ഷണം കെട്ടവൾ.
അറുകാൽ [അറു1-കാൽ] നാ. കൈതോന്നി.
അറുകുല [അറ്യ്2-കുല] നാ. 'അറുകൊല' എന്നു ശുദ്ധരൂപം'. 1. നിഷ്ഠൂരമായ കൊലപാതകം, അരുങ്കൊല; 2. അറുകൊല, പ്രേതം.
അറുകൊല [അറു2-കൊല] നാ. 1. അറുത്തുകൊല, ഭയങ്കരമായ വധം; 2. അപമൃത്യു പ്രാപിച്ച ആളിൻെറ ഗതിയടയാത്ത ആത്മാവ്. (പ്ര.) അറുകൊലതുള്ളുക = ക്രുദ്ധനായി ഉറഞ്ഞുതുള്ളുക. അറുകൊലമാടൻ = അറുകൊലയെപ്പോലെ ഭയങ്കരൻ.

അറുക്കുക ക്രി. 1. ഖണ്ഡിക്കുക, ഛേദിക്കുക; 2. അവസാനിപ്പിക്കുക, ഒടുക്കുക, നശിപ്പിക്കുക, മുടിക്കുക; 3. കൊയ്യുക; 4. പറിച്ചെടുക്കുക, ഇറുത്തെടുക്കുക; 5. വാൾകൊണ്ടു തടിപിളർക്കുക; 6. അറുത്തുകൊല്ലുക, വെട്ടിക്കൊല്ലുക. അറുക്കാൻ നൂറുകൊടുത്താലും പോറ്റാൻ ഒന്നിനെ കൊടുക്കരുതോ (പഴ.); 7. തടികൊണ്ടുള്ള അച്ച് ഉപയോഗിച്ച് ഇഷ്ടിക ഉണ്ടാക്കുക, കട്ട അറുക്കുക.

അറുതലി,-താലി [അറു2-താലി] നാ. കെട്ടുതാലിഅറ്റവൾ, വിധവ.

അറുതി1 [ത.അറുതി<അറു2] നാ. 1. അവസാനം, ഒടുക്കം, അന്തം, തീരുമാനം, പൂർത്തി, വിരാമം, അതിര്; 2. നാശം, കെടുതി; 3. മരണം.

അറുതി2 [<അറു2] അവ്യ. വരെ.

അറുതിങ്ങൾപ്പയറ് [അറു1-തിങ്ങൾ-പയറ്] നാ. ആറുമാസംവരെ പട്ടുപോകാതെ നിൽക്കുന്ന പയറ്.

അറുത് [അറു2] നാ. നാശം.

അറുത്തൂട്ടിവാതിൽ അറുത്തു-കൂട്ടി-വാതിൽ] നാ. ചെറിയ വാതിൽ, അണിദ്വാരം.

അറുനാട് [അറു1-നാട്] നാ. ആറുപ്രഭുക്കന്മാർ ഭരിച്ചിരുന്ന പ്രദേശങ്ങൾ, കൊച്ചിയിൽ ഇന്നത്തെ മുകുന്ദപുരം താലൂക്ക്.

അറുനാഴി [അറു1-നാഴി] നാ. ആറുനാഴി.

അറുനൂറ് നാ. ആറു നൂറു കൂടിയ സംഖ്യ. അറുനൂറർ, അറുനൂറ്റുവർ = ആറു നൂറങ്ഗങ്ങൾ ചേർന്ന നാട്ടു ക്കൂട്ടം (പ്രാചീനകേരളത്തിൽ).

അറുനെല്ലി [<അറു2] നാ. കിഴുകാനെല്ലി.

അറുപതം [അറു2] നാ. കൈതോന്നി.

അറുപത് [അറു1-പത്-,പത്ത്] നാ. ആറു പത്തു ചേർന്ന സംഖ്യ. അറുപതാംകുറുവ = ഒരിനം നെല്ല്. അറുപത്തുനാലിക്കാർ = സുറിയാനി കൃസ്ത്യാനികളുടെ ഒരു പഴയ പേര്, അറുപത്തിനാല് ഇല്ലക്കാരിൽപേട്ടവർ; അറുപത്തുമൂവർ = ശിവഭക്തന്മാരായ നായനാരന്മാർ (ഇവർ അറുപത്തിമൂന്നു പേരാണെന്നു കരുതപ്പെടുന്നു.)

അറുപ്പ് [<അറുക്കുക] നാ. മൂർച്ചയുള്ള ആയുധംവച്ച് അമർത്തി നിരക്കി മുറിക്കൽ, അറുത്തുമുറിക്കൽ.

അറുമ്പാതം [മ.അറും-സം.പാത] നാ. അറുതി, അവസാനം, തീരുമാനം, നിർണയം.

അറുമ്പ് [ത.അറുമ്പു] നാ. 1. ക്ഷാമം, പഞ്ഞം; 2. ലുബ്ധ്, പിശുക്ക്; 3. വികൃതിത്തരം, തോന്ന്യാസം, ദുഷ്ടത.

അറുവയർ [ത.അറുവൈയർ] നാ. നെയ്ത്തുകാർ.

അറുവർ [അറു1-അർ] നാ. ആറുപേർ.

അറുവല നാ. = അറുകൊല.

അറുവാണി,-ച്ചി [<അർവതി] നാ. പെൺകുതിര, വ്യഭിചാരിണി, കുലട, പല പുരുഷന്മാരുമായി ബന്ധപ്പെട്ടു നടക്കുന്നവൾ.

അറുളി നാ. അറുവുളി, ലോഹങ്ങൾ മുറിക്കാൻ ഉപയോഗിക്കുന്ന ഉളി.

അറെ അവ്യ. = അറ, അറ്റുപോകത്തക്കവണ്ണം.

അറേക്കാൽ നാ. പള്ളിയറ, ചെറിയ കോവിൽ.

അറൈയോല [ത.അറൈയോലൈ] നാ. ഭാഗപത്രരേഖ.

അറ്റ [അറുക] വി. (ഭൂ.പേരെച്ചം) 1. മുറിഞ്ഞ, പൊട്ടിയ, വേർപെട്ട; 2. അറുതിവന്ന, അവസാനിച്ച, മരിച്ച; 3. ഇല്ലാതായ, നഷ്ടപ്പെട്ട, വിട്ടുപോയ; 4. അന്യംനിന്ന; 5. ഒറ്റുവിലത്തേതായ, അവസാനത്തെ, അങ്ങേയറ്റത്തെ. (പ്ര.) അറ്റകയ്യ് = കടശിക്കൈ,

ഒടുവിലത്തെ പരീക്ഷണം. അറ്റകൈക്കു ഉപ്പിടാത്തവൻ = അതിദുഷ്ടൻ. എതിരറ്റ, നേരറ്റ = തുല്യമില്ലാത്ത.

അറ്റകുഴ [അറ്റ–കുഴ] നാ. കെട്ടിനിൽക്കുന്ന വെള്ളം.

അറ്റകുറ്റം [അറ്റ–കുറ്റം] നാ. 1. പഴക്കംകൊണ്ടും ഉപയോഗംകൊണ്ടും വരുന്ന കേടുപാട്, ന്യൂനത; 2. കുറ്റം, കുറവ്, പോരായ്മ.

അറ്റക്കഴായി [അറ്റം1–കഴായി] നാ. 1. വയലരികിലെ നീർച്ചാല്, കണ്ടത്തിൽനിന്നു വെള്ളം ഒഴുകിപ്പോകാൻ വരമ്പിലുണ്ടാക്കുന്ന തൂമ്പ്; 2. കയ്യാലയിലും വേലിയിലുമുള്ള പ്രവേശനദ്വാരം.

അറ്റടക്കം [അറ്റ്–അടക്കം] നാ. = അറ്റാലടക്കം.

അറ്റൻഡർ [ഇം.] നാ. ശിപായി.

199

അറ്റപടി അവ്യ. തീർത്ത്, നിശ്ശേഷം.

അറ്റബാക്കി [മ.അറ്റ–അറ.ബാകീ] നാ. ഒടുവിലത്തെ, ബാക്കി.

അറ്റം1 [<അരു] നാ. അവസാനിക്കുന്ന ഭാഗം, അന്തം, സമാപ്തി, അതിര്, അറുതി, തല, അഗ്രം, മുന, വിളുമ്പ്, അരിക്.

അറ്റം2 അവ്യ. വരെ, ഉദാ: കഴുത്തറ്റം വെള്ളം.

അറ്റവൻ,–റ്റോൻ [ത.അറ്റവൻ] നാ. മരിച്ചവൻ.

അറ്റാദായം [മ.അറ്റ–സം.ആദായ] നാ. ചെലവുനീക്കി ബാക്കിയുള്ള ആദായം.

അറ്റാലടക്കം [അറ്റാൽ–അടക്കം] നാ. കുടുംബം അടിയറ്റാൽ അവിടത്തെസ്വത്തു രാജസ്ഥാനത്തേക്കോ മറ്റോ അടങ്ങൽ.

അറ്റാഷേ [ഇം.] നാ. രാഷ്ട്രനയതന്ത്ര കാര്യാലയത്തിൽ ഒരു പ്രത്യേക ചുമതലവഹിക്കുന്ന ഉദ്യോഗസ്ഥൻ. ഉദാ. മിലിറ്ററി അറ്റാഷേ.

അറ്റൊറ്റി [അറ്റ–ഒറ്റി] നാ. മുഴുവൻ വില പറ്റിക്കൊണ്ടു കുടിയാനു ജന്മി കൊടുക്കുന്ന ഒറ്റി.

അറ്റോർണി [ഇം.] നാ. മറ്റൊരാൾക്കുവേണ്ടിപ്രവർത്തിക്കാൻ നിയമപ്രകാരം അധികാരപ്പെടുത്തപ്പെട്ട ആൾ.

അറ്റോർണിജനറൽ [ഇം.] നാ. കേന്ദ്രഗവണ്മെൻറിൻെറ അഭിഭാഷകരുടെ തലവൻ, കേന്ദ്രഗവണ്മെൻറിൻെറ പ്രധാന അഭിഭാഷകൻ.

അറ്റ്ലസ് [ഇം.] നാ. ഭൂപടപുസ്തകം.

199

## ആ

ആ1 അക്ഷരമാലയിലെ രണ്ടാമത്തെ അക്ഷരം, കണ്ഠ്യസ്വരം, അകാരത്തിൻെറ ദീർഘം.

ആ2 ഒരു ചുടെഴുത്ത്. 'അ' എന്നതിൻെറ ദീർഘരൂപം, പ്രസിദ്ധമായ, അപ്രകാരമുള്ള എന്നൊക്കെ അർഥം.

ആ3 ഒരു നിപാതം. അത്, ഇത് എന്നീ സർവനാമങ്ങളുടെ പിന്നിൽ ചേർത്ത് പ്രയോഗം. ഉദാ: അതാ (അത്–ആ).

ആ4 വ്യാ. അനുമതി, ദയ, ക്രോധം, ദു:ഖം, നിന്ദ, അനുസ്മരണം, സംശയം, നിഷേധം, അദ്ഭുതം മുതലായവയെ കുറിക്കുന്നു.

ആ5 (വ്യാക.) ക്രിയയോടു ചേർക്കുന്ന ഒരു നിഷേധപ്രത്യയം. ഉദാ: വരാ, കൂടാ, ആകാ. നിഷേധവിശേഷണരൂപത്തോടും ചേരും. കരകാണാക്കടൽ.

ആ6 സംബോധനപ്രത്യയം. 'അൻ' എന്നവസാനിക്കുന്ന നാമത്തിൻെറ സംബോധനരൂപത്തിൽ. ഉദാ: രാമൻ-രാമാ.
ആ7 നിയോജകത്തിൽ മധ്യമപുരുഷപ്രത്യയം. 'ആലും' എന്നതിൻെറ അർഥത്തിൽ ധാതുവിനോടു ചേർക്കുന്ന രൂപം. ഉദാ: കണാ = കണ്ടാലും.
ആ8 ആണ് എന്നതിൻെറ സങ്കുചിതരൂപം. ഉദാ: എങ്ങനെയാ? = എങ്ങനെയാണ്?
ആ9 [പ.മ.] പശു. ആയൻ = പശുവിനെ വളർത്തുന്നവൻ.
ആ10[സം.] ഉപ. 1. സംസ്കൃതധാതുക്കളുടെ മുമ്പിൽ പ്രയോഗം. ഗത്യർഥകങ്ങളായ ധാതുക്കളോടു ചേർത്താൽ 'അടുക്കലേക്ക്' എന്നർഥം വരും. ഉദാ: ഗമിക്കുക - ആഗമിക്കുക (അടുക്കലേക്കു പോകുക); 2. വിശേഷണങ്ങളോടു ചേർത്താൽ 'അല്പം' എന്നർഥം. ഉദാ: ആനീലം = അല്പം നീലമായ; 3. മര്യാദ (അതിര്), അഭിവിധി (ഒന്നുൾപ്പെടെയുള്ള അതിര്) ഇവയെകാണിക്കുന്ന അവ്യയം. കർമപ്രവചനീയം എന്നു സംസ്കൃതസംജ്ഞ. മുതൽ, വരെ എന്ന് അർഥം ഉദാ: ആസേതുഹിമാചലം = സേതുമുതൽ ഹിമാലയംവരെ.
ആക1 [ആകുക] 1. ആശംസകപ്രകാരരൂപം. (വ്യാക.) ആശംസ, അപേക്ഷ മുതലായ അർഥങ്ങൾ. "ഇതുകൊണ്ടാക നീ ധനികൻ" (നളച.ആ.), ജയിപ്പൂതാക; 2. (വികല്പാർഥത്തിൽ) ആയാലും, ആണെങ്കിലും; 3. ആയി, ആയിട്ട്. (പ്ര.) ആകകൊണ്ട് = ആയിരിക്കുന്ന കാരണത്താൽ.
ആക2 [പ.മ.] അവ്യ. = ആകെ (മുഴുവനും, ആകെപ്പാടെ).
ആകട്ടെ [<ആകുക] (അനുജ്ഞാ.പ്ര.)(വ്യാക.) ആകുന്നതിനു അനുവാദം.
ആകണ നാ. കോടിക്കഴുക്കോലിൻെറ തൊട്ടടുത്ത കഴുക്കോൽ.
ആകണ്ഠം [സം.ആ-കണ്ഠം] അവ്യ. 1. കഴുത്തുവരെ; 2. വയറുനിറയെ.
ആകത്ഥനം [സം.-കത്ഥന] നാ. വമ്പുപറച്ചിൽ.
ആകനിഷ്ഠം [സം.-കനിഷ്ഠ] അവ്യ. ചെറുവിരലവരെ.
ആകം നാ. അകം, മനസ്സ്.
ആകമാനം അവ്യ. = ആകെപ്പാടെ.
ആകമ്പനം [സം.ആ-കമ്പന<കമ്പ്] നാ. വിറയ്ക്കൽ, വിറയൽ.
ആകമ്പിത [സം.-കമ്പിത] വി. അല്പമായി ഇളക്കപ്പെട്ട, ഇളക്കമുള്ള, ക്ഷോഭിച്ച.
ആകമ്പിതം [സം.] നാ. ശിരശ്ചേഷ്ടാവിശേഷങ്ങളിൽ ഒന്ന്, ശിരസ്സ് അല്പമായി ചലിപ്പിക്കൽ.
ആകമ്പ്ര [സം.ആ-കമ്പ്ര<കമ്പ്] വി. ഇളക്കംതട്ടിയ.
ആകമ്ര [സം.-കമ്ര<കമ്] വി. 1. വർധിച്ച; 2. മനോഹരമായ, ഭങ്ഗിയുള്ള.
ആകയാൽ അവ്യ. അതുകൊണ്ട്.
ആകർണനം [സം.ആ-കർണന] നാ. കേൾക്കൽ, ശ്രവണം.
ആകർണനീയ [സം.-കർണനീയ<കർണ] വി. കേൾക്കത്തക്ക, കേൾക്കാൻകൊള്ളാവുന്ന.
ആകർണം [സം.-കർണം] അവ്യ. കർണംവരെ.
ആകർണ്യ [സം.-കർണ്യ] അവ്യ. കേട്ടിട്ട്.
ആകർഷക [സം.-കർഷക<കൃഷ്] വി. ആകർഷിക്കുന്ന, ഭങ്ഗിയുള്ള. നാ. 1. കാന്തം; 2. ഉരകല്ല്.
ആകർഷകത,-ത്വം [സം.-കർഷക-താ,-ത്വ] നാ. ആകർഷിക്കുന്ന ഭാവം, സൗന്ദര്യം.
ആകർഷകാരിക [സം.-കർഷ-കാരികാ] നാ. കാര(മരം).

ആകർഷക്രീഡ [സം.-കർഷ-ക്രീഡാ] നാ. പകിടകളി, ചൂതുകളി.
ആകർഷണനിയമം [സം.-കർഷണ-നിയമ] നാ. പദാർഥങ്ങൾ പരസ്പരം ആകർഷിക്കുന്നു എന്നുള്ള പ്രകൃതിശാസ്ത്രതത്ത്വം, ഗുരുത്വനിയമം.
ആകർഷണം [സം.-കർഷണ] നാ. 1. വലിച്ചടുപ്പിക്കൽ; 2. (ദൂരത്തുള്ള ആളെ) അടുത്തുവരുത്തൽ, വശീകരിക്കൽ; 3. വില്ലിൻെറ ഞാൺ വലിക്കൽ; 4. മുഷ്ടിയുദ്ധത്തിൽ പ്രയോഗിക്കുന്ന ഒരടവ്.
ആകർഷണശക്തി [സം.ആകർഷണ-ശക്തി] നാ. അന്യവസ്തുക്കളെ തന്നിലേക്ക് അടുപ്പിക്കാനോ വലിച്ചെടുക്കാനോ പദാർഥങ്ങൾക്കുള്ള ശക്തി.
ആകർഷണി [സം.ആ-കർഷണീ] നാ. തോട്ടി (തോട്ട).
ആകർഷണീയ [സം.-കർഷണീയ] വി. 1. ആകർഷിക്കത്തക്ക, അടുത്തേക്കുവലിച്ചെടുക്കത്തക്ക; 2. മനോഹരമായ.
ആകർഷം [സം.-കർഷ] നാ. 1. വലിച്ചെടുക്കൽ; 2. വില്ലുകുലയ്ക്കൽ; 3. കാന്തം; 4. ഇന്ദ്രിയം; 5. ചൂതുകളി; 6. ചൂതുപലക; 7. ചൂതുകരു; 8. കോച്ചൽ; 9. ഉരകല്ല്.
ആകർഷിക്കുക [<സം.ആ-കൃഷ്] ക്രി. 1. വലിക്കുക, വലിച്ചടുപ്പിക്കുക; 2. വശീകരിക്കുക; 3. മന്ത്രവാദം മുതലായ കർമങ്ങളാൽ സ്വാധീനിക്കുക; 4. വില്ലു വലിച്ച് കുലയ്ക്കുക.
ആകരകർമാന്തം [സം.ആകര-കർമാന്ത] നാ. ധാതുദ്രവ്യങ്ങൾ സംസ്കരിക്കുന്ന തൊഴിൽശാല.
ആകരഗ്രന്ഥം [സം.-ഗ്രന്ഥ] നാ. പ്രാമാണിക ഗ്രന്ഥം, ആധാരഗ്രന്ഥം, കൂടുതൽ വിജ്ഞാനം നേടാൻ ഉപകരിക്കുന്ന ഗ്രന്ഥം.
ആകരം [സം.ആ-കര] നാ. 1. സ്വർണം, രത്നം മുതലായവ കുഴിച്ചെടുക്കുന്ന സ്ഥലം, ഖനി; 2. ഉറവിടം, ഉത്പത്തിസ്ഥാനം, വിളഭൂമി; 3. ഇരിപ്പിടം; 4. കൂട്ടം, പുരുഷാരം; 5. ഏറ്റവും നല്ലത്, വിശിഷ്ടമായത്.
ആകരി [സം.-കരിൻ] വി. ഖനിയിലുണ്ടായത്.
ആകരികൻ [സം.-കരിക] നാ. ഖനിത്തൊഴിലാളി.
ആകരികം [സം.] നാ. ആകരസംബന്ധമായ, ഖനിയെ സംബന്ധിച്ച (ചട്ടം).
ആകരോദ്ഗത [സം.ആകര-ഉദ്ഗത] വി. ഖനിയിൽ നിന്നുള്ള (സ്വർണം).
ആകലനം [സം.ആ-കലന<കല്] നാ. 1. ബന്ധനം, കെട്ടൽ; 2. പരിഗണന, കണക്കുകൂട്ടൽ; 3. വർണനം, പ്രതിപാദനം; 4. ആഗ്രഹം, ആശ; 5. ഗ്രഹിക്കൽ; 6. സഞ്ചയിക്കൽ; 7. കൂടിക്കലരൽ, ഒന്നുചേരൽ; 8. (ഗണിത.) ഗുണനം.
ആകലയ്യ [സം.-കലയ്യ] അവ്യ. 1. ആകാനം ചെയ്തിട്ട്; 2. ബന്ധിച്ചിട്ട്.
ആകലിത [സം.-കലിത] വി. 1. ആകലനം ചെയ്യപ്പെട്ട, ബന്ധിക്കപ്പെട്ട; 2. ഗണിക്കപ്പെട്ട, പര്യാലോചിച്ച; 3. പിടിക്കേട്ട; 4. ഇളക്കപ്പെട്ട; 5. പരിശോധിച്ച; 6. ചെയ്ത; 7. നിരീക്ഷിച്ച; 8. വ്യാപിച്ച.
ആകല്കറുസാ [സുറി.] നാ. 1. ഒരു പിശാച്; 2. ഏഷണിക്കാരൻ; 3. ഭീകരൻ.
ആകല്പകം [സം.ആ-കല്പക] നാ. 1. വ്യസനപൂർവം ഓർമിക്കൽ; 2. മോഹാലസ്യം, ബുദ്ധിമാന്ദ്യം; 3. സന്തോഷം; 4. ഇരുട്ട്; 5. കെട്ട്.
ആകല്പകാരൻ [സം.-കല്പകാര] നാ. 1. രൂപകല്പന ചെയ്യുന്നവൻ; 2. ഉപായം നിർദേശിക്കുന്നവൻ.
ആകല്പം1 [സം.-കല്പം] അവ്യ. പ്രളയംവരെ, ലോകാവസാനം വരെ.
ആകല്പം2 [സം.-കല്പ] നാ. 1. ആഭരണം, അലങ്കാരം; 2. രോഗം; 3. വർധന.

ആകല്പാന്തം [സം.-കല്പാന്തം] അവ്യ. കല്പാന്തം വരെ, ലോകാവസാനം വരെ.
ആകല്പിത [സം.-കല്പിത] വി. ഉണ്ടാക്കിയ, ഒരുക്കിയ.
ആകല്യം [സം.-കല്യ] നാ. രോഗം.
ആകവേ, ആകെ അവ്യ. 1. മുഴുവനും, ആകപ്പാടെ; 2. ആയി, ആയിട്ട്. (പ്ര.) ആകെക്കൂടി.
ആകസ്മിക [സം.<അകസ്മാത്] വി. 1. അവിചാരിതമായുണ്ടായ, യദൃച്ഛയാ സംഭവിച്ച; 2. അകാരണമായ.
ആകാ [ആക്-ആ] ക്രി. (നിഷേധം) 1. ആകുകയില്ല, യോജിച്ചതല്ല; 2. സാധിക്കുകയില്ല; 3. അരുത്, പാടില്ല.
ആകാചം [സം.ആ-കാച] നാ. ഇനാമൽ.
ആകാത [പ.മ.] വി. = ആകാത്ത.
ആകാത്ത വി. 1. അഴിവില്ലാത്ത, അസാധ്യമായ; 2. പാടില്ലാത്ത, അധർമമായ; 3. ശക്തിയില്ലാത്ത; 4. ആയിത്തീരാത്ത.
ആകാത്തത് നാ. 1. കഴിവില്ലാത്തത്; 2. പാടില്ലാത്തത്, അധർമമായത്.
ആകാങ്ക്ഷ [സം.ആ-കാങ്ക്ഷാ] നാ. 1. ആഗ്രഹം, താത്പര്യം, ഉത്കണ്ഠ; 2. (വ്യാക,) അർഥപൂർത്തിക്കു മറ്റൊരുപദമോ, പദങ്ങളോ ആവശ്യമായിവരൽ. (യോഗ്യത, ആസത്തി ഇവയെപ്പോലെ); 3. ഉദ്ദേശ്യം; 4. അന്വേഷണം.
ആകാങ്ക്ഷി [സം.-കാങ്ക്ഷിൻ] വി. ആകാങ്ക്ഷയുള്ളവൻ, ആഗ്രഹമുള്ളവൻ.
ആകാങ്ക്ഷിക്കുക [<സം.ആ-കാങ്ക്ഷ്] ക്രി. 1. ആഗ്രഹിക്കുക, താത്പര്യം കാണിക്കുക; 2. പ്രതീക്ഷിക്കുക; 3. ഉത്കണ്ഠപ്പെടുക, ജിജ്ഞാസതോന്നുക; 4. (വ്യാക.) അർഥപൂർത്തിക്കു വാക്കുകൾ ആവശ്യമായിവരിക.
ആകാങ്ക്ഷിത [സം.-കാങ്ക്ഷിത] വി. 1. ആകാങ്ക്ഷിക്കപ്പെട്ട, മോഹിക്കപ്പെട്ട; 2. ആവശ്യമായിവന്ന.
ആകാങ്ക്ഷ്യ [സം.-കാങ്ക്ഷ്യ] വി. ആഗ്രഹിക്കത്തക്ക.
ആകായം [സം.-കായ] നാ. 1. ചിത, ചിതാഗ്നി; 2. പാർപ്പിടം.
ആകായ്ക,-യ്മ [ആകാ-ആയ്ക,-ആയ്മ] നാ. ആകാത്ത (കഴിവില്ലാത്ത) അവസ്ഥ, ശീലായ്മ.
ആകാരഗുപ്തി,-ഗുഹനം [സം.ആകാര-ഗുപ്തി] നാ. ആകാരത്തെ പുറത്തു കാണിക്കാതിരിക്കൽ, വികാരത്തെ മറയ്ക്കൽ, അവഹിത്ഥം.
ആകാരഗോപനം [സം.-ഗോപന] നാ. = ആകാരഗുപ്തി.
ആകാരണം [സം.-കാരണ] നാ. 1. ക്ഷണം, വിളി; 2. വെല്ലുവിളി.
ആകാരം1 [സം.ആ-കാര] നാ. 'ആ' എന്ന അക്ഷരം.
ആകാരം2 [സം.] നാ. 1. രൂപം, ആകൃതി; 2. മുഖഭാവം; 3. അഭിപ്രായത്തിന് അനുരൂപമായ ചേഷ്ട.
ആകാരം3 [സം.] നാ. ആകരം, ഖനി.
ആകാരിത [സം.ആ-കാരിത] വി. 1. ക്ഷണിക്കപ്പെട്ട, വിളിക്കപ്പെട്ട; 2. ആവശ്യപ്പെട്ട.
ആകാലം1 [സം.-കാല] നാ. 1. തക്കസമയം, ശരിയായ സമയം; 2. തക്കതല്ലാത്ത സമയം, അനവസരം.

ആകാലം2 [സം. -കാലം] അവ്യ. അടുത്തദിവസം, അതേ സമയംവരെ.

ആകാലിക [സം. –കാലിക] വി. 1. സമയത്തിനു മുമ്പുള്ള; 2. അല്പസമയം മാത്രം നിൽക്കുന്ന, ക്ഷണികമായ; 3. സമയത്തിനു തക്കതല്ലാത്ത; അപ്രതീക്ഷിതമായ; 5. അടുത്തദിവസം അതേസമയംവരെ നിൽക്കുന്ന.

ആകാലികി [സം. –കാലികീ] നാ. മിന്നൽ.

ആകാശകക്ഷ [സം. ആകാശ–കക്ഷാ] നാ. ചക്രവാളം, ക്ഷിതിജം.

ആകാശകല്പൻ [സം.–കല്പ]നാ. ബ്രഹ്മാവ്.

ആകാശകുസുമം, –പുഷ്പം [സം.–കുസുമ, –പുഷ്പ] നാ. അസംഭാവ്യമായത്, ഇല്ലാത്തവസ്തു.

ആകാശകോടാലി [സം. ആകാശ–മ.കോടാലി] നാ. 1. ഇടിത്തീ; 2. വിചാരിച്ചിരിക്കാത്ത ആപത്ത്; 3. ഉപദ്രവി, ശല്യക്കാരൻ.

ആകാശക്കപ്പൽ [സം. ആകാശ–മ.കപ്പൽ] നാ. വിമാനം.

ആകാശക്കോട്ട [സം. ആകാശ –മ. കോട്ട] നാ. മനോരാജ്യം, അസാധ്യകാര്യങ്ങൾ സാധ്യങ്ങളാണെന്ന മട്ടിലുള്ള ചിന്ത.

ആകാശഗ [സം. –ഗ<ഗമ്] വി. ആകാശത്തിൽക്കൂടി ഗമിക്കുന്ന.

ആകാശഗങ്ഗ [സം.–ഗങ്ഗാ] നാ. 1. മന്ദാകിനി, ദേവന്മാരുടെ നദി; 2. ക്ഷീരപഥം എന്ന നക്ഷത്രസമൂഹം; 3. പനിനീർ.

ആകാശഗമനം [സം. –ഗമന] നാ. 1. ആകാശമാർഗത്തിൽ സഞ്ചരിക്കൽ; 2. 64 കലകളിൽ ഒന്ന്.

ആകാശഗരുഡൻ [സം. –ഗരുഡ] നാ. 1. ഗരുഡക്കൊടി, വിഷഹരമായ ഒരു ഔഷധം; 2. പേയത്തി.

ആകാശ–ചമസൻ [സം. –ചമസ] നാ. ചന്ദ്രൻ.

ആകാശചാരി [സം. –ചാരിൻ] വി. ആകാശത്തിൽ ചരിക്കുന്ന. നാ. 1. സൂര്യാദിഗ്രഹങ്ങളിൽ ഒന്ന്; 2. പക്ഷി; 3. വായു; 4. ദേവൻ. (സ്ത്രീ) ആകാശചാരിണി.

ആകാശചൂർണം [സം.–ചൂർണ] നാ. പുകയറ.

ആകാശച്ചെടി [സം. ആകാശ–മ.ചെടി] നാ. ഇലമുളച്ചി എന്നചെടി, അച്ചടിച്ചപ്പ്

ആകാശജനനി [സം.–ജനനീ] നാ.1. ജന്നൽ; 2. കോട്ടയിൽനിന്നു പുറത്തുപോകാനുള്ള രഹസ്യമാർഗം.

ആകാശത്താമര [സം.ആകാശ–മ. താമര] നാ.1. സാധ്യമല്ലാത്ത കാര്യം; 2. ഒരിനം പായൽ.

ആകാശദീപം [സം.–ദീപ] നാ. പൊക്കമുള്ള കഴയുടെ മുകളിൽ കൊളുത്തിവയ്ക്കുന്ന വിളക്ക്, പന്തം, കാർത്തികയ്ക്കു നാട്ടിയകമ്പിൽകൊളുത്തിവയ്ക്കുന്ന വിളക്ക്.

ആകാശനൗക [സം. –നൗകാ]നാ. വിമാനം, ആകാശക്കപ്പൽ.

ആകാശഭാഷിതം [സം.–ഭാഷിത] നാ.1. ആകാശത്തേക്കു നോക്കി സംസാരിക്കൽ; 2. (നാട്യ.)രങ്ങത്തില്ലാത്ത കഥാപാത്രത്തിൻെറ സംഭാഷണം കേട്ടതായി നടിച്ച് നടൻ ചെയ്യുന്ന സംഭാഷണം; 3. അശരീരി.

ആകാശം [സം.]നാ. 1. ഭൂമിയിൽനിന്നും മുകളിലേക്കുനോക്കിയാൽ കാണുന്ന അനന്തമായ ദേശവിസ്ത്രിതി, മാനം, മേഘമാർഗം, നക്ഷത്രപഥം; 2. ഈഥർ, ശബ്ദം കേൾക്കാൻ സഹായിക്കുന്നതും എല്ലായിടവും വ്യാപിച്ചിരിക്കുന്നതുമായ ഒരു പദാർഥം; 3. പഞ്ചഭൂതങ്ങളിൽ ഒന്ന്; 4. ശൂന്യസ്ഥാനം; 5. സ്വർഗം.

ആകാശമണ്ഡലം [സം.ആകാശ-മണ്ഡല] നാ. മണ്ഡലാകൃതിയിൽ കാണപ്പെടുന്ന ആകാശം, നക്ഷത്രങ്ങൾ പ്രകാശിക്കുന്ന സ്ഥാനം.

ആകാശമണ്ണ് [സം.ആകാശ-മ.മണ്ണ്] നാ. ശിശുവിൻെറ തലയിൽ പറ്റിപ്പിടിച്ചിരിക്കുന്ന അഴുക്കും വിയർപ്പും.

ആകാശമുല്ല [സം. ആകാശ -മ. മുല്ല] നാ. മണമില്ലാത്ത ചെറിയ പൂക്കളുള്ള ഒരിനം വള്ളിച്ചെടി.

ആകാശമോക്ഷം [സം. -മോക്ഷ] നാ. (ക്രിസ്തു) പുണ്യശാലികൾക്കു മരണാനന്തരമുള്ള സ്വർഗീയജീവിതം.

ആകാശയാനം [സം. -യാന] നാ. 1. ആകാശക്കപ്പൽ; 2. ആകാശസഞ്ചാരം.

ആകാശയുദ്ധം [സം. -യുദ്ധ] നാ. 1. കോട്ടയുടെ മുകളിലോ മറ്റ് ഉയർന്ന സ്ഥലത്തോ നിന്ന് ചെയ്യുന്ന യുദ്ധം; 2. വിമാനം ഉപയോഗിച്ചുകൊണ്ടുള്ള യുദ്ധം.

ആകാശയോധി [സം. -യോധിൻ] നാ. ആകാശയുദ്ധം ചെയ്യുന്നവൻ.

ആകാശലിങ്ഗം [സം. -ലിങ്ഗ] നാ. ചിദംബരം ക്ഷേത്രത്തിലെ ശിവലിങ്ഗം, പഞ്ചലിങ്ഗങ്ങളിൽ ഒന്ന്.

ആകാശവചനം [സം. -വചന] നാ. ആകാശഭാഷിതം.

ആകാശവർത്മാവ് [സം. -വർത്മൻ] നാ. അന്തരീക്ഷം.

ആകാശവല്ലി [സം. -വല്ലി] നാ. 1. മൂടില്ലാത്താളി; 2. അമൃതവല്ലി, ചിറ്റമൃത്, അമരവള്ളി.

ആകാശവാണി [സം. -വാണീ] നാ. 1. അശരീരി; 2. റേഡിയോ.

ആകാശവൃത്തി [സം. -വൃത്തി] നാ. അനിശ്ചിതമായ ജീവിതം.

ആകാശവേര് [സം. ആകാശ -മ. വേര്] നാ. 1. ആൽതുടങ്ങിയ വൃക്ഷങ്ങളുടെ കൊമ്പുകളിൽനിന്നു താഴോട്ടു തൂങ്ങിക്കിടക്കുന്ന വേര്; 2. ഉണ്ടാകാത്ത വസ്തു.

ആകാശശാലി [സം. -ശാലിൻ] നാ. (സങ്ഗീ) സങ്ഗീതത്തിലെ ഒരലങ്കാരം.

ആകാശസലിലം [സം. -സലില] നാ. 1. മഴ; 2. മഞ്ഞുവെള്ളം.

ആകാശസ്ഫടികം [സം. -സ്ഫടിക] നാ. 1. ആലിപ്പഴം; 2. ആകാശത്തിലുണ്ടാകുന്നതായി വിശ്വസിക്കപ്പെടുന്ന സ്ഫടികം; 3. സൂര്യകാന്തവും ചന്ദ്രകാന്തവും.

ആകാശീയ [സം.] വി. ആകാശത്തെ സംബന്ധിച്ച, ആകാശത്തിലുള്ള.

ആകാശേശൻ [സം. ആകാശ-ഈശ] നാ. 1. ഇന്ദ്രൻ; 2. ആകാശമല്ലാതെ മറ്റൊന്നിൻെറയും ഈശത്വമില്ലാത്തവൻ, നിരാധാരൻ.

ആകാശ്യ [സം. <ആകാശ] വി. ആകാശീയ.

ആകിഞ്ചിനം, -കിഞ്ചന്യം [സം. <അകിഞ്ചന] നാ. ഒന്നുമില്ലാതിരിക്കുന്ന സ്ഥിതി, ദാരിദ്ര്യം.

ആകിന [ആകുക] വി. ആയ.

ആകിൻെറ [ആകുക] (പേരെച്ചം) വി. ആയ.

ആകിയ [ആകുക] വി. ആയ.

ആകിൽ, ആയിൽ (പ.മ.), ആകുകിൽ, ആവുകിൽ [ആകുക] (പാ.വിന.) അവ്യ. 1. ആണെങ്കിൽ, ആകുന്നപക്ഷം; 2. കഴിയുമെങ്കിൽ.

ആകിലും [ആകുക] അവ്യ. ആണെങ്കിൽപ്പോലും, ആയാലും.

ആകീർണ [സം. ആ-കീർണ] വി. ചിതറിക്കിടക്കുന്ന, വ്യാപിച്ച, ചുറ്റപ്പെട്ട.

ആകീർണം [സം.] നാ. 1. അനേകതരത്തിലുള്ളത് ഒന്നിച്ചുചേർന്നത്; 2. ആൾക്കൂട്ടം; 3. വ്യാപ്തം.

ആകുക [ആക്] ക്രി. 1. ഇന്നതെന്നോ ഇന്നഗുണമുള്ളത് എന്നോ പറയുന്ന ക്രിയാപദം, വിധിവാചകക്രിയ; 2. വർത്തിക്കുക; 3. സ്ഥിതിചെയ്യുക; 4. എത്തിച്ചേരുക; 5. കഴിയുക; 6. യുക്തമായിരിക്കുക; 7. കഴിഞ്ഞുപോകുക.

ആകുഞ്ചനം [സം. ആ-കുഞ്ചന < കുഞ്ച്] നാ. 1. കുനിവ്; 2. വൈശേഷികത്തിലെ അഞ്ചുകർമ്മങ്ങളിൽ ഒന്ന്.

ആകുഞ്ചിത [സം. -കുഞ്ചിത] വി. 1. വളയ്ക്കപ്പെട്ട; 2. സങ്കോചിപ്പിക്കപ്പെട്ട; 3. ചുരുണ്ട.

ആകുണ്ഠനം [സം. -കുണ്ഠന] നാ. നാണം, ലജ്ജ.

ആകുല [സം.] വി. 1. കുഴങ്ങിയ, കുഴഞ്ഞ; 2. ദു:ഖിച്ച, വേദനിച്ച; 3. ക്ഷീണിച്ച, തളർന്ന; 4. നിറഞ്ഞ; 5. എന്തുചെയ്യണമെന്നറിയാതെ പരുങ്ങുന്ന; 6. അഴിഞ്ഞുലഞ്ഞ; 7. ക്രമം തെറ്റിയ.

ആകുലചിത്തൻ [സം. ആകുല-ചിത്ത] നാ. മനസ്സുകലങ്ങിയവൻ, ദു:ഖിതൻ.

ആകുലത [സം. -താ] നാ. 1. ദു:ഖം; 2. കുഴപ്പം.

ആകുലപ്പെടുക ക്രി. 1. ദു:ഖിക്കുക, വ്യസനിക്കുക; 2. എന്താണു സംഭവിക്കുവാൻ പോകുന്നതെന്നറിയാതെ കുഴങ്ങുക.

ആകുലം [<സം.] നാ. 1. മനക്ഷോഭം; 2. ദു:ഖം; 3. ജനങ്ങൾ കൂടിനിൽക്കുന്ന സ്ഥലം; 4. വാളും പരിചയും കൊണ്ടുള്ള ഒരു പ്രയോഗം; 5. ഗദായുദ്ധത്തിലെ പ്രയോഗങ്ങളിൽ ഒന്ന്; 6. ഒരു മുഷ്ടിയുദ്ധപ്രയോഗം; 7. ചിന്നിച്ചിതറിയത്.

ആകുലി [സം. ആകുലീ] നാ. 1. ആവിമരം; 2. ചിറ്ററത്ത; 3. വിവശത.

ആകുലിത [സം.] വി. 1. കുഴങ്ങിയ, പരിഭ്രമിച്ച, പതറിയ; 2. ചെളിയിളക്കിയ; 3. ഉഴുതുമറിച്ച.

ആകുലീകരിക്കുക [<സം.ആകുലീ-കൃ] ക്രി. ആകുലമാക്കുക.

ആകുലീഭൂത [സം. -ഭൂത] വി. ആകുലപ്പെട്ട, ക്ഷോഭിച്ച.

ആകുളി [ത. ആകുളി] നാ. ഒരുവക ചെണ്ട.

ആകൂണിത [സം. ആ-കൂണിത] വി. ചുരുങ്ങിയ, സങ്കോചംപ്രാപിച്ച.

ആകൂതം [സം. -കൂത] നാ. 1 ഉദ്ദേശ്യം; 2. ആഗ്രഹം; 3. കൗതുകം.

ആകൃതി [സം. ആ-കൃതി] നാ. 1. കണ്ടും തൊട്ടുനോക്കിയും മനസ്സിലാക്കാവുന്ന തരത്തിൽ വസ്തുക്കൾക്കുള്ള ബാഹ്യഭാവം, രൂപരേഖ, വടിവ്, രൂപം; 2. ഒരു സംസ്കൃതച്ഛന്ദസ്സ്; 3. വർഗം, സ്പീഷീസ്.

ആകൃതിഗണം [സം. ആകൃതി-ഗണ] നാ. (വ്യാക.) ഒരേ വ്യാകരണനിയമത്തിനു വിധേയമായ ഒരുകൂട്ടം പദങ്ങളിൽ ചിലതുമാത്രം മാതൃകയ്ക്കായി എടുത്തുകാണിച്ച് ആ സമൂഹത്തെ മുഴുവൻ നിർദേശിക്കുന്നരീതി.

ആകൃതിച്ഛത്ര [സം. -ഛത്ര] നാ. കാട്ടുപീച്ചിൽ.

ആകൃതിപ്പെടുക [സം. ആകൃതി - മ. പെടുക] ക്രി. രൂപമുണ്ടാകുക, ഉരുത്തിരിയുക.

ആകൃതിമത്ത് [സം. -മത്] വി. രൂപംപൂണ്ട, ആകൃതികൈക്കൊണ്ട.

ആകൃതിവിജ്ഞാനം [സം. -വിജ്ഞാന] നാ. ജീവികളുടെ ആകൃതിയേയുംഘടനയേയും പഠിക്കുന്ന ജീവശാസ്ത്ര ശാഖ.

ആകൃഷ്ട [സം. ആ-കൃഷ്ട] വി. 1. വലിക്കപ്പെട്ട, ആകർഷിക്കപ്പെട്ട; 2. വശീകരിക്കപ്പെട്ട.

ആകൃഷ്ടി [സം. –കൃഷ്ടി] നാ. 1. ആകർഷണം, പിടിച്ചുവലിക്കൽ, ഭൂമിയുടെ ആകർഷണശക്തി; 2. ഞാണൊലി.
ആകൃഷ്യ [സം. –കൃഷ്യ] അവ്യ. ആകർഷണം ചെയ്തിട്ട്, വലിച്ചെടുത്ത്.
ആകെ അവ്യ. = ആക2.
ആകേകര [സം.] വി. 1. പകുതിഅടച്ച (കണ്ണ്); 2. അല്പം കോങ്കണ്ണുള്ള.
ആകോകേരം [സം. < ഗ്രീ] നാ. (ജ്യോ.) 1. മകരം രാശി; 2. കടലാന.
ആക്ക [ത. ആക്കൈ] നാ. ഓലകെട്ടാനും മറ്റും ഉപയോഗിക്കുന്ന കെട്ടുനാര്.
ആക്കത്തി [<വാക്കത്തി] നാ. ഒരുതരം വെട്ടുകത്തി (ഓലമേച്ചിക്കാർ ഉപയോഗിക്കുന്നു).
ആക്കത്തൂക്കം [ആക്കം–തൂക്കം] നാ. 1. ആക്കവും തൂക്കവും; 2. ഈട്; 3. ഭാരം.
ആക്കം [<ആയുക] നാ. 1. ശക്തി, ബലം; 2. വീര്യം; 3. ഐശ്വര്യം; 4. ആഗ്രഹം, കൊതി; 5. ഈട്, ഉറപ്പ്, കട്ടി, ദാർഢ്യം; 6. കുറവ്; 7. പെരുമ; 8. തക്കം, സൗകര്യം, എളുപ്പം; 9. കിണറ്റിൻെറ പടവ്; 10. വള്ളിച്ചെടികൾക്കു പടർന്നുകയറാനുള്ള ഏറ്റം.
ആക്കറ, –റം [<സം. ആഗ്രഹ] നാ. ഭക്ഷണത്തിനുള്ള ആർത്തി, തീറ്റക്കൊതി.
ആക്കരി, –ക്കിറി, –ക്രി [<ഇം.ണ്ണൻറന്ദ  നത്സ] നാ. സാധനങ്ങൾ കൊണ്ടുനടന്നു വിൽപ്പന നടത്തുന്നവൻ. വീടുതോറും കയറിയിറങ്ങി പഴയസാധനങ്ങൾ വാങ്ങുന്നവൻ.
ആക്കുക [ആകുക > പ്രയോ.] ക്രി. ആകുന്നതിനു കാരണമാകുക .
ആക്കൊല്ലി [ആ–കൊല്ലി] നാ. തില്ലമരം.
ആക്ട്, –ക്റ്റ് [ഇം.ക്ക്യന്ധ ] നാ. 1. നിയമം, ചട്ടം, നിയമസഭ ഉണ്ടാക്കുന്ന ചട്ടം; 2. പ്രവൃത്തി; 3. നാടകാഭിനയം; 4. ആങ്ഗലനാടകങ്ങളിലെ അങ്കവിഭാഗം. (പ്ര.) ആക്റ്റ് ചെയ്യുക = 1. പകരം ഉദ്യോഗം വഹിക്കുക; 2. നാടകം അഭിനയിക്കുക.
ആക്റ്റിങ്ങ് [ഇം. ക്ക്യന്ധഢ  ദ്ദ] വി. പകരം ജോലിനോക്കുന്ന.
ആക്രന്ദൻ [സം. ആ–ക്രന്ദ < ക്രന്ദ്] നാ. 1. കരയുന്നവൻ; 2. രക്ഷിതാവ്, സ്നേഹിതൻ; 3. ശത്രുക്കളുടെ ആക്രമണത്തെ ചെറുക്കുവാൻ സഹായിക്കുന്നവനും അയൽ രാജ്യത്തെ രാജാവിൻെറ മിത്രവും ആയ രാജാവ്.
ആക്രന്ദനം [സം. ക്രന്ദന] നാ. ആക്രന്ദം, വിലാപം.
ആക്രന്ദം [സം. –ക്രന്ദ] നാ. 1. കരച്ചിൽ, നിലവിളി, മുറവിളി; 2. സമരാട്ടഹാസം, പോർവിളി; 3. ഭയങ്കരമായ യുദ്ധം, സമരം; 4. (തച്ചു) ഗൃഹത്തിൻെറ ധ്രുവാദിയോഗങ്ങളിൽ ഒന്ന്.
203
ആക്രന്ദി [സം. –ക്രന്ദിൻ] വി. മുറവിളികൂട്ടുന്ന, കരയുന്ന.
ആക്രന്ദികൻ [സം. –ക്രന്ദിക ] നാ. കരച്ചിൽകേട്ട് ഓടിച്ചെല്ലുന്നവൻ.
ആക്രന്ദിക്കുക [<സം. ആ–ക്രന്ദ്] ക്രി. കരയുക, നിലവിളിക്കുക.
ആക്രമണം [സം. –ക്രമണ<ക്രമ്] നാ. 1. കടന്നുചെല്ലൽ, അതിർകടന്നുകയറ്റം, മര്യാദവിട്ടുപ്രവേശനം; 2. കയ്യേറ്റംചെയ്യൽ, കടന്നുപിടിക്കൽ, പിടിച്ചെടുക്കൽ; 3. സൈന്യസന്നാഹത്തോടുകൂടി ശത്രുരാജ്യത്തേക്കു കടക്കൽ; 4. സമീപിക്കൽ, അടുത്തുവരൽ; 5. കയ്യൂക്ക്; 6. ആലംബനം, ആശ്രയം.
ആക്രമിക്കുക [<സം. ആ–ക്രമ്] ക്രി. 1. കടന്നു ചെല്ലുക, അതിരുകടക്കുക; 2. കയ്യേറ്റംചെയ്യുക, കടന്നുപിടിക്കുക; 3. പിടിച്ചടക്കാൻ ചെല്ലുക, പടയേറുക, ബലാത്കാരമായി കടന്നു ചെല്ലുക; 4. കയറുക.

ആക്രയൻ [സം. –ക്രയ] നാ. 1. സാമാനങ്ങൾകൊണ്ടുനടന്നു വിൽക്കുന്നവൻ; 3. കച്ചവടം.
ആക്രാണം [<സം.ആഗ്രയാന, –യാണ] നാ. പുത്തരിയൂണ്.
ആക്രാന്ത [സം. ആ–ക്രാന്ത] വി. 1. ആക്രമിക്കപ്പെട്ട, അതിരുകടന്ന, ജയിച്ച, പിടിച്ചടക്കപ്പെട്ട; 2. ഭാരം കൊണ്ടമർന്ന; 3. വ്യാപിച്ച, പുരണ്ട, പറ്റിയ.
ആക്രാന്തജന്മം [സം. ആക്രാന്ത–ജന്മൻ] നാ. കുറ്റംചെയ്യുന്നവരുടെ പക്കൽനിന്നും സർക്കാർ പിടിച്ചെടുത്ത ഭൂമിയിലുള്ള ജന്മാവകാശം.
ആക്രാന്തനായിക [സം. –നായികാ] നാ. (നാട്യ)ഒരു നായികാവിഭാഗം,നായകനെ സ്വേച്ഛാനുവർത്തിയാക്കി നിറുത്തുന്നവൾ.
ആക്രാന്തം [സം. ആ–ക്രാന്ത] നാ. ആഗ്രഹം, തീറ്റിക്കൊതി, ആക്കറ.
ആക്രാന്തി [സം. –ക്രാന്തി] നാ. ആക്രമണം.
ആക്രാമകൻ [സം. –ക്രാമക] നാ. ആക്രമിക്കുന്നവൻ.
ആക്രാമ്യ [സം. –ക്രാമ്യ<ക്രമ്]നാ. ആക്രമിക്കത്തക്ക, ഭേദ്യമായ
ആക്രീഡനം [സം. ക്രീഡന] നാ. കളി, വിനോദം
ആക്രീഡം [സം. –ക്രീഡാ] നാ. 1. കളി, വിനോദം; 2. ക്രീഡാസ്ഥാനം, ആരാമം.
ആക്രീഡി [സം. –ക്രീഡിൻ] നാ. ക്രീഡിക്കുന്ന, വിനൊദിക്കുന്ന.
ആക്രുഷ്ട [സം. –ക്രുഷ്ട < ക്രുശ്] വി. 1. ആക്രോശിക്കപ്പെട്ട, ശകാരിക്കപ്പെട്ട; 2. ശപിക്കപ്പെട്ട, അപവദിക്കപ്പെട്ട
ആക്രുഷ്ടം [സം.] നാ. ശകാരം, ശാപം.
ആക്രോശക [സം. –ക്രോശക] വി. ആക്രോശിക്കുന്ന, ശകാരിക്കുന്ന, ദുഷിക്കുന്ന, ശപിക്കുന്ന, ഉച്ചത്തിൽ ശകാരിക്കുന്ന, ദുഷിക്കുന്ന, ഭർത്സിക്കുന്ന.
ആക്രോശനം [സം. –ക്രോശന] നാ. ആക്രോശം
ആക്രോശം [സം. –ക്രോശ] നാ. 1. നിലവിളി; 2. കോപാട്ടഹാസം; 3. ശകാരം, നിന്ദ, അപവാദം; 4. ശാപം, ഭർത്സനം; 5. ശപഥം.
ആക്രോശിക്കുക [<സം. ആ–ക്രുശ്] ക്രി. 1. നിലവിളിക്കുക; 2. ഉച്ചത്തിൽ വിളിക്കുക, ഉറക്കെസംസാരിക്കുക; 3. ദുഷിച്ചു പറയുക, ചീത്തപറയുക, അധിക്ഷേപിക്കുക; 4. ശപിക്കുക.
ആക്ലിന്ന [സം.–ക്ലിന്ന<ക്ലിദ്] വി. 1. നനവുള്ള; 2. ദയയുള്ള.
ആക്ലേദം [സം. –ക്ലേദ] നാ. നനയ്ക്കൽ.
ആക്ഷപണം [സം.–ക്ഷപണ] നാ. ഉപവാസംകൊണ്ട് ആത്മശുദ്ധിവരുത്തൽ, പട്ടിണി.
ആക്ഷപാടകൻ, –പാടികൻ [സം. ആക്ഷ–പാടക, –പാടിക] നാ.1. ചൂതുകളിയിൽ മധ്യസ്ഥത വഹിക്കുന്നവൻ; 2. ചൂതാട്ടശാലയുടെ തലവൻ; 3. ന്യായാധിപൻ.
ആക്ഷപാദൻ [സം. –പാദ] നാ. അക്ഷപാദന്റെ ശിഷ്യൻ, നൈയായികൻ.
ആക്ഷപാദം [സം.] നാ. അക്ഷപാദൻ പ്രചരിപ്പിച്ചത്, ന്യായദർശനം.
ആക്ഷാരണം [സം. ആ–ക്ഷാരണ<ക്ഷാര] നാ. (കാരണംകൂടാതെയുള്ള) വ്യഭിചാരദോഷാരോപണം.
ആക്ഷാരിത [സം. –ക്ഷാരിത] വി. വ്യഭിചാരദോഷം ആരോപിക്കപ്പെട്ട.
ആക്ഷിക [സം.] വി. 1. ചൂതുകളിക്കുന്ന, കള്ളച്ചൂതുകളിക്കുന്ന; 2. ചൂതിനെ സംബന്ധിച്ച; 3. ചൂതുകളികൊണ്ടുനേടിയ; 4. അച്ചുതണ്ടിനെ സംബന്ധിക്കുന്ന; 5. താന്നിക്കുരുകൊണ്ടുണ്ടാക്കിയ.

ആക്ഷികപണം [സം. ആക്ഷിക-പണ] നാ. ചൂതുകളിയിലെ പന്തയം.

ആക്ഷികം [സം.] നാ. 1. ചൂതുകളിച്ചുകിട്ടിയ പണം; 2. ചൂതുകളിയിൽ നഷ്ടമായ പണം; 3. താന്നിമരം.

ആക്ഷിത്ത് [സം. ആ-ക്ഷിത്<ക്ഷി] വി. അധിവസിക്കുന്ന, പാർക്കുന്ന.

ആക്ഷിപ്ത [സം. -ക്ഷിപ്ത] വി. 1. ദൂരത്ത് എറിഞ്ഞ, തള്ളിക്കളഞ്ഞ; 2. ആക്ഷേപിക്കപ്പെട്ട, അധിക്ഷേപിക്കപ്പെട്ട; 3. സൂചിതമായ, നിർദ്ദേശിച്ച; 4. തുല്യമായ, സമമായ; 5. ജയിക്കപ്പെട്ട, സ്വാധീനത്തിലാക്കിയ; 6. കുഴങ്ങിയ, സംഭ്രമിച്ച.

ആക്ഷിപ്തം [സം.] നാ. (സങ്ഗീ) ഒരു അലങ്കാരം.

ആക്ഷിപ്തിക [സം. ആ-ക്ഷിപ്തികാ] നാ. (നാട്യ) നടൻ രങ്ഗപ്രവേശം ചെയ്യുമ്പോൾ പാടുന്ന പാട്ട്.

ആക്ഷിബ [സം. -ക്ഷീബ] വി. അല്പമായി ലഹരിപിടിച്ച, മത്തുപിടിച്ച, അല്പം മദ്യം കഴിച്ച.

ആക്ഷീബം [സം.] നാ. (കരി) മുരിങ്ങ.

ആക്ഷൂരണം [സം. ആ-ക്ഷൂരണ] നാ. പൊടിക്കൽ.

ആക്ഷേപക [സം.-ക്ഷേപക] വി. 1. മിനുക്കുന്ന; 2. പിടിച്ചുവലിക്കുന്ന; 3. ആക്ഷേപിക്കുന്ന; 4.ശകാരിക്കുന്ന; 5. എറിയുന്ന.

ആക്ഷേപകൻ [സം. -ക്ഷേപക] നാ. ആക്ഷേപിക്കുന്നവൻ. (സ്ത്രീ.) ആക്ഷേപിക.

ആക്ഷേപകം [സം.] നാ. ഒരിനം വാതം, കോച്ചൽ.

ആക്ഷേപണം [സം. -ക്ഷേപണ] നാ. 1. ഏറ്, എടുത്തെറിയൽ; 2. ശകാരം; 3. നിരസനം.

ആക്ഷേപം [സം. -ക്ഷേപ<ക്ഷിപ്] നാ. 1. ഇടിച്ചുപറയൽ, പരിഹസിക്കൽ, ശകാരം; 2. തടസ്സം, തിരസ്കരണം,എതിർവാദം; 3. വാദത്തിലെ പൂർവപക്ഷം; 4. ദൂരെ എറിയൽ, നിരസനം; 5. കുറ്റം, ദൂഷ്യം; 6. ഒരു അർഥാലങ്കാരം; 7. പിടിച്ചുവലിക്കൽ; 8. സൂചന; 9. ചോദ്യം; 10. ഒരുതരം വാതരോഗം, ആക്ഷേപകം.

ആക്ഷേപിക്കുക [<സം. ആ-ക്ഷിപ്] ക്രി. 1. ദൂരെയെറിയുക; 2. നിന്ദിക്കുക, ശകാരിക്കുക; 3. സൂചിപ്പിക്കുക; 4.എതിർപറയുക, ന്യൂനത ചൂണ്ടിക്കാണിക്കുക.

ആക്ഷേപ്താവ് [സം. -ക്ഷേപ്തൃ] നാ. ആക്ഷേപിക്കുന്നവൻ, (സ്ത്രീ) ആക്ഷേപ്ത്രി.

ആക്ഷോദനം [സം. -ക്ഷോദന] നാ. നായാട്ട്.

ആക്ഷ്വേളിക [സം. -ക്ഷ്വേലികാ] നാ. ചാക്യാന്മാർകൂത്തിനിടയിൽ പാടുന്ന ഒരുതരം പാട്ട്

ആക്സിജൻ, ഓക്സിജൻ [ഇം.മ്പറ്റത്ദ്ദന ] നാ. പ്രാണവായു.

ആഖണ്ഡന [സം. -ഖണ്ഡന < ഖണ്ഡ്] നാ. പിളർക്കൽ, ഛേദിക്കൽ.

ആഖണ്ഡലൻ [സം. -ഖണ്ഡല] നാ. 1. ഇന്ദ്രൻ; 2. ശിവൻ.

ആഖനികൻ [സം. -ഖനിക] നാ. 1. ഖനിവേലക്കാരൻ; 2. നിലം കുഴിക്കുന്നവൻ, കുഴിഉണ്ടാക്കുന്നവൻ; 3. ഭിത്തിതുരന്നും മറ്റും മോഷ്ടിക്കുന്നവൻ.

ആഖനികബകൻ [സം. -ഖനിക-ബക] നാ. ചുണ്ടെലിയോട് കൊക്ക് എന്നപോലെ പെരുമാറുന്നവൻ, പാവപ്പെട്ടവരോട് പരാക്രമം കാണിക്കുന്നവൻ.

ആഖനികം [സം. -ഖനിക] നാ. 1. പന്നി; 2. എലി; 3. തൂമ്പ.

ആഖം, -നം [ആ-ഖ, -ഖന] നാ. തൂമ്പ, കൈക്കോട്ട്, മൺവെട്ടി.

ആഖരൻ [സം. -ഖര] നാ. ഖനികൻ, ഖനിത്തൊഴിലാളി, കുളം മുതലായവ കുഴിക്കുന്നവൻ.

ആഖരം [സം. -ഖര] നാ. തൂമ്പ, തൊഴുത്ത്.
ആഖാതം [സം. -ഖാത] നാ. താനെയുണ്ടായ കുളം.
ആഖു [സം. ആ-ഖു]'ആഖനനം ചെയ്യുന്നത്.' നാ. 1. എലി, ചുണ്ടെലി; 2. തൂമ്പ; 3. പന്നി; 4. കള്ളൻ; 5. ദേവതാളി.
ആഖുകരീഷം [സം. -കരീഷ] നാ. എലിതുരന്നുണ്ടാക്കിയ മൺകൂന.
ആഖുഘാതൻ [സം. -ഘാത] നാ. താണ ജാതിക്കാരൻ.
ആഖുഗൻ [സം. -ഗ] നാ. എലിപ്പുറത്തു സഞ്ചരിക്കുന്നവൻ, ഗണപതി.
ആഖുപത്രൻ [സം. -പത്ര] നാ. ആഖുഗൻ, ഗണപതി.
ആഖുപാഷാണം [സം. -പാഷാണ] നാ. 1. എലിപ്പാഷാണം, എലിവിഷം; 2. കാന്തക്കല്ല്.
ആഖുഭുക്ക് - ഭുജൻ [സം. -ഭുക് < ഭുജ്, -ഭുജ] നാ. എലിയെതിന്നുന്നത്, പൂച്ച.
ആഖുരഥൻ [സം. -രഥ] നാ. ആഖുവാഹനൻ, ഗണേശൻ.
ആഖുരണം [സം. ആ-ഖുരണാ] നാ. മാന്തൽ.
ആഖുവിഷഹാ [സം. ആഖു-വിഷ-ഹാ] നാ. ദേവതാളി (എലിവിഷത്തിനുള്ള മറുമരുന്ന്).
ആഖുത്ക്കരം [സം. -ഉത്കര] നാ. എലിതുരന്നുണ്ടാക്കിയ മൺകൂമ്പാരം.
ആഖേടകൻ [സം. ആ-ഖേടക < ഖേട്] നാ. വേട്ടക്കാരൻ, നായാട്ടുകാരൻ.
ആഖേടകം [സം.] നാ. ആഖേടം, നായാട്ട്.
ആഖേടം [സം. ആ-ഖേട] നാ. നായാട്ട്.
ആഖേടികൻ [സം.-ഖേടിക] നാ. ആഖേടകൻ, വേട്ടക്കാരൻ.
ആഖേടികം [സം.] നാ. വേട്ടനായ്.
ആഖേട്യം [സം. ആ-ഖേട്യ] നാ. വേട്ടയാടിപ്പിടിച്ച മൃഗം.
ആഖോടം [സം.] നാ. ആക്ഷോടം (മലഉയുകമരം)
ആഖ്യ [സം. ആ-ഖ്യ < ഖ്യാ] നാ. 1. പേര്, നാമം, അഭിധാനം; 2. (വ്യാക.)ഏതിനെപ്പറ്റിപറയുന്നുവോ അത്; 3. കീർത്തി.
ആഖ്യാതനാമം [സം. ആഖ്യാത-നാമൻ] നാ. പേരെച്ചനാമം, ക്രിയാങ്ഗനാമം, പേരെച്ചത്തോടുലിങ്ഗപ്രത്യയം ചേർത്തുണ്ടാക്കുന്ന നാമപദം. ഉദാ: വരുന്നവൻ, വരുന്നവൾ, വരുന്നത്, വരുന്നവ, വരുന്നവർ ഇത്യാദി.
ആഖ്യാതം [സം.-ഖ്യാത] നാ. 1. പറയപ്പെട്ടത്, അറിയിക്കപ്പെട്ടത്; 2. (വ്യാക.)ക്രിയാശബ്ദം, ആഖ്യയെപ്പറ്റി എന്തുപറയുന്നുവോ അത്; 3. വിളിക്കപ്പെട്ടത്; 4. യാത്രയ്ക്കുള്ള ശുഭമുഹൂർത്തം അറിയിക്കൽ.
ആഖ്യാതാ(വ്) [സം. -ഖ്യാതൃ] നാ. 1. പറയുന്നവൻ; 2. അറിയിക്കുന്നവൻ, റിപ്പോർട്ടർ; 3. അധ്യാപകൻ, (സ്ത്രീ.) ആഖ്യാത്രീ.
ആഖ്യാതി [സം. -ഖ്യാതി] നാ. 1. പറച്ചിൽ, അറിയിക്കൽ; 2. വിളംബരം; 3. കീർത്തി.
ആഖ്യാനകം [സം. -ഖ്യാനക] നാ. കഥ, ഇതിഹാസ-പുരാണാദികളിലെ ഉപകഥ, സംഭവവിവരണം.
ആഖ്യാനകി [സം. -ഖ്യാനകി] നാ. ഒരിനം ഉപജാതിവൃത്തം.
ആഖ്യാനം [സം. -ഖ്യാന] നാ. 1. കഥ, ഐതിഹ്യം; 2. പറച്ചിൽ, പ്രസ്താവം, പ്രഖ്യാപനം, നിർദ്ദേശം, സൂചന, വാക്ക്; 3. കഥാകഥനം, കഥപറച്ചിൽ, വിവരണം, വർണ്ണനം; 4. ഇതിഹാസം; 5. മറുപടി.
ആഖ്യാനിക്കുക [<സം. ആഖ്യാന] ക്രി. പറയുക, പ്രസ്താവിക്കുക, വർണിക്കുക.

ആഖ്യാപനം [സം. -ഖ്യാപന] നാ. പ്രഖ്യാപനം, ഉറപ്പിച്ചുപറയൽ.
ആഖ്യായകൻ [സം. -ഖ്യായക] നാ. 1.ദൂതൻ; 2. വിളിച്ചുപറയുന്നവൻ.
ആഖ്യായി [സം. -ഖ്യായിൻ] വി. പറയുന്ന, അറിയിക്കുന്ന.
ആഖ്യായിക [സം. -ഖ്യായികാ] നാ. 1. ഗദ്യരൂപത്തിൽ നിബന്ധിച്ചിട്ടുള്ള ദീർഘകഥ, നോവൽ; 2. വിവരണം.
ആഖ്യേയ [സം. -ഖേയ] വി. ആഖ്യാനം ചെയ്യത്തക്ക, പറയത്തക്ക, അറിയിക്കത്തക്ക
ആഗത [സം. -ഗത] വി. 1. വന്ന, വന്നുചേർന്ന, പ്രാപിച്ച; 2. എത്തിയ, എത്തിച്ചേർന്ന; 3. സംഭവിച്ച, ഉണ്ടായ, ലഭിച്ച; 4. വസിക്കുന്ന.
ആഗതൻ [സം. -ഗത] നാ. വന്നുചേർന്നവൻ, അതിഥി.
ആഗതപതിക [സം. ആഗത-പതികാ] നാ. പരദേശത്തുനിന്നു തിരിച്ചുവന്ന ഭർത്താവോടുകൂടിയവൾ.
ആഗതപുഷ്പി [സം. -പുഷ്പീ] നാ. മേത്തോന്നി.
ആഗതം [സം. -ഗത] നാ. 1. വരവ്, വന്നെത്തൽ; 2. സംഭവം; 3. ന്യായമായമാർഗത്തിൽ ലഭിച്ച പണം.
ആഗതി [സം. -ഗതി] നാ. 1. വരവ്; 2. ലാഭം, നേട്ടം; 3. തിരിച്ചുവരവ്; 4. ഉത്പത്തി. ഉദാ: ഭൂതങ്ങളുടെ ആഗതിയും ഗതിയും = ഉത്പത്തിയും നാശവും.
205
ആഗത്യ [സം. -ഗത്യ] അവ്യ. വന്നിട്ട്, ആഗമിച്ചിട്ട്.
ആഗന്തവ്യ [സം. -ഗന്തവ്യ] വി. വരാനിടയുള്ള, വരത്തക്ക, തീർച്ചയായും വന്നേക്കാവുന്ന.
ആഗന്തു [സം. -ഗന്തു] വി. 1. വന്നുചേരുന്ന, എത്തിച്ചേരുന്ന, വെളിക്കുനിന്നു വന്നു ചേരുന്ന; 2. പുറത്തുള്ള; 3. യദൃച്ഛയാ വന്നുചേർന്ന, അവിചാരിതമായ; 4. അതിഥി, വിരുന്നുകാരൻ; 5. അന്യൻ.
ആഗന്തുക [സം. -ഗന്തുക] വി. 1. വന്നുചേരുന്ന; 2. താനേവരുന്ന, ക്ഷണിക്കാതെവരുന്ന; 3. വഴിതെറ്റിവരുന്ന (മൃഗങ്ങളും മറ്റും); 4. യദൃച്ഛയാവരുന്ന; 5. പ്രക്ഷിപ്തമായ, കൂട്ടിച്ചേർത്ത. നാ. 1. അതിഥി, വിരുന്നുകാരൻ; 2. കടന്നുവരുന്നവൻ; 3. അപരിചിതൻ, അന്യൻ.
ആഗന്തുജവ്യാധി [സം. ആഗന്തു-ജ-വ്യാധി] നാ. യാദൃച്ഛികമായുണ്ടായ മുറിവ്, ചതവ് മുതലായവകൊണ്ടോ ദേശകാലാദിഭേദംകൊണ്ടോ ഉണ്ടാകുന്ന രോഗം.
ആഗമജ്ഞൻ [സം. ആഗമ-ജ്ഞ] നാ. വേദജ്ഞൻ, ശാസ്ത്രപണ്ഡിതൻ.
ആഗമനകാലം [സം. ആഗമന-മ.കാല] (ക്രിസ്തു) ക്രിസ്തുവിൻെറ ജനനത്തിൻെറ ഓർമ ആചരിക്കുന്ന കാലം, ആരാധനക്രമത്തിലെ ഒരു പ്രത്യേക കാലം.
ആഗമനം [സം. ആ-ഗമന] നാ. 1. വരവ്, വന്നുചേരൽ; 2. പ്രാപ്തി, ചെന്നുചേരൽ; 3. തിരിച്ചുവരവ്; 4. ലാഭം, നേട്ടം; 5. രതിക്രീഡയ്ക്കായി സ്ത്രീയെ സമീപിക്കൽ.
ആഗമം [സം. ആ-ഗമ] നാ. 1. വരവ്, വന്നുചേരൽ; 2. ഉത്പത്തി, ഉദ്ഭവം; 3. പരമ്പരാപ്രാപ്തമായ ജ്ഞാനം (ധർമശാസ്ത്രം, സ്മൃതി, ബ്രാഹ്മണം തുടങ്ങിയവ); 4. വേദം, ശാസ്ത്രം; 5. പ്രമാണങ്ങളിൽ ഒന്ന്, ശാബ്ദം, ആപ്തവാക്യം; 6. (വ്യാക.) വർണങ്ങൾതമ്മിൽ ചേരുമ്പോൾ ഇടയിൽവരുന്ന വർണം; 7. ലേഖ്യപ്രമാണം, ആധാരം; 8. തന്ത്രഗ്രന്ഥം

(ശിവശക്തികളുടെ ആരാധനയ്ക്കുള്ളത്); 9. ധനലാഭം; 10. (ജ്യോ.) ലാഭസ്ഥാനം, പതിനൊന്നാമിടം; 11. വൃക്ഷം; 12. രസീത്; 13. ചരിത്രം; 14. ആരാധനാസമ്പ്രദായം.

ആഗമരീതി, -യുക്തി [സം. ആഗമ-രീതി, -യുക്തി] നാ. യുക്തിപ്രദർശിപ്പിച്ച് കുട്ടികളെക്കൊണ്ടുതന്നെ പൊതുതത്ത്വം പറയിക്കുന്നതരത്തിലുള്ള അധ്യാപനരീതി, ഇൻഡക്റ്റീവ്‌രീതി.

ആഗമവത്ത് [സം. -വത്] വി. 1. ആഗമത്തോടുകൂടിയ; 2. രതിക്രീഡയ്ക്കായി സമീപിച്ച.

ആഗമവൃദ്ധ [സം. വൃദ്ധ] വി. 1. വേദജ്ഞാനമുള്ള; 2. വളരെപഠിപ്പുള്ള.

ആഗമവേദി [സം. -വേദിൻ] നാ. 1. വേദമറിയാവുന്നവൻ; 2. ഗൗഡപാദൻ (ശ്രീശങ്കരഗുരുവായ ഗോവിന്ദൻെറ ആചാര്യൻ).

ആഗമാപായി [സം. -അപായിൻ] വി. വന്നും പോയും ഇരിക്കുന്ന, അസ്ഥിരമായ.

ആഗമാവർത്ത [സം. -ആവർത്ത] നാ. വൃശ്ചികാളി എന്ന ഔഷധി.

ആഗമി [സം. ആ-ഗമിൻ, -ഗാമിൻ] വി. 1. ഭാവിയിലുള്ള, സംഭവിക്കാനിരിക്കുന്ന, വരാനുള്ള, ആസന്നമായ; പഠിപ്പുള്ള, വേദശാസ്ത്രാദികളിൽ പാണ്ഡിത്യമുള്ള; 3. (വ്യാക.) ആഗമമുള്ള; 4. വലിഞ്ഞുകയറിയ, ക്ഷണിക്കാതെവന്ന.

ആഗമിക [സം. ആ-ഗമിക] വി. 1. ഭാവിയെസംബന്ധിക്കുന്ന; 2. ചരിത്രത്തെ ആസ്പദമാക്കിയ, ഉത്പത്തിവികാസങ്ങളെ സംബന്ധിച്ച; 3. വേദംഅറിയുന്ന, ആഗമജ്ഞമായ.

ആഗമിക്കുക [<സം. ആ-ഗമ്] ക്രി. വരിക, വന്നെത്തുക, സമീപിക്കുക, പ്രാപിക്കുക, തിരിച്ചുവരിക.

ആഗമിഷ്ഠ [സം. ആ-ഗമിഷ്ഠ] വി. സന്തുഷ്ടിയോടെ വരുന്ന, വേഗത്തിൽ വരുന്ന.

ആഗരം [സം. -ഗര] നാ. കറുത്തവാവ്.

ആഗലിത [സം. -ഗലിത] വി. 1. വാടിത്തളർന്ന, ദു:ഖിച്ച; 2. വീഴുന്ന, ഒഴുകുന്ന.

ആഗവീനൻ [സം. -ഗവീന] നാ. പശുവിനെ കിട്ടുന്നതുവരെ ജോലിചെയ്യുന്നവൻ.

ആഗസ്തി [സം.] നാ. അഗസ്ത്യനെ സംബന്ധിച്ച ദിക്ക്, തെക്കേദിക്ക്. വി. ആഗസ്തീയ = തെക്കേദിക്കിലുള്ള, തെക്കേദിക്കിനെസംബന്ധിച്ച.

ആഗസ്ത്യ [സം.] വി. അഗസ്തിയെ സംബന്ധിച്ച, അഗസ്ത്യ മഹർഷിയെ സംബന്ധിച്ച, അഗസ്ത്യഗോത്രത്തിൽ ജനിച്ച.

ആഗസ്വി [സം. ആഗസ്വിൻ] നാ. അപരാധി, കുറ്റം ചെയ്തവൻ, പാപി, തെറ്റുകാരൻ.

ആഗസ്സ് [സം. ആഗസ്] നാ. 1. തെറ്റ്, കുറ്റം, അപരാധം, നിയമലംഘനം; 2. പാപം; 3. ശിക്ഷ.

ആഗസ്റ്റ് [ഇം.ക്കഗ്മദ്ദഗ്മനഥന്ധ ] നാ. എട്ടാമത്തെ ഇങ്ഗ്ലീഷ്മാസം, (കർക്കടകം-ചിങ്ങം).

ആഗളം [സം. ആ-ഗലം] അവ്യ. കഴുത്തുവരെ.

ആഗാധ [സം. -ഗാധ] വി. ഏറ്റവും താഴ്ചയുള്ള.

ആഗാമി [സം. -ഗാമിൻ] വി. 1. വരുന്ന, ഭാവിയിലെ; 2. ആഗമജ്ഞാനമുള്ള, പഠിപ്പുള്ള. നാ. ഭൂസ്വത്തിന്മേലുള്ള ഭോഗങ്ങളിലൊന്ന്. പിൽക്കാലത്തുകിട്ടാവുന്ന ആദായം.
ആഗാമിക [സം. -ഗാമിക] വി. 1. ഭാവിയെ സംബന്ധിക്കുന്ന, വരാനിരിക്കുന്ന, വരാനുള്ള; 2. ആസന്നമായ.
ആഗാമികർമം [സം. ആഗാമി-കർമൻ] നാ. ജീവാത്മാവ് ഭാവിയിൽ ചെയ്യാനിടയുള്ള കർമം.
ആഗാമുക [സം. ആ-ഗാമുക] വി. വരാനിരിക്കുന്ന, ആസന്നമായ.
ആഗിരണം [സം. ഗിരണ] നാ. ഉള്ളിലേക്കു വലിച്ചെടുക്കൽ.
ആഗു [സം. ആഗു] നാ. അങ്ഗീകാരം, സമ്മതം, പ്രതിജ്ഞ, വാഗ്ദാനം.
ആഗുരണം, -ഗൂരണം [സം. ആ -ഗൂരണ] നാ. ഗൂഢനിർദേശം.
ആഗോഷ്ഠം [സം. ആ-ഗോഷ്ഠ] അവ്യ. അമ്പാടിവരെ, പശുക്കൾ നിൽക്കുന്ന സ്ഥലം വരെ.
ആഗ്നിക [സം. < അഗ്നി] വി. അഗ്നിയെസംബന്ധിച്ച.
ആഗ്നിഷ്ടോമിക [സം. ആഗ്നി-സ്തോമിക] വി. 1. അഗ്നിഷ്ടോമത്തെ സംബന്ധിച്ച; 2. അഗ്നിഷ്ടോമത്തെക്കുറിച്ച് അറിയുന്ന.
ആഗ്നീധ്രൻ [സം. -ഇധ്ര] നാ. ഋത്വിക്കുകളിൽ ഒരാൾ, യാഗാഗ്നി കൊളുത്തുന്ന പുരോഹിതൻ.
ആഗ്നീധ്രം, -കം [സം. -ഇധ്ര(ക)] നാ. 1. ഹോമകുണ്ഡം, യാഗാഗ്നി വളർത്തിയിരിക്കുന്ന സ്ഥലം; 2. അഗ്നീധ്രൻെറ കർത്തവ്യം
ആഗ്നീധ്രീയം [സം. -ഇധ്രീയ] നാ. ആഗ്നീധ്രത്തിൽ (ഹോമകുണ്ഡത്തിനുള്ളിൽ) ഉള്ള തീയ്.
ആഗ്നേയ [സം.] വി. 1. അഗ്നിയെ സംബന്ധിച്ച, അഗ്നിയുടെ ഗുണമുള്ള, അഗ്നിയിൽനിന്നുണ്ടായ; 2. ദീപാഗ്നി (ജഠരാഗ്നി) വർധിപ്പിക്കുന്ന, ദഹനത്തെ ഉത്തേജിപ്പിക്കുന്ന; 3. അഗ്നിയെ ജ്വലിപ്പിക്കുന്ന (നെയ്യുപോലെ); 4. അഗ്നായി (സ്വാഹ) യെ സംബന്ധിച്ച; 5. അഗ്നിതുല്യമായ.
ആഗ്നേയകീടം [സം. -കീട] നാ. തീയിൽപറന്നുവീഴുന്ന കീടം, ശലഭം.
ആഗ്നേയകൃച്ഛ്രം [സം. -കൃച്ഛ്ര] നാ. എള്ളുമാത്രം ഭക്ഷിച്ചു പന്ത്രണ്ടുദിവസം കഴിക്കുന്ന വ്രതം.
ആഗ്നേയഗ്രന്ഥി [സം. -ഗ്രന്ഥി] നാ. ഡുവോഡിനമുഖത്തുള്ള ഒരു ഗ്രന്ഥി, പാങ്ക്രിയാസ്.
ആഗ്നേയഗ്രഹം [സം. -ഗ്രഹ] നാ. പാപഗ്രഹം (കേതു, കുജൻ, സൂര്യൻ ഇവയിലേതെങ്കിലും).
ആഗ്നേയൻ [സം. ആഗ്നേയ] നാ. 1. സുബ്രഹ്മണ്യൻ; 2. അഗസ്ത്യൻ; 3. അഗ്നിപൂജകൻ; 4. (ജ്യോ.)പാപഗ്രഹം.
ആഗ്നേയനാളം [സം. -നാല] നാ. പാങ്ക്രിയാസ്സിൽനിന്ന് ഡുവോഡിനമുഖത്തേക്കു തുറക്കുന്ന നാളി.
ആഗ്നേയപുരാണം [സം. -പുരാണ] നാ. മഹാപുരാണങ്ങളിൽ ഒന്ന്, അഗ്നിപുരാണം.
ആഗ്നേയപുഷ്പം [സം. -പുഷ്പ] നാ. ദേവപൂജയ്ക്കു പുഷ്പമായി സങ്കൽപിച്ചിട്ടുള്ള ആഗ്നേയപദാർഥം (ധൂപം, ദീപം മുതലായവ)

ആഗ്നേയം [സം.] നാ. 1. സ്വർണം; 2. കാർത്തിക നക്ഷത്രം; 3. നെയ്യ്; 4. രക്തം; 5. കോലരക്ക്; 6. അഗ്നികോണം; 7. ജ്വാലാമുഖി (അഗ്നിപർവതം); 8. പാങ്ക്രിയാസ്; 9. ദീപനൗഷധം; 10. ഭസ്മം; 11. ആഗ്നേയാസ്ത്രം; 12. അഗ്നിപുരാണം.

ആഗ്നേയരസം [സം. ആഗ്നേയ-രസ] നാ. 1. ആഗ്നേയഗ്രന്ഥി സ്രവിപ്പിക്കുന്ന രസം, ദീപനരസം, എൻസൈം.

ആഗ്നേയാസ്ത്രം [സം. -അസ്ത്ര] നാ. അഗ്നിദേവതാനാമകമായ അസ്ത്രം, അസ്ത്രം പ്രയോഗിക്കാനുള്ള മന്ത്രം.

ആഗ്നേയി [സം. ആഗ്നേയി] നാ. 1. അഗ്നികോണം, തെക്കുകിഴക്കേ ദിക്ക്; 2. സ്വാഹാദേവി, അഗ്നിയുടെ ഭാര്യ; 3. ഒരു യോഗധാരണ; 4. അഗ്നിയെ സംബന്ധിച്ച.

ആഗ്നേയോദ്ഗാരം [സം. ആഗ്നേയ-ഉദ്ഗാര] നാ. അഗ്നിപർവതം പൊട്ടുമ്പോൾ ഒഴുകുന്നത്, ലാവ.

ആഗ്നേയോപചാരം [സം. -ഉപചാര] നാ. വിളക്ക്, രത്നം, വെള്ളി തുടങ്ങിയ ആഗ്നേയവസ്തുക്കൾകൊണ്ടുള്ള ദേവാർച്ചന.

ആഗ്രഭോജനികൾ [സം. ആഗ്ര-ഭോജനിക] നാ. അഗ്രഭോജനത്തിന് അധികാരിയായ ബ്രാഹ്മണൻ.

ആഗ്രയണം [സം.] നാ. 1. ഗൃഹസ്ഥന്മാർ അശ്വിനിമാസത്തിലെ വെളുത്തവാവിൻനാൾ നടത്തുന്ന ഒരു കർമം; 2. (സം. ആഗ്രയണ) അഗ്നിഷ്ടോമയാഗത്തിൽ ആദ്യമായുള്ള സോമതർപ്പണം, സോമാർഘം; 3. അഗ്നിയുടെ ഒരു രൂപം.

ആഗ്രയണസ്ഥാലി [സം. ആഗ്രയണ-സ്ഥാലി] നാ. ആഗ്രയണത്തിനുള്ളപാത്രം.

ആഗ്രഹം [സം. ആ-ഗ്രഹ] നാ. എടുക്കൽ, പിടിക്കൽ, വലിക്കൽ, എന്തെങ്കിലും കിട്ടണമെന്നുള്ള മനോഗതി, ആശ, കൊതി.

ആഗ്രഹായണക [സം. ആഗ്ര-ഹായനക] വി. ആഗ്രഹായണമാസത്തിലെ വെളുത്തവാവിനുകൊടുത്തുതീർക്കേണ്ട.

ആഗ്രഹായണം [സം. ആഗ്രഹായണ] നാ. 1. അഗ്രഹായണം; 2. അഗ്രഹായണമാസത്തിലെ വെളുത്തവാവ്; 3. മാർഗശീർഷമാസം.

ആഗ്രഹായണി [സം. ആഗ്രഹായണീ] നാ. 1. മകയിരം നക്ഷത്രം; 2. മാർഗശീർഷമാസത്തിലെ വെളുത്തവാവ്; 3. ഒരു പാകയജ്ഞം.

ആഗ്രഹാരികൻ [സം. അഗ്രഹാര-ഇക] നാ. 1. അഗ്രഹാരം വക മുതൽ അപഹരിക്കുന്നവൻ; 2. അഗ്രഹാരത്തിൻെറ നിലങ്ങൾ സംരക്ഷിക്കുന്നവൻ.

ആഗ്രഹി [സം. ആ-ഗ്രഹിൻ] നാ. ആഗ്രഹമുള്ളവൻ.

ആഗ്രഹിക്കുക [സം. ആ-ഗ്രഹ്] ക്രി. കിട്ടണമെന്നു മനസ്സുവയ്ക്കുക, കാംക്ഷിക്കുക.

ആഗ്രഹിത [സം. ആഗ്രഹ-ഇത] വി. ആഗ്രഹിക്കപ്പെട്ട.

ആഗ്രായണം [സം.] നാ. അഗ്രയണം.

ആഘട്ടക [സം. ആ-ഘട്ടക] വി. കൂട്ടിമുട്ടുന്ന, തമ്മിൽതട്ടുന്ന.

ആഘട്ടനം [സം. -ഘട്ടനം] നാ. കൂട്ടിമുട്ടൽ, ഉരസൽ, അടി.

ആഘർഷം [സം. -ഘർഷ] നാ. ആഘർഷണം.

ആഘർഷണം [സം. -ഘർഷണ] നാ. ഉരസൽ, കൂട്ടിയുരുമ്മൽ.

ആഘർഷണി [സം. -ഘർഷണീ] നാ. 1. തുടയ്ക്കാൻ ഉപയോഗിക്കുന്ന ഉപകരണം; 2. ബ്രഷ്; 3. എഴുത്തു മായ്ക്കുന്ന റബർ.

ആഘാടം [സം. -ഘാട] നാ. 1. കൊല, അടി; 2. ആഘാടി, ഒരു വാദ്യം, കൈമണി, ചേങ്ങില; 3. അതിര്; 4. വലിയകടലാടി, വെളുത്തകടലാടി.
ആഘാടി [സം.-ഘാടി] നാ. ഒരുവാദ്യം, ഇലത്താളം, ചേങ്ങില, കൈമണി.
ആഘാതവാദ്യം [സം. ആഘാത-വാദ്യ] നാ. ഒരുതരം വാദ്യം, മുട്ടി ശബ്ദിപ്പിക്കുന്നത്.
ആഘാതോത്തരസ്മൃതിഭ്രംശം [സം. ആഘാത-ഉത്തര-സ്മൃതി-ഭ്രംശ] നാ. (മന.) ആഘാതത്തിന് തൊട്ടുമുൻപുനടന്ന സംഭവങ്ങൾ ഓർമ്മയിൽനിന്നും മാഞ്ഞുപോകുക.
ആഘാരം [സം. ആ-ഘാര] നാ.1. തളിക്കൽ, കുടഞ്ഞുവീഴ്ത്തൽ; 2. ഹോമത്തിന് അഗ്നിയിൽ നെയ് വീഴ്ത്തൽ, ഹോമാദികളിൽ മന്ത്രം ചൊല്ലി ചെയ്യേണ്ടതായ സ്രുവാഹുതി; 3. നെയ്യ്.
ആഘൂർണ [സം.-ഘൂർണ<ഘൂർണ്] വി. ചുറ്റിത്തിരിയുന്ന, ചുഴലുന്ന.
ആഘൂർണനം [സം.ആ-ഘൂർണന] നാ. ചുറ്റിത്തിരിയൽ, ചുറ്റൽ, ചുഴൽച്ച, ഉരുളൽ.
ആഘൂർണിത [സം. -ഘൂർണിത] വി. 1. ചുഴറ്റപ്പെട്ട; 2. ഇളകുന്ന; 3. ഉരുട്ടപ്പെട്ട; 4. തലകറങ്ങിയ.
207
ആഘൃണി [സം. -ഘൃണി] വി. 1. ചുട്ടുപഴുത്തുതിളങ്ങുന്ന, ഉജ്ജ്വലിക്കുന്ന (സൂര്യനെപ്പോലെ); 2. വളരെ പണമുള്ള; നാ. പൂഷാവ്, സൂര്യൻ.
ആഘോഷണ(ം) [സം.-ഘോഷണ, -ണാ] നാ. പ്രഖ്യാപനം, വിളംബരം.
ആഘോഷം1 [സം. -ഘോഷ] നാ. 1. ആൾക്കൂട്ടത്തിൽ നിന്നുള്ള ശബ്ദം, കോലാഹലം; 2. ഉത്സവം, കൊണ്ടാടൽ; 3. ആഡംബരം, മോടി.
ആഘോഷം2 [സം.] അവ്യ. ഘോഷം (ഇടയക്കുടി)വരെ.
ആഘോഷിക്കുക [സം. ആ-ഘോഷിക്കുക<ഘുഷ്] ക്രി. 1. കൊണ്ടാടുക, ആഡംബരപൂർവം നടത്തുക, ചടങ്ങുകളോടുകൂടി നടത്തുക; 2. പ്രഖ്യാപിക്കുക.
ആഘോഷിത [സം. -ഘോഷിത] വി. ആഘോഷിക്കപ്പെട്ട.
ആഘ്രാണ [സം. -ഘ്രാണ<ഘ്രാ]വി. 1. മണമുള്ള, മണം പുറപ്പെടുന്ന; 2. തൃപ്തമാക്കപ്പെട്ട.
ആഘ്രാണഭക്ഷണം [സം. ആഘ്രാണ-ഭക്ഷണ] നാ. പിതൃക്കളെയും അതിഥികളെയും ഊട്ടിയതിനുശേഷം പിതൃകർമം ചെയ്യുന്ന ആൾ താൻ ഭക്ഷിക്കുന്നതായി സങ്കൽപിച്ചുകൊണ്ട് ഒന്നോരണ്ടോ വറ്റെടുത്തു മണപ്പിക്കുന്ന ചടങ്ങ്.
ആഘ്രാണം [സം. -ഘ്രാണ] നാ. 1. മണപ്പിക്കൽ; 2. ചുംബിക്കൽ.
ആഘ്രാണിക്കുക [<സം. ആ-ഘ്രാ] ക്രി. 1. മണപ്പിക്കുക, ഗന്ധം പിടിക്കുക; 2. ചുംബിക്കുക.
ആഘ്രാത [സം. -ഘ്രാത] വി. 1. മണപ്പിക്കപ്പെട്ട; 2. ചുംബിക്കപ്പെട്ട; 3. തൃപ്തിയാക്കപ്പെട്ട.
ആഘ്രേയ [സം. -ഘ്രേയ] വി. 1. മണപ്പിക്കപ്പെടേണ്ട; 2. ചുംബിക്കേണ്ടതായ.
ആങ്കാരം1 [<സം. അഹങ്കാര] നാ. 1. അഹങ്കാരം, അഭിമാനം.
ആങ്കാരം2 [സം. ആം-കാര] ആ എന്ന അക്ഷരം.
ആങ്ക് (പ.മ.) [ത. ആങ്കു] അവ്യ. അങ്ങ്, അവിടെ.

ആങ്കുശിക [സം. < അങ്കുശ] വി. അങ്കുശത്തെ സംബന്ധിച്ച, തോട്ടിഉപയോഗിക്കുന്ന.
ആങ്കോർ [ഹി. അംഗൂർ] നാ. ഒരു ജാതി വീഞ്ഞ്.
ആങ്കോലം [സം.] നാ. അങ്കോലം
ആങ്ഗ, ആംഗ [സം. ആങ്ഗ] വി. 1. അവയവ സംബന്ധമായ; 2. വേദാങ്ഗത്തെ സംബന്ധിച്ച; 3. അങ്ഗദേശത്തുള്ള; 4. അപ്രധാനകഥാപാത്രത്തെ കുറിച്ചുള്ള.
ആങ്ഗം [സം. ആങ്ഗം] നാ. മനോഹരമായ ശരീരം.
ആങ്ഗലം [ഇം.ഞ്ഞ ദ്വRsദ്ധനമ്ഥറ] നാ. 1. ഇങ്ഗ്ലീഷ്; 2. ഇങ്ഗ്ലണ്ട്; ആങ്ഗലദ്വീപ് = ഇങ്ഗ്ലണ്ട്, ആങ്ഗലപ്രാസം = ആദിപ്രാസം, ആങ്ഗലഭാഷ = ഇങ്ഗ്ലീഷുഭാഷ.
ആങ്ഗലൻ, ആങ്ഗലേയൻ [<ഇം.ഞ്ഞ ദ്വRsദ്ധനമ്ഥറ] നാ. ഇങ്ഗ്ലീഷുകാരൻ.
ആങ്ഗലി നാ. ഇങ്ഗ്ലീഷ്.
ആങ്ഗവിദ്യ [സം. ആങ്ഗ-വിദ്യാ] വി. അങ്ഗവിദ്യയെ സംബന്ധിച്ച.
ആങ്ഗാരം [സം. ആങ്ഗാര] നാ. അങ്ഗാരസമൂഹം, കരിയുടെ കൂട്ടം.
ആങ്ഗാരിക [സം. ആങ്ഗാരിക] വി. അങ്ഗാരരൂപത്തിലുള്ള. നാ. ആങ്ഗാരികൻ = വിറകുകത്തിച്ച് കരിയാക്കുന്നവൻ.
ആങ്ഗാരികം [സം.] നാ. കരി എരിക്കുന്ന ചൂള.
ആങ്ഗിക [സം.] വി. അങ്ഗചലനങ്ങളെക്കൊണ്ടു പ്രകടിപ്പിക്കുന്ന, ആങ്ഗ്യരൂപത്തിലുള്ള.
ആങ്ഗികൻ [സം.] നാ. മൃദങ്ഗം വായിക്കുന്നവൻ.
ആങ്ഗികം [സം.] നാ. 1. ചതുർവിധ അഭിനയങ്ങളിൽ ഒന്ന്, അങ്ഗോപാങ്ഗചലനങ്ങളെക്കൊണ്ടുള്ള അഭിനയം, (വാചികം, ആഹാര്യം, സാത്ത്വികം എന്നു മറ്റുള്ളവ); 2. ആങ്ഗ്യം.
ആങ്ഗിരസകല്പം [സം. ആങ്ഗിരസ-കല്പ] നാ. അഥർവവേദത്തിൻെറ വിഭാഗങ്ങളിൽ ഒന്ന്, ആഭിചാരവിധികൾ അടങ്ങിയത്.
ആങ്ഗിരസൻ [സം.< അങ്ഗിരസ്] നാ. 1. അങ്ഗിരസ്സിൻെറ വംശത്തിൽപ്പെട്ടവൻ; 2. അങ്ഗിരസ്സിൻെറപുത്രൻ, ബൃഹസ്പതി.
ആങ്ഗിരസം [സം.] നാ. 1. അഥർവവേദത്തിലെ ഒരു സൂക്തം; 2. പഭാവാദിവർഷങ്ങളിൽ ആറാമത്തേത്.
ആങ്ഗിരസസത്രം [സം. -സത്ര] നാ. ബൃഹസ്പതിസത്രം എന്ന യജ്ഞം.
ആങ്ഗിരസി [സം. ആങ്ഗിരസീ] നാ. 1. അങ്ഗിരസ്സിൻെറ പരമ്പരയിൽപ്പെട്ട സ്ത്രീ; 2. അങ്ഗിരസ്സ് ദേവതയായുള്ള ശാന്തിഹോമം.
ആങ്ഗൂഷം [സം.] നാ. സ്തോത്രം.
ആങ്ഗ്യഭാഷ [സം. ആങ്ഗ്യ-ഭാഷ] നാ. ആങ്ഗ്യംകൊണ്ട് ആശയം പ്രകാശിപ്പിക്കുന്ന രീതി, കൈക്രീയ, ഹസ്തമുദ്ര.
ആങ്ഗ്യം, ആംഗ്യം [സം.] നാ. കൈക്രിയ മുതലായവ, ആശയം കൈമാറാൻ വേണ്ടി ചെയ്യുന്ന അങ്ഗവിക്ഷേപം.
ആങ്ഗ്ലിക്കൻ [ഇം. ക്ക ദ്വRsദ്ധ്യൻറ ] വി. ആങ്ഗലക്രിസ്ത്യൻ സഭയിൽപ്പെട്ട, (നാമമായും പ്രയോഗം).

ആങ്ഗ്ലോ-ഇന്ത്യൻ [ഇം. ക്ക ദ്ദRsഗ്ന ണ്ട ദ്ധൻറ ] നാ. ഇംഗ്ലീഷുകാരന് ഇന്ത്യക്കാരിയായ ഭാര്യയിൽ ഉണ്ടായവൻ.
ആങ്ങള,-ൾ നാ. ഉടപ്പിറന്നവൻ (സ്ത്രീ) പെങ്ങൾ.
ആങ്ങിത്തൂങ്ങുക [ആങ്ങി-തൂങ്ങുക] ക്രി. 1. അറച്ചുനിൽക്കുക; 2. അലഞ്ഞുതിരിയുക, ക്ഷീണിച്ചുവലയുക.
ആചക്ഷുസ്സ് [സം. ആ-ചക്ഷുസ്] നാ. പണ്ഡിതൻ.
ആചണ്ഡാലം [സം. -ചണ്ഡാലം] അവ്യ. ചണ്ഡാലൻവരെ (ബ്രാഹ്മണൻ മുതൽ ചണ്ഡാലൻ വരെ).
ആചതൂരം [സം. -ചതൂരം] അവ്യ. നാലാംതലമുറവരെ.
ആചന്ദ്രതാരകം [സം. -ചന്ദ്ര-താര-(ക)] അവ്യ. ചന്ദ്രനും നക്ഷത്രങ്ങളും ഉള്ള കാലം വരെ, എന്നെന്നേക്കും, ശാശ്വതമായി. ഉദാ: ആചന്ദ്രതാരമേ സന്തതിപ്രവേശമേ.
ആചന്ദ്രാർക്കം [സം. -ചന്ദ്ര-അർക] അവ്യ. ചന്ദ്രനും സൂര്യനും ഉള്ളകാലംവരെ, എന്നെന്നേക്കും.
ആചമനകം നാ. = ആചാമനകം
ആചമനീയം [സം. ആ-ചമനീയ< ചമ്] നാ. ആചമനത്തിനുള്ള ജലം, പൂജയിലെ ദശോപചാരങ്ങളിൽ ഒന്ന്.
ആചമം [സം. -ചമ] നാ. 1. മതകർമങ്ങൾക്കുമുൻപ് ശുദ്ധിക്കായി ഉള്ളംകയ്യിൽ വെള്ളമൊഴിച്ചു മന്ത്രപൂർവം കുടിക്കൽ; 2. ആചമനത്തിന് ഉപയോഗിക്കുന്നവെള്ളം.
ആചമിക്കുക [<സം. ആ-ചമ്] ക്രി. ശുദ്ധിവരുത്തുക.
ആചയം [സം. -ചയ] നാ. 1. ശേഖരിക്കൽ; 2. സമൃദ്ധി; 3. കൂന, കൂമ്പാരം.
ആചരണം [സം. -ചരണ] നാ. 1. നടത്ത, പെരുമാറ്റം, ആചാരമുറ, അനുഷ്ഠാനം, പതിവ്; 2. നിർവഹണം; 3. അടുത്തുവരവ്; 4. രഥം.
ആചരണീയ [സം. -ചരണീയ] വി. ആചരിക്കത്തക്ക, ഉചിതമായ.
ആചരിക്കുക [<സം. ആ-ചര്] ക്രി. 1. പ്രവർത്തിക്കുക, അനുഷ്ഠിക്കുക, ചെയ്യുക, ശീലിക്കുക; 2. നിർവഹിക്കുക; 3. വണങ്ങുക, വിനയം പ്രകടിപ്പിക്കുക, ആചാരോപചാരങ്ങൾ ചെയ്യുക; 4. അനുസരിക്കുക; 5. കൈക്കൊള്ളുക.
ആചരിത [സം. ആ-ചരിത] വി. ആചരിക്കപ്പെട്ട, അനുഷ്ഠിച്ച, ചെയ്ത.
ആചരിതം [സം.] നാ. 1. നടത്ത, പെരുമാറ്റം, നടപടിക്രമം; 2. കടംവീട്ടാനുള്ളമാർഗം.
ആചരിതവ്യ [സം. ആ-ചരിതവ്യ] വി. = ആചരണീയ.
ആചര്യ [സം. ആ-ചര്യ] വി. ആചരിക്കത്തക്ക, അനുഷ്ഠിക്കത്തക്ക.
ആചര്യചര്യൻ [സം. ആചര്യ-ചര്യ] നാ. അനുകരണീയമായ ആചാരനടപടികളോടുകൂടിയവൻ.
ആചാന്ത [സം. ആ-ചാന്ത < ചമ്] വി. ആചമനം ചെയ്യപ്പെട്ട, കുടിക്കപ്പെട്ട, കുലുക്കുഴിഞ്ഞുതുപ്പിയ.
ആചാമനകം, ആച- [സം. -ചാമനക] നാ. കോളാമ്പി, പടിക്കം.
ആചാമം [സം. -ചാമ] നാ. 1. ആചമിക്കൽ; 2. കുലുക്കുഴിയൽ; 3. കുലുക്കുഴിയാനുള്ള സ്ഥലം; 4. കഞ്ഞിവെള്ളം.

ആചാരക്കാരൻ [സം. ആചാര-മ. കാരൻ] നാ. ദൈവികമായ ഓരോ കർമം ചെയ്യുവാനുള്ള അർഹത (സ്ഥാനം) നേടിയ ആൾ, നാ. എമ്പ്രാൻ, വെളിച്ചപ്പാട്, കോമരത്താൻ മുതലായവർ.
ആചാരതന്ത്രം [സം. -തന്ത്ര] നാ. ബുദ്ധമതക്കാരുടെ തന്ത്രങ്ങളിൽ ഒന്ന്.
ആചാരദീപം [സം. -ദീപ] നാ. മങ്ങളകർമങ്ങൾക്ക് ഉഴിയുന്ന വിളക്ക്.
ആചാരപതിതൻ [സം. ആചാര-പതിതൻ] നാ. ആചാരമുറകൾ ലങ്ഘിച്ചു നടക്കുന്നവൻ.
ആചാരപുത്ര [സം. -പുത്ര] വി. ആചാരം വഴിക്കു പരിശുദ്ധമായി കണക്കാക്കപ്പെടുന്ന.
ആചാരഭാഷ [സം. -ഭാഷാ] നാ. എളിയനിലയിലുള്ളവർ വലിയനിലയിൽ ഉള്ളവരോടു സംഭാഷണം ചെയ്യുമ്പോൾ അവസ്ഥാഭേദം അനുസരിച്ച് ഉപയോഗിച്ചിരുന്ന ഭാഷാരീതി.
ആചാരഭ്രംശം [സം. -ഭ്രംശ] നാ. നാട്ടുനടപ്പു ലംഘിക്കൽ, സന്മാർഗത്തിൽനിന്നു വ്യതിചലിക്കൽ, കുലധർമത്തിൽനിന്നു ഭ്രംശിക്കൽ.
ആചാരഭ്രഷ്ടൻ [സം. -ഭ്രഷ്ട] നാ. ആചാരപതിതൻ.
ആചാരം [സം. ആ-ചാര] നാ. 1. നാട്ടുനടപ്പ്, കീഴ്‌വഴക്കം, പരമ്പരാഗതമായി ആദരിച്ചുപോരുന്ന നിയമം, നടപടിക്രമം, മര്യാദ, ചടങ്ങ്; 2. ഉപചാരം, വിനയം, കുശലപ്രശ്നം, അഭിവാദനം; 3. ധർമചര്യ, മതാനുഷ്ഠാനം; 4. നല്ലനടപടി; 5. പതിവുപണം, ചടങ്ങ്, ദക്ഷിണ മുതലായവ; 6. പ്രവൃത്തി, നടപടി. (പ്ര.) ആചാരം പറയുക, ആചാരഭാഷയിൽ സംസാരിക്കുക.
ആചാരശ്ലക്ഷ്ണൻ [സം. -ശ്ലക്ഷ്ണ] നാ. നടപടിശുദ്ധിയുള്ളവൻ.
ആചാരവത്ത് [സം. ആചാര-വത്] വി. സദാചാരനിഷ്ഠയുള്ള. നാ. (ആചാരവാൻ) സദാചാരനിഷ്ഠയുള്ളവൻ. (സ്ത്രീ) ആചാരവതി.
ആചാരവർജിത, -ഹീന [സം. -വർജിത, -ഹീന] വി. ആചാരങ്ങൾ വെടിഞ്ഞ.
ആചാരവാക്ക് [സം. -വാക്ക്] നാ. ആചാരഭാഷ, ഉപചാരവാക്ക്.
ആചാരി1 [സം. -ചാരിൻ] നാ. 1. ആചാരങ്ങൾ അനുസരിക്കുന്നവൻ; 2. ശ്രീവൈഷ്ണവബ്രാഹ്മണരുടെ ജാതിനാമം; 3. കോങ്കണബ്രാഹ്മണരിൽ വൈദികവിഭാഗത്തിൽപ്പെട്ടവരുടെ ജാതിനാമം.
ആചാരി2 [പാ. ആചാരിയ, സം. ആചാര്യ] നാ. ആശാരി.
ആചാരി3 [സം. -ചാരിൻ] വി. ആചാരം അനുസുന്നാരിക്കുന്ന. നാ. ഹിലമോചിക എന്ന ഓഷധി, ചീര.
ആചാരികം [സം. ആ-ചാരിക] നാ. ദിനചര്യ, ആരോഗ്യചര്യ, പഥ്യക്രമം.
ആചാര്യ [സം. ആചാര്യാ] നാ. സ്വയം ആചരിക്കുന്നവൾ, അധ്യാപിക.
ആചാര്യക [സം. ആചാര്യ-ക] വി. ആചാര്യനെ സംബന്ധിച്ച.
ആചാര്യകം [സം.] നാ. അധ്യാപനം, ആചാര്യൻെറ ജോലി, ആചാര്യപദവി.
ആചാര്യത, -ത്വം [സം. ആചാര്യ-താ, -ത്വ] നാ. ആചാര്യൻെറ പദവി.
ആചാര്യദേവൻ [സം. ദേവ] നാ. ഗുരുവിനെ ദേവനായിക്കരുതി പൂജിക്കുന്നവൻ.
ആചാര്യൻ [സം. ആചാര്യ] നാ. 1. വേദാദികൾ പഠിപ്പിക്കുന്നവൻ, ഗുരു, അധ്യാപകൻ, ഓതിക്കോൻ; 2. മതഗുരു, പുരോഹിതൻ; 3. ശാസ്ത്രോപജ്ഞാതാവ്; 4. ശില്പകല അറിയാവുന്നവൻ; 5. ഗുരുനാഥൻ; 6. (ജ്യോ) വ്യാഴം; 7. (ജ്യോ) ഒൻപതാംഭാവം.

ആചാര്യനിഷ്ക്രയം [സം. –നിഷ്ക്രയ] നാ. ഗുരുദക്ഷിണ.
ആചാര്യവ്യഞ്ജനൻ [സം. ആചാര്യ–വ്യഞ്ജന] നാ. ആചാര്യവേഷംപൂണ്ട ചാരൻ.
ആചാര്യാനി [സം. ആചാര്യാനി] നാ. ആചാര്യൻെറ പത്നി.
ആചാര്യോപസനം [സം. –ഉപാസന] നാ. ഗുരുസേവ.
ആചാളി നാ. കുറാശാണി, ആശാളി, ഒരങ്ങാടിമരുന്ന്.
ആചി (പ.മ.) [സം. ആശിസ്] നാ. ആശിസ്സ്.
ആചിത [സം. ആ–ചിത] വി. 1. ശേഖരിക്കപ്പെട്ട, സംഭരിക്കപ്പെട്ട; 2. കെട്ടപ്പെട്ട, കോർക്കപ്പെട്ട; 3. നെയ്യപ്പെട്ട, മൂടപ്പെട്ട; 4. നിറയ്ക്കപ്പെട്ട, ഭാരം കയറ്റപ്പെട്ട; 5. പതിക്കപ്പെട്ട; 6. വിരിക്കപ്പെട്ട.
ആചിതം [സം.] നാ. 1. ഒരുവണ്ടിയിൽ കയറ്റാവുന്ന ഭാരം, 20 തുലാം; 2. നൃത്യാദികളിൽ ശിരസ്സിനെ ചേഷ്ടിപ്പിക്കുന്ന വിധങ്ങളിൽ ഒന്ന്, ശിരസ്സുകുനിക്കാതിരിക്കൽ; 3. കുതിരയുടെ ഒരുതരം ചാട്ടം.
ആചൂഷണം [സം. ആ–ചൂഷണ <ചൂഷ്] നാ. 1. വലിച്ചുകുടിക്കൽ, ഉറുഞ്ചൽ; 2. (വൈദ്യ.) കപ്പുവച്ച് പഴുപ്പെടുക്കൽ, കൊമ്പുവയ്ക്കൽ.
209
ആച്ചന [< സം. ആജ്ഞാ] നാ. 1. ആജ്ഞ, കല്പന; 2. രാജാജ്ഞയനുസരിച്ചുള്ള കാവൽ.
ആച്ചൽ നാ. 1.തഞ്ചം, സൗകര്യം, പരിത:സ്ഥിതി, കാലാവസ്ഥ; 2. ആശ്വാസം; 3. ശീലം, സമ്പ്രദായം.
ആച്ചി [ത. ആയ്ച്ചി] നാ. 1. ഇടയസ്ത്രീ, ഗോപസ്ത്രീ; 2. അമ്മ; 3. അച്ഛൻെറ അമ്മ; 4. ഭാര്യയുടെ സഹോദരി, ഭാര്യ, സഹോദരൻെറ ഭാര്യ, ഭർതൃസഹോദരി, ഭർതൃസഹോദരഭാര്യ. (പുംലിം) ആയൻ.
ആച്ചിയാർ [ആച്ചി–ആർ] നാ. (പൂ.ബ.വ.) 1. ഇടയസ്ത്രീ; 2. വൈശ്യസ്ത്രീ.
ആച്ച്1 നാ. ആശ്വാസം, ശമനം, ഭേദം, കുറവ് (രോഗത്തിനും മറ്റും); 2. തഞ്ചം, തക്കം, അവസരം, സൗകര്യം. “ആച്ചു നോക്കിയേ കൂടുകെട്ടാവൂ” (പഴ); 3. കുറഞ്ഞവിലയ്ക്കു കിട്ടുക.
ആച്ച്2 [ആയുക] നാ. ആഞ്ഞടി, അടി, ആഘാതം, ഏശൽ.
ആച്ചുക ക്രി. 1. കനം നോക്കുക, തൂക്കുക; 2. പൊക്കുക, നീട്ടുക; 3. ആറ്റുക.
ആച്ചുകുട്ട [ആച്ച്–കുട്ട] നാ. ആറ്റാനുള്ള കുട്ട (കാച്ചിയ കരിമ്പിൻ നീരു കോരിയാറ്റാനുള്ള നീണ്ടകോലുള്ള കുട്ട).
ആച്ഛന്ന [സം. ആ–ഛന്ന < ഛദ്] വി. 1. ആച്ഛാദനം ചെയ്യപ്പെട്ട, മറയ്ക്കപ്പെട്ട, മൂടിയ; 2. വസ്ത്രം ധരിച്ച.
ആച്ഛാകം [സം. ആച്ഛാക] നാ. താന്നിമരം.
ആച്ഛാദനം [സം. –ഛാദന] നാ. 1. മറയ്ക്കൽ, ഒളിക്കൽ; 2. മൂടി, മറ, ഉറ; 3. വസ്ത്രം, ഉടുപ്പ്, കുപ്പായം.
ആച്ഛാദനി [സം. –ഛാദനി] നാ. 1. മറ; 2. വസ്ത്രം.
ആച്ഛാദം [സം. ആ–ഛാദ] നാ. വസ്ത്രം, ഉടുപ്പ്.
ആച്ഛാദിക്കുക [<സം. ആ–ഛാദ്] ക്രി. മറയ്ക്കുക, മൂടുക.
ആച്ഛാദിത [സം. –ഛാദിത] വി. മറയ്ക്കപ്പെട്ട, മൂടപ്പെട്ട, പുതയ്ക്കപ്പെട്ട.

ആച്ഛാദ്യ [സം. -ഛാദ്യ] അവ്യ. ആച്ഛാദനം ചെയ്തിട്ട്, മറച്ചിട്ട്. വി. മറയ്ക്കേണ്ട, മറയ്ക്കാവുന്ന.

ആച്ഛായ [സം. -ഛായ] നാ. ഖണ്ഡഛായ.

ആച്ഛിന്ന [സം. -ഛിന്ന< ഛിദ്] വി. 1. ഛേദിച്ചുകളഞ്ഞ; 2. നശിപ്പിച്ച, മാറ്റിയ, ഇല്ലാതാക്കിയ (ഇരുട്ടുപോലെ).

ആച്ഛുരിത [സം. -ഛുരിത< ഛൂര്] വി. 1. മറയ്ക്കപ്പെട്ട, മൂടപ്പെട്ട; 2. ചൊറിയപ്പെട്ട; 3. നഖങ്ങൾ തമ്മിലുരച്ചു കിറുകിറ ശബ്ദം പുറപ്പെടുവിച്ച; 4. കലർത്തപ്പെട്ട.

ആച്ഛേദന -നം [സം. -ഛേദന < ഛിദ്] നാ. 1. ഛേദിച്ചുകളയൽ, വെട്ടിമാറ്റൽ, നീക്കിക്കളയൽ; 2. ബലത്കാരമായി പിടിച്ചെടുക്കൽ, അപഹരിക്കൽ.

ആച്ഛോടനം [സം. -ഛോടന] നാ. ഞൊട്ടയൊടിക്കൽ.

ആച്ഛോദനം [സം. ആ-ഛോദന] നാ. നായാട്ട്.

ആജ [സം. < അജ] വി. ആടിനെസംബന്ധിച്ച, ആടിൽനിന്നുലഭിച്ച.

ആജകം [സം. ആജ-ക] നാ. ആട്ടിൻപറ്റം, ആട്ടിൻകിട.

ആജകാരം [സം. ആജകാര] നാ. ശിവൻെറ കാള, നന്ദി.

ആജഗര [സം. < അജ-ഗര] വി. അജഗരത്തെപ്പോലെയുള്ള.

ആജഗരവ്രതം [സം. ആജഗര-വ്രത] (പെരുമ്പാമ്പിനെപ്പോലെ) സ്വയം വന്നുചേരുന്ന ഭോഗങ്ങൾകൊണ്ടു തൃപ്തിപ്പെട്ടു കഴിഞ്ഞുകൂടുക.

ആജഗവം [സം.] നാ. 1. ശിവൻെറ വില്ല്; 2. ശിവൻെറ വില്ലിനോടു സദൃശമായ വില്ല്.

ആജനനം [സം. ആ-ജനന] അവ്യ. ജനനം മുതൽക്ക് നാ. ഉന്നതകുലത്തിലുള്ള ജനനം.

ആജനി [സം. -ജനി] നാ. തെളിക്കാനുള്ള കമ്പ്.

ആജന്മം [സം. -ജന്മ] അവ്യ. ജനനം മുതൽക്ക്.

ആജന്മവൈരം [സം. ആജന്മ-വൈര] നാ. ജനനം മുതൽക്കുള്ള വൈരം.

ആജം [സം. < അജ] നാ. 1. ആട്ടിൻ പാൽ; 2. കമ്പിളി, ആട്ടുരോമംകൊണ്ട് ഉണ്ടാക്കിയ വസ്ത്രം; 3. ഉരുക്കുനെയ്യ്.

ആജമീഢൻ [സം. < അജമീഢ] നാ. അജമീഢൻെറ വംശത്തിൽ പിറന്നവൻ, ധർമപുത്രർ.

ആജയനം [സം. ആ-ജയന] നാ. 1. യുദ്ധം; 2. തോല്പിക്കൽ.

ആജവനം [സം. -ജവന < ജു] നാ. 1. പാഞ്ഞുകയറ്റം; 2. ആക്രമണം.

ആജാതി [സം. -ജാതി] നാ. ഉത്പത്തി, ജനനം.

ആജാനജ [സം. -ജാന-ജ] വി. സൃഷ്ടിമുതൽക്ക് ഉണ്ടായ.

ആജാനം [സം. -ജാന] നാ. 1. ജന്മഭൂമി; 2. ദേവലോകം; 3. ജനനം. അവ്യ. സൃഷ്ടികാലം മുതൽക്ക്

ആജാനമനോഹരം [സം. ആജാന-മനോഹര] വി. പ്രകൃത്യാ മനോഹരം

ആജാനി [സം. ആജ-നി] നാ. 1. ജനനം, ഉന്നതകുലജനനം, ആഭിജാത്യം, മാതാവ്; 2. വംശക്രമം.

ആജാനു [സം. -ജാനു] അവ്യ. കാൽമുട്ടുവരെ.

ആജാനുബാഹു [സം. ആജാനു-ബാഹു] നാ. 1. കാൽമുട്ടുവരെ നീണ്ട കൈകളോടു കൂടിയവൻ; 2. വീരൻ.

ആജാനേയ [സം. ആ-ജാനേയ] വി. 1. നല്ല ജാതിയിൽപ്പെട്ട (കുതിരയെപ്പറ്റി പറയുമ്പോൾ); 2. നല്ല കുലത്തിൽ പിറന്ന; 3. നിർഭയമായ.
ആജാനേയം [സം.] നാ. നല്ല ജാതിയിൽപ്പെട്ട കുതിര.
ആജി1 [സം. < അജ്] ന. 1. യുദ്ധം, യുദ്ധഭൂമി; 2. കുതിരപ്പന്തയസ്ഥലം, പരന്ന ഭൂമി; 3. അതിര്; 4. റോഡ്, വഴി; 5. ക്ഷണം; 6. ശകാരം
ആജി2 [< അറ. ഹാജി] നാ. = ഹാജി.
ആജിക്രിയ [സം. ആജി-ക്രിയാ] നാ. യുദ്ധം.
ആജിഗീഷു [സം. ആ-ജിഗീഷു] വി. ജയത്തിൽ ആഗ്രഹമുള്ള, കീഴടക്കാൻ ആഗ്രഹിക്കുന്ന.
ആജിരി, ആജിരേയ [സം. < അജിര] വി. മുറ്റത്തുള്ള.
ആജിശൂര [സം. ആജി-ശൂര] വി. യുദ്ധത്തിൽ ശൂരതകാട്ടുന്ന നാ. ആജിശൂരൻ.
ആജീവകഫലം [സം. -ജീവക] ന. പേയത്തി.
ആജീവകൻ [സം. -ജീവക] നാ. 1. ആലോചിച്ച് ജീവിതവൃത്തി കഴിക്കുന്നവൻ; 2. ഒരു വിഭാഗം (അവൈദിക) സന്ന്യാസി.
ആജീവന [സം. -ജീവന] നാ. ഉപജീവനം.
ആജീവനാന്തം [സം. -ജീവന-അന്ത] അവ്യ. ജീവിതാവസാനം വരെ.
ആജീവം1 [സം. ആ-ജീവ] നാ. ഉപജീവനം, ഉപജീവനമാർഗം, ജീവിതവൃത്തി, തൊഴിൽ.
ആജീവം2 [സം. -ജീവ] അവ്യ. ജീവൻ ഉള്ളതുവരെ
ആജീവി [സം. -ജീവിൻ] വി. ഉപജീവനത്തിനു മാർഗമുള്ള നാ. ഭിക്ഷക്കാരിൽ ഒരുവർഗം, ഏകദണ്ഡി.
ആജീവിക [സം. -ജീവികാ] നാ. ജീവിതമാർഗം, തൊഴിൽ.
ആജീവ്യ [സം. -ജീവ്യ] വി. 1. ഉപജീവനമാർഗമായി കൈക്കൊള്ളാവുന്ന; 2. ഫലപുഷ്ടിയുള്ള.
ആജീവ്യം [സം. -ജീവ്യ] നാ. ഉപജീവനോപായം.
ആജൂ [സം. ആജൂ] നാ. 1. നരകത്തിലേക്ക് തള്ളിയിടൽ, വിഷ്ടി; 2. കൂലിയില്ലാത്തവേല; 3. കൂലിയില്ലാതെ വേലചെയ്യുന്നവൻ.
ആജ്ഞ [സം. ആ-ജ്ഞാ] നാ. 1. കല്പന, ഉത്തരവ്, നിയോഗം; 2. അനുമതി, സമ്മതം; 3. ഷട്ചക്രങ്ങളിൽ ഒന്ന്, ആജ്ഞാചക്രം; 4. (ജ്യോ) പത്താംഭാവം.
ആജ്ഞപ്ത [സം. -ജ്ഞപ്ത] വി. ആജ്ഞാപിക്കപ്പെട്ട, കല്പിക്കപ്പെട്ട.
ആജ്ഞപ്തി [സം. -ജ്ഞപ്തി] നാ. കല്പന, ഉത്തരവ്.
ആജ്ഞപ്തിഹരൻ [സം. ആജ്ഞപ്തി-ഹര] നാ. ദൂതൻ
ആജ്ഞപ്പേർ [സം. ആജ്ഞാ-മ.പേർ] നാ. കല്പന നടത്തുന്ന ആൾ.
ആജ്ഞാകരണം [സം. -കരണ] നാ. കല്പന നിർവഹിക്കൽ.
ആജ്ഞാകരൻ [സം. -കര] നാ. ഭൃത്യൻ.
ആജ്ഞാകാരി [സം. -കാരിൻ] നാ. ആജ്ഞാകാരൻ, (സ്ത്രീ) ആജ്ഞാകാരിണി.
ആജ്ഞാചക്രം [സം. -ചക്ര] തന്ത്രങ്ങളിൽ പ്രതിപാദിതമായ ഷട്ചക്രങ്ങളിൽ ഒന്ന്, പുരികങ്ങൾക്കു മധ്യേയുള്ളചക്രം.

ആജ്ഞാധി [സം. -ആധി] നാ. ആധി (പണയം) നാലുവിധമുള്ളതിൽ ഒന്ന്, നിർദേശപ്രകാരം കെട്ടിവയ്ക്കുന്ന പണയത്തുക.
ആജ്ഞാനം [സം. ആ-ജ്ഞാന] നാ. ഈശ്വരഭാവം, ദർശനം.
ആജ്ഞാനുഗാമി [സം. ആജ്ഞാ-അനുഗാമിൻ] നാ. ആജ്ഞയനുസരിക്കുന്നവൻ. (സ്ത്രീ) ആജ്ഞാനുഗാമിനി.
ആജ്ഞാനുസാരം [സം. -അനുസാര] അവ്യ. ആജ്ഞപ്രകാരം, കല്പനയനുസരിച്ച്.
ആജ്ഞാപകൻ [സം.] നാ. ആജ്ഞാപിക്കുന്നവൻ, ഭരണാധികാരി.
ആജ്ഞാപത്രം [സം. ആജ്ഞാ-പത്ര] നാ. 1. രേഖാമൂലമായ ഉത്തരവ്; 2. രാജശാസനം, നീട്ട്, സർക്കാർ ഉത്തരവ്.
ആജ്ഞാപനം [സം. ആ-ജ്ഞാപന] നാ. ആജ്ഞാപിക്കൽ, ഉത്തരവുകൊടുക്കൽ, പ്രസിദ്ധീകരിക്കൽ.
ആജ്ഞാപിക്കുക [<സം. ആ-ജ്ഞപ്] ക്രി. കല്പിക്കുക, ഉത്തരവാകുക.
ആജ്ഞാപിത [സം. -ജ്ഞാപിത] വി. ആജ്ഞാപിക്കപ്പെട്ട, കല്പിക്കപ്പെട്ട.
ആജ്ഞാപ്യൻ [സം. -ജ്ഞാപ്യ] നാ. വിധേയൻ, ദാസൻ.
ആജ്ഞാപ്രതിഘാതം [സം. ആജ്ഞാ-പ്രതിഘാത] നാ. കല്പന ലംഘിക്കൽ, അനുസരണയില്ലായ്മ, ലഹള.
ആജ്ഞാഭങ്ഗം [സം. -ഭങ്ഗ] നാ. ആജ്ഞാലംഘനം.
ആജ്ഞായി [സം. ആ-ജ്ഞായിൻ] വി. ദർശിക്കുന്ന, അറിയുന്ന. നാ. അറിയുന്നവൻ, ഗ്രഹിക്കുന്നവൻ.
ആജ്ഞാലംഘകൻ [സം. ആജ്ഞാ-ലങ്ഘക] നാ. ആജ്ഞയെ അനുസരിക്കാത്തവൻ, കല്പനയ്ക്കെതിരെ പ്രവർത്തിക്കുന്നവൻ.
ആജ്ഞാലംഘനം [സം. -ലങ്ഘന] നാ. കല്പന മറുത്തു പ്രവർത്തിക്കൽ, ഉത്തരവിനെ ധിക്കരിക്കൽ.
ആജ്ഞാവശൻ [സം. -വശ] നാ. കല്പനയനുസരിച്ചു പ്രവർത്തിക്കുന്നവൻ.
ആജ്ഞാവഹൻ [സം. -വഹ] നാ. ഭൃത്യൻ, അനുസരണയുള്ളവൻ.
ആജ്ഞാവാഹി [സം. -വാഹിൻ] വി. ആജ്ഞയെ വഹിക്കുന്ന.
ആജ്ഞാവിധേയ [സം. -വിധേയ] വി. ആജ്ഞ അനുവർത്തിക്കുന്ന.
ആജ്യന്തം [സം. അജി-അന്ത] നാ. കുതിരപ്പന്തയത്തിൽ കുതിരകൾ ഓടിയെത്തേണ്ട സ്ഥലം, ലക്ഷ്യം.
ആജ്യപൻ [സം. ആജ്യ-പ] നാ. 1. നെയ് കുടിക്കുന്നവൻ; 2. പിതൃക്കളിൽ ഒരു വിഭാഗം.
ആജ്യഭാഗം [സം. -ഭാഗ] നാ. ഹോമത്തിനുപയോഗിക്കുന്ന നെയ്യുടെ ഒരുഭാഗം.
ആജ്യഭുക്ക് [സം. -ഭുക് < ഭുജ്] നാ. അഗ്നി.
ആജ്യം [സം. < അഞ്ജ്] നാ. 1. നെയ്യ്, ഉരുക്കുനെയ്യ്; 2. (ഹോമത്തിൽ) നെയ്യ്ക്കു പകരം ഉപയോഗിക്കുന്ന നെയ്യുംപാലും കലർത്തിയത്; 3. ടർപ്പൻടൈൻ.
ആജ്യസംസ്കാരം [സം. ആജ്യ-സംസ്കാര] നാ. ഹോമത്തിനുള്ള നെയ്യ് ശുദ്ധിയാക്കൽ.
ആജ്യസ്ഥാലി [സം. -സ്ഥാലി] നാ. നെയ്യ് വയ്ക്കുന്ന പാത്രം
ആജ്യാഹുതി [സം. -ആഹുതി] നാ. നെയ്യുകൊണ്ടുള്ള ഹോമം.
ആഞ്ഛ നാ. = ആഞ്ഛാൻ.

ആഞ്ചക്കംബം [ആഞ്ചാൻ–പ്രാ. ഖംഭ = തൂൺ] നാ. 1. ആഞ്ചാൻ; 2. പാമരം.
ആഞ്ചനം [സം.] നാ. വലിച്ചെടുക്കൽ, ദേഹത്തിൽതറച്ച മുള്ളുമുതലായവ വലിച്ചെടുക്കൽ.
ആഞ്ചാൻ നാ. 1. പാമരത്തിൽ പായ് തൊടുത്തിയിടാനുള്ള കയറ്, പാക്കയറ്, ആഞ്ചാൽ; 2. തൂക്കിയിടുന്ന ഓലച്ചെറ്റ; 3. കപ്പിക്കയറ്; 4. തോണിക്കയറ്; 5. ചുള്ളിക്കമ്പ്, ചില്ല.
ആഞ്ചാൽ, ആഞ്ചാല നാ. 1. പാക്കയറ്; 2. കുറ്റംചെയ്തവരെ കെട്ടിത്തൂക്കിയിടുന്നതിനുള്ള കയറ്, (പണ്ടു കുടിപ്പള്ളിക്കൂടത്തിൽ ഉണ്ടായിരുന്നത്)
ആഞ്ചാലി നാ. ആഞ്ചാൽ.
ആഞ്ചുക ക്രി. ആയുക, കുനിയുക, മുമ്പോട്ടു ചായുക, മുമ്പോട്ട് ആയം പിടിക്കുക, മുമ്പോട്ട് കുതിക്കുക.
ആഞ്ഛനം [സം.] നാ. (ഒടിഞ്ഞ എല്ലും മറ്റും) പിടിച്ചുനേരേവയ്ക്കൽ, നിവർത്തുവയ്ക്കൽ.
ആഞ്ജനം [സം. < അഞ്ജന] നാ. അഞ്ജനം, കൺമഷി.
ആഞ്ജനേയൻ [സം. < അഞ്ജനാ] നാ. അഞ്ജനയുടെ പുത്രൻ, ഹനുമാൻ.
ആഞ്ജലിക്യം [സം. < അഞ്ജലിക] നാ. അഞ്ജലിബന്ധം, കൂപ്പുകൈ.
ആഞ്ഞ1 [സം. < ആയുക] (ഭൂ.പേരെച്ചം) വി. 1. മുന്നോട്ടു ചായാൻ മുതിർന്ന, ചാഞ്ഞ, കുനിഞ്ഞ, അടുത്ത; 2. നീണ്ടുതൂങ്ങുന്ന.
211
ആഞ്ഞ2 [ആയുക] (വ്യാക.)ഭൂതകാലനിഷേധപേരച്ചപ്രത്യയം
ആഞ്ഞപ്പേർ (പ.മ.) [ആഞ്ഞ < സം. ആജ്ഞ–മ.പേർ] നാ. (രാജാവിൻെറ) ആജ്ഞ നടത്തുന്നവൻ
ആഞ്ഞലി നാ. ആഞ്ഞിലി.
ആഞ്ഞാൽ നാ. ഊഞ്ഞാൽ കെട്ടുന്നതിനായി രണ്ടു മരങ്ങളിലായി കുറുകെക്കെട്ടുന്ന മുകൾവടം.
ആഞ്ഞിപ്പോത്ത് നാ. കാഞ്ഞിപ്പോത്ത്, കടൽച്ചൊറി, ജല്ലി ഫിഷ്.
ആഞ്ഞിലി നാ. പ്ലാവിൻെറ ഇനത്തിൽപ്പെട്ട ഒരു വലിയ വൃക്ഷം, അയിനി.
ആഞ്ഞിലിച്ചക്ക [ആഞ്ഞിലി–ചക്ക] നാ. ആഞ്ഞിലിയുടെ കായ്.
ആഞ്ഞിലിപ്പോട്ട [ആഞ്ഞിലി–പോട്ട] നാ. ആഞ്ഞിലിയുടെ ആൺപൂവ്, ആഞ്ഞിലിത്തിരി.
ആഞ്ഞു1 [ആയുക] ക്രി. (ഭൂതകാലം) മുന്നോട്ടു കുനിഞ്ഞു.
ആഞ്ഞു2 "ആ" (നിഷേധപ്രത്യയം) "ഞ്ഞു" (ഭൂതകാലപ്രത്യയം). ചെയ്യാതിരുന്നതുകൊണ്ടോ, സാധിക്കാത്തതുകൊണ്ടോ.
ആട1 [സം. ശാട] നാ. 1. വസ്ത്രം; 2. പാൽപ്പാട; 3. (വിത്തിലെ) ബീജപത്രങ്ങളെ ആവരണം ചെയ്യുന്ന നേരിയതൊലി; 4. തേനീച്ച തേൻ ശേഖരിക്കുന്ന അറ, തേനറ, അട.
ആട2 നാ.കാള, പശു മുതലായവയുടെ കഴുത്തിൽ നീളെ തൂങ്ങിക്കിടക്കുന്ന തൊലി, താട, ആടപ്പനി = കാലികൾക്കുണ്ടാകുന്ന ഒരു രോഗം.
ആടകം1 [<സം. ഹാടക] നാ. സ്വർണം, പൊന്ന്.
ആടകം2 [<സം. ആഢക] നാ. ഒരളവ്, നാലുനാഴി, ആടം.
ആടമരം നാ. തല്ലിക്കാമരം, നാട്ടുബദാം.

ആടരവക്കൊടി [ആട്-അരവം-കൊടി] നാ. ആടുന്ന പാമ്പ് കൊടിയടയാളമായിട്ടുള്ളവൻ, ദുര്യോധനൻ.
ആടരവം [ആട്-അരവം] നാ. ആടുന്ന പാമ്പ്.
ആടരുഷ(കം) [സം.] നാ. = ആടലോടകം
ആടൽ1 [ആടുക] നാ. 1. ഇളക്കം, ആട്ടം, തുടർച്ചയായി അങ്ങോട്ടും ഇങ്ങോട്ടും ഉള്ള ചലനം; 2. ആട്ടം, നൃത്തം; 3. മനസ്സിനുവരുന്ന ആട്ടം, ചാഞ്ചല്യം, ദു:ഖം, അല്ലൽ, ഉത്കണ്ഠ, മനോവേദന, വല്ലായ്മ, വിഷമം; 4. അരയൽ; 5. സ്നാനം, പുരളൽ.
ആടൽ2 നാ. യുദ്ധം, ജയം.
ആടൽപ്പാട് [ആടൽ-പാട്] നാ. അല്ലൽ, കഷ്ടപ്പാട്, ദു:ഖം, അഴൽപ്പാട്.
ആടലോടകം നാ. ഒരു ഔഷധച്ചെടി.
ആടവാണിയൻ നാ. തുണിക്കച്ചവടക്കാരൻ.
ആടവിക [<സം. അടവി] വി. അടവിയെ സംബന്ധിച്ച, കാട്ടിലുള്ള.
ആടാചാക്യാർ നാ. തൻെറജോലിയിൽ താത്പര്യമില്ലാത്തവൻ.
ആടി1 [<സം.ആഷാഢ] നാ. കർക്കടകമാസം. (പ്ര.) ആടികടത്തുക = പാടെഉപേക്ഷിക്കുക; ആടിക്കൊരിക്കൽ = വല്ലപ്പോഴും ഒരിക്കൽ.
ആടി2 നാ. (സമാസാന്തത്തിൽ) ആടുന്നവൻ, നർത്തകൻ. ഉദാ: കൂത്താടി.
ആടി3 നാ. 1. താറാവ്; 2. കൊക്ക്; 3. ഒരുതരം മത്സ്യം; 4. കാറ്റ്
ആടിക, ആടിക്യ [സം. < അട്] ചുറ്റിനടക്കുന്ന, സഞ്ചരിക്കാൻ അർഹയായസ്ത്രീ.
ആടികി [സം. ആടികി] നാ. (പ്രായപൂർത്തിയാവാത്തതിനാൽ പുറത്തു) സ്വതന്ത്രമായി സഞ്ചരിക്കുന്നവൾ, ബാലിക.
ആടിക്കാലം നാ. കർക്കിടകമാസം, മഴക്കാലം.
ആടിക്കാഴ്ച [ആടി -കാഴ്ച] നാ. മുൻകാലത്തു തിരുവിതാങ്കൂറിൽ കർക്കിടകക്കൊയ്ത്തു കഴിയുമ്പോൾ കുടിയാന്മാർ ജന്മിക്കു സമർപ്പിക്കാറുണ്ടായിരുന്ന കാണിക്ക.
ആടിക്കുക [ആടുക > പ്രയോ.] ക്രി. 1. ആടാൻ പ്രേരിപ്പിക്കുക, നൃത്തംചെയ്യിക്കുക; 2. അഭിനയിപ്പിക്കുക; 3. ആടത്തക്കവണ്ണം ചെയ്യുക, ആട്ടുക; 4. ചെയ്യിക്കുക, നടത്തിക്കുക, കൊടുപ്പിക്കുക; 5. പുരട്ടുക, പൂശുക.
ആടിത്തിങ്കൾ [ആടി-തിങ്കൾ] നാ. ആടിമാസം, കർക്കടകമാസം.
ആടിമുഖം [സം.] നാ. രക്തം എടുത്തുകളയുന്നതിനുള്ള ഒരുപകരണം.
ആടിയറുതി [ആടി-അറുതി] നാ. ആടിമാസത്തിൻെറ അവസാനം.
ആടിയെണ്ണ [ആടിയ-എണ്ണ] നാ. ദേവനെ അഭിഷേകംചെയ്ത എണ്ണ.
ആടീകനം [സം. ആ-ടീകന] നാ. കന്നുകുട്ടിയുടെ കൂത്താട്ടം.
ആടീകരം [സം. ആടീകര] നാ. കാള.
ആട് നാ. കന്നുകാലികളെക്കാൾ ചെറിയതും അയവിറക്കുന്നതുമായ ഒരു നാൽക്കാലിമൃഗം, അജം. "ആടിനറിയുമോ അങ്ങാടിവാണിഭം?" (പഴ.). (പ്ര.) ആട്ടിൻതോലണിഞ്ഞചെന്നായ് = ശുദ്ധൻെറ ഭാവം കാണിക്കുന്ന ദുഷ്ടൻ.
ആടുക1 ക്രി. 1. അങ്ങോട്ടുമിങ്ങോട്ടും ചലിക്കുക, ഇളക്കുക; 2. നൃത്തംചെയ്യുക, കഥ അഭിനയിക്കുക; 3. പുരളുക, പറ്റുക; 4. അഭിഷേകംചെയ്യുക; 5. കുളിക്കുക; 6. കളിക്കുക; 7. അടുത്തുപെരുമാറുക; 8. ചക്കിൽക്കിടന്ന് അരയുക; 9. കൊണ്ടാടുക, ഘോഷിക്കുക; 10. ക്ഷീണിക്കുക,

ധൈര്യംവിടുക, മനസ്സിളകുക, പതറുക; 11. ശക്തിക്ഷയിക്കുക, ദുർബലമാക്കുക; 12. തുടിക്കുക, സ്പന്ദിക്കുക; 13. വീശുക; 14. സഞ്ചരിക്കുക.
ആടുക2 ക്രി കൊല്ലുക, ജയിക്കുക, പാകംചെയ്യുക.
ആടുകാൽ [ആടു-കാൽ] നാ. വിറയൽ, പരിഭ്രമം.
ആടുതൻ, ആട്സ്സ് [<ഇം. ദനൻറത്സഡ ] നാ. കളിച്ചീട്ടിൽ ഒരിനം, ഹൃദയചി മുള്ളത്, ആഢ്യൻ, ഹാർട്സ്.
ആടുതൽ, ആടുതലി [ഷ ഇം. ṁബത്സന്രത്സRsത] നാ. മേലുദ്യോഗസ്ഥൻെറ ആജ്ഞാനുവർത്തിയായി അകമ്പടിസേവിക്കുന്ന താണജീവനക്കാരൻ, തവണക്കാരൻ.
ആടുതിന്നപ്പാല, -തീണ്ടാപ്പാല, -തൊടാപ്പാല, -കൊട്ടപ്പാല നാ. വേലിപ്പരുത്തി.
ആടുതൊടാപ്പച്ച [ആടു-തൊടാ-പച്ച] നാ. ദുർഗന്ധമുള്ള ഒരു ചെടി, നാച്ചറപ്പച്ച, നരച്ചപച്ച.
ആടുനീര് [ആട്-നീര്] നാ. കുളിക്കാനുള്ള വെള്ളം.
ആടുമരുത് നാ. താന്നിമരം.
ആടുമാടുകൾ [ആട്-മാട്-കൾ] നാ. (ബ.വ.) ആടുകളും കന്നുകാലികളും.
ആടുവള്ളിത്തമ്പുരാൻ നാ. കാണിക്കാർ പൂജിക്കുന്ന ഒരു ദേവത.
ആടേ നാ. അവിടെ.
ആടോപം [സം.] നാ. 1. ഗർവം, അഹങ്കാരം, ദംഭം, ദുരഭിമാനം; 2. ആഡംബരം, പ്രൗഢി, പ്രതാപപ്രകടനം; 3. വീക്കം, ഊതിവീർപ്പ്; 4. വയറുപെരുക്കം.
ആട്ചിപ്പാട്ടം (പ.മ.) [ആട്ചി-പാട്ടം] നാ. വസ്തുക്കളും മറ്റും പിൻതുടർച്ചവഴിക്കു കൈവശംവരുമ്പോൾ കൊടുക്കുന്ന കരം.
ആട്ട1 [<ആണ്ട്] വി. ആണ്ടുതോറുമുള്ള, വാർഷികമായ.
ആട്ട2 [ഹി. ആടാ] നാ. ഗോതമ്പുമാവ്, (ഏതെങ്കിലും) ധാന്യം പൊടിച്ചത്.
ആട്ടകം [ആട്-അകം] നാ. കുളിമുറി.
ആട്ടക്ക നാ. ആട്ടങ്ങ, കാട്ടുവെള്ളരിക്ക.
ആട്ടക്കഥ [മ.ആട്ടം-സം. കഥാ] നാ. ആട്ടമായി അവതരിപ്പിക്കാൻ തക്കവണ്ണം തയ്യാറാക്കിയിട്ടുള്ള കഥ.
ആട്ടക്കന്നി [ആട്ട-കന്നി] നാ. ആണ്ടുതോറും പെറുന്ന പശു.
ആട്ടക്കല്ലിക്കായ് [ആട്ട-കല്ലി-കായ്] നാ. വലിയ കക്ക.
ആട്ടക്കളം [ആട്ടം-കളം] നാ. 1. ആടാനുള്ളസ്ഥലം, കഥകളിനടത്തുന്ന അരങ്ങ്; 2. ഓണത്തല്ല്, ഒരു നാടൻ കളി.
ആട്ടക്കളി [ആട്ടം-കളി] നാ. തലപ്പന്തുകളി.
ആട്ടക്കാരൻ [ആട്ടം-കാരൻ] നാ. 1. കഥകളിനടൻ; 2. ആടുന്നവൻ, നർത്തകൻ, അഭിനയിക്കുന്നവൻ, നടൻ; 3. ആറ്റക്കുരുവിയോളം വലുപ്പമുള്ള ഒരു പക്ഷി.
ആട്ടക്കാരി നാ.1. ആടുന്നവൾ, നർത്തകി; 2. തോന്നിയവാസക്കാരി, കുഴഞ്ഞാടുന്നവൾ.
ആട്ടക്കൈ [ആട്ടം-കൈ] നാ. കഥകളിയിലെ ഹസ്തമുദ്ര, മുദ്രക്കൈ.
ആട്ടക്കൊട്ടിൽ [ആട്ടം-കൊട്ടിൽ] നാ. നാടകശാല, കഥകളിയും നൃത്തവും മറ്റും നടത്താനുള്ള ശാല.
ആട്ടങ്ങ നാ. കാട്ടുവെള്ളരിക്ക, ആണ്ടങ്ങ.

ആട്ടത്തിരുനാൾ [ആട്ട < ആണ്ട്-തിരു-നാൾ] നാ. ആണ്ടുതോറും വരുന്ന പിറന്നാൾ (രാജാവിൻെറയും മറ്റും), രാജകീയജന്മദിനം.
ആട്ടപ്പടി വി. തന്നാണ്ടത്തേക്കു അനുവദിച്ചിട്ടുള്ള (തുക).
ആട്ടപ്പാട്ട് [ആട്ടം-പാട്ട്] നാ. കഥകളിപ്പദം
ആട്ടപ്പിറന്നാൾ [ആട്ട-പിറന്നാൾ] നാ. ആണ്ടുതോറും വരുന്ന ജന്മനക്ഷത്രം.
ആട്ടപ്പെട്ടി [ആട്ടം-പെട്ടി] നാ. ആട്ടക്കോപ്പുകൾ സൂക്ഷിക്കുന്ന പെട്ടി.
ആട്ടപ്രകാരം [മ. ആട്ടം- സം. പ്രകാരം] നാ. ആടാനുള്ള രീതി, ചാക്യാന്മാർ കൂത്തിനും കൂടിയാട്ടത്തിനും ഉപയോഗിച്ചിരുന്ന പ്രബന്ധങ്ങൾ, ആടുന്നതിനുള്ള നിർദേശങ്ങൾ ഉൾക്കൊള്ളുന്ന കൃതി.
ആട്ടബലി [മ. ആട്ട- സം. ബലി] നാ. ആണ്ടുശ്രാദ്ധം, മാസതിഥി, ആണ്ടുതോറുമുള്ള ബലി.
ആട്ടം നാ. 1. അങ്ങോട്ടും ഇങ്ങോട്ടും ഉള്ള ഉലച്ചിൽ; 2. നൃത്തം, കൂത്ത്; 3. കഥകളി; 4. ചാഞ്ചല്യം, സംശയം; 5. കുലുക്കം, ഇളക്കം; 6. ചതയ്ക്കൽ, അരയ്ക്കൽ; 7. കളി; 8. തവണ, പ്രാവശ്യം.
ആട്ടമൈ [ആണ്ട്-അമൈ] ഒരാണ്ടു പ്രായംചെല്ലാത്ത മുള.
ആട്ടമ്മി [ആട്-അമ്മി] നാ. ആട്ടുകല്ലിൻെറ അമ്മി.
ആട്ടവിശേഷം [മ. ആട്ട - സം. വിശേഷം] നാ. (ക്ഷേത്രങ്ങളിലും മറ്റും) ആണ്ടുതോറും നടത്തുന്ന പ്രത്യേകവിശേഷം, വാർഷികോത്സവം.
ആട്ടവിളക്ക് [ആട്ടം-വിളക്ക്] നാ. കഥകളി നടത്തുമ്പോൾ അരങ്ങത്തു വയ്ക്കുന്ന വലിയ നിലവിളക്ക്.
ആട്ടശ്രാദ്ധം [മ. ആട്ട - സം. ശ്രാദ്ധ] നാ. ആട്ടബലി.
ആട്ടാണ്ട് [ആട്ട-ആണ്ട്] അവ്യ. ആണ്ടോടാണ്ട്, ആണ്ടുതോറും, പ്രതിവർഷം.
ആട്ടാല1 [ആട്ട-ആല] നാ. ചക്കിൻെറ മേൽക്കൂര, ചക്കു സ്ഥാപിച്ചിട്ടുള്ള പുര.
ആട്ടാല2 [ആട്-ആല] നാ. 1. ആടുകളെ അടയ്ക്കുന്ന ആല; 2. അട്ടാലം.
ആട്ടാൻപുഴു നാ. തൊട്ടാൽ ചൊറിച്ചിലുണ്ടാക്കുന്ന ഒരിനം പുഴു.
ആട്ടാൾ [ആട്-ആൾ] നാ. ആട്ടിടയൻ.
ആട്ടി1 നാ. ആട്ടുന്നവൻ, കളിപ്പിക്കുന്നവൻ (സമാസാന്തത്തിൽ) ഉദാ: പാമ്പാട്ടി.
ആട്ടി2 (ആൾ-ത്തി] (വ്യാക.) ഒരു സ്ത്രീലിംഗപ്രത്യയം.
ആട്ടി3 [ആട്ടുക] (മുൻവിന.) തെളിച്ച്, ഓടിച്ച്.
ആട്ടിക്കടിയൻ നാ. കുറുക്കൻ (നായാട്ടുഭാഷ)
ആട്ടിക്കളയുക [ആട്ടി3-കളയുക] ക്രി. വിരട്ടിഓടിക്കുക, ഭർത്സിച്ചു ദൂരെയാക്കുക
ആട്ടിങ്കല്ല് നാ. ഗോരോചന.
ആട്ടിടയൻ [ആട്-ഇടയൻ] നാ. ആടുമേയ്ക്കുന്നവൻ, അജപാലകൻ.
ആട്ടിൻകിട നാ. ആട്ടിൻപറ്റം.
ആട്ടിൻപെട്ട നാ. 1. ആട്ടിൻതൊഴുത്ത്; 2. അടിമകൾ കൂലിവാങ്ങാൻ നിൽക്കുന്ന സ്ഥലം.
ആട്ടിപ്പായിക്കുക [ആട്ടി-പായിക്കുക] ക്രി. ആട്ടിക്കളയുക.
ആട്ടിപ്പിടിക്കുക [ആട്ടി-പിടിക്കുക] ക്രി. ഓടിച്ചുപിടിക്കുക.
ആട്ട്1 [<ആട്ടുക] നാ. 1. താറ്റൽ, പുച്ഛരിച്ചു നീരസത്തോടും കോപത്തോടും കൂടി ഫാ, ഛീ, ഛേ, ഛട് എന്ന് ഏതെങ്കിലും ശബ്ദം ഉച്ചത്തിൽ

ഉച്ചരിക്കൽ, വിരട്ടിഓടിക്കൽ, ശകാരം; 2. ആട്ടൽ; 3. കാടിളക്കൽ; 4. ഉച്ചാടനം, മാറിപ്പോകാനുള്ള വിളി, വഴിയാട്ട്; 5. മണ്ണാന്മാർ കഴിക്കുന്ന ഒരു പൂജാകർമം.

ആട്ട്2 [ആടുക] നാ. അഭിഷേകം, കുളി. ഉദാ: നീരാട്ട്.

ആട്ടുക [ആടുക > പ്രയോ.] ക്രി. 1. അങ്ങോട്ടുമിങ്ങോട്ടും ആട്ടുന്നതിനു ഇടയാകുക, ആടിക്കുക, ഉലയ്ക്കുക, ഇളക്കുക; 2. എണ്ണയോ മറ്റോ എടുക്കുവാൻ ചക്കിൽ ഇട്ട് അരയ്ക്കുക; 3. നീരസം, കോപം തുടങ്ങിയ വികാരങ്ങളെ ദ്യോതിപ്പിച്ചുകൊണ്ടു ഫൂ, ഛേ, ഛീ എന്നിങ്ങനെ ഉച്ചത്തിൽ ഉച്ചരിച്ചുകൊണ്ടു വിരട്ടുക, അകറ്റിഓടിക്കുക, പായിക്കുക; 4. മേയ്ക്കുക, തെളിക്കുക, നയിക്കുക, പിടിച്ചുകൊണ്ടുപോവുക; 5. ഓടിച്ചുപിടിക്കുക; 6. നനയ്ക്കുക, അഭിഷേകം ചെയ്യുക; 7. അട്ടുക, ദാനംചെയ്യുക.

213

ആട്ടുകട്ടിൽ [ആട്-കട്ടിൽ] നാ. ആടുന്നകട്ടിൽ, തൂക്കുമഞ്ചം, ഊഞ്ഞാൽക്കട്ടിൽ.

ആട്ടുകല്ല് [ആട്-കല്ല്] നാ. അരി, ഉഴുന്ന് മുതലായവ അരയ്ക്കുന്നതിനുള്ള കുഴിക്കല്ല്.

ആട്ടുക്കാരൻ [ആട്-കാരൻ] നാ. ആടുമേച്ച് ഉപജീവനം കഴിക്കുന്നവൻ.

ആട്ടുകേട്ടമണ്ണാൻ നാ. 1. കലികൊണ്ട മണ്ണാൻ; 2. പെട്ടെന്ന് ആവേശംകൊണ്ടു സാഹസം കാട്ടുന്നവൻ.

ആട്ടുകൊട്ടപ്പാല നാ. ആടുതിന്നാപ്പാല.

ആട്ടുകൊറ്റൻ [ആട്-കൊറ്റൻ] നാ. ആണാട്.

ആട്ടുനാറിവേള നാ. ഒരു മരുന്നുചെടി.

ആട്ടുപെട്ടി നാ. ആടുവളർത്തുന്നതിനുള്ള ആല, ആട്ടിൻപെട്ടി.

ആട്ടുപ്പാട്ടം നാ. ആടുവളർത്തുന്നതിനു കൊടുക്കേണ്ടിയിരുന്ന നികുതി.

ആട്ടുപ്പ് നാ. പൊടിയുപ്പ്.

ആട്ടും [<ആണ്ടു] അവ്യ. ആണ്ടുതോറും.

ആട്ടുമുട്ടൻ [ആട്-മുട്ടൻ] നാ. ആണാട്, മുട്ടാട്, മുട്ടനാട്.

ആട്ടുവരി [ആട്-വരി] നാ. 1. ആടുവളർത്തുന്നതിനു ചുമത്തിയിരുന്ന നികുതി; 2. [ആണ്ടു-വരി] ആണ്ടുതോറും കൊടുക്കേണ്ട നികുതി.

ആട്ടെ അവ്യ. = ആകട്ടെ.

ആഡംബരം [സം. ആ-ഡംബര] നാ. 1. ബാഹ്യശോഭ, പ്രൗഢി, പ്രകടനം, ധാടി, ആർഭാടം; 2. കോലാഹലം, വലിയശബ്ദം, ശബ്ദത്തോടുകൂടിയ പെരുമാറ്റം; 3. ഒരു വാദ്യം, യുദ്ധഭേരി; 4. ഉദാരത, വലിപ്പം, ഉന്നതി; 5. ഗർവം, അഹംഭാവം; 6. കോപാവേശം. 7. മേഘഗർജനം; 8. കൺപോള; 9. ജനതയുടെ അലർച്ച; 10. ശരീരം തിരുമ്മൽ.

ആഡംബരാഘാതൻ [സം. ആഡംബര-ആഘാത] നാ. പെരുമ്പറ അടിക്കുന്നവൻ.

ആഡംബരി [സം. ആഡംബരി] നാ. (സങ്ഗീ.) ഒരു രാഗം.

ആഡർ, ഓ- [ഇം. ബത്സന്രുത്സ] നാ. ഉത്തരവ്, കല്പന, നിർദേശം, അനുവാദം.

ആഡിബകം [സം. ആഡി-ബക] നാ. പരസ്പരശാപത്താൽ ആഡിയും ബകവും ആയിത്തീർന്ന വസിഷ്ഠനും വിശ്വാമിത്രനും തമ്മിൽ നടന്ന യുദ്ധം.

ആഡിറ്റ്, ഓ- [ഇം. ക്കഗ്മദ്ധ്രഡ ] നാ. കണക്കുപരിശോധന. ആഡിറ്റർ = കണക്കുപരിശോധിക്കുവാൻ ചുമതലപ്പെട്ട ആൾ.

ആഡു [സം.] നാ. ചങ്ങാടം.

ആഢകം [സം.] നാ. 1. ഒരു ധാന്യഅളവ് , നാലിടങ്ങഴി; 2. ഒരുജാതി പയറ്, ആഢകി.

ആഢകി [സം.] നാ. 1. തുവരപ്പയറ്; 2. മണമുള്ള മണ്ണ്; 3. ചന്ദനം.
ആഢകികം, -കീനം [സം. ആഢകിക, -കീന] നാ. നാലിടങ്ങഴി വിത്തുവിതയ്ക്കുന്ന സ്ഥലം.
ആഢ്യ [സം.] വി. 1. ധനമുള്ള, ഐശ്വര്യമുള്ള, സമ്പത്തുള്ള; 2. ആഭിജാത്യമുള്ള; 3. കലർന്ന, ധാരാളമുള്ള, ഉള്ള.
ആഢ്യകുലീന [സം. ആഢ്യ-കുലീന] വി. വലിയ സമ്പന്നകുലത്തിൽ ജനിച്ച.
ആഢ്യത, -ത്വം [സം. ആഢ്യതാ, -ത്വ] നാ. ആഢ്യന്റെ ഭാവം, ധനികത, വംശശ്രേഷ്ഠത.
ആഢ്യൻ [സം. ആഢ്യ] നാ. 1. ധനവാൻ, സമ്പന്നൻ, ധനികൻ; 2. ശ്രേഷ്ഠൻ, അഭിജാതൻ; 3. പ്രഭുത്വമുള്ള നമ്പൂതിരി, അഷ്ടഗൃഹത്തിൽ ഏതെങ്കിലും ഒന്നിൽ പിറന്നവൻ.
ആഢ്യരോഗം [സം. -രോഗ] നാ. വാതം കോപിച്ച് ഉണ്ടാകുന്ന ഒരു രോഗം.
ആഢ്യവാതം [സം. ആഢ്യ-വാത] നാ. ഒരുതരം വാതരോഗം.
ആൺ, ആണ് നാ. 1. പുരുഷൻ; 2. യോഗ്യൻ, മേന്മയുള്ളവൻ, മാന്യൻ; 3. പൗരുഷശാലി, വീര്യമുള്ളവൻ, ധീരൻ.
ആൺകെട്ട് [ആൺ-കെട്ട്] നാ. രണ്ടുചരടുകൾ കൂട്ടിക്കെട്ടുമ്പോൾ ആദ്യം താഴെ വരുന്ന അറ്റം പിന്നെയും താഴെയാക്കിക്കൊണ്ടുള്ള കെട്ട്.
ആൺപാട് നാ. 1. ആൺപിറന്നവൻ; 2. ആണത്തം.
ആൺപാട്ട് നാ. ക്നാനായക്രിസ്ത്യാനികളുടെ ഇടയിൽ കല്യാണത്തിനു പുരുഷന്മാർ പാടുന്ന ഒരുതരം പാട്ട്.
ആൺപിറന്നവൻ നാ. 1. പുരുഷൻ; 2. സമർഥൻ.
ആൺമുറി [ആൺ-മുറി] നാ. തേങ്ങ കുറുകെ രണ്ടായിട്ടു മുറിച്ചാൽ കണ്ണില്ലാത്ത കീഴ്പ്പകുതി, മൂട്ടുമുറി.
ആൺവഴി നാ. പുരുഷസന്തതി, ഒരു കുടുംബത്തിലെ സ്വത്തിന് അവകാശമുള്ള പുരുഷന്മാരുടെ പരമ്പര. മക്കത്തായം.
ആണ, ആണൈ [ക. ആണൈ < പ്രാ. ആണാ < സം. ആജ്ഞാ] നാ. 1. ശപഥം, സത്യം. (പ്ര.) ആണയിടുക; 2. കല്പന, ഉത്തരവ്, അവ്യ. 3. ബഹുമാനമുള്ള വ്യക്തിയേയോ വസ്തുവിനേയോ മുൻനിറുത്തിച്ചെയ്യുന്ന ശപഥം.
ആണക [സം.] വി. നിന്ദ്യമായ, അധമമായ, താഴ്ന്ന.
ആണകം [സം.] നാ. 1. അണ, ഒരു രൂപയുടെ പതിനാറിലൊരംശം; 2. ഒരുതരം രതിക്രീഡ.
ആണത്തം [<ആൺ] നാ. ആണിന്റെ സ്വഭാവം, പുരുഷത്വം, പൗരുഷം, ധീരത.
ആണത്തി [പ്രാ. ആണത്തി, സം. ആജ്ഞപ്തി] നാ. കല്പന.
ആണം1 നാ. (മത്സ്യമാംസക്കറികളുടെ) ചാറ്.
ആണം2 നാ. താങ്ങ്.
ആണവ [സം. < അണു] വി. അണുവിനെ സംബന്ധിച്ച, അണുവായ, വളരെ ചെറുതായ.
ആണവം [സം.] നാ. അണുത്വം.
ആണവമലം [സം. ആണവ-മല] നാ. മോക്ഷംവരെ ആത്മാവിനോട് പറ്റിനിൽക്കുന്ന മാലിന്യം.
ആണവീനം [സം.] നാ. ചെറുതരം ധാന്യം വിളയുന്ന സ്ഥലം, അണവീനം.

ആണറബിൾ, ഓ– [ഇം.ണ്ണഗ ഗഗ്മത്സൻvIRsനു] വി. ബഹുമാനപ്പെട്ട.
ആണററി, ഓ– [ഇം.ണ്ണഗ ഗത്സൻരത്സത] വി. വേതനം പറ്റാതെ മാന്യസേവനം ചെയ്യുന്ന.
ആണാപ്പിറന്നവൻ [ആണ്–ആയി–പിറന്നവൻ] നാ. പുരുഷൻ.
ആണാർ നാ. ഒരുതരം വാദ്യം
ആണി [സം.ആണി] നാ. 1. ഒരറ്റം കൂർത്തതും മറ്റേത്തല പരന്നതുമായ ചെറുകമ്പി, തറച്ചു നിർത്താനുള്ള കൂർത്തപദാർഥം. ഉദാ: പട്ടിയലാണി, കുടയാണി, ഇരുമ്പാണി, മുള്ളാണി; 2. മാറ്റുരച്ചു നോക്കാനുള്ള പൊന്നാണി; 3. പരു (കുരു) പഴുത്തു പൊട്ടുമ്പോൾ അതിൻെറ മുഖത്തുനിന്നു വരുന്ന ആണിപോലുള്ള വസ്തു; 4. മറ്റുള്ളവയെ ഉറപ്പിച്ച ആധാരം; 5. ആണിപ്പുണ്ണ്, പാദത്തിൻെറ അടിയിലുണ്ടാവുന്ന അകം കുഴിഞ്ഞ കുരു; 6. ചെറിയതോട്, ഓട, ചാല്; 7. നാലു സ്നായുമർമങ്ങൾ; 8. ചെറുവാതിൽ.
ആണിക്കല്ല് [സം. ആണി–മ. കല്ല്] നാ. 1. മൂലക്കല്ല്; 2. (ആർച്ചുകെട്ടിലെ) നടുകല്ല്; 3. മുഖ്യമായത്; 4. അടിസ്ഥാനം.
ആണിക്കൂട്ടം [സം. ആണി–മ.കൂട്ടം] നാ. പലതരത്തിൽ സ്വർണം കൊണ്ടൂണ്ടാക്കിയ ശകലങ്ങൾ.
ആണിക്കെട്ട് [സം. ആണി–മ. കെട്ട്] നാ. ഇഷ്ടികകൾ കുറുകെയും വിലങ്ങനെയും വച്ചുകെട്ടുക.
ആണിച്ചിലന്തി [സം. ആണി–മ. ചിലന്തി] നാ. ഒരുതരം മസൂരി.
ആണിപ്പലക [സം. –ഫലക] നാ. ആണികൾ തറച്ചിട്ടുള്ള പലക, മുൻകാലത്തു ശത്രുക്കളെ അപായപ്പെടുത്താൻ വഴിയിൽ ഇട്ടിരുന്നത്.
ആണിപ്പുറ്റ് [ആണി–പുറ്റ്] നാ. ഉള്ളം കാലിൽ വരുന്ന ഒരു രോഗം.
ആണിപ്പൊന്ന് [ആണി–പൊന്ന്] നാ. മാറ്റുകൂടിയ പൊന്ന്.
ആണിയം [< സം. ആ ിക] നാ. = ആനിയം.
ആണില്ലക്കാർ [ആൺ–ഇല്ലക്കാർ] നാ. ഭർത്താവിൻെറ ബന്ധുക്കൾ.
ആണിവേര് [ആണി–വേര്] നാ. നാരായവേര്.
ആണ്1 നാ. പുരുഷൻ, മിടുക്കൻ.
ആണ്2 ക്രി. = ആകുന്നു.
ആണ്3 [ആഴുക] (മുൻവിന.) ക്രി. ആഴ്ന്ന്.
ആണുങ്ങൾ നാ. (ബ.വ.) 1. ആൺ+കൾ; 2. യോഗ്യന്മാർ, കഴിവുള്ളവർ.
ആണെ1 നാ. = ആണ.
ആണെ2 അവ്യ. അപ്രകാരം, അങ്ങനെ.
ആണ്ട1 നാ. 1. മുള, അണ്ടൻമുള, ആണ്ടുതോറും പൊട്ടുന്ന മുള; 2. മുളയുടെ ഇളംകൂമ്പ്.
ആണ്ട2 [ആളുക] (ഭൂ.പേരെച്ചം) 1. ഭരിച്ച, വാണ, മേൽനോട്ടം വഹിച്ച; 2. ഉള്ള; 3. പുരണ്ട, അണിഞ്ഞ, ധരിച്ച; 4. ആവേശിച്ച.
ആണ്ടൻ1 നാ. 1. യജമാനൻ, പ്രഭു, സ്വാമി; 2. ആണ്ടവൻ; 3. ഒരാണ്ടു പ്രായമാകാത്ത മുള.
ആണ്ടൻ2 [ആണ്ട്] നാ. ആണ്ടിലൊരിക്കലുള്ളത്.
ആണ്ടൻ3, ആണ്ടാൻ നാ. ആണ്ടൻഇല്ലിക്കൂമ്പ്, മുളയുടെമൂട്ടിൽനിന്നു പൊട്ടിവരുന്ന തൈ.
ആണ്ടവൻ നാ. 1. ധരിച്ചവൻ, ഉള്ളവൻ; 2. ഈശ്വരൻ.

ആണ്ടറുതി [ആണ്ട്-അറുതി] നാ. ആണ്ടിന്റെ അറുതി, വര്‍ഷാവസാനം.

ആണ്ടാന്‍ നാ. 1. മുള, മുളന്തൈ, മുളങ്കൂമ്പ്; 2. ആണ്ടവന്‍, ദൈവം.

ആണ്ടാംവല നാ. തോട്ടില്‍ മീന്‍പിടിക്കാന്‍ കുറുകെ കുറ്റിയടിച്ചു കെട്ടുന്ന വല.

ആണ്ടാര്‍ നാ. (പൂ.ബ.വ.) 1. ഈശ്വരന്‍, നാഥന്‍; 2. മൂത്താന്‍ ജാതിക്കാരെ സംബോധന ചെയ്യാന്‍ താണജാതിക്കാര്‍ ഉപയോഗിക്കുന്ന പദം.

ആണ്ടാല്‍ [ആണ്ട്-ആല്‍] അവ്യ. ആണ്ടൊന്നുക്ക്, ആണ്ടേക്ക്.

ആണ്ടാള്‍ നാ. നമ്പിടിജാതിയിലുള്ള സ്ത്രീ.

ആണ്ടി നാ. 1. പണ്ടാരം, സുബ്രഹ്മണ്യന്റെ ഭക്തന്‍; 2. പരിവ്രാജകന്‍; 3. പരദേശി.

ആണ്ടിക്കളി [ആണ്ടി-കളി] നാ. 1. ആണ്ടിക്കൂത്ത്; 2. ആണ്ടിയാട്ടം.

ആണ്ടിക്കൂത്ത് [ആണ്ടി-കൂത്ത്] നാ. 1. തേയത്തു (ദേശത്തു) കളിയില്‍ ഒന്നാം ദിവസത്തെ കളിയുടെ പേര്; 2. ആണ്ടിയാട്ടം.

ആണ്ടിപാണ്ടികള്‍ നാ. (ബ.വ.) തെണ്ടിത്തിരിയുന്ന പല ഇനക്കാര്‍.

ആണ്ടിയമ്മ [ആണ്ടി-അമ്മ] നാ. (പാലക്കാട്ടുള്ള) മൂത്താന്‍ജാതിയില്‍പ്പെട്ട സ്ത്രീകളെ വിളിക്കുന്ന പേര്.

ആണ്ടിയാട്ടം [ആണ്ടി-ആട്ടം] നാ. 1. പണ്ടാരങ്ങള്‍ ഹനുമാന്റെ വേഷം കെട്ടി ആടുന്ന ആട്ടം, ഹനുമാന്‍ പണ്ടാരം, ആണ്ടിപ്പണ്ടാരം എന്നും പറയുന്നു. 2. ആണ്ടിക്കൂത്ത്.

ആണ്ടിയൂട്ട് [ആണ്ടി-ഊട്ട്] നാ. ആണ്ടികള്‍ക്കുകൊടുക്കുന്ന ഊട്ട്, പണ്ടാരങ്ങള്‍ക്കു നല്‍കുന്ന സദ്യ.

ആണ്ട് നാ. വര്‍ഷം, കൊല്ലം, സൂര്യനെ ഒരുവട്ടം ചുറ്റുവാന്‍ ഭൂമി എടുക്കുന്ന കാലം.

ആണ്ടു1 [ആളുക] (ഭൂ.കാലം) ക്രി. 1. പ്രാപിച്ചു, ചേര്‍ന്നു, പൂണ്ടു, വന്നു; 2. ഭരിച്ചു, വാണു.

ആണ്ടു2 [ആഴുക] (ഭൂ.കാലം) ക്രി. മുങ്ങി.

ആണ്ടുകാഴ്ച [ആണ്ടു-കാഴ്ച] നാ. ആണ്ടുതോറും രാജാവിനോ ജന്മിക്കോ കൊടുത്തുവന്നിരുന്ന ഒരു കരം.

ആണ്ടിയൂട്ട് [ആണ്ടി-ഊട്ട്] നാ. ആണ്ടികള്‍ക്കുകൊടുക്കുന്ന ഊട്ട്, പണ്ടാരങ്ങള്‍ക്കു നല്‍കുന്ന സദ്യ.

ആണ്ട് നാ. വര്‍ഷം, കൊല്ലം, സൂര്യനെ ഒരുവട്ടം ചുറ്റുവാന്‍ ഭൂമി എടുക്കുന്ന കാലം.

ആണ്ടു1 [ആളുക] (ഭൂ.കാലം) ക്രി. 1. പ്രാപിച്ചു, ചേര്‍ന്നു, പൂണ്ടു, വന്നു; 2. ഭരിച്ചു, വാണു.

ആണ്ടു2 [ആഴുക] (ഭൂ.കാലം) ക്രി. മുങ്ങി.

ആണ്ടുകാഴ്ച [ആണ്ടു-കാഴ്ച] നാ. ആണ്ടുതോറും രാജാവിനോ ജന്മിക്കോ കൊടുത്തുവന്നിരുന്ന ഒരു കരം.

ആണ്ടുപിറപ്പ് [ആണ്ട്-പിറപ്പ്] നാ. വത്സരപ്പിറവി, ചിങ്ങം ഒന്നാം തീയതി, (മലബാറില്‍ അടുത്തകാലം വരെ കന്നി 1-ന് ആണ്ടുപിറവി).

ആണ്ടുവരി [ആണ്ട്-വരി] നാ. ആണ്ടൊന്നിനു കൊടുക്കുന്ന വരി.

ആണ്ടേക്ക് അവ്യ. ഓരോ ആണ്ടിലും.

ആണ്ഡജം [< സം. അണ്ഡ-ജ] നാ. അണ്ഡജം.

ആണ്ഡം [സം.] നാ. മുട്ടകളുടെ സമൂഹം.

ആണ്ഡിക [സം.] വി. മുട്ടകളുള്ള.

ആണ്ണു [ആഴുക] (ഭൂ.കാലം) ക്രി. = ആഴ്ന്നു.

ആണ്മ ന. ആണത്തം, പൗരുഷം.

ആതകൻ നാ. ഒരു നാഗം.

ആതങ്കം [സം.] നാ. 1. അസുഖം, സുഖക്കേട്, രോഗം; 2. മനോവേദന, അസ്വാസ്ഥ്യം, സങ്കടം; 3. ഭയം, ഭീതി; 4. സംശയം; 5. മുരജധ്വനി.

ആതത [ആ-തത<തന്] വി. 1. വിസ്താരമുള്ള, പരന്ന, വ്യാപിച്ച; 2. നീളമുള്ള, നീണ്ട, പിടിച്ചുനീട്ടിയ.

ആതതായി [സം. ആത-തായിൻ] നാ. 1. കൊല്ലാൻ ഒരുമ്പെട്ടവൻ; 2. മഹാപാതകം ചെയ്യുന്നവൻ.

215

ആതൻ നാ. പ്രാചീന ചേരരാജാക്കന്മാരുടെ ഒരു ബിരുദം.

ആതപ [സം. ആ-തപ < തപ്] വി. ചൂടുപിടിപ്പിക്കുന്ന, ദു:ഖിപ്പിക്കുന്ന.

ആതപത്രം [സം. ആതപ-ത്ര < ത്രാ] നാ. 1. കുട; 2. വെൺകൊറ്റക്കുട.

ആതപൻ [സം. ആ-തപ] നാ. സൂര്യൻ.

ആതപനൻ [സം. ആ-തപന] നാ. ശിവൻ.

ആതപം [സം. ആ-തപ] നാ. 1. ചൂട്; 2. വെയിൽ, സൂര്യപ്രകാശം.

ആതപവർഷ്യ [സം. ആതപ-വർഷ്യ] വി. വെയിലുള്ളപ്പോൾ പെയ്യുന്ന മഴയിൽനിന്നുണ്ടായ (വെള്ളവും മറ്റും).

ആതപവാരണം [സം. -വാരണ] നാ. കുട.

ആതപീയ [<സം. ആതപ] വി. ആതപം തട്ടുന്ന, വെയിലുള്ള.

ആതപോദകം [സം. -ഉദക] നാ. കാനൽജലം, മരീചിക.

ആതർപ്പണം [സം. ആ-തർപണ] നാ. 1. തൃപ്തിപ്പെടുത്തൽ; 2. മങ്ഗളാലേപനം, ചുമരിനും മറ്റും വെള്ള പൂശൽ; 3. പൂച്ച്.

ആതരം [സം. -തര] നാ. 1. (നദിയും മറ്റും) കടക്കൽ; 2. കടത്തുകൂലി.

ആതലാൽ [ആതൽ-ആൽ] അവ്യ. അതുകൊണ്ട്, ആകയാൽ.

ആതള നാ. എലിയാവണക്ക്.

ആതാനം [സം. ആ-താന] നാ. 1. വലിച്ചുനീട്ടൽ, വലിവ്; 2. വിസ്തൃതി, പരപ്പ്; 3. വലിച്ചുനീട്ടിയ ചരട്.

ആതാപി [സ. -താപിൻ] നാ. അളിക്കൺകുരുവി, മലങ്കുരികിൽ

ആതാമ്ര [സം. -താമ്ര] വി. ചെമ്പിച്ച, കുറച്ചു ചുമന്ന.

ആതായി [സം.-തായിൻ] നാ. ആതാപി.

ആതാരം [സം. -താര] നാ. ആതരം.

ആതാര്യ [സം. -താര്യ] വി. കടക്കത്തക്ക, കടത്തുസംബന്ധിച്ച.

ആതാളി നാ. ശബ്ദക്, മുഴക്കം, ബഹളം, ആതുളി.

ആതാളിക്കുക ക്രി. ബഹളമുണ്ടാക്കുക, അലറുക, വിളിച്ചുകൂവുക.

ആതി [സം.] നാ. 1. ഒരുതരം ലക്ഷി, പൊന്മ, പൊന്മാൻ; 2. താറാവ്.

ആതിച്ചൻ [പാ. ആദിച്ച < സം. ആദിത്യ] നാ. സൂര്യൻ.

ആതിഥേയ [സം. < അതിഥി] വി. 1. അതിഥി സത്കാരം ചെയ്യുന്ന, അതിഥിയെസംബന്ധിച്ച; 2. അതിഥിക്ക് ഉചിതമായ, അതിഥിസത്കാരം.

ആതിഥ്യൻ [സം.] നാ. വിരുന്നുകാരൻ.

ആതിഥ്യം [സം.] നാ. 1. അതിഥിസത്കാരം; 2. വിദേശത്തുനിന്നും കൊണ്ടുവരുന്ന ചരക്ക്.

ആതിദേശിക [സം. ആതി-ദേശിക] വി. അതിദേശത്തെ സംബന്ധിച്ച.

ആതിപാതിക [സം. അതിപാത-ഇക] വി. അതിപാതം ചെയ്യുന്ന, കാലപ്പഴക്കത്തിനു നിൽക്കാത്ത, എളുപ്പത്തിൽ ചീത്തയാകുന്ന.

ആതിര [സം. ആർദ്രാ] നാ. തിരുവാതിര നക്ഷത്രം.

ആതിരേക്യം [സം. < ആതിരേക] നാ. ആധിക്യം, ആവശ്യത്തിൽ കവിഞ്ഞുള്ള സ്ഥിതി.

ആതിവാഹക, -ഹിക [സം. ആതി-വാഹക, -ഹിക] നാ. ലിങ്ഗശരീരം, സൂക്ഷ്മശരീരം, (മനോവേഗത്തെ അതിശയിക്കുന്നതുകൊണ്ട്).

ആതിശയ്യം [സം. -ശയ്യ] നാ. അതിശയിക്കുന്ന അവസ്ഥ, അതിശയഭാവം, ആധിക്യം.

ആതിഷ്ഠം [സം. -തിഷ്ഠ] നാ. മേന്മ, ആധിപത്യം.

ആതു [സം.] പൊങ്ങുതടി, ചങ്ങാടം.

ആതുങ്ഗ [സം. ആ-തുങ്ഗ] വി. ഉയർന്ന.

ആതുര [സം. -തുര] വി. രോഗമുള്ള; 2. പാരവശ്യമുള്ള, ദുഖ; 3. ഔത്സുക്യമുള്ള; 4. മുറിവേറ്റ.

ആതുരത [സം. ആതുര-താ] നാ. രോഗമുള്ളസ്ഥിതി

ആതുരസന്യാസം [സം. -സംന്യാസ] നാ. രോഗംകൊണ്ടും മറ്റുമുള്ള ജീവിതനൈരാശ്യം ഹേതുവായി കൈക്കൊള്ളുന്ന സന്യാസം.

ആതുര്യം [സം] നാ. 1. ഒരുതരം പനി; 2. രോഗം.

ആതുളി നാ. ആതാളി, ബഹളം.

ആതൃപ്യം [സം. ആ-തൃപ്യ] നാ. ആത്തമരം.

ആതോദി [സം. -തോദിൻ] വി. കുത്തുന്ന, അടിക്കുന്ന.

ആതോദ്യ(കം) [സം. തോദ്യ(ക)] നാ. ചെണ്ടപോലെയുള്ള ഒരു വാദ്യം, ആതതവാദ്യങ്ങൾക്ക് പൊതുവേയുള്ള പേര്.

ആത്ത1 [പോർ.' നാ. ഒരിനം ചെറിയ വൃക്ഷം.

ആത്ത2 [<സം. ആ-ത്ത < ദത്ത] വി. പ്രാപിച്ച, ആദാനം ചെയ്യപ്പെട്ട, എടുത്ത, കൂടെയുള്ള.

ആത്തഗന്ധ [സം. ആത്ത-ഗന്ധ] വി. 1. സുഗന്ധമുള്ള; 2. മണപ്പിക്കപ്പെട്ട.

ആത്തഗർവ [സം. -ഗർവ] വി. 1. അഹംഭാവമുള്ള, വർധിച്ച ഗർവോടുകൂടിയ; 2. പരിഭവിക്കപ്പെട്ട, മറ്റൊരുത്തനാൽ ഗർവം നശിപ്പിക്കപ്പെട്ട.

ആത്തദണ്ഡ [സം. -ദണ്ഡ] വി. 1. ദണ്ഡം കയ്യിലെടുത്ത; 2. ചെങ്കോലേന്തിയ.

ആത്തമോദം [സം. -മോദം] അവ്യ. സന്തോഷത്തോടെ.

ആത്തമ്മ [ആത്ത്-അമ്മ] നാ. അകത്തമ്മ, നമ്പൂതിരിസ്ത്രീ.

ആത്തലക്ഷ്മി [സം. ആത്ത-ലക്ഷ്മി] വി. 1. ധനമുള്ള; 2. ധനമെല്ലാം അപഹരിക്കപ്പെട്ട, ധനമെല്ലാം നഷ്ടപ്പെട്ട.

ആത്തവയസ്സ് [സം. -വയസ്] വി. 1. സംസാരശേഷി ഇല്ലാത്ത; 2. സംസാരിക്കാൻ തുടങ്ങിയ.

ആത്തായുധ [സം. -ആയുധ] വി. ആയുധം ധരിച്ച.

ആത്താവധാനം [സം. -അവധാനം] അവ്യ. അവധാനത്തോടെ, ശ്രദ്ധയോടെ.

ആത്താവേഗം [സം. -ആവേഗം] അവ്യ. സംഭ്രമത്തോടുകൂടി.
ആത്തി1 നാ. ഉറയ്ക്കാത്ത ഭൂമി.
ആത്തി2 നാ. ആത്തമരം, റ്റ്ലാത്തി.
ആത്തി3 നാ. അകത്തിക്കീര.
ആത്തിരമ്മേ, ആത്തോരമ്മേ നാ. 1. ചാത്തിര നമ്പൂതിരിയുടെ സ്ത്രീ; 2. ബ്രാഹ്മണസ്ത്രീ.
ആത്തേമ്മ നാ. = ആത്തേരമ്മ.
ആത്തോൽ, - ല്, -ൾ [അകത്തോൾ] നാ. അന്തർജനം.
ആത്മക [സം.] വി. നിർദിഷ്ടസ്വഭാവത്തോടുകൂടിയ (സമാസത്തിൽ), ചേർന്ന, യുക്തമായ, സ്വരൂപത്തിലുള്ള ഉദാ: വർണാത്മകം.
ആത്മകഥ [സം. ആത്മ-കഥാ] നാ. താൻതന്നെ നിർമിച്ച തൻെറ ജീവചരിത്രം.
ആത്മകീയ [<സം. ആത്മക] വി. തനിക്കുള്ള, തന്നെ സംബന്ധിച്ച
ആത്മഗതം [സം. ആത്മ-ഗത] നാ. 1. അന്തർഗതം, ആശയം; 2. (നാട്യ.) കഥാപാത്രങ്ങൾ മറ്റുപാത്രങ്ങളോടല്ലാതെ തങ്ങളുടെ അന്തർഗതം രങ്ഗസ്ഥിതർക്കുമാത്രം മനസ്സിലാക്കുന്നതിനുവേണ്ടി പറയുന്നത്, സ്വഗതം.
ആത്മഗുപ്ത [സം. -ഗുപ്താ] 'സ്വയം രക്ഷിക്കുന്ന'. നാ. നായ്ക്കുരുണ.
ആത്മഗുപ്തി [സം. -ഗുപ്തി] നാ. 1. മൃഗങ്ങൾ ഒളിച്ചിരിക്കുന്ന സ്ഥലം, ഗുഹ; 2. ആത്മാവിനെ ഗോപനം ചെയ്യൽ.
ആത്മഗ്രാഹി [സം. -ഗ്രാഹിൻ] നാ. സ്വാർഥതയുള്ളവൻ.
ആത്മഘാതകൻ [സം. -ഘാതക < ഹൻ] നാ. ആത്മഹത്യ ചെയ്യുന്നവൻ.
ആത്മഘാതം [സം. -ഘാത] നാ. ആത്മഹത്യ.
ആത്മഘാതി [സം. -ഘാതിൻ] നാ. ആത്മഘാതകൻ.
ആത്മഘോഷൻ [സം. -ഘോഷ < ഘുഷ്] നാ. 1. കാക്ക, 2. പൂവൻകോഴി; 3. ആത്മപ്രശംസ ചെയ്യുന്നവൻ.
ആത്മജ1 [സം-ജ < ജൻ] വി. തന്നിൽനിന്നുണ്ടായ.
ആത്മജ2 [സം. -ജാ] നാ. പുത്രി.
ആത്മജൻ [സം. -ജ] നാ. 1. പുത്രൻ; 2. കാമദേവൻ.
ആത്മജന്മാ(വ്) [സം. -ജന്മൻ] നാ. ആത്മജൻ.
ആത്മജയം [സം. -ജയ < ജി] നാ. 1. സ്വന്തം ജയം; 2. ആത്മസംയമം.
ആത്മജാത [സം. -ജാതാ] നാ. പുത്രി.
ആത്മജാതൻ [സം.] നാ. പുത്രൻ.
ആത്മജ്ഞൻ [സം. ആത്മ-ജ്ഞ < ജ്ഞാ] നാ. ജ്ഞാനി, യോഗി.
ആത്മജ്ഞാനി [സം. -ജ്ഞാനിൻ] നാ. ആത്മാവിനെക്കുറിച്ച് അറിയുന്നവൻ.
ആത്മത, ആത്മത്വം [സം. ആത്മ-താ, -ത്വ] നാ. ആത്മാവിൻെറ സ്വഭാവം.
ആത്മതത്ത്വം [സം. -തത്ത്വ] നാ. തൻെറ (പരമാത്മാവിൻെറ) യഥാർഥരൂപം, പരമമായ അറിവ്.
ആത്മത്യാഗം [സം. -ത്യാഗ < ത്യജ്] നാ. 1. തൻെറ സുഖവും ധനവും ജീവിതം തന്നെയും മറ്റുള്ളവർക്കുവേണ്ടി ഉപേക്ഷിക്കൽ; 2. ആത്മഹത്യ.
ആത്മദർശനം [സം. -ദർശന] നാ. 1. തന്നെത്താൻ കാണൽ; 2. ആത്മജ്ഞാനം.
ആത്മദർശം [സം. -ദർശ] മുഖക്കണ്ണാടി.
ആത്മനാ [സം. < ആത്മൻ] അവ്യ. 1. മനസ്സുകൊണ്ട്; 2. തന്നെത്താനെ.
ആത്മനാഥൻ [സം. ആത്മ-നാഥ] നാ. പ്രാണനാഥൻ.

ആത്മനി [സം. ആത്മൻ] നാ. (ആധാരികാരൂപം) മനസ്സിൽ.
ആത്മനിയന്ത്രണം [സം. ആത്മ-നിയന്ത്രണ] നാ. സ്വയം നിയന്ത്രിക്കൽ.
ആത്മനിർധാരണം [സം. -നിർധാരണ] നാ. (മന.) വ്യക്തിത്വത്തെ സ്വയം മൂലനിർണയം ചെയ്യുക.
ആത്മനിവേദനം [സം. -നിവേദന] നാ. ഒമ്പതുതരത്തിലുള്ള ഭക്തികളിൽ ഒന്ന്, തന്നെത്തന്നെ ഇഷ്ടദേവതയ്ക്കു സമർപ്പിക്കൽ.
ആത്മനിഷ്ഠ [സം. -നിഷ്ഠ] വി. തന്നിൽത്തന്നെ സ്ഥിതിചെയ്യുന്ന.
ആത്മനീന [സം. < ആത്മൻ] വി. 1. തനിക്കു ഹിതമായ, യുക്തമായ; 2. ബോധമുള്ള.
ആത്മനീനൻ [സം.] നാ. 1. മകൻ; 2. ഭാര്യാസഹോദരൻ; 3. നാടകത്തിലെ വിദൂഷകൻ.
ആത്മനീയ [സം. < ആത്മൻ] വി. സ്വന്തമായ.
ആത്മനേപദം [സം. ആത്മനേ-പദ] നാ. (വ്യാക.) സംസ്കൃതക്രീയാശബ്ദങ്ങൾക്കുള്ള രണ്ടു വിഭാഗങ്ങളിൽ ഒന്ന്. (മറ്റതു പരസ്മൈപദം)
ആത്മപരിശോധന [സം. ആത്മ-പരിശോധനാ] ണ. തന്നെപ്പറ്റി താൻതന്നെ നിരൂപണബുദ്ധിയോടുകൂടി ചെയ്യുന്ന പരിഗണന.
ആത്മപ്രത്യയം [സം. -പ്രത്യയ] നാ. ആത്മവിശ്വാസം.
ആത്മപ്രശംസ [സം. -പ്രശംസാ] നാ. സ്വയം പുകഴ്ത്തൽ.
ആത്മബലി [സം. -ബലി] നാ. തന്നെത്തന്നെ ബലിയായി അർപ്പിക്കൽ.
ആത്മഭൂ(വ്) [സം. -ഭൂ] നാ. 1. സ്വയംഭൂ, ബ്രഹ്മാവ്; 2. വിഷ്ണു; 3. ശിവൻ; 4. കാമൻ; 5. പുത്രൻ.
ആത്മഭൂത [സം. -ഭൂത] വി. 1. തന്നിൽനിന്ന് ഉണ്ടായ; 2. ആത്മതുല്യമായ.
ആത്മംഭരി [സം. ആത്മ-ഭരിൻ] നാ. തന്റെ വയറു നിറയ്ക്കുന്നവൻ, തൻകാര്യം മാത്രം നോക്കുന്നവൻ, സ്വാർഥതത്പരൻ.
ആത്മമിത്രം [സം. ആത്മ-മിത്ര] നാ. ഉറ്റചങ്ങാതി.
ആത്മയാജി [സം. -യാജിൻ] നാ. 1. തനിക്കുവേണ്ടി യാഗം ചെയ്യുന്നവൻ; 2. സർവത്തെയും ആത്മാവായി കരുതുന്നവൻ; 3. തന്നെത്തന്നെ നൽകുന്ന ആൾ.
ആത്മയോനി [സം. -യോനി] നാ. 1. ബ്രഹ്മാവ്; 2. കാമൻ.
ആത്മരക്ഷ [സം.-രക്ഷാ] നാ. 1. തന്നെത്താൻ രക്ഷിക്കൽ; 2. വലിയ കാട്ടുവെള്ളരി.
ആത്മലാഭം [സം. -ലാഭ] നാ. 1. തനിക്കുള്ള നേട്ടം; 2. ആത്മസാക്ഷാത്കാരം; 3. ജനനം, ഉത്പത്തി.
ആത്മവഞ്ചന [സം. -വഞ്ചനാ] നാ. തന്നെത്തന്നെ വഞ്ചിക്കൽ.
ആത്മവത്ത [സം. ആത്മ-വത്-താ] നാ. ആത്മനിയന്ത്രണം, വിവേകം.
ആത്മവത്ത് [സം. -വത്] വി. 1. അടക്കമുള്ള, ആത്മനിയന്ത്രണമുള്ള; 2. അവ്യ. തന്നെപ്പോലെ.
ആത്മവിക്രയി [സം. വിക്രയിൻ] നാ. തന്നത്താൻ വിലയ്ക്കുവിറ്റ് അടിമയായവൻ.
ആത്മവിത്ത് [സം. വിദ്] നാ. 1. തന്നെ ശരിക്ക് അറിയുന്നവൻ; 2. ആത്മജ്ഞൻ, ആത്മജ്ഞാനി, യോഗി; 3. ശിവൻ.
ആത്മവിദ്യ [സം. -വിദ്യാ] നാ. ആത്മജ്ഞാനം.

ആത്മവിശ്വാസം [സം. -വിശ്വാസ] നാ. ആത്മപ്രത്യയം, സ്വന്തം കഴിവിനെപ്പറ്റിയുള്ള വിശ്വാസം.
217
ആത്മവിസ്മൃതി [സം. -വിസ്മൃതി] നാ. സ്വയം മറക്കൽ.
ആത്മവീരൻ [സം. -വീര] നാ. 1. ശക്തൻ, കരുത്തൻ; 2. പുത്രൻ; 3. ഭാര്യാസഹോദരൻ; 4. വിദൂഷകൻ
ആത്മവീര്യം [സം. -വീര്യ] നാ. തൻേറടം, സ്വശക്തി.
ആത്മവൃത്തം, -വൃത്താന്തം [സം. -വൃത്ത, -വൃത്താന്ത] നാ. തൻെറ ചരിത്രം, ആത്മകഥ.
ആത്മവൃത്തി [സം. -വൃത്തി] നാ. 1. ഹൃദയത്തിൻെറ അവസ്ഥ; 2. സ്വകർത്തവ്യാനുഷ്ഠാനം.
ആത്മശല്യ [സം. -ശല്യാ] നാ. ശതാവരി.
ആത്മശാന്തി [സം. -ശാന്തി] നാ. മനസ്സമാധാനം.
ആത്മശുദ്ധി [സം. -ശുദ്ധി] നാ. 1. മനശ്ശുദ്ധി; 2. ആരാധകൻ പൂജതുടങ്ങുന്നതിനുമുമ്പ് അനുഷ്ഠിക്കേണ്ട ശുദ്ധികളിൽ ഒന്ന്, ദേഹശുദ്ധി.
ആത്മശ്ലാഘ [സം. -ശ്ലാഘാ] നാ. സ്വയം പ്രശംസിക്കൽ.
ആത്മസത്ത്വം [സം. -സത്ത്വ] നാ. ആത്മചൈതന്യം, ആത്മശക്തി.
ആത്മസംഭവ, -സമുദ്ഭവ [സം. -സംഭവാ, -സമുദ്ഭവാ] നാ. 1. പുത്രി; 2. ഗ്രഹണശക്തി.
ആത്മസംഭാവന [സം. -സംഭാവനാ] നാ. തന്നെക്കുറിച്ചുള്ള അഭിമാനം അല്ലെങ്കിൽ ആദരം, ആത്മാഭിമാനം, താൻ വമ്പനെന്നഭാവം.
ആത്മസംഭാവിത [സം. -സംഭാവിത] വി. തന്നെക്കുറിച്ച് അഭിമാനം ഉള്ള.
ആത്മസംയമനം [സം. -സംയമന] നാ. ആത്മസംയമം, ആത്മനിയന്ത്രണം.
ആത്മസംയമം [സം. -സംയമ] നാ. ആത്മനിയന്ത്രണം.
ആത്മസംയമവിദ്യ [സം. -സംയമ-വിദ്യാ] നാ. രാജയോഗം.
ആത്മസമർപ്പണം [സം. സമർപണ] നാ. തന്നെത്തന്നെ അർപ്പിക്കൽ, ആത്മനിവേദനം.
ആത്മസാക്ഷാത്കരണം [സം. -സാക്ഷാത്കരണ] നാ. (മന.) മാസ്ലോയുടെ സിദ്ധാന്തമനുസരിച്ച് മനുഷ്യാവശ്യങ്ങളുടെ സോപാനത്തിൽ അതുന്നതസ്ഥാനം വഹിക്കുന്നത്.
ആത്മസാത്കരിക്കുക [<സം. ആത്മ-സാത്-കൃ] ക്രി. സ്വന്തമാക്കുക, ആത്മാവിനു അധീനമാക്കുക. നാ. ആത്മസാത്കാരം.
ആത്മസ്ഥാനം [സം. സ്ഥാന] നാ. (ജ്യോ) ലഗ്നം.
ആത്മഹത്യ [സം. -ഹത്യാ] നാ. ആത്മാവിനെ ഹനിക്കൽ, തന്നത്താൽ കൊല്ലൽ.
ആത്മാ [സം. ആത്മൻ] നാ. ആത്മാവ്.
ആത്മാധാതാ(വ്) [സം. ആത്മ-ആധാതൃ] നാ. തന്നെത്താൻ പണയപ്പെടുത്തിയവൻ.
ആത്മാധീന [സം. -അധീന] വി. പരാശ്രയമില്ലാത്ത.
ആത്മാധീനൻ നാ. പരാശ്രയമില്ലാത്തവൻ, സ്വതന്ത്രൻ.
ആത്മാനുഭൂതി [സം. -അനുഭൂതി] നാ. ആത്മസാക്ഷാത്കാരം.
ആത്മാഭിമാനം [സം. -അഭിമാന] നാ. തന്നെക്കുറിച്ചുള്ള ബഹുമാനം, തന്നെപ്പറ്റിതനിക്കുള്ള മതിപ്പ്.
ആത്മാമിഷം [സം. -ആമിഷ] നാ. തന്നെത്തന്നെ ശത്രുവിന് ഇരയാക്കിക്കൊണ്ടുള്ള സന്ധി, സ്വന്തം സൈന്യത്തെ ഇരയാക്കിക്കോണ്ടുള്ള സന്ധി,

ആത്മാർഥം [സം. -അർഥം] അവ്യ. 1. തനിക്കുവേണ്ടി; 2. ഹൃദയങ്ഗമമായി, അകമഴിഞ്ഞ്.
ആത്മാർഥത [സം. ആത്മാർഥ-താ] നാ. കളങ്കമില്ലാത്ത സ്നേഹവും വിശ്വസ്തതയും.
ആത്മാർപ്പണം [സം. ആത്മ-അർപണ] നാ. സ്വയം അർപ്പിക്കൽ, ഒന്നിനുവേണ്ടി തൻെറ സകല കഴിവുകളും വിനിയോഗിക്കൽ, ആത്മസമർപ്പണം.
ആത്മാരാധന [സം. -ആരാധനാ] നാ. 1. തന്നെത്തന്നെപൂജിക്കൽ; 2. ദേവാരാധനയ്ക്കുവേണ്ടി സ്വശരീരത്തിൽ ദേവസാന്നിധ്യം ഉണ്ടാക്കാൻ സ്വയം വെള്ളവും ചന്ദനവും പൂവുംകൊണ്ട് മാനസപൂജചെയ്യുക.
ആത്മാരാമൻ [സം. -ആരാമ] നാ. ആത്മാവിൽ രമിക്കുന്നവൻ.
ആത്മാവജ്ഞ [സം. -അവജ്ഞാ] നാ. (മന. ) നാ. സ്വയം നിന്ദ, നിസ്സാരനാണെന്നു തന്നത്താൻ കരുതുക.
ആത്മാവബോധം [സം. -അവബോധ] നാ. ആത്മജ്ഞാനം, തന്നെപ്പറ്റിയുള്ള അറിവ്.
ആത്മാവമാനം [സം. -അവമാന] നാ. തന്നെത്താൻ അവമാനിക്കൽ.
ആത്മാവിഷ്കരണം, -ആവിഷ്കാരം [സം. -ആവിഷ്കരണ, -ആവിഷ്കാര] നാ. സ്വഭാവത്തെപ്രകാശിപ്പിക്കൽ.
ആത്മാവ് [സം. ആത്മൻ] നാ. 1. ഉണ്മയുടെ അനുഭവം നൽകിക്കൊണ്ട് ഉള്ളിൽ പ്രവർത്തിക്കുന്ന ശക്തി, താൻ എന്നു കരുതുന്ന തന്നിലെ അംശം; 2. പരമാത്മാവ്, പ്രപഞ്ചത്തിനുകാരണവും നിത്യവും ഏകവും അദ്വയവുമായ തത്ത്വം; 3. ജീവൻ; 4. സാരം, ആന്തരമായ അംശം, മുഖ്യാംശം; 5. സൂര്യൻ; 6. അഗ്നി; 7. ലഗ്നസ്ഥാനം; 8. ശരീരം; 9. പുത്രൻ; 10. മനസ്സ്, ബുദ്ധി; 11 വിവേകശക്തി.
ആത്മീകരിക്കുക [<സം. ആത്മീ-കൃ] ക്രി. സ്വായത്തമാക്കുക, പിടിച്ചെടുക്കുക.
ആത്മീഭാവം [സം. -ഭാവ < ഭൂ] നാ. ആത്മാവായി പരമാത്മാവിനോടുള്ള ഐക്യം, സായൂജ്യം.
ആത്മീയ [സം. < ആത്മൻ] വി. 1. തന്നെ സംബന്ധിച്ചതായ, തനിക്കുള്ള; 2. ആത്മസംബന്ധമായ, ആധ്യാത്മികമായ.
ആത്മീയൻ [സം.] നാ. തന്നെ സംബന്ധിച്ചവൻ, തനിക്കുള്ളവൻ.
ആത്മേശ്വര1 [സം. ആത്മ-ഈശ്വര] വി. ആത്മാവിനെ നിയന്ത്രിക്കുന്ന നാ. ആത്മേശ്വരത്വം = ആത്മനിയന്ത്രണം.
ആത്മേശ്വര2 [സം.] നാ. ആത്മനിയന്ത്രണം സാധിച്ചവൻ.
ആത്മോദയൻ [സം. ആത്മ-ഉദയ] നാ. 1. പുത്രൻ; 2. കാമൻ.
ആത്മോദ്ധാരണം [സം. ഉദ്-ധാര< ധൃ] നാ. (സംസാരദു:ഖത്തിൽനിന്ന്) ആത്മാവിനെ ഉദ്ധരിക്കൽ.
ആത്മോപജീവി [സം. -ഉപജീവൻ] നാ. 1. സ്വന്തം അധ്വാനത്തെ ആശ്രയിച്ച് ജീവിക്കുന്നവൻ; 2. ദിവസക്കൂലിക്കാരൻ; 3. ഭാര്യയെ ആശ്രയിച്ച് ജീവിക്കുന്നവൻ; 4. നടൻ.
ആത്മോപദേശം [സം. -ഉപദേശ] നാ. ആത്മാവിനെകുറിച്ചുള്ള ഉപദേശം.
ആത്മ്യ [സം. < ആത്മൻ] വി. 1. തന്നെസംബന്ധിച്ച; 2. (സമാസാന്തത്തിൽ) അതേസ്വഭാവത്തോടുകൂടിയിരിക്കുക എന്ന സ്ഥിതി. ഉദാ: താദാത്മ്യം = അതിൻെറ സ്വഭാവം.
അത്യന്തിക [സം. < അത്യന്ത] വി. 1. അത്യന്തമായ, അവസാനമില്ലാത്ത; 2. അമിതമായ, ഏറ്റവും കൂടുതലായ; 3. ശ്രേഷ്ഠമായ, പൂർണമായ; 4. അങ്ങേയറ്റത്തെ, പരമമായ. (സ്ത്രീ) ആത്യന്തികി.

ആത്യന്തികപ്രളയം [സം. ആത്യന്തിക-പ്രളയ] നാ. 1. ലോകമാകമാനം നശിപ്പിക്കുന്നതായി കരുതപ്പെടുന്ന പ്രളയം; 2. ജീവാത്മാവിന് പരമത്മാവിൽ ഉണ്ടാകുന്ന ലയം.

ആത്യയിക [സം. < അത്യയ] വി. 1. നാശം വരുത്തുന്ന, ആപത്കരമായ; 2. അടിയന്തിരമായ.

ആത്രേയൻ [സം. ആത്രേയ] നാ. 1. അത്രികുലത്തിൽ പിറന്നവൻ; 2. ദുർവാസാവ്; 3. ഒരു ആയുർവേദാചാര്യൻ; 4. ശിവൻ.

ആത്രേയം [സം. < അത്രി] നാ. 1. ഭാരതവർഷത്തിൽ വടക്കുഭാഗത്തുണ്ടായിരുന്ന ഒരു ജനപദം; 2. ശരീരത്തിലെ രസധാതു.

ആത്രേയി [സം. അത്രേയീ] നാ. 1. അത്രിയുടെ കുലത്തിൽ പിറന്നവൾ; 2. അത്രിയുടെ പത്നി; 3. തീണ്ടാർന്നിരിക്കുന്നവൾ, രജസ്വല; 4. ഗർഭിണി; 5. ബ്രാഹ്മണസ്ത്രീ.

ആത്രേയിക [സം. ആത്രേയികാ] നാ. രജസ്വല.

ആഥർവണൻ [സം.] നാ. 1. അഥർവവേദം അറിയുന്നവൻ, അഥർവവേദം അഭ്യസിക്കുന്നവൻ; 2. അഥർവൻെറ വംശപരമ്പരയിൽ പെട്ടവൻ; 3. അഥർവവേദപ്രോക്തങ്ങളായ കർമങ്ങൾ ചെയ്യുന്ന ബ്രാഹ്മണൻ, പുരോഹിതൻ; 4. ആഭിചാരകൻ.

അഥർവണം [സം.] നാ. അഥർവവേദം.

ആദത്ത [സം. ആ-ദത്ത] വി. = ആത്ത2.

ആദം, ആദാം [ഹീ.] നാ. ആദ്യമനുഷ്യൻ (ക്രിസ്റ്റു-ഇസ്ലാം-ജൂത മതങ്ങളനുസരിച്ച് വിലക്കപ്പെട്ട പഴം ഭക്ഷിച്ചതിനാൽ പറുദീസയിൽനിന്നു ബഹിഷ്കരിക്കപ്പെട്ടു.)

ആദംശം [സം. ആ-ദംശ < ദംശ്] നാ. 1. കടി, കടികൊണ്ടുണ്ടായ മുറിവ്; 2. പല്ല്.

ആദർശനം [സം. -ദർശന] നാ. 1. കാണിക്കൽ, പ്രകടിപ്പിക്കൽ, ആവിഷ്കരിക്കൽ; 2. കണ്ണാടി.

ആദർശം [സം. -ദർശ] നാ. 1. കണ്ണാടി; 2. ഒരു പുസ്തകത്തിൻെറയോ പ്രബന്ധത്തിൻെറയോ മൂലമാതൃക; 3. മാതൃക, ഭാവനയിലോ സങ്കൽപത്തിലോ ഉള്ള ഏറ്റവും ഉത്കൃഷ്ടമായ രൂപം, ഉത്കൃഷ്ടലക്ഷ്യം; 4. വ്യാഖ്യാനം, ടീക.

ആദർശവാദി [സം. ആദർശ-വാദിൻ] നാ. ആദർശത്തെ മുറുകെപ്പിടിക്കുന്നവൻ. (സ്ത്രീ.) ആദർശവാദിനി.

ആദരണം [സം. ആ-ദരണ] നാ. ആദരിക്കൽ, ആദരം പ്രദർശിപ്പിക്കൽ.

ആദരണീയ [സം. -ദരണീയ] വി. ആദരിക്കത്തക്ക.

ആദരം, ആദരവ് [സം. -ദര < ദൃ] നാ. വണക്കം, ബഹുമാനം, വിനയപ്രദർശനം, വകവയ്ക്കൽ.

ആദരാൽ [സം. ആദരാത്] അവ്യ. ആദരവോടെ, ശ്രദ്ധാപൂർവം.

ആദരിക്കുക [ < സം. ആ-ദൃ] ക്രി. ബഹുമാനിക്കുക, ഗൗരവമായികരുതുക, വകവയ്ക്കുക.

ആദരേണ [സം.] അവ്യ. ആദരവോടെ, ശ്രദ്ധാപൂർവം.

ആദഹനം [സം. ആ-ദഹന < ദഹ്] നാ. 1. ദഹിപ്പിക്കൽ; 2. ദഹനസ്ഥലം; 3. കൊല.

ആദാതാ(വ്) [സം. -ദാതൃ] നാ. കൈക്കൊള്ളുന്നവൻ, സ്വീരരിക്കുന്നവൻ, (സ്ത്രീ) ആദാത്രി.

ആദാനം1 [സം. -ദാന] നാ. 1. കൊള്ളൽ, എടുക്കൽ, വാങ്ങൽ, സ്വീകരിക്കൽ; 2. ഉത്തരായണം; 3. രോഗലക്ഷണം. (പ്ര.) ആദാനപ്രദാനം = കൊടുക്കൽ, വാങ്ങൽ, കൊള്ളക്കൊടുക്കൽ.
ആദാനം2 [സം.] ണ. 1. ബന്ധിക്കൽ; 2. കുതിരയുടെ അലങ്കാരക്കോപ്പ്; 3. (നാട്യ) വിമർശസന്ധിയുടെ അങ്ഗങ്ങളിൽ ഒന്ന്.
ആദാനാദ്ദാനി [സം. -ആദാനിൻ] നാ. ആനപ്പീച്ചിൽ എന്ന ഔഷധി.
ആദാപനം [സം. ആ-ദാപന] നാ. ഒരു വസ്തു കൈക്കൊള്ളുന്നതിനുള്ള ക്ഷണം.
ആദായ [സം.] അവ്യ. എടുത്തിട്ട്, സ്വീകരിച്ചിട്ട്. (കാവ്യത്തിൽ പ്രയോഗം).
ആദായചരൻ [സം. ആദായ-ചര] നാ. കയ്യിൽകിട്ടിയതെടുത്തു കടന്നുകളയുന്നവൻ.
ആദായം [സം. ആ-ദായ] നാ. 1. സ്വീകാരം; 2. വരുമാനം; വരവ്, മിച്ചം, ലാഭം, ഭൂസ്വത്തിൽനിന്നോ വ്യാപാരത്തിൽ നിന്നൊ മറ്റോ ഉള്ള വരുമ്പടി (ഈ അർഥം ഭാഷയിൽ മാത്രം).
ആദായി [സം. ആ-ദായിൻ] വി. സ്വീകരിക്കുന്ന, എടുക്കുന്ന.
ആദി1 [സം.] വി. 1. ആദ്യത്തെ, ഒന്നാമത്തെ, മുൻപുള്ള, മുഖ്യമായ; 2. മുതലായ, (സമാസാന്തത്തിൽ) ഉദാ: പക്ഷിമൃഗാദികൾ. നാ. 1. ആരംഭം, തുടക്കം; 2. മൂലകാരണം; 3. ആദ്യഭാഗം; 4. ആദ്യഫലം; 5. വേദം.
ആദി2 [സം. ആദിൻ < അദ്] നാ. തിന്നുന്നവൻ.
ആദികർത്താവ് [സം. ആദി-കർതൃ] നാ. സൃഷ്ടികർത്താവ്.
ആദികവി [സം. -കവി] നാ. 1. വാല്മീകി; 2. ബ്രഹ്മാവ്.
ആദികാരണം [സം. -കാരണ] നാ. 1. നിദാനം, മൂലകാരണം; 2. അപഗ്രഥനം; 3. ബീജഗണിതം.
ആദികാവ്യം [സം. -കാവ്യ] നാ. വാല്മീകിരാമായണം.
ആദികുറമകൾ [സം. ആദി - മ. കുറമകൾ] നാ. ശ്രീപാർവതി (ശിവനും പാർവതിയും കുറവനും കുറത്തിയുമായി നടന്നുവെന്ന കഥയെ ആസ്പദമാക്കിയുള്ള പേര്).
ആദികൂർമം [സം. -കൂർമ] നാ. വിഷ്ണുവിൻെറ ദശാവതാരങ്ങളിൽ രണ്ടാമത്തേത്. ഭൂമിയെ താങ്ങിക്കൊണ്ടു നിൽക്കുന്നതായി സങ്കല്പം.
ആദികൃത്ത് [സം.-കൃത്] നാ. ആദികർത്താവ്, സൃഷ്ടികർത്താവ്.
ആദികേശവൻ [സം. -കേശവ] നാ. വിഷ്ണു, തിരുവട്ടാറിലെ പ്രതിഷ്ഠ.
ആദിഗുരു [സം. -ഗുരു] നാ. 1. ഈശ്വരൻ; 2. (വൃത്ത) ആദ്യാക്ഷരം ഗുരുവായിട്ടുള്ള ഗണം, ഭഗണം.
ആദിതാളം [സം. -താള] നാ. (സങ്ഗീ) എട്ടക്ഷരകാലമുള്ള ഒരു താളം, ഝമ്പടതാളം.
ആദിതേയൻ [സം. < അദിതി] നാ. 1. അദിതിയുടെ പുത്രൻ, ദേവൻ; 2. സൂര്യൻ.
ആദിത്യൻ [സം.] നാ. 1. കശ്യപന് അദിതിയിൽ ജനിച്ചപുത്രരിൽ ഒരുവൻ; 2. ദേവൻ; 3. സൂര്യൻ; 4. വാമനൻ (അദിതിയുടെ പുത്രൻ).
ആദിത്യപുത്രൻ [സം. ആദിത്യ-പുത്ര] നാ. 1. യമൻ; 2. ശനി; 3. സുഗ്രീവൻ; 4. കർണനൻ.
219
ആദിത്യഭക്ത [സം. ഭക്താ] നാ. തൊഴുകണ്ണി.

ആദിത്യം [സം. ആദിത്യ] നാ. 1. പുണർതം നക്ഷത്രം; 2. ചുവന്ന പൂവുള്ള എരിക്ക്.
ആദിത്യവല്ലി [സം. -വല്ലീ] നാ. 1. തൊഴുകണ്ണി, ആതിത്യഭക്ത; 2. വെളുത്ത ഉഴിഞ്ഞ.
ആദിത്യവിഷം [സം. -വിഷ] നാ. കുട്ടികൾക്കുവരുന്ന ഒരു രോഗം, ചെങ്കരപ്പൻ, ചോപ്പ്.
ആദിത്യശയനം [സം. -ശയന] നാ. വെയിലത്തു കിടപ്പ്, ഒരു വ്രതം.
ആദിത്യഹൃദയം [സം. -ഹൃദയ] നാ. രാമരാവണ യുദ്ധത്തിൽ അഗസ്ത്യൻ ശ്രീരാമന് ഉപദേശിച്ച ഒരു മന്ത്രം.
ആദിദേവൻ [സം. ആദി-ദേവ] നാ. 1. വിഷ്ണു; 2. ശിവൻ; 3. സൂര്യൻ; 4. ബ്രഹ്മാവ്.
ആദിദൈത്യൻ [സം. -ദൈത്യ] നാ. ഹിരണ്യകശിപു.
ആദിനവം [സം.] നാ. = ആദീനവം.
ആദിനാഥൻ, -നായകൻ [സം. ആദി-നാഥ, -നായക] നാ. 1. വിഷ്ണു; 2. ശിവൻ.
ആദിപത്രം [സം. -പത്ര] നാ. വിത്തില.
ആദിപുരാൻ [സം. ആദി -മ. പുരാൻ] നാ. വിഷ്ണു.
ആദിപുരുഷൻ, -പൂരുഷൻ [സം. -പുരുഷ] നാ. വിഷ്ണു.
ആദിപ്രാസം [സം. -പ്രാസ] നാ. ഒരു ശബ്ദാലങ്കാരം.
ആദിബുദ്ധൻ [സം. -ബുദ്ധ] നാ. ആദ്യത്തെ ബുദ്ധൻ, ബോധിസത്ത്വന്മാരിൽ ഒന്നാമത്തെ ആൾ.
ആദിബ്രാഹ്മണർ [സം. -ബ്രാഹ്മണ] നാ. (ബ.വ.) ബ്രാഹ്മണരെക്കാൾ മുമ്പു കേരളത്തിൽ ഉണ്ടായിരുന്നവർ, പറയർ.
ആദിഭവ [സം. -ഭവ] വി. ഒന്നാമത് ഉണ്ടായ.
ആദിഭൂതൻ [സം. -ഭൂത] നാ. ഒന്നാമത് ഉണ്ടായവൻ.
ആദിമ [സം. ആദി-മ] വി. ആദ്യമുള്ള, ഒന്നാമത്തെ, പുരാതനമായ.
ആദിയോഗാചാര്യൻ [സം. -യോഗാചാര്യ] നാ. ശിവൻ.
ആദിരസം [സം. -രസ] നാ. ശൃംഗാരരസം.
ആദിരാജൻ [സം. -രാജ] നാ. 1. മനു; 2. പൃഥു.
ആദിരാജാ, ആലി-, ആഴി- നാ. കണ്ണൂർ മുസ്ലിം രാജാക്കന്മാരുടെ സ്ഥാനപ്പേര്.
ആദിലഘു [സം. ആദി-ലഘു] നാ. (വൃത്ത.) ആദിയിൽ ലഘുവും പിന്നീടു രണ്ടു ഗുരുവും ചേർന്ന ഗണം, യഗണം.
ആദിവരാഹം [സം. -വരാഹ] നാ. വിഷ്ണുവിന്റെ വരാഹാവതാരം.
ആദിവാസികൾ [സം. -വാസിൻ] നാ. (ബ.വ.) ഒരു രാജ്യത്തെ ചരിത്രാരംഭകാലത്ത് ഉണ്ടായിരുന്ന ജനവർഗം.
ആദിവിദ്വാൻ [സം. -വിദ്വസ്] നാ. കപിലൻ.
ആദിവൈദ്യൻ [സം. -വൈദ്യ] നാ. ഒന്നാമത്തെ വൈദ്യൻ, ധന്വന്തരി.
ആദിശക്തി [സം. -ശക്തി] നാ. മഹാമായ, ദുർഗ.
ആദിശേഷൻ [സം. -ശേഷ] നാ. അനന്തൻ (ആദിയിൽ ഉണ്ടായിരുന്നവനും അവസാനത്തിൽ ശേഷിക്കുന്നവനും).
ആദിശ്യ [ആ-ദിശ്യ < ദിശ്] അവ്യ. നിർദേശിച്ചിട്ട്, ആജ്ഞാപിച്ചിട്ട്, പറഞ്ഞിട്ട്.
ആദിശ്ശൻ നാ. നായന്മാരിൽ ഒരു വിഭാഗം.

ആദിഷ്ട [സം. < ആ-ദിഷ്] വി. ആദേശിക്കപ്പെട്ട, ആജ്ഞാപിക്കപ്പെട്ട, ഉപദേശിക്കപ്പെട്ട. നാ. 1. ആജ്ഞ, 2. ഉപദേശം; 3. ഉച്ഛിഷ്ടം.

ആദിഷ്ടസന്ധി [സം. ആദിഷ്ട-സന്ധി] നാ. നിർബന്ധിച്ചുചെയ്യിക്കുന്ന കരാർ (ശക്തനായ രാജാവ് ദുർബലനായ രാജാവിനെക്കൊണ്ട് ചെയ്യിപ്പിക്കാറുള്ളത്).

ആദിഷ്ടി [സം. ആ-ദിഷ്ടിൻ] നാ. 1. ഉപദേഷ്ടാവ്, ആചാര്യൻ; 2. ആജ്ഞനൽകുന്നവൻ; 3. ബ്രഹ്മചാരി, വിദ്യാർത്ഥി; 4. പാപപ്രായശ്ചിത്തം ചെയ്യുന്നവൻ.

ആദീനവം, ആദി- [സം. ആദീനവ] നാ. 1. ദൗർഭാഗ്യം, ക്ലേശം, വേദന, ദുരന്തം; 2. കുറ്റം.

ആദീപനം [സം. ആ-ദീപന] നാ. 1. തീവയ്പ്; 2. (ഭിത്തി) വെള്ളപൂശൽ; 3. പ്രേരണ.

ആദീപ്ത [സം. -ദീപ്ത] വി. ആദീപനം ചെയ്യപ്പെട്ട, കത്തിയെരിഞ്ഞ.

ആദൃത [സം. -ദൃത] വി. 1. ആദരിക്കപ്പെട്ട, ബഹുമാനിക്കപ്പെട്ട; 2. താത്പര്യമുള്ള.

ആദൃത്യ [സം. -ദൃത്യ] അവ്യ. ആദരിച്ചിട്ട്, ബഹുമാനിച്ചിട്ട്.

ആദേയ [സം. -ദേയ] വി. ആദാനം ചെയ്യത്തക്ക, സ്വീകരിക്കത്തക്ക.

ആദേവകൻ [സം. -ദേവക< ദിവ്] നാ. ചൂതുകളിക്കുന്നവൻ (സ്ത്രീ) ആദേവിക.

ആദേവനം [സം. -ദേവന] നാ. 1. ചൂതുകളി; 2. ചുക്കിണി; 3. ചൂതുപടം; 4. കളിസ്ഥലം.

ആദേശനം [സം. -ദേശന] നാ. കല്പനകൊടുക്കൽ, ആജ്ഞാപിക്കൽ.

ആദേശം [സം. -ദേശ < ദിശ്] നാ. 1. കല്പന, ഉത്തരവ്, ആജ്ഞ; 2. ഉപദേശം, ശിക്ഷണം; 3. നിർദേശം; 4. (വ്യാക.) സന്ധി നാലുവിധത്തിലുള്ളതിൽ ഒന്ന്, വർണങ്ങൾ ചേരുമ്പോൾ ഒരു വർണത്തിനുപകരം മറ്റൊരുവർണം വരുന്നത്.

ആദേശി [സ. -ദേശിൻ] നാ. 1. കല്പനകൊടുക്കുന്നവൻ, നായകൻ; 2. ദൈവജ്ഞൻ, ജ്യൗതിഷികൻ.

ആദേശിക്കുക [ < സം. ആ-ദിശ്] ക്രി. നിർദേശിക്കുക, ചൂണ്ടിക്കാണിക്കുക, കല്പിക്കുക, നിയോഗിക്കുക, ആജ്ഞാപിക്കുക.

ആദേഷ്ടാ(വ്) [സം. ദേഷ്ട്യ] നാ. കല്പിക്കുന്നവൻ, നിർദേശിക്കുന്നവൻ, യജമാനൻ.

ആദൗ [സം. ] അവ്യ. ആദിയിൽ.

ആദ്യ1 [സം.] വി. ആദിയിൽ ഭവിച്ച.

ആദ്യ2 [സം. ആദ്യാ] നാ. 1. ഭൂമി; 2. ദുർഗ.

ആദ്യ3 [സം. <അദ്] വി. അദിക്കാൻ കൊള്ളാവുന്ന, ഭക്ഷിക്കത്തക്ക.

ആദ്യക്ഷരം [സം. ആദി1-അക്ഷരം] നാ. ഒന്നാമത്തെ അക്ഷരം, 'അ'കാരം.

ആദ്യൻ [സം.] നാ. 1. ഈശ്വരൻ; 2. ഒന്നാമൻ.

ആദ്യന്തം1 [സം. ആദി-അന്ത] നാ. ആദിയും അന്തവും.

ആദ്യന്തം2 [സം.] അവ്യ. ആരംഭം മുതൽ അവസാനം വരെ, മുഴുവൻ, ആദ്യവസാനം.

ആദ്യപൂമാൻ സം. ആദ്യ-പൂമാൻ] നാ. 1. ബ്രഹ്മാവ്; 2. വിഷ്ണു.

ആദ്യഫലപ്പെരുന്നാൾ [സം. ആദ്യ-ഫല - മ. പെരുന്നാൾ] നാ. (ക്രിസ്തു.) ആദ്യം ഉണ്ടാകുന്ന വിളവുകളുടെ ഒരംശം പള്ളിയിൽകൊണ്ടുവന്നു സമർപ്പിക്കുന്ന ദിവസം.

ആദ്യം1 [സം.] നാ. ആരംഭം, തുടക്കം.

ആദ്യം2 [സം.]. അവ്യ. 1. ഒന്നാമതായി, തുടക്കത്തിൽ; 2. (സമാസാന്തത്തിൽ) തുടങ്ങിയുള്ള, മുതലായ.
ആദ്യമാഷകം [സം. ആദ്യ-മാഷക] നാ. അഞ്ചുകുന്നിത്തൂക്കം, രണ്ടേകാൽ പണത്തൂക്കം.
ആദ്യർത്തു [സം. -ഋതു] നാ. ആദ്യത്തെ ഋതു, വസന്തം.
ആദ്യവസാനം [സം. -അവസാന] അവ്യ. = ആദ്യന്തം2.
ആദ്യാശ്രമം [സം. -ആശ്രമ] നാ. നാല് ആശ്രമങ്ങളിൽ ആദ്യത്തേത്, ബ്രഹ്മചര്യം.
ആദ്യുനൻ [സം. < അദ്യുന] നാ. ആഹാരത്തിൽ അത്യാർത്തിയുള്ളവൻ, വലിയ വിശപ്പുള്ളവൻ, വിശപ്പുനിമിത്തം ജയേച്ഛ ഇല്ലാത്തവൻ.
ആദ്യോതം [സം. ആ-ദ്യോത] നാ. പ്രകാശം, പ്രഭ.
ആദ്യോപാന്തം [സം. ആദ്യ-ഉപാന്ത] അവ്യ. ആദ്യന്തം.
ആദ്രിസാര [സം. ആദ്രി-സാല] വി. ഇരുമ്പുകൊണ്ടുണ്ടാക്കിയ.
ആധമനം [സം. ആ-ധമന] നാ. നിക്ഷേപം, പണയം.
ആധമർണികൻ [സം. < അധമർണ] നാ. അധമർണൻ, കടംകൊണ്ടവൻ.
ആധമർണികം [സം.] നാ. വായ്പ, കടം.
ആധമർണ്യം [സം.] നാ. കടപ്പാട്, കടം, അധമർണൻെറ അവസ്ഥ.
ആധർഷണം [സം. -ധർഷണ] നാ. ആധർഷം.
ആധർഷം [സം. ആ-ധർഷ < ധൃഷ്] നാ. നിന്ദനം, കയ്യേറ്റം.
ആധർഷിത [സം. -ധർഷിത] വി. 1. ശിക്ഷിക്കപ്പെട്ട; 2. വാദത്തിൽ തോൽപിക്കപ്പെട്ട.
ആധവനം [സം. -ധവനം , ധൂ] നാ. കുലുക്കൽ, കലക്കൽ, കലർത്തൽ, മിശ്രണം.
ആധാതാ(വ്) [സം. -ധാതു < ധാ] നാ. 1. നിക്ഷേപകൻ; 2. അഗ്ന്യാധാനം ചെയ്യുന്നവൻ; 3. ആചാര്യൻ, വിദ്യാദാനം ചെയ്യുന്നവൻ. (സ്ത്രീ) ആധാത്രി.
ആധാനം [സം. -ധാന] നാ. 1. അടുത്തുവയ്ക്കൽ, മുകളിൽ വയ്ക്കൽ, നിക്ഷേപിക്കൽ; 2. അഗ്ന്യാധാനം; 3. ഉത്പാദനം, ഗർഭോത്പാദനം (ഗർഭധാരണം); 4. ഒറ്റി, പണയാധാരം, ജാമ്യം; 5. വീണ്ടെടുക്കൽ; 6. പ്രയത്നം, നിർവഹണം; 7. വളപ്പ്.
ആധാനിക [സം. -ധാനിക] നാ. സന്താനലാഭത്തിനായി അനുഷ്ഠിക്കുന്ന ഒരു കർമം.
ആധായ [സം. < ആ-ധാ] അവ്യ. ആധാരം ചെയ്തിട്ട്, -വച്ചിട്ട്.
ആധായക [സം. -ധായക] വി. 1. (സമാസാന്തത്തിൽ) ആധാനം ചെയ്യുന്ന, വയ്ക്കുന്ന, കൊടുക്കുന്ന, ഉദാ: സത്ഗുണാധായകം = നല്ലഗുണം ഉണ്ടാക്കിതീർക്കുന്ന; 2. പണയം വയ്ക്കുന്ന.
ആധാരകൻ [സം. ] നാ. താങ്ങുന്നവൻ.
ആധാരചക്രം [സം. ആധാര-ചക്ര] നാ. യോഗശാസ്ത്രപ്രകാരമുള്ള ഷട്ചക്രങ്ങളിൽ ഒന്ന്, ആധാരം.
ആധാരണം [സം. ആ-ധാരണ] നാ. താങ്ങൽ, നിലനിറുത്തൽ.
ആധാരം [സം. ആ-ധാര < ആ-ധൃ] നാ. 1. ആശ്രയം, ആസ്ഥാനം, താങ്ങ്; 2. ആസ്പദം, തെളിവ്; 3. പ്രമാണം, നിലം, പുരയിടം മുതലായവയുടെ ക്രയവിക്രയം സംബന്ധിച്ചുള്ള രേഖ; 4. പാത്രം, ഭാജനം; 5. ജലാശയം, കുളം; 6. (വ്യാക.) അധികരണം

(ആധാരികാവിഭക്തിയുടെ അർഥം); 7. യോഗശാസ്ത്രപ്രകാരമുള്ള ഷഡാധാരങ്ങളിൽ ഒന്ന്, മൂലാധാരം.

ആധാരമെഴുത്ത് [സം. ആധാര-മ. എഴുത്ത്] നാ. നിലം പുരയിടം മുതലായവയുടെ കൈമാറ്റം സംബന്ധിച്ചും മറ്റുമുള്ള രേഖകൾ നിർമിക്കൽ, പ്രമാണമെഴുതിയുണ്ടാക്കൽ.

ആധാരശില [സം. -ശിലാ] നാ. 1. അടിസ്ഥാനക്കല്ല്; 2. ക്ഷേത്രങ്ങളിൽ ബിംബം പ്രതിഷ്ഠിച്ചിരിക്കുന്ന കല്ല്.

ആധാരാധേയഭാവം [സം. -ആധേയ-ഭാവ] നാ. ആധാരവും ആധേയവും തമ്മിലുള്ള ബന്ധം.

ആധാരിക [സം. ആധാരികാ] നാ. അധികരണം എന്ന കാരകം അർഥമായിവരുന്ന വിഭക്തി.

ആധാരികാഭാസം [സം. -ആഭാസ] നാ. 9വ്യാക.) ആധാരികപോലെ തോന്നുന്നത്, ആധാരികയ്ക്കു സാധാരണ ചേർക്കാറുള്ള പ്രത്യയങ്ങൾ ചേരുന്നില്ലെങ്കിലും അധികരണാർഥം ദ്യോതിപ്പിക്കുന്ന 'അത്തു' 'ഏ' തിടങ്ങിയ പ്രത്യയങ്ങൾ ചേർന്നരൂപം.

ആധാര്യ [സം. ആ-ധാര്യ] വി. ധരിക്കത്തക്ക, വഹിക്കത്തക്ക.

ആധി [സം. ആ-ധി< ധാ] നാ. 1. മനോവേദന, ഉൽക്കണ്ഠ, വിചാരം, വ്യാകുലത, ദു:ഖം ; 2. അധിഷ്ഠാനം, ഇരിപ്പിടം; 3. നിർവചനം, അഭിധാനം; 4. പ്രത്യാശ; 5. ധർമചിന്ത; 6. കുടുംബകാര്യത്തിൽ വ്യാപൃതൻ.

ആധികരണികൻ [സം. < അധി-കരണ] നാ. 1. ന്യായാധിപൻ; 2. ഉദ്യോഗസ്ഥൻ.

ആധികരണ്യം [സം.] നാ. കൈവശം ഉള്ള അവസ്ഥ.

ആധികാരികം [സം. < അധികാര] നാ. 1. ഇതിവൃത്തത്തിൽ പ്രധാനമായ അംശം; 2. അധികാരപൂർവമായത്, പ്രമാണികം.

ആധിക്യം [സം. < അധിക് നാ. 1. അധികത, വർധിച്ച അവസ്ഥ, സമൃദ്ധി, ധാരാളത, കൂടുതൽ; 2. മഹത്വം, യോഗ്യത, മേന്മ, വലുപ്പം, വൻപ്.

ആധിജ്ഞ [സം. ആധി-ജ്ഞ] വി. 1. വേദന അറിയുന്ന, അനുഭവിക്കുന്ന; 2. വളഞ്ഞ.

ആധിത്യം [സം.] നാ. പണയത്തിൻെറ സ്വഭാവം.

ആധിദൈവികം [സം. < ആധി-ദേവ] നാ. മൂന്നുവിധം താപങ്ങളിൽ ദൈവികമായിവരുന്നത്.

ആധിപത്യം [സം. ആധിപത്യ] നാ. അധിപതി എന്ന അവസ്ഥ, അധികാരം, കോയ്മ.

ആധിഭോഗം [സം. ആധി-ഭോഗ] നാ. പണയമായോ ഒറ്റിയായോ കൊടുത്തിട്ടുള്ള വസ്തുവിൻെറ അനുഭവം.

ആധിഭൗതികം [സം. < അധി-ഭൂത] നാ. മൂന്നുവിധം താപങ്ങളിൽ ഒന്ന്, പഞ്ചഭൂതങ്ങളിൽ നിന്നോ ജീവികളിൽനിന്നോ ഉണ്ടാകുന്നസുഖം.

ആധിരഥി [സം. < അധിരധി] നാ. അധിരഥൻെറ വളർത്തുപുത്രൻ, കർണൻ.

ആധിരാജ്യം [സം. < അധിരാജ] നാ. അധിരാജൻെറ അവസ്ഥ, ചക്രവർത്തിപദവി, മേൽക്കോയ്മ.

221

ആധിലേഖ്യം [സം. ആധി-ലേഖ്യ] നാ. പണയാധാരം.

ആധിവാഹകൻ [സം. ആധി-വാഹക] നാ. ജീവാത്മാവിനെ മരണശേഷം പരമപദത്തിൽ എത്തിക്കുന്ന ദേവത, ആദിത്യൻ.

ആധിവേദനികം [സം. < അധി–വേദനാ] നാ. 1. രണ്ടാമതു വേൾക്കുമ്പോൾ കിട്ടുന്ന സ്ത്രീധനം; 2. ഒരാൾ രണ്ടാമതു വേൾക്കുമ്പോൾ ആദ്യഭാര്യയ്ക്കുകൊടുക്കുന്ന ധനം

ആധിസ്തേനൻ [സം. ആധി–സ്തേന] നാ. ഉടമസ്ഥൻെറ അനുവാദംകൂടാതെ നിക്ഷേപദ്രവ്യം ഉപയോഗിക്കുന്നവൻ, പണയംവച്ച വക അപഹരിക്കുന്നവൻ.

ആധീകരണം [സം. < അധി–കരണ] നാ. അധികരണമാക്കൽ, പണയം വയ്പ്, ഒറ്റികൊടുക്കൽ.

ആധീകരിക്കുക [ < സം. ആധി–കൃ] ക്രി. പണയംവയ്ക്കുക, ഒറ്റികൊടുക്കുക.

ആധീനം [സം. ആധീന] നാ. 1. അധീനം, അധീനത, കീഴടങ്ങിയ സ്ഥിതി, വരുതിയിൽ നിൽപ്പ്; 2. ഉടമ; 3. ശൈവമഠം (തമിഴ്നാട്ടിൽ).

ആധുത [സം. ആ–ധുത] വി. ആധൂത.

ആധുനിക [സം. < അധുനാ] വി. അടുത്തകാലത്തെ, പുതിയ, അധുനാതന, നവീന, ഇപ്പോഴുള്ള.

ആധുനികീകരിക്കുക [സം. ആധുനികീ–കൃ] ക്രി. പുതിയതാക്കിത്തീർക്കുക.

ആധൂത [സം. ആ–ധൂത] വി. കുലുക്കപ്പെട്ട, ഇളക്കപ്പെട്ട.

ആധൂതം [സം.] നാ. നൃത്തത്തിൽ ശിരസ്സിനെ ചലിപ്പിക്കുന്ന പലവിധങ്ങളിൽ ഒന്ന്.

ആധൂനനം [സം. ആ–ധൂനന] നാ. 1. ചെറുതായി ഇളക്കൽ, ചലിപ്പിക്കൽ; 2. അറ്റിച്ചുപരത്തൽ.

ആധൃത [സം. –ധൃത] വി. ധരിക്കപ്പെട്ട, വഹിക്കപ്പെട്ട, പൊക്കിപ്പിടിക്കപ്പെട്ട.

ആധൃഷ്ട [സം. –ധൃഷ്ട] വി. 1. തടുക്കപ്പെട്ട; 2. ജയിച്ചടക്കിയ.

ആധേയ [സം. –ധേയ < ധാ] വി. 1. ആധാനം ചെയ്യപ്പെടേണ്ട; 2. പണയമായോ ഈടായോ വയ്ക്കത്തക്ക; 3. ഉൾക്കൊള്ളുന്ന.

ആധേയം [സം.] നാ. മറ്റൊന്നിനെ ആശ്രയിച്ചു നിൽക്കുന്നത്.

ആധോരണൻ [സം.] നാ. ആനക്കാരൻ, ആനപ്പാപ്പാൻ.

ആധൗത [സം. ആ–ധൗത] വി. അല്പം വെളുത്ത, അലക്കിവെളുപ്പിച്ച, കഴുകിയ.

ആധ്മാത [സം. –ധ്മാത] വി. 1. ആധ്മാനം ചെയ്യപ്പെട്ട, ഊതപ്പെട്ട, ഊതിവീർപ്പിച്ച; 2. അഹങ്കാരം പെരുകിയ.

ആധ്മാതം [സം. –ധ്മാത] നാ. വയർവീക്കം.

ആധ്മാനം [സം. –ധ്മാന] നാ. 1. ഊതിവീർപ്പിക്കൽ; 2. ഗർവുപറയൽ; 3. തുരുത്തി, ഉല; 4. വയറുവീർപ്പ്, മഹോദരം; 5. നാണയത്തിൻെറ കൈമാറ്റം, വിലക്കയറ്റം.

ആധ്മാപനം [സം. –ധ്മാപന] നാ. ഊത്ത്, ഊതിവീർപ്പിക്കൽ.

ആധ്യ, ആധ്യാനം [സം. –ധ്യാ, –ധ്യാന] നാ. 1. അനുതാപസ്മരണം; 2. ധ്യാനിക്കൽ, വിചാരം.

ആധ്യാത്മിക [സം. അധി–ആത്മ] വി. 1. ആത്മാവിനെ സംബന്ധിക്കുന്ന, ആത്മീയമായ; 2. ആത്മാവിൽ (ശരീരത്തിൽ–മനസ്സിൽ) നിന്നുള്ള (ദുഃഖം).

ആധ്യാപകൻ [സം. < അധി–ആപക] നാ. അധ്യാപകൻ.

ആധ്യായിക [സം. < അധ്യായ] വി. അധ്യയനം സംബന്ധിച്ച, വേദാധ്യയനത്തിൽ ഏർപ്പെട്ട.

ആധ്യാസിക [സം. < അധ്യാസ] വി. ഒന്നിൻെറ ധർമം മറ്റൊന്നിൽ ആരോപിക്കുന്നതിനാൽ ഉണ്ടായ.

ആധ്വനിക [സം. < അധ്വൻ] വി. യാത്രചെയ്യുന്ന.
ആധ്വര്യവ [സം. < ആധ്വര്യു] വി. 1. അധ്വര്യുവിനെ സംബന്ധിച്ച, യജുർവേദസംബന്ധമായ; 2. യജുർവേദം അറിയുന്ന.
ആധ്വര്യവം [സം.] നാ. അധ്വര്യു ചെയ്യേണ്ട കർമം.
ആധ്രം [സം. ആധ്ര] നാ. ആശ്രയം, ആധാരം.
ആൻ1 നാ. 1. പശു; 2. കാള.
ആൻ2 (വ്യാക.) ക്രിയയോടു ചേർന്നുനിൽക്കുന്ന പുല്ലിങ്ഗേകവചനപ്രത്യയം, പ്രഥമപുരുഷൻ 'അൻ' ദീർഘിച്ച രൂപം. ഉദാ: പോയാൻ, ചെയ്താൻ = അവൻ പോയി, അവൻ ചെയ്തു.
ആൻ3 (വ്യാക.) പിൻവിനയെച്ചപ്രത്യയം, ഉദ്ദേശിച്ച്, വേണ്ടി എന്ന അർഥങ്ങളിൽ ധാതുവിനോട് ചേർക്കുന്നത്. ഉദാ: കാണാൻ, പറയാൻ, ചെയ്യുവാൻ, നൽകുവാൻ.
ആൻ4 നാ. (വ്യാക.) ചില നാമങ്ങളോട് ചേർക്കുന്ന ഒരു പുല്ലിങ്ഗേകവചനപ്രത്യയം. ഉദാ: ആശാൻ, തമ്പുരാൻ.
ആൻ5 (വ്യാക.) ഒരു നിപാതം. തീർച്ചയില്ലായ്മ എന്ന അർഥത്തിൽ ഉപയോഗം. ഉദാ: ആരുവാൻ, എന്തുവാൻ.
ആന1 നാ. 1. കരയിൽ ജീവിക്കുന്ന ഏറ്റവും വലിയ സസ്തനം, സസ്യഭുക്ക്; 2. കുട്ടിയും കോലും കളിയിലെ ഒരളവ്; 3. (ആല) വലിയത്. ഉദാ: ആനമണ്ടത്തരം.
ആന2 (പ.മ.) [ആകുക] (ഭൂ.പേരെച്ചം) വി. ആയ.
ആനകദുന്ദുഭി [സം. ആനക-ദുന്ദുഭി] നാ. 1. ആനകം, ഭേരി; 2. വസുദേവൻ, ശ്രീകൃഷ്ണൻെറ അച്ഛൻ.
ആനകം [സം.] നാ. 1. തപ്പട്ട, പെരുമ്പറ; 2. മൃദങ്ഗം; 3. ഇടിവെട്ടുന്ന മേഘം.
ആനകളി [ആന1-കളി] നാ. ആനയെ അനുകരിച്ചുകൊണ്ടുള്ള കളി. മുതിർന്നവരുടെ മുതുകിൽ കുട്ടികൾ കയറിയിരുന്നുള്ള കളി.
ആനക്കണ്ണൻപക്കി [ആന1-കണ്ണൻ-പക്കി] നാ. ചിറകിൽ ആനക്കണ്ണിൻെറ വടിവുള്ള ചിത്രശലഭം.
ആനക്കയ്യോന്നി നാ. മഞ്ഞക്കയ്യോന്നി.
ആനക്കരപ്പൻ [ആന1-കരപ്പൻ] നാ. ഒരുതരം വസൂരി.
ആനക്കലി [ആന1-കലി] നാ. വലിയ കോപാവേശം.
ആനക്കൽപ്പട നാ. ഗോപുരത്തിൽനിന്നും മറ്റും ഇറങ്ങുന്നതിനു നിർമിച്ച വിസ്താരമേറിയ കൽപ്പട.
ആനക്കറുക [ആന1-കറുക] നാ. വെൺകറുക, വലിയ കറുക.
ആനക്കായ് [ആന-കാശ്] നാ. = ആനക്കാശ്.
ആനക്കാര [ആന1-കാര] നാ. കലശം, ഉതി.
ആനക്കാര്യം [മ. ആന1-സം. കാര്യം] നാ. വലിയ കാര്യം (പരിഹാസമായ പ്രയോഗം). "ആനക്കാര്യത്തിനിടയിൻ ചേനക്കാര്യം" (പഴ.)
ആനക്കാൽ [ആന1-കാൽ] നാ. 1. ആനയുടെ കാൽ; 2. പെരുങ്കാൽ, മന്തുകാൽ; 3. റോഡുനന്നാക്കാനുള്ള ഒരുപകരണം. (പ്ര.) ആനക്കാൽ വീശുക, ആനച്ചുവടിതിരിയുക = തെങ്ങിൻെറ തടിതിരിയുക.
ആനക്കാശ് [ആന1-കാശ്] നാ. ആനമുദ്രയുള്ള ഒരു പഴയ ചെമ്പുനാണയം.
ആനക്കുഷ്ഠം [മ. ആന1-സം. കുഷ്ഠ] നാ. മന്ത്.

ആനക്കുളവി [ആന1-കുളവി] നാ. ഒരിനം വലിയ കടന്നൽ.
ആനക്കുഴി [ആന1-കുഴി] നാ. ആനയെപിടിക്കാൻ നിർമിച്ചിട്ടുള്ള വലിയ വാരിക്കുഴി.
ആനക്കുറ്റി [ആന-കുറ്റി] നാ. ആനയെ തളയ്ക്കുന്ന കുറ്റി, ആളാനം.
ആനക്കൂടം [ആന-കുടം] ണ. ആനത്തൊഴുത്ത്, അതിന്മേൽ ചുമത്തിയിരുന്ന കരം.
ആനക്കൂട് [ആന-കൂട്] നാ. കാട്ടാനയെ മെരുക്കിയെടുക്കുന്നതുവരെ സൂക്ഷിക്കാനുള്ള കൂട്.
ആനക്കൂലി [ആന-കൂലി] നാ. ആനയെക്കൊണ്ടു പണിയെടുപ്പിക്കുന്നതിനു നൽകുന്ന കൂലി.
ആനക്കൂവ [ആന-കൂവ] നാ. 1. ചണ്ണക്കൂവ, ആനപ്പൂ; 2. വെൺകൊട്ടം; 3. മലവയമ്പ്.
ആനക്കൊട്ടിൽ [ആന-കൊട്ടിൽ] നാ. 1. ആനപ്പുര; 2. ക്ഷേത്രങ്ങളുടെയും മറ്റും മുൻവശത്ത് ആനയെ എഴുന്നള്ളിച്ചുനിർത്താനുള്ള പുര.
ആനക്കൊമ്പൻ നാ. 1. ഒരിനം അരി; 2. ഒരുതരം വാഴ; 3. ഒരുതരം മത്സ്യം; 4. ഒരിനം വഴുതിന; 5. ഒരിനം വെള്ളരി; 6. ഒരുതരം മരച്ചീനി; 7. ഒരിനം കക്ക.
ആനക്കോപ്പ് [ആന-കോപ്പ്] നാ. എഴുന്നള്ളിക്കുമ്പോൾ ആനയ്ക്കു അലങ്കാരമായി ചമയിക്കുന്ന തലയിൽകെട്ട് കുട കോലം മുതലായവ.
ആനക്കോൽ [ആന-കോൽ] നാ. 1. ആനയെ അടിക്കാനുള്ള കോൽ; 2. നാല് (അഞ്ച്) കോൽ അടങ്ങിയ ഒരു ദീർഘയളവ്.
ആനങ്ഗ [സം. < അനങ്ഗ] വി. അനങ്ഗനെ സംബന്ധിച്ച.
ആനച്ചക്കര നാ. ആനയ്ക്കു പഥ്യമായ ഒരിനം വള്ളി.
ആനച്ചങ്ങല [ആന-ചങ്ങല] നാ. 1. ആനയെ തളയ്ക്കാനുള്ള ചങ്ങല; 2. വലിയ ചങ്ങല.
ആനച്ചടക്കം [ആന-ചടക്കം] നാ. ഒരു പയറ്റുമുറ.
ആനച്ചന്തം [ആന-ചന്തം] നാ. ആകപ്പാടെയുള്ള അഴക്, മൊത്തത്തിലുള്ള ഭങ്ഗി.
ആനച്ചമയം [ആന-ചമയം] നാ. = ആനക്കോപ്പ്.
ആനച്ചാൽ [ആന-ചാല്] നാ. ആനപോകുന്നവഴി, ആനത്താര.
ആനച്ചുവടി [ആന-ചുവടി] നാ. ആനച്ചുവടോളം വൃത്താകൃതിയിൽ നിലത്തുപറ്റിനിൽക്കുന്ന ഒരു ചെറുചെടി, ആനയടിയൻ, കുഞ്ഞിരിക്ക.
ആനച്ചൂര് നാ. ആനയുടെഗന്ധം.
ആനച്ചൊറി [ആന-ചൊറി] നാ. ഒരു ത്വക്‌രോഗം, വലിയ ചൊറി, ഗജചർമം.
ആനച്ചൊറിയണം [ആന-ചൊറിയണം] നാ. വലിയ ചൊറിയണം.
ആനഡൂഹ [സം. < അനഡുഹ്] വി. കാളയെ സംബന്ധിച്ച.
ആനത [സം. ആ-നത < നമ്] വി. 1. ആനമിച്ച, കുനിഞ്ഞ, വളച്ച, താഴ്ത്തിയ; 2. അധോമുഖമായിട്ടുള്ള; 3. വിനീതമായ, കീഴ്‌വഴങ്ങുന്ന.
ആനതി [സം. -നതി] നാ. 1. ആനമിക്കൽ, കുനിയൽ, നമസ്കാരം; 2. താഴ്ച, വിനയം, അനുസരണം.
ആനത്തലവൻ [ആന-തലവൻ] നാ. ആനക്കൂട്ടത്തിൽ പ്രധാനി, യൂഥപൻ.
ആനത്താര [ആന-താര] നാ. = ആനച്ചാൽ.

ആനത്തിപ്പലി [ആന-തിപ്പലി] നാ. തിപ്പലിയിൽ ഒരു ജാതി, അത്തിത്തിപ്പലി സം. ഹസ്തിപിപ്പലി.
ആനത്തുടലി [ആന-തുടലി] നാ. ഒരിനം വലിയ മുൾച്ചെടി, പെരുന്തുടലി.
ആനത്തുത്തി [ആന-തുത്തി] നാ. ഒരുചെടി, വലിയ ഊരകം.
ആനത്തൊണ്ടി [ആന-തൊണ്ടി] നാ. ഒരുതരം വലിയ മരം.
ആനത്തോട്ടി [ആന-തോട്ടി] നാ. ആനയെ നിയന്ത്രിക്കുന്നതിനുള്ള തോട്ടി, അങ്കുശം.
ആനദ്ധ [സം. ആ-നദ്ധ] വി. 1. കെട്ടപ്പെട്ട; 2. മലബന്ധമുള്ള. ആനദ്ധവസ്തിത = മലബന്ധം മൂത്രതടസ്സം.
ആനദ്ധം [സം.] ന. 1. ചെണ്ട, മിഴാവ് തുടങ്ങിയ ചർമവാദ്യങ്ങൾ; (വസ്ത്രാഭരണങ്ങൾ) ധരിക്കൽ; 3. കെട്ടപ്പെട്ടത്.
ആനനക്കി [ആന-നക്കി] നാ. ഒരുതരം വിഷവൃക്ഷം.
ആനനം [സം. ആനന] നാ. 1. മുഖം; 2. വായ്.
ആനന്തര്യം [സം. < അനന്തര] നാ. ഇടമുറിയാത്ത തുടർച്ച, സ്ഥലകാലങ്ങൾക്കു വിടവില്ലായ്മ.
ആനന്തവർമം നാ. നാഭിക്കു താഴെയുള്ള ഒരു മർമം.
ആനന്ത്യം [സം. < അനന്ത] നാ. അന്തമില്ലായ്മ, നാശമില്ലായ്മ, പാരത്രികസുഖം.
ആനന്ദഥു [സം. ആ-നന്ദഥു] നാ. സന്തോഷം, സുഖം.
ആനന്ദദത്തം [സം. ആനന്ദ-ദത്ത] നാ. 1. യോനി; 2. പുരുഷലിങ്ഗം.
ആനന്ദൻ [സം. ആ-നന്ദ] നാ. 1. വിഷ്ണു, കൃഷ്ണൻ; 2. ശിവൻ; 3. ബലരാമൻ; 4. ബുദ്ധൻെറ (ഒരു) പ്രധാനശിഷ്യൻ.
ആനന്ദനം [സം. -നന്ദന] നാ. ആനന്ദിപ്പിക്കൽ.
ആനന്ദപ്പുടവ [സം. ആനന്ദ-മ. പുടവ] നാ. തിരണ്ട പെൺകുട്ടിയുടെ വസ്ത്രം.
ആനന്ദപ്രഭവം [സം. -പ്രഭവ] നാ. ശുക്ലം, രേതസ്സ്.
ആനന്ദഭൈരവൻ [സം. -ഭൈരവ] നാ. ശിവൻ (സന്തോഷവും ഭയവും ജനിപ്പിക്കുന്നവൻ).
ആനന്ദഭൈരവി [സം. -ഭൈരവി] നാ. ഒരു ജന്യരാഗം.
ആനന്ദം [സം. ആ-നന്ദ] നാ. 1. ഇന്ദ്രിയാനുഭവംകൊണ്ടോ അതീന്ദ്രിയാനുഭവംകൊണ്ടോ മനസ്സിനുണ്ടാകുന്ന സംതൃപ്താവസ്ഥ, സംതൃപ്തി, പ്രീതി, സമ്മോദം, നിർവൃതി; 2. പരമാത്മാവിൻെറ ലക്ഷണങ്ങളിൽ ഒന്ന് (മറ്റുള്ളവ സത്ത്, ചിത്ത് എന്ന രണ്ടും); 3. ഒരു താളത്തിൻെറ പേര്; 4. ബൃഹസ്പതിചക്രത്തിലെ നാൽപ്പത്തെട്ടാമത്തെ വർഷം; 5. ഒരുതരം ഓടക്കുഴൽ; 6. പതിനാറാമത്തെ മുഹൂർത്തം.
ആനന്ദമയ [സം. ആനന്ദ-മയ] വി. ആനന്ദസ്വരൂപമായ. ആനന്ദമയകോശം = പഞ്ചകോശങ്ങളിൽ ഒന്ന്, കാരണ ശരീരം.
223
ആനന്ദമയൻ [സം. ] നാ. പരമാത്മാവ്
ആനന്ദമാസം [സം. -മാസ] നാ. മധുവിധു.
ആനന്ദമൂർച്ഛ [സം. -മൂർച്ഛാ] നാ. ആനന്ദംകൊണ്ടുള്ള മൂർച്ഛ.
ആനന്ദമൂർത്തി [സം. -മൂർതി] നാ. ഈശ്വരൻ, ആനന്ദസ്വരൂപൻ.
ആനന്ദയിതാവ് [സം. ആനന്ദയിതൃ] നാ. ആനന്ദിപ്പിക്കുന്നവൻ. (സ്ത്രീ) ആനന്ദയിത്രി.

ആനന്ദലഹരി [സം. ആനന്ദ-ലഹരി] നാ. 1. ശ്രീശങ്കരാചാര്യകൃതമായ പാർവതീസ്തോത്രം; 2. സന്തോഷാധിക്യം.

ആനന്ദവനം [സം. -വന] നാ. കാശി, ആനന്ദകാനനം.

ആനന്ദവല്ലി [സം. ആനന്ദ-വല്ലി] നാ. ദുർഗ.

ആനന്ദി [സം. ആ-നന്ദിൻ] വി. 1. ആനന്ദിപ്പിക്കുന്ന; 2. സന്തോഷമുള്ള. (സ്ത്രീ) ആനന്ദിനി.

ആനന്ദിക്കുക [ < സം. ആ-നന്ദ] ക്രി. 1. സന്തോഷിക്കുക; 2. സുഖവും സംതൃപ്തിയും തോന്നുക.

ആനന്ദിത [സം. -നന്ദിത] വി. സന്തോഷിച്ച.

ആനപത്യം [സം. < അനപത്യ] നാ. അനപത്യത, സന്തതിയില്ലായ്മ.

ആനപ്പട [ആന-പട] നാ. പോരാനകൾ, ചതുരങ്ഗസേനയിലെ ഗജവിഭാഗം.

ആനപ്പന [ആന-പന] നാ. ഉലട്ടിപ്പന, ചൂണ്ടപ്പന, ഈറമ്പന.

ആനപ്പന്തി [ആന-പന്തി] നാ. ആനയെസൂക്ഷിക്കുന്നസ്ഥലം, ആനപ്പുര.

ആനപ്പല്ല് [ആന-പല്ല്] നാ. 1. ആനയുടെ പല്ല്; 2. വലിയകല്ല്; 3. വൈഡൂര്യം വിളയുന്ന സ്ഥലങ്ങളിൽ ധാരാളമായി കാണാറുള്ള ഒരിനം വെളുത്ത കല്ല് (ആനയുടെ പല്ലിനോട് സാമ്യമുള്ളതിനാൽ).

ആനപ്പാപ്പാൻ [ആന-പാപ്പാൻ] നാ. ആനപ്പാവാൻ.

ആനപ്പാവാൻ [ആന-പാവാൻ] നാ. ആനപ്പാവറിയുന്നവൻ, ആനക്കാരൻ, ആനപ്പാപ്പാൻ.

ആനപ്പാവ് [ആന-പാവ്] നാ. ആനയെ പഴക്കി പരിശീലിപ്പിക്കൽ, ഗജശിക്ഷണം.

ആനപ്പിണ്ടം [മ. ആന- സം. പിണ്ഡ] നാ. ആനയുടെ മലം.

ആനപ്പിറുത്തി [ആന-പിറുത്തി] നാ. പിറുത്തിയുടെ ഇനത്തിൽപെടുന്ന ഒരിനം വലിയ ചെടി.

ആനപ്പീച്ചിൽ [ആന-പീച്ചിൽ] നാ. വലിയ പീച്ചിൽ (സം. മഹാകോശാതകി).

ആനപ്പുല്ല് [ആന-പുല്ല്] നാ. 1. മുത്തങ്ങയുടെ ഇനത്തിൽപ്പെട്ട ഒരിനം വലിയ പുല്ല്, ആനക്കോരപ്പുല്ല്; 2. ഒരിനം വലിയ പുല്ല്, ആനതിന്നുന്നത്.

ആനപ്പൂ [ആന-പൂ] നാ. ആനക്കൂവ.

ആനമങ്ങലി [ആന-മങ്ങലി] നാ. വലിയ ഭരണി.

ആനമടിയൻ നാ. വലിയ അലസൻ, കുഴിമടിയൻ.

ആനമനം [സം. ആ-നമന < നമ്] നാ. ആനതി.

ആനമല [ആന-മല] നാ. സഹ്യപർവതപങ്ക്തികളിലുള്ള പൊക്കം കൂടിയ ഒരു മല, പാലക്കാട്ടിനടുത്ത്.

ആനമാടം [ആന-മാടം] നാ. ആനകളിൽനിന്ന് രക്ഷപ്പെട്ടിരിക്കാൻ മരങ്ങളുടെ മുകളിൽ കെട്ടിയുണ്ടാക്കുന്ന മാടം.

ആനമിക്കുക [ < സം. ആ-നമ്] ക്രി. നമസ്കരിക്കുക, കുമ്പിടുക.

ആനമിത [സം. -നമിത] വി. 1. ആനമിച്ച, കുനിഞ്ഞ; 2. കുനിച്ച

ആനമുഖൻ [മ. ആന- സം. മുഖ്] നാ. 1. ഗണപതി; 2. ഗജമുഖാസുരൻ.

ആനമുട്ട [ആന-മുട്ട] നാ. (പ്ര) ആനയുടെ മുട്ട, ഇല്ലാത്തത്, പൂജ്യം.

ആനമുള്ള് [ആന -മുള്ള്] നാ. വലിയ മുള്ളുള്ള ഒരുതരം കാട്ടുവള്ളി.

ആനമൂട്ട നാ. മൂട്ടയുടെ ആകൃതിയും അതിനേക്കാൾവലിപ്പവുമുള്ള രക്തം കുടിക്കുന്ന ഒരു ഷട്പദം.

ആനമേലധിചാരിപ്പ് [ആന-മേൽ-വിചാരിപ്പ്] നാ. സർക്കാർവക ആനകളുടെ മേൽനോട്ടം നടത്തുന്ന വകുപ്പ്.
ആനമോദകം [മ. ആന-സം. മോദക] നാ. 1. എലിത്തടി, ആനച്ചുക്കിരി; 2. വെളുത്തവെള്ളരി.
ആനമ്യ [സം. ആ-നമ്യ] അവ്യ. ആനമിച്ചിട്ട് വി. നമിക്കാവുന്ന, വളയ്ക്കാവുന്ന.
ആനമ്ര [സം. നമ്ര] വി. ആനമിച്ച, വളഞ്ഞ, കുനിഞ്ഞ.
ആനയച്ച് [ആന-അച്ച്] നാ. ആനമുദ്രയുള്ള പഴയ ഒരു സ്വർണനാണയം.
ആനയടി [ആന-അടി] നാ. 1. ആനച്ചുവടി; 2. ആനക്കാൽ.
ആനയടിയൻ നാ. 1. ആനച്ചുവടി; 2. ഒരുതരം വസൂരി.
ആനയനം [സം. ആ-നയന < നീ] നാ. 1. കൂട്ടിക്കൊണ്ടുവരൽ; 2. ഉപനയനം.
ആനയഴിവ് [ആന-അഴിവ്] നാ. കാട്ടാനകളുടെ ശല്യം കൊണ്ടുള്ള നഷ്ടം.
ആനയിക്കുക [ < സം. ആ-നീ] ക്രി. കൊണ്ടുവരിക.
ആനയിരുത്തി [ആന-ഇരുത്തി] നാ. ഞെരിഞ്ഞിൽപോലെയുള്ള ഒരുതരം മുൾച്ചെടി, കാക്കമുള്ള്.
ആനയിറണ്ടം [ആന-ഇറണ്ട] നാ. ആനപ്പിണ്ടം.
ആനയോടി [ആന-ഓടി] നാ. വലിയവള്ളം, പത്തേമാരി.
ആനയോട്ടിപ്പടവൻ [ആന-ഓട്ടി-പടവൻ] നാ. യുദ്ധത്തിൽ ആനയെ പിന്തിരിപ്പിച്ച് ഓടിക്കുന്ന യുദ്ധവീരൻ.
ആനർത്ത(കം) [ < സം. ആ-നർത] നാ. 1. നൃത്തശാല, നൃത്തരങ്ഗം; 2. യുദ്ധം; 3. ദ്വാരക, തലസ്ഥാനമായ പ്രദേശം; 4. ജലം.
ആനർഥക്യം [സം. < അനർഥക] നാ. അനർഥഭാവം, പ്രയോജനമില്ലായ്മ.
ആനലം [സം. < അനല] നാ. കാർത്തിക നക്ഷത്രം.
ആനവ [ആന-അവ] സ.നാ. ആയവ, 'ആനത്' എന്നതിന്റെ ബ.വ.
ആനവരാഹൻ [മ. ആന-സം. വരാഹ] നാ. ഒരു പഴയ സ്വർണനാണയം.
ആനവളയൻ [ആന-വളയൻ] കുട്ടികൾക്കുണ്ടാകുന്ന ഒരുതരം കരപ്പൻ.
ആനവള്ളുവൻ [ആന-വള്ളുവൻ] നാ. ആനപ്പടയുടെ നായകൻ, ഗജശാസ്ത്രവിശാരദൻ.
ആനവാതിൽ [ആന-വാതിൽ] നാ. നടവാതിൽ, വലിയവാതിൽ.
ആനവാർപ്പൻ [ആന-വാർപ്പൻ] നാ. ഒരുതരം വിസർപ്പം, മല്ലകം.
ആനവാൾ [ ആന-ആൾ] നാ. ക്ഷേത്രത്തിലെ ഒരു ഉദ്യോഗസ്ഥൻ.
ആനവിരുത്തി [ആന-വിരുത്തി] നാ. ക്ഷേത്രത്തിലെ ആവശ്യത്തിന് ആനയെ നൽകാൻ വേണ്ടി വിട്ടുകൊടുക്കുന്ന ഭൂമി.
ആനറാഞ്ചി [ആന-റാഞ്ചി] നാ. 1. ഒരുതരം പ്രാപ്പിടിയൻ, ഒരുജാതി വലിയ കഴുകൻ; 2. കാക്കത്തമ്പുരാട്ടി.
ആനാകം [സം. ആ-നാകം] അവ്യ. സ്വർഗത്തോളം.
ആനാക് [ആനാംകിടാവ്, ആനാകുട്ടി, ആനാവ്] നാ. പശുക്കിടാവ്.
ആനാഭിലംബി [സം. ആ-നാഭി-ലംബിൻ] വി. പൊക്കിൾവരെ തൂങ്ങിക്കിടക്കുന്ന.
ആനാംവെള്ളം [സുറി. ഹന്നാൻ] നാ. ക്രിസ്തീയവൈദികൻ ആശീർവദിച്ച വെള്ളം.
ആനായത്തീട്ട്, -നീട്ട് [ആ-നായൻ-തീട്ട്] നാ. അധികാര പത്രം.
ആനായൻ [ആൻ - ആയൻ] നാ. ഇടയൻ, ആനായർകോൻ = ശ്രീകൃഷ്ണൻ.
ആനായ(ർ)പൈതൽ നാ. = ഇടയക്കുട്ടി, ഉണ്ണിക്കൃഷ്ണൻ.

ആനായനം [സം. ആ-നായന] നാ. വലവീശൽ.

ആന്യായം [സം. -നായ] നാ. വല.

ആനായി [സം. -നായിൻ] നാ. വല (അനായം) കൊണ്ടുപജീവിക്കുന്നവൻ.

ആനായ്യ [സം. -നായ്യ] വി. കൊണ്ടുവരത്തക്ക.

ആനായ്യം [സം.] നാ. ദക്ഷിണാഗ്നി.

ആനാസം [സം. ആ-നാസം] അവ്യ. മൂക്കുമുട്ടെ.

ആനാഹം [സം. ആ-നാഹ] നാ. 1. ബന്ധനം; 2. ബലമൂത്രബന്ധം, മേലയർ വീർപ്പ്, 3. (മുണ്ടിൻെറ) നീളം.

ആനി [സം. ആശ്വന] നാ. മിഥുനമാസം.

ആനിന്ദനം [സം. ആ-നിന്ദന] നാ. അധിക്ഷേപം.

ആനിയം, ആണിയം, ആന്യം [ < സം. ആ ിക] നാ. ദിവസപ്പടി.

ആനിലൻ, ആനിലി [സം. ആനില, ആനിലി < അനില] നാ. 1. ഭീമൻ; 2. ഹനുമാൻ.

ആനീത [സം. ആ-നീത] വി. ആനയിക്കപ്പെട്ട.

ആനീയ [സം. -നീയ] അവ്യ. ആനയിച്ചിട്ട്, അടുത്തുകൊണ്ടുവന്നിട്ട്.

ആനീല [സം. -നീല]] വി. അല്പം നീലിച്ച, ഇരുണ്ട.

ആനീലൻ [സം. ആ-നീല] നാ. കറുത്ത കുതിര.

ആനീലം [സം.] നാ. വെളുത്തീയം.

ആനുകല്പിക [സം. < അനുകല്പ] വി. 1. അനുകല്പങ്ങളെ സംബന്ധിച്ച; 2. അനുകല്പം അറിയുന്ന.

ആനുകാലിക [സം. < അനു-കാല] വി. നിശ്ചിതകാലമനുസരിച്ചുള്ള.

ആനുകൂല്യം [സം. < അനുകൂല] നാ. അനുകൂലഭാവം, ദയ, പ്രീതി, സഹായം, ഒത്താശ, ഉപകാരം.

ആനുക്രമിക [സം. < അനു-ക്രമ] വി. അനുക്രമമായ, ക്രമമനുസരിച്ചുള്ള.

ആനുഗതിക [സം. < അനു-ഗത] വി. അനുഗമിക്കുന്ന, ചേർന്നുവരുന്ന, പിന്തുടരുന്ന.

ആനുഗത്യം [സം. < അനു-ഗതി] നാ. സഹചാരിത്വം, പരിചയം.

ആനുഗുണ്യം [സം. < അനു-ഗുണ] നാ. 1. ചേർച്ച, യോജിപ്പ്; 2. ആനുകൂല്യം.

ആനുഗ്രാമിക [സം. < അനു-ഗ്രാമ] നാ. ഗ്രാമത്തെ സംബന്ധിച്ച, നാട്ടുമ്പുറത്തുള്ള.

ആനുനാസിക്യം [സം. < അനു-നാസിക] നാ. അനുനാസികമായിരിക്കുന്ന സ്ഥിതി, ആനുനാസികഭാവം.

ആനുപദിക [സം. < അനു-പദ] വി. അനുപദം തുടരുന്ന, പിൻചെല്ലുന്ന.

ആനുപാതിക [സം. < അനു-പാത] വി. അനുപാതമനുസരിച്ചുള്ള, ഇത്രയ്ക്കിത്ര എന്ന രീതിയിലുള്ള.

ആനുപൂർവി [സം. മുൻപിൻമുറ, ക്രമം, പരമ്പര.

ആനുപൂർവികം [സം. < അനു-പൂർവ] അവ്യ. ക്രമാനുസൃതമായി, മുൻപിൻമുറയ്ക്ക്.

ആനുമാനിക [സം. < അനു-മാന] വി. 1. അനുമാനംകൊണ്ടു സിദ്ധിച്ച; 2. അനുമാനവിഷയമായ; 3. അനുമാനിക്കത്തക്ക.

ആനുയാത്രികൻ [സം. അനു-യാത്രാ] നാ. അനുയാത്രചെയ്യുന്നവൻ.

ആനുരക്തി [സം. < അനു-രക്ത] നാ. അനുരക്തി, അനുരാഗം, സ്നേഹം.

ആനുരൂപ്യം [സം. < അനു-രൂപ] നാ. യോജിപ്പ്, ചേർച്ച.

ആനുലോമിക [സം. < അനു-ലോമ] വി. 1. സ്വാഭാവികമായ രീതിയിൽ, ക്രമപ്രകാരമുള്ള; 2. അനുകൂലമായ, യോജിച്ച.
ആനുലോമ്യം [സം. < അനു-ലോമ] നാ. 1. അനുലോമഭാവം, ആനുകൂല്യം; 2. നേരേയുള്ളക്രമം, സ്വാഭാവികക്രമം; 3. മുറയ്ക്ക്, കീഴോട്ടുള്ളക്രമം; 4. ബ്രാഹ്മണാദി ചതുർവർണത്തിൽ മുറയ്ക്കു താഴോട്ടുള്ള ജാതികളിൽനിന്ന് വിവാഹം കഴിക്കുന്ന രീതി.
ആനുവംശിക [സം. < അനു-വംശ] വി. വംശത്തിൽ അനുക്രമമായ, പരമ്പരാഗതമായ, നാ. ആനുവംശികത.
ആനുവംശികചിദ്ധാന്തം [സം. ആനുവംശിക-സിദ്ധാന്ത] നാ. (മന.) ശാരീരികവും മാനസീകവുമായ സവിശേഷതകൾ മാതാപിതാക്കളിൽ നിന്നും സന്താനങ്ങളിലേക്ക് എത്തുന്നു എന്ന വാദം.
ആനുവേശ്യ [സം. < അനു-വേശ] വി. അയൽപക്കത്തുള്ള.
ആനുശ്രവ, -ശ്രവിക [സം. < അനു-ശ്രവ] വി. 1. കേൾവിയെ അടിസ്ഥാനപ്പെടുത്തിയ; 2. പാരമ്പര്യത്തെ ആശ്രയിച്ചുള്ള; 3. വേദത്തെആശ്രയിച്ചുള്ള ആനുഷങ്ഗികപഠനം, (വിദ്യാ.) ഉൾപ്രേരണയില്ലാതെയും പ്രബലനമില്ലാതെയും ഉള്ള പഠനം.
ആനുഷങ്ഗിക [സം. < അനു-സങ്ഗ] വി. 1. ബന്ധപ്പെട്ട, പറ്റിച്ചേർന്ന; 2. അപ്രധാനമായ; 3. സാന്ദർഭികമായ, 4. സദൃശമായ.
ആനുഷ്ടുഭ് [സം. -സ്തുഭ്] വി. അനുഷ്ടുപ്പുഛന്ദസ്സിലുള്ള, അനുഷ്ടുപ്പുഛന്ദസ്സിനെക്കുറിച്ചുള്ള.
ആനുഷ്ഠാനിക [സം. < അനു-സ്ഥാന] വി. അനുഷ്ഠാനം സംബന്ധിച്ച.
225
ആനുപ [സം. < അനുപ < അനു-അപ്] വി. അനുപത്തിലുള്ള, ചതുപ്പുനിലത്തിലുള്ള.
ആനുപം [സം.] നാ. 1. അനുപദേശത്തിൽ ജീവിക്കുന്ന ജന്തു; 2. അനുപദേശം.
ആനൃണ്യം [സം. < അന്-ഋണ] നാ. കടം (ഋണം) ഇല്ലായ്മ, കടപ്പാടില്ലായ്മ.
ആനൃത [സം. < അന്-ഋത] വി. അനൃതശീലം ഉള്ള, കള്ളം പറയുന്ന.
ആനൃശംസ, -ശംസ്യ [സം. < അ-നൃശംസ] വി. നൃശംസതയില്ലാത്ത, ക്രൂരതയില്ലാത്ത. നാ. ആനൃശംസ്യം = 1. ശാന്തത; 2. ദയ.
ആനൈപുണം, -ണ്യം [ സം. < അ-നിപുണ] നാ. നിപുണതയില്ലായ്മ, അസാമർഥ്യം.
ആനൈശ്വര്യം [സം. < അന്-ഐശ്വര്യ] നാ. ഐശ്വര്യമില്ലായ്മ.
ആന്ത1 [ത. ആന്തൈ] നാ. 1. മൂങ്ങ; 2. ഓന്ത്.
ആന്ത2 [സം. < അന്ത] വി. അവസാനത്തെ.
ആന്തം നാ. 1. കള്ളൻ കയറാതിരിക്കുന്നതിന് ഫലവൃക്ഷങ്ങളിൽ തറയ്ക്കുന്ന ആണി; 2. വലിയ ഇരുമ്പാണി.
ആന്തർഗണിക [സം. < അന്തർ-ഗണ] വി. ഒരേവർഗത്തിൽപ്പെട്ട, ഗണത്തിൽപ്പെട്ട.
ആന്തർഗേഹിക [സം. < അന്തർഗേഹ] വീട്ടിനുള്ളിലുണ്ടായ.
ആന്തര [സം. < അന്തര] വി. 1. അകത്തുള്ള, ഉള്ളിലെ, രഹസ്യമായ; 2. നടുവിലുള്ള.
ആന്തരഖണ്ഡം [സം. < അന്തര-ഖണ്ഡ] നാ. ഒരു നേർവരയെ മറ്റു രണ്ടു നേർവരകൾ ഛേദിക്കുമ്പോൾ രണ്ടു ഛേദകബിന്ദുക്കളുടെ ഇടയിലുള്ള വരയുടെ ഭാഗം.
ആന്തരഗുണം [സം. ആന്തര-ഗുണ] നാ. (മന.) പാരമ്പര്യസിദ്ധമായ വിശേഷകങ്ങൾ.

ആന്തരങ്ഗം [സം. < അന്തർ-അങ്ഗ] നാ. 1. മനസ്സിലിരിപ്പ്, രഹസ്യം; 2. ഉറ്റസ്നേഹം.
ആന്തരം [സം. < അന്തര്] നാ. 1. ഹൃദയം, ഉള്ള്; 2. മനോഗതം, ഗൂഢോദ്ദേശ്യം, ഉള്ളിലിരിപ്പ്.
ആന്തരാഗാരികൾ [സം. < അന്തര-ആഗാര] നാ. അന്ത:പുരത്തിൽ പെരുമാറുന്നവൻ, അകത്തെപ്രവൃത്തിക്കാരൻ.
ആന്തരാർഥം [സം. ആന്തര-അർഥ] നാ. നിഗൂഢമായ അർഥം.
ആന്തരാൽ [സം. ആന്തരാത്] അവ്യ. ഉള്ളിൽ, മനസ്സുകൊണ്ട്.
ആന്തരാള, ആന്തരാളിക [സം. < അന്തരാല] വി. 1. അന്തരാളം സംബന്ധിച്ച; 2. ആന്തരപ്രകൃതിയെ സംബന്ധിച്ച.
ആന്തരാളികൻ [സം. ആന്തരാലിക] നാ. 1. ഇടയ്ക്കുസ്ഥിതി ചെയ്യുന്നവൻ, മധ്യസ്ഥൻ; 2. അന്തരാള ജാതിയിൽപ്പെട്ടവൻ, അമ്പലവാസി.
ആന്തരിക [സം. < അന്തര] വി. ആന്തര.
ആന്തരിക്ഷ [സം. < അന്തരിക്ഷ] വി. അന്തരീക്ഷം സംബന്ധിച്ച.
ആന്തരികപ്രവസനം [സം.] നാ. (സാമൂഹ്യ) ഒരു രാജ്യത്തിനുള്ളിൽ നടക്കുന്ന വാസസ്ഥലമാറ്റങ്ങൾ.
ആന്തരീപ [സം. < അന്തരീപ] വി. അന്തരീപത്തെ സംബന്ധിച്ച, ദ്വീപിലുള്ള.
ആന്തരോദ്ദേശ്യം [സം. ആന്തര-ഉദ്ദേശ്യ] നാ. മനസ്സിലുള്ള ഉദ്ദേശ്യം, മനോഗതം.
ആന്തര്യം [സം.< അന്തര] നാ. അഭിപ്രായം, അന്തർഗതം, സാദൃശ്യം, മറവ്.
ആന്താൻ നാ. നാഥൻ.
ആന്തായം നാ. ഭിത്തികെട്ടിപ്പൊക്കുമ്പോൾ ചാരംകെട്ടാൻ അതിൽ ഇടയ്ക്കിടയ്ക്ക് ഇടുന്ന ദ്വാരം.
ആന്തിക [സം. ആന്തികാ] നാ. ജ്യേഷ്ഠത്തി, അന്തിക.
ആന്തിയൻ നാ. കുലാലൻ, കുശവൻ.
ആന്തുക ക്രി. ആളുക, കത്തിജ്വലിക്കുക.
ആന്തുറനായർ (ആന്തൂർനായർ, ആന്തൂരാൻ, ആന്തുറ, ആന്തിയൻ) നാ. കുശനായർ, വടക്കെമലബാറിൽ കളിമൺവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരു ജാതി.
ആന്തെങ്ങ് [ആൺ-തെങ്ങ്] നാ. ഓലക്കാലുകൾ അധികവും വിരിയാതെ ചേർന്നുനിൽക്കുന്നതും കായ്കൾ കുറഞ്ഞതുമായ തെങ്ങ്.
ആന്തോളം [സം. < ആന്ദോല] നാ. ആന്ദോളം.
ആന്ത്രനോവ് [സം. ആന്ത്ര-മ. നോവ്] നാ, കുടലിറക്കം എന്ന രോഗം, ആന്ത്രക്കഴപ്പ്.
ആന്ത്രപ്പെരുപ്പം [സം. ആന്ത്ര-മ. പെരുപ്പം] നാ. ആന്ത്രവൃദ്ധി.
ആന്ത്രം [സം. < ആന്ത്ര] നാ. 1. കുടൽ; 2. കുടലിറക്കം എന്ന രോഗം; 3. ഗുദത്തിനു മൂന്നുവിരൽ മീതെയുള്ള ഒരു മർമം.
ആന്ത്രയിറക്കം [സം. ആന്ത്ര-മ. ഇറക്കം] നാ. കുടലിറക്കം.
ആന്ത്രരസം [സം. ആന്ത്ര-രസ] നാ. ആന്ത്രഭിത്തികളിൽ നിന്ന് ഊറുന്ന രസം.
ആന്ത്രവീക്കം [സം. ആന്ത്രം -മ. വീക്കം] നാ. ആന്ത്രവൃദ്ധി.
ആന്ത്രവൃദ്ധി [സം. ആന്ത്ര-വൃദ്ധി] നാ. കുടലിറക്കം, കുടലിൻെറ ഒരുഭാഗം വൃഷണസഞ്ചിയിലേക്കിറങ്ങുന്നതുമൂലമുണ്ടാകുന്ന രോഗം.
ആന്ത്രശൂലം [സം. ആന്ത്ര-ശൂല] നാ. അന്ത്രനോവ്.

ആന്ത്രാദം		[സം. ആന്ത്ര-ആദ] നാ. ആമാശയത്തിൽ ഉണ്ടാകുന്ന ഒരു തരം കൃമി.
ആന്ത്രിക		[സം. < ആന്ത്ര] വി. കുടലിനെസംബന്ധിച്ച.
ആന്ത്രികജ്വരം		[സം. ആന്ത്രിക-ജ്വര] നാ. സന്നിപാതജ്വരം.
ആന്ത്രിമ്മ		നാ. അകത്തമ്മ, അന്തർജനം.
ആന്ദോളകൻ		[സം. ആന്ദോലക] നാ. പല്ലക്കുചുമക്കുന്നവൻ, ചുമട്ടുകാരൻ.
ആന്ദോളനം		[സം.] നാ. 1. ഊഞ്ഞാലാട്ടം, വിറയൽ, ചാഞ്ചാട്ടം; 2. ഇളക്കം, ഇളകിയാട്ടം; 3. പ്രക്ഷോഭണം.
ആന്ദോളം		[സം. ആന്ദോല] നാ. 1. ഊഞ്ഞാൽ; 2. പല്ലക്ക്.
ആന്ദോളിക		[സം. ആന്ദോലികാ] നാ. മഞ്ചൽ, പല്ലക്ക്.
ആന്ദോളിത		[സം. < ആന്ദോല] വി. ആന്ദോളനം ചെയ്യപ്പെട്ട, ഊഞ്ഞാലിൽ ആട്ടപ്പെട്ട, ഇളക്കപ്പെട്ട, ചാഞ്ചാടിക്കപ്പെട്ട.
ആന്ദോളിതം		[സം.] നാ. (സങ്ഗീ.) നാ. രാഗങ്ങളിൽ ഒന്ന്.
ആന്ധസം		[സം. < ആന്ധസ്] നാ. 1. അന്ധസ്സ്, ചോറ്; 2. അരിവേവുമ്പോഴുള്ള പത (അന്ധസ്സിനെസംബന്ധിച്ച).
ആന്ധസികൻ		[സം.] നാ. അരിവെപ്പുകാരൻ.
ആന്ധാളി		[സം. ആന്ധാലി] നാ. (സങ്ഗീ.) ഹരികാംബോജിയുടെ ഒരു ജന്യരാഗം.
ആന്ധ്യം		[സം. < അന്ധ] നാ. 1. കാഴ്ചയില്ലായ്മ, കണ്ണുകാണായ്ക; 2. അജ്ഞാനം, മൗഢ്യം; 3. ഇരുട്ട്, തിമിരം.
ആന്ധ്രൻ		[സം.] നാ. 1. തെലുങ്കുദേശത്തുള്ളവൻ; 2. ഒരു സങ്കരജാതീയൻ.
ആന്ധ്രം		[സം.] നാ. തെലുങ്കുരാജ്യം.
ആന്ന		[സം. < അന്ന] വി. 1. അന്നത്തെസംബന്ധിച്ച; 2. അന്നമുള്ള.
ആന്യ		[സം. < അന്യ] വി. അന്യനെസംബന്ധിച്ച.
ആന്യം		[ < സം. ആ   ികം] നാ. = ആനിയം.
ആന്വയിക		[സം. < അന്വയ] വി. 1. ക്രമമായ, 2. നല്ലവംശത്തിലുള്ള.
ആന്വാഹിത		[സം. < അന്വഹ] വി. ദിവസംപ്രതിയുള്ള.
ആന്വീക്ഷികി		[സം. ആന്വീക്ഷികീ , അന്വീക്ഷാ] നാ. 1. തർക്കശാസ്ത്രം, ന്യായശാസ്ത്രം; 2. ആത്മവിദ്യ; 3. സാങ്ഖ്യം.
ആപക		[സം. < ആപ്] വി. പ്രാപിക്കുന്ന, ലഭിക്കുന്ന.
ആപക്വ		[സം. ആ-പക്വ] വി. 1. നല്ലവണ്ണം പഴുക്കാത്ത, പഴുക്കാൻ തുടങ്ങിയ; 2. പകുതിവെന്ത, വാട്ടിയെടുത്ത (അപ്പം, അട ഇവപോലെ). നാ. ആപക്വം = പകുതിവെന്തത്, ഓട്ടട.
ആപഗ		[സം. ആപഗാ] നാ. നദി, പുഴ.
ആപഗാസൂതൻ		[സം. -സുത] നാ. നദിയുടെ പുത്രൻ, ഭീഷ്മർ.
ആപഗേയൻ		[സം.] നാ. അപഗാസുതൻ, ഭീഷ്മർ.
ആപണക, -ണിക	[സം. < ആപണ] വി. 1. ആപണത്തെ സംബന്ധിച്ച; 2. കച്ചവടസംബന്ധമായ.
ആപണം		[സം. ആ-പണ] നാ. അങ്ങാടി, ചന്ത, കട.
ആപണവീഥി(ക)	[സം. ആപണ-വീഥി(ക)] നാ. കമ്പോളത്തെരുവ്.
ആപണവേദിക		[സം. -വേദികാ] നാ. സാധനങ്ങൾ വിൽക്കുന്നതിനുള്ള കൗണ്ടർ.
ആപണിക		[സം. ആപണികാ] നാ. ചെറിയകട.

ആപണികൻ [സം.] നാ. കച്ചവടക്കാരൻ.
ആപണികം [സം.] നാ. ചന്തക്കരം.
ആപതനം [സം. ആ-പതന] നാ. 1. സംഭവിക്കൽ; 2. വന്നുചേരൽ; 3. കയ്യേറ്റം; 4. അവരോഹണം; 5. (സ്വാഭാവികമായ) അനന്തരഫലം, പിൻതുടർന്നുവരുന്നത്.
ആപതിക [സം.< ആ-പത്] വി. യാദൃച്ഛികമായ, അപ്രതീക്ഷിതമായ, ദൈവഗത്യാ സംഭവിക്കുന്ന.
ആപതികം [സം. ആ-പതിക] നാ. പ്രാപിടിയൻ, പുള്ള്.
ആപതിക്കുക [ < സം. ആ-പത്] ക്രി. 1. മേൽചാടിവീഴുക, ആക്രമിക്കുക, കൈയ്യേറ്റംചെയ്യുക; 2. വീഴുക.
ആപതിത [സം. -പതിത] വി. 1. ആപതിച്ച, വന്നുചേർന്ന; 2. യദൃച്ഛയാസംഭവിച്ച, നേരിട്ട, ഓർത്തിരിക്കാതെവന്നുചേർന്ന.
ആപത്കാലം, ആപൽ- [സം. ആപത്-കാല] നാ. ആപത്തുവരുന്ന കാലം.
ആപത്കാലിക [സം. -കാലിക] വി. ആപത്തുകാലത്തു സംഭവിക്കുന്ന.
ആപത്ഗ്രസ്ത, ആപൽ-, ആപത്പ്രാപ്ത [സം. < ആപദ്-ഗ്രസ്ത, -പ്രാപ്ത] വി. ആപത്തിൽപ്പെട്ട.
ആപത്തി [സം.] നാ. ആപത്ത്, ദൗർഭാഗ്യം, അപകടം, കഷ്ടത, ദുരിതം, അനിഷ്ടം.
ആപത്ത് [സം.] നാ. = ആപത്തി.
ആപത്യ [സം. < അപത്യ] വി. അപത്യത്തെസംബന്ധിച്ച.
ആപദി [സം. ആപദ് ആധാരികാരൂപം] ആപത്തിൽ.
ആപദിക്കുക [ < സം. ആ-പദ്] ക്രി. പ്രാപിക്കുക, സിദ്ധിക്കുക, അടുത്തുചെല്ലുക.
ആപദ്ധർമം [സം. ആപദ്-ധർമ] നാ. ആപത്തുകാലത്തുമത്രം ചെയ്യാവുന്നത്.
ആപൻ [സം.] നാ. അഷ്ടവസ്തുക്കളിൽ ഒരാൾ.
ആപനം [സം. < ആപ്] നാ. 1. പ്രാപ്തി, ലാഭം; 2. കുരുമുളക്.
ആപനസം [സം.] നാ. കൈതച്ചക്ക, പ്ര്6ത്തിച്ചക്ക.
ആപനികൻ [സം.] നാ. കിരാതൻ.
ആപന്ന [സം. ആ-പന്ന < പദ്] വി. 1. അകപ്പെട്ട, പ്രാപിച്ച, സംഭവിച്ച; 2. ആപത്തിൽപ്പെട്ട, ദു:ഖിച്ച, അനിഷ്ടം ഇയ സംഭവിച്ച; 3. നേറ്റിയ, നാ. ആപന്നൻ = (ശരണം) പ്രാപിച്ചവൻ.
ആപന്നസത്ത്വ [സം. ആപന്ന-സത്ത്വാ] നാ. ഗർഭിണി.
ആപന്മിത്രം [സം. ആപദ്-മിത്രം] നാ. ആപത്തിൽസഹായിക്കുന്ന സ്നേഹിതൻ.
ആപം [സം. < അപ്] നാ. 1. ജലം, ജലപ്രവാഹം; 2. വെളുത്തീയം.
ആപമിത്യകം [സം. < അപമിത്യ] നാ. ഒരു സാമാനംകൊടുത്തു പകരം വാങ്ങിയ മറ്റൊരുസാമാനം, വായ്പ വാങ്ങിയ ധാന്യം, കൊള്ളക്കൊടുക്കൽ.
ആപയിതാ(വ്) [സം. ആപയിതൃ] നാ. പ്രാപിക്കുന്നവൻ, ലഭിക്കുന്നവൻ.
ആപർത്തുക [സം. < അപ-ഋതുക] വി. പ്രത്യേക ഋതുക്കളിൽ മാത്രമല്ലാതെ ഉണ്ടാകുന്ന.
ആപരാന്തക [സം. < അപരാന്ത] വി. അപരാന്തത്തിൽ (കൊങ്കണദേശത്ത്) ഉള്ള.
ആപരാഹ്ണിക [സം. < അപരാഹ്ണ] വി. മധ്യാ ത്തിനുശേഷമുള്ള.
ആപരീത [സം. ആ-പരീത] വി. ചുറ്റുമുള്ള, ചുറ്റപ്പെട്ട.
ആപവൻ [സം.] നാ. വസിഷ്ഠൻ.
ആപവർഗ്യ [സം. അപ-വർഗ] വി. മോക്ഷം നൽകുന്ന.

ആപവാദിക [സം.] വി. അപവാദത്തെ സംബന്ധിച്ച, അപവാദരൂപത്തിലുള്ള.

ആപസ്തംബൻ [സം.] നാ. 1. സ്മൃതികാരനായ ഒരു ഋഷി; 2. ആപസ്തംബസൂത്രം, അനുസരിക്കുന്നവൻ.

ആപസ്സ് [സം. ആപസ്] നാ. 1. വെള്ളം; 2. പാപം.

ആപാങ്ഗ്യം [സം. < അപങ്ഗ] നാ. കടക്കണ്ണിനുവേണ്ടിയുള്ള കുറിക്കൂട്ട്, കണ്മഷി.

ആപാടല [സം. ആ-പാടല] വി. ഇളം ചുവപ്പുള്ള.

ആപാണ്ഡര [സം. -പാണ്ഡര] നാ. = ആപാണ്ഡുര.

ആപാണ്ഡു [സം. -പാണ്ഡു] വി. അല്പം വെളുത്ത, അരണ്ട വെള്ളനിറമുള്ള.

ആപാണ്ഡുര, -ണ്ഡര [സം. ആ-പാണ്ഡുര] വി. വെളുത്ത, അൽപം വെളുത്ത.

227

ആപാത [സം. ആ-പാത] വി. 1. ആപതിക്കുന്ന, ചാടിവീഴുന്ന.

ആപാതദുഷ്പ്രസഹ [സം. ആപാത-ദുഷ്-പ്രസഹ] വി. തുടക്കംതൊട്ടു ദുസ്സഹമായ, ആക്രമണത്തെ തടയാൻ കഴിയാത്ത.

ആപാതദുസ്സഹ [സം. ആപാത-ദുസ്സഹ] വി. തുടക്കത്തിലേ ദുസ്സഹമായ.

ആപാതം [സം.] നാ. 1. വീഴ്ച, ചാടിവീഴൽ; 2. ആക്രമണം, കയ്യേറ്റം; 3. ആനയെപിടിക്കുന്ന ഒരു സമ്പ്രദായം; 4. അനുഭവപ്പെടുന്ന അതേനിമിഷം; 5. ആദ്യത്തെ കഴ്ച, പ്രഥമദർശനം.

ആപാതമധുരം [സം. ആപാത-മധുര] നാ. അനുഭവക്ഷണത്തിൽത്തന്നെ മധുരിക്കുന്നത്.

ആപാതി [സം. ആ-പാതിൻ] വി. ആപതിക്കുന്ന, സംഭവിക്കുന്ന.

ആപാതിക [സം. -പാതിക] വി. ആപതിക്കുന്ന, ചാടിവീഴുന്ന, വന്നുചേരുന്ന.

ആപാതുക [സം. -പാതുക] വി. പതിക്കുന്ന ശീലമുള്ള, വീഴുന്ന.

ആപാത്യൻ [സം. -പാത്യ] നാ. 1. ആക്രമിക്കുന്നവൻ, നേരേചാടി വീഴുന്നവൻ; 2. ആക്രമിക്കപ്പെടേണ്ടവൻ.

ആപാദക [സം. ആ-പാദക] വി. കാരണമാക്കുന്ന, ഉണ്ടാക്കുന്ന.

ആപാദകേശം, -ചൂഡം, -മസ്തകം [സം. ആപാദ-കേശം, -ചൂഡം, -മസ്തക] അവ്യ. അടിമുടി.

ആപാദനം നാ. 1. സമ്പാദനം; 2. പ്രാപിപ്പിക്കൽ, സംഭവിപ്പിക്കൽ, കാരണമാക്കൽ.

ആപാദം [സം. -പാദം] അവ്യ. അടിവരെ, പാദത്തോളം, പാദം മുതൽ.

ആപാദിക്കുക [<സം. ആ-പദ്] ക്രി. 1. ലഭിക്കുക, നേടുക, സമ്പാദിക്കുക; 2. കൈക്കൊള്ളുക; 3. അടുത്തുചെല്ലുക, പ്രവേശിക്കുക, പ്രാപിക്കുക; 4. സംഭവിക്കുക; 5. ആപത്തിൽപ്പെടുക, കുടുക്കിൽ അകപ്പെടുക.

ആപാദിത [സം. -പാദിത] വി. സമ്പാദിക്കപ്പെട്ട, നേടിയ.

ആപാന(കം) [സം. -പാന(ക)] നാ. 1. മദ്യപാനസങ്ഘം , കൂട്ടുചേർന്നുള്ള കുടി; 2. മദ്യശാല.

ആപായി [സം. -പായിൻ] നാ. കുടിയൻ.

ആപാലി, ആപാളി [സം.] നാ. പേൻ, കൂറ.

ആപി [സം. ആപീ] വി. തടിച്ച. നാ. പൂരാടനക്ഷത്രം.

ആപിക്കുക [സം. < ആപ്] ക്രി. 1.പ്രാപിക്കുക, ചെന്നുചേരുക, ചെന്നെത്തുക; 2. സാധിക്കുക, കിട്ടുക, കൈക്കലാവുക.

ആപിങ്ഗ [സം. -പിങ്ഗ] വി. ചുവപ്പുകലർന്നതവിട്ടുനിറമുള്ള.

ആപിഞ്ജര [സം. -പിഞ്ജര] വി. ഇളംചുവപ്പായ.

ആപിഞ്ജരം [സം.] നാ. സ്വർണം.
ആപീഡനം [സം. ആ-പീഡന] നാ. 1. ഞെക്കൽ, ഞെരുക്കൽ, മുറുകെക്കെട്ടൽ, മർദ്ദനം; 2. ആലിങ്ഗനംചെയ്യൽ; 3. വേദനിപ്പിക്കൽ, ഉപദ്രവിക്കൽ.
ആപീഡം [സം. -പീഡ] നാ. 1. ശിരോലങ്കാരം, മുടിയിൽചൂടുന്നമാല, ചൂഡാമണി; 2. ഒരു വിഷമവൃത്തം.
ആപീത [സം. -പീത] വി. ഇളം മഞ്ഞനിറമുള്ള, അല്പംകുടിച്ച.
ആപീതം [സം.] നാ. മാക്കീരക്കല്ല്.
ആപീന [സം. ആ-പീന] വി. തടിച്ച, കൊഴുത്ത.
ആപൂപികൻ [സം. < അപൂപ] നാ. അപ്പമുണ്ടാക്കുകയോ വിൽക്കുകയോ ചെയ്യുന്നവൻ, അപ്പക്കാരൻ.
ആപൂപികം [സം. < അപൂപ] നാ. അപ്പക്കൂട്ടം.
ആപൂപ്യം [സം. < അപൂപ] നാ. അപ്പത്തിനുള്ളമാവ്.
ആപൂർണ [സം. ആ-പൂർണ] വി. നിറഞ്ഞ.
ആപൂരണം [ സം. -പൂരണ] നാ. നിറയ്ക്കൽ.
ആപൂരം [സം. -പൂര] നാ. 1. നിറയ്ക്കൽ; 2. വെള്ളപ്പൊക്കം; 3. ആധിക്യം, പൂർണത, സമൃദ്ധി.
ആപൂരിത [സം. -പൂരിത] വി. നിറയ്ക്കപ്പെട്ട.
ആപൂര്യമാണ [സം. -പൂര്യമാണ] വി. നിറയ്ക്കപ്പെടുന്ന, വർധിക്കുന്ന.
ആപൂര്യമാണപക്ഷം = വെളുത്തപക്ഷം.
ആപൂഷം [സം. -പൂഷ] നാ. ഒരു ലോഹം, വെളുത്തീയം.
ആപൃച്ഛനം [സം. -പൃച്ഛന] 1. ചോദിക്കൽ, അന്വേഷിക്കൽ; 2. യാത്രപറച്ചിൽ, വിടവാങ്ങൽ.
ആപേക്ഷിക [സം. < അപേക്ഷ] വി. മറ്റൊന്നിനെ അപേക്ഷിച്ചുള്ള, മറ്റൊന്നിനോടുബന്ധപ്പെട്ട.
ആപോക്ലിമം [സം. < ഗ്രീ.] നാ. (ജ്യോ.) ലഗ്നത്തിൽനിന്ന് മൂന്ന്, ആറ്, ഒമ്പത്, പന്ത്രണ്ട് ഈരാശികളിൽ ഒന്ന്.
ആപോമയ [സം. ആപോ-മയ] വി. ജലമയമായ.
ആപോമാത്ര [സം. -മാത്രാ] നാ. ജലത്തിൻെറ സൂക്ഷ്മഭാവം.
ആപോശനം [സം. ആപോ-അശന] നാ. വെള്ളംകുടിക്കൽ, ഭക്ഷണത്തിനുമുമ്പും പിമ്പും മന്ത്രപൂർവം കുടിനീർകുടിക്കൽ.
ആപ്ത1 [സം. < ആപ്] വി. 1. പ്രാപിച്ച, ചെന്നെത്തിയ, കണ്ടുമുട്ടിയ, സിദ്ധിച്ച; 2. കൈക്കലായ, കിട്ടിയ, ലഭിച്ച; 3. അനുരൂപമായ; 4. യുക്തിസഹജമായ, വിശ്വാസ്യതയുള്ള, പ്രമാണമായി അങ്ഗീകരിക്കത്തക്ക, ഉദാ: ആപ്തവാക്യം; 5. ഉറ്റ, ഏറ്റവും ഇഷ്ടപ്പെട്ട; 6. സാമർഥ്യമുള്ള; 7. കുറ്റംചുമത്തപ്പെട്ട; 8. നിയുക്തമായ.
ആപ്ത2 [സം. ആപ്താ] നാ. പിന്നിക്കെട്ടിയ തലമുടി.
ആപ്തകാമ [സം. ആപ്ത-കാമ] വി. ആഗ്രഹം സാധിച്ച. നാ. ആപ്തകാമൻ = 1. ആഗ്രഹങ്ങളെല്ലാം സാധിച്ചവൻ; 2. പരമാത്മാവ്.
ആപ്തൻ [സം.] നാ. 1. ഉറ്റസ്നേഹിതൻ; 2. തക്ക ആൾ, അനുരൂപൻ; 3. വിശ്വസ്തൻ; 4. പ്രമാണികൻ, ആധികാര്യമായി പറയാൻ കഴിയുന്ന ആൾ; 5. ബന്ധു; 6. സമർഥൻ, പ്രാപ്തൻ.
ആപ്തം [സം.] നാ. ഹരണഫലം.

ആപ്തി [സം.] നാ. 1. എത്തിച്ചേരൽ; 2. കണ്ടുമുട്ടൽ; 3. കിട്ടൽ, പ്രാപ്തി; 4. ഹരണഫലം; 5. സ്ത്രീസങ്ഗമം; 6. വിശ്വാസം, സ്നേഹം, സൗഹാർദം; 7. (ജ്യോ.) പതിനൊന്നാം ഭാവം.
ആപ്തോക്തി [സം. അപ്ത-ഉക്തി] നാ. = ആപ്തവാക്യം.
ആപ്പ1 നാ. കരണ്ടി, തവി.
ആപ്പ2 നാ. വളരെചെറിയ ഒരിനം മീൻ, ചെറുമീനിന്റെ കുഞ്ഞ്.
ആപ്പോം ഊപ്പോം = നിസ്സാരന്മാർ, നിസ്സാരപദാർഥം.
ആപ്പറേഷൻ, ഓ- [ഇം.ˇഗ്ന്മന്ധദ്ദദ്ധ്യൻറRs ഗണ്മനന്ധൻറന്ധദ്ധഗ ] നാ. ശസ്ത്രക്രിയ.
ആപ്പാണിക്കുക ക്രി. കൗശലംപറഞ്ഞു കൈക്കലാക്കുക, തട്ടിയെടുക്കുക.
ആപ്പിണ്ടി നാ. ക്ഷേത്രങ്ങളിൽ നടത്താറുള്ള ഒരു വഴിപാട്, പിണ്ടികൊണ്ടുള്ള വിളക്കെടുപ്പ്, തേരുവിളക്ക്.
ആപ്പിൾ [ഇം.ക്കണ്മണ്മRsന] നാ. ഒരുതരം ഫലവൃക്ഷം, അതിന്റെ ഫലം.
ആപ്പീസർ, ഓ- [ഇം.ന്മക്ഷക്ഷദ്ധ്യനന്ധ] നാ. ഓഫീസർ, ഉദ്യോഗസ്ഥൻ.
ആപ്പീസ്, ഓ- [ഇം.ന്മക്ഷക്ഷദ്ധ്യന] നാ. കച്ചേരി, കാര്യാലയം.
ആപ്പ് നാ. 1. വിടവിൽ അടിച്ചുകയറ്റി പിളർക്കാനോ ഉറപ്പിക്കാനോ ഉപയോഗിക്കുന്നതും ഒരറ്റം വണ്ണിച്ച് മറ്റേഅറ്റം കൂർത്തതുമായ മരപ്പൂള് അല്ലെങ്കിൽ ലോഹക്കഷണം; 2. സാക്ഷ; 3. തോക്കിന്റെ തടതാങ്ങ്; 4. (ആല) അപകടം; 5. അടപ്പ്; 6. ചതിക്കാനുള്ള പണി. (പ്ര.) ആപ്പ് വൗക്കുക = ചതിയിൽ ആപത്തുവരുത്തുക.
ആപ്യ1 [സം. < അപ്] വി. ജല്ലത്തെസംബന്ധിച്ച, വെള്ളത്തിലുള്ളതോ വെള്ളത്തോടുചേർന്നതോ, ജലമയമായ.
ആപ്യ2 [സം. <അപ്] വി. പ്രാപിക്കത്തക്ക, ലഭിക്കത്തക്ക, നേടത്തക്ക, ചെന്നുചേരേണ്ട.
ആപ്യ3 [സം. ആപ്യ] അവ്യ. ആപിച്ചിട്ട്, കിട്ടിയിട്ട്, നേടിയിട്ട്, ലഭിച്ചിട്ട്.
ആപ്യത്ത് [സം.] നാ. ശക്തി, ബലം, കഴിവ്.
ആപ്യം [സം. < അപ്] നാ. 1. ജലത്തിന്റെ വികാരം (ആവി, പത, മഞ്ഞ് മുതലായവ); 2. കൊട്ടം; 3. (ജ്യോ.) ജലരാശി; 4. പടിഞ്ഞാറെ ദിക്ക്; 5. ഒരു നക്ഷത്രത്തിന്റെ പേര്; 6. മൈത്രി; 7. ലഭിക്കത്തക്കത്, പ്രാപിക്കത്തക്കത്.
ആപ്യായനം [സം. ആ-പ്യായന < പ്യായ് < പ്യൈ] നാ. 1. നിറയ്ക്കൽ, തടിപ്പിക്കൽ; 2. തൃപ്തിപ്പെടുത്തൽ, സംതൃപ്തി; 3. സന്തോഷിക്കൽ; 4. പ്രസാദിപ്പിക്കൽ.
ആപ്യായനി [സം. ആ-പ്യായനീ] നാ. ഒരു സിര.
ആപ്യായം [സം.] നാ. നിറയൽ, വർധിക്കൽ.
ആപ്യായിക്കുക [<സം. ആ-പ്യൈ] ക്രി. 1. വീങ്ങുക, വർധിക്കുക; 2. ആപ്യായനം ചെയ്യുക, നിറയ്ക്കുക.
ആപ്യായിത [സം. ആ-പ്യായിത] വി. 1. ആപ്യായനം ചെയ്യപ്പെട്ട; 2. വർധിച്ച.
ആപ്രച്ഛനം [സം. ആ-പ്രച്ഛനം < പൃച്ഛ്] നാ. വിശിഷ്ടാതിഥിയെ സ്വാഗതം ചെയ്യുമ്പോഴോ യാത്രയാക്കുമ്പോഴോ ഉള്ള ഉപചാരവാക്ക്, പോകുന്നസമയത്ത് അതിഥിയോടു യാത്രപറയൽ.
ആപ്രച്ഛന്ന [സം. ആ-പ്ര-ച്ഛന്ന< ച്ഛദ്] വി. മറയ്ക്കപ്പെട്ട, രഹസ്യമായ.
ആപ്രദിവം [സം. ആ-പ്ര-ദിവം] അവ്യ. എന്നെന്നേക്കും.
ആപ്രപദം [സം. -പ്ര-പദം] അവ്യ. പാദംവരെ.
ആപ്രദീന [സം. -പ്ര-പദീന] വി. പ്രപദംവരെയുള്ള, പുറവടിയോളം എത്തുന്ന.

ആപ്രിക്കോട്ട് [ഇം.ക്കണ്മണ്മത്സദ്ധ്യഗ്നന്ധ] നാ. മാധുര്യമേറിയ ഒരിനം പഴം.

ആപ്രീതപൻ [സം. -പ്രീത-പ] നാ. വിഷ്ണു.

ആപ്ലവനം [സം. -പ്ലവന < പ്ലു] നാ. 1. മുങ്ങൽ, മുങ്ങിക്കുളി, കുളി; 2. വെള്ളം തളിക്കൽ.

ആപ്ലവം [സം. -പ്ലവ] നാ. = ആപ്ലവനം.

ആപ്ലവവ്രതി [സം. -പ്ലവ-വ്രതിൻ] നാ. സമാവർത്തനം നിർവഹിക്കേണ്ടവൻ, ബ്രഹ്മചര്യാശ്രമം കഴിഞ്ഞു ഗൃഹസ്ഥാശ്രമത്തിൽ പ്രവേശിക്കുന്നവൻ.

ആപ്ലവിക്കുക [<സം. ആ-പ്ലു] ക്രി. 1. മുങ്ങിക്കുളിക്കുക; 2. കവിഞ്ഞൊഴുകുക, വെള്ളപ്പൊക്കമുണ്ടാവുക.

ആപ്ലാവം [സം. -പ്ലാവ] നാ. 1. മുങ്ങൽ, മുങ്ങിക്കുളി; 2. വെള്ളം തളിക്കൽ; 3. വെള്ളപ്പൊക്കം.

ആപ്ലാവിത [സം. -പ്ലാവിത] വി. മുങ്ങിയ, മുഴുകിയ.

ആപ്ലിക്കേഷൻ [ഇം.ക്കണ്മണ്മRsദ്ധ്യൻറന്ധദ്ധഗ്ന ] നാ. 1. അപേക്ഷ, ഹർജി, നിവേദനം; 2. പ്രയോഗം. ആപ്ലിക്കേഷൻഫാറം = അപേക്ഷപൂരിപ്പിച്ചയയ്ക്കാനുള്ള ഫാറം.

ആപ്ലൂത [സം. ആ-പ്ലൂത] വി. 1. കുളിച്ച; 2. നനഞ്ഞ, നനച്ച; 3. കവിഞ്ഞൊഴുകിയ; 4. മുങ്ങിയ.

ആപ്ലൂതൻ [സം.] നാ. സ്നാതകൻ, കുളിച്ചവൻ.

ആപ്ലൂതവ്രതി നാ. = ആപ്ലവവ്രതി.

ആപ്ലൂതം [സം. ആ-പ്ലൂത] നാ. 1. മുങ്ങൽ, കുളിക്കൽ; 2. മുന്നോട്ടുചാടൽ, ചാട്ടം; 3. കുതിരയുടെ ഒരു ഗതി വിശേഷം; 4. ഖഡ്ഗപ്രയോഗത്തിലെ ഒരു അടവ്.

ആപ്ലൂത്യ [സം. -പ്ലൂത്യ] അവ്യ. മുങ്ങിയിട്ട്, കുളിച്ചിട്ട്.

ആഫലോദയം [സം. -ഫല-ഉദയ] അവ്യ. ഫലപ്രാപ്തിവരെ.

ആഫിയത്ത് [അറ.] നാ. ആരോഗ്യം.

ആഫീനം [<അറ.] നാ. അവീൻ.

ആഫീസർ, ഓ- [ഇം.ന്വക്ഷക്ഷദ്ധ്യനത്സ] നാ. = ആപ്പീസർ.

ആഫീസ്, ഓ- [ഇം.ന്വക്ഷക്ഷദ്ധ്യന]നാ. = ആപ്പീസ്.

ആഫ്രിക്ക നാ. ഒരു ഭൂഖണ്ഡം.

ആബദ്ധ [സം.ആ-ബദ്ധ<ബന്ധ്] വി. 1. ബന്ധിക്കപ്പെട്ട, കെട്ടപ്പെട്ട, ചേർക്കപ്പെട്ട; 2. മറ്റൊന്നിനോടുചേർത്ത് ഉറപ്പിക്കപ്പെട്ട, ചേർത്തുകെട്ടിയ.

ആബദ്ധം [സം. -ബദ്ധ] നാ. 1. ഇറുക്കിക്കെട്ടൽ, കെട്ട്; 2. നുകം, അമിക്കയർ; 3. വിലങ്ങ്; 4. ആഭരണം, മുണ്ട്; 5. സ്നേഹബന്ധം.

ആബധ്യ [സം. -ബധ്യ] അവ്യ. കെട്ടിയിട്ട്.

ആബന്ധനം [സം.-ബന്ധന] നാ. 1. (ഒന്നിന്മേൽ) കെട്ടൽ; 2. അമിക്കയറ്.

ആബർഹണം [സം. -ബർഹണ] നാ. = ആബർഹം.

ആബർഹം [സം. -ബർഹ] < ബർഹ്] നാ. 1. വലിച്ചുകീറൽ; 2. കൊല.

ആബല്യം [സം. -ബല്യ] നാ. അബലൻെറ ഭാവം, ക്ഷീണത, ബലമില്ലായ്മ.

ആബാദ് [പേർ.] നാ. 1. സ്ഥാപിതമായത്; 2. പ്രസിദ്ധമായ പ്രദേശം.

ആബാധ [സം. ആ-ബാധ] നാ. 1. ദു:ഖം, പീഡ; 2. ഒരു ത്രികോണത്തിൻെറ ശൃങ്ഗബിന്ദുവിൽനിന്നും പാദത്തിലേക്കുള്ള ലംബരേഖ, പാദത്തെ രണ്ടായി ഖണ്ഡിക്കുമ്പോൾ അവയിൽ ഏതെങ്കിലും ഒരു ഖണ്ഡം.

ആബാലവൃദ്ധം [സം. -ബാല-വൃദ്ധം] അവ്യ. കുട്ടികൾ തൊട്ടു വൃദ്ധന്മാർ വരെ, സകലജനങ്ങളും.
ആബാല്യം [സം. -ബാല്യ] അവ്യ. ബാല്യംവരെ.
229
ആബൂനാൻ, ആബൂൻ [സിറി.] നാ. മെത്രാൻ, ബിഷപ്പ്.
ആബോധന [സം. -ബോധന] നാ. ഗ്രഹിപ്പിക്കൽ, ധരിപ്പിക്കൽ.
ആബ്കാരി [പേർ.] നാ. = അബ്കാരി.
ആബ്ദ [സം. < അബ്ദ] വി. 1. മേഘത്തെസംബന്ധിച്ച; 2. വാർഷികമായ.
ആബ്ദിക [സം. ആബ്ദിക < അബ്ദ] വി. വാർഷികമായ, ആണ്ടുതോറുമുള്ള (സ്ത്രീ) ആബ്ദികി.
ആബ്രഹ്മം [സം. ആ-ബ്രഹ്മ] അവ്യ. ബ്രഹ്മം മുതൽ, ബ്രഹ്മം വരെ.
ആഭ [സം. -ഭാ] നാ. 1. ശോഭ, സൗന്ദര്യം; 2. പ്രകാശം, തേജസ്സ്; 3. സാദൃശ്യം; 4. പ്രതിബിംബം.
ആഭഗൻ [സം. -ഭഗ] നാ. പങ്കാളി..
ആഭരണം [സം. -ഭരണ] നാ. ശരീരശോഭ കൂട്ടുന്നതിനു സ്വർണവും മറ്റും കൊണ്ട് ഉണ്ടാക്കുന്ന വസ്തു, അലങ്കാരം.
ആഭാണകം [സം. -ഭാണക < ഭണ്] നാ. പഴഞ്ചൊല്ല്, പറച്ചിൽ, ലോകോക്തി.
ആഭാതി [സം. -ഭാതി<ഭാ] നാ. 1. തേജസ്സ്, ശോഭ, പ്രകാശം; 2. പ്രതിച്ഛായ.
ആഭാഷണം [സം. -ഭാഷണ] നാ. അഭിസംബോധനചെയ്തു പറയുന്നത്, നേരിട്ടുള്ള സംഭാഷണം.
ആഭാഷം [സം. -ഭാഷ < ഭാഷ്] നാ. 1. സംബോധന; 2. മുഖവുര, ആമുഖം;3. സംഭാഷണം; 4. പഴമൊഴി.
ആഭാഷ്യ1 [സം. -ഭാഷ്യ] വി. ആഭാഷനം ചെയ്യപ്പെടേണ്ട, സംഭാഷണം ചെയ്യേണ്ട.
ആഭാഷ്യ2 [സം. ആഭാഷ്യ] അവ്യ. പറഞ്ഞിട്ട്.
ആഭാസക [സം. ആ-ഭാസക] വി. 1. ശോഭിക്കുന്ന; 2. മിഥ്യയായ.
ആഭാസത്വം നാ. = ആഭാസത്തരം.
ആഭാസൻ [സം.-ഭാസ] നാ. ദുർമാർഗി, തെമ്മാടി, വഷളൻ (ഭാഷയിൽ വന്ന അർഥവികാസം).
ആഭാസനം [സം. -ഭാസന] നാ. 1. പ്രശോഭിപ്പിക്കൽ; 2. തെളിയിക്കൽ, വ്യക്തമാക്കൽ, വിശദീകരിക്കൽ; 3. തോന്നൽ.
ആഭാസം [സം. -ഭാസ] നാ. 1. തോന്നൽ, മിഥ്യാദർശനം, മറ്റൊന്നിനെപ്പോലെ തോന്നുക മാത്രം ചെയ്യുന്നത്; 2. പ്രതിബിംബം, പ്രതിച്ഛായ; 3. അസ്സലല്ലാത്തത്; 4. ഒരുതരം ഗോപുരം, ആഭാസപ്രാസാദം; 5. അസഭ്യം, വഷളത്തം, അശ്ലീലം. (ഭാഷയിൽ വന്ന അർഥവികാസം).
ആഭാസരൂപകം [സം. ആഭാസ-രൂപകം] നാ. വിശേഷ ചമത്കാരമില്ലാതെ രൂപകത്തിന്റെ ഛായമാത്രമായുള്ള പ്രയോഗം.
ആഭാസിക്കുക [< സം. ആ-ഭാസ്] ക്രി. 1. ശോഭിക്കുക; 2. സദൃശമായിരിക്കുക.
ആഭാസുര, -സ്വര [സം. -ഭാസുര-സ്വര] വി. സ്വയം പ്രകാശമുള്ള, തിളങ്ങുന്ന.
ആഭിചരണികൻ [സം. ആഭിചരണിക < അഭി-ചരണ] നാ. ആഭിചാരം ചെയ്യുന്ന, ക്ഷുദ്രപ്രയോഗം ചെയ്യുന്ന.

ആഭിചരണികം [സം.] നാ. ആഭിചാരം.
ആഭിചാരണികൻ [സം. ആഭിചാരണിക] നാ. ദുർമന്ത്രവാദി, അഭിചാരകൻ.
ആഭിചാരം [സം. < അഭിചാര] നാ. = അഭിചാരം.
ആഭിചാരികം [സം. < അഭി-ചാര] നാ. അഭിചാരം, ദുർമന്ത്രവാദം.
ആഭിജനം [സം. < അഭി-ജന] നാ. കുലീനൻ.
ആഭിജാത [സം. < അഭി-ജാത] വി. അഭിജിത്തു നക്ഷത്രത്തിൽ ജാതനായ.
ആഭിജാത്യം [സം. < അഭിജാഥ] ന. 1. കുലീനത, കുലശ്രേഷ്ഠത; 2. സ്ഥാനം; 3. സൗന്ദര്യം.
ആഭിധാ [സം. < അഭി-ധാ] നാ. അഭിധ, നാമം, പേര്.
ആഭിധാനിക [സം. < അഭി-ധാന] വി. അഭിധാനഗ്രന്ഥം സംബന്ധിച്ച, നിഘണ്ടുവിൽ ഉള്ള. ആഭിധാനികൻ = നിഘണ്ടുകാരൻ.
ആഭിധാനീയക [സം.] വി. പദത്തെ സംബന്ധിച്ച, പേരിനെക്കുറിച്ചുള്ള നാ. ആഭിധാനീയകം = ശബ്ദധർമം.
ആഭിമാനിക [സം. < അഭിമാന] വി. അഭിമാനംസംബന്ധിച്ച.
ആഭിമുഖ്യം [സം. < അഭിമുഖ] നാ. 1. അഭിമുഖമായ അവസ്ഥ, മുഖത്തോടുമുഖമായിട്ടുള്ള സ്ഥിതി; 2. ആനുകൂല്യം, പ്രീതി, താത്പര്യം, പ്രതിപത്തി; 3. സാന്നിധ്യം, മേൽനോട്ടം, രക്ഷാധികാരം.
ആഭിരാമിക [സം. < അഭിരാമ , രമ്] വി. ഹൃദ്യമായ, പ്രീതിയുളവാക്കുന്ന, മനോഹരമായ.
ആഭിരാമ്യം [സം. < അഭി-രാമ] നാ. സൗന്ദര്യം, മനോഹാരിത, അഴക്.
ആഭിരൂപകം, ആഭിരൂപ്യം [സം. < അഭി-രൂപ] നാ. അനുരൂപത, ഭങ്ഗി, സൗന്ദര്യം.
ആഭിഷേചനികം [സം. < അഭി-സേചന] നാ. അഭിഷേകത്തിനുവേണ്ട സാമഗ്രി.
ആഭിഹാരികം [സം. < അഭി-ഹാര] നാ. 1. ഉപഹാരമായി അർപ്പിക്കുന്നത്; 2. ചതിച്ചു കൈവശപ്പെടുത്തിയത്.
ആഭിക്ഷ്ണ്യം [സം. അഭീക്ഷ്ണ] നാ. വീണ്ടും വീണ്ടുമുള്ള, ആവർത്തിക്കുന്ന.
ആഭീര(ക)ൻ [സം. ആഭീര(ക)] നാ. 1. ആഭീരവർഗക്കാരൻ, മാട്ടിടയൻ; 2. ബ്രാഹ്മണന് അംബഷ്ഠസ്ത്രീയിൽ ജനിച്ചപുത്രൻ; 3. ആഭീരദേശത്തുള്ളവൻ.
ആഭീരപല്ലി [സം. ആഭീര-പല്ലി,(പല്ലീ)] നാ. ആഭീരന്മാരുടെ ഗ്രാമം.
ആഭീരം [സം.] നാ. ഇടയത്തെരുവ്.
ആഭീരി [സം. ആഭീരീ] നാ. 1. ആഭീരസ്ത്രീ; 2. ആഭീരഭാഷ; 3. ഒരു രാഗം, ആഭേരി.
ആഭീല [സം. ആ-ഭീല < ഭീ] വി. 1. ഭയങ്കരമായ; 2. വേദന അനുഭവിക്കുന്ന.
ആഭീലം [സം. -ഭീല] നാ. ശരീരപീഡ.
ആഭുഗ്ന [സം. -ഭുഗ്ന < ഭുജ്] വി. അല്പം വളഞ്ഞ.
ആഭൂ [സം. -ഭൂ] വി. 1. സമീപിക്കുന്ന; 2. ശക്തിയുള്ള; 3. ഐശ്വര്യമുള്ള. നാ. ആഭൂവ് = കാരാഗൃഹം.
ആഭൂതപ്ലവം [സം.-ഭൂത-പ്ലവ] അവ്യ. പ്രപഞ്ചനാശം (പ്രളയം വരെ)
ആഭൂതി [സം.-ഭൂതി] നാ. 1. അമാനുഷിക ശക്തി; 2. ത്രാണി, കർമകുശലത; 3. വ്യാപ്തി.

ആഭോഗം [സം. –ഭോഗ] നാ. 1. സുഖാനുഭവം, സംതൃപ്തി; 2. പൂർണത, സമൃദ്ധി, നിറവ്; 3. വളവ്, തിരിവ്; 4. പമ്പ്; 5. പാമ്പിൻെറ പത്തി; 6. വൃത്തപരിധി, ചുറ്റളവ്; 7. വിസ്താരം, വ്യാപ്തി.
ആഭോഗാനന്ദം [സം. ആഭോഗ–ആനന്ദ] വി. 1. ഉള്ളിലുള്ള, അകത്തെ; 2. മാനസികമായ.
ആഭ്യന്തരകലഹം [സം. ആഭ്യന്തര–കലഹ] നാ. അന്തശ്ഛിദ്രം, രാജ്യത്തിലോ സങ്ഘടനയിലോ മറ്റൊ അതിലെ അങ്ഗങ്ങൾതമ്മിലുള്ള കലഹം.
ആഭ്യന്തരകുംഭകം [സം. –കുംഭക] നാ. (യോഗ.) കുംഭകം രണ്ടുപ്രകാര ഉള്ളതിൽ ഒന്ന്, അന്ത:കുംഭകം.
ആഭ്യന്തരപ്രയത്നം [സം. –പ്രയത്ന] നാ. വർണോച്ചാരണത്തിനുള്ള രണ്ടുവിധം പ്രയത്നങ്ങളിൽ ഒന്ന്.
ആഭ്യന്തരം [സം. < അഭി–അന്തര] അവ്യ. അകത്ത്, ഉള്ളിൽ.
ആഭ്യന്തരവകുപ്പ് [സം. അഭ്യന്തര–മ. വകുപ്പ്] നാ. രാജ്യത്തിനുള്ളിൽ നിയമസമാധാനങ്ങൾ പാലിക്കാൻ ചുമതലപ്പെട്ടവകുപ്പ്.
ആഭ്യന്തരശൗചം [സം. –ശൗച] നാ. പ്രാണായാമം മുതലായവകൊണ്ട് ഉണ്ടാകുന്ന ആന്തരികമായ ശുദ്ധി.
ആഭ്യവകാശിക [സം. < അഭി–അവകാശ] വി. തുറന്നസ്ഥലത്തു താമസിക്കുന്ന.
ആഭ്യവഹാരിക [സം. < അഭി–അവഹാര] വി. 1. തിന്നത്തക്ക; 2. ഉപജീവനം സംബന്ധിച്ച, കാലക്ഷേപത്തിനുള്ള.
ആഭ്യാശിക [സം < അഭ്യാശ] വി. അടുത്തുള്ള.
ആഭ്യാസിക [സം. < അഭ്യാസ] വി. 1. അഭ്യാസംകൊണ്ടു സിദ്ധിച്ച; 2. അടുത്തടുത്തുള്ള, അഭാഗിക.
ആഭ്യുദയിക [സം. < അഭുദയ] വി. 1. അഭ്യുദയം സംബന്ധിച്ച, ക്ഷേമമുളവാക്കുന്ന; 2. ഉത്കൃഷ്ടമായ; 3. ഉത്പത്തിയെ സംബന്ധിച്ച.
ആഭ്യുദയികം [സം. < അഭ്യുദയ] നാ. മങ്ഗളകർമങ്ങളോടനുബന്ധിച്ചു നടത്തുന്ന ഒരുതരം ശ്രാദ്ധം.
ആഭ്യുഹിക [സം. < അഭ്യൂഹ] വി. അഭ്യൂഹപരമായ.
ആഭ്രമണം [സം. ആ–ഭ്രമണ] നാ. ചുറ്റൽ, ചുഴറ്റൽ.
ആഭ്രികൻ [സം.ആഭ്രിക] നാ. അഭ്രി (തൂമ്പ)കൊണ്ട്കിളയ്ക്കുന്നവൻ. (സ്ത്രീ) ആഭ്രികി.
ആം [<ആകും] (വ്യാക) 1. ആകുന്നു, ആണ്, ആകും, ആയിരിക്കും, ഭവിക്കും. (ആഖ്യാതമായി പ്രയോഗം); 2. കഴിയും, പ്രാപ്തിയുണ്ടാകും; 3. കൊള്ളത്തക്കതാണ്, നന്നാണ്; 4. ഒരു ഭാവിപ്രത്യയം. ഇതു പേരെച്ചപ്രത്യയമായും നിൽക്കും; 5. അനുജ്ഞായകപ്രത്യയം. ഉദാ: കാണാമ്പോകാം; 6. പൂരണിതദ്ധിതപ്രത്യയം, ആകുന്ന, ആയ.
ആമ1 നാ. കട്ടിയുള്ളപുറന്തോടിനുള്ളിൽ തലയും കാലുകളും ഉൾവലിക്കാനും പുറത്തുനീട്ടി കരയ്ക്ക് ഇഴയാനും, വെള്ളത്തിൽ നീന്താനും കഴിവുള്ള ഒരു ജീവി.
ആമ2 [സം. ആമ] വി. 1. വേവിക്കാത്ത, പാകം ചെയ്യാത്ത; 2. പാകമാകാത്ത, പഴുക്കാത്ത, പച്ചയായ; 3. ചൂടാത്ത, ചൂളയ്ക്കുവയ്ക്കാത്ത; 4. ദഹിക്കാത്ത.
ആമകന്നിയൻ നാ. കല്ലരയാൽ.

ആമകുംഭം [സം. ആമ-കുംഭ] നാ. (ചൂളയിൽവച്ച്) നല്ലവണ്ണം വേകാത്ത മൺകുടം.
ആമക്കരപ്പൻ [ആമ-കരപ്പൻ] നാ. ഒരുതരം കരപ്പൻ
ആമക്കല്ല് നാ. തറയിൽപതിക്കുന്ന ആറുകോണുള്ള കല്ല്.
ആമക്കൈ [ആമ1-കൈ] നാ. ബോട്ട് മുതലായവയുടെ ഗതി നിയന്ത്രിക്കാൻ അവയുടെപിന്നിൽ ഘടിപ്പിച്ചിരിക്കുന്ന ഉപകരണം, ചുക്കാൻ.
ആമഗന്ധം [സം. ആമ-ഗന്ധ] നാ. പച്ചമാംസത്തിൻെറ നറ്റം.
ആമഗന്ധി [സം. ആമ-ഗന്ധി] വി. പച്ചമാംസം പോലെ നാറുന്ന.
ആമഗ്ന [സം. ആ-മഗ്ന] വി. മുഴുകിയ, മുങ്ങിയ.
ആമജ്ജനം [സം. -മജ്ജന] നാ. മുഴുകൽ, കുളിക്കൽ.
ആമജ്ജിക്കുക [< സം. ആ-മജ്ജ്] ക്രി. മുഴുകുക, കുളിക്കുക.
ആമജ്വരം [സം. ആമ്മ-ജ്വര] നാ. ദഹനക്കേടുകൊണ്ടുള്ള ജ്വരം.
ആമണക്ക് [സം. ആമണ്ഡക] നാ. = ആവണക്ക്.
ആമണപ്പലക നാ. ആമപ്പലക, ആവണപ്പലക.
ആമണ്ഡം [സം. ആ-മണ്ഡ] നാ. ആവണക്ക്.
ആമത, -ത്വം [സം. ആമ-താ, ത്വ] നാ. പച്ചയായിരിക്കൽ.
ആമതൃഷ്ണ [സം. -തൃഷ്ണാ] നാ. ഒരു രോഗം.
ആമത്താലി [ആമ-താലി] നാ. ആമയുടെ ആകൃതിയിലുള്ള ഒരിനം താലി.
ആമത്താഴ് [ആമ- താഴ്] നാ. ആമയുടെ ആകൃതിയിലുള്ള ഒരു തരം പൂട്ട്, പറ്റുതാഴ്.
ആമത്തുരുമ്പ് [ആമ-തുരുമ്പ്] നാ.= ആമക്കാച്ചിൽ.
ആമനസ്യം, മാനസ്യം, അമാനസ്യം [സം. < അ-മനസ്] നാ. ദു:ഖം, വേദന.
ആമന്ത്രണം [സം. ആ-മന്ത്രണ] നാ. 1. അഭിസംബോധന, ആഹ്വാനം, വിളി; 2. ക്ഷണിക്കൽ, ക്ഷണം, വിളിച്ചുവരുത്തൽ; 3. ഭക്ഷണത്തിനു ക്ഷണിക്കൽ, ചാത്തമൂട്ടിനുക്ഷണിക്കൽ; 4. കൂടിയാലോചന; 5. ചോദ്യം; 6. സ്വാഗതം; 7. യാത്രപറച്ചിൽ, വിടവാങ്ങൽ.
ആമന്ത്രയിതാ(വ്) [സം. മന്ത്രയിതൃ] നാ. ക്ഷണിക്കുന്നവൻ. (സ്ത്രീ) ആമന്ത്രയിതി.
ആമന്ത്രിക [സം. -മന്ത്രികാ] നാ, ഒരുതരം ചെണ്ട.
ആമന്ത്രിക്കുക [<സം. ആ-മന്ത്ര്] ക്രി. 1. അഭിസംബോധന ചെയ്യുക; 2. വിളിക്കുക, ക്ഷണിക്കുക; 3. അപേക്ഷിക്കുക, ആവശ്യപ്പെടുക; 4. അഭിവാദനം ചെയ്യുക, സ്വാഗതം ചെയ്യുക; 5. പറയുക; 6. യാത്രചോദിക്കുക, വിടവാങ്ങുക.
ആമന്ത്രിത [സം. -മന്ത്രിത] വി. 1. അഭിസംബോധനംചെയ്യപ്പെട്ട; 2. ക്ഷണിക്കപ്പെട്ട, വിളിക്കപ്പെട്ട; 3. പറയപ്പെട്ട; 4. സ്വാഗതം ചെയ്യപ്പെട്ട.
ആമന്ത്ര്യ [സം. -മന്ത്ര്യ] വി. 1. അഭിസംബോധനം ചെയ്യേണ്ട; 2. ക്ഷണിക്കത്തക്ക.
ആമന്ദം [സം. -മന്ദം] അവ്യ. പതുക്കെപ്പതുക്കെ.
ആമന്ദ്ര [സം. -മന്ദ്ര] വി. 1. അല്പം ഗംഭീരമായ സ്വരത്തോടുകൂടിയ; 2. താണസ്വരത്തിൽ പറയുന്ന, മർമരശബ്ദം പുറപ്പെടുവിക്കുന്ന.
ആമന്ദ്രം [സം. -മന്ദ്ര] നാ. മുഴക്കം, മുഴങ്ങൽ.
ആമപിത്തം [സം. ആമ-പിത്ത] നാ. ആമാശയത്തിൽ എത്തിച്ചേരുന്ന ഒരു ദഹനരസം.

ആമപിഷ്ടം [സം. -പിഷ്ട] നാ. പച്ചയ്ക്ക് അരച്ചത്, വേവിക്കാതെ അരച്ചത്.
231
ആമപീനസം [സം. -പീനസ] നാ. ഒരുതരം പീനസ രോഗം.
ആമപ്പലക [ആമ-പലക] നാ. ആവണപ്പലക.
ആമപ്പൂട്ട് [ആമ-പൂട്ട്] നാ. = ആമത്താഴ്.
ആമപ്പെട്ടി [ആമ-പെട്ടി] നാ. ആമയുടെ ആകൃതിയിലുള്ളപെട്ടി.
ആമം1 [< അമക്കുക] നാ. 1. തടിവിലങ്ങ്, കയ്യോ കാലോ ഉള്ളിൽ കടത്തി പൂട്ടിയിടത്തക്കവണ്ണം തടിയിൽ ദ്വാരങ്ങൾ ഇട്ട് ഉണ്ടാക്കുന്ന ഒരു ഉപകരണം; 2. വിലങ്ങ്.
ആമം2 [സം. ആമ] നാ. 1. പാകമാകാത്തത്, പാകം ചെയ്യാത്തത്; 2. അജീർണം, ദഹനക്കേട്; 3. ദഹിക്കാതെ വയറ്റിൽ കിടക്കുന്ന അന്നം.
ആമമധു [സം. ആമ-മധു] നാ. ഇളംതേൻ.
ആമമാംസം [സം.-മാംസ] നാ. പച്ചമാംസം.
ആമയം [സം. ആമയ < ആമ] നാ. 1. രോഗം, വ്യാധി; 2. ദു:ഖം, പീഡ, ആധി, അസ്വാസ്ഥ്യം; 3. കോട്ടം.
ആമയാവി [സം. ആമയാവിൻ] നാ. 1. രോദി; 2. ദു:ഖിതൻ.
ആമർദനം [സം. ആ-മർദന] നാ. = ആമർദം.
ആമർദം [സം. -മർദ] നാ. ഞെക്കൽ.
ആമർശനം [സം.-മർശന] നാ. 1. തൊടൽ; 2. സമ്പർക്കം; 3. ഉരസൽ; 4. തുടച്ചുകളയൽ; 5. ആലോചന; 6. ഉപദേശം; 7. മനോവൃത്തി.
ആമർശം [സം. -മർശ] നാ. = ആമർശനം.
ആമർഷം [സം. ആ-മർഷ] നാ. 1. അക്ഷമ; 2. കോപം.
ആമരക്തം [സം. ആമ-രക്ത] നാ. വയറുകടി.
ആമരണം [സം. ആ-മരണ] അവ്യ. മരണംവരെ.
ആമരണാന്തം [സം. -മരണാന്ത] അവ്യ. മരണാന്തംവരെ.
ആമരീതാവ് [സം. -മരീതൃ] നാ. നശിപ്പിക്കുന്ന ആൾ.
ആമലകകൃച്ഛ്രം [സം. ആമലക-കൃച്ഛ്ര] നാ. നെല്ലിക്കമാത്രം ഭക്ഷിച്ച് ഒരുമാസം കഴിച്ചുകൂട്ടുന്ന വ്രതം.
ആമലകം [സം. ആമലക] നാ. 1. നെല്ലി; 2. നെല്ലിക്ക. (പ്ര.) കരതലാമലകം = ഉള്ളം കൈയ്യിലെ നെല്ലിക്ക , അതുപോലെ വ്യക്തമായത്; ആമലകക്ഷേത്രം = തിരുനെല്ലി ക്ഷേത്രം.; ആമലകവ്രതം = ആമലകകൃച്ഛ്രം.
ആമലകി [സം. ആമലകീ] നാ. = ആമലകം, ആമലകീഫലം = നെല്ലിക്ക.
ആമവട [ആമ-വട] നാ. ഒരുതരം വട.
ആമവാതം [മ. ആമ-സം. വാത] നാ. ഒരുതരം വാതരോഗം.
ആമശൂലം [സം. ആമ-ശൂല] നാ. ദഹനക്കേടുകൊണ്ടുള്ള വയറ്റുവേദന.
ആമശ്രാദ്ധം [സം. -ശ്രാദ്ധ] നാ. വേവിക്കാത്ത സാധനങ്ങൾകൊണ്ടുകഴിക്കുന്ന ശ്രാദ്ധം.
ആമസഞ്ചി [ആമ-സഞ്ചി] നാ. മുറുക്കാൻ സഞ്ചി.
ആമള, ആമളം, ആമളവ് [ആം-അളവ്] അവ്യ. ആവോളം.
ആമാജീർണം [സം. ആമ-അജീർണ] നാ. ദഹനക്കേടുകൊണ്ടുള്ള ഒരു രോഗം.

ആമാട, ആമോട നാ. 1. പ്രാചീനകേരളത്തിൽ പ്രചാരത്തിലിരുന്ന പൊൻനാണയം, (വെനീഷ്യൻ ദുക്കറ്റ്); 2. വിൽക്കാശ്, ചാന്നാർക്കാശ്; 3. ആമാടകൾ കോർത്തിണക്കിയമാല, ആമാടത്താലി.
ആമാതിസാരം [സം. ആമ-അതിസാര] നാ. അജീർണംകൊണ്ട് ഉണ്ടാകുന്ന അതിസാരം.
ആമാവസ്യ, -വാസ്യ [സം. < അമാവസ്യ, -വാസ്യാ] വി. അമാവാസ്യയെ സംബന്ധിച്ച. നാ. ആമാവാസ്യം = വാവുബലി.
ആമാശയം [സം. ആമ-ആശയ] നാ. ഭക്ഷിച്ച സാധനങ്ങൾ ആദ്യമായിചെന്നെത്തുന്ന ദഹനേന്ദ്രിയഭാഗം.
ആമി നാ. ഉതിമരം
ആമിക്ഷ [സം. ആമിക്ഷാ] നാ. കാച്ചിയപാലിൽ തൈരുചേർത്തുണ്ടാക്കുന്നത്.
ആമിത്ര [സം. < അ-മിത്ര] വി. ശത്രുവായ.
ആമിത്രി [സം.] നാ. ശത്രുവിൻെറ സന്താനം.
ആമിനി നാ. അയനി (ആമിനിപ്പിലാവ്).
ആമിശ്ര, -ശ്ല [സം. -മിശ്ര, -ശ്ല] വി. വേഗത്തിൽ കൂടിക്കലർന്ന.
ആമിഷഭുക്ക് [സം. ആമിഷ-ഭുക് < ഭുജ്] നാ. 1. = ആമിഷഭോജി; 2. ഒരുതരം പക്ഷി, കൊക്ക്.
ആമിഷഭോജി [സം. -ഭോജിൻ] നാ. മാംസം ഭക്ഷിക്കുന്നവൻ, രാക്ഷസൻ.
ആമിഷം [സം.] നാ. 1. മാംസം; 2. ഭക്ഷണസാധനം, ഇര.
ആമിഷാശി [സം. ആമിഷ-അശിൻ] നാ. മാംസം ഭക്ഷിക്കുന്നവൻ. (സ്ത്രീ) ആമിഷാശിനി.
ആമിഷി [സം. ആമിഷി] നാ. ജടാമാഞ്ചി.
ആമീക്ഷ [സം. ആമീക്ഷാ] നാ. = ആമിക്ഷ.
ആമീൻ1 [അറ.] ആമ്മേൻ.
ആമീൻ2 [സുറി.] വ്യാക്ഷേ. ആമേൻ.
ആമീൻ3 [അറ.] നാ. കരംപിരിവിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ.
ആമീലനം [സം. ആ-മീലന] നാ. കണ്ണടയ്ക്കൽ.
ആമീലിത [സം. -മീലിത] വി. ആമീലനം ചെയ്യപ്പെട്ട, അടഞ്ഞ.
ആമീസ് [ഇം.ൻറദ്ധണ്ഡദ്ധ്യനു] നാ. മെത്രാന്മാരും മറ്റും ഉപയോഗിക്കുന്ന ശിരോവസ്ത്രം.
ആമുക്ത [സം. ആ-മുക്ത] വി. 1. അഴിച്ചുവിടപ്പെട്ട, മോചിപ്പിക്കപ്പെട്ട; 2. വില്ലിൽനിന്നു മോചിക്കപ്പെട്ട അമ്പുപോലെയുള്ള, എയ്ത.
ആമുക്തം [സം. -മുക്ത] നാ. കവചം.
ആമുക്തി [സം. -മുക്തി] നാ. 1. മോചനം, മോക്ഷം; 2. ധരിക്കൽ. അവ്യ. മുക്തിവരെ.
ആമുഖം [സം. -മുഖ] നാ. തുടക്കം, പ്രാരംഭം; 2. ഒരുഗ്രന്ഥത്തിൻെറ തുടക്കത്തിൽ ചേർക്കുന്നതും ഗ്രന്ഥത്തിൻെറ അംശമല്ലാത്തതുമായ ഭാഗം, പ്രസ്താവന, മുഖവുര; 3. നാടകം തുടങ്ങുന്നതിനുമുമ്പുള്ള കഥാസൂചന, പ്രസ്താവന.
ആമുഗ്ധ [സം. -മുഗ്ധ] വി. മനോഹരമായ.
ആമുഷ്മിക [സം. < അമുഷ്മിൻ] വി. പരലോകത്തെസംബന്ധിച്ച ൻ ഐഹിക.
ആമൂഷ്യായണൻ [സം.] നാ. ശ്രേഷ്ഠകുലജാതൻ.

ആമൂർധപാദം [സം.-മൂർധ-പാദം] അവ്യ. ശിരസ്സുതൊട്ടു പാദംവരെ.
ആമൂലം [സം. -മൂലം] അവ്യ. 1. വേരുവരെ, ചുവടോളം; 2. മുഴുവനും; 3. തുടക്കംമുതൽ, ചുവടേ.
ആമൂലാഗ്രം [സം. -മൂല-അഗ്ര] അവ്യ. അടിമുതൽ അറ്റം വരെ, മുഴുവനും.
ആമൃണ [സം. ആ-മൃണ] വി. മുറിവേൽപ്പിക്കാവുന്ന, വേധ്യമായ.
ആമൃഷ്ട [സം. -മൃഷ്ട < മൃശ്] വി. സ്പർശിച്ച, തൊട്ട, തുടച്ചുമാറ്റിയ.
ആമേൻ [ഹീ.] വ്യാക്ഷേ. ആകട്ടെ, അങ്ങനെആകട്ടെ (പ്രാർഥനയുടെയും മറ്റും ഒടുവിൽ ഉച്ചരിക്കുന്നത്). അവ്യ. സത്യമായി, നിശ്ചയമായി.
ആമേളനം [സം. ആ-മേലന < മില്] നാ. സമ്മേളനം, കൂടിച്ചേരൽ.
ആമോ [ആം-ഓ] = ആകുമോ, കഴിയുമോ.
ആമോക്ഷണം [സം. ആ-മോക്ഷണ < മുക്ഷ്] നാ. 1. ആമോചനം; 2. ചേർത്തുകെട്ടൽ.
ആമോചനം [സം. -മോചന < മുച്] നാ. 1. മോചിപ്പിക്കൽ, വിടൽ, സ്വതന്ത്രമാക്കൽ; 2. വിസർജനം; 3. ധാരണം (വസ്ത്രവും മറ്റും).
ആമോച്ചികൾ [പോർ.] നാ. (ബ.വ.) ചാവേറുകൾ.
ആമോടനം [സം. -മോടന] നാ. ഞെക്കൽ, മർദനം.
ആമോദനം [സം. -മോദന < മുദ്] നാ. 1. സന്തോഷിക്കൽ; 2. സന്തോഷിപ്പിക്കൽ; 3. സുഗന്ധമുള്ളതാക്കൽ.
ആമോദം [സം. -മോദ] നാ. 1. സന്തോഷം, ആഹ്ലാദം; 2. സുഗന്ധം; 3. ശതാവരി.
ആമോദി1 [സം. -മോദിൻ] വി. പരിമളമുള്ള (സ്ത്രീ) ആമോദിനി.
ആമോദി2 [സം.] നാ. മണമുണ്ടാക്കുന്നത് (താംബൂലം, കർപ്പൂരം ഇത്യാദി).
ആമോദിക്കുക [ < സം. ആ-മുദ്] ക്രി. സന്തോഷിക്കുക.
ആമോഷം [സം. -മോഷ < മുഷ്] നാ. മോഷണം, കളവ്, കവർച്ച.
ആമോഷി [സം. -മോഷിൻ] നാ. മോഷ്ടാവ്, കള്ളൻ.
ആമോഹനിക [സം. -മോഹനികാ] നാ. ഒരുതരം സുഗന്ധം.
ആമ്നാത [സം. മ്നാത < മ്നാ] വി. 1. ആമനനം ചെയ്യപ്പെട്ട, പരിഗണിക്കപ്പെട്ട; 2. പറയപ്പെട്ട, പ്രസ്താവിക്കപ്പെട്ട; 3. ഉദ്ധരിക്കപ്പെട്ട; 4. സ്മരിക്കപ്പെട്ട, ഓർമയിൽവച്ച; 5. അഭ്യസിപ്പിക്കപ്പെട്ട; 6. പരമ്പരയാ കേട്ടുപഠിച്ച.
ആമ്നായപാലകൻ [സം. ആമ്നായ-പാലക] നാ. ബ്രഹ്മാവ്.
ആമ്നായം [സം. ആ-മ്നായ] നാ. 1. പരമ്പരാഗതമായിട്ടുള്ളത്, പരമ്പരയാ കേട്ടുപഠിച്ചുവന്നിട്ടുള്ളത്, വേദം; 2. ആവർത്തിച്ചു പഠിക്കൽ; 3. ഗുരൂപദേശം.
ആമ്നായമൂർത്തി [സം. ആമ്നായ-മൂർത്തി] നാ. 1. വേദസ്വരൂപൻ, വിഷ്ണു; 2. ശിവൻ.
ആമ്പക്കുറ്റി [ആൺപൽ-കുറ്റി] നാ. താക്കോലിൻെറ ചുവട്ടിലുള്ള ദ്വാരത്തിൽ ചെല്ലത്തക്കവണ്ണം ചില പൂട്ടുകൾക്കുള്ളിൽ ഉറപ്പിച്ചിട്ടുള്ള കുറ്റി.
ആമ്പടി1 [ആം-പടി] അവ്യ. ആകുംപടി, കഴിയുംവണ്ണം, യഥാശക്തി.
ആമ്പടി2 നാ. = അകമ്പടി.
ആമ്പൽ നാ. 1. താമരപോലുള്ള ഒരു നീർച്ചെടി, (ചന്ദ്രൻ ആമ്പലുകളെ വിടർത്തുന്നു എന്നു കവിസങ്കൽപം, വെള്ളാമ്പൽ, രക്താമ്പൽ, ചെറുചിറ്റാമ്പൽ, ഒട്ടലാമ്പൽ, ചിറ്റാമ്പൽ, നെയ്തലാമ്പൽ ഇങ്ങനെ പലതരം); 2. ഒരു വലിയ സംഖ്യ.
ആമ്പൽക്കുഴൽ [ആമ്പൽ-കുഴൽ] നാ. ഒരിനം ഓടക്കുഴൽ.

ആമ്പലം		നാ. = ആമ്പൽ
ആമ്പാടി		[ആയൻ-പാടി] നാ. 1. അമ്പാടി, ഇടയക്കുടി, ഗോകുലം; 2. ശ്രീകൃഷ്ണൻ ബാല്യകാലം കഴിച്ചുകൂട്ടിയ സ്ഥലം, ആമ്പാടിപ്പൈതൽ = ഉണ്ണിക്കണ്ണൻ.
ആമ്പാത്ത്		[അകം-ഭാഗത്ത്] അവ്യ. അമ്പാത്ത്, അകത്ത്; (പ്ര.) ആമ്പാത്തുള്ളോർ = അകത്തുള്ളോർ, അന്തർജനങ്ങൾ.
ആമ്പിച്ച		[അൺ-പിച്ച] നാ. പിച്ചക്കാരൻ.
ആമ്പിറന്നോൻ		[ആൺ-പിറന്നവൻ] നാ. 1.പുരുഷൻ;2.ഭർത്താവ് ൻ പെൺപിറന്നോൾ.
ആമ്മട്ട്		[ആം-മട്ട്] അവ്യ. ആവും മട്ട്, കഴിവുള്ളവണ്ണം.
ആമ്മക്കൾ		[ആൺ-മക്കൾ] നാ. (ബ.വ.) പുരുഷസന്തതികൾ.
ആമ്മാറ്		[ആം-മാറ്] അവ്യ. 1. ആമാറ്, ആവും വിധം, കഴിവുള്ളവണ്ണം; 2. ആയിത്തീരുംവണ്ണം, സംഭവിക്കുന്നപ്രകാരത്തിൽ.
ആമ്യൻ		[അറ] നാ. കോടതിയുത്തരവ് നടപ്പാക്കുന്ന ഉദ്യോഗസ്ഥൻ, ആമീൻ.
ആമ്രഗന്ധകം		[സം. ആമ്ര-ഗന്ധക] നാ. 1. മാങ്ങാനാറി; 2. കാട്ടുമഞ്ഞൾ.
ആമ്രപഞ്ചകം		[സം. -പഞ്ചക] നാ. ഒരു രാഗം.
ആമ്രം		[സം. ആമ്ര] നാ. 1. മാവുവൃക്ഷം; 2. മാങ്ങ; 3. ഒരുപലം (തൂക്കം).
ആമ്രവണം		[സം. -വന] നാ. മാങ്കാവ്, മാന്തോപ്പ്.
ആമ്രവാടകം		[സം. -വാടക] നാ. = ആമ്രാതകം.
ആമ്രാതകം, ആമ്രാതം, ആമ്രവാടകം [സം.] നാ. അമ്പഴം.
ആമ്രാതം		[സം.] നാ. = ആമ്രാതകം.
ആമ്രാസ്ഥി		[സം. ആമ്ര-അസ്ഥി] നാ. മാങ്ങയണ്ടി.
ആമ്രിമാവ്		[സം. ആമ്ര + ഇമൻ] നാ. പുളിരസം.
ആമ്രേഡനം		[സം. ആ-മ്രേഡന] നാ. ആവർത്തിച്ചുപറയൽ, പുനരുക്തി, ശബ്ദങ്ങളുടെ ആവർത്തനം.
ആമ്രേഡിക്കുക		[സം. ആ-മ്രേഡ്] ക്രി. ആമ്രേഡനം ചെയ്യുക.
ആമ്ലം		[സം < അമ്ല] നാ. പുളിരസം, പുളിപ്പ്.
ആമ്ലാന		[സം. ആ-മ്ലാന < മ്ലൈ] വി. വാടിയ. ആമ്ലിക [സം. ആമ്ലിക.
ആയ്1		നാ. ഇടയജാതി, ആയ്വംശം, പണ്ട് കന്യാകുമാരിയും സമീപപ്രദേശങ്ങളും വാണിരുന്ന ഒരു രാജകുടുംബം.
ആയ്2		നാ. തായ്.
ആയ്3		(വ്യാക.) 1. 'ആയി' എന്നതിൻെറ ദുർബലരൂപം, 'ആകുക' എന്നതിൻെറ മുൻവിനയെച്ചം; 2. വേണ്ടി, ഉദ്ദേശിച്ച്; 3. കൂടിച്ചേർന്ന്, ഒത്ത്, ഒരുമിച്ച്, എതിരെ.
ആയ്4		വ്യാക്ഷേ. വെറുപ്പ്, അറപ്പ്, നിന്ദ, അത്ഭുതം മുതലായവയെ ദ്യോതിപ്പിക്കുന്നത്.
ആയ്ക		(വ്യാക) ക്രിയയുടെ ഒടുവിൽ ചേർക്കുന്ന നിഷേധനടുവിനയെച്ചപ്രത്യയം, അല്ലാത്തസ്ഥിതി ഉദാ: വരായ്ക, പോരായ്ക.
ആയ്കിൽ		(വ്യാക.) നിഷേധപാക്ഷികവിനയെച്ചപ്രത്യയം, ഇല്ലെങ്കിൽ.
ആയ്തം		നാ. വിസർഗംപോലെ തമിഴിലുള്ള ഒരു സ്വനിമം. (രണ്ടുകുത്തുകൽ താഴെയും ഒരുകുത്തു മുകളിലും)
ആയ്പ്പാടി		[ആയ്-പാടി] നാ. ആയമ്പാടി, ആമ്പാടി.

ആയ1 [ആകുക] (ഭൂ.പേരെച്ചം). ക്രി (വ്യാക. 1. സംഭവിച്ച, കഴിഞ്ഞ; 2. ആവുന്ന, കഴിവുള്ള, ശക്തിയുള്ള.

ആയ2 [പോർ.] നാ. 1. ധാത്രി, വളർത്തമ്മ; 2. മുത്തശ്ശി, 3. കുട്ടികളെ പരിചരിക്കുന്ന സ്ത്രീ.

ആയക്കട്ട് [ഇം.] നാ. 1. ഒരുകുളത്തിലെ വെള്ളം കൊണ്ട് പരമാവധി ജലസേചനം ചെയ്യാവുന്ന പ്രദേശം; 2. ഒരുപ്രദേശത്തിനു വെള്ളം ലഭിക്കുന്നതിന് ആവശ്യമായ മഴ പെയ്യുന്ന ഭൂവിസ്തൃതി.

ആയക്കുഴൽ നാ. ഓടക്കുഴൽ.

ആയക്കെട്ട് [സം. ആയ-മ. കെട്ട്] നാ. വരവിനെപ്പറ്റിയുള്ള നിബന്ധനം , കരം പിരിവ്, കരം പതിവുകണക്ക്.

ആയണി നാ. = ആഞ്ഞിലി.

ആയത [സം. ആ-യത < യമ്] വി. 1. വലിച്ചുനീട്ടിയ; 2. നീളമുള്ള, നീണ്ട; 3. വിശാലമായ, വലിയ.

ആയതചതുര(ശ്രം) [സം. ആയത-ചതുരശ്ര] നാ. ദീർഘചതുരം.

ആയതനം [സം. ആ-യതന<യത്] നാ. 1. വിശ്രമസ്ഥാനം, സ്ഥാനം, വാസസ്ഥലം, പുരയിടം; 2. പുണ്യസ്ഥലം; 3. യാഗശാല, യജ്ഞവാടം, യാഗാഗ്നി സൂക്ഷിക്കുന്ന ഇടം; 4. പുരയിടം; 5. നെൽപ്പുര; 6. രോഗനിദാനം; 7. ഘനമാനം, പരിമാണം.

ആയതനവാൻ [സം. ആയതന-വത്] നാ. ആയതനത്തോടുകൂടിയവൻ, ശരിയായ ഇരിപ്പിടം ഉള്ളവൻ.

ആയതവൃത്തം [സം. ആയത-വൃത്ത] നാ. ദീർഘവൃത്തം, അണ്ഡവൃത്തം.

ആയതാക്ഷ [സം. -അക്ഷ] വി. നീണ്ട കണ്ണുകളുള്ള.

ആയതി [സം. ആ-യതി < യമ്] നാ. 1. വിസ്തൃതി, നീളം; 2. ഭാവികാലം. 3. വരാൻപോകുന്ന അനുഭവം, ഭവിഷ്യത്ത്; 4. വരവ്, ആദായം; 5. പ്രാഭവം, മഹിമ, അന്തസ്സ്; 6. ചേർച്ച, ബന്ധം; 7. സംയമം; 8. കർമം.

ആയതേക്ഷണ [സം. ആയത-ഈക്ഷണാ] നാ. നീണ്ടകണ്ണുള്ള സ്ത്രീ, സുന്ദരി.

ആയത്ത [സം. ആ-യത്ത] വി. 1. ശ്രമിച്ച, ഒരുങ്ങിയ, തയ്യാറായ; 2. അധീനപ്പെട്ട, വശപ്പെട്ട, മറ്റൊന്നിനുകീഴ്പ്പെട്ട. നാ. ആയത്തത, -ത്വം.

ആയത്തം [<സം. ആയാത] നാ. രാഗാലാപത്തിനുള്ള അങ്ഗങ്ങളിലൊന്ന്, ആയിത്തം.

ആയത്താൻ, ആയിത്താൻ നാ, 1. ശ്രീകുരുംബാഭഗവതി ക്ഷേത്രത്തിലെ കോമരം; 2. മോശക്കാരൻ.

ആയത്തി [സം. ആ-യത്തി] നാ. 1. അധീനത, ആശ്രയം; 2. അധികാരം, പ്രാബല്യം; 3. അതിര്; 4. പ്രാഭവം; 5. ഭാവികാലം; 6. നീളം.

ആയത്തുറ [സം. ആയ-മ. തുറ] നാ. തീരുവപിരിക്കുന്നതിനുള്ള ഓഫീസർ, ചുങ്കച്ചാവടി.

ആയൻ നാ. ഇടയൻ, യാദവൻ (സ്ത്രീ) ആയത്തി, ആച്ചി, ആയി.

ആയന [സം. < അയന] വി. അയനത്തെസംബന്ധിച്ച.

ആയന്താവ് [സം. ആ-യന്തൃ] നാ. 1. അടുത്തുവരുന്നവൻ; 2. കെട്ടുന്നവൻ.

ആയന്ത്രിത [സം. -യന്ത്രിത] വി. ക്ലിപ്തപ്പെടുത്തിയ.

ആയം1 [ആയുക] നാ. 1. ഉന്നം, ലാക്ക്; 2. മെയ്‌വഴക്കം, ഊക്ക്, ഗതിവേഗം; 3. ഒരുക്കം, ഒരുമ്പെടൽ, ഒരുമ്പാട്; 4. ഒരുവശത്തേയ്ക്കുള്ള ചായ്‌വ്.

ആയം2 [സം. ആയ] നാ. 1. വന്നുചേരൽ, അടുത്തുവരൽ; 2. വരവ്, കരം, ചുങ്കം, മുതലെടുപ്പ്, ആദായം, ധനാർജനം; ക്ഷ് വ്യയം; 3. (ജ്യോ൦ പതിനൊന്നാം ഭാവം; 4. ചൂതുകരു; 5. ഒരു വസ്തുവിൻെറ പിണ്ഡത്തെയും പ്രവേഗത്തേയും ഗുണിച്ചുകിട്ടുന്ന ഫലം.

ആയമനം [ സം. ആ-യമന] നാ. 1. നീട്ടൽ; 2. നിയന്ത്രണം, നിരോധനം, അടയ്ക്കൽ.

ആയമനീയ [സം. -യമനീയ < യമ്] വി. നീട്ടാവുന്ന, പിടിച്ചുനീട്ടാവുന്ന (റബ്ബർപോലെ).

ആയമാനി [സം. ആയ-മാനി] നാ. ഭണ്ഡാരത്തിലെ വരവു സാധനങ്ങൾ തൂക്കിയെടുക്കാൻ ഉപയോഗിക്കുന്ന ത്രാസ്സ്.

ആയമുഖം [സം. -മുഖ] നാ. വരവിനം, ആദായമാർഗം.

ആയമ്പാടി [ആയൻ-പാടി] നാ. 1. അമ്പാടി; 2. അമ്പാടിക്കോവിലകം, സാമൂതിരി കുടുംബത്തിലെ തമ്പുരാട്ടിമാരുടെ കൊട്ടാരം.

ആയമ്മ1 [ആയി-അമ്മ] നാ. തമിഴ്ബ്രാഹ്മണസ്ത്രീ.

ആയമ്മ2 [ആയ-അമ്മ] നാ. വളർത്തമ്മ, ആയ.

ആയമ്യ [സം. ആ-യമ്യ] വി. 1. വലിച്ചുനീട്ടത്തക്ക; 2. അടക്കത്തക്ക.

ആയർ നാ. ഇടയർ, യാദവർ.

ആയർവക [ആയർ-വക] നാ. ശ്രീകൃഷ്ണൻെറ സമുദായം.

ആയൽ, ആയിൽ നാ. മലവേപ്പ്, ഒരുതരം വൃക്ഷം.

ആയല്ലകം [സം.] നാ. 1. അക്ഷമ ൻ അഭിവാഞ്ഛ; 2. മോഹം.

ആയവണ്ണം [ആയ1-വണ്ണം] അവ്യ. 1. കഴിവുപോലെ; 2. [ആ-അവണ്ണം] അപ്രകാരം, അങ്ങനെ.

ആയവൻ നാ. 1. [ആയ-അവൻ] കഴിവുള്ളവൻ; 2. [ആ-അവൻ] മുൻചൊന്നവൻ, പ്രകൃതത്തിൽ പ്രസ്ഥാവിക്കപ്പെടുന്ന പുരുഷൻ.

ആയവനം [സം. ആ-യവന] നാ. കരണ്ടി.

ആയവസം [സം. ആ-യവസ] നാ. മേച്ചിൽ സ്ഥലം.

ആയവ്യയപത്രിക നാ. = ബഡ്ജറ്റ്.

ആയവ്യയം [സം. ആയ-വ്യയ] നാ. വരവുചെലവ്. ആയവ്യയക്കണക്ക് = വരവുചെലവുകണക്ക്.

ആയസ [സം. < അയസ്] വി. അയസ്സുകൊണ്ടുള്ള, ലോഹസദൃശമായ.

ആയസം [സം.] നാ. 1. ഇരുമ്പ്; 2. ഇരുമ്പുകൊണ്ടുണ്ടാക്കിയത്, ആയുധം.

ആയസി [സം. ആയസീ] നാ. ഇരുമ്പുകവചം.

ആയസ്കാരം [സം. ആയസ്-കാര] നാ. ആനയുടെ തുടയുടെ മുകൾവശം.

ആയസ്ത [സം. ആ-യസ്ത < യസ്] വി. 1. ക്ലേശിച്ച, പ്രയാസപ്പെട്ടുസാധിച്ച; 2. ദൂരെത്തള്ളിയ; 3. തേച്ചുമൂർച്ചകൂട്ടിയ; 4. പീഡിതമായ; 5. ക്ഷതം പറ്റിയ.

ആയാഗം [സം. ആ-യാഗ < യജ്] നാ. യാഗത്തിൽകൊടുക്കുന്ന ദക്ഷിണ.

ആയാചിത [സം. -യാചിത < യാച്] വി. യാചിക്കപ്പെട്ട.

ആയാത [സം. -യാത < യാ] വി. വന്ന, സമീപിച്ച.

ആയാതകൻ [സം. -യാതക] നാ. ഇറക്കുമതി ചെയ്യുന്നവൻ. ആയാതനം = ഇറക്കുമതി.

ആയാതം [സം. -യാത] നാ. 1. വന്നത്; 2. ഇറക്കുമതിച്ചരക്ക്; 3. ആയിത്തം, ആയത്തം, ആക്ഷിപ്തിക, രാഗാലാപത്തിൻെറ അങ്ഗങ്ങളിൽ ഒന്ന്.

ആയാതി [സം. -യാതി] നാ. വന്നുചേരൽ, വരവ്, എത്തിച്ചേരൽ.
ആയാനം [സം. -യാന] നാ. വരവ്, എത്തിച്ചേരൽ.
ആയാപനം [സം. -യാപന] നാ. വരാനുള്ളക്ഷണം, വരുത്തൽ.
ആയാമം [സം. -യാമ] നാ. 1. നീളം, വിരിവ്, വിസ്താരം, വീതി; 2. വലിച്ചുനീട്ടൽ; 3. ഒതുക്കിനിർത്തൽ, നിരോധനം, പ്രാണായാമം.
ആയാമി [സം. -യാമിൻ] നാ. 1. നീണ്ടത്; 2. അടക്കമുള്ളവൻ, അടക്കുന്നവൻ.
ആയാമിത [സം. -യാമിത] വി. വലിച്ചുനീട്ടിയ.
ആയാമ്യ [സം. -യാമ്യ] വി. വലിച്ചുനീട്ടാവുന്ന. നാ. ആയാമ്യത.
ആയായ് [ആയ്-ആയ്] വ്യാക്ഷേ. അദ്ഭുതം, സന്തോഷം, വെറുപ്പ്, ദു:ഖം മുതലായവ ദ്യോതിപ്പിക്കുന്നത്.
ആയാർ, ആയ്യാർ, ആയ്യതീര് നാ. നെൽക്കതിർ പറിച്ചു പിടിയാക്കിക്കെട്ടിയത്.
ആയാസക, -കര [സം. ആയാസ-ക, -കര] വി. ക്ഷീണിപ്പിക്കുന്ന.
ആയാസപ്പെടുക [സം. ആയാസ-മ.പെടുക] ക്രി. പ്രയാസപ്പെടുക, പ്രയത്നിക്കുക.
ആയാസം [സം. ആ-യാസ] നാ. 1. പ്രയത്നം, ബുദ്ധിമുട്ട്, ക്ലേശം, പ്രയാസം; 2. ക്ഷീണം, തളർച്ച; 3. വ്യായാമം.
ആയാസി [സം. -യാസിൻ] വി. പ്രയത്നം ചെയ്യുന്ന.
ആയാസിക്കുക [<സം. ആ-യസ്] ക്രി. ക്ലേശിക്കുക, കഷ്ടപ്പെടുക.
ആയി1 [ആകുക] ഭൂ.കാലം.
ആയി2 വി. 1. കൂടി, ഓട്, ചേർന്ന് എന്നീ അർഥങ്ങൾ കാണിക്കുന്ന നിപാതം. ഉദാ: അയാൾ ഭാര്യയുമായി അവിടെച്ചെന്നു; 2. ക്രിയാവിശേഷണമാക്കാൻ നാമത്തോടു ചേർക്കുന്ന പ്രത്യയം. ഉദാ: സരസമായി പറഞ്ഞു; 3. തമ്മിൽ. ഉദാ: രാമനും കൃഷ്ണനുമായി അടുത്തബന്ധമുണ്ട്.
ആയി3 നാ. ആയ്, തായ്, അമ്മ.
ആയിക്കൊണ്ട് [ആയി2-കൊണ്ട്] (വ്യാക.) ഉദ്ദേശികാവിഭക്തിയോട് ചേരുന്ന ഒരു ഗതി.
ആയിട, -ഇടൈ, -ഇടയ്ക്ക് [ആ-ഇട] അവ്യ. അക്കാലത്ത്, അതിനിടെ.
ആയിട്ട് [ആയി-ഇട്ട്] അവ്യ. 1. ഭവിച്ചു, ആയിത്തീർന്നു; 2. ആയി, വേണ്ടി (ഉദ്ദേശികാർഥം); 3. പോലെ; 4. നിരർഥകമായും പ്രയോഗം.
ആയിത്താൻ നാ. = ആയത്താൻ.
ആയിനി1 നാ. ആഞ്ഞിലി.
ആയിനി2 നാ. അയനിയൂണ്.
ആയിന്യം നാ. 1. ആന്യം; 2. ഗിരിവർഗക്കാരുടെ ഒരു വിശേഷദിവസം.
ആയിപ്പ് നാ. 1. ആയം, ചായ്വ്; 2. സൗകര്യം, തക്കം.
ആയിമ്മ നാ. 1. ആയമ്മ, ആയിയമ്മ, ബ്രാഹ്മണസ്ത്രീ; 2. ആയ.
ആയിരക്കണ്ണൻ [ആയിരം-കണ്ണൻ] നാ. 1. ഇന്ദ്രൻ; 2. വല. ആയിരം കണ്ണൻ കുളത്തിൽ ചാടി = വലവീശി (കടം)
ആയിരക്കണ്ണി [ആയിരം-കണ്ണി] നാ. 1. പ്രമേഹക്കുരു, വിദ്രധി; 2. വലിയ മീൻവല.
ആയിരക്കാലൻ [ആയിരം-കാലൻ] നാ. പെരിക്കാലട്ട, തേരട്ട, പേരട്ട.
ആയിരങ്കാപ്പൂവൻ [ആയിരം-കാ-പൂവൻ] നാ. ഒരിനം പൂവൻവാഴ.
ആയിരഞ്ചൂണ്ട നാ. ഒരിനം ചൂണ്ട.
ആയിരത്തിരി [ആയിരം-തിരി] നാ. നമ്പൂതിരി കന്യകയെ വിവാഹവേദിയിലേക്കു കൊണ്ടുപോകുമ്പോൾ നടത്തുന്ന തിരിയുഴിയൽ ചടങ്ങ്.

ആയിരന്നാവൻ [ആയിരം-നാവൻ] നാ. 1. അനന്തൻ, ആദിശേഷൻ; 2. ഒരുതരം മത്സ്യം.

ആയിരം [പ്രാ. സഹസിര < സം. സഹസ്ര] (നാമമായും വിശേഷണമായുംപ്രയോഗം) 1. പത്തു നൂറുകൂടിയ സംഖ്യ; 2. ഇത്രയെന്നു നിശ്ചയമില്ലാത്ത സംഖ്യയെ ക്കുറിക്കുന്നതിനും അതിശയോക്തി ചൂചിപ്പിക്കുന്നതിനുമുപയോഗി ക്കുന്ന സങ്ഖ്യാശബ്ദം. ഉദാ: ആയിരക്കണക്കിന്, ആയിരത്തിലൊന്ന്, ആയിരം മടങ്ങ് ഇത്യാദി. ആയിരം കാക്കയ്ക്ക് കല്ലൊന്നുമതി = ഐക്യമില്ലാത്ത ശത്രുക്കളെ നിഷ്പ്രയാസം തോൽപിക്കാം (പഴ). ആയിരം കുഞ്ഞുങ്ങൾക്ക് ഒരരഞ്ഞാൺ = ചൂല് (കടം)

ആയിരമണിയൻ [ആയിരം-മണിയൻ] നാ. 1. ഒരു വന്യവൃക്ഷം; 2. ഒരു ദുർദേവത.

ആയിരവൻ നാ. നായർപട്ടാളത്തിൽ ആയിരം പേരടങ്ങിയ ഒരു സങ്ഘത്തിൻെറ തലവൻ.

ആയിരവർ നാ. ആയിരം പേരടങ്ങിയ സഭ.

ആയിരവല്ലി നാ. ഒരു ദേവത.

ആയിൽ1 നാ. ആയൽ (ഒരു മരം).

ആയിൽ2 ഘടകപദം ആകിൽ, ആയാൽ, എങ്കിൽ.

ആയിലി നാ. ആവൽമരം.

ആയില്യം [പ്രാ. ആസിലിസ < സം. ആശ്ലേഷാ] നാ. ഒമ്പതാമത്തെ നക്ഷത്രം.

ആയിഴ1 നാ. ആഭരണങ്ങളണിഞ്ഞ സ്ത്രീ, സുന്ദരി, ഭാര്യ.

ആയിഴ2 നാ. അരിവാൾ മുന.

ആയു [പ്രാ. ആയു , സം. ആയുസ്] നാ. ജീവിതകാലം.

ആയുക ക്രി. 1. മുന്നോട്ടുകുതിക്കാൻ തയ്യാറെടുക്കുക; 2. വലിക്കുക, വലിച്ചുപിടിക്കുക; 3. മുന്നോട്ടുപായുക, കുതിക്കുക, കുതിച്ചുചാടുക; 4. കുനിയുക, ചരിയുക, പായുക; 5. ശക്തിഉപയോഗിക്കുക, ആയംപിടിക്കുക; 6. തിരഞ്ഞെടുക്കുക, പെറുക്കിയെടുക്കുക.

ആയുക്ത [ആ-യുക്ത < യുജ്] വി. 1. നിയോഗിക്കപ്പെട്ട, ചുമതലപ്പെടുത്തിയ; 2. യോജിപ്പിക്കപ്പെട്ട; 3. കിട്ടിയ, ലഭിച്ച.

ആയുക്തദണ്ഡം [സം. ആയുക്ത-ദണ്ഡ] നാ. കുറ്റക്കാരായ വകുപ്പധ്യക്ഷന്മാരിൽ നിന്നും ഈടാക്കുന്ന പിഴ.

ആയുക്തൻ [സം. ആ-യുക്ത] നാ. 1. മന്ത്രി, കാര്യകർത്താവ്, പ്രതിനിധി, കാര്യസ്ഥൻ; 2. വകുപ്പധ്യക്ഷൻ.

ആയുത [സം. -യുത < യു] വി. 1. കൂട്ടിക്കലർത്തപ്പെട്ട, ചേർത്ത; 2. ഉരുക്കിയ. നാ. ആയുതം = പകുതി ഉരുക്കിയ വെണ്ണ.

ആയുതികൻ [സം. < അയുത] നാ. പതിനായിരം കാലാൾപ്പടയുടെ നായകൻ.

ആയുധജീവി [സം. ആയുധ-ജീവിൻ] നാ. ഭടൻ.

ആയുധധർമിണി [സം. -ധർമിണി] നാ. ജയന്തി എന്ന മരം.

ആയുധപാണി [സം. -പാണി] നാ. ആയുധം കയ്യിലുള്ളവൻ.

ആയുധപിശാചിക [സം. -പിശാചികാ] നാ. യുദ്ധക്കൊതി.

ആയുധപൂജ [സം. -പൂജ] നാ. ആയുധങ്ങൾ വച്ച് (നവരാത്രികാലത്ത്) നടത്തുന്ന പൂജ, പൂജവെപ്പ്.

ആയുധം [സം. ആ–യുധ] നാ. 1. യുദ്ധത്തിനുള്ള ഉപകരണം, വാൾ, കുന്തം, തോക്ക് മുതലായവ; 2. പണിയാനുള്ള ഉപകരണം, സാധനം. (പ്ര.) ആയുധമാക്കുക = ഉപകരണമാക്കുക.
ആയുധമുദ്ര [സം. ആയുധ–മുദ്രാ] നാ. തന്ത്രശാസ്ത്രപ്രകാരം ആയുധങ്ങളെ സൂചിപ്പിക്കുന്ന ഹസ്തമുദ്ര.
ആയുധവിദ്യ [സം. –വിദ്യാ] നാ. ആയുധങ്ങളേയും അവപ്രയോഗിക്കുന്നവിധങ്ങളേയും പറ്റിയുള്ള ശാസ്ത്രം.
ആയുധശാല [സം. –ശാലാ] നാ. ആയുധങ്ങൾ സൂക്ഷിക്കുന്ന ശാല.
ആയുധശിക്ഷ [സം. –ശിക്ഷാ] നാ. ആയുധാഭ്യാസം.
ആയുധശിക്ഷകൻ [സം. –ശിക്ഷക < ശിക്ഷ്] നാ. ആയുധവിദ്യ പഠിപ്പിക്കുന്നവൻ.
ആയുധാഗാരം [സം. –ആഗാര] നാ. = ആയുധശാല.
ആയുധാഗാരികൻ [സം. –ആഗാരിക] നാ. ആയുധപ്പുര വിചാരിപ്പുകാരൻ.
ആയുധാഭ്യാസം [സം. –അഭ്യാസ] നാ. ആയുധപ്രയോഗം പരിശീലിക്കൽ.
ആയുധികൻ, ആയുധീയൻ [സം,] നാ. ആയുധംകൊണ്ട് ഉപജീവിക്കുന്നവൻ, ഭടൻ.
ആയുർദായം [സം. ആയുർ–ദായ] നാ. 1. ജീവനകാലം; 2. (ജ്യോ.) ആയുർദൈർഘ്യം അറിയാനുള്ള ഗണിതക്രിയ.
ആയുർബലം [സം. –ബല] നാ. ആയുസ്സിൻെറ ശക്തി.
ആയുർഭാവം [സം. –ഭാവ] നാ. (ജ്യോ.) എട്ടാം ഭാവം.
ആയുർയോഗം [സം. –യോഗ] നാ. ദീർഘായുസ്സ് നൽകുന്ന ഗ്രഹയോഗം.
ആയുർവേദം [സം. –വേദ] നാ. ആയുസ്സംരക്ഷണത്തിനുവേണ്ടിയുള്ള ആരോഗ്യമാർഗങ്ങളെ പ്രതിപാതിക്കുന്ന ഭാരതീയവൈദ്യശാസ്ത്രം.
ആയുർവേദികൻ [സം. –വേദിക] നാ. ആയുർവേദശാസ്ത്ര നിപുണൻ.
ആയുരന്തം [സം. –അന്ത] നാ. മരണം.
ആയുഷ്കര [സം. ആയുസ്–കര] വി. ദീർഘായുസ്സുണ്ടാക്കുന്ന.
ആയുഷ്കാമ [സം. –കാമ] വി. ദീർഘായുസ്സ് ആഗ്രഹിക്കുന്ന.
ആയുഷ്കാര(ക)ൻ [സം. –കാര(ക)] നാ. (ജ്യോ.) ആയുസ്സിൻെറ കാരകത്വം വഹിക്കുന്ന ഗ്രഹം, ശനി.
ആയുഷ്കാലം [സം. –കാല] നാ. ജീവിതകാലം.
ആയുഷ്ടോമം [സം. സ്തോമ] നാ. ദീർഘായുസ്സുകിട്ടാൻ വേണ്ടിയുള്ള ഒരു യജ്ഞം.
ആയുഷ്ട്വം [സം. –ത്വ] നാ. ജീവിതകാലം.
ആയുഷ്മാൻ [സം. –മത്] നാ. 1. ദീർഘായുസ്സുള്ളവൻ; 2. സ്നേഹബഹുമാനഭാജനമായ ആളെപ്പറ്റി പറയുമ്പോൾ ഉപയോഗിക്കുന്ന പദം; 3. അനുഗ്രഹവാക്യത്തിൽ ഉപയോഗിക്കുന്നത്. ഉദാ: ആയുഷ്മാൻ ഭവ; 4. ചന്ദ്രാർക്കയോഗങ്ങളിൽ ഒന്ന്. (സ്ത്രീ) ആയുഷ്മതി.
ആയൂഷ്യ [സം. < ആയുസ്] വി. ആയുസ്സുവർധിപ്പിക്കുന്ന, ആയുസ്സുനിലനിർത്തുന്ന.
ആയൂഷ്യം [സം.] ആയുർബലം, ദീർഘായുസ്സ്.
ആയൂഷ്ടോമം [സം. ആയുസ്–സ്തോമ] നാ. ദീർഘായുസ്സിനുവേണ്ടി ചെയ്യുന്ന ഒരു യജ്ഞകർമം.

ആയുസ്സ് [സം. ആയുസ്] നാ. 1. ജീവിതം, ജീവശക്തി, ജീവിതകാലം; 2. ഉർവശ്ശിയിൽ പുരുരവസ്സിനുണ്ടായ പുത്രൻ, നഹുഷൻെറ പിതാവ്, ആയു; 3. ആയുഷ്ടോമയാഗം.
ആയൂരേഖ, ആയുർ-, ആയൂർ- [സം. ആയൂർ-രേഖ] നാ. ഹസ്തരേഖാശാസ്ത്രപ്രകാരം ആയുസ്സിനെ സൂചിപ്പിക്കുന്ന രേഖ.
ആയോഗം [സം. ആ-യോഗ < യുജ്] നാ. 1. നിയമനം; 2. പ്രവൃത്തി, കൃത്യനിർവഹണം; 3. ചേർച്ച; 4. അലങ്കരിക്കൽ; 5. കര, വള്ളക്കടവ്; 6. പുഷ്പാഞ്ജലി.
ആയോഗവൻ [സം.] നാ. അയോഗവൻ, വൈശ്യസ്ത്രീയിൽ ശൂദ്രനുജനിച്ചവൻ, (സ്ത്രീ) ആയോഗവി.
ആയോജകൻ [സം. ആ-യോജക] നാ. സംഘാടകൻ. (സ്ത്രീ) ആയോജിക.
ആയോജനം [സം.-യോജന] നാ. 1. യോജിപ്പിക്കൽ, കൂട്ടിച്ചേർക്കൽ, ചേർപ്പ്; 2. ശേഖരിക്കൽ; 3. പ്രയത്നം.
ആയോജിത [സം. -യോജിത] വി. കൂട്ടിച്ചേർത്ത, ഒന്നിച്ചുചേർത്ത.
ആയോധനം [സം.-യോധന < യുധ്] നാ. 1. യുദ്ധം; 2. യുദ്ധക്കളം; 3. കൊല.
ആയ്യതിര് നാ. (ഇല്ലം) നിറയ്ക്കാൻ വേണ്ടി നെൽക്കതിരുകൾ ചേർത്തുകെട്ടിയത്.
ആയ്യമ്മ നാ. = ആയിമ്മ.
ആയ്യാറ് [ആയ്-ഞാറ്] നാ. നെൽക്കതിരുകൾ മാത്രം തിരഞ്ഞെടുത്തു ചെറുകറ്റയായി കെട്ടിയത്.
ആർ1 [ആരുക] ധാതുരൂപം
ആർ2 നാ. = ആറ്1.
ആർ3 (വ്യാക.) 1. ചോദ്യസർവനാമം, ഏത്, ആൾ; 2. ഏതുതരത്തിൽപ്പെട്ട ആൾ എന്നു സാമാന്യാർഥത്തിലും പ്രയോഗം.
ആർ4 വി. 1. പ്രീയപ്പെട്ട, വിലയേറിയ, അപൂർവമായ, ശ്രേഷ്ഠമായ, വർധിച്ച. ഉദാ: ആരോമൽ.
ആർ5 നാ. മൂർച്ച, മുന, അലക്.
ആർ6 നാ. = ആറ്, നദി.
ആർ7 [ആർക്കുക] ധാതുരൂപം.
ആർക്ക1 [സം. < അർക] വി. അർക്കനെ സംബന്ധിച്ച.
ആർക്ക2 [സം.] വി. അർക്കത്തെ (എരിക്കിനെ) സംബന്ധിച്ച.
ആർക്ക3 [ഇം.ക്കത്സ്യ] നാ. വയലിൻ വായിക്കുന്നതിനുള്ള വില്ല്.
ആർക്കൽ [< ആർക്കുക] നാ. ആർപ്പ്, ആഹ്ലാദംകൊണ്ടുള്ള വിളി.
ആർക്കി [സം. ആർകി < ആർക] നാ. 1. അർക്കൻെറ മകൻ, ശനി; 2. യമൻ; 3. സുഗ്രീവൻ; 4. കർണൻ; 5. വൈവസ്യതമനു.
ആർക്കിയോലൊജി [ഇം.ക്കത്സ്യറൻറനഗ്നRsഗദ്ദത] നാ. 1. പുരാതത്ത്വവിജ്ഞാനം; 2. പുരാവസ്തുസംരക്ഷണം.
ആർക്ക്1 ആർ എന്നതിൻെറ ഉദ്ദേശിക.
ആർക്ക്2 [ഇം.ക്കത്സ്യ] നാ. വളച്ചുവാതിൽ, കമാനം, ആർച്ച്.
ആർക്കുക ക്രി. (തീവ്രവികാരം കൊണ്ട്) ഉച്ചത്തിൽ ശബ്ദിക്കുക, ഗർജിക്കുക, ആർപ്പുവിളിക്കുക.
ആർക്കുന്തം [മ.ആർ- സം. കുന്ത] നാ. വാരിക്കുന്തം.

ആർക്ഷ [സം. < ഋക്ഷ] വി. നക്ഷത്രത്തെ സംബന്ധിച്ച.
ആർഗളം, -ളി [സം. ആർഗല, -ലീ] നാ. = അർഗളം.
ആർഘ [സം. ആർഘാ] നാ. മഞ്ഞനിറമുള്ള തേനീച്ച.
ആർഘ്യം [സം. < ആർഘ] നാ. 'ആർഘ' എന്ന മക്ഷികമ ഉണ്ടാക്കുന്ന തേൻ.
ആർങ്ങയി(ൽ), ആർങ്ങാൽ, ആർങ്ങായി നാ. വാതിലിൻെറ അടിയിലുള്ള ചുഴിക്കുറ്റി, തിരികുറ്റി, ആർങ്ങാക്കുറ്റി.
ആർച്ച [സം. ആർച < ഋച്] വി. ഋക്കിനെ സംബന്ധിച്ച.
ആർച്ചിക [സം. ആർചിക] വി. ഋഗ്വേദത്തെ സംബന്ധിച്ച, ഋക്കിനോട് ബന്ധപ്പെട്ട.
ആർച്ചികം [സം.] നാ. 1. സാമവേദം; 2. (സങ്ഗീ) ഒരു സ്വരം മത്രമുള്ള മൂർഛന.
ആർച്ചിലന്തി [ആർ-ചിലന്തി] നാ. ഒരുതരം വസൂരി.
ആർച്ച് [ഇം.ക്കത്സ്യറ] നാ. വളച്ചുവാതിൽ.
ആർച്ചുഡീക്കൺ [ഇം.ക്കത്സ്യറന്ധ്രൻറ്യഗ ] നാ. (ക്രിസ്ത്യ) മെത്രാൻെറ കീഴിൽ ഒരു ഭദ്രാസനയിടവകയുടെ ഒരു ഭാഗത്തിൻെറ ഭരണാധികാരമുള്ള പുരോഹിതൻ.
ആർച്ചുബിഷപ്പ് [ഇം.] മെത്രാപ്പോലീത്ത, പ്രധാനപ്പെട്ട മെത്രാൻ.
ആർജക [സം.] വി. സമ്പാദിക്കുന്ന. (സ്ത്രീ) ആർജിക.
ആർജവം [സം. ആർജവ < ഋജു] നാ. ഋജുത്വം, നേര്, സത്യം, സരളത, കാപട്യമില്ലായ്മ, വക്രതയില്ലായ്മ.
ആർജിക്കുക [ < സം. ആ-അർജ്] ക്രി. നേടുക, സമ്പാദിക്കുക.
ആർജിതം [സം. ആ-അർജിത] നാ. സമ്പാദിക്കപ്പെട്ടത്, നേടിയത്.
ആർജുനി [സം.] അർജുനൻെറ പുത്രൻ, അഭിമന്യു.
ആർട്ടിക്സമുദ്രം നാ. ഉത്തരമഹാസമുദ്രം.
ആർട്ടിസ്റ്റ് [ഇം.ക്കത്സന്ധദ്ധന്ഥന്ധ] നാ. കലാകാരൻ, ചിത്രകാരൻ.
ആർത്ത [സം. ആർത] വി. ദുഃഖമുള്ള, രോഗമുള്ള, പരവശതയുള്ള.
ആർത്തഗളം [സം. ആർത-ഗല] നാ. നീലക്കുറിഞ്ഞി.
ആർത്തന [സം. ആർത്തനാ] നാ. മരിക്കുന്നതുവരെയുള്ള യുദ്ധം.
ആർത്തനാദം [സം. ആർത-നാദ] നാ. ദീനസ്വരം, കരച്ചിൽ.
ആർത്തപരായണ [സം.-പരായണ] വി. ദീനരിൽ താത്പര്യമുള്ള.
ആർത്തബന്ധു [സം. -ബന്ധു] നാ. ദീനന്മാർക്കു ബന്ധു, ദീനാനുകമ്പി.
ആർത്തവ [സം. ആർതവ] വി. 1. ഋതുക്കളെ സംബന്ധിച്ച; 2. തീണ്ടാരി സംബന്ധിച്ചുള്ള.
ആർത്തവബാണൻ [സം. -ബാണ] നാ. പുഷ്പബാണൻ, കാമദേവൻ.
ആർത്തവം [സം.] ഋതുവിലുള്ള നാ. 1. സ്ത്രീരജസ്സ്; 2. പുഷ്പം.
ആർത്തവി [സം. ആർതവീ] നാ. പെൺകുതിര.
ആർത്തവേയി [സം. ആർതവേയീ] നാ. തീണ്ടാർന്നിരിക്കുന്നവൾ.
ആർത്തി [സം. ആർതി] നാ. 1. ദുഃഖം, വേദന; 2. കൊതി, ആഹാരത്തിനുള്ള വലിയ ആഗ്രഹം.
ആർത്തിഹരൻ [സം. -ഹര] നാ. ദുഃഖം ഇല്ലാതാക്കുന്നവൻ, ആർത്തിഹാരി.
ആർത്തിഹാരി [സം. -ഹാരിൻ] നാ. ദുഃഖം നശിപ്പിക്കുന്നവൻ, ആർത്തിഹരൻ. (സ്ത്രീ) ആർത്തിഹാരിണി.

ആർഥ [സം. ആർഥ] വി. 1. അർഥത്തെ (വസ്തുവിനെ അല്ലെങ്കിൽ വിഷയത്തെ) സംബന്ധിച്ച; 2. അർഥത്തെ ആഗ്രഹിക്കുന്ന.

ആർഥപത്യം [സം. < അർഥപതി] നാ. അർഥപതിയെന്ന സ്ഥിതി, ഉടമസ്ഥത.

ആർഥിക [സം.] വി. 1. അർഥത്തെസംബന്ധിച്ച; 2. അർഥപൂർണമായ; 3. അന്തസ്സാരമുള്ള ഉൾക്കട്ടിയുള്ള; 4. ബുദ്ധിയുള്ള.

ആർത്വിജ്യം [സം. < ഋത്വിജ്] നാ. ഋത്വിക്കിന്റെ കർമം.

ആർധ [സം.< അർധ] വി. അർധം സംബന്ധിച്ച (സമാസത്തിൽ).

ആർധികൻ [സം. < അർധ] നാ. 1. പകുതിക്കവകാശി; 2. പാതിവാരക്കാരൻ; 3. വൈശ്യസ്ത്രീയിൽ ജനിച്ചു ബ്രാഹ്മണൻ വളർത്തിയവൻ.

ആർദ്ര1 [സം.] വി. 1. നനഞ്ഞ, ഈർപ്പമുള്ള; 2. അലിഞ്ഞ, അലിവുള്ള, ദയവുള്ള; 3. പാകംവന്ന, പഴുത്തുകനിഞ്ഞ.

ആർദ്ര2 [സം. ആർദ്രാ] നാ. തിരുവാതിര നക്ഷത്രം. ആർദ്രാജാഗരണം = ധനുമാസത്തിലെ തിരുവാതിര ദിവസം നോമ്പുനോറ്റു രാത്രി ഉറക്കമിളച്ചിരിക്കൽ.

ആർദ്രകം [സം.] നാ. 1. ആർദ്രം, ഇഞ്ചി; 2. നനവാർപ്പൻ എന്ന രോഗം.

ആർദ്രകാഷ്ഠം [സം. ആർദ്ര-കാഷ്ഠ] നാ. നനവുള്ള വിറക്.

ആർദ്രത, -ത്വം [സം. ആർദ്ര-താ, -ത്വ] നാ. 1. നനവ്, അലിവ്; 2. ദയ.

ആർദ്രഭാവം [സം. -ഭാവ] നാ. 1. നനവ്, ഈർപ്പം; 2. അലിവ്, ദയ.

ആർദ്രം [സം. ആർദ്ര] നാ. ഇഞ്ചി.

ആർദ്രശാകം [സം. -ശാക] നാ. ഇഞ്ചി.

ആർദ്രാമുഹൂർത്തം [സം. ആർദ്രാ-മുഹൂർത] (ജ്യോ.) പകൽ ഒന്നാമത്തെ നിത്യനക്ഷത്രമുഹൂർത്തം.

ആർദ്രാലുബ്ധകം [സം. -ലുബ്ധക] നാ. തിരുവാതിരയ്ക്കു കാണുന്ന നക്ഷത്രം, കേതു.

ആർദ്രാശനി [സം. -അശനി] നാ. ശത്രുസംഹാരത്തിനു വിശ്വാമിത്രൻ ശ്രീരാമന് ഉപദേശിച്ചുകൊടുത്ത രണ്ട് അശനികളിൽ ഒന്ന് (മറ്റത് ശുഷ്കാശനി).

ആർദ്രിക [സം. ആർദ്രികാ] നാ. 1. ഇഞ്ചി; 2. പച്ചക്കൊത്തമല്ലി.

ആർന്ന [ആരുക] (ഭൂ.പേരെച്ചം) വി. നിറഞ്ഞ, വർധിച്ച, ഉള്ള, കൂടിയ, പൂണ്ട, പ്രാപിച്ച, ചേർന്ന.

ആർപ്പയിതാവ് [സം. ആർപയിതൃ] നാ. വേദനിപ്പിക്കുന്ന ആൾ. (സ്ത്രീ) ആർപ്പയിത്രി.

ആർപ്പ് [ആർക്കുക] നാ. 1. ആഹ്ലാദം കൊണ്ടും മറ്റും ഉച്ചത്തിൽ പുറപ്പെടുവിക്കുന്ന ശബ്ദം, നിലവിളി, ഗർജനം; 2. കരച്ചിൽ. (പ്ര.) ആർപ്പിടുക = ആർപ്പുവിളിക്കുക.

ആർപ്പുവിളി [ആർപ്പ്-വിളി] നാ. സന്തോഷത്തോടുകൂടി ഉച്ചത്തിലുള്ള വിളി. ('ആർപ്പോ', 'ഈയ്യോ' എന്നുള്ള വിളികൾ).

ആർഭടി [സം.] നാ. നൃത്തം.

ആർഭാടം [<സം.] നാ. 1. ബഹളം, ഒച്ചപ്പാട്; 2. ആഡംബരം, പകിട്ട്.

ആർവാക് [സം. < ആർവാച്] അവ്യ. പിന്നീട്, പിറകെ.

ആർശ [സം.] വി. മാനിനെസംബന്ധിച്ച.

ആർഷ [സം. < ഋഷി] വി. ഋഷിയെ സംബന്ധിച്ച, വൈദികമായ.

237

ആർഷച്ഛന്ദസ്സ് [സം.ആർഷ-ഛന്ദസ്] നാ. വേദപുരാണാദികളിൽ ഉപയോഗിച്ചിട്ടുള്ള ഛന്ദസ്സ്.

ആർഷഭ [സം. < ഋഷഭ] വി. 1. കാളയെ സംബന്ധിച്ച; 2. ഋഷഭനെ സംബന്ധിച്ച; 3. ഋഷഭസ്വരത്തിലുള്ള.

ആർഷഭൻ [സം.] നാ. ഋഷഭദേവന്റെ പുത്രൻ.

ആർഷഭൂ(വ്), -ഭൂമി [സം. ആർഷ-ഭൂ, -ഭൂമി] നാ. ഋഷികളുടെഭൂമി, ഭാരതം.

ആർഷഭ്യൻ [സം.] നാ. വരി ഉടയ്ക്കേണ്ട പ്രായമായ കാള.

ആർഷം [സം. < ഋഷി] നാ. 1. ഋഷിപ്രോക്തം, വേദം; 2. ഋഷികർതൃകങ്ങളായ പ്രാചീന സംസ്കൃതസാഹിത്യ കൃതികളിൽമാത്രം കാണുന്ന പ്രചാരലുപ്തരൂപങ്ങൾ, വൈദികം ൻ ലൗകികം; 3. (ജൈന) അർധമാഗധീഭാഷ; 4. അഷ്ടവിവാഹങ്ങളിൽ ഒന്ന്, വധുവിന്റെ പിതാവ് വരനിൽനിന്ന് ഗോക്കളെ ദാനമായിസ്വീകരിച്ചു വധുവിനെ കൊടുക്കുന്ന രീതി; 5. സത്കുലത്തിൽ ജനനം.

ആർഷേയ [സം. < ഋഷി] വി. 1. ഋഷിയെ സംബന്ധിച്ച, ഋഷിയിൽനിന്നുണ്ടായ; 2. യോഗ്യമായ, മാന്യമായ.

ആർഹതൻ [സം. < അർഹത്] നാ. 1. ജൈനൻ; 2. ബുദ്ധമതക്കാരൻ.

ആർഹതം [സം. < അർഹത്] നാ. ജൈനമതം.

ആർഹന്തി [സം.] നാ. യോഗ്യത.

ആര1 അവ്യ. നിറയെ, പൂർണമായി, നന്നായി.

ആര2 നാ. അഴുത്ത്, പൊഴി, ചാൽ.

ആര3 [സം. ആരാ , ഋ] നാ. 1. ചെരുപ്പുകുത്തിയുടെ ഉളി, കത്തി; 2. വണ്ണമുള്ള ഒരു സൂചി, ശസ്ത്രക്രീയോപകരണം; 3. ആരക്കാൽ; 4. ചമ്മട്ടി.

ആരകച്ചാർ നാ. = ആരാച്ചാർ.

ആരകൂടം [സം. ആര-കൂട] നാ. പിച്ചള.

ആരക്കാൽ [സം. ആര-മ. കാൽ] നാ. 1. വണ്ടിച്ചക്രത്തിന്റെ കൂടത്തിൽനിന്ന് പരിധിയിലേക്കു ഘടിപ്പിച്ചിട്ടുള്ള കഴി, കാൽ; 2. ഒരു പാഴ്മരം.

ആരക്കോൽ നാ. മുനകൂർത്ത ദണ്ഡ്, പാരക്കോൽ.

ആരക്ത [സം. ആ-രക്ത] വി. 1. ചെമന്ന, അൽപംചെമന്ന; 2. അനുരാഗമുള്ള.

ആരക്തം [സം.] നാ. രക്തചന്ദനം.

ആരക്ഷകൻ, ആരക്ഷികൻ [സം. ആ-രക്ഷക, -രക്ഷിക] നാ. 1. കാവൽക്കാരൻ; 2. ഗ്രാമത്തിലെ ന്യായാധിപതി, ക്രമസമാധാനപാലകൻ.

ആരക്ഷം [സം. ആ-രക്ഷ] നാ. 1. ആനയുടെ സന്ധി, മസ്തകസന്ധി; 2. സംരക്ഷണം, കാവൽ; 3. സൈന്യം.

ആരക്ഷിതവനം [സം. ആരക്ഷിത-വന] നാ. സംരക്ഷിതവനം, റിസർവുവനം.

ആരഗ്വധം [സം. ആരഗ്-വധ] നാ. കൊന്നമരം, അരഗ്വധം.

ആരങ്ങ്, ആരങ്ക് നാ. ഒരുതരം പുല്ല്, കള.

ആരചിക്കുക [<സം. ആ-രച്] ക്രി. 1. ചെയ്യുക; 2. തയ്യാറാക്കുക, ഒരുക്കുക, ആക്കിവയ്ക്കുക; 3. നിർമിക്കുക, ഉണ്ടാക്കുക.

ആരടം [സം. < ആരൂഢ] നാ. തറവാട്.

ആരണൻ [സം. < ആരണ] നാ. ബ്രാഹ്മണൻ.

ആരണം1 [സം. ആരണ്യക] നാ. 1. വേദം; 2. കീഴ്ക്കാംതൂക്ക്; 3. ആഴം.

ആരണം2 നാ. (കെട്ടുവള്ളത്തിന്റെ പലകകൾകൂട്ടിക്കെട്ടാൻ) കരറുകൊരുക്കുന്നതിനുള്ള ഉപകരണം.

ആരണി1 നാ. കാളി, പാർവതി, ശിവശക്തി.

ആരണി2 [സം.] നാ. നീർച്ചുഴി.
ആരണേയൻ [സം. < അരണി] നാ. അരണിയിൽനിന്നു ജനിച്ചവൻ, ശുകബ്രഹ്മർഷി.
ആരണേയം [സം. < അരണി] നാ. അരണിവയ്ക്കാനുള്ള പെട്ടി.
ആരണ്യ [സം. < അരണ്യ] വി. അരണ്യത്തെ സംബന്ധിച്ച, അരണ്യത്തിലുള്ള.
ആരണ്യക [സം. < ആരണ്യ] വി. അരണ്യത്തിലുണ്ടായ, അരണ്യത്തെ സംബന്ധിച്ച.
ആരണ്യകൻ [സം.] നാ. കിരാതൻ, വനവാസി.
ആരണ്യകം [സം. < അരണ്യ] നാ. ബ്രാഹ്മണങ്ങളോടു ബന്ധപ്പെട്ട വൈദിക സാഹിത്യത്തിൻെറ ഒരു വിഭാഗം.
ആരണ്യകാണ്ഡം [സം. ആരണ്യ-കാണ്ഡ] നാ. രാമായണത്തെ ആറു കാണ്ഡങ്ങളായി തിരിച്ചിട്ടുള്ളതിൽ മൂന്നാമത്തേത്.
ആരണ്യഗാനം [സം. ആരണ്യ-ഗാന] നാ. സാമവേദത്തിലെ ഗാനവിഭാഗങ്ങളിൽ ഒന്ന്.
ആരണ്യപർവം [സം. ആരണ്യ-പർവൻ] നാ. മഹാഭാരതത്തിലെ മൂന്നാമത്തെ പർവം.
ആരണ്യം [സം. < അരണ്യ] നാ. = അരണ്യം.
ആരണ്യരാശി [സം.] (ജ്യോ) നാ. മേടം, ഇടവം, ചിങ്ങം എന്നീരാശികൾ.
ആരത [സം. ആ-രത] വി. നിലച്ച, ശാന്തമായ.
ആരതി1 [സം. -രതി] നാ. വിരാമം, നിറുത്തൽ.
ആരതി2 നാ. ദീപാരാധന.
ആരത്തി, ആലത്തി, ആലാത്തി നാ. = ആരതി2.
ആരഥം [സം. ആ-രഥി] നാ. ഒറ്റക്കാളയോ ഒറ്റക്കുതിരയോ വലിക്കുന്ന വണ്ടി.
ആരൻ [സം. ആര] നാ. 1. (ജ്യോ.) ചൊവ്വാഗ്രഹം, കുജൻ; 2. ശനി.
ആരനാളം [സം. -നാല] നാ. പുളിച്ചകഞ്ഞി, വെപ്പുകാടി.
ആരബ്ധ [സം. ആ -രബ്ധ < രഭ്] നാ. ആരംഭിക്കപ്പെട്ട, തുടങ്ങിയ.
ആരബ്ധയൗവന [സം. ആരബ്ധ-യൗവനാ] നാ. യൗവനാരംഭത്തിൽ എത്തിയവൾ.
ആരബ്ധവ്യ [സം. ആ-രബ്ധവ്യ] വി. ആരംഭിക്കേണ്ട, തുടങ്ങേണ്ടതായ.
ആരബ്ധി [സം. ആ-രബ്ധി] നാ. ആരംഭം, ഉദ്യമം, തുടക്കം.
ആരഭടൻ [സം.] നാ. 1. ധീരൻ; 2. വലിയ ഉത്സാഹി.
ആരഭടി [സം.] നാ. 1. നാടകത്തിലെ നാലുവൃത്തികളിൽ ഒന്ന്. (ഉദ്ധതശബ്ദാർഥരചന, കോപരൗദ്രാദിരസങ്ങൾ ആവിഷ്കരിക്കുന്നത്, മായാപ്രയോഗം, ഇന്ദ്രജാലം, യുദ്ധം തുടങ്ങിയവയെ രങ്ഗത്താവിഷ്ക്കരിക്കുന്ന സാങ്കേതികമാർഗം); 2. ഒരുതരം നൃത്തം; 3. സാഹിത്യരചനയിലെ നാലുതരം വൃത്തികളിലൊന്ന്.
ആരഭ്യ1 [സം. ആ-രഭ്യ] വി. ആരംഭിക്കേണ്ട, തുടങ്ങേണ്ട. അവ്യ. ആരംഭിച്ചിട്ട്.
ആരം1 [സം. ഹാര] നാ. ഹാരം, മുത്തുമാല.
ആരം2 [സം. ആര] നാ. 1. പിച്ചള; 2. കോണ്; 3. ആരക്കാൽ, 4. (ഗണിതം) വൃത്തകേന്ദ്രത്തിൽനിന്ന് പരിധിയിലേക്കുള്ള ദൂരം, വ്യാസാർധം.
ആരംഭഗ [സം. -രംഭക] വി. ആരംഭത്തെചെയ്യുന്ന, തുടക്കത്തിനുകാരണമായ.
ആരഭണം [സം. -രംഭണ] നാ. 1. പിടിക്കൽ, കൈക്കലാക്കൽ; 2. കൈപ്പിടി; 3. തുടക്കം.
ആരംഭണീയ [സം. -രംഭണീയ] വി. ആരംഭിക്കപ്പെടേണ്ട.

ആരംഭം [സം. ആ-രംഭ < രഭ്] നാ. 1. തുടക്കം; 2. ഒരുക്കം, ഉദ്യമം, പ്രവൃത്തി, സംരംഭം; 3. നാടകങ്ങളിലെ അഞ്ചുകാര്യാവസ്ഥകളിൽ ഒന്ന്. (പ്ര.) ആരംഭശൂരൻ = തുടക്കത്തിൽ മാത്രം ആവേശം കാട്ടുന്നവൻ. നാ. ആരംഭശൂരത്വം.

ആരംഭി [സം. -രംഭിൻ] നാ. 1. തുടങ്ങുന്നവൻ, താത്പര്യമുള്ളവൻ, ഉത്സാഹി; 2. സമർഥൻ.

ആരംഭിക്കുക [ < സം. ആ-രഭ്] ക്രി. തുടങ്ങുക.

ആരംഭിത [സം. -രംഭിത] വി. = ആരബ്ധ.

ആരമണം [സം. -രമണ] നാ. 1. സന്തോഷിപ്പിക്കൽ, ആനന്ദിക്കൽ; 2. നിറുത്തൽ, വിരാമം; 3. വിശ്രമസ്ഥലം, ആരാമം.

ആരമാ നാ. അഞ്ചുരൂപ വിലവരുന്ന ഒരു വെനീഷ്യൻ നാണയം.

ആരമിക്കുക [ < സം. ആ-രം] ക്രി. സന്തോഷിക്കുക.

ആരമ്പം നാ. 1. ഓമന, (പ്ര.) ആരമ്പക്കളി = കുട്ടികളും അച്ഛനമ്മമാരും കൂടിയുള്ള കളി. ആരമ്പക്കുട്ടി, -പൈതൽ = ഓമനക്കുട്ടി; 2. ശല്യം.

ആരമ്പുളി നാ. 1. ഒരുതരം പുളി, ഒരുചെറുമരം.

ആരമ്യ [സം. ആ-രമ്യ] വി. ആരമിക്കത്തക്ക, മനോഹരമായ.

ആരൽ നാ. 1. ആരകൻ (മത്സ്യം); 2. തീയ്; 3. കാർത്തിക; 4. മതിൽ; 5. പുളിയാരൽ; 6. നീരാരൽ; 7. ശങ്ഖുപുഷ്പ വള്ളി.

ആരവം [സം. ആ-രവ] നാ. ശബ്ദം, ശബ്ദബഹളം.

ആരവാരം1, ആരാവാരം നാ. 1. ശബ്ദം, ശബ്ദകോലാഹലം, ബഹളം; 2. കൊതി, അത്യാർത്തി.

ആരവാരം2 [സം. ആര-വാര] നാ. ചൊവ്വാഴ്ച.

ആരസ്യം [സം. അ-രസ] നാ. രസഹീനത, സ്വാദില്ലായ്മ.

ആരഴൽ [ആർ-അഴൽ] നാ. വർധിച്ച ദു:ഖം.

ആരാങ്ക് [ത. ആരാങ്കു] നാ. 1. നെല്ലുപോലെയുള്ള ഒരുതരം കള; 2. ഒരിനം മത്സ്യം, അയിലപോലെയുള്ളത്.

ആരാഗ്രാഹം നാ. സ്രാവ്.

ആരാച്ച നാ. = ആരാച്ചി, അന്വേഷണം.

ആരാച്ചാർ [ത. ആരായ്ച്ചിയാർ] വധശിക്ഷനടപ്പിലാക്കുന്നവൻ.

ആരാച്ചി [ആരായ്-ച്ചി < ആരായുക] നാ. അന്വേഷണം, തിരക്കൽ, മേൽനോട്ടം.

ആരാജിക്കുക [<സം. ആ-രാജിക്കുക] ക്രി. ശോഭിക്കുക.

ആരാടിക്കുക ക്രി. ആരാട്ടുക.

ആരാട്ടുക ക്രി. താരാട്ടുക (ആരാരോ എന്നു പാടി ആട്ടുക).

ആരാണ്ട് [<ആരോ-കണ്ട്] അവ്യ. ഏതോ ഒരാൾ.

ആരാതീയ [സം. < ആരാത്] വി. 1. അടുത്ത; 2. അകന്ന.

ആരാത്, ആരാൽ [സം. ആരാത്] അവ്യ. 1. അടുക്കൽ, അടുത്ത്; 2. അകലെനിന്ന്, അകലെ, അകലത്തേക്ക്.

ആരാത്രികം [സം. ആ-രാത്രിക] നാ. 1. രാത്രിയിലെ ദീപാരാധന; 2. ഉഴിയുന്ന ദീപം.

ആരാധക [സം. -രാധക < രാധ്] വി. ആരാധിക്കുന്ന, ഉപാസിക്കുന്ന, ബഹുമാനിക്കുന്ന, പൂജിക്കുന്ന

ആരാധന [സം. -രാധനാ] നാ. പൂജ, സേവ, ദേവതയേയോ വിശിഷ്ടവ്യക്തിയേയോ ഉപചാരങ്ങളാൽ സംതൃപ്തിപ്പെടുത്തൽ, ചടങ്ങനുസരിച്ചുള്ള പൂജാവിധി, ഗാഢമായ ബഹുമാനം, അത്യാദരം, ഉപാസന. (പ്ര.) ആരാധനാശ്രാദ്ധം = സന്ന്യാസിയുടെയോ മതാചാര്യൻെറയോ ശ്രാദ്ധം.
ആരാധനീയ [സം. -രാധനീയ] വി. ആരാധിക്കത്തക്ക, ആരാധ്യ.
ആരാധയിതാ(വ്) [സം. -രാധയിതൃ] നാ. = ആരാധകൻ. (സ്ത്രീ) ആരാധയിത്രി.
ആരാധിക്കുക [< സം. ആ-രാധ്] ക്രി. 1. പൂജിക്കുക, ഉപാസിക്കുക, ഭക്തിപൂർവ്വം ഉപചരിക്കുക; 2. സന്തോഷിപ്പിക്കുക.
ആരാധിത [സം. -രാധിത] വി. ആരാധിക്കപ്പെട്ട, പൂജിച്ച, ബഹുമാനിച്ച.
ആരാധ്യ [സം. -രാധ്യ] വി. ആരാധനീയ, ആരാധിക്കത്തക്ക.
ആരാൻ, ആരാനും [സം.] നാ. ആരോ ഒരുവൻ, ഏതെങ്കിലും ഒരാൾ, അന്യൻ.
ആരാമ [സം. ആ-രാമ] വി. സന്തോഷിപ്പിക്കുന്ന.
ആരാമം [സം.] നാ. 1.ആരാമിക്കാനുള്ള ഇടം, വിശ്രമസ്ഥാനം, പൂന്തോട്ടം; 2. സന്തോഷം.
ആരാമശീതള [സം. ആരാമ-ശീതലാ] നാ. സുഗന്ധമുള്ള ഒരു ഔഷധച്ചെടി.
ആരാമികൻ [സം. ആ-രാമിക] നാ. ഉദ്യാനപാലകൻ.
ആരായ്ച്ചിയാർ നാ. 1. സിവിൽകോടതിയിലെ നാസർ, കണക്കുപരിശോധകൻ; 2. ആരാച്ചാർ.
ആരായുക ക്രി. അന്വേഷിക്കുക, തെരയുക, തേടുക, കണ്ടുകിട്ടാനായി നോക്കുക, പരിശോധിക്കുക.
ആരാർ നാ. ശത്രുക്കൾ.
ആരാരും, ആരോരും അവ്യ. ആരുമാരും, ആരുംതന്നെ. ആരൊരുവരും (നിഷേധപ്രയോഗത്തിൽ)
ആരാൽ1 നാ. = ആരൽ.
ആരാൽ2 = ആരാത്.
ആരാവം [സം. ആ-രാവ] നാ. = ആരവം.
ആരാവാരം നാ. = ആരവാരം1.
ആരാശ്ശാർ നാ. = ആരാച്ചാർ.
ആരാളികൻ [സം. ആരാലിക] നാ. 1. പാചകക്കാരൻ; 2. മദിച്ച ആനകളെ നിയന്ത്രിക്കുന്നവൻ.
ആരാഴ്ച, ആരാഴ്ചി [പ.മ. < ആരായ്ച] നാ. അന്വേഷണം, മേൽനോട്ടം.
ആരിയൻ1 [പാ. ആരിയ < സം. ആര്യ] നാ. 1. പുരാതനകാലത്ത് ഏഷ്യയുടെ മധ്യഭാഗത്തുനിന്നു ഭാരതത്തിൽ കുടിയേറിപ്പാർത്ത ജനതയിൽപ്പെട്ടവൻ, ആര്യാവർത്തനിവാസി; 2. ശ്രേഷ്ഠൻ, മാന്യൻ, കുലീനൻ, അടുത്ത് പരിചയിക്കുന്നതിനു നല്ലവൻ, പാപകർമ്മത്തിനു മുതിരാത്തവൻ; 3. നാടകത്തിലും മറ്റും പുരുഷന്മാരെ ബഹുമാനസൂചകമായി വിളിക്കാനുപയോഗിക്കുന്ന പദം; 4. ജ്യേഷ്ഠൻ; 5. ഗുരു; 6. ശാസ്താവ്; 7. ശ്വശുരൻ; 8. (നാട്യ.) ബ്രാഹ്മണനെ അഭിസം ബോധന ചെയ്യാനുപയൊഗിക്കുന്ന പദം. ആരിയക്കൂത്ത് = ആരിയരെന്ന വർഗക്കാരുടെ കൂത്ത്, കയറുകളും കോലും ഉപയോഗിച്ചുകൊണ്ടുള്ള ഒരുതരം നൃത്തം.
ആരിയൻ2 [സം. ആര്യ] നാ. ആര്യൻ, ഒരുതരം നെല്ല്.

ആരിരുൾ [ആർ–ഇരുൾ നാ. കൂരിരുട്ട്.
ആരിവേപ്പ് നാ. = ആര്യവേപ്പ്.
ആരിഴ [ആർ–ഇഴ] നാ. നിറയെ ആഭരണങ്ങളോടുകൂടിയവൾ.
ആര്1 [സം.] നാ. ഏതാൾ, ആർ
ആര്2 നാ. തെങ്ങ്, കമുക്, പന മുതലായവയുടെ തടിയിൽ അടങ്ങിയിരിക്കുന്ന നേർത്തുനീണ്ട ചെറുചീൾ, അലകുചീൾ.
ആരുക ക്രി. 1. നിറയുക; 2. പ്രാപിക്കുക, ചേരുക; 3. ധരിക്കുക (വസ്ത്രംപോലെ).
ആരുകം [സം.] നാ. ഔഷധഗുണമുള്ള ഒരു ഫലവൃക്ഷം.
ആരുണ [സം.] വി. അരുണനിൽനിന്നു ജനിച്ച, അരുണനെസംബന്ധിച്ച.
ആരുണി [സം. < അരുണ] നാ. 1. അരുണപുത്രൻ; 2. വിനതയുടെ പുത്രൻ; 3. സൂര്യപുത്രൻ.
ആരുണ്യം [സം. < അരുണ] നാ. അരുണിമ, ചുവപ്പുനിറം.
ആരുദ്ധ [സം. ആ–രുദ്ധ] വി. തടയപ്പെട്ട, തടവിൽ പാർപ്പിക്കപ്പെട്ട.
ആരും [ആർ–ഉം] സ. നാ. 1. ഒരാൾ പോലും, ഒരുത്തരും (നിഷേധപ്രയോഗത്തിൽ); 2. ഏതൊരാളും, എല്ലാവരും, ആരുമാരും = ആരുംതന്നെ (നിഷേധപ്രയോഗത്തിൽ); നാ. 1. ശ്രേഷ്ഠമായ ഉയിര്; 2. പ്രിയജീവി, ഏറെപ്രിയപ്പെട്ട ആൾ.
ആരുരുക്ഷു [സം. ആ–രുരുക്ഷു] നാ. ആരോഹണംചെയ്യാൻ ആഗ്രഹിക്കുന്നവൻ, ഉയർച്ചയിൽ ആഗ്രഹമുള്ളവൻ.
ആരുവാൻ (സംശയകാകുവചനം) ആരായിരിക്കാം?.
ആരുവാമൊഴി നാ. തിരുവിതാംകൂറിൽനിന്നു തിരുനെല്വേലിക്ക് (തമിഴ് നാട്ടിലേക്ക്0 കടക്കുവാനുള്ള ചുരം.
ആരുഷ്കരം [സം. ആയുസ്–കര] നാ. ചേരുമരത്തിൻെറ കായ്.
ആരൂഹ [സം. ആ–രൂഹ < രുഹ്] വി. ആരോഹണംചെയ്യുന്ന, കയറുന്ന.
ആരൂഹം [സം.] നാ. കയറ്റം.
ആരൂഹ്യ [സം. ആ–രൂഹ്യ] അവ്യ. ആരോഹണംചെയ്തിട്ട് , കയറിയിട്ട്.
ആരൂഢ [സം. –രൂഢ <രൂഹ്] വി. 1. ആരോഹണംചെയ്ത, കരേറിയ; 2. ഉയർന്ന; 3. പ്രാപിച്ച, നേടിയ; 4. ഊള്ള; 5. വർധിച്ച; 6. തയ്യാറായ.
ആരൂഢം [സം. ആ–രൂഢ] നാ. 1. കയറൽ, കയറ്റം; 2. (ജ്യോ.) ലഗ്നാധിപൻ എത്രാംഭാവത്തിൽ നിൽക്കുന്നുവോ അവിടെനിന്ന് അത്രയും എണ്ണിയാൽ വരുന്നരാശി; 3. മോന്തായത്തിനു താഴെയുള്ള ഉത്തരം; 4. ഉയർച്ച; 5. ഉദയം.
ആരൂഢി [സം. –രൂഢി] നാ. 1. കയറ്റം; 2. ഉയർച്ച.
ആരേകം [സം. –രേക] നാ. 1. ഒഴിക്കൽ (വെള്ളംപോലെ); 2. സന്ദേഹം.
ആരേചക [സം. –രേചക < രിച്] വി. വയറൊഴിക്കുന്ന, വിരേചക.
ആരേചിത [സം. –രേചിത] വി. 1. ഒഴിക്കപ്പെട്ട, ചോർത്തിക്കളഞ്ഞ; 2. കലർത്തപ്പെട്ട.
ആരേവതം [സം. –രേവത] നാ. 1. കൊന്നമരം; 2. കൊന്നയുടെ കായ്.
ആരേഹണം [സം. –രേഹണ < രിഹ്] നാ. 1. നക്കൽ; 2. ചുംബനം.
ആരോഗ്യദാതാവ് [സം.ആരോഗ്യ–ദാതൃ] 'ആരോഗ്യത്തെ കൊടുക്കുന്നവൻ', നാ. സൂര്യൻ.

ആരോഗ്യം [സം. <അരോഗ] നാ. അരോഗസ്ഥിതി, രോഗമില്ലായ്മ, ദേഹസൗഖ്യം, അനാമയം.

ആരോത്തൂഞ്ഞാൽ നാ. രണ്ടുവൃക്ഷങ്ങളിൽ കയർ വലിച്ചു കെട്ടി കയറിൽ ഇടുന്ന ഊഞ്ഞാൽ, ആലാത്തൂഞ്ഞാൽ.

ആരോൻ നാ. = ആരകൻ (മീൻ).

ആരോപകൻ [സം. ആ-രോപക] നാ. 1 മുകളിൽ കയറുന്നവൻ; 2. കുറ്റംചുമത്തുന്നവൻ, ആരോപണംചെയ്യുന്നവൻ; 3. നടുന്നവൻ.

ആരോപ(ണം) [സം. -രോപ, -രോപണ < രൂഹ്] നാ. 1. (മുകളിൽ) കയറ്റൽ, കയറ്റിവയ്പ്; 2. ചുമത്തൽ, ഒന്നിനില്ലാത്ത ധർമം അതിനുണ്ടെന്നു പറയുന്നത്; 3. കുറ്റംചുമത്തൽ; 4. ഏൽപ്പിക്കൽ; 5. വില്ലിൽ ഞാൺ തൊടുക്കൽ; 6. വാഴിക്കൽ.

ആരോപിക്കുക [സം. ആ-രോപ്] ക്രി. ചുമത്തുക, ഒന്നിനോ ഒരാളിനോ ദോഷം ഉള്ളതായിപ്പറയുക.

ആരോപിത [സം. -രോപിത] വി. 1. മേൽവയ്ക്കപ്പെട്ട, ചുമത്തപ്പെട്ട; 2. വില്ലിൽ ഞാൺ തൊടുത്ത; 3. ഏൽപ്പിച്ച.

ആരോപ്യ1 [സം. -രോപ്യ] വി. ആരോപണീയ, ആരോപിക്കത്തക്ക, മേൽവയ്ക്കപ്പെടേണ്ട, ചുമത്തേണ്ട.

ആരോപ്യ2 [സം. -രോപ്യ] അവ്യ. ആരോപിച്ചിട്ട്, കയറ്റിയിട്ട്, കയറ്റിവച്ചിട്ട്.

ആരോമൽ [ആർ-ഓമൽ] വി. 1. അരുമയായ, ഓമനയായ, അത്യന്തം പ്രിയപ്പെട്ട; 2. ഭങ്ഗിയുള്ള, അഴകുള്ള (നാമമായും പ്രയോഗം).

ആരോമലാൾ [ആരോമൽ-ആൾ] നാ. ഓമനയായവൾ, വളരെ പ്രീയപ്പെട്ടവൾ.

ആരോമലിക്കുക ക്രി. ലാളിക്കുക.

ആരോരും [ആർ-ഓരും < ഒരുവരും] സ.നാ. ആരുംതന്നെ, ഒരുത്തരും (നിഷേധപ്രയോഗത്തിൽ).

ആരോഹകൻ [സം. -രോഹക] നാ. 1. മുകളിൽകയറുന്നവൻ; 2. സവാരിക്കാരൻ, മൃഗങ്ങളുടെയും മറ്റും പുറത്തുകയറി സവാരിചെയ്യുന്നവൻ. (സ്ത്രീ) ആരോഹിക.

ആരോഹകം [സം. ആ-രോഹ] നാ. വൃക്ഷം.

ആരോഹണം [സം. -രോഹണ] നാ. 1. കരേറ്റം, കയറൽ; 2. കൽപ്പട, ഏണി, ഏണിപ്പടി; 3. മുളച്ചുണ്ടാകൽ; 4. കുതിരസ്സവാരി; നൃത്തമണ്ഡപം; 6. (സങ്ഗീ.) സപ്തസ്വരങ്ങളുടെ ആലാപത്തിൽ ക്രമികമായ കയറ്റം. ൻ അവരോഹണം.

ആരോഹണിക [സം. -രോഹണികാ] വി. കയറ്റത്തെ സംബന്ധിച്ച.

ആരോഹൻ [സം. -രോഹ] നാ. = ആരോഹകൻ.

ആരോഹം1 [സം. -രോഹ] നാ. 1. കയറ്റം, ഉയർച്ച, മുകളിൽ കയറ്റം, കയറിയിരിപ്പ്; 2. ഉയർന്നസ്ഥലം; 3. സ്ത്രീയുടെ കടിപ്രദേശം; 4. മുള, നാമ്പ്, വൃക്ഷങ്ങളുടെ അങ്കുരം; 5. (വേദ.) ജീവാത്മാവിന്റെ ക്രമാനുസരണമായ ഊർധ്വഗതി; 6. (സങ്ഗീ.) സപ്തസ്വരങ്ങളുടെ യഥാക്രമമായ കയറ്റം; 7. ഖനി.

ആരോഹി [സം. -രോഹിൻ] നാ. 1. സങ്ഗീതത്തിലെ ഒരു വർണഭേദം, സ്വരങ്ങൾ ഓരോന്നായിട്ടോ ഒന്നോരണ്ടോ ഇടവിട്ടോ ആരോഹണം ചെയ്യുന്ന ഗാനം; 2. (സസ്യ.) മേൽപ്പോട്ടു പടർന്നുകയറുന്ന സസ്യം.

ആരോഹിക്കുക [<സം. ആ-രൂഹ്] ക്രി. (ഒന്നിനു) മേൽക്കയറുക.

ആര്യ1 [സം. ആര്യ] വി. 1. ബഹുമാനമർഹിക്കുന്ന, മാന്യതയുള്ള, ശ്രേഷ്ഠതയുള്ള, ഉത്കൃഷ്ടഗുണമുള്ള; 2. ആര്യവർഗത്തിൽപ്പെട്ട, ബ്രാഹ്മണ-ക്ഷത്രിയ-വൈശ്യവിഭാഗങ്ങളിൽ ഒന്നിൽപ്പെട്ട.

ആര്യ2 [സം. ആര്യാ] നാ. 1. മാന്യ, ശ്രേഷ്ഠ (ആചാര്യ പത്നി, ശ്വശ്രു, പിതാമഹി, ജ്യേഷ്ഠപത്നി മുതലായവരെപ്പറ്റി പറയുമ്പോൾ പ്രയോഗിക്കുന്ന പദം); 2. പാർവതി; 3. നാടകങ്ങളിലുംമറ്റും സ്ത്രീകളെ ബഹുമാനസൂചകമായി പരാമർശിക്കാനുപയോഗിക്കുന്ന പദം; 4. സംസ്കൃതത്തിലെ ഒരു മാത്രാവൃത്തം.

ആര്യഎഴുത്ത് [സം. ആര്യ - മ. എഴുത്ത്] നാ. ഇന്നത്തെ മലയാളലിപിയുടെ ആദ്യത്തെ ഒരു പേര്, സംസ്കൃത പദങ്ങൾ തത്സമരീതിയിൽ സ്വീകരിച്ചുതുടങ്ങിയപ്പോൾ ഏർപ്പെട്ട പേര്.

ആര്യക, ആര്യിക [സം. ആര്യകാ, ആര്യികാ] നാ. ബഹുമാന്യയായ സ്ത്രീ.

ആര്യകടുക് [സം. ആര്യ -മ. കടുക്] നാ. ഒരു ഔഷധി.

ആര്യകൻ [സം. ആര്യക] നാ. 1. മാന്യൻ; 2. മുത്തച്ഛൻ; 3. വാസ്തുദേവത.

ആര്യകം [സം.] നാ. 1. ഒരു പിതൃക്രിയ; 2. പിതൃക്രിയയ്ക്കുള്ള ഒരുതരം പാത്രം.

ആര്യഗൃഹ്യ [സം. ആര്യ-ഗൃഹ്യ] വി. സജ്ജനങ്ങളുടെ പക്ഷം പിടിക്കുന്ന.

ആര്യച്ചിതവ് [സം. ആര്യ-മ. ചിതവ്] നാ. സംസ്കൃതത്തിൽ നിന്നു ഭാഷയിലേക്കു പകരുന്ന പദത്തിനുവരുന്ന രൂപഭേദത്തെ നിർദേശിക്കാൻ ലീലാതിലകത്തിൽ ഉപയോഗിച്ചവാക്ക്. ഉദാ: സം. സൂചി = മ. ഊചി.

ആര്യതത്ത്വം [സം. ആര്യ-തത്ത്വ] നാ. ആര്യസത്യം.

ആര്യൻ [സം. ആര്യ] നാ. 1. = ആരിയൻ, ആര്യവർഗത്തിൽപെട്ടവൻ; 2. കുലീനൻ, മാന്യൻ, യോഗ്യൻ; 3. ജ്യേഷ്ഠൻ; 4. ഗുരു; 5. വിദ്വാൻ; 6. ശാസ്താവ്, അയ്യപ്പസ്വാമി, (<മാ. അയ്യ < സം. ആര്യ); 7. ആര്യാവർത്തത്തിൽ വസിക്കുന്നവൻ; 8. ഒരു വാസ്തുദേവത.

ആര്യൻവാൾ, ആര്യവാൾ, ആര്യംവാൾ, ആര്യവേള നാ. കാട്ടുകടുക്, തൈവേള.

ആര്യനായർ [സം. ആര്യ - മ. നായർ] നാ. മുതുവൻമാരുടെ ഒരു ഗോത്രം.

ആര്യപടി, ആര്യപ്പടി [സം. ആര്യ-മ.പടി] നാ. കൊട്ടാരവാതിൽ, കോട്ടവാതിൽ.

ആര്യപട്ടർ [സം. ആര്യ-മ.പട്ടർ] നാ. ബ്രാഹ്മണരിൽ ഒരു വിഭാഗം.

ആര്യപുത്രൻ [സം. ആര്യ-പുത്ര] നാ. 1. ഉത്കൃഷ്ടപുരുഷനു ജനിച്ചവൻ; 2. ഗുരുപുത്രൻ; 3. ജ്യേഷ്ഠൻെറ പുത്രൻ; 4. നാടകത്തിലുംമറ്റും ഭർത്താവിനെ പരാമർശിക്കുവാൻ ഉത്തമസ്ത്രീകൾ ഉപയോഗിക്കുന്ന പദം.

ആര്യപ്പന [സം. ആര്യ-മ. പന] നാ. വലിയ ഓലകളുള്ളപന.

ആര്യപ്പീനാറി [സം. ആര്യ - മ. പീനാറി] നാ. ഒരു ഔഷധി.

ആര്യപ്രായ [സം. ആര്യ-പ്രായ] വി. ആര്യന്മാർ നിറഞ്ഞ, ഏറിയകൂറും ആര്യന്മാർ വസിക്കുന്ന.

ആര്യഭടീയം [സം. < ആര്യഭട] നാ. ആര്യഭടൻ (ആര്യഭട്ടൻ) രചിച്ച ജ്യോതിഷഗ്രന്ഥം.

ആര്യഭട്ടൻ, -ഭടൻ [സം. ആര്യഭട്ട] നാ. ഇന്ത്യയിലെ പ്രാചീന ഗണിതശാസ്ത്രജ്ഞൻ.

ആര്യഭാഷ [സം. ആര്യ-ഭാഷാ] നാ. 1. ആര്യവർഗക്കാരുടെ ഭാഷ, ഇൻഡോ-യൂറോപ്യൻ ഭാഷാഗണത്തിൽപെടുന്ന ഭാഷ. (സംസ്കൃതം, ലാറ്റിൻ, ഗ്രീക്ക്

മുതലായവയിൽ ഏതെങ്കിലും); 2. സംസ്കൃതം, സംസ്കൃത ജന്യമായ ഹിന്ദി, മറാത്തി, ബങ്ഗാളി തുടങ്ങിയ ഭാഷകളിലേതെങ്കിലും.

ആര്യമാൻ [സം. ആര്യ - മ. മാൻ] നാ. ഒരുതരം കാള, ഗവയം.

ആര്യമാർഗം [സം. ആര്യ-മാർഗ] നാ. ശ്രേഷ്ഠന്മാർ പിന്തുടരുന്ന മാർഗം.

ആര്യമാ(വ്) [സം. ആര്യമൻ] നാ. സൂര്യൻ (അര്യമാ).

ആര്യമിശ്രൻ [സം. ആര്യ-മിശ്ര] നാ. ബഹുമാന്യൻ.

ആര്യമുത്തങ്ങ [സം. ആര്യ - മ. മുത്തങ്ങ] നാ. = ആര്യമുസ്ത

ആര്യമുസ്ത [സം. -മുസ്താ] നാ. ഒരുതരം മുത്തങ്ങ.

ആര്യരൂപൻ [സം. -രൂപ] നാ. മാന്യനെപ്പോലെ വേഷംകെട്ടി നടക്കുന്നവൻ.

ആര്യവാൾ നാ. 1. ആര്യവേള, തൈവേള; 2. കൊടുങ്ങല്ലൂർ വെളിച്ചപ്പാടിൻെറ വാള്.

ആര്യവൃത്തം [സം. ആര്യ-വൃത്ത] നാ. നടപടി, മാന്യമായ ആചാരം.

ആര്യവേപ്പ് [സം. ആര്യ-മ.വേപ്പ്] നാ. മലവേപ്പ്.

ആര്യവേശ [സം. -വേശ] വി. നല്ലവേഷവിധാനമുള്ള, ആര്യൻെറ വേഷം അണിഞ്ഞ.

ആര്യവേള [സം. ആര്യ-മ.വേള] നാ. തൈവേള.

ആര്യവ്രത [സം. -വ്രത] വി. ആര്യതത്ത്വങ്ങൾ അനുസരിക്കുന്ന, ആര്യനെപ്പോലെ പെരുമാറുന്ന.

ആര്യശീല [സം. -ശീല] വി. സത്യസന്ധതയുള്ള.

ആര്യശ്രീകണ്ഠൻ [സം. -ശ്രീകണ്ഠ] നാ. കക്കാട്ടുരാജകുഡുംബത്തിൽപ്പെട്ട മണക്കുളത്തു മൂപ്പുവാഴ്ചക്കാരായ രാജാക്കന്മാരുടെ മാറാപ്പേര്.

ആര്യസത്യം [സം. സത്യ] നാ. ബുദ്ധമത തത്ത്വങ്ങളായ നാലുസത്യങ്ങൾ (ദു:ഖം, ദു:ഖകാരണം, ദു:ഖനിരോധം, ദു:ഖനിരോധമാർഗം).

ആര്യസമാജം [സം. -സമാജ] നാ. ദയാനന്ദസരസ്വതി ഏർപ്പെടുത്തിയ സങ്ഘം.

ആര്യാഗീതി [സം.ആര്യാ-ഗീതി] നാ. ആര്യാവൃത്തത്തിൻെറ ഒരു വകഭേദം.

ആര്യാവർത്തം [സം. -ആവർത്ത] നാ. ആര്യന്മാരുടെ ആവാസദേശം, ഭാരതത്തിൽ വിന്ധ്യഹിമാലയങ്ങൾക്കിടയ്ക്കുള്ള ഭാഗം.

ആര്യാഷ്ടാങ്ഗമാർഗം [സം. ആര്യ-അഷ്ട-അങ്ഗ-മാർഗ] നാ. ദു:ഖങ്ങളിൽനിന്നുള്ള മോചനം നേടുന്നതിനു ബുദ്ധൻ കണ്ടെത്തിയ എട്ട് അങ്ഗങ്ങളുള്ള മാർഗം. (സമ്യഗ്ദൃഷ്ടി, സമ്യക്സങ്കൽപം, സമ്യഗ്വാക്യം, സമ്യക്കർമം, സമ്യഗാജീവം, സമ്യഗ്വ്യായാമം, സമ്യക്സ്മൃതി, സമ്യക്സമാധി എന്നിവ).

ആൽ1 നാ. 1. പേരാൽ മരം; 2. പേരാൽ, അരയാൽ, കല്ലാൽ, അത്തിയാൽ, ഇത്തിയാൽ മുതലായവയ്ക്കു പൊതുവേ പറയുന്ന പേര്.

ആൽ2 [ത. ആൽ] നാ. ജലം.

ആൽ3 നാ. (തെങ്ങിൻെറയും മറ്റും ) ആര്.

ആൽ4 [ത. ആൽ] (വ്യാക.) പാക്ഷികവിനയെച്ചപ്രത്യയം. 'ഒന്നു സംഭവിക്കുന്നെങ്കിൽ' എന്നർഥം. ഉദാ: തന്നാൽ, വന്നാൽ.

ആൽ5 നാ. അയക്കോൽ.

ആൽ6 (വ്യാക.) പ്രയോജികാവിഭക്തിപ്രത്യയം, ഹേതു, ഉപകരണം എന്നിവ അർഥം. ഉദാ: അതിനാൽ അതുചെയ്യണം, കർമണിപ്രയോഗത്തിൽ കർതൃപദത്തോട് ഈപ്രത്യയം ചേരും. ഉദാ: അവനാൽ പറയപ്പെട്ട.
241
ആൽഗ [ഇംക്കRsദ്ദൻറ.] നാ. (സസ്യ) പരിണാമപരമായി ആദിമസ്ഥാനമുള്ളതും സരളമായ ഘടനയോടുകൂടിയതുമായ ജലസസ്യങ്ങൾ.
ആൽജിബ്ര [ഇം.ക്കRsദ്ദന്വത്സൻറ ] നാ. ബീജഗണിതം.
ആൽത്തറ [ആൽ1-തറ] നാ. ആലിൻെറ ചുവടിനുചുറ്റും പൊക്കിക്കെട്ടുന്ന തറ.
ആൽബാ [ല. ക്കRsıൻറ ] നാ. വെള്ള നിലയങ്കി, വെള്ള ളോഹ.
ആല [<സം. ശാല.] 1. കൊല്ലൻെറയും മറ്റും പണിപ്പുര; 2. ആടുമാടുകളെ അടച്ചുസൂക്ഷിക്കുന്ന തൊഴുത്ത്; 3. ചക്കുപുര; 4. കളപ്പുര; 5. ചൂള.
ആലകണ്ഠൻ [സം. ആലം3-കണ്ഠ] നാ. വിഷം കഴുത്തിലുള്ളവൻ, ശിവൻ.
ആലക്കീര [ആലം2-കീര] നാ. ഒരു നീർച്ചെടി.
ആലക്ട്രിക [<ഇം. ഞ്ഞRsന്യന്ധത്സദ്ധ്യ] വി. വിദ്യുച്ഛക്തിസംബന്ധമായ. (സംസ്കൃതീകൃതരൂപം).
ആലക്ഷണ്യം [സം. < അലക്ഷണ] നാ. 1. ദൗർഭാഗ്യം; 2. കുറ്റം.
ആലക്ഷി [സം. ആ-ലക്ഷിൻ] വി. കാണുന്ന, മനസ്സിലാക്കുന്ന.
ആലക്ഷ്യ1 [സം. -ലക്ഷ്യ] വി. കാണാവുന്ന, അൽപമായി കാണാവുന്ന.
ആലക്ഷ്യ2 [സം.] അവ്യ. നോക്കിയിട്ട്, കണ്ടിട്ട്.
ആലഗർദ [സം.] വി. അലഗർദത്തെ സംബന്ധിച്ച.
ആലഗർദം [സം.] നാ. ജലസർപ്പം.
ആലങ്കാരിക [സം. < അലംകാര] വി. അലങ്കാരരൂപത്തിലുള്ള, അലങ്കാരത്തെ സംബന്ധിച്ച.
ആലങ്കാരികൻ [സം.] നാ. അലങ്കാരശാസ്ത്രം നന്നായി അറിയാവുന്നവൻ.
ആലങ്ങ നാ. കളിയടയ്ക്ക, ചീട.
ആലങ്ങാടൻ വി. ആലങ്ങാടുള്ളതോ അവിടെ ഉണ്ടാക്കിയതോ ആയ.
ആലത്തൂർക്കാക്ക നാ. (പ്ര) ആശിച്ചു കാലംകഴിയുന്നവൻ.
ആലപനം [സം. ആ-ലപന] നാ. = ആലാപനം.
ആലപിക്കുക [<സം. ആ-ലപ്] ക്രി. 1. പാടുക, രാഗം വിസ്തരിക്കുക; 2. പറയുക, സംഭാഷണം ചെയ്യുക.
ആലപിതം [സം. -ലപിത] നാ. 1. ആലപിക്കപ്പെട്ടത്, പറയപ്പെട്ടത്; 2. ആലാപം.
ആലപ്തി [സം. -ലപ്തി] നാ. 1. ആലപനം; 2. സംഭാഷണം; 3. ആശംസ.
ആലപ്യ [സം. -ലപ്യ] അവ്യ. പറഞ്ഞിട്ട്, പാടിയിട്ട്.
ആലബ്ധ [സം. -ലബ്ധ < ലഭ്] വി. 1. ലഭിച്ച; 2. സ്പർശിച്ച; 3. സമാധാനിപ്പിച്ച; 4. കൊല്ലപ്പെട്ട, ബലികഴിക്കപ്പെട്ട.
ആലബ്ധി [സം. -ലബ്ധി] നാ. 1. ലാഭം; 2. സ്പർശനം; 3. കൊല.
ആലഭനം [സം. -ലഭന] നാ. 1. സ്പർശനം, ഗ്രഹണം; 2. വധം, ബലി.
ആലഭാരം നാ. 1. സജ്ജീകരണം, ഒരുക്കം; 2. പ്രാരബ്ധം, മനശ്ശല്യം.
ആലഭ്യ [സം. ആ-ലഭ്യ] വി. കൊല്ലത്തക്ക, ബലികഴിക്കത്തക്ക.

ആലം1 [ത. ആലം] നാ. വിസ്താരം, വിശാലത.
ആലം2 നാ. 1. ജലം; 2. കടൽ; 3. മഴ.
ആലം3 നാ. 1. അരിതാരം; 2. ഒരുതരം വിഷം, മഞ്ഞപ്പാഷാണം.
ആലം4 നാ. പേഴുമരം.
ആലം5 [അറ.] നാ. 1. ലോകം; 2. ഭൂമി.
ആലം6 [ഇം.ക്കRsഗ്മണ്ഡ ] നാ. ചീനക്കാരം.
ആലംബനം [സം. ആ-ലംബന] നാ. 1. ആശ്രയം, താങ്ങ്, രക്ഷ; 2. വിഭാവത്തിൻെറ രണ്ട് പിരിവുകളിൽ ഒന്ന്, ഏതിനെ ആശ്രയിച്ചു രത്യാദിസ്ഥായിഭാവങ്ങൾ ഉദിക്കുന്നുവോ അത്, ആലംബനവിഭാവം; 3. പാത്രം.
ആലംബം [സം. -ലംബ < ലംബ്] നാ. ആശ്രയം, താങ്ങ്.
ആലംബി [സം. -ലംബിൻ] നാ. ആലംബഭൂതൻ.
ആലംബിക്കുക [<സം. ആ-ലംബ്] ക്രി. ആശ്രയിക്കുക.
ആലംബിത [സം. -ലംബിത] ആശ്രയിക്കപ്പെട്ട, താങ്ങിനിറുത്തപ്പെട്ട; 2. ഗ്രഹിക്കപ്പെട്ട.
ആലംബ്യ1 [സം. -ലംബ്യ] വി. ആശ്രയിക്കത്തക്ക.
ആലംബ്യ2 [സം. ആ-ലംബ്യ] അവ്യ. 1. ആശ്രയിച്ചിട്ട്; 2. സ്വീകരിച്ചിട്ട്, കൈക്കൊണ്ടിട്ട്.
ആലംഭനം [സം. ആ-ലംഭന] നാ. 1. പിടിച്ചെടുക്കൽ, ഗ്രഹണം; 2. കൊല, ബലി, യാഗകർമങ്ങളിൽചെയ്യുന്ന മൃഗവധം. ഉദാ: പശ്വാലംഭനം.
ആലംഭ്യ [സം. ആ-ലംഭ്യ] വി. ബലികഴിക്കത്തക്ക, കൊല്ലാനുള്ള.
ആലമാനം നാ. ഒരുക്കം, താരത, ആലഭാരം.
ആലമീൻ [അറ.] നാ. പ്രപഞ്ചം.
ആലയക്കണക്ക് [ആലയ-കണക്ക്] നാ. ക്ഷേത്രത്തിലെ കണക്കെഴുത്തുകാരൻ.
ആലയം [സം. ആ-ലയ] നാ. 1. വീട്, വാസസ്ഥാനം; 2. ദേവാലയം, ക്ഷേത്രം; 3. (ജ്യോ.) നാലാംഭാവം.
ആലർക്ക [സം. < അലർക] വി. പേപ്പട്ടിയെ സംബന്ധിച്ച.
ആലവട്ടം [സം. ആലാവർത] നാ. താലവൃന്തം, മയിൽപ്പീലി കെട്ടിയുണ്ടാക്കുന്ന വിചിത്രമായ വിശറി.
ആലവണ്യ [സം. < അ-ലവണ] നാ. 1. രുചിയില്ലായ്മ; 2. വൈരൂപ്യം.
ആലവല്ലം [ആല-വല്ലം] നാ. കുതിരക്കോപ്പു സൂക്ഷിക്കുന്ന തട്ട്.
ആലവാലം1 നാ. തുറുവിൽ അയഞ്ഞു തൂങ്ങിക്കിടക്കുന്ന വൈക്കോലുകൾ.
ആലവാലം2 [സം. ആ-ലവ-ആല] നാ. വൃക്ഷലതാദികളുടെ ചുവട്ടിൽ വെള്ളം നിറുത്താനുള്ള തടം.
ആലശീല, -ശീലം [സം.] നാ. അസഹ്യത, അസ്വസ്ഥത, വൈഷമ്യം.
ആലസ [സം. < അലസ] വി. ആലസ്യമുള്ള.
ആലസിക്കുക [<സം.ആ-ലസ്] ക്രി. ശോഭിക്കുക.
ആലസ്തി നാ. ആലാത്തി.
ആലസ്യം [സം. <അ-ലസ] നാ. 1. മടി, ഉത്സാഹമില്ലായ്മ; 2. ക്ഷീണത, മൂർച്ഛ; 3. രോഗം.
ആലഹലം [<സം. ഹാലാഹല] നാ. വിഷം.
ആലറ [ആല്-അറ] നാ. = അലാതം.

ആലാത്തി നാ. നാലുകോണിലും മുളവച്ചുകെട്ടി ഘോഷയാത്രയിൽ ഉയർത്തിപ്പിടിക്കുന്ന ചതുരാകൃതിയിലുള്ള പട്ടുശീല.

ആലാത്ത്, ആലാസ് [അറ.] നാ. വലിയ വടം

ആലാത്തുക ക്രി. കൂക്കുവിളിക്കുക, ആർത്തുവിളിക്കുക, കുരവയിടുക, അലറുക.

ആലാനം [സം.] നാ. = ആളാനം

ആലാപനം [സം. ആലാപന, -നാ] നാ. രാഗവിസ്താരം, ആലാപം.

ആലാപനസങ്ഗീതം [സം. -സങ്ഗീത] നാ. വായ്പ്പാട്ട്.

ആലാപം [സം. ആ-ലാപ] നാ. 1. സംഭാഷണം; 2. കളിവാക്ക്; 3. രാഗവിസ്താരം, പാട്ട്.

ആലാപറക്കുക ക്രി. കഷ്ടപ്പെടുക, വേവലാതിപ്പെടുക.

ആലാപി [സം. ആ-ലാപിൻ] വി. ആലാപനംചെയ്യുന്ന. (സ്ത്രീ) ആലാപിനി.

ആലാപിക്കുക [<സം. ആ-ലപ്] നാ. 1. രാഗം വിസ്തരിക്കുക, പാടുക; 2. സംസാരിക്കുക, പറയുക.

ആലാപിനി [സം. -ലാപിനി] നാ. ഒരുതരം വീണ, അലാബുനി, ആളാമ്മണി.

ആലാബു [സം.] നാ. = അലാബു.

ആലായി നാ. വലിയ മൊത്തക്കച്ചവടക്കാരൻ.

ആലാലം [<സം. ഹാലാഹല] നാ. വിഷം, കാളകൂടം.

ആലാവർത്തം [സം. ആലാവർത] നാ. തുണികൊണ്ടുള്ള വിശറി, ആലവട്ടം.

ആലാസ്യം [സം. ആല-ആസ്യ] നാ. മുതല.

ആലാസ്സ് നാ. = ആലാത്ത്. (പ്ര) ആലാസ്സുപിരിക്കുക = വെടിപറയുക.

ആലാഹലം [<സം. ഹാലാഹല] നാ. വിഷം, കാളകൂടം.

ആലാഹാ [സുറി.] നാ. ദൈവത്തിൻെറ വിശുദ്ധത്രിത്വത്തിൽ ഉൾക്കൊണ്ടിരിക്കുന്ന പിതാവ്.

ആലി1 നാ. 1. മഴത്തുള്ളി; 2. ആലിപ്പഴം, കാറ്റ്.

ആലി2 [സം. ആലി] നാ. ചിറ, വരമ്പ്.

ആലി3 നാ. മുത്തുച്ചിപ്പി.

ആലി4 [അറ.] നാ. മുഹമ്മദീയപ്രഭു, അലി.

ആലിക്കുക ക്രി. ആർപ്പുവിളിക്കുക.

ആലിങ്ഗനം [സം. ആ-ലിങ്ഗന < ലിങ്ഗ്] നാ. 1. കെട്ടിപ്പിടിക്കൽ, തഴുകൽ; 2. തഴുതാമ.

ആലിങ്ഗനമൂർത്തി [സം. ആലിങ്ഗന-മൂർത്തി] നാ. ഇടതുകൈകൊണ്ട് ദേവിയെ ആലിങ്ഗനം ചെയ്യുന്ന രീതിയിലുള്ള ശിവവിഗ്രഹം.

ആലിങ്ഗം [സം. ആ-ലിങ്ഗ] നാ. 1. (ശിൽപ.) ഭിത്തിയിലുള്ള ഒരുതരം അലങ്കാരപ്പണി; 2. ഒരുതരം ചെണ്ട; 3. കെട്ടിപ്പുണരൽ.

ആലിങ്ഗിത [സം. -ലിങ്ഗിത] വി. ആലിങ്ഗനം ചെയ്യപ്പെട്ട.

ആലിങ്ഗിതം [സം. -ലിങ്ഗിത] നാ. ആലിങ്ഗനം.

ആലിങ്ഗ്യ1 [സം.-ലിങ്ഗ്യ] വി. ആലിങ്ഗനം ചെയ്യത്തക്ക.

ആലിങ്ഗ്യ2 [സം. -ലിങ്ഗ്യ] അവ്യ. ആലിങ്ഗനം ചെയ്തിട്ട്, കെട്ടിപ്പിടിച്ചിട്ട്.

ആലിഞ്ജരം [സം. ആലിഞ്ജര] നാ. വലിയ മൺകുടം.

ആലിപ്പഴം [ആലി1-പഴം] നാ. ആകാശത്തുനിന്നും ജലകണങ്ങൾ ഒന്നിച്ചുകൂടി കട്ടിയായി വീഴുന്നത്, വർഷോപലം.

ആലിപ്പ് നാ. വലിയ ശബ്ദം.

ആലിം [അറ.] നാ. വിദ്വാൻ. (ബ.വ.) ആലിമീൻ.

ആലിമ്പനം [സം. ആ-ലിമ്പന < ലിമ്പ്] നാ. വെള്ളയടിക്കൽ.

ആലിലക്കല്ലൂർവഞ്ചി നാ. ഒരിനം കല്ലൂർവഞ്ചിച്ചെടി, വടപത്രി.

ആലിലത്താലി നാ. ആലിലയുടെ ആകൃതിയിലുള്ള ഒരു കണ്ഠാഭരണം.

ആലീഢ [സം. ആ-ലീഢ < ലിഹ്] വി. 1. നക്കപ്പെട്ട, നക്കിത്തിന്ന; 2. മുറിവേൽപ്പിക്കപ്പെട്ട.

ആലീഢകം [സം. ആ-ലീഢക] നാ. കന്നുകുട്ടിയുടെ തുള്ളിച്ചാട്ടം.

ആലീഢപ്ലുതം [സം. ആലീഢ-പ്ലുത] നാ. ഒരുകാൽ മടക്കിയും മറ്റെക്കാൽ നിവർത്തിയും കൊണ്ടുള്ള കുതിരയുടെ ഓട്ടം.

ആലീഢം [സം. ആ-ലീഢ] നാ. 1. അമ്പെയ്യാനുള്ള ഒരുതരം നിൽപ്പ്; 2. വാളും പരിചയും പ്രയോഗിക്കുന്ന രീതികളിൽ ഒന്ന്.

ആലീഢാസനം [സം. ആലീഢ-ആസന] നാ. ബിംബങ്ങളുടെ ഒരു നില, ബാണപ്രയോഗസമയത്തെന്നപോലെ ഇടത്തെക്കാൽ മുമ്പോട്ടാക്കിയും വലത്തെക്കാൽ അൽപം മടക്കിയുമുള്ള നിൽപ്പ്.

ആലീന [സം. ആ-ലീന < ലീ] വി. നല്ലപോലെലയിച്ചു, ഒട്ടിനിൽക്കുന്ന, വളരെ ചേർന്നുകിടക്കുന്ന.

ആലീനകം [സം. -ലീനക] നാ. വെളുത്തീയം.

ആലീനം [സം. -ലീന] നാ. ഗദാപ്രയോഗങ്ങളിൽ ഒരു വിധം.

ആലു [സം. ആലു] നാ. 1. കിണ്ടി, വെള്ളം സൂക്ഷിക്കുന്ന ഒരുതരം പാത്രം; 2. മുങ്ങ; 3. കരിന്താളിമരം; 4. ഒരുതരം കിഴങ്ങ്, ചേമ്പ്; 5. ചങ്ങാടം.

ആലുക [ത. ആലുതൽ] ക്രി. അനങ്ങുക; 2. വ്യാപിക്കുക; 3. തൂങ്ങിക്കിടക്കുക; 4. ചെലവാകുക, വറ്റുക.

ആലുകൻ [സം.] നാ. അനന്തൻ.

ആലുകം [സം. ആലുക] നാ. 1. കരിന്താളി; 2. ചേന.

ആലുകീയം [സം.] അരിമ്പാറ.

ആലുഞ്ചനം [സം. ആ-ലുഞ്ചന <ലുഞ്ച്] നാ. കീറൽ, ഛിന്നഭിന്നമാക്കൽ.

ആലുണ്ടനം [സം. ആ-ലുണ്ടന < ലുണ്ട്] നാ. കൊള്ള, കവർച്ച.

ആലും (വ്യാക.) 1. ക്രിയയോടുചേർക്കുന്ന ഒരു പ്രത്യയം, നിയോജകപ്രകാരം, മധ്യമപുരുഷൻ, ഭൂതകാലത്തിനുമേൽ ചേർക്കുന്നു. ഉദാ: കണ്ടാലും; 2. 'ഉം' ചേർന്ന പാക്ഷികവിനയെച്ചപ്രത്യയം. ഉദാ: പോയാലും കാണാനാവില്ല.

ആലുല [സം. ആ-ലുല] വി. 1. അനക്കമുള്ള, വിറയ്ക്കുന്ന; 2. ഉറപ്പില്ലാത്ത.

ആലുവ [ആല്-വായ്] നാ. മധ്യകേരളത്തിൽ പെരിയാറിൻെറ തീരത്തുള്ള ഒരു സുഖവാസസ്ഥലം. ആലുവാപ്പുഴ = പെരിയാർ

ആലുളിത [സം. ആ-ലുലിത] വി. ആലോളനം ചെയ്യപ്പെട്ട, ഇളക്കപ്പെട്ട.

ആലുഴി [ആല്1-ഉഴി] നാ. പേരാലിൻെറ താങ്ങുവേര്.

ആലുന [സം. ആ-ലുന < ലു] വി. മുറിക്കപ്പെട്ട.

ആലെ (വ്യാക.) 1. 'ഏ' ചേർന്ന പാക്ഷികവിനയെച്ചപ്രത്യയം. ഉദാ: പറഞ്ഞാലേ അറിയു; 2. 'ഏ' ചേർന്ന പ്രയോജികാവിഭക്തിപ്രത്യയം. ഉദാ: ഭക്തിയാലേപ്രസാദിക്കു.
243
ആലേഖനം [സം. ആ-ലേഖന < ലിഖ്] വി. 1. എഴുത്ത്; 2. ചിത്രമെഴുത്ത്.
ആലെഖനി [സം. -ലേഖനി] നാ. ചിത്രമെഴുതുവാനുള്ള ബ്രഷ്, തൂലിക.
ആലേഖം [സം. -ലേഖ] നാ. 1. എഴുത്ത്; 2. പ്രമാണം.
ആലേഖ്യകാരൻ [സം. -ലേഖ്യ-കാര < കൃ] നാ. ചിത്രകാരൻ.
ആലേഖ്യം [സം. -ലേഖ്യ] നാ. ചിത്രരചന, ചിത്രം.
ആലേഖ്യലേഖ [സം. -ലേഖ്യ-ലേഖാ] നാ. ചിത്രമെഴുത്ത്.
ആലേപം, -പനം [സം. -ലേപ, -ലേപന < ലിപ്] നാ. 1. പൂശൽ, പുരട്ടൽ; 2. കുറിക്കൂട്ട്.
ആലോകനം [സം. -ലോകന < ലോക്] നാ. ആലോകം.
ആലോകനീയ [സം. -ലോകനീയ] വി. നോക്കത്തക്ക, കാണേണ്ടതായ, കാണത്തക്ക.
ആലോകം [സം. -ലോക] നാ. 1. നോട്ടം, കാഴ്ച, വീക്ഷണം; 2. കണ്ണെത്തുന്നിടത്തോളമുള്ള കാഴ്ച; 3. പ്രകാശം; 4. സ്തുതി, പ്രശംസ; 5. ഗ്രന്ഥത്തിൻെറ ഒരു വിഭാഗം.
ആലോകിക്കുക [<സം. ആ-ലോക്] ക്രി. കാണുക, നോക്കുക.
ആലോകിത [സം. -ലോകിത] വി. കാണപ്പെട്ട, കണ്ട.
ആലോക്യ1 [സം. -ലോക്യ] വി. ആലോകനീയ.
ആലോക്യ2 [സം. -ലോക്യ] അവ്യ. കണ്ടിട്ട്.
ആലോചക [സം. -ലോചക < ലോച്] വി. കാണിക്കുന്ന, ചിന്തിപ്പിക്കുന്ന.
ആലോചകം [സം.] നാ. കാഴ്ചയ്ക്ക് ഉപകാരമായത്.
ആലോചന [സം. ആ-ലോചന, -നാ] നാ. 1. വിചാരം, ചിന്ത, ഗുണദോഷപരിശോധന; 2. ഒന്നിലധികംപേർ കൂടിയിരുന്നുള്ള കാര്യവിചാരം; 3. വിവാഹം നടത്താനുള്ള പരിചിന്തനം.
ആലോചനീയ [സം. -ലോചനീയ] വി. ആലോചിക്കാൻ കൊള്ളാവുന്ന.
ആലോചിക്കുക [< സം. ആ-ലോച്] ക്രി. 1. ചിന്തിക്കുക, പരിഗണിക്കുക, ഒന്നിൻെറ ഗുണദോഷങ്ങളും മറ്റും നിർണയിക്കാൻ മനസ്സുകൊണ്ട് ആരായുക; 2. കൂടിവിചാരം ചെയ്യുക.
ആലോചിത [സം. -ലോചിത] വി. ആലോചിക്കപ്പെട്ട.
ആലോഡനം [സം. -ലോഡനം < ലോഡ്] നാ. 1. ഇളക്കൽ, കുലുക്കൽ; 2. കൂട്ടിക്കലർത്തൽ.
ആലോല [സം. -ലോല] വി. ഇളകുന്ന, മന്ദമായി ചലിക്കുന്ന, വിറകൊള്ളുന്ന. നാ. ആലോലം = ചാഞ്ചല്യം, അല്പമായ ചലനം. ആലോലവായു = ഇളങ്കാറ്റ്.
ആലോലദൃക്ക് [സം. ആലോല-ദൃക് (-ദൃശ്)] നാ. സുന്ദരി.
ആലോലിക്കുക [< സം. ആ-ലോല്] ക്രി. ആട്ടുക, താലോലിക്കുക.
ആലോളിത [സം. -ലോലിത] വി. അല്പമായി ഇളക്കപ്പെട്ട.
ആലോഹിത [സം. -ലോഹിത] വി. അല്പം ചുവന്ന.

ആവക [സം. ആവക < അവ] വി. രക്ഷിക്കുന്ന.
ആവക്ര [സം. ആ-വക്ര] വി. അല്പം വളഞ്ഞ.
ആവക്ഷ:പ്രതിമ [സം. -വക്ഷ:-പ്രതിമാ] നാ. ഊർധ്വകായ പ്രതിമ.
ആവഞ്ചി [ത. ആവഞ്ചി] നാ. പശുത്തോൽ കെട്ടിയുണ്ടാക്കുന്ന ഒരുതരം ഇടയ്ക്ക.
ആവണ നാ. ആമയുടെ ആകൃതിയിലുള്ള പലക, ആവണപ്പലക.
ആവണക്കല്ല് നാ. കിണറ്റിനടുത്തുള്ള കൽത്തൊട്ടി.
ആവണക്ക്, ആമണക്ക് [സം. ആമണ്ഡക] നാ. ഔഷധപ്രാധാന്യമുള്ളതും വിത്തുകൾ (കുരുക്കൾ) ഉണ്ടാകുന്നതുമായ ഒരു സസ്യം.
ആവണക്കെണ്ണ നാ. ആവണക്കിൻകുരു ആട്ടി എടുക്കുന്ന എണ്ണ.
ആവണപ്പലക നാ. ആമയുടെ ആകൃതിയിലുള്ള പലക, ആമപ്പലക, ആവണ.
ആവണം [പ്രാ. ആവണ < സം. ആപണ] നാ. 1. ചന്ത; 2. ആധാരം, പ്രമാണം; 3. കോഴി.
ആവണി [പ്രാ. സാവണ < സം. ശ്രാവണ] നാ. 1. ചിങ്ങമാസം; 2. തിരുവോണം നക്ഷത്രം.
ആവണിയവിട്ടം നാ. ചിങ്ങമാസത്തിലെ അവിട്ടംനാൾ.
ആവതി നാ. 1. ആവി; 2. ചൂട്.
ആവത് [< ആകുക] നാ. 1. കഴിവുള്ളത്, സാധ്യമായത്; 2. പിന്നിൽ വരുന്ന വിവരണത്തെ സൂചിപ്പിക്കുന്ന പദം, എന്തെന്നാൽ, ഏതെന്നാൽ. ഉദാ: ചെയ്യുകാര്യമാവത്.
ആവത്ത് [സം. ആവത്] നാ. സാമീപ്യം.
ആവനാഴി [പ്രാ. ചാവനാളി < സം. ചാപ-നാഡീ] നാ. അമ്പുകൾ ഇടുന്ന ഉറ.
ആവനേയൻ [സം. ആവനേയ < അവനീ] നാ. അവനീ പുത്രൻ, കുജൻ.
ആവനേയി [സം. ആവനേയീ < അവനീ] നാ. അവനീ പുത്രി, സീത.
ആവന്തിക [സം. ആവന്തിക] വി. അവന്തി രാജ്യത്തിലുള്ള.
ആവപനം [സം. ആ-വപന] നാ. 1. വിതയ്ക്കൽ; 2. പാത്രം, ഭരണി; 3. ക്ഷൗരം; 4. ജനനസ്ഥലം.
ആവം നാ. 1. അമ്പുറ; 2. വില്ലിൻെറ ഞാൺ.
ആവയം [സം. ആവയ] നാ. 1. വരവ്; 2. വെള്ളം; 3. വന്ധ്യത.
ആവർജക [സം. ആ-വർജക < വർജ്] വി. ആവർജിക്കുന്ന, ആകർഷിക്കുന്ന.
ആവർജനം [സം. -വർജന] നാ. ആവർജിക്കൽ, വശീകരിക്കൽ, ആകർഷിക്കൽ, സന്തോഷിപ്പിക്കൽ.
ആവർജിത [സം. -വർജിത] വി. ആവർജിക്കപ്പെട്ട.
ആവർത്തക [സം. വർതക < വൃത്] വി. ആവർത്തിക്കുന്ന, ചുറ്റിത്തിരിയുന്ന.
ആവർത്തകം [സം. -വർതക] നാ. 1. ഒരു മേഘത്തിൻെറ പേര്; 2. നീർച്ചുഴി; 3. തലമുടിച്ചുരുൾ; 4. (സങ്ഗീ.) ഒരു അലങ്കാരം; 5. വിഷമുള്ള ഒരു പ്രാണി; 6. ആവർത്തിക്കുന്നത്; 7. ചുറ്റിത്തിരിയൽ.
ആവർത്തനൻ [സം. -വർതന] നാ. വിഷ്ണു.

ആവർത്തനം [സം.] നാ. 1. വീണ്ടും വീണ്ടുമുള്ള പ്രവർത്തനം, ഇരട്ടിപ്പ്, ഒരേ ക്രിയയെ ഒന്നിൽക്കൂടുതൽ തവണ ചെയ്യൽ; 2. ചുറ്റിത്തിരിയൽ, കറക്കം.
ആവർത്തനീയ [സം. ആ-വർതനീയ] വി. ആവർത്തിക്കപ്പെടേണ്ട.
ആവർത്തം [സം. -വർത] നാ. 1. ചുറ്റിത്തിരിയൽ, ചുറ്റൽ, ഉരുൾച്ച; 2. നീർച്ചുഴി; 3. ഒരു പ്രളയമേഘം; 4. ഒരുതരം രത്നം; 5. പുരികങ്ങളുടെ മുകളിൽ നെറ്റിയിലുള്ള രണ്ടു സന്ധിമർമങ്ങൾ; 6. രോമച്ചുഴി; 7. പരിചിന്തനം.
ആവർത്തി [സം. ആ-വർതിൻ] വി. ആവർത്തിക്കുന്ന. നാ. ആവൃത്തി.
ആവർത്തിക്കുക [<സം. ആ-വൃത്] ക്രി. 1. ഒരു പ്രവൃത്തി വീണ്ടും വീണ്ടും ചെയ്യുക; 2. (വൈദ്യ.) മരുന്നുകളുടെ വീര്യം വർധിപ്പിക്കുന്നതിന് പാകവിധികൾ വീണ്ടും വീണ്ടും ചെയ്യുക.
ആവർത്തിനി1 [സം. -വർതിനീ] നാ. 1. കരണ്ടി; 2. മൂശ; 3. ഒരു ജാലവിദ്യ.
ആവർത്തിനി2 [സം.] നാ. 1. നീർച്ചുഴി; 2. ആട്ടുകൊട്ടപ്പാല, അജശൃങ്ഗി; 3. കണവീരം.
ആവര നാ. ഒരു മരുന്നുചെടി, പൊന്നാവര, നീലവാക.
ആവരക [സം. ആ-വരക < വൃ] വി. മറയ്ക്കുന്ന, മൂടുന്ന.
ആവരണചതുഷ്ടയം [സം. ആവരണ-ചതുഷ്ടയ] നാ. നാല് ആവരണങ്ങൾ (ഭൂമിക്കു സമുദ്രം, വീടിനു മതിൽ, നാട്ടിനു രാജാവ്, സ്ത്രീക്കു പാതിവ്രത്യം എന്നിവ).
ആവരണചി ം [സം. -വരണ-ചി ] നാ. എഴുത്തിലും അച്ചടിയിലും ഗർഭിതവാക്കുകളേയോ അക്കങ്ങളേയോ ഉൾക്കൊള്ളിക്കുന്ന വലയരേഖ, കോഷ്ഠകം, ബ്രാക്കറ്റ്.
ആവരണം [സം. ആ-വരണ] നാ. 1. മറ, മൂടി, മൂടുപടം; 2. വസ്ത്രം ഉടുപ്പു മുതലായവ; 3. തടസ്സം; 4. മറയ്ക്കൽ; 5. യാഥാർഥ്യത്തെ മറയ്ക്കുന്ന മായയുടെ ശക്തി; 6. കവചം; 7. കുറ്റി; 8. ആവരണചി ം.
ആവൽ1 നാ. വാവൽ, വവ്വാൽ.
ആവൽ2 നാ. ആവിമരം, ഞെട്ടാവൽ എന്ന വൃക്ഷം.
ആവൽ3 നാ. 1. ആഗ്രഹം; 2. ദു:ഖം, സങ്കടം.
ആവല്ഗിത [സം. ആ-വല്ഗിത < വല്ഗ്] വി. 1. പതുക്കെ ഇളകുന്ന; 2. കുതിക്കുന്ന, കുതിച്ചുചാടുന്ന.
ആവലം നാ. 1. തോട്ടം; 2. നൂൽപ്പുകാർ നൂൽ ചുറ്റുന്ന തടി.
ആവലാതി നാ. പരാതി, സങ്കടം.
ആവലി [സം. ആ-വലി, -ലീ] നാ. 1. കൂട്ടം, സമൂഹം; 2. നിര, വംശപരമ്പര.
ആവലിത [സം. -വലിത < വല്] വി. അല്പം തിരിഞ്ഞ.
ആവശ്യകം [<സം. അവശ്യ] നാ. ആവശ്യമായത്.
ആവശ്യപ്പെടുക [സം. ആവശ്യ-മ. പെടുക] ക്രി. 1. വേണ്ടിവരിക, ആവശ്യമായിത്തീരുക; 2. ചോദിക്കുക, വേണമെന്നു പറയുക.
ആവശ്യം [സം. < അ-വശ്യ] നാ. 1. വേണ്ടത്, വേണമെന്ന സ്ഥിതി; 2. പ്രയോജനം.
ആവസതി [സം. ആ-വസതി] നാ. 1. രാത്രി വിശ്രമിക്കുന്ന സ്ഥലം, കിടപ്പാടം; 2. രാത്രി.

ആവസഥം [സം. -വസഥ] നാ. 1. നിവാസസ്ഥാനം, പാർപ്പിടം, വിശ്രമസ്ഥലം; 2. ഗ്രാമം, യാഗാഗ്നി സംരക്ഷിക്കുന്ന സ്ഥലം; 3. ഛാത്രന്മാരും സന്യാസിമാരും പാർക്കുന്ന സ്ഥലം.
ആവസഥ്യം [സം. -വസഥ്യ] നാ. 1. ഗൃഹത്തിൽ സൂക്ഷിക്കുന്ന അഗ്നി, അഞ്ചഗ്നികളിൽ ഒന്ന്; 2. വിദ്യാർഥികൾക്കും സന്ന്യാസിമാർക്കും താമസിക്കാനുള്ള സ്ഥലം; 3. പാർപ്പിടം.
ആവസാന [സം. ആ-അവസാന] വി. നഗരത്തിൻെറ അങ്ങേയറ്റത്തു താമസിക്കുന്ന.
ആവസിക്കുക [<സം. ആ-വസ്] ക്രി. താമസിക്കുക, പാർക്കുക.
ആവസിത [സം. -അവസിത] വി. 1. അവസാനിപ്പിച്ച; 2. പാറ്റിയെടുത്ത; 3. നല്ലപോലെ വിളഞ്ഞു പഴുത്ത; 4. തീർച്ചപ്പെടുത്തിയ. നാ. മെതിച്ച ധാന്യം.
ആവസ്ഥിക [സം. < അവസ്ഥ] വി. അവസ്ഥയ്ക്കുയോജിച്ച.
ആവസ്ഥികൻ [സം.] നാ. ഗൃഹസ്ഥൻ, ഗൃഹത്തിൽ അഗ്നി സൂക്ഷിക്കുന്നവൻ.
ആവഹ [സം. ആ-വഹ] വി. ആവഹിക്കുന്ന, കൊണ്ടുവരുന്ന, ഉണ്ടാക്കുന്ന, (സമാസത്തിൽ ഉത്തരപദമായി പ്രയോഗം. ഉദാ: ആശാവഹ).
ആവഹൻ, ആവാഹൻ [സം.] നാ. സപ്തമരുത്തുകളിൽ ഒന്ന്, ഗഗനൻ (ഭൂവർലോകത്തിലേത്).
ആവഹനം [സം. ആ-വഹന] നാ. 1. ആവഹിക്കൽ, കൊണ്ടുവരൽ; 2. ഉത്പാദിപ്പിക്കൽ.
ആവഹിക്കുക [<സം. ആ-വഹ്] ക്രി. 1. കൊണ്ടുവരിക; 2. ധരിക്കുക; 3. ഉണ്ടാക്കുക, ഉത്പാദിപ്പിക്കുക; 4. കൈക്കൊള്ളുക.
ആവള, ആവളം അവ്യ. = ആവോളം.
ആവാപകം [സം. ആ-വാപക] നാ. കാപ്പ്.
ആവാപനം [സം. -വാപന] നാ. 1. തറി, തറിമരം; 2. നൂൽ ചുറ്റുന്ന റാട്ട്; 3. ക്ഷൗരം.
ആവാപം [സം. -വാപ] നാ. 1. വിതയ്ക്കൽ, വിതറൽ; 2. കല്കം ചേർക്കൽ; 3. വള, കാപ്പ്; 4. വൃക്ഷത്തിൻെറ തടം; 5. ധാന്യം എടുക്കുവാനുള്ള പാത്രം; 6. ഒരുതരം പാനീയം; 7. കൂട്ടിച്ചേർക്കൽ, മിശ്രണം ചെയ്യൽ; 8. പ്രധാന ഹോമദ്രവ്യം; 9. അധികം സൈന്യത്തെ കൂട്ടിച്ചേർത്തു വ്യൂഹത്തെ ബലപ്പെടുത്തൽ.
ആവാപിക [സം. -വാപിക] വി. 1. കൂടുതലായ, കൂട്ടിച്ചേർത്ത; 2. വിതയ്ക്കത്തക്ക, വിത്തിനെടുക്കത്തക്കവണ്ണം മൂപ്പെത്തിയ, കൊയ്യാറായ.
ആവാര നാ. ആവര.
ആവാരം [സം. -വാര] നാ. 1. വേലി; 2. മൂടി, മറ; 3. രക്ഷ, രക്ഷാസ്ഥാനം.
ആവാരി [സം. -വാരി] നാ. പീടിക, കട.
ആവാലം [സം. -വാല] നാ. ആലവാലം.
ആവാസം [സം. -വാസ < വാസ്] നാ. 1. പാർപ്പിടം, വീട്; 2. സ്ഥിതി.
ആവാസി [സം. -വാസിൻ] വി. താമസിക്കുന്ന.
ആവാഹൻ [സം. -വാഹ < വഹ്] നാ. = ആവഹൻ.

ആവാഹനം [സം. -വാഹന] നാ. 1. ആവാഹിക്കൽ, സമീപത്ത് ആനയിക്കൽ, വിളിക്കൽ; 2. മന്ത്രശക്തികൊണ്ട് വിളിച്ചുവരുത്തൽ; 3. ഹോമം; 4. (തന്ത്ര.) ഒരു ഹസ്തമുദ്ര, ആവാഹനി.
ആവാഹനി [സം. -വാഹനീ] നാ. (തന്ത്ര.) ആവാഹിക്കുമ്പോൾ കാണിക്കുന്ന ഒരു മുദ്ര.
ആവാഹം [സം. -വാഹ] നാ. 1. വിവാഹം; 2. മതപരമായ അനുഷ്ഠാനം.
ആവാഹി [സം. -വാഹിൻ] നാ. വഹിച്ചുപോകുന്നവൻ.
ആവാഹിക്കുക [<സം. ആ-വഹ്] ക്രി. മന്ത്രം ജപിച്ചു വിളിക്കുക, സമീപത്തുവരുത്തുക.
ആവാഹ്യ1 [സം. -വാഹ്യ] വി. ആവാഹിക്കേണ്ട.
ആവാഹ്യ2 [സം. -വാഹ്യ] അവ്യ. ആവാഹിച്ചിട്ട്, ആവാഹനം ചെയ്തിട്ട്.
245
ആവി1 നാ. 1. വെള്ളം തിളച്ചുണ്ടാകുന്ന ബാഷ്പം; 2. പുക, മൂടൽമഞ്ഞ്; 3. ചൂട്; 4. നെടുവീർപ്പ്; 5. പ്രാണൻ, മനസ്സ്, ഹൃദയം; 6. കോട്ടുവാ; 7. ആട് (അവി).
ആവി2 നാ. ആവിൽ, ആവിമരം.
ആവി3 നാ. കുളം, വാപി.
ആവിക [സം. < അവി] വി. 1. ആടിനെ സംബന്ധിച്ച; 2. ആട്ടുരോമംകൊണ്ട് ഉണ്ടാക്കിയ.
ആവികൻ [സം.] നാ. ആടിനെക്കൊണ്ട് ഉപജീവിക്കുന്നവൻ.
ആവികം [സം.] നാ. 1. കമ്പിളി, ഫ്ലാനൽത്തുണി കരിമ്പടം മുതലായവ; 2. ആട്ടിൻതോൽ.
ആവിക്കപ്പൽ [ആവി-കപ്പൽ] നാ. ആവിയുടെശക്തികൊണ്ട് ഓടുന്ന കപ്പൽ.
ആവിക്കലം [സം. ആവി-കല] നാ. 1. (അലക്കുന്നതിനുള്ള തുണി) ആവിക്കുവയ്ക്കുന്നതിനുള്ള കലം; 2. ആവിപിടിക്കാൻ വെള്ളം തിളപ്പിക്കുന്നതിനുള്ള കലം.
ആവിക്കുക ക്രി. കോട്ടുവായിടുക.
ആവിഗ്ന [സം. ആ-വിഗ്ന < വിജ്] വി. പീഡിപ്പിക്കപ്പെട്ട, ഉപദ്രവിക്കപ്പെട്ട, ക്ഷോഭിച്ച, പതറിയ, ഭയപ്പെട്ട.
ആവിഗ്നം [സം.] നാ. പെരുങ്ക്ലാവ്.
ആവിത്1 'ആം' (ആകും) എന്നതിനോട് 'ഇത്' എന്ന നപുംസകസർവനാമം ചേർന്ന് ഉണ്ടായ രൂപം. അനുസ്വാരത്തിനു 'വ്' ആദേശം. 1. ആകുന്നു, ആകും; 2. പിന്നിൽവരുന്ന വിവരണത്തെ സൂചിപ്പിക്കുന്ന പദം, എന്തെന്നാൽ, ഏതെന്നാൽ.
ആവിത്2 = ആവത്.
ആവിത്ത് [സം. ആ-വിദ്] നാ. ജ്ഞാനം.
ആവിദൂര്യം [സം. < അ-വിദൂര] നാ. സാമീപ്യം, അടുപ്പം.
ആവിദ്ധ [സം. ആ-വിദ്ധ < വ്യധ്] വി. 1. തുളയ്ക്കപ്പെട്ട; 2. വളഞ്ഞ; 3. എറിയപ്പെട്ട; 4. ഭഗ്നാശനായ; 5. മൂഢനായ; 6. കള്ളമായ.
ആവിധം [സം. -വിധ] നാ. തുരപ്പൻ ഉളി, തമര്.
ആവിനി നാ. ആഞ്ഞിലി.
ആവിപത്രം [മ. ആവി-സം.പത്ര] നാ. പുകയില.

ആവിമരം [ആവി2-മരം] നാ. ദുർഗന്ധമുള്ള ഇലകളോടുകൂടിയ ഒരു മരം, പുതികരഞ്ജം.
ആവിയാട് [സം. < അവി] നാ. പള്ളാട് (കൊറിയാട്).
ആവിർഭവിക്കുക [<സം. ആവിർ-ഭു] ക്രി. 1. പ്രത്യക്ഷപ്പെടുക, കാണാറാവുക; 2. ഉണ്ടാവുക.
ആവിർഭാവം [സം. -ഭാവ] നാ. പ്രത്യക്ഷപ്പെടൽ, കാണാറാകൽ, ഉത്പത്തി.
ആവിർഭൂത [സം. -ഭൂത] വി. ആവിർഭവിച്ച, പ്രത്യക്ഷമായ.
ആവിർമുദാ [സം.-മുദാ] അവ്യ. ആവിർമോദം.
ആവിർമോദം [സം. -മോദം] അവ്യ. സന്തോഷത്തോടുകൂടി.
ആവിരാനന്ദം [സം. -ആനന്ദം] അവ്യ = ആവിർമോദം.
ആവിൽ നാ. ആവൽ, ആവിമരം.
ആവില [സം.] വി. കലങ്ങിയ, തെളിവില്ലാത്ത, ഇരുണ്ട.
ആവിലത, -ത്വം [ആ-വിലിത] വി. കലക്കപ്പെട്ട, ക്ഷോഭിച്ച, ദു:ഖിച്ച.
ആവില്ല [ആവ്-ഇല്ല] നിഷേധകക്രീയ 1. ആവുകയില്ല, കഴിയുകയില്ല, സാധിക്കുകയില്ല; 2. ആയിരിക്കുകയില്ല.
ആവിവണ്ടി നാ. ആവിയുടെശക്തികൊണ്ട് ഓടുന്ന വണ്ടി, തീവണ്ടി.
ആവിഷം [സം. ആ-വിഷ] നാ. അതിവിടയം.
ആവിഷ്കർത്താവ് [സം. ആവിസ്-കർതൃ] നാ. ആവിഷ്കരിക്കുന്നവൻ, പ്രകാശിപ്പിക്കുന്നവൻ.
ആവിഷ്കരണം [സം.-കരണ] നാ. വെളിപ്പെടുത്തൽ, പ്രകാശിപ്പിക്കൽ.
ആവിഷ്ക്കരിക്കുക [<സം. ആവിസ്-കൃ] ക്രി. പ്രകാശിപ്പിക്കുക, വെളിപ്പെടുത്തുക.
ആവിഷ്കാരം [സം. -കാര] നാ. ആവിഷ്കരണം.
ആവിഷ്കൃത [സം. -കൃത] വി. പ്രകാശിപ്പിക്കപ്പെട്ട, വെളിപ്പെടുത്തപ്പെട്ട, ആവിഷ്കരിച്ച.
ആവിഷ്കൃതി [സം. കൃതി] നാ. ആവിഷ്കാരം.
ആവിഷ്ട [സം.-വിഷ്ട < വിശ്] വി. 1. ആവേശിക്കപ്പെട്ട, ബാധിക്കപ്പെട്ട; 2. പ്രവേശിച്ച; 3. കീഴടക്കപ്പെട്ട; 4. മുഴുകിയ, ലയിച്ച; 5. നിറഞ്ഞ.
ആവീത [സം. ആ-വീത < വീ] വി. ധരിക്കപ്പെട്ട.
ആവീരം നാ. ഒരു ഔഷധി, പൊന്നാവീരം.
ആ(വ്)1 [ത. ആ] നാ. പശു.
ആവ്2 (വ്യാക.) = ആവൂ.
ആവു വ്യാക്ഷേ. വേദന, ക്ഷീണത, ആശ്വാസം മുതലായവയെ കുറിക്കുന്നത്.
ആവുക ക്രി. = ആകുക.
ആവുകൻ [സം. ആവുക] നാ. അച്ഛൻ (സംസ്കൃത നാടകത്തിൽ).
ആവുത്തൻ [സം.] നാ. സഹോദരിയുടെ ഭർത്താവ്.
ആവൂ1 വ്യാക്ഷേ. = ആവു
ആവൂ2 [ആകുക] (വ്യാക.) അവധാരകഭാവിരൂപം, ആശാസാർഥത്തിൽ ക്രീയയുടെ ഭൂത രൂപത്തോടു ചേർക്കുന്ന പ്രത്യയം.
ആവൃത [സം. ആ-വൃത < വൃ] വി. 1. ആവരണം ചെയ്യപ്പെട്ട, മറയ്ക്കപ്പെട്ട, മൂടിയ, ചുറ്റപ്പെട്ട; 2. നിറഞ്ഞ; 3. പടർന്ന.

ആവൃതൻ [സം. -വൃത] നാ. ബ്രാഹ്മണന് ഉഗ്രകന്യകയിൽ ജനിച്ചവൻ.

ആവൃതി [സം. -വൃതി] നാ. 1. ആവരണം, ചുറ്റ്, മറ; 2. വേലി; 3. മതിൽ; 4. കയ്യാല.

ആവൃത്ത [സം. -വൃത്ത < വൃത്] വി. 1. ആവർത്തിക്കപ്പെട്ട; 2. പിന്തിരിപ്പിക്കപ്പെട്ട; 3. ചുറ്റപ്പെട്ട; 4. കാണാതെപഠിച്ച, ഉരുവിട്ടുപഠിച്ച; 5. പരിഹരിക്കപ്പെട്ട.

ആവൃത്തം [സം. -വൃത്ത] നാ. 1. താളത്തിന്റെ പൂർത്തി; 2. ഗദകൊണ്ടുള്ളപ്രയോഗങ്ങളിൽ ഒന്ന്.

ആവൃത്തി1 [സം. -വൃത്തി] നാ. 1. പ്രാവശ്യം, തവണ; 2. ചുറ്റിത്തിരിയൽ; 3. ഒരു യമകഭേദം; 4. ആവർത്തനം, വീണ്ടുമുള്ള പഠനം; 5. വീണ്ടും വീണ്ടും ജനനം; 6. വഴിത്തിരിവ്; 7. സംഭവം.

ആവൃത്തി2 നാ. ആവർത്തനസ്വഭാവമുള്ള ഒരു പ്രതിഭാസം സെക്കൻറിൽ എത്രയുണ്ടാകുന്നു എന്നത്.

ആവൃത്തിദീപകം [സം. ആവൃത്തി-ദീപക] നാ. ഒരു അർഥാലങ്കാരം.

ആവൃത്ത് [സം. ആ-വൃത്] നാ. 1. പ്രവൃത്തി, പരിപാടി, സംഭവം; 2. രീതി, ഗതി.

ആവൃഷ്ടി [സം. -വൃഷ്ടി < വൃഷ്] നാ. മഴ, മഴച്ചാറ്റൽ.

ആവേഗം [സം. -വേഗ] നാ. 1. തിടുക്കം; 2. സംഭ്രമം, ക്ഷോഭം; 3. കോപം; 4. സഞ്ചാരിഭാവങ്ങളിൽ ഒന്ന്; 5. പെട്ടെന്നുള്ള പ്രചോദനം.

ആവേഗി [സം. -വേഗി] നാ. 1. മറിക്കുന്നി; 2. കടൽപ്പാല.

ആവേദകൻ [സം. -വേദക < വിദ്] നാ. 1. അറിയിക്കുന്നവൻ; 2. അന്യായക്കാരൻ, സങ്കടം ബോധിപ്പിക്കുന്നവൻ.

ആവേദകഭൂതം [സം. ആവേദക-ഭൂത] നാ. ഭൂതകാലത്തിന്റെ ഒരു ഭേദം.

ആവേദനം [സം. ആ-വേദന] നാ. 1. അറിയിപ്പ്; 2. ഹർജി, അപേക്ഷ, നിവേദനം.

ആവേദനീയ [സം. -വേദനീയ] വി. 1. ആവേദനം ചെയ്യത്തക്ക; 2. അന്യായപ്പെടാവുന്ന, പരാതി കൊടുക്കാവുന്ന.

ആവേദിത [സം. -വേദിത] വി. അറിയിക്കപ്പെട്ട.

ആവേധം [സം. -വേധ] നാ. തുളയ്ക്കൽ.

ആവേധിക്കുക [<സം. ആ-വ്യധ്] ക്രി. തുളയ്ക്കുക.

ആവേധ്യം [സം. -വേധ്യ] നാ. കടുക്കൻ, മൂക്കുത്തി മുതലായവ (അങ്ഗങ്ങളിൽ തുളയുണ്ടാക്കി ധരിക്കുന്ന) ആഭരണങ്ങൾ.

ആവേശനം [സം. -വേശന < വിശ്] നാ. 1. പ്രവേശിക്കൽ, പ്രവേശനം; 2. പണിപ്പുര, തൊഴിൽശാല; 3. ഭൂതബാധ; 4. ഗൃഹം, വാസസ്ഥാനം, നിവേശനം; 5. കോപം; 6 സൂര്യന്റെയോ ചന്ദ്രന്റെയോ ബിംബം.

ആവേശനികൻ [സം. -വേശനിക] നാ. അതിഥി, ആവേശികൻ.

ആവേശം [സം. -വേശ <വിശ്] നാ. 1. പ്രവേശം, കടക്കൽ; 2. അമിതമായ ഉത്സാഹം, അതിരുകടന്ന താത്പര്യപ്രകടനം; 3. പ്രചോദനം; 4. ബാധകുടികൊള്ളൽ, കോപം മുതലായ വികാരങ്ങൾക്കു കീഴ്പ്പെട്ടു സ്വബോധം നഷ്ടപ്പെടൽ; 5. മോഹാലസ്യം; 6. കോപം; 7. അഹങ്കാരം.

ആവേശിക [സം. -വേശിക] വി. 1. പ്രത്യേകമായ, സ്വന്തമായ; 2. അന്തർലീനമായ.

ആവേശികൻ [സം.] നാ. 1. അതിഥി; 2. സന്ദർശകൻ.
ആവേശിക്കുക [<സം. ആ-വിശ്] ക്രി. 1. ബാധിക്കുക, ഉറകൊള്ളുക; 2. പ്രവേശിക്കുക, കയറുക.
ആവേഷ്ടകം [സം. -വേഷ്ടക < വേഷ്ട്] നാ. 1. വേലി; 2. മതിൽ, വളപ്പ്.
ആവേഷ്ടനം [സം. -വേഷ്ടന] നാ. 1. മറയ്ക്കൽ, പൊതിയൽ, കെട്ടൽ; 2. വേലി, മതിൽ, വളപ്പ്; 3. തലപ്പാവ്.
ആവേഷ്ടിക്കുക [< സം. ആ -വേഷ്ട്] ക്രി. മൂടുക, മറയ്ക്കുക, പൊതിയുക.
ആവേഷ്ടിത [സം. -വേഷ്ടിത] വി. ആവേഷ്ടനം ചെയ്യപ്പെട്ട, ചുറ്റപ്പെട്ട.
ആവേറ്റം നാ. 1. അത്യാർത്തി, അത്യാശ; 2. വലിയ ഭയം, വെപ്രാളം, പരിഭ്രമം.
ആവോ1 അവ്യ. സംശയദ്യോതകം.
ആവോ2 വ്യാക്ഷേ. അജ്ഞത, സംശയം മുതലായവയെ ദ്യോതിപ്പിക്കുന്നത്.
ആവോൻ സ. നാ. പ്ര. പു, ഏ.വ. 1. ആകുമവൻ, ആയിത്തീരുന്നവൻ; 2. പിന്നിൽ വരുന്ന വിശേഷണത്തെ വിശേഷ്യത്തോട് അന്വയിപ്പിക്കുന്ന പദം; 3. പ്രാപ്തിയുള്ളവൻ, കഴിവുള്ളവൻ.
ആവോളം അവ്യ. 1. കഴിവുള്ളത്ര, സാധിക്കാവുന്നിടത്തോളം; 2. ആകുന്നതുവരെ.
ആവ്രശ്ചനം [സം. ആ-വ്രശ്ചന < വ്രശ്ച്] നാ. 1. കീറൽ, ചീന്തൽ; 2. മരക്കുറ്റി.
ആശ [സം. ആശാ] നാ. 1. ആഗ്രഹം, അഭിലാഷം, കൊതി; 2. പ്രതീക്ഷ; 3. ദിക്ക്. ക്രി. ആശപ്പെടുക = ആശിക്കുക.
ആശങ്ക [സം. ആ-ശങ്കാ] നാ. ഭയം, സംശയം, നിശ്ചയമില്ലായ്മ.
ആശങ്കനീയ [സം. -ശങ്കനീയ < ശങ്ക്] വി. ആശങ്കിക്കത്തക്ക, സംശയിക്കത്തക്ക.
ആശങ്കിക്കുക [< സം. ആ-ശങ്ക്] ക്രി. 1. ഭയപ്പെടുക; 2. വേണോ വേണ്ടയോ എന്നു പരുങ്ങുക; 3. സംശയിക്കുക; 4. സങ്കൽപിക്കുക, കരുതുക, പരിഗണിക്കുക.
ആശങ്ക്യ [സം. -ശങ്ക്യ] അവ്യ. ആശങ്കിച്ചിട്ട്.
ആശക്ത [സം. -ശക്ത] വി. ശക്തിയുള്ള, ത്രാണിയുള്ള.
ആശന [< സം. അശന] നാ. 1. അശനി, ഇടിവാൾ; 2. വേങ്ങമരം.
ആശംസ [സം. ആ-ശംസാ < ശംസ്] നാ. 1. ഇച്ഛ, ആശ, ആഗ്രഹം; 2. അനുഗ്രഹവാക്യം, നന്മനേരൽ, ആശംസനം; 3. പറച്ചിൽ; 4. ഭാവന.
ആശംസക [സം. ആ-ശംസക < ശംസ്] വി. ആശംസിക്കുന്ന.
ആശംസകപ്രകാരം [സം. ആശംസക-പ്രകാര] നാ. (വ്യാക.) ആശിസ്സിന്റെ അർഥത്തിൽ പ്രയോഗിക്കുന്ന ക്രിയാരൂപം. (നടുവിന രൂപം തന്നെ). ഉദാ: രാവിലെ വരിക.
ആശംസനം [സം. ആ-ശംസന] നാ. ആശംസിക്കൽ.
ആശംസിക്കുക [<സം. ആ-ശംസ്] ക്രി. 1. 'നല്ലതുവരട്ടെ' എന്നു പ്രാർഥിക്കുക, നന്മനേരുക; 2. ആഗ്രഹിക്കുക, പ്രതീക്ഷിക്കുക.
ആശംസിത [സം. -ശംസിത] വി. ആശംസിക്കപ്പെട്ട.
ആശംസിതാ(വ്) [സം. -ശംസിതൃ] നാ. ആശംസിക്കുന്നവൻ. (സ്ത്രീ) ആശംസിത്രി.
ആശംസു [സം. -ശംസു] നാ. ആശംസിക്കുന്നവൻ.

ആശയം [സം. ആ-ശയ < ശീ] നാ. 1. മനസ്സ്; 2. വഹിക്കുന്നത്, ഉൾക്കൊള്ളുന്നത്, സഞ്ചി, ഉറ, പാത്രം; 3. അർഥം, ഭാവം, വിചാരം, അഭിപ്രായം; 4. ഇരിപ്പിടം, സംഭരണി; 5. പ്ലാവ്; 6. മൃഗങ്ങളെ പിടിക്കാനുംമറ്റുമുള്ള കുഴി; 7. (യോഗ.) കർമവാസന; 8. ഭാഗ്യം.

ആശരൻ [സം. ആ-ശര] നാ. 1. രാക്ഷസൻ; 2. അഗ്നി; 3. വായു.

ആശസനം [സം. -ശസന < ശസ്] നാ. (മൃഗങ്ങളെ) കഷണിക്കൽ, ഹിംസനം.

ആശാധിപൻ [സം. ആശാ-അധിപ] നാ. ദിക്പാലൻ, ഇന്ദ്രൻ തുടങ്ങി എട്ടു ദിക്പാലന്മാരിൽ ഒരു ദേവൻ, ആശാപതി.

ആശാൻ [<സം. ആചാര്യ, ത. ആചാൻ] നാ. 1. ഗുരു, അധ്യാപകൻ, കുടിപ്പള്ളിക്കൂടത്തിലെ വാധ്യാർ; 2. പുരോഹിതൻ; 3. കളരിപ്രമാണി; 4. പണ്ടു നിലവിലുണ്ടായിരുന്ന ഒരു കരം. (സ്ത്രീ) ആശാട്ടി, ആശാത്തി.

ആശാന്മ നാ. = ആശായ്മ.

ആശാപാശം [സം. ആശാ-പാശ] നാ. മോഹബന്ധം, പ്രതീക്ഷ.

ആശാപിശാചിക [സം. -പിശാചികാ] നാ. മിഥ്യാമോഹം.

ആശാപുഷ്പി [സം. -പുഷ്പീ] നാ. മേത്തോന്നി.

ആശാബന്ധം [സം. -ബന്ധ] നാ. 1. ആശാപാശം, മോഹബന്ധം, ആഗ്രഹം; 2. ചിലന്തിവല.

ആശാഭങ്ഗം [സം. -ഭങ്ഗ < ഭഞ്ജ്] നാ. നൈരാശ്യം, മനസ്സിടിവ്.

247

ആശായ്മ നാ. = ആശാന്മ, ആശാൻസ്ഥാനം, പ്രാമാണ്യം, നേതൃത്വം.

ആശാരി [പാ. ആചാരിയ < സം. ആചാര്യ] നാ. മരപ്പണി മുഖ്യതൊഴിലാക്കിയ ഒരു ജാതി, അതിൽപ്പെട്ടവൻ, കമ്മാളൻ, വിശ്വകർമൻ.

ആശാരിദാനം [മ. ആശാരി - സം. ദാന] നാ. ഒരു പഴയ ഭൂവുടമസമ്പ്രദായം.

ആശാവഹ [സം. ആശാ-ആവഹ] വി. ആശയുളവാക്കുന്ന.

ആശാസ്യ [സം. ആ-ശാസ്യ] വി. ആശംസിക്കത്തക്ക, ആഗ്രഹിക്കത്തക്ക, യോഗ്യതയുള്ള.

ആശാള നാ. കുറാശാണി, ഒരുതരം അയമോദകം.

ആശി1 [സം. ആശീ] നാ. വിഷപ്പല്ല്.

ആശി2 [സം. ആശിസ്] നാ. ആശിസ്സ്.

ആശിക്ക് [അറ.] നാ. സ്നേഹിതൻ, കാമുകൻ.

ആശിക്കുക [<സം. ആശാ] ക്രി. ആഗ്രഹിക്കുക, ഇച്ഛരിക്കുക.

ആശിഞ്ജിതം [സം. ആ-ശിഞ്ജിത] നാ. (ആഭരണങ്ങളുടെ) കിലുക്കം.

ആശിത [സം. < അശ്] വി. 1. ഭക്ഷിക്കപ്പെട്ട; 2. ഭക്ഷിക്കാൻകൊടുത്ത.

ആശിതം [സം.] നാ. തീറ്റി, ആഹാരം.

ആശിതിക [സം, ആശിതികാ] നാ. ഇലന്ത.

ആശിരം നാ. 1. സോമരസത്തോടു ചേർത്ത പാൽ; 2. അഗ്നി; 3. ഭൂതം, പിശാച്; 4. സൂര്യൻ.

ആശിസ്സ് [സം. ആശിസ്] നാ. 1. അനുഗ്രഹം, ആശീർവാദം, ആശംസ; 2. വിഷപ്പല്ല്; 3. ഒരു ഔഷധി.

ആശീർവചനം [സം. ആശീർ-വചന] നാ. ആശീർവാദം.

ആശീർവചസ്സ് [സം. -വചസ്] നാ. ആശീർവചനം.
ആശീർവദിക്കുക [<സം. ആശീർ-വദ്] ക്രി. അനുഗ്രഹിക്കുക, നന്മനേരുക.
ആശീർവാദം [സം. -വാദ] നാ. അനുഗ്രഹിക്കൽ, നന്മനേരൽ.
ആശീവിഷം [സം. ആശീ-വിഷ] നാ. 1. വിഷപ്പാമ്പ്; 2. (ജ്യോ.) ഒരു അശുഭയോഗം.
ആശു1 [സം.] അവ്യ. പെട്ടെന്ന്, കാലതാമസംകൂടാതെ.
ആശു2 [സം.] നാ. 1. വേഗം വിളയുന്ന ഒരിനം നെല്ല്; 2. കുതിര.
ആശുകാരി [സം. ആശു-കാരിൻ] നാ. വേഗത്തിൽ ചെയ്യുന്നവൻ.
ആശുക്രിയ [സം. -ക്രിയാ] നാ. പ്രവൃത്തിയിലുള്ള വേഗം, കൈച്ചുറുക്ക്.
ആശുഗൻ [സം. -ഗ] നാ. 1. സൂര്യൻ; 2. കാറ്റ്.
ആശുഗം [സം.] നാ. 1. വേഗം ഗമിക്കുന്നത്, അമ്പ്; 2. വായു, കാറ്റ്; 3. പക്ഷി.
ആശുതോഷൻ [സം. ആശു-തോഷ] നാ. വേഗം സന്തോഷിക്കുന്നവൻ, ശിവൻ.
ആശുപത്രി1, ആസ്പത്രി [പോർ.] നാ. ആതുരശാല, ചികിത്സാകേന്ദ്രം.
ആശുപത്രി2 [സം. ആശു-പത്രീ] നാ. സല്ലകീലത.
ആശുലിപി [സം. -ലിപി] നാ. ചുരുക്കെഴുത്ത്.
ആശുവ്രീഹി [സം. -വ്രീഹി] നാ. നവരനെല്ല്.
ആശുശുക്ഷണി [സം. ആ-ശുശുക്ഷണി] നാ. 1. അഗ്നി; 2. കൊടുവേലി; 3. വായു.
ആശൂന [സം. -ശൂന < ശ്വി] വി. വീർത്ത, വീങ്ങിയ.
ആശൂലം [സം. ആ-ശൂല] നാ. പുല, വാലായ്മ
ആശൂറാ [അറ.] നാ. മുഹറം മാസത്തിലെ പത്താംദിവസം, മുസ്ലീങ്ങൾ വ്രതം അനുഷ്ടിക്കുന്ന ദിനം.
ആശേശൻ [സം. ആശാ-ഈശ] നാ. ദിക്പാലൻ, അഷ്ടദിക്പാലന്മാരിൽ ഒരാൾ.
ആശോഷണം [സം. ആ-ശോഷണ < ശുഷ്] നാ. ഉണക്കൽ.
ആശൗചം [സം. < അശുചി] നാ. അശുദ്ധി, പുല, വാലായ്മ.
ആശ്ചര്യപ്പെടുക ക്രി. അത്ഭുതപ്പെടുക.
ആശ്ചര്യം [സം.] നാ. അസാധാരണവും അപ്രതീക്ഷിതവുമായ വസ്തുവോ സംഭവമോ ഉളവാക്കുന്ന വികാരം, വിസ്മയം, അത്ഭുതം.
ആശ്മ [സം. < അശ്മൻ] വി. കല്ലുള്ള, കല്ലുകൊണ്ടുണ്ടാക്കിയ.
ആശ്മനൻ [സം.] നാ. അരുണൻ. ആശ്മനം = കല്ലുകൊണ്ടുണ്ടാക്കിയത്.
ആശ്മരിക [സം. < അശ്മരീ] വി. അശ്മരീരോഗമുള്ള. നാ. ആശ്മരീകം = മൂത്രാശയത്തിൽ കല്ലുണ്ടാവുക എന്ന രോഗം.
ആശ്മിക [സം. < അശ്മൻ] വി. കല്ലുകൊണ്ടുണ്ടാക്കിയ, കല്ലിനെ സംബന്ധിച്ച.
ആശ്യാന [സം. ആ-ശ്യാന < ശ്യൈ] വി. അല്പം ഉണങ്ങിയ, വരണ്ട.
ആശ്രപണം [സം. -ശ്രപണ < ശ്രൈ] നാ. പാചകവൃത്തി, തിളപ്പിക്കൽ.
ആശ്രം [സം. < അശ്രു] നാ. കണ്ണുനീർ.
ആശ്രമധർമം [സം. ആശ്രമ-ധർമ] നാ. ബ്രഹ്മചര്യം തുടങ്ങിയുള്ള ആശ്രമങ്ങളിൽ പെട്ടവർക്ക് ധർമശാസ്ത്രത്തിൽ വിധിച്ചിട്ടുള്ള അനുഷ്ഠാനപദ്ധതി.

ആശ്രമപദം [സം. ആശ്രമ-പദ] നാ. തപോവനം, പർണശാല.
ആശ്രമം [സം. ആ-ശ്രമ] നാ. 1. പർണശാല, ഋഷിമാരുടെ പാർപ്പിടം; 2. ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്ന്യാസം എന്നിങ്ങനെയുള്ള നാല് അവസ്ഥകളിൽ ഒന്ന്; 3. മഠം; 4. വിദ്യാലയം.
ആശ്രമാലയൻ [സം. ആശ്രമ-ആലയ] നാ. സന്ന്യാസി.
ആശ്രമി [സം. ആ-ശ്രമിൻ] നാ. ആശ്രമങ്ങൾ നാലുള്ളതിൽ ഒന്നിൽ വർത്തിക്കുന്നവൻ.
ആശ്രയണം [സം. -ശ്രയണ < ശ്രി] നാ. ആശ്രയിക്കൽ, അഭയം പ്രാപിക്കൽ, അപേക്ഷിക്കൽ, അവലംബനം.
ആശ്രയണീയ [സം. -ശ്രയണീയ] വി. ആശ്രയിക്കത്തക്ക.
ആശ്രയഭക്ഷണൻ [സം. ആശ്രയ-ഭക്ഷണ] നാ. അഗ്നി.
ആശ്രയഭൂത [സം. -ഭൂത] വി. ആശ്രയമായിത്തീർന്ന.
ആശ്രയം [സം. ആ-ശ്രയ < ശ്രി] നാ. 1. താങ്ങ്, രക്ഷ, തുണ, അവലംബം, ശരണം; 2. ഇരിപ്പിടം, അഭയസ്ഥാനം; 3. രാജനീതി; 4. പ്രീതി, സേവ; 5. മഹാപുരാണങ്ങളിൽ പ്രതിപാദിക്കുന്ന വിഷയങ്ങളിൽ ഒന്ന്; 6. ഗുദത്തിനു മൂന്നുവിരൽ മീതേയുള്ള ഒരു മർമം; 7. സാമീപ്യം, ചേർച്ച; 8. ഉചിത കർമം; 9. ഉത്പത്തി; 10. പ്രമാണം; 11. ആവനാഴി.
ആശ്രയാശ(ന)ൻ [സം. -അശ(ന)] നാ. 1. അഗ്നി (ആശ്രയമായ വിറകിനെ ഭക്ഷിക്കുന്നത്); 2. കൊടുവേലി; 3. കാർത്തിക നക്ഷത്രം.
ആശ്രയാശി [സം. -അശിൻ] നാ. ആശ്രയാശൻ.
ആശ്രയാസിദ്ധ [സം. -അസിദ്ധാ] നാ. (തർക്ക) ഒരു ഹേത്വാഭാസം, ആശ്രയാസിദ്ധിയുള്ളതിനാൽ.
ആശ്രയിക്കുക [സം. ആ-ശ്രി] ക്രി. 1. ശരണംപ്രാപിക്കുക, അവലംബിക്കുക, സഹായം അപേക്ഷിക്കുക; 2. സേവിക്കുക, അനുസരിക്കുക, വേറൊന്നിനെ അപേക്ഷിക്കുക; 3. പാർക്കുക.
ആശ്രയീഭൂത [സം. ആശ്രയീ-ഭൂത] വി. ആശ്രയമായി ഭവിച്ച.
ആശ്രവ1 [സം. ആ-ശ്രവ] വി. അനുസരണമുള്ള.
ആശ്രവ2 [സം. < അശ്രു] വി. കണ്ണുനീരിനെസംബന്ധിച്ച.
ആശ്രവം [സം. ആ-ശ്രവ < ശ്രു] നാ. 1. പ്രതിജ്ഞ; 2. അപരാധം.
ആശ്രവിക്കുക [<സം. ആ-ശ്രു] ക്രി. 1. കേൾക്കുക, ശ്രദ്ധിക്കുക; 2. വാഗ്ദാനം ചെയ്യുക.
ആശ്രാവണം [സം. -ശ്രാവണ] നാ. വിളി, ആമന്ത്രണം, ശ്രദ്ധിക്കത്തക്കരീതിയിൽ വിളിച്ചുപറയൽ.
ആശ്രി [സം.] നാ. വാളിൻെറ വായ്ത്തല.
ആശ്രിത [സം. ആ-ശ്രിത < ശ്രി] വി. 1. ആശ്രയിക്കപ്പെട്ട, ശരണം പ്രാപിച്ച, ആധാരമായി പറ്റിച്ചേർന്ന; 2. അധിവസിച്ച; 3. അനുഷ്ഠിച്ച; 4. സംബന്ധിച്ച.
ആശ്രിതൻ [സം. ആ-ശ്രിത] നാ. 1. ആശ്രയിക്കുന്നവൻ, ശരണാഗതൻ, ഭക്തൻ; 2. ദൂതൻ, സേവകൻ.
ആശ്രിതപരായണൻ [സം. ആശ്രിത-പരായണ] നാ. ആശ്രയിക്കുന്നവരെക്കുറിച്ചു വാത്സല്യമുള്ളവൻ.

ആശ്രിത്യ [സം. ആ-ശ്രിത്യ] അവ്യ. ആശ്രയിച്ചിട്ട്, അവലംബിച്ചിട്ട്, കൈക്കൊണ്ടിട്ട്.
ആശ്രുത [സം. -ശ്രുത] വി. 1. കേൾക്കപ്പെട്ട; 2. അങ്ഗീകരിക്കപ്പെട്ട.
ആശ്രുതം [സം. -ശ്രുത] നാ. വാഗ്ദാനം.
ആശ്രുതി [സം. -ശ്രുതി] നാ. 1. കേൾക്കൽ; 2. വാഗ്ദാനം ചെയ്യൽ.
ആശ്ലിഷ്ട [സം. -ശ്ലിഷ്ട < ശ്ലിഷ്] വി. 1. ആശ്ലേഷിക്കപ്പെട്ട; 2. ചേർക്കപ്പെട്ട, ചേർന്ന.
ആശ്ലിഷ്യ [സം. -ശ്ലിഷ്യ] അവ്യ. ആലിങ്ഗനം ചെയ്തിട്ട്.
ആശ്ലേഷ [സം. ആശ്ലേഷാ] നാ. ആയില്യം നക്ഷത്രം.
ആശ്ലേഷണ [സം. ആ-ശ്ലേഷണ] നാ. ആശ്ലേഷം.
ആശ്ലേഷം [സം. -ശ്ലേഷ] നാ. 1. ആലിങ്ഗനം, കെട്ടിപ്പിടിക്കൽ, പുണരൽ; 2. ഉറ്റസമ്പർക്കം.
ആശ്ലേഷിക്കുക [<സം. ആ-ശ്ലിഷ്] ക്രി. 1. ആലിങ്ഗനം ചെയ്യുക, കെട്ടിപ്പിടിച്ചുപുണരുക; 2. പറ്റിച്ചേരുക.
ആശ്വത്ഥ [സം. < അശ്വത്ഥ] വി. അരയാലിനെ (അശ്വത്ഥത്തെ) സംബന്ധിച്ച.
ആശ്വത്ഥം [സം.] അരയാൽപ്പഴം.
ആശ്വം [സം. < അശ്വ] നാ. 1. കുതിരക്കൂട്ടം; 2. കുതിരവലിക്കുന്ന രഥം.
ആശ്വയൂജം [സം. ആശ്വ-യൂജ] നാ. ആശ്വിനം, അശ്വതിയും പൗർണമിയും ഒന്നിച്ചുവരുന്ന ചാന്ദ്രമാസം, അല്പശി, തുലാമാസം.
ആശ്വയുജി [സം. -യുജീ] നാ. തുലാമാസത്തിലെ വെളുത്തവാവ്.
ആശ്വലക്ഷണികൻ [സം. -ലക്ഷണിക] നാ. അശ്വലക്ഷണമറിയുന്നവൻ.
ആശ്വലായനൻ [സം. ആശ്വലായന] നാ. 1. ഗൃഹ്യസൂത്രകാരനായ ഒരു ഋഷി; 2. ആശ്വലായനശാഖയിൽപ്പെട്ടവൻ.
ആശ്വസനം [സം. ആ-ശ്വസന < ശ്വസ്] നാ. ആശ്വസിക്കൽ.
ആശ്വസിക്കുക [<സം. ആ-ശ്വസ്] ക്രി. സമാധാനിക്കുക. പരിഭ്രമമോ ദു:ഖമോമാറി മനശ്ശാന്തിയുണ്ടാവുക.
ആശ്വസ്ത [സം. -ശ്വസ്ത] വി. ആശ്വസിച്ച.
ആശ്വാസക [സം. -ശ്വാസക] വി. ആശ്വസിപ്പിക്കുന്ന.
ആശ്വാസനം [സം. -ശ്വാസന] നാ. ആശ്വസിപ്പിക്കൽ.
ആശ്വാസം [സം. -ശ്വാസ] നാ. 1. ദു:ഖവിമോചനം, സമാധാനിക്കൽ, ദു:ഖം മാറിയതുകൊണ്ടുള്ള മനശ്ശാന്തി; 2. അധ്യായംപോലെ പുസ്തകത്തിൻെറ ഒരു വിഭാഗം.
ആശ്വാസിത [സം. -ശ്വാസിത] വി. = ആശ്വസ്ത.
ആശ്വാസ്യ [സം. -ശ്വസ്യ] അവ്യ. ആശ്വസിപ്പിച്ചിട്ട്, സമാധാനിപ്പിച്ചിട്ട്.
ആശ്വികൻ [സം. < അശ്വ] നാ. 1. കുതിരപ്പടയാളി; 2. കുതിരക്കാരൻ.
ആശ്വിന [സം.] വി. അശ്വികൾ ദേവതയായിട്ടുള്ള, അശ്വികളെസംബന്ധിച്ച.
ആശ്വിനം [സം.] നാ. ആശ്വയൂജം, തുലാമാസം.
ആശ്വീനം [സം.] നാ. ഒരു ദിവസംകൊണ്ട് കുതിരപ്പുറത്തുകയറി സവാരി ചെയ്യാവുന്ന ദൂരം.

ആശ്വിനർ [സം. ആശ്വിനൗ] നാ. (ദ്വിവ.) 1. അശ്വിനീദേവന്മാർ; 2. നകുലസഹദേവന്മാർ.
ആശ്വിനി [സം. ആശ്വിനീ] നാ. 1. കൂമ്പാരം; 2. ഒരുതരം ഇഷ്ടിക.
ആശ്വിനേയന്മാർ [സം. ആശ്വിനേയൗ] നാ. (ദ്വിവ.) ആശ്വിനർ.
ആശ്വീനം [സം. < അശ്വ] നാ. ഒരുദിവസംകൊണ്ട് ഒരു കുതിരയ്ക്കു സഞ്ചരിക്കാവുന്ന ദൂരം.
ആശ്വീയം [സം. < അശ്വ] നാ. കുതിരക്കൂട്ടം.
ആഷാഢ [സം.] നാ. പൂരാടം ഉത്രാടം നക്ഷത്രങ്ങൾക്കു പൊതുവേയുള്ള പേര്.
ആഷാഢൻ [സം.] നാ. ശിവൻ.
ആഷാഢഭൂതി [സം. ആഷാഢ-ഭൂതി] നാ. കള്ളസന്ന്യാസി, വഞ്ചകൻ, പഞ്ചതന്ത്രത്തിലെ ഒരു കഥാപാത്രം (ഇയാൾ വഞ്ചകനായിരുന്നു.)
ആഷാഢം [സം.] നാ. 1. ആടിമാസം, മിഥുനം-കർക്കടകം; 2. പ്ലാശുവടി; 3. മലയപർവതം.
ആഷാഢി1 [സം. ആഷാഢീ] നാ. ആഷാഢമാസത്തിലെ വെളുത്തവാവ്.
ആഷാഢി2 [സം. ആഷാഢിൻ] നാ. ആഷാഢം (പ്ലാശുവടി) ധരിക്കുന്നവൻ.
ആഷ്ടമം [സം. < അഷ്ടമ] നാ. എട്ടിൽ ഒരു ഭാഗം
ആസ്1 [ഇം.ക്യ്യനു] നാ. ചീട്ടിൽ ഒരിനം.
ആസ്2 [പേർ.] നാ. തിരികല്ല്.
ആസകലം [സം. ആ-സകലം] അവ്യ. മുഴുവനും, എല്ലാം, ആകെപ്പാടെ.
ആസക്ത [സം. -സക്ത < സഞ്ജ്] വി. 1. വളരെ ആഗ്രഹമുള്ള, അധികം താത്പര്യമുള്ള, പറ്റിച്ചേർന്ന; 2. ലയിച്ച, പറ്റിയ, ബാധിച്ച; 3. അനുരാഗമുള്ള, വിശ്വാസമുള്ള.
249
ആസക്തി [സം. -സക്തി] നാ. 1. ഗാഢമായ ചേർച്ച, വലിയ താത്പര്യം, അനുരക്തി; 2. അതിയായ ആഗ്രഹം; 3. ശുഷ്കാന്തി, ശ്രദ്ധ.
ആസങ്ഗം [സം. -സങ്ഗ < സഞ്ജ്] നാ. 1. താത്പര്യം, ആസക്തി; 2. ചേർച്ച, ബന്ധം.
ആസങ്ഗിനി [സം. ആസങ്ഗിനി] നാ. ചുഴലിക്കാറ്റ്.
ആസങ്ഗിമം [സം. ആ-സങ്ഗിമ] നാ. ശസ്ത്രക്രിയയിൽ ഒരുതരം കെട്ട്.
ആസഞ്ചിത [സം. -സം-ചിത < ചി] വി. ശേഖരിച്ച.
ആസഞ്ജനം [സം. -സഞ്ജന] നാ. 1. പറ്റിപ്പിടിക്കൽ, പറ്റിച്ചേരൽ; 2. ചേർച്ച; 3. ഭക്തി, ശ്രദ്ധ.
ആസത്തി [സം. -സത്തി < സദ്] നാ. 1. ചേർച്ച, സാമീപ്യം; 2. ലാഭം, മിച്ചം.
ആസദനം [സം. -സദന] നാ. 1. ഇരിപ്പിടം; 2. ഇരിക്കൽ; 3. ലാഭം; 4. അടുപ്പം, സമ്പർക്കം.
ആസന [സം. ആസന < ആസ്] നാ. 1. ഇരിപ്പിടം, പീഠം; 2. ഒരിടത്തുതന്നെ സ്ഥിരമായി ഇരിപ്പ്.

ആസനം [സം. ആസന] നാ. 1. പൃഷ്ഠം; 2. ഇരിപ്പിടം, പീഠം; 3. പ്രത്യേകതരത്തിലുള്ള ഇരിപ്പ്. ഉദാ: പത്മാസനം; 4. ഒരു രതിബന്ധം.
ആസനമൂർത്തി [സം. ആസന-മൂർത്തി] നാ. ഇരിക്കുന്നവിധത്തിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള ദേവബിംബം.
ആസനസ്ഥ [സം. -സ്ഥ < സ്ഥാ] വി. ഇരിപ്പിടത്തിൽ വർത്തിക്കുന്ന, ഇരിക്കുന്ന.
ആസനി [സം. ആസനീ] നാ. 1. താമസിക്കൽ, ഇരിപ്പ്; 2. ഇരിപ്പിടം; 3. പീഠിക.
ആസന്ദൻ [സം.] നാ. വിഷ്ണു.
ആസന്ദി [സം.] നാ. ഇരിപ്പിടം, കസേര.
ആസന്ദിക [സം. ആസന്ദികാ] നാ. = ആസന്ദി.
ആസന്ന [സം. ആ-സന്ന < സദ്] വി. സമീപത്തുള്ള, അടുപ്പമുള്ള.
ആസന്നകാലം [സം. ആസന്ന-കാല] നാ. മരണകാലം.
ആസവദ്രു [സം. ആസവ-ദ്രു] നാ. കള്ളുചെത്തിയെടുക്കുന്ന മരം, പന.
ആസവം [സം. ആ-സവ < സു] നാ. 1. മരുന്നുകൾ ചേർത്തു കാച്ചിയെടുക്കുന്ന ദ്രവരൂപമായ ഔഷധം; 2. മദ്യം, മധു; 3. മദ്യപാത്രം.
ആസാദനം [സം. ആ-സാദന < സദ്] നാ. 1. വയ്ക്കൽ; 2. ചെന്നെത്തൽ, പ്രാപിക്കൽ, സിദ്ധിക്കൽ; 3. എതിർക്കൽ.
ആസാദിക്കുക [<സം. ആ-സദ്] ക്രി. ആസാദനം ചെയ്യുക, നേടുക, പ്രാപിക്കുക.
ആസാദിത [സം. -സാദിത] വി. പ്രാപിച്ച, ലഭിച്ച.
ആസാദ്യ1 [സം. -സാദ്യ] വി. ആസാദനം ചെയ്യേണ്ടതായ, പ്രാപിക്കേണ്ട, പ്രാപിക്കത്തക്ക.
ആസാദ്യ2 [സം.] അവ്യ. പ്രാപിച്ചിട്ട്.
ആസാം നാ. അസം (അസമം) എന്ന സംസ്ഥാനം.
ആസാമി [ഹി. ആസാമീ] നാ. 1. സൂത്രക്കാരൻ, തട്ടിപ്പുകാരൻ, സമർഥൻ; 2. (അറ. < ഇസ്മ്) ആൾ.
ആസാരൻ [സം. ആ-സാര] നാ. 1. സ്വന്തം രാജ്യത്തിൽനിന്നു അകന്നുകിടക്കുന്ന രാജ്യത്തിൽ മൈത്രിയിൽ കഴിയുന്ന രാജാവ്; 2. സൈന്യത്തിന് ആവശ്യമായ ഭക്ഷണസാധനങ്ങൾ എത്തിക്കുന്നവൻ.
ആസാരം [സം.] നാ. 1. പെരുമഴ; 2. ശത്രുവിനെ വളയൽ; 3. ആക്രമണം; 4. മിത്രരാജ്യസൈന്യം; 5. ഭക്ഷണം.
ആസിക [സം.] നാ. 1. ഇരിപ്പ്; 2. ഇരിപ്പിൻെറ മുറ.
ആസികൻ [സം. < അസി] നാ. വാൾക്കാരൻ.
ആസിക്കുക [< സം. ആസ്] ക്രി. ഇരിക്കുക.
ആസിക്ത [സം. ആ-സിക്ത < സിച്] വി. ആസേചനം ചെയ്യപ്പെട്ട, നനയ്ക്കപ്പെട്ട.
ആസിത [സം. < ആസ്] വി. ഇരുന്ന.
ആസിദ്ധ [സം. ആ-സിദ്ധ] വി. ആസേധനം ചെയ്യപ്പെട്ട, തടവിലാക്കപ്പെട്ട, നിരോധിക്കപ്പെട്ട.
ആസിധാരം [സം. < അസിധാര] നാ. അസിധാരാവ്രതം.

ആസീന [സം.] വി. ഇരിക്കുന്ന.
ആസീനം [സം.] നാ. വദിത്രം കൂടാതെ ദു:ഖിച്ച് ഇരുന്നുകൊണ്ടുള്ള ഒരു ഗാനം.
ആസുതി [സം. ആ-സുതീ] നാ. വാറ്റ്.
ആസുതീബലൻ [സം. -സുതീ-ബല] നാ. 1. സോമരസം തയ്യാറാക്കുന്ന പുരോഹിതൻ; 2. വാറ്റുകാരൻ; 3. കന്യാപാലകൻ.
ആസുര [സം. < അസുര] വി. അസുരനെ സംബന്ധിച്ച, ദുഷ്ടമായ.
ആസുരം1 [സം.] നാ. എട്ടുതരം വിവാഹങ്ങളിൽ ഒന്ന് (ബന്ധുജനങ്ങളിൽനിന്ന് കന്യകയെ വിലയ്ക്കുവാങ്ങൽ).
ആസുരം2 [സം.] നാ. 1. കാരുപ്പ്; 2. രക്തം.
ആസുരവാദ്യം [സം. ആസുര-വാദ്യ] നാ. ചെണ്ടമുതലായ ഉച്ചശബ്ദമുള്ള വാദ്യങ്ങൾ.
ആസുരവൈദ്യം [സം. -വൈദ്യ] നാ. ശസ്ത്രക്രിയ.
ആസുരി [സം. ആസുരീ] നാ. 1. അസുരസ്ത്രീ; 2. ശസ്ത്രക്രിയ; 3. മുത്താറി; 4. കരിങ്കടുക്, ചെറുകടുക്.
ആസൂത്രണം [സം. ആ-സൂത്രണ] നാ. 1. ഒരുകാര്യത്തിൻെറ നിർവഹണത്തിനു തയ്യാറാക്കുന്ന പദ്ധതി; 2. പ്രബന്ധ രചനയ്ക്കു വിഷയവിശകലനം ചെയ്ത് ഉണ്ടാക്കുന്ന കുറിപ്പ്.
ആസൂത്രിത [സം. -സൂത്രിത] വി. 1. ആസൂത്രണം ചെയ്യപ്പെട്ട, പദ്ധതി തയ്യാറാക്കപ്പെട്ട; 2. സൂത്രത്തിൻെറ (മാലയുടെ) രൂപത്തിലാക്കിയ, സുഘടിതമായ.
ആസേകം [സം. -സേക < സിച്] നാ. തളിക്കൽ, തളിപ്പ്, നനയ്ക്കൽ.
ആസേക്യൻ [സം. ആസേക്യ < അസേക] നാ. നപുംസകൻ.
ആസേചനക [സം. ആ-സേചനക] വി. 1. തളിക്കുന്ന; കുളിർപ്പിക്കുന്ന, സന്തോഷിപ്പിക്കുന്ന; 3. കണ്ടാൽ മതിവരാത്ത.
ആസേചനി [സം. -സേചനീ] നാ. ചെറിയപാത്രം.
ആസേദിവാൻ [സം. ആ-സേദിവസ് < ആ-സദ്] നാ. ഇരുന്നവൻ. (സ്ത്രീ) ആസേദുഷി
ആസേദ്ധാ(വ്) [സം. -സേദ്ധൃ] നാ. ആസേധനം ചെയ്യുന്നവൻ, തടവിൽ വയ്ക്കുന്നവൻ.
ആസേധക [സം. -സേധക] വി. തടവിൽവയ്ക്കുന്ന, നിയന്ത്രിക്കുന്ന, തടയുന്ന.
ആസേധം, -ധനം [സം.] നാ. നിയമാനുസാരമുള്ള തടങ്കൽ, തടവ്.
ആസേവനം [സം. ആ-സേവന < സിവ്] നാ. അതിതാത്പര്യത്തോടുകൂടിയപ്രവൃത്തി.
ആസേവിത [സം. -സേവിത] വി. ആസേവനംചെയ്യപ്പെട്ട. നാ. 1. ആസേവിതം = അനുഷ്ഠാനം; 2. ആവർത്തനം.
ആസ്കന്ദനം [സം. ആസ്കന്ദന < സ്കന്ദ്] നാ. = ആസ്കന്ദം.
ആസ്കന്ദം [സം. ആ-സ്കന്ദ] നാ. 1. ആക്രമണം, കൈയേറ്റം; 2. മുകളിൽകയറ്റം, ആരോഹണം; 3. ആക്ഷേപം; 4. കുതിരയുടെ ഗതിഭേദം; 5. സംശോഷണം, ഉണക്കൽ.
ആസ്കന്ദിതം [സം. -സ്കന്ദിത] നാ. കുതിരയുടെ കുതിച്ചുചാട്ടം.

ആസ്ഖലനം [സം. -സ്ഖലന] നാ. വീഴ്ച, ഇടറിവീഴൽ.
ആസ്ഖലിത [സം. -സ്ഖലിത] വി. വഴുതിവീണ, ഇടറിവീണ.
ആസ്ഥപ്പാട് [<സം. ആസ്ഥാ-മ. പാട്] നാ. ഒരുക്കം, ഒരുമ്പാട്, താത്പര്യം.
ആസ്ഥം നാ. തയ്യാർ, താത്പര്യം.
ആസ്തംബം [സം. ആ-സ്തംബ] അവ്യ. പുൽക്കൊടിവരെയ്ക്കും.
ആസ്ത്മ [സം.] നാ. കാസം, ശ്വാസംമുട്ടൽ.
ആസ്തരകൻ [സം. ആ-സ്തരക] നാ. കിടക്കവിരിക്കുന്നവൻ.
ആസ്തരണം [സം. -സ്തരണ] നാ. 1. വിരിപ്പ്, ശയ്യ; 2. കിടക്കവിരിപ്പ്; 3. പരവതാനി; 4. ആന, കുതിര മുതലായ മൃഗങ്ങളുടെ പുറത്ത് വിരിക്കുന്ന വിരിപ്പ്.
ആസ്തരണിക [സം. -സ്തരണിക] വി. 1. വിരിപ്പിൽ ഇരിക്കുന്ന; 2. വിരിപ്പാൻ ഉപയോഗിക്കുന്ന.
ആസ്തരം [സം. -സ്തര] നാ. 1. വിരിപ്പ്, പുതപ്പ്; 2. പരവതാനി.
ആസ്താരം [സം. -സ്താര] നാ. 1. വിരിക്കൽ; 2. ചിതറൽ.
ആസ്താവം [സം. -സ്താവ] നാ. 1. യാഗത്തിൽ മന്ത്രങ്ങൾ ചൊല്ലുന്നസ്ഥലം; 2. സ്തോത്രം, സങ്കീർത്തനം.
ആസ്തി നാ. സമ്പത്ത്, സ്വത്ത്.
ആസ്തിക [സം.< അസ്തി] വി. 1. ഈശ്വരവിശ്വാസമുള്ള; 2. ശ്രദ്ധയുള്ള, ഭക്തിയുള്ള.
ആസ്തികത, -ത്വം [സം. ആസ്തിക-താ, ത്വ] നാ. ഈശ്വരൻ ഉണ്ടെന്നുള്ളവിശ്വാസം.
ആസ്തികൻ [സം.] നാ. ഈശ്വരൻ ഉണ്ടെന്നു വിശ്വസിക്കുന്നവൻ.
ആസ്തികം [സം.] നാ. മഹാഭാരതത്തിലെ ഒരു പർവം, ആസ്തികമുനിയെ സംബന്ധിച്ചത്.
ആസ്തിക്യം [സം. < ആസ്തിക] നാ. 1. ആസ്തികത, ഭക്തി; 2. വിശ്വാസം; 3. ദയ.
ആസ്തിബാധ്യതാപത്രം [സം. ആസ്തി-ബാധ്യതാ-പത്ര] നാ. മുതൽക്കടം സ്റ്റേറ്റുമെൻറ്, ബാലൻസ്ഷീറ്റ്.
ആസ്തീർണ [സം. ആ-സ്തീർണ] വി. വിരിക്കപ്പെട്ട, വിതറപ്പെട്ട, ചിതറപ്പെട്ട.
ആസ്തൃത [സം. -സ്തൃത] വി. 1. ആസ്തീർണ, വിരിക്കപ്പെട്ട; 2. വിതറപ്പെട്ട.
ആസ്തേ [ഹി. ആഹിസ്തേ] അവ്യ. മെല്ലെ.
ആസ്ഥ [സം. ആ-സ്ഥാ] നാ. 1. ആഗ്രഹം, ശ്രദ്ധ, താത്പര്യം; 2. ആദരവ്; 3. പ്രയത്നം; 4. ആസ്ഥാനമണ്ഡപം; 5. ആലംബനം, ആശ്രയം; 6. പ്രതീക്ഷ, വിശ്വാസം.
ആസ്ഥാതാ(വ്) [സം. -സ്ഥാതൃ] നാ. മുകളിലോ അടുത്തോ നിൽക്കുന്നവൻ.
ആസ്ഥാനകവി [സം. ആ-സ്ഥാന-കവി] നാ. 1. രാജസദസ്സിലെ മുഖ്യകവി; 2. സംസ്ഥാനകവി.
ആസ്ഥാനം [സം. -സ്ഥാന] നാ. 1. ഇരിപ്പിടം, വാസസ്ഥാനം; 2. രാജസഭ; 3. സദസ്സ്; 4. വിശ്രമസ്ഥാനം.
ആസ്ഥാനമണ്ഡപം [സം. -സ്ഥാന-മണ്ഡപ] നാ. രാജസഭാഗൃഹം.
ആസ്ഥാനി [സം. -സ്ഥിനിൻ] നാ. രാജസഭകൂടുന്നതിനുള്ള മണ്ഡപം.
ആസ്ഥാപനം [സം. -സ്ഥാപന] നാ. 1. സ്ഥാപിക്കൽ, വയ്ക്കൽ; 2. സ്നേഹവസ്തി.

ആസ്ഥായിക [സം. -സ്ഥായികാ] നാ. സദസ്സ്.
ആസ്ഥിത [സം. -സ്ഥിത < സ്ഥാ] വി. 1. ആസ്ഥാനം ചെയ്യുന്ന, സ്ഥിതിചെയ്യുന്ന; 2. വസിച്ച; 3. ലഭിച്ച.
ആസ്ഥിതി [സം. -സ്ഥിതി] നാ. ഇരിപ്പ്, അവസ്ഥ.
ആസ്പത്രി നാ. = ആശുപത്രി.
ആസ്പദം [സം. ആ-സ്-പദ] നാ. 1. സ്ഥാനം, ഇരിപ്പിടം, വാസസ്ഥാനം; 2. അധികാരം; 3. ആശ്രയം, താങ്ങ്; 4. (ജ്യോ.) പത്താംഭാവം; 5. കാരണം.
ആസ്പന്ദനം [സം. ആ-സ്പന്ദന < സ്പന്ദ്] നാ. ആസ്പന്ദിക്കൽ, വിറയൽ, തുടിപ്പ്.
ആസ്പർധ [സം. -സ്പർധ] നാ. മാത്സര്യം, ശത്രുതാമനോഭാവം.
ആസ്ഫാലനം [സം. -സ്ഫാലന] നാ. 1. ഉരസൽ, തലോടൽ, തട്ടൽ, അടിക്കൽ; 2. അഹംഭാവം.
ആസ്ഫൂജിത്ത് [സം. ആസ്ഫൂ-ജിത്] നാ. ശുക്രൻ.
ആസ്ഫോടനം [സം. ആ-സ്ഫോടന] നാ. 1.= ആസ്ഫോടം; 2. വിടരൽ, വികസിക്കൽ; 3. പൊട്ടിത്തെറിക്കൽ.
ആസ്ഫോടനി [സം. -സ്ഫോടനി] നാ. തമര്, തൂരപ്പണം, രത്നം തുളയ്ക്കുന്നതിനുള്ള കതിര്.
ആസ്ഫോട [സം. -സ്ഫോടാ] നാ. ആസ്ഫോത.
ആസ്ഫോടം [സം. -സ്ഫോട] നാ. 1. കൈകൊട്ടൽ, മപ്പടിക്കൽ, ഗുസ്തിക്കാരും മറ്റും തയ്യാറെടുക്കുമ്പോൾ ഭുജത്തിലും തുടയിലും കൈകൊണ്ടടിച്ചുണ്ടാക്കുന്ന ശബ്ദം; 2. എരിക്ക്.
ആസ്ഫോടിമ [സം. -സ്ഫോടിമൻ] നാ. കല്ലെറിയുവാനുള്ള ഒരു ഉപകരണം, കവണ.
ആസ്ഫോത [സം. -സ്ഫോത] നാ. 1. വിഷ്ണുക്രാന്തി; 2. കാട്ടുമുല്ല.
ആസ്ഫോതകം [സം. -സ്ഫോതക] നാ. എരിക്ക്.
ആസ്ഫോതം [സം.] നാ. എരിക്ക്.
ആസ്മ നാ. = ആസ്ത്മ.
ആസ്മാക, ആസ്മാകിന [< സം. അസ്മാക] വി. ഞങ്ങളെ (നമ്മളെ) സംബന്ധിച്ച, നമ്മുടേതായ.
ആസ്യ1 [ല. ആസിയ] നാ. ഏഷ്യ.
ആസ്യ2 [സം. ആസ്യാ] നാ. 1. ഇരിപ്പ്; 2. സ്ഥിതി.
ആസ്യൻ നാ. നമ്പൂതിരിമാരിൽ ഒരു വിഭാഗത്തെ കുറിക്കുന്ന പേര്
ആസ്യന്ദനം [സം. ആ-സ്യന്ദന < സ്യന്ദ്] നാ. ഒഴുക്ക്, ഊറ്റ്.
ആസ്യന്ധയ [സം. ആസ്യം-ധയ < ധേ] വി. അധരപാനം ചെയ്യുന്ന, ചുംബിക്കുന്ന, താരത, സ്തനംധയ = മുലകുടിക്കുന്ന.
ആസ്യപത്രം [സം. ആസ്യ-പത്ര] നാ. താമര.
ആസ്യപാകം [സം. -പാക] നാ. വായ്പ്പുണ്ണ്, മുഖപാകം.
ആസ്യം [സം. ആസ്യ] നാ. 1. മുഖം, വായ്; 2. ആസ്യത്തിലുള്ളത്.

ആസ്യലാങ്ഗലം [സം. -ലാങ്ഗല] നാ. 1. നായ; 2. പന്നി.
ആസ്യലോമം [സം. -ലോമൻ] നാ. താടിമീശ.

ആസ്യാസവം [സം. -ആസവ] നാ. ഉമിനീർ.
ആസ്രപൻ [സം. ആസ്ര-പ < പാ] 'രക്തം കുടിക്കുന്നവൻ' നാ. രാക്ഷസൻ.
ആസ്രം [സം.] നാ. 1. രക്തം; 2. കണ്ണുനീർ.
ആസ്രവം [സം. ആ-സ്രവ < സ്രു] നാ. 1. ഒഴുക്ക്; 2. വേദന, ദു:ഖം, സങ്കടം; 3. അപരാധം; 4. അരിതിളയ്ക്കുമ്പോൾ ഉണ്ടാകുന്ന പത, കഞ്ഞിപ്പത.
ആസ്രാവം [സം. -സ്രാവ] നാ. 1. മുറിവ്; 2. ഒഴുക്ക്, നിർഗമനം, വാർച്ച; 3. വേദന; 4. ഉമിനീർ.
ആസ്രാവി [സം. -സ്രാവിൻ] വി. സ്രവിക്കുന്ന, മദംപൊട്ടിയൊലിക്കുന്ന.
ആസ്വദിക്കുക [<സം. ആ-സ്വദ്] ക്രി. രുചിക്കുക, രസം അനുഭവിക്കുക.
ആസ്വദിത [സം. -സ്വദിത] വി. ആസ്വദിക്കപ്പെട്ട.
ആസ്വനിത [സം. -സ്വനിത < സ്വൻ] വി. ശബ്ദമുണ്ടാക്കിയ, മാറ്റൊലിക്കൊണ്ട.
ആസ്വാദകൻ [സം. -സ്വാദക] നാ. ആസ്വദിക്കുന്നവൻ, രസമനുഭവിക്കുന്നവൻ.
ആസ്വാദനം [സം. -സ്വാദന < സ്വദ്] നാ. 1. ആസ്വദിക്കൽ, രുചിയോടെ ഭക്ഷിക്കൽ; 2. കലാസൃഷ്ടി.
ആസ്വാദം [സം. -സ്വാദ] നാ. 1. സ്വാദ്, രസം; 2. രുചിനോക്കൽ, ഭക്ഷിക്കൽ, സ്വാദനുഭവിക്കൽ.
ആസ്വാദിത [സം. -സ്വാദിത] വി. ആസ്വദിക്കപ്പെട്ട.
ആസ്വാദ്യ [സം. -സ്വാദ്യ] നാ. ആസ്വദിക്കത്തക്ക, സ്വാദുള്ള.
ആഹ [സം. ആഹാ] (വ്യാക്ഷേ.) അദ്ഭുതം, സന്തോഷം മുതലായവയെ ദ്യോതിപ്പിക്കുന്നത്.
ആഹകം [സം.] നാ. ഒരു നാസാരോഗം.
ആഹത [സം. ആ-ഹത] വി. 1. ആഹനനം ചെയ്യപ്പെട്ട, അടിക്കപ്പെട്ട; 2. ഹിംസിക്കപ്പെട്ട; 3. ചവിട്ടിമെതിച്ച; 4. അറിയപ്പെട്ട; 5. (ഗണിത) ഗുണിക്കപ്പെട്ട.
ആഹതനാദം [സം. ആഹത-നാദ] നാ. (സങ്ഗീ.) വാദ്യോപകരണത്തിൽ അടിച്ചുണ്ടാക്കുന്ന നാദം.
ആഹതം [സം. ആ-ഹത < ഹന്] നാ. 1. അടിച്ചുണ്ടാക്കിയത്; 2. അലക്കിയവസ്ത്രം, പഴന്തുണി; 3. അർഥശൂന്യമായ വാക്ക്; 4. (ഗണിത) ഗുണനഫലം; 5. ഒരുതരം ഗമകം; 6. ചെണ്ട; 7. അസത്യം.
ആഹതലക്ഷണ [സം. ആ-ഹത-ലക്ഷണ] വി. = ആഹിതലക്ഷണ.
ആഹതി [സം. -ഹതി < ഹന്] നാ. 1. അടി, തട്ട്; 2. പെരുക്കൽ, ഗുണനഫലം.
ആഹത്യ [സം. -ഹത്യ] അവ്യ. ആഹനിച്ചിട്ട്, അടിച്ചിട്ട്.
ആഹനനം [സം. -ഹനന] നാ. 1. അടി, തല്ല്; 2. ചെണ്ടക്കോൽ.
ആഹനിക്കുക [സം. -ഹന്] ക്രി. അടിക്കുക, തല്ലുക, താഡിക്കുക.
ആഹന്ത [സം.] വ്യാക്ഷേ. കഷ്ടം, ആശ്ചര്യം എന്നിവയെ ദ്യോതിപ്പിക്കുന്നത്.
ആഹർത്താവ് [സം. ആ-ഹർതൃ] നാ. കൊണ്ടുവരുന്നവൻ, അപഹരിക്കുന്നവൻ.
ആഹരണം [സം. -ഹരണ] നാ. 1. തട്ടിക്കൊണ്ടുപോകൽ, മോഷണം; 2. ശേഖരിക്കൽ, കൊണ്ടുവരൽ; 3. എടുത്തുകളയൽ, എടുത്തുമാറ്റൽ; 4. അനുഷ്ഠിക്കൽ, നിർവഹിക്കൽ; 5. സ്ത്രീധനം.
ആഹരി നാ. (സങ്ഗീ.) ഒരു രാഗം.

ആഹരിക്കുക [സം. ആ-ഹൃ] ക്രി. 1. കൈക്കലാക്കുക, എടുക്കുക, കൊണ്ടുവരിക; 2. ആഹാരം കഴിക്കുക, ഉണ്ണുക, തിന്നുക; 3. അപഹരിക്കുക; 4. നടത്തുക, നിർവഹിക്കുക.
ആഹവനം [സം. ആ-ഹവന < ഹൂ] നാ. യാഗം, ബലി.
ആഹവനീയം [സം. ആ-ഹവനീയ] നാ. മൂന്ന് അഗ്നികളിൽ ഒന്ന്, ആഹവനത്തിനുള്ളത്, യാഗശാലയിലെ മൂന്ന് അഗ്നികുണ്ഡങ്ങളിൽ കിഴക്കേത്.
ആഹവം1 [സം. -ഹവ <ഹൂ] നാ. യാഗം.
ആഹവം2 [സം. -ഹവ < ഹ്വേ] നാ. വെല്ലുവിളി, യുദ്ധം.
ആഹവിക [സം. < ആഹവ] വി. യുദ്ധം സംബന്ധിച്ച.
ആഹാ [സം. ആഹ] വ്യാക്ഷേ. ദു:ഖം, അത്ഭുതം മുതലായ വികാരങ്ങളെ ദ്യോതിപ്പിക്കുന്നത്.
ആഹാരം [സം. ആ-ഹാര] നാ. ഭക്ഷണം, ഊണ്, തീറ്റി.
ആഹാര്യ [സം. -ഹാര്യ] വി. 1. പിടിച്ചെടുക്കത്തക്ക; 2. ഭക്ഷിപ്പാൻ യോഗ്യമായ; 3. കൃത്രിമമായ.
ആഹാര്യം നാ. 1. പിടിച്ചെടുക്കൽ; 2. പാത്രം; 3. (വൈദ്യ.) ശസ്ത്രക്രിയകൊണ്ട് എടുത്തുമാറ്റൽ, വലിച്ചെടുത്തുകളയൽ; 4. നാടകത്തിലെ കൃത്രിമമായ വേഷങ്ങളും അലങ്കാരങ്ങളും, ചതുർവിധാഭിനയങ്ങളിൽ ഒന്ന്.
ആഹാവം1 [സം. ആ-ഹാവ] നാ. 1. കിണറ്റിനരികേയുള്ള കൽത്തൊട്ടി; 2. അഗ്നി.
ആഹാവം2 [സം.] നാ. 1. യുദ്ധം; 2. ആഹ്വാനം, വിളി.
ആഹികൻ [സം.] നാ. 1. കേതു; 2. പാണിനി.
ആഹിണ്ഡകൻ [സം. ആ-ഹിണ്ഡക] നാ. 1. കാരാഗൃഹത്തിന്റെ കാവൽക്കാരൻ; 2. അലഞ്ഞുനടക്കുന്നവൻ.
ആഹിത [സം. -ഹിത < ധാ] വി. 1. ആധാനം ചെയ്യപ്പെട്ട, വയ്ക്കപ്പെട്ട, നിക്ഷേപിക്കപ്പെട്ട; 2. ഗർഭാധാനം ചെയ്ത, ഗർഭമുള്ള.
ആഹിതകം [സം. -ഹിതക] നാ. പണയം.
ആഹിതൻ [സം. -ഹിത < ധാ] നാ. പണയപ്പെടുത്തപ്പെട്ടവൻ, അടിമ.
ആഹിതലക്ഷണ [സം. ആഹിത-ലക്ഷണ] വി. പ്രസിദ്ധമായഗുണലക്ഷണങ്ങളോടുകൂടിയ, പ്രസിദ്ധനായ.
ആഹിതാഗ്നി [സം. -അഗ്നി] നാ. യാഗാഗ്നി സൂക്ഷിക്കുന്നവൻ, അഗ്നിഹോത്രി.
ആഹിതുണ്ഡികൻ [സം. < അഹിതുണ്ഡ] നാ. ചെപ്പടിവിദ്യക്കാരൻ, പാമ്പാട്ടി.
ആഹിരണി [സം. ആഹിരണിൻ] നാ. ഇരുതലപ്പാമ്പ്.
ആഹിരി നാ. (സങ്ഗീ.) = ആഹരി.
ആഹൂത [സം. ആ-ഹൂത < ഹൂ] വി. ഹോമിക്കപ്പെട്ട.
ആഹുതി [സം. -ഹുതി] നാ. ഹോമം.
ആഹൂതി [സം. -ഹൂതി < ഹ്വേ] നാ. ആഹ്വാനം, പോരിനുള്ളവിളി, ക്ഷണം.
ആഹൂത [സം. -ഹൂത] വി. വിളിക്കപ്പെട്ട, ക്ഷണിക്കപ്പെട്ട.
ആഹൂയ [സം. -ഹൂയ] അവ്യ. ആഹ്വാനംചെയ്തിട്ട്, വിളിച്ചിട്ട്, ക്ഷണിച്ചിട്ട്.
ആഹൃത [സം. -ഹൃത < ഹൃ] വി. 1. ആഹരിക്കപ്പെട്ട, ആഹാരമാക്കിയ, ഭക്ഷിച്ച; 2. കൊണ്ടുവരപ്പെട്ട.
ആഹേയ [സം. < അഹി] വി. അഹിയെ (പാമ്പിനെ) സംബന്ധിച്ച, പാമ്പിൽനിന്നുണ്ടായ.

ആഹേയം [സം.] നാ. 1. പാമ്പിൻെറ വിഷം; 2. പാമ്പിൻ ചട്ട, വള.

ആഹേരു [സം.] നാ. അഹേരു, ശതാവരി.

ആഹേളനം [സം. ആ-ഹേലന] നാ. അവഹേളനം.

ആഹോപുരുഷ [സം. -പുരുഷാ] നാ. അഹങ്കാരരൂപിണി, ശക്തിസ്വരൂപിണി.

ആഹോപുരുഷം [സം. < അഹോ-പുരുഷ] നാ. അഹംഭാവം, അത്യധികമായ ആത്മാഭിമാനം, 'അമ്പട ഞാനേ' എന്ന ഭാവം, വമ്പുപറച്ചിൽ

ആഹോരവം [സം. ആഹോ-രവ] നാ. വീരവാദം.

ആ ിക [സം. < അഹൻ] വി. പകലത്തെ, പകലിനെസംബന്ധിച്ച, ദിവസംതോറുമുള്ള.

ആ ികം [സം.] നാ. 1. ദിവസംതോറും ക്ലിപ്തസമയത്തു നടത്തേണ്ട നിത്യകർമം; 2. ഗ്രന്ഥത്തിൻെറ ഒരു ഭാഗം, ഒരു ദിവസത്തെ അധ്യയനത്തിനുള്ളത്; 3. നിത്യച്ചെലവ്, പതിവായിവേണ്ട ആഹാരം മുതലായവ.

ആഹ്രസിത [സം. ആ-ഹ്രസിത] വി. ചുരുക്കിയ.

ആഹ്ലാദനം [സം. -ഹ്ലാദന] നാ. സന്തോഷിപ്പിക്കൽ, ആഹ്ലാദിപ്പിക്കൽ.

ആഹ്ലാദനീയ [സം. -ഹ്ലാദനീയ] വി. ആഹ്ലാദിക്കേണ്ട, സന്തോഷിക്കത്തക്ക.

ആഹ്ലാദം [സം. -ഹ്ലാദ] നാ. വലിയ സന്തോഷം.

ആഹ്ലാദി [സം. -ഹ്ലാദിൻ] നാ. ആഹ്ലാദമുള്ളവൻ, സന്തോഷമുള്ളവൻ.

ആഹ്ലാദിക്കുക [<സം. ആ-ഹ്ലാദ്] ക്രി. സന്തോഷിക്കുക.

ആഹ്ലാദിത [സം. -ഹ്ലാദിത] വി. സന്തോഷിപ്പിക്കപ്പെട്ട, സന്തോഷിച്ച.

ആഹ്വ [സം. -ഹ്വാ] നാ. പേര്, നാമം.

ആഹ്വയം [സം. ഹ്വയ < ഹ്വേ] നാ. 1. നാമം; 2. പക്ഷിമൃഗാദികളെക്കൊണ്ടു പന്തയംവച്ചു മത്സരിക്കുമ്പോൾ ഉണ്ടാകുന്ന വ്യാപാരം; 3. സമൻസ്.

ആഹ്വാനം [സം. -ഹ്വാന] നാ. 1. വിളി, വിളിക്കൽ; 2. കക്ഷികളെയോ സമുദായത്തേയോ പ്രവർത്തനത്തിനു ക്ഷണിക്കൽ, പ്രേരണ; 3. കക്ഷിയെ വിളിച്ചുവരുത്താനായി കോടതിയിൽനിന്നും അയക്കുന്ന സമൻസ്.

ആഹ്വായകൻ [സം. -ഹ്വായക] നാ. ദൂതൻ, സമൻസ്-ശിപായി.

ആൾ1 നാ. 1. മനുഷ്യൻ, പുരുഷൻ, വ്യക്തി; 2. ഭൃത്യൻ, വേലക്കാരൻ, ആശ്രിതൻ; 3. ചുമതലക്കാരൻ, പ്രതിനിധി; 4. ഒരാൾപ്പൊക്കം; 5. കഴിവുള്ളവൻ, പ്രാപ്തൻ; 6. കാലാൾ; 7. ചതുരങ്ഗത്തിലെ ഒരു കരു, കാലാൾ; 8. ബന്ധു; 9. ജാതി; 10. കക്ഷി.

ആൾ2 (വ്യാക.) 1. പൂർണക്രിയയോടുചേരുന്ന സ്ത്രീലിങ്ഗപ്രത്യയം; 2. പൂജകാർഥത്തിൽ സ്ത്രീലിങ്ഗനാമങ്ങളോടു ചേരുന്ന ഒരു പ്രത്യയം.

ആൾക്കരടി [സം. ആൾ-കരടി] നാ. മനുഷ്യരെപ്പോലെ പിൻകാലുകളിലും നടക്കാവുന്ന കരടി.

ആൾക്കാരൻ [ആൾ1-കാരൻ] നാ. സേവകൻ, (ബ.വ.) ആൾക്കാർ.

ആൾക്കുരങ്ങ് [ആൾ1-കുരങ്ങ്] നാ. മനുഷ്യനോടു സദൃശ്യമുള്ള കുരങ്ങ്, ഗൊറില്ല, ഒറാങുത്താൻ, ചിമ്പാൻസി മുതലായവ.

ആൾപ്പാട്ടം [ആൾ1-പാട്ടം] നാ. അടിമയെ അന്യനു വിട്ടുകൊടുത്തു വാങ്ങിക്കുന്ന പാട്ടം.

ആൾപ്പിടിയൻ [ആൾ1-പിടിയൻ] നാ. മുതല.

ആൾപ്പേര് [ആൾ1-പേര്] നാ. പ്രതിനിധി.

ആൾപ്രമാണം [മ. ആൾ–സം. പ്രമാണ] നാ. വിടർത്തിയ കൈപ്പത്തിയോടുകൂടി കൈ മേലോട്ടു നീട്ടിനിൽക്കുന്ന പുരുഷൻെറ ഉയരം.
ആൾബാ [ല.ക്കRsıൻറ ] നാ. കത്തോലിക്കാ പുരോഹിതന്മാർ കുർബാനസമയത്തു ധരിക്കുന്ന വെളുത്തമുഴുക്കുപ്പായം.
ആൾമറ നാ. 1. കിണറ്റിനു ചുറ്റും കെട്ടുന്ന കൈവരി; 2. കുളക്കടവിൽ സ്ത്രീകളുടെ ഉപയോഗത്തിനു കെട്ടിയുണ്ടാക്കുന്ന മറ.
ആൾമാകാണം [ത. ആൾ1–മാകാണം] നാ. 1. ഭരണകാര്യാലയം, ആഫീസ്; 2. വരുതിയിൽപ്പെട്ട ആൾക്കാർ.
ആൾമാറാട്ടം [ത. ആൾ1–മാറാട്ടം] നാ. മറ്റൊരാളുടെ വേഷംധരിച്ചുനടക്കൽ, തൻെറ യഥാർഥവ്യക്തിത്വം അറിയിക്കാതിരിക്കാൻ മറ്റൊരു വേഷം കൈക്കൊള്ളൽ, പ്രച്ഛന്നവേഷം.
ആൾവരി [ത. ആൾ1–വരി] നാ. തലവരി, ഒരു നികുതി.
ആൾവാർ നാ. ആഴ്വാർ.
ആൾശേഖരം [മ. ആൾ–സം. ശേഖര] നാ. ശേഖരിച്ചിട്ടുള്ള ആളുകൾ.
ആളങ്കം [ആൾ1–അങ്കം] നാ. ദ്വന്ദ്വയുദ്ധം.
ആളടിയറ [ആൾ–അടിയറ] നാ. ഒരു പുരാതന നികുതി.
ആളടിയാൻ [ആൾ–അടിയാൻ] നാ. അടിമ.
ആളൻ നാ. ആളുന്നവൻ, ഭരണകർത്താവ്. ഉദാ: വിധിയാളൻ = വിധികർത്താവ്.
ആളന്തരം [മ. ആൾ1–സം. അന്തര] നാ. പുരുഷാന്തരം, മരണം.
ആളം നാ. അളവ്.
ആളർ നാ. മലനായന്മാരിൽ ഒരു വിഭാഗം.
ആളർക്ക [സം. ആലർക] വി. പേപ്പട്ടിയെ സംബന്ധിച്ച.
ആളൽ നാ. പ്രകാശിക്കൽ, ജ്വലിക്കൽ.
ആളാകുക ക്രി. 1. നല്ലനിലയിലാകുക, വലിയവനാകുക, പ്രാപ്തനാകുക; 2. കേമനാണെന്നുകാണിക്കുക. നാ. ആളായ്മ.
ആളാങ്കി നാ. ഒരു മരം, വെടിവിലാൻ, വെട്ടിപ്പിലാവ്.
ആളാനം [സം. ആലാനം] നാ. ആനയെ തളയ്ക്കുന്ന കുറ്റി.
ആളാമ്പ്രതി അവ്യ. ഓരോരുത്തർക്കും.
ആളാമണി [പ്രാ. ആലാവിണി < സം. ആലാപിനീ] നാ. ഒരുതരം വീണ.
ആളാമം നാ. കൂത്തിൽ ചാക്യാർ കഥാപാത്രത്തെ അവതരിപ്പിക്കുന്ന ശ്ലോകം.
ആളായ്മ നാ. തൻേറടം, പ്രാപ്തി.
ആളി1 നാ. ആളുന്നവൻ, ഭരിക്കുന്നവൻ, വഹിക്കുന്നവൻ, ഉള്ളവൻ.
ആളി2 [സം. ആലീ] നാ. 1. തോഴി; 2. നിര, പങ്ക്തി, കൂട്ടം; 3. തേൾ; 4. വണ്ട്.
253
ആളിക്രമം [സം. ആലി–ക്രമ] നാ. സങ്ഗീതപ്രബന്ധങ്ങളെ മൂന്നായി തരംതിരിച്ചിട്ടുള്ളതിൽ ഒരു വിഭാഗം.
ആളിച്ച [ആളുക] നാ. ആളൽ, കത്തിയെരിയൽ, എരിവ്.
ആളിന്ദം [പാ. ആളിംദ, < സം. അലിന്ദ] നാ. അളിന്ദം, പുറന്തിണ്ണ, മട്ടുപ്പാവ്.
ആളുക ക്രി. 1. ഭരിക്കുക, നിയന്ത്രിക്കുക, കൈവശംവച്ചനുഭവിക്കുക; 2. ചുമതല വഹിക്കുക, കൈകാര്യംനടത്തുക; 3. ഉണ്ടാവുക, ഉള്ളതായിരിക്കുക, ധരിക്കുക,

മുഴുകുക; 4. പ്രാപിക്കുക, സിദ്ധിക്കുക; 5. വസിക്കുക, കുടികൊള്ളുക, സ്ഥിതിചെയ്യുക; 6. കത്തുക, ജ്വലിക്കുക.
ആളുന്തിരാഗം [മ. ആൾ–ഉന്തി–സം. രാഗ] നാ. കൃഷ്ണഗാഥയിലെ വൃത്തം, മഞ്ജരി.
ആളുപകം, ആലുകം [സം. ആലുപകം] നാ. 1. ഈഴച്ചേമ്പ്; 2. കരുണക്കിഴങ്ങ്.
ആളുരു, ആൾരൂപം [ആൾ–ഉരു, സം. –രൂപ] നാ. ആൾരൂപം, നേർച്ചയ്ക്കായി സമർപ്പിക്കുന്ന പ്രതിമ.
ആളെക്കൊല്ലി [ആളെ–കൊല്ലി] നാ. 1. പണം; 2. മാരകമായ ആപത്ത്.
ആളൊടി, ഒട്ടി നാ. 1. കോട്ടയിൽ പീരങ്കി വയ്ക്കാനുള്ള പഴുത്, വെടിപ്പഴുത്; 2. കുളം മുതലായവയുടെ ചുറ്റും നടക്കാൻ അല്പം താഴ്ചയിൽ നിർമിക്കുന്ന വഴിത്താര, ആളോടി.
ആളോഹരി [ആൾ–ഓഹരി] നാ. 1. കൂടുംബസ്വത്തു ഭാഗിക്കുമ്പോൾ ഓരോരുത്തർക്കും കിട്ടുന്ന വീതം, കുടുംബത്തിലെ എല്ലാ അങ്ഗങ്ങൾക്കും വീതം കിട്ടത്തക്കവണ്ണം സ്വത്തു ഭാഗിക്കൽ; 2. ആളാംപ്രതി വിഹിതം.
ആഴക്ക് നാ. ഒരു അളവ്, ഉഴക്കിന്റെ പകുതി, നാഴിയുടെ എട്ടിലൊന്ന്.
ആഴം നാ. താഴ്ച, മുകൾപ്പരപ്പിൽനിന്ന് താഴോട്ടുള്ള അളവ്.
ആഴാതി നാ. അമ്പലവാസികളിൽ ഒരു വിഭാഗം, പിഷാരടി.
ആഴാന്ത നാ. 1. ഒരുതരം നീർപ്പാമ്പ്; 2. ഒരിനം പാഴ്മരം, ആഴാന്തൽ.
ആഴാന്തൽ നാ. ഒരു വൃക്ഷം, പലകപ്പയ്യാനി.
ആഴി1 നാ. കടൽ, സമുദ്രം.
ആഴി2 നാ. 1. ചക്രം, ചക്രായുധം; 2. മോതിരം; 3. തീക്കുഴി; 4. കുളം.
ആഴിക ഒരു നിഷേധപ്രത്യയം = ‘ആയ്ക’.
ആഴിക്കുഴിക്കാണം നാ. ഒരുതരം ഒറ്റി.
ആഴിപ്പെണ്ണ് [സം. ആഴി1–പെണ്ണ്] നാ. മഹാലക്ഷ്മി. (ആഴിയുടെ പര്യായങ്ങളോട്, മകൾ എന്നർഥമായ മാത്, മാനിനി ഇത്യാദിചേർത്ത് ലക്ഷ്മീദേവി എന്നർഥമായ പദങ്ങളുണ്ടാക്കുന്നു.)
ആഴിയാൻ നാ. 1. ചക്രായുധൻ, വിഷ്ണു; 2. രാജാവ്.
ആഴിവർണൻ [മ. ആഴി–സം. വർണ] നാ. കടൽവർണൻ, വിഷ്ണു.
ആഴിവേന്തൻ [ആഴി–വേന്തൻ] നാ. സമുദ്രാധിപൻ, വരുണൻ.
ആഴുക ക്രി. മുഴുകുക, മുങ്ങുക.
ആഴുകാൽ നാ. കഷ്ടസ്ഥിതി.
ആഴുവാഞ്ചേരി, ആഴ്വാ– നാ. വൈദികനമ്പൂതിരിബ്രാഹ്മണരിൽപ്പെട്ട ആഢ്യന്മാരിൽ പ്രമാണി, പന്നിയൂർ ഗ്രാമക്കാരുടെ തലവൻ.
ആഴെ [< ആഴുക] അവ്യ. ആഴത്തിൽ.
ആഴ്ച നാ. 1. ഏഴുദിവസം കൂടിയ കാലം, വാരം, വാരാധിപത്യം; 2. ഒരാഴ്ചയിലെ ഓരോ ദിവസവും.
ആഴ്ചപ്പതിപ്പ് നാ. ആഴ്ചയിലൊരിക്കൽ പ്രസിദ്ധപ്പെടുത്തുന്ന പത്രം. വാരിക.
ആഴ്ചവട്ടം [ആഴ്ച–വട്ടം] നാ. ഏഴുദിവസം കൂടിയ കാലം.
ആഴ്ത്തുക [ആഴുക > പ്രയോ.] ക്രി. മുക്കുക.
ആഴ്മ നാ. ഉണ്ടായിരിക്കുക എന്ന സ്ഥിതി, ജീവിച്ചിരിക്കുക എന്ന അവസ്ഥ, നിലനിൽപ്പ്.

ആഴ്മകേട് നാ. പോരായ്മ, അവമാനം.
ആഴ്വാർ നാ. 1. വിഷ്ണുഭക്തനായ സന്ന്യാസി, തമിഴ്നാട്ടിലെ പ്രസിദ്ധരായ പന്ത്രണ്ടു വൈഷ്ണവഭക്തന്മാർക്കു പൊതുവെപറയാറുള്ള പേര്; 2. ദേവൻ.
ആറങ്ങോട് നാ. ആർങ്ങാട്, വള്ളുവനാട്.
ആറന്മുളയൂട്ട് നാ. ആറന്മുളദേവനു വഴിപാടെന്നു സങ്കൽപിച്ച് കുട്ടികൾക്കു നൽകുന്ന സദ്യ.
ആറാടുക [ആറ്1–ആടുക] ക്രി. മുങ്ങുക, കുളിക്കുക.
ആറാട്ടം [ആറ്1–ആട്ടം] നാ. കുളി.
ആറാട്ടി നാ. അപകടമുണ്ടെങ്കിൽ അറിയിക്കാൻ മുമ്പേപോകുന്ന വള്ളവും മറ്റും.
ആറാട്ടുക [ആറാടുക > പ്രയോ.] ക്രി. ഉത്സവാവസാനത്തിൽ ദേവവിഗ്രഹത്തെ നദിയിലോ മറ്റോ കുളിപ്പിക്കുക.
ആറാട്ട് നാ. 1. ഉത്സവത്തിൻെറ അവസാനത്തിൽ ദേവബിംബത്തെ എടുത്ത് തന്ത്രി ആറ്റിലോ കുളത്തിലോ മുക്കുന്ന ചടങ്ങ്; 2. കുളി; 3. ഉത്സവം, ആഘോഷം.
ആറാമ്പഴിഞ്ഞി നാ. ഞൊങ്ങണം പുല്ല്.
ആറാംബള്ളി നാ. യുവാക്കന്മാരുടെ ഗുസ്തിപിടുത്തം.
ആറാംവാരി, –മാരി, –മാലി നാ. ആറാമത്തെ വാരിയെല്ലിൻെറ സ്ഥാനം, കക്ഷങ്ങൾക്കു കീഴിൽ.
ആറാമായ [സുറി.] നാ. സുറിയാനിഭാഷയുടെ പ്രാചീനരൂപം. അറമായ.
ആറാറ് (ആറ4–ആറ്40 നാ. 1. ആറുവീതം; 2. ആറിൻെറആറുമടങ്ങ്, മുപ്പത്താറ്.
ആറ്1 നാ. 1. നദി, പുഴ, ഒഴുകുന്ന ജലം; 2. വഴി.
ആറ്2 അവ്യ. പ്രകാരത്തിൽ, വിധത്തിൽ.
ആറ്3 ശീലത്തെ കാണിക്കുവാൻ ക്രിയയോടു ചേർക്കുന്ന പ്രത്യയം. ഉദാ: പറയാറ്.
ആറ്4 നാമമായും വിശേഷണമായും പ്രയോഗം, അഞ്ചിനു തൊട്ടു മേലത്തെ പൂർണസംഖ്യ, സമാസത്തിൽ 'അറു' എന്നും രൂപം.
ആറുക ക്രി. 1. ചൂടുമാറുക, തണുക്കുക; 2. ഉണങ്ങുക; 3. കുളിക്കുക, ആറിയ കഞ്ഞി പഴങ്കഞ്ഞി (പഴ.)
ആറുകാൽ [ആറ്–കാൽ] നാ. 1. വണ്ട്; 2. കയ്യോന്നി.
ആറുകാൽക്കട്ടിൽ നാ. = ശവമഞ്ചം.
ആറുനയങ്ങൾ നാ. സന്ധി, വിഗ്രഹം, യാനം, ആസനം, ദൈധീഭാവം, ആശ്രയം എന്നിവ. (രാജാക്കന്മാർ പാലിക്കേണ്ടത്)
ആറുമുഖൻ [മ. ആറ്–സം. മുഖൻ] നാ. ആറുമുഖങ്ങളോടു കൂടിയവൻ, ഷണ്മുഖൻ, സുബ്രഹ്മണ്യൻ.
ആറുരസങ്ങൾ നാ. (ബ.വ.) മധുരം, പുളി, ഉപ്പ്, കയ്പ്, എരിവ്, ചവർപ്പ്.
ആറുവാ, ആർവാ നാ. ആർപ്പുവിളി.
ആറെ [ആറ്–എ < ഏ] (വ്യാക.) ക്രിയകളോടു ചേരുന്ന ഒരു പ്രത്യയം. അപ്പോൾ, പിന്നെ. ഉദാ: പോയാറെ = പോയിട്ട്.
ആറ്റ1 അവ്യ. വലുതായി, മുഴുവനുമായി, നിശ്ശേഷം.
ആറ്റ2 വി. ഓമനയായ.

ആറ്റ3 നാ. 1. ആറ്റക്കുരുവി; 2. സ്ത്രീകൾ ജ്യേഷ്ഠസഹോദരനെ വിളിക്കുന്ന പേര്.
ആറ്റകം [ആറ്-അകം] നാ. നദിയുടെ ഉൾഭാഗം.
ആറ്റക്കറുപ്പൻ [ആറ്റ3-കറുപ്പൻ] നാ. ഒരിനം പക്ഷി.
ആറ്റക്കുരുവി [ആറ്റ3-കുരുവി] നാ. കൂരിയാറ്റ, ഏള.
ആറ്റച്ചെമ്പൻ [ആറ്റ3-ചെമ്പൻ] നാ. ഒരിനം പക്ഷി.
ആറ്റടമ്പ്, -അടുമ്പ് നാ. ഒരുതരം അടമ്പുവള്ളി.
ആറ്റം1 അവ്യ, 1. വല്ലതും; 2. ഏതാനും; 3. വളരെ.
ആറ്റം2 [ഇം.ക്കന്ധഗണ്ഡ] നാ. പരമാണു, അണു.
ആറ്റമര [ആറ്-അമര] നാ. ആറ്റുതീരത്തുവളരുന്ന ഒരുതരം അമര.
ആറ്റൽ1 നാ. ഓമനത്തം; 2. ശ്രദ്ധ, താത്പര്യം, ശുഷ്കാന്തി, ചൊടി; 3. തഴപ്പ്, തഴച്ചുവളരൽ; 4. ജയം; 5. സത്യം.
ആറ്റൽ2 നാ. 1. തണുപ്പിക്കൽ; 2. ആശ്വസനം; 3. വിശ്രമം.
ആറ്റിങ്ങൽ നാ. തിരുവനന്തപുരത്തിന് മുപ്പതു കിലോമീറ്റർ വടക്കുള്ള ഒരു സ്ഥലം. ഇതു പണ്ട് ഒരു രാജവംശത്തിൻെറ ആസ്ഥാനമായിരുന്നു.
ആറ്റ് 'ആറ്' എന്നതിൻെറ വിശേഷണരൂപം.
ആറ്റുക [ആറുക > പ്രയോ.] ക്രി. 1. തണുപ്പിക്കുക; 2. ആശ്വസിപ്പിക്കുക; 3. ശമിപ്പിക്കുക, കുറയ്ക്കുക, സമാധാനപ്പെടുത്തുക, തൃപ്തിപ്പെടുത്തുക; 4. ഈർപ്പമില്ലാതാക്കുക, ഉണക്കുക.
ആറ്റുകനലി നാ. ഒരിനം ചെറുവൃക്ഷം, കാകളുംബു, കാട്ടുഞാറ.
ആറ്റുകറുവ നാ. ആറ്റുതീരത്തിൽ വളരുന്ന ഒരിനം മരം.
ആറ്റുകാക്ക നാ. നീർക്കാക്ക.
ആറ്റുകാൽ നാ. 1. ആറ്റിൽ നിന്നുണ്ടാക്കിയിട്ടുള്ള തോട്; 2. തിരുവനന്തപുരത്തിനടുത്തുള്ള ഒരു സ്ഥലം, (കിള്ളിയാറ്റിൻെറ കരയിൽ).
ആറ്റുചാമ്പ നാ. ഒരുതരം ചെറുമരം, കരിഞ്ഞാറ.
ആറ്റുഞാവൽ നാ. ഒരുവക ഞാവൽവൃക്ഷം.
ആറ്റുതേക്ക് നാ. കടമ്പ്.
ആറ്റുദർഭ [മ. ആറ്-സം. ദർഭ] നാ. ദർഭപ്പുല്ലിൽ ഒരിനം.
ആറ്റുനേന്ത്രൻ നാ. ഒരിനം നേന്ത്രവാഴ, നന ആവശ്യമില്ലാത്തത്.
ആറ്റുനൊച്ചി നാ. നദീതീരത്തു വളരുന്ന നൊച്ചി, പുഴനൊച്ചി, നീർനൊച്ചി.
ആറ്റുനോറ്റിരിക്കുക ക്രി. 'കുളിച്ചു വ്രതമനുഷ്ഠിച്ചിരിക്കുക', ഒന്നിനുവേണ്ടി ദീക്ഷിക്കുക, പണിപ്പെടുക.
ആറ്റുപരണ്ട നാ. മുള്ളുള്ള ഒരിനം വള്ളിച്ചെടി, കാക്കമുള്ള്.
ആറ്റുപരുത്തി നാ. നീർപ്പരുത്തി.
ആറ്റുപാല നാ. ഒരിനം പാല, വഞ്ചി.
ആറ്റുപുന്ന നാ. ചെറുപുന്ന.
ആറ്റുപേഴ് നാ. ഒരുതരം വൃക്ഷം, നീർപ്പേഴ്.
ആറ്റുമട്ടൽ നാ. ആറ്റുവക്കിൽ അടിഞ്ഞുകയറുന്ന ചളി.
ആറ്റുമരുത് നാ. നീർമരുത്, വെണ്മരുത്.
ആറ്റുമാലി നാ. നദിയുടെ തീരപ്രദേശം.
ആറ്റുവഞ്ചി, -വഞ്ഞി നാ. നദീതീരത്തു വളരുന്ന ഒരിനം ചെറുമരം.

ആറ്റുവട്ട് നാ. 1. ഒരിനം ചെടി; 2. ആറ്റിന്റെ വക്ക്.
ആറ്റുവാ നാ. നദീമുഖം.
ആറ്റുവാള നാ. ആറുകളിൽ കാണുന്ന ഒരിനം വാളമീൻ.
ആറ്റുവെപ്പ് നാ. നദീതീരത്തിൽ ചളി അടിഞ്ഞുണ്ടാകുന്ന സ്ഥലം, നദിയുടെ ഗതിമാറി ഒഴുകി വെള്ളം വറ്റിയ സ്ഥലം.
ആറ്റ്ലസ് [ഇം.ക്കന്ധRsൻറന്ധ] നാ. ഭൂപടം, അറ്റ്ലസ്.

## ഇ

ഇ1 അക്ഷരമാലയിലെ മൂന്നാമത്തെ അക്ഷരം, ഹ്രസ്വസ്വരം, താലവ്യം.
ഇ2 (വ്യക.) ഒരു ചുട്ടെഴുത്ത്, അടുത്തുള്ള ഒന്നിനെ നിർദ്ദേശിക്കാൻ പ്രയോഗിക്കുന്ന ശബ്ദം. ഉദാ: ഇ (ഇ-ത്, ഇ-പ്പൂവ്) ലിങ്ഗപ്രത്യയങ്ങളായ 'അൻ', 'അൾ', 'ത്' എന്നിവ ചേർന്ന് ഇവൻ, ഇവൾ, ഇത് എന്ന് പ്രയോഗം, കാലം, ദേശം, അളവ് എന്നിവ ദ്യോതിപ്പിക്കാൻ 'ഇ' യോട് 'ന്ന്', 'ങ്ങ്', 'ത്ര' എന്നീ പ്രത്യയങ്ങൾ ചേർത്ത് ഇന്ന്, ഇങ്ങ്, ഇത്ര എന്നീരൂപങ്ങൾ ഉണ്ടാക്കുന്നു.
ഇ3 ഭൂതകാലം, പ്രയോജകപ്രകൃതി, സ്ത്രീലിങ്ഗം തുടങ്ങിയവ ദ്യോതിപ്പിക്കാൻ ചേർക്കുന്ന പ്രത്യയം. ഉദാ: 1. തുടങ്ങി, ഉണ്ടായി, എത്തി (ഭൂ.കാലം); 2. ചെയ്യിക്കുന്നു, പഠിപ്പിക്കുന്നു (പ്രയോ.); 3. കേമി, മിടുക്കി (സ്ത്രീ); 4. കേളി, തോഴി (കൃതികൃത്ത്); 5. ഉടൻകൊല്ലി , കാലുവാരി (കാരകകൃത്ത്).
ഇ4 നാമത്തിൽനിന്നു ക്രിയാരൂപം ഉണ്ടാക്കുവാൻ ചേർക്കുന്ന ഇടനില. ഇതു ദ്രാവിഡഭാഷകളിൽ പൊതുവേ ഉണ്ട്. ഉദാ: കല്ല്-കല്ലിക്കുക, വണ്ണം-വണ്ണിക്കുക ഇത്യാദി.
255
ഇ5 സംസ്കൃതത്തിലെ സ്ത്രീലിങ്ഗനാമങ്ങളിലെ ഈകാരം മലയാളത്തിൽ ഹ്രസ്വമാക്കി പ്രയോഗിച്ചുവരുന്നു. ഉദാ: സതീ-സതി, ഗൗരീ-ഗൗരി. സംസ്കൃതരീതിക്കുള്ള സമാസത്തിൽ ഈ മാറ്റമില്ല. ഉദാ: പാർവതീവല്ലഭൻ, ഗൗരീശിഖരം (സം. സമാസം), ശാലിനിയമ്മ, ഗൗരിക്കുട്ടി (മലയാളരീതി). ഏകാക്ഷരപദത്തിൽ 'ഈ' ചുരുങ്ങുകയില്ല. സ്ത്രീ, സ്ത്രീയെ, ശ്രീ, ശ്രീയാൽ.
ഇ6 'ഋ യ ര ല' ഇവയിലൊന്നുകൊണ്ടു തുടങ്ങുന്ന സംസ്കൃതപദങ്ങളുടെ തദ്ഭവരൂപങ്ങൾ (പ.മ.), 'ഇ' ചേർത്തു പ്രയോഗിച്ചുവരുന്നു. ഉദാ: ഇരണം (ഋണം), ഇയന്തിരം (യന്ത്രം), ഇരാമൻ (രാമൻ), ഇലങ്ക (ലങ്ക).
ഇ7 വ്യാക്ഷേ. അദ്ഭുതം, കോപം, നിന്ദ മുതലായവയെ സൂചിപ്പിക്കുന്നത്.
ഇകടം നാ. മുളംതളിർ, മുളങ്കൂമ്പ്.
ഇകണ(ം) നാ. കഴഞ്ചി.
ഇകയ്ക്കുക ക്രി. 1. കീഴടക്കുക; 2. ലങ്ഘിക്കുക; 3. പിരിയുക; 4. നീങ്ങുക.
ഇകൽ1 (പ.മ.) നാ. യുദ്ധം (പ്ര.) ഇകൽ കിട്ടുക, -കൊടുക്കുക, -തേടുക, -പൊരുക = യുദ്ധം ചെയ്യുക. ഇകൽക്കളം = പോർക്കളം. ഇകലാട്ടം = പോര്
ഇകൽ2 [ഇകലുക] ധാതുരൂപം.
ഇകൽക്കളം നാ. യുദ്ധക്കളം.
ഇകലുക ക്രി. 1. വെറുക്കുക; 2. തള്ളുക, ഉപേക്ഷിക്കുക; 3. മത്സരിക്കുക, പിണങ്ങുക; 4. ചേരുക, ഒപ്പമാവുക.

ഇകലോൻ നാ. ശത്രു, പകയൻ.
ഇകലാർ നാ. ശത്രുക്കൾ.
ഇകഴുക ക്രി. 1. നിന്ദിക്കുക, ഇടിച്ചുപറയുക (പ്ര.) ഇകഴ്ത്തുക, (പ്രയോ.) ൻ പുകഴ്ത്തുക; 2. വെറുക്കുക, ഉപേക്ഷിക്കുക, അവഗണിക്കുക.
ഇകറ്റുക [ഇകലുക > പ്രയോ.] ക്രി. 1. ഇകലത്തക്കവണ്ണംചെയ്യുക; 2. അകറ്റുക.
ഇകാരം നാ. 'ഇ' എന്ന അക്ഷരം.
ഇക്ക [പേർ. കാക] നാ. 1. കാക്ക, അമ്മാവൻ, കാരണവൻ (മുസ്ലിം); 2. ജ്യേഷ്ഠസഹോദരൻ.
ഇക്കച്ചക്ക നാ. കലഹം, കശപിശ, വഴ്ക്ക്.
ഇക്കട്ട് നാ. ഉപദ്രവം, പ്രയാസം.
ഇക്കണക്ക് [ഈ-കണക്ക്] അവ്യ. ഇങ്ങനെ, ഇതുപോലെ.
ഇക്കണം (പ.മ.) [ഈ-കണം < പ്രാ. ഖണ < സം. ക്ഷണ] അവ്യ. ഈ ക്ഷണം, ഈ നിമിഷം.
ഇക്കണ്ട വി. അടുത്തുകാണുന്ന, പ്രത്യക്ഷമായ.
ഇക്കര [ഈ-കര] നാ. ഇങ്ങേക്കര.
ഇക്കരി നാ. പുകയറ.
ഇക്കാക്ക [അറ. അഖ്] നാ. ഇക്ക, മൂത്തസഹോദരൻ.
ഇക്കാലം [മ. ഈ-സം. കാല] നാ. ഈ സമയം. അവ്യ. ഈ അവസരത്തിൽ, ഈ സമയത്ത്.
ഇക്കിട്ട്, ഇക്കിട്, ഇക്കിട്ടം നാ. എക്കിട്ട, ഇക്കിൾ.
ഇക്കിയാർ [അറ.] നാ. ഇഷ്ടം, ഹിതം.
ഇക്കിൾ നാ. എക്കിട്ട.
ഇക്കിളി നാ. കിക്കിളി, കക്ഷത്തിലും മറ്റും തൊട്ടാൽ ഉണ്ടാകുന്ന ശാരീരികവികാരം, ചിരിക്കാൻ പ്രേരിപ്പിക്കുന്ന സ്പർശം.
ഇക്കിളിക്കുക ക്രി. ശ്വാസംമേൽപ്പോട്ടാക്കി വയറൊട്ടിക്കുക.
ഇക്ക് നാ. 1. അര, മധ്യം; 2. ആപരത്, ഉപദ്രവം.
ഇക്കു [പ്രാ.ഇക്ഖു < സം. ഇക്ഷു] നാ. കരിമ്പ്. ഇക്കുവില്ലവൻ = കാമദേവൻ (രാ.ച.)
ഇക്കുമത്ത് [അറ. ഹിക്മത്] നാ. സമർഥ്യം.
ഇക്കുലാസ് [അറ.] നാ. ഇഖ്ലാസ്, സ്നേഹം, ഭക്തി.
ഇക്കുറി [ഈ -കുറി] അവ്യ. ഇത്തവണ, ഈ പ്രാവശ്യം.
ഇക്കേരിപ്പണം നാ. ഇക്കേരിനായിക്കന്മാർ അടിച്ചു പ്രചരിപ്പിച്ചിരുന്ന ഒരു നാണയം.
ഇക്കേരിവരാഹൻ നാ. ഇക്കേരിനായിക്കന്മാർ അടിച്ചു പ്രചരിപ്പിച്ച ഒരു സ്വർണനാണയം.
ഇക്കൈ നാ. ഈകൈ,
ഇക്ബാൽ [അറ.] നാ. 1. ഭാഗ്യം; 2. സമ്പത്ത്.
ഇക്ഷണം [മ. ഈ- സം. ക്ഷണ] അവ്യ. ഈ ക്ഷണം, ഈ നിമിഷം, ഇപ്പോൾ, ഇക്കണം.
ഇക്ഷു, ഇക്ഷുകം [സം. ഇക്ഷു] നാ. കരിമ്പ്.
ഇക്ഷുകാണ്ഡം [സം.-കാണ്ഡ] നാ. 1. കരിമ്പിൻ തണ്ട്; 2. കുരുവിക്കരിമ്പ്; 3. മുഞ്ജപ്പുല്ല്; 4. പാൽമുതക്ക്.

ഇക്ഷുകാന്തം [സം. -കാന്ത] നാ. ആറു നിലകൾ ഉള്ള ഒരുതരം മാളിക.
ഇക്ഷുകീയ [സം. < ഇക്ഷുക] വി. ധാരാളം കരിമ്പുള്ള.
ഇക്ഷുകുട്ടകൻ [സം. -കുട്ടക] നാ. കരിമ്പു ശേഖരിക്കുന്നവൻ.
ഇക്ഷുകോദണ്ഡൻ [സം. കോദണ്ഡ] നാ. കരിമ്പു വില്ലായുള്ളവൻ, കാമദേവൻ.
ഇക്ഷുഗന്ധ [സം. -ഗന്ധാ] നാ. 1. ഞെരിഞ്ഞിൽ; 2. വയൽച്ചുള്ളി; 3. പാൽമുതക്ക്; 4. ആറ്റുദർഭ; 5. കുരുവിക്കരിമ്പ്.
ഇക്ഷുഗന്ധം [സം.] നാ. 1. കുരുവിക്കരിമ്പ്; 2. ചെറിയഞെരിഞ്ഞിൽ.
ഇക്ഷുചാപൻ [സം. ഇക്ഷു-ചാപ] നാ. ഇക്ഷുകോദണ്ഡൻ, കാമൻ.
ഇക്ഷുജ [സം. -ജ] വി. കരിമ്പിൽനിന്നും ഉണ്ടായ.
ഇക്ഷുദണ്ഡം [സം. -ദണ്ഡ] നാ. കരിമ്പിൻതണ്ട്.
ഇക്ഷുദണ്ഡിക [സം. -ദണ്ഡികാ] നാ. ഒരു ദണ്ഡകവൃത്തം.
ഇക്ഷുദർഭ [സം. -ദർഭാ] നാ. ഒരിനം പുല്ല്.
ഇക്ഷുധന്വാവ് [സം. -ധന്വൻ] നാ. കാമദേവൻ.
ഇക്ഷുനിര്യാസം [സം. -നിര്യാസ] നാ. കരിമ്പിൻനീര്.
ഇക്ഷുപാകം [സം. -പാക] നാ. 1. ശർക്കരപ്പാവ്; 2. (കാവ്യ.) അനായാസമായി വായിച്ചാസ്വദിക്കാൻ കഴിയുന്ന കാവ്യശൈലി.
ഇക്ഷുപീഡനി [സം. -പീഡനീ] നാ. കരിമ്പാട്ടുന്ന മില്ല്.
ഇക്ഷുബാലിക [സം. -ബാലികാ] നാ. 1. വയൽച്ചുള്ളി; 2. കുരുവിക്കരിമ്പ്.
ഇക്ഷുമേഹം [സം. -മേഹ] നാ. ഒരുതരം പ്രമേഹരോഗം.
ഇക്ഷുയന്ത്രം [സം. -യന്ത്ര] നാ. കരിമ്പാട്ടുന്ന ചക്ക്.
ഇക്ഷുയഷ്ടി [സം. -യഷ്ടി] നാ. കരിമ്പിൻതണ്ട്.
ഇക്ഷുരം [സം.] നാ. 1. വയൽച്ചുള്ളി; 2. കാശപ്പുല്ല്; 3. കുരുവിക്കരിമ്പ്.
ഇക്ഷുരസം [സം. ഇക്ഷു-രസ] നാ. 1. കരിമ്പിൻ നീര്; 2. കാശപ്പുല്ല്; 3. ശർക്കരപ്പാവ്.
ഇക്ഷുവല്ലി [സം. -വല്ലീ] നാ. 1. കരിമ്പ്; 2. പാൽമുതക്ക്
ഇക്ഷുവില്ലൻ, ഇക്കു- (പ.മ.) [സം. ഇക്ഷു- മ. വില്ലൻ] നാ. കരിമ്പു വില്ലായിട്ടുള്ളവൻ, കാമദേവൻ.
ഇക്ഷുശരൻ [സം. -ശരൻ] നാ. കമദേവൻ.
ഇക്ഷുശുക്തം [സം. -ശുക്ത] നാ. കരിമ്പിൻനീരിൽ കിഴങ്ങ് മുതലായവ ചതച്ചിട്ടു പുളിപ്പിച്ചുണ്ടാക്കുന്ന മദ്യം.
ഇക്ഷുസാരം [സം. -സാര] നാ. ശർക്കര.
ഇക്ഷൂദം [സം. -ഉദ] നാ. കരിമ്പിൻ നീര്
ഇക്ഷ്വാകു [സം.] നാ. 1. അയോദ്ധ്യ വാണിരുന്ന സൂര്യവംശത്തിലെ ആദ്യത്തെ രാജാവ്, വൈവസ്വതമനുവിനു ശ്രദ്ധയിൽ ഉണ്ടായ പുത്രൻ; 2. ഇക്ഷാകുവംശത്തിൽ ജനിച്ചവൻ; 3. പേച്ചുര; 4. പാൽച്ചുര.
ഇഖ്‌ലാസ് നാ. 1. സ്നേഹം; 2. സൗഹാർദം; 3. ഭക്തി.
ഇങ്കിരിയേസ്സ് [പോർ. ഛ ദ്ദ്ഗസനുനന്ഥ] നാ. 1. ഇങ്ഗ്ലീഷുകാർ; 2. ഇങ്ഗ്ലീഷ്ഭാഷ.
ഇങ്ക് നാ. ചോറുണ്ണാൻ പ്രായമാകാത്ത കുഞ്ഞുങ്ങൾക്ക് കൊടുക്കുവാൻ കൂവരകുമായും മറ്റും കുറുക്കിയുണ്ടാക്കിയത്. (പ്ര.) ഇങ്കുകുറുക്കുക.
ഇങ്കു [സം. ഹിങ്ഗു] നാ. കായം എടുക്കുന്ന ചെടി, കായം.
ഇങ്ക്വിലാബ്, ഇങ്കുലാബ് [അറ. ഇൻകിലാബ്] നാ. വിപ്ലവം, പ്രക്ഷോഭണം.

ഇങ്ഖിത [സം. ഇങ്ഖിത] വി. ഇളകുന്ന, സഞ്ചരിക്കുന്ന.
ഇങ്ഗണം നാ. തീപ്പൊരി.
ഇങ്ഗനം [സം. ഇങ്ഗന] നാ. 1. ഇളക്കം; 2. അറിവ്; 3. അപഗ്രഥിച്ച് ഘടകങ്ങളെ വേർപെടുത്തൽ, വിഗ്രഹിക്കൽ.
ഇങ്ഗം നാ. 1. ഇളക്കാവുന്ന വസ്തു, ജ്ങ്ഗമം; 2. സൂചന, അടയാളം; 3. ഇങ്ഗിതം; 4. ഭൂമി.
ഇങ്ഗാലം [പ്രാ. ഇങ്ഗാല < സം. അങ്ഗാര] നാ. കരി.
ഇങ്ഗാലാമ്ലം [പ്രാ. ഇങ്ഗാല -സം. അമ്ല] നാ. കരിവായു, കാർബണ്ഡയോക്സൈഡ്.
ഇങ്ഗിതജ്ഞ [സം. ഇങ്ഗിത-ജ്ഞ] വി. ബാഹ്യചേഷ്ടകളിൽനിന്ന് അന്യന്റെ ആഗ്രഹത്തെ അറിയാൻകഴിവുള്ള, അഭിപ്രായത്തെ അറിയുന്ന, സൂചനകൾ മനസ്സിലാക്കുന്ന.
ഇങ്ഗിതം [സം.] നാ. 1. അഭിപ്രായം, ഉള്ളിലിരിപ്പ്; 2. അഭിപ്രായത്തിന് അനുസൃതമായ ചാഷ്ട; 3. അങ്ഗചലനാദികൾ കൊണ്ടുള്ള സൂചന.
ഇങ്ഗു1 [സം.] നാ. ഒരു രോഗം.
ഇങ്ഗു2 [സം.] നാ. കായം എടുക്കുന്ന ചെടി.
ഇങ്ഗുദം [സം.] നാ. 1. ഓടൽമരം; 2. ഓടൽവള്ളി; 3. ചെറുപുന്ന.
ഇങ്ഗുദി [സം. ഇങ്ഗുദീ] നാ. 1. ഇങ്ഗുദം, ഓടൽമരം; 2. ഓടൽവള്ളി.
ഇങ്ഗ്ലീഷ്, ഇംഗ്ലീ- [ഇം. ഞ്ഞ ദ്ദRsദ്ധന്ഥറ] വി. ഇങ്ഗ്ലണ്ടിനെ സംബന്ധിച്ച. നാ. 1. ഇങ്ഗ്ലീഷുകാരൻ; 2. ഇങ്ഗ്ലീഷുഭാഷ.
ഇങ്ങത്തേ അവ്യ. ഇവിടത്തേ, ഇങ്ങേ.
ഇങ്ങനെ അവ്യ. ഇപ്രകാരം, ഈവിധം, ഇത്തരത്തിൽ, ഇവ്വണ്ണം, ഈ മാതിരി.
ഇങ്ങ് അവ്യ. ഇവിടെ, ഇപ്പുറത്ത്, ഈ സ്ഥലത്ത്.
ഇങ്ങുന്ന്1 അവ്യ. 1. ഇവിടെനിന്ന്; 2. എന്നിൽനിന്ന്, ഞങ്ങളിൽനിന്ന്.
ഇങ്ങുന്ന്2 സ. നാ. (മധ്യമപുരുഷനിൽ പ്രയോഗം) ബഹുമാനസൂചകം.
ഇങ്ങേ അവ്യ. 1. ഈ വശത്തെ, ഇവിടത്തെ; 2. ഇങ്ങുതന്നെ.
ഇങ്ങേക്കൂറ്റ് നാ. 1. അയൽപക്കം, അടുത്തവീട്, ഇക്കൂറ്റ്; 2. ഈ പക്ഷത്ത്.
ഇങ്ങേടം നാ. ഈ സ്ഥലം, ഇപ്പുറം, ഇങ്ങേവശം, ഇവിടം.
ഇങ്ങേത് നാ. 1. അടുത്ത വീട്; 2. ഇപ്പുറത്തുള്ളത്.
ഇങ്ങേൻ സ.നാ. ഈ ആൾ (പൂ.ബ.വ.) ഇങ്ങേർ.
ഇങ്ങേയവർ സ.നാ. (പൂ.ബ.വ.) ഇങ്ങുള്ളവർ, ഇങ്ങേർ, ഇദ്ദേഹം.
ഇങ്ങേർ, ഇങ്ങേര് സ.നാ. (പൂ.ബ.വ.) ഇങ്ങേയവർ.
ഇങ്ങോട്, -ട്ട് അവ്യ. 1. ഇവിടേക്ക്; 2. തന്നോട് (വക്താവു തന്നെത്തന്നെ പരാമർശിക്കുവാൻ ഉപയോഗിക്കുന്നത്) ഉദാ: തന്റെ അടവുകളൊന്നും ഇങ്ങോട്ടുവേണ്ട = എന്നോടുവേണ്ട.
ഇങ്ങോൻ സ.നാ. ഈ ആൾ, ഇവൻ.
ഇങ്ങോർ സ.നാ. ഇങ്ങേർ.
ഇച നാ. 1. ഇശ, പാട്ട്; 2. ശബ്ദം, ഒച്ച.
ഇചികിലം [സം.] നാ. 1. കുളം; 2. ചെളി.
ഇച്ചക്കൻ നാ. ദുസ്സാമർഥ്യക്കാരൻ, ലുബ്ധൻ.

ഇച്ചപ്പാട് [<സം. ഇച്ഛാ -മ. പാട്] നാ. (ക്രിസ്ത്യാനികളുടെ ഇടയിൽ) വിവാഹത്തിൻെറ തലേന്നാൾ വരനു മധുര പദാർഥം കൊടുക്കുക എന്ന ചടങ്ങ്.

ഇച്ചാച്ച നാ. ജ്യേഷ്ഠത്തി.

ഇച്ചാച്ചൻ നാ. 1. സഹോദരൻ; 2. അപ്പുപ്പൻ; 3. ചാർച്ചക്കാരൻ.

ഇച്ചാൽ നാ. തൊട്ടിൽ.

ഇച്ചി നാ. മാലിന്യം, അഴുക്ക്, മൂത്രം, മലം (ശിശുഭാഷ).

ഇച്ചിര, ഇച്ചിരി, ഇത്തിരി അവ്യ. അല്പം, സ്വല്പം, കുറച്ച്.

ഇച്ചീച്ചി നാ. = ഇച്ചി.

ഇച്ചുളി, ഇത്തുളി നാ. 1. ഇത്തിൾ, കക്കാ; 2. തുരുമ്പ്; 3. ചൊറി; 4. മീൻചെതുമ്പൽ.

ഇച്ചുളിപ്പൊടി നാ. കക്കാ നീറ്റിയത്, ചുണ്ണാമ്പ്.

ഇച്ചേച്ചി = നാ. ചേച്ചി.

ഇച്ഛ, ഇച്ച (പ.മ.) [സം. ഇച്ഛാ] നാ. 1. കൊതി, ആഗ്രഹം, താത്പര്യം, കിട്ടണമെന്നോ വേണമെന്നോഉള്ള മനോഗതി; 2. ഇഷ്ടസംഖ്യ (പ്ര) ഇച്ഛാനുസാരം, ഇച്ഛാപൂർത്തി, ഇച്ഛാഭങ്ഗം.

ഇച്ഛക [സം.] വി. ഇച്ഛിക്കുന്ന, ആഗ്രഹിക്കുന്ന.

ഇച്ഛകം [സം.] നാ. 1. വള്ളിനാരകം; 2. ഇഷ്ടസംഖ്യ, ഇച്ഛ; 3. മുഖസ്തുതി.

ഇച്ഛാദാനം [സം. ഇച്ഛാ-ദാന] നാ. ഇഷ്ടപൂർത്തി.

ഇച്ഛാനുകൂലം [സം. -അനുകൂല] നാ. ആശയ്ക്കൊത്ത്.

ഇച്ഛാപത്രം [സം. ഇച്ഛാ-പത്ര] നാ. വിൽപ്പത്രം, ഒസ്യത്ത്.

ഇച്ഛാപഥ്യം [സം. -പഥ്യ] നാ. രോഗിയുടെ ഇഷ്ടത്തിനനുസരിച്ച് വൈദ്യൻ നിർദേശിക്കുന്നപഥ്യം, കഠിനമല്ലാത്തപഥ്യം.

ഇച്ഛാഫലം [സം. -ഫല] നാ. (ജ്യോ.) ത്രൈരാശികത്തിൽ കണ്ടുപിടിക്കേണ്ട ഫലം, നാലാം രാശി.

ഇച്ഛാഭങ്ഗം [സം. -ഭങ്ഗ] നാ. ആഗ്രഹം സാധിക്കായ്ക, അതുമൂലമുണ്ടാകുന്ന മനക്ലേശം, നൈരാശ്യം.

257

ഇച്ഛാരതം [സം. -രത] നാ. ഇഷ്ടമുള്ള കളി, ലീല.

ഇച്ഛാവതി [സം. -വതി] നാ. ആഗ്രഹമുള്ളവൾ.

ഇച്ഛാവത് [സം. -വത്] വി. ആഗ്രഹമുള്ള.

ഇച്ഛാവസു [സം. -വസു] നാ. കുബേരൻ

ഇച്ഛാവാൻ [സം. -വത്] നാ. ആഗ്രഹമുള്ളവൻ.

ഇച്ഛാശക്തി [സം. -ശക്തി] നാ. 1. ഇച്ഛയാകുന്ന ശക്തി; 2. ഈശ്വരൻെറ ശക്തിത്രയങ്ങളിൽ ഒന്ന് (ജ്ഞാനശക്തി, ക്രിയാശക്തി എന്നു മറ്റു രണ്ട്).

ഇച്ഛിക്കുക [സം. ഇച്ഛ് < ഇഷ്] ക്രി. ആഗ്രഹിക്കുക, കാംക്ഷിക്കുക.

ഇച്ഛു [സം. ഇച്ഛു] നാ. ഇച്ഛിക്കുന്നവൻ, ആഗ്രഹിക്കുന്നവൻ (സമാസത്തിൽ പ്രയോഗം) ഉദാ: ലാഭേച്ഛു, സുഖേച്ഛു.

ഇജ്ജനം [മ. ഈ -സം. ജന] നാ. ഈ ആൾ, ഞാൻ.

ഇജ്ജലം [<സം. ഹിജ്ജല] നാ. 1. നീർക്കടമ്പ്; 2. നീർപ്പേഴ്.

ഇജ്യ1 [ഇജ്യ < യജ്] വി. പൂജാർഹതയുള്ള, യജിക്കപ്പെടുവാൻ അർഹതയുള്ള.

ഇജ്യ2 [സം. ഇജ്യാ] നാ. 1. യാഗം; 2. ദാനം; 3. പൂജ; 4. പശു; 5. കണ്ടുമുട്ടൽ; 6. പ്രതിച്ഛായ; 7. കൂട്ടിക്കൊടുക്കുന്നവൾ, വേശ്യ.
ഇജ്യൻ [സം. ഇജ്യ] നാ. 1. ഗുരു; 2. വ്യാഴം; 3. വിഷ്ണു.
ഇജ്യം [സം.] നാ. പൂയം നക്ഷത്രം.
ഇജ്യാശീലൻ [സം. ഇജ്യാ-ശീല] നാ. നിരന്തരം യാഗം ചെയ്യുന്നവൻ.
ഇജ്ജ് [< നിയ്യ്] സ.നാ. നീ
ഇഞ്ച നാ. ഈഞ്ച, വളരെ പൊക്കത്തിൽ പടർന്നുകയറുന്ന ഒരുതരം മുള്ളുള്ള വള്ളിച്ചെടി, അതിന്റെ തൊലി ചതച്ചുണക്കിയത് (മെഴുക്കിളക്കാൻ കൊള്ളാം).
ഇഞ്ചക്ഷൻ [ഇം. ണ്ട ഥമ്യ്യഡഢഗ ] നാ. കുത്തിവയ്പ്.
ഇഞ്ചങ്ഷൻ [ഇം.ണ്ട ഥഗ്മ ്യഡഢഗ ] നാ. (കോടതിയുടെ) നിരോധനഉത്തരവ്.
ഇഞ്ചാർജ് [ഇം. ണ്ട ങറൻറത്സദ്ദനു] നാ. 1. തത്കാല ചുമതലക്കാരൻ; 2. ഇൻസ്പെക്ടർക്കുപകരം പോലീസ്സ്റ്റേഷന്റെ ചുമതലവഹിക്കുന്ന കീഴുദ്യോഗസ്ഥൻ.
ഇഞ്ചി [പ്രാ. സിങ്ഗി < സം. ശൃങ്ഗിൻ] നാ. 1. എരിവും രൂക്ഷഗന്ധവുമുള്ള കിഴങ്ങുകളോടുകൂടിയ ഒരു ചെടി. (ഇഞ്ചി ഉണക്കിയെടുക്കുന്നത് ചുക്ക്); 2. കോപം, കോപമുള്ളവൻ. (പ്ര.) ഇഞ്ചികടിക്കുക = കോപിക്കുക.
ഇഞ്ചിക്കണ നാ. ചങ്ങണമ്പുല്ല്, ഇഞ്ചിപ്പുല്ല്.
ഇഞ്ചിക്കറി നാ. ഇഞ്ചികൊണ്ട് ഉണ്ടാക്കുന്ന ഒരുതരം കൂട്ടാൻ.
ഇഞ്ചിക്കുന്നൻ നാ. ഇഞ്ചിക്കാരൻ, മുൻകോപി.
ഇഞ്ചിത്തൈര് നാ. ഒരു കറി, ഇഞ്ചി അരിഞ്ഞ് തൈരിൽ ഇട്ട് ഉണ്ടാക്കുന്ന കറി.
ഇഞ്ചിൻ, എ- [ഇം.ഞ്ഞ ദ്ദഢ ന ] നാ. യന്ത്രം.
ഇഞ്ചിനീയർ, എ- [ഇം. ഞ്ഞ ദ്ദഢ നനുത്സ] നാ. യന്ത്രനിർമ്മാതാവ്, യന്ത്രപ്രവർത്തകൻ, യാന്ത്രികൻ.
ഇഞ്ചിനീയറിങ്ങ് ഡിപ്പാർട്ടുമെൻറ് [ഇം.] നാ. സർക്കാരിന്റെ പൊതുമരാമത്തുപണിക്ക് ചുമതലപ്പെട്ട വിഭാഗം.
ഇഞ്ചിപ്പച്ചടി നാ. ഇഞ്ചിയും കൊത്തമല്ലിച്ചാറും തൈരും മറ്റും ചേർത്ത് ഉണ്ടാക്കുന്ന കറി.
ഇഞ്ചിപ്പുല്ല് [ഇഞ്ചി-പുല്ല്] നാ. 1. ഇഞ്ചിപോലെ രൂക്ഷഗന്ധമുള്ള ഒരുതരം പുല്ല് (ഇതിന്റെ ഇലകള്മുറിച്ച് വാറ്റിയെടുക്കുന്നതാണ് പുൽത്തൈലം); 2. വെൺകറുക.
ഇഞ്ചിമാങ്ങ [ത. ഇഞ്ചി-മാങ്കായ്] നാ. മാങ്ങായുടെ ഗന്ധമുള്ള ഒരുതരം ഇഞ്ചി. സം. കർപ്പൂരഹരിദ്രം.
ഇഞ്ചിയപ്പം നാ. ഒരുപലഹാരം (ഗോതമ്പുമാവ്, പഞ്ചസാര എന്നിവയോട് ഇഞ്ചി, ഏലം, ജാതിക്ക മുതലായവ ചേർത്തുണ്ടാക്കുന്നത്.)
ഇഞ്ചിലിപ്പ് നാ. 1.ഭയം, കൂസൽ; 2. ശക്തി; 3. മര്യാദ.
ഇഞ്ച് [ഇം.ഢ ്യറ] നാ. ഒരു അടിയുടെ പന്ത്രണ്ടിൽ ഒരു ഭാഗം, 2.54 സെൻറീമീറ്റർ.
ഇഞ്ജീൽ, ഇഞ്ചീൽ [അറ.] നാ. സുവിശേഷം, വേദപുസ്തകമായ പുതിയനിയമം.
ഇഞ്ഞാളിക്കുക ക്രി. ആക്ഷേപിക്കുക.
ഇട1, എട നാ. 1. രണ്ടെണ്ണത്തിന്റെ നടുവിലുള്ളസ്ഥലം, മധ്യം, നടുഭാഗം, വിടവ്; 2. അകലം; 3. നടുക്കുള്ളസമയം, ഒരുകാര്യം നടക്കുന്നതിന് മധ്യേയുള്ള കാലം; 4. സമയം, അല്പസമയം; 5. അവസരം, സന്ദർഭം, സൗകര്യം; 6. കാരണം, സാധ്യത; 7.

ശരീരത്തിൻെറ മധ്യഭാഗം, കടിതടം, അരക്കെട്ട്; 8. അളവ്, ഒരു ധാന്യത്തിൻെറയോ മറ്റോ വലിപ്പത്തിനുതുല്യമായ സ്ഥലം, പരിമാണം, ഒരു വസ്തുവിൻെറ ഭാരത്തിനു തുല്യമായ തൂക്കം എന്ന് അർഥവികാസം. ഉദാ: നെല്ലിട, പണമിട; 9. ഒരു തൂക്കം, നൂറുപലം. ഉദാ: ഒരു ഇട മുളക്; 10. ഇടവഴി; 11. ആനയുടെ കൂച്ചുവിലങ്ങ്, ഇടച്ചങ്ങല. ഉദാ: ഇടയും മെയ്യും കൊളുത്തുക = ആനയുടെ കാലും ഉടലും ബന്ധിക്കുക, (പ്ര.) ഇടയാകുക, -ഉണ്ടാകുക, -കിട്ടുക = കാരണമാവുക, യാദൃച്ഛികമായിവന്നുചേരുക. ഉദാ: പോകാൻ ഇടയാവുക, കാണുന്നതിന് ഇടയാവുക. ഇടവരിക = ഇടയാവുക (പ്ര.) ഇടയ്ക്ക്, ഇടയിൽ, ഇടയ്ക്കിടെ, ഇടയ്ക്കും മുറയ്ക്കും.

ഇട2 [ത. ഇടൈ] വി. ഇടയ, ഇടയന്മാരുടെ. ഉദാ: ഇടച്ചേരി.

ഇടകലരുക [ഇട-കലരുക] ക്രി. ഒന്നിച്ചുചേരുക, കൂടിച്ചേരുക.

ഇടകൂടുക [ഇട-കൂടുക] ക്രി. 1. കലരുക, കൂടിച്ചേരുക, ഒന്നിച്ചുകൂടുക; 2. സംഭവിക്കുക, സങ്ഗതിയാവുക, ഇടയാകുക.

ഇടകേട് [ഇട-കേട്] നാ. ഇടങ്കേട്.

ഇടക്ക, ഇടയ്ക്ക, എടയ്ക്ക [സം. ഢക്കാ] നാ. ഒരു വാദ്യം.

ഇടക്കച്ച [ഇട-കച്ച] നാ. = അരക്കച്ച.

ഇടക്കട്ടി [ഇട-കട്ടി] നാ. 1. ഒരു ഇട (പഴയ ഒരു തൂക്കം) തൂക്കാനുള്ള കട്ടി; 2. പാത്രങ്ങളിൽവച്ചു തൂക്കപ്പെടുന്ന സാധനങ്ങളുടെ തൂക്കം എടുക്കുമ്പോൾ പാത്രത്തിൻെറ ഭാരത്തിന് ഒപ്പം ഇടുന്ന കട്ടി.

ഇടക്കണ [ഇട-കണ] നാ. ഏത്തത്തിൽ തേക്കുകൂട്ട കെട്ടിയിടുവാനുള്ള മുള.

ഇടക്കണ്ണ് [ഇട-കണ്ണ്] നാ. കടക്കണ്ണ്, ചരിഞ്ഞനോട്ടം.

ഇടക്കര [ഇട-കര] നാ. നടുവിൽ കരയുള്ള മുണ്ട്.

ഇടക്കരി [ഇട-കരി] നാ. കീഴ്പ്പാടം.

ഇടക്കലാശം, എട- [ഇട-കലാശം] നാ. (കഥകളി) ഒരു താളവട്ടം കഴിയുമ്പോഴുള്ള കലാശം.

ഇടക്കല്ല് [ഇട-കല്ല്] നാ. 1. അസ്ഥിവാരം; 2. ഒരു കണ്ഠാഭരണം (മുസ്ലിം സ്ത്രീകൾ ധരിക്കുന്നത്)

ഇടക്കാത്താലി [ഇടക്കാ-താലി] നാ. ഇടയ്ക്കയുടെ ആകൃതിയിലുള്ള താലി.

ഇടക്കാരാഴ്മ [ഇട-കാരാഴ്മ] നാ. പഴയ ഒരുതരം ഭൂവുടമസമ്പ്രദായം.

ഇടക്കാലം [മ. ഇട-സം. കാല] നാ. 1. കുറച്ചുമുമ്പുള്ള കാലം; 2. ഇടയ്ക്കുള്ളകാലം.

ഇടക്കാലാശ്വാസം നാ. ഇടക്കാലത്തേയ്ക്കുമാത്രം (സ്ഥിരമായ ക്രമീകരണം വരുംവരെ) ഏർപ്പെടുത്തുന്ന സാമ്പത്തികാശ്വാസം.

ഇടക്കാഴി [ഇട-കാഴി] നാ. നദിയുടെ കൈവഴി.

ഇടക്കിടെ, ഇടയ്ക്കിടെ അവ്യ. ചിലപ്പോഴൊക്കെ, ൻ കൂടെക്കൂടെ.

ഇടക്കുടിയാൻ നാ. പാട്ടക്കാരൻെറ പക്കൽനിന്നും പാട്ടം എടുത്തവൻ.

ഇടക്കുടുക്ക് [ഇട-കുടുക്ക്] നാ. കയറ്, ചരട് മുതലായവയുടെ മധ്യം വളച്ചുകെട്ടിയുണ്ടാക്കുന്ന കുടുക്ക്.

ഇടക്കെട്ട് [ഇട-കെട്ട്] നാ. 1. ഇടയ്ക്കുകെട്ടുന്ന കെട്ട്, അരക്കെട്ട്; 2. ഇടനാഴി.

ഇടക്കേട് [ഇട-കേട്] നാ. = ഇടങ്കേട്.

ഇടക്കൊയ്ത്തൽ, ഇടക്കൊയിൽ [ഇട-കൊയ്ത്തൽ] നാ. തേങ്ങാകുറഞ്ഞ കർക്കടകം, ചിങ്ങം, കന്നി എന്നീ മാസങ്ങളിൽ ഉള്ള തേങ്ങയിടൽ.

ഇടക്കോഴ [ഇട–കോഴ] നാ. ഇടനിലക്കാരൻ വാങ്ങുന്ന കൈക്കൂലി, ഇടത്തട്ട്.
ഇടങ്കാൽ നാ. ഇടത്തെ കാല്.
ഇടങ്കാരം [സം. ട്കാര] നാ. മൃദംഗത്തിൻെറ ഇടത്തുവശം. (ഈ വശത്തെ തോലിൻെറ അരികിൽ പശപിടിപ്പിച്ചാണ് ആവശ്യമുള്ള നാദം വരുത്തുന്നത്.)
ഇടങ്കേട്, ഇടക്കേട് [ഇടം–കേട്] നാ. 1. ദാരിദ്ര്യം; 2. ഉപദ്രവം, വേണ്ടാതനം, കൊള്ളരുതായ്മ; 3. വിരോധം; 4. ദോഷം, കുറ്റം; 5. തടസ്സം, പ്രയാസം; 6. അവശത, ബുദ്ധിമുട്ട്.
ഇടങ്കൈ [ഇടം–കൈ] നാ. 1. ഇടത്തു കൈ; 2. ചില ദ്രാവിഡജാതികൾ രണ്ടായിപ്പിരിഞ്ഞതിൽ ഒന്ന്, മറ്റേതു വലങ്കൈ; 3. അവരിൽ ചുമത്തിയിരുന്ന കരം.
ഇടങ്കൊള്ളുക ക്രി. വ്യാപിക്കുക.
ഇടങ്കോൽ നാ. തടസ്സമായി നിൽക്കുന്നത്. ഇടങ്കോലിടുക = തടസ്സപ്പെടുത്തുക.
ഇടങ്ങഴി, ഇടങ്കഴി [പ.മ.] നാ. നാലുനാഴി കൊള്ളുന്ന ഒരു അളവുപാത്രം, അതിൽ കൊള്ളുന്ന അളവ്.
ഇടങ്ങഴിപ്പൂട്ട് [ഇടങ്ങഴി–പൂട്ട്] നാ. ഒരുതരം വലിയ പൂട്ട്, കോൽത്താഴ്.
ഇടങ്ങേറ്, ഇടങ്ങേട്, എട– നാ. 1. തടസ്സം; 2. വിപരീതം, എതിർപ്പ്; 3. പ്രയാസം.
ഇടചുരുക്, –ചൊരുക് [ഇട–ചുരുക്, –ചൊരുക്] നാ. 1. പുളിങ്ങ, മാലയിൽ മുത്തുകളുടെ ഇടയിൽ കോർക്കുന്ന മണി; 2. ഓലകെട്ടിയ പുര പൊളിച്ചുകെട്ടാതെ ഇടയിൽ ചൊരുകി ചോർച്ചനിറുത്തൽ.
ഇടച്ചങ്ങല [ഇട–ചങ്ങല] നാ. ആനയുടെ പിൻകാലും ഉടലും തമ്മിൽ കൊളുത്തിയിടുന്ന ചങ്ങല.
ഇടച്ചൽ [ത. ഇടൈഞ്ചല്] നാ. = ഇടച്ചിൽ.
ഇടച്ചാണി [ഇട–ചാണി] നാ. ഇടയിലെ ആഴമുള്ള ചാല്.
ഇടച്ചി [ഇട–ച്ചി < സ്ത്രീ] നാ. ഇടയസ്ത്രീ, ഇടയൻെറ ഭാര്യ.
ഇടച്ചിൽ [< ഇടയുക] നാ. 1. എതിർപ്പ്, മത്സരം, ഉരസൽ, വിരോധം, പക, യോജിപ്പില്ലായ്മ; 2. വഴക്ക്, ശണ്ഠ.
ഇടച്ചുരിക [ഇട–ചുരിക] നാ. ഉടവാൾ, അരയിൽ ചൊരുകുന്ന ചുരിക.
ഇടച്ചുവർ [ഇട–ചുവർ] നാ. 1. പ്രധാനപ്പെട്ടചുവരിനകത്തുള്ള സ്ഥലം വീണ്ടും പകുക്കുന്നതിന് ഇടയ്ക്കുകെട്ടുന്ന ചുവര്; തടസ്സം.
ഇടച്ചേരി, ഇടശ്ശേരി, എട– [ഇട–ചേരി] നാ. 1. കടത്തനാട്ടിലെ ഇടവകസ്ഥാനം; 2. ഇടശ്ശേരിനായർ, നായന്മാരിൽ ഒരു അവാന്തരവിഭാഗം; 3. ഇടയന്മാരുടെ കുടിപാർപ്പ്, അമ്പാടി; 4. ഇടത്തരക്കാർ.
ഇടഞ്ചാടി [ഇടം–ചാടി] നാ. രണ്ട് ഉയർന്ന തിണ്ണകളുടെ ഇടയ്ക്കുള്ള താഴ്ന്ന വഴി, ഇടയ്ക്കുള്ള ഇടുങ്ങിയ വഴി.
ഇടതടവ് [ഇട–തടവ്] നാ. ഇടയ്ക്കുള്ള തടസ്സം, തടസ്സം. (പ്ര.) ഇടതടവില്ലാതെ = നിരന്തരം.
ഇടതാരി നാ. കളരിപ്പയറ്റിലെ ഒരടവ്.
ഇടതിരി [ഇട–തിരി] നാ. പുതുതായി കൂട്ടിച്ചേർത്ത അംശം, അധികപാഠം.
ഇടത്, എടത് നാമമായും വിശേഷണമായും പ്രയോഗം. കിഴക്കോട്ടു നോക്കിനിൽക്കുന്ന ആളിൻെറ വടക്കുഭാഗം.
ഇടതൂർമ [ഇട–തൂർമ] നാ. ഇടതൂർന്ന അവസ്ഥ, വിടവില്ലാത്ത സ്ഥിതി, ഞെരുങ്ങൽ, ഞെരുക്കം.

ഇടത്തട്ട് [ഇട-തട്ട്] നാ. 1. ഇടയ്ക്കുനിന്നുകൊണ്ട് ഇരുപക്ഷങ്ങളേയും ചൂഷണം ചെയ്യൽ, ചതിച്ചു കൈക്കലാക്കൽ; 2. ഇടയ്ക്കുള്ള മച്ച്.
259
ഇടത്തട്ടുകാരൻ നാ. 1. ഇടയ്ക്കുനിന്നു തട്ടിയെടുക്കുന്നവൻ, ചൂഷകൻ, ദല്ലാളി, മധ്യവർത്തി; 2. ജാരപുരുഷൻ.
ഇടത്തൻ, എട- നാ. ഇടതുകയ്യൻ, മറ്റുള്ളവർ വലത്തുകയ്യ് ഉപയോഗിക്കുന്നതുപോലെ ഇടത്തെകയ്യ് ഉപയോഗിക്കാൻ വശമുള്ളവൻ; 2. (രാഷ്ട്രീയം) ഇടതുപക്ഷത്തിൽ ചേർന്നവൻ ൻ വലത്തൻ.
ഇടത്തരം [ഇട-തരം] നാ. നടുത്തരം, അധികം വലുതോ ചെറുതോ അല്ലാത്തത്, ഉത്തമമോ അധമമോ അല്ലാത്തത്, മധ്യമം. ഇടത്തരക്കാർ = ധനിക (മുതലാളി) വർഗത്തിനും ദരിദ്ര (തൊഴിലാളി) വർഗത്തിനും ഇടയ്ക്കുള്ളവർ.
ഇടത്തല [ഇട-തല] നാ. ഇടതുവശം.
ഇടത്തളം [ഇട-തളം] നാ. രണ്ടു പുരകൾക്കോ മുറികൾക്കോ ഇടയ്ക്കുള്ള തളം.
ഇടത്തളി [ഇട-തളി] നാ. മരണാനന്തരം വീട്ടിൽ നടത്തുന്ന ശുദ്ധികർമം.
ഇടത്തിടുക, എട- [ഇടത്ത്-ഇടുക] ക്രി. ഇടത്തുവശത്തിടുക, പിതൃക്കൾക്കു പിണ്ഡം വയ്ക്കുമ്പോഴും മറ്റും ഇടത്തുകയ്യ് അകത്തുവരത്തക്കവണ്ണം പൂണുനൂല് വലത്തേതോളിനു മുകളിൽകൂടി ഇടുക, പ്രാചീനോപവീതം.
ഇടത്ത് [ഇടം എന്നതിൻെറ ആധാരികാഭാസം] വി. 1. ഇടത്തുഭാഗത്തുള്ള, ഇടത്തേ; 2. (വ്യാക.) സ്ഥലത്ത്, ഘട്ടത്തിൽ എന്ന അർഥത്തിൽ പേരെച്ചത്തോടുചേർത്തു പ്രയോഗം. ഉദാ: ചെന്നിടത്തുചെന്നു, ഇടത്തുവയ്ക്കുക = അപ്രദക്ഷിണമായി പോവുക, ഇടത്തുഭാഗമായി ചുറ്റുക. ൻ വലത്തുവയ്ക്കുക.
ഇടത്തൂട് [ഇടത്ത്-ഊട്] അവ്യ. ഇടത്തുവശത്തോട്ട്. നാ. 1. വിപരീതം; 2. (ക്രിസ്തു.) തെറ്റായമാർഗം, അസത്യമാർഗം, വേദത്തിനു വിപരീതമായ ഉപദേശം, മതവിരോധം.
ഇടത്തൂട്ടുകാർ [ഇടത്തൂട്-കാർ] നാ. (ബ.വ.) (ക്രിസ്തു) വേദവിപരീതക്കാർ, മതവിരോധികൾ.
ഇടത്തേ ഇടത്ത്-ഏ] (ആധാരികാഭാസം)] വി. ഇടത്തുഭാഗത്തുള്ള. ഉദാ: ഇടത്തേക്കണ്ണ്; ഇടത്തേവശം.
ഇടത്തേത് [ഇടത്തേ-അത്] നാ. ഇടത്തുവശത്തുള്ളത്.
ഇടന, എടന നാ. വയനമരം.
ഇടനാട് [ഇട-നാട്] നാ. നാട്ടിൻപുറം, നാടും കാടുമല്ലാത്തപ്രദേശം.
ഇടനാഴി(ക) [ഇട-നാഴി(ക)] നാ. 1. രണ്ട് എടുപ്പുകൾക്കോ മുറികൾക്കോ നടുവേയുള്ള വഴി; 2. ക്ഷേത്രത്തിൽ അർധമണ്ഡപത്തിനും മഹാമണ്ഡപത്തിനും ഇടയ്ക്കുള്ള വഴി.
ഇടനിൽക്കുക [ഇട-നിൽക്കുക] ക്രി. ജാമ്യം നിൽക്കുക.
ഇടനില1 [ത. ഇടൈ-നിലൈ] നാ. രണ്ടെണ്ണത്തിൻെറ നടുവിലായിരിക്കുന്ന അവസ്ഥ; 2. ഇടഞ്ഞുകൊണ്ടുള്ള നില, തടസ്സം; 3. മധ്യസ്ഥത; 4. (വ്യാക,) ഉച്ചാരണസൗകര്യത്തിനുവേണ്ടി പ്രകൃതിപ്രത്യയങ്ങളുടെയോ രണ്ടു പദങ്ങളുടെയോ ഇടയ്ക്കുചേർക്കുന്ന അക്ഷരം, ആഗമം. ഉദാ: പോ + ഉന്നു = പോ + ക് + ഉന്നു = പോകുന്നു; രാജാവ് + എ = രാജാവ് + ഇൻ + എ = രാജാവിനെ; മരത്ത് (മരം) + ഓട് = മരത്ത് + ഇൻ + ഓട് = മരത്തിനോട്.

ഇടനില2 [ഇട(ർ)–നില] നാ. 1. വല്ലായ്മ, ഉത്കണ്ഠ; 2. ആപത്ത്, ക്ലേശം, വിഷമം.
ഇടനിലക്കാരൻ [ഇടനല–കാരൻ] നാ. സംയോജകൻ, ദല്ലാളി, തരകൻ.
ഇടനെഞ്ച്, –ഞ്ഞ് നാ. ഹൃദയം.
ഇടനേരം [ഇട–നേരം] നാ. 1. മധ്യാ ം; 2. ജോലിസമയങ്ങൾക്ക് ഇടയ്ക്കുള്ള സമയം, ഇടവേള, ഭക്ഷണസമയം.
ഇടന്തൻ [ഇടന്തുക] നാ. മുടന്തൻ.
ഇടന്തലവട്ടം [ഇടം–തല– വട്ടം] നാ. ചെണ്ടയുടെ താഴത്തെ (ഇടത്തെ) തലവട്ടം, ഇടങ്കാരം.
ഇടന്തിരിച്ചിൽ [ഇടം–തിരിച്ചിൽ] നാ. എതിർപ്പ്, പ്രതിഷേധം.
ഇടന്തുക ക്രി. ഏന്തിയേന്തി നടക്കുക, ഏന്തുക, മുടന്തുക.
ഇടന്തേറ് നാ. എതിര്
ഇടപഴകുക [ഇട–പഴകുക] ക്രി. അടുത്തുപരിചയിക്കുക, സഹവസിക്കുക.
ഇടപറയുക [ഇട–പറയുക] ക്രി. 1. മറ്റൊരാൾക്കുവേണ്ടി പറയുക. ഉദാ: പെൺകെട്ടിന് ഇടപറയുക; 2. മാധ്യസ്ഥം പറയുക; 3. അവധിപറയുക.
ഇടപാട്, ഇടവാട്, എടപാട് [ഇട–പാട്] നാ. 1. അന്യോന്യമുള്ള പെരുമാറ്റം, അന്യരുമായി ചേർന്നുപഴകൽ, നടപടി, സമ്പർക്കം; 2. വ്യാപാരം, പരസ്പരവിനിമയം, കൊടുക്കൽ വാങ്ങൽ മുതലായ വ്യവഹാരങ്ങൾ; 3. ഏർപ്പാട്, പതിവ്, രീതി; 4. സ്ത്രീയും പുരുഷനും തമ്മിലുള്ള അനാശാസ്യ ബന്ധം.
ഇടപെടൽ [ഇട–പെടൽ] 'ഇടയ്ക്കുചെന്ന് ഉൾപ്പെടൽ' നാ. 1. ഏർപ്പെടൽ, തുടങ്ങിക്കഴിഞ്ഞ ഒരു കാര്യത്തിൽ ഏർപ്പെട്ട് അതിനെ തടയുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യൽ; 2. മാധ്യസ്ഥം വഹിക്കൽ.
ഇടപെടുക [ഇട2–പെടുക] ക്രി. 1. ഇടയിൽപെടുക, ഉൾപ്പെടുക, ഒത്തുചേരുക, ഏർപ്പെടുക, പ്രവേശിക്കുക, ചേർന്നുപ്രവർത്തിക്കുക, വേറൊരാളിൻെറ കാര്യത്തിൽ തലയിടുക, ചേരുക; 2. ഇടയിൽക്കയറി പറയുക.
ഇടപെട്ട വി. ഉൾപ്പെട്ട, ബന്ധപ്പെട്ട, സംബന്ധിച്ച.
ഇടപോക്ക് [ഇട2–പോക്ക്] നാ. 1. പരിചയം; ശീലം.
ഇടപ്പക്കം, എട– [ഇടം1–പക്കം] നാ. കൊട്ടാരത്തോടനുബന്ധിച്ചു ഭൃത്യന്മാർക്കുള്ള ഭക്ഷണസ്ഥലം.
ഇടപ്പടിക്കാർ [ഇട1–പടിക്കാർ] നാ. (ബ.വ.) ഇടത്തരം സർക്കാർ ജീവനക്കാർ, ഇടത്തരം ശമ്പളക്കാർ.
ഇടപ്പണം, എട– [ഇട1–പണം] നാ. ഇടനിലക്കാരന് കൊടുക്കുന്ന പണം.
ഇടപ്രഭു [മ. ഇട1–സം. പ്രഭു] നാ. ഒരു ചെറിയ ദേശത്തിൽ അധികാരം വഹിക്കുന്ന ആൾ, ഇടത്തരം പ്രഭു.
ഇടപ്രായക്കാരൻ നാ. മധ്യവയസ്കൻ.
ഇടം1, എടം, ഏടം (സമസ്തപദങ്ങളിലും 'ഇടം' എടം എന്നു മാറിക്കാണാം. ഇടപ്പണം – എടപ്പണം ഇത്യാദി) നാ. 1. സ്ഥലം, സ്ഥാനം. ഉദാ: ഇരിക്കാൽ ഇടം, താമസിക്കാൻ ഇടം; 2. വീതി, വലുപ്പം, വിസ്താരം; 3. (ജ്യോ.) രാശിചക്രത്തെ പന്ത്രണ്ടായി ഭാഗിച്ചതിൽ ഓരോന്നും, ഭാവം, രാശി (അവയ്ക്കു ക്രമത്തിൽ ഒന്നാമിടം, രണ്ടാമിടം എന്നിങ്ങനെ സംജ്ഞ); 4. ഭാഗം, വശം, സങ്ഗതി, കാര്യം; 5. സന്ദർഭം, അവസരം, സൗകര്യം; 6. വീട് (ഇടപ്രഭുക്കന്മാരുടെയും മറ്റും), രാജധാനി; 7. തായ്വഴി, ശാഖ. ഉദാ: ഇളയിടത്തുസ്വരൂപം;

8. ഇടതുവശം, ഇടംവലം നോക്കാതെ എന്നരീതിയിൽ അവ്യയമായും പ്രയോഗം. ഇടങ്കൈ, ഇടങ്കണ്ണ് എന്നപോലെ വിശേഷണമായും.
ഇടം2 (പ.മ.) (വ്യാക.) ഗതി, പക്കൽ, വശം, ഓട്, സമീപം എന്നീ അർഥങ്ങളിൽ പ്രയോഗിക്കപ്പെടുന്നത്.
ഇടംവലം അവ്യ. ഇടവും വലവും. ഉദാ: ഇടംവലം തിരിയാൻ സമയമില്ല.
ഇടമണി [ഇട-മണി] നാ. 1. കഴുത്തിൽ കെട്ടുന്ന ഒരു ആഭരണം, താരത, ഇടച്ചുരുക്; 2. ഒരു മാലയിൽ ഇടയിലായി കൊരുക്കുന്ന മണി.
ഇടമതിയം [ഇട-മതിയം] നാ. കതകിൻെറ ഇടയ്ക്കുള്ള ചുഴിക്കുറ്റി.
ഇടമനസ്സ് [മ. ഇട-സം. മനസ്] വി. അർധമനസ്സുള്ള, നല്ലവണ്ണം താത്പര്യമില്ലാത്ത.
ഇടമരം [സം. < ഢമരു] നാ. ഒരു വാദ്യവിശേഷം.
ഇടമാടമ്പ് [ഇട1-മാടമ്പ്] നാ. 1. ഇടയുന്ന മാടമ്പ്, അധികാര മത്സരം; 2. ഇടപ്രഭുത്വം.
ഇടമാനം [സം. < ഢമരു?] നാ. ക്ഷേത്രങ്ങളിൽ ശ്രീഭൂതബലിക്കും മറ്റും എഴുന്നള്ളിക്കുമ്പോൾ കാളപ്പുറത്തോമറ്റോ വച്ചുകെട്ടി കൊണ്ടുനടന്നു കൊട്ടുന്ന ഒരുമാതിരി പറ.
ഇടമാസം [മ. ഇട1-സം. മാസ] നാ. മരിച്ചദീക്ഷയിൽ (മാസങ്ങൾക്കിടയിൽ, 41, 171, 346, 361 എന്നീദിവസങ്ങളിൽ) നടത്തുന്ന ബലിയിടൽ.
ഇടമാറ്റം [ഇട-മാറ്റം] നാ. പയറ്റിലെ ഒരുതരം അടവ്.
ഇടമിടർ, ഇടമിട, ഇടമിരട് [ഇടം-ഇടർ] നാ. വികാരാധിക്യത്താൽ സംസാരത്തിന് ഉണ്ടാകുന്ന തടസ്സം, ഇടർച്ച, ഗദ്ഗദം.
ഇടമുടി [ഇട1-മുടി] നാ. ഒരു വാദ്യം, ഢമരു.
ഇടമുട്ട് [ഇട1-മുട്ട്] നാ. ഇടയിൽ (മാർഗമധ്യത്തിൽ) ഉണ്ടാകുന്ന തടസ്സം, വഴിതടഞ്ഞുപോകൽ.
ഇടമുറിയാതെ അവ്യ. തടസ്സംകൂടാതെ, വിരാമമില്ലാതെ.
ഇടമുറിയുക അവ്യ. നൈരന്തര്യം നഷ്ടപ്പെടുക, തടസ്സം വരുക.
ഇടമേ [ഇടം1-ഏ] അവ്യ. ഇടത്തുവശത്തൂടെ.
ഇടമ്പൽ [ഇടമ്പുക] നാ. വൈരുധ്യം, വിരോധഭാവം, തടസ്സം, അഹംഭാവം, നിഷേധം.
ഇടമ്പല്ല് [ഇടം-പല്ല്] നാ. ഇടഞ്ഞുനിൽക്കുന്ന പല്ല്, കോമ്പല്ല്.
ഇടമ്പാട് [ഇടം1-പാട്] നാ. വിസ്താരം, പരപ്പ്.
ഇടമ്പിരി [ഇടം-പിരി] നാ. 1. ഇടത്തുഭാഗത്തേക്കു പിരിഞ്ഞത്; 2. ഇടത്തുവശത്തേക്കു പിരിയുള്ള ഒരു തരം ചെറിയകായ്, ഒരു അങ്ങാടിമരുന്ന്; 3. ഇടത്തുവശത്തേക്കു പിരിയുള്ള ശംഖ്; 4. കളരിപ്പയറ്റിലെ ഒരു അടവ്.
ഇടമ്പിരിവിനായകൻ [മ. ഇടമ്പിരി-സം. വിനായക] നാ. ഇടത്തുവശത്തേക്കു തിരിച്ച തുമ്പിക്കയ്യോടുകൂടിയ വിനായകബിംബം.
ഇടമ്പ് [<ഇടമ്പുക] നാ. നിന്ദ.
ഇടമ്പുക [ത. ഇടമ്പുതല്] ക്രി. 1. വിരോധിക്കുക, തടയുക; 2. നിന്ദിക്കുക.
ഇടമ്പെടുക, ഇടമ്പടുക (പ.മ.) [ഇടം-പെടുക] ക്രി. വിസ്തൃതമാവുക, വിശാലമാവുക.
ഇടമ്പേര് [ഇടം-പേര്] നാ. മറുപേര്, ഇരട്ടപേര്, പരിഹാസപ്പേര്.

ഇടയത്താഴം [ഇട-അത്താഴം] നാ. 1. അത്താഴത്തിനുശേഷമുള്ള ഭക്ഷണം, മുസ്ലിങ്ങൾ നോയമ്പുകാലത്ത് പുലരുന്നതിനുമുമ്പ് കഴിക്കുന്ന ഭക്ഷണം; 2. (തീയരുടെ ഇടയിൽ) വിവാഹത്തിനുശേഷമുള്ള പ്രഥമരാത്രി.

ഇടയത്തി [ഇടയ-സ്ത്രീ] നാ. ഇടയജാതിയിലെ സ്ത്രീ, ഇടച്ചി.

ഇടയൻ [<ഇട] നാ. 1. ഒരു ജാതി, ആടുമാടുകളെ മേയ്ക്കുക കുലവൃത്തി. (സ്ത്രീ) ഇടയത്തി, ഇടച്ചി; 2. ക്രൈസ്തവ വൈദികൻ, സഭാനേതാവ്; 3. (ബൈബിൾ) സംരക്ഷകൻ, നാഥൻ, (ദൈവത്തെപ്പറ്റിയോ ക്രിസ്തുവിനെപ്പറ്റിയോ പറയുമ്പോൾ).

ഇടയലേഖനം നാ. ക്രൈസ്തവസഭാധ്യക്ഷൻ സഭാങ്ഗങ്ങളുടെ അറിവിനായി എഴുതുന്ന ലേഖനം.

ഇടയർവരി [ഇടയർ-വരി] നാ. ഇടയന്മാരിൽ ചുമത്തിയിരുന്ന ഒരു നികുതി.

ഇടയാട്ടം [ഇട-ആട്ടം] നാ. സംശയം, ചാഞ്ചാട്ടം.

ഇടയായുധം [മ. ഇട-സം. ആയുധ] നാ. ഉപകരണം, കോപ്പ്, കോല്.

ഇടയാൾ [ഇട-ആൾ] നാ. ഒന്നിൽക്കൂടുതൽ കക്ഷികൾ ചേർന്നുനടത്തേണ്ട കാര്യത്തിൽ ഇടഞ്ഞുനിന്നു പ്രവർത്തിക്കുന്ന ആൾ, മധ്യസ്ഥൻ.

ഇടയിടുക [ഇട-ഇടുക] ക്രി. 1. ഇടയിൽ ഇടുക, മാർഗതടസ്സമുണ്ടാക്കുക; 2. മുൻനിർത്തുക, കാരണമാക്കുക; 3. ഒരേ തരത്തിൽപ്പെട്ട രണ്ടെണ്ണത്തിനു മധ്യത്തിൽ വേറൊരുതരത്തിലുള്ളതു ചേർക്കുക, ഒന്നിടവിട്ടു ചേർക്കുക; 4. കാലമോ ദൂരമോ പിന്നിടുക.

ഇടയിടെ, ഇടെ-, ഇടയ്ക്കിടെ [ഇട-ഇടെ] അവ്യ. ഇടയ്ക്കിടയ്ക്ക്, കൂടെക്കൂടെ, പലതിനും നടുവേ, ആവർത്തിച്ച്.

ഇടയിനം [ത. ഇടൈ-ഇനം] നാ. (വ്യാക.) മധ്യമം അന്തഃസ്ഥം 'യ ര ല വ ള ഴ' എന്നീ അക്ഷരങ്ങൾ (സ്വരങ്ങൾക്കും വ്യഞ്ജനങ്ങൾക്കും ഇടയിലുള്ളവ).

ഇടയിളക്കം [ഇട-ഇളക്കം] നാ. ഇടയാട്ടം, സംശയം.

ഇടയീട് [ഇട-ഈട്] നാ. സർക്കാർവക വസ്തുവിന്മേലുള്ള ഉടമാവകാശം കുടിയാൻെറപേർക്കു കൈമാറ്റംചെയ്യൽ.

ഇടയുക ക്രി. 1. പിണങ്ങുക, മത്സരിക്കുക, യുദ്ധം ചെയ്യുക, (ആല) ചന്ദ്രനോട് ഇടയുന്ന മുഖം = ചന്ദ്രനോട് തുല്യമായമുഖം; 2. എതിരായിവരിക, എതിർക്കുക; 3. കൂട്ടിമുട്ടുക; 4. ചികഞ്ഞുവേർതിരിക്കുക.

ഇടയ്ക്ക = നാ. ഢക്ക.

ഇടയ്ക്കിടെ [ഇടയ്ക്ക്-ഇടെ] അവ്യ. 1. ഇടവിട്ട്, ഇടയിടെ; 2. കൂടെക്കൂടെ, ആവർത്തിച്ച്.

ഇടയ്ക്ക് അവ്യ. മധ്യത്തിൽ, രണ്ടു വസ്തുക്കൾക്കോ സംഭവങ്ങൾക്കോ നടുവിൽ. (പ്ര) ഇടയ്ക്കുകയറിപ്പറയുക.

ഇടർ നാ. 1. ദുഃഖം, വേദന, സങ്കടം; 2. യുദ്ധം; 3. ശല്യം, ഉപദ്രവം; 4. തെറ്റ്; 5. ഇടർച്ച.

ഇടർച്ച നാ. 1. പതറൽ, പരിഭ്രമം; 2. തെറ്റ്, സ്ഖലിതം; 3. വഴക്ക്, കലഹം; 4. ഉപദ്രവം, ശല്യം.

ഇടരുക ക്രി. 1. തെറ്റുക, പതറുക, ഇടറുക; 2. സംശയം തോന്നുക.

ഇടൽ1 നാ. 1. ദുഃഖം, വേദന; 2. യുദ്ധം.

ഇടൽ2 [ഇടുക] നാ. ഇടുക എന്ന ക്രിയ, വയ്ക്കൽ.

ഇടല നാ. വേഗം എരിയുന്ന ഒരുതരം മരം, ഇടന, വിടന, 'ഇടന ചുടലയ്ക്കാകാ, ശൂദ്രന് ഒട്ടും ആകാ.' (പഴ.)

ഇടലാഭം [മ. ഇട-സം.ലാഭ] നാ. ഇടപാടിനിടയിൽ കിട്ടുന്ന ലാഭം.

ഇടവ1, എടവ നാ. 1. സ്ഥലത്തെപ്പറ്റിയുള്ള സൂക്ഷ്മജ്ഞാനം; 2. വഴി, (ഉദാ: ഇടവ നോക്കിപ്പോകണം, അവന് ഇടവയറിയാം, ഇത്യാദി.)

ഇടവ2, ഇടവാ, എടവാ [ഇട-വായ്] നാ. വർക്കലയ്ക്ക് അടുത്തുള്ള ഒരു സ്ഥലം, പഴയ വേണാടിൻെറ വടക്കേ അതിർത്തി, (പ്ര.) ഇടവാകടത്തുക = നാടുകടത്തുക, (ഒരു കാലത്ത് ഇടവാ, വേണാടിൻെറ അതിർത്തിയായിരുന്നു എന്ന വസ്തുത അനുസ്മരിച്ച്.)

ഇടവക [ഇട-വക] നാ. 1. ഒരു മെത്രാൻെറയോ പള്ളിയുടെയോ കീഴിൽ മതസംബന്ധമായ ഭരണാധികാരത്തിൽപ്പെട്ട സ്ഥലം; 2. ഒരു ഇടപ്രഭുവിൻെറ വകയായ പ്രദേശം, രാജ്യാധികാരമില്ലാത്ത രാജകുടുംബത്തിനോ പ്രഭുകുടുംബത്തിനോ പ്രത്യേകാവകാശമുള്ള ദേശം.

ഇടവകം [< സം. ഋഷഭക] നാ. ഒരു മരുന്നുചെടി.

ഇടവൻ (പ.മ.) [<സം. ഋഷഭ] നാ. 1. ഇടത്തേകൈ സ്വാധീനമുള്ളവൻ; 2. നുകത്തിൻെറ ഇടത്തുവശത്തു കെട്ടിയിരിക്കുന്ന കാള'

ഇടവം (പ.മ.) [<സം. ഋഷഭ] നാ. 1. മലയാളമാസങ്ങളിൽ പത്താമത്തേത്; 2. രാശിചക്രത്തിലെ രണ്ടാം രാശി; 3. കാള. ഇടവപ്പാതി = ഇടവമാസത്തിൻെറ മധ്യത്തോടടുത്ത് തുടങ്ങുന്ന മഴക്കാലം, കാലവർഷം.

ഇടവൽ നാ. ചിത്രശലഭം

ഇടവഴി [ഇട-വഴി] നാ. രണ്ടുപുരയിടങ്ങൾക്ക് ഇടയ്ക്കുള്ള വഴി, മുടുക്ക്, ചെറിയവഴി, പൊതുനിരത്തിനേക്കാൾ വീതികുറഞ്ഞ വഴി.

ഇടവാഴി [ഇട-വാഴി] നാ. ഇടപ്രഭു. ഇടവാഴ്ച = ഇടപ്രഭുവിൻെറ വാഴ്ച.

261

ഇടവിട്ടം [ഇട-വിട്ടം] നാ. ഇടയുത്തരം.

ഇടവിതാനം [മ. ഇട1-സം. വിതാന] നാ. മധ്യാകാശം, ഭൂമിയോടുചേർന്നുള്ള അന്തരീക്ഷം, വായുമണ്ഡലം.

ഇടവിലങ്ങ് [ഇട1-വിലങ്ങ്] നാ. ഇടച്ചങ്ങല.

ഇടവേറിട്ട വി. ഞെരുങ്ങിയ, വീതിയില്ലാത്ത.

ഇടവേറ് [ഇട1-വേറ്] നാ. ഇട, ഒഴിവ്, അകൽച്ച.

ഇടശരി [ഇട1-ശരി] അവ്യ. ഇടസരി, ഒന്നിടവിട്ട്.

ഇടശ്ലോകം [മ. ഇട1-സം. ശ്ലോക] നാ. ആട്ടക്കഥയിൽ പദങ്ങൾക്കിടയിൽ കഥാസൂചന നിർവഹിക്കുന്ന ശ്ലോകം.

ഇടശ്ശുദ്ധം [മ. ഇട1-സം. ശുദ്ധ] നാ. നമ്പൂരിമാർക്ക് പരദേശബ്രാഹ്മണരേയോ മറ്റോ തൊട്ടാലുണ്ടെന്നു കല്പിച്ചിരുന്ന അശുദ്ധി (പഴയ ആചാരം).

ഇടശ്ശേരി [ഇട1-ശേരി] നാ. = ഇടച്ചേരി.

ഇടസരി അവ്യ. = ഇടശരി, ഒന്നിടവിട്ട്.

ഇടറൽ [ഇടറുക] നാ. 1. തടസ്സം; 2. വഴുതൽ; 3. തൊണ്ടവിറയ്ക്കൽ, ഉച്ചാരണത്തിൽ പതർച്ച, ഇടർച്ച.

ഇടറ് നാ. 1. തടസ്സം; 2. ദു:ഖം, ശല്യം.

ഇടറുക ക്രി. 1. വഴുതുക, തെറ്റുക, പതറുക, വിറയ്ക്കുക; 2. സംശയിക്കുക; 3. തൊണ്ടവിറയ്ക്കുക.

ഇടി1 [ഇടിയുക] ധാതുരൂപം.
ഇടി2 നാ. 1. കൈചുരുട്ടിയോ ഘനമുള്ള പദാർഥമുപയോഗിച്ചോ ഉള്ള പ്രഹരം.; 2. മേഘങ്ങളിൽ വൈദ്യുതിപ്രവാഹമുണ്ടാകുമ്പോൾ മിന്നലിനോടൊപ്പം ഉണ്ടാകുന്ന ശബ്ദം, മേഘഗർജനം, ഇടിവീഴുക, ഇടിവെട്ടുക, ഇടിയും മിന്നലും, വെള്ളിടി ഇത്യാദി (മേഘങ്ങൾ തമ്മിൽ ഇടിച്ച് ഉണ്ടാകുന്ന ശബ്ദം എന്ന സങ്കല്പത്തിൽ നിന്ന് ആഗമം).
ഇടികല്ല് [ഇടി-കല്ല്] നാ. വെറ്റിലയും പാക്കും ചതയ്ക്കാനുള്ള കല്ല്, ചെറിയ ഉരൽ.
ഇടികട്ട [ഇടി-കട്ട] നാ. ഇടിക്കുന്നതിന് ഉപയോഗിക്കുന്ന ഒരു ആയുധം.
ഇടികുഴൽ [ഇടി-കുഴൽ] നാ. വെറ്റിലയും പാക്കും ചതയ്ക്കുന്നതിനുള്ള ഒരുമാതിരി കുഴൽ.
ഇടിക്കുക1 [ഇടിയുക > പ്രയോ.] ക്രി. 1. ഇടിഞ്ഞുവീഴത്തക്കവണ്ണം ചെയ്യുക, തകർക്കുക, നിരപ്പാക്കുക. ഉദാ: മതിൽ ഇടിക്കുക; 2. ഊക്കോടെ തട്ടുക, മുട്ടുക. ഉദാ: വണ്ടിചെന്നു മരത്തിൽ ഇടിച്ചു; 3. കുത്തുക, പൊടിക്കുക (ധാന്യം പോലെ) ഉദാ: ഉരലിലിട്ട് അരി ഇടിക്കുക; 4. ചതൗക്കുക, നീരുപിഴിഞ്ഞെടുക്കത്തക്കവണ്ണം മർദ്ദിക്കുക, കൈമുറുക്കി പ്രഹരിക്കുക, മുഷ്ടിചുരുട്ടി ഊക്കോടെ മർദ്ദിക്കുക, ഇടികൊടുക്കുക; 5. കൊമ്പുകൊണ്ടു കുത്തുക, മൃഗം തലകൊണ്ട് ഊക്കോടെമുട്ടുക, ഉദാ: ആടുകൾ തമ്മിൽ ഇടിക്കുന്നു; 6. താഴ്ത്തുക, തരംതാഴ്ത്തുക, ഉദാ: വിലയിടിക്കുക, ഇടിച്ചുപറയുക.
ഇടിക്കുക2 ക്രി. സ്പന്ദിക്കുക, ത്രസിക്കുക, തുടിക്കുക, ഉദാ: നെഞ്ച് ഇടിക്കുക.
ഇടിച്ചക്ക [ഇടി-ചക്ക] നാ. വിളയാത്ത ചക്ക, കൊത്തൻചക്ക.
ഇടിച്ചമ്മന്തി [ഇടി-ചമ്മന്തി] നാ. ഇടിച്ചു തയ്യാറാക്കുന്ന ഒരുതരം ചമ്മന്തി.
ഇടിച്ചി നാ. ഇടിയജാതിയിൽപ്പെട്ട സ്ത്രീ.
ഇടിച്ചിൽ [ഇടിയുക] നാ. 1. വീഴ്ച, ഇടിഞ്ഞുവീഴൽ, തകരൽ, തകർച്ച; 2. അധ:പതനം, നാശം; 3. കുറവ്; 4. തോൽവി; 5. വ്യസനം, ദു:ഖം.
ഇടിഞ്ഞിൽ1 നാ. വിളക്കായി ഉപയോഗിക്കുന്ന ചെറിയ മൺചട്ടി, മൺചെരാത്.
ഇടിഞ്ഞിൽ2, ഇളിഞ്ഞിൽ, കിളിഞ്ഞിൽ നാ. ഒരുതരം മരം.
ഇടിതടി [ഇടി-തടി] നാ. തറ ഇടിച്ച് ഉറപ്പിക്കാൻ ഉപയോഗിക്കുന്ന തടി.
ഇടിത്തീ(യ്) [ഇടി-തീ] നാ. മിന്നൽ, മിന്നലിൽനിന്നുണ്ടാകുന്ന തീ, അശനി.
ഇടിനാദം [മ. ഇടി-സം. നാദ] നാ. ഇടിമുഴക്കം.
ഇടിപൊടി [ഇടി-പൊടി] നാ. 1. കോലാഹലം, തകൃതി; 2. തകരുക; 3. നേർമയായ പൊടി.
ഇടിപ്പ് [ഇടിക്കുക] നാ. 1. തുടിപ്പ്, മിടിപ്പ്, സ്പന്ദനം; 2. പൊടിക്കൽ. ഉദാ: അരിയിടിപ്പ്.
ഇടിമരം [ഇടി-മരം] നാ. 1. അവൽ ഇടിക്കുന്നതിനുള്ള ഒരു ഉപകരണം; 2. തോക്കിൻെറ അച്ചുകോൽ; 3. ഉലക്ക.
ഇടിമിന്നൽ [ഇടി-മിന്നൽ] നാ. കൊള്ളിയാൻ.
ഇടിമുട്ടി [ഇടി-മുട്ടി] നാ. = ഇടിതടി.
ഇടിമുഴക്കം [ഇടി-മുഴക്കം] നാ. ഇടിനാദം.
ഇടിയൻ [ഇടി-അൻ] നാ. 1. അവലിടിക്കുന്നതു പ്രധാന തൊഴിലായ ജാതിക്കാരൻ (കുടുമി, കുടുമിക്കാരൻ, കുടുമിച്ചെട്ടി എന്നു പല പേരുകളിൽ അറിയപ്പെടുന്നു); 2. ഇടികല്ല്; 3. ഇടിച്ചക്ക; 4. ഇടിതടി.

ഇടിയപ്പം [ഇടി-അപ്പം] നാ. ഒരുതരം പലഹാരം.
ഇടിയറ നാ. ഒരുതരം വാദ്യം, വലിയ പുള്ളുവക്കുടം.
ഇടിയുക ക്രി. 1. ഉറപ്പായി സ്ഥിതിചെയ്യുന്നതു കേടുപറ്റി താഴെവീഴുക, വീഴുക, തകരുക, പൊളിഞ്ഞോ പിളർന്നോ വീഴുക, ഉദാ: മല ഇടിയുക; 2. അങ്ങുമിങ്ങും പൊട്ടി ഇളകുക, കേടുവരിക; 3. ദു:ഖം, പരിഭ്രമം മുതലായവകൊണ്ടു (മനസ്സിന്) ക്ഷീണം തട്ടുക, ഇളക്കമുണ്ടാവുക; 4. വിലകുറയുക, ഉദാ: വില ഇടിയുക. (ആല.) അന്തസ്സിനും സ്ഥിതിക്കും കുറവുവരിക; 5. താഴുക, ഉദാ: തോൾ ഇടിയുക; 6. പൊടിയുക, ഉദാ. അരി ഇടിയുക.
ഇടിയുണ്ണി [ഇടി-ഉണ്ണി] വി. അരിമാവുകൊണ്ടുണ്ടാക്കുന്ന, നാ. ഒരുതരം പലഹാരം.
ഇടിയുരൽ [ഇടി-ഉരൽ] നാ. 1. ഉരൽ; 2. സേവനാഴി.
ഇടിവാൾ [ഇടി-വാൾ] നാ. മിന്നൽ.
ഇടിവാളം [ഇടി-വാളം] നാ. ചാണകക്കൂമ്പാരത്തിൽ ഇടിവീണാൽ ഉണ്ടാകുമെന്നു വിശ്വസിക്കപ്പെടുന്ന സ്വർണക്കട്ടി.
ഇടിവാൾക്കരപ്പൻ നാ. അശനിവിസർപ്പം.
ഇടിവ് [< ഇടിയുക] നാ. 1. ഇടിഞ്ഞ സ്ഥിതി, കേട്, നാശം, വീഴ്ച, ഉദാ: ചുമരിൻെറ ഇടിവ്; 2. താഴ്ച, അഭിമാനക്ഷയം; 3. മനസ്സിടിവ്, നൈരാശ്യം; 4. ക്ഷീണം, അവശത.
ഇടിവെട്ട് [ഇടി-വെട്ട്] നാ. ഇടിമുഴക്കം, മിന്നലിനെത്തുടർന്ന് മേഘത്തിൽനിന്നു പുറപ്പെടുന്ന ഭയങ്കര ശബ്ദം, അത്തരം ശബ്ദത്തോടുകൂടി പായുന്ന വൈദ്യുതശക്തി ഏറ്റുള്ള നാശം.
ഇടിവേർ, ഇടുവേർ നാ. അണ്ടിമുളയ്ക്കുമ്പോൾ പുറത്തുവരുന്ന വേര്.
ഇടുക ക്രി. 1. ഘനപദാർഥം താഴത്തേക്കു വീഴിക്കുക, മുകളിലുള്ള വസ്തു നിലത്തുപതിപ്പിക്കുക, ഉദാ: തെങ്ങിൽ നിന്നു തെങ്ങാ ഇടുക; 2. വച്ചുകൊടുക്കുക, എറിഞ്ഞുകൊടുക്കുക, ഉദാ: പശുവിന് പുല്ല് ഇട്ടുകൊടുക്കുക; 3. വിസർജിക്കുക, പശു ചാണകം ഇടുക, 4. പ്രസവിക്കുക; 5. വിതയ്ക്കുക, നടുക, ഉദാ: വിത്ത് ഇടുക; 6. നിക്ഷേപിക്കുക, സൂക്ഷിക്കുക, തടങ്കലിൽവയ്ക്കുക, ഉദാ: പെട്ടിയിൽ പണം ഇടുക, കള്ളനെ ജയിലിൽ ഇടുക; 7. കുഴിച്ചുമൂടുക, (മൃതശരീരവും മറ്റും); 8. അണിയുക, ധരിക്കുക, ഉദാ: കമ്മൽ ഇടുക;

ഉടുപ്പ് ഇടുക; 9. പുരട്ടുക, പൂശുക, നിരത്തുക, ഉദാ: വ്രണത്തിൽ മരുന്ന് ഇടുക; 10. അടയാളമുണ്ടാക്കുക, വരയ്ക്കുക, എഴുതുക, ഉദാ: ഒപ്പ് ഇടുക; 11. കെട്ടുക, ബന്ധിക്കുക; 12. ഉണ്ടാക്കുക, ഉദാ: വഴക്കിടുക; 13. പുറത്തുകാട്ടുക, ഉദാ: തളിർ ഇടുക, മൊട്ട് ഇടുക; 14. ഉണ്ടാക്കുക, പുറപ്പെടുവിക്കുക, ഉദാ: ഒച്ചഇടുക; 15. അനുപ്രയോഗമായും നിൽക്കും, അപ്പോൾ 'ഈടുക' എന്നും രൂപം. ഉദാ: വന്നിടുക-വന്നീടുക, ചൊന്നിടുക-ചൊന്നീടുക. വാക്യമധ്യത്തിൽ നിരർഥകമായും നിൽക്കും. ഇട്ടിട്ട്, ഇട്ടേച്ച്, ഇട്ടുംവച്ച് = ഉപേക്ഷിച്ചിട്ട്.
ഇടുകാട് [ഇടു-കാട്] നാ. ചുടുകാട്, ശ്മശാനം.
ഇടുകുഴി [ഇടു-കുഴി] നാ. 1. നിലവറവാതിൽ; 2. മാളികയിൽ കയറാനുള്ള വാതിൽ; 3. കപടവാതിൽ, തെമ്മാടിക്കുഴി, (ക്രൈസ്തവസഭയിൽനിന്നു ഭ്രഷ്ടുകല്പിച്ചവനെ അടക്കംചെയ്യുന്നതിനുള്ള കുഴി.).
ഇടുകുറി [ഇടു-കുറി] 'രേഖ' നാ. രസീത്, രേഖ.

ഇടുക്കം നാ. 1. ഇടുങ്ങിയ സ്ഥിതി, രണ്ടെണ്ണത്തിൻെറ ഇടയിൽക്കൂടി കടക്കാൻ പ്രയാസമായ സ്ഥിതി, ഞെരുക്കം; 2. പ്രയാസം; 3. ദാരിദ്ര്യം; 4. ദു:ഖം.
ഇടുക്കി നാ. ചവണ, കട്ടമുറുക്കി, കൊടിൽ.
ഇടുക്ക് നാ. 1. വീതികുറഞ്ഞസ്ഥലം, രണ്ടെണ്ണത്തിനു നടുവിൽക്കൂടി ഞെരുങ്ങിമാത്രം പോകാവുന്ന വഴി, ദ്വാരം, മുടുക്ക്; 2. വിള്ളൽ, പിളർപ്പ്; 3. വേലിയിൽ ഒരാൾക്ക് കഷ്ടിച്ചുകടക്കത്തക്കവണ്ണവും എന്നാൽ കന്നുകാലികൾക്കു കടന്നുവരാൻ സാധ്യമാകാത്തവണ്ണവും ഉണ്ടാക്കുന്ന ഇടുങ്ങിയ വഴി; 4. മൂല; 5. കൊഞ്ചിൻെറ ഇറുക്കുകാല്; 6. വിഷമം; 7. ദാരിദ്ര്യം; 8. ലുബ്ധ്, പിശുക്ക്.
ഇടുക്കുക [ഇടുങ്ങുക > പ്രയോ.] ക്രി. 1. ഞെരുക്കുക, ഞെക്കുക; 2. ഇടയിൽ തിരുക്കുക, ഞെരുക്കിവയ്ക്കുക; 3. കക്ഷത്തിൽവച്ചു മുറുക്കിപ്പിടിക്കുക.
ഇടുക്കുകോൽ [ഇടുക്ക്-കോൽ] നാ. ഞെക്കുകോൽ.
ഇടുക്കുവഴി നാ. ഇടുങ്ങിയ വഴി, വീതികുറഞ്ഞ വഴി.
ഇടുങ്ങുക 'രണ്ടെണ്ണത്തിൻെറ ഇടയിൽപ്പെട്ടു ഞെരുങ്ങുക, ഇടചുരുങ്ങുക ക്രി. ഞെരുങ്ങുക, വീതി (വലുപ്പം) കുറയുക, സങ്കോചിക്കുക.
ഇടുപടി [ഇടു-പടി] നാ. 1. ഇടുങ്ങിയ പടിവാതിൽ; 2. ഇടുകോൽ.
ഇടുപലക, ഇട- [ഇടു-പലക] നാ. 1. മാളികയിൽ കയറാനുള്ള കോണിപ്പടിയുടെ മുകളിലുള്ള വാതിൽ, അടപ്പ്; 2. പത്തായത്തിൻെറ പലക, മൂടി.
ഇടുപ്പ് 'ഇടുങ്ങിയഭാഗം' നാ. അരക്കെട്ട്, എളി.
ഇടുമൂടി [ഇടു-മൂടി] നാ. = ഇടുപലക.
ഇടുമ്പൻ നാ. സാക്ഷ, താഴ്.
ഇടുമ്പ് നാ. = ഇടുക്ക്, മലയിടുക്ക്.
ഇടുവ നാ. ഇടുങ്ങിയ വഴി, ഇടവഴി.
ഇടുവന നാ. വിത്തിട്ടു വളർത്താവുന്നവ, ധാന്യങ്ങൾ (താരത, നടുവന).
ഇടുവൽ നാ. 1. ഇടുങ്ങിയ വഴി, ഇടവഴി; 2. ദ്വാരം.
ഇടുവേർ നാ. = ഇടിയൻ.
ഇടെ അവ്യ. ഇടയിൽ (സ്ഥലം, കാലം, വസ്തുക്കൾ എന്നിവയ്ക്ക്), നടുവിൽ, മധ്യത്തിൽ, ഉദാ: അതിനിടെ.
ഇട്ചരം, ഇത്വരം [സം. ഇട്-ചര, ഇത്-വര] നാ. 1. എരുതാക്കാത്തതും തന്നിഷ്ടംപോലെ സഞ്ചരിക്കുന്നതുമായ കാള, വരിയുടക്കാത്ത കാള; 2. അഴിച്ചുവിട്ടപോത്ത്.
ഇട്ട [സം. വിഷ്ഠ] നാ. മലം. ഉദാ: മൂക്കിട്ട.
ഇട്ടപ്പുറം [ഇട്ട(ൽ)-പുറം] നാ. 1. മുറ്റത്തിന് അപ്പുറത്തുള്ള ഉയർന്നപറമ്പ്; 2. വളപ്പ്, പറമ്പ്.
ഇട്ടം [പ്രാ. ഇഷ്ഠ < സം. ഇഷ്ട] നാ. സസ്നേഹം, താത്പര്യം.
ഇട്ടമുക്കൻ [ഇട്ട്-അമുക്കൻ] നാ. കല്ലുറാഞ്ചി, ആനറാഞ്ചി.
ഇട്ടൽ നാ. 1. ഇട്ടപ്പുറം, മൺകുന്ന്; 2. പൂഴിക്കുന്ന.
ഇട്ടറ നാ. മരപ്പണിചെയ്യുമ്പോൾ തടിവച്ചു പണിയാനുള്ള പലക, ആപ്പ്.
ഇട്ടി1 [< സം. സ്ത്രീ?] നാ. 1. അവിവാഹിത, കന്യക, ബ്രാഹ്മണകന്യക; 2. ഉണ്ണിജാതിയിലുള്ള സ്ത്രീ; 3. ഒരുതരം മീൻ; 4. ഒരു സംജ്ഞാനാമം.
ഇട്ടി2 [< സം. യഷ്ടി] നാ. 1. ഈട്ടി; 2. കുന്തം, കമ്പി; 3. വടി.
ഇട്ടിക, -യ [പ്റ്റാ. ഇട്ഠഗാ < ഇഷ്ടിക] നാ. ചുടുകല്ല്, ചുടുകട്ട.

ഇട്ടിക്കണ്ടപ്പൻ നാ. 1. യാത്രക്കളിയിലെ കയ്മളുടെ പേര്; 2. ഒരിനം നെല്ല്.
ഇട്ടിക്കോമ്പിയച്ചൻ [ഇട്ടി-കോമ്പി-അച്ചൻ] നാ. പാലക്കാട്ടു രാജാവിൻെറ സ്ഥാനപ്പേർ.
ഇട്ടിയ = നാ. ഇഷ്ടിക.
ഇട്ടിയമ്മ നാ. സ്ത്രീ, ഗൃഹനായിക.
ഇട്ടിൽ നാ. = ഇടവഴി.
ഇട്ട് [ഇടുക] (മുന്വിന.) ഇട്ടശേഷം.
ഇട്ടു [ഇടുക] (ഭൂ.രൂപം)
ഇട്ടുപടിപ്പാട്ടം [ഇട്ടുപടി-പാട്ടം] നാ. ഒരു പഴയ ഭൂവുടമ സമ്പ്രദായം, തിരുവിതാംകൂറിൻെറ ചിലഭാഗങ്ങളിൽ നിലവിലിരുന്നത്.
ഇട്ടുരുട്ടി [ഇട്ട്-ഉരുട്ടി] നാ. ചെറിയ മൺഭരണി, വെള്ളബ്ഭരണി.
ഇട്ടുരുട്ടുക [ഇട്ട്-ഉരുട്ടുക] 'നിലത്ത് ഇട്ട് ഉരുട്ടുക' ക്രി. ശരിയായ ഉത്തരം നൽകാതെ ഒഴിഞ്ഞുമാറുക, ഉഴപ്പുക, കളിപ്പിക്കുക, കബളിപ്പിക്കുക.
ഇട്ടുഴി നാ. 1. അട്ടിപ്പേറ്; 2. ഒരിനം നെല്ല്, ഇട്ടുഴിച്ചെന്നെല്ല്.
ഇട്ടെങ്കി നാ. കള്ളുവാറ്റുന്നസ്ഥലം.
ഇട്ടേണി നാ. ഏണി, കോവേണി.
ഇട്ടേറ് നാ. ഒരു ആയുധം.
ഇട്ടോടി [ഇട്ട്-ഓടി] നാ. ഒരുതരം പന്തുകളി.
ഇട്ലി, ഇട്ളി നാ. 1. ഇടവഴി; 2. ഇഡ്ഢലി.
ഇട്ള് നാ. 1. മുളങ്കൂട; 2. ഇടവഴി.
ഇഡ, ഇള [സം. ഇഡാ] നാ. 1. പശു; 2. ഭൂമി; 3. വാക്ക്, സംഭാഷണം; 4. സ്തോത്രം; 5. പാർവതി; 6. നാഡീത്രയത്തിലൊന്ന്, (മറ്റു രണ്ട് പിങ്ഗലയും സുഷുമ്നയും); 7. അന്നം; 8. ലഘുപാനം; 9. ഹോമദ്രവ്യം, പ്രയോഗത്തിനും അനുയോഗത്തിനും ഇടയ്ക്ക് അർപ്പിക്കുന്നത്; 10. ദുർഗ; 11. സ്വർഗം.
263
ഇഡൻ [സം. ഇഡ] നാ. 1. അഗ്നി; 2. ഇളൻ, മനുവിൻെറ പുത്രൻ.
ഇഡം [സം. ഇഡ] നാ. ഒരു അളവ്, കർഷത്തിൻെറ മൂന്നിലൊരുഭാഗം.
ഇഡവിഡ, ഇഡവില, ഇലവില, ഇളവിള [സം. ഇഡ-വിഡാ] നാ. 1. തൃണബിന്ദുവിന് അലംബൂഷയിൽ ജനിച്ച പുത്രി, വിശ്രവസ്സിൻെറ ഭാര്യ, കുബേരൻെറ മാതാവ്; 2. ഒരിനം പെണ്ണാട.
ഇഡസ്പതി [സം.] നാ. 1. വിഷ്ണു; 2. പുഷാവ്; 3. ബൃഹസ്പതി.
ഇഡാചിക [സം. ഇഡാചികാ] നാ. കൂടുകൂട്ടുന്ന കടന്നൽ.
ഇഡിക [സം. ഇഡികാ] നാ. ഭൂമി.
ഇഡ്ഢലി [പ്രാ. ഇഡ്ഢരിയാ] നാ. ഒരുതരം പലഹാരം.
ഇണ നാ. 1. ഇരട്ട, ജോഡി; 2. കൂട്ടുചേർന്ന് നടക്കുന്ന മനുഷ്യനോ ജന്തുവോ, ഭാര്യാഭർത്താക്കന്മാർ.
ഇണകൂടുക, -ചേരുക ക്രി. സമ്യോഗം ചെയ്യുക.
ഇണക്കം [ഇണങ്ങുക] നാ. 1. ഇഷ്ടം, ഒരുമിപ്പ്, സ്നേഹം ൻ പിണക്കം; 2. ചേർച്ച, പൊരുത്തം, സാദൃശ്യം, ഭങ്ഗി; 3. അനുസരണം; 4. മെരുക്കം, ഉദാ: ഇണക്കമുള്ള പശു; 5. സമ്മതം, അനുമതി.
ഇണക്ക് [ത. ഇണക്കു] നാ. 1. ഉടമ്പടി; 2. ഉടമസ്ഥൻ പണയക്കാരനു കൊടുക്കുന്ന സാക്ഷിപത്രം, ജന്മി ഒറ്റിവാങ്ങിയവനു കൊടുക്കുന്ന രസീത്.

ഇണക്കുക [ഇണങ്ങുക > പ്രയോ.] ക്രി. 1. സ്നേഹിച്ചുപഴക്കുക, മെരുക്കുക, വശത്താക്കുക, ഉദാ: മൃഗങ്ങളെ ഇണക്കുക, പക്ഷികളെ ഇണക്കുക; 2. രഞ്ജിപ്പിക്കുക, കൂട്ടിയോജിപ്പിക്കുക, ഭങ്ഗിപ്പെടുത്തുക; 3. സന്തോഷിപ്പിക്കുക, സാന്ത്വനപ്പെടുത്തുക.

ഇണക്കുത്ത് [ഇണ-കുത്ത്] നാ. സ്വജനമാത്സര്യം, തൊഴുത്തിൽക്കുത്ത്.

ഇണക്കുമുറി നാ. 1. ഒറ്റിക്കാരൻ തനിക്കുള്ള ഒറ്റിയവകാശം വേറൊരാൾക്ക് കൈമാറ്റംചെയ്യുമ്പോൾ എഴുതിക്കൊടുക്കുന്ന ആധാരം; 2. തനിക്കുള്ള ഒറ്റിയവകാശമ്പുതിയ ഒറ്റിക്കാരൻെറ പേരിൽ സ്ഥിരപ്പെടുത്തണമന്ന് ജന്മിയോട് ആവശ്യപ്പെടുന്ന രീതിയിലുള്ള പ്രമാണം; 3. ജന്മി ഒറ്റിവച്ചിട്ടുള്ള വസ്തുവിൽ തനിക്കുള്ള ജന്മാവകാശം വേറൊരാൾക്കു കൈമാറ്റം ചെയ്യുമ്പോൾ ഒറ്റിക്കാരനുകൊടുക്കുന്ന പ്രമാണം.

ഇണങ്ങൻ, എണങ്ങൻ [< ഇണങ്ങുക] നാ. 1. സ്വജനം, ബന്ധു; 2. സ്നേഹിതൻ, കൂട്ടുകാരൻ.

ഇണങ്ങ് നാ. 1. ബന്ധുത്വം, ചാർച്ച; 2. കൂട്ടുകെട്ട്, ചങ്ങാത്തം, സ്നേഹം; 3. സ്വജാതി.

ഇണങ്ങുക ക്രി. 1. സ്നേഹമാകുക; 2. പഴകുക, മെരുകുക; 3. ചേരുക, യോജിക്കുക.

ഇണച്ച നാ. ചേർപ്പ്, തൊങ്ങൽ.

ഇണച്ചം നാ. മാൻകൊമ്പിലെ ശാഖ.

ഇണപെറുക ക്രി. ഇരട്ടപ്രസവിക്കുക.

ഇണപ്പുടവ, അണപ്പുടവ [ഇണ-പുടവ] നാ. കച്ചമുറി, ഇരട്ടമുണ്ട്.

ഇണമുണ്ട്, അണമുണ്ട് [ഇണ-മുണ്ട്] നാ. 1. രണ്ടാം മുണ്ട്; 2. ഇരട്ടമുണ്ട്.

ഇണയാളി [ഇണ-ആളി] നാ. കൂട്ടുകാരൻ.

ഇണയുക ക്രി. ചേരുക, യോജിക്കുക.

ഇണർ നാ. 1. കുരുമുളകുതണ്ട്, നല്ലമുളകുവള്ളിയുടെ തല; 2. പൂങ്കുല; 3. പൂമ്പൊടി; 4. മീൻമുട്ട; 5. തുടർച്ച.

ഇണർച്ച നാ. ചേർപ്പ്, തൊങ്ങൽ.

ഇണവഞ്ചി [ഇണ-വഞ്ചി] നാ. ചങ്ങാടം.

ഇണവസ്ത്രം [മ. ഇണ-സം. വസ്ത്രം] നാ. ഇണമുണ്ട്, ഇണപ്പുടവ.

ഇണുക്ക് നാ. ശകലം, കഷണം. ഇണുക്കിയിണുക്കി = കുറേശ്ശെ.

ഇണുക്കുക ക്രി. 1. അടർത്തിയെടുക്കുക, ഉരിഞ്ഞെടുക്കുക; 2. തുണ്ടുതുണ്ടുകളാക്കുക.

ഇണ്ട നാ. 1. കൂട്ടം; 2. തേനീച്ച; 3. താമര; 4. വൃത്താകൃതിയിൽ കെട്ടിയ പൂമാല. ഇണ്ടകെട്ടുക = ഇണചേരുക; ഇണ്ടമാല = ചുവന്നതും വെളുത്തതുമായ പൂക്കൾ ചേർത്തു കെട്ടിയ മാല.

ഇണ്ടന്തിരി, ഇണ്ടന്തരി നാ. 1. നിലവിളി; 2. ഇരച്ചിൽ, അലർച്ച; 3. അമളി.

ഇണ്ടൽ നാ. ദു:ഖം, വ്യാകുലത.

ഇണ്ടാസ് [<ഇം. ഞ്ഞ ഗ്രന്ഥസന്ഥനുണ്ഡനു ഡ്ഡ] നാ. 1. അനുമതി, സമ്മതം; 2. കുറ്റപത്രം.

ഇണ്ട് = ക്രി. ഉണ്ട്.

ഇണ്ഡിരിക, ഇണ്ഡരി, ഇമ്ഡലി, ഇണ്വേരിക [സം. ഇണ്ഡിരികാ] നാ. ഒരു പലഹാരം.

ഇണ്ണാമൻ നാ. പൊണ്ണൻ.

ഇണ്യാളം നാ. ഒരു ചെടി, തൊട്ടാൽ പനിയുണ്ടാകുന്നത്.

ഇത1 നാ. 1. മുള, നാമ്പ്, ശാഖ; 2. തളിര്; 3. ചെറിയവേലി; 4. എലുക.
ഇത2 വ്യാക്ഷേ. = ഇതാ.
ഇത3 [സം. < ഇ] വി. പ്രാപിച്ച, പോയ, പരേത (പര-ഇത); പ്രേത (പ്ര-ഇത) ഇത്യാദിപദങ്ങൾ കാണുക.
ഇത4 [ഇതയ്ക്കുക] ധാതുരൂപം.
ഇതം [< സം. ഹിത] നാ. 1. ഇഷ്ടം, സൗകര്യം, എത്രം; 2. സന്തോഷം; 3. കുശലത, സുഖം; 4. പഥ്യം, ശ്രേഷ്ഠം, മനോഹരം.
ഇതയ്ക്കുക ക്രി. മുളയ്ക്കുക.
ഇതർക്കുക, ഇതിർക്കുക ക്രി. ഇറുക്കുക.
ഇതര [സം. ഇതര] വി. 1. മറ്റ്, അന്യമായ, അതല്ലാത്ത; 2. നീചമായ.
ഇതരഥാ [സം. ഇതര-ഥാ] അവ്യ. മറ്റൊരുവിധത്തിൽ, മറിച്ച്.
ഇതരൻ [സം.] സ.നാ. 1. അന്യൻ; 2. നാ. നീചൻ; 3. ആജ്ഞാചക്രത്തിലെ ശിവൻ.
ഇതരം [സം. ഇതരത്] സ.നാ. അന്യം, മറ്റൊന്ന്, അതല്ലാത്തത്. ഉദാ: മന്ദേതരം = മന്ദമല്ലാത്തവണ്ണം, വേഗത്തിൽ.
ഇതരാനപേക്ഷ(ക) [സം. ഇതര -അനപേക്ഷ(ക)] വി. വേറൊന്നിനോട് അപേക്ഷയില്ലാത്ത, മറ്റൊന്നിനോട് ബന്ധമില്ലാത്ത, പരാശ്രയമില്ലാത്ത.
ഇതരാപേക്ഷ(ക) [സം. -അപേക്ഷ(ക)] വി. മറ്റൊന്നിനെ അപേക്ഷിച്ചുള്ള.
ഇതരേതരം [സം. ഇതര-ഇതരം] അവ്യ. അന്യോന്യം, പരസ്പരം, തമ്മിൽത്തമ്മിൽ.
ഇതരേദ്യു: [സം. -ദ്യു:] അവ്യ. മറ്റൊരുദിവസത്തിൽ.
ഇതവിയ [ഇതവുക] വി. 1. ഹിതമായ, യോജിപ്പുള്ള, പ്രിയമുള്ള, സുഖകരമായ. ഭങ്ഗിയുള്ള, നല്ല; 2. ചേർച്ചയുള്ള.
ഇതവ് [സം. ഹിത] നാ. ഇഷ്ടം, പ്രീതി.
ഇതവുക [സം. ഹിത] ക്രി. ഹിതമാവുക.
ഇതസ്തത: [സം. ഇത:-തത:] അവ്യ. അങ്ങിങ്ങ്, എല്ലാടവും.
ഇത: [സം. ഇ-തസ്] അവ്യ. ഇതുഹേതുവായിട്ട്, ഇവിടെനിന്ന്.
ഇത:പരം [സം. ഇത:-പരം] അവ്യ. ഇതിനുമേൽ, ഇതിനുശേഷം.
ഇത:പര്യന്തം [സം. -പര്യന്തം] അവ്യ. ഇത്രവരെ, ഇതുവരെ.
ഇതൾ നാ. പൂവിൻെറ ദളം.
ഇതാ [< ഇത്-ആകുന്നു] വ്യാക്ഷേ. 1. അടുത്തുള്ള ഒന്നിൻെറ നേർക്കോ തന്നിലേക്കോ ശ്രോതാവിൻെറ ശ്രദ്ധയെ ആകർഷിക്കാൻവേണ്ടി ഉപയോഗിക്കുന്ന പദം, ഇങ്ങോട്ടു നോക്കു എന്ന് ആശയം; 2. അല്പസമയത്തിനുള്ളിൽ, ഉടൻതന്നെ, ഇപ്പോൾത്തന്നെ. ഉദാ: ഇതാപോകുന്നു.
ഇതായിഴമാർ (പ.മ.) [മ. ഇത (< സം. ഹിത) -ആയിഴ] നാ. (ബ.വ.) 1. ഹിതമായ ആയിഴകൾ (ആഭരണങ്ങൾ) ധരിച്ചവർ; 2. ഭാര്യമാർ; 3. സ്ത്രീകൾ.
ഇതി [സം.] അവ്യ. എന്ന്, ഇപ്രകാരം, ഇങ്ങനെ. (വാക്യാവസാനസൂചകമായും പ്രയോഗം).
ഇതികഥാ [സം. ഇതി-കഥാ] നാ. കഴമ്പില്ലാത്ത വാക്ക്, നിരർഥകമായ പറച്ചിൽ.
ഇതികർത്തവ്യത [സം. -കർത്തവ്യതാ] നാ. ഇന്നവിധത്തിൽ ചെയ്യണമെന്ന സ്ഥിതി, കർത്തവ്യം, ചെയ്യേണ്ടത്. ഇതികർത്തവ്യതാമൂഢ (വി.) = എന്തുചെയ്യണമെന്ന് അറിയാതെ കുഴങ്ങുന്ന.

ഇതികരണീയ [സം. ഇതി-കരണീയ] വി. ഇന്നവിധത്തിൽ ചെയ്യേണ്ട, ഇതികർത്തവ്യ.
ഇതിമാത്രം [സം. -മാത്രം] അവ്യ. ഇത്രത്തോളം, ഇത്രമാത്രം, ഇത്രയും.
ഇതിയാൻ സ.നാ. ഇയാൾ, ഇദ്ദേഹം (സ്ത്രീ) ഇതിയാട്ടി.
ഇതിലേ, ഇതിലെ [ഇത്-ഇൽ-ഏ] 'ഇത്' എന്നതിൻെറ ആധാരികാഭാസരൂപം. 1. വി. ഇതിലുള്ള. ഉദാ: ഇതിലേ പ്രതിപാദനം; 2. അവ്യ. ഈ വഴിയേ, ഈ മാർഗത്തിൽക്കൂടി, കാണിക്കപ്പെടുന്നവഴിയിലൂടെ. ഉദാ: ഇതിലേ പോകാം.
ഇതിവൃത്തം [സം. ഇതി-വൃത്ത] നാ. 1. കഥാവസ്തു, പ്ലോട്ട്; 2. സംഭവം.
ഇതിഹാസം [സം. < ഇതി-ഹ-ആസ] 'ഇപ്രകാരം സംഭവിച്ചു' നാ. പുരാതന ചരിത്രം, ഐതിഹ്യം, പുരാവൃത്തം, പുരാതനചരിത്രകഥയെ കാവ്യരൂപത്തിൽ നിബന്ധിച്ചിട്ടുള്ളകൃതി, മഹാഭാരതം, രാമായണം ഇവ പ്രസിദ്ധങ്ങളായ ഇതിഹാസങ്ങൾ.
ഇത്, "ഇ" എന്ന ചുട്ടെഴുത്തിനോടു "ത്" എന്ന പ്രത്യയം ചേർന്നുണ്ടാകുന്ന പദം. താരത. 'അത്', 'എത്' സ.നാ., പ്ര.പും.,നപും.,ഏ.,വ. 1. അടുത്തുള്ള വസ്തുവിനേയോ, ജന്തുവിനേയോ ഗുണക്രിയകളേയോ മറ്റോ നിർദ്ദേശിക്കാൻ പ്രയോഗിക്കുന്ന ശബ്ദം. (പും.) ഇവൻ; (സ്ത്രീ.) ഇവൾ. ഉദാ: ഇതു നല്ല ചെടി; ഇതു ചീത്തപ്പശു; ഇതു കറുപ്പ് അതു പച്ച. സാമാന്യലിങ്ഗമായും 'ഇത്' എന്നു പ്രയോഗം. ഉദാ: (ഇക്കുട്ടി) ഇതൊരു വികൃതിയാണ്, ഇതൊരു മിടുക്കിയാണ്, ഇതിനോടൊക്കെ എതാണ് ഇങ്ങനെ? ഇവ, ഇവറ്റ ഇതുകൾ (ഇതുങ്ങൾ) എന്നു ബ.വ. രൂപങ്ങൾ; 2. ക്രിയാശബ്ദത്തോടു ചേർത്ത് പ്രയോഗിച്ചിരുന്ന നപും, പ്ര. പു. പ്രത്യയം. ഉദാ: ചൊന്നിതുമഹർഷി. ചോദ്യത്തിലും പ്രത്യേക നിർദേശത്തിലും മറ്റും ഇവൻ, ഇവൾ, ഇവർ എന്ന അർഥങ്ങളിൽ പ്രയോഗിക്കുന്ന ശബ്ദം. ഉദാ: ഇത് ആരാണ്? ഇതു നാരായണി; ഇതു നാരായണൻ; ഇതു നമ്മുടെ കൂട്ടുകാർ; 3. വാക്യാർഥത്തിനു പകരം നിൽക്കുന്ന ശബ്ദം. ഉദാ: ഇത് ശരിയാണ്; 4. ചില കാലവാചിശബ്ദങ്ങളെ വിശേഷിപ്പിക്കുന്ന ഇത് 'ഇ' എന്നു മാറുന്നു. ഉദാ: ഇതുനേരം = ഇന്നേരം; ഇതു പൊഴുത് = ഇപ്പൊഴുത് (കവിതയിൽ).
ഇതേ1 [ഇത്-ഏ (അവധാരകം)] വി. ഇതുതന്നെയായ. ഉദാ: ഇതേകാര്യം. അവ്യ. ഇത്രമാത്രമേ. ഉദാ: ഇതേ പറയുകയുള്ളോ.
ഇതേ2 വ്യാക്ഷേ. = ഇതാ.
ഇതോ [ഇത്-ഓ] വ്യാക്ഷേ. 1. ഇതാ, ഉദാ: ഇതോ, നോക്കിയേ; 2. (ചോദ്യവാചകം) ഇതുതന്നെയോ? ഉദാ: ഇതോ നിൻെറ വിദ്യ; 3. വികല്പപ്രയോഗത്തിൽ, ഉദാ: അതോ ഇതോ?
ഇതോടെ, ഇതിനോടെ [ഇത്-ഓട്-ഏ] അവ്യ. ഇതിനോടു കൂടി, ഇത്രയുംകൊണ്ട്. ഉദാ: ഇതോടെതീർന്നു.
ഇത്ത1 നാ. = ഈത്ത.
ഇത്ത2 നാ. ചേച്ചി.
ഇത്തക്കുരിശ് നാ. ക്രിസ്ത്യാനികളുടെ ആൺകുട്ടികൾ കഴുത്തിൽ ധരിക്കുന്ന ഒരിനം കുരിശ്.
ഇത്തന അവ്യ. ഇത്ര.
ഇത്തരം [ഈ-തരം] വി. ഇതുപോലെയുള്ള, ഇമ്മാതിരിയുള്ള.
ഇത്തൽ നാ. ഇത്തിൾ, കക്ക.
ഇത്തവ്വ് [ഈ-തവ്വ്] നാ. ഈ അവസരം. സാധാരണ 'ഇത്തവ്വിൽ' എന്ന് അവ്യയമായി പ്രറ്റോഗം.

ഇത്തറ അവ്യ. = ഇത്ര.
ഇത്തറ്റം [ഇത്-അറ്റം] അവ്യ. ഇവിടംവരെ (വ്യവഹാരഭാഷ).
ഇത്താ [അറ. ഇദ്ദ] 'എണ്ണൽ' നാ. വിലാപദിനങ്ങൾ എണ്ണുക, (ഭർത്താവ് മരിച്ചാലോ വിവാഹമോചനം നേടിയാലോ മുസ്ലിം സ്ത്രീകൾ കുറേ ദിവസം വെളിയിൽ വരാതിരിക്കുക എന്ന ആചാരം).
ഇത്താത്ത നാ. 1. ജ്യേഷ്ഠത്തി, ജ്യേഷ്ഠസഹോദരി; 2. ജ്യേഷ്ഠൻെറ ഭാര്യ.
ഇത്തി1 നാ. ആലിൻെറ വർഗത്തിൽപ്പെട്ട ഒരു വൃക്ഷം.
ഇത്തി2 നാ. പൂച്ച.
ഇത്തി(ൾ)ക്കണ്ണി [ഇത്തിൾ-കണ്ണി] നാ. 1. ഇത്തിൾ; 2. അന്യനെആശ്രയിച്ചു ജീവിക്കുന്ന ആൾ.
ഇത്തിന, ഇത്തിനി അവ്യ. 1. ഇത്തിരി, കുറച്ച്, അല്പം; 2. 'ഇത്ര'.
ഇത്ഥം [സം.] അവ്യ. ഇപ്രകാരം.
ഇത്യാദി [സം. ഇതി-ആദി] അവ്യ. തുടങ്ങിയുള്ള, മുതലായ.
ഇത്രമാത്രം [മ. ഇത്ര-സം. മാത്ര] അവ്യ. 1. ഇത്രത്തോളം; 2. ഇത്രതന്നെ; 3. വളരെ, ഒട്ടുവളരെ.
ഇത്രയും [ഇത്ര-ഉം] അവ്യ. 1. ഇത്രത്തോളം, ഇത്രമാത്രം; 2. ഇത്രയധികം.
265
ഇത്രയ്ക്കിത്ര [ഇത്രയ്ക്ക്-ഇത്ര] അവ്യ. എത്രയുണ്ടോ അതിനുമാത്രം, കുറച്ചുമാത്രം.
ഇത്രയ്ക്ക് അവ്യ. ഇത്രത്തോളം.
ഇത്രാം [ഇത്ര-ആം] (പൂരണിതദ്ധിതരൂപം) വി. നിർദേശിക്കപ്പെട്ട, (നിർദിഷ്ടവിഭാഗത്തിൽപ്പെട്ട) രൂപങ്ങൾ, ഇത്രാമൻ, ഇത്രാമത്തവൻ, ഇത്രാമത്തവൾ, ഇത്രാമത്തെ, ഇത്രാമത്തത്, ഇത്രാമത്.
ഇത്രേടം = അവ്യ. ഇത്രടം.
ഇത്രേം [< ഇത്രയും] അവ്യ. ഇത്രത്തോളം (വ്യവഹാരഭാഷ).
ഇത്വരൻ [സം. ഇത്വര] നാ. 1. വഴിപോക്കൻ; 2. ദരിദ്രൻ; 3. വിടൻ, വ്യഭിചാരി. (സ്ത്രീ) ഇത്വരി.
ഇത്വരം [സം. ഇത്വര < ഇ-വര (ക്വരപ് പ്രത്യയം)] നാ. = ഇട്ചരം.
ഇദം [സം. ഇദം] സ.നാ., പ്ര. പു., ഏ.വ., നപും. ഇത്, ഈ.
ഇദംപ്രഥമ [സം. ഇദം-പ്രഥമ] വി. ഇത് ഒന്നാമതായുള്ള, ഒന്നാമത്തെ, ആദ്യമായ.
ഇദംയുഗം [സം. ഇദം-യുഗ] നാ. ഇപ്പോഴത്തെയുഗം.
ഇദാനീന്തന [സം. ഇദാനീം-തന] വി. ഇപ്പോഴുള്ള, ഇപ്പോഴത്തെ, ഇക്കാലത്തെ, ഇന്നത്തെ.
ഇദാനീം [സം. ഇദാനീം] അവ്യ. ഇപ്പോൾ.
ഇദ്ദ = നാ. ഇത്ത
ഇദ്ദേഹം [മ. ഈ-സം. ദേഹ] നാ. 1. (പ.മ.) ഈ ദേഹം, ഈ ശരീരം; 2. സ.നാ. പ്ര. പു. ഈ മനുഷ്യൻ നപുംസകരൂപമെങ്കിലും പുല്ലിങ്ഗം, ബഹുമാനസൂചകം.
ഇദ്ധ [സം. < ഇന്ധ്] വി. 1. കത്തിക്കപ്പെട്ട, കൊളുത്തപ്പെട്ട; 2. ജ്വലിക്കുന്ന, പ്രകാശിക്കുന്ന; 3. വർധിച്ച.
ഇദ്ധദീധിതി [ഇദ്ധ-ദീധിതി] 'ജ്വലിക്കുന്ന തേജസ്സുള്ളത്' നാ. അഗ്നി.
ഇധ്മകം [സം. ഇധ്മക] നാ. കാൽമടമ്പിനു നേരേയുള്ള ഞരമ്പിനു സ്തംഭനവും നീരും ഉണ്ടാക്കുന്ന ഒരു രോഗം.

ഇധ്മജിഹ്വൻ [സം. ഇധ്മ-ജിഹ്വ] നാ. അഗ്നി.
ഇധ്മം [സം.] നാ. വിറക് (യാഗത്തിനുപയോഗിക്കുന്നത്), ചമത.
ഇധ്മവാഹൻ [സം. ഇധ്മ-വാഹ] നാ. അഗ്നി.
ഇധ്മസംവ്രശ്ചനം, -പ്രവശ്ചനം, -വ്രശ്ചനം [സം. ഇധ്മ-സം.-വ്രശ്ചന] നാ. വിറക് വെട്ടാനുള്ളത്, ചെറിയ മഴു, കോടാലി.
ഇൻ (വ്യാക.) 1. ഒരു ഇടനില. ചില്ലിലോ സംവൃത 'ഉ' കാരത്തിലോ അവസാനിക്കുന്ന നാമങ്ങളോടും സർവനാമങ്ങളോടും വിഭക്തിപ്രത്യയങ്ങൾ ചേരുമ്പോൾ രണ്ടിനും ഇടയ്ക്കു വരുന്നത്. ഉദാ: തേക്കിനെ (തേക്ക്-ഇൻ-എ), തെങ്ങിനെ, കൊച്ചിനെ, കുഞ്ഞിനെ, ചാടിനെ, 'തോക്കിനോട്', 'തോക്കിന്', 'തോക്കിനാൽ', 'തോക്കിൻെറ', എന്നപോലെ മറ്റുവിഭക്തികളിൽ ആധാരികാപ്രത്യയമായ 'ഇൽ' ചേർന്നാൽ 'ഇൻ' ഇടനിലകൂടാതെ 'തോക്കിൽ', 'തെങ്ങിൽ', 'ഒച്ചിൽ' ഇത്യാദി. (തമിഴിലും പഴയ മലയാളത്തിലും തേക്കിനിൽ ഇത്യദിരൂപങ്ങൾ പഴയ പ്രയോഗങ്ങളിൽ സ്വരാന്തങ്ങളായ പദങ്ങളോടും 'ഇൻ' ചേർന്ന വിഭക്തിരൂപങ്ങൾ കാണാം. ഉദാ: കൃപയിനാൽ) 'കൽ' ചേർന്നാൽ തോക്കിങ്കൽ, അതിങ്കൽ എന്നപോലെ രൂപങ്ങൾ; 2. സംബന്ധികാർഥത്തിലുള്ള ഒരു പ്രത്യയം. ഉദാ: ആലിൻകാ, കുന്നിൻമകൾ, പശുവിൻപാൽ, തലയിന്മേൽ (പശു-ഇൻ-ഉടയ ഇത്യാദിയിലെ 'ഉടയ' -പിൽക്കാലത്തെ 'ഉടെ', 'ടെ' - ലോപിച്ച രൂപം); 3. ക്രിയാധാതുവിനോടു നിയോജകാർഥം സൂചിപ്പിക്കാൻ ചേർക്കുന്ന ഒരു പ്രത്യയം. മ.. പു, ബ.വ. ഉദാ: വന്ദിപ്പിൻ, വരുവിൻ.
ഇൻക്വിലാബ് നാ. = ഇങ്കുലാബ്
ഇൻപം നാ. = ഇമ്പം.
ഇൻഫ്ലുവൻസ [ഇം.ഢ ക്ഷRsഗ്മനു ന്മൻറ] നാ. ഒരിനം പകർച്ചപ്പനി, ജലദോഷപ്പനി.
ഇന്വൻ നാ. ഇമ്പൻ, പ്രിയൻ, ഭർത്താവ്.
ഇൻഷ്വറൻസ് [ഇം.ഢ ന്ഥഗ്മ്മതസൻറ ൃനു] നാ. അപകടം സംഭവിച്ചാൽ (അകാലമരണമുണ്ടായാൽ) ഒരു നിശ്ചിതതുക നൽകത്തക്കവണ്ണം തവണകൾ പിരിക്കുകയും അപകടം സംഭവിക്കാത്തസ്ഥിതിയിൽ കാലാവധിതീർന്നാൽ തുക നിശ്ചിത പലിശ ചേർത്ത് തിരിച്ചുനല്കുകയും ചെയ്യുന്ന ഒരു സാമ്പത്തിക ക്രമീകരണം.
ഇൻസാൻ [അറ.] നാ. മനുഷ്യൻ.
ഇൻസാഫ് [അറ.] നാ. നീതി, ന്യായം.
ഇൻസ്പെക്ടർ [ഇം. ഢ ന്ഥണ്മന്യന്ധഗ്നത്സ] നാ. പരിശോധകൻ.
ഇൻസ്പെക്ഷൻ [ഇം.ഢ ന്ഥണ്മന്യന്ധഢഗ്ന ] നാ. പരിശോധന.
ഇനക്കാർ നാ. (ബ.വ.) ഇനത്തിൽപ്പെട്ടവർ, സ്വജാതിക്കാർ.
ഇനജ [സം. ഇന-ജാ] നാ. 1. യമുന; 2. തപതി.
ഇനജൻ, -തനയൻ [സം. -ജ, -തനയ] 'സൂര്യൻെറ പുത്രൻ, അർക്കജൻ' നാ. 1. ശനിഗ്രഹം; 2. കാലൻ, യമൻ, 3. കർണൻ; 4. സുഗ്രീവൻ; 5. വൈവസ്വതമനു.
ഇനത്താൻ നാ. ഇനത്തിൽപ്പെട്ടവൻ, സജാതിയൻ, സ്വസമുദായക്കാരൻ.
ഇനൻ [സം. ഇന] നാ. 1. പ്രഭു, യജമാനൻ; 2. സൂര്യൻ; 3. രാജാവ്.
ഇനനന്ദനൻ [സം. ഇന-നന്ദന] നാ. = ഇനജൻ.
ഇനം1 നാ. 1. ജാതി, വർഗം, തരം, വക; 2. കൂട്ടം, സമൂഹം, ഉദാ: വണ്ടിനം, കുയിലിനം.
ഇനം2 [സം. ഇന] നാ. അത്തം നക്ഷത്രം.

ഇനവരി [ഇന-വരി] നാ. അതതുജാതിക്കാർക്കുകൊടുക്കേണ്ട നികുതി, ജാതിനികുതി.
ഇനാം [പേർ.] നാ. ദാനം, സമ്മാനം.
ഇനാംദാർ [പേർ.] നാ. ദാനഭൂമി അനുഭവിക്കുന്നവൻ.
ഇനാമൽ [ഇം.ഞ്ഞ ൻറണ്ഡന്ദRs] നാ. 1. ലോഹപ്പൂച്ച്; 2. പല്ലിൻെറ മിനുസമുള്ള ആവരണം.
ഇനായത്തുനാമാ [പേർ.ഇനായത്-നാമാ] നാ. ദാനപത്രം, ഇനാം പ്രമാണം.
ഇനി1 അവ്യ. 1. ഇതിനുശേഷം, ഇന്നത്തേതിൽപ്പിന്നെ, മേലിൽ, മേലാൽ, അടുത്തതായി; 2. ഇപ്പോൾ; 3. വീണ്ടും, ഒരിക്കൽക്കൂടി.
ഇനി2 നാ. ഉള്ളത്, ഉദാ: വടക്കിനി = വടക്കുള്ളത്, വടക്കെഭാഗം; തെക്കിനി = തെക്കുള്ളത്, തെക്കുഭാഗത്തുള്ള മുറി.
ഇനി3 [ഇനിക്കുക] ധാതുരൂപം.
ഇനിക്ക് സ.നാ. = എനിക്ക് (ഇതു ശുദ്ധരൂപം) ഉ.പു., ഏ.വ.,ഉദ്ദേശികാവിഭക്തിരൂപം.
ഇനിക്കുക ക്രി. ഇനിപ്പുള്ളതായിരിക്കുക, മധുരിക്കുക.
ഇനിത്, ഇനുത് നാ. മധുരമായത്, സന്തോഷകരമായത്.
ഇനിപ്പം [<ഇനിക്കുക] നാ. 1. ഇമ്പം, മാധുര്യം; 2. ഭങ്ഗി.
ഇനിപ്പ് [< ഇനിക്കുക] നാ. മാധുര്യം, മധുരരസം, ആസ്വാദ്യത, ഹൃദ്യത.
ഇനിമ, ഇനുമ = നാ. ഇനിപ്പ്.
ഇനിയ [ഇനിക്കുക] വി. 1. മധുരമായ, ഹിതമുള്ള, മനോഹരമായ; 2. നല്ല, ഉത്കൃഷ്ടമായ, ഹൃധ്യമായ.
ഇനിയും [ഇനി-ഉം] അവ്യ. ഇനിമേലും, ഇതിനുശേഷവും, വീണ്ടും, പിന്നെയും. ഉദാ: ഇന്നു വന്നു, ഇനിയും വരണമോ? ഇനിയും തീർന്നില്ലേ അരിശം?
ഇനിവം നാ. ഇനിപ്പ്, സ്നേഹം.
ഇനിസ്സ് [അറ. ജിൻസ്] നാ. മാതിരി, തരം, ഇനം.
ഇനുത് നാ. 1. ഇനിത്; 2. മധുരമായത്; 3. സുഖം.
ഇനുപ്പം നാ. = ഇനിപ്പം.
ഇനുമ നാ. 1. ഭങ്ഗി; 2. സാമർഥ്യം. (അർഥവികാസത്താൽ).
ഇന്ത (പ.മ.) ['ഇ' എന്ന ചുട്ടെഴുത്തിനോട് അനുനാസികവും 'ത്' അന്ന പ്രത്യയവും അതിനുമേൽ 'അ' എന്ന പേരെച്ചപ്രത്യയവും ചേർന്നു രൂപം. ഇ-ന്-ത്-അ] വി. (നിർദേശകം) ഈ. ഉദാ: അന്തഹതയ്ക്കിന്തപ്പട്ട്.
ഇന്തി നാ. പൂച്ച.
ഇന്തു നാ. = ഹിന്തു.
ഇന്തുക ക്രി. പ്രയോജനപ്പെടുക, ഉതകുക.
ഇന്തുപ്പ് [ഇന്തു < സം. സിന്ധു-മ. ഉപ്പ്] നാ. ഒരുതരം ഉപ്പ്.
ഇന്ത്യ, ഇന്ദിയ, ഇൻഡ്യ [പേർ. ഹിന്ദ് < സം. സിന്ധ്യ] നാ. ഇൻഡ്യ, ഭാരതവർഷം.
ഇന്ദളം [സം. ഹിന്ദോള] നാ. ഒരു രാഗം, കൂത്തിലും കൂടിയാട്ടത്തിലും കഥകളിയിലും ഉപയോഗിക്കുന്നത്.
ഇന്ദിക്കുക ക്രി. ശോഭിക്കുക.
ഇന്ദിന്ദിരം [സം.] നാ. വണ്ട്.
ഇന്ദിര [സം. ഇന്ദിരാ] നാ. ലക്ഷ്മി.

ഇന്ദിരാകാന്തൻ, –കാമുകൻ, –നാഥൻ, –പതി, –മണാളൻ, –മന്ദിരൻ, –വരൻ, –വല്ലഭൻ [സം. ഇന്ദിരാ–കാന്ത, ...] 'ലക്ഷ്മീദേവിയുടെ ഭർത്താവ്'. നാ. വിഷ്ണു.
ഇന്ദിരാമന്ദിരം [സം. ഇന്ദിരാ–മന്ദിര] നാ. 'ഇന്ദിരയുടെ ഇരിപ്പിടം' നീലോത്പലം, നീലത്താമര.
ഇന്ദിരാലയം [സം. –ആലയ] നാ. = ഇന്ദിരാമന്ദിരം.
ഇന്ദിവാരം [സം.] നാ. ഇന്ദീവരം.
ഇന്ദിശ [ഇൻ–ഇചൈ സംസ്കൃതീകൃതരൂപം, ത. ഇന്നിചൈ] നാ. ഒരു രാഗം, ഇന്നിശ, കഥകളിയിൽ പ്രയോഗിച്ചുകാണുന്നു.
ഇന്ദീവരനയന [സം. ഇന്ദീവര–നയനാ] നാ. ഇന്ദീവരാക്ഷി.
ഇന്ദീവരം [സം. ഇന്ദീവര] നാ. കരിങ്കൂവളം.
ഇന്ദീവരാക്ഷൻ [സം. –അക്ഷ] 'കരിങ്കൂവളംപോലെയുള്ള കണ്ണുകളോടുകൂടിയവൻ' നാ. വിഷ്ണു.
ഇന്ദീവരാക്ഷി [സം. –അക്ഷീ] നാ. കരിങ്കൂവളദളംപോലെ മനോഹരമായ കണ്ണുകളുള്ളവൾ, സുന്ദരി.
ഇന്ദീവരി [സം. ഇന്ദീവരീ] നാ. ശതാവരി.
ഇന്ദീവരിണി [സം. ഇന്ദീവരിണീ] നാ. 1. നീലോത്പലസമൂഹം; 2. കരിങ്കൂവളക്കുളം.
ഇന്ദു [സം. ഇന്ദു] നാ. 1. ചന്ദ്രൻ; 2. മകയിരം നക്ഷത്രം; 3. ഒരു വാസ്തുദേവത; 4. കർപ്പൂരം; 5. ഒന്ന് എന്ന അക്കം.
ഇന്ദുകം [സം. ഇന്ദുക] നാ. ഒരു വൃക്ഷം.
ഇന്ദുകമലം [സം. ഇന്ദു–കമല] നാ. വെള്ളത്താമര.
ഇന്ദുകരം [സം. –കര] നാ. ചന്ദ്രരശ്മി.
ഇന്ദുകല [സം. –കലാ] നാ. ചന്ദ്രക്കല.
ഇന്ദുകലാധരൻ, –കലാഭരണൻ [സം. –കലാ–ധരൻ, –ആഭരണൻ] നാ. ശിവൻ.
ഇന്ദുകലിക [സം. –കലികാ] നാ. 1. ചന്ദ്രക്കല; 2. പൂക്കൈത.
ഇന്ദുകാന്ത [സം. –കാന്താ] നാ. 1. രാത്രി; 2. പൂക്കൈത.
ഇന്ദുകാന്തം [സം. –കാന്ത] നാ. 1. ചന്ദ്രകാന്തക്കല്ല്; 2. ഔഷധങ്ങൾ ചേർന്ന ഒരുതരം നെയ്യ്; 3. ക്ഷേത്രത്തിൽ ശ്രീകോവിലിൻെറ മുൻപിൽ ഉണ്ടാക്കുന്ന പലതരം മണ്ഡപങ്ങളിൽ ഒന്ന്.
ഇന്ദുകിരീടൻ [സം. –കിരീട] നാ. ശിവൻ.
ഇന്ദുകീയ [സം.] വി. ചന്ദ്രനെ സംബന്ധിച്ച.
ഇന്ദുക്ഷയം [സം. ഇന്ദു–ക്ഷയ] നാ. കറുത്തവാവ് (ചന്ദ്രൻ അപ്രത്യക്ഷനാകുന്ന ദിവസം).
ഇന്ദുഖണ്ഡ [സം. –ഖണ്ഡ] നാ. ചന്ദ്രക്കല.
ഇന്ദുഗോപം [സം. –ഗോപ] നാ. = ഇന്ദ്രഗോപം.
ഇന്ദുഘണ്ടാരവം [സം. –ഘണ്ടാ–രവ] നാ. ഒരു രാഗം, സുരഘണ്ടാരവം.
ഇന്ദുചൂഡൻ [സം. ഇന്ദു–ചൂഡ] 'ഇന്ദുവിനെ ചൂഡയിൽ അണിയുന്നവൻ' നാ. ചന്ദ്രശേഖരൻ, ശിവൻ.
ഇന്ദുചൂർണം [സം. –ചൂർണ] നാ. കർപ്പൂരപ്പൊടി.
ഇന്ദുജ [സം. –ജാ] 'ചന്ദ്രനിൽനിന്നു ജനിച്ചവൾ' നാ. നർമദാ നദി.
ഇന്ദുജൻ [സം. –ജ] നാ. ബുധൻ.

ഇന്ദുജനകൻ [സം. -ജനക] 'ഇന്ദുവിൻെറ ജനകൻ, ചന്ദ്രൻെറ പിതാവ്' നാ. 1. സമുദ്രം, (ദേവാസുരന്മാർ ചേർന്നു പാൽക്കടൽ മഥിച്ചപ്പോൾ അവിടെനിന്നു ചന്ദ്രൻ ഉണ്ടായി എന്നു പുരാണം); 2. അത്രി എന്ന മുനി, (അത്രിമഹർഷിയുടെ കണ്ണിൽനിന്നു ചന്ദ്രൻ പിറന്നു എന്നു പുരാണം).

ഇന്ദുദലം [സം. -ദല] നാ. ചന്ദ്രക്കല.

ഇന്ദുദേശം [<സം. ഇന്ദു-ദേശ] നാ. ഹിന്ദുദേശം, ഇന്ത്യ.

ഇന്ദുധരൻ [സം. -ധര] 'ഇന്ദുവിനെ ധരിക്കുന്നവൻ' നാ. ശിവൻ.

ഇന്ദുപർണി [സം. -പർണീ] നാ. കർപ്പൂരവള്ളി, പടുകൂർക്ക.

ഇന്ദുപുത്രൻ [സം. -പുത്ര] 'ചന്ദ്രൻെറ പുത്രൻ' നാ. ബുധൻ.

ഇന്ദുബിംബം [സം. -ബിംബ] നാ. ചന്ദ്രബിംബം.

ഇന്ദുഭ [സം. -ഭാ] നാ. 1. ഒരിനം ആമ്പൽ; 2. ആമ്പൽപ്പൊയ്ക.

ഇന്ദുഭം [സം. -ഭ] നാ. 1. കർക്കടകരാശി; 2. മകയിരം നക്ഷത്രം.

ഇന്ദുമണി [സം. -മണി] നാ. 1. ചന്ദ്രകാന്തക്കല്ല്; 2. മുത്ത്.

ഇന്ദുമണ്ഡലം [സം. -മണ്ഡല] നാ. ചന്ദ്രമണ്ഡലം.

ഇന്ദുമതി [സം. -മതീ] 'ഇന്ദുവിനോടുകൂടിയവൾ' നാ. 1. ഭോജൻെറ സഹോദരി, അജരാജാവിൻെറ ഭാര്യ, ദശരഥൻെറ മാതാവ്; 2. പൗർണമി.

ഇന്ദുമുഖി [സം. -മുഖീ] 'ചന്ദ്രനെപ്പോലെ മനോഹരമായ മുഖമുള്ളവൾ' നാ. സുന്ദരി.

ഇന്ദുമൗലി [സം. -മൗലി] 'ഇന്ദുവിനെ മൗലിയിൽ ധരിക്കുന്നദേവൻ' നാ. = ഇന്ദുചൂഡൻ.

ഇന്ദുരത്നം [സം. -രത്ന] നാ. മുത്ത്.

267

ഇന്ദുരാജി [സം. -രാജി] നാ. കാർകോകിലരി.

ഇന്ദുരേഖ [സം. -രേഖാ] നാ. 1. ചന്ദ്രക്കല; 2. ഇന്ദുരാജി; 3. കുറാശാണി.

ഇന്ദുലേഖ [സം. -ലേഖാ] നാ. 1. ചന്ദ്രക്കല; 2. സോമവല്ലി; 3. ചിറ്റമൃത്; 4. കുറാശാണി.

ഇന്ദുലോഹം, ഹകം [സം. -ലോഹ, -ലോഹക] നാ. വെള്ളി.

ഇന്ദുവദന [സം. ഇന്ദു-വദനാ] നാ. 1. ഇന്ദുമുഖി, സുന്ദരി; 2. ഒരു വർണവൃത്തം.

ഇന്ദുവാരം, ഇന്ദുവാസരം [സം. -വാര, -വാസര] നാ. തിങ്കളാഴ്ച.

ഇന്ദുവ്രതം [സം. -വ്രത] നാ. ചാന്ദ്രായണവ്രതം.

ഇന്ദുശകലം [സം. -ശകല] നാ. ചന്ദ്രക്കല.

ഇന്ദുശിഖാമണി [സം. -ശിഖാ-മണി] നാ. ചന്ദ്രൻ ശിരോഭൂഷണമായിട്ടുള്ളവൻ, ശിവൻ.

ഇന്ദുശേഖരൻ [സം. -ശേഖര] നാ. ചന്ദ്രശേഖരൻ, ശിവൻ.

ഇന്ദൂപലം [സം. -ഉപല] നാ. ചന്ദ്രകാന്തക്കല്ല്.

ഇന്ദൂരം [സം.] നാ. ചുണ്ടെലി, എലി.

ഇന്ദ്ര [സം. ഇന്ദ്രാ] നാ. 1. കാട്ടുവെള്ളരി; 2. തൃക്കേട്ടനക്ഷത്രം, 3. ഇന്ദ്രാണി.

ഇന്ദ്രകർമാ(വ്) [സം. ഇന്ദ്ര-കർമൻ] നാ. വിഷ്ണു.

ഇന്ദ്രകാന്തം [സം. -കാന്ത] നാ. നാലുനിലക്കെട്ടിടങ്ങളിൽ ഒരിനം.

ഇന്ദ്രകീലം [സം. -കീല] നാ. 1. മന്ദരപർവതം; 2. പാറ; 3. ദേവേന്ദ്രൻെറ കൊടിക്കൂറ; 4. കതകിലെ തഴുത്; 5. അഭിമുഖമായി നിൽക്കുന്ന ഭിത്തികളെത്തമ്മിൽ

ഘടിപ്പിച്ചു ബലപ്പെടുത്തത്തക്കവണ്ണം കെട്ടിടത്തിൻെറ നടുക്കു കുറുകെ വയ്ക്കുന്ന വലിയ ഉത്തരം.
ഇന്ദ്രകുഞ്ജരം [സം. -കുഞ്ജര] നാ. ഐരാവതം.
ഇന്ദ്രകുണ്ഡലി [സം. -കുണ്ഡലി] നാ. (സങ്ഗീ.) ഒരു താളം.
ഇന്ദ്രകൂടം [സം. -കൂട] നാ. ഒരു പർവതം.
ഇന്ദ്രകേതു [സം. -കേതു] നാ. ഇന്ദ്രൻെറ കൊടി.
ഇന്ദ്രകോദണ്ഡം [സം. -കോദണ്ഡ] നാ. 1. ഇന്ദ്രധനുസ്സ്, മഴവില്ല്; 2. (സങ്ഗീ) ഒരു താളം.
ഇന്ദ്രകോശം, -കോഷ(കം) [സം. -കോശ] നാ. 1. മാളികയുടെ മുകളിലത്തെ നിലയിൽ മുന്നോട്ട് ഉന്തിനിൽക്കുന്ന മുഖപ്പ്; 2. സോഫ; 3. വേദി.
ഇന്ദ്രഗിരി [സം. -ഗിരി] നാ. മഹേന്ദ്രപർവതം.
ഇന്ദ്രഗുരു [സം. -ഗുരു] 'ഇന്ദ്രൻെറ ഗുരു' നാ. 1. ബൃഹസ്പതി; 2. കശ്യപൻ.
ഇന്ദ്രഗോപം, -പകം [സം. -ഗോപ(ക)] നാ. ഒരിനം കീടം, മിന്നാമിനുങ്ങ്.
ഇന്ദ്രചന്ദനം [സം. -ചന്ദന] നാ. വെളുത്ത ചന്ദനം, ഹരിചന്ദനം.
ഇന്ദ്രചാപം [സം. -ചാപ] നാ. മഴവില്ല്.
ഇന്ദ്രഛന്ദസ്സ് [സം. -ഛന്ദസ്] നാ. ഇന്ദ്രഛന്ദം.
ഇന്ദ്രച്ഛന്ദം [സം. -ഛന്ദ] നാ. ആയിരത്തെട്ട് ഇഴകളുള്ള മുത്തുമാല, അനേകം ഇഴകളുള്ള മുത്തുമാല.
ഇന്ദ്രജൻ [സം. -ജ] നാ. 1. ഇന്ദ്രപുത്രൻ, ജയന്തൻ; 2. ഒരു പരിവാരദേവത.
ഇന്ദ്രജയൻ [സം. -ജയ] നാ. ഒരു വാസ്തുദേവത.
ഇന്ദ്രജാലം [സം. -ജാല] 'ഇന്ദ്രൻെറ വല' നാ. 1. മായാപ്രയോഗം, അത്ഭുതവിദ്യ, ചെപ്പടിവിദ്യ; 2. അർജുനൻെറ ഒരു ആയുധം; 3. യുദ്ധതന്ത്രം.
ഇന്ദ്രജാലികൻ [സം. -ജാലിക] നാ. ഇന്ദ്രജാലക്കാരൻ.
ഇന്ദ്രജിത്ത് (പ.മ. ഇന്തിരചിത്ത്) [സം. -ജിത്] 'ഇന്ദ്രനെ ജയിച്ചവൻ' നാ. രാവണൻെറ പുത്രൻ.
ഇന്ദ്രജിദ്വിജയി [സം. -ജിത്-വിജയിൻ] നാ. ഇന്ദ്രജിത്തിനെ വിജയിച്ചവൻ, ലക്ഷ്മണൻ.
ഇന്ദ്രതന്ത്രം [സം. -തന്ത്ര] നാ. = ഇന്ദ്രജാലം.
ഇന്ദ്രതാപനം [സം. -താപന] നാ. ഇടിമുഴക്കം.
ഇന്ദ്രതാളം [സം. -താല] നാ. (സങ്ഗീ.) ഒരു താളം.
ഇന്ദ്രതൂലം [സം. -തൂല] നാ. 1. പഞ്ഞിക്കൂട്ടം; 2. അപ്പൂപ്പൻതാടി.
ഇന്ദ്രദമനൻ [സം. ഇന്ദ്ര-ദമന] നാ. മേഘനാദൻ, ഇന്ദ്രജിത്ത്.
ഇന്ദ്രദാരു [സം. -ദാരു] നാ. ദേവതാരവൃക്ഷം.
ഇന്ദ്രദിക്ക് [സം. -ദിക്ക് (ദിശ്)] നാ. കിഴക്കുദിക്ക്.
ഇന്ദ്രദിശ [സം. -ദിശാ] നാ. ഇന്ദ്രദിക്ക്.
ഇന്ദ്രദ്യുതി [സം. -ദ്യുതി] നാ. ചന്ദനം.
ഇന്ദ്രദ്ര്യു(മം) [സം. -ദ്രു(മ)] നാ. 1. നീർമരുത്, അർജുനവൃക്ഷം; 2. കുടകപ്പാല; 3. കാട്ടത്തി.
ഇന്ദ്രദ്വീപം [സം. -ദ്വീപ] നാ. പുരാതനഭാരതത്തിലെ ഒൻപതുവിഭാഗങ്ങളിൽ ഒന്ന്.
ഇന്ദ്രധനുസ്സ് [സം. -ധനുസ്] നാ. മഴവില്ല്.

ഇന്ദ്രധ്വജം [സം. -ധ്വജ] നാ. ശത്രുഭയം ഇല്ലാതാക്കുന്നതിന് രാജാക്കന്മാർ പൂജിക്കേണ്ട ധ്വജം.

ഇന്ദ്രൻ [പ.മ. ഇന്തിരൻ < സം. ഇന്ദ്ര] നാ. 1. ദേവന്മാരുടെ രാജാവ്, അഷ്ടദിക്പാലകന്മാരിൽ മുഖ്യൻ, കിഴക്കേദിക്കിൻെറ അധിപൻ; 2. ദ്വാദശാദിത്യന്മാരിൽ ഒരുവൻ; 3. ഒരു വാസ്തുദേവത; 4. ആത്മാവ്; 5. പരമേശ്വരൻ, പരമാത്മാവ്; 6. ശ്രേഷ്ഠൻ, അധിപൻ (സമാസത്തിൽ ഉത്തരപദമായിവരുമ്പോൾ).

ഇന്ദ്രനീല(ക) [സം. -നീല(ക)] നാ. നവരത്നങ്ങളിൽ ഒന്ന്, നീലമണി, മരതകം.

ഇന്ദ്രപത്തി [സം. ഇന്ദ്ര-മ. പത്തി] നാ. ഇന്ദ്രവസ്തി.

ഇന്ദ്രപത്നി [സം. -പത്നി] നാ. ഇന്ദ്രൻെറ ഭാര്യ, ഇന്ദ്രാണി, ശചീദേവി.

ഇന്ദ്രപദം [സം. -പദ] നാ. 1. ദേവേന്ദ്രൻെറ സ്ഥാനം, ഇന്ദ്രത്വം; 2. ഇന്ദ്രലോകം, ദേവലോകം; 3. കിഴക്കേദിക്ക്.

ഇന്ദ്രപുത്രൻ [സം. -പുത്ര] നാ. 1. ജയന്തൻ; 2. അർജുനൻ; 3. ബാലി.

ഇന്ദ്രപുരി [സം. -പുരി] നാ. ഇന്ദ്രൻെറ പട്ടണം, അമരാവതി.

ഇന്ദ്രപുരോഹിതൻ [സം. -പുരോഹിത] നാ. ബൃഹസ്പതി.

ഇന്ദ്രപുഷ്ടി [സം. -പുഷ്ടി] നാ. മേത്തോന്നി.

ഇന്ദ്രപുഷ്പം [സം. -പുഷ്പ] നാ. ഇന്ദ്രപുഷ്ടി.

ഇന്ദ്രപുഷ്പിക [സം. പുഷ്പകാ] നാ. ഇന്ദ്രപുഷ്പം.

ഇന്ദ്രപൂജ [സം. -പൂജ] നാ. = ഇന്ദ്രോത്സവം.

ഇന്ദ്രപ്രസ്ഥം [സം. -പ്രസ്ഥ] നാ. (പുരാണ.) പാണ്ഡവരാജധാനി, ഇന്നത്തെ ഡൽഹി, ഖാണ്ഡവപ്രസ്ഥമെന്നും പേര്.

ഇന്ദ്രപ്രഹരണം [സം. -പ്രഹരണ] നാ. 1. ഇന്ദ്രൻെറ ആയുധം, വജ്രായുധം; 2. ഇടിവാൾ.

ഇന്ദ്രബല [സം. -ബല] നാ. ഒരു പച്ചമരുന്ന്.

ഇന്ദ്രഭം [സം. -ഭ] നാ. തൃക്കേട്ടനക്ഷത്രം.

ഇന്ദ്രഭേഷജം [സം. -ഭേഷജ] നാ. ചുക്ക്

ഇന്ദ്രമദം [സം. മദ] നാ. മീനിനും അട്ടയ്ക്കും മറ്റുമുണ്ടാകുന്ന ഒരു രോഗം.

ഇന്ദ്രമഹം [സം. -മഹ] നാ. 1. ഇന്ദ്രനെ ഉദ്ദേശിച്ചുനടത്തുന്ന മഹം, ഇന്ദ്രോത്സവം; 2. മഴക്കാലം.

ഇന്ദ്രമാല [സം. -മാലാ] നാ. ഇന്ദ്രവജ്രയും ഉപേന്ദ്രവജ്രയും കലർന്നുവരുന്ന പതിനാറുതരം ഉപജാതികൾക്കുള്ള പേര്.

ഇന്ദ്രമുഹൂർത്തം [സം. -മുഹൂർത] നാ. പകലത്തെ പതിനഞ്ചു നിത്യനക്ഷത്ര മുഹൂർത്തങ്ങളിൽ പത്താമത്തേത്.

ഇന്ദ്രയവം [സം. -യവ] നാ. കുടകപ്പാലയരി.

ഇന്ദ്രലത [സം. -ലതാ] നാ. 1. സോമവള്ളി; 2. ഉഴിഞ്ഞ.

ഇന്ദ്രലുപ്ത(ക)ം [സം. -ലുപ്ത(ക)] നാ. 1. കഷണ്ടി; 2. പുഴുക്കടിരോഗം.

ഇന്ദ്രലോകം [സം. -ലോക] നാ. സ്വർഗം.

ഇന്ദ്രലോഹകം [സം. -ലോഹക] നാ. വെള്ളി.

ഇന്ദ്രവജ്ര [സം. -വജ്ര] നാ. ഒരു വർണവൃത്തം.

ഇന്ദ്രവംശ [സം. -വംശാ] നാ. ഒരു വർണവൃത്തം.

ഇന്ദ്രവല്ലരി, -വല്ലി [സം. -വല്ലരീ, വല്ലീ] നാ. പേക്കുമ്മട്ടി.

ഇന്ദ്രവസ്തി [സം. -വസ്തി] നാ. കാലവണ്ണ.

ഇന്ദ്രവാരുണി [സം. -വാരുണി] നാ. 1. ചെറിയകാട്ടുവള്ളി, പേക്കുമ്മട്ടി; 2. നീലശങ്ഖുപുഷ്പം.
ഇന്ദ്രവൃക്ഷം [സം. -വൃക്ഷ] നാ. ദേവതാരം.
ഇന്ദ്രവൃദ്ധ [സം. -വൃദ്ധാ] നാ. ഒരു രോഗം, താമരമുള്ള്.
ഇന്ദ്രവേല്ലിക [സം. -വേല്ലികാ] നാ. = ഇരിവേല്ലിക.
ഇന്ദ്രശത്രു [സം. -ശത്രു] നാ. 1. ഇന്ദ്രൻ ശത്രുവായിട്ടുള്ളവൻ; 2. ഇന്ദ്രൻെറ ശത്രു.
ഇന്ദ്രശിഖണ്ഡി [സം. -ശിഖണ്ഡി] നാ. (സങ്ഗീ.) ഒരു താളം.
ഇന്ദ്രശില [സം. -ശിലാ] നാ. ഇന്ദ്രനീലക്കല്ല്.
ഇന്ദ്രസാരഥി [സം. -സാരഥി] നാ. 1. ഇന്ദ്രൻെറ തേരാളി, മാതലി; 2. വായു.
ഇന്ദ്രസുതൻ [സം. -സുത] നാ. 1. ബാലി; 2. അർജുനൻ; 3. ജയന്തൻ.
ഇന്ദ്രസുരസം [സം. -സുരസ] നാ. നൊച്ചി, കരുനൊച്ചി.
ഇന്ദ്രസൂനു [സം. -സൂനു] നാ. = ഇന്ദ്രപുത്രൻ.
ഇന്ദ്രസേന [സം. -സേനാ] നാ. 1. ഇന്ദ്രൻെറ സേന; 2. നളൻെറ പുത്രി; 3. പാഞ്ചാലിയുടെ പൂർവജന്മത്തിലെ പേര്
ഇന്ദ്രസേനാനി [സം. സുബ്രഹ്മണിയൻ.
ഇന്ദ്രാക്ഷം [സം. -അക്ഷ] നാ. കർണമൂലങ്ങളിൽ രണ്ടു ചുഴികളോടുകൂടിയ കുതിര.
ഇന്ദ്രാണി [സം. ഇന്ദ്രാണീ] നാ. 1. ഇന്ദ്രപത്നി, ശചി; 2. സപ്തമാതാക്കളിൽ ഒരുവൾ; 3. സുരതരീതികളിൽ ഒന്ന്, ഇന്ദ്രാണികം; 4. കരുനൊച്ചി, നൊച്ചി; 5. പേരേലം.
ഇന്ദ്രാണിക [സം. ഇന്ദ്രാണികാ] നാ. കരുനൊച്ചി.
ഇന്ദ്രാണികം [സം.] നാ. ഒരു മൈഥുനരീതി.
ഇന്ദ്രാനുജൻ [സം. -അനുജ] നാ. വിഷ്ണു, ഇന്ദ്രാവരജൻ. (വാമനാവതാരത്തിൽ വിഷ്ണു അദിതിയുടെ പുത്രനായി ജനിക്കുകയാൽ).
ഇന്ദ്രായുധ [സം. -ആയുധാ] നാ. മഴവില്ലുപോലെ പൃഷ്ഠഭാഗത്തു പലനിറത്തിൽ വരകളുള്ള ഒരുതരം അട്ട.
ഇന്ദ്രായുധം [സം. -ആയുധ] നാ. 1. മഴവില്ല്; 2. വജ്രായുധം.
ഇന്ദ്രാരി [സം. -അരി] 'ഇന്ദ്രൻെറ ശത്രു'. നാ. 1. അസുരൻ; 2. രാക്ഷസൻ; 3. ഇന്ദ്രജിത്ത്, മേഘനാദൻ, രാവണൻെറ പുത്രൻ.
ഇന്ദ്രാവരജൻ [സം. -അവരജ] നാ. ഇന്ദ്രാനുജൻ.
ഇന്ദ്രാവസാനം [സം. -അവസാന] നാ. മരുഭൂമി.
ഇന്ദ്രാശ [സം. -ആശാ] 'ഇന്ദ്രൻെറ ദിക്ക്, ഇന്ദ്രൻ അധിപതിയായ ദിക്ക്' നാ. കിഴക്കുദിക്ക്.
ഇന്ദ്രാശനം [സം. -അശന] നാ. 1. കുന്നി; 2. പണം; 3. ചെറുകമ്പ്, നെല്ല്.
ഇന്ദ്രാശനി [സം. -അശനി] നാ. 1. ഇടിവെട്ട്; 2. ഒരു ഔഷധ ചൂർണം.
ഇന്ദ്രാശ്മം [സം. -അശ്മൻ] നാ. = ഇന്ദ്രനീലം.
ഇന്ദ്രാശ്വം [സം. -അശ്വ] നാ. ഇന്ദ്രൻെറ കുതിര, ഉച്ചൈശ്രവസ്സ്.
ഇന്ദ്രാസ്ത്രം [സം. -അസ്ത്ര] നാ. ഇന്ദ്രനെ അധിഷ്ഠാന ദേവതയായി സങ്കൽപിച്ചുകൊണ്ട് മന്ത്രം ജപിച്ചുവിടുന്ന അസ്ത്രം.
ഇന്ദ്രിയഗോചര [സം. ഇന്ദ്രിയ-ഗോചര] വി. ഇന്ദ്രിയങ്ങൾകൊണ്ടറിയാവുന്ന, ഇന്ദ്രിയങ്ങൾക്കു വിഷയമായ.

ഇന്ദ്രിയഗ്രാമം [സം. ഗ്രാമ] നാ. കണ്ണ്, മൂക്ക്, ചെവി, നാക്ക്, ത്വക്ക് എന്നീ അഞ്ചു ജ്ഞാനേന്ദ്രിയങ്ങൾ.
ഇന്ദ്രിയജയം [സം. -ജയ] നാ. ഇന്ദ്രിയങ്ങളെ ജയിക്കൽ, ഇന്ദ്രിയനിഗ്രഹം.
ഇന്ദ്രിയജിത്ത് [സം. -ജിത്] നാ. ഇന്ദ്രിയങ്ങളെ ജയിച്ചവൻ.
ഇന്ദ്രിയജ്ഞാനം [സം. -ജ്ഞാന] നാ. പഞ്ചേന്ദ്രിയങ്ങൾവഴി ഉണ്ടാകുന്ന അറിവ്.
ഇന്ദ്രിയദശകം [സം. -ദശക] നാ. പത്ത് ഇന്ദ്രിയങ്ങൾ, ജ്ഞാനേന്ദ്രിയങ്ങൾ അഞ്ചും കർമേഇന്ദ്രിയങ്ങൾ അഞ്ചും.
ഇന്ദ്രിയനിഗ്രഹം [സം. -നിഗ്രഹ] നാ. ഇന്ദ്രിയങ്ങളെ വിഷയസുഖങ്ങളിൽനിന്നും നിവർത്തിപ്പിക്കൽ, ഇന്ദ്രിയസംയമം, ഇന്ദ്രിയങ്ങളെ അടക്കൽ.
ഇന്ദ്രിയപഞ്ചകം [സം. -പഞ്ചക] നാ. കണ്ണ്, ചെവി, മൂക്ക്, നാക്ക്, തൊലി എന്നീ അഞ്ച് ഇന്ദ്രിയങ്ങൾ.
ഇന്ദ്രിയപദാർഥം [സം. -പദാർഥ] നാ. ജൈവപദാർഥം.
ഇന്ദ്രിയപരായണ [സം. -പരായണ] വി. ഇന്ദ്രിയവിഷയങ്ങളിൽ ആസക്തിയുള്ള, കാമാസക്തിയുള്ള.
ഇന്ദ്രിയം [സം.] നാ. ശബ്ദസ്പർശാദികൾ അറിയുവാനോ വചനാദാനാദിക്രിയകൾ ചെയ്യുവാനോ ഉള്ള കരണം (അവയവം).
ഇന്ദ്രിയവശഗൻ [സം. ഇന്ദ്രിയ-വശഗ] നാ. ഇന്ദ്രിയങ്ങൾക്കു വശപ്പെട്ടവൻ, വിഷയസുഖങ്ങൾക്കു കീഴ്പ്പെട്ടവൻ.
ഇന്ദ്രിയവസ്തു [സം. -വസ്തു] നാ. ഇന്ദ്രിയപദാർഥം.
ഇന്ദ്രിയവിഷയം [സം. -വിഷയ] നാ. ഇന്ദ്രിയഗ്രാഹ്യമായ വിഷയം.
ഇന്ദ്രിയസുഖം [സം. -സുഖ] നാ. വിഷയസുഖം, ഭൗതികസുഖം.
ഇന്ദ്രിയസ്ഖലനം [സം. -സ്ഖലന] നാ. 1. ബീജനിർഗമനം; 2. ശുക്ലംപോക്ക്, ഒരു രോഗം.
ഇന്ദ്രിയാർഥം [സം. -അർഥ] നാ. ഇന്ദ്രിയങ്ങളാൽ ആഗ്രഹിക്കപ്പെടുന്നത്, ശബ്ദ-സ്പർശ-ഗന്ധ-രൂപ-രസങ്ങളിൽ ഒന്ന്, വിഷയസുഖത്തിനാസ്പദമായത്.

ഇന്ദ്രിയേശൻ [സം. -ഈശ] ഇന്ദ്രിയങ്ങളെ കീഴടക്കിയവൻ.
ഇന്ദ്രേജ്യൻ [സം. ഇന്ദ്ര-ഇജ്യ] നാ. 1. ബൃഹസ്പതി; 2. ഇന്ദ്രനാൽ പൂജിക്കപ്പെടുന്നവൻ.
ഇന്ദ്രേർമം [സം. -ഊർമ] 'ഇന്ദ്രത്തിൽ (ഇന്ദ്രവസ്തിയിൽ) ഉള്ള ഊർമം' നാ. കാൽവിരലുകളുടെ ഇടയിൽ ഉണ്ടാകുന്ന നീര്.
ഇന്ദ്രോത്സവം [സം. -ഉത്സവ] നാ. ഇന്ദ്രപ്രീതിക്കായി നടത്തുന്ന ഉത്സവം.
ഇന്ദ്രോപലം [സം. -ഉപല] നാ. = ഇന്ദ്രനീലം.
ഇന്ധൻ [സം. ഇന്ധ < ഇന്ധ്] നാ. പ്രകാശസ്വരൂപി, ഈശ്വരൻ.
ഇന്ധനം [സം.] നാ. വിറക്, തീകത്തിക്കാനുള്ള സാധനം.
ഇന്ധം [സം.] നാ. = ഇന്ധനം.
ഇന്ധാന [സം.] വി. എരിയുന്ന, ജ്വലിക്കുന്ന, തിളങ്ങുന്ന.
ഇന്ന [<ഇ] വി. നിർദിഷ്ടവാചിയായ സർവനാമവിശേഷണം, ഏതെന്നുള്ള നിർദിഷ്ടവിഭാഗത്തിൽപ്പെട്ട.
ഇന്നത് [ഇന്ന-അത്] സ,നാ. നിർദേശിക്കപ്പെട്ടത്, ഏതെന്നു പറയപ്പെട്ടത്. (ബ.വ.) ഇന്നവ.

ഇന്നത്തെ, ഇന്നത്തേ [ഇന്ന്-അത്ത്-എ] വി. 1. ഈ ദിവസത്തെ. ഉദാ: ഇന്നത്തെ കാര്യം, ഇന്നത്തേടം; 2. ഇക്കാലത്തെ ഉദാ: ഇന്നത്തെ ലോകം.

ഇന്നൽ നാ. = ഇണ്ടൽ, ദു:ഖം.

ഇന്നലെ അവ്യ. കഴിഞ്ഞദിവസം, കഴിഞ്ഞകാലം.

ഇന്നവൻ [ഇന്ന-അവൻ] (സ്ത്രീ.) ഇന്നവൾ; (ബ.വ.) ഇന്നവർ. സ.നാ. പ്രത്യേകം നിർദേശിക്കപ്പെട്ട ആൾ, ഇന്ന ആൾ.

ഇന്നാ വ്യാക്ഷേ. ഇതാ, ഏതെങ്കിലും സാധനം മറ്റൊരാൾക്കു കൊടുക്കുവാനായി നീട്ടിക്കൊണ്ടുപറയുന്നത്, പ്രായംകുറഞ്ഞവരോടു പറയുമ്പോൾ, ഉദാ: ഇന്നാ, പിടിക്കു .

ഇന്നാങ്കം നാ. 1. ദു:ഖം; 2. പ്രയാസം; 3. തടസ്സം; 4. പിണക്കം, വിരോധം, സൗന്ദര്യപ്പിണക്കം.

ഇന്നാൻ സ.നാ. ഇന്ന ആൾ, നിർദേശിക്കപ്പെട്ട വ്യക്തി, ഏത്ആൾ, ആര്.

ഇന്നാർ [ഇന്ന-ആർ] നാ. ഇന്നാൻ എന്നതിൻെറ ബ.വ.രൂപം. സ.നാ. ഇന്ന ആൾ.

ഇന്നാൾ1 സ.നാ. ഇന്ന ആൾ.

ഇന്നാൾ2 [ഈ-നാൾ] അവ്യ. 1. ഈദിവസം, നടക്കുന്ന ദിവസം, ഇന്നേ ദിവസം; 2. മുമ്പ് ഒരുദിവസം, അൽപകാലത്തിനുമുൻപ്.

ഇന്നാളത്തെ [ഇന്നാൾ-അത്ത്-ഏ] ഇന്നാൾ കഴിഞ്ഞ, അടുത്തുകഴിഞ്ഞ കാലത്തുള്ള.

ഇന്നാളിൽ = അടുത്തു കഴിഞ്ഞ ദിവസം.

ഇന്നി1 അവ്യ. ഇനി, ഇന്നുമുതൽ, ഇതുമുതൽക്ക്.

ഇന്നി2 [(പ.മ.) ഇൻറി] അവ്യ. അല്ലാതെ, കൂടാതെ.

ഇന്നിന്ന [ഇന്ന-ഇന്ന] വി. ഇത്, ഇത് എന്നു പ്രത്യേകം നിർദേശിക്കപ്പെട്ട.

ഇന്നിയും [ഇന്നി-ഉം] അവ്യ. ഇനിയും.

ഇന്ന്1 [പ.മ. ഇൻറു] അവ്യ. ഈ ദിവസം.

ഇന്ന്2 (വ്യാക.) 'ഉവ്' എന്ന ഉദ്ദേശികാപ്രത്യയത്തിനു മുൻപ് 'ഇൻ' എന്ന ഇടനില ചേർന്ന് ഉണ്ടാകുന്ന രൂപം. ഇടനിലയിലെ 'ൻ' എന്നതിന് ഇരട്ടിപ്പ്. ഉദാ: മാവിന്ന്, കണ്ണിന്ന്. 'ൻ' എന്നതിന് ഇരട്ടിപ്പു കൂടാതെയും രൂപം. ഉദാ: മാവിന്, കണ്ണിന്.

ഇന്നും (വർത്സ്യനകാരം) അവ്യ. ഇനിയും.

ഇന്നും (ദന്ത്യനകാരം) [ഇന്ന്-ഉം] അവ്യ. ഈ ദിവസവും.

ഇന്നേ [ഇന്ന്-ഏ] 1. വി. ഇന്നത്തെ; 2. അവ്യ. ഇന്നുതന്നെ.

ഇന്നേവരെ = ഇന്നേദിവസംവരെ.

ഇന്നേക്ക് അവ്യ. ഈ ദിവസംവരെ, ഈ ദിവസം കണക്കാക്കുമ്പോൾ.

ഇന്നേടം (വർത്സ്യനകാരം) [ഇന്ന-ഇടം] അവ്യ. ഇന്ന സ്ഥലം.

ഇന്നേടം (ദന്ത്യനകാരം) [ഇന്നേ-ഇടം] അവ്യ. ഈ ദിവസം.

ഇന്നേരം [ഇ-നേരം] അവ്യ. ഈസമയത്ത്.

ഇന്നോൻ (വർത്സ്യനകാരം) സ.നാ. = ഇന്നവൻ.

ഇൻറി അവ്യ. = ഇന്നി2

ഇൻെറ [ഇൻ-റെ < ടെ < ഉടെ < ഉടയ] മാവിനുടയ, മാവിനുടെ, മാവിൻടെ, മാവിൻെറ എന്നപോലെ പരിണാമം. (വ്യാക) 'ൻ' എന്ന ഇടനിലചേർന്ന സംബന്ധികാവിഭക്തി പ്രത്യയം. സ്വരാന്തശബ്ദങ്ങളോട് സാധാരണ 'ഇൻെറ' ചേരാറില്ല.

‘ഉടെ’ ചേർന്നാണ് അവയുടെ രൂപം. ഉദാ: കുടയുടെ, ഉറിയുടെ. ‘സ്ത്രീയിൻെറ’ എന്നപോലെയുള്ള രൂപം ചുരുക്കമായി കാണാം. ‘ഉ’ കാരാന്ത ശബ്ദത്തോട് ‘വ്’ ചേർന്ന് അതിനുമേൽ ‘ഇൻെറ’ ചേരും. ഉദാ: പുഴുവിൻെറ. സാധാരണ സംവൃത ‘ഉ’കാരയുക്തമായ വ്യഞ്ജനാന്തശബ്ദത്തോട് ‘ഇൻ’ ചേർന്നു രൂപം. ഉദാ: കൊക്കിൻെറ, തെങ്ങിൻെറ. ‘ൻ’ എന്ന് അവസാനിക്കുന്ന ശബ്ദത്തോട് ഇടനിലയായ ‘ഇൻ’ കൂടാതെ ‘റെ’ എന്നുമാത്രം ചേരും. ഉദാ: അവൻെറ, ഇവൻെറ, എൻെറ, തൻെറ, നിൻെറ, കൊല്ലൻെറ, പറയൻെറ ഇത്യാദി. ‘ൻ’അന്ത്യശബ്ദത്തോടും ചുരുക്കമായി ഇടനിലയായ ‘ഇൻ’ ചേർന്ന രൂപം കാണാം. ഉദാ: മാനിൻെറ, മീനിൻെറ. അനുസ്വാരത്തിൽ അവസാനിക്കുന്ന ശബ്ദത്തോടു ചേരുമ്പോൾ ‘ത്ത്’ എന്ന് ആദേശം ചേർന്നുരൂപം. ഉദാ: കുളത്തിൻെറ (കുളം-ഇൻെറ), മരത്തിൻെറ ഇത്യാദി. ‘യ്’ എന്ന് അവസാനിക്കുന്ന ശബ്ദങ്ങളോട് അധികമായും ‘ഉടെ’ ചേരും. അവയോട് ‘ൻെറ’ ചേരുന്നത് സാധാരണരീതിക്ക് അസുന്ദരം. ഉദാ: കയ്യുടെ, തയ്യുടെ. കയ്യിൻെറ, തയ്യിൻെറ എന്നും കാണാം. ചില്ലുകളിൽ അവസാനിക്കുന്ന ശബ്ദങ്ങൾക്ക് ഉദാ: (ൺ)-കണ്ണിൻെറ; (‘ൻ’ പറഞ്ഞുകഴിഞ്ഞു); (ർ)-മോരിൻെറ, കാറിൻെറ; (ൽ)-പാലിൻെറ; (ൾ)-വാളിൻെറ. ഇത്തരം പദങ്ങളും സംവൃത ‘ഉ’കാരാന്തങ്ങളായി ഗണിച്ചാൽമതി. ‘ഉടെ’ നോക്കുക.

ഇപ്പടി (പ.മ. ഇപ്പരി, ഇപ്പരിചു) [ഇ-പടി] അവ്യ. ഈവിധം, ഇപ്രകാരം.

ഇപ്പം അവ്യ. = ഇപ്പോൾ (സംസാരഭാഷ)

ഇപ്പരിച് (പ.മ.) [ഇ-പരിച്] അവ്യ. ഈ വിധം, ഇപ്രകാരം.

ഇപ്പ്ഴ്, ഇപ്പള് [ഈ-പൊഴുത്] അവ്യ. ഇപ്പോൾ.

ഇപ്പാടെ അവ്യ. ഇപ്രകാരം, ഇതുപോലെ, ഇതുമുഴുവൻ, ഒന്നടങ്കം.

ഇപ്പാപ്പൻ, ഉപ്പാപ്പൻ നാ. അപ്പൻെറ അനുജൻ (ക്രിസ്ത്യാനികളുടെ വ്യവഹാരത്തിൽ).

ഇപ്പാപ്പം, (ഉപ്പാപ്പം, അപ്പാപ്പം, പാപ്പം) നാ. അപ്പം, പലഹാരം (ശിശുഭാഷ).

ഇപ്പാര് [ഈ-പാർ] നാ. ഈഭൂമി.

ഇപ്പാൽ (പ.മ.) [ഈ-പാൽ] അവ്യ. ഇപ്പുറം.

ഇപ്പി1 (പ.മ.) [പ്രാ. സിപ്പി < സം. ശുക്തി] നാ. ചിപ്പി.

ഇപ്പി2 [ഇ-പ്പി] (വ്യാക.) ഇരട്ടപ്രയോജകപ്രത്യയം ചേർന്നത് ഇരട്ടിപ്പടിയായുള്ള പ്രേരണയെ കാണിക്കുന്നതിനു ‘ഇ’, ‘പ്പി’ എന്ന രണ്ടു പ്രയോജക പ്രത്യയങ്ങൾ ചേർത്തു പ്രയോഗിക്കുന്നു. ഉദാ: കരയുന്നു, കരയിക്കുന്നു, കരയിപ്പിക്കുന്നു; ചെയ്യുന്നു, ചെയ്യിക്കുന്നു, ചെയ്യിപ്പിക്കുന്നു.

ഇപ്പിപ്പൂട്ടിൽ [ഇപ്പി-പൂട്ടിൽ] നാ. മുത്തുച്ചിപ്പി.

ഇപ്പുറം [ഈ-പുറം] അവ്യ. 1. ഈ വശത്ത്; 2. ഉള്ളിൽ, അകത്ത്; 3. അതിൻെറശേഷം, അതിൽപിന്നീട്.

ഇപ്പേർപ്പെട്ട [ഇ-പേർ-പെട്ട] വി. ഈ പേരിൽ അറിയപ്പെട്ട, ഇമ്മാതിരിയുള്ള.

ഇപ്പൊഴ് [ഈ-പൊഴ് < ഇപ്പൊഴുത്] അവ്യ. = ഇപ്പോൾ.

ഇപ്പൊഴുത് [ഇ-പൊഴുത്] അവ്യ. ഇപ്പോൾ, ഈസമയത്ത്.

ഇപ്പൊഴേ, ഇപ്പോഴേ [ഇപ്പൊഴ്-ഏ] ‘ഏ’ അവധാരകം. അവ്യ. ഇപ്പോൾ തന്നെ.

ഇപ്പോ, ഇപ്പൊ അവ്യ = ഇപ്പോൾ (സങ്കുചിതരൂപം).

ഇപ്പോത് [ഈ-പോത് < പൊഴുത്] അവ്യ. ഇപ്പൊഴുത്, ഇപ്പോൾ.

ഇപ്പോലെ [ഇ-പോലെ] അവ്യ. ഇതുപോലെ.

ഇപ്പോൾ [ഇ-പോൾ < പൊഴുത്] അവ്യ. ഈ സമയത്ത്, ഇന്നേരം, ഇപ്പോഴും, ഇപ്പോഴേ, ഇപ്പോഴേക്ക്, ഇപ്പോഴോ, ഇപ്പോഴത്തെ, ഇപ്പോഴത്തേത് ഇത്യാദിരൂപങ്ങൾ.

ഇപകാരം [മ. ഈ – സം. പ്രകാര] അവ്യ. ഈ വിധം, ഇങ്ങനെ, ഇത്തരം, ഇമ്മാതിരി, ഇതിൻവണ്ണം, ഈവണ്ണം.

ഇഫ്രീത്ത് [അറ. ഇഫ്രീത്] നാ. ചെകുത്താൻ, പിശാച്.

ഇബാദത്ത് [<അറ. ഇബാദത്] നാ. 1. ആരാധന, പ്രാർഥന; 2. ശുശ്രൂഷ, ദാസവൃത്തി, ഇബാദത്തുഖാന = ദേവാലയം.

ഇബിലീസ്, ഇബ്ലീസ് [<അറ. ഇബ്ലീസ്] നാ. പിശാച്.

ഇഭകൃത്തി [സം. ഇഭ–കൃത്തി] നാ. ആനത്തോല്.

ഇഭനിമീലിക [സം. –നിമീലികാ] നാ. 1. കാണാത്തഭാവം, ഗജനിമീലിക; 2. കഞ്ചാവ്.

ഇഭപൻ [സം. –പ] നാ. ഇഭപാലൻ, ആനക്കാരൻ.

ഇഭപോട [സം. –പോടാ] നാ. പുരുഷലക്ഷണമുള്ള പിടിയാന.

ഇഭപോതം [സം. –പോത] നാ. ആനക്കുട്ടി.

ഇഭഭരം [സം. –ഭര] നാ. ജനക്കൂട്ടം.

ഇഭം [സം.] നാ. 1. ആന. (സ്ത്രീ) ഇഭി; 2. എട്ട് എന്ന സങ്ഖ്യ, (ദിഗ്ഗജങ്ങൾഎട്ട് എന്ന സങ്കേതത്തിൽനിന്ന്).

ഇഭമാചലം [സം.] നാ. സിംഹം.

ഇഭാനനൻ [സം. ഇഭ–ആനന] നാ. ഗജമുഖ്യൻ, ഗണപതി.

ഇഭാരി [സം. –അരി] 'ആനയുടെ ശത്രു' നാ. സിംഹം.

ഇഭി [സം. ഇഭി] നാ. പിടിയാന.

ഇഭോഷണ [സം. ഇഭ–ഊഷണാ] നാ. അത്തിത്തിപ്പലി, ഗജപിപ്പലി.

ഇഭ്യ1 [സം. ഇഭ്യ] വി. 1. ഇഭത്തിന്മേൽ കയറി സഞ്ചരിക്കാൻ, യോഗ്യതയുള്ള, ധനമുള്ള, ധാരാളം ഭൃത്യരുള്ള; 2. പുഷ്ടിയുള്ള, ധാരാളമായ.

ഇഭ്യ2 [സം. ഇഭ്യാ] നാ. പിടിയാന.

ഇഭ്യൻ [സം. ഇഭ്യ] നാ. 1. ധനവാൻ; 2. രാജാവ്; 3. ആനക്കാരൻ; 4. ശത്രു.

ഇമ നാ. കൺപീലി, കൺപോളയിലെ രോമം. പ്ര. ഇമപൂട്ടുക = കണ്ണടയ്ക്കുക; ഇമവെട്ടുക = കണ്ണടച്ചുതുറക്കുക.

ഇമപ്പളവ് [ഇമപ്പ്–അളവ്] 'ഇമയ്ക്കുന്ന നേരം' നാ. അല്പനേരം, നിമിഷനേരം.

ഇമം [< സം. ഹിമ] നാ. മഞ്ഞ്; 2. തണുപ്പ്; 3. ചന്ദനം.

ഇമയം [<സം. ഹിമാലയ] നാ. 1. ഹിമാലയം; 2. മന്ദരപർവതം; 3. മഹാമേരു; 4. സ്വർണം.

ഇമയവർ, ഇമയോർ നാ. (ബ.വ.) കണ്ണ് ഇമയ്ക്കാത്തവർ, ദേവന്മാർ.

ഇമയാട്ടുക ക്രി. കണ്ണടയ്ക്കുക.

ഇമയ്ക്കുക ക്രി. ഇമവെട്ടുക, കണ്ണടയ്ക്കുകയും തുറക്കുകയും ചെയ്യുക.

ഇമർച്ച [<ഇമരുക] നാ. 1. പുകച്ചിൽ; 2. ചൊറിച്ചിൽ.

ഇമരുക ക്രി. കടുത്തവേദനകൊണ്ടു ശബ്ദിക്കുക, ഞരങ്ങുക.

ഇമാൻ [അറ. ഈമാൻ] നാ. 1. വിശ്വാസം, 2. ഭക്തി.

ഇമാം [അറ.] നാ. മാർഗദർശകൻ, നേതാവ്, ഇസ്ലാമിക പുരോഹിതൻ, പള്ളിയിൽ കൂട്ടുനമസ്കാരത്തിനു നേതൃത്വം നൽകുന്ന ആൾ.

ഇമാമത്ത് [അറ.] നാ. നേതൃത്വം.

ഇമി നാ. ഉപ്പൂടി.

ഇമിറ്റേഷൻ [ഇം.ണ്ടണ്ഡദ്ധഡൻറഡദ്ധഗ ] നാ. അനുകരണം, പകർപ്പ്, കൃത്രിമമായി ഉണ്ടാക്കിയത്.

ഇമ്പം, ഇൻപം നാ. 1. സന്തോഷം, പ്രീതി, സുഖം; 2. ഇനിമ, മാധുര്യം.

ഇമ്പാ 1. കന്നുകാലികൾ പുറപ്പെടുവിക്കുന്ന ശബ്ദം, ഉമ്പാ; 2. നായാട്ടുവിളി.

ഇമ്പാച്ചി നാ. കുട്ടികളെ പേടിപ്പെടുത്താൻ പറയുന്ന ശബ്ദം, ഉമ്മാക്കി, പിശാച്.

ഇമ്പ്രിമാത്ത് [ല.ണ്ടണ്ഡണ്മത്സദ്ധണ്ഡൻറഡഗ്മത്സ] നാ. പുസ്തകം അച്ചടിക്കാനുള്ള ലൈസൻസ്, അനുവാദം.

ഇമ്മി നാ. 1. അല്പം, വളരെക്കുറച്ച്, ഇത്തിരി; 2. ഒരു കീഴ്ക്കണക്ക്, (ഭിന്നസങ്ഖ്യ) ഇരുപത്തൊന്ന് അണു കൂടിയത്, കീഴ്മുന്തിരികയുടെ ഇരുപത്തൊന്നിൽ ഒന്ന്.

ഇമ്മിണി വി. 1. വളരെക്കുറച്ച്, സ്വല്പം; 2. അധികം, ധാരാളം.
ഇമ്മിണിക്കണക്കു നോക്കുക = വലിയ പിശുക്കുകാണിക്കുക.

ഇയക്കൻ, ഇശക്കൻ [പ്രാ. യക്ഖ < സം. യക്ഷ] നാ. = യക്ഷൻ.

ഇയക്കം [ഇയങ്ങുക] ക്രി. 1. അനക്കം, ചലനം, പ്രവർത്തനം, ഗതി; 2. ജീവിതം, കഴിച്ചുകൂട്ടൽ, നിത്യവൃത്തി; 3. പതിവ്, രീതി, നടപടി, സ്വഭാവം, ആചാരം; 4. നന്മ, മേന്മ.

ഇയക്കി [പ്രാ. യക്ഖിണി < സം. യക്ഷീ (പ.മ.)] നാ. ഇയക്കിക്കാശ് = യക്ഷിക്കാശ്, യക്ഷിയുടെ രൂപം കൊത്തിയിട്ടുള്ള ഒരു പഴയ നാണയം.

ഇയക്കുക [ഇയങ്ങുക > പ്രയോ.] ക്രി. 1. പ്രവൃത്തിപ്പിക്കുക, ചലിപ്പിക്കുക, അനക്കുക; 2. കൂട്ടിച്ചേർക്കുക.

ഇയങ്ക് നാ. ഇശങ്കുവള്ളി.

ഇയങ്ങാത വിന. യോജിക്കാത്ത, ഇണങ്ങാത്ത, പതിവില്ലാത്ത.

ഇയങ്ങുക ക്രി. 1. അനങ്ങുക, ചലിക്കുക, പോവുക; 2. കഴിഞ്ഞുകൂടുക, വർത്തിക്കുക, സ്ഥിതിചെയ്യുക; 3. ഉണ്ടായിരിക്കുക; 4. ചേരുക, യോജിക്കുക (പ്ര.) ശോഭിച്ചിയങ്ങുക, പ്രകാശിച്ചിയങ്ങുക എന്നപോലെ അർഥവിശേഷം ഇല്ലാതെ അനുപ്രയോഗമായും പ്രയോഗം.

271

ഇയഞ്ഞ [ഇയയുക] (ഭൂ.പേരെച്ചം0 വി. യോജിച്ച, ഒരുമിച്ച, സന്തോഷമുള്ളതായിത്തീർന്ന.

ഇയത്ത [സം. ഇയത്-താ] നാ. ഇയത്ത്വം, ഇത്രയെന്നുള്ളത്.

ഇയത്തക [സം. ഇയത്-ത-ക] വി. വളരെ ചെറിയ.

ഇയത് [സം. ഇയത്] അവ്യ. ഇത്രമാത്രം, ഇത്രത്തോളം, ഇത്ര, ഇത്രയും, ഈ അളവിൽ.

ഇയത്ത്വം [സം. ഇയത്-ത്വം] നാ. ഇത്രയെന്നുള്ള അവസ്ഥ, പരിമിതി, ഇയത്ത.

ഇയപ്പ് [< ഇയയ്ക്കുക] നാ. കൂട്ടിച്ചേർപ്പ്.

ഇയം [സം.] സ.നാ. ഇദം ശബ്ദത്തിൻെറ സ്ത്രീലിങ്ഗം, ഏ.വ. ഇവൾ. ഭാഷയിൽ 'ഇത്' എന്ന അർഥത്തിലും.

ഇയമ്പുക ക്രി. മുഴങ്ങുക, ഉച്ചരിക്കുക, പറയുക.

ഇയയുക ക്രി. യോജിക്കുക, ചേരുക, പൊരുത്തപ്പെടുക, സമ്മതിക്കുക.

ഇയയ്ക്കുക, ഇശ-, എ- ക്രി. എയക്കുക, ചേർക്കുക, കൂട്ടിച്ചേർത്തു കെട്ടുകയോ ഉറപ്പിക്കുകയോചെയ്യുക. ഉദാ: (നീളംപോരാത്ത) ഉത്തരം ഇയയ്ക്കുക, കയറ് ഇയയ്ക്കുക.

ഇയൽ നാ. 1. സ്വഭാവം, സ്വഗുണം, സ്ഥിതി, (പ.മ.) നില; 2. ശക്തി; 3. ഭങ്ഗി, സൗകുമാര്യം; 4. കാവ്യം, കവിത (തമിഴിൽ); 5. മത്സരം, എതിർപ്പ്; 6. സദാചാരം, നടപ്പ്, മര്യാദ.

ഇയലൽ [< ഇയലുക] നാ. 1. നന്മ; 2. സ്വഭാവം, സത്സ്വഭാവം (പ.മ.); 3. മുറ, നിയമം; 4. ക്രമം.

ഇയലുക ക്രി. ഉണ്ടായിരിക്കുക, ചേരുക, ധരിക്കുക, കൈക്കൊള്ളുക.

ഇയവുൾ [ത.] നാ. 1. ദൈവം; 2. നായകൻ.

ഇയറ്റുക [ഇയലുക > പ്രയോ.] ക്രി. 1. ചെയ്യുക, സാധിക്കുക, നടത്തുക, ഉണ്ടാക്കുക, ഇടയാക്കുക, വരുത്തുക; 2. പഴക്കുക, മെരുക്കുക (പ.മ.)

ഇയാൻ നാ. = ഈയൽ.

ഇയാൾ, ഇയ്യാൾ [ഈ-യാൾ] സ.നാ. ഈ ആൾ, താൻ, നിങ്ങൾ.

ഇയോലി നാ. 1. ഒരിനം വനവൃക്ഷം, താളി, പട്ടത്താളി; 2. ഈരുകൊല്ലിച്ചീപ്പ്.

ഇയ്ക്കാക്ക നാ. = ഇക്കാക്കാ (മുസ്ലിം)

ഇയ്യത്തോല നാ. ഈയം കൊണ്ടുണ്ടാക്കിയ ഓല (കർണാഭരണം).

ഇയ്യം നാ. 1. ഈയം; 2. പിച്ച്, ഭ്രാന്ത്.

ഇയ്യൽ നാ. = ഈയൽ.

ഇയ്യാങ്കോൽ, ഇയ്യക്കോൽ നാ. 1. കലപ്പത്തണ്ട്, കരിക്കോൽ; 2. ചില ജന്തുക്കളുടെ ശരീരത്തിലുള്ള നീണ്ട കമ്പിപോലെയുള്ള രോമം, മുള്ളൻപന്നിയുടെ മുള്ള്.

ഇയ്യാൻ [ഇ-യാൻ] നാ. = ഈയൽ.

ഇയ്യാമ്പാറ്റ [ഇയ്യൻ-പാറ്റ] നാ. ഈയാംപാറ്റ.

ഇയ്യാമ്പുല്ല്, ഇയ്യാൻപുല്ല് നാ. ഒരിനം പുല്ല്, കുന്താലൻ പുല്ല്, ഈർപ്പൻ.

ഇയ്യാൾ സ.നാ. ഇയാൾ.

ഇയ്യിട [ഈ-ഇട] അവ്യ. അടുത്തകാലത്ത്.

ഇയ്യ്, ഇജ്ജ്, ജ്ജ് സ.നാ. നീ (മാപ്പിളമലയാളം).

ഇയ്യുള്ളവൻ, ഇയ്യുള്ളോൻ [ഈ-ഉള്ളവൻ] സ.നാ. ഈ ഞാൻ, ഞാൻ (ബ.വ.) ഇയ്യുള്ളവർ, ഇയ്യുള്ളോർ.

ഇയ്യോല, ഈയോല, ഈയത്തോല [ഇയ്യം-ഓല] നാ. ഒരു കർണാഭരണം, കുരുത്തോലച്ചുരുളിൻെറ ആകൃതിയിൽ ഈയംകൊണ്ട് ഉണ്ടാക്കിയത്.

ഇർവാരു, ഇർവാലു,ഈർവാരു,,ഉർവാരു [സം. < ഉർവാരു, ഏർവാരു] നാ. വെള്ളരി.

ഇര1 നാ. 1. തീറ്റി, പക്ഷിമൃഗാതികൾ തീറ്റിയായിപിടിക്കുന്ന ജീവി; 2. മത്സ്യാദികളെ പിടിക്കാൻവേണ്ടി വയ്ക്കുന്ന ഭക്ഷണം, ചൂണ്ടയിലും മറ്റും വയ്ക്കുന്ന പുഴു, മാംസക്കഷണം മുതലായവ, മണ്ണിര, നിലത്തിര; 3. വയറ്റിലുണ്ടാകുന്ന ഒരിനം പുഴു, വിര; (പ്ര.) ഇരയിട്ടുമീൻ പിടിക്കുക = മോഹം ജനിപ്പിക്കുക, കബളിപ്പിക്കുക. ഇരവിഴുങ്ങിയ പാമ്പുപോലെ = അനങ്ങാതെ (കിടക്കുക); കോപത്തിന് ഇര ആകുക, പരിഹാസത്തിന് ഇര ആകുക ഇത്യാദി; 4. മനുഷ്യരുടെയും ജന്തുക്കളുടെയും മറ്റും വയറ്റിൽ പറ്റിപ്പിടിച്ചു വളരുന്ന കീടം, വിര.

ഇര2 [സം. ഇരാ] നാ. 1. മദ്യം; 2. ഭൂമി; 3. ജലം; 4. വാക്ക്.

ഇര3 [ഇരയ്ക്കുക] ധാതുരൂപം.

ഇരകടി നാ. മഴക്കാലത്തിൽ കലിലെ വിരലുകൾക്കിടയിൽ ഏതോ കൃമി കടിച്ചുണ്ടാകുന്ന ചൊറിച്ചിലും വ്രണവും, വളങ്കടി.

ഇരക്കം [ഇരങ്ങുക] നാ. അലിവ്, അനുകമ്പ, ദയ (പ.മ.).

ഇരക്കുക ക്രി. കിട്ടാനായി താഴ്മയിൽ ആവശ്യപ്പെടുക, തെണ്ടുക, യാചിക്കുക, തരണേ എന്നു ചോദിക്കുക, അപേക്ഷിക്കുക. ഉദാ: പിച്ച ഇരക്കുക, ഇരന്നു നടക്കുക.

ഇരങ്കോൽ, ഇറങ്കോൽ നാ. 1. വലിയ വടി, ഇരപ്പാളിയുടെ വടി; 2. ഒരുതരം മുള; 3. വള്ളം ഊന്നുന്ന കോല്.

ഇരങ്ങുക ക്രി. മനസ്സലിയുക, കരുണതോന്നുക, വ്യസനിക്കുക.

ഇരച്ചൽ, ഇരച്ചിൽ നാ. ഇരപ്പ്, ഇരമ്പൽ, മുഴക്കം.

ഇരഞ്ഞി നാ. ഇലഞ്ഞിമരം.

ഇരടുക ക്രി. 1. ഇടറുക, വഴുതുക, തെന്നുക; 2. തടവുക, തപ്പുക, തട്ടുക, തടയുക.

ഇരട്ട [<ഇരണ്ടു] നാ. 1. ജോഡി ചേർന്നിരിക്കുന്ന രണ്ട് എണ്ണം; 2. രണ്ട്, നാല് തുടങ്ങിയ ഒറ്റയല്ലാത്ത സങ്ഖ്യ. ഉദാ: ഇരട്ട പെറുക, ഒറ്റയും ഇരട്ടയും.

ഇരട്ടക്കഴു [ഇരട്ട–കഴു] നാ. രണ്ടു കഴുവേറ്റം പോലെ വലിയ ആപത്ത്.

ഇരട്ടക്കുഴൽ [ഇരട്ട–കുഴൽ] നാ. 1. പണ്ടത്തെ ഒരുതരം കണ്ഠാഭരണം; 2. രണ്ടു കുഴലുള്ള തോക്ക്.

ഇരട്ടച്ചക്രം [മ. ഇരട്ട–സം. ചക്ര] നാ. തിരുവിതാങ്കൂറിലെ ഒരു പഴയ നാണയം.

ഇരട്ടച്ചവടി [ഇരട്ട–ചവടി] നാ. കാലിൽ അണിയുന്ന ഒരു ആഭരണം.

ഇരട്ടത്തലച്ചി [ഇരട്ട–തലച്ചി] 'കാഴ്ചയിൽ ഇരട്ടത്തലയുള്ളതുപോലെ തോന്നുന്നത്'. നാ. തലയിൽ ഉയർന്നു നിൽക്കുന്ന പൂവുള്ള ഒരിനം ചെറിയ പക്ഷി.

ഇരട്ടത്തലച്ചിക്കുയിൽ [ഇരട്ട–തലച്ചി–കുയിൽ] നാ. കുയിലിൻെറ ഇനത്തിൽപ്പെട്ട ഒരു പക്ഷി.

ഇരട്ടത്താപ്പ് [ഇരട്ട–താപ്പ്] നാ. രണ്ടുതരം അളവ്, ഒരേകടയിൽ അളന്നെടുക്കുന്നതിന് ഒരു താപ്പും അളന്നുകൊടുക്കുന്നതിന് വേറൊരു താപ്പും ഉപയോഗിക്കുന്ന രീതി, തനിക്കൊരു നീതിയും മറ്റുള്ളവരോട് വേറൊരു നീതിയും.

ഇരട്ടത്തിരുമുഖം [മ. ഇരട്ട–തിരു–സം. മുഖ] നാ. പൂർവകാലങ്ങളിൽ തിരുവിതാങ്കൂർ രാജാക്കന്മാർ പ്രശസ്ത സേവനം ചെയ്തവർക്ക് നൽകിയിരുന്ന ഒരു സ്ഥാനപ്പേര്. (തിരുമുഖം എന്ന സ്ഥാനത്തിൻെറ ഇരട്ടിപ്രഭാവമാണ് ഇതിനുള്ളത്.)

ഇരട്ടത്തേങ്ങ [ഇരട്ട–തേങ്ങ] നാ. ഒരു തൊണ്ടിനുള്ളിൽ രണ്ടു തേങ്ങാപ്പരിപ്പുകൾ ഉള്ള തേങ്ങ.

ഇരട്ടപ്പടി [ഇരട്ട–പടി] നാ. 'രണ്ടു പടികൾ ഉള്ള സ്ഥലം'.1. കാര്യാലയം; 2. രണ്ടു മടങ്ങ്.

ഇരട്ടപ്പടികാരാണ്മ [ഇരട്ട–പടി–കാരാണ്മ] നാ. തിരുവിതാങ്കൂറിൽ നടപ്പിലിരുന്ന ഒരുതരം ഭൂവുടമസമ്പ്രദായം.

ഇരട്ടപ്പണി നാ. അധികമായ വേല.

ഇരട്ടപ്പത്താക്ക് [ഇരട്ട–പത്താക്ക്] ഒരു പഴയ നാണയം. (264.5 പണം വില).

ഇരട്ടപ്പൻ [ഇരട്ട–അപ്പൻ] നാ. ഇരട്ടയപ്പൻ, ഹരിഹരമൂർത്തി, ശങ്കരനാരായണൻ, വിഷ്ണുവും ശിവനും ചേർന്ന മൂർത്തി.

ഇരട്ടപ്പരിപ്പുവിത്ത് നാ. രണ്ടു ബീജപത്രങ്ങളുള്ള വിത്ത്.

ഇരട്ടപ്പേര് [ഇരട്ട-പേര്] നാ. 1. സ്വന്തം പേരിനോടുചേർക്കുന്ന മറ്റൊരുപേര് (അച്ഛൻ, അമ്മ, അമ്മാവൻ ഇവരുടെപേരോ വീട്ടുപേരോ മറ്റോ); 2. പരിഹാസമായിവിളിക്കുന്ന പേര്.
ഇരട്ടമുണ്ട് [ഇരട്ട-മുണ്ട്] നാ. രണ്ടായിമടക്കിയുടുക്കത്തക്കവണ്ണം നീളത്തിൽ നെയ്തിട്ടുള്ള മുണ്ട്, ഇണമുണ്ട്.
ഇരട്ടമൂങ്കിലി ഇരട്ട-മൂങ്കിലി] നാ. രണ്ടുപടല കായ് മാത്രം ഉണ്ടാകുന്ന ഒരിനം വാഴ.
ഇരട്ടയപ്പൻ നാ. ഇരട്ടപ്പൻ, ശങ്കരനാരായണൻ, പെരുമനം ക്ഷേത്രത്തിലെ പ്രതിഷ്ഠാമൂർത്തികളിലൊന്ന്.
ഇരട്ടവാലൻ, -വാലി നാ. 1. ഗ്രന്ഥങ്ങളും വസ്ത്രങ്ങളും മറ്റും തുളച്ചു തിന്നു കേടുവരുത്തുന്ന ഒരുതരം ചെറുപ്രാണി; 2. ഇരട്ടവാലുള്ള ഒരിനം കറുത്ത ചെറുപക്ഷി.
ഇരട്ടവേഷ്ടി [ഇരട്ട-വേഷ്ടി] നാ. = ഇരട്ടമുണ്ട്.
ഇരട്ടി, എരട്ടി [<ഇരണ്ട്] വി. (രണ്ടു) മടങ്ങ്.
ഇരട്ടിക്കുക [<ഇരട്ടി] ക്രി. രണ്ടുമടങ്ങ് ആകുകയോ ആക്കുകയോ ചെയ്യുക.
ഇരട്ടിപ്പടി നാ. = രണ്ടുമടങ്ങ് കൂലി.
ഇരട്ടിപ്പ് [ഇരട്ടി-പ്പ്] നാ. രണ്ടുമടങ്ങായി വർധിക്കൽ.
ഇരട്ടിമധുരം, എരട്ടി- [പ്രാ. ലട്ഠിമധുക < സം. യഷ്ടിമധുക] നാ. അതിമധുരം, യഷ്ടിമധുകം.
ഇരട്ട്, രട്ട് [< ഇരട്ടി] നാ. ഈരിഴമുണ്ട്.
ഇരണം1 [സം. ഇരണ] നാ. 1. ഉപ്പുരസമുള്ള മണ്ണ്, ഉവർനിലം, ഇരിണ; 2. മരുഭൂമി; 3. വനം.
ഇരണം2 ഏ- [പ്രാ. രിണ < സം. ഋണ] നാ. 1. കടം; 2. ഭാഗ്യം. ഉദാ: ഇരണംകെട്ടവൻ = ഭാഗ്യംകെട്ടവൻ, ഒന്നിനും കൊള്ളാത്തവൻ.
ഇരണ്ടക്കെട്ട് നാ. ആനയ്ക്കും കുതിരയ്ക്കും ഉണ്ടാകുന്ന മലബന്ധം.
ഇരണ്ടം, ഇറണ്ടം എരണ്ടം [< സം. ലണ്ഡ] നാ. ആനപ്പിണ്ടം.
ഇരണ്ട് നാമമായും വിശേഷണമായും പ്രയോഗം. രണ്ട്, ഇരണ്ട് എന്നതിലെ ആദ്യക്ഷരമായ 'ഇ' ലോപിച്ചുണ്ടായതാണ് 'രണ്ട്' എന്നത്.
ഇരന്ത നാ. = ഇലന്ത.
ഇരന്നൂൺ [ഇരന്ന്-ഊൺ] നാ. 1. തെണ്ടിയുള്ള ആഹാരം; 2. തോണികടത്തുന്നതിനുള്ള കൂലി; 3. ഷഢ്ഭാഗത്തിനുപുറമേ പത്തിലൊന്ന്, ഇരുപതിലൊന്ന്, എന്നകണക്കിൽ കൂടുതലായി ഈടാക്കുന്ന കരം.
ഇരന്നൂണി [ഇരന്ന്-ഊണി] നാ. ഇരന്ന് ഉണ്ണുന്നവൻ, ഭിക്ഷയെടുത്ത് ഉപജീവിക്കുന്നവൻ.
ഇരപ്പത്തുമ്പ, എരപ്പ- [ഇരപ്പ- തുമ്പ] നാ. ഒരിനം സസ്യം., കടലാടിയുടെ വർഗത്തിൽപ്പെട്ടത്.
ഇരപ്പൻ നാ. ഇരപ്പാളി, ദരിദ്രൻ, തെണ്ടി.
ഇരപ്പംകെട്ടുക ക്രി. നാളികേരങ്ങളുടെ തൊണ്ടിൻെറ മുകൾഭാഗം കുറെനീളത്തിൽ ഉരിച്ച് അവ ചേർത്തുകെട്ടുക.
ഇരപ്പാളി, എര- [ഇരപ്പ്-ആളി] നാ. 1. ഇരക്കുന്നവൻ, യാചകൻ, തെണ്ടി; 2. ചീത്തആൾ, ഇരപ്പാളിത്തനം = ഇരപ്പാളിയുടെനില, തെണ്ടിയുടെ സ്വഭാവം, ഇരപ്പാളിത്തരം.
ഇരപ്പ്1 [ഇരക്കുക] നാ. യാചിക്കൽ.
ഇരപ്പ2 [ഇരയ്ക്കുക] നാ. വലിയ ശബ്ദം, മുഴക്കം, ഇരമ്പൽ.

ഇരപ്പൊടി [ഇര–പൊടി] നാ. വയറ്റിലെ വിര ഇളകി പുറത്തുപോകുന്നതിനു കഴിക്കുന്ന മരുന്നു പൊടി.

ഇരപ്പോട് [ഇരപ്പ്1–ഓട്] നാ. ഇരക്കാൻ ഉപയോഗിക്കുന്ന പാത്രം, പിച്ചച്ചട്ടി.

ഇരം [സം. ഇരാ] നാ. വെള്ളം.

ഇരമാന്തം [ഇര–മാന്തം] നാ. ഇരയിളക്കം.

ഇരമ്പ(ക്കം) നാ. ഇരമ്പൽ.

ഇരമ്പൽ [ഇരമ്പുക] നാ. മുഴക്കം, വലിയ ശബ്ദം.

ഇരമ്പുക ക്രി. മുഴങ്ങുക, ഗർജിക്കുക.

ഇരയിളക്കം [ഇര–ഇളക്കം] നാ. വയറ്റിൽ വിര വർധിക്കുന്നതുകൊണ്ട് ഉണ്ടാകുന്ന രോഗം, ഇരമാന്തം.

ഇരയ്ക്കുക1 ക്രി. 1. ശബ്ദിക്കുക, മുഴങ്ങുക, മർമരശബ്ദം പുറപ്പെടുക; 2. ദേഹാധ്വാനംകൊണ്ട് വേഗത്തിൽ ശ്വാസോച്ഛ്വാസംചെയ്യുക, കിതയ്ക്കുക.

ഇരയ്ക്കുക2 ക്രി. നാളികേരങ്ങളുടെ തൊണ്ടിന്റെ മുകൾഭാഗം കുറെനീളത്തിൽ ഉരിച്ച് അവചേർത്തുകെട്ടുക, ഇരപ്പംകെട്ടുക.

ഇരച്ച് [ഇരയ്ക്കുക] (മുന്വിന.) ഇരച്ചുകയറുക = ശബ്ദത്തോടുകൂടി തള്ളിക്കയറുക, വളരെയധികം ആളുകളും മറ്റും ഒന്നിച്ചുകയറുക.

ഇരൽ നാ. ഒരിനം മത്സ്യം, മൊശി, മൊയ്യ്.

ഇരവൽ, എര– [ഇരക്കുക] നാ. വായ്പ, കടംവാങ്ങൽ.

ഇരവലർ നാ. ബ.വ. ഇരക്കുന്നവർ, യാചകർ, സഹായം അപേക്ഷിക്കുന്നവർ.

ഇരവി [സം. രവി] നാ. രവി, സൂര്യൻ (പുരുഷസംജ്ഞാനാമമായും പ്രയോഗം.)

ഇരവ്1 [< ഈർ] നാ. 1. രാത്രി, മഞ്ഞൾ.

ഇരവ്2 [ഇരകുക] നാ. 1. ഇരക്കൽ; 2. വായ്പ.

ഇരവുചോറ് [ഇരവ്–ചോറ്] നാ. 1. ഇരന്നുകിട്ടുന്ന ചോറ്; 2. ഗ്രാമത്തിലെ ജോലിക്കാർക്ക് രാത്രിയിൽകൊടുക്കുന്ന സൗജന്യഭക്ഷണം.

ഇരാ(വ്) നാ. രാത്രി, ഇരവ്.

ഇരാകി [സം. രാഗീ] നാ. ഒരു ധാന്യം.

ഇരാചരം [സം. ഇരാ–ചര] നാ. ആലിപ്പഴം.

ഇരാജൻ1 [സം. ഇരാ–ജ < ജൻ] നാ. 'ഭൂമിയുടെ പുത്രൻ' 1. കുജൻ; 2. നരകാസുരൻ.

ഇരാജൻ2 [സം. രാജൻ] നാ. രാജാവ്. ഇരാജപ്പെരുവഴി = രാജവീഥി.

273

ഇരാണു [സം. രണ(?)] നാ. രാണു, സേന.

ഇരാതെ അവ്യ. 'ഇരിക്കാതെ' എന്നതിന്റെ സങ്കുചിതപ്രയോഗം, ഇല്ലാതെ.

ഇരാപര [സം. ഇരാ–പര] വി. 1. ഭൂമിയിലുള്ള; 2. ജലത്തിലുള്ള.

ഇരാമൻ [സം. < രാമ] നാ. രാമ്മൻ.

ഇരാവാൻ [സം. ഇരാ–വത്] നാ. 1. നാഗകന്യകയായ ഉലൂപിയിൽ അർജുനനു ജനിച്ച പുത്രൻ; 2. സമുദ്രം; 3. മേഘം.

ഇരാവുരി നാ. താലപ്പൊലി ചുറ്റുവിളക്കു തുടങ്ങിയ അടിയന്തിരങ്ങളുടെ സാമാന്യമായ പേര്.

ഇരാശി [സം. < രാശി] നാ. രാശി.

ഇരികട നാ. തായമ്പകയുടെ നാലാംകാലത്തിൽ കൊട്ടാറുള്ള ഒരു താളം.
ഇരിക്ക നാ. ഇരിപ്പിടം, ഇരിക്കക്കട്ടിൽ = ഇരിക്കാനുള്ള കട്ടിൽ, സോഫ.

ഇരിക്കണമ്മ [ഇരിക്കുന്ന അമ്മ] നാ. പരിചാരിക.
ഇരിക്കപ്പൊറുതി [ഇരിക്ക-പൊറുതി] നാ. സ്വസ്ഥത, സമാധാനം.
ഇരിക്കാടം [ഇരിക്ക-ഇടം] നാ. ഇരിക്കാനുള്ള ഇടം, താമസസ്ഥാനം, വീട്.
ഇരിക്കാൽ [ഇരു-കാൽ < കാലം] അവ്യ. രണ്ടുപ്രാവശ്യം, രണ്ടു തവണ, താരത. ഒരുക്കാൽ = ഒരിക്കൽ.
ഇരിക്കുക ക്രി. 1. പൃഷ്ഠം ഉറപ്പിച്ചു സ്ഥിതിചെയ്യുക, ആസനസ്ഥനാവുക; 2. താഴുക; 3. ജീവിക്കുക, വർത്തിക്കുക, സ്ഥിതിചെയ്യുക, ഉണ്ടായിരിക്കുക; 4. ഏർപ്പെടുക; 5. തോന്നുക; 6. അനുഷ്ഠിക്കുക, ആചരിക്കുക; 7. ഒരു അനുപ്രയോഗം; 8. ഉരിക്കുക.
ഇരിഗല്ലിക [സം. ഇരിഗല്ലിക] നാ. ഇരിവില്ല, ഇരിവേല്ലിക.
ഇരിങ്കണ, ഇരിങ്ങണ [ഇരിം-കണ] നാ. വെള്ളക്കരിമ്പുപോലുള്ള ഒരുതരം ചെടി, നായ്ങ്കണ, നളപ്പുല്ല്.
ഇരിങ്ങാലക്കുട [ഇരും-കാൽ-കൂടം] 'രണ്ടുപുഴകൾ ചേരുന്നിടം' നാ. തൃശൂർ ജില്ലയിലെ ഒരു സ്ഥലം, കൂടൽമാണിക്യക്ഷേത്രംകൊണ്ടു പ്രസിദ്ധം.
ഇരിച്ചിൽ [ഇരിയുക] നാ. 1. അടർച്ച, ഇരിഞ്ഞെടുക്കൽ; 2. നാശം; 3. തോല്വി.
ഇരിട്ട് നാ. ഇരുട്ട്, ഇരുൾ.
ഇരിണം [സം. ഇരിണ] നാ. 1. ഇരണം, ഉവർനിലം, ഉപ്പുമണ്ണ്; 2. മരുഭൂമി, പൊട്ടനിലം; 3. ചെറുപുഴ, ചിറ്റാർ.
ഇരിണർ നാ. ശത്രുക്കൾ.
ഇരിതൽ നാ. നാശം.
ഇരിത്തി നാ. ഇരുത്തി, മെത്താണം.
ഇരിന്നൽ നാ. 1. ഇരുന്നൽ, പുകയറ; 2. കരി.
ഇരിപായുക ക്രി. പിന്തിരിഞ്ഞോടുക.
ഇരിപ്പടി നാ. കലപ്പക്കോൽ, ഈയക്കോൽ.
ഇരിപ്പൻ നാ. ഒരു മർമം.
ഇരിപ്പപ്പാനി [ഇരിപ്പ-പാനി] നാ. ഇരിപ്പപ്പൂവിൽനിന്ന് ഉണ്ടാക്കുന്ന ഒരുതരം പാനീയം, മധുകഫാണിതം, മധ്വാസവം.
ഇരിപ്പപ്പിണ്ണാക്ക് [ഇരിപ്പ-പിണ്ണാക്ക്] നാ. ഇരിപ്പക്കുരു ആട്ടുമ്പോൾ കിട്ടുന്ന പിണ്ണാക്ക്, 'നിസ്സാരവസ്തു'.
ഇരിപ്പിടം, -എടം [ഇരിപ്പ-ഇടം, -എടം] നാ. 1. ഇരിക്കുന്നസ്ഥലം, വാസസ്ഥാനം, വീട്; 2. ആസനം, പീഠം.
ഇരിപ്പ്1 നാ. 1. ഇരിക്കൽ, ഇരിക്കുന്ന അവസ്ഥ; 2. സ്ഥിതി, അവസ്ഥ; 3. വാസം, താമസം; 4. ജീവിതരീതി, പെരുമാറ്റം; 5. പരസ്പരബന്ധത്തിൻറ സ്വഭാവം; 6. പീഠം, ആസനം; 7. കൂട്ടിരിപ്പ്; 8. സമ്പാദ്യം, മിച്ചം, കരുതിവയ്പ്.
ഇരിപ്പ്2 വി. ('ഇരിമ്പ്' എന്ന പദം സമാസത്തിൽ വിശേഷണമായി വരുമ്പോൾ കൈക്കൊള്ളുന്നരൂപം) ഇരുമ്പുപോലെ കടുപ്പമുള്ള.
ഇരിപ്പെഴുക് [ഇരിപ്പ്-എഴുക്] നാ. ഇരിമ്പെഴുക്, ഇരിമ്പുകൊണ്ടുള്ള വള.
ഇരിപ്പേടം [ഇരിപ്പ്-ഏടം] നാ. ഇരിപ്പിടം.

ഇരിമ്പകം നാ. 1. ഇരുമ്പകം; 2. ഇരിമ്പ്.
ഇരിമ്പറപ്പൻ, ഇരുമ്പ- [ഇരിമ്പ്-അറപ്പൻ] നാ. നെല്ലോലപോലെ ഇലയുള്ള ഒരുതരം പുല്ല്.
ഇരിമ്പാല [ഇരിമ്പ്-ആല] നാ. കൊല്ലൻെറ പണിസ്ഥലം.
ഇരിമ്പിച്ചി, ഇരു-, എലുമിച്ച, ഇലുമിച്ചം നാ. ചെറുനാരങ്ങ.
ഇരിമ്പ് നാ. = ഇരുമ്പ്.
ഇരിമ്പുലക്ക, ഇരു-, ഇരിപ്പുലക്ക [ഇരിമ്പ്-ഉലക്ക] നാ. ഇരിമ്പുകൊണ്ടുള്ള ഉലക്ക, മൂസലം (പ്ര.) മാറ്റമില്ലാത്തത്, വഴങ്ങാത്തത്. അഭിപ്രായം ഇരിമ്പുലക്കയല്ല (പഴ)
ഇരിമ്പുള്ളം [ഇരിമ്പ്-ഉള്ളം] 'ഇരിമ്പുപോലെ കടുപ്പമുള്ള ഉൾഭാഗത്തോടു കൂടിയത്'. നാ. ഇരുവുൾ മരം; 2. ഇരുമ്പുപോലെ കഠിനമായ മനസ്സ്.
ഇരിമ്പെഴുക്, ഇരിപ്പെഴുക് [ഇരിമ്പ്-എഴുക്] നാ. ഇരിമ്പുലക്ക, ഇരിമ്പുകമ്പി.
ഇരിയുക ക്രി. 1. അടർക്കുക, പറിക്കുക, ഉദാ: പഴം ഇരിയുക; 2. അടരുക (പ്ര.) ഇരിഞ്ഞിട്ടെണ്ണുക = നിഷ്കർഷയോടെ ആരായുക, വിശകലനം ചെയ്യുക.
ഇരിവില്ല, -വില്ലികാ [സം. ഇരിവില്ലാ] നാ. ഇരുവേലി, ഇരിവേല്ലിക.
ഇരിശരണം [മ. ഇരി-സം. ശരണ] നാ. = ഇരിക്കപ്പൊറുതി. ഉദാ: ഒരു ഇരിശരണമില്ലാതെ ഓട്ടമാണ്.
ഇരു വി. രണ്ടുകൂടിയ, ഉദാ: ഇരുപത്, ഇരുന്നൂറ്, സ്വരാദിയായ പദത്തിനുമുമ്പ് 'ഈർ' ഉദാ: ഈരഞ്ച്, ഈരായിരം.
ഇരുകട [ഇരു-കട] നാ. = ഇരികട.
ഇരുകര നാ. രണ്ടുകര, ഇക്കരയും അക്കരയും.
ഇരുകാലി [ഇരു-കാലി] നാ. രണ്ടുകാലുള്ള മൃഗം, മനുഷ്യൻ, (അവജ്ഞതാദ്യോതകം) മൃഗത്തെപ്പോലെ പെരുമാറുന്നവൻ.
ഇരുക്കാൽ [ഇരു-കാല്] അവ്യ. = ഇരിക്കാൻ, ഇരുകാലം, ഇരുക്കാലം; അന്ത്യം ലോപിച്ച് ഇരുക്കാൽ.
ഇരുക്കാവി 'ഇരിക്കാനുള്ള കാവുതടി' നാ. ചാളത്തടികളെ കൂട്ടിയിണക്കുന്ന തടിക്കഷണം.
ഇരുക്കൂറ് [ഇരു-കൂറ്] നാ. 1. രണ്ടുപങ്ക്; 2. അഭിപ്രായവ്യത്യാസം, എതിര്, വിരോധം.
ഇരുക്കെള [ഇരു-കെള] നാ. ഒറ്റയാനും അവൻ യൂഥത്തിൽനിന്നും കടത്തിക്കൊണ്ടുപോയി വളർത്തുന്ന കുട്ടിക്കൊമ്പനാനയും, (പ്ര.) ഇരുക്കെള പായുക = ഒറ്റയാനും ഒറ്റയാൻ വളർത്തിയ കൊമ്പനും തമ്മിൽ പൊരുതുക.
ഇരുട്ടറ [ഇരുട്ട്-അറ] നാ. പ്രകാശമില്ലാത്ത മുറി.
ഇരുട്ട് നാ. 1. ഇരുൾ, വെളിച്ചമില്ലാത്ത അവസ്ഥ, മൂടൽ, സൂര്യൻ അസ്തമിച്ചാൽ ചന്ദ്രോദയമില്ലെങ്കിൽ അനുഭവപ്പെടുന്ന അവസ്ഥ, കണ്ണുകാണാൻ പാടില്ലാത്തവണ്ണംകറുപ്പെന്നു തോന്നുന്നസ്ഥിതി. (കൂരിരുട്ട് = അന്ധതമസം, മങ്ങിയ ഇരുട്ട് = അവതമസം, പരന്ന ഇരുട്ട് = സന്തമസം), തമസ്സ്; 2. (ആല.) അറിവില്ലായ്മ. ഇരുട്ടുകാട്ടിൽ കുരുട്ടുപന്നി = പേൻ (കടം.) (പ്ര.) ഇരുട്ടടി = ഒളിച്ചുനിന്നുള്ള അപ്രതീക്ഷിതമായ ആക്രമിക്കൽ.
ഇരുട്ടുക ക്രി. ഇരുളാക്കുക, ഇരുട്ടുപരക്കുക, വെളിച്ചം ഇല്ലാതാവുക, രാത്രിയാകുക. (പ്ര.) ഇരുട്ടെവെളുക്കെ = രാപകൽ, വിശ്രമം കൂടാതെ, നിരന്തരമായി.
ഇരുട്ടുകുത്തി [ഇരുട്ട്-കുത്തി] നാ. ഒരുതരം ഓടിവള്ളം.
ഇരുണ്ട [<ഇരുൾ (ഭൂ.പേരെച്ചം) വി. ഇരുളടഞ്ഞ, കറുത്ത, മങ്ങിയ.

ഇരുതല വി. രണ്ടുതലയുള്ള (പ്ര.) ഇരുതല-കൊളുത്തി, -മൂട്ടി = ഏഷണിക്കാരൻ.
ഇരുതലക്കുച്ചി [ഇരു-തല-കുച്ചി] നാ. ഒരുതരം പാമ്പ്, ഇരുതലമൂരി.
ഇരുതലപ്പാമ്പ് നാ. 1. ഒരിനം പാമ്പ്, മണ്ഡലി, എഴുത്താണി, മൂർഖൻ; 2. (ആല.) ഇരുപക്ഷത്തും ചേർന്നു കലഹമുണ്ടാക്കുന്നവൻ.
ഇരുതലമണിയൻ [ഇരു-തല-മണിയൻ] നാ. ഒരുതരം വിഷമുള്ള സർപ്പം.
ഇരുതലമൂരി, -മൂലി [ഇരുതല-മൂരി, -മൂലി] നാ. ഇരുതല മൂർഖൻ.
ഇരുത്ത(ം) നാ. 1. ഇരിപ്പ്, സ്ഥിതി; 2. സ്ഥിരത, സ്വസ്ഥത, ഉറപ്പ്; 3. പാത.
ഇരുത്തൽ [<ഇരുത്തുക] നാമരൂപം. ഉദാ: വകയിരുത്തൽ, വിലയിരുത്തൽ ഇത്യാദി.
ഇരുത്തി1 നാ. 1. ആസനം, ഇരിപ്പിടം; 2. ഇരിക്കത്തക്ക സൗകര്യത്തിൽ വീടിൻെറ പുറം തിണ്ണയിൽ നിർമ്മിക്കുന്ന അരമതിൽ; 3. കളരിയഭ്യാസത്തിലെ ഒരു അടവ്.
ഇരുത്തി2 [<ഇരുത്തുക] (ഭൂ.രൂപം).
ഇരുത്തി3 [പ്ര. രിദ്ധി < സം. ഋദ്ധി] നാ. 1. ഒരു ഔഷധച്ചെടി, കാട്ടുഴുന്ന്, കാട്ടുമുതിര.
ഇരുത്ത് [<ഇരുത്തുക] ഉറപ്പിക്കൽ നാ. = ഇരുത്തം, ഇരുത്തൽ. ഉദാ: ചുറ്റുത്തരത്തിൽ കഴുക്കോലിൻെറ ഇരുത്ത്.
ഇരുത്തുക [ഇരിക്കുക > പ്രയോ.] ക്രി. 1. ഇരിക്കാൻ പ്രേരിപ്പിക്കുക, ഇരിക്കത്തക്കവണ്ണം ചെയ്യുക. ഉദാ: ആളുകളെ ഊണിന് ഇരുത്തുക; 2. താഴത്തേക്ക് അമർത്തുക; 3. (ആനയെയും മറ്റും) നേർച്ചയായി നടയ്ക്കുവയ്ക്കുക, ഉദാ: ക്ഷേത്രത്തിൽ ആനയ ഇരുത്തുക, (പ്ര.) ഇരുത്തിക്കളയുക = (സംഭാഷണത്തിലും മറ്റും) കൂടുതൽ ഒന്നും പറയാൻ വയ്യാത്തവിധത്തിൽ ക്ഷീണിപ്പിക്കുക, ചലനമില്ലാതാക്കുക, പൂർണമായി തോൽപിച്ചുകളയുക, ഇരുത്തിപ്പൊറുപ്പിക്കുക = സ്വസ്ഥമായിരിക്കാൻ അനുവദിക്കുക. ഇരുത്തിമുറുക്കൽ = കഥകളിയിൽ പ്രയോഗിച്ചുവരുന്ന പ്രധാനകലാശങ്ങളിൽ ഒന്ന്.
ഇരുനാഴിപ്പാട്ടം, [ഇരുനാലിൽപാട്ടം, ഇരുനാലിപ്പാട്ടം,
ഇരുന്നാൽപാട്ടം] [ഇരു-നാഴി-പാട്ടം] നാ. മലബാറിൽ നടപ്പിലിരുന്ന പാതിവാരപ്പാട്ടം, വിളവിൽ ഇടങ്ങഴിക്കു രണ്ടുനാഴി എന്ന ക്രമത്തിൽ ജന്മിയും കുടിയാനും പങ്കുവയ്ക്കുന്ന സമ്പ്രദായം, പാതിവാരക്കൃഷി.
ഇരുനില വി. രണ്ടു നിലകളുള്ള. ഉദാ: ഇരുനിലക്കെട്ടിടം.
ഇരുനിലം നാ. വിസ്തൃതമായ ഭൂമി.
ഇരുനിറപ്പച്ച [ഇരു-നിറ-പച്ച] നാ. ഒരു മരുന്നു ചെടി.
ഇരുനിറം [ഇരു-നിറം] നാ. കറുപ്പും വെളുപ്പുമല്ലാത്ത നിറം, മങ്ങിയവെളുപ്പുനിറം, മാനിറം (പ്രായേണ ദേഹവർണത്തെ പരാമർശിച്ച്).
ഇരുനൂറ് [ഇരു-നൂറ്] നാമമായും വിഷേശണമായും പ്രയോഗം. രണ്ടു നൂറ്.
ഇരുനൂറ്റുകാർ നാ. (ബ.വ.) (റോമൻകത്തോലിക്കരുടെ ഇടയിൽ) അടിമകളുടെ പിൻഗാമികൾ (?)
ഇരുന്നരുളുക, ഇരുന്നള്ളുക [ഇരുന്ന്-അരുളുക] (ആചാരഭാഷ) = ഇരിക്കുക.
ഇരുന്നൽ, ഇരിന്നൽ നാ. 1. കൊല്ലന്മാർ ഉപയോഗിക്കുന്ന കരി; 2. കൽക്കരി.
ഇരുന്നൽക്കാരൻ നാ. 1. കൽക്കരി കുഴിച്ചെടുക്കുന്നവൻ, കൽക്കരിവ്യാപാരി; 2. പുകയറ; 3. കനൽക്കട്ട.

ഇരുന്നള്ളിപ്പ് [< ഇരുന്നരുളുക] നാ. രാജാക്കന്മാരുടെയും മറ്റും എഴുന്നള്ളിയിരുപ്പ് (ആ.ഭാ.)

ഇരുന്നാട്ടം [ഇരുന്ന്-ആട്ടം] നാ. കഥകളിയിൽ നടൻ ഇരുന്നുകൊണ്ട് അഭിനയിക്കുന്നത്.

ഇരുന്നൂറ് നാ. രണ്ടുനൂറ്.

ഇരുപത് [ഇരു-പത്] നാമമായും വിശേഷണമായും പ്രയോഗം, രണ്ടു പത്തു കൂടിയത്.

ഇരുപത്തഞ്ചുനോമ്പ് നാ. ഇരുപത്തഞ്ചു ദിവസം മുമ്പു തുടങ്ങി ക്രിസ്തുമസ്ദിവസം അവസാനിക്കുന്ന നോമ്പ്.

ഇരുപത്തെട്ടുകെട്ട് നാ. നൂൽകെട്ട്, ശിശുജനിച്ചതിന്റെ ഇരുപത്തെട്ടാം ദിവസം ആദ്യമായി അരയിൽ നൂലുകെട്ടുന്ന ചടങ്ങ്.

ഇരുപാട് [ഇരു-പാട്] നാ. = ഇരുപുറം.

ഇരുപുറം [ഇരുപുറം] നാ. രണ്ടുവശം.

ഇരുപൂൾ, -പൂള നാ. ഇരുവുൾ മരം.

ഇരുപ്പടി [ഇരുപ്പ്-പടി] നാ. 'ഇരിക്കുവാനുള്ള പടി' കുതിരവണ്ടിപോലെയുള്ള വാഹനങ്ങളിൽ ഇരിക്കത്തക്ക സൗകര്യത്തിൽ ഉയർത്തിപ്പണിതിട്ടുള്ള ഭാഗം.

ഇരുപ്പിടം [ഇരിപ്പ്-ഇറ്റം] നാ. 1. ഇരിപ്പിടം, വാസസ്ഥാനം; 2. ആസനം.

ഇരുപ്പ് നാ. = ഇരിപ്പ്.

ഇരുപ്പൂ, ഇരുപ്പൂവൽ നാ. ആണ്ടിൽ രണ്ടുതവണ നടത്തുന്ന നെൽക്കൃഷി, വിരിപ്പ് എന്നും പറയും. ഇരുപ്പൂനിലം = രണ്ടുതവണ കൃഷിയിറക്കുന്ന നിലം.

ഇരുപ്പെഴുക് [ഇരുപ്പ്-എഴുക്] നാ. = ഇരിമ്പെഴുക്.

ഇരുമ1 [ഇരു-മ] നാ. 1. രണ്ടെന്നുള്ളഭാവം, രണ്ടായിരിക്കൽ; 2. ശത്രുത്വം.

ഇരുമ2 [ഇരു-മാ] ' രണ്ടു മാ കൂടിയത് (മാ = 1/20)' നാ. ഒരു കീഴ്ക്കണക്ക്. 1/10.

ഇരുമൽ നാ. ചുമ.

ഇരുമുടി [ഇരു-മുടി] നാ. രണ്ടുകെട്ടുകൾ ഒന്നിച്ച് ഉയർത്തത്തക്കവണ്ണം നടുവിൽ ചേർത്തുകെട്ടിയ ഭാണ്ഡം. ശബരിമലതീർഥാടകരും മറ്റും (ആഹാരസാധനങ്ങൾ കൊണ്ടുപോകുവാൻ) ഉപയോഗിക്കുന്നത്.

ഇരുമുടിച്ചുമട് നാ. ചുമലിൽ ഇരുവശത്തുമായി തൂക്കിയിടുന്ന ഭാണ്ഡക്കെട്ട്.

ഇരുമുടിവാർപ്പൻ [ഇരുമുടി-വാർപ്പൻ] നാ. കുട്ടികൾക്ക് ഉണ്ടാകുന്ന ഒരു രോഗം, ഒരുതരം വാർപ്പൻ.

ഇരുമുന നാ. 1. രണ്ടുവശത്തു മൂർച്ചയുള്ളത്; 2. ഇരട്ടമുന.

275

ഇരുമ്പകം [ഇരുമ്പ്-അകം] നാ. ഒരിനം വലിയ വൃക്ഷം, കൊങ്ങ്, പോങ്ങ്, കമ്പകം, തമ്പകം.

ഇരുമ്പൻ [<ഇരുമ്പ്] നാ. കള്ളൻ.

ഇരുമ്പറത്താൻ [ഇരുമ്പ്-അറത്താൻ] നാ. ഇലയ്ക്ക് അരമുള്ള ഒരു ചെറുവൃക്ഷം.

ഇരുമ്പാണി [ഇരുമ്പ്-ആണി] നാ. ഇരുമ്പുകൊണ്ട് ഉണ്ടാക്കുന്ന ആണി.

ഇരുമ്പാല നാ. ഒരിനം വൃക്ഷം, അയ്യപ്പാല, നീലപ്പാല.

ഇരുമ്പിച്ചി നാ. = ഇരിമ്പിച്ചി.

ഇരുമ്പുചട്ടി [ഇരുമ്പ്–ചട്ടി] നാ. ഇരുമ്പുകൊണ്ട് ഉണ്ടാക്കിയ പരന്ന പാത്രം, ചീനച്ചട്ടി.
ഇരുമ്പുനാക്ക് [ഇരുമ്പ്–നാക്ക്] നാ. അസ്ത്രങ്ങളുടെ അറ്റത്തുപിടിപ്പിക്കുന്ന ഇരുമ്പു മുന.
ഇരുമ്പുന്നിവാക [ഇരുമ്പുന്നി–വാക] നാ. പുളിവാക.
ഇരുമ്പുപെട്ടി [ഇരുമ്പ്–പെട്ടി] നാ. ഇരുമ്പുപലകകൊണ്ട് നിർമ്മിച്ചിട്ടുള്ള പെട്ടി.
ഇരുമ്പുറപ്പൻ, ഇരുമ്പുറപ്പി, ഇരുമ്പറുപ്പി നാ. തടിക്കുനല്ല ഉറപ്പുള്ള ഒരു വൃക്ഷം.
ഇരുവർ [ഇരു–അർ] നാ. (ബ.വ.) രണ്ടുപേർ.
ഇരുവഴിനാട്, ഇരുവൈനാട് നാ. ഒരു ചെറു രാജ്യം. തലശ്ശേരിക്കു തെക്കുകിഴക്ക്.
ഇരുവാ [ഇരു–വായ്] നാ. രണ്ടുവശവും അടിച്ചുറപ്പിച്ച കയ്യാല.
ഇരുവാച്ചി [ഇരു–വാച്ചി] നാ. ഒരിനം മുല്ല.
ഇരുവാച്ചിച്ചെമ്പകം [ഇരുവാച്ചി–ചെമ്പകം] നാ. ഒരിനം ചെമ്പകം.
ഇരുവായ്ക്കുഴൽ [ഇരുവായ്–കുഴൽ] നാ. ഇരട്ടക്കുഴൽത്തോക്ക്.
ഇരുവാരടക്കം [ഇരു–വാരടക്കം] നാ. തിരുവിതാങ്കൂറിൽ ഉണ്ടായിരുന്ന ഒരു ഭൂവുടമസമ്പ്രദായം.
ഇരുവാൽത്തൻ [ഇരുവാൽ–ചാത്തൻ] നാ. ഇരട്ടവാലൻ കിളി.
ഇരുവി നാ. തിന മുതലായ ധാന്യങ്ങളുടെ കച്ചിത്തണ്ട്; 2. ഒരൗഷധം, വത്സനാഭം.
ഇരുവിന നാ. പാപപുണ്യങ്ങൾ (ത. വിന = പ്രവൃത്തി).
ഇരുവുൾ, ഇരുപൂൾ, ഇരുപൂള, ഇരുപ്പൂൾ [ഇരുമുള്ള്, ഇരുവിൾ, ഇരുവുള്ള്, ഇരുവുള, ഇരൂൾ, ഇരുവൂൾ നാ. കടുത്ത തടിയുള്ള ഒരു വന്മരം.
ഇരുവേലി, –വേരി [പാ. ഹിറി–വേര] നാ. സുഗന്ധമുള്ള ഒരു ചെടി, രാമച്ചം.
ഇരുവേല്ലി [സം.] നാ. = ഇരിവില്ല.
ഇരുവോം (പ.മ.) (സ.നാ.,ഉ.പു., ബ.വ.) നാം ഇരുവർ.
ഇരുസാൽ [അറ.] നാ. ഉണ്ടികക്കടലാസ്, ഇരുസാൽക്കണക്ക് = പണമോ സാധനമോ അടച്ചതിനുള്ള കണക്ക്.
ഇരുൾ1 നാ. 1. ഇരുട്ട്, പ്രകാശമില്ലായ്മ, കാണാൻ പാടില്ലായ്മ, തമസ്സ്; 2. (ആല). അജ്ഞത.
ഇരുൾ2 നാ. ഇരുവുൾമരം.
ഇരുൾമയക്കം [ഇരുൾ1–മയക്കം] നാ. മൂടൽ, അൽപമായി ഇരുട്ടാകൽ, സന്ധ്യ, സന്ധ്യമയക്കം.
ഇരുളൻ നാ. ഇരുളജാതിയിൽപ്പെട്ടവൻ.
ഇരുളർ നാ. (ബ.വ.) നീലഗിരിയിലെ ഒരു കാട്ടുജാതി.
ഇരുളാൻ, ഇറവുള്ളാളൻ, ഇറളൻ, എറിവെള്ളാടൻ, ഉള്ളാടൻ നാ. ഒരിനം പുള്ള്, പ്രാപ്പിടിയൻ.
ഇരുളി നാ. 1. വലിയ ചിലന്തി; 2. പന്നി; 3. കരിഞ്ജീരകം; 4. ഊറാവ് എന്ന മരം.
ഇരുളിച്ചെവി [ഇരുളി–ചെവി] 'പന്നിയുടെചെവിപോലെ ഇലകൾ ഉള്ളത്' നാ. അശ്വഗന്ധി, അമുക്കൂരം.
ഇരുളുക ക്രി. 1. ഇരുട്ടാവുക, വെളിച്ചമില്ലാതാവുക, മങ്ങുക, ഉദാ: മാനത്തു കാർ നിറഞ്ഞ് ഇരുളുക; 2. കറുക്കുക.

ഇരേശൻ [സം. ഇരാ-ഈശ] നാ. 1. വരുണൻ; 2. വിഷ്ണു; 3. ഗണേശൻ.
ഇരോലി, ഇയോലി [< ഈരുകൊല്ലി] നാ. 1. തലയിലെ ഈരു ചീകിയെടുക്കാനുള്ള ഒരു ഉപകരണം; 2. വെളുത്തപൂക്കൾ ഉള്ള ഒരു വലിയ വൃക്ഷം.
ഇൽ1 (പ.മ.) നാ. ഇല്ലം, വീട്, കുടുംബം.
ഇൽ2 (വ്യാക.) 1. ആധികാരികാപ്രത്യയം, വീട് എന്നർഥത്തിലുള്ള 'ഇൽ' പ്രത്യയമായിത്തീർന്നതാകാം, ഉദാ: തലയിൽ, വീട്ടിൽ, എന്നിൽ ഇത്യാദി; 2. താരതമ്യസൂചന ചെയ്യുന്ന പ്രത്യയം 'ഒന്നിനേക്കാൾ' എന്ന അർഥത്തിൽ, ഉദാ: നരകത്തിലും കഷ്ടമായത്; 3. ഒരു പാക്ഷികവിനയെച്ചപ്രത്യയം, ഉദാ: വരിൽ, വരുകിൽ, പോകിൽ; 4. ഒരു കൃത്പ്രത്യയം, ഉദാ: വെയിൽ (<വേ).
ഇല1 നാ. 1. സസ്യത്തിൻെറ പത്രം; 2. വാഴയില, ഉദാ: സദ്യയ്ക്ക് ഇലവയ്ക്കുക; 3. നിലത്തിൽ വെള്ളം ചവിട്ടിക്കയറ്റാനുള്ള ചക്രത്തിൻെറ പലക; 4. വാള് കത്തി മുതലായവയുടെ മൂർച്ചയുള്ളഭാഗം, അലക്; 5. വെറ്റില; 6. സ്ത്രീകളുടെ ഗുഹ്യാവയവം.
ഇല2 (പ.മ.) ഇല്ല.
ഇലകുക ക്രി. 1. ഉണ്ടായിരിക്കുക; 2. ശോഭിക്കുക.
ഇലക്കണം [പ്രാ. ലക്ഖണ-സം. ലക്ഷണ] നാ. 1. അടയാളം; 2. ലക്ഷണഗ്രന്ഥം, തമിഴ്വ്യാകരണഗ്രന്ഥം.
ഇലക്കള്ളി [ഇല-കള്ളി] നാ. ഒരിനം കള്ളിച്ചെടി, കന്ഥാരി.
ഇലക്കറി [ഇല-കറി] നാ. 1. കറിവയ്ക്കാനുപയോഗിക്കുന്ന ചീര മുതലായ ഇലവർഗം; 2. ഇലകൊണ്ടുള്ള കറി.
ഇലക്കിളി [ഇല1-കിളി] നാ. കുരുവിയിനത്തിൽപ്പെട്ട ഒരുതരം ചെറുകിളി.
ഇലക്കുടിഞ്ഞിൽ [ഇല-കുടിഞ്ഞിൽ] നാ. ഇലകൾ മേഞ്ഞിട്ടുള്ള കുടിൽ, പർണശാല.
ഇലക്കുറവർ [ഇല-കുറവർ] നാ. (ബ.വ.) കുറവരുടെ ഒരുവിഭാഗം.
ഇലക്കുറി [ഇല-കുറി] നാ. (വാഴയിലയിൽ ഉണ്ടാക്കുന്ന വിടവിലൂടെ നെറ്റിയിലും മറ്റും ഇടുന്ന കുറി.
ഇലക്കൊടിൽ [ഇല-കൊടിൽ] നാ. തട്ടാന്മാർ ഉപയോഗിക്കുന്ന ഒരുതരം കൊടിൽ.
ഇലക്ട്രിസിറ്റി, എ- [ഇം.ഞ്ഞരsന്യന്ധത്സദ്ധ്യദ്ധന്ധത്ത] നാ. വിദ്യുച്ഛക്തി.
ഇലക്ഷൻ, എല- [ഇം.ഞ്ഞരsന്യന്ധദ്ധഗ ] നാ. തെരഞ്ഞെടുപ്പ്.
ഇലങ്ക [<സം. ലങ്കാ] രാവണൻെറ രാജധാനി.
ഇലങ്കം, എലങ്കം, ഇരങ്കം [സം. രങ്ഗ] നാ. 1. കൂട്ടം, ജനസമൂഹം; 2. കളരി; 3. ദൈവങ്ങളെ കുടിവയ്ക്കുന്ന സ്ഥലം.
ഇലങ്കുക (പ.മ.) ക്രി. ശോഭിക്കുക.
ഇലചുരുട്ടിപ്പുഴു നാ. ചെടികളെ നശിപ്പിക്കുന്ന ഒരുതരം പുഴു. (ഇലചുരുട്ടി അതിനുള്ളിൽ കൂടുണ്ടാക്കുന്നു).
ഇലച്ചന (പ.മ.) [പാ.ലച്ഛ സം. ലക്ഷണ, ലാഞ്ഛന] നാ. 1. മുദ്ര, അടയാളം; 2. മുദ്രമോതിരം.
ഇലച്ചൽ, ഇലച്ചിൽ [<ഇല1] നാ. ചെടികളുടെ ഇലപ്പരപ്പ്.
ഇലഞ്ഞി, എ-, ഇരഞ്ഞി നാ. പൂക്കൾക്കു നല്ല മണമുള്ള ഒരിനം വന്മരം, ബകുളം.
ഇലണ്ടം [< സം. ലണ്ഡ] നാ. ആനച്ചാണകം, ഇരണ്ടം.

ഇലത്താളം [മ. ഇല1-സം. താഡ] 'വൃത്തത്തിലുള്ള ഇലയുടെ ആകൃതിയിൽ ഓടുകൊണ്ട് ഉണ്ടാക്കുന്ന ഒരു വാദ്യോപകരണം'. നാ. കൈമണി എന്ന വാദ്യം (രണ്ടെണ്ണം ചേർത്തുകൊട്ടുന്നു.)
ഇലനക്കി [ഇല-നക്കി] 'എച്ചിലില നക്കി ജീവിക്കുന്നവൻ' നാ. മഹാദരിദ്രൻ.
ഇലന്ത1 നാ. ഒരു മുള്മരം, ഗുഡഫലം, ബാലേഷ്ടം.
ഇലന്ത2, ഒ-, എ-, ലന്ത [പോർ.] നാ. ഡച്ചുകാരുടെ രാജ്യമായ ഹോളണ്ട്.
ഇലന്തകൾ, ലന്തക്കാർ നാ. ഡച്ചുകാർ.
ഇലപുല [ഇല-പുല] നാ. ബന്ധുക്കളുടെ മരണാനന്തരം ചെയ്യുന്ന അനുഷ്ഠാനങ്ങൾ, പുലകുളിയടിയന്തിരം.
ഇലപ്പുഴു [ഇല-പുഴു] നാ. ചെടിയുടെ ഇലകൾ തിന്നു നശിപ്പിക്കുന്ന ഒരുതരം പ്രാണി.
ഇലപ്രാണി [മ.ഇല-സം. പ്രാണിൻ] നാ. ഒരു പ്രാണി, ഇലപോലെയുള്ള ചിറക് ഉള്ളത്.
ഇലമുദ്രക്കാശ് [മ. ഇല-സം. മുദ്രാ -മ. കാശ്] നാ. ഒരു പഴയ നാണയം, 33.5 പണം വിലവരുന്നത്.
ഇലമുളച്ചി [ഇല-മുളച്ചി] നാ. ഇലമുളച്ച് ഉണ്ടാകുന്ന ചെടി, ആകാശച്ചെടി.
ഇലമുറിക്കാര്യസ്ഥൻ [മ. ഇല-മുറി - സം. കാര്യസ്ഥ] നാ. പ്രഭുഗൃഹത്തിൽ ഊണിന് ഇലമുറിച്ചുകൊടുക്കുകയും മറ്റും ചെയ്യുന്ന ആൾ.
ഇലമ്പ നാ. ഇല, ഓല.
ഇലമ്പൽ നാ. ഇലച്ചിൽ.
ഇലയട, -അപ്പം [ഇല-അട, -അപ്പം] നാ. അരിമാവ് കുഴച്ച് ഇലയിൽ പരത്തി ശർക്കരയും തേങ്ങയും വച്ചു മടക്കി ആവിയിൽ പുഴുങ്ങിയോ ചുട്ടോ എടുക്കുന്ന ഒരുതരം പലഹാരം.
ഇലയമൃത് [മ. ഇല-സം. അമൃത] നാ. വെറ്റില. (ആ.ഭാ.)
ഇലയാത്ര (പ.മ.) [ഇല3-ആത] വി. ഇല്ലാത്ത.
ഇലവങ്ങം, ഇലവർങ്ങം, ഇലവങ്കം [സം. ലവങ്ഗം] നാ. കറുവാമരം.
ഇലവർങ്ങപ്പട്ട നാ. = കറുവാപ്പട്ട.
ഇലവാങ്ക് നാ. ഇരുമ്പുപാര, കമ്പിപ്പാര, അലവാങ്ക്.
ഇലവാണിയൻ [ഇല2-വാണിയൻ] നാ. വെറ്റിലവിൽപ്പന തൊഴിലായ ഒരുവർഗം. ചിലർ മലക്കറിക്കച്ചവടവും നടത്തുന്നു. (സ്ത്രീ) ഇലവാണിച്ചി.
ഇലവാണിയപ്പാട്ടം [ഇല-വാണിയൻ-പാട്ടം] നാ. ഒരു പഴയ കരം, ഇലവാണിയർക്ക് ചുമത്തിയിരുന്നത്.
ഇലവ് നാ. ഒരിനം വലിയ മരം. പഞ്ഞിമരം (ഇതിൻെറ പഞ്ഞി തലയിണയും മെത്തയും ഉണ്ടാക്കാൻ ഉപയോഗിക്കുന്നു.)
ഇലാ (പ.മ.) വി. ഇല്ലാത്ത.
ഇലാക്കാ [അറ.] നാ. എസ്റ്റേറ്റ്.
ഇലാക്ക് (പ.മ.) [അറ. ലാഖ < സം. ലക്ഷ്യ] നാ. ലാക്ക്.
ഇലാത [ഇല്-ആത] വി. ഇല്ലാത്ത.
ഇലാമച്ചം [സം. ലാമജ്ജക] നാ. രാമച്ചം.
ഇലാവുക ക്രി. ഉലാവുക, ഉലാത്തുക.
ഇലാഹ് [അറ. ഇലാഹ്] നാ. ദൈവം.

ഇലി നാ. 1. ഒരു ഡിഗ്രിയുടെ 1/60 ഭാഗം; 2. (ജ്യോ.) വിനാഴിക.
ഇലിപ്പ നാ. = ഇരിപ്പ്.
ഇലിമിച്ചം [< സം. ലികൃുച] നാ. ഇലിമ്പിച്ചിനാരകം.
ഇലിമ്പ് നാ. എലിമ്പ്, എല്ല്.
ഇലിയ വി. നിസ്സാരമായ, ശോഷിച്ച.
ഇലുപ്പ നാ. ഇലിപ്പു, ഇരിപ്പു.
ഇലുമ്പി നാ. 1. ഒരുവൃക്ഷം, കാട്ടുമഞ്ജരി; 2. പുളിഞ്ചി.
ഇലുമ്പിച്ചി നാ. ഇലിമിച്ചം, ചെറുനാരകം.
ഇലൈച്ചിക്കുക (പ.മ.) [ പാ.ലച്ഛ < സം. ലക്ഷ്] ക്രി. ലക്ഷിക്കുക, മുദ്രവയ്ക്കുക.
ഇല്മ് [അറ.] നാ. അറിവ്, വിദ്യ, പഠിപ്പ്, പരിചയം.
ഇല്ല1 'ഇൽ' എന്ന ഖിലധാതുവിൽ 'അ' എന്ന നിഷേധപ്രത്യയം ചേർത്തരൂപം, നിർദേശകക്രിയയോടു ചേർത്തുപ്രയോഗം.
ഇല്ല2, ഇല്ലാ, ലാ, ഇല്ലേ കാണത്തക്കവണ്ണം അകലെയുള്ള ഒന്നിനെ ചൂണ്ടിപ്പറയാൻ ഉപയോഗിക്കുന്ന (ഗ്രാമ്യ) പദം, ആ, അതാ.
ഇല്ലക്കം നാ. ഇല്ലായ്മ (പ്ര.) ഇല്ലക്കം പാടുക, ഇല്ലക്കംപറയുക.
ഇല്ലക്കാർ [ഇല്ലം-കാർ] നാ. 1. തറവാട്ടുകാർ, നായന്മാരിൽ ഒരുവിഭാഗം; 2. ഒരേഗോത്രത്തിൽപെട്ടവർ, ബന്ധുക്കൾ; 3. പുലയർ, മുക്കുവർ തുടങ്ങിയ ജാതിക്കാരെ പല ഇല്ലങ്ങളായി തിരിച്ചിട്ടുള്ളതിൽ ഓരോ ഇല്ലത്തിൽപ്പെട്ടവർ.
ഇല്ലക്കൂറ് [ഇല്ലം-കൂറ്] 'ബന്ധുക്കൾക്ക് ഭാഗമായി കിട്ടുന്നത്' നാ. രാജാക്കന്മാർ സമ്പാദിക്കുന്ന സ്വകാര്യസ്വത്ത്, സ്വരൂപക്കൂറ്.
ഇല്ലച്ചൊല്ല് നാ. കല്പനയ്ക്കനുസരിച്ചു പ്രവർത്തിക്കാത്തവരെ നാടുകടത്താനുള്ള അധികാരം, പഴയകാലത്തു മാടമ്പിമാരുടെ അധികാരങ്ങളിൽ ഒന്ന്.
ഇല്ലട്ടക്കരി നാ. പുകയറ.
ഇല്ലട്ടം [ഇൽ-അട്ടം] നാ. മേല്പുര.
ഇല്ലത്തമ്മ [ഇല്ലത്ത്-അമ്മ] നാ. 1. ഇല്ലത്തിലെ അമ്മ, ഗൃഹനായിക; 2. ചാക്യാർസ്ത്രീ, ഇല്ലോടമ്മ.
ഇല്ലത്തുനായർ നാ. ഇല്ലക്കാർ.
ഇല്ലനക്കരി നാ. ഇല്ലട്ടക്കരി.
ഇല്ലന്നിറ, ഇല്ലന്നറ [ഇല്ലം-നിറ] നാ. പുന്നെല്ലിൻെറ കതിര് ഗൃഹത്തിൽ കൊണ്ടുവന്ന് പൂജിച്ച് അത് ഗൃഹത്തിന് അലങ്കാരമായി കെട്ടിത്തൂക്കുന്ന ചടങ്ങ്, ഇല്ലം നിറച്ചാൽ വല്ലം നിറയ്ക്കണം = തൻെറകാര്യം നോക്കിയാൽ പോരാ മറ്റുള്ളവരുടെ കാര്യവും നോക്കണം. (പഴ.)
ഇല്ലപ്പണം [ഇല്ലം-പണം] നാ. ക്രിസ്ത്യാനികളുടെ ഇടയിൽ വരൻെറ കാരണവൻ വധുവിൻെറ കാരണവർക്കു സ്ത്രീധനത്തിനനുസരണമായി കൊടുക്കുന്ന തുക.
ഇല്ലം [ഇല് (ഇല്ല്)-അം] നാ. 1. വീട്, പാർപ്പിടം, ഭവനം, തറവാട്; 2. നമ്പൂരിമാരുടെ ഭവനം, പ്രഭുക്കന്മാരുടെ താമസസ്ഥലം; 3. നായർ, ഈഴവർ, പുലയർ, മുക്കുവർ തുടങ്ങിയ ഓരോജാതിക്കാരിലും വിവാഹബന്ധം പാടില്ലാത്ത തരത്തിൽ ബന്ധമുള്ളവരുടെ ഗോത്രസമാനമായ സമൂഹം, (പ്ര.) ഇല്ലത്തെ പൂച്ച = എല്ലാദിക്കിലും പ്രവേശനമുള്ള ആൾ.
ഇല്ലയാകിൽ (പ.മ.) അവ്യ. ഇല്ലായ്കിൽ.

ഇല്ലയാത (പ.മ.) [ഇല്ല-ആത] വി. ഇല്ലാത്ത.
ഇല്ലരക്കരി [ഇല്ലര-കരി] നാ. ഇല്ലറക്കരി.
ഇല്ലരി [ഇല്-വരി] നാ. വീട്ടുകരം.
ഇല്ലല്ലീ [ഇല്ല1-അല്ലീ] ഇല്ലേ, ഇല്ലയോ.
ഇല്ലല്ലോ [ഇല്ല-അല്ലോ] 'യ്' ആഗമം വന്ന് 'ഇല്ലയല്ലോ' എന്നും രൂപം. പൂർണമായ നിഷേധത്തെ കാണിക്കുന്ന ശബ്ദം, ഇല്ലതന്നെ.
ഇല്ലവഴിക്കാർ [ഇല്ലം-വഴി-കാർ] നാ. (ബ.വ.) ഒരേഗോത്രത്തിൽപ്പെട്ടവർ, ബന്ധുക്കൾ.
ഇല്ലറക്കരി [ഇല്ലറ-കരി] നാ. ഇല്ലട്ടക്കരി.
ഇല്ലറം [ഇല്-അറ] നാ. ഗൃഹധർമം.
ഇല്ലാ 1. ഇല്ല; 2. വി. ഇല്ലാത്ത ഉദാ: ഇല്ലാമക്കൾ ഇല്ലായുക (ഖിലരൂപം, ഇല്ലാതെ ആകുക).
ഇല്ലാക്കാൽ (പ.മ.) ഇല്ലാ-കാല് < സം. കാല] വി. ഇല്ലാത്തകാലം, അവ്യ. ഇല്ലെങ്കിൽ.
ഇല്ലാത [ഇല്ല-ആത] വി. ഇല്ലാത്ത, കൂടാത്ത.
ഇല്ലാതെ [ഇല്ല1-ആതെ] അവ്യ. കൂടാതെ, ഇല്ലാഞ്ഞ്.
ഇല്ലാത്ത [ഇല്ല-ആത്ത] വി. കൂടാത്തതായ, ഇല്ലാത്തവൻ = ദരിദ്രൻ.
ഇല്ലാതൻ (പ.മ.) നാ. ഇല്ലാത്തവൻ.
ഇല്ലായ്ക, ഇല്ലായിക, ഇല്ലാഴിക [ഇല്ല1-ആയ്-ക] നാ. ഇല്ലായ്മ.
ഇല്ലായ്മ [ഇല്ല1-ആയ്-മ] നാ. 1. ഇല്ലാത്ത അവസ്ഥ, അഭാവം, (പ്ര.) ഇല്ലായ്മ ചെയ്യുക = നശിപ്പിക്കുക; 2. ദാരിദ്ര്യം.
ഇല്ലാൾ നാ. അകായിലുള്ളവർ, സ്ത്രീകൾ.
ഇല്ലി നാ. 1. ചെറിയദ്വാരം; 2. മുള, കല്ലൻ മുള; 3. ശരപ്പുല്ല്; 4. കുടക്കമ്പി, ചീളി, വില്ലി; 5. രാട്ടിൻെറ ചക്രത്തിലെആരക്കാല്; 6. ചെടിയുടെ ചെറുശാഖ, ചില്ല.
ഇല്ലിക്കയർ [ഇല്ലി-കയർ] നാ. ചില്ലിക്കയർ, വളരെ കനം കുറഞ്ഞതും രണ്ട് ഇഴ മാത്രമുള്ളതുമായ കയർ.
ഇല്ലിക്കുടുക്കി [ഇല്ലി-കുടുക്കി] നാ. ഇല്ലി വാതിൽ, മുളയുടെ ചീളികൾ നിരത്തി ബന്ധിച്ച് ഉണ്ടാക്കുന്ന മറ.
ഇല്ലിക്കുന്നൻ [ഇല്ലി-കുന്നൻ] നാ. 1. തലശ്ശേരിക്കടുത്തുള്ള ഇല്ലിക്കുന്ന് എന്നസ്ഥലത്തു നെയ്യുന്ന കരയൻമുണ്ട്; 2. ഇല്ലിക്കൂട്ടത്തിൽ സധാരണകാണുന്ന ഒരുതരം സർപ്പം.
ഇല്ലിച്ചട്ടി [ഇല്ലി-ചട്ടി] നാ. ചാരായം വാറ്റാനായി ദ്വാരമിട്ടിട്ടുള്ള ചട്ടി.
ഇല്ലിത്തട്ട് [ഇല്ല-തട്ട്] നാ. (ക്ഷേത്രങ്ങളിൽ ഉത്സവത്തിന്) മുളകൊണ്ടുകെട്ടിയുണ്ടാക്കുന്ന തേരിൻെറ തട്ട്.
ഇല്ലിപ്പടി [ഇല്ലി-പടി] നാ. ഒരാളിനു കഷ്ടിച്ചു കടക്കത്തക്കവണ്ണം രണ്ടുമുളംകുറ്റികൾ കുഴിച്ചുനിറുത്തി ഉണ്ടാക്കുന്ന പടിവാതിൽ.
ഇല്ലെങ്കിൽ [ഇല്ല-എങ്കിൽ] അവ്യ. ഇല്ലാത്തപക്ഷം.
ഇല്ലേ [ഇല്ല-ഏ] 1. (ചോദ്യം) ഉണ്ടോ ഇല്ലയോ, എന്നതു ശരിതന്നെയോ; ഉദാ: അവൻ വന്നില്ലേ? 2. ഇല്ലതന്നെ, ഉദാ: അത് അവിടെ ഇല്ലേ ഇല്ല; 3. ആദരപൂർവമായ നിഷേധിക്കൽ, ഉദാ: അതു ഞാൻ കണ്ടില്ലേ.
ഇല്ലേൽ അവ്യ. = ഇല്ലെങ്കിൽ.

ഇല്ലോടമ്മ, -അംബ നാ. ചാക്യാരുടെ സ്ത്രീ.
ഇല്വാലകൾ, ഇല്വ- [സം. ഇല്വലാഃ] നാ. (ബ.വ.) മകയിരം നക്ഷത്രത്തിന്റെ മേൽഭാഗത്തുനിൽക്കുന്ന അഞ്ചു നക്ഷത്രങ്ങൾ.
ഇവ1 സ.നാ. ('ഇത്' എന്നതിന്റെ ബ.വ.നപും.) ഈവസ്തുക്കൾ.
ഇവ2 [സം. ഇവ] അവ്യ. പോലെ, എന്നപോലെ, എന്നുതോന്നുമാറ്.
ഇവണ്ണം, ഇവ്വണ്ണം, ഈ- [ഇ-വണ്ണം] അവ്യ. ഈ വിധം, ഇങ്ങനെ.
ഇവൻ 1. സ.നാ. പ്ര.പു., പും., ഏവ. ഈ മനുഷ്യൻ, ഈ പുരുഷൻ, 'അവൻ', 'എവൻ' എന്നിവ താരതമ്യപ്പെടുത്തുക, ബഹുമാനിക്കേണ്ട ആളിനെപ്പറ്റി പറയുമ്പോൾ ഈ പദം പ്രയോഗിക്കാറേ ഇല്ല. (സ്ത്രീ) ഇവൾ, (നപും.) ഇത്, (ബ.വ.) ഇവർ, (ഉഭയലിങ്ഗം) ഇവൻമാർ എന്ന ബ.വ.രൂപം അനാദരസൂചകം, ഉദാ: ഇവൻമാർ കുസൃതിക്കാരാണ്; 2. ഈ ഉള്ളവൻ (വിനയത്തോടുകൂടി പറയുമ്പോൾ) 'ഞാൻ' എന്ന അർഥത്തിലും പ്രയോഗം. ഉദാ: ഈയുള്ളവനെന്തു പിഴച്ചു? (ഞാൻ എന്തു തെറ്റുചെയ്തു?)
ഇവയിറ്റ്, ഇവറ്റ്, ഇവറ്റ, ഇവിറ്റ്, ഇവയിറ്റ് സ.നാ. ഇവ.
ഇവർ [ഇ-അർ < ഇ-വ്-അർ] 1. സ.നാ. പ്ര.പു., ബ.വ. ഉഭയലിങ്ഗം ഈ ആളുകൾ (ഇവൻ, ഇവൾ, ഇവ യുടെ ബ.വ.) താര. അവർ; പൂ. ബ.വ. ഉഭയലിങ്ഗം, ഈമനുഷ്യൻ, ഇദ്ദേഹം, ഈ മാന്യസ്ത്രീ.
ഇവർകൾ, ഇവകൾ [ഇവർ-കൾ] ബഹ്വർഥത്തിൽ അർ, കൾ എന്നു രണ്ടു പ്രത്യയങ്ങൾ, നാ. ഇവർ. ഈ രൂപം ഇപ്പോൾ പ്രയോഗിക്കാറില്ല.
ഇവർത്തുക [ഇവരുക > പ്രയോ.] ക്രി. 1. ഉയർത്തുക, പൊക്കുക, ഇവരുക; 2. നിവർത്തുക.
ഇവരം നാ. ഉയരം 'ഇവരം മൂന്നു കൂറിട്ടാലൊന്നുപോൽ ജഗതീപുനഃ' (ഭാ.ശി.ര.)
ഇവരൾ (പ.മ.) 'ഇവർകൾ' എന്നതിന്റെ സങ്കുചിതരൂപം. സ.നാ., പ്ര.പു., ബ.വ. ഇവർ.
ഇവരുക ക്രി. 1. ഉയരുക, ഇയരുക; 2. താത്പര്യം കാണിക്കുക.
ഇവൾ [ഇ-അൾ, ഇ-വ്-അൾ] സ.നാ. പ്ര.പു. സ്ത്രീ. ഏ.വ. ഈ സ്ത്രീ, അടുത്തുനിൽക്കുന്നതോ നിർദേശിക്കപ്പെട്ടതോ ആയ സ്ത്രീ, ഇവർ (ഉഭയലിങ്ഗം) ഇവൾമാർ എന്ന ബ.വ.രൂപം അനാദരസൂചകം.
ഇവറ്റ സ.നാ. (ബ.വ.) 1. ഇവ; 2. ഇവർ (നിസ്സാരന്മാരെപ്പറ്റി).
ഇവറ്റ് സ.നാ. = ഇവറ്റ.
ഇവിടുത്തെ നാ. 1. ഈ ഭാഗത്തെ, ഈ പ്രദേശത്തെ, ഈ സ്ഥലത്തുള്ള; 2. ഈ സ്ഥലത്ത്, ഇവിടെ; 3. അങ്ങയെ, അങ്ങയുടെ (ബഹുമാനസൂചകം).
ഇവിടുത്തേയ്ക്ക്, ഇവിടത്തേയ്ക്ക് നാ. അങ്ങേയ്ക്ക് (പ.മ.) ഇവിടത്തേക്ക്, ഇവിടത്തോട്, ഇവിടത്തുനിന്ന്, ഇവിടത്തിൽ എന്നെല്ലാം രൂപങ്ങൾ.
ഇവിടെ [ഇ-ഇടെ, ഇ-വ്-ഇടെ] 1. അവ്യ. ഈ ഇടത്ത്, ഈ സ്ഥലത്ത്; 2. ഈ സന്ദർഭത്തിൽ; 3. സ.നാ. ഇവിടുന്ന്, അങ്ങുന്ന്, ഇവിടന്ന്.
ഇവിടുന്ന് നാ. 1. ഇവിടെനിന്ന്; 2. അങ്ങുന്ന്.
ഇവിടം [ഇ-ഇടം, ഇ-വ്-ഇടം] നാ. 1. ഈ സ്ഥലം; 2. ഈ സമയം; 3. സന്ദർഭം, ഈ കാര്യം, ഇവിടത്തെ.
ഇവിറ്റ് സ.നാ. ഇവറ്റ.
ഇവ് [ക. ഇവു] സ.നാ. ഇവ.

ഇവുറ്റ് സ.നാ. ഇവറ്റ.
ഇവ്വണ്ണം [ഈ-വണ്ണം] അവ്യ. ഇതുപോലെ, ഇപ്രകാരം, ഇങ്ങനെ, ഇതനുസരിച്ച്.
ഇവ്വളവ് (പ.മ.) [ ഈ-അളവ്, ഇ-വ്-അളവ്] അവ്യ. ഇത്രത്തോളം.
ഇവ്വാറ് (പ.മ.) [ഈ-വാറ്, ഇ-വ്വാറ്] അവ്യ. ഇവ്വണ്ണം, ഇപ്രകാരം, ഇങ്ങനെ, ഇതുപോലെ.
ഇശ നാ. 1. ഇച; 2. ചേർപ്പ്.
ഇശക്കി [പ്രാ. ജക്ഖി < യക്ഷി] നാ. യക്ഷിയമ്മ, വള്ളുവപ്പുലയർ ആരാധിക്കുന്ന ഒരു ദേവത.
ഇശമ്പുക ക്രി. പറയുക, ഉച്ചരിക്കുക, ഇയമ്പുക.
ഇശയുക (പ.മ.) ക്രി. യോജിക്കുക, ചേരുക, ഇയയുക.
ഇശയ്ക്കുക, ഇയയ്ക്കുക, ഏക്കുക ക്രി. (തടിക്കഷണങ്ങളേയോ തുണിക്കഷണങ്ങളേയോ മറ്റോ തമ്മിൽ) കൂട്ടിച്ചേർക്കുക.
ഇശൽ, ശേൽ, ശീൽ നാ. രീതി, മാപ്പിളപ്പാട്ടു പാടുന്നതിനുള്ള രീതി.
ഇശാ, ഇഷാ [അറ.] നാ. മുസ്ലിങ്ങളുടെ നിശാനമസ്കാരം.
ഇശ്ക്, ഇശവ്, ഇഷ്ക്, ഇഷ്ഖ് [ഹി. < അറ.] നാ. സ്നേഹം, പ്രേമം, കാമം.
ഇശ്ശി, ശ്ശി അവ്യ. 1. ഇത്തിരി, ഇച്ചിരി, അല്പം, കുറെ; 2. വളരെ, ഏറെ.
ഇഷണി [സം. ഇഷണി , ഇഷ്] നാ. 1. ആഗ്രഹം; 2. അയയ്ക്കൽ.
ഇഷൻ [സം. ഇഷ] നാ. അന്തസ്സാരമുള്ളവൻ, ശക്തൻ.
ഇഷം [സം. ഇഷ] നാ. ആശ്വിനമാസം, കന്നി-തുലാം മാസം.
ഇഷാ [അറ.] നാ. = ഇശാ.
ഇഷാറത്ത്, ഇശാരത്ത് [പേർ.] നാ. 1. ആശ്വാസം; 2. സൂചന, അടയാളം.
ഇഷിക [സം. ഇഷികാ] നാ. ഇഷീക.
ഇഷിത [സം. ഇഷിത < ഇഷ്] വി. 1. അയയ്ക്കപ്പെട്ട, വിടപ്പെട്ട; 2. വേഗമുള്ള.
ഇഷീക, ഇഷിക [സം. ഇഷീകാ] നാ. 1. തൂലിക; 2. ഒരിനം ഞാങ്ങണ; 3. സ്വർണം ഉരുകിയോഎന്നു പരിശോധിക്കാൻ ഉപയോഗിക്കുന്ന കോല്; 4. ആനയുടെ നേത്രഗോളം; 5. തീപ്പെട്ടിക്കോൽ.
ഇഷു [സം. ഇഷ്] നാ. 1. ശരം, അമ്പ്; 2. (ഗണിത) അഞ്ച് എന്ന സങ്ഖ്യ, (കാമശരങ്ങൾ അഞ്ചെന്നതിൽ നിന്ന്).
ഇഷുകൻ [സം. ഇഷുക] നാ. വില്ലാളി.
ഇഷുഗ്രഹൻ [സം. ഇഷു-ഗ്രഹ] നാ. ആയുധം എടുത്തവൻ.
ഇഷുധി [സം. -ധി] നാ. അമ്പുറ, ആവനാഴി.
ഇഷുയോഗം [സം. -യോഗ] നാ. (ജ്യോ.) നാലാമിടം മുതൽ നാലു രാശികളിലായി എല്ലാഗ്രഹങ്ങളും നിൽക്കുന്ന യോഗം.
ഇഷുവാനകം [സം. -വാന] നാ. ഒരിനം വജ്രം, ഇഴുവാനകം.
ഇഷ്കാൽ, ഇസ്കാൽ [അറ.] നാ. ശങ്ക, സംശയം, സങ്കോചം, വിഷമം.
ഇഷ്ട [സം. ഇഷ്ട] വി. 1. ഇച്ഛരിക്കപ്പെട്ട, ഉദാ: ഇഷ്ടവസ്തു; 2. പ്രിയപ്പെട്ട, സ്നേഹമുള്ള; 3. (ബീജഗണിതം) കണ്ടുപിടിക്കാനുള്ള, കല്പിതമായ, ഉദാ: ഇഷ്ടസങ്ഖ്യ.
ഇഷ്ടക [സം. ഇഷ്ടകാ] നാ. ഇഷ്ടിക.

ഇഷ്ടകർമം [സം. ഇഷ്ട–കർമൻ] നാ. (ഗണിത) ഇഷ്ടസങ്ഖ്യ കണ്ടുപിടിക്കാനുള്ള ക്രിയ.

ഇഷ്ടകാപഥം [സം. ഇഷ്ടകാ–പഥ] നാ. രാമച്ചം.

ഇഷ്ടഗന്ധ [സം. ഇഷ്ട–ഗന്ധ] വി. പ്രീതികരമായ മണത്തോടു കൂടിയ, സുഗന്ധമുള്ള.

ഇഷ്ടഗന്ധം [സം. –ഗന്ധ] നാ. 1. സുഗന്ധമുള്ള വസ്തു; 2. മണൽ.

ഇഷ്ടദ്ര [സം. –ദ്ര < ദാ] വി. ഇഷ്ടം നൽകുന്ന.

ഇഷ്ടദാനം [സം. –ദാന] നാ. പ്രതിഫലം കൈപ്പറ്റാതെ ഇഷ്ടപ്പെട്ടവർക്കു വസ്തുവകകൾ പ്രമാണംചെയ്തു കൊടുക്കുന്ന സമ്പ്രദായം.

ഇഷ്ടദേവത, ദേവൻ [സം. –ദേവതാ, –ദേവ] നാ. അഭീഷ്ടങ്ങൾ നിറവേറ്റുന്ന പ്രിയദേവത, പരദൈവം.

ഇഷ്ടദൈവതം [സം. –ദൈവത] നാ. പരദേവത.

ഇഷ്ടൻ [സം.] നാ. സ്നേഹിതൻ, പ്രിയപ്പെട്ടവൻ, (സ്ത്രീ) ഇഷ്ടത്തി, ഇഷ്ട.

ഇഷ്ടപൂർത്തി [സം. ഇഷ്ട–പൂർതി] നാ. ഇഷ്ടം സാധിക്കൽ.

ഇഷ്ടപ്പെടുക [മ. –പെടുക] ക്രി. ആഗ്രഹിക്കുക, മനസ്സിന് ഇണങ്ങുക.

ഇഷ്ടം1 [സം. ഇഷ്ട < ഇഷ്] 'ഇച്ഛരിക്കപ്പെടുന്നത്' നാ. 1. പ്രിയം, ആഗ്രഹം, ആശ, ഇച്ഛ; ഇഷ്ടം ആടുക = ഇഷ്ടത്തിനു കൂത്താടുക, ഇഷ്ടത്തിനൊത്ത് പ്രവർത്തിക്കുക; 2. സ്നേഹം, ഉദാ: അവർക്കുതമ്മിൽ ഇഷ്ടം, ഇഷ്ടമില്ലാത്ത അച്ചി തൊട്ടതെല്ലാം കുറ്റം (പഴ); 3. മനസ്സിന് ഇണക്കം, രുചി.

ഇഷ്ടം2 [സം. യജ് + ത] 'യജിക്കപ്പെട്ടത്' നാ. യാഗം.

ഇഷ്ടമധുക [സം. ഇഷ്ട–മധുകാ] നാ. തേക്കിട, ആനവണങ്ങി.

ഇഷ്ടരശ് [സം. ഇഷ്ട–മ. അരശ്] നാ. ചതുരങ്ഗക്കളിയിൽ കുതിരയെക്കൊണ്ടു (ദേവൻെറ നേർക്കു) പറയുന്ന അരശ്.

ഇഷ്ടലാഭം [സം. –ലാഭ] നാ. ആഗ്രഹപ്രാപ്തി.

ഇഷ്ടവത്ത് [സം. –വത്] വി. ഇഷ്ടമുള്ള.

ഇഷ്ടസങ്ഖ്യ [സം. –സങ്ഖ്യാ] നാ. (ഗണിത) (ഒരു ക്രിയയിൽ) കണ്ടുപിടിക്കാനുള്ള സങ്ഖ്യ.

ഇഷ്ടസിദ്ധി [സം. –സിദ്ധി] നാ. ഇഷ്ടലാഭം.

ഇഷ്ടാനിഷ്ടം [സം. –അനിഷ്ട] നാ. ഇഷ്ടവും അനിഷ്ടവും, പ്രീതിയും അപ്രീതിയും.

ഇഷ്ടാന്യപരവാച്യധ്വനി [സം. –അനു–പര–വാച്യ–ധ്വനി] നാ. (അലം.) ധ്വനിയുടെ പ്രധാനപ്പെട്ട രണ്ടുവിഭാഗങ്ങളിൽ ഒന്ന്, വിവക്ഷിതാന്യപരവാച്യധ്വനി, വിവക്ഷിതവും വ്യങ്ഗ്യാർഥത്തെ സൂചിപ്പിക്കുന്നതും ആയ വാച്യാർഥം ഉള്ളത്.

ഇഷ്ടാപത്തി സം. –ആപത്തി] നാ. ആഗ്രഹിച്ചതു വന്നുചേരൽ.

ഇഷ്ടാപൂർത്തം [സം. –പൂർത] നാ. ശ്രുതിയിലും സ്മൃതിയിലും വിധിക്കപ്പെട്ടിട്ടുള്ള കർമങ്ങൾ, യാഗാതികർമാനുഷ്ഠാനം, വഴിക്കിണറും കുളവും കുഴിപ്പിക്കൽ, ചോലമരം നട്ടുവളർത്തൽ മുതലായവ, പൊതുനന്മയ്ക്ക് ഉപകരിക്കുന്ന കർമങ്ങൾ.

279

ഇഷ്ടാർഥം [സം.– അർഥ] നാ. ഇച്ഛരിക്കപ്പെട്ടവിഷയം, പ്രിയപ്പെട്ടകാര്യം, ഇഷ്ടാർഥോദ്യുക്ത = ഇച്ഛരിച്ചകാര്യം നേടുന്നതിന് ഒരുങ്ങിയ.

ഇഷ്ടി [സം. <യജ്] നാ. 1. യാഗം, മൃഗബലിയോ സോമതർപ്പണമോ കൂടാതെ ഫലങ്ങളും തൈരും മറ്റും മാത്രം തർപ്പിച്ചുകൊണ്ടുള്ള ദേവപൂജ; 2. ഇച്ഛ, ആഗ്രഹം; 3. ആഗ്രഹിച്ചവസ്തു; 4. ക്ഷണിക്കൽ; 5. തിടുക്കം.
ഇഷ്ടി(ക) [സം. യഷ്ടി] നാ. ഒരു ആയുധം.
ഇഷ്ടിക [സം. ഇഷ്ടികാ] നാ. 'യാഗകുണ്ഡം പണിയുന്നതിന് ഉപയോഗിക്കുന്ന ചുടുകട്ട', ഇഷ്ടക, ചുടുകല്ല്, ചെങ്കല്ല്.
ഇഷ്ടീകൃതം, ഇഷ്ടാകൃതം [ഇഷ്ടീ-കൃത] നാ. ഒരു യാഗം.
ഇഷ്മ [സം. ഇഷ്മ] വി. ആഗ്രഹമുള്ള.
ഇഷ്മൻ [സം.] കാമദേവൻ.
ഇഷ്മം [സം. ഇഷ്മ] നാ. വസന്തകാലം.
ഇഷ്വൻ [സം. ] നാ. 1. ആധ്യാത്മികാചാര്യൻ; 2. ശക്തൻ.
ഇഷ്വാസം [സം. ഇഷു-ആസ] നാ. വില്ല്.
ഇസം [ഇം.ദ്ധന്ഥണ്ഡ] നാ. പ്രസ്ഥാനം, തത്ത്വസരണി, തത്ത്വം, സിദ്ധാന്തം (അവജ്ഞാർഥത്തിൽ).
ഇസ്കുക ക്രി. 1. വഞ്ചിക്കുക, പറ്റിക്കുക, വഞ്ചിച്ചെടുക്കുക, തട്ടിയെടുക്കുക, മോഷ്ടിക്കുക; 2. സംയോഗം ചെയ്യുക (അശ്ലീലം).
ഇസ്കൂൾ, ഇസ്കോൾ [<ഇം.ന്ഥ്യറഗ്നഗ്നRs] നാ. സ്കൂൾ, പാഠശാല, പള്ളിക്കൂടം.
ഇസ്തിരി, ഇസ്തരി, ഇസ്ത്രി [പോർ] നാ. 1. വസ്ത്രങ്ങൾ തേച്ചു നേർമവരുത്തൽ; 2. വസ്ത്രം തേച്ചുമിനുസപ്പെടുത്താൻ ഉപയോഗിക്കുന്ന ലോഹനിർമ്മിതമായ ഉപകരണം. (പ്ര.) ഇസ്തിരിയിടുക, ഇസ്ത്തിരിക്കിടുക = ഇസ്തിരി ഉപയോഗിച്ചു വസ്ത്രം തേയ്ക്കുക, ഇസ്തിരിപ്പെട്ടി = ഇസ്തിരിയിടുവാൻ ഉപയോഗിക്കുന്ന ഉപകരണം.
ഇസ്പേട്, ഇസ്പിശീട്ട് നാ. നാലുജാതി ചീട്ടുകളിൽ ഒന്ന്, ഞെട്ടോടുകൂടിയ അരയാലിലആകൃതിയിൽ കറുത്തപുള്ളി അടയാളപ്പെടുത്തിയിട്ടുള്ളത്, (പ്ര.) ഇസ്പേടുരാജാവ് = നിസ്സാരനായ പ്രഭു, പേരിൽമാത്രം രാജാവ്, ഇസ്പേട് ആറാങ്കൂലി = ഒന്നിനും കൊള്ളാത്തവൻ.
ഇസ്രായേൽ, ഇസ്രേൽ, യിസ്രായേൽ നാ. യാക്കോബിനു ദൈവദൂതൻ നൽകിയ പേര്, എബ്രായജനം, ഇസ്രായേൽ രാജ്യം, ദൈവത്തിൻെറ മക്കൾ.
ഇസ്ലാം [അറ.] നാ. 1. മുഹമ്മദ്നബി പ്രചരിപ്പിച്ച മതം ഇസ്ലാം മതം; 2. സമാധാനം, ശാന്തി; 3. ഈശ്വരൻെറ ആജ്ഞഅനുസരിക്കൽ; 4. ഇസ്ലാം മതാനുയായി, മുസ്ലിം.
ഇസ്ലാമിക വി. ഇസ്ലാമിനെ സംബന്ധിച്ച.
ഇസ്ലാമീങ്ങൾ ഇസ്ലാംമതസ്ഥർ, മുസ്ലീങ്ങൾ.
ഇഹ [സം.] അവ്യ. 1. ഇവിടെ, ഈലോകത്ത്; 2. ഇപ്പോൾ, ഈ സമയത്ത്; 3. പാദപൂർണാർഥമായും പ്രയോഗം.
ഇഹത്യൻ [സം. ഇഹ-ത്യ] നാ. ഇവിടെ ഉള്ളവൻ, ഈലോകത്തിലുള്ളവൻ.
ഇഹപരം [സം. -പര] നാ. ഈലോകവും പരലോകവും.
ഇഹഭോഗം [സം. -ഭോഗ] നാ. ഭൗതികസുഖം, ലൗകികസുഖം.
ഇഹം ['പരം' എന്നതിനോട് അബദ്ധതാരതമ്യത്തിൽ ഉണ്ടായരൂപം < സം. ഇഹ] നാ. ഇഹലോകം, ഈ ലോകം. ഇഹം ഇഹത്തിൽ എന്ന രണ്ടുരൂപങ്ങൾ മാത്രമേ സാധാരണപ്രയോഗത്തിലുള്ളു ഉദാ: ഇഹം പരം, ഇഹത്തിലും പരത്തിലും.
ഇഹലോകം [സം. -ലോക] നാ. ഈലോകം, ഭൂലോകം.

ഇഹാമുത്ര [സം. –അമുത്ര] അവ്യ. ഇഹലോകത്തും പരലോകത്തും, ഇവിടെയും അവിടെയും.
ഇഹ്റാം [അറ.] നാ. മെക്കായിലേക്കു തീർഥയാത്രപോകുന്ന മുസ്ലിങ്ങൾ ഹജ്ജിൽപ്രവേശിക്കുന്നതിനെ ഉറപ്പിച്ചുകൊണ്ടുചെയ്യുന്ന ഒരു ചടങ്ങ്, മെക്കായിലേക്കുപ്രവേശിച്ചുകഴിഞ്ഞ തീർഥയാത്രകാർക്കു ധരിക്കുവാൻ വിധിക്കപ്പെട്ടിട്ടുള്ള വസ്ത്രം.
ഇഹ്റാംകെട്ടുക നാ. = മെക്കായിലേക്കു പോകുവാനായി വ്രതമെടുക്കുക.
ഇള1 വി. ഇളയ, ഇളതായ, പ്രായംകുറഞ്ഞ, പിഞ്ചായ. 'ഇളം' നോക്കുക. ഇളനായ് കടിയറികയില്ല, ഇളംപോത്തു വെട്ടറികയില്ല, ഇളമാൻ കടവറിയാ, മുതുമാൻ ഓട്ടം വെല്ലാ (പഴ.)
ഇള2 നാ. കുരുന്ന്, മുള, പൊടിപ്പ്, ഇളയത്.
ഇള3 നാ. = ഇളവ്, വിശ്രമം. (പ്ര.) ഇളകൊള്ളുക = വിശ്രമിക്കുക, കുടികൊള്ളുക, വസിക്കുക.
ഇള4 [സം. ഇലാ] നാ. 1. ഭൂമി; 2. പശു; 3. ഇഡ; 4. മേഘം (സംജ്ഞയായും പ്രയോഗമുണ്ട്).
ഇളകിനായാട്ട് [ഇളകി–നായാട്ട്] നാ. നായാട്ടുവിധികളിൽ ഒന്ന്.
ഇളകിയാട്ടം [ഇളകി–ആട്ടം] നാ. കഥകളിയിൽ നടൻ ചൊല്ലിയാട്ടത്തെതുടർന്ന് സ്വന്തം മനോധർമ്മപ്രകടിപ്പിച്ചുകൊണ്ട് അഭിനയിക്കുന്നത്.
ഇളകുക ക്രി. 1. അനങ്ങുക, സ്ഥാനം വിട്ടുമാറുക, ചലിക്കുക, അലയുക; 2. ക്ഷോഭിക്കുക, പ്രക്ഷോഭണം നടത്തുക; 3. ഉത്സാഹം, ഭീതി, ദയ മുതലായവകൊണ്ട് മനസ്സിൻെറ സ്ഥിതിക്കു മാറ്റം വരുക, തരളമാക്കുക; 4. മുറുക്കം കുറയുക, അയയുക; 5. കട്ടിയില്ലാതാവുക, ദ്രവമാക്കുക, ഉദാ: മലം ഇളക്കുക.
ഇളക്കക്കാരൻ [ഇളക്കം–കാരൻ] നാ. ചഞ്ചലസ്വഭാവമുള്ള ആൾ, ധിക്കാരി, അധികപ്രസങ്ഗി, നിയന്ത്രണമില്ലാത്തവൻ. (സ്ത്രീ) ഇളക്കക്കാരി.
ഇളക്കത്താലി [ഇളക്കം–താലി] നാ. ഒരു കണ്ഠാഭരണം, ഇളക്കുതാലി.
ഇളക്കം നാ. 1. ചലനം, കുലുക്കം, അനക്കം; 2. മനസ്സിനുണ്ടാകുന്ന ക്ഷോഭം; 3. വയറ്റിളക്കം; 4. മനസ്സുമാറ്റം.
ഇളക്കുക [ഇളകുക > പ്രയോ.] ക്രി. 1. അനകുക, ശക്തിയായി ചലിപ്പിക്കുക, സ്ഥാനത്തുനിന്നു മാറ്റുക, ഉലയ്ക്കുക; 2. ക്ഷോഭിക്കുക; 3. പ്രേരിപ്പിക്കുക, മനസ്സിനുമാറ്റം വരുത്തുക, വിഘ്നപ്പെടുത്തുക. ഉദാ: തപസ്സ് ഇളക്കി; 4. മരുന്നും മറ്റും കൊണ്ടു മലം ഇളകിപോകത്തക്കവണ്ണം ചെയ്യുക, ഉദാ: വയറ് ഇളക്കുക (പ്ര.) ഇളക്കിമറിക്കുക = സമൂലപരിവർത്തനം വരുത്തുക, വലിയ ക്ഷോഭം ജനിപ്പിക്കുക.
ഇളക്കുതാലി [ഇളക്–താലി] നാ. ഇളക്കത്താലി.
ഇളങ്കണ്ണി [ഇളം–കണ്ണി] നാ. കഴമ്പ് ഉറയ്ക്കാത്ത അടയ്ക്ക, പൈങ്ങ.
ഇളങ്കള്ള് [ഇളം–കള്ള്] നാ. പുളിക്കാത്ത കള്ള്.
ഇളങ്കാറ്റ് [ഇളം–കാറ്റ്] നാ. നേരിയ കാറ്റ്, തെന്നൽ.
ഇളങ്കിരിയം [ഇളം–കിരിയം] നാ. മലബാറിലെ നായന്മാരിൽ ഒരുവിഭാഗം (എളംകിരിയം, മേനോക്കി, മേനോൻ, പിള്ള, കുറുപ്പ്, പണിക്കർ എന്നിങ്ങനെ പലപേരുകളിൽ അറിയപ്പെടുന്നു.
ഇളങ്കുടി നാ. ഇളയകുടി, രണ്ടാം ഭാര്യ ൻ മൂത്താൻകുടി.
ഇളങ്കുട നാ. വലത്തേ കൈപ്പലകയ്ക്കു മുകളിലുള്ള ഒരു മർമം.

ഇളങ്കൂറ്　　നാ. ഇളയമുറ, ഇളയഅവകാശി.
ഇളങ്കൊടി　　നാ. ഇളം വള്ളി, കന്നുകാലികളുടെ പ്രസവാവസരത്തിൽ വീഴുന്ന മാശ്.
ഇളങ്കോ　　[ത. ഇളം-കോ] നാ. ഇളമുറ രാജാവ്, യുവരാജാവ്.
ഇളങ്കോഅടികൾ　　[ത. ഇളം-കോ-അടി-കൾ] നാ. 1. ഇളമുറത്തമ്പുരാൻ; 2. തിരുവഞ്ചിക്കുളത്തു വാണിരുന്ന ചേരൻ ചെങ്കുട്ടുവൻെറ സഹോദരൻ, ചിലപ്പതികാരത്തിൻെറ കർത്താവ്.
ഇളങ്കോലം　　[ഇളം-കോലം] നാ. തെയ്യാട്ടത്തിലെ ചെറിയവേഷം.
ഇളങ്കോവിൽ　　[ത. ഇളങ്കോയിൽ] നാ. ബാലാലയം, അമ്പലം പുതുക്കിപ്പണിയിക്കുമ്പോൾ വിഗ്രഹം തൽക്കാലത്തേക്കു മാറ്റിയിരുത്തുന്ന സ്ഥലം, (പ്ര.) ഇളങ്കോവിൽ കൊള്ളുക = ബാലാലയത്തിൽ വിഗ്രഹം പ്രതിഷ്ടിക്കുക.
ഇളങ്കല്ലൂർ, ഇളങ്കള്ളൂർ, എളങ്കല്ലൂർ നാ. ഇടപ്പൾലിസ്വരൂപം എന്ന രാജവംശം.
ഇളങ്ങിൽ　　നാ. പുലയരും മറ്റും ഉയർന്ന ജാതിക്കാരുടെ പേരോടു ചേർത്തു വിളിക്കുന്ന ഒരു ആചാരവാക്ക്.
ഇളത്　　[<ഇള] നാ. 1. മുറ്റാത്തത്, വിളയാത്തത്; 2. മൂക്കാത്തത്, പാകം ശരിക്കുവരാത്തത് (കാച്ചിയ എണ്ണയും മറ്റും പോലെ); 3. താഴ്ച, കുറവ്, കുറച്ചിൽ, (പ്ര.) ഇളതാകുക = 1. അലിയുക, 2. ശരീരം മൃദുവായിത്തീരുക, (പ്രസവം കൊണ്ടെന്നപോലെ).
ഇളനീർ, ഇളന്നീര്, എളനീര് [ഇള-നീർ] നാ. ഇളയനാളികേരം, കരിക്ക്, ഇളനീർക്കുഴമ്പ് = നേത്രരോഗങ്ങൾക്കുപയോഗിക്കുന്ന ഒരു ഔഷധക്കുഴമ്പ്, കരിക്കിൻ വെള്ളം പ്രധാനാംശമായി ചേർത്തു തയ്യാറാക്കുന്നത്.
ഇളന്തച്ചൻ　　[ഇളം -തച്ചൻ] നാ. കപ്പൽപ്പണിക്കാരൻ, കപ്പൽപ്പണിക്കാരനായ ആശാരി.
ഇളന്തല　　[ഇളം-തല] നാ. 1. ചെടികളുടെ മൂപ്പുകുറഞ്ഞ ഭാഗം, മണ്ട, തലപ്പ്; 2. ചെറുപ്പക്കാരുടെ (കുട്ടികളുടെ) തലമുറ.
ഇളന്തലക്കാണം　　[ഇളന്ത-കാണം] നാ. മിച്ചവാരത്തിനു പുറമേ ജന്മിയുടെ തൊട്ടടുത്ത അവകാശിക്കു കുടിയാൻ കൊടുക്കേണ്ട തുക.
ഇളന്താരി　　[ഇളം-താരി] നാ. 1. ചെറുപ്പക്കാരൻ, ചെറുപ്പക്കാരി; 2. മാന്നാന്മാരുടെ ഇടയിൽ വിവാഹം ഉറപ്പിക്കുന്നതിനു വധുവിൻെറ ഭാഗത്തുള്ള പ്രതിനിധി, തണ്ടക്കാരൻ.
ഇളന്താര്　　[ഇളം-താര്] നാ. വിളയാത്ത കുരുമുളകുതിരി.
ഇളന്താളിക്കുക　　ക്രി. 1. ഇളം താളുകൾ ഉണ്ടാക്കുക, തളിർക്കുക, തഴയ്ക്കുക; 2. മരുന്നു സേവിക്കുകയാലോ രോഗത്താലോ ശരീരം ഇളതാകുക.
ഇളന്തിണ്ണ　　[ഇളം-തിണ്ണ] നാ. ചെറിയ വരാന്ത.
ഇളന്നീര്　　[ഇളം-നീര്] നാ. ഇളനീര്, കരിക്ക്, ഇളന്നീരാട്ടം = കരിക്കിൻവെള്ളംകൊണ്ട് ദേവബിംബത്തെ അഭിഷേകം ചെയ്യൽ.
ഇളന്നീരുകണ്ടൻ　　[ഇളന്നീര്-കണ്ടൻ] നാ. ഒരു ഇനം ചെറിയ പക്ഷി, മാലക്കണ്ടൻ, (ശബ്ദം, തേങ്ങ കുലുക്കുന്നതിനോടു തുല്യം).
ഇളന്നുപോവുക　　[ഇളന്നു < ഇള-പോവുക] (വിശേഷരൂപം) കുറയുക, ഇല്ലാതാവുക, ബലമില്ലാതാവുക, അയയുക.
ഇളപ്പം　　നാ. 1. ചെറുപ്പം, പ്രായക്കുറവ്, പക്വമാകാത്ത അവസ്ഥ; 2. മൂക്കാത്ത അവസ്ഥ; 3. താഴ്മ, കുറവ്, കുറച്ചിൽ, ഇടിവ്, അപമാനം; 4. ചീത്തത്തം; 5. പ്രാവശ്യം (പ്ര.) ഇളപ്പം പറയുക = നിസ്സാരമാക്കുക, ആക്ഷേപിക്കുക.

ഇളപ്പ്, ഇളയ്പ് നാ. 1. ക്ഷീണത, ആലസ്യം; 2. വിശ്രമം.

ഇളപ്പെടുക [ഇളമ-പെടുക] ക്രി. താഴുക, കുറയുക, മോശപ്പെടുക, ക്ഷീണിക്കുക, തോൽക്കുക.

ഇളം [ഇള1 എന്നതിനു സന്ധിയിൽ അനുസ്വാരം ചേർത്തരൂപം] വി. ഇളയ, പ്രായമാകാത്ത, വികസിക്കാത്ത, മൃദുവായ, നേരിയ ഉദാ: ഇളന്തലയ്ക്കു കാതലോ.

ഇളമ നാ. 1. ഇളപ്പം, താഴ്മ, കുറവ്, അപമാനം; 2. പ്രായക്കുറവ്, ചെറുപ്പം; 3. ഇളമുറ, ഇളങ്കൂറ്, പാകമാകാത്ത അവസ്ഥ.

ഇളമതി [മ. ഇള-സം. മതി] നാ. ബാലചന്ദ്രൻ.

ഇളമതിൽ [ഇള-മതിൽ] നാ. ചെറിയമതിൽ, പൊക്കം കുറഞ്ഞമതിൽ.

ഇളമധു [സം. മധു] നാ. പുതിയ തേൻ.

ഇളമൻ, ഇളവൻ നാ. ഇളയ തേങ്ങ.

ഇളമനസ്സ് [മ. ഇള-സം. മനസ്] നാ. 1. മൃദുലമായ മനസ്സ്; 2. പക്വതവരാത്ത മനസ്സ്.

ഇളമരം [ഇള-മരം] നാ. 1. ഇരിക്കത്തക്കവണ്ണം വരാന്തയുടെ ഒരറ്റത്ത് പ്രത്യേകം പണിതിട്ടുള്ള ഭാഗം, ഇരിഞ്ഞി; 2. ഇളപ്പ്, ചുമടുതാങ്ങി; 3. തടി മൂക്കാത്ത മരം.

ഇളമാൻ [ഇള-മാൻ] നാ. മാൻകുട്ടി, ഇളമാൻകണ്ണി = ഇളമാനിൻെറ കണ്ണുകൾപോലെ ഇളകുന്നതും മനോഹരവുമായ കണ്ണുകൾ ഉള്ളവൽ, സുന്ദരി.

ഇളമിക്കുക [< ഇളമ] ക്രി. 1. ഇളതാകുക, മൃദുവാകുക; 2. ഗുണം നശിക്കുക, മൂപ്പുകുറയുക ഉദാ: കാച്ചിയ എണ്ണ ഇളമിക്കുക; 3. ഇളമവയ്ക്കുക, വൃക്ഷത്തിൻെറയും മറ്റും കവരം ഒടിഞ്ഞതു വീണ്ടും വളരുക.

ഇളമീന്ന് [< ഇളമയിൽ നിന്ന്] നാ. ഇളമുറക്കാരൻ, അടുത്ത അവകാശി, ഇളയകാരണവർ ൻ മൂപ്പീന്ന്.

ഇളമുറ [ഇള-മുറ] നാ. അടുത്ത അവകാശി, ഇളയ അവകാശി.

ഇളമൃഗം നാ. 1. ഇളയ ജന്തു; 2. ഇളയമാൻ.

ഇളമ്പക്ക നാ. ഒരിനം കക്ക.

ഇളമ്പനി [ഇളം-പനി] നാ. ചെറിയ പനി, ലഘുവായ പനി.

ഇളമ്പൽ നാ. ഇളയഭാഗം, മുറ്റാത്തഭാഗം.

ഇളമ്പാകം [മ. ഇളം-സം. പാക] നാ. പാകം ചെയ്യുമ്പോൾ നല്ലപോലെ മൂക്കാത്ത സ്ഥിതി, മെഴുകുപാകം.

ഇളമ്പിറ [ഇളം-പിറ] നാ. ബാലചന്ദ്രൻ.

ഇളമ്പുല്ല് നാ. ഇളയപുല്ല്, ബാലതൃണം, ശഷ്പം. ഉള്ളത്തിലിഷ്ടം അമ്മാനിന്ന് ഇളമ്പുല്ല് (പഴ.), ഇളമ്പുല്ലൻ = നിസ്സാരൻ.

ഇളമ്പൂവ് [ഇളം-പൂവ്] നാ. വെടിക്കെട്ടിൽ കാണിക്കുന്ന ഒരു വിദ്യ, കരിമരുന്ന് പ്രയോഗം.

ഇളമ്പൊൻ [ഇളം-പൊൻ] നാ. മാറ്റുകുറഞ്ഞ സ്വർണം.

281

ഇളയ വി. 1. പ്രായം കുറഞ്ഞ, ഉദാ: ഇളയപെങ്ങൾ; 2. മൂക്കാത്ത, മുറ്റാത്ത ഉദാ: ഇളയ തളിര്; 3. ചെറിയ, വലിപ്പം കുറഞ്ഞ.

ഇളയച്ഛൻ [ഇളയ-അച്ഛൻ] നാ. 1. അച്ഛൻെറ അനുജൻ, കൊച്ചപ്പൻ, ചിറ്റപ്പൻ; 2. അമ്മയുടെ അനുജത്തിയുടെ ഭർത്താവ്.

ഇളയത്, എളയത് നാ. 1. പ്രായംകുറഞ്ഞ സഹോദരനോ സഹോദരിയോ, ഉദാ: മൂത്തതും ഇളയതും; 2. അമ്പലവാസികളിൽ ഒരു ജാതി, നായന്മാരുടെ ശ്രാദ്ധാദികർമങ്ങളിൽ പൗരോഹിത്യവും, നായന്മാരുടെ ക്ഷേത്രങ്ങളിൽ പൂജയും കുലവൃത്തിയും ചെയ്യുന്നവർ. (സ്ത്രീ) ഇളോരമ്മ, ഇളോർമ, എളയമ്മ, കുഞ്ഞമ്മ.
ഇളയപ്പൻ [ഇളയ-അപ്പൻ] നാ. ഇളയച്ഛൻ, അച്ഛൻെറ അനുജൻ, ചിറ്റപ്പൻ.
ഇളയമ്മ [ഇളയ-അമ്മ] നാ. 1. ചിറ്റമ്മ, അമ്മയുടെ അനുജത്തി, കൊച്ചമ്മ, കുഞ്ഞമ്മ; 2. അച്ഛൻെറ രണ്ടാം ഭാര്യ; 3. അച്ഛൻെറ അനുജൻെറ ഭാര്യ.
ഇളയരശ് [ഇളയ-അരശ് < രാജൻ] നാ. ഇളങ്കൂറ്, ഇളയരാജാവ്.
ഇളയവൻ [ഇളയ-അവൻ] നാ. 1. അനുജൻ, 2. പ്രായംകുറഞ്ഞവൻ (സ്ത്രീ) ഇളയവൾ.
ഇളയാൻ നാ. ഇളയവൻ.
ഇളയിട, ഇളയെടത്തുസ്വരൂപം, എളയെടത്തു- [ഇളയ - ഇടം] നാ. കൊട്ടാരക്കരരാജവംശം.
ഇളയോൻ നാ. ഇളയവൻ.
ഇളയോരമ്മ, ഇളോർമ, എളോർമ [ഇളയോർ-അമ്മ] നാ. ഇളയതു ജാതിയിൽപ്പെട്ട സ്ത്രീ.
ഇളയ്ക്കുക ക്രി. 1. ക്ഷീണിക്കുക, ചടയ്ക്കുക; 2. കുറ്റിഉണ്ടാകുക, ഇല്ലാതാവുക, ശമനം വരിക; 3. താമസിക്കുക, വിശ്രമിക്കുക, തങ്ങുക, താരത. ഇളകൊള്ളുക; 4. ഇളവുചെയ്യുക, കുറവുചെയ്തുകൊടുക്കുക, ഉദാ: കരം ഇളയ്ക്കുക, പലിശ ഇളയ്ക്കുക; 5. കൂടാതെകഴിക്കുക, വേണ്ടെന്നു വയ്ക്കുക; 6. മതിയാക്കുക, നിറുത്തുക; 7. ക്ഷമിക്കുക, ഇളയാതെ = 1. കുറവുകൂടാതെ, മടികൂടാതെ; 2. കാലതാമസം കൂടാതെ.
ഇളവൻ, ഇളയൻ നാ. 1. കുമ്പളങ്ങയുടെ ഇനത്തിൽപ്പെട്ടതും അതിനേക്കാൾ നീളവും വലിപ്പവുമുള്ളതുമായ ഒരു കറിക്കായ്, തടിയൻകായ്; 2. മൂപ്പെത്താത്ത കുമ്പളങ്ങ, വിളവെത്താത്ത കായ്; 3. ഒരിനം വെള്ള മരിച്ചീനി; 4. ഇളയവൻ, അനുജൻ.
ഇളവരശ് [ഇള-അരശ്] നാ. ഇളയരശ്, യുവരാജാവ്.
ഇളവറ്റ [ഇളവ്-അറ്റ] വി. 1. കുറവില്ലാത്ത; 2. ഇടവിടാത്ത.
ഇളവാപ്പ [മ. ഇള-ഹി. ബാബാ] നാ. ഇളയച്ഛൻ (മുസ്ലീങ്ങളുടെ ഇടയിൽ).
ഇളവിത്ത് [ഇള-വിത്ത്] നാ. മൂപ്പുകുറഞ്ഞ നെൽവിത്ത്, മൂന്നുമാസംകൊണ്ട് വിളവെടുക്കാവുന്നത്.
ഇളവ് [ഇളയ്ക്കുക] നാ. 1. അവധി, ഒഴിവ്, വിശ്രമം, ഉദാ: ഇളവില്ലാത്ത ജോലി; 2. കുറവ്, കുറവുചെയ്യൽ, ഉദാ: കരം ഇളവുചെയ്യൽ; 3. നാശം, ഉപദ്രവം.
ഇളവെയിൽ [ഇള-വെയിൽ] ണ. രാവിലെയുള്ള വെയിൽ. ഇളം വെയിൽ ഇളവെയിലേക്കാത്തവൻ = ഒട്ടും ദു:ഖം അനുഭവിച്ചിട്ടില്ലാത്തവൻ, അധ്വാനിക്കാത്തവൻ.
ഇളാജാനി [സം. ഇലാ-ജാനി] 'ഭൂമി ജായയായുള്ളവൻ' നാ. രാജാവ്.
ഇളാപതി [സം. -പതി] നാ. ഭൂപതി, രാജാവ്.
ഇളാപാലനം [സം. -പാലന] നാ. ഭൂമിപാലനം.
ഇളാപ്രിയൻ [സം. -പ്രിയ] നാ. രാജാവ്.
ഇളാഭൃത്ത് [സം.-ഭൃത്] നാ. ഭൂഭൃത്ത്, രാജാവ്.
ഇളി1 [< ഇളിക്കുക] നാ. പല്ലുകാട്ടിയുള്ള ചിരി, ഹാസ്യപൂർവമായ ചിരി.
ഇളി2, എളി [< ഇള] ' ഇളിഞ്ഞഭാഗം, ഇടുങ്ങിയഭാഗം.' നാ. അരക്കെട്ട്.
ഇളി3 [സം. ഇലി] നാ. 1. ചെറിയ വാൾ; 2. കുറുവടി.
ഇളിക്കുക ക്രി. 1. പരിഹസിച്ചോ ലജ്ജിച്ചോ മറ്റോ പല്ലുകാട്ടിച്ചിരിക്കുക, പല്ലുകാട്ടുക; 2. ലജ്ജിക്കുക, പരിഹാസമായിത്തീരുക.

ഇളിക്കൂട് [ഇളി1–കൂട്] നാ. എളിക്കൂട്, അരക്കെട്ടിലെ അസ്ഥിക്കൂട്.
ഇളിച്ചൽ, –ച്ചിൽ [ഇളിക്കുക] നാ. ഇളിപ്പ്, ലജ്ജിക്കൽ.
ഇളിച്ചവായൻ [ഇളിച്ച–വായൻ] 'വായ് ഇളിച്ചുകൊണ്ടു നിൽക്കുന്നവൻ' നാ. മടയൻ, ജളൻ.
ഇളിഞ്ഞിൽ നാ. കുളമാവ് എന്ന മരം.
ഇളിനീർ നാ. ഉമിനീർ, ഈത്തുവാ, ലാല.
ഇളിപ്പ് [<ഇളിക്കുക] നാ. 1. പല്ലു കാട്ടിയുള്ള ചിരി; 2. നാണിക്കൽ.
ഇളിപ്പൂട്ട് [ഇളി–പൂട്ട്] നാ. ചട്ടയുടെ മധ്യത്തിൽ ഉറപ്പിനായി കെട്ടുന്ന കച്ച, അധികാംശം.
ഇളിഭ്യത, ഇളിഭ്യത്തം, ഇളിഭ്യത്തരം [<ഇളിക്കുക, സംസ്കൃതാനുകരണം] നാ. ഭോഷത്തം, ജാള്യത, വിഡ്ഢിച്ചിരി ചിരിക്കാനുള്ള സാഹചര്യം.
ഇളിഭ്യൻ [ഇളിപ്പിയൻ] 'ഇളിപ്പു പറ്റിയവൻ' നാ. ഭോഷൻ, വിഡ്ഢി.
ഇളിഭ്യരാശി = പമ്പരവിഡ്ഢി.
ഇളിഭ്യം [ഇളിപ്പ് < ഇളിപ്പിയം] നാ. ഭോഷത്തം, വിഡ്ഢിത്തം, ഭോഷത്തം പറ്റിയതുകൊണ്ടുള്ള ലജ്ജ.. ഇളിഭ്യച്ചിരി = വിഡ്ഢിച്ചിരി.
ഇളിയൻ നാ. തകരാറുകാരൻ.
ഇളിയനെലി [ഇളിയൻ–എലി] നാ. ഒരിനം എലി, ജന്തു.
ഇളിയുക ക്രി. 1. ഉന്തിനിൽക്കുക, പുറത്താവുക; 2. നാണിക്കുക, ആക്ഷേപംകൊണ്ടും മറ്റും എളിമവരുക; 3. ഇറങ്ങുക.
ഇളുക്കാശി നാ. അക്ലാരിത്തേങ്ങ, ഇണ്ടിലിടുക്കിൽ ഇളുക്കാശിത്തെങ്ങിന്മേൽ അഞ്ഞൂറും മുന്നൂറും കൊട്ടത്തേങ്ങ = ഈന്തിൻ കായ് (കടംകഥ)
ഇളുക്കുക ക്രി. ഉള്ളിലേക്കു വലിക്കുക, വലിച്ചുകുടിക്കുക (കഫത്തിൻെറ തടസ്സംകൊണ്ടും മറ്റും) വിമ്മിഷ്ടത്തോടെ ശ്വാസോച്ഛ്വാസം ചെയ്യുക, ഇഴുകുക.
ഇളുപ്പ് [ഇളുക്കുക] നാ. 1. വലിവ്, ശ്വാസവികാരം; 2. അറപ്പ്, വെറുപ്പ്.
ഇളുമ്പ് നാ. 1. വിടവ്, ഇട, ദ്വാരം; 2. വിളുമ്പ്, വക്ക്, അറ്റം.
ഇളെയ വി. ഇളെ, ഇളേ, ഇളയ.
ഇളേശൻ [സം. ഇലാ–ഈശ] നാ. ഭൂമിയുടെ നാഥൻ, രാജാവ്.
ഇളൊമ്മ = ഇല്ലോടമ്മ.
ഇള്ളലക്കരി നാ. = ഇല്ലട്ടക്കരി.
ഇള്ളാര വി. ഓമനയായ, ചെല്ലമായ, താരത. പൊന്നാര.
ഇഴ1 നാ. നൂല്, നേരിയ നൂൽ, ഒറ്റപ്പിരിനൂൽ; 2. തലനാര്, ഒറ്റമുടി; 3. തൂണിന്മേൽ കയറ്റിവച്ചിരിക്കുന്ന ഉരുളന്തടി; (പ്ര.) ഇഴയിടുക = പിഞ്ചിപ്പോയ തുണിയിൽ നൂൽപാകുക, ഇഴവയ്ക്കുക, കയറ്റുക.
ഇഴക്കയർ [ഇഴ–കയർ] നാ. രണ്ട് ഇഴകൾതമ്മിൽ കൂട്ടിപ്പിരിച്ച കയറ്.
ഇഴക്കുക ക്രി. നഷ്ടപ്പെടുക, ഉദാ: ഉയിരിഴക്കുക.
ഇഴക്കോൽ [ഇഴ–കോൽ] നാ. തുന്നൽസൂചി.
ഇഴച്ചൽ, ഇഴച്ചിൽ നാ. ഇഴഞ്ഞുപോകൽ.
ഇഴജന്തു [മ. ഇഴ–സം. ജന്തു] നാ. ഇഴയുന്ന ജന്തു, പല്ലി പാമ്പ് മുതലായവ.
ഇഴജാതി [മ. ഇഴ–സം. ജാതി] നാ. ഇഴജന്തു.
ഇഴഞ്ഞ [< ഇഴയുക] (ഭൂ.പേരെച്ചം) വി. മന്ദഗതിയിലുള്ള.
ഇഴനാരകം നാ. ഒരിനം നാരകം.

ഇഴപ്പണി [ഇഴ–പണി] നാ. 1. അഴിപ്പണി, എഴിപ്പണി; 2. ഇഴയിടൽ.
ഇഴപ്പ് [< ഇഴയുക] നാ. ഇഴഞ്ഞുപോകൽ, ഇഴച്ചിൽ.
ഇഴയുക ക്രി. 1. നിലത്തോമറ്റോ ദേഹം നെടുകെസ്പർശിച്ചുകൊണ്ട് പതുക്കെ നീങ്ങുക ഉദാ: ഉറുമ്പ് ഇഴയുക; 2. കാൽമുട്ടുകളും കൈകളും നിലത്തൂന്നിക്കൊണ്ടു നീങ്ങുക (ശിശുക്കളും മറ്റും); 3. തറയിലോ മറ്റോ കിടന്നുകൊണ്ടു നീങ്ങുക ഉദാ: ഉടുമുണ്ടു തറയിൽ കിടന്ന് ഇഴയുക; 4. നീട്ടിവലിച്ചു ശ്വാസംവിടുക; 5. സാവധാനത്തിലാകുക, മന്ദമാവുക.
ഇഴയ്ക്കുക [ഇഴയുക > പ്രയോ.] ക്രി. വലിക്കുക, വലിച്ചുകൊണ്ടുപോവുക; 2. വേഗം കുറയ്ക്കുക, മന്ദഗതിയിലാവുക; 3. (ആഭരണത്തിൽ കല്ലും മറ്റും) പതിക്കുക; 4. പറ്റിചേരത്തക്കവണ്ണം തേച്ചുപിടിപ്പിക്കുക; 5. പ്രയാസപ്പെട്ടു ശ്വാസംവിടുക.
ഇഴവച്ചേമ്പ് നാ. ഈഴച്ചേമ്പ്.
ഇഴവള്ളി [ഇഴ–വള്ളി] നാ. പടരുന്ന വള്ളി, മത്തമുതലായവയുടെ വള്ളി.
ഇഴവ് നാ. മരണം, മരണം സംബന്ധിച്ചുള്ള, ദു:ഖാചരണം, ഉദാ: ഇഴവോല = മരണവാർത്ത അറിയിക്കുന്ന ഓല. ഇഴവിനു വന്നവൾ ഞാലി പറിച്ചു. (പഴ.)
ഇഴികുലം [മ. ഇഴി–സം. കുല] നാ. താഴ്ന്ന കുലം.
ഇഴിക്കുക [ഇഴിയുക > പ്രയോ.] ക്രി. ഇറങ്ങുക, കീഴോട്ടുവലിക്കുക.
ഇഴിയുക ക്രി. 1. ഇറങ്ങുക, താഴുക; 2. ഒഴുകുക, ഇറ്റിറ്റുവീഴുക; 3. കുറയുക, താഴ്ചവരിക്കുക.
ഇഴിവ് [< ഇഴിയുക' നാ. 1. താഴൽ; 2. കുറവ്, താഴ്ച.
ഇഴുക നാ. കട്ടിലിൻെറ കാലു തുളച്ച് ഉറപ്പിക്കുന്ന നീണ്ടചട്ടം, നെടിയപടി.
ഇഴുകച്ചേമ്പ് നാ. ഈഴച്ചേമ്പ്.
ഇഴുകൽ നാ. വഴിതിപ്പോകൽ.
ഇഴുകുക ക്രി. 1. പുരളുക, പറ്റുക, പശിമയുണ്ടാവുക, സ്നിഗ്ധത വരിക; 2. പൊടി പറ്റുക, മുഷിയുക; 3. വഴുതുക, വഴുതിവീഴുക; 4. നഷ്ടപ്പെടുക.
ഇഴുക്കം നാ. 1. തേപ്പ്, 2. വഴുവഴുപ്പ്, പശിമ, സ്നിഗ്ധത.
ഇഴുക്കൽ [<ഇഴുക്കുക] നാ. പൂശൽ, പിടിച്ചുതാഴ്ത്തൽ.
ഇഴുക്ക് നാ. വിഴുക്ക്, വിഴുപ്പ്.
ഇഴുക്കുക1 [ഇഴുകുക > പ്രയോ.] ക്രി. 1. പുരട്ടുക, പൂശുക, തേക്കുക; 2. വീഴ്ത്തുക, ഉയർന്നസ്ഥലത്തോ സ്ഥാനത്തോനിന്നു താഴോട്ടു വീഴിക്കുക, നശിപ്പിക്കുക; 3. അമിഴ്ത്തുക, പതിക്കുക, ഉറപ്പിക്കുക.
ഇഴുക്കുക2 ക്രി. 1. തറപറ്റെ ഇഴയുക, പുറകെ വരത്തക്കവണ്ണം ഇഴയുക, വലിക്കുക, വലിച്ചിഴയ്ക്കുക; 2. അടുത്തുവരത്തക്കവണ്ണം പ്രവർത്തിക്കുക, ആകർഷിക്കുക; 3. അനാവശ്യമായി ബന്ധപ്പെടുത്തുക; 4. അറ്റം പിടിച്ചു വലിച്ചു നീളത്തക്കവണ്ണം ചെയ്യുക, നീട്ടുക; 5. സാധാരണയിൽക്കവിഞ്ഞു ദീർഘമായി ശ്വാസംവലിക്കുക; 6. വലിച്ചുകുടിക്കുക.
ഇഴുക്കുക3 [ഇഴുങ്ങുക > പ്രയോ.] ക്രി. മുഷിയുക.
ഇഴുങ്ങുക ക്രി. അഴുക്കുപുരളുക, പറ്റുക; ഉദാ: വസ്ത്രം ഇഴുങ്ങിപ്പോയി.
ഇഴുത്തുക ക്രി. താഴ്ത്തുക, വീഴ്ത്തുക.
ഇഴുപ്പ് [ഇഴുക്കുക2] നാ. വലിവ്, കിതപ്പ്, ശ്വാസോച്ഛ്വാസ വൈഷമ്യം.
ഇഴുവ നാ. ഒരിനം മരം, ഊറാവ്.
ഇഴുവച്ചേമ്പ് നാ. ഈഴച്ചേമ്പ്.
ഇഴുവൻ നാ. ഈഴ(വ)ൻ. (സ്ത്രീ) ഈഴത്തി.

ഇഴുവലി [ഇഴ്2-വലി] നാ. 1. ഇഴുപ്പ്, ശ്വാസം മുട്ട്; 2. അമാന്തം, കാലതാമസം.
ഇഴുവാനകം, ഇഷ്ടവാനകം, ഇന്ദ്രവാനകം നാ. കലിങ്ഗദേശത്തിലെ ഇന്ദ്രവനമന്ന സ്ഥലത്ത് ഉണ്ടാകുന്ന വജ്രം.
ഇറ1 നാ. 1. വീടിൻെറ ഇറമ്പ്; 2. അല്പനേരം, നിമിഷം; 3. കൺപോള, ഇമ.
ഇറ2 നാ. 1. നികുതി, കരം, സർക്കാരിലേക്കു കൊടുക്കാനുള്ള കരങ്ങൾക്കു പൊതുവേ പറയുന്ന പേര്; 2. മിച്ചവാരം, (പ്ര.) ഇറയിടുക = കരം കൊടുക്കുക; 3. ജന്മിയോടു പാട്ടത്തിനുവാങ്ങി അനുഭവിക്കുന്ന സ്ഥലം, കാരാണ്മ; 4. വീട്ടിലേക്കു കയറാനുള്ള ചവിട്ടുകല്ല്; 5. വരാന്തത്തൂണിന്മേലുള്ള ഉത്തരം; 6. കാട്ടുമൃഗങ്ങളുടെ വഴി.
ഇറകൻ [< ഇറക്] നാ. 1. ചിറകുള്ള; 2. കിളിയിറകൻ, ഒരിനം നെല്ല്.
ഇറക് നാ. 1. ചിറക്; 2. തൂവൽ.
ഇറക്കടം [ഇറ < ത. ഇറൈ-കടം] നാ. ഭൂനികുതി.
ഇറക്കണ്ടം [ഇറ-കണ്ടം] നാ. തിരുവിതാംകൂർ സർക്കാരിൽ നിന്നും പിരിച്ചുവന്നിരുന്ന ഒരു കരം.
ഇറക്കം [ഇറങ്ങുക] നാ. 1. കീഴ്പ്പോട്ടുള്ളഗതി; 2. ഉയരത്തിൽനിന്ന് കീഴ്പ്പോട്ടുള്ള ചായ്‌വ്, ചരിവ്; 3. വസ്ത്രങ്ങളുടെയും മറ്റും കീഴോട്ടുള്ള നീളം; 4. വേലിയിറക്കം, സമുദ്രത്തിലേക്ക് ജലത്തിൻെറ വലിവ്; 5. രോഗശമനം; 6. സ്നേഹം; 7. അലിവ് (പ്ര.) ഇറക്കം മുട്ടുക = ആഹാരം ഇറങ്ങാതാവുക.
ഇറക്കല്ല് [ഇറ-കല്ല്] നാ. ഇറങ്കല്ല്.
ഇറക്കാരാണ്മ [ഇറ-കാരാണ്മ] നാ. ഒരുതരം വിരുത്തി, സേവനത്തിനു കരമൊഴിവായി പതിച്ചുകൊടുത്തിരിക്കുന്ന ഭൂമി അനുഭവിക്കുന്ന സമ്പ്രദായം.
ഇറക്കാൽ [ഇറ-കാൽ] നാ. ഇറക്കിക്കെട്ടിയിട്ടുള്ള കൂരയുടെ താഴത്തെ അറ്റം.
283
ഇറക്കിച്ചാർത്ത് [ഇറക്കി-ചാർത്ത്] നാ. ഇറമ്പ്, ചായ്പ്.
ഇറക്കിപ്പണയം [ഇറക്കി-പണയം] നാ. നടപ്പുപണയം, ഉത്തമർണൻെറ കൈവശം വസ്തു വിട്ടുകൊടുത്തുകൊണ്ടുള്ള പണയം.
ഇറക്കിപ്പൂജ [മ. ഇറക്കി-സം.പൂജ] നാ. ക്ഷേത്രത്തിലെ ബിംബം എഴുന്നള്ളിച്ചു പോകുമ്പോൾ ഇടയ്ക്ക് ഇറക്കിച്ചെയ്യുന്ന പൂജ.
ഇറക്കിളി [ഇറ-കിളി] നാ. അങ്ങാടിക്കുരുവി, നാരായണപ്പക്ഷി.
ഇറക്ക് [<ഇറക്കുക] നാ. 1. ഒരുകവിളായി കുടിച്ചിറക്കാവുന്നിടത്തോളം ദ്രാവകം; 2. ഇറക്കൽ, താഴേയ്ക്കു പകർന്നു വയ്ക്കൽ (ചുമടും മറ്റും പോലെ); 3. ചുമടുതാങ്ങി; 4. ചരിവ്; 5. പുരയിടവും അടുത്ത ജലാശയവും സന്ധിക്കുന്നിടം, ജലാശയത്തിൽ നിന്നും കരയ്ക്കിറങ്ങുന്ന സ്ഥലം.
ഇറക്കുക ക്രി. 1. താഴോട്ടാക്കുക, കീഴിലാകത്തക്കവണ്ണം പ്രവർത്തിക്കുക; 2. വാഹനത്തിൽനിന്നു ആളിനേയോ സാമാനത്തേയോ തറയിലാക്കുക, കരയിലാക്കുക; 3. അന്നനാളത്തിൽക്കൂടി താഴോട്ടുചെല്ലത്തക്കവണ്ണം കുടിക്കുകയോ ഭക്ഷിക്കുകയോ ചെയ്യുക; 4. കരയിൽനിന്നും വെള്ളത്തിലാക്കുക; 5. അയയ്ക്കുക, പുറത്താക്കുക; 6. കുത്തിക്കയറ്റുക; 7. ശമിപ്പിക്കുക; 8. വിതയ്ക്കുക; 9. കുറയ്ക്കുക; 10. വ്യവസായത്തിനും മറ്റും പണം മുടക്കുക; 11. പ്രസിദ്ധപ്പെടുത്തുക, പരസ്യപ്പെടുത്തുക, പ്രചാരണത്തിൽ വരത്തക്കവണ്ണം ചെയ്യുക, ഉദാ: നോട്ടീസ് അടിച്ചിറക്കുക; 12. പറ്റിപ്പിടിച്ചിരിക്കുന്നത് ഇളകത്തക്കവണ്ണം വടിച്ചെടുക്കുക; 13. കുറവുവരുത്തുക, തരം താഴ്ത്തുക, മോശപ്പെടുത്തുക.

ഇറക്കുമതി [ത. ഇറക്കുമതി] നാ. വിദേശത്തുനിന്നും ചരക്കുകൊണ്ടുവരൽ.
ഇറങ്കല്ല് [ഇറങ്-കല്ല്] നാ. ചവിട്ടിയിറങ്ങാനുള്ള കൽപ്പടി.
ഇറങ്കോൽ നാ. ഇരങ്കോൽ, ഉരങ്കോൽ.
ഇറങ്ങുക, എറങ്ങുക ക്രി. 1. താഴോട്ടു നീങ്ങുക, ഉയരത്തിൽനിന്നും താഴേയ്ക്കു വരിക; 2. അന്നനാളത്തിൽക്കൂടി താഴോട്ടു പോവുക, തൊണ്ടയിൽക്കൂടി വയറ്റിലേക്കുപോവുക; 3. പ്രവേശിക്കുക, വ്യാപരിക്കുക; 4. തുളഞ്ഞുകയറുക, ദ്വാരത്തിൽ പ്രവേശിക്കുക; 5. കരയ്ക്ക് അടുക്കുക; 6. തങ്ങുക, താത്കാലികമായി താമസിക്കുക; 7. പുറപ്പെടുക, യാത്രപറയുക, പുറത്തു പോവുക; 8. പുറത്താവുക, പ്രസിദ്ധീകരിക്കപ്പെട്ടതാവുക, നടപ്പിൽ വരിക; 9. രോഗത്തിനോ വിഷബാധയ്ക്കോ ശമനം വരിക; 10. വിലക്കുറവ് ഉണ്ടാവുക; 11. സ്ഥാനത്തിലോ വലിപ്പത്തിലോ കുറവുണ്ടാവുക; 12. ചെലവാകുക.
ഇറച്ചി നാ. മാംസം.
ഇറച്ചിൽ നാ. ഇറക്കിക്കെട്ടിയത്, ഇറ. (പ്ര.) ഇറച്ചിലു വയ്ക്കുക = പുരമേയുക.
ഇറഞ്ചുക ക്രി. ബഹുമാനിക്കുക, വണങ്ങുക.
ഇറണ്ടം [സം. ലണ്ഡം] നാ. ഇരണ്ടം, ഇലണ്ടം, ആനപ്പിണ്ടം.
ഇറതൈണ്ടം [ത. ഇറൈ-സം. ദണ്ഡ] നാ. തിരുവിതാങ്കൂറിൽ പണ്ടു നിലവിലിരുന്ന ഒരു കരം.
ഇറതോണി [ഇറ-തോണി] നാ. വെള്ളം ഇറയ്ക്കുന്നതിനുള്ള മരത്തോണി, കുളത്തിൽനിന്നോ കിണറ്റിൽനിന്നോ വെള്ളം തേകി ഒഴിക്കാനുള്ള മരത്തൊട്ടി.
ഇറത്താമ്പൽ നാ. ചെറിയ എട്ടുകാലിയുടെ കൂട്.
ഇറത്താവ് [ഇറ-താവ്] നാ. ഇറമ്പ്
ഇറനിലം [ഇറ-നിലം] നാ. നികുതികൊടുക്കേണ്ട നിലം. 'ഇറ'നോക്കുക.
ഇറന്നു ക്രി. മരിച്ചു. (പ്ര.) ഇറന്നുപോകുക, ഇറന്നിടുക.
ഇറപാർക്കുക [ഇറ-പാർക്കുക] ക്രി. ഒളിച്ചുനിന്നു കേൾക്കുക.
ഇറപ്പ്1 നാ. ഇറയോടുകൂടിയത്, വീട്, വസസ്ഥാനം.
ഇറപ്പ്2 നാ. മരണം.
ഇറമുളാൻ [അറ.] നാ. റംസാൻ (മുസ്ലിങ്ങൾ വ്രതം അനുഷ്ഠിക്കുന്ന മാസം).
ഇറമ്പടി [ഇറമ്പ്-അടി] നാ. ഭിത്തിയോടു ചേർന്നു നിലത്ത് ഇറമ്പിനു താഴെയുള്ള ഭാഗം.
ഇറമ്പ്, എറമ്പ് [ഇറങ്ങുക] നാ. 1. അരിക്, വക്ക്; 2. തിണ്ണ, വരാന്ത; 3. മേൽക്കൂരയുടെ അറ്റം, ഇറ.
ഇറമ്പുകാലി, എറമ്പുകാലി, ഇറമ്പുചാലി നാ. 1. കക്ഷത്തിലുണ്ടാകുന്ന ഒരുതരം പരു; 2. പഴുതാര.
ഇറമ്പുരിപ്പി, ഇരുമ്പറുപ്പി നാ. ഒരുതരം ചെറുവൃക്ഷം.
ഇറയം, ഇറയകം, എറയം [ഇറ-അകം] നാ. പൂമുഖത്തെ ഉയർന്ന തളം.
ഇറയവൻ [പ്രാ.രായ, < സം. രാജൻ] നാ. 1. പ്രധാനി, ഉയർന്നവൻ, ശ്രേഷ്ഠൻ, തലവൻ; 2. ഈശ്വരൻ, ദേവൻ, ദേവേന്ദ്രൻ.
ഇറയാൻ നാ. പ്രമാണി, ഇറയവൻ.
ഇറയാൽ നാ. വെള്ളിനാണയം, പോർട്ടുഗീസ് റിയാൽ.
ഇറയിലക്കം [ഇറ-ഇലക്കം] നാ. കീഴ്ജാതിക്കാരിൽനിന്നും പിരിച്ചുവന്ന ഒരു കരം.
ഇറയിലി ഇറയില്ലാത്ത, കരമൊഴിവായ ഭൂമി, സേവനത്തിനു പ്രതിഫലമായി കരമൊഴിഞ്ഞുകൊടുക്കുന്ന ഭൂമി. നാ. വിരുത്തി.

ഇറയിലിപാട്ടം [ഇറയിലി-പാട്ടം] നാ. ഒരു ഭൂവുടമരീതി, രാജ്യസേവനത്തിനു പ്രതിഫലമായി കരം ഈടാക്കാതെ ഭൂമികൊടുക്കുന്ന സമ്പ്രദായം.
ഇയറുക1 ക്രി. ചിതറുക.
ഇയറുക2 ക്രി. വണങ്ങുക.
ഇറയുത്തരം [ഇറ-ഉത്തരം] നാ. വരാന്തത്തൂണിന്മേലുള്ള ഉത്തരം.
ഇറയോൻ [ഇറ.] നാ. രാജാവ്, ഇറയവൻ.
ഇറയ്ക്കുക, എ- ക്രി. വെള്ളംകോരിക്കളഞ്ഞു വറ്റിക്കുക, തേകിപ്പിക്കുക (പ്ര) കുളം ഇറയ്ക്കുക.
ഇറവ നാ. 1. വെള്ളം കോരി ഇറയ്ക്കുന്നതിനുള്ള ഉപകരണം; 2. ഉയർന്ന മലമ്പുരയിടങ്ങളുടെ താഴ്വശം, ഇറക്കം, പുഞ്ചയുടെ കര.
ഇറവൻ നാ. 1. ഈശ്വരൻ; 2. രാജാവ്; 3. ഒരു ഗിരിവർഗം, ഇറവാളർ.
ഇറവരി [ഇറ-വരി] നാ. രാജഭോഗം, നികുതി, കരം.
ഇറവള്ളൻ നാ. ഇറവാളർ.
ഇറവാരം നാ. 1. വീടിൻെറ ഇറമ്പ്; 2. വീതിയുള്ള തിണ്ണ, ഇറയം.
ഇറവാളർ, ഇരവള്ളർ [ത. ഇറവുളർ, ഈറവാളർ] നാ. ഒരു ഗിരി വർഗം.
ഇറവ് നാ. 1. ഇറക്കം, ഉയർന്ന മലമ്പുരയിടങ്ങളുടെ താഴ്വശം; 2. ഇറപ്പ്, മരണം; 3. അവസാനം; 4. രണ്ടുവശങ്ങളും നദീതടത്തിലേക്കു ഇറങ്ങിക്കിടക്കുന്ന പൊങ്ങിയ കര.
ഇറവെള്ളം [ഇറ-വെള്ളം] നാ. ഇറയിൽനിന്നും വീഴുന്ന വെള്ളം.
ഇറവെള്ളർ നാ.(ബ.വ.) ഇറവാളർ.
ഇറൻ, എരാൻ, രാൻ [പ്രാ.രായ, സം. രാജൻ] 'ഉത്തരവ്' എന്ന അർഥത്തിൽ ഭൃത്യന്മാർ വിളികേൾക്കാൻ പറയുന്ന ആചാരവാക്ക്.
ഇറാൽവെള്ളം നാ. ഇറവെള്ളം.
ഇറി നാ. ഒരുതരം പട്ടുനൂൽപ്പുഴു, ഇറിപ്പട്ട് = ഇറപ്പുഴുക്കളുടെ കൂട്ടിൽനിന്നെടുക്കുന്ന നൂൽ നെയ്ത് ഉണ്ടാക്കുന്ന പട്ട്.
ഇറിഗേഷൻ [ഇം.ണ്ടത്സത്സഢദ്ദൻറഡഢഗ ] നാ. ജലസേചനം.
ഇറിച്ചി നാ. മിന്ത്, ഒരിനം ക്ഷുദ്രകീടം.
ഇറിച്ചിൽ നാ. നരിച്ചീർ, ചെറിയ വാവൽ.
ഇറിഡിയം [ഇം.] നാ. നല്ല വെളുപ്പുനിറമുള്ള ഒരു അപൂർവ ലോഹം.
ഇറുക ക്രി. 1. അടരുക, തണ്ടിലോ ഞെട്ടിലോ നിന്ന് അറുക; 2. വിള്ളുക, പിളരുക; 3. തുള്ളിയായി വീഴുക; 4. അവസാനിക്കുക, മരിക്കുക (പ്ര) ഇറുക്കുക.
ഇറുകണ്ണ് [ഇറു-കണ്ണ്] നാ. ചരിഞ്ഞു നോക്കുന്നതിനായി ഒരു വശത്തേയ്ക്കു കോട്ടി ചെറുതാക്കിയ കണ്ണ്.
ഇറുകുക ക്രി. 1. മുറുകുക, ബലമായിച്ചേരുക; 2. ചൂളുക, പതറുക; 3. കുടുങ്ങുക, അറിയാതെ ആപത്തിൽപെടുക.
ഇറുക്കക്കാൽ നാ. ഇറുക്കുകാൽ, ഇറുക്കുവാനുള്ള കാൽ.
ഇറുക്കക്കോൽ 'ഇറുക്കുവനുള്ള കോൽ' നാ. 1. സഞ്ചയനത്തിന് ചിതയിൽനിന്ന് എല്ലു പെറുക്കിയെടുക്കുന്നതിനു പയോഗിക്കുന്ന നെടുകെ പിളർന്ന കമ്പ്; 2. ചവണയ്ക്കുപകരം ഉപയോഗിക്കുന്നതിനായി വളച്ചെടുത്ത കമ്പ്.
ഇറുക്കൻ നാ. 1. പിടിച്ചു ചെലവുചയ്യുന്നവൻ, പിശുക്കൻ; 2. ചതിയൻ.

ഇറുക്കം [ഇറുകുക] നാ. 1. ഞണ്ടും മറ്റും കാലുകൊണ്ട് ഏൽപ്പിക്കുന്ന കടി; 2. മുറുക്കം; 3. ഞെരുക്കം, സാമ്പത്തികമായും മറ്റും ഉണ്ടാകുന്ന വിഷമത.

ഇറുക്കി നാ. ഇറുക്കൽ.

ഇറുക്കീസ്, അർക്കീസ്, അറുക്കീസ് 'ഇറുക്കിപ്പിടിച്ചു ചെലവാക്കുന്നവൻ' നാ. ലുബ്ധൻ.

ഇറുക്ക്1 [ത. ഇറുക്ക്] നാ. 1. ഉറുമ്പ്, ഞണ്ട് മുതലായ ജന്തുക്കളുടെ കടി, കുത്തൽ; 2. ഇറുക്കുകാൽ.

ഇറുക്ക്2 നാ. ഉറുക്ക്.

ഇറുക്കുക1 ക്രി. പറിക്കുക, അടക്കുക, വേർപെടുത്തുക.

ഇറുക്കുക2 ക്രി. കരം മുതലായതു കൊടുക്കുക.

ഇറുക്കുക3 [ഇറകുക > പ്രയോ.] ക്രി. 1. കെട്ടുമുതലായവ മുറുകത്തക്കവണ്ണംചെയ്യുക; 2. നടുവിൽപ്പെട്ടു ഞെരുങ്ങത്തക്കവണ്ണം അമർത്തുക, ഞെക്കുക; 3. ഇടതീരെ ഇല്ലാതാകത്തക്കവണ്ണം അടുപ്പിക്കുക; 4. ഞണ്ടോ മറ്റോ കടിക്കുക, കൊത്തുക, കൊടിലുകൾ കൊണ്ടെന്നപോലെ ഞെക്കിപ്പിടിക്കുക.

ഇറുക്കുകാൽ [ഇറുക്ക്-കാൽ] നാ. 1. ഞണ്ടു മുതലായ ജീവികൾ ഇറുക്കാൻ ഉപയോഗിക്കുന്ന അവയവം; 2. ഇറുക്കുകാൽ ഉള്ള പ്രാണി (ഞണ്ട് മുതലായവ).

ഇറുങ്ങ് [ത. ഇറുങ്ക്] നാ. ഒരുതരം ചോളം.

ഇറുങ്ങുക ക്രി. ഇറുക്കുക, ഞെരുക്കുക. താരത. ഇടുങ്ങുക.

ഇറുതി നാ. 1. അവസാനം, അറുതി; 2. അതിര്.

ഇറുത് [ത. ഇറുതി] നാ. ഇറുതി.

ഇറുപുലി [ഇറു-പുലി] നാ. ഊറാമ്പുലി.

ഇറുപ്പ് നാ. നികുതി കൊടുക്കൽ, കൊടുത്തുതീർപ്പ്.

ഇറുമാന്ന് അവ്യ. 1. ഉദാസീനമായി, താത്പര്യം ഇല്ലാതെ; 2. ഗർവോടെ.

ഇറുമ്പ്, ഉറുമ്പ്, എറുമ്പ് നാ. ഭൂമിയിൽ അരിച്ചുനടക്കുന്ന ഒരു അല്പപ്രാണി.

ഇറുമ്പുക ക്രി. 1. ഇരമ്പുക, ഇരയ്ക്കുക; 2. ഉറുഞ്ചിക്കുടിയ്ക്കുക, ഈമ്പുക.

ഇറുമ്മുക ക്രി. പല്ലുകടിയ്ക്കുക, വായ്തുറക്കാതെ കിറുകിറാ ശബ്ദമുണ്ടാക്കത്തക്കവണ്ണം പല്ലുകൾ തമ്മിൽ ബലമായി ഉരുമ്മുക.

ഇറോപ്പ [പോർ. എവുരോപ്പ] നാ. യൂറോപ്പ്.

ഇറ്റൻ നാ. ഈറ്റൻ, പിശുക്കൻ.

ഇറ്റിക്കണ്ണി നാ. ഇത്തി(ശ്)ക്കണ്ണി.

ഇറ്റിക്കുക ക്രി. തുള്ളിതുള്ളിയായി വീഴിക്കുക.

ഇറ്റിറ്റ് [ഇറ്റ്-ഇറ്റ്] അവ്യ. തുള്ളി തുള്ളിയായി.

ഇറ്റീറ്റിപ്പുള്ള് നാ. ഒരു ജാതി ചെറിയപക്ഷി, ഇറ്റീറ്റി എന്നു ശബ്ദിക്കുന്നതുകൊണ്ടാണ് ഈ പേര്.

ഇറ്റ്1 [ഇറുക] നാ. 1. തുള്ളി, ബിന്ദു; 2. അല്പം, കുറവ്, ഇറ്റുവീഴുക = തുള്ളി തുള്ളിയായി വീഴുക, ഇറ്റു = ഇറുക.

ഇറ്റ്2 [ത. ഇറ്റു] (വ്യാക.) ചില ശബ്ദങ്ങളോടു പ്രത്യയംപോലെ ചേരുന്ന ഒരു ശബ്ദം, ഉദാ: പതിറ്റുപ്പത്ത്, പതിറ്റഞ്ച്.

ഇറ്റുക ക്രി. 1. ഇറ്റുവീഴുക, തുള്ളി തുള്ളിയായി വീഴുക; 2. തുള്ളി തുള്ളിയായി വീഴ്ത്തുക.

## ഈ

ഈ1 അക്ഷരമാലയിലെ നാലാമത്തെ അക്ഷരം, സ്വരം, 'ഇ' കാരത്തിൻെറ ദീർഘം, താലവ്യം.
ഈ2 ഒരു ചുട്ടെഴുത്ത്.
ഈ3 [ത. ഈ] നാ. ഈച്ച, തേനീച്ച. (പ്ര.) ഈച്ചയടിച്ചാൻ കോപ്പി = തനിപ്പകർപ്പ്, ശരിപ്പകർപ്പ് (പരിഹാസദ്യോതകം).
ഈ4 (വ്യാക്ഷേ.) ദു:ഖം, വേദന, കോപം മുതലായവ സൂചിപ്പിക്കുന്നത്.
ഈ5 അല്ല, ഇല്ല എന്നിവയോടു ചോദ്യാർഥത്തിൽ ചേർക്കുന്ന ഒരു നിപാതം "ഉണ്ണിപ്പൂമേനിയിൽ പുണ്ണില്ലല്ലീ?" (കൃഗാ.).
ഈ6 (വ്യാക.) ഭാഷയിൽ അകാരാന്ത ശബ്ദങ്ങളുടെ സംബോധനരൂപത്തിൻെറ അന്തം 'ഇ' എന്ന സ്ത്രീ ലിങ്ഗപ്രത്യയം ചേർത്ത രൂപത്തിൻെറ സംബോധനരൂപത്തിലും 'ഇ' ദീർഘിച്ച് 'ഈ' ആകും.
ഈ7 [സം.] നാ. 1. രതീദേവി, കാമദേവൻെറ പത്നി; 2. ലക്ഷ്മീദേവി; 3. കാമൻ.

285

ഈകാരം [ഈ-കാര] നാ. ഈ എന്ന അക്ഷരം.
ഈക്കാല് [ത. ഈ-കാൽ] നാ. രത്നത്തിൽ (വിശേഷിച്ചും വജ്രത്തിൽ) ഉള്ള ഒരു ദോഷം.
ഈക്കിക്കാന്താരി [ഈ(ർ)ക്കി(ൽ)-കാന്താരി] നാ. കനം കുറഞ്ഞു നീളംകൂടിയ ഒരുതരം കാന്താരിമുളക്.
ഈക്കിക്കോര [ഈ(ർ)ക്കി(ൽ)-കോര] നാ. ചതുപ്പുനിലങ്ങളിൽ ഈർക്കിൽപോലെ നീണ്ടുവളരുന്ന ഒരുതരം പുല്ല്, പായും മറ്റും മെടയാൻ ഉപയോഗിക്കുന്നു.
ഈക്കിത്തമ്പലം [ഈ(ർ)ക്കിൽ-തമ്പലം] നാ. കുട്ടികളുടെ ഒരു കളി, ഈ(ർ)ക്കിൽപ്പൊത്തുകളി.
ഈക്കിത്തൊള്ളായിരം [ഈ(ർ)ക്കി(ൽ)-തൊള്ളായിരം] നാമമായും വിശേഷണമായും പ്രയോഗം. ഒരുവലിയ സങ്ഖ്യ.
ഈക്ക് [< ഇഴുക്ക്] നാ. മുഷിഞ്ഞ വസ്ത്രം, വിഴുപ്പ്.
ഈക്കുക ക്രി. ഇഴുക്കുക, ഇഴിക്കുക.
ഈക്ഷ [സം. ഈക്ഷാ < ഇക്ഷ്] നാ. 1. കാഴ്ച, ദർശനം; 2. വിചാരം.
ഈക്ഷകൻ [സം. ഈക്ഷക] നാ. കാണുന്നവൻ, നോക്കുന്നവൻ.
ഈക്ഷണം [സം. ഈക്ഷണ < ഈക്ഷ്] നാ. 1. കണ്ണ്; 2. കാഴ്ച, നോട്ടം; 3. വിചാരം, പരിഗണന.
ഈക്ഷണിക [സം. ഈക്ഷണികാ] നാ. ശുഭാശുഭലക്ഷണം പറയുന്നവൾ.
ഈക്ഷണികൻ [സം.] നാ. കൈനോട്ടക്കാരൻ.
ഈക്ഷിക [സം. ഈക്ഷികാ] നാ. കാണുന്നവൾ, നോക്കുന്നവൾ.
ഈക്ഷിക്കുക [< സം. ഈക്ഷ്] ക്രി. 1. കാണുക, നോക്കുക; 2. ആലോചിക്കുക, വിചാരിക്കുക.
ഈക്ഷിത [സം.] വി. ഈക്ഷിക്കപ്പെട്ട, കാണപ്പെട്ട.
ഈക്ഷിതം [സം.] നാ. 1. നോട്ടം, കാഴ്ച; 2. കണ്ണ്.
ഈക്ഷിതാ(വ്) [സം. ഈക്ഷിതൃ] നാ. നോക്കുന്നവൻ, കാണുന്നവൻ, ദ്രഷ്ടാവ്, (സ്ത്രീ) ഈക്ഷിത്രി.

ഈഞ്ഞ, ഈഞ്ച, ഇഞ്ച നാ. 1. ഈഞ്ച; 2. ചീയക്കായ്മരം; 3. ഒരിനം വള്ളിച്ചെടി, പുലിതൊടക്കി.
ഈങ്ങുക ക്രി. 1. അടങ്ങുക; 2. ഇഴുങ്ങുക, വിഴുപ്പാക്കുക, മുഷിയുക.
ഈച്ച [ത. ഈ] നാ. 1. മലിനവസ്തുക്കളിലും വീടുകളിലും മറ്റും പറന്നു നടക്കുന്ന ഒരു ചെറുപ്രാണി; 2. ഒരു മരം, നീലമ്പാല; 3. നീരാൽമരം.
ഈച്ചരൻ [< സം. ഈശ്വര] നാ. ഒരു പുരുഷനാമം, ഈച്ചരംപുല്ല് = മുഖരോമം, മീശ (പരിഹാസമായി പറയുമ്പോൾ).
ഈച്ചാടി നാ. വേണ്ടവണ്ണം ഉണങ്ങാത്ത പുഴുക്കൽ നെല്ല്, കുത്തിയെടുക്കുന്ന അരി.
ഈച്ചാട്ടി, ഈച്ചൂട്ടി [< ഈച്ച-ആട്ടി] നാ. ലുബ്ധൻ.
ഈച്ചിൽ നാ. വരാന്തയിൽ നിന്നും മുറ്റത്ത് ഇറങ്ങാനായി കെട്ടിയിരിക്കുന്ന പടി, നടക്കല്ല്.
ഈച്ചിവയ്ക്കുക [ഈച്ചി-വയ്ക്കുക] ക്രി. ഇഴിയിച്ചു വയ്ക്കുക, ഇറക്കിവയ്ക്കുക.
ഈഞ്ച, ഈഞ്ഞ, ഈത്ത നാ. ഒരു വള്ളിച്ചെടി, ഇഞ്ച.
ഈഞ്ഞ നാ. ഈഞ്ച, ഇഞ്ച.
ഈഞ്ഞൽ നാ. മീൻചിറക്.
ഈടകം നാ. മനോഹരമായവസ്തു.
ഈടടുക്കുക [ഈട്-അടുക്കുക] ക്രി. 1. കൊഴുക്കുക, തടിക്കുക; 2. വളരെ അടുക്കുക.
ഈടപ്പ് നാ. ഈടുവയ്പ്.
ഈടം [< ഇടുക] നാ. സൂക്ഷിച്ചുവയ്ക്കുന്നത്, കരുതി വയ്പ്പ്, ഈട്, ജാമ്യം, പണയം, ഈടിരിപ്പ്.
ഈടംവയ്പ് നാ. നിക്ഷേപം, ഈടുവയ്പ്.
ഈടമക്കി, -അമുക്കി [ഈട്-അമക്കി] നാ. ഒരിനം കുറ്റിച്ചെടി, കൊങ്ങിണിച്ചെടി.
ഈടറവ് [ഈട്-അറവ്] നാ. 1. ചതുരങ്ഗക്കളി അവസാനിക്കുന്ന പ്രകാരങ്ങളിൽ ഒന്ന്; 2. അഭിമാനക്ഷയം.
ഈടറ്റ [ഈട്-അറ്റ] വി. 1. ബലമില്ലാത്ത; 2. തുല്യമില്ലാത്ത.
ഈടാകുക [ഈട്-ആകുക] ക്രി. വസൂലാക്കുക, കിട്ടാനുള്ളതുക പിരിഞ്ഞുകിട്ടുക.
ഈടാക്കുക [ഈടാകുക > പ്രയോ.] കിട്ടാനുള്ള പണം മുതലായവ തിരിച്ചു വാങ്ങുക, വസൂലാക്കുക, കൈവശപ്പെടുത്തുക, പിരിച്ചെടുക്കുക.
ഈടാധാരം [മ. ഈട്-സം. ആധാര] നാ. പണയാധാരം.
ഈടാമുക്കി നാ. ഈടമക്കി, അരിപ്പൂച്ചെടി.
ഈടാർന്ന [ഈട്-ആർന്ന] വി. ശക്തിയുള്ള, കനമേറിയ, ബലമായ.
ഈടി1 വി. ശക്തിയുള്ള, ബലമായ, കനമേറിയ.
ഈടി2, ഈട്, ഈട്ട നാ. ചെറുകയ്യാല, മാടി, മാട്ട, അതിർചുവര്.
ഈടികളിക്കുക ക്രി. തുള്ളിക്കളിക്കുക.
ഈടിടുക [ഈട്-ഇടുക] ക്രി. മുഷ്ടിയുദ്ധം ചെയ്യുക.
ഈടിന1, ഈടിയ1 (പേരെച്ചപ്രത്യയം) വി. 1. ഉള്ള, ഉദാ: ചെയ്തീടിന, വന്നീടിന എന്നപോലെ പ്രയോഗം; 2. വർധിച്ച.
ഈടിന2, ഈടിയ2 [<ഈടുക] വി. ബലമുള്ള, ഈടുനിൽക്കുന്ന.

ഈടിരിപ്പ് [ഈട്-ഇരിപ്പ്] നാ. കരുതിവച്ച ധനം, അത്യാവശ്യഘട്ടത്തിൽ എടുക്കത്തക്കവണ്ണം സൂക്ഷിച്ചുവച്ചിട്ടുള്ള മുതൽ, നിക്ഷേപം.
ഈട് [ത. < ഈടുക] നാ. 1. ഉറൾ, ബലം, നീണ്ടുനിൽപ്പ്; 2. കനം, ഭാരം; 3. വർധന, പുഷ്ടി; 4. പണയം, ജാമ്യം; 5. തുല്യത, ഒന്നുപോലെ ഇരിക്കുന്ന അവസ്ഥ; 6. കയ്യാല, അതിർചുമര്; 7. അഹമ്മതി; 8. കുസൃതി; 9. നാളികേരം അടക്കുന്ന തവണ, തേങ്ങ ഇടുന്ന തവണ, ഒഴി; 10. ചതുരങ്ഗത്തിൽ എതിർ കക്ഷിയിലെ രാജാവിനെ മാറ്റുന്നതിനു അടിയില്ലാതെ (കളമില്ലാതെ) ആക്കുന്നത്. ഈടുനിൽക്കുക = വളരെനാൾ നലനിൽക്കുക, ഈടുചൊല്ലുക = ദീർഘകാലം നിലനിൽക്കുക, പഴക്കം ചെല്ലുക.
ഈടുക1 ക്രി. 1. ചേരുക, ഉണ്ടാവുക; 2. കൂടുതലാവുക, പുഷ്ടിപ്പെടുക.
ഈടുക2 'ഇടുക' അനുപ്രയോഗമായി വരുമ്പോൾ ചിലപ്പോൾ കൈക്കൊള്ളാറുള്ള രൂപം. ഉദാ: ചെയ്തീടുക, വന്നീടുക.
ഈടുപത്രം [മ. ഈട്-സം. പത്ര] നാ. ജാമ്യച്ചീട്ട്.
ഈടുമാട് നാ. 1. അതിര് (അതിരും ചുവരും); 2. കയ്യാല, വരമ്പ്, തടം.
ഈടുമുട്ട് നാ. വിരോധം, എതിർപ്പ്, കൂട്ടിമുട്ടൽ.
ഈടുമേട് [ഈട്-മേട്] നാ. കുണ്ടും കുഴിയും, നിരപ്പില്ലായ്മ.
ഈടുവെപ്പ്, -വയ്പ് [ഈട്-വെപ്പ്] നാ. 1. ഭണ്ഡാഗാരം, ഖജനാവ്; 2. നിക്ഷേപം, സമ്പാദ്യം.
ഈടുറ്റ വി. ശ്രദ്ധേയമായ, കനപ്പെട്ട, വിലപ്പെട്ട.
ഈടേറുക [ഈട്-ഏറുക] ക്രി. 1. കനക്കുക, ഭാരമുള്ളതാവുക; 2. സന്തോഷിക്കുക (ആപത്തിൽനിന്നും) മോചനം സംഭവിക്കുക; 3. ശക്തി വർധിക്കുക.
ഈടേറ്റം [ഈട്-ഏറ്റം] നാ. 1. രോഗം, ആപത്ത് എന്നിവയിൽനിന്നുള്ള മോചനം, ഒഴിപ്പിക്കൽ; 2. മുന്നേറ്റം; 3. ശക്തിവർധന.
ഈട്ട നാ. കയ്യാല, വേലി.
ഈട്ടം [ത.] നാ. 1. കൂട്ടം, കൂട്ടിവച്ചിട്ടുള്ളത്, സംഭരണം; 2. കൂടുതലാകൽ, ആധിക്യം, വർധന; 3. ഈട്, കനം.
ഈട്ടമക്കി നാ. ഈടമക്കി, ഒരിനം കുറ്റിച്ചെടി.
ഈട്ടൽ [ഈടുക] നാ. സംഭരിക്കൽ, സമ്പാദിക്കൽ.
ഈട്ടി1, വീട്ടി 'ഈടുള്ള മരം.' നാ. ചെറിയ ഇലകളുള്ള ഒരിനം വലിയ മരം, വീട്ടി.
ഈട്ടി2 [സം. < യഷ്ടി] നാ. കുന്തംപോലെയുള്ള ഒരു ആയുധം, ഈട്ടിക്കാരൻ = കുന്തക്കാരൻ.
ഈട്ട് നാ. നേട്ടം, ലാഭം.
ഈട്ടുക ക്രി. കൂട്ടിവയ്ക്കുക, സംഭരിക്കുക, വർധിപ്പിക്കുക.
ഈഡ, ഈള [സം. ഈഡാ] നാ. സ്തുതി, സ്തോത്രം.
ഈഡിക്കുക [<സം. ഈഡ്] ക്രി. സ്തുതിക്കുക.
ഈഡിത [സം.] വി. സ്തുതിക്കപ്പെട്ട.
ഈഡ്യൻ [സം.] നാ. ബൃഹസ്പതി, വ്യാഴം.
ഈണം, ഈണക്കം നാ. 1. (സങ്ഗീതത്തിലെന്നപോലെ) ഓരോ അക്ഷരത്തിൻെറയും ഉച്ചാരണത്തിലുള്ള കാലമാനത്തിൻെറ വർധന, രാഗത്തോടുകൂടിയുള്ള ആലാപനം, രാഗം, മട്ട്, രീതി, ഇമ്പമുള്ള ശബ്ദം; 2. ക്രമം, മുറ.
ഈണ്ടി നാ. കയ്യാല, തിടിൽ.
ഈണ്ടിയ വി. സമ്പാദിവ്വ.

ഈണ്ടുക [ത. ഈണ്ടുതൽ] ക്രി. 1. കൂടുക, കൂടിച്ചേരുക; 2. ശേഖരിക്കുക, സമ്പാദിക്കുക.
ഈണ്ണു [ഈഴുക] (ഭൂ.രൂപം) ക്രി. വീണു.
ഈതർ = ഈഥർ.
ഈതി [സം.] നാ. 1. രാജ്യത്തിനുവരുന്ന ദുരിതം, നാശം. (അതിവൃഷ്ടി, അനാവൃഷ്ടി, ശലഭം എലി കിളി എന്നിവയുടെ ബാധ, വിദേശാക്രമണം എന്നിങ്ങനെയുള്ള ആറു വിപത്തുകൾ); 2. പകർച്ചവ്യാധി.
ഈത് [<വീതം] (ഇത്രവച്ചു എന്നർഥത്തിൽ സങ്ഖ്യാനാമങ്ങളോടു ചേരുന്ന ഒരു പ്രത്യയം) വീതം. ഉദാ: പത്തീത്, പതിനഞ്ചീത്.
ഈത്ത നാ. ഈന്തപ്പന.
ഈത്തൾ, ഇതുകൾ, ഈത്തുങ്ങൾ, ഇവറ്റകൾ, ഇവത്തുങ്ങൾ (അനാദരസൂചകം) നാ. (ബ.വ.) ഇവർ, ഈ ആളുകൾ.
ഈത്താ = ഈത്തുവാ.
ഈത്ത് നാ. 1. വണ്ടിയുടെ ദണ്ഡ്, വണ്ടിക്കോൽ; 2. കലപ്പയുടെ ഈയക്കോൽ.
ഈത്തുവാ, ഈത്താ [ഈത്താ-വാ] നാ. വായിൽനിന്നൊഴുകുന്ന ഉമിനീർ, ചാളുവ, ലാല.
ഈഥർ, ഈതർ [ഇം.] നാ. 1. ഒരു വാതകം, ഭൗമാന്തരീക്ഷത്തിൽ വായു മണ്ഡലത്തിനെ പൊതിഞ്ഞിരിക്കുന്നു, വിദ്യുത്കാന്തതരങ്ഗങ്ങൾക്കു മാധ്യമം; 2. നിറമില്ലാത്ത ഒരു ദ്രാവകം, ഈഥർ ദ്രാവകമാക്കിയത്.

ഈദ് [അറ. ഈദ്] നാ. മുസ്ലിങ്ങളുടെ പെരുന്നാൾ. ഈദ്ഉൽ അസ്ഹ = ബലിയുടെ പെരുന്നാൾ. ഈദ്ഉൽ ഫിത്തർ = വ്രതം മുറിക്കുന്ന പെരുന്നാൾ.
ഈദൃക്ക് [സം. ഈ-ദൃക്(ശ്)] വി. ഇത്തരത്തിലുള്ള, ഇപ്രകാരമുള്ള.
ഈദൃക്ത [സം. ഈദൃക്-താ] നാ. ഇപ്രകാരമുള്ള അവസ്ഥ.
ഈദൃശ [സം.] വി. ഇപ്രകാരമുള്ള. (സ്ത്രീ) ഈദൃശി.
ഈനം [< ഈനക] നാ. പെൺമൃഗത്തിൻെറ യോനി.
ഈനാഞ്ചക്കി = ഈനാംപേച്ചി.
ഈനാംചാത്ത്, -ചാത്തി, -പൂച്ചി നാ. ഉടുമ്പുവർഗത്തിൽപ്പെട്ട ഒരു ജന്തു, ഉറുമ്പുതീനി.
ഈനാമാനി വി. ഹീനമായ, നിന്ദ്യമായ.
ഈനുക, ഈലുക ക്രി. 1. നെല്ലിനും മറ്റും കതിരു വയ്ക്കുക; 2. പ്രസവിക്കുക.
ഈന്ത നാ. 1. ഒരുതരം കണ, ഈത്തക്കണ; 2. ഈന്തിൽ, സല്ലകി; 3. ഒരിനം മത്സ്യം.
ഈന്ത് [സം. ഹിന്താല] നാ. പനയുടെ വർഗത്തിൽപ്പെട്ട ഒരു വൃക്ഷം, കളങ്ങ്.
ഈന്നി, ഈൻറി (പ.മ.) അവ്യ. എന്യെ, കൂടാതെ.
ഈപ്സ [സം. ഈപ്സാ] നാ. കിട്ടാനുള്ള അഭിലാഷം, ആഗ്രഹം.
ഈപ്സിത [സം. ഈപ്സിത] വി. ലഭിക്കാൻ ആഗ്രഹിച്ച, ഇച്ഛിച്ച, ഇഷ്ടപ്പെട്ട.
ഈപ്സിതം [സം.] നാ. ആഗ്രഹം, അഭിലാഷം.
ഈപ്സു [സം.] നാ. ഈപ്സയുള്ളവൻ, ആഗ്രഹമുള്ളവൻ.
ഈമക്കാട് നാ. ശ്മശാനം.

ഈമത്താഴി [ത. ഈമ-താഴി] നാ. 1. ശവം അടക്കിയിട്ടുള്ള വലിയ കലം; 2. ശവക്കല്ലറ.

ഈമം [ത. ഈമം < ഈം] നാ. 1. ശ്മശാനം; 2. ചിത; 3. ശവസംസ്കാരച്ചടങ്ങ്.

ഈമാൻ [അറ.] നാ. വിശ്വാസം, മതവിശ്വാസം.

ഈമ്പി നാ. 1. ഈമ്പുന്നവൻ; 2. ലുബ്ധൻ.

ഈമ്പിളി, കീമ്പിളി [< ഈർ-വൊളി] വി. കൃശമായ (നാമമായും പ്രയോഗം).

ഈമ്പുക ക്രി. 1. ഉറുഞ്ചുക, വലിച്ചുകുടിക്കുക; 2. ചൂഷണം ചെയ്യുക.

ഈയക്കരി [ഈയം-കരി] നാ. കറുത്തീയം പോലുള്ള ഒരു ധാതുദ്രവ്യം.

ഈയക്കോല് [ഈയം-കോൽ] നാ. ഈയംകൊണ്ടുണ്ടാക്കിയ കോൽ, പെൻസിൽ, ഈയക്കമ്പി

ഈയപ്പറ്റ് [ഈയം-പറ്റ്] നാ. ലോഹത്തുണ്ടുകൾതമ്മിൽ ഈയംകൊണ്ടുള്ള ഒട്ടിപ്പ്.

ഈയം, ഇയ്യം, ഈയ്യം [<സം. സീസ] നാ. കടുപ്പമില്ലാത്ത ഒരു ലോഹം.

ഈയമുണ്ട്, ഏയ്യമുണ്ട് നാ. മുള്ളൻ പന്നിയുടെ മുള്ള്.

287

ഈയൽ [ത. ഈയല്, ഈചല്, ഈ] നാ. ചിറകുള്ള ചിതൽ.

ഈയവാക [ഈയം-വാക] നാ. ഒരിനം വാകമരം.

ഈയാൽ നാ. = ഈയൽ.

ഈയാംപാറ്റ [ഈയാൻ-പാറ്റ] നാ. ഈയൽ.

ഈയാൾ, ഇയാൾ, ഇയ്യാൾ [ഈ-ആൾ] സ.നാ. ഈമനുഷ്യൻ.

ഈയിടെ, ഇയ്യിടെ [ഈ-ഇടെ] അവ്യ. അടുത്തകാലത്ത്.

ഈയിവൻ [ഈ-ഇവൻ] സ.നാ. 1. ഈ നിൽക്കുന്നവൻ; 2. (തന്നെപ്പറ്റിത്തന്നെ) ഈ ഞാൻ.

ഈയുള്ളവൻ, ഇയ്യുള്ളവൻ [ഈ-ഉള്ളവൻ] സ.നാ. (വിനയദ്യോതകം) ഈ ഞാൻ.

ഈയോല, ഈയനോല, ഇയ്യോല [ഈയൻ-ഓല] നാ. ഒരു കർണാഭരണം.

ഈയോലി, ഈരോലി നാ. 1. ഈരുകൊല്ലിഉണ്ടാക്കാൻ ഉപയോഗിക്കുന്ന ഒരു വൃക്ഷം; 2. ഈർകൊല്ലി.

ഈയ്യം നാ. 1. ഈയം; 2. ഒരു കാട്ടുചെടി, പുലിതൊടക്കി.

ഈർ1, ഇരു [ഇരു] വി. രണ്ട്, ഉദാ: ഈരഞ്ച്.

ഈർ2 നാ. എതിര്, തുല്യം. ഉദാ: ഈരിയലാത, എതിരില്ലാത്ത.

ഈർ3 നാ. ഈര്, പേനിൻെറ മുട്ട; 2. ഈർക്കിൽ.

ഈർ4 [ത. ഈർ, ഈരം] നാ. ഈർപ്പം, നനവ്.

ഈർ5 (വ്യാക.) ആഖ്യാതത്തിൽ ചേർക്കുന്ന മധ്യമപുരുഷ ബഹുവചനപ്രത്യയം. ഉദാ: കണ്ടീരോ = നിങ്ങൾ കണ്ടുവോ. ഇതിൻെറ പിന്നിൽ 'കൾ' എന്ന ബഹുവചന പ്രത്യയം ചേർത്ത് ഈർകൾ എന്നും പ്രയോഗം. ഉദാ: വന്തീർകൾ = നിങ്ങൾ വന്നു.

ഈർ6 [ഈരുക] ധാതു രൂപം.

ഈർക്കിൽ നാ. തെങ്ങിൻെറയോ പനയുടെയോ ഓലക്കാലിൻെറ ദൃഢതയുള്ള നടുഞരമ്പ്.

ഈർക്കിലിക്കാലൻ നാ. വളരെ നേർത്ത കാലുള്ള ഒരിനം പക്ഷി. (ആല) മെലിഞ്ഞ കാലുള്ളവൻ.
ഈർച്ചവൻ [<ഈർ] നാ. നനഞ്ഞ വസ്ത്രം, ഈറൻ.
ഈർച്ചപ്പുറം [ഈർച്ച-പുറം] നാ. ചരിഞ്ഞുകിടക്കുന്ന പ്രദേശം.
ഈർച്ചപ്പൊടി [ഈർച്ച-പൊടി] നാ. അറപ്പുപൊടി.
ഈർച്ചമിൽ [മ. ഈർച്ച- ഇം. മിൽ] നാ. യന്ത്രമുപയോഗിച്ചു തടി അറക്കുന്ന സ്ഥലം.
ഈർച്ചവാൾ [ത. ഈർവാൾ, ഈർച്ചവാൾ] നാ. അറപ്പുവാൾ.
ഈർപ്പം നാ. നനവ്, ഈരം, ഈറം.
ഈർമ [< ഈർ] നാ. ഈർപ്പം.
ഈർമൻ [<ഈർ] നാ. ഈറൻ മുണ്ട്.
ഈർമം1 [< ഈർ] നാ. ഈറന്മുണ്ട്.
ഈർമം2 [സം.] നാ. 1. കയ്യ്, ജന്തുക്കളുടെ ശരീരത്തിൻെറ മുൻഭാഗം; 2. വ്രണം.
ഈർവാരു, ഈർവാലു [സം. ഈർവാലു] നാ. വലിയ വെള്ളരി, ഉർവാരു.
ഈർവാൾ [ഈർ-വാൾ] നാ. = ഈർച്ചവാൾ.
ഈർഷ [സം. ഈർഷാ] നാ. ഈർഷ്യ, വെറുപ്പ്.
ഈർഷ്യ [സം. ഈർഷ്യാ] നാ. 1. അപരൻെറ അഭ്യുന്നതിയിലുള്ള അസഹിഷ്ണുത; 2. കോപം, അക്ഷമ, വിദ്വേഷം.
ഈർഷ്യകം [സം.] നാ. ഒരുതരം നപുംസകത്വം.
ഈർഷ്യത [സം. ഈർഷ്യ-താ] നാ. കോപം, അക്ഷമ, അന്യൻെറ ഉന്നതിയെ സഹിക്കായ്ക, ഈർഷ്യ എന്നു ശുദ്ധരൂപം.
ഈർഷ്യാലു [സം.] നാ. ഈർഷ്യയുള്ളവൻ.
ഈര1 വി. 1. ചുവന്ന; 2. ഈർപ്പമുള്ള, നനഞ്ഞ.
ഈര2 നാ. അടിച്ചിപ്പാര, കോഞ്ഞാട്ട.
ഈര3 നാ. ചതുപ്പുനിലങ്ങളിൽ ധാരാളമായി വളരുന്ന ഒരുതരം പുല്ല്.
ഈരങ്കി [< ഇം.ന്നന്‍റത്സദ്ധ ദ്ദ] നാ. വാദം കേൾക്കൽ (കോടതിഭാഷ).
ഈരടി [ത. ഈർ-അടി] നാ. 1. രണ്ടുകാലടി അളവ്, 2. ഭാഷാവൃത്തവ്യവസ്ഥ അനുസരിച്ച് പാട്ടിൻെറ രണ്ടുപാദങ്ങൾ ഒരുമിച്ചുകൂടിയ അംശം.
ഈരടിവാർപ്പൻ നാ. കുട്ടികൾക്ക് ഉണ്ടാകുന്ന ഒരു ഒരു രോഗം (ഒരുതരം അൾസർ).
ഈരണ [ത. ഈരണൈ < ഈർ-ഇണൈ] നാ. രണ്ടുജോടി (കാള). ഈരണമുണ്ട് = രണ്ട് ഇണവസ്ത്രം.
ഈരണം [സം. < ഈര] നാ. പറച്ചിൽ, ഉച്ചരിക്കൽ.
ഈരണീയ [സം.] വി. പറയത്തക്ക, പറയപ്പെടേണ്ട.
ഈരണ്ട് [ഈർ-രണ്ട്] അവ്യ. രണ്ടുവീതം.
ഈരം, ഈരോം നാ. 1. നനവ്, ഈർപ്പം; 2. മലം, അഴുക്ക്; 3. മൃഗത്തിൻെറ യോനി; 4. സ്നേഹം; 5. കാരുണ്യം; 6. അറിവ്.
ഈരംകോലി, -കൊള്ളി, ഈരാംകൊല്ലി [ത. ഈരം-കൊല്ലി] 'ഈർപ്പം കളയുന്നവൻ, ഉണക്കുന്നവൻ' നാ. വെളുത്തേടൻ.
ഈരരശ് [ഈർ-അരശ്] നാ. ദ്വിഭരണം.
ഈരല് നാ. 1. കരൾ; 2. കുടൽ.

ഈരവുള്ളി [ഈര-ഉള്ളി] നാ. ഈരുള്ളി, ചുവന്നുള്ളി.
ഈരാക്കാശ് നാ. പച്ചത്തുത്തം എന്ന അങ്ങാടി മരുന്ന്.
ഈരാങ്കൊല്ലി നാ. ഈരംകൊല്ലി, വെളുത്തേടൻ.
ഈരായി നാ. ഇരുന്നവൻ, ഈർച്ചപ്പണിക്കാരൻ, മരമറുപ്പുകാരൻ.
ഈരാളൻ [ഈർ-ആളൻ] നാ. രണ്ട് ആളിൻെറ പൊക്കമുള്ളവൻ, ദീർഘകായൻ.
ഈരാളിക്കുക ക്രി. പൊക്കത്തിൽ വളരുക.
ഈരിക്കുക [< ഈര] ക്രി. 1. ഈറൻ ആക്കുക, നനയ്ക്കുക; 2. അറപ്പിക്കുക.
ഈരിണം, ഇരിണം [സം. ഈര്-ഇന] 'നാശത്തെ ഗമിക്കുന്നത്' നാ. 1. ഓരുമണ്ണ്; 2. മരുഭൂമി, തരിശുഭൂമി.
ഈരിത [സം. <ഈര്] വി. 1. പ്രേരിപ്പിക്കപ്പെട്ട; 2. ഉച്ചരിക്കപ്പെട്ട, പറയപ്പെട്ട; 3. അയയ്ക്കപ്പെട്ട.
ഈരിതം [സം.] നാ. പറച്ചിൽ, പറയപ്പെട്ടത്, വാക്ക്.
ഈരിതേക്ഷണൻ [സം. ഈരിത-ഈക്ഷണ] നാ. ദീർഘദർശി.
ഈരിരിക്കൽ [ഈർ-ഇരിക്കൽ] അവ്യ. ഈരണ്ടു പ്രാവശ്യം വീതം.
ഈരിരുളൻ [ഈർ-ഇരുളൻ] നാ. വളരെ ഇരുണ്ട നിറം ഉള്ളവൻ.
ഈരിഴ [ഈർ-ഇഴ] നാ. ഇരട്ട ഇഴ, ഈരെഴ.
ഈര്1 [ത. ഈരു] നാ. പേൻമുട്ട.
ഈര്2 വി. രണ്ട്.
ഈരുക ക്രി. 1. (തടി) അറുക്കുക; 2. മുറിക്കുക; 3. കാരുക; 4. (ഈരുകൊല്ലികൊണ്ടു) കുത്തുക, ചീകുക.
ഈരുകൊല്ലി, ഈർ- [ഈരു-കൊല്ലി] നാ. ഈരിനെ കൊല്ലുന്നത്, ഈരിനെ വലിച്ചെടുക്കുന്ന ചീപ്പ്.
ഈരുള്ളി നാ. ചെമന്ന ഉള്ളി.
ഈരേഞ്ചി നാ. പന്ന, കീരിപ്പന്ന.
ഈരോങ്കായം നാ. ഈരവെങ്കായം, ചുമന്നുള്ളി.
ഈരോലി, ഈർകോലി നാ. 1. ഈരുകൊല്ലി; 2. ഒരു മരം.
ഈര്യ [സം. ഈര്യാ] നാ. സന്ന്യാസിയുടെ നിലയിൽ ദേശസഞ്ചാരം, ഭിക്ഷാടനം, പരിവ്രാജകത്വം.
ഈര്യാസമിതി [സം. ഈര്യാ-സമിതി] നാ. (ജൈന.) ജൈനമതസിദ്ധാന്തപ്രകാരമുള്ള സംയമത്തിൻെറ ഭേദങ്ങളിൽ ഒന്ന്, പ്രാണികളെ ചവിട്ടിക്കൊല്ലാത്ത വിധം സഞ്ചാരത്തിൽ വരുത്തുന്ന നിയന്ത്രണം.
ഈല ഇല്ല.
ഈലുക ക്രി. ഈനുക.
ഈവണ്ണം അവ്യ. ഇപ്രകാരം, ഈവിധത്തിൽ.
ഈവ് (പ.മ.) [ത. ഈവ്] നാ. ദാനം. ഈവുകളം = ദാനരങ്ഗം.
ഈവോൻ നാ. 1. കൊടുക്കുന്നവൻ; 2. അധ്യാപകൻ.
ഈശ [സം. ഈശാ] നാ. 1. ദുർഗ; 2. ധനവതി.
ഈശകാന്തം [സം. ഈശ-കാന്ത] നാ. (തച്ചു) പതിനൊന്നുനില കെട്ടിടം.
ഈശകോൺ, -കോണം [സം. ഈശ-മ. കോൺ] നാ. ഈശൻെറ ആധിപത്യമുള്ള ദിക്ക്, വടക്കേദിക്ക്.
ഈശഖണ്ഡം [സം.-ഖണ്ഡ] നാ. വടക്കുകിഴക്കേ ഖണ്ഡം.

ഈശത [സം. -താ] നാ. 1. ഈശിത്വം, പ്രഭുത്വം; 2. അഷ്ടൈശ്വര്യങ്ങളിൽ ഒന്ന്.
ഈശൻ [സം.] നാ. 1. ശിവൻ, വടക്കുകിഴക്കേ ദിക്കിൻെറ അധിപൻ; 2. ദൈവം; 3. നാഥൻ, യജമാനൻ, ഭരണാധിപൻ; 4. ഭർത്താവ്; 5. ശക്തൻ, സാമർഥ്യമുള്ളവൻ; 6. രുദ്രൻ; 7. വിശ്വദേവന്മാരിൽ ഒരാൾ; 8. ദേവൻ; 9. പതിനൊന്ന് എന്ന സങ്ഖ്യ. (രുദ്രന്മാർ പതിനൊന്ന് എന്നതിൽ നിന്ന്); 10. തിരുവാതിര നക്ഷത്രത്തിൻെറ അധിപൻ.
ഈശനഗരി [സം. ഈശ-നഗരീ] നാ. കാശി.
ഈശനം [സം. < ഈശ്] നാ. 1. ഭരണം, ആധിപത്യം; 2. ശാല്മലീവൃക്ഷം, ഇലവുമരം; 3. തിരുവാതിര നക്ഷത്രം.
ഈശഭം [സം. ഈശ-ഭ] നാ. ഈശൻ ദേവതയായുള്ള നക്ഷത്രം, തിരുവാതിര.
ഈശം [സം.] നാ. ഈശോപനിഷത്ത്.
ഈശസഖൻ [സം. ഈശ-സഖി] 'ഈശൻെറ സഖാവ്' നാ. കുബേരൻ.
ഈശാചലം [സം. -അചല] നാ. കൈലാസം.
ഈശാധികം [സം.-അധിക] നാ. ഒരുതരം ശിവലിങ്ഗം.
ഈശാനകോൺ,-ണം [സം. ഈശാന-കോണ] നാ. വടക്കുകിഴക്കേ ദിക്ക്.
ഈശാനൻ [സം.] നാ. 1. ശിവൻ, 2. അഷ്ടദിക്ക്പാലന്മാരിൽ ഒരാൾ, വടക്കുകിഴക്കേ ദിക്കിൻെറ അധിപൻ; 3. വിഷ്ണു; 4. ഭരണകർത്താവ്, നാഥൻ; 5. ശിവൻെറ അഷ്ടമൂർത്തികളിൽ ഒന്ന്, സൂര്യൻ; 6. രുദ്രൻ.
ഈശാനം [സം.] നാ. 1. ശാല്മലീവൃക്ഷം; 2. പ്രകാശം; 3. പതിനൊന്ന് എന്ന സങ്ഖ്യ; 4. വടക്കുകിഴക്കേ ദിക്ക്; 5. ഒരു ശൈവമന്ത്രം, ഈശാനമന്ത്രം.
ഈശാനമന്ത്രം [സം. ഈശാന-മന്ത്ര] നാ. ശിവനെ ഉദ്ദേശിച്ചുള്ള ഒരു മന്ത്രം.
ഈശാനി നാ. 1. ഈശാനൻ എന്നതിൻെറ സ്ത്രീലിങ്ഗം, ശക്തി, ദുർഗ; 2. വന്നിമരം; 3. എലവുമരം.
ഈശാനുകഥ [സം. ഈശ-അനുകഥാ] നാ. ഈശൻെറ അവതാരകഥ, മഹാപുരാണങ്ങളുടെ പത്തുലക്ഷണങ്ങളിൽ ഒന്ന്.
ഈശാന്തം [സം. -അന്ത] നാ. വടക്കുകിഴക്കേ കോണ്.
ഈശാന്യം [സം.-അന്യ] നാ. 1. ഈശാനകോണം, വടക്കുകിഴക്കേ ദിക്ക്; 2. ഒരുതരം ശിവലിങ്ഗം.
ഈശാവാസ്യം [സം.] നാ. ഒരു ഉപനിഷത്ത്, ഈശോപനിഷത്ത്.
ഈശിത [സം. ഈശിതാ] നാ. 1. മഹത്ത്വം, അധീശത്വം; 2. അഷ്ടസിദ്ധികളിൽ ഒന്ന്, ഈശത്വം.
ഈശിതം [സം.] നാ. കുതിരയുടെ ഓട്ടത്തിൻെറ ഒരു ക്രാരം.
ഈശിതാവ് [സം. ഈശിതൃ] നാ. നാഥൻ, നായകൻ, ഈശൻ, ഉടമസ്ഥൻ.
ഈശിത്വം [സം.] നാ. 1. ഈശിത; 2. ഈശൻെറ ഭാവം; 3. അഷ്ടൈശ്വര്യസിദ്ധികളിൽ ഒന്ന്.
ഈശോ [ഹീ] നാ. യേശു; രക്ഷകൻ, ഈശോമിശിഹാ = രക്ഷകനായ യേശു.
ഈശോപനിഷത്ത് [സം. ഈശ-ഉപനിഷദ്] നാ. നാ. ഈശാവാസ്യം എന്ന ഉപനിഷത്ത്.
ഈശ്വരകല്പന [സം. ഈശ്വര-കല്പനാ] നാ. ഈശ്വരകല്പിതം, വിധി.
ഈശ്വരകല്പിതം [സം. ഈശ്വര-കല്പിത] നാ. വിധി.
ഈശ്വരൻ [സം.] നാ. 1. ശിവൻ; 2. വിഷ്ണു; 3. ദൈവം, പരമാത്മാവ്; 4. പ്രഭു, നാഥൻ; 5. ധനികൻ; 6. രാജാവ്; 7. രക്ഷിതാവ്; 8. കാമദേവൻ; 9. ദേവൻ.

ഈശ്വരൻകാക്ക [സം. ഈശ്വര-മ. കാക്ക] നാ. ചകോരപ്പക്ഷി, ഉപ്പൻ, ചെമ്പോത്ത്, നിറത്തിൽ വ്യത്യാസമുണ്ടങ്കിലും ആകൃതിയിൽ കാക്കയോടു സാമ്യമുള്ളത്.
ഈശ്വരനിഷ്ഠ [സം. -നിഷ്ഠ] വി. ഈശ്വരനിൽ വിശ്വാസമുള്ള.
ഈശ്വരപ്രണിധാനം [സം. -പ്രണിധാന] നാ. ഈശ്വരനിൽ മനസ്സ് ഉറപ്പിക്കൽ, സർവസ്വവും ഈശ്വരനിൽ അർപ്പിക്കൽ.
ഈശ്വരബിന്ദു [സം. -ബിന്ദു] നാ. രസം.
ഈശ്വരം [സം.] നാ. ഈശ്വരവർഷം.
ഈശ്വരമല്ലിക [സം. ഈശ്വര-മല്ലികാ] നാ. എരുക്ക്, ശിവപ്രീതികരമായ ചെടി.
ഈശ്വരമൂലം, ഈശ്വരമുല്ല [സം. -മൂലിൻ] നാ. കരളകം, കരണ്ടവള്ളി, ഈശ്വരി, നിലത്ത് ഇഴഞ്ഞുവളരുന്ന ഒരു ചെറുചെടി.
289
ഈശ്വരമൂലി [സം. -മൂലിൻ] നാ. 1. ഐവിരലിക്കോവ, നെയ്യുണ്ണി, ഈശ്വരി; 2. വലംപിരി എന്നചെടി; 3. കരളകം.
ഈശ്വരവർഷം [സം. -വർഷ] ബൃഹസ്പതി ചക്രത്തിൽപ്പെട്ട അറുപതുവർഷങ്ങളിൽ പതിനൊന്നാമത്തേത്, ഈശ്വരം.
ഈശ്വരസാന്നിധ്യം [സം. -സാന്നിധ്യാ] നാ. ഈശ്വരൻെറ അടുപ്പം, ഈശ്വരൻ സന്നിഹിതനാണെന്നസ്ഥിതി, ഈശ്വരൻ അടുത്തുണ്ടെന്ന തോന്നൽ.
ഈശ്വരസേവ [സം. -സേവാ] നാ. ഈശ്വരാരാധന, പൂജ.
ഈശ്വരാധീന [സം. -അധീന] വി. ഈശ്വരന് അധീനമായ, ദൈവാനുകൂല്യമുള്ള.
ഈശ്വരാധീനം [സം.] നാ. ദൈവാനുകൂല്യം, ഭാഗ്യം.
ഈശ്വരാർപ്പണം [സം.] ഈശ്വര-അർപണ] നാ. ഈശ്വരന് സമർപ്പിക്കൽ.
ഈശ്വരി [സം.] നാ. 1. ഈശ്വരൻെറ പത്നി; പാർവതി; 2. ഐശ്വര്യവതി; 3. കുണ്ഡലിനീശക്തി; 4. ഈശ്വരമൂല്യം, കരളകം, കരണ്ടവള്ളി, അണലിവേഗം; 5. നെയ്യുണ്ണി, ഐവിരലിക്കോവ; 6. ചിററരത്ത; 7. കാട്ടുപാവൽ; 8. തൃച്ചട.
ഈശ്വരിബിന്ദു [സം. ഈശ്വരീ-ബിന്ദു] നാ. ഗന്ധകം.
ഈശ്വരീയ [സം.] വി. ഈശ്വരനെ സംബന്ധിച്ച; 2. ശിവസംബന്ധിയായ.
ഈശ്വരേച്ഛ [സം. ഈശ്വര-ഇച്ഛാ] നാ. ദൈവനിശ്ചയം, വിധി.
ഈഷ [ഈഷാ] നാ. 1. കലപ്പത്തണ്ട്, കരിക്കോൽ; 2. മേനാവിൻെറ തണ്ട്.
ഈഷണ [സം. ഈഷണാ] നാ. തിടുക്കം, ബദ്ധപ്പാട്.
ഈഷത്, -ഷൽ [സം.] അവ്യ. 1. അല്പം, കുറച്ച്; 2. സംശയം (ഭാഷയിൽ വന്നിട്ടുള്ള അർഥം); 3. കാലതാമസം, ഇട്ടിഴപ്പ്, അമാന്തം.
ഈഷത്സ്പൃഷ്ടം [സം. ഈഷത്-സ്പൃഷ്ട] നാ. (വ്യാക.) അല്പം തടയുന്നത്. കണ്ഠാദിസ്ഥാനങ്ങളിൽ, ജിഹ്വാദികരണങ്ങൾ അല്പമായി സ്പർശിക്കുമ്പോൾ ഉണ്ടാകുന്ന വർണം. യ, ര, ല, വ, ഴ, റ, ള എന്നിവ. (സംസ്കൃതത്തിലെ മധ്യമങ്ങളും അവയോടു സാമ്യമുള്ള ദ്രാവിഡ വർണങ്ങളായ ‘ഴ, റ, ള, എന്നിവയും.)
ഈഷം [സം. ഈഷാ] നാ. ആശ്വിനമാസം, തുലാം.
ഈഷലിക്കുക [< സം. ഈഷത്] ക്രി. സംശയിക്കുക.
ഈഷാദന്തൻ [സം. ഈഷാ-ദന്ത] നാ. ഈഷപോലെ ദന്തമുള്ള ആന, വലിയ കൊമ്പുള്ള ആന.

ഈഷിക [സം. ഈഷികാ] നാ. 1. ആനയുടെ നേത്രഗോളം, 'മാതങ്ഗലീല' എന്ന ഗ്രന്ഥപ്രകാരം ആനയുടെ കൺപുരികത്തിൻെറ സ്ഥാനത്തുള്ള അസ്ഥിയുടെ അടിഭാഗം; 2. അമ്പ്; 3. തൂലിക; 4. ശരപ്പുല്ല്.
ഈഷിരം [സം.] നാ. അഗ്നി.
ഈഷിക [സം. ഈഷികാ] നാ. 1. തൂലിക, ചിത്രകാരൻ ഉപയോഗിക്കുന്ന ബ്രഷ്; 2. ലോഹക്കട്ടികൾ ഉണ്ടാക്കുന്ന കരു; 3. ശരപ്പുല്ല്.
ഈസാ [അറ.] നാ. യേശു.
ഈസിച്ചെയർ [ഇം.ഞ്ഞൻറന്ഥത ്യൻറദ്ധത്സ] നാ. ചാരുകസാല.
ഈസ്റ്റർ [ഇം.ഞ്ഞൻറന്ഥന്ധനുത്സ] നാ. യേശുവിൻെറ ഉയിർത്തെഴുന്നേൽപ്പു ദിനം.
ഈസ്റ്റിൻഡ്യാക്കമ്പനി [ഇം.ഞ്ഞൻറന്ഥന്ധ ണ്ട ദ്ധ്രൻറ ങ്കഗ്നണ്ഡഞ്ഞൻറ ത്ത] ക്രി.വ. പതിനാറാം ശതകത്തോടെ ഇങ്ഗ്ലണ്ട്, ഹോളണ്ട് എന്നീ യൂറോപ്യൻ രാജ്യങ്ങൾ ഇൻഡ്യയുമായി വാണിജ്യം നടത്താൻ പ്രത്യേകം സങ്ഘടിപ്പിച്ച കമ്പനികൾ.
ഈഹ [സം. ഈഹാ] നാ. 1. ഇച്ഛ, ആഗ്രഹം; 2. പ്രയത്നം, ഉത്സാഹം, അധ്വാനം.
ഇഹാപുരം [സംസ്കൃതീകൃതരൂപം] നാ. ഈങ്ങയൂർ ക്ഷേത്രം, ഭാരതപ്പുഴയുടെ വടക്കേക്കരയ്ക്കുള്ള ഈ ക്ഷേത്രത്തിലെ ദേവി, പുന്നശ്ശേരിനമ്പിയുടെ പരദേവത.
ഈഹാപുരേശ്വരി = ഈങ്ങയൂർ ക്ഷേത്രത്തിലെ പ്രതിഷ്ഠയായ ദേവി.
ഈഹാമൃഗം [സം. ഈഹാ-മൃഗ] നാ. 1. ചെന്നായ്; 2. കൃത്രിമമായുണ്ടാക്കിയ മാൻ; 3. നാലങ്കങ്ങളുള്ള ഒരുതരം രൂപകം, ദശരൂപകങ്ങളിൽ ഒന്ന്
ഈഹാർഥി [സം. -അർഥിൻ] നാ. 1. ധനം തേടുന്നവൻ; 2. ഒരു കാര്യത്തിനു പ്രയത്നിക്കുന്നവൻ.
ഈഹാവൃകം [സം.-വൃക] നാ. ചെന്നായ്.
ഈഹിക്കുക [<സം. ഈഹ്] ക്രി. 1. ആഗ്രഹിക്കുക, ആശിക്കുക; 2. ക്രി. യത്നിക്കുക. കിട്ടാനായി ശ്രമിക്കുക.
ഈഹിത [സം.] വി. ഈഹിക്കപ്പെട്ട, ഇച്ഛിക്കപ്പെട്ട, ആഗ്രഹിച്ച.
ഈഹിതം [സം.] നാ. ആഗ്രഹിച്ചത്.
ഈള1 [ത. ഈളൈ] നാ. 1. ഈളുവ, ഉമിനീർ; 2. കഫം; 3. അഴുകിയ വയ്ക്കോൽ; 4. പിള, കണ്ണിലെ പഴുപ്പ് മലിനജലം മുതലായവ.
ഈള2 [സം. ഈലാ, ഈഡാ] നാ. സ്തുതി, പ്രശംസ, പുകഴ്ത്തൽ.
ഈളം വി. നീണ്ടു കനം കുറഞ്ഞ, ചെറിയ.
ഈളി [സം. ഈലി, ഈലീ] നാ. 1. ചെറിയവാൾ, വടിവാൾ; 2. ചമ്മട്ടി.
ഈളിക്കര [ഈളി-കര] നാ. നേരിയ കരയുള്ള വസ്ത്രം, ഈർക്കിൽ കരയൻ.
ഈളിക്കുക ക്രി. ക്ഷീണിക്കുക, മെലിയുക.
ഈളിക്കുന്തം, ഈൾ- [സം. ഈലി-കുന്ത] നാ. ഒരുതരം കുന്തം.
ഈളുക ക്രി. = ഈഴുക.
ഈളുവാ [ത. ഈളൈ] നാ. ചാളുവ, വായിൽ നിന്നൊഴുകുന്ന ഉമിനീര്, ഈത്താ.
ഈളു നാ. സ്വർണപ്പണിക്കാരുടെ ഉപകരണം, കൊടിൽ.
ഈഴ് നാ. ശോഭ, ഭങ്ഗി.
ഈഴക്കട്ടി [ഈഴം-കട്ടി] നാ. ഈഴവർ നെയ്യുന്ന കട്ടിമുണ്ട്.

ഈഴക്കമുക് [ഈഴ-കമുക്] നാ. ഒരിനം കമുക്, അലങ്കാരത്തിനായി നട്ടുവളർത്തുന്നു.

ഈഴക്കരിമ്പ് [ഈഴ-കരിമ്പ്] നാ. ഒരിനം കരിമ്പ്.

ഈഴക്കാശ് [ഈഴം-കാശ്] നാ. ചോളനാണയം.

ഈഴക്കയ്യർ നാ. (ബ.വ.) ഒരു താഴ്ന്ന ജാതി, ഈഴവരുടെ കീഴാളായി പണിയെടുക്കുന്ന ഒരു ജാതി.

ഈഴക്കൊട്ടിൽ [ഈഴ-കൊട്ടിൽ] നാ. ഈഴവർ കൊട്ടിൽ കെട്ടി താമസിക്കുന്നതിനു കൊടുക്കേണ്ടിവരുന്ന കരം.

ഈഴച്ചെമ്പകം, ഈഴവ- [മ. ഈഴം-സം. ചമ്പക] നാ. ഒരിനം ചെമ്പകം.

ഈഴത്തരചൻ [സം.] നാ. സിംഹളരാജാവ്.

ഈഴത്തി നാ. ഈഴവസ്ത്രീ.

ഈഴത്തുനാട് [ത. ഈഴു-നാട്] നാ. ഈഴം, സിംഹള ദ്വീപ്, ശ്രീലങ്ക.

ഈഴത്തൂരം [ഈഴത്തു-കരം] ഈഴവർ കൊടുത്തിരുന്ന ഒരു കരം.

ഈഴത്തുരുത്ത്, -ദ്വീപ് [ഈഴം-തുരുത്ത്] നാ. സിംഹള ദ്വീപ്, ലങ്ക.

ഈഴൻ നാ. ഈഴവൻ.

ഈഴം [പാ. സീഹല < സം. സിംഹല] ത. ഈഴം. നാ. 1. സിലോൺ, ശ്രീലങ്ക; 2. ഈഴവൻ; 3. സ്വർണം.

ഈഴൽ [സം. < ഈഷത്] അല്പം, കുറവ്, ന്യൂനത, ഈഴൽ ഇടുക = പിന്നത്തേയ്ക്കു മാറ്റിവയ്ക്കുക.

ഈഴവൻ, ഈഴുവൻ നാ. ഈഴവജാതിയിൽ പെട്ടവൻ, തീയൻ. (സ്ത്രീ) ഈഴത്തി, ഈഴവത്തി.

ഈഴവാത്തി [ഈഴം-വാത്തി] നാ. ഈഴവർക്ക് ക്ഷൗരം ചെയ്യുന്ന ജാതി.

ഈഴിക [സം. ഈഷികാ] നാ. = ഈഷിക.

ഈഴ്ക്കുക ക്രി. 1. ഇഴുകുക, വലിച്ചിഴയ്ക്കുക; 2. കുറയ്ക്കുക, കുറവുവരുത്തുക, നശിപ്പിക്കുക; 3. മുഷിക്കുക, വിഴുപ്പാക്കുക; 4. വസ്ത്രം മാറ്റുക.

ഈഴുക ക്രി. പതിക്കുക.

ഈഴുവൻ നാ. ഈഴവൻ.

ഈറ1 നാ. കോപം.

ഈറ2 നാ. ഈറൽ, ഈറ്റ, വെയ്യ്.

ഈറക്കതിര [ഈറ-കതിര] നാ. തഴച്ചുവളരുന്ന ഒരു ചെറു വൃക്ഷം; മലമ്പെരുവു.

ഈറക്കളി [ഈറ-കളി] നാ. ഈറൽ.

ഈറങ്കാൽ [ത. ഈറൻ-കാൽ] നാ. മണ്ണിരകടിച്ച് കാലിലുണ്ടാകുന്ന ചൊറിച്ചിലും പഴുപ്പും, വളങ്കടി.

ഈറൻ1 വി. നനഞ്ഞ, ഈർപ്പമുള്ള.

ഈറൻ2 [ത. ഈരം] നാ. നനഞ്ഞ വസ്ത്രം, ഈറൻ പകരുക, ഈറം പകരുക, ഈറൻ മാറുക = നനഞ്ഞ മുണ്ട് മാറുക.

ഈറൻകൊള്ളി [<ഈറൻ-കൊള്ളി] നാ. വെളുത്തേടത്തു നായന്മാരിൽ ഉൾപ്പെട്ട ഒരു അവാന്തരവിഭാഗം.

ഈറൻപന [ത. ഈരം പനൈ, ഈറം-പന] നാ. = ഈറമ്പന.

ഈറപ്പ് നാ. ഈർപ്പം.

ഈറം [ത. ഈരം] നാ. ഈർപ്പം, നനവ്.

ഈറമ്പ നാ. ഉലട്ടിപ്പനയുടെ മണ്ടയിലെ നാര്, ചൂണ്ടയിൽ കെട്ടുന്ന ചരടായി ഉപയോഗിക്കുന്നു.
ഈറമ്പന, ഈറൻപന [ത, ഈരംപനൈ] നാ. ഉലട്ടിപ്പന, ചൂണ്ടപ്പന, ആനപ്പന.
ഈറമ്പനി [ഈറൻ-പനി] നാ. 1. ജലദോഷപ്പനി; 2. ശീതജ്വരം.
ഈറയ്ക്കുക [<ഈറ] ക്രി. കോപിക്കുക.
ഈറൽ നാ. മുളയുടെ ഇനത്തിൽപ്പെട്ട ഒരുതരം ചെടി. ഈറ, ഈറ്റ, വേയ്.
ഈറാമ്പലി, ഇരാമ്പിലി, ഈറാമ്പുലി നാ. ഒരിനം വലിയ ചിലന്തി, ഊറാമ്പുലി.
ഈറിക്കുക [ഈറ] ക്രി. കോപിക്കുക.
ഈറിപ്പട്ട് [ഈറി-പട്ട്] നാ. ഒരുതരം പട്ട്, ഇറിപ്പട്ട്.
ഈറ്1 [ത. ഈറു] നാ. അതിര്, അവസാനം, അറ്റം.
ഈറ്2 [ത. ഈറ്] നാ. 1. മോണ; 2. കോപം, ഈറ.
ഈറുക ക്രി. 1. പിളർക്കുക, നശിപ്പിക്കുക; 2. അറുക്കുക.
ഈറുമ്മൽ നാ. ഈർപ്പമുള്ള തുണി.
ഈറ്റ1 നാ. ലുബ്ധ്, പിശുക്ക്, ഈറ്റൻ = പിശുക്കൻ.
ഈറ്റ2 [ഈറ] നാ. വേയ്, മുളയുടെ ഒരിനം (ചെറുതും മുള്ളില്ലാത്തതും).
ഈറ്റ3 വി. പ്രസവിച്ച ജന്തുവോ മൃഗമോ. (പ്ര.) ഈറ്റപ്പുലി, ഈറ്റപ്പാമ്പ്.
ഈറ്റക്കുഴൽ [ഈറ്റ-കുഴൽ] നാ. വേങ്കുഴൽ, ഓടക്കുഴൽ, ഒരു വാദ്യോപകരണം.
ഈറ്റത്തം [ഈറ്റ1] നാ. പിശുക്ക്, ലുബ്ധ്.
ഈറ്റപൊളപ്പൻ നാ. കുരുവിയെക്കാൾ ചെറിയ ഒരിനം പക്ഷി, ഈറ്റക്കാടുകളിൽ വാസം.
ഈറ്റപ്പാമ്പ് [ഈറ്റ3-പാമ്പ്] നാ. മുട്ടയിട്ടിരിക്കുന്ന പാമ്പ്, തള്ളപ്പാമ്പ്.
ഈറ്റപ്പുര [ഈറ്റ3-പുര] നാ. പ്രസവമുറി, പെറ്റുകിടക്കുന്ന മുറി.
ഈറ്റപ്പുല [ഈറ്റ3-പുല] നാ. പ്രസവത്തിൻെറ വാലായ്മ.
ഈറ്റപ്പുലി [ഈറ്റ3-പുലി] നാ. പെറ്റു കുട്ടിയോടുകൂടിയ പുലി.
ഈറ്റപ്പെരുവാഴ [ഈറ്റ2-പെരുവാഴ] നാ. ഒരിനം മലനെല്ല്.
ഈറ്റം [ത. ഈറ്റം] നാ. മൃഗത്തിൻെറ യോനി.
ഈറ്റമായൻ നാ. ലുബ്ധൻ.
ഈറ്റയൻ നാ. ലുബ്ധൻ.
ഈറ്റവാൾ നാ. ഭദ്രകാളിയുടെ ആയുധങ്ങളിൽ ഒന്ന്.
ഈറ്റാൽ വി. ഇത്തരത്തിലുള്ള, ഇമ്മാതിരിയുള്ള.
ഈറ്റിക്കുക ക്രി. ലുബ്ധ് കാണിക്കുക.
ഈറ്റിനം [ഈറ്റ്-ഇനം] നാ. കന്നുകിടാങ്ങൾ.
ഈറ്റിലപ്പിരമ്പ് [ഈറ്റില-പിരമ്പ്] നാ. വളരെ വണ്ണം കുറഞ്ഞ ഒരിനം പിരമ്പ് (ചൂരൽ).
ഈറ്റില്ലം [ഈറ്റ്3-ഇല്ലം] നാ. പ്രസവമുറി, പെറ്റുകിടക്കുന്ന മുറി.
ഈറ്റ് [ത. ഈറ്റ് < ഈനുക] നാ. പ്രസവം.
ഈറ്റുകയറ് നാ. പ്രസവിക്കുന്ന സമയത്ത് പിടിച്ചുകൊണ്ടിരിക്കുവാൻ കെട്ടിത്തൂക്കിയിരിക്കുന്ന കയറ്.
ഈറ്റുകാരി നാ. പേറെടുക്കുന്നവൾ, വയറ്റാട്ടി.
ഈറ്റുകിടക്ക നാ. പ്രസവ ശയ്യ.
ഈറ്റുനായ് നാ. പ്രസവിച്ചുകിടക്കുന്ന പട്ടി.

ഈറ്റുനോവ്, ഈറ്റ- നാ. പ്രസവ വേദന.
ഈറ്റുപാട് നാ. പ്രസവം മൂലമുണ്ടാകുന്ന ക്ഷതം, അടയാളം.
ഈറ്റുപാമ്പ് = ഈറ്റപ്പാമ്പ്.
ഈറ്റുവിളി നാ. പ്രസവവേദനകൊണ്ട് ഉണ്ടാകുന്ന നിലവിളി.
ഈറ്റെടുക്കുക ക്രി. പ്രസവവേദന ഉണ്ടാകുക, പ്രസവ ശുശ്രൂഷ നടത്തുക.
ഈറ്റൊലി [ഈറ്റ്-ഒലി] 'രണ്ടാമത്തെ ഒലി' നാ. മാറ്റൊലി.

## ഉ

291

ഉ1 അക്ഷരമാലയിലെ അഞ്ചാമത്തെ അക്ഷരം. ഹ്രസ്വ സ്വരം, ഓഷ്ഠ്യം.
ഉ2 1. ഉദ്ദേശികാവിഭക്തി പ്രത്യയം. ഈ ഉകാരം സംവൃതമാണ്. ഉദാ. അവന്, രാമന്. ഇത്, 'ക്ക്' എന്നതിന്റെ രൂപ പരിണാമമത്രേ. അവൻ+ക്ക് > അവനുക്ക് > അവന്; 2. ഭാവിപ്രത്യയം; 3. ശിവൻ; 4. ബ്രഹ്മാവ്; 5. ചന്ദ്രൻ; 6. തപസ്സ്.
ഉക1 (വ്യാക.) ഒരു നടുവിനയെച്ചപ്രത്യയം (വ്യഞ്ജനാന്തങ്ങളായ ധാതുക്കളിൽ ചേർക്കുന്നു).
ഉക2 നാ. മഞ്ഞപ്പൂവും ചുവന്ന കായുമുള്ള ഒരിനം വൃക്ഷം, ഉകമരം. പല മരങ്ങൾക്കും ഉക എന്നു പറയാറുണ്ട്.
ഉകനാഹം, ഉകാനഹം [സം. ഉകാനഹ] നാ. മഞ്ഞയും (അല്ലെങ്കിൽ ചെമപ്പും) കറുപ്പും നിറമുള്ള കുതിര.
ഉകന്തുടമ നാ. മരുമക്കത്തായക്കാരനായ വെള്ളാളന്റെ മരണത്തിനുശേഷം അയാളുടെ സ്വത്തിൽനിന്നു പുത്രന്മാർക്കോ നേരത്തേഉപേക്ഷിച്ച ഭാര്യയ്ക്കും മക്കൾക്കുമോ കിട്ടുന്ന അംശം.
ഉകം1 [ത. ഉകം < ഉലകം] നാ. ലോകം, ഭൂമി.
ഉകം2 [സം. യുഗം] നാ. യുഗം.
ഉകയുക ക്രി. 1. ചെല്ലുക; 2. നടക്കുക.
ഉകയ്ക്കുക ക്രി. 1. ഇഷ്ടപ്പെടുക, ആഗ്രഹിക്കുക; 2. നടത്തുക.
ഉകാരം [സം. ഉ-കാര] നാ. 1. 'ഉ' എന്ന അക്ഷരം; 2. ശിവരൂപം; 3. പ്രാണൻ.
ഉകിർ [ത. ഉകിർ] നാ. 1. നഖത്തോടു ചേർന്നുള്ള മാംസം; 2. നഖം.
ഉകിൽ [ഉക-ഇൽ] (വ്യാക.) ഒരു പാക്ഷികവിനയെച്ചപ്രത്യയം. ഉദാ: ചെയ്യുകിൽ.
ഉകുണം [സം. ഉകുണ] നാ. മൂട്ട.
ഉക്ക [അറ. ഹുക്കാ] നാ. വെള്ളം നിറച്ച ഒരു കുടുക്കയും അതിൽനിന്നുള്ള കുഴലും ആയി പുകവലികാനുണ്ടാക്കുന്ന ഒരു ഉപകരണം.
ഉക്കച്ചൊറി നാ. 1.[ഉക്കം3-ചൊറി] മുഖക്കുരു; 2. [ഉക്കം1-ചൊറി] അരയിലുണ്ടാകുന്ന ചിരങ്ങ്.
ഉക്കണി നാ. കൈത്തറിയിൽ കയറു വലിച്ചുകെട്ടുന്നതിനുള്ള ഒരു ഉപകരണം.
ഉക്കണ്ടം [ഉൾ-കണ്ടം] നാ. 1. ഉക്കണ്ടമരം, തമ്പരം; 2. തായ്ത്തടി, തടി.
ഉക്കൻ 'ഉക്ക്, ഉക്ക് എന്നു ശബ്ദിക്കുന്നത്' നാ. ഉപ്പൻ പക്ഷി, ചെമ്പോത്ത്.
ഉക്കം1 [ത. ഉക്കം] നാ. 1. മധ്യം, ഇളി, അരക്കെട്ട്; 2. വശം; 3. ഇറയംഉക്കത്തു പുണ്ണുള്ളവൻ ഊതകടക്കുമോ? (പഴ.)
ഉക്കം2 നാ. ഭാരമുള്ള പദാർഥം കെട്ടിത്തൂക്കിയെടുക്കുന്നതിനുള്ള കയറ്
ഉക്കം3 നാ. 1. മുഖം; 2. തല; 3. അഗ്നി.

ഉക്കം4 [പ്രാ. ഉക്ഖ < സം. ഉക്ഷൻ] നാ. കാള.
ഉക്കൽ [< ത. ഉക്കം] നാ. വശം, പാർശ്വം, ഇളി, മധ്യം.
ഉക്കളം [ഉൾ–കളം] നാ. 1. രാത്രിയിൽ നടന്നുകൊണ്ടുള്ള കാവൽ, രാത്രിയിലെ റോന്ത്; 2. കരുതൽ സേന; 3. സൈന്യത്തിൻെറ മുൻനിര, മുൻപന്തി.
ഉക്കഴുത്ത് [ഉൾ–കഴുത്ത്] നാ. സ്ത്രീകളുടെ ഒരു കണ്ഠാഭരണം.
ഉക്കറ്റ [ഉക്ക്–അറ്റ] വി. 1. എളിക്ക് ഉളുക്കുപറ്റിയ; 2. ശക്തിയില്ലാത്ത; 3. തുണയില്ലാത്ത. ഉക്കറ്റിരിക്കുക = കുത്തിയിരിക്കുക.
ഉക്കാരപ്പൊടി [ഉക്കാര–പൊടി] നാ. കടലമാവു ശർക്കരപ്പാവിലിട്ട് ഉലർത്തിയെടുക്കുന്ന ഒരുതരം പലഹാരം.
ഉക്കാലി നാ. ആവിയിൽ പുഴുങ്ങിയെടുക്കുന്ന ഒരുതരം പലഹാരം.
ഉക്കിണി അവ്യ. അല്പം, ഇമ്മിണി.
ഉക്കിൽ നാ. ഉക്കൻ, ചകോരപ്പക്ഷി.
ഉക്ക്1 നാ. ഊക്ക്, കരുത്ത്.
ഉക്ക്2 നാ. 1. ഒക്ക്, അര, ഇളി; 2. വിക്ക്.
ഉക്കുക1 ക്രി. 1. കുതിക്കുക; 2. തെറിക്കുക; 3. ചായുക, ചരിയുക; 4. വിറയ്ക്കുക.
ഉക്കുക2 [ത. ഉക്കുതല്] ക്രി. 1. ചെതുമ്പിക്കുക; 2. ദ്രവിക്കുക, ചീയുക.
ഉക്കുടി നാ. 1. തിണ്ണ, വരാന്ത; 2. വീടിൻെറ വെളിയിലെ മൂല.
ഉക്കുണം നാ. ഉങ്കുണം
ഉക്കുമത്ത് [പേർ. ഹുകുമത്] നാ. 1. ശാഠ്യം; 2. കല്പന.
ഉക്കുമം നാ. അനാവശ്യത്തർക്കം.
ഉക്കുരുട്ട് [ഉൾ–കുരുട്ട്] നാ. തട്ടിപ്പ്.
ഉക്കുരുവി നാ. 1. ഊർക്കുരുവി, വീട്ടുകുരുവി; 2. കാക്കത്തമ്പുരാട്ടി, ഉയരെപ്പറന്നാലും ഉക്കുരുവി പരുന്താകുമോ? (പഴ.)
ഉക്കൂക്ക് നാ. ഒളിച്ചുകളി.
ഉക്കെട്ട് [ഉൾ–കെട്ട്] നാ. ഒരു കണ്ഠാഭരണം, ഉക്കഴുത്ത്.
ഉക്കെട്ടുപോവുക ക്രി. ഉള്ളുകെട്ടുപോവുക, ചീഞ്ഞുപോവുക.
ഉക്കെല്ല് നാ. നട്ടെല്ല്.
ഉക്ത1 [സം. <വച്] വി. പറയപ്പെട്ട; 2. നിർദ്ദേശിക്കപ്പെട്ട.
ഉക്ത2 [സം. ഉക്താ] നാ. ഒരു ഛന്ദസ്സ്.
ഉക്തപദം [സം. ഉക്ത–പദ] നാ. ഒരു വാക്യദോഷം.
ഉക്തപ്രത്യുക്തം [സം. –പ്രതി–ഉക്ത] നാ. വചനവും പ്രതിവചനവും, പറച്ചിലും മറുപടിയും, ചർച്ച, സംഭാഷണം.
ഉക്തഭാഷ [സം. –ഭാഷാ] നാ. സംഭാഷണത്തിൽ പ്രയോഗിക്കുന്ന ഭാഷ.
ഉക്തം [സം. <വച്] നാ. പറയപ്പെട്ടത്, വാക്ക്, വാക്യം, ഉക്തി.
ഉക്തി [സം.] നാ. 1. വാക്ക്, പറച്ചിൽ; 2. സാഹിത്യഗുണങ്ങളിൽ ഒന്ന്, ചമത്കാരപൂർണമായ കഥനം; 3. മഹത്തായ വചനം, ലോകോക്തി.
ഉക്തിപ്രത്യുക്തി [സം. ഉക്തി–പ്രതി–ഉക്തി] നാ. പറച്ചിലും മറുപടിയും, സംഭാഷണം, വാദപ്രതിവാദം.
ഉക്ത്വാ [സം.] അവ്യ. പറഞ്ഞിട്ട്.
ഉക്ഥ [സം. ഉക്ഥാ] നാ. ഉക്ത എന്ന ഛന്ദസ്സ്.

ഉക്ഥൻ [സം. ഉക്ഥ] നാ. പ്രാണൻ.
ഉക്ഥം [സം.] നാ. 1. ചൊല്ല്, വാചകം; 2. ശ്ലോകം, പദ്യം.
ഉക്ഥി [സം. ഉക്ഥിൻ] നാ. സ്ത്രോത്രം ചൊല്ലുന്നവൻ.
ഉക്ഥ്യ [സം.] വി. സ്തുത്യർഹമായ, സ്തുതിരൂപമായ, സ്തുതിയുൾക്കൊള്ളുന്ന.
ഉക്ഥ്യം [സം.] നാ. പ്രധാന സോമയജ്ഞങ്ങളിൽ ഒന്ന്.
ഉക്ഥ്യസ്ഥാലി [സം. ഉക്ഥ്യ-സ്ഥാലി] നാ. ഉക്ഥ്യതർപ്പണത്തിനുള്ള താലം.
ഉക്ഥ്യോപശയം [സം. -ഉപശയ] നാ. ഉക്ഥ്യയജ്ഞത്തിൽ ഉപയോഗിക്കുന്ന യൂപങ്ങളിൽ ഒന്ന്, യജ്ഞപശുവിനെ ബന്ധിക്കാനുള്ള യൂപം.
ഉക്രാണം [<സം. ഉഗ്രാഹ്വാനം] നാ. 1. അഹങ്കാരപൂർവകമായ ശബ്ദം; അഹങ്കാരം; 2. കോപം കൊണ്ടുള്ള അലർച്ച, അട്ടഹാസം; 3. നെടുവീർപ്പ്, ദീർഘശ്വാസം.
ഉക്രാണിക്കുക [< ഉക്രാണം. ത. ഉക്കരിത്തല്] ക്രി. മുക്രയിടുക, അമറുക, അലറുക.
ഉക്ഷണം [സം. < ഉക്ഷ്] നാ. നനപ്പ്, തളിക്കൽ, പ്രോക്ഷണം.
ഉക്ഷതരം, ഉക്ഷതരൻ [സം. ഉക്ഷ-തര] നാ. 1. കാളക്കന്ന്; 2. വലിയ കാള.
ഉക്ഷധ്വജൻ [സം. -ധ്വജ] നാ. ശിവൻ.
ഉക്ഷം [സം. ഉക്ഷൻ] നാ. കാള.
ഉക്ഷവാഹ(ന)ൻ [സം. ഉക്ഷ-വാഹ(ന)] നാ. കാള വാഹനമായിട്ടുള്ളവൻ, ശിവൻ.
ഉക്ഷാ(വ്) [സം. < ഉക്ഷൻ] നാ. 1. കാള; 2. (ജ്യോ.) ഇടവം രാശി.
ഉക്ഷാല [സം.] വി. 1. വേഗമുള്ള; 2. ഭയങ്കരമായ; 3. വലിയ.
ഉക്ഷാലൻ [സം.] നാ. കുരങ്ങ്.
ഉക്ഷിത [സം.] വി. 1. ഉക്ഷണം ചെയ്യപ്പെട്ട, തളിക്കപ്പെട്ട, നനയ്ക്കപ്പെട്ട; 2. ശുദ്ധി ചെയ്യപ്പെട്ട; 3. പഴകിയ; 4. വളർച്ചമുറ്റിയ; 5. ശക്തിയുള്ള.
ഉഖ [സം. ഉഖാ] നാ. 1. കലം, അടുപ്പത്തുവയ്ക്കാനുള്ള പാത്രം, പാകം ചെയ്യുന്ന പാത്രം; 2. ശരീരാവയവം, ശരീരത്തിൽ കാലിൻെറ മേൽഭാഗത്തുള്ള ഒരു പ്രത്യേക സ്ഥാനം.
ഉഖം [സം.] നാ. കലം, പാത്രം.
ഉഖർവലം, ഉഖലം [സം. ഉഖർവല] നാ. ഒരുതരം പുല്ല്.
ഉഖ്യ [സം.] വി. (മാംസവും മറ്റും പോലെ) ഉഖയിൽ വേവിച്ച.
ഉഗരു [സം.] നാ. ഒരുതരം മരം, കോമട്ടി, കുമ്മട്ടി.
ഉഗ്ര1 [സം.] വി. 1. ശക്തിയുള്ള, വലിയ, കഠിനമായ, കടുപ്പമുള്ള, ഭയങ്കരമായ; 2. ഉന്നതമായ, കുലീനമായ; 3. ക്രൂരമായ; 4. കോപമുള്ള; 5. എരിയുന്ന, തീക്ഷ്ണതയുള്ള.
ഉഗ്ര2 [സം. ഉഗ്രാ] നാ. 1. ഉഗ്രയായ സ്ത്രീ; 2. ക്ഷത്രിയനു ശൂദ്രസ്ത്രീയിൽ ജനിച്ച മകൾ; 3. കാളി, ദുർഗ; 4. വയമ്പ്; 5. കൊത്തമ്പാലരി; 6. ചടയൻ കഞ്ചാവ്; 7. കൂറാശാണി; 8. പാമ്പിൻെറ വിഷപ്പല്ലുകളിൽ ഒന്ന്; 9. അഗ്നിയുടെ ജ്വാലകളിൽ ഒന്ന്; 10 വിനായക പൂജയിൽ അർപ്പിക്കപ്പെടേണ്ട ഒരു ദേവത; 11. ഋഷഭസ്വരത്തിലുള്ള ഒരു ശ്രുതി.
ഉഗ്രകർമാ(വ്) [സം. ഉഗ്ര-കർമൻ] നാ. 1. പ്രവർത്തനങ്ങളിൽ ഉഗ്രതയുള്ളവൻ, പരാക്രമി; 2. കൗരവപക്ഷത്തിൽ ചേർന്നു യുദ്ധംചെയ്ത ഒരു സാല്വരാജാവ്; 3. കേകയരാജകുമാരനായ വിശോകൻെറ സേനാനായകൻ.
ഉഗ്രകാണ്ഡം [സം. -കാണ്ഡ] നാ. 1. കള്ളിച്ചെടി; 2. പാവൽ (വലുത്); 3. ചങ്ങലംപരണ്ട.
ഉഗ്രഗന്ധ1 [സം. -ഗന്ധ] വി. തീക്ഷ്ണമായ ഗന്ധത്തോടുകൂടിയ; നാ. ചമ്പകം.

ഉഗ്രഗന്ധ2 [സം. -ഗന്ധാ] നാ. 1. വയമ്പ്; 2. അയമോദകം; 3. ആട്ടുനാറിവേള; 4. കൂറാശാണി; 5. ഭൂതാങ്കുശം, തുമ്മി, ചെരുപ്പടി.
ഉഗ്രഗന്ധം [സം.] നാ. 1. ചമ്പകം; 2. വെളുത്തുള്ളി; 3. കായം, പെരുങ്കായം; 4. വേപ്പ്; 5. അയമോദകം; 6. ചെറുതുളസി; 7. ചെറുകുമിഴ്.
ഉഗ്രഗന്ധിക [സം. ഉഗ്ര-ഗന്ധികാ] നാ. അയമോദകം.
ഉഗ്രഗ്രഹം [സം. -ഗ്രഹ] (ജ്യോ.) നാ. പാപഗ്രഹം, അനിഷ്ടകാരിയായ ഗ്രഹം.
ഉഗ്രചക്രം [സം. -ചക്ര] നാ. 1. വിഷ്ണുവിൻെറ ചക്രായുധം; 2. ഒരുതരം സാളഗ്രാമം.
ഉഗ്രചണ്ഡ [സം. -ചണ്ഡാ] നാ. ദുർഗ.
ഉഗ്രചണ്ഡിക [സം.-ചണ്ഡികാ] നാ. ഉഗ്രചണ്ഡ.
ഉഗ്രചയ്യം [സം. -ചയ] നാ. തീവ്രമായ ആഗ്രഹം.
ഉഗ്രചാരിണി [സം. -ചാരിണി] നാ. ഉഗ്രചണ്ഡ
ഉഗ്രജാതി [സം. -ജാതി] നാ. ഹീനജാതി.
ഉഗ്രത, ഉഗ്രത്വം [സം. ഉഗ്ര-താ, -ത്വ] നാ. ഭയങ്കരത, തീവ്രത, തീക്ഷ്ണത, ക്രൂരത, കോപം.
ഉഗ്രതപസ്സ് [സം. -തപസ്] നാ. 1. ഉഗ്രമായ തപസ്സ്, 2. ഉഗ്രമായ തപസ്സോടുകൂടിയവൻ; 3. ശീലാവതിയുടെ ഭർത്താവായ മുനി.
ഉഗ്രതാര [സം. -താരാ] നാ. ഒരു ദേവി.
ഉഗ്രതീർഥം [സം. -തീർഥ] നാ. ഒരു പുണ്യതീർഥം.
ഉഗ്രത്വം [സം.] നാ. ഉഗ്രത.
ഉഗ്രദർശന [സം. ഉഗ്ര-ദർശന] വി. കാഴ്ചയ്ക്കു ഭയങ്കരമായ, ഭീമാകാരമായ, കണ്ടാൽപേടിയുണ്ടാക്കുന്ന.
ഉഗ്രദർശനൻ [സം. -ദർശന] 'കാഴ്ചയിൽ ഭയമുണ്ടാക്കുന്നവൻ' നാ. മഹിഷാസുരസൈന്യത്തിലെ ഒരു അസുരൻ.
ഉഗ്രധന്വാ(വ്) [സം. -ധന്വൻ] നാ. 1. ഉഗ്രമായ ധനുസ്സോടുകൂടിയവൻ; 2. ഇന്ദ്രൻ; 3. ശിവൻ.
ഉഗ്രൻ [സം. ഉഗ്ര] നാ. 1. ശിവൻ, രുദ്രൻ; 2. വിഷ്ണു; 3. സൂര്യൻ; 4. വായു; 5. സദാശിവമന്ത്രത്തിൽ ഉകാരത്തിൻെറ രൂപം; 6. വീരഭദ്രൻ, ശിവപുത്രൻ; 7. ക്രൂരകൃത്യങ്ങൾ ചെയ്യുന്ന ദ്വിജൻ; 8. വിഷമുള്ള ഒരുജാതി എലി; 9. ക്ഷത്രിയന് ശൂദ്രസ്ത്രീയിൽ ഉണ്ടായ പുത്രൻ; 10. വൈശ്യനു ക്ഷത്രിയ സ്ത്രീയിൽ ഉണ്ടായ പുത്രൻ; 11. വെരുക്.
ഉഗ്രനക്ഷത്രങ്ങൾ, -നാളുകൾ [സം. -നക്ഷത്രാ:] നാ. (ബ.വ.) ഭരണി മകം പൂരം പൂരാടം പൂരുട്ടാതി എന്നീ അഞ്ചുനക്ഷത്രങ്ങൾ.
ഉഗ്രനാൾ [സം. -മ. നാൾ] നാ. ഉഗ്രനക്ഷത്രം.
ഉഗ്രപുത്രൻ [സം. -പുത്ര] നാ. 1. ഗണപതി; 2. സുബ്രഹ്മണ്യൻ.
ഉഗ്രപൂതി [സം. -പൂതി] വി. വലിയ ദുർഗന്ധമുള്ള.
ഉഗ്രബാഹു [സം. -ബാഹു] നാ. ഉഗ്രമായ ബാഹുക്കളോടു കൂടിയവൻ, ശക്തൻ.
ഉഗ്രഭീഷണി [സം. -ഭീഷണി] നാ. പാമ്പിൻെറ ഒൻപതു ദംഷ്ട്രങ്ങളിൽ ഒന്ന്, വലത്തേ മോണയിലുള്ള ഒരു വിഷപ്പല്ല്.

ഉഗ്രം [സം.] വി. ഭയങ്കരമായ, ശക്തമായ, മഹത്തായ.

ഉഗ്രംപശ്യ, ഉഗ്രപശ്യ [സം. ഉഗ്രം-പശ്യ] വി. കണ്ടാൽ ഉഗ്രമായ, ഭയങ്കരമായ, ഉഗ്രദർശനമായ.
ഉഗ്രമൂർത്തി [സം. ഉഗ്ര-മൂർതീ] നാ. ശക്തിയുള്ള ദേവത.
ഉഗ്രരേതസ്സ് [സം. -രേതസ്] നാ. രുദ്രൻ, ശിവൻ.
ഉഗ്രലിപി [സം. -ലിപി] നാ. പുരാതന ഭാരതത്തിൽ പ്രചരിച്ചിരുന്ന ഒരു ലിപി.
ഉഗ്രവീര്യൻ [സം. -വീര്യ] നാ. ശിവഭക്തനായ ഒരു മുനി.
ഉഗ്രവ്രത [സം. -വ്രത] വി. ഉഗ്രമായ വ്രതത്തോടുകൂടിയ.
ഉഗ്രശാസനൻ [സം.-ശാസന] നാ. ആജ്ഞയിൽ ഉഗ്രനായവൻ, കല്പന നടപ്പാക്കുന്നതിൽ തീഷ്ണനായവൻ.
ഉഗ്രശൂല [സം.-ശൂലാ] നാ. കടുത്തവേദനയോടുകൂടിയ ഒരുതരം ശൂലരോഗം.
ഉഗ്രശേഖര [സം.-ശേഖരാ] നാ. ഉഗ്രൻെറ (ശിവൻെറ) ശിരോലങ്കാരമായത്, ഗങ്ഗ.
ഉഗ്രശ്രവണദർശന [സം. -ശ്രവണ-ദർശന] വി. കേൾക്കുകയും കാണുകയും ചെയ്യുവാൻ കഴിയാത്തവിധം ഭയങ്കരമായ.
ഉഗ്രശ്രവസ്സ്, ഉഗ്രശ്രവൻ [സം. -ശ്രവസ്സ്] നാ. 1. നൈമിശാരണ്യത്തിൽവച്ച് ശൗനകാദിമഹർഷിമാരോടു ഭാരതകഥ പറഞ്ഞ സൂതൻ, ലോകമഹർഷണൻെറ പുത്രൻ; 2. ശീലവതിയുടെ ഭർത്താവായ മുനി, ഉഗ്രതപസ്സ്.
ഉഗ്രസേനൻ [സം. -സേന] നാ. മഥുരയിലെ ഒരു യാദവരാജാവ്, കംസൻെറ പിതാവ്.
ഉഗ്രാണം [ത. ഉക്കിരാണം] നാ. 1. കലവറ, ഭണ്ഡാരം; 2. ധാന്യപ്പുര; 3. അരിയും കോപ്പും; 4. ക്ഷേത്രാധികാരിയുടെ കാര്യശാല; 5. ഔന്നത്യം, അഹങ്കാരം.
ഉഗ്രാണി [ത. ഉക്കിരാണി] നാ. 1. ഭണ്ഡാരം സൂക്ഷിപ്പുകാരൻ, കലവറവിചാരിപ്പുകാരൻ; 2. കരം പിരിക്കുന്നവൻ; 3. അംശം കോൽക്കാരൻ, ശിപായി.
ഉങ്കൻ [ഉങ്ക്-അൻ] നാ. 1. ഉങ്ക് (ഹുങ്ക്) ഉള്ളവൻ; 2. ഊക്കുള്ളവൻ.
ഉങ്കരം [സം.] നാ. ഒരുതരം ഘനവാദ്യം.
ഉങ്കിന (പ.മ.) [ഉൺകിന] വി. ഭക്ഷിച്ച.
ഉങ്കിരുട്ട് നാ. പേടിപ്പെടുത്തൽ. ഭയപ്പെടുത്തൽ.
ഉങ്ക് നാ. 1. ഹുങ്ക്, അഹങ്കാരം, മുഷ്ക്ക്; 2. ഊക്ക്, ബലം.
ഉങ്കുണം, ഉകുണം, ഉത്കുണം [സം. ഉങ്കുണ] നാ. മൂട്ട, പേൻ, ചെള്ള്.
ഉങ്ങ് നാ. 1. ചുവന്ന മന്ദാരം, കോവിദാരം; 2. പൂങ്ങുമരം, കരഞ്ജം.
ഉച് [സം.] 'ഉത്' (ഉദ്) എന്ന ഉപസർഗം ശ-ചവർഗാക്ഷരങ്ങൾക്കു മുൻപു കൈക്കൊള്ളുന്നരൂപം.
ഉചഥ്യ [സം. ഉചഥ്യ] വി. ഉചയം അർഹിക്കുന്ന, സ്തുത്യർഹമായ.
ഉചഥം [സം. < വച്] നാ. 1. സ്തോത്രം; 2. ശ്ലോകം, പദ്യം.
ഉചിത [സം. < ഉച്] വി. യോഗ്യമായ, ചേർച്ചയുള്ള, തക്ക, അനുരൂപമായ, സ്വീകരിക്കാവുന്ന, സ്തുത്യർഹമായ, നല്ല.
ഉചിതജ്ഞ [സം. ഉചിത-ജ്ഞ < ജ്ഞാ] വി. ഉചിതമെന്തെന്ന് അറിയാവുന്ന, യോഗ്യമായിട്ടുള്ളത് ഇന്നത് എന്നു ബോധമുള്ള, ഔചിത്യബോധമുള്ള.
ഉചിതം നാ. 1. യോജ്യമായത്, തക്കത്; 2. നന്ദി, കൃതജ്ഞത. ഉണ്ടചോറിന് ഉചിതം വേണം. (പഴ.)
ഉചിതയോഗജ്ഞ [സം. ഉചിത-യോഗ-ജ്ഞ] വി. ഇന്നകാര്യത്തിന് ഇന്നതു ചെയ്യണമന്നറിയാവുന്ന, സന്ദർഭോചിതമായിപ്പെരുമാറുന്ന.

ഉച്ച1 [സം.] വി. 1. ഉയർന്ന, ഉയർച്ചയുള്ള, പൊക്കമുള്ള; 2. തീവ്രമായ, തീക്ഷ്ണമായ, കഠിനമായ; 3. വലിയശബ്ദത്തിലുള്ള, ഉയർന്നസ്വരത്തിലുള്ള; 4. ഉന്നതസ്ഥിതിയിലുള്ള; 5. (ജ്യോ.) ഉച്ചസ്ഥിതിയെപ്രാപിച്ച, ഉച്ചപ്പെടുക, ഉച്ചമാവുക = വർധിക്കുക.

ഉച്ച2 [<സം.ഉച്ച] നാ. പകലിൻെറ മധ്യം, സൂര്യൻ തലയ്ക്കുനേരേമുകളിൽ കാണുന്ന സമയം, മധ്യാ ം. (പ്ര.) ഉച്ചതലമറിയുക, ഉച്ചതെറ്റുക, ഉച്ചതിരിയുക = മധ്യാ ംകഴിയുക; ഉച്ചതുള്ളുക = ഉച്ചവെയിലിൽ ഓളം വെട്ടുന്നതുപോലെ തോന്നുക, കാനൽ ജലം.

ഉച്ചകാലം [മ.ഉച്ച2-സം.-കാല] നാ. 1. മധ്യാ സമയം; 2. ഹിന്ദുക്ഷേത്രങ്ങളിലെ പൂജ, ഉച്ചപ്പൂജ.

ഉച്ചകൈ: [സം.] അവ്യ. 1. വളരെ ഉച്ചമായ, വളരെ വലുതായി, വളരെ മെച്ചമായി; 2. ഉയർന്ന ശബ്ദത്തിൽ, ഉറക്കെ.

ഉച്ചകോടി [സം. ഉച്ച1-കോടി] നാ. 1. ഉച്ചാവസ്ഥ, ഏറ്റവും ഉയർന്നസ്ഥാനം; 2. പരമകാഷ്ഠ.

ഉച്ചക്കിറുക്ക് [ഉച്ച3-കിറുക്ക്] നാ. മുഴുക്കിറുക്ക്, ഉച്ചക്കമ്പം, (ഉച്ചമായ - കൂടിയ - ഭ്രാന്ത്.)

ഉച്ചട [സം. ഉച്ചടാ] നാ. 1. അഹങ്കാരം; 2. ശീലം, പതിവ്; 3. സോമലത; 4. കരിവിക്കിഴങ്ങ്; 5. പെരുങ്കോരപ്പുല്ല്; 6. കുണ്ടുമുത്തങ്ങ, പെരുമുത്തങ്ങ; 7. കീഴാനെല്ലി; 8. ഒരുതരം വെള്ളുള്ളി; 9. ചുവന്ന കുന്നി.

ഉച്ചടാകന്ദം [സം. ഉച്ചടാ-കന്ദ] നാ. 1. കീഴാനെല്ലി; 2. കരിവിക്കിഴങ്ങ്.

ഉച്ചണ്ഡ [സം. ഉദ്-ചണ്ഡ] വി. 1. കടുത്ത, കൊടിയ; 2. ഭയങ്കരമായ, ക്രൂരമായ; 3. ശക്തിമത്തായ, ഊക്കേറിയ.

ഉച്ചത [സം. ഉച്ച-താ] നാ. = ഉച്ചത്വം.

ഉച്ചതര [സം. ഉച്ച1-തര] വി. അധികം ഉയർന്ന, കൂടുതൽ ശബ്ദമുള്ള.

ഉച്ചതരു [സം. -തരു] നാ. 'പൊക്കമുള്ളമരം', തെങ്ങ്.

ഉച്ചത്വം [സം. -ത്വ] നാ. 1. ഉച്ചമായിരിക്കുന്ന അവസ്ഥ, ഔന്നത്യം; 2. പൊക്കം; 3. മേന്മ, വലിപ്പം ൻ നീചത്വം.

ഉച്ചദേവത [സം. -ദേവതാ] നാ. 1. കുലദേവത; 2. കാലത്തിൻെറ മൂർത്തരൂപം.

ഉച്ചദേവൻ [സം. -ദേവ] നാ. 1. വിഷ്ണു; 2. കൃഷ്ണൻ.

ഉച്ചൻ1 നാ. ഉച്ചുപിടിച്ചവൻ; ബുദ്ധിഭ്രമം ഉള്ളവൻ.

ഉച്ചൻ2 [സം. ഉച്ച] നാ. 1. (ജ്യോ.) ഉച്ചരാശിയിൽ സ്ഥിതിചെയ്യുന്ന ഗ്രഹം; 2. ഉയരമുള്ളവൻ, ഉന്നതൻ.

ഉച്ചൻ3 നാ. ഒരുതരം കീടം. (പ്ര.) ഉച്ചൻകുത്തുക, ഉച്ചു കുത്തുക = ദ്രവിച്ചുപോവുക.

ഉച്ചനീച [സം. ഉച്ച1-നീച] വി. 1. ഉയർന്നതും താണതും; 2. വിവിധവർണങ്ങളിലുള്ള, പലതരത്തിലുള്ള. നാ. ഉച്ചനീചത, -ത്വം.

ഉച്ചന്തല [ഉച്ചൻ-തല] നാ. 1.ഉച്ചി; 2. തുഞ്ചം, അങ്ങേ അറ്റം.

ഉച്ചപ്പടം [സം. ഉച്ച-പട] നാ. ഉച്ചസമയത്തു പ്രദർശിപ്പിക്കുന്ന സിനിമ.

ഉച്ചപ്പട്ടിണി [ഉച്ച2-പട്ടിണി] നാ. ഉച്ചയ്ക്കുള്ള പട്ടിണി, മുഴുപ്പട്ടിണി.

ഉച്ചപ്പറ്റ് [ഉച്ച2-പറ്റ്] നാ. ജോലിക്കാരൻ ഉച്ചയ്ക്ക് ആഹാരത്തിനുവേണ്ടി പറ്റുന്ന തുക.

ഉച്ചപ്പാട്ട് [ഉച്ച2–പാട്ട്] നാ. തീയാട്ട്, കളമെഴുത്തും പാട്ടും, യാത്രക്കളി മുതലായവയ്ക്ക് നടത്തുന്ന ചടങ്ങ്.
ഉച്ചപ്പിച്ച് [ഉച്ച2–പിച്ച്] നാ. ഉച്ചക്കിറുക്ക്.
ഉച്ചപ്പൂജ [മ. ഉച്ച2–സം. പൂജാ] നാ. ക്ഷേത്രങ്ങളിൽ ഉച്ചയ്ക്കു നടത്തുന്ന പൂജ. ഉച്ചപ്പൂജച്ചേരിക്കലം = ഉച്ചപ്പൂജ നടത്തുവാൻവേണ്ട ചെലവിലേക്കു നീക്കിവച്ച ഭൂസ്വത്ത്.
ഉച്ചബലി [മ. ഉച്ച2 – സം. ബലി] നാ. ക്ഷേത്രങ്ങളിൽ ഉച്ചയ്ക്കു നടത്തുന്ന ബലിയും പൂജയും.
ഉച്ചഭാഷിണി [സം. ഉച്ച1–ഭാഷിണി] നാ. വിദ്യുച്ഛക്തികൊണ്ടു ശബ്ദത്തെ ഉച്ചത്തിലാക്കുന്ന യന്ത്രം.
ഉച്ചഭ്രാന്ത് [സം. ഭാന്ത] നാ. = ഉച്ചക്കിറുക്ക്.
ഉച്ചം [സം. ഉച്ച] നാ. 1. ഉയർന്ന അവസ്ഥ, ഔന്നത്യം, മേന്മ, പരമോന്നതസ്ഥാനം; 2. ഉയരം; 3. ശബ്ദത്തിൻെറയോ ഗാനത്തിൻെറയോ ഉയർന്ന ശ്രുതി; 4. മരത്തിൻെറയും മലയുടെയും മറ്റും മുകൾഭാഗം; 5. (ജ്യോ.) ഉച്ചരാശി; 6. തലയ്ക്കു നേരേമുകളിലുള്ള അന്തരീക്ഷം, ശിരോബിന്ദു, ഖമധ്യം.
ഉച്ചമലരി [ഉച്ച2–മലരി] ‘ഉച്ചയ്ക്കു വിടരുന്നത്’ നാ. 1. അമ്പരത്തി; 2. നാലുമണിപ്പൂവ്.
ഉച്ചമാളൻ, ഉച്ചമഹാകാലൻ, ഉച്ചിനി മഹാകാലൻ [<ഉജ്ജയിനീമഹാകാള] നാ. ഒരു ഗ്രാമദേവത, ശിവൻ.
ഉച്ചയം [സം. ഉദ്–ചയ < ചി] നാ. 1. ശേഖരിക്കൽ, പെറുക്കിയെടുക്കൽ, സംഭരണം; 2. സമൂഹം, ശേഖരം, സമ്പാദ്യം; 3. മറ്റൊന്നിനോടു കൂട്ടൽ, നേരത്തെ ഉള്ള ഒരു സങ്ഖ്യയോടു കൂട്ടൽ; 4. ഉദയം, സമൃദ്ധി, അഭിവൃദ്ധി; 5. കണക്കുത്ത്, മടിക്കുത്ത്; 6. ത്രികോണത്തിൻെറ എതിർവശം; 7. വരിനെല്ല്.
ഉച്ചയിക്കുക [സം. ഉദ്–ചയിക്കുക] ക്രി. ഒന്നിച്ചു ചേർക്കുക, കൂട്ടിവയ്ക്കുക, സംഭരിക്കുക, ക്രോഡീകരിക്കുക.
ഉച്ചരണം [സം. ഉദ്–ചരണം] നാ. ഉച്ചരിക്കൽ, ഉച്ചാരണം.
ഉച്ചരതം [സം. ഉച്ച1–രത] നാ. ലൈങ്ഗികസ്വഭവമനുസരിച്ചു പുരുഷന്മാരെ ശശൻ, വൃഷഭൻ, അശ്വൻ എന്നും സ്ത്രീകളെ മൃഗി, ബഡവ, ഹസ്തിനി എന്നും തരം തിരിച്ചിരിക്കുന്നതിൽ വൃഷഭനും മൃഗിയും തമ്മിലോ അശ്വനും ബഡവയും തമ്മിലോ ഉള്ള സുരതം.
ഉച്ചരാശി [സം. ഉച്ച1–രാശി] നാ. (ജ്യോ) ഒരു ഗ്രഹത്തിൻെറ ബലം പൂർണതയിലെത്തുന്ന രാശി.
ഉച്ചരിക്കുക [<സം. ഉദ്–ചര്] ക്രി. 1. ശബ്ദം പുറപ്പെടുവിക്കുക; 2. പറയുക, സംസാരിക്കുക; 3. (മന്ത്രങ്ങളും മറ്റും) ചൊല്ലുക, ജപിക്കുക; 4. മേലോട്ടുപോവുക, കയറുക; 5. മുന്നോട്ടുനീങ്ങുക, പുറപ്പെടുക.
ഉച്ചരിത [സം. –ചരിത] വി. ഉച്ചരിക്കപ്പെട്ട, ശബ്ദം പുറപ്പെടുവിക്കപ്പെട്ട, പറയപ്പെട്ട, പറഞ്ഞ.
ഉച്ചരിതം [സം. –ചരിത] നാ. (സങ്ഗീ.) ഏകതാളത്തിൽ ചേർന്ന ഏഴ് അലങ്കാരങ്ങളിൽ ഒന്ന്.
ഉച്ചൽ നാ. കറുത്തപാട്.
ഉച്ചല [സം. ഉദ്–ചല < ചല്] വി. (മേൽപോട്ടു) ചലിക്കുന്ന, അനങ്ങുന്ന, വിറയ്ക്കുന്ന.

ഉച്ചലത്ത് [സം. -ചലത്] വി. 1. ശക്തിയായിച്ചലിക്കുന്ന, ഇളകുന്ന; 2. മുന്നോട്ടു പോകുന്ന, ഉയരുന്ന.
ഉച്ചലനം [സം. -ചലന] നാ. 1. വലിയ ചലനം, ഇളക്കം, കമ്പനം; 2. പുറപ്പാട്.
ഉച്ചലിക്കുക [സം. -ചലിക്കുക] ക്രി. 1. ശക്തിയായി അങ്ങോട്ടുമിങ്ങോട്ടും പോകുക, ആടുക, ഇളകുക, വിറയ്ക്കുക, ഉലയുക, ഇളകിച്ചാഞ്ചാടുക; 2. ഉയർന്നുവരുക, മേലോട്ടു ചലിക്കുക; 3. മുന്നോട്ടു പോവുക, പുറപ്പെടുക; 4. പൊട്ടിപ്പുറപ്പെടുക, ഉദ്ഗമിക്കുക.
ഉച്ചലിതം [സം. -ചലിത] നാ. (സങ്ഗീ.) ചതുരശ്രചമ്പട താളത്തോടു ചേർന്ന അലങ്കാരങ്ങളിൽ ഒന്ന്.
ഉച്ചവെലിവയ്പ് [ഉച്ച2-വെലി-വയ്പ്] നാ. പഴയ ഒരുതരം കരം.
ഉച്ചശ്ശീവേലി [ഉച്ച2-ശീവേലി സം. < ശ്രീബലി] നാ. ഉച്ചസമയത്ത് നടത്തുന്ന ക്ഷേത്രത്തിലെ ശ്രീബലി.
ഉച്ചസംക്രമം [സം. ഉച്ച1-സംക്രമ] നാ. (ജ്യോ.) ഒരു ഗ്രഹം ഉച്ചത്തിൽ ഏറ്റവും ഉയർന്ന സ്ഥാനം കടക്കുക എന്നത്.
ഉച്ചസ്ഥ [സം. -സ്ഥ] വി. 1. ഉച്ചത്തിൽ സ്ഥിതിചെയ്യുന്ന, ഉച്ചാവസ്ഥയെ പ്രാപിച്ച; 2. (ജ്യോ) ഉച്ചരാശിയിൽ സ്ഥിതിചെയ്യുന്ന.
ഉച്ചസ്ഥലി [സം. ഉച്ച-സ്ഥലി] നാ. ഉയർന്ന സ്ഥലം, പീഠഭൂമി.
ഉച്ചാടക [സം. ഉദ്-ചാടക < ചട്] വി. 1. ആട്ടിപ്പായിക്കുന്ന, ബഹിഷ്കരിക്കുന്ന; 2. ബാധയൊഴിപ്പിക്കുന്ന.
ഉച്ചാടനം [സം. -ചാടന] നാ. 1. ഓടിക്കൽ, ആട്ടിപ്പായിക്കൽ, പുറത്താക്കൽ, ഉന്മൂലനം ചെയ്യൽ; 2. മന്ത്രവാദംകൊണ്ട് ബാധ ഒഴിപ്പിക്കൽ. ഉച്ചാടിക്കുക = ഉച്ചാടനം ചെയ്യുക.
ഉച്ചാടം [സം. -ചാട] നാ. 1. ശത്രുസംഹാരം; 2. ഉച്ചാടനം.
ഉച്ചാടിത [സമ്മ്. -ചാടിത] വി. ഉച്ചാടനം ചെയ്യപ്പെട്ട.
ഉച്ചാർ നാ. ഉച്ചാരം1. ഉച്ചാർവയൽ = ഉച്ചാരലിൽ മൂന്നുദിവസത്തേക്ക് നായാട്ടൊഴിച്ചുള്ള ജോലികളിൽനിന്ന് ഒഴിഞ്ഞു നിൽക്കൽ.
ഉച്ചാർത്ത, ഉൽച്ചാർത്ത് (ആ.ഭാ.) നാ. 1. (തമ്പുരാക്കന്മാരുടെ) കോണകം, കൗപീനം; 2. അടിവസ്ത്രം.
ഉച്ചാരണം [സം. -ചാരണം] നാ. 1. ഉച്ചരിക്കൽ, പറയൽ; 2. അക്ഷരങ്ങളും പദങ്ങളും മറ്റും ശബ്ദിക്കുന്ന രീതി.
ഉച്ചാരൻ, ഉച്ചാരൽ നാ. = ഉച്ചാരം1
ഉച്ചാരം1, ഉച്ചാരൻ, ഉച്ചാരൽ, ഉച്ചാൽ [സം. ഉച്ച-ആര?] നാ. 1. ആരൻ; 2. കുജൻ, ഉച്ചത്തിൽ നിൽക്കുന്ന സമയം; 3. മകരം 28 മുതൽ മൂന്നുദിവസത്തേക്ക് ആചരിക്കുന്ന ഒരു വിശേഷം.
ഉച്ചാരം2 [സം. ഉദ്-ചാര?] നാ. 1. മലം, അമേധ്യം; 2. മലവിസർജനം; 3. ഉച്ചാരണം, വാക്ക്; 4. ഗ്രഹത്തിൻെറ രാശി സംക്രമം.
ഉച്ചാരയിതാവ് [സം. -ചാരയിതൃ] നാ. ഉച്ചരിക്കുന്നവൻ. (സ്ത്രീ) ഉച്ചാരയിത്രി.
ഉച്ചാര്യ [സം. -ചാര്യ] വി. ഉച്ചരിക്കുന്നതിനു യോഗ്യമായ.
ഉച്ചാൽ നാ. = ഉച്ചാരൽ. ഉച്ചാൽ തൊട്ട വിത്തു പോയി (പഴ.)

ഉച്ചാവച [സ, ഉച്ച–അവച] വി. 1. പൊങ്ങിയും താണുമുള്ള, നിരപ്പില്ലാത്ത, കുണ്ടുംകുഴിയുമായ; 2. (ശബ്ദം പോലെ) ഉച്ചമായും മന്ദമായുമുള്ള; 3. വലുതും ചറുതുമായ; 4. പല പ്രകാരത്തിലുള്ള, പല വിധത്തിലുള്ള.

ഉച്ചാവചനം [സം. –അവചന] (ഭാ.ശാ.) ശബ്ദത്തിന്റെ ഉയർച്ചതാഴ്ചകൾ.

ഉച്ചാറൽ നാ. = ഉച്ചാരം 1. ഉച്ചാറലോല = ഉച്ചാറൽ സംബന്ധിച്ചു (മകരക്കൊയ്ത്തു കഴിഞ്ഞാലുടനെ) നടത്തുന്ന ഒരു ഉത്സവം.

ഉച്ചി [<സം. ഉച്ചൈ1] നാ. 1. നെറുക, തലയുടെ നടുവ്, തലയുടെ മുകൾഭാഗം, തല; 2. മുകളറ്റം; 3. മധ്യാ ം. ഉച്ചിക്ക് അടിക്കുക = ശിക്ഷിക്കുക. ഉച്ചിവരളുക = എണ്ണപുരട്ടാതിരിക്കുക.

ഉച്ചിക്കരം [ഉച്ചി–കരം] നാ. തലയെണ്ണി ചുമത്തുന്ന നികുതി.

ഉച്ചിക്കുടുമ്മ [ഉച്ചി–കുടുമ്മ] നാ. തല മുണ്ഡനം ചെയ്യുമ്പോൾ ഉച്ചിയിൽ മാത്രം നിർത്തുന്ന കുടുമ്മ. ഉച്ചിക്കുടുമ്മൻ ചന്തയ്ക്കുപോയി (കടം.) = കൂർക്ക.

ഉച്ചിക്കുടുമ്മൻ [ഉച്ചി–കുടുമ്മൻ] നാ. ഒരുവക പരുന്ത്, കുടുമ്മിച്ചാത്തൻ.

ഉച്ചിക്കുരുടൻ [ഉച്ചി–കുരുടൻ] നാ. തീരെ ഉയരം കുറഞ്ഞവൻ. (സ്ത്രീ) ഉച്ചിക്കുരുടി.

ഉച്ചിങ്ഗടൻ [സം. ഉച്ചിങ്ഗട] നാ. 1. രാഗദ്വേഷങ്ങൾ ഉള്ള ആൾ, കോപനപുരുഷൻ; 2. ഒരിനം ഞണ്ട്.

ഉച്ചിട്ട [<സം. ഉച്ഛിഷ്ട] നാ. = ഉച്ഛിഷ്ട.

ഉച്ചിത്ര [സം. ഉദ്–ചിത്ര] വി. തെളിഞ്ഞുകാണുന്ന ചിത്രങ്ങളോടുകൂടി.

ഉച്ചിനാകാളി നാ. ഒരു ദേവത, ഭഗവതിയുടെ ഒരു ഭാവം.

ഉച്ചിപ്പൂവൻ നാ. അറ്റത്തു പൂപോലെ നാരുകൾ ഉള്ളത്, അപ്പുപ്പൻതാടി.

ഉച്ചിപ്പൂവ് [ഉച്ചി–പൂവ്] നാ. 1. തലയിൽ അണിയുന്ന പൂവുപോലുള്ള ഒരു സ്വർണാഭരണം. 2. കാളകളുടെയോ കുതിരകളുടെയോ ഉച്ചിയിൽ ചാർത്തുന്നതിനു പൂക്കുലപോലെ പട്ടുനൂൽകൊണ്ട് ഉണ്ടാക്കുന്ന ഒരു അലങ്കാരം; 3. ഉച്ചിയിൽ പൂവുപോലെ നിൽക്കുന്ന ഭാഗം (കോഴിക്കും മറ്റും).

ഉച്ചിമലര് [ഉച്ചി–മലര്] നാ. ഉച്ചമലരി.

ഉച്ചിൽ നാ. ഇത്തിൾ, ഉത്തിൾ, കക്ക.

ഉച്ചിള്ളിയാട്ടം [< ഉച്ചിതുള്ളിയാട്ടം] നാ. വേണ്ടാതനം കാട്ടൽ, അഹങ്കാരപ്രകടനം, വികൃതിത്തരം.

ഉച്ച് നാ. 1. കിറുക്ക്, പിച്ച്; 2. ധാന്യം തുരന്നുതിന്നുന്ന ഒരു പ്രാണി; 3. ഒച്ച്; 4. കെട്ടിനിൽക്കുന്ന വെള്ളത്തിൽ ലയിച്ചുകിടക്കുന്ന ജൈവപദാർഥങ്ങളുടെ പൊടിയും മറ്റും, ഉന്ത്, വഴുക്കൽ. ഉച്ചുപിടിക്ക = ഉന്തുപിടിക്ക.

ഉച്ചുക ക്രി. 1. തെറ്റുക, വഴുതുക; 2. ഉച്ച് ഉണ്ടാകുക, പേ പിടിക്കുക; കൗശലത്തിൽ ജയിക്കുക; 4. തട്ടിയെടുക്കുക, അന്യന്റെ വസ്തു വഞ്ചിച്ചോ കൗശലം പ്രയോഗിച്ചോ കൈക്കലാക്കുക.

ഉച്ചൂഡം [സം. ഉദ്–ചൂഡ] നാ. 1. കൊടിക്കൂറ; 2. കൊടിയുടെ മുകളിൽ കെട്ടുന്ന ഒരുതരം അലങ്കാരസാധനം.

ഉച്ചൂളി [ഉച്ച്–ഊളി] നാ. 'ഉച്ചിന് ഒളിക്കാനുള്ള തോട്' കക്ക.

ഉച്ചൈർഘുഷ്ട [സം. ഉച്ചൈർ–ഘുഷ്ട <ഘുഷ്] വി. ഉറക്കെ ശദ്ബിക്കപ്പെട്ട.

ഉച്ചൈർഘോഷൻ [സ. –ഘോഷ] 'ഉച്ചത്തിൽ ഘോഷിക്കുന്നവൻ' നാ. രുദ്രൻ.

ഉച്ചൈസ്തരം, –തരാം [സം. ഉച്ചൈസ്–തരം, –തരാം] അവ്യ. കൂടുതൽ ഉച്ചത്തിൽ, വളരെ ഉറക്കെ.

ഉച്ചൈഃ [സം.] അവ്യ. 1. ഉച്ചത്തിൽ, വലിയശബ്ദത്തിൽ, ഉറക്കെ; 2. ഉയരത്തിൽ, ഉച്ചസ്ഥിതിയിൽ, മുകളിലേക്ക്, ഉത്കർഷത്തിലേക്ക്; 3. ഗാഢമായി, ശക്തിമത്തായി, തീവ്രമായി, വളരെ അധികമായി. വി. 1. മഹത്തായ, ഉയർന്ന; 2. വലിയ, നീണ്ട, (മണിപ്രവാളത്തിൽ പ്രയോഗം).

ഉച്ചൈഃശിരസ്സ് [സം. ഉച്ചൈഃ-ശിരസ്] വി. 1. തല ഉയർത്തിപ്പിടിക്കുന്ന; 2. മഹാമനസ്കതയുള്ള; 3. ഉയർന്ന പദവിയുള്ള.

ഉച്ചൈഃശ്രവൻ [സം. -ശ്രവ] നാ. ഉച്ചൈഃശ്രവസ്സ്.

ഉച്ചൈഃശ്രവസൻ [സം. -ശ്രവസ] നാ. 1. 'ഉച്ചൈഃശ്രവസ്സ്'; 2. സൂര്യദേവൻെറ ഒരു അശ്വം.

ഉച്ചൈഃശ്രവസ്സ്1 [സം. -ശ്രവസ്] വി. 1. ചെവിനീണ്ട; 2. ശ്രേഷ്ഠമായ, യശസ്സോടു കൂടിയ; 3. ഉച്ചത്തിൽ ശബ്ദിക്കുന്ന.

ഉച്ചൈഃശ്രവസ്സ്2 [സം. -ശ്രവസ്] നാ. 1. ദേവേന്ദ്രൻെറ കുതിര; 2. സത്യവതി (മത്സ്യഗന്ധി)യുടെ വളർത്തച്ഛനായ മുക്കുവരാജാവ്; 3. പുരുവംശത്തിലെ അവിക്ഷിത്തിൻെറ ആറു പുത്രന്മാരിൽ ഒരാൾ.

ഉച്ഛന്ന [സം. ഉദ്-ഛന്ന < ഛദ്] വി. 1. നാമാവശേഷമായിത്തീർന്ന, നഷ്ടപ്പെട്ട, ഇല്ലാതായ, നശിച്ച; 2. അടക്കിയ; 3. ലോപിച്ച; 4. മറ ഇല്ലാത്ത, വസ്ത്രങ്ങൾ അഴിച്ചുമാറ്റിയ.

ഉച്ഛലനം [സം. -ഛലന < ഛല്] നാ. മുകളിലേക്കോ ദൂരത്തേക്കോ പറക്കൽ, മേലോട്ടുകുതിക്കൽ, മുകളിലോട്ടു പോകൽ.

ഉച്ഛലിത [സം. -ഛലിത] വി. 1. ഇളക്കപ്പെട്ട; 2. പിടിച്ചു കുലുക്കപ്പെട്ട; 3. പോയ.

ഉച്ഛാദനം [സം. -ഛാദന] നാ. 1. ആവരണം, മൂടി; 2. സുഗന്ധദ്രവ്യമോ എണ്ണയോ ശരീരത്തിൽ പൂശൽ.

ഉച്ഛാസന [സം. -ശാസന < ശാസ്] വി. ശാസനയ്ക്കു കീഴ്വഴങ്ങാത്ത, അധികാരവരുതിയിൽ നിൽക്കാത്ത, അനുസരണംകെട്ട.

ഉച്ഛാസ്ത്ര [സം. -ശാസ്ത്ര] വി. ശാസ്ത്രവിരുദ്ധമായ, ശാസ്ത്രത്തെ അതിക്രമിക്കുന്ന. ഉച്ഛാസ്ത്രവർത്തി = ശാസ്ത്രനിയമങ്ങൾക്കു വിരുദ്ധമായി പ്രവർത്തിക്കുന്നവൻ.

ഉച്ഛിഖ [സം. -ശിഖ] വി. 1. (മയിലിനെപ്പോലെ) നിവർന്ന ഉച്ചിപ്പൂവുള്ള; 2. നെറുകയിൽ മുടികെട്ടിവച്ച; 3. മുകളിലേക്കു പ്രകാശിക്കുന്ന, ജ്വാല മേലോട്ടുപൊങ്ങുന്ന, ജ്വലിക്കുന്ന, പ്രകാശിക്കുന്ന.

ഉച്ഛിഖൻ [സം. -ശിഖ] നാ. ഉയർന്ന ശിഖയുള്ളവൻ, തക്ഷകവംശത്തിൽപ്പെട്ട ഒരു നാഗം.

ഉച്ഛിങ്ഘനം [സം. ഉദ്-ശിങ്ഘന < ശിങ്ഘ്] കൂർക്കംവലി.

ഉച്ഛിത്തി [സം. -ഛിത്തി , ഛിദ്] നാ. ഉച്ഛേദനം, പാടേനശിപ്പിക്കൽ, ഉന്മൂലനാശം.

ഉച്ഛിന്ന [സം. -ഛിന്ന] വി. 1. മുറിച്ചുകളഞ്ഞ; 2. നശിപ്പിക്കപ്പെട്ട, നഷ്ടപ്പെട്ട; 3. നീചമായ.

ഉച്ഛിന്നദേശം [സം. ഉച്ഛിന്ന-ദേശ] നാ. സാക്ഷികൾ മുഖേന അവകാശം തെളിയിക്കാനാവാത്ത ഭൂമി.

ഉച്ഛിന്നം [സം.] നാ. വലിയ വിലകൊടുത്തു നേടിയ സമാധാനം.

ഉച്ഛിന്നസന്ധി [സം. ഉച്ഛിന്ന-സന്ധി] നാ. വിലപ്പെട്ട സ്ഥലങ്ങൾ വിട്ടുകൊടുത്തു കൊണ്ടുള്ള സന്ധി.
ഉച്ഛിന്നാശ്രയം [സം. -ആശ്രയ] വി. ആലംബഹീനമായ.
ഉച്ഛിരസ്സ് [സം. ഉദ്-ശിരസ്] വി. തല ഉയർത്തിപ്പിടിച്ച, തലയെടുപ്പുള്ള.
ഉച്ഛിലീന്ധ്ര [സം. -ശിലീന്ധ്ര] വി. കുമിൾ കുരുത്ത, ധാരാളം കുമിളുകൾ നിറഞ്ഞ.
ഉച്ഛിലീന്ധ്രം [സം.] നാ. കുമിൾ, കൂൺ.
ഉച്ഛിഷ്ട [സം. ഉദ്-ശിഷ്ട] വി. 1. ഉപേക്ഷിക്കപ്പെട്ട; 2. തിന്നിട്ടു മിച്ചം വന്ന, എച്ചിലായ, എച്ചിൽ തൊട്ടിരുന്ന് അശുദ്ധമായ, പരിശുദ്ധിയില്ലാത്ത.
ഉച്ഛിഷ്ടഗണപതി [സം. ഉച്ഛിഷ്ട-ഗണപതി] നാ. വിഘ്നേശ്വരിയെന്ന ദേവിയെ മടിയിൽ ഇരുത്തിക്കൊണ്ടു പദ്മാസനത്തിൽ ഇരിക്കുന്ന ഗണപതി.
ഉച്ഛിഷ്ടൻ [സം. ഉദ്-ശിഷ്ടൻ] നാ. ഭക്ഷണം കഴിഞ്ഞു വായും കൈയും ശുചിയാക്കാത്തവൻ.
ഉച്ഛിഷ്ടം [സം. -ശിഷ്ട] നാ. 1. അവശേഷിച്ചത്, ബാക്കി; 2. ഭക്ഷിച്ചതിന്റെ മിച്ചം, എച്ചിൽ; 3. തേൻ.
ഉച്ഛിഷ്ടമോദനം [സം. -മോദന] നാ. മെഴുക്.
ഉച്ഛീർഷക [സം. ഉദ്-ശീർഷക] വി. തലപൊക്കിയ.
ഉച്ഛീർഷകം [സം. -ശീർഷക] നാ. 1. തലപൊക്കി വയ്ക്കാനുള്ളത്, തലയണ; 2. തല.
ഉച്ഛൂന [സം. -ശൂന < ശ്വി] വി. 1. വീർത്ത, വീങ്ങിയ; 2. തടിച്ച, വണ്ണമുള്ള; 3. വർധിച്ച.
ഉച്ഛൂനകം [സം. -ശൂനക < ശ്വി] നാ. വീക്കമുണ്ടാക്കത്തക്കവണ്ണം രതിക്രീഡയിൽ ഏൽപ്പിക്കുന്ന ദന്തക്ഷതം.
ഉച്ഛൃങ്ഖല [സം. ശൃങ്ഖല] വി. 1. ചങ്ങലപൊട്ടിച്ച, തടവില്ലാത്ത, അടക്കമില്ലാത്ത; 2. നിയന്ത്രണമില്ലാത്ത, നിയന്ത്രിക്കാനാവാത്ത, സർവതന്ത്രസ്വതന്ത്രമായ; 3. ചിട്ടയില്ലാത്ത, അടുക്കില്ലാത്ത, ക്രമമില്ലാത്ത.
ഉച്ഛൃങ്ഖലത, -ത്വം [സം. -ശൃങ്ഖല-താ, -ത്വ] നാ. അനിയന്ത്രിതമായ സ്വതന്ത്രത.
ഉച്ഛേദനം [സം. ഉദ്-ഛേദന < ഛിദ്] നാ. ഉച്ഛേദം.
ഉച്ഛേദനീയ [സം. -ഛേദനീയ] വി. ഉച്ഛേദിക്കേണ്ട, ഉന്മൂലനാശം ചെയ്യേണ്ട, പാടേ നശിപ്പിക്കേണ്ട.
ഉച്ഛേദം സം.] നാ. 1. മുറിച്ചുകളയൽ, ഖണ്ഡിക്കൽ; 2. ഉന്മൂല നാശം വരുത്തൽ.
ഉച്ഛേദവാദി [സം. ഉച്ഛേദ-വാദിൻ] നാ. നാസ്തികൻ.
ഉച്ഛേദിക്കുക [സം. ഉദ്-ഛിദ്] ക്രി. മുറിച്ചു തള്ളുക, വെട്ടിക്കളയുക, നശിപ്പിക്കുക, ഇല്ലാതാക്കുക, നീക്കിക്കളയുക.
ഉച്ഛേഷണം [സം. -ശേഷണ] നാ. 1. ബാക്കിവന്നത്, ശേഷിപ്പ്; 2. പിതൃക്കളുടെ ദാസവർഗത്തിനായി നിലത്തു തൂകപ്പെട്ട ബലിദ്രവ്യം.
ഉച്ഛേഷം [സം. -ശേഷ] നാ. ഉച്ഛിഷ്ടം, ബാക്കിവന്നത്, മിച്ചം, എച്ചിൽ.
ഉച്ഛോഫം [സം. -ശോഫ] നാ. 1. നീര്, വീർപ്പ്; 2. പരു.
ഉച്ഛ്രയണം [സം. -ശ്രയണ] നാ. ഉയർത്തൽ.

ഉച്ഛ്രയം, ഉച്ഛ്രായം [സം. –ശ്രയ] നാ. 1. ഉയരൽ, ഉയർച്ച, കിളരൽ; 2. ഉയരം, കിളരം, പൊക്കം, ഉന്നതി; 3. ഉദയം; 4. വളർച്ച, വർധന, ഞെരുക്കം; 5. ഔന്നത്യം, ഉയർന്ന പദവി; 6. ഒരു ത്രികോണത്തിൻെറ ഊർധ്വമുഖമായ വശം; 7. ഒരുതരം സ്തംഭം.

ഉച്ഛ്രയയന്ത്രം [സം. ഉച്ഛ്രയ–യന്ത്രം] നാ. ഭാരം ഉയർത്താനുപയോഗിക്കുന്ന യന്ത്രം, ജലധാരായന്ത്രം.

ഉച്ഛ്രായം [സം. ഉദ്–ശ്രായ] നാ. = ഉച്ഛ്രയം.

ഉച്ഛ്രായി [സം. ഉച്ഛ്രായിൻ] വി. ഉന്നതമായ.

ഉച്ഛ്രാവണം [സം. ഉദ്–ശ്രാവണ] നാ. ഉച്ചത്തിൽ പറഞ്ഞുകേൾപ്പിക്കൽ.

ഉച്ഛ്രിത [സം. –ശ്രിത < ശ്രി] വി. 1. ഉയർത്തപ്പെട്ട, പൊക്കിയ; 2. ഉയർന്ന, പൊന്തിയ, ഉച്ചമായ; 3. ഉയർന്ന പദവിയിലുള്ള, ഉത്കൃഷ്ടമായ; 4. ജനിച്ച, ഉത്പന്നമായ; 5. വർധിച്ചുവരുന്ന, വളർന്നുവരുന്ന; 6. വലിയ; 7. അഹംഭാവമുള്ള.

ഉച്ഛ്രേയ [സം. –ശ്രേയ] വി. ഉയർന്ന, ഉന്നതമായ, ഉത്കൃഷ്ടമായ.

ഉച്ഛ്വസനം [സം. –ശ്വസന < ശ്വസ്] നാ. ശ്വാസം ഉള്ളിലേക്കു വലിക്കൽ, നെടുവീർപ്പ്, ഉച്ഛ്വാസം.

ഉച്ഛ്വസിക്കുക [< സം. ഉദ്–ശ്വസ്] ക്രി. 1. ശ്വാസം അകത്തേക്കും പുറത്തേക്കും വിടുക; 2. ജീവിക്കുക; 3. നെടുവീർപ്പിടുക; 4. ധൈര്യം അവലംബിക്കുക; 5. തുടിക്കുക; 6. വിടരുക; 7. ഊതുക; 8. ആശ്വസിക്കുക; 9. വിശ്രമിക്കുക.

ഉച്ഛ്വസിത [സം. –ശ്വസിത] വി. 1. ഉച്ഛ്വസിക്കപ്പെട്ട, ഉച്ഛ്വസിച്ച; 2. വികസിച്ച; 3. മാഞ്ഞുപോയ; 4. ആശ്വസിച്ച, സമാധാനം ലഭിച്ച; 5. കാറ്റിൽ ചിതറുന്ന.

ഉച്ഛ്വസിതം [സം.] നാ. 1. ശ്വാസം, അകത്തേയ്ക്കു വലിക്കുന്ന ശ്വാസം; 2. പ്രാണൻ, ജീവൻ; 3. നെടുവീർപ്പിടൽ, നെടുവീർപ്പ്; 4. വികസിക്കൽ, വിടരൽ.

ഉച്ഛ്വാസം [സം. –ശ്വാസ] നാ. 1. പ്രാണൻ; 2. ശ്വാസം വെളിയിലേക്കു വിടുന്ന പ്രവൃത്തി, ഉദ്ഗമിക്കുന്ന ശ്വാസം, ഉദാ: ശ്വാസോച്ഛ്വാസം; 3. ഉള്ളിലേക്കു ശ്വാസം വലിക്കൽ; 4. നെടുവീർപ്പ്; 5. ആശ്വാസം; 6. അധ്യായം.

ഉജ്– [സം.] ‘ജ’, ‘ഝ’ ഇവയിൽ ഒരു വർണത്തിൽ ആരംഭിക്കുന്ന ശബ്ദത്തിനുമുമ്പിൽ ‘ഉദ്’ (ഉത്) കൈക്കൊള്ളുന്ന രൂപം.

ഉജാർ, ഉശാർ, ഉഷാർ [പേർ.] നാ. ചൊടി, ഉത്സാഹം, ഊർജിതം.

ഉജീനം നാ. = ഉപജീവനം.

ഉജ്ജട [സം. ഉദ്–ജടാ] നാ. മഞ്ഞക്കരിമ്പ്.

ഉജ്ജയന്ത [പ്രാ. ഉജ്ജയന്ത < സം. ഊർജയന്ത] നാ. 1. കുമാരദ്വീപിൽ ഉള്ള ഒരു പർവതം; 2. വിന്ധ്യൻെറ ഒരുഭാഗം.

ഉജ്ജയിനി [സം. ഉദ്–ജയിനീ] നാ. 1. ഭാരതത്തിലെ ഏഴു വിശുദ്ധനഗരങ്ങളിൽ ഒന്ന്; 2. വിക്രമാദിത്യൻെറ രാജധാനി, അവന്തിയുടെ തലസ്ഥാനം.

ഉജ്ജായി [സം. –ജായീ] നാ. ഏഴുതരം കുംഭങ്ങളിലൊന്ന്.

ഉജ്ജാസകം [സം. ഉദ്–ജാസക < ജസ്] നാ. തന്ത്രഗ്രന്ഥ പ്രചാരണത്തിനായി ഭാരതഖണ്ഡത്തെ മൂന്നായി പകുത്തിട്ടുള്ളതിൽ അശ്വക്രാന്താവിഭാഗത്തിലെ അറുപത്തിനാല് വിഭാഗങ്ങളിലൊന്ന്.

ഉജ്ജാസനം [സം. –ജാസന <ജസ്] നാ. വധം, കൊല.

ഉജ്ജീവനം [സം. –ജീവന < ജീവ] നാ. ഉജ്ജീവി(–പ്പി)ക്കൽ, ജീവൻ കൊടുക്കൽ.

ഉജ്ജീവിക്കുക [സം. -ജീവിക്കുക] ക്രി. വീണ്ടും ജീവൻ ഉണ്ടാവുക, വീണ്ടും ചൈതന്യം ലഭിക്കുക. (പ്രയോ.) ഉജ്ജീവിപ്പിക്കുക = ചേതനയുള്ളതാക്കിത്തീർക്കുക, ഉണർത്തുക.
297
ഉജ്ജൃംഭ(ണം) [സം. -ജൃംഭാ-ജൃംഭണ < ജൃംഭ്] നാ. 1. കോട്ടുവാ, വാ പൊളിച്ചു സ്വാസം വിടൽ; 2. വിരിയൽ, വികാസം; 3. മുന്നോട്ടുവരൽ, ഉയർന്നുവരൽ, ഉയർച്ച.
ഉജ്ജൃംഭിക്കുക [< സം. ഉദ്-ജൃംഭ്] ക്രി. 1. വാ പൊളിക്കുക; 2. വികസിക്കുക, വിരിയുക; 3. ഉദിക്കുക, വർധിക്കുക; 4. കാണത്തക്കതാവുക, പൊന്തിവരുക, എഴുന്നുവരുക, പൊട്ടിപ്പുറപ്പെടുക, ഉയരുക.
ഉജ്ജൃംഭിത [സം. -ജൃംഭിത] വി. 1. വിരിഞ്ഞ, വികസിച്ച; 2. വായ് പിളർന്ന; 3. ഉണർത്തപ്പെട്ട.
ഉജ്ജ്യത്ത് [അറ. ഇസ്സത്] നാ. 1. മാനം; 2. പ്രസിദ്ധി; 3. കൂസലില്ലായ്മ.
ഉജ്ജ്വല1 [സം. ഉദ്-ജ്വല] വി. 1. അധികം ജ്വലിക്കുന്ന, കത്തിക്കാളുന്ന, എരിയുന്ന; 2. നല്ലപോലെ പ്രകാശിക്കുന്ന, പരിശോഭിക്കുന്ന, തിളക്കമുള്ള; 3. വ്യക്തമായ, വിശദമായ, 4. ഭങ്ഗിയുള്ള, സുന്ദരമായ; 5. വിടർന്ന, വികസിച്ച.
ഉജ്ജ്വല2 [സം. -ജ്വലാ] നാ. 1. ഒരു വൃത്തം; 2. കപ്പൽമുളക്.
ഉജ്ജ്വലത്ത് [സം. -ജ്വലത്] വി. 1. പ്രകാശമുള്ള, വെട്ടിത്തിളങ്ങുന്ന; 2. ഭങ്ഗിയുള്ള; 3. വീര്യമുള്ള.
ഉജ്ജ്വലനം [സം.-ജ്വലന] നാ. 1. പ്രകാശിക്കൽ; 2. എരിയൽ; 3. തീയ്; 4. സ്വർണം.
ഉജ്ജ്വലം [സം. -ജ്വല] നാ. 1. ശ്രുങ്ഗാരരസം; 2. തെളിമ, വെണ്മ; 3. സ്വർണം; 4. രീതികളിലൊന്ന്; 5. സ്വതന്ത്രമായത്; 6. ഒരു വൃത്തം.
ഉജ്ജ്വലിക്കുക [സം. -ജ്വലിക്കുക] ക്രി. 1. കത്തിക്കാളുക; 2. നന്നായി പ്രകാശിക്കുക, ശോഭിക്കുക, വെട്ടിത്തിളങ്ങുക.
ഉജ്ജ്വലിത [സം. -ജ്വലിത] വി. 1. ഉജ്ജ്വലിച്ച, ശോഭിച്ച; 2. പ്രകാശിച്ച.
ഉജ്ജ്വാലനം [സം. -ജ്വാലന < ജ്വൽ] നാ. ജ്വലിപ്പിക്കൽ.
ഉജ്ജ്വാലം, ഉജ്ജാലം [സം. -ജ്വാല, ജാല] നാ. വലനെല്ല്.
ഉജ്ഝ [സം. ] വി. 1. ഉപേക്ഷിക്കൽ; 2. നീക്കംചെയ്യൽ.
ഉജ്ഝനം [സം.] നാ. 1. ഉപേക്ഷിക്കൽ, തള്ളിക്കളയൽ; 2. നീക്കം ചെയ്യൽ.
ഉജ്ഝിക്കുക [<സം. ഉഝ്] ക്രി. ഉപേക്ഷിക്കുക, ത്യജിക്കുക, തള്ളിക്കളയുക.
ഉജ്ഝിത [സ.] വി. 1. ഉപേക്ഷിക്കപ്പെട്ട, തള്ളപ്പെട്ട, നീക്കപ്പെട്ട; 2. പുറന്തള്ളിയ (വെള്ളമെന്നപോലെ); 3. മുക്തമായ.
ഉഞ്ഛനം [സം.] നാ. നെന്മണി പെറുക്കൽ.
ഉഞ്ഛം [സം.] നാ. അങ്ങാടിയിലോ വയലിലോ നെല്ലുകുത്തുന്ന ഉരലിനു ചുറ്റുമോ ഉപേക്ഷിക്കപ്പെട്ടു കിടക്കുന്ന ധാന്യമണികൾ പെറുക്കിയെടുക്കൽ, കാലാപെറുക്കൽ. ഉഞ്ഛാർജനം = ഇറുമണി പെറുക്കുന്നതുപോലെ സമ്പാദിക്കൽ.
ഉഞ്ഛവൃത്തി [സം. ഉഞ്ഛ-വൃത്തി] നാ. 1. അങ്ങാടിയിലോ വരലിലോ കിടക്കുന്ന ധാന്യമണികൾ പെറുക്കി ഉപജീവിക്കൽ; 2. ഉഞ്ഛവൃത്തി ചെയ്യുന്നവൻ, നിലത്തു വീണുകിടക്കുന്ന നെന്മണിക്കൾ പെറുക്കി ജീവിക്കുന്നവൻ.
ഉഞ്ഛശീലം [സം. ഉഞ്ഛ-ശീല] നാ. ഇറുമണികൾ പെറുക്കിയെടുത്ത് ഉപജീവിക്കൽ, ഉഞ്ഛവൃത്തി.

ഉഞ്ജരി നാ. (സങ്ഗീ.) ഒരു രാഗം, ഗുർജരി (ഗുഞ്ജരി എന്നതിന്റെ അശുദ്ധരൂപം).
ഉഞ്ഞാവള്ളി [<ഊഞ്ഞാൽ വള്ളി] നാ. ഒരിനം വള്ളിച്ചെടി, ഊഞ്ഞാൽ കെട്ടാൻ ഈ വള്ളി ഉപയോഗിക്കുന്നതിനാൽ ഈ പേര്.
ഉട1 [<ഉടെ < ഉടയ] 1. സംബന്ധികാ പ്രത്യയം, സ്വന്തമായ, സംബന്ധിച്ച. ഉദാ: ഉലകുടപെരുമാൾ; 2. ഉള്ള.
ഉട2 [< ഉടുക്കുക] നാ. 1. ഉടുമുണ്ട്, വസ്ത്രം; 2. ഉടുക്കൽ, വസ്ത്രധാരണ രീതി; 3. അലങ്കരണം, 4. വേഷം; 5. മുണ്ട് ഉടുക്കുന്ന ഇടം, അരക്കെട്ട്. ഉദാ: ഉടവാൾ, ഉടമണി, ഉടഞ്ഞാൺ.
ഉട3 'ഉടയ്ക്കേണ്ടത്' നാ. (കാളയുടെ) വൃഷണം ഉടയെടുക്കുക - വരിയെടുക്കുക, ഉടയ്ക്കുക. (കാളയുടെ) വൃഷണം ഉടയ്ക്കുകയോ എടുത്തുകളയുകയോ ചെയ്യുക.
ഉട4 നാ. ധനം, സ്വത്ത്, താരത. ഉടമ.
ഉടകണ [ഉട1-കണ] നാ. ഉടങ്കണ, ഉടക്കുളിയമ്പ്.
ഉടകുളം [ഉട-കുളം] നാ. കര ഇടിഞ്ഞ കുളം.
ഉടക്ക [<സം. ഢക്കാ] നാ. ഒരു ചർമവാദ്യം, ഢക്ക
ഉടക്കൻ [ഉടക്ക്-അൻ] നാ. ഉടക്കുന്നവൻ, തടസ്സം ഉണ്ടാക്കുന്ന ആൾ, ശല്യക്കാരൻ, ഉപദ്രവി.
ഉടക്ക് [ത. ഉടക്കു] നാ. 1. മുന്നോട്ടുള്ള ഗതി തടഞ്ഞുകൊണ്ടു പിന്നോട്ടു കൊളുത്തിപ്പിടിക്കൽ, കൊളുത്ത്, തോട്ടികൊണ്ടു കൊളുത്തിയിട്ടു വലിക്കുക എന്ന പ്രവൃത്തി; 2. തടസ്സം; 3. മുടിയിഴതമ്മിൽ കൂട്ടിപ്പിണഞ്ഞുള്ള കുരുക്ക്; 4. തർക്കം, വിവാദം, ഏറ്റുമുട്ടൽ; 5. വില്ലു കുലയ്ക്കൽ.
ഉടക്കുക ക്രി. 1. (മുള്ളും മറ്റുംകൊണ്ടു) കുരുങ്ങിത്തടയുക, കൊളുത്തുക; 2. തടസ്സം ഉണ്ടാക്കുക, പ്രതിബന്ധം സൃഷ്ടിക്കുക, തടഞ്ഞു പിന്നോട്ടു പിടിക്കുക, തടയുക; 3. എതിർത്തു സംസാരിക്കുക, തർക്കിക്കുക; 4. മല്ലിടുക, പിടിക്കുക, യുദ്ധം ചെയ്യുക; 5. തുനിയുക, തുടങ്ങുക; 6. ഏർപ്പെടുക; 7. ചൊരുകി വയ്ക്കുക, ഉള്ളിലേയ്ക്ക് അമർത്തിക്കയറ്റിവയ്ക്കുക; 8. തോട്ടിയോ ചൂണ്ടയോകൊണ്ട് കൊളുത്തിപ്പിടിക്കുക; 9. തൊടുക്കുക (ബാണം തൊടുക്കുക); 10. വില്ലുകുലയ്ക്കുക, ഉടച്ചുവാർക്കുക = പൂർണമായി പുതുക്കിപ്പണിയുക.
ഉടക്കുസൂചി [മ. ഉടക്ക് - സം. സൂചി] നാ. അറ്റത്ത് ഉടക്കുള്ള ഒരുതരം സൂചി. (നൂൽ ഉടക്കിവലിച്ച് എടുക്കുന്നതിന് ഉപയോഗിക്കുന്നത്.)
ഉടക്കുളി [ഉടക്ക്-ഉളി] നാ. ചാട്ടുളി, ഉടക്കുമുനയുള്ളത്, ഒരുതരം അമ്പ്, ദേഹത്തിലോ മറ്റോ കയറിയാൽ വലിച്ചൂരുമ്പോൾ ഉടക്കിപ്പിടിക്കുന്ന മുനയുള്ളത്.
ഉടങ്കട്ട [ത. ഉടൻ-കട്ട] നാ. ഉടഞ്ചാവ്, ഉടന്തടി, ചാടൽ, സതി ആചരിക്കൽ.
ഉടങ്കണ നാ. അമ്പ്, ശരം, എയ്ത്തുകോൽ.
ഉടങ്ങ്1 നാ. = ഉടക്ക്.
ഉടങ്ങ്2 [ഉടങ്ങുക] ധാതുരൂപം.
ഉടങ്ങുക (പ.മ.) [ഉടങ്ങ്1] ക്രി. 1. പിടികൂടുക; 2. തടസ്സപ്പെടുത്തുക.
ഉടജം [സം. ഉട-ജ] നാ. 1. പർണശാല; 2. ഒരുതരം മുള.
ഉടഞ്ചാവ് നാ. സതി, ഭർത്താവിന്റെ മൃതശരീരം ദഹിപ്പിക്കുന്ന ചിതയിൽതന്നെ ഭാര്യയെ ജീവനോടെ ദഹിപ്പിക്കുക എന്ന സമ്പ്രദായം.
ഉടഞ്ഞാൺ നാ. അരഞ്ഞാൺ, ഒഡ്യാണം.

ഉടൻ1 [ത. ഉടൻ] അവ്യ. 1. പെട്ടെന്ന്, അതേ (ഇതേ) ക്ഷണത്തിൽ, ആ (ഈ) നിമിഷത്തിൽ; 2. കൂടെ, ഒരുമിച്ച്, ചേർന്ന്.
ഉടൻ2 നാ. പ്രാവശ്യം, തവണ.
ഉടൻവാരം [ത. ഉടൻ-വാരം] നാ. ഒരു നിലത്തിലെ മൊത്തം വിളവ്, മേൽവാരവും കുടിവാരവുമായി വീതിക്കുന്നതിനുമുൻപുള്ളത്.
ഉടനടി [ഉടൻ1-അടി] അവ്യ. അപ്പോൾത്തന്നെ, ഇപ്പോൾത്തന്നെ, പെട്ടെന്നുതന്നെ.
ഉടനീളം [ഉടൽ-നീളം] നാ. ഉടലിൻെറ നീളം, ഒരു ആളിൻെറ പൊക്കം. അവ്യ. ഒരു അറ്റം മുതൽ മറ്റേ അറ്റംവരെ, എല്ലായിടവും, ആദ്യന്തം.
ഉടനുടൻ അവ്യ. തെരുതെരെ, തുടരെത്തുടരെ, പെട്ടെന്നുപെട്ടെന്നു.
ഉടനേ, ഉടനെ [ഉടൻ-ഏ] അവ്യ. 1. ഉടൻതന്നെ, ആ സമയത്തുതന്നെ, ആ ക്ഷണത്തിൽ, വേഗത്തിൽ, താമസിയാതെ; 2. (പ.മ.) കൂടെ.
ഉടന്ത [ത. ഉടന്തൈ] നാ. 1. യോജിപ്പ്, ചേർച്ച; 2. തുണ, സഖ്യം.
ഉടന്തടി [ഉടൻ-തടി] നാ. ഉടഞ്ചാവ്, ഉടങ്കച്ച, സതി. (പ്ര). ഉടന്തടി ചാടുക = ഭർത്താവിൻെറ ചിതയിൽച്ചാടി ജീവത്യാഗം ചെയ്യുക.
ഉടപ്പം നാ. ഉടമ, ചാർച്ച, സംബന്ധം. ഉടപ്പക്കാരൻ = ഉടപ്പമുള്ളവൻ, ബന്ധു.
ഉടപ്പില, അടപ്പില നാ. തളിരല്ലാത്ത വെറ്റില, മൂപ്പുകൂടിയ (മുറ്റിയ) വെറ്റില.
ഉടപ്പിറന്നവൻ, ഒട- [ഉടൻ-പിറന്നവൻ] നാ. സഹോദരൻ, കൂടെപ്പിറന്നവൻ. (സ്ത്രീ) ഉടപ്പിറന്നവൾ.
ഉടപ്പിറപ്പ്, -പിറവ്, -പിറവി [ഉടൻ-പിറപ്പ്] നാ. 1. കൂടെപിറന്നത്, സഹോദരനോ സഹോദരിയോ, ഒരമ്മമക്കൾ, സഹോദരങ്ങൾ; 2. കൂടെയുള്ള ജനനം, സാഹോദര്യം.
ഉടപ്പ് [ഉടയ്ക്കുക] നാ. 1. ഉടയ്ക്കൽ; 2. ഉടഞ്ഞഭാഗം; 3. മട, കൊല്ലൽ.
ഉടമ നാ. 1. ഒരാളുടെ സ്വന്തം വക എന്നുള്ളത്, ഉടയൻ എന്ന സ്ഥിതി, ഉടമസ്ഥത; 2. ഉടമസ്ഥൻ, ഉടമ വഹിക്കുന്നവൻ. ഉദാ: ഭൂവുടമ; 3. ബന്ധുത്വം; 4. സൗഹാർദം, സ്നേഹം; 5. ധനം, വസ്തു; 6. ആഭരണം; 7. ഭങ്ഗി, ഔചിത്യം, ചേർച്ച, യോജിച്ച അവസ്ഥ; 8. വീറ്, ധീരത; 9. ശമ്പളം, പതിവായുള്ള പ്രതിഫലം. ഉദാ: ഉടമക്കാരൻ = (ശമ്പളക്കാരൻ) ഉടമസ്ഥനാവുക; 10. വണ്ണം, കനം. ഉടമയോർ = ഉടമയുള്ളവർ, ഉടമസ്ഥർ.
ഉടമക്കാരൻ [ഉടമ-കാരൻ, ത. ഉടയവൻ] നാ. 1. ഉടമസ്ഥൻ; 2. ശമ്പളക്കാരൻ, ജീവനക്കാരൻ.
ഉടമതിയം [ഉട-മതിയം] നാ. കതകിൻെറ മേലത്തെ ചുഴിക്കുറ്റിപ്പലക. താരത. കീഴ്മതിയം, മേൽമതിയം.
ഉടമപ്പടി [ഉടമ-പടി] ഉടമയ്ക്കു ചെല്ലേണ്ട അവകാശം.
ഉടമസ്ഥൻ [മ. ഉടമ - സം. സ്ഥ] നാ. 1. അധിപതി, ഉടമ, കൈവശക്കാരൻ. (സ്ത്രീ) ഉടമസ്ഥ; 2. തീറാധാരക്കാരൻ, ജന്മി.
ഉടമുറി [ഉട-മുറി] 'ഉടുമുണ്ട്' നാ. പുടമുറി, മുണ്ടുകൊട എന്ന വിവാഹരീതി, വിവാഹം.
ഉടമ്പടി [ഉടൻ-പടി] നാ. 1. എന്തെങ്കിലും വാങ്ങുകയോ വിൽക്കുകയോ മറ്റോ ചെയ്യുന്നതു സംബന്ധിച്ച് ഇരുകക്ഷികളും സമ്മതിച്ചുള്ളകരാറ്, ഒരു കുടുംബത്തിലെ അങ്ഗങ്ങൾ പൊതുസ്വത്തു വിഭജനം സംബന്ധിച്ച് ഉണ്ടാക്കുന്ന സമ്മതപത്രം, ഉഭയസമ്മതം, രണ്ടു രാജ്യങ്ങൾതമ്മിൽ ചെയ്യുന്ന സഖ്യം, സന്ധി, കരാർ; 2. അന്യോന്യം

ചെയ്യുന്ന വാഗ്ദാനം, പ്രതിജ്ഞ. ഉടമ്പടിക്കാരൻ = ഉടമ്പടിപിടിച്ചവൻ, കരാറുകാരൻ; ഉടമ്പടി പിടിക്കുക = കരാറെടുക്കുക.

ഉടമ്പടിക്ക [ത. ഉടമ്പടിക്കൈ] നാ. = ഉടമ്പടി.

ഉടമ്പറ [ഉടമ്പ്-അറ] നാ. 1. ഉള്ളറ; 2. പുരയുടെ നിരയോടു ചേർത്തു നിർമിക്കുന്ന ചെറിയ അറ, കട്ടിലായും പത്തായമായും ഉപയോഗിക്കത്തക്കവണ്ണം തടികൊണ്ട് ഉണ്ടാക്കിയിട്ടുള്ള ഒരു ഗൃഹോപകരണം, കിടക്കപ്പത്തായം.

ഉടമ്പാട് [ത. ഉടംപാടു] നാ. 1. ഉടമ്പടി, കരാർ; 2. ഉഭയ സമ്മതം, സമ്മതം; 3. മതാനുഷ്ടാന നിബന്ധന, കടപ്പാട്, കർത്തവ്യം.

ഉടമ്പിക്കുക ക്രി. ശേഖരിക്കുക, സ്വരൂപിക്കുക.

ഉടമ്പിടി നാ. = ഉടമ്പടി.

ഉടമ്പില നാ. ഒരുതരം വൃക്ഷം, നെടുനാർ.

ഉടമ്പിറവി [ഉടൻ-പിറവി] ഒരുമിച്ചു ജനിച്ചാൽ എന്ന പോലെയുള്ള ആകൃതി സാമ്യം.

ഉടമ്പ് [ത. ഉടമ്പു] നാ. 1. ഉടൽ, ശരീരം, ദേഹം, ശരീരം മുഴുവൻ എന്ന അർഥത്തിലും കയ്യും തലയും ഒഴിച്ചുള്ള ഭാഗം എന്ന അർഥത്തിലും പ്രയോഗം; 2. വ്യഞ്ജനാക്ഷരം, മെയ്യെഴുത്ത്.

ഉടമ്പുളി, കുടമ്പുളി നാ. പിണറ്റുപുളി.

ഉടമ്പെടുക [ഉടൻ-പെടുക] ക്രി. 1. ഉടമ്പടി ചെയ്യുക, കരാർ ചെയ്യുക; 2. ഉഭയ സമ്മതത്തിലെത്തുക, രാജിയാകുക; 3. താത്പര്യത്തോടെ ഇടപെടുക, ഏർപ്പെടുക.

ഉടയ1 [ത. ഉടൈയ] വി. 1. സ്വന്തമായ; 2. ആധിപത്യം ഉള്ള; 3. ഒരു സംബന്ധികാവിഭക്തി പ്രത്യയം. ഇതിൻെറ രൂപ പരിണാമങ്ങൾ; ഉടൈയ > ഉടെ > ടെ (അങ്ഗമായ) ൻ + ടെ = ൻെറ.

ഉടയ2 [ഉടയുക] അവ്യ. ഉടയത്തക്കവിധം.

ഉടയക്കാരൻ നാ. 1. സ്വന്തക്കാരൻ, ബന്ധു; 2. യഥാർഥാവകാശി, യജമാനൻ. (സ്ത്രീ) ഉടയക്കാരി.

ഉടയം [ഉടയ1-ഇടം] നാ. ഉള്ളേടം, ഉള്ളസ്ഥലം.

ഉടയതമ്പുരാൻ [ഉടയ-തമ്പുരാൻ] നാ. ഉടയവനായ തമ്പുരാൻ, ദൈവം.

ഉടയത് [<ഉടയ] നാ. 1. ഉടമപ്പെട്ടത്, അവകാശമുള്ളത്; 2. ഉടമപ്പെട്ട ആൾ, സഹോദരൻ, ബന്ധു; 3. ഉടമസ്ഥൻ; 4. രക്ഷിക്കുന്നവൻ, നാഥൻ, ഭർത്താവ്, സ്വാമി, യജമാനൻ; 5. ഈശ്വരൻ.

ഉടയത്തം [ഉടയ1-ത്തം, ത. ഉടൈമൈ] നാ. ഉടയതായിരിക്കുന്ന അവസ്ഥ, ഉടമസ്ഥത.

ഉടയൻ, ഉടയവൻ, ഉടയോൻ [ത. ഉടൈയാൻ, ഉടൈയവൻ] നാ. 1. ഉടയവൻ, ഉള്ളവൻ, ഉടമസ്ഥൻ. (സ്ത്രീ) ഉടയവൾ; 2. നാഥൻ, സ്വാമി, രക്ഷകൻ; 3. ഭർത്താവ്; 4. രാജാവ്; 5. ഈശ്വരൻ.

ഉടയർ നാ. 1. (ഉടയൻ എന്നതിൻെറ ബ.വ.) ഉടയവർ, ഉള്ളവർ; 2. അവകാശപ്പെട്ടവർ; 3. സ്വന്തക്കാർ (പ്ര.) ഉറ്റവരും ഉടയവരും.

ഉടയവൻ [< ഉടയ] (പ.മ.) നാ. = ഉടയവൻ (പ്ര.) ഉടയവനെ പിടിച്ചുകെട്ടുന്ന കാലം, അനീതികാണിക്കുന്ന കാലം. ഉടയവൻ പൊറുത്താലും ഉടയവൻെറ പട്ടി പൊറുക്കുകയില്ല. (പഴ.)

ഉടയാട [ഉട-ആട] ഉടുക്കുന്ന വസ്ത്രം, ഉടുമുണ്ട്. ഉടയാട അലക്കു വിരുത്തി = അലക്കുകാർക്കു കരമൊഴിവായി ഭൂമി അനുഭവത്തിനു വിട്ടുകൊടുക്കുന്നത്.
ഉടയാൻ നാ. ചില നായർകുടുംബക്കാരുടെ ഒരു സ്ഥാനപ്പേര്. 'ഉടയാർ' നോക്കുക.
ഉടയാമുത്തൻ, ഉടയമുത്തൻ നാ. കാണിക്കാർ ആരാധിച്ചുപോരുന്ന ഒരു ദേവത.
ഉടയാർ, ഉടയോർ [ഉടയ1-ആൾ] നാ. 1. (പൂ.ബ.വ.) സ്വാമി, (രാജാക്കന്മാരെയും മറ്റും വിശേഷിപ്പിക്കാൻ ഉപയോഗിക്കുന്ന ബിരുദം); 2. (ബ.വ.) പണക്കാർ; 3. കൃഷീവലന്മാരിൽ ഒരു ജാതി; 4. ബന്ധുക്കൾ.
ഉടയുക [<ഉട1 ത. ഉടൈതല്] ക്രി. 1. പൊട്ടുക, തകരുക, ഛിന്നഭിന്നമാവുക; 2. ശോഷിക്കുക, മെലിയുക; 3. ക്ഷീണിക്കുക, തളരുക; 4. കടന്നു കയറുക; 5. ചുളിവു വരിക. (തേച്ച ഉടുപ്പ് ഉപയോഗിച്ചാൽ എന്ന പോലെ).
ഉടയോൻ ത. ഉടൈയാൻ] നാ. 1. ഉടയവൻ, ഉള്ളവൻ (ബ.വ.) ഉടയോർ; 2. ഈശ്വരൻ, നാഥൻ; 3. ബന്ധു, രക്ഷകൻ (സ്ത്രീ) ഉടയവൾ, ഉടയോർ.
ഉടയ്ക്കുക [ഉടയുക > പ്രയോ.] ക്രി. 1. പൊട്ടിക്കുക, തകർക്കുക, നശിപ്പിക്കുക, തുണ്ടുതുണ്ടാക്കുക, ചെറിയ തരികളാക്കുക. ഉദാ: കലം ഉടയ്ക്കുക; 2. കാളയുടെയും മറ്റും വരി പൊട്ടിക്കുക, ഉടയെടുക്കുക, എരുതാക്കുക; 3. ഞെക്കിപ്പൊട്ടിക്കുക, കശക്കുക, ചതയ്ക്കുക; 4. കടയുക, തൈരിൽ കട്ടയില്ലാതാക്കാൻ അരങ്ങുക (പ്ര.) ഉടച്ചു വാർക്കുക (പഴയ ഓട്ടുപാത്രങ്ങളെ ഉടച്ചു വാർക്കുന്നതിനെ അനുസരിച്ച്) = നിലവിലുള്ളതിനെ നശിപ്പിച്ചു പുതിയ രൂപം കൊടുക്കുക.
ഉടൽ [ഉട്-അല് < ഉട] 'ഉടയത്, കൂടെയുള്ളത്, സ്വന്തമായത്' നാ. 1. ശരീരം, ശരീരം മുഴുവനും എന്നും തലയും കൈകാലുകളും വിട്ടിട്ടുള്ള ഭാഗം എന്നും രണ്ട് അർഥങ്ങളിൽ പ്രയോഗം; 2. പൊന്ന്, സ്വർണം, ധനം; 3. ദാനവ്യവസ്ഥ, പ്രത്യേകം നീക്കിവച്ചിട്ടുള്ള തുക. (പ്ര.) ഉടലോടെ സ്വർഗത്തു പോവുക = മരിക്കാതെ ശരീരത്തോടു കൂടിത്തന്നെ സ്വർഗപ്രാപ്തനാകുക.
ഉടൽക്കൂറ് നാ. ദേഹപ്രകൃതി.
ഉടൽപ്പിറവ് [ത. ഉടപ്പിറപ്പു] നാ. (സാമാന്യ ലിങ്ഗം) ഒരമ്മമക്കൾ, ഉടപ്പിറപ്പ്, കൂടെപ്പിറപ്പ്. ഉടപ്പിറവി = സാഹോദര്യം.
ഉടലം [ത. ഉടലം] നാ. (പ.മ.) ഉടൽ, ശരീരം.
ഉടലാരം [ഉടൽ-ആരം < സം. ഹാര] നാ. കൊരലാരം, കൊല്ലാരം, കഥകളിവേഷക്കാർ മാറത്തു ധരിക്കുന്ന ഒരു ആഭരണം.
ഉടലിൽക്കുത്തി [ഉടലിൽ-കുത്തി] നാ. ഒരു ദുർദേവത.
ഉടലുയിർ നാ. ഉടലും ഉയിരും, ദേഹവും ജീവനും.
ഉടവാൾ [ഉട-വാൾ] നാ. ഉടയിൽ (അരയിൽ) ധരിക്കുന്ന വാൾ, രാജചി മായ ഖഡ്ഗം.
ഉടവ് [ഉടയുക] നാ. 1. ഉടഞ്ഞ മട്ട്, ഉടഞ്ഞ അവസ്ഥ, പൊട്ടൽ; 2. ഒടിവ്; 3. മെലിച്ചിൽ, ശോഷിക്കൽ, ചടവ്; 4. തകരാർ, കേട്, ക്ഷയം, ന്യൂനത, നഷ്ടം; 5. പരാജയം, തകർച്ച, നാശം; 6. ബലക്ഷയം, ക്ഷീണത; 7. മണ്ണിടിഞ്ഞു താഴ്ന്നോ ഒലിച്ചുപോയോ ഉണ്ടാകുന്ന വിടവ്. ഉദാ: വരമ്പിൻെറ ഉടവ്. ഉടവും തടവും = കേടുപാട്.
ഉടാ [ഉട്-ആ] വി. ഉടുക്കാത്ത ഉദാ: ഉടാപ്പുടവ പൂച്ചിക്കിര (പഴ.) = ശരിയായ നിലയിൽ വിനിയോഗിക്കാത്ത മുതൽ നഷ്ടമാകും.
ഉടു [ഉടുക്കുക] ധാതുരൂപം.

ഉടുക്ക നാ. ഉടുക്ക്, ഢക്ക.
ഉടുക്ക്1 നാ. പിത്താൻ, ബട്ടൺ, കുടുക്ക്.
ഉടുക്ക്2 നാ. ഒരു തരം വാദ്യം, കടുന്തുടി, തുടി, ഡമരു.
ഉടുക്കുക ക്രി. (മുണ്ടും മറ്റും) അരയിൽ ചുറ്റി ധരിക്കുക, വസ്ത്രം ധരിക്കുക, അര മറയ്ക്കുക.
ഉടുചേല [മ. ഉടു–സം. ചേലാ] നാ. ഉടുതുണി, ഉടുമുണ്ട്.
ഉടുതുണി [ഉടു–തുണി] നാ. ഉടുക്കുന്ന വസ്ത്രം, ഉടുമുണ്ട്, വസ്ത്രം, ഉടുചേല.
ഉടുത്തുകെട്ട് [ഉടുത്തു–കെട്ട്] നാ. 1. കഥകളി നടന്മാർ അരയ്ക്കുചുറ്റും കാലുറയ്ക്കുമേൽ തുണിക്കഷണങ്ങൾ ഞൊറിഞ്ഞു കച്ചയിൽ ചേർത്തു ചുറ്റിക്കെട്ടുന്നത്; 2. കച്ചകെട്ടൽ, അരമുറുക്കൽ; 3. വസ്ത്രധാരണം, വേഷവിധാനം. ഉടുത്തുകെട്ടുവാൽ = കഥകളി നടന്മാർ ഉടുത്തുകെട്ടിന് ഉപയോഗിക്കുന്ന തുണിക്കഷണങ്ങൾ.
ഉടുപുടവ [ഉടു–പുടവ] നാ. ഉടുക്കാനുള്ള പുടവ, സ്ത്രീകളുടെ ഉടുവസ്ത്രം.
ഉടുപ്പാൻ [<ഉടുക്കുക] പിൻവിനയെച്ചം. ഉടുക്കുന്നതിനുള്ള (മുണ്ട്). (പ്ര.) ഉണ്ണാനും ഉടുപ്പാനും.
ഉടുപ്പിക്കുക [ഉടുക്കുക > പ്രയോ.] ക്രി. ഉടുക്കുന്നതിന് കാരണമാകുക.
ഉടുപ്പ് [ത. ഉടുപ്പു < ഉടുക്കുക] നാ. 1. ഉടുക്കൽ, വസ്ത്രധാരണം; 2. വസ്ത്രം, കുപ്പായം, വേഷം.
ഉടുമുണ്ട് [ഉടു–മുണ്ട്] നാ. ഉടുതുണി.
ഉടുമ്പൻ നാ. 1. ഉടുമ്പ്; 2. ഒരിനം സ്രാവ്.
ഉടുമ്പ് [ത. ഉടുമ്പു] നാ. 1. ഒരു ജന്തു, മങ്കഴിമാൻ, വാലി, നെടുവാലി; 2. തഴുത്, ഓടാമ്പൽ, സാക്ഷ; 3. ഉടുമ്പു മീൻ.
ഉടുമ്പുറ [ഉടുമ്പ്–ഉറ] നാ. ഉടുമ്പിൻതോൽ കൊണ്ടുള്ള കയ്യുറ.
ഉടെ, ഉടയ (വ്യാക.) സംബന്ധികാവിഭക്തിപ്രത്യയം ഉദാ: അവളുടെ, അവരുടെ, നിങ്ങളുടെ. വി. ഉടയ, ഉള്ള.
ഉടൈയാൻ നാ. 1. ഉള്ളവൻ; 2. ഒരു സ്ഥാനപ്പേര്.
ഉടൈയാർ നാ. ബ.ഹു. 1. ഉള്ളവർ; 2. പ്രതിഷ്ഠാമൂർത്തി.
ഉട്ടങ്കനം [സം. ഉദ്–ടങ്കന < ടങ്ക്] നാ. കൊത്തിവയ്ക്കൽ, മുദ്രയടിക്കൽ.
ഉട്ടങ്കിത [സം. –ടങ്കിത] വി. കൊത്തിവയ്ക്കപ്പെട്ട, മുദ്രയടിച്ച.
ഉട്ടം നാ. നീർപ്പോള, കുമിള.
ഉട്ടുരുട്ട് നാ. വീട്ടിലുള്ള ജങ്ഗമസാമാനങ്ങൾ മുഴുവൻ, തട്ടുമുട്ടു സാധനങ്ങൾ.
ഉഠാണി [ത. ഉട്ടാണി] നാ. വൈരം, വജ്രം.
ഉഡാൻസ് [< ഹി. ഉഡാൻ = ഒഴികഴിവ്] നാ. നേരമ്പോക്കിനായി പറയുന്ന കള്ളം, മിരട്ട്, ഡാവ്, കൗശലം.
ഉഡായിപ്പ് നാ. മിരട്ട്, ഡാവ്.
ഉഡിയാ നാ. ഒറീസ്സയിലെ ഭാഷ, ഒറിയ.
ഉഡു [സം.] 'ഉയർന്നു സഞ്ചരിക്കുന്നത്.' നാ. 1. നക്ഷത്രം; 2. ജലം; 3. പക്ഷി.
ഉഡുകോൻ [സം. ഉഡു–മ. കോൻ] നാ. നക്ഷത്രനാഥൻ, ചന്ദ്രൻ.
ഉഡുചക്രം [സം. ഉഡു–ചക്ര] നാ. നക്ഷത്രഗണം.
ഉഡുപകാഷ്ഠം [സം. ഉഡുപ–കാഷ്ഠ] നാ. ചങ്ങാടത്തിനുള്ള തടി.

ഉഡുപതി [സം. ഉഡു-പതി] നാ. 1. നക്ഷത്രങ്ങളുടെ നായകൻ, ചന്ദ്രൻ; 2. ജലനാഥൻ, വരുണൻ.
ഉഡുപഥം [സം. ഉഡു-പഥ] നാ. നക്ഷത്രമണ്ഡലം, നക്ഷത്രമാർഗം, ആകാശം.
ഉഡുപധരൻ [സം. ഉഡുപ-ധര] നാ. ചന്ദ്രനെ ധരിക്കുന്നവൻ, ശിവൻ.
ഉഡുപൻ [സം. ഉഡു-പ] 'നക്ഷത്രനാഥൻ' നാ. 1. ചന്ദ്രൻ; 2. സമുദ്രരാജൻ, വരുണൻ.
ഉഡുപം [സം. ഉഡു-പ < പാ (രക്ഷണേ)] നാ. 1. 'വെള്ളത്തിൽ നിന്നു രക്ഷിക്കുന്നത്', പൊങ്ങുതടി, ചങ്ങാടം, ജലവാഹനം; 2. മകയിരം നക്ഷത്രം; 3. കർപ്പൂരം; 4. തോൽകൊണ്ടു പൊതിഞ്ഞിട്ടുള്ള പാനപാത്രം.
ഉഡുപുഷ്പം [സം. ഉഡു-പുഷ്പ] നാ. ചെമ്പരത്തിപ്പൂവ്.
ഉഡുംബരൻ [സം. ഉഡുംബര] നാ. നപുംസകൻ.
ഉഡുംബരം, ഉദും- [സം. ഉഡുംബര] നാ. 1. അത്തിമരം; 2. ഉമ്മരം; 3. ചെമ്പ്; 4. രണ്ടുതോല തൂക്കം, ഒരു കർഷം; 5. ഒരുതരം കൃമി, ഇതു രക്തത്തിലുണ്ടാകുന്നതും കുഷ്ഠമുണ്ടാക്കുന്നതുമാണെന്നു കരുതപ്പെടുന്നു; 6. ഒരുതരം കുഷ്ഠം, ഔദുംബരം.
ഉഡുരാജൻ [സം. ഉഡു-രാജ] നാ. നക്ഷത്രങ്ങളുടെ നാഥൻ, ചന്ദ്രൻ.
ഉഡൂഖലം, ഉദൂ-, ഉലൂ- [സം.] നാ. 1. ഉരൽ; 2. ഗുഗ്ഗുലു.
ഉഡ്ഡയനം, ഉഡ്ഡീയനം, ഉഡ്ഡീനം, ഉഡ്ഡയനം [സം. ഉദ്-ഡയന < ഡീ] നാ. 1. മേൽപ്പോട്ടു പറക്കൽ; 2. ഉഡ്ഡീയാനബന്ധം.
ഉഡ്ഡാമര [സം. -ഡാമര] വി. 1. ശബ്ദായമാനമായ; 2. ഭയങ്കരമായ, ഉഗ്രമായ; 3. മെച്ചപ്പെട്ട, വിശേഷമായ, ബഹുമാന്യമായ.
ഉഡ്ഡിയാണം, ഒഡ്യാണം [സം. ഉഡ്ഡിയാണ] നാ. അരഞ്ഞാൺ.
ഉഡ്ഡിയാനം [സം.] നാ. ഒരു ഹസ്തമുദ്ര.
ഉഡ്ഡീനം [സം. ഉദ്-ഡീന] നാ. മേൽപ്പോട്ടു പറക്കൽ, പക്ഷികളുടെ ഗതി വിശേഷങ്ങളിൽ ഒന്ന്.
ഉഡ്ഡീയനം [സം.] നാ. = ഉഡ്ഡീനം.
ഉഡ്ഡീയാനബന്ധം, ഉഡ്ഡി- [സം. ഉഡ്ഡീയാന-ബന്ധ] നാ. ഹഠയോഗപ്രകാരമുള്ള ഒരു യോഗാഭ്യാസമുറ.
ഉഡ്ഡീശൻ [സം. ഉഡ്ഡീശ] നാ. ശിവൻ.
ഉഡ്യാണം നാ. ഒഡ്യാണം.
ഉഡ്യാനബന്ധം നാ. ഉഡ്ഡിയാന ബന്ധം.
ഉഡ്രം [സം. ഒഡ്ര, ഉഡ്ര] നാ. ഒറീസ്സാരാജ്യം.
ഉൺ [ഉണ്ണുക] ധാതുരൂപം.
ഉണക്ക [< ഉണക്കൽ] വി. ഉണങ്ങിയ, ഉണക്കിയ.
ഉണക്കം നാ. 1. ജലാംശം തീരെയില്ലാത്ത സ്ഥിതി; 2. വരൾച്ച, കഠിനവേനൽ; 3. ശോഷിപ്പ്, വാട്ടം, ഉണങ്ങൽ.
ഉണക്കൽ നാ. 1. ജലാംശം ഇല്ലാതാക്കൽ, ഉലർത്തൽ, വരട്ടൽ; 2. ഉണക്കലരി, ഉണക്ക(ൽ)ചോറ് = ഉണക്കലരിച്ചോറ്.
ഉണക്കലരി, ഉണക്കരി, ഉണങ്ങലരി [ഉണക്കൽ-അരി] നാ. പുഴുങ്ങാതെ ഉണങ്ങിയ നെല്ല് കുത്തിയെടുത്ത അരി, പച്ചരി.
ഉണക്കിഞ്ചി [ഉണക്ക്-ഇഞ്ചി] നാ. ഒരുതരം കറി.

ഉണക്ക്, ഒണക്ക് നാ. 1. വരൾച്ച, ജലാംശം തീരെ വറ്റിയിരിക്കുന്ന അവസ്ഥ; 2. ചടപ്പ്, മെലിവ്. വി. ഉണങ്ങിയ. ഉദാ: ഉണക്കക്കപ്പ, ഉണക്കമീൻ.

ഉണക്കുക ക്രി. 1. ജലാംശം ഇല്ലാതാക്കുക, ഉലർത്തുക, വരട്ടുക; 2. വ്രണം മുതലായവ കരിക്കുക, മരുന്നുകൊണ്ടു വ്രണത്തിൻെറ പഴുപ്പുമാറ്റുക; 3. മെലിയിപ്പിക്കുക, ശോഷിപ്പിക്കുക.

ഉണങ് [ഉണങ്ങുക] ധാതുരൂപം.

ഉണങ്ങൽ [ത. ഉണങ്കല്] നാ. 1. ജലാംശം ഇല്ലാതാകൽ, വെയിൽകൊണ്ടും മറ്റും നീരുവറ്റി കട്ടിയാകൽ; 2. ഉണക്കലരി.

ഉണങ്ങുക ക്രി. 1. വെയിൽതട്ടി ജലാംശം ഇല്ലാതാകുക, ഈർപ്പം വറ്റുക, വരളുക, ഉലരുക; 2. വാടുക, കരിയുക; 3. ശോഷിക്കുക; 4. വ്രണം മുതലായവ കരിയുക, പഴുപ്പുമാറി സുഖപ്പെടുക.

ഉണർ [ഉണരുക] ധാതുരൂപം.

ഉണർച്ച [ഉണരുക] നാ. ഉറക്കംവിട്ടു ബോധം വരൽ, ഉണരൽ.

ഉണർത്തിക്കൽ നാ. 1. ബോധം, ഗ്രഹണശക്തി, വെളിവ്; 2. ഉണർവ്, ഉത്സാഹം, ചൊടി, ചുണ, പ്രസരിപ്പ്.

ഉണർത്തിക്കുക [ഉണർത്തുക > പ്രയോ.] ക്രി. 1. ഉണർത്താൻ പ്രേരിപ്പിക്കുക; 2. (ആ.ഭാ.) ഉണർത്തുക, ബഹുമാനപൂർവം അറിയിക്കുക. (പ്ര.) ഉണർത്തിക്കേണ്ടും അവസ്ഥ.

ഉണർത്തുക [ഉണരുക > പ്രയോ.] ക്രി. 1. ഉണരാൻ പ്രേരിപ്പിക്കുക, വേറൊരാളിൻെറ ഉറക്കം മാറ്റുക; 2. ഓർമിപ്പിക്കുക, ബോധിപ്പിക്കുക; 3. (ആ.ഭാ.) അറിയിക്കുക, ബഹുമാനപൂർവം അറിയിക്കുക. ഉദാ: തിരുമനസ്സ് ഉണർത്തിച്ചു.

ഉണർവ് [ത. ഉണർവു] നാ. 1. ഉണർന്നിരിക്കുന്ന സ്ഥിതി, ഉണർച്ച, തെളിവ്; 2. പ്രബോധം, അറിവ്, ഗ്രഹണശക്തി; 3. ജാഗ്രത, കരുതൽ; 4. അറിവ്, ആത്മജ്ഞാനം; 5. ഉത്സാഹം, ഊർജസ്വലത, ചൊടി, പ്രസരിപ്പ്.

ഉണരുക ക്രി. 1. ഉറക്കം തെളിയുക, ഉറക്കം വിട്ടു ബോധം ഉണ്ടാവുക; 2. അറിയുക, ബോധിക്കുക; 3. കാത്തിരിക്കുക; 4. ജാഗ്രതയായിരിക്കുക; 5. ഉദിക്കുക.

ഉണറ് നാ. ഊണ്, നിവേദ്യം, പൂജ, ബലി.

ഉണി, ഉണ്ണി വി. ചെറിയ, ഇളയ, ഓമനയായ. ഉദാ: ഉണിക്കാളി, ഉണിക്കോരൻ, ഉണിച്ചന്തു.

ഉണിക്കണ്ണൻ നാ. 1. ഉണ്ണിക്കണ്ണൻ; 2. ഒരുതരം നെല്ല്.

ഉണിത്തിരി [ഉണ്ണി-ശ്രീ] നാ. ഒരു അന്തരാളജാതി.

ഉണിൽ, ഞൊണൽ നാ. ചെറിയ ചൊറി.

ഉണ്ട1 വി. 1. ഉരുണ്ട; 2. പൊക്കംകുറഞ്ഞു വണ്ണം കൂടിയ (ആൾ). നാ. 1. ഉരുള, ഉരുണ്ട വസ്തു, ഗോളം; 2. കട്ട; 3. ഉരുട്ടിയുണ്ടാക്കിയ പലഹാരം, ഉദാ: അരിയുണ്ട; 4. തോക്ക്, പീരങ്കി മുതലായവയിൽ നിന്ന് വിക്ഷേപിക്കപ്പെടുന്ന ലോഹഗോളം, വെടിയുണ്ട; 5. ചുട്ടിപ്പൂവ്; 6. വയക്കോൽത്തുറു; 7. മുഴ. (പ്ര.) ഉണ്ടയില്ലാത്തവെടി = നിരർഥകമായ ഭീഷണി, അടിസ്ഥാനരഹിതമായ വാർത്ത.

ഉണ്ട2 [ഉണ്ണുക] വി. ഊണുകഴിച്ച, അനുഭവിച്ച, ഉദാ: ഉണ്ട ചോറ്, തേൻ ഉണ്ട വണ്ട്, ഉണ്ടവനേ ഊക്കമുള്ളു, ഉണ്ട ഉണ്ണി ഓടിക്കളിക്കും. (പഴ.)

301

ഉണ്ടക്കോൾ [ഉണ്ട1-കോൾ] നാ. വെടിയുണ്ടകൊണ്ടുണ്ടായ മുറിവ്, വെടിയേറ്റ മുറിവ്.

ഉണ്ടതട്ടി [ഉണ്ട1–തട്ടി] നാ. വെടിയുണ്ട തടുക്കാൻവേണ്ടി ഉപാസിക്കപ്പെടുന്ന ഒരു ദേവത.
ഉണ്ടതട്ടിപ്പടവർ [ഉണ്ട1–പടവർ] നാ. (ബ.വ.) വെടിയുണ്ടപോലും പരിചകൊണ്ടു തടുത്തു യുദ്ധം ചെയ്യുന്നവൻ. ഉണ്ടതട്ടി = വെടിയുണ്ട തടുക്കാൻതക്ക ശക്തിയുള്ള പരിച.
ഉണ്ടത്തക്കിടി [ഉണ്ട–തക്കിടി] നാ. പൊക്കം കുറഞ്ഞ് ഉരുണ്ട ആൾ, മുണ്ടൻ.
ഉണ്ടനൂൽ [ഉണ്ട1–നൂൽ] നാ. ചുറ്റി ഉണ്ടാക്കിയിട്ടുള്ള തയ്യൽ നൂൽ.
ഉണ്ടപ്പക്കാര, ഉണ്ടപ്പക്രു നാ. പൊക്കം കുറഞ്ഞ ആൾ.
ഉണ്ടപ്പാരം നാ. കഞ്ചാവു ചേർത്ത് ഉണ്ടാക്കുന്ന ഒരുതരം മയക്കുമരുന്ന്, കഞ്ചാവുലേഹ്യം.
ഉണ്ടപ്പാവൽ [ഉണ്ട–പാവൽ] നാ. കാട്ടുപാവൽ, കുരുട്ടുപാവൽ, വെൺപാവൽ, കാട്ടുകയ്പ.
ഉണ്ടമരുന്ന് [ഉണ്ട–മരുന്ന്] നാ. വെടിമരുന്ന്.
ഉണ്ടയവം [മ. ഉണ്ട1–സം. യവ] നാ. ഒരുതരം യവം, നിശ്ശൂകയവം, ഓകില്ലാത്തയവം.
ഉണ്ടയിടുക നാ. ഒരുതരം നാടൻ കളി, വെള്ളത്തിൽ ഊളിയിട്ടു പോകുന്നയാളെ പിൻതുടർന്നു പിടിക്കൽ. (പ്ര) ഉണ്ടയിടുക = ഒളിച്ചുകളയുക.
ഉണ്ടവല [ഉണ്ട1–വല] നാ. ചാണകയുണ്ടവച്ചു മീൻപിടിക്കുന്ന ചെറിയവല.
ഉണ്ടവില്ല് [ഉണ്ട–വില്ല്] നാ. കല്ലുവച്ചു തെറ്റുന്ന വില്ല്, കവണ.
ഉണ്ടറുതി [ഉണ്ട്–അറുതി] നാ. വസ്തു ഒറ്റിയായി കൊടുക്കുന്ന ആൾ അതു ക്ലിപ്തമായ പാട്ടത്തിനേറ്റ് പാട്ടത്തുകയും മുതലിൻെറ ഒരു ഭാഗവും കടം തീരുന്നതുവരെ ക്രമമായി വകവച്ചു തീർക്കുന്ന ഒറ്റിസമ്പ്രദായം, ഉണ്ടറപ്പാട്ടം.
ഉണ്ടറുതിപ്പണയം, –പാട്ടം, –കാണം ഏതാനും കൊല്ലത്തെ പാട്ടം മുൻകൂറായി കൊടുക്കുന്ന ഒരുതരം വസ്തുഅനുഭവക്രമം.
ഉണ്ടാകുക [ഉണ്ട്–ആകുക] 'ഉള്ളതായിത്തീരുക' 'ഉണ്ട്' എന്ന ഖിലരൂപത്തോട് 'ആകുക' എന്ന ക്രിയ ചേർന്നുള്ള പദം. ക്രി. 1. ജനിക്കുക, ഉളവാകുക; 2. ഉദ്ഭവിക്കുക; 3. തോന്നുക, മനസ്സിൽ ജനിക്കുക; 4. വിളയുക; 5. വർത്തിക്കുക, സന്നിധാനം ചെയ്യുക.
ഉണ്ടാക്കുക [ഉണ്ടാക്കുക > പ്രയോ.] ക്രി. 1. ഉണ്ടാകത്തക്കവണ്ണം ചെയ്യുക, ജനിപ്പിക്കുക, സൃഷ്ടിക്കുക; 2. നിർമിക്കുക, രചിക്കുക, രൂപപരിണാമം വരുത്തുക; 3. സമ്പാദിക്കുക.
ഉണ്ടി(ക) [ഹി. ഹുണ്ടി] നാ. 1. നാണയ കൈമാറ്റച്ചീട്ട്, ഉണ്ടിയൽ, (ıæıRsRs ഗനക്ഷ നറ്റ്യറൻറ ദ്രന), ചെക്ക്; 2. മുദ്രവച്ചപാസ്സ്, ചീട്ട്, മുദ്ര. (പ്ര.) ഉണ്ടിക കുത്തുക = ചുങ്കം കൊടുത്ത സാധനങ്ങളിൽ മുദ്രകുത്തുക; 3. കാണിക്കപ്പെട്ടി; 4. ചുങ്കം; 5. പണം പലിശയ്ക്കു കൊടുക്കുന്ന തൊഴിൽ; 6. പണം പലിശയ്ക്കു കൊടുക്കുന്നിടം, ഉണ്ടിയൽക്കട, ഉണ്ടിയൽശാല. (പ്ര.) ഉണ്ടിക്കച്ചവടം = അമിതപലിശയ്ക്കു പണം കടംകൊടുത്തു സമ്പാദിക്കൽ, ബ്ലേഡ് കമ്പനി.
ഉണ്ടികത്തടി [ഉണ്ടിക–തടി] നാ. കമ്മലിൻെറ മുഖപ്പണിക്കു പൊൻതകിട് ഉറപ്പിച്ചുവയ്ക്കുന്നതിന് അരക്കു വച്ചിട്ടുള്ള തടിയച്ച്.
ഉണ്ടികപ്പണം [ഉണ്ടിക–സം. പണ] നാ. 1. തീരുവപ്പണം; 2. ചുങ്കപ്പണം.
ഉണ്ടിയൽ നാ. = ഉണ്ടിക.
ഉണ്ടിയൽക്കട, –ശാല നാ. പണമിടപാടു നടത്തുന്നിടം, ബാങ്ക്.

ഉണ്ടിയൽക്കലശം [ഉണ്ടിയൽ–സം. കലശം] നാ. നാണയങ്ങൾ ഇടാൻ പാകത്തിലുള്ള ദ്വാരത്തോടുകൂടിയ പെട്ടി, കാണിക്കപ്പെട്ടി, ക്ഷേത്രത്തിലും മറ്റും വയ്ക്കുന്ന വഞ്ചി.

ഉണ്ട് [<ഉൾ] ക്രി. 1. അസ്തിത്വം സൂചിപ്പിക്കുന്ന പൂർണക്രിയ; ഭവിക്കുന്നു, സ്ഥിതിചെയ്യുന്നു, ഇരിക്കുന്നു; നിഗീർണകർത്തൃകപ്രയോഗത്തിൽ ഉദ്ദേശികയോടു ചേർത്തു പ്രയോഗം; 2. കാലാനുപ്രയോഗമായി നിൽക്കുന്ന ഒരു ആഖ്യാതം.

ഉണ്ടുറുട്ടി [ഉണ്ട്–ഉറുട്ടി] നാ. 1. ഒരുവക പണയം; 2. [ത. ഉണ്ടുരുട്ടി] കുടുംബസ്വത്തു നശിപ്പിക്കുന്നവൻ.

ഉണ്ഡുകപുച്ഛം [സം. ഉണ്ഡുക–പുച്ഛ] നാ. മനുഷ്യന്റെ ചെറുകുടൽ അവസാനിച്ച് പെരുങ്കുടൽ ആരംഭിക്കുന്നഭാഗത്ത് പെരുങ്കുടലിൽനിന്ന് ചെറുവിരൽപോലെ തള്ളിനിൽക്കുന്ന അവയവം (ർനുത്സണ്ഡദ്ധക്ഷഗന്ത്സണ്ഡ, ക്കണ്മണ്മനു ദ്ധ്രധറ്റ).

ഉണ്ഡുകം [സം. ഉണ്ഡുക] നാ. 1. ഒരുതരം കുഷ്ഠം; 2. നെയ്യുണ്ടാക്കപ്പെട്ടത്, വല; 3. ഒരു ആന്തരാവയവം.

ഉണ്ണക്ക് [ഉൾ–നക്ക്] നാ. വേലിയിറക്കം. ഉള്ളിലോട്ടു കടൽവെള്ളം വലിക്കുന്നത്.

ഉണ്ണൻ നാ. 1. ചെറുകിഴങ്ങ്; 2. ക്രമത്തിലധികം ഉണ്ണുന്നവൻ.

ഉണ്ണൻതമ്പി നാ. ക്രമത്തിലധികം ആഹാരം കഴിക്കുന്നവൻ, ശാപ്പാട്ടുരാമൻ, തീറ്റിമാടൻ, തീറ്റിപ്പണ്ടാരം, ഉണ്ണൻ.

ഉണ്ണാ വി. ഉണ്ണാത്ത, ഉണ്ണാവ്രതം = ഉപവാസം.

ഉണ്ണാക്കൻ [ഉൾ–നാക്കൻ] നാ. സംസാരിക്കാൻ ശേഷിയില്ലാത്തവൻ, മണ്ടൻ, മൂഢൻ.

ഉണ്ണാക്ക് [ഉൾ–നാക്ക്] നാ. ചെറുനാക്ക്.

ഉണ്ണാമൻ നാ. വിഡ്ഢി.

ഉണ്ണാവിരുത്തി [ഉണ്ണാ–വിരുത്തി] നാ. ഒന്നും വിളയാത്ത വിരുത്തിനിലം, തരിശുനിലം (പരിഹാസാർഥം).

ഉണ്ണാഴിക [ഉൾ–നാഴിക] നാ. ഗർഭഗൃഹം.

ഉണ്ണി1 വി. ചെറിയ, പിഞ്ചായ, ഇളയ.

ഉണ്ണി2 [ഉൺ] നാ. 1. ചെറുപൈതൽ, കുട്ടി, കുഞ്ഞ്, ആൺകുട്ടി, ബാലകൻ, മകൻ; 2. സമാവർത്തന കർമംവരെ നമ്പൂതിരി ബാലന്മാരെ വിളിക്കുന്ന പേര്; 3. അമ്പലവാസികളിൽ ഒരു ജാതി, (സ്ത്രീ) ഇട്ടി; 4. [ത. ഉണ്ണി] പാലുണ്ണി; 5. വട്ടൻ, കന്നുകാലികളുടെ ശരീരത്തിൽ പറ്റിപ്പിടിച്ചിരിക്കുന്ന ഒരുതരം പ്രാണി; 6. ഉണ്ണുന്നവൻ; 7. മുട്ടയുടെ മഞ്ഞക്കരു.

ഉണ്ണിക്കാമ്പ് [ഉണ്ണി–കാമ്പ്] നാ. ഉണ്ണിത്തണ്ട്, വാഴപ്പിണ്ടി.

ഉണ്ണിക്കാവ് [ഉണ്ണി–കാവ് < കിടാവ്] നാ. ഉണ്ണിക്കൃഷ്ണൻ; 2. ഉണ്ണിക്കിടാവ്.

ഉണ്ണിക്കിടാവ് [ഉണ്ണി–കിടാവ്] നാ. ചെറിയകുട്ടി, ശിശു.

ഉണ്ണിക്കുക [ഉണ്ണുക > പ്രയോ.] ക്രി. ഉണ്ണാൻ പ്രേരിപ്പിക്കുക, ഊട്ടുക.

ഉണ്ണിത്തട്ട [ഉണ്ണി–തട്ട] നാ. കുടപ്പൻ, വാഴക്കൂമ്പ്.

ഉണ്ണിത്തമ്പുരാൻ [ഉണ്ണി–തമ്പുരാൻ] നാ. കൊച്ചുതമ്പുരാൻ.

ഉണ്ണിത്താൻ [ഉണ്ണി–താൻ] നാ. നായന്മാരിൽ ചില കുടുംബക്കാർക്കുള്ള സ്ഥാനപ്പേര്.

ഉണ്ണിത്തിരി, ഉണി–, ഉണു– [<ഉണ്ണി–ശ്രീ, ഉണ്ണിതിരി] നാ. അന്തരാളജാതിയിൽപ്പെട്ട ഒരു വിഭാഗം.

ഉണ്ണിപ്പാടം [ഉണ്ണി-പാടം] നാ. പണ്ട് വേദാധ്യയനച്ചെലവിലേക്കു ക്ഷേത്രംവകയിൽനിന്നു നീക്കിവച്ചിരുന്ന ഭൂസ്വത്ത്, ഇപ്പോൾ ഇതു സർക്കാർ വകയിൽ ലയിച്ചു.
ഉണ്ണിമാങ്ങ [ഉണ്ണി-മാങ്ങ] നാ. പിഞ്ചുപ്രായത്തിലുള്ള മാങ്ങ, കണ്ണിമാങ്ങ.
ഉണ്ണിമാണിക്യം [മ. ഉണ്ണി-സം. മാണിക്യ] നാ. ശ്രേഷ്ഠരത്നം.
ഉണ്ണിയപ്പം [ഉണ്ണി-അപ്പം] നാ. ഒരു പലഹാരം.
ഉണ്ണിയാതിരി, ഉണ്യാ- നാ. അന്തരാളജാതിയിൽപ്പെട്ട ഒരു വിഭാഗം.
ഉണ്ണിലം [ഉൾ-നിലം] നാ. ഉൾപ്പെട്ട നിലം, നിർണയിക്കപ്പെട്ട അതിരിനുള്ളിൽ കിടക്കുന്ന ഭൂമി.
ഉണ്ണിവാതിൽ [ഉണ്ണി1-വാതിൽ] നാ. ചെറിയതരം വാവൽ, നരിച്ചീർ.
ഉണ്ണുക [ഉൺ] ക്രി. 1. ആഹാരം വായ്ക്കകത്താക്കി അന്നനാളത്തിൽക്കൂടി ഇറക്കുക, തിന്നുകയോ കുടിക്കുകയോ ചെയ്യുക, ഉള്ളിലാക്കുക, വിഴുങ്ങുക, ഭക്ഷിക്കുക; 2. അനുഭവിക്കുക; 3. ഏൽക്കുക, കൊള്ളുക; 4. ശ്വസിക്കുക, ഉൾക്കൊള്ളുക.
ഉണ്ണേപ്പൻ നാ. മടയൻ.
ഉണ്മ [ഉൾ] നാ. 1. ഉണ്ട് എന്നുള്ള സ്ഥിതി, സത്ത; 2. യാഥാർഥ്യം, സത്യം, തത്ത്വം, വാസ്തവം; 3. ഉറപ്പായ വിശ്വാസം; 4. സ്നേഹം, അൻപ്, കാരുണ്യം.
ഉണ്മലം [ഉൾ-മലം] നാ. മനസ്സിൻെറ അശുദ്ധി.
ഉണ്മിഴി [ഉൾ-മിഴി] നാ. ഉള്ളിലെ കണ്ണ്, അന്തർന്നേത്രം, മനസ്സ്.
ഉത1 നാ. 1. കുതിപ്പ്; 2. തോക്കിൻെറ ഇടിപ്പ്; 3. താങ്ങ്, ഊന്ന്; 4. തൊഴി.
ഉത2 [സം.] അവ്യ. വികൽപം, അതോ ഇതോ എന്നു സംശയം, വിതർക്കം, സമുച്ചയം, ചോദ്യം ഇവയെ കുറിക്കുന്നു.
ഉത3 [സം. < വേ] വി. വിയനം ചെയ്യപ്പെട്ട, നെയ്യപ്പെട്ട, തയ്ക്കപ്പെട്ട.
ഉതകുക ക്രി. 1. ഉപകരിക്കുക, സഹായകമായിരിക്കുക, പ്രയോജനപ്പെടുക. ഉദാ: ഉതകുന്നതും ഉതകാത്തതും; 2. വർധിക്കുക, വലുതാകുക.
ഉതക്കം [ഉതകുക] നാ. തുണ, സഹായം, ഉതവി.
ഉതക്ക് നാ. 1. അരക്കെട്ട്; 2. ഭീഷണി; 3. കടമ്പ, കാലികൾക്കും കുട്ടികൾക്കും കടന്നുപോകാൻ പറ്റാത്തവിധത്തിൽ കുറ്റികൾ നാട്ടി ഉണ്ടാക്കിയ വേലി.
ഉതട് നാ. 1. ചുണ്ട്; 2. അരിക്, വക്ക്; 3. മുറിവായ്, ഉതട്ടടി നാ. പൊള്ളവാക്ക്.
ഉതട്ട് നാ. ചതി.
ഉതപ്പി നാ. 1. ജന്തുക്കളുടെ ആമാശയത്തിൽ ദഹിക്കാതെ കിടക്കുന്ന ആഹാരം; 2.ഈരൽ.
ഉതപ്പ്, ഉതൈപ്പ് നാ. 1. ഇടർച്ച, എതിർപ്പ്; 2. ചവിട്ട്, തൊഴി, അടി.
ഉതയ്ക്കുക ക്രി. 1. തൊഴിക്കുക; 2. അടിക്കുക; 3. ഇടറുക. ഉദാ: കാൽ ഉതച്ചു വീഴുക; 4. പിറകോട്ടടിക്കുക, തിരിച്ചടിക്കുക.
ഉതവൽ [ഉതകുക] നാ. പുല്ല്.
ഉതവി [< ഉതകുക] നാ. തുണ, സഹായ്യം, പിൻതാങ്ങ്.
ഉതൾ നാ. 1. മുട്ടാട്; 2. ആട്; 3. (ജ്യോ.) മേടം രാശി; 4. ഒരു വൃക്ഷം, ഉതളം.
ഉതളങ്ങ [ഉതളം-കാ] നാ. ഉതളത്തിൻെറ കായ്, ചാത്തൻ കായ്. (കായ്ക്കു വിഷമുണ്ട്.)

ഉതളം, ഒതളം നാ. ജലാശയതീരങ്ങളിൽ വളരുന്ന ഒരു ചെറുമരം.

ഉതളിക നാ. 1. തോൽപ്പാത്രം, തോൽസഞ്ചി; 2. മൂത്രാശയം.

ഉതളിക്കുക [<ഉതളി] ക്രി. ഉള്ളിൽ കാറ്റുകയറി വീർക്കുക.

ഉതറൽ [ഉതറുക] നാ. കുടഞ്ഞു വിടുവിക്കൽ.

ഉതറ് [ഉതറുക] ധാതുരൂപം.

ഉതറുക ക്രി. 1. കുലുക്കിയോ തട്ടിയോ വിടുവിക്കുക, കുതറുക, കുടയുക; 2. ഉപേക്ഷിക്കുക; 3. തെറിച്ചുപോവുക, വിട്ടുപോവുക, പിടിവിടുവിച്ചുപോവുക; 4. കുലുങ്ങുക; 5. ഉഴറുക, പതറുക, തിടുക്കപ്പെടുക.

ഉതി1, ഒതി നാ. 1. ഒരിനം വൃക്ഷം, കലയം, അജശൃങ്ഗി; 2. ഒരു വൃക്ഷം, നീർപ്പൊങ്ങളം; 3. ചേമ്പും മറ്റും നടുന്നതിനു കിളച്ചു നെടുനീളത്തിൽ ഉയർത്തിയുണ്ടാക്കുന്ന സ്ഥലം, വാരം, വരമ്പ്; 4. തുരുത്തി, ഉല.

ഉതി2 [ഉതിക്കുക] ധാതുരൂപം.

ഉതിക്കൽ [< ഉതിക്കുക] നാ. ചീറ്റൽ.

ഉതിക്കുക ക്രി. ചീറ്റുക.

ഉതിപ്പ് [< ഉതിക്കുക] നാ. ചീറ്റൽ.

ഉതിയൻ [<സം. ഉദയ] നാ. 1. ഉദയശർമ; 2. ചേരരാജാക്കന്മാരുടെ ഒരു നാമം.

ഉതിർ [ഉതിരുക] ധാതുരൂപം.

ഉതിർക്കുക [ഉതിരുക > പ്രയോ.] ക്രി. ഉതിരത്തക്കവണ്ണം ചെയ്യുക, (കുലുക്കി) വീഴിക്കുക, ചിതറിക്കുക, ചൊരിയുക; 2. ശബ്ദം പുറപ്പെടുവിക്കുക; 3. (കണ്ണുനീർ) വാർക്കുക.

ഉതിർച്ച, ഉതിർപ്പ് [< ഉതിരുക] നാ. പൊഴിച്ചിൽ.

ഉതിർമണി [ഉതിർ-മണി] നാ. ഉതിർന്ന മണി, പൊഴിഞ്ഞ ധാന്യം.

ഉതിർമ [ഉതിരുക] നാ. പൊഴിച്ചിൽ.

ഉതിരകാളി [< സം. രുധിര-കാലി] നാ. രക്തപ്രിയയായ കാളി, മായാഭഗവതി.

ഉതിരക്കലം [ഉതിര < സം. രുധിര -കലം] നാ. 'രുധിരക്കലം' ചുവന്ന കലം, കാളീക്ഷേത്രത്തിലെ ഒരു വഴിപാട്, പുത്തൻകലത്തിലെ നിവേദ്യം.

ഉതിരക്കളിപ്പ് നാ. ചോരക്കൊഴുപ്പ്.

ഉതിരക്കൂറ [ഉതിര-കൂറ] നാ. 1. രുധിരക്കൂറ, ചുവന്ന തുണി, ചെങ്കൊടി; 2. യകൃത്ത്, കരൾ.

ഉതിരൻ [സം. രുധിര] നാ. രക്തമണ്ഡലി, വേന്ദ്രൻ (വേന്തിരൻ) എന്നയിനം പാമ്പ്.

ഉതിരൻകോട്ട [< ഉതിരുക] വി. മണികൾ വേഗത്തിൽ ഉതിർന്നു പോകുന്നത്. നാ. ഒരിനം കുരുമുളക്.

303

ഉതിരപ്പഴി [ഉതിരം-പഴി] നാ. രുധിരപ്പഴി, യുദ്ധത്താൽ മരിച്ചവരുടെ അനന്തരാവകാശികൾക്കു കരമൊഴിവായി കൊടുക്കുന്ന സ്ഥലം.

ഉതിരപ്പുലി [ഉതിര-പുലി] നാ. രുധിരപ്പുലി, ചെമ്പുലി.

ഉതിരപ്പൂവൻ [-പൂവൻ] നാ. ചുവന്ന കായുള്ള പൂവൻ വാഴ, ചെങ്കദളി.

ഉതിരം [<സം. രുധിര] നാ. രക്തം.

ഉതിരമാടൻ [സം. രുധിര- മ. മാടൻ] നാ. രക്തവൈരഭൻ, ഒരു ദേവത.

ഉതിര്                    [< ഉതിരുക] നാ. 1. അടർന്നു വീഴൽ; 2. ഉതിർ മണി, ഉതിർന്ന മണി.

ഉതിരുക                  ക്രി. 1. (കുലയിൽ നിന്നു) പൊഴിയുക, കൊഴിയുക, അടർന്നുവീഴുക, വേർപെടുക; 2. (ആല) ശബ്ദം പുറപ്പെടുക, ഉയരുക. ഉദാ: വിലാപമുതിർന്നു.

ഉതിരോൻ                 [സം. രുധിര] നാ. കുറുന്തോട്ടി വർഗത്തിൽപ്പെട്ട ഒരു ചെടി, ഊർപ്പൻ ചെടി.

ഉത്1                      (പ.മ. സംവൃതോകാരാന്തം) സ. നാ. അനതിദൂരസന്നിഹിതവാചി, അധികം അടുത്തോ ദൂരയോ അല്ലാത്ത വസ്തുവിനെ കുറിക്കുന്നത്.

ഉത്2                      [സം. < ഉദ്] ഉപ. നാമത്തോടും ക്രിയയോടും ചേർക്കുന്ന ഒരു നിപാതം. മേൽപ്പോട്ട്, ഉയർന്ന്, വികസിച്ച് മുതലായ അർഥങ്ങളിൽ പ്രയോഗം. ദന്ത്യശ്വാസികളോടുചേരുമ്പോൾ 'ഉത്' എന്നും, മൂർധന്യശ്വാസികളോടു ചേരുമ്പോൾ 'ഉട്' എന്നും താലവ്യശ്വാസികളുമായുള്ള സന്ധിയിൽ 'ഉച്' എന്നും രൂപാന്തരം. നാദികളുമായുള്ള സന്ധിയിൽ യഥാക്രമം 'ഉദ്', 'ഉഡ്', 'ഉജ്', എന്നു രൂപങ്ങൾ.

ഉതുക്ക്                   നാ. 1. അരക്കെട്ട്; 2. ഭീഷണി; 3. കടമ്പ.

ഉത്ക                     [സം. ഉദ്-ക] വി. 1. ആഗ്രഹമുള്ള, താത്പര്യമുള്ള; 2. ദു:ഖമുള്ള; 3. ശ്രദ്ധയില്ലാത്ത.

ഉത്കഞ്ചുക               [സം. കുഞ്ചുക] വി. മാറിൽ വസ്ത്രം ധരിക്കാത്ത, ചട്ടയില്ലാത്ത.

ഉത്കട                    [സം.-കട] വി. 1. അധികമായ, വർധിച്ച; 2. ശക്തിയേറിയ, ഭയങ്കരതയുള്ള; 3. അഹങ്കാരമുള്ള, ഉന്മത്തമായ, മദിച്ച; 4. നിരപ്പില്ലാത്ത.

ഉത്കടൻ                  [സം. -കട] നാ. 1. മദ്യപാനത്താൽ മത്തനായവൻ; 2. മദയാന.

ഉത്കടം                   [സം. -കട] നാ. 1. കോപം, മദം; 2. മദജലം; 3. ഇലവ(ർ)ങ്ങത്തൊലി; 4. ചുവന്ന കരിമ്പ്; 5. അംപൊട്ടൽ.

ഉത്കടാസനം, ഉത്കടിക-, ഉത്ക്കടുക- [സം. -കട-ആസന] നാ. 1. യോഗാസനങ്ങളിൽ ഒന്ന്, കുത്തിയിരിപ്പ്; 2. ആനപ്പുറത്ത് ഒരു മുട്ടൂന്നി മറ്റേക്കാൽ നേരേ കുത്തിയിരിക്കുന്നത്.

ഉത്കണ്ഠ1                [സം. ഉദ്-കണ്ഠ] വി. 1. കഴുത്ത് ഉയർത്തിപ്പിടിച്ച; 2. താത്പര്യമുള്ള, അറിയാൻ തിടുക്കപ്പെടുന്ന, ആശങ്കയുള്ള.

ഉത്കണ്ഠ2                [സം. -കണ്ഠാ] നാ. 1. ആകാംക്ഷ, പ്രതീക്ഷിക്കുന്ന, ഒന്നിനെപ്പറ്റി അറിയുവാനുള്ള തിടുക്കം; 2. ഇഷ്ടകാര്യത്തെ പ്രാപിക്കുന്നതിൽ കാലവിളംബം സഹിക്കാൻ പാടില്ലാത്ത മനോവികാരം.

ഉത്കണ്ഠിത1             [സം. -കണ്ഠിത] വി. ഉത്കണ്ഠയോടുകൂടിയ.

ഉത്കണ്ഠിത2             [സം. -കണ്ഠിതാ] നാ. എട്ടുവിധം നായികമാരിൽ ഒന്ന്, സങ്കേതത്തിൽ നായകനെ കാണാഞ്ഞ് ശങ്കാധീനയായി ഭാവിച്ചവൾ.

ഉത്കത, -ത്വം             [സം. ഉത്ക-താ, -ത്വ] നാ. ആഗ്രഹം, ഉത്കണ്ഠ.

ഉത്കൻ                   [സം.] നാ. ഏതെങ്കിലും ഒരു കാര്യത്തിൽ വളരെ താത്പര്യം ഉള്ളവൻ.

ഉത്കന്ധര                [സം. ഉദ്-കന്ധര] വി. കഴുത്ത് ഉയർത്തിയ.

ഉത്കം                    [സം. -ക] നാ. 1. ആഗ്രഹം; 2. അവസരം.

ഉത്കമ്പ(ന)ം            [സം. -കമ്പ, -കമ്പന] നാ. 1. വിറയൽ; 2. ഇളക്കം, ക്ഷോഭം, വെമ്പൽ.

ഉത്കർക്കരം              [സം.-കർക്കര] നാ. ഒരു സങ്ഗീതോപകരണം.

ഉത്കർണകം [സം. –കർണക] നാ. ആനയ്ക്ക് ഉണ്ടാകുന്ന കർണരോഗം, ചെവിക്കുത്ത്.
ഉത്കർണിക [സം. –കർണികാ] നാ. തട്ട് ഉയർന്നുനിൽക്കുന്ന തുലാസ്സ്, കള്ളത്രാസ്സ്.
ഉത്കർഷക [സം. –കർഷക] വി. ഉത്കർഷം ഉണ്ടാക്കുന്ന.
ഉത്കർഷണം [സം. –കർഷണം] 'മുകളിലേയ്ക്കു വലിക്കൽ' നാ. ഉയർത്തൽ, ശ്രേഷ്ഠമാക്കൽ.
ഉത്കർഷം [സം. –കർഷ < കൃഷ്] നാ. 1. ഉയർച്ച; 2. ശ്രേഷ്ഠത, മേന്മ; 3. ഐശ്വര്യം, കീർത്തി; 4. വർധന, അതിശയം; 5. മേൽപോട്ടുവലിക്കൽ ൯ അപകർഷം.
ഉത്കർഷിക്കുക [സം. –കർഷിക്കുക < കൃഷ്] ക്രി. 1. മുകളിലേക്കു വലിക്കുക, ഉയർത്തുക; 2. അതിക്രമിക്കുക, കവിഞ്ഞുനിൽക്കുക.
ഉത്കര [സം. –കര] വി. 1. ഉയർത്തിയ, മേലോട്ടെറിഞ്ഞ; 2. കൂടിയ, വാരിക്കൂട്ടിയ.
ഉത്കരം [സം. –കര] നാ. 1. കൂമ്പാരം, ധാന്യാദിസമൂഹം, അളക്കുമ്പോൾ ചിതറിയ ധാന്യം വാരിക്കൂട്ടിയത്; 2. കൂട്ടം. ; 3. ചവറ്, ചവറ് തട്ടുന്ന സ്ഥലം; 4. കുല, തൊത്ത്.
ഉത്കരിക [സം. ഉദ്–കരികാ] നാ. ശർക്കരയും പാലും ചേർത്തുണ്ടാക്കുന്ന ഒരു പലഹാരം.
ഉത്കല [സം. –കല] വി. 1. ദയനീയമായ; 2. അധികമായ, അതിക്രമിച്ചുള്ള.
ഉത്കലൻ [സം. ഉത്കല] നാ. 1. പക്ഷിവേട്ടക്കാരൻ; 2. ചുമട്ടുകാരൻ; 3. ഒറീസ്സക്കാരൻ.
ഉത്കലം [സം. ഉദ്–കല < ഉദ്–കലിങ്ഗ] നാ. ഒറീസ്സാരാജ്യം.
ഉത്കലിക [സം. –കലികാ] നാ. 1. ഉത്കണ്ഠ, ആധി, മനസ്സമാധാനമില്ലായ്മ, വ്യാകുലത, ആകാംക്ഷ, പ്രതീക്ഷിച്ചിരിപ്പ്; 2. പൂമൊട്ട്; 3. തിരമാല.
ഉത്കലികാപ്രായം [സം.] നാ. സമാസങ്ങളും ദൃഢാക്ഷരങ്ങളും അധികമുള്ള ഒരുതരം ഗദ്യരീതി.
ഉത്കളങ്കി [സം. –കലങ്കിൻ] വി. കളങ്കത്തോടു കൂടിയ.
ഉത്കാക [സം. ഉത്കാകാ] നാ. ആണ്ടുതോറും പ്രസവിക്കുന്ന (പശു), ആട്ടക്കന്നി.
ഉത്കാരൻ [സം. ഉദ്–കാര] നാ. വിത്തു വിതയ്ക്കുന്നവൻ.
ഉത്കാരം [സം. –കാര] നാ, 1. നെല്ലും മറ്റും തൂറ്റൽ, പതിരു കളയൽ; 2. ധാന്യം കൂമ്പാരമായി ഇടൽ.
ഉത്കാരിക [സം. –കാരികാ] നാ. 1. വ്രണത്തിൽ കെട്ടുന്ന മാവുശീല; 2. റൊട്ടി, ഹൽവ, കൊഴുക്കട്ട.
ഉത്കാശനം [സം. –കാശന] നാ. ആജ്ഞാപിക്കൽ.
ഉത്കാസന(ന)ം [സം. –കാസ, –കാസന] നാ. കാർക്കിച്ചു കണ്ഠം ശുദ്ധിയാക്കൽ.
ഉത്കിരണം1 [സം. –കിരണ] നാ. 1. വിതറൽ, മേൽപ്പോട്ടു വിതറൽ; 2. കൊതിവെക്കൽ.
ഉത്കിരണം2 [സം.] നാ. കൊത്തുപണി, തക്ഷണം.
ഉത്കീർണ [സം. –കീർണ] വി. 1. ചിതറിയ; 2. വിതച്ച; 3. കൊത്തിവച്ച.
ഉത്കീർണക, –കർണിക, കീർത്തിക [സം. –കീർണകാ] ഒരുതരം കള്ളത്രാസ്.

ഉത്കീർത്തനം [സം. -കീർത്തന] നാ. 1. നിലവിളിക്കൽ; 2. പുകഴ്ത്തൽ, പ്രകീർത്തിക്കൽ; 3. പറയൽ, പ്രസ്ഥാവിക്കൽ; 4. വിളംബരം ചെയ്യൽ; 5. കഴിഞ്ഞ കഥ പറയൽ, ഒരു നാട്യാലങ്കാരം.

ഉത്കീലിത [സം. -കീലിത] വി. ആണിതറച്ച, സാക്ഷമാറ്റിയ, ആണിമാറ്റിയ.

ഉത്കുടം [സം. -കുട] നാ. മലർന്നുകിടന്നുള്ള ഉറക്കം.

ഉത്കുടാസനം [സം. -ആസന] നാ. മുഖം മേൽപ്പോട്ടാക്കിയുള്ള ഇരിപ്പ്.

ഉത്കുണം [സം. -കുണ] നാ. 1. മൂട്ട, പേൻ.

ഉത്കുല1 [സം. ഉദ്-കുല] വി. കുലത്തിൽനിന്നും തെറ്റിപ്പോയ, കുലത്തിനു മാനഹാനി വരുത്തിയ.

ഉത്കുല2 [സം. -കുലാ] നാ. കുലധർമം തെറ്റിനടക്കുന്നവൾ, കുലട.

ഉത്കൂല [സം. -കൂല] വി. കരകവിഞ്ഞ, അതിരറ്റ.

ഉത്കൃതം [സം. -കൃത] നാ. (കാമ.) എട്ടുവിധം സീൽക്കാരങ്ങളിൽ ഒന്ന്.

ഉത്കൃതി1 [സം. -കൃതി] നാ. ഒരു ഛന്ദസ്സ്.

ഉത്കൃതി2 [സം. -കൃതിൻ] നാ. ദുഷ്കൃത്യം ചെയ്യുന്നവൻ.

ഉത്കൃത്യ [സം. കൃത്യ] അവ്യ. മുറിച്ചിട്ട്.

ഉത്കൃഷ്ട [സം. -കൃഷ്ട] വി. 1. മേൽപ്പോട്ടു വലിക്കപ്പെട്ട, ഉയർത്തിയ; 2. ശ്രേഷ്ഠമായ, മെച്ചപ്പെട്ട, മേന്മയുള്ള ൻ അവകൃഷ്ട, നികൃഷ്ട; 3. ഉയർന്ന; 4. ആകർഷിക്കപ്പെട്ട. നാ. ഉത്കൃഷ്ടതാ (-ത്വം).

ഉത്കൃഷ്ടം [സം. -കൃഷ്ട] നാ. ആനയുടെ വയറ്റിന്റെ രണ്ടു ഭാഗങ്ങൾ.

ഉത്കോചകൻ [സം. -കോചക] നാ. കൈക്കൂലിവാങ്ങുന്നവൻ.

ഉത്കോച(ക)ം [സം. -കോചക] നാ. 1. കോഴ, കൈക്കൂലി; 2. കോഴവാങ്ങൽ; 3. തിരുമുൽക്കാഴ്ച, കാഴ്ചദ്രവ്യം, കപ്പം.

ഉത്ക്രമജ്യാ(വ്) [സം. ഉത്ക്രമ-ജ്യാ] നാ. (ഗണിത) ശരം, ജ്യാമധ്യത്തിൽനിന്നു ചാപമധ്യത്തിന്റെ അകലം.

ഉത്ക്രമണം [സം. ഉദ്-ക്രമണ] നാ. മുകളിലേക്കോ വെളിയിലേക്കോ പോകൽ, പറന്നുയരൽ.

ഉത്ക്രമം [സം. -ക്രമ] നാ. 1. മേൽപ്പോട്ടുള്ള പോക്ക്; 2. അഭിവൃദ്ധി, കയറ്റം; 3. ഊർധ്വഗതി, മരണം; 4. അതിക്രമിക്കൽ; 5. ക്രമം വിട്ട പ്രവൃത്തി, ക്രമക്കേട്, ലങ്ഘനം; 6. (ഗണിത) അവസാനംതൊട്ട് ആദ്യംവരെ എന്ന ക്രമം, വിപരീതക്രമം.

ഉത്ക്രമിക്കുക [<സം. ഉത്-ക്രമിക്കുക] ക്രി. 1. മേൽപ്പോട്ടുപോകുക, കയറുക; 2. പിന്നിലേക്കു പോവുക; 3. കടന്നുകളയുക, മരിക്കുക; ക്രി. 5. അതിക്രമിക്കുക, കടക്കുക; 6. അവഗണിക്കുക; 7. ഉപേക്ഷിക്കുക, മാറ്റിവയ്ക്കുക; 8. ലങ്ഘിക്കുക, ക്രമം വിട്ടു പ്രവർത്തിക്കുക.

ഉത്ക്രാഥിനി [സം. -ക്രാഥിനീ] നാ. സ്കന്ദന്റെ ഒരു അനുചര.

ഉത്ക്രാന്ത [സം. -ക്രാന്ത] വി. 1. ഉത്ക്രമിച്ചു മുകളിലേക്കുപോയ, കടന്നുപോയ, വിട്ടുപിരിഞ്ഞ, മരിച്ച; 2. (നിറം) മങ്ങിയ.

ഉത്ക്രാന്തി [സം. -ക്രാന്തി] നാ. 1. മേലോട്ടുപോകൽ, വേർപിരിയൽ, ഉത്ക്രമണം; 2. പ്രാണന്റെ വേർപാട്, മരണം. ഉത്ക്രാന്തിധേനു = മരണകാലത്തു ദാനം ചെയ്യുന്ന പശു.

ഉത്ക്രോശൻ [സം. -ക്രോശ] നാ. സ്കന്ദന്റെ പാർഷദന്മാരിൽ ഒരുവൻ

ഉത്ക്രോശം [സം. -ക്രോശ < ക്രുശ്] നാ. 1. നിലവിളി, ഉറക്കെയുള്ള ശബ്ദം; 2. പ്രഖ്യാപനം, വിളംബരം, അഴുകുരൽ; 3. ഞാറപ്പക്ഷി, നീർപൊന്മാൻ.

ഉത്ക്ലിഷ്ടം [സം. -ക്ലിഷ്ട < ക്ലിശ്] 'ഉത്ക്ലേശിപ്പിക്കുന്നത്' നാ. കൺപോളകളിൽ ഉണ്ടാകുന്ന കുരു, കൺകുരു.

ഉത്ക്ലിഷ്ടവർത്മം [സം. -ക്ലിഷ്ട-വർത്മൻ] നാ. കൺപോളകളിൽ ഉണ്ടാകുന്ന ഒരു രോഗം.

ഉത്ക്ലേദം [സം. -ക്ലേദ < ക്ലിദ്] നാ. നനവുണ്ടാകൽ.

ഉത്ക്ലേശനം [സം. -ക്ലേശന < ക്ലിശ്] നാ. ഉത്ക്ലേശിപ്പിക്കൽ, ഇളക്കൽ, ശരീരദോഷങ്ങളെ അതതു സ്ഥാനങ്ങളിൽനിന്നും ഇളക്കൽ.

ഉത്ക്ലേശം [സം. -ക്ലേശ] നാ. 1. അസ്വസ്ഥത, മന:ക്ഷോഭം; 2. കടൽച്ചൊരുക്ക്.

ഉത്ക്ഷിപ്ത, ഉൽ- [സം. -ക്ഷിപ്ത] വി. 1. ഉത്ക്ഷേപിക്കപ്പെട്ട, മേൽപ്പോട്ട് എറിയപ്പെട്ട; 2. സതബ്ധമായ.

ഉത്ക്ഷിപ്തം, ഉൽ- [സം. -ക്ഷിപ്ത] നാ. 1. ഉമ്മത്ത് എന്ന ചെടി; 2. നൃത്തത്തിൽ ശിരസ്സിനെ ചേഷ്ടിപ്പിക്കുന്ന ഒരു രീതി.

ഉത്ക്ഷേപകൻ, ഉൽ- [സം. -ക്ഷേപക] നാ. 1. ഉയർത്തുന്നവൻ; 2. എറിയുന്നവൻ; 3. വസ്ത്രാദികൾ മോഷ്ടിക്കുന്നവൻ; 4. ആജ്ഞാപിക്കുന്നവൻ; 5. അയയ്ക്കുന്നവൻ.

ഉത്ക്ഷേപണം, ഉൽ- [സം. -ക്ഷേപണ] നാ. 1. മേൽപ്പോട്ടുള്ള ഏറ്, ഉയർത്തൽ; 2. മേൽപ്പോട്ടെറിയൽ, വൈശേഷികമതമനുസരിച്ചുള്ള ഒരു കർമം; 3. (വസ്ത്രാദികൾ) മോഷ്ടിക്കൽ; 4. ഛർദി; 5. പുറത്തുകളയൽ; 6. വിശറി; 7. ധാന്യം കാറ്റത്തു തൂറ്റുന്നതിനുള്ള കുട്ട, മുറം.

ഉത്ക്ഷേപം [സം. -ക്ഷേപ] നാ. 1. മേൽപ്പോട്ടുള്ള ഏറ്, ഉയർത്തൽ; 2. എറിഞ്ഞുകളയൽ; 3. ഛർദി; 4. ചെന്നിക്കു മുകൾഭാഗം; 5. ഒരു സ്നായുമർമം.

ഉത്ക്ഷേപിക്കുക, ഉൽ- [<സം. ഉദ്-ക്ഷിപ്] ക്രി. 1. മേൽപ്പോട്ടെറിയുക, ഉയർത്തുക; 2. ഉപേക്ഷിക്കുക, മാറ്റിവയ്ക്കുക, കളയുക; 3. ഛർദിക്കുക.

ഉത്ഖനനം [സം. -ഖനന < ഖന്] നാ. കുഴിക്കൽ.

ഉത്ഖാത [സം. -ഖാത < ഖന്] വി. 1. കുഴിച്ചെടുക്കപ്പെട്ട, തോണ്ടിയെടുത്തു കളഞ്ഞ; 2. പിഴുതെടുക്കപ്പെട്ട, പറിച്ചെടുത്ത; 3. നശിപ്പിക്കപ്പെട്ട.

305

ഉത്ഖാതം [സം. -ഖാത] നാ. കുഴി, ദ്വാരം, നിരപ്പില്ലാത്തസ്ഥലം.

ഉത്ഗമിക്കുക [സം.] ക്രി. = ഉദ്ഗമിക്കുക.

ഉത്ഘാടനം [സം.] = ഉദ്ഘാടനം.

ഉത്ത [സം.-ഉന്ദ്] വി. നനഞ്ഞ.

ഉത്തട [സം. ഉദ്-തട] വി. തടത്തെ അതിക്രമിച്ച, കരകവിഞ്ഞ.

ഉത്തപ [സം. -തപാ] നാ. ലിങ്ഗത്തിന്മേൽ ഉണ്ടാകുന്ന ഒരിനം കുരു.

ഉത്തപിക്കുക [<സം. ഉത്-തപ്] ക്രി. 1. ചൂടാവുക, താപം വർധിക്കുക; 2. ചൂടുപിടിപ്പിക്കുക; 3. ഉപദ്രവിക്കുക, പീഡിപ്പിക്കുക.

ഉത്തപ്ത [സം.-തപ്ത] വി. 1. ചുട്ടുപഴുപ്പിച്ച; 2. ഉണക്കിയ.

ഉത്തംഭ(ന)ം [സം. -സ്തംഭന] നാ. 1. താങ്ങ്; 2. തടയൽ, തടഞ്ഞുനിർത്തൽ; 3. ദീർഘചതുരാകൃതിയിലുള്ള ഒരു കെട്ടിടം.

ഉത്തംസം [സം. -തംസ] നാ. 1. ശിരോഭൂഷണം, ശിരോലങ്കാരം. ആലങ്കാരികമായും പ്രയോഗം. ഒരു വംശത്തിനോ മറ്റോ ശിരോഭൂഷണം പോലെ ശോഭാകരനായ ആൾ; 2. കർണാലങ്കാരം.
ഉത്തമ1 [സം. -തമ] അതിശായനതദ്ധിതം. അത്യന്താർഥത്തിൽ രണ്ടിൽക്കൂടുതൽ എണ്ണങ്ങളെ താരതമ്യപ്പെടുത്തുമ്പോൾ 'ഇഷ്ഠ' എന്നോ 'തമ' എന്നോ പ്രത്യയം. വി. 1. ഏറ്റവും ഉത്കൃഷ്ടമായ, ശ്രേഷ്ഠമായ, ഏറ്റവും മെച്ചപ്പെട്ട, ഏറ്റവും ഉയർന്നതോ നല്ലതോ ആയ, മേൽത്തരമായ, മേന്മയുള്ള, നന്മയുള്ള; 2. ഒന്നാമത്തെ, മുഖ്യമായ; 3. ഏറ്റവും ഒടുവിലത്തെ, അവസാനത്തെ; 4. തമസ്സിൽനിന്നു മുക്തമായ.
ഉത്തമ2 [സം. ഉത്തമാ] നാ. 1. ഉത്തമയായ സ്ത്രീ; 2. ലിങ്ഗത്തിന്മേൽ ഉണ്ടാകുന്ന ഒരുതരം കുരു, ഉത്തപ; 3. മുഖക്കുരു; 4. കിഴുകാനെല്ലി; 5. ത്രിഫല.
ഉത്തമകന്യ(ക) [സം. -കന്യാ, -കന്യകാ] നാ. 1. വളരെ നല്ലവളായ കന്യക; 2. പൂവൻകുറുന്തൽ; 3. വേലിപ്പരുത്തി.
ഉത്തമകൽപം [സം. -കൽപ] നാ. ലീലാതിലകത്തിൽ മണിപ്രവാളകാവ്യത്തിനു കൽപിക്കുന്ന വിഭാഗങ്ങളിൽ ഒന്ന്, (ഉത്തമം, ഉത്തമകൽപം, മധ്യമം, അധമം എന്നു വിഭജനം), ഉത്തമത്തിനോടു തുല്യമായ.
ഉത്തമകാരിണി [സം. കാരിണീ] നാ. 1. ഉമ്മത്ത്; 2. വേലിപ്പരുത്തി.
ഉത്തമഗജം [സം. -ഗജ] 'പ്രായംകൊണ്ടു മെച്ചപ്പെട്ട ആന' നാ. അറുപതു വയസ്സിനുമേൽ പ്രായമുള്ള ആന.
ഉത്തമദൂതി [സം.-ദൂതി] നാ. ഉത്തമയായ ദൂതി, നായികയേയോ നായകനേയോ മധുരഭാഷണത്താൽ രഞ്ജിപ്പിക്കുന്ന ദൂതി.
ഉത്തമൻ [സം. ഉദ്-തമ] നാ. 1. ഏറ്റവും ഉത്കൃഷ്ടൻ, യോഗ്യൻ, ശ്രേഷ്ഠൻ; 2. വിഷ്ണു; 3. ഉത്താനപാദന് സുരുചിയിൽ ഉണ്ടായ പുത്രൻ, ധ്രുവൻെറ സഹോദരൻ.
ഉത്തമനം [സം. തമന] < തമ്] നാ. 1. ക്ഷമയില്ലായ്മ; 2. മനസ്സിടിവ്, അധൈര്യം.
ഉത്തമനായിക [സം. ഉത്തമ-നായികാ] നാ. അത്യുത്കൃഷ്ടയായ നായിക, ഭർത്താവിൻെറ പ്രാതികൂല്യം കണക്കിലെടുക്കാതെ സ്നേഹപൂർവം അനുകൂലയായി പെരുമാറുന്ന നായിക.
ഉത്തമപുരുഷൻ [സം. -പുരുഷ] നാ. 1. നല്ലമനുഷ്യൻ, യോഗ്യൻ, മഹാൻ, ഉത്തമഗുണങ്ങളുള്ള ആൾ; 2. വിഷ്ണു; 3. (വ്യാക.) ആത്മവാചി, വക്താവു തന്നെപ്പറ്റി നിർദേശിക്കാൻ ഉപയോഗിക്കുന്നത്. ഉദാ: ഞാൻ, ഞങ്ങൾ ഇത്യാദി ഉത്തമപുരുഷനെക്കുറിക്കുന്ന സർവനാമപദങ്ങൾ.
ഉത്തമം1 [സം. ഉദ്-തമ] നാ. ശ്രേഷ്ഠമായത്, ഏറ്റവും നല്ലത്.
ഉത്തമം2 [സം. -തമ] നാ. 1. ചതുർദശമന്വന്തരങ്ങളിലൊന്ന്, മൂന്നാമത്തെ മനുവായ ഉത്തമൻെറ അന്വന്തരം; 2. ഭാരതവർഷത്തിലെ ഒരു ജനപദം.
ഉത്തമർണൻ [സം. ഉത്തമ-ഋണ] നാ. കടം കൊടുത്തവൻ. (സ്ത്രീ) ഉത്തമർണ.
ഉത്തമവാരം [സം. -വാര] നാ. രാജാവിനെ പരിചരിക്കുന്ന ഗണികകളിൽ ഒരു വിഭാഗം.
ഉത്തമവേശൻ, -വേഷൻ [സം. ഉത്തമ-വേശ] നാ. ഏറ്റവും വിശേഷപ്പെട്ട വേഷത്തോടു കൂടിയവൻ, ശിവൻ.
ഉത്തമശ്രുത [സം. -ശ്രുത] വി. ശ്രേഷ്ഠമായ ജ്ഞാനമുള്ള, മികച്ച പാണ്ഡിത്യമുള്ള, വിദ്യയിൽ മികച്ച.

ഉത്തമശ്ലോക [സം. -ശ്ലോക] വി. വളരെ പ്രസിദ്ധിയുള്ള, പ്രശസ്തമായ.
ഉത്തമശ്ലോകൻ [സം.] നാ. കീർത്തിമാൻ, പ്രസിദ്ധൻ.
ഉത്തമസങ്ഗ്രഹണം [സം. ഉത്തമ-സങ്ഗ്രഹണ] നാ. പരസ്ത്രീസങ്ഗ്രഹണമെന്ന അപരാധത്തിൻെറ വിഭാഗങ്ങളിൽ ഒന്ന്.
ഉത്തമസർവനാമം [സം. -സർവനാമൻ] നാ. (വ്യാക.) ഉത്തമപുരുഷനെ കുറിക്കുന്ന സർവനാമം. വക്താവു സ്വയം പരാമർശിക്കാൻ ഉപയോഗിക്കുന്നത്. ഉദാ: ഞാൻ, ഞങ്ങൾ, നാം.
ഉത്തമസാധാരണഘടകം [സം. -സാധാരണ-ഘടക] നാ. (ഗണിത) രണ്ടോ അതിലധികമോ സങ്ഖ്യകളുടെ പൊതുഘടകങ്ങളിൽ ഏറ്റവും വലുത്. ഉ.സാ.ഘ. എന്നു സംക്ഷിപ്തരൂപം.
ഉത്തമസാഹസദണ്ഡം [സം. -സാഹസ-ദണ്ഡ] നാ. ഉത്തമസാഹസത്തിനുള്ള പിഴശിക്ഷ. പഴയകാലത്തു ആയിരം പണം.
ഉത്തമസാഹസം [സം. -സാഹസ] നാ. 1. ബലം കൊണ്ടും അഹങ്കാരം കൊണ്ടും മറ്റും മുൻവിചാരം കൂടാതെ ചെയ്യുന്ന കടുംകൈ; 2. കൗടല്യൻെറ വിവിധശിക്ഷകളിൽ ഒന്ന്.
ഉത്തമാഗാരം [സം. ഉത്തമ-അഗാര] നാ. 1. ശ്രേഷ്ഠമായ ഗൃഹം; 2. കെട്ടിടത്തിൻെറ മുകളിലത്തെ നില.
ഉത്തമാഗ്രം [സം. -അഗ്ര] നാ. ദേവസന്നിധിയിൽ (ദേവാലയത്തിൽ) വച്ചു ബ്രാഹ്മണർക്കു കൊടുക്കുന്ന ഭോജനം, ബ്രാഹ്മണഭോജനത്തിനുവേണ്ടി ക്ഷേത്രത്തിലേക്കു നീക്കിവയ്ക്കുന്ന മുതൽ.
ഉത്തമാങ്ഗം [സം. -അങ്ഗ] 'ഉത്തമമായ അവയവം' നാ. ശിരസ്സ്.
ഉത്തമാർധം [സം. -അർധ] നാ. 1. നല്ലപാതി, ഒടുവിലത്തെഭാഗം; 2. ഭാര്യ.
ഉത്തമാരണി [സം. -അരണി] നാ. 1. വേലിപ്പരുത്തി; 2. ശതാവരി.
ഉത്തമോത്തമം [സം. -ഉത്തമ] നാ. 1. അത്യുത്തമം; 2. ലാസ്യത്തിൻെറ ഒരങ്ഗം; 3. നാലു കാവ്യവിഭാഗങ്ങളിൽ ഒന്ന്. (ഉത്തമം, മധ്യമം, അധമം എന്നു മറ്റുള്ളവ).
ഉത്തമൗജസ്സ് [സം. -ഓജസ്സ്] നാ. ഓജസ്വി, ധീരൻ.
ഉത്തർജനം [സം. ഉദ്-തർജന] നാ. വലിയ ഭീഷണി.
ഉത്തര1 [സം.-തര] വി. 1. മുകളിലുള്ള, ഉയർന്ന; 2. ശ്രേഷ്ഠമായ, മേൽത്തരമായ, മേന്മയുള്ള, മെച്ചപ്പെട്ട; 3. കടന്നുള്ള, കഴിഞ്ഞുള്ള, പിന്നത്തെ; 4. വടക്കുള്ള, വടക്കേ; 5. കവിഞ്ഞ, കൂടുതലായ, വർധിച്ച.
ഉത്തര2 [സം. ഉത്തരാ] നാ. 1. വടക്കുദിക്ക്; 2. ഉത്രം നക്ഷത്രം; 3. അഭിമന്യുവിൻെറ പത്നി, പരീക്ഷിത്തിൻെറ മാതാവ്; 4. നാട്യസംബന്ധമായി അഞ്ചുതരം പാട്ടുകളിൽ ഒന്ന്.
ഉത്തരകാണ്ഡം [സം. ഉത്തര-കാണ്ഡ] നാ. പിന്നാലെവരുന്നതോ അല്ലെങ്കിൽ ഒടുവിലത്തേതോ ആയ ഭാഗം (പുസ്തകത്തിൽ), രാമായണത്തിലെ ഏഴാംകാണ്ഡം അല്ലെങ്കിൽ അവസാനത്തെ ഭാഗം.
ഉത്തരകായം [സം. -കായ] നാ. ശരീരത്തിൻെറ അരയ്ക്കു മേലുള്ള ഭാഗം, താരത. പൂർവകായം.
ഉത്തരകാലം [സം -കാല] നാ. 1. വരുങ്കാലം, ഭാവികാലം; 2. ഒരു പൗർണമി മുതൽ അടുത്ത പൗർണമി വരെയുള്ള കാലം.

ഉത്തരകുരു [സം. -കുരു] നാ. 1. നവദ്വീപങ്ങളിൽ ഒന്ന്; 2. ഭാരതത്തിനു വടക്കു സ്ഥിതിചെയ്യുന്ന മോക്ഷരാജ്യമെന്നു പറയപ്പെട്ടിരുന്ന ഇപ്പൊഴത്തെ തിബറ്റ്, അല്ലെങ്കിൽ അതിനു വടക്കുവശം.
ഉത്തരകൂറ് [സം. -മ-കൂറ്] നാ. വടക്കുംകൂർ.
ഉത്തരകോസലം [സം. -കോസല] നാ. അയോധ്യ തലസ്ഥാനമായ പൗരാണിക രാജ്യം.
ഉത്തരക്രിയ [സം. -ക്രിയാ] നാ. ശേഷക്രിയ, മരിച്ച ആളെ ഉദ്ദേശിച്ചു ചെയ്യുന്ന ക്രിയ, അപരക്രിയ.
ഉത്തരക്ഷണം [സം. -ക്ഷണ] നാ. അടുത്തനിമിഷം.
ഉത്തരക്കൂട, -കള്ളി, -പോത്, -പട്ടിക, ഉത്തരം നാ. 1. നെടിയതും കുറിയതുമായ ഉത്തരങ്ങൾ ചേരുന്നഭാഗം; 2. ഉത്തരത്തിൽ സാധനങ്ങൾ സൂക്ഷിക്കുന്നതിന് അടപ്പോടുകൂടി ഉണ്ടാക്കുന്ന പഴുത്. ഉത്തരപ്പട്ടിക = ചിറ്റുത്തരം.
ഉത്തരഗീത [സം. ഉത്തര-ഗീതാ] നാ. മഹാഭാരതത്തിൽ ഭീഷ്മപർവത്തിലെ ഒരു ഭാഗം.
ഉത്തരങ്ഗ [സം. ഉദ്-തരങ്ഗ] വി. 1. അലകളാൽ മൂടപ്പെട്ട; 2. അലയടിക്കുന്ന; 3. പൊങ്ങുന്ന; 4. വിറയ്ക്കുന്ന, ഇളകുന്ന; 5. (ആല.) വർധിച്ച.
ഉത്തരച്ഛദം [സം.-ഛദ] നാ. 1. ഉത്തരീയം; 2. പുതപ്പ്, വിരിപ്പ്.
ഉത്തരണം [സം. ഉദ്-തരണ < തൃ] നാ. മറുകര കടക്കൽ, കടന്നുപോകൽ.
ഉത്തരതന്ത്രം [സം. ഉത്തര-തന്ത്ര] നാ. (ഭാരതീയ) ശാസ്ത്രഗ്രന്ഥങ്ങളുടെ ഒടിവിലത്തെ ഭാഗം, ശ്രേഷ്ഠമായ ഭാഗം.
ഉത്തരത്ര [സം. -ത്ര] അവ്യ. 1. അനന്തരം, പിന്നെ, പിന്നീടുള്ള; 2. രണ്ടാമതായി, അടുത്തതായി; 3. വടക്ക്, വടക്കോട്ട് ൻ പൂർവത്ര.
ഉത്തരദിക്പാലൻ [സം. -ദിക്-പാല] നാ. വടക്കേദിക്കിന്റെ നാഥൻ, കുബേരൻ.
ഉത്തരദിക്ക് [സം. -ദിശ്-ക്] നാ. വടക്കുദിക്ക്.
ഉത്തരധ്രുവം [സം. -ധ്രുവ] നാ. ഭൂമിയുടെ വടക്കേധ്രുവം.
ഉത്തരൻ [സം.] നാ. 1. വിഷ്ണു; 2. ശിവൻ; 3. വിരാടരാജാവിന്റെ പുത്രൻ.
ഉത്തരനാഭി [സം. -നാഭി, -ഭീ] നാ. യാഗകുണ്ഡത്തിന്റെ വടക്കുഭാഗത്തുള്ള കുഴി.
ഉത്തരപക്ഷം [സം. -പക്ഷ] നാ. 1. ഒടുവിൽ പറഞ്ഞ അഭിപ്രായം; 2. പൂർവപക്ഷത്തിനു സമാധാനം, സിദ്ധാന്തം, എതിർവാദങ്ങളെല്ലാം ഖണ്ഡിച്ചു സ്ഥാപിക്കുന്ന അഭിപ്രായം; 3. എതിർഭാഗം, പ്രതിഭാഗം; 4. വടക്കുവശം; 5. കറുത്തപക്ഷം, വെളുത്തവാവുകഴിഞ്ഞ് കറുത്തവാവുവരെയുള്ള പതിനഞ്ചു ദിവസം ൻ പൂർവപക്ഷം.
ഉത്തരപടം [സം. -പട] നാ. 1. ഉത്തരീയം; 2. വിരിപ്പ്.
ഉത്തരപത്രം [സം. -പത്ര] നാ. വ്യവഹാരത്തിൽ വാദിയുടെ ആവലാതിക്കു പ്രതി എഴുതിക്കൊടുക്കുന്ന ഉത്തരം.
ഉത്തരപദം [സം. -പദ] നാ. (വ്യാക.) സമാസത്തിൽ ഒടുവിലെ പദം ൻ പൂർവപദം.
ഉത്തരപർവതം [സം. -പർവത] നാ. ഹിമവാൻ.
ഉത്തരപശ്ചിമ [സം. -പശ്ചിമ] വി. വടക്കുപടിഞ്ഞാറുള്ള; നാ. വടക്കുപടിഞ്ഞാറേ ദിക്ക്.
ഉത്തരഫൽഗുനി, -ഫാൽഗുനി [സം. -ഫൽഗുനി] നാ. ഉത്രം നക്ഷത്രം.
ഉത്തരബന്ധനം [സം. -ബന്ധന] 'മുകളിൽ കെട്ടുന്നത്' നാ. ആനയുടെ കച്ചക്കയറ്.

ഉത്തരഭദ്ര, -ഭദ്രപദ, ഭാദ്രപദ [സം. -ഭദ്രാ, -ഭദ്രപദാ, -ഭാദ്രപദാ] നാ. ഉത്ത്യട്ടാതി നക്ഷത്രം.
ഉത്തരഭാഗം [സം. -ഭാഗ] നാ. 1. വടക്കുവശം; 2. പിന്നത്തെഭാഗം, രണ്ടാംഭാഗം ൻ പൂർവഭാഗം.
ഉത്തരം1 [സം. ഉദ്-തര] നാ. 1. പ്രതിവാക്യം, മറുപടി (പറയുന്നതും എഴുതുന്നതുമാകാം).
ഉത്തരം2 [സം. ഉത്തരഫാൽഗുനീ] നാ. ഉത്രം നക്ഷത്രം.
ഉത്തരം3 [സം. ഉദ്ധര?] നാ. കഴുക്കോൽ താങ്ങുന്നതിനു ഭിത്തിയുടെ മീതേ വയ്ക്കുന്ന ദീർഘചതുരമായ തടി.
ഉത്തരമന്ത്രി [സം. ഉത്തര-മന്ത്രിൻ] നാ. 1. മുഖ്യമന്ത്രി; 2. സങ്ഗീതത്തിലെ സപ്തമൂർച്ഛനകളിലൊന്ന്.
ഉത്തരമീമാംസ [സം. -മീമാംസ] നാ. ഷഡ്ദർശനങ്ങളിൽ ഒന്ന്, വേദാന്തദർശനം, ജ്ഞാനകാണ്ഡം. താരത. പൂർവമീമാംസ.
ഉത്തരരാമായണം [സം. -രാമായണ] നാ. രാമായണത്തിൻെറ ഉത്തരഭാഗം.
ഉത്തരവർണകം [സം. -വർണ(ക)] നാ. വെള്ളികൊണ്ടോ ചെമ്പുകൊണ്ടോ നിർമിച്ചു സ്വർണത്തകിടുകൊണ്ടു പൊതിഞ്ഞ പേടകം.
ഉത്തരവസ്ത്രം [സം. -വസ്ത്ര] നാ. ഉത്തരീയം, രണ്ടാം മുണ്ട്.
ഉത്തരവാദഭരണം, -വാദിത്വഭരണം [സം. ഉത്തരവാദ-ഭരണ] നാ. ജനങ്ങളോട് ഉത്തരം പറയാൻ ബാധ്യസ്ഥമായവിധം തെരഞ്ഞെടുക്കപ്പെട്ടവരുടെ നേതൃത്വത്തിലുള്ള ഭരണം, ജനാധിപത്യ സമ്പ്രദായത്തിലുള്ള ഭരണം.
ഉത്തരവാദം [സം. -വാദ] നാ. 1. ഉത്തരം പറയേണ്ട ചുമതല, ഉത്തരം പറയൽ; 2. ജാമ്യം, ഈട്; 3. എതിർവാദം, പ്രതിവാദം.
ഉത്തരവാദി [സം. -വാദിൻ] നാ. 1. ഉത്തരം പറയേണ്ടവൻ, ചുമതലക്കാരൻ; 2. ജാമ്യക്കാരൻ; 3. പ്രതി.
307
ഉത്തരവാദിത്വം [സം. -വാദി-ത്വം] 'ഉത്തരവാദിയെന്ന സ്ഥിതി' നാ. ഉത്തരം പറയേണ്ട ചുമതല, കൃത്യബോധം.
ഉത്തരവാസസ്സ് [സം. -വാസസ്] നാ. ഉത്തരവസ്ത്രം, ഉത്തരീയം, മേൽമുണ്ട്.
ഉത്തരവ് [സം. ഉത്തര. ത. ഉത്തരവു] നാ. 1. കല്പന, ആജ്ഞ, ഒരു കാര്യം ചെയ്യണമെന്നോ ചെയ്യരുതെന്നോ അധികാരപൂർവമുള്ള നിർദേശം, ഉദാ: മേലാവിൻെറ ഉത്തരവ്; 2. അനുമതി; 3. (ആ.ഭാ.) കല്പനകേട്ട്, മേലധികാരമുള്ളവരോടു കീഴ്ജീവനക്കാർ 'അങ്ങനെ ചെയ്യാം' എന്ന അർഥത്തിൽ ബഹുമാനപൂർവം പറയുന്ന പദം.
ഉത്തരവേദി [സം. ഉത്തര-വേദി] നാ. ഉത്തരഭാഗത്തുള്ള വേദി, യാഗാഗ്നിയുടെ വടക്കുവശത്തുള്ള സ്ഥലം.
ഉത്തരസാക്ഷി [സം. സാക്ഷിൻ] നാ. 1. പ്രതിഭാഗം സാക്ഷി; 2. വിവാദവിഷയം അറിവുള്ള ഒരാൾ ദേശാന്തരഗമനത്തിലോ മരണസമയത്തോ തനിക്കറിവുള്ളതു മറ്റൊരാളോടു പറഞ്ഞാൽ അതു കേട്ടയാൾ ഉത്തരസാക്ഷി.
ഉത്തരസാധകൻ [സം. -സാധക] നാ. സഹായി,
ഉത്തരസ്ഥാനം [സം. -സ്ഥാന] നാ. അഷ്ടാങ്ഗഹൃദയത്തിൽ ഒടുവിലത്തെ ഭാഗം.
ഉത്തരഹനു [സം.-ഹനു] നാ. മേൽത്താടിയെല്ല്.
ഉത്തരള [സം. ഉദ്-തരല] വി. വളരെ ഇളകിയ.

ഉത്തരാക്ഷം [സം. ഉത്തര-അക്ഷ] നാ. 1. ഭൂഗോളത്തിൻെറ വടക്കുഭാഗം; 2. ഒരുതരം രുദ്രാക്ഷമരം.
ഉത്തരാത്രയം [സം. ഉത്തരാ-ത്രയ] നാ. ഉത്രം, ഉത്രാടം, ഉത്രട്ടാതി എന്നീ മൂന്നു നക്ഷത്രങ്ങൾ.
ഉത്തരാധര [സം. -അധര] വി. 1. ഉയർന്നും താഴ്ന്നുമുള്ള; 2. മേലേക്കിടയിലും കീഴേക്കിടയിലും ഉള്ള.
ഉത്തരാധരം [സം. -അധര] നാ. മേൽച്ചുണ്ട്.
ഉത്തരാധരങ്ങൾ = മുകളിലും താഴെയുമുള്ള ചുണ്ടുകൾ.
ഉത്തരാധികാരി [സം. ഉത്തര-അധികാരിൻ] നാ. ഉടമസ്ഥൻെറ മരണാനന്തരം അയാളുടെ സ്വത്തിൻെറ അവകാശി, അനന്തരാവകാശി.
ഉത്തരാധ്യക്ഷൻ [സം. ഉത്തര-അധ്യക്ഷ] നാ. പരിശോധകൻ, മേൽനോട്ടക്കാരൻ, സേനാധിപൻ.
ഉത്തരാധ്യയനസൂത്രം [സം.-അധ്യയന-സൂത്ര] നാ. ജൈനമതപ്രകാരമുള്ള ഒരു കല്പസൂത്രം.
ഉത്തരാപഥം [സം. ഉത്തരാ-പഥ] നാ. 1. വടക്കുവശം, വടക്കുവശത്തുള്ള വഴി; 2. ഭാരതഖണ്ഡത്തിൽ വിന്ധ്യനു വടക്കുള്ള ഭാഗം. താരത. ദക്ഷിണാപഥം.
ഉത്തരാപഥിക [സം. -പഥികാ] 'ഉത്തരപഥത്തിൽ ഉണ്ടാകുന്നത്' നാ. വലിയ മുന്തിരി.
ഉത്തരാപര [സം.-അപരാ] നാ. വടക്കു-മേക്ക്.
ഉത്തരാഭദ്ര [സം. ഉത്തരാ-ഭദ്രാ] നാ. ഉത്തൃട്ടാതി നക്ഷത്രം.
ഉത്തരാഭാസം [സം. ഉത്തര-ആഭാസ] നാ. നേരല്ലാത്ത ഉത്തരം, അപര്യാപ്തമായ സമാധാനം.
ഉത്തരായണപ്പക്ഷി [സം. ഉത്തരായണ-പക്ഷിൻ] നാ. ചക്രവാകപ്പക്ഷി.
ഉത്തരായണം [സം. ഉത്തര-അയന] നാ. സൂര്യൻ ഉത്തരദിക്കിലേക്കു സഞ്ചരിക്കുന്നതായി കാണപ്പെടുന്ന കാലം. മകരസംക്രമം മുതൽ കർക്കടക സങ്ക്രമം വരെയുള്ള കാലം. ദിവസത്തിൽ സൂര്യൻെറ അയനത്തെക്കുറിക്കുന്ന സങ്കൽപരേഖ, കർക്കടകവൃത്തം ൻ ദക്ഷിണായനം.
ഉത്തരായത [സം. -ആയതാ] നാ. (സങ്ഗീ.) ഏഴുവിധം മൂർച്ഛനകളിൽ ഒന്ന്.
ഉത്തരായന [സം. -അയന] നാ. = ഉത്തരായണം.
ഉത്തരാർഥം [സം. -അർഥ] അവ്യ. പിന്നിലുള്ളതിനുവേണ്ടി, അടുത്തതിനുവേണ്ടി.
ഉത്തരാർധം [സം. -അർധ] നാ. 1. രണ്ടാമത്തെ പകുതി; 2. ശരീരത്തിൻെറ മുകൾഭാഗം; 3. വടക്കേപകുതി; 4. ശ്ലോകത്തിൻെറ മൂന്നും നാലും പാദങ്ങൾ ൻ പൂർവാർധം.
ഉത്തരാരണി [സം. -അരണി] നാ. യാഗാഗ്നിയുണ്ടാക്കാൻ ഉപയോഗിക്കുന്ന രണ്ടു മരക്കഷണങ്ങളിൽ മുകളിലത്തെ മരക്കഷണം, പ്രമന്ഥം.
ഉത്തരാശ [സം. -ആശാ] നാ. വടക്കേ ദിക്ക്.
ഉത്തരാശാപതി [സം. ഉത്തരാശാ-പതി] നാ. ഉത്തരദിക്കിൻെറ അധിപനായ കുബേരൻ.
ഉത്തരാഷാഢ [സം. ഉത്തര-ആഷാഢാ] നാ. ഉത്രാടം.
ഉത്തരാസങ്ഗം [സം. -ആസങ്ഗ] നാ. 1. ഉത്തരീയം, രണ്ടാം മുണ്ട്, മേൽമുണ്ട്; 2. വടക്കുദിക്കുമായിട്ടുള്ള സമ്പർക്കം.

ഉത്തരിക്കുക [<സം. ഉദ്-തൃ] ക്രി. 1. ഉത്തരവാദം നിർവഹിക്കുക; 2. മറുപടി പറയുക, ഉത്തരം പറയുക; 3. വീട്ടുക, കൊടുത്തു തീർക്കുക; 4. തരണം ചെയ്യുക, കടക്കുക, ഒരു കരയിൽനിന്നു മറുകരയെത്തുക; 5. (ആല.) വൈഷമ്യമോ പ്രയാസമോ കടന്നുകൂടുക.
ഉത്തരീയ [സം. < ഉത്തര] വി. 1. വടക്കുള്ള; 2. മുകളിലുള്ള.
ഉത്തരീയം [സം.] നാ. 1. മേൽമുണ്ട്, രണ്ടാംമുണ്ട്, മേൽപ്പുടവ; 2. കഥകളി വേഷങ്ങൾ കഴുത്തിൽ ചാർത്തുന്ന ഒരു ചമയം.; 3. കന്യാമറിയത്തോടുള്ള ഭക്തിമൂലം കഴുത്തിൽ ധരിക്കുന്നത്, വെന്തീങ്ങ, വെന്തീഞ്ഞ.
ഉത്തരീയസഭ [സം. ഉത്തരീയ-സഭാ] നാ. കർമേലസഭ, കർമലീത്തസഭ.
ഉത്തരേതര [സം. ഉത്തരാ-ഇതരാ] 'ഉത്തരദിക്കല്ലാത്തത്, ഉത്തരദിക്കിനെതിരേയുള്ളത്' നാ. തെക്കേദിക്ക്.
ഉത്തരേദ്യു: [സം. ഉത്തരേ-ദ്യു: < ദ്യുസ്] അവ്യ. പിറ്റെദിവസം, നാളെ.
ഉത്തരേശൻ [സം. ഉത്തരാ-ഈശ] നാ. 1. ഉത്തരദിക്കിൻെറ നാഥൻ, കുബേരൻ; 2. അഭിമന്യു, ഉത്തരയുടെ ഭർത്താവ്.
ഉത്തരോക്ത [സം. ഉത്തര-ഉക്ത] വി. പിന്നീടുപറയപ്പെട്ട.
ഉത്തരോത്തരം [സ. -ഉത്തര] അവ്യ. ഒന്നിനുമേൽ ഒന്നായി, മേൽക്കുമേൽ, കൂടുതൽകൂടുതൽ, അധികമധികം. നാ. ഉത്തരത്തിന് ഉത്തരം.
ഉത്തരോഷ്ഠം, ഉത്തരൗഷ്ഠം [സം. ഉത്തര-ഓഷ്ഠ] നാ. 1. മേൽച്ചുണ്ട്; 2. തൂണിൻെറ മേൽഭാഗം.
ഉത്തലിത [സം. ഉദ്-തലിത] വി. മേൽപ്പോട്ടെറിയപ്പെട്ട.
ഉത്താണിക്കാൽ [ഉത്താണി-കാല്] നാ. ഇരുമ്പുകൊണ്ടുള്ള ഒരുതരം അടുപ്പ്. ഹോമദ്രവ്യം പാകം ചെയ്യുന്നതിന് ഉപയോഗിക്കുന്നു.
ഉത്താന [സം. ഉദ്-താന < തന്] വി. 1. മലർന്നുകിടക്കുന്ന; 2. നീണ്ടുനിവർന്നു കിടക്കുന്ന, പരന്നു കിടക്കുന്ന; 3. വിസ്താരമില്ലാത്ത; 4. തുറന്നുവച്ച, മലർത്തിവെച്ച; 5. തുറന്ന, തുറന്ന മനസ്സോടുകൂടിയ; 6. ആഴമില്ലാത്ത.
ഉത്താനകം [സം. ഉത്താനക] നാ. 1. സ്ത്രീ മലർന്നു കിടന്നു കൊണ്ടുള്ള ഒരു രതിബന്ധം; 2. ഒരിനം മുത്തങ്ങ.
ഉത്താനകൂർമകം [സം. ഉത്താന-കൂർമക] നാ. ഒരു യോഗാസനം.
ഉത്താനബുദ്ധി [സം. -ബുദ്ധി] നാ. മന്ദബുദ്ധി, ഉപരിപ്ലവബുദ്ധി.
ഉത്താനം [സം. ഉത്താന] നാ. 1. ആഴമില്ലാത്ത പ്രദേശം; 2. ഉയർച്ചയുള്ള സ്ഥലം; 3. ഉദാസീനത; 4. മലർന്നുകിടപ്പ്; 5. വാതശോണിതത്തിൻെറ വകഭേദം.
ഉത്താനമണ്ഡൂകാസനം [സം. -മണ്ഡൂക-ആസന] നാ. ഒരു യോഗാസനം.
ഉത്തീര്യ [സം. ഉദ്-തീര്യ] അവ്യ. ഉത്തരണം ചെയ്തിട്ട്, കടന്നിട്ട്.
ഉത്തുങ്ഗ [സം. തുങ്ഗ] വി. ഉന്നതമായ, ഉയർന്ന, ഉച്ചമായ, ശ്രേഷ്ഠമായ.
ഉത്തുണ്ഡിതം [സം. -തുണ്ഡിത] നാ. ശരീരത്തിൽ തറച്ച മുള്ളിൻെറയോ അമ്പിൻെറയോ മുന.
ഉത്തുണ്ണി നാ. കുരികിൽ വള്ളി.
ഉത്തുഷം [സം. -തുഷ] നാ. ഉമികളയാത്ത ധാന്യം.
ഉത്തൃട്ടാതി, ഉത്തിരു-, ഉതൃ- [സം. ഉത്തരാ-ഭദ്രപദീ] നാ. ഉതൃട്ടാതി, ഒരു നക്ഷത്രം.

ഉത്തേജക [സം. ഉദ്-തേജക < തിജ്] വി. 1. പ്രേരിപ്പിക്കുന്ന, ഉത്സാഹിക്കുന്ന, പ്രചോദകമായ; 2. ഉദ്ദീപിപ്പിക്കുന്ന, വേഗങ്ങളെ തീവ്രമാക്കുന്ന, ഉണർത്തുന്ന; 3. ശക്തി വർധിപ്പിക്കുന്ന.

ഉത്തേജന(ം) [സം. -തേജനാ, -ന] നാ. 1. പ്രേരിപ്പിക്കൽ, പ്രോത്സാഹിപ്പിക്കൽ; 2. ജ്വലിപ്പിക്കൽ, ഉണർത്തൽ; 3. മൂർച്ചകൂട്ടൽ (ആയുധങ്ങൾക്കും മറ്റും); 4. കാര്യസിദ്ധിക്കുവേണ്ടി മറ്റൊരുത്തനെ ചൊടിപ്പിക്കുമാറു കടുത്തവാക്കുകൾ ഉച്ചരിക്കൽ, ഒരുതരം നാട്യാലങ്കാരം, ശ്രോതാക്കളെ ഇളക്കിമറിക്കുന്ന പ്രഭാഷണം.

ഉത്തേജനക [സം. -തേജനക] വി. ഉത്തേജനത്തെ ചെയ്യുന്ന, ഉത്സാഹിപ്പിക്കുന്ന, പ്രചോദകമായ.

ഉത്തേജനിക [സം. -തേജനികാ] നാ. ചെറിയ ഇലകളുള്ള ഒരുതരം തുളസി.

ഉത്തേജിത [സം. -തേജിത] വി. 1. ഉത്തേജനം ചെയ്യപ്പെട്ട, ഉണർത്തപ്പെട്ട, ചൊടിപ്പിക്കപ്പെട്ട, ആവേശം കൊള്ളിച്ച, വീര്യവത്താക്കിയ; 2. പ്രോത്സാഹിപ്പിക്കപ്പെട്ട.

ഉത്തേജിതം [സം.] നാ. 1. പ്രേരണ; 2. കുതിരയുടെ വിവിധഗതികളിലൊന്ന്, മധ്യവേഗത്തിലുള്ള ഗതി, ഉത്തേരിതം.

ഉത്തേജിപ്പിക്കുക [<സം. ഉദ്-തിജ്] ക്രി. 1. പ്രേരിപ്പിക്കുക, പ്രോത്സാഹിപ്പിക്കുക; 2. മൂർച്ച കൂട്ടുക (ആലങ്കാരികമായും); 3. ജ്വലിപ്പിക്കുക, ഉണർത്തുക, ഉദ്ദീപിപ്പിക്കുക.

ഉത്തേരിതം [സം.] നാ. = ഉത്തേജിതം.

ഉത്തോരണ [സം. ഉദ്-തോരണ] വി. ഉന്നതമായ തോരണത്തോടുകൂടിയ, വളച്ചു വാതിലുകളാൽ അലങ്കരിക്കപ്പെട്ട.

ഉത്തോലകം [സം. -തോലക] നാ. ഒരു സ്ഥിരബിന്ദു കേന്ദ്രമാക്കി ചലിക്കത്തക്കവണ്ണം ഘടിപ്പിച്ചിട്ടുള്ള ദണ്ഡ്.

ഉത്തോലനം [സം. -തോലന <തുല്] നാ. ഉയർത്തൽ, ഭാരം തൂക്കിനോക്കൽ, തൂക്കം.

ഉത്രത്രയം [മ. ഉത്ര-സം.ത്രയ] നാ. ഉത്രം, ഉത്രാടം, ഉത്രട്ടാതി, ഇവ മൂന്നും.

ഉത്ത്രാസം [സം. ഉദ്-ത്രാസ < ത്രസ്] നാ. കഠിനമായ ഭയം, പേടി.

ഉത്ഥ [സം. <ഉദ്-സ്ഥാ] (സമാസാന്തത്തിൽ) വി. 1. ഉത്ഥാനം ചെയ്ത, ഉയർന്ന, ജനിച്ച, ഉണ്ടായ; 2. എഴുന്ന, പുറപ്പെട്ട.

ഉത്ഥലം [സം. ഉത്ഥല] നാ. വേങ്ങ.

ഉത്ഥാതാ(വ്) [സം. ഉദ്-സ്ഥാതൃ] നാ. ഉത്ഥാനം ചെയ്യുന്നവൻ, എഴുന്നേൽക്കുന്നവൻ, ഉയരുന്നവൻ. (സ്ത്രീ) ഉത്ഥാത്രി.

ഉത്ഥാനം [സം. -സ്ഥാന] നാ. 1. എഴുന്നേൽപ്പ്, ഉണർന്നെണീക്കൽ; 2. ഉത്സാഹപൂർവകമായ ഉദ്യമം, പുരുഷപ്രയത്നം; 3. ഉദയം, ഉയർച്ച; 4. ഉയർത്തെഴുന്നേൽപ്പ്; 5. പ്രത്യക്ഷപ്പെടൽ; 6. സേന; 7. യുദ്ധസന്നദ്ധത; 8. ഉദ്യോഗം, കുടുംബകാര്യമോ രാജ്യകാര്യമോ; 9. അതിര്; 10 മുറ്റം; 11. മലവിസർജനം; 12 സന്തോഷം; 13. യാഗവേദി; 14. രോഗനിദാനം.

ഉത്ഥാനബർഹിസ്സ് [സം.] നാ. = ഉത്താനബർഹിസ്സ്.

ഉത്ഥാനവീരൻ [സം. ഉത്ഥാന-വീര] നാ. പ്രയത്നശീലൻ, കർമോത്സുകൻ.

ഉത്ഥാനൈകാദശി [സം. -ഏകാദശീ] നാ. കാർത്തികമാസത്തിൽ വെളുത്തപക്ഷത്തിലെ ഏകാദശി, പ്രബോധിനി.

ഉത്ഥാപക [സം. ഉദ്-സ്ഥാപക] വി. 1. ഉത്ഥാപനം ചെയ്യുന്ന, ഉയർത്തുന്ന, പൊക്കുന്ന; 2. ഉണർത്തുന്ന, ഉദ്ദീപിപ്പിക്കുന്ന.

ഉത്ഥാപകം [സം. -സ്ഥാപക] നാ. ഉത്ഥാപനം ചെയ്യുന്നത്, ഉത്തേജിപ്പിക്കുന്നത്, ശത്രുവിനെ ചൊടിപ്പിക്കുന്ന വാക്ക്. സാത്ത്വതീ വൃത്തിയുടെ ഒരങ്ഗം.
ഉത്ഥാപനം [സം. -സ്ഥാപന] നാ. 1. എഴുന്നേൽപ്പിക്കൽ; 2. ഉയർത്തൽ, അഭിവൃദ്ധിപ്പെടുത്തൽ; 3. ഉണർത്തൽ; 4. പൂർത്തിയാക്കൽ; 5. ഛർദി; 6. പ്രസവം; 7. വീട്ടിനെ വേർവിടാൻ ഇടയാക്കൽ; 8. (ഗണിത.) ഇഷ്ടസങ്ഖ്യ കാണൽ; 9. ലിങ്ഗോദ്ധാരണത്തോടുകൂടി ചെയ്യുന്ന പുനഃപ്രതിഷ്ഠ. (ശിവലിങ്ഗപ്രതിഷ്ഠയിൽ).
ഉത്ഥാപിത [സം. -സ്ഥാപിത] വി. എഴുന്നേൽപ്പിക്കപ്പെട്ട, ഉയർത്തപ്പെട്ട, ഉണർത്തപ്പെട്ട.
ഉത്ഥാപ്യ1 [സം. -സ്ഥാപ്യ] വി. ഉത്ഥാപനം ചെയ്യത്തക്ക, ഉത്ഥ്യാപ്യാകാംക്ഷ = നിലച്ചുപോയ ആകാംക്ഷ കുത്തിപ്പൊക്കിക്കൊണ്ടുവരൽ. വാക്യദോഷങ്ങളിൽ ഒന്ന്. പൂർണ ക്രിയയ്ക്കുശേഷം ആ വാക്യത്തിൽതന്നെ അന്വയിക്കേണ്ട പദങ്ങളെ പിന്നിൽ ചേർക്കുന്നത്.
ഉത്ഥാപ്യ2 [സം.] അവ്യ. ഉത്ഥാപനം ചെയ്തിട്ട്, എഴുന്നേൽപ്പിച്ചിട്ട്, ഉയർത്തിയിട്ട്.
ഉത്ഥായ [സം. < ഉദ്-സ്ഥാ] അവ്യ. ഉത്ഥാനം ചെയ്തിട്ട്, എഴുന്നേറ്റിട്ട്.
ഉത്ഥായി [സം. ഉത്ഥായിൻ < ഉദ്-സ്ഥായിൻ] നാ. എഴുന്നേൽക്കുന്നവൻ, ഉയരുന്നവൻ.
ഉത്ഥിത [സം. ഉദ്-സ്ഥിത] വി. 1. ഉത്ഥാനം ചെയ്ത, എഴുന്നേറ്റ; 2. ഉയർന്ന, പൊന്തിവന്ന; 3. പുറപ്പെട്ട; 4. ജനിച്ച; 5. വർധിച്ച; 6. ഉത്സാഹത്തോടുകൂടിയ; 7. ജ്വലിച്ച.
ഉത്ഥിതി [സം. -സ്ഥിതി] നാ. ഉയർച്ച, ഉയർന്നനില.
ഉത്പക്ഷ [സം. -പക്ഷ] വി. ചിറക് ഉയർത്തിയ.
ഉത്പചിഷ്ണു [സം. -പചിഷ്ണു] വി. പാകംവരാറായ, മൂപ്പെത്താറായ, വേകാറായ.
ഉത്പഞ്ജര [സം. -പഞ്ജര] വി. കൂട്ടിൽനിന്നു പുറത്തുവന്ന, കൂട്ടിലിടാത്ത.
309
ഉത്പടം [സം. -പട] നാ. 'തൊലിപൊട്ടിപ്പുറപ്പെടുന്നത്', മരക്കറ.
ഉത്പതനം, ഉൽ- [സം. പതന] നാ. 1. മേൽപ്പോട്ടുള്ള ചാട്ടം; 2. ജനനം; 3. പറക്കൽ; 4. കയറ്റം; 5. ഏറ്, എറിയൽ; 6. ഒരു ഘനവസ്തു ദ്രാവകമാകാതെതന്നെ വാതകമായിത്തീരൽ, കർപ്പൂരം പോലെ.
ഉത്പതം, ഉൽ- [സം. -പത] 'ഉത്പതിക്കുന്നത്, മുകളിലേക്കു കുതിക്കുന്നത്' നാ. പക്ഷി.
ഉത്പതിക്കുക, ഉൽ- [സം. -പത്] ക്രി. 1. മേൽപ്പോട്ടു പൊങ്ങുക, കുതിക്കുക, പറന്നുപൊങ്ങുക; 2. ആവിർഭവിക്കുക, പൊങ്ങിവരിക; 3. ചാടിവീഴുക.
ഉത്പതിതാവ്, ഉൽ- [സം. -പതിതൃ] നാ. മേൽപ്പോട്ടു പൊങ്ങുന്നവൻ, ഉയരുന്നവൻ, (സ്ത്രീ) ഉത്പതിത്രി.
ഉത്പതിഷ്ണു, ഉൽ- [സം. -പതിഷ്ണു] നാ. 1. മുകളിലേക്കു പോകാനാഗ്രഹിക്കുന്നവൻ, പുരോഗമനേച്ഛു, പുരോഗമനവാദി ൻ യാഥാസ്ഥിതികൻ.
ഉത്പത്തി, ഉൽ- [സം. -പത്തി < ഉദ്-പദ്] നാ. 1. ജനനം, ഉദ്ഭവം, ആരംഭം, മൂലകാരണം, സൃഷ്ടി; 2. നിലം, വയൽ; 3. ബൈബിളിലെ ഒരു ഗ്രന്ഥം, സൃഷ്ടി, ഉത്പത്തികർമം = ഷോഡശസംസ്കാരങ്ങളിൽ ഉപനയനവും വിവാഹവും.
ഉത്പത്തിപുസ്തകം = ബൈബിളിൽ ലോകോത്പത്തിയെപ്പറ്റി പറയുന്ന ഭാഗം.
ഉത്പഥം, ഉൽ- [സം. -പഥ] നാ. തെറ്റായവഴി, ദുർമാർഗം.
ഉത്പഥികൻ, ഉൽ- [സം. -പഥിക] നാ. നഗരത്തിൽനിന്നു വെളിയിലേക്കു പോകുന്നവൻ.

ഉത്പദിക്കുക, ഉൽ– [സം. –പദ് < പദ്] ക്രി. ജനിക്കുക, ഉണ്ടാകുക, (പ്രയോ.) ഉത്പാദിപ്പിക്കുക.
ഉത്പന്ന, ഉൽ– [സം. –പന്ന < പദ്] വി. ഉത്പദിച്ച, ഉണ്ടായ, ജനിച്ച.
ഉത്പന്നഭക്ഷി, ഉൽ– [സം. ഉത്പന്ന–ഭക്ഷിൻ] നാ. അപ്പോഴപ്പോൾ ഉണ്ടാകുന്നതുകൊണ്ടു കഴിച്ചുകൂട്ടുന്നവൻ.
ഉത്പന്നം,ഉൽ– [സം. –പന്ന] 'ഉയർന്നുവന്നത്, ഉണ്ടായത്' നാ. വിളവ്, വിഭവം.
ഉത്പന്നമതി, ഉൽ– [സം. ഉത്പന്ന–മതി] നാ. ബുദ്ധിയുള്ളവൻ.
ഉത്പല [സം. –പല] 'ഉദ് = വേർപെട്ട, പല = മാംസം'. വി. മാംസളമല്ലാത്ത, ശോഷിച്ച, നേർത്ത.
ഉത്പലഗന്ധികം, ഉൽ– [സം. ഉത്പല–ഗന്ധിക] നാ. ഒരുതരം ചന്ദനം, പിച്ചളയുടെ നിറവും നല്ല വാസനയും ഉള്ളത്.
ഉത്പലദൃക്ക് [സം. ഉല്പല–ദൃക്, ദൃശ്] വി. കരിങ്കൂവളപ്പൂപോലെ മനോഹരമായ കണ്ണുകൾ ഉള്ള, സൗന്ദര്യമുള്ള.
ഉത്പലപത്രകം [സം. ഉത്പല–പത്രക] നാ. വീതിയുള്ള അലകോടുകൂടിയ കത്തി, ശസ്ത്രക്രീയയ്ക്കുള്ളത്.
ഉത്പലഭേദം [സം. –ഭേദ] നാ. കർപ്പൂരവള്ളി, പടുകൂർക്ക.
ഉത്പലം, ഉൽ– [സം. ഉദ്–പല] 'വെള്ളത്തിൽനിന്നു പൊന്തിവരുന്നത്' നാ. 1. ചെങ്ങഴിനീർപ്പൂവ്; 2. നൈതൽപുഷ്പം; 3. താമര; 4. ഒരുതരം മീൻ; 5. ഒരുവലിയസങ്ഖ്യ.
ഉത്പലമകൾ, ഉൽ– [സം. ഉത്പല–മ. മകൾ] നാ. ലക്ഷ്മി.
ഉത്പലമാലിക, ഉൽ– [സം. –മാലികാ] 'ഉത്പലംകൊണ്ടു കെട്ടിയ മാല' നാ. ഒരു വൃത്തം.
ഉത്പലരിപു, ഉൽ– [സം. –രിപു] നാ. ചന്ദ്രൻ.
ഉത്പലവർണം, ഉൽ– [സം. –വർണ] 'കരിങ്കൂവളപ്പൂവിൻെറ നിറമുള്ളത്.' നാ. ഒരിനം വൈഡൂര്യം, രക്തോത്പലത്തിൻെറ നിറമുള്ളത്.
ഉത്പലശാരിബ, ഉൽ– [സം. –ശാരിബാ] നാ. 1. നറുനീണ്ടി (കറുത്തത്); 2. പാവൽവള്ളി, പാൽമുതക്ക്.
ഉത്പലസംഭവൻ, ഉൽ– [സം. –സംഭവ] നാ. ബ്രഹ്മാവ്.
ഉത്പലാക്ഷ, ഉൽ– [സം. –അക്ഷ] വി. കരിങ്കൂവളപ്പൂപോലെ മനോഹരമായ കണ്ണുകൾ ഉള്ള.
ഉത്പലാക്ഷൻ, ഉൽ– [സം. –അക്ഷ] നാ. വിഷ്ണു.
ഉത്പലാക്ഷി, ഉൽ– [സം. –അക്ഷീ] നാ. കരിങ്കൂവളപ്പൂപോലെ മനോഹരമായ കണ്ണോടുകൂടിയവൾ, സുന്ദരി.
ഉത്പലാദ്യം, ഉൽ– [സം. –ആദ്യ] നാ. 1. ചെങ്ങഴിനീർക്കിഴങ്ങ്; 2. ആമ്പൽക്കിഴങ്ങ്; 3. നൈതൽക്കിഴങ്ങ്.
ഉത്പലാസ്ത്രൻ, ഉൽ– [സം. –അസ്ത്ര] നാ. കാമൻ, കാമൻെറ അഞ്ചുബാണങ്ങളിൽ ഒന്ന്.
ഉത്പലി, ഉൽ– [സം. ഉത്പലിൻ] വി. ധാരാളം ഉത്പലമുള്ള.
ഉത്പലിനി, ഉൽ– [സം. ഉത്പലിനീ] നാ. താമരപ്പൊയ്ക.
ഉത്പവനം [സം. ഉദ്–പവന < പൂ] നാ. 1. ശോധനം, ശുദ്ധിയാക്കൽ; 2. ശോധനയന്ത്രം; 3. പുണ്യാഹകർമം; 4. ഹോമകുണ്ഡത്തിൽ നെയ്‌വീഴ്ത്തൽ.
ഉത്പവിതാവ് [സം. ഉദ്–പവിതൃ] നാ. ശുദ്ധികർമം നടത്തുന്നവൻ, ശോധകൻ.

ഉത്പാട(ക)ം, ഉത്പാതക [സം. -പാടക] നാ. ചെവിപ്പുറത്തുള്ള ഒരു രോഗം.
ഉത്പാടകൻ [സം. -പാടക] നാ. ഉത്പാടനം ചെയ്യുന്നവൻ, വേരോടെ പറിച്ചുകളയുന്നവൻ.
ഉത്പാടനം [സം. -പാടന] നാ. 1. വേരോടെ പറിക്കൽ; 2. പിളർപ്പ്; 3. പൊളിച്ചുകളയൽ, ചീന്തിക്കളയൽ.
ഉത്പാടിക [സം. -പാടികാ] നാ. മരത്തിൻെറ പുറന്തൊലി.
ഉത്പാടിത [സം. -പാടിത] വി. ഉത്പാടനം ചെയ്യപ്പെട്ട, പിഴുതെടുത്ത, ഉന്മൂലനം ചെയ്ത.
ഉത്പാടിമം [സം. -പാടിമ] നാ. തൂണുകൾ പിളർക്കാനുള്ള ഒരുതരം യന്ത്രം.
ഉത്പാട്യ [സം.] അവ്യ. ഉത്പാടനം ചെയ്തിട്ട്.
ഉത്പാതക [സം. ഉദ്-പാതക] വി. 1. ആപത്സൂചകമായ; 2. മേൽപോട്ടു പറക്കുന്ന.
ഉത്പാതകൻ [സം.] നാ. പ്രക്ഷോഭകാരി.
ഉത്പാതകം [സം.] നാ. ഉത്പാതം, ദുർനിമിത്തം.
ഉത്പാതപവനൻ [സം. ഉത്പാത-പവന] നാ. ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്.
ഉത്പാതം1 [സം. ഉദ്-പാത] 'അപ്രതീക്ഷിതമായി പെട്ടെന്നു സംഭവിക്കുന്നത്' നാ. 1. ചാട്ടം, കുതിച്ചുചാട്ടം, കുതി, കുതിപ്പ്; 2. പ്രക്ഷോഭം; 3. ദുർനിമിത്തം, ആപത്സൂചകമായ അസാധാരണ സംഭവം; 4. പൊതുവായി ഉണ്ടാകുന്ന ആപത്ത്, ഭൂകമ്പം മുതലായവ, മഹാവിപത്ത്. ഉത്പാതഗ്രഹം = ആപത്തിനെ സൂചിപ്പിക്കുന്ന ഗ്രഹം; ഉത്പാതവാതം = ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്; ഉത്പാതശാസ്ത്രം = ധൂമകേതു മുതലായവയെപ്പറ്റി വിവരിക്കുന്ന ശാസ്ത്രം.
ഉത്പാതം2 [സം.] നാ. = ഉത്പാടം.
ഉത്പാദ, ഉൽ- [സം. ഉദ്-പാദ] വി. പാദം ഉയർത്തിയ.
ഉത്പാദക, ഉൽ- [സ. -പാദക] വി. ഉത്പാദിപ്പിക്കുന്ന, ഉണ്ടാക്കുന്ന.
ഉത്പാദകൻ, ഉൽ- [സം. -പാദക] നാ. 1. ഉത്പാദിപ്പിക്കുന്നവൻ, നിർമാതാവ്; 2. പിതാവ്, ജനിപ്പിക്കുന്നവൻ (സ്ത്രീ) ഉത്പാദിക.
ഉത്പാദനം, ഉൽ- [സം. -പാദനം < പദ്] നാ. ഉത്പാദിപ്പിക്കൽ, നിർമാണം. ജനിപ്പിക്കൽ. ഉത്പാദനേന്ദ്രിയം =ജനനേന്ദ്രിയം.
ഉത്പാദം, ഉൽ- [സം. -പാദ] നാ. 1. ജനനം; 2. നിർമിതി; 3. ആവിർഭാവം, പൊന്തിവരൽ.
ഉത്പാദയിതാവ്, ഉൽ- [സം. ഉത്പാദയിതൃ] നാ. ഉത്പാദകൻ. (സ്ത്രീ) ഉത്പാദയിത്രി.
ഉത്പാദശയം, ഉത്പാദശയ(ന)ം [സം. ഉത്പാദ-ശയ, -ശയന < ശീ] 'കാൽ മേൽപ്പോട്ടാക്കിക്കൊണ്ടു കിടക്കുന്നത്' നാ. 1. ചെറിയകുട്ടി, ശിശു; 2. ഒരുതരം കാടപ്പക്ഷി.
ഉത്പാദി1, ഉൽ- [സം. -പാദീ] നാ. ആരോഗ്യം, സമ്പത്ത്.
ഉത്പാദി2, ഉൽ- [സം. ഉദ്-പാദിൻ] നാ. ഉത്പാദിപ്പിക്കുന്നവൻ, ജനിപ്പിക്കുന്നവൻ, ഉണ്ടാക്കുന്നവൻ. (സ്ത്രീ) ഉത്പാദിനി.
ഉത്പാദിക, ഉൽ- [സം. -പാദികാ] നാ. 1. ഉത്പാദിപ്പിക്കുന്നവൾ, അമ്മ; 2. ചിതൽ; 3. ചീര, വാസ്തുച്ചീര.
ഉത്പാദിക്കുക, ഉൽ- [<സം. ഉദ്-പദ്] ക്രി. ജനിപ്പിക്കുക, ഉണ്ടാക്കുക.
ഉത്പാദിത, ഉൽ- [സം. -പാദിത] വി. ഉണ്ടാക്കപ്പെട്ട, ജനിപ്പിക്കപ്പെട്ട
ഉത്പാദിപ്പിക്കുക, ഉൽ- [<സം. ഉത്-പാദ് (പ്രയോ.)] ക്രി. ജനിപ്പിക്കുക, ഉണ്ടാക്കുക.

ഉത്പാദ്യ, ഉൽ– [സം. –പാദ്യ] വി. ഉത്പാദിപ്പിക്കാവുന്ന, ഉണ്ടാക്കപ്പെടുന്ന.
ഉത്പാദ്യം, ഉൽ– [സം. –പാദ്യ] നാ. കവികല്പിതമായ കഥാവസ്തു, പ്രഖ്യാതം, മിശ്രം എന്നു മറ്റുരണ്ടു ഭേദങ്ങൾ.
ഉത്പിഞ്ജര, –ല [സം. –പിഞ്ജര, –ല] വി. 1. കൂട്ടിലടയ്ക്കാത്ത; 2. ക്രമം തെറ്റിയ; 3. എറ്റവും വിഷമിച്ച.
ഉത്പിത്സു [സം. –പിത്സു] വി. ഉത്പതിക്കാൻ ഇച്ഛിക്കുന്ന, ഉയരാൻ ആഗ്രഹിക്കുന്ന, ഉയർന്നു വരുന്ന
ഉത്പിഷ്ട [സം. –പിഷ്ട < പിഷ്] വി. ഉത്പേഷണം ചെയ്യപ്പെട്ട, പൊടിച്ച, പൊട്ടിച്ച, മർദിച്ച.
ഉത്പിഷ്ടം [സം. ഉത്പിഷ്ട] നാ. ഒരുതരം അസ്ഥിഭങ്ഗം, സന്ധിഭങ്ഗം ആറുപ്രകാരമുള്ളതിൽ ഒന്ന്.
ഉത്പീഡനം, ഉൽ– [സം. ഉദ്–പീഡന < പീഡ്] നാ, 1. ഉരസൽ, ഞെക്കൽ; 2. കഷ്ടപ്പെടുത്തൽ, ഉപദ്രവിക്കൽ.
ഉത്പുച്ഛ, ഉൽ– [സം. –പുച്ഛ] വി. വാൽ ഉയർത്തിയ.
ഉത്പുടകം, ഉൽ– [സം. –പുടക] നാ. പുറംചെവിയിലുണ്ടാകുന്ന രോഗം.
ഉത്പുളക, ഉൽ– [സം. –പുലക] വി. 1. രോമാഞ്ചമുണ്ടായ; 2. സന്തുഷ്ടിയാർന്ന.
ഉത്പുളകം, ഉൽ– [സം. –പുലക] നാ. രോമാഞ്ചം.
ഉത്പ്രജ്ഞൻ [സം. –പ്രജ്ഞ] നാ. ഉയർന്ന ബുദ്ധിയുള്ളവൻ, മേധാശാലി.
ഉത്പ്രസവം [സം–പ്രസവ] നാ. ഗർഭം അലസൽ.
ഉത്പ്രാസ(ന)ം [സം. –പ്രാസ(ന) <പ്ര–അസ്] നാ. 1. വീശിയെറിയൽ; 2. പരിഹാസം; 3. ഫലിതം; 4. പൊട്ടിച്ചിരി; ഒരു നാട്യാലങ്കാരം.
ഉത്പ്രേക്ഷ, ഉൽ– [സം. –പ്രേക്ഷ] 'കടന്നുനോട്ടം' നാ. 1. ഊഹം; 2. ഉദ്ഭാവന; 3. ഒരു അർഥാലങ്കാരം.
ഉത്പ്രേക്ഷണം, ഉൽ– [സം. –പ്രേക്ഷണ] നാ. 1. മേലോട്ടുനോക്കൽ; 2. ഊഹം, ഭാവനചെയ്യൽ; 3. താരതമ്യപ്പെടുത്തൽ.
ഉത്പ്രേക്ഷാവാചകം, ഉൽ– [സം. ഉത്പ്രേക്ഷാ–വാചക] നാ. 'ഇവ' (സംസ്കൃതം) 'പോലെ' (മലയാളം) എന്നിങ്ങനെ ഉത്പ്രേക്ഷയെ കുറിക്കുന്ന പദം. (ഇവ, പോലെ ഇത്യാദി).
ഉത്പ്രേക്ഷിക്കുക, ഉൽ– [സം. ഉദ്–പ്രേക്ഷ്] 'മുകളിലേക്കു നോക്കുക, ഉയർന്നപീഠത്തിലിരിക്കുന്ന ഗുരുവിനെ താഴെ ഇരിക്കുന്ന ശിഷ്യൻ എന്ന പോലെ, ഗാഢമായിനോക്കുക' ക്രി. ഉത്പ്രേക്ഷചെയ്യുക, ഭാവനചെയ്യുക.
ഉത്പ്രേക്ഷിതം, ഉൽ– [സം. –പ്രേക്ഷിത] 'ഉത്പ്രേക്ഷിക്കപ്പെട്ടത്' നാ. കവികല്പിതമായ ഇതിവൃത്തം, ഉത്പാദ്യം.
ഉത്പ്രേക്ഷ്യ, ഉൽ– [സം. –പ്രേക്ഷ്യ] വി. ഉത്പ്രേക്ഷിക്കത്തക്ക, വിഭാവനം ചെയ്യത്തക്ക, സങ്കല്പിക്കേണ്ട, ഊഹിക്കത്തക്ക.
ഉത്പ്ലവ [സം.–പ്ലവ] 'പൊങ്ങിക്കിടക്കുന്നത്' നാ. വള്ളം, ബോട്ട്.
ഉത്പ്ലവ(ന)ം [സം. –പ്ലവാ, –പ്ലവന] നാ. 1. കുതിപ്പ്, ചാട്ടം, ഉയർന്നുപൊങ്ങൽ; 2. പൊങ്ങിക്കിടക്കൽ; 3. കുശപ്പുല്ലുകൊണ്ടു നീക്കംചെയ്യൽ.
ഉത്പ്ലവിക്കുക [<സം. ഉദ്–പ്ലു] ക്രി. 1. നേർക്കു നീന്തുക, വെള്ളത്തിൽ പൊന്തിവരിക, വെള്ളത്തിൽ പൊന്തിക്കിടക്കുക; 2. ഉയർന്നു പൊങ്ങുക, കുതിക്കുക, ചാടുക.
ഉത്പ്ലുത [സം. –പ്ലുത] വി. 1. മുകളിലേക്കു ചാടിയ; 2. കുതിച്ചുചാടിയ.

ഉത്പ്ലുത്യ [സം. -പ്ലുത്യ] അവ്യ. മുകളിലേക്കു ചാടിയിട്ട്.
ഉത്ഫുല്ല [സം. -ഫുല്ല] വി. 1. വിടർന്ന, വികസിച്ച (പൂവുപോലെ); 2. നല്ലതുപോലെ തുറന്ന; 3. വീർത്ത, വർധിച്ച, വലുതായിത്തീർന്ന.
ഉത്ഫുല്ലകം [സം. -ഫുല്ല-ക] നാ. ഒരു സുരതഭേദം, ഉത്ഫുല്ലം
ഉത്ഫുല്ലം [സം. -ഫുല്ല] നാ. 1. പുഷ്പങ്ങൾ വികസിച്ചു നിൽക്കുന്ന മരം; 2. ഒരു സുരതഭേദം; 3. സ്ത്രീയുടെ യോനി.
ഉത്രം, ഉത്തരം, ഉത്തിരം [സം. ഉത്തര-ഫാല്ഗുനീ] നാ. പന്ത്രണ്ടാമത്തെ നക്ഷത്രം.
ഉത്രാടകം [സം. ഉത്-ത്രാടക] നാ. ഹഠയോഗവിധിപ്രകാരം ശരീരശോധനയ്ക്ക് അനുഷ്ഠിക്കുന്ന ഷട്കർമങ്ങളിൽ ഒന്ന്.
ഉത്രാടം, ഉത്തരാടം, ഉത്തിരാടം [സം. ഉത്തര-ആഷാഢാ] നാ. ഇരുപത്തൊന്നാമത്തെ നക്ഷത്രം.
ഉത്സങ്ഗ, ഉൽ- [സം. ഉദ്-സങ്ഗ < സഞ്ജ്] 'സങ്ഗം വെടിഞ്ഞ്' വി. വിരക്തമായ.
ഉത്സങ്ഗൻ, ഉൽവ- [സം. -സങ്ഗ] നാ. ഉത്ക്രാന്തമായ സങ്ഗത്തോടുകൂടിയവൻ, സന്ന്യാസി.
ഉത്സങ്ഗപിടകം, ഉൽ- [സം. ഉത്സങ്ഗ-പിടക] നാ. കൺപോളയിലുണ്ടാകുന്ന ഒരുതരം കുരു.
ഉത്സങ്ഗം, ഉൽ- [സം. ഉദ്-സങ്ഗ] നാ. 1. മടി, തുടകളുടെ മുകൾഭാഗം; 2. ആലിങ്ഗനം, സംയോഗം; 3. ചെരിവ്; 4. മുകൾഭാഗം; 5. കൊടുമുടി; 6. കൺപോളയിലുണ്ടാകുന്ന ഒരുതരം കുരു; 7. അകം; 8. വ്രണത്തിൻെറ ഉൾഭാഗം; 9. ഒരു ഹസ്തമുദ്ര, സ്വസ്തികരൂപത്തിൽ അരാളഹസ്തങ്ങളെ ചുമലിൽ കൊണ്ടുപോയി നിറുത്തുന്നത്; 10. വിശേഷസന്ദർഭങ്ങളിൽ പ്രജകൾ രാജാവിനു നല്കുന്ന കഴ്ചവസ്തു.
311
ഉത്സങ്ഗിത, ഉൽ- [സം. -സങ്ഗിത] വി. 1. ഉത്സങ്ഗത്തിൽവച്ച; 2. ചേർന്ന, ഒത്തുകൂടിയ.
ഉത്സഞ്ജനം [സം. -സഞ്ജന < സഞ്ജ്] നാ. എടുത്തുപൊക്കൽ.
ഉത്സത്ത്വൻ [സം. -സത്ത്വ] നാ. ശ്രേഷ്ഠൻ.
ഉത്സന്ധി [സം. -സന്ധി] നാ. (തച്ചു.) തൂണും അതു താങ്ങുന്ന തടിയുമായി ചേരുന്ന ഏപ്പ്.
ഉത്സന്ന [സം. -സന്ന < സദ്] വി. 1. ഉത്സാദനം ചെയ്യപ്പെട്ട, നശിച്ച; 2. ഉപേക്ഷിച്ച; 3. ശപിക്കപ്പെട്ട; 4. ഉപയോഗിക്കാതെയായ; 5. തീർന്ന; 6. ഉയർന്ന, വർധിച്ച ൻ അവസന്ന.
ഉത്സം [സം.] നാ. 1. അരുവി, കുന്നിൽനിന്ന് ഉറവ് (ജലം) പുറപ്പെടുന്ന സ്ഥലം, ഊറ്റ്; 2. ഈർപ്പമുള്ള സ്ഥലം.
ഉത്സമ്മർദം [സം. -സമ്മർദ] നാ. മുകളിലേയ്ക്കുള്ള സമ്മർദം.
ഉത്സർഗം [സം. -സർഗ < സൃജ്] 'ഉത്സർജിക്കൽ, പുറത്തേക്കു കളയൽ, പുറത്തേക്കു തള്ളൽ' നാ. 1. ഉപേക്ഷിക്കൽ, ത്യജിക്കൽ, വിടുതൽ, വിട്ടുകളയൽ; 2. ദാനം കൊടുക്കൽ; 3. ചെലവഴിക്കൽ; 4. വർഷിക്കൽ; 5. വേദാധ്യയനം അവസാനിക്കുന്നതിനോടനുബന്ധിച്ചുള്ള ഒരു ചടങ്ങ്, ഉത്സർജനം; 6. സാമാന്യനിയമം; 7. കയറഴിച്ചുവിടൽ; 8. മലവിസർജനം.

ഉത്സർജനം [സം. -സർജന] നാ. 1. ദാനം (ധനാദികളെ കയ്യിൽനിന്നും വിടുക); 2. ത്യാഗം, ഉപേക്ഷിക്കൽ; 3. അയപ്പ്, അയയ്ക്കൽ; 4. വേദാധ്യയനം അവസാനിക്കുന്നതിനോടനുബന്ധിച്ച് പുഷ്യമാസത്തിൽ ചെയ്യുന്ന ഒരു കർമം.
ഉത്സർജിക്കുക [സം. -സർജ്] ക്രി. 1. പുറത്തേയ്ക്കു കളയുക, വെളിയിലേക്കു വിടുക; 2. ഉപേക്ഷിക്കുക, ത്യജിക്കുക, ദൂരെക്കളയുക; 3. അയവുചെയ്യുക, അയച്ചുവിടുക; 4. തൊടുത്തുവിടുക (അമ്പും മറ്റും) ; 5. ഒരാളെ ഒരിടത്തേക്കു പറഞ്ഞയയ്ക്കുക, നിയോഗിക്കുക.
ഉത്സർപ്പ(ണ)ം [സം. -സർപ(ണ)] നാ. 1. കയറ്റം, മേൽപ്പോട്ട് ഇഴഞ്ഞുകയറൽ; 2. (നെഞ്ച്) പൊങ്ങുകയും താഴുകയും ചെയ്യൽ; 3. വീക്കം.
ഉത്സർപ്പി [സം. -സർപ്പിൻ] വി. ഉയരുന്ന, മേൽപ്പോട്ടുകയറുന്ന, (സ്ത്രീ) ഉത്സർപ്പിണി.
ഉത്സർപ്പിക്കുക [സം.-സൃപ്] 'മേൽപ്പോട്ട് ഇഴഞ്ഞുകയറുക' ക്രി. ഉയരുക, പൊങ്ങുക.
ഉത്സർപ്പിണി [സം. -സർപിണീ] 'ഉത്സർപ്പണം ചെയ്യുന്നത്' നാ. ജൈനമതപ്രകാരമുള്ള ഒരു കാലയളവ്.
ഉത്സവബലി [സം. ഉത്സവ-ബലി] നാ. ഉത്സവകാലത്ത് ദ്വാരപാലന്മാർ മുതൽ എല്ലാ ഉപദേവന്മാരെയും അവരവരുടെ മന്ത്രംകൊണ്ട് വന്ദിച്ചുചെയ്യുന്ന ബലി.
ഉത്സവബിംബം [സം. -ബിംബ] നാ. ക്ഷേത്രങ്ങളിൽ ഉത്സവത്തിനെഴുന്നള്ളിക്കുന്ന ബിംബം.
ഉത്സവം [സം. ഉദ്-സവ < സു] നാ. 1. (ആണ്ടുതോറും ക്ഷേത്രങ്ങളിലും മറ്റും നടത്തിവരുന്ന) ആഘോഷം; 2. (ആല) സന്തോഷാവസരം; 3. ആഹ്ലാദം, സന്തോഷം.
ഉത്സവമഠം [സം. ഉത്സവ-മഠ] നാ. ഉത്സവത്തിനാവശ്യമുള്ള സാധനങ്ങൾ വാങ്ങി ശേഖരിച്ചുവയ്ക്കുന്ന പുര.
ഉത്സവവിഗ്രഹം [സം. -വിഗ്രഹ] നാ. ഉത്സവബിംബം.
ഉത്സാദക [സം. ഉദ്-സാദക] വി. ഉത്സാദനം ചെയ്യുന്ന, നശിപ്പിക്കുന്ന.
ഉത്സാദനം [സം. -സാദന] 'ദൂരെ മാറ്റൽ' നാ. 1. നശിപ്പിക്കൽ; 2. ചവിട്ടിയുഴിച്ചിൽ, തിരുമ്മൽ; 3. ശരീരത്തിലെ അഴുക്കുകളയൽ; 4. വ്രണത്തിൽ പൊടി വിതറൽ, മാംസവർധനം ചെയ്യാനുള്ള ഒരു പ്രയോഗം; 5. സുഗന്ധം പൂശൽ; 6. ഉയർത്തൽ; 7. കയറ്റം.
ഉത്സാദം [സം. -സാദ] നാ. നശിക്കൽ, ഇല്ലാതാക്കൽ, നാശം.
ഉത്സാദിത [സം. -സാദിത] വി. 1. ഉത്സാദനം ചെയ്യപ്പെട്ട, നശിപ്പിക്കപ്പെട്ട; 2. ചവിട്ടി ഉഴിയപ്പെട്ട, തിരുമ്മപ്പെട്ട.
ഉത്സാരകൻ [സം. -സാരക] നാ. 1. ആളുകളെ മാറ്റി മറ്റുള്ളവർക്കു വഴിതെളിക്കുന്നവൻ; 2. കാവൽക്കാരൻ, ദ്വാരപാലകൻ.
ഉത്സാരണം [സം. -സാരണ < സൃ] നാ. 1. അകറ്റിനിറുത്തൽ, ദൂരെയാക്കൽ, വേർപെടുത്തൽ; 2. ദ്വാരപാലനം; 3. സ്വീകരണം.
ഉത്സാരിത [സം. -സാരിത] വി. ആട്ടിപ്പായിക്കപ്പെട്ട, ഓടിക്കപ്പെട്ട, അകറ്റപ്പെട്ട.
ഉത്സാര്യ [സം.] അവ്യ. ദൂരെയാക്കിയിട്ട്, ഒതുക്കി മാറ്റിയിട്ട്.
ഉത്സാഹക [സം. ഉത്സാഹ-ക] വി. ഉത്സാഹമുള്ള, പരിശ്രമിക്കുന്ന.
ഉത്സാഹജം [സം. -ജ] 'ഉത്സാഹത്തിൽ നിന്ന് ഉണ്ടാകുന്നത്' നാ. ഉത്സാഹശക്തി.
ഉത്സാഹനം [സം.] നാ. 1. ഉത്സാഹിപ്പിക്കൽ; 2. പ്രയത്നം.

ഉത്സാഹം [സം. ഉദ്-സാഹ] നാ. 1. ഉദ്യമം, പ്രയത്നം; 2. ചൊടി; 3. കാര്യനിർവഹണത്തിൽ സ്ഥായിയായി നിൽക്കുന്ന അഭിനിവേശം; 4. സ്ഥിര നിശ്ചയം; 5. ഉറപ്പ്, ദാർഢ്യം, ശക്തി; 6. വീരരസത്തിൻെറ സ്ഥായിഭാവം.
ഉത്സാഹവത്ത് [സം. ഉത്സാഹ-വത്] വി. ഉത്സാഹമുള്ള, പ്രയത്നശീലമുള്ള, ശക്തിയുള്ള.
ഉത്സാഹശക്തി [സം. -ശക്തി] നാ. രാജാവിന് ഉണ്ടായിരിക്കേണ്ട ശക്തിത്രയങ്ങളിൽ ഒന്ന്, വിക്രമബലം (ഉത്സാഹശക്തി, മന്ത്രശക്തി, പ്രഭുശക്തി എന്നിവയാണ് ശക്തിത്രയം).
ഉത്സാഹി [സം. ഉത്സാഹിൻ] നാ. ഉത്സാഹമുള്ളവൻ, താത്പര്യമുള്ളവൻ, കൗതുകമുള്ളവൻ, പ്രയത്നശാലി.
ഉത്സാഹിക്കുക [< സം. ഉദ്-സഹ്] ക്രി. ഉദ്യോഗിക്കുക, ഉദ്യമിക്കുക, മനസ്സുവച്ചു ശ്രമിക്കുക, ഉന്മേഷപൂർവം യത്നിക്കുക.
ഉത്സിക്ത [സം. ഉദ്-സിക്ത < സിച്] 'ഉത്സേചനം ചെയ്യപ്പെട്ട, വഴിഞ്ഞൊഴുകുന്ന' വി. 1. തളിക്കപ്പെട്ട, നനച്ച; 2. വീർത്ത; 3. ഉത്സേകമുള്ള, അഹങ്കാരമുള്ള.
ഉത്സുക [സം.] വി. 1. ഉത്കണ്ഠയോടെ പ്രതീക്ഷിക്കുന്ന, വ്യാകുലതയോടെ ആഗ്രഹിക്കുന്ന, ശ്രദ്ധയോടുകൂടിയ, ഇഷ്ടകാര്യ ലാഭത്തിന് ഉത്സാഹിക്കുന്ന; 2. താത്പര്യമുള്ള, സ്നേഹമുള്ള, വാത്സല്യമുള്ള.
ഉത്സുകത [സം. ഉത്സുക-താ] നാ. 1. അസ്വാസ്ഥ്യം, വ്യാകുലത, ഉത്കണ്ഠ, ദു:ഖം; 2. അത്യധികമായ അഭിലാഷം, ഇഷ്ടം; 3. ആസക്തി, സ്നേഹം.
ഉത്സുകം [സം.] നാ. 1. ആഗ്രഹം; 2. അഭിരുചി; 3. ഉത്കണ്ഠ, ദു:ഖം.
ഉത്സൂത്ര [സം. ഉദ്-സൂത്ര] വി. ചരടറ്റ, കെട്ടഴിഞ്ഞ, കുത്തഴിഞ്ഞ; 2. ക്രമം വിട്ട; 3. സൂത്രത്തിനു (വ്യാകരണവിധിക്കു) വിരുദ്ധമായ, നിയമത്തിൽ ഉൾപ്പെടാത്ത.
ഉത്സുരം [സം. -സുര] നാ. സൂര്യൻ അസ്തമിക്കുന്ന സമയം, വൈകുന്നേരം.
ഉത്സൃഷ്ട [സം. സൃഷ്ട < സൃജ്] വി. 1. ഉത്സർജിക്കപ്പെട്ട, ഉപേക്ഷിക്കപ്പെട്ട, തള്ളപ്പെട്ട, വെടിഞ്ഞ, കളഞ്ഞ; 2. വിട്ട, എറിയപ്പെട്ട; 3. ദാനംചെയ്യപ്പെട്ട.
ഉത്സൃഷ്ടികാങ്കം [സം. ഉത്സൃഷ്ടികാ-അങ്ക] നാ. ദശരൂപകങ്ങളിൽ ഒന്ന്, അങ്കം എന്നതിൻെറ നാമാന്തരം.
ഉത്സേകം [സം. ഉദ്-സേക] നാ. 1. മദം, അഹങ്കാരം; 2. തിളപ്പ്; 3. കവിയൽ, ആധിക്യം.
ഉത്സേചകൻ [സം. -സേചക] നാ. വെള്ളം തേവുന്നവൻ. (തോണിയിൽനിന്നു) വെള്ളം കോരിക്കളയുന്നവൻ.
ഉത്സേധം [സം. -സേധ < സിധ്] 'മുകളിലേക്കു തള്ളിപ്പൊക്കുക, ഉയർത്തുക' നാ. 1. ഉയരം, പൊക്കം; 2. ശരീരം; 3. കൊഴുത്തിരിക്കുന്ന അവസ്ഥ, തടിപ്പ്, വണ്ണം; 4. വധം.
ഉത്സ്മയം [സം. -സ്മയ] നാ. പുഞ്ചിരി.
ഉത്സ്യ [സം.] വി. ഉത്സത്തിൽ നിന്നുണ്ടായ.
ഉത്സ്രുത [സം. ഉദ്-സ്രുത] 'കവിഞ്ഞ് ഒഴുകിയ' വി. പൊഴിഞ്ഞ.
ഉത്സ്വനം [സം. സ്വന] നാ. ഉച്ചത്തിലുള്ള ശബ്ദം.
ഉദകകർമം [സം. ഉദക-കർമൻ] നാ. ഉദകക്രിയ.
ഉദകകുംഭം [സം. -കുംഭ] നാ. ജലകുംഭം, വെള്ളം കോരിവയ്ക്കുന്ന പാത്രം.

ഉദകകുംഭശ്രാദ്ധം [സം.] നാ. പിതൃക്കൾക്കുവേണ്ടി മാസംതോറും മരിച്ചുപോയ തിഥിക്കു തലേദിവസം ജലപാത്ര ദാനത്തോടുകൂടി ചെയ്യുന്ന ശ്രാദ്ധം.
ഉദകക്രിയ [സം. -ക്രിയാ] നാ. മരിച്ച ആളുടെ സദ്ഗതിക്കായി ജലംകൊണ്ടുചെയ്യുന്ന തർപ്പണം, പിതൃതർപ്പണം.
ഉദകചന്ദ്രം [സം.-ചന്ദ്ര] നാ. ജാലവിദ്യ.
ഉദകദാനം [സം. -ദാന] നാ. 1. ഉദകക്രിയ, പിതൃക്കൾക്കു ചെയ്യുന്ന ജലതർപ്പണം; 2. ഉദകപൂർവകമായ ദാനം. നീർവീഴ്ത്തി ദാനം ചെയ്യൽ, (പൂർണമായ ദാനം നീരും പൂവും ചേർത്തുവേണമെന്ന് ആചാരം); 3. തണ്ണീർപ്പന്തലിൽവച്ച് വഴിയാത്രക്കാർക്കു വെള്ളം കൊടുക്കൽ.
ഉദകധര [സം. -ധരാ] നാ. അവഭാസനി, ശരീരത്തിലെ തൊലിയുടെ ഏറ്റവും പുറമേയുള്ള പാളി, പൊള്ളിയാലും മറ്റും വെള്ളം നിറഞ്ഞ് കുമിള ഉണ്ടാകുന്നതിനാൽ ഈ പേര്.
ഉദകധരം [സം. -ധര] നാ. മേഘം.
ഉദകനാളിക [സം. -നാളികാ] നാ. വെള്ളം നിറയ്ക്കുന്ന കുഴൽ, കുറ്റംചെയ്ത ആളിൻെറ മൂക്കിൽ വെള്ളം അടിച്ചുകയറ്റാനുള്ള കുഴൽ.
ഉദകനിധി [സം. -നിധി] നാ. ജലനിധി, സമുദ്രം.
ഉദകന്ദം [സം. -ദ] നാ. 'ഉദകത്തെ ദാനം ചെയ്യുന്നത്' 1. മേഘം; 2. മുത്തങ്ങ.
ഉദകപദം [സം. -പദ] നാ. ജലത്തിൻെറ ഇരിപ്പിടം, സമുദ്രം.
ഉദകപിണ്ഡം [സം. -പിണ്ഡ] നാ. ശേഷക്രിയ.
ഉദകപൂർവ(ക)ം [സം. -പൂർവക] അവ്യ. മുൻപേ വെള്ളം ഒഴിച്ചിട്ട് (ദാനത്തിലെന്നപോലെ), നീരോടേ, ബ്രാഹ്മണരുടെ വിവാഹത്തിലെ ഒരു ചടങ്ങ്. (കന്യാദാനം ചെയ്യുമ്പോൾ വധുവിൻെറ പിതാവ് വരൻെറ കയ്യിൽ നീരൊഴിക്കുന്നത്).
ഉദകപ്പോള [സം. ഉദക-മ. പോള] നാ. നീർക്കുമിള, നീർപ്പോള.
ഉദകഭാഗം [സം. -ഭാഗ] നാ. നീർവാരം, വെള്ളക്കരം, നീർക്കൂറ്.
ഉദകം [സം.] നാ. 1. ജലം (നനവിനെ ഉണ്ടാക്കുന്നതിനാൽ); 2. ഇരുവേലി. (പ്ര.) ഉദകം ചെയ്യുക. 1. ജലം വീഴ്ത്തി ദാനം ചെയ്യുക; 2. ഉദയക്രിയചെയ്യുക.
ഉദകമന്ഥം [സം. ഉദക-മന്ഥ] നാ. വെള്ളവും ഭക്ഷണസാധനവും കൂടിയുള്ള മിശ്രിതം.
ഉദകമാർഗം [സം. -മാർഗ] നാ. വെള്ളമൊഴുകിപ്പോകുന്നതിനുള്ള വഴി, ഓട, ഓവ്.
ഉദകമേഹം [സം.-മേഹ] നാ. നീരൊഴിവുരോഗം, കഫംനിമിത്തം ഉണ്ടാകുന്ന പ്രമേഹം.
ഉദകവർണം [സം.-വർണ] നാ. ജലംപോലെ സ്വച്ഛവർണമുള്ള വൈഢൂര്യം.
ഉദകവാദ്യം [സം. -വാദ്യ] നാ. ചെറിയ പാത്രങ്ങളിൽ ജലം നിറച്ച് അവയിൽ മാറിമാറിത്തട്ടി ശബ്ദം പുറപ്പെടുവിക്കുന്ന കല, അറുപത്തിനാലു കലകളിൽ ഒന്ന്, ജലതരങ്ഗം.
ഉദകവിച്ഛേദം [സം. -വിച്ഛേദ] നാ. (ഭ്രഷ്ടരായവർക്ക്) ഉദകക്രിയയ്ക്ക് അവകാശമില്ലാതാക്കൽ, മരിച്ചാൽ ഉദകക്രിയയ്ക്കുള്ള അവകാശം നിഷേധിക്കൽ.
ഉദകശാന്തി [സം.-ശാന്തി] നാ. രോഗശാന്തിക്കുവേണ്ടി മന്ത്രം ജപിച്ചു ജല്ലം തളിക്കൽ.
ഉദകഹതൻ [സം. -ഹത] നാ. വെള്ളത്തിൽമുക്കി കൊല്ലപ്പെട്ടവൻ.

ഉദകാഘാതം [സം. -ആഘാത] നാ. വെള്ളം തെറ്റൽ (ജലക്രീഡാസമയത്ത് കൈകൾകൊണ്ടും മറ്റും വെള്ളം തട്ടിത്തെറിപ്പിച്ച് അന്യനെ പ്രഹരിക്കൽ), അറുപത്തിനാലു കലകളിൽ ഒന്ന്.

ഉദകാഞ്ജലി [സം. -അഞ്ജലി] നാ. 1. അഞ്ജലി നിറയെ വെള്ളം; 2. ഉദകക്രിയ.

ഉദകാധാരം [സം. -ആധാര] നാ. 1. ജലാധാരം, ജലാശയം, നീർത്തൊട്ടി; 2. കിണറ്.

ഉദകാർഗളം [സം. -അർഗള] 'ഉദകത്തിൻെറ അർഗളം, ജലത്തിൻെറ തടസ്സം' നാ. നിർദിഷ്ടമായ സ്ഥലത്തു കുഴിച്ചാൽ ജലത്തിനു തടവുണ്ടോ എന്നു നിർണയിക്കൽ, ഭൂമിയിൽ ഇന്നദിക്കിൽ ഇത്ര അടി താഴ്ചയിൽ കുഴിച്ചാൽ വെള്ളം കണ്ടെത്താം എന്നു നിർണയിക്കുന്ന വിദ്യ.

ഉദകീര്യ [സം. ഉദകീര്യാ] നാ. ഒരുതരം കരഞ്ജവൃക്ഷം.

ഉദകീര്യം [സം.] നാ. 1. ആവിമരം; 2. ഉങ്ങ്; 3. വലിയ ഉങ്ങ്, മരോട്ടി, (മരവെട്ടി).

ഉദകേചര [സം. ഉദകേ-ചര] നാ. ജലചരം.

ഉദകോദഞ്ജനം [സം. ഉദക-ഉദഞ്ജന] നാ. ജലം ഒഴിക്കുന്ന ഭരണി.

ഉദകോദരം [സം.-ഉദര] നാ. ഒരു ഉദരരോഗം, മഹോദരം, ഉദരത്തിൽ ജലം ഊറിനിറയുക.

ഉദക്- [സം.] 'ഉദച് എന്നതിനു സമാസത്തിൽ വരുന്ന രൂപം' വി. വടക്കേ, വടക്കോട്ടുള്ള. (സന്ധിയിൽ ഉദഗ്, ഉദങ് എന്നും മാറ്റം. ഉദാ: ഉദഗ്ഭവം, ഉദങ്മുഖം.).

ഉദക്ത [സം. ഉദ്-അക്ത < അഞ്ജ്] വി. മേൽപ്പോട്ടു പൊക്കിയ.

313

ഉദക്യ [സം. ഉദക്യാ] നാ. 'കുളിക്കേണ്ടവൾ', തീണ്ടായിരിക്കുന്നവൾ.

ഉദഗയനം [സം. ഉദഗ്-അയന] നാ. ഉത്തരായണം.

ഉദഗ്ഭവ [സം. -ഭവ] വി. വടക്കേദിക്കിൽ ഉണ്ടായ.

ഉദഗ്ര [സം. ഉദ്-അഗ്ര] വി. 1. അഗ്രം കൂർത്തുനിൽക്കുന്ന, മുകളിലോട്ടു തള്ളിനിൽക്കുന്ന; 2. ഉയർന്ന, ഉത്കൃഷ്ടമായ; 3. ഭയങ്കരമായ, കൊടിയ; 4. വർധിച്ച, വലുതായിത്തീർന്ന; 5. കനത്ത, അസഹ്യമായ; 6. മുനകൂർത്ത, മൂർച്ചയുള്ള; 7. മുന്നിൽനിൽക്കുന്ന; 8. പ്രായംചെന്ന.

ഉദഗ്രൻ [സം.] വി. ഭയങ്കരൻ.

ഉദങ്കം [സം. ഉദ്-അങ്ക] നാ. എണ്ണമുതലായവ സൂക്ഷിക്കാൻ തുകൽകൊണ്ടുണ്ടാക്കിയ പാത്രം.

ഉദങ്മുഖ [സം. ഉദക്-മുഖ] വി. 1. വടക്കോട്ടുനോക്കിയ, 2. മുകളിലേക്കു തിരിഞ്ഞ

ഉദജം1 [സം. ഉദ്-അജ] നാ. 1. യുദ്ധത്തിനു സേനയെ നയിക്കൽ; 2. (ആടുകളെ) മുന്നോട്ടു തെളിക്കൽ.

ഉദജം2 [സം. ഉദ-ജ] നാ. ജലത്തിൽ ഭവിച്ചത്, താമര.

ഉദഞ്ചനം [സം. ഉസ്-അഞ്ചന < അഞ്ച്] നാ. 1. അടപ്പ്, മൂടി; 2. വെള്ളം കോരാനുള്ള പാത്രം; 3. വെള്ളം നിറച്ചു വയ്ക്കുന്ന പാതം.

ഉദഞ്ചിക്കുക [<സം. ഉദ്-അഞ്ച്] ക്രി. ഉയർത്തുക, വർധിപ്പിക്കുക.

ഉദഞ്ചിത [സം. -അഞ്ചിത] വി. 1. മേൽപ്പോട്ടിടപ്പെട്ട; 2. ഉയർത്തപ്പെട്ട; 3. വർധിച്ച; 4. പറയപ്പെട്ട, ഉച്ചരിക്കപ്പെട്ട, മുഴക്കപ്പെട്ട.

ഉദഞ്ചു [സം. -അഞ്ചു] വി. മേൽപ്പോട്ടു തിരിഞ്ഞ, മുകളിലേക്കുപോകുന്ന.
ഉദഞ്ജരം [സം.] നാ. വലിയ ജലപാത്രം.
ഉദഞ്ജലി [സം. ഉദ്-അഞ്ജലി] നാ. (ഭിക്ഷ വാങ്ങുവാനായി) ഉയർത്തിയ കൈകളുമായി നിൽക്കുന്നവൻ, യാചകൻ.
ഉദണ്ഡപാലം [സം. -അണ്ഡപാല] നാ. 1. ഒരുവക മീൻ; 2. ഒരിനം പാമ്പ്.
ഉദധി [സം. ഉദ-ധി] നാ. 1. ജലത്തിന് ഇരിപ്പിടം, കടൽ; 2. മേഘം; 3. കായൽ; 4. ജലപാത്രം.
ഉദധികന്യ [സം. ഉദധി-കന്യാ] 'ഉദധിയുടെ കന്യ' നാ. മഹാലക്ഷ്മി.
ഉദധികുമാരന്മാർ [സം. -കുമാരാ:] (ബ.വ.) ജൈനന്മാരുടെ ഭവനവാസിദേവതകളിൽ ഒരു വിഭാഗം.
ഉദധിഭാരം [സം. -ഭാര] നാ. മേഘം.
ഉദധിമന്ഥം [സം.മന്ഥ] നാ. ബാർലിവെള്ളം.
ഉദധിമലം [സം. -മല] കടൽ നാക്ക്.
ഉദധിമേഖല [സം.-മേഖലാ] നാ. സമുദ്രമാകുന്ന അരഞ്ഞാണോടുകൂടിയത്, ഭൂമി.
ഉദധിരാട്ട്, -രാജാവ് [സം. ഉദധി-രാട് < രാജ്, -രാജൻ] നാ. വരുണൻ.
ഉദധിവജ്രം, ഉദക- [സം. -വജ്ര] നാ. വജ്രത്തോടു (ഇടിയോടു) കൂടിയ മഴ.
ഉദധിവാഹം [സം. -വാഹ] നാ. മേഘം.
ഉദധിസൂത [സം. -സുതാ] നാ. മഹാലക്ഷ്മി.
ഉദധിസുതൻ [സം. -സുത] 'സമുദ്രപുത്രൻ, പാലാഴിമഥനത്തിൽ ജനിച്ചവൻ' നാ. ചന്ദ്രൻ.
ഉദധിഹരണം [സം. -ഹരണ <ഹൃ] നാ. വെള്ളം കോരാനുപയോഗിക്കുന്ന പാത്രം.
ഉദൻ നാ. കഴുത്തിൽ തൊണ്ടക്കുഴിക്കു നടുവിൽ കണ്ഠമുഴയ്ക്കു താഴെയുള്ള ഒരു മർമം.
ഉദന്ത(ക)ം [സം. ഉദ്-അന്ത(ക)] നാ. 1. വൃത്താന്തം, വർത്തമാനം; 2. കഥ.
ഉദന്തിക [സം. -അന്തികാ] നാ. തൃപ്തി, അലംഭാവം.
ഉദന്യ1 [സം.] 1. ദാഹമുള്ള; 2. വെള്ളമുള്ള.
ഉദന്യ2 [സം. ഉദന്യാ] നാ. 1. ദാഹം (ഉദകത്തിലുള്ള ആഗ്രഹം); 2. 'ഉദകത്തെ നയിക്കുന്നത്' തേജസ്സ്.
ഉദന്യു [സം.] വി. 1. ദാഹമുള്ള, ജലമന്വേഷിക്കുന്ന; 2. ജലത്തിൽ നടക്കുന്ന; 3. നീരൊഴുക്കുന്ന, ജലസേചനം ചെയ്യുന്ന.
ഉദന്വത് [സം. ഉദൻ-വത്] വി. ഉദകപൂർണമായ, വെള്ളമുള്ള, വെള്ളം ഓളംവെട്ടുന്ന.
ഉദന്വാൻ [സം. ഉദന്വത്] നാ. ജലം സമൃദ്ധമായുള്ളത്, സമുദ്രം.
ഉദപാനം [സം.ഉദ-പാന] നാ. 1. കിണറ്, ചെളിക്കുണ്ട്; 2. തൊട്ടി.
ഉദം [സം.] നാ. വെള്ളം (സമാസത്തിൻെറ ആദിയിലോ അന്തത്തിലോ). ഉദാ: ഉദകുംഭം.
ഉദയകാലം [സം. ഉദയ-കാല] നാ. പ്രഭാതം, ഉഷസ്സ്.
ഉദയഗിരി [സം. -ഗിരി] നാ. ഒരു സാങ്കല്പികപർവതം. (ഇതിൻെറ പിന്നിൽനിന്നാണ് സൂര്യൻ ഉദിക്കുന്നത് എന്നു കവിസങ്കേതം).
ഉദയഗിരിക്കോട്ട [സം. ഉദയഗിരി-മ.-കോട്ട] നാ. കൽക്കുളത്തിനടുത്ത് തിരുവിതാംകൂർ രാജാക്കന്മാർ കെട്ടിച്ച ഒരു കോട്ട.
ഉദയൻ, ഉതിയൻ [സം. ഉദയ] നാ. ഒരു ചേരരാജാവ്, ഉതിയൻചേരൽ ആതൻ.

ഉദയനൻ [സം.] നാ. 1. ഭാസനാടകത്തിലൂടെ പ്രഖ്യാതനായ രാജാവ്, സ്വപ്നവാസവദത്തത്തിലെ നായകൻ; 2. ബൃഹത്കഥയിലെ നായകൻ.
ഉദയനം [സം. ഉദ്-അയന] നാ. ഉയരൽ, ഉദയം, സൂര്യോദയം.
ഉദയനീയ [സം. ഉദയനീയാ] നാ. (സോമയാഗത്തിൻെറ അവസാനത്തിൽ ചെയ്യുന്ന) യാഗം.
ഉദയപർവതം [സം. ഉദയ-പർവത] നാ. ഉദയഗിരി.
ഉദയപുരം [സം. ഉദയ-പുര] നാ. 1. ഉത്തരഭാരതത്തിലെ ഒരു നഗരത്തിൻെറ പേര്; 2. മഹോദയപുരം, കൊടുങ്ങല്ലൂർ
ഉദയം [സം. ഉദ്-അയ] 'മേലോട്ടു പോക്ക്, ഉയരൽ' നാ. 1. പൊന്തിവരൽ, ആകാശത്തിൽ പ്രത്യക്ഷപ്പെടൽ; 2. ഉത്പത്തി, ജനനം, ആവിർഭാവം, ആരംഭം, ഉയർച്ച, ആരോഹണം; 3. (ജ്യോ.) ഉദയരാശി, പ്രശ്നസമയത്ത് ഉദിക്കുന്ന രാശി; 4. അഭിവൃത്തി, സൗഭാഗ്യം, ക്ഷേമം; 5. ഉദയകാലം, ഉഷസ്സ്; 6. പ്രതിഫലം; 7. ലാഭം, ആദായം; 8. കിഴക്കുദിക്കിലുള്ള ഒരു പർവതം, (സൂര്യൻ ഇതിൻെറ പിന്നിൽനിന്ന് ഉദിക്കുന്നതായി കവിസങ്കൽപം); 9. നേട്ടം; 10. പലിശ.
ഉദയരാഗം [സം. ഉദയ-രാഗ] നാ. 1. (സങ്ഗീ.) സൂര്യോദയകാലത്ത് ആലപിക്കേണ്ട രാഗങ്ങളിൽ ഏതെങ്കിലും ഒന്ന്; 2. ഉദയസമയത്തെ ചെമപ്പ്, ഉഷഃപ്രഭ.
ഉദയരാശി [സം. -രാശി] നാ. (ജ്യോ.) പ്രശ്നസമയത്ത് ഉദിക്കുന്ന (ലഗ്ന) രാശി.
ഉദയസന്ധ്യ [സം. - സന്ധ്യാ] നാ. സൂര്യോദയസമയമായ സന്ധ്യ, നക്ഷത്രങ്ങൾ മറഞ്ഞുതുടങ്ങുന്ന സമയം മുതൽ സൂര്യൻ പകുതി ഉദിക്കുന്നതുവരെയുള്ള സമയം, പ്രാതസ്സന്ധ്യ.
ഉദയസൂര്യൻ [സം. -സൂര്യ] നാ. ഉദിച്ചുവരുന്ന സൂര്യൻ. ഉദയസൂര്യമണ്ഡലം = ഉദയസൂര്യൻെറ നാട്, ജപ്പാൻ. (സംസ്കൃതീകരിച്ച രൂപം).
ഉദയാചലം, -ദ്രി [സം. ഉദയ-അചല, -അദ്രി] നാ. ഉദയഗിരി, ഉദയപർവതം.
ഉദയാസ്തമനം, -മയം [സം. -അസ്തമന, -അസ്തമയ] നാ. 1. ഉദയവും അസ്തമയവും; 2. ക്ഷേത്രങ്ങളിലെ ഉദയാസ്തമയപൂജ എന്ന വഴിപാട്.
ഉദർക്കം [സം. ഉദ്-അർക < അർച്] നാ. 1. വരും ഭലം, ഭാവികർമഫലം; 2. അവസാനം; 3. ഭാവികാലം, ഉയർച്ച.
ഉദർച്ചിസ്സ് [സം. -അർചിസ്] ' മേൽപോട്ടുകത്തിക്കാളുന്നത്' നാ. 1. അഗ്നി; 2. കാമൻ; 3. ശിവൻ.
ഉദർദം [സം. -അർദ < അർദ്] നാ. പടരുന്ന ഒരു ത്വഗ്രോഗം, വിസർപ്പം.
ഉദർധം [സം. -അർധ] നാ. പകരുന്ന ഒരുതരം വിഷപ്പനി.
ഉദരക [സം.] വി. ഉദരത്തിലുള്ള, ഉദരത്തെ സംബന്ധിച്ച.
ഉദരഗാമി [സം. ഉദര-ഗാമിൻ] നാ. ഉദരംകൊണ്ടു ഗമിക്കുന്നത്, ഇഴജന്തു.
ഉദരഗ്രന്ഥി [സം. -ഗ്രന്ഥി] നാ. പ്ലീഹയിലുണ്ടാകുന്ന ഒരു രോഗം.
ഉദരത്രാണം [സം. -ത്രാണ] നാ. ബെൽറ്റ്, പട്ട.
ഉദരഥി [സം.] നാ. 1. സമുദ്രം; 2. സൂര്യൻ.
ഉദരദാസൻ [സം. ഉദര-ദാസ] നാ. ആഹാരത്തിനുവേണ്ടി ദാസ്യം സ്വീകരിച്ചവൻ.
ഉദരപാത്ത് [സം. -പാത്] നാ. = ഉദരഗാമി.
ഉദരപിശാചൻ [സം. -പിശാച] നാ. വളരെ ഭക്ഷിക്കുന്നവൻ, ശാപ്പാട്ടുരാമൻ.
ഉദരപൂജ [സം. -പൂജാ] നാ. ഭക്ഷണം.
ഉദരപൂർത്തി [സം. -പൂർതി] നാ. = ഉദരപൂരണം.

ഉദരപൂരണം [സം. -പൂരണ] നാ. വയറുനിറയ്ക്കൽ, ആഹാരം കഴിക്കൽ.
ഉദരപോഷണം [സം. -പോഷണ] നാ. വയറുനിറപ്പ്, ആഹാരം കഴിപ്പ്.
ഉദരഭരണം [സം. -ഭരണ] നാ. വയറുനിറയ്ക്കൽ, ഉദരപോഷണം.
ഉദരം [സം.] നാ. വയറ്, ഭക്ഷിക്കുന്ന പദാർഥങ്ങൾ ദഹിപ്പിക്കുന്ന അവയവം.
ഉദരംഭരി [സം. -ഭരി] നാ. എങ്ങനെയെങ്കിലും സ്വന്തം വയറുനിറയ്ക്കണമെന്നു മാത്രം കരുതുന്നവൻ, തീറ്റിക്ക് ആർത്തിയുള്ളവൻ, സ്വാർഥബുദ്ധി.
ഉദരരോഗം [സം. ഉദര-രോഗ] നാ. വയറ്റിലെ അസുഖം.
ഉദരവ്യഥ [സം. -വ്യഥാ] നാ. = ഉദരരോഗം.
ഉദരവ്യാധി [സം.-വ്യാധി] നാ. ഉദരവ്യഥ.
ഉദരവ്രണം [സം. -വ്രണ] നാ. കുടലിൽ ഉണ്ടാകുന്ന പുണ്ണ്.
ഉദരശയ [സം. -ശയ < ശീ] വി. കമിഴ്ന്നുകിടക്കുന്ന, കമിഴ്ന്നുകിടന്നുറങ്ങുന്ന.
ഉദരശയം [സം. -ശയ] നാ. ഭ്രൂണം, ഗർഭപിണ്ഡം.
ഉദരശൂല [സം. -ശൂല] നാ. ഒരു ഉദരരോഗം.
ഉദരസർവസ്വൻ [സം. -സർവസ്വ] നാ. വയറുപോറ്റൽ സർവപ്രധാനമായി കരുതുന്നവൻ, തിന്നാൻ മാത്രം ജീവിക്കുന്നവൻ, ഉദരംഭരി.
ഉദരാഗ്നി [സം. -അഗ്നി] നാ. ജഠരാഗ്നി.
ഉദരാധ്മാന [സം. -ആധ്മാന < ധ്മാ] നാ. വയറുവീർപ്പ്.
ഉദരാമയം [സം. -ആമയ] നാ. ഉദരവ്യാധി.
ഉദരാവർത്തം [സം. -ആവർത] നാ. പൊക്കിൾ.
ഉദരാവേഷ്ടം [സം. -ആവേഷ്ട] നാ. നാടവിര.
ഉദരിക [സം.] വി. വീർത്തവയറുള്ള, തടിച്ച, വണ്ണമുള്ള, ഉദരില.
ഉദരിണി [സം. ഉദരിണീ] നാ. ഗർഭിണി.
ഉദരില [സം.] വി. തടിച്ച, ഉദരിക.
ഉദവസാനം [സം. ഉദ്-അവസാന] നാ. യാഗസ്ഥലം വിട്ടുപോരൽ.
ഉദവസാനീയ [സം. -അവസാനീയ] നാ. യാഗത്തിലെ അവസാനകർമം.
ഉദവസിതം [സം. -അവസിത] നാ. വീട്.
ഉദവാസം [സം. ഉദ-വാസ] നാ. 1. വെള്ളത്തിൽ നിൽക്കൽ, (കഴുത്തോളം) വെള്ളത്തിൽനിന്നു തപസ്സു ചെയ്യൽ; 2. ആറ്റുവക്കത്തോ കുളക്കരയിലോ ഉള്ള വീട്.
ഉദശരാവം [സം. -ശരാവ] നാ. നിറഞ്ഞപാത്രം (ഭരണി).
ഉദശ്രു [സം. അശ്രു] 'ഉദ്ഗമിക്കുന്ന അശ്രുവോടു കൂടിയ' വി. കരയുന്ന, കണ്ണീർപൊഴിക്കുന്ന.
ഉദശ്വിത്ത് [സം. ഉദ-ശ്വിത്] 'ഉദകേന ശ്വയതി, വെള്ളംകൊണ്ടു വർധിക്കുന്നത്' നാ. മോര്, പകുതി വെള്ളം ചേർത്ത മോര്.
ഉദസനം [സം. ഉദ്-അസന < അസ്] നാ. 1. മേൽപ്പോട്ട് എറിയൽ; 2. പൊക്കിനിറുത്തൽ; ഉയർത്തൽ; 3. പുറത്താക്കൽ, എറിഞ്ഞുകളയൽ.
ഉദസിക്കുക [സം. -അസിക്കുക] ക്രി. എറിഞ്ഞുകളയുക, മുകളിലേക്ക് എറിയുക, തള്ളിക്കളയുക, നിരസിക്കുക.
ഉദസ്ത [സം. -അസ്ത < അസ്] വി. 1. മേൽപ്പോട്ട് എറിയപ്പെട്ട; 2. ഉയർത്തപെട്ട, ഉയർത്തിനിർത്തിയ; 3. പുറത്തേക്കുതള്ളിയ, ബഹിഷ്ക്കരിക്കപ്പെട്ട, നീക്കപ്പെട്ട; 4. നാണിപ്പിക്കപ്പെട്ട, നിസ്സാരമാക്കപ്പെട്ട, മോശമാക്കിയ.
ഉദസ്താത് [സം.] അവ്യ. മേലേ, മുകളിൽ.

ഉദസ്യ1 [സം. ഉദ്-അസ്യ] വി. ഉയർന്നു നിൽക്കുന്ന.

ഉദസ്യ2 [സം.] അവ്യ. ദൂരെക്കളഞ്ഞിട്ട്, എറിഞ്ഞുകളഞ്ഞിട്ട്.

ഉദസ്ര [സം. ഉദ്-അസ്ര] വി. കണ്ണുനീർപൊഴിക്കുന്ന, കരയുന്ന.

ഉദാജം [സം. -ആജ] നാ. ഭടന്മാരെ യുദ്ധത്തിനു പ്രോത്സാഹിപ്പിക്കൽ, യുദ്ധയാത്ര.

ഉദാത്ത [സം. -ആത്ത] വി. 1. ഉയർന്ന, ഉൽകൃഷ്ടമായ, കുലീനമായ; 2. ഉദാരസ്വഭാവമുള്ള, സൗമ്യഭാവമുള്ള, ഔദാര്യം ചെയ്യുന്ന, ദാനശീലമുള്ള; 3. ഉച്ചസ്വരത്തിലുള്ള.

ഉദാത്തൻ [സം. ഉദാത്ത] നാ. 1. സ്വന്തം സാഹിത്യസൃഷ്ടിയിൽ ഗൂഢാഭിമാനം കൊള്ളുന്നവൻ; 2. ഒരുതരം നായകൻ, ധീരോദാത്തൻ.

315

ഉദാത്തം [സം. ഉദ്-ആത്ത] 'ശ്രേഷ്ഠമായത്, ഉത്കൃഷ്ടമായത്' നാ. 1. (വേദോച്ചാരണത്തിൽ) മൂന്നുവിധം സരങ്ങളുള്ളതിൽ ഒന്ന്, (അനുദാത്തം, സ്വരിതം എന്നു മറ്റു രണ്ട്); 2. ദാനം; 3. ഒരു സങ്ഗീതോപകരണം, പെരുമ്പറ; 4. ഒരു അർഥാലങ്കാരം.

ഉദാൻ [സം. ഉദാന] 'മുകളിലേക്കു ശ്വസിക്കൾ' നാ. പഞ്ചവായുക്കളിൽ ഒന്ന്.

ഉദാനമുദ്ര [സം. -മുദ്രാ] നാ. ഒരു ഹസ്തമുദ്ര, പെരുവിരൽകൊണ്ട് തർജനീമധ്യമാനാമികകളെ സ്പർശിക്കുന്നത്.

ഉദായുധ [സം. ഉദ്-ആയുധ] വി. ആയുധം ഉയർത്തിയ.

ഉദാര [സം.] വി. 1. ശ്രേഷ്ഠമായ, ഉത്കൃഷ്ടമായ, ഉന്നതമായ; 2. സുന്ദരമായ, അഴകുള്ള; 3. ദാനശീലമുള്ള, കൊടുക്കാൻ സന്തോഷമുള്ള; 4. ദയയുള്ള; 5. മഹത്തായ, വലിയ, വിസ്താരമേറിയ; 6. സത്യസന്ധതയുള്ള, ആത്മാർഥതയുള്ള; 7. സമൃദ്ധമായ.

ഉദാരകം [സം. ഉദാരക] നാ. ഒരുവക ധാന്യം, നെടുവരക്.

ഉദാരകീർത്തി [സം. ഉദാര-കീർതി] വി. വർധിച്ചയശസ്സുള്ള, വലിയ കീർത്തിയുള്ള.

ഉദാരകൃത്യം [സം.-കൃത്യ] നാ. ശ്രേഷ്ഠമായ കർമം.

ഉദാരചരിത [സം. -ചരിത] വി. ഉദാരമായ പ്രവൃത്തിയുള്ള, ഔദാര്യമുള്ള, മഹാമനസ്കതയുള്ള.

ഉദാരത, -ത്വം [സം. -താ, -ത്വ] നാ. 1. ഔദാര്യം, ദാനശീലം, ദയ; 2. ഔത്കൃഷ്ട്യം, ശ്രേഷ്ഠത, മാന്യത; 3. എന്തെങ്കിലും ആകട്ടെ എന്ന വിചാരം, ഉദാസീനത.

ഉദാരഥി [സം. ഉദ്-ആരഥി] വി. 1. മുകളിലേക്കു പോകുന്ന; 2. ഉയരുന്ന.

ഉദാരദർശന [സം. ഉദാര-ദർശന] വി. കാഴ്ചയിൽ ശ്രേഷ്ഠതതോന്നുന്ന, സൗന്ദര്യമുള്ള.

ഉദാരധി [സം. -ധി] നാ. = ഉദാരഥി, വിഷ്ണു.

ഉദാരധീ [സം. -ധീ] വി. 1. വളരെ ബുദ്ധിമാനായ; 2. മഹാമനസ്കതയുള്ള.

ഉദാരബുദ്ധി [സം.-ബുദ്ധി] വി. ഉദാരധീ.

ഉദാരം1 [സം. ഉദ്-ആര] നാ. 1. ഉദാരകം, നെടുവരക്; 2. പൊങ്ങിവരുന്ന മൂടൽമഞ്ഞ്.

ഉദാരം2 [സം.] അവ്യ. 1. ധാരാളമായി, വളരെ; 2. ഭങ്ഗിയായി, നേരാംവണ്ണം, കേമമായി.

ഉദാരമതി [സം. ഉദാര-മതി] വി. ഉദാരബുദ്ധിയുള്ള, ദാനശീലമുള്ള.

ഉദാരശീല [സം. -ശീല] വി. ഉദാരമായ ശീലമുള്ള, ദാനശീലമുള്ള, ഉത്കൃഷ്ടസ്വഭാവമുള്ള.
ഉദാവർത്ത(ന)ം [സം. ഉദ്-ആവർത്ത(ന)] നാ. ഒരു കുടൽ രോഗം, മലമൂത്രാദികൾ അടക്കിനിറുത്തുന്നതുകൊണ്ടും മറ്റും ഉണ്ടാകുന്നത്.
ഉദാസദം [സം.] നാ. ഇടത്തേ മുലയ്ക്കുതാഴെ അല്പം പിറകിലുള്ള ഒരു മർമം.
ഉദാസൻ [സം. ഉദ്-ആസ < ആസ്] നാ. 1. വൈരാഗി; 2. തത്ത്വദർശി; 3. ഗുരുനാനാക്കിൻെറ അനുയായികളിൽ ഒരു വിഭാഗം.
ഉദാസം [സം. ഉദ്-ആസ < അസ്] നാ. 1. മേൽപ്പോട്ടു എറിയൽ, ഉത്ക്ഷേപം; 2. ഗണിക്കാതെ വിട്ടുകളയൽ, ആട്ടിക്കളയൽ, പുറത്താക്കൽ; 3. ഉദാസീനത; 4. വൈരാഗ്യം.
ഉദാസീന [സം. -ആസീന] വി. 1. മമതയില്ലാത്ത, താത്പര്യമില്ലാത്ത, നിഷ്പക്ഷമായ, പ്രത്യേക താത്പര്യമൊന്നുമില്ലാത്ത, ബന്ധുത്വമോ ശത്രുതയോ ഇല്ലാത്ത; 2. ജാഗ്രതയില്ലാത്ത, മടിയുള്ള, ഉത്സാഹമില്ലാത്ത.
ഉദാസീനത [സം. ഉദാസീന-താ] നാ. 1. ഒന്നിനോടും പ്രത്യേക താത്പര്യമില്ലായ്മ; 2. ഉപേക്ഷ, മടി; 3. നിഷ്പക്ഷത.
ഉദാസീനൻ [സം. ഉദ്-ആസീന] നാ. 1. അപരിചിതൻ; 2. ശത്രുവോ മിത്രമോ അല്ലാത്തവൻ; 3. ആസക്തിയില്ലാത്തവൻ, താത്പര്യമില്ലാത്തവൻ.
ഉദാസ്ഥിതൻ [സം. -ആ-സ്ഥിത] നാ. 1. വാതിൽ കാവൽക്കാരൻ, ദ്വാരപാലകൻ; 2. മേൽനോട്ടക്കാരൻ; 3. ചാരൻ; 4. വ്രതഭങ്ഗം വരുത്തിയ സന്ന്യാസി.
ഉദാഹർത്തവ്യ [സം. -ആഹർതവ്യ] വി. ഉദാഹരിക്കുവാൻകൊള്ളാവുന്ന, ഉദാഹരണീയ.
ഉദാഹരണം [സം. -ആഹരണ] 'പറയൽ, കഥനം, പ്രസ്താവം' നാ. 1. ദൃഷ്ടാന്തം, പൊതുവായ ഒരു കാര്യം സ്ഥാപിക്കുവാനോ വിശദീകരിക്കുവാനോവേണ്ടി ചൂണ്ടിക്കാണിക്കുന്ന പ്രത്യേകസങ്ഗതി; 2. വർണനം; 3. ഉപകാവ്യത്തിൻെറ ഒരു വിഭാഗം, ഒരു അർഥാലങ്കാരം.
ഉദാഹരണീയ [സം. -ആഹരണീയ] വി. ഉദാഹർത്തവ്യ, ഉദാഹരിക്കത്തക്ക.
ഉദാഹരിക്കുക [സം. -ആഹരിക്കുക] ക്രി. ഉദാഹരണം കാണിക്കുക, ദൃഷ്ടാന്തപ്പെടുത്തി പറയുക.
ഉദാഹാരം [സം. -ആഹാരം] നാ. 1. ഉദാഹരണം, ദൃഷ്ടാന്തം; 2. പറയാൻപോകുന്ന വിഷയത്തിൻെറ ആമുഖം, ഉപോദ്ഘാതം.
ഉദാഹിത [സം.-ആ-ഹിത < ധാ] വി. 1. ഉദാഹരിക്കപ്പെട്ട; 2. പറയപ്പെട്ട, പ്രസ്താവിക്കപ്പെട്ട.
ഉദാഹൃതി [സം. -ആഹൃതി] നാ. ഉദാഹരണം.
ഉദിക്കുക [<സം. ഉദ്-ഇ] ക്രി. 1. ഉയർന്നുവരിക (സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ എന്നിവയെപ്പോലെ), ക്ഷിതിജത്തിനു മുകളിൽ വരിക, ഉദയം ചെയ്യുക.
ഉദിത1 [സം. -ഇത] വി. 1. ഉദിച്ച, പൊന്തിവന്ന, മുകളിലേക്കുവന്ന; 2. ഉണ്ടായ, അനുഭവപ്പെട്ട; 3. ഉയർന്ന, കവിഞ്ഞ, വളർന്ന, പെരുകിയ, വലുതായിത്തീർന്ന.
ഉദിത2 [സം. < വദ്] വി. വദിക്കപ്പെട്ട, പറയപ്പെട്ട.
ഉദിതി1 [സം.] നാ. 1. സൂര്യോദയം, ഉദിച്ചുവരൽ, കയറൽ; വടക്കേദിക്കിലെ ഒരു വാസ്തുദേവത.
ഉദിതി2 [< സം. വദ്] നാ. വാക്ക്.

ഉദിതിപദം, -സ്ഥാനം [സം. ഉദിതി-പദ] നാ. പുരവയ്ക്കുന്നസ്ഥലത്തിൻെറ വടക്കുകിഴക്കു മൂലയിലുള്ളഭാഗം.

ഉദിതോദിത [സം. ഉദിത-ഉദിത1] വി. പാരമ്പര്യകാര്യങ്ങളിൽ അറിവുള്ള, ശാസ്ത്രകാര്യങ്ങളിൽ പാണ്ഡിത്യമുള്ള.

ഉദിത്വര [സം. ഉദി+ത്വര] വി. 1. ഉദിക്കുന്ന ശീലമുള്ള. "ഇത്ഥമനർഥമുദിത്വരമാം." (നളച.); 2. കവിഞ്ഞുനിൽക്കുന്ന, "ഉദിത്വരശോഭമാർന്നു നിജമൂർത്തി പാവകൻ" (ഭാ.നൈ.)

ഉദിപ്പ് [<ഉദിക്കുക] നാ. 1. ഉദയം, സൂര്യോദയം; 2. ഉയർച്ച, ഔന്നത്യം.

ഉദിരം നാ. ഒരു ചെടി, ഊരം, ഊരൻ, ചണനാരുപോലെ നാരുള്ളത്.

ഉദീക്ഷ(ണ)ം [സം. ഉദ്-ഈക്ഷാ, -ഈക്ഷണ] നാ. 1. മേൽപ്പോട്ടു നോക്കൽ; 2. നോട്ടം; 3. പ്രതീക്ഷ; 4. (സങ്ഗീ.) ഒരു താളം.

ഉദീക്ഷിക്കുക [<സം. ഉദ്-ഈക്ഷ്] ക്രി. മേൽപ്പോട്ടുനോക്കുക. നാ. ഉദീക്ഷ

ഉദീക്ഷിത [സം. -ഈക്ഷിത] വി. നോക്കപ്പെട്ട, കണ്ടതായ.

ഉദീചി [സം.] നാ. വടക്കുദിക്ക്.

ഉദീചിന, ഉദീച്യ [സം.] വി. ഉദീചിയിൽ ഭവിച്ച, വടക്കുള്ള.

ഉദീച്യം [സം.] നാ. 1. രാമച്ചം; 2. ഇരുവേലി; 3. വടക്കൻ പ്രദേശം; 4. തലമുടി. ഉദീച്യർ = വടക്കേദിക്കിലുള്ളവർ.

ഉദീച്യവൃത്തി [സം. ഉദീച്യ-വൃത്തി] നാ. 1. വടക്കൻ നാടുകളിലെ ആചാരം; 2. വൃത്തം.

ഉദീപം [സം. -ഈപ < അപ്] നാ. വെള്ളപ്പൊക്കം.

ഉദീർണ [സം. -ഈർണ] 'പുറപ്പെട്ട, വ്യാകുലമായ' വി. ഉദ്ഭവിച്ച.

ഉദീർണനൻ [സം. -ഈർണ] നാ. വിഷ്ണു.

ഉദീരണം [സം. -ഈരണ] നാ. 1. സംസാരിക്കൽ, പറച്ചിൽ, ഉച്ചാരണം; 2. പ്രചോദിപ്പിക്കൽ, ഉത്സാഹിപ്പിക്കൽ; 3. എറിയൽ (ശസ്ത്രമെന്നപോലെ) അയയ്ക്കൽ; 4. വിസർജിക്കൽ, വിടൽ, പ്രക്ഷേപിക്കൽ.

ഉദീരിത [സം.-ഈരിത] വി. ഉദീരണം ചെയ്യപ്പെട്ട, പറയപ്പെട്ട, പ്രസ്താവിക്കപ്പെട്ട.

ഉദീരിതം [സം. -ഈരിത] നാ. 1. പറയപ്പെട്ടത്, പറഞ്ഞത്, വാക്ക്; 2. വർധിച്ച, ഉയർന്ന; 3. ഉത്തേജിപ്പിക്കപ്പെട്ട, ക്ഷോഭിച്ച, ഉണർത്തപ്പെട്ട; 4. ശ്രേഷ്ഠമായ, മഹത്തായ; 5. ദുരഭിമാനമുള്ള, ദംഭമുള്ള; 6. ഔദാര്യമുള്ള.

ഉദീര്യ [സം. -ഈര്യ] അവ്യ. ഉദീരണം ചെയ്തിട്ട്, പറഞ്ഞിട്ട്.

ഉദീഷിത [സം. -ഈഷിത] വി. ഉയർന്ന, എഴുന്ന.

ഉദുംബരൻ [സം. ഉദുംബര] നാ. 1. ഉഡുംബരൻ, നപുംസകൻ.

ഉദുംബരപർണി [സം.-പർണീ] നാ. 1. ചെറിയ നാഗദന്തി; 2. വജ്രദന്തി.

ഉദുംബരം, ഉഡും- [സം. ഉദുംബര] നാ. വൃക്ഷവിശേഷം, അത്തി.

ഉദുംബല [സം.] വി. വ്യാപകമായ, ബലമുള്ള.

ഉദുംബല(ക)ം [സം.] നാ. ഉദുംബരം, അത്തിമരം.

ഉദുഖലം, ഉദുഖലകം [സം.] നാ. ഉലൂഖലം, ഉരൽ. ഉലൂഖലസന്ധി = അസ്ഥികൾ തമ്മിലുള്ള ഒരു ബന്ധം.

ഉദൂഢ [സം. ഉദ്-ഊഢ < വഹ്] വി. 1. വിവാഹം കഴിഞ്ഞ; 2. വർധിച്ച, അധികമായ; 3. പരുപരുത്ത; 4. ലഭിച്ച, നേടിയ; 5. തടിച്ച.

ഉദൂഢം [സം.] നാ. (സങ്ഗീ.) ഒരു വർണാലങ്കാരം.

ഉദ്– നാമത്തോടും ക്രിയയോടും ചേർക്കുന്ന ഒരു പുര:പ്രത്യയം. മേൽപ്പോട്ട്, ഉയർന്ന്, വികസിച്ച് മുതലായി പല അർഥങ്ങളിൽ പ്രയോഗം. ശ്വാസികളായ അക്ഷരങ്ങളോടു ചേരുമ്പോൾ ഉത്– എന്നു (അവ മൂർധന്യങ്ങളായാൽ ഉട്– എന്നും, താലവ്യ സന്ധിയിൽ ഉച്– എന്നും) രൂപാന്തരം, നാദികളായ വർണങ്ങളോടുചേരുമ്പോൾ (രൂപാന്തരമില്ലാതെ) ഉദ്– എന്നുതന്നെ. നാദികളായ മൂർധന്യങ്ങളോടും, താലവ്യങ്ങളോടും ചേരുമ്പോൾ യഥാക്രമം ഉഡ്–, ഉജ്– എന്നു രൂപങ്ങൾ.

ഉദ്ഗത1 [സം. ഉദ്–ഗത] വി. 1. ഉദ്ഗമിച്ച, മുകളിലേക്കുവന്ന, പൊന്തിയ, ഉദിച്ചുയർന്ന, ഉയർന്ന; 2. ഉണ്ടായ; 3. വെളിപ്പെട്ട, പുറപ്പെട്ട; 4. ഛർദിച്ച.

ഉദ്ഗത2 [സം. –ഗതാ] നാ. ഒരു വിഷമവൃത്തം.

ഉദ്ഗതം [സം. –ഗത] നാ. 1. ഛർദിച്ച അന്നം; 2. ഗദായുദ്ധത്തിലെ ഒരു പ്രയോഗം.

ഉദ്ഗതാസു [സം. ഉദ്ഗത–അസു] 'അസുക്കൾ പിരിഞ്ഞ' വി. പ്രാണൻ പോയ, മരിച്ച.

ഉദ്ഗതി [സം. ഉദ്–ഗതി] നാ. 1. മുകളിലേക്കുള്ള ഗമനം, മേൽപ്പോട്ടുള്ള പോക്ക്; 2. ഉയർച്ച, അഭിവൃത്തി, ശ്രേയസ്സ്.

ഉദ്ഗമനം [സം.–ഗമന] നാ. ഉദ്ഗതി, ഉയർച്ച, അഭിവ്ര്ത്തി.

ഉദ്ഗമനീയ [സം. –ഗമനീയ] വി. ഉദ്ഗമിക്കത്തക്ക, കരേറത്തക്ക.

ഉദ്ഗമനീയം [സം. –ഗമനീയ] നാ. 1. അലക്കിയ മുണ്ട്; 2. ഇണപ്പുടവ.

ഉദ്ഗമം [സം. –ഗമ] നാ. 1. മേൽപ്പോട്ടു പൊന്തൽ, ഉയരൽ, ഉദിക്കൽ; 2. ഉയർച്ച, ഉന്നതി, പൊക്കം; 3. പുറത്തേക്കുപോകൽ, പുറപ്പാട്; 4. ഉണ്ടാക്കൽ, ജനനം; 5. ഉദ്ഭവസ്ഥാനം; 6. മുള, അങ്കുരം; 7. സൃഷ്ടി; 8. പുറത്തുകളയൽ.

ഉദ്ഗമിക്കുക [സം. –ഗമിക്കുക] ക്രി. 1. മേൽപ്പോട്ടുഗമിക്കുക, പൊങ്ങുക, പൊന്തിവരിക; 2. പുറത്തേക്കുവരിക, പുറപ്പെടുക, പെട്ടെന്നുപ്രത്യക്ഷപ്പെടുക; 3. പറക്കുക; 4. എഴുന്നേൽക്കുക.

ഉദ്ഗരിക്കുക [< സം. ഉദ്–ഗൃ] ക്രി. 1. പുറത്തുവിടുക; 2. തികട്ടുക, ഛർദിക്കുക, 'ഉദ്ഗാരം' നോക്കുക.

ഉദ്ഗളത്ത് [സം. –ഗലത് < ഗല്] വി. ഉദ്ഗമിക്കുന്ന, ഊറിവരുന്ന, മേൽപ്പോട്ടുയരുന്ന, പൊട്ടിപ്പുറപ്പെടുന്ന, പുറത്തേക്ക് ഒഴുകുന്ന, വഴിയുന്ന.

ഉദ്ഗളനം [സം. –ഗലന] നാ. ഉദ്ഗളിക്കൽ, പൊട്ടിപ്പുറപ്പെടൽ, പ്രവഹിക്കൽ, വഴിയൽ, വഴിഞ്ഞൊഴുകൽ.

ഉദ്ഗളിക്കുക [< സം. ഉദ്–ഗല്] ക്രി. കവിഞ്ഞൊഴുകുക.

ഉദ്ഗളിത [സം. –ഗലിത] വി. 1. ഉദ്ഗളിച്ച, ഒഴുകിയ, തുള്ളി തുള്ളിയായി പ്രവഹിച്ച, ഊറിയൊഴുകിയ, ഇറ്റിറ്റുവീണ; 2. വീണ, പൊഴിഞ്ഞ; 3. പുറപ്പെട്ട.

ഉദ്ഗാഢ [സം. –ഗാഢ < ഗാഹ്] വി. വഴിഞ്ഞൊഴുകുന്ന, അധികമായ, തീവ്രമായ, ശക്തമായ, വളരെ അധികമായ.

ഉദ്ഗാഢം [സം. –ഗാഢ < ഗാഹ്] അവ്യ. ഏറ്റവും ഗാഢമായി.

ഉദ്ഗാതാവ് [സം. –ഗാതൃ < ഗൈ] (ബ.വ.) ഉദ്ഗാതാക്കൾ, ഉദ്ഗാതാക്കന്മാർ നാ. 1. ഉദ്ഗാനം ചെയ്യുന്നവൻ, ഉച്ചത്തിൽ പാടുന്നവൻ; 2. യാഗത്തിലെ പ്രധാനപ്പെട്ട നാലു ഋത്വിക്കുകളിൽ ഒരാൾ, സാമവേദസൂക്തങ്ങൾ ആലപിക്കുന്നവൻ.

ഉദ്ഗാനം [സം. –ഗാന] നാ. 1. ഉച്ചത്തിലുള്ള പാട്ട്; 2. പ്രകീർത്തനം, പ്രശസ്തിഗാനം; 3. സാമവേദത്തിലെ ഒരുവക ഗാനാലാപം.

ഉദ്ഗാരം [സം. –ഗാര] 'പുറത്തേക്കു തള്ളുക, പുറത്തു കളയുക' നാ. 1. തികട്ടൽ; 2. ഏമ്പക്കം; 3. ഛർദി.
ഉദ്ഗാരി [സം. –ഗാരിൻ] നാ. 1. ഉദ്ഗിരണംചെയ്യുന്നവൻ; 2. മുകളിലേക്ക് പോകുന്നവൻ. രുധിരോദ്ഗാരിവർഷം = ബൃഹസ്പതിചക്രത്തിലെ അൻപത്തേഴാമത്തെ വർഷം.
ഉദ്ഗിരണം [സം. –ഗിരണ] നാ. 1. തികട്ടൽ; 2. ഏമ്പക്കം; 3. ഛർദി, തുപ്പിക്കളയൽ.
ഉദ്ഗീതം [സം. –ഗീത] നാ. 1. ഉദ്ഗാനം, പാട്ട്; 2. (സങ്ഗീ.) ഒരു അലങ്കാരം.
ഉദ്ഗീതി [സം. –ഗീതി] നാ. 1. ഉച്ചത്തിൽ ഗാനം ചെയ്യൽ; 2. (സാമഗാനം) ചൊല്ലൽ; 3. ആര്യാവൃത്തത്തിൻെറ ഒരു ഭേദം.
317
ഉദ്ഗീഥം [സം. –ഗീഥ] നാ. 1. സാമവേദധ്വനി, സാമവേദോച്ചാരണം; 2. സാമവേദത്തിൻെറ ഉത്തരഭാഗം; 3. ഓങ്കാരം; 4. പ്രാണൻ.
ഉദ്ഗീയമാന [സം. –ഗീയമാന < ഗൈ] വി. ഉച്ചത്തിൽ ഗാനം ചെയ്യപ്പെടുന്ന, പ്രകീർത്തിക്കപ്പെടുന്ന.
ഉദ്ഗീർണ [സം. –ഗീർണ] വി. ഉദ്ഗിരണം ചെയ്യപ്പെട്ട, വമിക്കപ്പെട്ട, ഛർദിക്കപ്പെട്ട, പുറപ്പെട്ട.
ഉദ്ഗൂർണ [സം. –ഗൂർണ < ഗൂര്] വി. 1. ഉയർത്തിയ; 2. ഓങ്ങിയ (ആയുധം എന്നപോലെ), ഭീഷണിപ്പെടുത്തിയ.
ഉദ്ഗേയ [സം. –ഗേയ] വി. 1. ഉദ്ഗാനം ചെയ്യത്തക്ക, പാടത്തക്ക; 2. പ്രകീർത്തനംചെയ്യത്തക്ക.
ഉദ്ഗ്രഥനം [സം. –ഗ്രഥന < ഗ്രഥ്] 'ഒന്നിനുമേൽ ഒന്നായി ഗ്രഥനം ചെയ്യൽ' നാ. 1. കൂട്ടിക്കെട്ടൽ, തൊടുത്തൽ; 2. അഴിക്കൽ, അഴിച്ചുവിടൽ; 3. ആരോഹക്രമത്തിലാക്കൽ.
ഉദ്ഗ്രഥിത [സം. –ഗ്രഥിത] വി. 1. ഉദ്ഗ്രഥനം ചെയ്യപ്പെട്ട, കൂട്ടിക്കെട്ടിയ, തൊടുത്തിയ; 2. കെട്ടഴിച്ച, ശിഥിലമാക്കപ്പെട്ട.
ഉദ്ഗ്രന്ഥ [സം. ഉദ്–ഗ്രന്ഥ < ഗ്രഥ്] വി. അയഞ്ഞ, കെട്ടഴിഞ്ഞ.
ഉദ്ഗ്രന്ഥം [സം. –ഗ്രന്ഥ] നാ. 1. അധ്യായം, ഗ്രന്ഥത്തിൻെറവിഭാഗം; 2. ഉപരിഗ്രന്ഥം.
ഉദ്ഗ്രന്ഥി [സം. –ഗ്രന്ഥി] വി. കെട്ടുവേർപെട്ട, വിമുക്തമായ, (സംസാരബന്ധങ്ങളിൽനിന്ന്) സ്വതന്ത്രമായിത്തീർന്ന.
ഉദ്ഗ്രഹണം [സം. –ഗ്രഹണ < ഗ്രഹ്] നാ. ഉദ്ഗ്രഹിക്കൽ, മേൽപ്പോട്ടെടുക്കൽ, ഉയർത്തൽ.
ഉദ്ഗ്രാഹം [സം. –ഗ്രാഹ] നാ. 1. ഉദ്ഗ്രഹിക്കൽ, പൊക്കിയെടുക്കൽ; 2. എടുക്കൽ, സ്വീകരിക്കൽ; 3. മറുപടി, സമാധാനം; 4. (സങ്ഗീ.) സങ്ഗീതപ്രബന്ധങ്ങൾക്കു നാലുധാതുക്കൾ ഉള്ളതിൽ ഒന്നാമത്തേത്, പല്ലവം (പല്ലവി).
ഉദ്ഗ്രാഹിത [സം. –ഗ്രാഹിത] വി. 1. പൊക്കിയെടുത്ത, ഉയർത്തിയ; 2. ഉത്കൃഷ്ടമായ; 3. ഓർമിക്കപ്പെട്ട.
ഉദ്ഗ്രീവ [സം. –ഗ്രീവ] 'ഉദ്ഗതമായ ഗ്രീവത്തോടുകൂടിയ' വി. കഴുത്ത് ഉയർത്തിപ്പിടിച്ച.
ഉദ്ഘടിതം [സം. –ഘടിത < ഘട്] 'തുറക്കുന്നത്' നാ. 1. സൂചന, സംജ്ഞ; 2. (സങ്ഗീ.) ഒരു വർണാലങ്കാരം.

ഉദ്ഘട്ടനം [സം. -ഘട്ടന < ഘട്ട്] നാ. മറ്റൊന്നിൽചെന്ന് ആഞ്ഞടിക്കൽ, ഏറ്റുമുട്ടൽ.
ഉദ്ഘട്ടം, ഉദ്ഘട്ടകം [സം. -ഘട്ട] നാ. (സങ്ഗീ.) ഒരു താളം.
ഉദ്ഘട്ടിത [സം. -ഘട്ടിത] 'ഉദ്ഘട്ടനം ചെയ്യപ്പെട്ട' വി. 1. തുറക്കപ്പെട്ട; 2. വേർതിരിക്കപ്പെട്ട.
ഉദ്ഘനം [സം. -ഘന <ഹൻ] നാ. മുട്ടി, തടിവച്ചുപണിയാൻ ആശാരി ഉപയോഗിക്കുന്ന പലക (ഇതിന്മേൽ ഹനിക്കുന്നതിനാൽ).
ഉദ്ഘം [സം. ഘ] നാ. 1. മെച്ചം, മേന്മ (പദാന്തത്തിൽ പ്രയോഗം); 2. മാതൃക; 3. സൗഖ്യം; 4. കൈക്കുമ്പിൾ; 5. അഗ്നി.
ഉദ്ഘർഷണം [സം. -ഘർഷണ < ഘൃഷ്] നാ. 1. തിരുമ്മൽ, തേപ്പ്; 2. അടി, മർദനം; 3. കുറുവടി, ദണ്ഡം, ഗദ.
ഉദ്ഘസം [സം. -ഘസ്] നാ. ഇറച്ചി, മാംസം.
ഉദ്ഘാടക, ഉത്-, ഉൽ- [സം. -ഘാടക < ഘട്] വി. തുറക്കുന്ന, തുടങ്ങുന്ന, പ്രദർശിപ്പിക്കുന്ന, സമാരംഭിക്കുന്ന.
ഉദ്ഘാടകൻ [സം.] നാ. ഉദ്ഘാടനം ചെയ്യുന്ന ആൾ. (സ്ത്രീ) ഉദ്ഘാടിക.
ഉദ്ഘാടകം [സം.] നാ. 1. താക്കോൽ; 2. വെള്ളം കോരാനുള്ള തുകൽത്തൊട്ടി.
ഉദ്ഘാടനം [സം. -ഘാടന] നാ. 1. തുറക്കൽ; 2. തുടക്കം; 3. പ്രകാശനം; 4. കിണറ്റിൽനിന്നും വെള്ളം കോരുന്നതിനുള്ള തോൽപ്പാത്രം.
ഉദ്ഘാടം [സം. -ഘാട] നാ. 1. കാവൽപ്പുര; 2. (കാർഷികാവശ്യത്തിലേക്ക് ഉപയോഗിക്കുന്ന) വെള്ളത്തിനുകൊടുക്കേണ്ട കരം.
ഉദ്ഘാടിത [സം. -ഘാടിത] വി. 1. ഉദ്ഘാടനം ചെയ്യപ്പെട്ട, തുറക്കപ്പെട്ട; 2. ആരംഭിച്ച; 3. ശ്രമംചെയ്തു സാധിച്ച, ക്ലേശിച്ചു നിർവഹിച്ച, യത്നം ചെയ്ത.
ഉദ്ഘാടിതജ്ഞ [സം. ഉദ്ഘാടിത-ജ്ഞ] വി. അറിവുള്ള, ബുദ്ധിയുള്ള.
ഉദ്ഘാടിതാങ്ഗ [സം. -അങ്ഗ] 'പ്രകടമാക്കപ്പെട്ട അവയവങ്ങളോടുകൂടിയ' വി. 1. നഗ്നമായ; 2. അറിവുള്ള, ബുദ്ധിയുള്ള.
ഉദ്ഘാടിമം [സം. ഉദ്-ഘാടിമ] നാ. ഒരുതരം ചലയന്ത്രം, മുദ്ഗരം പോലെയിരിക്കുന്നത്.
ഉദ്ഘാതം [സം. -ഘാത] നാ. 1. ആരംഭം, തുടക്കം; 2. ആയുധം, വടി, ഗദ, മുദ്ഗരം; 3. അടി; 4. മുറിവ്, വ്രണം; 5. അടിക്കൽ, വ്രണപ്പെടുത്തൽ; 6. ഗ്രന്ഥത്തിന്റെ ഒരു ഭാഗം, അധ്യായം; 7. പ്രാണായാമത്തിൽ ശ്വാസത്തെ മേൽപ്പോട്ടുവലിക്കുന്നത്, പ്രാണായാമംചെയ്യുമ്പോൾ ശ്വസിക്കുന്ന പ്രാണവായു അപാനവായുവിനെ ഞെരുക്കിയശേഷം മേൽപ്പോട്ടുപോയിട്ട് മടങ്ങുന്നത്.
ഉദ്ഘാത്യകം, -തകം [സം. -ഘാത്യക, -ഘാതക] നാ. നാടകത്തിലെ ഒരുതരം പ്രസ്താവന, ഭാരതീവൃത്തിയുടെ നാല് അങ്ഗങ്ങളിലൊന്നായ ആമുഖം അഞ്ചുപ്രകാരമുള്ളതിൽ ഒന്ന്.
ഉദ്ഘുഷ്ട [സം. -ഘുഷ്ട < ഘുഷ്] വി. ഉദ്ഘോഷിക്കപ്പെട്ട, ഉച്ചത്തിൽ പറയപ്പെട്ട, മുക്തകണ്ഠം പ്രശംസിക്കപ്പെട്ട.
ഉദ്ഘൃഷ്ടകം [സം. -ഘൃഷ്ടക] നാ. രതിശാസ്ത്രപ്രകാരമുള്ള ആലിങ്ഗനവിശേഷം.
ഉദ്ഘോഷണം [സം. -ഘോഷണ < ഘുഷ്] നാ. 1. ഉറക്കെപ്പറയൽ, പ്രഖ്യാപിക്കൽ, പരസ്യപ്പെടുത്തൽ; 2. ഉയർന്ന ശബ്ദം; 3. വിളംബരം; 4. പൊതുജനസംസാരം; 5. സ്തുതി.

ഉദ്ഘോഷിക്കുക, ഉൽ– [<സം. ഉദ്–ഘുഷ്] ക്രി. ഉച്ചത്തിൽ പറയുക, പ്രഖ്യാപിക്കുക, പരസ്യപ്പെടുത്തുക.
ഉദ്ദണ്ഡ [സം. –ദണ്ഡ] വി. 1. ഉയർന്ന തണ്ടുള്ള, ഉയർന്നുവരുന്ന തടിയോടുകൂടിയ; 2. ദണ്ഡം ഉയർത്തിപ്പിടിച്ച; 3. പാണ്ഡിത്യഗർവമുള്ള; 4. ഭയങ്കരമായ, അസാധാരണമായ.
ഉദ്ദണ്ഡത [സം. –ദണ്ഡതാ] നാ. 1. ബലം; 2. അഹങ്കാരം; 3. ദണ്ഡത്തിൽ ഭയമില്ലായ്മ, ക്രൂരത.
ഉദ്ദണ്ഡൻ [സം. –ദണ്ഡ] നാ. 1. ബലവാൻ; 2. ദുരഹങ്കാരി; 3. ക്രൂരൻ, ദുഷ്ടൻ; 4. വിദ്വാൻ; 5. പാണ്ഡിത്യഗർവമുള്ളവൻ, ഗർവുണ്ടാകുമാറു പാണ്ഡിത്യമുള്ളവൻ; 6. ഉദ്ദണ്ഡശാസ്ത്രികൾ, പുനം നമ്പൂതിരിയുടെ സമകാലികൻ, സാമൂതിരിയുടെ സദസ്സിലെ പതിനെട്ടരക്കവികളിൽ ഒരാൾ.
ഉദണ്ഡപാലകൻ [സം. –ദണ്ഡപാലക] നാ. ശിക്ഷനൽകുന്നവൻ, രാജാവ്, നീതിന്യായാധിപതി.
ഉദ്ദണ്ണം [ഉൾ–ദണ്ണം < സം. ദണ്ഡ] നാ. നിർബന്ധം, പ്രേരണം.
ഉദ്ദന്തുര [സം. ഉദ്–ദന്തുര] വി. 1. വലിയപല്ലുകളുള്ള, തള്ളിനിൽക്കുന്ന പല്ലുള്ള; 2. ഉയർന്ന, പൊക്കമുള്ള; 3. ഭയങ്കരമായ.
ഉദ്ദംശം [സം. –ദംശ] 'കടിക്കുന്നത്, കടിക്കുന്നപ്രാണി' നാ. 1. മൂട്ട; 2. പേൻ; 3. കൊതുക്.
ഉദ്ദമം [സം. –ദമ] നാ. അടക്കിയൊതുക്കൽ, മെരുക്കിയെടുക്കൽ, കീഴടക്കൽ.
ഉദ്ദാനം [സം. –ദാന] നാ. 1. ബന്ധനം, ഒരുമിച്ചു കൂട്ടിക്കെട്ടൽ; 2. നിയന്ത്രിക്കൽ, കീഴ്പ്പെടുത്തൽ, മെരുക്കൽ; 3. കെട്ടുകുറ്റി; 4. ബഡവാഗ്നി; 5. ശരീരത്തിൻെറ മധ്യഭാഗം, അരക്കെട്ട്, എളി.
ഉദ്ദാന്ത [സം. –ദാന്ത] വി. 1. വിനയമുള്ള; 2. ഊർജസ്വലതയുള്ള.
ഉദ്ദാമ [സം. ദാമൻ] 'ദാമൻ പൊട്ടിയ, കെട്ടിയ കയറുപൊട്ടിയ, കെട്ടുവിട്ട' വി. 1. ബന്ധനം പോയ, അനിയന്ത്രിതമായ, സ്വതന്ത്രമായ, തടയപ്പെടാത്ത, ധീരമായ; 2. താന്തോന്നിത്തമുള്ള, സ്വേച്ഛാനുസരണം പ്രവർത്തിക്കുന്ന, അഹങ്കാരമുള്ള; 3. ഊക്കേറിയ, ഉഗ്രമ്മായ, സാഹസികമായ; 4. തഴച്ച, വലിയ, നിസ്സീമമായ, മഹത്തായ.
ഉദ്ദാമൻ [സം.] 'ഉയർത്തിപ്പിടിച്ച കയറോടുകൂടിയവൻ' നാ. 1. വരുണൻ, പാശി; 2. യമൻ.
ഉദ്ദാമലേഖ്യം [സം. ഉദ്ദാമ–ലേഖ്യ] 'സ്വേച്ഛാനുസരണം എഴുതുന്ന രേഖ' നാ. പലിശയ്ക്കു കടം വാങ്ങുന്ന ആൾ സ്വയം എഴുതിക്കൊടുക്കുന്ന പ്രമാണം.
ഉദ്ദായം [സം. ഉദ്–ദായ] നാ. പ്രജാക്ഷോഭം, വിപ്ലവം.
ഉദ്ദാലകം [സം. –ദാലക] നാ. 1. കാട്ടുവരക്; 2. ഒരുതരം തേൻ; 3. ഒരു പർവതം; 4. ഇരുപത്തിരണ്ടു വയസ്സിനുശേഷവും ഉപനയനം കഴിക്കാത്ത ബ്രാഹ്മണന് ഉപനയനം കഴിക്കുന്നതിനുമുൻപു വിധിച്ചിട്ടുള്ള ഒരു പ്രായശ്ചിത്തം.
ഉദ്ദാലം [സം. –ദാല] നാ. 1. നറുവരി വൃക്ഷം, (വ്യാധികളെ പിളർക്കുന്നതിനാൽ); 2. ഒരുതരം നെല്ല്.
ഉദ്ദിത [സം. –ദിത < ദാ] വി. ഉദ്ദാനം ചെയ്യപ്പെട്ട, ബന്ധിക്കപ്പെട്ട.
ഉദ്ദിനം [സം. –ദിന] നാ. ഉച്ചസമയം.
ഉദ്ദിശ്യ [സം.–ദിശ്യ] അവ്യ. ഉദ്ദേശിച്ച്, വേണ്ടി.

ഉദ്ദിഷ്ട [സം. -ദിഷ്ട] വി. ഉദ്ദേശിക്കപ്പെട്ട, നിശ്ചയിക്കപ്പെട്ട, ഊന്നിയ, ലക്ഷ്യമാക്കിയ.
ഉദ്ദിഷ്ട(ക)ം [സം. -ദിഷ്ട < ദിശ്] നാ. 1. ഇഷ്ടവൃത്തം പ്രസ്തരിച്ച് എണ്ണം കണക്കാക്കുന്ന ക്രിയ; 2. ഒരു താളം.
ഉദ്ദീപക [സം. -ദീപക < ദീപ്] വി. 1. ഉദ്ദീപിപ്പിക്കുന്ന, ജ്വലിപ്പിക്കുന്ന; 2. ഉത്തേജിപ്പിക്കുന്ന.
ഉദ്ദീപകം [സം. -ദീപക] നാ. 1. ഒരുതരം പക്ഷി; 2. ചുട്ടുറുമ്പ്.
ഉദ്ദീപനം [സം. -ദീപന] നാ. 1. ഉദ്ദീപിപ്പിക്കൽ, ജ്വലിപ്പിക്കൽ, പ്രകാശിപ്പിക്കൽ; 2. (വികാരങ്ങളെ) പെരുക്കൽ, വർധിപ്പിക്കൽ, ഉത്തേജിപ്പിക്കൽ; 3. രസത്തെ ഉദ്ദീപിപ്പിക്കുന്നത്, പ്രകാശിപ്പിക്കുന്നത്; 4. ശവദാഹം.
ഉദ്ദീപനവിഭാവം [സം. ഉദ്ദീപന-വിഭാവ] നാ. അങ്കുരിതമായ രതി-ശോകാദി സ്ഥായിഭാവങ്ങളെ ഉദ്ദീപിപ്പിക്കുന്നത്, മന്ദമാരുതാദികൾ.
ഉദ്ദീപം [സം. -ദീപ] നാ. 1. ഉദ്ദീപിപ്പിക്കൽ, ജ്വലിപ്പിക്കൽ, കത്തിക്കൽ; 2. ഉത്തേജിപ്പിക്കൽ.
ഉദ്ദീപിക [സം. -ദീപികാ] നാ. ഒരുതരം ഉറുമ്പ്.
ഉദ്ദീപിക്കുക [< സം. ഉദ്-ദീപ്] ക്രി. ജ്വലിക്കുക, എരിയുക, പ്രകാശിക്കുക. (പ്രയോ.) ഉദ്ദീപിപ്പിക്കുക = പ്രകാശിപ്പിക്കുക, ഉത്തേജിപ്പിക്കുക.
ഉദ്ദീപിത [സം. -ദീപിത] വി. ഉദ്ദീപിപ്പിക്കപ്പെട്ട.
ഉദ്ദീപ്ത [സം. -ദീപ്ത] വി. ഉദ്ദീപിച്ച, പ്രകാശിച്ച, ഉത്തേജനം ഉണ്ടായ.
ഉദ്ദീപ്തി [സം. ദീപ്തി] നാ. 1. ജ്വലിക്കൽ, പ്രകാശിക്കൽ, പെരുകൽ, വർധിക്കൽ, ഉത്തേജനം; 2. വലിയ പ്രകാശം, ശോഭ.
ഉദ്ദീയാനം [സം.] നാ.. = ഉഡ്ഡിയാനം.
ഉദ്ദേശക [സം. -ദേശക] വി. 1. ഉദ്ദേശിക്കുന്ന; 2. ഉദാഹരിക്കുന്ന.
ഉദ്ദേശകം [സം.] നാ. 1. ദൃഷ്ടാന്തം; 2. ചോദ്യം, പ്രശ്നം.
ഉദ്ദേശം1 [സം. -ദേശ] 'ചൂണ്ടിക്കാണിക്കുന്നത്, ദിക്ക്, ലക്ഷ്യം' നാ. 1. ഉന്നം, ലക്ഷ്യം, ലാക്ക്, അഭീഷ്ടലക്ഷ്യം, പ്രാപിക്കണമെന്നോ ലഭിക്കണമെന്നോ ആഗ്രഹിക്കുന്നത്; 2. സംശയം; 3. അഭിപ്രായം, വിചാരം; 4. നാമംകൊണ്ടു നിർദേശിക്കൽ, പിന്നീട് വിശദമായി പ്രതിപാദിക്കാൻ പോകുന്ന ഒരു വിഷയത്തിൻെറയോ മറ്റോ നാമസൂചന; 5. സ്ഥലം.
ഉദ്ദേശം2 [സം.] അവ്യ. ഏകദേശം, ഏതാണ്ട്, സുമാർ.
ഉദ്ദേശിക [സം. ഉദ്-ദേശികാ] നാ. നാലാമത്തെ വിഭക്തി.
ഉദ്ദേശിക്കുക [< സം. ഉദ്-ദിശ്] ക്രി. 1. ലക്ഷ്യമാക്കുക, ഉന്നുക, മനസ്സിൽ കരുതുക, വിചാരിക്കുക, ഒന്നുചെയ്യണമെന്നു ഉറയ്ക്കുക, സങ്കൽപിക്കുക; 2. ഊഹിച്ചു നിശ്ചയിക്കുക.
ഉദ്ദേശ്യം [സം.-ദേശ്യ] നാ. 1. ഉദ്ദേശിക്കപ്പെടുന്നത്, ഉന്നം, ലക്ഷ്യം; 2. മുഖ്യവിഷയം, പ്രതിപാദ്യം.
ഉദ്ദേഹിക [സം. ഉദ്ദേഹിക < ഉദ്-ദിഹ്] 'മേൽപ്പോട്ടു പുറ്റ് ഉണ്ടാക്കുന്നത്' നാ. ചിതൽ.
ഉദ്ധത [സം. -ഹത] വി. 1. ഉയർത്തപ്പെട്ട, പൊക്കിയ; 2. പെരുകിയ, ഉജ്വലിപ്പിച്ച, തീവ്രത വർധിപ്പിച്ച; 3. പൊങ്ങിയ, ഉന്നതമായ; 4. അത്യധികമായ; 5. അഹങ്കരിക്കുന്ന, ധിക്കാരമുള്ള; 6. മദത്തോടുകൂടിയ, ഉല്ലാസപൂർണമായ; 7. ആടോപത്തോടുകൂടിയ, പ്രൗഢിയുള്ള, മഹിമയുള്ള. നാ. ഉദ്ധതത്വം, ഔദ്ധത്യം.

ഉദ്ധതൻ [സം.] നാ. അന്യരെ താഴ്ത്തി സ്വയം പുകഴ്ത്തുന്ന കവി.
ഉദ്ധതം [സം.] നാ. 1. അനുപ്രാസരീതി; 2. ഒരു രചനാരീതി.
ഉദ്ധതി [സം. ഉദ്-ഹതി] നാ. 1. അഹങ്കാരം; 2. അഭിമാനം; 3. മുട്ടാളത്തം, ധിക്കാരം; 4. ഉത്സാഹം; 5. ഉയർച്ച.
ഉദ്ധമ [സം. -ധമ < ധ്മാ] വി. 1. ഊതുന്ന; 2. കിതയ്ക്കുന്ന.
ഉദ്ധർത്തവ്യ [സം. -ധർതവ്യ] വി. 1. വലിച്ച് ഊരത്തക്ക, ഊരിയെടുക്കത്തക്ക; 2. ഉദ്ധരിക്കുവാൻ യോഗ്യമായ, ഉദ്ധരിക്കത്തക്ക.
ഉദ്ധർത്താ(വ്) [സം. -ധർതൃ] നാ. ഉദ്ധരിക്കുന്നവൻ, പൊക്കിയെടുക്കുന്നവൻ, വീണ്ടെടുക്കുന്നവൻ, രക്ഷകൻ.
ഉദ്ധർമം [സം. -ധർമ] നാ. പാഷണ്ഡധർമം, നാസ്തികമതം.
ഉദ്ധർഷണം [സം. -ഹർഷണ < ഹൃഷ്] നാ. ഉത്സാഹിപ്പിക്കൽ, പ്രോത്സാഹനം നൽകൽ, ചൊടിപ്പിക്കൽ.
ഉദ്ധർഷം [സം. -ധർഷ < ധൃഷ്] നാ. 1. വർധിച്ച ധൃഷ്ടത, ധൈര്യം; 2. [സം.-ഹർഷ] സന്തോഷം; 3. ഉത്സവം.
ഉദ്ധർഷി [സം. -ഹർഷിൻ] നാ. (സന്തോഷാധിക്യത്താൽ) രോമാഞ്ചം കൊണ്ടവൻ. (സ്ത്രീ) ഉദ്ധർഷിണി.
ഉദ്ധർഷിണി [സം. -ഹർഷിണീ < ഹൃഷ്] നാ. ഒരുവൃത്തം, വസന്തതിലകം.
319
ഉദ്ധരണം [സം. -ധരണ < ധൃ/ഹരണ < ഹൃ] നാ. 1. പൊക്കൽ, പൊക്കിയെടുക്കൽ; 2. വലിച്ചൂരിയെടുക്കൽ. ഉദാ: കണ്ടകോദ്ധരണം; 3. (വസ്ത്രാദികൾ) ഊരിവയ്ക്കൽ, ഉരിഞ്ഞുമാറ്റൽ; 4. വേരോടെപറിക്കൽ, ഉന്മൂലനം; 5. കവ്യരചനയിൽ പദങ്ങളെ എടുത്തുമാറ്റൽ; 6. മറ്റൊന്നിൽനിന്ന് എടുത്തുചേർക്കൽ, മറ്റുള്ളവരുടെ അഭിപ്രായമോ മറ്റോ ചേർക്കൽ, അങ്ങനെ എടുത്തുചേർക്കുന്ന ഭാഗം; 7. അപകടത്തിൽനിന്നു രക്ഷിക്കൽ; 8. കടം വീട്ടൽ; 9. മോക്ഷം, മുക്തി.
ഉദ്ധരണി [സം. -ധരണി < ധൃ] 'കോരിയെടുക്കാനുള്ളത്' നാ. 1. ചെറിയ തവി, സ്പൂൺ, മുക്കിക്കോരിയെടുക്കാനുള്ള പാത്രം; 2. തീർഥജലമെടുക്കാനുള്ള ചെറുകരണ്ടി; 3. കൊടിൽ; 4. ഗ്രന്ഥത്തിൽ വേറൊരിടത്തുനിന്ന് എടുത്തു ചേർത്തിരിക്കുന്നുവെന്നു സൂചിപ്പിക്കാൻ ആദിയിലും അന്തത്തിലും ഉപയോഗിക്കുന്ന ചി ം ("-", '-' എന്ന പോലെ).
ഉദ്ധരിക്കുക1 [< സം. ഉദ്-ധൃ] ക്രി. 1. പൊക്കുക, പൊക്കിയെടുക്കുക, വെള്ളത്തിനടിയിൽനിന്നു ഉയർത്തുക; മോചിപ്പിക്കുക; 3. രക്ഷിക്കുക, വീണ്ടെടുക്കുക.
ഉദ്ധരിക്കുക2 [<സം. ഉദ്-ഹൃ] ക്രി. 1. പറിക്കുക, വലിച്ചൂരിയെടുക്കുക; 2. എടുത്തുകാണിക്കുക, മറ്റൊരുഗ്രന്ഥത്തിൽനിന്നോ മറ്റോ എടുത്തുചേർക്കുക, മറ്റൊരാളിൻെറ വാക്കുകളെ ഉദാഹരണമായോ പ്രമാണമായോ അതേപടി ആവർത്തിക്കുക.
ഉദ്ധവൻ [സം. ഉദ്ധവ] നാ. ഒരു യാദവൻ, വാസുദേവൻെറ സഹോദരനായ ദേവഭാഗൻെറ പുത്രൻ.
ഉദ്ധവം [സം. ഉദ്-ഹവ < ഹു] നാ. 1. യാഗാഗ്നി; 2. ഉത്സവം; 3. സന്തോഷം, ആഹ്ലാദം.
ഉദ്ധസ്ത [സം. -ഹസ്ത] വി. കൈപൊക്കിയ, ഉദാ: ഉദ്ധസ്തനായി അനുഗ്രഹാശിസ്സു നൽകുക.

ഉദ്ധാന [സം. –ഹാന < ധ്മാന] വി. 1. കമട്ടിയ, ഛർദിച്ച; 2. വീണുപോയ; 3. തടിച്ച; 4. ഉയർന്ന, കയറിയ.
ഉദ്ധാനം [സം.] നാ. 1. ഛർദി; 2. അടുപ്പ്; 3. സേനാവിന്യാസക്രമങ്ങളിൽ ഒന്ന്, അസംഹതവ്യൂഹത്തിനുള്ള ഭേദങ്ങളിൽ ഒന്ന്.
ഉദ്ധാര [സം. –ധാരാ] നാ. അമൃതവള്ളി.
ഉദ്ധാരക [സം. –ധാരക] വി. 1. ഉദ്ധരിക്കുന്ന, പൊക്കുന്ന; 2. കൊടുത്തുതീർക്കുന്ന, കടംവീട്ടുന്ന.
ഉദ്ധാരകൻ [സം. –ധാരക] 'ഉദ്ധരിക്കുന്നവൻ, പൊക്കിയെടുക്കുന്നവൻ' നാ. കരംപിരിവുകാരൻ.
ഉദ്ധാരണം [സം. –ധാരണ] നാ. 1. ഉദ്ധരിക്കൽ, ഉയർത്തൽ, താണസ്ഥിതിയിൽനിന്നും ഉയർന്നസ്ഥിതിയിലേക്കു കൊണ്ടുവരൽ; 2. ആപത്തിൽനിന്നു രക്ഷിക്കൽ, വിമോചിപ്പിക്കൽ.
ഉദ്ധാരം [സം. –ധാര < ധൃ] നാ. 1. ഉയർത്തൽ; 2. ഉദ്ധരിക്കൽ, മോചനം, മുക്തി, വീണ്ടെടുക്കൽ, രക്ഷണം; 3. ഐശ്വര്യം, ഉയർച്ച; 4. എടുത്തുകാണിക്കൽ, മറ്റു ഗ്രന്ഥങ്ങളിൽ നിന്നോ മറ്റോ എടുത്തു ചേർക്കൽ; 5. കടം; 6. വിഭജനം; 7. യുദ്ധത്തിൽ ശത്രുവിനെ കൊള്ളയിട്ടു പിടിച്ചെടുത്തവകയിൽനിന്നു രാജാവിനു ചെല്ലേണ്ട ഷഡ്ഭാഗം; 8. മൊത്തത്തുകയിൽനിന്നു നീക്കിവയ്ക്കുന്ന ഭാഗം, നീക്കിവയ്പ്പ്, കുറവുചെയ്യൽ; 9. മറ്റുപുത്രന്മാരെക്കാൾ അധികമായി മൂത്തപുത്രനുകൊടുക്കുന്ന ഭാഗം, ജ്യേഷ്ഠാംശം; 10. പദ്മാദിബന്ധശ്ലോകങ്ങളിൽ പ്രതേകസങ്ഗതി ചൂചിപ്പിക്കുന്ന പദബന്ധം; 11. അടുപ്പ്.
ഉദ്ധത [സം.] വി. = ഉദ്ധത.
ഉദ്ധുര [സം. –ധുര] 'ഭാരത്തിൽ നിന്നു മോചിച്ച' വി. 1. സ്വതന്ത്രമായ, ഉച്ഛൃംഖലമായ; 2. ഉത്സാഹമുള്ള, ആഹ്ലാദമുള്ള; 3. ഉന്നതമായ, ഉച്ചത്തിലുള്ള, പ്രൗഢമായ.
ഉദ്ധൂത [സം. –ധൂത] വി. 1. ഉലയ്ക്കപ്പെട്ട, കുലുക്കപ്പെട്ട; 2. ഇളകിപ്പൊന്തിയ, ക്ഷോഭിച്ച; 3. ഉയർത്തപ്പെട്ട, മുകളിലേക്ക് എറിയപ്പെട്ട, ഉത്ക്ഷേപണം ചെയ്യപ്പെട്ട; 4. ഉയർന്ന, ഉച്ചത്തിലുള്ള.
ഉദ്ധൂതം [സം. –ധൂത] നാ. 1. ചവിട്ട്; 2. മേലോട്ട് എറിയൽ; 3. യുദ്ധകർമത്തിലെ (മുഷ്ടിയുദ്ധത്തിലെ) ഒരു പ്രയോഗം.
ഉദ്ധൂനനം [സം. –ധൂനന] നാ. 1. ഇളക്കൽ, ഉലയ്ക്കൽ; 2. മേൽപ്പോട്ട് എറിയൽ, ദൂരെയാക്കൽ.
ഉദ്ധൂപനം [സം. –ധൂപന] 'ഉദ്ധൂപിപ്പിക്കൽ' നാ. പുകപിടിപ്പിക്കൽ, പുകയ്ക്കൽ.
ഉദ്ധൂയ [സം. –ധൂയ] അവ്യ. ഉദ്ധൂനനം ചെയ്തിട്ട്, ദൂരെയാക്കിയിട്ട്.
ഉദ്ധൂലനം [സം. –ധൂലന] നാ. = ഉദ്ധൂളനം.
ഉദ്ധൂഷണം [സം. –ധൂഷണ < ധർഷണ] നാ. 1. രോമാഞ്ചം; 2. തുരപ്പണം, തമര്.
ഉദ്ധൂളനം [സം. –ധൂലന] നാ. പൊടിയാക്കൽ, പൊടിപൂശൽ, പൊടിവിതറൽ. ഉദാ: ഭസ്മോദ്ധൂളനം = ഭസ്മം പൂശൽ.
ഉദ്ധൂളിത [സം. –ധൂലിത] വി. 1. ഉദ്ധൂളനം ചെയ്യപ്പെട്ട, പൊടി അഥവാ ഭസ്മം പൂശിയ; 2. (ഭസ്മം എന്നപോലെ) തൂറ്റിയ, ചിതറിയ, പറത്തിയ.
ഉദ്ധൃത [സം. –ധൃത] വി. 1. വലിച്ചുകയറ്റപ്പെട്ട, ഉയർത്തപ്പെട്ട, പൊക്കിയ; 2. പിഴുതെടുത്ത, വലിച്ചെടുത്ത; 3. താണനിലയിൽനിന്നും ഉയർന്ന സ്ഥിതിയിലേക്കു എത്തിച്ച, വിപത്തിൽനിന്നു പൊക്കിയെടുത്ത, രക്ഷിച്ച; 4. തെരഞ്ഞെടുക്കപ്പെട്ട,

വേർതിരിച്ചെടുക്കപ്പെട്ട; 5. ഉദാഹരണമായോ പ്രമാണമായോ ഉദ്ധരിച്ച, മറ്റു ഗ്രന്ഥങ്ങളിൽനിന്നോ മറ്റോ എടുത്തു ചേർത്ത; 6. ആവരണം നീക്കപ്പെട്ട; 7. ഉയർന്ന, പൊന്തിയ, വലുതായ.
ഉദ്ധൃതി [സം. -ധൃതി] നാ. = ഉദ്ധാരം.
ഉദ്ധൃത്യ [സം. -ധൃത്യ] അവ്യ. ഉദ്ധരിച്ചിട്ട്.
ഉദ്ധ്വസ്ത [സം. ധ്വസ്ത < ധ്വംസ്] വി. 1. ഉദ്ധ്വംസിക്കപ്പെട്ട, തട്ടിത്തകർത്ത, ഛിന്നഭിന്നമായ; 2. കൊല്ലപ്പെട്ട.
ഉദ്ബണ വി. = ഉല്ബണ.
ഉദ്ബന്ധകൻ [സം. -ബന്ധക] നാ. ഒരു സങ്കരജാതി, വെളുത്തേടൻ
ഉദ്ബന്ധ(ന)ം [സം. -ബന്ധന < ബന്ധ്] നാ. 1. കെട്ടിത്തൂക്കൽ; 2. തൂങ്ങിച്ചാകൽ, കെട്ടിഞ്ഞാന്നുചാകൽ.
ഉദ്ബല [സം. -ബല] വി. ശക്തിയുള്ള.
ഉദ്ബലക [സം. -ബലക] വി. ബലപ്പെടുത്തുന്ന.
ഉദ്ബാഷ്പ [സം. -ബാഷ്പ] വി. കണ്ണീർ നിറഞ്ഞ.
ഉദ്ബാഹു [സം. -ബാഹു] വി. കൈയ്ഉയർത്തിയ.
ഉദ്ബില [സം. -ബില] വി. ബിലത്തിൽനിന്നു പുറത്തേക്കുവന്ന.
ഉദ്ബുദ [സം. -ബുദ] വി. കുമിളപോലെ പൊന്തിവരുന്ന, 'ഉദ്ബുദ്ബുദ' നോക്കുക. ഉദ്ബുദവിസർപ്പം = ഒരുതരം വിസർപ്പം.
ഉദ്ബുദ്ധ1 [സം. -ബുദ്ധ < ബുദ്] വി. 1. ഉദ്ബോധിപ്പിക്കപ്പെട്ട, ഉണർത്തപ്പെട്ട, ഉണർന്ന; 2. വികസിച്ച; 3. ഉദ്ബോധം സിദ്ധിച്ച, പ്രബുദ്ധതയുള്ള.
ഉദ്ബുദ്ധ2 [സം. -ബുദ്ധാ] നാ. ജാരനിൽ അനുരക്തയായവൾ.
ഉദ്ബുദ്ബുദ [സം. -ബുദ്ബുദ] വി. നീർപ്പോളകൾ പൊന്തിവന്ന.
ഉദ്ബോധകൻ [സം.-ബോധക] 'ഉണർത്തുന്നവൻ' നാ. സൂര്യൻ.
ഉദ്ബോധനം [സം. -ബോധന] നാ. 1. ഉദ്ബോധിപ്പിക്കൽ, ഉണർത്തൽ; 2. അറിയിക്കൽ, ഓർമിപ്പിക്കൽ.
ഉദ്ബോധിപ്പിക്കുക [< സം. ഉദ്-ബുധ് (പ്രയോ.)] ക്രി. 1. ഉണർത്തുക; 2. ഓർമിപ്പിക്കുക, അറിയിക്കുക; 3. ഉത്തേജനം നൽകുക.
ഉദ്ഭട [സം. -ഭട] വി. 1. ശ്രേഷ്ഠമായ, മഹിമയുള്ള; 2. 2. ശക്തിമത്തായ, ഊക്കേറിയ.
ഉദ്ഭടൻ [സം. -ഭട] നാ. 1. സമർഥൻ; 2. സൂര്യൻ.
ഉദ്ഭടം [സം. -ഭട] നാ. 1. ആമ; 2. മുറം; 3. എരിക്ക്.
ഉദ്ഭടസ്വാനൻ [സം. ഉദ്ഭട-സ്വാന] നാ. ഗണപതി.
ഉദ്ഭം [സം. ഉദ്ഭ] നാ. 1. വിസ്താരം; 2. മുളച്ചുണ്ടാകുന്ന ചെടി മുതലായത്, ഉദ്ഭിത്ത്.
ഉദ്ഭവം, ഉത്-, ഉൽ- [സം. ഉദ്-ഭവ] നാ. 1. ജനനം; 2. ഉത്പത്തി.
ഉദ്ഭവമുദ്ര [സം. ഉദ്ഭവ-മുദ്രാ] നാ. (നാട്യ.) ഹസ്തമുദ്രകളിൽ ഒന്ന്.
ഉദ്ഭവിക്കുക, ഉത്- [സം. ഉദ്-ഭവിക്കുക] ക്രി. ഉണ്ടാവുക, ജനിക്കുക.
ഉദ്ഭാണ്ഡീകൃതൻ, ഉൽ- [സം. ഉദ്-ഭാണ്ഡീകൃത] നാ. അധികാരം ചുമക്കുന്നവൻ.
ഉദ്ഭാവ(ന)ം, ഉത്- [സം. -ഭാവനാ-ന] നാ. 1. വിചാരിക്കൽ, സങ്കൽപിക്കൽ, സങ്കൽപം, കൽപന; 2. ഉത്പാദനം, സൃഷ്ടി.

ഉദ്ഭാസി [സം. -ഭാസിൻ] വി. 1. അതിപ്രകാശമുള്ള, ശോഭായമാനമായ; 2. പ്രകാശിപ്പിക്കുന്ന.
ഉദ്ഭാസിക്കുക [< സം. ഉദ്-ഭാസ്] ക്രി. ശോഭിക്കുക.
ഉദ്ഭാസിത [സം. -ഭാസിത] വി. 1. പ്രകാശിതമായ, ശോഭിക്കുന്ന; 2. അറിയപ്പെട്ട.
ഉദ്ഭിജ്ജം, ഉദ്ഭിജം [സം. -ഭിദ്-ജ] നാ. 1. മുളച്ചുണ്ടാകുന്ന ചെടി, മരം മുതലായവ; 2. ചെടിയുടേയോ മരത്തിൻെറയോ കൂമ്പ്.
ഉദ്ഭിത്ത് [സം. -ഭിദ്] നാ. 1. മുളച്ചുണ്ടാകുന്ന ചെടി മുതലായവ; 2. ഊറ്റ്, നീരുവ; 3. ഒരു യാഗം.
ഉദ്ഭിദ [സം. -ഭിദ] വി. മുളയ്ക്കുന്ന, കൂമ്പുവരുന്ന.
ഉദ്ഭിദം [സം. -ഭിദ] നാ. 1. ചെടിയുടെ മുള; 2. കൂമ്പ്; 3. കറിയുപ്പ്; 4. ഊറ്റ്, നീരുറവ.
ഉദ്ഭിദ്വിദ്യ [സം. ഉദ്ഭിദ്-വിദ്യാ] നാ. സസ്യശാസ്ത്രം.
ഉദ്ഭിന്ന [സം. -ഭിന്ന] വി. 1. പൊട്ടിപ്പുറപ്പെട്ട, പ്രത്യക്ഷപ്പെട്ട; 2. ഉദ്ഭവിച്ച, മുളച്ച; 3. കൂമ്പുവന്ന.
ഉദ്ഭൂത [സം. -ഭൂത] വി. ഉദ്ഭവിച്ച, ജനിച്ച; 2. ഉയർന്നുവന്ന, ഉണ്ടായ.
ഉദ്ഭൂതം [സം. -ഭൂത] നാ. സ്വയംഭൂവായ ശിവലിങ്ഗം.
ഉദ്ഭൂതി [സം. -ഭൂതി] നാ. 1. ഉത്പത്തി, വെളിപ്പെടൽ, ജനനം; 2. ഉയർച്ച, ഔന്നത്യം; 3. വർധന.
ഉദ്ഭൃത [സം. -ഭൃത് < ഭൃ] വി. ഭാരം കയറ്റിയ.
ഉദ്ഭേദജം [സം. ഉദ്ഭേദ-ജ] നാ. ചമ്പാരിയുപ്പ്, ഉവരുപ്പ്.
ഉദ്ഭേദ(ന)ം [സം. -ഭേദന] നാ. പൊട്ടിപ്പുറപ്പെടൽ, പുറത്തുവരൽ; 2. വരവ്, പ്രത്യക്ഷപ്പെടൽ; 3. വളർച്ച; 4. ഊറ്റ്; 5. രോമാഞ്ചം; 6. (നാടകത്തിൽ) മുഖസന്ധിയിലെ പന്ത്രണ്ട് അങ്ഗങ്ങളിൽ ഒന്ന്.
ഉദ്ഭേദിക്കുക [< സം. ഉദ്-ഭിദ്] ക്രി. പൊട്ടിപ്പുറപ്പെടുക, പ്രത്യക്ഷപ്പെടുക, പുറത്തുവരിക.
ഉദ്ഭേദിനി [സം. -ഭേദിനീ] നാ. മീനബാണം, ടോർപിഡോ.
ഉദ്ഭ്രമം [സം. -ഭ്രമ്മ < ഭ്രമ്] നാ. 1. പതറൽ, പതർച്ച, പരിഭ്രമം, മനസ്സു സ്ഥിരമായിനിൽക്കാതിരിക്കൽ, ഭയപ്പാട്, എന്തുചെയ്യണമെന്നറിയാതെയുള്ള ഉഴൽച്ച, ചുറ്റിത്തിരിയൽ; 2. കുണ്ഠിതം.
ഉദ്ഭ്രാന്ത [സം. -ഭ്രാന്ത] വി. 1. ഉദ്ഭ്രമം നേരിട്ട, ഭയപ്പെട്ട, സംഭ്രമിച്ച, കുഴങ്ങിയ; 2. ദു:ഖിച്ച, കുണ്ഠിതം പൂണ്ട, മനസ്സു ക്ഷോഭിച്ച; 3. ചുഴറ്റിയ, (വാൾ) വീശിയ; 4. മേലോട്ടുകുതിച്ച, പൊന്തിയ.
ഉദ്ഭ്രാന്തം [സം. ഉദ്-ഭ്രാന്ത] നാ. ഖഡ്ഗപ്രയോഗത്തിൽ ഒരു വിധം.
ഉദ്യത [സം. -യത < യമ്] വി. 1. ഉയർത്തപ്പെട്ട; 2. ഉദ്യമിച്ച, ഉത്സാഹിച്ച, ഒരുങ്ങിയ, തയ്യാറായ, പ്രയത്നം ചെയ്യുന്ന.
ഉദ്യതനം [സം. -യതന < യത്] നാ. 1. ഉയർത്തൽ; 2. പ്രയത്നം; 3. ഉത്സാഹം.
ഉദ്യതം [സം. -യത] നാ. 1. ഭാഗം, അദ്ധ്യായം; 2. ഒരു താളം.
ഉദ്യതി [സം. -യതി] നാ. 1. ഉയർത്തൽ; 2. പ്രയത്നം.
ഉദ്യത്ത് [സം. -യത് < ഉദ്-ഇ] വി. 1. ഉദിച്ചുയരുന്ന, പൊങ്ങുന്ന; 2. പ്രത്യക്ഷപ്പെട്ട, പുറത്തുവന്ന; 3. പ്രകാശിക്കുന്ന; 4. വർധിക്കുന്ന.
ഉദ്യമനം [സം. -യമന] നാ. 1. ഉയർത്തൽ; 2. പ്രയത്നം, പരിശ്രമം.

ഉദ്യമം [സം. -യമ] 'ഉയർത്തൽ' നാ. 1. പ്രയത്നം, ശ്രമം, ഉത്സാഹം; 2. ഒരുങ്ങൽ, തുടക്കം, തയ്യാറെടുപ്പ്; 3. ഒരു നാട്യാലങ്കാരം.

ഉദ്യമി [സം. -യമിൻ] 'ഉദ്യമിക്കുന്നവൻ' നാ. പരിശ്രമശീലൻ.

ഉദ്യമിക്കുക [സം. -യമ്] ക്രി. 1. പ്രയത്നിക്കുക, പരിശ്രമിക്കുക; 2. ഒരുങ്ങുക, തുടങ്ങുക, ഉത്സാഹിക്കുക.

ഉദ്യമ്യ [സം. -യമ്യ] അവ്യ. ഉദ്യമിച്ചിട്ട്, പൊക്കിപ്പിടിച്ചിട്ട്.

ഉദ്യാത [സം. -യാത] വി. പുറത്തുപോയ.

ഉദ്യാനകം [സം.] നാ. 1. ഉദ്യാനം; 2. മാൻ മുതലായ ജന്തുക്കളെ വളർത്തുന്നതിനു വളച്ചുകെട്ടിയ സ്ഥലം; 3. നാല് അനീകങ്ങളെ ഉദ്യാനത്തിന്റെ ആകൃതിയിൽ സ്ഥാപിച്ചിട്ടുള്ള സേനാവ്യൂഹം.

ഉദ്യാനകർമം [സം. ഉദ്യാന-കർമൻ] നാ. തോട്ടമുണ്ടാക്കൽ.

ഉദ്യാനകല [സം. ഉദ്യാന-കലാ] നാ. പൂന്തോട്ടം ഉണ്ടാക്കുന്ന വിദ്യ.

ഉദ്യാനപാലകൻ [സം. -പാലക] നാ. ഉദ്യാനത്തെ സംരക്ഷിക്കുന്നവൻ. (സ്ത്രീ.) ഉദ്യാനപാലിക.

ഉദ്യാനം [സം. ഉദ്-യാന] 'ഉദ്യാന്തി അത്ര, ഉത്സാഹത്തോടെ പോകുന്നിടം, വിനോദത്തിനു ചുറ്റിനടക്കാനുള്ള സ്ഥലം' നാ. 1. പൂങ്കാവ്; 2. രാജാക്കന്മാർക്കു ക്രീഡയ്ക്കും നായാട്ടിനും മറ്റുമുള്ള വനം.

ഉദ്യാനവിരുന്ന് [സം. ഉദ്യാന-മ. വിരുന്ന്] നാ. ഉദ്യാനത്തിൽവച്ചു നടത്തുന്ന ലഘുഭോജനാദിസത്കാരം.

321

ഉദ്യാപനം [സം. ഉദ്-യാപന] നാ. പൂർത്തിയാക്കൽ, സമാപനം, സമാപ്തി.

ഉദ്യാപിത [സം. -യാപിത] വി. ഉദ്യാപനം ചെയ്ത, പൂർത്തിയാക്കിയ, അവസാനിപ്പിച്ച, സാധിച്ച.

ഉദ്യാമം [സം. -യാമ] നാ. 1. ഉയർത്തൽ, വലിച്ചുനീട്ടൽ; 2. കയറ്.

ഉദ്യാവം [സം. -യാവ < ഉദ്-യു] നാ. കൂട്ടിക്കലർത്തൽ, യോജിപ്പിക്കൽ, ചേർക്കൽ.

ഉദ്യുക്ത [സം. -യുക്ത < യുജ്] വി. 1. ഉദ്യോഗിച്ച, പരിശ്രമിച്ച, തയ്യാറായ; 2. ആരംഭിച്ച, തുനിഞ്ഞ, മുതിർന്ന, ഏർപ്പെട്ട.

ഉദ്യോഗപർവം [സം. ഉദ്യോഗ-പർവൻ] നാ. യുദ്ധോദ്യോഗം വർണിക്കുന്ന പർവം, മഹാഭാരതത്തിലെ അഞ്ചാമത്തെ പർവം.

ഉദ്യോഗം [സം. ഉദ്-യോഗ < യുജ്] നാ. 1. ഏറ്റെടുപ്പ്, തുടക്കം, സമാരംഭം; 2. ഉത്സാഹം, പ്രത്യേക താത്പര്യം, അഭിനിവേശം; 3. പരിശ്രമം, ഒന്നിൽ തുടർച്ചയായി മനസ്സുവച്ചു ചെയ്യുന്ന അധ്വാനം; 4. ജോലി, സേവനം; 5. സർക്കാർകാര്യാലയത്തിലും മറ്റും സേവനത്തിനുവേണ്ടിയുള്ള നിയമനം., സർക്കാർജീവനം, അധികാരവും ചുമതലയുമുള്ള ജോലി.

ഉദ്യോഗശാല [സം. ഉദ്യോഗ-ശാല] നാ. ഉദ്യോഗകാര്യാലയം.

ഉദ്യോഗശാലി [സം. -ശാലിൻ] നാ. പ്രയത്നശാലി, തത്പരൻ, ഉത്സാഹമുള്ളവൻ, ഒരുങ്ങിയവൻ. (സ്ത്രീ.) ഉദ്യോഗശാലിനി.

ഉദ്യോഗസ്ഥൻ [സം. -സ്ഥ] നാ. ഉദ്യോഗം വഹിക്കുന്നവൻ, സർക്കാർസ്ഥാപനങ്ങളിലേയും മറ്റും ജീവനക്കാരൻ, പ്രത്യേകം ചുമതലയ്ക്ക്

ഏർപ്പെടുത്തപ്പെട്ട ആൾ, അധികാരത്തിൽ നിയോഗിക്കപ്പെട്ട വ്യക്തി, അധികാരസ്ഥൻ. (സ്ത്രീ.) ഉദ്യോഗസ്ഥ.
ഉദ്യോഗി [സം. ഉദ്-യോഗിൻ] നാ. പ്രയത്നശാലി, പരിശ്രമി, ഉത്സാഹമുള്ളവൻ. (സ്ത്രീ.) ഉദ്യോഗിനി.
ഉദ്യോഗിക്കുക [<സം. ഉദ്-യുജ്] ക്രി. പ്രയത്നിക്കുക, ഉത്സാഹിക്കുക.
ഉദ്യോത [സം. ഉദ്-ദ്യോത < ദ്യുത്] വി. പ്രകാശിച്ച, മിന്നിത്തിളങ്ങുന്ന, ശോഭിക്കുന്ന.
ഉദ്യോതം [സം. -ദ്യോത] 'ഉദ്യോതിക്കുന്നത്, തിളങ്ങുന്നത്' നാ. ശോഭ, പ്രകാശം.
ഉദ്യോതമാന [സം. -ദ്യോതമാന] വി. പ്രകാശിച്ചുകൊണ്ടിരിക്കുന്ന.
ഉദ്രങ്കം, അദ്രങ്ഗം [സം. ഉദ്രങ്ക, ഉദ്രങ്ഗ] നാ. ഹരിശ്ചന്ദ്രൻെറ നഗരം. ആകാശത്തിൽ സ്ഥിതിചെയ്യുന്നു എന്നു സങ്കൽപം.
ഉദ്രഥം [സം. ഉദ്-രഥ] നാ. 1. രഥത്തിൻെറ അച്ചുതണ്ട് ഉറപ്പിക്കുന്ന ആണി, രഥകീലം; 2. പൂവൻകോഴി.
ഉദ്രം, ഉദ്ര [സം. ഉദ്ര] നാ. നീർപ്പൂച്ച, നീർനായ്.
ഉദ്രസം [സം. ഉദ്-രസ] അവ്യ. വർധിച്ച, രസത്തോടുകൂടി, ആഹ്ലാദത്തോടുകൂടി.
ഉദ്രസാതിന [സം. ഉദ്ര-സാതിനാ] നാ. ഉദ്രത്തിൻെറ (നീർനായുടെ) തോല്.
ഉദ്രാവം [സം. ഉദ്-രാവ] നാ. ഉച്ചത്തിലുള്ള ശബ്ദം, കൂക്കിവിളി.
ഉദ്രിക്ത [സം. -രിക്ത < രിച്] വി. 1. വർധിച്ച, പ്രമുഖമായ, മുന്തിനിൽക്കുന്ന, അത്യധികമായ, ധാരാളമായ; 2. കൂടുതലായ, അവശേഷിച്ച, അധികമായ.
ഉദ്രുജ [സം. ഉദ്-രുജ] വി. നശിപ്പിക്കുന്ന, ഉടയ്ക്കുന്ന.
ഉദ്രേക [സം. -രേകാ] നാ. വലിയവേപ്പ്, മഹാനിംബം.
ഉദ്രേകം [സം. -രേക < രിച്] നാ. 1. ആധിക്യം, പെരുപ്പം; 2. മേന്മ, ഉത്കൃഷ്ടത.
ഉദ്രേകി [സം. -രേകിൻ] വി. 1. വർധിക്കുന്ന, പെരുകിയ; 2. സമൃദ്ധമായ; 3. ഊക്കമുള്ള, ശക്തിയേറിയ.
ഉദ്രോധനം [സം. -രോധന < രുധ്] നാ. 1. വളർച്ച; 2. ഉയരൽ.
ഉദ്വത്ത് [സം. ഉദ്-വത്] വി. 1. ഉയർന്ന; 2. മഹത്തായ.
ഉദ്വത്സരം [സം. -വത്സര] നാ. 1. സംവത്സരം, വർഷം; 2. ബൃഹസ്പതിചക്രത്തിലെ ഒടുവിലത്തെ ആണ്ട്.
ഉദ്വപനം [സം. -വപന < വപ്] 'ഒഴിച്ചുകളയൽ, പൊഴിക്കൽ' നാ. 1. സമ്മാനം; 2. ദാനം; 3. കുലുക്കിയൊഴിക്കൽ.
ഉദ്വമനം [സം. -വമന < വമ്] നാ. പുറത്തേക്കു തള്ളൽ, ഛർദി, തേട്ടൽ.
ഉദ്വമിക്കുക [സം. -വമ്] ക്രി. 1. വെളിയിൽ വിടുക, പുറത്തേക്കുതള്ളുക; 2. ഛർദിക്കുക.
ഉദ്വമിത [സം. -വമിത < വമ്] വി. ഉദ്വമനം ചെയ്യപ്പെട്ട, ഛർദിച്ച.
ഉദ്വർത്ത [സം. -വർത] വി. 1. അധികമായ, ആവശ്യത്തിൽക്കവിഞ്ഞ; 2. ശേഷിച്ച.
ഉദ്വർത്തക [സം. -വർതക] വി. 1. ഉയർത്തുന്ന; 2. വർധിക്കുന്ന.

ഉദ്വർത്തനം [സം. -വർതന] നാ. 1. ഉയരൽ, മുകളിലേക്കുപോകൽ; 2. വിത്തുപൊട്ടി മുളയുണ്ടാകൽ, അങ്കുരണം; 3. വീങ്ങൽ; 4. ഇടിക്കൽ, പൊടിക്കൽ; 5. ഉത്സാദനം, നവരക്കിഴിയിടൽ, ഊന്നൽ, തിരുമ്മൽ, ഉഴിച്ചിൽ, തേക്കൽ, പൂശൽ, ഗന്ധദ്രവ്യാദികൾ പുരട്ടിത്തടവൽ, മെഴുക്കുകളയൽ; 6. പൊള്ളുന്ന തൈലങ്ങളും മറ്റും പുറത്തു തളിക്കൽ, (അപ്രകാശദണ്ഡത്തിലെന്നപോലെ); 7. ശരീരത്തിൽ പുരട്ടാനോ, പൂശാനോ ഉള്ള സുഗന്ധദ്രവ്യം; 8. അഭിവൃദ്ധി, ഉത്പതനം.

ഉദ്വർത്തം [സം. -വർത] നാ. ശേഷിപ്പ്, ബാക്കി.

ഉദ്വർത്തിക്കുക [< സം. ഉദ്-വൃത്] ക്രി. 1. ഉയരുക; 2. പൊട്ടിപ്പിളരുക; 3. നശിച്ചുപോവുക, അറ്റുപോവുക; 4. വീങ്ങുക; 5. കവിഞ്ഞൊഴുകുക; 6. ഉദ്ഭവിക്കുക, പുറപ്പെടുക.

ഉദ്വർധനം [സം. -വർധന]നാ. 1. ആധിക്യം; 2. കള്ളച്ചിരി, അടക്കിയുള്ള ചിരി.

ഉദ്വർഷം [സം. -വർഷ] നാ. (മഴ) ചൊരിയൽ, പെയ്ത്ത്.

ഉദ്വസ [സം. -വസ] വി. 1. ജനവാസം ഇല്ലാത്ത, ഒഴിഞ്ഞുകിടക്കുന്ന; 2. തേനെടുത്തുകഴിഞ്ഞ.

ഉദ്വസിക്കുക [< സം. ഉദ്-വസ്] ക്രി. 1. ബഹിഷ്കരിക്കുക, പുറത്താക്കുക, ആട്ടിപ്പായിക്കുക, നീക്കം ചെയ്യുക; 2. ആവാഹിച്ചിരുത്തിയ ദേവതയെയും മറ്റും മന്ത്രപൂർവം സ്വസ്ഥാനത്തേയ്ക്കു പറഞ്ഞയയ്ക്കുക; 3. കൊല്ലുക, നശിപ്പിക്കുക.

ഉദ്വഹ1 [സം. -വഹ] വി. വഹിക്കുന്ന; 2. നടത്തിക്കൊണ്ടുപോകുന്ന, നയിക്കുന്ന; 3. ഉന്നതനായ, പ്രധാനിയായ, ഏറ്റവും നല്ല, ശ്രേഷ്ഠതയുള്ള.

ഉദ്വഹ2 [സം. -വഹാ] നാ. പുത്രി.

ഉദ്വഹൻ [സം. -വഹ] നാ. പുത്രൻ, മൂത്തപുത്രൻ, പ്രധാനാങ്ഗം, നായകൻ; 2. സപ്തമരുത്തുക്കളിൽ നാലാമത്തെത് (മൂന്നാമത്തേതെന്നും പക്ഷമുണ്ട്); 3. ഉദാനവായു (അന്നപാനങ്ങളെ ഉള്ളിലേക്കു പ്രവേശിപ്പിക്കുന്നത്); 4. അഗ്നിയുടെ സപ്തജിഹ്വകളിൽ ഒന്ന്; 5. ഒരു അസുരരാജാവ്, ക്രോധവശൻെറ വംശത്തിൽ പെട്ടവൻ.

ഉദ്വഹനം [സം. ഉദ്-വഹന] നാ. 1. എടുക്കൽ, ഉയർത്തിപ്പിടിക്കൽ, ചുമക്കൽ, കൊണ്ടുപോകൽ; 2. ഉദാനവായുവിൻെറ പ്രവൃത്തി; 3. ഒരു കന്യകയെ ഉദ്വഹിക്കൽ, കല്യാണംകഴിച്ചു വരൻെറ ഗൃഹത്തിലേക്കു കൊണ്ടുപോകൽ, വിവാഹം കഴിക്കൽ.

ഉദ്വഹം [സം. -വഹ] ' ഉദ്വഹിക്കൽ, കൂട്ടിക്കൊണ്ടുപോകൽ' നാ. വിവാഹം.

ഉദ്വഹിക്കുക [സം. -വഹ്] ക്രി. 1. എടുക്കുക, ഉയർത്തിപ്പിടിക്കുക; 2. ഉള്ളതായിത്തീരുക, ശരീരത്തിലോ മനസ്സിലോ ചേർന്നു വർത്തിക്കുക, ആവഹിക്കുക, ധരിക്കുക; 3. കൊണ്ടുപോവുക, വിവാഹംകഴിച്ചു കൊണ്ടുപോവുക, വിവാഹം കഴിക്കുക.

ഉദ്വാദനം [സം. -വാദന] നാ. 1. ഉച്ചത്തിലുള്ള കരച്ചിൽ; 2. പ്രഖ്യാപനം.

ഉദ്വാന [സം. ഉദ്വാന്ത എന്നതിൻെറ അശുദ്ധ രൂപമാകാം] വി. ഛർദിച്ച.

ഉദ്വാനം [സം. ഉദ്-വാന] നാ. 1. ഛർദിക്കപ്പെട്ട അന്നം മുതലായത്, ഉദ്വാന്തം; 2. അടുപ്പ്.

ഉദ്വാന്ത [സം. -വാന്ത] വി. 1. ഉദ്വമിക്കപ്പെട്ട, വെളിയിൽ പുറപ്പെട്ട; 2. ഛർദിച്ച; 3. തികട്ടിയ; 4. താഴെവീണ, മദം വിട്ട.

ഉദ്വാന്തൻ [സം. -വാന്ത] നാ. മദം മാറിയ ആന.

ഉദ്വാന്തം [സം. -വാന്ത] നാ. = ഉദ്വാനം.

ഉദ്വാപം [സം. -വാപ] നാ. 1. നീക്കിക്കളയൽ; 2. പുറത്താക്കൽ; 3. ക്ഷൗരകർമം; 4. ഉയർത്തൽ.

ഉദ്വാസ(ന)ം [സം. –വാസന] നാ. 1. കൊല്ലാനായികൊണ്ടുപോകൽ, കൊല; 2. നാടുകടത്തൽ; 3. സ്ഥാനത്യാഗം, ഉപേക്ഷിച്ചുപോകൽ; 4. പറഞ്ഞയയ്ക്കൽ, പൂജ ബലി തുടങ്ങിയ ചടങ്ങുകളിൽ ദേവന്മാരെയും പിതൃക്കളെയും മറ്റും ചടങ്ങുകഴിഞ്ഞു തിരിച്ചയയ്ക്കുന്നത്. ഉദ്വാസമന്ത്രം = മന്ത്രവാദത്തിൻെറ അവസാനത്തിൽ ദീപം അണയ്ക്കുവാനായി ജപിക്കുന്ന മന്ത്രം.

ഉദ്വാസ്യ [സം. –വാസ്യ] വി. (യാഗത്തിന്) ഹനിക്കപ്പെടേണ്ട.

ഉദ്വാഹൻ [സം. –വാഹ < വഹ്] നാ. ഉദ്വഹൻ.

ഉദ്വാഹനം [സം. –വാഹന] നാ. 1. താങ്ങിനിറുത്തൽ; 2. രണ്ടുപ്രാവശ്യം നിലം ഉഴൽ; 3. വിവാഹം; 4. എടുത്തുകൊണ്ടുപോകൽ.

ഉദ്വാഹനി [സം. –വാഹനീ] 'ഉദ്വഹിക്കുന്നത്, പൊക്കുന്നത്' നാ. 1. കയറ്; 2. കവടി.

ഉദ്വാഹം [സം. –വാഹ] 'ഉദ്വഹിക്കൽ, കൊണ്ടുപോകൽ' നാ.. വിവാഹം.

ഉദ്വാഹിക [സം. –വാഹിക] വി. ഉദ്വാഹം സംബന്ധിച്ച.

ഉദ്വാഹിത [സം. –വാഹിത] വി. 1. ഉയർത്തപെട്ട, പൊക്കിയ; 2. വേരോടെ പറിക്കപ്പെട്ട; 33. ഉദ്വാഹം ചെയ്യപ്പെട്ട.

ഉദ്വാഹിതം [സം.] നാ. (സങ്ഗീ.) ഒരു അലങ്കാരം.

ഉദ്വാഹിനി [സം. ഉദ്–വാഹിനീ] 'ഉദ്വഹിക്കുന്നത്, പൊക്കുന്നത്' നാ. കയറ്.

ഉദ്വിഗ്ന [സം. –വിഗ്ന < ഉദ്–വിജ്] 'കിടുങ്ങിപ്പോയ, ഞെട്ടിയ, പേടിച്ചുവിറച്ച, ദു:ഖാകുലമായ' എന്ന രീതിയിൽ അർഥവികാസം. വി. 1. ഉദ്വേഗം ഉണ്ടായ, ദു:ഖിതമായ; 2. ഭയപ്പെട്ട.

ഉദ്വിഗ്നത [സം.–വിഗ്നതാ] നാ. 1. ആകുലത; 2. വ്യഗ്രത; 3. ഭയം.

ഉദ്വീക്ഷണം [സം. –വീക്ഷണ] നാ. 1. മേലോട്ടുനോക്കൽ, നോട്ടം; 2. കണ്ണ്, കാഴ്ച; 3. ഒരു താളം.

ഉദ്വീക്ഷണീയ [സം. –വീക്ഷണീയ] വി. ഉദ്വീക്ഷണം ചെയ്യത്തക്ക, നോക്കേണ്ട, കാണേണ്ട.

ഉദ്വീക്ഷിത [സം. –വീക്ഷിത] വി. ഉദ്വീക്ഷണം ചെയ്യപ്പെട്ട, നോക്കിയ, കാണപ്പെട്ട.

ഉദ്വീജനം [സം. –വീജന] നാ. വീശൽ.

ഉദ്വീര്യൻ [സം. –വീര്യ] നാ. വലിയ പരാക്രമത്തോടുകൂടിയവൻ.

ഉദ്വൃത്ത [സം. –വൃത്ത] വി. 1. ഛർദിക്കപ്പെട്ട; 2. ഉയർത്തപ്പെട്ട, ഉയർത്തിയ; 3. ഉന്തിനിൽക്കുന്ന, ഉയർന്നുനിൽക്കുന്ന; 4. വീർത്ത; 5. വർദ്ധിച്ച; 6. അടക്കമില്ലാത്ത, സദ്വൃത്തതയില്ലാത്ത, അഹങ്കാരമുള്ള, ദുർനടത്തയുള്ള; 7. ക്ഷുബ്ധമായ, സ്തോഭാകുലമായ; 8. തുറന്ന, തുറിച്ച.

ഉദ്വൃത്തം [സം. –വൃത്ത] നാ. 1. ഒരു അധരചേഷ്ട, നിന്ദയെയും അധിക്ഷേപത്തേയും പ്രദർശിപ്പിക്കുന്നത്; 2. ഒരു ഹസ്തവിന്യാസരീതി; 3. തലയിലെ വട്ടക്കെട്ട്, തലപ്പാവ്.

ഉദ്വൃത്തി [സം. –വൃത്തി] നാ. = ഉദ്വർത്തനം.

ഉദ്വേഗ [സം. –വേഗ < ഉദ്–വിജ്] 'അധികം വേഗമുള്ള' വി. 1. വേഗത്തിൽ പോകുന്ന; 2. കയറുന്ന, ഉയരുന്ന.

ഉദ്വേഗം [സം.] നാ. 1. ഭയപ്പെടൽ; 2. (നാട്യ.) ഗർഭസന്ധിയുടെ പതിമൂന്ന് അങ്ഗങ്ങളിൽ ഒന്ന്; 3. മന:ക്ഷോഭം, സംഭ്രമം, അമ്പരപ്പ്, വികാരാധിക്യം; 4. വ്യാകുലത, ദു:ഖം, ഉത്കണ്ഠ; 5. പൂർവാനുരാഗവിപ്രലംഭത്തിൻെറ അവസ്ഥകളിൽ ഒന്ന്; 6. വൈരസ്യം.

(പ്ര.) ഉദ്വേഗപ്പെടുക = സംഭ്രമിക്കുക, വ്യാകുലപ്പെടുക, വ്യസനിക്കുക; 7. അടയ്ക്കാപാക്ക്. (ചൊരുക്കുന്നതിനാൽ ഈ പേര്).
ഉദ്വേജക [സം. ഉദ്-വേജക] വി. ഉദ്വേഗം ജനിപ്പിക്കുന്ന, ക്ഷോഭിപ്പിക്കുന്ന, ദു:ഖിപ്പിക്കുന്ന, വേദനിപ്പിക്കുന്ന.
ഉദ്വേജന [സം. -വേജന] വി. ഉദ്വേജക.
ഉദ്വേജനം [സം. -വേജന] നാ. 1. നടുക്കം, കിടുക്കം, ഉദ്വേഗം, പരിഭ്രമം, ഭയം; 2. ഉൽകണ്ഠ; 3. പീഢനം; 4. ബീഭത്സം രണ്ടുവിധമുള്ളതിൽ ഒന്ന്.
ഉദ്വേജിനി [സം. -വേജിനീ] 'ഉദ്വേജിൻ എന്നതിൻെറ സ്ത്രീലിങ്ഗരൂപം' നാ. 1. ഉദ്വേഗത്തെ ജനിപ്പിക്കുന്നത്; 2. കാട്ടുതുളസി.
ഉദ്വേജിപ്പിക്കുക [<സം. < ഉദ്-വിജ് (പ്രയോ.)] ക്രി. 1. ഭയപ്പെടുത്തുക; 2. വെറുപ്പിക്കുക, താത്പര്യം ഇല്ലാതാക്കുക, വിരാഗത വരുത്തുക; 3. ഉപദ്രവിക്കുക.
ഉദ്വേല [സം. ഉദ്-വേല] വി. കരകവിഞ്ഞ, അതിരുകവിഞ്ഞ, അളവറ്റ.
ഉദ്വേലിത [സം. -വേല്ലിത] വി. കുലുക്കപ്പെട്ട, മേൽപ്പോട്ടു തെറിപ്പിച്ച, ഉയർത്തപ്പെട്ട, ഉയർന്ന.
ഉദ്വേഷ്ടനം [സം. -വേഷ്ടന] നാ. 1. ചുറ്റും കെട്ടിയടയ്ക്കൽ; 2. വേലി; 3. (നാട്യ.) ദേശീചാരികൾ അൻപത്തിനാല് ഉള്ളതിൽ ഒന്ന്, വേഷ്ടനം കഴിഞ്ഞ് പിൻകാൽ മുൻഭാഗത്തേയ്ക്ക് നീട്ടുക എന്നുള്ളത്; 4. പൃഷ്ഠത്തിലുണ്ടാകുന്ന വേദന.
323
ഉദ്വേഷ്ടിത [സം. -വേഷ്ടിത] വി. 1. ചുറ്റപ്പെട്ട; 2. വേലികെട്ടിമറച്ച; 3. പൊതിഞ്ഞ.
ഉദ്വേഷ്ടിതം [സം.] നാ. നാട്യത്തിലെ ഹസ്തവിന്യാസങ്ങളിലൊന്ന്.
ഉധിരം [<സം. രുധിരം] നാ. = ഉതിരം.
ഉൻ (പ.മ.) മധ്യമപുരുഷസർവനാമത്തിൻെറ പ്രാതിപദികരൂപം. നിൻ, നുൻ, ഉൻ, ഉന്നൈ, ഉന്നോടു, ഉനക്കു, ഉന്നാൽ, ഉനതു (ഉൻ-അതു), ഉങ്കൾ, ഉങ്കളൈ ഇത്യാദിരൂപങ്ങൾ.
ഉന്- [സം. < ഉദ്] അനുനാസികങ്ങൾക്കു മുൻപിൽ 'ഉദ്' എന്ന ഉപസർഗം കൈക്കൊള്ളുന്ന രൂപം.
ഉന്തടി [ഉന്ത്-അടി] നാ. കാലടിയുടെ ഉന്തിയ ഭാഗം, ഉപ്പുകുറ്റി (പ.മ.).
ഉന്തൽ [ത. ഉന്തു] നാ. 1. തള്ളൽ, ഉന്ത്; 2. ഉന്തിനിൽക്കുന്ന, മുഴച്ചുനിൽപ്പ്.
ഉന്തളക്കണ്ണൻ [ഉന്തള-കണ്ണൻ] നാ. ഉന്തിനിൽക്കുന്ന വലിയ കണ്ണുള്ളവൻ. (സ്ത്രീ.) ഉന്തളക്കണ്ണി.
ഉന്തളിക്കുക, കുന്ത- ക്രി. ഊഞ്ഞാലിൽ ഇരുന്നു പാദത്തിൻെറ തള്ളവിരൽ നിലത്തൂന്നി പുറകോട്ട് ആയംകൊടുത്തു കുതിച്ചുപൊങ്ങുക, ആടുക.
ഉന്തി [ത. ഉന്തി] നാ. 1. പൊക്കിൾ; 2. വയറ്; 3. കുരുക്ക്.
ഉന്തിയരശ് [ഉന്തി-അരശ്] നാ. (ചതുരങ്ഗത്തിൽ) ആളെക്കൊണ്ടുള്ള അരശ്, ആൾക്കരുകൊണ്ട് ദേവനെ വെട്ടുക.
ഉന്ത്1 [< ഉന്തുക] നാ. 1. മറ്റൊന്ന് മുന്നോട്ടു നീങ്ങത്തക്കവണ്ണം ബലം പ്രയോഗിക്കൽ; 2. കൂന്; 3. വെള്ളത്തിലെ അഴുക്ക്, ഒഴുക്കില്ലാത്ത വെള്ളത്തിൽ അടിയാതെ പൊടിത്തരികൾ പോലെ നീന്തിമറിഞ്ഞു കിടക്കുന്നത്. ഉന്തിമരം കയറ്റിയാൽ നെഞ്ചു തൊലിയും (പഴ.).
ഉന്ത്2 [ത. ഉന്തു] നാ. കച്ചോലം.
ഉന്ത്3 [ഉന്തുക] ധാതുരൂപം.

ഉന്തുക ക്രി. 1. തള്ളുക, മുന്നോട്ടു നീങ്ങത്തക്കവണ്ണം ബലം പ്രയോഗിക്കുക; 2. മുമ്പോട്ടുതള്ളുക (തൊട്ടിലെന്നപോലെ), ആട്ടുക, ഉയർത്തുക; 3. പ്രേരിപ്പിക്കുക; 4. എഴുന്നു നിൽക്കുക.

ഉന്തുവണ്ടി [ഉന്ത്-വണ്ടി] നാ. ഉന്തിക്കൊണ്ടു പോകാവുന്ന വണ്ടി, കൈവണ്ടി.

ഉന്ദനം [സം.] നാ. നനയ്ക്കൽ, ഈറനാക്കൽ.

ഉന്ദം [സം. ഉന്ദ] നാ. ചായില്യം.

ഉന്ദൂരം, ഉന്ദുരു, ഉന്ദൂരു, കുന്ദുരു, ഉന്ദരം, ഉന്ദരു [സം. ഉന്ദുര] 'തൻെറ മുഖംകൊണ്ടു തൊടുന്നതായ സകലവസ്ഥുക്കളെയും മലിനപ്പെടുത്തുന്നവൻ' നാ. 1. ചുണ്ടെലി; 2. പെരുച്ചാഴി.

ഉന്ദുരുകർണിക, -കർണി [സം. ഉന്ദുരു-കർണികാ] നാ. ഒരു ചെടി, എലിച്ചെവിയൻ.

ഉന്ന [സം.] വി. 1. നനഞ്ഞ; 2. അലിവുള്ള, ദയവുള്ള.

ഉന്നക്കായ് [ഉന്ന2-കായ്] നാ. 1. ഉന്നമരത്തിൻെറ കായ്, ഇലവുപഞ്ഞി; 2. ഒരുതരം പലഹാരം.

ഉന്നത1 [സം. ഉദ്-നത < നമ്] വി. 1. ഉയർത്തിപ്പിടിച്ച; 2. ഉയർന്ന, മേൽപ്പോട്ടു നീണ്ടുയർന്നു നിൽക്കുന്ന. ഉദാ: ഉന്നതശാഖ, ഉന്നതസ്തംഭം; 3. ശ്രേഷ്ഠമായ, ഉത്കൃഷ്ടമായ, വലിയ, മേൽത്തരത്തിലുള്ള, മേലേക്കിടയിലുള്ള.

ഉന്നത2 [സം. -നതാ] നാ. ഒരു ഭാഷാവൃത്തം.

ഉന്നതം [സം. -നത] നാ. 1. ഉയരം, ഉന്നതി; 2. മേന്മ, വൈശിഷ്ട്യം; 3. അണലി, മലമ്പാമ്പ്, അജഗരം.

ഉന്നതാനത [സം. ഉന്നത-ആനത] വി. ഉയർന്നും താണുമുള്ള.

ഉന്നതി [സം. ഉദ്-നതി] നാ. 1. ഉയരം; 2. ഔന്നത്യം, ഉയർച്ച, അഭിവൃത്തി, ഐശ്വര്യം; 3. മേന്മ, മഹത്വം, ശ്രേഷ്ടത; 4. ഗരുഡൻെറ ഭാര്യ; 5. ദക്ഷൻെറ ഒരു പുത്രി, ധർമൻെറ ഭാര്യ.

ഉന്നതികേന്ദ്രം [സം. ഉന്നതി-കേന്ദ്ര] നാ. ത്രികോണത്തിൻെറ മൂന്നു മൂലകളിൽനിന്ന് എതിർവശങ്ങളിലേക്കുള്ള ലംബരേഖകൾ അന്യോന്യം ഛേദിക്കുന്ന ബിന്ദു.

ഉന്നതികോണം [സം. -കോണ] നാ. (ഗണിത.) ദൃഷ്ടിതലത്തിനുമുകളിലുള്ള ഒരുവസ്തുവിനെ കാണാൻ വസ്തുവിലേക്ക് ഉയരുന്ന നോട്ടത്തിൻെറ രേഖയ്ക്കും ദൃഷ്ടിതലത്തിനും ഇടയിലുള്ള കോണ്. താരത അവനതികോണം.

ഉന്നതീശൻ [സം. -ഈശ] 'ഉന്നതിയുടെ അധിപൻ' നാ. ഗരുഡൻ.

ഉന്നദ്ധ [സം. -നദ്ധ < നഹ്] 1. കൂട്ടിക്കെട്ടിയ; 2. വീങ്ങിയ; 3. കെട്ടഴിച്ച; 4. അത്യധികമായ; 5. അഹങ്കാരമുള്ള, ദംഭുള്ള.

ഉന്നം1 [ഉന്നുക] 'ഉന്നുന്നത്, ഉറ്റുനോക്കുന്നത്' നാ. 1. ലക്ഷ്യം; 2. ധാന്യം.

ഉന്നം2 [പ്രാ. ഉന്നാ < സം. ഊർണാ] നാ. 1. ഇലവുമരം, ഇലവിൻപഞ്ഞി; 2. പടച്ചിയെന്നറിയപ്പെടുന്ന ചെറിയ മരം, വലം പിരിമരം.

ഉന്നമനം [സം. ഉദ്-നമന] 'ഉയർന്നു കുനിയൽ' നാ. 1. ഉയർത്തൽ; 2. ഉയർച്ച, അഭിവൃദ്ധി.

ഉന്നമനയന്ത്രം [സം. ഉന്നമന-യന്ത്ര] നാ. ഭാരമുള്ള എന്തെങ്കിലും സാധനം പൊക്കാനുള്ളയന്ത്രം.

ഉന്നമയ്യ [സം. ഉദ്-നമയ്യ] അവ്യ. ഉന്നമിപ്പിച്ചിട്ട്, ഉയർത്തിയിട്ട്.

ഉന്നമിക്കുക [സം. -നമിക്കുക] 'ഉയർന്നു കുനിയുക' ക്രി. ഉയരുക, പൊങ്ങുക.

ഉന്നമിത [സം. -നാമിത < നമ്] വി. 1. ഉന്നമിപ്പിക്കപ്പെട്ട, ഉയർത്തപ്പെട്ട, ഉന്നതസ്ഥിതിയിലാക്കപ്പെട്ട; 2. വർധിപ്പിക്കപ്പെട്ട.
ഉന്നമ്യ [സം. -നമ്യ] അവ്യ. പൊക്കിയിട്ട്.
ഉന്നമ്ര [സം. -നമ്ര] വി. 1. ഉയർന്ന, പൊന്തിയ, എഴുന്നുനിൽക്കുന്ന, ശ്രേഷ്ഠതയുള്ള; 2. വർധിച്ച.
ഉന്നയന [സം. -നയന] വി. 1. ഉയർത്തപ്പെട്ട കണ്ണുകളോടുകൂടിയ; 2. ഉയർത്തുന്ന, പൊക്കുന്ന.
ഉന്നയനം [സം. -നയന] നാ. 1. ഉയർത്തൽ, ഉന്നയിക്കൽ, ഉയർത്തിക്കാട്ടൽ, വിചിന്തനത്തിനു വിഷയമായി അവതരിപ്പിക്കൽ; 2. (വെള്ളം) കോരിയെടുക്കൽ; 3. ജലപാത്രം; 4. അഭ്യൂഹം, നിഗമനം, ഊഹം; 5. നേരേയാക്കൽ, ഗർഭിണിയുടെ തലമുടി വകുന്നു നേരേയാക്കൽ, സീമന്തോന്നയനം.
ഉന്നയം, ഉന്നായം [സം. -നയ] നാ. 1. മേൽപ്പോട്ടാക്കൽ, ഉയർത്തൽ; 2. അഭ്യൂഹം, നിഗമനം, ഊഹം.
ഉന്നയിക്കുക [സം. -നയിക്കുക] ക്രി. 1. ഉയർത്തുക, മേൽപ്പോട്ടാക്കുക; 2. അവതരിപ്പിക്കുക, വിചാരണയ്ക്കുവേണ്ടി ശ്രദ്ധയിൽപ്പെടുത്തുക, മുന്നോട്ടുവയ്ക്കുക.
ഉന്നൽ [< ഉന്നുക] നാ. 1. വിചാരം; 2. ആഗ്രഹം.
ഉന്നസ [സം. ഉദ്-നസ] വി. ഉയർന്ന മൂക്കുള്ള.
ഉന്നാഭ [സം. -നാഭ] വി. തടിച്ച (ഉയർന്ന) നാഭിയോടുകൂടിയ.
ഉന്നാമം [സം. -നാമ] നാ. ഉന്ന്നമിക്കല്ല്, ഉയരൽ.
ഉന്നാമ്യ [സം.] അവ്യ. = 'ഉന്നമ്യ'.
ഉന്നായക [സം. -നായക] വി. 1. ഉന്നയിക്കുന്ന, ഉയർത്തുന്ന; 2. ഊഹത്തിലേക്കു നയിക്കുന്ന.
ഉന്നായം [സം. ഉദ്-നായ] നാ. = ഉന്നയം.
ഉന്നാഹം [സം. -നാഹ < നഹ്] നാ. 1. ആധിക്യം, സമൃദ്ധി; 2. ഉന്തിനിൽക്കുന്നത്, മുഴ; 3. ഉദയം, ഉയരൽ; 4. അഹങ്കാരം; പുളിപ്പിച്ചകാടി.
ഉന്നാള [സം. -നാള] വി. ഉയർന്ന നാളത്തോടുകൂടിയ, തണ്ട് ഉയർന്ന.
ഉന്നി [ഉന്നുക] ഭൂ.രൂപവും മുൻവിനയെച്ചവും. 1. സൂക്ഷിച്ചുനോക്കി, അന്വേഷിച്ചിട്ട്, തിരഞ്ഞിട്ട്; 2. ലക്ഷ്യമാക്കിക്കൊണ്ട്, ഉദ്ദേശിച്ചിട്ട്, വിചാരിച്ച്, പരിഗണിച്ച്; 3. ശ്രദ്ധിച്ച്; 4. നിശ്ചയിച്ച്; 5. ആലോചിച്ച്, ഗാഢാലോചനയിൽ മുഴുകി.
ഉന്നിക്കുക [ഉന്നുക] 'ഉറ്റുനോക്കുക, ശ്രദ്ധിക്കുക, ആലോചിക്കുക, അന്വേഷിക്കുക എന്ന തരത്തിൽ അർഥവികാസം' ക്രി. 1. ചിന്തിക്കുക, ധ്യാനിക്കുക, വിചാരിക്കുക, പരിഗണിക്കുക; 2. നിശ്ചയിക്കുക; 3. വഹിക്കുക; 4. സംശയിക്കുക; 5. മുളയ്ക്കുക; 6. ഉയർത്തുക; 7. ഒരുമിച്ചു ചേർക്കുക.
ഉന്നിദ്ര [സം. ഉദ്-നിദ്ര] വി. 1. ഉറക്കമില്ലാത്ത, ജാഗ്രതയോടുകൂടിയ, സന്നദ്ധതയുള്ള; 2. ഉണർന്നിരിക്കുന്ന, ഉന്മേഷമുള്ള; 3. വർധിച്ച; 4. വിടർന്ന, വികസിച്ച.
ഉന്നിദ്രാണ [സം. -നിദ്രാണ] വി. 1. മങ്ങാത്ത, മയക്കമില്ലാത്ത, ഉണർന്നിരിക്കുന്ന; 2. വിടർന്നുവരുന്ന, വിടർന്നിരിക്കുന്ന.
ഉന്നു [< ഇന്നു] (വ്യാക.) 1. വർത്തമനകാലപ്രത്യയം, ('ഇന്ന്' = ഈ ദിവസം എന്ന പദം വർത്തമാനാർഥത്തിൽ പ്രത്യയമായി ചമഞ്ഞതാകാം); 2. നിന്ന്, ഊന്ന്.

ഉന്നുക [ത. ഉന്നുതല്] ക്രി. 1. സൂക്ഷിച്ചുനോക്കുക, ലാക്കുനോക്കുക, ലക്ഷ്യമാക്കുക; 2. മനസ്സുവയ്ക്കുക, മനസ്സ് ഉറപ്പിക്കുക; 3. വിചാരിക്കുക, കരുതുക; 4. എന്തിനെയെങ്കിലും ലക്ഷ്യമാക്കി പ്രവർത്തിക്കുക, തുനിയുക; 5. ഉയരുക.
ഉന്നേതാ(വ്) [സം. ഉദ്-നേതൃ] നാ. 1. ഉന്നയിക്കുന്നവൻ; 2. യജ്ഞത്തിനുള്ള പതിനാറ് ഋത്വിക്കുകളിൽ ഒരാൾ, സോമരസം പാത്രത്തിൽ ഒഴിക്കുന്ന പുരോഹിതൻ.
ഉന്നേത്രം [സം.] നാ. ഉന്നേതാവെന്ന ഋത്വിക്കിൻെറ പ്രവൃത്തി.
ഉന്നേയ [സം. ഉദ്-നേയ] വി. ഊഹിക്കത്തക്ക.
ഉന്നേയം [സം. -നേയ] ' ഉന്നയിക്കേണ്ടത്' നാ. ലക്ഷ്യം.
ഉന്മം നാ. ഉമ്മം, ഉമ്മത്ത്.
ഉന്മഗ്ന [സം. ഉദ്-മഗ്ന < മസ്ജ്] 'ഉന്മജ്ജനം ചെയ്ത' വി. (വെള്ളത്തിൽനിന്നും) പൊന്തിവരുന്ന.
ഉന്മജ്ജക [സം. -മജ്ജക] വി. പൊന്തിവരുന്ന.
ഉന്മജ്ജകൻ [സം. -മജ്ജക] നാ. കഴുത്തറ്റം വെള്ളത്തിൽനിന്നു തപസ്സു ചെയ്യുന്നവൻ.
ഉന്മജ്ജനം [സം. -മജ്ജന] നാ. (വെള്ളത്തിൽനിന്നു) പൊങ്ങിവരൽ, നികരൽ.
ഉന്മണി [സം. -മണി] നാ. 1. അമൂല്യരത്നം; 2. നികന്നുകിടക്കുന്ന രത്നം.
ഉന്മണ്ഡലം [സം. -മണ്ഡല] നാ. (ജ്യോ.) ദക്ഷിണോത്തരധ്രുവങ്ങളിൽ കൂടിയും പൂർവാപരസ്വസ്തികങ്ങളിൽ കൂടിയും സങ്കൽപിക്കുന്ന വൃത്തം.
ഉന്മത്ത [സം. -മത്ത < മദ്] വി. 1. ഭ്രാന്തുള്ള, മദിച്ച, മതിമറന്ന; 2. അദ്യപാനംചെയ്തു മത്തുപിടിച്ച; 3. മദമിളകിയ; 4. ഓർമനശിച്ച.
ഉന്മത്തകം [സം. -മത്തക] നാ. ഉമ്മത്ത്.
ഉന്മത്തൻ [സം. -മത്ത] നാ. 1. ഉന്മദിച്ചവൻ; 2. മാല്യവാന് സുന്ദരിയിലുണ്ടായ പുത്രൻ, ഒരു രാക്ഷസൻ; 3. ത്രിപുരാപൂജയിൻ ആരാധിക്കേണ്ട ഒരു ദേവത.
ഉന്മത്തം [സം. -മത്ത] നാ. 1. ഉമ്മത്ത് (ഉന്മാദത്തെ ഉണ്ടാക്കുന്നത്); 2. ഒരു ആഭരണം; 3. ഉന്മാദം, ബുദ്ധിഭ്രമം; 4. കാമൻെറ ശരം.
ഉന്മത്തവ്രതം [സം. ഉന്മത്ത-വ്രത] നാ. ജ്ഞാനികൾ ഉന്മത്തന്മാരെപ്പോലെയും ജഡന്മാരെപ്പോലെയും സഞ്ചരിക്കുന്ന രീതി.
ഉന്മത്ത് [സം. ഉന്മത്ത] നാ. = ഉമ്മത്ത്.
ഉന്മഥനം [സം. ഉദ്-മഥന < മഥ്] നാ. 1. ഇളക്കിമറിക്കൽ; 2. കടയൽ, കലക്കൽ (തൈര് എന്ന പോലെ); 3. ശക്തിയായി ഞെക്കിഞെരിക്കൽ, മർദനം; 4. മല്ലയുദ്ധത്തിലെ ഒരടവ്; 5. വധം; 6. കീറിപ്പറിക്കൽ, നശിപ്പിക്കൽ.
ഉന്മഥിക്കുക [സം. -മഥിക്കുക] ക്രി. ഉന്മഥനം ചെയ്യുക, മഥിക്കുക, മർദിക്കുക, ഇളക്കുക, ഇളക്കിമറിക്കുക, പീഡിപ്പിക്കുക, കീറിപ്പറിക്കുക, പിളർക്കുക.
ഉന്മഥിത [സം. -മഥിത] വി. 1. ഉന്മഥനം ചെയ്യപ്പെട്ട, പീഡിപ്പിക്കപ്പെട്ട, മർദിക്കപ്പെട്ട, കൊല്ലപ്പെട്ട; 2. ഇളക്കപ്പെട്ട; 3. ക്ഷോഭിപ്പിക്കപ്പെട്ട; 4. കലർത്തപ്പെട്ട.
ഉന്മഥിതാ(വ്) [സം. -മഥിതൃ] നാ. ഉപദ്രവിക്കുന്നവൻ.
ഉന്മഥ്യ [സം. -മഥ്യ] അവ്യ. ഉന്മഥനം ചെയ്തിട്ട്.
ഉന്മഥ്യാവധാനം [സം. ഉന്മഥ്യ-അവധാന] 'ഉന്മഥനം ചെയ്തിട്ട് അവധാനം' നാ. ശത്രുബലത്തെ നശിപ്പിച്ചശേഷം ഒന്നു ചേരൽ, ശത്രു സൈന്യത്തെ വിരട്ടിച്ചിതറിച്ചശേഷം അശ്വഭടന്മാർ വീണ്ടും ഒന്നിക്കൽ, ഒരു അശ്വയുദ്ധമുറ.

ഉന്മദ [സം. ഉദ്–മദ] വി. 1. ഭ്രാന്തുള്ള; 2. ലഹരിപിടിച്ച; 3. ലഹരിപിടിച്ചതുപോലെ ഉത്സാഹാധിക്യമുള്ള.

ഉന്മദം [സം.] നാ. 1. ഭ്രാന്ത്, ബുദ്ധിഭ്രമം, സുബോധമില്ലായ്മ; 2. ഭ്രമം, ഭ്രാന്തി; 3. അഹങ്കാരം; 4. ലഹരി; 5. സഞ്ചാരിഭാവങ്ങളിൽ ഒന്ന്, ഉന്മാദം; 6. കാമൻെറ ഒരു അസ്ത്രം.

ഉന്മദിത [സം. ഉദ്–മദിത] വി. ഉന്മാദമുള്ള, ഉന്മത്തമായ.

ഉന്മദിഷ്ണു [സം.] നാ. 1. ഉന്മാദമുള്ളവൻ, ഉന്മത്തൻ, ലഹരിപിടിച്ചവൻ; 2. മദം പൊട്ടിയ ആന.

ഉന്മധ്യ [സം. ഉദ്–മധ്യ] വി. അറ്റങ്ങളെക്കാൾ നടുഭാഗം ഉയർന്നിരിക്കുന്ന, മദ്ധ്യോന്നതമായ ( ).

ഉന്മനസ്ക [സം. –മനസ്ക] വി. = ഉന്മനസ്സ്, ഉത്കണ്ഠയുള്ള, കുഴങ്ങിയ.

ഉന്മനസ്സ് [സം. –മനസ്] വി. 1. ഉത്കണ്ഠയുള്ള, ക്ഷമയില്ലാതായ; 2. വ്യാകുലതയുള്ള, പതറിയ മനസ്സോടുകൂടിയ; 3. ഉത്കൃഷ്ടമനസ്സുള്ള.

ഉന്മനായിത [സം.] വി. ഉന്മനസ്സായിത്തീർന്ന, വ്യാകുലതയുള്ള, പതറിയ.

ഉന്മനി [സം. ഉന്മനീ] നാ. യോഗാഭ്യാസം ചെയ്യുമ്പോൾ അനുഭവപ്പെടുന്ന സൂക്ഷ്മനാദം, അതിൽനിന്നു സിദ്ധിക്കുന്ന പരമാവസ്ഥ, ശാന്തകലയെന്ന ധ്വനിഭേദം, ബിന്ദു തുടങ്ങിയുള്ള ഒൻപതു ദ്വനികളിൽ ഒന്ന്.

ഉന്മനീകരിക്കുക [< സം. ഉന്മനീ–കൃ] ക്രി. മനസ്സിനെ ആകുലപ്പെടുത്തുക, ഉത്കണ്ഠാകുലമാക്കുക, കുഴക്കുക.

325

ഉന്മന്ഥക [സം. ഉദ്–മന്ഥക] വി. 1. ഇളക്കുന്ന, ക്ഷോഭിപ്പിക്കുന്ന; 2. സ്പന്ദിക്കുന്ന, ത്രസിക്കുന്ന.

ഉന്മന്ഥകം [സം.] നാ. ഒരുതരം കർണരോഗം.

ഉന്മന്ഥനം, ഉന്മന്ഥം, ഉന്മാഥം [സം. –മന്ഥന] നാ. 1. കടയൽ, ഉലയ്ക്കൽ, ഇളക്കിമറിക്കൽ; 2. വധം; 3. വ്യാകുലപ്പെടുത്തൽ.

ഉന്മം നാ. ഉമ്മം, ഉമ്മത്ത്.

ഉന്മയൂഖ [സം. ഉദ്–മയൂഖ] വി. ഉദ്ഗതങ്ങളായ മയൂഖങ്ങളോടുകൂടിയ, ഉജ്ജ്വലിക്കുന്ന.

ഉന്മർദനം [സം. –മർദന] നാ. = ഉന്മർദം.

ഉന്മർദം [സം. –മർദ < മർദ്] നാ. ശക്തിയായ ഉരസൽ, ഉരയ്ക്കൽ, ഞെരുക്കൽ, അമർത്തൽ.

ഉന്മര്യാദ [സം. –മര്യാദ] വി. മര്യാദയെ അതിക്രമിച്ച, മര്യാദകെട്ട.

ഉന്മസ്തക [സം. –മസ്തക] വി. തലയിൽക്കേറിയ, മുഴുത്ത.

ഉന്മഹ [സം. –മഹ] വി. ഉത്സവപ്രദമായ, സന്തോഷകരമായ.

ഉന്മാഥ [സം. –മാഥ < മഥ്] വി. 1. ഉന്മഥിക്കുന്ന, ഇളക്കിമറിക്കുന്ന; 2. കൊല്ലുന്ന.

ഉന്മാഥനം [സം. –മാഥന] നാ. ഇളക്കൽ, പീഡിപ്പിക്കൽ.

ഉന്മാഥം [സം. –മാഥ] നാ. 1. വധം; 2. കെണി, കുരുക്ക്.

ഉന്മാഥി [സം. –മാഥിൻ] വി. 1. ഇളക്കുന്ന; 2. നശിപ്പിക്കുന്ന, കൊല്ലുന്ന.

ഉന്മാദക [സം. –മാദക < മദ്] വി. ഉന്മാദം വരുത്തുന്ന, ഭ്രാന്തുപിടിപ്പിക്കുന്ന, ലഹരിപിടിപ്പിക്കുന്ന.

ഉന്മാദകം [സം. –മാദക] 'ഉന്മാദം ഉണ്ടാക്കുന്നത്' നാ. ഉമ്മത്ത്.

ഉന്മാദനം [സം. -മാദന] നാ. 1. ഉന്മാദത്തെ ജനിപ്പിക്കൽ; 2. കാമൻെറ ഒരു ബാണം.
ഉന്മാദം [സം. -മാദ] നാ. 1. ഭ്രാന്ത്, ബുദ്ധിഭ്രമം; 2. വികാരാധിക്യംകൊണ്ട് മതിമറക്കൽ; 3. വിപ്രലംഭശൃങ്ഗാരത്തിലുള്ള ഒരു അവസ്ഥ, പത്തുകാമദശകളിൽ ഒന്ന്; 4. ലഹരി, മദ്യസേവകൊണ്ട് ഉളവാകുന്ന മതിമയക്കവും ഇളക്കവും മറ്റും; 5. കാമദേവൻെറ അഞ്ച് അസ്ത്രങ്ങളിൽ ഒന്ന്; 6. വ്യഭിചാരിഭാവങ്ങളിൽ ഒന്ന്.
ഉന്മാദവത്ത് [സം. ഉന്മാദ-വത്] വി. 1, ഭ്രാന്തുള്ള; 2. ലഹരിയുള്ള, തലയ്ക്കു മത്തുപിടിപ്പിക്കുന്ന, അമിതമായ (സ്ത്രീ) ഉന്മാദവതി.
ഉന്മാദി [സം. ഉദ്-മാദിൻ] നാ. ചിത്തഭ്രമമുള്ളവൻ, ഭ്രാന്തൻ, (സ്ത്രീ.) ഉന്മാദിനി.
ഉന്മാനം [സം. -മാന] നാ. 1. അളവ് (തൂക്കമോ വ്യാപ്തമോ); 2. തൂക്കമറിയാനുള്ള ഉപകരണം; 3. തൂക്കമറിയൽ, തൂക്കം; 4. ദ്രോണം; 5. കനം, വ്യാസം; 6. ഉയരം.
ഉന്മാർഗം [സം. -മാർഗ] നാ. തെറ്റായവഴി, ദുർമാർഗം.
ഉന്മാർഗി [സം. -മാർഗിൻ] നാ. 1. ദുർമാർഗചാരി; 2. ഗുദദ്വാരത്തിനടുത്തു കുടലിൽ മുറിവ് ഉണ്ടായി അതിൽക്കൂടി മലം പുറപ്പെട്ട് ഉണ്ടാകുന്ന വ്രണം, ഭഗന്ദരരോഗത്തിൽ ഒരു തരം.
ഉന്മാർജനം [സം. -മാർജന] നാ. 1. തേച്ചുകളയൽ, തുടച്ചുനീക്കൽ. ഉദാ: അപകീർത്തിയെ ഉന്മാർജനം ചെയ്യുക; 2. നീക്കൽ.
ഉന്മിതി [സം. -മിതി] നാ. 1. പൊക്കമളക്കൽ; 2. പൊക്കം; 3. വില.
ഉന്മിശ്രിത [സം. -മിശ്രിത < മിശ്ര] വി. കൂട്ടിക്കലർത്തപ്പെട്ട, ഇടകലർന്ന, ചേർന്ന.
ഉന്മിഷത്ത് [സം. -മിഷത്ത് < മിഷ്] വി. 1. തുറന്ന, വികസിച്ച; 2. പ്രഭാപ്രസരമുള്ള, ശോഭിക്കുന്ന.
ഉന്മിഷിക്കുക [<സം. ഉദ്-മിഷ്] ക്രി. 1. വികസിക്കുക; 2. പ്രകാശിക്കുക.
ഉന്മിഷിത [സം. -മിഷിത] വി. 1. തുറന്ന, വികസിച്ച; 2. പ്രകാശിച്ച, ഉണർന്ന.
ഉന്മിഷിതം [സം. -മിഷിത] നാ. 1. കണ്ണുതുറക്കൽ, നോട്ടം; 2. വികസനം, തുറക്കൽ, വിടരൽ; 3. (മനസ്സിൽ) സ്ഫുരിക്കൽ, തോന്നൽ, പ്രകാശിക്കൽ.
ഉന്മീലത്ത് [സം. -മീലത്] വി. 1. കണ്ണുതുറക്കുന്ന, മിഴിക്കുന്ന; 2. വിടരുന്ന, വികസിക്കുന്ന, പ്രകാശിക്കുന്ന.
ഉന്മീലനം [സം. -മിലന] നാ. 1. കണ്ണുതുറക്കൽ, ഉണരൽ; 2. പ്രതിഷ്ടിക്കുവാൻ പോകുന്ന വിഗ്രഹത്തിൻെറ കണ്ണുതുറപ്പിക്കുന്ന ചടങ്ങ്; 3. തുറക്കൽ, വികസിക്കൽ.
ഉന്മീലം [സം. -മീല < മീല്] നാ. 1. കണ്ണുതുറക്കൽ; പ്രത്യക്ഷമാകൽ, തോന്നൽ.
ഉന്മീലിത [സം. -മിലിത] വി. ഉന്മീലനം ചെയ്യപ്പെട്ട.
ഉന്മീലിതം [സം. -മീലിത] നാ. ഒരു അലങ്കാരം.
ഉന്മുകം [<സം. ഉല്മുക] (മലയാളരീതിക്കു സന്ധിവികാരം) നാ. തീക്കൊള്ളി, പന്തം.
ഉന്മുക്ത [സം. ഉദ്-മുക്ത < മുച്] വി. 1. ഉപേക്ഷിക്കപ്പെട്ട; 2. കെട്ടയഞ്ഞ, അഴിഞ്ഞ; 3. മോചനം സിദ്ധിച്ച; 4. ഊരപ്പെട്ട.
ഉന്മുഖ [സം. -മുഖ] വി. 1. മുഖം ഉയർത്തിയ, മേൽപ്പോട്ടുനോക്കുന്ന ക്ഷ് അവാങ്മുഖം; 2. താത്പര്യമുള്ള, ഉത്കണ്ഠയുള്ള; 3. ലക്ഷ്യമാക്കിയ, ഒന്നിനെ ഉദ്ദേശിച്ചു പ്രവർത്തിക്കുന്ന.

ഉന്മുഖര [സം. -മുഖര] വി. വലിയ ശബ്ദമുള്ള.
ഉന്മുഖീകരിക്കുക [< ഉന്മുഖീ-കൃ] ക്രി. ഉന്മുഖമാക്കി ചെയ്യുക, നേരിടുക.
ഉന്മുഗ്ദ്ധ [സം. ഉദ്-മുഗ്ദ്ധ < മുഹ്] വി. 1. മോഹനമായ, സുന്ദരമായ; 2. കുഴങ്ങിയ, അമ്പരന്ന.
ഉന്മുദ്ര [സം. -മുദ്ര] വി. 1. മുദ്രവയ്ക്കാത്ത; 2. വിടർന്ന, വികസിച്ച.
ഉന്മുദ്രിത [സം. -മുദ്രിത] വി. 1. തുറന്ന, വികസിച്ച; 2. തടവില്ലാത്ത, സ്വച്ഛന്ദമായ.
ഉന്മൂല [സം. -മൂല] വി. വേരോടെപിഴുത, പാടേനശിപ്പിച്ച.
ഉന്മൂലകൻ [സം. -മൂലക] നാ. ഉന്മൂലനം ചെയ്യുന്നവൻ, നശിപ്പിക്കുന്നവൻ.
ഉന്മൂലനം [സം. മൂലന] നാ. 1. വേരോടെ പിഴുതെടുക്കൽ; 2. പൂർണമായി നശിപ്പിക്കൽ.
ഉന്മൂലനാശം [സം. ഉന്മൂല-നാശ] നാ. വേരോടെ നശിക്കൽ, പാടേ നശിക്കൽ.
ഉന്മൂലിത [സം. ഉദ്-മൂലിത] വി. ഉന്മൂലനം ചെയ്യപ്പെട്ട, വേരോടെ നശിപ്പിക്കപ്പെട്ട, പൂർണമായി നശിപ്പിച്ച.
ഉന്മേദ [സം. -മേദസ്] നാ. ഉന്മേദസ്സ്, തടിപ്പ്.
ഉന്മേദസ്സ് [സം. -മേദസ്] 'മേദസ്സിൻെറ വർധന' നാ. പുഷ്ടി, ശരീരം തടിച്ചുകൊഴുത്തിരിക്കുന്ന അവസ്ഥ.
ഉന്മേഷം [സം. -മേഷ] നാ. 1. കണ്ണുതുറക്കൽ, മിഴിക്കൽ; 2. ഉണർവ്, ജാഗ്രത, ഉത്സാഹം; 3. ആഹ്ലാദം; 4. വികാസം, വിരിയൽ; 5. ശോഭ, പ്രകാശം; 6. അധ്യായം.
ഉന്മേഷി [സം. -മേഷിൻ] വി. പറന്നുനടക്കുന്ന, മിന്നുന്ന.
ഉന്മേഷിക്കുക [< സം. ഉദ്-മിഷ്] ക്രി. 1. വിടരുക, വികസിക്കുക; 2. ഉദയം ചെയ്യുക, ഉണ്ടാവുക, ഉണരുക.
ഉന്മോചനം [സം. ഉദ്-മോചന] നാ. ഉന്മേഷിപ്പിക്കൽ, കെട്ടഴിച്ചുവിടൽ, വിട്ടയയ്ക്കൽ.
ഉന്മോഹം [സം. -മോഹ < മുഹ്] നാ. അജ്ഞാനം, അറിവില്ലായ്മ.
ഉപ നാ. കൊയ്ത്തുകാലത്ത് ഉതിർന്നു വയലിൽ വീഴുന്ന നെന്മണികൾ പിന്നത്തെ കൃഷിസമയത്തു മുളച്ചുണ്ടാകുന്ന നെല്ല്. (ഇതിനു പുഷ്ടികുറഞ്ഞിരിക്കും).
ഉപ- [സം.] ഒരു ഉപസർഗം. ക്രിയയോടും ക്രിയാനാമത്തോടും ചേരുന്നത്. നേർക്ക്, അടുക്കലേക്ക്, അടുത്ത്, കൂടെ, ഒന്നിച്ച്, താഴെ, കീഴിൽ തുടങ്ങിയ അർഥങ്ങളിൽ. ഉദാ: ഉപക്ഷേപിക്കുക, ഉപക്രമിക്കുക, ഉപജീവിക്കുക, ഉപചരിക്കുക, ഉപകരിക്കുക ഇത്യാദി; (ക്രി. നാ.) ഉപക്ഷേപം, ഉപക്രമം, ഉപചാരം ഇത്യാദി. ഒന്നിനു കീഴ്പ്പെട്ടത്, അപ്രധാനമായത്, ഒന്നിനോടു ചേർന്നത് എന്ന അർഥങ്ങളിൽ നാമത്തിൻെറ മുന്നിൽ ചേരും.
ഉപകണ്ഠം [സം. -കണ്ഠ] 'കണ്ഠത്തിനു സമീപം' നാ. സമീപം, അയൽ, പരിസരം, തൊട്ടുകിടക്കുന്ന സ്ഥലം. അവ്യ. സമീപത്ത്.
ഉപകണ്ഠി [സം. -കണ്ഠീ] നാ. എട്ടുജാതി കള്ളത്രാസ്സുകളിൽ ഒന്ന്. (കൗ.ഭാ.).
ഉപകഥ [സം. -കഥാ] നാ. 1. ഒരു പ്രഥാന കഥയുടെ അങ്ഗമായി നിൽക്കുന്ന മറ്റൊരു കഥ.
ഉപകനിഷ്ഠിക [സം. -കനിഷ്ഠികാ] 'കനിഷ്ഠികയ്ക്ക് അടുത്തുള്ളത്, ചെറുവിരലിൻെറ അടുത്തവിരൽ' നാ. അണിവിരൽ.
ഉപകന്യ [സം. -കന്യാ] നാ. പുത്രിയുടെ സഖി.

ഉപകന്യാപുരം [സം. -കന്യാപുര] അവ്യ. കന്യാപുരത്തിനടുത്ത്, അന്തഃപുരത്തിനടുത്ത്.
ഉപകർണനം [സം. -കർണന < കർണ്] നാ. കേൾക്കൽ, കേൾവി.
ഉപകർണം [സം. -കർണ] അവ്യ. ചെവിയുടെ അടുക്കൽ.
ഉപകർണിക [സം. -കർണികാ] 'ചെവി പകർന്നുപോകുന്നത്'. നാ. 1. കേട്ടുകേൾവി, കിംവദന്തി, ശ്രുതി; 2. വർത്തമാനം അറിയിക്കൽ, വാർത്താനിവേദനം.
ഉപകർണ്യ [സം. -കർണ്യ] അവ്യ. ഉപകർണനം ചെയ്തിട്ട്, കേട്ടിട്ട്.
ഉപകർത്താ(വ്) [സം. -കർതൃ] നാ. 1. ഉപകാരം ചെയ്യവൻ, നന്മചെയ്യവൻ; 2. കർത്താവിനെ സഹായിക്കുന്നവൻ, അപ്രധാനകർത്താവ്, കർത്താവിനുപകരം ക്രിയചെയ്യുന്ന ആൾ.
ഉപകരണം [സം. -കരണ] നാ. 1. ഉപകരിക്കൽ, മറ്റൊരാൾക്കുവേണ്ടി എന്തെങ്കിലും പ്രവർത്തിക്കൽ, സേവിക്കൽ, സഹായിക്കൽ; 2. ഒരു പ്രവർത്തിക്ക് ഉപയോഗമുള്ള പദാർഥം, ഒരു ക്രിയ ചെയ്യുന്നതിനു സഹായകമായ സാധനം, ലയവിന്യാസത്തിന് ഉപകരിക്കത്തക്ക ശബ്ദം പുറപ്പെടുവിക്കുന്ന യന്ത്രം, വാദ്യം; 3. സാധനം.
ഉപകരിക്കുക [< സം. ഉപ-കൃ] ക്രി. ഉതകുക, ആവശ്യത്തിനുകിട്ടുക, പ്രയോജനപ്പെടുക. ഉദ്ദേശികാവിഭക്തിയോടു ചേർത്തു പ്രയോഗം.
ഉപകല്പനം [സം. -കല്പന] നാ. സജ്ജീകരണം, ഒരുക്കം.
ഉപകല്പിത [സം. -കല്പിത] വി. സജ്ജീകരിക്കപ്പെട്ട, സിദ്ധിച്ച, അടുക്കിക്രമപ്പെടുത്തിയ, അണിനിരത്തിയ.
ഉപകല്പ്യ [സം. -കല്പ്യ] വി. ഉപകല്പിക്കത്തക്ക, ഉണ്ടാക്കാവുന്ന.
ഉപകാന്ത [സം. -കാന്താ] നാ. ആറുനിലമാളിക.
ഉപകാരക [സം. -കാരക < കൃ] വി. ഉപകരിക്കുന്ന, പ്രയോജനമുള്ള, സഹായിക്കുന്ന. ഉപകാരകം = പലിശയായും ഉപകാരവശാലും മറ്റും കിട്ടിയ ധനം.
ഉപകാരജ്ഞൻ [സം. -കാര-ജ്ഞ] നാ. കൃതജ്ഞൻ.
ഉപകാരം [സം. -കാര] 'കൂടെച്ചേർന്നു ചെയ്യൽ' നാ. സഹായം, പ്രയോജനം, നന്മ, ഉപയോഗം.
ഉപകാരസ്മരണ(ം) [സം. -കാര-സ്മരണാ] നാ. വേറൊരാൾ തനിക്ക് ഉപകാരം ചെയ്യതിനെക്കുറിച്ചുള്ള ഓർമ, കൃതജ്ഞത.
ഉപകാരി [സം. -കാരിൻ] നാ. സഹായം ചെയ്യുന്ന ആൾ, ഉപകരിക്കുന്നവൻ, നന്മചെയ്യുന്നവൻ, സഹായി. (സ്ത്രീ.) ഉപകാരിണി. (പ്ര.) പരോപകാരി, ലോകോപകാരി.
ഉപകാരിക [സം. -കാരികാ] നാ. 1. രക്ഷാകർത്രി, ഉപകാരം ചെയ്യുന്നവൾ, സഹായിക്കുന്നവൾ; 2. സാർഥവാഹന്മാരുടെ കൂടാരം.
ഉപകാര്യ [സം. -കാര്യാ] 'ഉപകരിക്കത്തക്കത്, ഉപകരിക്കുന്നത്' നാ. കൊട്ടാരം, കൂടാരം.
ഉപകാലിക [സം. -കാലികാ] നാ. കരിഞ്ജീരകം.
ഉപകാവ്യം [സം. -കാവ്യ] നാ. സർഗങ്ങളായി ഭാഗിക്കപ്പെടാത്ത കാവ്യം (സൂര്യശതകം മുതലായവ ഉദാഹരണം.)
ഉപകിരണം [സം. -കിരണ] നാ. 1. ചിതറൽ, എറിയൽ; 2. (മണ്ണിട്ടു) മൂടൽ, സംസ്കരിക്കൽ.
ഉപകീചകൻ [സം. -കീചക] നാ. കീചകന്റെ അനുചരൻ.

ഉപകുഞ്ചി(ക) [സം. –കുഞ്ചികാ] നാ. 1. ചിറ്റേലം; 2. കരിഞ്ജീരകം.
ഉപകുംഭ [സം. –കുംഭ] വി. 1. കുടത്തിനടുത്തുള്ള; 2. ഏകാന്തമായ; 3. പ്രത്യേകമായ.
ഉപകുംഭം [സം. –കുംഭ] നാ. പരികലശം, വിദിക്കുകളിൽ വയ്ക്കുന്ന കലശങ്ങളിൽ ഒന്ന്.
ഉപകുർവാണൻ [സം. –കുർവാണ] നാ. 1. ഉപകാരി; 2. ബ്രഹ്മചര്യം കഴിഞ്ഞ് ഗുരുവിനു ദക്ഷിണകൊടുത്തശേഷം ദൃഹസ്ഥാശ്രമം സ്വീകരിക്കുന്ന ബ്രാഹ്മണൻ. (ഗുരുവിനോടൊത്തു ജീവിതകാലം മുഴുവൻ കഴിച്ചുകൂട്ടുന്ന ആൾ നൈഷ്ഠികബ്രഹ്മചാരി.)
ഉപകുല്യ [സം. –കുല്യാ] നാ. 1. കൈത്തോട്, ചാല്; 2. കുല്യയുടെ (തോട്ടിൻെറ) വക്കത്ത് ഉണ്ടാകുന്നത്, കെട്ടിപ്പിണഞ്ഞു കിടക്കുന്നത്, തിപ്പലി.
ഉപകുശം [സം. –കുശ] നാ. ഊനിൽ ഉണ്ടാകുന്ന ഒരു രോഗം.
ഉപകൂപം [സം. –കൂപ] നാ. 1. ചെറുകിണർ; 2. അവ്യ. കിണറ്റിനടുത്ത്.
ഉപകൂലം [സം. –കൂല] അവ്യ. കരയിൽ, കരയ്ക്കടുത്ത്.
ഉപകൃത [സം. –കൃത] വി. ഉപകരിക്കപ്പെട്ട, സഹായിക്കപ്പെട്ട.
ഉപകൃതം, –കൃതി [സം. ഉപ–കൃത, –കൃതി] നാ. ഉപകാരം.
327
ഉപക്ലിപ്ത [സം. –ക്ലിപ്ത] വി. 1. തയ്യാറാക്കിയ. 2. നിർമിക്കപ്പെട്ട, ഉണ്ടാക്കിയ; 3. സമീപത്തുകൊണ്ടുവരപ്പെട്ട.
ഉപകോടി [സം. –കോടി] നാ. കോടിക്കഴുക്കോലിൻെറ വശങ്ങളിലുള്ള കഴുക്കോലുകളിൽ ഒന്ന്.
ഉപക്രന്താ(വ്) [സം. –ക്രന്തൃ < ക്രമ്] നാ. ഉപക്രമിക്കുന്നവൻ, ഏറ്റെടുക്കുന്നവൻ.
ഉപക്രമണം [സം. –ക്രമണ] നാ. 1. ആരംഭം; 2. സമീപനം; 3. രോഗിയെ ശുശ്രൂഷിക്കൽ, ചികിത്സ; 4. മുന്നോട്ടുപോകൽ.
ഉപക്രമണിക [സം. –ക്രമണികാ] നാ. 1. മുഖവുര, പ്രവേശിക; 2. പ്രവേശനത്തിനുള്ള പടി.
ഉപക്രമണീയ [സം. –ക്രമണീയ] വി. ഉപക്രമിക്കത്തക്ക, അടുത്തുചെല്ലത്തക്ക, ആരംഭിക്കത്തക്ക, തുടങ്ങേണ്ട.
ഉപക്രമം [സം. –ക്രമ] നാ. 1. ആരംഭം; 2. സമ്മേളനത്തിൽ അധ്യക്ഷൻ നടത്തുന്ന പ്രാരംഭപ്രഭാഷണം, ഉപക്രമപ്രസങ്ഗം; 3. സമീപിക്കൽ; 4. മന്ത്രിമാരുടെ ശീലം പരീക്ഷിക്കൽ, താരത. ഉപധ; 5. ഉപായം (സാമദാനാദി); 6. ചികിത്സ; 7. മുന്നോട്ടുള്ള നടപ്പ്; 8. വേദാഭ്യാസത്തിനു മുമ്പുള്ള ഒരു ക്രിയ; 9. വേദാന്തവാക്യാർഥവിചാരം ചെയ്യാനുള്ള ആറുലക്ഷണങ്ങളിൽ ഒന്ന്; 10. താത്പര്യം നിർണയിക്കുന്നതിനുള്ള ലിങ്ഗങ്ങളിൽ ഒന്ന്.
ഉപക്രമിക്കുക [സം. –ക്രമ്] 'അടുത്തുചെല്ലുക, ശുശ്രൂഷിക്കുക എന്നുതുടങ്ങി അർഥവികാസം' ക്രി. ചെയ്യാൻ ആരംഭിക്കുക.
ഉപക്രമിതാ(വ്) [സം. –ക്രമിതൃ] നാ. ഉപക്രാന്താവ്, ഉപക്രമിക്കുന്നവൻ.
ഉപക്രമ്യ1 [സം. –ക്രമ്യ] വി. 1. ഉപക്രമിക്കത്തക്ക; 2. ചികിത്സിക്കത്തക്ക.
ഉപക്രമ്യ2 [സം. –ക്രമ്യ] അവ്യ. 1. ഉപക്രമിച്ചിട്ട്; 2. ആരംഭിച്ചിട്ട്.
ഉപക്രീഡ [സം. –ക്രീഡാ] നാ. കളിസ്ഥലം.
ഉപക്രോശ(ന)ം [സം. –ക്രോശന] നാ. നിന്ദനം, കുറ്റപ്പെടുത്തൽ, അടുത്തുനിന്നുള്ള ശകാരം.

ഉപക്രോശിക്കുക [സം. -ക്രുശ്] ക്രി. 1. ശകാരിക്കുക, കുറ്റപ്പെടുത്തുക; 2. നിലവിളിക്കുക.
ഉപകോഷ്ടാ(വ്) [സം. -ക്രോഷ്ടൃ] നാ. 1. ഉപക്രോശിക്കുന്നവൻ; 2. കഴുത.
ഉപക്വണം, -ക്വാണം [സം. -ക്വണ] നാ. വീണാദിവാദ്യധ്വനി.
ഉപക്ഷയ [സം. -ക്ഷയ < ക്ഷി] വി. 1. നശിച്ച, ക്ഷീണിച്ച; 2. വീട്ടിനടുത്തുള്ള.
ഉപക്ഷയം [സം.] നാ. = അവാന്തരപ്രളയം.
ഉപക്ഷിപ്ത [സം. ഉപ-ക്ഷിപ്ത < ക്ഷിപ്] വി. 1. എറിയപ്പെട്ട; 2. സൂചിതമായ, പറയപ്പെട്ട, വിവരിക്കപ്പെട്ട; 3. ആക്ഷേപിക്കപ്പെട്ട, നിന്ദിക്കപ്പെട്ട.
ഉപക്ഷീണ [സം. -ക്ഷീണ < ക്ഷീ] വി. ക്ഷീണിച്ചുവിവശമായ, നശിച്ചുപോയ, അപ്രത്യക്ഷമായ.
ഉപക്ഷേത്രം [സം. -ക്ഷേത്ര] നാ. 1. മുഖ്യദേവാലയത്തോടു ചേർന്നുള്ള ചെറിയക്ഷേത്രം, അപ്രധാനക്ഷേത്രം, കീഴിടമ്പലം; 2. കൊച്ചുവയൽ.
ഉപക്ഷേപണം [സം. -ക്ഷേപണ] നാ. 1. ഏറ്, നേർക്കു ചുഴറ്റി എറിയൽ; 2. കുറ്റപ്പെടുത്തൽ; 3. പരാമർശം, സൂചന, നിർദേശം.
ഉപക്ഷേപം [സം. -ക്ഷേപ < ക്ഷിപ്] നാ. 1. ഏറ്, ഒന്നിനുനേർക്ക് എറിയൽ; 2. പ്രസ്താവം, നിർദേശം, സൂചന; 3. പ്രാരംഭം; 4. കുറ്റം ചുമത്തൽ, ദോഷാരോപണം; 5. ചോദ്യം, പ്രമേയം; 6. മുഖസന്ധിയുടെ പന്ത്രണ്ട് അങ്ഗങ്ങളിൽ ഒന്ന്, നാടകാരംഭത്തിൽ കഥാവസ്തുവിനെക്കുറിച്ചുള്ള സങ്ക്ഷിപ്തപ്രസ്താവന.
ഉപക്ഷേപിക്കുക [സം. ഉപ-ക്ഷിപ്] ക്രി. 1. നേർക്ക് എറിയുക; 2. അടിക്കുക; 3. വാക്കുകൊണ്ടു ശല്യം ചെയ്യുക, പരിഹസിക്കുക, ആക്ഷേപിക്കുക, നിന്ദിക്കുക; 4. സൂചിപ്പിക്കുക, പരാമർശിക്കുക.
ഉപഖണ്ഡിക [സം. -ഖണ്ഡികാ] നാ. കീഴ്വകുപ്പ്.
ഉപഖനനം [സം. -ഖനന < ഖന്] 'അടുത്തു കുഴിക്കൽ' നാ. ചുമരിൻെറ അരികിൽ നിലം കുഴിക്കൽ, തുരങ്കമുണ്ടാക്കൽ.
ഉപഖിലം [സം. -ഖില] നാ. അനുബന്ധത്തിൻെറ അനുബന്ധം.
ഉപഗ [സം. -ഗ < ഗമ്] 'അടുത്തുചെല്ലുന്ന' (സമാസത്തിൽ ഉത്തരപദമായി പ്രയോഗം) വി. 1. സമീപിക്കുന്ന; 2. പിന്തുടരുന്ന; 3. ലഭിക്കുന്ന.
ഉപഗത [സം. -ഗത < ഗമ്] 'ഉപഗമിച്ച' വി. 1. സമീപത്തെത്തിയ, എത്തിച്ചേർന്ന, വന്നുചേർന്ന; 2. അങ്ഗീകരിക്കപ്പെട്ട, സമ്മതിച്ച; 3. പ്രതിജ്ഞചെയ്യപ്പെട്ട; 4. ലഭിച്ച, സിദ്ധിച്ച; 5. അറിയപ്പെട്ട, അനുഭവത്തിൽപ്പെട്ട.
ഉപഗതപുത്രൻ [സം. ഉപഗത-പുത്ര] നാ. സ്വമനസ്സാലെയോ ബന്ധുക്കളുടെ ഉപദേശപ്രകാരമോ വേറൊരാളുടെ പുത്രനായിട്ടു ചെന്നുചേരുന്നവൻ.
ഉപഗതം [സം. -ഗത] നാ. 1. നേട്ടം, സമ്പാദ്യം; 2. രസീത്.
ഉപഗതി [സം. -ഗതി] നാ. 1. സമീപിക്കൽ, അടുത്തുചെല്ലൽ; 2. അറിവ്; 3. നേട്ടം; 4. സ്വീകരിക്കൽ, കൈപ്പറ്റൽ.
ഉപഗന്താ(വ്) [സം. -ഗന്താ] നാ. 1. ഉപഗമിക്കുന്നവൻ; 2. കൈപ്പറ്റുന്നവൻ. (സ്ത്രീ) ഉപഗന്ത്രി.
ഉപഗമ(ന)ം [സം. -ഗമന] നാ. 1. സമീപിക്കൽ; 2. പ്രതിജ്ഞ, ഉടമ്പടി; 3. അറിവ്; 4. നേട്ടം; 5. സ്ത്രീപുരുഷ സംയോഗം; 6. സമുദായം; 7. ക്ലേശം; 8. സ്വീകരിക്കൽ, കൈപ്പറ്റൽ; 9. ഒരു വലിയ സങ്ഖ്യ.

ഉപഗമിക്കുക [സം. -ഗമ] 1. ക്രി. സമീപിക്കുക, പ്രാപിക്കുക; 2. നേടുക; 3. സംഭവിക്കുക.
ഉപഗമ്യ1 [സം. -ഗമ്യ] വി. ഉപഗമിക്കത്തക്ക.
ഉപഗമ്യ2 [സം. -ഗമ്യ] അവ്യ. ഉപഗമിച്ചിട്ട്, അടുത്തുചെന്നിട്ട്, പ്രാപിച്ചിട്ട്.
ഉപഗാമി [സം. -ഗാമിൻ] വി. ഉപഗമിക്കുന്ന, അടുത്തുവരുന്ന, സമീപിക്കുന്ന.
ഉപഗിരം, -ഗിരി [സം. -ഗിര, -ഗിരി] 1. അവ്യ. ഗിരിയുടെ സമീപത്ത്, മലയ്ക്കടുത്ത്, മലയ്ക്കുനേരേ; 2. നാ. ഉപഗിരി, അർജുനൻ ജയിച്ചു കീഴടക്കിയ ഒരു ദേശം..
ഉപഗീത [സം. -ഗീത] വി. 1. പാടപ്പെട്ട; 2. സ്തുതിക്കപ്പെട്ട, കീർത്തിക്കപ്പെട്ട.
ഉപഗീതി [സം. -ഗീതി] നാ. ഒരു മാത്രാവൃത്തം.
ഉപഗു [സം. -ഗു] അവ്യ. ഗോവിൻെറ അടുക്കൽ. നാ. സത്യരഥൻെറ പുത്രനായ ഒരു മിഥില രാജാവ്.
ഉപഗുണോത്തരം [സം. -ഗുണോത്തര] നാ. ഒരു സങ്ഖ്യയുടെ ഭാജകാംശം.
ഉപഗുപ്ത [സം. ഗുപ്ത < ഗുപ്] വി. ഉപഗോപനം ചെയ്യപ്പെട്ട, ഒളിക്കപ്പെട്ട.
ഉപഗുപ്തൻ [സം. -ഗുപ്ത] നാ. 1. ഉപഗുവിൻെറ പുത്രനായ ഒരു മിഥിലരാജാവ്; 2. ശ്രീബുദ്ധൻെറ ശിഷ്യന്മാരിൽ ഒരാൾ.
ഉപഗുരു [സം. -ഗുരു] നാ. സഹായാധ്യാപകൻ.
ഉപഗൂഢ [സം. -ഗൂഢ < ഗുഹ്] വി. 1. ഉപഗൂഹനം ചെയ്യപ്പെട്ട, ഒളിക്കപ്പെട്ട; 2. ആലിങ്ഗനം ചെയ്യപ്പെട്ട.
ഉപഗൂഹനം [സം. -ഗൂഹന] നാ. 1. മറയ്ക്കൽ; 2. ആലിങ്ഗനം; 3. നിർവഹണസന്ധിയുടെ പതിമൂന്ന് അങ്ഗങ്ങളിൽ ഒന്ന്; 4. അത്ഭുതസംഭവം.
ഉപഗൂഹം [സം. -ഗൂഹ്] നാ. ആലിങ്ഗനം.
ഉപഗൃഹം [സം. -ഗൃഹ] നാ. അപ്രധാനഗൃഹം, പ്രധാനപ്പെട്ട കെട്ടിടത്തിനു പുറമേയുള്ള ചെറുപുര.
ഉപഗോഹ്യം [സം. -ഗോഹ്യ] നാ. 1. ആലിങ്ഗനം; 2. (മറയ്ക്കേണ്ടതായ) അശൂദ്ധാഗ്നി.
ഉപഗ്രഹണം [സം. -ഗ്രഹണ] നാ. 1. ബന്ധിക്കൽ, പിടിച്ചെടുക്കൽ; 2. പിന്താങ്ങൽ, പ്രോത്സാഹനം; 3. അധ്യയനം, വേദാധ്യയനം.
ഉപഗ്രഹൻ [സം. -ഗ്രഹ] നാ. ഉപഗ്രഹിക്കപ്പെട്ടവൻ, തടവുകാരൻ, ബന്ദി.
ഉപഗ്രഹം1 [സം. -ഗ്രഹ] നാ. 1. (ജ്യോ.) (ഒരു പ്രധാന ഗ്രഹത്തെ ചുറ്റുന്ന) അപ്രധാനഗ്രഹം, (സൂര്യനെ പ്രദക്ഷിണം വയ്ക്കുന്ന ഭൂമി മുതലായവ പോലെ); 2. ഗ്രഹാധിപത്യമുള്ള ഒരു ദുർദേവത, രോഗങ്ങൾ ഉണ്ടാക്കുന്നത്.
ഉപഗ്രഹം2 [സം. -ഗ്രഹ] നാ. 1. ഉപഗ്രഹിക്കൽ, പിടികൂടൽ, ബന്ധനം, തടവ്; 2. സന്ധിഭേദങ്ങളിൽ ഒന്ന്, പ്രാണരക്ഷയ്ക്കുവേണ്ടി സർവസ്വവും ദാനം ചെയ്ത് ഉണ്ടാക്കുന്ന സന്ധി; 3. ജേതാവിനു ധനം പല തവണകളായി കൊടുത്താൽമതി എന്നു നിശ്ചയിച്ചിട്ടുള്ള സന്ധി; 4. കൃപ, ദയ; 5. തോൽവി; 6. ധൈര്യം; 7. സഹായം, പ്രോത്സാഹനം.
ഉപഗ്രാമം [സം. -ഗ്രാമ] നാ. ഗ്രാമത്തിനടുത്തുള്ള സ്ഥലം.
ഉപഗ്രാഹം [സം. -ഗ്രാഹ] നാ. കാണിക്ക, പ്രാഭൃതം, പാരിതോഷികം.
ഉപഗ്രാഹികം [സം. -ഗ്രാഹിക] നാ. ആനുകൂല്യസമ്പാദനത്തിനായി കൊടുക്കുന്നത്, പ്രാഭൃത്യം, പാരിതോഷികം, സമ്മാനം.
ഉപഗ്രാഹ്യ [സം. -ഗ്രാഹ്യ] വി. ജോലിയിൽ വച്ചുകൊണ്ടിരിക്കാവുന്ന.

ഉപഗ്രാഹ്യം [സം. ഗ്രാഹ്യ] നാ. കഴ്ചദ്രവ്യം, തിരുമുൽക്കാഴ്ച.
ഉപഘാത(ക) [സം. -ഘാതക] വി. 1. ഉപദ്രവിക്കുന്ന; 2. കൊല്ലുന്ന.
ഉപഘാതം [സം. -ഘാത < ഹൻ] നാ. 1. അടി, കയ്യേറ്റം, കൊല; 2. ക്ഷതം, കേട്, ദ്രോഹം; 3. നാശം; 4. ലങ്ഘനം, അതിക്രമം; 5. അപമാനിക്കൽ, നിന്ദനം, പരിഭവം; 6. തടസ്സം, പ്രതിബന്ധം.
ഉപഘാതി [സം. -ഘാതിൻ] നാ. ഉപദ്രവിക്കുന്നവൻ.
ഉപഘാതിനി [സം. -ഘാതിനീ] നാ. ഗർഭം അലസിയവൾ.
ഉപഘുഷ്ട [സം. -ഘുഷ്ട < ഘുഷ്] 'ഉപഘോഷണം ചെയ്ത' വി. മുഴക്കിയ, മുഴങ്ങുന്ന.
ഉപഘോഷണം [സം. -ഘോഷണ < ഘുഷ്] നാ. പ്രഖ്യാപനം, പരസ്യപ്പെടുത്തൽ.
ഉപഘ്നം [സം. -ഘ്ന] നാ. ഏറ്റവും അടുത്ത ആശ്രയം, അഭയസ്ഥാനം.
ഉപചക്രം [സം. -ചക്ര] നാ. ഒരുതരം പാത്ത, തേറ്റപ്പേട്ട.
ഉപചക്ഷുസ്സ് [സം. -ചക്ഷുസ്] നാ. ദിവ്യചക്ഷുസ്സ്; മൂക്കുകണ്ണാടി.
ഉപചയം [സം. -ചയ < ചി] നാ. 1. ഉപചയിക്കൽ, കൂട്ടിവയ്പ്പ്, കൂട്ടം, കൂമ്പാരം; 2. കൂടുതലാകൽ, വളർച്ച, അഭിവൃദ്ധി; 3. (ജ്യോ.) ലഗ്നത്തിൽനിന്ന് മൂന്ന് ആറ് പത്ത് പതിനൊന്ന് എന്നീ ഭാവങ്ങൾ.
ഉപചയിക്കുക [<സം. ഉപ-ചി] ക്രി. കൂട്ടിവയ്ക്കുക, കൂമ്പാരമാക്കുക, ശേഖരിക്കുക.
ഉപചരണം [സം. -ചരണ] 'ഉപചരിക്കൽ, അടുത്തുസഞ്ചരിക്കൽ' നാ. 1. ആചാരം; 2. മര്യാദ; 3. നല്ല നടപ്പ്; 4. ശുശ്രൂഷ.
ഉപചരിക്കുക [<സം. ഉപ-ചര്] ക്രി. 1. പരിചരിക്കുക, സേവിക്കുക; 2. ബഹുമാനപൂർവം സ്വീകരിച്ചു സത്കരിക്കുക, ആദരം പ്രദർശിപ്പിക്കുക, പൂജിക്കുക; 3. ആചരിക്കുക; 4. ശുശ്രൂഷിക്കുക, ചികിത്സിക്കുക; 5. ഒന്നിൻെറ സ്വഭാവത്തെ മറ്റൊന്നിൽ ആരോപിക്കുക, ആലങ്കാരികമായി പ്രയോഗിക്കുക.
ഉപചരിത [സം. -ചരിത] വി. ഉപചരിക്കപ്പെട്ട.
ഉപചരിതവ്യ [സം. -ചരിതവ്യ] വി. ഉപചര്യ, ഉപചരിക്കേണ്ട, ഉപചരിക്കത്തക്ക.
ഉപചര്യ1 [സം. -ചര്യ] വി. ഉപചരിതവ്യ, ഉപചരിക്കത്തക്ക, ഉപചരിക്കേണ്ട.
ഉപചര്യ2 [സം. -ചര്യാ] നാ. 1. ചികിത്സ; 2. ശുശ്രൂഷ; 3. പൂജ, ഉപചാരം.
ഉപചാരകൻ [സം. -ചാരക] നാ. വേലക്കാരൻ.
ഉപചാരം [സം. -ചാര] 'അടുത്തുപെരുമാറൽ' എന്നതിൽ നിന്ന് അർഥവികാസം. നാ. 1. ആചാരം, മര്യാദ; 2. മര്യാദയോടുകൂടിയ പെരുമാറ്റം, ആദരവ്, ബഹുമാനം, പൂജ, ബഹുമാനപൂർവം സ്വാഗതംചെയ്യുന്ന സത്കാരാദികൾ; 3. ദേവപൂജ; 4. ശുശ്രൂഷ, പരിചരണം (രോഗിയെ എന്ന പോലെ); 5. ചികിത്സ; 6. ഗൗണപ്രയോഗം, അപ്രധാനാർഥം; 7. തൊഴിൽ; 8. ആചാരപരമായ വാക്ക്, ഭങ്ഗിവാക്ക്; 9. (അലം.) അധ്യാരോപണം, ഒന്നിൻെറ ധർമത്തെ മറ്റൊന്നിൽ ആരോപിക്കൽ.
ഉപചാരി [സം. -ചാരിൻ] വി. 1. മര്യാദയുള്ള; 2. സേവിക്കുന്ന. (നാമമായും പ്രയോഗം).
ഉപചാര്യ1 [സം. -ചാര്യ] വി. ഉപചരിക്കത്തക്ക.
ഉപചാര്യ2 [സം. -ചാര്യാ] നാ. വൈദ്യം, ചികിത്സ.
ഉപചികീർഷ [സം. -ചികീർഷാ] നാ. ഉപകരിക്കാനുള്ള ആഗ്രഹം.
ഉപചികീർഷു [സം.] നാ. = ഉപകാരേച്ഛു.

ഉപചിത [സം. –ചിത < ചി] വി. 1. ഉപചയിച്ച, കൂട്ടിവച്ച, ശേഖരിച്ച; 2. പുഷ്ടിയെപ്രാപിച്ച, വർധിച്ച; 3. പൂശപ്പെട്ട; 4. നിറഞ്ഞ; 5. ബഹുമാനിക്കപ്പെട്ട, പൂജിക്കപ്പെട്ട; 6. കുമ്മായം, ചായം മുതലായവകൊണ്ടു ലേപനം ചെയ്യപ്പെട്ട.

ഉപചിതി [സം. –ചിതി] നാ. 1. കൂട്ടിവയ്പ്പ്, വർധന; 2. ഐശ്വര്യം.

ഉപചിത്ര [സം. –ചിത്രാ] 'പല നിറങ്ങളുള്ളത്' നാ. 1. എലിച്ചെവിയൻ; 2. ചെറിയ ദന്തി, വലിയ ദന്തി; 3. ചോതി; 4. അത്തം.

ഉപചിത്രക [സം. –ചിത്രകാ] നാ. നാഗദന്തി.

ഉപചിത്ര(ക)ം [സം. –ചിത്ര] നാ. 1. അർധസമവൃത്തം; 2. ഒരു സമവൃത്തം.

329

ഉപച്ഛദം [സം. –ഛദ] നാ. വിരിപ്പ്, പുതപ്പ്, ആവരണം, മൂടി.

ഉപച്ഛന്ദനം [സം. –ഛന്ദന] നാ. പ്രേരിപ്പിക്കൽ, മുഖസ്തുതികൊണ്ടു വശത്താക്കൽ, മോഹിപ്പിക്കൽ, പ്രലോഭിപ്പിക്കൽ.

ഉപച്ഛായ [സം. –ഛായാ] നാ. മങ്ങിയ നിഴൽ.

ഉപച്യവം [സം. –ച്യവ < ച്യു] നാ. (മൈഥുനക്രിയയിൽ) മുമ്പോട്ട് അടുക്കൽ, അമർത്തൽ.

ഉപജ1 [സം. –ജ] വി. 1. വർധിപ്പിച്ച; 2. കൂടുതലായ, സഹായകമായ.

ഉപജ2 [സം. –ജാ] നാ. ഭണ്ഡാരത്തിലേക്കുള്ള വരവിൻെറ മാർഗങ്ങളിൽ ഒന്ന്, വില്പന നിഷേധിച്ച വസ്തു വിറ്റുകിട്ടിയ തുക.

ഉപജനകൻ [സം. –ജനക] നാ. വളർത്തച്ഛൻ.

ഉപജനനം [സം. –ജനന] നാ. 1. ഉത്പാദനം, സന്തത്യുത്പാദനം; 2. വളർച്ച.

ഉപജനം [സം. –ജന] നാ. 1. വർധന; 2. സങ്കലനം; 3. ഉദയം, ഉത്പത്തി; 4. (സംസ്കൃതവ്യാകരണപ്രകാരം) പദനിഷ്പത്തിയിൽ ഒരു വർണം കൂടുതലായി ചേരുന്നത്.

ഉപജപിതാ(വ്) [സം. –ജപിതൃ] 'ഉപജപിക്കുന്നവൻ, ചെവിയിൽ മന്ത്രിക്കുന്നവൻ' നാ. നാട്ടിൽ വിപ്ലവം ഉണ്ടാക്കുന്നതിനോ മറ്റുള്ളവരെ ദ്രോഹിക്കുന്നതിനോ വേണ്ടി ഗൂഢമായി ഓരോന്നു പറഞ്ഞുണ്ടാക്കുന്നവൻ, ചാരവൃത്തിചെയ്യുന്നവൻ, ഏഷണിക്കാരൻ.

ഉപജപ്യ [സം. –ജപ്യ] വി. ഉപജാപം ചെയ്യത്തക്ക, ലഹളയ്ക്കു പ്രേരിപ്പിക്കപ്പെടത്തക്ക.

ഉപജം [സം. –ജ] നാ. 1. പിറന്നിട്ട് ഒന്നോരണ്ടോ മാസം മാത്രമായ കന്ന്, എരുമയുടെയോ പശുവിൻെറയോ കുട്ടി.

ഉപജല്പനം, –ജല്പിതം [സം. –ജല്പന, –ജല്പിത] നാ. സംഭാഷണം, സംസാരം.

ഉപജവം [സം. –ജവ] നാ. കുതിരയുടെ ഗതിഭേദങ്ങളിൽ ഒന്ന്, മധ്യവേഗത്തോടുകൂടിയ ഗമനം.

ഉപജാത [സം. –ജാത] വി. ജനിച്ച, ഉണ്ടായ, ഉദ്ഭവിച്ച.

ഉപജാതി [സം. –ജാതി] നാ. 1. രണ്ടു വൃത്തങ്ങൾ സമ്മിശ്രപ്പെടുത്തിയുള്ള വൃത്തം; 2. ഒരു ജാതിയിൽനിന്നു പിരിഞ്ഞ മറ്റൊരു ജാതി.

ഉപജാപക [സം. –ജാപക] 'ചെവിയിൽ മന്ത്രിക്കുന്ന' വി. നാട്ടിൽ വിപ്ലവം ഉണ്ടാക്കുന്നതിനോ മറ്റുള്ളവരെ ദ്രോഹിക്കുന്നതിനോവേണ്ടി ഗൂഢാലോചനചെയ്യുന്ന, ദ്രോഹിക്കുന്ന, ഏഷണി പറയുന്ന.

ഉപജാപം [സം. –ജാപ] നാ. ദ്രോഹാലോചന, ചാരവൃത്തി, ഭേദം എന്ന ഉപായം, സ്വകാര്യമായി ഏഷണി പറഞ്ഞു സാധിക്കുന്നത്.

ഉപജിഹ്വ [സം. -ജിഹ്വാ] നാ. 1. അണ്ണാക്ക്, ചെറുനാക്ക്; 2. ഒരു രോഗം, നാക്കിൻെറ കീഴ്ഭാഗത്തു നാക്കിൻെറ ആകൃതിയിൽ ഉണ്ടാകുന്ന നീര്.
ഉപജിഹ്വം [സം. -ജിഹ്വ] നാ. നാക്കിലുണ്ടാകുന്ന ഒരു രോഗം, ഉപജിഹ്വ.
ഉപജിഹ്വിക [സം. -ജിഹ്വികാ] നാ. 1. ഒരുവക ഉറുമ്പ്; 2. ചിതൽപ്പുറ്റ്; 3. ചെറുനാക്ക്; 4. നാക്കിലുണ്ടാകുന്ന ഒരു രോഗം, ഉപജിഹ്വ.
ഉപജീവക [സം. -ജീവക] വി. ഉപജീവിക്കുന്ന, ആശ്രയിക്കുന്ന.
ഉപജീവകം [സം. -ജീവക] നാ. ഉപജീവനം, ഉപജീവിക, കാലക്ഷേപമാർഗം.
ഉപജീവനം [സം. -ജീവന] നാ. 1. ദിവസവൃത്തി, കാലക്ഷേപം, കാലക്ഷേപത്തിനുള്ള മാർഗം; 2. ജീവിക്കാൻ ആവശ്യമായത്, ആഹാരം മുതലായത്; 3. നിത്യവൃത്തിക്കു മറ്റൊരാളെ ആശ്രയിക്കൽ, പരാശ്രയം.
ഉപജീവി [സം. ജീവിൻ] നാ. 1. ഭൃത്യൻ; 2. (ഉത്തരപദമായിവരുമ്പോൾ) ഉപജീവനം നടത്തുന്നവൻ, കാലക്ഷേപം കഴിക്കുന്നവൻ, മറ്റൊരാളെ ആശ്രയിച്ചു ജീവിക്കുന്നവൻ; 3. മറ്റൊന്നിനെ അടിസ്ഥാനപ്പെടുത്തിയുള്ളത്, ആശ്രയിച്ചുള്ളത്.
ഉപജീവിക [സം. -ജീവികാ] നാ. നിത്യവൃത്തി, കാലക്ഷേപം, കാലക്ഷേപമാർഗം.
ഉപജീവിക്കുക [< സം. ഉപ-ജീവ്] ക്രി. 1. ദിവസവൃത്തികഴിക്കുക, ജീവിതം നയിക്കുക, ജീവിക്കുക; 2. ആശ്രയിക്കുക, ആശ്രയിച്ചു ജീവിക്കുക, ആധാരമാക്കുക; 3. ഭക്ഷിക്കുക.
ഉപജീവിതം [സം. -ജീവിത] നാ. = ഉപജീവനം.
ഉപജീവ്യ [സം. -ജീവ്യ] വി. 1. ഉപജീവനയോഗ്യമായ, ഉപജീവനത്തിനു സഹായിക്കുന്ന; 2. ആശ്രയിക്കത്തക്ക; 3. താങ്ങായിട്ടുള്ള.
ഉപജീവ്യൻ [സം. -ജീവ്യ] നാ. രക്ഷിതാവ്, മേലാൾ.
ഉപജീവ്യം [സം. -ജീവ്യ] നാ. 1. കാലക്ഷേപമാർഗം, ഉപജീവിക്കത്തക്ക ഗ്രന്ഥം, പ്രാമാണിക ഗ്രന്ഥം.
ഉപജുഷ്ട [സം. ജുഷ്ട < ജുഷ്] വി. 1. ആദരപൂർവം സ്വീകരിക്കപ്പെട്ട, സത്ക്കരിക്കപ്പെട്ട, പൂജിക്കപ്പെട്ട; 2. സമീപിക്കപ്പെട്ട; 3. ആവേശിക്കപ്പെട്ട.
ഉപജോഷണം [സം. -ജോഷണ] നാ. 1. ഭക്ഷണം കഴിക്കൽ; 2. ഉപഭോഗം, ഉപയോഗം.
ഉപജോഷം1 [സം. -ജോഷ] നാ. ആഗ്രഹം, സന്തോഷം, ഇഷ്ടം.
ഉപജോഷം2 [സം. -ജൊഷ] അവ്യ. 1. സന്തോഷപൂർവം; 2. മൗനമായിട്ട്, ശാന്തമായിട്ട്; 3. ഇഷ്ടംപോലെ.
ഉപജ്ഞ1 [സം. -ജ്ഞ] വി. (വിശേഷിച്ചും സമാസാന്തത്തിൽ) പാരമ്പര്യമായിട്ടല്ലാതെ താൻതന്നെ കണ്ടെത്തിയ, അറിഞ്ഞ, ഉണ്ടാക്കിയ, നിർമിച്ച, തുടങ്ങിയ.
ഉപജ്ഞ2 [സം. -ജ്ഞാ] നാ. 1. ഉപദേശമില്ലാതെയുണ്ടായ അറിവ്, ഒരാൾ ആദ്യമായി തന്നെത്താൻ കണ്ടെത്തിയ തത്ത്വമോ അറിവോ, പരമ്പരാഗതമല്ലാതെയുള്ള അറിവ്; 2. കണ്ടുപിടിത്തം.
ഉപജ്ഞാത [സം. -ജ്ഞാത] വി. കണ്ടുപിടിക്കപ്പെട്ട.
ഉപജ്ഞാതാ(വ്) [സം. -ജ്ഞാതൃ < ജ്ഞാ] നാ. ഏതെങ്കിലും ഒന്ന് ആദ്യമായി കണ്ടുപിടിച്ച ആൾ. ഉപജ്ഞാതൃത്വം = ഉപജ്ഞാതാവ് എന്ന നില.
ഉപജ്ഞാനം [സം. -ജ്ഞാന] നാ. കണ്ടുപിടിത്തം
ഉപതടം1 [സം. -തട] നാ. അരിക്, തീരം.

ഉപതടം2 [സം. -തടം] അവ്യ. തീരത്ത്, കരയ്ക്ക്, വക്കിനടുത്ത്.
ഉപതപന [സം. -തപന] വി. തപിപ്പിക്കുന്ന, ദു:ഖിപ്പിക്കുന്ന, കഷ്ടപ്പെടുത്തുന്ന.
ഉപതപിക്കുക [< സം. -തപ്] ക്രി. 1. ചൂടുപിടിക്കുക; 2. രോഗാദികളെക്കൊണ്ടു ദു:ഖിക്കുക, പീഡിപ്പിക്കപ്പെടുക, സുഖക്കേടു പിടിക്കുക.
ഉപതപ്ത [സം. -തപ്ത] 'ഉപതപിക്കപ്പെട്ട്ട' വി. 1. ചൂടുപിടിപ്പിക്കപ്പെട്ട; 2. വരണ്ട; 3. പീഡിപ്പിക്കപ്പെട്ട, വലഞ്ഞ.
ഉപതപ്താ(വ്) [സം. -തപ്തൃ] നാ. ഉപതപിക്കുന്നവൻ. (സ്ത്രീ.) ഉപതപ്ത്രി.
ഉപതപ്തി [സം. -തപ്തി] നാ. കോപം.
ഉപതല്പം [സം. തല്പ] നാ. 1. ചെറുകൊത്തളം; 2. മുകളിലത്തെ നില, മാളിക, മാളികമുറി; 3. ചെറിയ പീഠം, ഉപതല്പ്യം.
ഉപതാനം [സം. -താന] നാ. ഒരു ത്രികോണത്തിന്റെ ആധാരഭുജം, ഭൂമി (എന്നു ഗണിതയുക്തിഭാഷ).
ഉപതാപക [സം. -താപക] വി. 1. ഉപതപിപ്പിക്കുന്ന, ചൂടുപിടിപ്പിക്കുന്ന; 2. പീഡിപ്പിക്കുന്ന, വേദനിപ്പിക്കുന്ന.
ഉപതാപനം [സം. -താപന] നാ. ഉപതപിപ്പിക്കൽ, പീഡനം.
ഉപതാപം [സം. -താപ] നാ. 1. രോഗം; 2. ദു:ഖം, ദൗർഭാഗ്യം, ദുരിതം; 3. ഉഷ്ണം; 4. പീഡനം.
ഉപതാപി [സം. -താപിൻ] നാ. 1. വേദന അനുഭവിക്കുന്നവൻ; 2. ഉപതപിപ്പിക്കുന്നവൻ, പീഡിപ്പിക്കുന്നവൻ.
ഉപതാര [സം. -താരാ] നാ. അപ്രധാനമായ നക്ഷത്രം.
ഉപതാരക [സം. -താരക] 'ഉപതരിക്കുന്ന' വി. കവിഞ്ഞൊഴുകുന്ന.
ഉപതീരം [സം. -തീരം] അവ്യ. തീരത്ത്.
ഉപതുല [സം. -തുലാ] നാ. ഒരു സ്തംഭത്തെ ഒൻപതായി ഭാഗിച്ചാൽ മുകളിൽനിന്നു മൂന്നാമത്തെ ഭാഗം.
ഉപതെരഞ്ഞെടുപ്പ് [സം. ഉപ -മ. തിരഞ്ഞെടുപ്പ്] നാ. നിയമസഭയുടെയും മറ്റും കാലാവധി അവസാനിക്കുന്നതിനു മുമ്പ് അങ്ഗങ്ങളുടെ മരണം മൂലമോ മറ്റോ ഒഴിവ് ഉണ്ടാകുന്ന സ്ഥാനത്തിനുവേണ്ടിയുള്ള തെരഞ്ഞെടുപ്പ്.
ഉപത്യ [സം.] വി. താഴെ സ്ഥിതിചെയ്യുന്ന.
ഉപത്യക [സം. ഉപ-ത്യകാ] നാ. പർവതത്തിനടുത്തുള്ള ഭൂമി, താഴ്വര.
ഉപദ(ം) [സം. ഉപ-ദാ] നാ. 1. കാണിക്ക, കാഴ്ചദ്രവ്യം; 2. സമ്മാനം; 3. കൈക്കൂലി.
ഉപദംശം [സം. -ദംശ] 'കൂടെചേർത്തു കടിക്കനുള്ളത്' നാ. 1. കൂട്ടാൻ, കറി, ആഹാരത്തിനു രുചി കൂട്ടാനുള്ള ഉപ്പേരി, തോരൻ, ഉപ്പിലിട്ടതു മുതലായവ; 2. മുരിങ്ങ; 3. കടി; 4. ക്രമാധികമായ രതിക്രീഡകൊണ്ട് ഉണ്ടാകുന്ന ഒരു ലൈങ്ഗികരോഗം.
ഉപദർശകൻ [സം. -ദർശക] നാ. 1. വാതിൽ കാക്കുന്നവൻ; 2. വഴികാട്ടി; 3. സാക്ഷി.
ഉപദർശനം [സം. -ദർശന] നാ. 1. പ്രദർശിപ്പിക്കൽ; 2. വ്യാഖ്യാനം; 3. അടുത്തറിയൽ, ദൃഢപരിചയം.
ഉപദർശിക്കുക [< സം. ഉപ-ദർശ്] ക്രി. കാണുക.
ഉപദശം [സം. -ദശം] അവ്യ. പത്തിന് അടുത്ത്, ഏകദേശം പത്ത്.

ഉപദാനകം [സം. -ദാനക] നാ. 1. കാഴ്ചദ്രവ്യം, അർച്ചന, തർപ്പണം; 2. സമ്മാനം, കൈക്കൂലി.
ഉപദാനം [സം. -ദാന] നാ. = ഉപദാനകം.
ഉപദിഗ്ദ്ധ [സം. -ദിഗ്ദ്ധ < ദിഹ്] വി. പൂശപ്പെട്ട.
ഉപദിശ [സം. -ദിശാ] നാ. ഇടദിക്ക്.
ഉപദിശം [സം.] നാ. രണ്ടു ദിക്കുകൾക്ക് ഇടയ്ക്ക്.
ഉപദിശ്യ [സം. -ദിശ്യ] അവ്യ. ഉപദേശിച്ചിട്ട്.
ഉപദിഷ്ട [സം. -ദിഷ്ട] വി. ഉപദേശിക്കപ്പെട്ട, പഠിപ്പിക്കപ്പെട്ട, ആജ്ഞാപിക്കപ്പെട്ട.
ഉപദിഷ്ടം [സം. -ദിഷ്ട < ദിശ്] നാ. 1. ഉപദേശം; 2. നാട്യാലങ്കാരങ്ങളിൽ ഒന്ന്, ശാസ്ത്രത്തിൻെറ അർഥം ഗ്രഹിച്ചുപറയുന്നത്.
ഉപദീകരിക്കുക [<സം. ഉപദീ-കൃ] ക്രി. ഉപദയാക്കിചെയ്യുക, കാഴ്ചവയ്ക്കുക.
ഉപദീക്ഷി [സം. ഉപ-ദീക്ഷിൻ] നാ. 1. അടുത്തചാർച്ചക്കാരൻ; 2. ഉപദീക്ഷ കൊടുത്തവൻ.
ഉപദൃഷ്ടി [സം. -ദൃഷ്ടി] നാ. 1. കാഴ്ച, പ്രദർശനം; 2. ഭാവം.
ഉപദേവത [സം. -ദേവതാ] നാ. ദേവന്മാരിൽ താണവർഗം, അപ്രധാന ദേവത, യക്ഷകിന്നരഗന്ധർവാദികൾ.
ഉപദേവൻ [സം. -ദേവ] നാ. 1. ദേവന്മാരിൽ താണ ഒരുവൻ. (ഗന്ധർവന്മാർ , യക്ഷന്മാർ തുടങ്ങിയവരിൽപ്പെട്ട ഒരുവൻ); 2. ഒരു ക്ഷേത്രത്തിലെ പ്രതിഷ്ടാമൂർത്തികളിൽ പ്രാധാന്യം കുറഞ്ഞ ദേവൻ; 3. അക്രൂരൻെറ രണ്ടു പുത്രന്മാരിൽ ഒരാൾ; 4. ദേവകൻെറ പുത്രനായ ഒരു യാദവ രാജാവ്, ദേവകിയുടെ സഹോദരൻ.
ഉപദേശകൻ [സം. -ദേശക] നാ. ഉപദേശിക്കുന്ന ആൾ, ഉപദേഷ്ടാവ്, ആചാര്യൻ. (സ്ത്രീ.) ഉപദേശിക.
ഉപദേശനം [സം. -ദേശന] നാ. 1. ഉപദേശിക്കൽ, അധ്യാപനം, ശിക്ഷണം; 2. മുപ്പത്തിമൂന്നു നാട്യാലങ്കാരങ്ങളിൽ ഒന്ന്.
ഉപദേശം [സം. -ദേശ < ദിശ്] നാ. 1. എടുത്തു പറയൽ; 2. ഇന്നതു ശരി ഇന്നതു തെറ്റ് എന്നു ചൂണ്ടിക്കാണിക്കൽ, ഗുരുശാസനം, ശിക്ഷണം, ഗുണദോഷം പറഞ്ഞുകൊടുക്കൽ, നല്ലതു ചൊല്ലിക്കൊടുക്കൽ; 3. (സംസ്കൃത വ്യാകരണം) ധാതു, പ്രത്യയം മുതലായവയുടെ ആദിരൂപം, (ഗുരു നിർദേശിക്കുന്ന തരത്തിലുള്ളതാകയാൽ ഈ പേര്, 'ഇത്ത്' എന്ന അനുബന്ധത്തോടു ചേർന്നതാണ് ഇത്); 4. രഹസ്യ വിദ്യയോ മന്ത്രമോ മറ്റോ പറഞ്ഞുകൊടുക്കൽ.
ഉപദേശി [സം. -ദേശിൻ] നാ. 1. ഉപദേശിക്കുന്നവൻ, ഉപദേഷ്ടാവ്, ഗുരു, ആചാര്യൻ, നിർദേശകൻ; 2. ക്രൈസ്തവ മതതത്വങ്ങൾ പ്രസങ്ഗിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്ന അവൈദികൻ (പൂ.ബ.വ.) ഉപദേശിയാർ.
ഉപദേശിക്കുക [< സം. -ദേശിക്കുക < ദിശ്] ക്രി. ഇന്നതു നല്ലത് ഇന്നത്യ് ചീത്ത എന്നു പറഞ്ഞുകൊടുക്കുക, ഗുണദോഷിക്കുക, നല്ലതു ചൊല്ലിക്കൊടുക്കുക, പഠിപ്പിക്കുക, ഉപദേശം നൽകുക.
ഉപദേശ്യൻ [സം. -ദേശ്യ] നാ. ഉപദേശത്തിനു യോഗ്യൻ, ശിഷ്യൻ.
ഉപദേഷ്ടാ(വ്) [സം. -ദേഷ്ടൃ] നാ. 1. ഉപദേശിക്കുന്നവൻ, ഗുരു (പ്രത്യേകിച്ചും അധ്യാത്മിക ഗുരു) (സ്ത്രീ.) ഉപദേഷ്ട്രി; 2. ക്രിസ്തുമതം പ്രസങ്ഗിക്കുകയും പഠിപ്പിക്കുകയും

ചെയ്യുന്ന ആൾ, ഉപദേശി; 3. രാഷ്ട്രപതി ഭരണത്തിൽ ഗവർണരെ ഉപദേശിക്കാൻ നിയമിതനായ ഉദ്യോഗസ്ഥൻ.
ഉപദോഹം, -ദുഹം [സം. -ദോഹ < ദുഹ്] നാ. 1. പശുവിൻെറ മുലക്കണ്ണ്; 2. പാൽ കറക്കാനുള്ള പാത്രം.
ഉപദ്രവം [സം. -ദ്രവ < ദ്രു] നാ. 1. ശല്യം, ആക്രമണം, ബലപ്രയോഗം; 2. പീഡ, വേദന; 3. ദൗർഭാഗ്യം, ആപത്ത്; 4. നാശം, കെടുതി; 5. ലഹള, വിപ്ലവം; 6. രോഗം, ആസ്വാസ്ഥ്യം; 7. ബാധ (ഭൂതപ്രേതാദികളുടെ); 8. സാമഗാനത്തിൻെറ ഏഴ് അങ്ഗങ്ങളിൽ ആറാമത്തേത്; 9. ഒരു രോഗമുണ്ടായിരിക്കെ അതിന് ഉപരി മറ്റൊരു രോഗം കൂടിയുണ്ടാകുന്നത്.
331
ഉപദ്രവി [സം. -ദ്രവിൻ] നാ. ഉപദ്രവിക്കുന്നവൻ, ശല്യക്കാരൻ, ദ്രോഹി.
ഉപദ്രവിക്കുക [< സം. ഉപ-ദ്രു] 'നേർക്കു ഓടിച്ചെല്ലുക, ആക്രമിക്കുക' ക്രി. പീഡിപ്പിക്കുക, ദു:ഖിപ്പിക്കുക, ശല്യപ്പെടുത്തുക.
ഉപദ്രേഷ്ടാ(വ്) [സം. ദ്രഷ്ടൃ] നാ. 1. സമീപത്തു സ്ഥിതിചെയ്തുകൊണ്ട് താനൊന്നും ചെയ്യാതെ കാണുകമാത്രം ചെയ്യുന്നവൻ; 2. സാക്ഷി.
ഉപദ്രുത [സം. -ദ്രുത] 'പിൻതുടർന്ന് ഓടിയ' വി. ഉപദ്രവിക്കപ്പെട്ട, പീഡിപ്പിക്കപ്പെട്ട.
ഉപദ്രുതി [സം. -ദ്രുതി] നാ. ഉപദ്രവം.
ഉപദ്വാരം [സം. -ദ്വാര] നാ. പാർശ്വവാതിൽ, ചെറിയവാതിൽ.
ഉപദീപം [സം. -ദീപ] നാ. 1. അടുത്തുള്ള ചെറിയ ദ്വീപ്; 2. മൂന്നുവശവും വെള്ളംകൊണ്ട് ചുറ്റപ്പെട്ടസ്ഥലം.
ഉപദ്വീപ് [സം. -ദ്വീപ] നാ. = ഉപദ്വീപം.
ഉപധ [സം. ധാ] നാ. 1. ചതി, വഞ്ചന; 2. കള്ളയൊപ്പ്, വ്യാജരേഖാനിർമിതി; 3. (വ്യാക.) ഒരു ശബ്ദത്തിൻെറ ഒടുവിലത്തേതിനു മുമ്പുള്ള വർണം; 4. അടുത്തുകൂടി സത്യാവസ്ഥ മനസ്സിലാക്കൽ, മന്ത്രിമാരുടെയും മറ്റും സ്വഭാവശുദ്ധി പരിശോധിക്കൽ, (ധർമോപധ, അർഥോപധ, കാമോപധ, ഭയോപധ എന്നിങ്ങനെ നാലുവിധം).
ഉപധർമൻ [സം. ഉപ-ധർമ] നാ. മതവിരോധി.
ഉപധർമം [സം. -ധർമ] നാ. 1. മുഖ്യധർമത്തിനു കീഴ്പ്പെട്ടധർമം, ഉപനിയമം; 2. പാഖണ്ഡധർമം.
ഉപധാ [സം. ഉപധാ] നാ. 1. ധർമാദികളെക്കൊണ്ടുള്ള (ശുദ്ധി) പരീക്ഷ; 2. വഞ്ചന; 3. കള്ളയൊപ്പ്; 4. (വ്യാക.) ഒരു ശബ്ദത്തിൻെറ അവസാനവർണത്തിനു മുമ്പുള്ളവർണം; 5. അടുത്തുകൂടി സത്യം ഗ്രഹിക്കൽ.
ഉപധാതു [സം. -ധാതു] നാ. 1. അർധലോഹം; 2. ശരീരത്തിലെ സപ്തധാതുക്കളിൽനിന്ന് ഉണ്ടാകുന്ന ഏഴ് അപ്രധാന ധാതുക്കളിൽ ഒന്ന്.
ഉപധാനം [സം. -ധാന] 'വയ്ക്കൽ' നാ. 1. തലയണ; 2. വ്രതം; 3. അസ്തിവാരം; 4. സ്നേഹം, ദയ; 5. മേന്മ, ഉത്തമഗുണം; 6. വിഷം; 7. വ്യാജം; 8. മായം ചേർക്കൽ; 9. വീണപോലെയുള്ള സങ്ഗീതോപകരണത്തിൽ തന്ത്രികൾ കെട്ടാനുള്ള മരയാണി.
ഉപധാനി [സം. -ധാനീ] നാ. 1. തലയണ; 2. പദപീഠം.
ഉപധാനീയം [സം. -ധാനീയ] 'അടുത്തുവയ്ക്കത്തക്കത്' നാ. തലയണ.

ഉപധാഭൃതൻ [സം. ഉപധാ–ഭൃത] നാ. 1. അയോഗ്യനെന്നു സ്ഥാപിക്കപ്പെട്ട ഭൃത്യൻ; 2. പ്രത്യേക വ്യവസ്ഥകളനുസരിച്ച് ഏർപ്പെടുത്തിയിട്ടുള്ള ഭൃത്യൻ.

ഉപധായി [സം. ഉപ–ധായിൻ < ധാ] നാ. തലയണ.

ഉപധാരണം [സം. –ധാരണ] നാ. 1. ആലോചന, പരിഗണന; 2. വലിച്ചെടുക്കൽ.

ഉപധാവനം [സം.–ധാവന] ‘പിന്നാലെ ഓട്ടം’ നാ. 1. പിന്തുടരൽ, അനുഗമനം; 2. ധ്യാനം.

ഉപധി [സം. –ധി < ധാ] ‘ചേർത്തുവയ്ക്കൽ, ചേർപ്പ്’ നാ. 1. വ്യാജം, കബളിപ്പിക്കൽ; 2. (നിയ.) സത്യത്തെ മറച്ചുവയ്ക്കൽ, അസത്യസൂചന; 3. ഭയം; 4. രഥചക്രത്തിൽ ആരക്കാലുകളുടെ ഭാഗം.

ഉപധികൻ [സം. ഉപധിക] നാ. ചതിയൻ.

ഉപധൂപിത [സം. ഉപ–ധൂപിത] വി. 1. പുകച്ച; 2. മരിക്കാറായ; 3. പുകമൂടിയ, സൂര്യൻ പ്രവേശിക്കുന്ന രാശി, ഉപധൂമിത.

ഉപധൃതി [സം. –ധൃതി] നാ. 1. രശ്മി; 2. താങ്ങൽ, ഉയർത്തൽ.

ഉപധ്മാനം [സം. –ധ്മാന] നാ. 1. അധരം; 2. ശ്വസനം, ശ്വാസം വിടൽ, ഊതൽ.

ഉപധ്മാനീയം [സം. –ധ്മാനിയ] നാ. പ, ഫ എന്നീ വർണങ്ങൾക്കു മുൻപുവരുന്ന വിസർഗത്തിൻെറ ഉച്ചാരണത്തിനു പാണിനീയത്തിൽ നൽകിയിട്ടുള്ള പേര്, ഏകദേശം ‘റ’ എന്നതിനുമേൽ മറ്റൊരു ‘റ’ മേൽപ്പോട്ടാക്കി വച്ചതുപോലെയാണ് ഉപധ്മാനീയം എഴുതുന്നത്.

ഉപനഖം [സം. –നഖ] നാ. വിരൽച്ചുറ്റ് എന്ന രോഗം.

ഉപനഗരം [സം. –നഗര] നാ. നഗരത്തിൻെറ പ്രാന്തപ്രദേശം. അവ്യ. നഗരത്തിനു സമീപം.

ഉപനത [സം. –നത] വി. 1. കുനിഞ്ഞ, നമസ്കരിച്ച; 2. വളഞ്ഞ; 3. താഴ്മയുള്ള, താണ; 4. അടുത്തുകൊണ്ടുവരപ്പെട്ട, വന്നുചേർന്ന.

ഉപനതൻ [സം. –നത] നാ. നമസ്കരിച്ചവൻ, കീഴടക്കിയവൻ, അഭയം പ്രാപിച്ചവൻ, ആശ്രയിച്ചവൻ.

ഉപനതി [സം. –നതി] നാ. 1. കുനിയൽ, വണക്കം, നമസ്കാരം; 2. സമീപനം; 3. വന്നുചേരൽ.

ഉപനദി [സം. –നദീ] നാ. പോഷകനദി, ഒരു നദിയിൽ വന്നു ചേരുന്ന മറ്റൊരു നദി.

ഉപനദ്ധ [സം. –നദ്ധ] വി. 1. കൂട്ടിക്കെട്ടപ്പെട്ട, ഭാണ്ഡമാക്കപ്പെട്ട; 2. മൂടപ്പെട്ട.

ഉപനമനം [സം. നമന] നാ. 1. സമീപപ്രാപ്തി; 2. നമസ്കരണം.

ഉപനമിക്കുക [സം. –നമ്] ക്രി. 1. വണങ്ങുക, നമസ്കരിക്കുക, കുമ്പിടുക; 2. സമീപത്തെപ്രാപിക്കുക, അടുക്കുക; 3. അനുഭവിക്കുമാറാവുക.

ഉപനയക്കച്ച [സം. ഉപനയ–മ. കച്ച] നാ. ഉപനയ സമയത്തു ധരിക്കുന്ന വസ്ത്രം.

ഉപനയനം [സം. ഉപ–നയന] ‘ഉപനയിക്കൽ, സമീപത്തു കൊണ്ടുവരൽ, ഗുരുസമീപം നയിക്കൽ’ (എന്ന് അർഥവികാസം) നാ. ത്രൈവർണികർക്കു ഗൃഹ്യസൂത്രമനുസരിച്ചുള്ള ഷോഡശസംസ്കാരങ്ങളിൽ ഒന്ന്, വേദാധ്യയനത്തിനു ഗുരുസന്നിധിയിലേക്കു നയിക്കൽ, യജ്ഞോപവീതം (പൂണൂൽ) ധരിക്കുന്നതു പ്രധാനചടങ്ങ്.

ഉപനയം [സം. -നയ] നാ. 1. സമീപത്തുകൊണ്ടുചെല്ലൽ; 2. പൂണൂൽ ഇടീൽ; 3. (ന്യായ.) പരാർഥാനുമാനത്തിൻെറ അഞ്ച് അവയവങ്ങളിൽ ഒന്ന്, പ്രകൃതത്തിൽ ഘടിപ്പിക്കുന്ന പ്രകാരം.
ഉപനയിക്കുക [< സം. ഉപ-നീ] 'അടുക്കലേക്കു കൊണ്ടുവരിക' ക്രി. പൂണൂൽ ധരിപ്പിക്കുക, വേദാധ്യയനം ആരംഭിക്കുക; 2. സമീപത്തു കൊണ്ടുചെല്ലുക.
ഉപനഹനം [സം. -നഹന < നഹ്] നാ. 1. വല്ലതും കെട്ടിവച്ചിട്ടുള്ള തുണി; 2. പൊതിഞ്ഞുകെട്ടൽ; 3. പ്ലാസ്റ്റർ വച്ചുകെട്ടൽ.
ഉപനാഗരിക [സം. -നാഗരിക] നാ. ഒരു വൃത്യനുപ്രാസം, വൈദർഭീരീതി.
ഉപനാമം [സം. -നാമൻ] നാ. പേരിനു പുറമേയുള്ള പേര്, ഇരട്ടപ്പേര്.
ഉപനായക [സം. -നായക] വി. അടുക്കൽ നയിക്കുന്ന.
ഉപനായകൻ [സം. -നായക] നാ. അപ്രധാന നായകൻ, നായകനു സഹായിയായിട്ടുള്ള ആൾ.
ഉപനാഹനം [സം. -നാഹന] നാ. ലേപനം; 2. പ്ലാസ്റ്റിരി വച്ചുകെട്ടൽ.
ഉപനാഹം [സം. -നാഹ] 'ഉപനഹനം ചെയ്യുന്നത്, കെട്ടുന്നത്' നാ. 1. ഭാണ്ഡം, കെട്ട്; 2. പ്ലാസ്റ്റിരി (കെട്ടൽ) (പ്ര.) ഉപനാഹസ്വേദം = മരുന്നു ശരീരത്തിൽ തേച്ചു വിയർപ്പിക്കൽ; 3. വീണയുടെ കമ്പി കെട്ടിമുറുക്കുന്ന സ്ഥാനം, ബന്ധനസ്ഥാനം; 4. ഒരു നേത്ര രോഗം.
ഉപനിക്കുക [< സം. ഉപ-നീ] ക്രി. ഉപനയിക്കുക. (നമ്പൂതിരി ഭാഷ).
ഉപനിധാതാ(വ്) [സം. -നിധാതൃ] നാ. 1. ഉപനിധാനം ചെയ്യുന്നവൻ, അടുത്തു വയ്ക്കുന്നവൻ; 2. നിക്ഷേപകൻ.
ഉപനിധാനം [സം. -നിധാന] 'അടുക്കൽ വയ്പ്' നാ. നിക്ഷേപം.
ഉപനിധി [സം. -നിധി] നാ. സൂക്ഷിക്കാനേൽപ്പിച്ചത്, പണയം, നിക്ഷേപം.
ഉപനിപാതം [സം. -നിപാത] നാ. 1. അടുത്തുചെല്ലൽ; 2. യാദൃച്ഛികസംഭവം, ആകസ്മികമായുണ്ടാകുന്ന ആപത്ത്, നിനച്ചിരിക്കാതെയുള്ള സംഭവം.
ഉപനിബന്ധന [സം. -നിബന്ധനാ] നാ. പ്രധാന നിബന്ധനയുടെ ഉപവിഭാഗം.
ഉപനിബന്ധനം [സം. -നിബന്ധന] നാ. 1. കാര്യസാധ്യത്തിനുള്ള ഉപായം; 2. കൂട്ടിച്ചേർക്കൽ, രചന.
ഉപനിബന്ധിക്കുക [< സം. ഉപ-നി-ബന്ധ്] ക്രി. കൂട്ടിച്ചേർക്കുക, വ്യാഖ്യാനിക്കുക.
ഉപനിമന്ത്രണം [സം. -നിമന്ത്രണ] നാ. 1. ക്ഷണം; 2. ഉദ്ഘാടനം.
ഉപനിവിഷ്ട [സം. -നി-വിഷ്ട < വിശ്] വി. 1. ഉപനിവേശം ചെയ്യപ്പെട്ട, കുടിപാർപ്പായ, താമസം ഉറപ്പിച്ച; 2. ഉപരോധിച്ച.
ഉപനിവേശ(നം) [സം. -നി-വേശന] നാ. 1. കുടിപാർപ്പ്, താമസമുറപ്പിക്കൽ; 2. കുടിയേറ്റം, കുടിയേറിപ്പാർപ്പ്.
ഉപനിവേശിത [സം. -നി-വേശിത] വി. ഉപനിവേശം ചെയ്യപ്പെട്ട, വയ്ക്കപ്പെട്ട, കുടിയേറിപ്പാർത്ത.
ഉപനിഷത്ത് [സം. ഉപ-നി-സദ്] 'ഉപ (അടുത്ത്), നിഷദ് (ഇരുപ്പ്), ഗുരുപാദാന്തികത്തിലിരുന്നു പഠിക്കപ്പെടുന്നത് എന്നു ഒരു മതം. ഉപ (ഉപഗമിച്ച്, ഗുരൂപദേശത്തെ ലഭിച്ച്), നി (നിശ്ചയരൂപേണ), ബ്രഹ്മത്തെ ഗമിപ്പിക്കുന്നത്, പ്രാപിപ്പിക്കുന്നത് എന്നു മതാന്തരം' നാ. 1. വേദങ്ങളുടെ ഗൂഢാർഥങ്ങളെ വ്യാഖ്യാനിക്കാൻ ബ്രാഹ്മണങ്ങളോട് അനുബന്ധിച്ചുള്ള അധ്യാത്മതത്ത്വപ്രതിപാദകങ്ങളായ പ്രബന്ധങ്ങൾ;

2. ധർമം; 3. ബ്രഹ്മജ്ഞാനം, അധ്യാത്മവിദ്യ; 4. രഹസ്യവിദ്യ, ഗൂഢാർഥം; 5. വിജനസ്ഥലം; 6. ബ്രഹ്മചാരികൾ അനുഷ്ടിക്കേണ്ട ഒരു വ്രതം.; 7. യോഗം, ധ്യാനം.
ഉപനിഷത്പ്രണിധി [സം. ഉപനിഷത്-പ്രണിധി] നാ. രഹസ്യയോഗം, വിഷധൂമാദിപ്രയോഗം, രഹസ്യമായ ഉപായം പ്രയോഗിക്കൽ.
ഉപനിഷത്പ്രതിഷേധം [സം. -പ്രതിഷേധ] നാ. വിഷഔഷധാദി ഗൂഢോപായങ്ങളാലുള്ള നിവാരണം, വധിക്കേണ്ടവരായ മന്ത്രിമാരേയും മറ്റും രഹസ്യമായി നിഹനിക്കൽ.
ഉപനിഷദ്യോഗം [സം. -യോഗ] നാ. ഹൂഢോപായപ്രയോഗം.
ഉപനിഷാദി [സം. ഉപ-നിഷാദിൻ] നാ. ഗുരുവിൻെറ കാൽക്കൽ ഇരിക്കുന്നവൻ. (സ്ത്രീ.) ഉപനിഷാദിനി.
ഉപനിഷ്കരം [സം. -നിഷ്കര] നാ. രാജധാനിക്കു സമീപമുള്ള രാജപഥം, തെരുവീഥി.
ഉപനിഷ്ക്രമണം [സം. -നിഷ്ക്രമണ] നാ. 1. പുറത്തേക്കു പോകൽ, പുറപ്പാട്; 2. പ്രധാന വീഥി, രാജപഥം; 3. വാതിൽ പുറപ്പാട്, പ്രസവാനന്തരം കുഞ്ഞിനെ ആദ്യമായി പുറത്തുകൊണ്ടുവരൽ, നാലാം മാസത്തിൽ നടത്തുന്ന ഒരു സംസ്കാരം.
ഉപനീത [സം. -നീത] വി. 1. അടുത്തുകൊണ്ടുവരപ്പെട്ട, 2. ഉപനയനം കഴിച്ച.
ഉപനീതൻ [സം. -നീത] നാ. ഉപനയിക്കപ്പെട്ടവൻ, ഉപനയനം കഴിഞ്ഞവൻ.
ഉപനീതി [സം. -നീതി] നാ. ഉപനയനം, പൂണൂലിടൽ.
ഉപനുത [സം. -നുത] വി. സ്തുതിക്കപ്പെട്ട.
ഉപനൃത്യം [സം. -നൃത്യ] നാ. ആട്ടപ്പന്തൽ.
ഉപനേതവ്യ [സം. -നേതവ്യ] വി. 1. അടുത്തു കൊണ്ടുവരേണ്ട; 2. പ്രയോഗിക്കേണ്ട, അനുഷ്ഠിക്കേണ്ട.
ഉപനേതാ(വ്) [സം. -നേതൃ] നാ. 1. കൊണ്ടുവരുന്നവൻ; 2. ഉപനയനം കഴിപ്പിക്കുന്നവൻ; 3. നേതാവിനു തൊട്ടു താഴെയുള്ള മുഖ്യൻ. (സ്ത്രീ.) ഉപനേത്രി.
ഉപനേത്രം [സം. -നേത്ര] നാ. മൂക്കുകണ്ണാടി.
ഉപനേയ [സം. -നേയ] വി. = ഉപനേതവ്യ.
ഉപന്യസിക്കുക [< സം. ഉപ-ന്യസ്] ക്രി. 1. അടുത്തുവയ്ക്കുക, മുമ്പിൽ വയ്ക്കുക; 2. യുക്തിയുക്തമായി പ്രതിപാദിക്കുക, വിസ്തരിക്കുക, വ്യാഖ്യാനിക്കുക; 3. ഒരു വിഷയത്തെപ്പറ്റി പ്രതിപാദിക്കുന്നതരത്തിൽ പ്രബന്ധം രചിക്കുക, ഉപന്യാസം രചിക്കുക; 4. പ്രസ്താവിക്കുക, പ്രസംങ്ഗിക്കുക, ചൂണ്ടിക്കാണിക്കുക; 5. ഉദാഹരണമായി ഉദ്ധരിക്കുക.
ഉപന്യസ്ത [സം. -ന്യസ്ത < നി-അസ്] വി. ഉപന്യസിക്കപ്പെട്ട.
ഉപന്യസ്തം [സം. -ന്യസ്ത] നാ. 1. കൈകൾകൊണ്ട് മാറു മറച്ചുപിടിക്കൽ, യുദ്ധത്തിലെ ഒരു അടവ്; 2. ഗദായുദ്ധത്തിൽ അടുത്തുചെന്ന് ആയുധംകൊണ്ട് അടിക്കൽ.
ഉപന്യാസം [സം. -ന്യാസ] 'അടുത്തുവയ്ക്കൽ, ചേർത്തുവയ്പ്പ്' നാ. 1. ഒന്നിനെപ്പറ്റി പ്രതിപാദനം, വ്യാഖ്യാനം; 2. ഒരു വിഷയത്തെ അധികരിച്ച് വിജ്ഞാനപ്രദമായോ നർമഭാവപ്രധാനമായോ രചിക്കുന്ന സാഹിത്യ ലേഖനം, ഗത്യരൂപമായ ലഘുപ്രബന്ധം; 3. പണയം; 4. നിക്ഷേപം; 5. രാജാക്കന്മാർ തമ്മിൽ ചെയ്യുന്ന സന്ധികളിൽ ഒരുതരം; 6. പ്രസാദനം, നാടക സന്ധ്യങ്ഗങ്ങളിൽ ഒന്ന്.
ഉപപക്ഷം [സം. പക്ഷ] നാ. തോൾ, കക്ഷം.
ഉപപതി [സം. -പതി] നാ. 1. വിവാഹിതയായ ഒരു സ്ത്രീയോടു രഹസ്യബന്ധം പുലർത്തുന്ന പരപുരുഷൻ, ഭർത്താവല്ലാതെ ഭർത്തൃബന്ധം പുലർത്തുന്നവൻ, ജാരൻ; 2. ശൃങ്ഗാരാപേക്ഷ ഹേതുവായിട്ടുള്ള മൂന്നുവിധം നായകന്മാരിൽ ഒരാൾ.

ഉപപത്തനം [സം. –പത്തന] നാ. 1. അയൽപക്കം; 2. അടുത്തനഗരം.

ഉപപത്തി [സം. –പത്തി < പദ്] നാ. 1. സംഭവിക്കൽ, ഉണ്ടാകൽ, പ്രത്യക്ഷമാകൽ; 2. യുക്തി, ഹേതു, ന്യായം, തെളിവ്, ചേർച്ച, ഔചിത്യം; 3. സാഹചര്യം, ബന്ധം; 4. വേദന്തവാക്യാർഥവിചാരം ചെയ്യാനുള്ള ആറു ലക്ഷണങ്ങളിൽ ഒന്ന്; 5. വേദാന്തവാക്യതാത്പര്യ നിർണയത്തിനുള്ള ലിങ്ഗങ്ങളിൽ ഒന്ന്; 6. സിദ്ധി; 7. തുണ, സഹായം, താങ്ങ്; 8. അറിവ്; 9. മുപ്പത്തിമൂന്ന് നാട്യാലങ്കാരങ്ങളിൽ ഒന്ന്.

333

ഉപപതി [സം. –പതീ] നാ. വിവാഹംചെയ്യാതെ ഭാര്യാബന്ധത്തിൽ കഴിയുന്ന സ്ത്രീ, വെപ്പാട്ടി.

ഉപപത്രം [സം. –പത്ര] നാ. ഒരു വലിയ ഇലത്തണ്ടിലോ അതിൻെറ പിരിവുകളിലോ ഉള്ള അനേകം ചെറിയ ഇലകളിൽ ഒന്ന്, ഉപപർണം.

ഉപപത്രാധിപർ [സം. –പത്രാധിപ] നാ. (പൂ.ബ.വ.) വർത്തമാനപ്പത്രത്തിന്റെയും മറ്റും പത്രാധിപരെ പ്രസാധനകാര്യങ്ങളിൽ സഹായിക്കുന്ന ആൾ, പ്രധാന പത്രാധിപരുടെ കീഴിലുള്ള പത്രാധിപർ.

ഉപപഥം [സം. –പഥ] അവ്യ. വഴിക്കരികെ.

ഉപപദം [സം. –പദ] നാ. 1. വേറൊരു പദത്തോടു ചേർന്നു നിൽക്കുന്ന അപ്രധാന പദം, സമാസാന്തത്തിൽ പരാധീനപ്പെട്ടു നിൽക്കുന്ന പദം, സംജ്ഞാനാമങ്ങളോടു ജാതിസ്ഥാനാദിസൂചകങ്ങളായി ചേർക്കുന്ന പദം (വർമ, ശർമ, നായർ ഇത്യാദിപോലെ), ഉപസർഗനിപാതങ്ങൾ, (പ്ര.) ഉപപദവിഭക്തി = സംസ്കൃതത്തിൽ ചില ഉപപദങ്ങളോടു വിശേഷവിധിയനുസരിച്ചു ചേരുന്ന വിഭക്തി; 2. (സങ്ഗീ.) വാദ്യപാണികൾ മൂന്ന് ഉള്ളതിൽ ഒന്ന്.

ഉപപന്ന [സം. –പന്ന] 'അടുത്തുചെന്ന, പ്രാപിച്ച, ചെന്നുചേർന്ന' വി. 1. യോഗ്യമായ, അവസരോചിതമായ, ഉചിതമായ, മതിയായ, യുക്തിയുക്തമായ, ന്യായമായിട്ടുള്ള; 2. പ്രാപിക്കപ്പെട്ട, ലബ്ധമായ; 3. കൂടിയ, ചേർന്ന; 4. തെളിയിക്കപ്പെട്ട; 5. വന്നുചേർന്ന, ആസന്നമായ, അനുഭവിക്കാറായ.

ഉപപർണം [സം. –പർണ] നാ. ചെടികളിൽ ഞെട്ടിൽനിന്നും ഇലകൾപുറപ്പെടുന്ന സ്ഥാനത്ത് ഇരുവശത്തുമായി കുരുന്നിലയെ പൊതിഞ്ഞിരിക്കുന്ന ചെറിയ മൂടി, ഇലവിരിയുമ്പോൾ പൊഴിഞ്ഞുപോകുന്ന ആവരണം.

ഉപപർശുകം [സം. –പർശുകാ] നാ. വാരിയെല്ലിൻെറ അഗ്രകോടികളെ ഉരഃഫലകവുമായി യോജിപ്പിക്കുന്ന തരുണാസ്ഥിഫലകം.

ഉപപാതകം [സം. –പാതക] നാ. പഞ്ചമഹാപാതകങ്ങളോളം ദോഷകരമല്ലാത്ത പാപകർമം, ചെറിയപാപം.

ഉപപാതം [സം. –പാത] നാ. 1. യാദൃച്ഛികവിപത്ത്; 2. ആപത്ത്; 3. ദൗർഭാഗ്യം.

ഉപപാദക [സം. –പാദക] വി. ഉപപാദിപ്പിക്കുന്ന, ജനിപ്പിക്കുന്ന, ഉണ്ടാക്കുന്ന, പ്രത്യക്ഷമാക്കുന്ന.

ഉപപാദനം [സം. –പാദന] നാ. 1. യുക്തികാണിച്ച് അഭിപ്രായം സ്ഥാപിക്കൽ, തെളിയിക്കൽ; 2. സാധിക്കൽ; 3. കൊടുക്കൽ, സമ്മാനിക്കൽ.

ഉപപാദിക്കുക [സം. ഉപ–പദ്] ക്രി. 1. യുക്തികാണിച്ചു സ്ഥാപിക്കുക, തെളിയിക്കുക; 2. സാധിക്കുക; 3. പ്രതിപാദിക്കുക.

ഉപപാദിത [സം. പാദിത] വി. ഉപപാദിക്കപ്പെട്ട, നിർവഹിക്കപ്പെട്ട, സാധിച്ച, യുക്തിപൂർവം തെളിയിച്ച.
ഉപപാദുക [സം. -പാദുക] വി. 1. താനേഉണ്ടായ; 2. ചെരിപ്പു ധരിച്ച.
ഉപപാദുകൻ [സം. -പാദുക] നാ. സ്വയംഭൂ, ഈശ്വരൻ.
ഉപപാദ്യം [സം. -പാദ്യ] 'ഉപപാദിക്കുന്നത്, പ്രതിപാദിക്കുന്നത്' നാ. 1. പ്രതിപാദ്യം, വിഷയം; 2. പ്രമേയം, സിദ്ധാന്തം.
ഉപപാപം [സം. -പാപ] നാ. ഉപപാതകം
ഉപപാർശ്വം [സം. -പാർശ്വ] നാ. 1. വശം; 2. തോൾ; 3. മറുവശം.
ഉപപീഠം [സം. -പീഠ] നാ. ചെറുതിണ്ണ, കോലായത്തറ.
ഉപപീഡനം [സം. -പീഡന] നാ. 1. അമർച്ച ചെയ്യൽ, നശിപ്പിക്കൽ; 2. പീഡിപ്പിക്കൽ, വേദനിപ്പിക്കൽ, ഉപദ്രവിക്കൽ.
ഉപപുടം [സം. -പുട] നാ. പൂവിൻെറ പുടത്തിനു കീഴിലുള്ള ചെറുദളം.
ഉപപുരം [സം. -പുര] നാ. ഉപനഗരം.
ഉപപുരാണം [സം. -പുരാണ] നാ. പുരാണലക്ഷണങ്ങളെല്ലാം തികയാത്ത പുരാണം.
ഉപപുഷ്പിക [സം. -പുഷ്പികാ] നാ. കോട്ടുവാ.
ഉപപൗരിക [സം. -പൗരിക < പുര] വി. നഗരപ്രാന്തത്തിൽ താമസിക്കുന്ന.
ഉപപ്രദർശനം [സം. -പ്രദർശന] നാ. ചൂണ്ടിക്കാണിക്കൽ, നിർദേശിക്കൽ.
ഉപപ്രദാനം [സം. -പ്രദാന] നാ. 1. വിശ്വസിച്ച് ഏൽപ്പിക്കൽ; 2. കൈക്കൂലി; 3. സമ്മാനം, ദാനം.
ഉപപ്രലോഭനം [സം. -പ്രലോഭന] നാ. 1. ആഗ്രഹിപ്പിക്കൽ, ആശകൊടുത്തു വശീകരിക്കൽ, ആശിപ്പിക്കൽ; 2. കൈക്കൂലി.
ഉപപ്രാണൻ [സം. -പ്രാണ] നാ. അപ്രധാനമായ പ്രാണവായു.
ഉപപ്രേക്ഷണം [സം. -പ്രേക്ഷണ] നാ. ഉദാസീനമായ നോട്ടം, ഉദാസീനത, അവഗണന.
ഉപപ്രൈഷം [സം. -പ്രൈഷ] 'ഹോതാവിനെ അദ്ധ്വര്യുയാഗത്തിനു ക്ഷണിക്കുക എന്നതിൽനിന്ന് അർഥവികാസം' നാ. ക്ഷണം, വിളി.
ഉപപ്ലവൻ [സം. -പ്ലവ] നാ. 1. ശിവൻ; 2. ഉപപ്ലവം (ഗ്രഹണം) ഉണ്ടാക്കുന്നവൻ, രാഹു.
ഉപപ്ലവം [സം. -പ്ലവ] 'വെള്ളം കയറി മുങ്ങുക, വെള്ളപ്പൊക്കം എന്നതിൽനിന്ന് അർഥവികാസം' നാ. 1. ഭാഗ്യദോഷം, കഷ്ടദശ, ദു:ഖം, ആപത്ത്; 2. നാശം, ഭങ്ഗം, ഉല്ലങ്ഘനം; 3. ആക്രമണം; 4. ഭീതി, അപകടം; 5. ദുർനിമിത്തം (ഗ്രഹണം, ധൂമകേതൂദയം എന്നപോലെയുള്ളത്); 6. അരാജകത്വം; 7. രാഹു; 8. പ്രതിബന്ധം; 9. ഉപദ്രവം.
ഉപപ്ലവർ [സം. -പ്ലവ < പ്ലു] നാ. (ബ.വ.) കാമധേനുവിൻെറ ഹുങ്കാരത്തിൽനിന്നു ജനിച്ച കൂട്ടർ.
ഉപപ്ലാവ്യം [സം. -പ്ലാവ്യ] നാ. മത്സ്യരാജധാനി.
ഉപപ്ലുത1 [സം. -പ്ലുത] വെള്ളം കയറി മുങ്ങിയ' വി. നനഞ്ഞ. ഉദാ. ഉപപ്ലുതാക്ഷൻ, ഉപപ്ലുതനയനൻ.
ഉപപ്ലുത2 [സം. -പ്ലുതാ] നാ. ഒരു വ്യാധി.
ഉപപ്ലുതത്വം [സം. ഉപ-പ്ലുത-ത്വ] നാ. 1. സംബന്ധം; 2. ഒരു രതിബന്ധം.

ഉപപ്ലുതം [സം. –പ്ലുത] നാ. 1. പരശുകൊണ്ടുള്ള ഏഴുതരം പ്രയോഗങ്ങളിൽ ഒന്ന്; 2. ഗതായുദ്ധത്തിൽ ശത്രുവിൻെറ പ്രഹരം ഏൽക്കാതിരിക്കാൻ താണ് അടുത്തുപറ്റിക്കൂടുക എന്ന രീതി.

ഉപബർഹണൻ [സം. –ബർഹണ] നാ. ഒരു ഗന്ധർവൻ, നാരദൻെറ പൂർവജന്മം.

ഉപബർഹം, –ഹണം [സം. –ബർഹണ] നാ. 1. തലയണ; 2. കീഴേക്കമർത്തൽ, മർദനം; 3. ക്രൗഞ്ചദ്വീപിലെ ഏഴുസേതുശൈലങ്ങളിൽ (അതിർത്തിപർവതങ്ങളിൽ) ഒന്ന്.

ഉപബഹു [സം. –ബഹു] വി. 1. ഏതാനും; 2 ഒട്ടുവളരെ.

ഉപബാഹു [സം. –ബാഹു] നാ. മുഴങ്കൈ.

ഉപബൃംഹണം [സം. –ബൃംഹണ < ബൃംഹ്] നാ. 1. വർധിപ്പിക്കൽ, വലുതാക്കൽ, ശക്തിപ്പെടുത്തൽ; 2. ആയുധംകൊണ്ടു മർദിക്കൽ.

ഉപബൃംഹിത [സം. –ബൃംഹിത] വി. വർധിച്ച, വലുതായ, ശക്തിപ്പെടുത്തിയ, അഭിവൃദ്ധിപ്പെടുത്തിയ, പിന്താങ്ങിയ.

ഉപബോധം [സം. –ബോധ] നാ. അന്തർബോധം, അവ്യക്തബോധം.

ഉപബോധമനസ്സ് [സം. ഉപബോധ–മനസ്] (മന.) നാ. ഉപബോധവൃത്തത്തിലുള്ള മനസ്സ്, അവ്യക്തബോധമണ്ഡലം.

ഉപബോധാവസ്ഥ [സം. –അവസ്ഥാ] നാ. ബോധമനസ്സിൻെറ നിയന്ത്രണം കൂടാതെ പ്രവൃത്തിക്കുന്ന അവസ്ഥ, ഉപബോധം.

ഉപഭങ്ഗം [സം. ഉപ–ഭങ്ഗ] നാ. 1. ഓടിപ്പോകൽ; 2. പിൻവാങ്ങൽ; 3. ഒരു പദ്യത്തിൻെറ അംശം.

ഉപഭാഷ [സം. –ഭാഷാ] നാ. 1. (ഭാ.ശാ.) ഭാഷയുടെ ഒരു അപ്രധാനപിരിവ്. ഉദാ: മലയാളത്തിൻെറ ലക്ഷദ്വീപിലെ ഉപഭാഷ; 2. പ്രധാനഭാഷയ്ക്കു പുറമേ പഠിക്കേണ്ടതായ ഭാഷ (പാഠ്യപദ്ധതിയിൽ).

ഉപഭാഷാവിജ്ഞാനം നാ. (ഭാ.ശാ.) ദേശ്യഭാഷാവിജ്ഞാനം.

ഉപഭുക്ത [സം. ഉപ–ഭുക്ത < ഭുജ്] വി. 1. ഉപയോഗിച്ച, അനുഭവിച്ച; 2. ഉച്ഛിഷ്ടമായ, എച്ചിലായ. ഉപഭുക്തം = ഉപയോഗിച്ചത്, വ്യയം രണ്ടുതരം ഉള്ളതിൽ ഒന്ന്.

ഉപഭുക്തി [സം. –ഭുക്തി] നാ. 1. അനുഭവിക്കൽ, അനുഭോഗം; 2. ഉപയോഗം.

ഉപഭുജിക്കുക [< സം. ഉപ–ഭുജ്] ക്രി. 1. അനുഭവിക്കുക, ആസ്വദിക്കുക; 2. (സ്ത്രീയുമായി) ക്രീഡിക്കുക, രതിസുഖം അനുഭവിക്കുക.

ഉപഭൂഷണം [സം. –ഭൂഷണ] നാ. പ്രാധാന്യം കുറഞ്ഞ ഭൂഷണം.

ഉപഭൃത്ത് [സം. –ഭൃത്] നാ. ഒരു ഹോമപാത്രം, സ്രുക്ക്.

ഉപഭോക്താ(വ്) [സം. –ഭോക്തൃ] നാ. ഉപയോഗിക്കുന്നവൻ, അനുഭവിക്കുന്നവൻ, ആസ്വദിക്കുന്നവൻ, ഉപയോഗിക്കുന്നവൻ. (ബ.വ.) ഉപഭോക്താക്കൾ. (സ്ത്രീ.) ഉപഭോക്ത്രി.

ഉപഭോഗം [സം. –ഭോഗ] 'ഭക്ഷിക്കൽ' നാ. 1. അനുഭവം, ആസ്വദിക്കൽ; 2. ഉപയോഗം, ഉപയോഗിക്കൽ; 3. സുഖസാമഗ്രി; 4. സംഭോഗം, രതിസുഖാനുഭവം.

ഉപഭോഗി [സം. –ഭോഗിൻ] നാ. ഉപയോഗിക്കുന്നവൻ, ആസ്വദിക്കുന്നവൻ, അനുഭവിക്കുന്നവൻ.

ഉപഭോഗിക്കുക [സം. –ഭോഗിക്കുക < ഭുജ്] ക്രി. ഭക്ഷിക്കുക, ആസ്വദിക്കുക, ഉപയോഗിക്കുക, അനുഭവിക്കുക.

ഉപഭോഗ്യ [സം. –ഭോഗ്യ] വി. അനുഭവയോഗ്യതയുള്ള, ഉപയോഗക്ഷമമായ.

ഉപഭോഗ്യം [സം. –ഭോഗ്യ] നാ. 1. സുഖസാമഗ്രി; 2. സുഖാനുഭവത്തിനായി ചെലവാക്കുന്ന ധനം.

ഉപമ [സം. -മാ] 'ഒന്നിനെ മറ്റൊന്നുകൊണ്ടു മാനം ചെയ്യൽ, അളക്കൽ, താരതമ്യപ്പെടുത്തൽ' നാ. 1. താരതമ്യം, തുലനം, സാദൃശ്യം, ഒന്നു മറ്റൊന്നിനോട് ഏതെങ്കിലും അംശത്തിൽ ഒപ്പമായിരിക്കൽ; 2. ഒരു അർഥാലങ്കാരം. വി. (സമാസത്തിൽ) തുല്യതയുള്ള, സമാനമായ. ഉദാ: സാഗരോപമം = കടൽപോലെയുള്ള.

ഉപമന്ത്രണം [സം. ഉപ-മന്ത്രണ] നാ. 1. ക്ഷണം, വിളി; 2. അഭിസംബോധനം ചെയ്യൽ; 3. പ്രേരണം.

ഉപമന്ഥനി [സം. -മന്ഥനി] നാ. (അടുപ്പിൽ) തീ ഇളക്കിയിടാനുള്ള കോൽ.

ഉപമർദനം [സം. -മർദന] നാ. 1. അടക്കൽ, അമർത്തൽ; 2. ഞെരിക്കൽ, പീഡിപ്പിക്കൽ.

ഉപമർദം [സം. -മർദ] നാ. 1. തേപ്പ്, ഉരസൽ; 2. ഞെക്കൽ, അമർത്തൽ; 3. വേദനപ്പെടുത്തൽ; 4. നശിപ്പിക്കൽ, കൊല; 5. ശകാരം.

ഉപമസ്തിഷ്കം [സം. -മസ്തിഷ്ക] നാ. ലഘു മസ്തിഷ്കം, തലച്ചോറിൻെറ പിൻഭാഗം, ലൈങ്ഗികവ്യാപാരങ്ങളെയും മറ്റും നിയന്ത്രിക്കുന്ന ഭാഗം.

ഉപമാഗർഭം [സം. ഉപമാ-ഗർഭ] നാ. ബഹുവ്രീഹി സമാസത്തിൻെറ ഒരു പിരിവ്.

ഉപമാതാവ് [സം. ഉപ-മാതൃ] നാ. 1. വളർത്തമ്മ, ധാത്രി; 2. മാതാവിനു തുല്യയായ സ്ത്രീ; 3. (പും.) വിഗ്രഹമുണ്ടാക്കുന്നവൻ, ഛായാപടമെഴുതുന്നവൻ.

ഉപമാതി [സം. -മാതി] നാ. 1. സാദൃശ്യം; 2. കൊല.

ഉപമാദം [സം. -മാദ] നാ. സന്തോഷം, സുഖം, വിനോദം.

ഉപമാനം [സം. -മാന] നാ. 1. തുല്യഭാവം, ദൃശവസ്തു; 2. ഒരു പ്രമാണം.

ഉപമാനലുപ്ത [സം. ഉപമാന-ലുപ്താ] നാ. 1. ഉപമാനം ലോപിച്ച ഉപമ.

ഉപമാനുഷൻ [സം. ഉപ-മാനുഷ] നാ. മനുഷ്യനോടടുത്ത ജീവി, ശിലായുഗ മനുഷ്യൻ.

ഉപമാലിനി [സം. -മാലിനീ] നാ. ഒരു സംസ്കൃതവൃത്തം.

ഉപമാലുപ്തം [സം. ഉപമാ-ലുപ്ത] നാ. ബഹുവ്രീഹി സമാസത്തിൻെറ ഒരു വകഭേദം. ഉപമാവാചകപദം അർഥസിദ്ധമായി വന്നിട്ടുള്ളത്.

ഉപമാവാചകം [സം. -വാചക] നാ. സാദൃശ്യത്തെക്കുറിക്കുന്ന ശബ്ദം, ഉപമാലങ്കാരത്തിനുവേണ്ട നാല് അങ്ഗങ്ങളിൽ ഒന്ന്, ഉപമയെ കുറിക്കുന്ന ശബ്ദം ഉപമാവാചകം.

ഉപമാസ്യം [സം. -മാസ്യ] നാ. മാസംതോറും നടത്തുന്ന ശ്രാദ്ധം.

ഉപമിക്കുക [< സം. ഉപ-മാ] ക്രി. സാദൃശ്യപ്പെടുത്തുക, തുല്യമാക്കിപ്പറയുക, ഒപ്പമാക്കുക.

ഉപമിത [സം. -മിത] വി. ഉപമിക്കപ്പെട്ട, തുല്യമായ.

ഉപമിതി [സം. -മിതി] നാ. 1. സാദൃശ്യം, തുല്യത, വേറൊന്നിനോട് ഏകദേശം ഒപ്പമായിരിക്കൽ; 2. (തർക്ക.) സാദൃശ്യത്താൽ ഉണ്ടാകുന്ന ജ്ഞാനം, ഉപമാനപ്രമാണംകൊണ്ട് ഉണ്ടാകുന്ന ജ്ഞാനം.

ഉപമൃത്ത് [സം. -മൃത്] നാ. കീഴ്മണ്ണ്.

ഉപമേതം [സം. ഉപമേത] നാ. പെരുമരം.

ഉപമേയ [സം. ഉപ-മേയ] വി. ഉപമിക്കത്തക്ക, വേറൊന്നിനോട് തുല്യപ്പെടുത്തത്തക്ക.

ഉപമേയം [സം. -മേയ] 'ഉപമിക്കത്തക്കത്' നാ. ഏതിനെ മറ്റൊന്നിനോട് ഉപമിക്കുന്നുവോ അത്.

ഉപമേയലുപ്ത [സം. ഉപമേയ-ലുപ്താ] നാ. ഉപമേയം ലോപിച്ച ഉപമാലങ്കാരം (ലുപ്തോപമയുടെ ഒരു വിഭാഗം).
ഉപമേയോപമ [സം. ഉപമാ] നാ. ഒരു അർഥാലങ്കാരം.
ഉപയന്താ(വ്) [സം. -യന്തൃ < യമ്] 'ഉപയമിച്ചവൻ' നാ. ഭർത്താവ്.
335
ഉപയന്ത്രം [സം. -യന്ത്ര] നാ. (ആയുർവേദം) ശസ്ത്രക്രിയ ചെയ്യുമ്പോൾ യന്ത്രങ്ങൾക്കു സഹായകമായി പ്രയോഗിക്കുന്ന മറ്റു വസ്തുക്കളും ഉപകരണങ്ങളും.
ഉപയമനം [സം. -യമ്മന] നാ. 1. വിവാഹം കഴിക്കൽ, വിവാഹം, 'ഉപയമം' നോക്കുക; 2. നിയന്ത്രണം; 3. താങ്ങ്, ആധാരം. 'ഉപയമനി' നോക്കുക.
ഉപയമനി [സം. -യമ്മനീ] നാ. 1. വിറകുവയ്ക്കാനായി കല്ലുകൊണ്ടോ വെളികൊണ്ടോ മറ്റോ കെട്ടിയുണ്ടാക്കുന്ന താങ്ങ്; 2. യാഗത്തിനുപയോഗിക്കുന്ന തവി.
ഉപയമം1, ഉപയാമ്മം [സം. -യമ] 'സ്വാധീനപ്പെടുത്തൽ, സ്വായത്തമാക്കൽ' നാ. 1. വിവാഹം കഴിക്കൽ, വിവാഹമ്മ്; 2. അടക്കം.
ഉപയമം2 [സം. -യമ] അവ്യ. യമന്റെ സമീപം.
ഉപയമിക്കുക [< സം. ഉപ-യമ്] 'പിടിക്കുക, സ്വാധീനപ്പെടുത്തുക' ക്രി. 1. കല്യാണം കഴിക്കുക; 2. നിയന്ത്രിക്കുക; 3.സങ്ഗ്രഹിക്കുക, എടുത്തു സ്വന്തമാക്കുക, സ്വീകരിക്കുക.
ഉപയോഗം [സം. -യാഗ < യജ്] നാ. അഗ്നി, യാഗത്തിന് ഉപകാരമായത്.
ഉപയാചക [സം. -യാചക < യാച്] വി. യാചിക്കുന്ന, അപേക്ഷിക്കുന്ന.
ഉപയാചനം [സം. -യാചന] നാ. 1. ഭിക്ഷയാചിക്കൽ; 2. അപേക്ഷിക്കൽ, അഭ്യർഥനയുംകൊണ്ടു സമീപിക്കൽ.
ഉപയാചിത [സം. -യാചിത] വി. അപേക്ഷയുമായി വന്ന, ആവശ്യപ്പെട്ട, യാചിച്ച.
ഉപയാചിതം [സം. -യാചിത] നാ. 1. അപേക്ഷ; 2. നേർച്ച.
ഉപയാത [സം.-യാത <യാ] വി. ഉപയാനം ചെയ്യപ്പെട്ട, സമീപിച്ച, വന്നെത്തിയ.
ഉപയാനം [സം. -യാന < യാ] നാ. സമീപത്തു പോകൽ, വരവ്.
ഉപയാമം [സം. -യാമ] നാ. 1. ഉപയമം, വിവാഹം; 2. ഒരു യാഗ പാത്രം, സോമരസം കോരിയെടുക്കാനുള്ളത്; 3. ഒരു മന്ത്രം (സോമരസം എടുക്കുമ്പോൾ ഉച്ചരിക്കേണ്ടത്.)
ഉപയായി [സം. -യായിൻ] നാ. അടുക്കലേക്കു ചെല്ലുന്നവൻ, സമീപിക്കുന്നവൻ. (സ്ത്രീ.) ഉപയായിനി.
ഉപയുക്ത [സം. -യുക്ത < യുജ്] വി. 1. ഉപയോഗിക്കപ്പെട്ട; 2. കൊള്ളാവുന്ന, തക്ക, യോജിച്ച, ഉപയോഗപ്പെടുന്ന, പ്രയോജനമുള്ള; 3. ഭക്ഷിച്ച, തിന്ന.
ഉപയുക്തൻ [സം. -യുക്ത] നാ. സർക്കാരുദ്യോഗസ്ഥൻ, അധികൃതൻ.
ഉപയുക്തപരീക്ഷ = സർക്കാരുദ്യോഗസ്ഥന്മാരുടെ പെരുമാറ്റം സംബന്ധിച്ചുള്ള പരിശോധന.
ഉപയുക്തി [സം. -യുക്തി] നാ. = ഉപയോഗം.
ഉപയോഗം [സം. -യോഗ] നാ. 1. പ്രയോജനം, ആവശ്യത്തിന് ഉതകൽ; 2. ഉപകാരം; 3. ഔഷധസേവ, മരുന്നുകഴിക്കൽ.
ഉപയോഗി [സം. -യോഗിൻ] വി. 1. ഉപയോഗിക്കുന്ന; 2. ഉപയോഗമുള്ള.
ഉപയോഗിക്കുക [സം. -യോഗ <യുജ്] ക്രി. 1. പ്രയോജനപ്പെടുത്തുക, ആവശ്യത്തിനു കൈക്കൊള്ളുക, പ്രയോഗിക്കുക; 2. ആസ്വദിക്കുക, ഭക്ഷിക്കുക, കഴിക്കുക.

ഉപയോഗിത, ത്വം [സം. -യോഗി-താ, -ത്വ] നാ. 1. പ്രയോജനം, ഉപകാരപ്പെടൽ; 2. യോഗ്യത, ചേർച്ച.
ഉപയോജനം [സം. -യോജന] നാ. കുതിരയ്ക്കു കോപ്പിടീൽ. കുതിരയെ സവാരിക്ക് ഒരുക്കിനിറുത്തൽ.
ഉപയോജ്യ [സം. -യോജ്യ] വി. 1. ഉപയോഗിക്കാവുന്ന; 2. യോഗ്യമായ, കൊള്ളാവുന്ന; 3. പ്രയോജനമുള്ള.
ഉപയോഷം [സം.] അവ്യ. = ഉപജോഷം.
ഉപരക്ത [സം. -രക്ത < രഞ്ജ്] വി. 1. നിറപ്പകർച്ചയുണ്ടായ, നിറം പിടിപ്പിക്കപ്പെട്ട, ചുവപ്പിക്കപ്പെട്ട; 2. ഗ്രഹണത്തിൽപ്പെട്ടു നിറം മങ്ങിയ (ചന്ദ്രൻ അല്ലെങ്കിൽ സൂര്യൻ); 3. വ്യസനിച്ച, ആപത്തിൽ കുടുങ്ങിയ, വ്യാകുലതയുള്ള.
ഉപരക്തൻ [സം. -രക്ത < രഞ്ജ്] നാ. 1. രാഹുഗ്രസ്തനായ സൂര്യനോ ചന്ദ്രനോ; 2. രാഹു.
ഉപരക്ഷകൻ [സം. -രക്ഷക < രക്ഷ്] നാ. അങ്ഗരക്ഷകൻ.
ഉപരക്ഷണം [സം. -രക്ഷണ] നാ. 1. കാവൽസ്ഥലം; 2. പടകുടിക്കു ചുറ്റും സൈന്യരക്ഷാർഥം നിറുത്തുന്ന കാവൽ സൈന്യം, വേലി മുതലായവ.
ഉപരങ്ഗം [സം. -രങ്ഗ < രഞ്ജ്] അവ്യ. രങ്ഗത്തിനടുക്കൽ.
ഉപരചിത [സം. -രചിത < രച്] വി. നിർമിച്ച, ഉണ്ടാക്കപ്പെട്ട.

ഉപരഞ്ജിക്കുക [< സം. ഉപ-രഞ്ജ്] ക്രി. രഞ്ജിപ്പിലെത്തുക, യോജിക്കുക, സഹകരിക്കുക.
ഉപരത [സം. -രത < രമ്] വി. 1. ശമിച്ച, തീർന്ന; 2. മരിച്ച; 3. പൊയ്പ്പോയ, ഇല്ലാതായ; 4. വിരമിച്ച, പിൻതിരിഞ്ഞ; 5. വിരക്തിവന്ന; 6. വിട്ടുകളഞ്ഞ. നാ. ഉപരതൻ
ഉപരതാരി [സം. ഉപരത-അരി] നാ. ശത്രുവില്ലാത്തവൻ.
ഉപരതി [സം. ഉപ-രത < രമ്] നാ. 1. വിരാമം; 2. വിരക്തി; 3. മരണം; 4. വലിയ സന്തോഷം.
ഉപരത്നം [സം. -രത്ന] നാ. താണതരം രത്നം (കാചം, കർപ്പൂരം, അശ്മം, മുതുച്ചിപ്പി, ശങ്ഖം ഇവ).
ഉപരന്ധ്രം [സം. -രന്ധ്ര] നാ. 1. ചെറിയ ദ്വാരം; 2. കുതിരയുടെ ശരീരത്തിലെ ഒരു ഭാഗം.
ഉപരം [സം.] നാ. 1. യാഗത്തിൽ ബലിമൃഗത്തെ കെട്ടാനുള്ള യൂപത്തിൻെറ കീഴ്ഭാഗം; 2. സോമലത ചതച്ചെടുക്കാനുള്ള രണ്ടുകല്ലുകളിൽ അടിയിൽ ഇടുന്നത്.
ഉപരമണം [സം. ഉപ-രമണ] നാ. 1. വിരക്തി; 2. വിരമിക്കൽ.
ഉപരമം [സം. -രമ < രമ്] നാ. 1. വിരാമം, അവസാനം; 2. ഉപരതി, വിരക്തി; 3. മരണം.
ഉപരമിക്കുക [< സം. ഉപ-രമ്] ക്രി. 1. അവസാനിക്കുക; 2. വിരമിക്കുക, നിർത്തുക.
ഉപരവം [സം. -രവ] 'ശബ്ദം പുറപ്പെടുവിക്കുന്നത്' നാ. സോമലത ഇട്ടു ചതയ്ക്കുവാനുള്ള കുഴി.

ഉപരസം [സം. -രസ] നാ. 1. ഒരു രസധാതുവിൽനിന്ന് ഉണ്ടാകുന്ന മറ്റൊരു ദ്രവ്യം, മൂലധാതുക്കളിൽപ്പെടാത്ത ധാതുദ്രവ്യം; 2. അപ്രധാനമായ രസം, അനുഭൂതി; 3. ഒരു സ്വാദിൻെറകൂടെ തോന്നുന്ന മറ്റൊരു സ്വാദ്, ചുവ.
ഉപരാഗം [സം. -രാഗ < രഞ്ജ്] നാ. 1. നിറം പിടിപ്പിക്കൽ; 2. കാളിമയിൽ മൂടൽ, ഗ്രഹണം; 3. ചെമപ്പുനിറം; 4. ആപത്ത്; 5. (സങ്ഗീ) മാർഗപ്രസ്ഥാനമനുസരിച്ച് രാഗങ്ങളെ ആറായി തരംതിരിച്ചിട്ടുള്ളതിൽ ഒരു വിഭാഗം.
ഉപരാജൻ [സം. -രാജ] നാ. 1. രാജപ്രതിനിധി; 2. സാമന്ത രാജാവ്.
ഉപരാന്തം [സം.] അവ്യ. അനന്തരം, പിന്നീട്.
ഉപരാമം [സം. -രാമ] നാ. നിറുത്തൽ, വിശ്രമം.
ഉപരാഷ്ട്രപതി [സം.] നാ. വൈസ്പ്രസിഡൻെറ്.
ഉപരി1 [സം. ഉപരി] അവ്യ. 1. മുകളിൽ, മേൽഭാഗത്ത്, മീതേ, പുറത്ത്; 2. ചൊല്ലി, ഉദ്ദേശിച്ച്, പറ്റി, ആധാരമാക്കി; 3. അധികമായി; 4. പിന്നീട്, അതിനുശേഷം.
ഉപരി2 [<സം. ഉപരി-പാണി] നാ. സങ്ഗീതത്തിലെ വാദ്യപാണി മൂന്നുവിധമുള്ളതിൽ ഒന്ന്.
ഉപരിക, ഉപ്പരിക, ഉപ്പരിക്ക നാ. 1. കെട്ടിടത്തിൻെറ മുകൾ നില; 2. ഉപ്പരിക്കമാളിക, പലനിലകളുള്ള കെട്ടിടം.
ഉപരിചിത [സം. ഉപരി-ചിത] വി. മുകളിൽ കൂട്ടിവച്ച.
ഉപരിജ [സം. -ജ] വി. മുകളിൽ ഉണ്ടായ, മുകളിൽ വളരുന്ന, മുഴച്ചു നിൽക്കുന്ന.
ഉപരിതലം [സം. -തല] നാ. മുകൾപ്പരപ്പ്, മുകൾഭാഗം, മുകൾത്തട്ട്.
ഉപരിനിബന്ധനം [സം. -നിബന്ധന] 'മുകളിലേക്കു കെട്ടൽ' നാ. കൈകൾ പിന്നോക്കംപിടിച്ചു ചേർത്തുകെട്ടൽ, കുറ്റം തെളിയിക്കുവാൻ പ്രയോഗിച്ചിരുന്ന നാലുതരം ശിക്ഷാരീതികളിൽ ഒന്ന്, കെട്ടിത്തൂക്കൽ.
ഉപരിപാണി [സം. -പാണി] നാ. താളം പിടിക്കുന്ന പ്രകാരങ്ങളിൽ ഒന്ന്.
ഉപരിപ്ലവ [സം. -പ്ലവ < പ്ലു] വി. മുകളിൽ പൊങ്ങിക്കിടക്കുന്ന, ഉപരിതലസ്പർശിയായ, പുറത്തുള്ളതിനെ മാത്രം ഗ്രഹിക്കുന്ന, അടിയിലേക്ക് ഇറങ്ങാത്ത.
ഉപരിഭാഗം [സം. -ഭാഗ] നാ. മുകൾ വശം.
ഉപരിമണ്ഡലം [സം. -മണ്ഡല] നാ. 1. മുകളിലത്തെ മണ്ഡലം; 2. ചില രാജ്യങ്ങളിൽ ജനപ്രതിനിധിസഭയെ (പാർലമെൻറിനെ) രണ്ടു മണ്ഡലങ്ങളായി വിഭജിച്ചിട്ടുള്ളതിൽ മുകളിലത്തെ സഭ.
ഉപരിയാഭം [സം. -യാഭ < യഭ്] നാ. ഉപരിസുരതം, പുരുഷായിതം.
ഉപരിശയനം [സം. -ശയന < ശീ] നാ. പൊക്കിക്കെട്ടിയിട്ടുള്ള വിശ്രമസ്ഥലം.
ഉപരിശ്രേണിക [സം. -ശ്രേണിക] വി. ഒന്നാംകിടയിലുള്ള, മേൽത്തരത്തിലുള്ള.
ഉപരിഷ്ടാത് [സം.] അവ്യ. 1. മേൽ, മുകൾഭാഗത്ത്; 2. പിന്നീട്, അനന്തരം (പ്ര.) ഉപരിഷ്ടാദ്ധോമം = പ്രധാനഹോമം കഴിഞ്ഞതിനുശേഷം ചെയ്യുന്ന ഹോമം.
ഉപരിസുരതം [സം. -സുരത] നാ. പുരുഷൻെറ മുകളിൽ സ്ത്രീ കയറിക്കിടന്നു ചെയ്യുന്ന സംഭോഗരീതി, പുരുഷായിതം.
ഉപരിസ്ഥ, -ഷ്ഠ [സം. -സ്ഥ] വി. മുകളിൽ നിൽക്കുന്ന, പൊക്കത്തിൽ സ്ഥിതിചെയ്യുന്ന.
ഉപരിസ്ഥിത [സം. -സ്ഥിത < സ്ഥാ] വി. മുകളിൽ വർത്തിക്കുന്ന.
ഉപരീതകം, വിപ- [സം. ഉപരീതക] നാ. ഒരു സുരതഭേദം.

ഉപരുദ്ധ [സം. ഉപ-രുദ്ധ] വി. 1. ഉപരോധിക്കപ്പെട്ട, ശത്രുസൈന്യത്താൽ വളയപ്പെട്ട; 2. തടയപ്പെട്ട.
ഉപരൂഢം [സം. -രൂഢ < രുഹ്] നാ. (സങ്ഗീ.) ഒരു വർണാലങ്കാരം.
ഉപരൂപകം [സം. -രൂപക] നാ. രൂപകത്തെക്കാൾ താണപടിയിലുള്ളത്, ദശരൂപകങ്ങളോടൊപ്പം പ്രാധാന്യമില്ലാത്ത ദൃശ്യകാവ്യം.
ഉപരോധക [സം. -രോധക < രുധ്] വി. ഉപരോധമുണ്ടാക്കുന്ന, തടയുന്ന.
ഉപരോധകം [സം. -രോധക] 'ഉപരോധിച്ചിട്ടുള്ളിടം' നാ. 1. രഹസ്യമുറി, സ്വകാര്യമുറി; 2. അന്തഃപുരം.
ഉപരോധം, -രോധനം [സം. -രോധന] നാ. 1. തടസ്സം, തടങ്ങൽ; 2. സംയമനം, നിയന്ത്രണം; 3. ശത്രുവിനെ വളഞ്ഞു വെളിയിൽ പോകാതെ തടയൽ, കോട്ടയെ വളയൽ; 4. എതിർപ്പ്; 5. ഉപദ്രവം, ശല്യം, പീഡ; 6. ആച്ഛാദനം.
ഉപരോധിക്കുക [< സം. ഉപ-രുധ്] ക്രി. 1. അകത്തിട്ട് അടയ്ക്കുക, പുറത്തുപോകാതെ വളഞ്ഞു തടയുക, ശത്രുവിനെ വളയുക; 2. തടയുക, വിഘ്നപ്പെടുത്തുക; 3. ഉപദ്രവിക്കുക.
ഉപര്യുപരി [സം. ഉപരി-ഉപരി] അവ്യ. ഒന്നിനുമേൽ വേറൊന്ന്, മേൽക്കുമേൽ, അധികമധികം, ഒന്നിനൊന്നുകൂടുതലായി.
ഉപലകം [സം. ഉപല-ക] നാ. 1. കല്ല്; 2. കൈപ്പത്തിയിൽ വിരലുകൾ സന്ധിക്കുന്ന ഭാഗത്തിൽ ഉള്ള അസ്ഥിഖണ്ഡങ്ങളിൽ ഒന്ന്.
ഉപലക്ഷക [സം. ഉപ-ലക്ഷക] വി. 1. ശ്രദ്ധിച്ചുനിരീക്ഷിക്കുന്ന, സൂക്ഷിച്ചുനോക്കുന്ന; 2. (ഏതെങ്കിലും ഒന്നിനെ) കുറിക്കുന്ന, അടയാളം ചൂണ്ടിക്കാട്ടുന്ന, നിർദേശിക്കുന്ന.
ഉപലക്ഷണം [സം. -ലക്ഷണ] 'നിരീക്ഷിക്കൽ' നാ. 1. സംക്ഷേപണം, സൂചന; 2. വ്യക്തമായി നിർദേശിച്ച ഒന്നുകൊണ്ട് അപ്രസ്തുതമായതിനെക്കൂടി സൂചിപ്പിക്കൽ, ഒരംശം മാത്രം വിവരിച്ച് ആ സ്വഭാവമുള്ള എല്ലാത്തിനേയും നിർദേശിക്കൽ, വ്യക്തിയെക്കൊണ്ടു സമൂഹത്തെ കുറിക്കുന്നത്. ഉദാഹരണം; 3. കുറിപ്പ്; 4. നോട്ടം, കാഴ്ചപ്പാട്; 5. അടയാളപ്പെടുത്തൽ, അടയാളം.
ഉപലക്ഷം [സം. -ലക്ഷ] നാ. ലക്ഷത്തെക്കാൾ വളരെ ചെറുതല്ലാത്ത സങ്ഖ്യ.
ഉപലക്ഷിക്കുക [< സം. ഉപ-ലക്ഷ്] ക്രി. 1. നോക്കുക; 2. സൂചിപ്പിക്കുക.
ഉപലക്ഷിത [സം. -ലക്ഷിത] വി. 1. കാണപ്പെട്ട, നിരീക്ഷണം ചെയ്യപ്പെട്ട; 2. സൂചിപ്പിക്കപ്പെട്ട, നിർദേശിക്കപ്പെട്ട, സൂചനകൊണ്ടു ഗ്രഹിപ്പിക്കപ്പെട്ട; 3. അടയാളമിട്ട, മറ്റുള്ളവയിൽനിന്നു വേർതിരിച്ചു മനസ്സിലാക്കിയ.
ഉപലക്ഷ്യം [സം. -ലക്ഷ്യ] നാ. 1. ഊഹിക്കത്തക്കത്; 2. ഇന്ന ലക്ഷണമുള്ളതെന്നു നിർദേശിക്കാവുന്നത്; 3. താങ്ങ്, ആധാരം, ആശ്രയം, അവലംബം; 4. രക്ഷാസ്ഥലം; 5. ഊഹം; 6. ചി ം.
ഉപലബ്ധ [സം. -ലബ്ധ < ലഭ്] വി. 1. ലഭിച്ച; 2. ഗ്രഹിച്ച, അറിഞ്ഞ.
ഉപലബ്ധം നാ. (ഭാ.ശാ.) ഭാഷയിൽ പ്രയോഗിച്ചിട്ടുള്ളതായി കണ്ടുകിട്ടിയത്.
ഉപലബ്ധരൂപം നാ. (ഭാ.ശാ.) ലഭിച്ചരൂപം, സാക്ഷിതരൂപം.
ഉപലബ്ധാർഥ [സം. ഉപലബ്ധ-അർഥാ] നാ. ആഖ്യായിക, പ്രഖ്യാതമോ സംഭവ്യമോ ആയ കഥ.
ഉപലബ്ധാവ് [സം. -ലബ്ധൃ] നാ. ഗ്രഹിക്കുന്നവൻ (സ്ത്രീ,) ഉപലബ്ധ്രി.

ഉപലബ്ധി [സം. ഉപ–ലബ്ധി < ലഭ്] നാ. 1. ലഭിക്കൽ, നേടൽ, പ്രാപിക്കൽ; 2. മനസ്സ്; 3. പ്രത്യക്ഷം, അറിവ്, ഗ്രഹണം; 4. സാക്ഷാത്ക്കാരം.

337

ഉപലഭിക്കുക [< സം. ഉപ–ലഭ്] ക്രി. 1. കിട്ടുക, കൈവരിക; 2. അറിയുക; 3. പ്രാപിക്കുക.

ഉപലഭ്യ1 [സം. –ലഭ്യ] വി. 1. ലഭിക്കത്തക്ക, കിട്ടത്തക്ക; 2. ഗ്രഹിക്കത്തക്ക, ഇന്ദ്രിയവിഷയകമായ; 3. പ്രശംസാർഹമായ.

ഉപലഭ്യ2 [സം. –ലഭ്യ] അവ്യ. 1. ലഭിച്ചിട്ട്; 2. അറിഞ്ഞിട്ട്.

ഉപലം [സം. ഉപല] നാ. 1. കല്ല്, പാറ; 2. രത്നം.

ഉപലംഭക [സം. –ലംഭക < ലഭ്] വി. കാണിക്കുന്ന, ഓർമിപ്പിക്കുന്ന.

ഉപലംഭം [സം. –ലംഭ] ‘ഉപലബ്ധി’ നാ. ബോധം, അനുഭവം, പ്രത്യക്ഷം.

ഉപലാളന(ം) [സം. ഉപ–ലാലന] നാ. ഓമനിക്കൽ, വാത്സല്യത്തോടെ പെരുമാറൽ.

ഉപലാളിത [സം. –ലാലിത] വി. ഓമനിക്കപ്പെട്ട, വാത്സല്യത്തോടെ ഉപചരിക്കപ്പെട്ട.

ഉപലിപ്ത [സം. –ലിപ്ത < ലിപ്] വി. 1. ഉപലേപനം ചെയ്യപ്പെട്ട, പൂശപ്പെട്ട, പുരട്ടിയ; 2. അഴുക്കുപുരണ്ട.

ഉപലിപ്സ [സം. –ലിപ്സാ] ‘ഉപലഭിക്കാനുള്ള ആശ’ നാ. കിട്ടാനുള്ള ആഗ്രഹം.

ഉപലിങ്ഗനം [സം. –ലിങ്ഗന < ലിങ്ഗ്] നാ. അനുമാനം.

ഉപലിങ്ഗം [സം. –ലിങ്ഗ] നാ. വിപത്സൂചന.

ഉപലീഢ [സം. –ലീഢ < ലിഹ്] ‘ഉപലേപനം ചെയ്യപ്പെട്ട’ വി. നക്കിയ.

ഉപലുപ്ത [സം. –ലുപ്ത < ലിപ്] വി. 1. നശിപ്പിക്കപ്പെട്ട; 2. കുറയ്ക്കപ്പെട്ട.

ഉപലേപന(ന)ം [സം. –ലേപന <ലിപ്] നാ. 1. (ചാണകംകൊണ്ട്) മെഴുകൽ; 2. വെള്ളതേപ്പ്; 3. പൂശാനുള്ള ദ്രവ്യം, ചാണകം; 4. കുഴമ്പ്.

ഉപലോലം, –ലോളകം [സം. –ലോല] നാ. (സങ്ഗീ.) ആരോഹിതവർണത്തിൽ ചേരുന്ന ഒരു അലങ്കാരം.

ഉപലോഹം [സം. –ലോഹ] നാ. 1. താഴ്ന്നതരം ലോഹം; 2. ലോഹത്തെപ്പോലിരിക്കുന്നത്, ലോഹകൽപം.

ഉപവകുപ്പ് [സം. ഉപ–മ.വകുപ്പ്] നാ. പ്രധാനപ്പെട്ട ഒരു വകുപ്പിൻെറ ഭാഗം.

ഉപവദിക്കുക [< സം. ഉപ–വദ്] ക്രി. 1. ഒന്നിനെപ്പറ്റി മോശമായി സംസാരിക്കുക, നിന്ദിക്കുക, ശകാരിക്കുക; 2. നേരിട്ടുപറയുക, അഭിമന്ത്രിക്കുക; 3. സ്തുതിക്കുക, പ്രശംസിക്കുക, പ്രശംസിച്ച് വശത്താക്കുക.

ഉപവനം [സം. –വന] ‘ചെറിയ കാട്’ നാ. പൂങ്കാവ്, നട്ടുനനച്ചു വൃക്ഷലതാദികൾ വളർത്തിയിട്ടുള്ള തോപ്പ്, ഉദ്യാനം.

ഉപവർണന(ം) [സം. –വർണന] നാ. സൂക്ഷ്മവിവരണം, ചിത്രീകരണം.

ഉപവർത്തനം [സം. –വർതന] നാ. 1. രാജ്യം, ജനവാസമുള്ളതോ ഇല്ലാത്തതോ ആയ ദേശം; 2. വ്യായാമസ്ഥലം; 3. ചതുപ്പുനിലം.

ഉപവർത്തിക്കുക [< സം. ഉപ–വൃത്] ക്രി. നേരെ ചെല്ലുക, സമീപിക്കുക, പ്രാപിക്കുക.

ഉപവർഹം [സം. –വർഹ] നാ. ഉപബർഹം, തലയണ.

ഉപവല്ഗിത [സം. –വല്ഗിത] വി. കരഞ്ഞു മുഖംവീർത്ത.

ഉപവസഥം [സം. വസഥ] നാ. 1. വാസസ്ഥാനം, പാർപ്പിടം; 2. ഉപവാസദിനം; 3. സോമയാഗത്തിനുവേണ്ട ഒരുക്കങ്ങൾ ചെയ്യുന്ന കാലം.

ഉപവസിക്കുക [സം. ഉപ-വസ്] 'അടുത്തുകഴിയുക, ഒന്നിച്ചുകഴിയുക' ക്രി. 1. ഭക്ഷിക്കാതിരിക്കുക; 2. ആഹാരം കഴിക്കാതെ വ്രതമിരിക്കുക, വ്രതം അനുഷ്ടിക്കുക; 3. തുടങ്ങുക, ചെയ്യുക.
ഉപവസ്ഥം [സം. -വസ്ഥ] നാ. ഉപവാസം.
ഉപവസ്താ(വ്) [സം. -വസ്തൃ] നാ. ഉപവസിക്കുന്നവൻ. (സ്ത്രീ.) ഉപവസ്ത്രി.
ഉപവസ്തി [സം. -വസ്തി] നാ. ജീവനെ രക്ഷിക്കുന്നത്, (ആഹാരനിദ്രാദികൾ).
ഉപവസ്ത്രം [സം. -വസ്ത്ര] നാ. ഉത്തരീയം.
ഉപവഹനം [സം. -വഹന] നാ. 1. അടുത്തുകൊണ്ടുവരൽ; 2. (സങ്ഗീ.) പാടുന്നതിനു മുമ്പായി ഉള്ള രാഗം മൂളൽ.
ഉപവഹം [സം. -വഹ] നാ. ഉപബർഹം, തലയണ.
ഉപവാകം [സം. -വാക] നാ. 1. സംഭാഷണം, വർത്തമാനം; 2. സ്തുതി; 3. ഇന്ദ്രയവം, കടുകപ്പാലയരി.
ഉപവാക്യം നാ. (വ്യാക.) അപ്രധാനവാക്യം.
ഉപവാദ(ന)ം [സം. ഉപ-വാദന] നാ. കുറ്റപ്പെടുത്തൽ, അധിക്ഷേപിക്കൽ.
ഉപവായു [സം. -വായു] നാ. = ഉപപ്രാണൻ.
ഉപവാസൻ [സം. -വാസ] നാ. അടുത്തു താമസക്കാരൻ, നിലത്തിനടുത്തു താമസിക്കുന്ന കൃഷിക്കാരൻ.
ഉപവാസന(ം) [സം. -വാസനാ] നാ. ഭജനം, ആരാധന.
ഉപവാസനം [സം. < ഉപ-വസ്] നാ. വസ്ത്രം, ആവരണം.
ഉപവാസം [സം. -വാസ] നാ. 1. ആഹാരം കഴിക്കാതിരിക്കൽ, പട്ടിണി, പട്ടിണികിടപ്പ്; 2. ആഹാരം കഴിക്കാതെയുള്ള വ്രതാനുഷ്ഠാനം; 3. സമീപത്തു വർത്തിക്കൽ, അടുത്ത് ഇരിക്കൽ, സാമീപ്യം.
ഉപവാസി [സം. -വാസിൻ] നാ. ഉപവാസം അനുഷ്ടിക്കുന്നവൻ, ഭക്ഷിക്കാതിരിക്കുന്നവൻ. (സ്ത്രീ.) ഉപവാസിനി.
ഉപവാസിക്കുക [< സം. ഉപ-വാസ] ക്രി. ഉപവസിക്കുക.
ഉപവാസ്യ [സം. -വാസ്യ] വി. ഉപവസിക്കത്തക്ക.
ഉപവാഹനം [സം. -വാഹന] നാ. 1. ഉപവഹിക്കൽ, അടുത്തുകൊണ്ടുവരികയെന്ന പ്രവൃത്തി; 2. വഹിക്കൽ.
ഉപവാഹ്യം [സം. -വാഹ്യ] 'സവാരിക്കുള്ളത്' നാ. രാജാവിൻെറ വാഹനം, രാജാവിൻെറ ആന.
ഉപവി, ഓപി, ഉവവി [ത. ഉവ, ഉകപ്പു, ഉവപ്പു] നാ. 1. സ്നേഹം; 2. പ്രപഞ്ചസ്നേഹം, ഔദാര്യം, ദയ; 3. ലാഭം; 4. പരപ്പ്, വിസ്താരം; 5. ചായ്വ്; 6. സന്തോഷം.
ഉപവിചാരം [സം. ഉപ-വിചാര] നാ. 1. ചുറ്റുപാട്, അയൽപക്കം; 2. ഉപചാരം.
ഉപവിദ്യ [സം. -വിദ്യാ] നാ. താണതരം ജ്ഞാനം, ലൗകിക വിദ്യ.
ഉപവിരചിത [സം. -വിരചിത] വി. ഉപരചിക്കപ്പെട്ടിട്ടുള്ള, നിർമിച്ചിട്ടുള്ള, ഉണ്ടാക്കിയിട്ടുള്ള.
ഉപവിഷ [സം. -വിഷാ] നാ. അതിവിടയം.
ഉപവിഷം [സം. -വിഷ] നാ. കൃത്രിമവിഷം, ശ്ക്തികുറഞ്ഞ താണതരം വിഷം.
ഉപവിഷ്ട [സം. -വിഷ്ട] വി. ഉപവേശിച്ച, ഇരുന്ന.
ഉപവിഷ്ടകം [സം. -വിഷ്ടക] നാ. ഗർഭസംബന്ധിയായ ഒരു രോഗം.
ഉപവിഷ്ടകോണാസനം [സം. ഉപവിഷ്ട-കോണാസന] നാ. ഒരു യോഗാസനം.

ഉപവിഷ്ടാസനം [സം. -ആസന] നാ. ഒരു യോഗാസനം.
ഉപവീതം [സം. ഉപ-വീത < വ്യേ] നാ. പൂണൂൽ, യജ്ഞസൂത്രം, യജ്ഞോപവീതം.
ഉപവീതി [സം. -വീതിൻ] നാ. പൂണൂൽ ധരിച്ചിട്ടുള്ളവൻ.
ഉപവീഥി [സം. -വീഥി] നാ. ഇടവഴി.
ഉപവൃത്തം [സം. -വൃത്ത] നാ. വൃത്തത്തിനകത്തു വരച്ച ചെറിയ വൃത്തം.
ഉപവേദം [സം. -വേദ] നാ. ആയുർവേദം, ധനുർവേദം, ഗാന്ധർവവേദം, സ്ഥാപത്യവേദം എന്നിവ.
ഉപവേധകൻ [സം. -വേധക] നാ. ഭിത്തിയും മറ്റും തുരന്നു കവർച്ച ചെയ്യുന്നവൻ. (സ്ത്രീ.) ഉപവേധിക.
ഉപവേശനം [സം. -വേശന] നാ. 1. ഇരിക്കൽ, ഇരിപ്പ്; 2. മനസ്സ് ഇരുത്തൽ; 3. മലശോധന, വിരേചനം.
ഉപവേശം [സം. -വേശ] നാ. 1. ഇരിക്കൽ, ഇരിപ്പ്; 2. താഴത്തുവയ്ക്കൽ.
ഉപവേശിക്കുക [സം. -വേശ < വിശ്] ക്രി. ഇരിക്കുക.
ഉപവേഷ്ടനം [സം. -വേഷ്ടന < വേഷ്ട്] നാ. പൊതിഞ്ഞുകെട്ടൽ, (തുണികൊണ്ട്) ചുറ്റിപ്പൊതിയൽ.
ഉപവേഷ്ടിത [സം. -വേഷ്ടിത] വി. ചുറ്റിക്കെട്ടപ്പെട്ട, പൊതിയപ്പെട്ട.
ഉപവൈണവം [സം. -വൈണവ < വേണു] നാ. ത്രിസന്ധ്യകൾ (പ്രഭാതം, മധ്യാ ം, പ്രദോഷം ഇവ മൂന്നും).
ഉപവ്യാഖ്യാനം [സം. -വ്യാഖ്യാന] നാ. കൂടുതലായുള്ള അർഥവിവരണം, വിസ്തരിച്ചുള്ള ആശയപ്രതിപാദനം.
ഉപവ്യാഘ്രം [സം. -വ്യാഘ്ര] നാ. ഒരുതരം പുലി.
ഉപവ്യാധി [സം. -വ്യാധി] നാ. ഒരു രോഗത്തിൻെറ പ്രകാരഭേദങ്ങളിൽ ഒന്ന്.
ഉപശമനം [സം. -ശമന] നാ. 1. ഉപശമിപ്പിക്കൽ, സമാധാനിപ്പിക്കൽ; 2. നശിക്കൽ; 3. അടക്കം, വിരാമം.
ഉപശമം [സം. -ശമ] നാ. 1. ശമിക്കൽ, ശാന്തമാകൽ, കുറയൽ, ഇല്ലാതാകൽ; 2. അടക്കം, വിരാമം; 3. ക്ഷമ; 4. ശാന്തത, സമാശ്വാസം; 5. ശാന്തി, മനസ്സമാധാനം.
ഉപശമസ്ഥായം [സം. ഉപശമ-സ്ഥായ] നാ. (സങ്ഗീ.) ഉച്ചത്തിൽ നാദം പുറപ്പെടുവിച്ചിട്ടു പെട്ടെന്നു വിരമിക്കൽ.
ഉപശമിക്കുക [< സം. ഉപ-ശമ്] ക്രി. 1. തീവ്രതയില്ലാതാവുക, ശാന്തമാവുക, അടങ്ങുക; 2. വിരമിക്കുക.
ഉപശയ1 [സം. -ശയ] വി. അടുത്തു കിടക്കുന്ന, ഉപയോഗിക്കത്തക്കവണ്ണം സ്വാധീനതയിലുള്ള.
ഉപശയ2 [സം. -ശയാ] നാ. ഉപയോഗിക്കത്തക്കവണ്ണം പതമാക്കിയ കളിമണ്ണ്.
ഉപശയം [സം. -ശയ] നാ. 1. സമീപത്തു കിടക്കൽ; 2. യാഗ പശുവിനെ കെട്ടുന്ന യൂപങ്ങളിൽ ഒന്ന്; 3. വേട്ടക്കാരനു പതിയിരിപ്പിനുള്ള കുഴി; 4. രോഗനിദാനത്തിൻെറ അഞ്ചു വിഭാഗങ്ങളിൽ ഒന്ന്; 5. കുഴച്ചു പാകമാക്കിയ കളിമണ്ണ്.
ഉപശല്യം [സം. -ശല്യ] നാ. 1. ചെറിയകുന്തം; 2. നഗരത്തിനു സമീപത്തിലുള്ള തുറസ്സായ ദേശം; 3. താഴ്വരയ്ക്കടുത്തുള്ള സ്ഥലം.

ഉപശാഖ [സം. -ശാഖാ] നാ. 1. ചില്ല, ചെറിയകൊമ്പ്, വലിയ ശാഖകളിൽ വളരുന്ന ചെറിയ കൊമ്പ്; 2. ഒരു കുടുംബത്തിൻെറ ശാഖകളിൽ ഓരോന്നിൻെറ പിരിവുകളിൽ ഒന്ന്.
ഉപശാന്ത [സം. -ശാന്ത] വി. 1. ഉപശമിച്ച, ഇല്ലാതായ; 2. ശാന്തമായ, ബഹളമില്ലാത്ത; 3. ശമിച്ച, സമാധാനപ്പെട്ട, കുറഞ്ഞ, ഉപശാന്തം = വാരണാസിയിലുള്ള ഒരു പുണ്യതീർഥം.
ഉപശാന്തി1 [സം. ശാന്തി] നാ. 1. ഉപശമിക്കൽ, ഇല്ലാതാകൽ, അവസാനിക്കൽ; 2. അടക്കം, ശാന്തത, സമാധാനം; 3. ഉപശമനഹേതു, പരിഹാരം, പ്രതിവിധി.
ഉപശാന്തി2 [സം. -ശാന്തിൻ] നാ. ഇണങ്ങിയ ആന.
ഉപശായം [സം. -ശായ] നാ. തവണവച്ചുള്ള ഉറക്കം. (കാവൽക്കാരൻ ഒരു മണിക്കൂർ കാക്കുകയും തൻെറ ഊഴം കഴിഞ്ഞാൽ മറ്റൊരുവനെ ഏൽപ്പിച്ചു താൻ ഉറങ്ങുകയും ചെയ്യുന്ന രീതി.)
ഉപശായി [സം. -ശായിൻ] നാ. അടുത്തുകിടക്കുന്നവൻ.
ഉപശാലം [സം. -ശാല] നാ. വീട്ടുമുറ്റം.
ഉപശാസ്ത്രം [സം. -ശാസ്ത്ര] നാ. = ഉപവിദ്യ.
ഉപശിക്ഷ(ണം) [സം. ഉപശിക്ഷാ-ശിക്ഷണ] നാ. അഭ്യസനം, പരിശീലനം.
ഉപശിങ്ഘനം [സം. ഉപ-ശിങ്ഘന] നാ. 1. മണപ്പിക്കൽ; 2. മണപ്പിക്കാൻ കൊടുക്കുന്ന മരുന്ന്.
ഉപശിഷ്ട [സം. -ശിഷ്ട] വി. അടുത്തിരിക്കുന്ന, തൊട്ടിരിക്കുന്ന.
ഉപശിഷ്യൻ [സം. -ശിഷ്യ] നാ. ശിഷ്യൻെറ ശിഷ്യൻ, പ്രശിഷ്യൻ.
ഉപശീർഷകം [സം. -ശീർഷക] നാ. 1. ഒരിനം മുത്തുമാല; 2. ഒരു ശിരോരോഗം; 3. പ്രധാന തലക്കെട്ടിൻെറ കീഴിലുള്ള ഒരു അപ്രധാന തലക്കെട്ട്.
ഉപശുദ്ധ [സം. -ശുദ്ധ] വി. അത്യന്തം ശുദ്ധമായ.
ഉപശോഭ [സം. -ശോഭാ] നാ. അലങ്കാരം, ആഭരണം.
ഉപശോഭനം [സം. -ശോഭന] നാ. അലങ്കരിക്കൽ, ഭങ്ഗിപ്പെടുത്തൽ.
ഉപശോഭിക്കുക [< സം. -ശോഭ്] ക്രി. പ്രകാശിക്കുക, ശോഭയുള്ളതായിരിക്കുക.
ഉപശോഭിത [സം. -ശോഭിത] വി. അലങ്കരിക്കപ്പെട്ട, ഭങ്ഗിപിടിപ്പിക്കപ്പെട്ട.
ഉപശ്രവിക്കുക [സം. -ശ്രവിക്കുക] ക്രി. കേൾക്കുക, ശ്രദ്ധിച്ചു കേൾക്കുക.
ഉപശ്രി [സം. -ശ്രീ] നാ. 1. മേൽമുണ്ട്; 2. മൂടി, അടപ്പ്.
ഉപശ്രുത [സം. -ശ്രുത] വി. 1. കേൾക്കപ്പെട്ട; 2. വാഗ്ദാനം ചെയ്യപ്പെട്ട; 3. അങ്ഗീകരിക്കപ്പെട്ട, സമ്മതിച്ച.
ഉപശ്രുതി [സം. -ശ്രുതി] നാ. 1. കേൾക്കൽ; 2. കേട്ടുകേൾവി, കിംവദന്തി; 3. ഒരു ദേവി, (ശചിയുമായി ഇന്ദ്രനെ സന്ധിപ്പിച്ചു); 4. ഭാവിഫലത്തെപ്പറ്റി കേൾക്കുന്ന അശരീരി; 5. എന്തെങ്കിലും തുടങ്ങുമ്പോൾ യദൃച്ഛയാ കേൾക്കുന്ന ശബ്ദം, വാച്ചൊല്ല്; 6. സമ്മതം, വാഗ്ദാനം.
ഉപശ്രേണി [സം. -ശ്രേണി] നാ. കോണിപ്പടി, പടിക്കെട്ട്.
ഉപശ്രോതാ(വ്) [സം. -ശ്രോതൃ < ശ്രു] നാ. 1. ശ്രദ്ധിച്ചു കേൾക്കുന്ന ആൾ, കേൾക്കുന്ന ആൾ; 2. കേട്ട സാക്ഷി. (സ്ത്രീ) ഉപശ്രോതി.
ഉപശ്ലേഷ(ണ)ം [സം. -ശ്ലേഷണ < ശ്ലിഷ്] നാ. 1. ചേർത്തുവയ്പ്, ചേർപ്പ്; 2. കൂട്ടിത്തയ്ക്കൽ; 3. ആലിങ്ഗനം.
ഉപശ്ലേഷിക്കുക [< സം. ഉപ-ശ്ലിഷ്] ക്രി. ആലിങ്ഗനം ചെയ്യുക.

ഉപശ്ലോകനം [സം. -ശ്ലോകന] നാ. പാടിപ്പുകഴ്ത്തൽ, പദ്യരൂപത്തിൽ വാഴ്ത്തൽ, കീർത്തിക്കൽ.
339
ഉപശ്ലോകിക്കുക [< സം. ഉപ-ശ്ലോക] ക്രി. ശ്ലോകങ്ങൾകൊണ്ടു വാഴ്ത്തുക, പാടിപ്പുകഴ്ത്തുക.
ഉപശ്ലോകിത [സം. -ശ്ലോകിത] വി. ഉപശ്ലോകനം ചെയ്യപ്പെട്ട, പാടിപ്പുകഴ്ത്തപ്പെട്ട, കീർത്തിക്കപ്പെട്ട, ഉപശ്ലോകിതവാൻ = പാടിപ്പുകഴ്ത്തിയവൻ. (സ്ത്രീ.) ഉപശ്ലോകിതവതി.
ഉപഷ്ടംഭക [സം. ഉപ-സ്തംഭക] വി. താങ്ങിയിട്ടുള്ള (തൂണുപോലെ), പ്രോത്സാഹിപ്പിക്കുന്ന.
ഉപസക്തി [സം. ഉപ-സക്തി] നാ. ഭോഗാസക്തി.
ഉപസങ്ഗത [സം. -സങ്ഗത < ഗമ്] വി. ചേർന്ന, ചേർച്ചയുള്ള, യോജിച്ച.
ഉപസങ്ഗം [സം. -സങ്ഗ < സഞ്ജ്] നാ. 1. അടുപ്പം, സ്നേഹം; 2. ചേർച്ച.
ഉപസങ്ഗ്രഹ(ണ)ം [സം. -സങ്ഗ്രഹണ] നാ. 1. കെട്ടിപ്പിടിക്കൽ, പരിരംഭണം; 2. കൊണ്ടുവന്ന് ഒരുമിച്ചു ചേർക്കൽ, ശേഖരിക്കൽ; 3. സ്വീകരിക്കൽ; 4. അലങ്കാരത്തിനോ ഉപയോഗത്തിനോ ഉള്ള സാധനം.
ഉപസങ്ഗ്രാഹ്യ [സം. -സങ്ഗ്രാഹ്യ] വി. ഉപസങ്ഗ്രഹണത്തിനുയോഗ്യതയുള്ള, ഉപസങ്ഗ്രഹിക്കത്തക്ക, കാൽപിടിച്ചു വണങ്ങത്തക്ക, പൂജിക്കത്തക്ക, ബഹുമാനിക്കത്തക്ക.
ഉപസത്താ(വ്) [സം. -സത്തൃ] നാ. 1 തന്നത്താനേ അടുത്ത് ഇരിപ്പുറപ്പിച്ചവൻ; 2. വന്നുതാമസിക്കുന്നവൻ, കൂടെ താമസിക്കുന്നവൻ.
ഉപസത്തി [സം. -സത്തി] നാ. 1. യോജിപ്പ്, ചേർച്ച; 2. ദാനം; 3. ശുശ്രൂഷ, സേവ, ആരാധന.
ഉപസത്ത് [സം. -സദ്] നാ. 1. ഉപസദനം, ഉപചാരപൂർവം സമീപിക്കൽ, എന്തെങ്കിലും പഠിക്കാനായി ഒരു ഗുരുവിനെ സമീപിക്കൽ; 2. ഉപചരിക്കൽ, സേവിക്കൽ, ശുശ്രൂഷിക്കൽ; 3. ആക്രമണം; 4. ജ്യോതിഷ്ടോമയാഗത്തിൻെറ ഒരു ഭാഗം.
ഉപസദനം [സം. -സദന] നാ. 1. സമീപിക്കൽ; 2. വിദ്യ അഭ്യസിക്കാൻ ഗുരുവിനെ സമീപിക്കൽ; 3. സേവനം; 4. അയൽപക്കം.
ഉപസദം [സം. -സദ] നാ. 1. സമീപിക്കൽ; 2. സമ്മാനം; 3. ഉപസത്ത്.
ഉപസദിക്കുക [< സം. ഉപ-സദ്] ക്രി. 1. അടുത്ത് ഇരിക്കുക, സമീപിക്കുക; 2. ഗുരുവിൻെറ സമീപത്തിരിക്കുക, ശിഷ്യനാകുവാൻ ഉപഗമിക്കുക; 3. ശുശ്രൂഷിക്കുക, സേവിക്കുക.
ഉപസന്ധാനം [സം. -സന്ധാന < ധാ] നാ. കൂട്ടിച്ചേർക്കൽ.
ഉപസന്ന [സം. -സന്ന < സദ്] വി. സമീപിച്ച.
ഉപസഭാപതി [സം. -സഭാ-പതി] നാ. ഉപാധ്യക്ഷൻ.
ഉപസങ്ക്രമിക്കുക [സം. ഉപ-സം-ക്രമ്] ക്രി. കടന്നുപോവുക, മറുകരയെത്തുക, ഒന്നിൽനിന്നു മറ്റൊന്നിലേയ്ക്കുപോവുക, മറ്റൊരുലോകത്തെ പ്രാപിക്കുക.
ഉപസംഖ്യാനം [സം. -സംഖ്യാന] നാ. 1. കൂട്ടിച്ചേർക്കൽ, ഒരു സംഖ്യയോടു മറ്റൊരു സംഖ്യയെ കൂട്ടൽ, സങ്കലനം; 2. മറ്റൊന്നിൽ ചേർത്തു പരിഗണിക്കൽ; 3. കാത്യായനൻെറ വാർത്തികത്തിനുള്ള ഒരു പേര്.
ഉപസംയമനം [സം. -സംയമ] നാ. 1. കെട്ടൽ, കെട്ട്; 2. നിയന്ത്രിക്കൽ; 3. ലോകനാശം.
ഉപസംവാദം [സം. -സംവാദ] നാ. ഉടമ്പടി.

ഉപസംവേശനം [സം. -സംവേശന] നാ. സമീപത്തുശയിക്കൽ, വിവാഹം കഴിഞ്ഞു ഭാര്യാഭർത്താക്കന്മാർ ആദ്യമായി ഒരുമിച്ചു ശയിക്കൽ.
ഉപസംവ്യാനം [സം. -സംവ്യാന] നാ. 1. അടിമുണ്ട്; 2. ഉടുക്കുന്ന വസ്ത്രം.
ഉപസംഹരണം [സം. -സംഹരണ] നാ. 1. പിൻവലിക്കൽ; 2. സമാപിക്കൽ, വിരമിക്കൽ, നിറുത്തൽ.
ഉപസംഹരിക്കുക [< സം. -സംഹൃ] ക്രി. 1. സങ്ഗ്രഹിക്കുക, മൊത്തത്തിൽ പറയുക; 2. അവസാനിപ്പിക്കുക, നിറുത്തുക; 3. അടക്കുക; 4. പിൻവലിക്കുക; 5. ചുരുക്കുക; 6. നശിപ്പിക്കുക.
ഉപസംഹാരം [സം. -സം-ഹാര < ഹൃ] നാ. 1. പിൻവലിക്കൽ; 2. ജപിച്ച് പ്രയോഗിച്ച അമ്പ് തിരിച്ചെടുക്കൽ; 3. അവസാനിപ്പിക്കൽ; 4. അടക്കം; 5. മരണം; 6. നശിപ്പിക്കൽ; 7. വേദാന്തവാക്യാർഥതാത്പര്യനിർണയത്തിനുള്ള ഉപാധികളിൽ ഒന്ന്.
ഉപസംഹിത [സം. -സംഹിത < ധാ] വി. 1. ചേർക്കപ്പെട്ട; 2. ബന്ധപ്പെട്ട.
ഉപസംഹൃത [സം. -സംഹൃത] വി. ഉപസംഹരിക്കപ്പെട്ട, അവസാനിപ്പിച്ച, നശിപ്പിച്ച.
ഉപസംഹൃതി [സം. -സംഹൃതി] നാ. 1. ധാരണം, മനസ്സിലാക്കൽ, ഗ്രഹിക്കൽ; 2. ഉപസംഹരിക്കൽ; 3. നാടകത്തിൻെറ പഞ്ചസന്ധികളിൽ ഒന്ന്, നിർവഹണം; 4. നശിപ്പിക്കൽ.
ഉപസംഹൃത്യ [സം. -സംഹൃത്യ] അവ്യ. 1. ഉപസംഹരിച്ചിട്ട്; 2. മുഴുമിച്ചിട്ട്, സംക്ഷേപിച്ചിട്ട്.
ഉപസമാധാനം [സം. -സമാധാന] നാ. കൂട്ടിവയ്പ്, ശേഖരിപ്പ്.
ഉപസമുദ്രം [സം. -സമുദ്ര] നാ. ഉൾക്കടൽ.
ഉപസമ്പത്തി [സം. -സം.-പത്തി < പദ്] നാ. സമീപിക്കൽ, പ്രാപിക്കൽ, ഏതെങ്കിലും അവസ്ഥയിൽ എത്തിച്ചേരൽ.
ഉപസമ്പദ, -സമ്പത്ത്, -സംപദം [< സം. -സംപദാ] നാ. ഉപസമ്പത്തി.
ഉപസമ്പദൻ [ഉപ-സംപദ] നാ. ഉപസമ്പദ കഴിഞ്ഞവൻ, പ്രാപിച്ചവൻ, സമീപിച്ചവൻ, ഏതെങ്കിലും അവസ്ഥയിൽ എത്തിച്ചേർന്നവൻ; 2. ബുദ്ധഭിക്ഷു സങ്ഘത്തിൽ ചേർന്നവൻ.
ഉപസമ്പദിക്കുക [< സം. ഉപ-സം-പദ്] ക്രി. പ്രാപിക്കുക, ചെന്നെത്തുക.
ഉപസമ്പന്ന [സം. -സം-പന്ന < പദ്] വി. 1. പ്രാപിച്ച, ലഭിച്ച, നേടിയ; 2. ഉള്ള; 3. പരിചിതമായ; 4. യാഗാവശ്യത്തിലേക്കു കൊല്ലപ്പെട്ട, ബലികഴിക്കപ്പെട്ട. നാ. 1. യാഗത്തിനു വേണ്ടി കൊല്ലപ്പെട്ട മൃഗം; 2. മസാല, പാകം ചെയ്ത കറി.
ഉപസമ്പാദകൻ [സം. -സംപാദക] നാ. സഹപ്രവർത്തകൻ.
ഉപസർഗതൃഷ്ണ [സം. -തൃഷ്ണ] നാ. തൃഷ്ണാനിദാനത്തിൽപ്പെട്ട ഒരു രോഗം.
ഉപസർഗം [സം. -സർഗ] നാ. 1. ദുർനിമിത്തം, ഉത്പാതം, അശുഭസൂചന; 2. (വ്യാക.) സംസ്കൃതഭാഷയിൽ ക്രിയകളോടു ചേർന്നുനിൽക്കുന്ന 'പ്ര' മുതലായ അവ്യയങ്ങൾ. ധാതുപ്രകൃതികൾക്ക് അർഥവ്യത്യാസം വരത്തക്കവണ്ണം മുമ്പിൽ ചേർക്കുന്ന അവ്യയശബ്ദം; 3. ഭൂതബാധ, സന്നി; 4. രോഗം; 5. മരണലക്ഷണം; 6. ഒരു രോഗത്തിന്മേലുണ്ടാകുന്ന വേറൊരു രോഗം; 7. ആത്മദർശനത്തിൽ യോഗിക്കുനേരിടുന്ന ചില പ്രതിബന്ധങ്ങൾ.
ഉപസർജനം [സം. ഉപ-സർജന] 'മുകളിൽ ഒഴിക്കൽ' നാ. 1. അപ്രധാനമായത്; 2. ദുർനിമിത്തം, സൂര്യൻെറയോ ചന്ദ്രൻെറയോ ഗ്രഹണം; 3. (വ്യാക.) സമാസത്തിലെ അപ്രധാന ശബ്ദം (രാജപുരുഷൻ എന്നതിലെ രാജൻ എന്ന പദത്തെപ്പോലെ

സ്വതന്ത്രഭാവം നഷ്ടപ്പെട്ടു മറ്റൊരുപദത്തിൻെറ അർഥത്തെ നിർവചിക്കുന്നത്, ബഹുവ്രീഹി സമാസത്തിൽ പൂർവോത്തരപദങ്ങൾ രണ്ടും ഉപസർജനങ്ങളാണ്.)
ഉപസർജിക്കുക [സം. –സൃജ്] 'മുകളിൽ ഒഴിക്കുക' ക്രി. 1. മീതേ തളിക്കുക, മുകളിൽ ഒഴിക്കുക; 2. ഉപേക്ഷിക്കുക; 3. അടുത്തുകൊണ്ടുപോവുക; 4. പീഡിപ്പികുക, ദു:ഖിപ്പിക്കുക; 5. ജനിപ്പിക്കുക, ഉളവാക്കുക.
ഉപസർപ്പകം [സം. –സർപക] നാ. മൂന്നുവയസ്സു പ്രായമുള്ള ആന,
ഉപസർപ്പണം [സം. സർപണ < സൃപ്] നാ. സമീപിക്കൽ.
ഉപസർപ്പം [സം. –സർപ] നാ. 1. സമീപിക്കൽ; 2. പിന്തുടരൽ, അനുഗമനം; 3. മൂന്നുവയസ്സുള്ള ആന, ഉപസർപ്പകം.
ഉപസർപ്പിക്കുക [< സം. ഉപ–സൃപ്] ക്രി. 1. അടുക്കലേക്ക് ഇഴയുക, പയ്യെപ്പയ്യെ അടുക്കുക, സമീപിക്കുക; 2. സംയോഗത്തിനായി സമീപിക്കുക.
ഉപസർപ്പിണി [സം. –സർപിണീ] 'ഉപസർപ്പിക്കുന്നവൾ' നാ. ഒരു ദ്രാവിഡവൃത്തം.
ഉപസര [സം. –സര] വി. അടുത്തു ചെല്ലുന്ന.
ഉപസരടം [സം. –സരട] 'സരടത്തെപ്പോലുള്ള ജന്തു' നാ. മധ്യസത്വയുഗത്തിലെ ഭീമമായ ഒരു ഇഴജന്തു.
ഉപസരണം [സം. –സരണ] നാ. 1. അടുത്തു ചെല്ലൽ, സമീപിക്കൽ; 2. നേർക്ക് ഒഴുകൽ; 3. ഹൃദയത്തിലേക്കു ത്വരിതഗതിയിലുള്ള രക്തപ്രവാഹം; 4. രക്ഷാസങ്കേതം.
ഉപസരം [സം. –സര] നാ. 1. സമീപിക്കൽ; 2. ഗർഭോത്പാദനം; 3. (പശുവിൻെറ) ആദ്യത്തെ ഗർഭം.
ഉപസരിക്കുക [< സം. ഉപ–സൃ] ക്രി. 1. അടുക്കുക, സമീപത്തുവരിക; 2. സംയോഗത്തിനായി സമീപിക്കുക.
ഉപസര്യ [സം. –സര്യാ] 'ഉപസരിക്കത്തക്കവൾ' നാ. ഗർഭമേൽക്കാറായ പശു.
ഉപസാരം [സം. –സാര] നാ. ഉപസരണം.
ഉപസാലം [സം. –സാല] നാ. ഉപപ്രാകാരം, ചെറിയ കോട്ട, മതിൽ.
ഉപസീരം [സം. –സീര] അവ്യ. കലപ്പയുടെ മുകൾഭാഗത്ത്. നാ. കലപ്പ.
ഉപസൂതിക [സം. –സൂതികാ] നാ. വയറ്റാട്ടി.
ഉപസൂരണം [സം. –സൂരണ] നാ. തിന്നാൻ കൊള്ളാവുന്ന ഒരുതരം കിഴങ്ങ്.
ഉപസൂര്യകം [സം. –സൂര്യക] നാ. 1. സൂര്യൻെറ പരിവേഷം; 2. ഒരുതരം മിന്നാമിനുങ്ങ്.
ഉപസൂര്യം [സം. ഉപ–സൂര്യ] നാ. ഗ്രഹത്തിൻെറയോ നക്ഷത്രത്തിൻെറയോ സഞ്ചാരപഥത്തിൽ സൂര്യനോട് ഏറ്റവും അടുത്തുവരുമ്പോഴത്തെ സ്ഥാനം.
ഉപസൃഷ്ട [സം. –സൃഷ്ട < സൃജ്] 'ഉപസർജിക്കപ്പെട്ട, നേർക്കുവിടപ്പെട്ട' വി. 1. ചേർക്കപ്പെട്ട; 2. ഉപസർഗയുക്തമായ; 3. പീഡിപ്പിക്കപ്പെട്ട; 4. ബാധിക്കപ്പെട്ട.
ഉപസൃഷ്ടൻ [സം. –സൃഷ്ട] നാ. 1. രാഹുഗ്രസ്തനായ സൂര്യൻ അഥവാ ചന്ദ്രൻ; 2. പീഡിപ്പിക്കപ്പെട്ടവൻ.
ഉപസൃഷ്ടം [സം. –സൃഷ്ട] നാ. സ്ത്രീപുരുഷ സംയോഗം.
ഉപസേകം [സം. –സേക] നാ. 1. നനയ്ക്കൽ, മീതേ തളിക്കൽ; 2. ഒഴിക്കൽ, നിഷേകം.
ഉപസേക്താ(വ്) [സം. –സേക്തൃ] നാ. ഉപസേചനം ചെയ്യുന്നവൻ, തളിക്കുന്നവൻ.
ഉപസേചനം [സം. –സേചന] നാ. 1. ഉപസേകം; 2. മുകളിൽ ഒഴിക്കാനുള്ളത്.

ഉപസേനാനി [സം. -സേനാനീ] നാ. സേനാധിപൻെറ കീഴിൽ ജോലിനോക്കുന്ന സേനാപതി.
ഉപസേവക [സം. -സേവക] വി. ഉപസേവിക്കുന്ന, പൂജിക്കുന്ന, പരിചര്യ ചെയ്യുന്ന.
ഉപസേവിക്കുക [< സം. ഉപ-സേവ്] ക്രി. 1. ബഹുമാനിക്കുക, ആരാധിക്കുക, ഉപാസിക്കുക; 2. പ്രയോഗിക്കുക, ഉപയോഗിക്കുക; 3. ആസ്വദിക്കുക; 4. സംഭോഗം ചെയ്യുക.
ഉപസേവിത [സം. -സേവിത] വി. ഉപസേവിക്കപ്പെട്ട, പരിചരിക്കപ്പെട്ട.
ഉപസ്കന്ദനം [സം. സ്കന്ദന] നാ. ശത്രുവിൻെറ കാലിടറുവാനായി ഇടുന്ന മരക്കഷണം.
ഉപസ്കരണം [സം. ഉപ-സ്-കരണ] നാ. 1. കൊല, ഉപദ്രവം; 2. ശേഖരണം; 3. ദോഷാരോപണം; 4. അലങ്കരണം, മോടിപിടിപ്പിക്കൽ.
ഉപസ്കരൻ [സം. -സ്-കര] നാ. ഉപകരണമായുള്ളവൻ, ഭൃത്യൻ.
ഉപസ്കരം [സം. -സ്-കര] നാ. ഉപകരണം (വീട്ടാവശ്യത്തിനുള്ള ചൂല്, കട്ട എന്നപോലെയുള്ളവ); 2. കളിപ്പാട്ടം, ക്രീഡോപസ്കരം; 3. പലവ്യഞ്ജനം, കറിവയ്പാനുള്ള മഞ്ഞൾപ്പൊടി, മുളകുപൊടി മുതലായവ; 4. അലങ്കാരം, ആഭരണം; 5. കുറ്റം, ആക്ഷേപം; 6. പിഴ.
ഉപസ്കരിക്കുക [< സം. ഉപ-സ്-കൃ] ക്രി. 1. തയ്യാറാക്കുക, ഒരുക്കുക; 2. പൂർത്തിയാക്കുക; 3. അലങ്കരിക്കുക.
ഉപസ്കാരകം [സം. -സ്-കാരക] നാ. അലങ്കാര സാധനം.
ഉപസ്കാരം [സം. -സ്-കാര] നാ. 1. കൂട്ടിച്ചേർപ്പ്, അനുബന്ധം; 2. ആഭരണം, അലങ്കാരം; 3. ശേഖരണം; 4. അടി; 5. കൂട്ടം; 6. പലവ്യഞ്ജനം.
ഉപസ്കൃത [സം. -സ്-കൃത] വി. 1. തയ്യാറാക്കപ്പെട്ട, ഒരുക്കപ്പെട്ട; 2. ചേർന്ന, ഉള്ളതായ; 3. അലങ്കരിക്കപ്പെട്ട; 4. കുറ്റപ്പെടുത്തിയ; 5. ഉപദ്രവിക്കപ്പെട്ട.
ഉപസ്കൃതി [സം. -സ്-കൃതി] നാ. 1. കൂട്ടിച്ചേർപ്പ്, അനുബന്ധം; 2. അലങ്കരണം.
ഉപസ്തംഭക [സം. -സ്തംഭക] വി. = ഉപഷ്ടംഭക.
ഉപസ്തംഭ(ന)ം [സം. -സ്തംഭന] നാ. 1. ജീവസംരക്ഷണം; 2. പ്രോത്സാഹനം; 3. താങ്ങ്, ഉത; 4. അടിസ്ഥാനം, ആസ്പദം.
ഉപസ്തരണം [സം. -സ്തരണ] നാ. 1. മീതേ വിരിക്കൽ, ആവരണം, മൂടി, വിരിപ്പ്; 2. അടിയിൽ വിരിക്കൽ, കീഴിൽ നിരത്തൽ; 3. മെത്ത, തലയണ; 4. അടിവിരിപ്പുപോലെ ഒഴിക്കൽ; 5. പുല്ലുവിതറൽ, പുല്ലുവിരിപ്പ്; 6. ചോറ്റിനു മീതേ ഒഴിക്കുന്നത്; 7. ചാക്യാന്മാർ വേഷം കെട്ടുമ്പോൾ മുഖത്തു നെയ്യ് തേക്കൽ.
ഉപസ്തരിക്കുക [സം. ഉപ-സ്തൃ] 'മുകളിൽ വിരിക്കുക, ആവരണം ചെയ്യുക, പൊതിയുക' ക്രി. 1. ഉരുക്കുനെയ്യ് ഹോമദ്രവ്യങ്ങളിൽ ഒഴിക്കുക; 2. അടിയിൽ വിരിക്കുക, കീഴിൽ വിരിപ്പുപോലെ കിടക്കത്തക്കവണ്ണം പരത്തുക; 3. നെയ്യ് ഒഴിക്കുക, തളിക്കുക; 4. തൂകുക, വിതറുക; 5. വിരിക്കുക (ആഹവനീയഗാർഹപത്യാഗ്നികൾക്കു ചുറ്റും പുല്ലുവിരിക്കുന്ന പോലെ).
ഉപസ്തവം, -സ്തുതി [സം. -സ്തവ, -സ്തുതി < സ്തു] നാ. സ്തുതി, പ്രാർഥന.
341
ഉപസ്തൃത [സം. സ്തൃത] വി. 1. വിരിക്കപ്പെട്ട; 2. വിതറിയ, തൂകിയ.
ഉപസ്ത്രീ [സം. -സ്ത്രീ] നാ. വെപ്പാട്ടി.

ഉപസ്ഥ [സം. -സ്ഥ] വി. അടുത്തുള്ള, സമീപത്തു സ്ഥിതിചെയ്യുന്ന.
ഉപസ്ഥദലം [സം. ഉപസ്ഥ-ദല] നാ. അരയാൽ (സ്ത്രീകളുടെ ഉപസ്ഥത്തെപ്പോലുള്ള ഇലകളുള്ളതിനാൽ).
ഉപസ്ഥനിഗ്രഹം [സം. ഉപസ്ഥ-നിഗ്രഹ] 'ഉപസ്ഥത്തെ നിയമനം ചെയ്യൽ' നാ. ഭോഗേച്ഛാനിയന്ത്രണം, ആത്മസംയമനം.
ഉപസ്ഥം നാ. 1. ഗുഹ്യം, സ്ത്രീയോനിയുടെയും പുരുഷലിങ്ഗത്തിൻെറയും പേര്; 2. ഗുദം; 3. മടി.
ഉപസ്ഥാതാ(വ്) [സം. ഉപ-സ്ഥാതൃ] 'അടുത്തു നിൽക്കുന്നവൻ' നാ. 1. പരിചാരകൻ, ഭൃത്യൻ; 2. യാഗത്തിലെ പുരോഹിതൻ.
ഉപസ്ഥാനം [സം. -സ്ഥാന] നാ. 1. അടുത്തുനിൽക്കൽ, സമീപനം, സാമീപ്യം; 2. സംയോഗത്തിനു സമീപിക്കൽ; 3. പൂജ, സ്തുതി, സേവനം, അഭിവാദനം; 4. മാധ്യന്ദിനകർമം, അധ്യാ സന്ധ്യയ്ക്കുള്ള വന്ദനം; 5. ആവിർഭാവം, പ്രത്യക്ഷപ്പെടൽ; 6. ഓർമ; 7. വീട്, അറ, സ്ഥാനം, ഇരിപ്പിടം; 8. പരിശുദ്ധസ്ഥലം; 9. സാന്നിധ്യത്തിൽ ചെയ്യുന്നത്; 10 സ്വീകരണശാല, സഭ, രാജസഭ; 11. വേണ്ടപോലെയുള്ള നിൽപ്പ്, ആനക്കാരനും മറ്റും പുറത്തുകയറാനും ഇറങ്ങാനും സൗകര്യമായവിധത്തിൽ ഒരുകാൽ ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള ആനയുടെ നില.
ഉപസ്ഥാനീയ [സം. -സ്ഥാനീയ] വി. ഉപസ്ഥാനം ചെയ്യേണ്ട, ഉപചരിക്കേണ്ട.
ഉപസ്ഥാപക [സം. -സ്ഥാപക] വി. അടുത്തു വയ്ക്കുന്ന; 2. സേവിക്കുന്ന; 3. പഠിപ്പിക്കുന്ന, വിശദമാക്കുന്ന; 4. ഓർമിപ്പിക്കുന്ന, കഴിഞ്ഞ സങ്ഗതികളെയോ പൂർവജന്മവൃത്താന്തത്തെയോ ഓർമിപ്പിക്കുന്ന.
ഉപസ്ഥാപകൻ [സം. -സ്ഥാപക] നാ. (ബുദ്ധ) സേവകൻ, ഭിക്ഷു.
ഉപസ്ഥാപനം [സം. -സ്ഥാപന] നാ. 1. സമീപത്തുവയ്ക്കൽ; 2. ഒരുക്കിവയ്ക്കൽ; 3. ഓർമയിൽവയ്ക്കൽ; 4. സേവനം; 5. ജൈനഭിക്ഷുസങ്ഘത്തിൽ ചേർക്കൽ. ഈ അർഥത്തിൽ 'ഉപസ്ഥാപന' എന്നു സ്ത്രീലിങ്ഗരൂപം.
ഉപസ്ഥായകൻ [സം. -സ്ഥായക] നാ. 1. ഭൃത്യൻ; 2. ബുദ്ധഭിക്ഷു.
ഉപസ്ഥായി [സം. -സ്ഥായിൻ] 'അടുത്തുനിൽക്കുന്നവൻ, അടുത്തുവരുന്നവൻ' നാ. സേവകൻ, ഭൃത്യൻ.
ഉപസ്ഥിത [സം. -സ്ഥിത < സ്ഥാ] വി. 1. സമീപത്തു നിൽക്കുന്ന, വന്നു ചേർന്നിരിക്കുന്ന; 2. ലബ്ധമായ, കിട്ടിയ; 3. സംഭവിച്ച; 4. അറിയപ്പെട്ട.
ഉപസ്ഥിതി [സം. -സ്ഥിതി] 'അടുത്തു നിൽപ്പ്' നാ. 1. സമീപിക്കൽ; 2. അടുപ്പം, സാന്നിധ്യം; 3. ലബ്ധി, ലാഭം; 4. സേവ, പൂജ; 5. ഓർമ; 6. പാണ്ഡിത്യം, പരിജ്ഞാനം.
ഉപസ്ഥേയ [സം. -സ്ഥേയ < സ്ഥാ] വി. 1. ഉപസ്ഥാനം ചെയ്യത്തക്ക, പൂജിക്കപ്പെടേണ്ട, ആരാധിക്കേണ്ട; 2. സ്വസ്ഥാനത്തു വയ്ക്കപ്പെടേണ്ട.
ഉപസ്നേഹം [സം. -സ്നേഹ] നാ. നനയ്ക്കൽ, നനവ്, ഈർപ്പം.
ഉപസ്പർശ(ന)ം [സം. -സ്പർശന] നാ. 1. തൊടീൽ; 2. ആചമനം; 3. കുളി
ഉപസ്മൃതി [സം. -സ്മൃതി] നാ. 1. ഓർമ; 2. ചെറുതരം സ്മൃതിഗ്രന്ഥം.
ഉപസ്രവണം [സം. -സ്രവണ] നാ. 1. പുറത്തേക്ക് ഒഴുകൽ, ഒഴുക്ക്; 2. തീണ്ടാരി, ആർത്തവം; 3. ആർത്തവം നിലയ്ക്കൽ.
ഉപസ്വത്വം [സം. -സ്വത്വ] നാ. ആദായം, ഭൂസ്വത്തിൽനിന്നുള്ള വരുമാനം.
ഉപസ്വനം [സം. -സ്വന] നാ. (ഭാ.ശാ.) ഭാഷയിലെ ഒരേ സ്വനിമത്തിൻെറ രൂപഭേദങ്ങളിൽ ഒന്ന്.

ഉപഹത [സം. -ഹത] വി. 1. അടിക്കപ്പെട്ട, മുറിവേൽപ്പിക്കപ്പെട്ട; 2. കൊല്ലപ്പെട്ട; 3. നശിക്കത്തക്കവണ്ണം തിരസ്കൃതമായ; 4. കേടുവന്ന; 5. പീഡിപ്പിക്കപ്പെട്ട, ഉപദ്രവിക്കപ്പെട്ട; 6. ദൂഷിതമായ; 7. ക്ഷീണിപ്പിച്ച, നിരുത്സാഹപ്പെടുത്തപ്പെട്ട; 8. അവഗണിക്കപ്പെട്ട.

ഉപഹതക [സം. -ഹതക] വി. ഭാഗ്യംകെട്ട.

ഉപഹതി [സം. -ഹതി] നാ. 1. കൊല; 2. അടി; 3. ഉപദ്രവം; 4. കേട്.

ഉപഹത്യ [സം. -ഹത്യാ] നാ. 1. മുറിവ്, ചതവ്; 2. കെടുതി, കേട്; 3. മയക്കം.

ഉപഹനിക്കുക [< സം. ഉപ-ഹന്] ക്രി. 1. അടിക്കുക, ഇടിക്കുക, ദേഹോപദ്രവം ചെയ്യുക; 2. ഉപദ്രവിക്കുക, കേടുവരുത്തുക, നശിപ്പിക്കുക.

ഉപഹർത്താ(വ്) [സം. ഉപ-ഹർതൃ] നാ. 1. കാഴ്ചദ്രവ്യം നൽകുന്നവൻ; 2. ആഹാരം നൽകുന്നവൻ, ആതിഥേയൻ; 3. സഹായിക്കുന്നവൻ. (സ്ത്രീ) ഉപഹർത്രി.

ഉപഹരണം [സം. -ഹരണ] നാ. 1. അടുത്തുകൊണ്ടുവരൽ; 2. കാഴ്ചവയ്ക്കൽ, കാഴ്ചദ്രവ്യം; 3. നിവേദിക്കൽ, ബലി അർപ്പിക്കൽ, ഭക്ഷണം നൽകൽ, നിവേദ്യം; 4. എടുക്കൽ, പിടിച്ചെടുക്കൽ.

ഉപഹരിക്കുക [< സം. ഉപ-ഹൃ] ക്രി. 1. അടുത്തുകൊണ്ടുവരിക; 2. കാഴ്ചവയ്ക്കുക; 3. മുമ്പിൽ വയ്കുക, രുചിനോക്കാൻ നൽകുക; 4. ശേഖരിക്കുക; 5. നശിപ്പിക്കുക.

ഉപഹവം [സം. -ഹവ <ഹ്വേ] നാ. 1. വിളി, ക്ഷണം; 2. ഹോമദ്രവ്യം.

ഉപഹസനം [സം. -ഹസന] നാ. പരിഹസിക്കൽ, പരിഹാസം.

ഉപഹസിക്കുക [< സം. ഉപ-ഹസ്] ക്രി. കളിയാക്കുക, പരിഹസിക്കുക.

ഉപഹസിത [സം. -ഹസിത] വി. പരിഹസിക്കപ്പെട്ട, കളിയാക്കിയ.

ഉപഹസിതം [സം.] നാ. തലകുലുക്കിക്കൊണ്ടുള്ള ചിരി.

ഉപഹസ്തിക [സം. -ഹസ്തികാ] 'കയ്യിൽ ഒതുക്കിപ്പിടിക്കാവുന്നത്' നാ. ചെല്ലം, മുറുക്കാൻ പെട്ടി.

ഉപഹാരം [സം. -ഹാര] നാ. 1. കാഴ്ചദ്രവ്യം, രാജാവിനോ ഉന്നതവ്യക്തിക്കോ ആദരവോടെ നൽകുന്ന പാരിതോഷികം; 2. പൂജാദ്രവ്യം; 3. നിവേദ്യം, അർപ്പണദ്രവ്യം; 4. ബലി, ദേവതകൾക്കു ബലികൊടുക്കൽ, യാഗം; 5. അതിഥികൾക്കു വിളമ്പുന്ന ആഹാരം; 6. സന്ധിഭേദങ്ങളിൽ ഒന്ന്, ദ്രവ്യാദികൾ ദാനംചെയ്ത് ഉണ്ടാക്കുന്ന സഖ്യം; 7. പാശുപതന്മാരുടെ ഒരുതരം ആരാധനാരീതി.

ഉപഹാസകൻ [സം. ഉപ-ഹാസക] നാ. 1. വിദൂഷകൻ; 2. ഉപഹസിക്കുന്നവൻ, കളിവാക്കുപറയുന്നവൻ.

ഉപഹാസം [സം. ഹാസ] നാ. 1. ആക്ഷേപം, നിന്ദാസൂചകമായ ചിരി; 2. നേരമ്പോക്ക്, വിനോദം.

ഉപഹാസ്യ [സം. -ഹാസ്യ] വി. ഉപഹസിക്കത്തക്ക, ആക്ഷേപിക്കത്തക്ക, പരിഹാസാർഹമായ.

ഉപഹാസ്യത [സം. -ഹാസ്യ-താ] നാ. ഉപഹാസാർഹമായ അവസ്ഥ, പരിഹസിക്കത്തക്കനില, ആക്ഷേപം.

ഉപഹിത [സം. ഉപ-ഹിത] 'മുകളിൽ വയ്ക്കപ്പെട്ട' വി. 1. വയ്ക്കപ്പെട്ട, നിക്ഷേപിക്കപ്പെട്ട; 2. ചേർന്ന, യോജിച്ച, കലർന്ന; 3. (സംസ്കൃതവ്യാക.) തൊട്ടുമുമ്പിലുള്ള, കൂടിയ; 4. (വേദാന്ത.) ആശ്രയിച്ചിരിക്കുന്ന, ഉപാധിയുക്തമായ; 5. ചതിക്കപ്പെട്ട, വഞ്ചിക്കപ്പെട്ട.

ഉപഹിതൻ [സം. –ഹിത] നാ. അടുത്തു പെരുമാറുന്നവൻ, പരിചാരകൻ, സേവകൻ.
ഉപഹൂത [സം. –ഹൂത] വി. അടുക്കലേക്കു വിളിക്കപ്പെട്ട, ക്ഷണിക്കപ്പെട്ട.
ഉപഹൂതന്മാർ [സം. –ഹൂതാ:] നാ. (ബ.വ) ഒരു പിതൃഗണം.
ഉപഹൃത [സം. –ഹൃത] 'അടുത്തുകൊണ്ടുവരപ്പെട്ട' വി. 1. ഉപഹരിക്കപ്പെട്ട, സമർപ്പിതമായ; 2. ബലികഴിക്കപ്പെട്ട; 3. പങ്കുവയ്ക്കപ്പെട്ട, വിളമ്പിയ (ആഹാരം പോലെ); 4. ശേഖരിക്കപ്പെട്ട.
ഉപഹൃതി [സം. –ഹൃതി] നാ. ഉപസംഹാരം, സമാപനം, നശിപ്പിക്കൽ.
ഉപഹോമം [സം. –ഹോമ] നാ. അപ്രധാനഹോമം.
ഉപഹ്വരം [സം. –ഹ്വര] നാ. 1, വളവുതിരിവ്, വക്രമായ ഗതി; 2. നിരപ്പില്ലാത്ത ഭൂമി; 3. താഴ്വര; 4. രഥം, വണ്ടി; 5. വിജനസ്ഥലം, രഹസ്യമായ സ്ഥലം.
ഉപാകങ്ങൾ [സം. ഉപാകേ (ദ്വിവചനം)] 'തമ്മിൽ ചേർന്നവ' നാ. രാത്രിയും ഉഷസ്സും.
ഉപാകർണ്യ [സം. –ആകർണ്യ] അവ്യ. ഉപാകർണനം ചെയ്തിട്ട്, കേട്ടിട്ട്.
ഉപാകർമം [സം. –ആ–കർമൻ] നാ. ഉപാകരണം, ഉപനയനത്തിനുശേഷം വേദാരംഭത്തിനുമുൻപ് അനുഷ്ഠിക്കുന്ന കർമം.
ഉപാകരണം [സം. ഉപ–ആ–കരണ] നാ. 1. അടുക്കൽകൊണ്ടുവരൽ, സമീപത്തെത്തിക്കൽ; 2. ആരംഭിക്കൽ, ആരംഭം; 3. ഒരുക്കം; 4. ഉപാകർമം, ഉപനയത്തിനുശേഷം ചെയ്യപ്പെടുന്ന വേദാരംഭമെന്ന കർമം; 5. പശുബലി, യാഗങ്ങളോടനുബന്ധിച്ചുള്ള പശുഹിംസ; 6. ഉഴിഞ്ഞുമാറ്റൽ.
ഉപാകരിക്കുക [സം. ഉപ–ആ–കൃ] ക്രി. 1. അടുത്തുകൊണ്ടുവരിക, സമീപത്ത് എത്തിക്കുക; 2. വിളിക്കുക, ക്ഷണിക്കുക; 3. ദാനംചെയ്യുക, നൽകുക; 4. ആദരിക്കുക.
ഉപാകൃത [സം. –കൃത്] വി. 1. അടുക്കൽകൊണ്ടുവരപ്പെട്ട, സമീപത്ത് എത്തിക്കപ്പെട്ട; 2. സ്വീകരിക്കപ്പെട്ട; 3. ദുർനിമിത്തങ്ങളോടു കൂടിയ.
ഉപാകൃതം [സം. –കൃത] നാ. 1. യാഗത്തിൽ മന്ത്രോച്ചാരണപൂർവകം ബലി ചെയ്യപ്പെടുന്ന മൃഗം; 2. ദുർനിമിത്തം; 3. ആപത്ത്.
ഉപാകൃതി [സം. –കൃതി] നാ. = ഉപാകർമം.
ഉപാക്ഷം1 [സം. ഉപാക്ഷ] നാ. രഥത്തിൻെറ ഒരുഭാഗം.
ഉപാക്ഷം2 [സം. ഉപ–അക്ഷ < അക്ഷി] അവ്യ. കണ്ണിനുമേൽ, കണ്ണിനുമുമ്പിൽ, മുമ്പാകെ.
ഉപാഖ്യാനം [സം. –ആഖ്യാന] നാ. 1. ഒരുവലിയ കഥയുടെ ഇടയിൽ വരുന്ന ചെറിയകഥ; 2. പലരും പറഞ്ഞുകേട്ട കഥയുടെ ആവർത്തനം, ഐതിഹ്യം, പൂർവവൃത്താന്തകഥനം, ചരിത്രം. ഉദാ: ശകുന്തളോപാഖ്യാനം.
ഉപാഗത [സം. ആഗത] വി. 1. അടുക്കൽ വന്ന, സമീപിച്ച, പ്രാപ്തമായ, വന്ന; 2. സംഭവിച്ച, ഉണ്ടായ; 3. വാഗ്ദത്തമായ, സമ്മതിച്ച.
ഉപാഗമനം [സം. –ആഗമന] നാ. = ഉപാഗമം.
ഉപാഗമം [സം. –ആഗമ] നാ. 1. അടുത്തുവരവ്; 2. പ്രതിജ്ഞ, സമ്മതം; 3. സംഭവം; 4. അങ്ഗീകാരം, സ്വീകാര്യം.
ഉപാഗമിക്കുക [< സം. ഉപ–ആ–ഗമ്] ക്രി. 1. അടുത്തു വരിക, സമീപിക്കുക; 2. സംഭവിക്കുക.
ഉപാഗ്രം [സം. ഉപ–അഗ്ര] നാ. അഗ്രത്തിന് അടുത്തുള്ള ഭാഗം.

ഉപാഗ്രഹണം [സം. –ആ–ഗ്രഹണ] നാ. വേദാധ്യയനാരംഭം, ഉപാകരണം, ഉപാകർമം.
ഉപാങ്കുരം [സം. –അങ്കുര] നാ. അപ്രധാനമായ അങ്കുരം, ചെടിയുടെ കവരത്തിൻെറ മധ്യത്തിൽ മുളകൾ പൊട്ടുമ്പോൾ നടുക്കുള്ള അങ്കുരത്തിൻെറ പാർശ്വങ്ങളിൽ ഉണ്ടാകുന്ന പല അങ്കുരങ്ങളിൽ ഒന്ന്.
ഉപാങ്ഗം [സം. –അങ്ഗ] നാ. 1. അപ്രധാനമായ അങ്ഗം, അവയവം; 2. വേദാങ്ഗങ്ങൾക്ക് അങ്ഗമായുള്ള ശാസ്ത്രം (മീമാംസ, ന്യായം, പുരാണം, സ്മൃതി എന്നീ നാലും); 3. ചന്ദനക്കുറി, തിലകം; 4. (സങ്ഗീ) ചെണ്ടപോലുള്ള ഒരുതരം വാദ്യം.
ഉപാങ്ഗരാഗം [സം. ഉപാങ്ഗ–രാഗ] നാ. (സങ്ഗീ.) മേളരാഗത്തിൽ ഉള്ള സ്വരങ്ങൾ മാത്രം ഉണ്ടായിരിക്കുന്ന ജന്യരാഗം.
ഉപാചരിത [സം. ഉപ–ആ–ചരിത] വി. അനുസരണയുള്ള, വിനയ സ്വഭാവമുള്ള.
ഉപാഞ്ജനം [സം. –അഞ്ജന] നാ. 1. പൂശൽ 2. ചാണകംകൊണ്ടും മറ്റും തറ മെഴുകി ശുദ്ധമാക്കൽ; 3. വെള്ളപൂശൽ.
ഉപാത്ത [സം. –ആത്ത < ആദത്ത] വി. 1. ലഭിച്ച, കൈവന്ന; 2. ആരംഭിക്കപ്പെട്ട, തുങ്ങിയ; 3. പ്രസ്താവിക്കപ്പെട്ട; 4. ഉപയോഗിക്കപ്പെട്ട; 5. ഗ്രഹിക്കപ്പെട്ട, എടുക്കപ്പെട്ട.
ഉപാത്തൻ [സം. –ആത്ത] 'സ്വാധീനപ്പെട്ടവൻ' നാ. ഇണങ്ങി അടുത്തുവന്ന ആന, മദം അവസാനിച്ച ആന.
ഉപാത്തം [സം. –ആത്ത < ആ–ദത്ത] നാ. സ്വീകൃതതത്ത്വം, ആധാരം, അടിസ്ഥാനം.
ഉപാത്യയം [സം. –അത്യയ] നാ. മറികടന്നു പോകൽ, ആചാരത്തെ അവഗണിക്കൽ, അതിപാതം, ക്രമക്കേട്.
ഉപാദാനം [സം. –ആദാന] നാ. 1. തനിക്കുവേണ്ടി എടുക്കൽ, കൈക്കൊള്ളൽ, വാങ്ങൽ.
ഉപാദികം [സം.] നാ. ഒരുതരം പ്രാണി.
ഉപാദൃത [സം. ഉപ– ആദൃത] വി. 1. ആദരിക്കപ്പെട്ട, ബഹുമാനിക്കപ്പെട്ട; 2. താത്പര്യത്തോടുകൂടി ചെയ്യപ്പെട്ട, ഉന്നയിക്കപ്പെട്ട.
343
ഉപാദേയ [സം. –ആദേയ] വി. 1. ഉപാദാനം ചെയ്യത്തക്ക, സ്വീകാര്യമായ; 2. ശ്രേഷ്ഠമായ, 3. സഹിക്കാവുന്ന; 4. സ്തുത്യർഹമായ.
ഉപാധി1 [സം. ഉപ–ആ–ധി] 'മറ്റൊന്നിനു പകരം വയ്ക്കുന്നത്' (ആദേശം എന്നതിൽനിന്ന് അർഥവികാസം) നാ. 1. ലക്ഷണം, പ്രത്യേക സ്വഭാവം; 2. അടയാളം, ഒന്നിനെ തിരിച്ചറിയാനുള്ള കുറി, സൂചന; 3. വ്യവസ്ഥ, വ്യവസ്ഥിതി, അവസ്ഥ, കാലദേശാദി സ്ഥിതി; 4. ഉപായം; 5. തിരിച്ചറിയാനുള്ള പ്രത്യേക നാമം, സ്ഥാന നാമം, ഇരട്ടപ്പേര്, ബിരുദം; 6. (തർക്ക) സാധ്യമുള്ളിടത്തെല്ലാമുള്ളതും സാധനം (ഹേതു) ഉള്ളിടത്ത് ഇല്ലാത്തതും; 7. വഞ്ചന, ചതി; 8. മറ്റൊന്നിൻെറ പേരോ രൂപമോ മാത്രമുള്ളത്, സത്യാഭാസം, തോന്നൽ, മായാദർശനം; 9. കൂടുതലായുണ്ടാകുന്ന പ്രയോജനം; 10 വകുപ്പ്.
ഉപാധി2 [സം. ഉപ–ആധി] നാ. 1. ധർമവിചാരം (ആധിയോടടുത്തു നിൽക്കുന്നത്); 2. കുടുംബരക്ഷണത്തിൽ വ്യാപൃതനായവൻ.
ഉപാധിക1 [സം. ഉപ–അധിക] വി. അധികമായുള്ള, ക്ലിപ്തമായ, എണ്ണത്തിൽ കൂടുതലായ.
ഉപാധിക2 [സം. ഉപാധി–ക] വി. ഉപാധിയോടുകൂടിയ.

ഉപാധികാരി [സം. ഉപ–അധികാരിൻ] നാ. ഒരു കാര്യം ചെയ്യാൻ പ്രധാനമായും അധികാരമുള്ളയാളിനു പുറമേ അതിനു ചുമതലപ്പെട്ട ആൾ.
ഉപാധ്യക്ഷൻ [സം. ഉപ–അധ്യക്ഷ] നാ. ഒരു സങ്ഘടനയുടെയോ സഭയുടെയോ അധ്യക്ഷന് അടുത്തപടിയിലുള്ള ആൾ, അധ്യക്ഷൻെറ അഭാവത്തിൽ അധ്യക്ഷൻെറ ചുമതലകളും അധികാരങ്ങളും വഹിക്കുന്ന വ്യക്തി.
ഉപാധ്യായ [സം. ഉപ–അധ്യായാ] നാ. വിദ്യ അഭ്യസിപ്പിക്കുന്നവൾ, അധ്യാപിക.
ഉപാധ്യായൻ [സം. –അധ്യായ] നാ. 1. അധ്യാപകൻ, ഗുരു, പഴയകാലത്തു വേദവേദാങ്ഗങ്ങൾ അധ്യാപനം ചെയ്തിരുന്ന ആൾ (ഈ ശബ്ദമാണ് വാധ്യാൻ, വാധ്യാർ എന്നിങ്ങനെ മലയാളത്തിൽ രൂപം പ്രാപിച്ചിട്ടുള്ളത്); 2. വൈദികാധ്യാപകൻ, പ്രതിഫലം പറ്റിക്കൊണ്ട് വേദവേദാങ്ഗങ്ങളുടെ ഭാഗം അധ്യാപനം ചെയ്യുന്ന ആൾ, ആചാര്യനെക്കാൾ കുറഞ്ഞ സ്ഥാനമുള്ളവൻ.
ഉപാധ്യായാനി [സം. ഉപാധ്യാ–യാനീ] നാ. ഉപാധ്യായൻെറ ഭാര്യ.
ഉപാധ്യായി [സം. ഉപാധ്യായീ] നാ. 1. ഉപാധ്യായൻെറ ഭാര്യ; 2. വിദ്യ അഭ്യസിപ്പിക്കുന്നവൾ.
ഉപാനട്ട് [< സം. ഉപാനഹ്] നാ. = ഉപാനത്ത്.
ഉപാനത്ത് [സം. ഉപാ–നഹ്, –ദ് < നഹ്] 'ഉപനഹനം ചെയ്യുന്നത്' നാ. 1. ചെരിപ്പ്, പാദത്തെ ബന്ധിക്കുന്നത്; 2. (ശില്പ ) പാദുകം, അധിഷ്ഠാനം.
ഉപാനം [< സം. ഉപാനഹ്] 'ചെരിപ്പ്' നാ. കെട്ടിടത്തിൻെറ അടിസ്ഥാനം.
ഉപാനയിക്കുക [< സം. ഉപ–ആനയിക്കുക] ക്രി. കൊണ്ടുവരിക, അടുത്തുവരുത്തുക.
ഉപാനഹം [സം. ഉപ–ആ–നഹ] (സമാസത്തിൽ) നാ. ഉപാനത്ത്, ചെരിപ്പ്.
ഉപാനീയ [സം. ഉപ–ആനീയ] അവ്യ. ഉപാനയിച്ചിട്ട്, കൊണ്ടുവന്നിട്ട്.
ഉപാന്ത [സം. –അന്ത] വി. അവസാനത്തിനു തൊട്ടുമുൻപുള്ള.
ഉപാന്തം [സം.] നാ. 1. സമീപസ്ഥാനം, ഉപാന്തേ = ഉപാന്തത്തിൽ; 2. അരിക്, വക്ക്, അറ്റം; 3. കടക്കണ്ണ്.
ഉപാന്തികം [സം. –അന്തിക] നാ. = ഉപാന്തം.
ഉപാന്ത്യ [സം. –അന്ത്യ] വി. അവസാനത്തിനു തൊട്ടു മുൻപുള്ള.
ഉപാന്ത്യം [സം. –അന്ത്യ] നാ. 1. കടക്കണ്ണ്; 2. സമീപസ്ഥലം; 3. അവസാനത്തേതിനു തൊട്ടു മുൻപുള്ളത്, ഉദാ: അന്ത്യ എന്നതിൽ 'യ്' ഉപാന്ത്യം; (ജ്യോ.) പതിനൊന്നാം ഭാവം.
ഉപാപ്തി [സം. –ആപ്തി] നാ. 1. ലബ്ധി; 2. പ്രാപ്തി.
ഉപാംശു [സം. –അംശു] നാ. 1. രഹസ്യസ്ഥലം, വിജന പ്രദേശം; 2. സോമമദ്യം ദേവകൾക്കായി അർപ്പിക്കുന്ന ഒരു ചടങ്ങ്, ഉപാംശുപാത്രം = യാഗത്തിനു സോമരസം എടുക്കാനുള്ള പാത്രം; 3. ഒരുവക ജപം. അവ്യ. 1. രഹസ്യമായി, ഉപാംശുദണ്ഡം = രഹസ്യമായി നടത്തുന്ന ശിക്ഷ; 2. താണസ്വരത്തിൽ.
ഉപാംശുസവനം [സം. ഉപാംശു–സവന < സൂ] നാ. യാഗാവശ്യത്തിലേക്കു സോമരസം പിഴിയുന്ന കർമം.
ഉപായം [സം. ഉപായ] 'അടുത്തു ചെല്ലൽ' നാ. 1. ലക്ഷ്യ പ്രാപ്തി; 2. കാര്യ സാധ്യതയ്ക്കുള്ള വിദ്യ, തന്ത്രം, വഴി; 3. ഉപജീവനമാർഗം, ചെലവിനു വക; 4. കപടതന്ത്രം, കൗശലം, കബളിപ്പിക്കൽ, തട്ടിപ്പ്; 5. നീക്കുപോക്ക്, പോംവഴി; 6. ശത്രുവിജയത്തിനായും മറ്റും പ്രയോഗിക്കുന്ന നയ രീതി. ഉപായത്തിൽ = കൗശലത്തിൽ, ചെറിയതരത്തിൽ. ഉദാ: അടിയന്തിരം ഉപായത്തിൽ കഴിച്ചു, ഉപായിക്കുക = സൂത്രത്തിൽ

കഴിക്കുക, ബദ്ധപ്പെടാതെ കൗശലത്തിൽ നിൽക്കുക, അരിഷ്ടിക്കുക. ഉദാ: ഉപായിപ്പാൻ സാധ്യമല്ല, ഉപായക്കാരൻ = കൗശലക്കാരൻ, സൂത്രക്കാരൻ, ഉപായചതുഷ്ടയം = സാമം, ദാനം, ഭേദം, ദണ്ഡം എന്നീ നാലും.

ഉപായജ്ഞൻ [സം. -ജ്ഞ] നാ. ഉപായം അറിയുന്നവൻ.

ഉപായനം [സം. ഉപ-അയന] നാ. 1. അടുത്തുവരൽ, സമീപിക്കൽ; 2. കാഴ്ചദ്രവ്യം, ഉപഹാരം.

ഉപായനീകരിക്കുക [< സം. ഉപായനീ-കൃ] ക്രി. കാഴ്ചവയ്ക്കുക.

ഉപായാത [സം. ഉപ-ആയാത] വി. സമീപത്തുവന്ന, വന്നുചേർന്ന.

ഉപായാതം [സം. -ആയാത] നാ. 1. വരവ്, വന്നുചേരൽ; 2. സംഭവം.

ഉപായി [സം. ഉപായിൻ] നാ. ഉപായജ്ഞൻ, സൂത്രക്കാരൻ, സമർഥൻ.

ഉപായികൻ [സം. ഉപായിക] നാ. ഉപായജ്ഞൻ, ഉപായി.

ഉപാർജക [സം. -അർജക] വി. സമ്പാദിക്കുന്ന.

ഉപാർജിക്കുക [< സം. ഉപ-അർജ്] ക്രി. സമ്പാദിക്കുക, നേടുക.

ഉപാർജിത [സം. -അർജിത] വി. സമ്പാദിച്ച, നേടിയ, കൈക്കലാക്കിയ.

ഉപാർഥ [സം. ഉപ-അർഥ] വി. വിലകുറഞ്ഞ, നിസ്സാരമായ.

ഉപാർധ [സം. -അർധ] വി. ഒന്നര.

ഉപാരത [സം. ഉപ-ആ-രത] വി. 1. തിരിച്ചുവന്ന; 2. സന്തോഷിച്ച; 3. ഏർപ്പെട്ട; 4. വിരമിക്കുന്ന, വിരമിച്ച, നിന്ന.

ഉപാരം [സം. ഉപാര] നാ. 1. അപരാധം; 2. പാപം; 3. സാമീപ്യം.

ഉപാരംഭം [സം. ഉപ-ആരംഭ] നാ. തുടക്കം, ആരംഭം.

ഉപാരൂഢ [സം. -ആരൂഢ] വി. 1. ഉപാരോഹണം ചെയ്ത, പുറത്തുകയറിയ; 2. വർധിച്ച; 3. പ്രാപിച്ച.

ഉപാലബ്ധ [സം. -ആലബ്ധ] വി. നിന്ദിക്കപ്പെട്ട, അധിക്ഷേപിക്കപ്പെട്ട.

ഉപാലംഭ(ന)ം [സം. ആലംഭ(ന)] നാ. 1. ശകാരം, നിന്ദനം; 2. താമസിപ്പിക്കൽ, മാറ്റിവയ്ക്കൽ.

ഉപാലംഭിക്കുക [< സം. -ആലംഭ്] ക്രി. 1. കുറ്റപ്പെടുത്തുക, അധിക്ഷേപിക്കുക, നിന്ദിക്കുക, പഴിപറയുക, ശകാരിക്കുക; 2. പിടികൂടുക, ബലികഴിക്കുക, കൊല്ലുക.

ഉപാലി [സം.] നാ. ശ്രീബുദ്ധൻെറ ശിഷ്യപ്രമുഖന്മാരിൽ ഒരാൾ. (ബുദ്ധമതതത്ത്വങ്ങൾ പ്രചരിപ്പിക്കാൻ യത്നിച്ച ഈ ശിഷ്യൻ ജാതിയിൽ ക്ഷുരകനായിരുന്നു.)

ഉപാവർത്തനം [സം. -ആവർത്തന] നാ. 1. തിരിച്ചുവരൽ; 2. ഉരുൾച്ച, കറക്കം; 3. തിരികെ വിട്ടുകൊടുക്കൽ, തിരിച്ചയയ്ക്കൽ; 5. (വധുവിനെ) വേണ്ടെന്നു വയ്ക്കൽ; 6. ഉരുളു വരാനുള്ള സ്ഥലം, കുതിരാലയത്തിൽ കുതിരകൾ കിടന്ന് ഉരുളുന്ന തറ.

ഉപാവർത്തം [സം. ഉപാ-വർത] നാ. ചെറിയ ചുഴി.

ഉപാവർത്തിക്കുക [സം. ഉപ-ആ-വൃത്] 'അടുക്കലേക്കു ചെല്ലുക, തിരിച്ചുവരിക' ക്രി. 1. നിലത്തു കിടന്നുരുളുക; 2. തിരിച്ചുപോവുക, തിരിച്ചുവരിക; 3. അടുത്തു ചെല്ലുക.

ഉപാവൃത [സം. -ആവൃത] വി. ചുറ്റപ്പെട്ട, മൂടപ്പെട്ട.

ഉപാവൃത്ത [സം. -ആവൃത്ത] വി. 1. ഉപാവർത്തിച്ച, തിരിച്ചു വന്ന; 2. നിലത്ത്കിടന്ന് ഉരുളുന്ന; 3. നിന്നുപോയ.

ഉപാശംസു [സം. -ആശംസു] നാ. അനന്തരാവകാശി, പിന്തുടർച്ചക്കാരൻ.

ഉപാശ്രമം [സം. -ആശ്രമ] അവ്യ. ആശ്രമത്തിന്നടുക്കൽ.

ഉപാശ്രയം [സം. –ആശ്രയ] നാ. 1. ചാരിനിൽപ്പ്, സഹായത്തിനായി ആശ്രയിക്കൽ; 2. താങ്ങ്, രക്ഷ.
ഉപാശ്രയിക്കുക [< സം. ഉപ–ആ–ശ്രി] ക്രി. ആശ്രയിക്കുക, അവലംബിക്കുക, രക്ഷപ്രാപിക്കുക.
ഉപാസ [സം. ഉപാസാ] നാ. 1. ഉപാസന, ഭജനം, ആരാധന; 2. ധ്യാനം.
ഉപാസകൻ [സം. ഉപാസക] നാ. ഉപാസിക്കുന്നവൻ, സേവകൻ, ഭക്തൻ, ആരാധകൻ, അഭീഷ്ടസിദ്ധിക്ക് ഏതെങ്കിലും ദേവതയെ ധ്യാനിച്ചു പൂജിക്കുന്നവൻ, (ജൈന.) ജൈനാചാരങ്ങളെ അനുവർത്തിക്കുന്നവൻ. (സ്ത്രീ.) ഉപാസിക = ഉപാസിക്കുന്നവൾ, ബുദ്ധഭക്ത, ഭിക്ഷുണിയാകാത്ത ബുദ്ധഭക്ത. ഉപാസകത്വം = ഉപാസകനെന്ന സ്ഥിതി.
ഉപാസങ്ഗധരൻ [സം. ഉപാസങ്ഗ–ധര] 'ഉപാസങ്ഗം ധരിക്കുന്നവൻ' നാ. വസുദേവനു ദേവരക്ഷിതയിലുണ്ടായ പുത്രൻ.
ഉപാസങ്ഗം [സം. –ആസങ്ഗ] നാ. 1. ആവനാഴി; 2. സാമീപ്യം.
ഉപാസന(ം) [സം. ഉപാസനാ–നം] 'അടുത്തിരിക്കൽ' നാ. 1. ശുശ്രൂഷ, സേവ; 2. പൂജ, ഭജനം, വന്ദനം; 3. ഇഷ്ടദേവതാരാധനം; 4. ധ്യാനം; 5. ശരാഭ്യാസം, വിൽപ്പയറ്റ്.
ഉപാസനപഞ്ചാങ്ഗം [സം. ഉപാസന–പഞ്ചാങ്ഗ] നാ. ഉപാസനയുടെ അഞ്ച് അങ്ഗങ്ങൾ (ജപം, ഹോമം, തർപ്പണം, അഭിഷേകം, വിപ്രഭോജനം എന്നിവ).
ഉപാസനീയ [സം.] വി. ഉപാസിക്കത്തക്ക, ആരാധിക്കത്തക്ക.
ഉപാസി [സം. ഉപാസിൻ] നാ. ഉപാസിക്കുന്നവൻ.
ഉപാസിക്കുക [< സം. ഉപ–ആസ്] 'അടുത്ത് ഇരിക്കുക' എന്നതിൽ നിന്ന് അർഥവികാസം. ക്രി. 1. സേവിക്കുക, ശുശ്രൂഷിക്കുക; 2. ഭജിക്കുക, പൂജിക്കുക; 3. ധ്യാനിക്കുക; 4. പരിശീലിക്കുക, നിർവഹിക്കുക, ചെയ്യുക; 5. സമീപിക്കുക, പോകുക, എത്തുക; 6. ഇരിക്കുക, താമസിക്കുക.
ഉപാസിത [സം. –ആസിത] വി. ഉപാസിക്കപ്പെട്ട, ആരാധിക്കപ്പെട്ട, സേവിക്കപ്പെട്ട.
ഉപാസിതാ(വ്) [സം. –ആസിതൃ] നാ. ഉപാസിക്കുന്നവൻ, ആരാധകൻ.
ഉപാസീന [സം. –ആസീന] വി. 1. അടുത്ത് ഇരിക്കുന്ന; 2. പരിചരിക്കുന്ന, ശുശ്രൂഷിക്കുന്ന.
ഉപാസ്തമയം [സം. –അസ്തമയ] അവ്യ. അസ്തമയ കാലത്തിനടുത്ത്.
ഉപാസ്തി [സം. –ആസ്തി] നാ. ഉപാസ, സേവ, പൂജ.
ഉപാസ്ത്രം [സം. –അസ്ത്ര] നാ. അപ്രധാനാസ്ത്രം.
ഉപാസ്മഹേ [സം. < ഉപ–ആസ്] ക്രി. ഞങ്ങൾ ഉപാസിക്കുന്നു.
ഉപാസ്യ [സം.] വി. ഉപാസിക്കത്തക്ക, ഉപാസിക്കേണ്ട, ആരാധിക്കേണ്ട.
ഉപാസ്യൻ [സം. ഉപാസ്യ] നാ. ആരാധിക്കേണ്ടവൻ.
ഉപാഹരിക്കുക [< സം. ഉപ–ആ–ഹൃ] ക്രി. 1. കൊണ്ടുവരിക; 2. സമർപ്പിക്കുക, ആദരവോടെ നൽകുക; 3. ഇല്ലാതാക്കുക; 4. എടുക്കുക, അപഹരിക്കുക.

ഉപാഹിതം [സം. –ഹിത] നാ. 1. ആപത്ത്, അഗ്നിബാധപോലെയുള്ളത്; 2. (സങ്ഗീ.) സ്ഥായിവർണത്തിൽ ചേർന്ന ഒരു അലങ്കാരം.
ഉപാഹൃത [സം. –ആഹൃത] വി. 1. എടുക്കപ്പെട്ട; 2. കൊണ്ടുവരപ്പെട്ട.
ഉപേക്ഷ [സം. ഉപ–ഈക്ഷാ] 'നേർക്കുള്ള നോട്ടം, മീതേ നോക്കൽ' നാ. 1. വേണ്ടെന്നുവയ്പ്പ്, താത്പര്യമില്ലായ്മ, അശ്രദ്ധ; 2. വിട്ടുകളയൽ, നിരസനം; 3. അവഗണന;

4. നിന്ദ; 5. രാജാവ് കാര്യസാധ്യത്തിനായി ശത്രുവിൽ പ്രയോഗിക്കേണ്ട ഏഴ് ഉപായങ്ങളിൽ ഒന്ന്; 6. ശത്രുമിത്രഭാവാദിയിലും സ്വാർഥചിന്തയിലും മറ്റുമുള്ള ഉദാസീന മനോഭാവം. ഉപേക്ഷാഗമനം = യുദ്ധത്തിൽ പരാജയം ഉണ്ടാകുമ്പോൾ പിൻവാങ്ങൽ. ഉപേക്ഷാസനം = സൈന്യസന്നിവേശം (ആസനം) പലതരമുള്ളതിൽ ഒന്ന്, ബലവാനായ ശത്രുവിനെ എതിർക്കാതെയുള്ള നില.

ഉപേക്ഷക [സം. -ഈക്ഷക] വി. ഉപേക്ഷ കാണിക്കുന്ന, നിന്ദിക്കുന്ന, അവഗണിക്കുന്ന.

ഉപേക്ഷണം [സം. -ഈക്ഷണ] നാ. 1. ഉപേക്ഷിക്കൽ, ഉപേക്ഷ കാണിക്കൽ, അവഗണിക്കൽ, ഉദാസീനത, മടി; 2. ചെയ്യാതെ ഇരിക്കൽ, വിട്ടുകളയൽ; 3. ആസനം, സ്ഥാനം.

ഉപേക്ഷണീയ [സം.] വി. ഉപേക്ഷിക്കത്തക്ക, തള്ളിക്കളയാവുന്ന, വിഗണിക്കാവുന്ന, ഗണനീയമല്ലാത്ത.

ഉപേക്ഷിക്കുക [< സം. ഉപ-ഈക്ഷ്] ക്രി. വേണ്ടെന്നു വയ്ക്കുക, വിഗണിക്കുക, തള്ളിക്കളയുക, പരിത്യജിക്കുക.

ഉപേക്ഷിത [സം. -ഈക്ഷിത] വി. ഉപേക്ഷിക്കപ്പെട്ട, തള്ളിക്കളയപ്പെട്ട, വിട്ടുകളഞ്ഞ, വേണ്ടെന്നുവച്ച, അവഗണിക്കപ്പെട്ട.

345

ഉപേക്ഷിതവ്യ [സം. ഈക്ഷിതവ്യ] വി. ഉപേക്ഷ്യ.

ഉപേക്ഷ്യ1 [സം.] വി. ഉപേക്ഷണീയ, ഉപേക്ഷിതവ്യ, ഉപേക്ഷിക്കത്തക്ക, അവഗണിക്കത്തക്ക, തള്ളിക്കളയേണ്ട.

ഉപേക്ഷ്യ2 [സം.] അവ്യ. ഉപേക്ഷിച്ചിട്ട്.

ഉപേത [സം. ഉപ-ഇത] 'അടുത്തുവന്ന' വി. 1. കൂടിയ, അനുഗമിക്കപ്പെട്ട; 2. പ്രാപിച്ച, എത്തിയ; 3. ഉപനയനം കഴിഞ്ഞ (ശിഷ്യൻ).

ഉപേതാ(വ്) [സം. ഉപ-ഏതൃ < ഇ] നാ. 1. അടുക്കുന്നവൻ, പ്രാപിച്ചവൻ; 2. ഉപായം പ്രയോഗിക്കുന്നവൻ.

ഉപേതി [സം. < ഉപ-ഇ] നാ. 1. വരവ്; 2. അടുത്തുവരവ്.

ഉപേത്യ [സം.] അവ്യ. പ്രാപിച്ചിട്ട്, ചെന്നെത്തിയിട്ട്.

ഉപേന്ദ്രൻ [സം. ഉപ-ഇന്ദ്ര] നാ. വിഷ്ണു.

ഉപേന്ദ്രവജ്ര [സം. ഉപേന്ദ്ര-വജ്രാ] നാ. ഒരു വൃത്തം.

ഉപേയ [സം.] വി. 1. പ്രാപിക്കത്തക്ക, സംയോഗാർഥം പ്രാപിക്കത്തക്ക; 2. സാധ്യമായ; 3. ഉപായംകൊണ്ടു സാധിക്കാവുന്ന.

ഉപേയം [സം.] നാ. ലക്ഷ്യം, കാര്യം, സാധ്യം.

ഉപോഢ [സം. ഉപ-ഊഢ < വഹ്] വി. 1. ഉപവഹിക്കപ്പെട്ട, കൊണ്ടുവരപ്പെട്ട; 2. കൂട്ടിവയ്ക്കപ്പെട്ട, ശേഖരിക്കപ്പെട്ട; 3. വർധിച്ച; 4. ആരംഭിച്ച; 5. അടുത്ത; 6. 'കൂടുതലായി ഗൃഹത്തിലേക്കു കൊണ്ടുവരപ്പെട്ട', ആദ്യഭാര്യയ്ക്കു പുറമേ വിവാഹംചെയ്തു കൊണ്ടുവന്ന, വിവാഹം ചെയ്ത.

ഉപോഢം [സം. -ഊഢ] നാ. സൈന്യവ്യൂഹം.

ഉപോതി [സം. ഉപോതീ] നാ. = ഉപോദക2.

ഉപോത്തമം [സം. ഉപ-ഉത്തമ] നാ. ഒടുവിലത്തേതിനു തൊട്ടുമുൻപുള്ളത്, ഉപോത്തമാശ്രമം = ഉത്തമാശ്രമമായ സന്യാസത്തിനു നേരേമുമ്പുള്ളത്, വാനപ്രസ്ഥാശ്രമം.

ഉപോദക1 [സം. -ഉദക] വി. വെള്ളത്തിനടുത്തുള്ള.

ഉപോദക2, ളഉപോദിക, ഉപോദീക, ഉപോതകി, ഉപോതി, ഉപോതിക, പോതകി, ഉപോദകി [സം. -ഉദകാ] നാ. വശളച്ചീര, കൊഴുപ്പ.

ഉപോദ്ഗ്രഹം [സം. -ഉദ്-ഗ്രഹ] നാ. അറിവ്.
ഉപോദ്ഘനിക്കുക, ഉപോദ്ധനിക്കുക [< സം. ഉപ-ഉദ്-ഹൻ] ക്രി.
ഉപോദ്ഘാതമായിപ്പറയുക, ആമുഖമായി അവതരിപ്പിക്കുക.
ഉപോദ്ഘാതം, ഉപോൽ- [സം. -ഉദ്-ഘാത] നാ. 1. പ്രകൃതമായ വിഷയത്തെ അവതരിപ്പിച്ചുകൊണ്ടുള്ള പ്രസ്താവം, മുഖവുര; 2. ആരംഭം, തുടക്കം; 3. ഉദാഹരണം, ദൃഷ്ടാന്തം.
ഉപോദ്ബലക, ഉപോൽ- [സം. -ഉദ്-ബലക] വി. ശക്തിപ്പെടുത്തുന്ന, ഉറപ്പുനൽകുന്ന, പിന്താങ്ങുന്ന.
ഉപോദ്ബലനം [സം. -ഉദ്-ബലന്ന] നാ. ശക്തിപ്പെടുത്തൽ, ഉറപ്പിക്കൽ, സ്ഥിരീകരണം.
ഉപോഷണം [സം. -ഉഷണ < ഉഷ്] നാ. ഉപവാസം.
ഉപോഷിക്കുക [< സം. ഉപ-ഉഷ്] ക്രി. ഉപവസിക്കുക.
ഉപോഷിത [സം.] വി. ഉപോഷണം ചെയ്ത, നോമ്പുനോറ്റ.
ഉപോസഥദിനം [സം. ഉപവസഥ] നാ. ബുദ്ധമതാനുസാരികളുടെ ഉപവാസദിനം.
ഉപ്ത [< സം. വപ്] വി. വിതയ്ക്കപ്പെട്ട.
ഉപ്തകൃഷ്ടം [സം. ഉപ്ത-കൃഷ്ട] നാ. വിതച്ചിട്ട് ഉഴുത നിലം.
ഉപ്പത്ത, ളഉപ്പുകുത്തി, ഉപ്പൂത്തി നാ. ഒരിനം കണ്ടൽ, കായലോരങ്ങളിലും നദീമുഖങ്ങളിലും വളരുന്നു.
ഉപ്പൻ = ഉക്കൻ.
ഉപ്പൻകുയിൽ [ഉപ്പൻ-കുയിൽ] നാ. ഒരിനം കുയിൽ.
ഉപ്പൻപരുത്തി, -പരത്തി [ഉപ്പൻ-പരുത്തി] നാ. ഒരു പരുത്തി, ഉപ്പം.
ഉപ്പനച്ചം നാ. ഒരു ചെടി.
ഉപ്പം നാ. ഒരിനം പരുത്തി.
ഉപ്പരണി നാ. കാളയുടെ ഉപ്പ്, ഉപ്പൂടി, പൂഞ്ഞ്.
ഉപ്പരിക്ക = ഉപരിക.
ഉപ്പളം [ത. ഉപ്പളം < ഉപ്പ്-അളം] നാ. സമുദ്രതീരത്ത് ഉപ്പുവെള്ളം കയറ്റി നിറുത്തി വറ്റിച്ച് ഉപ്പ് വിളയിക്കുന്ന നിലം., ഉപ്പുപടന.
ഉപ്പളവൻ, ഉപ്പാര, ളഉപ്പളിയൻ, ഉപ്പിളിയൻ, ഉപ്പരം, ഉപ്പലിക് [ത. ഉപ്പളവൻ] നാ. ഉപ്പ് ഉണ്ടാക്കുന്ന ജാതിക്കാരൻ.
ഉപ്പാടി നാ. ഒരു ആചാരവാക്ക്, നായന്മാർ ഉണ്ണ്യാതിരിമാരുടെ സ്ത്രീകളെ വിളിക്കുന്നത്.
ഉപ്പാട്ടി നാ. 1. പരിചാരിക, അച്ചി; 2. ഒരു സ്ത്രീനാമം.
ഉപ്പാപ്പ [ഉപ്പ-അപ്പ] നാ. 1. മുത്തച്ഛൻ, അച്ഛൻെറയോ അമ്മയുടെയോ അച്ഛൻ, അപ്പുപ്പൻ. (മാപ്പിളഭാഷ); 2. ഇളയച്ഛൻ; 3. ഓപ്പ, ഉടപ്പിറന്നവൻ, മൂത്തസഹോദരൻ.
ഉപ്പാപ്പൻ നാ. പിതാവിൻെറ അനുജൻ, ചിറ്റപ്പൻ (ക്രിസ്ത്യാനികളുടെ ഇടയിൽ).
ഉപ്പാപ്പം നാ. 1. അപ്പം; 2. വാഴപ്പഴം (ശിശുഭാഷ).
ഉപ്പാരൻ നാ. = ഉപ്പുകാരൻ.

ഉപ്പാളൻ നാ. = ഉപ്പളവൻ.
ഉപ്പിക്കുക ക്രി. 1. ഉപ്പുരസമുള്ളതാവുക; 2. വീർക്കുക.
ഉപ്പിപ്പ് 'ഉപ്പിച്ചിരിക്കുന്ന സ്ഥിതി' നാ. ഉപ്പുരസം.
ഉപ്പില, ഉപ്പിലി [ത. ഉപ്പിലി] നാ. 1. ഉപ്പില്ലാത്തത്, ഉപ്പുവർജിക്കുന്നത്; 2. ഉപ്പില്ലാപ്പുല.
ഉപ്പിലി1, ഉപ്പിളി [ത. ഉപ്പുതല്] നാ. പാമ്പിൻചട്ട.
ഉപ്പിലി2 നാ. = ഉപ്പില.
ഉപ്പിലിട്ടത് [ഉപ്പിൽ-ഇട്ടത്] നാ. ഉപ്പുനീരിൽക്കിടന്ന് ഉപ്പുപിടിച്ചു സ്വാദുവന്ന നാരങ്ങ നെല്ലിക്ക മാങ്ങ മുതലായവ.
ഉപ്പിളയ്ക്കുക [ഉപ്പ്-ഇളയ്ക്കുക] ഉപ്പുവേണ്ടെന്നു വയ്ക്കുക, ആഹാരപദാർഥത്തോട് ഉപ്പു ചേർക്കാതിരിക്കുക.
ഉപ്പിളി നാ. പാമ്പിൻ ചട്ട, ഉപ്പിലി, ഉപ്പിളിയം.

ഉപ്പിറച്ചി [ഉപ്പ്-ഇറച്ചി] നാ. ഉപ്പിലിട്ട് ഉണക്കിയ മാംസം.
ഉപ്പ് [ത. ഉപ്പു] നാ. 1. സമുദ്രജലത്തിൽനിന്നും മറ്റും എടുക്കുന്ന പ്രത്യേകതരം ക്ഷാരരസമുള്ള വെളുത്ത പരൽ പോലുള്ള സാധനം, (പ്ര.) ഉപ്പും ചോറും തിന്നുക, ഉപ്പും കൂട്ടി തിന്നുക = കൂറുകാണിക്കുക, നന്ദിയുണ്ടായിരിക്കുക; ഉപ്പില്ലാച്ചിറ്റം = തൃപ്തിയില്ലായ്മ; ഉപ്പുചിരട്ട അറുതി = ഏറ്റവും നിസ്സാരസാധനം ഉൾപ്പെടെ സകലസാധനങ്ങളും; ഉപ്പുനോക്കുക = കറിക്ക് ഉപ്പു വേണ്ടതുണ്ടോ എന്ന് രുചിച്ചുനോക്കുക; 2. കാളയുടെ പൂഞ്ഞുകുറ്റി, ഉപ്പൂടി; 3. കിളിത്തട്ടുകളിയിൽ ജയസൂചകമായി മണൽകൂട്ടൽ, കളിയിലെ ജയത്തെക്കുറിക്കുന്ന സാങ്കേതികപദം.
ഉപ്പുകടൽ [ഉപ്പു-കടൽ] നാ. 1. ഉപ്പുവെള്ളമുള്ള കടൽ, (സാധാരണയായി കടൽവെള്ളം ഇത്തരമാണ്), ലവണസമുദ്രം; 2. പുരാണപ്രകാരം ജംബുദ്വീപത്തെ ചുറ്റി ഏഴു കടലുകളുള്ളതിൽ ഒന്ന്; 3. പാലസ്തീനിനടുത്തുള്ള ചാവുകടൽ.
ഉപ്പുകളർ [ഉപ്പ്-കളർ] നാ. ഉപ്പ് അധികമായി കാണുന്ന ഒരുതരം വെളുത്തമണ്ണ്.
ഉപ്പുകാരം [ഉപ്പ്-കാരം] നാ. ഉപ്പിൻെറ ക്ഷാരം, ഒരു അങ്ങാടി മരുന്ന്.
ഉപ്പുകുത്തക [ഉപ്പ്-കുത്തക] നാ. ഉപ്പ് ഉണ്ടാക്കാനോ വിൽക്കാനോ ഉള്ള കുത്തക.
ഉപ്പുകുഴി [ഉപ്പ്-കുഴി] നാ. സമാധിയടഞ്ഞ യോഗിയെ സംസ്കരിക്കാൻ ഉപ്പിട്ടുനിറച്ചു തയ്യാറാക്കുന്ന കുഴി.
ഉപ്പുകുറ്റി നാ. 1. ഉപ്പ് അളക്കാനുള്ള പാത്രം; 2. കാലടിയുടെ (പാദത്തിൻെറ) പിൻഭാഗം, പാദത്തിൻെറ കുഴതൊട്ടു കീഴോട്ടുള്ളഭാഗം, നിൽക്കുമ്പോഴും നടക്കുമ്പോഴും ഉറപ്പിക്കുന്ന ഭാഗങ്ങളിൽ പിമ്പിലത്തേത്.
ഉപ്പുകൊറ്റൻ, ഉപ്പുകൂറ്റൻ [ഉപ്പ്-കൊറ്റൻ] നാ. 1. ഉപ്പ് ഉണ്ടാക്കിയോ കച്ചവടം ചെയ്തോ ജീവിക്കുന്നവൻ; 2. വരരുചിയുടെ ഭാര്യയായ പറയി പെറ്റ പന്തിരുകുലത്തിൽപെട്ട ഒരാൾ.
ഉപ്പുതന്ത, ഉപ്പുംതന്ത [ഉപ്പ്-തന്ത] നാ. 1. ഉപ്പുപരലിൽ കിടക്കുന്ന ചെളിക്കട്ട; 2. ഉപ്പുകട്ട.
ഉപ്പുതാളി, -തെളി, -തെളിയൻ [ഉപ്പ്-താളി] 'ഉപ്പുനീരിലെ കലക്കൽ തെളിക്കുന്നത്' നാ. ഒരു ചെറുചെടി, ഉപ്പുവള്ളി.
ഉപ്പുതെളി [ഉപ്പ്-തെളി] നാ. 1. ഉപ്പുനീരിൻെറ തെളി; 2. ഉപ്പുതാളി; 3. മരമഞ്ഞൾ.

ഉപ്പുത്തി, ഉപ്പൂത്തി [< ഉപ്പു-കുത്തി] നാ. 1. ഓര, ഇരുമ്പുകണ്ടൽ; 2. ഉപ്പുക്കുറുക്കുട്ടി, വട്ടയിലമരം.
ഉപ്പുനിലം [ഉപ്പ്-നിലം] നാ. ഉപ്പളം, കടലിലെയും മറ്റും ഉപ്പുവെള്ളം കയറ്റിനിർത്തി വറ്റിച്ച് ഉപ്പു വിളയിക്കാനുള്ള നിലം.
ഉപ്പുപടന, ഉപ്പുപടന്ന [ഉപ്പ്-പടന] നാ. ഉപ്പളം.
ഉപ്പുപാത്തി [ഉപ്പ്-പാത്തി] നാ. ഉപ്പളത്തിൽ ഉപ്പു വറ്റിച്ചെടുക്കാനുള്ള നീണ്ട തോട്.
ഉപ്പുപാറ്, ഉപ്പുവാറ് [ഉപ്പ്-പാറ്] നാ. ഉപ്പുകലക്കുന്ന പാത്രം, ഉപ്പുമരവി.
ഉപ്പുപുഴ [ഉപ്പ്-പുഴ] നാ. രൗരവം മുതലായ ഇരുപത്തി ഒന്ന് നരകങ്ങളിൽ ഒന്ന്.
ഉപ്പുപ്പാ നാ. മുത്തച്ഛൻ (മാപ്പിളഭാഷ).
ഉപ്പുമണ്ടലി [മ. ഉപ്പ്-സം. മണ്ഡലിൻ] നാ. ഒരിനം പാമ്പ്, ജന്തു.
ഉപ്പുമാങ്ങ [ഉപ്പ്-മാങ്ങ] നാ. ഉപ്പിലിട്ട മാങ്ങ.
ഉപ്പുമാവ് [ഉപ്പ്-മാവ്] നാ. റവകൊണ്ട് ഉണ്ടാക്കുന്ന ഒരുതരം പലഹാരം.
ഉപ്പുമീൻ [ഉപ്പ്-മീൻ] നാ. ഉപ്പിലിട്ട് ഉണക്കിയ മീൻ.
ഉപ്പുരുണി, ഉപ്പരണി നാ. കാളയുടെ പൂഞ്ഞുകുറ്റി, ഉപ്പൂടി.
ഉപ്പുവളം [ഉപ്പ്-വളം] നാ. വളമായി ഉപയോഗിക്കുന്ന ഉപ്പ്, സോഡിയം നൈട്രേറ്റ്, അമോണിയം സൾഫേറ്റ് മുതലായവ.
ഉപ്പുവാറ് = ഉപ്പുപാറ്
ഉപ്പുവെടിതീരുവ [ഉപ്പ്-വെടിതീരുവ] നാ. ഒരു പഴയകരം.
ഉപ്പുറ്റി നാ. ഒരു ഔഷധച്ചെടി.
ഉപ്പുടി നാ. കാളയുടെ ഉപ്പ്, ഉപ്പുചുമൽ, ഉപ്പരണി, പൂഞ്ഞുകുറ്റി, പൂഞ്ഞ്.
ഉപ്പൂണി നാ. ഉപ്പൂടി, പൂഞ്ഞ്.
ഉപ്പൂത്തി നാ. ഉപ്പുത്തി, ഇരുമ്പുകണ്ടൽ എന്ന മരം.
ഉപ്പൂപ്പൻ, ഉപ്പൂ നാ. ഒരു പക്ഷി.
ഉപ്പൂറ്റി, ഉപ്പുകുറ്റി നാ. കുതികാൽ, മടമ്പ്.
ഉപ്പേരി [ത. ഉപ്പേറി < ഉപ്പുകറി] നാ. ഏത്തയ്ക്ക, ചേന മുതലായവ തൊലികളഞ്ഞ് കഷണങ്ങളാക്കി ഉപ്പുചേർത്ത് എണ്ണയിൽ വറുത്തെടുക്കുന്നത്, (പ്ര) ഉരുളയ്ക്കുപ്പേരി = ഒപ്പത്തിനൊപ്പം; പല്ല് ഇല്ലാത്തവർക്ക് ഉപ്പേരിപോലെ; ഉപ്പേരിയും പർപ്പടകവും ചേർന്ന സദ്യ.
ഉപ്പേരിപ്പറങ്കി [ഉപ്പേരി-പറങ്കി] നാ. പറങ്കിമുളക്, കപ്പ(ൽ) മുളക്.
ഉപ്പേരിമുളക് [ഉപ്പ്-മുളക്] നാ. = ഉപ്പേരിപ്പറങ്കി.
ഉപ്ലീയം, ഉപ്പിളിയം, ഉപ്പിളിയാൻ നാ. ഒരു മരുന്നുചെടി.
ഉഭയ [സം.] വി. രണ്ടുംകൂടിയ.
ഉഭയഉമ്പളം [സം. ഉഭയ-മ. ഉമ്പളം] നാ. സേവനത്തിനു പ്രതിഫലമായി വിട്ടുകൊടുത്തിട്ടുള്ള വസ്തു.
ഉഭയകവി [സം. -കവി] നാ. രണ്ടു ഭാഷകളിൽ കവനം ചെയ്യുന്ന ആൾ.
ഉഭയചര [സം. -ചര] 'രണ്ടു ഭൂതദ്രവ്യങ്ങളിൽ ചരിക്കുന്ന' വി. കരയിലും വെള്ളത്തിലും (അല്ലെങ്കിൽ വായുവിലും) വസിക്കുന്ന.

ഉഭയചരീയോഗം [സം. -ചരീ-യോഗ] നാ. (ജ്യോ.) ആദിത്യൻ നിൽക്കുന്ന രാശിയുടെ രണ്ടിലും പന്ത്രണ്ടിലും ചന്ദ്രനൊഴികെ ഓരോ ഗ്രഹം നിൽക്കുമ്പോൾ സംഭവിക്കുന്ന യോഗം.

ഉഭയച്ഛന്ന [സം. -ഛന്നാ] നാ. ഒരുതരം പ്രഹേളിക.

ഉഭയത: [സം. -തസ്] അവ്യ. 1. രണ്ടു പ്രകാരത്തിൽ; 2. ഇരുവശത്തുനിന്നും.

ഉഭയതോമുഖ [സം. ഉഭത:-മുഖ] വി. ഇരുവശത്തേക്കും ദർശനമുള്ള.

ഉഭയത്ര [സം. -ത്ര] അവ്യ. രണ്ടു സ്ഥലത്ത്.

ഉഭയഥാ [സം. -ഥാ] അവ്യ. രണ്ടു പ്രകാരത്തിലും.

ഉഭയനിശ [സം. -നിശാ] 'രണ്ടു തരം നിശ' നാ. മഞ്ഞളും മരമഞ്ഞളും.

ഉഭയപലിശ [സം. ഉഭയ-മ. പലിശ] നാ. നാഞ്ചിനാട്ടു പണ്ട് ഉണ്ടായിരുന്ന ഒരുതരം നികുതി, വിളവെടുപ്പിന്റെ പങ്കായും പണമായും കൊടുക്കുന്ന പലിശ.

ഉഭയപ്പാട്ടം [സം. ഉഭയ -മ. പാട്ടം] നാ. നിലംപാട്ടം, വയലിനുള്ള പാട്ടം.

ഉഭയം1 [സം.] നാ. രണ്ടുകൂടിയത്, ഇരട്ട, രണ്ടും.

ഉഭയം2 [സം.] 'ഇരുവർകൂടി സമ്മതിച്ചത്' നാ. 1. പലിശ, ആദായം (ഭാഷയിൽ വന്ന അർഥവികാസം); 2. നിലം, പല കണ്ടങ്ങൾ ചേർന്ന വയൽ; 3. വസ്തുവിന്റെ അനുഭവം; 4. മതകാര്യമായി അമ്പലത്തിലേക്കും മറ്റും കൊടുക്കുന്നത്, വഴിപാട്; (പ്ര.) മേൽഉഭയം = മേൽഫലം, മരത്തിലെ ഫലങ്ങൾ.

ഉഭയരാശി [സം. ഉഭയ-രാശി] നാ. (ജ്യോ.) രാശികളുടെ സ്ഥിരം, ചരം, ഉഭയം (രണ്ടിന്റെയും സ്വഭാവമുള്ളത്) എന്നു വിഭജിച്ചിട്ടുള്ളതിൽ മൂന്നാമത്തെ വിഭാഗത്തിൽപ്പെട്ട രാശി; (മിഥുനം, കന്നി, ധനു, മീനം ഇവയാണ് ഉഭയ രാശികൾ).

347

ഉഭയലിങ്ഗ(ക) [സം.] വി. രണ്ടുലിങ്ഗങ്ങളിലും, (സ്ത്രീലിങ്ഗത്തിലും പുല്ലിങ്ഗത്തിലും) പ്രയോഗമുള്ള.

ഉഭയവേതനൻ [സം. -വേതന] 'ഇരുപക്ഷത്തുനിന്നും വേതനം പറ്റുന്നവൻ' നാ. ചാരൻ.

ഉഭയശ്ലേഷം [സം. ഉഭയ-ശ്ലേഷ] നാ. ഒരുതരം ശ്ലേഷാലങ്കാരം.

ഉഭയസന്ധി [സം. -സന്ധി] നാ. (വ്യാക.) സന്ധികളിൽ ഒന്ന്, പദാന്തസന്ധിയും പദമധ്യസന്ധിയും ഒരേ പദത്തിൽവരുന്നത് ഉഭയസന്ധി.

ഉഭയസംഭവം [സം. -സംഭവ] നാ. രണ്ടുതരത്തിൽ ഉണ്ടാകുന്നത്, സങ്ഗീതധ്വനി മൂന്നുതരമുള്ളതിൽ ഒരുതരം.

ഉഭയസമ്മതം [സം. -സമ്മത] നാ. രണ്ടുകക്ഷികൾക്കു സമ്മതമായത്, രണ്ട് എതിർകക്ഷികൾ തമ്മിലുള്ള ഉടമ്പടി.

ഉഭയസാമാന്യ [സം. -സാമാന്യ] വി. രണ്ടിനും പൊതുവേയുള്ള, നിഷ്പക്ഷമായ.

ഉഭയാങ്ഗം [സം -അങ്ഗ] 'രണ്ടിനും അങ്ഗമായത്' നാ. സങ്ഗീതോപകരണങ്ങൾ മൂന്നുതരമുള്ളതിൽ ഒരുതരം.

ഉഭയായനം [സം. -അയന] 'രണ്ടുവഴിക്കുമുള്ളത്' നാ. രക്തപിത്തം മൂന്നുവിധമുള്ളതിൽ ഒരുവിധം.

ഉഭയാവി [സം. ഉഭയാവിൻ] നാ. ഇരുപുറവും കൂടുന്നവൻ.

ഉഭയാവൃത്തിദീപകം [സം. ഉഭയ-ആവൃത്തി-ദീപക] നാ. ദീപകാലങ്കാരത്തിന്റെ ഒരുവിഭാഗം.

ഉഭയീയ [സം.] വി. രണ്ടിനേയും സംബന്ധിച്ച.

ഉഭയേദ്യു: [സം. ഉഭയ-ദ്യുസ്] അവ്യ. രണ്ടുദിവസവും , ഈരണ്ടുനാൾ, രണ്ടാംനാൾ.
ഉഭയോദയരാശി [സം. -ഉദയ-രാശി] നാ. (ജ്യോ.) പൃഷ്ഠം, മൂർധാവ് (ശിരസ്സ്) എന്നു രണ്ടുകൊണ്ടും ഉദിക്കുന്ന രാശി.
ഉഭയോഷ്ഠ്യം [സം. -ഓഷ്ഠ്യ] നാ. രണ്ടുചുണ്ടുകളും ഉപയോഗിച്ച് ഉച്ചരിക്കുന്നത്.
ഉഭൗ [സം.] വി. രണ്ടും.
ഉം1 ഘടകപദം. ഉദാ: ചക്കിയും ചങ്കരനും.
ഉം2 വ്യാക്ഷേ. അനുവാദം, ചോദ്യം, ആലോചന മുതലായവയെ വ്യഞ്ജിപ്പിക്കുന്നത്.
ഉമ1 നാ. [ഉമയുക] ധാതുരൂപം.
ഉമ2 നാ. ചുമ.
ഉമ3 [സം. ഉമാ] 'ഉ = ശിവൻ, മാ = മഹാലക്ഷ്മി, ശിവന്റെ ഭാര്യ എന്നും, ഉ (ശിവനെ) മാ. (മാനിക്കുന്നവൾ) എന്നും ചിലർ വ്യാഖ്യാനിക്കുന്നു' നാ. 1. പാർവതി, ഹിമവാന്റെ പുത്രി; 2. പരാശക്തി; 3. മായ; 4. അഗശി, അതസി, ചണച്ചെടി, ഇതിന്റെ പൂവുകൊണ്ട് മാലകെട്ടി ശിവലിങ്ഗത്തിൽ ചാർത്തുന്നു; 5. പ്രകാശം; 6. കീർത്തി; 7. സമാധാനം; 8. മഞ്ഞൾ; 9. മാഘമാസത്തിലെ തൃതീയ. 'ഉമാതൃതീയ' നോക്കുക.
ഉമണൻ [ത. ഉമണൻ < ഉവർ-മണ്ണൻ (?)] നാ. ഉപ്പുകച്ചവടക്കാരൻ. (സ്ത്രീ.) ഉമണത്തി.
ഉമത് [പ.മ.] നിങ്ങളുടെ
ഉമനാഥൻ, -നായകൻ നാ. ശിവൻ.
ഉമം [സം. ഉമ] നാ. 1. നഗരം, പട്ടണം; 2. തുറമുഖം.
ഉമമാത് [സം. ഉമാ-മ. മാത്] നാ. ഉമാദേവി, പാർവതി.
ഉമയാൾ [സം. ഉമാ - മ. ആൾ] നാ. പാർവതി. 'ആൾ' പൂജകം.
ഉമയുക ക്രി. ദീർഘമായി ശ്വസിക്കുക.
ഉമയ്ക്കുക1 ക്രി. 1. ചെന്നുകൂടുക; 2. വിഴുങ്ങുക, അകത്താക്കുക, ഇറക്കുക.
ഉമയ്ക്കുക2 ക്രി. ഉവയ്ക്കുക.
ഉമരി, ഉവരി നാ. 1. കടൽ; 2. ഒരുതരം ചെടി, പവഴപ്പൂണ്ട് എന്നു തമിഴ്നാമം.
ഉമൽ [ത. ഉമല്] നാ. ഓലകൊണ്ടുള്ള കൂട, മീൻപിടിച്ചുകൊണ്ടുവരാൻ ഉപയോഗിക്കുന്ന പനയോലവട്ടി.
ഉമാഗുരു [സം. ഉമാ-ഗുരു] 'ഉമയുടെ ഗുരു, പിതാവ്' നാ. ഹിമവാൻ.
ഉമാജനകൻ [സം. -ജനക] 'ഉമയുടെ പിതാവ്' നാ. ഹിമവാൻ.
ഉമാതൃതീയ [സം. -തൃതീയ] നാ. മാഘമാസത്തിലെ തൃതീയ (ഉമാദേവിക്കു പ്രധാനം).
ഉമാപതി [സം. -പതി] നാ. ഉമയുടെ ഭർത്താവ്, ശിവൻ.
ഉമാമഹേശ്വരൻ [സം. -മഹേശ്വര] 'ഉമയോടു ചേർന്ന മഹേശ്വരൻ, ശരീരാർധം ഉമയായ പരമേശ്വരൻ' നാ. അർധനാരീശ്വരൻ, ശിവൻ.
ഉമാർ നാ. ജീവിതകാലം, ആയുസ്സ്, വയസ്സ്.
ഉമാവല്ലഭൻ [സം. ഉമാ-വല്ലഭ] നാ. ഉമാപതി.
ഉമാവ്രതം [സം. -വ്രത] നാ. പാർവതിയുടെ പ്രസാദത്തിനുവേണ്ടി സ്ത്രീകൾ അനുഷ്ഠിക്കാറുള്ള ഒരു വ്രതം.
ഉമാസുതൻ [സം. -സുത] 'ഉമയുടെ പുത്രൻ' നാ. 1. സുബ്രഹ്മണ്യൻ; 2. ഗണപതി.

ഉമി1 [ഉമിയുക1] ധാതുരൂപം
ഉമി2 [ഉമിയുക2] ധാതുരൂപം
ഉമി3 [ഉമിഴ്] നാ. ധാന്യങ്ങളുടെ തൊലി, നെന്മണിയുടെയും മറ്റും പുറന്തോട്.
ഉമിക്കരി [ഉമിഴ്-കരി] നാ. ഉമികരിച്ചത്, ഉമിയുടെ കരി പല്ലുതേക്കാൻ ഉപയോഗിക്കുന്നു. (പ്ര.) ഉമിക്കരിപ്രായം = ഉമിക്കരിപോലെയുള്ളത്, മയമില്ലാത്തത്, രസമില്ലാത്തത്, ഒരു സ്വാദുമില്ലാത്തത് (പ്ര.) ഉമിക്കരിപ്രായമായ കവിത, ഉമിക്കരിയുരപ്പ് (ആ.ഭാ.) = തിരുമുത്തുവിളക്കൽ, പല്ലുതേപ്പ്.
ഉമിക്കഷായം [മ. ഉമിഴ്-സം. കഷായ] നാ. യവം വറുക്കാതെ ഉമിയോടുകൂടി പൊടിച്ച് ഇട്ടുവയ്ക്കുന്ന കാടി, തൂഷോദകം, തുഷാംബു, ഉമിക്കാടി.
ഉമിക്കാടി [ഉമിഴ്-കാടി] നാ. ഉമിക്കഷായം.
ഉമിക്കുക1 [ത. ഉമിതൽ] ക്രി. 1. തുപ്പുക; 2. കവിൾക്കൊള്ളുക; 3. ഉറിഞ്ചുക.
ഉമിക്കുക2 'ഉമിപോലെ ആവുക' ക്രി. പഴകി ചീത്തയാവുക (ധാന്യം പോലെ).
ഉമിണ്ണു [ഉമിഴുക] എന്നതിൻെറ ഭൂ.രൂപം.
ഉമിത്തീ [ഉമി-തീ] നാ. ഉമിയിൽ നീറിക്കൊണ്ടിരിക്കുന്ന തീയ്.
ഉമിത്തേക്ക് [ത. ഉമി-തേക്കു] നാ. കുമ്പിൾ.
ഉമിനീര് [ഉമിഴ്-നീര്] നാ. വായിൽ ഊറിവരുന്ന വെള്ളം, തുപ്പൽ.
ഉമിയൽ [ത. ഉമിയൽ] നാ. വയമ്പ്.
ഉമിയുക1 [ത. ഉമിത്തല്] ക്രി. 1. പതിരാവുക; 2. ചാമ്പലാവുക.
ഉമിയുക2 [< ഉമി2] ക്രി. തുപ്പുക.
ഉമിർ നാ. രോമം
ഉമിരി നാ. ഉവരി.
ഉമിഴ് [ഉമിഴുക] ധാതുരൂപം
ഉമിഴുക [ത. ഉമിതൽ] ക്രി. 1. തുപ്പുക, ചൊരിയുക; 2. കുടിനീരിറക്കുക, ഇറക്കുക, അകത്താക്കുക, വിഴുങ്ങുക; 3. വമിക്കുക, പുറത്തേയ്ക്കു തള്ളുക.
ഉമിഴ്നീർ [ഉമിഴുക] നാ. ഉമിനീർ.
ഉമേദവാർ [പേർ. ഉമ്മേദ്വാർ] നാ. (ഉദ്യോഗത്തിനു) കാത്തുനിൽക്കുന്നവൻ, ഉദ്യോഗാർഥി.
ഉമേശൻ [സം. ഉമാ-ഈശ] നാ. ഉമാപതി, ശിവൻ.
ഉമ്പ, ഉമ്പാ നാ. 1. പശുവിൻെറ കരച്ചിൽ; 2. പശു, കന്നുകാലി (ശിശുഭാഷ).
ഉമ്പക്കൻ നാ. നീചൻ, നിസ്സാരൻ (പ്രാ.)
ഉമ്പം നാ. വെള്ളം (ശിശുഭാഷ).
ഉമ്പർ [ത. ഉമ്പൻ] നാ. (ബ.വ.) സ്വർഗവാസികൾ, ദേവകൾ, ഇമ്പർ.
ഉമ്പർകോൻ [ഉമ്പർ-കോൻ] നാ. ദേവരാജാവ്, ഇന്ദ്രൻ.
ഉമ്പർതടിനി [മ. ഉമ്പർ-സം. തടിനീ] നാ. ദേവനദി, സ്വർഗഗങ്ഗ, ഗങ്ഗ.
ഉമ്പർന്നാട് [ഉമ്പർ-നാട്] നാ. ദേവലോകം.
ഉമ്പർന്നായകൻ [മ. ഉമ്പർ-സം-നായക] നാ. ഉമ്പരുടെ നായകൻ, ഉമ്പർകോൻ.
ഉമ്പർപുരം [മ. ഉമ്പർ-സം.-പുര] നാ. അമരാവതി.
ഉമ്പർപുരാൻ [ഉമ്പർ-പുരാൻ] നാ. ഉമ്പർകോൻ, ഇന്ദ്രൻ.
ഉമ്പളം [ത. ഉമ്പളം] നാ. സേവനത്തിനു പ്രതിഫലമായി (കരമൊഴിവായി) കൊടുക്കുന്ന ഭൂമി.

ഉമ്പാച്ചി നാ. 1. പിശാച്. താരത. അമ്പാച്ചി, ഉമ്മാക്കി; 2. ചെറിയത്, ഇമ്മിണി; 3. ഒരു സ്ത്രീ നാമം.
ഉമ്പാട് നാ. ക്രമം, രീതി. (വ.മ.) ഉദാ: യാതൊരു ഉമ്പാടുമില്ലാതെ.
ഉമ്പാട്ടി നാ. ദൈവം (ശിശുഭാഷ) താരത. അമ്പോറ്റി.
ഉമ്പാപ്പൻ നാ. ദൈവം (ശിശുഭാഷ).
ഉമ്പാർ നാ. കള്ളൻ, പിത്തലാട്ടക്കാരൻ.
ഉമ്പിച്ചൂഞ്ഞി നാ. ഉമ്പിച്ചിക്കുഞ്ഞി, ചെറിയ കുഞ്ഞ്, ജനിച്ച് അധികം കഴിയാത്ത കൊച്ചുകുഞ്ഞ്
ഉമ്പിടി, ഇമ്പിടി, ഇമ്പ്രി, ഉമ്പ്രി വി. 1. വളരെ ചെറിയ; 2. ഒട്ടുവളരെ, എമ്പാട്.
ഉമ്പിട്ടി നാ. ഒരു ചെറിയ കറുത്തപ്രാണി.
ഉമ്പിളുന്ത, ഉമ്പുളുന്ത നാ. 1. തവളക്കുഞ്ഞ്, വാൽമാക്രി; 2. പ്രസരിപ്പില്ലാത്തവൻ.
ഉമ്പോറ്റി, എ–, അ–, നാ. 1. ദൈവം; 2. ഓമന (ശിശുഭാഷ).
ഉമ്പ്രി വി. ചെറിയ, ഉമ്പിടി, അല്പം.
ഉമ്പ്രോൻ നാ. തീയരുടെ ക്ഷേത്രത്തിൽ ശാന്തികഴിക്കുന്ന ആളിൻെറ സ്ഥാനപ്പേര്.
ഉമ്മ1 [അറ.] നാ. അമ്മ (സാധാരണയായി മുഹമ്മദീയരുടെ ഇടയിൽ), മുസ്ലിംസ്ത്രീ എന്ന അർഥത്തിലും.
ഉമ്മ2 [സം. ചുംബ] നാ. ചുംബനം.
ഉമ്മക്കമ്പൂട്ടുക [ഉമ്മക്കം–പൂട്ടുക] ക്രി. മുത്തംനൽകുക, ചുംബിക്കുക.
ഉമ്മച്ചി [ഉമ്മ–അച്ചി] നാ. ഉമ്മാച്ചി, മുസ്ലിംസ്ത്രീ.
ഉമ്മച്ച് [ത. ഉമ്മച്ചു] നാ. തട്ടാന്മാർക്ക് കമ്പിവലിക്കാനുള്ള അച്ച്.
ഉമ്മട്ടം നാ. ഉമ്മിട്ടം, ശ്വാസമ്മുട്ടൽ, വിമ്മിട്ടം.
ഉമ്മത്തി [അറ.] നാ. ആളുകൾ, ജനത.
ഉമ്മത്ത്1 [പ്രാ. ഉമ്മത്ത, സം. ഉന്മത്ത] നാ. 1. ഒരു ചെടി, ഉമ്മം; 2. സ്വർണകുഞ്ചം, കനകത്തൊങ്ങൽ.
ഉമ്മത്ത്2 നാ. = ഉമ്മത്തി.
ഉമ്മൻ [ത. ഊമൻ] നാ. 1. ഊമൻ; 2. ഒരു പക്ഷി, കുമൻ; 3. മരംകൊത്തി; 4. ഒരു സംജ്ഞാനാമം.
ഉമ്മനം നാ. പൂജ്യം.
ഉമ്മം1 നാ. 1. ഉമ്മ, ചുംബനം; 2. തൊങ്ങൽ.
ഉമ്മം2 നാ. = ഉമ്മത്ത്.
ഉമ്മരപ്പടി, ഉമ്മറ– [ഉമ്മരം–പടി] നാ. 1. മുഖപ്പിൻെറ വാതിൽപ്പടി, ഉമ്മരവാതിലിൻെറ പടി; 2. കട്ടിളയുടെ മേലത്തെ പടി.
ഉമ്മരപ്പൂങ്കാവ് [ഉമ്മര–പൂങ്കാവ്] നാ. ഗൃഹത്തിനു മുൻവശത്തായി നിർമിച്ചിട്ടുള്ള പൂന്തോട്ടം.
ഉമ്മരം, ഉമ്മറം [സം. ഉംബര] നാ. ഗൃഹത്തിൻെറ മുൻഭാഗം, പ്രവേശനദ്വാരം, വാതിൽപ്പടി.
ഉമ്മാക്കൻ നാ. 1. വള്ളിപ്പുലി, കാട്ടുപൂച്ച; 2. ഉമ്മാക്കി.
ഉമ്മാക്കി, മാക്കാച്ചി, മാക്കാൻ, ഉമ്മാക്കാൻ നാ. 1. സങ്കൽപത്തിലുള്ള ഒരു പിശാച്, കുട്ടികളെ ഭയപ്പെടുത്താൻ ഉപയോഗിക്കുന്ന ഒരു പദം; 2. പേടിപ്പിക്കൽ, ഭീഷണി.
ഉമ്മാച്ചി [ഉമ്മ–അച്ചി (സ്ത്രീ)] നാ. 1. മുസ്ലിംസ്ത്രീ; 2. അമ്മ.

ഉമ്മാട്ട്, കു-	നാ. മറുവശം, ഓലപ്രമാണത്തിൻെറ മറുവശം. ഉദാ: ഓലപ്രമാണത്തിൻെറ ഉമ്മാട്ടിൽ ഒപ്പ്.

ഉമ്മാണി1, ഉമ്മിണി, ഇമ്മിണി അവ്യ. ഇത്തിരി, കുറച്ച്.

ഉമ്മാണി2	നാ. (ആൺകുട്ടികളുടെ) ലിങ്ഗം.

ഉമ്മാൻ, ഉണ്ണുവാൻ	[ഉണ്ണുക] (പിൻവിന) ഉണ്ണുന്നതിനുവേണ്ടി.

ഉമ്മാന്തരം	[< മ. ഉൺമ-സം. ആന്തര] നാ. രഹസ്യം.

ഉമ്മാമ1	നാ. പശു (ശിശുഭാഷ).

ഉമ്മാമ2	നാ. അമ്മുമ്മ (മുസ്ലിംഭാഷ).

ഉമ്മാമൻ	നാ. 1. ശ്വശുരൻ (വേളാന്മാരുടെ ഇടയിൽ); 2. ഒരു സംജ്ഞാനാമം.

ഉമ്മാൾ1	[ഉമ്മ-ആൾ] 'ആൾ' പൂജകം. നാ. അമ്മ, മുസ്ലിംസ്ത്രീ.

ഉമ്മാൾ2	അവ്യ. ഇന്നാൾ, അല്പദിവസം മുൻപ്, ഈയിടെ.

ഉമ്മി	നാ. 1. ഒരു മർമം; 2. ഉമ്മീൻ, മീൻ, മത്സ്യം (ശിശുഭാഷ); 3. അമ്മ (തെ.മ.); 4. ഉമി; 5. അക്ഷരാഭ്യാസമില്ലാത്തവൻ.

ഉമ്മിഞ്ഞ	നാ. 1. അമ്മിഞ്ഞ, മുലപ്പാൽ; 2. മത്സ്യം, ഉമ്മുമ്മീൻ; 3. പുരുഷലിങ്ഗം (ശിശുഭാഷ).

ഉമ്മിട്ടം	നാ. 1. വിമ്മിട്ടം, ശ്വാസം മുട്ടൽ; 2. ശ്വാസം മുട്ടിക്കരച്ചിൽ.

ഉമ്മിണി1, ഇ-	അവ്യ. 1. അല്പം, കുറച്ച്, ഇത്തിരി. (പ്ര.) ഉമ്മിണിശ്ശ = കുറേശ്ശെ; 2. ഏറെ, വളരെ എന്ന അർഥത്തിലും പ്രയോഗം.

ഉമ്മിണി2	നാ. ഒരു സ്ത്രീനാമം, രുക്മിണി എന്ന പേരിൻെറ തദ്ഭവരൂപം.

ഉമ്മിയ്യീൻ	[അറ.] നാ. അക്ഷരജ്ഞാനമില്ലാത്തവൻ.

ഉമ്മൂൽമുമിനീൻ	[അറ.] നാ. വിശ്വാസികളുടെ മാതാക്കൾ.

349

ഉമ്യം	[സം.] നാ. 1. ഉമ (അഗശി) വിളയുന്ന നിലം; 2. മഞ്ഞൾ കൃഷിചെയ്യുന്ന നിലം.

ഉമ്ര [അറ.] നാ. (മുസ്ലിം) ഹജ്ജിനോട് അനുബന്ധിച്ച് മക്ക സന്ദർശിച്ച് അനുഷ്ടാനങ്ങൾ നിർവഹിക്കുക.

ഉമ്രം	നാ. = ഉമ്മരം.

ഉയക്കം	[ത. ഉയക്കം] നാ. 1. കഷ്ടപ്പാട്; 2. ദു:ഖം.

ഉയന്തുക	ക്രി. ഏമ്പക്കം വിടുക, തികട്ടുക.

ഉയർ1	[ഉയരുക] ധാതുരൂപം.

ഉയർ2	[ത. ഉയർ] വി. ഉയർന്ന, ഉത്കൃഷ്ടമായ.

ഉയർഗതി	[മ. ഉയർ-സം. സങ്ഗതി] നാ. ഉയർന്ന ഗതി, പരഗതി, മോക്ഷം.

ഉയർവ്വ	[ഉയർ-ച] നാ. 1. പൊക്കം; 2. ഉത്കർഷം.

ഉയർത്തുക	[ഉയരുക > പ്രയോ.] ക്രി. 1. ഉയരുമാറാക്കുക, പൊക്കുക; 2. അഭിവൃദ്ധിപ്പെടുത്തുക, സ്ഥിതിമെച്ചപ്പെടുത്തുക; 3. പുകഴ്ത്തുക, ചെറിയകാര്യങ്ങളെ വലുതാക്കിപ്പറയുക.

ഉയർന്ന	[< ഉയരുക] (ഭൂ.പേരെച്ചം) വി. 1. കിളരമുള്ള, പൊക്കമുള്ള; 2. ഉച്ചത്തിലുള്ള; 3. നക്ഷത്രങ്ങളോ സൂര്യചന്ദ്രാദികളോ എന്നപോലെ ആകാശത്തിൽ കിളർന്ന, പൊന്തിയ; 4. ഉന്നതമായ നിലവാരം പുലർത്തുന്ന, ഉത്കൃഷ്ടമായ, ഉന്നതപദവിയുള്ള, മേൽക്കിടയിൽപ്പെട്ട. ഉദാ: ഉയർന്ന കുലം, ഉയർന്ന ക്ലാസ്സ്, ഉയർന്ന പദവി.

ഉയർന്നില [ത. ഉയർന്നിലൈ] നാ. സ്വർഗലോകം.
ഉയരുക ക്രി. 1. നിലത്തുനിന്ന് ആകാശത്തേക്കോ താഴെനിന്ന് മുകളിലേക്കോ പൊങ്ങുക, പൊന്തുക; 2. വെള്ളമെന്നപോലെയോ തിരയെന്നപോലെയോ കിളരുക, ഉപരിതലം മേൽപ്പോട്ടുവരിക; 3. അടിയിൽനിന്നു മുകളിലേക്ക് ഊറ്റുപോലെ വരിക, പുറത്തേക്ക് ഒഴുകുക, പൊങ്ങിവരിക, വമിക്കുക; 4. എണ്ണമുതലായവ വന്നു കുന്നിക്കുക, നികരുക; 5. ശബ്ദം എന്നപോലെ കൂടുതൽ ഉച്ചത്തിലാവുക; 6. താണനിലയിൽനിന്നു മെച്ചപ്പെട്ട സ്ഥിതിയിലേക്കു കടക്കുക, വർധിക്കുക.
ഉയരെ, ഉയര അവ്യ. 1. പൊക്കത്തിൽ, മീതേ, മുകളിൽ; 2. ഉച്ചത്തിൽ, ഉറക്കെ; 3. ഉയരുമാറ്.
ഉയി. വ്യാക്ഷേ. അയ്യോ.
ഉയിതം [< സം. ഉചിത] നാ. നന്ദി.
ഉയിർ1 [ഉയിർക്കുക] ധാതുരൂപം.
ഉയിർ2 [ത. ഉയിർ, ഉചിർ] നാ. 1. ജീവൻ, പ്രാണൻ; 2. ശ്വാസം; 3. ഉശിര്, ചുണ, തൻേറടം, വീറ്; 4. (തമിഴ് വ്യാകരണത്തിൽ) സ്വരാക്ഷരം. ഉദാ: ഉയിരെഴുത്തും മെയ്യെഴുത്തും = സ്വരവും വ്യഞ്ജനവും.
ഉയിർക്കുക [ത. ഉയിർത്തല്] ക്രി. 1. ജീവിക്കുക, ജീവനുണ്ടാകുക; 2. (ക്രിസ്തു.) മരിച്ചതിനുശേഷം വീണ്ടും ജീവൻ ഉണ്ടാവുക, പുനരുത്ഥാരണം ചെയ്യുക.
ഉയിർത്തെഴുന്നേൽപ്പ് [ഉയിർത്ത്-എഴുന്നേൽപ്പ്] നാ. 1. പുനരുത്ഥാനം; 2. മയങ്ങിക്കിടക്കുന്നതു വീണ്ടും ഉണർന്നുവരൽ, പ്രബുദ്ധമാകൽ, ഉശിരുണ്ടാകൽ; 3. വിനാശത്തിൽനിന്നു രക്ഷപ്പെടൽ.
ഉയിർപ്പിക്കുക [ഉയിർക്കുക > പ്രയോ.] ക്രി. ജീവൻ നൽകുക, പുനരുജ്ജീവിപ്പിക്കുക.
ഉയിർപ്പ് [ത. ഉയിർപ്പു] നാ. 1. പുനർജീവിക്കൽ; 2. ജീവിക്കൽ.
ഉയിർപ്പുതിരുനാൾ [ഉയിർപ്പ്-തിരുനാൾ] നാ. (ക്രിസ്തു.) ഈസ്റ്റർപെരുനാൾ.
ഉയിരവൻ [ഉയിർ-അവൻ] നാ. (ബ.വ.) ജീവിക്കുന്നവൻ, ജീവനുള്ളവൻ.
ഉയിൽ [ഇം.ദദ്ധRsRs] നാ. മരണപത്രം.
ഉയ്യുക [ത. ഉയ്തൽ] ക്രി. 1. ജീവിക്കുക; 2. മോചിക്കുക, വിടുക; 3. രക്ഷിക്കുക, പ്രോത്സാഹിപ്പിക്കുക; 4. വീണ്ടെടുക്കുക.
ഉർപ്പം നാ. ഊർപ്പംചെടി, ഇതിൻെറ നാരെടുത്തു വക്ക് ഉണ്ടാക്കുന്നു.
ഉർവഞ്ചി നാ. = ഉരുളിഞ്ഞി.
ഉർവടം [സം.] നാ. 1. കന്നുകുട്ടി; 2. സംവത്സരം.
ഉർവര [സം. ഉർവരാ] നാ. 1. ഫലഭൂയിഷ്ഠമായ സ്ഥലം; 2. ഭൂമി; 3. ഒരു അപ്സരസ്ത്രീ; 4. ചുരുണ്ട തലമുടി.
ഉർവരപൂജ [ഉർവര-പൂജാ] നാ. വർധിച്ച വിളവുകിട്ടുന്നതിനായി പ്രാകൃത സമൂഹങ്ങളിൽ കണ്ടുവരുന്ന പൂജാസമ്പ്രദായം.
ഉർവരർ [ത. ഉറുവരർ] നാ. (ബ.വ.) ദേവന്മാർ.
ഉർവരാധീശൻ, -രമണൻ, -വരൻ [സം. ഉർവരാ-അധീശ, -രമണ, -വര] നാ. സസ്യസമ്പന്നമായ ഭൂമിയുടെ ഭർത്താവ്, രാജാവ്.
ഉർവരി [സം. ഉർവരീ] 'ഉർവൻ' എന്നതിൻെറ സ്ത്രീലിങ്ഗം, 'ഭാര്യയായി തെരഞ്ഞെടുത്തുകൊള്ളാൻ മറ്റുപല സ്ത്രീകളോടൊപ്പം സമ്മാനിക്കപ്പെടുന്ന സ്ത്രീ'. നാ. ഉത്കൃഷ്ട സ്ത്രീ, സത്സ്വഭാവിനി.

ഉർവരിത [സം. ഉർവരിത] വി. ശേഷിച്ച, മിച്ചംവന്ന.
ഉർവര്യ [സം. ഉർവര്യ] വി. ഉർവരയെ സംബന്ധിച്ച, ഉർവരയിൽ ഉണ്ടായ, വിളഭൂമിയിൽ ഉണ്ടായ.
ഉർവശി [സം. ഉർവശീ] 'ഉരുൻ, മഹതോപി, അശ്നുതേ-വശീകരോതി- മഹാന്മാരെപ്പോലും വശീകരിക്കുന്നവൾ; പാ. < ഉരു-അശ്. ഉഷസ്സിനെ അപ്സരസ്സായിട്ടുള്ള കല്പന' നാ. 1. സ്വർവേശ്യമാരിൽ ഒരുവൾ; 2. ഒരു വൃത്തം; 3. ആഗ്രഹം. (പ്ര.) ഉർവശിചമയുക = മഹാസുന്ദരിയാണെന്നു സ്വയംകരുതി നടക്കുക. ഉർവശിയാട്ടം = ശൃങ്ഗാരം ഭാവിക്കുക, ചേഷ്ടകാണിക്കുക.
ഉർവശീരമണൻ [സം. ഉർവശീ-രമണ] നാ. പുരൂരവസ്സ്.
ഉർവാരു [സം. ഉർവാരു] നാ. വലിയ വെള്ളരി.
ഉർവാരുകം [സം. ഉർവാരുക] നാ. ഉർവാരു. ഉർവാരുകഘൃതം = ഉർവാരുകം മുതലായ മരുന്നുകൾ ചേർത്തു കാച്ചുന്ന നെയ്യ്.
ഉർവി [സം. ഉർവീ < ഉരു] നാ. 1. ഭൂമി; 2. നദി (പ്ര.ലു.); 3. ഊർവി, ഊരുവിൻെറ മധ്യത്തായുള്ള ഒരു സിരാമർമം.
ഉർവിപാദിക [സം. ഉർവീ - പാദികാ] നാ. നാഭിമധ്യത്തിലുള്ള ഒരു മർമം.
ഉർവീചലനം [സം. -ചലന] നാ. ഭൂകമ്പം.
ഉർവീജാനി [സം. -ജാനി] നാ. രാജാവ്.
ഉർവീതലം [സം. -തല] നാ. ഭൂമിയുടെ മുകൾപ്പരപ്പ്, ഭൂലോകം.
ഉർവീധരൻ [സം. -ധര] നാ. ഭൂമിയെ താങ്ങുന്നവൻ, അനന്തൻ, ശേഷൻ.
ഉർവീധരം [സം. -ധര] നാ. പർവതം.
ഉർവീധരാസ്ത്രം [സം. ഉർവീധര-അസ്ത്ര] നാ. പർവതാസ്ത്രം.
ഉർവീധവൻ [സം. ഉർവീ-ധവ] 'ഭൂമിയുടെ ഭർത്താവ്' നാ. രാജാവ്.
ഉർവീന്ദ്രൻ [സം. -ഇന്ദ്ര] നാ. രാജാവ്
ഉർവീപതി [സം. -പതി] നാ. ഉർവീന്ദ്രൻ, രാജാവ്.
ഉർവീപാലൻ [സം. -പാല] നാ. ഭൂമിയെ പാലിക്കുന്നവൻ, ഉർവീപതി, രാജാവ്.
ഉർവീഭൃത്ത് [സം. -ഭൃത്] 'ഉർവിയെ ഭരിക്കുന്നവൻ' നാ. 1. രാജാവ്; 2. പർവതം.
ഉർവീരുഹം [സം. -രുഹ] 'ഭൂമിയിൽ കിളിർത്തത്' നാ. വൃക്ഷം.
ഉർവീശൻ, -ശ്വരൻ [സം. -ഈശാ, -ഈശ്വര] നാ. ഉർവീപതി, രാജാവ്.
ഉർവീസുതൻ [സം. -സുത] 'ഭൂമിയുടെ പുത്രൻ' നാ. കുജൻ.
ഉർവീസുരൻ [സം. -സുര] നാ. ഭൂമിദേവൻ, ബ്രാഹ്മണൻ.
ഉര1 [ഉരയ്ക്കുക] ധാതുരൂപം.
ഉര2 [ത. ഉരൈ] നാ. 1. മൊഴി, വാക്ക്, ഉരചെയ്യുക = പറയുക; 2. വ്യാഖ്യാനം; 3. കീർത്തി.
ഉര3 [< ഉരയ്ക്കുക] നാ. 1. തേപ്പ്, ഉരസൽ; 2. മാറ്റ്.
ഉരകല്ല് നാ. 1. സ്വർണവും മറ്റും ഉരച്ചുനോക്കുന്നതിനുള്ള കല്ല്, ചാണ, നികഷം, നികഷോപലം, കഷം; 2. ഗുളിക ഉരയ്ക്കുന്ന കല്ല്, ചാണ; 3. കത്തികടയുന്ന ചാണ; 4. (ആല.) മാഹാത്മ്യമോ വൈദുഷ്യമോ മറ്റോ പരീക്ഷിച്ചുനോക്കാനുള്ള മാനദണ്ഡം, ഗുണം നിർണയിക്കാനുള്ള ഉപാധി.
ഉര:കോഷ്ഠം [സം. ഉര: - കോഷ്ഠ] നാ. മുലയ്ക്കുതാഴെയുള്ള ഒരു മർമം.
ഉരക്കടലാസ്സ് [ഉര3-കടല്ലാസ്സ്] നാ. തടിസാമാനങ്ങൾ മിനുസപ്പെടുത്തുന്നതിന് ഉപയോഗിക്കുന്ന മണൽത്തരിപിടിപ്പിച്ച കടലാസ്സ്, എമരിപ്പേപ്പർ, മിനുക്കുതാൾ.

ഉരക്കളം [ഉരൽ -കളം] നാ. ഉരൽപ്പുര, നെല്ലുകുത്തുപുര.
ഉരക്കുക [ഉരം1] ക്രി. 1. ബലപ്പെടുത്തുക, കടുപ്പമാവുക; 2. പരുക്കനാകുക, കർക്കശമാകുക.
ഉരക്കോൽ [ഉര-കോൽ] നാ. = ഉരങ്കോൽ.
ഉരഗധ്വജൻ [സം. ഉരഗ-ധ്വജ] നാ. പാമ്പുകൊടിയടയാളമുള്ളവൻ, ദുര്യോധനൻ.
ഉരഗപുരം [സം. -പുര] നാ. തൃശ്ശിനാപ്പള്ളി.
ഉരഗബന്ധം [സം. -ബന്ധ] നാ. തൂണുകളുടെ അടിഭാഗത്തുള്ള ഒരുതരം ചിത്രപ്പണി, പാമ്പിൻെറ ആകൃതിയിലുള്ളത്.
ഉരഗഭൂഷണൻ [സം. -ഭൂഷണ] നാ. സർപ്പത്തെ ഭൂഷണമാക്കിയവൻ, ശിവൻ.
ഉരഗം [സം. ഉര-ഗ] 'ഉരസ്സുകൊണ്ടു ഗമിക്കുന്നത്'. നാ. 1. പാമ്പ്; 2. അർധദേവവർഗത്തിൽപ്പെട്ട നാഗം; 3. നാഗം അധിദേവതയായ ആയില്യം നക്ഷത്രം; 4. ഈയം, കാരീയം.
ഉരഗമുഹൂർത്തം [സം. ഉരഗ-മുഹൂർത] നാ. (ജ്യോ.) പകൽ രണ്ടാമത്തെ നിത്യ നക്ഷത്രമുഹൂർത്തം.
ഉരഗരാജൻ [സം. -രാജ] നാ. 1. അനന്തൻ; 2. വാസുകി; 3. വലിയ പാമ്പ്, പാമ്പുകളിൽ പ്രാധാന്യമുള്ള ഏതു പാമ്പും.
ഉരഗശത്രു [സം. -ശത്രു] നാ. 1. ഗരുഡൻ; 2. മയിൽ; 3. കീരി; 4. ചെമ്പോത്ത്.
ഉരഗശായി [സം. -ശായിൻ] 'പാമ്പിന്മേൽ ശയിക്കുന്നവൻ, അനന്തശായി' നാ. വിഷ്ണു.
ഉരഗസ്ഥാനം [സം. -സ്ഥാന] നാ. പാതാളം.
ഉരഗാഭരണൻ [സം. -ആഭരണ] നാ. സർപ്പങ്ങളെ ആഭരണമായി അണിയുന്നവൻ, ഉരഗഭൂഷണൻ, ശിവൻ.
ഉരഗാരി [സം. -അരി] നാ. = 'ഉരഗശത്രു' നാ. 1. ഗരുഡൻ; 2. മയിൽ; 3. കീരി.
ഉരഗാശനൻ [സം. ഉരഗ-അശന] നാ. സർപ്പങ്ങളെ തിന്നുന്നവൻ, ഗരുഡൻ.
ഉരഗാസ്യം [സം. -ആസ്യ] നാ. 1. ഒരുതരം തുമ്പ; 2. ഒരു അസ്ത്രം, നാഗാസ്ത്രം.
ഉരഗി [സം. ഉരഗീ] നാ. പെൺപാമ്പ്.
ഉരഗേന്ദ്രൻ [സം. ഉരഗ-ഇന്ദ്ര] നാ. 'സർപ്പരാജാവ്'. 1. അനന്തൻ; 2. വാസുകി.
ഉരങ്കോൽ [ഉരം-കോൽ] നാ. വഞ്ചി ഊന്നാനുള്ള കഴുക്കോൽ.
ഉരങ്ഗം, ഉരങ്ഗമം [സം. ഉരം-ഗ, -ഗമ] നാ. = ഉരഗം.
ഉരചാരുക [ഉര-ചാരുക] ക്രി. സഹായിക്കുക, തുണനിൽക്കുക, അരുനിൽക്കുക, പക്ഷംപിടിക്കുക.
ഉരചെയ്യുക ക്രി. പറയുക, 'ഉര4' നോക്കുക.
ഉരച്ചുകയറ്റുക [ഉരച്ച്-കയറ്റുക] ക്രി. തെറുത്തു കയറ്റുക.
ഉരച്ഛദം [സം. ഉരസ്സ്-ഛദ] 'ഉരശ്ഛദം' ശുദ്ധരൂപം. 'മാറിനെ മറയ്ക്കുന്നത്'. നാ. 1. കുപ്പായം, ചട്ട; 2. കവചം, പടച്ചട്ട.
ഉരൺ നാ = ഉരൻ.
ഉരണകം1 [സം. ഉരണ] നാ. 1. കുറിയാട്, ആട്; 2. മേഘം; 3. തകര; 4. വെള്ളി.
ഉരണകം2 [സം. ഉരണക] നാ. 1. സൗരവ്യൂഹത്തിലുള്ള പത്തു (ഒൻപതെന്നു പക്ഷാന്തരം) ഗ്രഹവ്യൂഹങ്ങളിൽ ഒന്ന്, ഉരണവ്യൂഹം.

ഉരണം നാ. = ഉരണകം1.

ഉരണാക്ഷം, -ണാഖ്യം [സം. ഉരണ-അക്ഷ, -ആഖ്യ] നാ. തകര.

ഉരണാഖ്യം [സം. ഉരണ-ആഖ്യ] നാ. = ഉരണാക്ഷം.

ഉരണി [സം. ഉരണീ] നാ. പെണ്ണാട്.

ഉരതം നാ. പ്രൗഢി.

ഉരതലം (പ്ര.മ.) [സം. ഉരഃസ്ഥലം] നാ. നെഞ്ച്.

ഉരത്ത1 [< ഉരക്കുക] വി. 1. ബലമുള്ള, ശക്തിയുള്ള, വീര്യമുള്ള; 2. വർധിച്ച, പെരുകിയ, തീവ്രമായ; 3. ഉച്ചത്തിലുള്ള, പരുഷമായ, പരുപരുത്ത.

ഉരത്ത2 (പ.മ.) [< ഉരയ്ക്കുക2] വി. ഉരവ്വ, പറഞ്ഞ.

ഉരത്ത(വ)ൻ [<ഉരത്ത] നാ. ബലവാൻ, കരുത്തൻ.

ഉരത്തിടം (പ്രാ. ഉര-ദിഢ < സം. ദൃഢ) നാ. നെഞ്ഞൂക്ക്, ചങ്കൂറ്റം.

ഉരൻ [ത. ഉരൻ] നാ. 1. ബലം, മനോബലം, ആത്മനിയന്ത്രണശക്തി; 2. പിന്തുണ; 3. ജയം.

ഉരപ്പൻ [ഉരപ്പ്-അൻ] നാ. 1. കരപ്പൻ; 2. പാക്ക്; 3. (പാക്ക് മുതലായവ) ഉരയ്ക്കാനുള്ള ഉപകരണം; 4. കുതിരച്ചീപ്പ്.

351

ഉരപ്പ്1 നാ. ഉര4, കീർത്തി, കേൾവി.

ഉരപ്പ്2 (പ.മ.) [< ഉരക്കുക] നാ. ബലം.

ഉരപ്പ്3 [< ഉരയ്ക്കുക1] നാ. 1. ഉരസൽ, തേപ്പ്; 2. മത്സരം.

ഉരപ്പുര നാ. ഉരൽപ്പുര

ഉരഭ്രം [സം. ഉരഭ്ര] നാ. 1. കുറിയാട്; 2. തകര; 3. വിഷമുള്ള ഒരു പ്രാണി.

ഉരം1 [ത. ഉരം] നാ. 1. ശക്തി, ഊക്ക്, ദൃഢത; 2. ഉറപ്പ്, കട്ടി; 3. നിശ്ചയം; 4. വളം.

ഉരം2 (പ.മ.) [പ്രാ. ഉര < സം. ഉരസ്] നാ. 1. നെഞ്ച്; 2. തോൾ. (പ്ര.) ഉരത്തിൽ കയറുക = തോളത്തുകയറുക, തീരെ അവഗണിച്ചു പ്രവർത്തിക്കുക, ധിക്കരിക്കുക; ഉരത്തിലിരുന്നു ചെവികടിക്കുക = വിശ്വസിച്ച് ഉപചരിക്കുന്നവനെ ചതിക്കുക.

ഉരമരുന്ന് [ഉര3-മരുന്ന്] നാ. കുഞ്ഞുങ്ങൾക്ക് ഉരച്ചുകൊടുക്കുന്ന മരുന്ന്.

ഉരമാനം [ത. ഉരൈമാനം < ഉര3] നാ. 1. തേപ്പ്, ഉരയ്ക്കൽ; 2. തേയ്മാനം, ലോഹങ്ങൾക്കും അറ്റും ഉരഞ്ഞുണ്ടാകുന്ന കുറവ്.

ഉരമ്പൽ [ത. ഉരപ്പല്, ഉരപ്പു] നാ. 1. വലിയ മുഴക്കം; 2. മുറുമുറുപ്പ്; 3. ഞരക്കം.

ഉരമ്പുക [ത. ഉരപ്പുതല്] ക്രി. 1. ഉച്ചത്തിൽ ശബ്ദിക്കുക, ഗർജിക്കുക, അലറുക; 2. മുറുമുറുക്കുക.

ഉരമ്മുക ക്രി. ഉരമ്പുക, അലറുക, ഗർജിക്കുക.

ഉരയുക1 [< ഉര2] ക്രി. തേയുക, തേഞ്ഞുകുറയുക, മറ്റൊന്നിൽ ബലമായി തട്ടിയോ ചേർന്നോ നിരങ്ങി നീങ്ങുക.

ഉരയുക2 ക്രി. പറയുക.

ഉരയ്ക്കുക1 [ഉരയുക > പ്രയോ.] ക്രി. 1. ഉരയാൻ കാരണമാകുക; 2. എതിർക്കുക.

ഉരയ്ക്കുക2 [ത. ഉരൈത്തല്] ക്രി. പറയുക.

ഉരയ്പ്1 [< ഉര2] നാ. ഉരസൽ, ഉരയ്ക്കൽ.
ഉരയ്പ്2 [ഉരയ്ക്കുക2] നാ. പറയൽ.
ഉരരീകരിക്കുക [< സം. ഉരരീ-കൃ] ക്രി. സ്വീകരിക്കുക, സമ്മതിക്കുക, അനുവദിക്കുക.
ഉരരീകാരം [സം. -കാര] നാ. അങ്ഗീകാരം, സമ്മതം.
ഉരരീകൃത [സം. -കൃത] വി. 1. അങ്ഗീകരിക്കപ്പെട്ട; 2. പ്രതിജ്ഞചെയ്യപ്പെട്ട; 3. വിടർന്ന, വിടർത്തിയ; 4. വിരിക്കപ്പെട്ട, വിരിച്ച.
ഉരൽ [ത. ഉരല്] നാ. ധാന്യങ്ങളും മറ്റും കുത്തി ഉമിയും തവിടും കളയുന്നതിനും അവലാക്കുന്നതിനും പൊടിക്കുന്നതിനും മറ്റും ഉള്ള ഉപകരണം, ഒരുവശത്ത് കുഴിയോടെ കല്ലിലോ തടിയിലോ ഉണ്ടാക്കുന്നത്. (പ്ര.) ഉരലിടിച്ചു കഴിക്കുക = കാലക്ഷേപത്തിനുവേണ്ടി നെല്ലു കുത്തിക്കൊടുത്തു കൂലിവാങ്ങി അഷ്ടികഴിക്കുക.
ഉരൽപ്പുര, -പിര [ഉരൽ-പുര] നാ. = ഉരക്കളം.
ഉരവ് നാ. 1. ഉരയൽ, ഉരഞ്ഞുപോകൽ, തേയ്മാനം; 2. ഉരഞ്ഞുണ്ടാകുന്ന വ്രണം.
ഉരവുക [ത. ഉരവുതല്] ക്രി.. ഉരവുള്ളതാവുക, വലുതാവുക, വീർക്കുക, ശക്തിയുള്ളതാവുക.
ഉരശ്ഛദം [സം.] നാ. 'ഉരച്ഛദം'.
ഉരസൽ [< ഉരയുക] (ഉരയൽ, ഉരൈയൽ, ഉരൈശൽ, ഉരസൽ എന്നു രൂപ പരിണാമം). നാ. 1. ഉരയ്ക്കൽ; 2. (ആല.) മത്സരം.
ഉരസിജം [സം. ഉരസി-ജ] 'ഉരസ്സിൽ ജനിച്ചത്'. നാ. മുല.
ഉരസില [സം.] വി. വിരിഞ്ഞ മാറിടമുള്ള.
ഉരസുക [ത. ഉരചുതല്] ക്രി.. 1. ഉരയുക, ഉരുമ്മുക, തൊട്ടു ഞെരുങ്ങി നീങ്ങുക; 2. മത്സരിക്കുക, മറ്റൊന്നിൻെറമേൽവച്ച് അമർത്തി നീക്കുക, തേയ്ക്കുക, ഉരയ്ക്കുക, അരയത്തക്കവണ്ണം അമർത്തി നിരക്കുക.
ഉരസ്ക [സം.] (സമാസാന്തത്തിൽ) വി. ഉരസ്സോടുകൂടിയ.
ഉരസ്തടം [സം. ഉരസ്-തട] നാ. നെഞ്ച്.
ഉരസ്ത്രാണം [സം. -ത്രാണ] 'മാറിടം രക്ഷിക്കുന്നത്' നാ. കവചം.
ഉര:ക്ഷതം [സം. ഉര:ക്ഷത] നാ. 1. നെഞ്ചിലെ പരുക്ക്; 2. കഠിനഭാരം വഹിക്കുക തുടങ്ങിയ അധ്വാനങ്ങൾകൊണ്ടും ഹേമദണ്ഡങ്ങൾകൊണ്ടും ഉരസ്സിനുള്ളിൽ ഉണ്ടാകുന്ന മുറിവോ മറ്റു തകരാറോ.
ഉര:സ്ഥലം [സം. -സ്ഥല] നാ. ഉരസ്തടം.
ഉര:സ്ഫുടനം [സം. -സ്ഫുടന] നാ. ഒരു രതിബന്ധം.
ഉരസ്യ [സം.] വി. 1. ഉരസ്സിനെ സംബന്ധിച്ച; 2. ഉരസ്സിൽനിന്നു പിറന്ന, തന്നിൽനിന്നുതന്നെ ജനിച്ച; 3. ശ്രേഷ്ഠമായ.
ഉരസ്യൻ [സം. ഉരസ്യ] നാ. സവർണയായ ഭാര്യയിൽ തനിക്കു ജനിക്കുന്ന പുത്രൻ, ഔരസൻ.
ഉരസ്യം [സം. ഉരസ്യ] നാ. 1. (സ്ത്രീയുടെ) മുല; 2. അഞ്ച് അണിയായി നിറുത്തിയിട്ടുള്ള സേനയുടെ നടുവിലത്തെ അണി; 3. കുതിരയുടെ ഒരു ഗതിവിശേഷം, കാലുകൾ മടക്കി ഉരസ്സ് (മാറ്) നിലത്തുതൊടുമാറുള്ള ഗതി.
ഉരസ്വത്ത് [സം. ഉരസ്-വത്] വി. വിരിഞ്ഞ മാറിടമുള്ള, ബലമുള്ള.
ഉരസ്സരം [സം. -സര] 'ഉരസ്സുകൊണ്ടു സരിക്കുന്നത്'. നാ. 1. പാമ്പ്; 2. ഇഴജന്തു.

ഉരസ്സ്, ഉരം (പ.മ.) [സം. ഉരസ്] നാ. 1. മാറിടം, നെഞ്ച്, ഭുജാന്തരം. (പ്ര.) ഉരസി = ഉരസ്സിൽ; 2. സേനാവ്യൂഹത്തിൻെറ നടുവിലത്തെ അണി, മുൻപിലത്തെ അണി.
ഉരസ്സൂത്രിക [സം. -സൂത്രികാ] നാ. മാറത്തു തൂങ്ങിക്കിടക്കുന്ന മുത്തുമാല.
ഉരാണസ്സ്, യുറേനസ് [ഇം.] നാ. ഒരു ഗ്രഹം.
ഉരി1 [ഉരിയുക] ധാതുരൂപം.
ഉരി2 [ത. ഉരി] നാ. ഉരിച്ചെടുത്തത്, മരത്തിൻെറ പട്ട, മൃഗത്തിൻെറ തോല് എന്നിവ പോലെ.
ഉരി3, ഉരിയ [ത. ഉരി] നാ. ഒരു അളവ്, നാഴിയുടെ പകുതി.
ഉരി(യ)കൊള്ളി, -ക്കള്ളി നാ. രണ്ട് ഉഴക്ക് (ഉരി) കൊള്ളുന്ന അളവുപാത്രം.
ഉരിക്കുക [ത. ഉരിത്തൽ] ക്രി. 1. തോലുപോലെ പറ്റിപ്പിടിച്ചിരിക്കുന്നതിനെ പാടേ വേർപെടുത്തുക, കഴറ്റിക്കളയുക, തോലു നീക്കുക, പറിച്ചെടുക്കുക; 2. ഉരിഞ്ഞുകളയുക; 3. തൊലി ഉരിച്ചുവിടുക, നാണിപ്പിക്കുക.
ഉരിച്ചില്, -ച്ചിൽ [< ഉരിക്കുക] നാ. തൊലിവേർപെടുത്തൽ, അഴിച്ചുമാറ്റിവയ്ക്കൽ.
ഉരിച്ചീർ [ത. ഉരിച്ചീർ ഉരി-ചീർ] നാ. (തമിഴ് വൃത്തശാസ്ത്രം) ചീരുകൾ നാലുതരമുള്ളതിൽ ഒരുതരം.
ഉരിച്ചൊൽ [ത. ഉരിച്ചൊൽ] നാ. ഭേദകശബ്ദം, വിശേഷണം.
ഉരിപ്പ്1 നാ. ഉരിച്ചൽ.
ഉരിപ്പ്2 നാ. 1. ബലമുള്ളതടി; 2. ഒരു മരം, ഇരിമ്പകം.
ഉരിമ (പ.മ.)[ത. ഉരിമൈ] നാ. ഉടമസ്ഥാവകാശം, ഉടമ.
ഉരിയ [ത. ഉരി] നാ. ഉരി4.
ഉരിയൻ [ത. ഉരിയൻ] നാ. തക്കവൻ, യോഗ്യൻ, അർഹൻ.
ഉരിയം [ത. ഉരിയതു] നാ. തക്കത്, യോഗ്യമായത്.
ഉരിയാടൽ [ത. ഉരൈയാടൽ] നാ. ഉരിയാട്ടം, വർത്തമാനം പറച്ചിൽ.
ഉരിയാടുക [ഉരൈ ആടുക > ഉരിയാടുക] ക്രി. ശബ്ദിക്കുക, മിണ്ടുക, സംസാരിക്കുക.
ഉരിയാട്ടം [< ഉരിയാടുക] നാ. ഉരിയാടൽ, വർത്തമാനം പറച്ചിൽ.
ഉരിയാട്ട് നാ. ഉരിയാട്ടം
ഉരിയുക [ത. ഉരിതൽ] ക്രി. പറഞ്ഞുപോവുക, പൊളിഞ്ഞുപോവുക, പാളിപാളിയായി ഇളക്കുക. ഉദാ: തൊലി ഉരിഞ്ഞുപോവുക; 2. പറിച്ചെടുക്കുക, കഴറ്റുക, വേർപെടുത്തുക, വസ്ത്രം അഴിച്ചുനീക്കുക.
ഉരിവ് നാ. ഉരിയൽ, ഉരിച്ചൽ.
ഉരിശ നാ. ഉതിമരം.
ഉരിശ്ശ, ഉരിച്ച, ഉരീച്ച, ഉരീശ്ശ അവ്യ. ഉരി വീതം.
ഉരീകരിക്കുക [സം. ഉരീ-കൃ] ക്രി. ഉരരീകരിക്കുക, അങ്ഗീകരിക്കുക, അനുമതി നൽകുക.
ഉരീകൃത [സം. ഉരീ-കൃത] വി. ഉരരീകൃത, അങ്ഗീകരിക്കപ്പെട്ട, സമ്മതിക്കപ്പെട്ട.
ഉരു1, ഉരുപം, ഉരുവം, ഉരുവ് [പ്രാ. രുവ < സം. രൂപ] നാ. 1. ആകൃതി, ശരീരം; 2. ഉരുപ്പടി, സാധനം, വെങ്കലപാത്രം; 3. ഉരപ്പടിയുടെ എണ്ണം; 4. ആവൃത്തി, തവണ, മന്ത്രം, പാഠം മുതലായവയുടെ വീണ്ടുമുള്ള ആവർത്തനം; 5. കപ്പൽ, പടവ്, വള്ളം; 6. മുറിവ്, അടയാളം; 7. കന്നുകാലി, കാള, ആന ഇത്യാദി. ഉദാ: ഉരു ഇരുത്തുക = ആനയെ ക്ഷേത്രത്തിനു കൊടുക്കുക. (പ്ര.) ഉരുക്കൂട്ടുക = ശേഖരിക്കുക. ഉരുത്തിരളുക = രൂപം

കൊള്ളുക. ഉരുത്തികയുക = യാഗാവശ്യങ്ങൾക്കും മറ്റുമുള്ള പാത്രങ്ങളും മറ്റുസാധനങ്ങളും മതിയാകുക.

ഉരു2 [സം.] വി. 1. വിസ്താരമുള്ള, പരപ്പുള്ള; 2. വർധിച്ച, വലിയ, അധികമായ, തികഞ്ഞ, മഹത്തായ, ദൃഢതയുള്ള. ഉരുവേ = ഉരുവായി, വലുതായി, ധാരാളമായി, വിസ്താരത്തിൽ.

ഉരു3 [സം.] നാ. ചായില്യം, ഹിങ്ഗുലം.

ഉരുക് [ഉരുകുക1] ധാതുരൂപം.

ഉരുകുക ക്രി. 1. ചൂടുകൊണ്ട് ദ്രവമാകുക; 2. (ആല)ദു:ഖം, അനുകമ്പ, വാത്സല്യം മുതലായ വികാരങ്ങൾകൊണ്ടു മനസ്സ് അലിയുക.

ഉരുക്കം [ത. ഉരുക്കം] നാ. 1. ഉരുകൽ; 2. അലിവ്, സ്നേഹം; 3. ഉള്ളുരുക്കം, വ്യസനം, വേദന; 4. ചൂട്, ഉഷ്ണാനുഭവം.

ഉരുക്കഴിക്കുക [ഉരു-കഴിക്കുക] ക്രി. ഉരുവിടുക, ആവർത്തിച്ചുപറയുക, അഭ്യാസം ചെയ്ത് ഓർമയിൽ ഉറപ്പിക്കുക.

ഉരുക്കാച്ചിൽ [ഉരു-കാച്ചിൽ] 'കാച്ചിയുരുക്കിയത്' നാ. നെയ്യ് (ആ.ഭാ.)

ഉരുക്കാരൻ [ഉരു-കാരൻ] നാ. കപ്പലോട്ടക്കാരൻ, കപ്പൽക്കാരൻ.

ഉരുക്ക് നാ. 1. ഉരുക്കുക എന്ന പ്രവൃത്തി, ഉരുക്കൽ; 2. ഉരുക്കിയ വസ്തു, ഉരുക്കിയ പൊന്ന്; 3. ഇരുമ്പിൻെറ ഒരു വകഭേദം, ഉരുക്കിയ ഇരുമ്പ്. (സം.) കാളായസം; 4. (ആ.ല.) ഉരുക്കുപോലെ ബലമുള്ള എന്ന അർഥത്തിലും പ്രയോഗം. ഉദാ: ഉരുക്കുമുഷ്ടി; ഉരുക്കുമനുഷ്യൻ.

ഉരുക്കുക [ഉരുകുക > പ്രയോ.] ക്രി. 1. ചൂടുകൊള്ളിച്ച് ഉരുകത്തക്കവണ്ണംചെയ്യുക, താപത്താൽ ദ്രവരൂപത്തിലാക്കുക; 2. മനസ്സിനെ അലിയിക്കുക, ശിഥിലമാക്കുക; 3. മെലിയിക്കുക, ശോഷിപ്പിക്കുക.

ഉരുക്കുകോട്ട [ഉരുക്ക്-കോട്ട] (ആ.ല.) 'ഉരുക്കുകൊണ്ട് നിർമിച്ച കോട്ട' നാ. എളുപ്പം തകർക്കാനാവാത്ത സങ്കേതം, കീഴടക്കാൻ സാധ്യമല്ലാത്ത രക്ഷാസ്ഥാനം.

ഉരുക്കുനെയ്യ് [ഉരുക്ക്-നെയ്യ്] നാ. വെണ്ണ ഉരുക്കിയ നെയ്യ്.

ഉരുക്കുപൊടി [ഉരുക്ക്-പൊടി] നാ. 1. ഉരുക്കിൻെറ പൊടി; 2. ഉരുക്കുഭസ്മം.

ഉരുക്കുഭസ്മം [മ. ഉരുക്ക്-സം. ഭസ്മൻ] നാ. ഒരു ഔഷധം, ഉരുക്കു നീറ്റിയെടുത്തത്, ലോഹഭസ്മം.

ഉരുക്കുമണി [ഉരുക്ക്-മണി] നാ. ഒരുതരം കർണാഭരണം.

ഉരുക്കുവെളിച്ചെണ്ണ [ഉരുക്ക്-വെളിച്ചെണ്ണ] നാ. തേങ്ങാപ്പാൽ തിളപ്പിച്ച് വറ്റിച്ചെടുക്കുന്ന വെളിച്ചെണ്ണ.

ഉരുക്കുഴിയൻ [ഉരു1-കുഴിയൻ] നാ. കുഴിഞ്ഞ വെങ്കലപാത്രം.

ഉരുക്കൂടുക [ഉരു-കൂടുക] ക്രി. കൂടിച്ചേരുക, യോജിക്കുക, ഒന്നിച്ചാവുക; 2. രൂപംകൊള്ളുക.

ഉരുക്കൂട്ടുക [ഉരുക്കൂട്ടുക > പ്രയോ.] ക്രി. സംഭരിക്കുക, ഒരുക്കൂട്ടുക.

ഉരുക്കെണ്ണ [ഉരുക്ക്-എണ്ണ] നാ. ഉരുക്കുവെളിച്ചെണ്ണ.

ഉരുക്രമൻ [സം. ഉരു-ക്രമ] 'വളരെ ദൂരത്തിൽ ചുവടുവയ്ക്കുന്നവൻ' നാ. 1. വിഷ്ണു, വാമനാവതാരത്തിൽ മൂന്നടിയായി ത്രിലോകങ്ങളെയും അളന്നവൻ; 2. ദ്വാദശാദിത്യന്മാരിൽ ഒരാളായ വിഷ്ണു.

ഉരുക്ഷയൻ [സം. -ക്ഷയ] നാ. 1. വലിയ മന്ദിരത്തിൽ വസിക്കുന്നവൻ; 2. ഇക്ഷ്വാകുവംശജനായ ഒരു രാജാവ് ബൃഹത്ക്ഷണൻെറ പുത്രൻ.

ഉരുങ്ങുക ക്രി. 1. തേയുക; 2. ഉരയുക, ഉരുമ്മുക.
ഉരുചക്രി [സം. ഉരു-ചക്രി] നാ. അത്രിവംശത്തിൽപ്പെട്ട ഒരു ഋഷി.
ഉരുട്ടൻ നാ. 1. ഉരുട്ടുകാണിക്കുന്നവൻ, കട്ടായമായി കാര്യങ്ങൾ ചെയ്യാതെയോ വാക്കുപറഞ്ഞാൽ അതുപോലെ പ്രവർത്തിക്കാതേയോ ഇരിക്കുന്ന ആൾ, ചതിയൻ, കൗശലക്കാരൻ; 2. ഉരുട്ടിക്കൊട്ടുന്നവൻ, ഉരുട്ടുചെണ്ടക്കാരൻ, ചെണ്ടമുതലായ താളവാദ്യങ്ങളിൽ പ്രത്യേകതരം അഭ്യാസം കാണിക്കുന്നവൻ.
ഉരുട്ട്1 വി. ഉരുണ്ട, ഉരുളൻ ആകൃതിയുള്ള.
ഉരുട്ട്2 [ത. ഉരുട്ട്] നാ. 1. ഉരുട്ടുക എന്ന ക്രീയ, ഉരുട്ടൽ, വൃത്താകാരമായ പദാർഥത്തെ നിലത്തോ എന്തിൻെറയെങ്കിലും പുറത്തോ നീങ്ങത്തക്കവണ്ണം കറക്കൽ; 2. ഗോളാകൃതി വരുത്തൽ, പിണ്ഡാകാരമാക്കൽ; 3. ഉരുണ്ട ആകൃതിയിലുള്ള വസ്തു, ഗോളം; 4. കള്ളസൂത്രം, കാപട്യം, കബളിപ്പിക്കൽ, പേടിപ്പിച്ചോ അനുനയിച്ചോ കൗശലത്തിൽ ഒഴിഞ്ഞുമാറൽ. (പ്ര.) ഉരുട്ടും പിരട്ടും = കള്ളസമ്പ്രദായം, മറിമായം.
ഉരുട്ടുക [ഉരുളുക > പ്രയോ.] ക്രി. 1. ഉരുളയാക്കുക, പതുപ്പുള്ള പദാർഥംകൊണ്ടോ യന്ത്രംകൊണ്ടോ ഗോളാകൃതിയാക്കുക; 2. ഗോളാകൃതിയിലോ വൃത്താകൃതിയിലോ ഉള്ള പദാർഥത്തെ നിലത്തോ മറ്റെന്തിൻെറയെങ്കിലും മുകളിലോ ഉരുളത്തക്കവണ്ണം ചലിപ്പിക്കുക; 3. വൃത്തത്തിൽ ചലിപ്പിക്കുക, ചുഴറ്റുക. ഉദാ: കണ്ണ് ഉരുട്ടുക; 4. ഉരുണ്ട ആകൃതികൊടുക്കുക; 5. തട്ടിപ്പു കാട്ടുക, കബളിപ്പിക്കുക, മിരട്ടുക, കൗശലത്തിൽ ഒഴിഞ്ഞുമാറുകയോ കാര്യങ്ങൾ നീട്ടിവയ്ക്കുകയോ ചെയ്യുക; 6. മറിക്കുക, ഇളക്കുക, കുലുക്കുക. അക്കരെനിന്നോൻ തോണി ഉരുട്ടി (പഴ.) (പ്ര.) ഉരുട്ടിയിടുക = മറിച്ചിടുക, തള്ളിയിടുക.

353

ഉരുട്ടുചന്ദനം [മ. ഉരുട്ട്-സം. ചന്ദന] നാ. ചെഞ്ചന്ദനം, രക്ത ചന്ദനം.
ഉരുട്ടുചെണ്ട [ഉരുട്ട്-ചെണ്ട] നാ. ദ്രുതഗതിയിൽ കൊട്ടാൻ വാറുമുറുക്കി കെട്ടിയൊരുക്കിയിട്ടുള്ള ചെണ്ട.
ഉരുട്ടുമോതിരം നാ. ഉരുളൻ കമ്പി മോതിരം.
ഉരുണി നാ. 1. എല്ലിൻെറ തട്ട് (സ്ഥാനം); 2. ഉണ്ണിമാങ്ങ, കണ്ണിമാങ്ങ.
ഉരുണ്ട [ഉരുളുക] (ഭൂ.പേ.) വി. 1. ഉരുളനായ, ഗോളാകൃതിയുള്ള, വൃത്താകാരമായ; 2. വട്ടംകറങ്ങി നീങ്ങിയ.
ഉരുണ്ടക്കാച്ചി [ഉരുണ്ട-കാച്ചി] നാ. ഒരിനം മാങ്ങ.
ഉരുത, ഉരുത്വം [സം. ഉരു-താ, ത്വ] നാ. 1. വിസ്താരം; 2. വലുപ്പം; 3. മഹത്വം.
ഉരുതര [സം. ഉരു2-തര] തോലനതദ്ധിതം, രണ്ടെണ്ണങ്ങളെ താരതമ്യപ്പെടുത്തുമ്പോൾ 'ഈയസ്' എന്നോ 'തര' എന്നോ പ്രത്യയം. വി. കൂടുതൽ വലുതായ, മറ്റൊന്നിനെക്കാൾ കൂടുതലായ, വളരെ വലുതായ എന്ന അർഥത്തിൽ പ്രയോഗം. ഉദാ: പടു-പടുതര (പടീയസ്).
ഉരുതരം [സം. ഉരു-തരം] അവ്യ. വളരെവലുതായി, ശക്തിയായി.
ഉരുതി [< സം. രീതി] നാ. 1. രീതി, ഭങ്ഗി, ഉദാ: വാക്കുരുതി; 2. പോരിൻെറ രീതി; 3. ധൈര്യപ്പെടുത്തൽ.
ഉരുത്തിരൻ, ഉഴുത്തിരൻ [< സം. രുദ്ര] നാ. സംജ്ഞാനാമം.
ഉരുത്തിരളുക [ഉരു-തിരളുക] ക്രി. രൂപപ്പെടുക, ആകൃതിയിലാവുക.

ഉരുത്തിരിയുക [ഉരു–തിരിയുക] ക്രി. രൂപംപ്രാപിക്കുക (ഗർഭത്തിൽ ശിശുവെന്നപോലെ), വ്യക്തരൂപംകൈക്കൊള്ളുക, വേർതിരിച്ചറിയാറാവുക. (പ്ര.) ഉരുത്തിരിക്കുക; (ക്രി.നാ.) ഉരുത്തിരിവ്.

ഉരുധാ [സം.–ധാ] അവ്യ. പലപ്രകാരത്തിലും.

ഉരുപൂകം [<സം. ഉരുബുക] നാ. വെളുത്ത ആവണക്ക്.

ഉരുപ്പടി [ഉരു–പടി] 'ഉരുപ്പെടുത്തിയത്, പണിഞ്ഞുണ്ടാക്കിയത്.' നാ. 1. വെങ്കല പാത്രം, ആഭരണം, മരസാമാനം; 2. കെട്ടിഉരുവാക്കിയിട്ടുള്ളത്, തപാലിൽ അയക്കുന്ന പാഴ്സൽ മുതലായത്.

ഉരുപ്പം നാ. കോപം.

ഉരുപ്പിടിക്കുക [ഉരു–പിടിക്കുക] ക്രി. 1. ഉരുത്തിരിയുക, രൂപം പ്രാപിക്കുക; 2. രൂപപ്പെടുത്തുക.

ഉരുപ്പ് [< ഇരുമ്പകം] നാ. കമ്പകമരം.

ഉരുപ്രഥൻ [സം. ഉരു–പ്രഥ] നാ. വളരെ കീർത്തിയുള്ളവൻ.

ഉരുപ്രേപ്സു [സം. –പ്രേപ്സു] നാ. വലിയ ഫലം കിട്ടാൻ ആഗ്രഹിക്കുന്നവൻ.

ഉരുമ്പൂകം, –പൂകം, ഊരുബുക, –വുക, ഊരുവു, ഉരുബുക [സം.] നാ. ആവണക്ക്.

ഉരുമ്മൽ [< ഉരുമ്മുക] നാ. ഉരസൽ, സങ്ഘർഷം.

ഉരുമ്മുക ക്രി. 1. ഒന്നിന്റെ ഉപരിതലത്തിൽ മറ്റൊന്ന് അമർന്നു നീങ്ങുക, മറ്റൊന്നിന്റെ മുകളിൽക്കൂടി ശക്തിപൂർവം സ്പർശിച്ചുകൊണ്ട് നിരങ്ങുക, ഉരസുക; 2. മിനുസം വരുത്തുക (ചിന്തേരിട്ടും മറ്റും) തേക്കുക; 3. ഉഴിയുക, തിരുമ്മുക. (പ്ര.) കടക്കണ്ണുകൊണ്ട് ഉരുമ്മുക = കടാക്ഷിക്കുക.

ഉരുവ് നാ. = ഉരു, കപ്പൽ

ഉരുവം [പ്രാ.രൂ.വ<സം.രൂപ] നാ. 1.രൂപം, ഉരു, ആകൃതി, വടിവ്; 2. നടയ്ക്കുവയ്ക്കുന്ന ആൾ രൂപം; 3. കോലം (തെയ്യാട്ടത്തിലും മറ്റും); 4. പ്രേതരൂപം.

ഉരുവഴിക്കുക [ഉരുവ്–അഴിക്കുക] ക്രി. ഉരുവിടുക.

ഉരുവഴിയുക [ഉരുവ്–അഴിയുക] ക്രി. 'ശരീരം അഴിഞ്ഞുപോവുക.' 1. മരിക്കുക, നശിക്കുക; 2. കാണാതാവുക, മറയുക; 3. ഗർഭം അലസുക.

ഉരുവാകുക [ഉരു–ആകുക] ക്രി. രൂപപ്പെടുക.

ഉരുവാരം [സം. ഉർവാരു] നാ. 1. വെള്ളരി, ഉർവാരു; 2. ആൾ രൂപം, പ്രതിമ.

ഉരുവിക്കുക ക്രി. രൂപംകൊള്ളുക, രൂപംപ്രാപിക്കുക.

ഉരുവിടുക [ഉരുവ്–ഇടുക] (പാഠമോ മന്ത്രമോ പോലെ) ആവർത്തിച്ചുപറയുക, ചൊല്ലിച്ചൊല്ലി ഹൃദിസ്ഥമാക്കുക, ഉരുകഴിക്കുക.

ഉരുവ് = ഉരു.

ഉരുവുക ക്രി. 1. തറച്ചു കയറുക (പ.മ.); 2. ഉഴിയുക, തിരുമ്മുക, തടവുക.

ഉരുവൂകം [സം.] = ഉരുബൂകം.

ഉരുവെടുപ്പ്, ഉരുവമെടുപ്പ് [ഉരുവ്–എടുപ്പ്] നാ. വിഗ്രഹം എഴുന്നെള്ളിപ്പ്, (വിശേഷിച്ച് ദേവീക്ഷേത്രത്തിൽ).

ഉരുവോട്ടം [ഉരു–ഓട്ടം] നാ. കപ്പലോട്ടം.

ഉരുശൃങ്ഗം [സം. ഉരു–ശൃങ്ഗ] നാ. 'വലിയകൊടുമുടികൾ ഉള്ളത്'. (പുരാണ.) ശാകദ്വീപിലെ ഒരു പർവതം.

ഉരുസൽ [< ഉരുസുക] നാ. ബഹളം, ലഹള, തോൽവി.

ഉരുൾ1 [ഉരുളുക] ധാതുരൂപം.

ഉരുൾ2 [ത.ഉരുൾ] നാ. 'ഉരുളുന്നത്' 1. ചക്രം (വണ്ടിയുടെ); 2. ഉരുണ്ടത്, വർത്തുളാകൃതിയിലുള്ളത്; 3. മലകളുടെയും കുന്നുകളുടെയും ഉള്ളിൽ വർഷകാലത്ത് വെള്ളം തൂർന്നു കൂടി ഒടുവിൽ സമ്മർദം മൂലം അത് പൊട്ടിയടരുന്നത്; 4. ചെറിയ കൊടുമുടി; 5. വലിയ ഓളം, തിര.

ഉരുൾ3 വി. ഉരുണ്ട, ഉരുളൻ.

ഉരുൾച്ച, ഉരുളിച്ച [<ഉരുളുക] നാ. 1. ഉരുണ്ടിരിക്കുന്ന അവസ്ഥ; 2. ഉരുളൽ, നിലത്തു കിടന്നു സ്വയം മറിഞ്ഞുമറിഞ്ഞു പോകൽ; 3. വ്രതത്തോടെ നിലത്തുകിടന്നുരുണ്ട് ക്ഷേത്രത്തിനു പ്രദക്ഷിണം വയ്ക്കൽ.

ഉരുൾച്ചുറ്റ് [ഉരുൾ-ചുറ്റ്] നാ. വണ്ടിച്ചക്രത്തിൻെറ പട്ട.

ഉരുൾത്തടി [ഉരുൾ-തടി] നാ. 1. ഉരുളനായി വെട്ടിയെറിച്ച മരം; 2. റൂൾത്തടി (വരയിടാനുള്ളത്).

ഉരുൾപലിശ [ഉരുൾ-പലിശ] നാ. = ഉരുളപ്പലിശ.

ഉരുള്മണി നാ. = ഉരുമണി.

ഉരുള്മൊട്ട് നാ. ഒരുതരം അമ്പ്.

ഉരുള നാ. 1.ഉരുട്ടിയെടുത്ത പദാർഥം, (മണ്ണ്, ചോറ് മുതലായവ പോലെ) കബളം; 2. ചോറ്റുരുള; 3. ഒരിനം മത്സ്യം.

ഉരുളക്കട്ട [ഉരുള-കട്ട] നാ. ഒരു കാർഷികോപകരണം, കട്ടതല്ലി.

ഉരുളൻ [ഉരുൾ-അൻ] വി. 'അൻ' നോക്കുക. ഉരുണ്ടിരിക്കുന്ന, വർത്തുളാകാരമായ. (പ്ര.) ഉരുളൻ കല്ല്.

ഉരുളങ്കരി [ഉരുളൻ-കരി] നാ. ഒരിനം കാപ്പ, കൊഴുവില്ലാത്തത്.

ഉരുളങ്കള്ളി [ഉരുളൻ-കള്ളി] നാ. ഒരുതരം കള്ളിച്ചെടി, കോൽക്കള്ളി, ചതുരക്കള്ളി.

ഉരുളൻകിഴങ്ങ് [ഉരുളൻ-കിഴങ്ങ്] നാ. = ഉരുളക്കിഴങ്ങ്

ഉരുളൻ [ഉരുളൻ-മണി] നാ. = ഉരുമണി.

ഉരുളൻമുട്ടി [ഉരുളൻ-മുട്ടി] നാ. കട്ട ഉടയ്ക്കുന്നതിനും കണ്ടങ്ങൾ നിരപ്പാക്കുന്നതിനുമുള്ള ഒരു കാർഷികോപകരണം.

ഉരുളപ്പലിശ, ഉരുൾപലിശ [ഉരുള-പലിശ] നാ. പലിശയു പലിശ, കൂട്ടുപലിശ, ചക്രവൃദ്ധി.

ഉരുളരം [ഉരുൾ-അരം] നാ. ഉരുണ്ട കമ്പിപോലെയിരിക്കുന്ന അരം, വൃത്തത്തിലുള്ള ദ്വാരങ്ങൾ രാകുവാൻ ഉപയോഗിക്കുന്നത്.

ഉരുളി നാ. 'ഉരുണ്ടപാത്രം', എണ്ണകാച്ചുന്നതിനും മറ്റും ഉപയോഗിക്കുന്ന വലിയ വാവട്ടമുള്ള പരന്ന ഓട്ടുപാത്രം. ഈ യിനത്തിൽ വലിപ്പം കൂടിയ പാത്രത്തിനു വാർപ്പ് എന്നു പേര്.

ഉരുളിച്ചട്ടി [ഉരുളി-ചട്ടി] നാ. ഉരുളിയുടെ ആകൃതിയിലുള്ള പരന്ന മൺചട്ടി.

ഉരുളിഞ്ഞി നാ. പശക്കൊട്ടമരം, ചവക്കായി മരം.

ഉരുളുക ക്രി. 1. (പന്തോ ചക്രമോപോലെ) നിലത്തോ മറ്റൊന്നിൻെറ പുറത്തോ മറിഞ്ഞു മറിഞ്ഞു മുന്നോട്ടു നീങ്ങുക, അച്ചുതണ്ടിൽക്കിടന്നു വട്ടം ചുറ്റുക, മറിഞ്ഞു തിരിയുക, പരിവർത്തിക്കുക; 2. (വെള്ളം എന്ന പോലെ) ഇരുവശത്തേയ്ക്കും കൂടക്കൂടെ ഉലയുക, മറിയുക; 3. വൃത്താകൃതിയിലോ ഗോളാകൃതിയിലോ ആവുക, തടിക്കുക; 4. ഒഴിവുകഴിവു പറഞ്ഞു രക്ഷപ്പെടാൻ ശ്രമിക്കുക; (പ്ര.) ഉരുണ്ടുകയറുക = വയറ്റിൽ വായുവോ കൈകാലുകളിൽ മാംസപേശിയോ മുകളിലേക്കു കയറുക. നാ. ഉരുണ്ടുകയറ്റം. ഉരുണ്ടുകൂടുക = പരന്നുകിടക്കുന്നത് ഒരിടത്തു കൂടുക.

ഉരുളുഞ്ചി നാ. = ഉരുളിഞ്ഞി.
ഉരൂപം (പ.മ.) [<സം. രൂപ] നാ. ആകൃതി.
ഉരൂപി (പ.മ.) [<സം. രൂപിൻ] നാ. രൂപമുള്ളത്.
ഉരോ[സം. ഉരസ്] എന്ന ശബ്ദം സമാസത്തിൽ ചില അക്ഷരങ്ങൾക്കു മുമ്പു കൈക്കൊള്ളുന്ന രൂപം.
ഉരോകണി (പ.മ.) [<സം. രോഹിണീ] നാ. രോഹിണി.
ഉരോഗാമി [സം.ഉരോ-ഗാമിൻ] നാ. ഉരസ്സുകൊണ്ട് ഗമിക്കുന്നത്, ഇഴജന്തു.
ഉരോഗ്രഹം [സം.-ഗ്രഹ] നാ. ഒരു രോഗം, വാതകഫങ്ങൾ കോപിച്ച് നെഞ്ചിന് ഉണ്ടാകുന്ന പിടിത്തം.
ഉരോഘാതം [സം.-ഘാത] നാ. 1. മുഷ്ടിയുദ്ധത്തിലുള്ള ഒരു അടവ്; 2. ഉരോഗ്രഹം.
ഉരോജം,-രുഹം [സം.ഉരോ-ജ] നാ. ഉരസിജം, മുല.
ഉൽക്ക [സം. ഉത്-ക] വി. = ഉത്ക.
ഉൽക്കട [സം.] വി. = ഉത്കട.
ഉൽക്കടിമം [സം.ഉദ്-കടിമ] നാ. പതിനാറു ചലയന്ത്രങ്ങളിൽ ഒന്ന്.
ഉൽക്കണ്ഠ [സം.] നാ. = ഉത്കണ്ഠ.
ഉൽക്കർഷം [സം.] നാ. = ഉത്കർഷം.
ഉൽക്കലം [സം.] നാ. = ഉത്കലം.
ഉൽക്കലിക [സം. ഉദ്-കലികാ] നാ. = ഉത്കലിക.
ഉൽക്കാപാതം [സം.ഉൽകാ-പാത] നാ. കൊള്ളിമീൻ വീഴ്ച.
ഉൽക്കാമാലി [സം.-മാലിൻ] നാ. 'പന്തങ്ങൾ കൊണ്ടുള്ള മാല ധരിച്ചവൻ'. 1. രോഗങ്ങൾ ഉണ്ടാക്കുന്ന ഒരു ദുർദേവത; 2. ശിവൻെറ ഒരു ഭൃത്യൻ.
ഉൽക്കാമുഖൻ [സം.-മുഖ] നാ. 'വായിൽ നിന്നു തീജ്വാല വമിക്കുന്നവൻ' 1. ഒരുപിശാച്; കുരങ്ങ്; 3. ഒരു രാക്ഷസൻ; 4. ശിവൻ.
ഉൽക്ക് (പ.മ.) [<സം.ശുല്ക] നാ. ചുങ്കം.
ഉൽക്കുകഴകം (പ.മ.) [ഉൽക്ക-കഴകം] നാ. ശുല്ക്കസ്ഥാനം, ചുങ്കസ്ഥലം, ചൗക്ക, തീരുവസ്ഥലം.
ഉൽക്കുപാട്ടം(പ.മ.) [ഉൽക്കു-പാട്ടം] നാ. നികുതി പിരിക്കാനുള്ള കുത്തകാധികാരം.
ഉൽക്കോപം [സം.] = ഉത്കോപം.
ഉൽപ [<സം.ഗുല്ഫം] നാ. പാദത്തിൻെറ കുഴയിലുള്ള ഒരു മർമം.
ഉൽപതിക്കുക [സം.] ക്രി. = ഉത്പതിക്കുക.
ഉൽപതിഷ്ണു [സം.] നാ. = ഉത്പതിഷ്ണു.
ഉൽപത്തി [സം.] നാ. 'ഉത്പത്തി' നോക്കുക. 1. ഉദ്ഭവം, ആരംഭം; 2. വയൽ, നിലം (ഭാഷയിൽ വന്ന അർഥവികാസം).
ഉൽപന്ന [സം.] വി. = ഉത്പന്ന, ഉല്പന്നദശ = പഞ്ചമഹാദശകളിൽ നാലാമത്തേത്.
ഉൽപന്നം [സം.] നാ. = ഉത്പന്നം. (പ്ര.) ഉല്പന്നപ്പിരിവ് = വിളവെടുപ്പിൽനിന്നും പൊതുകാര്യത്തിനുവേണ്ടി പിരിച്ചെടുക്കുന്നത്.
ഉൽപല [സം.] നാ. = ഉത്പല.
ഉൽപലം [സം.] നാ. = ഉത്പലം.
ഉൽപലഗന്ധികം [സം.ഉത്പല-ഗന്ധിക] നാ. = ഉത്പലഗന്ധികം.

ഉൽപലമാലിക [സം.-മാലികാ] നാ. = ഉത്പലമാലിക.
ഉൽപലസംഭവൻ [സം.-സംഭവ] നാ ഉത്പലസംഭവൻ.
ഉൽപലിനി [സം.ഉത്പലിനീ] നാ. 1. നൈമിശാരണ്യത്തിനു സമീപമുള്ള ഒരു നദി; 2. ഒരു രാഗം.
ഉൽപാതം [സം.] നാ. = ഉത്പാതം.
ഉൽപാദകൻ [സം.] നാ. = ഉത്പാദകൻ.
ഉൽപിത്സു [സം.ഉത്പിത്സു] നാ. ഉത്പതിക്കാൻ ഇച്ഛിക്കുന്നവൻ.
ഉല1 [ഉലയുക] ധാതുരൂപം.
ഉല2 നാ. 1.ഇരുമ്പും മറ്റു ലോഹങ്ങളും പണിചെയ്യാൻവേണ്ടി ചൂടുപിടിപ്പിക്കുന്ന തീക്കുഴി; 2. ഉലത്തോൽ, തീയൂതിപ്പെരുക്കുവാനുള്ള തുരുത്തി.
ഉലകം, ഉലക് [<സം.ലോക] നാ. (ആദ്യസ്വരാഗമം ചെയ്ത രൂപം); ലോകം, ഭൂമി. (പ്ര.) ഉലകിഴിയുക. (ഉലക്-ഇഴിയുക = ഭൂമിയിലേക്ക് ഇറങ്ങി വരിക).
ഉലകിടം [ഉലക്-ഇടം] നാ. ഉലകം, ഉലക്, ലോകം.
ഉലകുടയപെരുമാൾ [ഉലക്-ഉടയ-പെരുമാൾ] നാ ലോകചക്രവർത്തി.
ഉലകുടയോൻ [ഉലക്-ഉടയോൻ] നാ. 'ഉലകിന്ന് ഉടയോൻ'. ഈശ്വരൻ, വിശ്വനാഥൻ.
ഉലക്ക [<ഉരൽ-കൈ] നാ. 1. ഉരലിലിട്ട് നെല്ലുകുത്തുന്നതിനുള്ള ഉപകരണം, ഭാരമുള്ള തടികൊണ്ടുതീർത്ത നീണ്ടുരുണ്ടകോൽ, അറ്റത്ത് ഇരുമ്പുകൊണ്ട് പൂണും കാണും; 2. ഒരു ആയുധം, മുസലം; 3. നീരസം സ്ഫുരിപ്പിക്കുന്ന ഒരു പദം. (പ്ര.) ഉലക്കമാടൻ = പൊണ്ണത്തടിയൻ, വകയ്ക്കു കൊള്ളാത്തവൻ.
355
ഉലക്കപ്പൂണ് [ഉലക്ക-പൂണ്] നാ. കുത്തുമ്പോൾധാന്യം ചതഞ്ഞുപോകാതെയിരിക്കാൻ ഉലക്കയുടെ അറ്റത്ത് രണ്ട് അങ്ഗുലത്തോളം വീതിയിൽ ഉറപ്പിച്ചിട്ടുള്ള ഇരുമ്പുചുറ്റ്.
ഉലക്കം [<ഉല1] നാ. 1. കുലുക്കം; 2. നടുക്കം.
ഉലക്കുക ക്രി. ചുങ്ങുക, ചുളുങ്ങുക, ഉണങ്ങിവരണ്ടു ചെറുതാകുക, ചൊങ്ങുക.
ഉലക്കുരട് [ഉല-കുരട്] നാ. പണിചെയ്യുന്ന ഇരുമ്പുസാമാനം ഉലയിൽ എടുത്തു വയ്ക്കുവാനും അതു ചുട്ടുപഴുപ്പിച്ച ശേഷം അവിടെനിന്ന് എടുക്കുവാനും ഉപയോഗിക്കുന്ന ഉപകരണം.
ഉലക്കുഴൽ [ഉല-കുഴൽ] നാ. ഉലയിൽ തീയൂതിപ്പെരുക്കുവാനുള്ള കുഴൽ.
ഉലക്കൊടിൽ നാ. = ഉലക്കുരട്.
ഉലക്കോട് [<ഉരൽക്കോട്] നാ. നെല്ലുകുത്ത്പുര, ഉരൽപുര.
ഉലങ്ങുക ക്രി. ഉലയുക, ഇളകുക.
ഉലച്ചിൽ,-ച്ചൽ [<ഉലയുക] നാ. 1. വേറൊന്നിൻെറ ഊക്കുതട്ടി ഇളകിയാടൽ, അങ്ങോട്ടുമിങ്ങോട്ടുമുള്ള ആട്ടം, ഇളക്കം, കുലുക്കം; 2. പതർച്ച, ഇടിവ്, തളർച്ച, ഉദാ: കാര്യങ്ങൾക്ക് ഉലച്ചിൽ തട്ടുക, ആരോഗ്യത്തിന് ഉലച്ചിൽ ഉണ്ടാവുക; 3. മാനസികമായ ക്ഷോഭം, എന്തു ചെയ്യണമെന്ന് അറിയാതെ മനസ്സ് ചഞ്ചലപ്പെടൽ, മനസ്സിടിവ്, കുഴക്കം, ക്ലേശം; 4. ഒതുക്കമില്ലായ്മ, അടുക്കിനും മടക്കിനും ഉണ്ടാകുന്ന കുലച്ചിൽ; 5. ക്രമസമാധാനമില്ലായ്മ, കലക്കം, വിപ്ലവം.
ഉലട്ടിനാ. ഒരുതരം പന, ചൂണ്ടപ്പന.
ഉലട്ടിമാറ് [ഉലട്ടി-മാറ്] നാ. ഉലട്ടിപ്പനയുടെ പൂങ്കുല.
ഉലണ്ട [ത.ഉലണ്ട] നാ. 1. ചട്ടപ്പുഴു, പട്ടുനൂൽപ്പുഴു; 2. പട്ടുനൂല്.

ഉലത്തോൽ [ഉല2-തോൽ] നാ. തുരുത്തി.
ഉലന്ത,-ന്തം,-ന്തു [പോർ.ഒലന്ദ] നാ. ലന്ത, ഡച്ച്, 'ലന്ത'എന്നു കൂടുതൽ പ്രചാരമുള്ള രൂപം.
ഉലപ്പഴം [ഉല-പഴം] നാ. 'ഇരുമ്പ് ഉലയിൽ പഴുപ്പിക്കുമ്പോൾ തിരിഞ്ഞുപോകുന്നത്.'. ഇരുമ്പിൻ കീടം, പുരാണകിട്ടം (തെ.മ)
ഉലപ്പെണ്ണ [<ഉലർപ്പ്-എണ്ണ] നാ. കാച്ചിയ എണ്ണ, രാജാക്കന്മാരും പ്രഭുക്കളും തേയ്ക്കുന്ന എണ്ണ, നീരുവറ്റിച്ച എണ്ണ, വയ്പ്പെണ്ണ, മുറുക്കിയ എണ്ണ. (ആ.ഭാ.)
ഉലപ്യൻ [സം.ഉലപ്യ] നാ. 'ഉലത്തെ സംബന്ധിച്ച'. രുദ്രൻ.
ഉലം1[സം.ഉപല] നാ. 1. ഉരുളൻ കല്ല്, ഉപലം; 2. ഉരുണ്ടിരിക്കുന്ന വസ്തു.
ഉലം2[സം.ഉല] നാ. 1. ഒരു കാട്ടുജന്തു; 2. ചെറുചൂടിൽ മൂപ്പിച്ച പയറ്റച്ചിങ്ങ, അച്ചിങ്ങ മെഴുക്കുപുരട്ടി.
ഉലംകടമ നാ. ഒരു കരം. (തിരുവിതാംകൂറിൽ 1040-മാണ്ടു നിറുത്തൽ ചെയ്തു).
ഉലമാ [അറ.ഉലമാ] നാ. (മുസ്ലിം) മതപണ്ഡിതൻ.
ഉലമ്പുക1 ക്രി. 1.ഒച്ചവയ്ക്കുക; 2. പുലമ്പുക, കരയുക, വിൽപിക്കുക; 3. അലറുക, വിളിച്ചു കൂകുക.
ഉലമുക2,ഒലുമ്പുക ക്രി. (വെള്ളത്തിലിട്ട്) ഉലയ്ക്കുക.
ഉലയ,ഉലയെ അവ്യ. ഉലയത്തക്കവണ്ണം.
ഉലയിക്കുക [ഉലയുക>പ്രയോ.] ക്രി. = ഉലയ്ക്കുക.
ഉലയുക ക്രി. 1. വൃക്ഷങ്ങളോ മരച്ചില്ലകളോ കാറ്റുകൊണ്ടോ മറ്റോ അങ്ങോട്ടുമിങ്ങോട്ടും ആടുക, മറ്റൊന്നിൻെറ ഊക്കേറ്റു ചലിക്കുക, ഇളകുക, കുലുങ്ങുക, താരത. അലയുക;2. മനസ്സിന് ഇളക്കം തട്ടുക, ക്ഷോഭിക്കുക, എന്തു ചെയ്യണമെന്നറിയാതെ കുഴങ്ങുക, വിഷമിക്കുക, പതറുക, വികാരപൂർണമാവുക, മനസ്സിനു കലക്കം ഉണ്ടാവുക; 3. ക്ഷേമാദികൾക്കു തകർച്ചയുണ്ടാവുക, ക്രമസമാധാനങ്ങൾ ഇല്ലാതാവുക, കാര്യങ്ങൾ തകരാറിലാവുക; 4. ക്ഷീണിക്കുക, തളർന്നുലയുക; 5. ഉറപ്പില്ലാതാവുക, കെട്ടഴിഞ്ഞു കുലയുക, ശിഥിലമാവുക; 6. ഉടഞ്ഞു ചന്തം കെടുക, ചുളുങ്ങി മോശപ്പെടുക, ഉടവുതട്ടുക.
ഉലയ്ക്കുക [ഉലയുക>പ്രയോ] ക്രി. 1.ശക്തിപ്രയോഗിച്ച് ഒന്നിനെ അങ്ങോട്ടും ഇങ്ങോട്ടും ചലിപ്പിക്കുക, ആട്ടുക, ഇളക്കുക, കുലുക്കുക; 2. ഹൃദയക്ഷോഭമുണ്ടാക്കുക; 3. നശിപ്പിക്കുക, കേടുവരുത്തുക; 4. ഇളക്കമുണ്ടാക്കുക, ഉറപ്പില്ലാതാക്കുക, കലക്കമുണ്ടാക്കുക, ഉപദ്രവിക്കുക.
ഉലയ്പ് [<ഉലയ്ക്കുക] നാ. ഉലച്ചിൽ, കുലുക്കം.
ഉലർക്കുക [ഉലരുക>പ്രയോ.] ക്രി. = ഉലർത്തുക.
ഉലർച്ച [ത.ഉലർച്ചി] നാ. 1. ഉണക്ക്, ഈർപ്പമില്ലാതാകൽ; 2. മത്ത്, ലഹരി.
ഉലർത്തുക,-ർക്കുക [ഉലരുക>പ്രയോ.] ക്രി. 1. വെയിലിൻെറയോ തീയുടേയോ ചൂട് ഏൽപ്പിച്ചോ കാറ്റുകൊള്ളിച്ചോ ജലാംശം നീക്കുക, ഉണക്കുക, തുവർത്തുക, ചിക്കിത്തുവർത്തുക; 2. വികസിപ്പിക്കുക, വിടർത്തുക; 3. ചെറിയ ചൂടിൽ പാകം ചെയ്യുക, താളിക്കുക.
ഉലർപ്പ് നാ. 1.ഉലർത്തൽ, വറ്റിക്കൽ, ജലാംശം ഇല്ലാതാക്കൽ; 2. ഉലർച്ച.
ഉലർപ്പെണ്ണ [ഉലർപ്പ്-എണ്ണ] നാ. = ഉലപ്പെണ്ണ.
ഉലര് [ഉലരുക] ധാതുരൂപം.

ഉലരുക ക്രി. 1. ഉണങ്ങുക, ജലാംശം വലിഞ്ഞുപോവുക, പൊരിയുക, വാടുക. ഉദാ: നനച്ചമുണ്ട് ഉലരുക; 2. മെലിയുക, ശോഷിക്കുക; 3. വികസിക്കുക.
ഉലവിന [<ഉലവുക, ഉലയുക] വി. 1. ഉലയുന്ന, ചലിക്കുന്ന, ഇളകിയ; 2. വ്യാപിക്കുന്ന
ഉലവുക ക്രി. ഉലാവുക, ഉലാത്തുക.
ഉലവ് നാ. 1. ഉലയൽ, കുലുക്കം, ഇളക്കം; 2. മനസ്സിടിവ്, നടുക്കം, ഭയം; 3. വാട്ടം, ക്ഷീണം, ഇടിവ്.
ഉലശൽ,-ച്ചൽ,-ച്ചിൽ,-സൽ നാ. 1. ഇളക്കം, തകരാറ്, കശപിശ; 2. തടസ്സം, വിഷമം.
ഉലസുക [<ഉലയുക,ഉലച്ചൽ] ക്രി. ഉലയുക.
ഉലറുക ക്രി. കോപിച്ചു ചീറുക.
ഉലാത്തുക ക്രി. ഉലാവുക, വിശ്രമത്തിനോ വിനോദത്തിനോ വേണ്ടി അങ്ങോട്ടും ഇങ്ങോട്ടും മന്ദമായി സഞ്ചരിക്കുക, ഉല്ലാസത്തിന് ഉദ്യാനത്തിൽ ചുറ്റിനടക്കുക.
ഉലാവിന [ഉലാവുക] ഭൂ.പേ. = ഉലാവിയ. പ്ര. തേനുലാവിന പതങ്കൾ (രാ.ച.)
ഉലാവിയ [ഉലാവുക] ഭൂ.പേ. 1. ഉലാത്തുന്ന; 2. വ്യാപിച്ചിരിക്കുന്ന, ഉള്ള.
ഉലാവുക [ഉലാത്തുക] ക്രി. = ഉലാത്തുക.
ഉലാവുകാഴ്ച നാ. ഒരു പഴയ കരം, ഉലാവുമ്പോൾ കാഴ്ചവയ്ക്കുന്നത്, രാജാവോ പ്രഭുവോ ഘോഷയാത്രയായി പോകുമ്പോൾ കൊടുക്കുന്ന തിരുമുൽക്കാഴ്ച.
ഉലിക്കോട്ട് നാ. മണ്ണുകുഴിക്കാനുള്ള ഒരു ഉപകരണം.
ഉലിന്ദൻ,ഉളിന്ദൻ [സം.ഉലിന്ദ] നാ. ശിവൻ
ഉലുത്തുക ക്രി. ഉലുക്കുക, ഉലയ്ക്കുക, മരക്കൊമ്പും മറ്റും ശക്തി പ്രയോഗിച്ചു കുലുക്കുക.
ഉലുന്ദൻ [ത.ഉലുത്തൻ<സം.ലുബ്ധൻ] നാ. ലുബ്ധൻ.
ഉലുംബ(ം) [സം.ഉലുംബാ] നാ. കടലമുതലായ ധാന്യങ്ങൾ വറുത്തത്.
ഉലുമ്പ്,ഉളുമ്പ് നാ. 1. ദുർഗന്ധം, മത്സ്യത്തിൻെറ വാട; 2. ദുസ്വാദ്.
ഉലുമ്പുക ക്രി. അലുമ്പുക, വെള്ളത്തിൽ തുണിയിട്ട് അങ്ങോട്ടുമിങ്ങോട്ടും ഉലച്ചു കഴുകുക.
ഉലുവ,ഉലുവാ നാ. പലവ്യഞ്ജനങ്ങളിൽ ഒരുവക, വെന്തയം.
ഉലുവാൻ [അറ.ലുബാൻ] നാ. കുന്തുരുക്കം, പുകയ്ക്കാനുള്ള സുഗന്ധദ്രവ്യം.
ഉലുവാമാങ്ങ നാ. ഉപ്പിലിട്ടത്.
ഉലുകദർശനം,ഔലുക്യ-[ഉലുക-ദർശന] നാ. വൈശേഷിക ദർശനം, ഉലുകൻെറ (കണാദൻെറ) ദർശനം.
ഉലുകൻ [സം.ഉലുക] നാ. 1. ഇന്ദ്രൻ; 2. ശകുനിയുടെ പുത്രൻ; 3. കണാദമുനി; 4. ഹിരണ്യാക്ഷൻെറ ഒരു പുത്രൻ; 5. ഉലുക രാജ്യത്തിലെ രാജാവ്; 6. വിശ്വാമിത്രൻെറ പുത്രനായ ഒരു ഋഷി; 7. അമൃതകലശം രക്ഷിച്ചിരുന്ന ഒരു ദേവൻ, ഗരുഡൻ അമൃതഹരണത്തിനു ചെന്നപ്പോൾ യുദ്ധത്തിൽ നേരിട്ടു.
ഉലുകം [സം.ഉലുക] നാ. 1. മൂങ്ങ, കുമൻ, ഊമൻ; 2. ഒരു രാജ്യം; 3. ആനയുടെ ചുവടുഭാഗം.
ഉലൂഖലം [സം.ഉലൂഖല] നാ. (ഈ പദം ദ്രാവിഡത്തിൽ നിന്നു സംസ്കൃതം കടം കൊണ്ടതാവാം). 1. ഉരൽ; 2. ഗുൽഗുലു; 3. മനുഷ്യശരീരത്തിലെ ഒരു സന്ധി.
ഉലൂഖലിത,-ക [സം.] വി. ഉരലിൽ പൊടിച്ച, ഉരലിൽ ഇട്ട് ഇടിച്ച, കുത്തിയ, അവച്ച.
ഉലൂതം [സം.ഉലൂത] നാ. 1. പെരുമ്പാമ്പ്; 2. അണലി; 3. ഒരു ജനപദം.

ഉലൂപി,-പം [സം.ഉലൂപ] നാ. കൊഴുമീൻ, പന്നിമീൻ.
ഉലൂലി,-ല,ലൂ [സം.] നാ. 1. ആർപ്പുവിളി; 2. കുരവ.
ഉലോകം [<സം.ലോക] നാ. ലോകം, ഉലകം.
ഉല്ക1 [സം.ഉല്കാ] നാ. 1. തീക്കൊള്ളി, ചൂട്ട്; 2. കൊള്ളിമീൻ, എയ്ത്തു നക്ഷത്രം; 3. പ്രകാശം; 4. കരി.
ഉല്ബം [സം.ഉല്ബ] നാ. 1. ആവരണം, ഉറ, മറുപിള്ള, തൂന്നിക്കുടം, ഗർഭത്തെ ആവരണം ചെയ്യുന്ന നേർത്ത സഞ്ചി; 2. യോനി, ഗർഭപാത്രം; 3. ഗുഹ, മാളം.
ഉല്ബണ [സം.ഉല്ബണ] വി. 1. അധികമായ, ആവശ്യത്തിൽ കൂടുതലായ, ധാരാളമായ, സമൃദ്ധമായ, അളവറ്റ; 2. ശക്തികൂടിയ, ഊക്കേറിയ; 3. ആഡംബരപൂർവമായ; 4. സ്പഷ്ടമായ, വ്യക്തമായ.
ഉല്ബണം [സം.] നാ. 1. ഉല്ബം; 2. കഥകളിയിലെ ഒരു ഹസ്തമുദ്ര.
ഉല്മുകം [സം.] നാ. തീക്കൊള്ളി, എരിയുന്ന കനല്
ഉല്ലങ്ഘനം [സം.ഉദ്-ലങ്ഘന] നാ. ഉല്ലങ്ഘിക്കൽ, മറികടക്കൽ, അതിക്രമിക്കൽ, ഭഞ്ജനം, മറുത്തു പ്രവർത്തിക്കൽ.
ഉല്ലങ്ഘി [സം.-ലങ്ഘിൻ] വി. ഉല്ലങ്ഘിക്കുന്ന, അതിക്രമിക്കുന്ന.
ഉല്ലങ്ഘിക്കുക [<സം.ഉദ്-ലങ്ഘ്] ക്രി. 1. ചാടിക്കടക്കുക, അതിരുകടന്നു പോകുക; 2. അതിശയിക്കുക, മറികടക്കുക, കവിഞ്ഞു നിൽക്കുക; 3. മറുത്തുപ്രവർത്തിക്കുക, കൂട്ടാക്കാതിരിക്കുക, ആജ്ഞയെയോ നിർദേശത്തെയോ ഭഞ്ജിക്കുക.
ഉല്ലങ്ഘിത [സം.-ലങ്ഘിത] വി. ഉല്ലങ്ഘിക്കപ്പെട്ട, അതിക്രമിച്ച, കടന്നുപോയ.
ഉല്ലങ്ഘ്യ1 [സം.-ലങ്ഘ്യ] വി. ഉല്ലങ്ഘിക്കത്തക്ക, ഉല്ലങ്ഘനീയ, അതിക്രമിക്കത്തക്ക.
ഉല്ലങ്ഘ്യ2 [സം.-ലങ്ഘ്യ] അവ്യ. ഉല്ലങ്ഘനം ചെയ്തിട്ട്, കടന്നിട്ട്.
ഉല്ലംബനം [സം.-ലംബന<ലംബ്] നാ. ഊർധ്വലംബനം, ദണ്ഡനരീതി, കുറ്റവാളികളുടെ കൈകളോ കാലുകളോ കൂട്ടിക്കെട്ടി തൂക്കിയിടൽ.
ഉല്ലംബിത [സം.-ലംബിത] വി. 1. തൂക്കിയിട്ട; 2. ഋജുവായി നിറുത്തിയ, എഴുന്ന.
ഉല്ലരി [സം.വല്ലരീ] നാ. തളിര്, പൊടിപ്പ്, കൂമ്പ്.
ഉല്ലവ [സം.ഉദ്-ലല] വി. 1. ഇളകുന്ന, കുലുങ്ങുന്ന, വിറയ്ക്കുന്ന; 2. രോഗങ്ങൾ ബാധിച്ച; 3. കനത്ത രോമംകൊണ്ടു മൂടിയ.
ഉല്ലസത [സം.-ലസതാ] നാ. 1. പ്രകാശം; 2. ഉല്ലാസം, സന്തോഷം.
ഉല്ലസത്ത് [സം.-ലസത്] വി. 1. ഉല്ലസിക്കുന്ന, വിളങ്ങുന്ന; 2. ഉണ്ടാക്കുന്ന, പുറപ്പെടുന്ന.
ഉല്ലസനം [സം.-ലസന] നാ. 1. ഉല്ലാസം, സന്തോഷം; 2. രോമാഞ്ചം.
ഉല്ലസിക്കുക [സം.-ലസിക്കുക] ക്രി. 1. ശോഭയുള്ളതായിരിക്കുക, വിളങ്ങുക; 2. ഉല്ലാസത്തോടുകൂടിയിരിക്കുക, സന്തോഷിക്കുക, രസിക്കുക, കളിക്കുക; 3. വിടരുക.
ഉല്ലസിത [സം.-ലസിത] വി. 1. ഉല്ലസിച്ച, ശോഭയുള്ള; 2. വികസിച്ച; 3. സന്തോഷമുള്ള, ഉത്സാഹമുള്ള.
ഉല്ലളത്ത് [സം.-ലലത്] വി. 1. കുതിച്ചുചാടുന്ന, തുള്ളിച്ചാടുന്ന; 2. പൊട്ടിപ്പുറപ്പെടുന്ന, പൊന്തിവരുന്ന.
ഉല്ലളിത [സം.-ലലിത] വി. ഇളകിയ, ചാഞ്ചാടുന്ന, വിറയ്ക്കുന്ന.
ഉല്ലാഘ [സം.-ലാഘ] വി. 1. രോഗം മാറിയ, ആരോഗ്യം; 2. മനോവ്യഥ നീങ്ങിയ, സന്തോഷമുള്ള; 3. സാമർഥ്യമുള്ള.

ഉല്ലാഘം [സം.-ലാഘ] നാ. കുരുമുളക്.
ഉല്ലാഘവം [സം.-ലാഘവ] നാ. 1. മയ്‌വഴക്കം, മെയ്സ്വാധീനത; 2. കുറച്ചിൽ, അപമാനം. അവ്യ ധാരാളമായി.
ഉല്ലാപം [സം.-ലാപ<ലപ്] നാ. 1. വാക്ക്, ഭാഷണം; 2. കൊഞ്ചൽ; 3. ദു:ഖംകൊണ്ടോ അസുഖം കൊണ്ടോ ഉണ്ടാകുന്ന സ്വരഭേദം, ഒച്ചയടപ്പ്; 4. നിന്ദാവാക്ക്; 5. സൂചന, നിർദേശം.
ഉല്ലാപിക [സം.-ലാപികാ] വി. സൂചിപ്പിക്കുന്ന, നിർദേശിക്കുന്ന.
ഉല്ലാപ്യം,-പ്യകം [സം.] നാ. ഒരു ഉപരൂപകം, ഒരുതരം ഏകാങ്കനാടകം.
357
ഉല്ലാസക [സം.ഉദ്-ലാസക] വി. ഉല്ലസിപ്പിക്കുന്ന.
ഉല്ലാസനം [സം.-ലാസന] നാ. 1. പ്രകാശനം, പ്രകടനം; 2. പ്രകാശിക്കൽ, പ്രകാശം.
ഉല്ലാസം [സം.-ലാസ] നാ. 'ഉല്ലസിക്കുന്ന ഭാവം'. 1. സന്തോഷം, ആനന്ദോത്സവം; 2. പ്രകാശം, തിളക്കം; 3. വിടരൽ; 4. അധ്യായംപോലെ ചിലതരം പുസ്തകങ്ങളുടെ വിഭാഗം; 5. ഒരു അർഥാലങ്കാരം.
ഉല്ലാസി [സം.-ലാസിൻ] വി. 1. ഉല്ലസിക്കുന്ന, വിഹരിക്കുന്ന, നൃത്തം ചെയ്യുന്ന; 2. തിളങ്ങുന്ന, ശോഭിക്കുന്ന.
ഉല്ലാസ്യ [സം.-ലാസ്യ] അവ്യ. ഉല്ലസിപ്പിച്ചിട്ട്, പ്രകാശിപ്പിച്ചിട്ട്.
ഉല്ലിഖിത [സം.-ലിഖിത<ലിഖ്] വി. 1. ഉല്ലേഖനം ചെയ്യപ്പെട്ട, വരയ്ക്കപ്പെട്ട; 2. എഴുതപ്പെട്ട; 3. കീറിയ; 4. മിനുക്കിയ.
ഉല്ലീഢ [സം.-ലീഢ<ഉദ്-ലിഹ്] വി. 1. ഉരയ്ക്കപ്പെട്ട, തേക്കപ്പെട്ട; 2. മിനുക്കപ്പെട്ട, മിനുസമുള്ള, നിർമലമായ.
ഉല്ലുഞ്ചനം [സം.-ലുഞ്ചന<ലുഞ്ച്] നാ. പിഴുതെടുക്കൽ, പിഴുതുകളയൽ.
ഉല്ലുണ്ഠനം [സം.-ലുണ്ഠന] നാ. 1. ഉരുളൽ, ഉരുൾച്ച, നിലത്തുകിടന്ന് ഉരുണ്ടുമറിയൽ; 2. വ്യാജസ്തുതി.
ഉല്ലേഖനം [സം.-ലേഖന] നാ. 1. എഴുത്ത്; 2. ചിത്രം വരയ്ക്കൽ; 3. വരപ്പ്; 4. വരകൊണ്ട് അടയാളപ്പെടുത്തൽ; 5. ചുരണ്ടൽ; 6. കിളയ്ക്കൽ, കുഴിയ്ക്കൽ; 7. ഛർദി; 8. ഉല്ലേഖനം ചെയ്യൽ, ഒന്നിനെ അതിൻെറ ഗുണഭേദം അനുസരിച്ചു പലതിനോടും താരതമ്യപ്പെടുത്തി വർണിക്കൽ, കല്പന.
ഉല്ലേഖനീയ [സം.-ലേഖനീയ] വി. എടുത്തുപറയത്തക്ക, പ്രസ്താവിക്കത്തക്ക.
ഉല്ലേഖം [സം.-ലേഖ] നാ. 1. ഒരു അലങ്കാരം; 2. കിളയ്ക്കൽ; 3. മുപ്പത്തിമൂന്ന് നാട്യാലങ്കാരങ്ങളിൽ ഒന്ന്; 4. നാലുതരം ഗ്രഹയുദ്ധങ്ങളിൽ ഒന്ന്, (ഭേദം, അംശുമർദനം, അപസവ്യം എന്ന് മറ്റു മൂന്ന്).
ഉല്ലേഖി [സം.-ലേഖിൻ] വി. ഉല്ലേഖനം ചെയ്യുന്ന, വ്യക്തമാക്കുന്ന, വർണിക്കുന്ന.
ഉല്ലേഖിക്കുക [സം.<ഉല്ലേഖ<ഉദ്-ലിഖ്] ക്രി. 1. വർണിക്കുക, പ്രസ്താവിക്കുക; 2. മിനുക്കുക.
ഉല്ലേപിക [സം.ഉദ്-ലേപികാ<ലിപ്] നാ. 'ഉല്ലേപനം ചെയ്യാനുള്ളത്, പൂശാനുള്ളത്'; കുഴമ്പ്.
ഉല്ലേപിക്കുക [സം.<ഉല്ലേപ] ക്രി. സൂചിപ്പിക്കുക.
ഉല്ലോകനം [സം.ഉദ്-ലോകന] നാ. മുകളിലേക്കുള്ളനോട്ടം.

ഉല്ലോചം,–ചകം [സം.–ലോച്] നാ. മേൽക്കട്ടി, വിതാനം.
ഉല്ലോപിക [സം.–ലോപികാ] നാ. ഒരുതരം അപ്പം.
ഉല്ലോല [സം.–ലോല] വി. ഇളകുന്ന, ഇളകിമറിയുന്ന, ഉരുണ്ടുമുന്നേറുന്ന.
ഉല്ലോലം [സം.–ലോല] നാ. വലിയ തിരമാല.
ഉല്ലോളിത [സം.–ലോലിത] വി. ഇളക്കപ്പെട്ട, ചലിപ്പിക്കപ്പെട്ട, ആട്ടിയ, വീശിയ.
ഉല്വം [സം.] നാ. ഉല്ബം.
ഉവ1 [ഉവക്കുക] ധാതുരൂപം.
ഉവ2,ഉവാ [ത.ഉവാ] നാ. 1. തികവ്; 2. വാവ്.
ഉവക്കുക ക്രി. സന്തോഷിക്കുക, പ്രീതിയുണ്ടാവുക.
ഉവച്ചൻ [പ്രാ.ഉവജ്ഝായ<സം.ഉപാധ്യായ] നാ. ക്ഷേത്രങ്ങളിൽ ചെണ്ടകൊട്ടുകയും മറ്റും തൊഴിലായ ഒരു വർഗക്കാരൻ, മാരാൻ.
ഉവച്ചീര [ഉവ–ചീര] നാ. ഒരുതരം ചീര.
ഉവട്ടുക ക്രി. 1. അറപ്പു തോന്നുക, മനം മറിക്കുക, വെറുപ്പുകൊണ്ടു പിന്മാറുക; 2. ചെടിക്കുക, തികട്ടുക; 3. കവിഞ്ഞൊഴുകുക, തടിക്കുക, വർധിക്കുക.
ഉവണി [സം.കൃപാണി] നാ. വാൾ.
ഉവന്ന് [ഉവക്കുക] അവ്യ. വാത്സല്യത്തോടുകൂടി, സ്നേഹപൂർവം.
ഉവപ്പ് [<ഉവയ്ക്കുക] നാ. 1. സന്തോഷം, ആഹ്ലാദം; 2. ഐശ്വര്യം; 3. ആഗ്രഹം; 4. സ്നേഹം, വാത്സല്യം; 5. ഉയരം.
ഉവർ,ഓര് നാ. ഉപ്പ്, ഉപ്പുരസം.
ഉവർകാലി,ഓർക്കാലി[ഉവർ–കാലി] നാ. ഉപ്പുവെള്ളത്തിൽ കിടക്കാൻ ഇഷ്ടപ്പെടുന്ന എരുമയും മറ്റും.
ഉവർക്കടൽ [ഉവർ–കടൽ] നാ. ഉപ്പുകടൽ, ലവണസമുദ്രം.
ഉവർക്കാരം [ഉവർ–കാരം] നാ. ചവർക്കാരം.
ഉവർക്കുക [ത.ഉവർത്തല്] ക്രി. 1. ഉപ്പുരസം തോന്നുക; 2. വെറുപ്പുതോന്നുക.
ഉവർച്ചീര [ഉവർ–ചീര] നാ. = ഉവച്ചീര.
ഉവർനിലം [ഉവർ–നിലം] നാ. ഓരുവെള്ളം കേറുന്നസ്ഥലം, ഊഷര ഭൂമി.
ഉവ(ർ)ന്ന് [ഉവരുക] അവ്യ. സ്നേഹപൂർവം സൗജന്യമായി, ദാനമായി.
ഉവർപ്പ് നാ. 1. ഉപ്പുരസം; 2. വെറുപ്പ്.
ഉവർമണ്ണ്,ഉവരു–,ഊരു–[ഉവർ–മന്ന്] നാ. ഉവർനിലത്തിലെ മണ്ണ്, മൂത്രക്ഷാരമണ്ണ്.
ഉവർവാ [ഉവർ–വായ്] നാ. ചുണ്ടു വെടിച്ചു പൊട്ടൽ.
ഉവരി [പ.മ.] നാ. 'ഉവരുള്ളത്'. 1. കടൽ; 2. ഉപ്പുവെള്ളം, ഓരുവെള്ളം; 3. മൂത്രം.
ഉവരുപ്പ് [ഉവർ–ഉപ്പ്] നാ. 1. കടലുപ്പ്; 2. ഉവർ നിലത്തിലുണ്ടാകുന്ന ഉപ്പ്, മണ്ണുപ്പ്, ഔഷധലവണം.
ഉവവി [<ഉവക്കുക] നാ. 1. വാത്സല്യം, സ്നേഹം, പ്രീതി; 2. ധർമം, ഔദാര്യം; 3. സന്തോഷം.
ഉവവ് [ത.ഉറവു,ഉവാ] നാ. 1. വാവ്; 2. തപസ്സ്; 3. സന്തോഷം.
ഉവാ,ഉവാവ് [ത.ഉവാ] നാ. 1. വാ, പൗർണമാസിയോ അമാവാസിയോ; 2. തികവ്; 3. കടൽ.
ഉവാമതി [ഉവാ–മതി] നാ. പൂർണചന്ദ്രൻ.
ഉവ്വ1 വ്യാ. ഉവ്വ്.

ഉവ്വ2,ഉവ്വ്	നാ. ഊവ്, രോഗം, സുഖക്കേട് (ബാലഭാഷ).

ഉവ്വി [ത.ഉവ്വീ] നാ. 1. തല; 2. ഒരു നികുതി, തലയിറ, തലവരി.

ഉവ്1, ഒവ്വ്	വ്യാ. ശരി, അതേ, അങ്ങനെ തന്നെ, ഉണ്ട്.

ഉവ്വ്2 [ത. ഉവ്വു] നാ. തപസ്സ്.

ഉവ്വേ [ഉവ്വ്-ഏ] വ്യാ. 1. ശരിതന്നെ; 2. എടോ, എടീ എന്ന അർഥത്തിൽ സംബോധന.

ഉശതി, ഉഷതി	[സം. ഉശതി] നാ. 'രുശതി = കൊല്ലുക എന്നതിൻെറ അപപാഠം'. അമങ്ഗളവാക്ക്, ശ്രോതാവിന് വേദനയുണ്ടാക്കുന്ന വാക്ക്.

ഉശൻ	[<സം. ഉശനസ്] നാ. ഉശനൻ, ഉശനസ്സ്, ശുക്രൻ.

ഉശനൻ	[സം.] = ഉശൻ.

ഉശനശാസ്ത്രം	[സം. ഉശനസ്-ശാസ്ത്ര] നാ. ഔശനസം എന്ന ശാസ്ത്രം, ശുകമഹർഷി രചിച്ചതായി പറയപ്പെടുന്ന ധർമശാസ്ത്രം.

ഉശനസ്സ്	[സം.ഉശനസ്] നാ. 1. ഒരു മഹർഷി, കവ്യപുത്രൻ, അസുരഗുരു, ശുക്രമഹർഷി, ശുകനക്ഷത്രം; 2. പൃഥുശ്രവസ്സിൻെറ പുത്രനായ ഒരു രാജാവ്; 3. സുയജ്ഞൻെറ പുത്രനായ ഒരു രാജാവ്.

ഉശാനി, ഹുസേനി	[സംസ്കൃതീകൃതം] നാ. (സങ്ഗീ.) ഒരു രാഗം.

ഉശാർ, ഉജാർ, ഉഷാർ	[പേർ.] നാ. 'ബലം, ശക്തി'. ചൊടി, ഉത്സാഹം.

ഉശി [<സം. രുചി] നാ. സ്വാദ്.

ഉശിർ, ഉശിര്	നാ. 1. ഉയിർ, ജീവൻ, പ്രാണൻ; 2. ഉത്സാഹം, ചുണ, വീര്യം, ധൈര്യം, തൻേറടം. (പ്ര.) ഉശിരുപിടിപ്പിക്കുക = ചൊടിപ്പിക്കുക, ഉത്സാഹിപ്പിക്കുക.

ഉശിർപ്പ്	നാ. ഉശിര്, ഓജസ്സ്, പൗരുഷം.

ഉശിരൻ	വി. ഉശിരുള്ള, ഉശിർപ്പ് ഉണ്ടാക്കുന്ന. നാ. ഉശിരുള്ളവൻ, ചുണയൻ, തൻേറടക്കാരൻ.

ഉശീനരൻ	[സം.ഉശീ-നര] നാ. 1. ഉശീനരരാജ്യത്തിലെ ഒരു രാജാവ്; 2. ഉശീനരരാജ്യക്കാരൻ; 3. ശിബിപുത്രനായ വൃഷദർഭൻ; 4. കാമ്പില്യരാജ്യം വാണിരുന്ന ഒരു രാജാവ്, ഹരിശ്ചന്ദ്രൻെറ ഭാര്യയായ ചന്ദ്രമതിയുടെ പിതാവ്; 5. വസുദേവനു രോഹിണിയിൽ ജനിച്ച ഒരു പുത്രൻ.

ഉശീരബീജം	[സം.ഉശീര-ബീജ]	നാ. ഗങ്ഗയ്ക്കു സമീപം ഉള്ള ഒരു പർവതം.

ഉശീരം, ഉശീരകം	[സം. ഉശീര] നാ.	രാമച്ചം, രാമച്ചത്തിൻെറ വേര്.

ഉശീരികൻ	[സം.ഉശീരിക] നാ. രാമച്ചം വിൽക്കുന്നവൻ.

ഉശേനി, ഉശാനി	നാ. (സങ്ഗീ.) ഒരു രാഗം, ഹുസേനി.

ഉഷ1 [സം.ഉഷ്]	വി. കത്തുന്ന.

ഉഷ2 [സം.ഉഷാ] നാ. 1. ഉഷസ്സ്, പ്രഭാതകാലം, പുലർകാലം, സൂര്യോദയ സമയം; 2. ക്ഷേത്രത്തിൽ ഉഷസ്സിലെ പൂജ, ഉഷസ്സിൽ നിവേദിക്കുന്ന ചോറ്; 3. രാത്രി; 4. പ്രഭാതദേവത, ഉഷസ്സ്; 5. സങ്ഗ്രാമവിജയപൂജയിൽ അർച്ചിക്കപ്പെടുന്ന ഒരു ദേവത; 6. ഒരു നാഡി; 7. ബാണാസുരൻെറ മകൾ.

ഉഷങ്ഗു,-ങ്ഗൻ	[സം.] നാ. 1. ശിവൻ; 2. ഒരു ഋഷി.

ഉഷണ	[സം.ഉഷണാ] നാ. 1. തിപ്പലി; 2. ചുക്ക്; 3. ചെവിയം.

ഉഷണം	[സം.ഊഷണ] നാ. 1. എരിവ്; 2. കുരുമുളക്; 3. ഇഞ്ചി; 4. ചുക്ക്; 5. തിപ്പലിമൂലം.

ഉഷതി	നാ. = ഉശതി.

ഉഷൻ	[സം.ഉഷ] നാ. 'കാമതാപം ഉള്ളവൻ'. കാമി.

ഉഷപൻ [സം.ഉഷ–പ] നാ. 1. അഗ്നി; 2. സൂര്യൻ.
ഉഷപ്പ് [സം.<ഉഷസ്സ്] നാ. പ്രഭാതമാകൽ, പ്രഭാതം.
ഉഷപ്പൂജ [സം.ഉഷ:–പൂജ] നാ. ഉഷ:പൂജ എന്നു ശുദ്ധരൂപം. അമ്പലത്തിലെ പ്രഭാതപൂജ.
ഉഷം [സം.ഉഷ]നാ. 1. ഉഷസ്സ്; 2. ഗുഗ്ഗുലു; 3. ഉവർമണ്ണ്.
ഉഷമലരി [സം.ഉഷ–മ.മലരി] നാ. പീനാറി. (വ.മ.)
ഉഷയ്ക്കുക [<സം.ഉഷാ] ക്രി. നേരം വെളുത്തു തുടങ്ങുക, പുലരുക, ഉഷസ്സാവുക.
ഉഷർബുധൻ [സം.ഉഷസ്–ബുധ] നാ. 'ഉഷസ്സിൽ ഉണരുന്നവൻ'. 1. അഗ്നി; 2. കുട്ടി.
ഉഷസി [സം.] ഏ.വ. 'ഉഷസ് എന്നതിൻെറ സപ്തമി'. ഉഷസ്സിൽ, പ്രഭാതത്തിൽ.
ഉഷസ്സന്ധ്യ [സം.ഉഷസ്–സന്ധ്യാ] നാ. പുലർകാലം, പ്രഭാതം, രാത്രിയുടെ അവസാനത്തിനും സൂര്യോദയത്തിനും ഇടയ്ക്കുള്ള സമയം.
ഉഷസ്സ് [സം.ഉഷസ്] നാ. 1. പ്രഭാതകാലം, സൂര്യോദയ സമയം; 2. പ്രഭാതദേവത, ദ്യോവിൻെറ പുത്രിയും ആദിത്യന്മാരുടെയും രാത്രിയുടെയും സഹോദരിയും എന്നു വൈദിക സങ്കല്പം.
ഉഷ:കാലം,ഉഷകാലം [സം.ഉഷ:–കാല] നാ. പ്രഭാതം, പുലർകാലം.
ഉഷ:പൂജ [സം.ഉഷ:–പൂജാ] നാ. പ്രഭാത പൂജ, അമ്പലത്തിൽ രാവിലത്തെ പൂജ.
ഉഷാകാന്തൻ [സം.ഉഷാ–കാന്ത്] നാ. ഉഷയുടെ കാന്തൻ, അനിരുദ്ധൻ.
ഉഷാകാലം [സം.–കാല] നാ. പ്രഭാതം, ഉഷ:കാലം.
ഉഷാജലം,ഉഷോ– [സം.–ജലം] നാ. ഉഷസ്സിൽ പുൽത്തുമ്പത്തു കാണുന്ന ജലം, മഞ്ഞുതുള്ളി.
ഉഷാപതി [സം.–പതി] നാ. ബാണപുത്രിയായ ഉഷയുടെ ഭർത്താവ്, അനിരുദ്ധൻ.
ഉഷാർ നാ. = ഉജാർ.
ഉഷാസാനക്ത [സം.ഉഷാസാ–നക്താ] നാ. ഉഷസും രാത്രിയും.
ഉഷിത [സം.<വസ്] വി. 1. അധിവസിക്കപ്പെട്ട, താമസിച്ച, ഉറച്ച, കുടികൊള്ളുന്ന; 2. പഴകിയ; 3. ചുട്ട.
ഉഷിതം [സം.] നാ. വാസസ്ഥലം, വസിച്ചത്.
ഉഷുത്തില നാ. ഒരു മരുന്ന്, ഉഴുന്നില.
ഉഷ്ട്രകാണ്ഡി [സം.ഉഷ്ട്ര–കാണ്ഡീ] നാ. ഒട്ടകച്ചെടി, ചുവന്ന ചെറിയ പൂവുള്ള ഒരുതരം ചേമന്തി.
ഉഷ്ട്രഗ്രീവം,–വി [സം.–ഗ്രീവ,–ഗ്രീവീ] നാ. 1.ഭഗന്ദരരോഗം എട്ടുതരം ഉള്ളതിൽ ഒന്ന്; 2. അർശ്ശസ്സ്; 3. ഒട്ടകക്കഴുത്തിൻെറ ആകൃതിയിലുള്ള ഒരുതരം ആയുധം.
ഉഷ്ട്രഗ്രീവി [സം.–ഗ്രീവീ] നാ. ഒരുതരം ആയുധം, ഉഷ്ട്രഗ്രീവം
ഉഷ്ട്രനിഷദനം [സം.–നിഷദന] നാ. ഒരു യോഗാസനം.
ഉഷ്ട്രം [സം.ഉഷ്ട്ര] നാ. 'ഉഷ് എന്നതിൻ നിന്ന് ചിലർ വ്യുത്പാദിക്കുന്നു. വെയിൽകൊണ്ടു തപിക്കുന്നത് എന്നർഥം.' 1. ഒട്ടകം; 2. ഒരു പുരാതന രാജ്യം.
ഉഷ്ട്രയാനം [സം.–യാന] നാ. ഒട്ടക വണ്ടി.
ഉഷ്ട്രശിരോധരം [സം.–ശിരോധര] നാ. = ഉഷ്ട്രഗ്രീവം.
ഉഷ്ട്രാസനം [സം.–ആസന] നാ. ഒരു യോഗാസനം.
ഉഷ്ട്രാസ്യൻ [സം.–അസ്യ] നാ. ഒരു അസുരൻ, ഒട്ടകത്തിൻെറ മുഖമുള്ളവൻ.

ഉഷ്ട്രി1 [സം.ഉഷ്ട്രീ] നാ. 1. പെൺഒട്ടകം; 2. കയ്ക്കുന്ന കായ്കളുള്ള ഒരു ചെടി; 3. ഒട്ടകത്തിൻെറ ആകൃതിയിലുള്ള ഒരു മൺപാത്രം.
ഉഷ്ട്രി2 [സം.] നാ. വികൃതരീതിയിൽ സങ്ഗീതാലാപം ചെയ്യുന്നവരിൽ ഒരു വിഭാഗം.
ഉഷ്ട്രിക [സം.ഉഷ്ട്രികാ] നാ. 1. പെൺഒട്ടകം; 2. ഒട്ടകത്തിൻെറ ആകൃതിയിലുള്ള ഒരു മൺപാത്രം; 3. ഒരുതരം ചെടി.
ഉഷ്ണ [സം.<ഉഷ്] വി. ചൂടുള്ള. ഉദാ: ഉഷ്ണകാലം, ഉഷ്ണരശ്മി.
ഉഷ്ണക [സം.] വി. 1. ചൂടുള്ള, പൊള്ളുന്ന; 2. മിടുക്കുള്ള, ഉത്സാഹമുള്ള, ചുറുചുറുക്കുള്ള; 3. പനിക്കുന്ന, ജ്വരമുള്ള.
359
ഉഷ്ണകത [സം.ഉഷ്ണക-താ] നാ. ഉഷ്ണകമായിരിക്കുന്ന അവസ്ഥ, ക്രോധോദ്ദീപ്തഭാവം.
ഉഷ്ണകം [സം.ഉഷ്ണക] നാ. 1. പനി, ജ്വരം; 2. വേനൽ, ഗ്രീഷ്മകാലം; 3. പാക്ക്
ഉഷ്ണകരൻ [സം.ഉഷ്ണ-കര] നാ. ഉഷ്ണകിരണൻ, സൂര്യൻ.
ഉഷ്ണകാരകൻ [സം.-കാരക] നാ. 'ചൂട് ഉണ്ടാക്കുന്നവൻ'. സൂര്യൻ.
ഉഷ്ണകാലം [സം.-കാല] നാ. വേനൽക്കാലം.
ഉഷ്ണകിരണൻ [സം.-കിരണ] നാ. ഉഷ്ണകരൻ, സൂര്യൻ.
ഉഷ്ണഗു [സം.-ഗു] നാ. 'ഉഷ്ണമായ ഗോക്കൾ (രശ്മികൾ) ഉള്ളവൻ'. സൂര്യൻ.
ഉഷ്ണജ്വരം [സം.-ജ്വര] നാ. 1. ഒരുവക ജ്വരം; 2. ശിവജ്വരം, ശിവൻെറ ഭൃത്യൻ.
ഉഷ്ണത [സം.-താ] നാ. ചൂടുള്ള അവസ്ഥ, ചൂട്, ഉഷ്ണത്വം.
ഉഷ്ണത്വം [സം.-ത്വ] നാ. ഉഷ്ണത, ചൂട്.
ഉഷ്ണത്വിട്ട് [സം.-ത്വിഷ്] നാ. സൂര്യൻ.
ഉഷ്ണദീധിതി [സം.-ദീധിതി] നാ. ഉഷ്ണകിരണൻ.
ഉഷ്ണൻ [സം.] നാ. ചൊടിയുള്ളവൻ, സമർഥൻ.
ഉഷ്ണനദി [സം.-നദീ] നാ. വൈതരണി, നരകത്തിലെ നദി.
ഉഷ്ണപൻ [സം.-പ] നാ. ഊഷ്മപൻ, ചൂടോടെ ആഹാരം കഴിക്കുന്നവൻ.
ഉഷ്ണപ്പുണ്ണ് [സം.-മ.പുണ്ണ്] നാ. പകരുന്ന ഒരു ഗുഹ്യരോഗം, പിത്തപ്പുണ്ണ്, പറങ്കിപ്പുണ്ണ്.
ഉഷ്ണം [സം.] നാ. 1. ചൂട്, താപം, വെയിൽ തീ ഇവയാൽ ശരീരം കായുന്നുവെന്ന തോന്നൽ ക്ഷ് ശീതം; 2. വേനൽക്കാലം; 3. എരിവ്; 4. താത്പര്യം, വാശി; 5. കോപം; 6. ചുവന്നുള്ളി; 7. ഒരു നരകം; 8. ക്രൗഞ്ചദ്വീപിലുള്ള ഒരു ദേശം.
ഉഷ്ണമണ്ഡലം [സം.-മണ്ഡല] നാ. ഉഷ്ണമേഖല.
ഉഷ്ണമാപിനി [സം.-മാപിനീ] നാ ചൂട് അളക്കുന്നതിനുള്ള യന്ത്രം, ഘർമമാത്ര.
ഉഷ്ണമേഘല [സം.-മേഘലാ] നാ. ഉത്തരായണരേഖയ്ക്കും ദക്ഷിണായന രേഖയ്ക്കും മധ്യേയുള്ള ഭൂഭാഗം. മധ്യരേഖയ്ക്കടുത്തഭാഗം.
ഉഷ്ണരശ്മി [സം.-രശ്മി] നാ. സൂര്യൻ.
ഉഷ്ണരോഗം [സം.-രോഗ] നാ. ഉഷ്ണപ്പുണ്ണ്, ഒരു ഗുഹ്യരോഗം.
ഉഷ്ണവാതം [സം.-വാത] നാ. 1. ചൂടുള്ള കാറ്റ്; 2. ഒരു രോഗം, ഒരുതരം മൂത്രാഘാതം.

ഉഷ്ണആരണം [സം.-വാരണ] നാ. ഉഷ്ണത്തെ (വെയിലിനെ) തടയുന്നത്, കുട.
ഉഷ്ണവീര്യം [സം.-വീര്യ] നാ. ഔഷധത്തിന് ഉഷ്ണരീതിയിലുള്ള വീര്യം, മറ്റതു ശീതവീര്യം.
ഉഷ്ണശിഖ [സം.-ശിഖാ] നാ. (ജ്യോ.) ഓരോ നക്ഷത്രത്തിലും നിശ്ചിത സമയത്തേക്കുള്ള മുഹൂർത്തദോഷം.
ഉഷ്ണസ്രാവം [സം.-സ്രാവ<സ്രു] നാ. ഒരു ഗുഹ്യരോഗം, അസ്ഥിസ്രാവം.
ഉഷ്ണാഗമം [സം.-ആഗമ] നാ. വരൾച്ചക്കാലത്തിൻെറ വരവ്, വേനൽക്കാലാരംഭം.
ഉഷ്ണാംശു [സം.-അംശു] നാ സൂര്യൻ.
ഉഷ്ണിക [സം.ഉഷ്ണികാ] നാ. കഞ്ഞി.
ഉഷ്ണിക് [സം.ഉഷ്ണിക്-ഹ്<ഉത്-സ്നിഹ്] നാ. ഒരു ഛന്ദസ്സ്.
ഉഷ്ണിക്കുക [സം.<ഉഷ്ണ] ക്രി. 1. ഉഷ്ണം തോന്നുക, ചൂട് അനുഭവപ്പെടുക; 2. കോപിക്കുക.
ഉഷ്ണിമാ(വ്) [സം.ഉഷ്ണിമൻ] നാ. 1. ചൂട്; 2. വേനൽ.
ഉഷ്ണീഗങ്ഗ [സം.ഉഷ്ണീ-ഗങ്ഗാ] നാ. ചൂടുള്ള ഗങ്ഗ.
ഉഷ്ണീനാഭൻ [സം.-നാഭ] നാ. വിശ്വദേവന്മാരിൽ ഒരാൾ.
ഉഷ്ണീഷകൻ [സം.ഉഷ്ണീഷക] നാ. തലപ്പാവു കെട്ടുന്നവൻ.
ഉഷ്ണീഷം [സം.ഉഷ്ണീഷ] നാ. 'ഉഷ്ണം ഈഷതേ, ഹിനസ്തി = ഉഷ്ണത്തെ തടുക്കുന്നത്'. 1. തൊപ്പി, തലപ്പാവ്, കിരീടം; 2. ബുദ്ധൻെറ തലക്കെട്ട്, ശുദ്ധിസൂചകം.
ഉഷ്ണീഷി [സം.ഉഷ്ണീഷിൻ] നാ. 1. ഉഷ്ണീഷമുള്ളവൻ, തലപ്പാവു ധരിച്ചിട്ടുള്ള ആൾ; 2. ശിവൻ.
ഉഷ്ണേതര [സം.ഉഷ്ണ-ഇതര] വി. ചൂടുള്ളതല്ലാത്ത, തണുത്ത.
ഉഷ്ണേതരാംശു [സം.-ഇതര-അംശു] നാ. ശീതാംശു, ചന്ദ്രൻ.
ഉഷ്ണോദകം [സം.-ഉദക] നാ. ചൂടുവെള്ളം.
ഉഷ്ണോപഗമം [സം.-ഉപഗമ] നാ. ഉഷ്ണാഗമം.
ഉഷ്മജ [സം.ഉഷ്മ-ജ] വി. വിയർപ്പു മുതലായവയിൽനിന്ന് ഉണ്ടാകുന്ന.ഉഷ്മഭാസ്സ് [സം.ഉഷ്മ-ഭാസ്] നാ. സൂര്യൻ.
ഉഷ്മം [സം.ഉഷ്മൻ] നാ. 1. ചൂട്; 2. വേനൽക്കാലം; 3. കോപം; 4. ഉത്സാഹം, താത്പര്യം.
ഉഷ്മാഗമം [സം.ഉഷ്മ-ആഗമ] നാ. ഉഷ്ണാഗമം
ഉഷ്മായണം [സം.-അയന] നാ. ഗ്രീഷ്മർത്തു.
ഉസിർ,ഉസിറു,ഉസൂർ,ഉയിർ നാ. ഉശിർ.
ഉസു,വുസു [അറ.] നാ. നമസ്കാരത്തിനുമുമ്പു ചെയ്യുന്ന ശരീരശുദ്ധി, അങ്ഗപ്രക്ഷാളനം.
ഉസൂൽ [അറ.] നാ. നിയമങ്ങൾ.
ഉസ്താദ്,ഒസ്താദ് [ഹി.ഉസ്താദ്] നാ. ഗുരു.
ഉസ്യത്ത് [അറ.വസീയത്] നാ. ഒസ്യത്ത്.
ഉസ്ര [സം.ഉസ്രാ] നാ. 1. പ്രഭാതം, പുലരി. (ചുവന്ന പശുവായി സങ്കൽപം); 2. പശു; 3. ഭൂമി; 4. പ്രകാശമാനമായ ആകാശം; 5. എലിച്ചെവി.
ഉസ്രധന്വാ(വ്) [സം.ഉസ്ര-ധന്വൻ] നാ. 1. ശോഭയുള്ള വില്ലോടുകൂടിയവൻ; 2. ഇന്ദ്രൻ.
ഉസ്രൻ [സം.ഉസ്ര] നാ. 1. സൂര്യരശ്മി; 2. പശു, കാള; 3. ദൈവം.

ഉസ്രം [സം.] നാ. 1. രശ്മി; 2. ദിവസം; 3. കാള.
ഉസ്രിക [സം.ഉസ്രികാ] നാ. പശു.
ഉസ്രികം [സം.ഉസ്രിക] നാ. 1. ചെറിയ കാള; 2. വയസ്സായ കാള.
ഉസ്രിയ1 [സം.] വി. 1. പശുവിനേയോ കാളയേയോ സംബന്ധിച്ച; 2. ചുവന്ന, പ്രകാശിക്കുന്ന.
ഉസ്രിയ2 [സം.ഉസ്രിയാ] നാ. 1. പശു; 2. പ്രകാശം; 3. കന്നു കുട്ടി.
ഉസ്രിയൻ [സം.ഉസ്രിയ] നാ. കാളക്കൂറ്റൻ.
ഉസ്സി നാ. സ്നേഹിതൻ, കൂട്ടുകാരൻ.
ഉൾ1 [ധാതുരൂപം] ഖി.ധാ. ഉണ്ട്, ഉള്ള, ഉള്ളു മുതലായ രൂപങ്ങൾ കാണുക.
ഉൾ2 നാ. 1. ഉള്ള്, അകം. ഉദാ: വീട്ടിനുള്ളിൽ, പറഞ്ഞ സമയത്തിനുള്ളിൽ, ഉള്ളിലും പുറമേയും; 2. ഹൃദയം, മനസ്സ്. ഉള്ളം.
ഉൾ3 [പ.മ.] (വ്യക.) ആധാരികാവിഭക്തിപ്രത്യയം. ഇന്നത്തെ 'ഇൽ' എന്ന അർഥത്തിൽ.
ഉൾക്കടൽ [ഉൾ–കടൽ] നാ. 'കരയ്ക്ക് ഉള്ളിലേക്കു കയറിക്കിടക്കുന്ന കടൽ'. 1. മൂന്നുവശവും കരയാൽ ചുറ്റപ്പെട്ട കടൽ; 2. കടലിൻെറ ഉൾഭാഗം, അകക്കടൽ.
ഉൾക്കട്ടി [ഉൾ–കട്ടി] നാ. 1. ഉള്ളിലെ ഉറപ്പ്, അകക്കഴമ്പ്, ഉദാ.ഉൾക്കട്ടിയുള്ള നാളികേരം; 2. സാന്ദ്രത; 3. അന്തസ്സാരം; 4. ധൈര്യം.
ഉൾക്കണ്ണ് [ഉൾ–കണ്ണ്] നാ. ഉള്ളിലെ കാഴ്ച, മനസ്സാകുന്ന കണ്ണ്, ജ്ഞാനദൃഷ്ടി, അകക്കണ്ണ്.
ഉൾക്കനം [ഉൾ–കനം] നാ. 1. ഉള്ളിലെ കനം, ഉൾക്കട്ടി; 2. മനക്കട്ടി, ധൈര്യം, സ്ഥൈര്യം.
ഉൾക്കനിവ് [ഉൾ–കനിവ്] നാ. ഉള്ളിലെ കനിവ്, സ്നേഹം, ദയ, അലിവ്.
ഉൾക്കപടം [മ.ഉൾ–സം.കപട] നാ. ഉള്ളിലെ കപടത, പുറത്തു കാണിക്കാത്ത കള്ളം, വഞ്ചന.
ഉൾക്കമലം [മ.ഉൾ–സം.കമല] നാ. 'മനസ്സാകുന്ന കമലം'. മനതാര്, മനസ്സ്, ഉള്ള്.
ഉൾക്കമ്പം [ഉൾ–സം.കമ്പ] നാ. ഉള്ളിൻെറ കമ്പം, സംഭ്രമം, ഉള്ളുലച്ചിൽ, അസ്വാസ്ഥ്യം.
ഉൾക്കരപ്പൻ [ഉൾ–കരപ്പൻ] നാ. = അകക്കരപ്പൻ.
ഉൾക്കരൾ [ഉൾ–കരൾ] നാ. ഉൾക്കാമ്പ്.
ഉൾക്കരുത്ത് [ഉൾ–കരുത്ത്] നാ. ഉള്ളുറപ്പ്, മനോബലം, ധൈര്യം.
ഉൾക്കലരുക [ഉൾ–കലരുക] ക്രി. 1. ഇടകലരുക, ചേരുക; 2. മനസ്സിൽ ഉദിക്കുക.
ഉൾക്കളം [ഉൾ–കളം] നാ. മനസ്സ്, ഹൃദയം.
ഉൾക്കള്ളി [ഉൾ–കള്ളി] നാ. ഉള്ളുകള്ളി, ആന്തരമായ രഹസ്യം, ഗൂഢാർഥം.
ഉൾക്കാണം [ഉൾ–കാണം] നാ. ഉൾക്കോഴ, കൈക്കൂലി.
ഉൾക്കാമ്പ് [ഉൾ–കാമ്പ്] നാ. മനസ്സ്, ഹൃദയം, അകക്കാമ്പ്.
ഉൾക്കിടിലം,–കിടുക്കം,–കിടുപ്പ് [ഉൾ–കിടിലം] നാ.മനസ്സിൻെറ കിടുക്കം, പരിഭ്രമം, സ്തോഭം.
ഉൾക്കുടിയാൻ [ഉൾ–കുടിയാൻ] നാ. സ്ഥലത്തു താമസിച്ചു കൃഷിചെയ്തു മുഴുവൻ വാരവും പറ്റുന്ന കൃഷിക്കാരൻ.
ഉൾക്കുതുകം [മ.ഉൾ–സം.കുതുകം] നാ. ഉള്ളിലെ സന്തോഷം, ഹൃദയം നിറഞ്ഞ ആഹ്ലാദം.
ഉൾകുത്തക [ഉൾ–കുത്തക] നാ. കുത്തകക്കാരൻ വേറൊരാൾക്കു നൽകുന്ന കീഴ്കുത്തക.

ഉൾക്കുപ്പായം [ഉൾ–കുപ്പായം] നാ ഉള്ളുടുപ്പ്.
ഉൾക്കുരുന്ന് [ഉൾ–കുരുന്ന്] നാ. 'കുരുന്നുപോലെ മൃദുവായ ഉള്ള്'. അകക്കുരുന്ന്, മനസ്സ്.
ഉൾക്കുളിർ [ഉൾ–കുളിർ] നാ. 1. ഉള്ളിൽ തോന്നുന്ന തണുപ്പ്; 2. ആശ്വാസം.
ഉൾക്കെട്ട് [ഉൾ–കെട്ട്] നാ. 1. ഒരു കണ്ഠാഭരണം; 2. കെട്ടുദോഷം, ക്ഷുദ്രപ്രയോഗംകൊണ്ടും മറ്റും ഉള്ളിൽ ഉണ്ടാകുന്ന ഉപദ്രവം, കൈവിഷം കൂടോത്രം മുതലായവകൊണ്ടുള്ള പീഡ.
ഉൾക്കൈ [ഉൾ–കൈ] നാ. സഹായം.
ഉൾക്കൊള്ളുക,–കൊൾക [ഉൾ–കൊള്ളുക] ക്രി. 1. ഉള്ളിലാക്കുക; 2. വിഴുങ്ങുക, തിന്നുക; 3. മനസ്സിലാക്കുക, മനസ്സിൽ വയ്ക്കുക; 4. ഉള്ളിലടക്കുക, ഉള്ളിൽപ്പെടുത്തുക; 5. മനസ്സിന് വിഷയമാക്കുക, അനുഭവപ്പെടുക.
ഉൾക്കോപം [സം.–കോപ] നാ. ഉള്ളിലെ കോപം, വെളിയിൽ പ്രകടിപ്പിക്കപ്പെടാത്ത കോപം.
ഉൾക്കോഴ [ഉൾ–കോഴ] നാ. 1. മനോമാലിന്യം, മനസ്സിലെ അഴുക്ക്; 2. കൈക്കൂലി.
ഉൾച്ചതി [ഉൽ–ചതി] നാ, സൂത്രം, കൗശലം.
ഉൾച്ചാർത്ത്,ഉച്ചാർത്ത് [ഉൾ–ചാർത്ത്] നാ. കൗപീനം, കോണകം. (ആ.ഭാ.)
ഉൾച്ചിരി [ഉൾ–ചിരി] നാ. ഉള്ളിലടക്കിയ ചിരി, ഉള്ളുകൊണ്ടുള്ള ചിരി, കള്ളച്ചിരി.
ഉൾച്ചൂട് [ഉൾ–ചൂട്] നാ. 1. ഉള്ളിലെ പനി; 2. മനസ്താപം, ദു:ഖം.
ഉൾച്ചേർച്ച [ഉൾ–ചേർച്ച] നാ. സ്നേഹം, ഹൃദയപ്പൊരുത്തം.
ഉൾച്ചേരുക [ഉൾ–ചേരുക] ക്രി. 1. ഉള്ളിൽ ചേരുക, കൂടിക്കലരുക; 2. മനസ്സുമായി പൊരുത്തപ്പെടുക, ഹൃദയത്തിൽ തങ്ങുക.
ഉൾത്തടം [മ.ഉൾ–സം.തട] നാ. ഹൃദയം, മനസ്സ്.
ഉൾത്തട്ട് [ഉൾ–തട്ട്] നാ. ഉൾത്തടം.
ഉൾത്തണ്ട് [ഉൾ–തണ്ട്] നാ. ഉൾത്തടം.
ഉൾത്തളിർ [ഉൾ–തളിർ] നാ. 'തളിർ പോലുള്ള മനസ്സ്'. ഹൃദയം, മനസ്സ്.
ഉൾത്തള്ളൽ [ഉൾ–തള്ളൽ] നാ. അഹങ്കാരം, ഔദ്ധത്യം.
ഉൾത്താപം [മ.ഉൾ–സം.താപ] നാ. ഉള്ളിലെ ചൂട്, ദു:ഖം, മനോവേദന.
ഉൾത്താർ [ഉൾ–താർ] നാ. 'പൂവുപോലുള്ള മനസ്സ്'. മനസ്സ്, ഹൃദയം.
ഉൾത്തിങ്ങുക [ഉൾ–തിങ്ങുക] ക്രി. ഉള്ളിൽ തിങ്ങുക, അകത്തു നിറയുക.
ഉൾത്തിട്ടം [ഉൾ–തിട്ടം] നാ. ഉള്ളിൽ തോന്നുന്ന തീർച്ച, തീരുമാനം, നിശ്ചയം.
ഉൾത്തീ [ഉൾ–തീ] നാ. ഉള്ളിലെ തീ, അന്തസ്താപം.
ഉൾത്തൂർന്ന [ഉൾ–തൂർന്ന<തുരുക] ഭൂ.പേ. ഉള്ളിൽ ഞെരുങ്ങി നിറഞ്ഞ, ഇടതൂർന്ന, സാന്ദ്രമായ, നിബിഡമായ.
ഉൾത്തുർന്ന് [ഉൾ–തുർന്ന്<തുരുക] മു.വി. ഉള്ളിൽ നിറഞ്ഞ്, ഇടതൂർന്ന്, സാന്ദ്രമായി.
ഉൾത്രാസം [ഉൾ–ത്രാസ] നാ. മനസ്സിലുള്ള ഭയം.
ഉൾനാട് [ഉൾ–നാട്] നാ. നാട്ടിൻപുറം, ഗ്രാമപ്രദേശം.
ഉൾപ്പക [ഉൾ–പക] നാ മനസ്സിലൊതുക്കിയ ശത്രുത, രഹസ്യവൈരം.

ഉൾപ്പനി [ഉൾ–പനി] നാ. വെളിക്കു ചൂട് അനുഭവപ്പെടാതെ ശരീരത്തിനുള്ളിൽ ഉണ്ടാകുന്ന ജ്വരം.
ഉൾപ്പറങ്കി [ഉൾ–പറങ്കി] നാ. ഒരുതരം പറങ്കിപ്പുണ്ണ്.
ഉൾപ്പാടൻ [ഉൾ–പാട്–അൻ] നാ. ക്ഷേത്രത്തിൽ അകത്തെ കാര്യങ്ങൾ നടത്തുന്ന ജീവനക്കാരൻ.
361
ഉൾപ്പിരിവ് [ഉൾ–പിരിവ്] നാ. ഒന്നിൻെറ പല വിഭാഗങ്ങളിൽ ഒന്ന്, ഉപവിഭാഗം.
ഉൾപ്പുകുക,–പൂകുക [ഉൾ–പുകുക] ക്രി. ഉള്ളിൽ പ്രവേശിക്കുക, അകത്തുകടക്കുക.
ഉൾപ്പുണ്ണ് [ഉൾ–പുണ്ണ്] നാ. വയറ്റിനുള്ളിൽ ഉണ്ടാകുന്ന പുണ്ണ്, ഉദരവ്രണം.
ഉൾപ്പുഴുക്ക്,–പുഴുക്കൽ [ഉൾ–പുഴുക്ക്] നാ. ഉള്ളിലെ പുഴുക്ക്, ഉള്ളിലെ എരിച്ചിൽ, വിദാഹം.
ഉൾപ്പൂ(വ്) [ഉൾ–പൂവ്] നാ. 'പൂവു പോലെയുള്ള മനസ്സ്'. മനസ്സ്, ഹൃദയം.
ഉൾപ്പെടുക [ഉൾ–പെടുക] ക്രി. 'ഉൾപ്പടുക എന്നു പഴയ രൂപം'. 1. ചേരുക, മറ്റൊന്നിൽ ഒതുങ്ങുക, ഒന്നിനുള്ളിൽ അടങ്ങിയിരിക്കുക; 2. ബന്ധപ്പെടുക, കുടുങ്ങുക; 3. ഇടപെടുക, പ്രവേശിക്കുക, ഏർപ്പെടുക.
ഉൾപ്പേടി [ഉൾ–പേടി] നാ. ഉള്ളിലെ പേടി, മനസ്സിലെ ഭയം.
ഉൾപ്പൊരുൾ [ഉൾ–പൊരുൾ] നാ. ഉള്ളിലെ പൊരുൾ, ആന്തരമായ അർഥം, ഒളിവായിക്കിടക്കുന്ന അർഥം, ഗൂഢാർഥം.
ഉൾപ്പോര് [ഉൾ–പോര്] നാ. 1. ശത്രുത മനസ്സിൽ മറച്ചുവച്ചുകൊണ്ടുള്ള പെരുമാറ്റം, ഉൾപ്പക, വൈരം; 2. മത്സരം, അസൂയ; 3. പക, പ്രതികാരം.
ഉള്മദം [മ.ഉൾ–സം.മദ] നാ. ഉള്ളിലെ മദം, അഹങ്കാരം.
ഉള്മാന്തം, ഉളമാന്തം [ഉൾ–മാന്തം] നാ. ഉള്ളിലെ മാന്ദ്യം, ദഹനക്കേട്.
ഉൾവരി [ഉൾ–വരി] നാ. അകത്തെ വരുമാനം, അന്തരായം, അത്തരം നികുതി ക്ലിപ്തപ്പെടുത്തി ക്കൊണ്ടുള്ള രേഖ.
ഉൾവലിവ് [ഉൾ–വലിവ്] നാ. ഉള്ളിലേക്കുള്ള വലിവ്.
ഉൾവാരിയം [ഉൾ–വാരിയം] നാ. ക്ഷേത്രത്തിനുള്ളിലെ കാര്യവിചാരം.
ഉൾവെട്ട് [ഉൾ–വെട്ട്] നാ. 1. അറുത്ത തടിയുടെ അകത്തെ ഭാഗം; 2. ചതി; 3. അന്യരെ കബളിപ്പിച്ച് ഉണ്ടാക്കുന്ന ലാഭം.
ഉള1 [ഉളയുക] ധാതുരൂപം.
ഉള2 വി. ഉള്ള.
ഉള3 (പ.മ.)[ഉൾ–അ] ക്രി. (ബ.വ.) ഉണ്ട് 'ഉൾ' എന്ന ധാതുവിൻെറ നപുംസകബഹുവചനരൂപം, വർത്തമാനകാലം. ആധുനികഘട്ടത്തോടുകൂടി ഈ രൂപം ലുപ്തപ്രചാരമായി.
ഉള4 [ത.ഉളൈ] നാ. 1. രോമം; 2. കുഞ്ചിരോമം; 3. ഒരു കാട്ടു മരം, മലമുകളിലെ പുൽമേടുകളിൽ വളരുന്നത്. (ഗിരിവർഗഭാഷ); 4. ചെളി.
ഉളക് നാ. കളരിപ്പയറ്റിലെ ഒരു അടവ്, തട, ഉളവ്2.
ഉളച്ചിൽ [<ഉളയുക] നാ. വേദന.
ഉളത് (പ.മ.) നാ ഉള്ളത്.
ഉളത്തൽ നാ. 1. ചിന്തൽ; 2. തടവൽ.

ഉളൻ (പ.മ.)[ഉള്-അൻ] നാ. 1. ഉണ്ടായവൻ, ജനിച്ചവൻ, (സ്ത്രീ) ഉളവൾ. (ബ.വ.) ഉളർ; 2. സ്ഥിതിചെയ്യുന്നവൻ, സന്നിഹിതൻ, വർത്തിക്കുന്നവൻ; 3. ജീവിച്ചിരിക്കുന്ന ആൾ; 4. ഉള്ളവൻ, ആഖ്യതമായും പ്രയോഗം.

ഉളനാകുക [ഉളൻ-ആകുക] ക്രി. 1. ഉണ്ടാവുക, ഉണ്ടായിരിക്കുക, ജീവിച്ചിരിക്കുക. ('ഉളൻ' നോക്കുക) ഉളവാകുക; 2. പ്രത്യക്ഷപ്പെടുക, സന്നിഹിതനാവുക.

ഉളപ്പ് [ത.ഉളപ്പു] നാ. 1.വിറയൽ, കുലുക്കം; 2. ശബ്ദം; 3. മടി

ഉളം നാ. ഉള്ളം (കവിതയിൽ).

ഉളമ (പ.മ.) നാ. ഉളമൈ, ഉണ്മ, സത്യം, സത്യാവസ്ഥ, യാഥാർഥ്യം.

ഉളയുക [ത.ഉളൈതല്] ക്രി. 1. വേദനിക്കുക; 2. (ഒളി) പ്രകാശിക്കുക.

ഉളയ്ക്കുക ക്രി. 1. ശബ്ദിക്കുക, കൂവുക; 2. പന്തുകളിക്കുക.

ഉളവാകുക [ഉളവ്-ആകുക] ക്രി. ഉണ്ടാവുക, ജനിക്കുക, സംഭവിക്കുക. താരത. ഉളതാകുക.

ഉളവ്1 നാ. ഉണ്ടാകൽ, ഉദ്ഭവം (ഉളവാകുക എന്നപോലെ പ്രയോഗം).

ഉളവ്2 നാ. = ഉളക്

ഉളവ്3 [<ഉളയുക] നാ. ഉളച്ചിൽ.

ഉളർ1 [ഉളറുക] ധാതുരൂപം.

ഉളർ2 ആഖ്യാതനാമം ഉളൻ എന്നതിൻെറ ബ.വ.

ഉളറുക ക്രി. കഥയില്ലായ്മ പറയുക, പുലമ്പുക, ജല്പിക്കുക, ഭയംകൊണ്ടും മറ്റും അർഥമില്ലാതെ സംസാരിക്കുക.

ഉളി1 [ഉളിയുക] ധാതുരൂപം.

ഉളി2 [<ഉൾ] നാ. മൂർച്ചയുള്ള വായ്ത്തലയോടുകൂടിയ ഒരു ഉപകരണം, മരപ്പണിക്കും മറ്റുമുള്ള ഒരു ആയുധം. (പ്ര.) ചാട്ടുളി, ഉളിയമ്പ്, ഉളിചാണ്ടുക, ഉളിചാട്ടുക = ഉളി ലക്ഷ്യത്തിലേക്ക് എറിയുക.

ഉളിങ്കോട്ട് നാ. ഒരു കാർഷികോപകരണം, കങ്കോട്ട്. താരത. കൈക്കോട്ട്.

ഉളിച്ചൽ [<ഉളിയുക2] നാ. മിനുക്കം, തിളക്കം.

ഉളിന്തച്ചൻ നാ. ഉളിയന്നൂർ പെരുന്തച്ചൻ.

ഉളിന്തൻ [സം.ഉലിന്ദ] നാ. ശിവൻ.

ഉളിപ്പല്ല് [ഉളി-പല്ല്] നാ. മൂർച്ചയുള്ള മുൻപല്ല്.

ഉളിയന്നൂർപെരുന്തച്ചൻ,ഉളിന്തച്ചൻനാ. പറയിപെറ്റ പന്തിരുകുലത്തിൽപ്പെട്ട ഒരു ജ്ഞാനി. വരരുചിയുടെ പുത്രൻ, വിദഗ്ധനായ ശിൽപി.

ഉളിയം [ത.ഉളിയം] നാ. കരടി.

ഉളിയമ്പ് [ഉളി-അമ്പ്] നാ. ഉളിപോലെ വായ്ത്തലയുള്ള ഒരു തരം അമ്പ്.

ഉളിയുക1 ക്രി. ഒളിയുക, മറയുക, ആരും കാണാതെ മറഞ്ഞു നിൽക്കുക, മറ്റുള്ളവരുടെ ശ്രദ്ധയിൽപ്പെടാതിരിക്കുക.

ഉളിയുക2 [<ഒളി] ക്രി. പ്രകാശിക്കുക, തിളങ്ങുക, മിന്നുക.

ഉളു1 [ഉളുക്കുക] ധാതുരൂപം.

ഉളു2 നാ. മരത്തിലുള്ള പുഴു, തടി തുരക്കുന്ന കീടം.

ഉളുക്കൽ നാ. 1. ഉളുക്ക്; 2. പുഴു തുളയ്ക്കൽ.

ഉളുക്ക് നാ. എല്ലിൻെറ കുഴ തിരിയൽ, കൊളുത്ത്, ഇടർച്ച, സന്ധിമുക്തം. (പ്ര.) ഉളുക്ക് ഇഴയ്ക്കുക, ഉളുക്കുപറ്റുക. (ആല.) തകരാറ്, നഷ്ടം.

ഉളുക്കുക1 ക്രി. 1. എല്ലിന്റെ കുഴ തെറ്റുകയോ മാറുകയോ ചെയ്യുക, അസ്ഥിയുടെ സന്ധിയിൽ കൊളുത്തിപ്പിടിക്കുക; 2. രോമാഞ്ചം ഉണ്ടാവുക.
ഉളുക്കുക2 [ത.ഉളുത്തല്] ക്രി. പുഴു തുളച്ചു ചീത്തയാവുക, ദ്രവിക്കുക, പൊടിഞ്ഞുപോവുക.
ഉളുഞ്ചി നാ. ചവർക്കായി മരം, പശക്കൊട്ട. താരത. പുളുഞ്ചി.
ഉളുന്ത നാ. കടൽച്ചൊറി.
ഉളുപ്പൻ നാ. ഉളു2.
ഉളുപ്പി, ഉഴപ്പി നാ. തലപ്പന്തുകളിയിലെ ആറാമത്തെ ഇനം. (വ.മ.) കാലാങ്കീഴ്.
ഉളുപ്പ്1 [<ഉളുക്കുക] നാ. ഉളുന്തുപോകൽ, കീടങ്ങൾ കയറി ധാന്യത്തിനും തടിക്കും മറ്റും വരുന്ന കേട്.
ഉളുപ്പ്2 നാ. 1. ലജ്ജ, നാണം, കൂച്ചം. താരത. ഇളിപ്പ്; 2. നടുക്കം, ശബ്ദം.
ഉളുമ്പ്1 [<ഉളു2] നാ. 1. ധാന്യം തുളയ്ക്കുന്ന ഒരിനം പുഴു, ഉളുപ്പൻ; 2. മഴക്കാലത്ത് മനുഷ്യനെ കുത്തുന്ന ഒരുവക ഈച്ച.
ഉളുമ്പ്2,ഉലുമ്പ് നാ. മീനും മറ്റും അഴുകിയ ഗന്ധം, വാട.
ഉളെ (പ.മ.)[ഉൾ-എ] അവ്യ. ഉള്ളേ, ഉള്ളിൽ.
ഉള്ള [ഉൾ-അ] വി. "ഉൾ' എന്ന ഖിലധാതുവിന്റെ വർത്തമാനകാലപേരെച്ചരൂപം. 1. ഉണ്ടായിരിക്കുന്ന, ഭവിക്കുന്ന, വർത്തിക്കുന്ന, ജീവിക്കുന്ന, സ്വായത്തമായിരിക്കുന്ന, അത് ഉള്ള, അതിനോട് ഉള്ള, അതിനാൽ ഉള്ള, അതിൽ ഉള്ള എന്നപോലെ വിഭക്തി രൂപങ്ങളിൽ ചേരും. ഉദാ: ധനം ഉള്ള, അവളോട് ഉള്ള, അവന് ഉള്ള, അതിനാൽ ഉള്ള, രാജ്യത്ത് ഉള്ള, കേരളത്തിൽ ഉള്ള ജനങ്ങൾ, മനസ്സിൽ ഉള്ള ചിന്ത. ആധാരികാഭാസങ്ങളോടും മറ്റു വിഭക്തികളോടും അവ്യയങ്ങളും ചേരുന്നതിന് ഉദാ: ഇരുട്ടത്തുള്ള, മുമ്പുള്ള, വടക്കുള്ള. വിനയച്ചങ്ങളോടു ചേരുന്നതിന് ഉദാ: കണ്ടിട്ടുള്ള, പോകാൻ ഉള്ള, പോയാൽ ഉള്ള; 2. ശരിയായ, നേരായ, യഥാർഥമായ, സത്യമായ, വാസ്തവത്തിൽ ഉണ്ടായിരിക്കുന്ന. ഇതിനോട് പ്രത്യയങ്ങൾ ചേർത്ത് ആഖ്യാത നാമങ്ങൾ ഉണ്ടാക്കാം. ഉള്ളത്, ഉള്ളവ, ഉള്ളവൻ, ഉള്ളവൾ, ഉള്ളവർ. അവ്യ. ഉള്ളിടത്ത്, ഉള്ളപ്പോൾ, ഉള്ളപോലെ, ഉള്ളവണ്ണം. (പ്ര.) ഉള്ളകാലം, ഉള്ളകാലവും, ഉള്ളകാലമെല്ലാം = എക്കാലവും, എന്നും, ജീവിച്ചിരിക്കുന്ന കാലം മുഴുവനും. ഉള്ള പക്ഷം = ഉണ്ട് എങ്കിൽ.
ഉള്ളകത്തുനായർ നാ. അകത്തൂട്ടുപരിഷ.
ഉള്ളകം [ഉൾ-അകം] നാ. 1. അകത്തെ മുറി, ഉൾഭാഗം; 2. ഹൃദയം.
ഉള്ളങ്കാൽ [ഉള്ളം-കാൽ] നാ. പാദത്തിന്റെ അടിഭാഗം, കാൽവെള്ള.
ഉള്ളങ്കൈ,ഉള്ളംകൈ,-കൈയ്,-കയ്യ്[ഉള്ളം-കൈ] നാ. കൈയുടെ അകം, കൈപ്പടം. (പ്ര.) ഉള്ളങ്കയ്യിൽ നെല്ലിക്കാപോലെ (അത്രത്തോളം സ്പഷ്ടം), ഉള്ളങ്കയ്യിൽനിന്നു രോമം പറിക്കുക = അസാധ്യകാര്യം ചെയ്യുക.
ഉള്ളടക്കം [ഉൾ-അടക്കം] നാ. 1. ഹൃദയത്തിന്റെ അടക്കം, മനസ്സംയമനം; 2. ഘനമാനം; 3. ഉള്ളിൽ അടക്കിയിട്ടുള്ളത്, ഗ്രന്ഥത്തിലേയും മറ്റും പ്രതിപാദ്യം, ഗ്രന്ഥത്തിലെ വിഷയാനുക്രമണിക.
ഉള്ളടി [ഉൾ-അടി] നാ. 'അടിയുടെ ഉൾവശം'. ഉള്ളങ്കാൽ.
ഉള്ളട്ടക്കരി [ഉൾ-അട്ട-കരി] നാ. = ഇല്ലറക്കരി.
ഉള്ളത് [ഉള്ള-അത്] നാ. 1. സ്ഥിതിചെയ്യുന്നത്, നിലവിലിരിക്കുന്നത്, വർത്തിക്കുന്നത്, എന്തുണ്ടോ അത്, കൈയിലിരിപ്പുള്ളത് എന്തോ അത്, (ബ.വ.) ഉള്ളവ; 2. സത്യം, വാസ്തവം, പരമാർഥം, ഉണ്മ.

ഉള്ളം[ഉൾ–അം] നാ. 1. ഉള്ള്, ഉൾഭാഗം, ഉൾവശം, അകം. ഉദാ: ഉള്ളംകാൽ, ഉള്ളംകൈ; 2. മനസ്സ്, ഹൃദയം.
ഉള്ളവണ്ണം [ഉള്ള–വണ്ണം] അവ്യ. ഉള്ളതുപോലെ, സ്ഥിതിചെയ്യുന്ന പ്രകാരത്തിൽ, യഥാർഥരീതിയിൽ.
ഉള്ളവൻ,ഉള്ളോൻ [ഉള്ള–അവൻ] നാ. മുതലുള്ളവൻ, ധനവാൻ. (ബ.വ.) ഉള്ളവർ.
ഉള്ളളവ് [ഉൾ–അളവ്] നാ. 1. ഉള്ളിലെ അളവ്; 2. ക്ഷേത്രഫലം, വിസ്തീർണത; 3. വണ്ണം; 4. വ്യാപ്തം, ഘനപരിമാണം, ഉൾക്കോള്. വി. ഉള്ളിടത്തോളം
ഉള്ളഴിയുക [ഉള്ള്–അഴിയുക] ക്രി. മനസ്സ് അലിയുക, ദയ തോന്നുക.
ഉള്ളറ [ഉള്ള്–അറ] നാ. 1. അകത്തളം; 2. ഗർഭഗൃഹം, ക്ഷേത്രത്തിൽ വിഗ്രഹപ്രതിഷ്ഠ ചെയ്തിട്ടുള്ള സ്ഥലം; 3. പെട്ടിക്കകത്തുള്ള അറ.
ഉള്ളാകുറുപ്പ് [ഉൾ–ആൾ–കുരുപ്പ്] നാ. കൊട്ടാരത്തിലും ചില ക്ഷേത്രങ്ങളിലും കാവൽക്കാരാഴ്മയുള്ളവരിൽ മേലധികാരിയുടെ സ്ഥാനപ്പേര്
ഉള്ളാട [ഉൾ–ആട] നാ. ഉള്ളിൽ ധരിക്കുന്ന വസ്ത്രം.
ഉള്ളാടൻ നാ. കേരളത്തിലെ ഒരു ഗിരിവർഗം, ഒരുജാതി വേടൻ, മലവേടൻ.
ഉള്ളാപ്പ് നാ. ഒരു നികുതി.
ഉള്ളാൾ [ഉൾ–ആൾ] നാ. ഉള്ള് (രഹസ്യം) അറിയുന്ന ആൾ, ചാരൻ, സ്നേഹഭാവത്തിലടുക്കുന്ന ചതിയൻ.
ഉള്ളാല (പ.മ.)[ഉൾ–ആല] നാ. ഗർഭഗൃഹം.
ഉള്ളാലെ [ഉൾ–ആല്–എ(ഏ)] അവ്യ. ഉള്ളുകൊണ്ട്, മനസ്സാലെ, ഹൃദയപൂർവം, വെളിക്കു കാണിക്കാതെ.
ഉള്ളാളൻ [ഊൽ–ആളൻ] നാ. 1. പള്ളിച്ചാൻ; 2. ഉള്ളാടൻ.
ഉള്ളി[<ഉൾ] നാ. 'ഉള്ളിലുള്ളിൽ ഇതളുകൾ അടുങ്ങിച്ചേർന്നിട്ടുള്ള കിഴങ്ങ്'. ചെമന്നുള്ളി, വെളുത്തുള്ളി. കിഴങ്ങിൻെറ വ്യത്യാസമനുസരിച്ച് ചുവന്നുള്ളി (ഈരുള്ളി), വെളുത്തുള്ളി, കാട്ടുള്ളി, ശീമയുള്ളി (സബോള ഉള്ളി) എന്നു പല ഇനങ്ങൾ.
ഉള്ളിക്കുടം [ഉള്ളി–കുടം] നാ. ഒരു ഉള്ളിക്കിഴങ്ങിൽ ഉൾപ്പെട്ടിരിക്കുന്ന ചെറിയ ഭാഗങ്ങളിൽ ഒന്ന്. ഒറ്റ ഉള്ളി.
ഉള്ളിട [ഉൾ–ഇട] നാ. ഉള്ളിലുള്ള സ്ഥലം.
ഉള്ളിട്ട (പ.മ.)[ഉള്ളിടുക] വി. ഭൂ.പേ. ഉൾപ്പെട്ട.
ഉള്ളിരുപ്പ് [ഉൾ–ഇരുപ്പ്] നാ. 1. ഈടിരുപ്പ്, നിക്ഷേപനിധി; 2. ഭണ്ഡാരം സൂക്ഷിപ്പു ജോലി; 3. മനോഗതം, മനസ്സിൽ അടക്കി വച്ചിട്ടുള്ളത്, ഉള്ളിലിരുപ്പ്.
ഉള്ളിവട(കം) [മ.ഉള്ളി–സം.വടക] നാ. ഉള്ളി ധാരാളം ചേർത്തുണ്ടാക്കുന്ന ഒരു തരം വട.
ഉള്ളിറച്ചി [ഉൾ–ഇറച്ചി] നാ. പ്ലീഹ.
ഉള്ള് നാ. 'ഉൾ' എന്നതിൻെറ അന്തത്തിലെ 'ൾ' ഇരട്ടിച്ച രൂപം. 1. അകം, പുറം; 2. ഹൃദയം, മനസ്സ്; 3. സൂക്ഷ്മസ്ഥിതി, സത്യാവസ്ഥ; 4. ആശയം, ഉദ്ദേശ്യം, മനസ്സിലിരിപ്പ്; 5. ഉള്ളിലെ സ്ഥിതി, രഹസ്യം; 6. കൂട്ട്, ആത്മാർഥത. (പ്ര.) ഉള്ളിൽ = (കാലക്ലിപ്തി സൂചകം) അകത്ത്, ഇടയ്ക്ക്. ഉള്ള് അഴിയുക = അകം അഴിയുക, ദയ തോന്നുക, മനസ്സലിയുക. ഉള്ള് ഇടിയുക = നിരാശപ്പെടുക. ഉള്ളു തുറന്നു സംസാരിക്കുക, ഉള്ളുവിട്ടു സംസാരിക്കുക = ഒന്നും മറച്ചുവയ്ക്കാതെ എല്ലാം പറയുക. ഉള്ളുരുകുക = സഹിക്കവയ്യാത്ത സന്താപം നേരിടുക. ഉള്ളുരുക്കം = മനോദുഃഖം. ഉള്ളുരുക്കത്തിനു മരുന്നില്ല (പഴ.). ഉള്ളുലയുക =

മനസ്സു പതറുക, മന:പ്രയാസം ഉണ്ടാവുക, ദു:ഖം ഉണ്ടാവുക. ഉള്ളുവയ്ക്കുക = ശ്രദ്ധിക്കുക, മനസ്സിരുത്തുക. ഉള്ളുറപ്പ് = മനസ്സിൻെറ ധൈര്യം.
363
ഉള്ളു,ഉള്ളൂ 'ഉൾ' എന്ന ഖിലധാതുവിൽനിന്നു നിഷ്പന്നമായ ശീലഭാവിരൂപം. വർത്തമാന -ഭൂതാർഥങ്ങളിലും പ്രയോഗിക്കും. അവധാരകനിപാതമായ 'ഏ' എന്നതിനോടു ചേർത്തും പ്രയോഗം. ഉദാ: തുണയ്ക്ക് അവനേ ഉള്ളു.
ഉള്ളുകള്ളി [ഉള്ള്-കള്ളി] നാ. 1. രഹസ്യം, ആന്തരാർഥം; 2. ഗൂഢമായ ആശയം, മനസ്സിൽ ഒതുക്കി വച്ചിട്ടുള്ള ഉദ്ദേശം.
ഉള്ളുടുപ്പ് [ഉള്ള്-ഉടുപ്പ്] നാ. അകത്തെ കുപ്പായം.
ഉള്ളുണർച്ച,-ഉണർവ് [ഉള്ള്-ഉണർച്ച] നാ. അറിവ്, ബോധം.
ഉള്ളുരം [ഉള്ള്-ഉരം] നാ. ഉള്ളൂക്ക്.
ഉള്ളുവാൽ [ഉള്ള്-വാൽ] നാ. കഥകളി വേഷക്കാർ ഉള്ളിൽ ധരിക്കുന്ന ഒരുതരം ഉടുപ്പ്. 'ഉടുത്തുകെട്ടുവാൽ' എന്നു നാമാന്തരം.
ഉള്ളൂക്ക് [ഉള്ള്-ഊക്ക്] നാ. മനശ്ശക്തി, ധൈര്യം.
ഉള്ളൂടെ [ഉള്ള്-ഊടെ] അവ്യ. ഉള്ളിലൂടെ, ഉള്ളിൽക്കൂടി, ഇടയിൽക്കൂടി, അകത്തായി.
ഉള്ളൂരി, അള്ളൂരി [ഉള്ള്-ഊരി] നാ. അകത്തെ തൊലി.
ഉള്ളേ, ഉള്ളെ [ഉൾ-ഏ] അവ്യ. ഉള്ളിൽ, അകത്ത്.
ഉള്ളോല [ഉള്ള്-ഓല] നാ. രഹസ്യക്കത്ത്.
ഉള്ളോവേ [ഉള്ളോ-ഏ] ഉള്ളവനേ, (സംബോധന).
ഉഴ1 [ഉഴയുക] ധാതുരൂപം.
ഉഴ2 [ത. ഉഴൈ] നാ. 1. സ്ഥലം; 2. മാൻ.
ഉഴ3 [ഉഴക്കുക] ധാതുരൂപം.
ഉഴകലം [ത.ഉഴ-കലം] നാ. 1. പൊൻപാത്രങ്ങളും വെള്ളിപ്പാത്രങ്ങളും; 2. പരിജനം; 3. രാജചി ം.
ഉഴകോൽ,ഉഴക്കോൽ [ഉഴവ്-കോൽ] നാ. ഉഴവുകാരൻ ഉപയോഗിക്കുന്ന വടി.
ഉഴക്ക് നാ. നാഴിയുടെ നാലിൽ ഒരു ഭാഗം.
ഉഴക്കൻവള നാ. പിരിയൻ വള, അഴിച്ചുവയ്ക്കാവുന്ന ഒരു തരം വള,
ഉഴക്കുക ക്രി. 1. കലക്കുക; 2. മെതിക്കുക; 3. ഉഴുക.
ഉഴക്കുതാപ്പ് നാ. ഉഴക്കു കൊള്ളുന്ന ഒരു അളവു പാത്രം.
ഉഴക്കൊള്ളി [ഉഴക്ക്-കൊള്ളി] നാ. ഉഴക്കു താപ്പ്. 'ഉഴക്കുകൊള്ളുന്നത്'
ഉഴങ്ങ് നാ. ചെറിയ കുടുക്ക, ചിരട്ടക്കുടുക്ക, പേട്ടുതേങ്ങ.
ഉഴത്തൽ [<ഉഴലുക] നാ. ഉഴൽച്ച
ഉഴപ്പൻ [ഉഴപ്പ്-അൻ] നാ. ഉഴപ്പുന്നവൻ, കാര്യങ്ങൾ യഥാസമയം ചെയ്യാത്തവൻ, അലസൻ, ഉരുട്ടൻ.
ഉഴപ്പിളുപ്പി.
ഉഴപ്പ്1 [<ഉഴലുക] നാ തിടുക്കം.
ഉഴപ്പ്2 [<ഉഴയ്ക്കുക] നാ. പ്രയാസം, പരിശ്രമം, യത്നം, കഷ്ടപ്പാട്.
ഉഴപ്പ്3 [<ഉഴയുക] നാ. ഓക്കാനം, മനംപിരട്ടൽ.
ഉഴപ്പുക1 [ത.ഉഴപ്പുതല്] ക്രി. 1. ചെയ്യേണ്ടതു വേണ്ടപടി ചെയ്യാതെ ഇട്ടിഴയ്ക്കുക, കാലദൈർഘ്യം വരുത്തുക; 2. പല്ലില്ലാത്ത ആൾ മോണകൊണ്ടു

ചവയ്ക്കുക; 3. അവ്യക്തമായി സംസാരിക്കുക, അഭിപ്രായം വ്യക്തമാക്കാതെ സംസാരിക്കുക, ഉരുട്ടുക, മറയ്ക്കുക, കുഴയ്ക്കുക, ഒഴികഴിവു പറയുക.
ഉഴപ്പുക2,ഉഴമ്പുക ക്രി. തിടുക്കപ്പെടുക.
ഉഴപ്പൊളി [ഉഴവ്-പൊളി] നാ. ഉഴവുചാൽ.
ഉഴം നാ. 1. കൃഷിചെയ്യുന്ന മല, മലഞ്ചരിവുകളിലെ കൃഷിസ്ഥലം; 2. ഞാറു നടാൻ ഉഴുതു ശരിയാക്കിയ കണ്ടം.
ഉഴമ നാ. ഉഴവ്, കൃഷിചെയ്യൽ.
ഉഴമക്കാരൻ [ഉഴമ-കാരൻ] നാ. ഉഴവുകാരൻ, കൃഷിക്കാരൻ.
ഉഴമണ്ണ് [ത.ഉഴൈമൺ] നാ. ഓരുമണ്ണ്.
ഉഴമാൻ [ഉഴ-മാൻ] നാ. ഒരിനം മാൻ, പൃഷതമൃഗം, ഉഴൽമാൻ.
ഉഴമ്പുക [ത.ഉഴമ്പുതല്] ക്രി. 1. തിടുക്കപ്പെടുക; 2. കുഴങ്ങുക.
ഉഴയവൻ [<ഉഴുക] നാ. കൃഷിക്കാരൻ.
ഉഴയുക [ത.ഉഴത്തല്] ക്രി. പുളയുക.
ഉഴയ്ക്കുക1 ക്രി. 1. കഠിനയത്നം ചെയ്യുക, അധ്വാനിക്കുക, പ്രയാസപ്പെട്ടു വേലചെയ്യുക; 2. കുഴങ്ങുക; 3. ക്ഷീണിക്കുക, ക്ലേശിക്കുക, കഷ്ടപ്പെടുക; 4. നിലത്തുകിടന്ന് ഉരുളുക.
ഉഴയ്ക്കുക2 [<സം.ഉഷസ്] ക്രി. പ്രഭാതമാവുക, നേരം വെളുക്കുക.
ഉഴയ്പ്പ് നാ. = ഉഴപ്പ്.
ഉഴർമ [<ഉഴർ] നാ, തിടുക്കം, ബദ്ധപ്പാട്. (പ്ര.) ഉഴർമപ്പെടുക = തിടുക്കപ്പെടുക.
ഉഴൽ1 [ഉഴലുക] ധാതുരൂപം.
ഉഴൽ2 നാ, ഉഴൽച്ച, ചുറ്റിനടപ്പ്, തിരിയൽ, കറങ്ങൽ.
ഉഴൽച്ച [ഉഴൽ-ച] നാ. 1. അലച്ചിൽ; 2. പരിഭ്രമം.
ഉഴൽമാൻ [ഉഴൽ-മാൻ] നാ. = ഉഴമാൻ.
ഉഴല1 [ത.ഉഴലൈ] വി. ഉരുണ്ട.
ഉഴാ2 [ത.ഉഴലൈ] നാ. 1. മരത്തിൻെറ കേട്; 2. ചക്കിൻകണ; 3. വലിയ ദാഹം; 4. വാതിലിലോ വഴിയിലോ തടയത്തക്കവണ്ണം കുറുകെ വയ്ക്കുന്ന കോലോ കഴയോ.
ഉഴലുക ക്രി. 1. അലഞ്ഞുതിരിയുക, ചുറ്റി നടക്കുക, അന്വേഷിച്ചുനടക്കുക; 2. കഷ്ടപ്പെടുക, ദുഃഖിക്കുക, ദുഃഖിച്ചു ചുറ്റിത്തിരിയുക; 3. ക്ഷീണിക്കുക.
ഉഴലൂര് [ഉഴൽ-ഊര്] നാ. 'ഊരിൽ ഉഴലുന്ന നില'. കഷ്ടപ്പാട്.
ഉഴവൻ നാ. 1. നിലം ഉഴുന്നവൻ, പാട്ടത്തിനു നിലം കൃഷി ചെയ്യുന്നവൻ, കർഷകത്തൊഴിലാളി; 2. ഒരു ജാതി.
ഉഴവാതിൽ [ഉഴൽ-വാതിൽ] നാ. 1. പടിവാതിൽ; 2. തൊഴുത്തിൻെറ അഴിവാതിൽ.
ഉഴവാരം [ത.ഉഴവാരം] നാ. കൊച്ചുതൂമ്പ, കളയിളക്കാനുള്ള തൂമ്പ.
ഉഴവ്1 നാ. 1.കൃഷി ചെയ്യാൻ സ്ഥലം കലപ്പകൊണ്ട് ഉഴുതു മറിക്കൽ. (പ്ര.) ഉഴവ് ഇറക്കുക = ഉഴുതു മണ്ണ് ഇളക്കുക. ഉഴവു ചുടുക = മലകളിൽ കൃഷിക്കു കാടുവെട്ടിയിട്ടു ചുടുക. ഉഴവാക്കുക, ഉഴപൊരുക്കുക = കൃഷിയിറക്കാൻ തക്കവണ്ണം മണ്ണ് ഉഴുതു തയ്യാറാക്കുക; 2. കൃഷി ചെയ്യൽ, കൃഷിപ്പണി; 3. ഒരു ഭൂവുടമസമ്പ്രദായം.
ഉഴവ്2 [ത.ഉഴവു] നാ. അധ്വാനം.
ഉഴവുക ക്രി. = ഉഴുക.

ഉഴവുകാരൻ [ഉഴവ്1-കാരൻ] നാ ഉഴവൻ.
ഉഴവുചാൽ [ഉഴവ്1-ചാൽ] നാ. കലപ്പ മണ്ണിലാഴ്ത്തി വലിക്കുമ്പോൾ ഉണ്ടാകുന്ന ചാൽ, ഉഴവുപാത്തി.
ഉഴവുപാട്ടം [ഉഴവ്1-പാട്ടം] നാ. ഒരു ഭുവുടമസമ്പ്രദായം.
ഉഴവുവിള [ഉഴവ്1-വിള] നാ. മലകളിൽ ആദ്യത്തെ കൃഷിയിൽ ഉണ്ടാകുന്ന ധാന്യവിളവ്.
ഉഴവൊറ്റി [ഉഴവ്1-ഒറ്റി] നാ. ഒരിനം ഒറ്റി.
ഉഴവോലക്കരണം [മ.ഉഴവ്1-ഓല-സം.കരണ] നാ. കൃഷിക്കുവേണ്ടി വസ്തു വിട്ടുകൊടുത്തുകൊണ്ടു ചെയ്യുന്ന പ്രമാണം.
ഉഴർ [ഉഴറുക] ധാതുരൂപം.
ഉഴറൽ [ഉഴറുക] നാ. 1. വേവലാതി, വ്യസനം; 2. ബദ്ധപ്പാട്.
ഉഴറുക [ഉഴറുക] ക്രി. ബദ്ധപ്പെടുക, തിടുക്കം കൂട്ടുക, വേഗം പോവുക; 2. അലയുക; 3. ക്ലേശിക്കുക, പ്രയാസപ്പെടുക; 4. ധാരാളം സംസാരിക്കുക, പറയുക, പ്രയാസപ്പെട്ടു പറയുക; 5. ഉത്കണ്ഠപ്പെടുക, വലുതായി ആഗ്രഹിക്കുക; 6. പതറുക, പരിഭ്രമിക്കുക, അമ്പരക്കുക.
ഉഴറ്റ് [ത.ഉഴറ്റു] നാ. ബദ്ധപ്പാട്, തിടുക്കം, പരിഭ്രമം, ചാഞ്ചല്യം, ദു:ഖം.
ഉഴറ്റുക [ഉഴറുക>പ്രയോ.] ക്രി. 1. ഓടിക്കുക, തിടുക്കപ്പെടുത്തുക; 2. ബദ്ധപ്പെടുത്തുക, ബുദ്ധിമുട്ടുക, ക്ലേശിപ്പിക്കുക, വിഷമിപ്പിക്കുക.
ഉഴാൽപ്പടി [ഉഴാൽ-പടി] നാ. വേലിക്കഴായി, നീക്കുവാതിൽ, ഉഴവാതിൽ.
ഉഴി1 [ഉഴിയുക] ധാതുരൂപം.
ഉഴി2 നാ. 1. ഒരു വൃക്ഷം; 2. മുളങ്കഴുക്കോൽ; 3. ആലിൽതൂങ്ങിക്കിടക്കുന്ന വേര്, വിഴുത്, വേട്; 4. ജ്യോതിഷവിചാരം. (പ്ര.) ഉഴികാണുക.
ഉഴികോൽ [ഉഴി-കോൽ] നാ. മെഴുകുമിനുക്കുന്നതിനു മൂശാരിമാർക്കുള്ള മുളങ്കമ്പ്.
ഉഴിക്കുക ക്രി. 1. സ്പർശിക്കുക, തൊടുക; 2. ഉഴുവിക്കുക.
ഉഴിച്ചിൽ,-ച്ചൽ നാ. 1. തൈലമോ മറ്റോ പുരട്ടി ശരീരത്തിൽ അമർത്തി തടവൽ, തിരുമ്മൽ; 2. ഉഴിഞ്ഞുനീക്കൽ, പ്രേതബാധ നീക്കാൻ മാന്ത്രികൻ മന്ത്രോച്ചാരണത്തോടുകൂടി പിണിയാളിനു നേരെകൈചുഴറ്റിക്കൊണ്ടു നടത്തുന്ന കർമം; 3. ചിത്രത്തിൽ മിനുക്കുപണി ചെയ്യൽ.
ഉഴിഞ്ഞ1 [ഉഴിയുക] ഭൂ.പേ. ഉഴിച്ചിൽ നടത്തിയ.
ഉഴിഞ്ഞ2 [ത.ഉഴിഞ്ഞൈ] നാ. പടർന്നു വളരുന്ന ഒരു വാർഷിക സസ്യം, ഇന്ദ്രവല്ലി.
ഉഴിഞ്ഞാൽ,-ഞ്ഞാല നാ. = ഊഞ്ഞാൽ. ഉഴിഞ്ഞാൽക്കട്ടിൽ = തൂക്കുമഞ്ചം.
ഉഴിയൽ നാ. = ഉഴിച്ചിൽ.
ഉഴിയിക്കുക [ഉഴിയുക>പ്രയോ.] ക്രി. ഉഴിയുന്നതിനു പ്രേരിപ്പിക്കുക, ഉഴിയാൻ കാരണമാകുക.
ഉഴിയുക1 ക്രി. തിരുമ്മുക, തടവുക; 2. കൈപ്പത്തി ഉപരിതലത്തിലൂടെ ഓടിക്കുക, തുടയ്ക്കുക, മിനുക്കുക; 3. പൂശുക; 4. ചുഴറ്റുക, കൈയിൽ വച്ചു കീഴ്മേൽ വട്ടത്തിൽ ചലിപ്പിക്കുക; 5. തലയ്ക്കു ചുറ്റും ചുഴറ്റുക, ബാധോപദ്രവം മുതലായവ ഇല്ലാതാകുന്നതിനു തിരികത്തിച്ചു പിണിയാളിൻെറ തലയ്ക്കുമേൽ ചുഴറ്റുക; 6. ചുറ്റുക,

പൊതിഞ്ഞുകെട്ടുക; 7. നേർന്നു വയ്ക്കുക, ഒരു പ്രത്യേക കാര്യത്തിനായി മാറ്റിവയ്ക്കുക, സമർപ്പിക്കുക.
ഉഴിയുക2 ക്രി. ഉമിയുക, ഉവിയുക. ഉദാ: കുലുക്കുഴിയുക.
ഉഴിവ് നാ. ഉഴിച്ചിൽ, മിനുക്കുപാട്.
ഉഴു [ഉഴുക] ധാതുരൂപം.
ഉഴുക ക്രി. കലപ്പകൊണ്ട് ചാലുകൾ ഉണ്ടാക്കി വയലുകളിലെയോ പറമ്പുകളിലേയോ മണ്ണ് ഇളക്കിമറിക്കുക, നിലം പൂട്ടുക. 'ഉണ്ണോരുടെ ഭാഗ്യം ഉഴുതേടം കാണാം. (പഴ.).
ഉഴുകയർ [ഉഴു-കയർ] നാ. അമിക്കയർ.
ഉഴുകുക ക്രി. - ഉഴുക.
ഉഴുകോൽ,-ക്കോൽ [ഉഴു-കോൽ] നാ. = ഉഴകോൽ.
ഉഴുതുമൂരി [ഉഴുത്-മൂരി] നാ. ഉഴുവാനുള്ള മൂരി.
ഉഴുത്തലക് [ഉഴുന്ത്-അലക്] നാ. ഉഴുന്നുപരിപ്പ്.
ഉഴുത്രൻ,ഉഴുത്തിരൻ [<സം.രുദ്ര] ഒരു സംജ്ഞാനാമം.
ഉഴുനിലം [ഉഴു-നിലം] നാ. 1. ഉഴുതനിലം; 2. ഉഴുതു കൃഷി ചെയ്യാവുന്ന ഭൂമി.
ഉഴുന്നാട [ഉഴുന്ന്-ആട] നാ. ഒരു പലഹാരം.
ഉഴുന്ന് നാ. പയറു വർഗത്തിൽപ്പെട്ട ഒരു ധാന്യം.
ഉഴുന്നുചോറ് [ഉഴുന്ന്-ചോറ്] നാ. ഉഴുന്നുപരിപ്പും അരിയും കൂടി വേവിച്ചെടുക്കുന്നത്.
ഉഴുന്നൂൽ [ഉഴു-നൂൽ] നാ. ഇഴന്നൂൽ, പട്ടുനൂൽ.
ഉഴുവ (പ.മ.)[ത.ഉഴുവൈ] നാ. 1. പുലി; 2. കടുവ; 3. പച്ചനിറമുള്ള ഒരു കടൽമത്സ്യം; 4. മഞ്ഞനിറമുള്ള ഒരു തരം മത്സ്യം.
ഉറ1 [ഉറങ്ങുക] ധാതുരൂപം.
ഉറ2 [ഉറയുക] ധാതുരൂപം.
ഉറ3 [ഉറയ്ക്കുക] ധാതുരൂപം.
ഉറ4 [<ഉറയുക] നാ. 1. പാല്തൈരാക്കാൻ ചേർക്കുന്ന തൈരോമോരോ മറ്റോ; 2. ക്ഷാരം (ഉപ്പിൻെറപോലെ). (പ്ര.) ഉറയൊഴിക്കുക, ഉറകൂട്ടുക, ഉറതൊടുക, ഉറവീഴ്ത്തുക.
ഉറ5,ഒറ നാ. 1. സഞ്ചി, കീശ; 2. പുറഞ്ചട്ട, ആവരണം; 3. പാമ്പിൻെറ പുറം ചട്ട; 4. ചില പുഴുക്കൾ ശരിരത്തെ പൊതിഞ്ഞ് ഉണ്ടാക്കുന്ന രക്ഷാ കവചം, പുഴുക്കൂട്; 5. ഇരിപ്പിടം, മാളം; 6. നൂറ് എന്ന സംഖ്യ (കച്ചവടക്കാരുടെ ഭാഷ); 7. ഇരുപതു പറ; 8. ധാന്യങ്ങൾ അളക്കുമ്പോൾ ഓർമയ്ക്കുവേണ്ടി ഓരോ നിശ്ചിത അളവിനും (100-ന്) ഓരോ പിടി എന്ന രീതിയിൽ മാറ്റിവയ്ക്കുന്ന ധാന്യം.
ഉറക ക്രി. ഉറയുക, കലികൊള്ളുക.
ഉറക്കനെ [ഉറക്കെ-അനെ] അവ്യ. 1. ഉറക്കെ, ഉച്ചത്തിൽ; 2. ഊക്കോടെ, ശക്തിയോടെ.
ഉറക്കം,ഓ- [<ഉറങ്ങുക] നാ. 1. ശരീരത്തിനും മനസ്സിനും തളർച്ച തീർന്ന് വിശ്രമം ലഭിക്കത്തക്കവണ്ണം ഇന്ദ്രിയവ്യാപാരങ്ങളുടെയും ബോധശക്തിയുടെയും താത്കാലിക വിരാമം, നിയതമായി രാത്രിയിലും ചിലപ്പോൾ പകലും കണ്ണടച്ചു ബോധശൂന്യമായി ഏതുതരത്തിലുള്ളതെന്നു പറയാൻ പാടില്ലാത്ത സുഖത്തിൽ മുഴുകുന്ന അവസ്ഥ; 2. ഉറക്കമർമം, സുഷുമനാഡിക്കരികെ വിരൽ പതിയുന്ന കുഴിയിലുള്ള ഒരു മർമം. (പ്ര.) ഉറക്കം ഇളയ്ക്കുക, ഉറക്കം ഒഴിക്കുക = രാത്രിയിൽ ഉറങ്ങാതെ കഴിച്ചുകൂട്ടുക. ഉറക്കം

തൂങ്ങുക = ഇരുന്ന് ഉറങ്ങിവീഴാൻ തുടങ്ങുക. ഉറക്കപ്പിച്ച് = നല്ല ഉറക്കത്തിൽ പെട്ടെന്ന് ഉണർന്നാലോ ഉണർത്തിയാലോ അർഥബോധാവസ്ഥയിൽ കാണിക്കുന്ന പിച്ച്, ഉറക്കഭ്രാന്ത്, ഉറക്കത്തിൽ ബോധമില്ലാതെ ചെയ്യുന്നത്.ഉറക്കം തൂങ്ങി [ഉറക്കം-തൂങ്ങി] നാ. 1. അലസൻ, മന്ദൻ; 2. ശീമവാക മരം, രാത്രികാലങ്ങളിൽ ഞെട്ടിലെ ഉലദലങ്ങൾ തമ്മിൽ കൂടിച്ചേർന്ന് ഉറങ്ങുന്നപോലെ നിൽക്കുന്നത്. (തെക്കെ അമേരിക്കയിൽനിന്നു കൊണ്ടുവന്നത്.)

ഉറക്കഴുത്തുമാല നാ. റോമൻ ക്രിസ്ത്യാനികളുടെ കല്യാണമാല.

365

ഉറക്കറ [ഉറക്ക്-അറ] നാ. കിടപ്പുമുറി, ശയനമുറി.

ഉറക്ക് നാ. ഉറക്കം, നിദ്ര.

ഉറക്കുക1 [ഉറങ്ങുക>പ്രയോ.] ക്രി. ഉറങ്ങാൻ കാരണമാകുക.

ഉറക്കുക2 ക്രി. ഊറുക, ഊറിവരിക, ഉറവെടുക്കുക.

ഉറക്കുത്ത് [ഉറൾ-കുത്ത്] നാ. തടിയിലും ധാന്യങ്ങളിലും മറ്റും ഉണ്ടാകുന്ന പുഴുക്കുത്ത്.

ഉറക്കുത്തുക [ഉറൾ-കുത്തുക] ക്രി. (തടി, ധാന്യം മുതലായവ) പുഴുതിന്നു കേടുവരിക.

ഉറക്കുപാട്ട് നാ. ശിശുക്കളെ ഉറക്കുവാനുള്ള പാട്ട്, താരാട്ടുപാട്ട്.

ഉറക്കുമണ്ഡലം [മ.ഉറക്കു-സം.മണ്ഡല]നാ. ഒരു മർമം, ചെവിക്കു മൂന്നുവിരൽ താഴെ.

ഉറക്കുമരുന്ന് [ഉറക്കു-മരുന്ന്] നാ. ഉറക്കുവാനുള്ള ഔഷധം.

ഉറക്കെ,-ക്കനെ,ഒറ- അവ്യ. 1. ഉച്ചത്തിൽ, ഉറച്ച്; 2. മുറുകെ, ശക്തിയായി, ഊക്കോടെ.

ഉറക്കൊക്കൻ [ഉറ-കൊക്കൻ] നാ. 'കൊക്കിൻെറ കീഴിൽ ഉറയുള്ളത്'. നീണ്ട കൊക്കുള്ള ഒരിനം ജലചരപക്ഷി കൊക്കിൻെറ ചുവട്ടിൽ തീറ്റിപിടിച്ചു ശേഖരിക്കാൻ ഒരു തോൽ (ഉറ) ഉള്ളത്, കൊതുമ്പന്നം.

ഉറക്കൊള്ളുക (പ.മ.)[ഉറ-കൊള്ളുക] ക്രി. പരിപൂർണതയിലെത്തുക.

ഉറക്കൊഴിയുക [ഉറക്ക്-ഒഴിയുക] രാത്രിയിൽ ഉറക്കം ഒഴിയുക, ഉറങ്ങാതിരിക്കുക, ഉറക്കം ഇളയ്ക്കുക, ഈ അർഥത്തിൽ തന്നെ 'ഉറക്കൊഴിക്കുക' എന്നും പ്രയോഗം.

ഉറങ്[ഉറങ്ങുക] ധാതുരൂപം.

ഉറങ്ങുക, ഉറങ്കുക (പ.മ.) ക്രി. 1. മയങ്ങുക, നിദ്രചെയ്യുക; 2. ചലനമില്ലാതിരിക്കുക, ഉണർവില്ലാതിരിക്കുക.

ഉറച്ച[ഉറയ്ക്കുക] (ഭൂ.പേരെച്ചം) വി. ഉറപ്പുള്ള, ദൃഢതയുള്ള.

ഉറച്ചൽ1,-ച്ചിൽ,ഉറയൽ [<ഉറയുക3-ത.ഉറൈതല്] നാ. 1. ദ്രവരൂപത്തിലുള്ള വസ്തു തണുപ്പുകൊണ്ടു കട്ടിപിടിക്കൽ; 2. പാലിൽ മോരുചേർന്ന് തൈരാകൽ.

ഉറച്ചൽ2,-ച്ചിൽ [<ഉറയുക2] നാ. ഭൂതങ്ങളുടെയും മറ്റും ആവേശം മൂലം ഉണ്ടാകുന്ന വിറയൽ, കലികേറിയുള്ള തുള്ളൽ.

ഉറച്ച്[ഉറയ്ക്കുക] അവ്യ. (മുന്വിന.) 1. ഉച്ചത്തിൽ, ഉദാ: ഉറച്ചുവിളിക്കുക; 2. കടുക്കെ, ശക്തി പൂർവം; 3. ഇളക്കം കൂടാതെ, പതറാതെ, (നിൽക്കുക എന്നതിനോടു ചേർന്ന്).

ഉറഞ്ഞവർ നാ. (ബ.വ.) വെളിച്ചപ്പാടന്മാർ.

ഉറട്ടി, ഒറട്ടി [ഹി.റോടീ] നാ. ഒരുതരം അപ്പം.

ഉറട്ടുക ക്രി. = വറട്ടുക.

ഉറതൈര് [ഉറ-തൈര്] നാ. ഉറഞ്ഞ തൈര്, കട്ടത്തൈര്.

ഉറത്തുക [<ഉറൾ] ക്രി. 1. ഉറക്കുത്തു പിടിപെടുക; 2. ഊറിവരിക, ചുരത്തുക.

ഉറനീർ [ഉറ2-നീർ] നാ. കഞ്ഞിവെള്ളം ഉറയുമ്പോൾ മുകളിൽ തെളിയുന്ന വെള്ളം, കഞ്ഞിത്തെളി.

ഉറന്തു (പ.മ.)[ഉറയുക] (ഭൂ.രൂപം) = വസിച്ചു.

ഉറപ്പിക്കുക [ഉറയ്ക്കുക>പ്രയോ.] ക്രി. 'ഉറയ്ക്കത്തക്കപോലെ ചെയ്യുക'. ഉറപ്പുൾലതാക്കിത്തീർക്കുക, ദൃഢപ്പെടുത്തുക, തീർച്ചവരുത്തുക, സ്ഥിരപ്പെടുത്തുക, തീരുമാനിക്കുക.

ഉറപ്പിമ്പശ ഉറപ്പിൻ-പശ] നാ. ഒരു സുഗന്ധദ്രവ്യം.

ഉറപ്പ് [<ഉറയ്ക്കുക] നാ. 1. ഉറച്ചമട്ട്, ദൃഢത, ബലം, ശക്തി; 2. ഇളക്കമില്ലായ്മ, സുരക്ഷിതസ്ഥിതി, ഈട്, സ്ഥിരത; 3. നിശ്ചയദാർഢ്യം, പതറാത്തനില, നിശ്ചയം; 4. കാഠിന്യം, കടുപ്പം; 5. ചങ്കൂറ്റം, ധൈര്യം, സ്ഥൈര്യം, ആത്മവിശ്വാസം; 6. താങ്ങ്; 7. വാഗ്ദാനം.

ഉറപ്പുപത്രം [മ.ഉറപ്പ്-സം.പത്ര] നാ. ഉറപ്പിനുവേണ്ടി എഴുതിക്കൊടുക്കുന്ന പ്രമാണം, വാക്കുകൊണ്ടു പറഞ്ഞതിനെ സ്ഥിരപ്പെടുത്തുന്നതിനുവേണ്ടി എഴുതിവയ്ക്കുന്ന കരാറ് (ഉടമ്പടി).

ഉറപ്പുഴു [ഉറൾ-പുഴു] നാ. 1. തടി തുളച്ചുതിന്ന് അതിൽ ജീവിക്കുന്ന പുഴു.

ഉറപ്പൊടി [ഉറൾ-പൊടി] നാ. ഉറൾകുത്തിയ പൊടി.

ഉറയുക1 ക്രി. 1. ദ്രവദ്രവ്യം കട്ടിയാവുക; 2. അടിയുക, ദ്രവപദാർഥത്തിൽ കരടും മറ്റും താഴുക; 3. താമസിക്കുക, സ്ഥാനം ഉറപ്പിക്കുക, ഉറയ്ക്കുക, കുടികൊള്ളുക. താരത. ഊർ; 4. തങ്ങുക, പറ്റുക, പുരളുക; 5. ഭൂതപ്രേതാദികൾ ശരീരത്തിൽ കുടികൊള്ളുക, ബാധയോ പിശാചോ മനുഷ്യ ശരീരത്തിൽ ആവേശിക്കുക, ഇഷ്ടദേവതയുടെ അനുഗ്രഹംകൊണ്ടും മറ്റും തുള്ളുക, കലികൊള്ളുക; 6. കോപിക്കുക, കോപാവേശത്താലും മറ്റും സ്വബോധം നഷ്ടപ്പെട്ടപോലെ പെരുമാറുക.

ഉറയൂർ [ത.ഉറൈയൂർ] നാ. പഴയ ചോളരാജധാനി.

ഉറയ്ക്കുക1 ക്രി. 1. ഇളക്കമില്ലാതാവുക, ബലപ്പെടുക, ദൃഢമാവുക, ഉറപ്പ് ഉണ്ടാവുക, കട്ടിയാവുക; 2. തീരുമാനമാവുക. ഉദാ: വിവാഹം ഉറയ്ക്കുക; 3. മുന്നോട്ടുപോകാതെ നിന്നുപോവുക, ഇളകാതെ നിൽക്കുക; 4. മനസ്സിൽ ദൃഢമായി പതിയുക, രൂഢമൂലമാവുക, സ്ഥിരപ്പെടുത്തുക; 5. ഉച്ചമാവുക, കൂടുതലാവുക, രൂക്ഷമാവുക, വർധിക്കുക.

ഉറയ്ക്കുക2 [ത.ഉറൈത്തല്] ക്രി. തേക്കുക, പൂശുക.

ഉറൽ നാ. 1. ഉറൾപ്പൊടി; 2. ഉറൾപ്പുഴു.

ഉറവ,ഉറവ് നാ. ഊറ്റ്.

ഉറവക്കണ്ണ് [ഉറവ-കണ്ണ്] നാ. ഊറ്റുപൊട്ടിപ്പുറപ്പെടുന്ന ദ്വാരം.

ഉറവഞ്ചി നാ. = ഉറുഞ്ചിമരം.

ഉറവൻ1,ഊറാൻ നാ. ധാന്യങ്ങൾ തുളയ്ക്കുന്ന ഉറപ്പുഴു, ചെള്ള്, ധാന്യകീടം.

ഉറവൻ2 [ത.ഉറവൻ] നാ. 1. ബന്ധു; 2. ഒരിനം പട്ട്.

ഉറവാളൻ നാ. തച്ചർസമുദായത്തിൽപ്പെട്ട ഒരു അവാന്തര ജാതി.

ഉറവി[ത.ഉറവി] നാ. 1. ഉറുമ്പ്; 2. ഉയിർ; 3. ഊറ്റ്.

ഉറവിടം [ഉറവ്-ഇടം] നാ. ഉദ്ഭവസ്ഥാനം.

ഉറവ് [ത.ഉറവി<ഉറക്കുക2] നാ. 'ഉറന്നു വരുന്നത്'. 1. ഊറ്റ്, ഭൂമിയുടെ അന്തർഭാഗത്തുനിന്നു പൊന്തിയൊഴുകുന്ന വെള്ളം, ഉറവ; 2. (ആല.) ഉദ്പത്തി, ഉദ്ഭവസ്ഥാനം; 3. സ്നേഹം, ബന്ധുത്വം; 4. ഉണർച്ച, ഉണർവ്, ഉറച്ചിൽ; 5. വിശ്വാസം, നിശ്ചയം, ഉറപ്പ്; 6. ഊറ്റം, ശക്തി.

ഉറവെടുക്കുക [ഉറവ്-എടുക്കുക] ക്രി. ഊറിവരിക, ഊറിവന്നു രൂപം കൊള്ളുക, ഉണ്ടാവുക.

ഉറഹാ [സുറി.] നാ. എദേസ്സാ (രാജ്യം).

ഉറഹായ [സുറി.] നാ. ഉറഹാദേശത്തുള്ള.

ഉറൾ,ഉറൽ [ത.ഉറൾ] നാ. 1. തടി തുളച്ചുതിന്ന് കേടുണ്ടാക്കുന്ന ഒരിനം പുഴു; 2. തീപ്പൊരി; 3. ഒരിനം മീൻ, കടൽതീരത്തു മണലിൽ പുതയുന്നത്.

ഉറളി നാ. = ഊരാളി.

ഉറാഒറ്റി [ഉറാ-ഒറ്റി] നാ. വസ്തു തിരിച്ചെടുക്കാൻ വയ്യാത്ത വിധത്തിൽ കൊടുക്കുന്ന ഒറ്റി, ചോരാ ഒറ്റി, മീളാ ഒറ്റി.

ഉറാങ്ങുട്ടാൻ [മലായ്] നാ. 'കാട്ടിലെ മനുഷ്യൻ' എന്ന അർഥത്തിലുള്ള മലയൻഭാഷാ പദം. ഒരുതരം കുരങ്ങ്.

ഉറാനസ്സ്,യുറേ- [ഇം.] നാ. ഒരു ഗ്രഹം. 1781-ൽ ഹെർഷൽ കണ്ടുപിടിച്ചത്.

ഉറാപ്പൂമി നാ. ഉറാത്ത ഭൂമി, ആൾപ്പാർപ്പില്ലാത്തഭൂമി, കൃഷിചെയ്യാതെ തരിശുകിടക്കുന്ന സ്ഥലം.

ഉറി [<ഉറുക] നാ. 1. പാത്രങ്ങൾ വയ്ക്കുന്നതിന് കയറുകൊണ്ടും മറ്റും ഉണ്ടാക്കി കെട്ടിത്തൂക്കുന്ന ഒരു ഗൃഹോപകരണം, കയറ്റുറി, ഓലയുറി മുതലായവ; 2. തുലാസ്സിന്റെ തട്ട്.

ഉറിഞ്ചൽ = ഉറുഞ്ചൽ.

ഉറിഞ്ച് [ഉറിഞ്ചുക] ധാതുരൂപം.

ഉറിഞ്ചുക,ഉറു- ക്രി. ഈമ്പുക, വലിച്ചുകുടിക്കുക.

ഉറിതൂക്കി [ഉറി-തൂക്കി] നാ. 1. ഈശ്വരമൂലി എന്ന ഔഷധച്ചെടി; 2. ഒരിനം മരം, ആറ്റുതീരങ്ങളിൽ സാധാരണ വളരുന്നത്.

ഉറിയടി [ഉറി-അടി] നാ. ആവണിമാസത്തിൽ ശ്രീകൃഷ്ണജയന്തിയോട് അനുബന്ധിച്ചു നടത്തുന്ന ഒരു ആഘോഷം.

ഉറിയിഞ്ചി,ഉറീഞ്ചി നാ. = ഉറുഞ്ചിമരം.

ഉറിവല [ഉറി-വല] നാ. ചെറിയ മീനുകളെ പിടിക്കാനുള്ള ഒരുതരം വല.

ഉറു1 [ഉറുക] ധാതുരൂപം.

ഉറു2 വി. 1. കുടികൊള്ളുന്ന, ചേർന്ന, ഉള്ള; 2. ധാരാളമുള്ള, മികച്ച, വർധിച്ച.

ഉറുക [പ.മ.] ക്രി. 1. ചേരുക, ഒന്നിച്ചു വർത്തിക്കുക; 2. ഉള്ളതായിത്തീരുക, സംഭവിക്കുക. (നാമത്തിന്റെ പിന്നിൽ ചേർത്തു സാധാരണപ്രയോഗം). ഉദാ: അറിവുറുക = അറിയുക, ഇടർ ഉറുക = ദു:ഖിക്കുക; 3. വസിക്കുക; 4. എത്തിച്ചേരുക, പ്രാപിക്കുക.

ഉറുകലി നാ. = ഉറുമാമ്പുലി

ഉറുക്ക് [<ഉറുക] നാ. 1. അരയിൽകെട്ടുന്ന ഏലസ്സ്, മന്ത്രം, രക്ഷ; 2. കൈവള.

ഉറുക്കുക [പ.മ.] ക്രി. ഭയപ്പെടുത്തുക, വിരട്ടുക, ശബ്ദം ഉയർത്തി ഭീഷണിപ്പെടുത്തുക.

ഉറുഞ്ചൽ,ഉറി- നാ. ചുണ്ടുകൾ ചേർത്തുവച്ച് വലിച്ചുകുടിക്കൽ.

ഉറുഞ്ചിമരം [ഉരുപുളിഞ്ചി] നാ. പശക്കൊട്ടമരം.

ഉറുഞ്ചുക,ഉറി- ക്രി. 1. ഈമ്പുക, വലിച്ചുകുടിക്കുക. ഉദാ: കുട്ടികൾ വിരൽ ഉറുഞ്ചുക, മാമ്പഴം ഉറുഞ്ചുക; 2. വലിച്ചെടുക്കുക, ചൂഷണംചെയ്യുക.

ഉറുതി നാ. 1. ഉറപ്പ്, വിശ്വാസം, ബലം, ഊക്ക്; 2. ഉറപ്പിച്ചുപറയുന്ന വാക്ക്, വാക്കുറുതി; 3. നിശ്ചയം, തീർച്ച; 4. (പോരിൻെറ) രീതി; 5. നന്മ; 6. മികവ്, ഭങ്ഗി, മേന്മ; 7. ഉത്സാഹിപ്പിക്കൽ, ധൈര്യപ്പെടുത്തൽ, ഉത്സാഹം; 8. മർക്കടമുഷ്ടി, നിർബന്ധം; 9. ജ്ഞാനം, അറിവ്; 10. മന്ത്രം; 11. സദുപദേശം.

ഉറുത്തൻപുഴു നാ. ശരീരത്തിൽ എഴുന്നുനിൽക്കുന്ന രോമമുള്ളതും തൊട്ടാൽ ചൊറിച്ചിലുണ്ടാക്കുന്നതുമായ ഒരിനം പുഴു, ആട്ടാമ്പുഴു, ആട്ടംപുഴു.

ഉറുത്തൽ [<ഉറുത്തുക] നാ. 1. ദേഹത്തു കരടു തട്ടിയുണ്ടാകുന്ന കലിപ്പ്. ഉദാ: പൊടിവീണ് കണ്ണ് ഉറുത്തൽ; 2. ഉള്ളിലേക്കു തള്ളിക്കയറ്റൽ; 3. നിർബന്ധം, പ്രേരണ.

ഉറുത്തിപ്പുഴു [ഉറുത്തി-പുഴു] നാ. = ഉറുത്തൻപുഴു.

ഉറുത്തുക ക്രി. 1. ദ്വാരം അടയത്തക്കവണ്ണം തള്ളിക്കയറ്റുക; 2. പുഴു കുത്തുക; 3. പ്രേരിപ്പിക്കുക, ഉറുതി വരത്തക്കവണ്ണം ചെയ്യുക, ഉത്സാഹിപ്പിക്കുക; 4. തുറിച്ചുനോക്കുക; 5. കരട് തട്ടി കലിപ്പ് ഉണ്ടാകുക, കിരുകിരുപ്പ് തോന്നുക. ഉദാ: കണ്ണ് ഉറുത്തുക.

ഉറുപ്പ [ഉറു-പൈ] നാ. 1. വലിയ സഞ്ചി, ഭാണ്ഡം; 2. ഗർഭപാത്രം; 3. വൃഷണസഞ്ചി.

ഉറുപ്പിക,റുപ്പിക [<സം.രുപ്യ(ക)] നാ. ഒരു നാണയം, രൂപ.

ഉറുപ്പ് [ത.ഉറുപ്പു] നാ. 1. അവയവം; 2. നെഞ്ചും കൈയും തോളും കൂടിയ ശരീരഭാഗം; 3. നഞ്ച്; 4. ഇരിപ്പ എന്ന മരം, ഇരിമ്പകം; 5. അങ്ഗഭങ്ഗി; 6. സൈന്യവിഭാഗം; 7. വിഭാഗം.

ഉറുപ്യ നാ. = ഉറുപ്പിക.

ഉറും വി. ഉള്ള.

ഉറുമാൻ [അറ.റൂമാൻ] നാ. താളിമാതളം.

ഉറുമാമ്പഴം [അറ.] നാ. താളിമാതളങ്ങ.

ഉറുമാമ്പുലി നാ. വിഷമുള്ള ഒരുതരം ചിലന്തി.

ഉറുമാൽ [അറ.റൂമാല്] നാ. കൈലേസ്, തൂവാല.

ഉറുമി1 [അറ. റൂമി] നാ. 1. തുർക്കി; 2. അരപ്പട്ട, ആയുധം പോലെ ചുറ്റിക്കെട്ടത്തക്കവണ്ണം വളയുന്നതും ഇരുതലയും കടഞ്ഞ് മൂർച്ചവരുത്തിയിട്ടുളതുമായ വാള്, ചുരുൾവാൾ, തുർക്കിവാൾ; 3. ഒരുതരം ചെണ്ട.

ഉറുമി2 നാ. 1. നെഞ്ചിലുള്ള ഒരു മർമം; 2. കാലിലുള്ള ഒരു മർമം.

ഉറ്റ വി. 1. ഏറ്റവും അടുത്ത, അത്യന്തം പ്രീയപ്പെട്ട, ബന്ധപ്പെട്ട, സ്വന്തമായ; 2. ശക്തിയുള്ള, ദാർഢ്യമുള്ള.

ഉറ്റൽനാ. 1. ഇറ്റൾ, തുള്ളിയായിവീഴൽ, വീഴ്ത്തൽ; 2. തുള്ളി.

ഉറ്റവൻ [ഉറ്റ-അവൻ] നാ. 1. അടുത്തവൻ; 2. ബന്ധു, ചാർച്ചക്കാരൻ. (ബ.വ.) ഉറ്റവർ.

ഉറ്ററിവ് [ഉറ്റ-അറിവ്] നാ. യഥാർഥമായ അറിവ്, സൂക്ഷ്മമായ അറിവ്, തത്ത്വജ്ഞാനം.

ഉറ്റാർ[ത.ഉറ്റാർ] നാ. (ബ.വ.) = ഉറ്റവർ (ഉറ്റോർ), ബന്ധുക്കൾ.

ഉറ്റാൽ1 നാ. = ഒറ്റാൽ.

ഉറ്റാൽ2 [<ഉറുക] അവ്യ. (ഭൂ.പേരെച്ചം) ഉറ്റുനോക്കുന്ന പക്ഷം.

ഉറ്റ് [<ഉറുക] അവ്യ.(മുനിന.) 1. അടുപ്പത്തോടെ, വാത്സല്യത്തോടുകൂടി, ദയവായി; 2. ചേർന്ന്, കൂടി, നിറഞ്ഞ്, തികഞ്ഞ്; 3. ശ്രദ്ധാപൂർവം, മനസ്സുവച്ച്.
ഉറ്റുനോക്കുക [ഉറ്റ്<ഉറു-നോക്കുക] ക്രി. സൂക്ഷിച്ചു നോക്കുക.
ഉറ്റോർ [ത.ഉറ്റോർ ഉറ്റ-ഓർ<അവർ] നാ. (ബ.വ.) ബന്ധുക്കൾ, ചാർച്ചക്കാർ, അടുത്തവർ.

367

## ഊ

ഊ1 അക്ഷരമാലയിലെ ആറാമത്തെ അക്ഷരം. ഓഷ്ഠ്യസ്വരം. 'ഉ'കാരത്തിൻെറ ദീർഘം.
ഊ2 1. (വ്യാക.) ഭാവിപ്രത്യയമായ 'ഉം' അവധാരകനിപാതയോഗത്തിലും മറ്റും കൈക്കൊള്ളുന്ന രൂപം. ഉദാ: കൊണ്ടേപോകൂ, കിട്ടിയേ അടങ്ങൂ; 2. നിയോഗാർഥത്തിൽ ക്രിയാധാതുവിനോടു ചേരുന്ന ഒരു പ്രത്യയം, ഹ്രസ്വമായും നിൽക്കും; 3. സാർവകാലികാർഥത്തിൽ ചേർക്കുന്ന ഒരു പ്രത്യയം; 4. അവധാരകയോഗത്തിൽ അവധാരകാർഥത്തിൽ.
ഊ3 നാ. 1. മാംസം; 2. ഊവ്, സുഖക്കേട് (ശിശുഭാഷ).
ഊ4 [സം.ഊ] നാ. 1. ശിവൻ; 2. ചന്ദ്രൻ; 3. രക്ഷിതാവ്.
ഊക്കൻ വി. 'അൻ' ചേർന്ന തദ്ധിതരൂപം. ഊക്കുള്ള, ശക്തിയേറിയ, വലിയ, ഭീമാകാരമായ (നാമം പോലെയും പ്രയോഗം.
ഊക്കം നാ. 1. ഊക്ക്, ശക്തി; 2. ഉയർച്ച; 3. സത്യം; 4. മനശ്ശാന്തി.
ഊക്കാരൻ [ഊഴ്-കാരൻ] നാ. കുറിച്ചിട്ടിവയ്ക്കുന്നവൻ.
ഊക്ക്1 [<ഊങ്ങുക] നാ. ശക്തി, കരുത്ത്, വേഗം, ഊക്കടിക്കുക = അഹങ്കരിക്കുക, മദം കാട്ടുക.
ഊക്ക്2 [<സം.ഉക്ഷ്] നാ. സന്ധ്യാവന്ദനം.
ഊക്ക്3 [ഇം.] നാ. ഉടുപ്പിൽ കുത്തുന്ന കൊളുത്ത്, സൂചി.
ഊക്കുക1 ക്രി. 1. മുന്നോട്ടു ആയുക; 2. ഛർദിക്കുക; 3. ഊക്കമുണ്ടാക്കുക, പ്രോത്സാഹിപ്പിക്കുക; 4. സംഭോഗംചെയ്യുക.
ഊക്കുക2 [ത.ഉകുത്തല്] ക്രി. 1. വീഴ്ത്തുക, ഒഴിക്കുക, തളിക്കുക, പൊഴിക്കുക; 2. (ബ്രാഹ്മണർ) സന്ധ്യാവന്ദനം ചെയ്യുക, ഊക്കുകഴിക്കുക, സൂര്യനെ ഉദ്ദേശിച്ചു ഗായത്രീമന്ത്രം ജപിച്ചു നീരുവീഴ്ത്തുക.
ഊചിവാൻ [സം.<വച്] ക്രി. അവൻ പറഞ്ഞു.
ഊച്ചനട്ട [ഊച്ചൻ-അട്ട] നാ. 'ഊച്ചിദ്രാവകം പുറപ്പെടുവിക്കുന്ന അട്ട'. ഒരിനം ചെറിയ അട്ട, കറുത്ത അട്ട.
ഊച്ചാളി [മൂച്ച്-ആളി] നാ. മൂച്ചുകാട്ടുന്നവൻ, മുഷ്കൻ, മുട്ടാളൻ, ചട്ടമ്പി, ആഭാസൻ, തെമ്മാടി.
ഊച്ചി [ത,പൂച്ചി] നാ. ഒരു സാങ്കൽപികഭീകരജന്തു, കുഞ്ഞുങ്ങളെ പേടിപ്പെടുത്താൻ പറയുന്നത്, ഉമ്മാക്കി.
ഊച്ച്1 നാ. ഇണ, ചങ്ങാതി.
ഊച്ച്2 നാ. 1. അധോവായു; 2. കടിക്കൽ, കടി (അട്ടയുടെയും നീരിൻെറയും).

ഊച്ചുക ക്രി. 1. അധോവായുവിടുക; 2. നീറും മറ്റും ആത്മരക്ഷയ്ക്കു ശത്രുവിൻെറമേൽ ദ്രവം വിസർജിക്കുക, കടിക്കുക.
ഊഞ്ചൽ,-ഞ്ചോൽ നാ. ഊഞ്ഞാൽ.
ഊഞ്ച(ൽ)മണ്ഡപം നാ. ദേവന് ആടാൻ എന്ന സങ്കൽപത്തിൽ ഊഞ്ഞാൽ കെട്ടിയിട്ടുള്ള മണ്ഡപം.
ഊഞ്ഞാൽ [ഊഞ്ചൽ] നാ. ഊഞ്ചോൽ, ഊഞ്ഞോൽ, ഊയൽ, മരക്കൊമ്പുകളിലും തട്ടുതുലാങ്ങളിലും മറ്റും ഒരു പടിയുടെ രണ്ടറ്റത്തും കയർകെട്ടി ഇരുന്നു മുന്നോട്ടും പിന്നോട്ടും ആഞ്ഞ് ആടാനുണ്ടാക്കുന്ന സംവിധാനം. ഊഞ്ഞാൽക്കട്ടിൽ = ഊഞ്ഞാൽപോലെ ആടത്തക്കവണ്ണം തൂക്കിയിട്ടിരിക്കുന്ന കട്ടിൽ. ഊഞ്ഞാൽപ്പാട്ട് = ഊഞ്ഞാലിൽ ആടുമ്പോൾ പാടാനുള്ളപാട്ട്. ഊഞ്ഞാൽപ്പാലം = ചങ്ങലയിൽ കൊളുത്തി തൂക്കിയിട്ടിരിക്കുന്നതുപോലെ നിർമിച്ചിരിക്കുന്ന പാലം, തൂക്കുപാലം. ഊഞ്ഞാൽവള്ളി = ഊഞ്ഞാലിടുന്നതിന് ഉപയോഗിക്കുന്ന ഒരിനം വള്ളി, എരുമവള്ളി. ഊഞ്ഞാലാട്ടം = ഊഞ്ഞാലിൽ ഇരുന്നു വിനോദത്തിന് ആഞ്ഞാടുന്നത്.
ഊട1 നാ. ഊട്, തുണിയിൽ വിലങ്ങനെയുള്ള ഇഴ. ഉദാ: ഊടും പാവും.
ഊട2 (വ്യാക.) = ഊടെ.
ഊടംനാ. ഊഹം, ആശയം, അറിവ്, കാര്യജ്ഞാനം.
ഊടൽ നാ. മരത്തണൽ.
ഊടറിവ് നാ. സൂക്ഷ്മജ്ഞാനം, ഉള്ളുകള്ളി എന്താണെന്നുള്ള അറിവ്.
ഊടാടുക ക്രി. 1. സഞ്ചരിക്കുക, അലഞ്ഞുതിരിയുക; 2. മധ്യേകൂടി കടന്നുപോവുക; 3. പരിചയിക്കുക; 4. അയഞ്ഞുകിടക്കുക; 5. പ്രയത്നിക്കുക.
ഊടാട്ടം നാ. 1. ഉള്ളിലൂടെകടന്നുപോകൽ; 2. അന്തർദൃഷ്ടി, ഉൾക്കാഴ്ച; 3. അയവ്; 4. പ്രയത്നം.
ഊടാണി നാ. അയവുള്ള ആണി.
ഊടായി നാ. ആയുധക്കത്തി.
ഊടാളൻ [ഊട്-ആളൻ] നാ. ചാരൻ.
ഊട്1 നാ. 1. ഉള്ള്, മധ്യം, ഇട. ഉദാ: ഊടുനര, ഊടുവലിക്കുക; 2. മർമഭാഗം, സാരം, രഹസ്യം, തത്ത്വം, അറിവ്; 3. ഊണ്; 4. തുണിയിൽ വിലങ്ങനെയുള്ള ഇഴ. ഉദാ: ഊടും പാവും; 5. ഊഴം, തവണ; 6. ശീലം, ആചാരം.
ഊട്2 (വ്യാക.) 1. ഊടെ, വഴിയായി, വഴിക്ക്; 2. ഓട്, ഓടെ, കൂടെ; 3. ഉള്ളിൽ.
ഊടുകതിര് [ഊട്-കതിര്] നാ. 1. ഇടയ്ക്കിടയ്ക്ക് കാണുന്ന കതിര്, ഒരു നിലത്തിലെ നെല്ലിനു നിരപ്പാകുന്നതിനു മുൻപ് അങ്ങിങ്ങു മാത്രം പൊന്തിവരുന്ന കതിര്; 2. നൂൽനൂൽപ് യന്ത്രത്തിലെ നൂൽചുറ്റാനുള്ള കമ്പി.
ഊടുകരിവ് [ഊട്-കരിവ്] നാ. ഒരു പാടത്തിലെ ചില നിലങ്ങൾക്കു മാത്രമുള്ള കരിവ്.
ഊടുകൂറ് [ഊട്-കൂറ്] നാ. കൂട്ടവകാശം, ഒരേ പുരയിടത്തിലേയോ തോട്ടത്തിലേയോ കാഫലം ഉൾപ്പെടെയുള്ള ആദായം ഉടമസ്ഥരായ പലരുംകൂടി ഒരുമിച്ചെടുത്തു വ്യവസ്ഥപ്പെടുത്തിയ രീതിയിൽ വീതിച്ചനുഭവിക്കുന്ന സമ്പ്രദായം.
ഊടുക്ക നാ. തടസ്സം.
ഊടുപാട് [ഊട്-പാട്] നാ. 1. പരിചയം, ശീലം, അറിവ്; 2. അവ്യ. ആകെപ്പാടെ, മുഴുവനും, ആസകലം, ഉള്ളിലും പുറത്തും.

ഊടുപാത [ഊട്–പാത] നാ. ഇടവഴി, വീതികുറഞ്ഞ ചെറിയ പാത.
ഊടുപാവുകൾ നാ. (ബ.വ.) 1. ഊടും പാവും, തുണിയിൽ നെടുകെയും കുറുകെയും ഉള്ള ഇഴകൾ; 2. രഹസ്യങ്ങൾ; 3. (ആല.) ഘടന, സ്വഭാവം.
ഊടുപോക്ക് [ഊട്–പോക്ക്] നാ. 1. ഊടുപാട്; 2. ഊടുപാത; 3. ഒരു പഴയ കരം.
ഊടുരുവുക [മ.ഊട്–ഉരുവുക] ക്രി. ഉള്ളിൽ കടക്കുക, തറയ്ക്കുക.
ഊടുവലിക്കുക [ഊട്–വലിക്കുക] ക്രി. ഓലമേഞ്ഞ പുരയിൽ പഴകിപ്പൊടിഞ്ഞ ചില ഓലകൾ മാത്രം ഇടയ്ക്കുമാറ്റി ഇടയ്ക്കുമാറ്റി പകരം ഓല ചൊരുകുക.
ഇടയോലവലിക്കുക, ഓലക്കേടു നീക്കുക.
ഊടുവഴി [ഊട്–വഴി] നാ. 1. രഹസ്യമാർഗം; 2. ഇടുങ്ങിയ മാർഗം, ഇടവഴി; 3. കുറുക്കുവഴി, എളുപ്പവഴി.
ഊടെ,ഊടേ,ഊട 1. കൂടെ, കൂടി എന്ന അർഥത്തിൽ വരുന്നഗതി, ആധാരികയോടോ, ആധാരികാഭാസത്തോടോ ചേരുന്നു. ഉദാ: വഴിയിലൂടെ, വരമ്പത്തൂടെ; 2. ഉള്ളിൽ; 3. പിന്നിൽ, പുറകിൽ, അരികിൽ; 4. നേരേ, എതിരേ; 5. തവണ, പ്രാവശ്യം; 6. ഇവിടെ (ഗ്രാമ്യം).
ഊട്ട [<ഓട്ട] നാ. ഇട, പഴുത്, സുഷിരം.
ഊട്ടംനാ. ഊട്ട്, അന്നദാനം.
ഊട്ടൽ [<ഊട്ടുക] നാ. ഊണുകഴിപ്പിക്കൽ, തീറ്റൽ.
ഊട്ടി[ത.ഊട്ടി] നാ. 1. കഴുത്ത്; 2. ഉയർന്ന ഭിത്തിയോടുചേർത്ത് ചായ്പ് (വരാന്ത) ഇറക്കുന്നതിന് ഉത്തരം വയ്ക്കത്തക്കവണ്ണം ഭിത്തിയിൽ ഉറപ്പിക്കുന്ന മരക്കട്ട, 'കൊണ്ടിക'; 3. ഒരു സ്ഥലനാമം, ഊട്ടക്കമണ്ട്, ഉദകമണ്ഡലം.
ഊട്ടിലുണ്ണി [ഊട്ട്–ഇൽ–ഉണ്ണി] നാ. സദ്യഉള്ളിടത്തു വിളിക്കാതെ ചെന്ന് ഊണുകഴിക്കുന്നവൻ, ഒരു തൊഴിലും ചെയ്യാതെ പരാന്നംകൊണ്ടു നിത്യവൃത്തികഴിക്കുന്നവൻ.
ഊട്ട്1 [ഊൺ,ഊട്ടുക] നാ. 1. ഭക്ഷണം; 2. അന്നദാനം, സദ്യ, ബ്രാഹ്മണർക്കു സദ്യ. ഊട്ടിൽ ഉണ്ട് തോട്ടിൽ കൈകഴുകുക. ഊട്ടുക്കുമുമ്പും ചൂട്ടുക്കുപിമ്പും. ഊട്ടുക്കുവന്നവൻ പെണ്ണുക്കു മാപ്പിള (പഴ.); 2. ഊട്ടു കഴിക്കുക = മരിച്ച ആളിന്റെ പിണ്ഡം കഴിക്കുക; 3. ക്ഷേത്രങ്ങളിലും കാവുകളിലും മറ്റും നടത്തുന്ന ഒരു വഴിപ്പാട്, ഉദാ: കാളിയൂട്ട്. കർക്കടകമാസത്തിൽ രണ്ട് ഓണം, ഇല്ലന്നിറയും വാവൂട്ടും (പഴ.); 4. ഭക്ഷണശാല, ഊട്ടുപുര; 5. അടിച്ചുപറ്റിക്കുന്ന ഇരുമ്പ്. (വ.മ.)
ഊട്ട്2 (വ്യാക.) = ഓട്ട്, ഉദാ: മേലൂട്ട് = മേലോട്ട്.
ഊട്ടുഅനുപ്രയോഗമായി പ്രയോഗിക്കുന്നു. 'വിട്ടു' എന്നതിന്റെ സങ്കുചിതരൂപം. ഉദാ: വന്നൂട്ടു, പറഞ്ഞൂട്ടു.
ഊട്ടുക [ഉണ്ണുക>പ്രയോ.] ക്രി. 1. ഊണുകഴിപ്പിക്കുക, ആഹാരം നൽകുക; 2. ഇരുമ്പു പഴുപ്പിച്ച് വെള്ളത്തിൽ മുക്കി മയം വരുത്തുക, കാച്ചുക, തുകയ്ക്കുക; 3. തേച്ചു മൂർച്ചവരുത്തുക, ചാണയ്ക്കു പിടിക്കുക; 4. തീറ്റിപ്പോറ്റുക, പോഷിപ്പിക്കുക, വർധിപ്പിക്കുക; 5. ചായം തേക്കുക, പൂശുക.
ഊട്ടുകളം [ഊട്ട്–കളം] നാ. 1. ഊട്ടു നടത്തുന്ന സ്ഥലം; 2. ഭദ്രകാളിക്ഷേത്രങ്ങളിൽ ഉച്ചബലിയുടെ ഒരു ഭാഗമായി കാളിയും ദാരുകനും തമ്മിലുള്ള യുദ്ധം അഭിനയിക്കുന്ന സ്ഥലം.
ഊട്ടുകാർ [ഊട്ട്–കാർ] നാ. (ബ.വ.) അരിവയ്പ്പുകാർ.

ഊട്ടുദേവസ്വം [മ.ഊട്ട്-സം.ദേവസ്വ] നാ. അമ്പലത്തിൽ ബ്രാഹ്മണർക്ക് കൊടുക്കുന്ന ഊട്ട്, അതിലേക്കുള്ള ഏർപ്പാട്, ബ്രാഹ്മണഭോജനത്തിനു വിട്ടുകൊടുത്തിട്ടുള്ള വസ്തുക്കൾ, ഊട്ടുബ്രഹ്മസ്വം.
ഊട്ടുപായസം [മ.ഊട്ട്-സം.പായസ] നാ. ക്ഷേത്രത്തിൽ പൂജയ്ക്കുള്ള പായസം, ഒരു വഴിപാട്, കൂട്ടുപായസം.
ഊട്ടുപുര [ഊട്ട്-പുര] നാ. 1. ഊട്ടുനടത്താനുള്ള ശാല, വഴിയാത്രക്കാർക്ക് (വിശേഷിച്ചും ബ്രാഹ്മണർക്ക്) ആഹാരം നൽകുന്നതിനായി കേരളത്തിൽ ചിലേടങ്ങളിൽ സ്ഥാപിക്കപ്പെട്ടിരുന്ന ധർമാന്നശാല; 2. ക്ഷേത്രങ്ങളോടനുബന്ധിച്ച് മുങ്കാലത്തു ബ്രാഹ്മണർക്ക് സൗജന്യഭക്ഷണം നൽകുന്നതിനുവേണ്ടി ഉണ്ടാക്കിയിരുന്ന നെടുമ്പുര.
ഊട്ടുബ്രഹ്മസ്വം [മ. ഊട്ട്-സം.ബ്രഹ്മസ്വ] നാ. ബ്രാഹ്മണർക്കു ഭക്ഷണം കൊടുക്കാനായി ഏർപ്പെടുത്തിയിട്ടുള്ള വക.
ഊട്ടുറുട്ട്,ഉട്ടുരുട്ട് നാ. ഗൃഹോപകരണങ്ങൾ (കിണ്ടി, കിണ്ണം, വിളക്ക് മുതലായവ).
ഊഢ1 [സം.<വഹ്] വി. 1. വഹിക്കപ്പെട്ട, ധരിക്കപ്പെട്ട; 2. വർധിച്ച; 3. വിവാഹം ചെയ്യപ്പെട്ട. ഉദാ: നവോഢ.
ഊഢ2 [സം.ഊഢ] നാ. 1. വിവാഹം ചെയ്യപ്പെട്ടവൾ; 2. ഭർത്താവിനെ വെടിഞ്ഞ് മറ്റൊരാളെ സ്നേഹിക്കുന്നവൾ; 3. പുനർവിവാഹം നടത്തിയവൾ.
ഊഢമാന1 [സം.ഊഢ-മാന] വി. അഹങ്കാരമുള്ള, മാനമുള്ള.
ഊഢമാന2 [സം.<വഹ്] വി. വഹിക്കപ്പെടുന്ന.
ഊഢമാനം [സം.ഊഢ-മാന] അവ്യ. 1. അഭിമാനത്തോടുകൂടി, അഹങ്കാരത്തോടുകൂടി.
ഊഢവാൻ [സം.<വഹ്] ക്രി. വഹിച്ചവനായിത്തീർന്നു, വഹിച്ചു.
ഊൺ,ഊണ് [<ഉണ്ണുക] നാ. 1. തീറ്റ, ഭക്ഷണം, ചോറ്, സദ്യ. (പ്ര.) ഊണുണൂല് = പൂണുനൂല് (പരിഹാസം); 2. ഭക്ഷണം കഴിക്കൽ (പ്ര.) ഊൺനാളുകൾ = അന്നപ്രാശത്തിന് (ശിശുവിന് ആദ്യമായി ചോറുകൊടുക്കാൻ) കൊള്ളാവുന്ന നാളുകൾ.
ഊൺതളം നാ. ഉണ്ണുന്നതിനുള്ള മുറി.
ഊണൻ നാ. 1. സദ്യ ഉണ്ണാൻ നടക്കുന്നവൻ; 2. കൂടുതൽ ഉണ്ണുന്നവൻ.
ഊണരി [ഊണ്-അരി] നാ. ഉണ്ണുന്നതിനുള്ള അരി. (ഒരു ഊണിനുള്ള അരി).
ഊണാട്ടം [ഊണ്-ആട്ടം] നാ. പല്ലാങ്കുഴിയിലെ ഒരു കളി.
ഊണാളി നാ. ഊണിൽ അത്യാശയുള്ളവൻ, ശാപ്പാട്ടുരാമൻ.
ഊണി നാ. ഊണൻ.
ഊണിക്കുറ്റി [<ഊന്നുകുറ്റി] നാ. കായലിൽ വേലിയിറക്കസമയത്തു മീൻപിടിക്കാൻ ഒഴുക്കിൻെറ ദിശയിൽ വലകെട്ടാൻ നാട്ടുന്ന കുറ്റി.
ഊണില [ഊണ്-ഇല] നാ. ഉണ്ണനുള്ള ഇല.
ഊണ് നാ. =ഊൺ. ഊണുനമ്പി = നായന്മാരിൽ ഒരു വിഭാഗം. ഊണുമുറി = ഇരുന്ന് ഊണു കഴിക്കാനുള്ള മുറി. ഊണുമേശ = ആഹാരപദാർഥങ്ങൾ വിളമ്പിവെച്ചുണ്ണാനുള്ള മേശ.
ഊണ്ണു [<ഉമിഴുക] ക്രി. (ഭൂ.കാലം) ഉമിണ്ണു, തുപ്പി.
ഊത1 നാ. സപ്തവർണങ്ങളിൽ ഒന്ന്, ചുവപ്പുകലർന്ന നീല നിറം.
ഊത2 [സം.<വേ] വി. നെയ്യപ്പെട്ട.
ഊത3 [<സം.അവ്] വി. 1. അവനം ചെയ്യപ്പെട്ട, സംരക്ഷിക്കപ്പെട്ട; 2. സ്നേഹിക്കപ്പെട്ട.

ഊതക്കണ്ടി [ഊത(ൽ)–കണ്ടി] നാ. ഊതൽ.
369
ഊതനം [സം.<വേ] നാ. കീറവസ്ത്രം തയ്ച്ചുശരിയാക്കൽ, ഇഴയിടീൽ
ഊതൽ നാ. കന്നുകാലികൾക്കു കയറാൻ സാധിക്കാത്തവിധം രണ്ടു തൂണുകൾ അടുപ്പിച്ച് നാട്ടിയുണ്ടാക്കുന്ന പ്രവേശനദ്വാരം.
ഊതളിക്കുക, ഊതളാടുക, ഊതാളിക്കുക ക്രി. പൂതലിക്കുക, വീർക്കുക, ചീയുക, അളിയുക. ഉദാ: പഴുത്ത് ഊതളാടുക, ഊതളിക്കുക.
ഊതാമ്പി നാ. 'ഊതിവീർത്തതുപോലെയുള്ളവൻ'. 1. തടിയൻ, പൊണ്ണൻ; 2. വിരൂപൻ; 3. കൊള്ളരുതാത്തവൻ.
ഊതാരി [സം.ഉദാര] നാ. 1. ചെലവാളി, ധൂർത്തൻ; 2. അശുചി, വൃത്തികേട്.
ഊതി1 [സം.<വേ] നാ. 1. നെയ്ത്ത്; 2. തുന്നൽ, തയ്യൽ; 3. തയ്യൽക്കൂലി.
ഊതി2 [സം.<അവ്] നാ. 1. രക്ഷ; 2. സുഖം; 3. അനുഭോഗം; 4. മഹാപുരാണങ്ങളിൽ വിവരിക്കുന്ന പത്തുവിഷയങ്ങളിൽ ഒന്ന്, കർമവാസന; 5. കളി; 6. ആനുകൂല്യം, അനുകമ്പ; 7. ആശ.
ഊതിപ്പെരുമരം [ഊതി–പരുമരം] നാ. വട്ടപ്പിലാവ്.
ഊതുക ക്രി. 'ഊ,ഊ' എന്നു ശബ്ദം പുറപ്പെടത്തക്കവണ്ണം ബലമായി ശ്വാസം വായിൽക്കൂടി പുറത്തേക്കുവിടുക, ഊക്കോടെ വായു മുമ്പോട്ട് പായത്തക്കവണ്ണം ചുണ്ട് ഉരുട്ടി മുന്നോട്ടാക്കി വായിൽക്കൂടെ ശ്വാസം പുറത്തേക്കു തള്ളുക. ഉദാ: വിളക്ക് ഊതിക്കെടുത്തുക; 2. കാറ്റു വീശുക; 3. കുഴൽ വിളിക്കുക, ശങ്ഖ്, ഓടക്കുഴൽ മുതലായ സുഷിര വാദ്യങ്ങളിൽക്കൂടി ഊക്കോടെ വായു പുറത്തേക്കുവിട്ടു സങ്ഗീതാത്മകമായ ശബ്ദമുണ്ടാക്കുക; 4. വായിൽക്കൂടെ ഊക്കോടെ വായുപുറപ്പെടുവിച്ചു തീകത്തിക്കുക; 5. വീർക്കുക, വണ്ണിക്കുക, കനം വയ്ക്കുക. ഉദാ: വയർ ഊതിപ്പെരുകുക; 6. ഉലയിൽ തീകത്തത്തക്ക വണ്ണം തുരുത്തി പ്രവർത്തിപ്പിക്കുക; 7. രോഗം ഭയം മുതലായവ ഇല്ലാതാക്കുന്നതിന് മന്ത്രം ജപിച്ച് ഉച്ചാടനകാര്യമായി വായിൽക്കൂടി ശ്വാസം ഊക്കോടെ പായിക്കുക; 8. സ്ഫുടംവയ്ക്കുക, സ്വർണവും വെള്ളിയും ഉരുക്കാനായി തീയിലിട്ട് ഊതുക; 9. മീൻപിടിക്കാൻ അച്ചുകുഴലിൽനിന്നും ചെറിയ ഉണ്ടയോ അമ്പോ ഊതിത്തെറിപ്പി ക്കുക; 10. വദനസുരതം ചെയ്യുക (അശ്ലീലം). (പ്ര.) ഊതിക്കഴിക്കുക = തീയിൽ ഉരുക്കിശുദ്ധിയാക്കുക. ഊതിക്കുടിക്കുക = ചൂടുകഞ്ഞി ഊതിത്തണുപ്പിച്ചുകുടിക്കുക, അരിഷ്ടിച്ചുകഴിക്കുക. ഊതിപ്പെരുക്കുക, –വീർപ്പിക്കുക = ഉള്ളതിൽനിന്ന് വളരെ വലുതാക്കി (അതിശയോക്തി പരമായി) പറയുക.
ഊതുകട്ടി,ഊത്തു– [ത.ഊതുകട്ടി] നാ. തീയിൽവച്ച് ഊതിശുദ്ധീകരിച്ച വെള്ളിക്കട്ടി, മാറ്റുവെള്ളി.
ഊതുബത്തി [പ്രാ.വത്തി<സം.വർതി] നാ. സാമ്പ്രാണിത്തിരി.
ഊതുവാതം [മ.ഊത്–സം.വാത] നാ. ഒരുതരം വാതവ്യാധി.
ഊത്ത1 [ത.ഊത്തൈ<ഊഴ്] നാ. 1. മാലിന്യം, അഴുക്ക്, അഴുക്കുസാധനം, ഊത്തപ്പാട്ടം = കുളത്തിൽനിന്നും ചെളിയും വണ്ടലും മറ്റും വാരിയെടുക്കുന്നതിനുള്ള കരം; 2. ഊപ്പ, മഴക്കാലത്ത് അധികമായി ഉണ്ടാകുന്ന ചെറിയ മത്സ്യം.
ഊത്ത2 [ഊതുക] വി. വീർത്ത, ഊതിപ്പെരുകിയ.
ഊത്തപ്പം [ഊത്ത്1–അപ്പം] നാ. 'വീർത്തിരിക്കുന്ന അപ്പം' ഒരുതരം ദോശ.
ഊത്തൽ [ത.ഊതല്] നാ. 1. നീര്, ഊതിവീർപ്പ്, വീക്കം, നീർക്കോൾ; 2. ഉറുത്തൽ, ചുട്ടുനീറ്റൽ; 3. ചെറുമീൻ, ഊത്ത.

ഊത്തളിക്കുക [<ഊത്തൽ] ക്രി. 1. ഊതിവീർക്കുക, വീർക്കുക; 2. ചീഞ്ഞളിയുക.
ഊത്താമ്പെട്ടി നാ. ഊതി പെട്ടിപോലെ ആക്കുന്നത്, ബലൂൺ.
ഊത്ത്1 [ഊതുക] നാ. 1. ഊതുക എന്ന പ്രവൃത്തി, ഊതൽ; 2. ഊത്തുകുഴൽ.
ഊത്ത്2 [ഊക്കുക] നാ. സന്ധ്യാവന്ദനം.
ഊത്തുകാരൻ [ഊത്ത്1-കാരൻ] നാ. ഊതുന്നവൻ, കുഴൽക്കാരൻ, നാഗസ്വരവും മറ്റും വായിക്കുന്നവൻ.
ഊത്രാളൻ [<സം.രുധിരമഹാകാല] നാ. ഒരു ദേവത.
ഊധസ്യം [സം.] നാ. 'ഊധസ്സിൽ (അകിടിൽ) ഭവിക്കുന്നത്'. പാൽ.
ഊധസ്സ് [സം.ഊധസ്] നാ. 1. അകിട്; 2. സ്നേഹിതന്മാർക്കു മാത്രം പ്രവേശനമുള്ള രഹസ്യകേന്ദ്രം; 3. മുല, സ്തനം.
ഊൻനാ. 1. മോണ, വായ്ക്കുള്ളിൽ പല്ല് ഉറച്ചുനിൽക്കുന്ന ഭാഗം; 2. നഖത്തിൻെറ ചുവട്, നഖത്തിനുചുറ്റുമുള്ള മാംസളഭാഗം; 3. മുറിവ് ഉണങ്ങുമ്പോൾ അതിനുചുറ്റും പൊന്തിവരുന്ന മാംസഭാഗം. (ത. ഊൻ = ഇറച്ചി)
ഊങ്കുത്ത് [ഊൻ-കുത്ത്] പല്ലുവേദന.
ഊന[സം.] വി. 1. അല്പമായ, കുറഞ്ഞ, ആവശ്യത്തിനു മതിയാകാത്ത, എണ്ണത്തിൽ കുറവുള്ള; 2. ചെറിയ; 3. അങ്ഗഭങ്ഗം വന്ന; 4. താണ, ഗുണം കുറഞ്ഞ, നിന്ദ്യമായ; 5. കുറഞ്ഞ, കുറവുള്ള (സംസ്കൃതസങ്ഖ്യകളോട് ചേർത്തുപ്രയോഗം). ഉദാ: ഏകോനവിംശതി = വിംശതിയിൽ (ഇരുപതിൽ) നിന്ന് ഒന്നുകുറവ്.
ഊനക [സം.ഊനക] വി. കുറഞ്ഞ, താണതരത്തിലുള്ള.
ഊനകാകളി [സം.ഊന-കാകളി] നാ. ഒരു ദ്രാവിഡവൃത്തം, കാകളിയുടെ വകഭേദങ്ങളിൽ ഒന്ന്.
ഊനകോണം,ന്യൂന- [സം.ഊന-കോണ] നാ. തൊണ്ണൂറുഡിഗ്രിയിൽ കുറഞ്ഞ അളവുള്ള കോണം.
ഊനച്ചൂട്,ഊനാ- നാ. ചീത്തവാക്ക്, ശകാരം. ഊനാച്ചൂടും ഊമവെയിലും സഹിച്ചുകൂട (പഴ.)
ഊനത [സം.ഊന-താ] നാ. കുറവ്, ദോഷം, അപകൃഷ്ടത.
ഊനതരങ്ഗിണി [സം.ഊന-തരങ്ഗിണീ] നാ. തരങ്ഗിണീവൃത്തത്തിൻെറ വകഭേദമായ ഒരു ദ്രാവിഡവൃത്തം.
ഊനപ്പെടുക [സം.ഊന-മ.പെടുക] ക്രി. 1. ദോഷപ്പെടുക; 2. ദു:ഖിക്കുക.
ഊനം [<സം.ഊനതാ] നാ. 1. കുറവ്, ദോഷം, പോരായ്മ, താഴ്ച, അപമാനം; 2. തടസ്സം, ബാധ, ഉപദ്രവം. ഊനങ്ങൾവന്നാൽ ഉപായങ്ങൾ വേണം (പഴ.)
ഊനമാസികം [സം.ഊന-മാസിക] നാ. മരിച്ച ആളിനെ ഉദ്ദേശിച്ചു മരിച്ച് ഒരു മാസത്തിനകം നടത്തുന്ന ശ്രാദ്ധം.
ഊനരാത്രം [സം.-രാത്ര] നാ. 'ഒരു രാത്രിയില്ലാത്തത്'. (ജ്യോ.) രണ്ടുനാളുകൾ (ചാന്ദ്രദിനങ്ങൾ) ഒരുദിവസത്തിൽ (സൗരദിനത്തിൽ) പൂർത്തിയായാൽ ആ നാളുകളിൽ ഒന്ന്.
ഊനാതിരിക്തഭേദം [സം.ഊന-അതിരിക്ത-ഭേദ] നാ. വലിപ്പച്ചെറുപ്പവ്യത്യാസം, കൂടുതൽ കുറവ്.
ഊനാതിരേകം [സം.-അതിരേക] നാ. 'കുറവും കൂടുതലും'. ഏറ്റക്കുറച്ചിൽ.

ഊനിക്കുക [ഊൻ] ക്രി. മുളയ്ക്കുക, പൊട്ടിപ്പുറപ്പെടുക, അങ്കുരിക്കുക, ഉന്നിക്കുക.
ഊനിത [സം.<ഊന] വി. ഊനമാക്കപ്പെട്ട, കുറവുവരുത്തപ്പെട്ട, കുറയ്ക്കപ്പെട്ട.
ഊന്നൻകാച്ചിക്കാ നാ. കൂനകൂട്ടി നടുന്ന കിഴയ്ക്കാ.
ഊന്നൽ നാ. 1. ഊന്നുക എന്ന പ്രവൃത്തി; 2. താങ്ങ്.
ഊന്നിക്കുക [ഊന്നുക>പ്രയോ.] ക്രി. ഊന്നുന്നതിനു പ്രേരണയാകുക.
ഊന്നിപ്പാട്ടം [ഊന്നി-പാട്ടം] നാ. 'ഊന്നികളിട്ടു മീൻപിടിക്കാനുള്ള പാട്ടം'. ഒരുതരം നികുതി.
ഊന്നിവല [ഊന്നി-വല] നാ. ഊന്നിക്കുറ്റിയോട് ചേർത്തു കെട്ടുന്ന വല.
ഊന്ന് [ഊന്നുക] ധാതുരൂപം.
ഊന്നു,ഊൻറു [<ഊന്നുക](പ.മ.) നാ. 'ഉറപ്പിച്ചത്, ഉറപ്പുകൊടുക്കുന്നത്'. 1. താങ്ങ്, ആശ്രയം, സഹായം, താങ്ങിനിറുത്തുന്നതൂണ്; 2. വള്ളം വെള്ളത്തിൽ മുന്നോട്ട് പോകത്തക്കവണ്ണം കഴുക്കോൽ കുത്തിത്തള്ളൽ. ഉദാ: വള്ളമൂന്ന്.
ഊന്നുക,ഊൻറുക (പ.മ.) ക്രി. 1. ഉറപ്പിക്കുക, ബലമായി ചേർത്തുവയ്ക്കുക, ഉറപ്പിച്ചുനിറുത്തുക. ഉദാ: ആലിൻെറ വേരുനിലത്ത് ഊന്നുക; 2. കഴകുത്തി വള്ളം മുന്നോട്ടുനടത്തുക (പ്ര.) ഊന്നിപ്പറയുക = ഉറപ്പിച്ചുപറയുക.
ഊന്നുകാരൻ [ഊന്ന്-കാരൻ] നാ. വള്ളം ഊന്നുന്നവൻ.
ഊന്നുകാൽ [ഊന്ന്-കാൽ] നാ. ഊന്നുകൊടുക്കുന്നതിനുള്ള കുറ്റി.
ഊന്നുകോൽ [ഊന്ന്-കോൽ] നാ. 1. ഊന്നുകൊടുക്കുന്ന കോൽ; 2. ഊന്നി നടക്കാനുള്ളകോൽ, വടി ദണ്ഡ്.
ഊന്നുവാക്ക് [മ. ഊന്ന്-സം.വാക്] നാ. മനസ്സിൽ ഊന്നി വേദന ഉണ്ടാക്കുന്നത്, മുള്ളുവാക്ക്.
ഊപ്പനാ. 1. പൊടിമീൻ, വളരെചെറിയ ഒരിനം മീൻ; 2. നിസ്സാരൻ, മോശക്കാരൻ; 3. മോശപ്പെട്ട വസ്തു. ഉരികൊടുത്ത് ഊപ്പവാങ്ങുന്നതിൽ ഭേദം നാഴികൊടുത്തു നല്ലതു വാങ്ങുന്നതാണ്. (പഴ.).
ഊപ്പത്തരി [ഊപ്പം-അരി] നാ. 1. ഊപ്പത്തിൻെറ അരി; 2. വളരെ ചെറിയ വസ്തു; 3. നിസ്സാരകാര്യം.
ഊപ്പൻ,ഊപ്പം,ഊർപ്പംനാ. ഒരുചെടി, അടുത്തുകൂടിപോകുന്നവരുടെ ദേഹത്ത് ഉണങ്ങിയ കായ്കൾ പറ്റിപ്പിടിക്കുന്നു.
ഊപ്പാട് [<അകപ്പാട്] നാ. അത്യധ്വാനംകൊണ്ടുള്ള അവശത, പ്രയാസം, കഷ്ടപ്പാട്, ദുഃഖം, തകർച്ച.
ഊപ്പിക്കുക [ഊക്കുക>പ്രയോ.] ക്രി. ഊക്കുകഴിപ്പിക്കുക.
ഊപ്പിടി നാ. 'ഊ, പിടിച്ചുകൊള്ളു എന്നു പേടിപ്പെടുത്തൽ'. ഭീഷണി, പേപ്പിടികാട്ടൽ.
ഊപ്പിള്ളി നാ. = ഊർപ്പള്ളി.
ഊപ്പ്നാ. 1. വേട്ട; 2. മാംസം, മാംസളമായ ഭാഗം. പതിനെട്ടൂപ്പ് = വേട്ടക്കാർ വേട്ടയാടിക്കിട്ടിയ മൃഗത്തെ പതിനെട്ട് ഊപ്പുകളായി പങ്കുവയ്ക്കുന്നത്; 3. മണ്ണ്.
ഊം [ത.ഉമ്കൊട്ടുതല്] വ്യാ. സമ്മതം മുതലായവയെ ദ്യോതിപ്പിക്കുന്നത്, ആകട്ടെ, കാണാം.

ഊമ നാ. 'ഊം എന്നുമാത്രം ശബ്ദിക്കുന്നവൻ'. 1. നാക്കെടുക്കാൻ കഴിയാത്തയാൾ. (സ്ത്രീ.) ഊമ, ഊമച്ചി; 2. ഉരിയാടാത്തവൻ; 3. പഴയകാലത്തു ഉപയോഗത്തിലിരുന്ന ഒരുതരം പോർമുരശ്; 4. ഇളയമ്മ, ഉമ്മ. ഊമത്തം = ഊമയെന്നുള്ള സ്ഥിതി.

ഊമക്കത്ത് [ഊമ-കത്ത്] നാ. എഴുതിയ ആളിൻെറ പേരുവയ്ക്കാത്ത എഴുത്ത്.

ഊമക്കളി [ഊമ-കളി] നാ. സംഭാഷനമില്ലാതെ അഭിനയം മാത്രമുള്ള നാട്യം, പാവകളി.

ഊമച്ചി നാ. 1. ഊമയായ സ്ത്രീ; 2. മലരിൽ പൊരിയാതെ കിടക്കുന്ന നെല്ല്.

ഊമച്ചെകിടൻ [ഊമ-ചെകിടൻ] നാ. മിണ്ടാനും കേൾക്കനും വയ്യാത്തവൻ, ഏഡമൂകൻ.

ഊമത്തം [സം.ഉന്മത്ത] നാ. ഉമ്മം എന്ന ചെടി.

ഊമത്തേങ്ങ [ഊമ-തേങ്ങ] നാ. കൊട്ടത്തേങ്ങ, കുലുക്കിയാൽ വെള്ളത്തിൻെറ ശബ്ദം കേൾക്കാത്തവിധം ഉണങ്ങിയ തേങ്ങ.

ഊമൻ നാ. 1. നാക്ക് എടുക്കാൻ കഴിയാത്തവൻ, ഊമ; 2. മൂങ്ങ, കൂമൻ; 3. മലരിൽ പൊരിയാതെ കിടക്കുന്ന നെല്ല്, വറുത്ത യവം മുതലായവ.

ഊമങ്കുരങ്ങ് [ഊമൻ-കുരങ്ങ്] നാ. ഒരിനം കുരങ്ങ്, ശിങ്കളം.

ഊമന്താടി [ഊമൻ-താടി] നാ. അപ്പൂപ്പൻ താടി.

ഊമൻപ്രാവ് നാ. വലിയ ഒരിനം കാട്ടുപ്രാവ്വ്, കടപ്രാവ്.

ഊമയടി [ഊമ-അടി] നാ. പുറത്ത് പരുക്കുകാണാൻ പാടില്ലാത്തതും എന്നാൽ ഊക്കിൽ പറ്റിയതുമായ അടി.

ഊമവെയിൽ [ഊമ-വെയിൽ] നാ. ഇളംവെയിൽ, മങ്ങിയ വെയിൽ.

ഊമ്പുക ക്രി. 1. ഉറിഞ്ചിക്കുടിക്കുക, വലിച്ചുകുടിക്കുക, നുകരുക, ഈമ്പുക; 2. വദനസുരതം ചെയ്യുക (അശ്ലീലം).

ഊയല് നാ. ഊഞ്ഞാൾ.

ഊയി [സം.സൂചി] നാ. 'സൂചിപോലെ കൊരുക്കുന്ന ചൂരലോ മുളയോ'. വണ്ണം കുറഞ്ഞ ഒരിനം മുള.

ഊയ്യാരം [സം.<ഊയി-കാര] നാ. ഊയാരം, ബഹളം, വലിയ സബ്ദം, ആരവം.

ഊർ1 [ഊരുക] ധാതുരൂപം.

ഊർ2 [ഊറുക] ധാതുരൂപം.

ഊർ3 നാ. = ഊര്.

ഊർകഴഞ്ച് [ഊർ-കഴഞ്ച്] നാ. ഒരു പഴയനികുതി.

ഊർക്കണക്കൻ [ഊർ-കണക്കൻ] നാ. ഊരിലെ കണക്കെഴുത്തുകാരൻ, ആധാരമെഴുത്തുകാരൻ.

ഊർക്കണക്ക് [ഊർ-കണക്ക്] നാ. ഊർക്കണക്കൻ എന്ന ഉദ്യോഗം.

ഊർക്കുക ക്രി. ഊതിപ്പെരുപ്പിക്കുക.

ഊർക്കുരുകിൽ [ഊർ-കുരികിൽ] നാ. ഊർക്കുരുവി, ഊരിലെക്കുരുവി, ദീനസ്വരം പുറപ്പെടുവിക്കുന്ന ഒരിനം കുരുവി.

ഊർക്കൂട്ടം [ഊർ-കൂട്ടം] നാ. ഊരിലെ കൂട്ടം, നാട്ടുകൂട്ടം.

ഊർച്ച നാ. 1. ഞവരി; 2. ഇറക്കം.

ഊർച്ചപ്പലക [ഊർച്ച-പലക] നാ. ഊർച്ചമരം, നിലം നിരപ്പാക്കാനുൾല പലക, ഞവരി.

ഊർച്ചാംവഴി നാ. കാട്ടിലൂടെയുള്ള ഇടുങ്ങിയ വഴി.

ഊർജ [സം.ഊർജാ] നാ. 1. സാരം, ആഹാരം; 2. ശക്തി, ബലം; 3. വസിഷ്ഠൻെറ ഭാര്യ, ദക്ഷൻെറ ഒരു പുത്രി.

371

ഊർജതന്ത്രം [സം.ഊർജ-തന്ത്ര] നാ. പദാർഥങ്ങളുടെ ഊർജത്തിൻെറ ഗുണവിശേഷങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന ശാസ്ത്രം.

ഊർജം [സം.ഊർജ] നാ. 1. ശക്തി, ബലം; 2. കാർത്തിക മാസം; (ശക്തിദായകമായതിനാൽ); 3. ഉത്പാദനശക്തി; 4. ജീവൻ, ശ്വാസം; 5. ജലം.

ഊർജയന്തി [സം.ഊർജയന്തീ] നാ. ഋഗ്വേദപ്രോക്തകമായ നാലു പ്രധാന ഔഷധങ്ങളിൽ ഒന്ന്.

ഊർജവ്യൻ [സം.ഊർജവ്യ] നാ. 'ഊർജം ഉള്ളവൻ, ശക്തൻ'. ഒരു രാജാവ്.

ഊർജസാ [സം.<ഊർജസ്] അവ്യ. ചൊടിയോടുകൂടി, ശക്തിയായി, സുധീരമായി.

ഊർജസ്വതി [സം.ഊർജസ്വതീ<ഊർജസ്-വത്] നാ. 1. ചുറുചുറുക്കുള്ളവൾ; 2. പ്രിയവ്രതനു ബഹിഷ്മതിയിൽ ജനിച്ചപുത്രി, ശുക്രാചാര്യൻെറ ഭാര്യ, ദേവയാനിയുടെ മാതാവ്.

ഊർജസ്വല [സം.ഊർജസ്-വല] വി. ചൊടിയുള്ള, ഉന്മേഷമുള്ള, പ്രസരിപ്പുള്ള.

ഊർജസ്വലം [സം.] നാ. ഒരു ഗദ്യരീതി, ശക്തിയുള്ളത്.

ഊർജസ്വി [സം.ഊർജസ്-വിൻ] നാ. 1. ശക്തിയേറിയവൻ, ബലവാൻ, ഓജസ്സുള്ളവൻ, ചൈതന്യമുള്ളവൻ; 2. ഗുണിഭൂതവ്യങ്ഗ്യത്തിൻെറ പ്രകാരഭേദം.

ഊർജസ്സ് [സം.ഊർജസ്] നാ. മൂർത്തമായ ശക്തി, ബലം.

ഊർജിത [സം.ഊർജിത] വി. 1. ബലമുള്ള, ശക്തിയുള്ള, ഊക്കുള്ള; 2. ഉന്മേഷമുള്ള, ഉത്സാഹമുള്ള, ചുണയുള്ള, ചൊടിയുള്ള; 3. മഹത്തായ, മികച്ച, മേൽത്തരമായ, ഉത്കൃഷ്ടമായ.

ഊർജിതം [സമൂർജിത] നാ. 1. ഉന്മേഷം, ചൊടി, ചുണ, സക്തി, ബലം; 2. പ്രാബല്യം. (പ്ര.) ഊർജിതപ്പെടുത്തുക = ശക്തിയുള്ളതാക്കുക.

ഊർണ [സം.ഊർണ] നാ. 1. ആടുതുടങ്ങിയ മൃഗങ്ങളുടെ രോമം; 2. പുരികങ്ങളുടെ നടുവിലുള്ള ചുഴി; 3. ചിത്രരഥൻെറ ഭാര്യ; 4. മരീചിയുടെ ഭാര്യ (സ്വായംഭുവമന്വന്തരത്തിൽ); 5. ഒരു ദേവത.

ഊർണനാഭം [സം.ഊർണ-നാഭ] നാ. 1. നാഭിയിൽ ഊർണം (നൂൽ) ഉള്ളത്, ചിലന്തി; 2. (നാട്യ.) ഒരു ഹസ്തമുദ്ര, കൈയിലെ വിരലുകൾ അഞ്ചും എട്ടുകാലിയുടെ കാലുകൾപോലെ വളച്ചുപിടിക്കുന്നത്; 3. സ്തനം.

ഊർണനാഭി [സം.-നാഭി] നാ. 1. ഊർണനാഭം, ചിലന്തി; 2. ഒരു ഗ്രഹം, യുരാനസ്; 3. ഒരു ഹസ്തമുദ്ര, ഊർണനാഭം.

ഊർണവസ്ത്രം [സം.-വസ്ത്ര] നാ. കമ്പിളിവസ്ത്രം.

ഊർണായു [സം.ഊർണായു] നാ. 'ഊർണം ഉള്ളത്'. 1. കുറിയാട്; 2. ചിലന്തി; 3. ആട്ടിൻരോമംകൊണ്ട് ഉണ്ടാക്കിയ കരിമ്പടം, കമ്പിളി മുതലായവ; 4. ഒരു ഗന്ധർവൻ.

ഊർണാവ് [ഊർ-നാവ്] നാ. ഊരിലുള്ളവരുടെ നാവ്, ജനസംസാരം.

ഊർത്തലവൻ [ഊർ-തലവൻ] നാ. ഊരിൻെറ തലവൻ, ഗ്രാമപ്രധാനി.

ഊർത്തുക [ഊരുക>പ്രയോ.] ക്രി. ഊരുന്നതിന് ഇടയാക്കുക.

ഊർത്തുരം [ഊർ-തുരം<സം.ധുര] നാ. 'ഊരിലെ തുരം'. ഗ്രാമഭരണം. ഊർത്തുരക്കാർ = ഗ്രാമഭരണത്തിന് ഏർപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്മാർ.

ഊർത്തെണ്ടം [ഊർ–തെണ്ടം<സം.ദണ്ഡ] നാ. ഒരു ദേശക്കാരുടെമേൽ ഒന്നാകെചുമത്തുന്ന പിഴ, കൂട്ടപ്പിഴ.
ഊർദരൻ [സം.] നാ. 1. വീരൻ; 2. രാക്ഷസൻ.
ഊർദരം [സം.] നാ. 1. നെല്ല് അളക്കാനുള്ള ഒരു പാത്രം; 2. ധാന്യം സൂക്ഷിക്കുന്ന അറ.
ഊർധ്വ [സം.ഊർധ്വ] വി. 1. മുകളിലുള്ള, മേൽപ്പോട്ടുള്ള; 2. നിവർന്ന, എഴുന്ന; 3. ഉന്നതമായ, മേൽത്തരമുള്ള.
ഊർധ്വകചൻ [സം.ഊർധ്വ–കച] നാ. 'എഴുന്നുനിൽക്കുന്ന തലമുടിയുള്ളവൻ'. കേതു.
ഊർധ്വകം [സം.ഊർധ്വക] നാ. ഒരുതരം ചെണ്ട.
ഊർധ്വകർമാ(വ്) [സം.ഊർധ്വ–കർമൻ] നാ. 1. ഉന്നതകർമാവ്; 2. വിഷ്ണു.
ഊർധ്വകായം [സം.ഊർധ്വ–കായ] നാ. ശരീരത്തിൻെറ മേൽഭാഗം.
ഊർധ്വകേശൻ [സം.–കേശ] നാ. ശിവൻ.
ഊർധ്വകോണം [സം.–കോണ] നാ. ഭൂമിക്കു സമാന്തരമായ വീക്ഷണതലത്തിൽ നിന്നു മേലേക്കുള്ള കോണം.
ഊർധ്വഗ [സം.ഊർധ്വ–ഗ] വി. മേൽപ്പോട്ടുഗമിക്കുന്ന.
ഊർധ്വഗണപത് [സം.ഊർധ്വ–ഗണപതി] നാ. ഗണപതിയുടെ മൂർത്തിഭേദം.
ഊർധ്വഗത [സം.–ഗത] വി. മേൽപ്പോട്ടുപോയ, മുകളിലോട്ടുപോകുന്ന.
ഊർധ്വഗതി [സം.–ഗതി] നാ. 1. മേൽഗതി, സ്വർഗാരോഹണം; 2. കയറ്റം, മുകളിലേക്കുള്ള പോക്ക്.
ഊർധ്വഗൻ [സം.–ഗ] നാ. വിഷ്ണു.
ഊർധ്വഗം [സം.] നാ. 1. കഫസംസർഗത്തോടുകൂടിയ രക്തപിത്തം, മേൽപ്പോട്ടു ഗതിയോടുകൂടിയത്; 2. അസ്ഥിഭങ്ഗം എട്ടുപ്രകാരത്തിൽ ഉള്ളതിൽ ഒന്ന്, സന്ധികൾ ഒടിഞ്ഞു മേൽപ്പോട്ടാകുന്നത്.
ഊർധ്വഗമ(ന)ം [സം.–ഗമ(ന)] നാ. ഊർധ്വഗതി.
ഊർധ്വഗാമി [സം.–ഗാമിൻ] നാ. മുകളിലേക്കു ഗമിക്കുന്നവൻ.
ഊർധ്വഗുദം [സം.–ഗുദ] നാ. വായ്ക്കകത്ത് ഉണ്ടാകുന്ന ഒരു രോഗം.
ഊർധ്വചരണൻ [സം.–ചരണ] നാ. 'കാലുമേലോട്ടാക്കിനിൽക്കുന്നവൻ,. തലകുത്തിനിന്നു തപസ്സു ചെയ്യുന്നവൻ.
ഊർധ്വചരണം [സം.–ചരണ] നാ. 'മേലോട്ടും നാലുകാലുകൾ ഉള്ളത്'. എട്ടടിമാൻ, ശരഭം.
ഊർധ്വച്ഛിദ്രം [സം.–ഛിദ്ര] നാ. മൂർധാവിലുള്ള സുഷിരം.
ഊർധ്വജാനു [സം.–ജാനു] നാ. മുട്ടുകൾ മേലോട്ടാക്കി കുത്തിയിരിക്കുന്നവൻ.
ഊർധ്വതാണ്ഡവം [സം.ഊർധ്വ–താണ്ഡവ] നാ. ഒരു കാൽ പൊക്കിപ്പിടിച്ചുകൊണ്ടുള്ള നൃത്തം. ഒറ്റക്കാലിൽ നിന്നുകൊണ്ടുള്ള ശിവൻെറ നൃത്തം.
ഊർധ്വതിലകം [സം.–തിലക] നാ. ഊർധ്വപുണ്ഡ്രം.
ഊർധ്വദംഷ്ട്രൻ [സം.–ദംഷ്ട്ര] നാ. ശിവൻ.
ഊർധ്വദൃഷ്ടി [സം.–ദൃഷ്ടി] നാ. 1. മെേൽപ്പോട്ടുള്ള നോട്ടം; 2. ഉന്നതിയിലേക്കുള്ള നോട്ടം.
ഊർധ്വദേവൻ [സം.ഊർധ്വ–ദേവ] നാ. വിഷ്ണു.
ഊർധ്വദേഹം [സം.–ദേഹ] നാ. 1. സ്വർഗാരോഹണം ചെയ്ത ശരീരം; 2. ശേഷക്രിയ.

ഊർധ്വധൗതി [സം.-ധൗതി] നാ. യോഗിമാർ അനുഷ്ഠിക്കേണ്ട ഷട്കർമങ്ങളിൽ ഒന്നായ ധൗതിയുടെ ഒരു വകഭേദം.
ഊർധ്വൻ [സം.ഊർധ്വ] നാ. ഊർധ്വശ്വാസം, അന്ത്യശ്വാസം, മരണവായു.
ഊർധ്വപദ്മാസനം [സം.-പദ്മാസന] നാ. ഒരു യോഗാസനം, ശീർഷ പദ്മാസനം.
ഊർധ്വപുണ്ഡ്രം [സം.-പുണ്ഡ്ര] നാ. ഗോപിക്കുറി മേലോട്ടു നീളുന്നമട്ടിൽ ഇടുന്നത്, വൈഷ്ണവരുടേത്, ഊർധ്വതിലകം.
ഊർധ്വപുഷ്പി [സം.-പുഷ്പി] നാ. മേത്തോന്നി.
ഊർധ്വപ്രാപ്തി [സം.-പ്രാപ്തി] നാ. സ്വർഗാരോഹണം, മരണം.
ഊർധ്വബലി [സം.-ബലി] നാ. മരിച്ചവരെ ഉദ്ദേശിച്ചുള്ള ബലി.
ഊർധ്വബാഹു [സം.-ബാഹു] നാ. 1. കൈ ഉയർത്തിപ്പിടിച്ചവൻ; 2. യന്ത്രപ്രവർത്തനംകൊണ്ടു അടുത്തുവരുന്ന ശത്രുക്കളെ കൊല്ലത്തക്കവണ്ണം നിവർത്തിനിറുത്തിയിരിക്കുന്ന വലിയ തൂണ്, ശത്രുക്കളുടെനേർക്കു പ്രയോഗിക്കുന്ന പത്തു സ്ഥിരയന്ത്രങ്ങളിൽ ഒന്ന്; 3. വസിഷ്ഠന് ഊർജയിൽ ഉണ്ടായ ഏഴുപുത്രന്മാരിൽ ഒരുവൻ; 4. രൈവമന്വന്തരത്തിലെ സപ്തർഷിമാരിൽ ഒരാൾ.
ഊർധ്വഭാക്ക് [സം.-ഭാക്,-ഭാജ്] നാ. 'മുകളിലേക്കുപോകുന്ന'. ബഡവാഗ്നി.
ഊർധ്വഭാഗം [സം.-ഭാഗ] നാ. 1. മുകളിലത്തെ ഭാഗം; 2. ശേഷം ഭാഗം.
ഊർധ്വഭൂമി [സം.-ഭൂമി] നാ. 1. മുകൾപ്പരപ്പ്, പീഠഭൂമി, അധിത്യക; 2. മേൽനില.
ഊർധ്വം [സം.] അവ്യ. 1. മേൽ, മേലോട്ട്; 2. നിഷ്ഫലം, വ്യർഥം (ഭാഷയിൽ മാത്രം.).
ഊർധ്വമാനം [സം.ഊർധ്വ-മാന] നാ. 1. ഉയരം അളക്കാനുള്ള ഉപകരണം; 2. ഉയരം, പൊക്കം.
ഊർധ്വമുഖ [സം.-മുഖ] വി. മേൽപ്പോട്ടു മുഖമായുള്ള.
ഊർധ്വമുഖനക്ഷത്രങ്ങൾ = ഇരുപത്തേഴു നക്ഷത്രങ്ങളെ മൂന്നായി വിഭജിച്ചിട്ടുള്ളതിൽ ഒരു ഭാഗം.
ഊർധ്വമുഖരാശി = ഊർധ്വമുഖി.
ഊർധ്വമുഖം [സം.ഊർധ്വ-മുഖ] നാ. ശിവൻെറ അഞ്ചു മുഖങ്ങളിൽ ഒന്ന്.
ഊർധ്വമുഖി [സം.-മുഖീ] നാ. 'മേലോട്ടു നോക്കുന്നവൾ'. (ജ്യോ.) ആദിത്യൻ പിന്നിട്ടരാശിയും അതിൻെറ കേന്ദ്രരാശികളും.
ഊർധ്വമുദ്ര [സം.-മുദ്രാ] നാ. ഒരു ഹസ്തമുദ്ര.
ഊർധ്വമൂലം [സം.-മൂല] വി. വേരുമേലോട്ടായ. ഉദാ. ഊർധ്വമൂലമായ അശ്വത്ഥം.
ഊർധ്വരേതസ്സ് [സം.-രേതസ്] നാ. 1. ഇന്ദ്രിയനിഗ്രഹം ചെയ്തവൻ, നൈഷ്ഠികബ്രഹ്മചാരി, സന്ന്യാസി; 2. ശിവൻ; 3. ഭീഷ്മർ.
ഊർധ്വരോമാ(വ്) [സം.-രോമൻ] നാ. 1. എഴുന്നുനിൽക്കുന്ന രോമങ്ങളോടുകൂടിയവൻ; 2. കുശദ്വീപിലെ ഏഴു സേതുശൈലങ്ങളിൽ ഒന്ന്.
ഊർധ്വലിങ്ഗൻ [സം.ഊർധ്വ-ലിങ്ഗ] നാ. ശിവൻ.
ഊർധ്വലോകം [സം.-ലോക] നാ. മുകളിലുള്ള ലോകം, സ്വർഗം.
ഊർധ്വവർത്മാ(വ്) [സം.-വർത്മൻ] നാ. അന്തരീക്ഷം, ആകാശം.
ഊർധ്വവേണി. [സം.-വേണി] നാ. സ്കന്ദൻെറ പാരിഷദരിൽപ്പെട്ട ഒരു മാതാവ്.
ഊർധ്വശായി [സം.-ശായിൻ] നാ. 1. ശിവൻ; 2. ശിശു.
ഊർധ്വശോധന [സം.-ശോധനാ] നാ. ഛർദിക്കൽ, ഛർദി, വമനം.
ഊർധ്വശ്വാസം [സം.-ശ്വാസ] നാ. ഊർധ്വൻ, മരണവായു.

ഊർധ്വസാനു [സം.-സാനു] നാ. പർവതത്തിൻെറ മുകൾഭാഗം.
ഊർധ്വസ്രോതസ്സ് [സം.-സ്രോതസ്] നാ. 'മുകളിലേയ്ക്ക് ഒഴുക്കുള്ളത്'. 1. ഊർധ്വരേതസ്സ്, തപസ്വി, നിത്യബ്രഹ്മചാരി; 2. ബ്രഹ്മാവിൻെറ മൂന്നുതരം സൃഷ്ടികളിൽ ഒരു വിഭാഗം; 3. ജീവസ്രോതസ്സ്, മുകളിലോട്ടുള്ള ഒരു പ്രത്യേക സൃഷ്ടിവിഭാഗം, തുഇഷ്ടാത്മാവെന്നും പേര്.
ഊർധ്വാങ്ഗം [സം.-അങ്ഗ] നാ. 1. ശരീരത്തിൻെറ മേൽഭാഗം; 2. ശിരസ്സ്.
ഊർധ്വായനൻ [സം.-അയന<അയ്] നാ. മുകളിലേയ്ക്കു പോകുന്നവൻ, ഉദ്ഗമനം ചെയ്യുന്നവൻ, ഊർധ്വായനന്മാർ (പുരാണ.) = പ്ലക്ഷദ്വീപത്തിലെ വൈശ്യഗണം.
ഊർന്നു [സം.ഊരുക] ക്രി. (ഭൂ.കാലം) ഊരിവീണു, വഴുതി വീണു.
ഊർപ്പക [ഊർ-പക] നാ. ഊരിലുള്ള പക.
ഊർപ്പട്ടി [ഊർ-പട്ടി] നാ. ഊരിലെ പട്ടി, നാട്ടുപട്ടി.
ഊർപ്പ(ണ)ം നാ. ഊരം.
ഊർപ്പൻ നാ. ഊരം.
ഊർപ്പന്നി [ഊർ-പന്നി] നാ. നാട്ടുപന്നി.
ഊർപ്പള്ളി ഉർ-പള്ളി] നാ. നായാട്ടുകാർക്ക് ഊരിൽ പ്രത്യേകമുള്ള കെട്ടിടം.
ഊർപ്പള്ളിദൈവം [മ.ഊർപ്പള്ളി-സം.ദൈവ] നാ. ഗ്രാമദേവത.
ഊർപ്പഴശ്ശി [ഊർ-പഴശ്ശി] നാ. 1. വടക്കേ മലബാറിലെ ഒരു അമ്പലം, ഊർപ്പിഴച്ചിക്കാവ് (ചിറയ്ക്കൽ താലൂക്കിൽ); 2. ഒരു തെയ്യക്കോലം.
ഊർപ്പഴി [ഊർ-പഴി] നാ. നാട്ടുകാരുടെ പഴി.
ഊർപ്പ്,ഊപ്പ്,ഉറുപ്പു നാ. ഊപ്പ് അവകാശം (നായാട്ടിൽ).
ഊർപ്പൊനം [ഊർ-പൊനം<പുനം] നാ. ഒരുതരം പുനം കൃഷി.
ഊർമാങ്കണ്ണി,ഉറുമാങ്കണ്ണി [ഊർമ്മാൻ-കണ്ണി] നാ. ഓലക്കാലിൻെറ ഇരുവക്കിലുമുള്ള നേർത്ത ബലമുള്ള നാര്.
ഊർമാൻപുഴു [ഊർമ്മാൻ-പുഴു] നാ. തടികൾതുളച്ച് അതിൽ ജീവിക്കുന്ന ഒരിനം പുഴു.
ഊർമി [സം.ഊർമി] നാ. 1. തിര, ഓളം; 2. വസ്ത്രത്തിൻെറ ചുളിവ്, ഞൊറി; 3. ഒഴുക്ക്; 4. (ആല.) ശോകം, മോഹം, ജര, മൃത്യു, വിശപ്പ്, ദാഹം എന്നീ വികാരങ്ങൾ.
ഊർമിക [സം.ഊർമികാ] നാ. 1. ചെറിയതിര; 2. മോതിരം; 3. മുണ്ടിലെ ചുളുക്ക്; 4. തേനീച്ചയുടെ മുഴക്കം.
ഊർമിമാല [സം.ഊർമി-മാല] നാ. 1. തിരമാല, ഒന്നിനുപുറകേ ഒന്നായി വരുന്ന തിരകൾ; 2. ഒരു സംസ്കൃത വൃത്തം.
373
ഊർമിമാലി [സം.ഊർമി-മാലിൻ] നാ. തിരമാലയുള്ളത്, സമുദ്രം.
ഊർമിള [സം.ഊർമിലാ] നാ. 1. ജനകൻെറ പുത്രി, ലക്ഷ്മണൻെറ ഭാര്യ; 2. ഒരു ദന്ധർവസ്ത്രീ, സോമദയുടെ മാതാവ്; 3. പുരാണപ്രസിദ്ധമായ ഒരു നദി.
ഊർമുമ്പൻ [ഊർ-മുമ്പൻ] നാ. ഊരിലെ മുമ്പൻ, ഗ്രാമപ്രധാനി.
ഊർമ്യ [സം.ഊർമ്യ] വി. തിരയെ സംബന്ധിച്ച, തിരയടിച്ചുകൊണ്ടിരിക്കുന്ന, തിരപ്പുറംപോലെ ഉയർന്നും താണുമുള്ള.
ഊർവ1 [സം.ഊർവ] വി. വലിയ, വർധിച്ച, വിപുലമായ.
ഊർവ2 നാ. ഊരുന്നജന്തു, ഇഴയുന്നജന്തു.
ഊർവം [സം.ഊർവ] നാ. 1. സമുദ്രം; 2. ബഡവാഗ്നി; 3. മേഘം.

ഊർവാരിയം [ഊർ–വാരിയം] നാ. ഊർക്കൂട്ടത്തിൻെറ ഭരണം.
ഊർവാരിയർ [സം.-വാരിയർ] നാ. ഗ്രാമത്തിലെ കാര്യങ്ങൾ അന്വേഷിക്കുന്ന ഉദ്യോഗസ്ഥൻ.
ഊർവാരു,-വാലു [സം.ഊർവാര്യ] നാ. ഉർവാരു, വെള്ളരി.
ഊർവേലിച്ചാട്ടം [ഊർ–വേലി–ചാട്ടം] നാ. പയ്യന്നൂർ ചാലിയത്തെരുവിലെ കലശം എന്ന ഉത്സവം സംബന്ധിച്ച് അവസാനദിവസം നടത്തുന്ന ഒരു ചടങ്ങ്.
ഊർശ്ലേം [ഹീ.ഊർ–സലേ] നാ. 'സമാധാനത്തിൻെറ നഗരം'. ജറൂസലം നഗരം.
ഊർവ്യങ്ഗം [സം.ഊർവീ–അങ്ഗ] നാ. കുമിൾ, കൂണ്.
ഊർവ്യൻ [സം.ഊർവ്യ] നാ. ശിവൻ.
ഊര [<സം.ഊരു] നാ. 1. പൃഷ്ഠഭാഗം, ആസനം, നടുവ്. ഉദാ: ഊരയാട്ടിപ്പക്ഷി; 2. വരിനെല്ല്; 3. നെന്മണിയുടെ അറ്റത്തുകാണുന്ന നേർത്ത ചെറുമുള്ളുപോലുൾല ഭാഗം, ഓവ്; 4. ഉണക്കാനിട്ട നല്ലപോലെ ഉണങ്ങാത്ത മത്സ്യം; 5. ഒഴുക്ക്. ഉദാ: ഊരയ്ക്കു പായിക്കുക = ഒഴുക്കനുസരിച്ച് ഓടിക്കുക.
ഊരകം1 നാ. ഊരം.
ഊരകം2 [ഊര്–അകം] നാ. 1. ഗ്രാമത്തിൻെറ മധ്യം, നാട്ടിട; 2. തൃശൂരിനടുത്തുള്ള ഒരു ഗ്രാമം, അവിടത്തെ ഭഗവതിക്ക് ഊരകത്തമ്മ (വലയാധീശ്വരി) എന്നു പേര്.
ഊരടവ് [ഊർ3–അടവ്] നാ. ഊരാളരുടെ അനുഭവത്തിലുള്ള വസ്തുക്കൾ (മണലിക്കര ശാസനം).
ഊരടി [ഊർ3–അടി] നാ. 'ഊരിലെ അടിയാൻ'. അടിമ.
ഊരടിപ്പാത [ഊരടി–പാത] നാ. ഗ്രാമത്തിലേക്കുള്ള വഴി.
ഊരടിവയൽ [ഊരടി–വയൽ] നാ. ഗ്രാമത്തോടു തൊട്ടുകിടക്കുന്ന വയൽ.
ഊരണ നാ. ഊരുന്നത്, ഇഴജന്തു, പാമ്പ്.
ഊരത്തനം [ഊര–തനം] നാ. അസൂയ.
ഊരത്തൂര് നാ. ഇത്തരകേരളത്തിലെ ഒരു സ്ഥലം.
ഊരൻ നാ. ഊരം, ഊർപ്പൻ ചെടി.
ഊരമ്പലം [ഊര്1–അമ്പലം] നാ. 1. ഊരിലെ അമ്പലം; 2. വഴിയമ്പലം; 3. ഊരുകാർക്ക് കൂട്ടംകൂടാനുള്ള കെട്ടിടം.
ഊരമ്മ [ഊർ–അമ്മ] നാ. ഊരിലെ അമ്മ, ഗ്രാമദേവത.
ഊരയൻ നാ അസൂയാലു.
ഊരയാടിപ്പക്ഷി [<മ.ഊര–ആടി–സം.പക്ഷിൻ] നാ. ഉരയാട്ടിപ്പക്ഷി, കുണ്ടികുലുക്കിപ്പക്ഷി.
ഊരരശുകയ്മൾ [ഊർ–അരശ്–കയ്മൾ] നാ. 'ദേശാധിപത്യമുള്ള കയ്മൾ,. തളിപ്പറമ്പിൽ അവരോധിക്കപ്പെടുന്ന കയ്മൾ.
ഊരരി നാ. ഊരയുടെ അരി, വരിനെല്ലിൻെറ അരി.
ഊരൽ1 [<ഊരുക] നാ. 1. ഇഴയൽ; 2. ദേഹത്ത് എന്തെങ്കിലും ഇഴയുന്നതുപോലെയുള്ള തോന്നൽ, ചൊറിച്ചിൽ.
ഊരൽ2 [<ഊരുക] നാ. വലിച്ചെടുക്കൽ. ഉദാ: ഉറയിൽനിന്നും വാൾ വലിച്ച് ഊരൽ.
ഊരവ്യൻ [സം.ഊരവ്യ<ഊരു] നാ. വൈശ്യൻ, ബ്രഹ്മാവിൻെറ ഊരുവിൽനിന്ന് ഉണ്ടായവൻ.

ഊരഴി [ഊര്-അഴി] നാ. ഊരിയെടുക്കാവുന്ന അഴി, സാക്ഷ.
ഊരാക്കൊളുത്ത് [ഊരാ-കൊളുത്ത്] നാ. ഊരാൻ വയ്യാത്ത കൊളുത്ത്.
ഊരാങ്കൾ [ഊര്-ആൺ-കൾ] നാ. (ബ.വ.) ഊരിലെ ആണുങ്ങൾ, ഗ്രാമവാസികൾ, നാട്ടുകാർ.
ഊരാങ്കുടുക്ക് നാ. ഊരാൻവയ്യാത്തകുടുക്ക്, ഉരാക്കൊളുത്ത്.
ഊരാച്ചി [ഊര്-ആൾചി] നാ. 1. ഊരായ്മ, ഗ്രാമഭരണം. താരത. ഊരാട്ചി.; 2. ഗ്രാമവാസികളിൽനിന്നും ഊരാളൻ പിരിച്ചെടുക്കുന്ന കരം.
ഊരാട്ടം [ഊര്1-ആട്ടം] നാ. വീടുകൾതോറും ഇറങ്ങിക്കയറൽ, വെറുതെ അലഞ്ഞുതിരിയൽ.
ഊരാണി [ഊര്-ആണി] നാ. ഊരാവുന്ന ആണി.
ഊരാണ്മ,-യ്മ,-ഴ്മ ളഊര്1-ആണ്മ] ഗ്രാമത്തേയോ അവിടത്തെ ക്ഷേത്രമ്പോലെയുള്ള പൊതുസ്ഥാപനത്തേയോ ഭരിക്കുന്നത്, സമുദായത്തിൻെറയോ ക്ഷേത്രത്തിൻെറയോ ഭരണകാര്യങ്ങളിലുള്ള മേലധികാരം, ക്ഷേത്രഭരണാവകാശം, ഊരിലെ പൊതു നിലങ്ങളുടെയും മറ്റും ഭരണാവകാശം, ക്ഷേത്രംവക നിക്ഷേപം മുതലായവയുടെ ഭരണാവകാശം.
ഊരാണ്മക്കാരൻ നാ. ഊരാണ്മയുള്ളവൻ.
ഊരാൻ [ത.ഊരാൻ] നാ. ഊരുകാരൻ.
ഊരാന്തര [ഊരാ-താര<സം.ധാര] നാ. ഊടുവഴി, ഒറ്റയടിപ്പാത.
ഊരാമുതൽ [ഊരാൻ-മുതൽ] നാ. 'ഊരാൻെറ മുതൽ'. അന്യൻെറ വസ്തു, സ്വന്തമായി ഉപയോഗിക്കാൻ പാടില്ലാത്ത വസ്തു.
ഊരാമ്പേച്ചു നാ. 'ഊരാളരുടെ സംസാരം'. അസംബന്ധം ഒഅറച്ചിൽ.
ഊരായി,ഊരഴി നാ. 'ഊരിയെടുക്കാവുന്ന അഴി'. പീടികയുടെ നിരപ്പലകകളുടെ വളയക്കുറ്റികൾക്കകത്തുകൂടെ ഇട്ടു പൂട്ടുന്നതിനുള്ള നീണ്ട കമ്പി.
ഊരായ്മ നാ. ഊരാണ്മ.
ഊരാർ [ഊര്-ആര്] നാ. (ബ.വ.) ഊരിലുൾലവർ, നാട്ടുകാർ, ഗ്രാമത്തിലെ ജനങ്ങൾ.
ഊരാൾ [ഊര്-ആൾ] നാ. 1. ഊരാളൻ; 2. അന്യൻ.
ഊരാളൻ [ഊര്-ആളൻ] നാ. 1. ക്ഷേത്രാധികാരി, ക്ഷേത്രരക്ഷാധികാരി, ക്ഷേത്രംവക വസ്തുക്കളുടെ ഭരണകാര്യങ്ങൾ നിർവഹിക്കുന്ന ആൾ; 2. ഊരാളി, തണ്ടാൻ, തെങ്ങുകയറ്റം തൊഴിലായ ഒരു ജാതി.
ഊരാളി [ഊര്-ആളി] നാ. 1. ഊരാളൻ; 2. സ്ഥലവാസി. ഉദാ: ഊരാളിക്ക് വഴിതിരിച്ചതുപോലെ; 3. ഒരു പട്ടിക ജാതി. 4. തെങ്ങുകയറ്റം തൊഴിലായിട്ടുള്ള ഒരു ജാതിക്കാർ, തണ്ടാൻ; 5. മലം കുറവന്മാരെടെ വൈദികൻ; 6. പ്രേതം, പിശാച് (മലമ്പണ്ടാരങ്ങളുടെ ഇടയിൽ); 7. പുലയർ കോലയന്മാരെ സംബോധന ചെയ്യാനുപയോഗിക്കുന്ന പദം; 8. അടിമ, ഊരടി.
ഊരാളിമന്നൻ [ഊരാളി-മന്നൻ] നാ. ഒരുതരം വലിയ പാമ്പ്, പതിനെട്ടടിയൻ.
ഊരാഴ്മ നാ. = ഊരാണ്മ.
ഊരിൽപ്പരിഷ നാ. പരശുരാമൻെറ വീരഹത്യാദോഷം ഏറ്റുവാങ്ങിയതിനാൽ ബ്രാഹ്മണ്യം കുറഞ്ഞ ഒരു വർഗം, ചാത്തിരർ.
ഊര്1,ഊർ [<ഉറയുക] നാ. 1. കുടിപാർപ്പ്, കുടിയിട, ദേശം, ഗ്രാമം; 2. ഗ്രാമത്തിൽ വസിക്കുന്നവർ. (പ്ര.) ഊരും പേരും = സ്ഥലവും ആളിൻെറ പേരും,

എവിടത്തുകാരനാണെന്നും, ഒരാളിനെപ്പറ്റിയുള്ള സാമാന്യവിവരങ്ങൾ. ഊരുക്കൊപ്പം = നാട്ടിനൊത്ത്, മറ്റുള്ളവർക്കു തുല്യമായി.

ഊര്2 [<ഉയിർ] നാ. പ്രാണൻ, ജീവൻ. (പ്ര.) ഊരങ്ങും ഉടലിങ്ങും, ഊരെടുത്തു കയ്യിൽ വയ്ക്കുക.

ഊരു[സം.] നാ. 1. തുട; 2. പതിനാലാമത്തെ മനുവായ ഭൗമൻെറ (ഭൗത്യൻെറ) ഒരു പുത്രൻ; 3. ചാക്ഷുഷമനുവിൻെറ ഒരു പുത്രൻ; 4. നഗ്നലയുടെ പത്തു പുത്രന്മാരിൽ ഒരാൾ എന്നു ഹരിവംശം; 5. അങ്ഗിരസ്സിൻെറ പുത്രൻ.

ഊരുക1 [ത.ഊർ] ക്രി. ഇഴഞ്ഞുനടക്കുക; 2. ഉഴുതശാഷം നിലം നിരപ്പാക്കുക; 3. ചൊറിച്ചിൽ തോന്നുക, ശരീരത്തിൽ ഉറുമ്പുകയറി ഇഴഞ്ഞാലെന്നപോലെ അസുഖം തോന്നുക, വേദന തോന്നുക.

ഊരുക2 ക്രി. വഴുതി വീണുപോവുക.

ഊരക3 ക്രി. ഒന്നിൽ പറ്റിച്ചേർന്നിരിക്കുന്നതിനെ ബലം പ്രയോഗിച്ചു വിടുവിക്കുക, വലിച്ചെടുക്കുക; 2. കൊരുത്തിരിക്കുന്ന ചരടോ ചരടിൽനിന്നു മുത്തോമറ്റോ വലിച്ചെടുക്കുക, കമ്പിൽ പറ്റിച്ചേർന്നിരിക്കുന്ന ഇലകൾ ഒന്നോടെ വലിച്ചു വേർപെടുത്തുക; 3. അണിഞ്ഞിരിക്കുന്ന ആഭരണമോ വസ്ത്രമോ എടുത്തുമാറ്റുക; 4. കെട്ടഴിക്കുക. ഉദാ: കയർ ഊരിവിട്ട കാള; 5. പിരി അഴിക്കുക, തിരുക്ക് ഇളയ്ക്കുക ഉദാ: കമ്മൽ ഊരുക; 6. അഴിയുക, വഴുതിവീഴുക, മുറുക്കം കുറഞ്ഞതുകൊണ്ടും മറ്റും പറ്റിച്ചേർന്നിരിക്കുന്നിടത്തു നിന്നു വീണുപോവുക.

ഊരുകാണ്ഡം [സം.ഊരു-കാണ്ഡ] നാ. കാണ്ഡംപോലെയുള്ള തുട.

ഊരുകായ് [ഊര്-കായ്] നാ. ഊറുകായ്, ഉപ്പിലിട്ടത്.

ഊരുകാൽ [ഊരു-കാൽ] നാ. 1. ഒച്ച്; 2. ശങ്ഖ്.

ഊരുകൂട്ടം നാ. ഊർക്കൂട്ടം.

ഊരുഗ്രഹം,-ഗ്രാഹ [സം.ഊരു-ഗ്രഹ] നാ. തുടവലി, ഊരുസ്തംഭനം.

ഊരുച്ചോറ് [സം.ഊര്1-ചോറ്] നാ. ഊരൂട്ട്, ഊരുകാർക്കു കൊടുക്കുന്ന സദ്യ.

ഊരുജൻ [സം.ഊരു-ജ] നാ. ബ്രഹ്മാവിൻെറ ഊരുവിൽനിന്നു ജനിച്ചവൻ, വൈശ്യൻ.

ഊരുദണ്ഡം [ഊരു-ദണ്ഡ] നാ. ദണ്ഡംപോലെ ഉരുണ്ട തുട, തുട.

ഊരുന്താര [ഊരിൽ-താര] നാ. ഒറ്റയടിപ്പാത.

ഊരുന്നത്,-ണത് [ഊരുന്ന-അത്] നാ. ഇഴജന്തു, പാമ്പ് മുതആയവ. (ഊരുന്നവക).

ഊരുപദവി [സം.ഊരു-പദവീ] നാ. അരക്കെട്ടിനോട് ചേർന്നുള്ള ഒരു മർമം.

ഊരുപർവം [സം.-പർവൻ] നാ. 1. തുടയുടെ സന്ധി; 2. മുട്ട്.

ഊരുപലക [ഊരു-പലക] നാ. പത്തായത്തിൻെറ അടപ്പുപലകയുടെ കീഴിലെ മതിയത്തിൽ കടത്തി പൂട്ടുന്നതിനുള്ള നീണ്ട കോൽ, ഊരുസാക്ഷ.

ഊരുപാത [ഊര്-പാത] നാ. ഇടവഴി, ഊരിൽത്താര.

ഊരുപെട്ടി [ഊര്-പെട്ടി] നാ. ഒരുവശത്തേക്കു വലിച്ചൂരാവുന്ന വിധം ഉണ്ടാക്കിയ അടപ്പുള്ളപെട്ടി.

ഊരുബുകം [സം.] നാ. ഊരുബു,-ബിക,-ബൂകം,-വു,-വുകം, രുബുകം. ആവണക്ക്.

ഊരുമാണം [സം.ഊരു-മാണം] നാ. മരവാഴ, മരവാഴയ്ക്ക.

ഊരുമാതളം നാ. നീർമാതളം.

ഊരുമൂലം [സം.ഊരു-മൂല] നാ. 'ഊരുവിൻെറ മൂലം'. 1. ഗുഹ്യസ്ഥാനം; 2. തുടകൾ കൂറ്റിച്ചെരുന്ന ഭാഗത്തുള്ള ഒരു മർമം, ഉർവീമൂലം.

ഊരുവലത്ത് [ത. ഊർവലം] നാ. പട്ടണപ്രദക്ഷിണം.
ഊരുവേഷ്ടം [സം.-വേഷ്ട] നാ. തുടകൾ കൂട്ടിക്കെട്ടൽ.
ഊരുസംഭവൻ [സം.-സംഭവ] നാ. ഊരുജൻ, വൈശ്യൻ.
ഊരുസ്തംഭ സം.-സ്തംഭാ] നാ. വാഴ.
ഊരുസ്തംഭം [സം.സ്തംഭ] നാ. ഊരുസ്തംഭനം, ഒരുതരം വാതരോഗം, തുട അനക്കാൻ വയ്യാതെയാകുന്നത്, ആഢ്യവാതം.
ഊരൂട്ട് [ഊര്1-ഊട്ട്] നാ. 1. ഊരിലെ ഊട്ട്, ഗ്രാമസദ്യ (പഴയകാലത്തെ ഏർപ്പാട്); 2. ഭദ്രകാളിക്ഷേത്രത്തിലെ ഉത്സവം.
ഊരുപഗൂഢം,-പീഡം[സം.ഊരു-ഉപ-ദൂഢ,-പീഡ] നാ. തുടകൾ തമ്മിൽ അമർത്തിപ്പിടിച്ചുകൊണ്ടുള്ള ആലിങ്ഗനം.
ഊവണി,-വേണി,-വ്വോണി[ഓവ്-തോണി] നാ. വയലിൽ വെള്ളം തേകാൻ മരം കൊണ്ട് ഉണ്ടാക്കുന്ന തോണിപോലുള്ള ഒരു ഉപകരണം.
ഊവധ്യഗോഹം [സം.ഊവധ്യ-ഗോഹ] നാ. ഊവധ്യം നിക്ഷേപിക്കുന്ന കുഴി.
ഊവധ്യം [സം.ഊവധ്യ] നാ. യാഗത്തിൽ കൊല്ലപ്പെടുന്ന മൃഗത്തിൻെറ വയറ്റിൽക്കിടക്കുന്ന ദഹിക്കാത്ത ഭക്ഷണസാധനം.
ഊവിക്കോൽ [ഊവി-കോൽ] നാ. ഒരിനം മുള, കനം കുറഞ്ഞ് ദ്വാരം ഇല്ലാത്ത തരത്തിലുള്ളത് ഇരങ്കോൽ, ഈരങ്കോൽ,എങ്കോൽ.
ഊവ്1 അവ്യ. അത്. താരത. ഉം, ഉവ്വ്, ഒവ്വ.
ഊവ്2 [ഊ] നാ. 1.വേദന; 2. സുഖക്കേട് (ശിശുഭാഷ).
ഊശൻ [<ഊചി, സൂചി] നാ. 1. മീശകുറഞ്ഞവൻ; 2. ഭോഷൻ.
ഊശാന്താടി [<ഊശിയാൻ-താടി] നാ. കുറച്ചുമാത്രമായുള്ള താടി, മീശ, ഇടഞെരുക്കമിലാത്ത താടിമീശ, കീഴോട്ടുകൂർത്തു (ഊശിപോലെ) കാണത്തക്കവണ്ണം വെട്ടിയ താടിമീശ.
ഊശാൻ നാ. 'സൂചിപോലെയുള്ളവൻ'. മെലിഞ്ഞുപൊക്കം കൂടിയവൻ.
ഊശാന നാ. = ഓശാന.
ഊശാമ്പി. നാ. ഊതാമ്പി.
375
ഊശാളി നാ. ഊച്ചാളി (സ്ത്രീ.) ഊച്ചാളിച്ചി.
ഊശി1 നാ. സൂചി. കാശിക്കുപോയാലും ഊശിക്കു കാശൊന്ന് (പഴ.).
ഊശി2 [ഊയി] നാ. പരിഹാസം ആക്ഷേപം. (പ്ര.) ഊശിയടിക്കുക, ഊശിയാക്കുക, ഊശയാക്കുക.
ഊശിവിളി [ഊശി-വിളി] നാ. 1. മുറജപകാലത്ത് നമ്പൂതിരിമാർ ജലജപം കഴിഞ്ഞ് മഹാരാജാവിൻെറ പുറകിൽനിന്നുകൊണ്ട് നടത്തുന്ന ആർപ്പുവിളി; 2. ചൂളംവിളി.
ഊഷകം [സം.ഊഷക] നാ. 1. പ്രഭാതം, ഉഷസ്സ്; 2. കുരുമുളക്; 3. ഉപ്പ്; 4. ഓരുമണ്ണ്.
ഊഷകാദിഗണം [സം.ഊഷകാദി-ഗണ] നാ. ഉവർമണ്ണ്, മയിൽതുത്ഥം, കായം, അന്നഭേദി, പുഷ്പകാസീസം, ഇന്തുപ്പ്, കന്മദം.
ഊഷണ [സം.ഊഷണാ] നാ. 1. കുരുമുളക്; 2. ഇഞ്ചി.
ഊഷണത്രയം = ചുക്ക്, മുളക്, തിപ്പലി.
ഊഷണം [സം.ഊഷണ] നാ. 1. കുരുമുളക്; 2. തിളലി, 3. ചുക്ക്; 4. കൊടുവേലി.

ഊഷത്തം,-ത്വം [<മ. ഊഴത്തം] നാ. 1. ഭോഷത്തം, വിഡ്ഢിത്തം, മൂഢത; 2. നാണം, ലജ്ജ.
ഊഷത്രയം [സം.ഊഷത്രയ] നാ. ചുക്ക്, മുളക്, തിപ്പലി ഈ മൂന്നെണ്ണം.
ഊഷൻ,ഊഴൻ നാ. 1. എന്തുചെയ്യണമെന്ന് അറിയാൻ പാടില്ലാത്ത മൗഢ്യത്തോടുകൂടിയവൻ; 2. ഭോഷൻ.
ഊഷം1 നാ. ഊഴം, തവണ.
ഊഷം2 [സം.ഊഷ] നാ. 1. ഓർപുളിയുള്ള മണ്ണ്, ഓരുമണ്ണ്; 2. പുളിപ്പ്; 3. വിടവ്, കർണദ്വാരം; 4. പ്രഭാതം; 5. ശുക്ലം.
ഊഷര [സം.] വി. 1. ഉവർ ഉള്ള; 2. ഒന്നും ഉണ്ടാകാത്ത. ഉദാ: ഊഷരഭൂമി. ഊഷരപ്രദേശം = മരുഭൂമി.
ഊഷരദ്രാവണം [സം.] നാ. വെടിയുപ്പ്.
ഊഷരം [സം.ഊഷര] നാ. 1. ഓർനിലം; 2. ഒന്നും വിളയാത്ത സ്ഥലം, മരുഭൂമി.
ഊഷരവിസർപ്പം [സം.ഊഷര-വിസർപ] നാ. കുട്ടികൾക്ക് ഉണ്ടാകുന്ന പിത്തജങ്ങളായ പതിനാറുതരം വിസർപ്പങ്ങളിൽ ഒന്ന്, എരിക്കരപ്പൻ.
ഊഷവത്ത് [സം.ഊഷ-വത്] വി. ഉപ്പുരസമുള്ള.
ഊഷ്മത [സം.ഊഷ്മതാ] നാ. ചൂട്.
ഊഷ്മപം [സം.ഊഷ്മ-പ] നാ. അഗ്നി.
ഊഷ്മപർ [സം.ഊഷ്മ-പ<പാ] നാ. (ബ.വ.) 1. ഊഷ്മത്തെ പാനം ചെയ്യുന്നവർ; 2. പിതൃക്കളിൽ ഒരു വിഭാഗം.
ഊഷ്മം,-മ,-മാ,-മാവ് [സം.ഊഷ്മൻ] നാ. 1. ചൂട്; 2. വെയിൽ; 3. ഉത്സാഹം, വികാരാധിക്യം, വീര്യം.
ഊഷ്മമാത്ര,-മാപിനി [സം.ഊഷ്മ-മാത്ര] നാ. ചൂട് അളക്കാനുള ഉപകരണം, ഘർമമാത്ര.
ഊഷ്മസ്വേദം [സം.-സ്വേദ] നാ. ആവികൊണ്ടു വിയർപ്പിക്കൽ.
ഊഷ്മള [സം.ഊഷ്മല] വി. 1. ചൂടുള്ള, ഉന്മേഷമുള്ള; 2. നിശിതമായ.
ഊഷ്മാക്കൾ [സം.ഊഷ്മൻ] നാ. (ബ.വ.) (വ്യാക.) 'ശ ഷ സ ഹ' എന്നീ വർണങ്ങൾ.
ഊഷ്മാഗമം [സം. ഊഷ്മ-ആഗമ] നാ. ഗ്രീഷ്മകാലം.
ഊഷ്മാ(വ്) [സം.ഊഷ്മൻ] നാ. 1. ചൂട്; 2. ആവി, ബാഷ്പം; 3. വികാരാധിക്യം; 4. 'ശ ഷ സ ഹ' എന്നീവ്യഞ്ജനാക്ഷരങ്ങളിൽ ഒന്ന്; 5. അഗ്നിയുടെ പുത്രൻ.
ഊഹ [സം.ഊഹാ] നാ. 1. വിട്ടുപോയതിൻെറ പൂരണം; 2. ഊഹം.
ഊഹനം [സം.ഊഹന] നാ. 1. ഊഹിക്കൽ; 2. പരിഗണനം.
ഊഹനി,-ഹിനി [സം.ഊഹനീ] നാ. 'തുടച്ചുമാറ്റാനുള്ളത്'. ചൂല്.
ഊഹനീയ [സം.ഊഹനീയ<ഊഹ്] വി. ഊഹിക്കത്തക്ക, വിചാരിക്കത്തക്ക.
ഊഹം [സം.ഊഹ] നാ. 1. വിതർക്കം, അറിഞ്ഞതിനെ ആസ്പദമാക്കി വേറൊന്നിനെപ്പറ്റി സങ്കൽപിക്കൽ, തർക്കം; 2. സഞ്ചാരിഭാവങ്ങളിൽ ഒന്ന്; 3. അനുമാനം, നിഗമനം; 4. സങ്കൽപം, വിചാരം; 5. മതിപ്പ്, പരിഗണനന; 6. അനുക്ത പദപൂരണം; 7. സാമവേദത്തിലെ വിഭാഗങ്ങളിൽ ഒന്ന്, ഊഹഗാനം.
ഊഹാപോഹങ്ങൾ [സം.ഊഹ-അപോഹ്] നാ. (ബ.വ.) ഊഹവും അപോഹവും, സാധകബാധകയുക്തികൊണ്ട് വസ്തുനിർണയം ചെയ്യൽ, പൂർണമായ ചർച്ച.

ഊഹിക്കുക ക്രി. വിചാരിക്കുക, ഉദ്ദേശിക്കുക, മനസ്സുകൊണ്ട് ആരാഞ്ഞു സങ്കൽപിക്കുക.
ഊഹിത [സം.] വി. 1. ഊഹിക്കപ്പെട്ട; 2. മാറ്റപ്പെട്ട.
ഊഹിനി [സം.ഊഹിനീ] നാ. 1. സമൂഹം; 2. ക്രമപ്പെടുത്തിനിറുത്തിയ സൈന്യസമൂഹം; 3. ചൂല്.
ഊഹ്യ [സം.ഊഹ്യ] വി. 1. ഊഹിക്കത്തക്ക, അന്വേഷിക്കപ്പെടേണ്ട; 2. മാറ്റത്തക്ക, പരിഷ്കരിക്കത്തക്ക.
ഊള1 [ത. ഊഴല്] നാ. അഴുക്ക്, ചളി.
ഊള2 നാ. ഊളൻെറയും മറ്റും ഓരിയിടൽ.
ഊള3 നാ. മുക്കിളി.
ഊള4 നാ. കിടാവ്.
ഊള5 നാ. ഊതിവീർത്ത വയറ്. (പ്ര.) ഊളചാടുക, ഊളചാടിയ കുട്ടി.
ഊളം,ഊളൻകൊടി നാ. 1. ഒരുതരം വള്ളിച്ചെടി, കറുത്ത ഓടൽ, പേയോടൽ; 2. ഒരുതരം മരം.
ഊളക്കാറ്റ്,-ങ്കാറ്റ് [ഊള-കാറ്റ്] നാ. കുളിരുണ്ടാക്കുന്ന ഇളങ്കാറ്റ്.
ഊളച്ച [<ഊളയ്ക്കുക] വി. ഊളചാടിയ, ഊതിവീർത്ത.
ഊളത്തരം [ഊല-തരം] നാ. 1. മടയത്തരം; 2. ചട്ടമ്പിത്തരം, ആഭാസത്തരം.
ഊളൻ നാ. 1. കുറുനരി, കുറുക്കൻ, കാടൻ, സൃഗാലൻ; 2. സൂത്രശാലി, കുരുട്ടുബുദ്ധിക്കാരൻ.
ഊളൻകിലുക്കി [ഊളൻ-കിലുക്കി] നാ. ഊളൻതകര.
ഊളൻതകര [ഊളൻ-തകര] നാ. മഞ്ഞപ്പൂക്കളുള്ള ഒരു ചെടി, ഒരു തരം തകര.
ഊളൻപാക്ക് [ഊളൻ-പാക്ക്] നാ. ഊളൻ തിന്നിട്ട് വിസർജിക്കുന്ന ഒലട്ടിപ്പനയരി.
ഊളനിലം [ഊള-നിലം] നാ. ഊഷരഭൂമി, വളംകുറഞ്ഞനിലം, തരിശുനിലം.
ഊളയിടുക [സം.ഊള-ഇടുക] ക്രി. ഊളിയിടുക; മുക്കിളിയിടുക.
ഊളയ്ക്കുക ക്രി. ഊതിവീർത്തിരിക്കുക.
ഊളാച്ചി നാ. വീമ്പിളക്കം, വമ്പുപറച്ചിൽ.
ഊളി1 നാ. ശബ്ദം, കൂക്കുവിളി.
ഊളി2 നാ. വെള്ളത്തിനടിയിൽക്കൂടിയുള്ള നീന്തൽ, മുക്കിളി, നീന്താനായിട്ടുള്ള ചാട്ടം. (പ്ര.) ഊളി ഇടുക, ഊളികുത്തുക.
ഊളി3 നാ. എരുമക്കിടാവ്.
ഊളി4 നാ. 'വെള്ളത്തിൽ ഊളിയിടുന്നവൻ'. കൊക്കിനോടു സാദൃശ്യമുള്ള ഒരു പക്ഷി, തോച്ചക്കാലൻ, ചങ്കൻ, കണ്ണൻ, പൊടിയുളി എന്നു പലതരം.
ഊള് നാ. വലക്കണ്ണികളുടെ കെട്ട്.
ഊഴ് [ത.] നാ. 1. വിധി; 2.ഭാഗ്യം; 3. കർമം; 4. വഴി.
ഊഴക്കാരൻ [ഊഴം-കാരൻ] നാ. തവണക്കാരൻ, ഊഴംവച്ചു കാവൽനിൽക്കുന്ന വൻ, ഭൃത്യൻ.
ഊഴത്തം,ഊഷത്തം നാ. 1. ഭോഷത്തം; 2. ഭ്രമം, ഭ്രാന്തി; 3. നാണം, ചങ്ങാത്തം, പരിചയം.
ഊഴൻ നാ. 1. ഭോഷൻ, വിഡ്ഢി; 2. ഊഴക്കാരൻ, രാജഭൃത്യൻ.
ഊഴനിലം ഊഴൽ-നിലം] നാ. ചളിപ്രദേശം.
ഊഴം[<ഉഴയ്ക്കുക] നാ. 1. മുറ, തവണ, പ്രാവശ്യം, സമയം, കുറി; 2. സേവനം, തവണവച്ചുള്ള ജോലി; 3. പരിചയം. ഊഴംകുത്തുക = രാജാക്കന്മാർക്കുള്ള നെല്ലുകുത്തി

കൊടുക്കുക. ഊഴം പറയുക = 1. വിവാഹാലോചന നടത്തുക; 2. മേനി പറയുക, ഭങ്ഗിവാക്കു പറയുക. ഊഴം പൊറുക്കുക = പുടവകൊടുക്കുക, പ്രാചീനരീതിയിലുള്ള വിവാഹം (പുടവമുറി) നടത്തുക.
ഊഴം ഇടുക = മുറയനുസരിച്ച് ജോലിചെയ്യുക, തവനവച്ച് ഒരാൾക്കു ചെയ്യാനുള്ള വേല ചെയ്യുക.
ഊഴൽ1 നാ. അഴുക്ക്, ദുഷ്ട്, ചളി.
ഊഴൽ2 നാ. ഊതൽ, ചൂളംവിളിക്കൽ, ചൂളം.
ഊഴവേല [ഊഴം-വേല] നാ. മുറപ്രകാരം ചെയ്യേണ്ട വേല, അമ്പലങ്ങളിലേക്കും കൊട്ടാരങ്ങളിലേക്കും പതിവിൻപടി ചെയ്യുന്ന വേല.
ഊഴാൻ നാ. 1. സസ്യങ്ങളുടെ തളിരുകൾ തിന്നു നശിപ്പിക്കുന്നതും ഏഴിയൻെറ ഇനത്തിൽ പെട്ടതും ആയ ഒരു പ്രാണി, ചാട്ടക്കാരൻ; 2. മണ്ണിര.
ഊഴി നാ. ഭൂമി, ലോകം.
ഊഴിക്കുക ക്രി. ഞെക്കിപ്പുറത്താക്കുക.
ഊഴിപൻ [മ.ഊഴി-സം.പ] നാ. രാജാവ്, ഭൂമിപൻ.
ഊഴിപാലൻ [മ.ഊഴി-സം.പാല] നാ. ഭൂപാലൻ, രാജാവ്.
ഊഴിമാത് [ഊഴി-മാത്] നാ. ഭൂമീദേവി.
ഊഴിയക്കാരൻ [ഊഴിയം-കാരൻ] നാ. 'ഊഴിയം ചെയ്യുന്നവൻ'. ഭൃത്യൻ, പരിചാരകൻ.
ഊഴിയൻ നാ. 1. ഊഴിയം ചെയ്യുന്നവൻ, അടിമ; 2. വേലക്കാരൻ.
ഊഴിയം,ഊഴ്യം നാ. 1. ഊഴം, ശുശ്രൂഷ, സേവ; 2. കൂലിയില്ലാത്ത വേല, നിർബന്ധിച്ചു ചെയ്യിക്കുന്ന ജോലി.
ഊഴ് നാ. വിധി, ഭാഗ്യം, വഴി.
ഊഴ്ക്കാരൻ [ഊഴ്-കാരൻ] നാ. ഭാഗ്യക്കുറി നടത്തുന്നവൻ.
ഊറ [സം.ഊറ്] നാ. തോൽ ഊറയ്ക്കിടുന്നതിനുള്ള സാധനം.
ഊറക്കാടി [ഊറൽ-കാടി] നാ. അരികഴുകിയ വെള്ളത്തിലെ ഊറൽ.
ഊറൽ നാ. 1. ഊറ്റ്; 2. ഊറിവരുന്ന ദ്രാവകം; 3. ദ്രാവകത്തിൻെറ അടിയിൽ അടിഞ്ഞുകൂടുന്ന പദാർഥം.
ഊറൽക്കാടി,-റക്കാടി[ഊറൽ-കാടി] നാ. 1. അരികഴുകിയ വെള്ളത്തിൻെറ ഊറൽ; 2. കോട, പുളിപ്പിച്ച അരിക്കാടി.
ഊറൽക്കാറ്റ്,-ളക്കാറ്റ് [ഊറൽ-കാറ്റ്] നാ. മന്ദവായു, തെന്നൽ.
ഊറൽപാറ [ഊറൽ-പാറ] നാ. ജൈവ പദാർഥാവശിഷ്ടങ്ങൾ അടിഞ്ഞുണ്ടാകുന്ന പാറ.
ഊറൽ മണ്ണ് [ഊറൽ-മണ്ണ്] നാ. എക്കൽ, വണ്ടൽ എന്നിവ അടിഞ്ഞുകൂടിയ മണ്ണ്.
ഊറാടൻ നാ. ഒരു കീടം.
ഊറാൻ നാ. 1. തടി തുരന്നുതിന്നുന്ന പുഴു; 2. ഊറൾ.
ഊറാമ്പല്ലി നാ. ഒരിനം വലിയ ചിലന്തി.
ഊറാല [സുറി.] നാ. ഊറാറ.
ഊറാവ് നാ. 'ഊറുന്നത്, പട്ടയ്ക്കുകൊഴുപ്പുള്ളത്'. കുളമാവ്.
ഊറാറ,ഊറാല [സുറി.] നാ. കുർബാനസമയത്ത് ക്രൈസ്തവ വൈദികൻ കൈയുടെ മണിബന്ധത്തിന്മേൽ ഇടുന്ന പ്രത്യേക വസ്ത്രം.
ഊറീം [ഹീ.] നാ. 1. വെളിപാട്; 2. മരണം.

ഊറീംതുമ്മീം [ഹീ.] ബൈബിളിലെ പുറപ്പാടിൽ പ്രസ്താവിച്ചിട്ടുള്ളത്, ഒരു പദസംഘാതം. (ഇതിനു വെളിപാട്, സത്യം അഥവാ കളങ്കം, നിഷ്കളങ്കം അഥവാ മരണം, ജീവൻ അഥവാ ഉണ്ട്, ഇല്ല എന്നീയർഥങ്ങൾ.)
ഊറ് നാ. നാശം, നഷ്ടം. താരത. ഇടയൂറ്.
ഊറുക ക്രി. 1. ദ്രവപദാർഥം പൊടിഞ്ഞു പുറപ്പെടുക, ഇറ്റിറ്റുവരിക, ഉറവെടുക്കുക; 2. ചുരക്കുക (മുലയിൽ പാലെന്നപോലെ); 3. (മോശപ്പെട്ടകടലാസിൽ) മഷിപരക്കുക.
ഊറുകായ് [ഊറു-കായ്] നാ. 'ഉപ്പിൽകിടന്ന് ഊറിയ കായ്'. ഉപ്പിലിട്ടത്, ഉപ്പിലിട്ട കായ്.
ഊറുകാലം നാ. ഒരു മർമം (കീഴ്ചുണ്ടിനു താഴെ)
ഊറ്റ [ഊറ്] നാ. കട്ട്, മരച്ചീനിയിലും മറ്റും അടങ്ങിയിട്ടുള്ള വിഷാംശം, മട്ട്.
ഊറ്റക്കാരൻ [ഊറ്റം] നാ. 1. അഹങ്കാരി, ശക്തൻ (സ്ത്രീ.) ഊറ്റക്കാരത്തി; 2. സമർഥൻ; 3. ധനികൻ.
ഊറ്റൻ നാ. ഊറ്റമുള്ളവൻ, ശക്തൻ, ഊറ്റക്കാരൻ.
ഊറ്റം[ഊൻറ്-ഊണ്] നാ. 1. ബലം, ശക്തി; 2. ധൈര്യം, വീറ്, ചുണ; 3. ഉത്സാഹം; 4. വമ്പ്, പൊങ്ങച്ചം; 5. അഹങ്കാരം; 6. മഹിമ.
ഊറ്റവാക്ക് [മ.ഊറ്റം-സം.വാക്] നാ. ഊറ്റം പറച്ചിൽ, വമ്പുപറച്ചിൽ, വലിപ്പം പറച്ചിൽ.
ഊറ്റവെള്ളം [ഊറ്റ്-വെള്ളം] നാ. 1. കിഴങ്ങുകൾ അരിഞ്ഞു കഴുകിയ ഊറ്റുവെള്ളം; 2. കഞ്ഞി ഊറ്റിയ വെള്ളം, കഞ്ഞിവെള്ളം.
ഊറ്റ് [ഊറ്] നാ. 1. ഊറിവരൽ, കിണറ്റിലും മലഞ്ചെരിവിലും മറ്റും വെള്ളം ഊറിവരൽ. ഉദാ: ഊറ്റ് ഇളകുക; 2. ഊറവ്, ഉറവ, വെള്ളം ഊറിവീഴുന്ന ഇടം. ഉദാ: ഊറ്റിൽ നിന്നുള്ള ഒഴുക്ക്.
ഊറ്റുക ക്രി. 1. വാഎക്കുക, ജലാംശം വാർന്നു പോകത്തക്കവണ്ണം ചെയ്യുക, അരിക്കുക; 2. ഓഴിക്കുക, പകരുക; 3. ഞെക്കിപ്പിഴിഞ്ഞെടുക്കുക, ബാക്കിവയ്ക്കാതെ ചോർത്തിയെടുക്കുക, പരമാവധി ചൂഷണം ചെയ്യുക.
ഊറ്റുകുഴി [ഊറ്റ്-കുഴി] നാ. ജലം ഊറിക്കൂടിനിൽക്കുന്ന കുഴി.
377
ഊറ്റുപുരവ് [സം.ഊറ്റ്-പരവ്] നാ. ഊറ്റുവെള്ളംകൊണ്ട് നനയ്ക്കപ്പെട്ട പാടം.

## ഋ

ഋ1 [സം.] അക്ഷരമാലയിലെ ഏഴാമത്തെ അക്ഷരം, സ്വരം, മൂർധന്യം. സംസ്കൃതാക്ഷരമാലയിൽനിന്നു സ്വീകരിച്ചിട്ടുള്ളത്. ശുദ്ധഭാഷാപദങ്ങളിൽ ഋകാരം വരികയില്ല.
ഋ2 [സം.] നാ. 1. ശബ്ദം; 2. സ്വർഗം; 3. അദിതി.
ഋകാരം [സം.ഋ-കാര] നാ. ഋ എന്ന അക്ഷരം.
ഋക്കീസൻ നാ. 'ഇരുക്കിപ്പിടിക്കുന്നവൻ' പിശുക്കൻ.
ഋക്ക് [സം.ഋക്] നാ. 1. സ്തോത്രം, മന്ത്രം, ഒരു ദേവതയെ സ്തുതിച്ചുകൊണ്ട് ഉച്ചരിക്കുന്ന വേദമന്ത്രം, ഋഗ്വേദസൂക്തം; 2. ചതുർവേദങ്ങളിൽ ഒന്നാമത്തേത്.
ഋക്ണ [സം.ഋക്ണ] വി. = വൃക്ണ, മുറിവുപറ്റിയ, ഉപദ്രവിക്കപ്പെട്ട.

ഋക്ഥം [സം.] നാ. 1. ധനം (മരണാനന്തരമുള്ളത്); 2. സ്വര്‍ണം.
ഋക്ഥാദന്‍ [സം.ഋക്ഥ-അദ] നാ. 'സ്വത്ത് അനുഭവിക്കുന്നവന്‍'. പുത്രന്‍.
ഋക്ഥാദാനന്‍ [സം.ഋക്ഥ-ദാന<ദാ] നാ. മുതലിന്‍െറ അവകാശി, അനന്തരാവകാശി, പുത്രന്‍.
ഋക്ഷ1 [സം.ഋക്ഷ] വി. (സമാസത്തില്‍) ഏറ്റവും നല്ല, ശ്രേഷ്ഠമായ.
ഋക്ഷ2 [സം.ഋക്ഷാ] നാ. 1. വടക്കേദിക്ക്; 2. അജമീഢന്‍െറ ഭാര്യ; 3. സ്കന്ദന്‍െറ സൈന്യത്തിലെ മാതാക്കളില്‍ ഒരുവള്‍.
ഋക്ഷകേതു [സം.ഋക്ഷ-കേതു] നാ. വാനരന്‍ (ഹനുമാന്‍) കൊടിയടയാളമായിട്ടുള്ളവന്‍, കപിധ്വജന്‍, അര്‍ജുനന്‍.
ഋക്ഷഗന്ധ [സം.-ഗന്ധാ] നാ. 'ഋക്ഷത്തിന്‍െറ ഗന്ധമുള്ളത്'. 1. മറിക്കുന്നി, പൊത്തിക്കീര; 2. പാല്‍മുതക്ക്.
ഋക്ഷഗന്ധിക [സം.-ഗന്ധികാ] നാ. പാല്‍മുതക്ക്, വെണ്മുതക്ക്.
ഋക്ഷചക്രം [സം.-ചക്ര] നാ. നക്ഷത്രവൃത്തം.
ഋക്ഷജിഹ്വം,ഋഷ്യ- [സം.-ജിഹ്വ] നാ. 'ഋക്ഷത്തിന്‍െറ ജിഹ്വപോലെയുള്ളത്'. മഹാകുഷ്ഠത്തില്‍ ഒന്ന്, വാതം പിത്തം ഇവയില്‍നിന്നും ഉണ്ടാകുന്നത്.
ഋക്ഷന്‍ [സം.] നാ. ഋക്ഷപര്‍വതം.
ഋക്ഷനാഥന്‍ [സം.-നാഥ] നാ. 'നക്ഷത്രങ്ങള്‍ക്കു നാഥന്‍'. ചന്ദ്രന്‍.
ഋക്ഷനായകം [സം.-നായക] നാ. ദീര്‍ഘവൃത്താകൃതിയിലുള്ള ഒരുതരം പ്രാസാദം.
ഋക്ഷനേമി [സം.-നേമി] നാ. വിഷ്ണു.
ഋക്ഷപതി [സം.-പതി] നാ. ഋക്ഷനാഥന്‍.
ഋക്ഷപര്‍വതം [സം.-പര്‍വത] നാ. ഋക്ഷന്‍, നര്‍മദമുതല്‍ ഗുര്‍ചരം വരെയുള്ള പര്‍വതത്തിന്‍െറ പൗരാണിക നാമം. ഏഴു കുലപര്‍വതങ്ങളില്‍ ഒന്ന്, വിന്ധ്യപര്‍വതത്തിന്‍െറ കിഴക്കുഭാഗം, ബംഗാള്‍ ഉള്‍ക്കടല്‍മുതല്‍ നര്‍മദയുടെയും ശോണാനദിയുടെയും ഉദ്ഭവസ്ഥാനം വരെ.
ഋക്ഷബിലം [സം.-ബില] നാ. ഒരു ഗുഹ, സ്വയംപ്രഭയുടെ വാസസ്ഥലം, മയനാല്‍ നിര്‍മിക്കപ്പെട്ടത്.
ഋക്ഷം [സം.] നാ. 1. നക്ഷത്രം, നക്ഷത്രസമൂഹം; 2. ജന്മനക്ഷത്രം; 3. കരടി (ഹിംസിക്കുന്നത്); 4. ഒരു രാശി; 5. ഒരിനം കുരങ്ങ്; 6. ഒരിനം മാന്‍; 7. ശതാവരി; 8. ചേരുമരം; 9. പലകപ്പയ്യാനി; 10. ഏഴു കുലപര്‍വതങ്ങളില്‍ ഒന്ന്, ഋക്ഷന്‍.
ഋക്ഷമുഖയന്ത്രം [സം.-മുഖ-യന്ത്ര] നാ. 1. ശസ്ത്രക്രിയയ്ക്കുള്ള ഒരുതരം ഉപകരണം; 2. സ്വസ്തികയന്ത്രം ഇരുപത്തിനാലുവിധമുള്ളതില്‍ ഒന്ന്.
ഋക്ഷര [സം.ഋക്ഷരാ] നാ. 1. ഒഴുക്ക്, പ്രവാഹം, അരുവി; 2. നദി.
ഋക്ഷരന്‍ [സം.ഋക്ഷര] നാ. പുരോഹിതന്‍.
ഋക്ഷരം [സം.ഋക്ഷര] നാ. 1. മുള്ള്; 2. വര്‍ഷം, മഴപൊഴിയല്‍; 3. പ്രവാഹം, അരുവി.
ഋക്ഷരാജന്‍,-രാട്ട് [സം.-രാത്തആ] 1. നക്ഷത്രേശന്‍, ചന്ദ്രന്‍; 2. വാനരരാജാവ്, ജാംബവാന്‍.
ഋക്ഷലുഞ്ഛരി [സം.-ലുന്‍ഛരി] നാ. (ജ്യോ.) ഒരു ദുഷ്ടയോഗം, ദശമിയും രോഹിണിയും ത്രയോദശിയും ഉത്രവും പ്രതിപദവും പൂരാടവും ദ്വാദശിയും ആയില്യവും പഞ്ചമിയും കാര്‍ത്തികയും അഷ്ടമിയും പൂരുരുട്ടാതിയും ഈ ഓരോജോടി തിഥി നക്ഷത്രങ്ങള്‍ചേരുമ്പോലുണ്ടാവുന്ന ദുഷ്ടയോഗം, ശുഭകര്‍മങ്ങള്‍ക്കു വര്‍ജ്യം.

ഋക്ഷസന്ധി [സം.-സന്ധി] നാ. (ജ്യോ.) ലഗ്നഗണ്ഡാന്തം, കർക്കടകം വൃശ്ചികം മീനം രാശികളുടെ ഒമ്പതാമത്തെ നവാംശകം.
ഋക്ഷാംബിക [സം.-അംബികാ] നാ. സ്കന്ദൻെറ സൈന്യത്തിലെ മാതാക്കളിൽ ഒരുവൾ.
ഋക്ഷി [സം.ഋക്ഷീ] നാ. 1. പെൺകരടി; 2. പെൺകുരങ്ങ്.
ഋക്ഷിക1 [സം.ഋക്ഷിക] വി. കരടിയെപ്പോലെ മാംസഭുക്കായ.
ഋക്ഷിക2 [സം.ഋക്ഷീകാ] നാ. ഒരു ദുർദേവത.
ഋക്ഷേന്ദ്രൻ [സം.ഋക്ഷ-ഇന്ദ്ര] നാ. 1. നക്ഷത്രേശൻ, ചന്ദ്രൻ; 2. വാനരശ്രേഷ്ഠൻ, ജാംബവാൻ.
ഋക്ഷേശൻ [സം.-ഈശ] നാ. = ഋക്ഷേന്ദ്രൻ.
ഋക്ഷേശം [സം.-ഈശ] നാ. കർപ്പൂരം.
ഋക്ഷേഷ്ടി [സം.-ഇഷ്ടി] നാ. നക്ഷത്രങ്ങളെ ഉദ്ദേശിച്ചുചെയ്യുന്ന യാഗം.
ഋഗ് [സം.<ഋച്] ഋക് എന്ന പദം ചില നാദിവർണങ്ങൾക്കു മുൻപിൽ കൈക്കൊള്ളുന്ന രൂപം.
ഋഗ്ഗാഥ [സം.ഋഗ്-ഗാഥാ] നാ. ഋക്കുപോലെയുള്ള ഗീതിക.
ഋഗ്മിയ,ഋഗ്മ്യ [സം.ഋഗ്മിയ,-ഗ്മ്യ] വി. ഋഗ്വേദഗാനങ്ങൾകൊണ്ട് സ്തുതിക്കപ്പെടേണ്ട, സ്തുത്യർഹമായ, ഋഗ്വേദമന്ത്രങ്ങൾ അടങ്ങിയ.
ഋഗ്വിധാനം [സം.ഋഗ്-വിധാന] നാ. 1. ഋഗ്വേദമന്ത്രങ്ങൾ ഉച്ചരിച്ചുകൊണ്ട് ചിലകർമങ്ങൾ നടത്തുന്നത്; 2. ഒരു വൈദിക ഗ്രന്ഥം.
ഋഗ്വേദ [സം.ഋഗ്വേദാ] നാ. വൈഷ്ണവീദേവിയുടെ കുലത്തിൽപ്പെട്ട എട്ടുദേവിമാരിൽ ഒരു ദേവി.
ഋഗ്വേദം [സം.ഋക്-വേദ] നാ. നാലുവേദങ്ങളിൽ ആദ്യത്തേത്, ഹോതാവിൻെറ ക്രിയയ്ക്കാവശ്യമുള്ള ഋക്കുകളെല്ലാം കൂട്ടിച്ചേർത്തത്. ഋഗ്വേദദേവതകൾ = ഋഗ്വേദത്തിൽ സ്തുതിക്കപ്പെട്ടിരിക്കുന്ന വരുണൻ, അഗ്നി, ഇന്ദ്രൻ, മിത്രൻ, മരുത്തുക്കൾ മുതലായി മുപ്പത്തിമൂന്നു ദേവതകൾ.
ഋഗ്വേദവൃത്തി [സം.ഋഗ്വേദ-വൃത്തി] നാ. ഋഗ്വേദാധ്യയനത്തിനു വിട്ടുകൊടുത്തിട്ടുള്ള കരമൊഴിവു വസ്തു.
ഋഗ്വേദി [സം.ഋഗ്-വേദിൻ] നാ. ഋഗ്വേദം അധ്യയനം ചെയ്യവൻ, ഋഗ്വേദം കുലപരമ്പരയായി സ്വീകരിച്ചിട്ടുള്ളവൻ.
ഋച [സം.ഋചാ<ഋച്] നാ. (സമാസത്തിൽ) വേദമന്ത്രം, സ്തോത്രം.
ഋചീകൻ [സം.ഋചീക] നാ. 1. ഊർവൻെറ പുത്രനും ജമദഗ്നിയുടെ പിതാവും ആയ ഒരു ഋഷി; 2. ദ്വാദശാദിത്യന്മാരിൽ ഒരാൾ; 3. ഭരതചക്രവർത്തിയുടെ പൗത്രൻ, ഭൂമന്യുവിൻെറ പുത്രൻ.
ഋചീകം [സം.ഋചീക] നാ. ഒരു പ്രാചീനജനപദം
ഋചീഷം [സം.] നാ. 1. വറപ്പുചട്ടി; 2. ഒരു നരകം.
ഋച്ഛരക [സം.ഋച്ഛരകാ] നാ. ആഗ്രഹം.
ഋച്ഛര,-ക്ഷല [സം.ഋച്ഛരാ] നാ. 1. കുതിരയുടെയും മറ്റും കുളമ്പിനു തൊട്ടു മേൽഭാഗം; 2. വേശ്യ.
ഋജിക് [സം.ഋജിക<ഋജ്] വി. മറയ്ക്കപ്പെട്ട, ഒളിക്കപ്പെട്ട.
ഋജീകൻ [സം.ഋജീക] നാ. ഇന്ദ്രൻ
ഋജീകം [സം.ഋജീക] നാ. 1. പുക; 2. ഉപായം.

ഋജീഷൻ [സം.ഋജീഷ<ഋജ്] നാ. ‘ശത്രുക്കളെ തുരത്തുന്നവൻ’. ഇന്ദ്രൻ.

ഋജീഷം [സം.ഋജ്അർജ്] നാ. 1. സോമരസത്തിലടിയുന്ന മട്ട്; 2. നീർപിഴിഞ്ഞെടുത്ത സോമലതയുടെ കൊത്ത്; 3. മൂന്നാം പ്രാവശ്യം പിഴിഞ്ഞെടുക്കുന്ന സോമനീര്; 4. വറുക്കുന്നതിനുള്ള പാത്രം, വറചട്ടി; 5. ഇരുപത്തൊന്നു നരകങ്ങളിൽ ഒന്ന്.

ഋജീഷി [സം.ഋജീഷിൻ] നാ. ഋജീഷം സ്വീകരിക്കുന്നവൻ, ഇന്ദ്രൻ, മരുത്തുകൾ.

ഋജു1 [സം.ഋജ്-അർജ്] വി. 1. നേരേയുള്ള, വളവില്ലാത്ത; 2. സത്യമുള്ള, സത്യസന്ധതയുള്ള, ആത്മാർഥതയുള്ള.

ഋജു2 [സം.ഋജു] നാ. 1. അഞ്ചുവിധത്തിലുള്ള പാശപ്രയോഗകർമങ്ങളിൽ ഒന്ന്; 2. വസുദേവനു ദേവകയിൽ ജനിച്ച എട്ടുപുത്രന്മാരിൽ നാലാമത്തെ ആൾ.

ഋജുകണ്ഡകം [സം.-കണ്ഡക] നാ. ‘നിരപ്പേ മുള്ളുള്ളത്’. ഇലന്ത.

ഋജുകൻ [സം.ഋജുക] നാ. സത്യമായി പെരുമാറുന്നവൻ, സത്യസന്ധൻ.

ഋജുകായ [സം.-കായ] വി. നിവർന്ന ശരീരത്തോടുകൂടിയ.

ഋജുകായൻ [സം.-കായ] നാ. കശ്യപൻ.

ഋജുക്രതു [സം.-ക്രതു] നാ. 1. സത്യസന്ധൻ; 2. ഇന്ദ്രൻ.

ഋജുഗതി [സം.-ഗതി] നാ. നേരേയുള്ള പോക്ക്.

ഋജുത,-ത്വം [സം.-താ, -ത്വ] നാ. 1. ഋജുവായസ്ഥിതി, ആർജവം; 2. സത്യസന്ധത, വിശ്വസ്തത.

ഋജുപക്ഷ [സം.-പക്ഷ] വി. ഋജുവായ ചിറകുള്ള.

ഋജുപക്ഷം [സം.-പക്ഷ] നാ. തോമരംകൊണ്ടുള്ള അഞ്ചുവിധം പ്രയോഗങ്ങളിൽ ഒന്ന്.

ഋജുബുദ്ധി [സം.-ബുദ്ധി] നാ. 1. നേർബുദ്ധി, ആർജവം; 2. മനസ്സിൽ വക്രതയില്ലാത്ത ആൾ, സത്യസന്ധതയുള്ള ആൾ, ആത്മാർഥതയുള്ള ആൾ.

ഋജുഭുജരൂപം [സം.-ഭുജ-രൂപ] നാ. വശങ്ങളെല്ലാം നേർവരകളായിട്ടുള്ള രൂപം, ദീർഘചതുരം, സമചതുരം, സാമാന്തരീകം, പഞ്ചഭുജം, ഷഡ്ഭുജം എന്നിവപോലെ.

ഋജുമഞ്ചം [സം.-മഞ്ച] നാ. ഗൃഹത്തിന്റെ നീണ്ടവശത്തു മോന്തായത്തിന്റെ ഇരുപുറത്തും നിന്ന് ഇറങ്ങുന്ന കഴുക്കോൽ.

ഋജുരേഖ [സം.-രേഖാ] നാ. നേർവര.

ഋജുലംബി [സം.-ലംബിൻ] നാ. ‘നേരേതൂങ്ങുന്നത്’. തോൾമാല.

ഋജൂകരിക്കുക [സം.-കൃ] ക്രി. (‘കൃ’-ധാതുനിഷ്പന്നങ്ങളായ ശബ്ദങ്ങൾക്കുമുമ്പിൽ ഋജുവിലെ ഉകാരം ദീർഘരൂപം കൈക്കൊള്ളുന്നു). വളവുനിവർത്തുക, നേരേയാക്കുക.

ഋജ്വി [സം.ഋജ്വീ] നാ. (‘ഋജു’ശബ്ദത്തിന്റെ സ്ത്രീലിങ്ഗരൂപം) 1. (ഗ്രഹത്തിന്റെ) നേരായുള്ള ഗതി; 2. നേർവഴി നടക്കുന്നവൾ, സുചരിത.

ഋഞ്ജസാനം [സം.ഋഞ്ജസാന] നാ. 1. (സ്തോത്രംകൊണ്ട്) ആരാധിക്കേണ്ടത്; 2. മേഘം.

ഋണക്ഷേപം [സം.ഋണ-ക്ഷേപ] നാ. ഗണിതത്തിൽ ഒരു ഭിന്നസംഖ്യയുടെ പേര്. അതായത് ഭാജ്യത്തിൽ നൂറ് ഋണമായിട്ടു ക്ഷേപിച്ചിരിക്കുമ്പോൾ 100-നെ ഭാജ്യത്തിങ്കലെ ഋണക്ഷേപമെന്നു പറയുന്നു.

ഋണഗ്രസ്ത [സം.-ഗ്രസ്ത<ഗ്രസ്] വി. കടത്തിൽ മുങ്ങിയ.

ഋണഗ്രഹൻ [സം.-ഗ്രഹ] നാ. കടം വാങ്ങുന്നവൻ.

ഋണഗ്രഹം [സം.-ഗ്രഹ] നാ. കടം വാങ്ങൽ.

ഋണചതുഷ്ടയം [സം.-ചതുഷ്ടയം] നാ. ഋഷികൾക്കും സുരന്മാർക്കും പിതൃക്കൾക്കും മനുഷ്യർക്കുമുള്ള കടം.
ഋണചി ം [സം.-ചി ം] നാ. വ്യപകലന ചി ം, ന്യൂനചി ം.
ഋണത്രയം [സം.-ത്രയം] നാ. ഋഷികൾക്കും സുരന്മാർക്കും പിതൃക്കൾക്കുമുള്ള കടം (യഥാക്രമം വ്യാദാധ്യയനം, യാഗം, പുത്രോത്പാദനം ഇവകൊണ്ടു തീർക്കണം).
ഋണദ [സം.-ദ] വി. കടംകൊടുക്കുന്ന.
ഋണദാ(താവ്) [സം.-ദാതൃ] നാ. കടംകൊടുക്കുന്നവൻ. (ബ.വ.) -ദാതാക്കൾ, -ദാതാക്കന്മാർ. (സ്ത്രീ.) ഋണദാത്രി.
ഋണദാനം [സം.-ദാന] നാ. കടം കൊടുക്കൽ.
ഋണദാസൻ [സം.-ദാസ] നാ. കടം വീട്ടുന്നതിനുവേണ്ടി ഉത്തമർണനെൻറ ദാസനായിത്തീരുന്നവൻ.
ഋണനിർമോക്ഷം [സം.-നിർമോക്ഷ] നാ. ഋണനിർമോചനം.
379
ഋണനിർമോചനം [സം.-നിർമോചന] നാ. കടം വീട്ടൽ (പിതൃക്കൾക്കും മറ്റുമുള്ളത്)
ഋണപത്രം [സം.-പത്ര] നാ. കടപ്പത്രം, 'ഋണലേഖ്യം' നോക്കുക.
ഋണബദ്ധ [സം.-ബദ്ധ] വി. കടപ്പെട്ട.
ഋണബാധ്യത [സം.-ബാധ്യതാ] നാ. ''ഋണത്തിനുള്ള ബാധ്യത'. വീട്ടാനുള്ള കടം, കടം വാങ്ങിയത് കൊടുത്തുതീർക്കേണ്ടിയിരിക്കുന്ന ചുമതല.
ഋണഭാക്ക് [സം-ഭാക്-ജ്] നാ. കടപ്പെട്ടആൾ.
ഋണഭാരം [സം.-ഭാര] നാ. കടംകൊണ്ടുള്ള ഭാരം.
ഋണം [സം.ഋണ<ഋണ്] നാ. 'തിരിച്ചുവരുന്നത്, തിരിച്ചുകൊടുക്കാനുള്ളത്'. 1. കടം, കടംകൊടുത്ത തുക; 2. കടപ്പാട്, കടമ, ഋഷികൾ, ദേവതകൾ, പിതൃക്കൾ എന്നിവർക്കുള്ള കടം; 3. ഋണസംഖ്യ, പൂജ്യത്തിൽ കുറഞ്ഞസംഖ്യ; 4. (ജ്യോ.) അഷ്ടമഭാവം; 5. കോട്ട; 6. ജലം; 7. ഭൂമി, കര.
ഋണമാർഗണം [സം.-മാർഗണ] നാ. ജാമ്യം, ഈട്.
ഋണമുക്തി [സം.-മുക്തി] നാ. കടത്തിൽ നിന്നുള്ള വിടുതൽ, കടം തീർക്കൽ.
ഋണമോചനം [സം-മോചന] നാ. 1. ഋണമുക്തി; 2. പ്രയാഗയ്ക്കു സമീപമുള്ള ഒരു പുണ്യതീർഥം.
ഋണരാശി [സം.-രാശി] നാ. (ജ്യോ.) ക്ഷയരാശി.
ഋണലേഖ്യം [സം.-ലേഖ്യ] നാ. 1. കടപ്പത്രം; 2. ഒരു പ്രത്യേകതരം കടപ്പത്രം.
ഋണവത്ത് [സം.-വത്] വി. കടമുള്ള, കടപ്പാടുള്ള.
ഋണവാൻ [സം.-വത്] നാ. കടക്കാരൻ.
ഋണശോധനം [സം.-സോധന] നാ. ഋണമുക്തി, കടം വീട്ടൽ.
ഋണസങ്ഖ്യ [സം.-സങ്ഖ്യാ] നാ. ന്യൂനചി ത്തോടുകൂടിയ സങ്ഖ്യ, പൂജ്യത്തിൽകുറഞ്ഞ വിലയുള്ള സങ്ഖ്യ.
ഋണാഗ്രം [സം.-അഗ്ര] നാ. ഊനധ്രുവം, കെട്ടിത്തൂക്കിയിട്ടുള്ള കാന്തത്തിൻെറ തെക്കോട്ടുള്ള അഗ്രം ൻ ധനാഗ്രം.
ഋണാദാനം [സം.-ആ-ദാന] നാ. 1. കടം കൊടുത്തതു തിരിച്ചുവാങ്ങൽ; 2. കടം കൊടുക്കുകയോ വാങ്ങുകയോ ചെയ്യുന്നതിലുണ്ടാകുന്ന വിവാദം.
ഋണാനുബന്ധം [സം.-അനുബന്ധ] നാ. കടപ്പാട്.
ഋണാന്തകൻ [സം.-അന്തക] നാ. 'കടം ഇല്ലാതാക്കുന്നവൻ'. കുജൻ.

ഋണാന്തകൂപം [സം.ഋണാന്ത-കൂപ] നാ. ഒരു പുണ്യ തീർഥം.
ഋണാപകരണം [സം-അപകരണ] നാ. കടം വീട്ടൽ, പിതൃക്കൾക്കുള്ള കടം തീർക്കൽ.
ഋണാപഹൻ [സം.-അപഹ<ഹന്] നാ. കടം ഇല്ലാതാക്കുന്നവൻ.
ഋണാർണം [സം.-ഋണ] നാ. കടം വീട്ടാനായി വാങ്ങിയ കടം.
ഋണി[സം.ഋണിൻ] നാ. കടക്കാരൻ.
ഋണികൻ [സം.ഋണിക] നാ. കടക്കാരൻ, കടംകൊണ്ടവൻ.
ഋണീയ [സം.ഋണീയാ] നാ. കൃപ, ദയ.
ഋത [സം.ഋത<ഋ] വി. 1. പോയ; 2. പ്രകാശമുള്ള; 3. വന്ദിക്കപ്പെട്ട; 4. സത്യമായ, സത്യസന്ധതയുള്ള; 5. ശരിയായ, സാധുവായ; 6. അനുരൂപമായ.
ഋതധാമാ(വ്) [സം.-ധാമൻ] നാ. 'സത്യം വാസസ്ഥാനമായുള്ളവൻ'. 1. രുദ്രസാവർണിമന്വന്തരത്തിലെ ദേവേന്ദ്രൻ; 2. വിഷ്ണു; 3. ഒരു മനുവിൻെറ പേര്.
ഋതപർണൻ [സം.-പർണ] നാ. = ഋതുപർണൻ.
ഋതം [സം.<ഋ] നാ. 1. സത്യം (ജനങ്ങൾ പ്രശംസിക്കനിമിത്തം ലോകത്തിൽ പ്രസിദ്ധമായിത്തീരുന്നത്), ശരിയായിട്ടുള്ളത്; 2. ധർമം, ധർമവിധി; 3. നിയമം, നിയതക്രമം, മതനിയമം, പ്രമാണം; 4. ഈശ്വരനിശ്ചയം, നിയതിനിയമം, ധർമം; 5. യാഗം, യജ്ഞം; 6. ശപഥം, പ്രതിജ്ഞ, വാഗ്ദാനം; 7. ലോകം; 8. ഉഞ്ഛവൃത്തി (നേരായുള്ള ജീവിതമാർഗം); 9. മോക്ഷം; 10. വെള്ളം; 11. കർമഫലം; 12. ധനം.
ഋതംഭര [സം.ഋതം-ഭ്രാ] നാ. 'ഋതത്തെ ഭരിക്കുന്നത്'. 1. ബുദ്ധി അല്ലെങ്കിൽ ജ്ഞാനം; 2. പ്ലക്ഷദ്വീപത്തിലെ ഒരു നദി.
ഋതംഭരൻ [സം.ഋതം-ഭര] നാ. 1. ഈശ്വരൻ; 2. വിഷ്ണു.
ഋതവാദി [സം.<ഋത-വാദിൻ] നാ. സത്യം പറയുന്നവൻ.
ഋതവ്യ1 [സം.ഋതവ്യ] വി. ഋതുവിനെസംബന്ധിച്ച.
ഋതവ്യ2 [സം.ഋതവ്യാ] നാ. യാഗത്തിനുള്ള ഒരുതരം ഇഷ്ടിക.
ഋതസ്തുപ്പ് [സം.ഋത-സ്തുഭ്] നാ. 'നേരാംവണ്ണം സ്തുതിക്കുന്നവൻ'. ഒരു ഋഷി.
ഋതായനൻ [സം.-അയന] നാ. ഒരു രാജാവ്, ശല്യരുടെ പിതാവ്.
ഋതി [സം.] നാ. 1. ഗതി, പോക്ക്, നീക്കം; 2. ഐശ്വര്യം, ഭാഗ്യം; 3. വഴി; 4. സൈന്യം; 5. അധിക്ഷേപം; 6. ഓർമ; 7. രക്ഷ; 8. കൈയേറ്റം; 9. ദൗർഭാഗ്യം; 10. വേദന.
ഋതിങ്കര [സം.ഋതിം-കര] വി. 1. വേദനാജനകമായ; 2. നിർഭാഗ്യകരമായ.
ഋതീയ [സം.ഋതീയാ] നാ. 1. വെറുപ്പ്; 2. ഭയപ്പാട്; 3. നിന്ദ, ആക്ഷേപം; 4. കോപം; 5. കാരുണ്യം.
ഋതു സം.<ഋ ഗതൗ] നാ. 1. ക്ലിപ്തകാലം, യാഗാദികർമങ്ങൾക്കു നിശ്ചയിച്ചിട്ടുള്ള കാലം, നിയതമായ കാലഘട്ടം; 2. പ്രകൃതിയിലെ മാറ്റങ്ങളെയും കാലാവസ്ഥയെയും ആസ്പദമാക്കി സംവത്സരത്തിനു കൽപിക്കപ്പെടുന്ന വിഭാഗം; 3. സ്ത്രീരജസ്സ്, തീണ്ടാരി; 4. ഋതുകാലം, ഋതുകഴിഞ്ഞ് സന്താനോത്പാദനത്തിനുപറ്റിയ കാലം; 5. ആറ് എന്ന സംഖ്യ (ഋതുക്കൾ ആറ് ആകയാൽ); 6. പ്രകാശം, ശോഭ; 7. വിഷ്ണു; 8. ബ്രഹ്മപുത്രനും നിദാഘൻെറ ഗുരുവുമായ ഒരു ഋഷി; 9. ഒരുതരം അഞ്ജനം; 10. പന്ത്രണ്ടാമത്തെ മനു.
ഋതുക്കൾ [സം.] നാ. (ബ.വ.) 1. വസന്താദികാലങ്ങൾ; 2. മരുത്തുകൾ.
ഋതുഗാമി [സം.-ഗാമിൻ] നാ. ഋതുകഴിഞ്ഞ് പതിനാറുനാളിനുള്ളിൽ സ്വപത്നിയെ പുത്രോത്പാദനാർഥം പ്രാപിക്കുന്നവൻ. ഋതുഗാമിത്വം = ഋതുകഴിഞ്ഞ് പതിയെ പ്രാപിക്കൽ.

ഋതുചര്യ [സം. ഋ–ചര്യാ] നാ. ഋതുക്കൾക്കനുസരണമായുള്ള ദിനചര്യ, ആരോഗ്യസംരക്ഷണത്തിനു ഒരോ ഋതുവിലും അനുഷ്ടിക്കേണ്ട രീതി.
ഋതുദാനം [സം.–ദാന] നാ. സ്ത്രീയുടെ ഋതു കഴിഞ്ഞ് അവൾ കുളിച്ചു ശുദ്ധമായതിനുശേഷം അടുത്ത് ഉണ്ടാകേണ്ട സങ്ഗമം, ഋതുകാലസങ്ഗമം.
ഋതുധാമാ(വ്) [സം.–ധാമൻ] നാ. വിഷ്ണു.
ഋതുനിവൃത്തി [സം.–നിവൃത്തി] നാ. ആർത്തവം നിന്നുപോകൽ.
ഋതുപതി [സം.–പതി] നാ. 'ഋതുക്കളിൽ പ്രധാനപ്പെട്ടത്'. 1. വസന്തം; 2. യാഗകാലത്തിൻെറ അധിപൻ, അഗ്നി.
ഋതുപൻ [സം.ഋതു–പ] നാ. 1. വസന്തം, ഋതുനാഥൻ, ഋതുപതി; 2. ഋതുരക്ഷകൻ, ഇന്ദ്രൻ.
ഋതുപർണൻ [സം.–പർണ] നാ. അയോധ്യയിലെ ഒരു രാജാവ്, അയുതായുസ്സിൻെറ പുത്രൻ.
ഋതുപാത്രം [സം.–പാത്ര] നാ. ഋതുക്കൾക്കു ജലം അർപ്പിക്കാനുള്ള പാത്രം.
ഋതുപ്രഭു [സം.–പ്രഭു] നാ. 1. വസന്തം, ഋതുപതി; 2. ഹേമന്തം.
ഋതുപ്രാപ്ത [സം.–പ്രാപ്ത] വി. (ഫലവൃക്ഷം എന്നപോലെ) അതതിൻെറ ഋതുവിനെ പ്രാപിച്ച.
ഋതുഫലം [സം.–ഫലം] നാ. ഒരു സ്ത്രീ ആദ്യമായി ഋതുവാകുന്ന നാൾ ആഴ്ച തിഥി എന്നിവയെ ആസ്പദമാക്കിയുള്ള ഫലം.
ഋതുഭേദം [സം.–ഭേദ] നാ. ഋതുക്കളുടെ മാറ്റം.
ഋതുമതി [സം.–മതി] നാ. 1. രജസ്വല, തീണ്ടാരിയായിരിക്കുന്നവൾ; 2. തീണ്ടാരിക്കുശേഷം ഗർഭധാരണത്തിനു യോഗ്യയായവൾ; 3. ഋതുവായ കന്യക, വിവാഹപ്രായമായവൾ. ഋതുമതീവിവാഹം = ബാലിക ഋതുവായശേഷമുള്ള വിവാഹം.
ഋതുമത്ത് [സം.–മത്] നാ. വരുണൻെറ ഉദ്യാനം, ക്ഷീരസാഗരമധ്യത്തിലെ ത്രികുടപർവതത്തിൻെറ താഴ്വരയിൽ.
ഋതുമുഖം [സം.–മുഖ] നാ. ഋതുവിൻെറ ആരംഭ ദിവസം.
ഋതുയാ [സം.] അവ്യ. യഥാക്രമം, യഥാകാലം, മുറയ്ക്ക്.
ഋതുയാജം [സം.–യാജ] നാ. ഋതുക്കളെ ഉദ്ദേശിച്ചു നടത്തുന്ന ഒരു യാഗം.
ഋതുയാജർ [സം.ഋതു–യാജ] നാ. (ബ.വ.) ദേവന്മാരിൽ ഒരു വിഭാഗം.
ഋതുരാജൻ [സം.–രാജ] നാ. 'ഋതുക്കളിൽ മുഖ്യം'. വസന്തം.
ഋതുലിങ്ഗം [സം.–ലിങ്ഗ] നാ. 1. അതത് ഋതുക്കളുടെ സ്വഭാവം; 2. തീണ്ടാരിയായതിൻെറ അടയാളം.
ഋതുവാകുക [സം.–മ.ആകുക] ക്രി. ആദ്യമായി തീണ്ടാരിയാവുക, തിരളുക, പുഷ്പിണി ആകുക.
ഋതുവേല [സം.–വേലാ] നാ. ഋതുകാലം.
ഋതുവ്രതം [സം.–വ്രതം] നാ. ഋതുക്കൾതോറും അനുഷ്ടിക്കുന്ന വ്രതം.
ഋതുശാന്തി [സം.–ശാന്തി] നാ. വിവാഹിതയായ പെൺകുട്ടി പുഷ്പിണിയാകുമ്പോൾ നടത്തുന്ന ഒരു വൈദികകർമം, നിഷേകം, വേളിശേഷം.
ഋതുസന്ധി [സം.–സന്ധി] നാ. 1. അവസാനിക്കുന്ന ഋതുവിൻെറ ഒടുവിലത്തെ ഏഴുദിവസവും തുടങ്ങുന്ന ഋതുവിൻെറ ആദ്യത്തെ ഏഴുദിവസവും കൂടിയ കാലം; 2. അമാവാസിയും പൗർണമിയും ചേർന്നകാലം.
ഋതുസിദ്ധി [സം.–സിദ്ധി] നാ. ഗർഭധാരണംകൊണ്ട് ഋതുകാലം സഫലമാക്കൽ.

ഋതുസ്ഥല [സം.-സ്ഥലാ] നാ. ഒരു അപ്സരസ്ത്രീ.
ഋതുസ്നാത [സം.-സ്നാതാ] നാ. തീണ്ടാരികഴിഞ്ഞു കുളിച്ചവൾ.
ഋതുസ്നാനം [സം.-സ്നാന] നാ. തീണ്ടായിരുന്നുള്ള കുളി.
ഋതേ [സം.ഋതേ] അവ്യ. കൂടാതെ, ഒഴികെ, അല്ലാതെ.
ഋത്വിക്ക് [സം.ഋതു-ഇജ്<യജ്] നാ. 'ഋതുവിൽ ജയിക്കുന്നവൻ'. യാഗക്രീയചെയ്യുന്ന പുരോഹിതൻ.
ഋദ്ധ [സം.ഋദ്ധ<ഋധ്] വി. 1. വർധിച്ച, അഭിവൃദ്ധിപ്പെട്ട, മികവുള്ള; 2. ഐശ്വര്യമുള്ള, ധനമുള്ള.
ഋദ്ധൻ [സം.ഋദ്ധ<ഋധ്] നാ. വിഷ്ണു.
ഋദ്ധം [സം.ഋദ്ധ] നാ. 1. വളർച്ച, അഭിവൃദ്ധി; 2. പൊലി, മെതിച്ചനെല്ല്, നെൽക്കൂന; 3. വിസ്തീർണം.
ഋദ്ധി [സം.ഋദ്ധി] നാ. 1. വളർച്ച, വർധന, വിജയം, ഭാഗ്യം; 2. ധനം, ഐശ്വര്യം; 3. വൃദ്ധി, പലിശ; 4. ഉയർച്ച, അഭ്യുന്നതി, മഹത്വം; 5. അലൗകികശക്തി; 6. ഒരുതരം ഔഷധി; 7. കുബേരൻെറ ഭാര്യ; 8. ലക്ഷ്മി; 9. പാർവതി; 10. ചെറു കാട്ടുമുതിര.
ഋദ്ധികാമ [സം.-കാമ] വി. അഭിവൃദ്ധി ആഗ്രഹിക്കുന്ന.
ഋദ്ധിമത്ത് [സം.-മത്] വി. സമൃദ്ധിയുള്ള, ഐശ്വര്യമുള്ള.
ഋദ്ധിമാൻ [സം.-മാൻ<മത്] നാ. 1. ഐശ്വര്യത്തോടുകൂടിയവൻ; 2. ഒരു നാഗം.
ഋഭു1 [സം.ഋഭു] വി. സാമർഥ്യമുള്ള, വിവേകമുള്ള.
ഋഭു2 [സം.ഋഭു] നാ. 1. ദേവൻ; 2. ഒരു മനു; 3. ദേവാധിദേവൻ; 4. ബ്രഹ്മാവിൻെറ പുത്രനായ ഒരു ഋഷി; 5. ചിത്രകാരൻ; 6. കൊല്ലൻ; 7. രഥം നിർമിക്കുന്നവൻ; 8. ഒരു മുനി, പ്രത്യുക്ഷൻെറ പുത്രൻ.
ഋഭുക്കൾ [സം.ഋഭു] നാ. (ബ.വ.) ചാക്ഷുഷമന്വന്തരത്തിലെ ഒരു ദേവഗണം, അങ്ഗിരസ്സിൻെറ പിൻഗാമിയായ സുധന്വാവിൻെറ പുത്രന്മാരായ ഋഭു വിഭ്വാവ് വാജൻ എന്നു മൂന്നുപേർ. ഋഭുക്കൾ എന്നു പൊതുവേ പേര്.
ഋഭുക്ഷൻ [സം.ഋഭുക്ഷ] നാ. ഇന്ദ്രൻ.
ഋഭുക്ഷം [സം.ഋഭുക്ഷ] നാ. 1. സ്വർഗം, ഇന്ദ്രസ്വർഗം; 2. ഇന്ദ്രൻെറ വജ്രായുധം.
ഋഭുക്ഷാ(വ്),-ക്ഷി. [സം.ഋഭുക്ഷൻ,-ക്ഷിൻ] നാ. ഋഭുക്കളോടൊന്നിച്ചു വസിക്കുന്നവൻ, ദേവേന്ദ്രൻ.
ഋഭുഗീത [സം.-ഗീതാ] നാ. അഷ്ടാദശഗീതികളിലൊന്ന്.
ഋല്ലകൻ,-രി [സം.ഋല്ലക] നാ. ഒരുതരം വാദ്യം വായിക്കുന്നവൻ.
ഋശ്വകേതനൻ [സം.ഋശ്യ-കേതന] നാ. 'ഋശ്യം കൊടിയടയാളമായിട്ടുള്ളവൻ'. 1. അനിരുദ്ധൻ; 2. കാമദേവൻ.
ഋശ്യഗന്ധ [സം.ഋശ്യ-ഗന്ധാ] നാ. മറിക്കുന്നി.
ഋശ്യഗന്ധം [സം.-ഗന്ധ] നാ. ആനക്കുറുന്തോട്ടി.
ഋശ്യജിഹ്വം [സം.-ജിഹ്വ] നാ. ഒരുതരം കുഷ്ഠം. പരുപരുത്തും വക്കുചെമന്നും ഉള്ളു കരുവാളിച്ചും മരമാനിൻെറ നാക്കുപോലെയിരിക്കുന്നതുമായ കുഷ്ഠം.
ഋശ്യദം [സം.-ദ] നാ. മരമാനിനെ വീഴ്ത്തിപ്പിടിക്കാനുള്ള കുഴി.
ഋശ്യൻ [സം.] നാ. 1. ഒരു ഋഷി; 2. ദേവാതിഥിയുടെ പുത്രൻ.
381
ഋശ്യപ്രോക്ത [സം.-പ്രോക്താ] നാ. 1. നായ്ക്കുരുണ; 2. വലിയ ശതാവരി; 3. ആനക്കുറുന്തോട്ടി, ഊരകം.

ഋശ്യം,ഋഷ്യം [സം.ഋശ്യ] നാ. 1. മരമാൻ, വെളുത്തപാദങ്ങളുള്ള കലമാൻ; 2. ഉപദ്രവം; 3. ലങ്ഘനം.
ഋശ്യമൂകം [സം.ഋശ്യ-മൂക] നാ. ബാലികേറാമല എന്നു പ്രസിദ്ധമായ ഒരു പർവതം.
ഋശ്യശൃങ്ഗൻ [സം.] നാ. ഒരു ഋഷി.
ഋഷഭകം [സം.ഋഷഭക] നാ. 1. ഒരു ഔഷധി, ഇടമ്പിരി, ഇടവകം; 2. കാള; 3. ഒരു പർവതം.
ഋഷഭകൂടം [സം.ഋഷഭ-കൂട] നാ. 1. ഒരു പർവതം, ഹേമകൂടപർവതം; 2. ഋഷഭൻ വാണു തപസ്സുചെയ്ത പർവതം.
ഋഷഭഗതിവിലസിതം [സം.] നാ. ഒരു സംസ്കൃതഛന്ദസ്സ്.
ഋഷഭതരം [സം.-തര] നാ. ചെറിയ കാള.
ഋഷഭതീർഥം [സം.-തീർഥ] നാ. കാശിക്കുസമീപമുള്ള ഒരു പുണ്യതീർഥം.
ഋഷഭദ്വീപ് [സം.-ദ്വീപ്] നാ. ഒരു പുണ്യസ്ഥലം.
ഋഷഭധ്വജൻ [സം.-ധ്വജ] നാ. 'കാള കൊടിയടയാളമായിട്ടുള്ളവൻ'. ശിവൻ.
ഋഷഭൻ [സം.ഋഷഭ] നാ. 1. ഒരു രാജാവ്, മഹാവിഷ്ണുവിൻെറ അവതാരം, നാഭിക്കു പത്നിയായ മേരുവിൽ ജനിച്ച പുത്രൻ; 2. യുധാജിത്തിൻെറ രണ്ടു പുത്രന്മാരിൽ ഒരാൾ (ഭാര്യ കാശിരാജപുത്രി, മകൻ ജയന്തൻ); 3. കുശാഗ്രൻെറ പുത്രനായ ഒരു പുരുവംശരാജാവ്, ഉപരിചരവസുവിൻെറ പ്രപൗത്രൻ; 4. സ്വാഹ്യൻെറ പുത്രനായ ഒരു യാദവ രാജാവ്; 5. ജൈനന്മാരുടെ ആദ്യത്തെ തീർഥങ്കരൻ, ഋഷഭദേവൻ; 6. പ്രധാനൻ, ശ്രേഷ്ഠൻ. ഉദാ: പുരുഷർഷഭൻ; 7. ഋഷഭദേശക്കാരൻ; 8. ഒരു വാനരരാജൻ, ഇടവൻ, ഒരു നാഗത്തിൻെറ പേര്, സ്വാരോചിഷമന്വന്തരത്തിലെ സപ്തർഷിമാരിൽ ഒരാൾ.
ഋഷഭം [സം.ഋഷഭ<ഋഷ്] നാ. 1. കാള. (പ്ര.) ഋഷഭസ്കന്ധൻ = കാളയുടെതുപോലെ തടിച്ച സ്കന്ധം ഉള്ളവൻ, ബലിഷ്ഠൻ; 2. (സങ്ഗീ.) സപ്തസ്വരങ്ങളിൽ രണ്ടാമത്തെ സ്വരം 'രി'; 3. ഇടവം രാശി; 4. ഒരു പർവതം.
ഋഷഭമണ്ഡപം [സം.-മണ്ഡപ] നാ. ശിവക്ഷേത്രത്തിലെ മുഖമണ്ഡപം. (ശിവൻെറ വാഹനമായ ഋഷഭത്തിൻെറ വിഗ്രഹം പ്രതിഷ്ഠിച്ചിട്ടുള്ളതിനാൽ).
ഋഷഭരാഗം [സം.-രാഗ] നാ. (സങ്ഗീ.) ഒരു രാഗം.
ഋഷഭവീഥി [സം.-വീഥി] നാ. (ജ്യോ.) മകരം പൂരം ഉത്രം എന്നീ നക്ഷത്രങ്ങൾ.
ഋഷഭാക്ഷർ [സം.-അക്ഷ] നാ. (ബ.വ.) ഋഷഭൻ, പ്രതിരുപാക്ഷൻ എന്നിവർ, ഋഷഭപ്രതിരൂപാക്ഷാദ്യർ.
ഋഷഭി [സം.ഋഷഭീ] നാ. 1. പുരുഷലക്ഷണമുള്ള സ്ത്രീ, മീശയുള്ള സ്ത്രീ; 2. പശു; 3. വിധവ; 4. നായ്ക്കുരുണ.
ഋഷി [സം.ഋ] നാ. 'ജ്ഞാനത്തിൻെറ മറുകര എത്തിയവർ അഥവാ വൈദികമന്ത്രദ്രഷ്ടാവ്'. 1. വേദമന്ത്രങ്ങളുടെ കർത്താവ് അഥവാ ദ്രഷ്ടാവ്, സാക്ഷാത്കാരം സിദ്ധിച്ച കവി അല്ലെങ്കിൽ താപസൻ; 2. വേദം; 3. ഋഷിപ്രോക്തമായ മന്ത്രം; 4. രശ്മി; 5. ചന്ദ്രൻ; 6. ഏഴ് എന്ന സങ്ഖ്യ (സപ്തർഷികൾ എന്നതിൽനിന്ന്); 7. ഒരിക്കലും ഋതുവാകാത്ത സ്ത്രീ. ഉദാ: ഋഷഭി. ഋഷിധർമങ്ങൾ = 1. ബ്രഹ്മചര്യം, 2. സദാസത്യം, 3. ജപം, 4. ജ്ഞാനം, 5. നിയമം, 6. ധർമബോധം എന്നീ ഷഡ്ധർമങ്ങൾ.
ഋഷികൻ [സം.ഋഷിക] നാ. 1. താണപടിയിലുള്ള ഋഷി; 2. ഒരു രാജർഷി; 3. ഋഷികദേശവാസി.
ഋഷികം [സം.ഋഷിക] നാ. ഒരു പ്രാചീന ജനപദം.

ഋഷികല്പൻ [സം.ഋഷി-കല്പ] നാ. ഋഷിതുല്യൻ.
ഋഷികുല്യ [സം.-കുല്യാ] നാ. 'ഋഷികളുടെ നദി'. 1. കലിങ്ഗത്തിലെ മഹേന്ദ്രപർവതത്തിൽനിന്നു പുറപ്പെടുന്ന ഒരു നദി; 2. ബീഹാറിലെ ശുക്തിമാൻ പർവതത്തിൽനിന്നു പുറപ്പെടുന്ന ഒരു നദി; 3. സരസ്വതി; 4. ഭൂമാവിൻെറ ഭാര്യ.
ഋഷിഗിരി [സം.-ഗിരി] നാ. 'ഋഷികൾ വസിക്കുന്ന ഗിരി'. ഒരു പർവതം, ഋഷിപർവതം, മഗധത്തിൻെറ രാജധാനിയായ ഗിരിവ്രജത്തിനു സമീപം.
ഋഷിഗുഹ്യം [സം.-ഗുഹ്യ] നാ. ഋഷികൾക്കുമാത്രം അറിയാവുന്ന രഹസ്യം.
ഋഷിജാങ്ഗലം [ഋഷി-ജാങ്ഗല] നാ. മറിക്കുന്നി, ഋഷഗന്ധ.
ഋഷിതർപ്പണം [സം.-തർപ്പണ<തൃപ്] നാ. ഋഷിമാരെ ഉദ്ദേശിച്ച് കൈക്കുമ്പിൾനിറയെ വെള്ളമെടുത്ത് അർപ്പിക്കുന്നത്.
ഋഷിധാന്യം [സം.-ധാന്യ] നാ. വരിനെല്ല്.
ഋഷിപഞ്ചമി [സം.-പഞ്ചമീ] നാ. ഭാദ്രപദത്തിലെ ശുക്ലപക്ഷപഞ്ചമി, രജോദോഷപ്രായശ്ചിത്തമായി ആ ദിവസം സ്ത്രീകൾ ആചരിക്കുന്ന ഒരു വ്രതം.
ഋഷിപ്രണീത [സം.-പ്രണീത] വി. ഋഷിയാൽ പ്രണീതമായ, ഋഷിനിർമിച്ച.
ഋഷിപ്രസ്ഥം [സം.-പ്രസ്ഥ] നാ. ഈജിപ്ത്.
ഋഷിപ്രോക്ത1 [സം.-പ്രോക്ത] വി. ഋഷികളാൽ പറയപ്പെട്ട.
ഋഷിപ്രോക്ത2 [സം.-പ്രോക്താ] നാ. കാട്ടുഴുന്ന്, മാഷപർണി.
ഋഷിയജ്ഞം [സം.-യജ്ഞ] നാ. വേദാധ്യയനം, പഞ്ചമഹായജ്ഞങ്ങളിൽ ഒന്ന്, ഋഷികളെ ഉദ്ദേശിച്ച് നടത്തുന്ന യാഗം. (ദേവയജ്ഞം, ഭൂതയജ്ഞം, നൃയജ്ഞം, പിതൃയജ്ഞം എന്നു മറ്റുനാല്.)
ഋഷിരേഖ [സം.-രേഖാ] നാ. ഉത്തരായണാന്തസ്ഥാനത്തുനിന്നു പുറപ്പെട്ട് ആകാശമധ്യരേഖയിലുംകൂടെ കടന്ന് ഉത്തരായണാന്തസ്ഥാനത്തു വന്നുചേരുന്ന വലിയ വൃത്തം.
ഋഷിലോകം [സം.-ലോക] നാ. മഹർഷിമാരുടെ ലോകം (ദേവലോകം, ബ്രഹ്മലോകം ഇവയിൽനിന്നു ഭിന്നമായിട്ടുള്ളത്.)
ഋഷിവാടം [സം.-വാട] നാ. ഋഷിമാരുടെ വാസസ്ഥാനം, ആശ്രമം.
ഋഷിശ്രാദ്ധം [സം.-ശ്രാദ്ധ] നാ. 1. ശ്രാദ്ധത്തിൽ ഋഷിമാരെ ഉദ്ദേശിച്ചുചെയ്യുന്ന തർപ്പണം; 2. (ആല.) വലുതായ ഒരുക്കങ്ങൾക്കുശേഷം ചെയ്യപ്പെടുന്ന നിസ്സാരകർമം.
ഋഷീകം [സം.ഋഷീക] = ഋഷികം.
ഋഷികേശൻ [സം.ഹൃഷീക-ഈശ] നാ. മഹാവിഷ്ണു.
ഋഷു [സം.] വി. 1. ജ്ഞാനമുള്ള, ബുദ്ധിവൈഭവമുള്ള; 2. നിരന്തരം ചരിക്കുന്ന, അടുത്തുവരുന്ന; 3. ശക്തിയുള്ള. നാ. 1. തീജ്വാല, തീക്കൊള്ളി; 2. സൂര്യരശ്മി; 3. ഋഷി.
ഋഷ്ടി [സം.] നാ. 1. കുന്തം, ഈട്ടി, വേൽ, ശൂലം എന്നിവപോലെയുള്ള ആയുധം; 2. ഇരുവായ്ത്തലയുള്ള വാൾ, വാൾ.
ഋഷ്ടിമത്ത് [സം.ഋഷ്ടി-മത്] വി. ഋഷ്ടി ധരിച്ച (മരുത്തുകളെപ്പോലെ).
ഋഷ്യകം [സം.] നാ. മരമാൻ.
ഋഷ്യകേതനൻ,-കേതു [സം.] നാ. =ഋശ്യകേതു, അനിരുദ്ധൻ.
ഋഷ്യഗന്ധ [സം.-ഋഷ്യ-ഗന്ധാ] നാ. = ഋശ്യഗന്ധ, മറിക്കുന്നി.
ഋഷ്യപ്രോക്ത [സം.-പ്രോക്ത] നാ. = ഋശ്യപ്രോക്ത.
ഋഷ്യം [സം.ഋഷ്യ] നാ. = ഋശ്യം.
ഋഷ്യമൂകം [സം.ഋഷ്യ-മൂക] നാ. = ഋശ്യമൂകം.

ഋഷ്യശൃങ്ഗൻ [സം.ഋഷ്യ-ശൃങ്ഗ] നാ. = ഋശ്യശൃങ്ഗൻ.
ഋഷ്യാദിന്യാസം [സം.ഋഷി-ആദി-ന്യാസ] നാ. 'ഋഷിമാർക്കും മറ്റും വേണ്ടിയുള്ള ന്യാസം'. മന്ത്രോപാസനയ്ക്കു മുമ്പ് അനുഷ്ഠിക്കേണ്ട ക്രിയാങ്ഗങ്ങളിൽ ഒന്ന്.
ഋഷ്വൻ [സം.ഋഷ്വ] നാ. 'സമുന്നതിയുള്ള, സമുത്കൃഷ്ടമായ'. 1. അഗ്നി; 2. ഇന്ദ്രൻ.

## ൠ

ൠ1 [സം.] അക്ഷരമാലയിലെ എട്ടാമത്തെ അക്ഷരം. സ്വരം. മൂർധന്യം. ഋകാരത്തിൻെറ ദീർഘം. സംസ്കൃതാക്ഷരമാലയിൽനിന്നു സ്വീകരിച്ചിട്ടുള്ളത്. ശുദ്ധഭാഷാപദങ്ങളിൽ 'ൠ'കാരം വരികയില്ല. സംസ്കൃതത്തിൽ തന്നെ വളരെ ചുരുക്കമായിട്ടേ ഉള്ളു.
ൠ2 [സം.] വ്യാ. ഭയം മുതലായവയെ സൂചിപ്പിക്കുന്നത്, നിന്ദാർഥകമായ നിപാതം. 'ൠ ഭോഷൻ' നോക്കുക.
ൠ3 [സം.] നാ. (പും.) 1. ഒരു ഭൈരവൻ; 2. ഒരു ദാനവൻ; 3. (സ്ത്രീ.) അസുരമാതാവ്; 4. അദിതി, ദേവമാതാവ്.
ൠകാരം [സം.ൠ-കാര] നാ. 'ൠ'എന്ന അക്ഷരം.
ൠഭോഷൻ [സം.-ഭോഷ] നാ. നിന്ദ്യനായ വിഡ്ഢി.

## ഌ

ഌ1 [സം.] അക്ഷരമാലയിലെ ഒൻപതാമത്തെ അക്ഷരം. സ്വരം. ദന്ത്യം. ക്ഌപ്തത്തിൽമാത്രം ഒതുങ്ങി നിൽക്കുന്ന അക്ഷരം.
ഌ2 [സം.] നാ. 1. ഭൂമി; 2. പർവതം; 3. ദേവമാതാവ്.; 4. (സ്ത്രീ.) സ്വഭാവം; 5. ഗൃഹം; 6. അസുരമാതാവ്, ദിതി.
ഌകാരം [സം.ഌ-കാര] നാ. 'ഌ' എന്ന അക്ഷരം.
ഌപ്തം [<സം.]ലുപ്തം.
ഌസ്മാദി,ഌത്സ്മാദി [സം.] മന്ത്രോച്ചാരണം നടത്തി മന്ത്രസിദ്ധിവരുത്താൻ ഉദ്ദേശിക്കുന്ന ആൾക്ക് ഉരുക്കഴിക്കാൻപോകുന്ന മന്ത്രം പൊരുത്തപേട്ടതോണോ എന്നറിയാനുള്ള മാർഗങ്ങളിൽ ഒന്നായ സിദ്ധാരികോഷ്ഠത്തിൽ ഒരു കള്ളിക്കകത്തുവരുന്ന മൂന്നക്ഷരങ്ങൾ.

## ൡ

ൡ1 [സം.] അക്ഷരമാലയിലെ പത്താമത്തെ അക്ഷരമായി സംസ്കൃതരീതിക്ക് അംഗീകരിക്കുന്ന സ്വരം. ഌ കാരത്തിൻെറ ദീർഘം. സംസ്കൃതവ്യാകരണപ്രകാരം 'ഌ'കാരത്തിനു ദീർഘമില്ല. മലയാളത്തിലും പ്രയോഗമില്ല.

## എ

എ1 അക്ഷരമാലയിലെ പത്താമത്തെ അക്ഷരം. ഹ്രസ്വസ്വരം. കണ്ഠ്യതാലവ്യം. ഇതിനെ സന്ധ്യക്ഷരങ്ങളിൽ പെടുത്തിയും വ്യവഹരിക്കുന്നു. സംസ്കൃതത്തിൽ ഇല്ലാതെ ദ്രാവിഡത്തിൽ ഉള്ള രണ്ടു സ്വരങ്ങളിൽ ഒന്ന്. 1. 'അ'കാരത്തിനു ചിലേടത്തുവരുന്ന

ഉച്ചാരണഭേദം, പദമധ്യത്തിലെ 'അ' കാരത്തിനു ചിലപ്പോൾ 'എ'കാരച്ഛായയിൽ ഉച്ചാരണം വരും. ഉദാ: അലക് – അലെക്, വിളക്ക് – വിളെക്ക്, മകൾ – മകെൾ ഇത്യാദി; 2. സംസ്കൃതത്തിൽ നിന്നും മറ്റും കടംകൊണ്ട പദങ്ങളിൽ മൃദുക്കളോടും മധ്യമങ്ങളോടും (ഗ, ജ, ഡ, ദ, ബ, യ, ര, ല, വ) ചേർന്നു പിന്നിൽ നിൽക്കുന്ന 'അ' കാരത്തിനു 'എ' കാരച്ഛായയിൽ ഉച്ചാരണം. 1–ം, 2–ം ഉച്ചാരണഭേദങ്ങൾ വരമൊഴിയിൽ അങ്ഗീകരിച്ചിട്ടില്ല. അലക്, വിളക്ക്, മകൾ, ഗജം, യതി എന്ന് 'അ' കാരയുക്തമായിത്തന്നെ എഴുതുന്നു; 3. മധ്യമലയാളത്തിൽ ചുരുക്കം ചില പദങ്ങളിൽ 'അ' കാരത്തിൻെറ സ്ഥാനത്ത് 'എ' ചേർന്നു രൂപവും കാണാം. (ഉദാ: പണ്ണുക, പെണ്ണുക, പറക, പറെക); 4. വേറൊരു പദത്തിൻെറ പിമ്പിൽ സന്ധിചേർന്നു നിൽക്കുമ്പോൾ 'അല്ലോ' എന്നതിലെ 'അ' യ്ക്ക് 'എ' കാരച്ഛായയിൽ ഉച്ചാരണം. കണ്ടു + അല്ലോ = കണ്ടുവല്ലോ (കണ്ടെല്ലോ) അവൻ + അല്ലോ = അവനെല്ലോ; 5. ചില തനി മലയാള പദങ്ങളുടെ ആദിയിലും , ആദിയിലെ വ്യഞ്ജനത്തോടു ചേർന്നു പിന്നിലും നിൽക്കുന്ന 'ഇ' കാരത്തിൻെറ സ്ഥാനത്ത് 'എ' കാരവും വരും. അത്തരം പദങ്ങൾക്ക് 'ഇ' കാരവും 'എ' കാരവും ചേർന്ന രണ്ടു രൂപങ്ങൾ ഉണ്ട്; 6. 'എ' കാരത്തിനു ചിലപ്പോൾ 'ഇ' വരും. ഉദാ: എനിക്ക് – ഇനിക്ക്; 7. ചിലസ്ഥാനങ്ങളിൽ 'എ' ദുർബലമായി 'അ' എന്നായിത്തീരും. നല്ല + ഇടം = നല്ലെടം – നല്ലടം. ചെയ്ക + വേണം = ചെയ്യെണം > ചെയ്യണം; 8. ദീർഘമായ'ഏ' ചിലെടെത്തു നിൽക്കും. ഉദാ: പറയവെ > പറയവേ, വേറെ > വേറേ, തന്നെ > തന്നേ; 9. മുൻകാലത്ത് 'എ' യുടെ ഹ്രസ്വദീർഘങ്ങൾക്ക് ഒരേലിപിതന്നെയാണ് ഉപയോഗിച്ചിരുന്നതെന്നും ശ്രദ്ധിക്കണം.

383

എ2 ആധാരികാഭാസം 'ഏ' എന്നതിൻെറ സങ്കുചിതരൂപം. (ഉദാ:കാട്ടിലെ, രാവിലെ, ജലത്തിലെ – കാട്ടിലേ, രാവിലേ, ജലത്തിലേ, എന്നു ദീർഘരൂപങ്ങളും – അവിടെ, ഇവിടെ, എവിടെ, അക്കരെ, ആലപ്പുഴെ, നെയ്യാറ്റിൻകരെ 'എ' ലോപിച്ചു നെയ്യാറ്റിൻകര എന്നും.)

എ3 അവധാരകപ്രത്യയമായ 'ഏ' എന്നതിൻെറ സങ്കുചിതരൂപം. ഉദാ: തന്നെ (തൻ ഏ), അത്രെ.

എ4 തൻവിനയെച്ചപ്രത്യയം. 'ഏ' എന്നും രൂപം. ഉദാ: ചെയ്യെ, ചെയ്യവെ (ചെയ്യവേ).

എ5 പല അവ്യയവങ്ങളുടെയും അന്തം. (അതെ, ആതെ/അല്ലാതെ, ആട്ടെ, അങ്ങനെ, ഇങ്ങനെ, എങ്ങനെ, ആരെ, ആകെ, ആറെ (കേട്ടാറെ) ഇത്യാദി).

എ6 ഒരു ചുട്ടെഴുത്ത്, ചോദ്യസർവനാമം 'എ' എന്ന ചോദ്യസർവനാമത്തിനു 'ഏ' എന്നു ദീർഘിച്ച രൂപവുമുണ്ട്. ഉദാ: എത്, ഏത്.

എ7 സംശയാദ്യർഥത്തെ സൂചിപ്പിക്കുന്ന ഒരു വ്യാക്ഷേപകം.

എകത്തുക [എകരുക>പ്രയോ] ക്രി. ഉയർത്തുക, പൊക്കുക.

എകർത്തുക [എകരുക >പ്രയോ.] ക്രി. എകത്തുക, ഉയർത്തുക, പൊക്കുക.

എകരം = ഉയരം.

എകരക്കാൽ [എകര2–കാൽ] നാ. ചാരം, ഉയരത്തിൽ നിന്നുകൊണ്ട് പണിയെടുക്കാൻ ഉണ്ടാക്കുന്നത്.

എകരം1 നാ. എകാരം, 'എ' എന്ന അക്ഷരം.

എകരം2 നാ. ഉയരം കിളരം.

എകരമുട്ടി [എകരം2–മുട്ടി] നാ. നിലം തല്ലി, ഇടിതടി.

എകരുക ക്രി. ഉയരുക, പൊങ്ങുക. (പ്ര.) എകർന്ന = പൊങ്ങിയ, പൊക്കമുള്ള. എകർന്ന കണ്ടത്തിലേക്കു നീരോടില്ല. (പഴ.)
എകറ് നാ. = എകിറ്
എകറുക ക്രി. ചേറുക, പാറ്റുക, കൊഴിക്കുക.
എകിറിക്കുക ക്രി. എഴുന്നുനിൽക്കുക.
എകിറ്1 നാ. 1. പല്ല്; 2. ദംഷ്ട്രം, തേറ്റ; 3. ചിറക്.
എകിറ്2 നാ. ഇല്ലിക്കോൽ, മുളഞ്ചില്ലി.
എക്ക1 [എക്കൽ] നാ. എക്കൽ, മലവെള്ളത്തിൽ ഒഴുകിവന്നടിയുന്ന പൊടിഞ്ഞ ഇലകളും ചളിമണ്ണും.
എക്ക2 [ഹി.ഇക്ക,എക്ക,സം.ഏക] നാ. ഒറ്റക്കുതിരവണ്ടി, ഇരട്ടച്ചാടുവണ്ടി.
എക്കച്ചക്കം നാ. 1. താറുമാറ്, കുഴപ്പം; 2. വഴക്ക്; 3. നിന്ദ; 4. ആപത്ത്; 5. യാദൃച്ഛികവിപത്ത്; 6. സംശയം.
എക്കച്ചൽ നാ. സന്ദിഗ്ധസ്ഥിതി, വേണമോ വേണ്ടയോ എന്ന് ഉറപ്പില്ലായ്മ.
എക്കച്ചുമ നാ. വില്ലഞ്ചുമ, കൊക്കിച്ചുമ.
എക്കടി [എക്ക്-അടി] നാ. വശം, ഏണ്.
എക്കണ്ടം നാ. ശൂലം, വേൽ.
എക്കം നാ. 1. തക്കം (സാമാനം വാങ്ങാനോ മറ്റോ); 2. കമ്പോളനിലവാരം. (പ്ര.) എക്കപ്രകാരം = അന്നന്നുള്ള വിലപ്രകാരം; 3. മടി; 4. പ്രയാസം; 5. ചൂട് (പ്ര.) എക്കം ഇടുക, എക്കച്ചെക്കം.
എക്കരയ്ക്കുക [എക്ക്-അരയ്ക്കുക] ക്രി. അയവിറക്കുക.
എക്കരു നാ. കൃഷിയായുധം, ഉഴുന്നതിനുള്ള ഉപകരണം, കലപ്പ.
എക്കൽ എക്കുക] നാ. 1. മഴക്കാലത്ത് വെള്ളപ്പൊക്കത്തിൽ മലയിൽനിന്നും നദികളിൽക്കൂടി ഒലിച്ചുവന്ന് കരയ്ക്ക് അടിയുന്ന പൊടിഞ്ഞ ഇലകളും ചെളിയും മറ്റും എക്കിക്കൊണ്ടുവന്നത്, വെള്ളത്തിൽ പൊങ്ങി കരയ്ക്കടിഞ്ഞത്; 2. എത്തിവലിച്ചിൽ; 3. എക്കിളിക്കൽ, വയറ് ഒട്ടിക്കൽ; 4. ഞെട്ടൽ, നടുക്കം, പരിഭ്രമംകൊണ്ടും മറ്റും മുകളിലേക്ക് ശ്വാസം പിടിക്കൽ; 5. വീർപ്പുമുട്ടൽ; 6. ഉളുമ്പുനാറ്റം, ദുർഗന്ധം.
എക്കളിക്കുക1 ക്രി. ഇക്കിളിക്കുക, ശ്വാസംവിട്ട് വയറ് ഉള്ളിലേക്കു വലിക്കുക.
എക്കളിക്കുക2 ക്രി. 1. എത്തിവലിയുക; 2. അമിതമായി സന്തോഷിക്കുക, ആഹ്ലാദിക്കുക.
എക്കളിപ്പ്1 നാ. ഇക്കിളിപ്പ്, ശ്വാസംവിട്ട് വയറ് ഉള്ളിലേക്കു വലിക്കൽ.
എക്കളിപ്പ്2 നാ. ആഹ്ലാദം.
എക്കാലവും [എ-കാലം-ഉം] അവ്യ. എന്നും, എല്ലാക്കാലവും.
എക്കാളം [സം.കാഹള] നാ. ഒന്നൊന്നിനകത്തായി നേരേയുള്ള നാലു കുഴലുകളോടുകൂടിയ ഒരുതരം കാഹളം.
എക്കിട [എ-കിട] വി. 1. എല്ലാ ഇടങ്ങളും, എല്ലാസ്ഥലങ്ങളും; 2. എല്ലാ നിലവാരവും.
എക്കിട് [സം.എക്കിൾ] നാ. എക്കിട്ട, (-ട്ട്)
എക്കിട്ട,-ട്ടം,-ട്ട്,-ൾ [സം.ഹിക്കാ] നാ. ഇക്കിൾ, എക്കിൾ.
എക്കീൻ [അറ.] നാ. വിശ്വാസം.
എക്ക്1 നാ. അരക്കെട്ട്.

എക്ക്2 നാ. 1. ചതവ്; 2. ചുളിവ്; 3. ഒടിവ്. (പ്ര.) എക്കുംപൊക്കും = കുഴിയും മുഴയും.
എക്കുക ക്രി. 1. കുന്നിക്കുക; 2. ഉയരുക, പന്തുപോലെ കുതിച്ചു പൊങ്ങുക, പൊന്തുക; 3. എത്തിവലിയുക, കുന്തിച്ചുനിൽക്കുക; 4. ഞെട്ടിപ്പിൻവാങ്ങുക; 5. നാറുക; 6. എക്കിളിടുക, വയറൊട്ടിക്കുക. (പ്ര.) എക്കിവലിക്കുക = വാരിയെല്ലുകൾ പൊങ്ങുകയും താഴുകയും ചെയ്യത്തക്കവണ്ണം വേഗത്തിൽ ശ്വാസോച്ഛ്വാസം ചെയ്യുക; 7. പഞ്ഞിയോ രോമമോ ഉടക്കുതീർത്തു ശരിയാക്കുക. (പ്ര.) പരുത്തി എക്കുന്ന വില്ല്.
എക്സിസ്റ്റൻഷ്യലിസം[ഇം.] നാ. അസ്തിത്വവാദം.
എക്സ്ചെഞ്ച് [ഇം.] നാ. കൊടുക്കൽവാങ്ങൽ, ഒന്നിനുപകരം മറ്റൊന്നു കൈമാറുന്നത്, കൈമാറ്റം, വിനിമയം.
എക്സ്പാർട്ടി [ല.] അവ്യ. എതിർകക്ഷി ഹാജരില്ലാതെ, എതിർകക്ഷിയെ വിസ്തരിക്കാതെ.
എക്സ്പ്രഷനിസം [ഇം.] നാ. കാണുന്നതിനെ അതെപടി ചിത്രീകരിക്കുന്ന ഇംപ്രഷനിസത്തിന് എതിരായി കലാലോകത്തിൽ ഉദ്ഭവിച്ച പ്രസ്ഥാനം, ബാഹ്യഭാവങ്ങളിൽനിന്ന് ആന്തരീകഭാവത്തിലേക്കു തിരിയുന്നകലാപ്രസ്ഥാനം.
എക്സ്റേ [ഇം.] നാ. സാധാരണ പ്രകാശരശ്മികൾക്കു കടന്നുപോകാൻ കഴിയാത്ത മാധ്യമങ്ങളിലൂടെയും കടക്കാൻ കഴിയുന്ന വൈദ്യുതായസ്കാന്തരശ്മി.
എക്സിക്യൂട്ടീവ് [ഇം.] വി. നിർവാഹക, കാര്യങ്ങൾ നടത്തുന്ന.
എക്സിക്യൂട്ടീവ്കൗൺസിൽ [ഇം.] നാ. 1. നിർവാഹകസമിതി, ഭരണസമിതി; 2. ഭരണകൂടം.
എക്സിബിഷൻ [ഇം.] നാ. പ്രദർശനം.
എങ്കണ്ട [സം.എം-കണ്ട] വി. എവിടെയും കണ്ടതായ, എല്ലാം, സർവവും. ഉദാ: എങ്കണ്ട പരിഷകളും.
എങ്കമ്മാലി,-ളി നാ. 1. തോന്ന്യാസക്കാരൻ, വരുതിയിൽ നിൽക്കാത്തവൻ; 2. എന്തും ചെയ്യാൻ മടിക്കാത്തവൻ.
എങ്കർത്താ [സുറി.] നാ. (ക്രിസ്തു.) വിശുദ്ധ പൗലോസ് തുടങ്ങിയവരുടെ ലേഖനങ്ങളിൽ ഏതെങ്കിലും ഒന്ന്.
എങ്കൽ [എൻ-കൽ] നാ. (ആധാരിക) 1. എന്നിൽ; 2. എന്നോട്.
എങ്കൾ [എൻ-കൾ] നാ. = എങ്ങൾ.
എങ്കിൽ [എൻ-ക്-ഇൽ] 'എൻ' എന്ന ഖിലധാതുവിന്റെ വർത്തമാനപാക്ഷികവിനയെച്ചം, സംഭാവനാർഥം.
എങ്കും [പ.മ.] അവ്യ. = എങ്ങും, എല്ലായിടത്തും.
എങ്കെ [എങ്ക്-ഏ] അവ്യ. എവിടെ.
എങ്ങടെ നാ. ഉ.പൂ.ബ.വ. സംബന്ധികാവിഭക്തി രൂപം = എങ്ങളുടെ, ഞങ്ങളുടെ.
എങ്ങനത്ത [എങ്ങനെ-ഒത്ത] വി. എങ്ങനെയുള്ള, ഏതുതരത്തിലുള്ള, എപ്രകാരമുള്ള. (പ്ര.) എങ്ങനത്തത്, എങ്ങനത്തവൻ, എങ്ങനത്തവൾ, എങ്ങനത്തവർ.
എങ്ങനെ,എങ്ങെനെ,എങ്ങിനെ അവ്യ. ഏതുതരം, ഏതുതരത്തിൽ. വ്യാക്ഷേപകമായും പ്രയോഗം. ഉദാ: എങ്ങനെ പറയുന്നുവോ അങ്ങനെ.
എങ്ങനെയും [എങ്ങനെ-ഉം] അവ്യ. എങ്ങനെയെങ്കിലും, ഏതുവിധത്തിലെങ്കിലും. ഉദാ: എങ്ങനെയും കാര്യം സാധിക്കണം.
എങ്ങൾ [എൻ-കൾ] നാ. (ഉ.പൂ.ബ.വ.) ഞങ്ങൾ.

എങ്ങളാർ [എങ്ങൾ-ആർ] സ.നാ. (കൾ, ആർ' എന്നു രണ്ടു ബ.വ. പ്രത്യയം ചേർന്നരൂപം) ഞങ്ങൾ.

എങ്ങാണ്ട് [എങ്ങോ-കണ്ട്] അവ്യ. എവിടെയോ ആരാണ്ട്, ഏതാണ്ട്, എപ്പൊഴോ കണ്ട്.

എങ്ങാൻ [സം.എങ്ങ്-ആൻ] അവ്യ. ആരാൻ, എങ്ങാനും, ഏതെങ്കിലും സ്ഥലത്ത്, എവിടെയെങ്കിലും.

എങ്ങാനും [സം.എങ്ങ്-ആനും (ആയിനും)] സ.നാ. ആരാനും, ഏതാനും. അവ്യ. 1. വല്ലെടത്തും, എവിടെയെങ്കിലും; 2. വല്ല സമയത്തും.

എങ്ങിക്കുക ക്രി. എക്കുക, ഇക്കിളിക്കുക, വയറ് ഒട്ടിക്കുക.

എങ്ങിനെ അവ്യ. = എങ്ങനെ.

എങ്ങ് [<എങ്കു<എം-കു] അവ്യ. 1. ഏതുസ്ഥലത്ത്, എവിടെ. താരത. അങ്ങ്; 2. വിഷമാലങ്കാരത്തിലെന്നപോലെ താരതമ്യപ്പെടുത്തി ഒന്നിനെ തരം താഴ്ത്തൽ. (പ്ര.) ആ കന്യാരത്നമെങ്ങ്? ഈ നീചനെങ്ങ്? 3. ഉണ്ടോ, ഉണ്ടാകാൻ ഇടയില്ല എന്നു നിഷേധാർത്ഥത്തിൽ; 4. വ്യപേക്ഷകാർഥത്തിൽ. ഉദാ: എങ്ങുചെന്നാൽ കാണാമോ അങ്ങുതന്നെ പോകണം. (സംസ്കൃതശൈലി) (പ്ര.) എങ്ങത്തെ, എങ്ങേക്ക്, എങ്ങത്തോൻ.

എങ്ങുക ക്രി. 1. ഒട്ടുക, ചുരുങ്ങുക, എക്കുക; 2. പറ്റിക്കുക, തട്ടിക്കുക.

എങ്ങുന്ന് അവ്യ. എങ്ങുനിന്ന്, എവിടെനിന്ന്, അങ്ങുനിന്ന്, ഇങ്ങുന്ന്.

എങ്ങും,എങ്കും [എങ്ങ്-ഉം] അവ്യ. 1. എല്ലാസ്ഥലത്തും, എല്ലായിടത്തും, എവിടെയും. ഉദാ: സൂര്യോദയത്തിൽ വെളിച്ചം എങ്ങും പരക്കും; 2. (വിധിനിഷേധങ്ങളിൽചേർത്ത്) എവിടെയും, ഒരിടത്തും. ഉദാ: എങ്ങും കാണാവുന്ന, എങ്ങും കിട്ടാത്ത.

എങ്ങുവാൻ [എങ്ങും-ആൻ] അവ്യ. എവിടെ, എവിടെയോ.

എങ്ങേ [എങ്ങ്-ഏ] അവ്യ. എവിടെ, എങ്ങോട്ട്.

എങ്ങേനും അവ്യ. എങ്ങാനും, എവിടെയെങ്കിലും, ഏതോ ഒരിടത്ത്.

എങ്ങോട്ട് [സം.എങ്ങ്-ഓട്] 'ഓട്' എന്നതിലെ 'ട്' എന്നതിന് ഇരട്ടിപ്പ്. അങ്ങോട്ട്, ഇങ്ങോട്ട്. അവ്യ. എവിടേക്ക്, ഏതു സ്ഥലത്തേക്ക്.

എങ്ങോൻ [എങ്ങ്-ഓൻ(<അവൻ)] നാ. 1. എങ്ങുള്ള ആൾ; 2. അവൻ എവിടെ (ബ.വ.) എങ്ങോർ.

എങ്ങോർ [എങ്ങ്-ഓർ(അവർ)] നാ. (പു.ബ.വ.) ഏത് ആൾ, എങ്ങോൻ എന്നതിൻെറ ബ.വ. അങ്ങോർ, ഇങ്ങോർ.

എച്ചം1 [<എഞ്ച്] നാ. പ്രാണികളുടെ മലം (പല്ലി, ഈച്ച മുതലായവയുടെ പോലെ) ഉദാ: എച്ചംഇടുക.

എച്ചം2 നാ. (വ്യാക.) നാമത്തിനോ ക്രിയയ്ക്കോ കീഴ്പ്പെട്ടു നിൽക്കുന്ന ക്രിയ, നാമത്തോടു ചേരുമ്പോൾ പേരെച്ചം, ക്രിയയോടു ചേരുമ്പോൾ വിനയെച്ചം.

എച്ചവായ് [എച്ച1-വായ്] നാ. എച്ചം ഇടുന്ന ദ്വാരം, ഗുദം, മലദ്വാരം (പല്ലിയുടെയും മറ്റും).

എച്ചി1 [എച്ചിൽ] നാ. 1. എരപ്പാളി, തെണ്ടി, വലിയ പിശുക്കൻ, പെറുക്കി, ദരിദ്രവാസി; 2. എച്ചിൽ. ഉദാ: എച്ചിക്കൈ, എച്ചിക്കുപ്പ, എച്ചിത്തരം, -തനം = എച്ചിയുടെ മട്ട്, ചെറ്റത്തരം, നക്കിത്തരം, അന്തസ്സില്ലാത്ത പെരുമാറ്റം.

എച്ചിക്കാളി [മ.എച്ചി-സം.കാലി] നാ. എച്ചിയായ കാളി, എച്ചിലുതിന്നുന്ന കാളി, നീചയായ സ്ത്രീ. (നിന്ദാവാചകം).

എച്ചിത്തൊഴിൽ എച്ചിയുടെ പ്രവൃത്തി, എച്ചിത്തരം.

എച്ചിൽ1 നാ. 1. തിന്നു ശേഷിച്ചത്, ഉച്ഛിഷ്ടം, എച്ചിൽക്കയ്യ്, എച്ചിൽ - ക്കിണ്ണം, എച്ചിൽച്ചോറ് എന്നപോലെയുള്ള സമാസങ്ങളിൽ പ്രയോഗം; 2. തിന്നുശേഷിച്ച് അശുദ്ധമായത്; 3. ഉമിനീര്; 4. ഗർഭസ്ഥമായ ശിശുവിൻെറ ശരീരമാസകലം അരിമാവുപോലെ പറ്റിയിരിക്കുന്ന ഒരു സാധനം, മാച്ച് (പ്ര.) എച്ചിലാക്കുക.

എച്ചിൽ2 നാ. (ശിശുക്കൾക്കു) തൊണ്ടയിൽ ഉണ്ടാകുന്ന ഒരു രോഗം, കണ്ഠവീക്കം, മുള്ള്.

എച്ചിൽക്കുരുന്ന് [എച്ചിൽ-കുരുന്ന്] നാ. ഒരു ഔഷധച്ചെടി.

എച്ചിൽക്കുഴി,എച്ചിക്കുഴി [എച്ചിൽ1-കുഴി] നാ. എച്ചിലിലയും മറ്റും ഇടുന്ന കുഴി.

എച്ചിൽച്ചോറ് [എച്ചിൽ1-ചോറ്] നാ. എച്ചിലായ ചോറ്, ഉണ്ട ഇലയിലോ പാത്രത്തിലോ അവശേഷിക്കുന്ന ചോറ്.

385

എച്ചിൽതളിക്കുക ക്രി ഊണുകഴിച്ചസ്ഥലത്ത് തൂത്തു വെള്ളം തളിക്കുക.

എച്ചിൽതീനി,-നക്കി [എച്ചിൽ1-തീനി] നാ. 1. എച്ചിൽതിന്നുന്ന ആൾ, ഇരപ്പാളി (നിന്ദാവചനം); 2. കാളിയുടെ ഗണത്തിലെ ഒരു ഭൂതം.

എച്ചിൽപാറ്റുക = എച്ചിൽ തളിക്കുക.

എച്ചിൽപ്പുണ്ണ് [എച്ചിൽ-പുണ്ണ്] നാ. കുട്ടികൾക്കുവരുന്ന ഒരുതരം ത്വക്‌രോഗം, ‘ഉച്ഛിഷ്ടാരു’ എന്നു സംസ്കൃതം.

എച്ചിവഴക്ക് [എച്ചി-വഴക്ക്] നാ. 1. എച്ചികൾതമ്മിലുള്ള വഴക്ക്; 2. നിസ്സാര സങ്ഗതികൾക്കുവേണ്ടിയുള്ള കലഹം.

എച്ച്1 [ക.ഹേച്ചു] നാ. 1. ആധിക്യം, മികവ്; 2. ഉച്ചസ്വരം.

എച്ച്2 [<ത.എയ്ത്തല്] (മുൻവിന) ക്ഷീണിച്ച്, തളർന്ന്.

എച്ചുത് നാ. ചതി.

എച്ചോറ്1 [എൾ-ചോറ്] നാ. എള്ളുചോറ്, തിലോദനം.

എച്ചോറ്2,ഏർച്ചോറ് [ത.എർചോറ്] നാ. ഗ്രാമത്തിലെ ഊഴിയക്കാർക്കു രാത്രിയിൽ കൊടുക്കുന്ന ചോറ്.

എജമാൻ,-മാനൻ [സം.യജമാന] നാ. 1. മേലാവ്, മേലധികാരി, നാഥൻ; 2. സേനാനി, പട്ടാളനായകൻ. എജമാനത്തം = നായകത്വം, പ്രഭുത്വം, കുലീനത്വം.

എജസ്സ് [<സം.യശസ്] നാ. കേമത്തം, ശോഭ.

എജസ്സു [സം.യജുസ്] നാ. യജുർവേദം.

എഞ്ചിൻ,ഇഞ്ചിൻ [ഇം.] നാ. യന്ത്രം.

എഞ്ചിനീയർ = ഇഞ്ചിനീയർ.

എഞ്ചു [എഞ്ചുക] ധാതുരൂപം.

എഞ്ചുക ക്രി. 1. കുറയുക; 2. ശേഷിക്കുക; 3. നശിക്കുക.

എഞ്ചുവടി [എൺ-ചുവടി] നാ. ഗുണനപ്പട്ടികകൾ കാണിക്കുന്ന പുസ്തകം.

എട1 നാ. = ഇട.

എട2 ‘എടാ’ എന്നതിൻെറ ഹ്രസ്വരൂപം.

എടകുടി, -ക്കുടി നാ. ഇടക്കുടിയാൻ.

എടക്ക നാ. = ഇടയ്ക്ക.

എടക്കേട്,എടങ്കേട് നാ. = ഇടങ്കേട്.

എടക്കൊട്ടിൽ [എട-കൊട്ടിൽ] നാ. രണ്ടുപ്രധാനകെട്ടിടങ്ങളെ ബന്ധിപ്പിക്കുന്ന ഇടക്കെട്ടിടം.

എടക്കോഴ നാ. = ഇടക്കോഴ, കൈക്കൂലി.
എടങ്കേട് നാ. = ഇടങ്കേട്, എടങ്ങേറ്.
എടങ്കൈ നാ. = ഇടങ്കൈ.
എടങ്ങഴി നാ. = ഇടങ്ങഴി.
എടങ്ങേറ്,എടങ്കേട് നാ. = ഇടങ്കേട്.
എടച്ചിൽ നാ. ഇടച്ചിൽ.
എടഞ്ചാടി നാ. ഇടയ്ക്കുള്ള ഇടുങ്ങിയ സ്ഥലം, രണ്ടു പുരകൾക്കു നടുക്കുള്ള വഴിയോ ഇടുങ്ങിയ മുറ്റമോ, ഇടനാഴി.
എടതാരി അവ്യ. ഇടതാരി, ഇടതുപാട്. നാ. അടവ്, എടത്തുവശം തിരിഞ്ഞുള്ള വെട്ട്.
എടത്തട്ട് [എട-തട്ട്] = ഇടത്തട്ട്.
എടത്തനുളി [എടത്തൻ-ഉളി] നാ. ഇടത്തരം ഉളി.
എടത്തളി നാ. = ഇടത്തളി.
എടത്തിൽ, എടം [<ഇടം] നാ. ജന്മികളായ നായന്മാരുടെ ഭവനം, നായർ പ്രഭുഗൃഹം, എടത്തുംപടി.
എടത്തുംപടി നാ. ജന്മികളായ നായന്മാരുടെ ഭവനം, എടം, എടത്തിങ്ങാൽ.
എടത്തൂട് നാ. = ഇടത്തൂട്.
എടത്രപ്പാട് [എടത്തൂർ-പാട്] നാ. സാമൂതിരിരാജവംശത്തിലെ നാലാങ്കൂറുവാഴ്ച.
എടന നാ. = ഇടന.
എടനാട് നാ. = ഇടനാട്.
എടനാട്ടി [എട-നാട്ടി] നാ. 'ഇടയ്ക്കുനടുന്നത്'. നട്ടകണ്ടത്തിൽ ഇടയ്ക്കു ഞാറുപട്ടുപോയ സ്ഥലത്തു നടുന്നത്.
എടനാഴി [എട-നാഴി] = ഇടനാഴി.
എടനില നാ. = ഇടനില.
എടനെഞ്ഞ് [എട-നെഞ്ഞ്] നാ. = ഇടനെഞ്ഞ്, ഹൃദയം.
എടന്തിരിവ് [എടം-തിരിവ്] നാ. = ഇടന്തിരിച്ചിൽ.
എടപാട്,എടവാട് നാ. ഇടപാട്.
എടപ്പണം നാ. = ഇടപ്പണം, ജാമ്യം, ഈട്. ഉദാ: എടപ്പണംനിൽക്കുക.
എടപ്രഭു [മ. എട-സം. പ്രഭു] നാ. = ഇടപ്രഭു.
എടം = ഇടം.
എടമരസ്ഥാനം [മ. എടമര-സം. സ്ഥാന] നാ. കൊച്ചിരാജവംശത്തിൽ രാജവാഴ്ച ഇളയതായ്‌വഴിയിലേക്കു വന്നപ്പോൾ തായ്‌വഴി മൂപ്പിലേയ്ക്കു പെരുമ്പടപ്പിൽ മൂപ്പും എളമയ്ക്ക് എടമരസ്ഥാനവും സിദ്ധിച്ചു.
എടമുന നാ. കളരിപ്പയറ്റിലെ 241 അടവുകളിൽ ഒന്ന്.
എടമുള, ഇട- [എട-മുള] നാ. ഇടയ്ക്കു കിളിച്ചുണ്ടാകുന്ന ചെടി.
എടമ്പാട് [എടം-പാട്] നാ. = ഇടമ്പാട്.
എടമ്പിരി [എടം-പിരി] നാ. = ഇടമ്പിരി.
എടമ്പുറം,-മ്പ്രം [എടം-പുറം] നാ. വീണ്ടുവിചാരം, വിനയം, വകതിരിവ്.
എടമ്പ്രതി [മ.എടം-സം.പ്രതി] നാ. തടസ്സം, പ്രതികൂലഭാവം, എടങ്ങേറ്.
എടയൻ നാ. = ഇടയൻ. (സ്ത്രീ.) എടയത്തി, എടച്ചി.
എടയുക ക്രി. = ഇടയുക.

എടയ്ക്ക [സം.ഢക്ക] നാ. = ഇടയ്ക്ക.
എടല [ത.ഇടലൈ] നാ. ഇരിപ്പമരം, കരിവെട്ടി.
എടവക = ഇടവക.
എടവടിവ്,ഇട- [എട-വടിവ്] നാ. കളരിപ്പയറ്റിലെ ഒരു നില.
എടവട്ടം [എട-വട്ടം] നാ. 1. ഇടവട്ടം, അടുത്തുചുറ്റുമുള്ള സ്ഥലം; 2. വിട്ടം.
എടവട്ടാരം,ഇട- [എട-വട്ടാരം] നാ. ഇടവട്ടം, ചുറ്റുപാട്, സമീപപ്രദേശം.
എടവൻ നാ. = ഇടവൻ.
എടവം നാ. = ഇടവം.
എടവരി നാ. = ഇടവരി.
എടവഴി നാ. = ഇടവഴി.
എടവാട് നാ. = ഇടപാട്.
എടവിള,ഇട- [എട-വിള] നാ. പ്രധാനകൃഷികൾക്കിടയ്ക്കുള്ള കാലഘട്ടത്തിൽ ചെയ്യുന്ന ചെറുതരം കൃഷി.
എടവ്,എടം നാ. എടുപ്പ്, കെട്ടിടം.
എടശ്ശുദ്ധം [മ.എട-സം.-ശുദ്ധ] നാ. = ഇടശ്ശുദ്ധം.
എടശ്ശേരി = ഇടശ്ശേരി.
എടസരി [എട-സരി] നാ. 1. ചക്രം കറക്കുന്നതിന് ഇടുന്ന പട്ട; 2. ഇടയ്ക്കുപറച്ചിൽ; 3. ഇടശരി, ഒന്നിടവിട്ടുള്ള.
എടാ1 എടൻ എന്നതിൻെറ സംബോധന. (എടൻ എന്ന രൂപം പ്രയോഗത്തിൽ ഇല്ല.) പോടാ (പോ-എടാ), വാടാ (വാ-എടാ), താടാ (താ-എടാ); 2. വ്യാക്ഷേ. വെറുപ്പോ ആശ്ചര്യമോ സൂചിപ്പിക്കുന്നത്.
എടാങ്കുടുക്ക് നാ. 'എടുക്കാൻ പാടില്ലാത്ത കുടുക്ക്'. കുരുക്ക്, ഊരാങ്കുരുക്ക്, വല്ലാത്ത പരിതസ്ഥിതി, വിഷമാവസ്ഥ.
എടാമ്മുടുക്ക്,-മുടുക്ക് [എടാ-മുടുക്ക്] നാ. ഇടുങ്ങിയസ്ഥലം, കടന്നുപോകാൻ അസൗകര്യമായ സ്ഥലം.
എടി,എടീ [ത.അടി] 1. എടാ എന്നതിൻെറ സ്ത്രീലിങ്ഗരൂപം, സംബോധന; 2. സ്ത്രീകളെ നിന്ദയോടെ അഭിസംബോധനചെയ്യുമ്പോൾ പ്രയോഗിക്കുന്ന പദം.
എടിയേ 'എടി' എന്നതിനോട് 'ഏ' ചേർന്ന സംബോധന.
എടു [എടുക്കുക] ധാതുരൂപം.
എടുകൂറ് [എടു-കൂറ്] നാ. എടുക്കുന്ന അംശം, ഭാഗം വയ്ക്കുന്നതിനുമുമ്പ് ആകെയുള്ള തുകയിൽ ഒരാൾക്കു കൂടുതലായി നീക്കിവയ്ക്കുന്ന ഭാഗം.
എടുക്കുക ക്രി. 1. കൈകൊണ്ടോ മറ്റോ പൊക്കി സ്വാധീനമാക്കുക, കൈക്കൊള്ളുക, പൊക്കി മുകളിൽ കൊണ്ടുവരിക; 2. തലയിലോ തോളത്തോ ഒക്കത്തോ മറ്റോ ചുമക്കുക, വഹിക്കുക; 3. വേർപെടുത്തിയിട്ടു പുറത്തുകൊണ്ടുവരിക; 4. കൈക്കൊള്ളുക, സ്വീകരിക്കുക; 5. സ്വായത്തമാക്കുക, കൈക്കലാക്കുക; 6. ഉപയോഗപ്പെടുത്തുക, വിനിയോഗിക്കുക; 7. വാങ്ങുക, കടമായിവാങ്ങുക; 8. കൂട്ടത്തിൽ നിന്ന് ചിലതിനെ തെരഞ്ഞുപിടിക്കുക; 9. കൂട്ടത്തിൽനിന്ന് ഏതാനും മാറ്റുക, കുറയ്ക്കുക, വ്യപകലനം ചെയ്യുക; 10. ഗണ്യമായിക്കരുതുക, പരിഗണിക്കുക; 11. ചെയ്യുക, സാധിക്കുക; 12. പ്രദർശിപ്പിക്കുക, കാട്ടുക; 13. ഉണ്ടാക്കുക; 14. ചലിപ്പിക്കുക; 15. മാറ്റിക്കളയുക, നീക്കുക. എടുത്തടിച്ചവാക്ക് = ധിക്കാരപരമായവാക്ക്, ആലോചിക്കാതെയുള്ള പ്രത്യുത്തരം.
എടുത്തപടി,-പാടേ [എടുത്ത-പടി,-പാടേ] അവ്യ. ആലോചനകൂടാതെ, പെട്ടെന്ന്.

എടുത്തുകലാശം [എടുത്തു-കലാശം] നാ. കഥകളിയിലെ ഒരുതരം കലാശം, വൻകിട വേഷക്കാരും കുട്ടിത്തരക്കാരും താടിക്കാരും ഒറ്റയ്ക്ക് ആടി പുറകോട്ടു മാറുമ്പോഴും പോരിനുവിളിസമയത്തും ചവുട്ടി നിറുത്തുന്നത്.

എടുത്തുകൊട്ടിൽ [എടുത്ത്-കൊട്ടിൽ] നാ. കലവറ, സാധനങ്ങൾ സൂക്ഷിക്കുന്ന സ്ഥലം.

എടുത്തുചാടുക ക്രി. 1. കിണറ്റിലേക്കോ വെള്ളത്തിലേക്കോ മറ്റോ കുതിച്ചു ചാടുക, നിൽക്കുന്നിടത്തുനിന്നു മറ്റൊരു സ്ഥാനത്തേക്ക് പൊങ്ങിച്ചാടുക; 2. വരും വരായ്ക നോക്കാതെ ഒന്നിൽ ഇടപെടുക, ആലോചനകൂടാതെ കാര്യാദികളിൽ പ്രവേശിക്കുക.

എടുത്തുചാട്ടക്കാരൻ നാ. ആലോചനകൂടാതെ പെട്ടെന്നു പ്രവർത്തിക്കുന്നവൻ, സാഹസികൻ.

എടുത്തുചാട്ടം [എടുത്ത്-ചാട്ടം] നാ. 1. പൊങ്ങിച്ചാടൽ, കുതിച്ചുചാടൽ; 2. ആലോചനകൂടാതെയുള്ള പുറപ്പാട്, സാഹസപ്രവൃത്തി.

എടുപിടീന്ന് [എടു-പിടി-എന്ന്] അവ്യ. പെട്ടെന്ന്, ധൃതിയായി, ബദ്ധപ്പാടോടെ.

എടുപ്പത് അവ്യ. 1. എടുക്കാവുന്നിടത്തോളം, ചുമക്കാവുന്നിടത്തോളം, ധാരാളം, പിടിപ്പത്; 2. സഹിക്കാവുന്നിടത്തോളം.

എടുപ്പിക്കുക [എടുക്കുക>പ്രയോ.] ക്രി. 1. ചുമപ്പിക്കുക, എടുത്തുമാറ്റിക്കുക; 2. ചെയ്യിക്കുക; 3. പണിയിപ്പിക്കുക, നിർമിപ്പിക്കുക.

എടുപ്പ് [<എടുക്കുക] നാ. 1. എടുക്കൽ, ശേഖരിക്കൽ. ഉദാ: വിളവെടുപ്പ്, നറുക്കെടുപ്പ്, നെല്ലെടുപ്പ്, മുതലെടുപ്പ്; 2. പൊക്കിപ്പിടിക്കൽ, ഉയർച്ച. ഉദാ: തലയെടുപ്പ്; 3. ഒരു രോഗം; 4. നികുതി; 5. ഇടുപ്പ്, എളി; 6. കെട്ടിടം; 7. അന്തസ്സ്, അഹംഭാവം; 8. തവണ, പ്രാവശ്യം; 9. വിധവയെ വിവാഹം ചെയ്യുന്ന വെള്ളാളൻ തൻെറ ചരമത്തിലോ വിവാഹമോചനത്തിലോ അവളുടെ ചെലവിനുള്ളതു കൊടുത്തു കൊള്ളാമെന്നു സമ്മതിച്ച് എഴുതുന്ന പത്രം; 10. (സങ്ഗീ.) ശബ്ദം ഉയർത്തൽ; 11. (സങ്ഗീ.) താളത്തിൻെറ ദശപ്രാണങ്ങളിൽ ഒന്ന്.

എടുപ്പുകുതിര [എടുപ്പ്-കുതിര] നാ. അനേകംപേർചേർന്ന് തോളിലെടുത്തു ക്ഷേത്രത്തിനു വലംവയ്ക്കുന്ന കുതിരയും തേരും.

എടുപ്പെണ്ണ [എടുപ്പ്-എണ്ണ] നാ. തിരുവിതാംകൂറിൽ നിലവിലിരുന്ന ഒരുതരം കരം. 1865-ൽ നിറുത്തൽചെയ്തു.

എടോളമ്മ = ഇല്ലോടമ്മ.

എട്ടങ്ങാടി [എട്ട്-അങ്ങാടി] നാ. ധനുമാസത്തിലെ തിരുവാതിര സംബന്ധിച്ചു മകയിരം നോയമ്പിനുള്ള ഒരു നിവേദ്യം. (പ്ര.) എട്ടങ്ങാടി പുഴുങ്ങുക = തിരുവാതിരയ്ക്കു കാച്ചിൽ കൂർക്ക ചേന ചെറുകിഴങ്ങ് പയറ് തേങ്ങ ഏത്തയ്ക്ക ഇവ വേവിക്കുക.

എട്ടറ്റിച്ചുവടൻ [എട്ടടി-ചുവടൻ] നാ. എട്ടടിവീരൻ.

എട്ടടിമാൻ [എട്ടടി-മാൻ] നാ. എട്ടുകാലുകൾ ഉള്ളതായി കല്പിച്ചിട്ടുള്ള ഒരുതരം മാൻ, ശരഭം (ഇതിനു സിംഹത്തെക്കാൾ ശൗര്യവും ശക്തിയും ഉള്ളതായി കവികൽപന).

എട്ടടിമൂക്കൻ,-മൂർഖൻ [എട്ടടി-മൂക്കൻ,മൂർഖൻ] നാ. എട്ടടിവീരൻ.

എട്ടടിവീരൻ [മ.എട്ടടി-സം.-വീര] നാ. ഉഗ്രവിഷമുള്ള ഒരിനം പാമ്പ്.

എട്ടരയോഗം [മ.എട്ടര-സം.-യോഗ] നാ. തിരുവനന്തപുരത്തെ ശ്രീപത്മനാഭക്ഷേത്രത്തിൻെറ ഭരണകാര്യങ്ങൾക്കു ചുമതലപ്പെട്ടിരുന്ന ഒരു സമിതി.

എട്ടാം [എട്ട്-ആം] വി. എട്ടെണ്ണത്തിൽ ഒടുവിലത്തെ (പ്ര.) എട്ടാമത്, എട്ടാമത്തെ, എട്ടാമത്തേത്, എട്ടാമൻ.

എട്ടാമിടം,-മെടം,-മടം നാ. (ജ്യോ.) ജന്മലഗ്നത്തിൻെറ എട്ടാംസ്ഥാനം, എട്ടാംഭാവം (ആയുർദായം, അനിഷ്ടകാരണങ്ങൾ മരണം ഇത്യാദി ഈ ഭാവംകൊണ്ട് ചിന്തിക്കണം.)
എട്ടാരംചുട്ടി [എട്ട്-ആരം-ചുട്ടി] നാ. ചില പോത്തുകളുടെ ശരീരത്തിൽ കാണുന്ന എട്ടു ചുട്ടികൾ, അത്തരം പോത്ത്.
എട്ടാലൊന്ന്,എട്ടിലൊന്ന് നാ. 1. ഒന്നിനെ എട്ടു സമഭാഗങ്ങളായി പകുത്തതിൽ ഒന്ന്, അരയ്ക്കാൽ (1/8). തട്ടാൻതൊട്ടാൽ എട്ടിലൊന്ന് (പഴ.); 2. ഒരു പഴയ നികുതി.
എട്ടാവട്ടത്ത് [എട്ട്-ആ-വട്ടത്ത്] അവ്യ. എട്ടുചുറ്റും, സമീപത്തെങ്ങും, അടുക്കലെങ്ങും.
387
എട്ടാശ [മ.എട്ട്-സം.ആശാ] നാ. എട്ടുദിക്ക്, അഷ്ടദിക്കുകൾ
എട്ടി1 നാ. കാഞ്ഞിരം
എട്ടി2 [പ്ര.സെട്ഠി<സം.ശ്രേഷ്ഠിൻ] നാ. 1. ചെട്ടി. ഉദാ: എട്ടിക്കുളം, എഴിമലയ്ക്കു സമീപമുള്ള ഒരു സ്ഥലം; 2. വൈശ്യന്മാർക്കു രാജാക്കന്മാർ നൽകിയിരുന്ന ഒരു സ്ഥാനപേര്.
എട്ടിമധുരം [<സം.യഷ്ടിമധുകം] നാ. ഇരട്ടിമധുരം, അതിമധുരം.
എട്ട് [<എൺ] നാമമായും വിശേഷണമായും പ്രയോഗം. ഏഴുകഴിഞ്ഞുള്ള അക്കം '8' സമ്മസത്തിൽ പൂർവപദമായി നിൽക്കുമ്പോൾ 'എൺ' എന്നും രൂപം. ഉദാ: എൺപത്, എണ്ണൂറ്, എണ്ണായിരം. എന്നാൽ, എട്ടുകാലി, എട്ടുവീടർ എന്നപോലെയും കാണാം. ഉത്തരപദമായാൽ എട്ട് എന്നുതന്നെ. ഉദാ: പതിനെട്ട്, നൂറ്റെട്ട്. (പ്ര.)
എട്ടുംപൊട്ടുംതിരിയാത്ത = യാതൊന്നും അറിയാത്ത. കാശിനെട്ട് = ഒരു ചില്ലിക്കാശിന് എട്ടുകിട്ടത്തക്കവണ്ണം വിലകുറഞ്ഞത്, നിസ്സാരം.
എട്ടുകണ്ണൻപായ് [എട്ട്-കണ്ണൻ-പായ്] നാ. ഈറ്റപ്പൊളികൊണ്ടു നെയ്തുണ്ടാക്കുന്നതും ചിത്രവടിവുകൾ ഉള്ളതുമായ പായ്.
എട്ടുകളി [എട്ട്-കളി] നാ. എട്ടുഖണ്ഡംവരച്ചുള്ള കവടികളി, പനങ്കാ ഉപയോഗിച്ചും ഈ കളി നടത്തുന്നു.
എട്ടുകാലി,-കാലൻ നാ. എട്ടുകാലുള്ളത്, ചിലന്തി.
എട്ടുകെട്ട് [എട്ട്-കെട്ട്] നാ. രണ്ടു നാലുകെട്ടുകൾ ചേർന്ന കെട്ടിടം.
എട്ടുക്കൊന്നുമുപ്പറ [എട്ടുക്ക്-ഒന്ന്-മുപ്പറ] നാ. മുൻകാലത്തു നടപ്പിലിരുന്ന ഒരിനം നികുതി വ്യവസ്ഥ. പുരയിടത്തിൽനിന്നുള്ള ആദായത്തിൻെറ എട്ടിലൊന്നും നിലത്തിൽനിന്നു പത്തുപറയ്ക്കു മൂന്നുപറയും എന്ന ക്രമത്തിൽ.
എട്ടുത്തിരവട്ടക്കളി നാ. കേരളത്തിലെ നസ്രാണികളുടെ ഇടയിൽ നിലവിലിരുന്ന ഒരുതരം വട്ടക്കളി.
എട്ടുത്തൊക [ത.എട്ടുത്തൊകൈ] നാ. 'തൊകുത്തത് = ശേഖരിച്ചത്'. തമിഴ്സാഹിത്യത്തിലെ സങ്ഘകാലത്തെ എട്ടു കവിതാസമാഹാരങ്ങൾ.
എട്ടുദിക്ക് [മ.എട്ട്-സം.ദിശ്] നാ. അഷ്ടദിക്കുകൾ (കിഴക്ക്, തെക്കുകിഴക്ക്, തെക്ക്, തെക്കുപടിഞ്ഞാറ്, പടിഞ്ഞാറ്, വടക്കുപടിഞ്ഞാറ്, വടക്ക്, വടക്കുകിഴക്ക് എന്നീദിക്കുകൾ), എല്ലായിടവും.
എട്ടുനോമ്പ് [എട്ട്-നോമ്പ്] നാ. എട്ടുദിവസത്തെ നൊയമ്പ് (സുറിയാനി ക്രിസ്ത്യാനികൾ ആചരിക്കുന്നത്) ദൈവമാതാവിൻെറ തിരുനാളിനോടുചേർന്നു കത്തോലിക്കർ ആചരിക്കുന്ന വ്രതം. എട്ടുനോമ്പിൻ പാട്ട് = എട്ടുനോമ്പു സംബന്ധിച്ച പാട്ട്.

എട്ടുമുട്ടൻ [എട്ട്–മുട്ടൻ] നാ. ഒരു വള്ളിച്ചെടി, താലിയുടെ ആകൃതിയിൽ വലിയ ഇലകൾ.
എട്ടുവീടർ [എട്ട്–വീടർ] നാ. (ബ.വ.) എട്ടുവീട്ടിൽ പിള്ളമാർ (മാർത്താണ്ഡമഠം, രാമനാമഠം, കുളത്തൂർ, കഴക്കൂട്ടം, വെങ്ങാനൂർ, ചെമ്പഴന്തി, കുടമൺ, പള്ളിച്ചൽ എന്നീ പേരുകളിൽ അറിയപ്പെട്ടിരുന്ന നായർ പ്രമാണിമാർ).
അഡിറ്റർ [ഇം.] നാ. പുസ്തമമോ ആനുകാലികപ്രസിദ്ധീകരണമോ മറ്റോ പ്രകാശനത്തിനു തക്കവണ്ണം തയ്യാറാക്കുന്ന ആൾ, പ്രസാധകൻ, പ്രകാശനാധികാരി, പ്രകടനാധിപൻ, പത്രാധിപർ.
എഡിറ്റോറിയൽ [ഇം.] നാ. സ്വാഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ടു വർത്തമാനപ്പത്രംപോലെയുള്ള ആനുകാലികപ്രസിദ്ധീകരണത്തിൻെറ ഓരോ ലക്കത്തിലും എഡിറ്റർ എഴുതുന്ന മുഖപ്രസംഗം.
എഡ്യൂക്കേഷൻ [ഇം.] നാ. വിദ്യാഭ്യാസം.
എൺ1 [എണ്ണുക] ധാതുരൂപം.
എൺ2, എണ്ണ് നാ. എണ്ണം, സംഖ്യ.
എൺ3 വി. എട്ട് (സമാസത്തിലെ രൂപം) ഉദാ: എൺകോൽ, എണ്ടിശ, എണ്ടിച, എണ്ടിശ, എണ്ണൂറ്, എൺപലം, എണ്മടങ്ങ് ഇത്യാദി.
എൺകോണം [മ.എൺ–സം–കോണ] നാ. എട്ടുകോണുകളുള്ളത്, അഷ്ടകോണം.
എൺചുവടി [എൺ–ചുവടി] നാ. ഗുണനപ്പട്ടിക. 'എഞ്ചുവടി' നോക്കുക.
എൺപത് [<എട്ട്–പത്ത്] നാ. എട്ടുപത്തുകൂടിയത്.
എൺമണി [എൾ–മണി] നാ. ഒറ്റ എൾവിത്ത്.
എൺമർ നാ. എട്ടുപേർ.
എണ നാ. = ഇണ.
എണക്കത്തേവൻ നാ. ഒരിനം പക്ഷി.
എണക്കുക ക്രി. = ഇണക്കുക.
എണക്കുത്ത് നാ. = ഇണക്കുത്ത്.
എണങ്ങത്തി നാ. = ഇണങ്ങത്തി.
എണങ്ങൻ നാ. = ഇണങ്ങൻ.
എണങ്ങ് = ഇണങ്ങ്.
എണീക്കുക [<എഴുന്നേൽക്കുക] ക്രി. എഴുന്നേറ്റുനിൽക്കുക.
എണുങ്ക് നാ. മലയണ്ണാൻ (കഴുത്തിൽ മഞ്ഞനിറം)
എണ്ടിശ [പ.മ.എണ്ടിച. ത.എണ്ടിശൈ] നാ. എട്ടുദിക്ക്.
എണ്ണ [<എൾ–നയ്] നാ. 1. എള്ള് ആട്ടിയെടുക്കുന്ന കൊഴുത്ത ദ്രവപദാർഥം, നല്ലെണ്ണ. എള്ളാട്ടിയാൽ എണ്ണയും പിണ്ണാക്കും (പഴ.); 2. മറ്റു പലതരം കുരുക്കളിൽനിന്നും ഫലങ്ങളിൽനിന്നും എടുക്കുന്ന ദ്രവപദാർഥം (അർഥവികാസം. ഈ വികാസത്തിൽ മണ്ണെണ്ണ എന്നുവരെ വ്യാപ്തി സിദ്ധിക്കുന്നു) ഉദാ: ആവണക്കെണ്ണ, പുന്നയ്ക്കയെണ്ണ, വേപ്പെണ്ണ ഇത്യാദി; 3. പക്ഷികളുടെയും ജന്തുക്കളുടെയും കൊഴുപ്പുവാറ്റിയെടുക്കുന്നത്. ഉദാ: മയിലെണ്ണ, മീനെണ്ണ ഇത്യാദി; 4. ഔഷധങ്ങൾ ചേർത്തു പാകപ്പെടുത്തിയ എണ്ണ, തൈലം. ഉദാ: എണ്ണയും മുക്കൂട്ടും, ക്ഷീരബല എണ്ണ, ബലാഗുളുച്യാദി എണ്ണ ഇത്യാദി. എണ്ണകാണുമ്പോൾ പുണ്ണും നാറും, എണ്ണക്കുടത്തിനു ചുറ്റും ഉറുമ്പ്, എണ്ണക്കുറ്റിക്ക് കണ്ണില്ല (എണ്ണക്കുറ്റിയിൽവച്ച എണ്ണ തേച്ചാൽ കണ്ണിനു സുഖക്കേടുണ്ടാകുമെന്നു

വിശ്വാസം)(പഴ) എണ്ണകാച്ചുക = മരുന്നുകൾചേർത്ത് എണ്ണപാകപ്പെടുത്തിയെടുക്കുക. എണ്ണയാടുക = എണ്ണതേപ്പിക്കുക, ദേവവിഗ്രഹത്തിൽ എണ്ണ അഭിഷേകം ചെയ്യുക.

എണ്ണക്കറുപ്പ് [എണ്ണ-കറുപ്പ്] നാ. മിനുമിനുത്ത കറുപ്പുനിറം.

എണ്ണക്കറുമ്പി [എണ്ണ-കറുമ്പി] നാ. മിനുമിനെ കറുത്തനിറമുള്ള സ്ത്രീ, കറുത്തു മെഴുപ്പുള്ള സ്ത്രീ.

എണ്ണക്കാപ്പ് [എണ്ണ-കാപ്പ്] നാ. 1. തേച്ചുകുളി. (ആ.ഭാ.); 2. ദേവവിഗ്രഹത്തിനു തൈലാഭിഷേകം ചെയ്യൽ.

എണ്ണക്കാരൻ [എണ്ണ-കാരൻ] നാ. എണ്ണവിൽക്കുന്നവൻ.

എണ്ണക്കിണർ എണ്ണ-കിണർ] നാ. പെട്രോളിയം മണ്ണെണ്ണ മുതലായവ എടുക്കുന്നതിനു കുഴിച്ചുണ്ടാക്കുന്ന കിണർ

എണ്ണക്കുരു [എണ്ണ-കുരു] നാ. എണ്ണ എടുക്കാവുന്ന വിത്തോ കായോ. (എള്ള്, നിലക്കടല, തേങ്ങ, ആവണക്കിൻകുരു മുതലായവ).

എണ്ണക്കുറ്റി [എണ്ണ-കുറ്റി] നാ. ഒരു ചെറിയ എണ്ണപ്പാത്രം.

എണ്ണക്കുടി [എണ്ണ-കുടി] നാ. 1. എണ്ണയുറഞ്ഞുണ്ടായ മെഴുക്; 2. അപ്പം.

എണ്ണച്ചക്ക് [എണ്ണ-ചക്ക്] നാ. എണ്ണക്കുരുക്കൾ ആട്ടുന്നതിനുള്ള ചക്ക്.

എണ്ണച്ചട്ടി [എണ്ണ-ചട്ടി] നാ. എണ്ണയൊഴിച്ചു വറുക്കാനുള്ള ചട്ടി, വറചട്ടി.

എണ്ണച്ചാണ [എണ്ണ-ചാണ<സം.ശാണാ] നാ. എണ്ണപൂശിയ ചാണക്കല്ല്, തട്ടാന്മാർ ഉപ്പയോഗിക്കുന്ന ഒരുതരം ചാണ.

എണ്ണച്ചായം [എണ്ണ-ചായം] നാ. 1. തൈലരൂപത്തിലുള്ള ഒരു വർണക്കൂട്ട്; 2. എണ്ണയിൽ ചാലിച്ചുണ്ടാക്കിയ ചായം.

എണ്ണച്ചായപ്പടം,-ചിത്രം [എണ്ണ-ചായ-പടം,-ചിത്രം] നാ. എണ്ണച്ചായത്തിൽ എഴുതിയിട്ടുള്ള ചിത്രം.

എണ്ണച്ചായൽ [എണ്ണ-ചായൽ] വി. വിളർച്ചയുള്ള.

എണ്ണച്ചിക്ക [എണ്ണ-ചിക്ക] നാ. എണ്ണപുരണ്ടുള്ള നാറ്റം, കനപ്പുനാറ്റം, കനച്ചുനാറ്റം.

എണ്ണത്തണ്ടയാൻ [എണ്ണ-തണ്ടയാൻ] നാ. കൊട്ടിയൂർ ശിവക്ഷേത്രത്തിൽ അഷ്ടമി ആറാട്ടിന് എണ്ണ എഴുന്നള്ളിച്ചു കൊണ്ടുപോകുന്ന ആൾ.

എണ്ണത്താളി [എണ്ണ-താളി] നാ. മലങ്കുറുന്തോട്ടി, ആനക്കുറുന്തോട്ടി, പെറുങ്കുറുന്തോട്ടി, അതിബല.

എണ്ണത്തോണി [എണ്ണ-തോണി] നാ. എണ്ണനിറച്ച് ആളുകളെ കിടത്താനുള്ള തോണി, തൈലദ്രോണി.

എണ്ണനാരങ്ങ [എണ്ണ-നാരങ്ങ] നാ. നാരങ്ങ ഉപ്പിലിട്ടത്.

എണ്ണപ്പന [എണ്ണ-പന] നാ. കുരുവിൽനിന്ന് എണ്ണ എടുക്കുന്ന ഒരിനം പന.

എണ്ണപ്പാടം [എണ്ണ-പാടം] നാ. എണ്ണവിളയുന്ന സ്ഥലം.

എണ്ണപ്പാട്ട് [എണ്ണ-പാട്ട്] നാ. ക്രിസ്ത്യാനികളുടെ ഒരു പാട്ട്, മണവാളൻ അടച്ചിരിക്കുന്ന മുറിതുറന്നു പുറത്തുവന്നു കുളിക്കാൻ എണ്ണപകരുമ്പോൾ പാടുന്നത്.

എണ്ണപ്പാത്തി [എണ്ണ-പാത്തി] നാ. എണ്ണത്തോണി, തൈലത്തോണി.

എണ്ണപ്പെടുക [എണ്ണുക] ക്രി. കർമണിപ്രയോഗം. 1. കണക്കാക്കപ്പെടുക; 2. ഗണിക്കപ്പെടുക, മാനിക്കപ്പെടുക.

എണ്ണപ്പെട്ട [എണ്ണ-പെട്ട] വി. (ഭൂപേരെച്ചം) 1. ഗണിക്കപ്പെട്ട, കണക്കാക്കപ്പെട്ട; 2. മാനിക്കപ്പെട്ട; 3. പ്രസിദ്ധപ്പെട്ട.

എണ്ണം [എൺ-അം] നാ. 1. ഒന്ന്, രണ്ട്, മൂന്ന് - എന്നിങ്ങനെ എത്ര (ഇത്ര) എന്നു കണക്കാക്കൽ, എണ്ണിത്തിട്ടപ്പെടുത്തിയത്, സംഖ്യ; 2. ഉരു, ഉരുപ്പടി; 3. തുക; 4. വിലമതിപ്പ്; 5. നിനവ്, ആശയം, വിചാരം, വിശ്വാസം; 6. സങ്ഗതി, കാര്യം.

എണ്ണമാങ്ങ [എണ്ണ-മാങ്ങ] നാ. ഒരുതരം ഉപ്പിലിട്ട മാങ്ങ.

എണ്ണയളവനുഭോഗം [മ.എണ്ണ-അളവ്-സം.അനുഭോഗ] നാ. ക്ഷേത്രത്തിലേക്ക് എണ്ണയളക്കുന്നതിനു പ്രതിഫലമായി കിട്ടുന്ന ഭൂമി.

എണ്ണരി [എണ്ണ്-അരി] നാ. ഒരാളിൻെറ വയസ്സ് അനുസരിച്ച് അത്രയും നാഴിയോ പറയോ അരി ക്ഷേത്രത്തിൽ വഴിപാടായി അർപ്പിക്കുന്നത്, ഇരുപതുവയസ്സുള്ള ആൾ ഇരുപതു നാഴിയോ പറയോ അരി എന്ന കണക്കിന്.

എണ്ണലർ [എണ്ണ്-അല്-അർ] നാ. 'എണ്ണാത്തവൻ'. (ബ.വ.) ശത്രുക്കൾ.

എണ്ണവാണിയൻ [എണ്ണ-വാണിയൻ<പ്രാ.വാണിയ] നാ. എണ്ണയാട്ടലും കച്ചവടവും തൊഴിലാക്കിയ ഒരു ജാതി.

എണ്ണറ്റ [എണ്ണ്-അറ്റ] വി. 'എണ്ണിയാൽ ഒടുങ്ങാത്ത' എണ്ണമറ്റ, അസംഖ്യമായ, എണ്ണമില്ലാത്ത.

എണ്ണാങ്ക് [എൺ2-നാങ്ക്] നാ. എട്ടു നാലുകൂടിയത്, മുപ്പത്തിരണ്ട്.

എണ്ണായിരം [എൺ2-ആയിരം] നാമമായും വിശേഷണമായും പ്രയോഗം. എട്ട് ആയിരം കൂടിയത്, 8000.

എണ്ണാർ [ത.എണ്ണാർ] നാ. (ബ.വ.) എണ്ണലർ, ശത്രുക്കൾ.

എണ്ണാഴി [എൺ2-നാഴി] നാ. എട്ടുനാഴി, രണ്ടിടങ്ങഴി. എണ്ണാഴിയും തിന്ന് ഏഴിയൻെറ കൂട്ടിരിക്കുക (പഴ.)

എണ്ണിക്ക1 [എണ്ണുക>പ്രയോ.] ക്രി. എണ്ണിക്കുക.

എണ്ണില്ലാത,-ത്ത [എൺ2-ഇല്ലാത-ഇല്ലാത്ത] വി. എണ്ണമറ്റ, സംഖ്യയില്ലാത്ത, കണക്കറ്റ.

എണ്ണീർ [എൾ-നീർ] നാ. തിലോദകം, എള്ളിൽ വെള്ളം ചേർത്തു മരിച്ചവർക്കുവേണ്ടി അർപ്പിക്കുന്നത്.

എണ്ണ്,എൺ [എണ്ണുക] നാ. 1. എണ്ണം, സംഖ്യ. ഉദാ: എണ്ണറ്റ, എണ്ണമില്ലാത (-ത്ത), എണ്ണേറുക; 2. കണക്ക്.

എണ്ണുക ക്രി. 1. ഒന്ന്, രണ്ട്, മൂന്ന് എന്നിങ്ങനെ എത്ര ഒറ്റകൾ എന്നു തിട്ടപ്പെടുത്തുക, എത്ര ഉറുവെന്നു കണക്കാക്കുക; 2. വിചാരിക്കുക, ആലോചിക്കുക, കരുതുക, വിശ്വസിക്കുക; 3. മതിക്കുക.

എണ്ണൂറ് [എൺ2-നൂറ്] നാമമായും വിശേഷണമായും പ്രയോഗം, എട്ടു നൂറു കൂടിയത്, 800.

എത്രനാ. 1. അതിര്, അവസാനം; 2. സൂക്ഷ്മമായ സമയം; 3. മൂർധന്യഘട്ടം.

എതക്കേട് [എതം-കേട്] നാ. 1. അഹിതം, ഇണക്കമില്ലായ്മ, പൊരുത്തക്കേട്, അതൃപ്തി, അപ്രീതി; 2. അസുഖം.

എതം, ഇതം [സം.ഹിതം] നാ. 1. തക്കം, തരം, സൗകര്യം; 2. തൃപ്തി, സന്തോഷം, ആക്കം, ഇണക്കം, ഇഷ്ടം.

എതയ്ക്കുക ക്രി. ഇതയ്ക്കുക, ഇതളുകൾ ഉണ്ടാക്കുക.

എതിർ1 [എതിർക്കുക] ധാതുരൂപം.

എതിർ2 [എത്-ഇർ] (രൂപത്തെ സംബന്ധിച്ചിടത്തോളം 'അതിർ' 'ഉതിർ' എന്നിവ താരതമ്യപ്പെടുത്തുക) വി. 1. നേരേയുള്ള; 2. വിപരീതമായ. നാ. തടസ്സം, വിരോധം. 'എതിര്' നോക്കുക.

എതിർകക്ഷി [മ.എതിർ–സം.കക്ഷിൻ] നാ. പ്രതിപക്ഷത്തുള്ള ആൾ.
എതിർകട [എതിർ–കട] നാ. എതിർഭാഗം, ശത്രുപക്ഷം.
എതിർകൈ,–കയ്യ് [എതിർ–കൈ] നാ. 1. എതിരാളി, എതിരായി പ്രവർത്തിക്കുന്നവൻ; 2. എതിരായുള്ള പ്രവൃത്തി, മറുകയ്യ്, പ്രതിവിധി; 3. എതിർപ്പ്.
എതിർക്കുക,എതൃ– ക്രി. 1. എതിരിടുക, നേരിടുക; 2. വിപരീതമായ ആശയമോ അഭിപ്രായമോ ശക്തിപൂർവം പുറപ്പെടുവിക്കുക, ചെറുക്കുക; 3. (യുദ്ധത്തിൽ) നേരിടുക; 4. എതിരേ ചെല്ലുക, ശകുനം വരിക.
എതിർക്കോൽ [എതിർ–കോൽ] നാ. വലിയ ആണി, പാരക്കോൽ.
389
എതിർത്തല [എതിർ–തല] നാ. ശത്രു, മറുതല.
എതിർപെടുക [എതിർ–പെടുക] ക്രി. = എതിരിടുക.
എതിർപൊരുതുക [എതിർ–പൊരുതുക] ക്രി. എതിർത്തു യുദ്ധം ചെയ്യുക, നേർക്കുക.
എതിർപ്പ്,എതൃപ്പ് [എതിർ–പ്പ്] നാ. 1. എതിരിടൽ, നേരിടൽ, ചെറുക്കൽ, തടയൽ, വിരോധം. ഉദാ: ശത്രുക്കളുടെഎതിർപ്പ്; 2. യാത്രപുറപ്പെടുമ്പോൾ എതിരെ വരുന്നത്, ശകുനം.
എതിർമുള്ള് [എതിർ–മുള്ള്] നാ. മാറിലെ എല്ല്.
എതിർമൊഴി [എതിർ–മൊഴി] നാ. 1. എതിർവാക്ക്, മറുത്തുള്ളവാക്ക്; 2. പ്രത്യുത്തരം, മറുപടി.
എതിർവാ [എതിർ–വായ്] നാ. എതിർമൊഴി. തിരുവായ്ക്ക് എതിർവായില്ല. (പഴ.)
എതിർവാദം [മ.എതീ–സം.വാദ] നാ. എതിർത്തുള്ള വാദം.
എതിർവാദി [മ.–സം.വാദിൻ] നാ. 'എതിർത്തു വാദിക്കുന്നവൻ'. പ്രതി, പ്രതിവാദി.
എതിർവിസ്താരം [മ.എതിർ–പോർ.വിസ്താര] നാ. വ്യവഹാരത്തിൽ സാക്ഷിയെ മറുഭാഗം വക്കീൽ വിസ്തരിക്കുന്നത്.
എതിരട,–രിട [എതിർ–അട] നാ. പകർപ്പ്.
എതിരത്തെ വി. പ്രഭാതത്തിലെ, കാലത്തെ, രാവിലത്തെ.
എതിരവെ [<ത.എതിർതല്] അവ്യ. 1. പുലരുമ്പോൾ, രാവിലെ; 2. നേരെ.
എതിരാൾ [എതിർ–ആൾ] നാ. എതിരാളി.
എതിരാളി [എതിർ–ആൾ–ഇ] നാ. എതിർക്കുന്ന ആൾ, നേരിടുന്നവൻ, ശത്രു.
എതിരി നാ. എതിരാളി.
എതിരിടുക [എതിർ–ഇടുക] ക്രി. 1. നേർക്കുചെന്നു തടയുക, എതിർക്കുക, തടുക്കുക, നേരിടുക, നേരേചെന്നു പോരിനേൽക്കുക, യുദ്ധത്തിൽ നേരിടുക, ആദർശത്തേയൊ അഭിപ്രായത്തേയോ ചെറുക്കുക; 2. കിടനിൽക്കുക; 3. എതിർപ്പുവരിക, ശകുനം വരിക.
എതിര് = എതിർ2.
എതിരുപാട്ടയോല [എതിര്–പാട്ടം–ഓല] നാ. പാട്ടക്കാരൻ ജന്മിക്ക് എഴുതിക്കൊടുക്കുന്ന പാട്ടച്ചീട്ട്.
എതിരെ,–രേ അവ്യ. നേർക്ക്, അഭിമുഖമായി.
എതിരേൽക്കുക [എതിർ–ഏൽക്കുക] ക്രി. 1. എതിരായിച്ചെന്ന് ഏൽക്കുക, നേരിടുക, ചെറുക്കുക; 2. നേർക്കുചെന്ന് ആദരവോടെ സ്വീകരിക്കുക.
എതിരേൽപ്പ് [എതിർ–ഏൽപ്പ്] നാ. വിശിഷ്ടാതിഥിയെ നേരിട്ടുചെന്നു സ്വീകരിക്കൽ.

എതിരൊലി [എതിർ-ഒലി] നാ. മാറ്റൊലി, പ്രതിധ്വനി.
എത്1 'എ' എന്ന ചുട്ടെഴുത്തിനോട് 'ത്' എന്ന പ്രത്യയം ചേർന്നുണ്ടാകുന്ന പദം. നാ. 1. ചോദ്യവാചി; 2. വ്യാപേക്ഷകസർവനാമം.
എത്2,എത നാ. അതിര്, അറ്റം, അവസാനം.
എതുക [ത.എതുകൈ] നാ. പാദങ്ങളിലെ രണ്ടാമത്തെ അക്ഷരത്തിനു സാമ്യമുണ്ടായിരിക്കൽ, ദ്വിതീയാക്ഷരപ്രാസം.
എതൃ = എതിർ
എത്തൻ [ത.എത്തൻ] നാ. പറ്റിപ്പുകാരൻ, ചതിക്കുന്നവൻ.
എത്തന അവ്യ. (ചോദ്യ.) എത്ര.
എത്തനയും [എത്തന-ഉം] അവ്യ. എത്രയും.
എത്തം1 നാ. 1. എത്തൽ, പ്രാപ്തി; 2. നീളം.
എത്തം2 [ത.എത്തുതല്, എത്തു] നാ. ചതി.
എത്തരം [എ-തരം] അവ്യ. ഏതുതരം, ഏതുവിധം (പ്ര.) എത്തരക്കാരൻ, എത്തരത്തിൽ ഇത്യാദി.
എത്തൽ [എത്തുക] നാ. 1. ചെന്നുചേരൽ, പ്രാപിക്കൽ, സമീപിക്കൽ; 2. അവസാനിക്കൽ, തീർന്നുപോകൽ.
എത്തറ്റം [എത്-അറ്റം] അവ്യ. എവിടംവരെ, എത്രടം, എവിടേക്ക്. ഉദാ: എത്തറ്റം പോയിരുന്നു? (വ്യവഹാര ഭാഷ) താരത. അത്തറ്റം, ഇത്തറ്റം.
എത്താക്കൾ,ഏ- നാ. (ബ.വ.) സ്തുതിപാഠകർ.
എത്തിക്കുക [എത്തുക>പ്രയോ] ക്രി. എത്തുന്നതിന് ഇടയാക്കുക.
എത്തിന അവ്യ. 1. എത്തന, എത്ര, എത്തിനെയും, എത്രയും; 2. വളരെ.
എത്തീം,യത്തീം [അറ.] നാ. അനാഥശിശു.
എത്ത്1 നാ. എത്തൽ, ചെന്നുചേരൽ, പ്രാപ്തി. ഉദാ: എത്തും എതിരും = അപ്പുറവും ഇപ്പുറവും. എത്തും പിടിയും = അറിവും കഴിവും, ഗ്രഹണം, മനസ്സിലാക്കൽ.
എത്ത്2 നാ. ചെറിയ ശാഖ, പൊടിപ്പ്, ചെനപ്പ്.
എത്തുക1 ക്രി. 1. ചെന്നുചേരുക, ചെന്നുപറ്റുക, പ്രാപിക്കുക; 2. പ്രാപ്തമാക്കുക, തികയുക (കാലമെന്നപോലെ) ഉദാ: പരീക്ഷാഘട്ടം എത്തുക, കാലം എത്തുക; 3. ഏതെങ്കിലും ഒരു സ്ഥാനം വരെ നീണ്ടുകിടക്കുക. ഉദാ: ഉപ്പൂറ്റിവരെ എത്തുന്ന തലമുടി; 4. തൊടുവാൻ തക്കവിധം ആകുക. ഉദാ: കൊമ്പിൽനിന്നു പൂപറിക്കാൻ കൈ എത്തുകയില്ല. എത്തിയാൽ കുടുമ, അല്ലെങ്കിൽ കാൽ. എത്താത്തകമ്പിൽ പറിയാത്ത വള്ളി. കയ്യ് എത്താത്ത മുന്തിരിങ്ങ പുളിക്കും (പഴ.); 5. അടുത്തുവരിക. ഉദാ: ഒപ്പം എത്തുക; 6. കാൽവിരൽ കുത്തി പൊങ്ങുക. ഉദാ: എത്തിനോക്കുക; 7. വന്നുഭവിക്കുക, വന്നുകൂടുക, സംഭവിക്കുക; 8. കിട്ടുക, കൈവരുക; 9. അവസാനിക്കുക, ഒടുങ്ങുക, തീരുക. മാറാത്ത വ്യാധിക്കു എത്താത്ത മരുന്ന് (പഴ.)
എത്തുക2 [ത.എത്തുതല്] ക്രി. ചതിക്കുക, മോഷ്ടിക്കുക, തട്ടിയെടുക്കുക.
എത്തുകുത്ത്1 നാ. വിചാരിക്കാതെ വന്നുചേരുന്നത്, യാദൃച്ഛികസംഭവം.
എത്തുകുത്ത്2 നാ. എഴുത്തുകൂലി.
എത്തുപെടുക എത്ത്-പ്ട്ടുക] ക്രി. 1. പിടിയിൽപ്പെടുക, പ്രാപ്യമാവുക; 2. ഒന്നിച്ചുകൂടുക, ഒന്നിച്ചുചേരുക; 3. ചെന്നുചേരുക, വന്നുചേരുക.
എത്തുവാളി നാ. 'എത്തുന്ന ആൾ'. 1. ചതിയൻ, പറ്റിപ്പുകാരൻ; 2. ചൂഷണം ചെയ്തു ജീവിക്കുന്നവൻ; 3. ഇരപ്പാളി.

എത്തോ വ്യാ. നായാട്ടു തുടങ്ങുമ്പോഴത്തെ വിളി.
എത്ര'എ' എന്ന ചുട്ടെഴുത്തിനോട് 'ത്ര' എന്ന പ്രത്യയം ചേർന്നുണ്ടാകുന്ന അവ്യയം. 1. എണ്ണമോ അളവോ എന്ത് എന്ന അർഥത്തിലുള്ള ശബ്ദം; 2. ഏത് അളവിൽ, ഏതു തരത്തിൽ എങ്ങനെ, ഏതുവിധം; 3. ഏറ്റവും അധികം, വളരെ വലിയ, കണക്കാക്കാൻ പാടില്ലാത്ത വിധം; 4. വളരെ വളരെയേറെ; 5. വ്യാപേക്ഷകസാർവനാമികവിശേഷണം. എണ്ണം എന്തുമാത്രമുണ്ടോ അത്രത്തോളം എന്ന അർഥത്തിൽ. ഉദാ: എത്രയുണ്ടോ അത്രയും.
എഥാ,യഥാ [സം.യഥാ] അവ്യ. എപ്രകാരം, എങ്ങനെ. ഈരൂപം ഇപ്പോൾ പ്രചാരത്തിലില്ല.
എദൃച്ഛയാ, യ- [സം.യദൃച്ഛയാ] അവ്യ. യാദൃച്ഛികമായി, ഓർക്കാപ്പുറത്ത്.
എൻ1 [എന്നുക] ധാതുരൂപം.
എൻ2 സ.നാ. 1. ഉത്തമപുരുഷസർവനാമശബ്ദത്തിന്റെ പ്രതിഗ്രാഹികാവിഭക്തികളിലെ പ്രാതിപദികഭാഗം, നിർദേശികാവിഭക്തിയിൽ 'എൻ' ദീർഘിച്ച് 'ഏൻ' എന്നു രൂപം പാമരഭാഷയിൽ, (ഞാൻ എന്നതിന്റെ ആദിരൂപം ഇതായിരുന്നു); 2. എന്റെ എന്ന അർഥത്തിൽ. ഉദാ: 'എന്നച്ഛൻ', 'എന്നമ്മ'; 3.ക്രിയകളോടുചേരുന്ന ഉത്തമപുരുഷ ഏ.വ.പ്രത്യയം. സാധാരണ 'ഏൻ' എന്നു ദീർഘിച്ചുനിൽക്കും, ചിലപ്പോൾ 'അൻ' എന്നും.
എൻക [എൻ] എന്ന്, എന്ന, എന്നാൽ, എൻകിൽ എന്നുചില രൂപങ്ങൾ മാത്രം (നടുവിന.) 1. ഇപ്രകാരം പറയുക; 2. എന്നിങ്ങനെ.
എൻജിനീയർ, ഇഞ്ചി- [ഇം.] നാ. 1. എഞ്ചിനീയർ, യന്ത്രവിദഗ്ദ്ധൻ, യന്ത്രജ്ഞൻ; 2. റോഡ് അണക്കെട്ട് പാലം കെട്ടിടങ്ങൾ മുതലായവയുടെ പണികൾ നടത്തുന്നതിനു പ്രത്യേക വൈദഗ്ദ്ധ്യം ഉള്ള ആൾ.
എൻപത് [എൻ-പ്-അത്] ആഖ്യാതനാമം, എന്നത്, പറയപ്പെട്ടത്. എൻപവ 'എൻപത്' എന്നതിന്റെ ബ.വ.
എൻപിത് [എൻ-പ്-ഇത്] ആഖ്യാതനാമം. എന്നുള്ളത്.
എൻപുരാൻ [എൻ-പുരാൻ] നാ. 1. എന്റെ യജമാനൻ, നാഥൻ; 2. നീലേശ്വരത്തുമ്മറ്റും ഉള്ളവരും യാഗം കഴിക്കുന്നവരുമായ ഒരുവക ബ്രാഹ്മണർ. താരത. എൻപെരുമാൻ, എമ്പ്രാൻ.
എൻപെരുമാൻ [എൻ-പെരു-മാൻ<മകൻ] നാ. 1. എന്റെ നാഥൻ, ഈശ്വരൻ; 2. തുളുനാടൻ ബ്രാഹ്മണൻ, എമ്പ്രാൻ, എൻപുരാൻ.
എൻപോൻ [എൻപ-അവൻ] നാ. എന്ന അവൻ, പറയുംപ്രകാരമുള്ളവൻ.
എൻസൈക്ലോപീഡിയ [ഇം.] നാ. വിശ്വവിജ്ഞാനകോശം, സർവവിജ്ഞാനീയം, എല്ലാവിഷയങ്ങളെപ്പറ്റിയും പ്രതിപാദിക്കുന്ന ഗ്രന്ഥം.
എനച്ചൽ നാ. കരച്ചിൽ, നിലവിളി, എനക്കം.
എനത് [എൻ-അത്] വി. എന്റേത്.
എനത്തൻ [എനം<ഇനം] നാ. ഇനത്താൻ, ഇനത്തിൽപെട്ടവൻ, ഒരേ ജാതിയിൽപെട്ടവൻ.
എനം നാ. = ഇനം.
എനയുക [ത.ഇനൈതല്] ക്രി. 1. മോങ്ങുക, വിങ്ങിക്കരയുക, വിലപിക്കുക, കരയുക; 2. തൊണ്ട ഇടറുക.

എനവെ [എൻ–അവെ] അവ്യ. 'എൻ എന്നതിൻെറ തൻവിനയെച്ചരൂപം". 1. എന്നു പറഞ്ഞപ്പോൾ; 2. എന്നപോലെ.
എനിഇനി.
എനിക്ക്,എനക്ക് [എൻ–ഇ–ക്ക്] എൻ (ഞാൻ) എന്ന ഉത്തമപുരുഷസർവനാമത്തിൻെറ ഉദ്ദേശികാവിഭക്തി ഏകവചനരൂപം.
എനിമ നാ. ഗുദവസ്തി, മലദ്വാരത്തിലൂടെ വെള്ളം കയറ്റി വയറുശുദ്ധമാക്കുന്നതിനുള്ള ഉപകരണം.
എനേ [ത.എന്നേ] വ്യാ. ആശ്ചര്യം മുതലായവയെ ദ്യോതിപ്പിക്കുന്നത്.
എന്താ,എന്തോ വ്യാ. 1. 'എന്താണ്' എന്നതിൻെറ സങ്കുചിതരൂപം, വിനയദ്യോതകമായി വിളികേൾക്കാൻ ഉപയോഗിക്കുന്ന ശബ്ദം. 'എന്തിനാണു വിളിക്കുന്നത്, വിളിച്ചതുകേട്ടു' എന്ന അർഥത്തിൽ; 2. എന്താണ്?; 3. എന്തുവേണം? എന്തിനാണ്?; 4. എന്തുകൊണ്ട്?; 5. അങ്ങനെയല്ലേ? എന്തിന്?. എന്ത് എന്നതിൻെറ ഉദ്ദേശികാവിഭക്തിരൂപം. അവ്യ. ഏതുകാര്യത്തിനുവേണ്ടി, എന്ത് ഉദ്ദേശിച്ച്, എന്തുകൊണ്ട്.
എന്തിനും അവ്യ. ഏതുകാര്യത്തിനും, ഏതിനും. ഉദാ: എന്തിനും കൊള്ളാവുന്ന, എന്തിനും ഒരുക്കമുള്ള.
എന്ത് സ.നാ. 1. ചോദ്യാർഥം, ഒന്ന് ഇന്നതെന്നോ ഇന്നതരത്തിൽ ഉള്ളതെന്നോ അറിയാൻവേണ്ടി ചോദിക്കുമ്പോൾ പ്രയോഗിക്കുന്ന സർവനാമശബ്ദം. 'എ' എന്ന ചുട്ടെഴുത്തിനോട് അനുനാസികംചേർന്ന നപുംസകരൂപം. എ–ന്–ത് = എന്ത്; 2. ഏതുകാരണവശാൽ, എന്തുകൊണ്ട്; 3. എത്ര, എത്രമാത്രം; 4. വ്യാക്ഷേപകസർവനാമമായും പ്രയോഗം. ഉദാ: എന്തുപറയുന്നുവോ അങ്ങനെതന്നെ; 5. വ്യാക്ഷേ. ആലോചന, അത്ഭുതം മുതലായ അർഥങ്ങൾ ദ്യോതിപ്പിക്കുന്നത്; 6. നാമവിശേഷണമായും പ്രയോഗം. (പ്ര.) ആരെന്തു പറഞ്ഞാലെന്ത്? എന്തു ചെയ്താലും അതു നടത്തണം. എന്തെന്നില്ലാതെ = പറഞ്ഞറിയിക്കാൻ നിവൃത്തിയില്ലാത്തവണ്ണം വളരെയധികം.
എന്തുകൊണ്ട് [എന്തു–കൊണ്ട്] സ.നാ. എന്തുകാരണം, എന്തുപയോഗിച്ച്. അവ്യ. ഏതുകാരണത്താൽ, എന്തിനായി.
എന്തുകൊണ്ടോ അവ്യ. അറിവില്ലാത്ത കാരണത്താൽ.
എന്തും [എന്ത്–ഉം] അവ്യ. ഏതൊരുകാര്യവും, ഏതൊരു വസ്തുവും, എല്ലാം.
എന്തുമാത്രം അവ്യ. വളരെയധികം, എത്രത്തോളം.
എന്തെന്ത് [എന്ത്–എന്ത്] ബഹുവർഥത്തിൽ ദ്വിത്വം. 1. എന്തെല്ലാം, വർണിക്കാൻ പാടില്ലാത്തവണ്ണം പല ഇനത്തിൽപ്പെട്ടത്; 2. സംഭ്രാമാദ്ഭുതങ്ങൾ സൂചിപ്പിക്കുന്ന ആവർത്തനം.
എന്തെന്നാൽ [എന്ത്–എന്നാൽ] അവ്യ. 1. എന്ത് എന്ന് ആണെങ്കിൽ; 2. എന്തുകൊണ്ടെന്നാൽ, എന്തുകാരണത്താലെന്നു ചൊദിക്കുന്നെങ്കിൽ.
എന്തെല്ലാം [എന്ത്–എല്ലാം] സ.നാ. ഏതെന്ത്, ഇന്നതിന്നത്. ഉദാ: എന്തെല്ലാം വിശേഷങ്ങൾ, എന്തെല്ലാം സാമാനങ്ങൾ, എന്തെല്ലാം വിപത്തുകൾ, എന്തെല്ലാം തരം.
എന്തേ [എന്ത്–ഏ] 'ഏ' അവധാരകം, ചോദ്യാർഥം ഉറപ്പിക്കാനും. എന്ത്, എന്തുകൊണ്ട്? എന്താണ്? എങ്ങനെ?
എന്തോന്ന്, എന്തൊരു [എന്ത്–ഒന്ന്,ഒരു] സ.നാ. 1. എന്ത്? (പ്ര.) എന്തോന്നു കണ്ടു? എന്തൊരുകാര്യം?; 2. എത്രമാത്രം, എത്രയധികം; 3. പറഞ്ഞറിയിക്കാൻ പാടില്ലാത്ത. ഉദാ: എന്തൊരു കാലം, എന്തൊരുതരം, എന്തൊരുതരക്കാരൻ, എന്തൊരുത്തൻ.

എന്തോഏതോ [എന്ത്-ഓ] വ്യാ. അജ്ഞത, അദ്ഭുതം മുതലായവയെ ദ്യോതിപ്പിക്കുന്നത്.
എന്തോന്ന് [എന്തോ-ഒന്ന്, എന്ത്-ഒന്ന്] സ.നാ. 1. അറിയാൻ പാടില്ലാത്ത ഒന്ന്; 2. ഏത്?
എന്ത്രം [സം.യന്ത്രം] നാ. 1. യന്ത്രം; 2. രക്ഷാബന്ധം. എന്ത്രവും കുഴലും = രക്ഷ ഉള്ളടക്കിയ കുഴൽ.
എന്ധാനി, എന്ധ്യാനി നാ. തോന്നിയപോലെ നടക്കുന്ന സ്ത്രീ.
എന്ന1 [എൻ = പറയുക] ഭൂ.പേ. 1. ഘടകമായി പ്രയോഗം; 2. പറഞ്ഞതരത്തിലുള്ള, നിർദിഷ്ടരീതിയിലുള്ള. ഇന്നപ്രകാരത്തിലുള്ള. ഉദാ: ദശരഥൻ എന്ന രാജാവ്, അയോധ്യ എന്ന നഗരം.
391
എന്ന2 വി. (സാർവനാമികം) എന്ത്, ഏത്, ഏതുപ്രകാരത്തിലുള്ള, ഇന്ന
എന്നത്1 [എന്ന-അത്] സ,നാ. പറഞ്ഞത്, നിർദിഷ്ടമായത്
എന്നത്2 [എന്ന-അത്] ചോ.സ.നാ. എന്ത്, ഏത്
എന്നാകിൽ [എന്ന്-ആകിൽ] അവ്യ. എന്നാൽ, എങ്കിൽ, എന്നാകിലും, എങ്കിലും, എങ്കിൽപോലും
എന്നാതെ [എന്ന്-ആതെ] അവ്യ. എന്നില്ലാതെ, പറയാതെ, ആരായാതെ, വിചാരിക്കാതെ
എന്നാൻ [എന്ന്-ആൻ] 'എന്നുക' എന്ന ധാതുവിൻെറ ഭൂതകാലം. 'എന്നു' അതിനോട് 'ആൻ' ചേർത്ത രൂപം). എന്ന് അവൻ പറഞ്ഞു.
എന്നാൽ [എന്നുക] ഭൂ.പാ.വിന 1. പറഞ്ഞാൽ, അങ്ങനെപറയുന്നപക്ഷം; 2. പക്ഷേ, നേരേമറിച്ച്; 3. എന്നുവച്ചാൽ, എന്നുപറയുന്നതിൻെറ അർഥം എന്തെന്നാൽ; 4. ആകട്ടെ, ശരി; 5. എന്നതിനാൽ, അതുകൊണ്ട്; 6. എങ്കിൽ
എന്നാലും [എന്ന്-ആല്-ഉം] അവ്യ. അങ്ങനെപറഞ്ഞാലും. പറഞ്ഞതുപോലെ ആണെങ്കിലും, എന്നിരുന്നാലും
എന്നാലെ [എൻ-ആൽ-ഏ] നാ. ഞാൻ എന്നതിൻെറ പ്രയോഗികാരൂപം, ഏ.വ. (ഏ അവധാരകം)
എന്നാലോ അവ്യ. അങ്ങനെയെങ്കിൽ
എന്നാറെ [എന്ന്-ആറെ]അവ്യ. 1. അപ്പോൾ; 2. അതുനുശേഷം
എന്നി,-യേ,-ന്യേ [ത,എൻറി] അവ്യ. 1. അല്ലായ്കിൽ; 2. കൂടാതെ, ഇല്ലാതെ, അല്ലാതെ; 3. പുറമേ, മാത്രമല്ല, ഒഴികെ, അല്ലാതെ, അല്ലെങ്കിൽ
എന്നിട്ട് [എന്ന്-ഇട്ട്] അവ്യ. 1. അങ്ങനെ പറഞ്ഞിട്ട്, അങ്ങനെവിചാരിച്ച്, അതിനുശേഷം; 2. പിന്നെ, അങ്ങനെ ചെയ്കതിനുശേഷം; 3. എന്നിരിക്കെ, എന്നിരുന്നാലും
എന്നിട്ടും [എന്നിട്ട്-ഉം] അവ്യ. അങ്ങനെയാണെന്നിരിക്കിലും, എങ്കിലും, അതിനുശേഷംപോലും
എന്നിയേ അവ്യ. = എന്നി
എന്ന്1 അവ്യ. ഏതുകാലത്ത്, ഏതുദിവസം. ഉദാ: ഇനി എന്നു കാണാം?
എന്ന്2 മ്മു.വി. 1. ഘടകമായി പ്രയോഗം. "പറഞ്ഞിട്ട്' എന്നതിൽ നിന്നു 'ഇപ്രകാരം' എന്ന് അർഥപരിണാമം. സംസ്കൃതത്തിലെ 'ഇതി' എന്നതിനു തുല്യം.

'എന്നു' എന്ന ഭൂതകാലരൂപം പുരുഷപ്രത്യയം ചേർത്തു 'പറഞ്ഞു' എന്ന അർഥത്തിൽ ഉപയോഗിച്ചിരുന്നു. എന്നാൻ', 'എന്നാൾ', 'എന്നാർ' ഇത്യാദി പഴയരൂപങ്ങൾ കാണുക. പിന്നീട് 'എൻ' ധാതുവിന് അർഥസങ്കോചവും ഖിലത്വവും സംഭവിച്ചപ്പോൾ 'എന്നുപറഞ്ഞു' എന്നപോലെ അർഥം ആവർത്തിക്കുന്ന തരത്തിലുള്ള പ്രയോഗം നടപ്പിൽ വന്നു; 2. ഘടകം, അങ്ഗാങ്ഗിവാക്യങ്ങളെ ഘടിപ്പിക്കുന്നത്, പറഞ്ഞത് അന്വാഖ്യാനരീതിയിൽ ഉദ്ധരിക്കുമ്പോൾ, ഉദാ: അതവൻ കണ്ടു എന്നുപറഞ്ഞു, വില എന്ത് എന്നു ചോദിച്ചു. വിചാരിക്കുക, കരുതുക മുതലായ ക്രിയകൾക്കു മുമ്പ്, ഉദാ: ഇതു ഭാഗ്യം എന്നു വിചാരിക്കണം, ഒരു തമാശ എന്നു കരുതണം; 3. ആഖ്യാതമായി വരുന്ന 'തീർച്ച, സത്യം, നിശ്ചയം' മുതലായ ശബ്ദങ്ങൾക്കുമുമ്പിൽ, ഉദാ: ഭാവി ശുഭം തന്നെ എന്നുതീർച്ച. അതങ്ങനെ സംഭവിക്കും എന്നു നിശ്ചയം; 4. പറഞ്ഞിട്ട്, കരുതിയിട്ട്, ചെയ്തിട്ട് എന്ന അർഥത്തിൽ; 5. പറയപ്പെടുന്നത്, ഉദാ: എന്നത്, എന്നുള്ളത്, എന്നകൃത്യം; 6. ചില അവ്യയരൂപങ്ങളുടെ അന്തമായിനിൽക്കുന്ന ശബ്ദം, ഉദാ: പെട്ടെന്ന്, ചട്ടെന്ന് (താരത. സം. ഝട്-ഇതി); 7. സമുച്ചയപ്രത്യയം ചേർത്ത് 'എന്നും', ഉദാ: നല്ലതെന്നും ചീത്തയെന്നും ഉള്ള വിവേചനം; 8. 'ഏ' എന്ന അവധാരകപ്രത്യയം ചേർത്ത് 'എന്നേ' എന്നു രൂപം. എന്നുതന്നെ, എന്നുമാത്രമേ, ഉദാ: ഞാൻ വരുന്നില്ല എന്നേ പറഞ്ഞുള്ളു; 9. 'ഓ' എന്ന നിപാതംചേർത്തു ചോദ്യാർഥത്തിലും വികല്പാർഥത്തിലും പ്രയോഗം. ചോദ്യാർഥത്തിൽ, ഉദാ: തരാമെന്നോ പറഞ്ഞത്? വികല്പാർഥത്തിൽ, ഉദാ: വരാമെന്നോ വരികയില്ലെന്നോ പറഞ്ഞത്.

എന്നു [എൻ] ക്രി. (ഭൂ.രൂ.) പറഞ്ഞു

എന്നുക ക്രി. 1. പറയുക; 2. ആലോചിക്കുക

എന്നുടെ [എൻ-ഉടെ] നാ. ഉ.പും.ഏ.വ. സംബന്ധികാരൂപം = എൻെറ

എന്നും [എന്ന്1-ഉം] അവ്യ. 1. എല്ലാദിവസവും, നിത്യവും; 2. ഒരിക്കലും, ഒരുനാളും എന്നും; 3. [<എന്നുക] (ഭാവിരൂപം, പേരെച്ചമായിപ്രയോഗം) വി. എന്ന, എന്നുപറയുന്ന, എന്നുപറയപ്പെടുന്ന, എന്നുള്ള, ആകുന്ന. എന്നുംവണ്ണം = എന്നവണ്ണം

എന്നുമേ [എന്നു1-ഉം-ഏ] അവ്യ. "ഏ അവധാരകം' 1. എല്ലാദിവസവും, ഏതുകാലത്തും, എപ്പോഴും; 2. ഒരിക്കലും (നിഷേധകപ്രയോഗത്തിൽ)

എന്നെ [എൻ-എ] നാ. 'എൻ' (ഞാൻ) എന്നതിൻെറ പ്രതിഗ്രാഹികാവിഭക്തിയിലെ ഏ. വ. രൂപം

എന്നെന്നും [എന്ന്1-എന്നും] അവ്യ. എല്ലാക്കാലവും, എന്നേക്കും

എന്നെന്നേക്കും അവ്യ. എന്നേക്കും, എക്കാലത്തേക്കും (അർഥദാർഢ്യത്തിന് ആവർത്തനം)

എന്നേ1 [എന്ന്1-ഏ] അവ്യ. എത്രയോകാലമായി, വളരെ നേരത്തേ, വളരെക്കാലം മുമ്പുമുതൽക്കേ. ഉദാ: എന്നേതുടങ്ങിയുള്ള മൈത്രി, എന്നേ പൊയ്പ്പോയി

എന്നേ2 [എന്ന്2-ഏ] അവ്യ. എന്നുമാത്രമേ

എന്നേ3 വ്യാക്ഷേ ദു:ഖം, സന്തോഷം, ആശ്ചര്യം മുതലായവ ദ്യോതിപ്പിക്കുന്നത്

എന്നേക്കും അവ്യ. ഏതുകാലത്തേക്കും

എന്നേടം [എന്ന-ഏറ്റം] അവ്യ. എന്നിടം, എന്നത്

എന്നേരം [എ-നേരം] അവ്യ. ഏതുനേരം, എപ്പോൾ. താരത. അന്നേരം, ഇന്നേരം. എന്നേരവും = എല്ലാസമയത്തും, എപ്പോഴും

എന്നോ [എന്ന്-ഓ] 1. ചോദ്യവാചി, അങ്ങനെയോ? മുൻപു പറയുകയോ സൂചിപ്പിക്കുകയോ ചെയ്തത്; 2. ഏതുകാലത്താണോ

എന്നോണം [<എന്നവണ്ണം] അവ്യ. എന്നപോലെ, പ്രസ്താവിച്ച പ്രകാരത്തിൽ

എന്നോളം1 [എന്ന്1-ഓളം<അളവ്] അവ്യ. എന്നുവരെ, ഏതുകാലംവരെ. താരത. അന്നോളം, ഇന്നോളം

എന്നോളം2 [എൻ-ഓളം<അളവ്] അവ്യ. എൻെറ അത്ര, എനിക്കുതുല്യമായി, എന്നെപ്പോലെ

എന്ന്യേ =എന്നിയേ

എന്മത് [എന്മ-അത്] നാ. ആഖ്യം. എന്നുള്ളത്, എൻപത്, എന്നത്

എന്മർ [എൻ-മ്-അർ] നാ. ആഖ്യാ. എമ്മർ, അവർ പറയും

എന്മാൻ,എമ്മാൻ [എൻ-മ്-ആൻ] = എന്നുപറയാൻ

എന്മേടം [എൻ-മ്-ഏടം] നാ. എന്ന ഇടം, എന്നേടം എന്നുള്ളസ്ഥിതി, എന്നുള്ള വസ്തുത

എന്മൊരു [എൻ-മ്-ഒരു] വി. എന്നൊരു

എന്മോൻ [ആഖ്യാ] നാ. എന്നവൻ, എന്നുപറയുന്നവൻ, എൻപോൻ

എൻെറ, എന്നുടെ [എൻ-റെ] 'എൻ' (ഞാൻ) എന്ന ഉ.പു. സർവനാമത്തിൻെറ സംബന്ധികാ ഏ.വ. 'എന്നുടയ' എന്നതിന് 'എൻെറ' എന്നു രൂപപരിണാമം

എപ്പം [<എപ്പോൾ] അവ്യ. ഏതുസമയത്ത്

എപ്പാടും,എമ്പാടും [എ-പാടും] അവ്യ. ഏതുപാടും, എല്ലാവശവും

അപ്പിഫനി [ഗ്രീ.] നാ. (ക്രിസ്തു) ഉദയപ്പെരുന്നാൾ, ഒരു അസാധാരണ നക്ഷത്രത്തിൻെറ ഉദയം കണ്ട് ഒരു ദിവ്യൻ അവതരിച്ചിട്ടുണ്ടെന്നു മനസ്സിലാക്കി കിഴക്കുനിന്നു വിദ്വാന്മാർ ബത്‌ലഹേമിൽഎത്തി യേശുവിനെ ആരാധിച്ചതിൻെറ ഓർമയ്ക്കായി കൊണ്ടാടിവരുന്ന ദിനം

എപ്പിസ്കോപ്പാ [ഗ്രീ.] നാ. മേലധ്യക്ഷൻ, മെത്രാൻ

എപ്പുറം [എ-പുറം] അവ്യ. ഏതുപുറം. താരത. അപ്പുറം, ഇപ്പുറം

എപ്പേരും [എ-പേർ-ഉം] നാ. ഏതൊരാളും, എല്ലാവരും, സകലരും. അവ്യ. സകലവും, മുഴുവനും, എല്ലാം, സമ്പൂർണമായി, പാടേ

എപ്പേർപ്പെട്ട [എ-പേർ-പെട്ട] വി. ഏതുതരത്തിലും ഉൾപ്പെട്ട, എല്ലാവിധത്തിലുമുള്ള

എപ്പോഴ് [എ-പൊഴ്] അവ്യ. എപ്പൊഴുത്, എപ്പോൾ

എപ്പൊഴുത് [എ-പൊഴുത്]അവ്യ. എപ്പോൾ. എപ്പൊഴുതിലും = എപ്പോഴും

എപ്പൊഴുതും [എ-പൊഴുത്-ഉം] അവ്യ. ഏതുനേരവും, എല്ലാനേരവും, എപ്പോഴും

എപ്പൊഴും [എ-പൊഴ്-ഉം] അവ്യ. എപ്പോഴും, ഏതുസമയവും

എപ്പൊഴേ [എപ്പോഴ്-ഏ] അവ്യ. എത്രയോമുമ്പുതന്നെ, നേരത്തേതന്നെ, ഉദാ: എപ്പൊഴേ പോയി

എപ്പോണും അവ്യ. = എപ്പോഴും

എപ്പോതും [എ-പോത്-ഉം] അവ്യ. എപ്പോഴും

എപ്പോലെ [എ2-പോലെ]അവ്യ. ഏതുപോലെ, ഏതുവിധത്തിൽ, എങ്ങനെ

എപ്പോൾ അവ്യ. ഏതുസമയത്ത്, ഏതുപൊഴുത് (കാലത്ത്)

എപ്പോഴും [ത.] അവ്യ. ഏതുസമയത്തും, എല്ലാനേരവും , സദാ

എപ്രകാരം [മ.] അവ്യ. ഏതുപ്രകാരം, ഏതുവിധം

എം [ത.എം<യാം] 'എൻ' എന്ന ഉ.പു.സർവനാമത്തിൻെറ ബ.വ.രൂപം. ഞങ്ങളുടെ, നമ്മുടെ. താരത. തൻ-തം നാൻ(ഞാൻ)-നാം
എംഡൻ നാ. 1. ഒന്നാം ലോകമഹായുദ്ധത്തിൽ സഖ്യകക്ഷികൾക്കു വലിയ നാശനഷ്ടങ്ങളുണ്ടാക്കിയ ഒരു ജർമൻ അന്തർവാഹിനി; 2. ഭയങ്കരൻ
എമരിച്ചാണ [ഇം.സം.] നാ. എമരി എന്ന ധാതുചേർത്തു ഉണ്ടാക്കിയിട്ടുള്ള ചാണ, ചെറിയ ഉളികളും മറ്റും തേക്കാനുള്ളത്
എമരിപ്പേപ്പർ [ഇം.] നാ. തടി, ഇരുമ്പ് മുതലായവയുടെ പ്രതലം മിനുസപ്പെടുത്തുന്നതിന് ഉപയോഗിക്കുന്നതും എമരി എന്ന പരുക്കൻ തരികൾ പിടിപ്പിച്ചിട്ടുള്ളതുമായ കടലാസ്, മിനുക്കുകടലാസ്
എമീർ [അറ.] നാ. = അമീർ
എമു നാ. ഒരിനം ഒട്ടകപ്പക്ഷി (ആസ്ട്രേലിയായിൽ ഉള്ളത്)
എമ്പത്1 = എൺപത്
എമ്പത്2 = എൻപത്, എൻപിത്
എമ്പവൻ [എൻപ-അവൻ] നാ. എന്നവൻ ബ.വ. എൻപവർ, എൻപത്, എമ്പത്
എമ്പാട് [എ-പാട്] അവ്യ. വളരെയധികം, വളരെയേറെ
എമ്പാടും അവ്യ. 1. എങ്ങും, എല്ലായിടവും; 2. ധാരാളമായി, വളരെ
എമ്പിടി, എമ്പടി അവ്യ. ധാരാളം, വളരെയധികം
എമ്പിരാറ്റി [എൻ-പിരാട്ടി] നാ. എൻെറ പിരാട്ടി, തമ്പിരാട്ടി
എമ്പിരാൻ [എൻ-പിരാൻ] നാ. 1. എൻെറ പരാൻ, തമ്പുരാൻ; 2. എമ്പ്രാൻ
എമ്പ്[എൻ-പ്] 'എൻ' എന്ന ഖിലധാതുവിനോട് 'പു' എന്ന ഭാവി പ്രത്യയം ചേർന്ന് ഉണ്ടായ രൂപം 'അവൻ', 'അവൾ', 'അത്', 'അവ', 'അവർ' എന്നിവ ചേർത്തു 'എമ്പവൻ', 'എമ്പവൾ', 'എമ്പത്', 'എമ്പവ', 'എമ്പവർ' എന്നു രൂപങ്ങൾ
എമ്പുല്ല് നാ. എയ്യാൻ (അമ്പായി) ഉപയോഗിക്കുന്ന പുല്ല്, ഏരകപ്പുല്ല്
എമ്പെരുമാക്കൾ നാ. (ബ.വ.) എമ്പ്രാന്മാർ, ക്ഷേത്രത്തിലെ പൂജാരിമാർ
എമ്പെരുമാൻ നാ. 1. എൻെറ നാഥൻ; 2. ഈശ്വരൻ; 3. എമ്പ്രാൻ, ശാന്തിക്കാരൻ
എമ്പോക്കി നാ. 1. ഏതുവഴിക്കും പോകുന്നവൻ; 2. തെണ്ടി, ഇരപ്പാളി
എമ്പോൻ നാ. 1. എന്നുപറയപ്പെടുന്നവൻ, എന്നവൻ, എൻപോൻ. (സ്ത്രീ.) എമ്പോൾ; 2. എന്നുപറയുന്നവൻ
എമ്പ്രദോർ [പോർ.] നാ. ചക്രവർത്തി
എമ്പ്രാട്ടി [എൻ-പിരാട്ടി] നാ. 1. തമ്പുരാട്ടി, യജമാനത്തി; 2. എമ്പ്രാൻജാതിയിലെ സ്ത്രീ
എമ്പ്രാൻ [എൻ-പുരാൻ] നാ. തമ്പുരാൻ, എമ്പ്രാന്തിരി
എമ്പ്രാന്തിരി [എമ്പ്രാൻ-തിരി] നാ. പൂജകരൂപം. എമ്പ്രാൻ
എമ്പ്രാശ്ശൻ [-പുരാൻ-അച്ചൻ] നാ. ഒരു ബ്രാഹ്മണജാതി.

എമ്മട്ട് [എ-മട്ട്] അവ്യ. ഏതുവിധം, എപ്രകാരം. താരത. അമ്മട്ട്, ഇമ്മട്ട്
എമ്മൻ [എമ്മൾ=നമ്മൾ] നാ. ഒരു പുരുഷ നാമം
എമ്മങ്കിടാവ് നാ. കോലത്തിരിയുടെ കാര്യസ്ഥൻ
എമ്മർ1 [എന്മർ] ആ.നാ. എന്ന് അവർ പറയും
എമ്മർ2 നാ. എൺമർ, എട്ടുപേർ
എമ്മൾ നാ. നമ്മൾ
എമ്മളാർ [എമ്മൾ-ആർ] നാ. 'അൾ (<കൾ)' 'ആർ' എന്നു രണ്ടു
ബ.വ. പ്രത്യയങ്ങൾ ചേർന്ന രൂപം. എങ്ങൾ, ഞങ്ങൾ
എമ്മാതിരി [എ-മാതിരി] വി. ഏതുരീതിയിലുള്ള, ഏതുപ്രകാരത്തിലുള്ള
എമ്മാത്രം [മ.എ-സം.മാത്രം] അവ്യ. എത്രമാത്രം, എത്രത്തോളം
എമ്മാൻ1 [എൻ-മ്-ആൻ] പി.വി. എന്നുപറയുവാൻ
എമ്മാൻ2 നാ. എങ്ങളുടെ നാഥൻ
എമ്മാനുവേൽ [ഹീ.] നാ. 'ദൈവം നമ്മോടുകൂടെ' യേശുവിൻെറ ഒരു
നാമം, യശയ്യാപ്രവാചകൻ ആദ്യമായി ഈപദം ഉപയോഗിച്ച് ഒരു ബാലനെപ്പറ്റി പ്രവചിച്ചു
എമ്മിൽ [എം-ഇൽ] 'എം' എന്നതിൻെറ ആധാരികാരൂപം = ഞങ്ങൾ
തമ്മിൽ
എമ്മിളാർ = എമ്മളാർ
എമ്മൊരു [പ.മ.] എന്നപേരുള്ള (എന്മോരു)
എമ്മോൻ [എമ്മ-ഓൻ] നാ. 1. ഞങ്ങളുടെ നാഥൻ, എമ്മാൻ; 2. എമ്പോൻ
എയ്1 എയ്യുക
എയ്2 വ്യാക്ഷേ. ശ്രദ്ധയെ ക്ഷണിക്കുവാൻ
ഉപയോഗിക്കുന്നത്
എയ്തിയ [എയ്തുക] വി. (ഭൂ.പേരെച്ചം) പ്രാപിച്ച, എത്തിച്ചേർന്ന
എയ്തുക ക്രി. 1. ചെന്നുചേരുക, പ്രാപിക്കുക; 2. കിട്ടുക; 3.
ഏന്തുക, ധരിക്കുക; 4. സംഭവിക്കുക, ഉണ്ടാകുക
എയ്തുന്ന [എയ്തുക] വി. (വ.പേരെച്ചം) ഏൽക്കുന്ന, പ്രാപിക്കുന്ന
എയ്ത്ത് [എയ്യുക] നാ. 1. അമ്പ് ഞാണിൽ തൊടുത്തു വലിച്ചു
ലക്ഷ്യസ്ഥാനത്തേയ്ക്കു വിടൽ, ശരപ്രയോഗം, തെറ്റൽ; 2. ഒരു വിനോദകല,
വിനോദത്തിനുവേണ്ടി അമ്പ് എയ്യൽ
എയ്ത്തുകാരൻ [എയ്ത്ത്-കാരൻ] നാ. എയ്യുന്നവൻ, വില്ലാളി
എയ്ത്തുനക്ഷത്രം നാ. കൊള്ളിമീൻ, വീഴ്നക്ഷത്രം
എയ്പന്നി നാ. മുള്ളൻപന്നി
എയ്മു [ഇം.] നാ. ഒരിനം ഒട്ടകപ്പക്ഷി, എമു
എയ്യൻപുല്ല് നാ. കടൽപ്പുറത്ത് ഉണ്ടാകുന്ന ഒരുതരം പുല്ല്. ഇത്
അമ്പിനുപയോഗിക്കുന്നു.
എയ്യന്മുള്ള് നാ. മുള്ളമ്പന്നിയുടെ മുള്ള്
എയ്യൽ നാ. 1. എയ്ത്ത്; 2. കാൽച്ചിലങ്ക
എയ്യുക ക്രി. വില്ലിൻെറ രണ്ടറ്റത്തും വലിച്ചുകെട്ടിയ
ഞാണിൻെറ മധ്യത്തിൽ തൊടുത്തു പിന്നോക്കം വലിച്ച് അമ്പ് ഊക്കോടെ
ലക്ഷ്യത്തിലേക്ക് പായിക്കുക.

എരഞ്ഞി നാ. എലഞ്ഞി, ഇലഞ്ഞിമരം, ബകുളം. എരഞ്ഞിപ്പരൽ = ഇലഞ്ഞിയുടെ കായ്

എരട്ട നാ. = ഇരട്ട

എരട്ടിക്കുക ക്രി. = ഇരട്ടിക്കുക

എരട്ടെപ്പൻ [<ഇരട്ട-അപ്പൻ] നാ. 'ശങ്കരനാരായണൻ' പെരുവനം ക്ഷേത്രത്തിലെ പ്രതിഷ്ഠാമൂർത്തി, അർധനാരീശ്വരൻ

എരണം [<സം.ഋണ] നാ. = ഇരണം

എരപ്പ,-പ്പൻ,-പ്പാളി നാ. = ഇരപ്പൻ

എരപ്പത്തം നാ. തെണ്ടിത്തരം, ഇരപ്പൻെറ സ്വഭാവം, ലുബ്ധ്

എരപ്പപ്പ നാ. അപ്പ, മുടിയുമ്മം

എരപ്പാളി നാ. ഇരപ്പാളി, തെണ്ടി

എരപ്പ്1 [ഇരക്കുക] നാ. 1. ഇരപ്പ്, തെണ്ടൽ, യാചന, അഭ്യർഥന; 2. കുറച്ചിൽ, പോരായ്മ

എരപ്പ്2 [ഇരക്കുക] നാ. ഇരമ്പൽ

എരമ്പൽ [ഇരമ്പുക] നാ. = ഇരമ്പൽ

എരവൽ,-വ് നാ. = ഇരവൽ, ഇരന്നുവാങ്ങിയത്

എരവാലൻ നാ. ഒരു പട്ടികജാതി

എരവാളി [എരവ്-ആളി]നാ. = എരപ്പാളി, ഇരപ്പാളി

എരി1 [എരിയുക] ധാതുരൂപം

എരി2 വി. എരിയുന്ന, ഉദാ: എരികനൽ, എരികൊള്ളി, എരിതീയ്, എരിവെയിൽ ഇത്യാദി (സമാസത്തിൽ)

എരി3 നാ. 1. മുളകും മറ്റും വായിലിട്ടു ചവച്ചാൽ ഉണ്ടാകുന്ന രസം, എരിവുള്ള സാധനം, ഉദാ: എരിയുള്ള കൂട്ടാൻ, എരിയും പുളിയും; 2. ഉഷ്ണം; 3. കത്തൽ, ജ്വലനം; 4. അഗ്നി; 5. അഗ്നിദേവൻ (മ.മ.); 6. കോപം; 7. ദുശ്ശാഠ്യം, വാശി, ദുർവാശി. (പ്ര.) എരികേറ്റുക = ഉത്സാഹിപ്പിക്കുക, നുണപറഞ്ഞ് അടിപിടിക്കും മറ്റും പ്രേരിപ്പിക്കുക, ചൊടിപ്പിക്കുക; 8. വാൽനക്ഷത്രം

എരികണ്ണ് [എരി3-കണ്ണ്] നാ. (ശിവൻെറ) തീക്കണ്ണ്

എരികനൽ [എരി3-കനൽ] നാ. തീക്കനൽ, തീക്കട്ട, എരികനൽക്കണ്ണൻ = ശിവൻ

എരികൊള്ളി [എരി2-കൊള്ളി] നാ. എരിയുന്ന കൊള്ളി, തീക്കൊള്ളി

എരിക്കിലക്കാമോദരി നാ. ഒരു രാഗം

എരിക്കിഴങ്ങ് [എരി2-കിഴങ്ങ്] നാ. എരിവുള്ള കിഴങ്ങ്, ഇഞ്ചി

എരിക്ക്,എരുക്ക് [സം.അർക] നാ. എരുക്ക്, ഒരു ചെടി, വെളുത്തതും ചുവന്നതുമായ പൂക്കളുള്ള രണ്ടിനം

എരിക്കുക1 ക്രി. എരിവുതോന്നുക

എരിക്കുക2 [എരിയുക>പ്ര] ക്രി. 1. കത്തിക്കുക, ദഹിപ്പിക്കുക, ഉദാ: തീയെരിക്കുക; 2. ചുടുക

എരിക്കുണ്ട് [എരി-കുണ്ട്] നാ. ചാണകക്കുഴി, വളക്കുഴി

എരിക്കെണ്ണ [എരിക്ക്-എണ്ണ] നാ. എരിക്കിൻെറ കുരുവിൽനിന്ന് എടുക്കുന്ന എണ്ണ

എരിക്കോലം നാ. ചെറിയ ഇലവർങ്ങം, കറുവാ

എരിചിങ്കി നാ. പാമ്പിൻെറ വിഷം വർധിപ്പിച്ചു ശത്രുക്കളേയോ മറ്റോ കടിപ്പിക്കാൻ ചെയ്യുന്ന ചിങ്കിപ്രയോഗങ്ങളിൽ ഒന്ന്

എരിചുടർ [എരി-ചുടർ] നാ. എരിതീ

എരിചുണ്ട [എരി-ചുണ്ട] നാ. മലഞ്ചുണ്ട, ആനച്ചുണ്ട, ചുണ്ട

എരിചെയ്യുക ക്രി. എരിക്കുക, ചുടുക

എരിചെണ്ണ നാ. ഇഞ്ചിവർഗത്തിൽപ്പെട്ട ഒരു ചെറിയ ചെടി, കാട്ടിഞ്ചി

എരിച്ചൽ [എരിയുക] നാ. എരിച്ചിൽ, എരിവ്

എരിച്ചിൽ നാ. 1. എരിവ്; 2. തീകത്തൽ; 3. ഉള്ളെരിയുന്നതുപോലെയുള്ള സംഭ്രമം; 4. (വയറ്റിൽ) അഗ്നികാളുന്നതുപോലെയുള്ള തോന്നൽ, വേവ്, വിശപ്പ്; 5. ചൂട്; 6. കോപം; 7. വെറുപ്പ്

എരിഞ്ഞു [എരിയുക] ക്രി. (ഭൂ.രൂപം) 1. ജ്വലിച്ചു, പ്രകാശിച്ചു, എരിഞ്ഞു; 2. മനം വെന്തു, മനം നൊന്തു. (പ്ര.) എരിഞ്ഞടങ്ങുക = അസ്തമിക്കുക. ഉദാ: സൂര്യൻ എരിഞ്ഞടങ്ങി. ആലങ്കാരികമായും പ്രയോഗം. ഭാഗ്യങ്ങൾ എരിഞ്ഞടങ്ങി

എരിതീയ് നാ. (ധാതു പൂർവപദമാകയാൽ ദ്വിത്വമില്ല) എരിയുന്ന തീയ്, കത്തിക്കാളുന്ന തീയ്, ജ്വലിക്കുന്ന അഗ്നി. (പ്ര.) എരിതീയിൽ എണ്ണ ഒഴിക്കുക(പഴ)

എരിത് നാ. എരുത്, കാള. വെള്ള എരുതിനെ മാറ്റിക്കെട്ടി ചോക്ക എരുതിനെ പൂട്ടിക്കെട്ടി = ചാമ്പൽ നീക്കി, തീകത്തിച്ചു (കടം)

എരിതേങ്ങ നാ. ചില മാന്ത്രികകർമങ്ങൾക്കു തീ കത്തിച്ച് ഉഴിയുന്ന പൊതിയാത്തേങ്ങ

എരിതൈലം [മ.-സം.] നാ. എരിയെണ്ണ, പന്തത്തിൽ നിന്ന് ഇറ്റിച്ചെടുക്കുന്ന എണ്ണ, ഔഷധപ്രയോഗത്തിന്

എരിനയനൻ [മ.-സം.] നാ. 1. തീക്കണ്ണൻ, ശിവൻ; 2. ഒരു വാനരൻ, അഗ്നിനയനൻ

എരിപക്കി നാ. കണ്ണിലവീണാൽ നീറ്റലുണ്ടാകുന്ന ഒരുതരം ചെറിയ ഈച്ച

എരിപുളി നാ. മോരുചേർത്ത് ഉണ്ടാക്കുന്ന ഒരുതരം കറി

എരിപൊരി നാ. 1. എരിയുടെ പൊരി, തീപ്പൊരി; 2. എരിഞ്ഞുപൊരിയൽ, വലിയ ചൂട്; 3. (ആല) ദുസ്സഹമായ ചൂട്, ഉൾത്താപം, കഠിനമായ മനോവേദന; 4. വിശപ്പുകൊണ്ടുള്ള പാരവശ്യം, വയറുകത്തൽ. (പ്ര.) എരിപൊരികൊള്ളുക = 1. ചൂടുകൊണ്ട് പൊരിയുക; 2. കഠിന ദു:ഖം അനുഭവിക്കുക. എരിപൊരിസഞ്ചാരം = മരണവെപ്രാളം

എരിപ്പ് നാ. 1. തീകത്തിക്കൽ, എരിക്കൽ; 2. എരിവ്

എരിപ്പോട് നാ. നെരിപ്പോട്, തീച്ചട്ടി

എരിമരം നാ. 1. രാത്രിയിൽ പ്രകാശിക്കുന്ന ഒരു മരം; 2. എളുപ്പം തീകത്തുന്ന തടി

എരിമല നാ. അഗ്നിപർവതം

എരിമലർ നാ. മുരിക്കിൻ പൂവ്

എരിമീൻ നാ. തിമിങ്ഗലം

എരിമുഖി [മ.-സം.] നാ. 'പൊള്ളൽ ഉണ്ടാക്കുന്നത്' ചേർ മരം

എരിയാടി നാ. 1. കയ്യിൽ അഗ്നിവച്ചുകൊണ്ടു നൃത്തം ചെയ്യുന്ന ശിവൻ; 2. വറ്റൽ മുളക്
എരിയിക്കുക [എരിയുക>] ക്രി. എരിയാൻ കാരണമാകുക, എരിക്കുക
എരിയുക ക്രി. 1. തീ കത്തുക, കത്തുക, ആളിക്കത്തുക; 2. ഉജ്ജ്വലിക്കുക; 3. എരിവുതോന്നുക, എരിക്കുക, ഉദാ: നാവ് എരിയുക
എരിവാർപ്പൻ നാ. ഒരുതരം കരപ്പൻ, ചുവന്ന ഉണിലുകളോടും കഠിനമായ പനി, തലവേദന, ചുട്ടുനീറ്റൽ എന്നിവയോടും കൂടിയത്
എരിവ് നാ. 1. കുരുമുളകും മുളകുകളും മറ്റും ചവച്ചാൽ അനുഭവപ്പെടുന്ന രസം; 2. കത്തൽ; 3. ഉഷ്ണം; 4. കോപം; 5. വാശി; 6. വീറ്, ഉത്സാഹം, താത്പര്യം, ശുഷ്കാന്തി
എരിവുകാരൻ നാ. 1. കോപസ്വഭാവം ഉള്ളവൻ; 2. വാശി ഉള്ളവൻ
എരിവുനാരങ്ങ നാ. നാരങ്ങ നല്ലതുപോലെ വാട്ടിപ്പിളർന്നിട്ട് അതിൽ കപ്പൽമുളക്, കായം, വിളയിച്ച ഉപ്പ് ഇവചേർന്ന കൂട്ടുമായി യോജിപ്പിച്ച് ഉണ്ടാക്കുന്ന ഉപ്പിലിട്ടത്
എരിവെയിൽ നാ. എരിയുന്ന വെയിൽ, പൊള്ളുന്നവെയിൽ
എരിശ്ശേരി നാ. ഒരുതരം കറി, തേങ്ങാവറുത്തു ചേർത്ത് പുളിരസമില്ലാതെ വയ്ക്കുന്നത്
എരു1 നാ. എരിവ്
എരു2 നാ. വളം , ഉരം
എരുക്ക് നാ. = എരിക്ക്
എരുതാക്കുക [എരുത്-ആകുക] ക്രി. കാ:ളയുടെയോ പോത്തിൻെറയോ വൃഷണം ഉടച്ച് ഉത്പാദനശക്തി ഇല്ലാതാക്കുക, മടിപിടിക്കുക, തിരികീറുക, വരിയുടയ്ക്കുക
എരുത് നാ. കാള, മൂരി
എരുത്തിൽ [എരുത്-ഇൽ]നാ. 'എരുതിൻെറ ഇല്ലം.' തൊഴുത്ത്. ഒരു എരുത്തിൽ നിറച്ചു വെള്ളക്കാള = പല്ല് (കടം)
എരുന്ത1 നാ. കക്ക. ഇതിൻെറ മാംസം ഭക്ഷണത്തിനും തോട് കുമ്മായം നീറ്റുന്നതിനും ഉപയോഗിക്കുന്നു
എരുന്ത്2 [ത. എരുന്തു]നാ. 1. ഉരൽ; 2. കിളിഞ്ഞിലെരുമ [<ഹേരംബ] നാ. പെൺകന്ന്, മഹിഷി (ആണിന് പോത്ത് എന്നുപേർ)
എരുമക്കിഴങ്ങ് നാ. ഒരിനം വലിയ കിഴങ്ങ്, മഹിഷകന്ദം
എരുമച്ചിമോൻ നാ. എരുമച്ചിയുടെ മകൻ, ശകാരവാക്കായി പ്രയോഗം
എരുമത്തട നാ. ഒരു കാട്ടുവള്ളി, ചുണ്ണാമ്പുവള്ളി. ഊഞ്ഞാൽകെട്ടൻ ഉപയോഗിക്കുന്നു
എരുമനാക്കി നാ. ഒരിനം ചെറുമരം, പേയത്തി, തൊണ്ടി, തേരകം
എരുമപ്പുല്ല് നാ. ഒരുതരം പുല്ല്, മഹിഷീപ്രിയ
എരുമമൂട്ട നാ. ഒരു ചെറുപ്രാണി, ആകൃതിയിൽ എരുമയെപ്പോലെ
എരുമവള്ളി നാ. ചെറിയ സോമവള്ളി. (വൃക്ഷങ്ങളിലും ചെടികളിലും പറ്റിപ്പിടിച്ചു വളരുന്നു. ഇല കുറവായിരിക്കും. ഗുണംകൊണ്ട് സോമവല്ലിക്കു തുല്യമായത്).

എരുമാൻ നാ. ഒരു ഇടയജാതി, എരുവാൻ, നായന്മാരിൽ ഒരു വകക്കാർ (സ്ത്രീ.) എരുമാച്ചി, എരുവാച്ചി

എരുവ [ത. എരുവൈ] നാ. 1. കഴുത; 2. കഴുകൻ; 3. പരുന്ത് (തലവെളുത്തും ദേഹം ചുമന്നുമിരിക്കുന്നത്); 4. ഒരുതരം കോരപ്പുല്ല്

എരുവ്1 നാ. = എരിവ്

എരുവ്2 നാ. ചാണകവറളി

എരോപ്പ [ല.] നാ. യൂറോപ്പ് ഭൂഖണ്ഡം

എരോപ്പക്കൈത നാ. 'യൂറോപ്പിൽനിന്നുകൊണ്ടുവന്നതോ യൂറോപ്യന്മാർ കൊണ്ടുവന്നതോ ആയ കൈത' ഒരുതരം കൈത. വേലിക്കുവച്ചുപിടിപ്പിക്കുന്നത്, ഇതിൻെറ ഇലയിൽനിന്നു നാരെടുക്കുന്നു

എല നാ. = ഇല

എലക്കണം [<സം.ലക്ഷണ] നാ. = ഇലക്കണം

എലക്ട്രിസിറ്റി [ഇം.] നാ. വിദ്യുച്ഛക്തി. (പ്ര.) എലക്ട്രിസിറ്റി ഡിപ്പാർട്ടുമെൻറ്

എലക്ട്രോൺ [ഇം.] നാ. അണുവിൻെറ ഒരു ഭാഗം, വിദ്യുച്ഛക്തിപ്രസരമുള്ളത്

എലക്ഷൻ [ഇം.] നാ. പ്രതിനിധികളുടെ തിരഞ്ഞെടുപ്പ്

എലങ്ക [<സം.ലങ്കാ] നാ. = ഇലങ്ക

എലങ്ങം നാ. = ഇലങ്ങം

എലത്താളം [മ.-സം.] നാ. = ഇലത്താളം

എലപ്പ [അറ.] നാ. = ലബ്ബ, മുസ്ലിമ്മതപണ്ഡിതൻ

എലപ്പാട് നാ. 1. പരദേവതയ്ക്ക് അർപ്പിക്കുന്ന നിവേദ്യം, ഇലയിട്ടു മലരും പഴവും നിവേദിക്കൽ; 2. ഒരു ഇലയിൽ വിളമ്പിക്കൊടുക്കുന്ന ഭക്ഷണസാധനം

എലമ്പൽ നാ. = ഇലമ്പൽ, ഇലച്ചിൽ, എലച്ചിൽ

എലയമൃതേത്ത് നാ. (രാജാവിൻെറ) വെറ്റിലമുറുക്ക് (ആ.ഭാ.)

എലരിയേത്തൻ നാ. ഒരുതരം ഏത്തവാഴ, വണ്ണംകുറഞ്ഞു നീണ്ട കായ്, തണ്ടിനു ചുവപ്പുനിറം

എലവങ്ങം,-ർങ്ങം നാ. = ഇലവങ്ങം

എലാഞ്ചി നാ. കോഴിമുട്ടകൊണ്ട് ഉണ്ടാക്കുന്ന ഒരു പലഹാരം

എലാഞ്ചുക ക്രി. ലാഞ്ചുക, തുളുമ്പുക, പാത്രത്തിൽ വെള്ളംകൊണ്ടുപോകുമ്പോൾ ഓളംതല്ലുന്നതുപോലെ ആഞ്ചുക

എലി1 നാ. മാളമുണ്ടാക്കിവസിക്കുന്ന ഒരു ചെറിയ ജന്തു, കരണ്ടുതിന്നുന്ന ഇനത്തിൽപ്പെട്ട സസ്തനി. (പ്ര.) എലിയെക്കണ്ട പൂച്ചപോലെ = പതുങ്ങിയിരുന്നു പുറത്തേക്കു ചാടിവീഴുന്ന സ്വഭാവം. കൂട്ടിൽവീണ എലിയെപ്പോലെ = പുറത്തേക്കുചാടാൻ ശ്രമിച്ചു ക്ഷീണിക്കുന്നത്

എലി2 [പ.മ.] നാ. 1. കള്ള്; 2. പൂരം നക്ഷത്രം

എലിക്കണ്ടി [എലി-കണ്ടി] നാ. എലിക്കാഷ്ടം

എലിക്കത്തിരി നാ. എലിയെ പിടിക്കാനുള്ള ഒരുതരം ഉപകരണം, എലിവില്ല്

എലിക്കുമ്പം,-ക്കുഴൽ നാ. എലിയെ പിടിക്കാൻ മുളങ്കുഴൽകൊണ്ടുണ്ടാക്കുന്ന ഒരുതരം ഉപകരണം
എലിക്കെണി നാ. എലിയെ പിടിക്കാനുള്ള കെണി
എലിച്ചുവട് നാ. ഒരു സുഗന്ധദ്രവ്യം, വ്യാഘ്രനഖം
എലിച്ചെവി(യൻ) നാ. എലിച്ചെവിയുടെ ആകൃതിയിൽ ഇലകളുള്ള ഒരു മരുന്നു ചെടി. (മൂഷികപർണി എന്നു സംസ്കൃതം. എലിയോല എന്നതാണു സമീചീനം. മൂഷികകർണിയുടെ തർജുമയാണു എലിച്ചെവി)
എലിച്ചെള്ള് നാ. എലിയുടെ ദേഹത്തു ജീവിക്കുന്ന ഒരിനം ചെള്ള് (ഇത് പ്ലേഗുരോഗം പരത്തുന്നു)
എലിപ്പത്തായം നാ. എലിപ്പെട്ടി, എലിയെ പിടിക്കാനുള്ള ഒരുതരം കൂട്
എലിപ്പാഷാണം നാ. എലിയെ കൊല്ലാനുള്ള വിഷം
എലിപ്പിട്ട നാ. എലിപ്പിഴുക്ക, എലിക്കാഷ്ടം
എലിമരുന്ന് നാ. എലിപ്പാഷാണം
എലിമാൻ നാ. ഒരുതരം ചെറിയമാൻ, ഉയരം ഒരടിയോളം, പാറയുടെ വിള്ളലുകളിൽ ജീവിക്കുന്നു
എലിമെൻററി [ഇം.] വി. പ്രാഥമികമായ. എലിമെൻററിസ്കൂൾ = പ്രാഥമികവിദ്യാലയം
എലിമ്പ് [ത.] നാ. എലുമ്പ്, എല്ല്
എലിയള നാ. എലിമട
എലിയാവണക്ക് നാ. ഒരുതരം ആവണക്ക്, കടലാവണക്ക്
എലിയോടി നാ. കഴുക്കോലിൻെറ മേലറ്റത്തായി ഘടിപ്പിച്ചിട്ടുള്ള പട്ടിയൽ (ഇതിൽക്കൂടെ എലി ഓടിനടക്കുന്നതുകൊണ്ടാകാം ഈ പേര്)
എലിവാണം നാ. കരിമരുന്നുപ്രയോഗത്തിൽ ഒരിനം വാണം
എലുക നാ. അതിര്, അറ്റം, സീമ. ഉദാ: വസ്തുവിൻെറ എലുക വിവരം
എലുകക്കല്ല് നാ. അതിർത്തിക്കല്ല്
എലുങ്ക് നാ. എലുമ്പ്. എലുങ്കൻ = ചടച്ച് എല്ലുമാത്രമായിത്തീർന്നവൻ
എലുമിച്ച,-ച്ചി നാ. 1. ചെറുനാരകം; 2. വടുകപ്പുളിനാരകം
എലുമിച്ചമ്പഴം [ത.] നാ. ചെറുനാരങ്ങ
എലുമ്പ വി. 'എല്ലുതെളിഞ്ഞ, ചടച്ച, മെലിഞ്ഞ' ചെറിയ
എലുമ്പൻ [എലുമ്പ്-അൻ] നാ. മെലിഞ്ഞ് അസ്ഥിമാത്രമായി ശോഷിച്ചവൻ, എല്ലൻ
എലുമ്പൽ നാ. ചെറിയ എല്ല്
എലുമ്പിപ്പുളി നാ. ഇലുമ്പിപ്പുളി
എലുമ്പ് നാ. എല്ല്
എല്ല, -ല്ലെ [പ.മ.] നാ. 1. എലുക, അതിര്, സീമ (പ്ര.) എല്ലക്കുൾപ്പെടുത്തുക = അതിർത്തിക്കകത്താക്കുക, പരിധിക്കുള്ളിലാക്കുക; 2. അവസാനം; 3. അവസരം, സമയം
എല്ലത്തല [എല്ല2-തല] നാ. അതിര്

എല്ലൻ നാ. എല്ലുമുഴച്ചുകാണാവുന്നവൻ, ശോഷിച്ച ശരീരമുള്ളവൻ. ഉദാ: എല്ലൻപയ്യൻ. സ്ത്രീ. എല്ലി

എല്ലങ്കൊട്ട നാ. എല്ലുപൊന്തിയ ശരീരത്തോടുകൂടിയത്, എല്ലിൻകൂട്, അസ്ഥിപഞ്ജരം

എല്ലരിപ്പൻ നാ. എല്ലൻ

എല്ലവൻ [ത.] നാ. 'പ്രകാശമുള്ളവൻ' 1. സൂര്യൻ; 2. ചന്ദ്രൻ

എല്ലാ (വ്യാക) 'എല്ലാം' (എല്ലാവും) എന്ന സർവനാമത്തിന്റെ വിശേഷണരൂപം. 'എല്ല' (എലുക) എന്നതിനോട് 'ആ' എന്ന നിഷേധപ്രത്യയം ചേർന്ന് ഉണ്ടായ രൂപം. എല്ലയില്ലാത്ത = അതിരില്ലാത്ത

എല്ലാം 'എല്ലാവും' എന്നതിന്റെ സങ്കുചിതരൂപം. 'ഉം' അന്തർഭാവാർഥം. അവ്യ. ഒരു, ഒക്കെ, മുഴുവനും, സകലവും. ഉദാ: മരുന്ന് എല്ലാം, ചോദിച്ചത് എല്ലാം

എല്ലായ്പ്പോഴും [എല്ലാ-പോഴ്-ഉം] അവ്യ. എല്ലാസമയത്തും

എല്ലാർ [എല്-ആർ] നാ. ദേവന്മാർ

എല്ലാവനും [എല്ലാ-അവനും] നാ. ഏ.വ.പുല്ലിങ്ഗം. 1. എല്ലാ ആളുകളും (പുരുഷന്മാരും) അനാദരസൂചകം ബഹ്വർഥത്തിൽ പ്രയോഗം. ഉദാ: എല്ലാവനുമിങ്ങുവരട്ടെ, കാണിച്ചുകൊടുക്കാം; 2. (ഉദ്ദേശികാവിഭക്തി) എല്ലാവനും, എല്ലാവർക്കും, ഓരോരുത്തനും

എല്ലാ(വ)രും [എല്ലാ-അവർ-ഉം] സമുച്ചയംകൂടാതെ 'എല്ലാവർ' എന്ന രൂപത്തോടാണ് വിഭക്തിപ്രത്യയങ്ങൾ ചേരുന്നത്. അപ്പോഴും വിഭക്തിക്കുമേൽ സമുച്ചയം ചേരും. ഉദാ: എല്ലാ(വ)രെയും, എല്ലാ(വ)രോടും, എല്ലാ(വ)ർക്കും, എല്ലാ(വ)രാലും, എല്ലാ(വ)രുടെയും, എല്ലാ(വ)രിലും. സമുച്ചയം അന്തർഭാവാർഥത്തിൽ. സ.നാ. ബ.വ. എല്ലാവരും, സകല ആളുകളും. എല്ലാരും തേങ്ങയുടയ്ക്കുമ്പോൾ നമുക്കൊരു ചിരട്ടയെങ്കിലും ഉടയ്ക്കണ്ടേ? എല്ലാർക്കും ശനി തുരുമ്പുപോലെ, എനിക്കു മലപോലെ. (പഴ.)

എല്ലാവറ്റ [എല്ലാ-അവറ്റ] നാ. എല്ലാം. (സമുച്ചയം ചേർന്ന് 'എല്ലാവറ്റയും' എന്നോ വിഭക്തിപ്രത്യയവും സമുച്ചയവും ചേർന്ന് എല്ലാവറ്റോടും എല്ലാവറ്റയ്ക്കും, എല്ലാവറ്റാലും, എല്ലാവറ്റിനാലും, എല്ലാവറ്റിന്റെയും എന്നോ രൂപകങ്ങൾ. വിഭക്തിപ്രത്യയത്തിനു പിന്നിൽ ഗതിചേരുമ്പോൾ ഗതിക്കുപിന്നിൽ സമുച്ചയം. ഉദാ: എല്ലാവറ്റെക്കൊണ്ടും എല്ലാവറ്റിൻമേലും ഇത്യാദി. എല്ലാവറ്റെയുംകൊണ്ട്, എല്ലാവറ്റിനും മേൽ എന്നിങ്ങനെയും രൂപങ്ങൾ)

എല്ലാവും [എല്ലാ-ഉം] എല്ലാമും. "മ്' എന്നതിനു 'വ്' എന്നു വികാരം വന്ന് എല്ലാവും. 'എല്ലാം' എന്നു സാധാരണ രൂപം

എല്ലാറ്റിലും,-ത്തിലും [എല്ലാം-ഇൽ-ഉം] അനുസ്വാരത്തിനു 'ത്ത്' ആദേശംവന്ന് എല്ലാത്തിലും എന്നു രൂപം. 'ത്ത്' എന്നതിന് 'റ്റ്' വന്ന് 'എല്ലാറ്റിനും'. ഇനി വേറൊരുരീതിയിൽ 'അം' എന്നതിന് 'അത്ത്' ആദേശവും പിന്നെ 'റ്റ്' എന്ന വികാരം വന്ന രൂപം എന്നും പറയാം.

എല്ലി നാ. 'എല്ലൻ എന്നതിന്റെ സ്ത്രീലിങ്ഗം. എല്ലുമുഴച്ചുകാണാവുന്നവൾ, മാംസളമല്ലാത്ത ശരീരത്തോടുകൂടിയവൾ

എല്ലിക്കുക ക്രി. എല്ലും കോലുമായിത്തീരുക, ശോഷിച്ചുവരുക, ക്ഷീണിക്കുക

എല്ലീരും [പ.മ.] 'ഈർ' മ.പു.ബ.വ.പ്രത്യയം സ.നാ. നിങ്ങൾ എല്ലാവരും

എല്ല് നാ. അസ്ഥി, മനുഷ്യരുടേയും പക്ഷിമൃഗാദികളുടേയും ശരീരത്തിന് ഉറപ്പും ആകൃതിയും നൽകത്തക്കവണ്ണം മാംസത്തിനുള്ളിൽ സ്ഥിതിചെയ്യുന്ന കടുത്ത പദാർഥം, സപ്തധാതുക്കളിൽ ഒന്ന്. എല്ലുമുറിയെ പണിതാൽ പല്ലുമുറിയെ തിന്നാം (പഴ.)

എല്ലുകാമ്പ് നാ. എല്ലിൻെറ കാമ്പ്, മജ്ജ

എല്ലുകൂട്ടം [എല്ല്-കൂട്ടം] നാ. അസ്ഥിക്കൂട്

എല്ലുങ്കൊട്ട നാ. അസ്ഥിപഞ്ജരം, ചടച്ച ആൾ

എല്ലുപൊടി നാ. എല്ലുപൊടിച്ച് ഉണ്ടാക്കുന്നത്, വളമായി ഉപയോഗിക്കുന്നു

എല്ലുമിടുക്ക് നാ. ശക്തി, ഊക്ക്

എല്ലുമൂപ്പ് നാ. പ്രായംകൊണ്ട് എല്ലിന് ഉണ്ടായിട്ടുള്ള ദൃഢത, പ്രായക്കൂടുതൽ, ശരീരശക്തി

എല്ലുരുക്കം നാ. അസ്ഥിസ്രാവം

എല്ലുറപ്പ് നാ. എല്ലിനുള്ള ഉറപ്പ്, ശരീരത്തിൻെറ ദൃഢത

എല്ലോ അവ്യ. അല്ലോ എന്നതിൻെറ ഉച്ചാരണഭേദം. 'അല്ലോ' നോക്കുക

എല്ലോറ നാ. ഡക്കാണിലെ പ്രസിദ്ധമായ ഗുഹാക്ഷേത്രം സ്ഥിതിചെയ്യുന്ന സ്ഥലം

എവ സ.നാ. എത് എന്നതിൻെറ ബ.വ. (എ-വ്-അ) 'വ്' ആഗമം വന്ന രൂപം. ഏതു വസ്തുക്കൾ

എവണ്ണം [എ-വണ്ണം] അവ്യ. എവ്വണ്ണം, ഏതുവിധം, എങ്ങനെ

എവൻ [എ2-അൻ] സ.നാ. പും.ഏ.വ.(ചോദ്യാർഥം) ഏത് ഒരുത്തൻ, ഏതാൾ; (സ്ത്രീ) ഏവൾ; (നപും) എത്; (ബ.വ.) എവർ

എവങ്ങലിയോൻ [ഗ്രീ.] നാ. ബൈബിളിലെ സുവിശേഷഗ്രന്ഥങ്ങൾ (മത്തായി, മാർക്കോസ്, ലൂക്കോസ്, യോഹന്നാൻ എന്നിവർ എഴുതിയവ)

എവർ [എ-അവർ] എവൻ, എവൾ എന്നിവയുടെ ബ.വ.,ഉഭയലിങ്ഗം. താരത. അവർ, ഇവർ

എവരൾ [പ.മ.] നാ. എവർകൾ എന്നതിൻെറ രൂപാന്തരം. എവർ. താരത. അവരൾ, ഇവരൾ

എവൾ [എ2-അൾ] നാ. (ചോദ്യാർഥം) എവൻ എന്നതിൻെറ സ്ത്രീലിങ്ഗം. ഏതുസ്ത്രീ, ഏതൊരുവൾ, ഏവൾ

എവളവ് [എ2-അളവ്] അവ്യ. എത്രമാത്രം, എത്രത്തോളം

എവറസ്റ്റ് [ഇം.] നാ. ഹിമാലയത്തിലുള്ളതും ലോകത്തിലെ ഏറ്റവും ഉയരം കൂടിയതുമായ കൊടുമുടി, ഗൗരീശങ്കരം

എവറ്റ നാ. 'എവ' എന്നതിനോട് 'റ്റ' ചേർന്ന രൂപം. ബ.വ. ഏവ, ഏതെല്ലാം. താരത അവറ്റ, ഇവറ്റ

എവിടത്ത് (അത്ത് ചേർന്ന ആധാരികാഭാസരൂപം) ഏത് ഇടത്ത്. എവിടത്തുകാരൻ = ഏതുദേശത്തുള്ള ആൾ

എവിടത്തിങ്കൽ അവ്യ. എവിടെ. താരത. എവിടത്തേ.

എവിടത്തേ അവ്യ. 'അം' എന്നതിൻെറ സ്ഥാനത്ത് 'അത്ത്' വന്ന് അതിനുമേൽ 'ഏ' ചേർന്ന രൂപം.
എവിടന്ന് [എവിടെ-നിന്ന്] അവ്യ. എങ്ങുനിന്ന്, ഏതു സ്ഥലത്തുനിന്ന്
എവിടം [എ2-ഇടം] നാ. ഏത് ഇടം, ഏതുസ്ഥലം, ഏതുദിക്ക്, ചിലവിഭക്തികളിൽ മാത്രമേ രൂപകങ്ങൾ ഉള്ളു. എവിടത്തേക്ക്, എവിടത്ത്, ഇവയെ അവ്യയങ്ങളായി എടുക്കാം. താരത. അവിടം, ഇവിടം
എവിടെ [എ2-ഇടെ] അവ്യ. ചോദ്യാർഥം, ഏതുദിക്കിൽ, ഏതുസ്ഥലത്ത്. താരത. അവിടെ, ഇവിടെ. പുറകിൽവരുന്ന ദൃഢാക്ഷരങ്ങൾ ഇരട്ടിക്കും. ഉദാ: എവിടെപ്പോയി. എവിടെയും = ഏതുദിക്കിലും, എല്ലായിടത്തും. എവിടത്തേക്ക് = ഏതുസ്ഥലത്തേക്ക്, എങ്ങോട്ട്
എവു[ക.എവു] അവ്യ. എവ
എവുറായ [സുറി.] നാ. എബ്രായഭാഷ, ഹീബ്രുഭാഷ
എവുറോപ്പ [ല.] നാ. യൂറോപ്പ്
എവ്വണ്ണം [എ2-വണ്ണം] അവ്യ. ഏതുവിധം, എപ്രകാരം, എങ്ങനെ. താരത. അവ്വണ്ണം, ഇവ്വണ്ണം
എവ്വഴി [എ-വഴി] അവ്യ. 1. ഏതുവഴിക്ക്, എങ്ങോട്ട്, ഏതുമാർഗത്തിൽക്കൂടി. ഉദാ: എവ്വഴിപോയി?; 2. എങ്ങനെ
എവ്വിടം [പ.മ.] നാ. എവിടം, ഏതുസ്ഥലം, ഏതുഭാഗം
എശ [<എശയ്ക്കുക] നാ. ഇശ, എശപ്പ്, ഏപ്പ്, സന്ധി. ഉദാ: ഉത്തരത്തിൻെറ എശപ്പ്
എശങ്കം [ത.] നാ. ധാരാളം മുള്ളുള്ള ഒരു ഔഷധച്ചെടി
എശപ്പ് [ത. ഇചൈപ്പു] നാ. = ഇശപ്പ്, ചേർപ്പ്. ഉദാ: ഉത്തരത്തിലുള്ള എശപ്പ്, എശയ്ക്കുക. ക്രി. = ഇശയ്ക്കുക, ഏയ്ക്കുക, ചേർക്കുക, യോജിപ്പിക്കുക. ഉദാ: ഉത്തരം എശയ്ക്കുക
എശൽ നാ. 1. ശേല്, ചേല്. ഉദാ: അതുകേൾക്കാൻ ഒരെശലില്ല. (പ്ര.) എശലാക്കുക = ചേലാക്കുക, തയ്യാറാക്കുക; 2. വൃത്തം
എശവ് നാ. = എശ, എശപ്പ്
എശസ്സ് [മ.മ.] നാ. കീർത്തി, പ്രശസ്തി
എശാർത്ത് [അറ.ഇശാരത്] നാ. 1. ആങ്ഗ്യം, സൂചന, അടയാളം; 2. ഉണർവ്, ഊർജസ്വലത, ഉത്സാഹം, ഉഷാറ് (വ.മ.)
എഷ്ടി [<സം.യഷ്ടി] നാ. 1. വടി; 2. ബുദ്ധിശൂന്യൻ
എഷ്ടിമധുകം [പ.മ.] നാ. ഇരട്ടിമധുരം
എസൽ [ത. ഇചല്] നാ. എശൽ, ഇയൽ, രീതി, മാപ്പിളപ്പാട്ടുകൾ പാടുന്ന രീതി, വൃത്തം
എസ്കിമോ [ഇം.] നാ. 1. ഒരു വർഗക്കാർ, വടക്കേ അമേരിക്കയുടെ വടക്കേഅറ്റത്തും (ഉത്തരധ്രുവപ്രദേശത്തും) ഗ്രീൻലണ്ടിലും താമസിക്കുന്നു; 2. എസ്കിമോവർഗരുടെ ഭാഷ
എസ്റ്റിമേറ്റ് [ഇം.] നാ. കണക്കാക്കൽ, മതിപ്പുകണക്ക്, മതിച്ചുതിട്ടപ്പെടുത്തൽ, ഒരു കാര്യത്തിന് എന്തുചെലവുവരുമെന്ന് മുൻകൂട്ടിയുള്ള ഉദ്ദേശക്കണക്ക്

എസ്റ്റേറ്റ് [ഇം.] നാ. ഭൂസ്വത്ത് (അധികം വിസ്തീർണതയുള്ളത്), വലിയ തോട്ടം, റബ്ബർ, തേയില, ഏലം മുതലായവ വലിയതോതിൽ കൃഷിചെയ്യുന്ന സ്ഥലം. ഉദാ: റബ്ബർ എസ്റ്റേറ്റ്, തേയില എസ്റ്റേറ്റ് മുതലായവ

എൾ [<എൾ] നാ. = എള്ള്

എൾക്കരപ്പൻ [എൾ-കരപ്പൻ] നാ. ഒരിനം കരപ്പൻ

എൾച്ചോറ് [ത.എട്ച്ചാതം] നാ. എള്ളും നെയ്യും ചേർത്ത് ഉണ്ടാക്കുന്ന ചോറ്

എൾപ്പുളകൻ നാ. ഒരിനം വസൂരി, പിത്തജ്വര വസൂരികളിൽ ഒന്ന്

എൾപ്പൂവ് നാ. എള്ളിൻെറ പൂവ്

എൾപ്പൊരിയൻ നാ. വാതപ്രധാനങ്ങളായ വസൂരികളിൽ ഒന്ന്

എള, എളം വി. ഇള, ഇളം. ഉദാ: എളമുളക്, എളമ്പുല്ല്. എളനാ കടിയറിയില്ല (പഴ)

എളകുക ക്രി. = ഇളകുക

എളങ്കൂർ നാ. = ഇളങ്കൂർ

എളങ്ങല്ലൂർസ്വരൂപം നാ. ഇടപ്പള്ളി രാജവംശം

എളങ്ങീൽ [<എളംകോയിൽ] നാ. ചില പിന്നോക്കജാതിക്കാർ നായന്മാരെ വിളിക്കുന്ന ഒരു സ്ഥാനപ്പേർ

എളത് വി. 1. ഇളയത്, ഇളത്; 2. മൂക്കാത്തത്

എളത്തം നാ. 1. എളുപ്പം; 2. എളിമ

എളന്നീർക്കാർ നാ. (ബ.വ.) എളന്നീർവ്രതക്കാർ, കരിക്കുമാത്രം കുടിച്ച് ഉപവാസവ്രതം ആചരിക്കുന്നവർ (എളന്നീർ = ഇളന്നീർ)

എളമ നാ. = ഇളമ

എളമരുന്ന് നാ. കരിമരുന്നിലെ ഒരു ചേരുവ

എളമീന്ന് നാ. 'ഇളമയിൽനിന്ന്' ഇളമീന്ന്

എളയ വി. = ഇളയ

എളയ്ന്ന നാ. ഇളയത് എന്ന ജാതിയിൽപ്പെട്ട സ്ത്രീ. എളയമ്മ. താരത. എളോർമ

എളവിരിയാന [എള-വിരിയം-ആന] നാ. ഇളയ ആന

എളവ് നാ. = ഇളവ്

എളി1 നാ. = ഇളി, അരക്കെട്ടിൻെറ മുകളിലത്തെ ഇരുപാർശ്വങ്ങളും, ഒക്കം, ഏണ്, ഇടുപ്പ്

എളി2 വി. എളിയ, താഴ്ന്ന

എളിമ നാ. 1. താഴ്മ, താഴ്ന്നസ്ഥിതി; 2. എളിയവനെന്ന ഭാവം, വിനയം, വണക്കം; 3. പട്ടിണി. (പ്ര.) എളിമപ്പെട്ട = പാവപ്പെട്ട

എളിമത്തം [എളിമ-ത്തം] നാ. എളിയതെന്ന ഭാവം, താഴ്മ, വിനയം

എളിയ വി. 1. താണ, സ്ഥിതികുറഞ്ഞ, സാരമില്ലാത്ത, ചെറുതായ. താരത. എൾ, എളയ. ഉദാ: എളിയകഴിവ്, എളിയ സേവനം, എളിയനില. ചിലരൂപങ്ങൾ: എളിയത്, എളിയവൻ, എളിയവൾ, എളിയവർ; 2. അഗതിയായ; 3. ദുർബലമായ. തന്നിൽ എളിയതു തനിക്ക് ഇര. എളിയേടം കണ്ടു വാതം കോച്ചുകയോ? (പഴ); 4. വിനീതമായ, അഹംഭാവമില്ലാത്ത

എളിയൻ [പ.മ.] നാ. എളിയവൻ, (സ്ത്രീ) എളിയൾ, (ബ.വ) എളിയങ്ങൾ, എളിയർ. താരത. ഇളയ
എളയവൻ നാ. എളിയ ആൾ, മോശക്കാരൻ, നിസ്സാരൻ, അഗതി, താണനിലയിലുള്ളവൻ. ഉദാ: എളിയവനും വലിയവനും
എളിയോൻ നാ. = എളിയവൻ (സ്ത്രീ) എളിയോൾ (ബ.വ.) എളിയോർ. എളിയോനെക്കണ്ടാൽ എള്ളും തുള്ളും, എളിയോന് ഏകാദശിയും നോക്കിക്കൂടെ? (പഴ.)
എളുതരം നാ. എളുപ്പമാർഗം, എളുപ്പവഴി
എളുത് നാ. 1. എളുപ്പമായത്, പ്രയാസമില്ലാത്തത്; 2. എളിയത്, നിസ്സാരമായത്, ചെറുത്, അല്പം; 3. എളുപ്പം, ലാഘവം
എളുന്ത നാ. എളന്ത, പലക
എളുപ്പം നാ. 1. എളുതായത്, പ്രയാസക്കുറവ്, വൈഷമ്യമില്ലായ്മ, വേഗത്തിൽ ചെന്നെത്തൽ അഥവാ സംപ്രാപ്തി; 2. കുറുക്കുവഴി. ഉദാ: എളുപ്പവഴിക്കു പകൽപോരാ (പഴ); 3. പെരുമാറ്റത്തിൽ അതിസ്വതന്ത്രത. അവ്യ. വേഗത്തിൽ ഉദാ: എളുപ്പം വരണം. (പ്ര) എളുപ്പത്തിൽ, എളുപ്പമായി
എളേടത്ത് നാ. ഇളയെടത്തുസ്വരൂപം (കൊട്ടാരക്കര)
എളോർമ [<എളയോരമ്മ] നാ. ഇളയതുമാരുടെ സ്ത്രീ.
എള്ളന്നം [മ.എള്ള്-സം.അന്ന] നാ. എൾച്ചോറ്
എള്ളളവ് അവ്യ. എള്ളോളം, എള്ളിട, അൽപം
എള്ളറത്തുപോതി നാ. തിറയാട്ടത്തിലെ ഒരു ദേവത (പോതി = ഭഗവതി)
എള്ളിട നാ. 1. ഒരു എള്ളിൻ മണിയുടെ നീളമോ അത്രയും തൂക്കമോ; 2. വളരെച്ചെറിയ അംശം. എള്ളിടതെറ്റിയാൽ വില്ലിടമാറും (പഴ)
എള്ള് [<എൾ] നാ. 1. കുരുവിൽനിന്ന് എണ്ണയെടുക്കുവാൻവേണ്ടി കൃഷിചെയ്തുവരുന്ന ഒരു ചെടി. ഈ ചെടി രണ്ടുമാസംകൊണ്ടു വിളയും. ഇതിന്റെ അരിക്കും എള്ള് എന്നു പേര്. എള്ളിൽനിന്നെടുക്കുന്ന ദ്രാവകം (എണ്ണ) എള്ളെണ്ണ. എള്ളിലും ചൊള്ളു, ചൊള്ളിലും ചൊള്ളായാലോ (പഴ)
എള്ളുക [ത. എള്ളുതൽ] ക്രി. 1. അനാദരിക്കുക, നിന്ദിക്കുക; 2. ചെറുതാക്കുക
എള്ളുനീർ [എള്ള്-നീർ] നാ. എള്ളും വെള്ളവും, തിലോദകം. പിതൃതർപ്പണത്തിൽ നൽകുന്നത്
എള്ളുമഹാണി നാ. എള്ളിന്റെ മഹാണി അംശം, അത്യൽപം
എള്ളെണ്ണ നാ. എള്ള് ആട്ടി എടുക്കുന്ന എണ്ണ, നല്ലെണ്ണ
എള്ളേറ് [എള്ള്-ഏറ്] നാ. എള്ളുവിതപ്പ്
എള്ളോളം [എള്ള്-ഓളം] അവ്യ. അൽപം മാത്രം
എഴ1 നാ. = ഇഴ
എഴ2 [എഴുക] അവ്യ. (തൻവിന) എഴെ, എഴ, എഴുവണ്ണം, ഉയരത്തക്കവിധം, വർധിക്കുന്നപ്രകാരത്തിൽ
എഴപ്പ്1 നാ. എശപ്പ്
എഴപ്പ്2 = ഇഴപ്പ്
എഴമ്പൂരം നാ. പഴുതാര

എഴയുക ക്രി. ഇഴയുക
എഴയ്ക്കുക ക്രി. = എശയ്ക്കുക
എഴൽ1 [<എഴുക] നാ. 1. പുറപ്പാട്; 2. ഉദയം; 3. സന്തോഷാധിക്യം
എഴൽ2 നാ. അഴൽ, ദു:ഖം
എഴവ് നാ. = ഇഴവ്
എഴവേ, എഴെ [എഴുക>തൻവിന] അവ്യ. എഴുന്നേൽക്കവേ
എഴാൽ നാ. എഴിവാതിൽ (അഴിവാതിൽ) തൊഴുത്തിൻെറ അഴിയിട്ടവാതിൽ
എഴി1 നാ. = അഴി
എഴി2 നാ. കാണിക്കാരും മറ്റും പുരമേയാൻ ഉപയോഗിക്കുന്ന ഒരുതരം പുല്ല്, എഴുമ്പുല്ല്
എഴിച്ച നാ. 1. എഴുന്നു നിൽപ്പ്, വളർച്ച, പൊക്കം, ഉയർച്ച. ഉദാ: നെല്ലിൻെറ എഴിച്ച; 2. അഭിവൃദ്ധി, ഉത്കർഷം; 3. ആദായം
എഴിനി [ത.എഴിനി] നാ. 1. തിരശ്ശീല; 2. യവനൻ; 3. ഔദാര്യംകൊണ്ടു പ്രസിദ്ധനായ ഒരു തമിഴരശൻ
എഴിൽ നാ. 1. അഴക്, ശോഭ; 2. അഭ്യുദയം, ഐശ്വര്യം; 3. ബലം; 4. വർണം; 5. പ്രഭാവം; 6. എഴിച്ച, പൊക്കം
എഴിലി [പ.മ.] നാ. മേഘം
എഴീക്കുക ക്രി. എഴുന്നേൽക്കുക
എഴ് [എഴുക] ധാതുരൂപം
എഴു1 [എഴുക്കുക] ധാതുരൂപം
എഴു2 വി. എഴുന്ന, ഉയർന്ന, പൊക്കമുള്ള; 2. പരിഷ്കൃതമായ
എഴു3 നാ. 1. ഉയരം; 2. മുഴുപ്പ്; 3. ഉന്തിനിൽപ്പ്, മുഴപ്പ്; 4. തൂണ്; 5. മുതലെടുപ്പ്
എഴു4 സങ്ഖ്യാവിശേഷണം. സമാസത്തിൻെറ പൂർവപദമായിവരുമ്പോൾ 'ഏഴ്' (ചില പദങ്ങൾക്കുമുമ്പ്) കൈക്കൊള്ളുന്ന രൂപം. ഉദാ: എഴുപത്, എഴുനൂറ്. ഉത്തരപദം സ്വരാദിയായാൽ ഈ വികാരം സാധാരണയില്ല. ഉദാ: ഏഴായിരം (ഏഴ്-ആയിരം), ഏഴാൾ (ഏഴ്-ആൾ). ഹ്രസ്വമായി എഴായിരം. എഴുക്കോൽപ്പുരയിൽ എൺകോൽക്കുന്തം (പഴ)
എഴു5 [ത.എഴു] നാ. എഴുക്, ഗദ. താരത. എഴിക
എഴുക1 ക്രി. 1. പൊങ്ങുക, എഴുന്നേൽക്കുക; 2. വർദ്ധിക്കുക, പെരുകുക. എഴുന്നകൂത്ത് ഏഴുദിവസത്തേക്ക് ഇരട്ടിച്ചാൽ പതിന്നാല് (പഴ); 3. ഉണ്ടാകുക; 4. ഉണ്ടായിരിക്കുക, ഉള്ളതായിരിക്കുക
എഴുക2, എഴിക [<എഴു-കൈ] നാ. = ഇഴുക
എഴുകടൽ [ത.എഴുകടല്] നാ. ഏഴുകടൽ
എഴുക് നാ. 1. ഉലക്കപോലെയുള്ള ഒരു ആയുധം. താരത. എഴുക; 2. ഒരിനം പുല്ല്, ഈർക്കിൽപോലെ വളർന്നു നിൽക്കുന്നത്
എഴുക്കുക [എഴുക>പ്ര] ക്രി. പൊക്കുക, ഉയർത്തുക, എടുക്കുക, പിടിച്ചെടുക്കുക, കണ്ടുകെട്ടുക
എഴുഞായർ [ത.എഴു-ഞായിറു] നാ. ഉദിച്ചുപൊങ്ങുന്ന സൂര്യൻ

എഴുത് [എഴുതുക] ധാതുരൂപം
എഴുതിത്തീരുവ നാ. ചുമതലപ്പെട്ട ഉദ്യോഗസ്ഥന്‍ നടത്തുന്ന കണക്കുപരിശോധന
എഴുതിവച്ചപാട്ടം [-വച്ച-പട്ടം] നാ. ഒരുതരം ഭൂവുടമസമ്പ്രദായം
എഴുതുക [<എഴുത്] ക്രി. (ചിത്രലേഖനം എന്നതില്‍നിന്ന് അര്‍ഥവികാസം) 1. പടം വരയ്ക്കുക. ഉദാ: ചിത്രം എഴുതുക; 2. ലിപി അടയാളപ്പെടുത്തുക, അക്ഷരം രേഖപ്പെടുത്തുക; 3. രേഖപ്പെടുത്തിയവിവരം അയച്ചുകൊടുക്കുക; 4. ഗ്രന്ഥം നിര്‍മിക്കുക, രചിക്കുക; 5. രേഖചമയ്ക്കുക. ഉദാ: പ്രമാണം എഴുതി. (പ്ര) എഴുതാപ്പുറം വായിക്കുക= ഉദ്ദേശിക്കാത്ത അര്‍ഥം കാണുക. എഴുതിപ്പിടിക്കുക = പ്രമാണം എഴുതി വസ്തുക്കള്‍ വാങ്ങുക. എഴുതിപ്പിടിപ്പിക്കുക = ദുരുദ്ദേശത്തോടെ ലേഖകന്‍െറ മനോധര്‍മമനുസരിച്ച് എഴുതിയുണ്ടാക്കുക. എഴുതിയെടുക്കുക = 1. മറ്റൊരാളുടെവാക്കുകള്‍ അതേപടി രേഖപ്പെടുത്തുക, പകര്‍ത്തിയെടുക്കുക; 2. വ്യാജമായി കണക്കില്‍കൊള്ളിച്ചിട്ട് അപഹരിക്കുക. എഴുതിവയ്ക്കുക = 1. രേഖപ്പെടുത്തുക; 2. കയ്യൊപ്പിടുക. (പ്ര) എഴുതിവയ്പ്പിക്കുക = തെളിവിനോ ഉറപ്പിനോവേണ്ടി രേഖപ്പെടുത്തിക്കുക. എഴുതിവരിക = വിവരത്തിന് കത്തോ അറിയിപ്പോ വിജ്ഞാപനമോ ലഭിക്കുക. എഴുതിവാങ്ങുക = 1. രേഖാപൂര്‍വം വാങ്ങുക, പ്രമാണമെഴുതി വസ്തുക്കളും മറ്റും വാങ്ങുക; 2. സമ്മതമോ മറ്റോ രേഖപ്പെടുത്തിവാങ്ങുക, കരാര്‍ എഴുതിവാങ്ങുക. എഴുതിവിടുക = അറിയിപ്പ് കൊടുക്കുക. 399
എഴുത്തച്ഛന്‍ നാ. 'എഴുത്തു പഠിപ്പിക്കുന്ന ആചാര്യന്‍' 1. നാട്ടെഴുത്താശാന്‍; 2. നായന്മാരില്‍ ഒരു ഉപവിഭാഗം, കടുപ്പട്ടന്‍ എന്നും പേര്; 3. തുഞ്ചത്തുരാമാനുജന്‍ എഴുത്തച്ഛന്‍, അധ്യാത്മരാമായണം, മഹാഭാരതം മുതലായ കിളിപ്പാട്ടുകളുടേയും മറ്റും കര്‍ത്താവ്; 4. കുളങ്ങളില്‍ കാണപ്പെടുന്ന ഒരു ചെറിയപ്രാണി, വെള്ളത്തിന്‍െറ മുകള്‍പ്പരപ്പില്‍ അക്ഷരങ്ങള്‍ എഴുതുകയാണോ എന്നുതോന്നുമാറ് വേഗത്തില്‍ കറങ്ങി സഞ്ചരിക്കുന്നത്
എഴുത്തധികാരം നാ. (തമിഴ് വ്യാകരണം) അക്ഷരങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന വ്യാകരണഭാഗം, അക്ഷരകാണ്ഡം (തൊല്‍ക്കാപ്പിയം എന്ന തമിഴ് വ്യാകരണത്തില്‍ എഴുത്തതികാരം, ചൊല്ലതികാരം, പൊരുളതികാരം എന്നു മൂന്നു ഭാഗങ്ങള്‍)
എഴുത്തന്‍1 [എഴുത്ത്-അന്‍] വി. 'എഴുത്ത് ഉള്ളത്' തദ്വത്തദ്ധിതം. ചിത്രമെഴുതിയ, ചായംപുരട്ടിയ. ഉദാ: എഴുത്തന്‍ചേല
എഴുത്തന്‍2 നാ. എഴുത്തുകാരന്‍. അമ്പുകളഞ്ഞോന്‍ വില്ലന്‍, ഓലകളഞ്ഞോന്‍ എഴുത്തന്‍ (പഴ)
എഴുത്തമ്മ [എഴുത്ത്-അമ്മ] നാ. 'എഴുത്തച്ഛന്‍ എന്നതിന്‍െറ സ്ത്രീലിങ്ഗം' എഴുത്തുപഠിപ്പിക്കുന്ന സ്ത്രീ
എഴുത്തശ്ശന്‍ നാ. = എഴുത്തച്ഛന്‍
എഴുത്തറ [എഴു2-തറ] നാ. ഉയര്‍ന്ന തറ, ഇറയം
എഴുത്താണി [എഴുത്ത്-ആണി] നാ. 1. നാരായം; 2. ഒരിനം വാഴ, എഴുത്താണിപ്പൂവന്‍, നാരായപ്പൂവന്‍, കായുടെ അറ്റം കൂര്‍ത്തിരിക്കും
എഴുത്താണിപ്പച്ച നാ. ഒരിനം ചെടി. എഴുത്തോലയ്ക്കു നിറംകൊടുക്കാന്‍ ഉപയോഗിക്കുന്നതുകൊണ്ട് ഇപ്പേര്, നാരായപ്പച്ച, പച്ചിലപ്പെരുമാള്‍, എലിച്ചെവി

എഴുത്താണിപ്പിച്ചാത്തി നാ. പിന്നിലെ അറ്റം നാരായമായി ഉപയോഗിക്കത്തക്കവണ്ണമുള്ള പിച്ചാത്തി, നാരായപ്പിച്ചാത്തി

എഴുത്താണിമൂർഖൻ നാ. ഒരിനം പാമ്പ്, വെള്ളിക്കെട്ടി, എഴുത്താണിവാലൻ

എഴുത്താണിയമ്പ് നാ. ചെറുതരം അമ്പ്

എഴുത്താണിയുളി നാ. എഴുത്താണിപോലുള്ള ഒരുതരം അമ്പ്, എഴുത്താണിയമ്പ്, തെറ്റാലി

എഴുത്താണിവിരൽ നാ. ചൂണ്ടുവിരൽ

എഴുത്താശാൻ നാ. എഴുത്തു പഠിപ്പിക്കുന്ന ആശാൻ. താരത. എഴുത്തശ്ശൻ

എഴുത്ത് [എഴുതുക] നാ. 1. എഴുതുക എന്ന ക്രിയ; 2. അക്ഷരവിദ്യ. ഉദാ: എഴുത്തുപഠിക്കുക, എഴുത്തും വായനയും; 3. എഴുതിയത് ഉദാ: തലയിലെഴുത്ത്; 4. കത്ത്, കുറിമാനം, ലേഖനം; 5. കൈപ്പട, കയ്യെഴുത്ത്; 6. കയ്യൊപ്പ്; 7. അക്ഷരം, ലിപി; 8. ചായം ഇടൽ, ചായംകൊണ്ട് ചിത്രം രചിക്കൽ, ചിത്രരഞ്ജനം, ഉദാ: കണ്ണെഴുത്ത്, ചിത്രമെഴുത്ത്; 9. ഗ്രന്ഥ രചന, സാഹിത്യനിർമിതി. ഉദാ: കവിതയെഴുത്ത്, നോവലെഴുത്ത്. (പ്ര) എഴുത്തിനുവയ്ക്കുക = എഴുത്തിന് ഇരുത്തുക (വടക്കൻ പ്രദേശങ്ങളിൽ), എഴുത്തിൽ കൂട്ടുക = എഴുത്തിന് ഇരുത്തുക. എഴുത്തുപെടുക = എഴുതപ്പെടുക. എഴുത്തും മുറിയും കഴിക്കുക (അഴുത്തും മുറിയും) = കണിശമായി മുറിച്ചുയോജിപ്പിക്കുക

എഴുത്തുകല്ല് [എഴുത്ത്-കല്ല്] നാ. ചേടിക്കല്ല്, ചോക്ക്

എഴുത്തുകളരി [എഴുത്ത്-കളരി] നാ. പഴയകാലത്തു കുട്ടികളെ എഴുത്തു പഠിപ്പിച്ചിരുന്ന കുടിപ്പള്ളിക്കൂടം

എഴുത്തുകാണം നാ. ഒപ്പുകാണം, ഒരു വസ്തുവാങ്ങുമ്പോൾ വിലയ്ക്കുപുറമേ എഴുത്തുചെലവിനായി നൽകുന്ന തുക

എഴുത്തുകാരൻ നാ. 1. എഴുതുന്നവൻ, ആധാരമെഴുതുന്ന ആൾ, പകർപ്പെടുക്കുന്ന ആൾ; 2. സാഹിത്യകാരൻ

എഴുത്തുകുത്ത് നാ. കത്തിടപാട്

എഴുത്തുകുറ്റി നാ. തപാലിൽ അയയ്ക്കേണ്ട എഴുത്തുകൾ ഇടാനായി തപാൽ ഡിപ്പാർട്ടുമെൻറു റോടരികിലും മറ്റും സ്ഥാപിച്ചിട്ടുള്ള പെട്ടി. താരത. അഞ്ചൽക്കുറ്റി

എഴുത്തുകോൽ നാ. എഴുതാനുള്ള കോൽ, ലേഖനോപകരണം, പെൻസിൽ

എഴുത്തുപലക നാ. എഴുതുവാനുള്ള പലക, ബോർഡ്

എഴുത്തുപള്ളി നാ. എഴുത്തു പഠിപ്പിക്കുന്ന സ്ഥലം, വിദ്യാലയം

എഴുത്തുപെട്ടി നാ. 1. തപാലിൽ അയയ്ക്കേണ്ട കത്തുകൾ ഇടുവാനുള്ള പെട്ടി; 2. എഴുത്തുകളും മറ്റും വയ്ക്കാനുള്ള പെട്ടി

എഴുത്തുഭാഷ നാ. വരമൊഴി, ഭാഷയുടെ ലിഖിതരൂപം

എഴുത്തുമേശ നാ. കടലാസും മറ്റും പുറത്തുവച്ചെഴുതാൻ ഉപയോഗിക്കുന്ന മേശ

എഴുത്തോൻ നാ. ഒരു പ്രാണി, എഴുത്താശാൻ, വെള്ളത്തിലാശാൻ

എഴുത്തോല നാ. എഴുതാൻ ഉപയോഗിക്കുന്ന പനയോല. ഉദാ: എഴുത്തോലപ്പന

എഴുനള്ളത്ത് നാ. = എഴുന്നള്ളത്ത് (ആ.ഭാ.)

എഴുനള്ളുക ക്രി. = എഴുന്നള്ളുക, എഴുന്നരുളുക
എഴുനാ [എഴു-നാ] നാ. 1. സൂര്യൻ; 2. അഗ്നി, ഏഴുനാവുള്ളത്
എഴുനിൽക്കുക ക്രി. എഴുനേൽക്കുക, എഴുന്നേൽക്കുക, എണീക്കുക, എഴീക്കുക (എന്നിങ്ങനെ രൂപഭേദങ്ങൾ) എഴുനിന്നു, എഴീച്ചു, എഴീറ്റു, എണീറ്റു, എണീച്ചു എന്നും മറ്റും ഭൂതരൂപങ്ങൾ
എഴുനിലമാടം നാ. ഏഴുനില മാളിക
എഴുനൂറ് [എഴു-നൂറ്] നാമമായും വിശേഷണമായും പ്രയോഗം, ഏഴു നൂറുകൂടിയ സങ്ഖ്യ
എഴുനെള്ളുക ക്രി. = എഴുനള്ളുക, രാജാവോ ദേവനോ എഴുന്നരുളുക (ആ.ഭാ.)
എഴുനേൽക്കുക ക്രി. എണീക്കുക, എഴുനിൽക്കുക
എഴുനേൽപ്പിക്കുക [എഴുനേൽക്കുക>] ക്രി. എണീപ്പിക്കുക, എഴുന്നേൽപ്പിക്കുക
എഴുനേറ്റം [എഴുന്ന്-ഏറ്റം] നാ. അഭിവൃദ്ധി
എഴുന്തീയ് [എഴും-തീയ്] നാ. 1. കാട്ടുതീയ്; 2. ആളിക്കത്തുന്ന തീയ്
എഴുന്ന [എഴുക] വി. (ഭൂ.പേരെച്ചം) 1. ഉയർന്ന, പൊങ്ങിവന്ന, ഉന്നതമായ. താരത. എഴും; 2. ഉദ്ഭവിച്ച, വരുന്ന; 3. വർധിച്ച, വലുതായ; 4. ഉള്ള
എഴുന്നരുളത്ത് [-അരുളത്ത്] നാ. എഴുന്നള്ളത്ത്, വരവ്, പോക്ക്, സഞ്ചാരം, ഘോഷയാത്ര (ദേവനോ വിശിഷ്ടവ്യക്തിയോ)(ആ.ഭാ.)
എഴുന്നരുളുക [-അരുളുക] ക്രി. പോവുക, വരിക (ദേവനോ വിശിഷ്ടവ്യക്തിയോ)
എഴുന്നള്ളത്ത് നാ. എഴുന്നരുളത്ത്, ദേവൻെറയോ രാജാവിൻെറയോ വിശിഷ്ടവ്യക്തിയുടെയോ യാത്ര. ഉദാ: ആനപ്പുറത്ത് എഴുന്നള്ളത്ത്
എഴുന്നള്ളിക്കുക [>പ്രയോ.] ക്രി. ദേവവിഗ്രഹത്തെ ആഘോഷപൂർവം കൊണ്ടുപോകുക. (പ്ര.) എഴുന്നള്ളിക്കുക = 1. ഉപചാരപൂർവം കൊണ്ടുപോകുക, എഴുന്നള്ളുക (പരിഹാസാർഥത്തിൽ); 2. വിഡ്ഢിത്തം പറയുക. ഉദാ: അബദ്ധം എഴുന്നള്ളിക്കുക
എഴുന്നള്ളിപ്പ് [<എഴുന്നരുളിപ്പ്] നാ. എഴുന്നള്ളിക്കൽ, ആഘോഷമായോ ഉപചാരത്തോടെയോ കൊണ്ടുപോകൽ
എഴുന്നള്ളിയേടം നാ. എഴുന്നള്ളിയിരിക്കുന്ന സ്ഥലം, തിരുമുമ്പ്, തമ്പുരാൻ, രാജാവ്, മഹാരാജാവ്. ഉദാ: എഴുന്നരുളിയേടത്തേ വക, എഴുന്നരുളിയേടത്ത് ഉണർത്തിക്കേണ്ടും അവസ്ഥ ഇത്യാദി
എഴുന്നള്ളിയേടത്തന്മാർ നാ. (ബ.വ.) തളിപ്പറമ്പിലെ ചില ആഢ്യബ്രാഹ്മണർ
എഴുണ്ണള്ളുക ക്രി. എഴുന്നരുളുക (ആ.ഭാ.)
എഴുന്നു [<എഴുക] ഭൂ.രൂ. താരത. എഴുന്നു
എഴുന്നൂറ് [എഴു-നൂറ്] നാമമായും വിശേഷണമായും പ്രയോഗം
എഴുനൂറ്റിക്കാർ നാ. (ബ.വ.) കേരളത്തിലെ ലത്തീൻ ക്രിസ്ത്യാനികളിൽ ഒരു പ്രമുഖ വിഭാഗം. താരത. മുന്നൂറ്റിക്കാർ, അഞ്ഞൂറ്റിക്കാർ
എഴുന്നേൽക്കുക ക്രി. 1. കിടപ്പിൽനിന്നോ ഇരിപ്പിൽനിന്നോ തന്നെത്താൻ ഉയരുക, പാദങ്ങൾ നിലത്ത് ഉറപ്പിച്ച് നിലകൊള്ളുക. ഉദാ: കിടക്കയിൽ എഴുനേറ്റിരിക്കുക, ഇരുന്നിടത്തുനിന്ന് എഴുന്നേറ്റു പോവുക, രാവിലെ ഉണർന്ന്

എഴുന്നേൽക്കുക; 2. ഉയർന്നുവരിക; 3. സേവനങ്ങൾക്കുവേണ്ടിയും മറ്റും വീറോടെ മുന്നോട്ടുവരിക (പ.മ.)

എഴുന്നേറ്റം [എഴുന്ന്-ഏറ്റം] നാ. എഴുനേറ്റം, അഭിവൃദ്ധി, പുരോഗതി, അഭ്യുന്നതി, ഉയർച്ച

എഴുപത് [ഏഴു-പത്ത്] നാമമായും വിശാഷണമായും പ്രയോഗം, ഏഴു പത്തു ചേർന്ന സംഖ്യ. ഇല്ലത്തേക്ക് എഴുപത്തഞ്ചും കെട്ടും (പഴ)

എഴുപറ [ഏഴു-പറ] നാ. ഒരുതരം ചെണ്ട (പണിയർ ഉപയോഗിക്കുന്നത്)

എഴുപാർ നാ. 'എഴുന്നുപറക്കുന്നത്' ഒരിനം കഴുകൻ, മട്ടക്കഴുകൻ

എഴും [<എഴുക] വി. (ശീലഭാവിരൂപം) എഴുന്ന, ഉള്ള (പ്ര) എഴും ചെഴും = പൊക്കവും വണ്ണവുമുള്ള

എഴുമ [<എഴുക] നാ. 1. പൊക്കം; 2. മേന്മ, മഹത്വം

എഴുമല [എഴു-മല] നാ. 1. സൂര്യൻ എഴുന്നുവരുന്ന മല. ഉദയമല; 2. ഏഴുമല, ഏഴുകുലപർവതങ്ങൾ, സപ്തശൈലങ്ങൾ

എഴുമീൻ [ഏഴു4-മീൻ] നാ. ഏഴുനക്ഷത്രങ്ങൾ, സപ്തർഷിമണ്ഡലം

എഴുമുടി [ഏഴു-മുടി] നാ. ഏഴുരാജാക്കന്മാരുടെ കിരീടങ്ങളിലെ രത്നങ്ങൾ എടുത്ത് ഒരു ചേരരാജാവ് ഉണ്ടാക്കിച്ച മാല

എഴുമ്പുക ക്രി. പൊങ്ങുക, വർദ്ധിക്കുക

എഴുമ്പുല്ല് നാ. 'എഴുന്നു നിൽക്കുന്ന പുല്ല്' ഒരിനം വലിയ പുല്ല്, ഇഞ്ചിപ്പുല്ല്

എഴുമ്പേറ്റം [എഴുമ്പ്-ഏറ്റം] നാ. എഴുന്നേറ്റം, വളർച്ച, അഭിവൃദ്ധി

എഴുലുക ക്രി. എഴുന്നു നിൽക്കുക

എഴുവർ ഏഴു-അർ] നാ. (ബ.വ.) ഏഴുപേർ

എഴുവ് [<എഴുക] നാ. 1. പൊക്കം, ഔന്നത്യം; 2. എഴിപ്പ്, ആധിക്യം; 3. മുഴുപ്പ്, വലുപ്പം

എഴുശീർകഴിനെടിലടി നാ. പഴയ ഒരു ദ്രാവിഡവൃത്തം, രാമചരിതത്തിൽ കാണാം

എഴെ [<എഴുക] ത.വി. ഉയരുമാറ്, ഉയരുമ്പോൾ

എറകല്ല് നാ. = ഇറങ്കല്ല്

എറക്,എറകൽ നാ. ചിറക്

എറക്കാൽ [എറ-കാൽ] നാ. ഇറക്കാൽ, എറമ്പ്. എറക്കാൽവെള്ളം = ഇറമ്പിൽനിന്നും ഇറ്റുവീഴുന്ന വെള്ളം

എറത്തുക ക്രി. വിടർത്തുക, ബലമായിപ്പിടിച്ച് അകറ്റുക, കൈകൊണ്ടുപിടിച്ച് ഇരുവശങ്ങളിലേക്കും വലിച്ച് അകറ്റുക

എറനാടർ [എറ-നാടർ] നാ. (ബ.വ.) ഉത്തരകേരളത്തിലെ ഒരു ഗിരിവർഗം

എറപ്പ നാ. കാട്ടിലും മറ്റും അഴിച്ചുവിട്ടു മേയ്ക്കുന്ന കന്നുകാലികളുടെ കഴുത്തിൽ കെട്ടിത്തൂക്കുന്ന തടിക്കഷണങ്ങൾ. ആ കഷണങ്ങൾതമ്മിൽ കൂട്ടിമുട്ടി ശബ്ദം ഉണ്ടാകുമ്പോൾ മേയുന്ന കന്നുകാലി എവിടെയാണെന്ന് അറിയാം. കൊണ്ടി, കൊട്ടി എന്നും പേരുകൾ

എറാൻ [<റായൻ<രാജൻ] (ആ.ഭാ.) (പ്ര) എറാൻ മൂളുക = രാജാവ് എന്തുപറഞ്ഞാലും അതിനെല്ലാം എറാൻ എന്നു മാത്രം പറയുക, സ്വാഭിപ്രായം പറയാതെ അധികാരസ്ഥൻ പറയുന്നത് എന്തും സ്വീകരിക്കുക, ഒത്തുമൂളുക, എറാൻമൂളി

എറി1 [എറിക്കുക] ധാതുരൂപം

എറി2 [എറിയുക] ധാതുരൂപം

എറി3 നാ. ഏറ്, ഊക്കോടെ ദൂരത്തേക്കുകളയൽ.

401

എറികണ്ണൻ [എറി-കണ്ണൻ] നാ. 1. കോപിഷ്ഠൻ; 2. കടാക്ഷിക്കുന്നവൻ

എറികണ്ണ് [എറി-കണ്ണ്] നാ. ഏങ്കോണിച്ചുള്ള നോട്ടം, അപാങ്ഗവീക്ഷണം, കടാക്ഷം

എറിക്കുക ക്രി. 1. തടിയുടെ തൊലിപ്പുറവും കാതലല്ലാത്ത ഭാഗങ്ങളും കോടാലികൊണ്ടു വെട്ടിമാറ്റുക. ഉദാ: മരം എറിക്കുക; 2. എഴുന്നുനിൽക്കുക; 3. ശോഭിക്കുക. ഉദാ: വെയിൽ എറിക്കുക; 4. ഫലിക്കുക, പറ്റുക. ഉദാ: അവന്റെ സൂത്രമൊന്നും എന്നോട് എറിക്കുകയില്ല

എറിച്ചിൽ നാ. 1. എറിപ്പ്; 2. തൂവാനം; 3. എറിയൽ. (പ്ര) എറിച്ചിൽവെള്ളം = മഴയത്തു മേച്ചിലിന്റെ അറ്റത്തുനിന്നോ മരത്തിൽ നിന്നോ പൊഴിയുന്ന വെള്ളം

എറിപുള്ള് [എറി-പുള്ള്] നാ. 'മറ്റുപക്ഷികളെ പിടിച്ചുകൊണ്ടുവരാൻ ദൂരത്തേക്ക് എറിഞ്ഞുവിടുന്ന പുള്ള്' പ്രാപ്പിടിയൻ

എറിപ്പ് [<എറിക്കുക] നാ. 1. തടിയുടെ തൊലിപ്പുറം വെട്ടിമാറ്റി അറുക്കാൻ തയ്യാറാക്കൽ; 2. വെയിൽ വെറിപ്പ്; 3. ഗർവം, അഹങ്കാരം

എറിയൻ നാ. 1. കണ്ണിൽ പറന്നുവീഴുന്ന ഒരുതരം പൂച്ചി; 2. എറിപുള്ള്

എറിയൽ [<എറിയുക] നാ. എറിയുക എന്ന ക്രിയ, ഏറ്

എറിയുക ക്രി. 1. എടുത്ത് ഊക്കോടെ ദൂരത്തേക്ക് ഇടുക, വായുവിൽകൂടെ ദൂരത്തോട്ടു വലിച്ചുവിടുക. ഉദാ: കല്ലെടുത്തു മാവിൽ എറിയുക; 2. തൊഴിക്കുക, ചവിട്ടുക (പശുക്കളും മറ്റും) ഉദാ: കറക്കുമ്പോൾ എറിയുന്ന പശു; 3. ദൂരെത്തള്ളുക, അകലെക്കളയുക, ഉപേക്ഷിക്കുക

എറിവില്ല് [എറി-വില്ല്] നാ. കല്ലുവച്ച് എയ്യുന്ന ഒരുതരം വില്ല് (കൊക്കിനെയും മറ്റും എയ്യാൻ) തെറ്റാലി

എറുകുറി നാ. തർക്കുത്തരം

എറുക്ക [<ഇറക്കുക] നാ. ഞണ്ടിന്റെ ഇറുക്കുകൊമ്പ്

എറുക്കുക = ഇറുക്കുക

എറുതല നാ. തറുതല, എതിർവാക്ക്

എറുമ്പ് നാ. = ഉറുമ്പ്

എറുമ്പൊഴുക്കൽ നാ. വയറ്റത്തെ രോമനിര, രോമാവലി, രോമലത

എറുൾ നാ. 1. വലുപ്പം; 2. ശക്തി

എറുളി നാ. എട്ടുകാലി. താരത. ഊറാമ്പുലി, ഉറുളി, ഉറുമാമ്പുലി

എറെപ്പുറം [<ഇറയ-പുറം] നാ. പുരയുടെ പിൻഭാഗം, പരിയമ്പുറം

എറോക്കളി നാ. മലയിലെ ദൈവങ്ങളെ പ്രസാദിപ്പിക്കുവാൻ വേണ്ടി ക്ഷേത്രങ്ങളിൽ തുടിമുട്ടിക്കൊണ്ട് അനേകംപേർ ചേർന്നു നടത്തുന്ന ഒരു കളി

എറോപ്പ [ല.] നാ. യൂറോപ്പ്

എറോപ്പക്കാരൻ നാ. യൂറോപ്പുകാരൻ, യൂറോപ്യൻ

എറ്റൽ [എറ്റ്-അൽ] നാ. അടി, പ്രഹരം

എറ്റിക്കളി [എറ്റി-കളി] നാ. കുട്ടികളുടെ ഒരു കളി, പുളിങ്കുരു നിലത്തിട്ട് നടുവിരൽകൊണ്ടോ ചൂണ്ടുവിരൽകൊണ്ടോ തെറിപ്പിച്ചുള്ള കളി

എട് നാ. 1. അടി, തല്ല്; 2. അലക്ക്, മുണ്ട് അലക്കൽ, മുണ്ട് കല്ലിൽ അടിക്കൽ. വെടുത്തേടന് എറ്റ് കഴിഞ്ഞിട്ട് പെണ്ണുകെട്ടൻ ഒക്കുകയില്ല (പഴ); 3. ഏറ്; 4. വെള്ളം തളിക്കൽ, വണ്ണാൻ നടത്തുന്ന ഒരു ചടങ്ങ് (ഒരു കുട്ടി ജനിച്ചതിൻെറ മൂന്നാംദിവസവും പുലയുടെ ഏഴാം ദിവസവും) (പ്ര) എറ്റും മാറ്റും = വെളുപ്പിച്ച തുണിയും അഴുക്കായ തുണിയും; 5. കെണി, കുരുക്ക്

എറ്റുക ക്രി. 1. അടിക്കുക, പ്രഹരിക്കുക; 2. ഊക്കോടെ തെറിപ്പിക്കുക, തെറ്റാലികൊണ്ടോ കവിണകൊണ്ടോ മറ്റോ ചാട്ടുക, ചാണ്ടുക; 3. വെള്ളം എന്നപോലെ തെറിപ്പിക്കുക, തളിക്കുക; 4. അലക്കുക, മുണ്ടിലെ അഴുക്കു കളയാൻ വെള്ളത്തിൽ മുക്കി കല്ലിലോ മറ്റോ അടിക്കുക

എറ്റുനൂൽ [എറ്റ്-നൂൽ] നാ. തടി അറുക്കുമ്പോൾ വാൾ പോകേണ്ടവഴി വരയിട്ട് (കരിപുരട്ടി) അടയാളപ്പെടുത്തുന്ന നൂല്

എറ്റുപണിക്കൻ നാ. വെളുത്തേടൻ

401

## ഏ

ഏ1 മലയാളത്തിലെ പതിനൊന്നാമത്തെ അക്ഷരം. 'എ' എന്നതിൻെറ ദീർഘരൂപം. ദ്രാവിഡ ഭാഷകൾക്കും സംസ്കൃതത്തിനും സമാനം. കണ്ഠ്യതാലവ്യം. ഈ സ്വരത്തിൻെറ ഇപ്പോഴത്തെ ലിപി [ഏ,ഏ-] ഏർപ്പെടുന്നതുവരെ ഹ്രസ്വ എകാരലിപി [എ,എ-] തന്നെ ഇതിനും ഉപയോഗിച്ചിരുന്നു. 'എ' നോക്കുക.

ഏ2 ഒരു ചുട്ടെഴുത്ത്. 'എ' എന്നതിൻെറ ദീർഘരൂപം. 'എ' നോക്കുക. താരത. എത്, എവൻ, എവൾ, എവർ. 'എ' ദീർഘിച്ച് 'ഏ' എന്നായിത്തീരുന്ന ഈ വികാരം സാധാരണ നിയമമല്ലെന്നതും ശ്രദ്ധിക്കുക.

ഏ3 വ്യാക്ഷേ.1. നീരസം മുതലായവയെ ദ്യോതിപ്പിക്കുന്നത്; 2. ശ്രദ്ധയെക്ഷണിക്കാൻ ഉള്ള ഒരു ശബ്ദം.

ഏ4 പ്രതിഗ്രാഹികാ വിഭക്തിപ്രത്യയം. "എ' എന്ന ഹ്രസ്വരൂപം സമീചീനം. ദീർഘ്ജരൂപവും കാണാം. വിശേഷിച്ചും സമുച്ചയം ചേരുമ്പോൾ

ഏ5 ചിലപ്പോൾ സംബന്ധികാഭാസരൂപമായും നിൽക്കും. ഉദാ: അങ്ങേ ഭൃത്യൻ (അങ്ങയുടെ ഭൃത്യൻ)

ഏ6 ആധാരികാഭാസപ്രത്യയം. 'ഇൻ' പ്രത്യയത്തിൻെറമേൽ ചേർന്നോ അല്ലാതെയോ. ഉദാ: രാവിലേ, അകമേ, വടക്കേ, മേലേ, കീഴേ. ഇതിനുപിൻപിൽ വരുന്ന ദൃഢാക്ഷരങ്ങൾ ഇരട്ടിക്കും. ഉദാ: രാവിലേക്കാറ്റ്, അകത്തേക്കണ്ണ്, വടക്കേക്കോട്ട, മേലേക്കിട, കീഴേച്ചുണ്ട്. ആധാരികാഭാസ വിഭക്തിക്കുപിന്നിൽ ചേർക്കുമ്പോൾ 'ഉള്ള' എന്ന അർഥത്തെ ദ്യോതിപ്പിക്കും. ഉദാ: കാട്ടിലേ ആന, അകത്തേ പരിഷ (ഹ്രസ്വമായും കാണാം. ഉദാ: കാട്ടിലെ ആന)

ഏ7 അവധാരകനിപാതം. ഉദാ: വന്നേ മതിയാകൂ, കണ്ടാലേ അടങ്ങൂ
ഏ8 ചോദ്യാർഥത്തിൽ അല്ല, ഇല്ല മുതലായവയോടു ചേരുന്ന നിപാതം. ഉദാ: അല്ലേ, ഇല്ലേ, എന്തേ. ചോദ്യാവധാരകാർഥങ്ങൾ ചേർത്ത് (അല്ലോ എന്ന അർഥത്തിലും) പ്രയോഗം. ഉദാ: ഞാൻ പറഞ്ഞതുപോലെ പറ്റിയേ. പറ്റിയല്ലോ, സംഭവിച്ചലോ എന്ന് അർഥം
ഏ9 സംബോധനാർഥത്തിൽ നാമങ്ങളോടുചേർക്കുന്ന ഒരു നിപാതം. ഉദാ: അമേ, തളേ, പൊന്നേ, കണ്ണേ
ഏ10 തൻവിനയെച്ചപ്രത്യയം ഉദാ: പോകവേ, വരവേ. ഹ്രസ്വമായ 'എ' ചേർന്നരൂപം പ്രയോഗത്തിൽ അധികം . പോകെ, വരെ
ഏ11 ചില അവ്യയശബ്ദങ്ങളിൽ 'ആയി' എന്ന അർഥത്തിൽ ചേരുന്ന ഒരു നിപാതം. ഉദാ: കുറേ, ചെമ്മേ, നന്നേ, നേരേ
ഏ12 അപേക്ഷ, നിർദേശം, നിവേദനം മുതലായ അർഥങ്ങൾ സൂചിപ്പിക്കാൻ ക്രിയാരൂപങ്ങളോടു ചേർക്കുന്ന നിപാതം. ഉദാ: ഇങ്ങോട്ടുനോക്കിയേ, അങ്ങോട്ടുപോയേ
ഏ13 ചില വ്യാക്ഷേപങ്ങളുടെ അന്തം. ഉദാ: അയ്യേ, ഛേ, കഷ്ടമേ
ഏ14 (വ്യാക) പൂർണസങ്ഖ്യയോടു കീഴ്കണക്കു ചേർത്തു പറയുമ്പോൾ സമുച്ചയാർഥത്തിൽ ചേർക്കുന്ന ഇടനില. ഉദാ: ഒന്നേകാൽ, ഒന്നേമുക്കാൽ
ഏ15 വാക്യാലങ്കാരമായും പ്രയോഗം. പ്രത്യയാംശവും മറ്റുമായ ഹ്രസ്വ 'എ' കാരത്തെ വൃത്തകാര്യമായോ ഉദാസീനമായ ഉച്ചാരണംകൊണ്ടോ 'ഏ' എന്നു നീട്ടി പ്രയോഗിക്കുന്നതും സാധാരണമാണ്
ഏക1 [സം.] വി. 1. ഒന്നായ, ഒറ്റയായ, ഒരു; 2. തനിച്ചുള്ള, ഒറ്റയ്ക്കുള്ള; 3. ഒന്നുതന്നെയായ, അതുതന്നെ ആയ, അനന്യമായ, ഭിന്നമല്ലാത്ത; 4. തുല്യമായി മറ്റൊന്നില്ലാത്ത, പ്രധാനപ്പെട്ട, ശ്രേഷ്ഠമായ; 5. സത്യമായ
ഏക2 [സം.ഏകാ] നാ. ദുർഗ, പാർവതി
ഏകക [സം.ഏക-ക] വി. 1. തനിച്ചുള്ള, ഒറ്റയായ, ഏകമായ; 2. അനന്യമായ, അതുതന്നെയായ
ഏകകണികാജീവി നാ. ഒരു സെൽ മാത്രമുള്ള ജീവി
ഏകകണ്ഠ വി. 'ഒരേ കണ്ഠമുള്ള' ഒന്നിച്ചുപറയുന്ന, ഏകസ്വരത്തിൽ പറയുന്ന, അഭിപ്രായൈക്യമുള്ള
ഏകകം [സം.] നാ. അളക്കുവാനുള്ള അങ്ഗീകൃതമായ മാത്ര, തോത്
ഏകകർത്തൃകത്വം നാ. ഒരേ ആൾ ചെയ്തിട്ടുള്ളതെന്ന ഭാവം
ഏകകര1 [സം.ഏക-കര] വി. ഒരുകാര്യം മാത്രം ചെയ്യുന്ന
ഏകകര2 [സം.] വി. 1. ഒരുകൈ മാത്രമുള്ള; 2. ഒരു രശ്മിമാത്രമുള്ള
ഏകകാലം നാ. 1. ഒരേകാലം; 2. ഒരിക്കൽമാത്രം, ദിവസത്തിൽ ഒരുവട്ടം
ഏകകാലിക [സം.-കാലിക] വി. 1. ഒരേ കാലത്തുള്ള, സമകാലികമായ; 2. ഒരിക്കൽ മാത്രം സംഭവിക്കുന്ന
ഏകകുണ്ഡലൻ നാ. 'ഒരു കുണ്ഡലം മാത്രം ധരിച്ചവൻ' 1. കുബേരൻ; 2. ബലരാമൻ; 3. ശേഷൻ

ഏകകേന്ദ്ര [സം.] വി. ഒരേ കേന്ദ്രത്തോടുകൂടിയ (ഒരേ കേന്ദ്രബിന്ദുവിനെ ആധാരമാക്കി വരച്ച അനേകം വൃത്തങ്ങൾപോലെ)
ഏകഖുരം [സം.-ഖുര] നാ. ഒറ്റക്കുളമ്പുള്ള മൃഗം
ഏകഗമ്യൻ [സം.-ഗമ്യ] നാ. പരമാത്മാവ്
ഏകഗുരു വി. ഒരേ ഗുരുവുള്ള, ഒരേ ഗുരുവിൽനിന്നു പഠിക്കുന്ന
ഏകഗോത്രക വി. ഒരേ ഗോത്രത്തിൽപ്പെട്ട
ഏകചക്ര1 [സം.-ചക്ര] വി. 1. ഒറ്റച്ചക്രമുള്ള (സൂര്യൻെറ രഥത്തിനെന്നപോലെ) 'ഏകചക്രം നോക്കുക; 2. ഒരേ രാജാവിനാൽ ഭരിക്കപ്പെടുന്ന
ഏകചക്ര2 [സം.-ചക്രാ] നാ. കീചകന്മാരുടെ ഒരു പട്ടണം, അരക്കില്ലത്തുനിന്ന് രക്ഷപ്പെട്ട പാണ്ഡവന്മാർ അജ്ഞാതവാസം അനുഷ്ഠിച്ച ഒരു ജനപദം
ഏകചക്രൻ [സം.] നാ. 1. സൂര്യൻ; 2. ദനുവിൻെറ നൂറുപുത്രന്മാരിൽ ഒരുവൻ
ഏകചത്വാരിംശത്ത് നാ. നാൽപ്പത്തൊന്ന്. ഏകചത്വാരിംശ = നാൽപ്പത്തൊന്നാമത്തെ
ഏകചര വി. 1. ഒറ്റതിരിഞ്ഞു സഞ്ചരിക്കുന്ന, തനിച്ചു ജീവിക്കുന്ന, ഏകാന്തവാസം ചെയ്യുന്ന; 2. ഒരുമിച്ചു സഞ്ചരിക്കുന്ന, ഒരേസമയത്തു സഞ്ചരിക്കുന്ന
ഏകചരൻ [സം.] നാ. പരിവ്രാജകൻ
ഏകചരം [സം.] നാ. കാണ്ടാമൃഗം
ഏകചാരി നാ. 1. ഒറ്റയ്ക്കു സഞ്ചരിക്കുന്നവൻ; തനിച്ചു ജീവിക്കുന്നവൻ; 2. ഒരു പ്രത്യേക ബുദ്ധൻ; 3. പതിനാറുതരം എലികളിൽ ഒരിനം
ഏകചാരിണി നാ. 'ഒരു പുരുഷനെ മാത്രം അനുവർത്തിക്കുന്നവൾ' പതിവ്രത
ഏകചിത്ത വി. 1. ഒരു കാര്യത്തിൽ മാത്രം മനസ്സ് ഉറപ്പിച്ച; 2. ഏകാഭിപ്രായമുള്ള, അഭിപ്രായത്തിൽ യോജിപ്പുള്ള, സമ്മതിക്കുന്ന
ഏകച്ഛത്രാധിപതി നാ. 1. ഭൂമി മുഴുവൻ ഒരുകൊറ്റക്കുടക്കീഴിൽ ആക്കി ഭരിക്കുന്നവൻ, ചക്രവർത്തി, സാമ്രാട്ട്; 2. (ആല) സർവാധിപതി, പരമാധികാരി, സ്വേച്ഛാധികാരി (പ്ര) ഏകച്ഛത്രാധിപത്യം = ഏകച്ഛത്രാധിപതിയുടെ പദവി, ഏകാധിപത്യം, സാർവഭൗമത്വം
ഏകജൻ [സം.ഏക-ജ] നാ. 1. ഒരേ അച്ഛനമ്മമാർക്കു പിറന്ന സഹോദരൻ; 2. ഒറ്റമകൻ, സഹോദരനില്ലാത്തവൻ
ഏകജന്മാ(വ്) [സം.-ജന്മൻ] നാ. 'ഉത്കൃഷ്ട ജനനം ഉള്ളവൻ' 1. രാജാവ്; 2. ദ്വിജൻ അല്ലാത്തവൻ, ശൂദ്രൻ
ഏകജാത വി. 1. ഒരേ അച്ഛനമ്മമാർക്കു പിറന്ന; 2. സഹോദരന്മാർ ഇല്ലാത്ത
ഏകജാതി [സം.] നാ. 1. ഒരുജാതി, ഒരേ ജാതി; 2. ശൂദ്രൻ (ദ്വിജൻ അല്ലാത്തവൻ)
ഏകജീവവാദം [സം.-ജീവ-വാദ] നാ. ഒരേ ഒരു ജീവാത്മാവേ ഉള്ളു എന്ന വാദം

ഏകത [സം.-താ] നാ. 1. ഏകത്വം, ഐക്യം, ഒരുമിപ്പ്, ഒരുമ; 2. ഒന്നെന്നുള്ള സ്ഥിതി
ഏകതമ [സം.-തമ] വി. പലതിൽ ഒന്നായ
ഏകതര വി. രണ്ടുവസ്തുക്കളിൽ ഒന്നായ
ഏകത: [സം.ഏക-ത:]അവ്യ. 1. ഒരു വശത്തുനിന്ന്, ഒരുവശത്ത്; 2. ഒറ്റയ്ക്ക്
ഏകതാന [സം.-താന] വി. 1. ഒരു കാര്യത്തിൽത്തന്നെ മനസ്സ് ഉറച്ചിരിക്കുന്ന, ഏകാഗ്രതയുള്ള; 2. ഒരേ തരത്തിലുള്ള, ഒരേസ്വരത്തിലുള്ള
ഏകതാനത [സം.-താനതാ] നാ. 1. ഏകാഗ്രത; 2. (സങ്ഗീ) സ്വരൈക്യം, താളൈക്യം
ഏകതാളം [സം.-താല] നാ. 1. (സങ്ഗീ) നൂറ്റൊന്നു താളങ്ങളിൽ ഒന്ന്; 2. സ്വരൈക്യം, താളൈക്യം, ലയം
ഏകതാളി [സം.-താലീ] നാ. (സങ്ഗീ) 1. ഒരു താളം; 2. താളം പിടിക്കാനുള്ള ഒരു ഉപകരണം; 3. ഒരുതരം പ്രബന്ധം.
403
ഏകതീർഥി നാ. 1. ഒരേ തീർഥത്തിൽ സ്നാനം ചെയ്യുന്നവൻ; 2. സതീർഥ്യൻ; 3. ഒരേ ആശ്രമത്തിൽ വസിക്കുന്നവൻ
ഏകത്ര [സം.] അവ്യ. 1. ഒരിടത്ത്, ഒരേ സ്ഥാനത്ത്, ഒരൊറ്റസ്ഥലത്ത്; 2. ഒന്നുചേർന്ന്, എല്ലാംകൂടി; 3. ഒരു വശത്ത്, ഒരു ഭാഗത്ത്
ഏകത്വം [സം.-ത്വ] നാ. ഏകത, ഒന്നാണെന്ന അവസ്ഥ, ഐക്യം
ഏകദന്തൻ [സം.-ദന്ത] നാ. ഒറ്റക്കൊമ്പൻ, ഗണപതി
ഏകദാ [സം.] അവ്യ 1. ഒരിക്കൽ, ഒരുസമയം; 2. അതേസമയത്ത്, പെട്ടെന്ന്
ഏകദൃഷ്ടി നാ. 1. ഒറ്റക്കണ്ണൻ, 2. കാക്ക; 3. ശിവൻ; 4. സമദർശി, തത്ത്വജ്ഞാനി
ഏകദേവൻ [സം.-ദേവ] നാ. പരമേശ്വരൻ
ഏകദേശം [സം.-ദേശ] നാ. 'ഒരു സ്ഥലം' 1. ഒരുദേശം, ഒരു സ്ഥലം (പ.മ); 2. ഒരു ഭാഗം, ഒരംശം, ഒരുപക്ഷം. അവ്യ. മിക്കവാറും, ഏറെക്കുറെ, ഒട്ടൊക്കെ, കുറച്ച്, അൽപം
ഏകദേശവിവർത്തി [സം.-വിവർതിൻ] നാ. 1. ഏതാനും അംശങ്ങളിൽ മാത്രം വ്യാപരിക്കുന്നത്, ഭാഗികമായിട്ടുള്ളത്; 2. സാവയരൂപകത്തിൻെറ ഒരു ഭേദം
ഏകദേഹൻ [സം.-ദേഹ] നാ. ബുധൻ
ഏകധനം [സം.] നാ. 1. നല്ല സമ്മാനം, പൂജാതർപ്പണം; 2. മുഖ്യധനം; 3. യാഗം മുതലായ ചടങ്ങുകളിൽ വെള്ളമെടുക്കാൻ ഉപയോഗിക്കുന്ന ഒരുതരം പാത്രം
ഏകധർമി [സം.-ധർമിൻ]വി. 1. ഒരേഗുണമുള്ള; 2. ഒരേ മതത്തിൽപ്പെട്ട
ഏകധാ [സം.] അവ്യ. 1. ഒരേ പ്രകാരത്തിൽ, ഒരേ തരത്തിൽ; 2. ഒരുമിച്ച്; 3. ഒറ്റയ്ക്ക്, ഒറ്റയായി
ഏകധാരം [സം.-ധാര] നാ. 'ഒരു ധാര മാത്രമുള്ളത്, അവിച്ഛിന്നധാരമായത്' 1. ഒരു തീർഥം; 2. ഒരു വായ്ത്തല മാത്രമുള്ളത്; 3. ഒരു പർവതം, ഏകധാരകം
ഏകധുര1 [സം.-ധുര] വി. 1. ഒരേ ഭാരം വഹിക്കുന്ന; 2. ഒരു ജോലിക്കുമാത്രം കൊള്ളവുന്ന; 3. ഒരു നുകത്തിനുമാത്രം പറ്റുന്ന

ഏകധുര2 [സം.-ധുരാ] നാ. ഒരു പ്രത്യേകതരം വാഹനം, ഒരാൾക്കുമാത്രം കയറി സഞ്ചരിക്കാവുന്ന വണ്ടി
ഏകധുരീണൻ [സം.-ധുരീണ] നാ. 1. ഒരേ ഒരുതരം വേല മാത്രം ചെയ്യുന്നവൻ; 2. ഒരേ ഭാരം വഹിക്കുന്നവൻ
ഏകൻ [സം.ഏക] നാ. 1. ഒരുത്തൻ, ഒരാൾ; 2. ഒറ്റയായുള്ളവൻ, തനിയേ ഉള്ളവൻ, വേറാരും കൂടെ ഇല്ലാത്തവൻ; 3. അദ്വയൻ, ബ്രഹ്മം, പരമാത്മാവ്, വിഷ്ണു; 4. ശ്രേഷ്ഠൻ, മുഖ്യൻ; 5. നിസ്സഹായൻ; 6. കേവലൻ; 7. ഏതോ ഒരാൾ; 8. പുരൂരവസ്സിന് ഉർവശിയിൽ ഉണ്ടായ ആറുമക്കളിൽ ഒരുവനായ രയൻെറ ഒരു പുത്രൻ
ഏകനടൻ [സം.-നട] നാ. മുഖ്യനടൻ, സൂത്രധാരൻ
ഏകനയനൻ [സം.-നയന] നാ. 1. വൈശ്രവണൻ; 2. ശുക്രൻ
ഏകനാഡി [സം.-നാഡീ] നാ. മുഖ്യനാഡി, സുഷുമ്ന
ഏകനാഥൻ [സം.-നാഥ] നാ. താൻമാത്രം നാഥനായിട്ടുള്ളവൻ. (സ്ത്രീ.) ഏകനാഥ
ഏകനായകൻ [സം.-നായക]നാ. 1. ഏകനാഥൻ; 2. ശിവൻ; 3. വിഷ്ണു. (പ്ര) ഏകനായകത്വം = ഒരാളിൻെറ മാത്രം വാഴ്ച, ഏകാധിപത്യം
ഏകനിഷ്ഠ [സം.-നിഷ്ഠ] വി. ഏകാഗ്രതയുള്ള, ഒന്നിൽ ഉറച്ചുനിൽക്കുന്ന
ഏകനേത്രൻ [സം.-നേത്ര] നാ. ശിവൻ
ഏകപക്ഷ [സം.-പക്ഷ] വി. 1. ഒരുപക്ഷം (ചിറക്) ഉള്ള. ഉദാ: ഏകപക്ഷവിമാനം; 2. പക്ഷപാതപരമായ, ഏതെങ്കിലും ഒരുപക്ഷം ചേർന്നുള്ള, ഒരു കക്ഷിയുടെ വാദത്തെ മാത്രം പരിഗണിച്ചുകൊണ്ടുള്ള
ഏകപക്ഷീയ [സം.-പക്ഷീയ] വി. ഒരുപക്ഷത്തെ മാത്രം സംബന്ധിച്ച, ഒരുവശം പിടിച്ചുള്ള
ഏകപഞ്ചാശത്ത് [സം.-പഞ്ചാശത്] നാ. അൻപത്തൊന്ന്. ഏകപഞ്ചാശ = അമ്പത്തൊന്നാമത്തെ
ഏകപതി(ക) [സം.-പതി(ക)] നാ. 1. ഏകനാഥൻ; 2. ഒരു ഭർത്താവു മാത്രമുള്ളവൾ, പതിവ്രത
ഏകപത്നി [സം.-പത്നീ] നാ. 1. ഭർത്താവിൻെറ ഒരേ ഭാര്യ; 2. ഒരു ഭർത്താവു മാത്രമുള്ളവൾ
ഏകപത്നീവ്രതം നാ. ഒരേ ഒരു ഭാര്യയെന്ന നിഷ്ഠ, ഒന്നിൽകൂടുതൽ ഭാര്യമാരെ സ്വീകരിക്കയില്ലെന്ന നിഷ്ഠ
ഏകപത്രഫല [സം.-ഫലാ] നാ. കുടപ്പന, താളിപ്പന
ഏകപത്രം,-ത്രി നാ. ഓരിലത്താമര
ഏകപദ [സം.-പദ] വി. 1. ഒരു പാദത്തോടുകൂടിയ; 2. ഒരു വാക്കോടുകൂടിയ
ഏകപദം [സം.-പദ] നാ. 1. ഒറ്റപ്പദം; 2. ഒരു രതിബന്ധം; 3. ഒരു കാൽച്ചുവട്
ഏകപദി [സം.-പദി] നാ. 1. വഴി, ഒറ്റയടിപ്പാത; 2. ഒരു കാലുള്ളവൾ; 3. ഒരിനം ചിലന്തി
ഏകപർണ [സം.-പർണാ]നാ. 1. ഒരു ഇലപോലും ഭക്ഷിക്കാതെ തപസ്സുചെയ്തപ്പോൾ ഉണ്ടായവൾ, ഹിമവാനു മേനകയിൽ ഉണ്ടായ മൂന്നു പുത്രിമാരിൽ ഒരുവൾ; 2. ഓരില

ഏകപാടല [സം.-പാടല] നാ. ഒരുപടലപുഷ്പം പ്രതിദിനം ഭക്ഷിച്ചുകൊണ്ട് തപസ്സുചെയ്കയാൽ ഉണ്ടായവൾ, ഹിമവാന്റെ മൂന്നു പുത്രിമാരിൽ ഒരുവൾ
ഏകപാത്ത് [സം.-പാദ്] നാ. 1. ഒറ്റക്കാലൻ, മുടന്തൻ; 2. ശിവൻ; 3. വിഷ്ണു; 4. അജൻ (മരുത്തുകളിലൊരാൾ)
ഏകപാദൻ [സം.-പാദ] നാ. 1. ഏകപാത്ത്, ശിവൻ, ഏകാദശരുദ്രന്മാരിൽ ഒരാൾ; 2. വിഷ്ണു; 3. ഒറ്റക്കാലൻ
ഏകപാദപ്ലുതം [സം.-പ്ലുത] നാ. 'ഒരു കാൽ ഉറപ്പിച്ചുകൊണ്ടുള്ള ചാട്ടം' കുതിരയുടെ ഒരു ചാട്ടം
ഏകപിണ്ഡത നാ. ഒരേപിണ്ഡത്തിനുള്ള അർഹത, സപിണ്ഡത
ഏകപിങ്ഗ(ല)ൻ [സം.-പിങ്ഗല] നാ. ഒരുകണ്ണു പിങ്ഗലവർണമായിട്ടുള്ളവൻ, കുബേരൻ
ഏകപുടതാളം [സം.-പുട-താല] നാ. ഏകതാളം
ഏകപുത്രൻ [സം.-പുത്ര] നാ. 1. ഒറ്റപ്പുത്രൻ; 2. ഒരുപുത്രൻ മാത്രമുള്ളവൻ
ഏകപുരുഷൻ [സം.-പുരുഷ]നാ. 1. ഉത്തമപുരുഷൻ, വിഷ്ണു; 2. മുഖ്യപുരുഷൻ, പ്രധാനി; 3. ഒരേയൊരു പുരുഷൻ
ഏകപൃഷ്ടോത്തരം നാ. ചിത്രാലങ്കാരത്തിൽപ്പെട്ട പ്രശ്നം എന്ന ഉപവിഭാഗത്തിന്റെ ഒരു വകഭേദം. തുല്യങ്ങളായ വർണങ്ങളുടെ വിന്യാസം മുഖേന ഒരു പ്രശ്നത്തിന്റെ ഉത്തരവും കൂടി അതിൽത്തന്നെ വരുമാറു ചെയ്യപ്പെടുന്ന വാക്യബന്ധപ്രശ്നം
ഏകഭക്ത [സം.-ഭക്ത] വി. 1. ഒരു യജമാനനെ മാത്രം സേവിക്കുന്ന; 2. ഒരു ദേവനെമാത്രം ഭജിക്കുന്ന; 3. ഒന്നിച്ചുഭക്ഷിക്കുന്ന; 4. ഒരിക്കൽ മാത്രം ഭക്ഷിക്കുന്ന. (പ്ര) ഏകഭക്തയായ സ്ത്രീ = പതിവ്രത
ഏകഭക്തം [സം.-ഭക്ത] നാ. ഒരിക്കലൂണ്
ഏകഭാര്യൻ [സം.-ഭാര്യ] നാ. ഒരു ഭാര്യ മാത്രമുള്ളവൻ
ഏകഭാവന [സം.-ഭാവനാ] നാ. ഒന്നെന്നുള്ളവിചാരം, വ്യത്യാസം തോന്നായ്ക, സമബുദ്ധി
ഏകഭാവം [സം.-ഭാവ] നാ. ഒന്നായിരിക്കൽ, ഒന്നെന്നഭാവം
ഏകഭുക്ത [സം.-ഭുക്ത] വി. 1. ഒരിക്കൽമാത്രം ഊണുകഴിക്കുന്ന; 2. എല്ലാവരും ചേർന്നിരുന്നു ഭക്ഷിക്കുന്ന
ഏകഭോഗം [സം.-ഭോഗ] നാ. ഒരു ബ്രാഹ്മണകുടുംബം താമസിക്കുന്ന വീടും ചുറ്റുപാടും അവരുടെ ഭൃത്യന്മാർ താമസിക്കുന്ന വീടുകളും മാത്രം ഉള്ള ഒരു ഗ്രാമം
ഏകം [സം.] നാ. 1. ഒന്ന്, തനിച്ചുള്ള നില, മറ്റൊന്നില്ലായ്മ; 2. ഏഴുതാളങ്ങളിൽ ഒന്ന്, ഏകപുടതാളം
ഏകമതി [സം.-മതി] വി. 1. ഒന്നിൽ മനസ്സ് ഉറപ്പിച്ച; 2. ഒരേ അഭിപ്രായമുള്ള. നാ. മനസ്സിന്റെ ഏകാഗ്രത
ഏകമനസ്സ് [സം.-മനസ്] നാ. ഏകാഗ്രത, ഐകമത്യം
ഏകമാത്രക [സം.-മാത്രക] വി. ഒരു മാത്രയുള്ള
ഏകമാത്രാസ്വരം [സം.] നാ. (സങ്ഗീ) നൂറ്റൊന്ന് അലങ്കാരങ്ങളിലൊന്ന്
ഏകമുഖ [സം.-മുഖ] വി. 1. ഒരുമുഖം (വായ്) ഉള്ള; 2. ഒരേസ്ഥലത്തേക്ക് അഭിമുഖമായ; 3. ഒരേലക്ഷ്യത്തോടുകൂടിയ; 4. ഒരു നായകൻ (തലവൻ) മാത്രമുള്ള; 5. ഒരു മുഖപ്പുമാത്രമുള്ള

ഏകമൂർത്തി [സം.-മൂർതി] നാ. വിശ്വസ്വരൂപൻ, ഈശ്വരൻ
ഏകമൂർത്തിവരാഹൻ നാ. ഒരു പഴയ സ്വർണനാണയം, 24.5 പണം വില
ഏകമേള [സം.-മേലാ] നാ. മേളഭേദമനുസരിച്ച് വീണകൾ രണ്ടുതരം ഉള്ളതിൽ ഒന്ന് (മറ്റത് സർവമേള)
ഏകയഷ്ടി(ക) [സം.-യഷ്ടികാ] നാ. ഒരിഴ മാത്രമായിട്ടുള്ള മുത്തുമാല
ഏകയോഗം [സം.-യോഗ] നാ. ഐകമത്യം, ഐക്യം. ഏകയോഗക്ഷേമം = ഐക്യവും അതുകൊണ്ടുള്ള ഐശ്വര്യവും
ഏകയോനി [സം.-യോനി] വി. 1. ഒരേയോനിയിൽപ്പിറന്ന, ഒരേ അമ്മയ്ക്കു പിറന്ന; 2. ഒരേ ഉത്പത്തിസ്ഥാനമുള്ള, മൗലികമായി അന്യോന്യം ബന്ധമുള്ള; 3. ഒരേ കുടുംബത്തിൽ ജനിച്ച, ഒരേ ജാതിയിൽ പിറന്ന. നാ. തച്ചുശാസ്ത്രപ്രകാരമുള്ള എട്ടു യോനികളിൽ ഒന്ന്, ധ്വജയോനി
ഏകർച്ചം [സം.-ഋച] നാ. 'ഒരു ഋക്കുകൊണ്ടു നടത്തുന്നത്' ഒരുതരം ശവസംസ്കാര കർമം
ഏകരദ(ന)ൻ [സം.-രദ,-രദന] നാ. ഏകദന്തൻ, ഗണപതി
ഏകരസം [സം.-രസ] നാ. 1. ഏകമായ രസം, പരമമായ സന്തോഷം, പരമാനന്ദം; 2. ഒരേ രസം
ഏകരാജൻ [സം.-രാജ] നാ. സർവാധികാരമുള്ള രാജാവ്
ഏകരാത്രം [സം.-രാത്ര] നാ. 1. ഒരു രാത്രി; 2. ഒരു രാത്രികൊണ്ടു നിർവഹിക്കുന്ന വ്രതമോ കർമമോ. താറ്റത. അതിരാത്രം
ഏകരാത്രിക [സം.-രാത്രിക] വി. ഒരു രാത്രിക്കുള്ള
ഏകരാശി [സം.-രാശി] നാ. 1. ഒരു രാശി; 2. ഒരു കൂമ്പാരം, ഒരു കൂന
ഏകരീതി [സം.-രീതി] നാ. ഒരേ രീതി, തുല്യത
ഏകരുദ്രൻ [സം.-രുദ്ര] നാ. ശിവൻ, ശൈവമതമനുസരിച്ചു വിദ്യേശ്വരൻെറ എട്ടു ഭാവങ്ങളിൽ ഒന്ന്
ഏകരൂപ [സം.-രൂപ] വി. ഒരേ ആകൃതിയിലുള്ള, ഒരേതരത്തിൽപ്പെട്ട
ഏകരൂപത [സം.-രൂപതാ]നാ. ഏകരൂപമായിരിക്കുന്ന അവസ്ഥ, ആകൃതിയിലുള്ള സമാനത, ഐക്യരൂപം
ഏകരേഖീയ [സം.-രേഖീയ] വി. ഒരേ ഋജുരേഖയിൽ സ്ഥിതിചെയ്യുന്ന
ഏകൽ [ഏകുക] നാ. 1. കൊടുക്കൽ; 2. കല്പന; 3. വിധി; 4. പ്രതിജ്ഞ
ഏകല [സം.] വി. ഒറ്റയ്ക്കായ, തനിച്ചായ
ഏകാൻ [സം.] നാ. 1. താൻ മാത്രമായുള്ളവൻ; 2. അദ്വിതീയൻ
ഏകലവ്യൻ [സം.ഏക-ലവ്യ] നാ. 1. നിഷാദരാജാവായ ഹിരണ്യധനുസ്സിൻെറ മകൻ; 2. ക്രോധവശൻ എന്ന അസുരൻെറ പുനർജന്മമായ ഒരു രാജാവ്
ഏകലിങ്ഗൻ [സം.-ലിങ്ഗ] നാ. 1. കുബേരൻ; 2. ശിവൻ
ഏകലിങ്ഗം [സം.-ലിങ്ഗ] നാ. 1. ഒരു ലിങ്ഗത്തിൽ മാത്രം പ്രയോഗമുള്ള പദം; 2. അഞ്ചുക്രോശം ദൂരത്തിൽ ഒരുലിങ്ഗം (അതിരടയാളം) മാത്രമുള്ള സ്ഥലം; 3. ഒറ്റയായിട്ടുള്ള ശിവലിങ്ഗം. സങ്ഖ്യയനുസരിച്ചു ലിങ്ഗപ്രതിഷ്ഠയെ രണ്ടായി തരം തിരിച്ചിട്ടുള്ളതിൽ ഒരു വിഭാഗം, ബ്രഹ്മാവ്, വിഷ്ണു, ശിവൻ എന്നിവരുടെ അംശങ്ങൾ തുല്യമായി പകുത്തിട്ടുള്ളത്. (ഒന്നിൽകൂടുതൽ ലിങ്ഗം ചേർന്നത് ബഹുലിങ്ഗം)

ഏകലിങ്ഗസസ്യം നാ. ഒരു പൂവിൽ പുരുഷകേസരമോ സ്ത്രീകേസരമോ ഏതെങ്കിലും ഒന്നുമാത്രം ഉള്ള സസ്യം
ഏകലോകം [സം.-ലോക] നാ. 1. ഒരു ലോകം, പതിനാലു ലോകങ്ങളിൽ ഒന്ന്; 2. ഒരേ ലോകം, ഭൂലോകം മുഴുവൻ ഒന്നായിട്ടുള്ള പരിഗണന
ഏകലോചനം [സം.-ലോചന] നാ. 1. ഒരു കണ്ണ്; 2. കഥകളിയിലെ ഒരഭിനയ സങ്കേതം
ഏകവചനം [സം.-വചന] നാ. (വ്യാക) ഒന്നിനെ കുറിക്കുന്നത്, പറയപ്പെട്ട വസ്തു എണ്ണത്തിൽ ഒന്ന് എന്നു സൂചിപ്പിക്കുന്ന രൂപം
ഏകവത് [സം.-വത്] അവ്യ. ഒന്നെന്നപോലെ. (പ്ര) ഏകവദ്ഭാവം = ഒന്നെന്നപോലെയുള്ള സ്ഥിതി
ഏകവർണ1 [സം.-വർണ] വി. 1. ഒരേ വർണത്തോടുകൂടിയ; 2. ഒരേ വിധത്തിലുള്ള; 3. ഒരേ വർണത്തിൽ (ജാതിയിൽ) പെട്ട
ഏകവർഷിക [സം.-വർഷികാ] നാ. ഒരു വയസ്സുതികഞ്ഞ പശുക്കുട്ടി
ഏകവാക്യത [സം.-വാക്യതാ] നാ. 1. ഒരു വാക്യമായിരിക്കൽ; 2. അഭിപ്രായൈക്യം; 3. വിശിഷ്ടമായ ഒരർഥത്തെ ബോധിപ്പിക്കുകയെന്ന ഭാവം, പദൈകവാക്യത, വാക്യൈകവാക്യത എന്ന് രണ്ടുവിധം
ഏകവാചകാനുപ്രവേശം നാ. (അലം) സങ്കരം നാലുവിധമുള്ളതിൽ ഒന്ന്. ഒരേ വാചകത്തിൽത്തന്നെ ഒന്നിലധികം അലങ്കാരങ്ങൾ പ്രയോഗിച്ചുണ്ടാക്കുന്നത്.
405
ഏകവാദം [സം.-വാദ] നാ. എല്ലാം ഒന്നെന്ന (ബ്രഹ്മമെന്ന) വാദം
ഏകവാർഷിക [സം.-വാർഷിക] വി. 1. ഒരുവർഷം പ്രായമുള്ള; 2. ഒരു വർഷം മാത്രം ജീവിക്കുന്ന, ഒരു ആണ്ടുകൊണ്ടു പട്ടുപോകുന്ന
ഏകവാരം [സം.-വാരം] അവ്യ. ഒരുവട്ടം, ഒരിക്കൽ മാത്രം
ഏകവാസം [സം.-വാസ] നാ. 1. തനിച്ചു പാർക്കൽ; 2. ഒരുമിച്ചുള്ള വാസം. ഏകവാസർ = ഒരേ പാർപ്പിടമുള്ളവർ
ഏകവിധ [സം.-വിധ] വി. ഒരേരീതിയിലുള്ള
ഏകവിംശതി,-ശത് [സം.-വിംശതി] നാമമായും വിശേഷണമായും പ്രയോഗം. ഇരുപത്തൊന്ന്. ഏകവിംശം = ഇരുപത്തൊന്നാമത്തെ, ഇരുപത്തൊന്നെണ്ണം ഉൽക്കൊള്ളുന്ന
ഏകവീര [സം.-വീരാ] നാ. 1. ചണ്ഡികാദേവിയുടെ ഒരു ഭാവം; 2. ഒരുതരം ചൂര
ഏകവീരൻ [സം.-വീര] നാ. 1. വീരാഗ്രണി; 2. ഒരു ഹേഹയ രാജാവ്
ഏകവീര്യൻ [സം.-വീര്യ] നാ. വീരഭദ്രൻ
ഏകവേണി [സം.-വേണീ] നാ. 1. കെട്ടാതെ ഒന്നായി പിന്നിയിട്ടിരിക്കുന്ന തലമുടി; 2. ഭർത്താവിനെ പിരിഞ്ഞ സ്ത്രീ (മുടി ഒറ്റക്കെട്ടയി ധരിക്കുന്നവൾ, കേശാലങ്കാരം ഇല്ലാത്തവൾ) വിധവ, വിയോഗിനി
ഏകവേദി [സം.-വേദിൻ] നാ. ഒരു വേദം അഭ്യസിച്ചവൻ
ഏകവേരം [സം.-വേര] നാ. ഒരു മൂർത്തിക്ക് ഒരു ബിംബം മാത്രമുള്ള പ്രതിഷ്ഠ
ഏകശഫം [സം.-ശഫ] നാ. ഒറ്റക്കുളമ്പുള്ള മൃഗം
ഏകശ: [സം.-ശ:] അവ്യ. ഓരോന്നും, ഓരോന്നോരോന്നായി

ഏകശായി [സം.–ശായിൻ] നാ. 1. തനിച്ചുകിടക്കുന്നവൻ; 2. ഏകപത്നീവ്രതമുള്ളവൻ, വ്യഭിചരിക്കാത്തവൻ

ഏകശാല [സം.–ശാലാ] നാ. 1. ഒരൊറ്റ ശാല, ഒരു മുറി; 2. ഒരു ശാലയോ മുറിയോ മാത്രമുള്ള ഗൃഹം. ഏകശാലം = ഒറ്റപ്പുര

ഏകശാലി [സം.–ശാലിൻ] നാ. (സങ്ഗി.) ഒരു അലങ്കാരം

ഏകശാസകൻ [സം.–ശാസക] നാ. സ്വേച്ഛാധികാരി

ഏകശാസന1 [സം.–ശാസന] വി. 1. ഒരാളിനു വശപ്പെട്ട; 2. സ്വേച്ഛയായി ഭരിക്കുന്ന

ഏകശസന2 [സം.–ശാസനാ] നാ. 1. ഒരൊറ്റഭരണം, ഒരൊറ്റ ആളിൻെറ കീഴിലുള്ള ഭരണം; 2. സ്വേച്ഛാധിപത്യം

ഏകശീർഷകം [സം.–ശീർഷക] നാ. ഒരേ വലുപ്പത്തിലുള്ള മുത്തുകൾ കോർത്ത മാല

ഏകശൃങ്ഗ [സം.–ശൃംങ്ഗ] വി. 1. ഒരു കൊമ്പുള്ള; 2. ഒരു കൊടുമുടിയുള്ള; 3. അസാമാന്യമായ ഉയർച്ചയുള്ള

ഏകശൃങ്ഗൻ [സം.–ശൃംങ്ഗ] നാ. വിഷ്ണു

ഏകശൃങ്ഗം [സം.–ശൃംങ്ഗ] നാ. ഒറ്റക്കൊമ്പുള്ളത്, കാണ്ടാമൃഗം

ഏകശേഷം [സം.–ശേഷ] നാ. 1. പലതിൽ ഒന്നു മാത്രം ശേഷിക്കുന്നത്; 2. (വ്യാക) ദ്വിവചന ബഹുവചനാദി രൂപങ്ങളെ പരാമർശിക്കുന്ന ഒരു സംജ്ഞ

ഏകഷഷ്ട [സം.–ഷഷ്ടി] നാ.,വി.അറുപത്തൊന്ന്

ഏകസന്ധ [സം.–സന്ധാ] നാ. ഒരു പ്രാവശ്യം കാണുകയോ കേൾക്കുകയോ മറ്റോ ചെയ്യൽ. ഏകസന്ധഗ്രാഹി = ഒരിക്കൽ കേട്ടാൽ പൂർണമായി ഗ്രഹിക്കുന്ന ആൾ, ഏകസന്ധിഗ്രാഹി

ഏകസപ്തതി [സം.–സപ്തതി] നാ. എഴുപത്തൊന്ന്. ഏകസപ്തതിതമ = എഴുപത്തൊന്നാമത്തെ

ഏകസർഗ [സം.–സർഗ] വി. ഏകാഗ്രമനസ്ക, ഒന്നിൽത്തന്നെ മനസ്സുറച്ച

ഏകസൂത്രം [സം.–സൂത്ര] നാ. 1. ഒരു നൂലിഴ; 2. ഡമരു വാദ്യം, ഉടുക്ക്

ഏകസ്ഥ [സം.–സ്ഥ] വി. 1. ഒരു സ്ഥലത്തു സ്ഥിതിചെയ്യുന്ന; 2. ഒരു ആളിൽ സ്ഥിതിചെയ്യുന്ന

ഏകസ്വരചാരി [സം.–ചാരിൻ] നാ. (സങ്ഗീ) നൂറ്റൊന്ന് അലങ്കാരങ്ങളിൽ ഒന്ന്

ഏകസ്വരൂപൻ [സം.–സ്വരൂപ] നാ. ഈശ്വരൻ

ഏകഹംസൻ [സം.–ഹംസ] നാ. 'ഒറ്റയ്ക്ക് അജ്ഞാനത്തെ ഇല്ലാതാക്കുന്നവൻ' പരമാത്മാവ്

ഏകഹായന [സം.–ഹായന] വി. ഒരുവയസ്സ് പ്രായമുള്ള

ഏകഹായനി [സം.–ഹായനീ] നാ. ഒരുവയസ്സ് പ്രായമുള്ള പശുക്കുട്ടി

ഏകാകി [സം.ഏകാകിൻ] നാ. താനേയുള്ളവൻ, ഒറ്റയ്ക്കുള്ളവൻ, വേറാരും കൂടെയില്ലാത്തവൻ, ഏകൻ. (സ്ത്രീ) ഏകാകിനി

ഏകാക്ഷ1 [സം–അക്ഷ] വി. സമാസാന്തത്തിൽ അക്ഷിശബ്ദത്തിനു 'അക്ഷ' എന്ന് ആദേശം. ഒരു കണ്ണുമാത്രം ഉള്ള

ഏകാക്ഷ2 [സം.–അക്ഷ] വി. ഒരു അച്ചുതണ്ടുള്ള

ഏകാക്ഷൻ [സം.–അക്ഷ] നാ. 1. ഒറ്റക്കണ്ണൻ; 2. ശിവൻ; 3. ശുക്രാചാര്യൻ, "ഏകനേത്രൻ നോക്കുക'; 4. ഒരു ദാനവൻ; 5. സ്കന്ദൻെറ സൈന്യത്തിലെ ഒരു സേനാനി

ഏകാക്ഷം [സം.] നാ. 1. കാക്ക; 2. ഒരു ചർമവാദ്യം
ഏകാക്ഷരം [സം.-അക്ഷര] നാ. 1. ഏകവും അക്ഷരവും ആയത്, നശിക്കാത്ത ഒരേയൊരുവസ്തു; 2. ഒറ്റ അക്ഷരംകൊണ്ടുള്ള പദം; 3. ഏകാക്ഷര മന്ത്രം, ബീജാക്ഷരമന്ത്രം, 'ഓം', 'ഹ്രീം', 'ക്ലീം', 'ഐം', 'ശ്രീം', 'ക്രോം', 'ഹും', 'ഫട്' ഇത്യാദി; 4. മുഖ്യമായ അക്ഷരം, ഓങ്കാരം, പ്രണവം; 5. ശുക്ലയജുർവേദാന്തർഗതമായ ഒരു ഉപനിഷത്ത്
ഏകാക്ഷരാവൃത്തി [സം.-ആവൃത്തി] നാ. ഒരു അനുപ്രാസം
ഏകാക്ഷി [സം.-അക്ഷി] നാ. ഒറ്റക്കണ്ണി
ഏകാഗ്നി [സം.-അഗ്നി] നാ. ഒരേയൊരു അഗ്നിമാത്രം സൂക്ഷിക്കുന്നവൻ
ഏകാഗ്ര [സം.-അഗ്ര] വി. 1. ഒന്നിൽ (ഉറപ്പിച്ച) അഗ്രമുള്ള, ഒരു കാര്യത്തിൽ ഊന്നിയ മനസ്സോടുകൂടിയ; 2. പതർച്ചയില്ലാത്ത, വ്യാകുലതയില്ലാത്ത, നിശ്ചയദാർഢ്യമുള്ള
ഏകാഗ്രചിത്ത [സം.-ചിത്ത] വി. ഒന്നിൽ ഉറപ്പിച്ച ചിത്തമുള്ള, ഒന്നിൽത്തന്നെ ശ്രദ്ധയുള്ള
ഏകാഗ്രത,-ത്വം [സം.-അഗ്രതാ] നാ. ഏകാഗ്രചിത്തത
ഏകാഗ്ര്യ [സം.-അഗ്ര്യ] വി. ഏകാഗ്ര, ഒരു കാര്യത്തിൽമാത്രം ശ്രദ്ധയുള്ള, ഒന്നിൽ ഉറച്ച മനസ്സോടുകൂടിയ. നാ. ഏകാഗ്ര്യം
ഏകാങ്കം,-ങ്കി [സം.-അങ്ക,-അങ്കിൻ] നാ. ഒരു അങ്കം മാത്രമുള്ള നാടകം
ഏകാങ്ഗ [സം.-അങ്ഗ] വി. 1. ഒരു അങ്ഗം മാത്രമുള്ള; 2. ഒരു അവയവം മാത്രമുള്ള
ഏകാങ്ഗൻ [സം.-അങ്ഗ] നാ. 'വിശേഷമായ അങ്ഗങ്ങളോടു കൂടിയവൻ' 1. വിഷ്ണു; 2. അങ്ഗരക്ഷകൻ (സ്വന്തം അങ്ഗത്തെപ്പോലെയുള്ളവൻ); 3. ബുധൻ; 4. ചൊവ്വ
ഏകാങ്ഗരോഗം [സം.-രാഗ] നാ. വായുകോപംകൊണ്ട് ശരീരത്തിൽ ഒരുവശം തളരുന്നത്, പക്ഷപാതം, പക്ഷാഘാതം
ഏകാങ്ഗവധം [സം.-വധ] നാ. ഒരു അവയവം ഛേദിച്ചുള്ള ശിക്ഷ. (പ്ര) ഏകാങ്ഗവധനിഷ്ക്രയം = ഏകാങ്ഗവധത്തിനു പകരമായിട്ടുള്ള ധനദണ്ഡം
ഏകാങ്ഗീണ [സം.-അങ്ഗീണ] വി. ഒരു അങ്ഗത്തെ മാത്രം സംബന്ധിച്ച, ഒരു വശത്തെ മാത്രം സംബന്ധിക്കുന്ന
ഏകാങ്ഘ്രിദ്വയം [സം.-അങ്ഘ്രി-ദ്വയ]നാ. പൂരുരുട്ടാതിയും ഉത്തൃട്ടാതിയും
ഏകാണു [സം.-അണു] നാ. ഒരു അണു
ഏകാണുപ്രാണി [സം.-അണു-പ്രാണി] നാ. ഒരു അണുമാത്രമായ പ്രാണി
ഏകാണ്ഡം [സം.-അണ്ഡ] നാ. 'ഒരുവൃഷണം മാത്രമുള്ളത്' ഒരിനം കുതിര
ഏകാതപത്ര [സം.-ആതപത്ര] വി. ഒറ്റക്കുടക്കീഴിലമർന്ന, ഒരു ചക്രവർത്തിയാൽ ഭരിക്കപ്പെടുന്ന. ഏകാതപത്രം = 1. ഒരു വെൺകൊറ്റക്കുട; 2. ഏകാധിപത്യം
ഏകാത്മക [സം.-ആത്മക] വി. ഒന്നായ, ഒറ്റയായ, ഒരേസ്വഭാവത്തിലുള്ള
ഏകാത്മകൻ [സം.-ആത്മക] നാ. ഏകാത്മാവായിട്ടുള്ളവൻ, വിശ്വാത്മൻ, പരമാത്മാവ്
ഏകാത്മത [സം.-ആത്മതാ] നാ. അഭേദം, ഒന്നായിരിക്കൽ, ഒന്നായിത്തീരൽ

ഏകാത്മാ(വ്) [സം.-ആത്മൻ] നാ. 1. ഏകമായ ചൈതന്യം, പരമാത്മാവ്; 2. ആത്മീയമായി ഐക്യം പ്രാപിച്ചവൻ, അനന്യചിത്തൻ, ഏകാഗ്രതയുള്ളവൻ; 3. സർവാന്തര്യാമിയായ ആത്മാവ്, ഏകാത്മകൻ, ഈശ്വരൻ

ഏകാദശ [സം.] വി. പതിനൊന്നാമത്തെ (സ്ത്രീ) ഏകാദശി

ഏകാദശപിണ്ഡം [സം.-പിണ്ഡ] നാ. മരിച്ചതിൻെറ പതിനൊന്നാം ദിവസം നടത്തുന്ന പിണ്ഡം അടിയന്തിരം

ഏകാദശം [സം.] നാ. പതിനൊന്ന് (പ്ര) ഏകാദശദ്വാരങ്ങൾ = ശരീരത്തിലുള്ള പതിനൊന്നു ദ്വാരങ്ങൾ. ഏകാദശപൂജാസ്ഥാനങ്ങൾ = സൂര്യൻ, അഗ്നി, വിപ്രൻ, ഗോക്കൾ, വൈഷ്ണവൻ, ആകാശം, വായു, ജലം, ഭൂമി, ആത്മാവ്, സർവഭൂതങ്ങൾ. ഏകാദശരുദ്രന്മാർ = പതിനൊന്നു രുദ്രന്മാർ, ശിവൻെറ അംശാവതാരങ്ങൾ. ഏകാദശേന്ദ്രിയങ്ങൾ = അഞ്ചു ജ്ഞാനേന്ദ്രിയങ്ങളും അഞ്ചു കർമേന്ദ്രിയങ്ങളും മനസ്സും (ശ്രോത്രം, ത്വക്ക്, ചക്ഷുസ്സ്, ജിഹ്വ, ഘ്രാണം എന്നിവയും വാക്, പാണി, പാദം, പായു, ഉപസ്ഥം എന്നിവയും മനസ്സും)

ഏകാദശരുദ്രം [സം.] നാ. മൂകാംബികാക്ഷേത്രത്തിലെ ഒരു വഴിപാട്, യജുർവേദത്തിലെ രുദ്രാധ്യായം പതിനൊന്നുവട്ടം ഉച്ചരിച്ച് അഭിഷേകം നടത്തൽ

ഏകാദശാത്മകൻ [സം.-ആത്മക] നാ. ഏകാദശരുദ്രന്മാരുടെ രൂപത്തിൽ പതിനൊന്നു സ്വരൂപങ്ങളോടുകൂടിയവൻ, ശിവൻ

ഏകാദശാഹം [സം.-അഹൻ] നാ. 1. പതിനൊന്നു ദിവസകാലം; 2. പതിനൊന്നു ദിവസം നീണ്ടുനിൽക്കുന്ന ഒരു ഹോമം; 3. മരിച്ചവരെ ഉദ്ദേശിച്ച് പതിനൊന്നാം ദിവസം നടത്തുന്ന ശ്രാദ്ധം. "ഏകാദശിപിണ്ഡം' നോക്കുക

ഏകാദശി [സം.] നാ. 1. പതിനൊന്നാമത്തെ തിഥി, പ്രതിപദം മുതൽക്കുള്ള പതിനൊന്നാം ദിവസം. വാവുകഴിഞ്ഞുള്ള ദിവസം മുതൽ പതിനൊന്നാംപക്കം. അന്ന് ഉപവസിച്ചു വിഷ്ണുവിനെ ആരാധിക്കുന്നു; 2. (ആ.ല.) പട്ടിണി

ഏകാധിപതി [സം.-അധിപതി] നാ. സർവാധിപതി

ഏകാധിപത്യം [സം.-ആധിപത്യ] നാ. സർവാധിപത്യം

ഏകാന്ത [സം.] വി. 1. ഒറ്റയ്ക്കുള്ള, തനിച്ചുള്ള, വേറാരുമില്ലാത്ത, നിർജനമായ; 2. കേവലമായ; 3. രഹസ്യമായ; 4. ഒരേയൊരു വിഷയത്തെ പരാമർശിക്കുന്ന, മറ്റൊന്നിലും വ്യാപരിക്കാതെ ഒന്നിൽ മാത്രം മനസ്സിനെ ഏകാഗ്രമാക്കിയ; 5. അധികമായ, അങ്ങേഅറ്റത്തെ

ഏകാന്തകൈവല്യം [സം.-കൈവല്യ] നാ. പരമമായ കൈവല്യം, ജീവന്മുക്തി, മോക്ഷം

ഏകാന്തത [സം.-താ] നാ. മറ്റാരും കൂടെയില്ലായ്മ

ഏകാന്തത്തടവ് [സം.-മ.] നാ. ഏകാന്തമായിട്ടുള്ള തടവ്, മറ്റാരോടും സംസർഗമില്ലാതിരിക്കത്തക്കവണ്ണം കുറ്റവാളിയെ മാത്രം ഒരു തടവുമുറിയിൽ അടയ്ക്കുക എന്നുള്ളത്

ഏകാന്തം [സം.ഏകാന്ത]നാ. 1. വിജനപ്രദേശം, രഹസ്യസ്ഥലം; 2. ഏകത്വം, ഒറ്റ എന്ന സ്ഥിതി, തനിച്ചായിരിക്കൽ, മറ്റാരും കൂടെയില്ലായ്മ; 3. സ്വാതന്ത്ര്യസ്ഥിതി; 4. ഏകാഗ്രത; 5. ആധിക്യം. അവ്യ. 1. ഏറ്റവും, അത്യന്തം, അതിമാത്രം; 2. രഹസ്യമായി, തനിച്ച്, ഒറ്റയ്ക്ക്

ഏകാന്തയോഗി [സം.-യോഗിൻ] നാ. ബ്രഹ്മധ്യാനമെന്നതൊഴിച്ചു മറ്റൊരു കാര്യവുമില്ലാത്ത യോഗി
ഏകാന്തര [സം.-അന്തര] വി. ഒന്നിടവിട്ടുള്ള, അടുത്തതിനടുത്ത
ഏകാന്തിക [സം.-അന്തിക] വി. 1. അവസാനമായ, ഒടുവിലത്തെ; 2. ഒരു ആളിലോ വസ്തുവിലോ മറ്റോ മാത്രം ചേർച്ചയുള്ള
ഏകാന്നം [സം.-അന്ന] നാ. ഒരാൾ മാത്രം നൽകുന്ന അന്നം, ഒരേ ഭക്ഷണം
ഏകാബ്ദ1 [സം.-അബ്ദ] വി. ഒരു വയസ്സുമാത്രം പ്രായമുള്ള
ഏകാബ്ദ2 [സം.-അബ്ദാ] നാ. ഒരുവയസ്സായ പശുക്കുട്ടി
ഏകാംബര [സം.-അംബര] വി. ഒറ്റവസ്ത്രമുള്ള, ഒരു വസ്ത്രം മാത്രം ഉടുത്ത
ഏകാംബരനാഥൻ [സം.] നാ. ശിവൻ, കാഞ്ചീപുരം ക്ഷേത്രത്തിലെ മാവിൻചുവട്ടിലുള്ള ശിവപ്രതിഷ്ഠ
ഏകാംശുകം [സം.-അംശുക] നാ. ഊടുംപാവും ഒറ്റ ഇഴയായി നെയ്ത പട്ട്
ഏകായന [സം.-അയന] വി. 1. ഒരേ മാർഗത്തെ ആശ്രയിച്ച; 2. ഒന്നിൽത്തന്നെ ശ്രദ്ധിച്ചുകൊണ്ടിരിക്കുന്ന; 3. ഒരാൾക്കുമാത്രം നടക്കാവുന്ന
ഏകായനം [സം.] നാ. 1. ഏകാന്തസ്ഥലം; 2. ഏകവിഷയം; 3. ചിന്തകൾ ഒന്നിച്ചുചേരൽ, ഏകാഗ്രത; 4. ഒരാൾക്കുമാത്രം സഞ്ചരിക്കാവുന്ന ഇടുക്കുവഴി, ഒറ്റയടിപ്പാത.
407
ഏകാർഗളം [സം.-അർഗള] നാ. (ജ്യോ) ഒരു മുഹൂർത്തദോഷം, നവദോഷങ്ങളിൽ ഒന്ന്
ഏകാർണവം [സം.-അർണവ] നാ. ആകെ ഒരു സമുദ്രം മാത്രം, മഹാപ്രളയം
ഏകാർഥ [സം.-അർഥ] വി. 1. ഒരു അർഥം മാത്രമുള്ള; 2. ഒരേലക്ഷ്യമുള്ള, ഒന്നിൽത്തന്നെ ഊന്നിയ
ഏകാർഥം [സം.] നാ. 1. ഒരു കാവ്യദോഷം, ആവർത്തനം; 2. ഒരേ ലക്ഷ്യം
ഏകാരം [സം.ഏ-കാര] നാ. 'ഏ' എന്ന അക്ഷരം
ഏകാവമ [സം.-അവമ] വി. ഒന്നുമാത്രം കുറവുള്ള
ഏകാവലി [സം.-ആവലി] നാ. 1. ഒരിഴ മാല, മുത്തുകളോ പുഷ്പങ്ങളോ കൊണ്ടുള്ളത്, ഒറ്റ ഇഴ മാത്രമുള്ളതും മധ്യമണിയില്ലാത്തതും ആയ നീണ്ട മുത്തുമാല; 2. (കാവ്യ) ഒരു അർഥാലങ്കാരം. വിശേഷണവിശേഷ്യങ്ങളെ തുടരുപോലെ കോർക്കുന്നത്
ഏകാശി [സം.-അശിൻ] നാ. 1. ഒരുനേരം ഉണ്ണുന്നവൻ; 2. ഏകനായി ഉണ്ണുന്നവൻ
ഏകാശീത [സം.-അശീത] വി. എൺപത്തൊന്നാമത്തെ
ഏകാശീതി [സം-അശീതി] നാ. എൺപത്തൊന്ന്
ഏകാശ്രയ [സം.-ആശ്രയ] വി. ഒരു ആശ്രയം മാത്രമുള്ള
ഏകാഷ്ടക [സം.അഷ്ടകാ] നാ. 1. വെളുത്തവാവിനുശേഷമുള്ള അഷ്ടമി (വിശേഷിച്ചു മാഘമാസത്തിലെ), ശചിദേവിയായി സങ്കൽപം; 2. ഇന്ദ്രസോമന്മാരുടെ മാതാവ്, ഒരു പ്രജാപതിയുടെ മകൾ
ഏകാഷ്ഠീല [സം.-അഷ്ഠീലാ] നാ. 'ഒറ്റക്കുരുവുള്ളത്' 1. ഒരുതരം എരുക്ക്; 2. പാടവള്ളി

ഏകാഷ്ഠീലം [സം.] നാ. 1. വെള്ളെരുക്ക്; 2. കൊക്കുമന്ദാരം; 3. ചുവന്ന പൂവുള്ള മന്ദാരം; 4. അകത്തിക്കീര
ഏകാസനം [സം.-ആസന] നാ. ഒരേ ഇരിപ്പിടം
ഏകാഹം [സം.-അഹൻ] നാ. 1. ഒരു ദിവസക്കാലം; 2. ഒരു ദിവസംകൊണ്ടു സമാപിക്കുന്ന വൈദികയജ്ഞം; 3. മരിച്ചവർക്കുവേണ്ടി പതിനൊന്നാം ദിവസം ചെയ്യുന്ന വൈദിക കർമം
ഏകിനി [സം.ഏകിനീ] നാ. ഒരു വിത്തുമാത്രമുള്ള ഫലം
ഏകീ [സം.<ഏക] 'കൃ', 'ഭൃ' ധാതുനിഷ്പന്നങ്ങളായ പദങ്ങൾക്കു മുമ്പിൽ സമാസത്തിൽ 'ഏക' ശബ്ദം കൈക്കൊള്ളുന്ന രൂപം. ഉദാ: ഏകീകരിക്കുക, ഏകീഭവിക്കുക
ഏകീകരണം [സം.-കരണ] നാ. ഒന്നാക്കൽ, യോജിപ്പിക്കൽ
ഏകീകരിക്കുക [<സം.ഏകീ-കൃ] ക്രി. ഒന്നാക്കുക, യോജിപ്പിക്കുക, ഒരിടത്തുകൂട്ടുക
ഏകീഭവിക്കുക [<സം.ഏകീ-ഭൃ] ക്രി. ഒന്നായിത്തീരുക, ഒന്നുചേരുക, ഒത്തുചേരുക
ഏകീഭാവം [സം.-ഭാവ] നാ. ഏകീഭവിക്കൽ, ഒന്നായിത്തീരൽ
ഏകീഭൂത [സം.-ഭൂത] വി. 1. തനിച്ചായ; 2. ഏകീഭവിച്ച, ഒന്നായിത്തീർന്ന
ഏകീയ [സം.] വി. 1. ഒന്നിൽചേർന്ന, ഒന്നിനെ സംബന്ധിച്ച; 2. ഒരേപക്ഷത്തിൽപ്പെട്ട
ഏകുക ക്രി. 1. നൽകുക, കൊടുക്കുക; 2. ആജ്ഞാപിക്കുക, കൽപ്പിക്കുക, നിയോഗിക്കുക, നിർദേശിക്കുക; 3. അനുജ്ഞനൽകുക, സമ്മതിക്കുക; 4. പ്രതിജ്ഞചെയ്യുക; 5. പറയുക; 6. ശുഭാശംസചെയ്യുക, അനുഗ്രഹിക്കുക; 7. അയയ്ക്കുക, വിടുക (ശരമെന്നപോലെ)
ഏകേ [സം.] നാ. പ്ര.പു.,ബ.വ. ചിലർ
ഏകേക്ഷണപിങ്ഗലൻ [സം.] നാ. കുബേരൻ
ഏകേന്ദ്രിയ [സം.-ഇന്ദ്രിയ]വി. ഒരിന്ദ്രിയം മാത്രമുള്ള. (പ്ര) ഏകേന്ദ്രിയവൈരാഗ്യം = മനസ്സിൽ വിഷയേച്ഛയുണ്ടായിരിക്കുകയും ബാഹേന്ദ്രിയങ്ങളെമാത്രം പ്രവർത്തിപ്പിക്കാതെ നിഗ്രഹിക്കുകയും ചെയ്യുന്നത്
ഏകൈക [സം.ഏക-ഏക] വി. ഓരോന്നായ, ഓരോന്നോരോന്നായിട്ടുള്ള, ഓരോരോ
ഏകൈകം [സം.] അവ്യ. ഓരോന്നായി
ഏകോത്ഭവം [സം.ഏക-ഉത്ഭവ] നാ. യോജിപ്പ്
ഏകോദക [സം.-ഉദക] വി. ഒരേപിതൃക്കൾക്ക് ഉദകം നൽകുന്ന, അത്തരത്തിൽ ബന്ധമുള്ള
ഏകോദകം [സം.] നാ. 1. ഏകോദകബന്ധമുള്ളവർക്ക് (ഒരു കുടുംബത്തിലെ അങ്ഗങ്ങൾക്ക് എല്ലാവർക്കുമായി) കൊടുക്കുന്ന വസ്തുക്കൾ; 2. (മൂന്നുവട്ടമില്ലാതെ) ഒരിക്കൽമാത്രം നീർ പകർന്നുകൊടുക്കുന്ന ദാനം; 3. ജന്മനീർ; 4. ഒരു സമൂഹത്തിനുകൊടുക്കുന്ന ദാനം
ഏകോദര [സം.ഏക-ഉദര] വി. ഒരേ ഗർഭപാത്രത്തിൽ ജനിച്ച, ഒരമ്മയ്ക്കുപിറന്ന, ഉടപ്പിറന്ന. ഏകോദരസഹോദരർ = ഒരമ്മപെറ്റമക്കൾ

ഏകോദ്ദിഷ്ടം [സം.-ഉദ്ദിഷ്ട] നാ. മരിച്ചുപോയ ഒരാളെമാത്രം ഉദ്ദേശിച്ചു പതിനൊന്നാം ദിവസം ചെയ്യുന്ന ശ്രാദ്ധം. (പ്ര) ഏകോദ്ദിഷ്ടദാനം

ഏകോന [സം.ഏക-ഊന] വി. ഒന്നു കുറഞ്ഞ

ഏകോപിക്കുക [<സം.ഏക] ക്രി. ഒന്നുചേരുക, ഒന്നിക്കുക, യോജിക്കുക

ഏക്കക്കുര [ഏക്കം1-കുര] നാ. ഏക്കം മൂലമുള്ള കുര, ശ്വാസമ്മുട്ടൽകൊണ്ടുള്ള ചുമ

ഏക്കട്ടം [<ഏക്കിട്ട] നാ. = ഇക്കിൾ

ഏക്കനെ [ത.ഏർക്കനവേ] അവ്യ. മുൻകൂട്ടി, നേരത്തേ

ഏക്കം1 [<ഏങ്ങുക] നാ. 1. ഏങ്ങൽ, ശ്വാസവലിവ്; 2. നെടുവീർപ്പ്

ഏക്കം2 [<ഇയക്കം] നാ. 1. കമ്പോളനിലവാരം, അന്നന്നത്തെ വില; 2. വാടക, കൂലി (എഴുന്നള്ളിപ്പിനുള്ള ആനയ്ക്ക്); 3. ദു:ഖം, ആധി; 4. വിശപ്പ്; 5. വർധന, കൂടിയവില

ഏക്കർ [ഇം.] നാ. ഒരു ചതുരശ്രമാന ഏകകം നൂറുസെൻറ് (ഒരു ഹെക്റ്റർ = 2.4711 ഏക്കർ)

ഏക്കരി,-രു നാ. ഉപകരണം, സാമഗ്രി

ഏക്കൽ നാ. 1. ഇരക്കൽ, യാചിക്കൽ; 2. ഏക്കം

ഏക്കറ നാ. 1. ഇരപ്പാളി, തെണ്ടി. ഉദാ: ഏക്കറക്കൂട്ടം, ഏക്കറപ്പരിഷ; 2. ലുബ്ധൻ; 3. കൊതിയൻ; 4. അത്യാർത്തിയുള്ളവൻ

ഏക്കറ്റം നാ. കാസരോഗം, ഏങ്ങൽ

ഏക്കി നാ. യക്ഷി

ഏക്കിട്ട നാ. ഏങ്ങൽ

ഏക്ക്1 [ഏകുക] നാ. 1. അനുസരണ, ആജ്ഞ; 2. പഞ്ഞികടയൽ

ഏക്ക്2 [<വ്യാക്ക്] നാ. ഗർഭദോഹദം

ഏക്ക്3 (വ്യാക) ആധാരികാഭാസമായ 'ഏ' എന്നതിനോട് ഉദ്ദേശികാപ്രത്യയമായ 'ക്ക്' ചേർന്ന പ്രത്യയം

ഏക്കുക,ഏയ്- [<വയ്ക്കുക] (വ്യാക) ഒരു അനുപ്രയോഗം, വിനയം, അനുനയം, ഉപചാരം, സംഭാവ്യത ഇത്യർഥങ്ങളിൽ

ഏക്കോട്ടി [ഏക്ക്-കോട്ടി] നാ. സ്ത്രീകൾക്കു ഗർഭമുള്ളപ്പോൾ വരുന്ന ഛർദി മുതലായവ

ഏക്ര നാ. = ഏക്കർ

ഏങ് [ഏങ്ങുക] ധാതുരൂപം

ഏങ്കോണിക്കുക [ഏൺ-കോണിക്കുക] ക്രി. 1. കോണോടുകോണാവുക, കോണോടുകോണു നീളുക; 2. വളയുക, വക്രിക്കുക

ഏങ്ങൽ [ഏങ്ങുക] നാ. വിങ്ങിവിങ്ങി ശ്വാസംവിടൽ (സഹിക്കാൻ വയ്യാത്ത സങ്കടംകൊണ്ട്) (പ്ര.) ഏങ്ങലടിക്കുക = ശ്വാസം വിമ്മിവിമ്മിവിടുക, വിങ്ങുക, വിമ്മുക

ഏങ്ങുക ക്രി. 1. വിമ്മിവിമ്മി ശ്വാസം വിടുക; 2. നെടുവീർപ്പിടുക (കരയുമ്പോൾ); 3. കിതയ്ക്കുക; 4. മെലിഞ്ഞിരിക്കുക, ഒട്ടിയിരിക്കുക, ശുഷ്കിച്ചിരിക്കുക

ഏച്ചം [<ഏയ്ക്കുക] നാ. ഏപ്പ്, കൂട്ടിത്തൊടുത്തൽ, യോജിപ്പിക്കൽ, കെട്ട്

ഏച്ചിക്കട്ട [ഏച്ചി-കട്ട] നാ. മുന്നിലേക്കു തൊടുത്തിയിരിക്കുന്ന കയറിൽ വലിച്ചുപിടിച്ചു ഗതിനിയന്ത്രിക്കത്തക്കവണ്ണം കാളവണ്ടിയുടെ ചക്രങ്ങൾക്കു പിൻപിൽ വിലങ്ങനെ കെട്ടുന്ന തടി
ഏച്ചിൽ നാ. 1. ഏപ്പ്, കൂട്ടിച്ചേർക്കൽ; 2. ഒരിനം താളിമരം
ഏച്ച് നാ. 1. ശകാരം; 2. ഏഷണി. (പ്ര) ഏച്ചുംപേച്ചും കെട്ട
ഏച്ചുകൂട്ടുക [ഏച്ച്-കൂട്ടുക] ക്രി. കൂട്ടിച്ചേർക്കുക, ചേർത്തുപിണയ്ക്കുക, കൂട്ടിക്കെട്ടുക
ഏച്ചുകെട്ട് [ഏച്ച്-കെട്ട്] നാ. ഇശച്ചുകെട്ട്, ചേർത്തുകെട്ട്. ഏച്ചുകെട്ടിയാൽ മുഴച്ചിരിക്കും (പഴ)
ഏജക,-ജത്ക [സം.<ഏജ്] വി. 1. വിറയ്ക്കുന്ന, നടുങ്ങുന്ന; 2. ആടുന്ന (തല എന്നപോലെ)
ഏജത്ത് [സം.ഏജത്<ഏജ്] വി. ചലിക്കുന്ന, നീങ്ങുന്ന, ജീവിക്കുന്ന
ഏജൻസി [ഇം.] നാ. മറ്റൊരാൾക്കുവേണ്ടി കാര്യം നടത്തൽ, പ്രതിപുരുഷൻെറ ചുമതല, വേറൊരാളിനോ സ്ഥാപനത്തിനോവേണ്ടി കാര്യം നടത്താൻ ചുമതലപ്പെട്ട ഉദ്യോഗം
ഏജൻറ് [ഇം.] നാ. പ്രതിപുരുഷൻ, മറ്റൊരാൾക്കുവേണ്ടി കാര്യങ്ങൾ നടത്താൻ ചുമതലപ്പെട്ട ആൾ, ആൾപ്പേര്, കാര്യസ്ഥൻ, പ്രവർത്തകൻ, മധ്യസ്ഥൻ, തരകൻ
ഏജനം [സം.] നാ. ചലനം, വിറയൽ, കുലുക്കം, നടുക്കം
ഏജിത [സം.] വി. ഏജനം ചെയ്ത, ഇളകിയ, കുലുങ്ങിയ, വിറച്ച
ഏഞ്ഞ [<ഇയഞ്ഞ] വി. (ഭൂ.പേരെച്ചം) ഇണങ്ങിയ, അനുരൂപമായ, ചേർന്ന, പറ്റിയ
ഏട വി. 1. അങ്ഗഭങ്ഗംവന്നതോ മുടന്തുള്ളതോ. ഏടയ്ക്കും മോഴയ്ക്കും ചുങ്കം ഇല്ല (പഴ); 2. വളർച്ചനിന്നതോ മുരടിച്ചതോ; 3. വിടർന്ന
ഏടകം1 നാ. 1. പൂവ്; 2. തെങ്ങ്; 3. പന
ഏടകം2 നാ. ഒരുതരം തുണി
ഏടത്താർ [ഏട്-താർ] നാ. ധാരാളം ഏടുകൾ (ഇതളുകൾ) ഉള്ള പൂവ്, താമരപ്പൂവ്
ഏടത്തി, നാ. ജ്യേഷ്ഠത്തി
ഏടം നാ. 1. എടം, ഇടം; 2. സ്ഥിതി, അവസ്ഥ, വസ്തുത, സങ്ങതികളുടെ കിടപ്പ്, കാര്യം; 3. സമയം; 4. നിത്യവൃത്തി, ഉപജീവനം; 5. കഴിവ്, കെൽപ്പ്; 6. രഹസ്യം; 7. എടം, പ്രഭുഗൃഹം, കൊട്ടാരം; 8. രാജാവ്, സ്ഥാനം, മൂപ്പുമുറ
ഏടലർ [ഏട്-അലർ] നാ. താമരപ്പൂവ്
ഏടാകൂടം [ഏടാ-കൂടം] നാ. ദുർഘടം, തടസ്സം, വൈഷമ്യം; 2. അപകടം, കുഴപ്പം, വയ്യാവേലി; 3. കുഴപ്പമുണ്ടാക്കുന്ന പ്രവൃത്തി, ശല്യം, ഉപദ്രവം; 4. അലങ്കോലം, താറുമാറ്. ഏടാകൂടത്തം = ഏടാകൂടം
ഏടി നാ. കടൽപ്പന്നി
ഏടിയിരുത്തുക ക്രി. മരിക്കുക
ഏട് നാ. 1. ഇതൾ; 2. പൂവ്; 3. (എഴുതുവാനായി വാർന്നുമുറിച്ച) പനയോല; 4. പുസ്തകത്തിൻെറ വശം, പുസ്തകത്തിൻെറ താൾ; 5. പുസ്തകം, ഗ്രന്ഥം
ഏടുക ക്രി. ഏയ്ക്കുക, ചേർത്തുകെട്ടുക, തയ്ച്ചുചേർക്കുക

ഏടോലപ്പെട്ടി നാ. താളിയോലഗ്രന്ഥങ്ങൾ വയ്ക്കുവാനുള്ള പെട്ടി
ഏട്ട [<സം.ജ്യേഷ്ഠ] നാ. ജ്യേഷ്ഠാഭഗവതി, മൂതേവി; 2. (ആല) ഐശ്വര്യം കെട്ടവൾ
ഏട്ടത്തം നാ. 1. ഏട്ടയുടെ (ചേട്ടയുടെ) മട്ട്, ഐശ്വര്യഹീനത, ദാരിദ്ര്യം, അമങ്ഗലസ്വഭാവം, ദയയില്ലായ്മ; 2. കൊള്ളരുതായ്മ, കുസൃതി, വഷളത്തം, വികൃതിത്തരം
ഏട്ടത്തി നാ. ജ്യേഷ്ഠത്തി
ഏട്ടത്തിയമ്മ നാ. ജ്യേഷ്ഠന്റെ ഭാര്യ
ഏട്ടൻ നാ. ജ്യേഷ്ഠൻ. (സ്ത്രീ) ഏട്ടത്തി
ഏട്ട് [<ഇം.] നാ. ഹെഡ്കോൺസ്റ്റബിൾ എന്നതിന്റെ സങ്കുചിതരൂപം. (ഹെഡ്>ഹേഡ്>ഏട്ട്)
ഏട്ടുകമ്പ് [ഏട്ട്-കമ്പ്] നാ. 1. ഏട് (പനയോല ഗ്രന്ഥം) കെട്ടാനുള്ള പടി, ഏട്ടുപടി; 2. വേലിപ്പത്തൽ
ഏട്ഠ[<സം.ജ്യേഷ്ഠാ]നാ. ഏട്ട, ചേട്ട
ഏട്ഠത്തം [ഏട്ഠ-ത്തം] നാ. ഏട്ടത്തം, വഷളത്തരം
ഏഡ[സം.] വി. ചെവികേൾക്കാത്ത
ഏഡക, ഏഡിക [സം.ഏഡകാ]നാ. പെണ്ണാട്
ഏഡകം [സം.ഏഡക] നാ. 1. കുറിയാട്, കോലാട്, മുട്ടാട്, വരയാട്; 2. ഒരു ഔഷധം
ഏഡഗജം [സം.ഏഡ-ഗജ] നാ. തകര
ഏഡം [സം.ഏഡ] നാ. ഒരിനം ആട്. (സ്ത്രീ) ഏഡി
ഏഡമൂകൻ [സം.-മൂക] നാ. പൊട്ടനും ഊമയും ആയവൻ
ഏഡീ [സം.ഏഡീ] നാ. പെണ്ണാട്
ഏണകം [സം.ഏണക] നാ. മാൻ
ഏണതിലകൻ [സം.ഏണ-തിലക] നാ. ചന്ദ്രൻ
ഏണദൃക്ക് [സം.-ദൃശ്] നാ. 'മാനിന്റേതുപോലെ മനോഹരമായ കണ്ണുകളുള്ള' 1. സുന്ദരി; 2. (ജ്യോ) മകരം രാശി
ഏണനയന [സം.-നയനാ]നാ. ഏണദൃക്ക്
ഏണനാഭി [സം.-നാഭി] നാ. 1. മൃഗനാഭി, കസ്തൂരി; 2. കസ്തൂരിമാൻ.
409
ഏണനേത്ര [സം.-നേത്രാ]നാ. = ഏണനയന
ഏണനേർമിഴി [സം.-നേർമിഴി] നാ. 'ഏണത്തിന്റെ മിഴികൾക്കു നേരായ( തുല്യമായ) മിഴികൾ ഉള്ളവൾ' ഏണനയന, ഏണമിഴി
ഏണപാണി [സം.-പാണി] നാ. പാണിയിൽ (കൈയിൽ) മാനിനെ വഹിച്ചവൻ, ശിവൻ
ഏണഭൃത്ത് [സം.-ഭൃത്] നാ. ഏണതിലകൻ, ചന്ദ്രൻ
ഏണം1 [സം.ഏണ] നാ. 1. ഒരുവക മാൻ, കറുത്തമാൻ, കൃഷ്ണമൃഗം. (സ്ത്രീ) ഏണി; 2. (ജ്യോ) മകരം രാശി
ഏണം2 [പ.മ.] നാ. 1. ഉറപ്പ്, സ്ഥിരത, ബലം; 2. സൗന്ദര്യം, ഭങ്ഗി
ഏണം3 [<വേണം] (വ്യാക) വേണ്ടും, വേണം, -ഏണം, അണം എന്നു രൂപപരിണാമം. ഉദാ: കേൾക്കേണം, ചെയ്യേണം

ഏണമിഴി [സം.-മ.-മിഴി] നാ. മാൻകണ്ണി, സുന്ദരി
ഏണലാഞ്ഛനൻ നാ. ഏണതിലകൻ
ഏണലോചന നാ. ഏണമിഴി, സുന്ദരി
ഏണാക്ഷി [സം.-അക്ഷി] നാ. ഏണനയന
ഏണാങ്കചൂഡൻ നാ. 'ഏണാങ്കനെ ചൂഡയിൽ അണിയുന്നവൻ' ചന്ദ്രചൂഡൻ, ശിവൻ
ഏണാങ്കൻ [സം.ഏണ-അങ്ക] നാ. 'ഏണത്തിൻെറ അങ്കത്തോടു (മറുവോട്) കൂടിയവൻ എന്നും ഏണത്തെ അങ്കത്തിൽവച്ചു ലാളിക്കുന്നവൻ എന്നും' ചന്ദ്രൻ
ഏണാങ്കമൗലി നാ. 'ഏണാങ്കനെ മൗലിയിൽ അണിയുന്നവൻ' ഏണാങ്കചൂഡൻ, ശിവൻ
ഏണാങ്കശേഖരൻ [സം.-ശേഖര] നാ. ചന്ദ്രശേഖരൻ, ശിവൻ
ഏണാജിനം [സം.-അജിന] നാ. മാൻതോൽ
ഏണി1 [സം.ഏണീ] നാ. മാൻപേട. (പ്ര) ഏണീവിലോചന = പേടമാൻമിഴി
ഏണി2 [പ്രാ.സേണീ] നാ. 1. ഉയരത്തിൽ (മരങ്ങളിലും മറ്റും കയറാൻ സൗകര്യപ്പെടുമാറു) ചവിട്ടുപടികളുള്ള നീണ്ട ഉപകരണം; 2. കോണി
ഏണിക്കാണം [ഏണി2-കാണം] നാ. പുരാതനകേരളത്തിൽ ചെത്തുകാരിൽ ചുമത്തിയിരുന്ന തൊഴിൽക്കരം
ഏണിക്കുക ക്രി. നേരെയാവുക
ഏണിപ്പടി [ഏണി2-പടി] നാ. കോണിപ്പടി
ഏണീദൃക്ക് [സം.-ദൃശ്] നാ. പേടമാങ്കണ്ണി, സുന്ദരി
ഏണീപദം [സം.-പദ] നാ. ഒരിനം സർപ്പം. ഏണീപദി = വിഷമുള്ള ഒരു പ്രാണി
ഏണീപോതം [സം.-പോത] നാ. മാൻകുട്ടി
ഏണ് നാ. 1. വക്ക്, അതിര്; 2. മുഴ, ഉന്തിയ ഭാഗം, വളവ്, നിരപ്പില്ലായ്മ; 3. തേങ്ങയുടെ വരിപ്പ്; 4. അരക്കെട്ട്, ഇളി, ഒക്കം; 5. ബലം, ഉറപ്പ്, ദൃഢത
ഏത1 [സം.] വി. 1. പലനിറമുള്ള; 2. പ്രകാശമുള്ള; 3. ചെന്നുചേർന്ന
ഏത2 [സം.ഏതാ] നാ. മാൻപേട
ഏതത്,-ൽ [സം.ഏതദ്] വി. വിശേഷണമായും സർവനാമമായും പ്രയോഗം. ഈ, ഇത് (പും) ഏഷ: (സ്ത്രീ) ഏഷാ. (പ്ര) ഏതത്പര്യന്തം = ഇതുവരെ, ഇന്നോളം, ഇകാലംവരെ
ഏതദീയ [സം.] വി. ഏതത്സംബന്ധമായ, ഈ ആളിനെയോ വസ്തുവിനെയോ സംബന്ധിച്ചുള്ള
ഏതദ്ദേശീയ വി. ഈ ദേശത്തുള്ള, ഈ നാട്ടിലുള്ള
ഏതനം [സം.ഏതന] നാ. 1. ശ്വസനം, ശ്വാസം; 2. ഒരിനം മത്സ്യം; 3. നാശം
ഏതം1 [ത.ഏതം] നാ. 1. ദു:ഖം, ദുരിതം; 2. കുറവ്, കുറ്റം
ഏതം2 [സം.ഏത] നാ. 1. നാനാവർണം, ശബളവർണം; 2. ഒരുവക മാൻ
ഏതർഹി1 [സം.] അവ്യ. ഇപ്പോൾ
ഏതർഹി2 [സം.] നാ. സമയത്തിൻെറ ഒരു അളവ്, ക്ഷിപ്രത്തിൻെറ പതിനഞ്ചിൽ ഒരു ഭാഗം

ഏതലൻ,-തിലൻ [സം.] നാ. ശത്രു
ഏതാണ്ട് അവ്യ. 'ഏതോകണ്ട്', കുറച്ച്, ഏറെക്കുറെ, ഏകദേശം, ഏതോചിലത്, മിക്കവാറും, ഉദ്ദേശം, വ്യക്തമായി, തിട്ടമില്ലാതെ. (പ്ര) ഏതാണ്ടൊക്കെ = കുറെയൊക്കെ, എന്തൊക്കെയോ, ഇന്നതെന്നു നിശ്ചയമായി പറയാൻ പാടില്ലാത്തതു പലതും, ഏകദേശം
ഏതാദൃക്ക്,-ശ വി. ഈമാതിരിയുള്ള, ഇത്തരത്തിലുള്ള, ഈമട്ടിലുള്ള, ഇങ്ങനെയുള്ള
ഏതാൻ,-നും വി. അൽപം ചിലത്, കുറെ, കുറച്ച്, വല്ലതും
ഏതായാലും [-ആയാൽ-ഉം] ഘടക സ്ഥിതീന്തായാലും, പ്രതികൂലസ്ഥിതിയെ വിഗണിച്ചും
ഏതാവത് [സം.] അവ്യ. ഇത്രവളരെ, ഇത്രവലിയ, ഇത്രത്തോളം
ഏതാവത്പര്യന്തം [സം.] അവ്യ. ഇത്രയും വളരെ, ഇത്രത്തോളം, ഇതുവരെ, ഏതത്പര്യന്തം
ഏതാവത്ത്വം [സം.] നാ. 'ഇത്രത്തോളമെന്നുള്ളത്', പരിമാണം, സങ്ഖ്യ
ഏത് 'ഏ' എന്ന ചുട്ടെഴുത്തിനോട് 'ത്' ചേർന്നുണ്ടാകുന്ന പദം
ഏതു1 [പ.മ.] നാ. കാരണം
ഏതു2 നാ. കുറ്റം, കുറവ്
ഏതും [ഏത്-ഉം] അവ്യ. 1. ഏതുതന്നെയും, എന്തും, എല്ലാം, അൽപവും; 2. ഒട്ടും, അൽപംപോലും, തേരെ; 3. ഏതുവസ്തുവും
ഏതുമേ [ഏതും-ഏ] അവ്യ. 1. എന്തുതന്നെയും, ഏതുകാര്യവും, യാതൊന്നും; 2. ഒട്ടും, അൽപമ്പോലും, തീരെ
ഏതെല്ലാം [ഏത്-എല്ലാം]ചോ.സ.നാ. 1. ഏത്-ഏത് (സാകല്യാർഥം). ഉദാ: ഏതെല്ലാം പുസ്തകങ്ങൾ വായിച്ചു?; 2. എത്രയോ, ഒറ്റേറെ. ഉദാ: എപ്പോഴെല്ലാം, ഏതെല്ലാറ്റിനും
ഏതേത് [ഏത്-ഏത്] ഏതെല്ലാം
ഏതേനും വി. ഏതാണ്ട്, കുറച്ച്
ഏതൊക്കെ [ഏത്-ഒക്കെ] ഏതെല്ലാം
ഏത്തക്കാ(യ്) [ഏത്തൻ-കായ്] നാ. ഏത്തവാഴയുടെ കായ്, നേന്ത്രക്കായ്. 'ഏത്തൻ' നോക്കുക
ഏത്തക്കുട്ട [ഏത്തം1-കുട്ട] നാ. വയലിലേക്കു വെള്ളം തേവുന്നതിനുള്ള വലിയ മരക്കുട്ട, തുലാക്കുട്ട
ഏത്തക്കുത്ത [ഏത്ത-കുത്ത] വി. ഒത്തനിരപ്പല്ലാത്ത, തൂക്കായ, ചരിവുള്ള
ഏത്തക്കോൽ [ഏത്തം1-കോൽ] നാ. ഏത്തത്തിൻെറ മുളങ്കുഴ, ഏത്തക്കുട്ട കെട്ടിത്തൂക്കിയിടുന്ന കഴ
ഏത്തൻ നാ. നേന്ത്രവാഴ. ഏത്തംകൊണ്ടു നനച്ചുവളർത്തിയിരുന്നതുകൊണ്ട് ഉണ്ടായ പേര്
ഏത്തം1 നാ. വെള്ളംകോരുന്നതിനുള്ള യന്ത്രോപകരണം, ഘടിയന്ത്രം
ഏത്തം2 [ത.ഏത്തു] നാ. 1. സ്തുതി, വാഴ്ത്തൽ; 2. വണക്കം, പ്രണാമം; 3. അപരാധം ചെയ്തതിനോ തോൽവിപറ്റിയതിനോ കുമ്പിടൽ

ഏത്തവാഴ [ഏത്തൻ-വാഴ] നാ. ഏത്തൻ, നേന്ത്രവാഴ
ഏത്താ നാ. ഈത്താ
ഏത്താക്കൾ [പ.മ.] നാ. (ബ.വ.) സ്തുതിപാഠകന്മാർ, വന്ദികൾ
ഏത്താപ്പ് [ത.മേലാക്കു] നാ. മുൻകാലങ്ങളിൽ സ്ത്രീകൾ മാറുമറയ്ക്കാൻ ഉത്തരീയത്തിൻെറ ഒരറ്റം ഇടത്തെ അരക്കുത്തിൽ തിരുകി മറ്റേ അറ്റം വലത്തെ തോളത്ത് ഇടുന്ന രീതി, അപ്രകാരം ധരിക്കുന്ന വസ്ത്രം
ഏത്താൾ,-ത്താളൻ നാ. സ്തുതിപാഠകൻ
ഏത്തുക ക്രി. സ്തുതിക്കുക, പുകഴ്ത്തുക, കൊണ്ടാടുക
ഏത്യ [സം.] അവ്യ പ്രാപിച്ചിട്ട്, ചെന്നെത്തിയിട്ട്
ഏദൻ നാ. ബൈബിൾ അനുസരിച്ച് ആദിമാതാപിതാക്കളായ ആദംഹവ്വമാർ ശപഗ്രസ്തരാകുന്നതിനുമുമ്പ് നിവസിച്ചിരുന്ന ദിവ്യോദ്യാനം
ഏദിധിഷു:പതി നാ. ജ്യേഷ്ഠത്തിയെ വിവാഹം കഴിക്കുന്നതിനുമുമ്പ് അനുജത്തിക്കുവരുന്ന ഭർത്താവ്. താരത. അഗ്രദിധിഷു
ഏധ,ഏധസ്സ് [സം.] നാ. വർധന, സമൃദ്ധി, സൗഭാഗ്യം
ഏധനം [സം.] നാ. വർധന, ഐശ്വര്യം
ഏധം [സം.ഏധ<ഇന്ധ്] നാ. വിറക്
ഏധമാന [സം.-മാന] വി. വർധിക്കുന്ന, വർധമാനമായ
ഏധസ്സ് [സം.ഏധസ്] നാ. 1. വിറക്; 2. സൗഖ്യം, ഐശ്വര്യം
ഏധിക്കുക [<സം.ഏധ്] ക്രി. 1. വർധിക്കുക; 2. അഭിവൃദ്ധിപ്പെടുക, ശക്തിപ്പെടുക, സന്തുഷ്ടിയുണ്ടാവുക
ഏധിത [സം.] വി. വർധിച്ച, വളർന്ന
ഏൻ1 സ.നാ.,ഉ.പു. ഏ.വ. 1. ഞാൻ; 2. ഉത്തമപുരുഷ ഏകവചനപ്രത്യയം. (ക്രിയകളോടു ചേർത്തു പ്രയോഗം)ഇപ്പോൾ അപൂർവമായി കവിതകളിൽ മാത്രം പ്രയോഗം; 3. നിഷേധവാചകക്രിയകളോടുചേർന്നു ശീലഭാവിയിൽ രൂപം. ഉദാ: കാണേൻ, ചെയ്യേൻ = ഞാൻ കാണുകയില്ല, ഞാൻ ചെയ്യുകയില്ല
ഏൻ2 [പ.മ.] അവ്യ. എന്ത്, എന്തുകൊണ്ട്, എങ്ങനെ
ഏൻ3 ഏതേനും, ഏങ്ങേനും = 'ആനും'
ഏനക്കേട് [ഏനം1-കേട്] നാ. 1. സൗകര്യക്കുറവ്, സൗകര്യം ഇല്ലായ്മ; 2. അസുഖം, അസ്വാസ്ഥ്യം, വല്ലായ്മ; 3. ശല്യം, ഉപദ്രവം, തടസ്സം
ഏനപ്പാത്തി [ഏനം2-പാത്തി] നാ. മദ്യം വാറ്റുന്ന പാത്രം
ഏനം1 നാ. 1. തരം, സൗകര്യം, സുഖം (മതി); 2. കഴിവ്, മതിയായിരിക്കൽ; 3. ഒരുക്കം, തയ്യാറ്
ഏനം2 [ത.ഏനം] നാ. 1. കള്ളുപകർന്നു കുടിക്കാനുള്ള പനയോലക്കുമ്പിൾ; 2. ഉപകരണം; 3. കമ്പിവലയോടുചേർത്തു കെട്ടുന്ന കയറ്റുവല
ഏനം3 [സം.] സ.നാ. പ്ര.പു.,പും, ദ്വിതീയാ, ഏ.വ. ഇവനെ, ഇയാളെ (സ്ത്രീ) ഏനാം
ഏനമാനം നാ. 1. സന്നാഹം; 2. തരം, തക്കം, തഞ്ചം
ഏനസ്യ [സം.<ഏനസ്] വി. ഏനസ്സുള്ള, പാപമുള്ള, തെറ്റായ
ഏനസ്വത്ത്.-സ്വി [സം.] വി. പാപമുള്ള, കുറ്റമുള്ള
ഏനസ്സ് [സം.ഏനസ്] നാ. പാപം, ദോഷം, കുറ്റം
ഏനാ ഒരു സംബോധനപദം

ഏനാതി1 [ത.ഏനാതി] നാ. 1.ക്ഷുരകൻ; 2. ചാന്നാന്മാരിൽ ഒരു വിഭാഗം
ഏനാതി2 [<സം.സേനാധിപ] നാ. പടനായകൻ. ഏനാതിമങ്ഗലം = ഒരു സ്ഥലപ്പേര്
ഏനാം [സം.] സ.നാ. പ്ര.പും.സ്ത്രീ, ഏ.വ. ഇവളെ
ഏനേ1 [പ.മ.] വ്യാക്ഷേ. ആവൂ, എന്തേ, അല്ലയോ എന്നീ അർഥങ്ങളിൽ
ഏനേ2 [<ആയിനും] 'ഉം' ചേർന്ന് 'ഏനെയും', 'ഏനേം', 'ഏനും' എന്നും രൂപങ്ങൾ (വ്യാക) ഒരു പ്രത്യയം. സംഭവ്യാർഥത്തിൽ(ചെയ്യുമായിരുന്നു എന്ന അർഥത്തിൽ) ഭൂതകാലക്രിയാ രൂപത്തോടു ചേരുന്നത്. ഉദാ: കണ്ടേനേ = കാണുമായിരുന്നു
ഏന്ത് [ഏന്തുക] ധാതുരൂപം
ഏന്തൽ [<ഏന്തുക] നാ. 1. എടുക്കൽ, പിടിക്കൽ, വഹിക്കൽ, ഉയർത്തൽ; 2. ഏന്തിവലിഞ്ഞു നടക്കൽ, മുടന്ത്
ഏന്തിഴ [പ.മ.] നാ. 1. മനോഹരമായ ആഭരണം; 2. ആഭരണങ്ങൾ അണിഞ്ഞ സ്ത്രീ
ഏന്ത് നാ. = ഏന്തൽ, മുടന്ത്
ഏന്തുക [ത.ഏന്തുതല്] ക്രി. 1. പൊക്കിപ്പിടിക്കുക, വഹിക്കുക; 2. എഴുന്നു നിൽക്കുക, ഉയർന്നു നിൽക്കുക, പൊന്തുക; 3. എത്തിവലിഞ്ഞുനടക്കുക, മുടന്തുക; 4. കാൽവിരൽ മാത്രം നിലത്തൂന്നി മേലോട്ട് ആയുക, ഉന്തളിക്കുക; 5. കൈനീട്ടുക; 6. ഏങ്ങുക, തേങ്ങുക
ഏന്തുകാൽ [ഏന്ത്-കാൽ] നാ. മുടന്തുകാൽ
ഏന്ത്രം [<സം.യന്ത്ര] നാ. ദുർദേവതകളിൽനിന്നും ആഭിചാരങ്ങളിൽ നിന്നും മറ്റും ഉള്ള രക്ഷയ്ക്കുവേണ്ടി മന്ത്രമെഴുതി ചുരുളാക്കി ശരീരത്തിൽ ധരിക്കുന്ന ഓലയോ തകിടോ, രക്ഷ
ഏപ്പ് [<ഏയ്ക്കുക] നാ. ചേർപ്പ്, സന്ധി, ബന്ധം
ഏപ്രിൽ [ഇം.] നാ. ക്രിസ്തബ്ദം അനുസരിച്ച് നാലാമത്തെ മാസം
ഏഭ്യൻ [<സം.ഏഭ്യ:] നാ. ഭോഷൻ, വിഡ്ഢി (പ്ര) ഏഭ്യത്തരം = ഏഭ്യൻെറ പ്രവൃത്തി, വിഡ്ഢിത്തം (പ്ര) ഏഭ്യരാശി = മഹാവിഡ്ഢി
ഏമം1 [<സം.ക്ഷേമ] നാ. 1. സന്തോഷം, ആഹ്ലാദം; 2. ഉന്മാദം; 3. കാവൽ
ഏമം2 [<സം.യാമ] നാ. 1. യാമം; 2. രാത്രി
ഏമം3 [<സം.ഹേമൻ]നാ. ഹേമം, പ്രഹരം, മർദനം
ഏമം4 [<സം.ഹേമൻ]നാ. ഹേമന്തം
ഏമം5 [<സം.ഹേമൻ]നാ. സ്വർണം
ഏമൽ [ത.ഏമല്] നാ. മനോദു:ഖം, അസ്വസ്ഥത, അങ്കലാപ്പ്.
411
ഏമാൻ,എമ്മാൻ [<സം.യജമാന] നാ. യജമാനൻ, മേലാൾ, നാഥൻ
ഏമാളി [ത.ഏമാളി] നാ. 1. വിഡ്ഢി, അന്തസ്സാരശൂന്യൻ, ഭോഷൻ, നീചൻ; 2. ഇരപ്പാളി, തെണ്ടി
ഏമാറി നാ. 1. ഏമാറ്റുന്നവൻ, കബളിപ്പിക്കുന്നവൻ; 2. കൊതിയൻ

ഏമാറ്റം നാ. 1. ചതിക്കപ്പെടൽ, വഞ്ചന, പറ്റിപ്പ്, ചതി; 2. ഭക്ഷണത്തിനുള്ള അത്യാഗ്രഹം
ഏമാറ്റുക ക്രി. കബളിപ്പിക്കുക, ചതിക്കുക, വഞ്ചിക്കുക, ചെണ്ടകൊട്ടിക്കുക
ഏമ്പക്കം നാ. 'മേൽപോട്ടുള്ള വായുഗതികൊണ്ടുണ്ടാകുന്ന 'ഏം' എന്ന ശബ്ദം', വയറു നല്ലതുപോലെ നിറയുമ്പോൾ ഉച്ചശബ്ദത്തോടുകൂടി വായിലൂടെ പുറത്തേക്കുപോകുന്ന വായു
ഏമ്പൽ, -മ്പളം നാ. 1. ഏമ്പക്കം; 2. ഗർജനം, മുരൾച്ച
ഏമ്പ് നാ. ഏപ്പ്, കൂട്ടിച്ചേർപ്പ്
ഏമ്പുക ക്രി. കുടിക്കുക, വലിച്ചുകുടിക്കുക, ഈമ്പുക, ഊമ്പുക
ഏമ്പുല്ല് നാ. = എയ്യമ്പുല്ല്
ഏയ്1 [ഏയ്ക്കുക] ധാതുരൂപം
ഏയ്2 വ്യാക്ഷേ. നിഷേധാർഥത്തിലും ശ്രദ്ധക്ഷണിച്ചുകൊണ്ടുള്ള അർഥത്തിലും
ഏയ്ക്കുക [ഇശയ്ക്കുക] ക്രി. കൂട്ടിച്ചേർക്കുക. ഏച്ചുകെട്ടിയാൽ മുഴച്ചിരിക്കും (പഴ)
ഏയ്പ് നാ. ഏപ്പ്
ഏർ1 നാ. 1. ഉഴവുമാട്, കാള; 2. ഇണ, ജോടി
ഏർ2 [ഏൽ4] (സമാസത്തിൽ) ഉദാ: ചെപ്പേർമുല = ചെപ്പിനോട് ഏൽക്കുന്ന (മത്സരിക്കുന്ന) മുല
ഏർകാണം [ഏർ2-കാണം] നാ 'ഏരിന്മേലുള്ള കാണം' ഒരു കാർഷിക നികുതി
ഏർക്കരു,-രി [ഏർ2-കരു] നാ. 'ഏരും കരിയും', ഉഴവിനുള്ള ഉപകരണം
ഏർക്കളം [ഏർ2-കളം] നാ. നെൽക്കളം
ഏർക്കാൽ [ഏർ2-കാൽ] നാ. 1. ഈയക്കോൽ; 2. ആരക്കാല്, വണ്ടിച്ചക്രത്തിൻെറ അഴി
ഏർപ്പാട് [ഏർ-പാട്] നാ. 1. ഒരുക്കം, വ്യവസ്ഥ, ചട്ടംകെട്ടൽ, ചുമതലപ്പെടുത്തൽ, ഇന്നവിധം ചെയ്യണമെന്നുള്ള നിർദേശം (ക്രി.) ഏർപ്പെടുക; 2. പതിവ്, വഴക്കം, ആചാരം, നടപടി, നാട്ടുനടപ്പ്. (പ്ര) ഏർപ്പാടുചെയ്യുക = വ്യവസ്ഥചെയ്യുക, ഇന്നതുചെയ്യണമെന്നു ചട്ടംകെട്ടുക, ഒരുക്കം ചെയ്യുക, സജ്ജീകരിക്കുക
ഏർപ്പാട്ടം [ഏർ2-പാട്ടം] നാ. ഉഴവുപാട്ടം
ഏർപ്പ് [<ചിറപ്പ്] നാ. സ്ത്രീകളുടെ ഒരു ആഘോഷം
ഏർപ്പെടുക [ഏർ-പെടുക] ക്രി. ഇടപെടുക, വ്യാപരിക്കുക, പ്രവർത്തനത്തിൽ ഉൾപ്പെടുക, കാര്യത്തിൽ പ്രവേശിക്കുക, ചുമതലപ്പെടുക, ജോലിയിൽ ഏർപ്പെടുക, വ്യവഹാരത്തിൽ ഏർപ്പെടുക. "ഏർപ്പാട്' നോക്കുക
ഏർപ്പെടുത്തുക [ഏർപ്പെടുക>പ്രയോ] ക്രി. 1. കാര്യത്തിൽ പ്രവേശിക്കുക, ചുമതലപ്പെടുത്തുക; 2. നടപ്പിലാക്കുക, ചുമത്തുക
ഏർമാടം [ഏർ1-മാടം] നാ. 1. (ആന തുടങ്ങിയ വന്യമൃഗങ്ങളുടെ ശല്യമുള്ള വനത്തിൽ) മരത്തിൻെറ കവരത്തിൽ കെട്ടിയുണ്ടാക്കുന്ന പാർപ്പിടം, ഒടി; 2. കിടക്കാനും

ഇരിക്കാനും ഉള്ള തട്ടോടുകൂടി നാലുകാലിൽ ചെറിയകൂരയുള്ള മാടം (കൃഷിഭൂമികളിൽ കാവൽകിടക്കുവാനുള്ളത്)

ഏർമ [ഏർ2-മ] നാ. 1. ആദ്യത്തെ ഉഴവ്; 2. ആദ്യം പൂട്ടിയ ഉഴവുമാട്

ഏർവാരു,-കം [സം.] നാ. വെള്ളരി, വലിയ വെള്ളരി

ഏരകം [സം.] നാ. ചവുക്കാളം, കംബളം

ഏരടിക്കുക [ഏർ2-അടിക്കുക] ക്രി. 'ഏരിനെ അടിക്കുക', ഉഴുക

ഏരണ്ഡ [സം.ഏരണ്ഡാ] നാ. 1. തിപ്പലി; 2. വലിയ ദന്തി

ഏരണ്ഡതൈലം നാ. ആവണക്കെണ്ണ

ഏരണ്ഡം [സം.ഏരണ്ഡ] നാ. ആവണക്ക്, വെളുത്താവണക്ക്

ഏരം1 നാ. ഏരകം

ഏരം2 [<എകരം] നാ. 1. ഉയരം; 2. ശിഖരം, കൊമ്പ്

ഏരൽ [ത.ഏരല്] നാ. 1. നത്തയ്ക്ക; 2. ഒച്ച്; 3. കിളിഞ്ഞിൽ

ഏരാപ്പാട് [<ഏറാപ്പാട്] നാ. വീടിനുചുറ്റും മുറ്റം തൊട്ടുകിടക്കുന്ന ഭാഗം. ഉദാ: ഏരാപ്പാട്ടേ നിൽക്കാവു, മുറ്റത്തു കയറരുത്

ഏരാ(വ്) [ത.ഏരാ] നാ. വള്ളത്തിൻെറ അടിപ്പലക, കപ്പലിൻെറ അടിഭാഗം

ഏരാളൻ [<ഏർ] നാ. 1. കൃഷിക്കാരൻ; 2. വീരൻ, ശൂരൻ

ഏരി നാ. 1. കൃഷിക്കുവേണ്ടി വെള്ളം തിരിക്കാനുള്ള വലിയ കുളം. ഉദാ: നാഗർകോവിൽ പുത്തേരി; 2. വരമ്പ്, തിണ്ട്, വാരം. (പ്ര) ഏരിമാടുക = വരമ്പു മാടുക; 3. കാളയുടെ ഉപ്പുടി; 4. വരമ്പുറപ്പിക്കാൻ നാട്ടുന്ന കോൽ, ഏരിക്കാൽ; 5. ഒരുതരം മീൻ

ഏരിക്കാൽ [ഏരി-കാൽ] നാ. വരമ്പ് ഉറപ്പിക്കാനുള്ള കുറ്റി

ഏരുചീര് നാ. 1. ഉപകരണങ്ങൾ, ഒരുക്കുപടികൾ; 2. സാഹചര്യം

ഏൽ1 ഏലുക] ധാതുരൂപം

ഏൽ2 [ഏൽക്കുക] ധാതുരൂപം

ഏൽ3 [ത.ഏല്] നാ. 1. സുഖം, ശക്തി, ഏലുകെട്ടിരിക്കുക; 2. പാങ്ങ്, സാധ്യത, പ്രാപ്തി; 3. ഒരുക്കം, ചുമതല, ഉത്തരവാദിത്വം; 4. അങ്ഗീകാരം; 5. പൊരുത്തം

ഏൽ4 വി. 1. ഏൽക്കുന്ന, പടവെട്ടുന്ന, പൊരുതുന്ന; 2. വഹിക്കുന്ന, ധരിക്കുന്ന, ഏലുന്ന

ഏൽ5 (വ്യാക) ആധാരികാഭാസം 'എൽ', 'ഇന്മേൽ' എന്നതിൻെറ സമാനരൂപം. ഉദാ: കഴുത്തേൽ കിടക്കുന്നത്, ഉത്തരത്തേൽ ഇരിക്കുന്നത്. (വ്യവഹാരഭാഷ)

ഏൽക്കുക [ഏൽ] ക്രി. 1. കൈക്കൊള്ളുക, സ്വീകരിക്കുക; 2. ചെയ്യാമെന്നു സമ്മതിക്കുക, നടത്തുന്നതിനോ നിർവഹിക്കുന്നതിനോ ചുമതലപ്പെടുക; 3. കുറ്റമോ മറ്റോ ചെയ്തതായി സമ്മതിക്കുക; 4. യുദ്ധത്തിൽ ഇടയുക, നേരിടുക, എതിരിടുക, എതിർക്കുക; 5. കൊള്ളുക, ശരീരത്തിലോ മനസ്സിലോ തട്ടുക, അനുഭവിക്കുക; 6. ഫലിക്കുക, പ്രയോജനപ്പെടുക. ഉദാ: ചികിത്സ ശരിക്ക് ഏറ്റിട്ടുണ്ട്; 7. എഴുന്നേൽക്കുക

ഏൽപ്പണി [ഏല്-പണി] നാ. = ഏലിൽപ്പണി

ഏൽപ്പിക്കുക [ഏൽക്കുക>പ്രയോ] ക്രി. 1. കൊള്ളിക്കുക, തറയ്ക്കുക; 2. ചുമതലപ്പെടുത്തിക്കൊടുക്കുക

ഏൽപ്പ് [<ഏൽക്കുക] നാ. 1. സ്വീകാര്യം, അങ്ഗീകാരം; 2. ഫലപ്പെടൽ, ഫലം, ഏൽപ്പുവെടി

ഏല1 [സം.ഏലാ] നാ. = ഏലം

ഏല2 നിഷേധരൂപം. ഉദാ: ഞാൻ വരുകേല

ഏല3 നാ. 1. ഏലാ, പാടം, വയൽ. ഉദാ: ഏലാപ്പുറം = ഏലായിലെ തോടുകളും വരമ്പുകളും; 2. പുരയിട. 'ഏലാ1' നോക്കുക

ഏല4 വ്യാക്ഷേ. തടിയും മറ്റും പിടിക്കുമ്പോൾ ഉത്സാഹത്തിന് ഉച്ചത്തിൽ പുറപ്പെടുവിക്കുന്ന ശബ്ദം. ഉദാ: ഏല ഏലോ ഏലേലോ, ഏലേലം

ഏലകജം [സം.ഏലക-ജ] നാ. തകര

ഏലകം [സം.ഏലക] നാ. മുട്ടാട്

ഏലച്ചരക്ക് [ഏലം-ചരക്ക്] നാ. മലഞ്ചരക്ക്, മലയിൽനിന്നു ലഭിക്കുന്ന സുഗന്ധദ്രവ്യങ്ങൾ

ഏലത്തരി [ഏലം1-അരി]നാ. ഏലക്കയിൽനിന്നു കിട്ടുന്ന അരി

ഏലപ്പൂട്ടിൽ,-പ്പിട്ടിൽ [ഏലം1-പുട്ടിൽ] നാ. ഏലക്കായ്, ഏലത്തരി ഉൾക്കൊള്ളുന്ന തോട്

ഏലം നാ. ഇഞ്ചിയുടെ ഇനത്തിൽപ്പെട്ട ഒരു ചെടി. ഇതിൻെറ അരി (ഏലത്തരി) ഔഷധമായും സുഗന്ധദ്രവ്യമായും ഉപയോഗിക്കപ്പെടുന്നു. ചിറ്റേലം, പേരേലം എന്നു രണ്ടുതരം ഏലക്കായ്, ഏലപ്പുട്ടിൽ

ഏലവാലുകം [സം.] നാ. = ഏലാവാലുകം

ഏലവിലൻ [സം.ഏലവില] നാ. ഇലവിലയുടെ പുത്രൻ, കുബേരൻ

ഏലസ്സ് നാ. അരഞ്ഞാണിലും മറ്റും കോർത്ത് ആഭരണമായി അണിയുന്ന ലോഹക്കൂട്

ഏലാ1 നാ. 'ഒരു എലുകയിൽപ്പെട്ട സ്ഥലം', 1. പാടശേഖരം, വയൽ; 2. പുരയിടം, പറമ്പ്

ഏലാ2 [ഏലുക] നിഷേധരൂപം, ഏലുകയില്ല

ഏലാ3 [സം.] നാ. ഒരു വൃത്തം

ഏലാച്ചി നാ. ഗ്രാമീണസ്ത്രീകൾ ഉടുക്കുന്ന ഒരുതരം നാടൻമുണ്ട്, കറുപ്പുകച്ച

ഏലാൻ നാ. ഒന്നാമതായി വരുന്ന കുട്ടി (ഒരു കാര്യത്തിന് ആദ്യം വന്നുചേരുന്ന ആൾ എന്ന് പഴയ അർഥം)

ഏലാപർണി [സം.-പർണീ]നാ. 'ഏലത്തിൻെറ ഇലപോലെ ഇല ഉള്ളത്', ചിറ്ററത്ത

ഏലാപ്പ് [ത.ഏലാപ്പു] നാ. 'ഏലാത്ത സ്ഥിതി, സഹിക്കാൻ പാടില്ലായ്മ', ദു:ഖം

ഏലാഫലം [സം.-ഫല] നാ. 1. ഏലക്കായ്; 2. ഏലാവാലുകം

ഏലായുഗ്മം,ദ്വയം [സം.-യുഗ്മ,-ദ്വയ] നാ. 'രണ്ടുതരം ഏലം', ചിറ്റേലവും പേരേലവും

ഏലാവക്കീൽ [ഏലാ1-വക്കീൽ] നാ. ഏലാപ്പുറത്തു നിയമജ്ഞനെന്ന മട്ടിൽ കഴിയുന്ന ആൾ, കുടിവക്കീൽ (പരിഹാസാർഥത്തിൽ)

ഏലാവാലുകം [സം.] നാ. പേരേലം

ഏലി[ത.ഏലി] നാ. 1. മദ്യം; 2. ഒരു സ്ത്രീനാമം

ഏലിക്കുക ക്രി. 1. മറ്റൊരാൾ ചെയ്യട്ടെ എന്ന വിചാരത്തോടുകൂടി ജോലി ഇട്ടിഴയ്ക്കുക, ഉദാസീനത കാണിക്കുക, മത്സരബുദ്ധികാണിക്കുക; 2. മുൻനിറുത്തുക, പുരസ്കരിക്കുക

ഏലിൽപ്പണി നാ. വനത്തിൽ നിശ്ചിത എലുകയ്ക്കകത്തു നിന്നു മുറിച്ചതടികൾ ആനയെക്കൊണ്ടു പിടിപ്പിച്ച് പുഴക്കരയിലോ മറ്റോ അടുക്കുന്ന ജോലി

ഏലിക [സം.ഏലികാ] നാ. 1. ചിറ്റേലം; 2. ഏലത്തരി

ഏല്1 നാ. 1. സുഖം; 2. ശക്തി; 3. മിടുക്ക്, സാമർഥ്യം; 4. സൗകര്യം, യോഗ്യത

ഏല്2 [<എലുക] നാ. തടിവെട്ടാനും മറ്റും മലയിൽ എലുക തിരിച്ചിട്ടുള്ള സ്ഥലം

ഏലുക [<ഇയലുക] 'ഏന്നു' എന്ന ഭൂതകാലരൂപം പ്രയോഗത്തിൽ ഇല്ല. ഏലുന്നു, ഏലും എന്ന രൂപങ്ങൾ കാണാം. ക്രി. 1. വഹിക്കുക, ചുമക്കുക, യോജിക്കുക, ചേരുക, ഉള്ളതായിരിക്കുക, ഇണങ്ങുക (കവിതയിൽ); 2. തുല്യമായിരിക്കുക, കിടനിൽക്കുക; 3. കൊള്ളുക, ഏൽക്കുക, ഏശുക

ഏലും1 [ഏലുക] ഭാവികാലരൂപം 'ഉള്ള' എന്ന അർഥത്തിൽ വിശേഷണമായും പ്രയോഗം

ഏലും2 [<എങ്കിലും] ചിലരുടെ വ്യവഹാരഭാഷയിൽ ഉദാ: ആണേലും = ആണ് എങ്കിലും

ഏലേലം [ഏല-ഏലം] വ്യാക്ഷേ ഏലേലോ, ഏലോലം. 'ഏല4' നോക്കുക

ഏവ1 1. പലതുള്ളതിൽ ഇന്നതെന്നു അറിയാൻ വേണ്ടിയുള്ള ചോദ്യശബ്ദം; 2. എല്ലാത്തരത്തിലുള്ളതും, എത്ര പ്രയാസപ്പെട്ടതും എന്ന അർഥത്തിലും പ്രയോഗം. ഉദാ: ഏതു വഴിക്കും, ഏതുകൊണ്ടും, ഏത് ആളും, ഏതും. (പ്ര) ഏത് അവൻ = ആര് (അനാദരസൂചകം), ഏത് ആൾ (ആര്), ഏത് ഇടം (എവിടെ); 3. വ്യപേക്ഷകസർവനാമമായും പ്രയോഗം. ഏത് എന്നതിൻെറ ബ.വ. (സംസ്കൃതശൈലിയുടെ അനുകരണം) ഉദാ: ഏതോ അത്

ഏവ2 [സം.] അവ്യ. തന്നെ, മാത്രം

ഏവൻ [ഏവ്-അൻ] നാ. പും, ചോദ്യവാചിയും വ്യപേക്ഷാവാചിയും. ഏത് ആൾ, ആർ, അറിഞ്ഞുകൂടാത്ത ആളിനെപ്പറ്റി ചോദിക്കുമ്പോൾ ഉപയോഗിക്കുന്നത് (സ്ത്രീ) ഏവൾ (ബ.വ.) ഏവർ, (നപും) ഏത്. (പ്ര) ഏവർക്കും = ഏതൊരാളിനും, ആർക്കും, എല്ലാവർക്കും

ഏവൻഗേലി [ഗ്രീ] നാ. ബൈബിളിലെ സുവിശേഷങ്ങൾക്കു പൊതുവേയുള്ള പേര്

ഏവങ്ങേലിസ്ത [ഗ്രീ] നാ. ബൈബിളിലെ സുവിശേഷ ഗ്രന്ഥങ്ങൾ ഓരോന്നിൻെറയും കർത്താവ് (മത്തായി, മാർക്കോസ്, ലൂക്കോസ്, യോഹന്നാൻ)

ഏവം [സം.] അവ്യ. ഇപ്രകാരം, ഈവിധം, ഇങ്ങനെ (പ്ര) ഏവംഭൂത = ഇങ്ങനെഭവിച്ച, ഇങ്ങനെയുള്ള. ഏവംവിധം = ഇപ്രകാരമുള്ള, ഈരീതിയിലുള്ള

ഏവർ [ഏവ്-അർ] അലിങ്ഗ ബ.വ.സ.നാ. 1. ഏത് ആളുകൾ, പൂജക ബഹുവചനമായും പ്രയോഗം; 2. എല്ലാ ആളുകളും. ഏവരും = എല്ലാവരും, സകലരും

ഏവലൻ നാ. കിങ്കരൻ, വിടുപണിചെയ്യുന്നവൻ (ബ.വ.) ഏവലർ

ഏവൾ [ഏവ്-അൾ] സ.നാ. ചോദ്യവാചി. ഏതൊരുവൾ, ഏതുസ്ത്രീ
ഏവറവ് [ഏവ്-അറവ്] നാ. പരിഭ്രമം, വ്യസനം
ഏവറ്റ നാ. ചോദ്യവാചി. (ബ.വ.) ഏതുതരത്തിലുള്ളവ, ഏവ.
413
ഏവ് [<എയ്വ] നാ. 1. അമ്പ്; 2. അമ്പയയ്ക്കൽ, എയ്ത്ത് (പ.മ) (പ്ര) ഏവുണ്ണുക = അമ്പ് ഏൽക്കുക
ഏവുക [<എയ്യുക] ക്രി. 1. ചാണ്ടുക, എയ്യുക; 2. അയയ്ക്കുക, നിയോഗിക്കുക (പ.മ.); 3. ആജ്ഞാപിക്കുക; 4. പ്രേരിപ്പിക്കുക
ഏവുകാരൻ [ഏവ്-കാരൻ]നാ. എയ്യുന്നവൻ, വില്ലാളി
ഏശൽ [ത. ഏചല്<ഏശുക] നാ. 1. വന്നുകൊള്ളൽ, സ്പർശിക്കൽ; 2. ഫലിക്കൽ; 3. എതിർക്കൽ, ഏറ്റുമുട്ടൽ
ഏശു നാ. = യേശു (ക്രിസ്തു)
ഏശുക [ത.എയ്തല്] ക്രി. 1. തൊടുക, സ്പർശിക്കുക, വന്നുകൊള്ളുക, പറ്റുക. ഉദാ: പറഞ്ഞത് അവനെ ഏശിയില്ല; 2. ഒന്നിച്ചുകൂടുക, സങ്ഗമിക്കുക, സമീപിക്കുക; 3. ഫലപ്പെടുക; 4. ഉണ്ടാവുക, സംഭവിക്കുക, സാധിക്കുക; 5. എതിർക്കുക, ഏൽക്കുക; 6. പ്രാപിക്കുക; 7. പറയുക
ഏഷ1 [സം.] വി. 1. ആശാസ്യമായ, കാമ്യമായ; 2. തെന്നുന്ന, വഴുതുന്ന, ഓടിക്കൊണ്ടിരിക്കുന്ന
ഏഷ2 [സം.] സ.നാ. 'ഏതദ്' ശബ്ദത്തിൻെറ പും,പ്ര.പു,, ഏ.വ., ഈ, ഇവൻ (സ്ത്രീ) ഏഷാ, (നപും.) ഏതദ്
ഏഷണ1 [സം.] വി. 1. ആഗ്രഹിക്കുന്ന; 2. അന്വേഷിക്കുന്ന
ഏഷണ2 [സം.ഏഷണാ] നാ. 1. സംസാരബന്ധകാരകമായ ആഗ്രഹം; 2. അന്വേഷണം; 3. യാചന
ഏഷണത്രയം [സം.-ത്രയ] നാ. മൂന്നു വിഷയങ്ങളിലുള്ള ആസക്തി (ദാരൈഷണ, പുത്രൈഷണ, അർഥൈഷണ എന്നീ മൂന്നും)
ഏഷണം [സം.] നാ. 1. ഏഷണ2; 2. അന്വേഷണം; 3. (ആയുർ) വ്രണം എത്രത്തോളം ആഴത്തിൽ പഴുത്തിട്ടുണ്ടെന്ന് അറിയാൻ 'ഏഷണി' എന്ന ശസ്ത്രം ഉൾലിൽ കടത്തി പരിശോധിക്കൽ; 4. പ്രേരണ
ഏഷണി1 നാ. നുണ, രണ്ടുപേരെത്തമ്മിൽ പിണക്കുന്നതിനു സത്യമോ അസത്യമോ ആയ കാര്യങ്ങൾ പറഞ്ഞു പിടിപ്പിക്കൽ, ഒരാൾക്കു വേറൊരാളിൻെറ പേരിൽ തെറ്റിദ്ധാരണ ഉണ്ടാകത്തക്കവണ്ണം ദൂഷ്യങ്ങളും അപവാദങ്ങളും പറയൽ. (പ്ര) ഏഷണിക്കാരൻ = ഏഷണിപറയുന്നവൻ, നുണയൻ
ഏഷണി2 [സം.ഏഷണീ] നാ. 1. തട്ടാൻെറ ചെറിയ ത്രാസ്; 3. (ആയുർ) ഒരു ശസ്ത്രം (മുറിവുകളിൽ കടത്തി പരിശോധന ചെയ്യാൻ ഉപയോഗിക്കുന്നത്)
ഏഷണിക1 [സം.] വി. അന്വേഷിക്കുന്ന
ഏഷണിക2 [സം.ഏഷണികാ] നാ. തട്ടാൻെറ ചെറിയ ത്രാസ്
ഏഷണീയ [സം.<ഏഷ്,ഇഷ്] വി. 1. അന്വേഷിക്കത്തക്ക; 2. ആഗ്രഹിക്കത്തക്ക; 3. പ്രാപിക്കത്തക്ക; 4. (സമാസാന്തത്തിൽ) വൈദ്യപരിശോധന സംബന്ധിച്ച
ഏഷൻ [സം.ഏഷ] നാ. വിഷ്ണു

ഏഷം [സം.ഏഷ] നാ. 1. തേടൽ, പിന്തുടരൽ, അന്വേഷണം; 2. ആഗ്രഹം, ഇച്ഛ
ഏഷാ [സം.] സ.നാ. 'ഏതദ്' ശബ്ദത്തിൻെറ സ്ത്രീലിങ്ഗ രൂപം, ഏ.വ. ഇവൾ, ഈ. (പും) ഏഷ, (നപും) ഏതദ് (മണിപ്രവാളകവിതയിൽ)
ഏഷാകൃതി നാ. ഏഷണി പറഞ്ഞ് അപകടം സൃഷ്ടിക്കൽ, കുഴപ്പം, ഏടാകൂടം (വ.മ.)
ഏഷി [സം.ഏഷിൻ] വി. (സമാസത്തിൽ) ആഗ്രഹിക്കുന്ന, അന്വേഷിക്കുന്ന, പിന്തുടരുന്ന. (സ്ത്രീ) ഏഷിണി
ഏഷിക [സം.ഏഷികാ] നാ. ചിത്രമെഴുത്തിനുള്ള തൂലിക
ഏഷിക്കുക [സം.<ഏഷ] ക്രി. 1. അന്വേഷിക്കുക; 2. (ആയുർ) വ്രണത്തിൻെറ ഉള്ളിൽ ശസ്ത്രം കടത്തി പരിശോധിക്കുക
ഏഷണി [സം.] നാ. ഏഷണീയന്ത്രം
ഏഷിതാ(വ്) [സം.ഏഷിതൃ] നാ. 1. അന്വേഷിക്കുന്നവൻ; 2. ഇച്ഛിക്കുന്നവൻ
ഏഷ്ടി [സം.] നാ. ആഗ്രഹം (വൈദികം)
ഏഷ്യ1 [സം.] വി. 1. ആഗ്രഹിക്കത്തക്ക; 2. പ്രാപിക്കത്തക്ക; 3. അന്വേഷിക്കത്തക്ക, ഏഷണി എന്ന ശസ്ത്രംകൊണ്ടു ചുഴിഞ്ഞു നോക്കേണ്ട
ഏഷ്യ2 [<ല.ആസ്യ] നാ. ഭൂഖണ്ഡങ്ങളിൽ ഒന്ന്
ഏഷ്യത് [സം.] വി. ഭവിഷ്യത്, സംഭവിക്കാൻപോകുന്ന
ഏഹസ്സ് [സം.ഏഹസ്] നാ. 1. കോപം; 2. മാത്സര്യം
ഏഹി [സം.<ആ-ഇ] 'ഇ' ധാതുവിൻെറ ലോട്; മ.പു., ഏ.വ. ആറ്റുത്തുവരൂ, വരിക
ഏഹേ 'ഏങ്ഹേ' വ്യാക്ഷേ നിഷേധാർഥത്തെ ദ്യോതിപ്പിക്കുന്നത്
ഏള1 നാ. ഓലക്കുരുവി, ആറ്റക്കുരുവി, കൂരിയാറ്റ, തുന്നാരൻ പക്ഷി
ഏള2[സം.ഏഡ] വി. ചെവി കേൾക്കാത്ത
ഏളകം,ഏഴകം [പാ.] നാ. 1. കുറിയാട്; 2. ആട്ടുരോമം; 3. തകര
ഏളൻ [സം.ഏഡ] നാ. ചെകിടൻ, പൊട്ടൻ, അജ്ഞൻ, മടാൻ
ഏളാങ്കം നാ. പിള്ളകളി
ഏളാങ്കിക്കുക ക്രി. അവഗണിക്കുക, നിന്ദിക്കുക, മോശമാക്കുക
ഏളിക്കുക ക്രി. കൈകൾ ഏണത്തുവച്ചു നടക്കുക
ഏളിതം,-ത്തം [സം.ഹേലിതം] നാ. പരിഹാസം, ആക്ഷേപം
ഏഴ1 നാ. (സാമാന്യലിങ്ഗം) അഗതി, പാവപ്പെട്ട ആൾ
ഏഴ2 നാ. പ്രായശ്ചിത്തം, പിഴ, കാണിക്ക
ഏഴകം [പാ.ഏളക] നാ. = ഏളകം (പ.മ.)
ഏഴൻ നാ. ഏഴ, പാവപ്പെട്ടവൻ
ഏഴനിറ നാ. തെയ്യാട്ടത്തിനു മാറിൽ അണിയുന്ന ഒരു ആഭരണം
ഏഴര[ഏഴ്-അര] 'ഏഴും അരയും' നാമമായും വിശേഷണമായും പ്രയോഗം. നാ. സൂര്യോദയത്തിന് ഏഴരനാഴികയുള്ള സമയം, ബ്രാഹ്മ്മുഹൂർത്തം. (പ്ര) ഏഴരക്കോഴി = ഏഴരവെളുപ്പിനു കൂകുന്ന കോഴി

ഏഴരപ്പൊന്നാന നാ. ഏറ്റുമാനൂർക്ഷേത്രത്തിൽ നടയ്ക്കുവച്ചിട്ടുള്ള പൊന്നാനപ്രതിമകൾ, ഏഴുവലുതും ഒന്നു ചെറുതും

ഏഴരശ്ശനി നാ. 1. (ജ്യ്)) ലഗ്നത്തിനു തൊട്ടുമുമ്പുള്ള രാശിയിലും (പന്ത്രണ്ടാമിടത്തും) ലഗ്നത്തിലും രണ്ടാമിടത്തും ശനി നിൽക്കുന്ന കാലം. ശനിക്കു ഒരു രാശിയിൽ രണ്ടരവർഷം നിൽക്കുന്നതുകൊണ്ട് മൂന്നു രാശികളിലായി ഏഴരവർഷം. ആ കാലം ശനിയിൽനിന്നുള്ള പീഡ വളരെ കൂടുതലായിരിക്കും എന്നു വിശ്വാസം. ഇതിൽനിന്ന് 'കഷ്ടകാലം' എന്ന് അർഥവികാസം; 2. കഷ്ടകാലം

ഏഴാം [ഏഴ്-ആം] വി. 'ആം' പൂരണിതദ്ധിതം', ഏഴാമത്തെ

ഏഴാമത്തുകളി നാ. വിനോദപ്രധാനമായ ഒരുതരം നൃത്തം. ബ്രാഹ്മണരുടെ യാത്രക്കളിക്കു തുല്യമായി നായന്മാരുടെ ഇടയിൽ പ്രചരിച്ചിരുന്ന ഒരു വിനോദം

ഏഴാമിടം നാ. (ജ്യോ) 1. രാശിചക്രത്തിൽ ഏഴാംഭാവം, കളത്രസ്ഥാനം; 2. കളത്രം, ഭാര്യ (ജ്യോതിഷമനുസരിച്ച് ഏഴാംഭാവം കളത്രസ്ഥാനമായതുകൊണ്ട്)

ഏഴിപ്പെരുമാൾ നാ. 'ഏഴിമല രാജധാനിയാക്കി വാണ പെരുമാൾ' കോലത്തിരി (ഏഴിമലയിലെ മൂഷികവംശക്കാരാണു പിന്നീട് കോലത്തിരിമാരായത്)

ഏഴിമല നാ. വടക്കെ മലബാറിൽ സമുദ്രതീരത്തുകിടക്കുന്ന ഒരു ചെറിയ മല

ഏഴിയൻ നാ. നെൽക്കതിരിൽനിന്നു പാല് ഊറ്റിക്കുടിക്കുന്ന ഒരു ചെറിയ ജീവി, ചാഴി. (പ്ര) ഏഴിയൻ വിലക്കൽ = നെൽക്കൃഷിക്ക് ഏഴിയൻെറ ശല്യമുണ്ടാകാതിരിക്കാൻ ചെയ്യുന്ന മന്ത്രപ്രയോഗം. പനയോലത്തുണ്ടിൽ മന്ത്രങ്ങളെഴുതി വയലിൽ സ്ഥാപിക്കൽ

ഏഴിൽ [ഏഴ്-ഇൽ] നാ. സങ്ഗീതം (സപ്തസ്വരങ്ങളുള്ളതിനാൽ)

ഏഴിലമ്പാല നാ. 'തണ്ടിൽ മുട്ടുതോറും ചുറ്റും ഏഴേഴ് ഇലകൾ ഉള്ളത്', ദൈവപ്പാല, മൂക്കംപാല

ഏഴില്ലക്കാർ [ഏഴ്-ഇല്ലക്കാർ] നാ. (ബ.വ.) കാനായിത്തോമായുടെ കൂടെ കൊടുങ്ങല്ലൂർവന്ന ഏഴ് താവഴിക്കാർ

ഏഴ് [<ഏഴ്] "എഴ്" എന്നത് ആദിരൂപമെന്ന് കാൾഡ്വെൽ. 'എഴുന്നത്, ആറുകഴിഞ്ഞ് ഉയരുന്നത്' നാമമായും വിശേഷണമായും പ്രയോഗം. ആറുകഴിഞ്ഞ് അടുത്ത പൂർണസങ്ഖ്യ

ഏഴുതളി [ഏഴ്-തളി] നാ. മരിച്ചതിൻെറ ഏഴാം ദിവസം നടത്തുന്ന തളി, ശുദ്ധീകരണ കർമം

ഏഴുപുറംപരിഷ നാ. കൊച്ചിയിലെ ഡച്ചുകമ്പനിയുടെ സേവനത്തിൽ ഏർപ്പെട്ടിരുന്ന ഒരു കൂട്ടം ആളുകൾ. എഴുന്നൂറ്റിപ്പരിഷ എന്ന് ആണ് ശുദ്ധരൂപമെന്നു ചിലർ

ഏഴുലകം [ഏഴ്-ഉലകം] നാ. പുരാണമനുസരിച്ചുള്ള ഏഴു ലോകങ്ങൾ

ഏഴേഴ് [ഏഴ്-ഏഴ്] നാ. 1. ഏഴിൻെറ ഏഴുമടങ്ങ്, നാൽപത്തൊൻപത്; 2. അവ്യ. ഏഴുവീതം, ഏഴേഴായി

ഏറ [<ഏറുക] അവ്യ. (നടുവിന) ഏറെ

ഏറക്കാൽ നാ. 1. ആരക്കാൽ, രഥചക്രത്തിൻെറ അഴി; 2. ഇറക്കാൽ, ഇറമ്പ്

ഏറടവ് [ഏറ്-അടവ്] നാ. ലഡ്ജർ

ഏറൻ [ഏറ്-അൻ] നാ. കാള
ഏറപ്പട്ടി നാ. ഒരുതരം പ്രമാണരേഖ
ഏറപ്പോരിക [ഏറ-പോരിക] നാ. 'ഏറെ പര്യാപ്തമായ അവസ്ഥ', മഹത്ത്വം, ശക്തി
ഏരവയ്ക്കുക ക്രി. പുരപണിയിൽ മേൽക്കൂരയുണ്ടാക്കാൻ ഉത്തരംവയ്ക്കുക. നാ. ഏറവയ്പ്
ഏറാങ്കട വി. ഒടുവിലത്തെ, അവസാനത്തെ
ഏറാടി [ഏർ-ആടി] നാ. 'കാളയെ (കന്നുകാലികളെ) മേയ്ക്കുന്നവൻ' 1. ഒരു ജാതി, നായന്മാരിൽ ഒരുവിഭാഗം; 2. കോഴിക്കോട്ടു സാമൂതിരി രാജവംശം
ഏറാട് നാ. ഏറനാട്. (പ്ര) ഏറാട്ടുമേനോൻ = സാമൂതിരിയുടെ സേനാപതി. നായന്മാരുടെ അധിപതി
ഏറാപ്പാട് [ഏറാ-പാട്] നാ. വീടിന്റെ മുറ്റത്തിനു ചുറ്റുമുള്ള സ്ഥലം
ഏറാൾ,-ളർ നാ. (ബ.വ.) യോദ്ധാക്കൾ
ഏറാൾപ്പാട് നാ. സാമൂതിരി രാജകുടുംബത്തിലെ ഒന്നാം ഇളമുറത്തമ്പുരാൻ
ഏറാളൻ നാ. ചെറുമർകളിൽ ഒരു വിഭാഗം. പാലക്കാട്ടും വള്ളുവനാട്ടിലും വസിക്കുന്നു
ഏറി നാ. ഒരുതരം പട്ടുനൂൽ പുഴു
ഏറിടുക [ഏറ്-ഇടുക] ക്രി. കണക്കുനോക്കുക, കണക്കുപരിശോധിക്കുക
ഏറിന, ഏറിയ [ഏറുക] വി. (ഭൂ.പേരെച്ചം) 1. വർധിച്ച; 2. കയറിയ
ഏറിയ, ഏറിന [ഏറുക] വി. (ഭൂ.പേരെച്ചം) കയറിയ, വർധിച്ച, കൂടിയ, അധികമായ, കവിഞ്ഞ. (പ്ര) ഏറിയകൂറും = അധികമായും, മിക്കവാറും
ഏറ്1 [ഏറുക] ധാതുരൂപം
ഏറ്2 നാ. 1. കാള (പ.മ.) ഉദാ: ഏർ, എരുത്; 2. ആൺസിംഹം; 3. (ജ്യോ) ഇടവം രാശി, കാളയുടെ ചി ം ഉള്ളത്; 4. ഏര്, ജോടി (കാളയോപോത്തോ)
ഏറുക ക്രി. 1. കേറുക, കയറുക, ഉയരത്തിലോ വേറൊന്നിന്റെ മുകളിലോ ചെല്ലുക. ഉദാ: ആനപ്പുറത്ത് ഏറുക, മരത്തിൽ ഏറുക, വണ്ടിയിൽ ഏറുക; 2. വർധിക്കുക, പെരുകുക, അധികമാവുക, കൂറ്റുതലായിരിക്കുക, കവിയുക
ഏറുകണ്ണ് നാ. 1. കടാക്ഷം, ചരിഞ്ഞുള്ള നോട്ടം; 2. മറികണ്ണ്, കോങ്കണ്ണ്. (പ്ര) ഏറുകണ്ണിടുക = കടാക്ഷിക്കുക, കൺകോണുകൊണ്ടു നോക്കുക
ഏറുകാണം [ഏറ്1-കാണം] നാ. നിലം കൃഷിചെയ്യുന്നതിനും മറ്റും പാട്ടസങ്ഖ്യയിൽ മുമ്പേറായി കൊടുക്കുന്ന തുക, അച്ചാരം
ഏറുചക്രപ്പൂവ് നാ. വെടിക്കെട്ടിലെ ഒരിനം, പൂച്ചക്രം
ഏറുചൂണ്ട [ഏറ്1-ചൂണ്ട] നാ. വെള്ളത്തിലേക്കു വലിച്ച് എറിഞ്ഞു മീൻപിടിക്കാനുള്ള ചൂണ്ട
ഏറുതല [ഏറ്-തല] നാ. ഇളന്തല, കിളിർപ്പ്
ഏറുതാഴ് [ഏറ്-താഴ്] നാ. അടച്ച കതക് തുറന്നുപോകാതെയും തുറന്നുവച്ച കതക് മാറി അടഞ്ഞുപോകാതെയും ഇരിക്കത്തക്കവണ്ണം അതിൽ വച്ചുറപ്പിക്കുന്നതും വെളിയിലേക്കോ അകത്തേക്കോ തള്ളാവുന്ന തരത്തിൽ ഓടാമ്പലുള്ളതുമായ താഴ്.

ഏറുപടക്കം [ഏറ്1–പടക്കം] നാ. എറിഞ്ഞുപൊട്ടിക്കുന്ന പടക്കം
ഏറുപമ്പരം [ഏറ്–പമ്പരം] നാ. ചരടുചുറ്റി എറിഞ്ഞു കറക്കുന്ന പമ്പരം
ഏറുമാടം [ഏറ്1–മാടം] നാ. 1. മരക്കൊമ്പുകളിൽ കെട്ടിയുണ്ടാക്കുന്ന മാടം; 2. ഒരു കട്ടിലിലെന്നപോലെ ഏറി ഇരിക്കാനും കിടക്കാനും തക്കവണ്ണം പലകത്തട്ടുള്ള ചെറുമാടം
ഏറുമുള്ള് [ഏറു–മുള്ള്] നാ. 1. ഏറുപുള്ള്, എറിമുള്ള്, ഏറിവുള്ളാടൻ; 2. പൂവൻകോഴിയുടെ കാലിൽ വിരലുകൾക്കു മുകളിലുള്ള ബലമേറിയ മുള്ള്, കട്ടിമുള്ള്, കട്ടുമുള്ള്
ഏറുവാണം [മ.ഏറ്1–സം.വാണ] നാ. കരിമരുന്നു പ്രയോഗത്തിലെ ഒരിനം
ഏറുവാശി [ഏറ്–വാശി] നാ. വിലയേറ്റത്തിനു വകവയ്ക്കുന്ന വാശി
ഏറുസാക്ഷ [ഏറ്1–സാക്ഷ] നാ. = ഏറുതാഴ്
ഏറെ, ഏര [എറുക] അവ്യ. 1. കൂടുതൽ, വളരെ, ധാരാളം, ഒട്ടധികം; 2. മുകളിൽ, ഉയർന്ന പ്രദേശത്ത്
ഏറെക്കുറെ [ഏറെ–കുറെ] അവ്യ. ഒട്ടൊക്കെ, ഏതാണ്ട്, പൂർണമായല്ലെങ്കിലും, കുറെയൊക്കെ, മിക്കവാറും
ഏറേറി [ഏറ്2–ഏറി] നാ. കാളപ്പുറത്തുകയറി സഞ്ചരിക്കുന്നവൻ, ശിവൻ
ഏറോപ്പ് [ല.] നാ. എവുറോപ്പ, യൂറോപ്പ്
ഏറ്റ [ഏൽക്കുക] വി. (ഭൂ.പേരെച്ചം) 1. കാഇക്കൊണ്ട, സ്വീകരിച്ച, സമ്മതിച്ച, ചെയ്യാമെന്നുപറഞ്ഞ; 2. എതിരിട്ട; 3. തക്ക, യോജിച്ച, ഇണങ്ങുന്ന
ഏറ്റക്കാൽ [ഏറ്റം1–കാൽ]നാ. തുലാദണ്ഡം താങ്ങുന്ന കാൽ
ഏറ്റക്കുറച്ചിൽ [ഏറ്റം1–കുറച്ചിൽ] നാ. കൂടുതലും കുറവും, വലുപ്പച്ചെറുപ്പം, മേന്മയും താഴ്മയും
ഏറ്റം1 [<ഏറുക] നാ. 1. കയറൽ, ആരോഹണം, മുകളിലേക്കുപോകൽ; 2. കയറ്റം, തേരി, മേട്; 3. അഭിവൃദ്ധി, ആധിക്യം, കൂടുതൽ; 4. വേലിയേറ്റം; 5. അധികമുള്ളത്. ഉദാ: ഏറ്ററി; 6. കടന്ന പ്രവൃത്തി, കടുംകൈ, അതിക്രമം. ഉദാ: വേക്കേറ്റം, കയ്യേറ്റം; 7. വള്ളിച്ചെടികൾക്കു പടർന്നു കയറാൻ കെട്ടുന്ന കയറോ മറ്റോ; 8. തുലാദണ്ഡം, ഏത്തം
ഏറ്റം2 [<ഏറുക] അവ്യ. അധികം, വളരെ, ഏറ്റവും
ഏറ്റർഥം [മ.ഏറ്റ്–സം.അർഥ] നാ. കാണപ്പാട്ടക്കാരിൽനിന്നു കരാറിൽ കൂടുതലായി ഈടാക്കുന്ന തുക
ഏറ്ററി [ഏറ്റ്–അരി] നാ. 1. ഏറ്റമായി കിട്ടുന്ന അരി, നെല്ലുകുത്തുമ്പോൾ നെല്ലിൻെറ അളവിൽപാതി എന്ന ക്രമത്തിൽ കവിഞ്ഞുകിട്ടുന്ന അരി; 2. വയസ്സനുസരിച്ച് ഒരു വയസ്സിനു ഒന്ന് (പറയോ ഇടങ്ങഴിയോ മറ്റോ) എന്ന ക്രമത്തിനു ക്ഷേത്രത്തിൽ വഴിപാടായി അളക്കുന്ന അരി
ഏറ്റലർ [ഏറ്റൽ–അർ] നാ. 'ഏൽക്കുന്നവർ, എതിർക്കുന്നവർ', (ബ.വ.) ശത്രുക്കൾ
ഏറ്റവും [ഏറ്റം–ഉം] അവ്യ. അധികം, കൂടുതൽ
ഏറ്റാർ [<ഏല്] നാ. (ബ.വ.) ശത്രുക്കൾ
ഏറ്റാളി1 [ഏറ്റ്–ആളി] നാ. എതിരാളി
ഏറ്റാളി2 [ഏറ്റ്–ആളി] നാ. 1. ഏരുന്ന ആൾ, തെങ്ങുകയറുന്നവൻ; 2. പരവൻ

ഏറ്റിനം [ഏറ്റ്-ഇനം] നാ. പണിക്കോപ്പ്, ഉപകരണം, സാമഗ്രി, അനുസാരി, ഏക്കരി

ഏറ്റിമാറ്റുക [ഏറ്റി-മാറ്റുക]ക്രി. എടുത്തു കളയുക

ഏറ്റിറക്കം [ഏറ്റ്-ഇറക്കം]നാ. 1. ഏറ്റവും ഇറക്കവും, കുന്നും കുഴിയും; 2. ഉയരലും താഴലും, കൂടുകയും കുറയുകയുംചെയ്യൽ; 3. കയറ്റുമതിയും ഇറക്കുമതിയും; 4. വേലിയേറ്റവും വേലിയിറക്കവും

ഏറ്റ്1 [ഏറ്റുക] നാ. 1. ഏറ്റൽ, മേൽപ്പോട്ടുകയറ്റൽ, ഉയർത്തൽ; 2. കയറ്റി ഇരുത്തൽ; 3. ചെത്താൻവേണ്ടി പനയിലോ തെങ്ങിലോ കയറ്റം

ഏറ്റ്2 [ഏൽക്കുക] അവ്യ. (മുൻവിന) 'ഏറ്റു' എന്നു ഭൂതരൂപം', 1. കൊണ്ടിട്ട്, തട്ടിയിട്ട്; 2. കൈക്കൊണ്ടിട്ട്, സമ്മതിച്ചിട്ട്; 3. എഴുന്നേറ്റ്; 4. നേരിട്ടിട്ട്, എതിർത്തിട്ട്

ഏറ്റുക [>പ്രയോഗിക]ക്രി. 1. മുകളിലേക്കു കയറ്റുക, ഉയർത്തുക, പൊക്കുക, പൊക്കിവയ്ക്കുക. ഉഡാ: കൊടിഏരുക, കുന്നിൻപുറത്ത് ഏറുക; 2. കയറ്റുക (വള്ളത്തിൽ, തേരിൽ, കപ്പലിൽ എന്നപോലെ); 3. ചുമത്തുക, ആരോപിക്കുക (കുറ്റം എന്നപോലെ); 4. കൂട്ടുക, വർധിപ്പിക്കുക (കരം, വില മുതലായവപോലെ); 5. പെരുക്കുക, ഗുണിക്കുക; 6. (തെങ്ങോ പനയോ) ചെത്തുക; 7. തീ കൊളുത്തുക, കത്തിക്കുക

(പ.മ.)ഏറ്റുകത്തി [ഏറ്റ്-കത്തി] നാ. ചെത്തുകത്തി

ഏറ്റുപാടുക [ഏറ്റ്-പാടുക]ക്രി. 1. ഒരാൾ പാടുന്നതുകേട്ട് അതിനോടുചേർന്നു പാടുക, അതുതന്നെ ആവർത്തിച്ചു പാടുക; 2. (ആല) മറ്റൊരാൾ പറയുന്നതോ ചെയ്യുന്നതോ അതുപോലെ ആവർത്തിക്കുക

ഏറ്റുപിടിക്കുക [ഏറ്റ്-പിടിക്കുക] ക്രി. 1. ആവശ്യമില്ലാത്തതിൽ ഇടപെടുക, അനാവശ്യമായി മറ്റൊരുത്തൻെറ ഭാഗംപിടിച്ചു വഴക്കിടുക; 2. കടന്നുപിടിക്കുക

ഏറ്റുമണ്ണ് [ഏറ്റ്-മണ്ണ്] നാ. ഒഴുക്കിൽപ്പെട്ടും മറ്റും വന്ന് അടിഞ്ഞുക്കൂടിയ മണ്ണ്

ഏറ്റുമതി [ഏറ്റ്-മതി] നാ. കയറ്റുമതി, കപ്പലിലോമറ്റോ ഉൽപ്പന്നങ്ങൾ കയറ്റി അയയ്ക്കൽ ><ഇറക്കുമതി

ഏറ്റൊറ്റി നാ. മേലൊറ്റി

ഐ

ഐ1 അക്ഷരമാലയിലെ പന്ത്രണ്ടാം അക്ഷരം, ദീർഘസ്വരം, കണ്ഠ്യതാലവ്യം 'അഇ' അല്ലെങ്കിൽ 'അയ്' എന്ന് പഴയ ഉച്ചാരണം. ഇപ്പോൾ 'ഐ' എന്നും. ഉദാ: കൈ, തൈ അകാരാന്തമലയാളശബ്ദങ്ങൾ മധ്യമ മലയാളകാലം വരെയും തമിഴിലെപ്പോലെ 'ഐ' കാരത്തിൽ അവസാനിച്ചിരുന്നു.

ഐ2 പ്രതിഗ്രാഹികാവിഭക്തിയുടെ പ്രത്യയം (പ.മ.) ആധുനിക മലയാളത്തിൽ ഇതിൻെറ സ്ഥാനത്ത് 'എ'

ഐ3 വ്യാക്ഷേ. വിളി, ഓർമ്മ, ആശ്ചര്യം, നിഷേധം, കോപം മുതലായവയെ ദ്യോതിപ്പിക്കുന്നത്

ഐ4 വി. ഒരു സങ്ഖ്യാഭേദകം, അഞ്ച് (സമാസത്തിൽ)

ഐ5 [സം.] നാ. നാ. 1. ശിവൻ; 2. യോഗിനി

ഐക [<സം.ഏക] വി. (ഏകത്തെ) ഒന്നിനെ സംബന്ധിച്ച് (സമാസത്തിൽ)

ഐകകണ്ഠ്യം [സം.] നാ. അഭിപ്രായഭേദമില്ലായ്മ, അഭിപ്രായൈക്യം, ഐകകണ്ഠ്യേന = ഏകകണ്ഠമായി, ഒരേസ്വരത്തിൽ എല്ലാവരുംചേർന്ന്, ഒരേമനസ്സായി
ഐകകാലിക [സം.-കാലിക] വി. ഒരേകാലത്തിലുള്ള, ഒരേസമയത്തുണ്ടാക്കുന്ന
ഐകദേശിക [സം.] വി. ഒരുദേശത്തിൽ മാത്രമുള്ള, ഒരുസ്ഥലത്തെ മാത്രം സംബന്ധിച്ച
ഐകദ്യം [സം.<ഏകദാ] നാ. ഒരുതവണമാത്രം
ഐകപത്യം [സം.<ഏക-പതി] നാ. ആകാധിപത്യം
ഐകപദ്യം [സം.] നാ. 1. പദൈക്യം, പദങ്ങൾതമ്മിലുള്ള ചേർച്ച; 2. ഒരേ പദമായിരിക്കൽ
ഐകഭാവ്യ [സം.<ഏക-ഭാവ] നാ. ഐക്യം, ഒന്നായിരിക്കൽ, സ്വഭാവത്തിലോ ഉദ്ദേശത്തിലോ ഏകത
ഐകമത്യം [സം.<ഏക-മതി] നാ. ഒരേ ബുദ്ധി, അഭിപ്രായത്തിലുള്ള യോജിപ്പ്, ഒരുമിപ്പ്
ഐകരൂപ്യം [സം.ഏക-രൂപ] നാ. ഏകരൂപത, തുല്യത, ആകൃതിയിലുള്ള സാമ്യം
ഐകശ്രുത്യ [സം.ഏക-ശ്രുതി] നാ. ഒരേ ശ്രുതി അല്ലെങ്കിൽ സ്വരം ആയിരിക്കുന്ന അവസ്ഥ
ഐകാഗാരികൻ [സം.<ഏക-അഗാര] നാ. 1. ഒരു വീടു മാത്രമുള്ള ആൾ; 2. ഒറ്റതിരിഞ്ഞിരിക്കുന്ന വീട്ടിനെ ലക്ഷ്യമാക്കുന്നവൻ, ഭവനഭേദനം ചെയ്യുന്നവൻ, കള്ളൻ
ഐകാഗ്ര്യം [സം.<ഏക-അഗ്ര] നാ. ഏകാഗ്രത
ഐകാന്തികം [സം.<-അന്ത] നാ. സമ്പൂർണമായ, പരമമായ, ഏകമായ
ഐകാരം നാ. 'ഐ' എന്ന വർണം
ഐകാഹിക [സം.<-അഹൻ] വി. ഒരുദിവസത്തേക്കുള്ള
ഐക്കല [സുറി.] നാ. പള്ളി, പള്ളിയിൽ അല്മായർ നിൽക്കുന്ന ഭാഗം
ഐക്യനാടുകൾ നാ. അമേരിക്കയിൽ രൂപംകൊണ്ട ശക്തമായ സംയുക്തരാഷ്ട്രം
ഐക്യം [സം.<ഏക] നാ. ഒന്നായിരിക്കുന്ന അവസ്ഥ, ഏകഭാവം, യോജിപ്പ്
ഐക്യരാഷ്ട്രസമിതി നാ. ലോകസമാധാനം ഉറപ്പാക്കാൻവേണ്ടി ഉണ്ടാക്കിയ ലോകരാഷ്ട്രങ്ങളുടെ സംഘടന
ഐങ്കമ്മാളർ നാ. അഞ്ചുതരത്തിൽപ്പെട്ട കമ്മാളർ (ആശാരി, മൂശാരി, കൊല്ലൻ, തട്ടാൻ, കൽത്തച്ചൻ എന്നിവർ) ഐങ്കുടിക്കമ്മാളർ
ഐങ്കൂറുനൂറ് നാ. സങ്ഘകാലത്തു സമാഹരിക്കപ്പെട്ട ലഘുകാവ്യങ്ങൾ
ഐച്ഛികം [സം.<ഇഛാ] നാ. ഇഷ്ടപ്പെട്ടു തിരഞ്ഞെടുക്കുന്നത്
ഐഡകം [സം.<ഏഡക] നാ. 1. ഒരിനം ആട്; 2. ആട്ടിറച്ചി
ഐഡഭാവം [സം<-ഭാവ] നാ. മൂകത്വം
ഐഡവിഡൻ [സം.-വിഡ] നാ. ഇഡബിഡ (ഇളിബിളി) യുടെ പുത്രൻ, വൈശ്രവണൻ, കുബേരനൈണ [സം.ഏണ] വി. ഏണത്തെ സംബന്ധിച്ച, ഏണത്തിന്റെ

ഐണം [സം.ഐണ] നാ. 1. ആൺമാനിൻെറ തോല്, കൊമ്പ് മുതലായവ; 2. മാൻകൂട്ടം; 3. ഒരു രതിബന്ധം

ഐണിക [സം.] വി. ഏണത്തെ വേട്ടയാടുന്ന, മാനിനെകൊള്ളുന്ന

ഐണേയ [സം.] വി. ഏണത്തെ സംബന്ധിച്ച, കൃഷ്ണമൃഗത്തിൽ നിന്നുണ്ടായ

ഐതരേയൻ [സം.] നാ. മഹിദാസൻ, ഇതരയുടെ വംശജൻ

ഐതലാർ [പ.മ.] നാ. (ബ.വ.) ശത്രുക്കൾ

ഐതാണിക്കെട്ട് നാ. കുതിരയുടെ നാലുകാലുകളും മുഖവും കൂട്ടിച്ചേർത്തു കട്ടൽ. പഞ്ചാഗ്നിയെന്നു സംസ്കൃതം

ഐതിഹാസിക [സം.] വി. ഇതിഹാസസംബന്ധമായ

ഐതിഹാസികൻ [സം.] നാ. ഇതിഹാസജ്ഞൻ, ചരിത്രകാരൻ

ഐതിഹാസികം [സം.<ഇതിഹാസ] നാ. ചരിത്രപ്രസിദ്ധം, ചരിത്രം ഉണ്ടാക്കുന്നത്

ഐതിഹ്യം [സം.] നാ. പഴമക്കാർ പറഞ്ഞുപോരുന്ന കഥ, പൗരാണിക കഥ

ഐദമ്പര്യം [സം.<ഇദമ്പരം] നാ. ഒന്നിൽ മാത്രമുള്ള താത്പര്യം, മുഖ്യലക്ഷ്യം, പ്രധാനോദ്ദേശ്യം

ഐനസം [സം.<ഏനസ്]നാ. പാപത്തെ സംബന്ധിച്ച

ഐനാങ്ക് [ഐ4-നാങ്ക്] നാ. അഞ്ചുവട്ടം നാലുകൂടിയത്, ഇരുപത്

ഐന്തൽ നാ. ദയ, അനുകമ്പ

ഐന്താർ [ഐ4-താർ] നാ. അഞ്ചുപുഷ്പങ്ങൾ

ഐന്താർശരൻ നാ. കാമദേവൻ, അരവിന്ദം, അശോകം, ചൂതം, നവമാലിക, നീലോൽപലം എന്നീ അഞ്ചു പൂക്കൾ അമ്പായുള്ളവൻ, അയ്യമ്പൻ

ഐന്ത് [പ.മ.] അഞ്ച്

ഐന്തോളം [സം.<ആന്ദോള] നാ. അന്തോളം

ഐന്ദവം [സം.] നാ. 1. ചന്ദ്രമാസം; 2. മകയിരം; 3. ചന്ദ്രായണവ്രതം

ഐന്ദവി [സം.] നാ. സോമരാളിച്ചെടി, കാർകോകിൽ

ഐന്ദ്ര [സം.] വി. ഇന്ദ്രൻെറ, ഇന്ദ്രനെ സംബന്ധിച്ച

ഐന്ദ്രജാലിക [സം.] വി. ഇന്ദ്രജാലസംബന്ധമായ, മായയുള്ള

ഐന്ദ്രജാലികൻ [സം.] നാ. ഇന്ദ്രജാലക്കാരൻ, ചെപ്പടിവിദ്യക്കാരൻ, മായാവി

ഐന്ദ്രദ്യുമ്നം [സം.] നാ. ഇന്ദ്രദ്യുമ്നനെ സംബന്ധിച്ചത്, മഹാഭാരതം ആരണ്യ പർവത്തിലെ ഒരു ഉപപർവം

ഐന്ദ്രൻ [സം.] നാ. 1. അർജുനൻ, 2. ബാലി, 3. ജയന്തൻ

ഐന്ദ്രം [സം.] നാ. 1. കേട്ട നക്ഷത്രം; 2. (ജ്യോ) ഒരു യോഗം; 3. കാട്ടിഞ്ചി; 4. കിഴക്കുദിക്ക് (ഇന്ദ്രൻ അധിപതിയായിട്ടുള്ളത്); 5. ഇന്ദ്രനുഹോമിക്കുന്ന ഹവിർഭാഗം; 6. പാണിനീയത്തിൽനിന്നു ഭിന്നമായരീതിയിലുള്ള ഒരു സംസ്കൃതവ്യാകരണം

ഐന്ദ്രശിരൻ [സം.] നാ. ഒരിനം കൊമ്പനാന, ഇന്ദ്രശിരസ്സെന്ന പർവതത്തിലോ ദേശത്തിലോ ഉണ്ടായത്

ഐന്ദ്രാഗം [സം.] നാ. 1. വിശാഖനക്ഷത്രം; 2. പകലിനെ രണ്ടു നാഴിക വീതമുള്ള പതിനഞ്ചു താരകാമുഹൂർത്തങ്ങളായി വിഭജിച്ചിട്ടുള്ളതിൽ പതിനൊന്നാമത്തേത്.

ഐന്ദ്രാസ്ത്രം [സം.-അസ്ത്ര] നാ. ദിവ്യാസ്ത്രങ്ങളിൽ ഒന്ന്, വിശ്വാമിത്രൻ ശ്രീരാമന് ഉപദേശിച്ചത്

ഐന്ദ്രി1 [സം.ഐന്ദ്രീ] നാ. 1. ഇന്ദ്രപത്നി, ശചീദേവി; 2. പതിനെട്ടു ശാന്തിഹോമങ്ങളിൽ ഒന്ന്, ഇന്ദ്രൻ ദേവതയായിട്ടുള്ളത്; 3. ദുർഗ; 4. ജ്യേഷ്ഠഭഗവതി, ദൗർഭാഗ്യം; 5. കിഴക്കുദിക്ക് (ഇന്ദ്രദിക്കായതുകൊണ്ട്); 6. പേരേലം; 7. ചിറ്റേലം; 8. കാട്ടുവെള്ളരി; 9. ഉഴിഞ്ഞ (ഇന്ദ്രവള്ളി); 10. കേട്ടനക്ഷത്രം

ഐന്ദ്രി2 [സം.] നാ. 1. അർജുനൻ; 2. ബാലി; 3. ജയന്തൻ; 4. കാക്ക

ഐന്ദ്രിക, -യ [സം.<ഇന്ദ്രിയ] വി. 1. ഇന്ദ്രിയങ്ങളെ സംബന്ധിച്ച; 2. ഇന്ദ്രിയഗോചരമായ, പ്രത്യക്ഷമായ

ഐന്ദ്രിയകൻ [സം.] നാ. ഇന്ദ്രിയസുഖത്തിന് അടിമപ്പെട്ടവൻ

ഐന്ദ്രിയപദാർഥം [സം.-പദാർഥ] നാ. ജൈവവസ്തു. (പ്ര) ഐന്ദ്രിയരസശാസ്ത്രം = ജീവജാലങ്ങളിലും സസ്യങ്ങളിലും ഉണ്ടാകുന്ന രാസപദാർഥങ്ങളെ (ജൈവപദാർഥങ്ങളെ) ക്കുറിച്ചു പ്രതിപാദിക്കുന്ന രസതന്ത്രശാസ്ത്രം

ഐന്ദ്രിയം [സം.] നാ. 1. ഇന്ദ്രിയസുഖം; 2. സ്ഥൂലപ്രപഞ്ചം, ഇന്ദ്രിയങ്ങൾക്കു വിഷയമായ ലോകം

ഐന്ധന [സം.<ഇന്ധന] വി. വിറകിൽനിന്നുള്ള

ഐന്നാഴി [പ.മ.] നാ. അഞ്ചുനാഴി

ഐബ് [അറ.] അയ്ബ്

ഐഭ [സം.<ഇഭ] വി. ആനയെ സംബന്ധിച്ച

ഐമ്പത് [ഐ4-പത്] നാ. = അൻപത്

ഐമ്പാവം നാ. 'അഞ്ചുമടങ്ങു പാവത്തമുള്ള', ശുദ്ധഗതിക്കാരൻ, പച്ചപ്പാവം

ഐമ്പൊന്ന് [ഐം-പൊന്ന്] നാ. = അയ്മ്പൊന്ന്

ഐമ്മുഖൻ നാ. പഞ്ചവക്ത്രൻ, ശിവൻ

ഐയൻ നാ. = അയ്യൻ

ഐയം നാ. 1. സംശയം; 2. ഭിക്ഷ, പിച്ചതെണ്ടൽ, ധർമം; 3. ദു:ഖം, അഴൽപ്പാട്

ഐയത്യം [സം.<ഇയത്] നാ. അളവ്, പരിമാണം, സങ്ഖ്യ, വില

ഐയർ നാ. 1. 'അയ്യൻ' എന്നതിൻെറ പൂ.ബ.വ.രൂപം; 2. ദൈവങ്ങൾ; 3. ഐവർ

ഐരണ്ഡം [സം.<ഏരണ്ഡ] നാ. ഏരണ്ഡതൈലം, ആവണക്കെണ്ണ

ഐരം [സം.<ഇരാ] നാ. 1. ശബ്ദം; 2. ഇരയെ (ജലത്തെ) സംബന്ധിച്ചത്, സമുദ്രം; 3. മദ്യത്തിൻെറ തെളി, കൊഴുത്ത കഞ്ഞി; 4. ചോറ്റുകൂന, കൂട്ടിവച്ചിട്ടുള്ള ആഹാരപദാർഥങ്ങൾ

ഐരാണി [സം.] നാ. 1. ഐരാവണി = ഇന്ദ്രാണി; 2. ഐരാഞ്ചി, കദളി; 3. 'കാട്ടുകുരുന്ന്', 'കാട്ടുപിണ്ണാക്ക്' എന്ന പേരുകളിൽ അറിയപ്പെടുന്ന ചെടി; 4. നാലുജാതി പശുക്കളിൽ ഒരിനം

ഐരാണിക്കുളം നാ. പഴയകാലത്തെ നാലുബ്രാഹ്മണകഴകങ്ങളിൽ ഒന്ന്

ഐരാവണൻ1 [സം.ഐരാവണ] നാ. 1. ഇന്ദ്രൻ; 2. രാവണൻെറ മാതുലൻ, വല്ലഭൻ

ഐരാവണൻ2 [സം.] നാ. 1. ഒരു നാഗരാജാവ്, ഐരാവതൻ; 2. പാമ്പ്; 3. മിന്നലോടുകൂടിയ മേഘം; 4. നീലഞാവൽ; 5. മധുരനാരകം; 6. ഒരുതരം മഴവില്ല്; 7. മേത്തോന്നി; 8. അയിനി; 9. ഐരാവതത്തിനു ശപമോക്ഷംകിട്ടിയ സ്ഥലം
ഐരാവണി [സം.] നാ. ഐരാവണൻെറ പത്നി; 2. കരിനൊച്ചി
ഐരാവതം [സം.ഐരാവത്] നാ. 'ഇരാവാനിൽനിന്ന് (പാൽക്കടലിൽനിന്ന്) വന്നത്', 1. ഇന്ദ്രൻെറ ആന, നാൽക്കൊമ്പനാന, കിഴക്കിൻെറ ദിഗ്ഗജം; 2. ഒരു നാഗരാജാവ്, ഐരാവതൻ; 3. പാമ്പ്; 4. മിന്നലോടുകൂടിയ മെഘം; 5. നീലഞാവൽ; 6. മധുരനാരകം; 7. ഒരുതരം മഴവില്ല്; 8. മേത്തോന്നി; 9. അയിനി; 10. ഐരാവതത്തിനു ശപമോക്ഷം കിട്ടിയ സ്ഥലം
ഐരാവതവീഥി [സം.] നാ. ഉത്തരായണത്തിൽ സൂര്യൻ സഞ്ചരിക്കുന്ന വടക്കേ മൂന്നുവീഥികളിൽ ഒടുവിലത്തേത്
ഐരാവതി [സം.] നാ. 1. മിന്നൽ; 2. ബർമയിലെ ഒരു നദി; 3. പഞ്ചാബിലെ റാവി നദി; 4. ഐരാവതത്തിൻെറ പെണ്ണാന; 5. ചെറുനാരകം; 6. വടപത്രി, ആലിലക്കല്ലൂർ വഞ്ചി
ഐരാവതേശ്വരൻ [സം.] നാ. ഐരാവതം പ്രതിഷ്ഠിച്ചതായി പറയപ്പെടുന്ന ശിവലിങ്ഗം
ഐരിണം [സം.] നാ. ഇന്തുപ്പ്, കല്ലുപ്പ്
ഐര് നാ. = അയിര്
ഐരൂർസ്വരൂപം നാ. = അയിരൂർ സ്വരൂപം
ഐരേയം [സം.] നാ. ഒരുതരം മദ്യം. താരത. മൈരേയം
ഐരോപ്യ [ഇം.] വി. യൂറോപ്പിലെ, യൂറോപ്പിനെ സംബന്ധിച്ച
ഐലൻ [സം.ഐല] നാ. 1. ഇളയുടെ പുത്രനായ പുരുരവസ്സ്; 2. കുജൻ (ഇളയുടെ പുത്രൻ) ഭൂപുത്രൻ
ഐലം1 നാ. അയൽ, അയൽവീട്
ഐലം2 [സം.] നാ. 1. അന്നം; 2. ആധിക്യം, ആഹാരപദാർഥത്തിൻെറ സമൃദ്ധി; 3. കോലാഹലം
ഐലവാലുകം [സം.] നാ. = ഏലാവാലുകം
ഐലവിലൻ [സം.ഐലവില] നാ. ഇലവിലയുടെ പുത്രൻ, വൈശ്രവണൻ
ഐലേയൻ [സം.] നാ. 'ഇളയുടെ പുത്രൻ', കുജൻ
ഐലേയം [സം.] നാ. ഏലാവാലുകം
ഐവനം [<സം.ഹൈമനം] = അയ്വനം
ഐവർ [ഐ4-അർ] നാ. (ബ.വ.) അഞ്ചുപേർ, പഞ്ചപാണ്ഡവന്മാർ
ഐവർനാടകം നാ. ഒരുതരം നാടോടിനാടകം
ഐവഴിക്കമ്മാളർ നാ. (ബ.വ.) ഐങ്കമ്മാളർ
ഐവിരൽ [ഐ4-വിരൽ]നാ. 1. അഞ്ചുവിരൽ അളവ്; 2. നക്ഷത്രസമൂഹം, അത്തം; 3. ആവണക്ക്
ഐവിരലിക്കോവ നാ. 1. അഞ്ചുവിരലുകൾ പരത്തിപ്പിടിച്ചതുപോലെ ഇലയ്ക്ക് അഞ്ചുകോണുകൾ ഉള്ള ഒരിനം വള്ളി; 2. കടലാവണക്ക്
ഐശ [സം.<ഈശ] വി. ഈശനെ സംബന്ധിച്ച, ഈശ്വരസംബന്ധമായ
ഐശാന [സം.<ഈശാനാ] വി. 1. ഈശാനനെ സംബന്ധിച്ച, ശിവസംബന്ധിയായ; 2. വടക്കുകിഴക്കു ദിക്കിലുള്ള

ഐശാനി [സം.ഈശാനാ] നാ. 1. ഈശാനൻെറ ദിക്ക്, വടക്കുകിഴക്കെദിക്ക്; 2. ധാരണ നാലുവിധമുള്ളതിൽ ഒന്ന് (ശേഷം മൂന്ന് ആഗ്നേയി, വാരുണി, അമൃത, മനസ്സിനു ധ്യേയചസ്തുവിലുള്ള സുസ്ഥിതിയാണ് ധാരണ)
ഐശികൻ [സം.ഐശിക] നാ. ഈശാംശസംഭവൻ, ദുർവാസാവ്
ഐശ്വര [സം.ഈശ്വര] വി. ഈശ്വരനെ സംബന്ധിച്ചുള്ള
ഐശ്വരി [സം.] നാ. ദുർഗാദേവി
ഐശ്വരികൻ [സം.ഐശ്വരിക] നാ. (ബുദ്ധ) ഏശ്വരവിശാസി, ആസ്തികൻ
ഐശ്വര്യം [സം.<ഈശ്വര] നാ. 1. സമ്പത്ത്; 2. ധനം, മാനം എന്നിവയുള്ള അവസ്ഥ, പ്രഭുത്വം; 3. അണിമാദികളായ എട്ട് ഐശ്വര്യങ്ങൾ, 'അഷ്ടൈശ്വര്യങ്ങൾ' നോക്കുക. ഐശ്വര്യാദിഷട്കം = ഐശ്വര്യം, വീര്യം, വൈരാഗ്യം, വിജ്ഞാനംശ്രീ, യശസ്സ് എന്നീ ആറ്. ഐശ്വര്യം, ധർമം, കീർത്തി, സമ്പത്ത്, വൈരാഗ്യം, മോക്ഷം എന്നിവ എന്നു പക്ഷാന്തരം
ഐശ്വര്യവത്ത് [സം.-വത്] വി. സമ്പസമൃദ്ധിയുള്ള, അഭിവൃദ്ധിയുള്ള
ഐഷണികം [സം.<ഏഷണ] നാ. തുലാസ്സൈഷമസ്സ് [സം.ഐഷമസ്]
അവ്യ. ഈ ആണ്ടിൽ, ഈ വർഷം. ഐഷമസ്തന (ഐഷമസ്ത്യ) = ഈയാണ്ടത്തെ
ഐഷികപർവം മഹാഭാരതം സൗപ്തികപർവത്തിലെ ഒരു ഉപപർവം
ഐഷിക [സം.] വി. ശരപ്പുല്ല്, ചൂരൽ എന്നിവയാലുള്ള (അമ്പ് മുതലായവപോലെ)
ഐഷ്ടിക [സം.] വി. ഇഷ്ടിയെ (യാഗത്തെ) സംബന്ധിച്ച
ഐഷ്ടികവേദി നാ. 1. ഇഷ്ടികകൊണ്ടുള്ള യാഗവേദി; 2. ഹോമദ്രവ്യം
ഐസ് [ഇം.] നാ. മഞ്ഞുകട്ട, തണുപ്പിൻെറ ആധിക്യംകൊണ്ടു കട്ടിയായിത്തീർന്ന വെള്ളം
ഐഹലൗകിക [സം.<ഇഹലോക] വി. ഈ ലോകത്തെ സംബന്ധിച്ച
ഐഹിക [സം.] വി. ഇഹലോകത്തിലുള്ള
ഐളൻ [സം.ഐല] നാ. 1. മനുഷ്യൻ; 2. ഇളാപുത്രൻ, പുരുരവസ്സ്.

ഒ

ഒ1 അക്ഷരമാലയിലെ പതിമൂന്നാമത്തെ അക്ഷരം. ഹ്രസ്വ സ്വരം. കണ്ഠ്യോഷ്ഠ്യം. സംസ്കൃതത്തിൽ ഇല്ലാത്തതായി ദ്രാവിഡത്തിൽ ഉള്ള രണ്ടു സ്വരങ്ങളിൽ ഒന്ന് (മറ്റേത് ഹ്രസ്വമായ എ) മുൻകാലത്ത് 'ഓ' എന്ന ദീർഘത്തെ കുറിക്കാനും ഹ്രസ്വസ്വരലിപി 'ഒ' തന്നെ ഉപയോഗിച്ചിരുന്നു
ഒ2 വ്യാക്ഷേ. സമ്മതം, അനുസരണം, അനുസ്മരണം, അവജ്ഞ, വിളികേൾപ്പ് മുതലായവ സൂചിപ്പിക്കുന്നത്
ഒ3 [ഒക്കുക] ധാതുരൂപം
ഒകാരം [മ.ഒ-സം.കാര] നാ. 'ഒ' എന്ന അക്ഷരം
ഒക്ക,-ക്കെ,ക്കവേ [<ഒക്കുക] അവ്യ. 1. മുഴുവനും, ആകെ, എല്ലാം; 2. ഒന്നുചേർന്ന്, ഒപ്പം; 3. ഒക്കുംവിധം, യോജിച്ചമട്ടിൽ, ഭങ്ഗിയായി; 4. കൂടെ

ഒക്കട,-ക്കട [ഒക്ക്-എട] നാ. ഇടുപ്പ്, ഇളി, അരക്കെട്ട്, മടിക്കുത്ത്
ഒക്കത്തമ്മ [മ.മ.ഒക്കെ-തക്ക] അവ്യ. 1. ഒരുമിച്ച്; 2. ഒന്നിച്ചുചേരത്തക്ക, യോജിക്കാൻ തക്കവിധത്തിലുള്ള
ഒക്കം നാ. 1. അരക്കെട്ട്, എളി; 2. ഒപ്പം, സമം. (പ്ര) ഒക്കത്തുവയ്ക്കുക
ഒക്കയും,-ക്കെയും [ഒക്ക-ഉം] അവ്യ. ഒക്കവേ, എല്ലാം, സർവവും
ഒക്കരിക്കുക ക്രി. ചൂണ്ടിക്കാണിക്കുക, അറിയിക്കുക
ഒക്കൽ1 [ഒക്കുക] നാ. 1. സാധിക്കൽ, കഴിവാകൽ; 2. വാക്കുകൊടുക്കൽ, വിവാഹനിശ്ചയം
ഒക്കൽ2 നാ. കാളകളെക്കൊണ്ടു കറ്റ മെതിപ്പിക്കൽ
ഒക്കവേ അവ്യ. = ഒക്കെ
ഒക്കാ [ഒക്ക്-ആ] നിഷേധരൂപം, ഒക്കുകയില്ല
ഒക്കാണി [<വക്കാണി] നാ. കന്നുകാലികളെ കെട്ടാനുള്ള കരറിൻെറ അറ്റത്തിടുന്ന ചെറിയ മരയാണി, കെട്ട് ഊരിപ്പോകാതിരിക്കാൻ
ഒക്കായ്മ നാ. 1. യോജിക്കായ്മ; 2. ചേർച്ചയില്ലായ്മ
ഒക്കിക്കുക ക്രി. കാളയെക്കൊണ്ടു കറ്റ മെതിപ്പിക്കുക. 'ഒക്കൽ2' നോക്കുക
ഒക്ക് നാ. = ഒക്കം
ഒക്കുക1 ക്രി. 1. ഒരുപോലെയായിരിക്കുക, ഒപ്പമായിരിക്കുക, തുല്യമാവുക, സമമായിരിക്കുക; 2. പൊരുത്തപെടുക, യോജിക്കുക, ചേരുക; 3. ഉണ്ടാവുക, ആയിത്തീരുക, ഫലിക്കുക, സത്യമായിത്തീരുക; 4. കഴിയുക, സാധിക്കുക; 5. ഒന്നുചേരുക, ഒന്നിക്കുക, കൂടിച്ചേരുക; 6. ശരിയാവുക, ഭങ്ഗിയാവുക; 7. ഒന്നിച്ചു സംഭവിക്കുക; 8. പ്രതിജ്ഞചെയ്യുക, വാക്കുകൊടുക്കുക. ഉദാ: പണംതരാമെന്ന് ഒത്തു; 9. കല്യാണംകഴിച്ചുകൊടുക്കുക; 10. സ്വന്തമാക്കുക, പിടിച്ചെടുക്കുക. ഒക്കുകയില്ല എന്നു നിഷേധരൂപം (ഒക്കത്തില്ല, ഒക്കൂല്ല എന്നു പാമരഭാഷ)
ഒക്കുഫത്ത് [അറ] നാ. ദാനം, ധർമനിക്ഷേപം
ഒക്ടോബർ,-റ്റോ- [ഇം.] നാ. ക്രിസ്തുവർഷമനുസരിച്ച് പത്താം മാസം
ഒച്ച നാ. 1. ശബ്ദം; 2. കേൾവി, കീർത്തി. (പ്ര) ഒച്ചവയ്ക്കുക = ബഹളം കൂട്ടുക
ഒച്ചപ്പാട് [ഒച്ച-പാട്] നാ. ശബ്ദം, ബഹളം
ഒച്ചയടപ്പ് [ഒച്ച-അടപ്പ്] നാ. തൊണ്ടയടപ്പ്, ജലദോഷംകൊണ്ടോ വികാരാധിക്യംകൊണ്ടോ ഉച്ചത്തിൽ സംസാരിച്ചതുകൊണ്ടോ മറ്റോ ശരിയായി ശബ്ദം പുറപ്പെടുവിക്കാൻ കഴിയാതിരിക്കൽ.

419

ഒച്ച് നാ. ചെറിയ ചിമിഴുപോലെയുള്ള പുറന്തോടിനുള്ളിൽ ആർദ്രമായശരീരം സമ്രക്ഷിച്ചുകൊണ്ടു കരയ്ക്കു കഴിയുന്ന ഒരു ഇഴജന്തു. നത്തക്കയുടെ ഇനം. (പ്ര) ഒച്ചുനീങ്ങുന്നതുപോലെ = വളരെ പതുക്കെ. ഒച്ചിഴഞ്ഞക്ഷരമാകുക = ഒരു പ്രവൃത്തിയിൽനിന്നു കർത്താവ് പ്രതീക്ഷിക്കാത്ത വിധം നല്ല കാര്യങ്ങൾ ഉരുത്തിരിയുക
ഒജീനം [<സം.ഉപജീവന] നാ. 1. ജീവിതം കഴിച്ചുകൂട്ടുവാനുള്ള മാർഗം, ജീവനോപായം; 2. ആഹാരം

ഒട1 നാ. ഉട, നിവർത്തുപിടിച്ച കുടപോലെ മണൽക്കാടുകളിൽ ധാരാളം വളരുന്ന ഒരു മുൾ മരം. ധാരാളം ചെറിയ ഇലകൾ ഉണ്ടായിരിക്കും

ഒട2,ഉട നാ. 1. വൃഷണം; 2. കോഷ്ഠം, വസ്തിപ്രദേശം

ഒടഞ്ഞാണം,-ൺ നാ. = ഉടഞ്ഞാണം, അരയിൽകെട്ടുന്ന ചരട്

ഒടപ്പെറന്നോൻ = ഉടപ്പിറന്നവൻ

ഒടമതിയം [ഒട-മതിയം] നാ. പഴയരീതിയനുസരിച്ചുള്ള പണിയിൽ കട്ടിളയുടെ മുകളറ്റത്തു കതകിൻെറ തിരികുറ്റികൊള്ളിക്കാൻ വയ്ക്കുന്ന മതിയം

ഒടയ വി. = ഉടയ

ഒടയ്ക്കുക ക്രി. = ഉടയ്ക്കുക

ഒടി1 [ഒടിയുക] ധാതുരൂപം

ഒടി2 നാ. 1. മധ്യഭാഗം, നടുവ്, അര; 2. (ഉദരഭാഗത്തുള്ള) ചുളിവ്, വലി; 3. ഒടിവ്; 4. നീണ്ടുപരന്നുകിടക്കുന്ന വയലുകളുടെ ഒരുഭാഗം, പാടശേഖരം; 5. വേട്ടക്കാരൻെറ മാടം, മരക്കവരകളിൽ കെട്ടുന്ന ചെറിയ വീട് (ഒളി)

ഒടി3 [പ്രാ.ഒഡ്ഡിയ] നാ. ഒട്ടരുടെ വിദ്യ, മന്ത്രവാദം, ഒടിവിദ്യ, മന്ത്രപ്രയോഗംകൊണ്ടു ശത്രു സംഹാരം, ഒരു ആഭിചാരകർമം

ഒടികടമാടം നാ. ഒടികെടമാടം, കിടക്കാനായി ഒടിച്ചുകെട്ടിയുണ്ടാക്കിയ മാടം, ഒടിമാടം

ഒടിക്കൽ [ഒടിക്കുക] നാ. ഒടിക്കുക എന്ന ക്രിയ

ഒടിക്കാരൻ [ഒടു-കാരൻ] നാ. 1. കൂട്ടുകാരൻ. ഉദാ: അയലൊടിക്കാരൻ, വില്ലൊടിക്കാരൻ; 2. ഒടിയിൽ ഇരുന്നു മൃഗങ്ങളെ എയ്തുകൊല്ലുന്നവൻ

ഒടിക്കുക [ഒടിയുക>] ക്രി. 1. ബലം പ്രയോഗിച്ചു രണ്ടുതുണ്ടാക്കുക (കമ്പുപോലെ); 2. ഒടിവയ്ക്കുക, ക്ഷുദ്രംചെയ്യുക; 3. വിതച്ചിട്ട് മൂന്നാംനാൾ നിലം വീണ്ടും ഉഴുക

ഒടിക്കുരു [ഒടി-കുരു] നാ. ഒടിയിൽ ഉണ്ടാകുന്ന കുരു, കഴലനീര്

ഒടിച്ചിൽ [ഒടിയുക] നാ. 1. ഒടിയുക എന്ന ക്രിയ, 2. ഒടിവ്, വളവ്; 3. മെലിവ്

ഒടിച്ചുകുത്തി നാ. 1. ഒടിച്ചുകുത്തുന്ന ശാഖകളിൽനിന്നും വളരുന്ന ചെടി; 2. അരിപ്പൂച്ചെടി; 3. ഒരു വള്ളിച്ചെടി; 4. (ആല) സന്ദർഭത്തിനൊത്തു വമ്പുനടിക്കുകയോ താഴ്മ കാണിക്കുകയോ ചെയ്യുന്ന ആൾ

ഒടിച്ചുകുത്തിനാരകം നാ. കമ്പൊടിച്ചുനട്ടു വളർത്തുന്ന ഒരിനം നാരകം. ഇതിന് കൊടിക്കായ് എന്നും പറയും

ഒടിച്ചുകുത്ത് നാ. 1. തിരകൽ മടങ്ങി കരയിലോട്ട് അടിക്കുന്ന ഭാഗം, തിരക്കുഴി; 2. ഓലമെടച്ചിലിൽ രണ്ടറ്റത്തുമുള്ള ഓലക്കാലുകൾ ഒടിച്ചു ചൊരുകൽ

ഒടിച്ചുകെട്ട് നാ. ചെറിയ കുടിൽ (വ.മ,)

ഒടിമാടം നാ. 1. ഒടിച്ചുകെട്ടിയ മാടം, ചെറിയ കുടിൽ; 2. ഉയർന്ന മരക്കൊമ്പിൽ വേട്ടക്കാർക്ക് ഇരിക്കാൻ ഉണ്ടാക്കുന്ന കുടിൽ

ഒടിയങ്ങ [ഒടിയൻ-കാ] നാ. 'ഒടിക്കാവുന്ന പിഞ്ചു കായ്', അച്ചിങ്ങ

ഒടിയൻ1 [ഒടി-അൻ] നാ. ഒടിയങ്ങ

ഒടിയൻ2 [ഒടി-അൻ] നാ. 1. ഒടിവിദ്യ പ്രയോഗിക്കുന്നവൻ, ക്ഷുദ്രക്കാരൻ, ദുർമന്ത്രവാദി; 2. ഒരു ഗിരിവർഗം; 3. ഒരിനം മരുന്നു ചെടി. ഒടിയൻെറ മുമ്പിൽ മായം മറിയുക (പഴ)

ഒടിയുക ക്രി. ഭാരംകൊണ്ടോ ബലപ്രയോഗംകൊണ്ടോ മറ്റോ പൊട്ടുക, തുണ്ടാവുക, മുറിഞ്ഞു രണ്ടാകുക. ഉദാ: മരക്കൊമ്പ് ഒടിയുക, കൈ ഒടിയുക

ഒടിവിദ്യ നാ. മന്ത്രവാദം

ഒടിവ് നാ. 1. ഒടിയൽ, ഒടിഞ്ഞ അവസ്ഥ, ഭങ്ഗം; 2. കക്ഷത്തിൽ വരുന്ന ഒരുതരം പരു; 3. പുരയുടെ കഴുക്കോൽ (മന്നാൻ ഭാഷ); 4. ഒടി, കഴലപ്പാട്, ഊരുസന്ധി; 5. ചുളുക്ക്, ഉടവ്

ഒട്, ഓട് [പ.മ.] (വ്യാക) ഇത് ഒട്ടുക എന്ന കൃതിരൂപംതന്നെ. സമ്യോജികാവിഭക്തിപ്രത്യയം (കൂടി, ചേർന്ന്, അടുക്കൽ, സമീപം, ഒപ്പം എന്നീ അർഥങ്ങളിൽ നാമത്തോടുചേർത്ത് പ്രയോഗം. ഉദാ: അതിനൊട്, അതിനോട്; അവനൊട്, അവനോട്; എന്നൊട്, എന്നോട് ഇത്യാദി. 'ഏ' ചേർന്ന് 'അതിനോടേ എന്നപോലെ രൂപം. അതിനോടൊപ്പം, അതിനോടൊന്നിച്ച്, അതിനോടുചേർന്ന്, അതിനോടുകൂടെ എന്നപോലെ ഗതികൾ ചേരുമ്പോൾ വിയോജകാർഥത്തിലും പ്രയോഗം. ഉദാ: ഉടവരോട് വേർപാട്; ഇടരൊടുവേറായ്; ചേതനയോടു പിരിഞ്ഞ് ഇത്യാദി)

ഒടു നാ. 1. ഒടുവ്; 2. കൊയ്ത്തുകഴിഞ്ഞു കണ്ടത്തിൽ നിക്കുന്ന കച്ചിക്കുറ്റി (വ.മ.); 3. കഴല; 4. കഴലപ്പനി; 5. ഒരുതരം ആറ്റുമീൻ

ഒടുക് നാ. 1. കഴല; 2. ഒരിനം വൃക്ഷം

ഒടുക്കത്ത്,-ത്തിൽ അവ്യ. അവസാനത്തിൽ, ഒടുക്കം, അതിർത്തിയിൽ. ഒടുക്കത്തെ = ഒടുവിലത്തെ. ഒടുക്കത്തെഉപ്രുശുമ = (ക്രിസ്ത്യ) അന്ത്യതൈലാഭിഷേകം

ഒടുക്കം അവ്യ. അവസാനം, അവസാനമായി. നാ. അവസാനം, അന്ത്യം

ഒടുക്ക് [<ഒടുക്കുക] നാ. 1. പണം അടയ്ക്കൽ; 2. ഒടുക്കിയ പണം, ഖജനാവിലടച്ച പണം

ഒടുക്കുക [ഒടുങ്ങുക>] ക്രി. 1. അവസാനിപ്പിക്കുക, തീർക്കുക, ഇല്ലാതാക്കുക, കൊല്ലുക, തിന്നൊടുക്കുക; 2. പണം അടയ്ക്കുക; 3. ചെലവിടുക, ചെലവുചെയ്തുമുടിക്കുക; 4. കൊടുക്കുക

ഒടുങ്ങ് [ഒടുങ്ങുക] ധാതുരൂപം

ഒടുങ്ങൽ നാ. അവസാനിക്കൽ

ഒടുങ്ങുക ക്രി. 1. അവസാനിക്കുക, തീരുക; 2. ഇല്ലാതാവുക, നശിക്കുക; 3. മരിക്കുക

ഒടുവിൽ അവ്യ. അവസാനത്തിൽ, അവസാനമായി, ഒടുക്കം. ഒടുവിലൊടുവിൽ = അവസാനമാകുന്തോറും, അവസാനമടുക്കുന്തോറും

ഒടുവ് നാ. 1. ഒടുക്കം, അവസാനം; 2. കഴല, ഒടുക്; 3. കക്ഷത്തിലും മറ്റും വരുന്ന വീക്കം

ഒട്ടകപ്പക്ഷി നാ. പറക്കാൻ കഴിവില്ലാത്ത വലിയ ഒരിനം പക്ഷി

ഒട്ടകം നാ. ഏഷ്യയിലും ആഫ്രിക്കയിലുമുള്ള ഒരു വലിയ നാൽക്കാലി മൃഗം

ഒട്ടച്ചാൺ [ഒട്ട്-ചാൺ] നാ. 1. ഒറ്റച്ചാൺ, ഒരു ചാൺ; 2. ചൊട്ടച്ചാൺ, ചാണിൽ അൽപം കുറവുള്ളത്, പെരുവിരലും ചൂണ്ടാണിവിരലും നിവർത്തുപിടിക്കുമ്പോൾ ഒരറ്റം മുതൽ മറ്റേയറ്റം വരെയുള്ള നീളം

ഒട്ടൻ നാ. 1. ഒരുപിന്നോക്കജാതി, ഒട്ടദേശക്കാരൻ, കുളവും കിണറും കുഴിക്കുന്നതു പ്രധാനജോലി. (സ്ത്രീ) ഒട്ടത്തി; 2. 'ഒട്ടിപ്പിടിക്കുന്നത്', ചിലന്തിവല

ഒട്ടം1 [ഒട്ടുക] നാ. 1. രണ്ടുപലകകൾ തമ്മിൽ ചേർക്കുന്നതിനു കൂട്ടിത്തറയ്ക്കുന്ന മരക്കഷണം, ചട്ടക്കൂട്; 2. സന്ധി, എളി; 3. അറപ്പുവാളിൻെറ കൈപ്പിടി; 4. കന്നുകാലികൾക്കു വായിൽ മരുന്നൊഴിച്ചുകൊടുക്കുന്നതിനുള്ള മുളങ്കുഴൽ; 5. ഭാഗം, വശം, വരി; 6. പന്തയം; 7. പോരാട്ടം; 8. വിവാഹം; 9. തോട്

ഒട്ടം2 [<വട്ടം] നാ. തവണ, പ്രാവശ്യം

ഒട്ടൽ1 [ഒട്ടുക] നാ. 1. പറ്റിപ്പിടിക്കൽ, പശപോലെ പറ്റിച്ചേരൽ; 2. ഒരു ചെടിയുടെ കമ്പ് ഒട്ടിച്ചു പുതിയ ഒരു ചെടി ഉണ്ടാക്കൽ, ഒട്ടുമാവ്; 3. ചുങ്ങിപ്പോയ അവസ്ഥ, മെലിച്ചിൽ; 4. ഉൾപ്പാട്ടിലേക്കുള്ള വളവ്; 5. കാഞ്ഞിരമരത്തിൻെറ കമ്പ്, വേലികെട്ടാൻ ഉപയോഗിക്കുന്ന മുൾക്കമ്പ്; 6. വെള്ളരി കുമ്പളം മുതലായ ചെടികൾ പടർന്നുകയറാൻ വെട്ടിയിടുന്ന മരക്കൊമ്പുകൾ (വ.മ.)

ഒട്ടൽ2 നാ. ആറ്റുതീരങ്ങളിലും മറ്റും സാധാരണ കാണപ്പെടുന്ന ഒരിനം ചെറിയ ഇല്ലി (മുള)

ഒട്ടലൻ [പ.മ.] നാ. ശത്രു, എതിരാളി

ഒട്ടലാർ,ഒട്ടാർ നാ. (ബ.വ.) ശത്രുക്കൾ. 'ഒട്ടലൻ' നോക്കുക

ഒട്ടാകെ [ഒട്ട്-ആകെ] അവ്യ. ആകെക്കൂടി

ഒട്ടാർ[പ.മ.] ഒട്ടാത്തവർ, അടുപ്പം ഇല്ലാത്തവർ, ശത്രുക്കൾ

ഒട്ടി1 വി. ഒട്ടിയിരിക്കുന്നവർ

ഒട്ടി2 [ഒട്ടുക] ഭൂ.കാലം

ഒട്ടിക്കുക [ഒട്ടുക>] ക്രി. 1. കടലാസും മറ്റും പശപുരട്ടി വേറൊന്നിൽ പതിക്കുക; 2. ഒരു ചെടിയുടെ കമ്പിൽ അതേയിനം വേറൊരു ചെടി വളർത്തുക; 3. മെലിയുമാറാകുക, തടിപ്പ് ഇല്ലാതാക്കുക

ഒട്ടിപ്പ് [ഒട്ടിക്കുക] നാ. 1. ഒട്ടിക്കൽ; 2. ഒരുചെടി അതേയിനം വേറൊരുചെടിയിൽ ചേർത്തു വളർത്തൽ

ഒട്ടിയൻ നാ. = ഒട്ടൻ (ബ.വ.) ഒട്ടിയർ

ഒട്ടിയം നാ. 1. ഒറീസാദേശം; 2. ആഭിചാരം, ദുർമന്ത്രവാദം

ഒട്ടിയാൺ,ഒഡ്യാൺ നാ. 1. അരഞ്ഞാണം; 2. എളിയിലുണ്ടാകുന്ന ചൊറി

ഒട്ട്1 അവ്യ. 1. കുറെ, കുറച്ച്, ഏതാനും, ചില, അൽപം. ഉദാ: ഒട്ടുദൂരെ, ഒട്ടുനാൾ, ഒറ്റുനേരം; 2. അധികം, കൂടുതൽ

ഒട്ട്2 [<ഒട്ടുക] നാ. 1. ചേർപ്പ്, ചേർന്നത്. ഉദാ: വാതിലിന് ഒട്ടു തറയ്ക്കുക; 2. ചതവ്, ചുളുക്ക്; 3. ഞെരുക്ക്; 4. ഒട്ടുന്ന വസ്തു, പശ

ഒട്ടു1 [ഒട്ടുക] ധാതുരൂപം

ഒട്ടു2 വി. ഒട്ടുന്ന, ഒട്ടിക്കുന്ന, ഒട്ടിച്ചെടുക്കുന്ന

ഒട്ടുക ക്രി. 1. കടലാസുപോലെയുള്ള രണ്ടു വസ്തുക്കൾ പശകൊണ്ടു തമ്മിൽ പറ്റിപ്പിടിക്കുക, ചേരുക; 2. ചുരുങ്ങുക, ക്ഷീണിക്കുക, കനം കുറയുക; 3. താരതമ്യപ്പെടുത്തുക

ഒട്ടുചെടി [ഒട്ട്2-ചെടി] നാ. ഒരു ചെടിയുടെ തായ്ത്തണ്ടും മറ്റൊന്നിൻെറ തലപ്പും തമ്മിൽ ഒട്ടിച്ചുചേർത്ത് ഉണ്ടാക്കുന്ന ചെടി

ഒട്ടുപടം [ഒട്ടു2-പടം] നാ. ഒരു കടലാസിൽനിന്ന് മറ്റൊന്നിലേക്കു പകർത്തിയൊട്ടിക്കാവുന്ന ചിത്രം

ഒട്ടുപാൽ [ഒട്ട്2–പാൽ] നാ. 'ഒട്ടിപ്പിടിച്ച പാൽ', റബ്ബർവെട്ടുമ്പോൾ പാത്രത്തിലേക്ക് ഒലിച്ച് ഇറങ്ങുന്നതിനിടെ മരത്തിൽ ചുറ്റുപ്പിടിച്ചിരുന്ന് ഉണങ്ങി കട്ടിയാകുന്ന പാൽ
ഒട്ടും [ഒട്ട്–ഉം] അവ്യ. അൽപമ്പോലും, കുറച്ച് (നിഷേധാഖ്യാതത്തോടുചേർത്ത് പ്രയോഗം)
ഒറ്റുമാവ് [ഒട്ട്2–മാവ്] നാ. 'ഒട്ടിച്ചുവളർത്തുന്ന മാവ്', ഒട്ടിച്ച് ഉണ്ടാക്കിയ മാവ്
ഒട്ടുമേ [ഒട്ട്1–ഉം–ഏ] അവ്യ. ഏ അവധാരകം. അൽപംപോലും, കുറച്ചുപോലും (നിഷേധപ്രയോഗത്തിൽ). [ഒട്ടും–ഏ] ക്രി. ഒട്ടിപ്പിടിക്കുമേ
ഒട്ടുവിദ്യ [മ.ഒട്ട്2–സം.വിദ്യാ] നാ. 1. ഒരുതരം ആഭിചാരം, നിൽക്കുന്നിടത്തുനിന്ന് അനങ്ങാൻ കഴിയാതാക്കുന്ന വിദ്യ; 2. പൂച്ചുവേല
ഒട്ടേ അവ്യ. അൽപം, കുറച്ച്, ഒട്ട്
ഒട്ടേടം,–ട്ടെടം [ഒട്ട്1–ഏടം] നാ. 'എകാരം ദീർഘിച്ച് 'ഒട്ടേടം' എന്നു രൂപം', 1. കുറെദൂരം, കുറച്ച് അകലം; 2. കുറെഭാഗം
ഒഡിയ നാ. ഒറിയ, ഒറീസ്സക്കരുടെ ഭാഷ
ഒഡീസി1 [<ഒറീസി] നാ. ഒറീശ്ശയിൽ നടപ്പുള്ള ഒരു നൃത്തം
ഒഡീസി2 [ഗ്രീ] നാ. ഗ്രീക്കുകരുടെ ഒരു ഇതിഹാസം, ഹോമർ രചിച്ചതെന്നു കരുതപ്പെടുന്നു
ഒഡ്യാണം [<ഒടി2–ഞാൺ] നാ. = ഒട്ടിഞാൺ
ഒൺ [<ഒൾ] വി. 1. അഴകുള്ള, ആകർഷകത്വമുള്ള; 2.വലുതായ, വമ്പിച്ച; 3. പ്രകാശിക്കുന്ന, തേജസ്സുള്ള
ഒണർത്തിക്കുക ക്രി. ഉണർത്തിക്കുക (ആ.ഭാ.)
ഒണ്ടാവുക [ഒണ്ട്–ആവുക] ക്രി. = ഉണ്ടാവുക
ഒണ്ടുക ക്രി. അടുത്തുചേർന്നിരിക്കുക
ഒണ്ണാത [പ.മ.] വി. യോജിക്കാത്ത, ചേരാത്ത
ഒണ്ണുതൽ [ഒൾ–നുതൾ] നാ. ശോഭയുള്ള നെറ്റി. ഒണ്ണുതലാൾ = മനോഹരമായ നെറ്റിയുള്ളവൾ, സുന്ദരി (ബ.വ.) ഒണ്ണുതലാർ
ഒണ്മ1 [പ.മ.] നാ. അഴക്, ഭങ്ഗി, സൗന്ദര്യം
ഒണ്മ2 നാ. 1. ഉണ്മ, സത്യം (പ്ര.ലു.); 2. പ്രകാശം; 3. ഉചിതമായ കാര്യം, നന്മ
ഒത നാ. 1. ഉത, താങ്ങ്, ഊന്ന്; 2. ഉതയ്ക്കൽ, അടി, ചവിട്ട്
ഒതയ്ക്കുക ക്രി. ഉതയ്ക്കുക
ഒതുക്കം [<ഒതുങ്ങുക] നാ. 1. അടക്കം, ശാന്തസ്വഭാവം, വികാരവിചാരങ്ങളെ ഉള്ളിൽ ഒതുക്കൽ, വിനയം, ആദരവ്. ഉദാ: അടക്കവും ഒതുക്കവും; 2. അവസാനം, തീരുമാനം, തീർപ്പ്; 3. വ്യഥാസ്ഥൂലതയില്ലായ്മ, ദുർമേദസ്സില്ലായ്മ; 4. മറവ്, മറയ്ക്കൽ
ഒതുക്കൽ നാ. ഒതുക്കുന്ന ജോലി, അടുക്കിവയ്പ്
ഒതുക്ക് [<ഒതുങ്ങുക] നാ. 1. ഒതുക്കൽ, ഒരുഭാഗത്തേക്കു മാറ്റൽ; 2. കൽപ്പട, പടവ്, സോപാനം, പടി (വ.മ.); 3. ഇടവഴി; 4. അഭയസ്ഥാനം, രക്ഷാകേന്ദ്രം
ഒതുക്കുക [ഒതുങ്ങുക>പ്ര] ക്രി. 1. ഒരുവശത്തേക്കു മാറ്റുക, ഒഴിഞ്ഞു നീങ്ങത്തക്കവണ്ണംചെയ്യുക, ചേർക്കുക, അടുപ്പിക്കുക; 2. ഉള്ളിൽ ഇരിക്കത്തക്കവണ്ണമാക്കുക, നിയന്ത്രണാധീനമാക്കുക, അടക്കിവയ്ക്കുക; 3. ഞെരുക്കി ഉൾക്കൊള്ളിക്കുക, പറ്റിച്ചേർന്നു

മറഞ്ഞിരിക്കത്തക്കവിധത്തിലാക്കുക; 4. കൂട്ടിച്ചേർത്തുപിടിക്കുക; 5. അവസാനിപ്പിക്കുക (ബാധ്യത തീർക്കുക); 6. സ്വായത്തമാക്കുക, ഒളിപ്പിക്കുക; 7. നശിപ്പിക്കുക, ശമനം വരുത്തുക.

421

ഒതുക്കുകല്ല് [ഒതുക്ക്-കല്ല്] നാ. പടവുകല്ല്, പടിക്കല്ല്

ഒതുങ് [ഒതുങ്ങുക] ധാതുരൂപം

ഒതുങ്ങുക ക്രി. 1. ഒരു കോണിലേക്കു നീങ്ങുക, വ്യാപിച്ചുകിടക്കുന്നതു ചെറിയ ഒരു സ്ഥലത്തേക്കു മാറുക. ഉദാ: മൂലയിൽ ഒതുങ്ങുക; 2. വിനയം കാണിക്കുക, വണങ്ങുക; 3. ഒഴിഞ്ഞുമാറുക; 4. അടങ്ങുക, തീരുക, ഇല്ലാതാവുക, ശമിക്കുക; 5. ലയിക്കുക, ചേരുക, അടങ്ങുക; 6. വഴിപ്പെടുക, വിധേയമാവുക; 7. ഉള്ളിൽ അമർന്നിരിക്കുക; 8. യോജിപ്പിൽ എത്തുക

ഒതേനൻ [<സം.ഉദയന] നാ. 1. ഒരു പുരുഷ നാമം (വ.മ.); 2. വടക്കൻ പാട്ടുകളിൽ വർണിച്ചിട്ടുള്ള വിക്രമി (തചോളി ഒതേനക്കുറുപ്പ്)

ഒത്ത [<ഒക്കുക] വി. (ഭൂ.പേരെച്ചം) 1. യോജിച്ച, ചേർച്ചയുള്ള, അനുസരിച്ച, തക്ക; 2. തുല്യമായ, സദൃശമായ; 3. ചേർന്ന, കൂടിയ, ഉള്ള; 4. നിരപ്പുള്ള; 5. ശരിയായ; 6. പൂർണതയുള്ള, തികഞ്ഞ, മുഴുപ്പുള്ള, വേണ്ടപോലെ പുഷ്ടിയുള്ള. (പ്ര.) ഒത്തത്, ഒത്തവൻ, ഒത്തവൾ, ഒത്തപോലെ, ഒത്തവണ്ണം, ഒത്തപ്പോൾ ഇത്യാദി

ഒത്തത് [ഒത്ത-അത്] നാ. 1. തുല്യമായത്; 2. യോഗ്യമായത്, ശരിയായത്, ചേർന്നത്

ഒത്തൽ [<ഒത്തുക] നാ. മുടന്തിനടക്കൽ

ഒത്തവണ്ണം [ഒത്ത-വണ്ണം] അവ്യ. ഒത്തപോലെ

ഒത്തവൻ [ഒത്ത-അവൻ] നാ. സമൻ, തുല്യൻ

ഒത്താൻ,ഒസ്സാൻ [അറ.] നാ. മുസ്ലിം ക്ഷുരകൻ

ഒത്താശ [തു.ഒത്തായ] നാ. ' ഒരുമിച്ചു ചിന്തിക്കുക, ആയുക', ആനുകൂല്യം, പിന്തുണ. (പ്ര) ഒത്താശചെയ്യുക

ഒത്തിരി അവ്യ. കൂടുതൽ, വളരെ

ഒത്ത്1 [ഒക്കുക] അവ്യ. (മുൻവിന) 1. ഒരുമിച്ച്, ചേർന്ന്. ഉദാ: ഒത്തുചേരുക; 2. തുല്യമായി (പ്ര) ഒത്തുകളി, ഒത്തുകൂടുക, ഒത്തുചേരുക, ഒത്തുതീർപ്പ്, ഒത്തുനിൽക്കുക, ഒത്തുമൂളുക, ഒത്തൊരുമിക്കുക ഇത്യാദി

ഒത്തു [ഒക്കുക] ക്രി. (ഭൂ.രൂപം) ചേർന്നു, കൂടി

ഒത്തുക ക്രി. 1. ചാടുക, കുതിച്ചുപൊന്തുക; 2. പയറ്റുക; 3. മുടന്തുക, തൊത്തിനടക്കുക; 4. മാറുക, ഒഴിഞ്ഞു മാറുക; 5. താളം പിടിക്കുക; 6. ചേരുക, ഇഴുകിപ്പിടിക്കുക; 7. ഒപ്പുക, കിഴിയും മറ്റും ഊന്നുക; 8. എതിർക്കുക, നേരിടുക

ഒത്തുകല്യാണം [മ.-സം.] നാ. കല്യാണ നിശ്ചയം

ഒത്തുകളി [ഒത്ത്-കളി] നാ. രണ്ടുകൂട്ടർ ചേർന്നുനടത്തുന്ന കളിപ്പിക്കൽ

ഒത്തുതീർപ്പ് നാ. പരസ്പരം വിട്ടുവീഴ്ചകളോടു കൂടി ചെയ്യുന്ന തീരുമാനം, തമ്മിൽചേർന്നുള്ള നിർണയം

ഒത്തുനോക്കുക ക്രി. ചേർത്തു പരിശോധിക്കുക, പകർപ്പ് മൂലരാഖയ്ക്ക് ഒപ്പമേണോ എന്നു താരതമ്യപ്പെടുത്തുക

ഒത്തുമൂളുക ക്രി. ഒരാളിനെ ഭയപ്പെട്ട് അയാൾ പറയുന്നതു ശരിവയ്ക്കുക

ഒത്റ്റുഴയ്ക്കുക ക്രി. സഹകരിക്കുക, കൂട്ടായി ജോലിചെയ്യുക.
ഒത്തുഴപ്പ് = സഹകരണം
ഒത്തൊരുമ നാ. യോജിപ്പ്, ഐകമത്യം, പരസ്പര സ്നേഹം, സഹകരണം. ഒത്തൊരുമിക്കുക = ഒന്നിക്കുക, യോജിക്കുക
ഒൻപത് നാമമായും വിശേഷണമായും പ്രയോഗം. പത്തിനു തൊട്ടു മുൻപുള്ള സങ്ഖ്യ
ഒൻപതാം [ഒൻപത്-ആം] (പൂരണിതദ്ധിയ്ഹരൂപം) ഒൻപതാം ഉത്സവം = 1. ഒൻപതാം ദിവസത്തെ ഉത്സവം, വലിയ ആഘോഷം; 2. വലിയ അമ്പരപ്പ്, ബഹളം. ഒൻപതീത് = ഒൻപതുവീതം
ഒന്മ [പ.മ.] നാ. = ഒണ്മ, സത്യം, യാഥാർഥ്യം
ഒന്നടങ്കം [ഒന്ന്-അടങ്കം]അവ്യ. മുഴുവനും, ഒന്നൊഴിയാതെ
ഒന്നര [ഒന്ന്-അര] വി. ഒന്നും അരയും ചേർന്ന. നാ. ഒന്നരമുണ്ട്, ആറുമുഴം പുടവ, കേരള സ്ത്രീകൾ തറ്റുടുക്കാൻ ഉപയോഗിക്കുന്നത്. ഒരു മുണ്ടിനു നാലുമുഴം എന്ന കണക്കിന് ആറുമുഴം ഒന്നര.
ഒന്നരപ്പുല നാ. ഒന്നരദിവസം അതായത് തൊണ്ണൂറു നാഴികമാത്രം ആചരിക്കപ്പെടുന്ന പുല. ഏഴുവിധം പുലകളിൽ ഒന്ന്
ഒന്നരാടം അവ്യ. ഒന്നിടവിട്ടുള്ള ദിവസത്തിൽ
ഒന്നാകുക ക്രി. ഒന്നിക്കുക, കൂടിച്ചേരുക
ഒന്നാകെ അവ്യ. എല്ലാംകൂടെ ഒന്നായി
ഒന്നാം [പ.മ.] വി. ആദ്യത്തെ, ഗുണത്തിൽ മുമ്പിൽ നിൽക്കുന്ന, ഉത്തമമായ, ഒന്നാംകിട = ഒന്നാം തരത്തിൽപ്പെട്ട. 1. ഒന്നാമത്തെ വിഭാഗം, ഉത്കൃഷ്ടവിഭാഗം; 2. തീവണ്ടിയിലും മറ്റും ഏറ്റവും കൂടുതൽ സുഖസൗകര്യമുള്ള മുറി. ഒന്നാംതരം = മേൽത്തരം, മെച്ചപ്പെട്ട
ഒന്നായ് [ഒന്ന്-ആയി] അവ്യ. ചേർന്ന്, കൂടി, ഒന്നിച്ച്, കൂട്ടമായി
ഒന്നിക്കുക ക്രി. ചേരുക, കൂടിചേരുക
ഒന്നിച്ച് [ഒന്നിക്കുക] അവ്യ. (മുൻവിന), ഒരുമിച്ച്, മൊത്തത്തിൽ
ഒന്നിനൊന്ന് അവ്യ. 1. മേൽക്കുമേൽ, മുമ്പോട്ടെന്നക്രമത്തിൽ, അടിക്കടി. ഉദാ: ഒന്നിനൊന്ന് അഭിവൃദ്ധിപ്പെടുക; 2. ഒന്നിനു മറ്റൊന്നായി, സത്യവിരുദ്ധമായി
ഒന്നിപ്പ് [<ഒന്നിക്കുക] നാ. ഒന്നായിരിക്കൽ, ഒരുമിപ്പ്, ഐക്യം, യോജിപ്പ്
ഒന്നിയ [ഒന്നുക] വി. (മുൻവിന), 1. ഒന്നിച്ച, യോജിച്ച, ചേർന്ന; 2. ബന്ധപ്പെട്ട; 3. ഇണങ്ങിയ, പൊരുത്തമുള്ള
ഒന്നിരാടം അവ്യ. ഒന്നരാടം, ഒന്നരാടൻ
ഒന്ന് [<ഒൻറു<ഓർ] സങ്ഖ്യാനാമം. 1. ഒരുവസ്തുവിനെക്കുറിക്കുന്ന സങ്ഖ്യ. സങ്ഖ്യകളിൽ ആദ്യത്തേത്, രണ്ടല്ലാത്തത്; 2. ഒരു കാര്യം, ഒരു സങ്ഗതി. (പ്ര) ഒന്നുകൊണ്ടും = ഒരുതരത്തിലും, യാതൊരുകാരണവശാലും (നിഷേധാർഥത്തിൽ). ഒന്നുരണ്ട് = വളരെക്കുറച്ച്, ഒന്നൊഴിയാതെ = ഒന്നും വിടാതെ, എല്ലാം. ഒന്നുക്ക് = ഒന്നിന്, ഓരോന്നിന് (പ്ര.) ഒന്നുക്കുപോകുക = മൂത്രം ഒഴിക്കാൻ പോകുക
ഒന്നുക [പ.മ.] ക്രി. 1. യോജിക്കുക, ഒന്നായിത്തീരുക, (ഇതിൻെറ പാക്ഷികവിനയെച്ചരൂപം = ഒന്നുകിൽ); 2. വളരുക,വർധിക്കുക; 3. സമ്മതിക്കുക
ഒന്നുകിൽ [ഒന്നുക] അവ്യ. (പ്രാ.വിന) ഒരു പക്ഷത്തിൽ

ഒന്നുചേരുക ക്രി. ഒരുമിക്കുക, പലതുകൂടിച്ചേരുക

ഒന്നുപെട അവ്യ. മുഴുവനും, ഒന്നുപാടെ, ഒന്നിച്ച്, ആകെ, ശേഷമില്ലാതെ. ഒന്നുപെട്ടവർ = ബന്ധപ്പെട്ടവർ

ഒന്നുപോലെ അവ്യ. തുല്യമായി, സമമായി, ഒരുപോലെ, ഒപ്പമായി

ഒന്നും [ഒന്ന്-ഉം] 'ഏ' ചേർന്ന് ഒന്നുമേ എന്നും രൂപം. 1. അവ്യ. ഒരു കാര്യവും, യാതൊന്നും. നിഷേധക്രിയയ്ക്കു മുമ്പിൽ പ്രയോഗം. ഉദാ: ഒന്നും കണ്ടില്ല, ഒന്നും ചെയ്തില്ല; 2. നിരർഥകമായും പ്രയോഗം. ഒന്നുമായില്ല = യാതൊരു തീരുമാനവുമായില്ല; 3. തീരെ മതിയായില്ല

ഒന്നേ [ഒന്ന്-ഏ] അവ്യ. ഒൻേറ (മ.മ.) ഒന്നുമാത്രം. ഉദാ: അതിനു മരുന്ന് അതൊന്നേ പറ്റൂ, ഒന്നേയൊന്ന്

ഒന്നേകാൽ [ഒന്ന്-ഏ-കാൽ] 'ഏ' ഇടനില, നാമമായും വിശേഷണമായും പ്രയോഗം. ഒന്നും കാൽഭാഗവും

ഒന്നേന്ന് [ഒന്നേ-എന്ന്] അവ്യ. ആദ്യമായി, പുതിയതായി

ഒന്നോടെ [ഒന്ന്-ഓറ്റ്-ഏ] അവ്യ. മുഴുവനും, എല്ലാം, സമസ്തവും

ഒപ്പക്കതിർ [ഒപ്പം-കതിർ] നാ. ആഭരണം മിനുക്കുന്നതിനു തട്ടാന്മാർ ഉപയോഗിക്കുന്ന ഉപകരണം, മിനുക്കുകതിർ

ഒപ്പന, -നം നാ. 1. ഉപമ, താരതമ്യം; 2. തെളിവ്; 3. പരസമ്മതം, യോജിപ്പ്; 4. ഒപ്പനിരപ്പ്; 5. അലങ്കരണം, ആഭരണം; 6. (മുസ്ലിങ്ങളുടെ) കല്യാണപ്പന്തലിൽ വരന് ഇരിക്കാനുള്ള മണ്ഡപം, ചമയപ്പന്തൽ; 7. കല്യാണത്തിനുമുമ്പ് മുസ്ലിം വധുവിനെ കൂട്ടുകാരികൾ ചേർന്ന് ഇക്കിളിപ്പെടുത്തിയും കളിയക്കിയും കയ്യടിച്ചുപാടുന്ന പാട്ട്

ഒപ്പനിരപ്പ് [ഒപ്പം-നിരപ്പ്] നാ. സമനിരപ്പ്, ഒരേനിരപ്പ്

ഒപ്പന്തം നാ. ഉടമ്പടി, കരാറ്, സന്ധി, വാഗ്ദാനം (വ.മ.)

ഒപ്പം [ഒക്കുക] നാ. 1. സാദൃശ്യം, തുല്യത; 2. നിരപ്പ്, മിനുസം. ഉദാ: ഒപ്പുനിരപ്പ്. അവ്യ. 1. തുല്യമായി, ഒരുപോലെ; 2. ഒരേകാലത്ത്, ഒരേ സ്ഥാനത്ത്, ഒന്നിച്ച്; 3. കൂടെ, സമീപത്ത്, അടുക്കൽ. (പ്ര) ഒപ്പത്തിനൊപ്പം = സമനിലയിൽ, പകരത്തിനു പകരം

ഒപ്പരം നാ. ഒപ്പമായിരിക്കൽ, യോജിപ്പ്, ഒരുമിപ്പ്. ഉദാ: മനസ്സൊപ്പരം

ഒപ്പൽ [<ഒപ്പുക] നാ. ഒപ്പിയെടുക്കൽ

ഒപ്പവർ [പ.മ.] നാ. (ബ.വ.) ഒത്തവർ, തുല്യർ

ഒപ്പാ [ഒപ്പ്-ആ] നാ. ഒരു നിഷേധാഖ്യാതം, ഒപ്പമാവുകയില്ല

ഒപ്പാരത്തം നാ. ഒപ്പാർ, ചേർന്നുപറച്ചിൽ, ഉപചാരവാക്ക്

ഒപ്പാരൻ നാ. മധ്യസ്ഥൻ

ഒപ്പാരം നാ. ഒരുമിപ്പ്

ഒപ്പാരി നാ. 1. മരിച്ച ആളിൻെറ ഗുണഗണങ്ങൾ ചൊല്ലിയുള്ള വിലാപം, ഒപ്പാര്; 2. ഉപമ, സദൃശവാക്യം; 3. മുഖസ്തുതി; 4. ശരിവയ്ക്കൽ; 5. ഭങ്ഗി, ചിട്ട

ഒപ്പാര് നാ. 1. ഒത്തുപറച്ചിൽ, മറ്റൊരാളിൻെറ അഭിപ്രായത്തെ പിന്താങ്ങൽ; 2. ഒപ്പാരി

ഒപ്പിക്കുക1 [ഒക്കുക>പ്ര] ക്രി. 1. ഒക്കുമാറാക്കുക, നേടുക; 2. തികയ്ക്കുക; 3. കഴിച്ചുകൂട്ടുക, വിഷമപ്പെട്ട് അവസാനിപ്പിക്കുക; 4. മറ്റൊന്നിന് യോജിച്ചതാക്കുക; 5.

തുല്യമാക്കുക, ഉപമിക്കുക; 6. ഒത്തുനോക്കുക, ഒത്തുനോക്കിക്കുക; 7. പറ്റിക്കുക, സൂത്രത്തിൽ തട്ടിയെടുക്കുക; 8. ബോധ്യപ്പെടുത്തുക

ഒപ്പിയാൻ [<ഒപ്പ്] നാ. ദ്രോഹോദ്ദേശ്യത്തോടെ വേറൊരാളിന് എതിരേയുള്ള രേഖയിൽ ഒപ്പിടുകയോ മറ്റുള്ളവരുടെ ഒപ്പുകൾ ശേഖരിക്കുകയോ ചെയ്യുന്ന ആൾ (ദുരർഥത്തിൽ)

ഒപ്പീസ് [ഇം.] നാ. 1. ശവം അടക്കാൻ കൊണ്ടുപോകുമ്പോൾ റോമൻ കത്തോലിക്കർ പാടുന്ന ഗീതങ്ങൾ; 2. വൈദികർ ഔദ്യോഗികമായി ചൊല്ലുന്ന പ്രാർഥനകൾ

ഒപ്പ് [ഒക്കുക] നാ. 1.ചേർച്ച, തുല്യമായിരിക്കൽ; 2. സമ്മതം (പ്ര.ലു); 3. രേഖയിൽ സമ്മതം സൂചിപ്പിക്കുന്ന അടയാളം; 4. തുല്യത, ഒപ്പം (പ്ര) ഒപ്പുകുത്തുക = ഒപ്പ് ഇടുക. ഒപ്പുകൊള്ളുക = സമ്മതിക്കുക

ഒപ്പുക ക്രി. ഒന്നുചേർന്നു പറ്റിപ്പിടിക്കത്തക്കവണ്ണം ഒന്നിനെ മറ്റൊന്നിന്മേൽ അമർത്തുക. ഉദാ: മഷി ഒപ്പുക. ഒപ്പുകടലാസ് = മഷി ഒപ്പുന്നതിനുള്ള പ്രത്യേക കടലാസ്

ഒപ്പുകാണം [ഒപ്പ്-കാണം] നാ. 1. സാക്ഷിപ്പടി; 2. പ്രമാണത്തിൽ ഒപ്പിടുമ്പോൾ ജന്മിക്ക് വസ്തു വാങ്ങുന്ന ആൾ കൊടുക്കുന്ന പണം

ഒപ്പുനിരപ്പ് [ഒപ്പ്-നിരപ്പ്] നാ. പൊക്കവും താഴ്ചയും ഇല്ലായ്മ, ഒപ്പനിരപ്പ്, ഒത്തനിരപ്പ്, കുന്നോ കുഴിയോ ഇല്ലാത്ത സ്ഥിതി

ഒപ്പുമുറി [ഒപ്പു-മുറി] നാ. ഉടമ്പടി, കരാറ്

ഒപ്പുസാക്ഷി നാ. പ്രമാണങ്ങളോ കരാറുകളോ പതിവുചെയ്യുമ്പോൾ സാക്ഷ്യം വഹിച്ചുകൊണ്ട് ഒപ്പിടുന്ന ആൾ

ഒപ്പുസൂചി നാ. വസ്തു വാങ്ങുന്ന ആൾ പ്രമാണം കൈപ്പറ്റുമ്പോൾ എഴുത്തുകാരനു കൊടുക്കുന്ന പണം. താരത. തൂശിക്കാണം

ഒപ്പോൻ1 [ഒപ്പം-അവൻ] നാ. ഉടപ്പിറന്നവൻ, സഹോദരൻ (സ്ത്രീ) ഓപ്പോൾ

ഒപ്പോൻ2 [ഒപ്പ്-ഓൻ] നാ. ഒത്തവൻ, തുല്യമായവൻ, സമ്മതിക്കുന്നവൻ

ഒപ്പോല [ഒപ്പ്-ഓല] നാ. പ്രമാണം ഒപ്പുവച്ച ഓല, ഉടമ്പടിപ്പത്രം

ഒപ്രുശുമ [സുറി.] നാ. 1. അനുഗ്രഹം, അനുഗ്രഹിക്കൽ; 2. കത്തോലിക്കരുടെ ഏഴു കൂദാശകളിൽ രണ്ടെണ്ണം (മുമ്പിലത്തെ ഒപ്പുറൂശ്മ അല്ലെങ്കിൽ സ്ഥൈര്യലേപനം, ഒടുക്കത്തെ ഒപ്പുറൂശ്മ അല്ലെങ്കിൽ അന്ത്യലേപനം)

ഒഫാത്ത് [അറ.വഫാത്] നാ. മരണം

ഒഭയം [<സം.ഉഭയം] നാ. 1. പലിശ; 2. ആദായം

ഒമച്ചിൽ [ഒമയുക] നാ. ചൊറിച്ചിൽ

ഒമപ്പുഴു [ഒമ-പുഴു] നാ. ഒമച്ചിൽ ഉണ്ടാകുന്ന പുഴു, ആട്ടാൻപുഴു, ഉറുമ്പുഴു, ഉറുത്തിപ്പുഴു, ചൊറിയൻപുഴു

ഒമയുക ക്രി. ചൊറിയുക, ചൊറിച്ചിൽ തോന്നുക

ഒമര് നാ. ഓക്, ശുകം

ഒമൽ നാ. 1. കടമരത്തിൽ മീൻ ശേഖരിച്ചുവയ്ക്കാൻ പനയോലകൊണ്ട് ഉണ്ടാക്കിയ വലിയ വട്ടി (മുക്കുവൻ ഉപയോഗിക്കുന്നത്); 2. ഒരിനം ചെറിയ കാട്ടുവൃക്ഷം, കടൽമോദകം

ഒമ്മ [<സം.ഉപമ] നാ. ഒപ്പം, തുല്യത, സാദൃശ്യം

ഒമ്രാകൾ [അറ.ഉമറാ-മകൾ] നാ. (ബ.വ.) അമ്മീറന്മാർ

ഒയ്യാരം [<സം.ഉപചാര] നാ. 1. നാട്യം, ഇല്ലാത്തത് ഉണ്ടെന്നു പ്രദർശിപ്പിക്കൽ; 2. കുണുങ്ങിക്കുണുങ്ങിയുള്ള നടപ്പ്, നടപ്പിൻെറ ചന്തം, സൗന്ദര്യം; 3. കൊഞ്ചൽ, ശൃങ്ഗാരഭാവം; 4. പൊങ്ങച്ചം, ആർഭാടം (പ്ര) ഒയ്യാരിക്കുക = ഒയ്യാരം കാണിക്കുക.

423

ഒരപ്പുക ക്രി. ഉച്ചത്തിൽ ശബ്ദം പുറപ്പെടുവിക്കുക

ഒരപ്പുര നാ. = ഉരൽപ്പുര

ഒരം [<ഉരക്കുക] നാ. 1. ശക്തി; 2. തോൾ; 3. ഉരം, വളം

ഒരൾ,ഒറള് നാ. 1. = ഉരൽ; 2. ഉറൾ

ഒരിക്കം [പ.മ.] നാ. 1. യോജിപ്പ്, ചേർച്ച, ഐക്യം; 2. ഒരുങ്ങൽ, തയ്യാറാകൽ, സന്നദ്ധത

ഒരിക്കൽ അവ്യ. 1. ഒരുകാലത്ത്, ഒരുസമയത്ത്, ഒരുതവണ; 2. ചിലപ്പോൾ; 3. ദിവസം ഒരുനേരം മാത്രം ഭക്ഷണം. ഉദാ: വാവൊരിക്കൽ

ഒരിക്കലും [ഒരിക്കൽ-ഉം] അവ്യ. ഒരുകാലത്തും, ഒരു അവസരത്തിൽ പോലും, യാതൊരുസമയത്തും (നിഷാധക്രിയയോടും ചേർത്തു പ്രയോഗം) ഒരിക്കാലും എന്നു പഴയ രൂപം

ഒരിക്കാൽ [പ.മ.] അവ്യ. = ഒരിക്കൽ "ചീക്കിരമുരിതരുമാറു പറഞ്ഞിട്ടക്കരയീപ്പോയനിരിക്കാൽ" (ഉണ്ണിച്ചിരു)

ഒരിക്ക് നാ. യോഗ്യത, ചേർച്ച, യോജിപ്പ്

ഒരിക്കോൽ നാ. ഒരുകോൽ, ഇരുപത്തിനാല് അംഗുലം

ഒരു [ഒർ-ഉ] വി. സങ്ഖ്യാഭേദകം. 1. പലതല്ലാത്ത, ഏകമായ, ഒറ്റയായ; 2. അവധാരകാർഥത്തിലും പ്രയോഗം, വ്യത്യസ്തമല്ലാത്ത, അന്യമല്ലാത്ത, ഒരേ, ഒറ്റ; 3. അനിർദിഷ്ടവാചിയായും പ്രയോഗം, എന്തൊരു ഭങ്ഗി ഇത്യാദി; 4. ഏകദേശം, ഏതാണ്ട്; 5. പേരച്ചപ്രത്യയമായും നിരർഥകമായും പ്രയോഗം. (പ്ര) പ്രുകണക്കിൽ, പോയോരു

ഒരുക്കം [ഒരുങ്ങുക] നാ. 'ഒന്നുചേർക്കൽ, ഒരുമിക്കൽ, സംഭരണം, ആരംഭം, തയ്യാറാകൽ എന്നീ അർഥവികാസം', 1. വട്ടംകൂട്ടൽ, ഉദ്യമം, സജ്ജീകരണം. ഉദാ: സദ്യയ്ക്ക് ഒരുക്കം ചെയ്യുക, യുദ്ധത്തിന് ഒരുക്കം ഇത്യാദി; 2. സന്നദ്ധത; 3. വേഷമണിയൽ, വേഷവിധാനം; 4. തുടക്കം, യത്നം. (പ്ര) ഒരുക്കനാൾ = ഒരുക്കമുണ്ടാക്കുന്ന നാൾ, പെരുനാളിൻെറ തലേനാൾ (ക്രിസ്തു)

ഒരുക്കൽ [ഒരുക്കുക] നാ. ഒരുക്ക്, തയ്യാറാകൽ

ഒരുക്ക് നാ. ഒരുക്കം, അടിയന്തിരങ്ങൾക്കും മറ്റും സംഭരിച്ചുവയ്ക്കുന്ന സാധനങ്ങൾ

ഒരുക്കുക ക്രി. 1. വേണ്ട സാധനങ്ങൾ സംഭരിക്കുക, വട്ടം കൂട്ടുക, കോപ്പുകൂട്ടുക, തയ്യാറാക്കുക; 2. ചമയിക്കുക, വസ്ത്രഭൂഷണാദികൾ അണിയിക്കുക, ഭങ്ഗിപ്പെടുത്തുക; 3. കൃഷിചെയ്യത്തക്കവണ്ണം നിലം ശരിപ്പെടുത്തുക

ഒരുക്കുപടി,-പിടി [ഒരുക്ക്-പിടി] നാ. സാമഗ്രി, ഉപകരണം

ഒരുക്കുമാനം [ഒരുക്ക്-മാനം] നാ. ഒരുക്കം, സജ്ജീകരണം, ഒരുക്കുന്നതിനുവേണ്ട വസ്തുക്കൾ, സാമഗ്രികൾ

ഒരുക്കുമുത്താര് [ഒരുക്കു-മുത്താര്] നാ. കളമ്പൂജക്കാരൻ

ഒരുക്കൂട്ടുക [ഒരു-കൂട്ടുക] ക്രി. ഒന്നിച്ചുചേർക്കുക, ശേഖരിക്കുക, തയ്യാറാക്കുക

ഒരുക്കോൽ [ഒരു-കോൽ] നാ. = ഒരിക്കോൽ

ഒരുങ് [ഒരുങ്ങുക] ധാതുരൂപം
ഒരുങ്ങുക ക്രി. 1. തയ്യാറാകുക, സജ്ജീകരണങ്ങൾ ചെയ്യുക; 2. വേഷഭൂഷാദികൾ അണിഞ്ഞു തയ്യാറാവുക; 3. തുടങ്ങുക, ആരംഭിക്കുക; 4. യത്നിക്കുക, ഉദ്യമിക്കുക, തുനിയുക
ഒരുച്ചെന്നി,-ക്കുത്ത് നാ. നെറ്റിയുടെ ഒരുവശത്തുമാത്രം അനുഭവപ്പെടുന്ന തീവ്രമായ വേദന, ഒരുതരം തലവേദന
ഒരുത്തൻ 'ഒരുവൻ' എന്നു ശുദ്ധരൂപം, ഒരുത്തി (ഒരു സ്ത്രീ) എന്ന രൂപത്തെ ആധാരമാക്കി ഭ്രമകൽപന കൊണ്ടുള്ള രൂപമാണ് 'ഒരുത്തൻ' എന്നത്. സ.നാ. ഒരുമനുഷ്യൻ, ഒരാൾ. (പ്ര) ഒരുത്തരും = യാതൊരാളും, യാതൊരുത്തനും (നിഷേധപ്രയോഗത്തിൽ)
ഒരുത്തി [ഒരു-ത്തി] സ.നാ. ഒരു സ്ത്രീ, ഒരുവൾ
ഒരുനാളും [പ്രു-നാൽ-ഉം] അവ്യ. ഒരിക്കലും (നിഷേധക്രിയയോടുചേർത്തു പ്രയോഗം)
ഒരുപക്ഷേ അവ്യ. ഒരുപക്ഷത്തിൽ, ഒരുവേള, മിക്കവാറും
ഒരുപടി [ഒരു-പടി] വി. ധാരാളം, വളരെയധികം, ഒരുപിടി. അവ്യ. ഒരുവിധത്തിൽ, ഒരുപ്രകാരത്തിൽ, വല്ലവിധത്തിലും
ഒരുപത് [പ.മ.] സങ്ഖ്യാനാമം. ഒരു പത്ത്, പത്ത്, (കവിതയിൽ)
ഒരുപാട് [ഒരു-പാട്] അവ്യ. 1. ഒരുവശത്ത്, ഒരുഭാഗത്ത്; 2. ധാരാളം, വളരെ, ഏറെ, വളരെയധികം
ഒരുപിടി [ഒരു-പിടി] അവ്യ. 1. ഒരു കൈനിറയെ; 2. അൽപം, കുറെ, ഏതാനും, ചില; 3. വളരെ, ഏറെ
ഒരുപൂ,-പ്പൂ(വ്) നാ. ആണ്ടിൽ ഒരുതവണ മാത്രം ചെയ്യുന്ന കൃഷി
ഒരുപൊഴുത്,-പോത് അവ്യ. ഒരിക്കൽ, ഒരുപ്രാവശ്യം
ഒരുപോലെ അവ്യ. തുല്യമായി, വ്യത്യാസമില്ലാതെ, ഒന്നുപോലെ
ഒരുപ്പോക്ക് നാ. 1. തിരിച്ചുവരാത്ത പോക്ക്, മരണം; 2. വരും വരായ്മകൾ നോക്കാതെയുള്ള പോക്ക്
ഒരുമ നാ. ഒത്തുചേർന്നിരിപ്പ്, യോജിപ്പ്, ഐക്യം
ഒരുമനം നാ. ഒരേ മനസ്സ്, ഐകമത്യം. (പ്ര) ഒരുമനപ്പെടുക = ഏകാഭിപ്രായത്തിലെത്തുക, യോജിക്കുക
ഒരുമപ്പാട് [ഒരുമ-പാട്] നാ. ഒരുമ്പാട്, ഉദ്യമം, തുടക്കം, യോജിപ്പ്
ഒരുമാ(വ്) നാ. ഇരുപതിലൊന്ന്
ഒരുമിച്ച് [<ഒരുമിക്കുക] അവ്യ. (മുൻവിന) ചേർന്ന്, കൂടെ, ഒന്നിച്ച്
ഒരുമിപ്പ് നാ. ഒരുമിക്കൽ, ഒത്തുചേർന്നിരിപ്പ്, ഐക്യം
ഒരുമ്പാട് നാ. 1. ഉദ്യമം, ഒരുക്കം, പുറപ്പാട്, തയ്യാർ, സന്നദ്ധത; 2. ഒരുമിപ്പ്, ഐക്യം, ഇണക്കം
ഒരുമ്പെടുക ക്രി. 1. ഒരുങ്ങുക, തയ്യാറാകുക; 2. ഒന്നായിത്തീരുക, യോജിപ്പിക്കുക
ഒരുവണ്ണം വി. 1. ഒരുപ്രകാരത്തിൽ, ഒരുവിധത്തിൽ; 2. വല്ലവിധവും, ഒരുമട്ടിൽ
ഒരുവൻ [ഒരു-അൻ] സ.നാ. പ്ര.പു.,ഏ.വ.,പും. ഒരു പുരുഷൻ, ഒരാൾ, ഒരുത്തൻ (സ്ത്രീ) ഒരുവൾ (ബ.വ.) ഒരുവർ = ഒരുകൂട്ടർ

ഒരുവാ [ഒരു–വായ്] നാ. 'ഒരു വശം', ഒരുവശം മാത്രം അടിച്ചുറപ്പിച്ച കയ്യാല. താരത. ഇരുവാ
ഒരുവിധം [മ.ഒരു–സം.വിധ] വി. വല്ലവിധത്തിലും, ബുദ്ധിമുട്ടി, പ്രയാസപ്പെട്ട്
ഒരുവേള അവ്യ. ഒരുസമയം, ഒരുപക്ഷേ
ഒരേ [ഒരു–ഏ] വി. (അവധാരകം) 1. ഒന്നുമാത്രമായ; 2. മറ്റൊരുതരത്തിലല്ലാത്ത, അതുതന്നെയായ
ഒരേടം [ഒരു–എടം] നാ. ഒരുസ്ഥലം, ഒരുഭാഗം. ഒരേടത്ത് = ഒരുസ്ഥലത്ത്, ഏതോ ഒരുസ്ഥലത്ത്. ഒരേടവും = ഒരു സ്ഥലത്തും
ഒരോരോ [ഒര്–ഒര്–ഓ] അവ്യ. ഒരോരോ നോക്കുക
ഒല നാ. = ഉല
ഒലക്ക നാ. = ഉലക്ക
ഒലക്കുണ്ട് [ഒലക്കക്കുണ്ട്] നാ. നെല്ലുകുത്താനും അരി അവയ്ക്കുവാനുമുള്ള കുഴി
ഒലത്തൻ വി. ഉലത്തിയ, താളിച്ച (കറി)
ഒലത്തുക [<ഉലർത്തുക] ക്രി. കറികൾക്ക് കടുകു വറുക്കുക
ഒലന്ത [പോർ] നാ. ഡച്ചുകാരുടെ രാജ്യം, ലന്ത, ഡച്ചുകാരൻ
ഒലമാരി നാ. ഒരുതരം ചെറിയ കപ്പൽ
ഒലമ്പുക ക്രി. ഉലമ്പുക, ഉലയ്ക്കുക, വെള്ളത്തിലിട്ട് ആഞ്ഞുലച്ച് വസ്ത്രങ്ങൾ വെടിപ്പാക്കുക
ഒലവില നാ. വസ്ത്രം (പ്ര) ഒലവിലമുറി = രാജാക്കന്മാരുടെ വിവാഹം

ഒലാ നിഷേധാഖ്യാതശബ്ദം. ഒല്ലാ. ഉദാ: ചെയ്യൊലാ = ചെയ്യരുത്
ഒലി1 [ഒലിക്കുക] ധാതുരൂപം
ഒലി2 നാ. 1. ഒച്ച, ശബ്ദം; 2. പ്രശസ്തി, കീർത്തി
ഒലി3 [അറ.വലി] നാ. താരത. അവ്ലിയാ. 1. പുണ്യപുരുഷൻ, സിദ്ധൻ; 2. രക്ഷാധികാരി, സമ്രക്ഷകൻ, കന്യകയെ വിവാഹംചെയ്തുകൊടുക്കാൻ അധികാരമുൾലയാൾ
ഒലിക്കുക ക്രി. 1. ജലമ്പോലെ തുടർച്ചയായി നിർഗമിക്കുക, ഊറിയൂറി ഒഴുകുക; 2. വെള്ളത്തിൽ പൊങ്ങിക്കിടന്നു നീങ്ങുക, ഒഴുക്കിൽപ്പെട്ടു നീങ്ങുക
ഒലിപ്പ് [<ഒലിക്കുക] നാ. ഒഴുക്കൽ, ഒഴുക്ക്, ഊറ്റ്, ചെറിയ അരുവി
ഒലിവ് [ഇം.] നാ. ഒരിനം മരം
ഒലുമ്പുക ക്രി. 1. ഊക്കോടെ പിടിച്ചുകുലുക്കുക, ഉലയ്ക്കുക; 2. വെള്ളത്തിലിട്ട് ഉലച്ചു കഴുകുക, അലമ്പുക, ലാഞ്ചുക
ഒല്ല, ഒല്ലാ [ഒല്–അ(–ആ)<ഒല്ലുക] 1. ഒരു നിഷേധാഖ്യാതശബ്ദം = ഒല്ലാ, 'ഒല്ലേ' എന്ന് അപേക്ഷ; 2. അരുത്, പാടില്ല. ഉദാ: ചെയ്യൊല്ല, പോകൊല്ല. താരത. ചെയ്യൊലാ, പോകലാ. വിശേഷണമായും പ്രയോഗം. ഉദാ: ഒല്ലാക്കാര്യം
ഒല്ലാതെ,–ത്ത [<ഒല്ലുക] വി. (നിഷേധപേരെച്ചരൂപം) ചെയ്തുകൂടാത്ത, അരുതാത്ത, നിഷിദ്ധമായ
ഒല്ലായ്ക, –മ നാ. 1. ചെയ്തുകൂടായ്ക; 2. ദോഷം; 3. അരുതായ്ക, നിരോധനം

ഒല്ലാർ [ഒല്-ആ-അർ] നാ. (ബ.വ.) ശത്രുക്കൾ

ഒല്ലുക [<വല്ലുക] (നിഷേധാർഥത്തിൽ അനുപ്രയോഗമായും മറ്റും വരുന്ന ഒരു ധാതു. ഒല്ലാ, ഒലാ, ഒല്ലേ ഇത്യാദി പദങ്ങൾ പ്രയോഗത്തിൽ കാണാം) ക്രി. സാധിക്കുക, സാധ്യമാവുക. (പ്ര) ഒല്ലായുക = വല്ലായുക, സഹിക്കവയ്യാതാവുക

ഒവി നാ. സ്നേഹം, ഉവവി, ഉപവി

ഒവ് നാ. കനംകുറഞ്ഞ പൊങ്ങുതടി

ഒവ്വാ [ഒവ്വ്-ആ] നിഷേധാഖ്യാതം. 1. ഒക്കുകയില്ല, സാധ്യമല്ല, ഇല്ല. 'ഒവ്വുക' നോക്കുക; 2. ചേരുകയില്ല, തുല്യമാവുകയില്ല; 3. സമ്മതിക്കാവുന്നതല്ല, സത്യമല്ല, ശരിയല്ല

ഒവ്വാത,-ത്ത [ഒവ്വുക] വി. ഒക്കാത്ത, യോജിക്കാത്ത, ചേരാത്ത

ഒവ്വായ്ക,-മ നാ. ചേർച്ചയില്ലായ്മ, യോജിപ്പില്ലായ്മ, ചേരായ്ക

ഒവ്വ് വ്യാക്ഷേ. അതെ, ശരി. 'ഉവ്വ്' നോക്കുക

ഒവ്വുക [<ഒക്കുക] ക്രി. ചേരുക, ഒവ്വാതെ, ഒവ്വാത, ഒവ്വാ മുതലായി ചുരുക്കം ചില രൂപങ്ങൾ പ്രയോഗത്തിൽ കാണാം

ഒശത്തി വി. ഉയർന്ന, വലിയ, മേൽത്തരമായ

ഒശീർ,വസീർ [അറ.] നാ. മന്ത്രി

ഒസ്സാ, ഒസാൻ [അറ.] നാ. ക്ഷുരകൻ (മുസ്ലിംഭാഷ) (സ്ത്രീ) ഒസാത്തി

ഒസു [അറ.] നാ. മുസ്ലിങ്ങൾ പ്രാർഥനയ്ക്കുമുമ്പു നടത്തുന്ന അവയവശുചീകരണം

ഒസ്ത നാ. ഒസാൻ

ഒസ്യത്ത്,-സീയത്ത് [അറ] നാ. മരണപത്രം

ഒളം [<അളവ്] 'ഓളം' എന്ന് ആധുനികരൂപം. അവ്യ. അളവ്

ഒളയുക ക്രി. ഉളയുക, കുത്തിനോവുക

ഒളി1 [ഒളിക്കുക] ധാതുരൂപം

ഒളി2 [ഒളിയുക] ധാതുരൂപം

ഒളി3 [<ഒളിക്കുക] നാ. 1. മറവ്; 2. രഹസ്യവ്യാപാരം; 3. നായാട്ടുകാർ മറഞ്ഞിരിക്കാൻ തയ്യാറാക്കുന്ന സ്ഥലം, ഒളിക്കുടിൽ, ഒളിപ്പള്ളി, ഒളിമറ

ഒളി4 [ഒൾ,ഒൺ] നാ. 1. കാന്തി, പ്രകാശം; 2. സൂര്യൻ; 3. ചന്ദ്രൻ; 4. കീർത്തി

ഒളിക്കുക ക്രി. മറയ്ക്കുക, മൂടുക, മറ്റുള്ളവരുടെ കാഴ്ചയിലോ അറിവിലോ പെടാതാക്കുക. ഒളിച്ച്, ഒളിച്ചുവച്ച് എന്ന് അവ്യയരൂപങ്ങളിലും പ്രയോഗങ്ങൾ. (പ്ര) ഒളിച്ചിരിക്കുക, ഒളിച്ചോടുക, ഒളിച്ചുകളിക്കുക, ഒളിച്ചുനടക്കുക, ഒളിച്ചുപോകുക, ഒളിച്ചുവയ്ക്കുക

ഒളിച്ചുകളി നാ. കുട്ടികളുടെ ഒരുവക വിനോദം. (പ്ര) ഒളിച്ചുകളിക്കുക = രങ്ഗത്തുവരാതിരിക്കുക

ഒളിനായര് നാ. രഹസ്യകാമുകൻ, ജാരൻ

ഒളിപ്പ് [<ഒളിക്കുക] നാ. ഒളിക്കൽ, മറച്ചുവയ്ക്കൽ

ഒളിപ്പോര് നാ. മറഞ്ഞുനിന്നു നടത്തുന്ന യുദ്ധം

ഒളിമങ്ക [ഒളി-മങ്ക] നാ. 1. ഒളിയുൾല മങ്ക, സുന്ദരി; 2. രഹസ്യമാമുകി

ഒളിമിന്നൽ നാ. 1. ശോഭ; 2. തിളങ്ങുന്ന മിന്നൽ

ഒളിമ്പിക്കളികൾ നാ. പുരാതനകാലംതൊട്ടേ (ബി.സി.776) ഗ്രീസിലെ ഒളിമ്പിയയിൽ നാലാണ്ടിലൊരിക്കൽ നടത്തിവരുന്ന കായികവിനോദമത്സരങ്ങൾ

ഒളിയമ്പ് നാ. 1. ഒളിഞ്ഞുനിന്ന് അയയ്ക്കുന്ന ശരം; 2. (ആല) ഗൂഢമായി നടത്തുന്ന ആക്രമണം

ഒളിക്കുക ക്രി. മറയുക, പതുങ്ങിയിരിക്കുക

ഒളിവാതിൽ നാ. ഒളിഞ്ഞുകേറാനുള്ള വാതിൽ, രഹസ്യമാർഗം

ഒളിവ്1,ഒളിർവ് നാ. ഒളി, പ്രകാശം, തെളിവ്, ശോഭ

ഒളിവ്2 നാ. മറവ്, രഹസ്യസ്ഥിതി, അപ്രത്യക്ഷത, നേരിട്ടു കാണാനോ അറിവാനോ മനസ്സിലാക്കാനോ വയ്യാത്ത സ്ഥിതി.

425

ഒളിശയനം [മ.ഒളി-സം.ശയന] നാ. രഹസ്യമായ സ്ത്രീ പുരുഷ വേഴ്ച, വ്യഭിചാരം

ഒളിസേവ [സം.-സേവാ] നാ. 1. ഒളിശയനം; 2. രഹസ്യമായി സേവപിടിക്കൽ

ഒള്ളൊള്ള വി. എല്ലാ. ഉദാ: ഒള്ളൊള്ളകാലവും = എല്ലാക്കാലവും

ഒഴക്ക് നാ. = ഉഴക്ക്

ഒഴാൽ [<അഴിവാതിൽ] നാ. 1. തൊഴുത്തിൻെറ വാതിൽ; 2. കന്നുകാലികൾക്കു കടക്കാനൊക്കാത്തവണ്ണം ആളുകൾക്കു കയറാൻ ഉണ്ടാക്കുന്ന പടിവാതിൽ

ഒഴി1 [ഒഴിയുക] ധാതുരൂപം

ഒഴി2 നാ. 1. വെട്ടൊഴിവ് (തെങ്ങിൽനിന്ന് തവണതോറും തേങ്ങ ഇടുന്നതിനെക്കുറിച്ച്); 2. ഒഴിവ്

ഒഴികഴിവ് [ഒഴി1-കഴിവ്] നാ. ഒഴിഞ്ഞുമാറാനുള്ള ഉപായം, ചുമതലയിൽ നിന്ന് വഴുതിമാറൽ, പ്രതിവിധി

ഒഴികെ അവ്യ. ഒഴിവ്, കൂടാതെ, മാറ്റിയിട്ട്, അല്ലാതെ

ഒഴിക്കുക ക്രി. 1. പകരുക, വീഴ്ത്തുക (ദ്രാവകപദാർഥം); 2. അകറ്റുക, ഒഴിവാക്കുക, ഉപേക്ഷിക്കുക, പുറംതള്ളുക; 3. നിറയൊഴിക്കുക, വെടിവയ്ക്കുക; 4. ഒഴിയുക, വിട്ടൊഴിയുക (ഒരുസ്ഥലത്തുനിന്നും) ഒഴിഞ്ഞുപോകുക, മാറുക. (പ്ര) ഒഴിച്ചുകൂടാത്ത = ഉപേക്ഷിക്കാൻ ആകാത്ത, അത്യാവശ്യമായ

ഒഴിച്ചൽ നാ. 1. ഒഴിച്ചിൽ; 2. പരിഹാരം, ഒഴിവ്, നിവൃത്തി, മാറിപ്പോകൽ, വിട്ടുമാറൽ

ഒഴിച്ചിൽ [<ഒഴിയുക] നാ. 1. നിവൃത്തി, പരിഹാരം, ഉപായം; 2. ഒഴിവ്; 3. അവസരം, ഒഴിവുസമയം; 4. വയറിളക്കം

ഒഴിച്ച് [<ഒഴിക്കുക] അവ്യ. (മുൻവിന) ഒഴികെ, കൂടാതെ

ഒഴിച്ചുകൂട്ടാൻ നാ. ചോറിൽ ഒഴിച്ചു കൂട്ടുവാനുള്ള കറി. ഉദാ: പുളിങ്കറിയും പുളിശ്ശേരിയും ഒഴിച്ചുകൂട്ടാൻ; അവിയലും തോരനും നുള്ളിക്കൂട്ടാൻ

ഒഴിഞ്ഞ [ഒഴിയുക] വി. (ഭൂ.പേരെച്ചം) 1. ഉപേക്ഷിച്ച; 2. ഒന്നുമില്ലാത്ത, ശൂന്യമായ

ഒഴിഞ്ഞ് അവ്യ. 9മുൻവിന) ഒഴികെ, ഒഴിച്ച്, അല്ലാതെ

ഒഴിപാട്ടക്കച്ചീട്ട് നാ. പാട്ടം ഒഴിഞ്ഞുകൊടുക്കുന്ന രേഖ, ഒഴിമുറി

ഒഴിപ്പിക്കുക [ഒഴിക്കുക>പ്ര] ക്രി. 1. ഒഴിക്കാൻ കാരണമാകുക (പ്രേരിപ്പിക്കുക); 2. ഒഴിപ്പിച്ചു മാറ്റുക, മറ്റൊരാളുടെ കൈവശാനുഭവം വിടർത്തി സ്വന്തം കൈവശത്തിലാക്കുക, ഒറ്റി പാട്ടം വാടക എന്നിങ്ങനെ ഏതെങ്കിലും വ്യവസ്ഥയിൽ

വേറൊരാൾക്കുകൊടുത്ത വസ്തു തിരിച്ചെടുക്കുക; 3. ആക്രമിച്ചുതിരിച്ചോടിക്കുക, തോൽപ്പിച്ചോടിക്കുക

ഒഴിയ അവ്യ. ഒഴികെ

ഒഴിയാ [ഒഴി–ആ] വി. ആ നിഷേധപ്രത്യയം. ഒഴിയാത്ത, ഒഴിഞ്ഞുപോകാത്ത, വിട്ടുമാറാത്ത

ഒഴിയുക ക്രി. 1. വിട്ടുപോവുക, വിട്ടുമാറുക, മാറിപ്പോവുക; 2. വിടുക, വിട്ടുകൊടുക്കുക, ഉപേക്ഷിക്കുക; 3. ഇല്ലാതെയാവുക, അവസാനിക്കുക; 4. ശൂന്യമാവുക; 5. വാർന്നുപോവുക, ഒഴുകുക, വഴിയുക; 6. വയറിളകുക; 7. നിറയൊഴിയുക, വെടിപൊട്ടുക; 8. ഉപേക്ഷിക്കുക, മാറിപ്പോവുക; 9. (ഭാര്യാഭർതൃ)ബന്ധം വേർപെടുത്തുക

ഒഴിയെ അവ്യ. 1. ഒഴികെ, ഒഴിച്ച്, കൂടാതെ, അല്ലാതെ; 2. ആകെ, മുഴുവൻ

ഒഴിവാക്കുക [ഒഴിവ്–ആക്കുക] ക്രി. മാറ്റുക, കൂടാതെ കഴിയുക, പരിധിയിൽ പെടാതെയാകുക

ഒഴിവ് [ഒഴിയുക] നാ. 1. ഒഴിയൽ, മാറൽ; 2. ജോലിയില്ലാത്ത സമയം, വിശ്രമം, വിശ്രമാവസരം, അവധിനാൾ; 3. പരിഹാരമാർഗം, നിവൃത്തി, നിർവാഹം. (പ്ര) ഒഴിവുകാണുക = പരിഹാരമാർഗം കണ്ടുപിടിക്കുക; 4. ഒഴി (തേങ്ങയിടീൽ മുതലായവയെ സംബന്ധിച്ച); 5. ഒഴിഞ്ഞുകിടക്കുന്ന അവസ്ഥ, ജോലിക്ക് ആൾ ഇല്ലാതെ കിടക്കുന്ന ഉദ്യോഗസ്ഥാനം; 6. അതിസാരം, വയറിളക്കം; 7. ഇളവ്, പരിധിയിൽനിന്നു മാറ്റി നിർത്തൽ; 8. വാർന്നുപോകൽ, ഒഴുക്ക്

ഒഴിവുകഴിവ് നാ. = ഒഴികഴിവ്

ഒഴിവുമുറി നാ. ഒറ്റി പാട്ടം മുതലായവ ഒഴിഞ്ഞുകൊടുക്കുന്ന രേഖ, പ്രമാണം

ഒഴുക് [ഒഴുകുക] ധാതുരൂപം

ഒഴുകൽ [<ഒഴുകുക] നാ. = ഒഴുക്ക്

ഒഴുകിൽ മേനോൻ നാ. സാമൂതിരിയുടെ കാര്യസ്ഥൻ

ഒഴുക് നാ. 1. നിലം പുരയിടങ്ങളുടെ അതിരുവിവരങ്ങളും മറ്റും എഴുതിയ രേഖ; 2. പ്രമാണം; 3. ഭിത്തിയുടെ ഒരു വശം

ഒഴുകുക ക്രി. 1. ദ്രവ്യപദാർഥം താണസ്ഥലത്തേക്കു തുടർച്ചയായി നീങ്ങുക, ഒലിക്കുക, പ്രവഹിക്കുക; 2. ഒരു പ്രവർത്തനത്തിൽ മുന്നോട്ടുപോവുക, പ്രവർത്തിക്കുക, നിയമം അനുസരിച്ച് ആചരിക്കുക

ഒഴുക്കൻ [ഒഴുക്ക്–അൻ]വി. 1. ഒപ്പനിരപ്പായ, മിനുസമുള്ള; 2. മുകൾപ്പരപ്പിനു നിരപ്പിള്ളയ്മവരാത്ത, പണികൾ കൂടാത്ത, പകിട്ടുപണികൾ ഇല്ലാത്ത. ഉദാ: ഒഴുക്കൻ വള; 3. പുറമേ നിരപ്പുകേടു തോന്നാത്ത, സൂക്ഷ്മാർഥത്തിൽ ശരിയല്ലാത്ത, ആന്തരഭാവം വ്യക്തമല്ലാത്ത; 4. നല്ല ഒഴുക്കുള്ള ശബ്ദങ്ങൾ, അന്യോന്യം ഒന്നിലൊന്നു ലയിച്ചുള്ള, തട്ടോ തടവോ ഇല്ലാത്ത, പർക്കനല്ലാത്ത, വായിക്കുവാൻ സുഖമുള്ള

ഒഴുക്കം [ഒഴുകുക] നാ. 1. ഒലിപ്പ്, ഒഴുക്ക്; 2. ക്രമം, മുറ, ധർമം, ആചാരം, പെരുമാറ്റരീതി; 3. മിനുസം; 4. ഭങ്ഗി

ഒഴുക്കവി [പ.മ.] നാ. ക്ഷേത്രത്തിൽ പതിവുള്ള നിവേദ്യം

ഒഴുക്കറ നാ. കൂട്ടുലോഹം, ഉരുകിയ ഇരുമ്പ്

ഒഴുക്ക് [ഒഴുകുക] നാ. 1. ഒഴുകൽ, ഒലിപ്പ്, വാർന്നുപോകൽ; 2. പ്രവാഹം, വെള്ളവും മറ്റും ഒരിടത്തുനിന്നു പുറപ്പെട്ടു തുടർച്ചയായി താഴോട്ടുനീങ്ങൽ; 3. ഗതി, പോക്ക്; 4. പദമേളനംകൊണ്ടുള്ള സുഗമത, തട്ടും തടവുമില്ലാതെയുള്ള ഗതി
ഒഴുക്കുക [ഒഴുകുക>] ക്രി. 1. ഒഴുകുമാറാക്കുക, ഒഴുകത്തക്കവണ്ണം ചെയ്യുക; 2. ഒഴിക്കുക
ഒഴുക്കുബലി നാ. ക്ഷേത്രത്തിൽ ദിഗ്ബലി കഴിഞ്ഞുചെയ്യുന്ന ശീഘ്രപ്രദക്ഷിണബലി
ഒഴുങ്ക് നാ. 1. മുറ, ക്രമം, പതിവ്, രീതി; 2. നല്ല നടപടി
ഒഴുവാരം [ഒഴുക്ക്] നാ. ചായ്പ്പുമുറി
ഒറ നാ. 1. നൂറ് (കച്ചവടക്കാരുടെ ഭാഷ); 2. ഉറ, പാൽ പുളിപ്പിച്ചുതൈരാക്കുവാൻ അതിൽ ചേർക്കുന്ന മോര്
ഒറട്ടി,ഒറോട്ടി [ഹി,രോടി] നാ. അരിമാവുകൊണ്ടുള്ള ഒരുവക പലഹാരം
ഒറയുക ക്രി. = ഉറയുക
ഒറവ് നാ. 1. ദു:ഖം, കഷ്ടത; 2. ഉറപ്പ്, വിശ്വാസം, അടുപ്പം; 3. ഉറവ്, ഊറ്റ്
ഒറള് നാ. ഒറപ്പുഴു
ഒറാങ്ഉട്ടാൻ നാ. ആൾക്കുരങ്ങ്. മലയൻ ഭാഷയിൽനിന്ന് ആങ്ഗലാദിഭാഷകളിലേക്കു സംക്രമിച്ച പദം. (ഒരാങ്ങ് = മനുഷ്യൻ, ഹുത്താൻ = കാട്), (പരിഹാസാർഥത്തിൽ) വകതിരിവുകെട്ടവൻ
ഒറിയ നാ. ഒരീസയിലെ ഭാഷ
ഒറോട്ടി [ഹി.] നാ. = ഒറട്ടി, റൊട്ടി
ഒറ്റ [ഓർ] വി. വിശേഷണരൂപം. താരത. ഇരട്ട. ഒന്നുമാത്രമായ , ഒന്നായ, തനിച്ചുള്ള, ഒരു കൂട്ടില്ലാത്ത. നാ. 1. ഒന്ന്, ജോടിയിൽപ്പെട്ട ഒന്ന്; 2. സങ്ഖ്യകളുടെ ഏകസ്ഥാനം, ഏകസ്ഥാനമുള്ള അക്കം; 3. ഓജസങ്ഖ്യ, ഒന്ന്, മൂന്ന്, അഞ്ച്, ഏഴ് എന്നിങ്ങനെയുള്ള സങ്ഖ്യകൾ; 4. ഒരു ജോടിയിൽപ്പെട്ടത്, സമനിലയിലുള്ളത്; 5. കളരിപ്പയറ്റിൽ മർമസ്ഥാനങ്ങളിലുള്ള ക്ത്തും അടിയും ഒഴിവും; 6. നാലുമുഴം നീളമുള്ള ഒറ്റമുണ്ട്. ഉദാ: ഒറ്റമുണ്ടും ഇരട്ടമുണ്ടും, ഒറ്റൗടുക്കുക; 7. ഒരു പലഹാരം (ക്ഷേത്രങ്ങളിലെ നൈവേദ്യമായുണ്ടാക്കുന്നത്); 8. ഒരുതരം വാദ്യം; 9. (നായാട്ട്) ആൺപന്നി, കാട്ടുപന്നി, ഒറ്റയാൻ. (പ്ര) ഒറ്റക്കെട്ടായിനിൽക്കുക, ഒറ്റക്കയ്യായിനിൽക്കുക, ഒറ്റതിരിയുക, ഒറ്റപ്പെടുക, ഒറ്റയ്ക്കു പറയുക, ഒറ്റനോട്ടത്തിൽ ഇത്യാദി
ഒറ്റകളി [ഒറ്റ-കളി] നാ. കുട്ടികളുടെ ഒരു കളി, കയ്യിൽ മറച്ചുപിടിച്ചിരിക്കുന്ന കല്ല് ഒറ്റഓ ഇരട്ടയോ എന്നുപറയാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള കളി
ഒറ്റക്കണ്ണൻ വി. ഒരുകണ്ണുമാത്രമുള്ള. നാ. ഒരുകണ്ണു മാത്രമുള്ള ആൾ
ഒറ്റക്കയ്യൻ നാ. 1. ഒരുകൈ മാത്രമുള്ളവൻ; 2. ആന (ഗിരിവർഗഭാഷ)
ഒറ്റക്കൽമണ്ഡപം നാ. ശ്രീപദ്മനാഭസ്വാമിക്ഷേത്രത്തിലെ ഒരു മണ്ഡപം (മണ്ഡപം മുഴുവനായി ഒറ്റക്കല്ലിൽ കൊത്തിയുണ്ടാക്കിയത്)
ഒറ്റക്കൊമ്പൻ നാ. ഒരുകൊമ്പു മാത്രമുള്ളവൻ, ഗണപതി
ഒറ്റക്കോലം നാ. മലബാറിലെ തെയ്യാട്ടത്തിലെ പ്രധാനമായ ഒരു കോലം (കൂമ്പാരം കൂട്ടിയ തീക്കനലിൽ ചാടുകയാണ് ഇതിലെ പ്രധാന ചടങ്ങ്)

ഒറ്റച്ചൂളവെങ്കായം നാ. ചെറുകുടങ്ങൾ ഇല്ലാതെ ഒറ്റക്കുടമായിട്ടുള്ള വെള്ളുള്ളി, കാട്ടുള്ളി

ഒറ്റത്തടി [ഒറ്റ–തടി] നാ. 'കൊമ്പുകളും കവരങ്ങളും ഇല്ലാത്ത തടി', 1. തെങ്ങ്, പന, കമുക് മുതലായ ശാഖകളില്ലാത്ത വൃക്ഷം; 2. ഒരേതടി. (പ്ര) ഒറ്റത്തടിവള്ളം = ഒരേതടിയിൽ വെട്ടിയുണ്ടാക്കുന്ന വള്ളം (പലകകൾ ചേർത്തു കെട്ടിയുണ്ടാക്കുന്നതു കെട്ടുവള്ളം); 3. (ആല) സ്വജനങ്ങൾ ഇല്ലാത്ത ആൾ, പ്രായമായിട്ടും വിവാഹംചെയ്യാതെ കഴിച്ചുകൂട്ടുന്നവൻ

ഒറ്റൻ നാ. ചാരൻ, ഒറ്റാൾ, ഒറ്റുകാരൻ

ഒറ്റനാക്ക് [ഒറ്റ–നാക്ക്] നാ. കഥകളിക്കാർ ഉടുത്തു കെട്ടിനുമുകളിൽ മുൻവശം മറയ്ക്കാൻ ആനയുടെ നെറ്റിപ്പട്ടംപോലെ തൂക്കിയണിയുന്ന പട്ട്, മുന്തി

ഒറ്റപ്പൂരാടം [ഒറ്റ–പൂരാടം] നാ. സഹോദരങ്ങളില്ലാത്ത കുട്ടി, ഏകസന്താനം

ഒറ്റപ്പെടുക [ഒറ്റ–പെടുക] ക്രി. 1. കൂട്ടത്തിൽനിന്നു വേർപെട്ട് തനിച്ചാവുക; 2. (ആല) സ്വപക്ഷത്തിൽ ഉള്ളവരെല്ലാം വിട്ടുപോകുക

ഒറ്റമുലച്ചി നാ. 1. കണ്ണകി (ചിലപ്പതികാരത്തിലെ നായിക. സത്യമറിയാതെ തൻെറ ഭർത്താവിനെ കഴുവേറ്റിക്കൊന്ന പാണ്ഡ്യരാജാവിനോടു കോപിച്ചു മധുരാനഗരം നശിപ്പിക്കാൻ കൺനകി തൻെറ ഇടത്തെ മുല പറിച്ചെറിഞ്ഞു ശപിച്ചു എന്നു കഥ. പലദിക്കുകളിലും ഒറ്റമുലച്ചിയെ ആരാധിക്കുന്നു); 2. കൊടുങ്ങല്ലൂർ ഭഗവതി

ഒറ്റമൂലി നാ. 1. വേറൊരുമരുന്നും കൂടാതെ ഒരു രോഗത്തെ നശിപ്പിക്കാൻ ശക്തിയുള്ള ഔഷധി; 2. (ആല) ഏറ്റവും നല്ല പ്രതിവിധി

ഒറ്റയടിപ്പാത നാ. ഒരു അടിമാത്രം വീതിയുള്ള പാത

ഒറ്റയാൻ നാ. 1. കൂട്ടത്തിൽ നിന്നു പിരിഞ്ഞു കാട്ടിൽ ഒറ്റക്കു സഞ്ചരിക്കുന്ന കൊമ്പനാന; 2. ആൺപന്നി, കാട്ടുപന്നി; 3. ഏകൻ, ബന്ധുക്കളാരും ഇല്ലാത്തവൻ

ഒറ്റയ്ക്ക് അവ്യ. 1. ഒന്നുമാത്രമായി, ഒരാൾ മാത്രമായി, തനിച്ച്, തനിയെ, മറ്റാരും കൂടാതെ; 2. സമനിലയിൽ

ഒറ്റൽ നാ. 1. കിഴി, ഊന്നൽ; 2. ഒറ്റാൽ

ഒറ്റശ്ലോകം നാ. സന്ദർഭാനുസരണം എന്തെങ്കിലും ഒരുവിഷയത്തെപ്പറ്റി ഉണ്ടാക്കിയിട്ടുള്ള ശ്ലോകം, മുക്തകം

ഒറ്റാക്കൾ [ഒറ്റാൾ–കൾ] നാ. (ബ.വ.) ചാരന്മാർ, ഒറ്റാളികൾ

ഒറ്റാൽ നാ. മീൻപിടിക്കുന്നതിന് കീഴുമേൽ രണ്ടറ്റങ്ങളും തുറന്ന കുട്ടപോലെയുള്ള ഒരുതരം ഉപകരണം

ഒറ്റാൾ [ഒറ്റ്–ആൾ] നാ. 1. ചാരൻ (ബ.വ.)ഒറ്റാക്കൽ, ഒറ്റർ; 2. ഒറ്റിക്കൊടുക്കുന്നവൻ, വഞ്ചകൻ

ഒറ്റി നാ. തിരിച്ചെടുക്കാൻ അവകാശമുള്ളവണ്ണം പണമ്പറ്റിക്കൊണ്ടു വസ്തു അനുഭവത്തിനു വിട്ടുകൊടുക്കുന്ന ഏർപ്പാട്

ഒറ്റിക്കുഴിക്കാണം നാ. കുഴിക്കാണാവകാശത്തോടുകൂടിയ ഒറ്റി, ഒറ്റിവസ്തുവിൽ ഒറ്റിവാങ്ങുന്ന ആൾക്കു ദേഹണ്ണത്തിന് അവകാശമുള്ള വ്യവസ്ഥ

ഒറ്റിക്കരണം നാ. ഒറ്റിയാധാരം

ഒറ്റിക്കുക ക്രി. ചാരപ്രവൃത്തിചെയ്യിക്കുക

ഒറ്റിവഴങ്ങുക ക്രി. ഗൂഢാലോചന നടത്തുക

ഒറ്റ് നാ. 1. ചാരപ്രവൃത്തി, ഗൂഢമായ അറിവ്; 2. മീൻപിടിത്തം

ഒറ്റുകൊടുക്കുക,ഒറ്റി– ക്രി. രഹസ്യമായി അറിവുകൊടുക്കുക, വിശ്വാസവഞ്ചന ചെയ്യുക
ഒറ്റുക1 ക്രി. 1. ഊടറിയുക, രഹസ്യമറിയുക, ചാരപ്രവൃത്തിനടത്തുക, വിശ്വാസവഞ്ചനചെയ്യുക; 2. ഒറ്റാലുകൊണ്ടു മീൻ പിടിക്കുക; 3. ചൂടുകിഴി ഊന്നുക; 4. വെരികിൻപുഴു ഞെക്കിയെടുക്കുക; 5. പറ്റിയിരിക്കുക
ഒറ്റുക2 ക്രി. ഇറ്റുക, ഇറ്റിറ്റുവീഴുക, തുള്ളിതുള്ളിയായി വീഴുക
ഒറ്റുകാണം നാ. 1. ഒറ്റിക്കാണം, ഒറ്റിക്കുള്ള പ്രതിഫലം, രഹസ്യമായി വാർത്തകൾ സംഭരിച്ചുകൊടുക്കുന്നതിനുള്ള പ്രതിഫലം
ഒറ്റുകാരൻ [ഒറ്റ്–കാരൻ] നാ. 1. ചാരൻ, ഒറ്റിക്കൊടുക്കുന്ന ആൾ, ഒറ്റൻ, ഒറ്റാൾ; 2. മീൻ ഒറ്റിപ്പിടിക്കുന്നവൻ; 3. രഹസ്യകാമുകൻ.
427

ഓ

ഓ1 അക്ഷരമാലയിലെ പതിനാലാമത്തെ അക്ഷരം. ദീർഘസ്വരം. 'ഒ' എന്നതിൻെറ ദീർഘരൂപം. ദ്രാവിഡഭാഷകൾക്കും സംസ്കൃതത്തിനും സമാനം. കണ്ഠ്യോഷ്ഠ്യം
ഓ2 വ്യാക്ഷേ. വിളികേൽക്കാൻ ഉപയോഗിക്കുന്ന ശബ്ദം. ഉദാ: (വിളി) രാമാ! (ഉത്തരം) ഓ, ഞാൻ വരുന്നു
ഓ3 ചോദ്യനിപാതം (നാമം സർവനാമം ക്രിയ എന്നിവയോടെല്ലാം ചേർന്നു ചോദ്യാർഥം ദ്യോദിപ്പിക്കും)
ഓ4 വികൽപനിപാതം. ഉദാ: രാമനോ കൃഷ്ണനോ, അതോ ഇതോ?
ഓ5 വ്യാക്ഷേ. സമ്മതം വിരോധം ഔദാസീന്യം ആശ്ചര്യം അനുകമ്പ സ്മൃതി വേദന അങ്ഗീകാരം മുതലായവയെ ദ്യോതിപ്പിക്കുന്നത്. ഉദാ: (സമ്മതം) ഓ, വന്നേക്കാം; (വിരോധം)ഓ, നിനക്കുവേറെ തൊഴിലില്ലേ?; (ഔദാസീന്യം) ഓ, വല്ലപാടും തുലഞ്ഞുപോകട്ടെ; (ആശ്ചര്യം) ഓ, എന്തൊരുവിശേഷം; (അനുകമ്പ) ഓ, കഷ്ടമേ, കഷ്ടം; (സ്മൃതി) ഓ, അവിടെപോകാൻ വിട്ടുപോയല്ലോ; (വല്ലായ്മ) ഓ, ഞാനതു മനസ്സിലാക്കിയില്ലല്ലോ; (വേദന) ഓ, സഹിക്കവയ്യേ; (അനുമതി) ഓ, എടുത്തുകൊള്ളു
ഓ6 ഒരു ആളിലേക്കോ ഒന്നിലേക്കോ ശ്രദ്ധയെ ആകർഷിക്കാൻ ചേർക്കുന്ന ചോദ്യാർഥകനിപാതശബ്ദം. ഉദാ: അവനോ, ഇവിടെ വന്നതേയില്ല; വിശപ്പോ, ഇല്ലേ ഇല്ല; പറയാനോവയ്യ; അതോ? അത് ഇവിടെ ഇല്ലെന്നു പറഞ്ഞില്ലേ?
ഓ7 സംബോധനാരൂപമുണ്ടാക്കാൻ ചിലനാമപദങ്ങളോടു ചേർക്കുന്ന ശബ്ദം. എടോ, അച്ചോ, അമ്മോ ഇത്യാദി
ഓ8 സംബോധനദ്യോതകമായ പദമുണ്ടാക്കാൻ അല്ല എന്നതിനോടു ചേരുന്ന നിപാതം. അല്ലയോ എന്നു രൂപം
ഓ9 നിശ്ചയാർഥം ദ്യോതിപ്പിക്കാൻ അല്ല എന്ന പദത്തോടു ചേർക്കുന്ന നിപാതം. അല്ലോ നോക്കുക. എല്ലോ എന്നും രൂപം

ഓ10 അനിശ്ചയാർഥദ്യോതകമായി നാമങ്ങളോടും സർവനാമങ്ങളോടും മറ്റും ചേരുന്ന നിപാതം. ഉദാ: ആരോഒരുത്തൻ; എങ്ങോ പോയി; ഏതോ ഒരാൾ; എന്തോ ഒക്കെ
ഓ11 പ്രാഎഥനാർഥത്തിൽ ചില ക്രിയാധാതുക്കളോടു ചേരുന്ന ശബ്ദം. ഉദാ: വായോ, തായോ
ഓ12 അനുപ്രയോഗമായിവരുന്ന കൊള്ളു, കൊള്ളുക എന്നിവയുടെ സങ്കുചിതരൂപം. തന്നിൽ താണവരോടു പറയുമ്പോൾ. ഉദാ: നോക്കിക്കോ (നോക്കിക്കൊള്ളുക); എടുത്തോ (എടുത്തോളൂ, എടുത്തുകൊള്ളുക)
ഓ13 [പ.മ.] പേരച്ചപ്രത്യയമായിനിൽക്കുന്ന 'അവ' എന്നതിൻെറ സങ്കുചിത രൂപം ഉദാ: കാണുന്നോ ചില
ഓ14 ചില സംസ്കൃതപദങ്ങളിലെ അവ, ഉപ മുതലായവയുടെ സ്ഥാനത്തു തദ്ഭവങ്ങളിൽ സങ്കുചിതരൂപമായി വരുന്ന ശബ്ദം. (അവ, അപ, ഉത, ഉപ ഇത്യാദികൾക്ക് 'ഓ' എന്നും ആദേശംവരുന്നതു പ്രാകൃതങ്ങളിൽ സാധാരണം)
ഓ15 [സം.] സംസ്കൃതവ്യാകരണമനുസരിച്ച് ഒരു സധ്യക്ഷരം. (അ, ആ, എന്നീ സ്വരങ്ങൾക്കു പിൻപിൽ ഉ, ഊ ചേരുന്ന ആദേശം)
ഓ16 [സം.] സംസ്കൃതവിസർഗസന്ധിയിൽ മൃദുഘോഷാനുനാസികങ്ങൾക്കും അകാരത്തിനും മുമ്പിൽ പദാന്തത്തിലെ അസ് (അഃ) എന്നതിനുവരുന്ന ആദേശം. ഉദാ: അധസ്-ഗതി = അധോഗതി; മനസ്-ദുഃഖം = മനോദുഃഖം, പുരസ്ഭാഗം = പുരോഭാഗം; നമസ് നമസ് = നമോനമഃ; പരിതസ്-അവസ്ഥ = പരിതോവസ്ഥ
ഓ17 [സം.] നാ. ബ്രഹ്മാവ്
ഓക [സം.] നാ. നെല്ലിൻെറ ഓക
ഓകൻ1 വി. ഓകുള്ള (ധാന്യം)
ഓകൻ2 [സം.ഓക] നാ. ശൂദ്രൻ
ഓകപതി [സം.ഓക-പതി] നാ. 1. സൂര്യൻ; 2. ചന്ദ്രൻ
ഓകം [സം.ഓക] നാ. 1. വീട്; 2. അഭയസ്ഥാനം; 3. പക്ഷി
ഓകസ്സ് [സം.ഓകസ്] നാ. 1. വാസസ്ഥലം, ഗൃഹം; 2. അഭയസ്ഥാനം
ഓകാരം [സം.ഓ-കാര] നാ. ഓ എന്ന അക്ഷരം
ഓക് [ഒഴുകുക] നാ. ഓവ്, വെള്ളം വാർന്നുപോകാനുള്ള തൂമ്പ്, പ്രണാളി
ഓകൻ,-ച്ചൻ നാ. കാര്യത്തിനുകൊള്ളാത്തവൻ, പിടിപ്പില്ലാത്തവൻ, ചുണകെട്ടവൻ, ബുദ്ധിശൂന്യൻ (വ്യവഹാരഭാഷ)
ഓക്കാനം നാ. ഛർദിപ്പാനുള്ള തികട്ടൽ, മനംമറിപ്പ്
ഓക്കാനിക്കുക ക്രി. മനംമറിപ്പ് ഉണ്ടാവുക, ഛർദിക്കാൻ ഭാവിക്കുക
ഓക്ക് [ഇം.] നാ. യൂറോപ്പിലും മറ്റുമുള്ള ഒരിനം വൃക്ഷം
ഓകുക ക്രി. സംഭോഗംചെയ്യുക (അശ്ലീലം)
ഓക്യ [സം.] നാ. 1. വീട്ടിനുകൊള്ളവുന്ന സ്ഥലം; 2. പ്രസാദം, സന്തോഷം
ഓക്സിജൻ [ഇം.] നാ. പ്രാണവായു, അമ്ലജനകം
ഓഗണ [സം.] വി. 1. ശേഖരിക്കപ്പെട്ട, ചേർക്കപ്പെട്ട; 2. സ്നേഹിതങ്കാരാൽ ഉപേക്ഷിക്കപ്പെട്ട

ഓഘം [സം.] നാ. 1. പ്രവാഹം, ഒഴുക്ക്; 2. കൂട്ടം, സമൃദ്ധി; 3. ഒരു വലിയ സങ്ഖ്യ (നൂറായിരം സമുദ്രം ചേർന്ന സങ്ഖ്യ); 4. മുറുകിയ മട്ടിലുള്ള നൃത്താദികളുടെ പേര്, ഒരു താളഭേദം; 5. വാദ്യവിധികളിൽ ഒന്ന് (തത്ത്വം, അനുഗതം എന്നു മറ്റുരണ്ടും); 6. പാരമ്പര്യം, പാരമ്പര്യോപദേശം

ഓങ്കാരം [സം.ഓം-കാര] നാ. 1. ഓം എന്ന അക്ഷരം, പ്രണവം, 'ഓം' നോക്കുക; 2. ഒരു ശിവലിങ്ഗം (കാശിയിൽ)

ഓങ്കാരസ്വരൂപൻ നാ. 1. ഈശ്വരൻ; 2. വിഷ്ണു; 3. ശിവൻ

ഓങ്കിൽ1 വി. മെലിഞ്ഞ

ഓങ്കിൽ2 നാ. വേഴാമ്പൽ (തെ.മ.)

ഓങ്ങ് [ഓങ്ങുക] ധാതുരൂപം

ഓങ്ങൽ1 [ഓങ്ങുക] നാ. കൈകൊണ്ടോ വടിമുതലായവകൊണ്ടോ ഊക്കോടെ അടിക്കാനോ എറിയാനോ മറ്റോ ഭാവിക്കൽ

ഓങ്ങൽ2 [പ.മ.] നാ. 1. മല; 2. ആന; 3. കപ്പൽ; 4. രാജാവ്; 5. ഉയർന്നസ്ഥലം, മേട്

ഓങ്ങുക ക്രി. ഊക്കോടെ അടിക്കാനോ എറിയാനോ മറ്റോ കയ്യുയർത്തുക, ഒരുങ്ങുക, ഉദ്യമിക്കുക, തുനിയുക

ഓച,ഓശ [<ഒച്ച] നാ. 1. ശബ്ദം; 2. കീർത്തി

ഓചാരം,-ശാരം [<സം.ഉപചാര] നാ. 1. ഉപചാരം, ഓശാരം; 2. സംഭാവന, സൗജന്യം, സക്കാത്ത്, സഹായം

ഓച്ചൻ [പ്രാ.ഉവജ്ഝായ] നാ. 1. ക്ഷേത്രങ്ങളിൽ മദ്ദളംകൊട്ടുന്ന മാരാൻ, 18 കുടിക്കാരിൽ ഒരുവക; 2. പിടാരിക്കോവിലിൽ പൂജ ചെയ്യുന്ന ജാതിക്കാരൻ; 3. മടയൻ, ബുദ്ധിശൂന്യൻ. ഓച്ചൻകിടാവില = തിരുവിതാംകൂറിൽ മുൻപ് ഉണ്ടായിരുന്ന ഒരു കരം. 1865-ൽ നിറുത്തലാക്കി.

ഓച്ചാനം നാ. ആദരഭാവം, വണക്കം, വലിയ ആളുകളുടെ മുമ്പിൽ കാണിക്കുന്ന വിനയം

ഓച്ചാനിക്കുക ക്രി. വിനയം പ്രകടിപ്പിക്കുക, (പ്രഭുക്കന്മാരുടെമുമ്പിൽ കീഴാളരെന്നപോലെ)

ഓച്ചിറക്കളി നാ. മധ്യതിരുവിതാംകൂറിൽ ഓച്ചിറ എന്ന സ്ഥലത്ത് പടനിലത്തിൽ കായങ്കുളമ്രാജാവിൻെറ സൈന്യങ്ങളുടെ പരിശീലനത്തിന് ആണ്ടുതോറും മിഥുനം ഒന്നും രണ്ടും തീയതികളിൽ നടത്തിവരുന്ന വിനോദയുദ്ധം

ഓച്ചിറക്കാള നാ. ഓച്ചിറ പരബ്രഹ്മസന്നിധിയിൽ നേർച്ചയായി ഉഴിഞ്ഞുവിട്ട കാള, വിത്തുകാള

ഓച്ചുക ക്രി. 1. എറിയുക; 2. ഉയർത്തുക; 3. വഹിക്കുക; 4. ശരിയാക്കുക, അടുക്കി ക്രമത്തിൽ വയ്ക്കുക

ഓജ [സം.ഓജസ്] വി. ഒറ്റയായ ഒന്ന് മൂണ്ണ് അഞ്ച് ഏഴ് ഈക്രമത്തിൽപ്പെട്ട. ഉദാ: ഓജരാശി, മേടം മുതൽ ഒന്നിടവിട്ടു ആറുരാശികൾ, മേടം, മിഥുനം, ചിങ്ങം, തുലാം, ധനു, കുംഭം എന്നീരാശികൾ

ഓജസങ്ഖ്യ നാ. ഒറ്റസങ്ഖ്യ, (ഒന്ന്, മൂന്ന്, അഞ്ച് ഇത്യാദിപോലെ)

ഓജസദ്രവ്യ നാ. 'ഓജസ്സുവർദ്ധിപ്പിക്കുന്ന വസ്ത' പ്രോട്ടീൻ

ഓജസ്യ [സം.] വി. ഓജസ്സുള്ള, ഓജസ്സിനുഹിതമായിട്ടുള്ള, ഓജസ്സിനെ വർദ്ധിപ്പിക്കുന്ന

ഓജസ്വി [സം.ഓജസ്-വിൻ] നാ. ഓജസ്സ് ഉള്ളവൻ, ശക്തിമാൻ, പ്രഭാവശാലി

ഓജസ്വിത നാ. 1. ഓജസ്വിയുടെ ഭാവം, പ്രകാശം, ദീപ്തി; 2. പ്രഭാവം

ഓജസ്സ് [സം.ഓജസ്] നാ. 1. ശരീരശക്തി, ബലം, ജീവചൈതന്യം, കഴിവ്, ഉന്മേഷം; 2. രസാദികളായ സപ്തധാതുക്കളുടെ സാരാംശമായ തേജസ്സ്, ശരീരത്തിനു ബലവും പുഷ്ടിയും മറ്റും നൽക്കുന്ന ശക്തിവിശേഷം; 3. പ്രകാശം, ശോഭ, ദീപ്തി; 4. ഒരു കാവ്യഗുണം

ഓജിഷ്ഠ [സം.] വി. ഏറ്റവും ഉഗ്രമായ, അത്യന്തം ശക്തിയുള്ള, ഓജസ്സുള്ള

ഓജീയസ്സ് വി. ഉഗ്രമായ, കൂടുതൽ ശക്തിയുള്ള, ഓജസ്തര

ഓട1 നാ. വെള്ളം ഒലിച്ചുപോകുന്ന ചാല്, റോഡുകളുടെ ഇരുവശങ്ങളിലും ഉള്ള ചെറിയ നീർച്ചാൽ; 2. കിടങ്ങ്, അകഴി; 3. ഒരു ആഭരണം, നെറ്റിപ്പട്ടം; 4. ചക്കിൻെറ ഒരു ഭാഗം (മ.തി.)

ഓട2 നാ. 1. ഒരു മരുന്നു ചെടി, കിലുകിലുപ്പച്ചെടി; 2. ഓട(ൽ) മരം, ഓടവള്ളി; 3. മുളയുടെ ഇനത്തിൽപ്പെട്ട ഒരു ചെടി; ഈറൽ, വേയ്, ഒട്ടൽ

ഓടക്കുഴൽ നാ. 1. ഓടകൊണ്ട് ഉണ്ടാക്കുന്ന കുഴൽ, ഒരു സങ്ഗീതോപകരണം, വേണു, മുരളി; 2. തട്ടാന്മാരും മറ്റും തീയൂതുന്ന കുഴൽ. ഓടയ്ക്കുവയ്ക്കുക = കുഴൽ ഊതി ഉരുക്കുക, ഉരുക്കുക

ഓടനാട്,ഓണാട് നാ. തിരുവിതാങ്കൂർ രാജ്യസ്ഥാപകനായ മാർത്താണ്ഡവർമമഹാരാജാവ് (1729-1758) ജയിച്ചടക്കുന്നതുവരെ ദേശിങ്ങനാടിനു (കൊല്ലത്തിനു) വടക്ക് ഉണ്ടായിരുന്ന ഒരു ചെറിയ രാജ്യം

ഓടം [<ഓടുക] നാ. 1. വഞ്ചി, വള്ളം, തോണി; 2. എണ്ണയും മറ്റും വയ്ക്കാനുള്ള ചെറിയ ഓട്ടുപാത്രം; 3. മുണ്ടുനെയ്യാൽ അങ്ങോട്ടുമിങ്ങോട്ടും ഓടിക്കുന്ന ഉപകരണം, ഷട്ടിൽ, (പൊള്ളയായ മുള-ഓട-കൊണ്ട് ഉണ്ടാക്കുന്നതുകൊണ്ട് ആയിരിക്കാം ഈ പേര്)

ഓടൽ1 [<ഓടുക] നാ. ഓട്ടം

ഓടൽ2 നാ. 1. മരത്തിൽ പടർന്നുകയറുന്ന ഒരുതരം വലിയ വള്ളി, ഇതിൻെറ അരിയാട്ടി എണ്ണ എടുക്കുന്നു. ഓടമരം; 2. ഓട, ഓട്ടൽ

ഓടാമ്പൽ [തു.ഓടാമ്പില] നാ. കതകിൽനിന്നു വാതിൽച്ചട്ടത്തിലേക്കു കടത്തി പൂട്ടാനുള്ള കമ്പി

ഓടായി നാ. ഓടിവള്ളപ്പണിക്കാരൻ

ഓടി1 [ഓടുക] (ഭൂ.റുപം) ഓട്ടം നടത്തി

ഓടി2 [<ഓടുക] നാ. 1. തണ്ടുവലിച്ചോ, തുഴന്നോ വേഗത്തിൽ ഓടിക്കാവുന്ന വഞ്ചി, സവാരിവഞ്ചി, കളിവള്ളം; 2. കടലിൽ പോകുന്ന വലിയ വള്ളം

ഓടി3 നാ. ഓറ്റുന്നവൻ. താരത. മുന്നോടി

ഓടിക്കുക [ഓടുക >പ്രയോ] ക്രി. 1. ഓടുക എന്ന ക്രിയ ചെയ്യിക്കുക, തുരത്തുക, ആട്ടിപ്പായിക്കുക; 2. (വണ്ടി, കപ്പൽ മുതലായവ) മുന്നോട്ടുപായിക്കുക; 3. വേണ്ടത്ര അവധാനപൂർവമല്ലാതെ നടത്തുക, ദ്രുതഗിതിയിൽ സാധിക്കുക. ഉദാ: ഓറ്റിച്ചുവായിക്കുക

ഓട്1 നാ. മൺപാത്രം ഉടഞ്ഞുള്ള കഷണം, മാടോട് (സ്ഫടികക്കഷണത്തിനും പറയും); 2. കെട്ടിടം മേയാനും മറ്റും മണ്ണുകുഴച്ച് അച്ചിൽ വാർത്തു ചുട്ടെടുക്കുന്നത്; 3. കടുപ്പമുള്ള പുറന്തോട്, തലയോട് (തല്യോട്ടി); 4. നെയ്ത്ത് ഓട്, ഊട്; 5. ധാന്യങ്ങളും മറ്റും വറുക്കുന്നതിനുള്ള പാത്രം; 6. ഭിക്ഷാപാത്രം, വിശേഷിച്ചും മൺചട്ടി; 7. ചെമ്പും ഈയവും ചേർത്ത് ഉരുക്കിയുണ്ടാക്കുന്ന ലോഹം

ഓട്2 [വ്യാക] സംയോജികാവിഭക്തി പ്രത്യയം. 'ഒട്' എന്നതിൻെറ ദീർഘരൂപം. താരത. തൊടുക, കൂടെ, കൂടി, നേർക്ക്, പക്കൽനിന്ന്, ഒന്നിച്ച്, ചേർന്ന്. ഉദാ: അവനോടു പറയുക; അവനോടുകൂടി പോവുക; ആധാരികയ്ക്കുമേൽ ചേർന്നാൽ 'ട്' എന്നതിനു ദിത്വം വന്ന് 'ഓട്ട്' എന്ന രൂപം

ഓട്3 [ഓടുക] ധാതുരൂപം

ഓടുക ക്രി. 1. വേഗത്തിൽ നീങ്ങുക, എളുപ്പം പോവുക; 2. വേരെന്നപോലെ മണ്ണിലേക്ക് ഇറങ്ങുക; 4. തടവില്ലാതെ പ്രവഹിക്കുക, സങ്ക്രമിക്കുക; 5. വിതയ്ക്കുക

ഓടെ1 [ഓട്-എ(ഏ)] അവ്യ. (വ്യാക) ഓട്2 (കൂടെ ചേർന്ന്, ഉൾപ്പെടെ)

ഓടെ2 അവ്യ. മൊത്തത്തിൽ, ആകെ, പൊതുവേ

ഓട്ട [<ഒടയുക] നാ. തുള, കിഴുത്ത, ദ്വാരം. വി. ഓട്ടവീണ, ഓട്ടയുള്ള. ഉദാ: ഓട്ടക്കലം, ഓട്ടപ്പാത്രം = ഓട്ടവീണപാത്രം.

429

ഓട്ടക്കണ്ണ് നാ. ഒളിനോട്ടം, കടാക്ഷം, ഏറുകണ്ണ്

ഓട്ടക്കാരൻ [ഓട്ടം-കാരൻ] നാ. 1. വേഗത്തിൽ ഓടാൻ പരിശീലിച്ചിട്ടുള്ള കായികാഭ്യാസി, ഓട്ടപ്പന്തയത്തിൽ മത്സരിക്കുന്ന ആൾ; 2. എഴുത്തുകളും മറ്റും വേഗത്തിൽ കൊണ്ടുചെന്നു കൊടുക്കുന്ന ആൾ

ഓട്ടക്കൈ [ഓട്ട-കൈ] നാ. ദ്രവ്യം ഇരിക്കാത്ത കൈയ്, കിട്ടുന്നതെല്ലാം ചെലവാക്കുന്ന കൈ. ഓട്ടക്കൈയൻ = കൈയിലൊന്നും തങ്ങാത്തവൻ, കിട്ടുന്നതെല്ലാം ചെലവാക്കുന്നവൻ

ഓട്ടട [ഓട്-അട] നാ. ഓട്ടിൽ ചുട്ടെടുക്കുന്ന അട

ഓട്ടൻ നാ. 1. ഓട്ടക്കാരൻ; 2. മൂന്നുതരം തുള്ളലുകളിൽ ഒന്ന്

ഓട്ടൻതുള്ളൽ [ഓട്ടൻ-തുള്ളൽ] നാ. വേഗത്തിൽ (ഓടിച്ചു) ചൊല്ലിക്കൊണ്ടു തുള്ളാനുള്ളത്

ഓട്ടപ്പന്തയം [ഓട്ടം-പന്തയം] നാ. പന്തയം വച്ചുള്ള ഓട്ടം.

ഓട്ടപ്രദക്ഷിണം നാ. 1. ഓട്ടത്തിലുള്ള പ്രദക്ഷിണം, വേഗത്തിൽ നാലമ്പലത്തിനു വലം വയ്ക്കൽ; 2. (ആല) ധൃതഗതിയിലുള്ള നടപടി

ഓട്ടഭൂമി നാ. നീരുവാർന്നുപോകുന്ന ഭൂമി, മലയോരഭൂമി

ഓട്ടം [<ഓടുക] നാ. ഓടുക എന്നുള്ള പ്രവൃത്തി, വേഗത്തിലുള്ള നീക്കം. (പ്ര) പടയോട്ടം = പടയേറ്റം

ഓട്ടി നാ. 1. ഓട്ട്, കട്ടിയുള്ള പുറന്തോട്; 2. കപ്പലോടിക്കുന്നവൻ, കപ്പിത്താൻ; 3. ഒരു ജാതി, ഓറ്റിയൻ

ഓട്ട്1 വി. 1. ഓട് എന്ന ലോഹംകൊണ്ടാക്കിയ, ഓടിനെ സംബന്ധിച്ച; 2. മേയുന്ന ഓടിനെ സംബന്ധിച്ച, ഓടുണ്ടാക്കുന്ന; 3. തോടുള്ള

ഓട്ട്2 [വ്യാക) ഓട്, സംയോജികാവിഭക്തി പ്രത്യയം, ആധാരികയ്ക്കുമേൽ കൈക്കൊള്ളുന്ന രൂപം. താഴത്തോട്ട്

ഓട്ട്3 [ഇം.] നാ. ഒരിനം ധാന്യം. (ബ.വ.) ഓട്സ്

ഓട്ട്4 [ഇം.വോട്ട്] നാ. സമ്മതിദാനം (വോട്ട് എന്നു കൂടുതൽ സമീചീനം)

ഓട്ടുതാഴ്,-ള് നാ. സാക്ഷ

ഓട്ടുപണിക്കാരൻ നാ. കന്നാൻ, മൂശാരി

ഓട്ടെ (വ്യാക) 'കൊള്ളട്ടെ' എന്നതിൻെറ രൂപാന്തരം. അനുജ്ഞായകാഥത്തിലും ചോദ്യാർഥത്തിലും വരും. ഉദാ: അവൻ പൊയ്ക്കോട്ടെ (അനുജ്ഞായകം). ഞാൻ എടുത്തോട്ടെ? (ചോദ്യം)

ഓഡകം, ഓഡവം നാ. (സങ്ഗീ) സപ്തസ്വരങ്ങളെല്ലാം ചേരാതെയുണ്ടാകുന്ന രാഗം

ഓഡ്രപുഷ്പം [സം.-പുഷ്പ] നാ. ചെമ്പരുത്തി

ഓഡ്രം [സം.ഓഡ്ര] നാ. 1. ഒറീസ്സാദേശം; 2. ചെമ്പരുത്തി

ഓണക്കാഴ്ച നാ. 1. ഓണത്തിന് അടിയാന്മാർ ജന്മിക്കു കൊടുക്കുന്ന കാഴ്ചദ്രവ്യം; 2. ഒരു നികുതി

ഓണക്കിളി നാ. ഒരിനം മഞ്ഞക്കിളി

ഓണക്കോടി നാ. ഓണത്തിനു (സ്നേഹവാത്സല്യാദിസൂചകമായി) കൊടുക്കുന്ന കോടിവസ്ത്രം

ഓണത്തപ്പൻ നാ. 'അത്ത്' ഇടനിലരൂപം'. ഓണത്തിനു നാടുകാണാൻ എഴുന്നെള്ളുന്ന അപ്പൻ, മഹാബലി

ഓണത്തരചൻ നാ. ഓണാട്ടരചൻ, കായങ്കുളം രാജാവ്

ഓണാത്തല്ല് [ഓണം-തല്ല്] നാ. പഴയകാലത്തു കളരിപ്പയറ്റു പരിചരിച്ചിരുന്നവർ ഓണക്കാലത്തു രണ്ടുചേരികളായിനിന്ന് വാശിയോടെ നടത്തിവന്നിരുന്ന വിനോദയുദ്ധം

ഓണത്താർ നാ. ഓണത്തിനു വണ്ണാന്മാർ കെട്ടുന്ന തെയ്യക്കോലം (വ.മ.)

ഓണത്തുമ്പി [സം.ഓണ-തുമ്പി] നാ. ഒരുതരം തുമ്പി (ഓണക്കാലത്ത് അധികമായി കാണപ്പെടുന്നതുകൊണ്ടായിരിക്കാം ഈ പേര്)

ഓണനാട് [ഓണം-നാട്] നാ. = ഓണാട്, ഓട(ൽ)നാട്

ഓണപ്പാട്ട് [ഓണം-പാട്ട്] നാ. ഓണത്തെപ്പറ്റിയുള്ള ഒരു പഴയപാട്ട്, മഹാബലിചരിതം എന്നും പേര്

ഓണപ്പുടവ നാ. = ഓണക്കോടി

ഓണപ്പൂ നാ. കാശിത്തുമ്പ

ഓണം1 [പ്രാ.സവണ] നാ. 1. തിരുവോണം നക്ഷത്രം; 2. കേരളീയരുടെ ദേശീയോത്സവം, ചിങ്ങമാസത്തിൽ പൂർണചന്ദ്രൻ ശ്രവണനക്ഷത്രത്തിൽ നിക്കുന്ന സുദിനം; 3. (ആല) നല്ലകാലം, ഐശ്വര്യം. (പ്ര) ഓണംകേറാമൂല = പരിഷ്കാരം എത്തിനോക്കാത്ത സ്ഥലം

ഓണം2 (വ്യാക) 1. 'വണ്ണം' (പോലെ) എന്നതിൻെറ രൂപാന്തരം; 2. 'കൊള്ളണം' എന്നതിൻെറ രൂപഭേദം

ഓണമ്പള്ളിസംപ്രദായം നാ. പരമ്പരയായി അമ്പലപ്പുഴ ഓണമ്പള്ളിനായക്കന്മാർ പരിശീലിപ്പിച്ചുപോന്ന തുളുനാടൻ കളിപ്പയറ്റുമുറ

ഓണവട്ടൻ നാ. വലിയ പർപ്പടകം, വിശേഷിച്ചും ഓണത്തിനുള്ളത്
ഓണവിൽ [ഓണം-വില്ല്] നാ. ഓണക്കളിക്ക് കുട്ടികൾ ഉപയോഗിക്കുന്ന വില്ല്
ഓണററി [ഇം.] വി. വേതനം കൂടാതെ സേവനംചെയ്യുന്ന, ബഹുമാനമുള്ള സ്ഥാനം വഹിക്കുന്ന
ഓണാകരണം നാ. നല്ലവാതിൽ, വിവാഹാനന്തരം വധൂവരന്മാർ ആദ്യത്തെ ഓണത്തിനു വധൂഗൃഹത്തിൽ വരുന്നത് (വ.മ.)
ഓണാട് നാ. = ഓടനാട്
ഓണാട്ടടികൾ നാ. കായംകുളം രാജാവ്
ഓണാട്ടുകര നാ. മധ്യതിരുവിതാങ്കൂറിൽ കരുനാഗപ്പള്ളി, കാർത്തികപ്പള്ളി മാവേലിക്കര എന്നീ താലൂക്കുകൾ ചേർന്ന പ്രദേശം
ഓണാൻ നാ. ഓന്ത്
ഓണി1 [<തോണി] നാ. 1. വയലിൽ വെള്ളം കോരുന്നതിനു തടികൊണ്ടുണ്ടാക്കിയ ഒരു ഉപകരണം; 2. നടവഴി; 3. കോണി (വ.മ.)
ഓണി2 [സം.ഓണീ] നാ. 'ദ്വിവചനം' 'രണ്ടു രക്ഷിതാക്കൾ', 1. മാതാപിതാക്കന്മാർ; 2. (ആല.) സ്വർഗവും ഭൂമിയും
ഓണേഴ്സ് [ഇം.] നാ. ഒരു വിഷയത്തിൽ പ്രത്യേകം വിജ്ഞാനം നേടാൻ ഉതകുന്ന കലാശാലാപഠനപദ്ധതി. ഉദാ: ബി. ഏ. ഓണേഴ്സ് (എം.ഏ. യ്ക്കു തുല്യം)
ഓത1 [പ.മ.] നാ. സമുദ്രം
ഓത2 [സം.ആ-ഉത] വി. നെയ്ത. "ഓതപ്രോത' നോക്കുക
ഓതക്കാൽ [ഓതം-കാൽ] നാ. പെരുക്കാൽ, മന്ത്
ഓതൻ വി. ഈറൻ, നനഞ്ഞ
ഓതപ്രോത [സം.ഓത-പ്രോത] വി. നെടുകെയും കുറുകെയും നയ്ത
ഓതം നാ. 1. മഴക്കാലത്ത് തറയിലും മറ്റുമുള്ള ഈർപ്പം, നനവ്; 2. സമുദ്രം; 3. വെള്ളപ്പൊക്കം; 4. പൊട്ടൽ
ഓതൽ [ഓതുക] നാ. 1. വേദാധ്യയനം, വേദം ചൊല്ലൽ; 2. (ഉരുവിട്ടു) പഠിക്കൽ
ഓതി1 നാ. ഓഹരി, ഭാഗം
ഓതി2 [ഓതുക] ക്രി. ഭു. കാലം
ഓതിക്കൻ,-ക്കോൻ [<ഓതിക്കുക] നാ. വേദം പഠിപ്പിക്കുന്ന ആൾ, അധ്യാപകൻ
ഓതിക്കുക [ഓതുക>] ക്രി. ചൊല്ലിക്കുക (വേദം) പഠിപ്പിക്കുക
ഓതിന്മാത് [ഓത്-ഇൻ-മാത്] നാ. 'സമുദ്രപുത്രി', ലക്ഷ്മീദേവി
ഓതിമം [പ.മ.] നാ. അരയന്നം
ഓതിരം [<സം.ഉപദ്രവ] നാ. കളരിപ്പയറ്റിൽ പതിനെട്ട് അടവുകളിൽ ഒന്ന്
ഓത്,-തം,-ത നാ. സമുദ്രം
ഓതു[സം.ഓതു<അവ്] നാ. 'എലികളിൽനിന്നു രക്ഷിക്കുന്നത്', ചൂച്ച
ഓതുക ക്രി. 1. വേദോച്ചാരണം ചെയ്യുക, മന്ത്രം ഉച്ചരിക്കുക; 2. പറയുക, ചൊല്ലുക; 3. വായിക്കുക, ചൊല്ലിപ്പഠിപ്പിക്കുക, പഠിക്കുക; 4. ഊതുക. (പ്ര) ഓതിയിറക്കുക = മന്ത്രം ഓതി വിഷബാധയോ രോഗമോ ശമിപ്പിക്കുക

ഓതുവാർ നാ. തമിഴനാട്ടിലെ ക്ഷേത്രോപജീവിവർഗത്തിൽ ഒരു വിഭാഗം ശൈവക്ഷേത്രങ്ങളിലും മറ്റും തമിഴ്കീർത്തനങ്ങൾ (തിരുവാചകം) പാടുന്ന ശൈവവെള്ളാളന്മാർ

ഓത്തത്തം [ഓത്ത-ത്തം] നാ. 'ഓത്തൻ എന്നസ്ഥിതി' വേദമോതുന്നതിലുള്ള സാമർഥ്യം

ഓത്തൻ [ഓത്ത്-അൻ] നാ. 1. വേദം പഠിച്ചവൻ; 2. തോളിനുതാഴെ കൈമുട്ടിനു മീതെയുള്ള ഒരു മർമം

ഓത്ത് [ഓതുക] നാ. 1. വേദോച്ചാരണം, മന്ത്രം ഉച്ചരിക്കൽ, ഋഗ്വേദാദി വേദങ്ങളിലേയോ ബൈബിളിലേയോ ഖുറാനിലേയോ മറ്റോ സൂക്തങ്ങൾ ചൊല്ലുകയും പഠിക്കുകയും ചെയ്യൽ, വേദാധ്യയനം; 2. വേദം, മന്ത്രം, പ്രാർഥന; 3. ചട്ടം, വിധി; 4. മുപ്പതു വർക്കം (പത്തു വേദമന്ത്രം ഒരു വർക്കം-വർഗം) കൂടിയത്. (പ്ര.) ഓത്തില്ലാത്തവൻ = വേദപഠനത്തിനും വേദോച്ചാരണത്തിനും അധികാരമില്ലാത്തവർ, വേദാധികാരികളല്ലാത്ത ബ്രാഹ്മണർ; 5. വേലൻ പറകൊട്ടി ഇലഞ്ഞിത്തോൽ ഉഴിഞ്ഞുനടത്തുന്ന മന്ത്രവാദം

ഓത്തുപള്ളി നാ. മുസ്ലിംകുട്ടികളെ ഖുറാൻ പഠിപ്പിക്കുന്ന പാഠശാല, മദ്രസ

ഓത്തൂട്ട് [ഓത്ത്-ഊട്ട്] നാ. ദേവാലയങ്ങളിൽ യജുർവേദികൾ പലർചേർന്ന് വേദം ആവർത്തിച്ചു ചൊല്ലുന്ന ചടങ്ങ്. അതിനോടുചേർത്ത് ഊട്ടും പതിവുണ്ട്. (ഋഗ്വേദികളുടെ ഇത്തരം ചടങ്ങിനു ത്രിസന്ധ എന്നു പേര്)

ഓദനപാകി,-വാകി [സം.ഓദന-പാകി] നാ. കരിങ്കുറുഞ്ഞി, കറുത്ത പൂവുള്ള മുൾക്കുറുഞ്ഞി

ഓദനം [സം.ഓദന] നാ. 1. ചോറ്, പാൽച്ചോറ്; 2. മേഘം

ഓദനി [സം.ഓദനീ] നാ. കുറുന്തോട്ടി

ഓദ്മാവ് [സം.ഓദ്മൻ] നാ. 1. ഒഴുക്ക്, വെള്ളം കയറ്റം; 2. നനവ്

ഓൻ സ.നാ. 'അവൻ' എന്നതിൻെറ സങ്കുചിതരൂപം

ഓന്താൻ [ഓത്-ആൻ] നാ. ഓന്ത്

ഓന്തിൽ നാ. ഓന്ത്

ഓന്ത് നാ. ചുറ്റുപാടിനനുസരിച്ച് നിറം മാറാൻ കഴിയുന്ന ഒരുതരം ഇഴജന്തു.

ഓന്തുകൊത്തി നാ. പുള്ള്, ഓന്തൊറ്റി, പ്രാപ്പിടിയൻ

ഓപി നാ. ഉപവി (സ്നേഹം)

ഓപ്പ [ഉടപ്പിറപ്പ്] നാ. ഉടപ്പിറന്നവൻ, സഹോദരൻ, മൂത്തസഹോദരൻ

ഓപ്പക്കല്ല് [ഓപ്പം-കല്ല്] നാ. ഉരകല്ല്, ചാണ

ഓപ്പക്കതിര് നാ. ഓപ്പക്കരു, ആഭരണങ്ങൾ മിനുക്കുപണിചെയ്യാനുള്ള ഉപകരണം

ഓപ്പക്കാർ നാ. 'ഉടപ്പക്കാർ, അടുത്തബന്ധമുള്ളവർ', (ബ.വ.) ശവമെടുത്തുകൊണ്ടു പോകുന്നവർ

ഓപ്പക്കേട് നാ. ഭങ്ഗികേട്, വ്യത്യാസം, മാറ്റം

ഓപ്പം നാ. 1. മിനുസപ്പെടുത്തൽ; 2. നിരപ്പ്, മിനുസം, ഭങ്ഗി, മേനി, ശോഭ

ഓപ്പറ [ഇം.] നാ. ഒരുതരം സങ്ഗീതനാടകം

ഓപ്പറേഷൻ [ഇം.] നാ. (വൈദ്യ) ശസ്ത്രക്രിയ. ഓപ്പറേറ്റുചെയ്യുക = ശസ്ത്രക്രിയചെയ്യുക
ഓപ്പറേറ്റർ [ഇം.] നാ. യന്ത്രപ്രവർത്തകൻ
ഓപ്പ് നാ. ഓപ്പം. (പ്ര) ഓപ്പിടുക
ഓപ്പുക ക്രി. ഉയർത്തുക
ഓപ്പുകോൽ നാ. മിനുക്കാനുള്ള ഉപകരണം
ഓപ്പോൾ [ഉടപ്പിറന്നവൾ] നാ. മൂത്തസഹോദരി
ഓപ്യം നാ. തീരുമാനം, നിർണയം
ഓഫീസ് [ഇം.] നാ. കാര്യാലയം, ആപ്പീസ്
ഓം1 [സം.അ-ഉ-മ്] അവ്യ. ഓങ്കാരം, പരബ്രഹ്മവാചകം, പ്രണവം, ത്രിമൂർത്തികളെ കുറിക്കുന്ന അ, ഉ, മ് എന്നീ വർണങ്ങളുടെ സമ്യുക്തം. അ = വിഷ്ണു, ഉ = ശിവൻ, മ് = ബ്രഹ്മാവ്. ബീജമന്ത്രങ്ങളിൽ ഒന്ന്, സ്തോത്രങ്ങളുടെയും വേദോച്ചാരണങ്ങളുടെയും ആദിയിലും അവസാനത്തിലും ഉച്ചരിക്കുന്ന പാവനശബ്ദം
ഓം2 അവ്യ. സമ്മതവും അങ്ഗീകാരവും ദ്യോതിപ്പിക്കുന്ന ശബ്ദം, അതേ, അങ്ങിനെയാകട്ടെ
ഓം3 (വ്യാക) ക്രിയയോടു ചേർക്കുന്ന ഉ.പു.ബ.വ.പ്രത്യയം. ഉദാ: വന്നോം, കണ്ടോം. താരത. നോം. ഈ പ്രത്യയം ആധുനിക മലയാളം ഉപേക്ഷിച്ചിരിക്കുകയാണ്
ഓമ1 നാ. ഒരുജാതി മരം, കപ്പളം, പപ്പമരം, കർമോസ്
ഓമ2 [സം.] നാ. (ശിൽപ) തൂണിൻെറ കീഴ്ഭാഗത്ത് ഉറപ്പിനും ഭങ്ഗിക്കും വേണ്ടി വയ്ക്കുന്ന തുണ്ടുതടിയോ കല്ലോ
ഓമന വി. വാത്സല്യവിഷയമായ, സ്നേഹം തോന്നുന്ന, ഇഷ്ടമുള്ള, അരുമത്തമുള്ള. നാ. 1. വാത്സല്യഭാജനം, സ്നേഹഭാജനം, പ്രേമഭാജനം; 2. പ്രിയപ്പെട്ട ശിശു; 3. പ്രീതി, സന്തോഷം; 4. അഴക്
ഓമനക്കുട്ടൻ നാ. വാത്സല്യഭാജനമായ ആൺകുട്ടി
ഓമനക്കുഴമ്പൻ നാ. ശൃങ്ഗാരക്കുഴമ്പൻ, പച്ചക്കാമദേവൻ
ഓമനക്കുഴി നാ. നുണക്കുഴി, നുണച്ചുഴി, കവിളിൽ ഓമനത്തം തോന്നിക്കുന്ന കുഴി
ഓമനത്തം [ഓമന-ത്തം] നാ. മനോഹാരിത, അഴക്
ഓമനപ്പേര് നാ. വാത്സല്യപൂർവം വിളിക്കുന്ന മറുപേര്.

431

ഓമനപ്രാവ് നാ. ഒരുതരം പ്രാവ്, ഇളംചുവപ്പുകലർന്ന തവിട്ടുനിറം, വെളുത്തതല
ഓമനിക്കുക [ഓമന] ക്രി. ലാളിക്കുക, താലോലിക്കുക
ഓമപ്പൊടി നാ. ഓമത്തിൻെറ പൊടിചേർത്ത് ഉണ്ടാക്കുന്നത്
ഓമം1 നാ. അയമോദകം, കാച്ചരക്ക്
ഓമം2 [പ.മ.] നാ. = ഹോമം
ഓമമുള നാ. ഒരുജാതി മുള
ഓമയ്ക്ക നാ. ഓമമരത്തിൻെറ കായ്, കപ്പയ്ക്ക, കപ്പളങ്ങ

ഓമൽ വി. താരത. ആരോമൽ. 1. ഓമന, ഓമനിക്കത്തക്ക, മനോഹരമായ, അരുമപ്പെട്ട, ഭങ്ഗിയുള്ള; 2. വൃത്തിയുള്ള, സാധുത്വമുള്ള. നാ. 1. വാത്സല്യം, പ്രിയം; 2. പ്രിയപ്പെട്ട വ്യക്തി, വാത്സല്യഭാജനം

ഓമൽക്കുഴി നാ. അരയിലെ കുഴി

ഓമലാൾ നാ. പ്രിയപ്പെട്ട സ്ത്രീ, പ്രേമഭാജനം, സുന്ദരി

ഓമായം നാ. മധുരവാക്ക്

ഓമിക്കുക [പ.മ.] ക്രി. = ഹോമിക്കുക

ഓമിടുക [ഓം-ഇടുക] ക്രി. സമ്മതിക്കുക

ഓമെഗ [ഗ്രീ.] നാ. 1. ഗ്രീക്ക് അക്ഷരമാലയിലെ അവസാനത്തെ അക്ഷരം 'ഓ'; 2. (ആല) അന്ത്യം

ഓമ്പുക ക്രി. 1. ഓമനിക്കുക, താലോലിക്കുക, തഴുകുക, തടവുക; 2. രക്ഷിക്കുക; 3. കോതിവെടിപ്പാക്കുക; 4. നേർമയാക്കുക; 5. വസ്ത്രങ്ങൾ വെള്ളത്തിൽ മുക്കിപ്പിഴിയുക (വ.മ.)

ഓമ്പോതൻ നാ. ബുദ്ധിയും വിവേകവും ഇല്ലാത്തവൻ

ഓമ്രാക്കൾ [അറ.] നാ. (അമീർ എന്നതിൻെറ ബ.വ. ആയി പ്രയോഗം) പ്രഭുക്കൾ, മുഹമ്മദീയ പ്രഭുക്കൾ

ഓമ്ലറ്റ്[ഇം.] നാ. മുട്ട അടിച്ചുകലക്കി മസാലചേർത്തോ ചേർക്കാതെയോ അടപോലെ ദോശക്കല്ലിലോ മറ്റോ വേവിച്ച് എടുക്കുന്നത്

ഓയ്1 [ഓയുക] ധാതുരൂപം

ഓയ്2 വ്യാക്ഷേ. വിളി മുതലായവയെക്കുറിക്കുന്നത്

ഓയാതെ അവ്യ. ക്ഷീണിക്കാതെ. 'ഓയുക' നോക്കുക

ഓയാമാരി നാ. അവസാനിക്കാത്ത വിഷയം

ഓയിൽ [ഇം.] നാ. എണ്ണ

ഓയുക ക്രി. 1. ക്ഷീണിക്കുക, ചടയ്ക്കുക; 2. അവസാനിക്കുക

ഓർ1 [ഓരുക] ധാതുരൂപം

ഓർ2 [<ഉവർ] നാ. ഉപ്പുരസം, സമുദ്രജലത്തിൻെറ രസം, ഇത് ചില നിലങ്ങളിൽ കൃഷിക്കു കേട് ഉണ്ടാക്കുന്നു

ഓർ3 [<അവർ] സ.നാ. 'ഓൻ' എന്നതിൻെറ ബ.വ. പേരെച്ചങ്ങളോട് ഒരു പ്രത്യയംപോലെ ചേർക്കപ്പെടുന്നു. ഉദാ: കണ്ടോർ, പകയോർ = കണ്ടവർ, പകയവർ. നാ. വടക്കൻ ദിക്കിൽ ചിലർക്കുള്ള ഒരു സ്ഥാനപ്പേര്

ഓർ4 വി. സമാസത്തിൽ ചിലെടത്ത് 'ഒരു' കൈക്കൊള്ളുന്ന രൂപം. 'ഓരു' നോക്കുക

ഓർക്കണ്ടം [ഓർ2-കണ്ടം] നാ. ഉവർനിലം

ഓർക്കൽ [ഓർക്കുക] നാ. ഓർമിക്കൽ, സ്മരിക്കൽ, സ്മരണം, സ്മൃതി

ഓർക്കാനം നാ. = ഓക്കാനം

ഓർക്കാലി നാ. = ഉവർകാലി

ഓർക്കാറ്റ് നാ. = ഉവർക്കാറ്റ്

ഓർക്കുക ക്രി. അറിവിൽപ്പെട്ടതിനെയോ മറവിയിൽപ്പെട്ടതിനെയോ വീണ്ടും വിചാരവിഷയമാക്കുക, വിചാരിക്കുക, ചിന്തിക്കുക,

ആലോചിക്കുക. (പ്ര) ആർക്കാപ്പുറത്ത് = കരുതിയിരിക്കാത്ത അവസരത്തിൽ, അപ്രതീക്ഷിതമായി

ഓർക്കെസ്ട്ര [ഇം.] നാ. വാദിത്രം, വാദിത്രസങ്ഘം

ഓർച്ച1 [മ.മ.] നാ. ഓർമ, വിചാരം, പരിഗണന

ഓർച്ച2 നാ. = ഉയർച്ച

ഓർഡർ [ഇം.] നാ. ആർഡർ, 1. ക്രമം, അടുക്ക്, വ്യവസ്ഥ; 2. ഉത്തരവ്; 3. വാങ്ങാൻ ഉദ്ദേശിക്കുന്ന സാമാനം തരുന്നതിനുള്ള നിർദേശപത്രിക, ആവശ്യപ്പെടൽ; 4. ക്രമനിയമം പാലിക്കാനുള്ള നിർദേശം

ഓർഡർലി [ഇം.] നാ. തവണക്കാരൻ

ഓർഡിനൻസ് [ഇം.] നാ. അധികൃത കൽപന

ഓർനിലം [ഓർ2-നിലം] നാ. ഓരുള്ള നിലം, ഓർക്കണ്ടം

ഓർപ്പിക്കുക [ഓർക്കുക>] ക്രി. ഓർമയിൽകൊണ്ടുവരിക, ഓർമിപ്പിക്കുക

ഓർപ്പ് [ഓർക്കുക] നാ. ഓർമ

ഓർമ നാ. മുൻപറിഞ്ഞിട്ടുള്ളതിനെപ്പറ്റിയുള്ള വിചാരം, അറിഞ്ഞത് മനസ്സിൽ വീണ്ടും ആവിർഭവിക്കൽ, സ്മരണ. (പ്ര) ഓർമക്കുറിപ്പ്, ഓർമകേട്, ഓർമപ്പെടുത്തുക

ഓർമകേട് നാ. മറവി, വിസ്മൃതി

ഓർമിക്കുക ക്രി. മുൻപ് ഉണ്ടായ അറിവിനെ മനസ്സിൽ ഉണർത്തുക, ഓർമയിൽ കൊണ്ടുവരിക, ഓർക്കുക, സ്മരിക്കുക

ഓർവ [ഓർ-വായ്] നാ. 'ഒന്നുചേരുന്നിടം', കല്ലുകെട്ടുമ്പോൾ രണ്ടുകല്ലുകൾ ചേരുന്ന ഭാഗം (കൽപ്പണിക്കാരുടെ ഭാഷ)

ഓർവ നാ. ഓർമ

ഓരങ്കം [ഓർ3-അങ്കം] നാ. അങ്കം വെട്ടിൽ ഒരുതരം

ഓരം നാ. 1. പാർശ്വം, വക്ക്, തീരം; 2. ഓരായം, ഓരംകൊത്തുക = പലകകളും മറ്റും പരസ്പരം ചേർക്കാനായി വക്കുകൊത്തുക

ഓരാ നിഷേധാഖ്യാതം. ഓർക്കുകയില്ല = 'ഓർക്കുക' നോക്കുക

ഓരാണ്ടൻ വി. ഒരാണ്ടുകൊണ്ടു വളർച്ചയെത്തുന്ന, ഒരാണ്ടുപ്രായമുള്ള, ഏകവാർഷിക (സസ്യം മുതലായവ)

ഓരാണ്ടിക [ഓർ3-ആണ്ടിക] നാ. മരിച്ച് ഒരാണ്ടു തികയുമ്പോൾ നടത്തുന്ന അടിയന്തിരം. 'ആണ്ടുബലി' നോക്കുക

ഓരാണ്ട് നാ. 1. ഒരാണ്ട്, ഒരുകൊല്ലം; 2. ഓരാണ്ടിക

ഓരാതെ [ഓരാകുക] അവ്യ. (നിഷേധതൻവിന) ഓർക്കാതെ, വിചാരിച്ചിരിക്കാതെ, അറിയാതെ, അറിവില്ലാതെ

ഓരാത്ത വി. ഓർക്കാത്ത, ഓർമിക്കാത്ത

ഓരാൻ നാ. വയലിൽ കളപറിക്കുന്ന ഒന്നാമത്തെ ഘട്ടം. ഓരാൻപൊരി = ആദ്യത്തെ കളപറിക്കൽ; ഈരാൻപൊരി = രണ്ടാം പ്രാവശ്യം കളപറിക്കൽ (വ.മ.)

ഓരായം [ഓരം-ആയം] നാ. 'ഓരങ്ങൾ തമ്മിലുള്ള ആയം', 1. ഭിത്തിയിൽ കല്ലുകെട്ടുമ്പോൾ വക്കുകൾ തമ്മിലുള്ള അകലം. (പ്ര) ഓരായം അടയ്ക്കുക; 2. തോണിയുടെ പള്ളം; 3. ഓരം, വശം; 4. വിഷമം, ആപത്ത്

ഓരായിരം [ഓർ3–ആയിരം] നാമമായും വിശേഷണമായും പ്രയോഗം, ഒരു ആയിരം

ഓരായ്മ [<ഓരുക] നാ. 1. ഓർക്കയ്മ; 2. ഇല്ലാതിരിക്കൽ

ഓരി,–ലി നാ. 1. കുറുനരി; 2. കൂവൽ, കുറുനരിയുടെ ശബ്ദം. (പ്ര) ഓരിയിടുക = കൂവുക; 3. ഒരിനം പുൽച്ചെടി, പുഞ്ചനിലങ്ങളിൽ വളരുന്നത്, ഓരിപ്പുല്ല്

ഓരിക്ക [<ഉവരിക്കായ്] നാ. 'ഉപ്പുവെള്ളത്തിലെ കക്ക' 1. ഒരിനം ചെറിയ കക്ക; 2. ഇത്തിൾ

ഓരില [ഓർ3–ഇല] നാ. 'പിരിവുകൾ കൂടാത്ത ഇലയുള്ളത്', ഒരു മരുന്നു ചെടി

ഓരിലത്താമര നാ. ഒരു പച്ചമരുന്ന്

ഓരു 'ഓർ3' നോക്കുക. ഒരു എന്നതു സമാസത്തിൽ ചിലേടത്തു കൈക്കൊള്ളുന്ന രൂപം. പേരെച്ചപ്രത്യയം. ഉദാ: കണ്ടോരു, പോയോരു, നിന്നോരു, വന്നോരു = കണ്ട ഒരു, പോയ ഒരു, നിന്ന ഒരു, വന്ന ഒരു

ഓരുക, ഓർക്കുക ക്രി. ഓർക്കുക, വിചാരിക്കുക, ആലോചിക്കുക. (ഓരുക, ഓരുവാൻ, ഓരാതെ, ഓരായ്വാൻ, ഓരുമ്പോൾ ഇത്യാദി ചില രൂപങ്ങൾ മാത്രമേ പ്രയോഗത്തിലുള്ളു. ശേഷം 'ക്ക്' ചേരുന്ന രൂപങ്ങൾ – ഓർക്കുന്നു ഇത്യാദി)

ഓരുനിലം [ഓർ2–നിലം] നാ. ഓരുള്ള നിലം, ഉവർനിലം

ഓരുപ്പ് നാ. ഒരിനം ഉപ്പ്, മണ്ണുപ്പ്

ഓരോ,ഓരോരോ വി. ഒന്ന് ഒന്ന് എന്ന ക്രമത്തിൽ, ഒന്നു വീതം

ഓരോന്ന് അവ്യ. ഒന്നുവീതം, ഒന്നൊന്നായി, പലതും

ഓരോരിക്കൽ അവ്യ. ഓരോ സമയത്ത്, ഓരോ കാലത്ത്, പലപ്പൊഴും

ഓരോരുത്തൻ സ.നാ. ഓരോ ആളും, (ബ.വ.) ഓരോരുത്തർ

ഓൽ1 [ഓലുക] ക്രി. ഒലിക്കുക, ഒഴുകുക

ഓൽ2 വി. ഓലുന്ന, ഒലിക്കുന്ന, ഒഴുകുന്ന

ഓല1 നാ. 1. തെങ്ങ് പന മുതലായവയുടെ ഇല (പ്ര) കിളിയോല, കുരുത്തോല പച്ചോല, പഴുത്തോല, പഴയോല, മുണ്ടോല, കീറോല, ചെമ്പോല, പട്ടോല, ഓലക്കെട്ട് (കെട്ടിവച്ച ഓല) ഓലക്കുട ഓലഗ്രന്ഥം, ഓലച്ചുരണ, ഓലച്ചൂട്ട്, ഓലപ്പഴുത്, ഓലപ്പായ്, ഓലപ്പാമ്പ്, ഓലപ്പീപ്പി, ഓലമടൽ, ഓലമെടച്ചിൽ; 2. മുൻകാലത്തു പനയോലയിൽ എഴുതിയിട്ടുള്ള പ്രമാണം; 3. കാതിലണിയുന്ന ഒരു ആഭരണം, കുരുത്തോല ചുരുട്ടിയും മറ്റും ഉണ്ടാക്കുന്നത്

ഓല2 [പ.മ.] അവ്യ. (തൻവിന) ഓലെ, ഒലിക്കുമ്പോൾ, ഒഴുകുമാറ്, വീഴ്ത്തിക്കൊണ്ട്

ഓല3 വി. നനഞ്ഞ, നനവുള്ള, ഈർപ്പമുള്ള

ഓലകെട്ടുക ക്രി. മിടഞ്ഞതെങ്ങോലകൊണ്ട് പുരമേയുക. നാ. ഓലകെട്ട്. ഓലകെട്ടുസദ്യ = പുരമേയാൻ സഹായിക്കുന്നവർക്കു ഗൃഹനാഥൻ നൽകുന്ന സദ്യ.

ഓലക്കണ്ണി ഓലക്കാൽ

ഓലക്കം [<പ്രാ.ഓലഗ്ഗ] നാ. 1. ഭങ്ഗി, അഴക്, പ്രൗഢി; 2. മഹത്ത്വം, പ്രഭാവം; 3. സഭ, ആസ്ഥാനം

ഓലക്കമണ്ഡപം നാ. സഭാമണ്ഡപം

ഓലക്കരണം നാ. ഓലയിൽ എഴുതിയ പ്രമാണം, ആധാരം
ഓലക്കാപ്പ് [ഓല-കാപ്പ്] നാ. കനം കുറഞ്ഞ ഒരുതരം കാപ്പ്
ഓലക്കാരൻ [ഓല-കാരൻ] നാ. മുൻകാലത്തു കൊട്ടാരങ്ങളിലും കോവിലകങ്ങളിലും മറ്റും ഓലരേഖകൾ സൂക്ഷിച്ചിരുന്ന ആൾ, ആധാരം സൂക്ഷിപ്പുകാരൻ
ഓലക്കാൽ നാ. തെങ്ങോലയുടെ ഒരിതൾ
ഓലക്കിണ്ണം നാ. കനം കുറഞ്ഞ ഓട്ടുപാത്രം, ഓലക്കിളി, ഒലേഞ്ഞാലി
ഓലക്കുട നാ. പനയോലകെട്ടി ഉണ്ടാക്കുന്ന കുട.
ഓലച്ചുരുളൻ നാ. വിഷം കുറഞ്ഞ ഒരുതരം പാമ്പ്. ഓലപ്പുരയിൽ കാണുന്നത്, ചുരുട്ട
ഓലഞാലി നാ. ഓലേഞാലി
ഓലത്തക്ക നാ. കാതിലോല, കാതിലണിയാൻ സ്ത്രീകൾ കുരുത്തോല ചുരുട്ടി ഉണ്ടാക്കുന്നത് (തെ.തി)
ഓലൻ [ഓലുക] നാ. ഒരുതരം കൂട്ടാൻ
ഓലപിടിത്തം നാ. 'ഓലവാങ്ങുക', മുൻകാലത്ത് നിലത്തെഴുത്തു പഠിച്ചശേഷം കുട്ടി ആശാനോട് എഴുത്തോല വാങ്ങിച്ചുപോന്ന ആചാരം. അപ്പോൾ ആശാനു ദക്ഷിണകൊടുക്കുക പതിവായിരുന്നു.
ഓലപ്പടക്കം നാ. പനയോലയ്ക്കുള്ളിൽ വെടിമരുന്നു വച്ചുകെട്ടിയുണ്ടാക്കുന്ന പടക്കം
ഓലപ്പണം [മ.ഓല-സം.പണം] നാ. ഓലയ്ക്കുവകവച്ചുകൊടുത്തിരുന്ന പണം', ആധാരം എഴുതുന്നതിന് മുൻകാലത്ത് ഉപയോഗിച്ചിരുന്ന അച്ചടിഓലയുടെ വിലവകവച്ച് ജന്മിക്ക് ആധാരം എഴുതി വാങ്ങിക്കുന്ന ആൾ കൊടുക്കേണ്ടിയിരുന്ന പണം, മുദ്രവില
ഓലപ്പാമ്പ് നാ. ഓലക്കാൽകൊണ്ട് പാമ്പിൻെറ ആകൃതിയിൽ ഉണ്ടാക്കുന്ന കളിക്കോപ്പ്. (ആല) വ്യർഥമായ ഭീഷണി
ഓലപ്പാവക്കൂത്ത് നാ. തെക്കേ മലബാറിൽ ചിലഭാഗങ്ങളിൽ വിശേഷിച്ചു പാലക്കാട്ട് നിലവിലിരിക്കുന്ന ഒരു വിനോദം. ഓലപ്പാവകളുടെ നിഴലുകൾ തിരശീലയിൽ പതിപ്പിച്ചു കഥാഖ്യാനം നടത്തുക
ഓലപ്പീപ്പി നാ. ഓലക്കാൽകൊണ്ട് ഉണ്ടാക്കുന്ന ഊത്ത്, ഒരു കളിപ്പാട്ടം
ഓലപ്പുറം നാ. ഞാണിന്മേൽ കളിക്കാരുടെ ഒരു അഭ്യാസമുറ. (പ്ര) ഓലപ്പുറം മറിയുക
ഓലപ്പെട്ടി നാ. 1. പനയോല മെടഞ്ഞുണ്ടാക്കുന്ന പെട്ടി; 2. ഓലയാധാരങ്ങൾ വച്ചുസൂക്ഷിക്കുന്നതിനുള്ള പെട്ടി
ഓലം1 നാ. ഒച്ച, ശബ്ദം; 2. നിലവിളി, സഹായമർഥിച്ചുകൊണ്ടുള്ള വിളി; 3. കടൽ
ഓലം2 [സം.] നാ. ചേന
ഓലമടൽ നാ. തെങ്ങിൻെറയോ പനയുടെയോ ഓലയുടെ തണ്ട്, തണ്ടോടുകൂടിയ ഓല
ഓലയെഴുത്തൻ നാ. ഓല എഴുതുന്ന ആൾ, രായസക്കാരൻ
ഓലവാലെ [ഓലെ-വാലെ] അവ്യ. വെള്ളം ഒലിച്ചുകൊണ്ട്
ഓലവിരുത്തി നാ. ഒരിനം ഭൂവുടമ

ഓലവെല്ലം നാ. ഓലകൊണ്ടുള്ള അച്ചിൽ വാർക്കുന്ന ശർക്കര
ഓലി1 നാ. 1. ഊളൻ (കൂക്കേൻ) പുറപ്പെടുവിക്കുന്ന ശബ്ദം; 2. ഊളൻ (കുറുക്കൻ).
433
ഓലി2 [<ഒലിക്കുക] നാ. 1. ഊറ്റുകുഴി, ചെറിയ കുളം; 2. തത്കാലത്തേക്കു കുഴിച്ച കിണറ്; 3. ആറ്റുമണലിൽ മാന്തിയുണ്ടാക്കുന്ന ഊറ്റുകുഴി. (പ്ര) ഓലിആട്ടുക = മഴയത്തു മരത്തിൻെറ തടിയിൽകൂടി വെള്ളം ഒലിച്ചിറങ്ങുക
ഓലി3 നാ. ഒലിവ് മരം. ഓവിയെണ്ണ = ഒലിവ് എണ്ണ
ഓലിയാൻ നാ. ഓലിയിടുന്നവൻ, കുറുക്കൻ
ഓലുക ക്രി. 1. വെള്ളം തുള്ളി തുൾലിയായി വീഴുക, ഒലിക്കുക; 2. ഉണ്ടായിരിക്കുക, ഉള്ളതായിരിക്കുക
ഓലേഞാലി നാ. 'ഓലയിൽ ഞാലുന്നത്', ഒരിനം പക്ഷി
ഓലോല,-ലെ അവ്യ. 1. തുള്ളിതുള്ളിയായി, ഇറ്റിറ്റ്; 2. ഓലുമാറ്, ഒഴുക്കിക്കൊണ്ട്
ഓല്ല വി. നനഞ്ഞ
ഓല്ലം നാ. 1. ചേന; 2. ആൾജാമ്യം
ഓവൻ നാ. 'ഓവ്ഉള്ളത്', ഓവുമുണ്ടകൻ (നെല്ല്), ഓവുള്ള വിത്ത്
ഓവർക്കോട്ട് [ഇം.] നാ. പുരങ്കുപ്പായം
ഓവർബ്രിഡ്ജ് [ഇം.] നാ. റോഡിൻെറയോ റയിൽപ്പാതയുടെയോ മുകളിൽകൂടെയുള്ള പാലം
ഓവർസീയർ [ഇം.] നാ. മേൽനോട്ടക്കാരൻ, മേനോക്കി
ഓവറ [ഓവ്1-അറ] നാ. 'ഓവുള്ള അറ, വെള്ളം ഒഴുകിപ്പോകാൻ ഓവുള്ള മുറി', ഓവുമുറി, മൂത്രവിസർജനത്തിനും മറ്റുമുള്ള മുറി
ഓവായ് നാ. പല്ലില്ലാത്ത വായ്
ഓവി1 നാ. (സങ്ഗീ) ഒരുതരം പ്രബന്ധം
ഓവി2 നാ. ഉപവി
ഓവിയം നാ. ചിത്രം, ഛായ, പ്രതിമ
ഓവിയർ [പ.മ] നാ. (ബ.വ.) 1. താപസന്മാർ; 2. ചിത്രകാരന്മാർ
ഓവ്1 നാ. ഓക്
ഓവ്2 നാ. നെന്മണിയുടെയും മറ്റും വാലുപോലുള്ള ഭാഗം
ഓവുപാലം നാ. കലുങ്ക്
ഓശക്കുഴൽ,-ക്കൊമ്പ്നാ. 'ഓശ ഉണ്ടാക്കുന്ന കുഴൽ', കാഹളം, കൊമ്പ്
ഓശവെടി നാ. ആഘോഷങ്ങൾക്കുവെയ്ക്കുന്ന വെടി
ഓശാനാ [ഹീ.] നാ. 1. അനുഗ്രഹത്തിനുവേണ്ടിയുള്ള പ്രാർഥന, സ്തോത്രരൂപത്തിലുള്ള ഒരു സംബോധന; 2. യരൂശലം നഗരത്തിലെ ജനങ്ങൾ വഴിയിൽ വസ്ത്രം വിരിച്ചും ഈന്തൽകുരുത്തോലകൾ പിടിച്ചും ഹോശാനാ പാടി ആർത്തുവിളിച്ചും ക്രിസ്തുവിനെ എതിരേറ്റതിൻെറ ഓർമ്മക്കായിട്ടുള്ള വിശുദ്ധ ദിവസം, ഉയർപ്പു ഞായറാഴ്ചയുടെ തലേ ഞായറാഴ്ച, ഓശാന ഞായറാഴ്ച
ഓഷകം [<സം.] നാ. വിളക്കിൻെറ തിരിക്കുറ്റി
ഓഷണ [സം.ഓഷണാ] നാ. തിപ്പിലി

ഓഷണം [സം.] നാ. 1. കടുരസം, എരിവ്; 2. ദഹിപ്പിക്കൽ
ഓഷണി [സം.] നാ. 'എരിവുള്ളത്', ഒരിനം ചെടി
ഓഷധി [സം.] നാ. 'വീര്യമുള്ളത്' 1. ചെടി, മരുന്നു ചെടി; 2. ഒരുകൊല്ലം കൊണ്ടു ഫലമുണ്ടായി നശിച്ചുപോകുന്ന ചെടി, ഫലത്തിനു പരിപാകം വരുമ്പോൾ നശിച്ചുപോകുന്നത്, വാഴ നെല്ല് മുതലായവ; 3. മരുന്ന്, ഔഷധദ്രവ്യം; 4. ഒരു നക്ഷത്രം
ഓഷധിഗർഭൻ നാ. ഓഷധികൾ ഉൾക്കൊള്ളുന്നവൻ, ചന്ദ്രൻ
ഓഷധിജ [സം.ഓഷധി-ജ] വി. ഓഷധിയിൽ നിന്നുണ്ടാകുന്ന
ഓഷധിജൻ [സം.] നാ. അഗ്നി
ഓഷധിതർപ്പണം നാ. വിവാഹാദി മങ്ഗളകർമ്മങ്ങൾക്കു നവധാന്യങ്ങൾ മുളപ്പിക്കാൻ ഇടൽ
ഓഷധിധരൻ [സം.-ധര] നാ. 1. ചന്ദ്രൻ; 2. വൈദ്യൻ; 3. പച്ചമരുന്നു കച്ചവടക്കാരൻ
ഓഷധിനാഥൻ നാ. = ഓഷധീശൻ
ഓഷധിപ്രസ്ഥം നാ. ഹിമവാൻെറ രാജധാനി
ഓഷധീശൻ നാ. ചന്ദ്രൻ
ഓഷധീശം [സം.] നാ. കർപ്പൂരം
ഓഷം1 നാ. 1. എരിച്ചിൽ, ദഹനം; 2. ചൂട്; 3. പാചകവൃത്തി
ഓഷം2 [സം.] അവ്യ. 1. പെട്ടെന്ന്, ശീഘ്രം; 2. ആവേശത്തോടെ
ഓഷ്ഠകം [സം.] നാ. ഓഷ്ഠം, ചുണ്ട്
ഓഷ്ഠകർണകർ നാ. (ബ.വ.) ചെവിവരെയെത്തുന്ന ചുണ്ടുകളുള്ളവർ, ഒരു വർഗക്കാർ
ഓഷ്ഠകർമം [സം.-കർമൻ] നാ. ചുണ്ടുകൊണ്ടുള്ള അഭിനയ കർമം
ഓഷ്ഠപാകം നാ. ചുണ്ടുവിള്ളൽ
ഓഷ്ഠപുടം നാ. തുറന്ന ചുണ്ടുകൾക്കു തമ്മിലുള്ള ഇട
ഓഷ്ഠപുഷ്പം നാ. ബന്ധുകപുഷ്പം, ഉച്ചമലരി
ഓഷ്ഠ(പ്ര)കോപം നാ. മേദസ്സിൻെറ ദൂഷ്യംകൊണ്ടു ചുണ്ടിലുണ്ടാകുന്ന ഒരുവക രോഗം
ഓഷ്ഠം [സം.] നാ. 1. ചുണ്ട്, മേൽച്ചുണ്ട് (കീഴ്ചുണ്ട് എന്ന അർഥത്തിലും പ്രയോഗം); 2. കോവൽ
ഓഷ്ഠാധരങ്ങൾ നാ. (ബ.വ.) മേൽച്ചുണ്ടും കീഴ്ചുണ്ടും
ഓഷ്ഠി നാ. കോവൽ
ഓഷ്ഠ്യ [സം.] വി. 1. ഓഷ്ഠത്തെ സംബന്ധിച്ച; 2. ഓഷ്ഠത്തിൽ ഉള്ള
ഓഷ്ഠ്യങ്ങൾ [സം.] നാ. (ബ.വ.) ഓഷ്ഠസംബന്ധികളായ ശബ്ദങ്ങൾ 'ഉ'കാരം, 'പ'വർഗം (പ,ഫ,ബ,ഭ,മ) എന്നിവയും
ഓഷ്യാനിക്ഭാഷാഗോത്രം നാ. ആസ്ട്രേലിയയിലെയും അതിനടുത്തുള്ള ദ്വീപുകളിലേയും ഭാഷകൾ
ഓസോൺ [ഇം.] നാ. ഓക്സിജൻെറ (പ്രാണവായുവിൻെറ) മോളിക്യൂൾ 03

ഓസ്തി [ലാ] നാ. കുർബാനയ്ക്കുവേണ്ടി വിശുദ്ധീകരിച്ചതും വളരെ കനം കുറഞ്ഞതുമായ കാതമ്പപ്പം, കുർബാനയപ്പം

ഓസ്സ്[<ഓശാരം] നാ. സൗജന്യം. ഓസുക = പ്രതിഫലംകൊടുക്കാതെ കൈപ്പറ്റുക

ഓഹരി നാ. പങ്ക്, ഭാഗം, സ്വത്തിൻെറ അംശം. ഓഹരിക്കാരൻ = ഓഹരിക്ക് അവകാശി

ഓഹോ വ്യാക്ഷേ. 1. അനുമതി, അത്ഭുതം, പരിഹാസം, വ്യസനം മുതലായവയെ കുറിക്കുന്നത്; 2. ഉദാസീനമനോഭാവത്തെ കാണിക്കുന്നത്; 3. അനുസ്മരണാർഥത്തിലും വരും

ഓൾ [<അവൾ] സ.നാ. (പ്ര) പേരെച്ചത്തിനോട് ഒരു പ്രത്യയം എന്നപോലെ ചേരും

ഓളം1 [<ഒഴുകുക] നാ. 1. കാറ്റുതട്ടിയും മറ്റും ജലാശയത്തിൻെറ മുകൾപ്പരപ്പിൽ വെള്ളം പൊങ്ങിവരുന്നത്, അല, തിരെ; 2. (പരിഹാസാർഥത്തിൽ) ഇളക്കം, ബുദ്ധിക്കു സ്ഥിരതയില്ലായ്മ, കിറുക്ക്. (പ്ര) ഓളമടിക്കുക, ഓളംതല്ലുക, ഓളംവെട്ടുക; 3. ഒഴുക്ക്; 4. ഭങ്ഗി

ഓളം2 [<അളവ്] (വ്യാക) വരെ, അത്രയും. (ദ്രവ്യം, കാലം, പ്രകാരം, അളവ് മുതലായവ ഇത്ര എന്ന്) ഉദാ: കോട്ടയത്തോളം പോവുക, കാതോളം നീണ്ട, മൂവാണ്ടോളം കാത്തിരിക്കുക, എള്ളോളം സ്നേഹമില്ലാതിരിക്കുക

ഓളി1 നാ. 1. ഓലി, ഓരി, കൂവൽ, നിലവിളി. (പ്ര) ഓളിയാട്ടൽ = ഉച്ചത്തിൽ ശബ്ദം പുറപ്പെടുവിച്ചു കൃഷിസ്ഥലത്തുനിന്നു പക്ഷികളെ ഓടിക്കൽ; 2. തത്തയെപ്പോലെ ആകൃതിയും നിറവുമുള്ള ഒരുതരം പക്ഷി, കൃഷിക്കു ശല്യംചെയ്യുന്നത്. (വ.മ.) ഓളിക്കാമ്പ് = നെൽക്കതിരിൻെറ അടിഭാഗം. കിളികൾ (ഓളികൾ) നൽക്കതിരുകൾ കൊണ്ടുപോകുന്നത് ഈ അടിഭാഗം മുറിച്ചുകൊണ്ടാണത്രേ; 3. വീതികുറഞ്ഞ് നീളത്തിൽകിടക്കുന്ന പറമ്പ്; 4. ഒരുതരം ഇത്തിൾ. ഉദാ: ഓളികയറിയ മരം പോലെ (വ.മ.); 5. വിഷയാസക്തൻ

ഓളി2 സ.നാ. (ബഹുമാനസൂചകം)അവിടുന്ന്, അങ്ങ് (വ.മ.)

ഓളിക്കുരങ്ങ് നാ. ഭയങ്കരമായ ശബ്ദമുണ്ടാക്കുന്ന ഒരിനം കുരങ്ങ്

ഓളിയം,ഓള്യം നാ. അസഭ്യം, ചീത്തവാക്ക്

ഓളിയാൻ നാ. ജാരപുത്രൻ

ഓള് സ.നാ. = ഒരാൾ, സ്ത്രീ, ഭാര്യ

ഓളുക1 [<കൊള്ളുക] 1. അനുപ്രയോഗം. ഉദാ: വന്നോളുക (വന്നുകൊള്ളുക). (പ്ര) വന്നോളു, വന്നോളിൻ, വന്നോളട്ടെ, വന്നോളണം, വന്നോളാം; 2. ഓളിയിടുക, മോങ്ങുക

ഓഴുക ക്രി. =ഒഴുകുക ഉദാ: നീരോഴും തറ, പൂക്കൂടൻ

ഓഴുവൻ നാ. മലയുടെ അടിവാരം

ഓറക്കിൽ [ഇം.] നാ. വെളിപാട്

ഓറഞ്ച് [ഇം.] നാ. മധുരനാരങ്ങ, ആറഞ്ച്

ഓറശ്ലേം,-ർശ്ലം [ഹീ.] നാ. പാലസ്തീൻ നാട്ടിലെ ഒരു പുരാതന പുണ്യനഗരം

ഓറിയൻറൽ [ഇം.] വി. പൗരസ്ത്യ, കിഴക്കുള്ള

ഓറ് സ.നാ. (ബ.വ.) = ഓർ, ഓല് 1. അവർ എന്നതിൻെറ വികൃതരൂപം; 2. ബഹുമാനസൂചകമായി സംജ്ഞാനാമങ്ങളോട് ചേർക്കും. ഉദാ: മാതപ്പള്ളി ഓറ്

ഓറുക ക്രി. അടിക്കുക

ഓറുവാലി നാ. ഒലിച്ചുണങ്ങിയ പാട്

ഓറ്റുക ക്രി. വെരുകു പുഴു വിസർജിക്കുക, ചാരുക (മ.തി.)

ഔ

ഔ1 അക്ഷരമാലയിലെ പഹിനഞ്ചാമത്തെ അക്ഷരം. സ്വരങ്ങളിൽ അവസാനത്തേത്. അ, ഉ എന്നീ സ്വരങ്ങളുടെ സംയുക്തരൂപം

ഔ2 [സം.] നാ. 1. ശബ്ദം; 2. ശേഷൻ, അനന്തൻ; 3. ഭൂമി; 4. മഹേശ്വരൻ, ശിവൻ; 5. ശൂദ്രരുടെ പ്രണവം 'ഔം' എന്നും

ഔ3 [സം.] വ്യാക്ഷേ. വിലക്ക്, വിളി മുതലായവയെ കുറിക്കുന്നത്

ഔകാരം [സം.ഔ-കാര] നാ. ഔ എന്ന അക്ഷരം

ഔഥികൻ [<സം.ഉക്ഥ] നാ. ഉക്ഥം അറിയുന്നവൻ, സാമവേദം പഠിക്കുന്നവൻ

ഔക്ഷ [സം.<ഉക്ഷൻ] വി. കാളയിൽനിന്നുള്ള, കാളയെ സംബന്ധിച്ച

ഔക്ഷം [സം.] നാ. ഉക്ഷസമൂഹം, കാളക്കൂട്ടം

ഔഖ്യ [സം.<ഉഖാ] വി. ഉഖയിൽ (കിടാരത്തിൽ) വേവിച്ച, കലത്തിൽ കിടക്കുന്ന

ഔഗ്ര്യം [സം.<ഉഗ്ര] നാ. 1. ഉഗ്രത, കാഠിന്യം, ക്രൗര്യം, ഭീകരത; 2. ഉഗ്രത, വ്യഭിചാരിഭാവങ്ങളിലൊന്ന്, തനിക്കുവേണ്ടുന്ന ആളുകളിൽ അപരാധം കണ്ടിട്ടുചെയ്യുന്ന ക്രൂരത, ഇതിനു പേടിപ്പിക്കുക, കെട്ടുക, അടിക്കുക മുതലായവ അനുഭവങ്ങൾ

ഔഘം [സം.] നാ. വെള്ളപ്പൊക്കം, ഒഴുക്ക്, പ്രവാഹം

ഔചിതി [സം.] നാ. ഔചിത്യം, യോജിപ്പ്, ചേർച്ച, മര്യാദ, പൊരുത്തം

ഔചിത്യം [സം.] നാ. 1. ഉചിതഭാവം, ഉചിതജ്ഞത, ഒത്തനില, യോഗ്യത; 2. സാഹിത്യരചനയിൽ പ്രദർശിപ്പിക്കുന്ന ഉചിതജ്ഞത; 3. ഒരു വാക്യത്തിലെ ഒരു പദത്തിൻെറ വാച്യാർഥനിർണയത്തിനു സഹായിക്കുന്ന സാഹചര്യങ്ങളിൽ ഒന്ന്, പദത്തിൻെറ സന്ദർഭാനുഗുണത്വം, ചേർച്ച

ഔജസം [സം.<ഓജസ്] നാ. സ്വർണം

ഔജസിക [സം.] വി. ഓജസ്സുള്ള, ശക്തിയുള്ള, ചുറുചുറുക്കുള്ള

ഔജസ്യ [സം.] വി. ഓജസ്സു നൽകുന്ന, ശക്തിയും ഉന്മേഷവും ഉണ്ടാക്കുന്ന

ഔജസ്യം [സം.] നാ. 1. ബലം, ശേഷി; 2. ചുറുചുറുക്ക്, ഉന്മേഷം

ഔജ്ജ്വല്യം [സം.] നാ. ഉജ്ജ്വലത, പ്രകാശം, തിളക്കം

ഔട്ട്പോസ്റ്റ് [ഇം.] നാ. മുഖ്യമായ കേന്ദ്രംവിട്ട് അകലെയുള്ള ആസ്ഥാനം (പട്ടാളക്കാരുടെയും പോലീസുകാരുടെയും എന്നപോലെ)

ഔഡ [സം.] വി. നനഞ്ഞ, ഈർപ്പമുള്ള

ഔഡവ [സം.] വി. ഉഡുവിനെ (നക്ഷത്രത്തെ) സംബന്ധിച്ച

ഔഡവം [സം.] നാ. വർജ്യരാഗങ്ങളുടെ ഒരു പിരിവ്. ഏഴു സ്വരങ്ങളിൽ രണ്ടെണ്ണം വർജിക്കുന്നത് (ആരോഹണത്തിൽ സ്വരം വർജിക്കുന്നത്)

ഔഡുപ [സം.< ഉഡുപ] വി. 1. ഉഡുപനെ (ചന്ദ്രനെ) സംബന്ധിച്ച; 2. ഉഡുപത്തെ (ചങ്ങാടത്തെ) സംബന്ധിച്ച
ഔഡുപികൻ [സം.] നാ. ഉഡുപത്തിൽ സഞ്ചരിക്കുന്നവൻ, ചങ്ങാടത്തിൽ യാത്രചെയ്യുന്നവൻ
ഔഡുംബരം [സം.] നാ. 1. ഔദുംബരം, അത്തിവൃക്ഷം, അത്തിപ്പഴം; 2. ചെമ്പ്
ഔഡുമണ്ഡലം [സം.] നാ. നക്ഷത്രമണ്ഡലം
ഔഡ്രപുഷ്പം [സം.] നാ. ചെമ്പരത്തി, ഓഡ്രപുഷ്പം
ഔഡ്വ [സം.] ഉഡുവിനെ (നക്ഷത്രത്തെ) സംബന്ധിച്ച
ഔൺസ് [ഇം.] നാ. ദ്രവപദാർഥത്തിൻെറ ഒരു അളവ്
ഔത്കൃഷ്ട്യം,ഔൽ- [സം.] നാ. ഉത്കൃഷ്ടഭാവം, മേന്മ, ഗുണപൂർണത
ഔത്തമർണികം [സം.< ഉത്തമർണ] നാ. (പലിശയ്ക്കു) കടം വാങ്ങിയ പണം
ഔത്തമി [സം.< ഉത്തമ] നാ. ഉത്തമൻെറ വംശപരമ്പരയിൽപെട്ടവൻ, മൂന്നാമത്തെ മനു
ഔത്തര [സം.ഉത്തര] വി. ഉത്തരദിക്കിനെ സംബന്ധിച്ച, ഉത്തരദിക്കിലുള്ള
ഔത്തരാഹ [സം.< -അഹൻ] വി. 1. അടുജ്ദിവസത്തെ സംബന്ധിച്ച; 2. ഉത്തരദിക്കിനെ സംബന്ധിച്ച, ഉത്തരദിക്കിലുള്ള (ഭാഷയിൽ വന്ന അർഥം). ഔത്ത്രാഹൻ = ഉത്തരദിക്കിലുള്ള ആൾ (ഭാഷയിൽ വന്ന അർഥം)
ഔത്തരേയൻ [സം.] നാ. ഉത്തരയുടെ പുത്രൻ, പരീക്ഷിത്ത്
ഔത്താനപാദൻ [സം.] നാ. = ഔത്താനപാദി
ഔത്താനപാദി നാ. 1. ഉത്താനപാദൻെറ പുത്രനായ ധ്രുവൻ, ഔത്താനപാദൻ; 2. ധ്രുവനക്ഷത്രം
ഔത്പത്തിക [സം.] വി. 1. ഉത്പത്തി മുതൽക്കുള്ള, സഹജമായ, ജന്മസിദ്ധമായ; 2. ഒരേകാലത്തുണ്ടായ
ഔത്പലം [സം.] നാ. ഉത്പലത്തിൻെറ കിഴങ്ങ്
ഔത്പാത [സം.] വി. ഉത്പാത സംബന്ധിയായ, ദുർനിമിത്തത്തെക്കുറിക്കുന്ന
ഔത്പാതികം [സം.< ഉത്പാത] നാ. ദുർനിമിത്തം
ഔത്പാദ [സം.< ഉത്പാദ] വി. ഉത്പാദനത്തെ സംബന്ധിച്ച
ഔത്ര [സം.] വി. ഉപരിപ്ലവമായ, തികച്ചും ശരിയല്ലാത്ത
ഔത്സ [സം.] വി. ഉത്സത്തിൽ (ഊറ്റിൽ) ഉണ്ടായ, ഊറ്റിനെ സംബന്ധിച്ച
ഔത്സങ്ഗിക [സം.< ഉത്സങ്ഗ] വി. ഉത്സങ്ഗത്തിൽ വയ്ക്കപ്പെട്ട, മടിയിൽ വയ്ക്കപ്പെട്ട
ഔത്സർഗിക [സം.< ഉത്സർഗ] വി. ഉത്സർഗം സംബന്ധിച്ച, സാമാന്യ നിയമത്തിനു വിധേയമായ
ഔത്സുക്യ [സം.< ഉത്സുക] നാ. 1. ഉത്സുകത, അത്യധികമായ ആഗ്രഹം, താത്പര്യം; 2. ഉത്കണ്ഠ; 3. സഞ്ചാരിഭാവങ്ങളിൽ (വ്യഭിചാരികളിൽ) ഒന്ന്, ആഗ്രഹിച്ചവസ്തു ലഭിക്കാൻ ഉണ്ടാകുന്ന കാലതാമസത്തിലുള്ള അക്ഷമത, മനോവ്യസനം, ബദ്ധപ്പാട്, ദീർഘശ്വാസം എന്നിവ അനുഭവം

ഔദക [സം.<ഉദക] വി. വെള്ളത്തെ സംബന്ധിച്ച, ഉദകത്തിലുള്ള
ഔദകം [സം.] നാ. ചുറ്റും ജലംകൊണ്ടു രക്ഷിതമായ നഗരം,
തുരുത്ത് ദുർഗം മുതലായവ, ജലദുർഗം
ഔദനികൻ [സം.<ഓദന] നാ. 1. അരിവയ്പുകാരൻ; 2. ചോറ്റുകച്ചവടക്കാരൻ
ഔദപാന [സം.] വി. ഉദപാനം (കിണറ്) സംബന്ധിച്ച,
കിണറ്റിൻെറതായ
ഔദയകൻ [സം.] നാ. ജ്യൗതിഷികൻ (ഉദയം മുതൽ ഗ്രഹഗതി
കാണുന്നവൻ)
ഔദര [സം.] വി. ഉദരത്തിലുള്ള, ഉദരത്തെ സംബന്ധിച്ച
ഔദരിക [സം.] വി. 1. ഉദരത്തിനു യോജിച്ച, പഥ്യമായ; 2.
ഭക്ഷണത്തിനുവേണ്ടി അത്യാർത്തി കാണിക്കുന്ന, ധാരാളം തിന്നുന്ന
ഔദര്യ [സം.] വി. 1. ഉദരത്തിൽ വർത്തിക്കുന്ന; 2. ഗർഭത്തിൽ
സ്ഥിതിചെയ്യുന്ന
ഔദര്യൻ [സം.] നാ. മകൻ
ഔദര്യാഗ്നി [സം.] നാ. ജഠരാഗ്നി
ഔദാരികം [സം.] നാ. (ജൈന) ആത്മാവിനെ ആവരണം ചെയ്യുന്ന
സ്ഥൂലശരീരം
ഔദാര്യം [സം.<ഉദാര] നാ. 1. ദയയോടുകൂടിയ പെരുമാറ്റം, മനോവിശാലത;
2. മാഹാത്മ്യം, ഔന്നത്യം; 3. സാത്വികനായകൻെറ ഗുണങ്ങളിൽ ഒന്ന്; 4.
നായികാശ്രിതങ്ങളായ 28 അലങ്കാരങ്ങളിൽ ഒന്ന്, എപ്പൊഴും വിനയത്തോടുകൂടിയ ഭാവം;
5. കാവ്യത്തിലെ ശബ്ദഗുണങ്ങളിൽ ഒന്ന്
ഔദാസീന്യം [സം.<ഉദാസീന] നാ. ഉദാസീനഭാവം, ശ്രദ്ധയില്ലായ്മ, അലസത,
അനാസ്ഥ, താത്പര്യമില്ലായ്മ, മടി
ഔദീച്യ [സം.<ഉദീചി] വി. വടകേ, വടക്കുള്ള, ഉദീചിയിലുള്ള
ഔദുംബരൻ [സം.<ഉദുംബര] നാ. 1. നാലുതരം വാനപ്രസ്ഥന്മാരിൽ
ഒരുവിഭാഗം; 2. യമൻ; 3. യമധർമൻെറ നാലുമന്ത്രിമാരിൽ ഒരാൾ. "ഉദുംബരൻ' നോക്കുക
ഔദുംബരം [സം.] നാ. 1. അത്തിപ്പഴം, അത്തിത്തടി; 3. ഒരുതരം കുഷ്ഠം,
ഉദുംബരം; 4. ചെമ്പ്; 5. ഒരു സങ്ഗീതോപകരണം; 6. ഉദുംബര വൃക്ഷങ്ങൾ
ധാരാളമുള്ളിടം
ഔദ്ഗാത്രം [സം.<ഉദ്ഗാതൃ] നാ. യാഗത്തിൽ ഉദ്ഗാതാവ് എന്ന ഋത്വിക്ക്
അനുഷ്ഠിക്കേണ്ട കർമം
ഔദ്ദാലകം [സം.<ഉദ്ദാലക] നാ. 'കുഴിച്ചെടുക്കുന്നത്' 1. ഭൂമിയിൽ
അളയുണ്ടാക്കി ജീവിക്കുന്ന തേനീച്ചകളുടെ തേൻ (തവിട്ടുനിറത്തിലുള്ള ചെറിയ
ഈച്ചകളാണ് ഉദ്ദാലകങ്ങൾ. ഇവ പുറ്റുകളിൽ തേൻ ശേഖരിക്കുന്നു); 2. ഒരു തീർഥം
ഔദ്ദാലകി [സം.] നാ. ഉദ്ദാലകൻെറ പുത്രൻ, വാജശ്രവസൻ,
നചികേതസ്സിൻെറ പിതാവ്
ഔദ്ദേശിക [സം.<ഉദ്ദേശ] വി. 1. നിർദേശിക്കുന്ന, സൂചിപ്പിക്കുന്ന; 2.
എണ്ണിപ്പറയുന്ന
ഔദ്ധത്യം [സം.<ഉദ്ധത] നാ. ഉദ്ധതഭാവം, ഡംഭം, ധാർഷ്ട്യം, വിനയമില്ലായ്മ
ഔദ്ധാരിക [സം.<ഉദ്ധാര] വി. 'മാറ്റിവയ്ക്കേണ്ട'. പിതൃസ്വത്തിൽ കുറയ്ക്കപ്പെട്ട
ഔദ്ഭിജ്ജം [സം.<ഉദ്ഭിദ്-ജ] നാ. പൊടിയുപ്പ്

ഔദ്ഭിത [സം.] വി. 1. പൊട്ടിപ്പുറപ്പെടുന്ന; 2. ഊറിവരുന്ന

ഔദ്ഭിദം [സം.<ഉദ്ഭിദ്] നാ. 1. പൊടിയുപ്പ്; 2. ഊറ്റുവെള്ളം

ഔദ്ഭിദ്യം [സം.] നാ. 1. ലക്ഷ്യപ്രാപ്തിക്കുള്ള പുരോഗതി, വിജയം; 2. സസ്യോത്പത്തി

ഔദ്യോഗിക [സം.<ഉദ്യോഗ] വി. ഉദ്യോഗസംബന്ധമായ (ഭാഷയിൽ വന്ന അർഥവികാസം) ഉദാ: ഔദ്യോഗിക കൃത്യം, ഔദ്യോഗികവസതി, ഔദ്യോഗികസന്ദർശനം, ഔദ്യോഗികഭാഷ

ഔദ്യോഗികഭാഷ [സം.] നാ. ഉദ്യോഗകാര്യങ്ങൾക്ക് മുഖ്യമായി ഉപയോഗിക്കുന്ന ഭാഷ, കച്ചേരിഭാഷ, ഭരണപരമായകാര്യങ്ങൾക്ക് ഉപയോഗിക്കുന്ന ഭാഷ

ഔദ്രം [സം.<ഉദ്ര] നാ. ജലജന്തുക്കളുടെ തോൽ

ഔദ്രി [<സം.ഹൗത്രി] നാ. 'ഹോമത്തോടുകൂടി ചെയ്യുന്നത്', ദീക്ഷകൊടുക്കുന്ന ഏഴ് പ്രകാരങ്ങളിൽ ഒന്ന്

ഔദ്വാഹിക [സം.<ഉദ്വാഹ]വി. വിവാഹത്തിൽ കിട്ടിയ

ഔദ്വാഹികം [സം.] നാ. വിവാഹസമയത്ത് സ്ത്രീക്കുനൽകുന്ന സമ്മാനം, സ്ത്രീധനം

ഔധസ [സം.<ഊധസ്] വി. അകിടിൽ ഉണ്ടാക്കുന്ന, അകിടിലുള്ള

ഔധസ്യം [സം.] നാ. പാൽ

ഔന്നത്യം [സം.<ഉന്നത] നാ. 1. ഉയർച്ച, ഉയരം, പൊക്കം; 2. ഉയർന്ന മന:സ്ഥിതി, സ്വഭാവമഹിമ

ഔന്നത്യമാപിനി [സം.] നാ. സ്ഥലത്തിൻെറയും മറ്റും പൊക്കം അളക്കാനുള്ള ഉപകരണം

ഔന്മുഖ്യം [സം.<ഉന്മുഖ] നാ. ഉന്മുഖത, പ്രതീക്ഷ, കാത്തിരിപ്പ്, പ്രത്യാശ

ഔപഘാതികൻ [സം.<ഉപഘാത] നാ. ഉപദ്രവി, ആപത്ത് ഉണ്ടാക്കുന്നവൻ

ഔപചാരിക [സം.<ഉപചാര] വി. 1. ഉപചാരമനുസരിച്ചുള്ള, ആദരവോടുകൂടിയ, മര്യാദപ്രകാരമുള്ള; 2. നിയമാനുസൃതമായ, മുറപ്രകാരമുള്ള; 3. പ്രധാനമല്ലാത്ത, ഗൗണമായ; 4. ആലങ്കാരികമായ

ഔപചാരികൻ [സം.] നാ. ആനപ്പന്തിയിലെ ഒരുതരം ജോലിക്കാരൻ

ഔപച്ഛന്ദസിക [സം.<ഉപ-ഛന്ദസ്] വി. വൈദികമായ, വേദാനുസാരിയായ. ഔപച്ഛന്ദസികം = ഒരു വൃത്തം

ഔപദേശിക [സം.<ഉപ-ദേശ] വി. ഉപദേശത്താൽ സിദ്ധിച്ച

ഔപദ്രഷ്ട്യം [സം.] നാ. 1. മേൽനോട്ടം; 2. ദൃക്സാക്ഷി എന്ന നിലയിൽ

ഔപധർമ്യം [സം.<ഉപ-ധർമ] നാ. മതോപദേശവിരുദ്ധം, പാഷണ്ഡമതം

ഔപധിക [സം.<ഉപധി] വി. 'വ്യാജം', ചതിവുള്ള, വഞ്ചിക്കുന്ന, അസത്യമായ

ഔപധേയം [സം.] നാ. വണ്ടിച്ചക്രം

ഔപനിധികം [സം.<ഉപനിധി] നാ. നിക്ഷേപം

ഔപനിധ്യം [സം.] നാ. ഔപനിധികം, നിക്ഷേപം

ഔപനിഷദ [സം.<ഉപ-നിഷത്] വി. 1. ഉപനിഷത്തിനെ സംബന്ധിച്ച; 2. ഉപനിഷത്തിലുള്ള, ഉപനിഷത്തിനെ അനുസരിച്ചുള്ള. ഔപനിഷദികം = 1. ഗുരുസന്നിധിയിൽ ഇരുന്നു ഗുരൂപദേശത്തിൽനിന്നു ഗ്രഹിക്കേണ്ട രഹസ്യജ്ഞാനം; 2. കൗടില്യൻെറ അർഥശാസ്ത്രത്തിലെ പതിന്നാലാം അധികരണത്തിൻെറ പേര് (ശത്രുസംഹാരത്തിനുള്ള രഹസ്യപ്രയോഗങ്ങളെ പ്രതിപാദിക്കുന്നത്)

ഔപനിഷദൻ [സം.] നാ. ഉപനിഷതസിദ്ധാന്തങ്ങൾ അനുസരിക്കുന്നവൻ, വേദാന്തി, ഉപനിഷദ്വേദ്യൻ, പരമാത്മാവ്

ഔപപത്തിക [സം.<ഉപ-പത്തി] വി. 1. സമീപസ്ഥമായ, സ്വാധീനത്തിലുള്ള; 2. കാര്യത്തിനു തക്കതായ, യോജിച്ച; 3. പ്രമാണപരമായ, സിദ്ധാന്തപരമായ.

ഔപപത്തികശരീരം = ലിങ്ഗശരീരം

ഔപപത്യം [സം.<ഉപ-പതി] നാ. 1. ഉപപതിത്വം; 2. ജാരനുമായുള്ള കാമക്രീഡ, വ്യഭിചാരം

ഔപപാതികൻ [സം.] നാ. ഉപപാതകം ചെയ്തവൻ

ഔപപാദികൻ [സം.<ഉപ-പാദിക] നാ. പെട്ടെന്ന് ഐശ്വര്യം ഉണ്ടായവൻ, നവോദിതൻ, സാമർഥ്യംകൊണ്ട് ഉയർന്നുവന്നവൻ

ഔപമിക [സം.<ഉപമ] വി. ഉപമാരൂപമായ

ഔപമ്യം [സം.] നാ. സാദൃശ്യം, തുല്യത, സാമ്യം

ഐപയിക [സം.<ഉപായ] വി. 1. ഉദ്ദേശ്യംനേടാൻ സഹായകമായ, ലക്ഷ്യാനുസൃതമായ; 2. തക്കതായ, യോജിച്ച; 3. ഉപായങ്ങൾകൊണ്ടു ലഭിച്ച

ഔപയൗഗിക [സം.ഉപ-യോഗ] വി. ഉപയോഗത്തെ സംബന്ധിച്ച

ഔപരോധിക [സം.<ഉപ-രോധ] വി. ഉപരോധത്തെ സംബന്ധിച്ച, തടസ്സപ്പെടുന്ന

ഔപല [സം.<ഉപല] വി. കല്ലുകൊണ്ടുള്ള, കല്ലിനെ സംബന്ധിച്ച

ഔപവസ്ത്രം [സം.<ഉപ്-വസ്ത്ര] നാ. 1. ഉത്തരീയം; 2. ഉപവാസം; 3. ഉപവാസത്തിനുപറ്റിയ ആഹാരം

ഔപവാഹ്യ [സം.<ഉപ-വാഹ] വി. സവാരിക്ക് ഉപയോഗമുള്ള

ഔപവാഹ്യം [സം.] നാ. 1. രാജകീയ വാഹനം; 2. രാജാവിൻെറ ആന. "ഔപവാഹ്യ' നോക്കുക. ഔപവാഹ്യകർമം = സവാരിക്കു പരിശീലിപ്പിക്കൽ

ഔപവേശിക [സം.<ഉപ-വേശ] വി. 1. ഒരു പ്രവൃത്തികൊണ്ടു മാത്രം ഉപജീവനം നടത്തുക; 2. വിനോദകലകൊണ്ടു ജീവിക്കുന്ന

ഔപശായികദോഷം [സം.] നാ. സഹശയനത്തിനു വിരോധംവരുന്ന ദോഷം (സ്ത്രീക്കു യോനിദോഷം മുതലായതും പുരുഷനു ഷണ്ഡത്വം മുതലായതും)

ഔപശായികൻ [സം.] നാ. ആനക്കൊട്ടിലിൽ രാത്രിയിൽ കിടക്കുന്നവൻ

ഔപശ്ലേഷിക [സം.<ഉപ-ശ്ലേഷ] വി. അന്യോന്യം സ്പർശിച്ചുള്ള, തൊട്ടുകിടക്കുന്ന

ഔപസർഗിക [സം.<ഉപ-സർഗ] വി. 1. ഉപസർഗ സംബന്ധമായ; 2. ആപത്സൂചകമായ; 3. വിപത്തിനെ എതിരിടാൻ ശക്തിയുള്ള; 4. സക്രമിക്കുന്ന (രോഗമെന്നപോൽർ)

ഔപസർഗികമേഹം [സം.] നാ. പകരുന്ന ഒരു ഗുഹ്യരോഗം

ഔപസ്ഥാനികൻ [സം.] നാ. ഉപസ്ഥാനം ചെയ്യുന്നവൻ, പരിചാരകൻ, ഭൃത്യൻ.

437

ഔപഹാരികം [സം.<ഉപ-ഹാര] നാ. ഉപഹാര രൂപമായത്, കാഴ്ചദ്രവ്യം, നൈവേദ്യം, വഴിപാട്

ഔപാധിക [സം.<ഉപാധി] വി. ഉപാധിഅനുസരിച്ചുള്ള, വ്യവസ്ഥയ്ക്കു വിധേയമായ

ഔപാനഹ്യ [സം.<ഉപാനഹ്] വി. ഉപാനഹ് (ചെരിപ്പ്) ഉണ്ടാക്കാൻ കൊള്ളാവുന്ന
ഔപാസന [സം.<ഉപാസനാ] വി. 1. ഉപാസനയെ സംബന്ധിച്ച; 2. പരിശുദ്ധമായ, പാവനമായ; 3. ഗാർഹപത്യാഗ്നിയെ സംബന്ധിച്ച
ഔപാസനം [സം.] നാ. 1. ഉപാസനം, കാലത്തും വൈകുന്നേരവും ഗൃഹസ്ഥനായ ബ്രാഹ്മണൻ ചെയ്യുന്ന അഗ്നിപൂജ; 2. ഗാർഹപത്യാഗ്നി; 3. പിണ്ഡം (ഔവാസനമെന്നും)
ഔമ [സം.<ഉമ] വി. ചണംകൊണ്ട് ഉണ്ടാക്കിയ
ഔമക,-മിക [സം.] വി. ചണംകൊണ്ടുള്ള
ഔമിനം,-മീനം [സം.] നാ. ഉമ (ചണം) വിളയുന്ന ഭൂമി
ഔമേയാഷ്ടാക്ഷരം [സം.] നാ. ശിവനെ ഉദ്ദേശിച്ചുള്ള അഷ്ടാക്ഷര മന്ത്രം
ഔർജിത്യം [സം.<ഊർജിത] നാ. 1. ഊർജിതഭാവം, ശക്തി, ചുണ; 2. ഉറപ്പ്, പ്രാബല്യം; 3. സാഹിത്യത്തിൻെറ ഇരുപത്തിനാലു ഗുണങ്ങളിൽ ഒന്ന്, ബന്ധദാർഢ്യം
ഔർണ(ക) [സം.<ഊർണ]വി. ഊർണം (ആട്ടുരോമം) കൊണ്ട് ഉണ്ടാക്കിയ, കമ്പിളികൊണ്ടുള്ള
ഔർണേയകം [സം.<ഊർണ]നാ. കമ്പിളിവസ്ത്രം, കരിമ്പടം
ഔർധ്വകാലിക [സം.] വി. പിൽക്കാലത്തെ സംബന്ധിക്കുന്ന, പിന്നീടുള്ള
ഔർധ്വദേഹിക [സം.] വി. മരിച്ച ആളിനെ സംബന്ധിച്ച, മരിച്ചയാളിനുവേണ്ടിച്ചെയ്യുന്ന
ഔർവ [സം.ഊരു/ഉർവ] വി. 1. ഊരുവിൽനിന്ന് ഉണ്ടായ; 2. ഉർവിയെ സംബന്ധിച്ച; 3. ഊർവിനെ സംബന്ധിച്ച
ഔർവൻ [സം.] നാ. 1. (വൈദികസാഹിത്യമനുസരിച്ച്) ഉർവൻെറ പരമ്പരയിൽപ്പെട്ട ഒരു ഋഷി; 2. (പുരാണപ്രകാരം) ഭൃഗുപുത്രനായ ച്യവനൻെറ പുത്രൻ; 3. ഒന്നാമത്തെ മന്വന്തരമായ സ്വായംഭൂവമന്വന്തരത്തിലെ സപ്തഋഷിമാരിൽ പ്രമുഖൻ; 4. ഹിംസിക്കുന്നവൻ
ഔർവം [സം.] നാ. 1. ഔർവൻ കടലിലേക്കെറിഞ്ഞ തൻെറ കോപാഗ്നി, ബഡവാഗ്നി; 2. പൊടിയുപ്പ്
ഔർവര [സം<ഉർവരാ] വി. ഭൂമിയെ സംബന്ധിച്ച
ഔർവസ്തംഭം [സം.] നാ. മാറത്തു രണ്ടുവശങ്ങളിലും പൂണെല്ലുകൾക്കുകീഴെ മുലക്കണ്ണുകൾക്കു നേരെയായി അരയങ്ഗുലം വലിപ്പമുള്ള രണ്ടു സിരാമർമങ്ങൾ
ഔർവാഗ്നി [സം.ഓർവ-അഗ്നി] നാ. ഔർവം എന്ന അഗ്നി, ബഡവാഗ്നി, അതിതീക്ഷ്ണമായ അഗ്നി. 'ഓർവർ" നോക്കുക
ഔരഗ [സം.<ഉരഗ] വി. ഉരഗത്തെ സംബന്ധിച്ച
ഔരഗം [സം.] നാ. ആയില്യം നക്ഷത്രം
ഔരഭ്രകം [സം.<ഉരഭ്ര] നാ. ആട്ടിങ്കൂട്ടം, കുറിയാട്ടിൻ കൂട്ടം
ഔരഭ്രൻ [സം.] നാ. 1. കരിമ്പടം ഉണ്ടാക്കുന്നവൻ; 2. ആട്ടിറച്ചി വിൽക്കുന്നവൻ; 3. ശല്യതന്ത്രനിർമാതാക്കളിലൊരാൾ
ഔരഭ്രം [സം.] നാ. 1. ആട്ടിറച്ചി; 2. കമ്പിളിത്തുണി, കരിമ്പടം
ഔരസ [സം.<ഉരസ്] വി. 1. ഉരസ്സിൽനിന്നുണ്ടായ; 2. തനിക്കുപിറന്ന

ഔരസൻ [സം.] നാ. സ്വന്തം പുത്രൻ, നിയമാനുസൃതം ഉണ്ടായമകൻ, ധർമ പത്നിയിൽ ജനിച്ചവൻ
ഔരസ്ക [സം.] വി. ഉത്തമമായ, ശ്രേഷ്ഠമായ
ഔരസ്യൻ [സം.] നാ. = ഔരസൻ
ഔഘാനം [സം.] നാ. 1. താങ്; 2. വെള്ളം സംഭരിക്കാനുള്ള തൊട്ടി
ഔലിയാ,അവ്– [അറ.] നാ. (മുസ്ലിം) സിദ്ധൻ. (ബ.വ.) ഔലിയാക്കൾ (അറബിയിൽ 'വലി' ഏകവചനം, 'അവ്ലിയാ' ബഹുവചനം)
ഔലുകം [സം.<ഉലുക] നാ. ഉലുകങ്ങളുടെ കൂട്ടം
ഔലുക്യൻ [സം.] നാ. 'ഉലുകൻെറ പരമ്പരയിൽപ്പെട്ടവൻ', വൈശേഷിക ദർശനത്തിൻെറ സ്ഥാപകനായ കണാദൻ. ഔലൂക്യദർശനം = വൈശേഷികദർശനം
ഔലോത് നാ. 1. അവിൽ; 2. അരിമാവ്, 3. പിട്ട്. താരത. അവലൂസ്
ഔവ1,ഔവ്വ നാ. 1. അമ്മ; 2. സരസ്വതി; 3. സുപ്രസിദ്ധ തമിഴ് കവയിത്രി ഔവ്വയാർ
ഔവ2 നാ. (ക്രിസ്തു) മനുഷ്യവർഗത്തിൻെറ ആദിമാതാവ്
ഔവുക ക്രി. കടിച്ചുപിടിക്കുക. താരത. കവ്വുക
ഔവേണം [സം.] നാ. ഏഴുതരം ഗീതകങ്ങളിൽ ഒന്ന്
ഔവ്രതസ്നാനം [സം.] നാ. അവഭൃസ്നാനം
ഔവ്വയാർ നാ. (പൂ.ബ.വ.) 'ഔവ1' നോക്കുക
ഔവ്വയാർകൂന്തൽ നാ. തിരുപ്പൻപുല്ല്, തലനീളി
ഔശനസ [സം.<ഉശനസ്] വി. ഉശനസ്സിനെ സംബന്ധിച്ച
ഔശനസൻ [സം.] നാ. ഉശനസ്സിൻെറ പരമ്പരയിൽപ്പെട്ടവൻ, ഉശനസ്സിൻെറ നീതിശാസ്ത്രം അനുസരിക്കുന്നവൻ
ഔശനസം [സം.] നാ. 1. ഉപപുരാണങ്ങളിൽ ഒന്ന്; 2. ഉശനസ്സ് (ശുക്രാചാര്യർ) രചിച്ച നീതിശാസ്ത്രം; 3. ഒരു തീർഥം, കപാലമോചനമെന്നു നാമാന്തരം
ഔശമ്യം നാ. ഉശിർ, വാശി, പൗരുഷം, വീറ് (മ.തി.)
ഔശിജൻ [സം.<ഉശിജ്] നാ. 1. ഉത്സാഹമുള്ളവൻ, ആശയുള്ളവൻ; 2. ഉശിക്കിൻെറ പുത്രൻ, കക്ഷിവാൻ
ഔശീനരൻ [സം.<ഉശീനര] നാ. ഉശീനരൻെറ പുത്രൻ, ശിബി. (സ്ത്രീ.) ഔശീനരി = പുരുരവസ്സിൻെറ ഒരു ഭാര്യ
ഔശീരം [സം.<ഉശീര] നാ. 'രാമച്ചംകൊണ്ട് ഉണ്ടാക്കിയത്', 1. വെഞ്ചാമരത്തിൻെറയോ വിശറിയുടെയോ പിടി; 2. വെഞ്ചാമരം; 3. ഇരിപ്പിടം, കസേര, പീഠം മുതലായവ; 4. കിടക്ക, മെത്ത; 5. രാമച്ചം
ഔശീരിക [സം.] നാ. 1. നാമ്പ്, മുള; 2. പരന്നപാത്രം, കിണ്ണം, താമ്പാളം
ഔഷണം [സം.<ഉഷൻ] നാ. 1. എരിവ്; 2. ഉണങ്ങിയ കുരുമുളക്
ഔഷണശൗണ്ഡി [സം.] നാ. 1. ചുക്ക്; 2. കുരുമുളക്
ഔഷധ [സം.] വി. ഔഷധിയെ സംബന്ധിച്ച, ഔഷധികലർന്ന
ഔഷധം [സം.] നാ. 1. സസ്യം, സസ്യസമൂഹം; 2. മരുന്ന്,രോഗം ശമിപ്പിക്കുന്ന വസ്തു; 3. (ആല.) പരിഹാരമാർഗം

ഔഷധി [സം.] നാ. = ഓഷധി. ഔഷധിപഞ്ചാമൃതം = അഞ്ചുസിദ്ധൗഷധങ്ങൾ
ഔഷരം [സം.<ഊഷര] നാ. 1. പൊടിയുപ്പ്, ഉവരുപ്പ്; 2. അയർക്കല്ല്
ഔഷസ [സം.<ഉഷസ്] വി. 1. ഉഷസ്സിനെ സംബന്ധിച്ച; 2. ഉഷസ്സിൽ ഉണ്ടായ
ഔഷസി [സം.] നാ. പ്രഭാതം
ഔഷസികൻ [സം.] നാ. പ്രാത:സഞ്ചാരം ചെയ്യുന്നവൻ
ഔഷ്ട്ര [സം.<ഉഷ്ട്ര] വി. ഒട്ടകത്തെ സംബന്ധിച്ച
ഔഷ്ട്രകം [സം.] നാ. 1. ഒട്ടകസമൂഹം; 2. ഔഷ്ട്രികം, ഒരു സ്ഥാവരവിഷം (ഒരുതരം മരത്തിൻെറ കായ് ആയിരിക്കാം, ഒരു മരത്തിൻെറ ഇല എന്നും പക്ഷം); 2. ഒട്ടകത്തിൻെറ മേഢ്രത്തിൻെറ ആകൃതിയിലുള്ളത്
ഔഷ്ട്രം [സം.] നാ. 1. ഒട്ടകപ്പാൽ; 2. ഒട്ടകത്തിൻെറ സ്വഭാവം; 3. ഒട്ടക ജാതി
ഔഷ്ട്രികം [സം.] നാ. 1. ഒട്ടകപ്പാൽ; 2. സ്ഥാവരവിഷങ്ങളിൽ ഒരുതരം
ഔഷ്ഠ്യ [സം.<ഓഷ്ഠ] വി. ഓഷ്ഠത്തെ സംബന്ധിച്ച
ഔഷ്ണ്യ-ണം [സം.<ഉഷ്ണ] നാ. 1. ചീട്; 2. സാമർഥ്യം
ഔറത്ത് [അറ.] നാ. നഗ്നത, ഗൃഹ്യസ്ഥാനം.

ക

ക1 [ക്-അ] അക്ഷരമാലയിലെ ഒന്നാമത്തെ വ്യഞ്ജനം. കവർഗഖരം, കണ്ഠ്യം. മറ്റു ദ്രാവിഡഭാഷകളിലും സംസ്കൃതം തുടങ്ങിയുള്ള ആര്യഭാഷകളിലും 'ക' തന്നെ ആദ്യത്തെ വ്യഞ്ജനം
ക2 ഒരു നടുവിനയെച്ചപ്രത്യയം. ഉദാ: പറ - പറക, വാഴ് - വാഴ്ക
കഅ്ബ,-ബം [അറ.] നാ. മക്കായിലെ പ്രശസ്തമായ മുസ്ലിം പ്രാർഥനാമന്ദിരം
കകന്ദം [സം.] നാ. സ്വർണം
കകാരം [സം.ക-കാര] നാ. 'ക' എന്ന അക്ഷരം
കകുഞ്ജലം [സം.] നാ. വേഴാമ്പൽ
കകുത്ത് [സം.] നാ. 1. കാളയുടെ പൂഞ്ഞ, ഉപ്പൂടി; 2. കൊടുമുടി; 3. ദക്ഷൻെറ മകൾ; 4. ഒരു രാജ ചി ം
കകുത്സ്ഥൻ [സം.കകുത്-സ്ഥ] നാ. ഒരു സൂര്യവംശ രാജാവ്
കകുദം [സം.] നാ. 1. കാളയുടെ പൂഞ്ഞ്; 2. പ്രധാനി; 3. കൊടുമുടി; 4. രാജചി ം, വെൺകൊറ്റക്കുട മുതലായവ; 5. ഒരു ജാതി സർപ്പം
കകുദ്മതി [സം.] നാ. 'കാളയുടെ പൂഞ്ഞുപോലെ മാംസളമായത്', 1. അരക്കെട്ട്, നിതംബം; 2. ഒരു വൃത്തം; 3. പ്രദ്യുമ്നൻെറ ഭാര്യ
കകുദ്മാൻ [സം.] നാ. 1. കകുത്തോടു കൂടിയത്, കാള; 2. പർവതം, കൊടുമുടിയുള്ളത്; 3. ഒരു ഔഷധി; 4. പോത്ത്
കകുദ്മി [സം.] നാ. 1. കകുത്തുള്ളത്, കാള; 2. പർവതം; 3. വിഷ്ണു; 4. രൈവതകൻ, രേവതിയുടെ പിതാവ്

കകുദ്മികന്യ [സം.] നാ. 1. പർവതപുത്രി, ഒരു നദി; 2. ബലരാമൻെറ ഭാര്യയായ രേവതി
കകുന്ദരം [സം.] നാ. നിതംബത്തിൻെറ ഇരുവശങ്ങളിലുമുള്ള രണ്ടു കുഴികൾ
കകുപ്പ് [സം.കകുപ്-ഭ്] നാ. 1. ദിക്ക് (സൂര്യനെക്കൊണ്ടു പ്രകാശിക്കുന്നത്. വായുവിനേയും ജലത്തേയും വിസ്തീർണമാക്കുന്നത്); 2. ശോഭ, സൗന്ദര്യം; 3. ചെമ്പകപ്പൂമാല; 4. കൊടുമുടി; 5. ഗീതസമ്പ്രദായം; 6. അഴിച്ചിട്ട തലമുടി; 7. ഒരു വൃത്തം
കകുഭ സം.] നാ. ദിക്ക്, ദേശം
കകുഭം [സം.] നാ. 1. വീണയുടെ ചുവട്ടിൽ ചേർത്തു ബന്ധിക്കപ്പെട്ട ചുരയ്ക്ക; 2. നീർമരുത്; 3. തിത്തിരിപ്പുള്ള്; 4. അഴക്; 5. കൊടുമുടി; 6. പിശാച്; 7. കുടകപ്പാല
കക്ക [കൽ-കായ്] നാ. 'വെള്ളത്തിലെ പാറയിൽ കായ്പോലെ കിടക്കുന്നത്', ചിപ്പിവർഗത്തിൽപ്പെട്ട ഒരു ജലജന്തു
കക്കൻ,കക്കം [സം.] നാ. മട്ട്, മട്ടി, അടിയിൽ തങ്ങുന്നത്, മരുന്നുകൾ ചേർത്ത് എണ്ണകാച്ചി അരിക്കുമ്പോൾ ശേഷിക്കുന്ന പിശിട്
കക്കം [പ്രാ.കക്ഖ] നാ. = കക്ഷം
കക്കരി,-ക്കിരി [പ്രാ.] നാ. ഒരുതരം വെള്ളരി
കക്കൽ1 [കക്ക്-അൽ] നാ. 1. ഛർദി; 2. വിക്കിവിക്കിപ്പറയൽ
കക്കൽ2 [<ക(ൾ)ക്കുക] നാ. മോഷ്ടിക്കൽ, മോഷണം
കക്കാമ്പറണ്ട നാ. ഒരിനം വള്ളിയുടെ കായ്
കക്കിരി നാ. =കക്കരി
കക്ക്1 നാ. 1. ഛർദി; 2. കോഴി താറാവ് മുതലായവയുടെ കനപ്പ്, കൊക്കൽ; 3. വിക്ക്
കക്ക്2 നാ. 1. കക്കുവള്ളി; 2. കക്കയുടെ ആകൃതിയിലുള്ളതും കട്ടിയുള്ള മാംസം പൊതിഞ്ഞിട്ടുള്ളതുമായ പക്ഷികളുടെ പക്വാശയം; 3. കുട്ടികളുടെ ഒരു കളി
കക്ക്3 നാ. പിഞ്ച്, ഇളയത്
കക്കുക1 ക്രി. കവിട്ടുക, പുറത്തേക്കു തള്ളുക, ഛർദിക്കുക. കക്കാനും വയ്യ വിഴുങ്ങാനും വയ്യ; ഇരുമ്പുകുടിച്ച വെള്ളം കക്കുമോ? (പഴ)
കക്കുക2 [<കൾക്കുക] ക്രി. മോഷ്ടിക്കുക, അപഹരിക്കുക. ശകുനം നന്നെങ്കിലും പുലരുവോളം കക്കരുത്. കക്കാൻ പഠിച്ചാൽ നിക്കാൻ പഠിക്കണം (പഴ)
കക്കുഭം,കകുഭം [സം.കക്കുഭ] നാ. 1. ചെറുകുരുകിൽ; 2. (സങ്ഗീ) ഒരു രാഗം
കക്കുലം [സം.] നാ. ഇലഞ്ഞി
കക്കുഴി [കൽ-കുഴി] നാ. കൽക്കുഴി, കല്ലുനിറഞ്ഞ കുഴി, കല്ലുവെട്ടിയെടുത്തപ്പോൾ ഉണ്ടായ കുഴി
കക്കൂസ് [ഡച്ച്] നാ. മലവിസർജനത്തിനുവേണ്ടി കുഴിച്ച് ദ്വാരമിട്ട സ്ലാബുകൊണ്ടു മൂടിയതും അതിനുചുറ്റുമുള്ള മറപ്പുരയും
കക്കോട്ടി [<കൺകട്ടി] നാ. കൺപോളയിൽ വരുന്ന കുരുപ്പ്, കൺകുരു.
439
കക്കോണി [<കൽ-കോണി] നാ. കല്ലുകൊണ്ടുള്ള കോണിപ്പടി

കക്കോല(ക)ം [സം.കക്കോല] നാ. 1.സൗരഭ്യമുള്ള ഒരു ഔഷധച്ചെടി, തക്കോലപ്പുട്ടിൽ; 2. തക്കോലത്തിൽ നിന്നെടുക്കുന്ന ഒരു സുഗന്ധദ്രവ്യം, ഫലകർപ്പൂരം
കക്ഖട,കർക്കട [സം.] വി. കടുപ്പമുള്ള, കഠിനമായ
കക്ഖടി [സം.കക്ഖടീ]നാ. ചേടിമണ്ണ്, ചോക്ക്
കക്ഷ, കക്ഷ്യാ [സം.കക്ഷാ] നാ. 1. ഒരുതരം ക്ഷുദ്രരോഗം, കക്ഷത്തിൽ ഉണ്ടാകുന്ന കുരു; 2. ആനയുടെ കച്ചക്കയറ്; 3. അരഞ്ഞാൺ, അരപ്പട്ട; 4. മതിൽ, ഭിത്തി; 5. ഇടമുറ്റം; 6. വരാന്ത, പുറന്തിണ്ണ; 7. അന്ത:പുരം; 8. വാദത്തിലെ പൂർവപക്ഷം; 9. ഭൂമിയുടെയും മറ്റു ഗ്രഹങ്ങളുടെയും സഞ്ചാര പഥം
കക്ഷക്കുഴി [സം.-മ.] നാ. കയ്യും ചുമലും ചേരുന്നിടത്ത് അകത്തുഭാഗത്തായിട്ടുള്ള കുഴി, കക്ഷം
കക്ഷപടം,കക്ഷാ- [സം.] നാ. കൗപീനം, തറ്റ്
കക്ഷപം [സം.] നാ. 1. ആമ; 2. കുബേരൻെറ നവനിധികളിൽ ഒന്ന്
കക്ഷപുടം [സം.-പുട] നാ. 1. കക്ഷക്കുഴി; 2. കക്ഷപടം; 3. ഒരു തന്ത്രശാഖ
കക്ഷം [സം.] നാ. 1. കൈക്കുഴി; 2. ഭാഗം, വശം, പക്ഷം; 3. ആറ്ററിക്, കര, ഓരം; 4. കാട്, വള്ളിക്കാട്, ഉണക്കമരക്കാട്; 5. പുല്ല്, ഉണക്കപ്പുല്ല്, വയ്ക്കോൽ; 6. കാള; 7. പോത്ത്; 8. മുണ്ടിൻെറ അറ്റം, താറുടുത്തിട്ടു പുറകിൽ തിരുകിവയ്ക്കുന്ന അറ്റം; 9. ഒളിസ്ഥലം; 10. അന്തപ്പുരം, ഉള്ളറ; 11. തുലാസിൻെറ തട്ട്; 12. പാപം; 13. വ്യൂഹരചനയിൽ ഉരസ്യത്തിനും പക്ഷത്തിനും നടുക്കുള്ള സേനാവിഭാഗം, അഞ്ചുവരിയായി നിറുത്തിയിട്ടുള്ള സൈന്യത്തിൻെറ രണ്ടും നാലും വരി; 14. ഭാരതവർഷത്തിലെ ഒരു ജനപദം; 15. തട്ടാന്മാർ ഉപയോഗിക്കുന്ന ഒരു തൂക്കം
കക്ഷരുഹ [സം.-രൂഹാ] നാ. ' ചെളിനിലത്തു മുളച്ചുവരുന്നത്', പെരുമുത്തങ്ങ
കക്ഷവ l [സം.-വ l] നാ. കക്ഷാഗ്നി, ഉണക്കപ്പുൽക്കാട്ടിൽ പിടിച്ച തീ, കാട്ടു തീ
കക്ഷശായം-യു [സം.-ശായ<ശീ] നാ. 'കച്ചിയിൽ (വൈക്കോലിൽ) കിടക്കുന്നത്', നായ്
കക്ഷാന്തരം [സം.-അന്തര] നാ. ഉള്ളറ, അന്ത:പുരം
കക്ഷാവേക്ഷകൻ [സം.] നാ. 1. അന്ത:പുര പാലകൻ; 2. ദ്വാരപാലകൻ; 3. കവി; 4. തെമ്മാടി, വിടൻ; 5. ചിത്രകാരൻ
കക്ഷി [സം.-കക്ഷിൻ] നാ. 1. ഒരു വശത്ത് (പക്ഷത്ത്)ഉള്ള ആൾ; 2. ഭാഗം, വിഭാഗം; 3. വ്യവഹാരത്തിൽ വാദി അഥവാ പ്രതി; 4. ആൾ, പുള്ളി, പുള്ളിക്കാരൻ. (പ്ര.) കക്ഷിമറിയുക = മറുഭാഗത്തു ചേരുക
കക്ഷിക്കാരൻ [സം.കക്ഷി-മ.കാരൻ]നാ. ഒരു കക്ഷിയിൽപ്പെട്ടവൻ
കക്ഷിരാഷ്ട്രീയം [സം.] നാ. കക്ഷിസങ്ഘടനകളെ ആശ്രയിച്ചുള്ള രാഷ്ട്രീയകാര്യം
കക്ഷീകൃത [സം.കക്ഷി-കൃത] വി. 'കക്ഷത്തിൽ വയ്ക്കപ്പെട്ട', സ്വീകരിച്ച, സമ്മതിച്ച, വാഗ്ദാനംചെയ്ത
കക്ഷ്യ [സം.കക്ഷ്യാ] നാ. 1. ഒന്നിൽകൂടുതൽ നിലകളുള്ള കെട്ടിടത്തിൻെറ ഓരോ നില, തട്ട്; 2. മുറി; 3. ഉപശാല; 4. കൊട്ടാരങ്ങളിലെ ഉള്മുറി, അന്തർഗൃഹം; 5. ഭിത്തി, പുറമതിലിനുള്ളിൽ ഭിത്തികെട്ടിത്തിരിച്ച സ്ഥലം; 6. വിഭാഗം; 7. ഗൃഹത്തിൻെറ സഞ്ചാര പഥം, കക്ഷ്യാവൃത്തം; 8. ആനയുടെ കച്ചക്കയറ്; 9. സ്ത്രീയുടെ അരഞ്ഞാൺ,

കച്ചപ്പുറം; 10. തോൽവാറ്11. ഉണക്കപ്പുല്ല്, വയ്ക്കോൽ; 12. ഉത്തരീയം; 13. കുന്നി; 14. തുലാസ്, തുലാസിൻെറ തട്ട്

കക്ഷ്യം1 [സം.] നാ. ത്രാസിൻെറ തട്ട്

കക്ഷ്യം2 നാ. കറി ഓലൻ മുതലായവയ്ക്ക് ഇടുന്ന ചേമ്പിൻെറയും മറ്റും കഷണം. ഉദാ: മുളകുകക്ഷ്യം (മുളകോഷ്യം). കറി കേമമെങ്കിലും താളാണല്ലോ കക്ഷ്യം (പഴ)

കങ്ക [സം.കങ്കാ] നാ. 1. ഒരുതരം ചന്ദനം; 2. താമരയുടെ സുഗന്ധം

കങ്കട(ക)ം [സം.കങ്കടക] നാ. 1. പടച്ചട്ട, കവചം; 2. കുപ്പായം, നൂലുകൊണ്ടുള്ള പോർച്ചട്ട; 3. ആനത്തോട്ടി; 4. അതിര്; 5. ഒരു രാജ്യം (ദക്ഷിണദിക്കിൽ)

കങ്കടികൻ [സം.] നാ. ശിവൻ

കങ്കണം1 [സം.] നാ. 1. കൈവള; 2. വിവാഹത്തിനു മുൻപ് വധൂവരന്മാർ മണിബന്ധത്തിൽ ധരിക്കുന്ന നാട; 3. മുടിയിൽ ചൂടുന്ന ഒരു ആഭരണം; 4. ഒരു ആയുധം

കങ്കണം2 [സം.കം-കണ] നാ. ജലകണം

കങ്കണരേഖ [സം.] നാ. (ഹസ്തരേഖാശാസ്ത്രം) മണിബന്ധത്തിൽ വളയിട്ടതുപോലെയുള്ള രേഖ

കങ്കണി(ക) [സം.കങ്കണി-കാ] നാ. 'സുഖത്തെ ശാസിക്കുന്നത്', കിങ്ങിണി, ചെറിയമണി

കങ്കതം,-ങ്കുതി [സം.] നാ. 1. ചീപ്പ്; 2. വിഷമുള്ള ഒരു ജന്തു; 3. വലിയ ഊരകം

കങ്കൻ [സം.] നാ. 1. യമൻ; 2. അജ്ഞാതവാസകാലത്തു ധർമപുത്രർ സ്വീകരിച്ച പേര്; 3. വ്യാജമായി ബ്രാഹ്മണവേഷം ധരിച്ചവൻ; 4. ക്ഷത്രിയൻ; 5. ഒരു യാദവ രാജാവ്, കംസൻെറ സഹോദരൻ; 6. ഒരു പക്ഷി, സുരസയുടെ പുത്രനായ ആദ്യത്തെ കങ്കപക്ഷി

കങ്കപത്രം [സം.കങ്ക-പത്ര] നാ. 1. കങ്കപക്ഷിയുടെ തൂവൽ, അമ്പിൻെറ കടയ്ക്കൽ ഘടിപ്പിച്ചിട്ടുള്ള തൂവൽ; 2. കഴുകൻെറ തൂവൽ കെട്ടിയിട്ടുള്ള അമ്പ്

കങ്കം [സം.] നാ. 1. കഴുകൻ, പെരുമ്പരുന്ത്; 2. ഒരുതരം വലിയ കൊക്ക്; 3. ഒരിനം മാവ്; 4. ഒരു രാജ്യം

കങ്കമാല [സം.] നാ. 1. ഒരു വാദ്യം; 2. കൈകൊണ്ടു താളം പിടിക്കൽ

കങ്കമുഖം [സം.] നാ. കങ്കത്തിൻെറ (കഴുകൻെറ) ചുണ്ടുകൾ പോലെയുള്ളത്, ഒരിനം കൊടിൽ

കങ്കര [സം.] വി. ചീത്തയായ, നിന്ദ്യമായ

കങ്കരം [സം.] നാ. 1. മോര്; 2. ഒരു വലിയ സങ്ഖ്യ (100 നിയുതം) നൂറുകോടി

കങ്കരോളം [സം.കങ്കരോല] നാ. അങ്കോലം

കങ്കൽ നാ. വിളക്കിലെ തിരിയുടെ കരിഞ്ഞ അറ്റം

കങ്കലോഡ്യം [സം.] നാ. ഒരു മരുന്ന്, ചിഞ്ചോടം

കങ്കശത്രു [സം.] നാ. ഓരില

കങ്കശായം [സം.] നാ. 'കങ്കത്തെപ്പോലെ ഉറങ്ങുന്നത്', നായ്

കങ്കാണം [കൺ-കാണം] നാ. മേൽനോട്ടം

കങ്കാണി [കൺ–കാണി] നാ. മേൽനോട്ടക്കാരൻ, കൂലിക്കാരുടെ തലയാൾ
കങ്കാണിക്കുക ക്രി. 1. മാൽനൊട്ടം വഹിക്കുക; 2. വിളവിനു നാശം ഉണ്ടാകുമ്പോൾ കൃഷിയിൽനിന്നുള്ള അനുഭവം നേരിട്ടു കണ്ടു വീതിച്ചെടുക്കുക
കങ്കായം നാ. കാളകളിൽ ഒരിനം
കങ്കാലയം [സം.–ആലയ] നാ. (മനുഷ്യ) ശരീരം
കങ്കാളദേവൻ [സം.] നാ. അസ്ഥിമാല ധരിക്കുന്ന ദേവൻ, ശിവൻ
കങ്കാളം [സം.കങ്കാല] നാ. 1. അസ്ഥികൂടം; 2. മൃതശരീരം; 3. (സങ്ഗീ) ഒരു താളം; 4. ഒരു ദിവ്യാസ്ത്രം
കങ്കാളമാലി [സം.–മാലിൻ] നാ. കങ്കാളമാലയുള്ളവൻ, ശിവൻ
കങ്കാളി,–ളിനി [സം.കങ്കാലീ] നാ. കങ്കാളന്റെ (ശിവന്റെ) സ്ത്രീ, പാർവതി
കങ്കൂരം [സം.] നാ. സ്വർണം
കങ്കുരു [കൺ–കുരു] നാ. ഒരു നേത്രരോഗം
കങ്കുഷം [സം.] നാ. ശരീരത്തിന്റെ ഉൾഭാഗം
കങ്കേല്ലം [അം.] നാ. 1. അശോകം; 2. ചീര
കങ്കേളി [സം.] നാ. അശോകം
കങ്കൊട്ട് നാ. കൈക്കോട്ട്, കൂന്താലി, തൂമ്പാ
കങ്കൊത്തി1 [കൺ–കൊത്തി] നാ. പച്ചോലപ്പാമ്പ്
കങ്കോട്ടി [അൺ–കോട്ടി] നാ. കൺകുരു
കങ്കോല(ക)ം [സം.] നാ. = കക്കോല(ക)ം
കങ്ഗാരു,കങ്കാറു [ഇം.] നാ. സഞ്ചിമൃഗം
കങ്ഗുണി,–ണിനി [സം.] നാ. 1. ചെറുപുന്ന; 2. തിന
കങ്ഗൂലം [സം.] നാ. 1. കൈ; 2. ഒരു ഹസ്ത മുദ്ര
കങ്ങൽ [<കങ്ങുക] നാ. ഭക്ഷണസാധനങ്ങൾ പാകംചെയ്യുന്നതിനിടയിൽ കരിഞ്ഞുപോകുക
കങ്ങാണം നാ. = കങ്കാണം
കങ്ങാണി,ങ്കാണി [കൺ–കാണി] നാ. 1. പുന്നെല്ലിൽനിന്ന് അമ്പലത്തിലേക്കു കൊടുക്കുന്ന വഴിപാട്; 2. മേൽനോട്ടം വഹിക്കുന്നതിനു പ്രതിഫലമായി നൽകുന്ന കരം; 3. ജന്മിയുടെ സാന്നിധ്യത്തിൽ പാട്ടക്കാരൻ മുതൽ എടുത്തു വീതിക്കുന്ന സമ്പ്രദായം; 4. സമ്മാനം; 5. ആഘോഷപൂർവമുള്ള കൊയ്ത്ത്
കങ്കാണിക്കുക ക്രി. 1. മേൽനോട്ടം വഹിക്കുക; 2. തർക്കിക്കുക; 3. വഴക്കുപറയുക, വഴക്കിടുക; 4. ഏൽപ്പിക്കുക
കങ്ങാനം നാ. കങ്ങുന്ന (കരിയുന്ന) പാത്രം, വെപ്പുപാത്രം
കങ്ങുക ക്രി. 1. കരിയുക (പാകംചെയ്യുമ്പോൾ); 2. തീപൊള്ളുക
കച1 [കചക്കുക] ധാതുരൂപം
കച2 [സം.കചാ] നാ. 1. പിടിയാന; 2. സൗന്ദര്യം
കചക്കുക ക്രി. = കശയ്ക്കുക
കചഗ്രഹ)ണ)ം [സം–ഗ്രഹണ]നാ. കചം ഗ്രഹിക്കൽ, തലമുടിചുറ്റിപ്പിടിക്കൽ
കചഗ്രഹണി [സം.–ഗ്രഹണീ] നാ. ഒരുതരം തോട്ടി
കചങ്ഗനം [സം.] നാ. 1. സമുദ്രം; 2. ചുങ്കം ഇല്ലാത്ത ചന്ത

കചൻ [സം.] നാ. ബൃഹസ്പതിയുടെ പുത്രൻ
കചപക്ഷം [സം.കച-പക്ഷ] നാ. ഇടതൂർന്നതോ അലങ്കൃതമോ ആയ തലമുടി, തലമുടിക്കെട്ട്
കചപം [സം.-പ] നാ. 'മേഘജലത്തെ പാനം ചെയ്യുന്നത്', 1. പുല്ല്; 2. ഇല
കചഭര,-ഭാരം [സം.-ഭര] നാ. 1. സമൃദ്ധമായ തലമുടി; 2. നല്ല തലമുടി
കചം [സം.] നാ. 1. തലമുടി; 2. തഴമ്പ്, മറുക്; 3. കെട്ട്, ബന്ധനം; 4. ചേലത്തുമ്പ്, ഉടയാടയുടെ വക്ക്, വസ്ത്രാഞ്ചലം; 5. മേഘം; 6. ഇരുവേലി
കചമാലം [സം.] നാ. പുക
കചരിപുഫല [സം.-ഫലാ] നാ. വന്നിമരം, ശമി
കചഹസ്തം [സം.-ഹസ്ത] നാ. കചപക്ഷം
കചാകചി [സം.കചാ-കചി] അവ്യ. തമ്മിൽത്തമ്മിൽ കചങ്ങൽപിടിച്ച്
കചാകു [സം.] വി. 1. ദുസ്സ്വഭാവമുള്ള, നികൃഷ്ടമായ; 2. ദുസ്സഹമായ; 3. അടുത്തുകൂടാത്ത. നാ. സർപ്പം
കചാഗ്രം [സം.-അഗ്ര] നാ. 1. തലമുടിത്തുമ്പ്; 2. തലമുടിച്ചുരുൾ
കചാചിത [സം.-ആചിത] വി. തലമുടി അഴിച്ചിട്ടിട്ടുള്ള, നീണ്ട തലമുടിയുള്ള
കചാടുരം [സം.] നാ. 1. മൂങ്ങ; 2. നത്ത്
കചാമോദം [സം.-ആമോദ] നാ. 1. തലമുടിയിൽ പുരട്ടുന്ന സുഗന്ധതൈലം; 2. മുടിയുടെ സൗരഭ്യം; 3. ഇരുവേലി
കചില്ലകം [സം.] നാ. 1. പാവൽ; 2. വെളുത്ത തഴുതാമ; 3. ചെറുതുളസി
കചു,കച്വീ [സം.] നാ. 1. കാച്ചിൽ; 2. ചേന; 3. ചേമ്പ്
കചേലം [സം.] നാ. താളിയോലഗ്രന്ഥംകെട്ടുന്ന ചരട്, താളിയോലഗ്രന്ഥത്തിൻെറ ആദ്യവും അവസാനവും ചേർത്തു കെട്ടുന്ന ചെറുപലക
കച്ച1 [പ്രാ.കച്ഛാ] നാ. 1. ഉടുവസ്ത്രം; 2. പരുക്കൻ കോടിവസ്ത്രം, കൗപീനം, അരയ്ക്കു ചുറ്റിക്കെട്ടുന്ന വസ്ത്രം. കച്ചയിടുക = പ്രേതത്തിനുമീതേ കച്ച പുതപ്പിക്കുക, കോടിയിടുക; 3. അങ്ഗവസ്ത്രം, മുലക്കച്ച = കച്ച; 4. കളരിപ്പയറ്റ് കഥകളി മുതലായവ അഭ്യസിക്കുമ്പോൾ കെട്ടുന്ന നീണ്ടശീല, അരക്കച്ച. (പ്ര) കച്ചകെട്ടുക, കച്ചമുറുക്കുക = ആയുധാഭ്യാസത്തിനോ യുദ്ധത്തിനോ വേണ്ടി അരക്കച്ചകെട്ടി തയ്യാറാവുക; (ആല) ഒരുങ്ങുക, തയ്യാറാവുക; 5. ആനയുടെ കച്ചക്കയറ്; 6. സാധാരണരീതിക്ക് ഏറ്റവുംകൂടുതൽ നീളത്തിൽ നെയ്യുന്ന തുണി (ഏകദേശം 20 മീറ്റർ നീളം); 7. വിവാഹത്തിൽ വധുവിനു വരങ്കൊടുക്കുന്ന പുടവ
കച്ച2 [കയ്ക്കുക] വി. (ഭൂ.പേരെച്ചം) കയ്പുരസത്തോടുകൂടിയ, കയ്പുരസമുള്ള
കച്ചക്കയറ് [കച്ച1-കയറ്] നാ. 1. ആനയുടെ കഴുത്തിൽ കെട്ടുന്ന വട്ടക്കയറ്; 2. ആനയുടെ നടുക്കയറ്
കച്ചട,-റ [മറാ] വി. മോശപ്പെട്ട, താണതരത്തിലുള്ള. ഉദാ: കച്ചടക്കാര്യം. നാ. മോശക്കാരൻ, കഥയില്ലാത്തവൻ
കച്ചടം1 [കച്ചട്ടം] നാ. കൗപീനം
കച്ചടം2 [സം.] നാ. നീർതിപ്പലി, ജലപിപ്പലി

കച്ചടി [സം.<കച്ഛടി] നാ. കൗപീനം

കച്ചണിമുല നാ. മുലക്കച്ച കെട്ടിയിട്ടുള്ള മുല

കച്ചത്തരം [കച്ച-തരം] നാ. കട്ടിയുള്ള വസ്ത്രം, പരുക്കൻ തുണി

കച്ചത്തോർത്ത് [കച്ച-തോർത്ത്] നാ. പരുക്കൻ ഇഴയുള്ള തോർത്തുമുണ്ട്.

441

കച്ചപ്പുറം [കച്ച-പുറം] നാ. അരഞ്ഞാൺ, പടിയരഞ്ഞാൺ

കച്ചം1 [പ.മ.] നാ. കാര്യം, ചുമതല

കച്ചം2 [<സം.കച്ഛ] നാ. ജലാശയപ്രാന്തം, കരയോരം

കച്ചമുണ്ട് നാ. 1. പരുക്കൻ മുണ്ട്; 2. സ്ത്രീകൾ ഉടുക്കുന്ന നീളമുള്ള മുണ്ട്

കച്ചമുറി നാ. ക്രിസ്ത്യാനിസ്ത്രീകൾ അടുക്കിട്ട് ഉടുക്കുന്ന ഇരട്ടമുണ്ട്

കച്ചര [സം.കദ്-ചര] വി. 1. അഴുക്കുള്ള, മുഷിഞ്ഞ, കച്ചട; 2. ചീത്തയായ, ദുഷ്ടമായ; 3. നിന്ദ്യമായ, നീചമായ

കച്ചരട് [കൈ-ചരട്] നാ. കൈച്ചരട്, വില്ലാളികളുടെ കൈയിൽ കെട്ടുന്ന ചരട്, വില്ലിനെ കയ്യുമായി ബന്ധിക്കുന്ന ചരട്

കച്ചരി നാ. കച്ചോലം

കച്ചവടക്കാരൻ നാ. കച്ചവടം നടത്തുന്നവൻ, വ്യാപാരി

കച്ചവടക്കാറ്റ് നാ. പാക്കപ്പൽ (കച്ചവടക്കപ്പൽ) ഓറ്റിക്കുവാൻ അനുകൂലമായ കടൽക്കാറ്റ്, വാണിജ്യവാതം

കച്ചവടപ്പാട് നാ. കച്ചവടക്കാര്യം

കച്ചവടം,-ച്ചോടം നാ. 1. വാണിജ്യം, വ്യാപാരം; 2. ഇടപാട്. (പ്ര) കച്ചവടം ഒതുങ്ങുക, കച്ചവടം തീരുക = നശിക്കുക, മരിക്കുക

കച്ചവടവാശി നാ. പരസ്യവിലയിൽനിന്ന് വിൽപ്പനവിലയിൽ വരുത്തുന്ന കുറവ്

കച്ചവിരുത്തി നാ. കളരിപ്പയറ്റിനു (കച്ചകെട്ടുന്നതിനു) കൊടുക്കുന്ന വിരുത്തിവസ്തു

കച്ചറ [സം.കച്ചര<മറാ.കച്രാ] വി. മോശപ്പെട്ട, നിസ്സാരമായ, വൃത്തിയില്ലാത്ത

കച്ചാണി [കൈ-ചാണി]നാ. ചെറിയ തോട്

കച്ചാൻ നാ. 1. പടിഞ്ഞാറൻ കാറ്റ്; 2. ചാറ്റൽമഴയോടുകൂടിയ കാറ്റ്; 3. വടക്കൻ കാറ്റ് (തെ.തി)

കച്ചാർത്ത് [കൈ-ചാർത്ത്] നാ. 1. കൈക്കണക്ക്, രേഖ, രസീത്; 2. കയ്യൊപ്പ്

കച്ചാൽ [കൈ-ചാൽ] നാ. ചെറിയ ചാല്, പാടങ്ങളിലേക്കു വെള്ളം ഒഴുക്കിവിടാനുള്ള ചെറുതോട്

കച്ചി1 [<പ്രോ.കച്ഛാ,സം.കക്ഷ] നാ. 1. കച്ചിൽ, വയ്ക്കോൽ. കച്ചികെട്ടാൻ തിരി കച്ചിയിൽ നിന്ന് (പഴ); 2. കൊയ്ത്തശേഷം നിൽക്കുന്ന വയ്ക്കോൽക്കുറ്റി; 3. ഗോലി; 4. മാങ്ങാത്തിര

കച്ചി2 [ഹി.കച്ചീ] നാ. 'കച്ച്' എന്ന ദേശത്തുള്ള ആൾ

കച്ചിക്കല്ല് [കച്ചി-കല്ല്] നാ. വെള്ളാരൻ കല്ല്, ചരൽക്കല്ല്

കച്ചിൽ നാ. വയ്ക്കോൽ, കച്ചി

കച്ചില1 [<കച്ച-ശീല] നാ. 1. യുദ്ധത്തിനുള്ള അരക്കച്ച; 2. രണ്ടുജോടി പുടവ

കച്ചില2 [കച്ച-ഇല] നാ. ഉണങ്ങിയ ഇല

കച്ചീട്ട്,-ട്ടി [കൈ-ചീട്ട്] നാ. 1. കൈക്കണക്ക്; 2. കരാർപത്രം, രസീത്

കച്ച്1 [<സം.കക്ഷ്യാ] നാ. അരപ്പട്ട

കച്ച്2 [<സം.കഞ്ചുക] നാ. 1. റൗക്ക, മുലക്കച്ച. “കച്ചാർന്നകൊങ്ക പുണർവാൻ തരികോമലേ നീ”(ഉദ്യോ.പ്ര.); 2. ഉലക്കപ്പൂണ് (വ.മ.); 3. ഭങ്ഗിയുള്ള, മനോഹരമായ

കച്ച്3 നാ. മാമ്പഴത്തിര, മാമ്പഴച്ചാറു പായിൽ ഒഴിച്ചുണക്കിയെടുക്കുന്നത്, മാന്തിര, മാന്തെര

കച്ചു [കയ്ക്കുക] ക്രി. (ഭൂ.കാലം) കയ്ച്ചു, കയ്പുരസം ഉണ്ടായി, കയ്പുരസം അനുഭവപ്പെട്ടു

കച്ചുരം നാ. = കച്ചോലം

കച്ചുരി നാ. 1. കച്ചോലം; 2. ഒരു ആഹാര സാധനം

കച്ചേരി [ഹി.കചരി] നാ. 1. സർക്കാർ കാര്യാലയം. ഉദാ: ഹജൂർകച്ചേരി; 2. നീതിന്യായക്കോടതി; 3. ഗാനമേള, പാട്ടുകച്ചേരി. (പ്ര) കച്ചേരിചെയ്യുക = ഔദ്യോഗികകൃത്യങ്ങൾ ചെയ്യുക; കച്ചേരിനടത്തുക = സങ്ഗീതവിരുന്നു നടത്തുക

കച്ചേരിനമ്പി നാ. 1. അകത്തൂട്ടുപരിഷ (കോഴിക്കോട്ടു സാമൂതിരിമാരുടെ പുത്രപരമ്പരയിൽ പെട്ടവർ); 2. സാമൂതിരി കോവിലകത്തെ ഉദ്യോഗസ്ഥന്മാരിൽ ഒരുവിഭാഗം; 3. കുറുമ്പനാട്ടെ ഏറ്റവും കുറഞ്ഞ സ്ഥാനം

കച്ചേരിഭാഷ നാ. കച്ചേരിയിൽ ഉപയോഗിക്കുന്ന ഭാഷ, ഔദ്യോഗിക ഭാഷ

കച്ചേല [കച്ച്-ചേല] നാ. അരക്കച്ച

കച്ചേലും [കച്ച്-ഏലും] വി. 1. കച്ച് (മുലക്കച്ച) ധരിച്ചിട്ടുള്ള; 2. ഭങ്ഗിയുള്ള, ചന്തമുള്ള

കച്ചോടം നാ. 1. കച്ചവടം; 2. തൊഴിൽ, പ്രവൃത്തി, ചീത്തയായ പ്രവർത്തനം. (പ്ര) കച്ചോടം ഒതുക്കുക = അവസാനം വരുത്തുക

കച്ചോലം നാ. മഞ്ഞളിൻെറ ഇനത്തിലുള്ള ഒരു ചെറിയ ഔഷധച്ചെടി, സുഗന്ധവസ്തു.

കച്ഛര നാ. 1. പന്നിക്കിഴങ്ങ്; 2. ചീവീട്; 3. കക്ഷ, അരപ്പട്ട; 4. ഒരിനം കാലുറ

കച്ഛരകം [സം.] നാ. 1. പൂവരശ്; 2. കക്ഷ്ഹ്ക്ഷ്ഹ്ഹം, പാളത്താറ്

കച്ഛരകോലി [സം.-കോലീ]നാ. നീർക്കടമ്പ്

കച്ഛരടിക നാ. = കച്ഛരാടിക, തറ്റുടുപ്പ്

കച്ഛരപം,-പി [സം.കച്ഛര-പ] നാ. ‘ ചതുപ്പുനിലത്തിൽ ജീവിക്കുന്നത്’ , 1. ആമ; 2. അണ്ണാക്കിൻെറ മധ്യത്തിൽ ഉണ്ടാകുന്ന വീകം, ആമയുടെ ആകൃതിയിൽ ഉള്ളത്; 3. വാറ്റുന്നതിനുള്ള ഉപകരണം; 4. ഒരു ഗുസ്തിമുറ; 5. പടുകരണ; 6. കുബേരൻെറ ഒമ്പതു നിധികളിൽ ഒന്ന്

കച്ഛരപി(ക) നാ. 1. പെണ്ണാമ; 2. ഒരുതരം വീണ; 3. പ്രമേഹം മൂലമുണ്ടാകുന്ന ഒരുതരം കുരു

കച്ഛരം [സം.കച്ഛര] നാ. 1. വെള്ളംകെട്ടിനിൽക്കുന്ന താണസ്ഥലം; 2. പാടം, ചതുപ്പുനിലം; 3. ജലാശയത്തോടു തൊട്ടുള്ള സ്ഥലം, തീരം; 4. പൂവരശു വൃക്ഷം, ചീലാന്തി; 5. പടുകരണ; 6. തറ്റുടുക്കുന്ന വസ്ത്രത്തിൻെറ അറ്റം, തറ്റുടുപ്പ്

കച്ഛരാടി(ക) [സം.] നാ. 1. കച്ഛരടിക, തറ്റുടുത്തിരിക്കുന്ന വസ്ത്രത്തിൻെറ തുമ്പ്; 2. കൗപീനം

കച്ഛരാന്തം [സം.-അന്ത] നാ. ജലാശയത്തിൻെറ തീരം, ചതുപ്പുനിലത്തിൻെറ പാർശ്വം

കച്ഛരാന്തരുഹ [സം.-രുഹാ] നാ. വെൺകറുക

കച്ഛരു [സം.കച്ഛരു] നാ. 1. ചിരങ്ങ്, ചൊറി; 2. ഒരുതരം കുഷ്ഠം

കച്ഛരുഘ്നി നാ. 1. ചെറിയ അടയ്ക്കാമണിയൻ; 2. കയ്പ്പൻപടവലം

കച്ഛരുമതി [സം.-മതീ] നാ. 1. ചൊറിയണം; 2. നായ്ക്കുരുണ

കച്ഛരുമത്ത് [സം.-മത്] വി. ചൊറിയുള്ള

കച്ഛരുര1 [സം.] വി. 1. ചൊറിയുള്ള, ചിരങ്ങുള്ള; 2. ചാരിത്രമില്ലാത്ത, കാമാസക്തിയുള്ള; 3. ദാരിദ്ര്യം കൊണ്ടു വലയുന്ന

കച്ഛരര2 [സം.കച്ഛുരാ] നാ. 1. ചെറുകച്ചോലം; 2. ചെകൊടിത്തൂവ; 3. നായ്ക്കുരുണ

കച്ഛരൂരി [സം.കച്ഛരൂരീ] നാ. 1. കച്ചൂരിക്കിഴങ്ങ്, കച്ചോലം; 2. ചൊറിയണം; 3. നായ്ക്കുരുണ

കചി[സം.കചിീ] നാ. കാച്ചിൽ

കജ [സം.ക-ജ] വി. വെള്ളത്തിലോ വെള്ളത്താലോ ഉണ്ടായ, ജലം സംബന്ധിച്ച

കജം [സം.ക-ജ] നാ. 1. താമര; 2. മത്സ്യം

കജ്ജലം1,-ളം [സം.കജ്ജല] നാ. 1. വിളക്കിൻെറ കങ്ങൽ, കരി, സ്ത്രീകൾ കണ്ണെഴുതാൻ ഉപയോഗിക്കുന്നത്; 2. അഴുക്ക്, ചെളി

കജ്ജലം2 [സം.<കദ്-ജല] നാ. 1. മേഘം; 2. മുത്തങ്ങ

കജ്ജളധ്വജം [സം.-ധ്വജ] നാ. വിളക്ക്

കജ്ജളി [സം.കജ്ജലി] നാ. 1. രസവും ഗന്ധകവും കൂടി മർദിച്ചാൽ കിട്ടുന്ന പദാർഥം, മിശ്രിതരസഗന്ധകം; 2. മഷി

കഞ്ചൻ1 [മ.മ.] നാ. കംസൻ

കഞ്ചൻ2 [<സം.കഞ്ജ] നാ. ബ്രഹ്മാവ്

കഞ്ചൻ3 [<സം.ഖഞ്ജ] നാ. മുടന്തൻ

കഞ്ചം [മ.മ.] നാ. താമര. കഞ്ചത്താർ = താമരപ്പൂവ്. കഞ്ചത്താർബാണനൻ = കാമദേവൻ

കഞ്ചൽ നാ. 1. ചവറ്; 2. അഴുക്ക്

കഞ്ചാരൻ1 [സം.] നാ. സൂര്യൻ

കഞ്ചാരൻ2 [സം.കാംസ്യകാര] നാ. വെള്ളിത്തട്ടാന്മാരിൽ ഒരു വർഗം

കഞ്ചാരം [സം.കഞ്ചാര] നാ. ചെമന്നപൂവുള്ള എരിക്ക്

കഞ്ചാവ്,-ഞ്ചാ [സം.ഗഞ്ജാ] നാ. ലഹരിയുണ്ടാക്കുന്ന ഒരു ഔഷധച്ചെടി

കഞ്ചിക [സം.കഞ്ചികാ] നാ. 1. ചെറിയ പരു; 2. മുളയുടെ കൊമ്പ്, മുളഞ്ചില്ലി

കഞ്ചിത [സം.] വി. 1. ബന്ധിക്കപ്പെട്ട; 2. പീഡിപ്പിക്കപ്പെട്ട
കഞ്ചുകം [സം.കഞ്ചുക] നാ. 1. ഉടുപ്പ്; 2. കാൽമുട്ടോളം താണുകിടക്കുന്ന കുപ്പായം; 3. റൗക്ക, ജാക്കറ്റ്, കഞ്ചുളി; 4. പടച്ചട്ട, കവചം; 5. പാമ്പിൻെറ പടം (ഊരുന്ന നേർത്ത ചട്ട, തൊലി); 6. ഉമി, തോട്
കഞ്ചുകാലു [സം.] നാ. 'കഞ്ചുകം ഉള്ളത്', പാമ്പ്
കഞ്ചുകി [സം.കഞ്ചുകിൻ] നാ. 1. കഞ്ചുകം ധരിച്ചവൻ; 2. അന്ത:പുരത്തിൻെറ രക്ഷാപുരുഷൻ, ഹരിക്കാരൻ; 3. പാമ്പ്; 4. വിടൻ; 5. യവം; 6. കടല; 7. കാരകിൽ
കഞ്ചുകീയൻ [സം.കഞ്ചുകീയ] നാ. മഹാരാജാവിൻെറയോ പ്രഭുവിൻെറയോ സേവകൻ, കഞ്ചുകി, ഹരിക്കാരൻ
കഞ്ചുളം [സം.കഞ്ചുല] നാ. തിത്തിരിപ്പക്ഷി
കഞ്ചുളി [സം.കഞ്ചുലീ] നാ. റൗക്ക
കഞ്ചൂസ് [അറ.] നാ. ലുബ്ധൻ
കഞ്ജകം1 [സം.] നാകക്കരിവിത്തിൽനിന്നെടുക്കുന്ന എണ്ണ
കഞ്ജകം2 [സം.] നാ. കഞ്ജനം, തൃത്താവ്
കഞ്ജൻ [സം.] നാ. ബ്രഹ്മാവ്
കഞ്ജനൻ [സം.] കാമദേവൻ, മൈന
കഞ്ജനം [സം.] നാ. കാമദേവനെ പക്ഷി (മൈന)
കഞ്ജനാഭൻ [സം.-നാഭ] നാ. വിഷ്ണു.
കഞ്ജബാണൻ [സം.-ബാണൻ] നാ. കാമദേവൻ
കഞ്ജഭവനൻ [സം.-ഭവന] നാ. ബ്രഹ്മാവ്
കഞ്ജം [സം.] നാ. താമരപ്പൂവ്
കഞ്ജലം [സം.] നാ. മൈന
കഞ്ജസംഭവൻ നാ. ബ്രഹ്മാവ്
കഞ്ജാരൻ [സം.] നാ. 1. സൂര്യൻ; 2. ആന; 3. ബ്രഹ്മാവ്
കഞ്ജാരം [സം.] നാ. 1. എരിക്ക്; 2. ആന; 3. മയിൽ
കഞ്ജിക [സം.] നാ. ചെറുതേക്ക്
കഞ്ജിനി [സം.] നാ. താമരപ്പൊയ്ക
കഞ്ഞാറ്റ നാ. അരിവാർക്കാൻ ഉപയോഗിക്കുന്ന പാത്രം
കഞ്ഞാറ്റി നാ. ഓട്ടുപാത്രം
കഞ്ഞി [പ്രാ.കഞ്ജിആ] നാ. വേവിച്ച് വെള്ളത്തോടുകൂടിയെടുത്ത അന്നം
കഞ്ഞിത്തരം [കഞ്ഞി-തര] നാ. നീചത, നികൃഷ്ടത, ഹീനമായപ്രവൃത്തി
കഞ്ഞുണ്ണി,-ണ്യം നാ. ഒരു ഔഷധസസ്യം, കയ്യോന്നി
കട1 [കടയുക] ധാതുരൂപം
കട2 [കടക്കുക] ധാതുരൂപം
കട3 വി. 1. ഒടുവിലത്തെ; 2. ഇളയ; 3. പൂർത്തിയായ
കട4 നാ. 1. പീടിക; 2. കച്ചവടസ്ഥലം
കട5 നാ. കിണറ്റിൽനിന്ന് വെള്ളം കോരാൻ മരംകൊണ്ട് ഉണ്ടാക്കുന്ന ഉപകരണം

കട6 നാ. കീഴറ്റം, ചുവട് (പ്ര) കടയ്ക്കൽ = ചുവട്ടിൽ. കടക്കണ്ടം = താഴത്തെ കണ്ടം
കടകട നാ. (ശബ്ദാനു) പല്ലുകടിക്കുന്ന ശബ്ദം, ബഹളം
കടകം1 [സം.] നാ. 1. പൊൻവള; 2. നഗരം; 3. മലനാട്; 4. അരഞ്ഞാൺ; 5. ചങ്ങലയുടെ കണ്ണി; 6. പായ്; 7. പടകുടീരം; 8. രാജധാനി; 9. വീട്, വാസസ്ഥാനം; 10. ചക്രം, വൃത്തം
കടകം2 [സം.] നാ. 1. ഒരു മുദ്രക്കൈ; 2. കളരിയിലെ ഒരടവ്
കടകം3 [സം.] നാ. കർക്കിടകരാശി
കടകാമുഖം [സം.] നാ. ഒരു മുദ്രക്കൈ
കടകെട്ട നാ. കൊള്ളരുതാത്ത
കടകോൽ [കട-കോൽ] നാ. മത്ത്
കടക്കണ്ണ് [സം.കട-മ.കണ്ണ്] നാ. കണ്ണിൻെറ പുറത്തേക്കോണ്
കടക്കാരൻ1 [കട-കാരൻ] നാ. പീടികയിലിരുന്ന് കച്ചവടം ചെയ്യുന്നവൻ
കടക്കാരൻ2 [കടം-കാരൻ] നാ. കടം വാങ്ങിച്ചവൻ
കടക്കാൽ നാ. കണങ്കാൽ
കടക്കുക ക്രി. 1. അപ്പുറം പോകുക; 2. താണ്ടുക
കടക്കുഞ്ഞ് [കട3-കുഞ്ഞ്] നാ. ഒടുവിലത്തെ കുഞ്ഞ്
കടക്കോടി [കടൽ-കോടി] നാ. മരയ്ക്കാൻ
കടഖാദകം [സം.-ഖാദക] നാ. 'അധികം ഭക്ഷിക്കുന്ന', കാക്ക്, കുറുനരി
കടഘാടം [സം.] നാ. മലങ്കാര
കടങ്കടം [സം.] നാ. 1. അഗ്നി; 2. സ്വർണം; 3. കൊടുവേലി
കടങ്കടേരിക [സം.] നാ. മഞ്ഞൾ
കടങ്കഥ [മ.കടം-സം.കഥാ] നാ. അഴിപ്പാങ്കഥ
കടച്ചക്ക [കടൽ-ചക്ക] നാ. 1. കടപ്പിലാവിൻെറ ഫലം, ശീമച്ചക്ക; 2. പിറുത്തിച്ചക്ക.
443
കടച്ചാണി നാ. നാഭി, അരക്കെട്ട്. (പ്ര) കണ്ടകടച്ചാണി = അതുമിതും
കടച്ചാപ്പുറം നാ. 1. വിലാപ്പുറം; 2. ആറാം വാരി
കടച്ചി1 [കട3] നാ. പ്രായംകുറഞ്ഞ പശു, കിടാത്തി
കടച്ചി2 നാ. കൈത
കടച്ചിക്കൊല്ലൻ നാ. കടച്ചിൽപ്പണിചെയ്യുന്നവൻ
കടച്ചിൽ [<കടയുക] നാ. 1. മൂർച്ചയും മിനുസവും വരുത്താനായി അച്ചിലും മറ്റും വച്ചുചെയ്യുന്ന പ്രവൃത്തി; 2. തടികടഞ്ഞു ഭങ്ഗിയുള്ള രൂപം ഉണ്ടാക്കൽ
കടതല [കട6-തല] നാ. ചുവടും തലയും, ആരംഭവും അവസാനവും
കടത്തൽ [<കടത്തുക] നാ. കടത്ത്, അതിക്രമം
കടത്ത് [<കടത്തുക] നാ. കടത്തൽ
കടത്തുക [കടക്കുക>] ക്രി. 1. മറുതീരത്ത് എത്തിക്കുക; 2. മോഷ്ടിച്ചുകൊണ്ടുപോകുക
കടത്തുകടവ് [കടത്ത്-കടവ്] നാ. വള്ളത്തിൽ മറുകരയ്ക്ക് എത്തിക്കുകയും തിരിച്ചുകൊണ്ടുവരികയും ചെയ്യുന്നിടം

കടത്തുകാരൻ നാ. കടത്തുവള്ളം ഊന്നുന്നവൻ
കടത്തുതോണി [-തോണി] നാ. ആറ്റിലും മറ്റും വഴിയാത്രക്കാരെ അക്കരയും ഇക്കരയും വിടുന്നതിനുള്ള വള്ളം
കടത്തുവളഞ്ചിയം [പ.മ.] നാ. കപ്പൽക്കച്ചവടത്തിനേർപ്പെടുത്തിയിരുന്ന ചുങ്കം
കടന്തൽ,-ന്നൽ [<കടും-തല] നാ. കുത്തുന്ന ഒരുതരം വലിയ ഈച്ച
കടന്നാക്രമണം നാ. ഇങ്ങോട്ട് എതിർക്കുന്നതിനുമുമ്പ് അങ്ങോട്ടു കയറിയുള്ള ആക്രമണം
കടപയാദി [സം.] നാ. അക്ഷരസങ്ഖ്യ. ഓരോ അക്ഷരത്തിൻെറയും വില താഴെകാണിക്കുന്നു

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 0 |
|---|---|---|---|---|---|---|---|---|---|
| ക | ഖ | ഗ | ഘ | ങ | ച | ഛ | ജ | ഝ | ഞ |
| ട | ഠ | ഡ | ഢ | ണ | ത | ഥ | ദ | ധ | ന |
| പ | ഫ | ബ | ഭ | മ | | | | | |
| യ | ര | ല | വ | ശ | ഷ | സ | ഹ | ള | ഴ |

സ്വരങ്ങൾക്കു വിലയില്ല. കൂട്ടക്ഷരത്തിൽ ആദ്യത്തേതിൻെറ മൂല്യം എടുക്കുന്നു. ഇപ്രകാരം ലഭിക്കുന്ന സങ്ഖ്യ തിരിച്ചിട്ടാണ് മൂല്യം കണക്കാക്കുക.
പഴയകാലത്ത് കാലസൂചന നൽകാൻ ഉപയോഗിച്ചിരുന്നു.
കടപ്പത്രം നാ. കടം വാങ്ങിയതിനുള്ള പ്രമാണം
കടപ്പാട് നാ. ചുമതല, ബാധ്യത
കടപ്പാര നാ. ഇരുമ്പുപാര
കടപ്പിലാവ് [കടൽ-പിലാവ്] നാ. ശീമപ്പിലാവ്
കടപ്പുറം നാ. കടൽത്തീരം, കടലോരം
കടപ്പെടുക നാ. 1. കടത്തിൽപ്പെടുക; 2. വിധേയത്വം വരിക
കടപ്രാവ് നാ. ഊമൻപ്രാവ്, കാട്ടുപ്രാവ്
കടഭി[സം.] നാ. 1. വാലുഴവം; 2. വെൺകുന്നി; 3. മലയമുക്കി
കടം1 നാ. 1. വായ്പ; 2. വായ്പവാങ്ങിയ മുതൽ. കടക്കാരൻ = കടം വാങ്ങിയവൻ. കടംകൊള്ളുക = കടം വാങ്ങുക
കടം2 നാ. 1. പായ്; 2. ശവം; 3. ശവമഞ്ചം
കടംവര [സം.കടംവരാ] നാ. കടുകുരോഹിണി
കടംവായ്പ നാ. പിന്നെ കൊടുക്കാമെന്നു പറഞ്ഞു വാങ്ങുന്ന മുതൽ
കടമ നാ. 1. കടപ്പാട്; 2. ബാധ്യത
കടമരം നാ. ഇരുപൂൾമരം
കടമാൻ,-മാ(വ്) നാ. ഒരു കാട്ടുമൃഗം, വലിയ മാൻ
കടമുറി നാ. 1. കടച്ചീട്ട്; 2. മൂട്ടുമുറി
കടമ്പ നാ. വേലിയും മറ്റും കടക്കാനായി ഇട്ടിട്ടുള്ള നെടുങ്ങുട്ടം. (പ്ര) കടമ്പകടക്കുക = പ്രതിബന്ധം തരണം ചെയ്യുക
കടമ്പൻ നാ. 1. കൃഷിക്കാരൻ; 2. കടന്നവൻ; 3. മര്യാദകെട്ടവൻ

കടയുക ക്രി. 1. കടകോൽകൊണ്ട് കലക്കുക; 2. മിനുസം വരുത്തുക

കടയ്ക്കൽ [<കട6] (ആധാരികാഭാസം) ചുവട്ടിൽ, മൂട്ടിൽ
കടൽ നാ. 1. ആഴി; 2. സമുദ്രം
കടൽക്കന്യ നാ. ആഴിമാത്, ലക്ഷ്മി
കടൽക്കര നാ. കടൽത്തീരം
കടൽക്കാക്ക നാ. സമുദ്രത്തിൽ സഞ്ചരിക്കുന്ന ഒരിനം പക്ഷി, സീഗൾ
കടൽച്ചുങ്കം നാ. കടൽത്തീരുവ
കടൽപ്പുറം നാ. സമുദ്രതീരം, കടലോരം
കടൽമകൾ,-മാത് നാ. കടൽക്കന്യ, ലക്ഷ്മി
കടലർവർണൻ നാ. ആഴിവർണൻ, കൃഷ്ണൻ, വിഷ്ണു
കടലാഴയ്ക്കാ നാ. മീൻ
കടല നാ. ഒരുതരം പയറ്
കടലപ്പരിപ്പ് നാ. തോടുകളഞ്ഞെടുത്ത കടല
കടലാടി നാ. പച്ചമരുന്ന്
കടലാന നാ. ഒരു കടൽ ജന്തു, തിമിങ്ഗലം
കടലാസ് [പോർ-കർതാസ്] നാ. എഴുതുന്നതിനു പൾപ്പുകൊണ്ടുണ്ടാക്കുന്ന പരന്ന സാധനം, പേപ്പർ
കടലിടുക്ക് നാ. രണ്ടുകടലുകളെ തമ്മിൽ ചേർക്കുന്ന ചെറിയ കടൽ
കടലെടുപ്പ് നാ. കടൽകോപിച്ച് തീരത്തെ ആക്രമിക്കൽ, കടലാക്രമണം
കടലോരം [കടൽ-ഓരം] നാ. സമുദ്രതീരം, കടപ്പുറം
കടവ,-വാ [കട-വ,-വായ്] നാ. കടക്കുവാനുള്ള വഴി, കടമ്പ, കോണി
കടവണ്ടി [കട-വണ്ടി] നാ. (പിരിച്ച) ഇഴകൾ കൂട്ടിച്ചേർത്തു പിരിക്കുന്നതിനുള്ള ഒരുതരം റാട്ട്
കടവത് [മ.കടവ-അത്] നാ. കടമയായിട്ടുള്ളത്, കടപ്പാട്
കടവൻ1 [പ്രാ.] നാ. കടമപ്പെട്ടവൻ, ചുമതലപ്പെട്ടവൻ
കടവൻ2 [കട] നാ. 1. ഏറ്റവും ഒടുവിലത്തവൻ, താണവൻ, നീചൻ; 2. ജന്തുക്കളിലെ ആൺ (കാളമുതലായവ)(സ്ത്രീ) കടച്ചി
കടവയറ് [കട-വയറ്] നാ. വയറിന്റെ അടിഭാഗം, അടിവയറ്
കടവല്ലൂരന്യോന്യം നാ. കടവല്ലൂർക്ഷേത്രത്തിൽ വച്ചു തൃശൂര്യോഗക്കാരും തിരുനാവായയോഗക്കാരും തമ്മിൽ ആണ്ടുതോറും നടത്തിവന്ന വേദമത്സരപരീക്ഷ
കടവഴി [കട-വഴി] നാ. വേലികടക്കാനുള്ള ഇടുങ്ങിയ വഴി, കടമ്പ
കടവാ1 [കട-വാ] നാ. കടക്കുവാനുള്ള വഴി, പ്രവേശനദ്വാരം
കടവാ2 [കട-വാ] നാ. 'വായുടെ കട', വായുടെ അറ്റം
കടവാതിൽ,-തൽ നാ. വാവൽ, വവ്വാൽ
കടവാനകം [സം.-വാനക] നാ. മൃഗരോമംകൊണ്ടു നെയ്ത ഒരിനം തിരശ്ശീല, കമ്പിളിത്തുണി

കടവാരം [കടൽ–വാരം] നാ. 1. കടലോരം, കടൽത്തീരം; 2. കപ്പലിൽനിന്നു സാമാനം ഇറക്കാനുള്ള സൗകര്യത്തിനു കരയിൽനിന്നു നീട്ടിക്കെട്ടിയിരിക്കുന്ന കടവ്
കടവിയ [പ്രാ.] വി. കടപ്പെട്ട, ചുമതലപ്പെട്ട
കടവിയ(വ)ൻ [പ.മ.] നാ. കടപ്പെട്ടവൻ, ഉത്തരവാദിത്വമുള്ളവൻ, ബാധ്യസ്ഥൻ
കടവിരിക്കുക [കടവ്-ഇരിക്കുക] ക്രി. 'മലശോധനകഴിഞ്ഞു ശൗചത്തിനു കടവിൽ ഇരിക്കുക', 1. മലവിസർജനത്തിനിരിക്കുക; 2. നായാട്ടുകാർ മൃഗങ്ങളെ ഇളക്കിയശേഷം താവളങ്ങളിൽച്ചെന്നു കാത്തിരിക്കുക
കടവിലെഴുന്നള്ളത്ത് നാ. (രാജാക്കന്മാരുടെ) നീരാട്ടിനുള്ള പോക്ക്, നീരാട്ട് (ആ.ഭാ.)
കടവിറങ്ങുക [കടവ്-ഇറങ്ങുക] ക്രി. ശൗചംചെയ്യുക (ശൗചത്തിന് കടവിൽപോകുന്നത് അനുസരിച്ച്)
കടവ് നാ. 'കടക്കാനുള്ള സ്ഥലം', 1. നദിയിലും മറ്റും മറുകര കടക്കാനുള്ള സ്ഥലം. ഉദാ: കടവുകടത്തൽ; 2. ജലാശയത്തിൽ കുളിക്കാനും മറ്റുമുള്ള സ്ഥലം. ഉദാ: കുളക്കടവ്; 3. കാട്ടുമൃഗങ്ങളുടെ വഴിത്താര, താവളം; 4. (ആല) പ്രാപ്യസ്ഥാനം, ലക്ഷ്യം. (പ്ര) കടവടുക്കുക = ഉദ്ദിഷ്ടസ്ഥാനത്തെത്തുക, അഭീഷ്ടം നേടുക
കടവുബലി [മ.കടവ്-സം.ബലി] നാ. കുളക്കടവിലെ ബലി, കുളക്കടവിലോ ആറ്റുകടവിലോ വച്ചു നടത്തുന്ന പിതൃബലി
കടവുൾ [ത,കട-ഉൾ] നാ. 'മനസ്സിന് അതീതനായവൻ', ഈശ്വരൻ, ദൈവം
കടശാരം നാ. 1. തടസ്സം, ഉപദ്രവം; 2. ചില്ലറ സാമഗ്രികൾ; 3. കുടിശ്ശിക
കടശി [<കട-ചി] നാ. അവസാനം
കടശിക്കൈ [കടശി-കൈ] നാ. 1. ഒടുവിലത്തെ പ്രയോഗം; 2. അവസാനഘട്ടം
കടശ്ശൻ നാ. കടലിൽ ചരിക്കുന്നവൻ, കപ്പൽയാത്രക്കാരൻ
കടാ(യ്) നാ. ആണാട്, മുട്ടാട്, ആട്ടുകൊറ്റൻ
കടാകു [സം.കടാകു] നാ. പക്ഷി
കടാക്ഷം [കട-അക്ഷ] നാ. കടക്കണ്ണുകൊണ്ടുള്ള നോട്ടം, കടക്കണ്ണേറ്
കടാക്ഷിക്കുക [<കടാക്ഷ] ക്രി. 1. കടക്കണ്ണുകൊണ്ടു നോക്കുക, സ്നേഹപൂർവം നോക്കുക, ഒളികണ്ണിട്ടു നോക്കുക; 2. ദയയോടെ നോക്കുക, അനുഗ്രഹിക്കുക; 3. സൂചിപ്പിക്കുക
കടാങ്കൻ [സം.കടാങ്ക] നാ. ശിവൻ
കടായനം [സം.കടായന]നാ. രാമച്ചം
കടാരൻ1 നാ. കിടാരൻ, തോൽകൊല്ലൻ (വ.മ.)
കടാരൻ2 [സം.കടാര] നാ. 1. കാമാസക്തൻ; 2. പൗരൻ
കടാഹ(ക)ം [സം.കടാഹ(ക)] നാ. 1. കിടാരം, വലിയ ഉരുളി, വാർപ്പ്, ചെമ്പ്; 2. കിടാരത്തിൻെറ ആകൃതിയിലുള്ള ഏതെങ്കിലും വസ്തു; 3. ആമയോട്ടി; 4. കൊമ്പു മുളച്ചുതുടങ്ങിയ എരുമക്കുട്ടി; 5. കൂമ്പാരം, മൺകൂന
കടാഹ്വയം [സം.കട-ആഹ്വയ] നാ. താമരക്കിഴങ്ങ്
കടി1 [കടിക്കുക] ധാതുരൂപം
കടി2 [കടിയുക] ധാതുരൂപം

കടി3 [കടിക്കുക] നാ. 1. വായ്തുറന്ന് രണ്ടുതാടികളിലേയും പല്ലുകൾ അടുപ്പിച്ച് ഇറുക്കിപ്പിടിക്കൽ, പല്ലുകൊണ്ടുള്ള മുറിവ്, ദന്തക്ഷതം. കടി ഇടുക = വഴക്കിടുക, കലഹിക്കുക; 2. ചൊറിച്ചിൽ, തരിപ്പ്; 3. കണ്ണുകടി, അസൂയ; 4. പാനീയത്തിൻെറ കൂടെ കടിച്ചുതിന്നുന്നതിനായുള്ള ഭക്ഷണസാധനം (ഉപദംശം), ചായയോടോ കാപ്പിയോടോ മറ്റോ കൂടെ കഴിക്കുന്ന പലഹാരം; 5. ചതി

കടി4 [സം.കടി,-ടീ] നാ. 1. അരക്കെട്ട്, എളി, ശരീരത്തിൻെറ മധ്യഭാഗം; 2. ആനയുടെ ചെന്നിത്തടം; 3. വലിയ കടലാടി; 4. തിപ്പലി; 5. കടുകുരോഹിണി

കടിക1 [<ത.കടികൈ] നാ. താഴക്കോൽ, വെള്ളം കോരാനുള്ള പാത്രം താഴാനായി അതിൽ കെട്ടുന്ന മരക്കഷണം

കടിക2 [സം.കടികാ] നാ. = കടി, അരക്കെട്ട്

കടിക്കുക ക്രി. 1. കീഴ്പ്പല്ലും മേൽപ്പല്ലും ചേർത്ത് അമർത്തിപ്പിടിക്കുക. ഉദാ: പട്ടികടിക്കുക, പാമ്പു കടിക്കുക; 2. ഇറുക്കുക, കുത്തുക (ഉറുമ്പും മറ്റും പോലെ); 3. കടിച്ചാലെന്നപോലെ മുറിവുണ്ടാക്കുക. ഉദാ: ചെരിപ്പുകടിക്കുക. (പ്ര) കടിച്ചതുമില്ല, പിടിച്ചതുമില്ല = സ്വാധീനത്തിലിരുന്നത് എല്ലാം നഷ്ടമാകുക; കടിച്ചാൽപൊട്ടാത്ത = കടുപ്പമുള്ള, ദുർഗ്രഹമായ; കടിച്ചിടം പറിക്കുക = പിടിച്ചതുവിടാതെ കൈക്കലാക്കുക; കടിച്ചുപറിച്ച്,-പിടിച്ച് = പ്രയാസപ്പെട്ട്; പല്ലുകടിക്കുക = കോപിച്ചു പല്ലിറുമ്മുക

കടിഞ്ഞാൺ [കടി-ഞാൺ] നാ. 1. കുതിരയെ നിയന്ത്രിക്കുവാൻ അതിൻെറ വായിൽ കുറുക്കെയിടുന്ന ഇരുമ്പുകമ്പിയിൽ കെട്ടുന്ന വാറ്; 2. (ആല) നിയന്ത്രണം

കടിഞ്ഞ് അവ്യ. പ്രയാസപ്പെട്ട്

കടിഞ്ഞൂൽ [കടി-ചൂൽ] നാ. 1. ആദ്യത്തെ ഗർഭം, ആദ്യത്തെ പ്രസവം; 2. ആദ്യത്തേത് (ആദ്യഫലം, ആദ്യപുഷ്പം മുതലായവ). കടിഞ്ഞൂൽപ്പൊട്ടൻ = കടിഞ്ഞൂൽപിറന്ന മടയൻ

കടിതടം [സം.കടി-തട] നാ. അരക്കെട്ട്, നിതംബം, ഇളി

കടിത്രം [സം.-ത്ര] നാ. 'കടിയെ ത്രാണംചെയ്യുന്നത്', അരഞ്ഞാൺ

കടിപാട് [കടി-പാട്] നാ. 1. കടിപിടി, വഴക്ക്, കലഹം; 2. കടിപെട്ടപാട്,

കോൾവാകടിപിടി [കടി-പിടി] നാ. 'തമ്മിൽ കടിച്ചും പിടിച്ചുമുള്ള പോർ'', പരസ്പര മത്സരം, ശണ്ഠ, കലഹം, ലഹള

കടിപ്പ് [കടിക്കുക] നാ. 1. കടി, ചൊറിച്ചിൽ; 2. വയറുകടി (വ.മ.); 3. കാമവികാരത്തിളപ്പ്, കാമത്തരിപ്പ്

കടിഫലം [സം.കടി-ഫല] നാ. ശീമയത്തിപ്പഴം, അഞ്ജീർ

കടിയ വി. 1. കടുപ്പമുള്ള, കഠിനമായ, കൊടിയ, ഉഗ്രമായ; 2. രൂക്ഷരസമുള്ള, എരിവുകൂടിയ

കടിയൻ വി. കടിക്കുന്ന. ഉദാ: കടിയൻ പട്ടി

കടിയവൻ നാ. കടുപ്പക്കാരൻ, ക്രൂരൻ. കടിയവനു കൊടിയത് (പഴ)

കടില്ല(ക)ം [സം.കടില്ല-ക] നാ. 1. പാവൽ; 2. വെളുത്ത തഴുതാമ; 3. ചെറുതുളസി

കടിവായ് [കടി-വായ്] നാ. കടികൊണ്ടു മുറിഞ്ഞിടം, കോൾവായ്.

445

കടിവാളം നാ. കടിഞ്ഞാൺ, കടിയിരുമ്പ്

കടിശൃങ്ഖല [സം.] നാ. കിങ്ങിണികെട്ടിയ അരഞ്ഞാൺ
കടിസൂത്രം [സം.-സൂത്ര] നാ. അരഞ്ഞാൺ, അരപ്പട്ട
കടീകുഹരം [സം.-കുഹര] നാ. വസ്തിപ്രദേശം
കടീര(ക)ം [സം.കടീര-ക] നാ. 1. കടി; 2. പൃഷ്ഠഭാഗത്തുള്ള കുഴി; 3. ഗുഹ; 4. ഒരു ഔഷധം
കടു1 [കടുകുക] ധാതുരൂപം
കടു2 [കടുക്കുക] ധാതുരൂപം
കടു3 വി. 1. കടുപ്പമുള്ള, കടുത്ത, രൂക്ഷമായ, കഠിനമായ, തീക്ഷ്ണമായ, ഉഗ്രമായ. ഉദാ: കടുവെയിൽ; 2. എരിവുരസം ഉള്ള, രൂക്ഷരസമുള്ള; 3. കോപമുള്ള; 4. ചൂടുള്ള; 5. അസഹ്യമായ; 6. അനിഷ്ടമായ; 7. മൂർച്ചയുള്ള; 8. പരുപരുത്ത
കടു4 [സം.കടു] നാ. 1. എരിവ്; 2. തീക്ഷ്ണത, മൂർച്ച; 3. കടുക്, ചെങ്കടുക്; 4. കടുകുരോഹിണി; 5. ചുക്ക്; 6. തിപ്പലി; 7. കർപ്പൂരം; 8. മണിത്തക്കാളി; 9. ഞാഴൽ; 10. കൊഴിഞ്ഞിൽ
കടുക1 അവ്യ. വേഗത്തിൽ, പെട്ടെന്ന്, കടുകെ
കടുക2 [സം.കടുകാ] നാ. 1. കടുകുരോഹിണി; 2. പേച്ചൂര; 3. കൈപ്പൻകോവ; 4. ചെങ്കടുക്; 5. വെറ്റിലക്കൊടി
കടുകടാ,-കടെ [കട-കട] അവ്യ. കടുപ്പത്തോടുകൂടി, കഠിനമായി, കർക്കശമായി, പരുഷമായി, നിർദയമായി
കടുകട്ടി [കടു-കട്ടി] വി. അതികഠിനമായ, തീരെ ദുർഗ്രഹമായ
കടുകനവെ അവ്യ. കടുക, കടുകെ
കടുകന്ദം [സം.കടു-കന്ദ] നാ. 1. ഇഞ്ചി; 2. മുരിങ്ങ; 3. വെള്ളുള്ളി
കടുകഫലം [സം.] നാ. 1. തക്കോലം, കക്കോലം; 2. ലതാകസ്തൂരിക
കടുകം [സം.കടുക] നാ. 1. എരിവ്, തീക്ഷ്ണത; 2. കുരുമുളക്, മുളക്; 3. അഴിഞ്ഞിൽ; 4. എരിക്ക് (ചുവന്ന പൂവുള്ളത്); 5. കുടകപ്പാല; 6. കൈപ്പൻ പടവലം; 7. കരിങ്കടുക്
കടുകരോഹിണി [സം.] നാ. ഒരു ഔഷധച്ചെടി
കടുകവർഗം [സം.] നാ. എരിവുരസമുള്ള സാധനങ്ങൾ, ചുക്ക്, മുളക്, തിപ്പലി മുതലായവ
കടുകാലാബു [സം.-അലാബു] നാ. പേച്ചുര, ചുരങ്ങ
കടുകി [സം.കടുകീ] നാ. 1. കടുകരോഹിണി; 2. ഞാഴൽ; 3. പേച്ചൂര; 4. വെറ്റിലക്കൊടി
കടുകിക [സം.] നാ. 1. കാട്ടുപൊന്നാവീരം; 2. ചുണ്ട; 3. വേപ്പ്
കടുകിട [കടുക്-ഇട] അവ്യ. കടുകിനോളം, അൽപംപോലും
കടുകീട(ക)ം [സം.കടു-കീടക] നാ. കൊതുക്
കടുക് നാ. ഒരു ധാന്യം, പതിനെട്ടിനം ധാന്യങ്ങളിൽ ഒന്ന്. (പ്ര) കടുകളവ് = കടുകിൻ മണിയുടെ അത്ര, ഏറ്റവും കുറച്ച്
കടുകുക ക്രി. 1. തിടുക്കപ്പെടുക, വേഗം പോകുക; 2. കടുപ്പംകൂടുക, ശുഷ്കമാവുക, സമീപിക്കുക
കടുകെ അവ്യ. = കടുക, വേഗത്തിൽ. “കടുകെ നടന്നപ്പാണ്ഡുതനുജൻ” (കിരാതം.തു.)

കടുക്ക നാ. ഒരിനം വൃക്ഷത്തിൻെറ കായ്, ത്രിഫലങ്ങളിൽ ഒന്ന് (നല്ലിക്കാ, താന്നിക്ക, കടുക്ക എന്നിവ ത്രിഫലം)

കടുക്കൻ നാ. പുരുഷന്മാരുടെ ഒരു കർണാഭരണം.

കടുക്കൻപൂച്ചെടി നാ. കടുക്കൻെറ ആകൃതിയിൽ പൂവുള്ള ഒരു ചെടി, കടല(ക്ക)പ്പൂച്ചെടി, കലപ്പൂ

കടുക്കനെ [<കടുക്കുക] അവ്യ. ഉടനെ, പെട്ടെന്ന്. "പുരത്തിലങ്ങവനടുക്കുമപ്പോൾ കടുക്കനെ ചിലരകന്നുനിന്നു" (സ്യമ.തു.)

കടുക്കുക ക്രി. 1. കടുതായിത്തീരുക, തീവ്രമാകുക (രോഗം വേദന എന്നിവപോലെ) ഉദാ രോഗംകടുക്കുക, വെയിൽ കടുക്കുക; 2. ഉഗ്രമാവുക, കഠിനമാവുക; 3. കടുപ്പം വർദ്ധിക്കുക, കട്ടിയാവുക; 4. കോപിക്കുക

കടുക്വാണം [സം.കടു-ക്വാണ] നാ. 'കടുതായ ശബ്ദം ഉള്ളത്', ടിട്ടിഭം എന്ന പക്ഷി, കുളക്കോഴി

കടുഗ്രന്ഥി [സം.കടു-ഗ്രന്ഥി] നാ. 1. തിപ്പലിവേര്; 2. ചുക്ക്, കടുഗ്രന്ഥി ചതുഷ്കം = ചുക്ക് വെളുത്തുള്ളി ഇഞ്ചി തിപ്പലിവേര് എന്നീ നാലും.

കടുഗ്രന്ഥികം [സം.കടു-ഗ്രന്ഥിക] നാ. തിപ്പലിവേര്

കടുങ്കയ്യ്,-കൈ [കടും-കയ്യ്] നാ. കഠിനപ്രവൃത്തി, ക്രൂരകൃത്യം

കടുങ്കൃഷി നാ. കൂടുതൽ വിളവ് ഉണ്ടാകത്തക്കവണ്ണമുള്ള കൃഷി

കടുചാതുർജാതകം [സം.] നാ. ഏലം എലവർങ്ങം പച്ചമുളക് കുരുമുളക് ഇവനാലും

കടുച്ഛദ [സം.-ഛദ] നാ. 1. തകര; 2. നത്യാർവട്ടം

കടുത [സം.കടു-താ]നാ. കടുപ്പം, ഉഗ്രത

കടുതൽ നാ. കൊള്ള, മോഷണം, പിടിച്ചുപറി

കടുതലർ [കടുതല്-അർ] നാ. (ബ.വ.) 1. കൊള്ളചെയ്യുന്നവർ, കള്ളന്മാർ; 2. ശത്രുക്കൾ

കടുതാശ്,-ശി [പോർ.] നാ. 1. = കടലാസ്; 2. പ്രമാണം, രേഖ

കടുതി നാ. 1. സങ്കടം, വരുത്തം; 2. സുഖക്കേട്, രോഗം

കടുതിക്ത [സം.കടു-തിക്താ] നാ. 'വളരെ കയ്പ്പുള്ളത്', പേച്ചുര

കടുതിക്തകം [സം.] നാ. 1. = കടുതിക്തം; 2. ചണ

കടുതിക്തം [സം.] നാ. നിലവേപ്പ്

കടുത് നാ. കടുപ്പമുള്ളത്, കടുത്തത്, കാഠിന്യമുള്ളത്

കടുതണ്ഡി(ക) നാ. 1. കൈപ്പൻകോവ; 2. പേച്ചുര

കടുതുംബി [സം.] നാ. പേച്ചുര

കടുത്ത [കടുക്കുക] വി. (ഭൂ.പേരെച്ചം) 1. വർധിച്ച, കട്ടിയായ, കഠിനമായ, ഉഗ്രമായ, കൂടുതലായ. ഉദാ: കടുത്തകോപം, കടുത്തപനി; 2. അസഹ്യമായ, അസുഖകരമായ, നിർദയമായ

കടുത്തല,-ത്തില നാ. വളഞ്ഞവായ്ത്തലയുള്ള വാൾ

കടുത്തുമ്പ [കടു-തുമ്പ] നാ. ചൊറിയണം, കൊടിത്തൂവ

കടുത്രയം,-ത്രികം നാ. കടുരസമുള്ള മൂന്ന്, ത്രികടു (ചുക്ക് മുളക് തിപ്പലി ഈമൂന്നും)

കടുദ്വയം [സം.കടു-ദ്വയ] നാ. 'എരിവുള്ള രണ്ടെണ്ണം', കുരുമുളകും തിപ്പലിയും

കടുനിണം [കടു-നിണം] നാ. കടും ചോര, ചെഞ്ചോര
കടുന്തുടി [കടും-തുടി] നാ. 1. ഇരുമുഖവും വൃത്താകൃതിയിൽ പരന്ന് നടുഭാഗം ഒതുങ്ങിയിട്ടുള്ള ഒരു വാദ്യോപകരണം, ഇടയ്ക്ക, നൃത്തംചെയ്യുമ്പോൾ ശിവൻ ഈ വാദ്യം മുഴക്കുന്നുവെന്നു പുരാണസങ്കൽപം; 2. കുട്ടികളുടെ ഒരു തരം കളി; 3. എറിയാനുള്ള ഒരു ആയുധം. കടുന്തുടിയേറ്റ് = കടുന്തുടി എന്ന ആയുധംകൊണ്ടുള്ള പ്രയോഗം
കടുന്തൂക്ക്,-തൂക്കം നാ. കിഴുക്കാംതൂക്കായിട്ടുള്ള സ്ഥലം, വളരെയധികം ചരിഞ്ഞുകിടക്കുന്ന സ്ഥലം
കടുപത്ര(ക)ം [സം.കടു-പത്രക] നാ. വെളുത്ത ചെറുതുളസി
കടുപത്രിക [സം.-പത്രികാ] നാ. ഒരിനം മുൾച്ചെടി, കാര
കടുപർണി(ക) [സം.-പർണീ] നാ. ഒരിനം ചെടി, മലയൊരുമ, എരുമക്കള്ളി
കടുപ്പം നാ. 1. കൂടുതലായിരിക്കുന്ന അവസ്ഥ, അമർത്തിയാൽ പതുങ്ങാതെ ഉറപ്പായിരിക്കുന്ന അവസ്ഥ. ഉദാ: കല്ലിൻെറ കടുപ്പം; 2. കാഠിന്യം, ഉഗ്രത, കാർക്കശ്യം, അസഹ്യമായ സ്ഥിതി; 3. നിർദയത്വം, വാക്കിലോ പെരുമാറ്റത്തിലോ യാതൊരു അലിവുമില്ലായ്മ; 4. ഗുണാധിക്യമുള്ള സ്ഥിതി (ചിലപദാർഥങ്ങൾക്ക്); 5. പ്രയാസം, ഉദാ: പരീക്ഷയുടെ കടുപ്പം. കടുപ്പക്കാരൻ = കഠിനഹൃദയൻ, കടുങ്കൈ പ്രവർത്തിക്കുന്നവൻ, നിർദയൻ.
കടുപ്പിക്കുക ക്രി. 1. കടുപ്പം ഉള്ളതാക്കുക; 2. രൂക്ഷമാക്കുക
കടുപ്പ് [കടുക്കുക] നാ. 1. വേദന; 2. ചെത്തുതൊഴിലാളികളുടെ ഒരു ഉപകരണം, അക്കാനിയെടുക്കാൻ പനങ്കൂമ്പു ഞെക്കാനുള്ള കോൽ; 3. പയറുമുതലായവ നടുന്നതിന് മണ്ണുമാടി ഉണ്ടാക്കുന്ന തിട്ട; 4. കടുരസം
കടുഫല [സം.-ഫലാ] നാ. 1. കൈപ്പൻ പടവലം (എണ്ണപ്പടവലം); 2. പേച്ചുര; 3. പുളിഞ്ചി
കടുഫലം [സം.-ഫല] നാ. 1. തക്കോലം; 2. കുമ്പിൾ (കുമിൾ) മരം; 3. കൂവളത്തിൻ കായ്
കടുബീജ നാ. തിപ്പലി
കടുബീജിക [സം.-ബീജികാ] നാ. ഉലുവ
കടും [<കടുക്കുക] വി. 'കടു' എന്നതിനോടു സന്ധികാര്യമായി അനുനാസികം ചേർന്നരൂപം. 1. കടുത്ത, കഠിനമായ, കട്ടിയായ, ഉറപ്പേറിയ. ഉദാ: കടും നിറം; 2. ഭയങ്കരമായ, ഉഗ്രമായ, തീക്ഷ്ണമായ. ഉദാ: കടുങ്കൈ, കടുങ്കൊല
കടുംഭര [സം.-ഭര] നാ. കടുകുരോഹിണി
കടുമ നാ. 1. കടുവായിരിക്കുന്ന സ്ഥിതി, കടുപ്പം, കഠിനത, ഉഗ്രത, രൂക്ഷഭാവം; 2. ഉൾക്കരുത്ത്, മനസ്സിൻെറ ഉറപ്പ്
കടുമഞ്ജരിക [സം.] നാ. വലിയ കടലാടി
കടുമൻ നാ. കഠിനൻ, ദുഷ്ടൻ, നിർദയൻ
കടുമാനം [സം.-മാന] നാ. ആഭരണത്തിൽ രത്നം അമിഴ്ത്തുമ്പോൾ ആ രത്നം ഉറപ്പിച്ചുനിറുത്തുവാൻ തകിടുകൊണ്ടോ മറ്റോ ഉണ്ടാക്കുന്ന പുറക്കെട്ട്
കടുമൂലം [സം.-മൂല] നാ. തിപ്പലിവേര്
കടുമോദം [സം.-മോദ] നാ. പച്ചപ്പുഴുക്, പുതിയ വെരുകിൻ പുഴു
കടുമ്പിടി [കടും-പിടി] നാ. വാശി, നിർബന്ധം, ദുശ്ശാഠ്യം, വിട്ടുവീഴ്ചകൂടാത്ത അവകാശവാദം

കടുമ്പിരി [കടും-പിരി] നാ. = കൊടുമ്പിരി. കടുംപിരി കയർ അറക്കും (പഴ)
കടുരം [സം.കടുര] നാ. മോര്
കടുരവം [സം.കടു-രവ] നാ. 1. കഠിനമായ ശബ്ദം, കർക്കശ ശബ്ദം; 2. തവള
കടുരസം [സം.-രസ] നാ. 1. എരിവ്; 2. വരിയങ്കക്കരി
കടുരോഹിണി [സം.] നാ. കടുകുരോഹിണി
കടുവ(വാ) [കടു-വായ്] നാ. 1. ഒരു വന്യമൃഗം, വ്യാഘ്രം (നരി എന്നു മലബാർ പ്രദേശത്ത്); 2. (ആല) കടുവായെപ്പോലെ പരാക്രമശാലിയും ക്രൂരനുമായ മനുഷ്യൻ. കടുവാക്കൂട്ടിൽ തലയിടരുത് (പഴ)
കടുവൻ നാ. 1. ആൺപൂച്ച; 2. കുരങ്ങ്, പന്നി എന്നീ വർഗത്തിലെ ആണിനം
കടുവർഗം [സം.] നാ. 'എരിവുള്ളവ', തിപ്പലി, കുരുമുളക്, ചുക്ക്, ജീരകം മുതലായവ
കടുവാക്ക് [സം.] നാ. കടുത്തവാക്ക്, പരുഷമായ വാക്ക്, നിർദയമായ സംസാരം
കടുശർക്കര [സം.] നാ. 1. ദേവവിഗ്രഹം വാർക്കുന്നതിനുള്ള ഒരു പ്രത്യേകതരം കൂട്ട്; 2. ചുണ്ണാമ്പ്; 3. പരൽ (കല്ല്)
കടുസ്നേഹം [സം.] നാ. 'രൂക്ഷമായ എണ്ണയുള്ളത്', വെൺകടുക്
കടുക്തി [സം.-ഉക്തി] നാ. പരുഷവാക്ക്, നിർദയമായ സംസാരം
കടൂടങ്കം [സം.] നാ. ചുക്ക്
കടൂത്കടം [സം.] നാ. 1. ഇഞ്ചി; 2. ചുക്ക്; 3. മഞ്ഞൾ
കടൂഷണം [സം.] നാ. തിപ്പലി, തിപ്പലി വേര്', ചുക്ക് എന്നീമൂന്നിൻെറയും യോഗം
കട്ട1 [സം.കാഷ്ഠ] നാ. 1. തടിക്കഷണം; 2. കട്ടിപിടിച്ച സാധനം, കട്ടയായ സാധനം, ഏതെങ്കിലും ദ്രവസാധനം ഉറഞ്ഞു ഘനീഭവിച്ചത്, കട്ടിയുള്ള സാധനത്തിൻെറ ഒരു കഷണം. ഉദാ: മഞ്ഞുകട്ട, ചെളിക്കട്ട. (പ്ര) കട്ടകുത്തുക = കട്ടകുത്തി വരമ്പ് ഉണ്ടാക്കുക; 3. കുഴച്ച മണ്ണോ ചെളിയോ പ്രത്യേകരൂപത്തിൽ അറുത്ത് ഉണക്കിയെടുത്തത് (ഭിത്തികെട്ടുവാനും മറ്റുമായി); 4. തട്ട്, വേദി; 5. മെതിയടി, മരംകൊണ്ടുള്ള പാദരക്ഷ; 6. മുളയരി; 7. തടിയിൽ വരകൾ ഇടുവാൻ ആശാരിമാർ ഉപയോഗിക്കുന്ന ഒരു ഉപകരണം (ത.മ.); 8. ആഭരണങ്ങളിൽ മൊട്ടുപോലെയോ തട്ടുപോലെയോ കനത്തുതടിച്ച ഭാഗം. ഉദാ: കട്ടവച്ച മോതിരം; 9. പിരിയാണികയറ്റി ഉറപ്പിക്കുന്നതിനു പിരിയിട്ട ദ്വാരത്തോടുകൂടിയ മൊട്ട്; 10. ഹാർമോണിയത്തിൽ വിരൽകൊണ്ട് അമർത്തി ശബ്ദം പുറപ്പെടുവിക്കുന്നതിനുള്ളത്; 11. മീൻ വലയുടെ കയറിൽ ഇടയ്ക്കിടെ കെട്ടിയിടുന്ന മരക്കഷണം
കട്ട2 വി. 1. ഉറഞ്ഞുകട്ടിയായിട്ടുള്ള, കൂടിയുറച്ച. ഉദാ: കട്ടത്തൈര്, കട്ടച്ചുണ്ണാമ്പ്; 2. പൊക്കം കുറഞ്ഞ, മുണ്ടനായ, ചെറിയ. താരത. കട്ടയാൻ. കട്ടവിരൽ = തള്ളവിരൽ
കട്ടക്കാണം [കട്ട-കാണം] നാ. 1. കൊഴു അവകാശം, കൃഷിക്കു നിലം വാങ്ങുമ്പോൾ കർഷകൻ ഉടമസ്ഥനു മുൻപേറുകൊടുക്കുന്ന പാട്ടം, മൂപ്പപ്പണം; 2. പ്രേതം ചിതയിൽ വയ്ക്കുമ്പോൾ സ്ഥലമുടമസ്ഥനു ന;ൽകുന്ന പണം

കട്ടക്കുരുന്ന് [കട്ട2–കുരുന്ന്] നാ. വാഴയിൽ ഏറ്റവും അവസാനമായി വരുന്ന ചെറിയ ഇല, കുലവരുന്നതിനു തൊട്ടുമുമ്പുള്ളത്, ഈറ്റില, കുറ്റില, കുറുനാമ്പ്
കട്ടക്കൊടുവടി നാ. നിലങ്ങളിൽ പൂട്ടുകഴിഞ്ഞു കട്ടകൾ തട്ടിയുടയ്ക്കുന്നതിനു മരംകൊണ്ട് ഉണ്ടാക്കിയിട്ടുള്ള ഒരു കാർഷികോപകരണം, കട്ടതല്ലി, കട്ടക്കോൽ, കട്ടക്കുട്ടി
കട്ടക്കോൽ,തല്ലി നാ. 1. = കട്ടക്കൊടുവടി; 2. മരത്തൊട്ടി; 3. കോരുവല ചൂളിപ്പോകാതിരിപ്പാൻ അതിൻെറ വിളുമ്പുകൾ തമ്മിൽ അകറ്റിനിറുത്തുന്നതിനു വലയത്തിൽ ചേർത്തുകെട്ടുന്ന കമ്പ്.
447
കട്ടങ്ങം നാ. കാളയുടെയും മറ്റും കഴുത്തിൽ കെട്ടുന്ന വള്ളി വളയം
കട്ടച്ചി നാ. കട്ടയായ സ്ത്രീ, പൊക്കം കുറഞ്ഞ സ്ത്രീ (പും.ലി.) കട്ടയാൻ
കട്ടണം നാ. പ്രേതമഞ്ചം, ശവപ്പെട്ടി
കട്ടതല്ലി [കട്ട–തല്ലി] നാ. = കട്ടക്കോൽ
കട്ടത്തടി [കട്ട–തടി] നാ. മണ്ണുകൊണ്ടു കട്ട (പച്ച ഇഷ്ടിക) ഉണ്ടാക്കാനുള്ള അച്ച്
കട്ടൻ വി. 1. കട്ടുള്ള, കമർപ്പുള്ള. ഉദാ: കട്ടൻ മരിച്ചീനി; 2. കടുപ്പം കൂടിയ, പാലുചേർക്കാത്ത. ഉദാ: കട്ടൻ കാപ്പി, കട്ടൻ ചായ ഇവയിലെന്നപോലെ; 3. ഉറച്ച; 4. പഴുക്കാത്ത, പച്ചയായ
കട്ടപ്പാര [കട്ട–പാര] നാ. 1. നിലങ്ങളിൽനിന്നു കട്ടകുത്തിയെടുക്കാനുള്ള പാര; 2. പൂവൻകോഴിയുടെ കാലിൻെറ പിൻവശത്തു നീണ്ടുനിൽക്കുന്ന കട്ടിമുള്ള്, കട്ടുമുള്ള്
കട്ടമരം [കട്ട–മരം] നാ. = കട്ടുമരം, ചാളത്തടി, കടലിൽ നിന്നു മീൻപിടിക്കുന്നതിനു മരത്തടികൾ കൂട്ടിക്കെട്ടി നിർമിക്കുന്ന ചങ്ങാടം
കട്ടമുറുക്കി [കട്ട–മുറുക്കി] നാ. കട്ടയും പിരിയും ഉപയോഗിക്കുമ്പോൾ കട്ടമുറുക്കാനുള്ള ഒരു ഉപകരണം
കട്ടയ്ക്കുക [<കട്ട] ക്രി. 1. കട്ടയായിത്തീരുക, ഘനീഭവിക്കുക; 2. ഒട്ടിച്ചേർന്ന് ഒന്നാവുക
കട്ടവണ്ടി [കട്ട–വണ്ടി] നാ. ചക്കടാവണ്ടി, കാളവണ്ടി
കട്ടള,കട്ടിള നാ. 1. വാതിലിൻെറ ചട്ടം, കതകു പലകകൾ ഘടിപ്പിക്കുന്ന ചട്ടക്കൂട്; 2. നിബന്ധന, ആജ്ഞ, കൽപന, ഉത്തരവ്; 3. അളവ്, തൂക്കം, തൂക്കാനുള്ള പടി, കട്ടി; 4. ക്ഷേത്രത്തിൽ പ്രത്യേക വഴിപാടിനോ ആവശ്യങ്ങൾക്കോ വേണ്ടി കൊടുത്തിട്ടുള്ള നിക്ഷേപധനം; 5. വ്യവസ്ഥാനുസൃതമായ ചെലവ്
കട്ടളബ്രഹ്മദേയം നാ. പണ്ടാരവകയിൽ ഉൾപ്പെട്ട ഒരു വസ്തു അനുഭവക്രമം
കട്ടാക്കുട്ടി നാ. 1. വീട്ടിലെ ജ്ങ്ഗമസാധനങ്ങൾ, തട്ടുമുട്ടു സാധനങ്ങൾ, അല്ലറചില്ലറ സാമാനങ്ങൾ, വീട്ടുസാമാനങ്ങൾ; 2. രഹസ്യവേഴ്ച, സ്നേഹിച്ചുള്ള കൂട്ടുകെട്ട്
കട്ടായം1 നാ. കണിശം, നീക്കുപോക്കില്ലായ്മ, ഉറപ്പ് (അവ്യയമായിട്ടും പ്രയോഗം)

കട്ടായം2 നാ. കല്ല് കുറുകെ വച്ചുകെട്ടിപ്പണിയുന്ന രീതി. >< നെട്ടായം

കട്ടാര,-രം,-രി നാ. കഠാരി

കട്ടാരി നാ. 1. കഠാരി, ചൊട്ട; 2. ഒരിനം മരപ്പാത്രം

കട്ടി നാ. 1. കടുപ്പം, ഉറപ്പ്, ബലം. ഉദാ: മുണ്ടിൻെറ കട്ടി, മരപ്പട്ടയുടെ കട്ടി; 3. ഭാരം, സാന്ദ്രത; 4. തുലാസ്സിൽ തൂക്കുന്നതിന് ഉപയോഗിക്കുന്ന പടി, ലോഹക്കഷണം. ഉദാ: പത്തുകിലോ കട്ടി, തുലാസ്സും കട്ടിയും; 5. സ്വർണം വെള്ളി മുതലായവയുടെ കട്ട. ഉദാ: സ്വർണക്കട്ടി; 6. ദ്രവസാധനങ്ങൾ ഉറഞ്ഞു കട്ടപിടിച്ചത്. ഉദാ: പാൽക്കട്ടി, കരിപ്പുകട്ടി; 7. മാംസപേശികൾക്കു നീരുവന്നു കനക്കുന്നത്, പ്ലീഹ സംബന്ധമായ ഒരു രോഗം; 8. അടിയിലുടുക്കുന്ന കട്ടിമുണ്ട്. ഉദാ: കട്ടിയും കവണിയും. വി. 1. കാഠിന്യമുള്ള, ബലമുള്ള, കടുപ്പമുള്ള; 2. കനത്ത, ഉറപ്പും വണ്ണവുമുള്ള; 3. ഭാരമുള്ള. ഉദാ: കട്ടിച്ചുമട്

കട്ടിക്കാപ്പ് [കട്ടി-കാപ്പ്] നാ. അകമ്പൊള്ളയല്ലാതെ കനത്തിൽ നിർമിച്ചിട്ടുള്ള സ്വർണക്കാപ്പ്

കട്ടിക്കാരൻ നാ. 1. മിടുക്കൻ, സമർഥൻ, മനക്കട്ടിയും ശേഷിയും ഉള്ള ആൾ; 2. വിദൂഷകൻ; 3. ഭീരു

കട്ടിക്കുക ക്രി. കടുക്കുക, കഠിനമാവുക, കടുപ്പം കൂടുക. ഉദാ: രോഗം കട്ടിക്കുക, കട്ടിച്ച കോപം

കട്ടിത്തരം [കട്ടി-തരം] നാ. കട്ടിയുള്ള തുണി

കട്ടിപ്പ് നാ. തട്ടിപ്പ്, വ്യാജം, വഞ്ചന

കട്ടിയം നാ. 1. സാമർഥ്യം; 2. പ്രശസ്തിഗാനം, സ്തുതിഗീതം, ക്ഷേത്രങ്ങളിൽ ആലപിക്കുന്ന ദേവപ്രശസ്തി; 3. വിദൂഷകത്വം; 4. ഭീരുത്വം

കട്ടിയാവ്,കട്യാവ് നാ. ഒരുവക ചെമന്ന ശീല (തുണി)

കട്ടിൽ നാ. വിശ്രമിക്കാനോ ഉറങ്ങാനോ കയറിക്കിടക്കാൻ വേണ്ടി ഏതാണ്ട് അരമീറ്റർ പൊക്കമുള്ള നാലുകാലുകളിൽ ദീർഘചതുരാകൃതിയിൽ ഉണ്ടാക്കുന്ന മഞ്ചം. കട്ടിലേറ്റം = നായർപ്രഭുകുടുംബങ്ങളിലെ സംബന്ധം

കട്ടില നാ. = കട്ടിള, കട്ടള. ചേരമാൻകട്ടില = വളർപട്ടണം കോട്ടയിലെ ഒരു വാതിൽ

കട്ടിള നാ. = കട്ടള

കട്ടിളപ്പടി നാ. വാതിൽച്ചട്ടത്തിൻെറ മുകളിലത്തെ അറ്റത്തും താഴത്തെ അറ്റത്തും ഉള്ള കുറുപടി, ഉമ്മറപ്പടി

കട്ട് നാ. മരിച്ചീനിയിലും മറ്റുമുള്ള വിഷാംശം

കട്ടു [കൾക്കുക] ക്രി. (ഭൂ.രൂപം) മോഷ്ടിച്ചു

കട്ടുക്കാലി [കട്ട്-കാലി] നാ. ഒന്നുപ്രസവിച്ചിട്ടും വന്ധ്യയായിത്തീർന്നവൾ, കാകവന്ധ്യ

കട്ടുമരം,കെട്ടു- നാ. ചങ്ങാടം

കട്ടുമുള്ള് നാ. പൂവൻകോഴിയുടെ കാലിൻെറ പുറകുവശത്തു കാണുന്ന നീണ്ട കട്ടിമുള്ള്

കട്ടുവം നാ. സ്ത്രീകൾ കാലിൻെറ വിരലിൽ അണിയുന്ന ഒരു ആഭരണം, പീലി എന്നും പേര്

കട്ടുളച്ചാത്തൻ നാ. മലമുഴക്കി, കൊമ്പൻ വേഴാമ്പൽ, മരവിത്തലച്ചി

കട്ടുറുമ്പ് നാ. കറുത്ത നിറത്തിലുള്ള ഒരുതരം വലിയ ഉറുമ്പ് (പ്ര) സ്വർഗത്തിൽ കട്ടുറുമ്പ് = സുഖസ്ഥിതിയിൽ അൽപമായ അസുഖാംശം നൽകുന്നവൻ

കട്ടോടം [കെട്ട്-ഓടം] കെട്ടുവള്ളം. നാ. മരവി, മരത്തൊട്ടി

കട്ടോൽ [<കട്ടക്കാൽ] നാ. പാടങ്ങളോടോ ജലാശയങ്ങളോടോ ചേർന്നുകിടക്കുന്ന താഴ്ന്ന പുരയിടം. ഉദാ: കട്ടോൽ കോരുക,-പിടിക്കുക,-വാരുക = പറമ്പിൽ വയലിനോടുതൊട്ടുകിടക്കുന്ന ഭാഗത്തിനു വരമ്പ് ഉറപ്പിക്കുക

കട്ഫല നാ. 1. വെളുത്ത ചെറുവെള്ളരി; 2. മണിത്തക്കാളി; 3. ചെറുവഴുതിന; 4. ദേവതാളി (ദേവതാളം); 5. കുമിഴ്, കുമ്പിൾ

കട്ഫലം [സം.കട്-ഫല] നാ. 1. ചെറുകുമിഴ്; 2. കുമ്പിൾ, കുമിഴ്; 3. തേക്ക്

കട്യ [സം.] നാ. പുറം, പിൻചശം

കട്യാലം [സം.] നാ. കുമ്പിൾ: വൃക്ഷം

കട്ലറ്റ് [ഇം.] നാ. മാംസംകൊണ്ടുള്ള ഒരു ഭക്ഷ്യപദാർഥം. സസ്യപദാർഥങ്ങൾകൊണ്ടും കട്ലറ്റ് ഉണ്ടാക്കാറുണ്ട്

കഠ്ളങ്ഗം [സംകഠ്ളങ്ഗ] നാ. 1. പലകപ്പയ്യാനി; 2. പെരുമരം

കഠ്ളരം [സം.കഠ്ളര] നാ. മോര്

കഠ്ളി [സം.കഠ്ളി] നാ. 1. കടുകുരോഹിണി; 2. എരിവള്ളി; 3. പലകപ്പയ്യാനി

കഠം [സം.കഠ] നാ. 1. കൃഷ്ണയജുർചേദത്തിൻെറ ഒരു ശാഖ; 2. കഠോപനിഷത്ത്

കഠമർദൻ [സം.-മർദ] നാ. ശിവൻ

കഠര [സം.കഠര] വി. കഠിനമായ, വഴങ്ങാത്ത, കർക്കശമായ

കഠല്യം,-ല്ലം [സം.കഠല്യ] നാ. ചരൽ

കഠാര,-രം,-രി നാ. = കട്ടാര (കുത്തുവാൻ ഉപയോഗിക്കുന്ന ഒരുതരം നീണ്ട കത്തി)

കഠാഹകം [സം.കഠാഹക] നാ. 1. നീർക്കോഴി; 2. നത്ത്

കഠി [സം.കഠീ] നാ. 1. കഠൻെറ ശിഷ്യ; 2. യജുർവേദത്തിൻെറ ഒരു ശാഖ

കഠിക [സം.കഠികാ] നാ. ചോക്ക്, എഴുത്തുകല്ല്

കഠിഞ്ജരം [സം.കഠിഞ്ജര] നാ. ചെറുതുളസി

കഠിന1 [സം.] വി. 1. കടുപ്പമുള്ള, ഉറപ്പുള്ള, അയവില്ലാത്ത; 2. ദയയില്ലാത്ത. ഉദാ: കഠിനഹൃദയൻ; 3. തീവ്രമായ, വർധിച്ച, ദുസ്സഹമായ. ഉദാ: കഠിനരോഗം, കഠിനശിക്ഷ; 4. പരുപരുത്ത, കർക്കശമായ; 5. പ്രയാസമുള്ള

കഠിന2 [സം.കഠിനാ] നാ. 1. ഒരുതരം കാവിമണ്ണ്, സുവർണഗൈരികം; 2. കൽക്കണ്ടം; 3. ഒരു മധുരപലഹാരം; 4. കാട്ടത്തി, പേയത്തി, തേരകം; 5. ഒരുതരം വെറ്റില; 6. എഴുത്തുകല്ല്

കഠിനകം [സം.കഠിനക] നാ. 1. ആമ, കഠിനപൃഷ്ഠം; 2. തുമ്പ

കഠിനകോഷ്ഠം [സം.] നാ. വിരേചനത്തിന് ഔഷധം കഴിച്ചാലും മലമിളകാത്ത വയറ്

കഠിനത [സം.-താ] നാ. കാഠിന്യം, ഉറപ്പ്, തീവ്രത

കഠിനതടവ് [സം.-മ.] നാ. കർശനനിയമങ്ങൾക്കു വിധേയവും ഗൗരവമേറിയ കുറ്റങ്ങൾക്കു നൽകപ്പെടുന്നതുമായ തടവുശിക്ഷ

കഠിനം [സം.കഠിന] നാ. 1. വരക്; 2. കുറ്റിക്കാട്; 3. ഒരു രചനാരീതി >< ലളിതം

കഠിനി(ക) [സം.കഠിനീ] നാ. 1. കൽച്ചുണ്ണാമ്പ്, എഴുത്തുകല്ല്, ചോക്ക്; 2. ചെറുവിരൽ

കഠിനീഭൂത [സം.] വി. കട്ടിയായിത്തീർന്ന, കഠിനമായിത്തീർന്ന

കഠേരൻ [സം.] നാ. ദാരിദ്ര്യപീഡ അനുഭവിക്കുന്നവൻ, ദരിദ്രൻ, പാളര്

കഠോപനിഷത്ത് [സം.-ഉപനിഷത്ത്] നാ. ദശോപനിഷത്തുകളിൽ ഒന്ന്

കഠോര,-ല [സം.] വി. 1. കടുപ്പമുള്ള, ഉറപ്പുള്ള, അയവില്ലാത്ത; 2. ക്രൂരമായ, നിർദയമായ; 3. കഠിനമായ, ഉഗ്രമായ, അസഹ്യമായ

കഠോരഗർഭ [സം.-ഗർഭാ] നാ. പൂർണഗർഭിണി, മാസം തികഞ്ഞവൾ

കഡ [സം.] വി. 1. ഊമയായ, നാക്കെടുക്കാനാവാത്ത; 2. മൂഢനായ, അറിപില്ലാത്ത

കഡകം [സം.കഡക] നാ. കടലുപ്പ്, കടൽവെള്ളം വറ്റിച്ചെടുക്കുന്ന ഉപ്പ്

കഡങ്കരം [സം.] നാ. 1. വയ്ക്കോൽ; 2. പയരുവർഗച്ചെടികളുടെ തണ്ട്, (മൃഗങ്ങൾക്കു തീറ്റയ്ക്കായി കൊടുക്കുന്നത്)

കഡങ്കരീയം [സം.-കരീയ] നാ. വയ്ക്കോൽതിന്നു ജീവിക്കുന്ന മൃഗം, കന്നുകാലി

കഡങ്ഗം [സം.] നാ. ഒരുതരം മദ്യം

കഡത്രം [സം.കഡത്രാ] നാ. 1. കളത്രം; 2. ഒരുതരം പാത്രം; 3. കടിപ്രദേശം

കഡംബം1 [സം.] നാ. 1. വശളച്ചീര; 2. അറ്റം, മുന

കഡംബം2 [സം.] നാ. തണ്ട് (ചീരയുടെയും മറ്റും)

കഡാര [സം.] വി. 1. കുരാൽനിറമുള്ള; 2. അഹങ്കാരമുള്ള, ധിക്കാരമുള്ള

കഡാരൻ [സം.] നാ. 1. ഭൃത്യൻ, അടിമ; 2. കുരാൽനിറം

കഡാരം [സം.] നാ. 1. ഗോരോചനത്തിൻെറ നിറം, പിങ്ഗലവർണം; 2. ഒരുതരം ഇരുമ്പ്

കഡിതുലം [സം.] നാ. 1. വളഞ്ഞ ഒരുതരം വാൾ; 2. യാഗത്തിന് ഉപയോഗിക്കുന്ന കത്തി; 3. കഠാരി

കൺ നാ. = കണ്ണ്

കൺകടി [കണ്ണ്-കടി] നാ. അസൂയ

കൺകളി [കന്ന്-കളി] നാ. കടാക്ഷം

കൺകാണം നാ. =കങ്കാണം

കൺകുരു നാ. കൺപോളയിലുണ്ടാകുന്ന ചെറിയ പരു

കൺകുളിർക്കുക ക്രി. അണ്ണിന് ആനന്ദം ഉണ്ടാകുക. കൺകുളിർക്കെ (അവ്യ) = കണ്ണിന് ആനന്ദം ഉണ്ടാകത്തക്കവിധം

കൺകുഴി നാ. കണ്ണിൻെറ കുഴി

കൺകൂലി നാ. 1. കാണാതെപോയ സാധനം കണ്ടെടുക്കുന്നതിനുള്ള കൂലി; 2. ചിട്ടിത്തലയാളിൻെറ കമ്മീഷൻ

കൺകെട്ട് നാ. കണ്ണ് മൂടിക്കെട്ടൽ; 2. കണ്ണിന് ഭ്രമമുണ്ടാക്കി ഇല്ലാത്തത് ഉണ്ടെന്നുതോന്നിക്കൽ, ജാലവിദ്യ

കൺകോൺ നാ. കടക്കണ്ണ്

കൺമണി [കൺ–മണി] നാ. 1. നേത്രഗോളം; 2. കണ്ണിൻെറ കൃഷ്ണമണി; 3. ഏറ്റവും പ്രിയപ്പെട്ട ആൾ

കൺമതി [കൺ–മതി] നാ. നോട്ടംകൊണ്ടുള്ള മതിപ്പ്

കണ1 നാ. 1. കുട്ടികൾക്കുണ്ടാകുന്ന ഒരു രോഗം (റിക്കറ്റ്); 2. ഇല്ലിക്കമ്പ്; 3. അമ്പ്, ശരം; 4. പിടി. ഉദാ: തവിക്കണ; 5. നിറവ്; 6. പൂരം നക്ഷത്രം; 7. ചക്കിൽ ഉപയോഗിക്കുന്ന ഉരുണ്ട തടി; 8. കുറ്റി; 9. ചക്കയുടെ അല്ലി; 10. മടിക്കുത്ത്; 11. ആനയുടെ ശിശ്നം; 12. വിരലിൻെറയും മറ്റും സന്ധി

കണ2 [സം.കണാ] നാ. 1. ഒരുതരം ഈച്ച; 2. തിപ്പലി (എരിവുള്ളത്); 3. വെളുത്ത ജീരകം

കണക്കധികാരം [മ.–സം.] നാ. കണക്കുപഠിപ്പിക്കാൻ കേരളത്തിൽ നിലവിലിരുന്ന ഒരു പാഠപുസ്തകം

കണക്കൻ [കണക്ക്–അൻ] നാ. 1. കണക്കുപഠിച്ചവൻ; 2. തെങ്ങുകയറ്റം തൊഴിലയുള്ള ഒരു ജാതി.

കണക്കപ്പിള്ള [കണക്കൻ–പിള്ള] നാ. കണക്കെഴുത്തുകാരൻ

കണക്കറ്റ [കണക്ക്–അറ്റ] വി. കണക്കില്ലാത്ത, അളവറ്റ, വളരെയധികം

449

കണക്ക്1 [സം.] നാ. 1. എണ്ണം, സങ്ഖ്യ; 2. കണക്കധികാരപുസ്തകം; 3. വരവുചെലവുവിവരണപുസ്തകം; 4. കണക്കെഴുത്തുകാരൻെറ ഉദ്യോഗം; 5. തിരുവിതാങ്കൂറിൽ നായന്മാർക്കും വെള്ളാളന്മാർക്കും നൽകിവന്ന ഒരു സ്ഥാനപ്പേര്; 6. എഴുത്ത്; 7. കാര്യം; 8. അവസ്ഥ; 9. അവസാനം. (പ്ര) കണക്കുപറയുക = അവകാശം പറഞ്ഞു തീർക്കുക; കണക്കുപറയിക്കുക = ഉത്തരം പറയിക്കുക. കണക്കാക്കുക = വകവയ്ക്കുക, ഗണിക്കുക. കണക്കിന്, കണക്കിൽ = ശരിക്ക്, വേണ്ടപോലെ, മതിയാംവണ്ണം

കണക്ക്2 വി. 1. കൊള്ളാവുന്ന; 2. തുല്യമായ

കണക്കുസാരം നാ. കണക്കുവിഷയത്തിൽ കേരളത്തിലുണ്ടായ ഒരു പഴയ ഗ്രന്ഥം

കണക്കെ അവ്യ. പോലെ, അതേവിധത്തിൽ

കണങ്കാൽ നാ. മുഴങ്കാൽ

കണങ്കൈ [കണ1–കൈ] നാ. കൈയുടെ പത്തിക്കുമേൽ മുട്ടിനുതാഴെയുള്ള ഭാഗം

കണജീർണ [സം.–ജീർണാ] നാ. വെളുത്തജീരകം

കണജീരകം [സം.–ജീരക] നാ. ചെറുജീരകം, വെളുത്തജീരകം

കണഞ്ജരം [സം.] നാ. കാട്ടുജീരകം

കണത്താർ [<സം.ഗണ] നാ. ഗണക്കാർ, ഊരാളർ

കണപം [സം.] നാ. 1. കുന്തം, ഉടക്കുളി; 2. ലോഹസ്തംഭം

കണപ്പ് നാ. ചതുരശ്രത്തിൻെറ കോൺ, സമകോൺ.

കണപ്പുമട്ടം = സമകോണചതുരശ്രം

കണപ്പുല്ല് [കണ1–പുല്ല്] നാ. 1. നല്ലകൂണ്; 2. ഒട്ടിപ്പിടിക്കുന്ന ഒരുതരം പുല്ല്

കണഭക്ഷകൻ [സം.–ഭക്ഷക] നാ. 'കണത്തെ ഭക്ഷിക്കുന്നവൻ', കണാദൻ

കണഭം [സം.കണ–ഭ] നാ. (കുത്തുന്ന) ഒരുതരം ഈച്ച

കണം1 [സം.] നാ. 1. തുള്ളി; 2. വളരെ ചെറിയ അംശം, തരി; 3. ധാന്യങ്ങളുടെ കണ്ണ്; 4. അഗ്നി, രത്നം മുതലായവയുടെ അംശം; 5. ചെറിയ സാധനം; 6. തിപ്പലി; 7. നുറുങ്ങരി
കണം2 [<സം.ഗണ] നാ. കൂട്ടം, കൂട്ടസദ്യ
കണം3 [<സം.ക്ഷണ] നാ. നിമിഷം
കണമരം [കണ-മരം] നാ. ഈന്ത്
കണമിരിക്കുക [<ഗണം-] ക്രി. സങ്ഘമായിരിക്കുക, സങ്ഘക്കളി നടത്തുക
കണയൻ [കണ-അൻ] നാ. വില്ലാളി
കണയം [<സം.കണപ] നാ. 1. കുന്തം; 2. ഒരുതരം ലോഹദണ്ഡായുധം; 3. ആനയെ കെട്ടുന്ന കുറ്റി; 4. അഗ്ന്യാശയം
കണയമരം [കണയ-മരം] നാ. വിലങ്ങുതടി, കോട്ടവാതിലിനു കുറുകെ ഉറപ്പിക്കുന്ന പ്രതിബന്ധം
കണയാഴി [കണ-ആഴി] നാ. 1. കാലിലിടുന്ന ഒരുതരം ആഭരണം; 2. മോതിരം
കണയെണ്ണ [കണ-എണ്ണ] നാ. ചക്കിൻെറ കണ വാറ്റി എടുക്കുന്ന എണ്ണ
കണലാടിയാർ നാ. ചെറുമർ മണ്ണാനെ വിളിക്കാനുപയോഗിക്കുന്ന പദം
കണലി നാ. കാട്ടുചെമ്പകം
കണവനാക്ക് നാ. = കടൽനാക്ക്
കണവൻ നാ. ഭർത്താവ്
കണവാ [പ.മ.] നാ. മലയിടുക്ക്, ഒരിനം മത്സ്യജീവി
കണവീരം [<സം.കരവീര] നാ. അലരി, അരളി
കണശ: [സം.കണ-ശ:] അവ്യ. 1. കണംകണമായി, അൽപാൽപം; 2. ഓരോ മണിവീതം
കണാ [പ.മ.] ക്രി. കാണുക എന്ന ക്രിയയുടെ നിയോജക മ.പു.രൂപം. കണ്ടാലും 'മുരാരി, കണാ' (രാ.ച.)
കണാടീനം [സം.] നാ. 1. കരിങ്കുരികിൽ; 2. കുണ്ടികുലുക്കിപ്പക്ഷി
കണാരൻ [സം.] നാ. ഒരു സംജ്ഞ, കരുണാകരൻ എന്നതിൻെറ സങ്കുചിതരൂപം
കണി1 [കൺ] നാ. രാവിലെ ഉണർന്ന് ആദ്യമായി കാണുന്ന കാഴ്ച, ശുഭദർശനം
കണി2 [പ്രാ.ഗണിയ] നാ. = കണിയാൻ
കണി3 [സം.കണികാ] നാ. 1. പരമാണു; 2. തുള്ളി
കണിക [സം.കണികാ] നാ. 1. പരമാണു, അണു, അൽപാംശം; 2. തുള്ളി; 3. കൊച്ചരി, താവലരി; 4. ധാന്യമണി, നല്ലിട
കണികം [സം.] നാ. 1. ഒരു വസ്തുവിൻെറ ഏറ്റവും ചെറിയ ഭാഗം; 2. തുള്ളി; 3. ധാന്യമണി
കണിക്കളി [കണി2-കളി] നാ. (കണികാണാൻ) മഞ്ഞളും ചുണ്ണാമ്പും ചേർത്തു കുഴച്ചുണ്ടാക്കിയ കളി
കണിക്കുക ക്രി. ഓലക്കുടച്ചട്ടം ഉണ്ടാക്കുക (ഇതു ചെയ്തിരുന്നത് കണിയാർ ആയിരുന്നു)

കണിക്കൊന്ന [കണി1–കൊന്ന] നാ. കൊന്നമരം (ഇതിൻെറ പൂവ് കണികാണാൻ ശുഭം)
കണിചം [പ.മ.] നാ. 1. കൃത്യം, കുറവുകൂടാത്തത്; 2. അളവ്
കണിച്ചി [പ.മ.] നാ. 1. മഴു, കോടാലി; 2. ഉളി; 3. കൂന്താലി; 4. വെറ്റില
കണിതുള്ളൽ [കണ2–തുള്ളൽ] നാ. ചില ദോഷങ്ങൾക്കു പരിഹാരമായി കണിയാനെക്കൊണ്ടു നടത്തിക്കുന്ന തുള്ളൽ
കണിപ്പുര [കണി–പുര] നാ. 1. കണിയാൻെറ പാർപ്പിടം; 2. വിഷുദിവസം കണികാണാൻ കെട്ടിയുണ്ടാക്കുന്ന പുര
കണിപ്പ് നാ. അവയവങ്ങളുടെ സന്ധി
കണിപ്പൂവ് [കണി1–പൂവ്]നാ. കൊന്നപ്പൂവ്, കണികാണാനുപയോഗിക്കുന്ന പൂവ്
കണിയാങ്കുളമ്പോര് നാ. കണിയാങ്കുളത്തുവച്ച് ക്രി.വ.1635–ൽ വേണാട്ടുസൈന്യവും മധുരപ്പടയുമായി നടന്ന യുദ്ധം
കണിയാൻ [പ്രാ.ഗണിയ] നാ. 1. ജ്യോതിഷം, വൈദ്യം എന്നിവ കുലത്തൊഴിലായി സ്വീകരിച്ചിരിക്കുന്ന ഒരു ജാതി; 2. അതിവിനയം കാണിക്കുന്നവൻ. (സ്ത്രീ.) കണിയാട്ടി
കണിയാരം നാ. മുള, ഇല്ലി
കണില,കനല നാ. കാഞ്ഞാവ്, കായാവ്
കണിശം1 [പ്രാ.ഗ്ഗണിയ] നാ. 'ഗണിതംപോലെ കൃത്യമായ', 1. നിശ്ചയം, തീർച്ച, വാക്കിൻെറ സ്ഥിരത
കണിഷ്ഠ [സം.<കണ] വി. ഏറ്റവും ചെറിയ
കണിക [സം.കണികാ] വി. ഏറ്റവും ചെറിയത്
കണീചി [സം.] നാ. 1. ചെമന്ന കുന്നി; 2. പൂത്ത വള്ളിച്ചെടി
കണീയസ്സ് [സം.] വി. കൂടുതൽ ചെറുതായ
കണു,കണവ് നാ. 1. കരിമ്പിൻെറയും മറ്റും മുട്ട്, തടിയുടെ മുഴ; 2. മുള, വിരൽമടക്ക്, വിരൽമുട്ട്
കണേര,--രു [സം.] നാ. 1. പിടിയാന; 2. ദാസി
കണേരം [<സം.] നാ. കർണികാരം
കണ്ട1 [കാണുക] വി. (ഭൂ.പേരെച്ചം) 1. കാഴ്ചയിൽപ്പെട്ട. ലിങ്ഗവചനപ്രത്യയങ്ങൾചേർത്തു കണ്ടവൻ,-വൾ, -ത് ഇത്യാദിരൂപങ്ങളും കണ്ടപോലെ, കണ്ടമാനം, കണ്ടിടത്ത് ഇത്യാദി അവ്യയവങ്ങളും ഉണ്ടാകുന്നു; 2. യാദൃശ്ച്ഛികമായി കണ്ണിൽപ്പെട്ട, വല്ല, ഏതെങ്കിലും; 3. നേടിയ. ഉദാ: അപ്പൻ കണ്ടമുതൽ. (പ്ര) കണ്ടകടച്ചാണി = ഏതെങ്കിലുമൊക്കെ. കണ്ടവൻ = അന്യൻ
കണ്ട2 [സം.കണ്ഠ] നാ. 1. മുകൾഭാഗം, മണ്ട, തെങ്ങ് കമുക് മുതലായവയുടെ അഗ്രഭാഗത്ത് ഓലകൾ തടിയോട് ചേരുന്നിടം; 2. കഴുത്ത്, തല
കണ്ട3 [സം.കന്ദ] നാ. കിഴങ്ങ്
കണ്ട4 നാ. കണ്ടൽ
കണ്ട5 നാ. നമ്പിടിമാരുടെ 18 സങ്ഘങ്ങളിൽ ഒന്ന്
കണ്ടകത്രയം [സം.കണ്ടക-ത്രയ] നാ. ചെറുവഴുതിന കൊടിത്തൂവ കണ്ടകാരിച്ചുണ്ട ഇവ മൂന്നും
കണ്ടകത്വം [സം.-ത്വ] നാ. കണ്ടകൻ (കണ്ടകം) ആയിരിക്കുന്ന അവസ്ഥ

കണ്ടകദ്രുമം [സം.-ദ്രുമ] നാ. മുള്ളുമരം, ഇലവ്
കണ്ടകൻ [സം.] നാ. 1. വിനാശകാരി, ദുഷ്ടൻ; 2. രാജാവിനോ രാജ്യത്തിനോ ദ്രോഹം ചെയ്യുന്നവൻ
കണ്ടകപ്രാവൃത [സം.] നാ. കറ്റാർവാഴപ്പോള
കണ്ടകഫലം [സം.-ഫല] നാ. 1. മുള്ളുനിറഞ്ഞ കായുള്ളത്, പ്ലാവ്, വലിയ ഞെരിഞ്ഞിൽ
കണ്ടകം [സം.] നാ. 1. മുള്ള്; 2. മുള്ളുപോലെ ഉപദ്രവകരമായ വസ്തുവോ ആളോ മറ്റോ; 3. ഒരുതരം മുള; 4. രോമാഞ്ചം; 5. നഖം; 6. മീൻമുള്ള്; 7. പ്രതിബന്ധം; 8. കഠിനമായ കുത്തിനോവ്; 9. മകരമത്സ്യം; 10. (ജ്യോ) ലഗ്നം നാല് ഏഴ് പത്ത് എന്നീ നാലുഭാവങ്ങൾ; 11. ഒരു ചർമരോഗം
കണ്ടകശ്ശനി [സം.-ശനി] നാ. 1. (ജ്യോ) ലഗ്നം നാല് ഏഴ് പത്ത് എന്നീ രാസികളിൽ ഏതിലെങ്കിലും നിൽക്കുന്ന ശനി, ദുരുതകാരകൻ; 2. (ആല) കണ്ടകത്തിലെ ശനിപോലെ ഉപദ്രവം ചെയ്യുന്നവൻ
കണ്ടകശോധനം [സം.-ശോധന] നാ. ശത്രുവിനെ നശിപ്പിക്കൽ
കണ്ടകശ്രേണി [<സം.-ശ്രേണി] നാ. 1. കണ്ടകാരിച്ചുണ്ട; 2. മുള്ളൻ പന്നി
കണ്ടകാഗാരം [സം.-ആഗാര] നാ. ‘മുള്ളിനിടയിൽ വസിക്കുന്നത്’, 1. ഒരുതരം ഇഴജന്തു; 2. മുള്ളൻ പന്നി
കണ്ടകാഢ്യം [സം.-ആഢ്യ] വി. മുള്ളുനിറഞ്ഞ. നാ. 1. ഇലവുമരം; 2. മുള്ളുചേമന്തി; 3. കൂവളം
കണ്ടകാര [സം.-കാര] നാ. 1. കട്ടക്കാര; 2. ഇലവ്
കണ്ടകാരം [സം.] നാ. വയ്യങ്കതമരം, ഇലവ്
കണ്ടകാരി(ക) [സം.] നാ. 1. ഒരിനം ചുണ്ട; 2. കാര
കണ്ടകാലുകം [സം.-ആലുക] നാ. വെള്ളക്കൊടിത്തൂവ
കണ്ടകാശനം [സം.] നാ. ഒട്ടകം (മുള്ളുതിന്നുന്നത്)
കണ്ടകാറ [സം.കണ്ഠ-ഹാര] നാ. ഒരു കണ്ഠാഭരണം
കണ്ടകി [സം.കണ്ടകിൻ] വി. മുള്ളുള്ളത്, പല മുൾച്ചെടികളുടെയും പേര്. നാ. 1. മുൾച്ചെടി; 2. ചക്ക; 3. മത്സ്യം; 4. ഒരിനം വിസർപ്പം, മുൾക്കരപ്പൻ; 5. മലങ്കാര; 6. വലിയ ഞെരിഞ്ഞിൽ; 7. കൂവളം; 8. ചെറുവഴുതിന; 9. നിലവേപ്പ്; 10. ലന്ത; 11. കരിങ്ങാലി; 12. മുരിക്ക്; 13. മുള; 14. വയ്യങ്കത; 15. ഇലവ്
കണ്ടകിത [സം.] വി. 1. മുള്ളുള്ള; 2. രോമാഞ്ചമുള്ള
കണ്ടകിനി [സം.] നാ. 1. കണ്ടകാരിച്ചുണ്ട; 2. തേനീത്ത; 3. മുൾക്കുറുഞ്ഞി; 4. തക്കാരി വഴുതന; 5. ചുവന്നചീര; 6. മുള്ളോ ആണിയോ തറച്ചിട്ടുള്ള പലക മുതലായവ; 7. സ്കന്ദൻെറ ആറ് അമ്മമാരിൽ ഒരുവൾ
കണ്ടകിംശുകം [സം.കിംശുക] നാ. മുൾമുരിക്ക്
കണ്ടകീടകം [സം.-കീടക] നാ. ഓടൽമരം, ഇങ്ഗുദി
കണ്ടകീദ്രുമം [സം.] നാ. കരിങ്ങാലി
കണ്ടകീഫലം [സം.-ഫല] നാ. 1. കണ്ടകഫലം, പ്ലാവ്; 2. മുള്ളൻ വെള്ളരി
കണ്ടകുരണ്ടം [സം.] നാ. മുൾക്കുറിഞ്ഞി
കണ്ടക്ടർ [ഇം.] നാ. 1. നടത്തിപ്പുകാരൻ; 2. ബസ്സിൽ ടിക്കറ്റുകൊടുക്കുകയും ഡ്രൈവർക്കു നിർദേശങ്ങൾ നൽകുകയും മറ്റും ചെയ്യുന്ന ആൾ
കണ്ടങ്കത്രിക നാ. എലിയെപിടിക്കുന്നതിനുള്ള ഒരു ഉപകരണം

കണ്ടങ്കാര നാ. ഒരു മുൾച്ചെടി, കട്ടക്കാര
കണ്ടങ്കാളി [കണ്ടൻ-കാളി] നാ. ശ്രീകണ്ഠനായ ശിവൻെറ സൃഷ്ടിയായ കാളി
കണ്ടടം [കണ്ട-എടം<ഇടം] നാ. കണ്ണിൽപ്പെട്ട ഏതെങ്കിലും ഒരു ഇടം. (പ്ര) കണ്ടംനിരങ്ങി = അലഞ്ഞുതിരിഞ്ഞു നടക്കുന്നവൻ
കണ്ടതനു [സം.-തനു] നാ. ചെറുവഴുതിന
കണ്ടത് [കണ്ട-അത്] നാ. കാഴ്ചയിൽപ്പെട്ടത്
കണ്ടത്തി(ൽ)മുണ്ടി നാ. മുണ്ടിക്കൊക്ക്
കണ്ടദല [സം.-ഗലാ] വി. ഇലകളിൽ മുള്ളുള്ളത്. നാ. പൂക്കൈത
കണ്ടൻ നാ. 1. ആൺജന്തു, ആൺപൂച്ച; 2. ഒരു ദുർദേവത; 3. പുരുഷനാമം
കണ്ടന്തടി നാ. തടിക്കഷണം. കണ്ടന്തടിക്കു മുണ്ടന്തടി (പഴ)
കണ്ടപത്ര [സം.കണ്ട-പത്ര] നാ. 'ഇലയിൽ മുള്ളുള്ളത്', ബ്രഹ്മദണ്ഡി
കണ്ടപത്രം1 നാ. വയ്യങ്കത
കണ്ടപത്രം2 [മ.കണ്ട-സം.പത്ര] നാ. സംഭവസ്ഥലത്ത് ചെന്നുകണ്ടു മനസ്സിലാക്കി തയ്യാറാക്കുന്ന റിപ്പോർട്ട്
കണ്ടപത്രിക [സം.-പത്രികാ] നാ. തക്കാരി വഴുതിന
കണ്ടപാട്ടം [കണ്ട-പാട്ടം] നാ. വസ്തുകണ്ടു നിശ്ചയിച്ച പാട്ടം. >< കാണാപ്പാട്ടം
കണ്ടപുങ്ഖ നാ. 1. കണ്ടൻകത്തിരി; 2. മുള്ളൻകൊഴിഞ്ഞിൽ
കണ്ടപ്പൻ [കണ്ട(ൻ)-അപ്പൻ] നാ. 1. ഒരു പുരുഷ നാമം; 2. നീലകഠൻ, ശിവൻ; 3. യാത്രക്കളിയിലെ ഒരു ഹാസ്യ കഥാപാത്രം, കണ്ടപ്പക്കൈമൾ
കണ്ടഫല [സം.കണ്ട-ഫലാ] നാ. 'മുള്ളുള്ള കായോടുകൂടിയത്', 1. ബ്രഹ്മദണ്ഡി; 2. ദേവതാളി.
451
കണ്ടഫലം [സം.] നാ. 1. പ്ലാവ്; 2. ചെറിയ ഞെരിഞ്ഞിൽ; 3. കഴഞ്ചി; 4. ഉമ്മത്ത്; 5. വെള്ളാവണക്ക്.
കണ്ടം1 [<സം. ഖണ്ഡ] നാ. 1. കഷണം. മുറി; 2. കൃഷിക്കു സൗകര്യപ്പെടുമാറ് വരമ്പുവെട്ടിത്തിരിച്ചിട്ടുള്ള വയൽ.
കണ്ടം2 [സം. കണ്ഠ] നാ. കഴുത്ത്, തൊണ്ട.
കണ്ടം3 [സം. കണ്ട] നാ. = കണ്ടകം.
കണ്ടമാനം [കണ്ട-മാനം] അവ്യ. തോന്നിയപടി, ആലോചന കൂടാതെ, ശ്രദ്ധയില്ലാതെ.
കണ്ടമാല [സം. -മാലാ] നാ. 1. കഴുത്തിൽ അണിയുന്ന മാല; 2. കഴുത്തിനുചുറ്റും ഗ്രന്ഥികൾ പഴുത്തുണ്ടാകുന്ന ക്യാൻസർ; 3. ആപത്ത്.
കണ്ടമ്പുഴു [കണ്ടൻ-പുഴു] നാ. ചാണകപ്പുഴു, കുണ്ടളപ്പുഴു.
കണ്ടയ്ക്ക [കണ്ടൽ-കായ്] നാ. ഒതളങ്ങ.
കണ്ടർ [കണ്ട2-അർ] നാ. (പു.ബ.വ.) 1. നീലകണ്ഠൻ; 2. ഒരു പുരുഷനാമം.
കണ്ടരാമൻ നാ. ചാത്തിരക്കളിക്കാരുടെ 16 സങ്ഘങ്ങളിൽ ഒന്ന്.

കണ്ടൽ നാ. 1.ചതുപ്പുനിലങ്ങളിൽ വളരുന്ന ഒരുതരം ചെറുമരം; 2.നീവ്വ്മുള്ളി; 3.പൂക്കൈത; 4. നല്ലപോലെ വിളയാത്ത കായ്, ഉദാ. കണ്ടലും കരിക്കും.

കണ്ടലം1 [കൺ–തലം] നാ. കണ്ണ്.

കണ്ടലം2 [സം. കണ്ട–ല] നാ. 1.ഒരു ചെടി; 2.പശ എടുക്കാവുന്ന ഒരിനം മരം.

കണ്ടവൻ [കണ്ട–അവൻ] നാ. 1. ഒന്നിനെക്കണ്ട ആൾ, ദ്രഷ്ടാവ്; 2.കണ്ടുമുട്ടിയ ആരെങ്കിലും അന്യൻ.

കണ്ടവല്ലി [സം.–വല്ലീ] നാ. പുളിഞ്ചി.

കണ്ടവൃന്താകി [സം.–വൃന്താകീ] നാ. തക്കാരിവഴുതിന.

കണ്ടശാല്മലി [സം.–ശാൽമലീ] നാ. മുള്ളിലവ്.

കണ്ടശവ്വ്ക്കര [സം.–ശവ്വ്ക്കരാ] നാ. ഉണ്ടശവ്വ്ക്കര.

കണ്ടായോ [–ആയ്–ഓ] ക്രി. നീ കണ്ടോ?

കണ്ടാവ്വ്ത്തഗലാ [–ഗലാ] നാ. കറുത്ത പൂവുള്ള മുൾക്കുറുഞ്ഞി.

കണ്ടാല [സം.–ആല] വി. മുള്ളുള്ള.

കണ്ടാലം [സം.] നാ. മലങ്കാര.

കണ്ടാലു [സം.–ആലു] വി. മുള്ളുനിറഞ്ഞത്, നാ. 1.മുള; 2. ചെറുവഴുതിന; 3. മുള്ളൻ കൊഴിഞ്ഞൽ; 4. തക്കാരിവഴുതിന.

കണ്ടാലും വി. 1.നിങ്ങൾ ദയവുചെയ്തു കാണുക; 2. കണ്ടാൽപോലും. (–ആലും നോക്കുക.)

കണ്ടാവൂ [കണ്ടു–ആവൂ] വി. കാണാൻ കഴിഞ്ഞെങ്കിൽ.

കണ്ടാളൻ [സം.–കാല] നാ. കണ്ഠേകാളൻ, ശിവൻ.

കണ്ടാറേ അവ്യ. കണ്ടവാറേ, കണ്ടിട്ട്, കണ്ടപ്പോൾ.

കണ്ടി1 [കണ്ടിക്കുക] ധാതുരൂപം.

കണ്ടി2 [സം. ഖണ്ഡ?] നാ. 1. പഴുത്, വിടവ്, വേലിയിലോ മതിലിലോ കടന്നുപോകാനുള്ള വിടവ്.

കണ്ടി3 [പ്രാ. കംഠിയാ] നാ. ചുരം, മലയ്ക്കു ചുറ്റുമുള്ള പ്രദേശം.

കണ്ടി4 [മറാ. ഖണ്ഡിൽ]നാ. 1.ഒരു തൂക്കം, 20 മന്ന്; 2. നാലു ഗജം നീളമുള്ള ഒരു അളവുകോൽ, 1 കോൽ നീളം, 1 കോൽ വീതി, 1 കോൽ ഉയരം വരുന്ന ഒരു ഘനയളവ് (തടിക്കണക്കിൽ), 75 ഏക്കർ വിസ്താരംവരുന്ന പ്രദേശം.

കണ്ടി5 നാ. ഗോളാകൃതിയിൽക്കിടക്കുന്ന പുരീഷം, ആനപ്പിണ്ടം.

കണ്ടി6 നാ. കട്ടിയായത്; പായൽ, ചണ്ടി, കരിമ്പായൽ.

കണ്ടി7 [പ്രാ. കാംഠിയാ] നാ. ഒരു കണ്ഠാഭരണം.

കണ്ടിക [സം.കണ്ഠികാ] നാ. മാല, രുദ്രാക്ഷമാല.

കണ്ടിക്കൻ [<കണ്ടി5?] നാ. കടും പച്ചനിറത്തിലുള്ള ചേല.

കണ്ടിക്കാവ്വ്ക്കൂന്തൽ [–കൂന്തൽ] നാ. കരിഞ്ചണ്ടിപോലെ മനോഹരമായ മുടി.

കണ്ടിക്കുക ക്രി. മുറിക്കുക, വെട്ടിയോ അറുത്തോ ഖണ്ഡമാക്കുക.

കണ്ടിക്കുഴലി [കണ്ടി5–കുഴലി] നാ. കരിംചണ്ടിപോലെ മനോഹരമായ മുടിയുള്ളവൾ>

കണ്ടിൻ ജൻസി [ഇം. ച്ചൊൻറിങെൻച്യ്] നാ. യാദൃച്ഛികച്ചെലവ്.
കണ്ടിപ്പ് [കണ്ടിക്കുക] നാ. 1.മുറിക്കൽ; 2.തീർച്ച, കട്ടായം, ഉറപ്പ്.
കണ്ടിപ്പുരികുഴലി [കണ്ടി5-പുരി-കുഴലി] നാ. പായൽപോലെ കറുത്തുചുരുണ്ട മുടിയുള്ളവൾ, സുന്ദരി.
കണ്ടിയപ്പൻ നാ. കൊക്ക്.
കണ്ടിയൂർ നാ. മാവേലിക്കരയ്ക്കടുത്ത് പഴയ ഒരു ശിവക്ഷേത്രം മൂലം പ്രസിദ്ധിനേടിയ ഒരു സ്ഥലം.
കണ്ടിവാതിൽ [കണ്ടി3-വാതിൽ] നാ. ചുരം, മലയിടുക്ക്, ഗിരിദ്വാരം.
കണ്ടിവാർക്കുഴലി [കണ്ടി5-വാർ-കുഴലി] നാ. = കണ്ടിപ്പുരികുഴലി.
കണ്ടിവെണ്ണ നാ. 1. ഒരു അങ്ങാടിമരുന്ന്; 2. മുലകുടിമാറാത്ത ആനക്കുട്ടിയുടെ പുരീഷം.
കണ്ട്[<കാണുക] (മുൻ വിന.) അവ്യ. 1.കണ്ടിട്ട്, തീരുമാനിച്ചിട്ട്, അറിഞ്ഞിട്ട്; 2.എന്ന രീതിയിൽ, എന്ന കണക്കിൽ; 3.പ്രകാരം, അളവു മുതലായ അർത്ഥങ്ങളിൽ ക്രിയാവിശേഷണത്തോടും മറ്റും ചേരുന്ന ശബ്ദം. ഉദാ. എത്രകണ്ട്.
കണ്ടു [കാണുക] (ഭൂ.രൂപം.) ക്രി. ലിങ്ഗ-വചന പ്രത്യയങ്ങൾ ചേർത്ത്, കണ്ടേൻ, കണ്ടോം, കണ്ടാൻ, കണ്ടാൾ, എന്നെല്ലാം രൂപങ്ങൾ. കണ്ട് എന്നു മുൻ വിനയെച്ചം. കാണുകയെന്ന പ്രവൃത്തി ചെയ്തു. (പ്ര.) കണ്ടുകഞ്ഞികുടി = മലവേടരുടെയിടയിൽ വധുവും വരനും വിവാഹരങ്ഗത്ത് ഒരേ ഇലയിൽ നിന്ന് ഭക്ഷണം കഴിക്കുന്ന ചടങ്ങ്. കണ്ടു കിട്ടുക = കണ്ടെത്തുക, കാണാൻ കഴിയുക. കണ്ടു കൂടായ്ക = 1. നോക്കി കാണുന്നതിനു സാധിക്കായ്ക; 2.കാഴ്ച്ചക്കുറവ്, 3. കാണാൻ ഇഷ്ടമില്ലായ്മ,വിരോധം. കണ്ടുകൂടുക = കാണാനിടയാകുക, ശ്രദ്ധയിൽപ്പെടുക, കാണുക; 4.ഒരുമിച്ചുകൂടുക, കണ്ടുമുട്ടുക. കണ്ടുകൃഷി = രാജകുടുംബംവക സ്വകാര്യഭൂസ്വത്തുക്കൾ. കണ്ടുകെട്ട് = സർക്കാരിൽനിന്ന് സ്വത്തുപിടിച്ചെടുക്കൽ. കണ്ടുകെട്ടുക = ഒരാളിൻെറ സ്വത്തുക്കൾ ശിക്ഷയായി സർക്കാരിലേക്കു പിടിച്ചെടുക്കുക. കണ്ടുമുട്ടുക = അവിചാരിതമായി പരസ്പരം കാണുക. കണ്ടെത്തുക = കണ്ടുപിടിക്കുക, മനസ്സിലാക്കുക.
കണ്ടുപിടിക്കുക ക്രി. 1. മറഞ്ഞോ അറിവിൽപ്പെടാതെയോ കിടന്നത്

കണ്ടെത്തുക; 2.നൂതനമായി യന്ത്രം തുടങ്ങിയവ ഉണ്ടാക്കുന്നതിൽ വിജയിക്കുക.

കണ്ടുപിടിത്തം നാ. അറിവിൽപ്പെടാത്തത് അന്വേഷിച്ചറിയൽ, ഗവേഷണംകൊണ്ടു കണ്ടെത്തൽ, ശാസ്ത്രീയമോ സാങ്കേതികമോ ആയ നിരീക്ഷണപരീക്ഷണങ്ങൾ കൊണ്ട് പുതിയ ഉപകരണമോ അറിവോ കൈവരുത്തൽ.
കണ്ടെഴുതുക ക്രി. 1. നികുതി നിശ്ചയിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വസ്തു നേരിൽക്കണ്ട് വിസ്തീർണ്ണം വരുമാനം തുടങ്ങിയവ നിർണ്ണയിക്കുക; 2.പകർത്തുക.
കണ്ടെഴുത്ത് [< കണ്ട്-എഴുതുക] നാമരൂപം.
കണ്ടേടം, കണ്ടിടം [കണ്ട-ഇടം] നാ. 1. കണ്ട സ്ഥലം, കണ്ണിൽപ്പെട്ട ഏതെങ്കിലും ഇടം; 2. കണ്ടത്, മനസ്സിലാക്കിയത്.
കണ്ടോ1 കാണുക എന്നക്രിയയുടെ ഭൂതകാലരൂപത്തോട് ഓ എന്ന നിപാതം ചേർന്ന രൂപം, വ്യാക്ഷേപകമായും പ്രയോഗം.
കണ്ടോ2 = കണ്ടുകൊള്ളുക എന്നതിൻെറ സങ്കുചിതരൂപം.
കണ്ടോൻ നാ. = കണ്ടവൻ.

കണ്ടൃപ്പൻ, കണ്യാപ്പൻ നാ. പുഴക്കരയിൽ മീൻപിടിച്ചുതിന്നുന്ന ഒരിനം പക്ഷി, ഞാറ.
കണ്ട്രാക്ടർ, കണ്ട്രാക്ക് [ഇം. ച്ചൊൻ്റ്രച്റ്റൊർ] നാ. കരാറുകാരൻ, ഉടമ്പടിവച്ച് അതിനനുസരിച്ചു ജോലികൾ ചെയ്യിക്കുകയോ സാമാനങ്ങൾ എത്തിച്ചുകൊടുക്കുകയോ ചെയ്യുന്നവൻ.
കണ്ട്രാക്റ്റ് [ഇം. ച്ചൊൻ്റ്രച്റ്റ്] നാ. കരാർ, ഉടമ്പടി.
കണ്ട്രാന്മാർ നാ. (ബ.വ.) നാ. സങ്ഘക്കളിക്കാരുടെ ഒരു കൂട്ടം.
കണ്ട്രി [ഇം. ച്ചൗൻ്റ്ര്യ്] നാ. നാട്ടും പുറത്തുകാരം, പരിഷ്കാരമറിയാത്തവൻ.
കണ്ട്രോൾ [ഇം. ച്ചൊൻ്റ്രൊൽ] നാ. നിയന്ത്രണം. ഉദാ. ഭക്ഷ്യധാന്യങ്ങളുടെ കണ്ട്രോൾ.
കണ്ഠകീലകം [സം. കണ്ഠ-കീലക] നാ. കഴുത്തിലെ ആണി, വീണക്കമ്പികൾ കെട്ടിമുറുക്കുന്നതിനുള്ള ആണി.
കണ്ഠകുഠാരം [സം. കണ്ഠ-കുഠാര]നാ. കഴുത്തിൽ കുത്തുന്ന കഠാരി, അപകടം.
കണ്ഠകൂണിക [സം. -കൂണികാ] നാ. വീണ.
കണ്ടകൂപം [സം. -കൂപ] നാ. തൊണ്ടക്കുഴി.
കണ്ഠകോടാലി നാ. കഴുത്തുവെട്ടാനുള്ള കോടാലി, നാശകാരണം.
കണ്ടക്ഷോപം [സം. കണ്ഠ-ക്ഷോഭ] നാ. തൊണ്ടവേദനയുണ്ടാകത്തക്കവിധം ഉച്ചത്തിലുള്ള സംസാരം.
കണ്ഠഗത [സം. -ഗത] വി. 1. കഴുത്തോളം എത്തിയ; 2. (പറയാൻ പാകത്തിൽ) തൊണ്ടയിൽ എത്തിയിരിക്കുന്ന, വായ്പാഠമാക്കിയ.
കണ്ഠചാമീകരം [സം. കണ്ഠ-ചാമീകര] നാ. കഴുത്തിൽ (ഇറുക്കി) കെട്ടിയ ആഭരണം.
കണ്ഠത: [സം. -ത:] അവ്യ. 1. കണ്ഠത്തിൽനിന്ന്; 2. തൊണ്ടയിൽനിന്ന്, വിശദമായി.
കണ്ഠതാലവ്യം [സം. -താലവ്യ] നാ. കണ്ഠവും താലുവും ഉച്ചാരണസ്ഥാനമായിവരുന്ന (സം യുക്ത) വര്ണ്ണങ്ങൾ, എ ഏ ഐ എന്നിവ.
കണ്ഠധ്വനി, -നാദ [സം. -ധ്വനി, -നാദ] നാ. തൊണ്ടയിൽനിന്നു പുറപ്പെടുന്ന ശബ്ദം.
കണ്ഠധാരി [സം. -ധാരിൻ] നാ. ശാക്തേയവൈരാഗി.
കണ്ഠൻ നാ. ശിവൻ.
കണ്ഠനാളം [സം. -നാല] നാ. താമരത്തണ്ട് പോലെയുള്ള കഴുത്ത്, തൊണ്ട.
കണ്ഠനീഡകം [സം.] നാ. 1. പരുന്ത്; 2. അളിക്കൺകുരുവി.
കണ്ഠപാശ(ക)ം [സം. -പാശ(ക)] നാ. 1. കഴുത്തിലെ കയർ; 2.ആനയുടെ കച്ചക്കയറ്; 3. (ആല.) ആപത്ത്.
കണ്ഠപ്രാണൻ [സം. -പ്രാണ] നാ. കഴുത്തിലോളം പ്രാണൻ വന്നുകഴിഞ്ഞവൻ, മരിക്കാറായവൻ.
കണ്ഠഭൂഷ [സം. -ഭൂഷാ] നാ. കണ്ഠാഭരണം.
കണ്ഠം [സം.] നാ. 1. കഴുത്ത്; 2. തൊണ്ട; 3. സ്വരം; 4. ഭിത്തിയിൽ ചെയ്യുന്ന ഒരുതരം അലങ്കാരപ്പണി; 5. മൂന്നുവിധം ഇരുമ്പിൽ ഒന്ന്; 6. മലങ്കാര.
കണ്ഠമണി [സം. കണ്ഠ-മണി] നാ. കഴുത്തിൽ അണിയുന്ന രത്നം.
കണ്ഠമാല [സം. -മാലാ] നാ. = കണ്ടമാല.

കണ്ഠവർത്തി [സം. -വർത്തിൻ] വി. തൊണ്ടയിൽ വന്നിരിക്കുന്ന.
കണ്ഠശരം [സം. -ശര] നാ. ഒരു കണ്ഠാഭരണം.
കണ്ഠശാലൂകം [സം. -ശാലൂക] നാ. 1. കഴുത്തിലെ ഗ്രന്ഥിക്കുണ്ടാകുന്ന ഒരുവക രോഗം; 2. ഊനിലുണ്ടാകുന്ന ഒരു രോഗം.
കണ്ഠശുണ്ഡി [സം. ശുണ്ഡീ] നാ. തൊണ്ടവീക്കം.
കണ്ഠശോഷം [സം. -ശോഷ] നാ. 1. തൊണ്ടവരൾച്ച; 2. വൃഥാവാദം.
കണ്ഠസൂത്രം [സം. -സൂത്ര]നാ. 1. മങ്ഗല്യസൂത്രം, താലിച്ചരട്; 2. ഒരുതരം ആലിങ്ഗനം.
കണ്ഠസ്ഥ [സം. -സ്ഥ] വി. 1. കഴുത്റ്റ്ഘിൽ സ്ഥിതിചെയ്യുന്ന; 2.വായ്പ്പാഠമാക്കിയ.
കണ്ഠാഭരണം [സം. -ആഭരണ] നാ. കഴുത്തിലണിയുന്ന ആഭരണം.
കണ്ഠമാല [സം.] വി. കഴുത്തുള്ളത്. നാ. 1. വള്ളം; 2. യുദ്ധം; 3. ഒട്ടകം; 4. സഞ്ചി; 5. തൈർകലക്കുന്ന കലം; 6. തൂമ്പ.
കണ്ഠാവലോകിനീ [സം. കണ്ഠ-അവലോകിനീ] നാ. (ആയുർ.) ഒരു നാളീയന്ത്രം. (തൊണ്ടയിൽ കടത്തി പരിശോധിക്കുവാൻ.)
കണ്ഠാസ്ഥി [സം. -അസ്ഥി] നാ. തോളെല്ല്,കാരയെല്ല്.
കണ്ഠി(ക) [സം. കണ്ഠീ, കണ്ഠികാ] നാ. ഒരു ചരടിലോ ഇഴയിലോ കോർത്ത മാല.
കണ്ഠീരവ1 [സം. കണ്ഠീ-രവ] വി. തൊണ്ടയിൽനിന്ന് വിശേഷശബ്ദം പുരപ്പെടുവിക്കുന്നത്, അലറുന്നത്.
കണ്ഠീരവ2 [സം. -രവാ] നാ. 1.പെൺസിംഹം; 2.ആടലോടകം.
കണ്ഠീരവൻ [സം.] നാ. 1. സിംഹം; 2.മദം പൊട്ടുയ ആന; 3. മാടപ്രാവ്.
കണ്ഠേ [സം.] നാ. (കണ്ഠശബ്ദത്തിൻെറ സപ്തമി ഏ.വ.) കണ്ഠത്തിൽ.
കണ്ഠേകാളൻ [സം. < കാല] നാ. കഴുത്തിൽ കറുപ്പുള്ളവൻ, നീലകണ്ഠൻ, ശിവൻ.
കണ്ഠേകാളി നാ. ഭദ്രകാളി.
കണ്ഠ്യം [സം.] നാ. കണ്ഠത്തിൽനിന്ന് പുറപ്പെടുന്ന വർണ്ണം; (പാരമ്പര്യവ്യാകരണപ്രകാരം അ, ആ, ക, ഖ, ഗ, ഘ, ഹ, വിസർഗ്ഗം ഇവയിലൊന്ന്.ആധുനികശാസ്ത്രം ഈ വിഭജനം അങ്ഗീകരിക്കുന്നില്ല.)
കണ്ഠോഷ്ഠ്യം [സം. -ഓഷ്ഠ്യ] നാ. കണ്ഠവും ഓഷ്ഠവും ഉച്ചാരണസ്ഥാനമായി വരുന്നവർണ്ണം. (ഒ, ഓ, ഔ ഇവയിലൊന്ന്.)
കണ്ഡനം [<സം. കണ്ഡ്] നാ. കുത്തി ഉമികളയൽ, പാററൽ,മണിയും പതിരും വേർത്തിരിക്കൽ.
453
കണ്ഡനി [സം. കണ്ഡനീ] നാ. 1.ഉരൽ; 2.ഉലക്ക.
കണ്ഡം [സം.] നാ. ചിരങ്ങ്.
കണ്ഡര [സം. കണ്ഡരാ] നാ. ഞരമ്പ്, പേശികളുടെ അഗ്രങ്ങളിലെ വെളുത്തു ബലിഷ്ഠമായ ഭാഗം.
കണ്ഡിക [സം. കണ്ഡികാ] നാ. ചെറിയ അംശം, വിഭാഗം, കാണ്ഡം.
കണ്ഡു [സം. <കണ്ഡ്] നാ. 1. ചൊറിച്ചിൽ, മാന്തൽ; 2. കടി, തരിപ്പ്; 3. ചൊറി.

കണ്ഡൂര1 [സം.] വി. ചൊറിയുന്ന, ചൊറിച്ചിലുണ്ടാക്കുന്ന.
കണ്ഡൂര2 [സം. കണ്ഡൂരാ] നാ. 1. വെറ്റിലപ്പുളി; 2. നായ്ക്കുരുണ.
കണ്ഡൂരം [സം.] നാ. പാവൽ.
കണ്ഡൂകം [സം.] നാ. ചൊറിച്ചിൽ.
കണ്ഡൂകരി [സം. കണ്ഡൂ-കരി] വി. ചൊറിച്ചിലുണ്ടാക്കുന്നത്. നാ. നായ്ക്കുരുണ.
കണ്ഡൂഘ്നം [സം. -ഘ്ന] 'ചൊറിച്ചിൽ ഇല്ലാതാക്കുന്നത്.' നാ. 1. വങ്കൊന്ന; 2. വെങ്കടുക്.
കണ്ഡൂതി [സം.] നാ. 1. ചൊറിച്ചിൽ; 2.കടി, തരിപ്പ്; 3. സുബ്രഹ്മണ്യൻെറ ആറു മാതാക്കളിൽ ഒരുവൾ.
കണ്ഡൂമാൻ [സം. കണ്ഡൂ-മത്] നാ. ചൊറിച്ചിലുണ്ടാക്കുന്നത്, ഒരു ശ്രോത്രരോഗം.
കണ്ഡൂയനം [സം.] നാ. ചൊറിയൽ.
കണ്ഡൂയനി [സം. കണ്ഡൂയനീ] നാ. തുടയ്ക്കാനുള്ള ഉപകരണം, ബ്രഷ്.
കണ്ഡൂയിതാവ് [< സം. കണ്ഡൂയിതൃ] നാ. ചൊറിയുന്നവൻ (സ്ത്രീ.) കണ്ഡൂയിത്രി.
കണ്ഡൂര [സം. കണ്ഡൂരാ] നാ. നായ്ക്കുരുണ.
കണ്ഡൂരി [< പേർ.] നാ. ഭക്ഷണം, സദ്യ.
കണ്ഡൂലം [സം.] 'ചൊറിച്ചിലുള്ള, തരിപ്പുള്ള.' നാ. ചേന.
കണ്ഡോലം [സം.] നാ. 1. കുട്ട; 2. പത്തായം; 3. കലവറ; 4. ഒട്ടകം.
കണ്ഡോലി [സം. കണ്ഡോലീ] നാ. 1. മണ്ണുകൊണ്ടുള്ള ഒരളവുപാത്രം, വട്ടി, കുട്ട; 2. ചണ്ഡാലൻെറ വീണ.
കണ്ഡോഷം [സം.] നാ. 1. കമ്പിളിപ്പുഴു; 2. തേള്; 3. ഉറുമാമ്പുലി, ചിലന്തി.
കണ്ണ നാ. പാദത്തിന് മുകളിൽ കണങ്കാലിനു കീഴറ്റം ഇരുവശത്തുമുള്ള മുഴ.
കണ്ണകി നാ. ചിലപ്പതികാരം എന്ന തമിഴ്കാവ്യത്തിലെ നായിക. കണ്ണകിത്തോറ്റം = കണ്ണകിയെക്കുറിച്ചുള്ള ഒരു നാടൻപാട്ട്.
കണ്ണങ്കുത്ത് [കണ്ണൻ-കുത്ത്] നാ. ഒരു തെങ്ങുരോഗം. (ഓലയിൽ ഈച്ചകുത്തി കണ്ണുപോലെ ദ്വാരം വീഴുന്നത്.)
കണ്ണഞ്ചിരട്ട [കണ്ണൻ - ചിരട്ട] നാ. കണ്ണുള്ള ചിരട്ടമുറി.
കണ്ണട [കണ്ണ്-അട] നാ. കണ്ണുകളെ അടച്ചുകൊണ്ടു സ്ഥിതിചെയ്യുന്നത്, മൂക്കുകണ്ണാടി.
കണ്ണടപ്പൻ [കണ്ണ്-അടപ്പൻ] നാ. കണ്ണ് അടപ്പിക്കുന്ന അടി മുതലായവ (കളരി.).
കണ്ണട്ട [കണ്ണ്-അട്ട] നാ. ജളുകം, വയലട്ട. (കണ്ണിലെ ദുഷിച്ച രക്തം വലിച്ചെടുക്കുവാൻ ഉപയോഗിക്കുന്നതിനാൽ ഇപ്പേർ.)
കണ്ണൻ1 [കണ്ണ്-അൻ] നാ. 1. (വലിയ) കണ്ണുള്ളവൻ, (സമാസത്തിൽ ഉത്തരപദമായി പ്രയോഗം; ഉദാ. ഒറ്റക്കണ്ണൻ, താമരക്കണ്ണൻ); 2. കണ്ണുദോഷം ഉള്ളവൻ, കരിങ്കണ്ണൻ; 3. ഒരിനം മീൻ; 4. ഒരിനം വാഴ; 5. ഒരിനം ചേമ്പ്, (ഇലയിൽ കണ്ണ് പോലെ അടയാളം.); 6. ഒരിനം നെല്ല്. (സ്ത്രീ.) കണ്ണി.
കണ്ണൻ2 [പ്രാ. കണ്ഹ] നാ. കൃഷ്ണൻ.

കണ്ണൻ ദേവൻ കമ്പനി [കണ്ണൻ2-ദേവൻ-കമ്പനി] നാ. ആനമലയിൽ കണ്ണൻ തേവൻ എന്ന മന്നാൻ നേതാവിൻെറ പ്രദേശത്ത്, തിരുവിതാങ്കൂർ മഹാരാജാവിൻെറ അനുമതിയോടെ ബ്രിട്ടീഷുകാരനായ ജോൺ ഡാനിയേൽ മന്രോ 1877-ൽ തേയിലകൃഷിക്കും മറ്റുമായി ആരംഭിച്ച കമ്പനി.

കണ്ണൻപക്കി [കണ്ണൻ1 - പക്കി] നാ. ഒരിനം ചിത്രശലഭം.

കണ്ണപ്പച്ചിത്തർ [കണ്ണ്-അപ്പൻ-സിദ്ധർ] നാ. ശിവഭക്തന്മാരായ നായനാരന്മാരിൽ ഒരാൾ. കണ്ണ് ചുഴന്നെടുത്ത് ശിവപെരുമാനു സമവ്വ്പ്പിക്കയാൽ ഇപ്പേർ.

കണ്ണംകറുത്ത നാ. കറുത്തിരുണ്ട, ഏറ്റവും കറുത്ത.

കണ്ണരി [കണ്ണ്-അരി] നാ. താവലരി, പൊടിയരി.

കണ്ണശ്ശൻ [കണ്ണൻ2-അച്ചൻ] നാ. കൊല്ലവവ്വ്ഷം ആറാം ശതകത്തിനടുപ്പിച്ച് നിരണത്തു ജീവിച്ചിരുന്ന പ്രസിദ്ധകവി.

കണ്ണഴിവ് [കണ്ണ്-അഴിവ്] നാ. കുറവ്, ന്യൂനത.

കണ്ണറ [കണ്ണ്-അറ] നാ. ദ്വാരം, ചെറിയ ദ്വാരം.

കണ്ണറയൻ (കണ്ണ്-അറ-അൻ) നാ. 1. കുരുടൻ; 2. കഠിനഹൃദയൻ.

കണ്ണറാദു:ഖം [കണ്ണ്-അറാ-ദു:ഖം] നാ. തീരാദു:ഖം.

കണ്ണാടി നാ. 1. വസ്തുക്കൾ പ്രതിബിംബിച്ചുകാണുവാൻ ഒരുവശത്തു രസം പൂശിയ സ്ഫടികഫലകം.

കണ്ണാടിത്തടം നാ. എളിക്കുതാഴെയുള്ള ഭാഗം, ജഘനം.

കണ്ണാടിപ്പരമ്പ് നാ. ഈറ്റപ്പൊളി വളരെ നേവ്വ്മയായി കീറി, മലവവ്വ്ഗക്കാർ നെയ്യുന്നപരമ്പ്. കണ്ണാടിപോലെ മറുപുറം കാണാവുന്നത്?

കണ്ണാടിപ്പലക നാ. ചട്ടകത്തിൻെറ ചട്ടത്തിനകത്തിടുന്ന കനം കുറഞ്ഞ പലക.

കണ്ണാടിപ്പുറം നാ. കന്നുകാലികളുടെ ഇടുപ്പ്.

കണ്ണാടിബിംബം നാ. ദേവീക്ഷേത്രത്തിൽ മൂലപ്രതിഷ്ഠക്കു പഞ്ചലോഹംകൊണ്ടു തീവ്വ്ക്കുന്ന, കണ്ണാടിപോലെ മിനുങ്ങുന്ന വിഗ്രഹം.

കണ്ണാടിമാളിക നാ. കണ്ണാടി ജന്നലുകളുള്ള ഇരുനിലക്കെട്ടിടം.

കണ്ണാട്ടി [കണ്ണ്-ആൾ-ത്തി] നാ. പ്രിയതമ, കണ്ണുപോലെ പ്രിയപ്പെട്ടവൾ.

കണ്ണാപ്പ [കണ്ണ്-ആപ്പ1] 'ദ്വാരങ്ങൾ ഉള്ള തവി.' നാ. ഊറ്റുതവി, എണ്ണയിൽ വറുക്കുന്ന ഉപ്പേരിയും മറ്റും കോരിയെടുക്കുമ്പോൾ എണ്ണ ചോവ്വ്ന്നുപോകത്തക്കവണ്ണം കണ്ണുകൾ ഉള്ള തവി.

കണ്ണാമ്പക്കി, -മ്പക്ഷി [കണ്ണാം-പക്കി] നാ. ചിറകിന്മേൽ കണ്ണിൻെറ ആകൃതിയിൽ പുള്ളികളുള്ള ഒരിനം ചിത്രശലഭം.

കണ്ണായം [കണ്ണ്-ആയം] നാ. 1. നേവ്വ്മ; 2. നേവ്വ്ത്ത വസ്ത്രം; 3. ചെറിയ ദ്വാരം.

കണ്ണായവേന്തൻ [കണ്ണ്-ആയ-വേന്തൻ] നാ. ഇന്ദ്രൻ (ദേഹം മുഴുവൻ കണ്ണുകളുള്ള രാജാവ്).

കണ്ണാർ [കണ്ണ്-ആ-ആർ: ആ- നിഷേധ പ്രത്യയം] നാ. (ബ.വ.) കണ്ടുകൂടാത്തവവ്വ്, ശത്രുക്കൾ.

കണ്ണാൾ നാ. കണ്ണുകളുള്ളവൾ (സമാസാന്തത്തിൽ).

കണ്ണാളൻ നാ. 1. പ്രിയപ്പെട്ടവൻ, സ്നേഹിതൻ; 2.മേൽനോട്ടക്കാരൻ.

കണ്ണാളി നാ. 1. വിടൻ, കാമി; 2. കണ്ണാളൻ, പ്രിയപ്പെട്ടവൻ.

കണ്ണാറ, കണ്ണാറു നാ. 1. ഞാറയുടെ വവ്വ്ഗത്തിൽപ്പെട്ട ഒരു പക്ഷി, വെളിർ; 2. കള്ളുകച്ചവടസ്ഥലം.

കണ്ണാർ നാ. 1.നിലത്തിൻെറ ഒരു വിഭാഗം, ഏലാ. (തെ.മ.); 2.കലുങ്ക്.

കണ്ണി1 [<കണ്ണ്] നാ. 1.മാലയിലെയോ ചങ്ങലയിലെയോ ഏറ്റവും ചെറിയ ഘടകം, ചങ്ങലവളയം; 2. വലയിലെ ഒരു കള്ളി, നൂൽക്കെട്ടുകൾക്കിടയിലുള്ള പഴുത്; 3. ഉപ്പു വിളയിക്കുന്ന ഓരുപാടത്തിൻെറ ഒരു ചെറിയ ഖണ്ഡം (കളം); 4. കൈവിരലുകളിലെ സന്ധികൾ, സന്ധിവരകൾ; 5. വെറ്റിലക്കൊടിയുടെയും മറ്റും ചെറുശാഖ, ചിനപ്പ്, ഉദാ. ഇത്തിൾക്കണ്ണി, മുളകുകൊടിക്കണ്ണി; 6. പയറിൻെറ പൂങ്കുല; 7. ചെറിയത്, കുരുന്ന് (മാങ്ങായെന്നതുപോലെ) താരത. കന്ന്, ഉദാ. കണ്ണീമാങ്ങാ; 8. കുരുക്ക്, താരത. കെണി; 9. ആറ്റുതിട്ട, പുഴയുടെ തീരം, ഉദാ. ആറ്റിൻെറ കണ്ണിയിൽ നിൽക്കുന്ന വൃക്ഷം; 10. ഒരിനം നീണ്ട മത്സ്യം; 11. അടുപ്പിൻെറ കോണ്; 12. ഭൂമിയിൽനിന്ന് ഊറ്റു പുറത്തേക്കു വരുന്ന ഭാഗം, ഉദാ. ഉറവക്കണ്ണി; 13. അടുക്ക്, കെട്ട് (പുകയിലയുടെ എന്നപോലെ); 14. കണ്ണീർ, താരത. തണ്ണി; (പ്ര.) കണ്ണി എണ്ണിക്കുക = കഷ്ടപ്പെടുത്തുക; കണ്ണികഴിക്കുക = ചങ്ങല അറ്റുപോകുക, മരിക്കുക; കണ്ണികുത്തുക = ചില്ലപൊട്ടുക.

കണ്ണി2 നാ. 1. കണ്ണുകളുള്ളവൾ (സമാസത്തിൽ); 2. വയറ് എന്നതിനോടുചേർന്ന് ഗർഭിണി എന്നർഥം, വയറ്റുകണ്ണി; 3. ചക്കര വാർക്കുന്നതിനു ഓലകൊണ്ട് ഉണ്ടാകുന്ന അച്ച്, ഓലക്കണ്ണി.

കണ്ണിക്കാ, കന്നിക്കാ [കണ്ണി-കായ്] നാ. ഇളങ്കായ്.

കണ്ണിക്കാൽ [കണ്ണി-കാൽ] നാ. കണങ്കാൽ, കാലിൻെറ കണ്ണ്.

കണ്ണിക്കുളമ്പ് [കണ്ണി-കുളമ്പ്] നാ. ചെറുകുളമ്പ്, കുളമ്പുകൾക്കു മുകളിലുള്ള ചെറിയ കുളമ്പുകൾ.

കണ്ണിച്ചൂരൽ [കണ്ണി-ചൂരൽ] നാ. വണ്ണംകുറഞ്ഞ ഒരിനം ചൂരൽ.

കണ്ണിടുക [കണ്ണ്-ഇടുക] ക്രി. 1. ഉന്നംവയ്ക്കുക, ലാക്കുനോക്കുക, ലക്ഷ്യമാക്കുക; 2. നോക്കുക, കടാക്ഷിക്കുക; 3. കണ്ണുവയ്ക്കുക.

കണ്ണിണ [കണ്ണ്-ഇണ] നാ. ഇരുകണ്ണുകളും.

കണ്ണിമ [കണ്ണ്-ഇമ] നാ. 1. കൺപോലയിലെ രോമം, കൺപീലി; 2. കൺപോള.

കണ്ണിമാങ്ങ [കണ്ണി-മാങ്ങ] നാ. ഇളം മാങ്ങ.

കണ്ണിയാർക്കളി നാ. പാലക്കാട്ടുതാലൂക്കിൽ പ്രചാരമുള്ള ഒരുതരം കളി.

കണ്ണിലുണ്ണി [കണ്ണിൽ-ഉണ്ണി] നാ. വാത്സല്യഭാജനം, ഏറ്റവും പ്രിയപ്പെട്ട ആൾ.

കണ്ണിവിരൽ [കണ്ണി-വിരൽ] നാ. ചെറുവിരൽ.

കണ്ണീവെറ്റില, -വെറ്റ [കണ്ണി-വെറ്റില]'കണ്ണിയിലെ വെറ്റില.' നാ. ഇളം വെറ്റില, തളിർ വെറ്റില.

കണ്ണിറ [കണ്ണ്-ഇറ] നാ. 1. കൺപോള; 2.കൺപീലി.

കണ്ണീച്ച [കണ്ണ്-ഈച്ച] നാ. കണ്ണിൽ പറന്നുപറ്റുന്ന വളരെ ചെറിയ ഒരിനം ഈച്ച, കുറ്റീച്ച.

കണ്ണീർ [കൺ-നീർ] നാ. കണ്ണുനീർ, ദു:ഖംകൊണ്ടും മറ്റും കണ്ണിൽനിന്നു പുറപ്പെടുന്ന വെള്ളം. (പ്ര.) കണ്ണീർ ഒഴുക്കുക = ദു:ഖിച്ചു കരയുക; കണ്ണീർ കുടിപ്പിക്കുക = വ്യസനിപ്പിക്കുക, വിഷമിപ്പിക്കുക; കണ്ണീരുംകയ്യും ആവുക = ദു:ഖത്തിൽപ്പെടുക.

കണ്ണീർവ്വാതകം [മ. കണ്ണീർ-സം. വാത] നാ. കണ്ണിൽ ഏറ്റാൽ വേദനയും കണ്ണീരും ഉണ്ടാകുന്ന ഒരിനം വാതകം. (ടീർ ഗസ് എന്നതിൻെറ തർജ്ജുമ).

കണ്ണ് നാ. 1.കാണുന്നതിനുള്ള ഇന്ദ്രിയം; കണ്ണുള്ളപ്പോൾ കണ്ണിൻെറ വില അറിയില്ല (പഴ.); 2. കാഴ്ച, നോട്ടം, ആഗ്രഹത്തോടുകൂടിയുള്ള നോക്ക്; 3. കണ്ണി, വലയുടെയും മറ്റും കണ്ണി; 4. മയിൽപ്പീലിയിലും മറ്റും കാണുന്ന കണ്ണിൻെറ ആകൃതിയിലുള്ള അടയാളം.

5. തേങ്ങാച്ചിരട്ടയുടെ മുകൾഭാഗത്തു കുഴിഞ്ഞു കാണുന്ന ഭഗം, ഓരോ ചിരട്ടയിലും മൂന്നുകണ്ണ്; 6. മുലക്കണ്ണ്; 7. ചില ചെടികളിൽ മുള പൊടിക്കുന്ന ഭാഗം, ഉദാ. കരിമ്പിൻെറ കണ്ണ്; 8. പരു ചിരങ്ങ് മുതലായവയുടെ നടുവ്, മുഖം; 9. നെന്മണിയുടെ തലപ്പ്, കതിരിൽ പിടിക്കുന്ന ചെറുഞെട്ട്; 10. അധികാരസ്ഥാനം, പദവി; 11. ഏറ്റവും പ്രധാനപ്പെട്ടത്. (പ്ര.) കണ്ണ് അഞ്ചുക; കണ്ണ് അടയുക = മരിക്കുക; കണ്ണ് അടയ്ക്കുക = 1. മരിക്കുക; 2. കണ്ടില്ല എന്നുഭാവിക്കുക, വിഗണിക്കുക; 3. ഉറങ്ങുക; കണ്ണ് അടിക്കുക; കണ്ണ് അയയ്ക്കുക = നോക്കുക, കടാക്ഷിക്കുക; കണ്ണ് അറിയുക = 1. പ്രഭാതത്തിൽ വസ്തുക്കളെ കഷ്ടിച്ചു കണ്ടറിയാൻ സാധിക്കുക, 2. വിവേകം ഉണ്ടാകുക; കണ്ണ് ഇറുക്കുക = കണ്ണുകൊണ്ടു സൂചന നൽകുക, വിലക്കുക; കണ്ണ് ഉരുട്ടുക = കോപം പ്രകടിപ്പിക്കുക, ഭയപ്പെടുത്തുക; കണ്ണ് ഓടിക്കുക = ഓടിച്ചു വായിക്കുക, ദ്രുതഗതിയിൽ നോക്കുക, കണ്ണു കടിക്കുക = അസൂയ തോന്നുക; കണ്ണും കണ്മണിയും; കണ്ണും കവിളും കാട്ടുക; കണ്ണു കാണിക്കുക = കണ്ണു കൊണ്ടു നിർദ്ദേശം കൊടുക്കുക; കണ്ണു കീറുക, ഉദാ. കണ്ണു കീറിയിട്ടുണ്ടെങ്കിൽ കണ്ടുകൂടാ = തീരെ വെറുപ്പാണ്; കണ്ണുചുവക്കുക = കോപം വരിക.

കണ്ണു തപ്പുക = നോട്ടം പിഴയ്ക്കുക, ഉദാ. കണ്ണു തപ്പിയാൽ തട്ടിക്കൊണ്ടുപോകും; കണ്ണു തള്ളുക = വിഷമിക്കുക; കണ്ണ് നടുക = ദൃഷ്ടിചലിക്കാതെ നോക്കുക; കണ്ണു പതിയുക; കണ്ണ് പറിക്കുക = നോട്ടം പിൻ തിരിക്കുക; കണ്ണ് മഞ്ഞളിക്കുക = നേരിട്ടു കാണാൻ ഒക്കാത്തവണ്ണം കണ്ണിനു കൂച്ചം ഉണ്ടാകുക; കണ്ണു മയങ്ങുക = ഉറക്കം വരുക; കണ്ണ് മറയുക = 1. കാഴ്ചയിൽനിന്നുമാറി ദൂരത്താവുക; 2. മരിക്കുക; കണ്ണ് മിഴിക്കുക = അത്ഭുതമോ പരിഭ്രമമോ കാണിക്കുക; കണ്ണു വിറപ്പിക്കുക = കോപം പ്രകടിപ്പിക്കുക; കണ്ണുവെട്ടുക = കണ്ണേറിയുക; കണ്ണിൽ ആകുക, -എത്തുക = കാഴ്ചയിൽ പെടുക, കാണുക; കണ്ണിൽ ചോരയില്ലായ്മ = നിർദ്ദയത്വം.

കണ്ണുകടി [കണ്ണ്-കടി] നാ. 1. കണ്ണിലുണ്ടാകുന്ന ചൊറിച്ചിൽ; 2.അസൂയ.

കണ്ണുപൊട്ടൻ [കണ്ണ്-പൊട്ടൻ] നാ. പൊട്ടക്കണ്ണൻ, കുരുടൻ.

കണ്ണുമറയത്ത് അവ്യ. നോക്കെത്താത്തിടത്ത്, കാണാൻ പാടില്ലാത്തിടത്ത്.

കണ്ണുരുട്ട് [കണ്ണ്-ഉരുട്ട്] നാ. ഭീതിപ്പെടുത്തൽ, ഭയപ്പെടുത്തൽ.

കണ്ണുവെട്ടത്ത്, കൺ-, കണ്ണിൻ- അവ്യ. കൺ മുമ്പിൽ, നോട്ടപ്പാടിൽ, കാഴ്ച്ചപ്പാടിൽ, സാന്നിധ്യത്തിൽ.

കണ്ണുവൈദ്യം [മ. കണ്ണ്-സം. വൈദ്യ] നാ. കണ്ണുചികിത്സ.

കണ്ണുസാധകം [മ. കണ്ണ്-സം. സാധക] നാ. (കഥകളി) നേത്രഗോളത്തെ ഇഷ്ടം പോലെ ചലിപ്പിക്കാനും മറ്റും ഉള്ള അഭ്യാസം.

455

കണ്ണെഴുത്ത് [കണ്ണ്-എഴുത്ത്] നാ. കണ്ണിൽ മരുന്നോ മഷിയോ പുരട്ടൽ.

കണ്ണേറ് [കണ്ണ്-ഏറ്] നാ. 1.ദൃഷ്ടിദോഷം, കരിങ്കണ്ണ്, ഉദാ. കണ്ണേറു കഴിക്കുക = ദൃഷ്ടിദോഷം പരിഹരിക്കുക; 2. കടാക്ഷം, ദൃഷ്ടിപാതം; 3. ഏലാ, പാടം.

കണ്ണേറ്റി, കന്നേറ്റി നാ. 1.വീതി കൂടിയ നടവരമ്പ്, തെങ്ങും മറ്റും വച്ചുപിടിപ്പിച്ചിട്ടുള്ള പാടത്തിൻെറ കര; 2. കൊല്ലത്തു നിന്നു ഏകദേശം 21 കി.മീ. വടക്കുള്ള ഒരു സ്ഥലം, കേരളോത്പത്തിയനുസരിച്ച് പഴയകേരളഖണ്ഡത്തിൻെറ തെക്കേ അതിവ്ൃത്തി.

കണ്ണോക്ക്, കണ്ണാക്ക് [കൺ-നോക്ക്] നാ. മരിച്ച ആളിൻെറ പ്രേതം ചെന്നുകാണൽ, മരണദു:ഖം അന്വേഷിപ്പ്, ഇഴവ് അന്വേഷിക്കൽ.

കണ്ണോട്ടം [കണ്ണ്-ഓട്ടം] നാ. കണ്ണോടിക്കൽ, വേഗത്തിൽ ആകമാനം നടത്തുന്ന നോട്ടം, കടാക്ഷം.

കണ്വൻ [സം.] നാ. 1.ഒരു ഋഷി; 2. സ്തുതിപാഠകൻ, വന്ദി.

കതകം [സം.] നാ. തേറ്റാമരം, തേറ്റാമ്പരൽ.

കതം നാ. 1.കോപം; 2.ബലം; 3.പഞ്ഞം; 4. തേറ്റാമരം.

കതമ [സം.] സ.നാ. ഏത്, ആര് (പലരിൽ).

കതയ്ക്കുക ക്രി. 1.കോപിക്കുക; 2.കിതയ്ക്കുക, അണയ്ക്കുക; 3.വിരിയുക.

കതവ്ൃക്കുക ക്രി. = കയവ്ൃക്കുക.

കതവ്ൃപ്പ് നാ. 1. കയവ്ൃപ്പ്, കോപിക്കൽ; 2. നൂൽക്കഴിയുടെ ഇതൾ.

കതറുക ക്രി. ഉച്ചത്തിൽ ശബ്ദിക്കുക, ഗവ്ൃജിക്കുക, അമറുക, അലറുക.

കതി [സം.] അവ്യ. എത്ര.

കതിചന [സം. കതി-ചന] അവ്യ. ചില, ചിലർ.

കതിചിത്, -ചിൽ [സം. കതി-ചിത്] അവ്യ. ചില, ഏതാനും.

കതിനനെ, കതിനെന്ന് (പ.മ.) അവ്യ. നിഷ്പ്രയാസം.

കതിനാ [സുറി.] നാ. വെടിമരുന്നു നിറച്ചു വെടിവയ്ക്കുന്നതിനുള്ള ഇരുമ്പു കുറ്റി. (പ്ര.) കതിനാവെടി.

കതിപയ [സം.] അവ്യ. ഏതാനും, ചില.

കതിർ1 [കതിവ്ൃക്കുക] ധാതുരൂപം.

കതിർ2 നാ. = കതിര്.

കതിവ്ൃക്കട്ടിൽ [കതിർ-കട്ടിൽ] നാ. വിശേഷപ്പെട്ട കട്ടിൽ.

കതിവ്ൃക്കുക, കതുക്കുക ക്രി. 1. കതിരിടുക, കതിവ്ൃ ഉണ്ടാവാൻ തുടങ്ങുക; 2. രശ്മിപരത്തുക, ശോഭിക്കുക; 2.കയവ്ൃക്കുക; 4. അഹങ്കരിക്കുക; 5. വവ്ൃധിക്കുക, വളരുക.

കതിവ്ൃപ്പ് നാ. 1.പൊടിപ്പ്; 2. അടയ്ക്കാ ഈത്തപ്പന മുതലായവയുടെ കുലയിലെ ഒരു ശിഖരം; 3. മത്സ്യത്തിൻെറയോ മാംസത്തിൻെറയോ നീളത്തിൽ വാവ്ൃന്നെടുത്ത കഷണം, = കതിര്; 4. തടസ്സം; 5. കയവ്ൃക്കൽ, ശണ്ഠ.

കതിവ്ൃമ നാ. 1. പ്രകാശിക്കൽ; 2.മൂവ്ൃച്ച.

കതിവ്ൃമണി [മ. കതിർ2- സം. മണി]'രശ്മികൾ ചിന്തുന്ന മണി' നാ. മേൽത്തരം മുത്ത്, പ്രഭയുള്ള രത്നം.

കതിവ്ൃമണ്ഡപം [മ. കതിർ2- സം. മണ്ഡപ] നാ. അലങ്കാരമണ്ഡപം, വിവാഹച്ചടങ്ങു നടത്തുന്നതിന് അലങ്കരിച്ച് ഒരുക്കുന്ന വേദി.

കതിവ്ൃവിളക്ക് [കതിർ2-വിളക്ക്] നാ. ചുറ്റും തിരിയിട്ടു കത്തിക്കുന്ന ഒരുതരം വിളക്ക്.

കതിവ്ൃവേൽ [കതിർ2-വേൽ] നാ. ശോഭയുള്ള വേൽ.

കതിര നാ. നെൽപ്പാടങ്ങളിൽ വളരുന്ന ഒരുജാതി കള.

കതിരം1 [<കതിർ] നാ. 1. ഭങ്ഗി, ശോഭ; 2. മാംസക്കഷണം (ഉപ്പിട്ട് ഇളക്കിയത്); 3. അമ്പ്. താരത. കതിരമ്പാച്ചിൽ.

കതിരം2 [<സം. ഖതിര] നാ. കരിങ്ങാലി.
കതിരവൻ 'കതിരുകളോടു കൂടിയവൻ' നാ. സൂര്യൻ.
കതിരാം പാച്ചിൽ 'അമ്പിൻെറ പാച്ചിൽ'നാ. അമ്പരന്നുള്ള ഓട്ടം.
കതിര്, കതിർ നാ. 1. രശ്മി, കിരണം; 2. നെല്ല് മുതലായ ധാന്യങ്ങളുടെ വിത്തുകുല; (പ്ര.) കതിരിടുക = നെല്ലിനു കതിരുവരിക, ഫലമുണ്ടാവുക; കതിരി(ന്മേ)ൽ വളം വയ്ക്കുക = തക്കകാലം കഴിഞ്ഞു യത്നം ചെയ്യുക; 3.പ്രകാശം, ശോഭ; 4. നെയ്ത്തുകരുവി, നൂലുചുറ്റുന്ന തണ്ട്; 5. കയറുപിരിക്കുന്ന റാട്ടിൽ മാലി തൊടുത്തുന്ന കമ്പി; 6. നീളത്തിൽ മുറിച്ചെടുത്തിട്ടുള്ള കഷണം (മത്സ്യത്തിൻെറയോ മാംസത്തിൻെറയോ) ഉദാ. മീങ്കതിര്; 7. ചക്രത്തിൻെറ ആരക്കാൽ; 8. സൂര്യൻ; 9. ഒരുതരം ഉളി, നന്നേവീതികുറഞ്ഞത്, ഉദാ. കതിരുളി, കതിരിരുമ്പ്; 10. ഒരു മവ്വ്മം; 11. നെൽക്കതിവ്വ്ക്കറ്റകൊണ്ടുള്ള ഒരു വഴിപാട്.
കതിരുകാൽ [കതിർ–കാൽ]'കാലായിട്ടു നിറുത്തുന്ന നീണ്ട കഴ.' നാ. കാഴ്ചയ്ക്കുള്ള കെട്ടുകുതിര ഉണ്ടാക്കാൻ ചട്ടക്കൂട്ടിൽ ആദ്യം നിറുത്തുന്ന നാലു കാൽ.
കതിരുകാള കതിർ–കാള] നാ. ചില ഗ്രാമക്ഷേത്രങ്ങളിൽ ഉത്സവത്തിനു നെൽക്കതിരും വയ്ക്കോലും കൊണ്ടു കെട്ടിയുണ്ടാക്കുന്ന കാളയുടെ രൂപം.
കതിരൂവ്വീരൻ, കതിവനൂർ– 'തലശ്ശേരിക്ക് അടുത്ത് കതിരൂർ എന്ന സ്ഥലത്തെ വീരൻ' നാ. ഒരു തെയ്യം, = കതിരൂറം തെയ്യം.
കതിരോൻ നാ. കതിരവൻ, സൂര്യൻ.
കതുകതുക്കുക ക്രി. കിതയ്ക്കുക.
കതുപ്പ് നാ. 1. കതിപ്പ്, പാക്കിൻെറ കുലയിലെ ഇതൾ; 2.നല്ല മുളകിൻെറ ഒരു തിരി; 3. ഞെട്ട്; 4. നീളത്തിൽ വാവ്വ്ന്ന മത്സ്യമോ മാംസമോ.
കതൃക്കുക ക്രി. കോപിക്കുക, = കതിവ്വ്ക്കുക.
കതൃണം [സം.] നാ. നാന്മുകപ്പുല്ല്.
കത്തക്കൊമ്പെ [ല. ച്ചറ്റചൊംബെ] നാ. ഭൂമി തുരന്ന് ഉണ്ടാക്കുന്ന നിലവറ, മതവിശ്വാസത്തിൻെറ പേരിൽ ആദികാലത്തു റോമായിൽ പീഡിപ്പിക്കപ്പെട്ട ക്രിസ്ത്യാനികളുടെ ശവശരീരങ്ങൾ അടക്കിയിട്ടുള്ള ഭൂഗവ്വ്ഭഗുഹ.
കത്തൻ നാ. കത്തനാർ, പുരോഹിതൻ (ബ. വ.) കത്തങ്ങൾ (പഴയരൂപം); കത്തനാരന്മാർ.
കത്തനാർ [കത്തൻ< സം. കവ്യ്ക–ആർ < ആൾ?] 'കത്തനാരച്ചൻ' എന്നും. നാ. ക്രിസ്തീയപുരോഹിതൻ.
കത്തം1 (പ.മ.) നാ. തോള്, ഭുജം.
കത്തം2 [അറ.] നാ. മിസ്ലീങ്ങൾ മരിച്ചവരെ ഉദ്ദേശിച്ചു നടത്തുന്ന അന്തിമകവ്വ്മം. കത്തം ഓതൽ = ഖുർ ആൻ പാരായണം ചെയ്യൽ; (പ്ര.) കത്തം ഓതുക = കഥ കഴിക്കുക; കത്തപ്പുര = ശവക്കല്ലറയ്ക്ക് അടുത്തു കത്തം ഓതുന്നതിനു കെട്ടിയുണ്ടാക്കുന്ന പുര.
കത്തൽ [കത്തുക] നാ. 1. വേവ്, എരിച്ചിൽ, ഉദാ. തീകത്തൽ, വയറ്റിൽ ഉണ്ടാകുന്ന കത്തൽ (കാളൽ); 2. വിശപ്പ്, ഉദാ. വയറ്റുകത്തൽ (പ്ര.) കത്തലടക്കുക = വിശപ്പടക്കുക; 3.ദു:ഖം, സങ്കടം.
കത്താൾ നാ. കത്തിവാൾ, വെട്ടുകത്തി.
കത്തി1 നാ. 1. മുറിക്കുന്നതിനും അറുക്കുന്നതിനും ഉള്ള ഉപകരണം, ഉദാ. വെട്ടുകത്തി; 2. യുദ്ധം ചെയ്യുവാൻ ഉപയോഗിക്കുന്ന മൂവ്വ്ച്ചയുള്ള ആയുധം,

കത്തിവാൾ; 3. ക്ഷൗരം ചെയ്യുന്നതിനുള്ള കത്തി, (പ്ര.) കത്തി വയ്ക്കുക = കൊല്ലുക; 3. കഥകളിയിലെ ഒരുതരം വേഷം.

കത്തി2 [കത്തുക] (ഭൂ. രൂപം).

കത്തിക്കാ [കത്തി1–കായ്]'കത്തിപോലെയുള്ള കായ്.' നാ. മുതിരയുടെയും മറ്റും കായ്.

കത്തിക്കാളുക [കത്തി2–കാളുക] ക്രി. കത്തിജ്വലിക്കുക, എരിഞ്ഞുപൊങ്ങുക.

കത്തിക്കുക [കത്തുക > പ്രയോ.]ക്രി. 1. തീ എരിയത്തക്കവണ്ണം ചെയ്യുക, ജ്വാല പുറപ്പെടത്തക്കവണ്ണം തീപിടിപ്പിക്കുക, തീ കൊളുത്തുക, ഉദാ. വിളക്കു കത്തിക്കുക.

കത്തുക്കൂട് [കത്തി1–കൂട്]നാ. 1. കത്തി വയ്ക്കുന്ന ഉറ; 2. കത്തിപ്പിട്ടൽ.

കത്തിപിട്ടൽ, –പുട്ടൽ[കത്തി1–പിട്ടൽ] നാ. ചെത്തുകാർ കത്തി സൂക്ഷിക്കുന്ന കൂട്, തേറുകൂട്.

കത്തിയമ്പ് [കത്തി1–അമ്പ്] നാ. കത്തിയുടെ രൂപത്തിൽ മുനയുള്ള അമ്പ്, ഉളിയമ്പ്. (സം. ക്ഷുരപ്രം) ഇരുവശത്തും മുനയുള്ള വാള്.

കത്തിയരം [കത്തി1–അരം] നാ. ഒരുതരം അരം, കോണരം.

കത്തിയെഴുത്താണി [കത്തി1–എഴുത്താണി] നാ. പിച്ചാങ്കത്തിയിലുള്ള എഴുത്താണി.

കത്തിരി1 നാ. കത്രിക. (പ്ര.) കത്തിരിപ്പൂട്ട് = 1. കത്തിരിയുടെ രൂപത്തിൽ പിണച്ചുള്ള കെട്ട്; 2. കത്തിരിപ്പൂട്ടുപോലുള്ള തലയിൽക്കെട്ട്. (പ്ര.) കത്തിരിയും പച്ചിലയും പോളെ പറ്റുക. കത്തിരിപ്പൂട്ട് = കത്രികപ്പൂട്ട്.

കത്തിരി2, കത്തരി നാ. വഴുതിനയിൽ ഒരിനം.

കത്തിവാൾ, കത്തു– [കത്തി1–വാൾ] നാ. കത്താൾ, വെട്ടുകത്തി.

കത്തിവേഷം നാ. കഥകളിയിൽ ദുഷ്ടകഥാപാത്രങ്ങളുടെ ഒരുവക വേഷം.

കത്തീഡ്രൽ, കത്തീദ്രൽ, കത്തേദ്രൽ [ഗ്രീ.] നാ. മത്രാസനപ്പള്ളി, ഭദ്രാസനപ്പള്ളി.

കത്തീബ് [അറ.] നാ. ഖുത്തുബാപ്രസങ്ഗം (മുസ്ലിമ്പള്ളിയിലേ പ്രാർത്ഥനയോടു ചേർന്നുള്ള പ്രസങ്ഗം) നടത്തുന്ന ആൾ.

കത്ത്1 [കത്തുക] ധാതുരൂപം.

കത്ത്2 [അറ.] നാ. 1.എഴുതി അയയ്ക്കുന്ന സന്ദേശം, എഴുത്ത്; 2. കളിക്കാനുള്ള ചീട്ട്; (പ്ര.) കത്തിടപാട്.

കത്തുക ക്രി. 1. തീപിടിച്ച് എരിയുക, ദഹിക്കുക, ജ്വലിക്കുക (വാച്യാർത്ഥത്തിലും ആലങ്കാരികമായും പ്രയോഗം); (പ്ര.) കത്തുന്ന തീയിൽ നെയ്യൊഴിക്കുക; കത്തുന്ന വീട്ടിൽ കിട്ടുന്നതു ലാഭം; വീടു കത്തുമ്പോൾ വാഴവെട്ടുക; 2. വളരെ വിശക്കുക, വിശപ്പുകൊണ്ടു വയറ്റിൽ എരിച്ചിൽ തോന്നുക; 3.ഒച്ചയുണ്ടാക്കുക, കരയുക; 4.ദേഷ്യപ്പെടുക.

കത്തൃണം [സം. കദ്–തൃണ]'ചീത്തപ്പുല്ല്.' നാ. 1. നാന്മുകപ്പുല്ല്, കാവട്ടപ്പുല്ല് (പശുക്കൾ തിന്നാത്തത്) ഒരുതരം സുഗന്ധിപ്പുല്ല്; 2.ഓരില; 3.കുടപ്പായൽ.

കത്തോയം [സം. കദ്–തോയ]'ചീത്ത വെള്ളം.' നാ. മദ്യം.

കത്തോലിക്കാ [ഗ്രീ.] നാ. പൊതുവായത്, സാർവ്വത്രികസഭ.

കത്ഥന(ം) [സം.] നാ. വമ്പുപറച്ചിൽ, പ്രശംസ.

കത്രികപ്പൂട്ട് നാ. 1. കത്തിരിപ്പൂട്ട്, മൂന്നു ബലമുള്ള കഴകൾ വച്ചുകെട്ടി, അതിൻെറ കവരത്തിൽ ഭാരം വയ്ക്കത്തക്കവിധം സജ്ജമാക്കുന്ന ഉപകരണം; 2. ഒരുതരം തലക്കെട്ട്.

കത്രിക്കുക ക്രി. 1. കത്രികകൊണ്ടു വെട്ടുക; 2. കത്രികകൊണ്ടു വെട്ടുന്നതുപോലെ മുറിക്കുക, വെട്ടുക.
കത്രിവാലൻ [കത്രി-വാലൻ] നാ. ഒരുതരം പൂച്ചി, ഇരട്ടവാലൻ.
കത്സവരം [സം.] നാ. തോൾ, തോൾപ്പലക.
കഥ [സം.] നാ. 1. സംഭവങ്ങൾ അടുക്കി വിവരിക്കുന്നത്, സംഭവം, ചരിതം; 2. കൽപിതകഥാപാത്രങ്ങളെക്കൊണ്ടു നിർവ്വമിക്കുന്ന പ്രബന്ധം. (കെട്ടുകഥ, ചെറുകഥ, ആഖ്യായിക മുതലായവ), (പ്ര.) കഥയറിയാതെ ആട്ടം കാണുക = അറിയേണ്ടതറിയാതെ ഇടപെടുക; കഥ കഴിക്കുക, -തീർവ്വക്കുക = കൊല്ലുക; 4. കാര്യം, വിവരം, സങ്ഗതി, വസ്തുത, വസ്തിസ്ഥിതി.
കഥക് [ഹി.] നാ. വടക്കേ ഇൻഡ്യയിൽ പ്രചാരമുള്ള ഒരു നൃത്ത സംമ്പ്രാദായം, ഭക്തിരസപ്രധാനമായി ശ്രീകൃഷ്ണകഥ അവതരിപ്പിക്കുന്നത്.
കഥകൻ [സം. < കഥ്] നാ. 1. കഥ പറയുന്നവൻ; 2.കഥനം ചെയ്യുന്നവൻ, പറയുന്ന ആൾ; 3. പ്രധാനനടൻ, സൂത്രധാരൻ.
കഥകളി [സം. കഥാ- മ. കളി] നാ. കേരളത്തിലെ ഒരു നാട്യകല; കഥകളി ആശാൻ = കഥകളി അഭ്യസിപ്പിക്കുന്ന ആൾ; കഥകളിക്കോപ്പ് = കഥകളി നടത്താൻ ആവസ്യമായ വേഷസാമഗ്രികളും മറ്റും; കഥകളിപ്പദൻ = കഥകളിയിൽ കഥാപാത്രങ്ങളുടെ സംഭാഷണം, ആത്മഗതം മുതലായ രൂപങ്ങളിലുള്ള പാട്ട്; കഥകളിയോഗം = കഥകളിക്കുവേണ്ട നടന്മാരും പാട്ടുകാരും ചേർവ്വന്ന സങ്ഘം.
കഥങ്കഥികൻ [സം. കഥം-കഥിക] 'കഥം കഥം എന്നു ചോദിക്കുന്നവൻ.' നാ. വേണ്ടതും വേണ്ടാത്തതും അറിയാൻ ചോദിക്കുന്നവൻ.
കഥഞ്ചന, കഥഞ്ചിൽ [സം. കഥം-ചന, -ചിത്] അവ്യ. വല്ലവിധത്തിലും, പണിപ്പെട്ട്, എങ്ങനെയും.
കഥനം [സം.] നാ. 1.ആഖ്യാനം, പറച്ചിൽ; 2.പഠിച്ചതു കാണാതെ ചൊല്ലൽ.
കഥനീയ [സം.] വി. കഥിക്കത്തക്ക, പറയത്തക്ക.
കഥന്ത [സം. കഥം-താ] നാ. 1.എന്തുകൊണ്ട് എന്നത്, എങ്ങനെ എന്നുള്ളത്; 2. പറയാൻ കഴിയാത്ത അസ്വാസ്ഥ്യം.
കഥം [സം.] അവ്യ. എങ്ങനെ = കഥമപി.
കഥമപി [സം. കഥം- അപി] അവ്യ. വല്ലവിധവും, എങ്ങനെയും, പണിപ്പെട്ട്.
കഥയ [സം.] ക്രി. 'കഥ'ധാതുവിൻെറ ലോട് മ.പു. ഏ. വ. നീ കഥിച്ചാലും, നീ പറഞ്ഞാലും.
കഥാകാരൻ [സം. കതാ-കാര] നാ. കഥ എഴുതുന്നവൻ.
കഥാകാലക്ഷേപം [സം. -കാലക്ഷേപ] നാ. 1. താളമേളസങ്ഗീതത്തോടുകൂടി കഥകളെ സദസ്സിൽ അവതരിപ്പിക്കൽ, കഥാപ്രസങ്ഗം,വിഷ്ണുകഥയാണെങ്കിൽ ഹരികഥാകാലക്ഷേപം എന്നു പേര്; 2.വിസ്തരിച്ചുള്ള പറച്ചിൽ.
കഥാകൃത്ത് [സം. -കൃത്] നാ. = കഥാകാരൻ.
കഥാചണ [സം. -ചണ] വി. കഥാപ്രസിദ്ധമായ, വിശ്രുതമായ.
കഥാനകം [സം.] നാ. കഥ, ചെറുകഥ.
കഥാനായകൻ, -പുരുഷൻ [സം. കഥാ- നായക, -പുരുഷ] നാ. ഒരു കഥയിലെ ഏറ്റവും പ്രധാനപ്പെട്ട പുരുഷകഥാപാത്രം; (സ്ത്രീ.) കഥാനായിക.

കഥാന്തരം [സം. കഥാ-അന്തര] നാ. മറ്റൊരുകഥ.

കഥാപാത്രം [സം. –പാത്ര] നാ. കഥയ്ക്ക് ആധാരമായ വ്യക്തി.
കഥാപ്രസങ്ഗൻ [സം. –പ്രസങ്ഗ] നാ. 1. ഇന്ദ്രജാലക്കാരൻ; 2. വിഷവൈദ്യൻ.
കഥാപ്രസങ്ഗം [സം.] നാ. 1. കഥ പറച്ചിൽ (പ്ര.) കഥാപ്രസങ്ഗകൻ; 2.കൂത്ത്; 3.കഥാകാലക്ഷേപം; 4. യാദൃച്ഛികസൂചന.
കഥാപ്രാണൻ [സം. കഥാ– പ്രാണ] നാ. 1. നടൻ; 2. കഥാകാലക്ഷേപം ചെയ്യുന്നവൻ.
കഥാബീജം [സം. –ബീജ] നാ. കഥയുടെ മൎമ്മഭാഗം.
കഥാമുഖം [സം. –മുഖ] നാ. 1. കഥയുടെ ആരംഭം; 2. കഥാപ്രവേശകം.
കഥാമൃതം [സം. –അമൃത] നാ. അമൃതുപോലെ ആസ്വാദ്യമായ കഥ.
കഥാവശേഷ, –ശേഷ [സം. –അവശേഷ, ശേഷ] വി. കഥമാത്രം അവശേഷിച്ച, ഇല്ലാതായ, മരിച്ച.
കഥാവസ്തു [സം. –വസ്തു] നാ. കഥയിലെ പ്രതിപാദ്യം, ഇതിവൃത്തം.
കഥാസരിത്സാഗരം [സം. –സരിത്–സാഗര] 'കഥാനദികളുടെ സമുദ്രം.' നാ. സംസ്കൃതത്തിലെ പ്രസിദ്ധമായ ഒരു കഥാസമാഹാരം. (സോമദേവവിരചിതം).
കഥാസാരം [സം. –സാര] നാ. 1.കഥയുടെ ചുരുക്കം; 2.കഥയിൽനിന്നുള്ള ഗുണപാഠം.
കഥികൻ [സം.] നാ. കഥ പറയുന്നവൻ.
കഥിക്കുക [സം. <കഥ്] ക്രി. പറയുക.
കഥിത വി. കഥിക്കപ്പെട്ട, പറയപ്പെട്ട.
കഥിതപദം [സം. കഥിത–പദ] നാ. പുനരുക്തിദോഷം, ഒരേ അൎത്ഥമുള്ള പദം പ്രത്യേകോദ്ദേശ്യംകൂടാതെ ആവൎത്തിക്കുന്നത്.
കഥീകരിക്കുക [സം. < കഥീ– കൃ] ക്രി. കഥാമാത്രശേഷമാക്കുക, ഇല്ലാതാക്കുക.
കഥോദ്ഘാതം, –ഉത്ഘാതം, –ഉൽഘാതം [സം. കഥാ–ഉദ്ഘാത] നാ. 1. കഥാരംഭം; 2. നാടകത്തിൻെറ ആമുഖത്തിൻെറ (പ്രസ്താവനയുടെ) അഞ്ചുപ്രകാരങ്ങളിൽ ഒന്ന്.
കഥോപകഥനം [–സം. ഉപകഥന] നാ. സംഭാഷണം, സം വാദം, സമ്മേളനം.
കഥോപചയം [സം. –ഉപചയ] നാ. കഥയുടെ വികാസം.
കഥ്യ [സം.] വി. കഥനീയ, കഥിക്കത്തക്ക, പറയത്തക്ക.
കദ് [സം.] അവ്യ. 'കു' എന്നതിനു പകരം സമാസത്തിൽ ചിലെടത്ത് പൂൎവ്വപദമായി ഉപയോഗിക്കുന്നത്, ചീത്ത, ചെറിയ, അപകൃഷ്ടമായ, നിന്ദ്യമായ മുതലായ അൎത്ഥങ്ങളിൽ, ഉദാ. കദന്നം, കദശ്വം; കദിഷ്ണം ഇത്യാദി. ചോദ്യാൎത്ഥകമായ 'കിം' ശബ്ദത്തിൽനിന്ന് ഉണ്ടായതെന്നും അഭിപ്രായം.
കദകം [സം.] നാ. മേൽക്കട്ടി, തട്ടുപന്തൽ.
കദക്ഷരം [സം. കദ്–അക്ഷര] നാ. 1. ചീത്ത അക്ഷരം; 2.ചീത്ത കൈപ്പട.
കദധ്വാവ് [സം. –അധ്വൻ] നാ. ചീത്തവഴി.
കദനം [സം.] 'നശീകരണം, കൊല, പാപം, യുദ്ധം' എന്നു സംസ്കൃതത്തിൽ അൎത്ഥം. നാ. ദു:ഖം, ദൗൎഭാഗ്യം.
കദന്നം [സം. –അന്ന] നാ. ചീത്ത ഭക്ഷണം.
കദഭ്യാസം [സം. –അഭ്യാസ] നാ. ചീത്ത നടപടി, ദുൎന്നടപ്പ്.
കദം [സം. ക–ദ]'കം ദാനം ചെയ്യുന്നത്.' നാ. 'വെള്ളം നൽകുന്നത്', മേഘം.
കദംബകം [സം. കദംബ–ദ] നാ. കടുകുചെടി.

കദംബപുഷ്പ, -പുഷ്പി, -പുഷ്പിക [സം. -പുഷ്പ, -പുഷ്പിൻ, പുഷ്പികാ] നാ. മഹാശ്രാവണി.
കദംബം [സം.] നാ. 1. കടമ്പ്, നീവ്വ്ക്കടമ്പ്; 2. ഒരുതരം പുല്ല്; 3.മഞ്ഞൾ; 4. മാക്കീരക്കല്ല്; 5. കടുക്; 6. ദേവതാളി; 7. മേഘം; 8. കൂട്ടം.
കദംബർ [സം.] നാ. (ബ.വ.) കവ്വ്ണാടകത്തിലെ ഒരു വവ്വ്ഗം, ഒരു രാജവംശം.
കദവ്വ്ഥ [സം. കദ്-അവ്വ്ഥ] വി. 1. അവ്വ്ഥമില്ലാത്ത; 2.ഉപയോഗശൂന്യമായ.
കദവ്വ്ഥന [സം. കദ്-അവ്വ്ഥനാ] നാ. പീഡനം. പീഡ, ഉപദ്രവം.
കദവ്വ്ഥിത [സം. കദ്-അവ്വ്ഥിത] വി. 1. നിന്ദിക്കപ്പെട്ട, അവഗണിക്കപ്പെട്ട; 2.പീഡിക്കപ്പെട്ട, ഉപദ്രവിക്കപ്പെട്ട, ഉപയോഗശൂന്യമാക്കിച്ചെയ്യപ്പെട്ട.
കദരം [സം.] നാ. 1. വെൺകരിങ്ങാലി; 2.അറപ്പുവാൾ; 3. ആനത്തോട്ടി; 4. തഴമ്പുകൊണ്ടു കാലിലുണ്ടാകുന്ന ഒരു രോഗം, കായ്പ്; 6. തൈര്.
കദര്യ [സം. കദ്-അര്യ] വി. ദ്രവ്യം ചെലവാക്കാത്ത, പിശുക്കുള്ള; കദര്യത = പിശുക്ക്, ലുബ്ധ്.
കദല[സം.] നാ. 1. ഇലവ്; 2. ഓരില; 3. ബ്രഹ്മി; 4. പലകപ്പയ്യാനി; 5. വാഴ.
കദലി1 കതളി, കലതി, കലം പൊട്ടി, കഢളി, കദളി നാ. ഇളം ചുവപ്പുനിറത്തിൽ പൂക്കളുള്ള ഒരുതരം കാട്ടുചെടി.
കദലി2, കദളി [സം. കദലീ] നാ. 1. വാഴ; 2.ഒരിനം വാഴ, കദളിവാഴ (ഇതിൻെറ പഴം ദേവപൂജയ്ക്കും ഔഷധത്തിനും പ്രധാനം); 3. ഒരു ദേവനവ്വ്ത്തകി; 4. ഒരുവക മാൻ (ഇതിൻെറ തോൽ ഇട്ടിരിക്കാൻ ഉപയോഗിക്കുന്നു); 5. കൊടി (ആനപ്പുറത്തു പിടിക്കുന്നത്).
കദലിക [സം. കദലികാ] നാ. 1. വാഴ, 2. കൊടി.
കദശനം [സം. കദ്-അശന] നാ. ചീത്ത ഭക്ഷണം, കദന്നം.
കദളീകാണ്ഡം [സം. -കാണ്ഡ] നാ. വാഴത്തണ്ട്, വാഴത്തട.
കദളീക്ഷത [സം. -ക്ഷതാ] നാ. 1.സുന്ദരി; 2.ഒരുതരം വെള്ളരി.
കദളീഗവ്വ്ഭം, -ദണ്ഡം [സം. -ഗവ്വ്ഭ, -ദണ്ഡ] നാ. വാഴപ്പിണ്ടി.
കദളീവനം, കദളി- [സം. -വന] നാ. വാഴത്തോട്ടം.
കദാ [സം.] അവ്യ. എപ്പോൾ, = കദാനു.
കദാകാര [സം. കദ്-ആകാര] വി. വിരൂപിയായ.
കദാചന, കദാചിത്, -ചിൽ [സം. കദാ-ചന, -ചിത്] അവ്യ. 1.ഒരിക്കൽ; 2. ചിലപ്പോൾ, ഒരുവേള.
കദാചാര [സം. കദ്-ആചാര] വി. ചീത്ത ആചാരമുള്ള.
കദാത്ത് [അറ.] നാ. മലശോധന, ഉദാ. കദാത്തിനു പോകുക.
കദാനു [സം. കദാ-നു] അവ്യ. എപ്പോഴാണോ.
കദാപി [സം. -അപി] അവ്യ. 1.ഒരിക്കലും (നിഷേധവാചകശബ്ദത്തോടുചേവ്വ്ത്തു പ്രയോഗം) ന കദാപി; 2. ഒരിക്കൽ; 3. ചിലപ്പോൾ, ഇടയ്ക്കിടയ്ക്ക്.
കദീജ, ഖദീജ [അറ.] നാ. മുഹമ്മദ് നബിയുടെ സഹധവ്വ്മിണി.
കദുഷ്ണ [സം. കദ്-ഉഷ്ണ] വി. അൽപം ചൂടുള്ള.
കദ്രു1 [സം.] വി. 1.പിങ്ഗളനിറമുള്ള, തവിട്ടുനിറമുള്ള; 2.പുള്ളികളുള്ള.
കദ്രു2 [സം.] നാ. 1. പ്ലാശ്; 2. സ്വവ്വ്ണം; 3. ദക്ഷപുത്രി, കശ്യപൻെറ ഭാര്യ, നാഗങ്ങളുടെ മാതാവ്.

കദ്രുജൻ [സം. കദ്രു–ജ] നാ. കദ്രുപുത്രൻ, സർപ്പം.
കദ്രുണ [സം.] വി. തവിട്ടുനിറമുള്ള.
കദ്വദ [സം. കദ്–വദ] വി. ചീത്ത രീതിയിൽ (അവ്യക്തമായി) പറയുന്ന, ദൂഷ്യം പറയുന്ന.
കദ്വരം [സം.] നാ. മോര്, കട്വരം.
കധി [സം. ക–ധി] നാ. സമുദ്രം.
കൻ [സം.] നാ. 1.ബ്രഹ്മാവ്; 2.പ്രജാപതി; 3.പ്രാണൻ, (ആത്മാവ്, ദക്ഷൻ, വിഷ്ണു, യമൻ, ഗരുഡൻ, സൂര്യൻ, അഗ്നി, രാജാവ് എന്നീ അർത്ഥങ്ങളും കാണുന്നു.)
കൻ മട്ടി നാ. കമ്മട്ടി, കടലാവണക്ക്.
കൻ മതിൽ [കൽ–മതിൽ] നാ. കല്ലുകൊണ്ട് ഉണ്ടാക്കിയ മതിൽ.
കൻ മദം, കന്മതം (പ.മ.) [മ. കൽ–സം. മദ] നാ. വെയിലേറ്റു പഴുത്ത പാറയിൽനിന്ന് അരക്കുപോലെ പുറപ്പെടുന്ന വസ്തു. (ഇതു സൗവർണ്ണം, രാജതം, താമ്രം, ആയസം എന്നു നാലു ജാതി. സ്വർണ്ണാദിലോഹങ്ങളുള്ള പാറകളിൽനിന്നു പുറപ്പെടുന്നതെന്നു പറയുന്നു.)
കൻ മല [കൽ–മല] നാ. വലിയ പാറക്കൂട്ടമുള്ള മല.
കൻ മഷം [<സം. കല്മഷ] നാ. 1. അഴുക്ക്; 2. പാപം.
കൻ മഴ [കൽ–മഴ] നാ. 1. കല്ലുകൊണ്ടുള്ള മഴ, ശിലാവർഷം; 2. ആലിപ്പഴം..
കൻ മറ [കൽ–മറ] നാ. കല്ലുകൊണ്ടുള്ള മറ, ചുമര്, കന്മതിൽ.
കൻ ആടം [കൽ–മാടം] നാ. കരിങ്കൽക്കെട്ടിടം.
കൻ മാഷം [<സം. കൽമാഷ] നാ. കല്മഷം, കളങ്കം.
കൻ മി [<സം. കർമ്മിൻ] നാ. മതകർമ്മങ്ങൾ ചെയ്യുന്നവൻ.
കൻ മുന [കൽ–മുന] നാ. കല്ലിൻെറ കൂർത്ത അറ്റം.
കന [കനയ്ക്കുക] ധാതുരൂപം.
കനകക്ഷാരം [സം. കനക–ക്ഷാര] നാ. പൊങ്കാരം, ടങ്കണം.
കനകക്ഷീരി [സം. –ക്ഷീരിൻ] നാ. സ്വർണ്ണക്ഷീരി, ഒരു ചെടി, മലയെരുമ, എരുമക്കള്ളി.
കനകഗിരി [സം. –ഗിരി] നാ. കനകശൈലം, സുമേരുപർവ്വതം.
കനകചൂർണ്ണം [സം. –ചൂർണ്ണ] നാ. സ്വർണ്ണപ്പൊടി.
കനകജൂബിലി [സം. കനക–ഇം. ജൂബിലി] നാ. അമ്പതു വർഷം തികയുന്ന ആഘോഷം, സുവർണ്ണജൂബിലി.
കനകത്തണ്ട് [സം. –മ. തണ്ട്] നാ. സ്വർണ്ണംകൊണ്ടുള്ള പല്ലക്ക്.
കനകദണ്ഡം [സം. –ദണ്ഡ] നാ. പൊൻ വടി.
കനകപത്രം [സം. –പത്ര] നാ. ഒരു കർണ്ണാഭരണം.
കനകപർവ്വതം [സം. –പർവ്വത] നാ. പൊന്മല, സുമേരു.
കനകപലം [സം. –പല] നാ. 1. ഒരുപലം സ്വർണ്ണം; 2. ഒരു മത്സ്യം.
കനകപ്പാല [സം. കനക– മ. പാല] നാ. ഒരുതരം മുള്ളങ്കി.
കനകപ്രഭ [സം. –പ്രഭാ] നാ. 1.സ്വർണ്ണശോഭ; 2. വലിയ വാലുഴവം; 3. മഞ്ഞക്കുറുമുഴി; 4.ഉഴിഞ്ഞ; 5. കനകവതിയിലെ കനകൻെറ പുത്രി.
കനകപ്രസവ [സം. –പ്രസവാ] നാ. പൊങ്കൈത.
കനകഫലം [സം.] നാ. 1. ഉമ്മത്തിൻ കായ്; 2. നീർവ്വാളം.

കനകം [സം.] നാ. 1. സ്വര്‍ണ്ണം; കനകം ചൊരിയുക = ധാരാളമായി സമ്പത്തു നല്‍കുക; 2. നാഗപ്പൂമരം; 3. പ്ലാശ്; 4. കറുത്ത ഉമ്മത്ത്; 5. മഞ്ഞക്കുറുഞ്ഞി; 6. കണ്ണഗുഗ്ഗുലു; 7. പൊന്നാവീരം; 8. പീതചന്ദനം; 9. മലയകത്തി; 10. ചെമ്പകം.
കനകമണി [സം. കനക-മണി] നാ. ഒരു കണ്ഠാഭരണം.
കനകമയ [സം. കനക-മയ] വി. സ്വര്‍ണ്ണനിര്‍മ്മിതമായ, സ്വര്‍ണ്ണവര്‍ണ്ണമായ.
കനകരസം [സം. -രസ] നാ. 1. അരിതാരം; 2. സ്വര്‍ണ്ണം ഉരുക്കിയത്.
കനകവര്‍ഷം [സം. -വര്‍ഷ] നാ. 1. സ്വര്‍ണ്ണം വര്‍ഷിക്കല്‍, കനകവൃഷ്ടി; 2. (ആല.) ഔദാര്യപൂര്‍വ്വകമായ ദാനം.
കനകവസന്തം [സം. കനക-വസന്ത] നാ. (സങ്ഗീ.) ഒരു രാഗം.
കനകവൃക്ഷം [സം. -വൃക്ഷ] നാ. സ്വര്‍ണ്ണവര്‍ണ്ണത്തില്‍ ഇലകളുള്ള ഒരിനം വൃക്ഷം.
കനകവൃഷ്ടി [സം. -വൃഷ്ടി] നാ. പൊന്മഴ.
കനകശക്തി [സം. -ശക്തി] നാ. 1.ധനശക്തി; 2.കനകനിര്‍മ്മിതമായ വേലോടുകൂടിയ ദേവന്‍, സുബ്രഹ്മണ്യന്‍.
കനകശൈലം [സം. -ശൈല] നാ. മേരുപര്‍വ്വതം.
കനകസഭ [സം. -സഭാ]'സ്വര്‍ണ്ണനിര്‍മ്മിതമായ സഭാമണ്ഡപം.' നാ. ചിദംബരത്തില്‍ നടരാജനെ പ്രതിഷ്ഠിച്ചിരിക്കുന്ന സ്വര്‍ണ്ണക്ഷേത്രം.
കനകസൂത്രം [സം. -സൂത്ര]നാ. സ്വര്‍ണ്ണമാല.
കനകസ്തംഭ [സം. -സ്തംഭാ] 'പൊന്‍ നിറമുള്ള തടയുള്ളത്.' നാ. സുവര്‍ണ്ണകദളി.
കനകസ്ഥലി [സം. -സ്ഥലി] നാ. സ്വര്‍ണ്ണഖനി.
കനകാങ്ഗദം [സം. -അങ്ഗദ] നാ. സ്വര്‍ണ്ണത്തോള്‍വള.
കനകാങ്ഗി [സം. -അങ്ഗീ] നാ. 1. (സങ്ഗീ.) ഒരു രാഗം; 2. തങ്കനിറമുള്ളവള്‍, സുന്ദരി.
കനകാധ്യക്ഷന്‍ [സം. -അധ്യക്ഷ] നാ. സ്വര്‍ണ്ണഭണ്ഡാരത്തിന്‍റെ ചുമതല വഹിക്കുന്നവന്‍.
കനകാഭിഷേകം [സം. -അഭിഷേക] നാ. 1. സ്വര്‍ണ്ണം കൊണ്ടുള്ള അഭിഷേകം, ധാരാളം സ്വര്‍ണ്ണനാണയങ്ങള്‍ ശിരസ്സില്‍ ചൊരിയല്‍; 2. (ആല.) ഔദാര്യപൂര്‍വ്വമായ ദാനം.
കനകാംബരം [സം. -അംബര] നാ. 1. സ്വര്‍ണ്ണനിറമുള്ള വസ്ത്രം; 2. നല്ല പൂവുള്ള ഒരു ചെടി (സ്വര്‍ണ്ണനിറത്തില്‍ പൂവുള്ള ഇനത്തില്‍നിന്ന് ഈ പേര്, മറ്റുനിറങ്ങളിലും ഉണ്ട്.)
കനകാംബരി [സം.] നാ. (സങ്ഗീ.) ഒരു രാഗം.
കനകാലുക [സം. കനക- ആലുകാ] നാ. പൊങ്കിണ്ടി
കനകാവലി [സം.] നാ. 1. സ്വര്‍ണ്ണച്ചങ്ങല; 2. ഒരു സ്ത്രീനാമം.
കനകാഹ്വയം [സം. കനക-ആഹ്വയ] 'കനകം എന്നു പേരുള്ളത്.' നാ. 1. ഉമ്മത്ത്; 2. നാകപ്പൂവ്.
കനക്കന്‍ മുളക് നാ. കനത്ത മണികളുള്ള കുരുമുളക്.
കനക്കുക ക്രി. 1. തടിക്കുക, വീര്‍ക്കുക, ഉദാ. ശരീരം കനക്കുക; 2.വര്‍ദ്ധിക്കുക, പെരുകുക; 3. കട്ടികൂട്ടുക, കടുക്കുക, ഭാരം തോന്നുക; 4. കഠിനമാകുക, പ്രയാസമേറുക.

കനക്കുറവ്		[കനം- കുറവ്]	നാ. 1. കനത്തിൽ വരുന്ന കുറവ്, കടുപ്പം കുറവ്; 2. ഗൗരവക്കുറവ്, മാന്യതയ്ക്കു വരുന്ന ലാഘവം.
കനക്കെ, കനക്ക, കനക്കേ, കനക്കവെ		അവ്യ. കനക്കുംവണ്ണം, ധാരാളമായി, വളരെ, ഏറ്റവുമധികം.
കനക്കേട്		[കനം-കേട്] നാ. അഭിമാനക്ഷയം, കുറച്ചിൽ, അപമാനം.
കനങ്കുഴയാൾ		[കനം -കുഴ -ആൾ] നാ. ഭാരമുള്ള കര്ണാഭരണം ധരിച്ചവൾ.
കനടി		[സം.] നാ. മനയോല.
കനട്ടുക		ക്രി. കോഴി മുട്ടയ്ക്കു കാറുക, പിനറ്റുക, പനട്ടുക.
കനത്ത		[കനക്കുക] (ഭൂ. പേരെച്ചം) വി. 1. കനമുള്ള, ഭാരമുള്ള, കട്ടിയുള്ള; 2. ശക്തിയുള്ള, ഊക്കുള്ള; 3. സാരമുള്ള, ഗൗരവമുള്ള; 4. മഹത്ത്വമുള്ള, വൈശിഷ്ട്യമുള്ള; 5. വര്ദ്ധിച്ച, പെരുകിയ, വലുതായ.
കനന		[സം.] വി. ഒറ്റക്കണ്ണുള്ള.
കനപം, കണപം		[സം.] നാ. ഒരുതരം ആയുധം.
കനപ്പ്1		[കനക്കുക]	നാ. കനം, ഭാരം.
കനപ്പ്2		നാ. കനച്ചു ചീത്തയാകൽ.
കനപ്പ്3		[കനയ്ക്കുക] നാ. കുതിര പുറപ്പെടുവിക്കുന്ന ശബ്ദം.
കനപ്പുറം		നാ. കനൽപ്പുറം, കനലിൻെറ (തീക്കനലിൻെറ) മുകൾഭാഗം.
കനപ്പെട്ട		[കനം-പെട്ട] വി. ഉയര്ന്ന, വലിയ, മേലേക്കിടയിലുള്ള, മാന്യതയുള്ള.
കനം1		[<സം. ഘന] നാ. 1. ഭാരം; 2. വണ്ണം; 3. മഹിമ, മഹത്ത്വം; 4. ശ്രേഷ്ഠത, കാഠിന്യം, കടുപ്പം, തീക്ഷ്ണത; 5. ഗൗരവം, അഭിമാനം, വൻപ്; 6. വര്ദ്ധന, തികവ്.
കനം2		അവ്യ. അധികമായി, ഏറ്റവും, ധാരാളം.
കനമ്പ്		നാ. താളിയോലഗ്രന്ഥത്തിൻെറ മരം കൊണ്ടുള്ള പുറം ചട്ട. (വ.മ.).
കനയ്ക്കുക		ക്രി. (എണ്ണ. നെയ്യ് മുതലായവ) പഴക്കം കൊണ്ടു ചീത്തയാവുക, ദു:സ്വാദ് ഉണ്ടാവുക.
കനയ്ക്കുക		ക്രി. കൊക്കുക, പനറ്റുക, പിടക്കോഴി മുട്ടയിടാങ്കാലത്ത് പ്രത്യേക രീതിയിൽ ശബ്ദിക്കുക; 2. കാറുക, കാര്ക്കിക്കുക; 3. കുതിര ശബ്ദിക്കുക; 4. ജ്വലിക്കുക, ചൂട് ഉണ്ടാവുക, താരത, കനലുക; 5. മലവിസര്ജ്ജനത്തിന് മുക്കുക.
കനൽ, കണൽ	താരത. അനല്	നാ. 1. തീക്കട്ട; 2. ചൊവ്വ, കുജൻ; 3. (ജ്യോ.) ഉച്ചസ്ഥിതി, ഉദാ. തൃക്കേട്ട കനൽ തിരിയുന്നേരം; 4. കാര്ത്തിക നക്ഷത്രം; 5. കൊടുവേലി.
കനൽക്കണ്ണ്		[കനൽ-കണ്ണ്]നാ. ശിവൻെറ മൂന്നാം കണ്ണ്.
കനൽക്കണ്ണൻ		[കനൽ-കണ്ണൻ]	നാ. തീക്കണ്ണൻ, ശിവൻ.
കനൽക്കാര		[കനൽ-കാര] നാ. വറകലം.
കനൽക്കോരിക		[കനൽ-കോരിക]	നാ. കനൽ കോരിയെടുക്കാനുള്ള പാത്രം.
കനൽനുതൻ		[കനല്-നുതൻ]	നാ. ശിവൻ.
കനൽമരം		[കനൽ-മരം] നാ. രാത്രിയിൽ പ്രകാശിക്കുന്ന ഒരുതരം വൃക്ഷം, എരിമരം.
കനലി		നാ. കായാവുമരം.

കനലുക ക്രി. 1. എരിയുക; 2. കായുക, ചൂടാകുക.
കനവാള നാ. വാലരിങ്ങ, കാട്ടുവാളരി.
കനവിയ (പ.മ.) [കനവുക] വി. കനമുള്ള, കനത്ത, തടിച്ച.
കനവ് നാ. = കിനാവ്.
കനവുക1 (പ.മ.) ക്രി. കിനാവു കാണുക.
കനവുക2 ക്രി. കനക്കുക, കനംതോന്നുക.
കനാൻ നാ. പാലസ്തീൻ.
കനാന്യൻ നാ. 1.കനാൻ നാട്ടുകാരൻ; 2. യേശുവിൻെറ ശിഷ്യനായ ശിമ്മോൻെറ അപരനാമം.
കനാം നാ. തുലാക്കട്ടയോടു ഘടിപ്പിച്ചിട്ടുള്ള മുള.
കനാൽ [ഇം. ച്ഛനൽ] നാ. തോട്, കുല്യ.
കനാവിക്കുക (പ.മ.) ക്രി. സ്വപ്നം കാണുക.
കനാവ് (പ.മ.) നാ. കിനാവ്.
കനി1 [കനിയുക] ധാതുരൂപം.
കനി2 നാ. 1. പഴുത്ത കായ്, പഴം; 2. അസാധാരണമായത്, വിരളമായത്; 3. പ്രിയമുള്ള ആൾ (മാപ്പിള ഭാഷ).
കനി3 [സം.] കന്യക.
കനി4 <സം. ഖനി] നാ.ആകരം.
കനിക്കുക ക്രി. ഉരുക്കുക, അലിയിക്കുക, മയപ്പെടുത്തുക.
കനിക്രദത് [സം.] വി. (വൈദികം) കരയുന്ന (അശ്വം പോലെ); കനിക്രദത്സൂക്തം = മങ്ഗളസൂക്തം. ('കനിക്രദജ്ജനുഷം' എന്നു തുടങ്ങുന്നതുകൊണ്ട് ഈ പേര്.)
കനിച്ചിൽ, കനിച്ചൽ [കനിയുക] നാ. കനിയുകയെന്ന പ്രവൃത്തി.
കനിഞ്ഞ് [കനിയുക] (മുൻ വിന.) അവ്യ. കനിവോടെ, ദയവായി.
കനിയുക 'കനിപോലെ മൃദുവാക്കുക'. താരത. കിനിയുക. ക്രി. 1. പഴുത്തു പാകം വരിക; 2. മൃദുവാകുക, അലിയുക, ദ്രാവകരൂപത്തിൽ ഒലിക്കുക, കിനിയുക, വാലുക; 3. മനസ്സ് അലിയുക, ദയവു തോന്നുക, പ്രസാദിക്കുക.
കനിവ് നാ. ആർദ്രത, ദയ, വാത്സല്യം, സ്നേഹം.
കനിഷ്ഠ1 [സം.] വി. 1. ഏറ്റവും ഇളയ, ഏറ്റവും പ്രായം കുറഞ്ഞ ക്ഷ ജ്യേഷ്ഠ; 2. ഏറ്റവും ചെറിയ, വളരെത്തൊണ, കുറഞ്ഞ.
കനിഷ്ഠ2 [സം. കനിഷ്ഠാ] നാ. 1.ഇളയ സഹോദരി; 2. കടുകുരോഹിണി; 3. ചെറുവിരൽ, കനിഷ്ഠികാ; 4. കണ്മണി; 5. ഭാര്യമാരിൽ ഇളയവൾ; 6. നായികാഭേദങ്ങളിൽ ഒന്ന്.
കനിഷ്ഠൻ [സം.] നാ. 1.ഏറ്റവും ഇളയ സഹോദരൻ; 2. ഇളയവൻ, അനുജൻ; 3. ശിവൻ. ക്ഷ ജ്യേഷ്ഠൻ.
കനിഷ്ഠിക [സം. കനിഷ്ഠികാ] നാ. 1. ചെറുവിരൽ; 2. കടുകുരോഹിണി.
കനിഷ്ഠികാധിഷ്ഠിതൻ [സം. കനിഷ്ഠികാ-അധിഷ്ഠിത] നാ. ചെറുവിരലിൽ (= ആദ്യം) എണ്ണപ്പെടേണ്ടവൻ.
കനീനക, കനീനിക [സം. കനീനകാ, കനീനികാ] നാ. 1. കണ്മിഴി; 2.കന്യക.
കനീനകൻ [സം.] നാ. ബാലൻ, യുവാവ്.
കനീനകം [സം.] നാ. 1. കണ്മിഴി; 2. മൂക്കിനോടടുത്തുള്ള കണ്ണിൻെറ അറ്റം.
കനീയസം [സം.]'വില കുറഞ്ഞത്.' നാ. ചെമ്പ്.

കനീയസി [സം. കനീയസീ] നാ. അനുജത്തി.
കനീയസ്സ്1 [സം. കന-ഈയസ്] തോലനതദ്ധിതം. രണ്ടെണ്ണങ്ങളെ താരതമ്യപ്പെടുത്തുമ്പോൾ 'ഈയസ്' എന്ന പ്രത്യയം. (പും.) കനീയാൻ; (സ്ത്രീ.) കനീയസി; (നപും.)
കനീയസ്സ്2, കനിഷ്ഠ [സം.] വി. പ്രായം കുറഞ്ഞ, ഇളയ.
കനീയാൻ [സം.] വി. = കനീയസ്സ്1.
കനീസ [അറ.] നാ. ക്രിസ്ത്യാനികളുടെ പള്ളി.
കനൂജം നാ. കന്യാകുബ്ജം, വടക്കേ ഇൻഡ്യയിലെ ഒരു പ്രാചീനനഗരം.
കനേര [സം.] നാ. 1. പിടിയാന; 2. വേശ്യ, ദാസി.
കനേഷുമാരി [പേർ. ഖാനേ-ശുമാരീ] നാ. ജനസങ്ഖ്യ എടുക്കൽ, = കാനേഷുമാരി.
കനോന നാ. = കാനോന.
കന്തകമുക് നാ. മലകളിൽ കാണുന്ന ഒരുതരം കമുകുമരം. കന്തൽ എന്നു പറയും.
കന്താചാരം, കന്തായം നാ. 1. വസ്തു ഉടമസ്ഥനു വിളവിന്റെ 1/4 -ഉം, പാട്ടക്കാരനു 3/4 -ഉം അവകാശപ്പെടുന്ന പാട്ടവ്യവസ്ഥ; 2. സൈനികരുടെ വേതനത്തിനു വിട്ടിട്ടുള്ള ഭൂമി.
കന്തായം നാ. കരം, ഭൂനികുതി.
കന്തീശൻ [സുറി. കാദീശ] നാ. വിശുദ്ധൻ, സഭ വിശുദ്ധനായി അങ്ഗീകരിച്ചവൻ, പുണ്യവാളൻ.
കന്ത് [<സം. കന്ദ] നാ. കൃസരി.
കന്തു [സം. <കമ്] നാ. 1. കാമൻ; 2. മനസ്സ്, ഹൃദയം; 3. ധാന്യപ്പുര.
കന്തൂരി [അറ.] നാ. മുഹമ്മദുനബിയുടെ പുത്രിയായ ഫാത്തിമയെ ഉദ്ദേശിച്ചു മുസ്ലിം സ്ത്രീകൾ നടത്തുന്ന ഒരു വിശേഷ സദ്യ.
കന്ഥ [സം.] നാ. 1. കീറിത്തുന്നിയ പഴന്തുണി; 2. നഗരം; 3. ഭിത്തി; 4. കാലിലെ നഖം; 5. ഇലക്കള്ളി, താരത. കന്ഥാരി; 6. നിഗളം; 7. കക്കൂസ്.
കന്ഥാധാരി [സം. കന്ഥാ-ധാരിൻ] 'കന്ഥ ധരിക്കുന്നവൻ.' നാ. സന്യാസി.
കന്ദകം [സം.] നാ. പല്ലക്ക്.
കന്ദഗുഡൂചി, -ഗുളൂചീ [സം.] നാ. പേരമൃത്.
കന്ദഗ്രന്ഥി [സം. കന്ദ-ഗ്രന്ഥി] നാ. പിണ്ടാളൻ ചേമ്പ്.
കന്ദടം, കന്ദട്ടം [സം.] നാ. വെളുത്ത ആമ്പൽ.
കന്ദൻപെരുമാൾ നാ. കേരളം ഭരിച്ച ഒരു പെരുമാൾ.
കന്ദനം [സം.] നാ. നാശം.
കന്ദബഹുല [സം. കന്ദ-ബഹുലാ] നാ. നൂറങ്കിഴങ്ങ്.
കന്ദം [സം.] നാ. 1. കിഴങ്ങ്; 2. (ആല.) മൂലകാരണം, അടിസ്ഥാനം; 3. മേഘം; 4. ചേന; 5. വീക്കം, നീര്; 6. വെള്ളുള്ളി; 7. കർപ്പൂരം; 8. ചണ്ണമുള്ളങ്കി; 9. ഒരു വൃത്തം; 10. (സങ്ഗീ.) ഒരു ഗീതവിശേഷം.
കന്ദമൂലം [സം. കന്ദ-മൂല] നാ. മുള്ളങ്കി.
കന്ദർപ്പകൂപം [സം. കന്ദർപ്പ-കൂപ] നാ. ഉപസ്ഥം.

കന്ദർപ്പൻ [സം. കം. ദർപ്പ] നാ. കാമദേവൻ. (ജനിച്ചപ്പോൾത്തന്നെ ആരെ മദത്താൽ ദർപ്പിക്കേണ്ടു എന്നു ചോദിച്ചവൻ; ബ്രഹ്മാവിൽ കൂടിയും അഹങ്കാരം പ്രയോഗിക്കുന്നവൻ; നിന്ദനീയമായ അഹങ്കാരത്തോടു കൂടിയവൻ; സുഖത്തിൽ അഹങ്കരിക്കുന്നവൻ.
കന്ദർപ്പനാടകം [സം. കന്ദർപ്പ-നാടക] നാ. 1. രതിക്രീഡ.
കന്ദർപ്പം [സം.] നാ. (സങ്ഗീ.) 1. ഒരു താളം; 2. ഒരു രാഗം.
കന്ദർപ്പമഥൻ [സം. കന്ദർപ്പ-മഥന]'കന്ദർപ്പനെ മഥിച്ചവൻ.' നാ. കന്ദർപ്പദഹനൻ, ശിവൻ.
കന്ദർപ്പമനോഹരി [സം. -മനോഹരീ] നാ. (സങ്ഗീ.) ഒരു ജന്യരാഗം.
കന്ദർപ്പമുസലം [സം. -മുസല] നാ. പുരുഷലിങ്ഗം.
കന്ദർപ്പരിപു [സം. -രിപു] നാ. കാമദേവൻെറ ശത്രു, ശിവൻ.
കന്ദർപ്പലീല [സം. -ലീലാ]നാ. സ്ത്രീപുരുഷസം യോഗം, കാമലീല.
കന്ദർപ്പവൈരി [സം. -വൈരിൻ] നാ. കാമദേവൻെറ ശത്രു, ശിവൻ.
കന്ദര [സം. കം -ദരാ] നാ. 1. ഗുഹ; 2. സ്കന്ദൻെറ സൈന്യത്തിലെ മാതൃക്കളിൽ ഒരുവൾ.
കന്ദരം [സം.] നാ. 1. ഗുഹ; 2. ഒരു പർവ്വതം; 3. മലഞ്ചരിവ്; 4. ആനത്തോട്ടി; 5. ചുക്ക്; 6. ഇഞ്ചി.
കന്ദരാളം [സം.] നാ. 1. കല്ലാൽ; 2. മലയുകമരം, അക്ഷോടം; 3. പൂവരശ്; 4. ഇത്തിയാൽ.
കന്ദരോത്ഭവം [സം. കന്ദര-ഉത്ഭവ] നാ. ചെറിയ കല്ലൂർവ്വഞ്ചി.
കന്ദരോഹിണി [സം. കന്ദ-രോഹിണീ]'ഗുഹയിൽ വളരുന്നത്.' നാ. പേരമൃത്.
കന്ദലത [സം. കന്ദ-ലതാ] നാ. 1. മാലക്കിഴങ്ങ്; 2. നെയ്പ്പാവൽ.
കന്ദവർദ്ധനം [സം. കന്ദ-വർദ്ധന] നാ. ചേന.
കന്ദവല്ലി [സം. -വല്ലീ] നാ. 1. കാട്ടുപാവൽ; 2. മുതക്ക്.
കന്ദസാരം [സം. -സാര] നാ. നന്ദനോദ്യാനം, ഇന്ദ്രൻെറ തോട്ടം.
കന്ദസൂരണം [സം. -സൂരണ] നാ. ചേന.
കന്ദളം, -ലം [സം. കന്ദല] നാ. 1. മുള, അങ്കുരം; 2. കവിൾത്തടം, ചെന്നി; 3. വാഴ; 4. താമരയരി; 5. താമര; 6. യുദ്ധം; 7. ശകാരം; 8. ഇഞ്ചി; 9. ചേന; 10. കൂട്ടം; 11. സ്വർണ്ണം; 12. കൂണ്.
കന്ദളി, -ലി [സം. കന്ദലി] നാ. 1. ഒരിനം മാൻ, വലിയ വയറും കറുത്ത മുങ്കാലുകളുമുള്ളത്; 2. വാഴ; 3. കൊടിക്കൂറ; 4. താമരവിത്ത്; 5. കൂണ്; 6. കന്ദളം, അങ്കുരം.
കന്ദളിക [സം.] നാ. കുന്തുരുക്കം.
കന്ദളികം [സം.] നാ. കാന്തൾ, മേന്തോന്നി.
കന്ദളിത [സം.] വി. കുന്ദളം വന്ന, നാമ്പെടുത്ത, മുള പൊട്ടിയ, ഉണ്ടായ.
കന്ദളീകുസുമം [സം. കന്ദലീ-കുസുമ] നാ. 1. കൂണ്; 2. വാഴയുടെ പൂവ്.
കന്ദാഢ്യം [സം. കന്ദ-ആഢ്യ] നാ. നിലക്കിഴങ്ങ്.
കന്ദാമൃത [സം. -അമൃതാ] നാ. 1. ഒരുതരം കള്ളിച്ചെടി; 2. പേരമൃത്.
കന്ദായം [സം.] നാ. 1. (ജ്യോ.) നാലുമാസക്കാലം; 2. കരം (ഗഡുക്കളിലായി അടയ്ക്കുന്നത്).
കന്ദാർഹം [സം.] നാ. ചേന.

കന്ദാരം [സം.] നാ. 1. പേരാൽ, വടവൃക്ഷം; 2. താമരക്കിഴങ്ങ്.
കന്ദാലു [സം. കന്ദ–ആലു] നാ. 1. കണ്ണൻ ചേമ്പ്; 2. നൂറൻ കിഴങ്ങ്.
കന്ദി [സം. കന്ദിൻ] 'കിഴങ്ങുള്ളത്.' നാ. ചേന.
കന്ദിരി [സം.] നാ. 1. മുക്കുറ്റി, തീണ്ടാനാഴി.
കന്ദു [സം.] നാ. 1. ഇരുമ്പു ചട്ടി; 2. വാറ്റുന്നതിനുള്ള പാത്രം; 3. ഒരു സുഗന്ധദ്രവ്യം, കുന്തുരുക്കം; 4. അരളി, കണവീരം.
കന്ദുകം [സം.] നാ. 1. പന്ത്; 2. തലയണ; 3. അടയ്ക്ക, പാക്ക്; 4. (സങ്ഗീ.) ഒരു താളം.
461
കന്ദുചാരി [സം. കന്ദു–ചാരിൻ] നാ. (സങ്ഗീ.) ഒരു അലങ്കാരം.
കന്ദുളം [സം.] നാ. പെരുച്ചാഴി.
കന്ദോടം [സം.] നാ. 1. വെളുത്താ ആമ്പൽ; 2. കരിങ്കൂവളം.
കന്ദോതം [സം.] നാ. വെള്ളാമ്പൽ.
കന്ദോത്ഥം [സം. കന്ദ–ഉത്ഥ] നാ. കരിങ്കൂവളം.
കന്ദോത്ഭവ [സം. –ഉത്ഭവാ] നാ. പേരമൃത്.
കന്ധം [സം.] നാ. 1. മേഘം; 2. മുത്തങ്ങ.
കന്ധര(ം) [സം. കം–ധരാ] നാ. 1. കഴുത്ത് (ശിരസ്സിനെ ധരിക്കുന്നതിനാൽ); 2. മേഘം (ജലത്തെ വഹിക്കുന്നതിനാൽ); 3. ചെറുചെഞ്ചീര; 4. കാലിൻെറ പിൻഭാഗത്തുള്ള ഒരു സ്നായു. കന്ധരാവധം = കാലിൻെറ പിൻഭാഗത്തെ പെരുഞ്ഞരമ്പു മുറിച്ചു കളയൽ.
കന്ധി1 [സം. കം–ധി < ധാ] നാ. 1. കഴുത്ത് (ശിരസ്സിനെ വഹിക്കുന്നത്); 2. സമുദ്രം (ജലത്തെ വഹിക്കുന്നത്).
കന്ധി2 നാ. ഒരു ഭാഷ, കൂയി, ഖൊന്ദ്. താരത. കന്ധ്.
കന്നക്കെട്ട് നാ. മലയുടെ അടിവാരത്തിലുള്ള റോഡിൻെറ ഉറപ്പിനുവേണ്ടിയുള്ള കൽക്കെട്ട്.
കന്ന(ൽ)ക്കണ്ണാൾ, [കന്നം, –ല് – കണ്ണ്–ആൾ] നാ. കന്നം (കവ്വ്ണം) വരെ നീണ്ട കണ്ണുള്ളവൾ, കന്നൽക്കണ്ണി, സുന്ദരി. (കരിങ്കൂവളപ്പൂപോലെ മനോഹരമായ കണ്ണുള്ളവൾ,മീൻപോലെ നീണ്ട കണ്ണുള്ളവൾ എന്നും).
കന്നക്കളവ് [<കന്നം1] നാ. ഭവനഭേദനം.
കന്നക്കാരൻ [<കന്നം1] നാ. 1. വീടു കവവ്ച്ചക്കാരൻ; 2. ചതിയൻ.
കന്നക്കുമിള [കന്നം3–കുമിള] നാ. ചുണ്ടൻ വള്ളത്തിൻെറ ചുണ്ടിൻെറ രണ്ടുവശങ്ങളിലും അലങ്കാരമായി വച്ചു തറയ്ക്കുന്ന പിച്ചളക്കുമിള.
കന്നക്കോൽ [കന്നം1–കോൽ] നാ. 1. കവവ്ച്ചക്കാർ വീടിൻെറ ഭിത്തിതുരക്കാൻ ഉപയോഗിക്കുന്ന ഇരുമ്പുപാര, തുരങ്കം ഉണ്ടാക്കാനുള്ള ഉപകരണം; 2. നെയ്ത്തുകാരുടെ ഒരുതരം ഉപകരണം.
കന്നങ്കടി [കന്നം3–കടി] നാ. ശണ്ഠ, വഴക്ക്; ക്രി. കന്നം കടിക്കുക = ഏഷണി പറയുക, ശണ്ഠയുണ്ടാക്കുക.
കന്നങ്കുത്ത് [കന്നം3–കുത്ത്] നാ. ചെന്നിക്കുത്ത്. (മ.തി.).
കന്നടഗൗളം, –ഗൗളി, –ഗൗഡം [സം. കന്നട–ഗൗല] നാ. (സങ്ഗീ.) ഒരു ജന്യരാഗം.
കന്നടബങ്കാളം, കന്നടവങ്കാളം [സം. കന്നട–ബങ്കാല] നാ. (സങ്ഗീ.) ഒരു രാഗം.

കന്നടം, കന്നഡം നാ. 1. കർണ്ണാടകദേശം; 2. കർണ്ണാടകഭാഷ; 3. (സങ്ഗീ.) ഒരു ജന്യരാഗം, ധീരശങ്കരാഭരണം.
കന്നടർ നാ. (ബ.വ.) കർണ്ണാടകദേശക്കാർ.
കന്നടിയൻ, കന്നടിക്കാരൻ നാ. 1. ഒരു പിന്നോക്കജാതി, ലിങ്ഗംകെട്ടി; 2. ഒരു വടുകരാജാവ്.
കന്നട്ട [കന്ന്-അട്ട] 'കന്നുകളെ കടിക്കുന്ന അട്ട.' നാ. വെള്ളത്തിൽ ജീവിക്കുന്ന ഒരുതരം വലിയ അട്ട, പോത്തട്ട, കണ്ണട്ട.
കന്നട്ട(ം) നാ. 1. കൊപ്രാ ഉണക്കുന്ന സ്ഥലം; 2. കുടിൽ; 3. പ്രസവിച്ച സ്ത്രീക്കു കുളിക്കാനുണ്ടാക്കുന്ന മറപ്പുര.
കന്നഡം നാ. = കന്നടം.
കന്നത്തം, കന്നത്തരം[<കന്നൻ] നാ. 1. മുട്ടാളന്റെ മട്ട്, തെമ്മാടിത്തരം; 2. ഗ്രാമ്യപദം.
കന്നൻ1 നാ. മുട്ടാള, തെമ്മാടി.
കന്നന്തിരിവ് [കന്നം3-തിരിവ്] നാ. തെമ്മാടിത്തരം.
കന്നപ്പുര [കന്നൽ4-പുര] നാ. ഈറ്റില്ലം.
കന്നപ്പുറ്റ് [കന്നം3-പുറ്റ്] നാ. കവിൾവാർപ്പ് (തെ.തി.).
കന്നപ്പൂ(വ്) [കന്നം3-പൂ] നാ. കർണ്ണത്തിൽ ധരിക്കുന്ന പുഷ്പാകൃതിയുള്ള ഒരു ആഭരണം.
കന്നം1 നാ. 1. കവർച്ചയ്ക്കുവേണ്ടി ചുവരിൽ ഉണ്ടാക്കുന്ന ദ്വാരം; 2. കുന്തം പോലെയുള്ള ഒരായുധം; 3. കന്നക്കോൽ; 4. ഭവനഭേദനം, കവർച്ച.
കന്നം2 [<കന്നൻ] നാ. 1. സൂത്രം, ദുസ്സാമർത്ഥ്യം; 2. കന്നത്തരം, കന്നന്റെ രീതി, മുട്ടാളത്തരം.
കന്നം3 നാ. ചെവി, ചെന്നി, കരണം.
കന്നം4 നാ. കരിങ്കൂവളപ്പൂവ്.
കന്നം5 [സം.] നാ. 1. പാപം; 2. മോഹാലസ്യം.
കന്നംപൊട്ടി [കന്നം-പൊട്ടി] നാ. വലിയ എരിവില്ല ഒരുതരം മുളക് (മ.തി.).
കന്നൽ1 നാ. കരിങ്കൂവളം.
കന്നൽ2 നാ. 1. കരിമ്പ്; 2. ശർക്കര; 3. മത്സ്യം; 4. കുരുവി, തൂക്കണാംകുരുവി.
കന്നൽ3 നാ. 1. കരകം; 2. നാഴികവട്ട.
കന്നൽ4 [<കരു-നൽ ?] നാ. ഗർഭരക്ഷയ്ക്ക് പുള്ളുവത്തികൾ നടത്തുന്ന ഒരു കർമ്മം, = കന്നൽക്കൂത്ത്.
കന്നൽക്കണ്ണി [കന്നൽ1-കണ്ണി] നാ. കരിങ്കൂവളം പോലെ മനോഹരമായ കണ്ണുള്ളവൾ, മീനിന്റെ ആകൃതിയിലുള്ള കണ്ണുള്ളവൾ, സുന്ദരി.
കന്നല്വില്ലൻ [കന്നൽ2-വില്ലൻ] 'കരിമ്പു വില്ലായിട്ടുള്ളവൻ.' നാ. കാമദേവൻ.
കന്നാച്ചി നാ. ഒരു മൺപാത്രം. (വ.മ.)
കന്നാൻ നാ. ഒരു ജാതി, മൂശാരി, (സ്ത്രീ.) കന്നാത്തി; (പ്ര.) കന്നാൻ ഉല, കന്നാരിറ = കന്നാന്മാരുടെ മേൽ ചുമത്തിയിരുന്ന ഒരു പഴയ കരം; കന്നാൻ വലങ്കയർ = കന്നാന്മാരുടെമേൽ ചുമത്തിയിരുന്ന ഒരു പഴയ കരം, 1865-ആമാണ്ട് നിറുത്തൽ ചെയ്തു.
കന്നായ്മ നാ. = കന്നന്തിരിവ്.
കന്നാർച്ചക്ക [കന്നാർ-ചക്ക] നാ. കടച്ചക്ക.

കന്നാരം നാ. കൽച്ചണം (ഔഷധമായി ഉപയോഗിക്കുന്നു. ഇന്ദ്രമദം എന്നു സംസ്കൃതനാമം.)

കന്നാല [കന്ന്-ആല] നാ. തൊഴുത്ത്.

കന്നാലി നാ. = കന്നുകാലി; കന്നാലിപ്പി(ഏ)ള്ളർ, കന്നാലിച്ചെറുക്കന്മാർ = കന്നുകാലികളെ മേയ്ക്കുന്ന കുട്ടികൾ.

കന്നി[<സം. കന്യാ] നാ. 1. കന്യക; (പ്ര.) കന്നി അഴിയൽ = കന്യാത്വം അവസാനിക്കൽ, കല്യാണം കഴിക്കൽ; കന്നി കുളിപ്പ് = ഋതുവാകൽ; 2. മലയാളവർഷത്തിൽ (കൊല്ലവർഷത്തിൽ) രണ്ടാമത്തെ (മലബാർ പ്രദേശത്ത് ഒന്നാമത്തെ) മാസം, കന്യാരാശിയിൽ സൂര്യൻ നിൽക്കുന്ന കാലം; (പ്ര.) കന്നികാച്ചൽ, കന്നിവെറി, കന്നിത്തെളിവ് = കന്നിമാസത്തെ വെയിൽ (കടുത്ത ചൂടുള്ളതെന്നു പ്രസിദ്ധം); 3. (ജ്യോ.) ആറാം രാശി (ചി ം കന്യക ആകയാൽ); 4. (വിശേഷണമായി) ആദ്യത്തെ കന്നിക്കെട്ട് = 1. ശബരിമലയ്ക്കു ആദ്യമായി പോകുമ്പോൾ നിറയ്ക്കുന്ന കെട്ട്; 2. ആദ്യവിവാഹം; 5. കന്യാമറിയം; 6. കന്യാകുമാരി.

കന്നിക [<സം. കന്യകാ] നാ. 1. കന്യക; 2. കറ്റാർവാഴ.

കന്നിക്കണ്ടം [കന്നി-കണ്ടം]നാ. കന്നിമാസത്തിൽമാത്രം വിളവെടുപ്പുള്ള സ്ഥലം.

കന്നിക്കാരൻ [കന്നി-കാരൻ] നാ. 1. ഏതെങ്കിലും ഒന്നിൽ ആദ്യമായി ഇടപെടുന്ന ആൾ; 2. ശബരിമലക്ഷേത്രദർശനത്തിന് ആദ്യമായി പോകുന്നയാൾ, കന്നിയയ്യപ്പൻ.

കന്നിക്കാൽ [കന്നി-കാൽ] നാ. വീടുപണിക്കും പന്തലിടുന്നതിനും മറ്റും ആദ്യമായി നാട്ടുന്ന കാൽ.

കന്നിക്കാറുകാച്ചൽ [കന്നി-കാറ്-കാച്ചൽ]നാ. കന്നിക്കാറുകൊള്ളിക്കൽ, കന്നിമാസത്തിൽ മഴക്കാറുമൂടൽ ഉണ്ടെങ്ങിലും അന്നത്തെ ചൂടുള്ള വെയിലത്തു നെൽ വിത്ത് ഉണക്കൽ.

കന്നിക്കൂറ് [കന്നി-കൂറ്] നാ. (ജ്യോ.) ഉത്രത്തിൽ മുക്കാലും അത്തവും ചിത്തിര അരയും കൂടിയത്.

കന്നിക്കൊയ്ത്ത് [കന്നി-കൊയ്ത്ത്] നാ. കന്നിമസത്തിലെ വിളവെടുപ്പ്.

കന്നിക്കോഴി [കന്നി-കോഴി] നാ. ആദ്യമായി മുട്ടയിടാൻ തുടങ്ങിയ കോഴി.

കന്നിച്ചാവ് [കന്നി-ചാവ്] നാ. മരിച്ച കന്യകയുടെ പ്രേതം.

കന്നിച്ചേമ്പ് [കന്നി-ചേമ്പ്]നാ. കന്നിമാസത്തിൽ വിളയുന്ന ചേമ്പ്.

കന്നിഞായർ, -ഞായിർ [കന്നി-ഞായർ] 'കന്നിരാശിയിൽ സൂര്യൻ നിൽക്കുന്ന കാലം.' നാ. കന്നിമാസം.

കന്നിടുക [കന്ന്-ഇടുക] ക്രി. പ്രസവിക്കുക.

കന്നിത്തെളിവ് [കന്നി-തെളിവ്] നാ. കന്നിമാസത്തിലെ വേനൽ, കന്നിവെറി.

കന്നിപ്പൂ(വ്) [കന്നി-പൂവ്] നാ. കന്നിമാസത്തിൽ വിളവെടുക്കുന്ന നെൽകൃഷി.

കന്നിപ്പേറ് [കന്നി-പേറ്] നാ. കടിഞ്ഞൂൽപ്രസവം.

കന്നിപ്പോര് [കന്നി-പോര്]നാ. അഭ്യാസം പൂർത്തിയാക്കിയ ശേഷം ആദ്യത്തെ യുദ്ധം.

കന്നിമുന്നം, -മിന്നം [കന്നി-മുന്നം]അവ്യ. ആദ്യമായിട്ട്, നടാടെ.

കന്നിമൂല [കന്നി-മൂല] തെക്കുപടിഞ്ഞാറെ മൂല.

കന്നിമേൽ [കന്നി-മേൽ] നാ. = കന്നിമൂല.

കന്നിയാക്കം [കന്നി-യാക്കം] നാ. ആദ്യഗർഭകാലത്തെ യാക്കം.

കന്നിയാ(വ്), കന്നിയ (വ.മ.) [<സം. കന്യാ]നാ. കന്യാവ്, കന്യക.

കന്നിയീറ്റ് [കന്നി-ഈറ്റ്] നാ. പശുവിൻെറ കടിഞ്ഞൂൽ പ്രസവം. (തെ.തി.)
കന്നിയൂട്ട് [കന്നി-ഊട്ട്] നാ. (മലയരയന്മാർ) കന്നിമാസത്തിൽ (വിളവെടുപ്പു കഴിഞ്ഞ്) ദേവന്മാർക്കു കൊടുക്കുന്ന വഴിപാട്.
കന്നിരാശി [മ. കന്നി-സം. രാശി] നാ. (ജ്യോ.) (മേടം തൊട്ട്) ആറാം രാശി.
കന്നിവെറി [കന്നി-വെറി] നാ. കന്നിമാസത്തിലെ ചുടുവെയിൽ.

കന്നിവ്യാഴം, കന്നിവിയാഴം [കന്നി-വ്യാഴം] നാ. കന്നിരാശിയിൽ വ്യാഴം നിൽക്കുന്ന കാലം.
കന്ന് നാ. 1. പശു, എരുമ, ഒട്ടകം മുതലായ മൃഗങ്ങളുടെ കുട്ടി; 2. കന്നുകാലി; 3. പോത്ത്, എരുമ, ഉദാ. ഒരു ഏരുകന്ന് (പോത്ത്); 4. വാഴത്തൈ; 5. കുഞ്ഞ്, ചെറുത്, ഇളയത്; 6. കെട്ട്.
കന്നിക ക്രി. 1. തീ പൊള്ളുക; 2. ചപ്പിപ്പോവുക, ചതയുക.
കന്നുകാലി [കന്നു-കാലി]നാ. കാള, പശു, പോത്ത്, എരുമ മുതലായവ; കന്നുകാലിപ്പാത = കന്നുകാലികൾ നടന്നുണ്ടാകുന്ന ഒറ്റയടിപ്പാത; കന്നുകാലിപ്പി(ഏ)ള്ളർ = കാലിമേയ്ക്കുന്ന കുട്ടികൾ; കന്നുകാലിപ്ലേഗ് = ചാണ്ടപ്പനി, മണ്ടപ്പനി; കന്നുകാലിവളം = കന്നുകാലികളുടെ ചാണകവും മറ്റും.
കന്നുകുട്ടി [കന്ന്-കുട്ടി] നാ. പശു, എരുമ മുതലായവയുടെ കുട്ടി.
കന്നുതൈർ [കന്നും (-ന്നിൻ) തൈർ] നാ. എരുമത്തൈർ.
കന്നൂഞ്ചൽ [കന്നി-ഊഞ്ചൽ] നാ. വിവാഹം കഴിഞ്ഞ് ആദ്യമായി കന്യകയും വരനും ഇരുന്നാടുന്ന ഊഞ്ഞാൽ.
കന്നൂട്ടിക്കയ്യൻ [കന്ന് പൂട്ടി-കയ്യൻ] നാ. കന്നുകാലിക്കാരൻ (വ.മ.).
കന്നേറ്റി, കണ്ണേറ്റി നാ. ഒരു സ്ഥലനാമം, കൊല്ലത്തിനു പന്ത്രണ്ടു മൈൽ വടക്ക്.
കന്യ(ക), കന്യാവ് [സം. കന്യകാ, കന്യാ] നാ. 1. പെൺകുട്ടി; 2. പത്തുവയസ്സായ പെൺകുട്ടി; 3. വിവാഹം കഴിഞ്ഞിട്ടില്ലാത്ത സ്ത്രീ, അവിവാഹിത; 4. (നാടകത്തിൽ) നായികാഭേദങ്ങളിൽ ഒന്ന്, അവിവാഹിത, ബാലിക; 5. പുത്രി; 6. ദുർഗ്ഗ; 7. കന്യാകുമാരി; 8. കറ്റാർവാഴ; 9. ഞാഴൽ; 10. കാട്ടുപാവൽ; 11. പേരേലം; 12. (ജ്യോ.) കന്നിരാശി.
കന്യകാജാതൻ [സം. കന്യകാ-ജാത]നാ. കന്യകയെ വിവാഹംചെയ്തു കൊടുക്കൽ.
കന്യകാപുടം [സം. -പുട] നാ. പേരേലം. കന്യകാപ്രസവം [സം. -പ്രസവ] നാ. പുരുഷബീജസങ്കലനം കൂടാതെയുണ്ടാകുന്ന പ്രജനനം (ശാസ്ത്രീയപരീക്ഷണത്തിൽ ചില ജീവികൾക്ക്).
കന്യകാമഠം [സം. -മഠ] നാ. കന്യാസ്ത്രീമഠം.
കന്യകാമണി, -രത്നം [സം. -മണി, -രത്ന] നാ. 1. കന്യകകളിൽ രത്നമായിട്ടുള്ളവൾ, ഉത്തമകന്യക; 2. ഒരു സംസ്കൃതവർണ്ണവൃത്തം.
കന്യകാശുൽകം [സം. -ശുൽക] നാ. സ്ത്രീധനം.
കന്യസ [സം. കന്യസാ] നാ. ചെറുവിരൽ.
കന്യസൻ [സം. കന്യസ] നാ. ഏറ്റവും ഇളയ അനുജൻ, (സ്ത്രീ.) കന്യസി.
കന്യകുബ്ജം, കാന്യ- [സം. കന്യാ- കുബ്ജ] നാ. വടക്കേ ഇന്ത്യയിലെ ഒരു പുരാതനനഗരം. ഇന്ന് കനൗജ്, കനൂജ് എന്നും മറ്റും പേരുകൾ.
കന്യാകുമാരി, [സം.കുമാരീ] നാ. 1. ഇന്ത്യയുടെ തെക്കേ അറ്റത്തെ മുനമ്പ്, മുങ്കാലത്തു കേരളത്തിൻെറ തെക്കേയറ്റം, ഭാഷാപരമായ സംസ്ഥാനവിഭജനത്തോടെ

ഇപ്പോൾ തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയിൽ, അവിടെ പ്രതിഷ്ഠിച്ചിട്ടുള്ള കന്യാകുമാരീ ഭഗവതി യിൽ നിന്ന് ദേശനാമം; 2. ദുർഗ
463
കന്യാഗാരം [സം.-ആഗാര] നാ. കന്യാപുരം

കന്യാടൻ [സം. -അട < അട്] നാ. കന്യകകളുടെ പിറകേപോകുന്നവൻ.
കന്യാതീൎത്ഥം [സം. -തീൎത്ഥ] നാ. കന്യാകുമാരി.
കന്യാദാനം [സം. -ദാന] നാ. 1. കന്യകാദാനം; 2. കന്യകയെ സ്വീകരിക്കൽ.
കന്യാധനം [സം. -ധന] നാ. സ്ത്രീധനം.
കന്യാപത്രി [സം. -പത്രി] നാ. ജാമാതാവ്.
കന്യാപുത്രൻ [സം. -പുത്ര] നാ. 1. കന്യകയുടെ പുത്രൻ, കൎണ്ണൻ, വ്യാസൻ; 2. കന്യാമറിയത്തിൻെറ പുത്രൻ, ശ്രീയേശു.
കന്യാപുരം [സം. -പുരം] നാ. കന്യകകൾക്കായുള്ള മന്ദിരം, അന്തഃപുരം.
കന്യാപ്രകൎമ്മം [സം. -പ്രകൎമ്മൻ] നാ. കന്യകയുമായുള്ള സംഭോഗം.
കന്യാമഠം [സം. -മഠ] നാ. കന്യാസ്ത്രീമഠം.
കന്യാമറിയം [സം. -മ. മറിയം] നാ. യേശുക്രിസ്തുവിൻെറ മാതാവ്, കന്യകാമറിയം.
കന്യാമാത് [സം. -മ. മാത്] നാ. കന്യാകുമാരീഭഗവതി.
കന്യാരത്നം [സം. -രത്ന] 'കന്യകകളിൽ രത്നം.' നാ. ഉത്തമകന്യക.
കന്യാലപ്പട്ട്, കണ്യോലപ്പട്ട് 'കന്നിയോല (കുരുത്തോല) പോലുള്ള പട്ട്' നാ. പുടവമുറിക്കു കൊടുക്കുന്ന ഒരുതരം പട്ട്.
കന്യാവിസ്രംഭണം [സം. -വിസ്രംഭണ] നാ. കന്യകയെ രഞ്ജിപ്പിക്കൽ.
കന്യാവ്(പ.മ) [സം.] നാ. കന്യക.
കന്യാവേദി [സം. -വേദിൻ] നാ. മകളുടെ ഭൎത്താവ്, ജാമാതാവ്.
കന്യാവ്രതം [സം. -വ്രത] നാ. കന്യകയായിത്തന്നെ ജീവിക്കുമെന്ന നിഷ്ഠ.
കന്യാശുൽക്കം [സം. -ശുൽക] നാ. സ്ത്രീധനം.
കന്യാശ്രമം [സം. കന്യാശ്രമ] നാ. 1. ഒരു പുണ്യതീൎത്ഥം; 2. കന്യാസ്ത്രീമഠം.
കന്യാസ്ത്രീ [സം. കന്യാ-സ്ത്രീ] നാ. (ക്രിസ്തു.) കന്യാവ്രതമനുഷ്ഠിക്കുന്ന സ്ത്രീ. കന്യാവ്രതത്തോടെ കന്യാമഠത്തിൽ കഴിയുന്നവൾ.
കന്യാസ്ത്രീമഠം [സം. കന്യാസ്ത്രീ-മഠ] നാ. കന്യാസ്ത്രീകൾ താമസിക്കുന്ന മഠം.
കന്യാഹരണം [സം. കന്യാ-ഹരണ] നാ. കന്യകയെ തട്ടിക്കൊണ്ടുപോകൽ.
കന്യാറ [കന്നി-ഇറ ?] നാ. സൎക്കാരിലേക്ക് ഉണ്ടായിരുന്ന ഒരു വരവിനം.
കന്യാറൽ ഏലം <കന്നി ഞായറൻ] നാ. കന്നിമാസത്തിലെ ഏലം.
കപടനരൻ [സം. കപട-നര] നാ. മായാമനുഷ്യൻ, മനുഷ്യരൂപത്തിലുള്ള ഈശ്വരൻ, ഈശ്വരാവതാരം.
കപടഭക്തി [സം. -ഭക്തി] നാ. ഭക്തി ഉണ്ടെന്നു കപടമായി ഭാവിക്കൽ.
കപടം [സം. കപട] നാ. 1. കള്ളം, ചതി, സൂത്രം; 2. ഒരുതരം പുല്ല്; 3. മുപ്പത്തിമൂന്നു നട്യാലങ്കാരങ്ങളിൽ ഒന്ന്.
കപടമിത്രം [സം. -മിത്ര] നാ. മൈത്രി ഉണ്ടെന്നു ഭാവിക്കുന്നവൻ.
കപടമുദ്ര [സം. -മുദ്ര] നാ. കള്ളമുദ്ര.
കപടയോഗി [സം. -യോഗിൻ] നാ. കള്ളസന്യാസി.

കപടലേഖ്യം [സം. -ലേഖ്യ] നാ. കള്ളപ്രമാണം.
കപടവേഷം [സം. -വേഷ] നാ. വേഷപ്രച്ഛന്നത, വ്യാജവേഷം.
കപടസൂത്രം [സം. -സൂത്ര] നാ. ചതിക്കുന്നതിനുള്ള ഉപായം, വ്യാജതന്ത്രം, ചതി, കുരുക്ക്.
കപടാചാരൻ [സം. -ആചാര] നാ. മിത്ഥ്യാചാരൻ.
കപടി, കപടം [സം. കപടിൻ നാ. 1. ചതിയൻ, കള്ളൻ; 2. ഒരു സുഗന്ധവസ്തു; 3. ഒരുതരം പുല്ല്; 4. കൈക്കുമ്പിളിൽ കൊള്ളുന്ന അളവ്.
കപടേശ്വരി [സം. കപട-ഈശ്വരീ] നാ. വെളുത്ത കണ്ടകാരി.
കപടോക്തി [സം. -ഉക്തി] നാ. അസത്യവാക്ക്.
കപണിക നാ. കപ്പലിൽ കയറുവാനുള്ള കയറുകോണി.
കപൻ [സം. ക-പ] നാ. 1. വരുണൻ, ജലരക്ഷകൻ; 2. കപ എന്ന അസുരവർഗ്ഗത്തിൽ പെട്ടവൻ, പിശാച്.
കപർദ്ദം [സം. കപർദ്ദ] നാ. 1. കവടി, കക്ക; 2. (ശിവൻെറ) ജടാഭാരം; കവടിപോലെ കെട്ടിയിട്ടുള്ളത്.
കപർദ്ദി [സം. കപർദ്ദിൻ] നാ. കപർദ്ദത്തോടു കൂടിയവൻ, ശിവൻ.
കപർദ്ദിക [സം. കപർദ്ദികാ] നാ. കവടി, ചിപ്പി.
കപർദ്ദിനി [സം.കപർദ്ദിനീ] നാ. ദുർഗ്ഗാദേവി.
കപലാരിക്കുക ക്രി. കുമ്മായം ഇടുക, രഞ്ചിടുക (വ.മ.).
കപാടം [സം. കപാട] നാ. കവാടം, വാതിൽ, കതക്.
കപാടഘ്നൻ [സം. കപാട-ഘ്ന] 'വാതിൽ പൊളിക്കുന്നവൻ.' നാ. ഭവനഭേദനം ചെയ്യുന്നവൻ, കള്ളൻ.
കപാടപുരം [സം. കപാട-പുര] നാ. തമിഴ് സാഹിത്യത്തിലെ ഇടൈച്ചങ്കം (മധ്യകാലസങ്ഘം) സ്ഥാപിച്ചിരുന്ന സ്ഥലം. ഇവിടം കടൽ കയറി നശിച്ചി എന്ന് ഐതിഹ്യം.
കപാടസന്ധി [സം. കപാട-സന്ധി] നാ. 1. കതകുചേർപ്പ്; 2. ഗുണനക്രിയയുടെ ഒരു പ്രകാരം.
കപാടസന്ധികം [സം. കപാട-സന്ധിക] നാ. കാതിൻെറ വള്ളി അറ്റുപോയാൽ കൂട്ടിച്ചേർക്കേണ്ട വിധങ്ങളിൽ ഒന്ന്.
കപാടിനി [സം. കപാടിനീ] നാ. ചീഡ, ദേവതാരം.
കപടോദ്ഘാടനം [കപാട-ഉദ്ഘാടന] നാ. 1. വാതിൽ തുറപ്പ്; 2. താക്കോൽ.
കപാലക്കുത്ത് [സം. കപാല - മ. കുത്ത്] നാ. തലവേദന.
കപാലധരൻ [സം. കപാല-ധര] നാ. കപാലഭൃത്ത്, ശിവൻ.
കപാലനാളിക [സം. കപാല-നീലികാ] നാ. നൂലു ചുറ്റുന്നതിനുള്ള കുഴൽ.
കപാലപദ്മം [സം. കപാല-പദ്മ] 'കപാലത്തിലെ പദ്മം.' നാ. സുഷുംനാനാഡിയുടെ മുകളിലത്തെ അറ്റത്ത് ആജ്ഞാചക്രസ്ഥാനത്തു പദ്മകാരമായുള്ള ഭാഗം.
കപാലപാണി [സം. കപാല-പാണി] 'കപാലം കയ്യിൽ ഉള്ളവൻ.' നാ. ശിവൻ.
കപാലപാദം [സം. കപാല-പാദ] നാ. തലയിൽനിന്നുണ്ടായി വായ്ക്കു ചുറ്റും വളർന്നു നിൽക്കുന്ന കാലുകൾ ഉള്ള ജന്തുവർഗ്ഗം.
കപാലഭാന്തി, -ഭാതി, -ഭാടി [സം. കപാല-ഭാന്തി] 'കപാലത്തെ ശോധന ചെയ്യുന്നത്.' നാ. ഹഠയോഗാനുഷ്ഠാനങ്ങൾ ആറു വിധമുള്ളതിൽ ഒന്ന്.

കപാലഭൃത്ത് [സം. കപാല–ഭൃത് <ഭൃ] നാ. 1. ശിവൻ (കപാലം ഭരിക്കുന്നവൻ); 2. തലയ്ക്കുള്ളിൽ ഇരിക്കുന്നത്.
കപാലം [സം. കപാല] 'കുഴിയിൽ, ഭിക്ഷാപാത്രം, തലയോട് എന്ന് അവ്വ്ഥവികാസം.' നാ. 1. തലയോട്; 2. പരന്ന അസ്ഥി; 3. ഭിക്ഷാപാത്രം; 4. ഉടഞ്ഞ മൺപാത്രത്തിൻെറ ഭാഗം, ഉടകലം; 5. മൂശ; 6. ദേവന്മാവ്വ്ക്കു പുരോഡാശം അവ്വ്പ്പിക്കുന്ന ഇഷ്ടിക; 7. മുട്ടയുടെ തോട്; 8. ആമയോട്ടി; 9. ഒരിനം കുഷ്ഠം, കാപാലികം, കാപാലം, കറുത്തും ചുവന്നും കപാലാകൃതിയിൽ ഉള്ളത്; 10. കൂട്ടം, ശേഖരം; 11. ഭാഗ്യം; 12. തുല്യനിരയിൽ ഉള്ളവവ്വ് തമ്മിൽ ചെയ്യുന്ന സന്ധി, കലത്തിൻെറ ഓടുകൾ എന്നപോലെ ചേവ്വ്ത്താൽ ചേരാത്ത സന്ധി; 13. ഒരു അസ്ത്രം.
കപാലമാലി [സം. കപാല–മാലിൻ] നാ. കപാലം മാലയായി ധരിക്കുന്നവൻ, ശിവൻ (സ്ത്രീ.) കപാലമാലിനി.
കപാലമുദ്ര [സം. –മുദ്രാ] നാ. ഒരു ഹസ്തമുദ്ര.
കപാലമോക്ഷം [സം. –മോക്ഷ] നാ. തലയോടുപൊട്ടി പ്രാണൻ പോകൽ.
കപാലരേഖ [സം. കപാല–രേഖാ] 'കപാലഫലങ്ങളുടെ പല്ലും പഴുതും ചേവ്വ്ന്ന് എഴുത്തുപോലെ കാണപ്പെടുന്നത്.' (ഈശ്വരലിഖിതമെന്നു സങ്കൽപം).നാ. തലയിലെഴുത്ത്, ശിരോലിഖിതം.
കപാലഹസ്തം [സം. കപാല–ഹസ്ത] നാ. ഒരു സങ്ഗീതോപകരണം.
കപാലാസ്ഥി [സം. –അസ്ഥി] നാ. തലയോടുപോലെയുള്ള അസ്ഥി, ഫലകാസ്ഥി.
കപാലി [സം. കപാലിൻ] നാ. 1. കപാലം (തലയോട്) എടുത്തു ഭിക്ഷയാചിക്കുന്നവൻ, ശിവൻ; 2. ഏകാദശരുദ്രന്മാരിൽ ഒരാൾ; 3. തലയോടുപിടിച്ചു ഭിക്ഷതെണ്ടുന്നവൻ, ശൈവമതക്കാരിൽ ഒരു വിഭാഗത്തിൽ പെട്ടവൻ; 4. ഒരു താഴ്ന്നജാതി (മുക്കുവനു ബ്രാഹ്മണസ്ത്രീയിൽ ജനിച്ച സന്തതി).
കപാലിക [സം. കപാലികാ] നാ. 1. ഉടകലം; 2. പല്ലിലെ ഇത്തിൾ, പല്ലുകൾ പൊടിയുമ്പോൾ അവയുടെ ചുവട്ടിൽ കല്ലുപോലെ ഉണ്ടാകുന്ന മലം; 3. ഒരുതരം കുഷ്ഠം; 4. പിച്ചി; 5. കാളി.
കപാലിനി [സം. കപാലിനീ] നാ. 1. കപാലധാരിണി, ദുവ്വ്ഗ; 2. പാമ്പിൻെറ വിഷപ്പല്ലുകളിൽ ഒന്ന്.
കപാലീശ്വരം, തൃക്കപോലേശ്വരം [സം. കപാലി–ഈശ്വര] നാ. തൃക്കപാലീശ്വരം; മധ്യതിരുവിതാങ്കൂറിൽ തിരുവല്ലായ്ക്ക് അടുത്ത് നിരണത്തുള്ള ഒരു പഴയ ശിവക്ഷേത്രം. ക്രി. വ. 15–ആം നൂറ്റാണ്ടിൽ മലയാളകവിതയ്ക്കു മഹാസംഭാവനകൾ ചെയ്ത നിരണംകവികളുടെ കുലദേവതയായി കപാലീശ്വരത്തെ ശിവനെ അനുസ്മരിച്ചിരിക്കുന്നു.
കപി, കവി(പ.മ.) [സം. കപി] നാ. 1. കുരങ്ങ്; 2. അറബിക്കുന്തുരുക്കം; 3. രക്തചന്ദനം; 4. പന്നി; 5. നെല്ലി; 6. വലിയ ഉങ്ങ്; 7. ആന; 8. സൂര്യൻ; 9. വിഷ്ണു.
കപിക [സം. കപികാ] നാ. 1. കടിഞ്ഞാൺ; 2. കരിനൊച്ചി; 3. നായ്ക്കുരുണ.
കപികച്ഛു [സം. കപി–കച്ഛൂ] നാ. നായ്ക്കുരുണ.
കപികന്ദുകം [സം. –കന്ദുക] 'കുരങ്ങിനു കളിപ്പന്ത്.' നാ. തലയോട്.
കപികേതനൻ, കേതു [സം. –കേതന, –കേതു] നാ. അവ്വ്ജുനൻ (ഹനുമാൻ കൊടിയടയാളമായിട്ടുള്ളവൻ).
കപിചൂഡം [സം. –ചൂഡ] നാ. 1. അമ്പഴം; 2. കല്ലാൽ; 3. വെളുത്ത പേരാൽ.

കപിജം [സം. -ജ] നാ. അറബിക്കുന്തുരുക്കം.
കപിഞ്ജലം [സം. കപിഞ്ജല] നാ. 1. വേഴാമ്പൽ; 2. പിതാരിപ്പുള്ള്; 3. തിത്തിരിപ്പക്ഷി.
കപിതാരിപ്പുള്ള് നാ. പിതാരിപ്പുള്ള്, കപിഞ്ജലം.
കപിത്ഥകം [സം. കപിത്ഥക] നാ. 1. വിളാവ്വ്മരം; 2. ഒരു ഹസ്തമുദ്ര, = കപിത്ഥം; 3. ഒരുതരം വിസവ്വ്പ്പം, വിളാമ്പഴക്കരപ്പൻ.
കപിത്ഥ്വക്ക് [സം. കപിത്ഥ-ത്വച്] നാ. ഏലാവാലുകം.
കപിത്ഥം [സം. കപിത്ഥ] നാ. 1. ഏലാവാലുകം; 2. വിളാവ്വ്മരം; 3. ഒരു ഹസ്തമുദ്ര, കപിത്ഥകം.
കപിധ്വജൻ [സം. കപി-ധ്വജ] നാ. കപികേതനൻ, അവ്വ്ജുനൻ (കൊടിയിൽ ഹനുമാൻെറ ചി ം ഉള്ളതിനാൽ).
കപിനാമ(ക)ം [സം. -നാമൻ, -നാമക] നാ. അറബിക്കുന്തുരുക്കം.
കപിപ്രഭ [സം. -പ്രഭാ] നാ. നായ്ക്കുരുണ.
കപിപ്രിയം [സം. -പ്രിയ] നാ. 1. വിളാവ്വ്മരം; 2. അമ്പഴം; 3. പഴമുൺപാല.
കപിരഥൻ [സം. -രഥ] നാ. 1. ശ്രീരാമൻ; 2. അവ്വ്ജുനൻ.
കപിരോമ(ഫല) [സം. -രോമാ, -രോമഫലാ] നാ. നായ്ക്കുരുണ.
കപില1 [സം. കപില] 'കപിയുടെ നിറമുള്ള.' വി. കുരാൽ നിറമുള്ള.
കപില2 [സം. കപിലാ] നാ. 1. കുരാലിപ്പശു; 2. അഗ്നികോണിലെ ഗജമായ പുണ്ഡരീകൻെറ പിടിയാന; 3. ഒരു മരം, ഇരുമുള്ള്; 4. അരേണുകം; 5. കറ്റുവാഴ; 6. നല്ല പിച്ചള; 7. അത്തിത്തിപ്പല്ലി; 8. ദക്ഷൻെറ പുത്രി, കാശ്യപൻെറ ഭാര്യ; 9. ഒരു നദി; 10. ഒരുതരം അട്ട.
കപിലചന്ദനം [സം. -ചന്ദന]നാ. രക്തചന്ദനം.
കപിലത1 [സം. -താ] നാ. കുരാൽനിറം.
കപിലത2 [സം. കപി-ലതാ] നാ. നായ്ക്കുരുണ.
കപിലദ്യുതി [സം. കപില-ദ്യുതി] നാ. സൂര്യൻ.
കപിലദ്രാക്ഷ [സം. -ദ്രാക്ഷാ] നാ. വലിയ മുന്തിരി, തവിട്ടുനിറത്തിൽ കായുള്ള മുന്തിരി.
കപിലധാര [സം. -ധാര] നാ. 1. ഗങ്ഗ; 2. ഒരു പുണ്യതീവ്വ്ഥം.
കപിലൻ [സം. കപില] നാ. 1. ഒരു മഹവ്വ്ഷി, സാങ്ഖ്യദവ്വ്ശനത്തിൻെറ ഉപജ്ഞാതാവ്, (ബ്രാഹ്മണപുത്രനായ കവ്വ്ദമപ്രജാപതിയുടെയും സ്വായംഭുവമനുവിൻെറ പുത്രി ദേവഹൂതിയുടെയും പുത്രൻ, വിഷ്ണുവിൻെറ അവതാരം എന്നും പരിഗണിക്കുന്നു); 2. സൂര്യൻ; 3. വിഷ്ണു; 4. ഒരു ദാനവൻ; 5. ഒരു നാഗം, കദ്രുവിൻെറ പുത്രൻ; 6. വസുദേവന് ശ്രുതന്ധരയിൽ ജനിച്ച പുത്രൻ; 7. സുഹോത്രൻെറ പുത്രൻ; 10. വിശ്വാമിത്രൻെറ ഒരു പുത്രൻ, 11.ശിവൻ.
കപിലപുരാണം [സം. കപില-പുരാണ] നാ. ഒരു ഉപപുരാണം.
കപിലഫല [സം. -ഫലാ] 'കപില നിറമുള്ള ഫലത്തോടു കൂടിയത്.' നാ. ഒരിനം മുന്തിരിവള്ളി, കപിലദ്രാക്ഷ.
കപിലം [സം. കപില] നാ. 1. കുരാൽ നിറം, ഒട്ടകക്കഴുത്തിലെ രോമത്തിൻെറ നിറം; 2. പിച്ചള; 3. അറബിക്കുന്തുരുക്കം; 4. (കുരാൽ നിറമുള്ള) നായ്; 5. അഗ്നി; 6. മഹാമേരുവിൻെറ പടിഞ്ഞാറുവശത്തുള്ള ഒരു പവ്വ്വതം; 7. കുശദ്വീപത്തിലെ ഒരു രാജ്യം.

കപിലമതം [സം. കപില-മത] 'കപിലൻ സ്ഥാപിച്ച മതം.' നാ. സാങ്ഖ്യദർശനം.
കപിലർ നാ. മൂന്നാം സങ്ഘകാലത്തെ ഒരു തമിഴ്കവി.
കപിലലോഹം [സം. കപില-ലോഹ] നാ. പിച്ചള.
കപിലവാസ്തു [സം. കപില-വാസ്തു] നാ. ബുദ്ധൻെറ ജനനസ്ഥലം, ശാക്യരാജാക്കന്മാരുടെ രാജധാന, കപിലമുനിയുടെ വാസസ്ഥാനമായിരുന്നു.
കപിലശിംശപ [സം. -ശിംശപാ] നാ. അൽപം മഞ്ഞനിറമുള്ള ഇരുൾ മരം, ഇരുവുൾ.
കപിലാക്ഷി [സം. -അക്ഷീ] നാ. 1. ഒരിനം മാൻ; 2.അൽപം മഞ്ഞനിറമുള്ള ഇരുവുൾ മരം; 3. വെളുത്ത ചെറിയ വെള്ളരി.
കപിലാചാര്യൻ [സം. -ആചാര്യ] നാ. 1. വിഷ്ണു; 2. കപിലമഹർഷി.
കപിലാഞ്ജനൻ [സം. -അഞ്ജന] നാ. ശിവൻ.
കപിലാശ്വൻ [സം. -അംശ] 'കപിലനിറമുള്ള കുതിരകളോടുകൂടിയവൻ.' നാ. 1. ഇന്ദ്രൻ; 2. ഇക്ഷ്വാകുവംശത്തിലെ ധുന്ധുമാരൻ എന്ന രാജാവിൻെറ പുത്രൻ (കുവലയാശ്വൻെറ പുത്രൻ എന്നും കാണുന്നു).
കപിലാസി, കപിലാസ്യം [സം. കപി-ലാസി] നാ. ഒരുതരം വീണ.
കപിലൈല [സം. കപി-ഏലാ] നാ. അരേണുകം, വാൽമുളക്.
കപിലോമം, -രോമം, -ലോമാ [സം. കപി-ലോമൻ] നാ. 1. നായ്ക്കുരുണ; 2. ഒരു സുഗന്ധദ്രവ്യം.
കപിവക്ത്രൻ [സം. കപി-വക്ത്ര] നാ. നാരദൻ.
കപിവദാന്യം [സം. -വദാന്യ] നാ. അമ്പഴം.
കപിവല്ലി [സം. -വല്ലീ] നാ. 1. അത്തിത്തിപ്പലി (കപിയെപ്പോലെ അങ്ങുമിങ്ങും പടരുന്ന വള്ളിയുള്ളത്); 2. വലിയ കടലാടി.
കപിശ1 [സം. കപിശ] വി. തവിട്ടുനിറമുള്ള, ചുവന്ന തവിട്ടുനിറമുള്ള.
കപിശ2 [സം. കപിശാ] നാ. 1. മാധവീലത; 2. ഒരുനദി; 3. ഒരു തരം മദ്യം; 4. അറബിക്കുന്തുരുക്കം.
കപിശൻ [സം.] നാ. ശിവൻ.
കപിശം [സം.] നാ. 1. തവിട്ടുനിറം; 2. സാമ്പ്രാണി; 3. ഒരുവക മദ്യം; 4. ഒരുരാജ്യം, അഫ്ഗാനിസ്ഥാൻ; 5. ഒരുതരം വിസർപ്പം, ചൊങ്കാർക്കരപ്പൻ.
കപിശായനം [സം. -അയന] നാ. ഒരുവക മദ്യം.
കപിശി [സം. കപിശീ] നാ. 1. മാധവീലത; 2. ഒരുതരം മദ്യം.
കപിശീർഷകം [സം. കപി-ശീർഷക] നാ. ചായില്യം.
കപിഷ്ഠലൻ [സം. കപി-സ്ഥല] നാ. ഒരു ഋഷി, നിമിത്ത ശാസ്ത്രകർത്താവ്.
കപീകച്ഛു, കപി- [സം.] നാ. നായ്ക്കുരുണ.
കപീജ്യൻ [സം.] 'കപികളാൽ പൂജിക്കപ്പെടുന്നവൻ.' നാ. 1. ശ്രീരാമൻ; 2. സുഗ്രീവൻ.
കപീജ്യം [സം. കപി-ഇജ്യ] നാ. പഴമുൺപാല (കപികളാൽ പൂജിക്കപ്പെടുന്നത്).
കപീതനം [സം.കപിതന]നാ. 1. അമ്പഴം (വാനരൻെറ നിറത്തിനു തുല്യമായത്); 2. കല്ലാൽ; 3. നെന്മേനിവാക, ശിരീഷം; 4. പൂവരശ്; 5. കവുങ്ങ്; 6. അരയാൽ; 7. കൂവളം; 8. ഇത്തി, ഇത്തിയാൽ.

കപ്പീന്ദ്രൻ [സം. കപി-ഇന്ദ്ര] 'കുരങ്ങുകളിൽ ശ്രേഷ്ഠൻ.' നാ. 1. ഹനുമാൻ; 2. സുഗ്രീവൻ; 3. ജാംബവാൻ; 4. ബാലി; 5. വിഷ്ണു.

കപീലു [സം.] നാ. പനച്ചി.
കപീഷ്ടം [സം. കപി-ഇഷ്ട] 'കപികൾക്ക് ഇഷ്ടമായത്.' നാ. 1. വിളാവ്വ്മരം; 2. പഴമുൺപാല.
കപുച്ഛലം [സം.] നാ. 1. ചൗളകവ്വ്മം; 2. പിങ്കുടുമ.
കപൂയ [സം.] വി. 1. നാറുന്ന, ദുവ്വ്ഗന്ധം വമിക്കുന്ന; 2. നീചമായ, താഴ്ന്ന, ഹീനമായ.
കപേത്ത [പോർ.] നാ. മേശയുടെ വലിപ്പുപെട്ടി.
കപേവ്വാസം [സം. കപേഃ-വാസ] നാ. വെളുത്ത പേരാൽ.
കപോണി [<സം. കഫോണി] നാ. കൈമുട്ട്.
കപോത(ക)ൻ [സം. കപോതക] നാ. മൂവ്വ്ഖൻപാമ്പിൽ ഒരിനം.
കപോതകം [സം. കപോതക] നാ. 1. പ്രാവിൻ കുഞ്ഞ്; 2. സൗവീരാഞ്ജനം; 3. (ശിൽപ.) കപോതം, ഉത്തരത്തിൻെറ പാടിലെ പണി.
കപോതചരണ [സം. -ചരണാ] നാ. പവിഴക്കൊടി (പ്രാവിൻെറ കാലിനു സദൃശമായ വേരുകൾ ഉള്ളത്).
കപോതപാലി(ക) [സം. കപോത-പാലീ, -പാലികാ] നാ. 1. പ്രാവിങ്കൂട്; 2. കെട്ടിടത്തിൻെറ കൂരയുടെയോ ഭിത്തിയുടെയോ ഉപരിഭാഗത്തുള്ള ശിൽപവേല.
കപോതം [സം. കപോത] നാ. 1. മാടപ്രാവ് (വായുവിൻെറ സഹായത്തോടുകൂടി പറക്കുന്നത്); 2. കുരുവി; 3. താറുതാവൽ; 4. പുരയുടെ ഉത്തരത്തോടുചേവ്വ്ത്തു പാടുകളിൽ വയ്ക്കുന്ന പണിത്തരം, (കപോതശിരസ്സിൻെറ ആകൃതിയിൽനിന്ന് ഈ പേര്, തൂണുകളുടെ അടിക്കും മുകളിലും മറ്റും ഇത്തരം അലങ്കാരപ്പണി കാണാം); 5. ഒരു ഹസ്തമുദ്ര.
കപോതവവ്വ്ണി [സം. -വവ്വ്ണീ] നാ. ചിറ്റേലം.
കപോതവാണ [സം. -വാണാ] നാ. പവിഴക്കൊടി.
കപോതവൃത്തി [സം. -വൃത്തി] നാ. മിച്ചമൊന്നും സൂക്ഷിക്കാതെ അന്നന്നു കഴിയുന്ന സ്വഭാവം (അതുള്ള ആൾ എന്നും).
കപോതവേഗ [സം. -വേഗാ] നാ. ബ്രഹ്മി.
കപോതവ്രതൻ [സം. -വ്രത] നാ. 1. കപോതവൃത്തി; 2. അന്യൻ ചെയ്യുന്ന ദ്രോഹങ്ങളെ സഹിക്കുന്നവൻ.
കപോതസാരം [സം. -സാര] നാ. സ്രോതോഞ്ജനം.
കപോതാഞ്ജനം [സം. -അഞ്ജന] നാ. കപോതസാരം.
കപോതാഭ [സം. -ആഭ] വി. മആടപ്രാവിൻെറ നിറത്തിലുള്ള.
കപോതാരി [സം. -അരി] 'പ്രാവിൻെറ ശത്രു.' നാ. പ്രാപ്പിടിയൻ.
കപോതാങ്ഘ്രി [സം. -അങ്ഘ്രി] നാ. 1. പവിഴക്കൊടി; 2. മാഞ്ചി.
കപോതി [സം. -കപോതീ] നാ. 1. പിടപ്രാവ്; 2. കുമാരി; 3. ഒരുതരം യൂപം.
കപോതീരുക് [സം. -രുക്] നാ. ചെമ്പ്രാവള്ളി.
കപോലകൽപന, -കൽപിതം [സം. കപോല-കൽപനാ] നാ. കെട്ടിച്ചമച്ചുണ്ടാകിയത്.
കപോലപാളി, -ഫലകം, -ഭിത്തി [സം. -പാലി, -ഫലക, -ഭിത്തി] നാ. കവിൾത്തടം.
കപോലം [സം. കപോല] നാ. കവിൾത്തടം.
കപോലാവ്വ്ബുദം [സം. -അവ്വ്ബുദ] നാ. കപോലത്തിലെ അവ്വ്ബുദം, കവിൾവാവ്വ്പ്പ്.

കപോലി [സം.] നാ. കാൽമുട്ടിൻെറ ചിരട്ട.
കപ്പ 'കപ്പലിൽ കൊണ്ടുവന്നത്?' നാ. 1.മരച്ചീനി; 2. മരച്ചീനിക്കിഴങ്ങ്; 3. ഓമ, കപ്പയാവണക്ക്, കപ്പളം; 4. ഒരിനം വാഴ, ചുവന്നതും മഞ്ഞയുമായ പഴമുള്ള രണ്ടുതരം; 5. മധുരക്കിഴങ്ങ്; 6. ഒരുപിടി ഞാറ്, ഒരുമുടി ഞാറ്.
കപ്പക്കാരി [കപ്പൽ-കാരി] 'കപ്പൽ രോഗബാധിത.' ദുവ്വ്യൃത്തികൊണ്ടു കപ്പൽരോഗം ബാധിച്ചവൾ, ദുവ്വ്യൃത്ത എന്ന് അവ്വ്ഥവികാസം. നാ. വ്യഭിചാരിണി, = കപ്പൽ3.
കപ്പക്കിഴങ്ങ് [കപ്പൽ-കിഴങ്ങ്] 'കപ്പലിൽ കൊണ്ടുവന്നു പ്രചരിപ്പിച്ച കിഴങ്ങ്, പോവ്വ്ട്ടുഗീസുകാർ കപ്പലിൽ കൊണ്ടുവന്നത്.' നാ. 1. കപ്പച്ചെടിയുടെ ഭക്ഷണയോഗ്യമായ കന്ദം, ചീനി, മരച്ചീനി, കൊള്ളിക്കിഴങ്ങ്; 2. മധുരക്കിഴങ്ങ്, ശവ്വ്ക്കരവള്ളിക്കിഴങ്ങ്, നിലത്തുപടരുന്ന കപ്പവള്ളിയുടെ കിഴങ്ങ്.
കപ്പക്കോഴി [കപ്പൽ-കോഴി] നാ. ഒരിനം വലിയ കോഴി.
കപ്പങ്ങ, കപ്പയ്ക്ക നാ. ഓമക്കായ്, പപ്പരക്കായ്, കപ്പളങ്ങ.
കപ്പച്ചക്ക [കപ്പൽ-ചക്ക] 'കപ്പലിൽ കൊണ്ടുവന്ന ചക്ക.' നാ. കടച്ചക്ക, പിറുത്തിച്ചക്ക, അനനാസ്.
കപ്പച്ചീനി [കപ്പൽ-ചീനി] നാ. മരച്ചീനി.
കപ്പച്ചേമ്പ് [കപ്പൽ-ചെമ്പ്] നാ. ഒരിനം വലിയ ചേമ്പ്, ഈഴച്ചേമ്പ്, കൊളമ്പിച്ചേമ്പ്.
കപ്പട1, കപ്പണ [കൽപ്പട, കൽപ്പണ] നാ. കല്ലുവെട്ടാങ്കുഴി.
കപ്പട2 നാ. 1. തൂണിൻെറ മുകൾഭാഗത്ത് ഉത്തരം വയ്ക്കുന്നതിന് ഉണ്ടാക്കുന്ന കുത; 2. കവട്ട, കവരം; (പ്ര.) കപ്പടക്കോൽ = മുള്ളുവേലി കെട്ടുമ്പോൾ മുള്ളുകമ്പികൾ കെട്ടി ഉറപ്പിക്കാൻ സൗകര്യത്തിനു താങ്ങിനിറുത്തുന്ന കവരക്കോൽ. കപ്പടാമീശ = ഇരുവശങ്ങളിലേക്കും കവരങ്ങൾ പോലെ വളവ്വ്ന്നുനിൽക്കുന്ന മീശ.
കപ്പടം നാ. ഒരുതരം ശീല.
കപ്പണം നാ. 1. ഒരുതരം ആഭരണം; 2. ഇരുമ്പുമുള്ള്; 3. കയവ്വ്.
കപ്പത്തുമ്പ [കപ്പൽ-തുമ്പ] നാ. വെളിയിൽനിന്നു കൊണ്ടുവന്ന ഒരുതരം തുമ്പച്ചെടി.
കപ്പപ്പാട്ട് [കപ്പൽ-പാട്ട്] 'കപ്പൽ യാത്രയിൽ പാടുന്ന പാട്ട്.'നാ. 1. ഒരുതരം പാട്ട്; 2. ഒരുതരം വൃത്തം, ഈശൽ, കപ്പപ്പാട്ട്.
കപ്പപ്പേര കപ്പൽ-പേര] നാ. വലിയ ഒരിനം പേര.
കപ്പം നാ. സാമന്തരാജാവ് മേൽക്കോയ്മയ്ക്ക് ആണ്ടുതോറും കൊടുക്കാൻ കടപ്പെട്ട സങ്ഖ്യ.
കപ്പമാങ്ങ [കപ്പൽ-മാങ്ങ] നാ. 1. വലിയ ഒരിനം മാങ്ങ; 2. പറങ്കിമാങ്ങ.
കപ്പമാവ് [കപ്പ-മാവ്] നാ. 1. വലിയ മാങ്ങായുള്ള ഒരിനം മാവ്; 2. പറങ്കിമാവ്, കപ്പലുമാവ്, പൊവ്വ്ത്തുക്കിമാവ്.
കപ്പമുള [കപ്പൽ-മുളക്] നാ. വറ്റൽ മുളക്, കപ്പൽ മുളക്, ഉപ്പേരിമുളക്, കൊല്ലമുളക്, പറങ്കിമുളക്.
കപ്പര നാ. ചട്ടി, ഭസ്മച്ചട്ടി.
കപ്പൽ നാ. 1. സമുദ്രസഞ്ചാരത്തിനുള്ള (യന്ത്രം ഉപയോഗിച്ചും മറ്റും നടത്തുന്ന) വലിയ തരം വാഹനം, പാക്കപ്പൽ, ആവിക്കപ്പൽ, ജലയാനപാത്രം. സമാസത്തിൽ അന്തം ലോപിച്ച് 'കപ്പ' എന്നും കാണാം. ഉദാ. കപ്പവാഴ, കപ്പത്തെങ്ങ്

ഇത്യാദി. കപ്പൽപണിഞ്ഞു പണിഞ്ഞ് അതൊരു ചിമിഴായി. കപ്പൽക്കാരൻെറ ജീവിതം കാറ്റടിച്ചാൽ പോകും; കപ്പലേച്ചു കടലിലൊക്കെ ഓടിയാലും കൽപിച്ചതേ കിടയ്ക്കൂ, കപ്പൽപോകും തുറ കിടക്കും. (പഴ.); (പ്ര.) കള്ളൻ കപ്പലിൽ തന്നെ = കൂടെയുള്ളവർ തന്നെ കുഴപ്പക്കാർ.

കപ്പൽച്ചക്ക, കപ്പച്ചക്ക [കപ്പൽ-ച്ക്ക] 'കപ്പലിൽ പോർവ്വട്ടുഗീസുകാർ കൊണ്ടുവന്നത്.' നാ. 1. കൈതച്ചക്ക, പിറുത്തിച്ചക്ക; 2. ശീമച്ചക്ക, കടപ്ലാച്ചക്ക.

കപ്പൽച്ചാൽ [കപ്പൽ-ചാൽ] നാ. കടലിൽ കപ്പൽ സാധാരണ പോകുന്ന വഴി.

കപ്പൽച്ചേതം [കപ്പൽ-ചേതം] നാ. കപ്പൽ കടലിൽ വച്ചു തകർവ്വന്നുണ്ടാകുന്ന നാശം.

കപ്പൽപ്പട [കപ്പൽ-പട] നാ. 1. നാവിക സൈന്യം; 2. കടൽ യുദ്ധം.

കപ്പൽപ്പാട്ട് [കപ്പൽ-പാട്ട്] നാ. ഗൂഢാർവ്വഥമുള്ള ഒരുതരം പാട്ട്, തമിഴിലെ രീതി അനുസരിച്ച് ഉണ്ടാക്കപ്പെട്ടത്, ലോകത്തെ സമുദ്രമായും ശരീരത്തെ കപ്പലായും സങ്കൽപ്പിച്ചു നിർവ്വമിച്ചിട്ടുള്ളത്.

കപ്പൽപ്പായ് [കപ്പൽ-പായ്] നാ. കാറ്റിൻെറ ശക്തിയാൽ കപ്പൽ ഓടിക്കുന്നതിനു കെട്ടുന്ന പായ്.

കപ്പൽമാവ് [കപ്പൽ-മാവ്] നാ. പറങ്കിമാവ്, കശുമാവ്.

കപ്പൽമുളക് [കപ്പൽ-മുളക്] നാ. കൊല്ലമുളക്, വറ്റൽമുളക്.

കപ്പൽരോഗം [കപ്പൽ-രോഗം] നാ. കപ്പലിൽ വന്ന പറങ്കികൾ കൊണ്ടുവന്ന രോഗം, പറങ്കിപ്പുണ്ണ് (സിഫിലിസ്).

കപ്പലണ്ടി [കപ്പൽ-അണ്ടി] 'കപ്പലേഴി വന്ന അണ്ടി.' നാ. 1. നിലക്കടലയുടെ കുരു, ഇതു കായാണെങ്കിലും മണ്ണിനടിയിൽ ഉണ്ടാകുന്നു; 2.പറങ്കിയണ്ടി.

കപ്പലാവ്, കപ്പലുമാവ് [<കപ്പൽമാവ്] നാ. പറങ്കിമാവ്.

കപ്പലോട്ടം [കപ്പൽ-ഓട്ടം] നാ. കപ്പൽ ഓടിക്കൽ, കപ്പൽ യാത്ര, കപ്പൽ സഞ്ചാരം.

കപ്പളങ്ങ [കപ്പളം-കായ്] നാ. കപ്പളത്തിൻെറ (ഓമയുടെ) കായ്.

കപ്പളം നാ. ഓമ, പപ്പര, കപ്പയാവണക്ക്.

കപ്പാത് [പോർ.] നാ. കന്നുകാലികളുടെ വരി ഉടയ്ക്കൽ.

കപ്പാൻ1 [കൾക്കുക] ക്രി. (പിൻ വിന.) കക്കുവാൻ.

കപ്പാൻ2 നാ. തൂക്കം കാണാനുള്ള ഒരുതരം ഉപകരണം (?).

കപ്പാരി നാ. കൊഞ്ഞനം ഉദാ. കപ്പാരി കാട്ടുക.

കപ്പാരിക്കുക (പോർ.) ക്രി. മൃഗത്തിൻെറ വൃഷണം ഉടയ്ക്കുക, ഉടയെടുക്കുക.

കപ്പാലം [കൽ-പാലം] നാ. വഴിക്കു വിലങ്ങനെ വെള്ളം ഒഴുകുവാനുള്ള ചാലിൻെറ മുകളിലുള്ള പാലം, കലുങ്ക്, ഓവുപാലം (വ.മ.).

കപ്പി1 നാ. 1. വലിയ ഭാരമുള്ള സാധനം ഉയർവ്വത്തുന്നതിനുള്ള യന്ത്രം; 2. അറ്റം; 3. അരി മുതലായവ പൊടിച്ചതിൻെറ തരങ്ങ്, ഉദാ. കപ്പികാച്ചുക; 4. കിണറ്റിൽനിന്നു വെള്ളം കോരിന്നതിനുപയോഗിക്കുന്ന റാട്ട്.

കപ്പി2 [കപ്പുക] (ഭൂ.രൂപം).

കപ്പിത്താ [പോർ.] നാ. കപ്പലിലെ മേലാൾ.

കപ്പിയം നാ. മോഷണം, കള്ളം, ഉദാ. കപ്പിയം പറയുക, കപ്പിയക്കാരൻ.

കപ്പിയാർ, കപ്യാർ [സുറി.] 'പള്ളിയിലെ ശ്മശാനസമ്രക്ഷകൻ.' നാ. ക്രിസ്തീയപുരോഹിതന്മാരെ ശുശ്രൂഷകളിൽ സഹായിക്കുന്ന ജോലിക്കാരൻ. (അർവ്വഥവികാസം).

കപ്പ്1 [<കപ്പുക] നാമരൂപം.
കപ്പ്2 നാ. 1. നിറപ്പകിട്ട്; 2. കവരം; 3. ഉലക്കയുടെ പൂണ്.
കപ്പ്3 [ഇം. ച്ചുപ്] നാ. ചെറിയതരം കോപ്പ.
കപ്പ്4 നാ. കെട്ടുവള്ളത്തിൻെറ പലകകൾ തമ്മിൽ കയറു കെട്ടി വരിഞ്ഞു മുറുക്കാൻ പലകകളുടെ അരികിലുണ്ടാക്കുന്ന പഴുത്. കപ്പുക1 ക്രി. വാതുറന്ന് ആഞ്ഞുകടിച്ചു വായ്ക്കുള്ളിലാക്കുക.
കപ്പുക2 ക്രി. നിറമ്പിടിപ്പിക്കുക, = കപ്പ്2.
കപ്പൂച്ചിൻ, കപ്പൂച്ചി [ഫ്രെഞ്ച്. ച്ചപുചിൻ] നാ. ഫ്രാൻസിസ്കൻ വിഭാഗത്തിൽപെട്ട സന്ന്യാസി, കപ്പൂഷ് (ചപുചെ) എന്ന ശിരോവേഷ്ടനം ധരിക്കുന്നതിൽനിന്ന് ഈ നാമം.
കപ്പൂച്ചിങ്കുരങ്ങ് നാ. തെക്കേ അമേരിക്കയിലുള്ള ഒരിനം കുരങ്ങ്.
കപ്പേള [ല. ച്ചപെല്ല] നാ. ഒരു പ്രധാനപള്ളിയുടെ കീഴിലുള്ള ചെറിയ കുരിശുപള്ളി.
കപ്പോള [പോർ.] നാ. പൂക്കളും ഇലകളും കൊണ്ടുള്ള കിരീടം.
കപ്യം നാ. കപ്പിയം, കള്ളം. ഉദാ. കപ്യക്കാരൻ.
കപ്യാർ നാ. = കപ്പിയാർ.
കപ്ലിങ്ങാടൻ നാ. കഥകളിയിലുള്ള ഒരു പ്രകാരം. (കപ്ലിങ്ങാട്ടു നമ്പൂതിരി തുടങ്ങിയതിനാൽ ഈ പേര്, കപ്ലിങ്ങാടൻ സമ്പ്രദായം കഥകളിയുടെ ഒരു പരിഷ്കൃതരൂപമാണ്.)
കപ്ലോൻ [<ഇം. ച്ച്ഹപ്ലൈൻ] നാ. (ക്രിസ്റ്റു.) പുരോഹിതൻ.
കഫ് [ഇം.] നാ. ഷർട്ടിൻെറ കൈയുടെ അറ്റത്തെ മടക്ക്.
കഫകൂർച്ചിക [സം. കഫ- കൂർച്ചികാ] നാ. ഉമിനീർ, തുപ്പൽ.
കഫക്കെട്ട് [സം. കഫ-മ. കെട്ട്] നാ. ശ്വാസനേന്ദ്രിയങ്ങളിലും മറ്റും കഫം വർദ്ധിച്ചുണ്ടാകുന്ന തടസ്സം.
കഫഗളഗണ്ഡം, കഫഗണ്ഡം [സം. കഫ-ഗളഗണ്ഡ] നാ. തൊണ്ടയിൽ ഉണ്ടാകുന്ന ഒരു രോഗം.
കഫഗുൽമം [സം. കഫ-ഗുൽമ] നാ. ഒരു ഉദരരോഗം.
കഫഘ്ന [സം. കഫ-ഘ്ന < ഹൻ] വി. കഫത്തെ ഹനിക്കുന്ന, കഫം ഇല്ലാതാക്കുന്ന.
കഫജ്വരം [സം. കഫ-ജ്വര] നാ. ശരീരത്തിൽ കഫാധിക്യം കൊണ്ട് ഉണ്ടാകുന്ന ജ്വരം.
കഫണി, കഫോണി [സം.] നാ. കൈമുട്ട്.
കഫൻ [ഹി. <അറ.] നാ. ശവക്കച്ച, മൃതശരീരം പൊതിയുന്ന വസ്ത്രം.
കഫം [സം. കഫ] നാ. കണ്ഠനാളത്തിൽ ഊറിക്കൂടുന്നതും ചുമയ്ക്കുകയോ കാറിത്തുപ്പുകയോ ചെയ്യുമ്പോൾ വെളിയിൽ പോകുകയും ചെയ്യുന്ന കിളുകിളുത്ത പദാർത്ഥം, ശ്ലേഷ്മം, ആയുർവ്വേദപ്രകാരം ത്രിദോഷങ്ങളിൽ ഒന്ന്. (വാതം, പിത്തം, കഫം എന്നിവ ത്രിദോഷം); കഫഭോജന നരകം = ഒരു നരകം, കഫം തിന്നു കഴിക്കേണ്ട സ്ഥാനം.
കഫല [സം.] വി. 1. കഫമുള്ള; 2. തടിച്ച, സ്ഥൂലിച്ച.
കഫവാഹി [സം. -വാഹിൻ] വി. കഫത്തെ വഹിക്കുന്ന (ഞരമ്പ്).
കഫവിരോധി [സം. -വിരോധിൻ] നാ. കുരുമുളക്.

കഫഹരം [സം. -ഹര] നാ. കയ്പൻപടവലം.
കഫാതിസാരം [സം. -അതിസാര] നാ. മലത്തിലൂടെ കഫം പോകുന്ന രോഗം, ചളിപോക്ക്.
കഫാർ, കാഫർ [അറ.] നാ. അവിശ്വാസി.
കഫാരി [സം. കഫ-അരി] നാ. ചുക്ക്.
കഫാശയം [സം. -ആശയ] നാ. ശരീരത്തിലെ ഏഴ് ആശയങ്ങളിൽ ഒന്ന്, കഫത്തിന് ഇരിപ്പിടമായ സ്ഥാനം.
കഫി[സം. കഫിൻ] നാ. കഫരോഗി.
കഫേ [ഫ്രഞ്ച്] നാ. കാപ്പിഹോട്ടൽ, ലഘുഭക്ഷണശാല.
കഫേലു [സം.] 'കഫപ്രകൃതിയായ.' നാ. നറുവരി.
കഫോണി, കഫണി, കപോണി [സം.] നാ. കൈമുട്ട്. കഫോണിഗുഡം = കൈമുട്ടിൽ വച്ച ശർക്കര, സന്ദിഗ്ദ്ധ വസ്തു.
കബകം, കവകം [സം.] നാ. കൂണ്.
കബന്ധൻ, കവന്തൻ (പ.മ.) [സം.] നാ. ഒരു രാക്ഷസൻ, അഷ്ടാവക്രമുനിയുടെ ശാപംനിമിത്തം രാക്ഷസനായിത്തീർന്ന ഒരു ഗന്ധർവൻ. (ഇന്ദ്രൻ ശിരസ്സു ഛേദിച്ചെങ്കിലും വരശക്തിയാൽ തലയില്ലാതെ ജീവിച്ചു).
കബന്ധം [സം. കബന്ധ] നാ. 1. വീപ്പ; 2. തലയില്ലാതെ ഉടൽ (വീപ്പയോട് ആകൃതിസാമ്യമുള്ളത്); 3. വെള്ളം; 4. വയർ; 5. മേഘം; 6. വാൽനക്ഷത്രം; 7. രാഹു.
കബന്ധി [സം.] നാ. 1. (വീപ്പകളെപ്പോലെ) ജലം നിറച്ച മേഘങ്ങൾ വഹിക്കുന്നവൻ, മരുത്തുക്കളുടെ നാമം; 2. കത്യായനഗോത്രത്തിലെ ഒരു ഋഷി.
കബർ [അറ.] നാ. 1. ശവക്കുഴി; 2. ശവക്കല്ലറ; കബർസ്ഥാൻ = ശ്മശാനം; (പ്ര.) കബറടക്കുക = മൃതശരീരം മറവു ചെയ്യുക.
കബരം [സം.] നാ. തലമുടിക്കെട്ട്, തിരുപ്പൻ.
കബരി, കവരി [സം. കബരീ] 'ചമരം.' നാ. 1. കെട്ടിവച്ച തലമുടി; 2. കൃത്രിമമുടി, തിരുപ്പൻ; 3. കായം ഉണ്ടാകുന്ന മരം; 4. ആട്ടുനാറിവേള (കേശതുല്യമായത്); 5. കവരിമാൻ, കബരിമാൻ; 6. അരേണുകം; 7. കറിക്കായം; 8. അനുഷ്ടുച്ഛന്ദസ്സിലെ ഒരു വൃത്തം.
കബരീഭരം [സം. -ഭര] നാ. കെട്ടിവച്ചിരിക്കുന്ന മുടി.
കബളനം [സം. കബലന] നാ. വിഴുങ്ങൽ, ഭക്ഷണം.
കബളം1 [സം. കബല] നാ. ചതി. താരത. കബളിപ്പിക്കുക.
കബളം2 [സം.] നാ. 1. കവിളിൽ കൊള്ളുന്നിടത്തോളം (ചോറോ മറ്റോ); 2. മരുന്നു കവിൾക്കൊള്ളൽ.
കബളിക [സം. കബളികാ] നാ. വ്രണമോ മുറിവോ കെട്ടുന്നതിനുള്ള തുണി.
കബളിക്കുക [< സം. കബള] ക്രി. 1. കബളമാക്കുക, വിഴുങ്ങുക; 2. കുലുക്കുഴിയുക; 3. ചതിക്കുക.
കബളിത [സം.] നാ. 1. വിഴുങ്ങപ്പെട്ട, ഗ്രസിക്കപ്പെട്ട; 2. ചതിക്കപ്പെട്ട, വഞ്ചിക്കപ്പെട്ട.
കബളിപ്പിക്കുക ക്രി. ചതിക്കുക.
കബളീകരിക്കുക [സം.] ക്രി. 1. കബളമാക്കുക, ഉരുളയാക്കി വിഴുങ്ങുക; 2. വിഴുങ്ങുക.
കബളീകൃത [സം. കബലീകൃത] വി. കബളമാക്കിച്ചെയ്ത, വിഴുങ്ങപ്പെട്ട.

കബാത്ത്, കവാത്ത് [<അറ. കവാ ‘ഇദ്] നാ. സൈനികരുടെ അച്ചടക്കത്തോടെയുള്ള സങ്ഘം ചേര്‍ന്ന നടത്ത, സൈനികപരിശീലനം.
കബിലേസ്സ്, കവിലിയസ്സ് നാ. കതിനാവെടി.
കബീര്‍ [അറ.]’വലിയവന്‍‘ നാ. 1. ഹിന്ദി സാഹിത്യത്തിലെ ഒരു ഭക്തകവി, 15-ആം ശതകം; 2. ഭിക്ഷു (കബീര്‍പന്ഥി).
കബീര്‍പന്ഥി, കബീര്‍ മാര്‍ഗ്ഗം [ഹി.] നാ. 1. കബീര്‍ദാസ് സ്ഥാപിച്ച ഒരു മതസമ്പ്രദായം; 2. കബീര്‍മാര്‍ഗ്ഗം സ്വീകരിച്ചിട്ടുള്ള ആള്‍.
കബൂല്‍ [അറ.] നാ. സമ്മതം, സ്വീകാര്യത.
കബൂലിയത് [അറ.] നാ. ഉടമ്പടി, കരാര്‍.
കബ്ര[അറ.] നാ. = കബര്‍, ശവകുടീരം.
കം [സം. ക] നാ. 1. സന്തോഷം, സൗഖ്യം; 2. വെള്ളം; 3. തല, തലമുടി; 4. ആത്മാവ്; 5. ബുദ്ധി; 6. അഗ്നി; 7. പ്രകാശം, തേജസ്സ്; 8. വായു; 9. മയില്‍; 10. ശരീരം; 11. സമയം; 12. ശബ്ദം; 13. വാള്‍; 14. മേഘം; 15. വാക്ക്; 16. ധനം, 17. സമുദ്രം; 18. കുയില്‍; 19. എരിക്ക്.
കംബര [സം.] വി. പലനിറമുള്ള.
കംബളകം [സം. കംബലക] നാ. 1. കമ്പിളി; 2. കരിമ്പടം.
കംബളകാരകന്‍ [സം. കംബല-കാരക] നാ. കംബളം നെയ്തുണ്ടാക്കുന്നവന്‍.
കംബള(ക)ം, കംബലം [സം. കംബല] നാ. 1. കമ്പിളി; 2. കരിമ്പടം; 3. താട (പശുവിന്‍െറയും കാളയുടെയും); 4. ഒരുതരം മാന്‍; 5. ഭിത്തി, മതില്‍; 6. കമ്പിളിപ്പുഴു; 7. വെള്ളം; 8. ഉത്തരീയം.
കംബളി [സം. കംബലിന്‍] നാ. 1. കമ്പിളികൊണ്ടു പുതച്ചവന്‍; 2. കാള; 3. ആട്ടാം പുഴു. (പ്ര.) കംബളിവാഹ്യകം = കാളവണ്ടി.
കംബി [അം.] നാ. 1. തവി; 2. മുളയുടെ മുട്ട്; 3. മുളംചില്ലി.
കംബിക [സം. കംബികാ] നാ. (സങ്ഗീ.) പന്ത്രണ്ടിനം ഘനവാദ്യങ്ങളുള്ളതില്‍ ഒരിനം.
കംബു [സം. കംബു] നാ. 1. ശങ്ഖ്; 2. കൈവള (ശങ്ഖുകള്‍ കൊണ്ട് ഉണ്ടാകിയത്); 3. ആന; 4. കഴുത്ത്; 5. പലനിറം; 6. വേഴല്‍; 7. കച്ചോലം; 8. കമ്പപ്പയറ്.
കംബുകണ്ഠി [സം. കംബു-കണ്ഠീ] നാ. ശങ്ഖിനുതുല്യമായ കഴുത്തുള്ളവള്‍, സുന്ദരി.
കംബുകന്‍ [സം. കംബുക] നാ. നിന്ദ്യന്‍.
കംബുകം [സം.] നാ. 1. ശങ്ഖ്; 2. കവുങ്ങ്.
കംബുഗ്രീവ [സം. കംബു-ഗ്രീവാ] നാ. 1. = കംബുകണ്ഠി; 2. ശങ്ഖിനുള്ളതുപോലെ മൂനുരേഖകളോടുകൂടിയ കഴുത്ത്.
കംബോജം [സം.] നാ. 1. ശങ്ഖ്; 2. ഒരുജാതി ആന; 3. വള; 4. കാംബോജം, ഒരു പുരാതനരാജ്യം, അഫ്ഗാനിസ്ഥാന്‍െറ വടക്കുഭാഗം.
കംഭു [സം. കം-ഭു] നാ. രാമച്ചം, ഉശീരം.
കംശം [സം.] നാ. = കംസം, ഓട്ടുപാത്രം.
കാംസകം [സം. കംസക] നാ. 1. വെള്ളോട്; 2. പാത്രം; 3. ഒരുതരം അഞ്ജനം.
കംസകാരന്‍ [സം. കംസ-കാര] നാ. ഓട്ടുപണിക്കാരന്‍, കന്നാന്‍.
കംസജിത്ത് [സം. കംസ-ജിത്] നാ. ’കംസനെ ജയിച്ചവന്‍.‘ കൃഷ്ണന്‍.

കംസൻ [സം. കംസ] നാ. 1. മഥുരഭരിച്ച ഒരുരാജാവ്, ഉഗ്രസേനൻെറ പുത്രൻ, ശ്രീകൃഷ്ണൻെറ മാതുലൻ, കാലനേമി എന്ന അസുരൻെറ പുനർജ്ജന്മം; 2. (ആല.) ദുഷ്ടൻ.
കംസനാടകം [സം. കംസ-നാടക] നാ. കേരളത്തിലെ ഒരു പ്രാചീനദൃശ്യകല, പൊറാട്ടുനാടകം.
കംസപാത്രം [സം. കംസ-പാത്ര] നാ. ഓട്ടുപാത്രം, ഒരളവ്.
കംസഭിത്ത് [സം. കംസ-ഭിദ്] 'കംസനെ കൊന്നവൻ.' നാ. കൃഷ്ണൻ.
കംസം [സം. കംസ] നാ. 1. വെള്ളോട്; 2. ഓട്ടുപാത്രം, ജലപാത്രം; 3. ഒരളവ്, നാലിടങ്ങഴി; 4. നാൽപ്പത്തിരണ്ടുവിരൽപ്പാടു വരുന്ന അളവ്.
കംസാരി [സം. കംസ-അരി] നാ. കംസൻെറ ശത്രു, ശ്രീകൃഷ്ണൻ.
കംസാസ്ഥി [സം. കംസ-അസ്ഥി] നാ. വെള്ളോട്.
കംസീയം [സം.] നാ. വെള്ളോട്.
കംസോത്ഭവം [സ്ം. കംസ-ഉത്ഭവ] നാ. തുവരിമണ്ണ്, ഒരു തരം സുഗന്ധമുള്ള മണ്ണ്.
കമ1 നാ. 'ക' മുതൽ 'മ' വരെയുള്ള വർഗ്ഗാക്ഷരങ്ങൾ. (ക, ച, ട, ത, പ എന്ന അഞ്ചുവർഗ്ഗങ്ങളിലെ എല്ലാ അക്ഷരങ്ങളെയും ഉൾപ്പെടുത്തി എല്ലാ അക്ഷരങ്ങളും എന്ന അർത്ഥത്തിൽ). (പ്ര.) 'കമാ' ന്നു മിണ്ടില്ല = ഒറ്റയക്ഷരം പറഞ്ഞില്ല.
കമ2 [സം. കമ < കമ്] നാ. അഴക്.
കമക്കുക ക്രി. എരിവുമണം അനുഭവപ്പെടുക, ഉദാ. വറ്റൽമുളകു വറുക്കുമ്പോൾ കമക്കും, (ചുമയുണ്ടാകുംവണ്ണം എരിവുവാടയുണ്ടാകും എന്നർത്ഥം).
കമച്ചൽ നാ. കുഴപ്പം, കലശൽ.
കമട്ടുക ക്രി. 1. തിടുക്കം കൂട്ടുക; 2. പരിഭ്രമിപ്പിക്കുക; 3. തികട്ടുക, കവിട്ടുക.
കമഠൻ [സം. കമഠ] നാ. 1. കാംബോജരാജ്യത്തിലെ ഒരുരാജാവ്; 2. ഒരു മഹർഷി; 3. (ജൈന.) പാർശ്വനാഥനെ പീഡിപ്പിച്ച ഒരു ദുഷ്ടകഥാപാത്രം.
കമഠം [സം. കമട] നാ. 1. ആമ; 2. മുള്ളൻപന്നി; 3. മുള; 4. ഈന്തൽ; 5. കുടം; 6. ഒരു ആനദ്ധവാദ്യം.
കമഠി [സം. കമഠീ] നാ. പെണ്ണാമ.
കമണ്ഡലു [സം. കമണ്ഡലു] നാ. 1. സന്യാസിമാർ ജലം കൊണ്ടുനടക്കുന്നതിന് ഉപയോഗിക്കുന്ന പാത്രം; 2. ഇത്തിയാൽ, കല്ലാൽ.
കമണ്ഡലുതരു, -ധരം [സം. കമണ്ഡല-തരു, -ധര] 'കമണ്ഡലു ഉണ്ടാക്കാൻ ഉപയോഗിക്കുന്ന മരം.' നാ. ഇത്തിയാൽ.
കമത്തുക ക്രി. = കമിഴ്ത്തുക. (പ്ര.) കമത്തുക = പറ്റിക്കുക, വഞ്ചിക്കുക; (പ്ര.) കമത്തിയടിക്കുക = തോൽപ്പിക്കുക; കമിഴ്ത്തിയും മലത്തിയും പരിശോധിക്കുക = സൂക്ഷ്മമായി പരിശോധിക്കുക; കമത്ത് = മുകൾകമത്ത് ( പുരമേയുമ്പോൾ കൂരയുടെ മുകളറ്റത്തെ കമിഴ്ത്തോല); കമത്തുപണി = നശിപ്പിക്കൽ, പറ്റിക്കൽ, ചതിക്കൽ.
കമഥനാഥം [സം.] നാ. ചിത്രകൂടത്തിലെ ഒരു മല, ശ്രീരാമനിവിടെ കുറച്ചുകാലം താമസിച്ചു.
കമന[സം. കമന <കം] വി. കാമിക്കുന്ന ശീലമുള്ള; 2. സൗന്ദര്യമുള്ള.
കമനച്ഛദം [സം. കമന-ഛദ] ' മനോഹരമായ തൂവലുകൾ ഉള്ളത്.' നാ. കങ്കപക്ഷി.

കമനൻ [സം. കമന] നാ. 1. കാമുകൻ; 2. കാമദേവൻ; 3. ബ്രഹ്മാവ്; 4. കാമം വർദ്ധിച്ചവൻ.
കമനം [സം. കമന] നാ. അശോകവൃക്ഷം.
കമനി [സം. കമനീ] നാ. 1. സുന്ദരി; 2. പ്രണയിനി, ഭാര്യ. (പ്ര.) കമനിയാടുക = ശൃങ്ഗാരപ്രകടനം നടത്തുക, ശൃങ്ഗരിക്കുക.
കമനീയ [സം. കമനീയ < കമ്] വി. കാമിക്കത്തക്ക, മനോഹരമായ.
469
കമനീയത [സം. കമനീയതാ] നാ. മനോഹാരിത, സൗന്ദര്യം.
കമനീയം [സം. കമനീയ] നാ. 1. ചെമ്പകം; 2. ഒരു വൃത്തം.
കമന്ധം [സം. കമന്ധ] നാ. വെള്ളം.
കമപി [സം. കം-അപി] സ.നാ. പും. ദ്വിതീയാ ഏകവചനം, ഏതോ ഒരാളിനെ, ഏതോ ഒരു വസ്തുവിനെ.
കമർ [അറ.] നാ. ചന്ദ്രൻ.
കമർക്കുക ക്രി. ചവർക്കുക.
കമർപ്പ് [<കമർക്കുക] നാ. ചവർപ്പുരസം.
കമര [സം.] വി. കാമമുള്ള, ആഗ്രഹമുള്ള.
കമരുക ക്രി. = കമിഴുക; (പ്ര.) കമരുകയും മലരുകയും ചെയ്യുക.
കമല1 [സം. കമലാ] 'താമരപ്പൂവുള്ളവൾ.', 'ഇച്ഛിക്കപ്പെടുന്നവൾ.' നാ. 1. ലക്ഷ്മി; 2. ഉത്തമസ്ത്രീ; 3. ഒരുതരം നാരങ്ങ; 4. ദമയന്തിയുടെ ഒരുതോഴി; 5. (ജ്യോ.) കമലയോഗം, കെന്ദ്രങ്ങളിൽ (ലഗ്നം, നാല്, ഏഴ്, പത്ത് എന്നഭാവങ്ങളിൽ) ശുഭഗ്രഹങ്ങളും പാപഗ്രഹങ്ങളും മിശ്രമായി നിൽക്കുന്നത്; 6. ഹിരണ്യകശിപുവിൻെറ ഭാര്യ, പ്രഹ്ലാദൻെറ അമ്മ; 7. അധിമാസത്തിലെ ഏകാദശി; 8. സ്കന്ദസൈന്യത്തിനു തുണയായ ഒരു മാതാവ്; 9. ശ്രീമതിയായ കുബ്ജികയുടെ ഒരു പരിവാരദേവത.
കമല2 [<കവല] നാ. ദുഃഖം. (പ്ര.) കമലക്കെട്ട് = അഴൽ, ദുഃഖം; കമലപ്പെടുക = ദുഃഖിക്കുക.
കമല3 നാ. കിണറ്റിൽനിന്നു വെള്ളംകോരാനുള്ള ഉപകരണം (കാളകളെ കെട്ടി പ്രവർത്തിപ്പിക്കുന്നത്), ഇറവ, (തെ.തി.) ഉദാ. കമലകെട്ടി വെള്ളം ഇറയ്ക്കുക.
കമലകം [സ. കമല-ക] നാ. ചെറിയ താമര.
കമലജൻ [സം. കമല-ജ] നാ. ബ്രഹ്മാവ് (വിഷ്ണുവിൻെറ നാഭിയിലെ കമലത്തിൽ ഉണ്ടായവൻ.
കമലനയനൻ [സം. കമല-നയന] 'താമരയുടെ ഇതൾപോലെയുള്ള കണ്ണോടുകൂടിയവൻ.' നാ. വിഷ്ണു.
കമലനാഭൻ [സം. കമല-നാഭ] 'നാഭിയിൽ താമരയുള്ളവൻ.' നാ. പത്മനാഭൻ, വിഷ്ണു.
കമലനാളം [സം. കമല-നാല] നാ. താമരയുടെ തണ്ട്.
കമലപരിവർത്തനം [സം. കമല-പരിവർത്തന] നാ. (ചാക്യാർകൂത്തിലും കൂടിയാട്ടത്തിലും) വിളക്കിന്നേരെ കമലമുദ്രയിൽ കൂപ്പുകയ്യുമായി നിൽക്കുന്നത്; (പ്ര.) കമലപരിവർത്തനത്തിൽ തൊഴുക.
കമലബന്ധു, -ബാന്ധവൻ [സം. കമല-ബന്ധു, ബാന്ധവ] നാ. 1. താമരയുടെ ബന്ധു, സൂര്യൻ; 2. എരുക്ക്.

കമലബീജം [സം. -ബീജ] നാ. താമരയരി.
കമലഭവൻ, -ഭൂ [സം. കമല-ഭവ] 'താമരയിൽ ജനിച്ചവൻ.'നാ. ബ്രഹ്മാവ്.
കമലം [സം. കമല] ''ജലത്തെ അലങ്കരിക്കുന്നത്?.' നാ. 1. താമര; 2. ജലം; കമലനിധി = സമുദ്രം; 3. മാൻ; 4. ചെമ്പ്; 5. ഇരുവേലി; 6. വണ്ടാരംകോഴി.
കമലമകൾ [സം. -മ. മകൾ] 'താമരയെൽനിന്നു ജനിച്ചവൾ.' നാ. ലക്ഷ്മീദേവി.
കമലമലവ്വ് [സം. -മ. മലർ] നാ. താമരപ്പൂവ്.
കമലമുഖി [സം. -മുഖീ] 'താമരപ്പൂപോലെ മനോഹരമായ മുഖമുള്ളവൾ.' നാ. സുന്ദരി.
കമലയോഗം, കമലാ- [സം. കമല-യോഗ] നാ. (ജ്യോ.) ഒരു യോഗം.
കമലയോനി [സം. -യോനി] നാ. = കമലജൻ.
കമലലോചനം [സം.] നാ. 1. താമരക്കണ്ണ്; 2. ചെഞ്ചീര.
കമലവനം [സം.] നാ. താമരപ്പൊയ്ക.
കമലവനിത [സം. -വനിതാ] നാ. ലക്ഷ്മീദേവി.
കമലവസതി [സം. -വസതി] 'കമലം വസതിയായിട്ടുള്ളവൻ.' നാ. ബ്രഹ്മാവ്.
കമലവാഹനം [സം. -വാഹന] നാ. കമലാകൃതിയിലുള്ള വാഹനം. (ശ്രീപദ്മനാഭസ്വാമിക്ഷേത്രത്തിലെ ദേവവാഹനങ്ങളിൽ ഒന്ന്).
കമലശരൻ [സം. -ശര] നാ. കാമദേവൻ.
കമസംഭവൻ [സം. -സംഭവ] 'താമരയിൽ ജനിച്ചവൻ.' നാ. ബ്രഹ്മാവ്.
കമലാകരം [സം. കമല-ആകര] നാ. 1. താമരപ്പൊയ്ക; 2. ഒരു വൃത്തം.
കമലാക്ഷി [സം. -അക്ഷീ] 'താമരയിതൾപോലെ മനോഹരമായ കണ്ണോടുകൂടിയവൾ.'നാ. 1. സുന്ദരി; 2. സുബ്രഹ്മണ്യനു പ്രയാഗതീർത്ഥത്തിൽനിന്നു ലഭിച്ച മാതൃക്കളിൽ ഒരുവൾ.
കമലാഗ്രജ [സം. കമലാ-അഗ്രജാ] നാ. ജ്യേഷ്ഠ, ലക്ഷ്മിയുടെ മൂത്തസഹോദരി.
കമലാജാനി [സം. -ജാനി] 'കമല ജായയായിട്ടുള്ളവൻ.' നാ. വിഷ്ണു.
കമലാങ്ഗം [സം. കമല-അങ്ഗ] നാ. മൂന്നുനിലയുള്ള ഒരുതരം മാളിക.
കമലാമനോഹരി [സം. കമലാ-മനോഹരീ] നാ. (സങ്ഗീ.) ഒരു രാഗം.
കമലായുധൻ [സം. കമല-ആയുധ] നാ. കാമദേവൻ.
കമലാലയ [സം. -ആലയാ] 'കമലം ആലയമായിട്ടുള്ളവൾ.' നാ. ലക്ഷ്മീദേവി.
കമലാലയൻ [സം. -ആലയ] നാ. കമലാസനൻ, ബ്രഹ്മാവ്.
കമലാസഖൻ [സം. കമലാ-സഖ] നാ. വിഷ്ണു (ലക്ഷ്മിയുടെ സഖാവ്).
കമലാസനൻ [സം. -ആസന] 'കമലം ഇരിപ്പിടമായിട്ടുള്ളവൻ.' നാ. ബ്രഹ്മാവ്.
കമലാസനം [സം.] നാ. ഗദാപ്രയോഗപ്രകാരങ്ങളിൽ ഒന്ന്.
കമലിനി [സം. കമലിനീ] നാ. 1. താമരപ്പൊയ്ക; 2. താമര. (പ്ര.) കമലിനീബന്ധു = സൂര്യൻ.
കമലോത്തരം [സം. കമല-ഉത്തര] 'താമരയെക്കാൾ മെച്ചപ്പെട്ടത്.' നാ. കുയുമ്പപ്പൂവ്.
കമലോദരൻ [സം. -ഉദര] 'നാഭിയിൽ താമരയുള്ളവൻ.'നാ. വിഷ്ണു.
കമലോദ്ഭവൻ, -ഉൽഭവൻ, -ഉത്ഭവൻ [സം. -ഉദ്ഭവ] നാ. = കമലഭവൻ.

കമഴുക ക്രി. = കമിഴുക.
കമഴ്ത്തുകല്ല് [കമഴ്ത്ത്-കല്ല്] നാ. മൂടിക്കല്ല്.
കമാൻ, കമാനം [പേർ] നാ. വളച്ചുവാതിൽ, കമാനം.
കമാൻഡർ [ഇം. ച്ചൊമ്മന്ദെർ] നാ. പട്ടാളത്തലവൻ.
കമി [ഹി.] നാ. = കമ്മി.
കമിട്ടുക, കവിട്ടുക ക്രി. കുടിച്ചതു തികട്ടി വായിൽക്കൂടി പുറത്തുകളയുക. ഉദാ. കുട്ടി പാലു കമിട്ടുന്നു.
കമിതാവ് [സം. കമിതൃ] നാ. 1. കാമുകൻ; 2. ഭർത്താവ്, (സ്ത്രീ.) കമിത്രി.
കമിഴുക1 ക്രി. മുകൾഭാഗം താഴെയാകത്തക്കവിധം മറിയുക, =കമഴ്ത്തുക; കമിഴ്ന്നുവീഴുക = കുഞ്ഞുങ്ങൾ ആദ്യമായി സ്വന്തശ്രമത്തിൽ കമിഴ്ന്നുകിടക്കുക. കമിഴ്ന്നുവീണാലും കാലുമുകളിൽത്തന്നെ; കമിഴ്ന്നുവീണാൽ കാൽപ്പണം കിട്ടണം. (പഴ.)
കമിഴുക2 ക്രി. മണക്കുക.
കമിഴ്ത്തുക, കമത്തുക, കമു- [കമിഴുക >പ്രയോ.] ക്രി. കമിഴത്തക്കവണ്ണം ചെയ്യുക, മുകൾഭാഗം താഴെയാകത്തക്കവണ്ണം മറിക്കുക, ഉദാ. വള്ളം കമിഴ്ത്തുക.
കമീശൻ, കമ്മിഷൻ [<ഇം.] നാ. 1. നിയുക്തസങ്ഘം; 2. ഇടപാടിൽ നൽകപ്പെടുന്ന തരക്.
കമീസ് [<അറ.] നാ. അയഞ്ഞ കുപ്പായം.
കമുക്, കവുങ്ങ്, കമുങ്ങ്, കഴുങ്ങ്, കമുങ്ക് നാ. വണ്ണം കുറഞ്ഞു നീണ്ടുരുണ്ട ഒറ്റത്തടിയോടുകൂടിയ ഒരു ഫലവൃക്ഷം, അടയ്ക്കാമരം.
കമുക്കം നാ. രഹസ്യം, മൗനഭാവം.
കമുത്തുക ക്രി. = കമിഴ്ത്തുക.
കമ്പ നാ. 1. പലകകൾ നിരപ്പിൽച്ചേർത്തുക്കാനായി പുറത്തുവച്ചുറപ്പിക്കുന്ന പട്ടിക; 2. ഏട്ടുകമ്പ്; (പ്ര.) കമ്പകൂടുക = ഗ്രന്ഥം വായിച്ച് അവസാനിപ്പിക്കുക; 3. = കമ്പ്, ഒരു പ്രത്യേകതരം ചോളം; 4. കമ്പിക്കയറ്, കയറുകമ്പ; 5. വണ്ണംകുറഞ്ഞ ദണ്ഡ്.
കമ്പകം, തമ്പകം, ഇരിമ്പകം നാ. ഒരു വനവൃക്ഷം, കൊങ്ങ്, പൊങ്ങ്.
കമ്പക്കയർ [കമ്പ-കയർ] നാ. കഴയിട്ടുപിടിച്ചു വെള്ളത്തിലിറക്കാനുള്ളത്തിൻെറ അണിയത്തും അമരത്തും കെട്ടുന്ന വടം.
കമ്പക്കളി [കമ്പം1-കളി] നാ. കമ്പത്തിന്മേൽക്കളി.
കമ്പക്കാരൻ [<കമ്പം] 'അത്യാസക്തി.' നാ. 1. ഒന്നിൽ അത്യധികമായ കമ്പം (താത്പര്യം) കാണിക്കുന്നവൻ; 2. ഭ്രാന്തൻ, കിറുക്കൻ, (സ്ത്രീ.) കമ്പക്കാരി; 3. കമ്പം കെട്ടുകാരൻ, വെടിക്കെട്ടുണ്ടാക്കി പ്രയോഗിക്കുന്നവൻ.
കമ്പക്കാൽ [കമ്പം1-കാൽ] നാ. 1. വെടിക്കെട്ടിൻെറ ഇനങ്ങൾ ചേർത്തുകെട്ടി തീകൊളുത്തുന്നതിനുവേണ്ടി നാട്ടുന്ന കാൽ, തൂണ്; 2. ഞാണിന്മേൽക്കളിക്കായി നാട്ടുന്ന സ്തംഭം.
കമ്പക്കൂത്ത് [കമ്പം1-കൂത്ത്] നാ. 1. കമ്പത്തിന്മേൽ കാണിക്കുന്ന കായികാഭ്യാസം, കഴയിൽക്കൂത്താട്ടം; 2. വഞ്ചന. (പ്ര.) കമ്പക്കൂത്താടി = 1. കമ്പക്കളി നടത്തുന്നവൻ.
കമ്പടികളി [കമ്പ്-അടി-കളി] നാ. ഏതാനുമാളുകൾ വട്ടത്തിൽനിന്നു പാട്ടുപാടിച്ചുവടുവച്ച് ഇരുകൈകളിലും പിടിച്ചകോലുകൾ താളക്രമത്തിനു തമ്മിൽ മുട്ടിച്ചു നടത്തുന്ന കളി.
കമ്പത്തായം [കമ്പം-തായം] നാ. പയറ്റിലെ ഒരടവ്.

കമ്പൻ, കമ്പർ [ത. കമ്പർ] നാ. മഹാനായ ഒരു തമിഴ് കവി. (12–ആം ശതകം) അദ്ദേഹം രചിച്ച രാമായണം കമ്പരാമായണം എന്നു പ്രസിദ്ധം.
കമ്പനം [സം. കമ്പന < കമ്പ്] നാ. 1. ഇളക്കം, വിറയൽ, തുള്ളൽ; 2. വിറയൽ, ത്രുടനം; 3. ഇളക്കൽ, ചലിപ്പിക്കൽ; 4. ശിശിരകാലം; 5. ഒരുതരം തുള്ളൽപ്പനി; 6. സ്തംഭനം, അടിവയറുവീർപ്പ്; 7. ഒരു ദിവ്യാസ്ത്രം.
കമ്പനാട് [കമ്പൻ-നാട്] നാ. ചോളനാടിൻെറ ഒരുഭാഗം, കമ്പരുടെ ജന്മദേശം എന്നും കാണുന്നു.
കമ്പനി, കമ്പിനി [ഇം. ച്ചൊമ്പന്യ്] നാ. 1. സങ്ഘം, കൂട്ടം, വ്യാപാരമോ വ്യവസായമോ മറ്റോ നടത്താൻ സങ്ഘടിപ്പിച്ചിട്ടുള്ളവരുടെ കൂട്ടം, ഉദാ. ഓട്ടുകമ്പനി, കമ്പനിജോലിക്കാർ, മണൽക്കമ്പനി; 2. പാശ്ചാത്യരാജ്യങ്ങളിൽ നിന്നും കച്ചവടത്തിനുവന്ന സങ്ഘക്കാർ; 3. ഇങ്ഗ്ലീഷ് ഈസ്റ്റ് ഇൻഡ്യാ കമ്പനി. കമ്പനിയാരന്മാർ, –യാർ, കുമ്പിനിയാരന്മാർ = (ബ.വ.) ഈസ്റ്റ് ഇൻഡ്യാക്കമ്പനി അധികാരികൾ.
കമ്പം1 [പ്രാ. ഖംഭ < സം. സ്തംഭ] നാ. 1. തൂണ്, സ്തംഭം; 2. വിളക്കിന്തണ്ട്, താരത. കമ്പവിളക്ക്; 3. കഴ, ഞാണിന്മേൽ വിളക്കു നിറുത്തുന്ന തൂണ്; 4. വെടിക്കെട്ടിനുള്ള തൂണ്; 5. വെടിക്കെട്ട്; 6. ഒരു ധാന്യം, ചെന്തിന; 7. വടം, കയറ്, താരത. കമ്പ.
കമ്പം2 [സം. കമ്പ] നാ. പുരപണിയിൽ ഭിത്തിയുടെവശത്തു ചെയ്യുന്ന ഒരു അലങ്കാരപ്പണി (ഈ അർത്ഥത്തിൽ കമ്പ, കമ്പ് എന്നും രൂപങ്ങൾ).
കമ്പം3 [സം. കമ്പ <കമ്പ്] നാ. 1. ഇളക്കം, വിറയൽ; 2. ഭയം, സംഭ്രമം; 3. ഭ്രാന്ത്; 4. അസംബന്ധം; 5. അത്യധികമായ താത്പര്യം, ഭ്രമം; 6. ഭൂമികുലുക്കം, (പ്ര.) കമ്പം പിടിക്കുക = പരിഭ്രമിക്കുക, കൊതിപിടിപ്പിക്കുക, ഭ്രമം ഉണ്ടാക്കുക.
കമ്പയ്ക്ക നാ. വാതലിൻെറ കതകുപലകകൾ ശരിക്കുചേർന്നടഞ്ഞിരിക്കുന്നതിനു കതകുപലകയുടെ അരികിൽ നീളൻ വശത്തുചേർത്തുപിടിപ്പിക്കുന്ന വീതികുറഞ്ഞ തടിക്കഷണം, കമ്പ.
കമ്പർ നാ. = കമ്പൻ2.
കമ്പരാമായണം നാ. കമ്പൻ തമിഴിൽരചിച്ച രാമായണം.
കമ്പലക്ഷ്മാവ് [സം. കമ്പ3-ലക്ഷ്മൻ] 'ഇളക്കം അടയാളമായുള്ളവൻ.' നാ. വായു, കാറ്റ്.
കമ്പവല [കമ്പ-വല] നാ. മീൻപിടിക്കുന്നതിനുപയോഗിക്കുന്ന ഒരുതരം വലിയ വല, വലിയ മത്സ്യങ്ങളെ പിടിക്കാൻ പനനാരുകൊണ്ടോ ചരടുകൊണ്ടോ ഉണ്ടാക്കുന്നത്, കമ്പാവല.
കമ്പവാതം [സം. കമ്പ3-വാത] നാ. വിറവാതം, വെട്ടുവാത.
കമ്പവിളക്ക് [കമ്പം1-വിളക്ക്] നാ. തണ്ടിൽ അനേകം തട്ടുകളുള്ള വലിയ നിലവിളക്ക്.
കമ്പളം [സം. കംബല] നാ. കരിമ്പടം, = കംബളം.
കമ്പളി നാ. = കമ്പിളി. (പ്ര.) കമ്പളിപ്പൂച്ചെടി = മൾബറിച്ചെടി.
കമ്പാകം നാ. 1. കമ്പ; 2. കാറ്റ്.
കമ്പായ്, കമ്പ, കമ്പാവ്, കമ്പാ നാ. = കമ്പ.
കമ്പായം നാ. കൈത്തറിവസ്ത്രം.
കമ്പാർട്ടുമെൻറ് [ഇം. ച്ചൊമ്പർറ്റ്മെൻറ്] നാ. മുറി (തീവണ്ടിയിലെപ്പോലെ).

കമ്പാരൻ [<കുംഭകാരൻ -കുമ്പാരൻ-കമ്പാരൻ] നാ. ഒരു പിന്നോക്കജാതി, കുശവൻ.
കമ്പാവല [കമ്പാ-വല] നാ. കമ്പവല, കല്ലയും (നൂലുവലയും) ഏനവും (കയറ്റുവലയും) കമ്പായും (കയറ്റുവടവും) ഓവും (പൊങ്ങുതടിയും) ചേർന്നതും കരയ്ക്കുനിന്നു വലിച്ചുകയറ്റുന്നതുമായ വലിയവല.
കമ്പാസ്, കോമ്പസ് [<ഇം. ച്ചൊമ്പസ്സ്] നാ. വടക്കുനോക്കിയന്ത്രം.
കമ്പി1 [കമ്പിക്കുക] ധാതുരൂപം.
കമ്പി2 നാ. 1. നൂലുപോലെനീട്ടിയ ലോഹം, ഉദാ. തപാൽക്കമ്പി, എലക്റ്റ്രിക് കമ്പി; 2. കമ്പുപോലെ വണ്ണംകുറഞ്ഞുനീണ്ടുരുണ്ട ലോഹക്കട്ടി, ഉദാ. ജനൽക്കമ്പി, കമ്പിവടി; 3. വീണ, തംബുരു മുതലായവയുടെ തന്ത്രി; 4. കമ്പിക്കടുക്കൻ, ഒരു കർണ്ണാഭരണം, (പ്ര.) കമ്പി അലിക്കത്ത് = മുസ്ലീംസ്ത്രീകളുടെ ഒരു കർണ്ണാഭരണം; 5. കമ്പിത്തായം, ഒരുവക ചൂതു (പകിട) കളി; 6. കമ്പിത്തായം കളിക്കുമ്പോൾ രണ്ടു ചുക്കിണിയും ഒറ്റയായി വീഴൽ; 7. അരശ്പറയുന്ന കരുവിൻെറ കാല് ദേവനും തേരിനും ഒരുപോലെ ബാധിക്കുന്ന സ്ഥിതി, ഉദാ. ഇഷ്ടരശുകമ്പി, കുത്തിയരശു കമ്പി; 8. കമ്പിത്തപാൽ, അതുവഴി അയയ്ക്കുന്ന സന്ദേശം, ഉദാ. കമ്പിയടിക്കുക; 9. ചതിവ്, വഞ്ചന; 10. (സങ്ഗീ.) ഒരു വാദ്യോപകരണം, (പ്ര.) കമ്പിനീട്ടുക = കടന്നുകളയുക, കമ്പിപിണയുക = അബദ്ധത്തിൽച്ചാടുക.

471

കമ്പിക്കാൽ [കമ്പി2-കാൽ] നാ. തപാൽക്കമ്പികളുടെയും മറ്റും തൂണ്.
കമ്പിക്കുക1 [സം. < കമ്പ്]ക്രി. ഇളകുക, വിറയ്ക്കുക.
കമ്പിക്കുക2 ക്രി. സ്തംഭിക്കുക, ഉദാ. വയർ കമ്പിക്കുക.
കമ്പിത [സം. കമ്പിത] വി. ഇളക്കപ്പെട്ട, ചലിപ്പിക്കപ്പെട്ട, കുലുക്കിയ.
കമ്പിതം [സം. കമ്പിത <കമ്പ്] നാ. 1. ഇളക്കം, വിറയൽ, 2. (നാട്യ.) ശിര:കർമ്മങ്ങൾ പതിമൂന്നുള്ളതിലൊന്ന്, തലയിളക്കൽ; 3. (സങ്ഗീ.) ഒരുതരം ഗമകം.
കമ്പിത്തപാൽ [മ. കമ്പി2 - മറാ. തപാൽ]നാ. കമ്പിയും (ടെലെഗ്രാഫ്) തപാലും (പ്പൊസ്റ്റ്) ചേർന്ന വകുപ്പ്. (പ്പൊസ്റ്റ് അന്ദ് ടെലെഗ്രഫ്.)
കമ്പിത്തായം [കമ്പി2-തായം] നാ. ചുക്കിണിയും ചൂതും കൊണ്ടുള്ള ഒരുതരം കളി.
കമ്പിനി = കമ്പനി.
കമ്പിപ്പലക [കമ്പി2 -പലക] നാ. അരിപ്പ.
കമ്പിപ്പാനൂസ് [മ. കമ്പി2 - അറ. ഫാനൂസ്] നാ. റാന്തലവിളക്ക്.
കമ്പിപ്പാല [കമ്പി2 -പാല] താരത. സം. കാമ്പില്യ, കാമ്പില. നാ. ഒരുതരം പാലുള്ള മരം.
കമ്പിപ്പിച്ചൻ നാ. ഒരിനം മൂങ്ങ, പുള്ളിനത്ത്.
കമ്പിയച്ച് [കമ്പി2-അച്ച്]നാ. ലോഹക്കമ്പി വലിച്ചുനീട്ടാൻ തുളകളുള്ള ഇരുമ്പുപാളി.
കമ്പിയാപ്പീസ് [മ. കമ്പി2-ആപ്പീസ് < ഇം. ഓഫ്ഫിചെ] നാ. കമ്പിത്തപാൽ കാര്യാലയം.
കമ്പിയില്ലാക്കമ്പി നാ. കമ്പിമാർഗ്ഗമല്ലാതെ ആകാശത്തിലൂടെ വീചികൾവഴി സന്ദേശമയയ്ക്കുന്ന യന്ത്രസംവിധാനം.

കമ്പിരി [കമ്പ്1-ഇരി] 'കമ്പിൽ ഇരിപ്പ്, കൊമ്പത്തേറിയിരിപ്പ്.' നാ. വീറ്, ശൗര്യം (?).
കമ്പില്യം, കമേല, കമ്പില്യകം, കാമ്പില്യം, കാപില്യകം [സം. കമ്പില്യ] നാ. കമ്പിപ്പാല.
കമ്പിവല [കമ്പി2-വല] നാ. നൂൽക്കമ്പികൾ നെടുകെയും കുറുകെയും പാകി ഉണ്ടാക്കുന്ന വല.
കമ്പിളി നാ. 1. ആട്ടുരോമം; 2. ആട്ടുരോമംകൊണ്ടുള്ള വസ്ത്രം, കരിമ്പടം; 3. ഭോഷൻ; 4. കുഴപ്പം, ഏടാകൂടം.
കമ്പിളിനാരങ്ങ ത. പം പളിമാചു [ഡച്ച് പ്പമ്പെൽമൊഎസ്] നാ. ഒരിനം വലിയ നാരങ്ങ, കമ്പിളിമാസ്.
കമ്പിളിപ്പഴം [കമ്പിളി-പഴം] നാ. മൾബറിച്ചെടിയുടെ പഴം. കായിൽ കമ്പിളി നൂലുകൾപോലുള്ള രോമങ്ങളുള്ളത്.
കമ്പിളിപ്പുഴു, -കീടം [കമ്പിളി-പുഴു] നാ. ഉടലിൽ രോമമുള്ള ഒരുതരം പുഴു, ആട്ടാമ്പുഴു, കരിമ്പടപ്പുഴു.
കമ്പിളിമാസ് [<ഡച്ച് പ്പമ്പെൽമൊഎസ്] നാ. = കമ്പിളിനാരങ്ങ.
കമ്പിളിയാട് [കമ്പിളി-ആട്] നാ. നീണ്ട രോമങ്ങളുള്ള ഒരുതരം ആട്.
കമ്പിളിവെട്ടി നാ. ഒരു വൃക്ഷം, പാച്ചോറ്റി.
കമ്പിറാന്തൽ [മ. കമ്പി2-റാന്തൽ < ഇം. ലൺെറർൻ] നാ. ഒരു തരം റാന്തൽ, = കമ്പിപ്പാനൂസ്.
കമ്പ് നാ. 1. ശാഖ, ചില്ല; 2. വടി; 3. മുള, കരിമ്പു മുതലായവയുടെ മുട്ട്, രണ്ടു മുട്ടുകൾക്കിടയിലുള്ള ഭാഗം; 4. നിലം അളക്കുന്നതിനുള്ള അളവുകോൽ; 5. ഓലഗ്രന്ഥത്തിനു രക്ഷക്കായി ഇരുപാടും വയ്ക്കുന്ന പലകത്തുണ്ട്, (പ്ര.) കമ്പോടുകമ്പ് = ഗ്രന്ഥത്തിൻെറ ആദ്യംതൊട്ട് അവസാനം വരെ, ഒററ്റം മുതൽ മറ്റേ അറ്റംവരെ, കമ്പുകടക്കുക = അതിരുകടക്കുക, നിയന്ത്രണം വിടുക, കമ്പും തുമ്പും ഇല്ലാത്ത, കമ്പുംകണയുമില്ലാത്ത.
കമ്പുകുലുക്കി [കമ്പ്1-കുലുക്കി] നാ. കുപ്പമേനി.
കമ്പേറ് [കൺ-പേറ്] നാ. ദൃഷ്ടിദോഷം.
കമ്പോട [കമ്പ്1-ഓട] നാ. റേന്ത.
കമ്പോട് നാ. മൺകലത്തിൻെറ പൊട്ടിയകഷണം.
കമ്പോസിറ്റർ [ഇം. ച്ചൊമ്പൊസിറ്റൊർ] നാ. അച്ചടിശാലയിൽ അച്ചുനിരത്തുകാരൻ.
കമ്പോസ്റ്റ് [ഇം. ച്ചൊമ്പൊസ്റ്റ്] നാ. ചവറും കരിയിലയും മറ്റും ചീഞ്ഞുപൊടിഞ്ഞുണ്ടാകുന്ന വളം.
കമ്പോളം നാ. കച്ചവടസ്ഥലം, ചന്ത. ഉദാ. ചാലക്കമ്പോളം, (പ്ര.) കമ്പോളച്ചരക്ക്, കമ്പോളപ്പിള്ളേർ.
കമ്പോളനിരക്ക്, -വില [കമ്പോളം-നിരക്ക്] നാ. സാധനങ്ങൾക്ക് അപ്പപ്പോൾ കമ്പോളത്തിലുള്ള വില.
കമ്പൗണ്ടർ [ഇം] നാ. ഡോക്ടറുടെ കുറിപ്പനുസരിച്ചു മരുന്നുകൾചേർത്തു രോഗികൾക്കുകൊടുക്കുന്നയാൾ.
കമ്പ്ര[സം. കമ്പ്ര < കമ്പ്] വി. 1. ഇളകുന്ന, വിറയ്ക്കുന്ന, ചലിക്കുന്ന; 2. ചുറുക്കുള്ള, ശീഘ്രതയുള്ള.

കമ്മ് [കമ്മുക] ധാതുരൂപം.
കമ്മട്ടം, കമ്മിട്ടം നാ. 1. നാണയം അടിക്കുന്ന സ്ഥാപനം; 2. നാണയം, കമ്മട്ടമടി = നാണയം ഉണ്ടാക്കൽ; 3. കബളിപ്പ്, കള്ളം, വഞ്ചന, തട്ടിപ്പ് (കള്ളക്കമ്മട്ടം എന്നതിൽ തിന്ന്), (അക്ഷശാല എന്നതിൻെറ തവ്വ്ജുമയാണ് കമ്മട്ടം. എന്നാൽ അക്ഷത്തിനിവിടെ കണ്ണെന്നല്ല (കൊത്തുന്ന) രൂപം എന്നാണവ്വ്ഥം).
കമ്മട്ടി നാ. 1. കടലാവണക്ക്; (പ്ര) കമ്മട്ടിപ്പൽ = കടലാവണക്കിൻ കറ; 2. കോമട്ടി, കുമ്മട്ടി, ജലാശയങ്ങൾക്കരികിൽ വളരുന്ന മരം; 3. പടരുന്ന ഒരുതരം ചെടി, താരത. കമ്മട്ടിവള്ളി.
കമ്മട്ടിവള്ളി [കമ്മട്ടി–വള്ളി] നാ. ഒരു ഔഷധച്ചെടി.
കമ്മണ്ട [കൺ–മണ്ട] 'കണ്ണും മണ്ടയും.' നാ. 1. കണ്ണടക്കമുള്ള തലയുടെ മുകൾഭാഗം, ഉദാ. കമ്മണ്ടയ്ക്ക് അടിക്കുക; 2. തല; 3. ചെന്നി; 4. കവിൾ, ഉദാ. വീവ്വ്ത്ത കമ്മണ്ട.
കമ്മത്ത്1 [< പോർ. ഗമൊറ്റെ] നാ. 1. 1. ഊറ്റ് (കിണറുവെട്ടുമ്പോൾ); 2. വള്ളത്തിൻെറ വിടവിലൂടെ കയറുന്ന വെള്ളം. ഉദാ. കമ്മത്തുകളയുക.
കമ്മത്തു2, കമ്മത്തി നാ. കൊങ്ങിണിമാരുടെ ഒരു സ്ഥാനപ്പേര്.
കമ്മൻ [< സം. കവ്വ്മകാര] നാ. 1. ജോലിക്കാരൻ, പണിക്കാരൻ; 2. അസുരൻ; 3. പോരാളി, ബലവാൻ; 4. ദുഷ്ടൻ, (പ്ര.) പറങ്കിക്കമ്മൻ = പറങ്കിപ്പുണ്ണ്. (പരിഹാസാവ്വ്ഥം); 5. കടൽത്തീരത്തെ മണ്ണിനടിയിൽ ചിലടെത്തുകാണാറുള്ള ചെമ്മണ്ണ്.
കമ്മന്മാർ നാ. (ബ.വ.) കയ്മന്മാർ, കൈമള്മാർ.
കമ്മം[പ്രാ. കമ്മ < സം. കവ്വ്മൻ] നാ. ശില്പവേല.
കമ്മൽ നാ. സ്ത്രീകളുടെ ഒരു കവ്വ്ണാഭരണം.
കമ്മൾ നാ. 1. = കൈമൾ; 2. നായന്മാരെ ബഹുമാനപൂവ്വം പരാമവ്വ്ശിക്കുന്ന പേര്, (വ.മ.); 3. പാനേങ്കളിയിലെ ഒരു വേഷം.
കമ്മറ്റി [ഇം. ച്ചൊമ്മിറ്റീ] നാ. = കമ്മിറ്റി.
കമ്മാ നാ. നിലങ്ങളിൽ വെള്ളംതിരിക്കാൻ വരമ്പു മുറിച്ചു വയ്ക്കുന്ന തുരപ്പ്, ഓവ്.
കമ്മാട്ടി നാ. കമ്മാള. (സ്ത്രീ.) കമ്മാളത്തി.
കമ്മായം [മ. കൺ –മായാ] 'കൺകെട്ടുവിദ്യ.' നാ. കപടവിദ്യ, തട്ടിപ്പുസമ്പ്രദായം.
കമ്മാരൻ [പ്രാ. കമ്മാര < സം. കവ്വ്മാര] നാ. 1. കൊല്ലൻ; 2. ഒരു പട്ടികജാതി; 3. ഒരു പുരുഷനാമം. ഉദാ. വള്ളുവക്കമ്മാരൻ.
കമ്മാളൻ [മ. കമ്മാല < സം. കവ്വ്മാര] (സ്ത്രീ.) കമ്മാളത്തി. നാ. ആശാരി, മൂശാരി, കൊല്ലൻ, തട്ടാൻ, കല്ലാശാരി എന്നീ വിഭാഗത്തിൽ ഉൾപ്പെട്ട ശില്പി.
കമ്മാർ നാ. വെറ്റിലക്കൊടിയുടെയോ കുരുക്മുളകുകൊടിയുടെയോ തണ്ടിൽനിന്നു പൊട്ടുന്ന കണ്ണിത്തല, ഞാറുവാലി.
കമ്മി1, കമീ [ഹി. കമീ] നാ. കുറവ്, പോരായ്മ, നഷ്ടം; കമ്മിയാക്കുക = കുറവു വരുത്തുക; (പ്ര.) കമ്മിപ്പണം = ബഡ്ജറ്റിലെ കമ്മിനികത്താൻ വ്യവസ്ഥാപിതമാവ്വ്ഗങ്ങളിൽക്കൂടി ഉണ്ടാക്കുന്ന പണം.
കമ്മി2 നാ. കുടിയാൻ.
കമ്മിയൻ [ത. കമ്മിയൻ < സം. കവ്വ്മിൻ] നാ. വേലക്കാരൻ, പരികവ്വ്മി, = കമ്മി2.

കമ്മിസ്സാർ [ഇം. ച്ചൊമ്മിസ്സർ] നാ. (റഷ്യയിൽ) ഒരു മന്ത്രിയോ വകുപ്പുമേധാവിയോ.
കമ്മിസാറി [ഇം.] നാ. നിയുക്താധികാരി.
കമ്മിറ്റി [ഇം. ച്ചൊമ്മിറ്റീ] നാ. ഒരു കാര്യത്തിനു നിയോഗിക്കപ്പെടുന്ന സങ്ഘം, നിയുക്തസങ്ഘം.
കമ്മീശ് [അറ. കമീസ്] നാ. = കമീസ്.
കമ്മീഷണർ, കമ്മീശ്ശനർ, കമീഷണർ [ഇം. ച്ചൊമ്മിസ്സിഒനെർ] നാ. എതെങ്കിലും കാര്യത്തിന് അധികാരം നൽകപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥൻ. ഉദാ. ദേവസ്വം കമ്മീഷണർ, കോർപ്പറേഷൻ കമ്മീഷണർ.
കമ്മീഷൻ, കമീശൻ, കമീഷൻ ഇം. ച്ചൊമ്മിസിഒൻ] നാ. 1. ഒരുകാര്യത്തെക്കുറിച്ച് അന്വേഷിച്ചു വിവരം നൽകുന്നതിന് ചുമതലപ്പെടുത്തപ്പെട്ട വ്യക്തിയോ സങ്ഘമോ, ഉദാ. മരുമക്കത്തായക്കമ്മീഷൻ, ഏകാങ്ഗക്കമ്മീഷൻ; 2. ഏതെങ്കിലും ഒരുകാര്യം നിർവ്വഹിക്കാൻ നിയോഗിക്കപ്പേട്ടിട്ടുള്ള ഒരു സമിതിയോ വ്യക്തിയോ; 3. കോടതിയിൽനിന്നും ഒരു ഉത്തരവുനടത്താനോ കക്ഷികളെ വിസ്തരിക്കാനോ അയയ്ക്കപ്പെടുന്ന വ്യക്തിയോ വ്യക്തികളോ; 4. ഇടപാടിൽ കൊടുക്കുന്ന തരക്.
കമ്മുക ക്രി. 1. വായ് നല്ലവണ്ണംതുറന്ന് ആഞ്ഞുകടിച്ചുവായ്ക്കുള്ളിലാക്കുക; കപ്പുക, (പ്ര.) കമ്മിത്തിന്നുക; 2. വല്ലവരുടെയുംവക കൈക്കലാക്കി ഒളിക്കുക (പ്ര.); 3. സംസാരിക്കുമ്പോൾ തൊണ്ടകാറുക.
കമ്മോഡ് [ഇം. ച്ചൊമ്മൊദെ] നാ. മലവിസർജ്ജനത്തിനുള്ള പാത്രം. (വിജാഗിരിവച്ച അടപ്പോടുകൂടിയതും നാൽക്കാലിക്കുള്ളിൽ വച്ചുപിടിപ്പിച്ചിരിക്കുന്നതുമായത്.)
കമ്മ്യൂണിസം [ഇം. ച്ചൊമ്മുനിസ്ം] നാ. സ്വകാര്യ ഉടമ അവസാനിപ്പിച്ച് സ്വത്തുമുഴുവൻ എല്ലാവർക്കും തുല്യമായി അനുഭവയോഗ്യമാകത്തക്കവിധം പൊതു ഉടമയിലാക്കണമെന്ന സിദ്ധാന്തം.
കമ്മ്യൂണിസ്റ്റ് [ഇം. ച്ചൊമ്മുനിസ്റ്റ്] നാ. കമ്യൂണിസം അങ്ഗീകരിക്കുന്ന ആൾ. (പ്ര.) കമ്യൂണിസ്റ്റ് മാനിഫെസ്റ്റൊ = കമ്യൂണിസ്റ്റു പ്രകടനപത്രിക.
കമ്യൂണിറ്റി [ഇം. ച്ചൊമ്മുനിറ്റ്യ്] നാ. സമുദായം.
കമ്യൂണിറ്റി പ്രോജക്റ്റ് [ഇം.] നാ. സാമൂഹികവികസനപദ്ധതി.
കമ്ര [സം. കമ്ര < കമ്] 'കാമിക്കത്തക്ക.' വി. മനോഹരമായ.
കമ്രൻ [സം. കമ്ര] നാ. കാമുകൻ.
കമ്രാങ്ഗി [സം. -അങ്ഗീ] 'കമ്രമായ അങ്ഗമുള്ളവൾ.' നാ. സുന്ദരി.
കമ്രീകരിക്കുക [<സം. കമ്രീ-കൃ] ക്രി. അലങ്കരിക്കുക.
കയ് നാ. കൈ.
കയ1 വി. വലിയ; 2. ഇളയ; 3. മെലിഞ്ഞ.
കയ2 [< കഴ] 'കഴയിൽ കൂട്ടിയത്.' നാ. പുൽക്കുണ്ട്, വയ്ക്കോൽക്കൂമ്പാരം, തുറു, പുല്ലുംകയ (വ.മ.)
കയക്കണ്ടൽ നാ. ചെറിയ കണ്ടൽ.
കയക്കുക1 ക്രി. 1. കശക്കുക; 2. കയർക്കുക.
കയക്കുക2 ക്രി. = കഴയ്ക്കുക.
കയങ്ങുക ക്രി. കശങ്ങുക.
കയന, കയനെ വി. മുഴുവൻ, പൂർണ്ണമായ (വ.മ.)

കയന്തല [ത. കയന്തലൈ] നാ. 1. സന്തതി; 2. ഇളയവർ, കുഞ്ഞുങ്ങൾ; 3. ദു:ഖം.
കയം1 നാ. ജലാശയത്തിലെ ആഴമുള്ള ഭാഗം, വലിയ ആഴം, വെള്ളക്കുഴി, കന്നിനെ കയം കാണിക്കരുത്. (പഴ.)
കയം2 [<സം. ഗജ] നാ. ഗജം, ആന (പ്ര.) കയമുകൻ = ഗജമുഖൻ, ഗണപതി.
കയമ [<കഴമ] നാ. ഒരുതരം നെല്ല്, താരത. കളമം (വ.മ.)
കയമ്പം നാ. വിവാദം, തർക്കം.
കയർ1 കയർക്കുക] ധാതുരൂപം.
കയർ2 [കയറുക] ധാതുരൂപം.
കയർ3 നാ. = കയറ്.
കയർക്കുക ക്രി. നീരസത്തോടെ സംസാരിക്കുക, ദേഷ്യപ്പെടുക, കോപിക്കുക, കലഹിക്കുക, തട്ടിക്കയറുക.
കയർപ്പ്, കയർപ്പം [<കയർക്കുക] നാ. കയർക്കൽ, കലഹിക്കൽ, കോപം.
കയർവിരുത്തി [കയർ3-വിരുത്തി] നാ. ക്ഷേത്രത്തിൽ കൊടിയേറ്റത്തിനും മറ്റും ആവശ്യമായ കയറുകൊടുക്കുന്നവർക്കു പതിച്ചുകൊടുത്തിട്ടുള്ള വസ്തു.
കയർവെടി [കയർ-വെടി] നാ. ഒരുതരം കരിമരുന്നുപ്രയോഗം.
കയൽ1 നാ. 1. ഒരിനം മത്സ്യം (ഇതിനെ സുന്ദരിമാരുടെ കണ്ണിനോടുപമിക്കാറുണ്ട്) ഉദാ. കയൾക്കണ്ണാൾ, കയൽക്കണ്ണി ഇത്യാദി; 2. കൈപിടിയിൽക്കൊള്ളുന്നത്, ഉദാ. ഒരുകയൽപ്പുല്ല്, ഒരുകയലോല; 3. മെടഞ്ഞ ഓലയുടെ മുറിച്ചുകളയുന്ന അറ്റം, (വ.മ.)
കയൽ2 നാ. കയ്യാല (വ.മ.).
473
കയല നാ. കരട്, തരി.
കയവൻ (പ.മ.) നാ. 1. അധമൻ, നീചൻ; 2. ആണാൾ, ഭർത്താവ് (വേടഭാഷ); 3. വേടൻ. (സ്ത്രീ.) കയവത്തി.
കയസ്ഥ [സം. കയസ്ഥാ] നാ. 1. കകോളി, ഒരു പച്ചമരുന്ന്; 2. കാട്ടുതൃത്താവ്; 3. കടുക്ക.
കയറാത്ത് [അറ.] നാ. സൗജന്യദാനം.
കയർ, കയിർ നാ. ചകരിപിരിച്ചുണ്ടാക്കുന്നത്, ഉദാ. പശുവിനെക്കെട്ടുന്ന കയർ; കയറ്റ് - എന്നു വി. രൂപം, ഉദാ. കയറ്റുപായ്, കയറ്റുവല ഇത്യാദി; കയററ്റാൽ പാള കിണറ്റിൽ. (പഴ.); (പ്ര.) കയറിടുക, മൂക്കിൽക്കയറിടുക = നിയന്ത്രിക്കുക; കയർ ഊരിവിടുക = സ്വതന്ത്രമായി സഞ്ചരിക്കുവാനനുവദിക്കുക; കയറുപിടിത്തം = 1. മത്സരം; 2. പരോക്ഷമായി സ്വാധീനം ചെലുത്തൽ; കയറുമാറുക = (കന്നുകാലികളെ) വിൽക്കുക (ഉടമസ്ഥൻ വാങ്ങുന്നയാളിനു കയറോടുകൂടി കൈമാറ്റം ചെയ്യുന്നതിൽ നിന്ന്).
കയറുക ക്രി. 1. മുകളിലേക്കുപോകുക, ആരോഹണംചെയ്യുക; 2. പ്രവേശിക്കുക, ഉള്ളിൽക്കടക്കുക; മുറിയിൽക്കടക്കുക; 3. മുന്നേറുക; 4. വർധിക്കുക, കൂടുക, ഉദാ. അരിയുടെ വില കയറിപ്പോയി; 5. പരക്കുക, വ്യാപിക്കുക. (പ്ര.) കയറിയവർ = ഉയർന്നവർ.

കയറ്റം [<കയറുക] നാ. 1. കയറുക എന്ന പ്രവൃത്തി, മുകളിലേക്കുകയറൽ, ഉദാ. മരങ്കയറ്റം, മലകയറ്റം; 2. മുകളിലേക്കുള്ള ചരിവ്. ക്ഷ് ഇറക്കം; 3. ഉദ്യോഗത്തിലോ സ്ഥനത്തിലോ ഉണ്ടാകുന്ന ഉയർച്ച; 4. വർധന, ആധിക്യം; 5. അഹങ്കാരം, തള്ളിപ്പ്.

കയറ്റുവള്ളി [മ. കയറ്റം -സം. വല്ലി] നാ. ചെറുപാവൽ.

കയറ്റുക, കേറ്റുക, ഏറ്റുക ക്രി. 1. പൊക്കത്തിലാക്കുക, പൊക്കിവയ്ക്കുക, ഉയർന്നിരിക്കത്തക്ക നിലയിലാക്കുക; 2. കൂട്ടുക, വർധിപ്പിക്കുക; 3. കെട്ടിപ്പൊക്കുക; 4. പ്രവേശിപ്പിക്കുക, കടത്തുക, ഉള്ളിൽചെലുത്തുക, നിറയ്ക്കുക; 5. ഉരുണ്ടുമുകളിലാകത്തക്കവണ്ണം പ്രവർത്തിക്കുക, മുകളിൽ ആക്കുക; 6. തിരുകിയോ കുത്തിയോ ഉള്ളിൽക്കടത്തുക; 7. പിടിപ്പിക്കുക, പറ്റിക്കുക (തുണികളിൽ ചായം എന്നപോലെ).

കയറ്റുകട്ടിൽ [കയറ്-കട്ടിൽ] നാ. കയറുവരിഞ്ഞ കട്ടിൽ.

കയറ്റുകുട്ട, കയറ്റുകൊട്ട [കയറ്-കുട്ട] നാ. വയലിൽനിന്നു വെള്ളം തേകിക്കളയാൻ ഉപയോഗിക്കുന്നതും കയറുകെട്ടിയതുമായ കുട്ട.

കയറ്റുകൊടി [കയറ്-കൊടി] നാ. കയറുകെട്ടി അതിൽപടർത്തുന്ന വെറ്റിലക്കൊടി.

കയറ്റുപാ(യ്) നാ. കയറുകൊണ്ടുനെയ്തുണ്ടാക്കുന്ന പായ്.

കയറ്റുമതി നാ. ഏറ്റുമതി, ഒരു രാജ്യത്തിലെ ഉത്പന്നം കപ്പലിലോ മറ്റോ കയറ്റി വിദേശങ്ങളിലേക്കയച്ചു കച്ചവടം നടത്തുന്ന ഇടപാട്. ക്ഷ് ഇറക്കുമതി.

കയറ്റുവല [കയർ3-വല] നാ. വലിയമത്സ്യം പിടിക്കാൻ കയറുകൊണ്ട് ഉണ്ടാക്കിയ വല.

കയാമം [അറ.] നാ. ദൈവത്തിൻെറമുമ്പിൽ മനുഷ്യരുടെ ന്യായവിസ്താരദിനം, അന്ത്യദിനം.

കയി നാ. കഴി, ഒരുപിടി, ഒരു കൈയ്യിൽപ്പിടിക്കാവുന്നിടത്തോളം, ഉദാ. കയിചൂടി (നൂൽ).

കയിൽ നാ. 1. തവി. (പ്ര.) കയിലാറ്റ = കയിലുകൾ കൊരുത്തിടത്തക്കവണ്ണം തുളകൾ ഉണ്ടാക്കി കെട്ടിത്തൂക്കുന്ന പലക; 2. പിടലി.

കയിലി, കൈലി നാ. പലനിറത്തിലുള്ള നൂലുകൾ കള്ളികളായി ചേർത്ത് നെയ്തിട്ടുള്ള മുണ്ട്, ലുങ്കി.

കയിറ് നാ. 1. കയറ്; 2. ഒരു ദൈർഘ്യയളവ്.

കയ്ക്കണക്ക് [കൈ-കണക്ക്] നാ. = കൈക്കണക്ക്.

കൈക്കണത് 'കയ്ക്കുന്നത്' നാ. പുകയില (ആ. ഭാ).

കയ്ക്കളവർ നാ. (ബ. വ.) നെയ്ത്തുതൊഴിലായുള്ള ഒരു ജാതി, കയ്ക്കോളർ.

കയ്ക്കാരൻ [കൈ-കാരൻ] നാ. കര്യസ്ഥൻ, താരത. കൈകാര്യം.

കയ്ക്കുക ക്രി. 1. കയ്പുരസം അനുഭവപ്പെടുക; 2. വെറുപ്പു തോന്നുക.

കയ്ക്കൊള്ളുക, കൈക്കൊള്ളുക [കൈ-കൊള്ളുക] ക്രി. ഏൽക്കുക, സ്വീകരിക്കുക.

കയ്പ1 'കയ്പ്പുള്ളത്.' നാ. 1. കൈപ്പ, പാവൽ (പ്ര.) കയ്പക്കപ്പച്ചടി = പാവയ്ക്കാ ചേർത്തുണ്ടാക്കുന്ന പച്ചടി; 2. പയ്പഞ്ചുര, പേച്ചുര, കായ്ക്കെരിവും പുളിയുമുള്ള ഒരു മരുന്നു ചെടി.

കയ്പ2 [കൈ-പൈ] നാ. തട്ടാന്മാർ ഉപയോഗിക്കുന്ന ചുരുക്കുചരടുള്ള സഞ്ചി.

കയ്പട, കൈപ്പട [കൈ–പട] നാ. കൈയക്ഷരം.
കയ്പടം [കൈ–പടം] നാ. = കൈപ്പത്തി.
കയ്പൻ അതുള്ളത് എന്ന അർഥത്തിൽ തദ്ധിതമായ 'അൻ' വി. കൈപ്പൻ, കയ്പുള്ള.
കയ്പാട് [കയ്–പാട്] നാ. 1. കൈപ്പടം; 2. കൈവേല; 3. അധീനത; 4. കൈവശം; 5. കൃഷിചെയ്യുന്ന ചളിനിലം.
കയ്പീത്ത്, കൈപ്പിയത്ത്, കൈപ്യത്ത് [അറ. കൈഫിയത്] നാ. കൈപ്പീത്ത്, മൊഴി, സാക്ഷിമൊഴി, വാദം, മഹസ്സർ.
കയ്പ് നാ. 1. കൈപ്പ്, നാക്കുകൊണ്ട് അറിയാവുന്ന ആറുരസങ്ങളിലൊന്ന്, കാഞ്ഞിരത്തിൻെറയും മറ്റും രസം; 2. നീരസം, വെറുപ്പ്.
കയ്മൾ, കന്മൾ 'കോയ്മ ആൾ.?' നാ. 1. നായർ പ്രഭു. ചില നായർപ്രഭുകുടുംബക്കാരുടെ സ്ഥാനപ്പേര്; 2. സാമന്തന്മാരിൽ ചിലരുടെ സ്ഥാനം; 3. സങ്ഘക്കളിയിലെ കണ്ടപ്പൻ.
കയ്യടി [കൈ–അടി] നാ. ശബ്ദമുണ്ടാക്കി സന്തോഷം പ്രകടിപ്പിക്കാൻ വേണ്ടി കൈകൾത്തമ്മിൽ ഊക്കോടെ കൂട്ടിമുട്ടിക്കൽ, ഹസ്തതാഡനം.
കയ്യൻ, കൈയൻ നാ. 1. താണജാതുഇക്കാരൻ; 2. ദുഷ്ടൻ, അധമൻ, നീചൻ, വെറുക്കപ്പെട്ടവൻ; 3. ഒരുതരം ആറ്റുമീൻ, കൈച്ചൽ.
കയ്യയക്കുക ക്രി. 1. ഉദാരമായി നൽകുക, ലോഭംകൂടാതെ കൊടുക്കുക; 2. വിട്ടുവീഴ്ച്ചചെയ്യുക; 3. പിടിവിടുക, ഉപേക്ഷിക്കുക.
കയ്യാങ്കളി [<കൈയാൾ] നാ. 1. ചേരിക്കളി, പഴയകാലത്തെ ഒരു ഗ്രാമീണവിനോദം, രണ്ടു ചേരിയായിനിന്നുള്ള മല്ലയുദ്ധം, ആയുധമില്ലാതെ കൈമാത്രം ഉപയോഗിച്ചുള്ള മൽപ്പിടുത്തം, വടി, പരിച വാള് എന്നീ ആയുധങ്ങൾ ഉപയോഗിച്ചുപടവെട്ടുന്ന സമ്പ്രദായം, ഇങ്ങനെ രണ്ടു വിധം; 2. ദ്വന്ദ്വയുദ്ധം, സമരം.
കയ്യാടുക ക്രി. 1. പണിയെടുക്കുക, ജോലിചെയ്യുക. കയ്യാടിയെങ്കിലേ വായാടൂ (പഴ.0; 2. ആക്രമിക്കുക.
കയ്യാട്ടം [കൈ–ആട്ടം] നാ. കൈകൊണ്ടുള്ള അഭിനയം, ഹസ്തമുദ്രാപ്രയോഗം (കഥകളിയിൽ).
കയ്യാണി [കൈ–ആണി] നാ. കൈയാണി, കൈത്തോട്, ചെറിയ ചാൽ.
കയ്യാണ്ട [കയ്യാളുക] (ഭൂ. പേരെച്ചം). വി. സ്വീകരിച്ച, കൈക്കൊണ്ട.
കയ്യാണ്ടർ നാ. 1. ചക്കാലനായർ (ആദരസൂചകം); 2. ചില ജാതിക്കാർ നായന്മാരെ ബഹുമാനിച്ചുവിളിക്കുന്ന പേര്.
കയ്യാമം [കൈ–ആമം] നാ. കൈവിലങ്ങ്.
കയ്യാല, കശാല [കൈ–ആല] നാ. 1. പുരയിടത്തിൻെറ അതിരിൽ മണ്ണുകൊണ്ട് ഉണ്ടാക്കുന്ന ഭിത്തി; (പ്ര.) കയ്യാലപ്പുറത്തെത്തേങ്ങ = ഇരുകക്ഷികളിൽ ഏതിൽ ചേരണമെന്നു സന്ദേഹിച്ചുകൊണ്ടിരിക്കുന്ന ആൾ; 2. കളിയൽപ്പുര; 3. പുറം പുര (തെ.മ.).
കയ്യാലപ്പുര [കയ്യാല–പുര]നാ. 1. കയ്യാലയുടെ പുറത്തെ മേച്ചിൽ; 2. പ്രധാനപുരയുടെ പുറമേയുള്ള ചെറിയ കെട്ടിടം.
കയ്യാൾ [കൈ–ആൾ] നാ. 1. = കൈയാൾ; 2. പ്രധാനപണിക്കാരൻെറ സഹായത്തിനുനിൽക്കുന്ന ജോലിക്കാരൻ. ഉദാ. കൊത്തൻെറ കയ്യാൾ.

കയ്യാളിക്കുക [കയ്യാളുക < പ്രയോ.] ക്രി. 1. ഏൽപ്പിക്കുക, സമർപ്പിക്കുക, വിട്ടുകൊടുക്കുക, ഉടമനൽകുക; 2. ചെലവുചെയ്യുക, ചെലവഴിക്കുക; 3. കണ്ടമാനം ചെലവുചെയ്യുക.
കയ്യാളുക [കൈ-ആളുക] ക്രി. 1. എടുക്കുക, പിടിക്കുക, ഏൽക്കുക, ഉപയോഗിക്കുക; 2. കൈവശപ്പെടുത്തുക, കൈയടക്കുക; 3. ഭരിക്കുക, കാത്തു സൂക്ഷിക്കുക; 4. കൈവശമാക്കി അനുഭവിക്കുക.
കയ്യാറ് [കൈ-ആറ്] നാ. കൈവഴി, ചെറുതോട്.
കയ്യിടുക [കൈ-ഇടുക] ക്രി. 1. കൈകടത്തുക; 2. അനാവശ്യമായി ഇടപെടുക, തലയിടുക; (പ്ര.) കയ്യിട്ടുവാരുക = അന്യായമായി ഇഷ്ടം പോലെ അപഹരിക്കുക.
കയ്യിരുപ്പ് [കൈ-ഇരുപ്പ്] 'കൈയിൽ ഇരുപ്പ്.' നാ. കൈയിലിരിപ്പ്, കരുതൽ ധനം, കൈമുതൽ, നീക്കിയിരിപ്പ്.
കയ്യിൽപുണ്ണ് [കയ്യിൽ2-പുണ്ണ്] നാ. കൈവെള്ളയിലെപ്പുണ്ണ്, സ്പഷ്ടമായത്.
കയ്യിലിരിപ്പ്, കൈയിലിരിപ്പ് [കയ്യിൽ-ഇരിപ്പ്] നാ. 1.മിച്ചം, കൈയിരുപ്പ്, നീക്കിയിരിപ്പ്; 2. തനിസ്വഭാവം, പ്രവൃത്തി.
കയ്യ് നാ. 1.കൈയ്, കൈ, സമാസത്തിൽ 'കയ്' എന്നെല്ലാം രൂപങ്ങൾ; 2. അഭ്യാസം, മുറ, പ്രയോഗം, പ്രവൎത്തനം; 3. ചുമതല, പങ്ക്, പ്രാധാന്യം; (പ്ര.) കയ്യും കണക്കുമില്ല; കയ്യിലെടുക്കുക = സ്വാധീനമാക്കുക.
കയ്യുടുക്ക്, കൈയുടുക്ക് [കൈ-ഉടുക്ക്] നാ. 1. ഒരുവക ഉടുക്ക്.
കയ്യൂക്ക്,, കൈയ്- [കൈ-ഊക്ക്] നാ. കൈക്കരുത്ത്, ശേഷി; കയ്യൂക്കുള്ളവൻ കാര്യക്കാരൻ. (പഴ.).
കയ്യൂരി നാ. കൈവരി.
കയ്യൂറാല, കയ്യൂറാറ [കൈ-ഊറാല] നാ. ക്രിസ്തീയവൈദികന്മാർ വിശുദ്ധകൎമ്മങ്ങൾ നടത്തുമ്പോൾ കയ്യിൽ ധരിക്കുന്ന ഊറാറ.
കയ്യെഴുത്തഞ്ചേല നാ. കൈകൊണ്ടു ചിത്രവേലചെയ്തിട്ടുള്ള ഒരുതരം ചേല.
കയ്യെഴുത്ത്, കൈ- 1. എഴുത്തിന്റെ രീതി; (പ്ര.) കയ്യെഴുത്തുപ്രതി; 2. മുസ്ലീങ്ങളുടെ ഇടയിൽ വിദ്യാരംഭദിവസം വിദ്യാൎത്ഥിയുടെ കൈവെള്ളയിൽ ഖുറാൻപുസ്തകം എഴുതിക്കൊടുക്കുന്ന സമ്പ്രദായം.
കയ്യേരി [കൈ-ഏരി] നാ. 1. കൈവരി; 2. കിണറ്റിൽനിന്നു വെള്ളം കോരാനുള്ള വലിയ തൊട്ടിയിൽ ഘടിപ്പിക്കുന്ന മുളങ്കുഴ; 3. വയലിൽ വെള്ളം പായിക്കാൻ ചക്രം ചവിട്ടുന്നവൎക്ക് മുകളിൽപ്പിടിക്കാനുള്ള കഴ.
കയ്യേൽക്കുക [കൈ-ഏൽക്കുക] ക്രി. ചുമതല കൈക്കൊള്ളുക, അങ്ഗീകരിക്കുക, സ്വീകരിക്കുക; നാ. കയ്യേൽപ്; ഉദാ. പുരകയ്യേൽപ്.
കയ്യേറുക [കൈ-ഏറുക] ക്രി. അന്യായമായി സ്വാധീനപ്പെടുത്തുക, കടന്നു കയറുക.
കയ്യേറ്റം, -ഏറൽ [കൈ-ഏറ്റം] നാ. കൈയേറ്റം, ആക്രമണം, ബലാൽക്കാരം, അതിർത്തിലങ്ഘനം.
കയ്യൊപ്പ് [കൈ-ഒപ്പ്] നാ. കൈയടയാളം, ഒപ്പ്.
കയ്യൊരുപാതി, കൈ [കൈ-ഒരു-പാതി] നാ. ഒരു ഭൂവുടമ സമ്പ്രദായം. പാട്ടക്കാരനോ ഒറ്റിക്കാരനോ വസ്തുവിൽ നട്ടുപിടിപ്പിക്കുന്ന വൃക്ഷങ്ങളുടെ വിലയിൽ പകുതിക്ക് അവകാശം സിദ്ധിക്കുന്ന വ്യവസ്ഥ; (പ്ര.) കയ്യൊരുപാതി കാരാണ്മത്തേട്ടം.

കയ്യൊഴിവ്, കൈയ്- [കൈ-ഒഴിവ്] നാ. 1. കൈക്കൊഴിവ്, വേലയിൽ ഉൾപ്പെടാതിരിക്കൽ, സാവകാശം, വിശ്രമം; 2. വിട്ടുമാറൽ, ചുമതലയിൽനിന്നു ഒഴിഞ്ഞുമാറൽ; കയ്യൊഴിക്കുക, കയ്യൊഴിയുക = ചുമതലയേൽക്കാൻ വിസമ്മതിക്കുക, ഉപേക്ഷിക്കുക, ഒഴിവാക്കുക, തള്ളുക.

കയ്യോടെ, കൈയ്- [കൈ-ഓടെ] അവ്യ. അപ്പോൾത്തന്നെ, ഉടനേതന്നെ.

കയ്യോന്നി നാ. ഒരു പച്ചമരുന്ന്.

കർക്ക1 നാ. പ്രാചീനതമിഴകത്തിൻെറ ഒരു വിഭാഗം. കർക്കാനാട് - കോയമ്പത്തൂർ ഡിസ്ട്രിക്റ്റിൽ. പന്ത്രണ്ടു കൊടുന്തമിഴ് നാടുകളിൽ ഒന്ന്.

കർക്ക2 [സം. കർക] വി. 1. വെളുത്ത; 2. നല്ല.

കർക്കട [സം. കർകടാ] നാ. ഒരുതരം ആയുധം.

കർക്കട(ക)ം, കർക്കി- [സം. കർകടക] നാ. 1. ഞണ്ട്; 2. (ചിങ്ങം മുതൽ കണക്കാക്കുന്ന) കൊല്ലവർഷത്തിലെ അവസാന മാസം. കർക്കടകച്ചേമ്പ് കട്ടെങ്കിലും തിന്നണം. കർക്കടകം തീർന്നാൽ ദുർഘടം തീർന്നു. (പഴ.); കർക്കടകക്കൂരി = വേനൽക്കലത്തു വെള്ളം കിട്ടാതെ വളരുകകൊണ്ട് വലുപ്പം കുറഞ്ഞ് കർക്കടകമാസത്തിൽ വിളയുന്ന തേങ്ങ; 3. (ജ്യോ.) ഒരു രാശി (സ്വരൂപം ഞണ്ടിനെപ്പോലെയാകയാൽ) കർക്കടകരാശി; 4. കൂവളം; 5. കരിമ്പ്; 6. താമരക്കിഴങ്ങ്; 7. പാൽച്ചുര; 8. മലങ്കാര; 9. കർക്കടവൃക്ഷം; 10. കൊളുത്ത് തുലാക്കോലിൻെറ അറ്റത്തുള്ള വളഞ്ഞ ഭാഗം; 11. കീലം; 12. ഒരുതരം ആയുധം; 13. ഒരു കൈമുദ്ര, രണ്ടുകൈകളുടെയും വിരലുകൾ കോർത്തുപിടിച്ചുകൊണ്ടുള്ളത്; 14. പലതരം എല്ലൊടിവു(കാണ്ഡഭഗ്നം)കളിൽ ഒന്ന്, എല്ലിൻെറ രണ്ടുഭാഗവും താണു മധ്യം പൊങ്ങി ഞണ്ടുപോലെയിരിക്കുന്നത്; 15. വരണ്ടപ്പക്ഷി; 16. ഒരു നാഗം; 17. ഒരുതരം ജ്വരം; 18. ഒരുജാതി രതിബന്ധം; 19. വ്യാസാവ്ധം.

കർക്കടകരജ്ജു [സം. കർകടക-രജ്ജു] നാ. ഭാരം തൂക്കുന്നതിനുവേണ്ടി അറ്റത്ത് കൊളുത്തു ഘടിപ്പിച്ചിട്ടുള്ള കയറ്.

കർക്കടകവൃത്തം [സം. കർകടക-വൃത്ത] നാ. = ഉത്തരായണരേഖ.

കർക്കടകശ്ശീവേലി [സം. കർകടക-മ. ശീവേലി] നാ. ഉത്തരായണത്തിൻെറ അവസാനത്തിൽ കർക്കടകസങ്ക്രാന്തിക്കു ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ ഭദ്രദീപത്തോടനുബന്ധിച്ചുനടത്തുന്ന ശ്രീബലി.

കർക്കടകസക്രമം [സം. കർകടക-സക്രമ] നാ. = കർകടകസങ്ക്രാന്തി.

475

കർക്കടകസങ്ക്രാന്തി [സം. കർകടക-സങ്ക്രാന്തി] നാ. മിഥുനമാസത്തിൻെറ അവസാനത്തിലുള്ള സൂര്യസങ്ക്രമം. മിഥുനരാശിയിൽനിന്നു കർക്കടകത്തിലേക്കു സൂര്യകടക്കുന്ന ദിവസം, പുണ്യദിവസങ്ങളിലൊന്ന്.

കർക്കടകാസ്ഥി [സം. കർകടക-അസ്ഥി] നാ. ഞണ്ടിൻെറ തോട്.

കർക്കടകി [സം. കർകടകീ] നാ. 1. കർക്കടശൃങ്ഗി; 2. പെൺഞണ്ട്.

കർക്കടകിനി [സം. കർകടകിനീ] നാ. മരമഞ്ഞൾ.

കർക്കടച്ചിങ്കി [സം. കർകട-മ. ചിങ്കി] നാ. = കർക്കടശൃങ്ഗി.

കർക്കടശൃങ്ഗി [സം. കർകട-ശൃങ്ഗീ] നാ. 1. ഒരു പച്ചമരുന്ന്, കർക്കടകശൃങ്ഗി; 2. ഒരു പ്രതേകരീതിയിലുള്ള സൈന്യവ്യൂഹം, അസംഹതവ്യൂഹത്തിൻെറ ആറു ഭേദങ്ങളിലൊന്ന്.

കർക്കടാക്ഷം [സം. -അക്ഷ] നാ. ഒരുജാതി വെള്ളരി, കർക്കരി2.

കർക്കടാഹ്വ [സം. -ആഹ്വാ] നാ. കർക്കടശൃങ്ഗി.
കർക്കടാഹ്വം [സം. -ആഹ്വ] നാ. കൂവളം.
കർക്കടി [സം. കർകടീ] നാ. 1. വലിയ വെള്ളരി; 2. കക്കരി; 3. പെൺഞണ്ട്; 4. നായ്ക്കുരുണ; 5. ഇലവ്; 6. പാമ്പ്; 7. കാട്ടിലന്ത; 8. ലന്തമരം; 9. ദേവതാളി; 10. ഒരുതരം പലഹാരം; 11. ഒരു രാക്ഷസി.
കർക്കടിക [സം. കർകടികാ] നാ. 1. വെള്ളരി; 2. ശ്വേതതീവ്ര്ഥം സുബ്രഹ്മണ്യനു സമ്മാനിച്ച മാതൃക്കളിൽ ഒരാൾ.
കർക്കടിനി [സം. കർകടിനീ] നാ. മരമഞ്ഞൾ.
കർക്കടു [സം. കർകടു] നാ. വരണ്ടപ്പക്ഷി.
കർക്കഡം [സം. കർകഡ] നാ. ഞണ്ട്.
കർക്കണ്ട് നാ. = കൽക്കണ്ടം.
കർക്കൻ1 [സം. കർക] നാ. 1. കൃപണൻ; 2. ചിറ്റപ്പൻ.
കർക്കനാട് [കർക്ക-നാട്] നാ. = കർക്ക1.
കർക്കന്ധു [സം. കർകന്ധു] 'മുള്ളുള്ളത്.' നാ. 1. ഇലന്തമരം; 2. തുടരി; 3. വെള്ളംവറ്റിയ കിണർ; 4. പത്തുദിവസം പ്രായമെത്തിയ ഭ്രൂണം.
കർക്കം [സം. കർക] 'കണ്ണിനു സുഖംചെയ്യുന്നത്.'നാ. 1. വെള്ളക്കുതിര; 2. ഒരുതരം ജലപാത്രം; 3. ചിരട്ടകൊണ്ടുണ്ടാക്കിയ ഒരുപാത്രം; 4. മുഖക്കണ്ണാടി; 5. അഗ്നി; 6. ഞണ്ട്; 7. കർക്കടരാശി; 8. ഒരിനം രത്നം.
കർക്കര [സം. കർകര] വി. കടുപ്പമുള്ള, ഉറച്ച, കഠിനമായ.
കർക്കരം [സം. കർകര] നാ. 1. ചുറ്റിക; 2. കണ്ണാടി; 3. എല്ല്, തലയോടിൻെറ കഷണം; 4. തുകൽ വാറ്; 5. കല്ല്, കുമ്മായക്കല്ല്; 6. ഒരുജാതിപ്പക്ഷി, കവ്വ്ക്കരാപ്പുള്ള്; 7. ഒരിനം ഈന്ത.
കർക്കരാക്ഷം [സം. -അക്ഷ] നാ. കരിങ്കുരികിൽ (വാലാട്ടിപ്പക്ഷി).
കർക്കരാടു [സം.] നാ. 1. കടാക്ഷം, പാർശ്വവീക്ഷണം; 2. വരണ്ടപ്പക്ഷി (അശുഭസൂചകമായത്).
കർക്കരാന്ധകം [സം. കർകര-അന്ധക] നാ. പൊട്ടക്കിണറ്, അന്ധകൂപം. (വാവട്ടം മറയത്തക്കവണ്ണം പുല്ലുവളർന്നു മൂടിയത്).
കർക്കരാങ്ഗം [സം. -അങ്ഗ] നാ. = കർക്കരാക്ഷം.
കർക്കരാളം [സം. കർകരാല] നാ. കുറുനിര, തലമുടിച്ചുരുൾ.
കർക്കരി [സം. കർകരി, -രീ] നാ. 1. കർക്കരീ, ഒരിനം വെള്ളരി; 2. അരിപ്പക്കുടം, കരകക്കിണ്ടി (ഭങ്ഗിയുള്ളതിനാൽ) മുരലുള്ള കിണ്ടി; 3. ഒരുതരം വീണ.
കർക്കരേടു [സം.] 'കർക' എന്നു ശബ്ദിക്കുന്നതുകൊണ്ട്.' നാ. വരണ്ടപ്പക്ഷി.
കർക്കശ1 [സം. കർകശ] വി. 1. കഠിനമായ, കടുപ്പമുള്ള, ഉറച്ച, ദുർഘടമായ. ക്ഷ് മൃദു, കോമളം; 2. പരുഷമായ, ദയയില്ലാത്ത, ക്രൂരതയുള്ള, ദുസ്സഹമായ; 3. കടുത്ത, ശക്തമായ; 4. വിട്ടുവീഴ്ചയില്ലാത്ത; 5. മനസ്സിലാക്കാൻ വിഷമമുള്ള; 6. കലഹമുണ്ടാക്കുന്ന.
കർക്കശ2 [സം. കർകശാ] നാ. 1. തേക്കിട, മുരൾ മരം; 2. ഒരു അപ്സരസ്സ്.
കർക്കശച്ഛദ [സം. കർകശ-ഛദാ] നാ. 1. കാട്ടുപീച്ചിൽ; 2. ആനപ്പീച്ചിൽ.
കർക്കശച്ഛദം [സം. കർകശ-ഛദ] നാ. 1. കയ്പൻപടവലം; 2. ശാഖോടവൃക്ഷം.

കർക്കശത, കർക്കശത്വം [സം. -താ; -ത്വ] നാ. 1. കാഠിന്യം, കടുപ്പം; 2. പാരുഷ്യം, ക്രൗര്യം, നിർദയത്വം.
കർക്കശദളം [സം. -ദല] നാ. 1. ശാഖോടവൃക്ഷം; 2. കയ്പ്പൻപടവലം.
കർക്കശം [സം. കർകശ] നാ. 1. കമ്പിപ്പാല (കയ്യിലെടുത്താൽ ശബ്ദിക്കുന്നത്); 2. ചെറുകപ്പുല്ല്; 3. പൊന്നാവീരം; 4. ഒരിനം കരിമ്പ്; 5. ഒരുതരം വാൾ.
കർക്കശവേദനം [സം. കർകശ-വേദന] നാ. 1. ആനകളുടെ ഏഴുതരം സ്വഭാവങ്ങളിൽ ഒന്ന്, ഓർക്കാപ്പുറത്തു പിണങ്ങുന്ന രീതി; 2. മേൽപ്പറഞ്ഞ സ്വഭാവമുള്ള ആന.
കർക്കശവേദി [സം. കർകശ-വേദിൻ] നാ. = കർക്കശവേദനം.
കർക്കശാഹ്വം [സം. -ആഹ്വ] നാ. കമ്പിപ്പാല.
കർക്കശി(ക) [സം. കർകശീ, -ശികാ] നാ. കാട്ടിലന്ത.
കർക്കാരി [സം. കർകാരീ] നാ. 1. കർക്കാരിവഴുതന; 2. കുമ്പളം.
കർക്കാരു [സം.] നാ. 1. ചെറിയ കുമ്പളം, നെയ്ക്കുമ്പളം; 2. വലിയ കുമ്പളം; 3. വെള്ളരി; 4. കക്കരിക്ക.
കർക്കാരുകം [സം. കർകാരുക] നാ. 1. തണ്ണിമത്തൻ; 2. കുമ്പളം; 3. കുമ്പളങ്ങ.
കർക്കാലു [സം. കർകാലു] നാ. ചെറിയകുമ്പളം.
കർക്കി [സം. കർകീ-കിൻ] നാ. 1. ഞണ്ട്; 2. കർക്കടരാശി; 3. കർക്കടകമാസം; 4. ചെറിയ കുമ്പളം.
കർക്കിടകത്തി നാ. ഒരു തെയ്യക്കോലം. കർക്കിടം 16-ആം നാളിൽ ഗൃഹംതോറും നടന്നുപാടിയാടുന്നത്.
കർക്കുടൽ [കല്-കുടൽ] നാ. മലബന്ധം.
കർക്കേതനം [സം. കർകേതന] നാ. 1. ഒരുതരം രത്നം, മാണിക്യം; 2. കൊഴിഞ്ഞിൽപ്പൂവ്.
കർക്കോട(ക) [സം. കർകോട(കാ)] നാ. വലിയകുമ്പളം.
കർക്കോട(ക)ൻ [സം.] നാ. അഷ്ടനാഗങ്ങളിലൊന്ന്, = കാർക്കോടകൻ.
കർക്കോടകി, കർക്കോടി [സം. കർകോടകീ, -ടീ] നാ. 1. കുരുട്ടുപാവൽ; 2. വരിപ്പീച്ചിൽ.
കർക്കോവ [ത. കർക്കോവൈ] നാ. കല്ലങ്കോവ.
കർച്ചീഫ് [ഇം. ക്കെർചീഫ്] നാ. ഉറുമാൽ, കൈലേസ്.
കർച്ചൂര(ക)ം [സം. കർചൂര(ക)] നാ. 1. കച്ചോലം, കച്ചൂരി; 2. മഞ്ഞൾ; 3. അരിതാരം; 4. സ്വർണം.
കർണശോധനം [സം. കർണ-ശോധന] നാ. കർണസ്രോതസ്സിനെ ശോധനം ചെയ്യുന്നതിനുള്ള ഒരുതരം ശലാക, ചെവിത്തോണ്ടിപോലുള്ള ഒരു ഉപകരണം.
കർണശോഫം, കർണശോഥം [സം.] നാ. ഒരു കർണരോഗം.
കർണശ്രവ [സം.] വി. കേൾക്കത്തക്ക, ഉച്ചത്തിലുള്ള.
കർണസൂ [സം. കർണ-സു] 'കർണനെ ജനിപ്പിച്ചവൾ (ജനിപ്പിച്ചവൻ).' നാ. 1. കർണൻെറ അമ്മ, കുന്തി; 2. കർണൻെറ പിതാവ്, സൂര്യൻ.
കർണസൂത്രം [സം. -സൂത്ര] നാ. = കർണരേഖ.
കർണശ്രോതസ്സ് [സം.] നാ. 1. = കർണമലം; 2. = കർണപുടം.
കർണഹീന [സം. -ഹീന] വി. ചെവിയില്ലാത്ത.
കർണഹീനം [സം.] 'ചെവിയില്ലാത്തത്.' നാ. = കർണവർജ്ജിതം.

കർണാകവ്ണ്ണൻ [സം. കർണാകർന] നാ. ശിവൻെറ കർണത്തിൽനിന്നു ജനിച്ച ഒരു ഭൂതം.
കർണാകവ്ണ്ണി [സം.] അവ്യ. ചെവിയിൽനിന്നു ചെവിയിലേക്ക്, ചെവിക്കുചെവി പറഞ്ഞറിയിക്കൽ. താരത. ഹസ്താഹസ്തി.
കർണാകർണീകയാ [സം. – ആകർണികയാ] അവ്യ. കേട്ടുകേൾവിയാൽ.
കർണാഞ്ജലി [സം. –അഞ്ജലി] നാ. = കർണരന്ധ്രം, കർണപുടം.
കർണാട(ക)ൻ [കർണാട–ക] നാ. 1. കർണാടക ദേശക്കാരൻ; 2. സാങ്കേതിക ദ്വിജന്മാരുടെ ഒരു വിഭാഗത്തിൽപ്പെട്ട ആൾ.
കർണാട(ക)ം [< കരു–നാട്] നാ. 1. കന്നടഭാഷ സംസാരിക്കുന്ന ദേശം (ഭാഷാസംസ്ഥാനങ്ങൾ നിലവിൽ വന്നപ്പോൾ മൈസൂവ്വ്സംസ്ഥാനം പഴയപേർ സ്വീകരിച്ചു കർണാടകമായി); 2. കർണാടകദേശത്തെ ഭാഷ, ദ്രാവിഡഭാഷാഗോത്രത്തിലെ ഒരു മുഖ്യഭാഷ; 3. (സങ്ഗീ.) ഒരു രാഗം.
കർണാടകസങ്ഗീതം [സം.] നാ. ദക്ഷിണേന്ത്യയിലെ ശാസ്ത്രീയസങ്ഗീതം.
കർണാടി1 [സം. കർണാടീ] നാ. കർണാടകദേശത്തുള്ള സ്ത്രീ.
കർണാടി2 [സം. കർണാടീ] നാ. 1. (സങ്ഗീ.) ഒരു രാഗിണി; 2. ചെറുപ്പുള്ളടി.
കർണാനുജൻ [സം. കർണ–അനുജ] 'കർണൻെറ അനുജൻ.' നാ. യുധിഷ്ഠിരൻ.
കർണാന്ദു [സം.] നാ. ഒരു കർണാഭരണം.
കർണാബു നാ. ചെവിക്കു താഴെയുള്ള ഒരു മർമം.
കർണാഭരണം [സം. –ആഭരണ] നാ. 1. കർണത്തിൽ അണിയുന്ന ആഭരണം; 2. വങ്കൊന്ന.
കർണാമൃതം [സം. –അമൃത] നാ. അമൃതുപോലെ ചെവിക്കിമ്പമുള്ളത്, കർണ പീയുഷം.
കർണാരി [സം. –അരി] നാ. 1. കർണൻെറ ശത്രു, അർജുനൻ; 2. നീർമരുത്.
കർണാവതംസം [സം. –അവതംസ] നാ. ചെവിയിലണിയുന്ന ആഭരണം, പുഷ്പം മുതലായവ.
കർണി1 [സം. കർണിൻ] വി. 1. ചെവിയുള്ള, നീണ്ടചെവിയുള്ള; 2. (അമ്പുപോലെ) ഉടക്കുള്ള, മുള്ളുള്ള, പല്ലുള്ള.
കർണി2 [സം. കർറ്റ്ണിൻ] നാ. 1. കഴുത; 2. ഉടക്കുള്ള അമ്പ്, ചെവിയനമ്പ്; 3. ഗർഭപാത്രസംബന്ധമായ ഒരു രോഗം; 4. വങ്കൊന്ന; 5. ചുക്കാൻ പിടിക്കുന്നവൻ; 6. ചെവിക്കടുത്തുള്ള കഴുത്തിൻെറ ഭാഗം; 7. പൗരാണികമായ സപ്താചലങ്ങളിൽ ഒന്ന്.
കർണി3 [സം. കർണീ] നാ. ചൗരശാസ്ത്രത്തിൻെറ ഉപജ്ഞാതാവായ മൂലദേവൻെറ മാതാവ്.
കർണിക [സം. കർണികാ] (പ.മ.) നാ. 1. (സ്ത്രീകൾ) കാതിലണിയുന്ന ആഭരണം; 2. താമരപ്പൂവിൻെറ നടുവിലുള്ള ബീജകോശം, താമരയല്ലി; 3. ആനയുടെ തുമ്പിക്കയ്യുടെ അഗ്രം; 4. കൈയുടെ നടുവിരൽ; 5. മുഞ്ഞ; 6. ചേമന്തി; 7. പേരേലം; 8. ആട്ടുകൊട്ടപ്പാല; 9. താമരക്കാപോലെ ശരീരത്തിൻെറ പല ഭാഗങ്ങളിൽ (യോനിയിലും മറ്റും) ഉണ്ടാകുന്ന മാംസാങ്കുരം; 10. എലിവിഷം, ചിലന്തിവിഷം എന്നിവകൊണ്ടുണ്ടാകുന്ന വ്രണം; 11. തോക്കിൻെറ കുറിഞ്ഞി; 12. രണ്ടുപാടും വളഞ്ഞു കൈതമുള്ളുപോലെ മുനയുള്ള ഇരുമ്പുനാക്ക് (അസ്ത്രത്തിൻെറ); 13. പീഠത്തിൽ ലതയുടെ ആകൃതിയിൽ

ചെയ്യുന്ന ഒരു അലങ്കാരം; 14. വ്യഭിചാരിണി, സ്ത്രീകളെ കൂട്ടിക്കൊടുക്കുന്നവൾ; 15. കൽച്ചുണ്ണാമ്പ്; 16. കുമ്മായക്കരണ്ടി; 17. എഴുത്താണി; 18. ഒരു അപ്സരസ്സ്.
കർണികൻ [സം. കർണിക] നാ. ചുക്കാൻ പിടിക്കുന്നവൻ, അമരക്കാരൻ.
കർണികാചലം [സം. കർണികാ–അചല] നാ. സുമേരുപർവതം.
കർണികാരപ്രിയൻ [സം. കർണികാര–പ്രിയ] 'കർണികാരപുഷ്പം പ്രിയമായിട്ടുള്ളവൻ.' നാ. ശിവൻ.
കർണികാരം [സം.] നാ. 1. കൊന്ന; 2. വങ്കൊന്ന; 3. വേങ്ങ; 4. പഴമുൺപാല; 5. കൊങ്ങ്; 6. ഇരുപതുതൂണുകളോടുകൂടിയ നെടുമ്പുര.
കർണികി [സം. കർണികിൻ] 'കർണികയുള്ളത്.' നാ. ആന.
കർണില [സം. കർണില] വി. നീണ്ടചെവിയുള്ള.
കർണീരഥം [സം. –രഥ] 'കർണംകൊണ്ടു ചുമക്കപ്പെടുന്ന വാഹനം.' നാ. മഞ്ചൽ, പല്ലക്ക് തുടങ്ങിയ വാഹനം, മനുഷ്യർ ചുമലുകൊണ്ടെടുക്കുന്നത്, സ്ത്രീകൾക്ക് ഇരിക്കുവാൻ യോഗ്യമായതെന്നു ചിലർ.
കർണീസുതൻ [സം.] 'കർണിയുടെ പുത്രൻ.' നാ. തസ്കരവിദ്യയുടെ ഉപജ്ഞാതാവായ മൂലദേവൻ.
കർണേജപ [സം. കർണേ–ജപ] വി. കാതോളം എത്തുന്ന, ചെവിയിൽ മന്ത്രിക്കുന്ന, ഏഷണിപറയുന്ന.
കർണേജപൻ [സം.] നാ. ഏഷണിക്കാരൻ, ചെവികടിക്കുന്നവൻ, മറ്റുള്ളവരുടെ കുറ്റവും കുറവും ചെവിയിൽ മന്ത്രിക്കുന്നവൻ.
കർണേജപാക്ഷി [സം. കർണേ–ജപ–അക്ഷീ] 'കാതോളം നീണ്ട കണ്ണുകളോടു കൂടിയവൾ.' നാ. സുന്ദരി.
കർണോപകർ‌ണ്ണിക [സം. കർണ–ഉപകർണികാ] 'ഒരുചെവിയിൽനിന്നും മറ്റൊരു ചെവിയിലേക്കുപോകുന്നത്.' നാ. കിംവദന്തി, കർണപരമ്പര.
കർത്ത [സം. കർത <കൃത്] വി. ഛേദിക്കുന്ന, മുറിക്കുന്ന, പിളർക്കുന്ന.
കർത്തകം [സം.] നാ. വെട്ടിയെടുത്തപോലെ പോറലുള്ള മുത്ത്.
കർത്തൻ [< സം. കർതാ] നാ. 1. കർത്താവ്, മിശിഹാ; 2. നാഥൻ, രക്ഷകൻ.
കർത്തനം [സം. കർതന] നാ. 1. മുറിക്കൽ, ഛേദിക്കൽ; 2. കൊയ്ത്ത്; 3. നൂലുനൂൽക്കൽ.
കർത്തനി [സം. കർതനീ] നാ. കത്രിക.
കർത്തം [സം.] നാ. 1. ദ്വാരം, കുഴി, പിളർപ്പ്; 2. വേർപെടുത്തൽ, ഛേദിക്കൽ.
കർത്തരി(ക) [സം. കർതരി, കർതരികാ] നാ. 1. മുറിക്കാനുള്ള ഉപകരണം, കത്തിരി, കത്രിക; 2. കത്തി; 3. ചെറിയ വാൾ; 4. ഒരുതരം ഘനവാദ്യം; 5. വീണയിൽ ഗമകങ്ങൾ വരുത്തുവാനുള്ള അങ്ഗുലീപ്രയോഗങ്ങളിലൊന്ന്; 6. രതിശാസ്ത്രപ്രകാരം കാമോദ്ദീപനത്തിനായി ശിരസ്സിൽ ചെയ്യുന്ന താഡനങ്ങളിൽ ഒന്ന്; 7. ഒരുതരം നൃത്തം; 8. അമ്പിൽ തൂവലുകൾ പിടിപ്പിച്ചിരിക്കുന്ന ഭാഗം.
477
കർത്തരിപ്രയോഗം [സം. കർതരിപ്രയോഗ] നാ. കർത്തൃകാരകത്തിനു പ്രാധാന്യം കൽപിക്കുന്ന പ്രയോഗം.
കർത്തരീമുഖം [സം. –മുഖ] നാ. ഹസ്തലക്ഷണദീപിക. പ്രകാരമുള്ള ഇരുപത്തിനാലുകൈമുദ്രകളിൽ അഞ്ചാമത്തേത്.

കർത്തരീയോഗം [സം.] നാ. (ജ്യോ.) സൂര്യചന്ദ്രന്മാരൊഴിച്ച് മറ്റു ഗ്രഹങ്ങളെല്ലാം ലഗ്നത്തിൽനിന്നു രണ്ടിലും പന്ത്രണ്ടിലുമായി നിൽക്കുന്ന ഗ്രഹയോഗം.

കർത്തവ്യ1 [സം. കർതവ്യ കൃ-കരണേ]വി. ചെയ്യപ്പെടേണ്ട, അനുഷ്ഠിക്കപ്പെടേണ്ട.

കർത്തവ്യ2 [സം. കർതവ്യ <കൃത്-ഛേദേ] വി. മുറിക്കേണ്ടതായ, നശിപ്പിക്കേണ്ടതായ.

കർത്തവ്യ3 [സം. < കൃ-വിക്ഷേപേ] വി. മാറ്റേണ്ടതായ.

കർത്തവ്യകർമ്മം [സം. കർതവ്യ-കർമൻ] നാ. ചെയ്യപ്പെടേണ്ട പ്രവൃത്തി, അനുഷ്ഠിക്കേണ്ട കർമം.

കർത്തവ്യത [സം. കർതവ്യ-താ] നാ. 1. അനുഷ്ഠിക്കേണ്ടതായ അവസ്ഥ; 2. കർത്തവ്യം, കടമ.

കർത്തവ്യൻ [സം. കർതവ്യ] നാ. അധികാരം വഹിക്കുന്നവൻ.

കർത്തവ്യം [സം. കർതവ്യ] നാ. ചെയ്യപ്പെടേണ്ടത്, കൃത്യം, കടമ, അനുഷ്ഠിക്കേണ്ട ധർമ്മം, ജോലി, പ്രവൃത്തി.

കർത്തവ്യമൂഢൻ [സം.] നാ. ചെയ്യേണ്ടതെന്തെന്ന് അറിയാത്തവൻ.

കർത്തവ്യമൗഢ്യം [സം.] നാ. എന്തുചെയ്യണമെന്ന് അറിവില്ലാത്ത സ്ഥിതി.

കർത്തവ്യാനുഷ്ഠാനം[സം. കർതവ്യ- അനുഷ്ഠാന] നാ. ചെയ്യാനുള്ളതു ചെയ്യൽ, കൃത്യനിർവഹണം.

കർത്താവ് [സം. കർതൃ] നാ. 1. ഉണ്ടാക്കുന്നവൻ, ചെയ്യുന്നവൻ, നിർവഹിക്കുന്നവൻ, നടത്തുന്നവൻ, രചയിതാവ്. (സ്ത്രീ.) കർത്ത്രി, ഉദാ. വംശത്തിൻെറ കർത്താവ്, വ്യാകരണത്തിൻെറ കർത്താവ്, സൃഷ്ടികർത്താവ്, ഭരണകർത്താവ്; 2. സ്രഷ്ടാവ്, ജനയിതാവ്; 3. പ്രഭു, നാഥൻ; 4. പുരോഹിതൻ; 5. വിഷ്ണു; 6. ബ്രഹ്മാവ്; 7. ശിവൻ; 8. അവകാശി; 9. (ക്രിസ്തു.) ദൈവം, ഈശോമിശിഹ, (പ്ര.) കർത്താവിൽ നിദ്രപ്രാപിക്കുക, മരിക്കുക; 10. (വ്യാക.) ക്രിയാവ്യാപാരത്തിന്നു ആശ്രയമായ കാരകം, കാരകങ്ങളിൽ പ്രധാനമായത്, ആഖ്യ; 11. നായന്മാരിൽ ചില കുടുംബക്കാർക്കുള്ള സ്ഥാനപ്പേർ.

കർത്താസ് [അറ. ഖിർത്താസ് < പോർ. ച്ചർറ്റസ്] നാ. കടലാസ്.

കർത്തിതം [സം.] വി. മുറിക്കപ്പെട്ട.

കർത്തുകാമ [സം. കർതും-കാമ] വി. ചെയ്യാനാഗ്രഹിക്കുന്ന.

കർത്തൃ [സം. കർതൃ] വി. 1. (സമാസത്തിൽ0 കർത്താവിനെ സംബന്ധിച്ച; 2. ചെയ്യുന്ന, പ്രവൃത്തിക്കുന്ന, നിർമിക്കുന്ന; കർത്തൃകാരകം = (വ്യാക.) കാരകങ്ങളിലൊന്ന്, കർത്താവ്.

കർത്തൃക [സം. കർതൃക] വി. (സമാസത്തിൽ) = കർത്തൃ, ഉദാ. രാമകർത്തൃകമായ പ്രവൃത്തി.

കർത്തൃകർത്താവ് [സം. കർതൃ] നാ. നാഥൻെറ നാഥൻ.

കർത്തൃഗുപ്തം [സം. കർതൃ-ഗുപ്ത] നാ. (ശ്ലോകത്തിൽ) ഒരു ചിത്രാലങ്കാരം, കർത്താവിനെ വെളിപ്പെടുത്താതെയുള്ള ഒരു പ്രയോഗം.

കർത്തൃത, -ത്വം [സം. കർതൃ-താ, -ത്വ.] നാ. 1. കർത്താവെന്ന സ്ഥിതി, നിർമാതാവെന്ന അവസ്ഥ; 2. (കൃതികളുടെയും മറ്റും) രചയിതാവ് എന്ന നിലയിലുള്ള അവകാശം.

കർത്തൃദോഷം [സം. കർതൃ-ദോഷ] നാ. (ജ്യോ.) 1. ഒരു മുഹൂർത്തദോഷം; 2. കർത്താവിന് (കർമം ചെയ്യുന്നവന്) നിയമലോപം കൊണ്ടുണ്ടാകുന്ന ദോഷം.
കർത്തൃനിഷ്ഠ [സം.] വി. കർത്താവിനെ ആശ്രയിച്ചുള്ള, ആത്മനിഷ്ഠമായ.
കർത്തൃപരിച്ഛദം [സം.] നാ. (വ്യാക.) ഒരുവാക്യത്തിൽ കർത്താവിൻെറ വിശേഷണമായി കർത്താവിനോടൊത്തു നിൽക്കുന്ന ഭാഗം.
കർത്തൃവാചക [സം.] വി. കർത്താവിനെക്കുറിക്കുന്ന.
കർത്തൃവാച്യം [സം.] നാ. കർത്തരിപ്രയോഗം.
കർത്ത്രി [സം. കർത്രീ] നാ. ചെയ്യുന്നവൾ, നിർമിക്കുന്നവൾ, രചിക്കുന്നവൾ. ഉദാ. ഗ്രന്ഥകർത്ത്രി.
കർദടം [സം.] നാ. 1. ചെളി, ചേർ, അഴുക്ക്; 2. താമരക്കിഴങ്ങ്; 3. പായലുപോലെയുള്ള ജലസസ്യം, ജലത്തിൽ ഉണ്ടാകുന്ന കള.
കർദനം [സം. കർദന] നാ. വയറ്റിലെ ഇരപ്പ്.
കർദനി [സം. കർദനീ] നാ. ചിത്രാപൂവ്വ്ണിമ.
കർദം [സം. കർദ] നാ. 1. ചെളി, ചേറ്; 2. സിക്കുകാർ ഉപയോഗിക്കുന്ന ഒരുതരം കത്തി.
കർദമകം [സം.] നാ. 1. ഒരിനം നെല്ല്; 2. ഒരുതരം വിഷമുള്ള കിഴങ്ങ്; 3. ഒരിനം പാമ്പ്, കർദമൻ; 4. ഒരിനം വിസർപ്പം, കർദമം.
കർദമജം [സം. കർദമ-ജ] നാ. 1. താമര; 2. ആമ്പൽ.
കർദമൻ [സം.] നാ. 1. സ്വായംഭുവമന്വന്തരത്തിലെ ഒരു പ്രജാപതി; 2. പുലഹപ്രജാപതിക്ക് ക്ഷമ എന്ന ഭാര്യയിൽ ജനിച്ച പുത്രൻ; 3. കീർത്തിമാൻെറ പുത്രനായ ഒരു രാജാവ്; 4. രാജിലവർഗത്തിൽപ്പെട്ട ഒരിനം പാമ്പ്; 5. ഒരു നാഗപ്രമുഖൻ.
കർദമം [സം. കർദമ] 'കുത്സിതമായ ശബ്ദമുള്ളത്.' നാ. 1. ചെളി, ചെളിപോലെയുള്ള വസ്തു; 2. അഴുക്ക്; 3. (ആല.) പാപം; 4. ഒരിനം നെല്ല്; 5. മാംസം; 6. നിഴൽ; 7. ഒരിനം വിസർപ്പം.
കർദമാടകം [സം. -ആടക] നാ. ചവറ്, വളം, മലം മുതലായവ നിക്ഷേപിക്കുന്നതിനുള്ള കുഴി.
കർദമി [സം. കർദമീ] നാ. ഒരുതരം മുല്ല, മുദ്ഗരം.
കർദമിത [സം. കർദമിത] വി. അഴുക്കുപറ്റിയ, ചെളിപുരണ്ട, മലിനമായ.
കർദിനാൾ [ല.] 'വിജാവരി' (സഭാഭരണം കർദിനാളന്മാരെ ചുറ്റിനടക്കുന്നതിനാൽ) നാ. (ക്രിസ്തു.) റോമൻ കത്തോലിക്കാ സഭയിൽ പോപ്പുകഴിഞ്ഞാൽ അടുത്ത സ്ഥാനികളിൽ ഒരാൾ. (ഇംഗ്ലീഷിൽ 'കാർഡിനൽ').
കർദ്വി [സം. കവ്വ്ദ്വീ] നാ. ഏലത്തരി.
കർപ്പടം [സം. കർപട < കൃ-വിക്ഷേപേ] 'ഉപേക്ഷിക്കപ്പെടുന്ന വസ്ത്രം.' നാ. പഴയവസ്ത്രം, കീറത്തുണി, തുണിക്കഷണം, കർപ്പടധാരി = കർപ്പടി.
കർപ്പടി [സം. കർപടിൻ] നാ. കീറിമുഷിഞ്ഞ വസ്ത്രം ധരിക്കുന്നവൻ, യാചകൻ.
കർപ്പണം [സം. കർപണ] നാ. ഒരൂയുധം, കൈവേൽ.
കർപ്പണി [കൽ-പണി] നാ. = കൽപ്പണി.
കർപ്പൻ [< കൽ-പഠിക്കുക] നാ. പഠിപ്പുള്ളവൻ; പണ്ഡിതൻ.
കർപ്പന നാ. 1. പഠിപ്പ്, അറിവ്; 2. പഠിപ്പിക്കൽ.
കർപ്പം (പ.മ.) നാ. 1. കൽപം (വേദാങ്ഗങ്ങളിലൊന്ന്); 2. ന്യായം.

കര്‍പ്പരം [സം.] നാ. 1. തലയോട്, കപാലം; 2. ഒരുതരം പത്തിരിച്ചട്ടി, ഇരുമ്പുചട്ടി; 3. കലം, പാത്രം (പൊതുവെ പറയാവുന്നത്); 4. പൃഷ്ഠാസ്ഥി; 5. ഒരുതരം ആയുധം; 6. ആമയുടെ പുറന്തോട്; 7. അത്തിയാല്‍; 8. ഉടഞ്ഞ കലത്തിന്‍െറ കഷണം, ഓട്ടിങ്കഷണം.

കര്‍പ്പരാശം [സം.] നാ. മണല്‍, ചരല്‍, പൂഴിമണ്ണുള്ള ഭൂമി.

കര്‍പ്പരാളം [സം. കര്‍പര-ആല] നാ. 1. മലയുകമരം; 2. കാപ്പിച്ചെടി.

കര്‍പ്പരി [സം. കര്‍പരീ] നാ. മരമഞ്ഞള്‍ക്കഷായത്തില്‍ തുത്തു എന്ന ഔഷധം ചേര്‍ത്തുണ്ടാക്കുന്ന അഞ്ജനം.

കര്‍പ്പരീതുത്ഥം, കര്‍പ്പരികാ, ഖര്‍പ്പരീ- [സം.] നാ. തുത്ഥത്തിന്‍െറ വകഭേദം, മഞ്ഞകലര്‍ന്ന തവിട്ടുനിറമുള്ളത്, അമൃതാസങ്ഗം.

കര്‍പ്പാസം, കര്‍പ്പാസി, കാര്‍പ്പാസം, കാര്‍പ്പാസി [സം. കര്‍പാസ, കര്‍പാസീ] നാ. 1. കുരുപ്പരുത്തി, പഞ്ഞിമരം; 2. പഞ്ഞി.

കര്‍പ്പിക്കുക [കല്‍ക്കുക >പ്രയോ.] ക്രി. പഠിപ്പിക്കുക.

കര്‍പ്പ് നാ. 1. പാതിവ്യത്യം; 2. ധാന്യം; 3. ജ്ഞാനം; 4. മുല്ല.

കര്‍പ്പൂര [സം. കര്‍പുരാ] നാ. 1. മാങ്ങാമഞ്ഞള്‍; 2. ഒരു അപ്സരസ്സ്.

കവ്വ്പ്പൂരകം [സം. കര്‍പൂരക] നാ. 1. കച്ചോലം; 2. = കര്‍പ്പൂരം.

കര്‍പ്പൂരക്കൂട്ട് [സം. കര്‍പൂര-മ. കൂട്ട്] നാ. കര്‍പ്പൂരം ചേര്‍ന്ന ഒരുവക കുറിക്കൂട്ട്.

കര്‍പ്പൂരതൈലം, കര്‍പ്പൂരത്തൈലം [സം.] നാ. 1. കര്‍പ്പൂരവൃക്ഷത്തില്‍നിന്നും എടുക്കുന്ന തൈലം.

കര്‍പ്പൂരത്തിരി [സം. കര്‍പൂര-മ. തിരി] നാ. കര്‍പ്പൂരതൈലത്തില്‍ മുക്കിയിടുന്ന തിരി.

കര്‍പ്പൂരത്തുളസി, -തുളസി [സം. -തുലസീ] നാ. കര്‍പ്പൂരത്തിന്‍െറ മണമുള്ള ഒരുജാതി തുളസി.

കര്‍പ്പൂരദീപം [സം.] നാ. (ഈശ്വരാരാധനയ്ക്കുവേണ്ടി) കര്‍പ്പൂരം കത്തിച്ചുണ്ടാക്കുന്ന ദീപം.

കര്‍പ്പൂരനൂറ് [സം. കര്‍പൂര മ. നൂറ്] നാ. കര്‍പ്പൂരം ചേര്‍ന്ന ചുണ്ണാമ്പ്.

കര്‍പ്പൂരം [സം. കര്‍പൂര] 'സന്തോഷത്തെ വര്‍ധിപ്പിക്കുന്നത്.' നാ. 1. ഒരുതരം വെളുത്ത സുഗന്ധദ്രവ്യം, പ്രത്യേകതരം രുചിയും ജ്വലനസ്വഭാവവുമുള്ളത്, കൃത്രിമമായും ഉത്പാദിപ്പിക്കാറുണ്ട്, ചൂടങ്കവ്വ്പ്പൂരം (പക്വം), പച്ചക്കര്‍പ്പൂരം (അപക്വം) എന്നു രണ്ടു തരം, പ്രാചീനകാലം മുതല്‍ വീടുകളിലും ക്ഷേത്രങ്ങളിലും ദേവാരാധനയ്ക്ക് ഒരു വിശിഷ്ടവസ്തുവായി ഉപയോഗിച്ചുവരുന്നു. ഔഷധങ്ങള്‍ക്കും ധാരാളം ഉപയോഗപ്പെടുത്താറുണ്ട്; (പ്ര.) കര്‍പ്പൂരദീപം, കര്‍പ്പൂരാദിതൈലം, ചൂവ്വ്ണം ഇത്യാദി; 2. കര്‍പ്പൂരമരം, കര്‍പ്പൂരച്ചെടി; (പ്ര.) കണ്ണിന്നു കര്‍പ്പൂര(ക)ം = കാഴ്ചയ്ക്ക് ആനന്ദകരം; ഉപ്പുതൊട്ടു കര്‍പ്പൂരംവരെ = എല്ലാം.

കര്‍പ്പൂരമണി [സം. -മണി] നാ. 1. ഒരുതരം രത്നം; 2. ഒരു ജാതി വെളുത്ത ധാതുദ്രവ്യം.

കര്‍പ്പൂരമരം [സം. കര്‍പൂര -മ. മരം] നാ. ഒരുജാതി മരം. (ച്വിന്നമൊമും ചംഫൊര). ഇതില്‍നിന്നു കര്‍പ്പൂരം എടുക്കുന്നു.

കര്‍പ്പൂരമാവ് [സം. കര്‍പൂര- മ.മാവ്] നാ. ഒരിനം മാവ്.

കര്‍പ്പൂരവവ്വ്ത്തി [സം. കര്‍പൂര-വവ്വ്വി-തീ] നാ. = കര്‍പ്പൂരത്തിരി.

കർപ്പൂരവള്ളി [സം. -വല്ലീ] നാ. ഒരു പച്ചമരുന്ന്, ഞവര, പടുകൂവ്വ്ക്ക, പനിക്കൂവ്വ്ക്ക, ഒരു ഏകവാവ്വ്ഷികച്ചെടി.
കർപ്പൂരവാണി [സം. -വാണീ] നാ. 1. മധുരമായ വാക്ക്; 2. മധുരമായി സംസാരിക്കുന്നവൾ.
കർപ്പൂരവില [സം. കർപൂര-മ. വില] നാ. ഒരുതരം പഴയകരം.
കർഫരം [സം.] നാ. കണ്ണാടി.
കർഫ്യൂ [ഇം.] നാ. നിശാനിയമം.
കർബര [സം. കർബര] വി. = കർവര.
കർബല [പേർ. കർബല] നാ. ഇറാക്കിലുള്ള ഒരു സ്ഥലം. മുഹമ്മദുനബിയുടെ പൗത്രനും അലിയുടെ പുത്രനുമായ ഹുസൈൻെറ രക്തസാക്ഷിത്വംകൊണ്ടു പ്രസിദ്ധം.
കർബു [സം. കർബു]വി. പലവർണങ്ങളുള്ള, പുള്ളികളുള്ള.
കർബുദാരകം [സം.] നാ. നറുവരി.
കർബുദാരം [സം.] നാ. 1. നറുവരി, ശ്ലേഷ്മാതകം; 2. മലയകത്തി, കോവിദാരം; 3. കറുത്തപൂവുള്ള മുൾക്കുറുഞ്ഞി; 4. വെളുത്ത മന്താരം.
കർബുര1 [സം. കർബുര] വി. 1. പലവർണങ്ങളുള്ള, പുള്ളികളുള്ള; 2. ചാരനിറമുള്ള (പ്രാവിൻേറതുപോലെ).
കർബുര2 [സം. കർബുരാ] നാ. 1. പാതിരിവൃക്ഷം; 2. വിഷമുള്ള ആറുതരം അട്ടകളിൽ ഒന്ന്.
കർബുരൻ [സം.] 'നാനാരൂപങ്ങൾ സ്വീകരിക്കുന്നവൻ.' നാ. രാക്ഷസൻ.
കർബുരം [സം.] നാ. 1. നാനാവർണം; 2. പാപം; 3. ചെറുകച്ചോലം; 4. ഇരുവേലി; 5. ആറ്റമരം; 6. പുണ്ഡരീകക്കരിമ്പ്; 7. ഒരുവക പാഷാണം; 8. ഉമ്മാത്ത്; 9. സ്വർണം; 10. വെള്ളം.
കർബുരി [സം. കർബുരീ] നാ. 1. ദുർഗ; 2. കറുത്ത കാട്ടുതുളസി.
കർബുരിത [സം.] വി. = കർബുര.
കർബുരകം [സം.] നാ. കച്ചോലം.
കർമക [സം. കർമ- ക] വി. കർമം ചെയ്യുന്ന.
കർമകം [സം. കർമക] (സമാസത്തിൽ) നാ. കർമം, പ്രവൃത്തി, ജോലി.
കർമകര [കർമ-കര] വി. 1. പ്രവൃത്തിചെയ്യുന്ന, വേലചെയ്യുന്ന; 2. സൂത്രപ്പണിയുള്ള.
കർമകരൻ [സം.] നാ. 1. ജോലിചെയ്യുന്നവൻ, വേലക്കാരൻ; 2. കൈത്തൊഴിൽ ചെയ്യുന്നവൻ; 3. യമൻ.
കർമകരി [സം. -കരീ] നാ. കുരുമ്പ; 2. പെരുങ്കുരുമ്പ; 3. നല്ല കോവ; 4. ദാസി.
കർമകാണ്ഡം [സം. -കാണ്ഡ] നാ. യാഗാദികവ്വ്മങ്ങളുടെ പ്രസ്താവം അടങ്ങിയ വേദഭാഗം. (ഇതിൽ കർമങ്ങളുടെ വിധിനിഷേധങ്ങളും അവയുടെ അനുഷ്ഠാനഫലങ്ങളും പ്രതിപാദിക്കുന്നു.)
കർമകാവ്വ്മുകം [സം. -കാർമുക] നാ. ബലമുള്ള വില്ല്.
കർമകാരകൻ [സം. -കാരക] നാ. ജോലിചെയ്യുന്നവൻ.
കർമകാരൻ [സം. -കാര] നാ. 1. ജോലിചെയ്യുന്നവൻ; 2. കൂലിക്കാരൻ; 3. കൊല്ലൻ, കമ്മാളൻ.

കർമകാരം [സം.] നാ. കാള.
കർമകാരി [സം. -കാരിൻ] (സ്ത്രീ.) കർമകാരിണി. നാ. ജോലിചെയ്യുന്നവൻ, കൈത്തൊഴിൽക്കാരൻ.
കർമകീലകൻ [സം. -കീലക] നാ. വെളുത്തേടൻ.
കർമകുശല [സം. -കുശല] വി. ജോലിയിൽ സാമർഥ്യമുള്ള.
കർമകുശലത, -കൗശലം, -ല്യം [സം. കർമ-കുശലതാ, -കൗശല, -ല്യ] നാ. കർമം ചെയ്യുന്നതിനുള്ള സാമർഥ്യം.
കർമകൃത്ത്1 [സം. -കൃത്] വി. ജോലിചെയ്യുന്ന, പ്രവൃത്തിയിൽ സാമർഥ്യമുള്ള.
കർമകൃത്ത്2 [സം.] നാ. 1. ജോലിചെയ്യുന്നവൻ; 2. വേലക്കാരൻ, കൂലിക്കാരൻ.
കർമക്ഷമ [സം. -ക്ഷമ] വി. ജോലിചെയ്യാൻ കെൽപ്പുള്ള.
കർമക്ഷയം [സം. -ക്ഷയ] നാ. കർമനാശം, കർമങ്ങൾ ഇല്ലാതിരിക്കുന്ന അവസ്ഥ.
കർമക്ഷേത്രം [സം. -ക്ഷേത്ര] നാ. 1. മതപരമായ കർമങ്ങൾ അനുഷ്ഠിക്കപ്പെടുന്ന ഭൂവിഭാഗം, സത്കവ്മ്മങ്ങൾ ചെയ്യുന്ന സ്ഥലം, കർമഭൂമി, ഭാരതവർഷം; 2. കാര്യനിർവഹണത്തിനുള്ള സ്ഥലം, പ്രവർത്തനരങ്ഗം.
കർമഗതി [സം.] നാ. കർമഫലത്തിൻെറ പ്രവർത്തനം, വിധിയുടെ പോക്ക്.
കർമഗുപ്തം [സം.] നാ. ചിത്രകാവ്യത്തിൽ ഒരിനം, കർമത്തെ ഗോപനം ചെയ്യുന്ന വാക്യമോ,ശ്ലോകമോ.
കർമഗൃഹീത [സ.] വി. മോഷണം തുടങ്ങിയ പ്രവൃത്ത്ജിചെയ്യുമ്പോൾത്തന്നെ, കയ്യോടെ പിടിക്കപ്പെട്ട.

479
കർമഘാതം [സം.] നാ. ജോലിനിറുത്തിവെക്കൽ, പ്രവൃത്തി മുടക്ക്.
കർമചണ്ഡാളൻ [സം. -ചണ്ഡാല] നാ. 1. കർമം കൊണ്ടു ചണ്ഡാളനായിട്ടുള്ളവൻ. (ക്ഷ് ജാതിചണ്ഡാളൻ), ഉത്കൃഷ്ടവംശത്തിൽ ജനിച്ചു ദുഷ്പ്രവൃത്തിമൂലം നിന്ദ്യനയി ഭവിച്ചവൻ, അത്യന്തം നീചമായ പ്രവൃത്തി ചെയ്യുന്നവൻ, അതിക്രൂര പ്രവൃത്തിചെയ്യുന്നവൻ; 2. രാഹു.
കർമചാരി [സം. -ചാരിൻ] (സ്ത്രീ.)കർമചാരിണി. നാ. 1. ജോലിചെയ്യുന്നവൻ, ഭൃത്യൻ; 2. സർക്കാരുദ്യോഗസ്ഥൻ.
കർമചേഷ്ട [സം. ചേഷ്ടാ] നാ. കർമാനുഷ്ഠാനം, പ്രയത്നം, പ്രവൃത്തി.
കർമചോദന [സം. -ചോദനാ] നാ. 1. മതകർമങ്ങളും മറ്റും ചെയ്യാനുള്ള പ്രേരണ, പ്രേരക ഹേതു, പ്രവർത്തനശക്തി; 2. യാഗാദികർമങ്ങളുടെ വിധി.
കർമച്ഛേദം [സം. -ഛേദ] നാ. പ്രവൃത്തിവൈകല്യത്താൽ വരുന്ന നഷ്ടം.
കർമജ [സം. ജ] വി. കർമത്തിൽനിന്നുണ്ടായ, കർമം കൊണ്ടുണ്ടായ.
കർമജം [സം.] നാ. 1. കർമഫലമായുണ്ടായത്, സുഖദു:ഖാദികൾ, സ്വർഗപ്രാപ്തി, നരകവാസം മുതലായവ; 2. കലിയുഗം; 3. അരയാൽ; 4. പേരാൽ.
കർമജിത്ത് [സം. -ജിത്] നാ. ഒരുപൂരുവംശരാജാവ്, ബൃഹത്സേനൻെറ പുത്രൻ.
കർമജ്ഞ [സം. -ജ്ഞ] വി. 1. കർമത്തെ അറിറ്റുന്ന, മതകർമത്തിൽ പരിചയം സിദ്ധിച്ച; 2. കർമകുശലനായ.
കർമഠൻ [സം.] നാ. 1. പ്രവൃത്തിയിൽ സാമർഥ്യമുള്ളവൻ, കർമനിപുണൻ; 2. വൈദികകവ്മ്മങ്ങളിൽ കടുത്തനിഷ്ഠയുള്ളവൻ.

കർമണാ [സം.] കർമൻ ശബ്ദത്തിൻെറ തൃതീയാ വിഭക്തി. ഏകവചനം. അവ്യ. പ്രവൃത്തികൊണ്ട്, കർമത്താൽ.
കർമണി [സം. കർമ (കർമൻ) ശബ്ദത്തിൻെറ സപ്തമീ വിഭക്തി ഏ.വ. = കർമത്തിൽ.
കർമണിപ്രയോഗം [സം.] നാ. (വ്യാക.) കർമം എന്ന കാരകത്തിന് പ്രാധാന്യം കൽപിക്കുന്ന പ്രയോഗം. കർമത്തെ കർത്തൃസ്ഥാനത്താക്കിയുള്ള വാക്യഘടന.
കർമണ്യ1 [സം.] വി. 1. പ്രവൃത്തിയിൽ സാമർഥ്യമുള്ള, കാര്യശേഷിയുള്ള; 2. കർമത്തിനുയോഗ്യമായ, മതകർമങ്ങൾക്കു യോജിച്ച.
കർമണ്യ2 [സം. കർമണ്യാ] നാ. കൂലി, ശമ്പളം.
കർമണ്യഭുക്ക് [സം. -ഭുക്ക് < ഭുജ്] നാ. പ്രതിഫലംവാങ്ങി വേലചെയ്യുന്നവൻ, ശമ്പളക്കാരൻ.
കർമണ്യം [സം.] നാ. 1. ഉത്സാഹം, പ്രവർത്തനശേഷി, മിടുക്ക്; 2. ശമ്പളം.
കർമത്യാഗം [സം.] നാ. 1. പ്രവൃത്തി വേണ്ടെന്നുവയ്ക്കൽ; 2. ലൗകികകാര്യങ്ങൾ ത്യജിക്കൽ, ആചാരാനുഷ്ഠാനങ്ങൾ ഉപേക്ഷിക്കൽ, കർമസന്ന്യാസം.
കർമത്രയം [സം.] നാ. 1. സൃഷ്ടി, സ്ഥിതി, സംഹാരം എന്നിങ്ങനെ ത്രിമൂർത്തികൾ നടത്തുന്ന മൂന്നു കർമങ്ങൾ; 2. മൂന്നുകർമങ്ങൾ (വേദാധ്യയനം, യാഗാനുഷ്ഠാനം, ദാനം.)
കർമദേവത, കർമദേവൻ [സം. -ദേവ, -താ] നാ. 1. യാഗാദിസത്കർമാനുഷ്ഠാനങ്ങളാൽ ദേവപദവി പ്രാപിച്ചയാൾ; 2. പ്രവൃത്തികളുടെ അധിദേവത.
കർമദോഷം [സം.] നാ. 1. ദുഷ്പ്രവൃത്തി, പാപം, തിന്മ; 2. തെറ്റ്; 3. കർമത്തിൽ നിന്നുണ്ടാകുന്ന ദോഷകരമായ ഫലം, വിധിവൈപരീത്യം, ദൗർഭാഗ്യം.
കർമധാരയൻ [സം. കർമ-ധാരയ] നാ. (വ്യാക.) തത്പുരുഷസമാസത്തിൻെറ ഒരു വകഭേദം.
കർമനിരാസം [സം. -നിരാസ] നാ. = കർമത്യാഗം.
കർമനിവൃത്തി [സം.] നാ. എല്ലാപ്രവൃത്തികളിൽനിന്നും പിൻ വാങ്ങൽ.
കർമനിഷദ്യ [സം. -നിഷദ്യാ] നാ. നിർമാണശാല, പണിപ്പുര.
കർമനിഷ്ഠൻ [സം.] നാ. 1. പ്രവൃത്തിയിൽ ശ്രദ്ധയുള്ളവൻ, ചെയ്യേണ്ടതു വേണ്ടപോലെ ചെയ്യുന്നവൻ; 2. മതകർമങ്ങളിൽ (നിത്യനൈമിത്തികാദികർമങ്ങളിൽ) നിഷ്ഠയുള്ളവൻ.
കർമന്ദി [സം. കർമന്ദിൻ] നാ. കർമന്ദൻ രചിച്ച ഭിക്ഷുസൂത്രം പഠിക്കുന്നവൻ, ഭിക്ഷു, സന്യാസി.
കർമന്യാസം [സം.] നാ. കർമഫലപരിത്യാഗം, കർമസന്ന്യാസം.
കർമപഥം [സം. -പഥ < പഥിൻ] നാ. 1. പ്രവൃത്തിമാർഗം; കർമഗതി; 2. കർമയോഗം.
കർമപദ്ധതി [സം.] നാ. 1. കർമം ചെയ്യുന്ന രീതി, കർമപരിപാടി, കർമയോഗം.
കർമപരിപാടി [സം. -പരിപാടീ] നാ. പ്രവൃത്തികൾ ക്രമമായി ചെയ്യുന്ന വിധം, ചെയ്യേണ്ട കർമങ്ങളുടെ രൂപരേഖ.
കർമപാകം [സം.] നാ. കർമങ്ങളുടെ പരിണതഫലം, മുജ്ജന്മങ്ങളിൽ ചെയ്ത ശുഭാശുഭകർമങ്ങളുടെ ഫലമായി ഈ ജന്മത്തിൽ അനുഭവപ്പെടുന്ന സുഖദുഃഖാദികൾ, പൂർവകർമഫലം.

കർമപാപം [സം. -പാപ] നാ. 1. പ്രവൃത്തിക്കുകാരണമായുണ്ടാകുന്ന പാപം; 2. പ്രവൃത്തികൊണ്ടുണ്ടാകുന്ന പാപം. ജന്മപാപം.
കർമപാശം [സം.] നാ. = കർമബന്ധം. (കയറുകൊണ്ട് എന്നപോലെ ബന്ധിക്കുന്നതിനാൽ).
കർമഫലം [സം.] നാ. 1. ചെയ്യുന്ന പ്രവൃത്തിയുടെ ഫലം, പൂർവജന്മങ്ങളിൽ ചെയ്തിട്ടുള്ള പ്രവൃത്തികളുടെ പരിണതഫലം, സുഖദു:ഖാദികൾ, കർമപാകം; 2. വൈരപ്പുളിങ്ങ; 3. ജോനകനാരങ്ങ.
കർമബന്ധ(ന)ം [സം.] നാ. പ്രവൃത്തികൾക്കൊണ്ടുള്ള കെട്ടുപാട്, കഴിഞ്ഞുപോയ ജന്മങ്ങളിലെ കർമങ്ങളുടെ ഫലമായുണ്ടാകുന്ന ലൗകികബന്ധം.
കർമബിംബം [സം.] നാ. മൂലബിംബത്തിനുപകരമായി ശ്രീബലിക്കും മറ്റും എഴുന്നള്ളിക്കാൻ ഉപയോഗിക്കുന്ന വിഗ്രഹം, ബലിബിംബം.
കർമഭൂവ് [സം. -ഭൂ] നാ. കർമൻഹൂമി.
കർമഭൂമി [സം.] നാ. 1. മതകർമങ്ങൾ വിധിപ്രകാരം അനുഷ്ഠിക്കുന്ന സ്ഥലം, ഭാരതവർഷം, കർമക്ഷേത്രം; 2. കേരളം; 3. പ്രവൃത്തിചെയ്യുന്ന സ്ഥലം, കൃഷി ചെയ്യുന്നതിന് ഉഴുതുതയ്യാറാക്കിയിട്ടുള്ള ഭൂമി; 4. ശ്മശാനം.
കർമഭൃത്ത് [സം. -ഭൃത്] നാ. വേലക്കാരൻ.
കർമഭോഗം [സം.] നാ. കർമഫലാനുഭവം, പൂർവജന്മങ്ങളിൽ ചെയ്ത കർമങ്ങളുടെ ഫലം അനുഭവിക്കൽ.
കർമം [സം. കർമൻ] നാ. 1. പ്രവൃത്തി, ചെയ്തി, നടപടി, പ്രയത്നം; 2. പ്രവർത്തനം, നടത്തിപ്പ്, നിർവഹണം; 3. കടമ; 4. തൊഴിൽ; 5. മതപരമോ സാമൂഹികമോ ആയ പ്രവൃത്തി, ചടങ്ങ്, ആചാരം, യാഗം, ഹോമം, വിവാഹം ഇത്യാദി (നിത്യം, നൈമിത്തികം, കാമ്യം, പ്രായശ്ചിത്തം എന്നിങ്ങനെ മതപരമായ കാര്യങ്ങൾ നാലുവിധം); 6. മരണാനന്തരം നടത്തുന്ന കർമ്മങ്ങൾ (സംസ്കാരം, സഞ്ചയനം, പിണ്ഡം ബലി തുടങ്ങിയവ). (പ്ര.) കർമ്മം ചെയ്യുക, -കഴിക്കുക; 7. വിധി, പൂർവജന്മകൃതങ്ങളായ കർമങ്ങളുടെ പരിണതഫലം, ദൗർഭാഗ്യം, കർമദോഷം, ദുർവിധി, കർമഫലം; 8. ഫലം; 9. ഫലാപേക്ഷകൂടാതെ കർമം അനുഷ്ഠിക്കൽ, കർമയോഗം; 10. ജ്ഞാനേന്ദ്രിയം; 11. കർമേന്ദ്രിയം; 12. ഔഷധങ്ങളുടെ പ്രവർത്തനം, പ്രയോഗം; 13. ഒരുതരം വസ്തി; 14. (ജ്യോ.) പത്താംഭാവം, കർമഭാവം; 15. (വ്യാക.) ക്രിയയുടെ ഫലത്തിന് ആശ്രയമായ കാരകം, കർത്താവിനെ ക്രിയയുമായി ബന്ധിപ്പിച്ചുനിറുത്തുന്ന കാരകം; 16. (തർക്ക.) ചലനം, ന്യായ-വൈശേഷിക-സിദ്ധാന്തപ്രകാരമുള്ള ഏഴുപദാർഥങ്ങളിലൊന്ന്. (ഉത്ക്ഷേപണം, അവക്ഷേപണം, ആകുഞ്ചനം, പ്രസാരണം ഗമനം എന്നിങ്ങനെ ചലം അഞ്ചുവിധം.)
കർമമാർഗം [സം.] നാ. = കർമപദ്ധതി.
കർമമീമാംസ [സം. -മീമാംസാ] നാ. മീമാംസാശാസ്ത്രത്തിൻെറ പൂർവഭാഗം. ജൈമിനിപ്രണീതമായ ധർമസൂത്രഗ്രന്ഥം.
കർമമൂലം [സം. കർമ-മൂല] നാ. ദർഭപ്പുല്ല്, കുശ. (ഹിന്ദുമതകർമങ്ങൾക്ക് പ്രധാനമായി ഉപയോഗിക്കുന്നത്.)
കർമയുഗം [സം.] 'ഹിംസാപ്രധാനമായ യുഗം.' നാ. കലിയുഗം.
കർമയോഗം [സം. -യോഗ] നാ. 1. കർത്തവ്യാനുഷ്ഠാനം, യാഗാദികർമ്മങ്ങൾ വിധിപ്രകാരം ചെയ്യൽ; 2. ഫലാപേക്ഷകൂടാതെ ഈശ്വരാർപ്പണമായി ചെയ്യുന്ന കർമം, നിഷ്കാമകർമം, മുക്തിക്കുള്ള ഉപായങ്ങളിലൊന്ന്, ജ്ഞാനയോഗം, ഭക്തിയോഗം; 3. ഉത്സാഹപൂർവകമായ പ്രവൃത്തി, കഠിനപ്രയത്നം; 4. ക്രിഷിയും വാണിജ്യവും.

കർമയോഗി [സം. -യോഗിൻ] നാ. കർമയോഗം അനുഷ്ഠിക്കുന്നവൻ.
കർമരങ്ഗം [സം. -രങ്ഗ] നാ. 1. ആരമ്പുളി, പുളിച്ചി, വൈരപ്പുളി; 2. പ്രവർത്തന മണ്ഡലം.
കർമലീത്താ [ല.] നാ. റോമങ്കത്തോലിക്കാസഭയിലെ ഒരു സന്യാസിവിഭാഗം, സിറിയായിലെ കർമേൽപർവതത്തിൽ കർമലമാതാവിൻെറ പേരിൽ ആരംഭിച്ചത്.
കർമവജ്രൻ [സം.] നാ. 'കർമ വജ്ര (ശക്തി)മായിട്ടുള്ളവൻ.' ശൂദ്രൻ.
കർമവതി [സം. -വതീ] നാ. ഭൂമി.
കർമവശ [സം. -വശ] വി. കർമത്തിന്നധീതമായ, മുമ്പുചെയ്ത പ്രവൃത്തികളുടെ പിടിയിൽപ്പെട്ട, പൂർവജന്മകർമഫലങ്ങൾക്കു വശപ്പെട്ട.
കർമവശഗ [സം.] വി. കർമങ്ങളുടെ ഫലമായി സംസാരത്തിലകപ്പെട്ട.
കർമവശാത്, -ൽ, -വശേന [സം. -വശാത്] അവ്യ. കർമം ഹേതുവായിട്ട്, പ്രവൃത്തിക്കധീനമായിട്ട്.
കർമവസ്തി [സം.] നാ. ഒരുതരം വസ്തിപ്രയോഗം. സ്നേഹവസ്തികളും കഷായവസ്തികളും ഇടകലർത്തി ആകെ മുപ്പതുതവണ ചെയ്യുന്നത്.
കർമവാടി [സം. -വാടീ] നാ. തിഥി (കർമങ്ങൾ ഇതിൽ നടക്കുന്നതുകൊണ്ട്).
കർമവാസന [സം. -വാസനാ] നാ. പൂർവജന്മങ്ങളിൽ ചെയ്ത പ്രവൃത്തികളുടെ ഫലമായി മനസ്സിൽ തങ്ങിനിൽക്കുന്ന അനുഭവം, സംസ്കാരം, പ്രവൃത്തികളിലുള്ള അഭിരുചി.
കർമവിപാകം [സം. -വിപാക] നാ. പ്രവൃത്തികളുടെ പരിണതഫലം, അനുഭവയോഗ്യമായിത്തീരുന്ന കർമഫലം, കർമപാകം. കർമവിപാകപ്രായശ്ചിത്തം = കർമഫലമായി ഉണ്ടാകുന്ന മഹാരോഗം, മനോദുഃഖം മുതലായവയുടെ ശമനത്തിനുവേണ്ടിച്ചെയ്യുന്ന പരിഹാരം.
കർമവൃത്തം [സം.] നാ. 1. പരാക്രമങ്ങളുടെ കഥ; 2. കഴിഞ്ഞ കർമങ്ങളുടെ ചരിത്രം.
കർമവേതനം [സം. -വേത] നാ. പ്രവൃത്തിക്കുള്ള കൂലി, ശമ്പളം.
കർമവൈകല്യം [സം. -വൈകല്യ] നാ. പ്രവൃത്തിയിൽ വരുന്ന തെറ്റ്.
കർമവ്യപായം [സം.] നാ. കർമം ഒടുങ്ങൽ, കർമക്ഷയം.
കർമവ്യാധി [സം.] നാ. പൂർവജന്മ കർമഫലമായിട്ടുണ്ടാകുന്ന രോഗം, മാറാത്ത രോഗം, തീരാവ്യാധി.
കർമവ്യാപത്ത് [സം. -വ്യാപദ്] നാ. ആഭിചാരകർമത്തിലുള്ള തകരാറ്.
കർമശക്തി [സം.] നാ. നല്ലപോലെ പ്രവൃത്തിചെയ്യുന്നതിനുള്ള കഴിവ്, കർമശേഷി.
കർമശാല [സം. -ശാലാ] നാ. 1. യാഗാദികർമങ്ങൾ ചെയ്യുന്നതിനുവേണ്ടി പണിതീർപ്പിത്തിട്ടുള്ള സ്ഥലം, യാഗശാല; 2. പ്രവൃത്തിസ്ഥലം, പണിപ്പുര, തൊഴിൽശാല, പരീക്ഷണശാല.
കർമശീല [സം.] വി. 1. നിരന്തരം പ്രവൃത്തിക്കുന്ന, പ്രയതനസ്വഭാവമുള്ള; 2. ഫലത്തെ കണക്കാക്കാതെ പ്രവൃത്തിയിൽ മുഴുകിയിരിക്കുന്ന.
കർമശൂര [സം.] വി. 1. പ്രവൃത്തിയിൽ സാമർഥ്യമുള്ള; 2. ഉത്സാഹപൂർവം ഫലപ്രാപ്തിവരെ തുടർച്ചയായി പ്രവൃത്തിചെയ്യുന്ന.
കർമശേഷം [സം.] നാ. 1. ശേഷിച്ചിട്ടുള്ള പ്രവൃത്തി, ബാക്കിയുള്ള ജോലി; 2. അനുഭവിച്ചുതീർക്കാൻ അവശേഷിച്ച കർമഫലം.

കർമശേഷി [സം. കർമ–മ–ശേഷി] നാ. = കർമശക്തി.
കർമശൗചം [സം.] നാ. വിനയം.
കർമസങ്ഗം [സം.] നാ. ലൗകിക കർമങ്ങളിലുള്ള ആസക്തി, കർമഫലാസക്തി.
കർമസങ്ഗി [സം. –സങ്ഗിൻ] നാ. ലൗകികകർമങ്ങളിൽ ആസക്തിയുള്ളവൻ.
കർമസചിവൻ [സം.] നാ. പ്രവൃത്തികളിൽ സഹായിക്കുന്നവൻ, ഓരോരോ പ്രത്യേകകാര്യങ്ങളിൽ നിയമിക്കപ്പെട്ട്, മേലാവിൻെറ ആജ്ഞപ്രകാരം പ്രവർത്തിക്കുന്നവൻ, മന്ത്രിയല്ലാത്ത ഉദ്യോഗസ്ഥൻ.
കർമസന്ന്യാസം [സം. –സംസന്ന്യാസ] നാ. 1. കർമങ്ങളെ ഉപേക്ഷിക്കൽ, ലൗകികകർമ്മങ്ങളിൽനിന്നു വിരമിക്കൽ; 2. നിഷ്കാമകർമ്മയോഗം; കർമസന്ന്യാസി = കർമസന്ന്യാസം ചെയ്യുന്നവൻ.
കർമസാക്ഷി [സം. –സാക്ഷിൻ] നാ. 1. പ്രവൃത്തികൾക്കു സാക്ഷ്യം വഹിക്കുന്നവൻ; 2. സൂര്യൻ; 3. ദൃക്സാക്ഷി.
കർമസിദ്ധി [സം. –സിദ്ധി] നാ. കാര്യനിർവ്വഹണം, പ്രവൃത്തികൊണ്ടുള്ള നേട്ടം, ഫലപ്രാപ്തി, വിജയം.
കർമസ്ഥാനം [സം. –സ്ഥാന] നാ. 1. ജോലിചെയ്യുന്ന സ്ഥലം, കാര്യനിർവഹണ സ്ഥാനം; 2. (ജ്യോ.0 പത്താംഭാവം.
കർമഹീനൻ [സം. –ഹീന] നാ. സുകൃതമില്ലാത്തവൻ.
കർമക്ഷമ [സം. –അക്ഷമ] വി. പ്രവൃത്തിചെയ്യാൻ ശേഷി ഇല്ലാത്ത.
കർമാധികാരി [സം. –അധികാരിൻ] നാ. 1. യാഗാദികർമങ്ങൾ ചെയ്യാൻ അധികാരമുള്ളവൻ; 2. കർമം ചെയ്യേണ്ടവൻ, കർമം ചെയ്യാനവകാശപ്പെട്ടവൻ; 3. ഉദ്യോഗസ്ഥൻ.
കർമാധിപൻ [സം. കർമ–അധിപ] നാ. 1. പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നവൻ, മേലുദ്യോഗസ്ഥൻ; 2. (ജ്യോ.) പത്താമിടത്തിൻെറ (കർമസ്ഥാനത്തിൻെറ) അധിപൻ.
കർമാധീന [സം. –അധീന] വി. കർമത്തിനു കീഴടങ്ങിയ, വിധിക്കുവശപ്പെട്ട. നാ. കർമാധീനം =വിധി.
കർമാനുഷ്ഠാനം [സം. –അനുഷ്ഠാന] നാ. മതകർമ്മങ്ങൾ യഥാവിധി ചെയ്യൽ, പ്രവൃത്തികൾ വേണ്ടപോലെ നിർവഹിക്കൽ.
കർമാന്തൻ [സം. കർമ–അന്ത] നാ. ജോലിചെയ്യുന്നവൻ.
കർമാന്തം [സം.] നാ. 1. പ്രവൃത്തിയുടെ അവസാനം, കർമസമാപ്തി; 2. കാര്യനിർവഹണം, കാര്യാന്വേഷണം, ഭരണം, മേൽനോട്ടം; 3. ധാന്യപ്പുര; 4. പ്രവൃത്തിസ്ഥാനം, നിർമാണശാല, ജോലിസ്ഥലം, ഖനിഭൂമി തുടങ്ങിയവ.
481
കർമാന്തരം [സം. –അന്തര] നാ. 1. മറ്റൊരു കർമം; 2. പ്രായശ്ചിത്തം; 3. ഒരു കർമം കഴിഞ്ഞ് അടുത്തകർമം തുടങ്ങുന്നതിന്നിടയിലുള്ള സമയം; 4. കർമവൈപരീത്യം.
കർമാന്തികൻ [സം.] നാ. 1. ഭൃത്യൻ, ജോലിക്കാരൻ; 2. കാര്യനിർവഹണത്തിനു നിയുക്തനായവൻ, പണിക്കാരൻ, തൊഴിൽ ചെയ്യുന്നവൻ.
കർമാപരാധം [സം. –അപരാധ] നാ. പ്രവൃത്തിയിലുള്ള തെറ്റ്.

കർമാർഹ [സം. -അർഹ] വി. പ്രവൃത്തികൾക്ക് അവകാശമുള്ള, കർമത്തിനു യോഗ്യതയുള്ള, യജ്ഞാദികർമങ്ങൾ നടത്താൻ കഴിവുള്ള. നാ. കർമാർഹൻ = മനുഷ്യൻ.
കർമാരൻ [സം. കർമാര] നാ. ലോഹങ്ങൾകൊണ്ടുജോലിചെയ്യുന്നവൻ, കമാളൻ, കൊല്ലൻ, ശിൽപി, യന്ത്രവേലക്കാരൻ.
കർമാവ് [സം. കർമൻ]നാ. (സമാസാന്തത്തിൽ) കർമം ചെയ്യുന്നവൻ, പ്രവർത്തിക്കുന്നവൻ, ഉദാ. പൂജ്യകർമാവ്, വിശ്വകർമാവ്, ഇഷ്ടകർമാവ് ഇത്യാദി.
കർമാശയം [സം. -ആശയ] നാ. പ്രവൃത്തികളുടെ (നല്ലതും ചീത്തയുമായ) ആകെത്തുക, കർമങ്ങളുടെ ഇരിപ്പിടം, (യോഗ.) കർമവാസന.കർമാളൻ, കർമാളവൻ [< സം. കർമാര] നാ. =കമ്മാളൻ.
കർമി [സം. കർമ്മിൻ] വി. കർമം ചെയ്യുന്ന, ജോലിയിൽ ഏർപ്പെട്ട, പ്രവൃത്തിയിൽ മുഴുകിയ. നാ. 1. കർമം ചെയ്യുന്നവൻ, ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവൻ, (സ്ത്രീ.) കർമിണി. (പ.മ.) കരുമി; 2. വേലക്കാരൻ, തൊഴിലാളി; 3. കമ്മാളൻ, കരകൗശലപ്പണി ചെയ്യുന്നവൻ; 4. മതകർമങ്ങൾ അനുഷ്ഠിക്കുന്നവൻ, യാഗാദികർമം ചെയ്യുന്നവൻ, ഫലേച്ഛയോടെ പ്രവർഹ്ത്തിക്കുന്നവൻ; 5. ഫലേച്ഛകൂടാതെ ഈശ്വരാർപ്പണമായി കർമം അനുഷ്ഠിക്കുന്നവൻ, കർമയോഗി; 6. മന്ത്രവാദി; 7. ശക്തിപൂജക്കാരൻ.
കർമിത്താനം [സം. കർമി-താനം <സം. ദാന] നാ. സോമയാഗം മുതലായ യാഗകർമങ്ങൾ ചെയ്തിട്ടുള്ള ബ്രാഹ്മണർക്കുനൽകിയിരുന്ന ഒരു ദാനം. താരത. പട്ടത്താനം.
കർമിഷ്ഠ [സം. കർമിഷ്ഠ] (അതിശായന തദ്ധിതം) വി. (ജോലിക്ക്) ഏറ്റവും അധികം മിടുക്കുള്ള, സാമർഥ്യമുള്ള.
കർമീര [സം. കർമീര]വി. പലനിറമുള്ള, പുള്ളിയുള്ള.
കർമൂസ്, കർമോസ് [പേർ.]നാ. പപ്പയ്ക്ക, കപ്പയ്ക്ക.
കർമേന്ദ്രിയം [സം. കർമ-ഇന്ദ്രിയ] നാ. പ്രവൃത്തിചെയ്യുന്നതിനുള്ള അവയവം (കൈയ്, കാല്,നാക്ക്, ഉപസ്ഥം, ഗുദം എന്നിങ്ങനെ കർമെന്ദ്രിയങ്ങൾ അഞ്ച്; എടുക്കൽ, നടക്കൽ, പറയൽ, ആനന്ദിക്കൽ, വിസർജ്ജിക്കൽ എന്നിവ യഥാക്രമം അവയുടെ ധർമങ്ങൾ).
കർമേല, കർമേൽ [< ല. ച്ചർമെൽ] നാ. സിറിയയിലെ ഒരു പർവതം, ബൈബിളിൽ പ്രസിദ്ധമായത്.
കർമോദാരം [സം. -ഉദാര] നാ. ഉത്കൃഷ്ടമായ കർമം, മഹാമനസ്കത, ഔദാര്യം.
കർമോദ്യത [സം. -ഉദ്യത]വി. കർമത്തിനുതയ്യാറായ, പ്രവൃത്തിക്കു സന്നദ്ധമായ.
കർമോദ്യുക്ത [സം. -ഉദ്യുക്ത] വി. ഉത്സാഹപൂർവം പ്രവൃത്തിക്കുന്ന, പ്രവൃത്തിയിൽ മുഴുകിയിരിക്കുന്ന.
കർമോപജീവി [സം. -ഉപജീവിൻ] നാ. ജോലികൊണ്ടുപജീവനം കഴിക്കുന്നവൻ, കർമകാരൻ, ഭൃത്യൻ.
കർവടം [സം. കർവട]നാ. 1. മലഞ്ചെരിവ്; 2.കച്ചവടപ്രധാനമായ സ്ഥലം, ജില്ലയുടെ തലസ്ഥാനം; 3. പ്രധാനനഗരം.
കർവം [സം. കർവ] നാ. 1. സ്നേഹം, കാമം; 2. എലി.
കർവര, കർബര [സം. കർവര]വി. നാനാവർണമായ, പലപുള്ളികളുള്ള.
കർവരൻ [സം.] നാ. ഹിംസാശീലൻ, രാക്ഷസൻ.
കർവരം [സം.] നാ. 1. പാപം; 2. ഒരു ഔഷധം; 3. കടുവാ; 4. സിന്ദൂരം.

കർവരി [സം. കർവരീ] നാ. 1. ദുർഗ; 2. രാത്രി; 3. രാക്ഷസി; 4. പെൺകടുവാ; 5. കായം എടുക്കുന്ന വൃക്ഷത്തിൻെറ ഇല, കറിക്കായം.

കർവു [സം. കർവൂ] നാ. നദി.

കർവു(ർവൂ)രം [സം. കർവു(വൂ)ര] നാ. 1. സ്വർണം; 2. ജലം; 3. ചെറുകച്ചോലം; 4. കച്ചോലം.

കർശന [സം.] വി. 1. കൃശമാക്കുന്ന, മെലിയിപ്പിക്കുന്ന, ശോഷിപ്പിക്കുന്ന, ചടപ്പിക്കുന്ന; 2. ഉപദ്രവിക്കുന്ന, ശല്യപ്പെടുത്തുന്ന; 3. (ഭാഷയിൽ) നീക്കു പോക്കില്ലാത്ത, കഠിനമായ, രൂക്ഷമായ, കടുപ്പമുള്ള, ഗൗരവമുള്ള.

കർശൻ [സം.] നാ. അഗ്നി.

കർശനം [സം. < കൃശ്] നാ. 1. മെലിവ്, ചടവ്, മെലിയിക്കൽ, ചടപ്പിക്കൽ; 2. പരുഷമായത്, കർക്കശമായത്; 3. ഉപദ്രവിക്കൽ, ശല്യപ്പെടുത്തൽ; 4. ശരീരത്തെ ശോഷിപ്പിക്കൽ, ഒരു ചികിത്സാസമ്പ്രദായം. ക്ഷ് ബൃംഹണം.

കർശനീയ [സം.] വി. 1. കർശനം ചെയ്യപ്പെടേണ്ട, ദുർബലമാക്കപ്പെടേണ്ട, ക്ഷീണിപ്പിക്കപ്പെടേണ്ട; 2. ശരീരം ശോഷിപ്പിക്കുവാൻ സഹായിക്കുന്ന.

കർശിക്കുക [സം. കൃശ്] ക്രി. 1. ശോഷിക്കുക, കൃശമാവുക, ക്ഷീണിക്കുക; 2. ശോഷിപ്പിക്കുക, കൃശമാക്കിത്തീർക്കുക, ക്ഷീണിപ്പിക്കുക.

കർശിത [സം.] വി. കൃശമാക്കപ്പെട്ട,ശോഷിപ്പിക്കപ്പെട്ട,ക്ഷീണിപ്പിക്കപ്പെട്ട, മെലിഞ്ഞ.

കർശ്യം [സം.] നാ. കച്ചോലം.

കർഷക [സം.] വി. 1. വലിക്കുന്ന, അങ്ങോട്ടുമിങ്ങോട്ടും പിടിച്ചുവലിക്കുന്ന, ആകർഷിക്കുന്ന; 2. ഉഴുന്ന, കൃഷിചെയ്യുന്ന; 3. വേദനിപ്പിക്കുന്ന അസഹ്യപ്പെടുത്തുന്ന.

കർഷകൻ [സം. കർഷക] നാ. നിലം ഉഴുന്നവൻ, കൃഷിക്കാരൻ.

കർഷകം1 [സം. കർഷക < കൃഷ] 'ആകർഷിക്കുന്നതിനാൽ.' നാ. ഒരുതരം കാന്തം.

കർഷകം2 [സം.] നാ. കഠോരമായത്, പരുഷമായത്, അസഹ്യമായത് (വാക്കെന്നപോലെ). കർഷണ [സം. <കൃഷ്] വി. പീഡിപ്പിക്കുന്ന, ശല്യപ്പെടുത്തുന്ന, ഉപദ്രവിക്കുന്ന.

കർഷണം [സം.] നാ. 1. വലി, വലിക്കൽ, അങ്ങോട്ടുമിങ്ങോട്ടും പിടിച്ചുവലിയ്ക്കൽ; 3. ആകർഷിക്കൽ; 4. പീഡിപ്പിക്കൽ, ഉപദ്രവിക്കൽ; 5. ശത്രുക്കളെ കീഴടക്കുന്നതിനുള്ള മാർഗങ്ങളിൽ ഒന്ന്; 6. കൃഷിപ്പണി; 7. ഒരായുധം, തോട്ടി.

കർഷണി, കർഷിണി [സം.] നാ. 1.പുരുഷന്മാരെ ആകർഷിക്കുന്നവൾ, വ്യഭിചാരിണി; 2. മലയെരുമ, എരുമക്കള്ളി.

കർഷഫലം [സം.] 'മൂന്നുകഴഞ്ചുതൂക്കം ഉള്ള ഫലമുള്ളത്.' നാ. 1. താന്നിമരം; 2. നെല്ലി.

കർഷം [സം. കർഷ] നാ. 1. വലിക്കൽ, ആകർഷിക്കൽ; 2. ഉഴവ്, കൃഷി; 3. ഉഴവുചാൽ; 4. ഒരു തൂക്കം; 5. ഒരു രൂപയോളം മൂല്യമുള്ള ഒരുതരം നാണയം; 6. ഉരകല്ല്; 7. കാലുഷ്യം, കോപം; 8. താന്നിമരം; 9. തോണി.

കർഷാപണം [സം. കർഷാ-പണ] നാ. = കാർഷാപണം.

കർഷാർധം [സം. കർഷാർധ] നാ. ഒരു കർഷത്തിൻെറ പകുതി, ഒരു തോല.

കർഷി [സം. കർഷിൻ] നാ. നിലം ഉഴുന്നവൻ, കൃഷിക്കാരൻ.

കവ്വ്ഷിക്കുക [സം. < കൃഷ്] ക്രി. 1. വലിക്കുക, പിടിച്ചുവലിക്കുക, ആകവ്വ്ഷിക്കുക, അങ്ങോട്ടും ഇങ്ങോട്ടും പിടിച്ചു വലിക്കുക, വലിച്ചുകൊണ്ടു പോകുക; 2. ഉഴുക, പൂട്ടുക; 3. (വില്ലു) കുലയ്ക്കുക, വളയ്ക്കുക; 4. ഉരയ്ക്കുക, ഉരസുക; 5. പീഡിപ്പിക്കുക, ഉപദ്രവിക്കുക; 6. കീഴടങ്ങുക, വശത്താക്കുക, അധീനത്തിലാക്കുക.

കവ്വ്ഷിണി [സം. കവ്വ്ഷിണീ] നാ. 1. കടിയിരിമ്പ്, കടി; 2. കവ്വ്ഷണി, മലയെരുമ.

കവ്വ്ഷിത [സം.] വി. 1. കവ്വ്ഷണം ചെയ്യപ്പെട്ട, പിടിച്ചുവലിയ്ക്കപ്പെട്ട, പീഡിപ്പിക്കപ്പെട്ട; 2. ഉഴുത, പൂട്ടിയ.

കവ്വ്ഷു [സം. കവ്വ്ഷു] നാ. 1. കുഴി; 2. ഉഴവുചാൽ, കിടങ്ങ്; 3. നദി, കൈത്തോട്; 4. ചാണകവരടിത്തീയ്യ്; 5. കൃഷി; 6. ഉപജീവനം.

കവ്വ്സോൻലിപി [<ഇം.] നാ. സുറിയാനിലിപി ഉപയോഗിച്ച് മലയാളവാക്യങ്ങൾ എഴുതുന്ന സമ്പ്രദായം.

കര1 [കരയുക] ധാതുരൂപം.

കര2 നാ. 1. ജലാശയത്തിൻെറ തീരം; ഇക്കരനിൽക്കുമ്പോൾ അക്കരപ്പച്ച; (പഴ.) (പ്ര.) കരയെത്തുക, കരകയറുക, കരകവിയുക, കരകാണുക, കരപറ്റുക; 2. ജലാശയമല്ലാത്ത ഭൂഭാഗം, സ്ഥലം, ഉദാ. കരയിൽക്കൂടി കപ്പലോടിക്കുക = ഒക്കാത്ത കാര്യം പറയുക; കരയ്ക്കും വെള്ളത്തിലുമല്ലാത്ത = ഒന്നിനും നിവൃത്തിയില്ലാത്ത; 3. ചെറിയ ദേശവിഭാഗം, ഗ്രാമം, ചേരി; 4. വസ്ത്രങ്ങളുടെ അരികുകളിൽ നിറഭേദമുള്ള നൂലുകൾ കൊണ്ടുനെയ്തുണ്ടാക്കുന്ന നെടുവര (അറ്റം) വക്ക് എന്നതിൽ നിന്ന് അവ്വ്ഥവികാസമാകാം.

കര3 [സം. കൃ] വി. (പദാന്ത്യത്തിൽ പ്രയോഗം) ചെയ്യുന്ന, ഉണ്ടാക്കുന്ന. ഉദാ. സുകര, ദുഷ്കര, തൃപ്തികര.

കരക [സം. കരകാ] നാ. 1. ആലിപ്പഴം; 2. പാവൽ, കയ്പ.

കരകക്കിണ്ടി [സം. കരക- മ. കിണ്ടി] നാ. മൺകിണ്ടി.

കരകടം [സം. കരകട] താരത. കവ്വ്ക്കട. നാ. 1. ഞണ്ട്; 2. ആനയുടെ ചെന്നിത്തടം.

കരണ്ടകം [സം. കര-കണ്ടക] 'കൈയിലെ മുള്ള്.' നാ. കൈനഖം.

കരകം1 [സം. കരക] നാ. 1. ജലപാത്രം, കിണ്ടി, കമണ്ഡലു; 2. ആലിപ്പഴം; 3. താളിമാതളം; 4. തലമണ്ട; 5. ഒരു പക്ഷി; 6. മലയകത്തി; 7. ഇലഞ്ഞി; 8. മാവ്; 9. ചിരട്ട; 10. കൈയ്; 11. പ്ലാശ്; 12. ഒരു പുരാതനജനപദം.

കരകം2 നാ. മെതിച്ചു കളത്തിൽക്കൂട്ടുന്ന നെൽക്കൂന, കൂനകൂട്ടിയ പൊലി. (പ്ര.) കരകം കുറിക്കുക = കരകം കൂട്ടിയശേഷം ആ കൂനയുടെ മീതെ ചാരംകൊണ്ട് അടയാളപ്പെടുത്തുക.

കരകമലം [സം. കര-കമല] നാ. 1. താമരപ്പൂപോലെയുള്ള (മനോഹരമായ) കൈ.

കരകമാട്ടം [സം. കരക-മ. ആട്ട] നാ. ജലകുംഭം തലയിലംവച്ചുകൊണ്ടു നടത്തുന്ന ഒരുതരം തുള്ളൽ, അമ്മങ്കുടം തുള്ളൽ.

കരകരപ്പ് നാ. ഒച്ചയടപ്പ്, തൊണ്ടയിലുണ്ടാകുന്ന കാറൽ.

കരകാംഭസ്സ് [സം. -അംഭസ്] നാ. തെങ്ങ്.

കരകിസലയം [സം.] നാ. തളിരുപോലെ മൃദുലമായ കൈ.

കരകുട്ടി [കര-കുട്ടി] നാ. ഗവ്വ്ഭം മുറ്റാതെപിറക്കുന്ന കന്നുകിടാവ്, കരക്കുട്ടി.

കരകേതനം [സം.] നാ. ഒരുതരം രത്നം.
കരകൗശലം [സം.] നാ. 1. കൈവേലയിലുള്ള സാമർത്ഥ്യം, കൈവിരുത്; 2. കൈത്തൊഴിൽ, ശില്പവേല.
കരക്കാർ [കര-കാർ] നാ. (ബ.വ.) കരയിലെ ജനങ്ങൾ.
കരക്കാറ്റ് [കര-കറ്റ്] നാ. കരയിൽനിന്നും കടലിലേക്കടിക്കുന്ന കാറ്റ്, കിഴക്കൻ കാറ്റ്.
കരക്കുക, കലങ്ങുക, കലക്കുക ക്രി. 1, ദ്രവിക്കുക, അലിയുക; 2. ആവിയാകുക, തേഞ്ഞുതേഞ്ഞില്ലാതാവുക, ചടയ്ക്കുക, മെലിയുക; 3. കടക്കുക, പ്രവേശിക്കുക; 4. ഉരഞ്ഞുമുറിയുക, ഉരസുക. നാ. കരക്കൽ.
കരക്കൂട്ടം [കര-കൂട്ട] നാ. ഒരു കരയിൽപ്പെട്ട ആളുകളുടെ കൂട്ടം.
കരക്കെട്ട് [കര-കെട്ട്] നാ. 1. കര വകയായ തെങ്ങുകെട്ട്; 2. പൊടിപ്പ്, കുഞ്ചം; 3. കരക്കാരുടെ വക കുതിരകെട്ടു കാഴ്ച.
കരക്കൊത്ത് [കര-കൊത്ത്] നാ. പുനംകൃഷി.
കരഗ്രഹ(ണ)ം [സം. കര-ഗ്രഹ(ണ)] 'കൈപിടിക്കൽ.' നാ. 1. വിവാഹം, പാണിഗ്രഹണം; 2. നികുതി (കപ്പം) പിരിവ്; 3. ആനയുടെ തുമ്പിക്കൈയ്ക്ക് ഉണ്ടാകുന്ന ഒരു രോഗം.
കരഗ്രാഹൻ [സം.] നാ. 1. കരം പിരിക്കുന്ന ഉദ്യോഗസ്ഥൻ; 2. ഭർത്താവ്, പാണിഗ്രഹണം ചെയ്യുന്നവൻ.
കരങ്ങാണി, കരിങ്ങാണി നാ. പഴുതാര.
കരച്ചിൽ [കരയുക] നാ. 1. വേദനയോ ദു:ഖമോ മറ്റോ കൊണ്ടു പുറപ്പെടുവിക്കുന്ന ശബ്ദം, (പ്ര.) കരച്ചിലും പിഴിച്ചിലും; കണക്കപ്പിള്ള വീട്ടിൽ കരിക്കലും പൊരിക്കലും കണക്കെടുത്തു നോക്കുമ്പോൾ കരച്ചിലും പിഴിച്ചിലും. (പഴ.)
കരച്ചുങ്കം [കര-ചുങ്കം] നാ. കരവഴി കൊണ്ടുപോകുന്ന സാധനങ്ങൾക്ക് ചുമത്തുന്ന തീരുവ, ചുങ്കം.
കരജം [സം. കര-ജ] 'കൈയിൽ ഉണ്ടായത്.' നാ. 1. കൈനഖം; 2. ഉങ്ങ്; 3. ആവിവൃക്ഷം; 4. നാഗുണം; 5. പുലിച്ചുവടി; 6. ഒരുതരം ആയുധം.
കരട [സം.] നാ. 1. ആനയുടെ കന്നത്തടം; 2. കറക്കാൻ സമ്മതിക്കാത്ത പശു.
കരടകൻ [സം.] നാ. 1. കാക്ക; 2. പഞ്ചതന്ത്രത്തിൽ പരാമൃഷ്ടനായിട്ടുള്ള ഒരു കുറുക്കൻ; 3. സൂത്രശാലി; 4. നിന്ദ്യപ്രവൃത്തി ചെയ്യുന്നവൻ, താണനിലയിലുള്ളവൻ.
കരടകം [സം.] നാ. കേടുള്ള പവിഴം.
കരടൻ1 [സം.] നാ. 1. നാസ്തികൻ; 2. ഭ്രഷ്ടബ്രാഹ്മണൻ.
കരടൻ2 [<കരട്-അൻ] വി. കരടുള്ള, തരിയായ.
കരടം [സം.] നാ. 1. കാക്ക; 2. കുങ്കുമപ്പൂവ്; 3. കൂവളം, 4. കൂയും പമരം; 5. ആനയുടെ കവിൾത്തടം; 6. ഒരു സങ്ഗീതോപകരണം, ആനദ്ധവാദ്യങ്ങളിൽ ഒന്ന്; 7. ഒന്നാം ശ്രാദ്ധം, ആണ്ടുബലി; 8. ഒരു പ്രാചീനബലി; 9. കേടുള്ള പവിഴം.
കരടമുഖം നാ. ഒരുതരം കൊടിൽ.
കരടി1 നാ. 1. നീണ്ട രോമം നിറഞ്ഞ ഉടലും നീണ്ടുവളഞ്ഞു കൂർത്ത നഖങ്ങളും ഉള്ള ഒരു വന്യമൃഗം; 2. ഒരു ആനദ്ധവാദ്യം, കരടിയെപ്പോലെ ശബ്ദിക്കുന്നതിനാൽ ഈ പേര്.
കരടി2 [സം. കരടിൻ] നാ. ആന (കരടം ഉള്ളത്).
കരടിക്കുരങ്ങ് [കരടി1-കുരങ്ങ്] നാ. 1. ഒരിനം കുരങ്ങ്; 2. ആൾക്കരടി.

കരടിത്താൻ നാ. 1. കരടി, താരത. സിംഹത്താൻ; 2. കരടിയെപ്പോലെയുള്ള ആൾ.
കരട് നാ. 1. തരി, പൊടി, ചെറിയ അംശം; 2. ദൂഷ്യം, ദൂഷ്യാംശം; 3. ആദ്യരേഖ, നടക്കൽ. (പ്ര.) കല്ലും കരടും, കരടും മുരടും, കരടറ്റ (കരടില്ലാത്ത).
കരടു, കരേടു [സം.] 'കേ രടതി, വെള്ളത്തിൽ ശബ്ദിക്കുന്നത്.' നാ. 1. കൊക്ക് (ജലത്തിൽക്കിടന്നു ശബ്ദിക്കുന്നത്); 2. ഇരണ്ട.
കരടി < കരട് നാ. കറുത്തനിറമുള്ള ഒരിനം ആറ്റുമീൻ.
483
കരട്ടിക്കാ [കരട്ടി-കായ്] നാ. 1. വളരെച്ചെറിയ കായ്, വളർച്ച മുരടിച്ച കായ്; 2. ചെറിയ കൊഞ്ച്.
കരണ1 നാ. 1. കരിമ്പിൻെറ മുട്ട്, തുണ്ട്; 2. വീണത്തണ്ട്.
കരണ2 [സം.] വി. ചെയ്യുന്ന, ജനിപ്പിക്കുന്ന.
കരണക്കണക്കൻ നാ. കരണം എഴുതുന്ന ആൾ, പ്രമാണം എഴുതുന്നവൻ.
കരണക്കുറ്റി [കരണം2-കുറ്റി < സം. കർണ] നാ. ചെവിക്കുറ്റി, ചെവിയുടെ സമീപഭാഗം.
കരണഗ്രാമം [സം. കരണ-ഗ്രാമ] നാ. ഇന്ദ്രിയ സമൂഹം.
കരണത്താൻ [<സം. കരണ] നാ. കണക്കപ്പിള്ള, കണക്കെഴുത്തുകാരൻ.
കരണത്രയം, -ത്രിതയം [സം. കരണ-ത്രയ] നാ. മനസ്സ് വാക്ക് ശരീരം ഇവ മൂന്നും.
കരണത്രാണം [സം. -ത്രാണ] നാ. തല.
കരണൻ [സം. കരണ] നാ. 1. ശൂദ്രസ്ത്രീയിൽ വൈശ്യനോ, വൈശ്യസ്ത്രീയിൽ ക്ഷത്രിയനോ ജനിച്ച പുത്രൻ, പ്രധാനതൊഴിൽ കണക്കെഴുത്ത്; 2. എഴുത്തുകാരൻ, കണക്കൻ.
കരണപദ്ധതി [സം. -പദ്ധതി] നാ. 1. ഗണതക്രിയ പ്രതിപാദിക്കുന്ന പദ്ധതി; 2. പുതുമനച്ചോമാതിരി രചിച്ച ഒരു ഗണിതഗ്രന്ഥം.
കരണപ്പിഴ [സം. കരണ- മ.പിഴ] നാ. ശരിയായ മുദ്രപത്രത്തിലല്ലാതെ ആധാരം എഴുതിവാങ്ങിയതിന് ഒടുക്കേണ്ട പിഴ.
കരണപ്രാവ് [കരണം2-പ്രാവ്] നാ. ഒരിനം പ്രാവ്, കരണത്ത് ഊതി നിലത്തു വിട്ടാൽ കുറേനേരം മറിഞ്ഞുകൊണ്ടിരിക്കുന്നത്.
കരണം1 [സം.] നാ. 1. ചെയ്യൽ, പ്രവൃത്തിക്കൽ, അനുഷ്ഠിക്കൽ; 2. ഉപകരണം; 3. ഉപകരിക്കുന്ന അവയവം, ജ്ഞാനേന്ദ്രിയം; 4. പ്രമാണം, ഉടമ്പടി, അധാരം, പ്രമാണരേഖ; 5. (വ്യാക.) ക്രിയയിൽ കർത്താവിന് ഉപകരണമായ കാരകം; 6. ശരീരം; 7. പ്രവൃത്തി; 8. ജോനകനാരകം; 9. ഛേദനത്തിനുള്ള ഉപകരണം; 10. പരമാത്മാവ്; 11. ഒരു യോഗാസനം; 12. ഒരു രതിബന്ധം; 13. (ജ്യോ.) ദിവസത്തിൻെറ (തിഥിയുടെ) ഒരു ഭാഗം; 14. (സങ്ഗീ.) ഒരു താളം, = കരണയതി; 15. (നാട്യ.) ശരീരത്തിൻെറ നിലയനുസരിച്ച് കൈകാലുകൾ വേണ്ടവിധം ചേർത്തുവയ്ക്കൽ.
കരണം2 [<സം. കർണ] നാ. ചെകിട്. താരത. കരണക്കുറ്റി; (പ്ര.) കരണം മറിയുക = 1. തലകുത്തിമറിയുക, ദേഹം കീഴ്മേലാക്കി മുമ്പോട്ടോപിമ്പോട്ടോ മറിയുക; എരണം കെട്ടവൻ കരണം മറിഞ്ഞാൽ കഴുത്തൊടിയും (പഴ.); 2. ബുദ്ധിമുട്ടുക.
കരണശരീരം [സം. -ശരീര] നാ. ചക്ഷുരാദികരണങ്ങളോടു കൂടിയ ശരീരം.
കരണാധിപൻ [സം. -അധിപ] 'ഇന്ദ്രിയആദികളെ ഭരിക്കുന്നവൻ.' നാ. ജീവാത്മാവ്.

കരണി [സം. കരണീ] നാ. 1. കരണജാതി സ്ത്രീ; 2. നിർമേയസങ്ഖ്യ, ശരിക്കു കണക്കാക്കിയെടുക്കാൻ ആവാത്ത സങ്ഖ്യ.
കരണീയ [സം.] വി. ചെയ്യപ്പെടേണ്ട.
കരണ്ട നാ. 1. മുള്ളുള്ള ഒരുചെടി, മുള്ളിച്ചെടി, അതിൻെറ പുളിയുള്ള കായ് അച്ചാറിടാൻ കൊള്ളാം; 2. കായാവൂ, കയാമ്പൂ; കരംട = കായാവ്.
കരണ്ടകം, കരടം [സം. കരണ്ഡക < കരണ്ഡീകാ, കരണ്ഡീ] നാ. ചുണ്ണാമ്പു സൂക്ഷിക്കുന്നതിന് ഓടുകൊണ്ടും മറ്റും ഉണ്ടാക്കുന്ന ചെറിയ പാത്രം, അടപ്പൻ.
കരണ്ടി നാ. 1. ലോഹനിർമിതമായ ചെറിയ കയിൽ; 2. പിടിച്ചെടുക്കത്തക്കവണ്ണം നീണ്ടവാലുള്ള ഒരുമാതിരി ചെറിയ ലോഹപ്പാത്രം; 3. കുമ്മായം തേക്കുന്നതിനുള്ള ഉപകരണം; 4. കരണ്ടുതിന്നുന്നവൻ.
കരണ്ടിക്കാമ്പ് [കരണ്ടി-കാമ്പ്] നാ. കശകശച്ചെടി.
കരണ്ടുക ക്രി. 1. കരളുക; 2. കാരുക, ചുരണ്ടുക; 3. അൽപാൽപമായി അപഹരിക്കുക.
കരണ്ഡകം [സം. കരണ്ഡക] നാ. 1. കരണ്ടകം; 2. ഇരണ്ടപ്പക്ഷി; 3. പെട്ടി.
കരണ്ഡം [സം.] നാ. 1. കരണ്ടകം; 2. വാൾ; 3. തേനീച്ചക്കൂട്, തേനട; 4. ഇരണ്ടപ്പക്ഷി; 5. പെരുമരം; 6. കാരണം; 7. കരൾ; 8. പെട്ടകം.
കരണ്ഡിക [സം. കരണ്ഡികാ] നാ. പൂക്കുട.
കരതല [സം. കര-തല] നാ. ഉള്ളംകൈ, കൈപ്പത്തിയുടെ അകവശം; (പ്ര.) കരതലാമലകം = ഉള്ളം കൈയിലിരിക്കുന്ന നെല്ലിക്ക, മുഴുവനും സ്പഷ്ടമായ സങ്ഗതി.
കരതളിർ [സം.-മ. തളിർ] നാ. തളിരുപോലെ മൃദുലമായ കൈയ്.
കരതാർ [സം. -മ. താർ] നാ. പൂവുപോലെ മനോഹരമായ കൈയ്.
കരതാലി(ക) [സം. -താലീ, -ലികാ] നാ. 1. കൈകൊട്ടൽ, താളമ്പിടിക്കൽ; 2. കൈമണി, കൈത്താളം.
കരതാളം [സം. -താല] നാ. 1. കൈകൊണ്ടുപിടിക്കുന്ന താളം; 2. കൈത്താളം, ഒരു വാദ്യം.
കരത്താമര [കര2-താമര] 'കരയിലെ താമര.' നാ. ഓരിലത്താമര.
കരത്തുക [കരക്കുക >പ്രയോ.] ക്രി. മൃദുവാക്കുക, പതം വരുത്തുക, മയപ്പെടുത്തുക.
കരദ [സം. കര-ദ] വി. കരംകൊടുക്കുന്ന, കപ്പംകൊടുക്കുന്ന.
കരദക്ഷ [സം. -ദക്ഷ] വി. കൈച്ചുറുക്കുള്ള.
കരദ്രുമം [സം. -ദ്രുമ] നാ. കാഞ്ഞിരം, കാരസ്കരം.
കരനാഥൻ [മ. കര-സം. നാഥ] നാ. ഒരുകരയിൽ പ്രധാനപ്പെട്ട ആൾ, കരപ്രമാണി.
കരനിപീഡനം [സം. കര-നിപീഡന] നാ. പാണിഗ്രഹണം.
കരന്ത നാ. അടയ്ക്കാമണിയൻ.
കരന്തകാളി, കറന്ത-, കരിന്ത- നാ. കരിങ്കുടങ്ങൽ.
കരന്തി നാ. ഒരു ഔഷധച്ചെടി, വിഷ്ണുക്രാന്തി.
കരന്ധയ [സം. കര-ധയ] വി. വിരലുറുഞ്ചുന്ന.
കരന്യാസം [സം. -ന്യാസ] നാ. ഹസ്തമുദ്ര, ദേവന്മാരെ ഉപാസിക്കാൻ മന്ത്രപൂർവം കാണിക്കുന്ന മുദ്രക്കൈ.

കരപങ്കജം [സം.] നാ. താമരപ്പൂപോലെ മനോഹരമായ കൈയ്.
കരപത്ര(ക)ം [സം.] നാ. 1. കൈവാൾ, ഈർച്ചവാൾ; 2. ഒരു നരകം; 3. പാട്ടക്കാരൻെറ കൈയൊപ്പോടുകൂടിയ ഓലപ്രമാണം, പാട്ടച്ചീട്ട്.
കരപത്രിക [സം. -പത്ത്രികാ] നാ. വെള്ളം തെറിപ്പിച്ചുള്ള ജലക്രീഡ.
കരപർണം [സം. കര-പർണ] നാ. 1. വെണ്ട; 2. ചുവന്ന ആവണക്ക്.
കരപല്ലവം [സം. -പല്ലവ]നാ. കരതളിർ, തളിരുപോലെ മൃദുവായ കൈ.
കരപാലം, കരവാളം [സം. -പാല] നാ. വാൾ (കൈയെ രക്ഷിക്കുന്നതിനാൽ).
കരപാലിക, -പാളിക [സം. -പാലികാ] നാ. 1. ചെറുവാൾ; 2. ഒരുമാതിരി വടി, ഗദ.
കരപീഡനം [സം. -പീഡന] നാ. വിവാഹം. താരത. കരനി പീഡനം.
കരപൃഷ്ഠം [സം. -പൃഷ്ഠ] നാ. കൈത്തലത്തിൻെറ പിൻഭാഗം.
കരപ്പൻ നാ. കുട്ടികളുടെ ശരീരത്തിലുണ്ടാകുന്ന പൊക്കൽ.
കരപ്പറ്റ് [കര-പറ്റ്] നാ. പുരയിടത്തിനോടുചേർന്നുകിടക്കുന്ന നിലം.
കരപ്പാട് നാ. കരവാരം, കരപ്രദേശം.
കരപ്പ് നാ. 1. മറയ്ക്കൽ; 2. മോഷണം; 3. മീൻപിടിക്കാനുള്ള കൂട, ഈറ കൊണ്ടുണ്ടാക്കുന്നത്, ഒറ്റാൽ.
കരപ്പുറം 'കടൽമാറി കരയായിത്തീർന്ന സ്ഥലം.' നാ. 1. ചേർത്തലത്താലൂക്കിൻെറ പഴയ പേര്; 2. കുന്നിൻപുറം.
കരപ്പൊങ്ങ് [കര-പൊങ്ങ്] നാ. നദീതീരങ്ങളിൽ വളരുന്ന ഒരു വൃക്ഷം, ആറ്റുവഞ്ചി, നീർവഞ്ചി.
കരപ്പോക്ക് നാ. വിലകുറഞ്ഞരത്നം.
കരബകം [സം.] നാ. ഒരിനം പക്ഷി.
കരബദരം [സം.] 'കൈയിലെ ലന്തക്കായ്.' നാ. കൈയിലുള്ള ലന്തക്കുരുപോലെ സ്വാധീനമായത്, സ്പഷ്ടമായത്.
കരബലം [സം.] നാ. കൈയൂക്ക്.
കരഭഞ്ജിക [സം. -ഭഞ്ജികാ] 'മുള്ളുള്ളതിനാൽ തൊടുന്നവരുടെ കൈയിൽ മുറിവുണ്ടാകുന്നത്.' നാ. 1. ഒരു വൃക്ഷം, ചെറുക്ലാവ്; 2. = കരഭഞ്ജകം.
കരഭം [സം.] നാ. 1. ആനക്കുട്ടി; 2. ആനയുടെ തുമ്പിക്കൈ; 3. ഒട്ടകക്കുട്ടി (പൊടിപറപ്പിക്കുന്നത്); 4. ഒട്ടകം; 5. മണിബന്ധം മുതൽ ചെറുവിരൽ വരെ കൈത്തലത്തിൻെറ അരിക്, മണിബന്ധം തൊട്ടു വിരലുകളുടെ അടിഭാഗം വരെ; 6. ഒരു സുഗന്ധദ്രവ്യം, നാഗുണം; 7. ശരീരമധ്യം; 8. ഒരു വൃത്തം.
കരഭി[സം. കരഭീ] നാ. 1. പെണ്ണൊട്ടകം; 2. പിടിയാനക്കുട്ടി; 3. തേക്കിട.
കരഭീരം [സം. കരഭീര]നാ. സിംഹം.
കരഭൂ [സം. കര-ഭൂ] നാ. കൈനഖം.
കരഭൂഷണം [സം. -ഭൂഷണ] നാ. കൈവള.
കരഭോരു [സം. കരഭ-ഊരു] 'തുമ്പിക്കൈപോലുള്ള തുടയോടുകൂടിയവൾ.' നാ. സുന്ദരി.
കരം [സം. കര <കൃ] 'ചെയ്യുന്നത്.'നാ. 1. കയ്യ്; 2. സർക്കാരിലേക്കു കൊടുക്കേണ്ടുന്ന നികുതി, രാജഭോഗം; (പ്ര.) കരക്കുടിശ്ശിക, കരമിളവ്, കരമൊഴിവ്; 3. കപ്പം; 4. രശ്മി; 5. തുമ്പിക്കൈ; 6. ഇരുപത്തിനാല് അങ്ഗുലം, ഒരു കോൽ; 7. അത്തം നക്ഷത്രം, ഹസ്തം (കരപര്യായം); 8. വ്യാസാർധം; 8. രണ്ട് (കൈകൾ രണ്ട് എന്നതിൽനിന്ന്).
കരംബ [സം.] വി. കലർന്ന, ഇടകലർന്ന, വൈചിത്ര്യമുള്ള.

കരംബം [സം.] നാ. 1. = കരംഭം; 2. ഒരുതരം കഞ്ഞി.
കരംബിത [സം.] വി. കലർന്ന, കൂടിക്കലർന്ന, ഇടകലർന്ന, നാനാവർണങ്ങളുള്ള.
കരംഭകം [സം.] നാ. 1. കരംഭം; 2. പലഭാഷകൾ ചേർത്തുള്ള ചമ്പു.
കരംഭം, കരംബം [സം. കരംഭ] നാ. തൈരുചേർത്തുകുഴച്ച മാവുകൊണ്ടുള്ള പലഹാരം, തൈരുചേർത്ത അരിപ്പൊടി.
കരംഭവാലുകം [സം. കരംഭ-വാലുക] 'മലർവറുക്കുന്നപോലെ പാപികളെ മളലിലിട്ടു വറുക്കുന്നത്.' നാ. ഒരു നരകം.
കരംഭസികത [സം. -സികതാ] നാ. ഒരു നരകം, കരംഭവാലുകം.
കരമട്ടം1 [കര-മട്ട] അവ്യ. കരനിരപ്പ്, ഉദാ. കരമട്ടം വെള്ളം പൊങ്ങുക.
കരമട്ടം2 [സം. കരമട്ട] നാ. 1. കവുങ്ങ്, പെരുങ്ങ്ലാവ്; 2. കരം കൊണ്ടു മർദിക്കപ്പെടുന്നത്. ഞൊട്ടാഞൊടുക്ക്.
കരമരി [സം. കരമരീ]നാ. തടവുകാരൻ.
കരമാർഗം [മ. കര-സം. മാർഗ] നാ. കരവഴി.
കരമാരി [മ. കര-സം. മാരി] നാ. മണ്ണൊലിപ്പ്.
കരമാല [സം. -മാലാ] നാ. 1. ജപമാല; കൈ (ജപമാലയിലെ മണികൾക്കു പകരം കൈവിരലുകളുടെ സന്ധികൾ എണ്ണം പിടിക്കാൻ ഉപയോഗിക്കുന്നതിനാൽ).
കരമാലം [സം. കര-മാല] നാ. പുക.
കരമാലി [സം. -മാലിൻ] നാ. സൂര്യൻ.
കരമുക്തം [സം.] 'കൈകൊണ്ട് എറിയപ്പെടുന്നത്.' നാ. വേൽ.
കരമുദ്രിക [സം. -മുദ്രികാ] നാ. കൈകൊണ്ടുകാണിക്കുന്ന അടയാളം, കൈമുദ്ര.കരമൂസാ, കർമൂസ്, കർമോസാ [പെർ.]നാ. കപ്പയ്ക്ക, പപ്പയ്ക്ക.
കരമൊഴിവ് [കരം-ഒഴിവ്] നാ. കരം കൂടാതെയുള്ളത് (നിലം പുരയിടം എന്നിവ ); (പ്ര.) കരമൊഴിവു സർവമാന്യം.
കരമ്പക [സം. കരംബക] വി. കൂടിക്കലർന്ന, കെട്ടുപിണഞ്ഞ, ഇടകലർന്ന.
കരമ്പന്മാല നാ. = കരമ്പന്മാല, കരമ്പകമാല.
കരമ്പൽ നാ. = കൽക്കം, മട്ടി.
കരയടി [കര-അടി] നാ. ജലാശയത്തിനുസമീപമുള്ള കര, തിരയടിക്കുന്ന സ്ഥലം.
കരയൻ വി. കരയുള്ള (മുണ്ട്).
കരയാമ [കര-ആമ] നാ. കരയിൽ ജീവിക്കുന്ന ആമ.
കരയാമ്പൂ [അറ.] നാ. കിരാമ്പു, ഗ്രാമ്പു, ഒരുതരം മരത്തിൻെറ പൂവ്. നല്ലസുഗന്ധവും എരിവുമുണ്ട്.
കരയാളൻ നാ. 1. കരപ്രമാണി, കരം പിരിവിനു മുങ്കാലത്തു നാഞ്ചിനാടു ചെങ്കോട്ട ദേശങ്ങളിൽ നിയമിച്ചിരുന്ന കരനാഥന്മാരിൽപെട്ട ആൾ; 2. ജാതി സൂചിപ്പിക്കാൻ പേരിനുപിന്നാലെ ചേർക്കുന്ന ഒരു സ്ഥാനനാമം. (കരയാളർ).
കരയുക്കുക [കരയുക > പ്രയോ.]ക്രി. കരയാൻ കാരണമാകുക, കരയുന്നതിനിടയാക്കുക.
കരയിടുക്ക് [കര-ഇടുക്ക്] നാ. രണ്ടുവലിയ സ്ഥലവിഭാഗങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഇടുങ്ങിയ കര.

കരയീട് നാ. 1. വെള്ളം പിൻ വാങ്ങിയതുമൂലമോ, മണ്ണ് അടിഞ്ഞതുകൊണ്ടോ കരയായിത്തീർന്ന ഭാഗം; 2. ശക്തിയോടെ കരയിലേക്കു പാഞ്ഞുവരുന്ന തിര.
കരയുക ക്രി. 1. ദു:ഖം മൂലം ദീനസ്വരം പുറപ്പെടുവിക്കുക, കണ്ണീർപൊഴിച്ചു ശബ്ദത്തോടുകൂടിയോ അല്ലാതെയോ ദു:ഖമോ വേദനയോ പ്രകടിപ്പിക്കുക, വിലപിക്കുക, തേങ്ങുക, മുറയിടുക; 2. (ചില പക്ഷിമൃഗാദികൾ) ശബ്ദം പുറപ്പെടുവിക്കുക; (പ്ര.) കരച്ചിലിൻെറ മതിൽ = ജറൂസലേമിൽ ഇടിഞ്ഞുപൊളിഞ്ഞുകിടക്കുന്ന ഒരു മതിൽ. ( ഇതിൻെറ ചുവട്ടിലിരുന്ന് യഹൂദന്മാർ ജറൂസലേമിനു സംഭവിച്ച നാശത്തെ ഓർത്ത് ആഴ്ചയിലൊരിക്കൽ വിലപിക്കാറുണ്ട്.)
കരയുദ്ധം [മ. കര-സം. യുദ്ധ] നാ. കരയിലെ യുദ്ധം ക്ഷ് കടൽ യുദ്ധം.
കരയേറുക, കരേറുക [കര-ഏറുക] 'വെള്ളത്തിൽനിന്നു കരയിൽ ഏറുക.' ക്രി. കയറുക (മുകളിൽ കയറുക) എന്നും രക്ഷപ്പെടുക എന്നും അർഥങ്ങളിൽ പ്രയോഗം; കരയേറ്റുക = വെള്ളത്തിൽനിന്നു രക്ഷിക്കുക, വാഹനത്തിലോ മറ്റോ കയറ്റുക.
കരയോഗം [മ. കര-യോഗ] നാ. കരക്കാരുടെ സങ്ഘം, ഉദാ. നായർ കരയോഗം.
കരയോരം [കര-ഓര] നാ. കരവശം, തീരം.
കരരുഹം [സം. കര-രുഹ] നാ. കൈനഖം.
കരൽ നാ. കര, വക്ക് വിളുമ്പ്.
കരല, കരള നാ. = കരട്.
കരലേഖ്യം [സം. കര-ലേഖ്യ] 'കയ്പട എഴുത്ത്.' നാ. കൈച്ചീട്ട്, സമ്മതപത്രം.
കരവ നാ. തട്ടാന്മാർ ഉപയോഗിക്കുന്ന ഒരുതരം അച്ച്, വളയും മറ്റും അടിച്ച് കോട്ടം തീർക്കാനുള്ളത്.
കരവടം നാ. കളവ്, ചതി.
കരവടി [സം. കര-മ. വടി] 'കയ്യിൽ വച്ചു സ്വർണാഭരണങ്ങൾ മേനിപ്പെടുത്തുന്ന ഉപകരണം.' നാ. സ്വർണാഭരണങ്ങൾ മേനിയാക്കാൻ ഉപയോഗിക്കുന്ന ബ്രഷുപോലുള്ള ഉപകരണം.
485
കരവല്ലഭം [സം. കര-വല്ലഭ] നാ. നാ. ആങ്ഗ്യം കൊണ്ട് ആശയവിനിമയം ചെയ്യൽ.
കരവളം [കര-വള] നാ. വർഷകാലത്തു കരയിൽനിന്നൊലിച്ചു പാടങ്ങളിൽ ഇറങ്ങുന്ന വളം.
കരവാരം [കര-വാര] നാ. കരപ്പാട്, കരപ്രദേശം.
കരവാൾ [സം. കര-മ. വാൾ] നാ. കൈവാൾ.
കരവാളം [സം. -വാല] നാ. കരവാൾ.
കരവാളിക [സം. -വാലികാ] നാ. 1. ചെറിയവാൾ; 2. ഗദ.
കരവി [സം. കരവീ] നാ. കയം, കറിക്കായം.
കരവിത്ത് [കര2-വിത്ത്] നാ. കരയിൽ കൃഷിചെയ്യുന്ന നെലവിത്ത്.
കരവീരം1 [സം. കര-വീര] നാ. 1. നീർമരുത്; 2. കണവീരം, അരളി; 3. ഒരുമാതിരി വാൾ, കഠാരി; 4. ഒരുതരം വിഷം; 5. ശ്മശാനം; 6. കൈപ്പ; 7. ഒരിനം സോമം; 8. ഒരിനം ഉള്ളി; 9. ദിവ്യാസ്ത്രം അയച്ചശേഷം പ്രത്യാഹരിക്കാനുള്ള മന്ത്രം.

കരവീരം2 [സം.] നാ. ഒരു സ്ഥലനാമം.
കരവീരി [സം. കര-വീരി] നാ. 1. പുത്രനെ പ്രസവിച്ചവൾ, മാതാവ്; 2. നല്ല പശു; 3. അദിതി.
കരവെപ്പ് [കര-വെപ്പ്] നാ. 1. കടലോ, നദിയോ പിൻ വാങ്ങിയുണ്ടാകുന്ന പുതിയ കര; 2. ആറ്റിൻെറയും മറ്റും കരയ്ക്കുള്ള കൃഷി.
കരവെള്ള [കര-വെള്ള] നാ. 1. ഒരു ചെടി; 2. കുമ്മട്ടിക്കയ്, മാനസിക രോഗങ്ങൾക്കും വ്രണങ്ങൾക്കും മരുന്നായി ഉപയോഗിക്കുന്നു.
കരശൽ നാ. ഉണങ്ങിയ തറ. (പ്ര.) കരശൽ മണ്ണ് = പരുത്തിക്കൃഷിക്കു പറ്റിയ മണ്ണ്.
കരശാഖ [സം. -ശാഖാ] നാ. കൈവിരൽ.
കരശീകരം [സം. കര-ശീകര] നാ. ആനയുടെ തുമ്പിക്കൈയിൽനിന്നുവീഴുന്ന നീർത്തുള്ളി.
കരശ് നാ. ഒരുതരം പാഴ്മരം, കലശം, ഉതിമരം.
കരശുകം [സം.] നാ. കൈനഖം.
കരസാദം [സം.] നാ. 1. കൈയുടെ ക്ഷീണം; 2. രശ്മിയുടെ മങ്ങൽ.
കരസൂത്രം [സം.] 'കൈച്ചരട്.' നാ. കല്യാണത്തിനു മന്ത്രപൂർവം കൈയിൽക്കെട്ടുന്ന ചരട്.
കരസേന [മ. കര-സം. സേനാ] നാ. കരയിൽ യുദ്ധം ചെയ്യുന്നതിനു സജ്ജമാക്കിയിട്ടുള്ള സൈന്യം.
കരസ്ഥ [സം. കര-സ്ഥ] വി. കൈയിൽ ഇരിക്കുന്ന, കൈയിൽ കിട്ടിയ. (പ്ര.) കരസ്ഥമാക്കുക = കൈക്കലാക്കുക.
കരസ്ഥാനം [മ. കര-സം. സ്ഥാന] നാ. കരയിലെ സ്ഥാനം, കരപ്രമാണി സ്ഥാനം.
കരസ്ഥാലി [സം. കര-സ്ഥാലിൻ] 'കരങ്ങളെ സ്ഥാലിയായി ഉപയോഗിക്കുന്നവൻ.' നാ. ശിവൻ.
കരസ്ഥിത [സം. കര-സ്ഥിത] വി. കരത്തിൽ സ്ഥിതിചെയ്യുന്ന, കരസ്ഥ.
കരഹാട(ക)ം [സം. കര-ഹാട(ക)] നാ. 1. മലങ്കാര; 2. താമരക്കിഴങ്ങ്; 3. പിണ്ഡീതരു, പേരീത്ത; 4. ഒരു നഗരം (സപ്തകൊങ്കണങ്ങളിൽ ഒന്ന് എന്നും പക്ഷം).
കരൾ1 [കരളുക] ധാതുരൂപം.
കരൾ2 നാ. = കരള്.
കരൾച്ച [<കരളുക] നാ. കരളുന്ന പ്രവൃത്തി.
കരള1 വി. 1. കരടുള്ള; 2. കട്ടിയായ; 3. നേർമയില്ലാത്ത.
കരള2 നാ. 1. കരട്, കയല; 2. ഉണങ്ങിയകായ്.
കരളിക്കുക ക്രി. അലസുക.
കരള് നാ. 1. ഉദരാശയത്തിനകത്തു സ്ഥിതിചെയ്യുന്നതും ഇരുണ്ട ചെമപ്പു നിറമുള്ളതും പിത്തരസം ഉത്പാദിപ്പിക്കുന്നതുമായ ഒരു വലിയ ഗ്രന്ഥി, യകൃത്; 2. ഹൃദയം, മനസ്സ്. കരളുറപ്പ് = സ്ഥൈര്യം. ധൈര്യം, തൻേറടം; കരളൂറ്റം = കരളുറപ്പ്, ചങ്കൂറ്റം; കരൾപറിയുക = (പ്ര.) ഹൃദയം തകരുക, തീവ്രദു:ഖം അനുഭവപ്പെടുക.
കരളുക ക്രി. പതുക്കെ അൽപ്പാൽപമായി കടിച്ചുമുറിക്കുക, ഉളിപ്പല്ലുകൾകൊണ്ടു കാർന്നുതിന്നുക.

കരാടിബ്രാഹ്മണർ [ക. കരാടി-സം. ബ്രാഹ്മണ] നാ. (ബ.വ.) മഹാരാഷ്ട്രദേശത്തു കരാട എന്ന സ്ഥലത്തുനിന്നു കുടിപാർക്കുന്ന ബ്രാഹ്മണർ. (പ്ര.) കരാടി = ആഭാസൻ.
കരാംപൂ നാ. = കരയാമ്പു.
കരാംശുകം [സം. കര-അംശുക] നാ. കൈലേസ്.
കരാമത് [അറ. കരാമത്] നാ. അത്ഭുതസിദ്ധി.
കരാമർദം [സം. കര-ആമർദ] 'കരത്തെ മർദിക്കുന്നത്.' നാ. കരമർദം, പെരുങ്ങലാവ്.
കരാമലകം [സം. കര-ആമലക] നാ. = കരതലാമലകം.
കരായിക [സം. കരായികാ] നാ. ചെറിയ കൊക്ക്, (പക്ഷി).
കരാർ നാ. 1. ഉടമ്പടി, ഉഭയസമ്മതം, ഉറപ്പ്, വ്യവസ്ഥ; 2. ചട്ടം, കണിശം.
കരാർനാമാ [പേർ.] നാ. ഉടമ്പടിപത്രം, സമ്മതിപത്രം.
കരാർപത്രം [അറ. കരാർ-സം. പത്ത്ര] നാ. സമ്മതപത്രം, ഉടമ്പടി.
കരാവർത്തം [സം. കര-ആവർത] നാ. അസ്ത്രപ്രയോഗത്തിൽ സാമർഥ്യപരീക്ഷണത്തിനുള്ള ഒരുവിധി.
കരാവി [<സം. കാരവി] നാ. കരിഞ്ചീരകം.
കരാഹത [സം. കര-ആഹത] വി. കൈകൊണ്ടു കൊട്ടുന്ന (വാദ്യം).
കരാള1 [സം. കരാല] വി. 1. വിസ്താരമായി തുറന്നിരിക്കുന്ന, പിളർന്നു മാറിയിരിക്കുന്ന; 2. ഭയങ്കരമായ, ക്രൂരമായ, മാരകമായ; 3. കോന്ത്രപ്പല്ലുള്ള.
കരാള2, കരാളി [സം. കരാലാ] നാ. 1. (കരാള) മൂന്നുദളമുള്ള കടല; 2. നറുനീണ്ടി; 3. താമസഗുണത്തോടുകൂടിയ, അഗ്നിജിഹ്വകളിൽ ഒന്ന്; 4. ഒരു ദന്തരോഗം; 5. കുന്തുരുക്കം; 6. ഒരു നരകം.
കരാളകം [സം. കരാലക] നാ. 1. കറുത്ത ചെറുതുളസി; 2. കരിങ്കല്ല് (കൃഷ്ണശില).
കരാളജ്വരം [സം. കരാല-ജ്വര] നാ. ആനയ്ക്കുവരുന്ന ഒരുമാതിരി ജ്വരം.
കരാളൻ [സം. കരാല] നാ. 1. ഉയർന്ന പല്ലുള്ളവൻ; 2. ശിവൻെറ ഭൂതഗണങ്ങളിൽ ഒരു പ്രധാനി; 3. ഒരു രാക്ഷസൻ; 4. ഭയങ്കരൻ; 5. ഒരു ദേവഗന്ധർവൻ.
കരാളഭൈരവം [സം. കരാല-ഭൈരവ] നാ. രഥക്രാന്തവിഭാഗത്തിൽപ്പെടുന്ന 64 തന്ത്രങ്ങളിൽ ഒന്ന്.
കരാളം [സം. കരാല] നാ. 1. കരിഞ്ചീരകം; 2. കറുത്ത തുളസി, കൃഷ്ണമല്ലിക; 3. കസ്തൂരിമൃഗം; 4. ഒരു ദന്തരോഗം; 5. കുന്തുരുക്കം; 6. ഒരുനരകം.
കരാളവദന [സം. -വദനാ] 'ഭയങ്കരമായ മുഖമുള്ളവൾ.' നാ. ദുർഗ.
കരാളി [സം. കരാലീ] നാ. 1. അഗ്നിയുടെ ഏഴുനാവുകളിൽ ഒന്ന്; 2. സർപ്പത്തിൻെറ നാലുവിഷപ്പല്ലുകളിൽ ഒന്ന്; 3. പൂജാ ഹോമാദികളിൽ പ്രയോഗിക്കുന്ന ഒരു ഹസ്തമുദ്ര; 4. ദുർഗ; 5. ത്രിപുരാപൂജയ്ക്ക് പ്രേതാസനങ്ങളായി കൽപിച്ചു പൂജിക്കുന്ന ഒരു ഉപദേവത.
കരാളിക [സം. കരാലികാ] നാ. 1. ദുർഗ; 2. ഒരു നരകം, ഇരുപത്തെട്ടുകോടി നരകങ്ങളുള്ളതിൽ ഒരു കോടി നരകങ്ങളുടെ പൊതുവേയുള്ള പേര്; 3. അഗ്നിജിഹ്വകളിൽ ഒന്ന്.
കരാളികം [സ] നാ. 1. വൃക്ഷം; 2. വാൾ.
കരാളിനി [സം. കരാലിനീ] നാ. = കരാളിക.

കരാറുകാരൻ നാ. 1. കരാർചെയ്ത ആൾ, കണ്ട്രാക്റ്റർ; 2. കണിശക്കാരൻ.
കരി1 [കരിയുക] ധാതുരൂപം.
കരി2 വി. കറുത്ത.
കരി3 [<കരിഞ്ഞത്] നാ. 1. തടിയും മറ്റും എരിഞ്ഞുണ്ടാകുന്ന വസ്തു, തീകത്തി അവശേഷിക്കുന്ന കറുത്തകട്ട, ഇങ്ഗാലം (പ്ര.) കരിതേയ്ക്കുക= വികൃതമാക്കുക, ചീത്തയാക്കുക, അപമാനിക്കുക; 2. കരിപ്പൊടി, ഉമിക്കരി; 3. കണ്മഷി; 4. വിഷം; 5. കഥകളിയിലെ കരിവേഷം; 6. ചില മരങ്ങൾക്കു പൊതുവേപറയുന്ന പേര്, വലുതും ചെറുതും, തടി ഉപയോഗിക്കാൻ കൊള്ളാവുന്നതുമായ വ്യത്യസ്ഥങ്ങളായ പലമരങ്ങൾക്കും ഈ പേരുപറയുന്നു.
കരി4 നാ. 1. കലപ്പ, കൃഷിയയുധം; 2. കായലിനുസമീപമുള്ള കറുത്തനിലം, ചതുപ്പുപ്രദേശം, തരിശുപാടം, കരിനിലം (പ്ര.) കരിതെളിക്കുക = തരിശുനിലം കൃഷിചെയ്യുക; 3. നെൽപാടങ്ങളിൽ വളരുന്ന ഒരുജാതി നീണ്ടപുല്ല്; 4. നിലങ്കൃഷി; 5. ഒരു ആയുധം, ഹലായുധം; 6. കുന്നുമ്പുറത്തു നിരപ്പൊത്ത സ്ഥലം (വ.മ.)
കരി5 [സം. കരിൻ] 'കരമുള്ളത്, തുമ്പിക്കൈയുള്ളത്.' നാ. 1. ആന; 2. എട്ട് എന്ന സങ്ഖ്യ (ദിക്കരികൾ എട്ട് എന്നതിൽനിന്ന്).
കരിക1 [സം. കരികാ]നാ. 1. കാര; 2. നഖക്ഷതം; 3. അപ്പക്കാര.
കരിക2 നാ. വയലിൽ വളരുന്ന ഒരുതരം കള (പുതുക്കാട്), = കരി4.
കരികണ്ടൻ [കരി2–കണ്ടൻ] നാ. 1. നീലകണ്ഠൻ, ശിവൻ; 2. ഒരുജാതി മരുന്നു ചെടി.
കരികരെ അവ്യ. പരുപരുത്ത്.
കരികാലൻ നാ. ഒരു ചോളരാജാവ്, കരികാലചോളൻ.
കരികുംഭം [സം. കരി5–കുംഭ] നാ. ആനയുടെ മസ്തകത്തിൽ കുടം പോലെ പൊന്തിയ ഭാഗം.
കരികുസുംഭം [സം.] നാ. നാഗകേസരപുഷ്പങ്ങളിൽ നിന്നും ഉണ്ടാക്കുന്ന സുഗന്ധചൂർണം.
കരിക്കോലം നാ. = കരുവേലം.
കരിക്കകം നാ. 1. കാടുചുട്ടുകരിച്ചു വെട്ടിത്തെളിച്ചുണ്ടാക്കുന്ന കൃഷിസ്ഥലം; 2. കരിനിലം.
കരിക്കട്ട [കരി3–കട്ട] നാ. 1. കരിഞ്ഞുകട്ടയായിത്തീർന്ന തടി, തീയെരിഞ്ഞു ചാമ്പലായിത്തീർന്ന തടി, തീയെരിഞ്ഞു ചാമ്പലായിത്തീരാതെ കറുത്തകട്ടയായി ശേഷിക്കുന്ന തടി; 2. ഒരു വൃക്ഷം. (പ്ര.) കരിക്കട്ടപ്പൂതം = കറുത്തുവിരൂപിയായ ആൾ.
കരിക്കണ്ടൻ [കരി2–കണ്ടൻ < കണ്ഠ] നാ. നീലകണ്ഠൻ, ശിവൻ. (പൂ.ബ.വ.), കരിക്കണ്ടർ.
കരിക്കൻ നാ. കാച്ചിൽ തുടങ്ങിയ കിഴങ്ങുവർഗങ്ങളെ ബാധിക്കുന്ന ഒരുവക കീടം.
കരിക്കന്ന് [കരി–കരു–കന്ന്] നാ. ഗർഭത്തിൽ പൂർണമായ വളർച്ചയെത്താത്ത കന്ന്, (പ്ര.) കരിക്കന്നിടുക = ഗർഭം മുറ്റാതെ പ്രസവിക്കുക (വ.മ.)
കരിക്കം നാ. 1. ഒരിക്കലും ഉണങ്ങാത്ത നിലം, കരിക്കകം; 2. മലഞ്ചരിവിലെ കൃഷി.
കരിക്കമ്പ് [കരി4–കമ്പ്] നാ. 1. കലപ്പയിൽ കൊഴുവിൻെറ പുറത്തുവച്ചു തറയ്ക്കുന്ന തടി, അമരി (മ.തി.); 2. കലപ്പയുടെ കൈപ്പിടി (തെ. തി.).

കരിക്കരണ നാ. പഴുതാര.
കരിക്കൽ [< കരി2] 'കറുത്തകാലം, ഇരുണ്ടസമയം.' നാ. 1. അസ്തമിക്കുന്ന സമയം.(പ്ര.) കരിക്കയ്ക്കുതള്ളുക = സന്ധ്യക്കു വലയിറക്കുക; 2. തരിശുനിലം (വ.മ.). (പ്ര.) കരിക്കൽകെട്ടുക = കൃഷിഭൂമിയിൽ കൃഷി ഇറക്കാതെ പുല്ലു വളരുക. (വ.മ.); 3. ഒരുതരം നെല്ല്.
കരിക്കലം [കരി-കല] നാ. കരിപിടിച്ച കലം, പഴയകലം. (പ്ര.) കരിക്കലം തൊടുക = വാൾതൊടുക; കരിക്കലം (കരിങ്കലം) വാട്ടുക = വിവാഹം കഴിക്കുക (ആ. ഭാ.).
കരിക്കാടി [കരി-കാടി] നാ. 1. കഞ്ഞി, ചോറ് (ആ. ഭാ.); 2. നെല്ല് (ആ. ഭാ.).
കരിക്കാരൻ [കരി4-കാരൻ] നാ. കാണക്കാരൻ.
കരിക്കാൽ [കരി4-കാൽ] നാ. ചക്കിൻെറ കണ.
കരിക്കാൾ നാ. തണ്ടാൻ, ഊരാളി.
കരിക്ക് [കരി-കായ്] നാ. 1. ഇളം തേങ്ങ, ഇളനീർ. (പ്ര.) കരിക്കുകുത്തുക = നാളികേരം വിളവെത്തുന്നതിനുമുമ്പ് ഇട്ടുനശിപ്പിക്കുക, കരിക്കും കഞ്ഞിയും കുടിക്കുക = വിവാഹം നിശ്ചയിക്കുക; 2. കരിമ്പനയുടെ മടലിൻെറ ഇരുപുറവും കറുത്തമുള്ളുകൾ നിറഞ്ഞ വക്ക്; 3. അന്തി, ഉദാ. കരിക്കാവുക = സന്ധ്യയാവുക.
കരിക്കുക ക്രി. 1. കരിയുക എന്നതിൻെറ പ്ര. രൂ. കരിയാക്കുക, തീകത്തിച്ചു ചുടുക, എരിക്കുക; 2. വറുക്കുമ്പോൾ അധികം മൂപ്പിക്കുക.
കരിക്കുട്ടി [കരി-കുട്ടി] നാ. കാണപ്പുലയരുടെ ഒരു ദേവത, കരിക്കുന്നൻ [കരി -കുന്നൻ] നാ. പഴുതാര, കരിങ്കണ്ണി, കരിങ്കന്ന്.
കരിക്കുലം [ല.] നാ. പാഠ്യപദ്ധതി.
കരിക്കൂറ് [കരി-കൂറ്] നാ. പാഴ്നിലം കൃഷിക്കായി പതിച്ചുകൊടുക്കുന്ന പാട്ടസമ്പ്രദായം.
കരിക്കെന്ന് അവ്യ. 1. വേഗത്തിൽ; 2. ചുരുക്കി.
കരിക്കൊടി [സം. കരിവല്ലി] നാ. കരിവള്ളി.
കരിക്കോൽ [കരി4-കോൽ] നാ. കലപ്പത്തണ്ട്, ഈയക്കോൽ.
കരിങ്കടൽ [കരി-ം-കടൽ] നാ. കറുത്തകടൽ. ഏഷ്യാമൈനറിനുവടക്കു, മിക്കവാറും കരയാൽ ചുറ്റപ്പെട്ടുകിടക്കുന്ന ഒരു കടൽ.
കരിങ്കണ്ടൻ [കരി-ം-കണ്ടൻ] നാ. 1. ഒരു പച്ചമരുന്ന്; 2. ശിവൻ.
കരിങ്കണ്ണി [കരി2-ം-കണ്ണി] നാ. 1. കരിങ്കണ്ണുള്ള സ്ത്രീ, = കരിങ്കണ്ണൻ; 2. പഴുതാര (വ.മ.).
കരിങ്കണ്ണ് [കരി2-ം-കണ്ണ്] നാ. 1. കറുത്ത കണ്ണ്; 2. നോക്കിയാൽ ദോഷം വരുത്തുന്ന കണ്ണ്.
കരിങ്കന്ന് [കരി2-ം-കന്ന്] നാ. പോത്ത്; 2. കരിങ്കണ്ണി, പഴുതാര.
കരിങ്കർ നാ. (ബ.വ.)സാമൂതിരിക്കോവിലകത്തെ ഒരുകൂട്ടം സിൽബന്ധികൾ.
കരിങ്കലം നാ. 1. മൺകലം (ആ.ഭാ.); 2. കരിക്കലം, കരിപിടിച്ച കലം ക്ഷ് വെങ്കലം; (പ്ര.) കരിങ്കലം വാട്ടുക = കല്യാണം കഴിക്കുക.
കരിങ്കള്ളൻ [കരി2-ം-കള്ളൻ] നാ. ഏതു ഭയങ്കരകള്ളവും ചെയ്യാൻ മടിയില്ലാത്തവൻ, വലിയ കള്ളൻ.
കരിങ്കാലി1 [കരി-ം-കാലി] നാ. ശിവൻെറ വേടരൂപം.

കരിങ്കാലി2 [കരി-ം-കാലി] നാ. കൂട്ടത്തെ ഒറ്റുകൊടുക്കുന്നവൻ, പണിമുടക്കു കാലത്തു ജോലിചെയ്യാൻ സന്നദ്ധതകാട്ടുന്നവൻ, വഞ്ചകൻ. ( < ഇം. ബ്ലക്ക് ലെഗ്).
കരിങ്കാളി [മ. കരി-ം-സം. കാലീ] നാ. 1. ഭദ്രകാളി; 2. കിഴക്കൻപുലയർ ആരാധിക്കുന്ന ഒരു ദേവത; 3. ഭയങ്കരി.
കരിങ്കിളി [കരി-ം-കിളി] നാ. ഒരിനം പക്ഷി, കാക്കത്തമ്പുരാട്ടി, കാരാടൻ ചാത്തൻ.
കരിങ്കുവലയം [മ. കരിം. സം. കുവലയ] നാ. കരിങ്കൂവളം, നീലത്താമര.
കരിങ്കുറിഞ്ഞി, കരും- [കരി-ം-കുറുഞ്ഞി] നാ. 1. ഒരിനം പച്ചമരുന്ന്, കറുത്ത പൂവുള്ള വാടാക്കുറുഞ്ഞി; 2. കരിങ്കിളി.
കരിങ്കുറുഞ്ഞിമൂർഖൻ, കരും- [കരിം-കുറുഞ്ഞി-മൂർഖൻ] നാ. ഒരുതരം മലമ്പാമ്പ്, കരിനാഗം, കരിഞ്ചാത്തി.
487
കരിങ്കുറ്റി [കരി-ം-കുറ്റി] നാ. 1. കറുത്ത കുറ്റി; 2. കൃഷി നശിപ്പിക്കുന്ന ഒരുതരം പുഴു.
കരിങ്കുറ്റിയാൻ [കരി-ം-കുറ്റി-ആൻ] നാ. കറുത്തുകുറിയതും ദൃഢവുമായ ശരീരത്തോടുകൂടിയവൻ.
കരിങ്കൂവളം [കരി-ം-കൂവള] നാ. കരിങ്കുവലയം.
കരിങ്കൊടി [കരി2-ം-കൊടി] നാ. 1. കറുത്ത കൊടി, പ്രതിഷേധ (ദു:ഖ) സൂചകമായ കറുത്തകൊടി; 2. ഒരുതരം വള്ളിച്ചെടി.
കരിങ്ങ, കരിങ്ങാ നാ. 1. വിളയാത്ത കായ് (വിളയാത്ത അടയ്ക്ക, പറങ്കിമാങ്ങ എന്നിവപോലെ) ചമ്പൻ, ഇളം പാക്ക്, പഴുക്കാറായ പാക്ക്, കേടുപറ്റിയ പാക്ക്; 2. കരിക്ക്, ഇളങ്കായ്.
കരിങ്ങണ്ണി നാ. കരിങ്ങാണി, പഴുതാര.
കരിങ്ങമ്പള്ളി നാ. പഴയ കൊച്ചീസംസ്ഥാനത്തു വെള്ളാരപ്പള്ളിയിൽ പണ്ട് ഉണ്ടായിരുന്ന ഒരു നമ്പൂതിരിമന. (ആ മനയിൽ ജനിച്ച ലക്ഷ്മീദാസൻ എന്ന കവിയുടെ കൃതിയാണ് പ്രസിദ്ധമായ ശുകസന്ദേശം).
കരിങ്ങാണി, കരിങ്ങണ്ണി, കരങ്ങാണി നാ. പഴുതാര.
കരിങ്ങാലി നാ. കറുത്തകാതലുള്ള ഒരുജാതി മരം.
കരിച്ച1 [കരിക്കുക] (ഭൂ.കാ. പേരെച്ചം.) വി. കരിക്കലിനു വിധേയമായ.
കരിച്ച2 [< കരിച്ചെള്ള്] നാ. തെങ്ങിൻ കൂമ്പിൻ നശിപ്പിക്കുന്ന ഒരുജാതി വണ്ട് (തെ.തി.).
കരിച്ചാൽ [കരി4 -ചാൽ] നാ. കലപ്പച്ചാൽ, ഉഴവുചാൽ.
കരിഞാറ് [കരി-ഞാറ്] നാ. പറിച്ചുനട്ടതിനുശേഷം പച്ചപിടിച്ച ഞാറ്. (പ്ര.) കരിഞാറു കൊള്ളുക = നിലത്തിൽ നട്ടഞാറ് ഒരാഴ്ചയ്ക്കകം പുതുവേരിറങ്ങി കറുത്തനിറം കൊണ്ടു വളരാന്തുടങ്ങുക.
കരിഞ്ചക്കര [കരി-ം-ചക്കര] നാ. പനങ്കള്ളു കുറുക്കിയുണ്ടാക്കുന്ന ഒരുതരം ചക്കര. (തെ.തി.).
കരിഞ്ചട്ടം [കരി-ം-ചട്ട] നാ. ചീത്തനിയമം.
കരിഞ്ചണ്ടി [കരി2-ം-ചണ്ടി] നാ. കറുത്തപായൽ, കരിമ്പായൽ.
കരിഞ്ചന്ത [കരി-ം-ചന്ത] നാ. നിയന്ത്രിതവിലയ്ക്കുള്ള സാധനങ്ങൾ പൂഴ്ത്തിവച്ച് അമിതമായ വിലയ്ക്കുനടത്തുന്ന കള്ളക്കച്ചവടം, കള്ളക്കമ്പോളം.

കരിഞ്ചാത്തൻ [കരി-ം-ചാത്തൻ] നാ. 1. ശൈവാംശമായ ഒരു ദേവത; 2. ഒരുതരം പാമ്പ്.
കരിഞ്ചാമുണ്ടി [കരി-ം-ചാമുണ്ടി] നാ. ഭദ്രകാളി, ഒരു തെയ്യക്കോലം (വ.മ.).
കരിണി [സം. കരിണീ] നാ. 1. പിടിയാന; 2. ഹസ്തിപിപ്പലി; 3. ഗുഹ.
കരിദാരകൻ, കരിദാരകം [സം. കരി-ദാരക] നാ. സിംഹം.
കരിനാക്ക് [കരി-നാക്ക്] 'കറുത്ത പാടുള്ള നാക്ക്.' നാ. ഒന്നിനെപ്പറ്റി എന്തെങ്കിലും പറഞ്ഞാൽ ദോഷഫലം ഉളവാകുന്നത്. (പും.) കരിനാക്കൻ. (സ്ത്രീ.) കരിനാക്കി.
കരിനാഗം [മ. കരി-സം. നാഗ] നാ. ഉഗ്രവിഷമുള്ള ഒരുജാതി കറുത്തപാമ്പ്, കരിങ്കുറിഞ്ഞിമൂർഖൻ.
കരിനാടകൻ, -നാടൻ, -നാടോൻ [കരി-നാടകൻ] നാ. വലിയ പത്തിയും ഉഗ്രവിഷവുമുള്ള ഒരുജാതി മലമ്പാമ്പ്, കൃഷ്ണസർപ്പം. (വ.മ.).
കരിനാട്ടുതമിഴ് [കരിനാട്ടു-തമിഴ്] നാ. കർണാടകഭാഷ (തമിഴ് ഗ്രന്ഥങ്ങളിൽ കൊടുത്തിട്ടുള്ള ഒരു പേര്).
കരിനാൾ [കരി-നാൾ] നാ. അശുഭദിനം.
കരിനിയമം [മ. കരി-സം. നിയമ] നാ. കരിഞ്ചട്ടം.
കരിനിലം നാ. 1. കുട്ടനാടൻ പുഞ്ചനിലമ്പോലെ കറുത്ത മണ്ണുള്ള വയൽ, = കരി മാടി; 2. തരിശുനിലം.
കരിനിഴൽ [കരി-നിഴൽ] നാ. അശുഭത്തിൻെറ സൂചന, ആപത്തിൻെറ മുന്നോടി, നൈരാശ്യം.
കരിനീലിക്കുക [കരിനീല] ക്രി.കരിനീലത്തിൻെറ നിറമാകുക.
കരിനൂൽ [കരി-നൂൽ] നാ. തടിയറുക്കുമ്പോൾ തടിപ്പുറത്ത് അടയാളപ്പെടുത്താൻ ഉപയോഗിക്കുന്ന കരിപുരട്ടിയ ചരട്.
കരിന്തമിഴ് [കരി-ം-തമിഴ്] നാ. 1. മലയാളഭാഷയുടെ ആദ്യഘട്ടം; 2. കൊടുന്തമിഴ്; 3. തമിഴ്മലയാളങ്ങളുടെ പ്രാഗ്രൂപം.
കരിന്തലച്ചിക്കാളി [കരി-ം-തലച്ചി-കാളി] നാ. ഒരിനം പക്ഷി, മൈനയുടെ ഇനത്തിൽപ്പെട്ടത്.
കരിന്താടി [കരി2-ം-താടി] നാ. കറുത്ത താടിമീശ.
കരിന്തിരി [കരി-ം-തിരി] നാ. എണ്ണയില്ലാതെ കരിഞ്ഞുകത്തുന്ന വിളക്കുതിരി; (പ്ര.) കരിന്തിരി കത്തുക = എണ്ണവറ്റി തിരിമാത്രം കത്തുക, അണയാറാവുക. കരിന്തിരിയും ആറാട്ടും = വളരെ ലുബ്ധുപിടിച്ച ആഘോഷം.
കരിന്തോൽ [കരി-ം-തോൽ] നാ. 1. പച്ചക്കായ്കളുടെ പുറന്തൊലി, കരുന്തൊലി; 2. കരിമരത്തിൻെറ പട്ട.
കരിപണയം [കരി4-പണയ] നാ. കൈവശാവകാശമായി വസ്തുകൊടുത്തു കൊണ്ടുള്ള പണയം.
കരിപൻ [സം. കരി5-പ] നാ. ആനപ്പാപ്പാൻ.
കരിപാട്ടം, കരിപ്പാട്ടം [കരി4-പാട്ട] നാ. 1. കൃഷിചെയ്യാത്ത നിലത്ത് കൊടുക്കേണ്ടിവരുന്ന കരം; 2. നെൽപ്പടങ്ങൾക്കുള്ള പാട്ടം.
കരിപുരം, -രി [സം. കരി5-പുരം-രീ] നാ. ഹസ്തിനപുരം.
കരിപോത(ക)ം [സം. കരി4-പോത(ക)] നാ. ആനക്കുട്ടി.
കരിപ്പ [< കരി] നാ. ഇളം കറുപ്പുനിറം.

കരിപ്പൻ, കരിമ്പൻ, കരിമ്മേൽ, കരിമ്പൽ, കരമ്പൽ, കരും പൻ നാ. നനഞ്ഞ വസ്ത്രങ്ങൾ ഉളങ്ങാതെ ചുരുട്ടിയിട്ടാൽ അതിന്മേൽ ഉണ്ടാകുന്ന കറുത്ത പുള്ളികൾ. (പ്ര.) കരിപ്പൻ അടിക്കുക.

കരിപ്പ് [കരിക്കുക] നാ. 1. കാടുകരിയ്ക്കൽ, കാടുകരിച്ചു ചെയ്യുന്ന കൃഷി; 2. ഇരുൾച്ച, അന്തി, സായംസന്ധ്യ; 3. താണതരം ചന്ദനം.

കരിപ്പുകട്ടി [കരിപ്പു-കട്ടി] 'കരിമ്പുനീർ കട്ടിയാക്കിയത്.' നാ. 1. കരിമ്പനയിൽ നിന്നെടുക്കുന്ന അക്കാനി തിളപ്പിച്ച് വറ്റിച്ചുണ്ടാക്കുന്ന മധുരപദാർഥം; 2. ശർക്കര.

കരിപ്പുരൽ [കരി-പുരൽ] നാ. ഒരിനം ചേല.

കരിപ്പുവില്ലൻ [കരിമ്പു-വില്ലൻ] നാ. കരിമ്പുവില്ലുള്ളവൻ, കാമദേവൻ.

കരിപ്പെട്ടി നാ. = കരിപ്പുകട്ടി.

കരിപ്പൊടി നാ. 1. കരിയുടെ പൊടി; 2. കറുത്തപൊടി.

കരിപ്പോല [കരിപ്പ്-ഓല] നാ. അഗ്നികടയുമ്പോൾ തീപിടിക്കുന്നതിനുവേണ്ടി പഞ്ഞിക്കുപകരം അരണിയിൽ വയ്ക്കുന്ന ഒരുവക പുല്ല്.

കരിബന്ധം [സം. കരി5-ബന്ധ] നാ. ആനയെത്തളയ്ക്കുന്ന കുറ്റി, ആളാനം.

കരിമ നാ. കറുപ്പ്.

കരിമടൽ [കരി-മടൽ] നാ. ചക്കയുടെ മുള്ളോടുകൂടിയ പുറന്തൊലി.

കരിമണ്ട് നാ. അടയ്ക്കാക്കുരുവിയോളം വലിപ്പം വരുന്ന ഒരു ചെറിയ കറുത്ത പക്ഷി. വാലിൻെറനടുക്കുവെളുത്ത വര, ജലാശയങ്ങളിൽതൊട്ടുപറക്കുന്നു (വ.മ.).

കരിമന്തി [കരി2-മന്തി] നാ. കരിങ്കുരങ്ങ്.

കരിമം, കരുമം (പ.മ.) [<സം. കർമ] നാ. = കർമം.

കരിമങ്ങലം, -മങ്ഗല്യം [മ. കരി2-സം. മങ്ഗല] നാ. മുഖത്തുണ്ടാകുന്ന കറുത്ത പാട്, ഇത് നിർഭാഗ്യത്തിൻെറ ലക്ഷണമായി ഗണിക്കപ്പെടുന്നു, ശ്യാമിക.

കരിമരം [കരി3-മര] നാ. 1. മരുത്; 2. കറുത്തതടിയുള്ള ഒരു കാട്ടുമരം.

കരിമരുന്ന് [കരി3-മരുന്ന്]നാ. വെട്ക്കെട്ടിന് ഉപയോഗിക്കുന്ന കരി, ഗന്ധകം, വെടിയുപ്പ് തുടങ്ങിയവയുടെ മിശ്രിതം, വെടിമരുന്ന്, കരിമരുന്നു പ്രയോഗം-വേല = വെടിക്കെട്ട്, കമ്പക്കെട്ട്.

കരിമറുത [കരി2-മറുത] നാ. 1. മസൂരിവന്നുമരിച്ച ആളിൻെറ പ്രേതം. (പ്ര.) കരിമറുതാക്കോലം; 2. കറിത്തുവികൃതമായ രൂപമുള്ളവൻ.

കരിമാടി നാ. = കരുമാടി.

കരിമാണ്ടി [<കരിമ] വി. നല്ലതുപോലെ കറുത്ത. നാ. നല്ല കറുത്ത നിറമുള്ള ആൾ.

കരിമാനം [കരി2-മാന] നാ. കാർമേഘം നിറഞ്ഞ ആകാശം.

കരിമിഴി [കരി2-മിഴി] നാ. 1. കറുത്തകണ്ണ്; 2. കറുത്തകണ്ണുള്ളവൾ, സുന്ദരി.

കരിമീൻ [കരി2-മീൻ] നാ. ഒരു ശുദ്ധജലമത്സ്യം.

കരിമുകിൽ [കരി2-മുകിൽ] നാ. കർമേഘം. (പ്ര.) കരിമുകിലവർണൻ = കാർമുകിൽ വർണൻ, ശ്രീകൃഷ്ണൻ.

കരിമുഖൻ [സം. കരി5-മുഖ] നാ. ആനമുഖൻ, ഗണപതി.

കരിമുടി [കരി3-മുടി] നാ. കഥകളിയിൽ കരിവേഷക്കാർ തലയിലണിയുന്ന കിരീടം.

കരിമുട്ടി [കരി-മുട്ടി] നാ. 1. പകുതി എരിഞ്ഞതടി; 2. താന്തോന്നി, തെമ്മാടി. (സ്ത്രീ.) കരിമുട്ടിച്ചി.

കരിമുണ്ടകൻ [കരി2–മുണ്ടകൻ] നാ. ഒരിനം നെല്ല്, കറുത്ത മുണ്ടകൻ.
കരിമുണ്ടൻ [കരി2–മുണ്ടൻ] നാ. കറുത്തുകുറുകിയ ആൾ.
കരിമുള്ള്, –മുൾ, കരൂൾ [കരി–മുള്ള്] നാ. 1. കടുത്ത മുള്ള്; 2. ചക്കയുടെ പുറത്തെ മുള്ള്.
കരിമൂർഖൻ [കരി2–മൂർഖൻ–മൂക്കൻ ?] നാ. ഒരുജാതി മൂർഖൻപാമ്പ്, മൂക്കു നീണ്ട് ഉഗ്രവിഷമുള്ളത്.
കരിമൊട്ട്, കരു– [കരി < കരു–മൊട്ട്] നാ. പരുവമാകാത്ത മൊട്ട്, ഇളം മൊട്ട്.
കരിമ്പ [<കരി] നാ. ചാരനിറം, കരിപ്പ.
കരിമ്പക്ഷി [മ. കരി–ം–സം. പക്ഷിൻ] നാ. ഉപ്പൻ.
കരിമ്പച്ച [കരി–ം–പച്ച] നാ. 1. കടുത്ത പച്ച; 2. ഒട്ടുംതന്നെ പഴുക്കാത്തത്, തീരെ പച്ചയായത്.
കരിമ്പടപ്പുഴു [കരിമ്പടം–പുഴു] നാ. = കമ്പിളിപ്പുഴു.
കരിമ്പടം [മ. കരി–ം–സം. പട] നാ. ആട്ടുരോമം കൊണ്ടുള്ള വസ്ത്രം, രോമപ്പുതപ്പ്, കമ്പിളി. കരിമ്പടത്തിൽ കറപറ്റുമോ. (പഴ.)
കരിമ്പൻ1 [<കരി] നാ. = കരിപ്പൻ. (പ്ര.) കരിമ്പനടിക്കുക.
കരിമ്പൻ2 നാ. 1. ചാരനിറമുള്ള കാള; 2. കറുത്ത ആൾ; 3. കറുത്ത ഒരിനം പക്ഷി.
കരിമ്പന [കരി2–ം–പന] നാ. കറുത്ത ഒരിനം പന.
കരിമ്പന്തി നാ. കുരുവിയെക്കാൾ ചെറിയ ഒരിനം പക്ഷി, കരിമ്പാടി.
കരിമ്പരുന്ത് [കരി2–ം–പരുന്ത്] നാ. കറുത്തകഴുകൻ.
കരിമ്പഴുക്ക [കരി–ം–പഴുക്ക] വി. മൂത്തുപഴുക്കാറായ.
കരിമ്പാടി നാ. കരിവയറൻ വാനമ്പാടി.
കരിമ്പാമ്പ് [കരി2–ം–പാമ്പ്] നാ. കരിമൂർഖൻ, കൃഷ്ണസർപ്പം.
കരിമ്പായൽ [കരി2–ം–പായൽ] നാ. കറുത്ത പായൽ.
കരിമ്പാലർ നാ. (ബ.വ.) ഒരു കാട്ടുജാതിക്കാർ, നായാടികളിൽ ഒരു വർഗം.
കരിമ്പാള [കരി–ം–പാള] നാ. കമുകിൻെറ പച്ചനിറത്തിലുള്ള പാള.
കരിമ്പാറ [കരി–ം–പാറ] നാ. കടുപ്പമുള്ള കറുത്ത പാറ, ഒരിനം കരിങ്കല്ല്.
കരിമ്പ് നാ. 1. തൃണവൃക്ഷത്തിൽപ്പെട്ടതും തണ്ടിനുമധുരമുള്ളതുമായ ഒരു ചെടി; 2. ഇരുണ്ടനിറം, പഴുക്കാൻ പാകമായ നിറം, ഉദാ. നെല്ലുകരിമ്പായി; കരിമ്പു കഴിക്ക = ശിശുവുന് ആദ്യമായി മലശോധനയുണ്ടാവുക.
കരിമ്പുവില്ലൻ [കരിമ്പു–വില്ലൻ] നാ. കരിപ്പുവില്ലൻ.
കരിമ്പുവില്ല് [കരിമ്പു–വില്ല്] നാ. കാമദേവൻെറ (കരിമ്പുകൊണ്ടുള്ള) വില്ല്.
കരിമ്പുറം, കരിമ്പ്രം [കരി2–ം–പുറ] നാ. പോത്ത്.
കരിമ്പൂച്ച [കരി2–ം–പൂച്ച] നാ. 1. കറുത്ത പൂച്ച; 2. ദുഷ്ടസ്ത്രീ; 3. ശത്രുക്കളെ നേരിടാൻ വിദഗ്ധപരിശീലം നേടിയ അങ്ഗരക്ഷകൻ. (ബ്ലക്ക് ച്ചറ്റ്).
കരിമ്പോള [കരി2–ം–പോള] നാ. 1. = കരിമ്പാള; 2. ഒരു പച്ചമരുന്ന്.
കരിയ [<കരി] വി. കറുത്ത, നീലിച്ച.
കരിയക്കോൽ [കരിയ–കോൽ] നാ. കലപ്പത്തണ്ട്, കരിക്കോൽ, ഈത്ത്.
കരിയൻ [<കരി] നാ. കരിനിറമുള്ളവൻ, ശ്രീകൃഷ്ണൻ.
കരിയറ [കരി4–അറ] നാ. കലപ്പയിൽ കൊഴു ഉറപ്പിക്കുന്ന ഭാഗം. (പ്ര.) കരിയറക്കുക = ഒറ്റിവാങ്ങിയ വസ്തുവിൽ പ്രവേശിക്കുക.

കരിയാത്തൻ [കരി–ആത്തൻ < ചാത്തൻ] നാ. കരിങ്കുട്ടിച്ചാത്തൻ, കരുമകൻ.
കരിയാപണിക്കൻ [കരിയാ–പണിക്കൻ] നാ. കളരിയാശാൻ.
കരിയില [കരി1–ഇല] നാ. ഉണങ്ങിയ ഇല, (പ്ര.) കരിയില ചപ്പുക = മുറുക്കുക (ആ.ഭാ.)
കരിയിറങ്ങുക [കരി4–ഇറങ്ങുക] ക്രി. പണയമായി വാങ്ങിച്ചനിലത്തിൽ കൃഷി തുടങ്ങുക. (പ്ര.) കരിയിറക്കുക = 1. വസ്തു കൈവശംകൊടുക്കുക; 2. ക്ര്6ഷിചെയ്യുക.
കരിയുക [<കരി] ക്രി. 1. തീകൊണ്ടോ സൂര്യൻെറ താപം കൊണ്ടോ മറ്റോ കത്തിക്കറുക്കുക; 2. അമിതമായ ചൂടുകൊണ്ട് വസ്തുക്കളുടെ ജലാംശം പൂർണമായി നഷ്ടപ്പെടുക, ഉണങ്ങി പച്ചകെട്ടുപോവുക, വാടിപ്പോചുക, വരളുക, (പ്ര.) കരിഞ്ഞുപൊരിഞ്ഞ്, കരിഞ്ഞുകാഞ്ഞ്; 3. വൃണം തുടങ്ങിയവ പൊറുക്കുക, ഉദാ. മുറിവുകരിയുക; 4. (ദു:ഖം കൊണ്ടുമനസ്സു) നീറുക, നശിക്കുക; 5. (മുഖം) കരുവാളിക്കുക, വാടുക.
കരിയുമ്മത്ത്, കാരുമ്മത്ത് [കരി2–ഉമ്മത്ത്] നാ. കറുത്ത ഉമ്മത്ത്, കാരിയുമ്മം. (സം. കൃഷ്ണദത്തൂര.)
കരിയൂട്ട് [കരി–ഊട്ട്–കറിയൂട്ട് ?] നാ. ഊരാളിമാർ വിത്തുവിതയ്ക്കുന്നതിനു തൊട്ടുമുമ്പുനടത്തുന്ന ഒരു പൂജ. ഇറച്ചിയും ചാരായവും നിവേദിക്കുന്ന ചടങ്ങ്.
കരിയോല [കരി–ഓല] നാ. 1. പഴകിയ തെങ്ങോല; 2. പഴകിക്കറുത്ത ഓല പ്രമാണം.
കരിക്കൽ നാ. ഒരിനം നെലിത്ത്.
കരിവദനൻ [സം. കരി5–വദന] നാ. 1. ഗജമുഖൻ, ഗണപതി; 2. സുഗ്രീവ സൈന്യത്തിലെ ഒരു വാനരൻ.
കരിവലം നാ. 1. ഭണ്ഡാരം; 2. കരുവേലം. നായന്മാരിൽ ഒരു അവാന്തരവിഭാഗം (ഭണ്ഡാരത്തിൻെറ ചുമതലവഹിച്ചിരുന്നതുകൊണ്ട്.?).
കരിവള്ളി1 [മ. കരി2–സം. വല്ലീ]നാ. 1. ഒരിനം കാട്ടുവള്ളി, കരിയിലാഞ്ചിവള്ളി; 2. ഒരു നല്ലയിനം കുരുമുളകുകൊടി; 3. കറുത്ത നീളംകൂടിയ പാമ്പ്. (ഗി.വ)
കരിവള്ളി2, കരു– [മ. കരി–സം. വല്ലീ] 'വള്ളികൾ കരിഞ്ഞുപോകുന്ന കാലം.' നാ. ഏറ്റവും ചൂടുകൂടുതലുള്ള സമയം. മേറ്റം 27 മുതൽ പതിമ്മൂന്നരദിവസം.
കരിവാട്1 [കരി–വാട്] നാ. കരിനാട്ടിനെല്ല്.
കരിവാട്2, കരു– [<പോർ. ച്ര്വദൊ ?] നാ. ഉണക്കമത്സ്യം. കരിവാടുചുട്ടു നായെ തല്ലിയപോലെ. (പഴ.)



കരിവാരം [കരി4–വാര] നാ. കരിനിലത്തിന്മേലുള്ള കരം.
കരിവാഹനൻ [സം. കരി5–വാഹന] 'ആന വാഹനമായിട്ടുള്ളവൻ.' നാ. ഇന്ദ്രൻ.
കരിവാളിക്കുക, കരു– ക്രി. 1. വെയിലുകൊണ്ടോ മറ്റോ ശരീരം കറുക്കുക, കാളിമപരക്കുക, വിളറുക, നിറം മങ്ങുക; 2. വികാരംകൊണ്ട് മുഖംവാടുക, ശോഭകെടുക.നാ. കരിവാളിപ്പ്.
കരിവാഴ [കരി–വാഴ] നാ. ഒരിനം വാഴ. (കരിങ്കദളി).
കരിവി, –രു– നാ. 1. കലപ്പ; 2. ക്ഷൗരക്കത്തി; 3. പണിക്കോപ്പ്; 4. ആയുധം; 5. കവചം; 6. ഔഷധഗുണമുള്ള ഒരിനം വള്ളി; കരിവിവള്ളി.
കരിവിലാന്തി, –ത്തി നാ. ഒരിനം ഔഷധച്ചെടി, കൽത്താമര.

കരിവീട്ടി [കരി-വീട്ടി] നാ. ഈട്ടിയിൽ ഒരിനം.
കരിവ് [<കരിയുക] നാ. 1. കരിഞ്ഞമട്ട്, ഉണക്ക്; 2. കൊടും വെയിൽ കൊണ്ടുണ്ടാകുന്ന കൃഷിപ്പിഴ, വരൾച്ച; കരിവു കരത്തുകണക്കൻ = കരിവുമൂലം കൃഷിയ്ക്കുണ്ടാകുന്ന ചേതം കണക്കാക്കി അറിയിക്കാൻ ചുമതലപ്പെട്ട സർക്കാർ ഉദ്യോഗസ്ഥൻ.
കരിവയ്ക്കുക ക്രി. = കരി ഇറക്കുക.
കരിവെള്ള [കരി2-വെള്ള] നാ. കറുത്തതടിയുള്ള ഒരുമരം.
കരിവേങ്ങ [കരി-വേങ്ങ] നാ. ഒരിനം വേങ്ങമരം.
കരിവേപ്പില, കരു- [കരി-വേപ്പ്-ഇല] നാ. കരിവേപ്പിൻെറ ഇല, കറികൾക്കു സ്വാദുകൂട്ടാൻ ചേർക്കുന്നത്. (പ്ര.) കരിവേപ്പില ആക്കുക = ആവശ്യത്തിനു കൈക്കൊള്ളുകയും പിന്നെത്തള്ളുകയും ചെയ്യുക.
കരിവേപ്പ്, കരിയാപ്പു, കരു-, കറി [കരി-വേപ്പ്] നാ. വേപ്പിൻെറ ഒരു വകഭേദം.
കരിവേല(ക)ം, കരു-[സം. കരി-വേല(ക)]നാ. ഒരിനം വൃക്ഷം.
കരിവേലപ്പുര; കരു- [കരിവേല-പുര] നാ. സാധനങ്ങൾ ശേഖരിച്ചുവയ്ക്കുന്ന മുറി, ഈടുവയ്പുമുറി, ഭണ്ഡാരപ്പുര. (തെ. തി)
കരിവേലം2, കരു-, കരിവലം നാ. ഭണ്ഡാരം, നിധി, കരിവേലത്തുപിള്ള = ഭണ്ഡാരം കണക്കെഴുത്തുകാരൻ.
കരിവേഷം [മ. കരി3-സം. വേഷ] നാ. കഥകളിയിലെ തമോഗുണപ്രധാനങ്ങളായ കഥാപാത്രങ്ങളുടെ വേഷം.
കരിവൈജയന്തി [സം. കരി5-വൈജയന്തീ] നാ. ആന വഹിച്ചുകൊണ്ടുപോകുന്ന കൊടി.
കരിശന നാ. 1. വേഗം; 2. തരിപ്പ്.
കരിശമണി നാ. നിക്കാഹുകഴിഞ്ഞാലുടൻ വരൻെറ സഹോദരി വധുവിൻെറ കഴുത്തിൽ കെട്ടുന്നതും കറുത്തചെറുമണികൾ കോർത്തിട്ടുള്ളതുമായ മാങ്ഗല്യസൂത്രം. (തെ.തി.).
കരിഷം [<സം. ഘർഷ?] നാ. വിരോധം, വെറുപ്പ്.
കരിസ്കന്ധം [സം. കരി5-സ്കന്ധ]നാ. ആനക്കൂട്ടം.
കരിഹസ്തം [സം. കരി5-ഹസ്ത] നാ. നാട്യശാസ്ത്രപ്രകാരമുള്ള അറുപത്തിനാലു കലകളിൽ ഒന്ന്.
കരീര, -രി [സം. കരീര, -രീ] നാ. 1. ആനക്കൊമ്പിൻെറ കട; 2. ചീവീട്.
കരീരകം [സം.] നാ. യുദ്ധം.
കരീരൻ [സം.] നാ. 1. (സമാസാന്ത്യത്തിൽ മാത്രം പ്രയോഗം); അങ്കുരിച്ചവൻ, ഉണ്ടായവൻ, സന്താനം; 2. മുള്ളുള്ള ഒരു വൃക്ഷം, മുള്ളുകൊണ്ട് ആനയെ ഉപദ്രവിക്കുന്നത്, തൂതുവള, കരുമുള്ളി; 3. നിലത്തുപടർന്നുവളരുന്ന ഒരു ചെടി; 4. കൂവളം; 5. അഗസ്തിവൃക്ഷം; 6. കുടം; 7. (ജ്യോ.) കുംഭരാശി.
കരീരഫലകം [സം. കരീര-ഫലക] നാ. തെങ്ങ്.
കരീരം [സം. കരീര] നാ. 1. മുളങ്കൂമ്പ്, മുള, അങ്കുരം, നാമ്പ്, ആണ്ടൽ.
കരീരിക [സം. കരീരികാ] നാ. ആനക്കൊമ്പിൻെറ കട.
കരീലൻ നാ. തണ്ടാൻ (ആ.ഭാ.).
കരീലപ്പക്കി നാ. = കരിയിലക്കിളി.

കരീഷം [സം.] നാ. 1. ഉണങ്ങിയ ചാണകം, വരടി; 2. കുപ്പ. കരീഷങ്കഷ [സം. കരീഷം-കഷാ] നാ. കൊടുങ്കാറ്റ്.
കരീഷാഗ്നി, കരീശാഗ്നി [സം. കരീഷ-അഗ്നി] നാ. ചാണകവരടികൊണ്ട്, കത്തിച്ച തീയ്യ്.
കരീഷിണി [സം. കരീഷിണീ] നാ. 1. ഐശ്വര്യദേവത; ലക്ഷ്മി; 2. പ്രാചീന ഭാരതത്തിലെ ഒരു നദി.
കരു1 വി. 1. കറുത്ത, ഉദാ. കരുനൊച്ചി, കരുമരുത്; 2. കഠിനമായ.
കരു2 നാ. 1. കരുമരം; 2. കരിമരുത്; 3. മുസ്തംബി, കരുങ്കാലി; 4. ഇരുമ്പിറക്കിമരം, തൊലിപ്പുറം കറുപ്പും തൊലിയുടെ ഉൾഭാഗം ചെമപ്പും, തടിബലമുള്ളത്.
കരു3, കരു(വ്) നാ. 1. ഗർഭത്തിലെ പ്രജ, ബീജം, ഉദാ. കരുവഴിവ്; 2. സന്താനം, കുട്ടി; 3. മുട്ടയ്ക്കകത്തെ മഞ്ഞയായ ഭാഗം (വെള്ളയും), ഉദാ. വെള്ളക്കരു, മഞ്ഞക്കരു; 4. ഊറ്റ്, ഉറവ, നീരോട്ടം.
കരു4 നാ. 1. (പാത്രങ്ങളും മറ്റും വാർക്കുന്നതിന്) മണ്ണുകൊണ്ടും മറ്റും ഉണ്ടാക്കുന്ന മാതൃക, രൂപം, മൂശ, (പ്ര.) കരുക്കൊള്ളുക = രൂപം കൊള്ളുക; 2. ഉപകരണം, പണിക്കോപ്പ്, സാമഗ്രി; 3. ഒരു ആയുധം; 4. ചൂത്, പകിട, ചതുരങ്ഗം മുതലായ കളികൾക്ക് ഉപയോഗിക്കുന്ന ഉപകരണം. ചതുരങ്ഗക്കരു, പകിടക്കരു, ചൂതുകരു ഇത്യാദി; 5. ഒരുതരം ചെണ്ട; 6. സാരമായത്, കാര്യമായത്, വിലയേറിയത്, മിടുക്ക്; 7. മാന്ത്രികന്മാർ ദുർമന്ത്രവാദത്തിന്നു കുട്ടികളുടെയും മറ്റും മൃതദേഹം ഉപയോഗിച്ചു തയാറാക്കുന്ന മരുന്ന്; 8. മന്ത്രവാദികൾ ആരാധിക്കുന്ന ഒരു മൂർത്തി.
കരുകര(ആ) അവ്യ. ശബ്ദാനു. 1. കരുകരുശബ്ദത്തോടെ, (പാകമാകാത്ത ഫലങ്ങൾ കടിച്ചുമുറിച്ചാലെന്നപോലെയുള്ള), ഉദാ. കരുകരാ ചവയ്ക്കുക; 2. ശക്തിയായ, പരുക്കനായ; 3. വെറുംകയ്യോടെ, ശൂന്യമായി, ഉദാ. ഭാഗം വെച്ചപ്പോൾ അയാൾ കരുകരാ ഇറങ്ങിപ്പോയി, കരുകരാ പട്ടിണി.
കരുകരുക്കുക ക്രി. കണ്ണിൽ പൊടിയും മറ്റും വീണ് അസുഖം ഉണ്ടാവുക, ഉറുത്തുക. നാ. കരുകരുപ്പ് = 1. ഉറുത്തൽ; 2. മത്സരം, പക (പ്ര.) കണ്ണിലിട്ടാൽ കരുകരുക്കാത്ത = തീരെ ചെറിയ.
കരുകുക ക്രി. 1. കണ്ണിൽ വേദനയുണ്ടാവുക; 2. അസ്തമിക്കുക.
കരുകുല, -കൊല [കരു-കൊല] നാ. തേങ്ങയില്ലാത്ത കുല, കരിഞ്ഞ കുല.
കരുക്കമ്പുളി, കറുക്കം-, കറുക്കാം- നാ. പിണർപുളി.
കരുക്ക്1 നാ. 1. ഈർച്ചവാളിന്റെ പല്ല്; 2. നിരപ്പില്ലാത്ത ഭാഗം; 3. അരം; 4. പനമടലിന്റെ രണ്ടുവശത്തും ഈർച്ചവാളിന്റെ പല്ലുപോലെ മുള്ളുള്ള അരുക്; 5. പല്ലിന്റെ വക്ക്; കരുക്കുപണി, കരുക്കുവേല = ശിൽപവേല.
കരുക്ക്2 [കരു-കായ്] നാ. = കരിക്ക്, ഇളനീർ.
കരുക്കുക ക്രി. 1. അസ്തമിക്കുക; 2. വേദനയുണ്ടാവുക.
കരുങ്കടൽ [കരും-കടൽ] നാ. കറുത്ത കടൽ.
കരുഞ്ചരക്ക് [കരും-ചരക്ക്] നാ. നെല്ല്, ചോളം തുടങ്ങിയ ധാന്യങ്ങൾ.
കരുഞ്ചാത്തി, കരിം- [കരും-ചാത്തി] നാ. വിഷംകൂടിയ ഒരുതരം കറുത്തപാമ്പ്.
കരുണ1 [സം.] വി. ദയതോന്നിക്കുന്ന, മനസ്സലിവുണ്ടാക്കുന്ന, ദയനീയമായ.
കരുണ2 [സം. കരുണാ] നാ. 1. ദുഃഖിക്കുന്നവരോടുള്ള മനസ്സലിവ്, നന്മ ചെയ്യാനുള്ള മനോവൃത്തി, അനുകമ്പ, ഭൂതദയ, സഹതാപം; 2. (സങ്ഗീ.) ശ്രുതികളെ അഞ്ചുജാതികളായി തിരിച്ചിട്ടുള്ളതിൽ ഒന്ന്.

കരുണൻ [സം. കരുണ]നാ. 1. ശിവൻ; 2. ഒരു ഋഷി; 3. വൃഷ്ണിവംശജനായ ഭാജന്റെ പുത്രൻ.

കരുണം1 [സം.] അവ്യ. ദയനീയമായി, മനസ്സലിവു തോന്നിക്കുന്ന വിധത്തിൽ, (പ്ര.) കരുണകരുണം = അതിദയനീയമായി.

കരുണം2 [സം. കരുണാ] നാ. നവരസങ്ങളിൽ ഒന്ന്, മനസ്സിന് അലിവുണ്ടാക്കുന്നത്. സ്ഥായിഭാവം, ശോകം.

കരുണമല്ലി [സം കരുണ-മല്ലീ] നാ. ഈർക്കിൽ മുല്ല, തൂശിമുല്ല.

കരുണരേഖൻ [സം. കരുണ-രേഖ] നാ. പൂർവജന്മങ്ങളിലൊന്നിൽ ബുദ്ധനുണ്ടായിരുന്ന പേർ.

കരുണവിപ്രലംഭം [സം. കരുണ-വിപ്രലംഭ] നാ. വിരലംഭശൃങ്ഗാരത്തിന്റെ ഒരു ഭേദം. നായികാനായകന്മാരിൽ ഒരാളുടെ മരണാനന്തരം വീണ്ടും സമാഗമമുണ്ടായേക്കാമെന്ന പ്രത്യാശയോടെ ജീവിക്കുന്ന മറ്റെ ആളുടെ വിയോഗാവസ്ഥ.

കരുണാകടാക്ഷം [സം. കരുണാ-കടാക്ഷ] നാ. കാരുണ്യപൂർവമായ നോട്ടം, ദയയോടുകൂടിയുള്ള വീക്ഷണം.

കരുണാകര [സം. കരുണാ-ആകര] വി. ദയയ്ക്കു ഇരിപ്പിടമായ.

കരുണാകരൻ [സം. കരുണാ-ആകര] നാ.ദയയ്ക്ക് ഇരിപ്പിടമായുള്ളവൻ, കൃപാനിധി.

കരുണാത്മാവ് [സം. കരുണാ-ആത്മൻ] നാ. കരുണയുള്ളവൻ.

കരുണാദൃഷ്ടി [സം. കരുണാ-ദൃഷ്ടി] നാ. അനുകമ്പയോടുകൂടിയുള്ള നോട്ടം, കരുണാകടാക്ഷം.

കരുണാനിധി [സം. -നിധി] നാ. ദയയ്ക്ക് ഇരിപ്പിടം, ഏറ്റവും ദയയുള്ളവൻ.

കരുണാപര [സം. -പര] വി. കരുണകാണിക്കുന്നതിൽതാത്പര്യമുള്ള, അധികം ദയവുള്ള.

കരുണാർദ്ര [സം. -ആർദ്ര] വി. ദയകൊണ്ടു മനസ്സലിഞ്ഞ.

കരുണാരസം [സം. -രസ] നാ. 1. കരുണാഭാവം; 2. = കരുണം2.

കരുണാലയ [സം. -ആലയ] വി. കരുണയ്ക്ക് ഇരിപ്പിടമായ.

കരുണാവാൻ [സം. കരുണാ-വത്] നാ. കാരുൺയ്യമുള്ളവൻ, ദയയുള്ളവൻ.

കരുണി1 [സം. കരുണിൻ] വി. ദയാർഹനായ, ദയയുള്ള.

കരുണി2 [സം. കരുണീ] നാ. ഒരിനം ഔഷധച്ചെടി, വേലൽക്കാലത്തു പൂക്കുന്നത്, ചുമന്ന പൂവ്.

കരുണിക [<സം. കരുണികാ] നാ. മുള, മൊട്ട്.

കരുതൽ നാ. 1. മുങ്കൂട്ടിക്കാണൽ, ദീർഘദൃഷ്ടി; 2. അവധാനം, ശ്രദ്ധ, സൂക്ഷ്മത; 3. ഭാവിയിലേയ്ക്ക് സൂക്ഷിച്ചുവയ്പ്, സമ്പാദ്യം, ഉദാ. കരുതൽധനം. 4. ഗണന, താത്പര്യം, ശുശ്രൂഷാ, സന്നദ്ധത, ഉദാ. അച്ഛനെപ്പറ്റിയുള്ള കരുതൽ മക്കൾക്ക്, കരുതൽത്തടങ്കൽ = കുറ്റകൃത്യം ചെയ്യുമെന്നു സംശയിച്ചു മുങ്കൂട്ടി തടവിലാക്കൽ, (പ്ര.) കരുതൽത്തടങ്കൽനിയമം, കരുതൽനടപടി = അനിഷ്ട സംഭവങ്ങൾ ഒഴിവാക്കാൻ വേണ്ടി മുങ്കൂട്ടിച്ചെയ്യുന്ന രക്ഷാവ്യവസ്ഥ, കരുതൽപ്പുള്ളി = 1. കരുതൽത്തടങ്കലിനു വിധേയനായ വ്യക്തി; 2. ശ്രദ്ധയോടെ പ്രവൃത്തിക്കുന്ന ആൾ.

കരുതലർ [കരുത്-അല്-അർ] നാ. (ബ.വ.) കരുതാത്തവർ, ബഹുമാനിക്കാത്തവർ, ശത്രുക്കൾ, കടുതലർ(പ.മ.).

കരുതാർ നാ. = കരുതലർ. ക്രി. കരുതുകയില്ല.

കരുതിക്ക ക്രി. ജീവൻ കൊടുക്കുക.
കരുത് [കരുതുക] ധാതുരൂപം.
കരുതുക ക്രി. 1. വിചാരിക്കുക, കണക്കാക്കുക, പരിഗണിക്കുക, കാര്യമായെണ്ണുക; 2. മുങ്കൂട്ടീ വിചാരിക്കുക, സങ്കൽപിക്കുക; 3. ആഗ്രഹിക്കുക; 4. പ്രതീക്ഷിക്കുക; 5. ധ്യാനിക്കുക; 6. സൂക്ഷിക്കുക, ആപത്തുണ്ടാകരുതെന്ന് വിചാരിക്കുക, (പ്ര.) കരുതിക്കൊള്ളുക = സൂക്ഷിച്ചുകൊള്ളുക; 7. മനസ്സിലാക്കുക; 8. തയ്യാറാക്കുക; 9. ആവശ്യത്തിനുവേണ്ടി സംഭരിക്കുക, ശേഖരിച്ചു വയ്ക്കുക; 10. താത്പര്യത്തോടെ ശ്രദ്ധിക്കുക, ശുശ്രൂഷിക്കുക, കാത്തുസൂക്ഷിക്കുക, ആദരിക്കുക, ഉദാ. ദേഹം കരുതുക; 11. പിടിയ്ക്കുക; 12. ലക്ഷ്യം വയ്ക്കുക, ഉദ്ദേശിക്കുക; 13. നോക്കുക, കാണുക; 14. നിശ്ചയിക്കുക, തീരുമാനിക്കുക; 15. ചെയ്യുക, (പ്ര.) കരുതിയിരിക്കുക, കരുതിവയ്ക്കുക ഇത്യാദി.
കരുത്തൻ വി. നാ. 1. കരുത്തുള്ളവൻ, ബലവാൻ, ശക്തൻ; 2. കഴിവുള്ളവൻ, സമർഥൻ.
കരുത്ത് നാ. 1. ശരീരബലം, ശക്തി, കഴിവ്; 2. ഉൾക്കരുത്ത്, ധൈര്യം; 3. ഹൃദയം, മനസ്സ്; 4. ആഗ്രഹം, കൊതി; 5. കാളയ്ക്ക് ഇണചേരാനുള്ള ശക്തി; 6. സാമർഥ്യം; 7. നിശ്ചയം; 8. വളക്കൂറ്, ഉദാ. കരുത്തുള്ള നിലം.
കരുനാഗം [മ. കരു-സം. നാഗ] നാ. = കരിനാഗം.
കരുനാടകം [കരു-നാട്-അക] 'കറുത്ത പ്രദേശം.' നാ. കർണാടകം.
കരുനായ് [കരി1-നായ്] നാ. ചെന്നായ്.
കരുനീക്കം [കരു4-നീക്ക] നാ. 1. ലക്ഷ്യപ്രാപ്തിക്കുള്ള ആലോചനയും പ്രവർത്തനവും, പരിപാടിയനുസരിച്ചുള്ള നടപടികൾ (ചതുരങ്ഗക്കളിയിൽ കരുക്കൾ നീക്കുന്നതിനെ ആസ്പദമാക്കി പറയുന്നത്); 2. തുടക്കം, ആരംഭം.
കരുന്തുടലി [കരു1-ം-തുടലി] നാ. ഒരുതരം തേനീച്ച, ഞൊടിയൽ വർഗത്തിൽപ്പെട്ടത്.
കരുപിടിക്ക [കരു4-പിടിക്കുക] ക്രി. രൂപം കൊള്ളുക, ഉണ്ടായിവരുക, ആവിർഭവിക്കുക, രൂപം കൊടുക്കുക.
കരുപ്പ്1 വി. കരുമ്പിനെ സംബന്ധിച്ച.
കരുപ്പ്2 നാ. = കരിപ്പ്1.
കരുപ്പുകട്ടി, -പ്പട്ടി, -പ്പെട്ടി, -പ്പോട്ടി [കരുപ്പ്1-കട്ടി] നാ. = കരുപ്പുകട്ടി.
കരും വി. 1. കറുത്ത; 2. കടും, കടുത്ത, കടുപ്പമുള്ള, ഉദാ. കരും പച്ചമാങ്ങ, കരുങ്കല്ല്.
കരുമ1, കരിമ നാ. 1. കറുപ്പ്; 2. വിഷം, നഞ്ച്.
കരുമ2 നാ. 1. ശക്തി, വീറ്, ചുണ; 2. മൂർച്ച; 3. കടുപ്പം, ക്രൂരത.
കരുമണൽ [കരു1-മണൽ] നാ. കറുത്തമണൽ, കരിമണ്ണ്.
കരുമണി [മ. കരു1-സം. മണി] നാ. 1. കണ്ണിലെ കൃഷ്ണമണി; 2. കറുത്തമണി.
കരുമൻ [കരുമ2-അൻ] നാ. ശക്തൻ, കരുത്തൻ.
കരുമന1 നാ. 1. വിക്രമം, കഠിനയത്നം; 2. ഉപദ്രവം, നാശം; 3. ക്രൂരത, കാഠിന്യം, ദുഷ്പ്രവൃത്തി, കടുങ്കൈ. കരുമനക്കൂട്ടം = ദുഷ്ടക്കൂട്ടം; 4. ദു:ഖം, മനോവേദന; 5. ദീനസ്വരം, വിലാപം; 6. രാജകോപം.
കരുമന2 നാ. കന്നുകാലികളുടെ ശൃങ്ഗാരചേഷ്ട.

കരുമം (പ.മ.) [<സം. കർമൻ] നാ. 1. പ്രവൃത്തി, കർത്തവ്യം, കാര്യം; 2. ഇടപാട്, വ്യവസ്ഥ; 3. കർമഫലം, ഭാഗ്യം.
കരുമറ [കരു-മറ] നാ. പാളികളായി കറുപ്പും വെളുപ്പും ഇടകലർന്ന നിറം, കറുപ്പും വെളുപ്പും പാളികളായി നിറമുള്ള കാള.
കരുമാടിക്കുട്ടൻ [കരുമാടി-കുട്ടൻ] നാ. 1. അമ്പലപ്പുഴയ്ക്കടുത്തു കരുമടി എന്ന സ്ഥലത്തുള്ള ബുദ്ധപ്രതിമ; 2. കറുത്ത നിറമുള്ള കുട്ടി.
491
കരുമാൻ നാ. കൊല്ലൻ, ഇരുമ്പുപണിക്കാരൻ, (സ്ത്രീ.) കരുമാത്തി, (പ്ര.) കരുമാപ്പുര = കൊല്ലൻെറ പണിസ്ഥലം.
കരുമാനി [<കരുമന] നാ. ഉപദ്രവം.
കരുമാമുകിൽ നാ. കറുത്തവലിയ മേഘം.
കരുമാരി [കരു-മാരി] 'കരുവിനെ സംബന്ധിക്കുന്ന മാരി.' നാ. പ്രസവവേദന.
കരുമാലി 9പ.മ.) നാ. 1. = കരുമന; 2. മലമ്പരുന്തിൽ ഒരിനം,
കരുമിഴി [കരു1-മിഴി] നാ. 1. കൃഷ്ണമണി; 2. കറുത്തകണ്ണ്, മനോഹരമായ കണ്ണ്.
കരുമുട്ടം [കരു1-മുട്ട] നാ. 1. കടുപ്പമുള്ളതും വെട്ടിക്കീറാൻ പ്രയാസമുള്ളതുമായ തടിക്കഷണം.
കരുമുരെ, കറുമുറെ അവ്യ. 1. വറുത്തധാന്യങ്ങളും മറ്റും ചവയ്ക്കുമ്പോഴും പൊടിക്കുമ്പോഴും അരയ്ക്കുമ്പോഴും ഉണ്ടാകുന്ന ശബ്ദത്തോടെ; 2. നേർമയില്ലാതെ തരികളവശേഷിക്കുന്ന തരത്തിൽ.
കരുമൊട്ട് [കരു-മൊട്ട്] നാ. ഇളം മൊട്ട്, അരിമ്പ്.
കരുമ്പടം [മ. കരു-ം-പട] നാ. = കരിമ്പടം.
കരുമ്പിറപ്പ് [കരു-ം-പിറപ്പ്] നാ. (ജൈന.) ആറുതരം ജന്മങ്ങളിൽ ഒന്ന്, ഏറ്റവും താണപടിയിലുള്ളത്.
കരുമ്പുള്ളി [കരു1-ം-പുള്ളി] നാ. 1. കറുത്തപുള്ളി; 2. കറുത്തപുള്ളിയുള്ള കാള (കാളയുടെ നിറത്തെ കുറിക്കാനുപയോഗിക്കുന്ന ഒരു പദം).
കരുമ്പൊൻ [കരു1-ം-പൊൻ] 'കറുത്ത ലോഹം.' നാ. ഇരുമ്പ്.
കരുവകരം [കരു-അകര < ആകര] നാ. = കരുവേലം. കരുവകരത്തുപിള്ള = ഭണ്ഡാരത്തിലെ കണക്കപ്പിള്ള.
കരുവക്കെട്ട് നാ. പ്രായശ്ചിത്തം, പിഴ.
കരുവൻ1 [< കരു3] നാ. 1. പൊക്കൻ, മണൽ; 2. കരപ്പൻ.
കരുവൻ2 [<സം. ഗർവ] നാ. ഗർവിഷ്ഠൻ.
കരുവപ്പട്ട, കരുവാ- [കരുവ-പട്ട] നാ. = കറുവാപ്പട്ട.
കരുവം [<സം. ഗർവ] നാ. അഹങ്കാരം, അഹന്ത.
കരുവമണ്ഡപം [മ. കരുവ-സം. മണ്ഡപ] നാ. ശ്രീപദ്മനാഭസ്വാമിക്ഷേത്രത്തിലെ ഒരു മണ്ഡപം.
കരുവലം നാ. 1. = കരിവേലം, 2. നായന്മാരിൽ ഒരു വിഭാഗം.
കരുവലി [കരു-വലി] നാ. കടുത്തശക്തി.
കരുവള്ളി [മ. കരു-സം. വല്ലീ] നാ. 1. ഒരിനം വള്ളിച്ചെടി, വിഷഹരമായ ഔഷധം; 2. ഒരു നല്ലയിനം കുരുമുളകുവള്ളി; 3. ഒരുജാതി വൃക്ഷം; 4. കരിവള്ളി2.
കരുവഴിക്കുക [കരു3-അഴിക്കുക] ക്രി. ഗർഭച്ഛിദ്രം വരുത്തുക.

കരുവറ [കരു3–അറ] 'കരുവിൻെറ അറ.' നാ. ഗർഭപാത്രം.
കരുവട്ട [കരു–അറ്റ] നാ. പഴുക്കേണ്ട കാലമായിട്ടും പഴുക്കാതെ പച്ചയ്യായി നിൽക്കുന്ന നെല്ല്.
കരുവാൻ, –മാൻ [< കരു4] നാ. കമ്മാളന്മാരിൽ ഒരു വിഭാഗം, ഇരുമ്പുപണിക്കാരൻ, കൊല്ലൻ. (സ്ത്രീ.) കരുവാത്തി. (പ്ര.) കരുവാപ്പണി = കൊല്ലപ്പണി.
കരുവാളിക്കുക ക്രി. = കരിവാളിക്കുക. നാ. കരുവാളിപ്പ് = കരിവാളിപ്പ്.
കരുവാറ്റ് നാ. = കരുവാര.
കരുവി, കരിവി നാ. 1. കലപ്പ; 2. ഉപകരണം, പണിക്കോപ്പ്; 3. ക്ഷൗരക്കത്തി; 4. ആയുധം; 5. കവചം; 6. കള്ളെടുക്കുന്നതിനു കൂമ്പുതല്ലുന്ന ഉപകരണം; 7. കരിവിവള്ളി.
കരുവിന [കരു–വിന] നാ. 1. കടുത്തദു:ഖം, ദുരിതം; 2. ചീത്തപ്രവൃത്തി.
കരുവീട്ടി [കരു1–വീട്ടി] നാ. കറുത്ത ഈട്ടിമരം.
കരുവീരൽ [കരു–ഈരൽ] നാ. കരൾ.
കരുവൂർ, കരൂർ നാ. കൊടുങ്ങല്ലൂർ, ചേരരാജാക്കന്മാരുടെ പഴയ രാജധാനി.
കരുവെലി നാ. തിരുവിതാങ്കൂറിൽ പഴയകാലത്തു നിലവിലിരുന്ന ഒരു ഭൂവുടമരീതി.
കരുവെള്ളി1 നാ. = കരുവള്ളി1.
കരുവെള്ളി2 [കരു–വെള്ളി]നാ. = കരിവള്ളി2 (പ്ര.) കരുവെള്ളി ഉദിക്കുക = കാർത്തിക ഞാറ്റുവേല തുടങ്ങുക, കരുവള്ളിപടുക = കാർത്തിക ഞാറ്റുവേല അവസാനിക്കുക.
കരുവേപ്പ് [കരു–വേപ്പ്] നാ. = കരിവേപ്പ്, കറിവേപ്പ്.
കരുവേലം നാ. ഭണ്ഡാരം. കരുവേല വിരുത്തി = പഴയ കാലത്തുണ്ടായിരുന്ന പല ഇനം 'വിരുത്തി'കളിൽ ഒന്ന്.
കരുവേലി നാ. തിരുവിതാങ്കൂറിലെ ഒരു പഴയ ഭൂവുടമരീതി.
കരുവോൻ നാ. = കരുമകൻ, വേട്ടയ്ക്കൊരുമകൻ.
കരുൾ വി. കറുത്ത.
കരുശകം [സം. കരുശക] നാ.= കരുഷം.
കരേടം [സം. കരേട] നാ. കൈവിരൽ നഖം.
കരേടു [സം.] 'വെള്ളത്തിൽ കിടന്നു ശബ്ദിക്കുന്നത്.' നാ. വരണ്ട.
കരേണു [സം.] 'ശിരസ്സിൽ പൊടിയുള്ളത്.' നാ. 1. ആന; 2. പിടിയാന; 3. ചെറുകൊന്ന, കർണികാരം; 4. ഒരുജാതി ഔഷധച്ചെടി.
കരേണുക [സം. കരേണുകാ] നാ. പിടിയാന.
കരേണുകം [സം.] നാ. ചെറുകൊന്നയുടെ കായ്.
കരേണുദധി [സം. കരേണു–ദധി] നാ. ആനത്തൈര്.
കരേണുദുഗ്ദ്ധം [സം. കരേണു–ദുഗ്ദ്ധ] നാ. ആനപ്പാല്.
കരേണുഭൂവ് [സം. കരേണു–ഭൂ] 'കരേണുവിൽ നിന്നുണ്ടായവൻ.' നാ. 'പാലകാപ്യൻ' എന്ന മഹർഷി, മാതങ്ഗശാസ്ത്രത്തിൻെറ ഉപജ്ഞാതാവ്.
കരേനരം, –വരം [സം. കരേനര] നാ. 1. അറബിക്കുന്തിരുക്കം; 2. ഗുഗ്ഗുലു, ശിലാപുഷ്പം.
കരേറുക ക്രി. 1. കരയ്ക്കു കയറുക; 2. കടക്കുക, പ്രവേശിക്കുക, കൈവശപ്പെടുത്തുക, കയറിയിരിക്കുക, മുകളിലോ അകത്തോ കയറുക; 3. വർധിക്കുക,

അഭിവൃദ്ധിപ്പെടുക, മേൽപ്പോട്ടുകയറുക; 4. മുക്തനാവുക, ഉദാ. സംസാരത്തിൽനിന്നു കയറുക.
കരേറ്റം നാ. 1. കയറൽ, ആരോഹണം; 2. വർധനവ്, അഭിവൃദ്ധി, ഉയർച്ച. കരേറത്തിരുനാൾ = ക്രിസ്തുവിൻെറ സ്വർഗാരോഹണത്തെ ആസ്പദമാക്കി ആഘോഷിക്കുന്ന പുണ്യദിനം.
കരേറ്റുക [കരേറുക < പ്രയോ.] ക്രി. കരകയറാൻ ഇടയാക്കുക.
കരൈയീട് നാ. പാട്ടം, അടമാനം.
കരോടം [സം.] നാ. 1. തലയിലെ അസ്ഥിക്കൂട്ടം; 2. കുഴിഞ്ഞു പരന്ന പാത്രം, കിണ്ണം.
കരോടി [സം. കരോടീ] ' വായുവിനെ തടസ്സപ്പെടുത്തുന്നത്.' നാ. 1. തലയോട്ടി, കരോടം; 2. കിണ്ണം, കുഴിഞ്ഞുപരന്ന പാത്രം; 3. (തച്ചു.) ചായിച്ചുകെട്ടിൻെറ മുകളിൽ ചെയ്യുന്ന അലങ്കാരപ്പണി.
കരോതികൃതി, -ക്രിയ [സം. കരോതി-കൃതി, -ക്രിയാ] നാ. (വ്യാക.) പൂർണക്രിയ, മുറ്റുവിന.
കരോമി [സം. 'കൃ' ധാതുവിൻെറ ലട് പരസ്മൈപദം. ഉ. പു. ഏ.വ] ക്രി. (ഞാൻ) ചെയ്യുന്നു.
കൽ1[കൽക്കുക] ധാതുരൂപം.
കൽ2(വ്യാക.) ആധാരികാവിഭക്തി പ്രത്യയങ്ങളിലൊന്ന്. 'ഇൽ' അർഥത്തിൽ പ്രയോഗം, ഉദാ. എങ്കൽ, അവങ്കൽ, നിങ്കൽ.
കൽ3 നാ. = കല്ല്.
കല1 [കലയുക] ധാതുരൂപം.
കല2 നാ. ആണ്മാൻ, ഒരുജാതി മാൻ.
കല3 നാ. മറു, തഴമ്പ്, വ്രണമോ മറ്റോ കരിഞ്ഞുണ്ടാകുന്ന അടയാളം.
കല4 [സം. കലാ] നാ. കഴിവിൻെറ പ്രകാശനം, പ്രയോഗവൈദഗ്ധ്യം, സുന്ദരമായ ആവിഷ്കരണം. വർണരൂപശബ്ദാദികളെന്തെങ്കിലും ഉപാധിയാക്കി സർഗശക്തിയുടെ സഹായത്തോടെ ആത്മാനുഭൂതിയെ പ്രകാശിപ്പിക്കൽ.
കല5 [സം. കലാ] നാ. 1. (ഒരു ചെറിയ) അംശം, ശകലം, അണു; 2. ചന്ദ്രൻെറ പതിനാറിലൊരു ഭാഗം (പ്ര.) ചന്ദ്രക്കല; 3. പതിനാറിലൊന്ന്; 4. പതിനാറ് എന്ന സങ്ഖ്യ (ചന്ദ്രൻെറ കലകൾ 16 ആയതിനാൽ); 5. സമയത്തിൻെറ ഒരു ചെറിയ ഭാഗം (പല രീതിയിൽ കണക്കാക്കപ്പെടുന്നു); 6. ഒരു ദൈർഘ്യമാനത്തോത്, രണ്ടങ്ഗുലം; 7. രാശിയുടെ മുപ്പതിൽ ഒന്നിൻെറ (ഒരംശത്തിൻെറ) അറുപതിൽ ഒരുഭാഗം; 8. ഒരുകോണിൻെറ 1/60 ഭാഗം (60 കല = 1); 9. ആർത്തവരക്തം; 10. ആദ്യത്തെ അവസ്ഥയിലുള്ള ഭ്രൂണം; 11. (സങ്ഗീ.) ഒരു മാത്ര; 12. പൂവിൻെറ കീലാഗ്രം; 13. മുതലിന്മേൽ കണക്കാക്കുന്ന പലിശ; 14. ചതി, കാപട്യം; 15. എണ്ണിക്കണക്കാക്കൽ; 16. കർദമൻെറ ഒമ്പതുപെണ്മക്കളിൽ ഒരുവൾ, മരീചിയുടെ ഭാര്യ; 17. സാമർഥ്യം; 18. തേജസ്സ്, സൗന്ദര്യം, വ്യക്തിവൈശിഷ്ട്യം; 19. വള്ളം; 20. ശരീരത്തിലെ സപ്തധാതുക്കളുടെ ( രക്തം, മാംസം, മജ്ജ, മേദസ്സ്, അസ്ഥി, ശുക്ലം, രസം) ആധാരം, ഘടനയിലും ധർമത്തിലും സാദൃശ്യമുള്ള ജീവകോശങ്ങളുടെ സമൂഹം.
കലകം [സം.] നാ. 1. പരൽമീൻ; 2. ഒരുതരം ഗദ്യം.
കലകലം [സം.] നാ. 1. ശബ്ദാനുകരണം, ജനസമൂഹത്തിൻെറ ഇരമ്പൽ, കളകളം; വിശേഷണമായും പ്രയോഗം; 2. ചെഞ്ചല്യം. കലകലയ്ക്കുക = മർമരശബ്ദം

പുറപ്പെടുവിക്കുക. കായ്ക്കും പൂക്കും കലകലയ്ക്കും കാക്കയ്ക്കിരിക്കാൻ കൊമ്പില്ല = നെൽച്ചെടി (കടം.).

കലക്കം [< കലങ്ങുക] നാ. 1. കലങ്ങിയിരിക്കുന്ന അവസ്ഥ, തെളിവില്ലായ്മ. അട്ടയ്ക്കു കലക്കം നല്ലിഷ്ടം (പഴ.); 2. കാലുഷ്യം, കുഴപ്പം, ബഹളം, പരിഭ്രമം; 3. വഴക്ക്, കലഹം, പിണക്കം.
കലക്കൽ നാ. 1. ഇളക്കൽ, തെളിമ ഇല്ലാതാക്കൽ; 2. കലങ്ങിയിരിക്കുന്ന അവസ്ഥ, കലക്കം, കലങ്ങിയ വെള്ളം; 3. കലഹം, കുഴപ്പം, ഉദാ. യോഗത്തിൽ കലക്കമുണ്ടാക്കി.
കലക്ക് നാ. = കലക്കൽ.
കലക്കുക [കലങ്ങുക > പ്രയോ.] ക്രി. 1. വെള്ളത്തിലോ മറ്റു ദ്രാവകങ്ങളിലോ ചേർക്കുക, അലിയിക്കുക, കലർത്തുക, ഉദാ. ഉപ്പുകലക്കുക; (പ്ര.) കടലിൽ കായം കലക്കുക = വളരെയധികം ഉപയോഗിക്കേണ്ട സ്ഥാനത്ത് അത്യൽപം മാത്രം വിനിയോഗിക്കുക, പ്രവൃത്തി നിഷ്ഫലമാകുക; കലക്കി കുടിക്കുക = 1. നല്ലപോലെ ഹൃദിസ്ഥമാക്കുക, മുഴുവനും ഗ്രഹിക്കുക; 2. മോശപ്പെട്ട രീതിയിൽ ആഹാരം കഴിക്കുക; 3. നല്ലതു ചീത്തയാക്കിയിട്ട് അനുഭവിക്കുക; 2. കലങ്ങിയതാക്കുക, ഇളക്കിമറിക്കുക, പ്രക്ഷുബ്ധമാക്കുക, ഉദരം കലക്കുക, = ഗർഭം അലസിപ്പിക്കുക; 3. കടകോൾകൊണ്ടു മഥിക്കുക, കടയുക; 4. കുഴപ്പമുണ്ടാക്കുക, കലഹിപ്പിക്കുക, നശിപ്പിക്കുക, ഛിന്നഭിന്നമാക്കുക, ഉദാ. യോഗം കലക്കുക; 5. കലുഷമാക്കുക, മനസ്സമാധാനം ഇല്ലാതാക്കുക, വേദനിപ്പിക്കുക, (പ്ര.) കലക്കിത്തളിക്കുക = ചാണകം വെള്ളത്തിൽ കലക്കി ആ വെള്ളം മുറ്റത്തും മറ്റും കുടയുക, ശുദ്ധി വരുത്തുക, കലക്കിത്തെളിക്കുക = താത്കാലികമായ കുഴപ്പം സൃഷ്ടിച്ചു ഭങ്ഗിയാക്കുക, കലക്കി മറിക്കുക = കുഴപ്പമുണ്ടാക്കുക, അടുക്കും മുറയും തെറ്റിക്കുക.
കലക്ടർ, കലക്റ്റർ, കളക്ടർ [ഇം. ച്ചൊല്ലെച്റ്റൊർ] നാ. ജില്ലയുടെ ഭരണച്ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥൻ.
കലങ്കഷം [സം. കലങ്കഷ] നാ. 1. സിംഹം; 2. ഒരുതരം സങ്ഗീതോപകരണം, എലത്താളം.
കലങ്കുരം [സം. കലങ്ഗുര] നാ. നീർച്ചുഴി.
കലങ്കൊട്ടി [കലം-കൊട്ടി] നാ. കളിമണ്വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരുജാതി.
കലങ്കൊമ്പ് [കല-കൊമ്പ്] നാ. കലമാനിൻെറ കൊമ്പ്.
കലങ് [കലങ്ങുക] നാ. തെളിമയില്ലായ്മ.
കലങ്ങുക ക്രി. 1. ഇളകി മറിയുക (വെള്ളം പോലെ), ക്ഷോഭിക്കുക (കടൽപോലെ) ഇളകി തെളിവില്ലാതാവുക, നിറവ്യത്യാസം ഉണ്ടാവുക, (പ്ര.) കലങ്ങിയ വെള്ളത്തിൽ മീൻ പിടിക്കുക = ഒരാളുടെ വിഷമം പിടിച്ച പരിതസ്ഥിതി മുതലെടുക്കുക, ചൂഷണം ചെയ്യുക; 2. വെള്ളത്തിലോ മറ്റു ലായകങ്ങളിലോ അലിഞ്ഞു ചേരുക, അലിയുക; 3. (ഭയകോപാദികൾകൊണ്ട്) മനസ്സ് ലകുഷമാവുക, കുഴങ്ങുക, കണ്ണിനു നിറവ്യത്യാസം വരിക, വേദനിക്കുക, വിഷമിക്കുക, ഉദാ. മനം കലങ്ങുക, കണ്ണു കലങ്ങുക ഇത്യാദി; 4. പിണങ്ങുക, വിരോധമാവുക; 5. അലസുക, ഉദാ. ഗർഭം കലങ്ങുക; 6. ഞെരിഞ്ഞുതകരുക, ചതയുക, ഉദാ. വീണു ചങ്കുകലങ്ങി, 9പ്ര.) കലങ്ങിത്തെളിയുക, കലങ്ങിത്തെളിയുമ്പോൾ കരടു നീങ്ങും. (പഴ.).

കലച്ചെട്ടി [കലം-ചെട്ടി] നാ. മൺപാത്രം നിർമിക്കുന്ന ഒരു വർഗം.
കലഞ്ജം, കളഞ്ജം [സം. കലഞ്ജ] നാ. 1. ചൂരൽ; 2. പുകയില; 3. പത്തു രൂപത്തൂക്കം; 4. ഒരുതരം പക്ഷി; 5. വിഷം പുരണ്ട ആയുധമേറ്റു മരിച്ച ജന്തു, അതിൻെറ മാംസം.
കലടം [സം.] നാ. പുരമേയാനുള്ള പുല്ല്, ഓല തുടങ്ങിയവ.
കലണ്ടർ, കലന്തർ [ഇം. < ല. ച്ചലെൻററിഉം] നാ. 1. ആണ്ട്, മാസം ആഴ്ച തീയതി ഒഴിവുദിവസങ്ങൾ ജ്യോതിശ്ശാസ്ത്രപരമായ മറ്റു വിവരങ്ങൾ എന്നിവ അടങ്ങിയിട്ടുള്ള റജിസ്റ്റർ (പുസ്തകം), പഞ്ചാങ്ഗം; 2. രേഖകളുടെയും പ്രമാണങ്ങളുടെയും കാലാനുക്രമവും സങ്ക്ഷിപ്തവുമായ വിവരങ്ങളടങ്ങിയ പട്ടിക, (പ്ര.) കലണ്ടർ പരിശോധന = കീഴ്ക്കോടതിയുടെ വിധിയിന്മേൽ മേൽക്കോടതി സ്വയംചെയ്യുന്ന പരിശോധന; 3. ഒരു സ്ഥാപനവുമായി ബന്ധപ്പെട്ട വിഷയങ്ങളുടെ പട്ടികയടങ്ങിയ പുസ്തകം, ഉദാ. കോളേജുകലണ്ടർ, യൂണിവേഴ്സിറ്റി കലണ്ടർ ഇത്യാദി; 4. പുണ്യവാളന്മാരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയ പരേതന്മാരുടെ പട്ടിക.
കലത1 [സം.] വി. കഷണ്ടിയുള്ള.
493
കലത2 നാ. മൂതേവി.
കലതൂലിക [സം. കല-തൂലികാ] നാ. വ്യഭിചാരിണി, സൈ്വരിണി.
കലത്രം [സം.] നാ. = കളത്രം.
കലധൂതം [-സം. കല-ധൂത] നാ. വെള്ളി.
കലധൗതം [സം.] നാ. 1. സ്വർണം; 2. വെള്ളി.
കലൻ, കലം നാ. ഒരു ധാന്യയളവ്.
കലന1 [സം. കലനാ< കല്] നാ. 1. ചെയ്യൽ, പ്രവൃത്തിക്കൽ, നിർമിക്കൽ; 2. ധരിക്കൽ, അണിയൽ; 3. മനസ്സിലാക്കൽ, അറിയൽ; 4. പിടിക്കൽ, പിടിച്ചെടുക്കൽ.
കലന2 [<സം. ഖലീന] നാ. കുതിരപ്പുറത്ത് ഇരിക്കാൻ നിർമിക്കുന്ന ഇരിപ്പിടം, ജീനി.
കലനടം നാ. 1. ഒരുവക ആറ്റുവഞ്ചി; 2. കുറവ്; 3. സ്വീകരിക്കൽ; 4. നിർമാണം.
കലനം [സം. < കല്] നാ. 1. അറിയൽ, മനസ്സിലാക്കൽ; 2. ഗ്രഹിക്കൽ, പിടിച്ചെടുക്കൽ; 3. ശബ്ദിക്കൽ, പിറുപിറുക്കൽ; 4. ഗണിക്കൽ, കണക്കാക്കൽ; 5. അഭിനയിക്കൽ; 6. ഒരു ഗണിതരീതി; വരഗണിതം; 7. കൂട്ടിച്ചേർക്കൽ; 8. കലലം; 9. പാട്; 10. കുറ്റം, കുറവ്; 11. ഒരിനം ആറ്റുവഞ്ചി; 12. ചിതറൽ; കലനയന്ത്രം = കണക്കുതയ്യാറാക്കാൻ ഉപയോഗിക്കുന്ന യന്ത്രം.
കലന്ദിക [സം. കലന്ദികാ] നാ. 1. അറിവ്; 2. ശാസ്ത്രം.
കലന്ധു, കലന്ദു [സം.] നാ. ഗോളിച്ചീര.
കലഒഅല, കലപില, കലപലെ അവ്യയമായും നാമമായും പ്രയോഗം. (ശബ്ദാനു.) അവ്യക്തവും ക്രമം ഇല്ലാത്തതുമായ ശബ്ദം. ബഹളം, ശബ്ദകോലാഹലം, ക്രമമില്ലായ്മ, ഉദാ. കലപല ചിലയ്ക്കുക, കലപലാന്നു സംസാരിക്കുക, കലപലശബ്ദം.
കലപിലങ്കം, -പിങ്ഗ(ക)ം [സം. കല-പിങ്ക, -ങ്ഗ(ക)] നാ. 1. ഊർക്കുരികിൽ; 2. ഒരിനം പക്ഷി, കുടുമച്ചാത്തൻ.

കലപ്പ [താരത. സം. ഹല] നാ. നിലം ഉഴാനുള്ള കൃഷിയായുധം (ആധുനികകാലത്തു യന്ത്രക്കലപ്പയും പ്രചാരത്തിലുണ്ട്). (പ്ര.) കലപ്പ കഴുകുക = കൃഷി അവസാനിപ്പിക്കുക, കലപ്പനാക്ക് = കൊഴു. മണ്ടു കലപ്പയ്ക്കു തൊണ്ടമരി (പഴ.)

കലപ്പാട്, കലമ്പാട് [കലം-പാട്] നാ. ഒരുകലം (അളവ്) വിത്തുവിതയ്ക്കാനുള്ള നിലം.

കലപ്പ് നാ. 1. മൊത്തത്തിലുള്ളത്, കൂട്ടത്തോടെ ഉള്ളത്, ഒന്നിച്ചുള്ളത്; 2. ശരാശരി, കലമേനി.

കലഭകം [സം. കലഭ-ക] നാ. ആമക്കുട്ടി.

കലഭം [സം. കലഭ] നാ. 1. = കളഭം; 2. ഉമ്മത്ത്.

കലഭവല്ലഭം [സം.] നാ. ഉകമരം.

കലഭി [സം. കലഭീ] നാ. നീർച്ചീര.

കലം1 നാ. 1. ആഹാരാദികൾ പാകം ചെയ്യുന്നതിനും പദാർഥങ്ങൾ സൂക്ഷിക്കുന്നതിനും മറ്റും വേണ്ടി വൃത്താകൃതിയിലുണ്ടാക്കുന്ന മൺപാത്രം. കലത്തിരുന്നാലേ കൈയിൽ വരികയുള്ളു (പഴ.); 2. ഒരു ധാന്യയളവ്; 3. കപ്പൽ, മരക്കലം, തോണി, വള്ളം; 4. ആഭരണം; 5. രേവതി നക്ഷത്രം; 6. ഓലപ്രമാണം; 7. ആയുധം, (പ്ര.) കലമറുക്കുക = 1. കപ്പലുകൾ നശിപ്പിക്കുക; 2. ഇത്രപേർക്ക് ആഹാരമെന്നു നിശ്ചയിക്കുക; 3. ആയുധശാല ഇല്ലായ്മ ചെയ്യുക.

കലംബുടം [സം.] നാ. പുതുവെണ്ണ.

കലമതി, കലൈമതി [സം. കലാ-മ. മതി] നാ. ചന്ദ്രക്കല.

കലമം [സം. കലമ] നാ. = കളമം.

കലമറ [കലം-അറ] നാ. = കലവറ.

കലമാൻ നാ. 1. കവരങ്ങളോടുകൂടിയ കൊമ്പുള്ള ഒരുജാതി മാൻ, പുള്ളിമാനിനെക്കാൾ വലിപ്പം കൂടിയത്, ഇന്ത്യയിലും സിലോണിലും കാണപ്പെടുന്നത്, മലമാൻ, മരിമാൻ; 2. ആൺ മാൻ.

കലമുറുപട്ടിനം [മ. കലം-ഉറു-പട്ടിനം < സം. പത്തന] നാ. ക്രയവിക്രയം മുഖ്യമായി നടക്കുന്ന പട്ടണം, തുറമുഖപട്ടണം.

കലമ്പ് [കലമ്പുക] ധാതുരൂപം.

കലമ്പൻ വി. കലർന്നിരിക്കുന്ന, പലവസ്തുക്കൾ കൂടിച്ചേർന്ന (കുറിക്കൂട്ട്, മാല,കവിത എന്നപോലെ). നാ. = കലമ്പന്മാല.

കലമ്പന്മാല [മ. കലമ്പൻ-സം. മാലാ] നാ. പലജാതി പുഷ്പങ്ങൾ കോർത്തിണക്കിയമാല.

കലമ്പം നാ. വഴക്ക്, ബഹളം, കുഴപ്പം, കലമ്പൽ.

കലമ്പൽ നാ. 1. പിണക്കം, വഴക്ക്, കോപം; 2. ശബ്ദബഹളം, ശബ്ദകോലാഹലം; 3. കുഴച്ചിൽ, കുഴപ്പം, സംഭ്രമം.

കലമ്പാട് [കലം-പാട്] നാ. = കലപ്പാട്.

കലമ്പി [<കലമ്പുക] നാ. കലമ്പുന്നവൻ, വഴക്കിടുന്നവൻ.

കലമ്പ് നാ. = കലമ്പൽ, കലമ്പം.

കലമ്പുക ക്രി. 1. കോപിക്കുക, ഉദാ. അവനോടുകലമ്പുക; 2. പിണങ്ങുക; 3. വഴക്കിടുക, കലഹിക്കുക, ശണ്ഠകൂടുക; 4. ശബ്ദിക്കുക; 5. ബഹളംകൂട്ടുക; 6. കലരുക, ചേരുക; 7. കുഴയുക, പരിഭ്രമിക്കുക; 8. പുരട്ടുക.

കലമ്പൂജ [മ. കലം-സം. പൂജാ] നാ. ഒരുതരം പൊങ്കാല.

കലമ്പൊളിയൻ [കലം-പൊളിയൻ] നാ. 1. മര്യാദകെട്ടവൻ, അടക്കമില്ലാത്തവൻ; 2. അഴിമതിക്കാരൻ, നെറിയില്ലാത്തവൻ.
കലയ [സം. 'കല്' ധാതുവിൻെറ ലോട് മ.പു.ഏ.വ. പരസ്മൈപദം] ക്രി. 1. വിചാരിച്ചാലും, ചിന്തിച്ചാലും; 2. ചെയ്താലും; 3. ധരിച്ചാലും, ഭാവന ചെയ്താലും; 4. വന്ദിച്ചാലും.
കലയം2 (പ.മ.) നാ. = കലശം. (പ്ര.) കലയക്കാരൻ - തെയ്യത്തിനു മദ്യകുംഭം വെയ്ക്കുന്ന ആളുടെ സ്ഥാനപ്പേര്. കലയൗരുളി = വലിയ വാവട്ടമുള്ള ഓട്ടുപാത്രം. കലയപ്പാന = കലശപ്പാത്രം, കലശക്കിണ്ടി.
കലയുക ക്രി. 1. കൂട്ടം പിരിഞ്ഞുപോവുക; 2. കോപിക്കുക, പിണങ്ങുക, അസുഖം ഭാവിക്കുക; 3. വളയുക, ഇളകുക, ചലിക്കുക; 4. ഇടകലരുക, മാറിമറിയുക.
കലയ്ക്കുക [കലയുക > പ്രയോ.] ക്രി. 1. പിരിച്ചുവിടുക, കൂട്ടം പിരിക്കുക, വിരട്ടിയോടിക്കുക; 2. കുഴപ്പമുണ്ടാക്കുക; 3. തടസ്സംചെയ്യുക; 4. കശക്കുക, കഴയ്ക്കുക, ഇടകലർത്തുക, ഇളക്കിമറിക്കുക; 5. തെളിയുക, പുഷ്ടിപ്രാപിക്കുക, ഉദാ. കലച്ചുകേറിവരുക = വണ്ണിച്ചുവരുക. (പ്ര.) കലയിക്കുക.
കലർ[സം. കലാ:] നാ. (ബ.വ.) പിതൃക്കളിൽ ഒരു കൂട്ടം.
കലർച്ച [< കലരുക] നാ. = കലർപ്പ്.
കലർത്തുക [കലരുക > പ്രയോ.]ക്രി. കലരുന്നതിനിടയാക്കുക.
കലർപ്പ് നാ. 1. ചേർച്ച, തമ്മിൽച്ചേരൽ, കൂടിയോജിപ്പ്; 2. കലർന്നുണ്ടായ വസ്തു, മിശ്രിതം; 3. മായം, മായം ചേർക്കാനുപയോഗിക്കുന്ന വസ്തു.
കലര് [കലരുക] ധാതുരൂപം.
കലരുക ക്രി. ഒന്നു മറ്റൊന്നായി ലയിക്കുക, മിശ്രീഭവിക്കുക, തമ്മിൽച്ചേരുക, കൂടിയോജിക്കുക.
കലലജം [കലല-ജ] നാ. 1. ചെഞ്ചെല്യം; 2. ഗർഭപാത്രം.
കലലം നാ. 1. പുംസ്ത്രീബീജസം യോജനം കഴിഞ്ഞ് അധികദിവസം ആയിട്ടില്ലാത്ത ഭ്രൂണം, ഏഴു ദിവസമായത് എന്നു ചിലർ, ഒരു ദിവസമായിട്ടുള്ളത് എന്നു പക്ഷന്തരം; 2. ഗർഭപാത്രം.
കലവം [<കലം] നാ. തോണി.
കലവൽ നാ. കലർപ്പ്, കൂടിച്ചേരൽ.
കലവറ, കലമറ [കലം-അറ] 'കലങ്ങൾ വെയ്ക്കുന്ന അറ.'നാ. 1. ഗൃഹാവശ്യത്തിനുള്ള സാധനങ്ങൾ സംഭരിച്ചു വയ്ക്കുന്നതിനുള്ള മുറി, സംഭാരപ്പുര, സൂക്ഷിപ്പുമുറി; 2. നിക്ഷേപസ്ഥാനം, സൂക്ഷിപ്പുസ്ഥലം; 3. നീക്കിവയ്പ്, ഒളി, മറവ്, നിയന്ത്രണം. കലവറക്കാർൻ = കലവറ സൂക്ഷിപ്പുകാരൻ.
കലവാണിയൻ = മൺപാത്രങ്ങളുണ്ടാക്കുന്നവൻ, പാത്രങ്ങൾ വിൽക്കുന്നവൻ.
കലവി നാ. 1. വിളയാട്ടം, കളി, വിനോദം; 2. ശൃങ്ഗാരം; 3. ആലിങ്ഗനം; 4. കൂട്ടം; 5. ജ്ഞാനം; 6. തികവ്.
കലവിങ്കം, -വിങ്ഗം [സം. കലവിങ്ക-ങ്ഗ] നാ. 1. = കലപിങ്ഗം; 2. അടയാളം; 3. കറ.
കലശക്കുടം [സം. കലശ-മ. കുടം] നാ. ക്ഷേത്രങ്ങളിൽ ഉപയോഗിക്കുന്ന ചെറിയ മൺകുടം.
കലശച്ചെടി [സം. കലശ-മ. -ചെടി] നാ. ചെറിയ പാത്രം പോലെയുള്ള ഇലയ്ക്കുള്ളിൽ വന്നുവീഴുന്ന പ്രാണികളെ ആഹാരമാക്കുന്ന ഒരുതരം ചെടി.
കലശജൻ [സം.] നാ. കലശത്തിൽ പിറന്നവൻ, അഗസ്ത്യൻ.

കലശജന്മാ(വ്) [സം. കലശ-ജന്മൻ] നാ. = കലശജൻ.
കലശൻ നാ. ഒരുതരം വൃക്ഷം, കലയം, ഉതിമരം.
കലശപയോധി [സം. കലശ-പയോ-ധി] നാ. പാൽക്കടൽ, ക്ഷീരസമുദ്രം. (കടയുന്ന അവസരത്തിൽ കടയാനുള്ള പാത്രമായിത്തീർന്നതിനാൽ).
കലശപൂജ [സം. -പൂജാ] നാ. കലശത്തിൽ വെള്ളംനിറച്ച് മന്ത്രപൂർവകം പൂജിക്കൽ (ബിംബത്തിൽ അഭിഷേകം ചെയ്യുന്നതിന്]. കലശപ്പാന [സം. കലശ-മ. പാന] നാ. 1. = കലശക്കുടം; 2. വലിയ കിണ്ടി.
കലശപ്പുര [സം. കലശ-മ. പുര] നാ. കലശങ്ങൾ സൂക്ഷിക്കുന്ന പുര.
കലശഭവൻ [സം. കലശ-ഭവ] നാ. 1. അഗസ്ത്യൻ; 2. ദ്രോണാചാര്യർ. കലശഭവപുത്രൻ = അശ്വത്ഥാമാവ്. കലശഭവശിഷ്യൻ = അർജുനൻ.
കലശം [സം.] നാ. 1. ജലപാത്രം (ചെറിയ കുടം); 2. തൈർ കടയാനുള്ള പാത്രം; 3. ക്ഷേത്രത്തിലെ ബിംബത്തിൽ ദേവസാന്നിധ്യം ഉണ്ടാക്കുന്നതിനും ദേവാലയത്തിനും ബിംബത്തിനും വന്നുചേരാവുന്ന അശുദ്ധികൾ ഇല്ലായ്മ ചെയ്തു ചൈതന്യം വർധിപ്പിക്കുന്നതിനും വേണ്ടി നടത്തുന്ന കർമം (കലശങ്ങളിൽ-കുടങ്ങളിൽ-സംഭരിച്ച ജലത്തെ മന്ത്രപൂർവകമായ കർമങ്ങളോടെ ബിംബത്തിൽ അഭിഷേകം കഴിക്കുന്നതുകൊണ്ട് ആ കർമത്തിനെല്ലാം കൂടി കലശം എന്നു പറഞ്ഞുവരുന്നു); 4. ദേവബിംബത്തിൽ അഭിഷേകം ചെയ്വാൻ ജലം നിറച്ചുപൂജിക്കുന്ന പാത്രം, ഉദാ, അസ്ത്രകലശം, ജീവകലശം; 5. ദൈവങ്ങളുടെ പ്രീതിക്കുവേണ്ടി തെയ്യക്കോലങ്ങൾ കെട്ടുന്നവരെക്കൊണ്ടു ചെയ്യിപ്പിക്കുന്ന ഒരു കർമം (മദ്യകലശം കൂടി വയ്ക്കുന്നതുകൊണ്ട് ഈ പേര്0; 6. ഒരു അളവ്, നാലിടങ്ങഴി; 7. താഴികക്കുടം, സ്തൂപിക; 8. ധൂപക്കുറ്റി; 9. പതിമുകം. (പ്ര.) കലശം കഴിക്കുക = കലശം എന്ന ശുദ്ധികർമം നടത്തുക. (പ്ര.) കലശമാടുക (കലശാടുക) = 1. കുടത്തിൽ ജലമോ മറ്റോ നിറച്ചുമന്ത്രം ജപിച്ചു പൂജിച്ച് ബിംബത്തിൽ അഭിഷേകം ചെയ്യുക, മങ്ഗളാവസരങ്ങളിൽ ശിരസ്സിൽ മന്ത്രപൂതമായ ജലം ഒഴിക്കുക; 2. വയറ്റാട്ടികൾ ചെയ്യുന്ന ഒരു ജാതകകർമം, പ്രസവിച്ചുകഴിഞ്ഞാലുടൻ കുട്ടിയെ കുളിപ്പിച്ചുകൊണ്ടു വന്ന് ഇഷ്ടദേവതകളെ പ്രാർഥിച്ചുകൊണ്ട് ഇളനീർവെള്ളം സ്വർണം കൊണ്ടു തൊട്ടുകൊടുക്കുക. കലശംവയ്പ് = മരിച്ചുപോയവരെ ഉദ്ദേശിച്ച് വിശേഷദിവസങ്ങളിൽ ബന്ധുക്കൾ നടത്തുന്ന കർമം.
കലശമുനി [സം. കലശ-മുനി] നാ. അഗസ്ത്യൻ.
കലശയോനി [സം.] നാ. =കലശഭവൻ.
കലശൽ നാ. 1. കലഹം, വഴക്ക്, പിണക്കം, വിരോധം, ബഹളം; 2. ശല്യം; 3. രണ്ടോ അതിലധികമോ ആളുകൾ പൊതുസ്ഥലത്തുവച്ച് ഏറ്റുമുട്ടി സമാധാനലൻഘനമുണ്ടാക്കൽ, അടിപിടി, ലഹള; 4. ഏറ്റുമുട്ടൽ; യുദ്ധം; 5. ആധിക്യം, കൂടുതൽ, അസഹനീയമോ കഠിനമോ ആയ അവസ്ഥ, ഉദാ. കലശലായ ദീനം, കലശലായ മഴ, കലശലായ ഉഷ്ണം. (പ്ര.) കലശൽകൂട്ടുക = 1. ശണ്ഠപിടിക്കുക, ബഹളം ഉണ്ടാക്കുക.
കലശസ്ഥാപനം [സം.] നാ. ദോഷപരിഹാരത്തിനും ഗൃഹരക്ഷയ്ക്കും വേണ്ടി തകിടുജപിച്ച് കലശത്തിലാക്കി സ്ഥാപിക്കൽ.
കലശാബ്ധി [സം. കലശ-അബ്ധി] നാ. കലശപയോധി, പാൽക്കടൽ. (കലശശബ്ദത്തോടു സമുദ്രപര്യായങ്ങൾ ചേർത്തു പാൽക്കടൽ എന്നർഥമുണ്ടാക്കാം.)
കലശി, കലസി [സം. കലശീ] നാ. 1. കുടം, കലശം; 2. മന്ഥം; മത്ത്; 3. ഓരില; 4. ഒരു പുണ്യതീർഥം.

കലശുക, കലസുക ക്രി. പിണങ്ങുക, കലഹിക്കുക, വിഷമിക്കുക.
കലശാത്ഭവൻ [സം. കലശ-ഉദ്ഭവ] നാ. 1. അഗസ്ത്യൻ; 2. ദ്രോണർ.
കലശോദരൻ [കലശ-ഉദര] നാ. സ്കന്ദൻെറ പാർഷദന്മാരിൽ ഒരുവൻ.
കലഹകാരി [സം. -കാരിൻ] നാ. കലഹം ഉണ്ടാക്കുന്നവൻ, വഴക്ക് ഉണ്ടാക്കുന്നവൻ. (വിശേഷണമയും പ്രയോഗം).
കലഹനാശനം [സം. -നാശന] നാ. 1. കലഹത്തെ നശിപ്പിക്കുന്നത്; 2. ആവിമരം.
കലഹപ്രിയ1 [സം. -പ്രിയാ] വി. കലഹത്തിൽ ഇഷ്ടമുള്ള, ശണ്ഠയിൽ താത്പര്യമുള്ള.
കലഹപ്രിയ2 [സം. -പ്രിയാ] നാ. 1. മരങ്കൊത്തി; 2. പഞ്ചവർണക്കിളി, ശാരിക.
കലഹപ്രിയൻ [സം.] നാ. കലഹമുണ്ടാക്കി രസിക്കുന്നവൻ, നാരദൻ.
കലഹം [സം.] നാ. 1. വഴക്ക്, പിണക്കം; 2. യുദ്ധം; 3. വിരോധം; 4. തർക്കം, മാത്സര്യം; 5. ബഹളം, കുഴപ്പം; 6. പ്രഹരം, അടി; 7. വഞ്ചന, കള്ളം; 8. വാളുറ; 9. വഴി; 10. ഇരട്ട.
കലഹാന്തരിത [സം. അന്തരിതാ] നാ. (നാടകത്തിലെ) അഷ്ടനായകന്മാരിൽ ഒരുവൾ, കലഹം മൂലം അനുനയം വകവെയ്ക്കാതെ ഭർത്താവിൽനിന്നു പിരിഞ്ഞു പശ്ചാത്തപിക്കുന്ന നായിക.
കലഹി [സം. കലഹിൻ] നാ. കലഹിക്കുന്നവൻ, വഴക്കാളി.
495
കലഹിക്കുക ക്രി. 1. പിണങ്ങുക, വഴക്കിടുക, കോപിക്കുക; 2, യുദ്ധം ചെയ്യുക.
കലാകൽപപേശി [സം. കലാകൽപ-പേശീ] നാ. വലത്തെ ശ്രോണിഫലകത്തിൻെറ പിൻ വശത്തുള്ള പേശികളിൽ ഒന്ന്.
കലാകാരൻ, -കാരകൻ [സം. കലാ-കാര-കാരക] നാ. കലാവൃത്തി സ്വീകരിച്ചിട്ടുള്ള ആൾ, കല കൈകാര്യം ചെയ്യുന്ന ആൾ, കലാപ്രകാശനത്തിൽ വൈദഗ്ധ്യം നേടിയിട്ടുള്ള ആൾ.
കലാകുശലൻ [സം. കലാ-കുശല] നാ. കലകളിൽ പാടവമുള്ളവൻ.
കലാകേളി [സം. കലാ-കേലി] നാ. 1. കാമദേവൻ; 2. രതിക്രീഡ.
കലാഗോവിദൻ [സം. കലാ-ഗോവിദ]നാ. കലയെക്കുറിച്ച് അറിവുള്ളവൻ.
കലാങ്കുരൻ [സം. -അങ്കുര] നാ. കംസൻ (ചൗര്യശാസ്ത്രത്തെപ്പറ്റി ഗ്രന്ഥമെഴുതിയ മൂലദേവൻ).
കലാങ്കുരം [സം. കലാങ്കുര] നാ. വണ്ടാരങ്കോഴി.
കലാചണൻ [സം. കലാ-ചണ] നാ. കലയിൽ വൈദഗ്ധ്യമുള്ളവൻ.
കലാചിക, -കലാചീക [സം. കലാചീ-കലാചികാ] നാ. കൈത്തണ്ട്.
കലാചികം [സം.] നാ. 1. കൈപ്പിടി; 2. തവി, കയിൽ.
കലാചൂഡൻ [സം. കലാ-ചൂഡ] നാ. ശിവൻ.
കലാജാതൻ [സം. കലാ-ജാത] നാ. അംശാവതാരം.
കലാജ്ഞാനം [സം. കലാ-ജ്ഞാന]നാ. കലകലെക്കുറിച്ചുള്ള അറിവ്.
കലാടീനം [സം.] നാ. കരിങ്കുരികിൽ.
കലാദ(ക)ൻ [സം. കലാദ-ക] നാ. സ്വർണപ്പണിക്കാരൻ, തട്ടാൻ.

കലാധരൻ [സം. കലാ–ധര] നാ. 1. കലകളുള്ളവൻ, ചന്ദ്രൻ; 2. ചന്ദ്രക്കല ധരിക്കുന്നവൻ, ശിവൻ; 3. കലകളിൽ പ്രാവീണ്യമുള്ളവൻ; 4. വിദ്യാധരൻ.
കലാധികൻ [സം. കലാ–അധിക] നാ. പൂവങ്കോഴി.
കലാധിപതി [സം. കലാ–അധിപതി] നാ. കലാനാഥൻ, ചന്ദ്രൻ. (കല, അധിപൻ ഇവയുടെ പര്യായങ്ങൾ ചേർത്താൽ ചന്ദ്രൻ എന്ന് അർഥം കിട്ടും.)
കലാനാഥൻ [സം. കലാ–നാഥ] നാ. ചന്ദ്രൻ.
കലാനാഥം [സം. കലാ–നാഥ] നാ. കർപ്പൂരം.
കലാനിധി [സം. കലാ–നിധി] 'കലകളുടെ ഇരിപ്പിടം.' നാ. 1. ചന്ദ്രൻ; 2. കലാവിദ്യകളിൽ പ്രാവീണ്യം നേടിയവൻ, ജ്ഞാനി; 3. (സങ്ഗീ.) ഒരു ജന്യരാഗം; 4. ഒരുതരം ഓടക്കുഴൽ, മുഖരന്ധ്രത്തിൽനിന്ന് താരരന്ധ്രം വരെ പതിനാർ അങ്ഗുലം അകലമുള്ളത്.

കലാന്തരം [സം. കലാ–അന്തര] നാ. 1. മറ്റൊരു കല, വേറൊരംശം; 2. (ഗണിത.) പലിശ.
കലാപകം [സം. കലാപക] നാ. 1. ചേർത്തുകെട്ടിയത്, കെട്ട്; 2. ഒരുതരം ആഭരണം; 3. ഉടഞ്ഞാൺ; 4. മുത്തുമാല; 5. ആനയുടെ കഴുത്തിൽകെട്ടുന്ന കയറ്; 6. നെറ്റിക്കുറി (ചില ജാതിയിലുൾപ്പെട്ടവർ ഇടുന്നത്); 7. ഒരു പദ്യഭേദം. നാലുശ്ലോകങ്ങൾ കൊണ്ട് അന്വയം പൂർത്തിയാവുന്നത്, ഒരുമിച്ച് അന്വയിക്കേണ്ട നാലുശ്ലോകങ്ങൾ; 8. മയിലുകൾ പീലിവിരിച്ചു ശബ്ദം പുറപ്പെടുവിക്കുന്ന കാലത്ത് (മഴക്കാലത്ത്) കൊടുത്തുതീർക്കേണ്ട കടം.
കലാപൻ [സം. കലാ–പ] നാ. 1. ചന്ദ്രൻ; 2. ബുദ്ധിമാൻ, കൗശലക്കാരൻ; 3. ഒരു മഹർഷി.
കലാപം1 നാ. 1. ഛിദ്രം, ശണ്ഠ, വഴക്ക്; 2. കുഴപ്പം, ബഹളം, ഇളക്കം, വിപ്ലവം; 3. സൈനികാക്രമണം, പടയോട്ടം.
കലാപം2 [സം. കലാപ]നാ. 1. ചേർത്തുണ്ടാക്കുന്നത്, കെട്ട്; 2. അസ്ത്രസമൂഹം; 3. ആവനാഴി; 4. (കണ്ണികൾ കോർത്തുണ്ടാക്കുന്നത്) ആഭരണം, അലങ്കാരം; 5. അരഞ്ഞാൺ, ഉടഞ്ഞാൺ, ഉദാ. കാഞ്ചീകലാപം, രശനാകലാപം; 6. മുത്തുമാല, മാല, കലാപചൂഡൻ = ശിവൻ; 7. ആനയുടെ കഴുത്തിൽക്കെട്ടുന്ന കയറ്; 8. മയിൽപ്പീലി; 9. പിന്നിയിട്ട തലമുടി; 10. ജട; 11. കൂട്ടം, സമൂഹം; 12. നൃത്തനൃത്യാദികളിൽ പ്രയോഗിക്കുന്ന അങ്ഗഹാരവിശേഷം; 13. ഒരു ദ്വീപം, മരു എന്ന രാജാവ് അധിവസിച്ചിരുന്ന സ്ഥലം; 14. ഒരേ വൃത്തത്തിൽ രചിക്കപ്പെടുന്ന കവിത.
കലാപര [സം. കലാ–പര] വി. കലയുമായി ബന്ധപ്പെട്ട, കലയെക്കുറിച്ചുള്ള.
കലാപി1 നാ. വിപ്ലവകാരി, കലാപം ഉണ്ടാക്കുന്നവൻ.
കലാപി2 [സം. കലാപിൻ] നാ. 1. ആവനാഴിധരിച്ചവൻ, അമ്പു കൈവശമുള്ളവൻ; 2. പീലിവിരിക്കുന്നത്, മയിൽ; 3. കുയിൽ; 4. ഇത്തിയാൽ; 5. പേരാൽ; 6. പതിനൊറുരുദ്രന്മാരിൽ ഒരുവൻ.
കലാപിനി [സം. കലാപിനീ] നാ. 1. രാത്രി; 2. പെണ്മയിൽ; 3. പെരുമുത്തങ്ങ.
കലാപുടം [സം. കലാ–പുട] നാ. അസ്ഥികൾതമ്മിൽ ചേരുന്ന സന്ധികളിൽ കാണുന്നതും സ്നേഹമയമോ ശ്ലേഷ്മമയമോ ആയ ദ്രാവകമുള്ളതുമായ സഞ്ചി. എല്ലുകൾ തമ്മിലുള്ള ഉരസൽ കുറയ്ക്കാനുതകുന്നത്.
കലാപൂർണൻ [സം. –പൂർണ] നാ. ചന്ദ്രൻ.

കലാപ്രകടനം [സം. കലാ-പ്രകടന] നാ. കലയിൽ താത്പര്യമുള്ളവൻ, കലകളെ ഇഷ്ടപ്പെടുന്നവൻ.
കലാപ്രസ്ഥാനം [സം. -പ്രസ്ഥാന] നാ. ഒരു പ്രത്യേകസിദ്ധാന്തത്തേയോ ആവിഷ്കരണരീതിയേയോ അടിസ്ഥാനപ്പെടുത്തിയുള്ള കലാവിഭാഗം.
കലാബോധം [സം. -ബോധ] നാ. കല ആസ്വദിക്കാനും മനസ്സിലാക്കാനും ആവിഷ്കരിക്കാനും ഉള്ള അറിവ്, കഴിവ്.
കലാഭൂതൻ [സം. -ഭൂത] നാ. കലയിൽ (അംശത്തിൽ) നിന്ന് ഉണ്ടായവൻ, അംശാവതാരം.
കലാഭൃത്ത് [സം. -ഭൃത്] നാ. 1. ചന്ദ്രൻ; 2. കലാകാരൻ.
കലാം [അറ.] നാ. വചനം, സൂക്തം.
കലാംശം [സം. കലാ-അംശ] നാ. പതിനാറിൽ ഒരുഭാഗം അംശത്തിൻെറ അംശം; 2. (ജ്യോ.) രാശിയുടെ പതിനാറിലൊന്ന്, ഷോഡശാംശം.
കലാമണ്ഡലം [സം. കലാ-മണ്ഡല] നാ. കഥകളി മുതലായ കേരളീയകലകളുടെ പോഷണത്തിനും പരിശീലനത്തിനും വേണ്ടി ഏർപ്പെടുത്തിയ സ്ഥാപനം, ചെറുതുരുത്തിയിലുള്ള കേരളകലാമണ്ഡലം.
കലായ, കളായ [സം. കലായാ] നാ. മീങ്കണ്ണിക്കുറുക.
കലായകഗ്രന്ഥി [സം. കലായക-ഗ്രന്ഥി] നാ. ഉപമസ്തിഷ്കത്തിനുമുകളിലുള്ള ഒരു ചെറിയ ഗ്രന്ഥി.
കലായനൻ [സം. കലാ-അയന] നാ. കായികാഭ്യാസി.
കലായം1 നാ. = കലാശം. (പ്ര.) കലായക്കോട്ട = കലാശയക്കോട്ട (പ.മ.)
കലായം2 [സം. കലായ]നാ. = കളായം.
കലായി [അറ.] നാ. ഈയമ്പൂശൽ. (പ്ര.) കലായിക്കാരൻ, കലായ്ക്കാരൻ = ഈയമ്പൂശുന്നവൻ, ഈയത്തകിട് ഉണ്ടാക്കുന്നവൻ.
കലാൽ നാ. ചാരായം വാറ്റ്, ചാരായക്കുത്തക, എക്സൈസ് (അബ്കാരി) കുത്തക. (പ്ര.) കലാൽ സംബ്രതി = എക്സൈസ്വകുപ്പിലെ ഉദ്യോഗസ്ഥൻ.
കലാലയം [സം. കലാ-ആലയ] നാ. കലാശാല.
കലാവതി [സം. -വതീ] നാ. 1. ദുർഗ; 2. തുംബുരു എന്ന ഗന്ധർവൻെറ വീണ; 3. (സങ്ഗീ.) ഒരു ജന്യരാഗം; 4. കാശിരാജാവിൻെറ മകൾ.
കലാവാൻ [സം. -വത്] നാ. 1. കലകളുള്ളവൻ, ചന്ദ്രൻ; 2. നടൻ; 3. കലകളിൽ നിപുണൻ, കലാകാരൻ. (സ്ത്രീ.) കലാവതി.
കലാവാസന [സം. -വാസനാ] നാ. കല ആവിഷ്കരിക്കുന്നതിനും ആസ്വദിക്കുന്നതിനും ഉള്ള നൈസർഗികമായ കഴിവ്, കലാഭിരുചി.
കലാവികം [സം. കലാവിക] നാ. കോഴി.
കലാവികലം, കളാ- [സം.] നാ. കുരികിൽ.
കലാവിദ്യ [സം. -വിദ്യാ]നാ. കലകളെക്കുറിച്ചുള്ള അറിവ്.
കലാവേദി1 [സം. -വേദിൻ] നാ. കലയെ അറിയുന്നവൻ.
കലാവേദി2 [സം. കലാ-വേദീ] കല അവതരിപ്പിക്കുന്നതിനുവേണ്ടി ഒരുക്കിയ സ്ഥലം.
കലാശം [അറ.] നാ. 1. നൃത്തസങ്ഗീതാദികൾ വാദ്യോപകരണങ്ങളുടെ താളത്തിനൊപ്പിച്ച് അവസാനിപ്പിക്കൽ; 2. കഥകളിയിൽ നടൻ കരചരണവിന്യാസങ്ങൾ താളത്തോടും മേളത്തോടും യോജിപ്പിച്ചു പദത്തിൻെറ ഓരോ ഖണ്ഡവും ആടി

അവസാനിപ്പിക്കൽ. (പ്ര.) കലാശക്കൈ = കഥകളിയിൽ കലാശം ചവിട്ടുമ്പോൾ കാണിക്കുന്ന കൈമുദ്ര, കയ്യും കലാശവും കാണിക്കുക = കഥകളി നടനെപ്പോലെ കയ്യും കാലും ചലിപ്പിക്കുക; 3. വേഗത്തിലുള്ള ചലനം; 4. കളരിപ്പയറ്റിൽ ഓരോ അടവും അവസാനിപ്പിക്കുന്ന ചവിട്ട്. (പ്ര.) കലാശക്കോട്ട = വെടിക്കെട്ടു തീരാറാകുമ്പോൾ ഒരുമിച്ചു കത്തത്തക്കവണ്ണം പലയിനങ്ങൾ ഒന്നിച്ചുകൂട്ടി നിറച്ചു കമ്പക്കാലിൽ ഉണ്ടാക്കുന്ന തട്ട്. വെടിക്കെട്ടിൻെറ അവസാനഭാഗം; കലാശക്കൊട്ട് = അവസാനത്തെ പ്രവൃത്തി; കലാശം ചവിട്ടുക = അവസാനിപ്പിക്കുക.

കലാശാല [സം. കലാ-ശാലാ] നാ. കലകൾ പഠിപ്പിക്കുന്ന സ്ഥാപനം, വിദ്യ അഭ്യസിപ്പിക്കുന്ന സ്ഥലം, വിദ്യാലയം, കോളേജ്. (പ്ര.) സർവകലാശാല, കലാശാലാധ്യക്ഷൻ.

കലാശി, -സി, ഖലാസി [പേർ.]നാ. കപ്പലിലെ ജോലിക്കാരൻ, നാവികൻ.

കലാശിക്കുക [<കലാശ] ക്രി. അവസാനിക്കുക, തീരുക, പരിണമിക്കുക, പൊലിയുക.

കലാശിൽപം [സം. കലാ-ശിൽപ] നാ. നിർമിതമായ കലാരൂപം.

കലാസൃഷ്ടി [സം. കലാ-സൃഷ്ടി]നാ. 1. കലാരൂപങ്ങളുടെ നിർമാണം; 2. കലാപരമായി നിർമിച്ച വസ്തു, കലാരൂപം.

കലാഹകം [സം. കലാഹക] നാ. ഒരുതരം സങ്ഗീതോപകരണം, കാഹളം.

കലി1 [കലിക്കുക] ധാതുരൂപം.

കലി2 നാ. കടൽ.

കലി3 [സം.] നാ. 1. ദേവഗന്ധർവന്മാരിൽ ഒരാൾ. കശ്യപന് ദക്ഷപുത്രിയായ മുനിയിൽ ജനിച്ച പറ്റിനാറുമക്കളിൽ പതിനഞ്ചാമൻ; 2. ഒറ്റ പുള്ളിയുള്ള ചൂതുകരു, ചൂതുകരുവിൻെറ ഒറ്റപ്പുള്ളിയുള്ള വശം; 3. ഒന്ന് എന്ന സങ്ഖ്യ (തോൽക്കുന്ന കരുവിലെ എണ്ണത്തെ അനുസരിച്ച്); 4. താന്നിമരം; 5. നാലാമത്തെ യുഗം, കലിയുഗം; 6. കലിദിനം; 7. കലിയുഗത്തിൻെറ അധിഷ്ഠാനദേവൻ, കലിപുരുഷൻ, പാപത്തിൻെറ മൂർത്തി; 8. കോപം, മത്സരം, കലഹം; 9. ആവേശം, പ്രേതബാധ, ബാധോപദ്രവം എന്നിവകൊണ്ടുള്ള വിറയൽ; 10. യുദ്ധം; 11. യുദ്ധവീരൻ, ശൂരൻ; 12. തിന്മ, പാപം, അഹങ്കാരം, കൂട്ടത്തിൽ മോശമായത്; 13. പാപി; 14. ദാരിദ്ര്യം; 15. അമ്പ്; 16. മൊട്ട്; 17. പക്ഷികളുടെ ശരീരത്തിൽ പുതുതായുണ്ടായ ചിറക്; 18. ശനി; 19. ശിവൻ; 20. സൂര്യൻ; 21. ഒരു ഋഷി; 22. ഒരു ഉപനിഷത്ത്; (പ്ര.) കലി അടങ്ങുക, കലിയിറങ്ങുക = 1. ഭൂതാവേശം മാറുക; 2. കോപം ശമിക്കുക; കലി ഇളകുക = കോപമുണ്ടാവുക; കലികയറുക, കലികൊള്ളുക = 1. കോപം വർധിക്കുക; 2. ദേവതയുടെ ആവേശമുണ്ടാകുക; കലിതുള്ളുക = കലികയറുക, വർധിച്ചകോപംകൊണ്ടു ബഹളമുണ്ടാക്കുക; കലിമുറ്റുക, കലിമുക്കുക = ദുഷ്ടതവർധിക്കുക, അധർമം മുഴുകുക, കോപം വർധിക്കുക; കലിവരിക = കോപം ഉണ്ടാവുക.

കലിക [സം. കലികാ] 'വിരിയുവാനുള്ള ദിവസത്തെ കണക്കാക്കിക്കൊണ്ടിരിക്കുന്നത്.' നാ. 1. പൂമൊട്ട്; 2. വീണയുടെ ചുവട്, വീണാമൂലം; 3. പതിനാറിലൊരുഭാഗം, കല: 4. കാലത്തിൻെറ വിഭാഗം; 5. അങ്ഗാരവും അബ്ജനകവും ചേർന്നുള്ള രാസവസ്തു, (ജൈവകോശങ്ങളുടെ ഭിത്തികൾ ഇതുകൊണ്ടാണ് ഉണ്ടാക്കിയിരിക്കുന്നത്); 6. ഒരുതരം കൃത്രിമപദ്യം.

കലികം [സം. കലിക] നാ. ക്രൗഞ്ചപ്പക്ഷി.

കലികാര(ക)ൻ [സം. കലി–കാര(ക)] 'കലഹം ഉണ്ടാക്കുന്നവൻ.' നാ. നാരദൻ.
കലികാര(ക)ം [സം. കലി–കാര(ക)]നാ. 1. ആവിമരം; 2. താന്നിമരം; 3. കൂടുമച്ചാത്തൻ.
കലികാരി [സം. കലി–കാരീ] നാ. മേത്തോന്നി.
കലികാലം [സം. –കാല] നാ. കലിയുഗം. കലികാലത്തിൽ കൈമേൽ ഫലം. (പഴ.)
കലികുഞ്ചിക [സം. –കുഞ്ചികാ] നാ. ഭർത്താവിൻെറ ഇളയ സഹോദരി.
കലിക്കുക ക്രി. 1. കണ്ണിൽ വേദനയുണ്ടാവുക (എണ്ണയിറങ്ങിയ മാതിരി) എരിയുന്നപോലെ തോന്നുക, കരുകരുക്കുക; 2. മധുരത്തിൻെറ ആധിക്യംകൊണ്ടു വായ്ക്ക് അരുചിയുണ്ടാകുക, ചെടിക്കുക; 3. കനിയുക.
കലിക്കുന്നവൻ നാ. കരിക്കുന്നവൻ, പഴുതാര.
കലിക്രിയൻ [സം. –ക്രിയ] നാ. കലികാരൻ.
കലിങ്ഗ1 [സം. കലിങ്ഗ] വി. മിടുക്കുള്ള, സൂത്രശാലിയായ.
കലിങ്ഗ2 [സം. കലിങ്ഗാ] നാ. 1. ത്രികോൽപക്കൊന്ന; 2. ഒരു നദി.
കലിങ്ഗ–ബീജം, –യവം [സം. കലിങ്ഗ–ബീജ; –യവ] നാ. കുടകപ്പാലയരി.
കലിങ്ഗം [സം. കലിങ്ഗ] നാ. 1. പൂർവഭാരതത്തിലെ ഒരു പുരാതനരാജ്യം; 2. കുടകപ്പാല, കുടകപ്പാലയരി; 3. ഊർക്കുരികിൽ; 4. കുടുമച്ചാത്തൻ; 5. ആവിമരം; 6. തണ്ണിമത്ത; 7. ഇത്തിയാൽ; 8. നെന്മേനിവാക.
കലിങ്ഗർ [സം. കലിങ്ഗാ:] നാ. (ബ.വ.) കലിങ്ഗദേശത്തുള്ളവർ, 'കോമട്ടി' ജാതിക്കാരിൽ ഒരു വിഭാഗം.
497
കലിഞ്ജകം [സം.] നാ. ഉങ്ങ്.
കലിഞ്ജം [സം.] നാ. 1. പായ്, മറ; 2. തടി.
കലിത [സം.] വി. 1. അറിയപ്പെട്ട, മനസ്സിലാക്കപ്പെട്ട; 2. എടുക്കപ്പെട്ട, ധരിക്കപ്പെട്ട, ഗ്രഹിക്കപ്പെട്ട; 3. ഉണ്ടായ, ചേർന്ന, ഉള്ള, ബന്ധപ്പെട്ട; 4. വർധിച്ച, ഏറിയ; 5. കെട്ടപ്പെട്ട; 6. ഉണ്ടാക്കപ്പെട്ട, സമ്പാദിക്കപ്പെട്ട, ദത്തമായ; 7. പൊടിക്കപ്പെട്ട; 8. ഗണിക്കപ്പെട്ട; 9. ഭേദിക്കപ്പെട്ട; 10. സുന്ദരമായ.
കലിത്തുറ നാ. തമിഴിൽ അഞ്ചു ശീർവീതം ഉള്ള നാലടികളോടുകൂടിയ പാട്ടിൻെറ ഒരു ഭേദം.
കലി–ദിനം, –ദിവസം [സം. കലി–ദിന, –ദിവസ] നാ. 1. കലിവർഷാരംഭം മുതൽക്കുള്ള ദിനസങ്ഖ്യ. കലിവർഷം അനുസരിച്ചുള്ള തീയതി. കലിദിനവാക്യം = കലിദിനം സൂചിപ്പിക്കുന്ന വാക്യം; കലിദിനസങ്ഖ്യ = കടപയാദി അനുസരിച്ചുള്ള പരൽപ്പേരിൻ പ്രകാരം സൂചിപ്പിക്കുന്ന കലിദിനം; 2. മുഹൂർത്തത്തിനു കൊള്ളാത്ത ദിവസങ്ങളിൽ ഒന്ന്.
കലിദ്രു(മ)ം [സം. കലി–ദ്രു(മ)] നാ. താന്നിമരം.
കലിധർമം [സം. കലി–ധർമ] നാ. കലികാലത്തു കാണപ്പെടുന്ന സ്വഭാവം, നടപടി, (ദുഷ്ടത, തിന്മ ഇത്യാദി).
കലിനടം നാ. ശാന്തിക്കൂത്തിൻെറ ഒരു വകഭേദം.
കലിനാശനം [സം.] നാ. ഉങ്ങ്.
കലിന്ദകന്യ, –ജ [സം. കലിന്ദ–കന്യാ, –ജാ] നാ. യമുനാനദി.
കലിന്ദൻ, കളിന്ദൻ [സം. കലിന്ദ] നാ. സൂര്യൻ.

കലിന്ദം [സം. കലിന്ദ] നാ. 1. യമുനാനദിയുടെ ഉദ്ഭവസ്ഥാനമായ പർവതം, കളിന്ദദേശം; 2. താന്നിമരം.
കലിപണം [കലി-പണം] നാ. ഒരു പഴയ നാണയം.
കലിപുരുഷൻ [സം. കലി-പുരുഷ] നാ. 1. കലി, കലിയുഗത്തിൻെറ മൂർത്തി; 2. കലഹമൂർത്തി, പിശാചിൻെറ സ്വഭാവമുള്ളവൻ; 3. ദുര്യോധനൻ, കലിയുടെ പ്രതിപുരുഷൻ (അവതാരമെന്നു പുരാണം).
കലിപ്പാ [ത. കലിപ്പാ] നാ. തമിഴിലെ നാലു പ്രധാനവൃത്തങ്ങളിൽ ഒന്ന്.
കലിപ്പിക്കുക [<കലി1] ക്രി. കലിപിടിപ്പിക്കുക, കോപിപ്പിക്കുക, പരിഹസിക്കുക. ഉദാ. മുള്ളുവാക്കു പറഞ്ഞു കലിപ്പിക്കുക, ഊശിയാക്കി കലിപ്പിക്കുക.
കലിപ്പ് നാ. 1. കണ്ണിൽ എണ്ണ പുരണ്ടാൽ തോന്നുന്ന മാതിരിയുള്ള അസുഖം; 2. ദു:സ്വാദ്, കത്തൽ; 3. ചെടിപ്പ്.
കലിപ്രദം [സം.] നാ. മദ്യഷാപ്പ്.
കലിപ്രിയ1 [സം. കലി-പ്രിയ] വി. വഴക്കുകൂടാൻ വിരുതുള്ള, ശണ്ഠകൂടുന്ന, കലഹശീലമുള്ള.
കലിപ്രിയ2 [സം. കലി-പ്രിയാ] നാ. വാരാഹിയുടെ കുലത്തിലുണ്ടായ ഒരു ദേവി.
കലിപ്രിയൻ [സം. കലി-പ്രിയ] നാ. നാരദൻ.
കലിപ്രിയം [സം. കലി-പ്രിയാ] നാ. 1. താന്നിമരം; 2. കുരങ്ങ്.
കലിമ [അറ.] നാ. (ഇസ്ലാം.) വാക്ക്, വിശ്വാസവചനം, പ്രമാണവാക്യം, ഇസ്ലാമികവിശ്വാസം അങ്ഗീകരിക്കുന്നതിനുള്ള പ്രതിജ്ഞാവാചകം.
കലിമലം [സം. കലി-മല] നാ. കലികാലത്ത് ഉണ്ടാകുന്ന ദോഷം, പാപം.
കലിമാരകം [സം. കലി-മാരക] നാ. ആവൽ, ആവിൽമരം.
കലിമാല(ക)ം, -മാല്യം [സം. കലി-മാല(ക), -മാല്യ] നാ. കലിമാരകം.
കലിമുനി [സം. കലി-മുനി] നാ. നാരദൻ.
കലിയൻ1 [സം. കലി-മ. അൻ] നാ. 1. = കലി3; 2. ശനി; 3. കലികയറിയവൻ, കോപിഷ്ഠൻ; 4. കലിപണം, (പ്ര.) കലിയൻ തങ്കപ്പണം = ഒരു പഴയ നാണയം (ഒരു പണം വില). കലിയൻ സങ്ക്രാന്തി = കർക്കിടമാസത്തിലെ ആദ്യദിവസം. കലിച്ചിസങ്ക്രാന്തി = ചിങ്ങമാസത്തിലെ ആദ്യദിവസം.
കലിയൻ2 [ത. കലിയൻ] നാ. 1. ഇരട്ടപിറന്ന കുട്ടികളിൽ ആൺകുട്ടി, (സ്ത്രീ.) കലിച്ചി; 2. ഓളം, തിര.
കലിയുഗം [സം. കലി-യുഗ] നാ. 1. യുഗങ്ങളിൽ നാലാമത്തേത്. 1200 ദിവ്യസംവത്സരം (432000 മനുഷ്യവർഷം) കൂടിയ കാലം; 2. = കലി3.
കലിയുഗരാജൻ, -രായൻ, -രാമൻ [സം. കലിയുഗ-രാജ] നാ. തിരുവിതാങ്കൂറിലെ ഒരു പഴയ നാണയം.
കലിയുഗാലയം [സം. കലിയുഗ-ആലയ] നാ. താന്നിമരം.
കലില [സം.] വി. 1. നിറഞ്ഞ, പൊതിഞ്ഞ; 2. കലർന്ന, മിശ്രിതമായ; 3. ഉള്ളിൽ കടക്കാൻ പ്രയാസമുള്ള, ഗഹനമായ; 4. അശുദ്ധമായ; 5. സംശയാസ്പദമായ.
കലിലം [സം.] നാ. 1. വലിയ കൂമ്പാരം, കുഴഞ്ഞുമറിഞ്ഞു കിടക്കുന്ന വസ്തുക്കൾ; 2. കുഴപ്പം; 3. സസ്യകോശങ്ങളുടെ ഭിത്തിയിലും മറ്റും ഉള്ള ഒരിനം അങ്ഗാരോദകം.

കലിവത്സരം [സം. കലി-വത്സര] നാ. കലിയുഗത്തിൻെറ ആരംഭമ്മുതലുള്ള വർഷം. 'കൊല്ലത്തിൽ തരളാങ്ഗത്തെ (3926) കൂട്ടിയാൽ കലിവത്സരം.' ഉദാ. 1167ആമത് കൊല്ലവർഷത്തിന്ന് 5093 -ആമതു കലിവർഷം.
കലിവർജ്യം [സം. -വർജ്യ] നാ. കലിയുഗത്തിൽ വർജ്യമായിട്ടുള്ള അശ്വമേധം തുടങ്ങിയവ.
കലിവാക്യം [സം. കലി-വാക്യ] നാ. കലിദിനസങ്ഖ്യയെ നിർദേശിക്കുന്ന വാക്യം. പരൽപ്പേരിനനുസരിച്ച് സങ്ഖ്യയ്ക്കുനൽകുന്ന പേര്.
കലിവാസം [-സം.] 'കലിക്ക് ഇരിപ്പിടമായിട്ടുള്ളത്.' നാ. താന്നിമരം.
കലിവിരുത്തം [കലി-വിരുത്തം] നാ. നാലുശീരുകൾ വീതമുള്ള നാലുപാദങ്ങളോടുകൂടിയ ഒരു തമിഴ് വൃത്തം.കലിവൃക്ഷം [സം. കലി-വൃക്ഷ] നാ. താന്നി.
കലിസന്തരണം [സം.] നാ. ഒരു ഉപനിഷത്ത്, കലിയുടെ കെടുതിയിൽനിന്ന് മുക്തിനെടുവാനുള്ള താരകമന്ത്രം.
കലിസങ്ഖ്യ [സം. -സങ്ഖ്യാ] നാ. കലിദിനസങ്ഖ്യ.
കലിഹാരി(ക) [സം. കലി-ഹാരീ-ഹാരികാ] നാ. മേത്തോന്നി.
കലീപ്പന്മാർ [പേർ.] നാ. (ബ.വ.) 1. ചെപ്പടിവിദ്യക്കാർ; 2. തുന്നൽക്കാർ; 3. ബാഗ്ദാദിലെ പുരാതനരാജവംശക്കാർ.
കലീഫ് [അറ.] നാ. നബിയുടെ പിങ്ങാമിയായി തിരഞ്ഞെടുക്കപ്പെട്ട മുസ്ലീം ഭരണാധികാരി.
കലുക്ക [സം. കലുക്കാ] നാ. 1. മദ്യശാല; 2. കൊള്ളിമീൻ.
കലുക്കം [സം. കലുക്ക] നാ. എലത്താളം.
കലുങ്ക്, കലിങ്ക് നാ. പാതയ്ക്കടിയിലൂടെ, കുറുകെവെള്ളം പോകുന്നതിനു കെട്ടിയുണ്ടാക്കുന്ന ഓവ്, മട.
കലുപിലിനെ, -പിലനെ, -പിലെനെ അവ്യ. (ശബ്ദാനു.) കിലുങ്ങുംവണ്ണം, ശബ്ദായമാനമായി.
കലുഷ [സം.] വി. 1. കൽങ്ങിയ, വൃത്തികെട്ട, ദുഷിച്ച; 2. ഇരുണ്ട, മങ്ങിയ, അതാര്യമായ; 3. തടയപ്പെട്ട, ഇടറിയ; 4. കോപിച്ച, ക്ഷോഭിച്ച, അസന്തുഷ്ടമായ; 5. ചീത്തയായ, പാപമുള്ള; 6. ക്രൂരമായ, നിന്ദ്യമായ; 7. മടിയുള്ള, അലസമായ; 8. കീഴ്മേൽമറിഞ്ഞ, തലതിരിഞ്ഞ.
കലുഷത [സം. കലുഷ-താ] നാ. 1. കലക്കം; 2. മനസ്സിൻെറ വല്ലായ്മ, അസ്വാസ്ഥ്യം; 3. ക്രൂരമായ പെരുമാറ്റം, നിന്ദ്യമായ പ്രവൃത്തി; 4. കോപം.
കലുഷൻ [സം.] നാ. പാപി.
കലുഷം [സം.] 'ശുഭത്തെ നശിപ്പിക്കുന്നത്.' നാ. 1.പാപം; 2. തെളിവില്ലായ്മ, കലക്കം, അഴുക്ക്, ചെളി; 3. കോപം; 4. (ശൈലിയുടെ) പ്രസാദം ഇല്ലായ്മ, അപ്രസന്നത, ഒരു രീതിദോഷം; 5. നൃത്യാദികളിൽ ഭാവപ്രകടനത്തിനു മുഖം കൊണ്ടു ചെയ്യുന്ന ചേഷ്ടകളിൽ ഒന്ന്; 6. പോത്ത്.
കലുഷയോനി [സം.] വി. നിന്ദ്യകുലം.
കലുഷി [സം. കലുഷിൻ] വി. = കലുഷിത. നാ. എരുമ.
കലുഷിത [സം.] വി. 1. കലങ്ങിയ, മലിനമാക്കപ്പെട്ട; 2. കറുപ്പുപറ്റിയ, കറുപ്പിച്ച; 3. നിന്ദ്യമാക്കപ്പെട്ട, ദുഷിക്കപ്പെട്ട, ദുഷിതമായ, അപ്രീതിയുള്ള; 4. നിന്ദ്യമായ.

കലുഷീകരിക്കുക [<സം. കലുഷീ-കൃ] ക്രി. കലുഷമാക്കുക, കലക്കുക, മലിനപ്പെടുത്തുക.
കലേവരം [സം.] നാ. ശരീരം.
കലേശൻ [സം. കലാ-ഈശ] നാ. കലാനാഥൻ, ചന്ദ്രൻ.
കലോറി [ഇം. ച്ചലൊര്യ്] നാ. ഊർജം അളക്കുന്നതിനുള്ള ഏകകം.
കൽകൻ, കൽകം [സം.] നാ. 1. പാപം; 2. എണ്ണകാച്ചുമ്പോൾ അതിൽ ഇട്ട മരുന്നുകൾ അടിഞ്ഞുകൂടുന്നത്; 3. (ആയുർ.) മരുന്നരച്ചുമുറുക്കിയെടുത്തത്; 4. ദോഷം; 5. വഞ്ചന; 6. അൽപത്തരം; 7. മലം.
കൽകി [സം. കൽകിൻ] വി. നിന്ദ്യമായ, ദുഷ്ടമായ. നാ. വിഷ്ണുവിൻെറ പത്താമത്തെ അവതാരം.
കൽദായക്കാർ [സുറി.] നാ. കാൽദിദേശക്കാർ, മാസിഡോണിയക്കാർ.
കല്പ [സം.] നാ. 1. ഏകദേശം തുല്യമായ; 2. നിയമവിധേയമായ.
കല്പകച്ചോല [സം. കല്പക- മ. ചോല] നാ. നന്ദനോദ്യാനം.
കൽ'പകൻ [സം. < കല്പ്] നാ. 1. ക്ഷുരകൻ; 2. മുറിക്കുന്നവൻ; 3. ഗ്രന്ഥകർത്താവ്, രചയിതാവ്.
കല്പകം [സം.] നാ. 1. കല്പവൃക്ഷം; 2. തെങ്ങ്; 3. കച്ചോലം; 4. കൈലാസത്തിലുള്ള ശിവൻെറ ഉദ്യാനം.
കല്പകലത. -വല്ലി [സം. കല്പക-ലതാ, വല്ലീ] നാ. കൽപവൃക്ഷത്തിൻെറ പടരുന്ന വള്ളി.
കല്പകാരൻ [സം. കല്പ-കാര] നാ. 1. കല്പശാസ്ത്രത്തിൻെറ രചയിതാവ്; 2. ക്ഷുരകൻ (മുടി മുറിക്കുന്നവൻ).
കല്പക്ഷയം [സം. -ക്ഷയ] നാ. കല്പകാലത്തിൻെറ അവസാനം, പ്രളയം.
കല്പചികിത്സ [സം. -ചികിത്സാ] നാ. യൗവനം വീണ്ടെടുക്കുന്നതിനു വേണ്ടിയുള്ള ചികിത്സ.
കല്പന [സം. കല്പനാ] നാ. 1. നിർണയിക്കൽ; 2. സങ്കൽപം, ഭാവന; 3. അനുഷ്ഠാനം; 4. ആജ്ഞ; 8. അവധി, ഒഴിവുദിവസം.
കല്പനം [സം.] നാ. 1. രൂപപ്പെടുത്തൽ; 2. നിർമിതി, രചന; 3. അനുഷ്ഠാനം; 4. മുറിക്കൽ.
കല്പനാശക്തി [സം. കല്പനാ-ശക്തി] നാ. കെട്ടിച്ചമച്ചുപറയാനുള്ള കഴിവ്, അറിയാത്ത കാര്യങ്ങളെ സൂക്ഷ്മമായി അറിയുന്ന കാര്യങ്ങൾപോലെ പറയാനുള്ള സാമർഥ്യം.
കല്പനി [സം. കല്പനീ] നാ. മുറിക്കാനുള്ള ഉപകരണം, കത്രിക.
കല്പനീയ [സം.] നാ. കൽപിക്കത്തക്ക.
കല്പപാദപം [സം. കല്പ-പാദപ] നാ. കല്പവൃക്ഷം.
കല്പപാല(ക)ൻ [സം. -പാല(ക)] നാ. 1. നിയമപാലകൻ; 2. മദ്യവിൽപനക്കാരൻ.
കല്പം [സം.] നാ. 1. പ്രവൃത്തിയിൽ കൊണ്ടുവരാവുന്നത്; 2. ശാസ്ത്രവിധി, അങ്ഗീകരിക്കപ്പെട്ട ആചാരം, രീതി; 3. മറ്റുപോംവഴി; 4. നിർദേശം, അഭിപ്രായം; 5. നീതിന്യായം; 6. ബ്രഹ്മാവിൻെറ ഒരുദിവസം. 1000 യുഗങ്ങൾ ചേർന്നത്; 7. മദ്യം; 8. ഒരു വലിയസങ്ഖ്യ (ഒന്നിനോട് 12 പൂജ്യങ്ങൾ ചേർത്തത്); 9. ലോകാവസാനം; 10. മദ്യം; 11. പ്രഭാതം; 12. അഭിനന്ദനം.
കല്പയിതവ്യ [സം.] നാ. കല്പിക്കേണ്ടതായ.

കല്പവ ി [സം. കല്പ-വ ി] നാ. കല്പാന്തത്തിൽ ലോകം മുഴുവൻ നശിപ്പിക്കുന്ന അഗ്നി, പ്രളയാഗ്നി.
കല്പ(ക)വാടി [സം. -വാടീ] നാ. = കല്പകച്ചോല.
കല്പവാസം [സം. -വാസ] നാ. പ്രത്യേകം കുടിലുകളിൽ മിതഭക്ഷണം കഴിച്ച് ഭജനം നടത്തിത്താമസിക്കൽ.
കല്പവൃക്ഷം [സം. -വൃക്ഷ] നാ. സ്വർഗത്തിലെ വൃക്ഷവിശേഷം. (ചോദിക്കുന്നതെന്തും നൽകുമെന്നു വിശ്വാസം.)
കല്പസൂത്രം [സം. -സൂത്ര] നാ. യാഗാദികർമങ്ങൾ നടത്തുന്നതിൻെറ വിധികൾ വിവരിക്കുന്ന ഗ്രന്ഥം.
കല്പാഗ്നി [സം. -അഗ്നി] നാ. പ്രളയാഗ്നി.
കല്പാദി [സം. -ആദി] നാ. കല്പകാലത്തിൻെറ ആരംഭം, ലോകാരംഭം.
കല്പാന്തദഹനൻ [സം. കല്പാന്ത-ദഹന] നാ. പ്രളയാഗ്നി.
കല്പാന്തം [സം. കല്പ-അന്ത] നാ. കല്പകാലത്തിൻെറ അവസാനം, പ്രളയം.
കല്പിക [സം.] വി. ഉചിതമായ, അനുരൂപമായ.
കല്പിക്കുക [<സം. കല്പ്] ക്രി. 1. വിചാരിക്കുക, ഉണ്ടാക്കുക, 2, ആജ്ഞാപിക്കുക.
കല്പിത [സം.] വി. കല്പിച്ച, വിധിക്കപ്പെട്ട.
കല്പിതം [സം.] നാ. 1. കല്പിക്കപ്പെട്ടത്; 2. വിധി; 3. യുദ്ധത്തിനു ചമയിച്ച ആന; 4. ചമച്ചുപറയുന്നത്, കള്ളം.
കല്പ്യ [സം.] വി. കല്പിക്കത്തക്ക.
കൽബ് [അറ.] നാ. ഹൃദയം.
കല്മഷ [സം.] വി. 1. കളങ്കമുള്ള, കലുഷമായ; 2. പാപമുള്ള, നിന്ദ്യമായ.
കല്മഷം, കന്മഷം [സം.] നാ. 1. പാപം; 2. മാലിന്യം, അഴുക്ക്; 3. ദുഷ്ടത; 4. അപരാധം; 5. ദുഃഖം; 6. നരകം. (ല്മ > ന്മ എന്ന വർണവികാരം സംസ്കൃതത്തിലില്ല).
കല്മാഷ [സം.] വി. വർണവൈവിധ്യമുള്ള, കറുപ്പും വെളുപ്പും ചേർന്ന.
കല്മാഷകണ്ഠൻ [സം. കല്മാഷ-കണ്ഠ] നാ. ശിവൻ.
കല്മാഷീ [സം. കല്മാഷീ] നാ. യമുന.
കല്യ [സം.] വി. 1. കലാവിദ്യകളിൽ നൈപുണ്യമുള്ള, വ്യുത്പത്തിയുള്ള,; 2. ആരോഗ്യമുള്ള, ശക്തിയുള്ള; 3. സന്തോഷകരമായ, ശുഭമായ; 4. തയ്യാറായ, കൊള്ളാവുന്ന.
കല്യത [സം. കല്യ-താ] നാ. 1. ആരോഗ്യം; 2. ശക്തി; 3. സാമർഥ്യം; 4. ഒരുക്കം.
കല്യബ്ദം [സം. കലി-അബ്ദ] നാ. കലിവർഷം.
കല്യം [സം.] നാ. ശുഭമായത്.
കല്യമതി [സം. കല്യ-മതി] നാ. ശുഭശീലൻ, സമർഥൻ.
499
കല്യാങ്ഗൻ [സം. -അങ്ഗ] നാ. ആരോഗ്യമുള്ളവൻ, സുന്ദരൻ.
കല്യാണ [സം.] വി. ശുഭമായ, നന്മയുള്ള, അനുഗ്രഹീതമായ.
കല്യാണകാരി, -കൃത് [സം. കല്യാണ-കാരിൻ, -കൃത്] നാ. മങ്ഗളത്തെ ചെയ്യുന്നവൻ.
കല്യാണക്കളി [കല്യാണം-കളി] നാ. നായന്മാരുടെ താലികെട്ടു കല്യാണത്തോടനുബന്ധിച്ചു നടന്നിരുന്ന ഒരു വിനോദം.

കല്യാണക്കോടി [-കോടി] നാ. വിവാഹസമയത്തു വരൻ വധുവിനു നൽകുന്ന വസ്ത്രം, മന്ത്രകോടി.
കല്യാണദിനം [സം. കല്യാണ-ദിന] നാ. ശുഭദിനം.
കല്യാണദേവത [സം. -ദേവതാ] നാ. ശുഭകാരിണി, ലക്ഷ്മീദേവി.
കല്യാണപ്പെണ്ണ് [കല്യാണം-പെണ്ണ്] നാ. മണവാട്ടി, വധു.
കല്യാണപ്പൊരുത്തം [സം. കല്യാണ-മ. പൊരുത്തം] നാ. വിവാഹത്തിന് ആണിനും പെണ്ണിനും ജ്യോതിഷത്തിൽ വിധിച്ചിരുന്ന നാൾപ്പൊരുത്തം മുതലായവ.
കല്യാണം [സം.] നാ. 1. മങ്ഗളം, ശുഭം; 2. ആഘോഷം; 3. സദ്ഗുണം; 4. സ്വർഗം; 5. സ്വർണം; 6. വിവാഹം.
കല്യാണരൂപൻ [സം. കല്യാണ-രൂപ] നാ. സുന്ദരരൂപൻ.
കല്യാണവചനം [സം. -വചന] നാ. ശുഭവചനം, മങ്ഗളാശംസ.
കല്യാണവതി [സം. -വതീ] നാ. മങ്ഗളസ്വരൂപിണി.
കല്യാണശീല [സം. -ശീല] വി. നല്ല സ്വഭാവമുള്ള, മങ്ഗളശീലമുള്ള.
കല്യാണസൗഗന്ധികം [സം. -സൗഗന്ധിക] നാ. 1. ഒരു പുഷ്പം,കല്ഹാരം; 2. ഭീമൻ കല്ഹാരം പറിച്ചു പാഞ്ചാലിക്കു നൽകിയ പുരാണകഥ; 3. ആ കഥയെ ആസ്പദമാക്കി കുഞ്ചൻ നമ്പ്യാർ രചിച്ച തുള്ളൽകഥ.
കല്യാണി1 [സം. കല്യാണിൻ] വി. ശുഭമായ, അനുഗൃഹീതമായ, നന്മയുള്ള. (സ്ത്രീ.) കല്യാണിനി.
കല്യാണി2 [സം. കല്യാണീ] നാ. 1. ഒരു വൃത്തം; 2. (സങ്ഗീ.) ഒരു രാഗം; 3. പശു; 4. കാട്ടുഴുന്ന്; 5. സുന്ദരി; 6. സുമങ്ഗലി; 7. കല്യാണഗുണങ്ങളുള്ളവൾ.
കല്യാവർത്തം [സം. കല്യ-ആവർത] നാ. പ്രഭാതഭക്ഷണം, ലഘുവായതെന്തെങ്കിലും.
കല്യാവേശം [സം. കലി-ആവേശ] നാ. കലിബാധ.
കല്യാശം [സം. കല്യ-അശ < അശ്] നാ. പ്രഭാതഭക്ഷണം.
കല്ല1 [സം.] വി. ചെവികേൽക്കാത്ത.
കല്ല2 നാ. 1. മടലിരിഞ്ഞ അടയാളം; 2. ഈന്ത്; 3. തെങ്ങിൻെറയും മറ്റും വേരു കിളിർക്കുന്ന ഭാഗം.
കല്ല3 [പ്രാ. കല്ലാ, സം. കല്യാ] നാ. മദ്യം, കല്ലക്കാരം = പനങ്കൽക്കണ്ട്.
കല്ലടിക്കോടൻ നാ. കഥകളിയിലെ ഒരു ശൈലി.
കല്ലത, -ത്വം [സം. കല്ല-താ, -ത്വ] നാ. 1. ബധിരത; 2. ഒരുതരം വാതരോഗം.
കല്ലൻ വി. (കല്ലുപോലെ) കടുപ്പമുള്ള. നാ. 1. കരിങ്കൽപ്പണിക്കാരൻ, കല്ലാശാരി (സ്ത്രീ.) കല്ലാത്തി; 2. കഠിനഹൃദയൻ, ഉറപ്പുള്ളവൻ; 3. ഒരുജാതി മത്സ്യം, പ്രാച്ചി; 4. ഒരുതരം കാച്ചിൽ.
കല്ലന്തുമ്പി നാ. ഒരിനം തുമ്പി, കല്ലെടുതുമ്പി.
കല്ലൻപൂവൻ നാ. 1. ഒരിനം പൂവൻ വാഴ, കായ്ക്കുള്ളിൽ കല്ലുപോലെയുള്ള വിത്തുകളുള്ളത്; 2. പൊക്കം കുറഞ്ഞതും പുഷ്ടിപ്രാപിക്കാത്തതുമായ പൂവങ്കോഴി.
കല്ലന്മുള നാ. കട്ടിയുള്ള ഒരിനം മുള.
കല്ലന്മൂപ്പൻ നാ. കമ്മാളരിൽ ഒരുവിഭാഗം, കൽപ്പണിത്തൊഴിൽ.
കല്ലന്താരി നാ. പള്ളിക്കണക്ക്.

കല്ലം [<കൽ] നാ. സ്ഫടികംകൊണ്ടുള്ള കൊന്ത, കൊന്തക്കുരുമാല.
കല്ലരയാൽ നാ. ഒരിനം അരയാൽ, ആമകന്നിയൻ.
കല്ലരി നാ. 1. (ആ.ഭാ.) അരി; 2. കല്ലുകലർന്ന അരി; 3. നല്ല അരി.
കല്ലരിക്ക നാ. പാക്ക്.
കല്ലള [കല്ല്-അള2] നാ. 1. പാറയ്ക്കിടയിലെ വിടവ്, ഗുഹ; 2. മൺപാത്രം മനയുമ്പോൾ കല്ലിരുന്നുണ്ടാകുന്ന ദ്വാരം.
കല്ലഴു [കൽ-അഴു2] നാ. കൽച്ചുമര്.
കല്ലറ[കൽ-അറ3] നാ. 1. കല്ലുകൊണ്ടുള്ള അറ, അടിയിലും മുകളിലും കല്ലുകെട്ടി ഭദ്രമാക്കിയിട്ടുള്ള മുറി, ഭണ്ഡാരം സൂക്ഷിപ്പിനുണ്ടാക്കിയിരിക്കുന്ന മുറി, ഭണ്ഡാര സൂക്ഷിപ്പിനുണ്ടാക്കിയിരിക്കുന്ന അറ, നിലവറ; 2. തടവുപുള്ളികളെ പാർപ്പിക്കാൻ കല്ലുകൊണ്ടു നിർമിച്ച മുറി, ജയിലറ; 3. സവകുടീരം; 4. മലയിലുള്ള കല്ലുഗുഹ.
കല്ലറക്കാണം, -പണം നാ. പള്ളിയുടെ ശവക്കോട്ടകളിൽ കല്ലറകെട്ടുന്നതിനു പള്ളിയിൽ അടയ്ക്കേണ്ട സങ്ഖ്യ.
കല്ലാടി നാ. ഗുളികൻ എന്ന ദേവത.
കല്ലാട് നാ. ഒരുതരം കാട്ടാട്, മലയാട്.
കല്ലാടുക ക്രി. കല്ലുകൊത്തിക്കളിയ്ക്കുക, പാറകളിക്കുക.
കല്ലാട്ടം നാ. പാറകളി. കല്ലാടും മുറ്റത്തു നെല്ലാടുകയില്ല. (പഴ.)
കല്ലാണി നാ. കല്ലുകെട്ടിയുണ്ടാക്കിയ ചെറുതോട്.
കല്ലാതവർ [കൽ< കല്ലുക -ആതവർ] നാ. (ബ.വ.) പഠിപ്പില്ലാത്തവർ, അജ്ഞർ.
കല്ലായം നാ. മൂശാരിമാർ മൺകരുവിൻെറ നടുവിൽ വയ്ക്കുന്ന കമ്പി.
കല്ലായി നാ. 1. പാത്രങ്ങൾ കേടുതീർത്തു നന്നാക്കുന്നവൻ,കന്നാൻ; 2. കോഴിക്കോടിനടുത്തുള്ള ഒരു സ്ഥലം, പൂർവരൂപം കല്ലഴി.
കല്ലാൽ നാ. 1. പാറയിലവളരുന്ന ആൽമരം; 2. പൂവരശ്.
കല്ലാശാരി നാ. കൽപ്പണിക്കാരൻ.
കല്ലാറ്റക്കുറുപ്പ് നാ. പരമ്പരയായി കളമെഴുത്തു നടത്തുന്ന ഒരുവിഭാഗത്തിൽപ്പെട്ട ആൾ.
കല്ലിക്കുക [< കല്ല്] ക്രി. 1. കല്ലുപോലെയാകുക, ഉറയ്ക്കുക, കട്ടിപിടിയ്ക്കുക; 2. മൃദുലഭാവങ്ങൾ ഇല്ലാതാകുക, കഠിനമാകുക, കർക്കശമാവുക; 3. ക്ലാവുണ്ടാവുക.
കല്ലിട [കല്ല്-ഇട] നാ. നാഭിക്കും ഗുദത്തിനും ഇടയ്ക്കുള്ള ഒരു മർമം.
കല്ലിടക്കൊറ്റൻ നാ. മുള്ളൻപന്നി.
കല്ലിടാവ് നാ. പാറകൾക്കിടയിലുണ്ടാകുന്ന ഇടുക്ക്, പാറപ്പിളർപ്പ്, വിടവ്, ഗുഹ.
കല്ലിടുക്ക് നാ. കല്ലുകൾക്കിടയിലുള്ള വിടവ്.
കല്ലിടാങ്കുഴി [കല്ല്-ഇട്ട-ആൻ-കുഴി] നാ. കുട്ടികളുടെ ഒരുതരം കളി (വെള്ളത്തിൽ കല്ലിട്ട് അതു മുങ്ങിയെടുക്കുന്ന വിനോദം).
കല്ലിൻപിള്ള നാ. = അമ്മിക്കുഴവി.
കല്ലിന്മേൽക്കായ് നാ. കല്ലുപോലെ ആകൽ, കട്ടിയാകൽ; 2. കല്ലിച്ചത്.

കല്ലിരുമ്പ് നാ. 1. പാറയിൽനിന്നും മറ്റും കിട്ടുന്ന ഇരുമ്പ്; 2. കട്ട ഇരുമ്പ്.
കല്ലിലവ് നാ. ചെറിയയിനം ഇലവുമരം. പാറപ്രദേശങ്ങളിൽ വളരുന്നു, കാട്ടുപൂള, പാറയിലവ്.
കല്ല് നാ. 1. പാറക്കഷണം, പാറ, കരിങ്കല്ല്; 2. അരകല്ല് ആട്ടുകല്ല് തുടങ്ങിയവ; 3. മൈൽക്കുറ്റി സർവേക്കല്ല് തുടങ്ങിയവ; 4. ക്ഷൗരക്കത്തി തേക്കുന്നകല്ല്, ചാണക്കല്ല്; 5. കുളക്കടവിലെ കൽപ്പടവ്, അലക്കുകല്ല് മുണ്ടുനനയ്ക്കാനും മറ്റും ഉപയോഗിക്കുന്നത്; 6. രത്നം; 7. ക്ഷൗരം കഴിഞ്ഞതിൻെറ ശേഷം മുഖത്ത് ഉരയ്ക്കുന്ന പടിക്കാരം; 8. അശ്മരീരോഗത്തിൽ മൂത്രാശയത്തിലുണ്ടാകുന്ന കഠിനവസ്തു; 9. കഠിനവസ്തു; 10. ചെങ്കല്ല്; 11. പരൽ. (പ്ര.) കല്ലിടുക = 1. കെട്ടിടം പണി പ്രതിമാസ്ഥാപനം മുതലായവയുടെ അടിസ്ഥാനമിടുന്നതിൻെറ സൂചനയായി ഒരു കല്ല് സ്ഥാപിക്കുക, ഒരു പ്രവൃത്തി ആരംഭിക്കുക; 2. അളന്ന് അതിർത്തിക്കല്ലിടുക. കല്ലിൽകടിച്ചു പല്ലുകളയുക = ശക്തനോടു എതിരിട്ടു അപകറ്റം പിണയുക. കല്ലുകടിക്കുക = അസുഖകരമായിത്തീരുക, തടസ്സമുണ്ടാവുക. പുത്തരിയിൽ കല്ലുകടിക്കുക = തുടക്കത്തിലേ അരോചകമായ അനുഭവമുണ്ടാവുക.
കല്ലും കാവേരിയും = എന്നും നിലനിൽക്കുന്നവ (ശാസനത്തിൽ പ്രയോഗം). കല്ലുകാച്ചുക = വിഷമുള്ള കല്ല് കാലിൽ കൊള്ളുക. കല്ലുംതോലും വയ്ക്കുക = കുടിയാന്മാർ അനുവാദം കൂടാതെ വീടുപണിയുമ്പോൾ അവിടെ അധികാരപ്പെട്ടവർ തോലിന്മേൽ കല്ലുവച്ചു മുടക്കുകൽപ്പിക്കുന്ന ഒരാചാരം. ആളുവില കല്ലുവില. (പഴ.)
കല്ലുനൂർ നാ. ഒരുവക ചുണ്ണാമ്പ്, കൽച്ചുണ്ണാമ്പ്.
കല്ലുപിളർപ്പൻ [കല്ല്-പിളർപ്പൻ] നാ. പാറയുടെ പിലർപ്പുകളിലും മറ്റും വളരുന്ന ഒരുതരം ചെടി, അശ്മഭേദി.
കല്ലുപ്പ് നാ. 1. പാറയിൽനിന്ന് വെട്ടിയെടുക്കുന്ന ഉപ്പ്, വലിയ പരലുള്ള ഉപ്പ്; 2. കിളിത്തട്ടുകളിയിൽ കയറുന്ന കൂട്ടരിൽ എല്ലാവരും തട്ടിൽ കയറുന്നതിനു മുൻപ് വയ്ക്കുന്ന ഉപ്പ്, വകയില്ലാത്ത ഉപ്പ്.
കല്ലുമട നാ. 1. കന്മട; 2. കല്ലുവെട്ടാങ്കുഴി.
കല്ലുമരി [കല്ല്-മരി < മരവി] നാ. കല്ലുകൊണ്ടുണ്ടാക്കിയ മരവി, കൽച്ചട്ടി.
കല്ലുരൽ നാ. കരിങ്കല്ലുകൊണ്ടുണ്ടാക്കിയ ഉരൽ.
കല്ലുരുട്ടി നാ. ഒരു സ്ത്രീഭൂതം.
കല്ലുവഴിച്ചിട്ട, -സംമ്പ്രദായം നാ. കഥകളിയെ രങ്ഗത്തിൽ അവതരിപ്പിക്കുന്ന രീതികളിൽ ഒന്ന്, കപ്ലിങ്ങാടൻ, കലാടിക്കോടൻ എന്നീ സമ്പ്രദായങ്ങളെ രമ്യമായി മേളിപ്പിച്ചെടുത്തത്.
കല്ലുവാച്ചി നാ. കല്ലുവെട്ടുന്ന മഴു; കന്മഴു.
കല്ലുവാഴ നാ. കാട്ടുവാഴ, മലവാഴ.
കല്ലുവെട്ടാങ്കുഴി നാ. 1. കല്ലുവെട്ടിയെടുത്തുണ്ടാകുന്ന കുഴി, കൽപ്പണ; 2. കല്ലിട്ടാൻ കുഴി.
കല്ലുവെട്ട് നാ. 1. ഭൂമിയിൽനിന്ന് കല്ലുവെട്ടിയെടുക്കൽ; 2. ശിലാരേഖ.
കല്ലുവെള്ളി നാ. ഇരുമ്പും വെള്ളിത്തീയവും ചേർന്ന ഒരു കൂട്ടുലോഹം.

കല്ലുളി നാ. 1. കൽപ്പണിക്കുള്ള ഉളി, ടങ്കം; 2. ഇരുമ്പുപാര. കല്ലുളിമങ്ക = ഒന്നുകൊണ്ടും ഇളകാത്തവൾ.
കല്ലുറാഞ്ചി, -റാഞ്ചൻ നാ. 1. പ്രാപ്പിടിയൻ, എറുപുള്ള്; 2. ഒരിനം പക്കി, കല്ലെടുക്കാം പക്കി.
കല്ലൂർക്കാടൻ നാ. മുദ്രയ്ക്ക് ഏഴര ഇടങ്ങഴിയുള്ള ധാന്യ അലവ് (പറ), പഴയകാലത്തു ചെമ്പകശ്ശേരി രാജാവ് ഏർപ്പെടുത്തിയത്.
കല്ലൂർപതി നാ. ഒരുജാതി പച്ചമരുന്ന്, കല്ലൂർവഞ്ചി.
കല്ലൂർവഞ്ചി നാ. 1. ഒരുജാതി പച്ചമരുന്ന്, മൂത്രവിരേചനീയദ്രവ്യം; 2. കല്ലുരുവി.
കല്ലൂരി [ത. കല്ലൂരി < കല്] നാ. വിദ്യാലയം, എഴുത്തുപള്ളി.
കല്ലെടുപ്പ് നാ. 1. പുലകുളി അടിയന്തിരം സംബന്ധിച്ച് പത്താംദിവസം നടത്തുന്ന ഒരു ചടങ്ങ്; 2. അസ്ഥിയെടുപ്പ്.
കല്ലെഴുത്ത് നാ. 1. കരിങ്കല്ലിന്മേലുള്ള എഴുത്ത്, ശിലാരേഖ; 2. കല്ലെഴുത്തുപോലെ മായാത്തരേഖ, എന്നും നിലനിൽക്കുന്നത്.
കല്ലൊട്ടവ് [കല്ല്-ഒട്ടർ] നാ. (ബ.വ.) ഒട്ടരിൽ കൽപ്പണി ചെയ്യുന്നവർ.
കല്ലോല [സം.] വി. ശത്രുതയുള്ള, വിരോധമുള്ള.
കല്ലോലൻ [സം.] നാ. ശത്രു.
കല്ലോലം [സം.] നാ. 1. തിര, വലിയതിര; 2. സന്തോഷം, വിനോദം.
കല്ലോലമാലി [സം. കല്ലോല-മാലിൻ] 'കല്ലോലമായയോടുകൂടിയത്'. നാ. സമുദ്രം.
കല്ലോലിത [സം.] വി. തിരമാലകളിളകിയ, ഓളമിളകിയ, മദിച്ച.
കല്ലോലിനി [സം. കല്ലോലിനീ] നാ. നദി (അലകളുള്ളത്).
കല്ഹണൻ നാ. 'രാജതരങ്ഗിണി' എന്ന സംസ്കൃതകൃതിയുടെ കർത്താവ്.
കല്ഹാരം [സം.] നാ. സൗഗന്ധികപുഷ്പം, വെള്ളത്താമര.
കവ1 [കവയ്ക്കുക] ധാതുരൂപം.
കവ2 നാ. 1. വൃക്ഷത്തിൻെറ രണ്ടുകൊമ്പുകൾ തിരിയുന്നിടത്തെ ഇട, കവട്ട; 2. കാലുകളുടെ ഇട.
കവകം1 അവ്യ. വായ്നിറയെ.
കവകം2 [സം. കവക] നാ. 1. കബളം; 2. കുമിൾ, കൂൺ.
കവകാൽ [കവ2-കാൽ] നാ. ഇരുവശത്തേക്കും അകന്നിരിക്കുന്ന കാൽ.
കവക്കൊമ്പ് [കവ2-കൊമ്പ്] 'ശിഖരമുള്ള കൊമ്പുകളോടു കൂടിയത്.'നാ. കലമാൻ.
കവചധാരി [സം. കവച-ധാരിൻ]നാ. 1. കവചം ധരിച്ചവൻ, പടച്ചട്ട അണിഞ്ഞവൻ; 2. ജന്തുക്കളിൽ ഒരുവിഭാഗം, കട്ടിയുള്ള പുറന്തോടുള്ളവ.
കവചന്മാർ [സം. കവച] നാ. (ബ.വ.) അസുരന്മാരിൽ ഒരു വിഭാഗം, നിവാതകവചന്മാർ.
കവചപത്രം [സം. -പത്ര] നാ. ഭൂർജമരം.
കവചപാശം [സം. -പാശ] നാ. പടച്ചട്ട കെട്ടാനുള്ള ചരട്.
കവചം [സം.] നാ. 1. കുപ്പായം, ചട്ട; 2. പടച്ചട്ട, ലോഹനിർമിതമായ ശരീരാവരണം; 3. രക്ഷാമന്ത്രം; മന്ത്രം എഴുതിയ തകിടടങ്ങിയ കൂട്, ഏലസ്സ്, ഉറുക്ക് തുടങ്ങിയവ; 4. കവചമന്ത്രം; 5. ഭേരി; 6. ഡക്കാ; 7. പപ്പടകപ്പുല്ല്; 8. പൂവരശ്; 9. പൂച്ച്, ആവരണം; 10. പുറന്തോൽ.

കവചമുദ്ര [സം. കവച-മുദ്രാ] നാ. തന്ത്രവിധിപ്രകാരമുള്ള പൂജാദികളിൽ ഉപയോഗിക്കുന്ന ഒരു മുദ്ര.
കവചഹരൻ [സം. കവച-ഹര] നാ. കവചം ധരിക്കുവാൻ പ്രായമായ ക്ഷത്രിയ യുവാവ്.
കവചി [സം. കവചിൻ] നാ. 1. കവചം ധരിച്ചവൻ; 2. കട്ടിയുള്ളപുറംതോടുള്ള ജീവി, കവചധാരി
501
കവചീകരിക്കുക [<സം.കവചീ-കൃ] ക്രി. ആവരണംചെയ്യുക, മറ്റുള്ളവയുമായി ബന്ധപ്പെടാതെ വേർപെടുത്തുക, ചൂട് വൈദ്യുതി തുടങ്ങിയവ ഒരുവസ്തുവിൽനിന്നു മറ്റൊന്നിലേക്കു പോകതെ തടയുക
കവച്ചം [കവ3] നാ. കവരം
കവച്ചി നാ. മഞ്ചം, തൂക്കുമഞ്ചം
കവഞ്ചി നാ. 1. ചമ്മട്ടി, ചാട്ട; 2. ചാരുകസേര
കവടി1 നാ. 1. ശങ്ഖുവർഗത്തിൽപ്പെട്ട ഒരു ചെറിയ ജലജീവി; 2. (പ്ര) കവടിനിരത്തുക,-പരത്തുക, -വയ്ക്കുക = ഗണിക്കുക, പ്രശ്നം വയ്ക്കുക. കവടിപറയുക = ഗണിച്ച് ഭാവിഫലം പറയുക. കവടിക്കാർ = ജോത്സ്യന്മാർ
കവടി2 നാ. 1. ഒരു പഴയ നാണയം; 2. ഇനാമൽ. ഉദാ: കവടിപ്പിഞ്ഞാണം, കവടിപ്പാത്രം; 3. ഒരുതരം കളി, കവിടിപാടുക, -പറയുക; 4. കവരം
കവടി3 നാ. കതകുപലക
കവട്ട[കവട്ട്, കവട്ടം] നാ. 1. കവരം, മരക്കൊമ്പ്; 2. വേലിയുള്ള വാതിൽ, കന്നുകാലികൾക്ക് കടക്കാനാവാത്തരീതിയിൽ രണ്ടുതടികൾ ചരിച്ചു കെട്ടിയുണ്ടാക്കിയിട്ടുള്ള വിടവ്, കടമ്പ; 3. ചാമ; 4. ഒരുവക പുല്ല്, നെല്ലിനടിയിൽ വളരുന്നത്. ഉദാ: കളയും കവട്ടയും; 5. ഗുഹ്യഭാഗം
കവട്ട്[കവട്ടുക] ധാതുരൂപം
കവട്ടുക ക്രി. 1. തികട്ടിച്ചവയ്ക്കുക; 2. കമട്ടുക, ഛർദിക്കുക
കവട്ടുക്കൽ [കവടു-കൽ] നാ. കടമ്പക്കല്ല്, കടമ്പയിൽ കയറിയിറങ്ങാനിടുന്ന കല്ല്
കവഡാ [സം.കവഡ] നാ. കുലുക്കുഴിയാനും മുഖം കഴുകുവാനുമുള്ള ജലം
കാൺ [പ്രാ.ഖവണ] നാ. = കവണ
കവണ,-വിണ നാ. 1. കല്ലുവച്ചെയ്യുന്നതിനു കവരമുള്ള കമ്പിൻെറ അറ്റത്ത് റബ്ബർ, തോൽ ഇവ കെട്ടിയുണ്ടാക്കുന്ന ഉപകരണം, ഭിന്ദിപാലം, കവൺ; 2. വെടിയുണ്ട; 3. ഒരു മുഴം നീളമുള്ള തിരുകുതടി
കവണക്കല്ല് [കവണ-കല്ല്] നാ. കവണിയിൽ വച്ച് എറിയുവാൻ ഉപയോഗിക്കുന്ന കല്ല്
കവണം നാ. കവട്ട, കവരം
കവണാറ് നാ. മീനച്ചലാറിൻെറ പൂർവനാമം (കൗണാറ്)
കവണി1 നാ. കരയുള്ളതും നേർമയുള്ളതുമായ വസ്ത്രം, നേരിയത്
കവണി2 നാ. 1. = കവണ; 2. ഒരുതരം വില്ല്
കവണ് നാ. 1.കവണ; 2. കവുങ്ങ്
കവനം നാ. 1. കവിതാനിർമാണം, കവിത; 2. ജലം

കവനിക്കുക ക്രി. = ഗൗനിക്കുക
കവയിതാവ് [സം.കവയിതൃ] നാ. കവിതയെഴുതുന്നവൻ. (സ്ത്രീ) കവയിത്രി
കവയ്ക്കുക ക്രി. 1. കാലുകൾ തമ്മിലകത്തിവയ്ക്കുക; 2. ചവിട്ടാതെ ഒരുകാൽ അപ്പുറം വെയ്ക്കുക; 3. ഉല്ലങ്ഘിക്കുക, അതിക്രമിക്കുക, തോൽപ്പിക്കുക
കവയ്ക്കുക2 [സം.കവ്] ക്രി. കവിത നിർമിക്കുക (പരിഹാസദ്യോതകം)
കവർ1 [കവരുക] ധാതുരൂപം
കവർ2 [കവർക്കുക] ധാതുരൂപം
കവർ3,കൗർ നാ. (ശരീരത്തിലെ) ദുർഗന്ധം; 2. ഉപ്പുവെള്ളത്തിൽ രാത്രികാലത്ത് ചലനമുണ്ടാകുമ്പോൾ തിളങ്ങിക്കാണുന്ന വസ്തു
കവർ4 നാ. പകിട, ചൂത്
കവർ5 [ഇം.] നാ. ആവരണം, മൂടി, കത്തുകൾ ഇടാനുള്ള കൂട്
കവർ6 നാ. = കബർ. ഉദാ: കവറടങ്ങുക, കവറടക്കം
കവർ7 നാ. ശ്രദ്ധ, ഓർമ
കവർക്കുക [കവർ2] ക്രി. = ചവർക്കുക
കവർഗം [സം.ക-വർഗ]നാ. (വ്യാകരണ) ക ഖ ഗ ഘ ങ എന്നീ അഞ്ചു കണ്ഠ്യങ്ങളായ വ്യഞ്ജനങ്ങൾ
കവർച്ച [കവര്1] നാ. കൊള്ള, സങ്ഘംചേർന്നു ഭയപ്പെടുത്തി നടത്തുന്ന അപഹരണം, പിടിച്ചുപറിക്കൽ. (പ്ര) കവർച്ചക്കാരൻ = കവർച്ചചെയ്യുന്നവൻ, കൊള്ളക്കാരൻ
കവർച്ചം [കവരുക2] നാ. കവരം, കവട്ട
കവർനാറ്റം [കവർ3-നാറ്റം] നാ. ശരീരത്തിലെ ദുർഗന്ധം
കവർപ്പ് [കവർക്കുക] നാ. ചവർപ്പ്
കവര1 നാ. 1. കവരം; 2. വഴികൾ കൂടിച്ചേരുന്ന സ്ഥലം, കവല
കവര2 [സം.കബര] വി. കൂടിക്കലർന്ന, നാനാവർണമുള്ള. നാ. 1. കറുത്ത കാട്ടുതുളസി; 2. ഒരുജാതിപ്പുല്ല്
കവരകി [സം.കവരകീ]നാ. തടവുകാരൻ
കവരക്കോൽ [കവര-കോൽ] നാ. 1. ഭാരമുള്ള വസ്തുക്കൾ പൊക്കുന്നതിന് ഉപയോഗിക്കുന്ന കവരമുള്ള കഴ; 2. കവരപ്പലക
കവരൻ1 [സം.കവര] നാ. പ്രഭാഷകൻ, പാഠകൻ
കവരപ്പലക നാ. തടിയുടെ നിരപ്പുപരിശോധിക്കാൻ ആശാരിമാർ ഉപയോഗിക്കുന്ന ഉപകരണം
കവരം1 നാ. 1. മരത്തിൻെറ കൊമ്പ് തായ്ത്തടിയിൽനിന്നും പിരിയുന്നിടം, കൊമ്പുകളുടെ ഇട, കവട്ട, മരക്കൊമ്പുകളുടെ ചുവട്; 2. ശാഖ, മരക്കൊമ്പ്; 3. രണ്ടായിപ്പിരിഞ്ഞ് കമ്പുപോലുള്ള ഉപകരണം; 4. തൂണിൻെറ കപ്പ്; 5. രണ്ടു ഉത്തരങ്ങൾ തമ്മിൽചേരുന്ന ഇടം; 6. കോപം
കവരം2 നാ. 1. ഉപ്പ്, ഉപ്പുരസം; 2. പുളി, പുളിരസം; 3. പിന്നിയ തലമുടി; 4. തൊടുകാര
കവരവിളക്ക് [കവര1-വിളക്ക്] നാ. വിളക്കുകാലിൻെറ കവരങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള തട്ടുകളോടുകൂടിയ നിലവിളക്ക്

കവരി1 [സം.] നാ. 1. = കബരി; 2. കറുത്ത കാട്ടുതുളസി
കവരി2 [<സം.ചമരി] നാ. 1. ഒരുജാതി മാൻ, കവരിമാൻ; 2. ചാമരം
കവരിക്കുക1 [കവരുക>] കവരുന്നതിനു കാരണമാവുക
കവരിക്കുക2 [കവരം1] ക്രി. കവരം ഉണ്ടാകുക, ശാഖതിരിയുക, ശിഖരം പൊട്ടിപ്പിരിയുക
കവരിമാൻ [കവരി2-മാൻ] നാ. ഒരിനം മാൻ
കവരുക ക്രി. 1. മോഷ്ടിക്കുക, കൊള്ളയടിക്കുക, അലഹരിക്കുക, കൈക്കലാക്കുക; 2. പിടിച്ചെടുക്കുക; 3. വശീകരിക്കുക, സ്വാധീനപ്പെടുത്തുക
കവല1 [ത.കവലൈ] നാ. ദു:ഖം, ഉത്കണ്ഠ, വിചാരം, ഭയം, അമ്പരപ്പ്, പതറൽ
കവല2 നാ. 1. പലവഴികൾ ചേരുന്ന ഇടം, വഴികൾതമ്മിൽ പിരിയുന്ന സ്ഥലം; 2. കവരം, കവട്ട; 3. ഒരുതരം കിഴങ്ങ്, കാട്ടുകാച്ചിൽ. (പ്ര) കവലപിണങ്ങുക = പരസ്പരം ഭിന്നിക്കുക, ശത്രുതയുണ്ടാക്കുക, മത്സരിക്കുക
കവലംകാളി നാ. = കവളം കാളി
കവലിക്കുക [<ത.കവലൈ]ക്രി. പതറുക, വിഷമിക്കുക, ഉത്കണ്ഠയുണ്ടാവുക
കവള(ൻ)മടൽ നാ. 1. മടലിൻെറ കവിൾപോലെയുള്ള ഭാഗം, തെങ്ങോലയെ തടിയുമായി ബന്ധിപ്പിക്കുന്ന ഭാഗം, ഓലമടലിൻെറ ചുവട്. (പ്ര.) ബുദ്ധിശൂന്യൻ, വിഡ്ഢി
കവള നാ. 1. = കബാ; 2. ആനയ്ക്കുകൊടുക്കുന്ന ചോറുരുള
കവളംകാളി നാ. മാടത്തക്കിളി, മൈന
കവളി1 നാ. 1. കവരം, കവട്ട; 2. തോട്ടയിൽവെച്ചുകെട്ടുന്ന കമ്പ്; 3. കൈയിലുള്ള മർമങ്ങളിൽ ഒന്ന്
കവളി(ക) [സം.കവലികാ] നാ. 1. (വ്രണത്തിൻെറ) കെട്ട്; 2. പുസ്തകക്കെട്ട്; 3. വെറ്റിലക്കെട്ട്
കവളിപ്പിക്കുക ക്രി. = കബളിപ്പിക്കുക
കവളുക ക്രി. 1. വിഴുങ്ങുക; 2. കവിൾക്കൊള്ളുക
കവളുകാ(യ്) [കവളു-കാ(യ്)] നാ. വാഴക്കുലയിലെ ആദ്യത്തെ പടലയിലെ ആദ്യത്തെ കായ്
കവറടങ്ങുക ക്രി. (മരിച്ചു) സംസ്ക്കരിക്കപ്പെടുക
കവറടക്കുക ക്രി. ശവം മറവുചെയ്യുക, സംസ്ക്കരിക്കുക
കവറാടൽ,-ട് നാ. ചൂതാട്ടം
കവറിടെ [കവർ-ഇടെ] നാ. മൃതശരീരം അടക്കം ചെയ്യുന്ന സ്ഥലം
കവറ്1 നാ. 1. =കവർ4; 2. ഒരുതരം കളിപ്പാട്ടം; 3. നെയ്ത്തുകാരുടെ ഒരു ഉപകരണം (നാരുചുറ്റുന്നതിന് ഉപയോഗിക്കുന്നത്)
കവറ്2 നാ. പരമ്പുകുട്ട
കവറുകണ്ണ് [കവറ്1-കണ്ണ്] നാ. പകിട, ചൂതുകരു
കവാടം,-ടി [സം.കവാട,-ടി] നാ. 1. കപാടം, പ്രവേശനമാർഗം, വാതിൽ, കതക്, വാതിൽപ്പഴുതിനെ അടയ്ക്കുന്ന പലക; 2. തടികൊണ്ടുണ്ടാക്കിയ പരിച, വാതിൽപ്പരിച

കവാടികം [സം.] നാ. ഒരുവശത്തേക്കുമാത്രം തുറക്കുന്ന ദ്വാരത്തോടുകൂടിയ അടപ്പ്
കവാത്ത് [അറ] നാ. 1. സൈനികർക്കു നൽകപ്പെടുന്ന പരിശീലനം, അണിനിരന്നു പദം വച്ചുനീങ്ങൽ. കവാത്തുചെയ്യുക, -പിടിക്കുക = സൈനികമുറകൾ പരിശീലിപ്പിക്കുക; 2. നിവർന്നു ഞെളിഞ്ഞ് പട്ടാളക്കാരനെപ്പോലെ നടക്കൽ (പ്ര) സായിപ്പിനെ കാണുമ്പോൾ കവാത്തു മറക്കുക = പഠിച്ചതു പരിശോധകൻെറ (മേലധികാരിയുടെ) മുമ്പിൽ മറന്നുപോകുക
കവായ്,കവായ നാ. ഒരുതരം നീണ്ടകുപ്പായം
കവാരം നാ. 1. താമര; 2. ഒരിനം പക്ഷി
കവാലം നാ. = കപോലം, ചെള്ള. (പ്ര) കവാലക്കുറ്റി = ചെവിക്കുറ്റി
കവി1 [കവിയുക] ധാതുരൂപം
കവി2 നാ. ചേനയും മറ്റും നടുന്ന തടം മൂടാനായി ഇടുന്ന ഇല.
കവി3 [സം.] നാ. 1. കവനം ചെയ്യുന്ന (കവിത എഴുതുന്ന) ആൾ; 2. കാവ്യം, കവിത, ശ്ലോകം. (പ്ര) കവിവകച്ചൽ, കവിപാടൽ = കാവ്യരചന; 3. വിദ്വാൻ, ബുദ്ധിമാൻ, ക്രാന്തദർശി; 4. ഋഷി, ജ്ഞാനി; 5. ശുക്രമഹർഷി, 6. ഭൃഗുവിൻെറ പുത്രൻ, ശുക്രൻെറ അച്ഛൻ; 7. വാൽമീകി (മഹർഷി) ആദികവി; 8. ബ്രഹ്മാവ്; 9. സൂര്യൻ; 10. പക്ഷി; 11. വൈവസ്വതമനുവിൻെറ പത്തുപുത്രന്മാരിൽ ഒരാൾ; 12. താമസമന്വന്തരത്തിലെ സപ്തമഹർഷികളിലൊരാൾ; 13. പ്രിയവ്രതന് ബർഹിഷ്മതിയിലുണ്ടായ പുത്രന്മാരിൽ ഒരാൾ; 14. ഋഷഭൻെറ പുത്രന്മാരായ നവയോഗികളിൽ ഒരാൾ; 15. കടിഞ്ഞാണിൽ കുതിര കടിച്ചുപിടിക്കുന്ന ലോഹക്കഷണം, കടിയിരുമ്പ്
കവി4 [പ്രാ.കവി] നാ. കുരങ്ങ്
കവിക [സം.കവികാ] നാ. 1. കടിഞ്ഞാൺ, കടിഞ്ഞാൺകടി; 2. ഒരുതരം പൂവ്
കവികം [സം.] നാ. കടിഞ്ഞാൺകടി
കവികർമം [കവി4-കർമൻ] നാ. കാവ്യരചന, കവിത
കവികല്ല് [കവി2-കല്ല്] നാ. മൂടിയിരിക്കുന്ന കല്ല്
കവിക്കാരൻ [സം.കവി3-കാര] നാ. = കവിതക്കാരൻ
കവിക്കുക1 [കവിയുക>] ക്രി. ഉല്ലങ്ഘിക്കുക, അതിക്രമിക്കുക
കവിക്കുക2 [സം.] ക്രി. കവനം ചെയ്യുക, കവിതരചിക്കുക
കവിചതുഷ്ടയം [സം.കവി3-ചതുഷ്ടയ] നാ. നാലുതരക്കാരായ കവികൾ. ഉദാത്തൻ, ഉദ്ധതൻ, പ്രൗഢൻ, വിനീതൻ എന്നിങ്ങനെ
കവിച്ചൽ നാ. = കവിച്ചിൽ
കവിച്ചിൽ [കവിയുക] നാ. 1. കവിഞ്ഞുനിൽക്കുന്ന സ്ഥിതി, അതിശയിച്ചുനിൽക്കൽ, അധികമാകൽ, അതിരുകവിയൽ; 2. അഹങ്കാരം, ഔദ്ധത്യം
കവിജനനി [സം.] നാ. സരസ്വതി
കവിജ്യേഷ്ഠൻ [സൻ.] നാ. 'കവികളിൽ ജ്യേഷ്ഠനായവൻ', ആദികവി, വാൽമീകി
കവിഞ്ചി നാ. = കവഞ്ചി

കവിടി നാ. = കവടി1 (പ്ര) കവടിച്ചൂത് = കരുവിനുപകരം കവിടിനിരത്തിക്കൊണ്ടുള്ള ചൂത്

കവിടിക്കച്ച [കവിടി-കച്ച] നാ. തിറകെട്ടുമ്പോൾ അരയിൽ ഉറപ്പിനുവേണ്ടികെട്ടുന്നതും കവിടികൾ തുന്നിപ്പിടിപ്പിച്ചതുമായ തുണികൊണ്ടുള്ള അരപ്പട്ട

കവിടിത്തേപ്പ് [കവിടി-തേപ്പ്] നാ. ഇരുമ്പുപിഞ്ഞാണങ്ങൾക്കും മറ്റും കവിടിപൂശൽ

കവിട്ട നാ. = കവട്ട

കവിണ നാ. = കവണ

കവിണി,കവുണി നാ. = കവണി

കവിണ് നാ. 1. = കമുക്. കവിണിൻ കായ് = കമുകിങ്കായ്; 2. = കവിണ

കവിണ്ണു,-ണു [കവിഴുക] ക്രി. (ഭൂരൂപം) കമഴ്ന്നു

കവിത [സം.കവിത] നാ. 1. ഛന്ദോനിബദ്ധവും രസാത്മകവുമായ വാക്യം, കാവ്യം; 2. കെട്ടുകഥ, നുണ

കവിതക്കാരൻ [<സം.കവിതാ-കാര] നാ. കവിത എഴുതുന്നവൻ

കവിതാമാത് [സം.കവിതാ-മ.മാത്] നാ. = കവിതാമാതാവ്.

503

കവിതിലകൻ [സം.-തിലക] നാ. 'കവികൾക്കുപൊട്ടായിട്ട് (ആഭരണമായിട്ട്) ഉള്ളവൻ',1. കവിശ്രേഷ്ഠൻ; 2. ഒരു ബിരുദം

കവിത്തം [<സം.കവി] നാ. 1. ഭദ്രകാളീക്ഷേത്രങ്ങളിൽ പ്രചരിച്ചിരുന്ന തൂക്കം എന്ന ആചാരം, പയറ്റിലെ താളപ്രധാനമായ ഗാനം; 2. ചവിട്ടുനാടകത്തിലെ ചവിട്ടുകളുടെ വായ്ത്താരി

കവിത്വം [സം.] നാ. കവിയായിരിക്കുക എന്ന സ്ഥിതി, കവിയുടെ ഭാവം, കവിതരചിക്കുവാനുള്ള സാമർഥ്യം

കവിപുത്രൻ [സം.] നാ. ശുക്രൻ

കവിമകൾ [സം.] നാ. സരസ്വതി

കവിമാതാവ് [സം.-മാതാ] നാ. കവിമാത്, സരസ്വതി

കവിയൻ [കവി2] നാ. തലയണയ്ക്കും മെത്തക്കും മറ്റും ഇടുന്ന ഉറ, മൂടി. ഉദാ: തലയണക്കവിയൻ

കവിയിടുക [കവി2-ഇടുക] ക്രി. ചേനയും കിഴങ്ങും മറ്റും നട്ടതിൻെറ മുകളിൽ ഇലകളിട്ടുമൂടുക

കവിയുക ക്രി. 1. ക്ലിപ്തപരിധിയിൽ കൂറ്റുതലാവുക, മറ്റൊന്നിനെക്കാൾ കൂടുതലോ വലുതോ ആവുക; 2. നിറഞ്ഞുപുറത്തേക്കു തൂവുക, നിറഞ്ഞൊഴുകുക; 3. മികച്ചുനിൽക്കുക, (ഒന്നിനെക്കാൾ) മെച്ചപ്പെട്ടിരിക്കുക; 4. വർധിക്കുക, വേണ്ടതിൽകൂടുതൽ ആകുക; 5. അഹങ്കരിക്കുക, മദിക്കുക. (പ്ര) കവിഞ്ഞപക്ഷം = ഏറ്റവും കൂടുതൽ, അങ്ങേയറ്റം

കവിരാജൻ [കവി3-രാജ] നാ. 1. ശ്രേഷ്ഠകവി; 2. സമർഥരായ കവികൾക്കു നൽകുന്ന ബിരുദനാമം; 3. സ്തുതിപാഠകൻ; 4. 'രാഘവപാണ്ഡവീയ'ത്തിൻെറ കർത്താവ്

കവില നാ. തവിട്ടുനിറമുള്ള അശു, കപില2

കവിൾ [സം.കപോല] നാ. 1. കണ്ണുകൾക്കുതാഴെയുള്ള മുഖത്തിൻെറ ഇരുവശങ്ങൾ, വായുടെയും ചെവിയുടെയും ഇടയ്ക്കുള്ള മാംസള ഭാഗം, ചെള്ള; 2. വായ്ക്കുള്ളിലെ ഇരുപാർശ്വവും. (പ്ര) കവിൾവീർപ്പിക്കുക = ഗൗരവപ്പെടുക, ദേഷ്യപ്പെടുക

കവിൾക്കൊള്ളുക [-കൊള്ളുക] ക്രി. 1. (വായിൽ വെള്ളമൊഴിച്ച്) കുലുക്കുഴിയുക, കൊപ്ലിക്കുക; 2. ദ്രവരൂപത്തിലുള്ള മരുന്നു വായിലൊഴിച്ച് ഇറക്കാതെ വച്ചുകൊണ്ടിരിക്കുക

കവിൾചോളം നാ. പൊതിച്ചോളം (ശിഖരങ്ങൾ ഉള്ളത്)

കവിൾത്തടം [കവിൾ-തടം] നാ. കവിൾ, കവിളിൻെറ പുറംഭാഗം, കവിൾപ്രദേശം

കവിൾപ്പാട്ട് [കവിൾ-പാട്] നാ. കവിളടക്കം, വാനിറയാൻവേണ്ടത്

കവിൾവാർപ്പ് നാ. കവിളിൽ വരുന്ന ക്യാൻസർ

കവിളൻ [<കവിൾ] നാ. വീർത്തുവലുതായ കവിളുകളുള്ളവൻ, കവിൾ വല്ലാതെ വീർത്തുതുടുത്തു കിടക്കുന്നവൻ

കവിളി നാ. 1. = കവരം, കവിളിമടൽ. കവിളന്മടൽ = കവളന്മടൽ; 2. കവരമുള്ള ഒരുതരം ആയുധം

കവിഴുക ക്രി. 1. കമിഴുക (പ്ര) കവിണ്ണുവീഴുക; 2. മുഖം താഴുക

കവിഴ്ച [കവിഴുക] നാ. മുഖം താഴ്ത്തൽ

കവിഴ്ത്തൽ [കവിഴ്] നാ. 1. കവിഴ്ത്ത്; 2. = കവിഴ്ച

കവിഴ്ത്ത് [കവിഴ്] നാ. 1. മുകൾഭാഗം താഴെയാകത്തക്കവണ്ണം മറിക്കൽ, കമിഴ്ത്തൽ; 2. ചുമരിൻെറയും മറ്റും മുകളിൽ കമഴ്ത്തിവയ്ക്കുന്ന കല്ല്; 3. പുരകെട്ടുമ്പോൾ നെടുവശങ്ങൾ രണ്ടും ചേരുന്ന മുകൾഭാഗത്ത് ഓല കമിഴ്ത്തൽ

കവുങ്ങ്,കമുക് [പ്രാ.കമുക] നാ. = അടയ്ക്കാമരം

കവുച്ചി [ഇം.] നാ. ശയനീയം, ചാരുമെത്ത, മഞ്ചം

കവുട്ടുക ക്രി. തികട്ടുക, വെളിയിലേക്കൊഴുക്കുക

കവുണി നാ. = കവണി

കവുൽ നാ. 1. കരാറ്, ഏർപ്പാട്, ഉടമ്പടി, മേലാളർ കീഴാളർക്കു നൽകുന്ന ഭൂദാനവും മറ്റും ഉൾക്കൊള്ളുന്ന പ്രമാണം. (പ്ര) കവുലാക്കിതം, കവുൽക്കത്ത് = പ്രമാണരേഖ; 2. ഗവണ്മെൻറിന് ഈടാക്കേണ്ട തുകകൾ സംബന്ധിച്ച് അധികാരികൾ നൽകുന്ന വ്യവസ്ഥാപത്രം

കവേത്ത നാ. മേശയുടെ വലിപ്പ്

കവേരം നാ. കാവേരിനദിയുടെ ഉദ്ഭവസ്ഥാനമായ മല

കവേലം [സം.] നാ. താമരപ്പൂവ്

കവോഷ്ണം [സം.] വി. ചെറുചൂടുള്ള

കവ്യം [സം.] നാ. 'മന്ത്രപുരസ്സരം ദാനം ചെയ്യപ്പെടുന്നത്', പിതൃക്കൾക്ക് അർപ്പിക്കുവാൻ പാകംചെയ്ത അന്നം

കവ്യർ [സം.കവ്യാ:] നാ. (ബ.വ.) പിതൃക്കളിൽ ഒരുവിഭാഗം

കവ്യവാഹ(ന)ൻ [സം.] നാ. 1. അഗ്നി (കവ്യത്തെ വഹിച്ചുകൊണ്ട് പിതൃക്കൾക്ക് എത്തിക്കുന്നതിനാൽ); 2. ശിവൻ

കവ്യാനലന്മാർ [സം.-അമ്പലാ:] നാ. (ബ.വ.) പിതൃക്കളിൽ ഒരുവിഭാഗം

കവ്യാശനർ [സം.-അശനാ:] നാ. (ബ.വ.) കവ്യം ഭക്ഷിക്കുന്നവർ, പിതൃക്കൾ

കവ്വ വി. വിചാരമുള്ള, താത്പര്യമുള്ള

കവ്വുക ക്രി. 1. കമ്മുക, കപ്പുക; 2. പറ്റിപ്പിടിക്കുക, കൊള്ളുക
കശ1 [കശക്കുക] ധാതുരൂപം
കശ2 [കശയ്ക്കുക] ധാതുരൂപം
കശ3 നാ. കലശൽ, കുഴപ്പം, ബഹളം, കൂട്ടം, ആധിക്യം. ഉദാ: ഉത്സവത്തിന് ആളിൻെറ കശയായിരുന്നു
കശ4 [സം.കശാ] നാ. 1. ചമ്മട്ടി; 2. കടിഞ്ഞാൺ; 3. ചമ്മട്ടികൊണ്ടുള്ള അടി; 4. കയറ്, ചരട്; 5. മാംസരോഹിണി; 6. കോഴിയുടെ പൃഷ്ഠഭാഗം (അങ്കവാൽ കുരുത്തുവരുന്നിടം)
കശകശ നാ. കറുപ്പുചെടി, അതിൻെറ വിത്ത്
കശക്കുക ക്രി. 1. ഞെക്കിത്തിരുമ്മുക, ഞെരടുക, മർദ്ദിക്കുക; 2. കലക്കുക, ഇടകലർത്തുക
കശങ്ങുക ക്രി. 1. ഞെങ്ങിച്ചതയുക, തകരുക; 2. വിധേയത്വമോ പാരവശ്യമോ സൂചിപ്പിക്കുന്നവിധം പെരുമാറുക
കശടൻ [പ്രാ.കശട] നാ. ദുഷ്ടൻ
കശട് നാ. 1. അശട്, കേട്, മുഴ; 2. ക്ഷുദ്രത, ദുഷ്ടത, അസൂയ
കശപിശ,കശു- നാ. 1. കലശൽ, ബഹളം, വഴക്ക്, കുഴപ്പം; 2. കൂടിക്കലർന്നു കിടക്കുന്ന സ്ഥിതി
കശപ്പ് നാ. = കയ്പ്പ്
കശയ്ക്കുക ക്രി. കയ്പുരസം തോന്നുക, കയ്ക്കുക
കശവൻ, കയവൻ നാ. ദുഷ്ടൻ, നീചൻ
കശവ് നാ. = കസവ്
കശസ്സ് [സം.കശസ്] നാ. വെള്ളം
കശാപ്പ് [അറ] നാ. കൊലചെയ്യൽ, മാംസത്തിനായി ജന്തുക്കളെ അറക്കൽ, ഹിംസിക്കൽ. (പ്ര) കശാപ്പാക്കുക, കശാപ്പുചെയ്യുക = നശിപ്പിക്കുക, ഇല്ലാതാക്കുക, കൊല്ലുക
കശാപ്പുകാരൻ നാ. 1. ആടുമാടുകളെ അറുക്കുന്നവൻ, മാംസവിൽപനയ്ക്കുവേണ്ടി മൃഗങ്ങളെ കൊല്ലുന്നവൻ; 2. (ആല) ദുഷ്ടൻ, കഠിനഹൃദയൻ, സംഹാരകൻ
കശാപ്പുശാല നാ. മാംസവ്യാപാരത്തിനുവേണ്ടി മൃഗങ്ങളെ കൊല്ലുന്ന സ്ഥലം
കശിപു [സം.] നാ. 1. കിടക്കാനുള്ളത്, പായ്, ശയ്യ, കിടക്ക; 2. തലയണ; 3. ചോറ്; 4. വസ്ത്രം
കശില [സം.ക-ശിലാ] നാ. ബ്രഹ്മശില, നപുംസകശില
കശിവ് നാ. കോൽ
കശു [പോർ] നാ. = കശുമാവ്. കശുമാങ്ങ = കശുമാവിൻെറ ഫലം, പറങ്കിമാങ്ങ. കശുവണ്ടി = കശുമാവിൻെറ വിത്ത്, പറങ്കിയണ്ടി
കശേരു(ക) [സം.] നാ. 1. നട്ടെല്ല്, പൃഷ്ഠാസ്ഥി; 2. നട്ടെല്ലിൻെറ ഒരു ഖണ്ഡം; 3. നിർമുത്തങ്ങ; 4. ഭാരതവർഷത്തിൻെറ ഒമ്പതുവിഭാഗങ്ങളിൽ ഒന്ന്
കശ്ചന,കശ്ചിത് [സം.] അവ്യ. ഒരു, ഏതോ ഒരു, ഒരാൾ

കശ്മല [സം.] വി. 1. മലിനമായ, മുഷിഞ്ഞ; 2. കലുഷമായ, വിവർണമായ; 3. വിഷമം പിടിച്ച, കുഴപ്പമുള്ള; 4. നിന്ദ്യമായ, അപകീർത്തികരമായ; 5. ദുഷ്ടതയുള്ള
കശ്മലം [സം.] നാ. 1. മാലിന്യം, അഴുക്ക്; 2. പാപം; 3. വിഷാദം, ദൈന്യം, മനോവൈക്ലബ്യം, മൗഢ്യം; 4. മോഹാലസ്യം, ജാഡ്യം; 5. ഭയം, ഹൃദയദൗർബല്യം, സംഭ്രമം; 6. ഒരു നരകം
കശ്മീരജന്മാ(വ്) [സം.കാശ്മീര-ജന്മൻ] നാ. കാശ്മീരത്തിലുണ്ടാക്കിയത്, കുങ്കുമം
കശ്മീരജം [സം.-ജ] നാ. = കാശ്മീരജന്മാവ്
കശ്യ [സം.] വി. ചമ്മട്ടികൊണ്ടുള്ള അടി അർഹിക്കുന്ന
കശ്യപ [സം.] വി. കറുത്തപല്ലുള്ള
കശ്യപൻ [സം.കശ്യപ] നാ. ഒരു ഋഷി, ബ്രഹ്മാവിന്റെ പുത്രനായ മരീചിയുടെ മകൻ
കശ്യപനന്ദനൻ [സം.] നാ. 'കശ്യപന്റെ പുത്രൻ', 1. ഗരുഡൻ; 2. അരുണൻ
കശ്യപം [സം.] നാ. 1. ആമ; 2. ഒരുജാതി മത്സ്യം; 3. ഒരുതരം മാൻ; 4. സപ്തർഷിമണ്ഡലത്തിൽപ്പെട്ട ഒരു നക്ഷത്രം
കശ്യം [അം.കശ്യ] നാ. 1. കുതിരയുടെ ശരീരത്തിന്റെ മധ്യഭാഗം; 2. മദ്യം
കഷ1 [സം.<കഷ്] വി. ഉരയ്ക്കുന്ന, ഉരുമ്മുന്ന, ഉരസുന്ന
കഷ2 [സം.കഷാ] നാ. = ചമ്മട്ടി, ചാട്ട
കഷണ [സം.] വി. 1. പാകംവരാത്ത; 2. ഉരച്ചുകളയുന്ന, നശിപ്പിക്കുന്ന
കഷണം1 [സം.] നാ. 1. ഉരസൽ, പോറൽ; 2. ഉരകല്ലുകൊണ്ടുള്ള പരീക്ഷണം; 3. അടയാളപ്പെടുത്തൽ
കഷണം2 നാ. 1. തുണ്ട്, നുറുക്ക്, ഭാഗം; 2. സാരം; 3. പ്രയാസം, ബുദ്ധിമുട്ട്, ക്ലേശം
കഷണിക്കുക [<സം.കഷണ]ക്രി. 1. കഷണമാക്കുക, തുണ്ടുതുണ്ടാക്കുക; 2. വിഷമിക്കുക, ബുദ്ധിമുട്ടുക, കഷ്ടപ്പെടുക
കഷണ്ടി [പ്രാ.കോഹണ്ഡി] നാ. 1. ഒരു രോഗം, മുടിയില്ലാത്ത അവസ്ഥ, വീണ്ടും വളരാത്തനിലയിൽ തലയിൽനിന്നു രോമങ്ങൾ കൊഴിഞ്ഞുപോയ സ്ഥിതി; 2. കഷണ്ടിയുള്ളവൻ
കഷപട്ടിക [സം.] നാ. ഉരകല്ല്
കഷം [സം.കഷ] നാ. 1. ഉരയ്ക്കൽ, ഉരസൽ; 2. ഉരകല്ല്; 3. ചാണ; 4. പരീക്ഷണം
കഷാകു [സം.] നാ. അഗ്നി, സൂര്യൻ
കഷായ [സം.] വി. 1. ചവർപ്പുരസമുള്ള; 2. ചെമപ്പുനിറമുള്ള; 3. സുഗന്ധമുള്ള; 4. മധുരമായ, തെളിഞ്ഞ; 5. മലിനമായ
കഷായക്കഞ്ഞി [സം.] നാ. മരുന്നോടുകൂടി പാകംചെയ്ത കഞ്ഞി
കഷായക്കല്ല് [സം.] നാ. കാവിമണ്ണ്
കഷായം1 [സം.കഷായ] നാ. 'കണ്ഠത്തെ വെറുപ്പിക്കുന്നത്', 1. ആറുതരം രസങ്ങളിൽ ഒന്ന്, ചവർപ്പുരസം; 2. മരുന്നുകൾ ഇടിച്ചു വെള്ളത്തിൽക്കലക്കി വറ്റിച്ച്

അരിച്ചെടുക്കുന്ന ദ്രാവകം. (പ്ര) കഷായപഞ്ചകം = സ്വരസം ക്ല്കം ക്വാഥം ഹിമം ഫാണ്ടം എന്നിങ്ങനെ അഞ്ച് (ആല) വെറുപ്പുണ്ടാക്കുന്നത്, വിരസമായത്. (പ്ര) കഷായതീർഥം = മൂകാംബികാക്ഷേത്രത്തിലെ അത്താഴപൂജയ്ക്കുള്ള ഒരു നിവേദ്യം; 3. തവിട്ടുനിറം, ചുവപ്പുനിറം; 4. വൃക്ഷാദികളുടെ പശ, കുന്തുരുക്കം; 5. മെഴുക്; 6. ലേപനം; 7. ക്രോധലോഭാദിവികാരം (ക്രോധം, മാനം, മായ, ലോഭം എന്നിവയാണ് ജൈനമതപ്രകാരമുള്ള നാലുകഷായങ്ങൾ); 8. വിഷയാസക്തി; 9. ബുദ്ധിഹീനത; 10. മാലിന്യം, അഴുക്ക്; 11. (ഭാഷയിൽമാത്രം)പ്രയാസം, ബുദ്ധിമുട്ട്; 12. കലിയുഗം; 13. പലകപ്പയ്യാനി; 14. പെരുമരുത്; 15. ഞമ; 16. കാവി

കഷായം2 [സം.കഷായ] നാ. കാവി. (പ്ര) കഷായവസ്ത്രം

കഷായി [സം.കഷായിൻ] വി. 1. കറ ഊറുന്ന; 2. ചെമപ്പുചായം പിടിപ്പിച്ച; 3. ചവർപ്പുരസമുള്ള; 4. ലൗകികവിഷയങ്ങളിൽ ആസക്തിയുള്ള

കഷായിക്കുക [<സം.കഷായ] ക്രി. ക്ലേശിക്കുക, ബുദ്ധിമുട്ടുക. നാ. കഷായിപ്പ്

കഷായിത [സം.] വി. 1. ചെമന്ന, ചെങ്ങിയ, നിറം പകർന്ന; 2. അടയാളപ്പെട്ട, പാടുള്ള; 3. ബാധിച്ച, കലങ്ങിയ, ഇളകിയ; 4. നിറഞ്ഞ, വ്യാപിച്ച; 5. മധുരമായ്ത്തീർന്ന

കഷി[സം.] വി. അനർഥമുണ്ടാക്കുന്ന, ഉപദ്രവിക്കുന്ന

കഷിത [സം.] വി. ഉരസപ്പെട്ട, പരീക്ഷിക്കപ്പെട്ട, ഉപദ്രവിക്കപ്പെട്ട. നാ. ഉരസപ്പെട്ടവൻ, ഉപദ്രവിക്കപ്പെട്ടത്

കഷേരുക [സം.-കാ] നാ. നീർമുത്തങ്ങ

കഷോപലം [സം.കഷ-ഉപല] നാ. ഉരകല്ല്

കഷ്ട [സം.] വി. 1. ക്ലേശകരമായ, സാധിക്കാൻ വിഷമമുള്ള; 2. ചീത്തയായ, തെറ്റായ; 3. വിപത്സൂചകമായ

കഷ്ടകർമം [സം.-കർമൻ] നാ. ദുഷ്പ്രവൃത്തി

കഷ്ടകര [സം.] വി. ഉപദ്രവകരമായ, ദു:ഖകരമായ

കഷ്ടകാരകം [സം.-കാരക] നാ. കഷ്ടത്തെചെയ്യുന്നത്, സംസാരദുഖം, ലോകം

കഷ്ടകാലം [സം.] നാ. ചീത്തക്കാലം, ദുരിതാനുഭവങ്ങൾ ഉണ്ടാകുന്ന സമയം

കഷ്ടഗന്ധം [സം.] നാ. പെരുമരം

കഷ്ടത [സം.-താ] നാ. ദുഷ്പ്രവൃത്തി

കഷ്ടപ്പാട് [<സം.കഷ്ട] നാ. പ്രയാസം, ദു:ഖം, ദുരിതം.

505

കഷ്ടപ്പെടുക ക്രി. പ്രയാസപ്പെടുക, ദുരിതം അനുഭവിക്കുക

കഷ്ടഫലം [സം.] നാ. താന്നി

കഷ്ടം [സം.കഷ്ട] അവ്യ. ദുരിതം, ലജ്ജ മുതലായവയെ കുറിക്കുന്നു. നാ. 1. ദു:ഖം; 2. ക്ലേശം, പീഡ; 3. ദുർഗമമായ ദേശം; 4. ശരീരപീഡ. (പ്ര) കഷ്ടംവയ്ക്കുക = മൂക്കിൽ വിരൽവച്ച് കഷ്ടം എന്നു പറയുക

കഷ്ടവാക്ക് [സം.-വാച്] നാ. അനുചിതവാക്ക്, ശകാരം, ചീത്തവാക്ക്

കഷ്ടസാധ്യ [സം.-സാധ്യ] വി. ശ്രമപ്പെട്ടുസാധിക്കേണ്ടത്

കഷ്ടാഗത [സം.-ആഗത] വി. പ്രയാസപ്പെട്ടു വന്നുചേർന്ന (കിട്ടിയ)

കഷ്ടാനുഭവം [സം.-അനുഭവ] നാ. 1. ദുരിതങ്ങൾ അനുഭവിക്കൽ; 2. യേശുവിൻെറ പീഡാനുഭവം
കഷ്ടാനുഭവവാരം നാ. യേശു പീഡകളനുഭവിച്ചതിൻെറ ഓർമകൊണ്ടാടുന്ന ആഴ്ച, ഹാശാ ആഴ്ച
കഷ്ടാർജിത [സം.-ആർജിത] വി. ക്ലേശിച്ചുനേടിയ
കഷ്ടി നാ. ദാരിദ്ര്യം, കുറവ്, മതിയാകായ്ക
കഷ്ടിക്കുക ക്രി. തികയാത്തവിധം, ഞെരുങ്ങിക്കാര്യങ്ങൾ നടത്തുക, കടുത്തദാരിദ്ര്യത്തിൽ കഴിയുക
കഷ്ടിപിഷ്ടി നാ. വളരെ വിഷമിച്ചുള്ള കാലക്ഷേപം
കഷ്ടിപ്പ് [കഷ്ടിക്കുക] നാമരൂപം
കഷ്ണം നാ. = കഷണം
കഷണിക്കുക ക്രി. കഷ്ടപ്പെടുക. "മരച്ചുകോച്ചിക്കഷണിച്ചു ലോകം" (ശ്രീയേ.വി.)
കഷ്യം നാ. കറിയുടെയും മറ്റും കഷണം, സാരം. താരത. മുളകോഷ്യം = മുളകു കഷ്യം
കസ1 [അറ] നാ. കഥ
കസ2 നാ. = കശ, ചാട്ട
കസന [സം.-നാ] നാ. 1. വിഷമുള്ള ഒരുതരം പാമ്പ്; 2. എട്ടുകാലി
കസനം [സം.] നാ. ചുമ
കസനോത്പാടനം [സം.-ഉത്പാടന] നാ. 'ചുമയെ നശിപ്പിക്കുന്നതിന്', ആടലോടകം
കസബ നാ. = കസ്ബ
കസം നാ. = കഷം
കസർ1 [അറ] നാ. കുറവ്, ബാക്കി
കസർ2 [ഹി.] ക്രി. 1. വാങ്ങുക; 2. കഠിനമായി വേലചെയ്യുക
കസർത്ത് നാ. = കസറത്ത്
കസവ്, കശവ് [സുറി] നാ. 1. പൊന്നോവെള്ളിയോകൊണ്ടുണ്ടാക്കിയ നേരിയ നൂൽ; 2. വെൾലിനൂലോ പൊൻനൂലോ പഞ്ഞിനൂലോടുചേർത്തു പിരിച്ചത്; 3. സ്വർണനൂലും മറ്റും കൊണ്ടു വസ്ത്രത്തിലുണ്ടാക്കുന്ന കര
കസവുകുറി നാ. കസവുകൊണ്ടു വസ്ത്രത്തിലുണ്ടാക്കുന്ന കുറി (പുള്ളി)
കസവുതട്ടം നാ. കസവുപിടിപ്പിച്ച തട്ടം (ശിരോവസ്ത്രം)
കസറത്ത്,-ർത്ത് [അറ] നാ. വ്യായാമം
കസറുക ക്രി. തകർക്കുക, കേമമായി പ്രവർത്തിക്കുക
കസായി നാ. കശാപ്പുകാരൻ
കസാല നാ. = കസേര
കസേര [പോർ] നാ. ഇരിക്കാനായി തടികൊണ്ടോ മറ്റോ ഉണ്ടാക്കുന്ന പീഠം, ആസനം
കസേരുക നാ. കശേരു
കസ്തീരം,-രകം [സം.] നാ. 1. വെളുത്തീയം; 2. തകരം

കസ്തൂരി,-രിക [സം.] നാ. ഒരുജാതി മാനിൻെറ നാഭിയിൽനിന്ന് എടുക്കുന്ന സുഗന്ധദ്രവ്യം
കസ്തൂരിമഞ്ഞൾ നാ. അടവിക്കച്ചോലം
കസ്തൂരിമല്ലിക നാ. ഒരുതരം മുല്ല, കസ്തൂരിമുല്ല
കസ്തൂരിമാൻ,-മൃഗം [സം.] നാ. നീണ്ടവാലും വലിയ വയറുമുള്ള ഒരിനം മാൻ. ഇതിൻെറ നാഭിയിൽനിന്നാണ് കസ്തൂരി ലഭിക്കുന്നത്
കസ്തൂരിമാമ്പഴം നാ. ഒരുജാതി നല്ല മാമ്പഴം
കസ്മാത്,-ദ്,-ൽ [സം.കസ്മാത്] വി. ക: എന്നതിൻെറ പഞ്ചമീരൂപം, എന്തുകൊണ്ട്, ആരിൽനിന്ന്
കസ്രത്ത് നാ. = കസറത്ത്
കസ്സായി നാ. കശാപ്പുകാരൻ
കസ്സാവ [ഫ്ര] നാ. മരച്ചീനി
കസ്റ്റഡി [ഇം.] നാ. അധീനത, സമ്രക്ഷണം, തടങ്കൽ
കഹാഹം [സം.കഹാഹ] നാ. പോത്ത്
കഹ്വം [സം.] നാ. കൊക്ക്
കൾ1 [കൾക്കുക] ധാതുരൂപം
കൾ2 ധാതുരൂപം = കളി
കൾ3 [വ്യാക] ഒരു ബഹുവചനപ്രത്യയം
കൾ4 നാ. കള്ള്
കൾക്കുക ക്രി. = കക്കുക2
കൾഫലം [സം.കട്ഫല] നാ. കുമ്പിൾ, കുമ്പിൾമരം
കള1 [കളയുക] ധാതുരൂപം
കള2 [ത.കളൈ] നാ. 'പിഴുതുകളയേണ്ടത്' 1. കൃഷിചെയ്യപ്പെടുന്ന സസ്യങ്ങൾക്കിടയിൽ മുളച്ചുണ്ടാകുന്ന ചെറിയതരം പാഴ്ച്ചെടി; 2. ചക്കയായിത്തീരുന്ന പ്ലാവിൻ പൂവ് (വളർച്ച തുടങ്ങുമ്പോഴുള്ളത് കുരുന്നുചക്ക). (പ്ര) കളയാടുക, -ചാടുക, -പുറപ്പെടുക = പ്ലാവിൻകായുണ്ടാവുക, ചക്കവിരിഞ്ഞുതുടങ്ങുക; 3. മുളന്തോട്ട; 4. മദ്ദളം, മൃദങ്ഗം മുതലായ വാദ്യങ്ങളുടെ ശബ്ദം ക്രമീകരിക്കുന്നതിനായി അവയുടെ തോലിലിടുന്ന ഒരുതരം കൂട്ട്; 5. ഒരുജാതി വൃക്ഷം; 6. താളത്തിൻെറ ദശപ്രാണങ്ങളിൽ ഒന്ന്, അക്ഷരകാലത്തിൻെറ ഒരു മാത്ര; 7. ഉപയോഗമില്ലാത്തത്
കള3 [സം.കല] വി. 1. മധുരവും അസ്പഷ്ടവുമായ, അവ്യക്തമധുരമായ (കുഞ്ഞുങ്ങളുടെയും മറ്റും വാക്കുപോലെ); 2. മൃദുവായ, കേൾക്കാൻ ഇമ്പമുള്ള; 3. വ്യക്തമല്ലാത്ത, ഇടറുന്ന; 4. ശബ്ദിക്കുന്ന, കിലുങ്ങുന്ന; 5. മനോഹരമായ; 6. ദുർബലമായ; 7. അസംസ്കൃതമായ
കളക ക്രി. = കളയുക
കളകണ്ഠ [സം.കല-കണ്ഠ] വി. മധുരസ്വരമുള്ള. നാ. 1. മധുരസ്വരമുള്ളവൻ; 2. പെൺകുയിൽ, മധുരമൊഴി
കളകണ്ഠം [സം.കല-കണ്ഠ] നാ. 1. കുയിൽ; 2. മാടപ്രാവ്; 3. അരയന്നം
കളകളൻ [സം.കലകല] നാ. ശിവൻ
കളകളം [സം.കല-കല] നാ. 1. കലകലം; 2. (ശബ്ദാനു) കിളികളുടെയോ ശിശുക്കളുടെയോപോലെ അവ്യക്തമധുരമായ ശബ്ദം; 3. സാലവൃക്ഷത്തിൻെറ കറ, ചെഞ്ചല്യം

കളകാഞ്ചി [സം.കല–കാഞ്ചീ] നാ. 1. ഒരു ഭാഷാവൃത്തം; 2. മനോഹരമായ (കിലുങ്ങുന്ന) കാഞ്ചി

കളകൂജിക [സം.കല–കൂജികാ] നാ. മധുരമായി കൂജനം ചെയ്യുന്നത്', 1. കുയിൽ; 2. ദുർവൃത്തയായ സ്ത്രീ, സൈ്വരിണി

കളകുണിക [സം.] നാ. = സൈ്വരിണി

കളകൊട്ടി നാ. ഒരുതരം കൃഷിയായുധം, കളചെത്തിക്കളയുവാൻ ഉപയോഗിക്കുന്നത്

കളകൊത്ത് [കള2–കൊത്ത്] നാ. = കളകൊട്ടി

കളകൊല്ലി നാ. = കളകൊത്ത്

കളക്കമ്പ് നാ. നടാൻകൊള്ളാത്ത മരച്ചീനിക്കമ്പ്

കളക്ക്ട [കളം–കുട] നാ. കളപറിക്കുന്ന സ്ത്രീകൾ ഉപയോഗിക്കുന്ന ഒരുതരം ഓലക്കുട

കളക്കൊട്ടിൽ നാ. കളപ്പുര

കളക്കോട് നാ. ആശാരി കൊല്ലൻ മുതലായവർക്കു കൊയ്ത്തുകാലത്തു കളത്തിൽവച്ചുകൊടുക്കുന്ന നെല്ല്

കളക്റ്റർ നാ. കലക്റ്റർ

കളഘോഷം [സം.കല–ഘോഷ] നാ. 'മധുരമായ ധ്വനിയുള്ളത്', കുയിൽ

കളങ്കം [സം.] നാ. 'എണ്ണപ്പെടുന്നത്, അറിയപ്പെടുന്നത്', 1. നിർമലമായ വസ്തുവിനുണ്ടാകുന്ന മാലിന്യം, പാട്; 2. ചന്ദ്രനിലുള്ള കറുത്തപാട്; 3. കറുപ്പ്; 4. സ്വഭാവം കീർത്തി മുതലായവയ്ക്കുണ്ടാകുന്ന കുറവ്, അപവാദം, അപകീർത്തി. ഉദാ: നാട്ടിനു കളങ്കം വരുത്തുക. കളങ്കപ്പെടുത്തുക = ദുഷ്കീർത്തിവരുത്തുക, അപമാനിക്കുക; 5. ഇരുമ്പിൻകിട്ടം

കളങ്കഷം [സം.] നാ. = കലങ്കഷം

കളങ്കാവൽ [കളം1–കാവൽ] നാ. 1. കളം സൂക്ഷിപ്പ്; 2. ഭദ്രകാളീക്ഷേത്രത്തിലെ ഉത്സവച്ചടങ്ങ്

കളങ്കി1 [സം.കളങ്കിൻ] വി. 1. അടയാളമുള്ള, പാടുള്ള, പുള്ളിയുള്ള; 2. അപകീർത്തിയുള്ള, അപവാദത്തോടുകൂടിയ

കളങ്കി2 [സം.കളങ്കിൻ] നാ. 'കളങ്കമുള്ളവൻ' = ചന്ദ്രൻ

കളങ്കിത [സം.] വി. 'കളങ്കമുള്ള, കളങ്കപ്പെടുത്തപ്പെട്ട', 1. അടയാളമുള്ള, പുള്ളിയുള്ള; 2. ദോഷമുള്ള, കുറ്റമുള്ള, ന്യൂനതയുള്ള, മാലിന്യമുള്ള; 3. അപകീർത്തിയുണ്ടാക്കിത്തീർത്ത, അപവാദഗ്രസ്തമായ; 4. ചാരിത്രഭംഗംവന്ന. ഉദാ: കളങ്കിതയായ സ്ത്രീ

കളങ്കുരം [സം.കലങ്കുര] നാ. = കലങ്കുരം

കളങ്ങ [കള2–കായ്] നാ. കളമരത്തിൻെറ കായ്

കളങ്ങാക്കണ്ണൻ നാ. കുറ്റിക്കാടുകളിൽ ജീവിക്കുന്ന ഒരുതരം ചെറുകിളി

കളച്ചക്കാരൻ നാ. = ക്ഷുരകൻ

കളച്ചീര നാ. ഒരുതരം ചീര

കളഞ്ചി നാ. = കഴഞ്ചി

കളഞ്ചിയം [ത.കളഞ്ചിയം] നാ. 1. ധാന്യപ്പുര, നെൽപ്പുര; 2. പണ്ടകശാല, കലവറ, ഖജനാവ്

കളഞ്ജം [സം.കലഞ്ജ] നാ. = കലഞ്ജം
കളതൂലിക [സം.] നാ. കലതൂലിക
കളത്തട്ട് നാ. = കളിത്തട്ട്
കളത്തുമ്പ [കള2-തുമ്പ] നാ. നെല്ലിനിടയിലെ കളമാറ്റുന്നതിനുള്ള ഒരിനം ചെറിയ തൂമ്പ, കളകൊല്ലി
കളത്രകാര(ക)ൻ [സം.] നാ. (ജ്യോ) ഏഴാം ഭാവത്തിൻെറ കാരകൻ, ശുക്രൻ
കളത്രത,-ത്വം [സം.] നാ. ഭാര്യയായിരിക്കുന്ന അവസ്ഥ
കളത്രം [സം.] നാ. 'സന്തോഷിപ്പിക്കുന്ന', 1. ഭാര്യ; 2. പെൺമൃഗം; 3. കടിപ്രദേശം, ശ്രോണി, അരക്കെട്ട്; 4. യോനി; 5. (ജ്യോ) ഏഴാംഭാവം; 6. പ്രകൃതിഛന്ദസ്സിൽപ്പെട്ട ഒരു വൃത്തം
കളത്രവാൻ [സം.] നാ. ഭാര്യയുള്ളവൻ, സഭാര്യൻ
കളത്രസ്ഥാനം [സം.] നാ. (ജ്യോ) ഭാര്യയെക്കുറിച്ചു ചിന്തിക്കുന്ന സ്ഥാനം, ഏഴാമെടം
കളധ്വനി [സം.] നാ. 1. അവ്യക്തമധുരമായ ശബ്ദം; 2. കുയിൽ; 3. മാടപ്രാവ്; 4. അരയന്നം; 5. മയിൽ
കളധൂതം [സം.കല-ധൂത] നാ. വെള്ളി
കളധൗതം [സം.] നാ. 'മാലിന്യം കളഞ്ഞത്', 1. വെള്ളി; 2. സ്വർണം; 3. മധുരശബ്ദം; 4. വെള്ളനിറമുള്ളത്
കളധൗതലിപി [സം.] നാ. 1. സുവർണലിപി; 2. തങ്കം പൂശിയ തകിട്; 3. ഗിൽറ്റുവേല
കളനാദം [സം.] നാ. 1. അവ്യക്തമധുരമായ ശബ്ദം; 2. കാരണം
കളപിങ്ഗം,-വിങ്കം [സം.] നാ. ഊർക്കുരികിൽ
കളപ്പടി [കളം1-പടി] നാ. കളത്തിൽവച്ചു കൂലിക്കാർക്കും മറ്റും കൊടുക്കുന്ന ധാന്യം
കളപ്പാട് [കളം1-പാട്] നാ. 1. കൊയ്ത്തിനുശേഷം ധാന്യം സൂക്ഷിക്കുന്ന സ്ഥലം, കളപ്പുര; 2. കൊയ്ത്തും മെതിയും കഴിഞ്ഞശേഷം കളത്തിൽനിന്നു തൂത്തുവാരിയെടുക്കുന്ന ചപ്പും പൊടിയും കലർന്ന നെല്ല്; 3. കൃഷിസ്ഥലം
കളപ്പാട്ട്,-മ്പാട്ട് [കളം1-പാട്ട്] നാ. 1. കളത്തിൽ മെതിക്കുമ്പോഴും മറ്റും പാടുന്ന പാട്ട്; 2. കളമെഴുതി ദേവിയെ സ്തുതിച്ചുകൊണ്ടുള്ള പാട്ട്, ഭദ്രകാളിപ്പാട്ട്, കളംപാട്ട്
കളപ്പായ് [കളം1-പായ്] നാ. കറ്റമെതിക്കുന്നതിനും വിത്തുണക്കുന്നതിനുംവേണ്ടി കളത്തിൽ ഉപയോഗിക്കുന്ന പായ്
കളപ്പിച്ച [കളം1-പിച്ച] നാ. കളംപിരിയുമ്പോൾ കളത്തിൽവച്ച് ഭിക്ഷയായികൊടുക്കുന്ന നെല്ല്
കളപ്പുര [കളം1-പുര] നാ. 1. ധാന്യം മെതിക്കുന്നതിനും മറ്റുംവേണ്ടി കളത്തിനടുത്തുണ്ടാക്കുന്ന പുര; 2. നെല്ലും മറ്റും സൂക്ഷിക്കുന്ന പുര
കളപ്പുറം [കള1-പുറം] നാ. അഭിനയവേദി. (പ്ര) കളപ്പുറത്തു നടക്കുക = (കൂടിയാട്ടത്തിൽ) നടന്മാർ രങ്ഗത്ത് ഒരു പ്രത്യേകതരത്തിൽ ചുറ്റിനടക്കുക
കളഭകലശം [സം.] നാ. കളഭം നിറച്ച കുടം, കളഭക്കൂട്ടു കലശത്തിലാക്കി പൂജിച്ചു ദേവവിഗ്രഹത്തിൽ അഭിഷേകം ചെയ്യുന്ന കർമം
കളഭക്കളി [കലഭ-മ.കളി]നാ. = കളഭക്കൂട്ട്
കളഭക്കൂട്ട് [സം.-മ.] നാ. ഒരിനം കുറിക്കൂട്ട്

കളഭഗമന [സം.കലഭ-ഗമനാ] നാ. ആനയുടെ നടത്തയുള്ളവൾ, സുന്ദരി
കളഭഗാമിനി [കലഭ-ഗാമിനി] നാ. = കളഭഗമന
കളഭാഷി [സം.-ഭാഷിൻ] വി. മധുരമായി സംസാരിക്കുന്ന
കളഭാഷിണി [സം.-ഭാഷിണി] നാ. മധുരമായി സംസാരിക്കുന്നവൾ
കളഭം1 [സം.കലഭ] നാ. 1. ചന്ദനക്കൂട്ട്; 2. ക്ഷേത്രങ്ങളിലെ ദേവവിഗ്രഹത്തിൽ ചന്ദനം ചാർത്തൽ. (പ്ര) കളഭാഭിഷേകം. കളഭമാടുക = കളഭം പൂജിച്ചു ദേവവിഗ്രഹത്തിൽ ഒഴിക്കുക; 3. ചേരുവ, കൂട്ട്.

507

കളഭം2 [സം.കലഭ] നാ. 'മനോഹരമായി ശബ്ദിക്കുന്നത്, തുമ്പിക്കൈയുള്ളത്', 1. ആനക്കുട്ടി, അഞ്ചുവയസ്സുള്ളതെന്ന് മാതങ്ഗലീല. പത്തോപന്ത്രണ്ടോ വയസ്സിനുമേൽ മുപ്പതുവയസ്സിനകം പ്രായമുള്ളതെന്നു മതഭേദം; 2. ഒട്റകക്കുട്ടി; 3. മൃഗങ്ങളുടെ കുട്ടി
കളം1 നാ. 1. ധാന്യങ്ങൾ മെതിക്കുന്നതിനും ഉണക്കുന്നതിനും മറ്റുമായി അടിച്ചൊതുക്കി നിരപ്പാക്കിയ സ്ഥലം. (പ്ര) കളമൊരുക്കുക = രങ്ഗം തയ്യാറാക്കുക, ഒരുക്കം ചെയ്യുക. കളംപിരിയുക = രങ്ഗത്തുനിന്ന് ഒഴിയുക. കളംതീർപ്പ് = കളംപിരിയുമ്പോൾ തലപ്പുലയനു കൊടുക്കുന്ന അവകാശക്കറ്റ. കളത്തിൽ കൂറ് = കൂട്ടായ കൃഷി, ജന്മിയും കൃഷിക്കാരനും പരസ്പരധാരണയോടുകൂടി കൃഷിചെയ്തു കളത്തിൽവച്ചു പങ്കുവീതിച്ചെടുക്കുന്നത്; 2. കൃഷിയുടെ മേൽനോട്ടം വഹിച്ചു താമസിക്കുവാൻവേണ്ടി പണിചെയ്യുന്ന ഭവനം; 3. സ്ഥലം, സ്ഥാനം, വളപ്പ്; 4. യുദ്ധത്തിനുള്ള സ്ഥലം, യുദ്ധക്കളം, പടനിലം; 5. യാഗശാല; 6. ശാല, അരങ്ങ്, സഭ; 7. കടലിലെ മേട്, കടലിലുണ്ടാകുന്ന മണൽത്തിട്ട; 8. പൂജ, മന്ത്രവാദം മുതലായ കർമങ്ങൾക്കായി പലവർണത്തിലുള്ള പൊടികൊണ്ടു ദേവതാരൂപങ്ങളെഴുതിയ തറ. ഉദാ: കളമിടുക, കളമെഴുത്ത്, കളംപാട്ട്, കളംപൂജ. (പ്ര) കളംകൊടുക്കൽ = നാഗങ്ങളുടെ പ്രസാദത്തിനായി നടത്തുന്ന ഒരു കർമം, പുള്ളുവന്മാരുടെ കളമെഴുത്തും പാട്ടും, കളംപൂജയും നാഗങ്ങളുടെ കോമരങ്ങളായിവരുന്ന കന്യകകളുടെ നൃത്തവും ഇതിൽ ഉൾപ്പെടുന്നു. കളത്തിൽ അരിയും പാട്ടും = കാവുകളിൽ നടത്തുന്ന ഒരാഘോഷം; 9. ആവൃത്തി, വട്ടം, രങ്ഗം (ഗുസ്തി, ചൂത് മുതലായവയിലെപ്പോലെ); 10. ഭാഗം; 11. ചതുരശ്രഖണ്ഡം, കള്ളി (ചതുരങ്ഗത്തിലെന്നപോലെ)
കളം2 [സം.കല] നാ. 1. അവ്യക്തമധുരമായ ശബ്ദം (കുഞ്ഞുങ്ങളുടെയും മറ്റും പോലെ) മൃദുവായ ശബ്ദം; 2. സന്തോഷം; 3. താളത്തിൻെറ പത്ത് അവയവങ്ങളിലൊന്ന്
കളംബകൻ [സം.] നാ. കേൾക്കാനും പറയാനും വയ്യാത്തവൻ, പൊട്ടൻ
കളംബം [സം.കലംബ] നാ. = കലംബം
കളംബി [സം.കലംബീ]നാ. = കലംബീ
കളംബിക [സം.] നാ. = കലംബിക
കളമടി [കളം1-അടി] നാ. 'കളമടിച്ചുവാരുന്നത്', ചൂൽ (നെൽക്കളത്തിൽവച്ചു ചൂൽ എന്നു പറയാറില്ല)
കളമൻ1 നാ. 1. കൃഷിസ്ഥലത്തു താമസിക്കുന്നവൻ, കൃഷിക്കാരൻ; 2. ശൂദ്രൻ
കളമൻ2 [സം.കലമ] നാ. കള്ളൻ
കളമപ്പുഴ നാ. = ഗോദാവരി

കളമം [സം.കലമ] നാ. 1. ഒരിനം നെല്ല്; 2. നെൽക്കതിർ; 3. പുൽത്തണ്ടുകൊണ്ടുണ്ടാക്കിയ പേന

കളമരം നാ. = ഈന്ത്

കളമാനം നാ. ചാരിയുടെ (നൃത്തത്തിൻെറ) ആരംഭത്തിൽ വേണ്ട വാദ്യപ്രയോഗത്തെ സൂചിപ്പിക്കാനായി പാദം നിലയിൽനിന്നു മുമ്പോട്ടുവയ്ക്കൽ

കളമാന്തി [കള2-മാന്തി] നാ. കളമാറ്റാനുള്ള ഉപകരണം, അറ്റത്തു മുള്ളുപോലെമുനകളുള്ളത്

കളമാറ്റം [കള2-മാറ്റം] നാ. നെല്ലുവിതച്ചതിനുശേഷം ചെയ്യുന്ന ഉഴവ്

കളമുറം [കളം1-മുറം] നാ. പതിരും ചണ്ടിയും നീകംചെയ്യുന്നതിന് കളത്തിൽ ഉപയോഗിക്കുന്ന മുറം

കളമുറുവൻ [കളം1-ഉറുവൻ] നാ. കളത്തിലെ അധിഷ്ഠാന ദേവത

കളമെഴുത്ത് നാ. 1. അഞ്ചുനിറത്തിലുള്ള പൊടികൾ (അരിപ്പൊടി, മഞ്ഞൾപ്പൊടി, കരിപ്പൊടി, പച്ചപ്പൊടി, ചുവന്നപൊടി) കൊണ്ടു ദേവതകളുടെ ചിത്രം കളത്തിൽ രൂപപ്പെടുത്തൽ; 2. മന്ത്രവാദത്തിനും മറ്റും കളമിടൽ. (പ്ര) കളമെഴുത്തും പാട്ടും = ഭദ്രകാളി അയ്യപ്പൻ വേട്ടയ്ക്കൊരുമകൻ നാഗരാജാവ് മുതലായ ദേവതകളുടെ രൂപങ്ങൾ കളത്തിൽ ചിത്രീകരിച്ചുകൊണ്ട് ആ ദേവതകളെ പാട്ടുപാടി സ്തുതിക്കുന്ന ആരാധനാസമ്പ്രദായം

കളമൊഴി [സം.കല-മ.മൊഴി] നാ. 1. ഇമ്പമുള്ളവാക്ക്, മാധുര്യമുള്ള സംസാരം; 2. മധുരമായി സംസാരിക്കുന്നവൾ, കളഭാഷിണി, സുന്ദരി

കളമ്പാട്ട് നാ. 1. കളമെഴുത്തും പാട്ടും നോക്കുക; 2. ഗർഭിണികളെ ഉദ്ദേശിച്ച് യക്ഷിഗന്ധർവൻ രക്തേശ്വരി മുതലായ ദേവയോനികളുടെ രൂപം കളമെഴുതി കണിശന്മാർ പാടുന്നപാട്ട്

കളമ്പ് നാ. മീൻപിടിയ്ക്കാൻവേണ്ടി പുഴയിൽ ചിറകെട്ടിയോ വേലികെട്ടിയോ ഉണ്ടാക്കുന്ന സ്ഥലം

കളമ്പൂജ [മ.കളം1-സം.]നാ. കളത്തിൻെറ അധിഷ്ഠാന ദേവതയെ ഉദ്ദേശിച്ചുനടത്തുന്ന പൂജ

കളയുക ക്രി. 1. കൈവിടുക, ഉപേക്ഷിക്കുക, വെടിയുക, ദൂരെയാക്കുക; 2. നഷ്ടപ്പെടുത്തുക, കൈമോശംവരുത്തുക; 3. നശിപ്പിക്കുക, ഇല്ലാതാക്കുക; 4. (ഗണിത) കുറയ്ക്കുക; 5. അനുപ്രയോഗമായി ഉപയോഗം, നിശ്ശേഷത, സാഹസം, അനായാസം ഇത്യാദി വിശേഷാർഥങ്ങൾ ദ്യോതിപ്പിക്കുന്നു. ഉദാ: കോട്ട തകർത്തുകളഞ്ഞു (നിശ്ശേഷം തകർത്തു); വണ്ടിയിൽനിന്നും ചാടിക്കളഞ്ഞു (സാഹസം). (പ്ര) കളഞ്ഞുകുളിക്കുക = ആകെനശിപ്പിച്ചുകളയുക, ദുരുപയോഗപ്പെടുത്തുക. തലകളയുക = നല്ലപോലെ ആലോചിക്കുക. മുടികളയുക = ക്ഷൗരംചെയ്യുക. കളഞ്ഞുകിട്ടുക = ഉടമസ്ഥനില്ലാത്തവസ്തു യാദൃച്ഛികമായി കൈയിൽ കിട്ടുക. കളഞ്ഞുകിട്ടിയാൽ കള്ളനും കൊള്ളാം (പഴ)

കളർ1 നാ. ഓരുള്ളനിലം, ഉവർനിലം

കളർ2 നാ. സഭ, കൂട്ടം, യോഗം, സമ്മേളം

കളർ3 നാ. കറുപ്പുനിറം

കളർ4 [ഇം.] നാ. 1. നിറം; 2. നിറംകൊടുക്കുന്ന വസ്തു; 3. ബഹുമതി ചി ം

കളരവം [സം.കല-രവ]നാ. 1. അവ്യക്തമധുരമായ ശബ്ദം; 2. കുയിൽ; 3. മാടപ്രാവ്; 4. കുരുവി
കളരി [<സം.ഖലുരികാ] നാ. 1. പ്രാചീനകേരളത്തിലെ കായികപരിശീലനകേന്ദ്രങ്ങളിൽ ഒന്ന്. ഒന്നെങ്കിൽ ആശാൻെറ നെഞ്ചത്ത് അല്ലെങ്കിൽ കളരിക്കുപുറത്ത് (പഴ)
കളരിക്കോഴ നാ. സഭാകമ്പം, സദസ്സുകാണുമ്പോൾ ഉണ്ടാകുന്ന സംഭ്രമം
കളരിക്ഷേത്രം [മ.-സം.] നാ. കളരിപ്പരദേവതയെ പ്രതിഷ്ഠിച്ചിട്ടുള്ള ക്ഷേത്രം
കളരിപ്പയറ്റ് നാ. കളരിയിൽ അഭ്യസിക്കുന്ന മെയ്‌വഴക്കവും ആയുധപരിശീലനവും കളരിയഭ്യാസവും
കളരിവിദ്യ [മ.-സം.] നാ. = കളരിപ്പയറ്റ്
കളവചന [സം.കല-വചന] വി. മധുരമായി സംസാരിക്കുന്ന
കളവൻ1 നാ. ഞണ്ട്
കളവൻ2 നാ. = കള്ളൻ
കളവാണി [സം.കല-വാണീ] നാ. 1. മധുരമായ ശബ്ദം; 2. കളമൊഴി, സുന്ദരി
കളവാരം നാ. നെൽക്കളത്തിൽ വേലചെയ്യുന്നവർക്കു സൗജന്യമായിക്കൊടുക്കുന്ന ധാന്യം
കളവിങ്കം,-ങ്ഗം നാ = കളപിങ്ഗം
കളവ്1 നാ. 1. തൻെറതല്ലാത്ത ജങ്ഗമവസ്തുവിനെ കൈവശക്കാരനു നഷ്ടം ഭവിക്കത്തക്കവിധം നിയമവിരുദ്ധമായി നീക്കംചെയ്തു കൈക്കലാക്കൽ, മോഷണം; 2. കട്ടമുതൽ. (പ്ര) കളവും കൈയുമായിപിടിക്കുക = തൊണ്ടിസാമാനത്തോടെ മോഷ്ടിച്ചയുടൻ പിടിക്കുക; 3. വ്യാജമായ പ്രസ്താവന, കള്ളം പറച്ചിൽ, പൊളി. കളിയിലായാലും കളവുപറയരുത് (പഴ); 4. കബളിപ്പിക്കൽ, കാപട്യം, ചതിവ്, വഞ്ചന
കളവ്2 [ത.കളവ്] നാ. 1. ഒരുതരം വൃക്ഷം, പെരുംക്ലാവ്; 2. പഴയ തമിഴകത്തെ ഒരു വിവാഹ സമ്പ്രദായം
കളവെട്ടി [കള2-വെട്ടി] നാ. = കളമാന്തി
കളസം [പോർ.] നാ. കാൽച്ചട്ട, കാൽശരായി
കളസരം,കളത്രം നാ. 1. വിനോദം; 2. ചിറ്റം
കളഹംസൻ [സം.കല-ഹംസ] നാ. ശ്രേഷ്ഠനായ രാജാവ്
കളഹംസം [സം.കല-ഹംസ] നാ. 1. അവ്യക്തമധുരമായ ശബ്ദത്തോടുകൂടിയ ഹംസം, പലതരം അരയന്നങ്ങൾക്കു പൊതുവെയുള്ള പേര്, (സ്ത്രീ) കളഹംസി; 2. പാത്ത, താറാവ്; 3. ഇരുണ്ട; 4. ഓരോപാദത്തിലും പതിമൂന്നക്ഷരങ്ങൾ വീതമുള്ള ഒരു വൃത്തം; 5. (സങ്ഗീ) ഒരു പ്രബന്ധം; 6. പരമാത്മാവ്
കളഹംസി [സം.] നാ. കുട്ടികളെ പത്താംവയസ്സിൽ ബാധിക്കുന്നതായി കരുതപ്പെടുന്ന ഒരു ദുർഗ്രഹം
കളാക്കാ(യ്) നാ. കളാവ്മരത്തിൻെറ കായ്
കളാങ്കുരം [സം.കലാങ്കുരം] നാ. വണ്ടാരങ്കോഴി
കളാചം [ത.കളാചം] നാ. ചൂരൽവടി
കളാചി(ക) [സം.കലാചികാ] നാ. കൈത്തണ്ട്

കളാചികം [സം.കലാചിക] നാ. 1. വെറ്റിലത്തട്ടം; 2. കരണ്ടി, തവി; 3. കോളാമ്പി
കളാദൻ [സം.കലാദ] നാ. 'പൊന്നുകൊണ്ടുള്ള ശിൽപത്തെ സ്വീകരിച്ചവൻ', തട്ടാൻ
കളാനുനാദി [സം.-അനുനാദിൻ] നാ. 1. കുരികിൽ; 2. വേഴാമ്പൽ; 3. പിതാരിപ്പുള്ള്; 4. ഒരുജാതി തേനീച്ച
കളായ [സം.കലായാ] നാ. മീൻകണ്ണിക്കറുക
കളായഖഞ്ജം [സം.-ഖഞ്ജ] നാ. ഒരുതരം വാതരോഗം
കളായം [സം.കലായ] നാ. 1. മലങ്കടല, കാട്ടുകടല (വാതത്തെ ഉണ്ടാക്കുന്നതിനാൽ); 2. വട്ടച്ചണായി, ഒരുജാതി പയർ; 3. കായാവ് (കായാമ്പു); 4. കറുത്തനിറം
കളാലാപം [സം.-ആലാപ] നാ. 1. മധുരവും ഹൃദ്യവുമായ സംസാരം, സരസഭാഷണം; 2. മധുരധ്വനി; 3. വണ്ട്
കളാവികലം [സം.-വികല] നാ. = കലാവികലം
കളി1 ധാതുരൂപം കളിയ്ക്കുക
കളി2 [സം.കേലി] നാ. 1. ഉല്ലാസത്തിനോ ആരോഗ്യത്തിനോ വേണ്ടി ഒറ്റയ്ക്കോ കൂട്ടായോ ഉപകരണങ്ങളോടുകൂടിയോ കൂടാതെയോ നടത്തുന്ന പ്രവർത്തനം, വിനോദം; 2. നേരമ്പോക്ക്, തമാശ. കണ്ടെങ്കിൽ കളി കണ്ടില്ലെങ്കിൽകാര്യം (പഴ). (പ്ര) കളിയാക്കുക = പരിഹസിക്കുക, തമാശപറഞ്ഞ് ക്ഷീണിപ്പിക്കുക. കളിയാടുക = 1. കളിക്കുക; 2. വിലസുക, പ്രകാശിക്കുക; 3. ചിലക്ഷേത്രങ്ങളിലെ ഉത്സവങ്ങളോടനുബന്ധിച്ച് നടത്തുന്ന കായിക വിനോദം; 4. കഥകളി സങ്ഘക്കളി നാടകം തുള്ളൽ മുതലായ പല ദൃശ്യരൂപങ്ങൾക്കു പൊതുവായിപ്പറയുന്ന പേര്; 5. മലബാറിലെ ഗ്രാമങ്ങളിൽ ഗ്രാമദേവതകളുടെ പ്രീതിക്കായിനടത്തുന്ന ഉത്സവം; 6. ആഹ്ലാദം, സന്തോഷം; 7. സമൃദ്ധി, അമിതമായ വർധന. ഉദാ: പണത്തിൻെറ കളി; 8. സംശയം; 9. ആനയുടെ മദം
കളി3 [ത.കളി] നാ. 1. ചെളി, പശിമയുള്ള മണ്ണ്; 2. കുമ്മായം കലക്കിയത്; 3. കുഴമ്പ്, കൂട്ട്, ലേപനദ്രവ്യം; 4. ചാറ്, പഴച്ചാറ്; 5. അടയ്ക്കാക്കളി, പൈങ്ങ (ഈളയ അടയ്ക്ക) പൊളിച്ചു വെള്ളത്തിലിട്ടു വേവിച്ച് ഊറ്റിയെടുത്ത വെള്ളം വീണ്ടും തിളപ്പിച്ചു കുറുക്കിയെടുക്കുന്നത്, അടയ്ക്ക തിളപ്പിച്ചശേഷം കിട്ടുന്ന ഊറൽ; 6. പഞ്ഞപ്പുല്ലുമാവു കുഴച്ചുണ്ടാക്കുന്ന ഒരുതരം പലഹാരം, മലവർഗക്കാരുടെ ഇടയിൽ പ്രചാരമുള്ളത്; 7. കറ; 8. കഞ്ഞി; 9. മദ്യം; 10. തേൻ
കളികം1 നാ. വാലുഴുവം
കളികം2 [സം.കലിക] നാ. അന്നിൽപ്പക്ഷി
കളിക്കൺ നാ. തട്ടാന്മാരും മറ്റും കമ്പിവലിച്ചുനീട്ടുന്നതിന് ഉപയോഗിക്കുന്ന ദ്വാരങ്ങളുള്ള അച്ച്
കളിക്കാരൻ [മ.കളി2-സം.കാര] നാ. 1. കളിക്കുന്നവൻ. നാടകം കഥകളി തുടങ്ങിയ ദൃശ്യകലകൾ കായികവിദ്യകൾ മറ്റുല്ലാസപ്രദമായ വിനോദങ്ങൾ എന്നിവയിൽ പങ്കെടുക്കുന്നവൻ; 2. കാര്യഗൗരവമില്ലാതെ കളിച്ചുനടക്കുന്നവൻ, നേരമ്പോക്കുകാരൻ (സ്ത്രീ) കളിക്കാരി
കളിക്കുക ക്രി. 1. കളിയിൽ ഏർപ്പെടുക. പന്ത് ചീട്ട് മുതലായ ഉപകരണങ്ങൾകോണ്ട് ഉല്ലാസപ്രദമോ വ്യായാമപരമോ ആയകളികളിൽ പങ്കെടുക്കുക. ഉദാ: ചീട്ടുകളിക്കുക, പന്തുകളിക്കുക; 2. വിനോദപരമായ കാര്യത്തിൽ ഇടപെടുക,

മനസ്സിനുല്ലാസം ഉണ്ടാക്കുന്ന പ്രവൃത്തിയിൽ ഇടപെടുക, രസിക്കുക, രമിക്കുക. (പ്ര) തീയോടുകളിക്കുക = എതിരാളിയുടെ ശക്തിയറിയാതെ പെരുമാറുക; 3. മദിക്കുക, തിമിർക്കുക, അഹങ്കരിക്കുക; 4. നാടകം കഥകളി മുതലായ ദൃശ്യകലകൾ രങ്ഗത്ത് അവതരിപ്പിക്കുക, ആടുക, അഭിനയിക്കുക; 5. വിലസുക, വർത്തിക്കുക; 6. തമാശയായി പെരുമാറുക, നിസ്സാരമായി കരുതുക. (പ്ര) കളിച്ചുകളിച്ചു തലയിൽ കേറുക; 7. ബുദ്ധിമുട്ടുക, ക്ലേശിക്കുക; 8. അബദ്ധമ്പറ്റുക, അറിയാതെ അപകടത്തിൽ ചാടുക, ചതിവുപറ്റുക. (പ്ര) കളിപ്പിക്കുക = വഞ്ചിക്കുക, പറ്റിക്കുക

കളിക്കൂട്ടം [കളി-കൂട്ടം] നാ. 1. കളിക്കാരുടെ സങ്ഘം; 2. രക്ഷാപുരുഷന്മാരുടെ അവകാശങ്ങളിൽ ഒന്ന്

കളിക്കൂട്ടുകാർ നാ. 1. (ബ.വ.) ഒന്നിച്ചുകളിച്ചുവളർന്നവർ; 2. കളിയിലെ കൂട്ടുകാർ

കളിക്കൊട്ട [കളി2-കൊട്ട] നാ. കുട്ടികളുടെ കളിസാധനങ്ങൾ സൂക്ഷിച്ചുവയ്ക്കുന്ന കുട്ട

കളിക്കൊട്ടിൽ നാ. 1. നാടകം കഥകളി മുതലായ കളികൾ നടത്തുന്നതിനായി കെട്ടിയുണ്ടാക്കിയ സ്ഥലം, കളിപ്പന്തൽ; 2. കളിപ്പുര

കളിക്കോപ്പ് നാ. 1. കളിക്കുള്ള ഉപകരണങ്ങൾ, കഥകളിയും മറ്റും രങ്ഗത്ത് അവതരിപ്പിക്കുന്നതിന് ആവശ്യമുള്ള വേഷഭൂഷാദികൾ; 2. കളിപ്പാട്ടം

കളിത്തട്ട്, കള- നാ. 1. ക്ഷേത്രങ്ങളുടെയും മറ്റും സമീപത്തിൽ വിശ്രമത്തിനോ വിനോദങ്ങൾക്കോ വേണ്ടി ചുവട്ടിൽ പലകത്തട്ടോടുകൂടി മണ്ഡപത്തിൻെറ ആകൃതിയിൽ കെട്ടിയുണ്ടാക്കിയ സ്ഥലം (തുള്ളൽ തിളടങ്ങിയ കലാപ്രകടനങ്ങൾക്കുള്ള അരങ്ങായും ഉപയോഗിക്കും); 2. കളിസ്ഥലം; 3. വഴിയമ്പലം.

509

കളിത്തിണ്ണ നാ. വീടിനുചുറ്റും കെട്ടാറുള്ള പുറംതിണ്ണ

കളിത്തൊട്ടിൽ നാ. 1. കുഞ്ഞുങ്ങൾക്ക് കിടന്നുറങ്ങാനും കളിക്കാനും വിശ്രമിക്കാനുമുള്ള തൊട്ടിൽ; 2. സൈരമായി പ്രവർത്തിക്കുന്ന സ്ഥലം, ക്രീഡാരങ്ഗം, വിഹാരകേന്ദ്രം, കൂത്തരങ്ങ്

കളിത്തോഴൻ നാ. ഒരുമിച്ചു കളിച്ചു നടന്നവൻ, ചങ്ങാതി, കൂട്ടുകാരൻ. (സ്ത്രീ) കളിത്തോഴി

കളിനയിമ്പ് നാ. കളിവള്ളങ്ങൾക്ക് ഉപയോഗിക്കുന്ന ഘനവും വലിപ്പവും കുറഞ്ഞ തുഴ

കളിനിലം നാ. വിഹാരരങ്ഗം, കളിസ്ഥലം

കളിനിറം നാ. ഇരുണ്ട നിറം

കളിന്ദകന്യ,-ജ [സം.] നാ. 1. കളിന്ദപർവതത്തിൽനിന്നുദ്ഭവിക്കുന്ന നദി, കാളിന്ദി, യമുന; 2. സൂര്യപുത്രിയായ കാളിന്ദി, ശ്രീകൃഷ്ണൻെറ ഒരു ഭാര്യ

കളിന്ദൻ [സം.കളിന്ദ] നാ. = കലിന്ദൻ

കളിന്ദഭൂ(വ്) [സം.] നാ. = കാളിന്ദി

കളിന്ദം [സം.കലിന്ദ] നാ. കലിന്ദം

കളിപ്പണ്ടം നാ. കളിപ്പാട്ടം

കളിപ്പാക്ക് നാ. ഇളമ്പാക്ക് അരിഞ്ഞു പുഴുങ്ങിയുണക്കി വീണ്ടും കളിപുരട്ടിയുണക്കിയത്, കളിയടയ്ക്ക

കളിപ്പാട്ടം നാ. കുട്ടികൾക്കും മറ്റും കളിക്കാനുള്ള ഉപകരണം. പാവ കിലുക്ക് തുടങ്ങിയ ക്രീഡാസാമഗ്രികൾ
കളിപ്പാന നാ. ഭദ്രകാളിയുടെ ഒരാരാധനാസമ്പ്രദായമായ പാനയുടെ ഒരുവകഭേദം, ഒരുപകൽകൊണ്ട് അവസാനിക്കുന്നത്
കളിപ്പാവ നാ. 1. കുട്ടികൾക്കും മറ്റും കളിക്കാനായി ഉപയോഗിക്കുന്ന പാവ; 2. അന്യൻെറ ഇഷ്ടത്തിനൊത്തു പ്രവർത്തിക്കുന്ന ആൾ, സ്വയം പ്രവർത്തനശേഷി കുറഞ്ഞ വ്യക്തി
കളിപ്പ് നാ. 1. കളി, വിനോദം. (പ്ര) കളിപ്പേടം = വിനോദത്തിനുള്ള സ്ഥലം; 2. സന്തോഷം, ആനന്ദം, ആഹ്ലാദം; 3. അഹങ്കാരം, മദം, തിമിർപ്പ്; 4. ചതിവ്, പറ്റിപ്പ്. (പ്ര) കളിപറ്റുക = ചതിക്കപ്പെടുക, അബദ്ധമ്പറ്റുക; 5. ചെളി, പശിമ
കളിബ്ഭ്രാന്ത് നാ. കളികളിലും വിനോദങ്ങളിലും മറ്റും അതിരുകവിഞ്ഞ താത്പര്യം. (പ്ര) കളിബ്ഭ്രാന്തൻ = കളിയിൽ അമിതമായ ഭ്രമമുള്ളവൻ
കളിമണ്ണ്,-മൺ നാ. കടുപ്പവും പശിമയുമുള്ള മണ്ണ്, വയലിലെയും മറ്റും ചെളിമണ്ണ്
കളിമാർ,-മാരി നാ. ചതുപ്പുനിലം
കളിമ്പക്കാരൻ നാ. = കളിയിൽ ഉത്സാഹമുള്ളവൻ. (സ്ത്രീ) കളിമ്പക്കാരി, കളിമ്പക്കാരത്തി
കളിമ്പം നാ. വിനോദം, കുട്ടിക്കളി
കളിമ്പ് നാ. 1. ക്ലാവ്; 2. തുരുമ്പ്; 3. മാലിന്യം, പാട്
കളിയച്ഛൻ നാ. കഥകളിയും തുള്ളലും മറ്റും അഭ്യസിപ്പിക്കുന്ന ആൾ, ആശാൻ
കളിയടയ്ക്ക നാ. 1. കളിപ്പാക്ക്; 2. ഒരുപലഹാരം, അരിമാവ് നെല്ലിക്കയുടെ വലിപ്പത്തിലുരുട്ടി എണ്ണയിൽ വറുത്തെടുക്കുന്നത്, ചീട
കളിയം1 നാ. കൂത്ത് കൂടിയാട്ടം ദാസിയാട്ടം തുടങ്ങിയവയിൽ (വായ്ത്താരിയോടുകൂടിയ) പ്രത്യേകതരം കാൽവയ്പ്. (പ്ര) കളിയൻവച്ചുതിരിയൽ = മിഴാവിന്നഭിമുഖമായിനിന്ന് ഓരോ കാൽ മുന്നോക്കംവച്ചും പിന്നോക്കംവച്ചും തിരിയൽ, കൂടിയാട്ടത്തിലെ ക്രിയാക്രമങ്ങളിൽ ഒന്ന്
കളിയൽ, കളീൽ നാ. കളപ്പുര
കളിയാക്കുക ക്രി. പരിഹസിക്കുക, തമാശപറഞ്ഞാക്ഷേപിക്കുക
കളിയാടുക ക്രി. 1. കളിക്കുക, വിനോദിക്കുക, രസിക്കുക; 2. വിലസുക, തിളങ്ങുക, പ്രകാശിക്കുക, പ്രത്യക്ഷപ്പെടുക, ശോഭിക്കുക
കളിയാട്ടം നാ. 1. കളി, വിനോദം; 2. ചലനം, ഇളക്കം, വിലാസം; 3. ക്ഷേത്രങ്ങളിലും കാവുകളിലും വീടുകളിലും വെച്ചു ദൈവങ്ങളുടെ കോലംകെട്ട് ആടിക്കൊണ്ടു ദേവതാപ്രീതിവരുത്തുന്ന ചടങ്ങ്, തിറയാട്ടം
കളിയാട്ട് നാ. = കളിയാട്ടം
കളിയിണക്കുക ക്രി. രങ്ഗത്തിൽ പ്രയോഗിക്കുന്നതിനുമുമ്പു കളിയഭ്യസിച്ചു പരിചയിക്കുക
കളിയോഗം [മ.കളി2-സം.] നാ. കളിക്കാരുടെ കൂട്ടം, നാടകം കഥകളി മുതലായവ അഭിനയിക്കുന്നതിനുവേണ്ടി സങ്ഘടിപ്പിക്കുന്ന അഭിനേതാക്കളുടെയും മറ്റും സങ്ഘം

കളിയോടം നാ. = വിനോദസവാരിക്കുള്ള വള്ളം
കളിവചനം നാ. കളിയായിപറയുന്ന വാക്ക്
കളിർ നാ. ആന
കളേബരം [സം.കഡേവര] നാ. ശരീരം
കളോക്തി [കല-ഉക്തി] നാ. മധുരമായ സംഭാഷണം
കള്ളക്കടത്ത് നാ. അതിർത്തിയിൽനിന്നു തീരുവകൊടുക്കാതെ കടത്തിക്കൊണ്ടുവരുന്ന സാധനം
കള്ളക്കമ്മട്ടം നാ. കള്ളനാണയം അടിക്കുന്ന ഇടം
കള്ളക്കളി നാ. കാപട്യംകാണിച്ചുകൊണ്ടുള്ള കളി, നിയമം ലങ്ഘിച്ചുകൊണ്ടുള്ള കളി, വിനോദം
കള്ളക്കാള നാ. 1. കള്ളംകാണിക്കുന്ന കാള, കലയ്പ്പക്കോ വണ്ടിക്കോ മറ്റോ കെട്ടുമ്പോൾ കിടന്നുകളയുന്ന കാള; 2. ജോലിചെയ്യാൻ മടികാണിക്കുന്നവൻ, വേലശരിയായിചെയ്യാത്തവൻ
കള്ളക്കുഴി നാ. 1. കുഴിയാണെന്ന് അറിയാത്തവണ്ണം മൂടിയിട്ടിരിക്കുന്ന കുഴി; 2. ഉരലിൻെറ അടിയിലുള്ള ചെറിയകുഴി, ഇതിൽ ധാന്യം ഒളിഞ്ഞുകിടക്കും
കള്ളക്കുറി നാ. 1. കുളിക്കാതെ ഇടുന്ന തൊടുകുറി; 2. കള്ളച്ചിട്ടി
കള്ളക്കുറ്റി നാ. 1. വാങ്ങിയാൽ തിരികെ കൊടുക്കാത്തവൻ; 2. പിരിഞ്ഞുകിട്ടാത്ത കടം; 3. കള്ളയളവ്
കള്ളക്കൈ നാ. വ്യാജവൃത്തി, കപടപ്രയോഗം
കള്ളക്കോൽ നാ. 1. കള്ളത്തുലാസ്, തൂക്കത്തിൽ കള്ളം കാണിക്കുന്ന അളവുകോൽ; 2. കളരിപ്പയറ്റുമുറകളിൽ പ്രയോഗിക്കുന്ന ഒരു വ്യാജ അടവ്
കള്ളച്ചരക്ക് നാ. 1. തീരുവകൊടുക്കാതെ നിയമവിരുദ്ധമായിക്കടത്തുന്ന ചരക്ക്, കള്ളക്കടത്തു സാധനങ്ങൾ; 2. അസത്സാധനത്തിനുപകരം വിൽക്കപ്പെടുന്ന വ്യാജസാധനം; 3. നിയമവിരുദ്ധമായി പൂഴ്ത്തിവയ്ക്കുകയോ കരിഞ്ചന്തയിൽ വിൽക്കുകയോചെയ്യുന്ന പദാർഥം; 4. മോഷണ സാധനം
കള്ളച്ചിരി നാ. കൃത്രിമമായ ചിരി
കള്ളച്ചുഴി നാ. നുണക്കുഴി
കള്ളച്ചൂത് നാ. വ്യാജമായ ചൂത്, ചതിപ്രയോഗിച്ചുള്ള ചൂതുകളി
കള്ളച്ചോറ് നാ. വേലചെയ്യാതെ കഴിക്കുന്ന ആഹാരം
കള്ളത്തനം നാ. = കള്ളത്തം
കള്ളത്തം,-തരം നാ. കള്ളംകാണിക്കുന്നസ്വഭാവം, കള്ളം, കള്ളപ്രവൃത്തി, വഞ്ചന, ചതി
കള്ളത്താക്കോൽ നാ. ശരിയായതാക്കോലിനുപകരം കൃത്രിമമായി ഉപയോഗിക്കുന്ന താക്കോൽ, മറുതാക്കോൽ
കള്ളത്താപ്പ് നാ. നിശ്ചിതമായ അളവിൽ കൂടുതലോ കുറവോ ആയ അളവുപാത്രം, കള്ളയളവ്
കള്ളത്തുലാസ് നാ. ഉള്ളതിൽകുറച്ചോ കൂട്ടിയോ തൂക്കംകാണിക്കുന്ന തുലാസ്

കളത്തൂക്കം നാ. കളപ്പടിയോ കള്ളത്രാസോ ഉപയോഗിച്ചുള്ള തൂക്കം, കളവായ തൂക്കം

കള്ളത്തെളിവ് നാ. വ്യാജമായി നൽകുന്ന തെളിവ്

കള്ളത്തൊഴിൽ നാ. വ്യാജമായിചെയ്യുന്ന പ്രവൃത്തി, അലസതയോടെ സൂത്രത്തിൽ ചെയ്യുന്ന ജോലി, കള്ളവേല

കള്ളത്രാണം നാ. കള്ളം, കൗശലം

കള്ളൻ നാ. 1. കള്ളംപറയുകയോ പ്രവർത്തിക്കുകയോ ചെയ്യുന്നവൻ, കക്കുന്നവൻ, മോഷ്ടാവ്. കള്ളനും ശിപായിയും കളി = കുട്ടികളുടെ ഒരു കളി. കള്ളനെ കാവൽ ഏൽപ്പിക്കുക (പഴ); 2. വഞ്ചകൻ, ചതിയൻ, കൗശലക്കാരൻ; 3. ജോലിചെയ്യുന്നതിൽ സൂത്രമോ മടിയോ കാണിക്കുന്നവൻ. ഉദാ: വേലക്കള്ളൻ; 4. താക്കോൽകൊണ്ട് അങ്ങോട്ടും ഇങ്ങോട്ടും നീക്കത്തക്കവണ്ണം താഴിൽ ഘടിപ്പിക്കുന്ന ലോഹക്കഷണം; 5. തോക്കിൻെറ കാഞ്ചിയെ നിയന്ത്രിക്കുന്ന ഒരു ഉപകരണം, അതിൻെറ ചലനംകൊണ്ട് വെടിപൊട്ടുന്നതിനെ നിയന്ത്രിക്കാം. ഉദാ: കള്ളനില്ലാത്തോക്ക്; 6. വ്യാജവസ്തു; 7. ഒരിനം സ്രാവ്; 8. പരുവിൻെറയും ചിരങ്ങിൻെറയും അകത്ത് പഴുപ്പ് കല്ലിച്ച് ആണിപോലുണ്ടാകുന്നത്; 9. വറുക്കുകയോ പുഴുങ്ങുകയോ ചെയ്യുമ്പോൾ വേകാതെകിടക്കുന്ന ധാന്യമണി

കള്ളനാണയം നാ. 1. നിയമവിരുദ്ധമായി അടിച്ചുണ്ടാക്കിയ പണം; 2. വ്യാജമായ കാര്യം, സത്യ (യഥാർഥ) മായതിനുപകരം പ്രചരിക്കുന്ന വ്യാജ വസ്തു

കള്ളനോട്ട് നാ. 1. നിയമവിരുദ്ധമായി അടിച്ചുപ്രചരിപ്പിക്കുന്ന കടലാസുനാണയം; 2. വ്യാജമായ പ്രമാണം

കള്ളനോവ് നാ. പൂർണഗർഭിണിക്കു പ്രസവവേദനയെന്നു തെറ്റിദ്ധരിക്കത്തക്കവിധം ഉണ്ടാകുന്ന വെറുംനോവ്

കള്ളപ്പടി [കള്ള-പടി] നാ. മുദ്രവയ്ക്കാത്തതോ തൂക്കത്തിൽ കളിപ്പിക്കുന്നതോ ആയ കട്ടി

കള്ളപ്പണം നാ. 1. കള്ളനാണയം; 2. കണക്കിൽകാണിക്കാതെയും നികുതികൊടുക്കാതെയും പൂഴ്ത്തിവയ്ക്കുന്ന പണം

കള്ളപ്പുള്ളി നാ. കള്ളം ചെയ്ത് തടവുശിക്ഷ അനുഭവിച്ച ആൾ, കള്ളൻ

കള്ളപ്പൂച്ച് നാ. സത്യത്തെ മറച്ചുവെച്ചുള്ള പ്രവൃത്തി, കള്ളംപറച്ചിൽ

കള്ളപ്പൂട്ട് നാ. തുറക്കാൻ പ്രയാസമുള്ളവിധം കൗശലപ്പണികളോടുകൂടിയ പൂട്ട്, കൃത്രിമപ്പൂട്ട്

കള്ളപ്പെരുനാഴി നാ. കള്ള ഇടങ്ങഴി

കള്ളപ്പേര് നാ. കൃത്രിമമായി അന്യർ അറിയാതിരിക്കുന്നതിന് സ്വയം സ്വീകരിക്കുന്ന പേര്

കള്ളപ്പോര് നാ. കപടയുദ്ധം, മായായുദ്ധം. (പ്ര) കപടതന്ത്രം

കള്ളപ്രമാണം നാ. വ്യാജമായി നിർമിച്ച പ്രമാണം

കള്ളം നാ. 1. നേരല്ലാത്തകാര്യം, നെറികേട്, നുണ; 2. മറ്റൊരാളിൻെറ വസ്തു അന്യായമായി അപഹരിക്കൽ; 3. ചതി, വഞ്ചന; 4. കൗശലം, സൂത്രം; 5. മടിച്ചിരിക്കൽ, പ്രവൃത്തിയിൽ അലസത കാണിക്കൽ

കള്ളയറ നാ. രഹസ്യ അറ

കള്ളയൊപ്പ് നാ. കള്ളൊപ്പ്
കള്ളർ നാ. 1. കള്ളൻ എന്നതിൻെറ ബ.വ.; 2. ഒരു ജാതിനാമം, മധുര തഞ്ചാവൂർ മുതലായ ദിക്കുകളിൽ ഈ ജാതിക്കാർ വളരെയുണ്ട്
കള്ളരൂപ നാ. കള്ളനാണയം
കള്ളവാറ്റ് നാ. നിയമവിരുദ്ധമായി ചാരായം നിർമിക്കൽ
കള്ളസത്യം നാ. കളവായിട്ട് ഇടുന്ന ആണ, കള്ളമായിട്ട് ആണയിടൽ
കള്ളസാക്ഷി നാ. 1. വ്യാജമായ തെളിവ്; 2. കള്ളത്തെളിവ് കൊടുക്കുന്ന ആൾ
കള്ളസാക്ഷ്യം നാ. = കള്ളസാക്ഷി
കള്ളാടിത്തം നാ. = ആഭിചാരം
കള്ളി1 നാ. 1. കള്ളൻ എന്നതിൻെറ സ്ത്രീലിങ്ഗരൂപം; 2. ചിലജാതിനാമത്തോട് ചേർത്തുവയ്ക്കുമ്പോൾ ആ ജാതിയിൽപ്പെട്ട സ്ത്രീ എന്നുമാത്രം അർഥംകള്ളി2 നാ. 1. രഹസ്യം, സൂത്രം; 2. ലക്ഷ്യം, ഉന്നം. കൾലിവെളിച്ചത്താകുക = സൂത്രം എല്ലാവരും അറിയുക
കള്ളി3 നാ. 1. സമാനസ്വഭാവമുള്ള പല മുൾച്ചെടികൾക്ക് പൊതുവേ പറയുന്ന പേര്; 2. കള്ളിപ്പാല; 3. കരിങ്കൂവളം; 4. ഒരുജാതി മത്സ്യം
കള്ളി4 നാ. 1. അറ, ഭാഗം (പെട്ടിയിലും മറ്റും ഉള്ളതുപോലെ) മുറി; 2. വള്ളത്തിൻെറ മണിക്കാലുകൾക്കിടയിലുള്ള സ്ഥലം; 3. നെടുകെയും കുറുകെയും വരച്ചിട്ടുള്ള രേഖകൾവഴിക്കുണ്ടാകുന്ന ചെറിയ ചതുരശ്രം, ചെറിയ ഖണ്ഡങ്ങൾചേർന്ന നിര. ഉദാ: ചതുരങ്ഗപ്പലകയിലെ കള്ളി. കള്ളിമുണ്ട്; 4. അണി, വശം; 5. തടം, വാരം, പണ; 6. കുതിരലായം; 7. ഓടത്തിൽ ചരക്കുകയറ്റുന്നതിനുള്ള കൂലി
കള്ളിത്തുണി നാ. പലനിറത്തിലുള്ള കള്ളികളുള്ള തുണി, കള്ളിമുണ്ട്
കള്ളിപ്പാല നാ. 1. ഒരിനം പാല, കാക്ക്പ്പാല; 2. കള്ളിച്ചെടി
കള്ളിമുണ്ട് നാ. കള്ളിത്തുണി
കള്ളിമുള്ളൻ നാ. 1. ഒരുജാതി മുള്ളൻപന്നി; 2. ഒരുവക കടുത്ത വസൂരി
കള്ളിമുള്ള് നാ. 1. കള്ളി; 2. കള്ളിച്ചെടിയുടെ മുള്ള്
കള്ള് നാ. 1. തെങ്ങ് പന മുതലായവയുടെ കൂമ്പു തല്ലിച്ചെത്തിയാൽ അതിൽനിന്ന് ഊറിവരുന്ന ദ്രാവകം എടുത്ത ഉടനെ ഉള്ളത് മധുരക്കള്ള്. അതു പുളിപ്പിച്ചാൽ മദ്യം; 2. വൃക്ഷങ്ങളിൽനിന്നെടുക്കുന്ന ദ്രാവകം; 3. തേൻ
കള്ളുകുടം നാ. 1. കള്ളുശേഖരിച്ചു വയ്ക്കുന്ന പാത്രം; 2. അമിതമായി കള്ളുകുടിക്കുന്നവൻ
കള്ളുകുടിയൻ നാ. മദ്യപാനി
കള്ളുചാറ നാ. 1. കള്ളുസംഭരിച്ചുവയ്ക്കാൻ ഉപയോഗിക്കുന്ന വലിയ മൺകലം; 2. അമിതമായി കള്ളുകുടിക്കുന്നവൻ
കള്ളുചെത്ത് നാ. തെങ്ങ് പന മുതലായവയുടെ കൂമ്പുചെത്തി കള്ളെടുക്കൽ.

കള്ളുമാട്ടം നാ. കള്ളെടുക്കാൻ വേണ്ടി ചെത്തുന്ന കൂമ്പിനോട്ചേർത്തു വയ്ക്കുന്ന പാത്രം. മണ്ണ് പാള പനയോല തുടങ്ങിയവകൊണ്ടുണ്ടാക്കുന്നത്
കഴ1 [കഴയ്ക്കുക] ധാതുരൂപം
കഴ2 നാ. 1. വണ്ണംകുറഞ്ഞു നീണ്ടുരുണ്ട തടി. ഉദാ: തേക്കിൻ കഴ; 2. കമ്പ്; 3. വള്ളം ഊന്നുന്ന മുള, കഴുക്കോൽ; 4. വയലിൽ വെള്ളം കയറ്റുന്നതിനും ഇറക്കുന്നതിനും ഉള്ള ചാൽ, മട, തൂമ്പ്
കഴകക്കാരൻ നാ. 1. ക്ഷേത്രം പരിചാരകൻ, ക്ഷേത്രത്തിൽ വിളക്കെടുപ്പ്, ശുചീകരണം മാലകെട്ടുമുതലായവ ചെയ്യുന്നവൻ; 2. ഒരു നാട്ടിൻെറ അധികാരി, ഊരാളൻ
കഴകത്തഴിവ് [കഴകത്ത്-അഴിവ്] നാ. ക്ഷേത്രം സംബന്ധിച്ചുള്ള ചെലവ്
കഴകത്ത് നാ. 1. നന്മ, പുഷ്ടി; 2. ശേഷി, കഴിവ്. (പ്ര) കഴകത്താകുക = വിജയിക്കുക
കഴകപ്പാട്ടം നാ. ക്ഷേത്രാവശ്യങ്ങൾക്കുവേണ്ടി വിട്ടുകൊടുത്തിരുന്ന ഭൂമി
കഴകപ്പുര [കഴകം-പുര] നാ. കഴകക്കാർ താമസിക്കുന്ന പുര
കഴകം,-ഴവം നാ. 1. പഴയകാലത്ത് നാട്ടുകാര്യങ്ങൾ ആലോചിച്ചുനടത്തിവന്നിരുന്ന യോഗം, സങ്ഘം; 2. സഭ, കൂട്ടം. ഉദാ: ദ്രാവിഡക്കഴകം; 3. വിദ്വത്സഭ; 4. ആയുധാഭ്യാസശാല, കളരി; 5. വിദ്യാലയം; 6. ആരാധനസ്ഥലം, ദേവാലയം; 7. ക്ഷേത്രത്തിലെ പരിചാരകവൃത്തി; 6. പ്രവൃത്തിസ്ഥാനം, തട്ടകം; 9. അഭിവൃദ്ധി, ഐശ്വര്യം; 10. ചൂതുകളിസ്ഥലം. (പ്ര) കഴകം മൂത്ത് ഊരാഴ്മയാകുക = ജീവനക്കാരനായിത്തുടങ്ങി യജമാനനാകുക. കഴകക്കേട് = പിടിപ്പുകേട്
കഴകവിരുത്തി നാ. ക്ഷേത്രപരിചാരകർക്കു നിത്യവൃത്തിക്കു കരമൊഴിവായി നൽകിയിരുന്ന ഭൂമി
കഴക്കം,-ക്ക് നാ. പാരവശ്യം, അസ്വാസ്ഥ്യം
കഴക്കുത്ത് നാ. വള്ളമൂന്നുന്ന കഴകൊണ്ടു അടിയറ്റം തൊടാവുന്ന ആഴം
കഴക്കൂത്ത് [കഴ-കൂത്ത്] നാ. വലിയ കഴനാട്ടി അതിന്മേൽ കയറിനിന്ന് കാണിക്കുന്ന കായികാഭ്യാസം, കമ്പക്കൂത്ത്
കഴക്കോൽ,കഴു- നാ. വള്ളം ഊന്നുന്നതിനുള്ള മുള
കഴച്ചിക്കൽ,-കല്ല് നാ. 1. കഴഞ്ചിക്കുരു; 2. ഗോലി
കഴച്ചിൽ [<കഴയ്ക്കുക] നാ. = കഴപ്പ്
കഴഞ്ചി നാ. 1. പടർന്നുവളരുന്ന ഒരു വൾലിച്ചെടി; 2. കഴഞ്ചിക്കുരു; 3. = കഴഞ്ചി
കഴഞ്ചിക്കോൽ നാ. കഴഞ്ചോ അതിൻെറ വിഭാഗമോ തൂക്കുന്നതിന് ഉപയോഗിക്കുന്ന വെള്ളിക്കോൽപോലെയുള്ള ത്രാസ്
കഴഞ്ചിയം നാ. = കളഞ്ചിയം1
കഴഞ്ച് നാ. സ്വർണം, വെള്ളി, മരുന്ന് തുടങ്ങിയവ തൂക്കാൻ ഉപയോഗിക്കുന്ന ഒരു ഭാരയളവ്, പന്ത്രണ്ടു പണമിട (ഒരു കഴഞ്ചിക്കുരുവിൻെറ തൂക്കം)
കഴഞ്ചുകോൽ നാ. = കഴഞ്ചിക്കോൽ

കഴഞ്ചുപടി നാ. 1. കഴഞ്ചുകണക്കിനുതൂക്കാൻ ഉപയോഗിക്കുന്ന കട്ടി; 2. ചെറിയ ത്രാസ്

കഴത്തുക ക്രി. അടർത്തിയെടുക്കുക, കഴറ്റുക. കഴത്തുപാര = കഴറ്റുപാര (ചിരട്ടയിൽനിന്നു കൊപ്ര വേർപെടുത്തി എടുക്കുന്നതിനുള്ള ചെറിയ പാര)

കഴനാട് നാ. സിംഹളദ്വീപ്

കഴനായ്,-യി നാ. 1. കഴുനായ്, നീർനായ്, കടൽനായ്; 2. കഴുത

കഴനി നാ. 1. വയൽ, വിളനിലം, വിളഭൂമി; 2. പാഴ്നിലം; 3. ചേറ് "കാലത്തുഴാക്കഴനി നെൽക്കളമേറുവില" (വൈശി)

കഴപ്പൻ [കഴപ്പ്-അൻ] നാ. മടിയൻ, ഉഴപ്പൻ

കഴപ്പ്, കഴയ്പ് [<കഴയ്ക്കുക] നാ. 1. അധ്വാനം രോഗം എന്നിവകൊണ്ട് ശരീരത്തിൻെറ സന്ധിബന്ധങ്ങളിലും പേശികളിലും ഉണ്ടാകുന്ന വേദന; 2. ക്ഷീണം തളർച്ച; 3. മനക്ലേശം ദു:ഖം അസ്വസ്ഥത; 4. കാമവികാരം

കഴം [ത.കയം] നാ. 1. = കയം; 2. ജലാശയം, കുളം

കഴമ1 [സം.കലമാ] നാ. പഴയകാലത്തെ ഒരിനം നെല്ല്

കഴമ2 [<കഴകം] നാ. കഴകക്കാര്യം

കഴമ്പ് നാ. 1. കായ്കനികൾ, കിഴങ്ങുകൾ തുടങ്ങിയവയുടെ മാംസളഭാഗം, മധുരമായ അംശം, തടിയുടെ ഉള്ളിലുള്ള മൃദുവായഭാഗം, സാരമായ അംശം, കാമ്പ്. കഴമ്പെടുത്താൽ തൊണ്ട് (പഴ); 2. ചിലസസ്യങ്ങളുടെയും മരങ്ങളുടെയും തണ്ട്; 3. ഉൾക്കട്ടി, ഘനം, അന്തസ്സാരം, ആന്തരാർഥം; 4. ഉലക്കയുടെ പൂണില്ലാത്ത അറ്റം, (മതി); 5. വൃക്ക

കഴമ്പുക ക്രി. വഴുതുക, തെന്നിപ്പോവുക

കഴയ്ക്കുക ക്രി. കഠിനമായ ആയാസത്തിൻെറ ഫലമായോ രോഗംകൊണ്ടോ ശരീരത്തിലെ മാംസപേശികൾ വലിഞ്ഞുമുറുകുന്നെന്ന തോന്നലുണ്ടാവുക, ക്ഷീണംകൊണ്ട് അസ്വാസ്ഥ്യം അനുഭവപ്പെടുക, തരിക്കുക. ഉദാ: കാൽകഴപ്പ്, കൈകഴപ്പ് ഇത്യാദി. കട്ടവനേ കഴയ്ക്കൂ (പഴ)

കഴൽ നാ. 1. കാൽ, കാൽച്ചുവട്. (പ്ര) കഴൽപണിയുക, കഴൽകുമ്പിടുക, കഴലണങ്ങുക; 2. വേര്; 3. അഴി; 4. തൊഴുത്തിൻെറ അഴിവാതിൽ; 5. കടമ്പയിൽ കുറുകെ വയ്ക്കുന്ന കഴ, വേലികയറാനുള്ള പടി. ഉദാ: അഴിക്കഴൽ; 6. (കരിമ്പിൻ) തണ്ട്; 7. ചരക്ക്, ചെമ്പ് മുതലായ വലിയ പാത്രങ്ങൾ അടുപ്പത്തുനിന്നും വാങ്ങുന്നതിനുപയോഗിക്കുന്ന തണ്ട്; 8. വാൽ

കഴല1 നാ. 1. അടിവയറും തുടയുമായി ചേരുന്ന ഭാഗം, ഒടുക്, ഊരുസന്ധി. കട്ടിൽകാണുമ്പോൾ കഴല പനിക്കും (പഴ); 2. ഊരുസന്ധിയിലെ നീർവീക്കം, പതക്കള; 3. നീര്, വീക്കം, മുഴ (തെ.തി.); 4. പാമ്പുകടിയേറ്റുണ്ടാകുന്ന വേദന, കഴപ്പ്

കഴല2 നാ. തിരഞ്ഞെടുപ്പ്. ഉദാ: കസലപ്പെടുക

കഴലകൊളുത്ത് നാ. കഴലപ്പാട്ടിലുണ്ടാകുന്ന പിടുത്തം

കഴലപ്പനി നാ. കഴലവീക്കത്തോടൊപ്പമുണ്ടാകുന്ന പനി

കഴലപ്പാട് നാ. കഴലസ്ഥാനം, ഊരുസന്ധി

കഴലവീക്കം നാ. കഴലപ്പാട്ടിലുണ്ടാകുന്ന നീര്, കഴലക്കുരു

കഴലുക ക്രി. 1. അടരുക, വഴുതിപ്പോരുക, ഊരിമാറുക. ഉദാ: തേങ്ങ കഴലുക, (തേങ്ങ ചിരട്ടയിൽനിന്ന് ഇളകിപ്പോരുക); 2. വീങ്ങുക, കഴലയുണ്ടാകുക

കഴറ്റുക [കഴലുക>] ക്രി. 1. ഊരുക, അടർത്തിയെടുക്കുക, വഴുതിപ്പോകത്തക്കവണ്ണം ചെയ്യുക, പൊഴിക്കുക, ഉദാ: പാമ്പു ചട്ടകഴറ്റുക; 2. പുറത്തേക്കു നീട്ടുക, വെളിക്കുകാട്ടുക. (പ്ര) കഴറ്റുപാര = ചിരട്ടയിൽനിന്നു കൊപ്പ്ര കഴറ്റിയെടുക്കുന്നതിനുള്ള പാര

കഴാ(യി),കഴ നാ. 1. ഒരു നിലത്തിൽനിന്നു വെള്ളം കടത്തുന്നതിനു വരമ്പിലുള്ള ഓവ്, തൂമ്പ്, മട. (പ്ര) കോട്ടുകഴായി = വരമ്പിൻെറ മൂലയിൽ ഉണ്ടാക്കുന്ന തൂമ്പ്; 2. ഭിത്തിയിലോ വേലിയിലോ ഉള്ള വിടവ്, വേലിപ്പുഴ; 3. കടമ്പ

കഴി1 [കഴിയുക] ധാതുരൂപം

കഴി2 [കഴിക്കുക] ധാതുരൂപം

കഴി3 നാ. കഴിവ്, ത്രാണി, സാധ്യത, ശേഷി

കഴി4 [<കൈയ്] നാ. 1. നെയ്യേണ്ടുന്ന നൂല് പ്രത്യേക അളവിൽ ചുറ്റിക്കെട്ടിയത്; 2. നുകക്കൈ, നുകത്തിൻെറ തുളയിൽ ഇടുന്ന മരയാണി; 3. മച്ചുപലകകളുടെ വിടവു മറയത്തക്കവണ്ണം തുലാത്തിന്മേൽ വിലങ്ങനെ പണിതുകൊള്ളിക്കുന്ന പട്ടിക, തട്ടുപട്ടിക, ചേന്തി, തുലാക്കയ്യ്; 4. തൂമ്പായുടെയോ കോടാലിയുടേയോ കയ്യ്

കഴി5 നാ. 1. കയം; 2. ഉപ്പളം; 3. ഉപ്പിൽകലർന്നിരിക്കുന്ന അഴുക്ക്; 4. ചളി, ചളികലങ്ങിയ വെള്ളം; 5. ഓരുമണ്ണ്. ഉദാ: കഴിക്കണ്ടം, കഴിനിലം; 6. അഴി, വേലിയേറ്റപ്പുഴ

കഴികെ, -കേ, -ക അവ്യ. കഴിയുമ്പോൾ, പോകെ, ഒഴികെ, കഴിച്ച്, പിന്നെ, പിന്നീട്, കൂടാതെ. ഉദാ: ചെലവുകഴികെ മിച്ചം

കഴികോൾ നാ. കറക്കാൻ വിഷമമുള്ള പശുവിനെ അടക്കിനിറുത്തുവാനുള്ള ഉപകരണം, അണക്കൂട്

കഴിക്കണ്ടം [കഴി5-കണ്ടം] നാ. ചതുപ്പുനിലം

കഴിക്കര [കഴി5-കര] നാ. കടൽക്കര

കഴിക്കുക ക്രി. 1. നിവെർത്തിക്കുക, സാധിക്കുക, നിറവേറ്റുക, നടത്തുക, പ്രവർത്തിക്കുക, ചെയ്യുക. ഉദാ: വഴിപാടുകഴിക്കുക, വേളികഴിക്കുക; 2. (സമയം) പോകുക, ദിവസവൃത്തിനടത്തുക, (ജീവിതം) നയിക്കുക. ഉദാ: കാലംകഴിക്കുക; 3. മാറ്റുക, ഒഴിവാക്കുക, തീർക്കുക. ഉദാ: കഥകഴിക്കുക; 6. തിന്നുക കുടിക്കുക അകത്താക്കുക. ഉദാ: ഊണുകഴിക്കുക, മരുന്നുകഴിക്കുക; 7. അഴിക്കുക, ഊരിയെടുക്കുക; 8. അഴിച്ചുവിടുക, മോചിപ്പിക്കുക; 9. ഉപേക്ഷിക്കുക, ദൂരെക്കളയുക; 10. (കൊമ്പുകൾ) വെട്ടിക്കളയുക; 11. അഴുക്കുകളയുക, ശുദ്ധിചെയ്യുക. ഉദാ: ഊതിക്കഴിച്ച തങ്കം; 12. കവിയത്തക്കവണ്ണം ചെയ്യുക; 13. കടത്തുക; 14. കടന്നുപോകുക, പിന്നിലാക്കുക, പിന്നിടുക; 15. അടയാളപ്പെടുത്തുക

കഴിക്കുടി നാ കന്യാകുമാരിയുടെ പഴയപേര്

കഴിച്ചൽ നാ. വയറിളക്കം, അതിസാരം

കഴിച്ചിൽ [<കഴിയുക] നാ. കഴിഞ്ഞുകൂടൽ, കാലക്ഷേപം, ദിവസവൃത്തി

കഴിച്ച് അവ്യ. = കഴികെ

കഴിച്ചുകൂട്ടുക ക്രി. 1. ജീവിക്കുക, അരിഷ്ടിച്ചു ജീവിക്കുക; 2. ചെയ്യുക, നിറവേറ്റുക; 3. (സമയം) ചെലവാക്കുക, തള്ളിനീക്കുക; 4. പാർക്കുക, ഒരുസ്ഥലത്തു താമസിക്കുക; 5. കൊല്ലുക

കഴിച്ചുവയ്ക്കുക ക്രി. 1. നടത്തുക, നിർവഹിക്കുക; 2. അഴിച്ചുവയ്ക്കുക, കഴിച്ചുവിടുക = അഴിച്ചുവിടുക

കഴിഞ്ഞ [കഴിയുക] ഭൂ.പേ ഉദാ: കഴിഞ്ഞകാര്യം, കഴിഞ്ഞകാലം

കഴിഞ്ഞുകൂടുക ക്രി. 1. ജീവിക്കുക, ഉപജീവനം കഴിക്കുക; 2. കടന്നുപോവുക

കഴിനാ(യ്) നാ. = കഴനായ്, നീർനായ്

കഴിനീർ1 [<കഴുകുനീർ] നാ. കാടിവെള്ളം, അരികഴുകിയ വെള്ളം

കഴിനീർ2 [കഴി5–നീർ] നാ. ഉപ്പുവെള്ളം

കഴിനെടിലടി നാ. തമിഴ് വൃത്തശാസ്ത്രപ്രകാരം അഞ്ചിൽക്കൂടുതൽ ശീരുകളുള്ള ഒരു പാദം

കഴിപ്പണം [കഴി–പണം] നാ. 1. = കലിപ്പണം (തെ.തി.); 2. കഴിക്കേണ്ട (കുറയ്ക്കേണ്ട) തുക, ഉപേക്ഷിക്കേണ്ടത്; 3. കഴിവ്, നിവൃത്തി, കഴിയാനുള്ള സാമ്പത്തിക ശേഷി. (പ്ര) കഴിപ്പണങ്കെട്ട = 1. പണമോ സമ്പാദ്യമോ ഇല്ലാത്ത; 2. ചൂണയില്ലാത്ത, വകയ്ക്കുകൊള്ളാത്ത

കഴിപ്പ് നാ. 1. കുറയ്ക്കൽ, കുറച്ചത്; 2. തിരിഞ്ഞുതള്ളപ്പെടേണ്ടത്. ഉദാ: തെങ്ങിലേതും കഴിപ്പില്ല; 3. കഴിപ്പണം. (പ്ര) കഴിപ്പുകെട്ടവൻ = കഴിപ്പണം കെട്ടവൻ

കഴിമുത്തങ്ങ നാ. ഓരുള്ളപ്രദേശത്തുണ്ടാകുന്ന മുത്തങ്ങ, പെരുമുത്തങ്ങ

കഴിയുക ക്രി. 1. അവസാനിക്കുക, തീരുക, കടന്നുപോകുക (സ്ഥലം, കാലം സംഭവങ്ങൾ തുടങ്ങിയവ). ഉദാ: ജോലികഴിയുക; കഴിഞ്ഞവാറ്, കഴിഞ്ഞാറെ = കഴിഞ്ഞപ്പോൾ; 2. ചാവുക, മരിക്കുക. കഥകഴിയുക = മരിക്കുക; 3. ശേഷിയുണ്ടാവുക, സാധിക്കുക, ചെയ്യാൻ സാമർഥ്യമുണ്ടാകുക, ആവുക ഉദാ: പറയാൻ കഴിയുക; 4. ജീവിതവൃത്തി നടക്കുക, ജീവിക്കുക; 5. താമസിക്കുക; 6. നടക്കുക, സാധിതമാവുക, സംഭവിക്കുക. ഉദാ: വിവാഹം കഴിക്കുക; 7. ഒഴുകുക, വാർന്നുപോകുക; 8. ഉതിരുക, പൊഴിയുക; 9. അഴിയുക, വേർപെടുക, ഊരുക

കഴിവ് [<കഴിയുക] നാ. 1. ശേഷി, നിർവഹണസാമർഥ്യം; 2. സാധ്യത, നിർവാഹം; 3. പരിഹാരം, നിവൃത്തി, രക്ഷാമാർഗം, പോംവഴി, ഉപായം; 4. ജീവിതമാർഗം; 5. പ്രായശ്ചിത്തം; 6. അവസാനം; 7. കുറക്കാവുന്നത്, മിച്ചംകഴിച്ചത്; 8. ഒഴികഴിവ്

കഴു(വ്) നാ. 1. = കഴുകൻ; 2. കുറ്റവാളികളെ തറയ്ക്കാനുള്ള ശൂലം (കഴുകന്റെ കൊക്കുമായി സാമ്യമുള്ളതിനാൽ); 3. കൂർത്ത ആയുധം; 4. തൂക്കിക്കൊല്ലാൻ വിധിക്കപ്പെട്ടിട്ടുള്ളവരെ തൂക്കാനുള്ള മരച്ചട്ടക്കൂട്, തൂക്കുമരം. (പ്ര) കഴുതട്ടുക = തൂക്കിലിടുക; 5. മുടിഞ്ഞവൻ (–ത്), നശിച്ചവൻ (–ത്); 6. ബുദ്ധിമുട്ട്

കഴുകൻ നാ. സാമാന്യത്തിലധികം വലിപ്പമുള്ള ഒരിനം പക്ഷി. (പ്ര) കഴുകന്നു മൂക്കുവിയർക്കുക = ആരുംപറയാതെ കാര്യം മനസ്സിലാക്കുക

കഴുകൽ [<കഴുകുക] നാമരൂപം

കഴുകഴാ അവ്യ. 1. നഗ്നമായി, മറയ്ക്കാതെ; 2. വെറും കഴുത്തോടെ; 3. വെറും കൈയോടെ

കഴുക് നാ. 1. = കഴുകൻ; 2. കഴുമരം

കഴുകുക ക്രി. വെള്ളമോ മറ്റുദ്രാവകങ്ങളോ ഉപയോഗിച്ച് അഴുക്കുകളയുക, ശുദ്ധിയാക്കുക.ഉദാ: പാത്രം കഴുകുക

കഴുക്കളം [കഴു-കളം] നാ. കൊലമരം നിറുത്തിയിരിക്കുന്ന സ്ഥലം, തൂക്കിലിടുന്ന സ്ഥലം

കഴുക്കോൽ [കഴു-കോൽ] നാ. 1. (തച്ചു) മോന്തായത്തിലും ഉത്തരത്തിലും ചേർത്തുപണിയുന്ന തടി. വേകുന്ന പുരയ്ക്ക് ഊരുന്ന കഴുക്കോൽ ലാഭം (പഴ). കഴുക്കോലെണ്ണുക = അലസമായിരുന്നു സമയം കഴിക്കുക; 2. രണ്ടു തൂണുകൾക്കിടയിൽ കുറുകെവയ്ക്കുന്ന നീളമുള്ള തടി; 3. വള്ളം ഊന്നുന്നതിനുള്ള മുള, കഴ; 4. ഒരു ദൈർഘ്യമാന അളവ്. താരത. കോൽ.

513

കഴുങ്ക് നാ. = അടയ്ക്ക

കഴുത നാ. 1. കുതിരവർഗത്തിൽപ്പെട്ട ചെറിയ ഒരു മൃഗം; 2. മൂഢൻ, മടയൻ, ഒന്നിനും കൊള്ളാത്തവൻ. (പ്ര) കഴുതമാടൻ = വിരൂപി, സൗന്ദര്യമില്ലാത്തവൻ. (പ്ര) കഴുതക്കാൽ പിടിക്കുക = അപമാനകരമായി ആശ്രയിക്കുക; 3. ചുമട്ടുകാരൻ

കഴുതക്കരണം നാ. (ജ്യോ) ചരകരണങ്ങളിലൊന്ന്

കഴുതദിക്ക് നാ. വടക്കുപടിഞ്ഞാറെ ദിക്ക്

കഴുതപ്പുലി [കഴുത-പുലി]നാ. മാംസഭുക്കായ ഒരു വന്യമൃഗം

കഴുത് നാ. 1. പിശാച്; 2. വണ്ട്; 3. കാവൽമാടം

കഴുതുമാട നാ. പ്രാചീനകേരളത്തിലെ അറുപത്തിനാലു ഗ്രാമങ്ങളിലൊന്ന്

കഴുത്തറുപ്പൻ നാ. കൊലയാളി, കഴുത്തറുത്തുകൊല്ലുന്നവൻ. (പ്ര) അമിതമായ ലാഭം എടുക്കുന്നവൻ

കഴുത്താരം നാ. 1. കഴുത്തിലെ മാല, കണ്ഠാഭരണം; 2. കഥകളി, തുള്ളൽ, പാഠകം, യക്ഷഗാനം തുടങ്ങിയവയിൽ വേഷക്കാർ കഴുത്തിൽക്കെട്ടുന്ന ഒരിനം പളുങ്കുമാല; 3. കുപ്പായത്തിൻെറ കോളർ, സ്ത്രീകളുടെ കുപ്പായത്തിൻെറ കഴുത്തിൽചെയ്യുന്ന അലങ്കാരപ്പണി; 4. തലയുടെ പിൻഭാഗം

കഴുത്തില [കഴു-ത്ത്-ഇല] നാ. കഴുത്തിലണിയുന്ന ഒരാഭരണം

കഴുത്ത് നാ. 1. ഉടലും തലയും തമ്മിൽ ബന്ധിപ്പിക്കുന്ന ഭാഗം, ഊട്ടി. (പ്ര) കഴുത്തിൽ കെട്ടിയിടുക = (ഇഷ്ടമില്ലാത്തതു നിർബന്ധിച്ചു ചെയ്യിക്കുക). കഴുത്തോളം (ക്രമത്തിലധികം); 2. ചെടികളുടെ ഇളംതല, തലപ്പ്; 3. കുപ്പിയുടെയും മറ്റും വാവട്ടത്തിനു തൊട്ടുതാഴെയുള്ള വണ്ണംകുറഞ്ഞഭാഗം. ഉദാ: കുപ്പിയുടെ കഴുത്ത്; 4. കുപ്പായങ്ങളിലും മറ്റും തലകടത്താനുള്ള തുറന്ന ഭാഗം

കഴുത്തുകെട്ട് നാ. താലികെട്ട്

കഴുത്തുനാട നാ. 1. കഥകളി വേഷക്കാർ കഴുത്തിൽക്കെട്ടുന്ന ഒരുതരം പളുങ്കുമാല; 2. ടൈ

കഴുത്തുപട്ട നാ. 1. കുപ്പായത്തിൻെറ കഴുത്തിൽ പിടിപ്പിക്കുന്ന വീതിയുള്ള തുണി; 2. മൃഗങ്ങളുടെ കഴുത്തിൽ ചങ്ങലയിടാൻ സൗകര്യത്തിനു ബന്ധിക്കുന്ന വളയം. (ലോഹം, തോൽ മുതലായവകൊണ്ടു നിർമ്മിക്കപ്പെട്ടത്)

കഴുത്തെടുപ്പ് നാ. 1. നീണ്ടകഴുത്ത്; 2. കഴുത്തുനീട്ടൽ; 3. ദൃഢനിശ്ചയം; 4. വലിയഭാവം

കഴുനാ(യ്) നാ. = കഴനായ്, കടൽനായ്

കഴുനാക്കപ്പൽ നാ. ജലത്തിനടിയിൽക്കൂടി സഞ്ചരിക്കുന്ന കപ്പൽ, അന്തർവാഹിനി, മുങ്ങിക്കപ്പൽ
കഴുനില നാ. ഊരാളിമാരുടെ കുടിൽ
കഴുനിലം നാ. കഴുമരം നിൽക്കുന്ന ഇടം, വധശിക്ഷനടത്തുന്ന സ്ഥലം
കഴുനീർ നാ. 1. ചെങ്ങഴിനീര്; 2. നീലോത്പലം
കഴുനെറ്റി നാ. കഷണ്ടിമൂലം വിസ്താരംവന്ന നെറ്റി.
കഴുന്നില [കഴുന്ന-ഇല] നാ. കുരുന്നില
കഴുന്ന് നാ. 1. വില്ലിൻെറ ഞാൺകെട്ടുന്ന സ്ഥലം; 2. ഉലക്കയുടെ ഉരുണ്ട അറ്റം. താരത. കഴുത്തല; 3. അമ്പ് (പ്ര) കഴുന്ന് എഴുന്നള്ളിക്കുക = സെബാസ്ത്യൻ പുണ്യവാളൻെറ ശരീരത്തിൽ തറച്ച അമ്പിനെ അനുസ്മരിച്ച് ചെറിയ ഒരമ്പ് പള്ളിക്കുചുറ്റും ഘോഷയാത്രയായി കൊണ്ടുപോകുക; 4. കരുന്ന്
കഴുപ്പലക നാ. പലകമാതിരിയുള്ള കഴുക്കോൽ, കഴിപ്പലക
കഴുപ്പിശാച് നാ. 1. ഒരു ദുർദേവത; 2. ഒരു ശകാരവാക്ക്
കഴുപ്പ് നാ. മോശമായത്. കഴുപ്പുകേട് = വൃത്തികേട്. കഴുപ്പുകെട്ട = കഴിപ്പുകെട്ട
കഴുമരം നാ. തൂക്കുമരം
കഴുമുൾ നാ. 1. മാതളനാരകം; 2. ഒരുജാതി വൃക്ഷം, ഇതിൽനിന്നും നാരുലഭിക്കുന്നു.
കഴുമുറി നാ. തൂക്കിക്കൊല്ലാൻ വിധിക്കപ്പെട്ട പുള്ളികളെ സൂക്ഷിക്കുന്ന മുറി
കഴുവൻ നാ. 1. കഴുകൻ; 2. ദുഷ്ടൻ (ശകാരവാക്ക്)
കഴുവിരൽ നാ. കൈയുടെ നടുവിരൽ
കഴുവെള്ളം നാ. കഴുകിക്കളയുന്ന ജലം, അഴുക്കുകലർന്ന വെള്ളം
കഴുവേറി നാ. കഴുവേറ്റപ്പെടേണ്ടവൻ, നിന്ദ്യൻ, നീചൻ (ശകാരവാക്ക്)
കഴുവേറുക ക്രി. 1. തൂക്കുമരത്തിൽ കയറ്റപ്പെടുക; 2. അവസാനിക്കുക, തുലയുക. ഉദാ: വല്ലവിധവും കഴുവേറട്ടെ. കാണാൻ വന്നവൻ കഴുവേറി (പഴ)
കഴുവേറ്റുക ക്രി. 1. തൂക്കുമരത്തിൽ കയറ്റുക; 2. തുലയ്ക്കുക, നശിപ്പിക്കുക; 3. ചീത്തവിളിക്കുക, 'കഴുവേറി' എന്നു വിളിച്ചു ശകാരിക്കുക. കഴുവേറ്റാംവിളിക്കുക = ചീത്തവിളിക്കുക, ശകാരിക്കുക
കഴുവോല നാ. ഉപദ്രവകരമായ കൽപന, ഇഷ്ടപ്പെടാത്ത ഉത്തരവ്
കറ1 [കറക്കുക] ധാതുരൂപം
കറ2 നാ. 1. വൃക്ഷലതാദികളോ പച്ചക്കായ്കളോ മറ്റോ മുറിക്കുമ്പോൾ അവയുടെ മുറിപ്പാടിൽ നിന്ന് ഊറുന്ന രസം. (പ്ര) കറപിരിക്കുക = മോരോ ചുണ്ണാമ്പോ മറ്റോ ഉപയോഗിച്ച് വാഴയ്ക്കയുടെ കറകളയുക; 2. ഉരൽ, കറയടി; 3. ആർത്തവരക്തം (പ്ര) കറപെടുക = തീണ്ടാരിക്കുക. കറവായ്ക = തീണ്ടാരിയില്ലായ്മ; 4. മലം (വേടഭാഷ); 5. പ്രസവാനന്തരം മുലയിൽ ആദ്യമായി ഊറിവരുന്ന പാൽ; 6. ആനയുടെ മദജലം; 7. ചളി, അഴുക്ക്, മാലിന്യം; 8. തുരുമ്പ്; 9. കളങ്കം, അടയാളം, പാട്;

10. കറുപ്പുനിറം. (പ്ര) കറകളഞ്ഞ, കറയറ്റ = ശുദ്ധമായ, കളങ്കലേശമില്ലാത്ത; 11. വിഷം. ഉദാ: കറമിടറൻ; 12. വിരോധം, പക, കോപം; 13. വഞ്ചന, കാപട്യം; 14. കുറ്റം, ദോഷം; 15. ഉപദ്രവം; 16. പാപം

കറകണ്ഠൻ നാ. 'കഴുത്തിൽ വിഷത്തിൻെറ അടയാളമുള്ളവൻ', ശിവൻ

കറകറ അവ്യ. (ശബ്ദാനു) കഠിനവസ്തുക്കൾ തമ്മിൽ ഉരസുമ്പോഴുണ്ടാകുന്ന ശബ്ദത്തെ സൂചിപ്പിക്കുന്ന പദം

കറക്കൻവെള്ളി നാ. 1. താണത്രം വെള്ളി; 2. കറക്കംപള്ളി

കറക്കം [<കറങ്ങുക] നാ. 1. കറങ്ങൽ, വട്ടംചുറ്റൽ; 2. തലചുറ്റൽ; 3. കഷ്ടപ്പാട്, വൈഷമ്യം, വലച്ചിൽ

കറക്കൽ1 [<കരക്കുക] നാ. പാൽപിഴിഞ്ഞെടുക്കൽ

കറക്കൽ2 [കറക്കുക2] നാ. ചുറ്റിക്കൽ, തിരിക്കൽ

കറക്ക് [<കറക്കുക2] നാ. 1. ഒരുകളിപ്പാട്ടം (കറക്കി ശബ്ദം കേൾപ്പിക്കുന്നത്); 2. വഞ്ചന, പറ്റിപ്പ്. ഉദാ: കറക്കുകമ്പനി

കറക്കുക1 ക്രി. 1. പശുവിൻെറയും മറ്റും അകിട്ടിൽ നിന്നും പാൽ പിഴിഞ്ഞെടുക്കുക; 2. മൂക്കുപിഴിയുക; 3. നീരെടുക്കുക, സത്തെടുക്കുക

കറക്കുക2 [കറങ്ങുക>] ക്രി. വട്ടത്തിൽ തിരിക്കുക, ചുറ്റുക. ഉദാ: പമ്പരം കറക്കുക, റാട്ടുകറക്കുക. (പ്ര) പറ്റിക്കുക, വിഷമപ്പെടുത്തുക, ചുറ്റിക്കുക

കറക്കുക3 [<കറു] ക്രി. = കറുക്കുക

കറക്കുരലന്‍ [കറ-കുരലന്‍] നാ. 'വിഷം കണ്ഠത്തിലുള്ളവൻ', ശിവൻ

കറങ് [കറങ്ങുക] ധാതുരൂപം

കറങ്ങൽ [<കറങ്ങുക] നാ. ചുറ്റിത്തിരിയൽ, വട്ടമടിക്കൽ

കറങ്ങുക ക്രി. 1. ചുറ്റുക, വട്ടത്തിൽ തിരിയുക; 2. ചുറ്റിനടക്കുക; 3. തലചുറ്റുക

കറട് നാ. 1. കരട്; 2. താഴ്ന്നതരം മുത്ത്

കറണിക്കുക ക്രി 1. തർക്കിക്കുക; 2. കലഹിക്കുക. ഉദാ: കാര്യമ്പറഞ്ഞു കറണിച്ചുപോയി

കറണ്ട്, -ൻറ് [ഇം.] നാ. വൈദ്യുതി, വൈദ്യുതിപ്രവാഹം

കറൻസി [ഇം.] നാ. പ്രചാരത്തിലിരിക്കുന്ന നാണയം, പണം, കടലാസുനാണയം, നോട്ട്

കറപറ അവ്യ. കണ്ടമാനം, മുറയും ക്രമവും ഇല്ലാതെ. (പ്ര) കറാംപിറാം = മനസ്സിലാകാത്തവിധം, വ്യക്തമല്ലാതെ

കറപ്പ്, കറുപ്പ നാ. 1. അവിൻ, ഓപിയം; 2. കറുവമരം. (പ്ര) കറപ്പത്തൈലം = കറുവാപ്പട്ടയിൽ നിന്നെടുക്കുന്ന എണ്ണ

കറപ്പൻ നാ. കറുപ്പൻ, കറുത്തവൻ

കറപ്പൊട്ട് [കറ2-പൊട്ട്] നാ. കറയൊലിക്കുന്ന മൂക്കാത്ത വാഴയ്ക്ക

കറം [<സം.ഖര] നാ. കടുപ്പം, ക്രൂരത

കറമിടറൻ [കറ2-മിടറൻ] നാ. വിഷത്തോടുകൂടിയ കഴുത്തുള്ളവൻ, ശിവൻ

കറമൂസ് [പേർ] നാ. = കർമൂസ്, പപ്പായ

കറമ്പൻ, കറു- നാ. 1. കറുത്തവൻ, (സ്ത്രീ) കറമ്പി; 2. ഒരു പുരുഷനാമം

കറമ്പുക ക്രി. 1. കരളുക, കുറേശ്ശെ കടിച്ചുതിന്നുക, കാരുക; 2. ചുരണ്ടുക
കറവ[കറക്കുക] നാ. 1. പാൽകറക്കൽ; 2. പശു എരുമ മുതലായവയിനിന്നും പാൽകിട്ടുന്നകാലം, അവസ്ഥ. (പ്ര) കറവയ്ക്കുകൊടുക്കുക = പാൽ കറക്കാൻ പറ്റുന്നത്രയും കാലത്തേക്കു പാലുരുവിനെ പാട്ടം നിശ്ചയിച്ചുകൊടുക്കുക
കറവക്കാണം [കറവ-കാണം] നാ. പാലുരുവിനെ കറവയ്ക്കുകൊടുക്കുമ്പോൾ ഉടമസ്ഥനു ലഭിക്കുന്ന പ്രതിഫലം
കറവക്കാരൻ [കറവ-കാരൻ] നാ. പാൽ കറക്കുന്നവൻ
കറവപ്പശു [കറവ-പശു] നാ. കറവയുള്ള പശു. (ആല) ആദായമാർഗം
കറവാർച്ച നാ. 1. വൃക്ഷങ്ങളിൽനിന്നുള്ള കറ ഊറൽ; 2. രക്തസ്രാവം
കറവ്1 നാ. കപ്പം (പ.മ)
കറവ്2 നാ. 1. കോപം; 2. വൈരം, വിദ്വേഷം; 3. കുറ്റം
കറാമത്ത് [അറ] നാ. 1. മഹാമനസ്കത, ഔദാര്യം; 2. അദ്ഭുതസിദ്ധി, അമാനുഷികശക്തി
കറാർ, കറാൽ [അറ] നാ. 1. ഉടമ്പടി; 2. കണിശം, ചട്ടം. (പ്ര) കറൽപുള്ളി = കണിശക്കാരൻ
കറാഹത്ത് [അറ] നാ. അനാശാസ്യമായത്, വെറുക്കേണ്ടത്
കറി നാ. 1. പ്രധാനഭക്ഷ്യപദാർഥങ്ങളോടൊപ്പം കഴിക്കാൻ പാകപ്പെടുത്തിയ മലക്കറി, മത്സ്യമാംസാദികൾ തുടങ്ങിയവ, കൂട്ടാൻ. (പ്ര) കറികൂട്ടുക = 1. ചോറിനോടൊപ്പം കറി ആഹാരമാക്കുക; 2. കറി ഉണ്ടാക്കുക. അരിക്കും കറിക്കും കൊടുക്കുക = ആഹാരത്തിനുവേണ്ട വക നൽകുക, ചെലവിനുകൊടുക്കുക. കറിക്കുചേരാത്ത കഷണം, ചോറിനുതക്ക കറി (പഴ); 2. കറിക്കുപയോഗിക്കുന്ന സസ്യവസ്തുക്കൾ. ഉദാ: മലക്കറി, പച്ചക്കറി; 3. മാംസം
കറിക്കായം [കറി-കായം] നാ. കറിക്കുചേർക്കാനായി പ്രത്യേകം തയ്യാറാക്കിയ കായം
കറിക്കാ(യ്) [കറി2-കായ്] നാ. 1. കറിക്കുപയോഗിക്കുന്ന വാഴയ്ക്കായ്; 2. ചുരയ്ക്ക
കറിക്കാൽ നാ. 1. മൂന്നുകാലുള്ള ചെറിയ പീഠം; 2. പിത്തളകൊണ്ടുള്ള ചെറിയ മുക്കാലി
കറിക്കോപ്പ് നാ. കറിസാമാനങ്ങൾ
കറിമസാല നാ. കറികളിൽ രുചിവർധനയ്ക്കുചേർക്കുന്ന ഏലത്തരി, പെരുംജീരകം, കറുവാപ്പട്ട തുടങ്ങിയവ
കറിയിരുമ്പ് നാ. കറിക്കത്തി
കറിയുപ്പ് നാ. ഭക്ഷണപദാർഥങ്ങളിൽ (കറികളിലും മറ്റും) ചേർക്കുന്ന ഉപ്പ്
കറിശ്ലോകം നാ. കറികളുടെ ഇനം സ്വാദു തുടങ്ങിയവയെ ആസ്വാദനരൂപത്തിൽ വിവരിക്കുന്ന ശ്ലോകം. സങ്ഘക്കളി കൂടിയാട്ടം (അശനപൂരുഷാർഥത്തെക്കുറിച്ചു പറയുമ്പോൾ) തുടങ്ങിയ സന്ദർഭങ്ങളിൽ ചൊല്ലാറുണ്ടായിരുന്നത്. കലശ്ലോകമെന്നും പറയും
കറു [കറുക്കുക] ധാതുരൂപം

കറുക നാ. നിലത്തുപടർന്നുവളരുന്ന ഒരുജാതിപ്പുല്ല്. (പ്ര) കറുകഹോമം = പിറന്നാൾദിവസം ആയുൾവർധനയ്ക്കുവേണ്ടി കറുകയുപയോഗിച്ചു നടത്താറുള്ള ഒരു പ്രധാന ഹോമം. കറുക(കു)തിട്ടം = കറുകപ്പുല്ലിൻെറ അറ്റംപോലെ സൂക്ഷ്മമായും കൃത്യമായും, തീർച്ച, നിശ്ചയം. കറുകപ്പുല്ലിനു കാറ്റുപിടിക്കാ (പഴ)

കറുകനമ്പിടി നാ. നായന്മാരുടെ ശ്രാദ്ധകർമങ്ങളിൽ പൗരോഹിത്യം വഹിക്കുന്ന ആൾ

കറുകനമ്പൂതിരി നാ. = കറുകനമ്പിടി

കറുകമൂസ്സസ് നാ. = കറുകനമ്പിടി

കറുകറുക്കുക ക്രി. 1. വളരെ കറുക്കുക; 2. അസ്വസ്ഥനാകുക, കോപിക്കുക. നാ. കറുകറുപ്പ്

കറുകറെ,-കറുനെ [<കറു] അവ്യ. 1. വളരെകറുത്ത്, നല്ലപോലെ ഇരുണ്ട്; 2. ക്രൂരമായിട്ട്, കോപത്തോടുകൂടി, ഭാവമ്പകർന്ന്, വെറുപ്പോടെ

കറുക്കൻ വി. കറുത്ത, കറുക്കുന്ന, മായം ചേർന്ന. ഉദാ: കറുക്കൻവെള്ളി

കറുക്കനെ അവ്യ. 1. നല്ല കറുപ്പായി, കറുക്കത്തക്കവണ്ണം; 2. ഗൗരവത്തിൽ, ക്രൂരമായി, കഠിനമായി.

515

കറുക്കപ്പുല്ല് നാ. ഈശ്വരമൂലം, കരന്തവള്ളി

കറുക്കമ്പുളി നാ. പിണമ്പുളി

കറുക്കുക ക്രി. 1. കറുപ്പുനിറമാവുക, ഇരുണ്ടനിറം വ്യാപിക്കുക. (പ്ര) മുഖംകറുക്കുക = ദേഷ്യം തോന്നുക, മുഖം മ്ലാനമാകുക; 2. അഴുക്കുപറ്റി നിറം മങ്ങുക, മലിനമാകുക; 3. കോപിക്കുക, ഭാവം പകരുക; 4. ഇരുട്ടുക, സന്ധ്യയാകുക

കറുത്ത [<കറു] വി. 1. കറുത്തനിറമുള്ള, കരിനിറമായ, ഇരുണ്ട; 2. കോപംപൂണ്ട. കറുത്തവൻ = ശത്രു. (പ്ര) കറുത്തആട് = കൂട്ടത്തിൽചേരാത്തവൻ, സങ്ഘദ്രോഹി. കറുത്തകൈ = ദ്രോഹബുദ്ധിയോടുകൂടിയുള്ള പ്രവർത്തനം. കറുത്തവാക്ക് = വിരോധവാക്ക്, കടുത്തവാക്ക്

കറുത്തടയ്ക്ക [-അടയ്ക്ക] നാ. കളിപ്പാക്ക്, കൊട്ടപ്പാക്ക്

കറുത്തതാടി നാ. കഥകളിയിലെ ഒരു വേഷം (കാട്ടാളൻ, കലി എന്നിവരുടേത്)

കറുത്തപക്ഷം നാ. ഓരോമാസത്തിലും വെളുത്തവാവു കഴിഞ്ഞു കറുത്തവാവുവരെയുള്ള പതിനാലുദിവസങ്ങൾ

കറുത്തരക്ക് നാ. കോലരക്ക്

കറുത്തവാവ് നാ. = അമാവാസി

കറുപിറന, -നാ അവ്യ. 1. കറപിറശബ്ദത്തോടെ; 2. അവ്യക്തമായി, അടുക്കും മുറയുമില്ലാതെ (കുട്ടികളുടെ എഴുത്തെന്നപോലെ)

കറുപ്പ നാ. കറുവ

കറുപ്പൻ നാ. 1. കറുത്തനിറമുള്ളവൻ, കറുമ്പൻ; 2. ഒരു പുരുഷനാമം; 3. മൂപ്പുകുറഞ്ഞ ഒരിനം നെല്ല്

കറുപ്പസ്വാമി നാ. ശാസ്താവിൻെറ ഒരു പരിവാരമൂർത്തി, അച്ചൻകോവിൽ, ആര്യങ്കാവ്, ശബരിമല എന്നിവിടങ്ങളിൽ ആരാധിച്ചുവരുന്നു

കറുപ്പ്1,കറപ്പ് നാ. 1. കറുത്തനിറം; 2. കളങ്കം; 3. ശരീരത്തിലുണ്ടാകുന്ന കറുത്തപുള്ളി; 4. അനിഷ്ടം; 5. കോപം; 6. അരമുറുക്കാൻ ഉപയോഗിക്കുന്ന കറുത്തപട്ട, കറുത്തവസ്ത്രം. (പ്ര) കറുപ്പും ചല്ലടവും അണിയുക = കച്ചകെട്ടുക, യുദ്ധത്തിനുതയ്യാറാകുക.

കറുപ്പ്2 നാ. പരുപരുപ്പ്, മിനുസമില്ലായ്മ, കറകറപ്പ്

കറുപ്പുചെടി നാ. പോപ്പിച്ചെടി, ഒരു ഏകവാർഷികസസ്യം

കറുമുറെ അവ്യ. (ശബ്ദാനു) കറകറ ശബ്ദം കേൾക്കത്തക്കവിധം, ഞെരിഞ്ഞുടയുന്ന ശബ്ദത്തോടെ, പല്ലിറുമ്മുന്ന ശബ്ദത്തോടെ. ഉദാ: കറുമുറെ കടിച്ചുതിന്നുക

കറുമൂസ്സ് നാ. പപ്പായ മരം, കർമോസ്, ഓമ

കറുമുഴി നാ. കുറുമൊഴിമുല്ല

കറുമ്പൻ,കറ– നാ. 1. കറുത്തനിറമുള്ളവൻ, കറുപ്പൻ (സ്ത്രീ) കരുമ്പി; 2. ഒരു സംജ്ഞാനാമം (നിറത്തെ സൂചിപ്പിച്ചുണ്ടായത്)

കറുമ്പുക ക്രി. 1. = കറമ്പുക; 2. അലട്ടുക, പീഡിപ്പിക്കുക

കറുവ1 നാ. ഇലവർങ്ങം, വയന, എടന

കറുവ2 നാ. ഒരു ദ്രാവക അളവ്

കറുവാക്കുപ്പി നാ. ഒരുകറുവ കൊള്ളുന്ന കുപ്പി, അരഗ്യാലൻകൊള്ളുന്ന കുപ്പി

കറുവാത്തൈലം നാ. കറുവാമരത്തിൻെറ തൊലി ഇല വേര് എന്നിവയിൽനിന്നും വാറ്റിയെടുക്കുന്ന തൈലം

കറുവാപ്പട്ട നാ. കറുവാമരത്തിൻെറ തൊലി. ഇത് കറിമസാലയിൽ ചേർക്കാൻ ഉപയോഗിക്കാറുണ്ട്

കറുത്ത നാ. കപ്പള, പപ്പായമരം

കറ്റ1 [<കൽ] വി. പഠിച്ച, അഭ്യസിച്ച. നാ. കറ്റവൻ

കറ്റ2 [<കറു] വി. കറുത്ത

കറ്റ3 [<കട്ടുക] നാ. 1. കൊയ്ത ധാന്യം, പുല്ല്, ഞാറ്, ചൂട്ട്, പുകയില മുതലായവയിൽ ഏതെങ്കിലും ഒന്നിൻെറ ഒരു കെട്ട്. (പ്ര) കറ്റകെട്ടുക, കറ്റ അടിക്കുക; 2. കൃഷിക്കാരൻ ഒറ്റിയായി കൈവശം വച്ചനുഭവിക്കുന്ന ഭൂമിക്ക് വർഷംതോറും ഉത്പന്നങ്ങളായി കൊടുക്കേണ്ട പാട്ടം; 3. സമൃദ്ധമായ (കറ്റപൊലെ കെട്ടിവച്ച) തലമുടി; 4. രശ്മി

കറ്റ4 നാ. 1. കന്ന്; 2. പൈതൽ ഉദാ: കറ്റക്കിടാവ്

കറ്റക്കയർ നാ. ആനക്കാരനു കാലിടാനായി ആനയുടെ കഴുത്തിൽ കെട്ടുന്ന കയർ, കച്ചക്കയർ

കറ്റക്കളം നാ. നെൽക്കറ്റകൾ അടുക്കിവയ്ക്കുന്നതിനുവേണ്ടി ഒരുക്കിയിട്ടുള്ള സ്ഥലം

കറ്റക്കാർ നാ. കറുത്തമേഘം, ഇറ്റതിങ്ങിയ മേഘം

കറ്റക്കിടാവ് നാ. 1. കറ്റകിടാവ്, കന്നുകിടാവ്; 2. പിറന്ന ഉടനെയുള്ള കുട്ടി, ഇളംപൈതൽ, ഓമനയായ കുഞ്ഞ് (വാത്സല്യസൂചകം)

കറ്റക്കുഴൽ നാ. 1. കറ്റപോലെ ഇടതൂർന്നുള്ള തലമുടി (കറുത്തതലമുടിയെന്നും); 2. നല്ലതലമുടിയുള്ളവൾ, സുന്ദരി. (പ്ര) കറ്റക്കുഴലർ = സുന്ദരിമാർ. കറ്റകുഴലാൾ = സുന്ദരി

കറ്റക്കുഴലി നാ. സുന്ദരി
കറ്റച്ചൻ [കൽ–തച്ചൻ] നാ. കൽത്തച്ചൻ, കല്ലാശാരി. താരത. കറ്റച്ചക്കോണം
കറ്റച്ചിട,–ചട,–ചെട നാ. കറ്റപോലെയുള്ളജട (കറുത്ത ജട എന്നും)
കറ്റച്ചിടയൻ, കറ്റച്ചിടയോൻ, കറ്റച്ചെടയൻ, കറ്റച്ചെടയോൻ = ശിവൻ
കറ്റടവ് നാ. 1. ചതി, പറ്റിപ്പ്; 2. അസത്യം
കറ്റടി നാ. കറ്റകൂട്ടിവച്ച സ്ഥലത്ത് അവശേഷിക്കുന്ന നെല്ല്
കറ്റത്തലമണി നാ. കറ്റയിൽനിന്നുകൊഴിഞ്ഞുവീഴുന്ന നെന്മണി
കടൻ1 [<കറു] നാ. കറുത്തത്, കേടുപിടിച്ചത്. ഉദാ: കറ്റനരി
കറ്റൻ2 നാ. 1. ശക്തൻ; 2. ഒരിനം പുലി
കറ്റം നാ. 1. കൂട്ടം; 2. കറുപ്പ്, കളങ്കം
കറ്റമ്പുലി നാ. ഒരുജാതി ചെറിയപുലി, വള്ളിപ്പുലി
കറ്റരി,കറ്റനരി നാ. കറുത്തഅരി
കറ്റലം നാ. കൽത്തളം, കല്ലുകൾപടുത്തിട്ടുള്ള തറ
കറ്റവൻ1 [കറ്റ1–<കൽ] നാ. 1. പഠിച്ചവൻ, വിദ്വാൻ; 2. മുഷ്ക്കൻ, ശക്തൻ
കറ്റവാർകുഴലി നാ. കറുത്തകറ്റപോലെ ഇടതൂർന്നു മനോഹരമായ
മുടിയോടുകൂടിയവൾ, സുന്ദരി
കറ്റവാഴ,കറ്റാർ– നാ. ഒരു ഔഷധച്ചെടി
കറ്റവിരുത്തി നാ. ക്ഷേത്രത്തിലെ ആവശ്യത്തിനു
നെല്ലുകൊടുക്കാൻവേണ്ടി കരമൊഴിവായി കൊടുത്തിട്ടുള്ള ഭൂമി
കറ്റളം [കൽ–തളം] നാ. കൽത്തളം
കറ്റളി [കൽ–തളി] നാ. കല്ലുകൊണ്ടുപനിതിട്ടുള്ള ക്ഷേത്രം. (പ്ര)
കറ്റളിപ്പുറം = ക്ഷേത്രത്തിനുവിട്ട ഇറയിലി നിലം
കറ്റാമര [കൽ–താമര] നാ. = കൽത്താമര
കറ്റാവ് നാ. കറവപ്പശു, കന്നുള്ള പശു
കറ്റ്1 നാ. 1. ജ്ഞാനം, അറിവ്; 2. കൗശലം; 3. തർക്കുത്തരം
പറയുന്ന ശീലം; 4. ചതി, വഞ്ചന; 5. നുണ
കറ്റ്2 നാ. 1. കന്ന്; 2. വൃഷണം. ഉദാ: കറ്റുടയ്ക്കുക; 3. കരുത്ത്,
ബലം
കറ്റുകിടാവ് നാ. 1. പശുക്കുട്ടി; 2. ചെറിയകുട്ടി
കറ്റുകുളമ്പ് നാ. കന്നിന്റെ കുളമ്പ്, കുളമ്പുപതിയുന്ന സ്ഥലം
കറ്റുകൂലി നാ. 1. ഉഴവുകൂലി; 2. കാലിക്കിടാവിനെ
രക്ഷിക്കുന്നതിനുകൊടുക്കുന്ന കൂലി
കറ്റുകെട്ട് നാ. 1. കാവ്യരചന; 2. ഇല്ലാത്തതു ഉണ്ടാക്കിപ്പറയൽ
കറ്റുനട നാ. ചതി, കറ്റടവ്
കറ്റുപുലി നാ. ചെറുപുലി, വൃക്ഷമാർജാരം
കറ്റുവട്ടി നാ. കന്നുകാലികളെ (പ്രത്യേകിച്ചു എരുമകളെ)
കെട്ടാതെ അടച്ചിടുന്ന തൊഴുത്ത്
കറ്റുവാണിഭം നാ. കന്നുകച്ചവടം
കറ്റുവാഴ [കറ്റ്–വാഴ] നാ. = കറ്റവാഴ
കറ്റുവിദ്യ നാ. 1. ചതി; 2. സൂത്രം, കൗശലം; 3.
പഠിച്ചുണ്ടാക്കിയ അറിവ്

കറ്റോൻ നാ. കൽവി ഉള്ളവൻ, കറ്റവൻ, പഠിച്ചവൻ, വിദ്വാൻ

കാ

കാ [ക്+ആ] ക് എന്ന വ്യഞ്ജനത്തിൽ ആ എന്ന ദീർഘസ്വരം ചേർന്നുണ്ടാകുന്ന അക്ഷരം
കാ1 [കാക്കുക] ധാതുരൂപം
കാ2 [കായുക] ധാതുരൂപം
കാ3 [കായ്ക്കുക] ധാതുരൂപം
കാ4 നാ. കായ്, ഫലം. സമ്പത്തുകാലത്തു തൈപത്തുവച്ചാൽ ആപത്തുകാലത്തു കാപത്തു തിന്നാം (പഴ)
കാ5 നാ. കാവ്. ഉദാ: പൂങ്കാ
കാ6 [സം.കാ<കിം] സ.നാ. 1. ഏവൾ (കിം ശബ്ദത്തിൻെറ സ്ത്രീലിങ്ഗരൂപം പ്ര. ഏവ) ഉദാ: കാതിലോല? നല്ലതാളി (കാ അതിലോല? നല്ലത് ആളി); 2. ഏതൊന്ന് (മലയാളത്തിൽ നപുംസകലിങ്ഗരൂപമുള്ള സ്ത്രീലിങ്ഗ ശബ്ദങ്ങളുടെ വിശേഷണമായിവരുമ്പോൾ)
കാ7 [സം.] (സമസ്തപദാദിയിൽ) കുത്സിത (ഹീന)മായ എന്ന അർഥത്തിൽ കു എന്നതിനുവരുന്ന രൂപഭേദം. ഉദാ: കാപഥം (കുത്സിതമായ മാർഗം) കാ പുരുഷൻ (ഹീനപുരുഷൻ), കാ മധുരം (അൽപമായ മധുരം), കോഷ്ണം (കാ ഉഷ്ണം) അൽപം ഉഷ്ണം
കാ8 [സം.കാ] നാ. 1. ഭൂമി; 2. ദുർഗ; 3. സരസ്വതി
കാക[സം.കാക] നാ. 1. ഒരു പച്ചില മരുന്ന്; 2. വലിയ കാക്കത്തൊണ്ടി; 3. കാകോളി; 4. മണിത്തക്കാളി; 5. ചെമന്ന കുന്നി; 6. കാട്ടത്തി
കാകഗുണചതുഷ്ടയം നാ. കാക്കയ്ക്കുള്ളതായി കരുതപ്പെടുന്ന നാലു സ്വഭാവവിശേഷങ്ങൾ, ഗൂഢമായി ഇണചേരൽ, ഭാവിയിലേക്കുകരുതിവയ്ക്കൽ, ഉത്സാഹം, ശ്രദ്ധാപൂർവമുള്ള പ്രവൃത്തി
കാകഗോലക,-കം [സം.] നാ. കാക്കയുടെ കണ്ണിലെ കൃഷ്ണമണി
കാകഘ്നി നാ. വലിയ ഉങ്ങ്
കാകചരിത്രം നാ. കാക്കയുടെ കരച്ചിൽ, ചലനം ഇവയെ ആധാരമാക്കി രചിച്ചിട്ടുൾല ഒരു നിമിത്തശാസ്ത്രം
കാകചിഞ്ച,-ഞ്ചി നാ. "കുരുവിൻെറ അഗ്രഭാഗത്തിനു കാക്കയുടെ നിറമുള്ളത്‘, ചെമന്നകുന്നി
കാകച്ഛദം,-ദി [സം.-ഛദ] നാ. 1. കരിങ്കുരികിൽ, കുണ്ടികുലുക്കി; 2. ചെറുകുടുമ, തലയുടെവശത്തു കാണപ്പെടുന്ന മുടിക്കെട്ട്
കാകജാതം [സം.-ജാത] നാ. കുയിൽ
കാകജ്വരം [സം.-ജ്വര] നാ. അപസ്മാരരോഗം
കാകണം [സം.] നാ. കുഷ്ഠത്തിൽ ഒരിനം
കാകണി [സം.കാകണീ] നാ. 1. ചെമന്ന കുന്നി; 2. തൂക്കത്തിൻെറ ഒരു ഏകകം, കുന്നിക്കുരു; 3. പഴയകാലത്തെ ഒരു നാണയം, ഇരുപതു കപർദങ്ങൾ (കവിടികൾ), ഒരു പണത്തിൻെറ നാലിലൊന്ന്; 4. ചുക്കിണി; 5. നാണയമായി ഉപയോഗിച്ചിരുന്ന കവിടി

കാകതാലീയം [സം.-താലീയ] നാ. യാദൃശ്ഛികസംഭവം
കാകതുണ്ഡം [സം.] നാ. 1. കാരകിൽ; 2. ഒരുതരം അമ്പ്, കാക്കയുടെ ചുണ്ടുപോലെയുള്ള അറ്റത്തോടുകൂടിയത്; 3. ഗുണമുഷ്ടി (അസ്ത്രപ്രയോഗത്തിൽ വില്ലിൻെറ ഞാൺ പിടിക്കുന്ന രീതികളിൽ ഒന്ന്
കാകദന്തം [സം.] നാ. (കാക്കപ്പല്ലുപോലെ) ഇല്ലാത്തവസ്തു. കാകദന്തഗവേഷണം = ഇല്ലാത്തതും വേണ്ടാത്തതും കണ്ടുപിടിക്കാനുള്ള ശ്രമം, നിഷ്പ്രയോജനയത്നം
കാകദൃഷ്ടി [സം.] നാ. 1. കാക്കക്കണ്ണ്, കോങ്കണ്ണ്; 2. ഏകാഗ്രമായ ദൃഷ്ടി
കാകൻ [സം.] നാ. 1. കാക്ക; 2. കറുത്തനിറമുള്ളവൻ, കറുമ്പൻ; 3. മുടന്തൻ; 4. നിന്ദ്യൻ; 5. ഒരിനം രുദ്രാക്ഷം. (പ്ര) കാകനിരിക്കാൻ കൊമ്പുകൊടുക്കുക = സഹായംചെയ്തത് തനിക്ക് ഉപദ്രവമാകുക
കാകനി1 [കാ-കനി] നാ. കായും കനിയും, കായ്കനി
കാകനി2 [സം.കാകനീ] നാ. = കാകണി
കാകനിദ്ര [സം.-നിദ്രാ] നാ. 'കാക്കയുടെ ഉറക്കം', ലഘുനിദ്ര
കാകപക്ഷധരൻ [സം.] നാ. കാകപക്ഷം (ചെറുകുടുമ) ഉള്ളവൻ, ബാലൻ, കുട്ടി
കാകപക്ഷം,-കം [സം.] നാ. 1. കാക്കയുടെ ചിറക്; 2. (കാക്കയുടെ ചിറകുപോലെ) തലയുടെ ഇരുവശത്തും വളർത്തുന്ന മുടി, ചെറുകുടുമ
കാകപദം [സം.] നാ. 1. വിട്ടുപോയ പദങ്ങളുടെ സ്ഥാനം കാണിക്കുന്നതിനുള്ള ചി ം; 2. ഒരു പ്രത്യേകരതിബന്ധം; 3. വജ്രത്തിനുണ്ടാകുന്ന ദോഷങ്ങളിൽ ഒന്ന് (കാക്കക്കാലുപോലെ അടയാളം ഉള്ളിൽ കാണുന്നത്); 4. ചർമത്തിലുണ്ടാകുന്ന കീറൽ; 5. നാലുമാത്രയുള്ള അക്ഷരം.
517
കാകപദി,-പാദി [സം.] നാ. കാക്കക്കാലിൻെറ ആകൃതിയിൽ വിന്യസിച്ചിട്ടുള്ള സേനാവ്യൂഹം
കാകപർണി [സം.-പർണി] നാ. കാട്ടുപയറ്
കാകപാതം,-ദം സം.-പാത] നാ. (സങ്ഗീ) താളത്തിൻെറ അങ്ഗങ്ങളിലൊന്ന്
കാകപുച്ഛം നാ. കുയിൽ
കാകപുഷ്ടം [സം.-പുഷ്ട്] നാ. 'കാക്കപോറ്റിവളർത്തിയത്', കുയിൽ
കാകപേയ വി. കാക്കയ്ക്കു കുടിക്കാൻ പാകത്തിൽ ആഴം കുറഞ്ഞ, ആഴമില്ലാത്ത
കാകബലി നാ. കാക്കയ്ക്കുതിന്നാൻ പിണ്ഡംവച്ചുനടത്തുന്ന പിതൃബലി
കാകബിന്ദു നാ. കറുത്തപുള്ളി
കാകം [സം.] നാ. 1. കാക്ക; 2. ജാതിസൂചകമായ ചി ം, തിലകം; 3. ഒരളവ്; 4. ഒരുതരം വൃക്ഷം; 5. പുരാതന ഭാരതത്തിലെ ഒരു ജനപദം
കാകരുകൻ [സം.] നാ. ഭാര്യയുടെ ചൊൽപ്പടിക്കുനടക്കുന്നവൻ, സ്ത്രീജിതൻ
കാകരുകം [സം.] നാ. 1. ചതി; 2. മൂങ്ങ
കാകരുതം നാ. 1. കാക്കയുടെകരച്ചിൽ; 2. പരുഷമായ ശബ്ദം

കാകരുഹ നാ. ഇത്തിക്കണ്ണി
കാകരു വി. 1. നഗ്നമായ, 2. ചഞ്ചലമായ, ഭീരുവായ; 3. ദരിദ്രമായ
കാകല(ക)ം [സം.] നാ. 1. കാവതിക്കാക്ക; 2. കഴുത്തിൻെറ മുൻഭാഗത്തെ മുഴ, കൃകത്തിൻെറ ഭാഗം; 3. ഒരുതരം കണ്ഠാഭരണം
കാകലികം നാ. = കാകളി
കാകലിരവം നാ. കുയിൽ
കാകവക്ത്രം നാ. ഒരിനം താറാവ്
കാകവന്ധ്യ നാ. ഒരിക്കൽമാത്രം പ്രസവിച്ചവൾ (കാക്ക ഒരുപ്രാവശ്യമേ മുട്ടയിടു എന്ന ധാരണയിൽനിന്ന്)
കാകവന്ധ്യത നാ. ഒരുപ്രാവശ്യം മാത്രം പ്രസവിക്കുക എന്ന സ്ഥിതി
കാകവാഹനൻ നാ. ശനി
കാകവൈരി നാ. മൂങ്ങ
കാക്ശാബം [സം.-ശാബ] നാ. കാക്കക്കുഞ്ഞ്
കാകസ്ത്രീ [സം.] നാ. 1. പെൺകാക്ക; 2. കൊക്കുമന്താരം
കാകസ്നാനം നാ. കാക്കക്കുളി
കാകസ്പർശം നാ. 1. കാക്കയ്ക്കു പിണ്ഡംകൊടുത്തുള്ള ബലി; 2. കാക്കയെസ്പർശിക്കൽ
കാകസ്വരം നാ. 1. കാക്കയുടെ ശബ്ദം; 2. പരുഷസ്വരം; 3. അപസ്വരം
കാകളഗ്രന്ഥി നാ. കഴുത്തിലുള്ള ഒരു ഗ്രന്ഥി
കാകളി നാ. 1. മാധുര്യമുള്ള നേർത്തസ്വരം, ഗാനാത്മകമായ ശബ്ദം; 2. ഒരു ദ്രാവിഡവൃത്തം; 3. ഒരു സങ്ഗീതോപകരണം; 4. കത്രിക; 5. ചുവന്നകുന്നി; 6. കുരുവില്ലാത്ത ഒരുതരം മുന്തിരിപ്പഴം
കാകളിനിഷാദം നാ. സങ്ഗീതത്തിലെ ഒരു തീവ്രസ്വരം
കാകളീകം നാ. നേർത്ത മധുരമായ ശബ്ദം, കാകളി
കാകളീരവം നാ. ‘അസ്ഫുടവും മധുരവുമായ ശബ്ദമുള്ളത്’. കുയിൽ
കാകാക്ഷി നാ. കാകദൃഷ്ടി
കാകാണ്ഡ(ക) [സം.-അണ്ഡാ] നാ. ഒരുതരം എട്ടുകാലി
കാകാണ്ഡകി നാ. ചണ്ടിപ്പയറ്
കാകാളം [പ.മ.] നാ. = കാഹളം
കാകി1 നാ. 1. പെൺകാക്ക; 2. തുവരപ്പയറ്; 3. കാകോളി; 4. വലിയകാക്കത്തൊണ്ടി; 5. (സങ്ഗീ) ഒരുരാഗം
കാകി2 [സം.കാകിൻ] നാ. കാകസ്വരം പോലെ ഗാനംചെയ്യുന്നവൻ
കാകി3 [സം.] നാ. 1. കശ്യപനു താമ്രയിൽ ഉണ്ടായ പുത്രി, കാക്കകളുടെ ആദിമാതാവ്; 2. സ്കന്ദമാതാക്കളിൽ ഒരുവൾ
കാകിണി നാ. 1. ചെമന്നകുന്നി; 2. തൂക്കത്തിൻെറ ഒരു ഏകകം, കുന്നിക്കുരു; 3. ഒരുപഴയ നാണയം, ഇരുപതുകവടി, നാണയമായി

ഉപയോഗിക്കുന്ന കവടി, പണത്തിൻെറ നാലിലൊന്ന്; 4. തുലാത്തണ്ട്, 5. മുഴം; 6. അളവിൻെറ ഒരു ഭാഗം; 7. ഒരുതരം ആഭരണം

കാകിതം നാ. = കായിതം

കാകിനി [സം.കാകിനി] നാ. 1. = കാകണി; 2. മണിത്തക്കാളി; 3. കുബ്ജാപൂജയിൽ വായുകോൺതുടങ്ങിയ സ്ഥാനങ്ങളിൽ പൂജിക്കപ്പെടേണ്ട ഒരു ദേവി

കാകിരിപൂക്കിരി അവ്യ. = അടുക്കും മുറയുമില്ലാതെ, കണ്ടമാനം

കാകിൽ നാ. മൈന

കാകു [സം.] നാ. 1. ദു:ഖം ഭയം കോപം മുതലായവകൊണ്ട് ശബ്ദത്തിനുണ്ടാകുന്ന ഇടർച്ച, സ്വരഭേദം; 2. വക്രോക്തിയുടെ ഒരു വകഭേദം; 3. പിറുപിറുക്കൽ; 4. രഹസ്യമായകാര്യം; 5. നാക്ക്; 6. ചോദ്യചി ം (?); 7. പടുകരണ

കാശുകരം [സം.കാകു-കര] നാ. ഒരുജാതി മരം, പടുകരണ

കാകുസ്ഥൻ,-ത്തൻ [സം.കാകുത്സ്ഥ] നാ. 1. കാകുത്സ്ഥൻെറ വംശത്തിൽപ്പെട്ടവൻ, ശ്രീരാമൻ തുടങ്ങിയവർ; 2. ഇക്ഷ്വാകുവംശത്തിൽപ്പെട്ട ഒരു രാജാവ്, സോമദത്തൻെറ മകൻ

കാകുദം [സം.] നാ. ജിഹ്വ ഉദ്ഭവിക്കുന്നസ്ഥലം, അണ്ണാക്ക്, താലു

കാകോദര, -രൻ [സം.-ഉദര] നാ. 1. പാമ്പ്, സർപ്പം; 2. ഒരിനം മൂർഖൻ പാമ്പ്

കാകോലം [സം.കാകോല] നാ. = കാകോളം

കാകോലുകിക [സം.-ഉലുകികാ] നാ. കാക്കയും മൂങ്ങയും തമ്മിലുള്ളതു പോലെയുള്ള സ്വാഭാവികവൈരം

കാകോളം [സം.കാകോല] നാ. 1. ഒരുതരം വിഷം; 2. പാമ്പ്; 3. കാവതിക്കാക്ക; 4. ഏറുകണ്ണുകൊണ്ടുള്ള നോട്ടം; 5. ഒരു നരകം; 6. പന്നി

കാകോളധരൻ [സം.] നാ. 1. സർപ്പം; 2. ശിവൻ

കാക്ക1 [സം.കാക] നാ. 1. കുടിയിടകളിലെവിടെയും കാനാവുന്ന സാമാന്യം വലിപ്പമുള്ള ഒരു കറുത്ത പക്ഷി. (പ്ര) കാക്കമലർന്നു പറക്കുക = സംഭവിക്കാത്തത് സംഭവിക്കുക. കാക്കക്കുളി, കാക്കമുങ്ങൽ = പേരിനുമാത്രമുള്ള കുളി. കാക്കക്കൂട്ടിൽ കല്ലെറിയുക = കൂടുതൽ ശബ്ദകോലാഹലത്തിനിടയാക്കുക. കാക്കയ്ക്കും തൻകുഞ്ഞ് പൊൻകുഞ്ഞ് (പഴ); 2. കറുത്തവസ്തു; 3. കറുപ്പൻ; 4. കോങ്കണ്ണൻ; 5. ഒരിനം വള്ളിച്ചെടി

കാക്ക2 [പേർ.കാകാ] നാ. 1. അമ്മയുടെ സഹോദരൻ; 2. ജ്യേഷ്ഠൻ (മുസ്ലിങ്ങളുടെ ഇടയിൽ); 3. മുസ്ലിങ്ങളിൽ മുതിർന്നവരെ പൊതുവെ ബഹുമാനമായി വിളിക്കുന്ന പേര്; 4. ഒരിനം സ്രാവ്

കാക്കക്കണ്ണ് നാ. 1. കോങ്കണ്ണ്; 2. ചരിഞ്ഞനോട്ടം, ഒളിഞ്ഞനോട്ടം, കാകദൃഷ്ടി. (പ്ര) കാക്കക്കണ്ണിടുക = ഗൂഢമായിനോക്കുക. കാക്കക്കണ്ണൻ = കോങ്കണ്ണൻ

കാക്കക്കാൽ നാ. 1. വജ്രത്തിൻെറ ഒരു ന്യൂനത, കാകപദം; 2. ഉണങ്ങിവരണ്ട വയലുകളിൽ ഉണ്ടാകുന്ന പിളർപ്പ്; 3. കുരുമുളകുകൊടി, വെറ്റിലക്കൊടി ഇവയുടെ വള്ളികളുടെ മുട്ടിൽ പൊടിക്കുന്ന ചെറിയ പറ്റുവേര്; 4. കറ്റകെട്ടുന്ന ഒരു രീതി; 5. ഭങ്ഗിയില്ലാത്ത കൈപ്പട

കാക്കക്കുയിൽ നാ. = കരിങ്കുയിൽ

കാക്കക്കുറവൻ നാ. 1. കാക്കാലൻ, കുറവരിൽ ഒരുഭാഗം (കാക്കകളെപിടിക്കുകയും അവയുടെ മാംസം ഭക്ഷിക്കുകയും ചെയ്യുന്നതിനാൽ); 2. (ആല) കറുത്തു വിരൂപനായ ആൾ (സ്ത്രീ) കാക്കക്കുറത്തി

കാക്കച്ചുവട് നാ. പയറ്റുമുറയിൽ ഒരടവ്, പെട്ടെന്ന് മേലോട്ടുപൊന്തുകയും ഉടനെ താഴുകയും അതോടുകൂടി വെട്ടുകയും ചെയ്യുന്നു
കാക്കച്ചുള്ളി നാ. കാക്ക കൂടുവയ്ക്കാൻ ഉപയോഗിക്കുന്നതരം ചെറിയ ചുള്ളി
കാക്കണം നാ. 1. ഒരുതരം വള്ളിച്ചെടി, ശങ്ഖുപുഷ്പം; 2. എഴുകണപ്പുല്ല്, തെരുവപ്പുല്ല്
കാക്കത്തണ്ട് നാ. ഒരുചെറുചെടി, കുളങ്ങളുടെയും കിണറുകളുടെയും മറ്റും സമീപത്തും ജലാംശം അധികമുള്ള സ്ഥലത്തും വളരുന്നത്, മഷിത്തണ്ട്
കാക്കത്തമ്പുരാട്ടി നാ. കാക്കയെക്കാൾ ചെറുതും കാക്കയെ ഞോടുന്നതുമായ ഒരുജാതി കറുത്തപക്ഷി, ആനറാഞ്ചി
കാക്കത്തമ്പുരാൻ നാ. ആനറാഞ്ചിയുടെ വർഗത്തിൽപ്പെട്ട ഒരിനമ്പക്ഷി, ആനറാഞ്ചിയേക്കാൾ ചെറുത്
കാക്കത്താലി നാ. വൃക്ഷങ്ങളിൽ വളരുന്ന ഒരുതരം ഇത്തിൾ
കാക്കത്തൊള്ളായിരം നാ. അസങ്ഖ്യം, നിരവധി, എണ്ണമറ്റ
കാക്കപിടിക്കുക [<കാൽക്കൽപിടിക്കുക] ക്രി. സേവകൂടുക, കാര്യസാധ്യത്തിന് അതിരുവിട്ട് ആശ്രയിക്കുക, അടിപണിയുക. നാ. കാക്കപിടിത്തം
കാക്കപ്പാട്ട് നാ. കാക്കപ്പുലയനോടനുബന്ധിച്ച് പണിയർ പാടുന്ന ഒരുതരം പാട്ട്. പണിയരുടെ ഇടയിലെ ദു:ഖാചരണത്തിൽ പാടുന്നത്
കാക്കപ്പാതി നാ. കാക്കമുതലായ പക്ഷികൽ കൊത്തിത്തിന്ന് ശേഷിക്കുന്ന പഴങ്ങൾ (മാങ്ങ മുതലായവ), കൊത്താപ്പാതി, കാക്കകൊത്താപ്പാതി
കാക്കപ്പുള്ളി നാ. ചെറിയ കറുത്തപുള്ളി, മറുക്
കാക്കപ്പൊന്ന് നാ. 1. സ്വർണനിറത്തിലുള്ള ഒരിനം വർണത്തകിട്; 2. പകിട്ടുള്ളതെങ്കിലും വിലകുറഞ്ഞ വസ്തു; 3. അഭ്രം, അഭ്രകം; 4. തെങ്ങിൻെറ മടൽ, അച്ചിങ്ങ തുടങ്ങിയവയുടെ പുറത്തുണങ്ങി കട്ടപിടിച്ചിരിക്കുന്ന കറ
കാക്കപ്പൊന്മാൻ നാ. ഒരിനം മീൻകൊത്തി
കാക്കമൂക്കൻ നാ. നീണ്ടകൂർത്ത മൂക്കുള്ളവൻ
കാക്കരമ്പൂക്കരം അവ്യ. കണ്ടമാനം
കാക്കരിക്കുക ക്രി. 1. കാർക്കിക്കുക; 2. കൊക്കരിക്കുക (അടക്കോഴിയെപ്പോലെ)
കാക്കൽ1 അവ്യ. 'കാല്' എന്നപദത്തോട് ആധാരികാവിഭക്തി ചേർന്നരൂപം' = കാൽക്കൽ
കാക്കൽ2 [കാക്കുക] നാ. നാമരൂപം
കാക്കവാ നാ. കാക്കച്ചുണ്ടിൻെറ ആകൃതിയിൽ ഉണ്ടാക്കിയിട്ടുള്ള കൊടിൽ, ചവണ
കാക്കവാരി നാ. പുരയുടെ മുകപ്പിൻെറ ഇരുവശത്തും ചേർക്കുന്ന ചെറു കഴുക്കോൽ
കാക്കവിളക്ക് നാ. ഒരുതരം ഇരുമ്പുവിളക്ക്, കുറിയകോൽ വിളക്ക്
കാക്കാലൻ,ളൻ നാ. കുറവ വർഗത്തിൽപ്പെട്ട ഒരു ജാതി, കാക്കക്കുറവൻ. (സ്ത്രീ) കാക്കാത്തി, കാക്കാലിച്ചി, കാക്കാലത്തി, കാക്കാരത്തി, കാക്കാരിശ്ശി. (പ്ര) കാക്കാലന്തൊട്ട പാമ്പിനെപ്പോലെ, കാക്കാൻെറകയ്യിലെ കുരങ്ങിനെപ്പോലെ,

കാക്കാർകളി, കാക്കാരിശ്ശി കളി, –നാടകം = കേരളത്തിലെ പ്രാചീന നാടോടിനാടകങ്ങളിലൊന്ന്
കാക്കി1 ഹി.ഖാകി] നാ. 1. ഇളംപച്ചയും ഇളംമഞ്ഞയും കലർന്ന കളിമണ്ണിൻെറ നിറത്തോടു സാദൃശ്യമുള്ള ഒരു നിറം; 2. കാക്കിനിറത്തിലുള്ള ഒരിനം കട്ടിത്തുണി, അത്തരംതുണികൊണ്ടുള്ള വേഷം; 3. പോലീസുകാർ (കാക്കിവേഷം ധരിക്കുന്നതിനാൽ); 4. ബീഡി (കാക്കിനിറം ഉള്ളതുകൊണ്ട്)
കാക്കി2 [ഹി.കാകീ] നാ. അമ്മയുടെ അനുജത്തി
കാക്കുക ക്രി. 1. രക്ഷിക്കുക, ആപത്തുവരാതെ നോക്കുക, സൂക്ഷിക്കുക, കാവൽനിൽക്കുക; 2. പ്രതീക്ഷിച്ചിരിക്കുക, വരവുനോക്കിയിരിക്കുക, കാത്തുകിടക്കുക. (പ്ര) കാത്തുകെട്ടിക്കിടക്കുക = ആരെയെങ്കിലും പതീക്ഷിച്ചു ക്ലേശങ്ങളും സഹിച്ചു വളരെനേരം ഇരിക്കുക. കാത്തിരുന്നു നരയ്ക്കുക, –മുഷിയുക = വളരെനേരം പ്രതീക്ഷിച്ചിരിക്കുക. കാത്തരുളുക, കാത്തുകൊള്ളുക = രക്ഷിക്കുക. കാത്തുരക്ഷിക്കുക = ആപത്തുവരാതെ സൂക്ഷിക്കുക
കാക്കുത്തൽ, –ത്ത് അവ്യ. കാൽക്കൽ. കടപ്പുറത്തു കിടക്കുമ്പോൾ കാക്കോത്തുകിടക്കണോ? (പഴ)
കാക്കൊട [കാൽ–കുട] നാ. 1. കാലുനീളമുള്ള ഓലക്കുട; 2. ചെറിയ കുട
കാക്കൊട്ട നാ. വെള്ളംകോരി ഒഴിക്കുന്നതിനായി കമുകിൻപാളകൊണ്ടും പനയോലകൊണ്ടും തകരം കൊണ്ടും നിർമിച്ച തൊട്ടിപോലെയുള്ള ഉപകരണം
കാകാക്ഷം [സം.കാകു–അക്ഷ] നാ. 1. കടാക്ഷം; 2. കടക്കൺനോട്ടം
കാകാക്ഷിപ്തം നാ. ഗുണിഭൂതവ്യങ്ഗ്യത്തിൻെറ ഒരു വകഭേദം. കാകുവിനാൽ (സ്വരഭേദത്താൽ) പെട്ടെന്ന് പ്രകാശിക്കുന്ന വ്യങ്ഗ്യം
കാക്ഷി,കാച്ചി നാ. 1. തുവരപ്പയറ്; 2. തുവരിമണ്ണ്, സുഗന്ധമൃത്തിക; 3. പടിക്കാരം; 4. ഇരുവേലി
കാക്ഷിബം,–ബകം നാ. മുരിങ്ങ (മഞ്ഞപ്പൂവുള്ളത്)
കാഗസ്സ് [ഹി.] നാ. കടലാസ്
കാങ്കയൻ നാ. ഇടയൻ
കാങ്കി1 നാ. കറുപ്പോ നീലയോ മറ്റോ നിറമുള്ള ഒരിനം വസ്ത്രം, കൈലി
കാങ്കി2 [<ഇം.] നാ. ഒത്തൊരുമിച്ച് വേലചെയ്യുന്നവരിൽ ഒരുവൻ
കാങ്കിൽ [കാങ്ക] നാ. തീക്കനൽ, ചൂട്.
519
കാങ്ക്ഷ [സം.] നാ. ഇച്ഛ, ആഗ്രഹം, താത്പര്യം
കാങ്ക്ഷി [സം.കാങ്ക്ഷിൻ] വി. (സമാസാന്തത്തിൽ) ഇച്ഛിക്കുന്ന, ആഗ്രഹിക്കുന്ന. ഉദാ: അഭ്യുദയകാങ്ക്ഷി (സ്ത്രീ) കാങ്ക്ഷിണി
കാങ്ക്ഷിക്കുക ക്രി. ആഗ്രഹിക്കുക
കാങ്ക്ഷിത1 [സം.] വി. ആഗ്രഹിക്കപ്പെട്ട
കാങ്ക്ഷിത2 നാ. ആഗ്രഹിക്കപ്പെട്ടത്, ആഗ്രഹം, ഇച്ഛ
കാങ്ക്ഷോരു [സം.] വണ്ടാരങ്കോഴി
കാങ്ഗ [സം.കാങ്ഗാ] നാ. കവടി

കാങ്ഗുകം [സം.] നാ. അൽപം വെളുത്തനിറമുള്ള ഞവരനെല്ല്, ചുവന്ന ഞവര
കാചകം [സം.കാചക] നാ. 1. സ്ഫടികം, സ്ഫടികക്കല്ല്; 2. ക്ഷാരഭസ്മം
കാചകാമലം [സം.-കാമല] നാ. കണ്ണിനെ ബാധിക്കുന്ന ഒരുതരം രോഗം
കാചകാമലി [സം.-കാമലിൻ] നാ. കാചകാമലം എന്ന രോഗം ബാധിച്ചയാൾ
കാചക്കുപ്പി നാ. സ്ഫടികക്കുപ്പി; 2. പൂടം വയ്ക്കാനുള്ള ഒരുതരം കുപ്പി
കാചന [സം.കാ-ചന] അവ്യ. ഒരുത്തി, ഒരുവൾ, ഒന്ന്, ഒരു
കാചനക, -കം [സം.] നാ. ഗ്രന്ഥംകെട്ടാനുപയോഗിക്കുന്ന ചരട്, അതുപൊതിയാനുപയോഗിക്കുന്ന പട്ടു മുതലായവ
കാചനകി നാ. ഹസ്തലിഖിതം, കൈയെഴുത്ത്
കാചം [സം.കാച] നാ. 1. കാക്കപ്പൊന്ന്; 2. സ്ഫടികം, സ്ഫടികം ഉണ്ടാക്കുന്ന മണൽ, കുരുട്ടുകല്ല്; 3. കുപ്പി, കല്ലുമണി, കരുവള; 4. കാരുപ്പ്; 5. സോഡായുടെയോ പൊട്ടാഷിൻെറയോ പരൽ; 6. മഴുക്; 7. തെക്കിനിയും വടക്കിനിയും കൂടിയ ഗൃഹം; 8. സ്വർണപ്പണിക്കാരൻെറ അപഹരണവിദ്യകളിൽ ഒന്ന്; 9. ലെൻസ്
കാചമണി [സം.കാച-മണി] നാ. 1. പളുങ്ക്; 2. താഴ്ന്നതരം രത്നം, കൃത്രിമരത്നം
കാചമലം [സം.-മല] നാ. 1. കാരുപ്പ്; 2. കാചരോഗം ബാധിച്ച കണ്ണിലെ പീള
കാചസംഭവം [സം.] നാ. കാരുപ്പ്
കാചസൗവർച്ചലം [സം.] നാ. കാരുപ്പ്
കാചാക്ഷം [സം.കാചാക്ഷ] നാ. കൊക്ക്
കാചിഘലം [സം.] നാ. 1. പൊന്ന്; 2. ചുണ്ടെലി, എലി; 3. ഒരു പയർവർഗ സസ്യം
കാചിത്,-ചിൽ [സം.] അവ്യ. = കാചന
കാചിതം [സം.] നാ. 'കാചത്തിൽ വച്ചത്', ചരടിൽ തൂക്കിയിട്ടത്, ഉറിയിൽ വയ്ക്കപ്പെട്ടത്
കാചുകം [സം.കാചുക] നാ. 1. പൂവൻകോഴി; 2. ചക്രവാകം
കാച്ചട്ട1 [കാൽ-ചട്ട] നാ. നിക്കർ, കാൽസരായി
കാച്ചട്ട2 [കാച്ച്-അട്ട] നാ. ഒരിനം ചെറിയ അട്ട, കറുത്ത അട്ട
കാച്ചാങ്കണ്ണ്,-കണ്ണി നാ. കാലിൻെറ കണ്ണയിലുണ്ടാകുന്ന ഒരു വ്രണം
കാച്ചി നാ. 1. വക്കിനുമാത്രം നിറം പിടിപ്പിച്ചിട്ടുള്ള ഒരുജാതി ഉടുവസ്ത്രം, (മുസ്ലിം സ്ത്രീകളുടെ) മുണ്ട്; 2. ഒരുജാതി നല്ല്
കാച്ചിക്ക [കാച്ചിൽ-കായ്] നാ. കാച്ചിൽവള്ളിയിൽ ഉണ്ടാകുന്ന കായ്
കാച്ചിൽ1, കാച്ചൽ [കായുക] നാ. ചൂട്, ദേഹത്തിലുണ്ടാകുന്ന ചൂട്, പനി, മേലുകാച്ചിൽ
കാച്ചിൽ2 നാ. ഒരുജാതി വള്ളിച്ചെടി, അതിൻെറ കിഴങ്ങ്
കാച്ച്1 [കായുക] നാ. 1. വസ്ത്രത്തിലുള്ള ചായക്കുറി; 2. വസ്ത്രം ചായംപിടിപ്പിക്കൽ; 3. തിളപ്പിക്കൽ, കാച്ചിയെടുക്കൽ; 4. വാറ്റ്; 5. അടി, തല്ല്; 6. കാളയുടെയും മറ്റും ശരീരത്തിൽ (അടയാളത്തിനായും ചിലരോഗങ്ങൾക്കു ചികിത്സയായും) കമ്പി പഴുപ്പിച്ചു ചൂടുവയ്ക്കുന്നതുമൂലം ഉണ്ടാകുന്ന തഴമ്പ്

കാച്ച്2 [കായ്ക്കുക] (പിൻവിന)
കാച്ച്3 [കാച്ചുക] ധാതുരൂപം
കാച്ചുക [ത.കായ്ചുതല്] ക്രി. 1. ദ്രാവകങ്ങൾ ചൂടാക്കി പാകപ്പെടുത്തുക. ഉദാ: എണ്ണകാച്ചുക, പാൽകാച്ചുക; 2. ചൂടാക്കുക, അനത്തുക; 3. പൊരിക്കുക, വറക്കുക. (പ്ര) കാച്ചിക്കുത്തുക = കിഴിചൂടാക്കി ശരീരത്തിൽ രോഗബാധിതസ്ഥലങ്ങളിൽ ഊന്നുക; 4. തീയിൽ കാട്ടുക; 5. തീയിൽകാട്ടി ചമതയിലോ മറ്റോ അഗ്നിയെ ആവാഹിച്ചെടുക്കുക; 6. ലോഹങ്ങൾ തീയിൽ പഴുപ്പിച്ചു ശുദ്ധിചെയ്തു പരുവപ്പെടുത്തുക; 7. ചൂടുവയ്ക്കുക (കാളയ്ക്കും മറ്റും); 8. ചൂടുവച്ച് അടയാളമുണ്ടാക്കുക (ഒരുതരം ശിക്ഷ); 9. അടയ്ക്കുക (വ.മ.); 11. തിളപ്പിച്ചു ദ്രാവകാംശം വറ്റിക്കുക; 12. കൊല്ലുക, വകവരുത്തുക; 13. വാറ്റുക; 14. കൂടുതലായി പ്രയോഗിക്കുക, അധികമായി സംസാരിക്കുക, തകർക്കുക; 15. മതിയാവോളം ഭക്ഷിക്കുക
കാച്ചുപുടവ നാ. വക്കുകളിൽ ചായംപിടിപ്പിച്ച വെള്ളവസ്ത്രം
കാജം [സം.] നാ. കൊട്ടുവടി
കാജി, കാജിയാർ [അറ.] നാ. 1. ന്യായാധിപതി; 2. മുസ്ലിംങ്ങളുടെ മതപരവും, നീതിന്യായപരവുമായ കാര്യങ്ങളിൽ വിധികൽപിക്കാൻ അധികാരമുള്ള ആൾ
കാഞ്ചന [സം.] വി. (സമസ്തപദത്തിൻെറ ആദിയിൽ) പൊൻനിറമുള്ള, സ്വർണനിർമിതമായ
കാഞ്ചനഗിരി നാ. സ്വർണപർവതം, സുമേരു
കാഞ്ചനൻ നാ. 1. ഒരു മഹർഷി, ശത്രുഘ്നൻെറ പുരോഹിതൻ; 2. പുരുവംശത്തിലെ ഒരു രാജാവ്, ഭീമൻെറ പുത്രൻ; 3. സ്കന്ദൻെറ സഹായികളിലൊരാൾ
കാഞ്ചനപങ്കജം നാ. സ്വർണവർണമുള്ള താമര, പൊൻതാമര
കാഞ്ചനപ്പട്ട് നാ. കസവുപട്ട്
കാഞ്ചനം [സം.] നാ. 1. സ്വർണം; 2. പ്രകാശം, തെളിവ്; 3. ധനം, സ്വത്ത്; 4. താമരയല്ലി; 5. കെട്ട്; 6. മഞ്ഞനിറത്തിലുള്ള അരിതാരം; 7. നാകപ്പൂവ്; 8. മന്ദാരം; 9. മല്ലിക; 10. ഗോരോചന; 11. ചമ്പകം; 12. പുന്ന; 13. അത്തിയാൽ; 14. മഞ്ഞൾ
കാഞ്ചനശൃങ്ഗം നാ. ഹിമാലയത്തിൻെറ ഒരു കൊടുമുടി
കാഞ്ചനസന്ധി നാ. സജ്ജനങ്ങൾ സ്നേഹപൂർവം സമനിലയിൽ ചെയ്യുന്ന സന്ധി, സങ്ഗതസന്ധി
കാഞ്ചനിക,-നീക നാ. ഗോരോചന
കാഞ്ചി1 നാ. തോക്കിൻെറ കൊത്തിവിടർത്തി ഉണ്ടപായാൻ സഹായിക്കുന്ന യന്ത്രം, കള്ളൻ. (പ്ര) കാഞ്ചികളിപ്പിക്കുക = തയ്യാറെടുക്കുക, ഒരുങ്ങുക
കാഞ്ചി2 നാ. 1. സ്ത്രീകൾ അരയിൽ ഉടുവസ്ത്രത്തിനു മേലണിയുന്ന ഒരിഴയുള്ള ഉഞ്ഞാൺ, അരഞ്ഞാൺ; 2. ഒരു നഗരം, കാഞ്ചീപുരം; 3. ചെമന്ന കുന്നി; 4. വെപ്പുകാടി; 5. കാടി
കാഞ്ചികം നാ. 1. കാടി; 2. വെപ്പുകാടി
കാഞ്ചികൊണ്ടാൻപൂജ നാ. സങ്ഗ്രാമധീരരവിവർമ ചക്രവർത്തിയുടെ അഭിഷേകത്തിൻെറയും കാഞ്ചീപുരത്തിൻെറയും സ്മാരകമായി ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ നിത്യവും നടത്തുന്ന പ്രത്യേകപൂജ
കാഞ്ചിത [സം.] വി. കെട്ടപ്പെട്ട
കാഞ്ചീപദം നാ. കടിപ്രദേശം, അര

കാഞ്ചീപുരം,-പുരി നാ. ദക്ഷിണേന്ത്യയിലെ ഒരു പട്ടണം. (പ്ര) കാഞ്ചീപുരം ചേല,-പട്ട് = കാഞ്ചീപുരത്തു നയ്തുണ്ടാക്കുന്ന പട്ടുവസ്ത്രം
കാഞ്ചീയമകം നാ. ഒരിനം യമകം, തുടലിലെ കണ്ണികളെന്നപോലെ യമകം തുടർച്ചയായി പ്രയോഗിക്കുന്നത്
കാഞ്ചുകി നാ. = കഞ്ചുകി
കാഞ്ചുകീയൻ നാ. കഞ്ചുകം ധരിച്ചവൻ, ശിപായി, പാറാവുകാരൻ
കാഞ്ജിക നാ. 1. കാടി; 2. പലാശി; 3. അടപൊതിയൻ (ചെറുത്); 4. അരുചിയുള്ള കഞ്ഞി
കാഞ്ഞ [കായുക] വി. (ഭൂ.പേരെച്ചം) 1. ചൂടുപിടിച്ച; 2. ഉൾക്കട്ടിയുള്ള, ഉറച്ച. (പ്ര) കാഞ്ഞവൻ, കാഞ്ഞവിത്ത് = ഉള്ളിലിരുപ്പു പെരുമാറുന്നവൻ, പകപോക്കുന്നവൻ
കാഞ്ഞാവ്,കാശാവ് [ത.കായാ] നാ. = കായാവ്
കാഞ്ഞിരക്കുട നാ. ദേവാലയങ്ങളിൽ ഉപയോഗിക്കുന്ന നീണ്ട കാലുള്ള ഓലക്കുട
കാഞ്ഞിരം,-ഞ്ഞരം നാ. ഒരുജാതി കയ്പ്പൻ മരം
കാട [ത.കാടൈ] നാ. ഒരിനം ചെറിയപക്ഷി
കാടക്കൊക്ക് നാ. ഒരിനം പക്ഷി, കാടയോട് ആകൃതിസാമ്യമുള്ളത്
കാടത്തം നാ. 1. കാടന്മാരുടെ സ്വഭാവം, ജീവിതരീതി തുടങ്ങിയവ, പരിഷ്കാരമില്ലാത്ത അവസ്ഥ, കിരാതത്വം; 2. കുസൃതി
കാടൻ വി. 1. കാട്ടിലേതായ; 2. അപരിഷ്കൃതനായ. നാ. 1. കാട്ടിൽപാർക്കുന്നവൻ, വനവാസി; 2. അപരിഷ്കൃതൻ. കാടരോടും മൂഢരോടും ജ്ഞാനമുരയാതെ, ചേനയോടും ചേമ്പിനോടും ദേഹമുരയാതെ (പഴ); 3. കേരളത്തിലെ ഒരു വനവാസിവർഗത്തിൽപ്പെട്ടവൻ (ചിലസ്ഥലങ്ങളിൽ ഉള്ളാടൻ എന്നും പറയുന്നു); 4. കുറുക്കൻ. കാടൻ ചത്താലും കണ്ണു കോഴിക്കൂട്ടിൽ (പഴ); 5. കാട്ടുപന്നി; 6. കാട്ടുപൂച്ച; 7. കാട്ടുനായ്; 8. ആൺകടുവാ; 9. ഒരുജാതി നെല്ല്
കാടന്തൈര് നാ. കറവതുടങ്ങി ആദ്യത്തെ കുറെദിവസത്തെ പാൽ കാച്ചാതെ ഉറയൊഴിച്ചുണ്ടാക്കുന്ന തൈര്, വാലായ്മത്തൈര്
കാടം[സം.കാട] നാ. കിണറ്
കാടി നാ. 1. അരികഴുകിയ വെള്ളം; 2. വെപ്പുകാടി; 3. ധാന്യങ്ങൾ പൊടിച്ചു വെള്ളത്തിൽ കലക്കി കാച്ചിയെടുക്കുന്ന ഭക്ഷണസാധനം; 4. വിനാഗിരി
കാറിക്കുഴി നാ. 1. അടുക്കളപ്പുറത്തു കാടിയൊഴിക്കുന്ന കുഴി, അടുക്കളയിലെ അഴുക്കുവെള്ളം വീഴാനുള്ള കുഴി; 2. വൃത്തികെട്ടസ്ഥലം. (പ്ര) കാടിക്കുഴിയിൽ ചാടുക = അബദ്ധമ്പറ്റുക, ഏറ്റവും ജുഗുപ്സാവഹമായ സ്ഥിതിയിൽപ്പെടുക
കാട് നാ. 1. ധാരാളം മരങ്ങളും ലതകളും ചെടികളും തിങ്ങിവളർന്നുനിൽക്കുന്ന സ്ഥലം, പക്ഷിമൃഗാദികൾ അധിവസിക്കുന്നപ്രദേശം. (പ്ര) കൊടുങ്കാട് = വലിയകാട്. കുറ്റിക്കാട് = അധികംപൊങ്ങിവളരാത്ത വൃക്ഷങ്ങളും ചെടികളും നിറഞ്ഞകാട്. വെട്ടുകാട് = കൃഷിഭൂമിയിൽ വളരുന്ന കുറ്റിക്കാട്. മണൽക്കാട് = മണൽ നിറഞ്ഞ മരുഭൂമി. പട്ടിക്കാട് = കുഗ്രാമം; 2. ചെടികളും മരങ്ങളും മറ്റും സസ്യങ്ങളും. കാടുകെട്ടുക = ചെടികളും മരങ്ങളും വളർന്നുകയറി നിബിഡമാകുക; 3. ജനസഞ്ചാരമില്ലാത്തസ്ഥലം, ഒഴിഞ്ഞസ്ഥലം; 4. ശരിയായിട്ടുള്ളതല്ലാത്തത്, പിഴ, അബദ്ധം; 5. പൊളി, ഒഴികഴിവ്; 6. കുസൃതിത്തരം, കന്നത്തം, വിഡ്ഢിത്തം. (പ്ര) കാടുകാട്ടുക =

കുസൃതിത്തരം കാട്ടുക, ബഹളമുണ്ടാക്കുക; 7. നിബിഡത; 8. തീയ്, കാടിളക്കുക = വന്യമൃഗങ്ങളെ ഇളക്കി ഓടിക്കുക. കാടുകയറുക = കരേറുക. കാടുകേറുക = 1. കാട്ടിൽചെന്നു താമസിക്കുക; 2. പ്രസക്തവിഷയത്തിൽനിന്നു വ്യതിചലിക്കുക, അപ്രസക്തമായവ പറയുക, വഴിതെറ്റുക. കാടുവളയുക = നായാട്ടുകാർ മൃഗങ്ങളെ ഇളക്കുന്നതിനുമുമ്പ് കാടിനുചുറ്റും നിലയുറപ്പിക്കുക. കാടാറുമാസം = സ്ഥിരതയില്ലായ്മ. കാട്ടിലെപ്പന്നി = ഇഷ്ടംപോലെ ജീവിക്കുന്നവൻ. കാടുകരിച്ചാൻ മഴ = വേനൽ കഴിഞ്ഞ് ആദ്യത്തെ മഴ. കാടും കാര്യവും = അബദ്ധവും സുബദ്ധവും.

കാടുമറയുക ക്രി. മരിക്കുക (ആ.ഭാ.)

കാടുമാന്തൽ നാ. ഉറക്കത്തിൽ അറിയാതെ എന്തെങ്കിലും പ്രവർത്തിക്കൽ

കാടുവാരം നാ. 1. വനഭൂമിയിൽ കൃഷിചെയ്യുന്നതിനു ചുമത്തുന്ന കരം; 2. വനത്തിനുള്ളിൽ കൃഷിചെയ്യാനുപയോഗിക്കുന്ന ഭൂമി

കാടുവീഴുക ക്രി. = കാടുമറയുക

കാടുവെട്ടി നാ. 1. കാടുവെട്ടിത്തെളിക്കുന്നവൻ; 2. പല്ലവരുടെ ഒരു ബിരുദം

കാടോടി നാ. 'കാട്ടിൽ അലയുന്നവൻ', 1. വീട്ടിലില്ലാതെ അലഞ്ഞുതിരിയുന്നവൻ; 2. അപരിഷ്കൃതൻ

കാട്ടകം നാ. പുളിപ്പ്, പുളിരസം

കാട്ടൻ നാ. കാട്ടാളൻ (സ്ത്രീ) കാട്ടത്തി

കാട്ടം1 [സം.കാഷ്ഠ] നാ. കാഷ്ഠം (ചെറിയ ജന്തുക്കളുടെയും പക്ഷികളുടെയും) മലം. ഉദാ: പാറ്റാക്കാട്ടം

കാട്ടം2 [കാട്ടുക] നാ. വില, ആവശ്യം. നായ്ക്കാട്ടത്തിനു മേൽക്കാട്ടം ഉണ്ടെങ്കിൽ (പഴ)

കാട്ടായം [<കാട്ടുക] നാ. കാട്ടൽ, പ്രവൃത്തി, ചെയ്തി (ചപലമോ അനുചിതമോ ആയത്)

കാട്ടാര്യമാൻ നാ. കാട്ടുകാള

കാട്ടാളൻ [കാറ്റ്-ആൾ-അൻ] നാ. 1. കാട്ടിൽ താമസിക്കുന്ന ആൾ, വേട്ടയാടുന്നവൻ, വേടൻ (സ്ത്രീ) കാട്ടാളത്തി, കാട്ടാളസ്ത്രീ; 2. കാടൻ, ഉള്ളാടൻ; 3. അപരിഷ്കൃതൻ

കാട്ടി1 [കാട്ടുക] ഭൂ. രൂപം

കാട്ടി2 നാ. 1. കാട്ടുമാട്, കടമാൻ (നീണ്ടകൊമ്പുള്ളത്, സസ്യഭുക്കും കൂട്ടമായി അലയുന്നതും ആണ്); 2. കാട്ടെരുമ; 3. കാണ്ടാമൃഗം; 4. ഒരിനം പക്ഷി, ആൾക്കാട്ടി. കാക്ക നോക്കറിയും കാട്ടി ആളറിയും (പഴ)

521

കാട്ടിൽ [കാൾ-ഇൽ] അവ്യ. ഒന്നിനെക്കവിഞ്ഞ്, കാൾ, ഒന്നിനെ അപേക്ഷിച്ച് (താരതമ്യ വിവക്ഷയിൽ പ്രയോഗം). ആധുനികപ്രയോഗം അധികമായും 'കാൾ' ആണ്

കാട്ട്1 [കാട്ടുക] ധാതുരൂപം

കാട്ട്2 വി. (സമാസത്തിൽ) കാടിനെ സംബന്ധിച്ച, കാട്ടിലെ. ഉദാ: കാട്ടുകോഴി, കാട്ടരുവി

കാട്ടുക [കാണുക] ക്രി. 1. കാഴ്ചയിൽപ്പെടുത്തുക, കാടിക്കുക; 2. പ്രദർശിപ്പിക്കുക, വെളിപ്പെടുത്തുക, കാണാനിടയാക്കുക; 3. ചെയ്യുക, പ്രവർത്തിക്കുക. ഉദാ:

കുണ്ടാമണ്ടികാട്ടുക, നീചത്വംകാട്ടുക. അരപ്പണി ആശാനേയും കാട്ടരുത് (പഴ); 4. മനസ്സിലാക്കുക, ബോധ്യമാക്കിക്കൊടുക്കുക, തെളിയിക്കുക; 5. കൊടുക്കുക ഉദാ: പശുവിനെ വെള്ളം കാട്ടുക; 6. ആരാധനാവിധിയെന്ന നിലയിൽ ദേവനെ ഉദ്ദേശിച്ചു ദീപധൂപാദികൾ കത്തിച്ചുഴിയുക. ഉദാ: ദീപം കാട്ടുക. (പ്ര) കാട്ടിക്കൂട്ടുക = വല്ലവിധവും ചെയ്തുവയ്ക്കുക, ഒരടുക്കും ചിട്ടയുമില്ലാതെ തോന്നിയപടി ചെയ്യുക, കണ്ടമാനം ചെയ്യുക, ഒരുവിധം ഒപ്പിക്കുക. കാട്ടിക്കൊടുക്കുക = 1. കാണിച്ചുകൊടുക്കുക, കാണിക്കുക; 2. വഴി ഉപദേശിക്കുക; 3. ചെയ്യേണ്ടരീതി മനസ്സിലാക്കിക്കൊടുക്കുക. കാട്ടിക്കൊടു, കൂട്ടിക്കൊടു മണ്ടിക്കളെ (പഴ)

കാട്ടുകള്ളൻ നാ. 1. പെരുങ്കള്ളൻ; 2. തെമ്മാടി (സ്ത്രീ) കാട്ടുകള്ളി

കാട്ടുകഴുത നാ. 1. കാട്ടിൽ ജീവിക്കുന്ന (ഇണക്കിയിട്ടില്ലാത്ത) കഴുത; 2. മൂഢൻ (ശകാരമായി പ്രയോഗം)

കാട്ടുകോഴി നാ. 1. കോഴിയുടെ ഇനത്തിൽപ്പെട്ട ഒരിനം കാട്ടുപക്ഷി; 2. (ആല) അപരിഷ്കൃതൻ

കാട്ടുജന്തു നാ. 1. കാട്ടിലധളരുന്ന ജീവി; 2. അപരിഷ്കൃതൻ

കാട്ടുപോത്ത് നാ. നാട്ടുപോത്തിനേക്കാൾ വലിപ്പവും ബലവും ഉള്ള ഒരു വന്യമൃഗം. കാട്ടിയെന്നും പറഞ്ഞുവരാറുണ്ട്.

കാട്ടുമാക്കാൻ നാ. കാട്ടുപൂച്ച, വള്ളിപ്പുലി

കാട്ടുമാടൻ നാ. അപരിഷ്കൃതൻ

കാട്ടുമൃഗം നാ. 1. കാട്ടിലെ മൃഗം, വന്യമൃഗം; 2. അപരിഷ്കൃതൻ; 3. ക്രൂരൻ

കാട്ടുമൈന നാ. മൈനയെക്കാൾ അൽപം വലിപ്പമുള്ള ഒരുതരം പക്ഷി

കാട്ടുവഴി നാ. 1. കാട്ടിനുള്ളിലുള്ള വഴി; 2. ഇരുവശത്തും കാടും പടർപ്പുകളും പിടിച്ച് ഇടുങ്ങിയ വഴി; 3. തെറ്റായ വഴി

കാഠ,–ക [സം.<കഠ] വി. 1. കഠമഹർഷിയെ സംബന്ധിച്ച, കഠമഹർഷിയാൽ നിർമിക്കപ്പെട്ട; 2. യജുർവാദത്തിൻെറ കഠശാഖയെ സംബന്ധിച്ച

കാഠകം [സം.] നാ. 1. കൃഷ്ണയജുർവേദത്തിൻെറ ഒരു പാഠമാതൃക; 2. ഒരു ഉപനിഷത്ത്, കഠോപനിഷത്ത്

കാഠം1 നാ. പാറ, കല്ല്

കാഠം2 നാ. ഒരു വലിയസംഗ്ഖ്യ (പത്മം കഴിഞ്ഞുള്ളത്)

കാഠഹൃദയൻ നാ. പാറപോലെ കഠിനമായ ഹൃദയമുള്ളവൻ

കാഠിന്യം [സം.] നാ. 1. കഠിനത, കടുപ്പം; 2. സ്ഥൈര്യം; 3. ക്രൂരത; 4. വാതം കോപിച്ചുണ്ടാകുന്ന ഒരുതരം രോഗം; 5. ക്ലിഷ്ടമായ രീതി

കാൺക്രീറ്റ് [ഇം.] നാ. സിമൻറ് കരിങ്കൽച്ചില്ല് മണൽ എന്നിവചേർന്ന കൂട്ട് (കെട്ടിടനിർമാണത്തിനും മറ്റും ഉപയോഗിക്കുന്നത്)

കാൺഗ്രസ്സ് [ഇം.] നാ. 1. ഒരു രാഷ്ട്രീയസങ്ഘടനയുടെ പേര്; 2. പരിഷത്ത്, മഹാജനസഭ; 3. അമേരിക്കൻ ഐക്യനാടുകളിലെ നിയമസഭ

കാൺവെൻറ് [ഇം.] നാ. കന്യാസ്ത്രീമഠം, സംഘമായി ജീവിക്കുന്ന സന്യാസിവൈദികർ, അവർ താമസിക്കുന്ന സ്ഥലം, കോവേന്ത

കാൺസ്റ്റബിൾ [ഇം.] നാ. പോലിസുകാരൻ

കാണ1 [പ.മ.] അവ്യ. കാണെ, കാണത്തക്കവണ്ണം

കാണ2 [സം.] വി. 1. ഒറ്റക്കണ്ണുള്ള; 2. ഉടഞ്ഞ, തകർന്ന
കാണ3 [സം.കാണാ] നാ. കുന്നി
കാണക്കാണെ അവ്യ. കാണുന്തോറും, കണ്ടിരിക്കെ, മേൽക്കുമേൽ, കൂടുതൽ
കാണക്കാരൻ നാ. കാണവ്യവസ്ഥപ്രകാരം ഭൂമി പാട്ടത്തിനേറ്റയാൽ. (പാട്ടം നാണയമായി നൽകാമെന്നു സമ്മതിച്ചിരിക്കുന്നയാൾ)
കാണക്കുടിയാൻ നാ. = കാണക്കാരൻ
കാണക്കുടിയായ്മ നാ. കാണവ്യവസ്ഥയനുസരിച്ചുള്ള വസ്തു അനുഭവം
കാണക്കൊട നാ. 1. കാണത്തുക; 2. കാണക്കുടിയായ്മ
കാണച്ചാർത്ത് നാ. കാണപ്പാട്ടവ്യവസ്ഥകളനുസരിച്ചു കുടിയാനു ഭൂമി വിട്ടുകൊടുക്കുന്ന സമ്പ്രദായം
കാണജന്മമര്യാദ നാ. ജന്മിയും കാണക്കാരനും തമ്മിലുള്ള ബന്ധം കുറിക്കുന്ന ചട്ടങ്ങളും കീഴ്വഴക്കങ്ങളും
കാണത്തുക നാ. കാണാവകാശം ലഭിക്കുവാനേ്വണ്ടി ഭൂവുടമയ്ക്കു നൽകുന്ന സങ്ഖ്യ
കാണൻ നാ. 1. ഒറ്റക്കണ്ണൻ; 2. കാക്ക
കാണപ്പലിശ നാ. കാണമായി ജന്മിക്കു കൊടുക്കുന്ന തുകയുടെ പലിശ (ആണ്ടുതോറും ജന്മിക്കു കൊടുക്കേണ്ട പാട്ടത്തിൽനിന്ന് ഈ തുക കുറയ്ക്കുന്നു)
കാണപ്പാട്ടം നാ. 1. ജന്മിക്ക് മുൻകൂറൂ കാണംകൊടുത്ത് വസ്തു പാട്ടമായനുഭവിക്കുന്ന രീതി; 2. കാണത്തിൻെറ പലിശകഴിച്ച് ജന്മിക്കുകൊടുക്കേണ്ട പാട്ടം, മിച്ചവാരം
കാണം1 നാ. പുരാതന ഭാരതത്തിൽ പ്രചരിച്ചിരുന്ന ഒരു സ്വർണനാണയം; 2. പ്രതിഫലം, വില. (പ്ര) ഒപ്പുകാണം = 1. പ്രമാണത്തിൽ ഒപ്പുവയ്ക്കുന്ന അവസരത്തിൽ വസ്തുവാങ്ങുന്ന ആൾ ജന്മിക്കുനൽകുന്ന ആചാരപ്പണം; 2. സാക്ഷിപ്പടി. കുഴിക്കാണം = ഭൂമിയിൽചെയ്ത ദേഹണ്ണത്തിനു (വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിന്) നൽകുന്ന പ്രതിഫലം. കുറ്റിക്കാണം = ഭൂമിയിൽനിന്നു മുറിക്കുന്ന വൃക്ഷങ്ങളുടെപേരിൽ സർക്കാരിനോ ഭൂവുടമയ്ക്കോ നൽകേണ്ട തുക. തൂശിക്കാണം = ആധാരമെഴുത്തുകാരനു നൽകേണ്ടകൂലി. നടുക്കാണം = ചിട്ടിനടത്തുമ്പോൾ ചിട്ടിത്തലയാളൻ ചിറ്റാളരിൽനിന്നും ഈടാക്കുന്ന തുക. നീർക്കാണം = ഒപ്പുവെയ്ക്കുമ്പോൾ കൈകഴുകാകൊണ്ടുവന്നു വയ്ക്കുന്ന വെള്ളത്തിലിടുന്ന പണം. വെട്ടുകാണം = ഭൂമിവെട്ടിത്തെളിച്ചു നിരപ്പാക്കുന്നതിനുള്ള പ്രതിഫലം; 3. സംഭാവന, കാണിക്ക. (പ്ര) കൈക്കാണം = കൈക്കൂലി. തോട്ടക്കാണം = ഭൂമികൾ കൈമാറുമ്പോൾ മാടമ്പിക്കുകൊടുക്കുന്ന കാണിക്ക; 4. നികുതി, കരം; 5. വരൻ വധുവിൻെറ വീട്ടുകാർക്കു വേണ്ടി കല്യാണദിവസം കൊടുക്കുന്ന തുക, പെൺപണം; 6. വസ്തു അനുഭവിക്കുന്നതിനുവേണ്ടി പലിശനിശ്ചയിച്ച് ആ പലിശ പാട്ടത്തിൽ കുറവുചെയ്യാനുള്ള വ്യവസ്ഥയോടുകൂടി ഭൂവുടമയ്ക്കു മുമ്പേറായി കൊടുക്കുന്ന പണം, കാണാർഥം; 7. കാണം കൊടുത്ത വസ്തു ഏൽക്കുന്ന കുടിയായ്മ സമ്പ്രദായം; 8. വസ്തു, ധനം
കാണം2 നാ. 1. ചക്ക്; 2. ചക്കളവ്, ഒരു ചക്കിൽ കൊള്ളുന്നത്
കാണംദാർ നാ. = കാണക്കാരൻ. കാണംദാരി = കാണവ്യവസ്ഥ
കാണമര്യാദ നാ. കാണക്കുടിയാന് ജന്മിയോടുള്ള കടമകൾ, കാണവ്യവസ്ഥ

കാണമിടുക ക്രി. മുതൽ വയ്ക്കുക, പലിശകിട്ടത്തക്കവണ്ണം നിക്ഷേപിക്കുക

കാണമിടുപാട്ടം നാ. ഒരു ഭൂവുടമ സമ്പ്രദായം, കാണത്തുക ഈടായി (ജാമ്യമായി) കൊടുത്ത് വസ്തു പാട്ടത്തിനെടുക്കൽ

കാണാ1 [കാൺ-ആ] = കാണുകയില്ല

കാണാ2,-ണായ് [കാണുക] വിധിരൂപം. നീ (നിങ്ങൾ) കണ്ടാലും

കാണാ3 വി. കാണാൻ പാടില്ലാത്ത, കാണാനാവാത്തവിധമുള്ള (സമാസങ്ങളിൽ പൂർവപദമായി മാത്രം), നോക്കാത്ത, നോക്കാതെയുള്ള. (പ്ര) കാണാമറയത്ത് = കണ്ണെത്താത്തദൂരത്ത്. കാണാമാണിക്കം = 1. അപൂർവമായത്, ദുർലഭമായത്; 2. വളരെ ചെറുത്

കാണാക്കോണ് നാ. കണ്ണിൽപ്പെടാത്ത മൂല, ഇരുളടഞ്ഞസ്ഥലം

കാണാക്കോൽ നാ. 1. വഞ്ചന; 2. കള്ളക്കോൽ, പയറ്റുമുറയിൽ കാണിക്കുന്ന ചതി

കാണാച്ചെലവ് നാ. പ്രത്യക്ഷമല്ലാത്ത ചെലവ്, കണക്കിൽ ഉൾപ്പെടാത്ത ചെലവ്

കാണാദം [സം.] നാ. കണാദമതം, വൈശേഷികദർശനം

കാണാധാരം നാ. കാണം പറ്റിണൊണ്ടു വസ്തു കാണക്കാരനെ ഏൽപ്പിക്കുന്ന രേഖ

കാണാപ്പാഠം നാ. 1. വായിച്ചറിഞ്ഞതോ കേട്ടുഗ്രഹിച്ചതോ ആയ പാഠങ്ങൾ അതേപടി ഓർമിച്ചുപറയുകയോ എഴുതുകയോ ചെയ്യുവാൻ തക്കവിധം ഹൃദിസ്ഥമാക്കിയത്, മന:പാഠം; 2. നല്ലവണ്ണം അറിയാവുന്ന കാര്യം, ഓർമയുള്ള കാര്യം

കാണാരി [<കാണാദാരി] നാ. കാണവ്യവസ്ഥ

കാണാവകാശം നാ. കാണവ്യവസ്ഥയനുസരിച്ചു കാണക്കാരനുകിട്ടുന്ന അവകാശം

കാണി1 നാ. 1. കാണുന്നവൻ, കാഴ്ചക്കാരൻ; 2. കാണിക്ക, കാഴ്ച; 3. ദാനം; 4. തോക്കിൻ കുഴലിൻെറ അറ്റത്തു ഘടിപ്പിച്ചിട്ടുള്ള ചെറിയ അടയാളം (ഈ ആണിയും ലക്ഷ്യവും ഒരേ രേഖയിൽ വരുമ്പോഴാണ് ഉന്നം ശരിയാകുന്നത്; 5. ഒരടയാളം; 6. കണ്ണ്

കാണി2 (വ്യാക) കാണുക എന്ന ക്രിയയുടെ വിധായകരൂപത്തിൽ നിന്നുണ്ടായ ഒരു അനുപ്രയോഗം. വന്നുകാണി, പൊയ്ക്കാണി ഇത്യാദി. 'ക'കാരം ലോപിച്ച് വന്നാണി, പോയാണി , കുടിച്ചാണി എന്നിങ്ങനെയും രൂപം

കാണി3 [പ്രാ.കാകിനി]നാ. 1. ഒന്നിൻെറ എൺപതിലൊരുഭാഗം; 2. അൽപം (ദ്രവ്യം, സ്ഥലം); 3. നിലം, ഭൂമി; 4. നിലത്തിൻെറ ഒരളവ്; 5. ഒരു ഭാരയളവ്; 6. ഒരു പഴയ നാണയം; 7. പരമ്പരാവകാശം, കൈവശാവകാശം

കാണി4 നാ. 1. = കാണിക്കാരൻ; 2. കാണിക്കാരുടെ ഗ്രാമം; 3. വയനാടൻ പ്രദേശങ്ങളിലെ അടിയാന്മാരുടെ മൂപ്പൻ, പ്രധാനി

കാണി5 അവ്യ. ഇല്ല എന്ന അർഥത്തിൽ പ്രയോഗം (പണിയർ, വയനാട്ടിലെ പുലയർ എന്നിവരുടെ ഭാഷയിൽ)

കാണി6 നാ. ഒരുജാതി ചെടി, പൊന്നങ്കാണി

കാണി7 നാ. മുളയുടെ മുട്ട്, മുളയുടെ ചുവട്ടിൽനിന്നുണ്ടാകുന്ന ചിനപ്പ്

കാണി8 നാ. തെയ്യക്കോലത്തിൻെറ ഉടുത്തുകെട്ടിനുള്ള ഉപകരണം

കാണി9 നാ. ഒരിനം തയ്യൽ

കാണിക്ക നാ. 1. ദേവാലയങ്ങളിലേക്ക് സാധാരണയായി പണമായി നൽകുന്ന സംഭാവന; 2. രാജാക്കന്മാരെയും ഗുരുക്കന്മാരെയും മറ്റും കാണാൻപോകുമ്പോൾ കാഴ്ചവയ്ക്കുന്ന ദ്രവ്യം

കാണിക്കടൻ നാ. ഭൂനികുതി, നിലവരി

കാണിക്കാരൻ നാ. 1. തിരുവിതാംകൂറിലെ ഒരു ഗിരിവർഗം, നെടുമങ്ങാട്ടു താലൂക്കിനുകിഴക്കും അതിനുതെക്കോട്ടുമുള്ള മലകളിൽ പാർക്കുന്നു; 2. പളിയന്മാരുടെ തലവൻ

കാണിക്കുക [കാണുക>] ക്രി. 1. കാണത്തക്കവണ്ണം ചെയ്യുക, കാണാൻ പ്രേരിപ്പിക്കുകയോ അനുവദിക്കുകയോ ചെയ്യുക, കാട്ടുക; 2. ചെയ്യുക, പ്രവർത്തിക്കുക; 3. പ്രദർശിപ്പിക്കുക; 4. പ്രതികാരം ചെയ്യുക. (പ്ര) കണ്ണുകാണിക്കുക = കണ്ണുകൊണ്ടു സൂചനകാട്ടുക. മുഖം കാണിക്കുക = രാജാവിനെ സന്ദർശിക്കുക. നഗരം കാണിക്കുക = മെത്രാൻെറ ശവശരീരം നഗരവീഥികളിൽക്കൂടി എഴുന്നെള്ളിക്കുക. വഴികാണിക്കുക = നയിക്കുക. തലകാണിക്കുക = പങ്കെടുത്തു എന്നുവരുത്തുക. കാണിച്ചുകൊടുക്കുക = പകരംചെയ്യുക

കാണിപ്പറ്റ് [കാണി4-പറ്റ്] നാ. 1. കാണിക്കാർ കൃഷിക്കും മറ്റും ഉപയോഗിക്കുന്ന വനഭൂമി; 2. കാണിക്കാർ താമസിക്കുന്ന കുടി

കാണിപ്പൊന്ന് നാ. ക്ഷേത്രത്തിൽ കാണിക്കയായി അർപ്പിക്കുന്ന പൊന്ന്

കാണിയാളൻ നാ. 1. വസ്തു ഉടമസ്ഥൻ; 2. കൃഷിക്കാരൻ; 3. ശൈവന്മാരിൽ ഒരു വിഭാഗം; 4. സ്മാർത്തബ്രാഹ്മണരിൽ ഒരുവർഗം

കാണീർ [കാൺ-ഈർ]ക്രി. നിങ്ങൾ കാണുക

കാണുക ക്രി. 1. കണ്ണുകൊണ്ട് അറിയുക, ദൃഷ്ടിയിൽപ്പെടുക; 2. നോക്കുക; 3. വായിക്കുക; 4. സന്ദർശിക്കുക; 5. മറ്റുജ്ഞാനേന്ദ്രിയങ്ങൾകൊണ്ടറിയുക; 6. അനുഭവിച്ചറിയുക; 7. ദൃഷ്ടിയിൽപെട്ടമാതിരിയിലുള്ള അനുഭവം ഉണ്ടാവുക; 8. ഭാവനയിൽ ചിത്രീകരിക്കുക; 9. തോന്നുക; 10. ബുദ്ധികൊണ്ടറിയുക, ആലോചിച്ചുമനസ്സിലാക്കുക; 11. അറിയ്യാത്തഒന്നിനെ അന്വേഷിച്ചെത്തുക; 12. മതിക്കുക, കണക്കാക്കുക; 13. മനസ്സിൽ രൂപപ്പെടുത്തുക, ആലോചിച്ചറിയുക; 14. ആലോചിക്കുക, ചിന്തിക്കുക; 15. കരുതിയിരിക്കുക; 16. പരിഗണിക്കുക; 17. വിധിക്കുക, തീരുമാനിക്കുക; 18. സമ്പാദിക്കുക; 19. ഉണ്ടായിരിക്കുക, സ്ഥിതിചെയ്യുക; 20. (വ്യാക) ഒരു അനുപ്രയോഗം. ഉദാ: അങ്ങനെ ചയ്തുകാണണം, ചെയ്തുകാണും, പറഞ്ഞുകാണും. കാണാത്ത ഉറുമ്പ് കണ്ണിനു നന്ന് (പഴ).

523

കാണുകം [സം.] നാ. 1. കാക്ക; 2. പൂവൻകോഴി; 3. ഒരുമാതിരി പാത്ത; 4. തൂക്കണാംകുരീൽ

കാണേയൻ [സം.] നാ. ഒറ്റക്കണ്ണുള്ള സ്ത്രീയുടെ പുത്രൻ

കാണേലി നാ. 1. വ്യഭിചാരിണി; 2. അവിവാഹിത

കാണ്ടക വി. മുള്ളുകളുള്ള

കാണ്ടാമൃഗം [സം.ഖഡ്ഗമൃഗ] നാ. മൂക്കിനുമുകളിലായി തലയുടെ നടുഭാഗത്ത് ഒറ്റക്കൊമ്പുള്ളതും (ആഫ്രിക്കൻ വർഗങ്ങളിൽ ആണിനും പെണ്ണിനും ഈരണ്ടു കൊമ്പുകളുണ്ട്) ചർമത്തിനു അസാധാരണമാംവിധം കട്ടിയുള്ളതും സസ്യഭുക്കും ആയ ഒരു വലിയ ജന്തു. കാണ്ടാമൃഗരക്തം = 1. വേങ്ങ; 2. ഒരുതരം പരമ്പ്

കാണ്ഡകാരൻ നാ. അമ്പുണ്ടാക്കുന്നവൻ

കാണ്ഡഗോചരം നാ. ഇരുമ്പുശരം

കാണ്ഡചതുഷ്ടയം നാ. പരശുരാമക്ഷേത്രത്തിന്റെ നാലു ഖണ്ഡങ്ങൾ (തുളു, കൂപകം, കേരളം, മൂഷികം എന്നീ നാടുകൾ)

കാണ്ഡച്ഛേദനം നാ. വലിയ മഴുപോലെയുള്ള ഒരുതരം ആയുധം

കാണ്ഡദാരു നാ. ദേവതാരം

കാണ്ഡൻ നാ. നിന്ദ്യൻ

കാണ്ഡപടം നാ. കൂടാരത്തിനുചുറ്റുമുള്ള മറ, കൂടാരമറ

കാണ്ഡപാതം നാ. ഒരു ശരപ്പാട്

കാണ്ഡപൃഷ്ടൻ നാ. 1. ഭടൻ, ആയുധവൃത്തികൊണ്ടുപജീവിക്കുന്നവൻ; 2. ആയുധോപജീവിയായ ബ്രാഹ്മണൻ; 3. കുലധർമം വെടിഞ്ഞവൻ, നിന്ദ്യൻ; 4. വൈശ്യസ്ത്രീയുടെ ഭർത്താവ്; 5. വേശ്യയുടെ ഭർത്താവ്; 6. ദത്തുപുത്രൻ

കാണ്ഡപൃഷ്ടം നാ. 1. കർണന്റെ വില്ല്, കാളപൃഷ്ഠം; 2. കാമന്റെ വില്ല്

കാണ്ഡബീജം നാ. കാണ്ഡത്തിൽനിന്നു മുളച്ചുണ്ടാകുന്ന ചെടി, കരിമ്പ്, മരച്ചീനി തുടങ്ങിയവ

കാണ്ഡഭഗ്നം നാ. എല്ലിനുണ്ടാകുന്ന ഒടിവ്

കാണ്ഡം [സം.] നാ. 1. ചെടികളുടെയോ പൂക്കളുടെയോ തണ്ട്; 2. മരങ്ങളുടെ തടി, തായ്ത്തടി; 3. മുള, കരിമ്പ് മുതലായ ചെടികളുടെ രണ്ടുമുട്ടുകൾക്കിടയ്ക്കുള്ള ഭാഗം; 4. വടി, കമ്പ്; 5. അമ, പേക്കരിമ്പ്; 6. വേഴൽ; 7. ചൂരൽ; 8. അസ്ത്രം; 9. ഗ്രന്ഥവിഭാഗം, പല അധ്യായങ്ങൾ കൂടിച്ചേർന്ന ഖണ്ഡം (രാമായണത്തിലെ ബാലകാണ്ഡം, അയോധ്യാകാണ്ഡം എന്നിവപോലെ); 10. വിഷയവിഭാഗം, ദേവകാണ്ഡം (യാഗാദികർമങ്ങളിലെ) കർമകാണ്ഡം (വേദത്തിലെ യാഗാദികർമങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന ഭാഗം), ഉപാസനാകാണ്ഡം, ജ്ഞാനകാണ്ഡം ഇത്യാദി; 11. കയ്യിലേയോ കാലിലെയോ അസ്ഥി, നീണ്ട അസ്ഥി, കാണ്ഡഭഗ്നം; 12. കൂട്ടം, കെട്ട്, കുല; 13. കുതിര; 14. വെള്ളം; 15. സന്ദർഭം, സമയം; 16. അവസാനം; 17. സ്വകാര്യസ്ഥലം; 18. സ്തുതി, മുഖസ്തുതി; 19. ഒരുതരം ചതുരശ്രയളവ്; 20. ഇരുവേലി; 21. നിന്ദ്യമായത് (സമാസത്തിൽ പ്രയോഗം) ഉദാ: പ്രജാകാണ്ഡം = നിന്ദ്യമായപ്രജ

കാണ്ഡർഷി നാ. 1. വേദത്തിലെ ഒരു കാണ്ഡത്തിന്റെദ്രഷ്ടാവായ ഋഷി; 2. വേദവിഭാഗങ്ങളായ കർമകാണ്ഡം, ജ്ഞാനകാണ്ഡം എന്നിവയിലൊന്നിന്റെ നിരൂപകൻ (ഉദാ: കർമകാണ്ഡത്തിന്റെ കാണ്ഡർഷി ജൈമിനി. ജ്ഞാനകാണ്ഡത്തിന്റെ കാണ്ഡർഷി വേദവ്യാസൻ)

കാണ്ഡവത് വി. അസ്ത്രമെടുത്ത

കാണ്ഡവീണ നാ. ഈറകൊണ്ടുണ്ടാക്കിയ ഒരുതരം വീണ

കാണ്ഡസന്ധി നാ. സസ്യങ്ങളുടെ മുട്ട്, വൃക്ഷങ്ങളുടെ കവട്ട

കാണ്ഡാലം നാ. ചൂരൽക്കുട, വേപ്പ്, മുള തുടങ്ങിയവയുടെ ചീൾകൊണ്ട് ഉണ്ടാക്കിയ കുട്ട

കാണ്ഡിക നാ. 1. മൂന്നുദളമുള്ള കടല; 2. വയലൊള്ളരി; 3. ഗ്രന്ഥവിഭാഗം, കാണ്ഡം

കാണ്ഡീരൻ നാ. അസ്ത്രം ധരിച്ചവൻ, വില്ലാളി, കാണ്ഡവാൻ

കാണ്ഡൂല്യം നാ. കാണ്ഡുലഭാവം, ചൊറിച്ചിൽ, കൈത്തരിപ്പ്, സമരോത്സാഹം

കാണ്വ [സം.] വി. 1.കണ്വനെ സംബന്ധിച്ച, കണ്വശാഖയെ പിന്തുടരുന്ന. നാ. കണ്വൻ

കാണ്വശാഖ,ശ്രുതി നാ. ശുക്ലയജുർവേദത്തിൻെറ ഒരു ശാഖ, കണ്വപരമ്പരയിൽപ്പെട്ടവർ പിന്തുടരുന്നത്

കാതൻ വി. കാതുള്ള

കാതന്ത്രം നാ. ഒരു സംസ്കൃതവ്യാകരണം (സുബ്രഹ്മണിയനുണ്ടാക്കിയതെന്നു കരുതപ്പെടുന്ന സൂത്രങ്ങളെ അടിസ്ഥാനപ്പെടുത്തിശ്രീശർവവർമാവ് നിർമിച്ചത്. കലാപകം, കൗമാരവ്യാകരണം എന്നും പേരുകൾ)

കാതം നാ. ഒരു ദൈർഘ്യമാനം (പല നീളയളവുകളെ കുറിക്കുന്നത്), ഒരു യോജന

കാതര വി. 1. ഭീരുത്വമുള്ള, ധൈര്യമില്ലാത്ത, ഭയശീലമുള്ള; 2. സങ്കടമുള്ള, വേദനയുള്ള, പാരവശ്യമുള്ള; 3. ഉലയ്ക്കപ്പെട്ട, വ്യാകുലമായ, പരിഭ്രമിച്ച, കുഴങ്ങിയ; 4. (ഭയംകൊണ്ടും മറ്റും) ചഞ്ചലമായ, ഇളകുന്ന

കാതരത,-ത്വം നാ. 1. ഭീരുത്വം, അധൈര്യം, ഭയം, പാരവശ്യം; 2. ക്ഷോഭം; 3. ഉത്കണ്ഠ

കാതരം നാ. 1. ഒരുതരം വലിയ മത്സ്യം; 2. വള്ളം, ചങ്ങാടം

കാതരമിഴി നാ. = കാതരാക്ഷി

കാതരാക്ഷി നാ. (ഭയംകൊണ്ടും മറ്റും) ഇളകുന്ന കണ്ണുകളോടുകൂടിയവൾ, സുന്ദരി

കാതര്യം നാ. കാതരത

കാതൽ1 നാ. 1. വളർച്ചകൂടുന്തോറും തടിക്ക് വണ്ണം വയ്ക്കുന്ന ചില വൃക്ഷങ്ങളുടെ വിളഞ്ഞതും കടുപ്പമുള്ളതുമായ ഉൾഭാഗം; 2. സത്ത്, സാരാംശം; 3. കേന്ദ്രം; 4. ഉള്ള്; 5. കരുത്ത്, ഉൾക്കട്ടി

കാതൽ2 നാ. 1. ഇഷ്ടം, സ്നേഹം, പ്രണയം, പ്രേമം; 2. ഭക്തി; 3. ആഗ്രഹം; 4. സംബന്ധം; 5. ശ്രദ്ധ

കാതലൻ,-ലാൻ നാ. 1. സ്നേഹമുള്ളവൻ, കാമുകൻ; 2. ഭർത്താവ്; 3. മകൻ. (സ്ത്രീ) കാതലി

കാതറകുതറ [കാതറ-കുതറ] നാ. ലജ്ജയില്ലാത്തവൾ, അലവലാതി

കാതാ(ളു)മ്മിഴി നാ. കാതുവരെ നീണ്ട കണ്ണുള്ളവൾ, സുന്ദരി

കാതി1 [സം.] വി. ഇച്ഛരിക്കുന്ന, ആഗ്രഹിക്കുന്ന (സമാസത്തിൽ പ്രയോഗം) ഉദാ: ഋണകാതി, കാമകാതി

കാതിൽപ്പൂ(വ്) നാ. 1. സ്ത്രീകൾ കാതിലണിയുന്ന ഒരുതരം ആഭരണം; 2. കഥകളിവേഷക്കാർ കാതിൽ ധരിക്കുന്ന ഒരുതരം ചെവിപ്പൂവ്

കാതില [കാത്1-ഇല-ഓല] നാ. 1. കാതിൽ അണിയുന്ന ഒരുതരം ആഭരണം, കർണപത്രം; 2. കഥകളിയിൽ സ്ത്രീവേഷക്കാർ ധരിക്കുന്ന ഒരുതരം കർണാഭരണം

കാതിലോല [കാതിൽ-ഓല] നാ. സ്ത്രീകൾ കർണാഭരണമായി ധരിക്കുന്ന കൈതയോലച്ചുരുൾ (പനയോലച്ചുരുൾ) അതേ ആകൃതിയിൽ സ്വർണംകൊണ്ടോ മറ്റോ ഉണ്ടാക്കുന്ന ആഭരണം

കാത് നാ. 1. കേൾക്കുന്നതിനു സഹായിക്കുന്ന അവയവം (ശ്രവണേന്ദ്രിയം, ചെവി, ശ്രവണചർമം, അന്തശ്ശ്രോത്രേന്ദ്രിയം എന്നു ചെവിക്കു മൂന്നു ഭാഗങ്ങൾ. കാതുകേൾക്കാനായ്യ എന്നിടത്തു ഉള്ളിലുള്ള ശ്രോത്രേന്ദ്രിയത്തേയും, കാതുകുത്തി എന്നിടത്തു പുറംചെവിയെയുമാണ് കുറിക്കുന്നത്). (പ്ര) കാതടയുക = കേൾക്കാതായിത്തീരുക. കാതിൽപ്പെടുക,-വീഴുക = ചെവിയിൽ എത്തുക, കേൾക്കുക. കാതോടിടഞ്ഞമിഴി = 1. കാതോളം നീണ്ടകണ്ണുള്ളവൾ, സുന്ദരി; 2. കാതോളം നീണ്ടകണ്ണ്. കാതുകടിക്കുക = രഹസ്യം പറയുക, ഏഷണിപറയുക. കാതുകൊടുക്കുക = ശ്രദ്ധിച്ചുകേൾക്കുക; 2. പാത്രങ്ങളുടെ കൈപ്പിടി, കുഴ (ചെമ്പ്, ഉരുളി, വാർപ്പ്, ഭരണി മുതലായപാത്രങ്ങളുടെ ഇരുവശത്തും പിടിക്കുന്നതിനുവേണ്ടി കാതിന്റെ ആകൃതിയിൽ ഉണ്ടാക്കിയിട്ടുള്ളത്); 3. സൂചിയുടെ ദ്വാരം; 4. പുകയിലയിൽ തണ്ടിനു സമീപമുള്ള ഭാഗം, ഉദാ: പുകയിലക്കാത്

കാതുകുത്ത് നാ. 1. കർണവേധം; 2. കാതുവേദന, ചെവിക്കുത്ത്

കാതോലിക്കാ1 [ഗ്രീ] വി. പൊതുവായ, സാർവജനീനമായ (സഭ)

കാതോലിക്കാ2 [ഗ്രീ] നാ. 1. കത്തോലിക്കാ സഭയിലെ അങ്ഗം; 2. ഓർത്തഡോക്സ്സഭയുടെ മേലധ്യക്ഷൻ

കാത്തിരി നാ. ആയുധം

കാത്ത് [<ഹി.കത്ഥാ] നാ. ഒരു അങ്ങാടിമരുന്ന്, കരിങ്ങാലിത്തടി പുഴുങ്ങിയ വെള്ളം കുറുക്കിയെടുക്കുന്നത്, ഖദിരസാരം (ചുണ്ണാമ്പിനു നിറവും മയവും ഉണ്ടാക്കാൻ ഇതുപയോഗിക്കുന്നു)

കാത്യൻ1 [കാവുതിയൻ] നാ. കാവതി, ക്ഷുരകൻ

കാത്യൻ2 [സം.കാത്യ] നാ. = കാത്യായനൻ

കാത്യായനൻ [സം.] നാ. 1. കാതിയുടെ വംശത്തിൽപ്പെട്ട ഒരു മഹർഷി, പാണിനീയസൂത്രങ്ങളുടെ വാർത്തികം യജുർവേദപ്രാതിശാഖ്യം ശ്രൗതസൂത്രങ്ങൾ മീമാംസാഗ്രന്ഥങ്ങൾ തുടങ്ങിയവയുടെ രചയിതാവ് (വരരുചിയും കാത്യായനനും ഒരാളാണെന്ന് അഭിപ്രായമുണ്ട്)

കാത്യായനം [സം.] നാ. കാത്യായനമഹർഷി നിർമിച്ച ഗ്രന്ഥം, വിശേഷിച്ച് പാണിനീയസൂത്രങ്ങളുടെ വാർത്തികം

കാത്യായനി നാ. 1. പാർവതി, ദുർഗ; 2. യാജ്ഞവൽക്യന്റെ ഭാര്യമാരിൽ ഒരുവൾ; 3. കാഷായവസ്ത്രം ധരിച്ച മധ്യവയസ്കയായ വിധവ

കാഥികൻ [സം.] നാ. 1. കഥ എഴുതുന്നവൻ, കഥാകൃത്ത്; 2. കഥ പറയുന്നവൻ, വാദ്യസങ്ഗീതാദികളുടെ അകമ്പടിയോടുകൂടി കഥാപ്രസങ്ഗം നടത്തുന്നവൻ (സ്ത്രീ) കാഥിക

കാദംബകം [സം.] നാ. അമ്പ്

കാദംബം [സം.] നാ. 1. കടുംചാരനിറമുള്ള ഒരുജാതി ഹംസം, കളഹംസം, തവിട്ടന്നം; 2. കടമ്പ്; 3. കരിമ്പ്; 4. അമ്പ്

കാദംബരം [സം.] നാ. 1. കടമ്പിൻപൂ, അതുവാറ്റിയെടുക്കുന്ന മദ്യം; 2. തൈർപ്പാട; 3. മദജലം
കാദംബരി നാ. 1. കടമ്പിൻപൂക്കൾ വാറ്റിയെടുക്കുന്ന മദ്യം; 2. മദ്യം (സാമാന്യം); 3. പൂത്തുനിൽക്കുന്ന കടമ്പുവൃക്ഷത്തിൻെറ തടിയിലുള്ള വിടവുകളിലും പൊത്തുകളിലും കുഴികളിലും കെട്ടിനിൽക്കുന്ന മഴവെള്ളം; 4. ഒരു പൗരാണികനദി; 5. മദജലം; 6. സരസ്വതി; 7. കുയിൽപ്പേട; 8. പഞ്ചവർണക്കിളി; 9. മൈന; 10. ബാണഭട്ടൻ രചിച്ച ഒരു സംസ്കൃതഗദ്യകാവ്യം.
കാദംബര്യം നാ. കടമ്പുവൃക്ഷം
കാദംബിനി നാ. 1. മേഘമാല; 2. തക്ഷകൻെറ ഒരു പുത്രി
കാദള വി. കദളിയെ സംബന്ധിച്ച
കാദറ്,-ർ [അറ.] നാ. സർവശക്തൻ, ഈശ്വരൻ
കാദാചിത്ക വി. ചിലപ്പോഴുണ്ടാകുന്ന, യാദൃശ്ചികമായ
കാദി,കാതിയാർ [അറ.] നാ. = കാജി
കാദീശൻ [സുറി] നാ. വിശുദ്ധൻ
കാദ്രവ [സം.] വി. കടും മഞ്ഞനിറമുള്ള, ചുവപ്പുചേർന്ന തവിട്ടുനിറത്തോടുകൂടിയകാദ്രവം [സം.] നാ. വരക്
കാദ്രവേയൻ [സം.] നാ. കദ്രുവിൻെറ പുത്രൻ നാഗം
കാൻവാസ് [ഇം.] നാ. ചണനൂലോ പഞ്ഞിനൂലോകൊണ്ട് നെയ്തെടുത്ത പരുക്കൻ തുണിവിരിപ്പ്, കപ്പൽപ്പായ് കൂടാരം കസേരത്തുണി മുതലായവയ്ക്കും ചിത്രം വരയ്ക്കുന്നതിനും ഉപയോഗിക്കുന്നത്
കാൻസർ [ഇം.] നാ. ഒരുജാതിമഹാരോഗം, അർബുദം
കാന നാ. 1. കൈത്തോട്; 2. ഓട, അഴുക്കുചാൽ
കനക വി. കനകനിർമിതമായ, സ്വർണവർണമായ
കാനകക്കൈത നാ. കാട്ടുകൈത, കാനകനാറി
കാനകനാറി നാ. ഒരിനം കൈത, കാട്ടുകൈത
കാനകപ്പച്ച നാ. ഒരുതരം പച്ചക്കൽ
കാനക്കമുക് നാ. കമുകിനോടു സാദൃശ്യമുള്ളതും കാട്ടിൽ നനവുള്ള താഴ്ന്ന പ്രദേശങ്ങളിൽ വളരുന്നതുമായ ഒരു ചെറുവൃക്ഷം
കാനക്കുറിഞ്ഞി നാ. (സങ്ഗീ) ഒരു രാഗം
കാനജലം നാ. കാനൽ ജലം, മൃഗതൃഷ്ണ
കാനത്ത് [അറ] നാ. കല്യാണം, കല്യാണനിശ്ചയാടിയന്തിരം (മുസ്ലിങ്ങളുടെ)
കാനനചന്ദ്രിക നാ 1. കാട്ടിലെ നിലാവ്; 2. (ആല) ആർക്കും ഉപയോഗപ്പെടാതെപോകുന്ന വിശിഷ്ടവസ്തു, കാട്ടിലെ നിലാവെളിച്ചംപോലെ.
525
കാനനം1 [സം.] നാ. 1. കാട്; 2. കാവ്; 3. വീട്
കാനനം2 നാ. ബ്രഹ്മാവിൻെറ മുഖം
കാനനമല്ലിക നാ. കാട്ടുമുല്ല
കാനനാരി [സം.-അരി] നാ. 'കാടിൻെറ ശത്രു', വന്നിമരം (ഈ വൃക്ഷത്തിലുള്ള അഗ്നികൊണ്ട് കാട് നശിക്കുന്നതിനാൽ)
കാനപ്പാട് നാ. തണലുള്ള സ്ഥലം

കാനപ്പാല നാ. വലിയവൃക്ഷം, തോക്കിന്റെ പാത്തി ഉണ്ടാക്കുന്നതിനും കെട്ടിടം പണിയുന്നതിനും ഉപയോഗിക്കാറുണ്ട്

കാനം1 [<സം.കാനന] നാ. 1. കാട്, വനം; 2. (ഗണിത) മഹാകൽപത്തേക്കാൾ വലിയൊരു സങ്ഖ്യ

കാനം2 നാ. വാസന

കാനൽ1 [കനൽ] നാ. 1. ചൂട്; 2. വെളിച്ചം, പ്രകാശം, തിളക്കം; 3. സൂര്യരശ്മി, വെയിൽ; 4. മൃഗതൃഷ്ണ; 5. മണൽപ്രദേശം, കാനൽക്കാട്, മരുഭൂമി

കാനം2 നാ. വാസന

കാനൽ1 നാ. 1.ചൂട്; 2. വെളിച്ചം, പ്രകാശം, തിളക്കം; 3. സൂര്യരശ്മി, വെയിൽ; 4. മൃഗതൃഷ്മ്മ; 5. മണൽപ്രദേശം, കാനൽക്കാട്, മരുഭൂമി

കാനൽ2 നാ. 1. നടക്കാവ്; 2. മരക്കൂട്ടം; 3. വള്ളിക്കുടിൽ; 4. മരങ്ങളുടെ തണൽ, ചോല; 5. കാട്; 6. ഉപ്പ്; 7. ഉവർനിലം

കാനൽജലം നാ. മൃഗതൃഷ്ണ

കാനൽപരിപ്പാട് നാ. പ്രേമഗാനം

കാനാ(വ്) [സുറി.കാനാ] നാ. 1. ഗലീലനാട്ടിലെ നസ്സറത്തിന്റെ സമീപത്തുള്ള ഒരു ഗ്രാമം. ക്രിസ്തു ആദ്യത്തെ അദ്ഭുതം കാണിച്ച സ്ഥലം; 2. ചുക്കാന്റെ കൈപ്പിടി

കാനിഷ്ഠിക [സം.] നാ. ചെറുവിരൽ

കാനീന [സം.<കനീന] വി. കൃഷ്ണമണിക്കു യോജിച്ച അല്ലെങ്കിൽ അതിന്റെ രൂപം നൽകിയ

കാനീനൻ [സം.] നാ. 1. കന്യകയായിരിക്കുമ്പോൾ ജനിക്കുന്ന പുത്രൻ (സ്ത്രീ) കാനീനി; 2. വേദവ്യാസൻ; 3. കർണ്ണൻ

കാനീനം [സം.] നാ. ചെമന്ന പാച്ചോറ്റി

കാനൂൻ,കാനൂനാ [അറ] നാ. നിയമം, വ്യവസ്ഥ, ചട്ടം

കാനൂൽ നാ. 1. = കാനൂൻ; 2. വമ്പ്, ബഡായി. (പ്ര) കാനൂൽക്കാരൻ = ബഡായിപറയുന്നവൻ

കാനേഷുമാരി [പേർ.ഖാൻ-ഏ-ശുമാരി] നാ. ജനസങ്ഖ്യയുടെയും അതുസംബന്ധിച്ച സ്ഥിതിവിവരങ്ങളുടെയും ഔദ്യോഗികമായ കണക്കെടുപ്പ്

കാനോത്ത് നാ. = കാനത്ത്

കാനോൻ നാ. = കാനൂൻ. (പ്ര) കാനോൻ നമസ്കാരം = ക്രൈസ്തവവൈദികരുടെ നിശ്ചിതസമയങ്ങളിലുള്ള പ്രാർഥന

കാനോന നാ. = കാനൂൻ. ഉദാ: ഉദിഉഅംപേരൂർ സൂനഹദോസ്സിന്റെ കാനോനാകൾ

കാനോനിക വി. കാനോനെ സംബന്ധിച്ച, കാനോൻ അനുസരിച്ചുള്ള, ക്രൈസ്തവ സഭകളുടെ ചട്ടങ്ങൾക്കുയോജിച്ച

കാന്ത1 [സം.] വി. 1. മനോഹരമായ, മനസ്സിനിണങ്ങിയ, സന്തോഷിപ്പിക്കുന്ന; 2. ഇച്ഛരിച്ച, ആഗ്രഹിച്ച; 3. സ്നേഹിച്ച, പ്രീയപ്പെട്ട, ഹൃദ്യമായ

കാന്ത2 [സം.കാന്താ] നാ. 1. പ്രിയ, കാമുകി, ഇഷ്ടപ്പെട്ടവൾ; 2. ഭാര്യ, ഇണ; 3. സുന്ദരി; 4. ഞാഴൽ, 5. പേരേലം; 6. അരേണുകം, ഒരു സുഗന്ധദ്രവ്യം; 7. ത്രിസന്ധി, ചെമ്പരുത്തിപോലെയുള്ള ഒരുതരം ചെടി; 8. പെരുമുത്തങ്ങ; 9. ഒരു വൃത്തം; 10. (സങ്ഗീ) ഷഡ്ജസ്വരത്തിലുള്ള 22 ശ്രുതികളിൽ മൂന്നാമത്തെ ശ്രുതി; 11. ഭൂമി

കാന്തകാരി,-ന്താരി നാ. 'കാന്തലുണ്ടാക്കുന്നത്', 1. ഒരിനം എരിവുള്ള മുളക്; 2. തീക്ഷ്ണസ്വഭാവമുള്ളവൾ

കാന്തക്കമ്പി നാ. 1. ഇടിതാങ്ങി; 2. വിദ്യുച്ഛക്തി പ്രവഹിക്കുന്ന കമ്പി

കാന്തക്കല്ല് നാ. 1. ആകർഷണശക്തിയുള്ള ഒരു ലോഹം, കാന്തം; 2. സൂര്യകാന്തം; 3. ചന്ദ്രകാന്തം

കാന്തക്ഷേത്രം നാ. കാന്തശക്തി പ്രവർത്തിക്കുന്ന സ്ഥലം

കാന്തത, -ത്വം നാ. മനോഹരമായിരിക്കുന്ന അവസ്ഥ, സൗന്ദര്യം

കാന്തധ്രുവം നാ. കാന്തത്തിൻെറ വടക്ക്, തെക്ക് എന്നിങ്ങനെ ആകർഷണശക്തി കൂടിയ ഭാഗങ്ങളിൽ ഒന്ന്. വടക്കേതിന് ഉത്തരധ്രുവമെന്നും തെക്കേതിന് ദക്ഷിണധ്രുവമെന്നും പേരുകൾ

കാന്തൻ നാ. 1. പ്രിയൻ, കാമുകൻ; 2. ഭർത്താവ്; 3. സുന്ദരൻ; 4. ചന്ദ്രൻ; 5. സുബ്രഹ്മണ്യൻ; 6. ശ്രീകൃഷ്ണൻ (വിഷ്ണു); 7. ശിവൻ

കാന്തനാവകം [സം.] നാ. മയിൽക്കഴുത്തിൻെറ നിറമുള്ള ഒരുവക മൃഗചർമം (ഹിമാലയത്തിലെ കന്തനാവകം എന്ന പ്രദേശത്തിലുള്ളത്)

കാന്തപക്ഷി,-പ്പക്ഷി നാ. മയിൽ

കാന്തം നാ. 1. മനോഹരമായവസ്തു, ഹൃദ്യമായത്; 2. നാട്യത്തിലെ രസദൃഷ്ടികളിൽ ഒന്ന്; 3. ഒരുതരം ഇരുമ്പ്; 4. അയസ്കാന്തം; 5. ചന്ദ്രകാന്തം; 6. സൂര്യകാന്തം; 7. വസന്തം; 8. പയിൻമരം; 9. നീർക്കടമ്പ്; 10. ചക്രവാകം; 11. പടുകരണ; 12. മാവുവൃക്ഷം; 13. കുങ്കുമം; 14 (ശിലപ) ധ്രുവാദികളായ പതിനാറു യോഗങ്ങളിൽ ഒന്ന്; 15. ഒരുതരം മണ്ഡപം

കാന്തമാപകം നാ. (ഭൂമിയുടെ) കാന്തക്ഷേത്രത്തിൻെറ ശക്തി അളക്കുന്നതിനുള്ള ഉപകരണം

കാന്തൽ നാ. 1. വ്രണം, പൊള്ളൽ, ഉഷ്ണം എരിവ് മുതലായവകൊണ്ടുള്ള അസഹ്യത, എരിച്ചിൽ, നീറ്റൽ; 2. വരൾച്ചകൊണ്ട് വാടിപ്പോകൽ

കാന്തലൗഹം നാ. ഉരുക്ക്

കാന്തസിന്ധൂരം നാ. ഒരുതരം ചൂർണം, കാന്തഭസ്മം, ചായില്യം ഇവ പുടംചെയ്തുണ്ടാക്കുന്ന സിന്ദൂരം

കാന്തസൂചി നാ. കാന്തശക്തിയുള്ള സൂചി. എപ്പൊഴും വടക്കുദിക്കിനെ ചൂണ്ടിനിൽക്കുന്ന കാന്തപ്പെട്ടിയിലെ സൂചി

കാന്തളുർശാല നാ. തിരുവനന്ദപുരം ജില്ലയിൽ പുരാതനകാലത്തുണ്ടായിരുന്ന പ്രസിദ്ധമായ ഒരു വൈദിക വിദ്യാഭ്യാസകേന്ദ്രം

കാന്താങ്ഘ്രിദോഹദം നാ. ' സുന്ദരികളുടെ പാദതാഡനത്തിന് അതിയായ ആഗ്രഹമുള്ളത്', അശോകം (സുന്ദരിമാരായ സ്ത്രീകളുടെ കാൽച്ചവിട്ട് അശോകവൃക്ഷം പൂക്കുന്നതിനുള്ള ദോഹദമെന്നു കവിസങ്കൽപം)

കാന്തായസം [സം.-ആയസ] നാ. അയസ്കാന്തം

കാന്തായിതം [സം.] നാ. = ഉപരിസുരതം

കാന്താരകം നാ. 1. ഒരിനം കരിമ്പ്, കാന്താരക്കരിനി; 2. ഒരു പൗരാണിക രാജ്യം (ആരണ്യകമെന്നും പേര്, ഉജ്ജയിനിക്കും വിദർഭത്തിനും തെക്കുള്ളത്)

കാന്താരം നാ. 1. കാട്, കൊടുങ്കാട്; 2. സഞ്ചാരയോഗ്യമല്ലാത്ത വഴി, കാട്ടുപാത; 3. ദ്വാരം, കുഴി; 4. രോഗലക്ഷണം, പ്രത്യേകരോഗലക്ഷണത്തോടുകൂടിയ

രോഗം; 5. താമര; 6. ഛേദിക്കൽ; 7. (സങ്ഗീ) ഒരു താളം; 8. (സങ്ഗീ) ഒരു പ്രബന്ധവിശേഷം; 9. ആറുനിലകളുള്ള ഒരിനം കെട്ടിടം; 10. കാന്താരക്കരിമ്പ്; 11. മുള; 12. മലയകത്തി; 13. കരിന്താളി

കാന്താരി1 നാ. = കാന്തകാരി

കാന്താരി2 നാ. 1. പത്തു നാഡികളിലൊന്ന്; 2. ഒരുതരം ക്ഷാരം

കാന്താരിയമ്മൻ നാ. ഭദ്രകാളിയുടെ ഒരു മൂർത്തി.

കാന്താരിയമ്മൻകൊട = കാന്താരിയമ്മൻ കോവിലിലെ പ്രധാന ഉത്സവം

കാന്താസക്തി1 നാ. 1. ഭക്തി ഭേദങ്ങളിൽ ഒന്ന്, ഈശ്വരനെ പതിയായി സങ്കൽപിച്ച് സ്വയം പത്നീഭാവത്തിൽ വർത്തിക്കുന്ന മാനസികാവസ്ഥ

കാന്താസക്തി2 നാ. ഭാര്യയോടുള്ള സ്നേഹം

കാന്താഹ്വ [സം.-ആഹ്വാ] നാ. = കാന്താഖ്യ

കാന്തി [സം.] നാ. 1. ശോഭ, തിളക്കം; 2. സൗന്ദര്യം, ഭങ്ഗി; 3. ഇച്ഛ, ആഗ്രഹം; 4. സുന്ദരി, കമനി; 5. നായികാശ്രിതങ്ങളായ ഇരുപത്തിയെട്ട് അലങ്കാരങ്ങളിൽ ഒന്ന്; 6. സ്ത്രീകൾക്ക് രത്യാദികളായ ഭാവങ്ങൾ ഹേതുവായി ഉണ്ടാകുന്ന പന്ത്രണ്ടുവിധം ഭാവഹാവാദികളായ അനുഭവങ്ങളിൽ ഒന്ന്; 7. കാവ്യത്തിൻെറ ദശഗുണങ്ങളിൽ ഒന്നുള്ളത് (ശബ്ദഗുണമെന്നും അർഥഗുണമെന്നും രണ്ടുവിധം); 8. ശബ്ദങ്ങൾക്കും അർഥങ്ങൾക്കും കൽപിച്ചിട്ടുള്ള ആറുവിധ അലങ്കാരങ്ങളിൽ ഒന്ന്; 9. ദുർഗ; 10. ഗണപതിയുടെ ഒരു പത്നി; 11. ചന്ദ്രൻെറ കലകളിൽ ഒന്ന്; 12. ചന്ദ്രൻെറ ഭാര്യ; 13. ലക്ഷ്മീദേവി

കാന്തികര വി. കാന്തിയെ ജനിപ്പിക്കുന്ന, ഭങ്ഗിവരുത്തുന്ന, ശോഭനൽകുന്ന

കാന്തിതൃതീയ നാ. വൈശാഖ (മേട) മാസത്തിലെ തൃതീയ

കാന്തിദ വി. ശോഭനൽകുന്ന, സൗന്ദര്യം നൽകുന്ന, അലങ്കരിക്കുന്ന

കാന്തിദം [സം.] നാ. നെയ്യ്; 2. പിത്തരസം

കാന്തിദായകം നാ. പീതചന്ദനം

കാന്തിഭൃത്ത് [സം.-ഭൃത്] നാ. 'ശോഭയുള്ളത്', ചന്ദ്രൻ

കാന്തിമത് വി. ശോഭയുള്ള, ഭങ്ഗിയുള്ള

കാന്തിമാൻ നാ. 1. കാമദേവൻ; 2. ചന്ദ്രൻ; 3. സൂര്യൻ

കാന്തുക1 ക്രി. 1. എരിവോ ചൂടോകൊണ്ടു നീറ്റൽ അനുഭവപ്പെടുക, മുളകും മറ്റും കൊണ്ട് വലിയ എരിവ് അനുഭവപ്പെടുക, വലിയ ചൂടുകൊണ്ട് ശരീരത്തിൽ നീറ്റൽ ഉണ്ടാവുക; 2. വ്രണത്തിലും മറ്റും വലിയ വേദന അനുഭവപ്പെടുക; 3. കോപിക്കുക

കാന്തുക2 ക്രി. 1. കാർന്ന് എടുക്കുക, തേങ്ങാമുറിയും മറ്റും പല്ലുകൊണ്ട് വേർന്നെടുക്കുക; 2. ഛർദിക്കുക

കാന്ദം [സം.കന്ദ] നാ. കന്ദസംബന്ധിയായത്, കിഴങ്ങിനെ സംബന്ധിച്ചത്

കാന്ദവം നാ. കന്ദുവിൽ (ദോശക്കല്ലിലും മറ്റും) പൊരിച്ചെടുക്കുന്ന പലഹാരം, ഓട്ടട, റൊട്ടി തുടങ്ങിയവ

കാന്ദവികൻ നാ. അപ്പവും മറ്റും ഉണ്ടാക്കുകയും വിൽക്കുകയും ചെയ്യുന്നവൻ

കാന്ദിശിക [സം.] വി. 'ഏതു ദിക്കിലേക്ക് പോകേണ്ടൂ' എന്നു സംഭ്രമിക്കുന്ന, ഓടിക്കപ്പെട്ട, പലായിത
കാന്ദിശീകൻ [സം.] നാ. 1. (ഭയപ്പെട്ടോ തോറ്റോ) ഓടിപ്പോയവൻ; 2. ഭയപ്പെട്ടവൻ
കാന്യകുബ്ജം [സം.] നാ. കാനുജദേശം, കാളിന്ദീനദിയുടെ പടിഞ്ഞാറെ തീരത്തുള്ള ഒരു നഗരം, പാഞ്ചാലരാജാക്കന്മാരുടെയും മൗഖരിരാജാക്കന്മാരെടെയും രാജധാനി, വിശ്വാമിത്രൻെറ ജന്മസ്ഥലം
കാന്യജ നാ. പവിഴക്കൊട്. വി. 1. കാപട്യമുള്ള, വഞ്ചനയുള്ള; 2. ദുഷ്ടതയുല്ല, മൂർഖതയുള്ള
കാപടികൻ നാ. മുഖസ്തുതിക്കാരൻ
കാപട്യം [സം.<കപട] നാ. 1. ചതി, വഞ്ചന, കബളിപ്പിക്കൽ, വ്യാജഭാവം; 2. ദുഷ്ടത
കാപണം നാ. ആവിപിടിക്കൽ, തവിട്ടുകിഴിവയ്ക്കൽ
കാപഥം നാ. 1. കുത്സിതമാർഗം, നീചമായമാർഗം, പിഴച്ച വഴി; 2. രാമച്ചം
കാപാല വി. 1. കപാലത്തെ സംബന്ധിച്ച, കപാലങ്ങകൊണ്ടുണ്ടാക്കപ്പെട്ട; 2. കപാലം എടുത്തുകൊണ്ടു യാചിക്കുന്ന
കാപാലകുഷ്ഠം നാ. ഏഴിനം മഹാകുഷ്ഠങ്ങളിൽ ഒന്ന്
കാപാലൻ നാ. = കാപാലികൻ
കാപാലം നാ. 1. പുരാണങ്ങളിൽ പ്രസ്തുതമായ ഒരായുധം; 2. കർക്കടവൃക്ഷം, കാട്ടുനെല്ലി; 3. ഒരിനം വെള്ളരി; 4. കാപാലകുഷ്ഠം; 5. കപാലം കയ്യിൽപിടിച്ചുകൊണ്ടുള്ള ശിവൻെറ നൃത്തം
കാപാലി1 നാ. 1. കപാലങ്ങൾ ധരിച്ചവൻ, ശിവൻ; 2. = കാപാലികൻ; 3. ഒരു സങ്കരജാതി
കാപാലി2 നാ. 1. തലയോടുകൊണ്ടുള്ള മാല; 2. സമർഥയായ സ്ത്രീ; 3. വിഴാൽ
കാപാലിക [സം.] വി. കപാലത്തെ (തലയോടിനെ) സംബന്ധിച്ച. നാ. 1. = കപാലിക; 2. പല്ലിൽ കട്ടിപിടിച്ചുണ്ടാകുന്ന കറ (ദന്തശർക്കര)
കാപാലികത്വം നാ. കാപാലികൻെറ സ്വഭാവം, ക്രൂരത
കാപാലികൻ [സം.] നാ. 1. ശൈവമതത്തിൻെറ ഒരു അവാന്തര വിഭാഗമായ കാപാലികമതത്തിൽ വിശ്വസിക്കുന്നവൻ (ആദ്യം ശിവഭക്തന്മാരായിരുന്ന ഇവർ പിണ്ണീട് കാളിഭക്തന്മാരായി. കപാലം ധരിക്കുന്നതുകൊണ്ടും അതിൽ ഭിക്ഷവാങ്ങി ആഹാരാദികൾകഴിക്കുന്നതുകൊണ്ടും 'കാപാലികർ' എന്നു പേർ); 2. ഒരു സങ്കരജാതിക്കാരൻ; 3. നവദുർഗാപൂജയിൽ പൂജിക്കേണ്ട ഒരു ഉപദേവൻ
കാപാലികം നാ. = കാപാലകുഷ്ഠം
കാപി1 [സം. കാ-അപി] അവ്യ. ഏതോ ഒരുത്തി. 'അപി' ശബ്ദം നോക്കുക
കാപി2 [സം.] നാ. (സങ്ഗീ) ഒരു രാഗം
കാപിക വി. കുരങ്ങിനെപ്പോലിരിക്കുന്ന, കുരങ്ങിനെപ്പോലെ പെരുമാറുന്ന

കാപിനാരായണി നാ. (സങ്ഗീ) ഹരികാംഭോജിയിൽ നിന്നുണ്ടായ ഒരു ജന്യരാഗം

527

കാപില [സം.<കപില] വി. 1. കപിലനിറമായ, തവിട്ടു നിറമായ; 2. കപിലമഹർഷിയെ സംബന്ധിച്ച, കപിലമഹർഷിയിൽനിന്നു സിദ്ധിച്ച

കാപിലൻ നാ. കപിലമഹർഷിയുടെ അനുയായി, സാങ്ഖ്യമതാനുയായി, സാങ്ഖ്യശാസ്ത്രജ്ഞൻ

കാപിലം നാ. 1. കപിലവർണം, കുരാൽനിറം; 2. കപിലമുനി പ്രചരിപ്പിച്ച ശാസ്ത്രം, സാങ്ഖ്യദർശനം; 3. ഒരു ഉപപുരാണം; 4. വാരാണസിയിലെ ഒരു പുണ്യതീർഥം; 5. കുശദ്വീപിലെ ഏഴു ഭൂവിഭാഗങ്ങളിൽ (വർഷങ്ങളിൽ) ഒന്ന്; 6. ഒരു ജന്യരാഗം

കാപിശായനം നാ. 1. ഒരിനം മദ്യം, മുന്തിരിങ്ങയിൽനിന്നെടുക്കുന്നത്; 2. ഒരു ദേവത

കാപുരുഷൻ നാ. 'കുത്സിതനായ (നീചനായ) പുരുഷൻ', 1. നിന്ദ്യൻ, നീചൻ, ഹീനൻ; 2. ഭീരു

കാപേയ വി. കപിയെ സംബന്ധിച്ച, കുരങ്ങിൻെറതായ

കാപോത വി. 1. കപോതത്തെ സംബന്ധിച്ച, പ്രാവിൻെറതായ, പ്രാവിൽനിന്നുള്ള; 2. പ്രാവിൻെറ നിറമുള്ള, ചാരനിറമുള്ള, നരച്ച; 3. അധികം കൂട്ടിവയ്ക്കുന്ന സ്വഭാവമില്ലാത്ത, മിതവ്യയശീലമുള്ള

കാപോതം [സം.] നാ. 1. തുവ(ർ)ച്ചിലക്കാരം; 2. സൗവിരാഞ്ജനം; 3. ചാരനിറം; 4. വേങ്ങായുടെ വേര്; 5. വേങ്ങയുടെ വേരിൻെറ ചാരം; 6. പ്രാവുകളുടെ കൂട്ടം

കാപ്പ1 നാ. കാപ്പ് (വാതിൽ)

കാപ്പ2 [ല] നാ. 1. കയ്യില്ലാത്തതും സിൽക്കുകൊണ്ടോ മറ്റോ നിർമിച്ചതും ക്രിസ്തീയപുരോഹിതന്മാർ മതപരമായ ചടങ്ങുകളിലും മറ്റും ധരിക്കുന്നതുമായ പുറങ്കുപ്പായം; 2. മുട്ടുവരെ ഇറക്കമുള്ള പുറങ്കുപ്പായം, അങ്കി

കാപ്പക്കുഴൽ നാ. തോക്കിൻെറ കുഴൽ

കാപ്പട നാ. കന്നുകാലികൾ കോഴി തുടങ്ങിയവയെ ചില വ്യവസ്ഥകൾക്കു വിധേയമായി വളർത്താനേൽപിക്കുന്ന സമ്പ്രദായം. കന്നുകാലികളുടെ കാര്യത്തിൽ ആദ്യത്തെ കറവയും കുട്ടിയും കോഴികളുടെ കാര്യത്തിൽ ആദ്യം വിരിക്കുന്ന കോഴിക്കുഞ്ഞുങ്ങളിൽ പകുതിയും വളർത്തുന്നയാൾക്ക് എന്നതാണ് വ്യവസ്ഥ

കാപ്പണം [കാൽ-പണം] നാ. പണത്തിൻെറ നാലിലൊന്ന്, കാൽപ്പണം

കാപ്പരി [കാപ്പ്-അരി] നാ. 1. കുഞ്ഞിന് ആദ്യമായി വളയിടുന്ന സമയത്ത് ശർക്കരകൂട്ടി വിതരണം ചെയ്യുന്ന അരി; 2. വിവാഹത്തിലെ കാപ്പുകെട്ടുന്ന സമയത്ത് കയ്യിലെടുച്ചുകൊണ്ടിരിക്കുന്ന അരി

കാപ്പറ നാ. ഒന്നിനും കൊള്ളരുതാത്തവൻ

കാപ്പാടം [കാൽ-പാടം] നാ. കാലിലിടുന്ന ഒരു ആഭരണം

കാപ്പാത്തുക [കാപ്പ്-ആറ്റുക] ക്രി. 1. രക്ഷിക്കുക, അഭയം നൽകുക; 2. കാത്തുസൂക്ഷിക്കുക, നാശം വരുത്താതെ നോക്കുക, സമ്രക്ഷിക്കുക

കാപ്പി1 [അറ] നാ. 1. റുബിയേസി കുലത്തിൽപ്പെട്ടതും കാപ്പിക്കുരു ഉത്പാദിപ്പിക്കുന്നതുമായ ഒരിനം ചെടി (ആഫ്രിക്കയിലും അറേബ്യയിലും ആദ്യമായി കൃഷിചെയ്യപ്പെട്ട ഈ ചെടി ഉഷ്ണമേഖലാരാജ്യങ്ങളിൽ ഇപ്പോൾ സർവസാധാരണമാണ്);

2. കാപ്പിച്ചെടിയുടെ കുരു. കാപ്പിക്കുരു. അതു വറുത്തുപൊടിച്ച പൊടി കാപ്പിപ്പൊടി, അതുകൊണ്ടുണ്ടാക്കുന്ന പാനീയം; 3. കാപ്പി ഉൾപ്പെട്ടവിരുന്ന്, കാപ്പിസൽക്കാരം

കാപ്പി2,കോ– [ഇം.] നാ. മൂലഗ്രന്ഥത്തിൻെറ പകർപ്പ്, മുദ്രണം ചെയ്യപ്പെട്ടഗ്രന്ഥത്തിൻെറ പ്രതി. (പ്ര) കാപ്പി (കോപ്പി) എഴുതുക = പകർത്തി എഴുതുക, കയ്യക്ഷരം നന്നാക്കുവാനായി കുട്ടികൾ കടലാസ്സിൽ എഴുതിപരിശീലിക്കുക

കാപ്പിയൻ നാ. കാവ്യൻ (ശുക്രൻ)

കാപ്പിയം നാ. തമിഴ് കാവ്യം. അറം, പൊരുൾ, ഇൻപം, വീട് എന്നിവയെ പ്രതിപാദിക്കുന്നതും ഒരു നായകൻെറ ധീരകൃത്യങ്ങളെ വർണിക്കുന്നതുമായ കാവ്യം

കാപ്പിരി [അറ] നാ. 1. 1. ആഫ്രിക്കയിലെ ബൻറ്യുവർഗത്തിൽപ്പെട്ടവൻ, നീഗ്രോ (കറുത്തനിറം, ചുരുണ്ട കറുത്തമുടി പതുങ്ങിയ മൂക്ക്, തടിച്ചുന്തിയ ചുണ്ട് ഇവ വർഗ ലക്ഷണങ്ങൾ); 2. കാട്ടുജാതിക്കാരൻ, അപരിഷ്കൃതൻ, കാണാൻകൊള്ളരുതാത്തവൻ; 3. ഒരുതരം ദുർദേവത

കാപ്പിറൈറ്റ്,കോ– [ഇം.] നാ. പകർപ്പവകാശം

കാപ്പ് നാ. 1. കൈയിൽ ധരിക്കുന്ന ഒരാഭരണം (സ്വർണവും മറ്റും കൊണ്ട് കട്ടിയിൽ അൽപം പരത്തിപ്പണിയിച്ച് അറ്റങ്ങൾ പിരിയിട്ടുമുറുക്കി ധരിക്കുന്ന ആഭരണം, കൈവള); 2. ബ്രാഹ്മണർ തുടങ്ങിയ ചില ജാതിക്കാരുടെ ഇടയിൽ വിവാഹത്തിനുമുമ്പ് മന്ത്രപുരസ്സരം കൈയിൽക്കെട്ടുന്ന ചരട്, വേളിക്കാപ്പ്, കയ്യിൽ മന്ത്രം ജപിച്ചു കെട്ടുന്ന ചരട്. കാപ്പുകെട്ടുക = (ആല) തയ്യാറാകുക; 3. ദേവരൂപം വരത്തക്കവണ്ണം വിഗ്രഹത്തിൽ ചന്ദനം ചാർത്തൽ, കളഭം എണ്ണ മുതലായവ വിഗ്രഹത്തിലും മറ്റും അഭിഷേകം ചെയ്യൽ, പൂശൽ. ഉദാ: തൃക്കാപ്പ്, എണ്ണക്കാപ്പ്; 4. വാതിൽ; 5. കാവൽ, സമ്രക്ഷണം; 6. മതിക്കെട്ട്; 7. ഈശ്വര ഭജനം; 8. ഒരിനം മത്സ്യം; 9. മീൻപിടിക്കാൻവേണ്ടി കെട്ടിയടച്ച ജലാശയം ഉദാ: കാപ്പുകലക്കി മീൻപിടിക്കുക; 10. കെട്ടിയ ചിറയിൽനിന്നും മീൻ പിടിക്കാനുള്ള അവകാശം

കാപ്പുക്കാട് നാ. സമ്രക്ഷിതവനം, റിസർവ് വനം, ദ്രവ്യ വനം

കാപ്പൂട്ട് നാ. തണ്ട് വഞ്ചിയിൽ കെട്ടുന്നതിനുപയോഗിക്കുന്ന കയറ്

കാപ്പൂവ് [കാ–പൂവ്] നാ. കായുണ്ടാകുന്ന പൂവ്, പെൺപൂവ്

കാപ്പൊലി നാ. എഴുന്നള്ളത്ത്, വള്ളംകളി മുതലായവയുടെ വിജയം ആഘോഷിക്കുന്ന സന്ദർഭങ്ങളിൽ ആഹ്ലാദസൂചകമായി ഉത്തരീയം മുകളിലേക്കു വീശിയോ പൂക്കൾ വാരി മുകളിലേക്ക് എറിഞ്ഞോ നടത്തുന്ന ആർപ്പുവിളി

കാപ്യകര [സം.] വി. പാപം ഏറ്റുപറയുന്ന, ചെയ്ത പാപത്തെക്കുറിച്ച് ദു:ഖിക്കുന്ന, പശ്ചാത്തപിക്കുന്ന

കാപ്യകരം [സം.] നാ. പാപം ഏറ്റുപറച്ചിൽ, ചെയ്തപാപത്തെക്കുറിച്ചുള്ള ദു:ഖം, പശ്ചാത്താപം

കാഫർ,കാഫ്റ് നാ. = കാഫിർ

കാഫലം1 നാ. കായുണ്ടാകൽ, കാച്ചുണ്ടായ ഫലം, കായുത്പാദിപ്പിക്കുന്ന അവസ്ഥ, അതിനുള്ള കഴിവ്

കാഫലം2 [സം.കാ–ഫല] നാ. 1. കയ്ക്കുന്ന കായ്; 2. ദുഷ്ഫലം; 3. ചെറുകുമിഴ്; 4. ഭാരതത്തിൻെറ വടക്കു കിഴക്കൻ പ്രദേശങ്ങളിൽ കാണപ്പെടുന്ന ചെറിയ ഒരുതരം വൃക്ഷം, അതിൻെറ ഫലം

കാഫിർ,കാഫർ [അറ] നാ. 1. (ഈശ്വരനിൽ) വിശ്വാസമില്ലാത്തവൻ, നാസ്തികൻ; 2. ഒരു ആഫ്രിക്കൻ വർഗം, ആവർഗക്കാരൻ, കാപ്പിരി (സ്ത്രീ) കാഫ്രിച്ചി

കാബ [അറ] നാ. മക്കായിലുള്ള പ്രസിദ്ധ മുസ്ലിം ദേവാലയം

കാബിനറ്റ് [ഇം.] നാ. 1. മന്ത്രിസഭയിലെ ഏറ്റവും പ്രധാനപ്പെട്ട മന്ത്രിമാർ, അവരുടെ ആലോചനായോഗം; 2. ഫോട്ടോകളുടെയും മറ്റും ഒരു നിശ്ചിതവലിപ്പം

കാബേജ് [ഇം.] നാ. ഒരു മലക്കറി, മുട്ടക്കൂസ്

കാംബല [സം.] വി. കമ്പിളികൊണ്ടു മൂടിയ (വാഹനമെന്നപോലെ)

കാംബലികം [സം.] നാ. പുളിരസമുള്ള പാൽക്കഞ്ഞി, ബാർലിവെള്ളം

കാംബവികൻ നാ. 1. ശങ്ഖുവളയുണ്ടാക്കുന്നവൻ; 2. വളക്കച്ചവടക്കാരൻ

കാംബോജം നാ. 1. ഭാരതത്തിൻെറ വടക്കുപടിഞ്ഞാറുഭാഗത്തുള്ള ഒരുദേശം, അഫ്ഗാനിസ്ഥാൻെറ പൂർവഭാഗം; 2. കാംബോജദേശത്തിലുണ്ടായ കുതിര; 3. വെങ്കരിങ്ങാലി; 4. പുന്ന; 5. ഒരുജാതി ശങ്ഖ്; 6. ആന

കാംബോജി നാ. 1. കാട്ടുഴുന്ന്; 2. പെരുങ്കായം; 3. ചെമന്ന കുന്നി; 4. മഞ്ഞൾ; 5. കാർകോകിൽ; 6. പീനാറി; 7. (സങ്ഗീ) ഒരു ജന്യരാഗം, കാമോദരി

കാംഭോജം [സം.] നാ. 1. ശങ്ഖ്; 2. ആന; 3. കാംബോജദേശം

കാമ്മ്ശി [സം.] നാ. കിണ്ണം

കാംസികം [സം.] നാ. ഒരുവക വെള്ളോട്ടുപാത്രം

കാംസിയ [സം.] വി. കംസംകൊണ്ടുണ്ടാക്കിയ, വെള്ളോടുകൊണ്ടുണ്ടാക്കിയ

കാംസ്യകാരൻ നാ. മൂശാരി, കന്നാൻ

കാംസ്യബലം നാ. (സങ്ഗീ) ഒരു ഘനവാദ്യം

കാംസ്യം നാ. 1. വെള്ളോട്; 2. ചെമ്പ്; 3. കുടിക്കുവാനുപയോഗിക്കുന്ന ഓട്ടുപാത്രം; 4. ചേങ്ങില, കാംസ്യതാലം; 5. ഒരളവ്

കാമ1 [സം.കാമ<കമു] വി. 1. കാമനെ സംബന്ധിച്ച; 2. ആഗ്രഹിക്കുന്ന, അഭിലഷിക്കുന്ന; 3. (സമാസത്തിൽ) ആഗ്രഹമുള്ള, അഭിലാഷമുള്ള, ഉദാ:ഗോകാമ, ധർമകാമ, തൃക്ഷുകാമ. നാ. 1. ഇച്ഛ, ആഗ്രഹം; 2. പൃഥുശ്രവസ്സിൻെറ പുത്രി, അക്രോധനൻെറ മാതാവ്; 3. ഒരു അപ്സരസ്ത്രീ

കാമ2,കോമ [ഇം.] നാ. അൽപവിരാമ ചി ം, അങ്കുശം (,) എന്ന അടയാളം

കാമകല നാ. 1. കാമദേവൻെറ പത്നി, രതി; 2. കാമസംബന്ധിയായ കല, ആലിങ്ഗനം ചുംബനം തുടങ്ങിയ 64 കലകളിൽ ഒന്ന്

കാമകാമ,-മി നാ. കാമങ്ങളെ കാമിക്കുന്നവൻ, കാമാധീനനായി വിഷയങ്ങളെ ഇച്ഛിക്കുന്നവൻ

കാമകാര വി. ഇഷ്ടംപോലെ പ്രവർത്തിക്കുന്ന

കാമകാരം നാ. 1. ഇച്ഛാനുരൂപമായ പ്രവൃത്തി, തന്നിഷ്ടപ്രകാരമുള്ള നടപ്പ്, സ്വതന്ത്രമായ ചെയ്തി; 2. ആഗ്രഹം

കാമകിങ്കരൻ നാ. കാമത്തിന് അടിമപ്പെട്ടവൻ, കാമഭ്രാന്തൻ (സ്ത്രീ) കാമകിങ്കരി

കാമകൂടൻ [സം.-കൂട] നാ. വേശ്യയുടെ കാമുകൻ

കാമകൂടം [സം.–കൂട] നാ. വേശ്യാവൃത്തി
കാമകൃത്ത് വി. 1. സ്വേച്ഛപോലെ പ്രവർത്തിക്കുന്ന; 2. അഭീഷ്ടത്തെ പ്രദാനംചെയ്യുന്ന. നാ. അഭീഷ്ടമെല്ലാം ചെയ്യുന്നവൻ, ഈശ്വരൻ
കാമകേളി [സം.–കേലി] നാ. 1. രതിക്രീഡ, സുരതം; 2. കാമുകൻ; 3. നാടകത്തിലെ വിദൂഷകൻ
കാമകോടിപീഠം നാ. ശ്രീ ശങ്കരാചാര്യർ കാഞ്ചീപുരത്തു സ്ഥാപിച്ച ഒരു മഠം
കാമകോമരം നാ. കാമാവേശംകൊണ്ട് തുള്ളിച്ചാടുന്നവൻ
കാമകോഷ്ഠം നാ. 1. സുഖമുള്ള മുറി, ശയനാഗാരം, മുപ്പത്തിരണ്ടു ഉപദേവന്മാർക്കുള്ള അമ്പലങ്ങളിൽ ഒന്ന്
കാമക്രീഡ നാ. 1. രതിക്രീഡ, സംഭോഗം; 2. ഒരു വൃത്തം
കാമഖഡ്ഗദല നാ. പൊൻകൈത
കാമഗ1 വി. 1. യഥേഷ്ടം പ്രവർത്തിക്കുന്ന അല്ലെങ്കിൽ പോകുന്ന, ആത്മപ്രചോദനത്തെ അനുസരിക്കുന്ന; 2. ഇഷ്ടമ്പോലെ പോകുകയും വരികയും ചെയ്യുന്ന
കാമഗ2 നാ. 1. വ്യഭിചാരിണി; 2. കുയിൽപ്പെട
കാമഗതി വി. യഥേച്ഛംപോകുകയും വരികയും ചെയ്യുന്ന
കാമഗൻ നാ. യാദൃച്ഛികമായി വരുന്നവൻ, അപ്രതീക്ഷിത സന്ദർശകൻ
കാമഗാമി [സം.–ഗാമിൻ] വി. കാമഗതി
കാമഗുണം [സം.–ഗുണ] നാ. 1. സ്നേഹം, കാമം; 2. ഇന്ദ്രിയവിഷയമായത്
കാമചര,–ചാര വി. യഥേഷ്ടം സഞ്ചരിക്കുന്ന, സൈ്വരമായി അല്ലെങ്കിൽ സ്വതന്ത്രമായി നടക്കുന്ന
കാമചാരം [സം.–ചാര] നാ. 1. സ്വേച്ഛസഞ്ചാരം; 2. സ്വതന്ത്രമായ പ്രവൃത്തി; 3. തോന്നിയവാസം, തന്നിഷ്ടം; 4. കാമാസക്തി; 5. സ്വാർഥത
കാമചാരി നാ. 1. യഥേഷ്ടം സഞ്ചരിക്കുന്നവൻ, സ്വേച്ഛാനുസരണം പെരുമാറുന്നവൻ, തോന്നുംപോലെ പ്രവർത്തിക്കുന്നവൻ; 2. ദുർമാർഗി, തോന്നിയവാസം പ്രവർത്തിക്കുന്നവൻ; 3. കാമാസക്തൻ; 4. കാമിക്കുന്നവൻ; 5. ഗരുഡൻ; 6. കുരികിൽ
കാമജ വി. കാമംകൊണ്ടുണ്ടായ, കാമത്തിൽനിന്നുണ്ടായ
കാമജൻ [സം.] നാ. കാമദേവൻെറ പുത്രൻ, അനിരുദ്ധൻ
കാമജിത് വി. കാമത്തെ ജയിക്കുന്ന, കാമനെ ജയിക്കുന്ന. നാ. 1. സ്കന്ദൻ; 2. ശിവൻ; 3. ബുദ്ധൻ; 4. മാക്കിരക്കല്ല്
കാമജ്വരം നാ. ഒരുതരം ആഗന്തുകജ്വരം, കാമാവേശംകൊണ്ടുണ്ടാകുന്നത്
കാമൺവെൽത്ത് [ഇം.] നാ. സ്വതന്ത്ര ജനത, ജനായത്തഭരണം, ഇങ്ഗ്ലണ്ടിലെ ജനായത്തഭരണം, പൊതുവായതാത്പര്യങ്ങളുള്ള ജനസമൂഹം അല്ലെങ്കിൽ രാഷ്ട്രസമൂഹം
കാമൺസ്സഭ [ഇം.] നാ. ജനകീയ സഭ, ഇങ്ഗ്ലണ്ടിലെ ജനായത്തസഭ, പാർലമെൻറിൻെറ അധോമണ്ഡലം
കാമതന്ത്രം നാ. = കാമശാസ്ത്രം
കാമതരു നാ. കാമങ്ങളെ നൽകുന്ന വൃക്ഷം, കൽപകവൃക്ഷം

കാമത: [സം.-ത:] അവ്യ. 1. സേ്വച്ഛയാ, യഥേഷ്ടം; 2. അറിഞ്ഞുകൊണ്ട്, മന:പൂർവം; 3. കാമാസക്തികൊണ്ട്; 4. സൈ്വരമായി, സ്വതന്ത്രമായി

കാമതാപം [സം.-താപ] നാ. കാമംനിമിത്തമുള്ള അസ്വാസ്ഥ്യം, കാമജ്വരം.

529

കാമതാലം [സം.-താല] നാ. കുയിൽ

കാമത്രയോദശി നാ. ചൈത്രമാസത്തിലെ വെളുത്തപക്ഷത്രയോദശിയിൽ കാമദേവൻെറ പ്രീതിക്കുവേണ്ടി അനുഷ്ഠിക്കുന്ന ഒരു വ്രതം

കാമദ1 [സം.കാമ-ദ<ദാ] വി. കാമത്തെ നൽകുന്ന, ഇഷ്ടമുള്ളതിനെക്കൊടുക്കുന്ന

കാമദ2 നാ. 1. കാമധേനു; 2. സകന്ദനെ സേവിച്ച മാതൃക്കളിൽ ഒന്ന്

കാമദണ്ഡ് നാ. പുരുഷലിങ്ഗം

കാമദൻ നാ. 1. ശിവൻ; 2. സുബ്രഹ്മണ്യൻ

കാമദർശന വി. കാണാൻ ഭങ്ഗിയുള്ള

കാമദശകൾ നാ. (ബ.വ.) കാമത്തിനുണ്ടാകുന്ന പത്തവസ്ഥകൾ

കാമദഹനൻ നാ. ശിവൻ

കാമദഹനം നാ. ഫാൽഗുനമാസത്തിലെ പൗർണമിദിവസം ആഘോഷിക്കുന്ന ഒരു ഉത്സവം

കാമദാനം നാ. ആഗ്രഹിക്കുന്നതെന്തും കൊടുക്കൽ, തൃപ്തിയാകുന്നതുവരെയുള്ള ദാനം

കാമദുഘ1 [സം.-ദുഘ<ദുഹ്] വി. കാമത്തെ നൽകുന്ന, എല്ലാ ആഗ്രഹങ്ങളെയും പ്രദാനംചെയ്യുന്ന

കാമദുഘ2 [സം.-ദുഘാ] നാ. 'ആഗ്രഹിക്കുന്നതെല്ലാം നൽകുന്നവൾ', കാമധേനു

കാമദൂതി(ക) നാ. 1. കുയിൽപ്പേട; 2. നാഗദന്തി; 3. പാതിരി

കാമദേവൻ നാ. 1. കാമൻ; 2. ശിവൻ; 3. വിഷ്ണു

കാമദോഗ്ധ്രി നാ. = കാമധേനു

കാമധ്വംസി നാ. കാമനെ നശിപ്പിച്ചവൻ, ശിവൻ

കാമധേനു നാ. അഭീഷ്ടങ്ങളെല്ലാം നൽകുന്ന ദിവ്യപശു

കാമധേനുദാനം നാ. കാമധേനുവിൻെറ സ്വർണപ്രതിമയുണ്ടാക്കിച്ചെയ്യുന്ന ദാനകർമം

കാമൻ നാ. 1. ഹൈന്ദവപുരാണങ്ങളിൽ വർണിക്കപ്പെട്ടിരിക്കുന്ന പ്രേമത്തിൻെറ അധിഷ്ഠാനദേവത; 2. അഗ്നി; 3. വിഷ്ണു; 4. ശിവൻ; 5. ബലരാമൻ; 6. പരമാത്മാവ്; 7. (ജ്യോ) ഏഴാംഭാവം

കാമന1 [സം.] വി. കാമാസക്തിയുള്ള

കാമന2 കാമനാ] നാ. ആഗ്രഹം, ഇച്ഛ, കാമം

കാമനൻ [സം.] നാ. ലൈങ്ഗികാസക്തിയുള്ളവൻ, കാമുകൻ

കാമനാശകൻ നാ. ശിവൻ

കാമനീയകം [സം.] നാ. കമനീയത, സൗന്ദര്യം

കാമന്ദകി [സം.] നാ. കാമന്ദകൻെറ പുത്രൻ നീതിസാരം എന്ന നീതിശാസ്ത്രത്തിൻെറ കർത്താവ്

കാമന്ദകീയ [സം.] വി. കാമന്ദകിയെ സംബന്ധിച്ച അല്ലെങ്കിൽ കാമന്ദകിയാൽ നിർമിക്കപ്പെട്ട
കാമന്ധമി [സം.-ധമിൻ] നാ. ഓട് പിച്ചള മുതലായ ലോഹങ്ങൾകൊണ്ട് പണിചെയ്യുന്നവൻ, കന്നാൻ, മൂശാരി
കാമപത്നി [സം.-പത്നി] നാ. കാമൻെറ ഭാര്യ, രതീദേവി
കാമപാലൻ [സം.-പാല] നാ. 1. വിഷ്ണു; 2. ശിവൻ; 3. ബലരാമൻ
കാമപ്രദ വി. അഭീഷ്ടങ്ങളെ പ്രദാനംചെയ്യുന്ന. നാ. സർവേശ്വരൻ
കാമപ്രശ്നം നാ. യഥേഷ്ടമായ ചോദ്യം, സ്വതന്ത്രമായ ചോദ്യം
കാമബാണം നാ. കാമദേവൻെറ അസ്ത്രം (അരവിന്ദം, അശോകം, ചൂതം, നവമാലിക, നീലോൽപലം ഇവയിൽ ഒന്ന്)
കാമവിഭ്രാന്ത് നാ. അതിരുകവിഞ്ഞുള്ള കാമവികാരംകൊണ്ട് ഉണ്ടാകുന്ന ഭ്രാന്ത്
കാമഭീരുകം [സം.] നാ. കർണമധ്യത്തിലുള്ള ഒരു മർമം
കാമം1 [സം.] നാ. 1. ഇച്ഛ, ആഗ്രഹം, അഭിലാഷം; 2. സ്നേഹം, പ്രേമം; 3. ഇച്ഛരിക്കപ്പെടുന്നത്, സ്നേഹിക്കപ്പെടുന്ന അല്ലെങ്കിൽ സുഖപ്രദമായ വസ്തു; 4. വിഷയേച്ഛ, പുരുഷാർഥങ്ങളിൽ മൂന്നാമത്തേത്; 5. കാമക്രോധലോഭമോഹമദമാത്സര്യങ്ങൾ എന്ന ഷഡ്വർഗത്തിൽ ഒന്ന്; 6. ലൈങ്ഗിക സുഖാനുഭവത്തിനുള്ള ആഗ്രഹം; 7. കാമവികാരം; 8. സുഖം, സുഖാനുഭവം; 9. ഫലാകാംക്ഷ; 10. പന്തയ വസ്തു; 11. ഒരുജാതി മാവ്; 12. ഒരു പുണ്യതീർഥം; 13. ക്രൗഞ്ചപർവതത്തിൻെറ ഒരു ശിഖരം; 14. ശുക്ലം; 15. ഒരുതരം ക്ഷേത്ര മാതൃക; 16. (ജ്യോ) ഏഴാംഭാവം
കാമം2 [സം.] അവ്യ. 1. ഇഷ്ടംപോലെ; 2. വേണ്ടുവോളം; 3. ശരി, കൊള്ളാം, ആകട്ടെ; 4. എങ്ങനെയെങ്കിലും; 5. സന്തോഷപൂർവം; 6. വാസ്തവത്തിൽ
കാമമന്ഥം [സം.-മന്ഥ] നാ. ഉലുവ
കാമമഹം നാ. ചൈത്രമാസത്തിലെ പൗർണമിദിവസം കാമദേവനെ ഉദ്ദേശിച്ചു നടത്തുന്ന ഒരു മഹോത്സവം
കാമമാലി നാ. ഗണപതി
കാമമൂഢ വി. കാമംകൊണ്ട് വിവേകംനശിച്ച
കാമമോദി [സം.-മോദിൻ] നാ. കസ്തൂരി
കാമമോഹിത വി. കാമംകൊണ്ട് മയക്കപ്പെട്ട, കാമംകൊണ്ട് വിവേകം നശിച്ച
കാമയമാന വി. കാമമുള്ള, ആഗ്രഹമുള്ള, കാമിക്കുക സീലമുള്ള, കാമാസക്തിയുള്ള
കാമയാന വി. = കാമയമാന
കാമയിതാ(വ്) [സം.കാമയിതൃ] നാ. 1. കാമുകൻ; 2. കാമാസക്തൻ (സ്ത്രീ) കാമയിത്രി
കാമർധി [സം.കാമ-ർദ്ധി] നാ. കാമവൃദ്ധി, കാമവർധന
കാമരം1 നാ. കായുള്ള മരം, ഫലവൃക്ഷം; 2. അകിൽ; 3. ആൽ; 4. അടുപ്പ്; 5. അത്തം നക്ഷത്രം; 6. പാട്ട്, സങ്ഗീതം; 7. (സങ്ഗീ) ഒരു രാഗം

കാമരം2 നാ. 1. അറുക്കാനുള്ള തടി പൊക്കിവയ്ക്കാനുള്ള പടങ്ങ്, ഇഴയും കാലും; 2. കാവടിത്തണ്ട്
കാമരസം നാ. 1. ശുക്ലം; 2. കാമസുഖാസ്വാദനം, വിഷയസുഖാനുഭവം, കാമസുഖാഭിലാഷം
കാമരസിക വി. കാമാസക്തിയുള്ള, സുരതാദികളിൽ ആസ്വാദ്യതകാണുന്ന
കാമരിപു നാ. ശിവൻ
കാമരൂപ വി. 1. ഇഷ്ടംപോലെ ഏതുരൂപവും കൈക്കൊള്ളുന്ന; 2. മനോഹരമായ
കാമരൂപൻ [സം.] നാ. 1. യഥേഷ്ടം രൂപംസ്വീകരിക്കുന്നവൻ; 2. ദേവൻ
കാമരൂപം നാ. 1. ബങ്ഗാളിൻെറ കിഴക്കും ആസാമിൻെറ പടിഞ്ഞാറുമായി കിടക്കുന്ന ഒരു ദേശം; 2. യഥേഷ്ടം സ്വീകരിക്കുന്ന രൂപം
കാമരൂപി വി. 1. ഇച്ഛപോലെ ഏതുരൂപവും കൈക്കൊള്ളുന്ന; 2. കാമദേവനെപ്പോലെ മനോഹരരൂപമുള്ള. നാ. 1. വെരുക്; 2. പന്നി; 3. (സങ്ഗീ) ഒരു ജന്യരാഗം
കാമരൂപിത നാ. ഇഷ്ടാനുസരണം രൂപംകൈക്കൊള്ളുന്നസ്ഥിതി
കാമരേഖ നാ. 1. പ്രേമലേഖനം; 2. വേശ്യ, ദാസി
കാമല വി. അധികം കാമവികാരമുള്ള. നാ. = കാമില
കാമലത നാ. പുരുഷലിങ്ഗം
കാമലം നാ. 1. വസന്തം; 2. മരുഭൂമി; 3. കാമില
കാമലാഭം നാ. ആഗ്രഹം നിറവേറ്റൽ, ഇഷ്ടസിദ്ധി
കാമലി വി. മഞ്ഞപ്പിത്തം ബാധിച്ച
കാമലിക നാ. 1. ലഹരിയുൾല മദ്യം; 2. തിന
കാമലീല നാ. കാമക്രീഡ
കാമലേഖ1 നാ. = കാമരേഖ
കാമലേഖ2 നാ. അനുരാഗസൂചകമായ എഴുത്ത്, പ്രേമലേഖനം
കാമലോല വി. വിഷയസുഖത്തിൽ താത്പര്യമുള്ള
കാമവതി നാ. 1. ഉത്കടമായ കാമമുള്ള സ്ത്രീ; 2. മരമഞ്ഞൾ
കാമവത്ത് വി. കാമമുള്ള, കാമവികാരമുള്ള
കാമവർധിനി നാ. (സങ്ഗീ) ഒരു രാഗം
കാമവല്ലഭ നാ. ചന്ദ്രിക, നിലാവ്
കാമവല്ലഭൻ നാ. ചന്ദ്രൻ
കാമവല്ലഭം നാ. 1. മാവ്; 2. വണ്ടാരംകോഴി; 3. വസന്തം; 4. ലവങ്ഗമരം
കാമവികാരം നാ. സ്ത്രീപുരുഷന്മാർക്ക് പരസ്പരസങ്ഗമത്തിനു തോന്നുന്ന അഭിനിവേശം, സംഭോഗതൃഷ്ണയാൽ പ്രേരിതമായ വികാരം
കാമവീര്യൻ നാ. ഗരുഡൻ
കാമവൃത്ത വി. ദുരാചാരിയായ
കാമവൃദ്ധി നാ. 1. കാമവികാരത്തിൻെറ ആധിക്യം; 2. കാമോദ്ദീപനഗുണമുള്ള ഒരു ഔഷധം
കാമവൃന്ത,-ന്തം നാ. പൂപ്പാതിരി

കാമവൈരി നാ. ശിവൻ
കാമശരം നാ. 1. = കാമബാണം; 2. മാവ്
കാമശരീരം നാ. മനുഷ്യനു ഭുവർലോകത്തിലുള്ള ശരീരം
കാമശസ്ത്രം നാ. കാമകലയെ ആധാരമാക്കിയുള്ള ശസ്ത്രം, വാത്സ്യായനൻ തുടങ്ങിയവർ രചിച്ചത്
കാമസഖൻ [സം.-സഖ] നാ. വസന്തം
കാമസഖം നാ. 1. വസന്തം; 2. ചൈത്രമാസം; 3. തേന്മാവ്, മാവ്
കാമസുരഭി നാ. = കാമധേനു
കാമസൂ വി. അഭീഷ്ടങ്ങളെ നൽകുന്ന. നാ. 1. രുഗ്മിണി; 2. ശ്രീകൃഷ്ണൻ
കാമസൂത്രം നാ. കാമകലയെക്കുറിച്ചു വാത്സ്യായനമഹർഷി രചിച്ച ഗ്രന്ഥം
കാമാക്ഷി നാ. ശ്രീപാർവതി, കാഞ്ചീപുരത്തിൽ പ്രതിഷ്ഠിക്കപ്പെട്ട ദേവത
കാമാക്ഷിപ്പുല്ല് നാ. കർപ്പൂരപ്പുല്ല്, കാവട്ട
കാമാഖ്യ നാ. ദുർഗ
കാമാഗ്നി നാ. വികാരാധിക്യം, ശക്തിയായ കാമവികാരം
കാമാങ്കുശം നാ. 1. കാമദേവൻെറ തോട്ടി (കാമികളെ വശപ്പെടുത്തുന്നത്); 2. കൈവിരലിലെ നഖം; 3. പുരുഷലിങ്ഗം
കാമാട്ടി നാ. 1. മണ്ണുവെട്ടുന്നവൻ, കൂലിക്കാരൻ; 2. കല്ലാശാരി; 3. മണ്ടൻ; 4. തെലുങ്കിൻെറ ഒരു ദേശ്യഭേദം
കാമാതുര1 വി. കാമംകൊണ്ടു വലഞ്ഞ, കാമപരവശനായ
കാമാതുര2 നാ. ദുർഗ
കാമാത്മജൻ നാ. അനിരുദ്ധൻ (കാമദേവൻെറ അംശഭൂതനായ പ്രദ്യുമ്നൻെറ മകൻ)
കാമാത്മാ(വ്) നാ. കാമി, വിഷയാസക്തൻ, ഉത്കടമായ കാമവികാരമുള്ളവൻ
കാമാദിഷട്കം നാ. കാമം, ക്രോധം, ലോഭം, മോഹം, മദം, മാത്സര്യം എന്നീ ആറെണ്ണം, ഷഡ്വർഗം
കാമാനന്ദ നാ. കസ്തൂരി
കാമാന്തകൻ നാ. = കാമദഹനൻ
കാമാന്തം അവ്യ. തൃപ്തിയാവോളം, ഇഷ്ടമുള്ളത്ര
കാമാന്ധ വി. 1. കാമംകൊണ്ടു കാഴ്ച ഇല്ലാതായ; 2. വികാരാധിക്യത്താൽ വിവേചനശക്തി നഷ്ടപ്പെട്ട. നാ. കസ്തൂരി
കാമാന്ധം നാ. 1. കുയിൽ, 2. പരുന്ത്
കാമാങ്ഗം നാ. മാവ്
കാമായുസ്സ് നാ. 1. കഴുകൻ; 2. ഗരുഡൻ
കാമായുധം നാ. 1. കാമദേവൻെറ ആയുധം; 2. പുരുഷലിങ്ഗം
കാമാർത്ത വി. കാമാതുര
കാമാർത്തി നാ. കാമവികാരത്താലുള്ള പാരവശ്യം

കാമാരി നാ. 1. ശിവൻ; 2. പൊൻനിറമുള്ള മാക്കീരക്കല്ല്; 3. ദുർഗ
കാമാല നാ. = 1. കാമല; 2. സങ്കടം
കാമാലി നാ. പിത്തംബാധിച്ച ആൾ
കാമാലിക നാ. മദ്യം
കാമാവതാരം നാ. പ്രത്യുമ്നൻ
കാമാവശായിത നാ. അഷ്ടൈശ്വര്യങ്ങളിൽ ഒന്ന്
കാമാശ് നാ. = കമാശ്
കാമാഹ്വം [സം.കാമ-ആഹ] നാ. തേന്മാവ്
കാമി വി. 1. ആഗ്രഹിക്കുന്ന, കാമമുള്ള; 2. സ്നേഹമുള്ള, താത്പര്യമുള്ള; 3. സംഭോഗേച്ഛയോടുകൂടിയ. നാ. 1. കാമുകൻ, സ്ത്രീകളിൽ അനുരാഗമുൾലവൻ, വിഷയാസക്തൻ; 2. വികാരാധീനനായ ഭർത്താവ്; 3. ശിവൻ, ചന്ദ്രൻ; 4. വണ്ടാരംകോഴി; 5. ചക്രവാളം; 6. മാടപ്രാവ്; 7. കാട്ടുപ്രാവ്; 8. കുരുവി; 9. ഇടവകം; 10. പരമാത്മാവ്

531

കാമികം [സം.] നാ. 1. കുളക്കോഴി; 2. കാട്ടുതാറാവ്; 3. ഇരുപത്തെട്ടു ശൈവാഗമങ്ങളിലൊന്ന്
കാമിക്കുക ക്രി. 1. ആശിക്കുക, ഇച്ഛിക്കുക; 2. സ്ത്രീപുരുഷനെയോ പുരുഷൻ സ്ത്രീയെയോ ആഗ്രഹിക്കുക, പ്രേമിക്കുക
കാമിത [സം.] വി. ആഗ്രഹിക്കപ്പെട്ട, കാമിക്കപ്പെട്ട. നാ. കാമം, ആഗ്രഹം
കാമിതം നാ. ആഗ്രഹം, ആശ
കാമിനി നാ. 1. കാമിക്കുന്നവൾ, വലരെകാമമുള്ളവൾ, യൗവനമ്പ്രാപിച്ചവൾ; 2. സ്ത്രീ, സുന്ദരി, വിലാസിനി; 3. സ്നേഹമുൾലസ്ത്രീ, ഭാര്യ; 4. ഭീരുവായസ്ത്രീ; 5.മദ്യം; 6. മരമഞ്ഞൾ; 7. ഇത്തിക്കണ്ണി; 8. അശ്വക്രാന്ത എന്നവിഭാഗത്തിൽപ്പെട്ട തന്ത്രങ്ങളിലൊന്ന്
കാമില നാ. മഞ്ഞപ്പിത്തം, കാമല
കാമിലി നാ. കാമിലരോഗമുള്ളവൻ
കാമുക1 വി. 1. ഏതെങ്കിലും വസ്തു കിട്ടുവാനാഗ്രഹിക്കുന്ന, ഇഷ്ടപ്പെടുന്ന; 2. സംഭോഗേച്ഛയുള്ള, പ്രേമമുള്ള
കാമുക2 നാ. പുഷ്പം, ആഭരണം, ധനം തുടങ്ങിയവയിൽ കാങ്ക്ഷയുൾലവൾ
കാമുകകാന്ത നാ. മാധവീലത, കുരുക്കുത്തി മുല്ല
കാമുകൻ നാ. പ്രേമമുള്ളവൻ, ഭർത്താവ്, പ്രിയൻ
കാമുകം നാ. 1. കുരുക്കുത്തിമുല്ല; 2. ഞാഴൽ; 3. മലവേപ്പ്; 4. അശോകം; 5. കുരുകിൽപ്പക്ഷി; 6. കാട്ടുപ്രാവ്; 7. ചക്രവാകം; 8. വില്ല്
കാമുകി നാ. 1. കാമാവേശമുള്ളവൾ, സംഭോഗേച്ഛയോടെ പുരുഷനെ സ്നേഹിക്കുന്നവൾ, പ്രേമമുള്ളവൾ; 2. പ്രിയ, ഭാര്യ; 3. നീർക്കോഴി; 4. വെള്ളിൽപ്പക്ഷി
കാമേശ്വരൻ നാ. 1. കുബേരൻ; 2. പരമാത്മാവ്, ശിവൻ
കാമേശ്വരി നാ. ശ്രീപാർവതി

കാമേഷു [സം.-ഇഷു] നാ. = കാമബാണം
കാമോദരി [സം.കാമോദരീ] നാ. (സങ്ഗീ) ഒരു രാഗം, കർണാടകസങ്ഗീതത്തിലെ കാംബോജി എന്ന രാഗത്തിനു കഥകളിയിൽ ഉള്ളപേര്
കാമോദ്ദീപക വി. കാമത്തെ ഉദ്ദീപിപ്പിക്കുന്ന, വർദ്ധിപ്പിക്കുന്ന
കാമോപധ [സം.-ഉപാധാ] നാ. മന്ത്രിമാരുടെ സ്വഭാവശുദ്ധിപരിശോധീക്കുവാൻ പ്രയോഗിക്കുന്ന ഉപായങ്ങളിലൊന്ന്. അമാത്യരുടെ അടുക്കൽ സന്യാസിനികളെവിട്ട് ഉള്ളുകള്ളികൾ മനസ്സിലാക്കൽ
കാമ്പറ നാ. തോക്കിൽ കരിമരുന്ന് നിറയ്ക്കുന്ന ഭാഗം
കാമ്പിത്താൻ നാ. കാമ്പിയിൽ വീട്ടുകാരൻ, മണ്ണടി ഭഗവതിക്ഷേത്രത്തിലെ വെളിച്ചപ്പാട്, ആ ക്ഷേത്രത്തിലെ ഭരണാധികാരി
കാമ്പില്ല [സം.കാമ്പില്യ] നാ. 1. കമ്പിപ്പാല; 2. ഉത്തരേന്ത്യയിലെ ഒരു പ്രദേശം
കാമ്പ്1 നാ. തണ്ട് (പൂവിൻെറയും ഇലയുടെയും) ഞെട്ട്. ഉദാ: ഇലക്കാമ്പ്, മുലക്കാമ്പ്
കാമ്പ്2 നാ. 1. ഉള്ള്, ഉൾഭാഗം; 2. മുഖ്യമായ അംശം, സത്ത്; 3. ഏറ്റവും ഉള്ളിലുള്ള വസ്തു, കാതൽ; 4. സസ്യങ്ങളുടെയും മറ്റും ഉള്ളിലുള്ള തണ്ട്. ഉദാ: ചെടിക്കാമ്പ്, വാഴക്കാമ്പ്; 5. അമ്പിൻെറ ചിറക്; 6. പട്ടുടയാട
കാമ്പൂരം,-രി നാ. ദുർബലമായവസ്തു, കിട്ടാച്ചരക്ക്
കാമ്പൂറ്റം നാ. ഉൾക്കരുത്ത്
കാമ്യ1 [സം.കാമ്യ] വി. 1. കാമിക്കുവാൻ യോഗ്യമായ, ആഗ്രഹിക്കത്തക്ക; 2. മനോഹരമായ; 3. ഐച്ഛികമായ, ഫലത്തെ ഉദ്ദേശിച്ചുചെയ്യുന്ന, ഉദാ: കാമ്യകർമം
കാമ്യ2 [സം.കാമ്യാ] നാ. 1. ആഗ്രഹം, ഉദ്ദേശ്യം, അഭിസന്ധി. ഉദാ: പുത്രകാമ്യ; 2. ഒരു അപ്സരസ്സ്; 3. പശു; 4. പ്രിയവ്രതൻെറ പത്നി, കർദമപ്രജാപതിയുടെ മകൾ
കാമ്യകം നാ. 1. ഒരു പുണ്യസ്ഥലം, ഖാണ്ഡവപ്രസ്ഥത്തിൻെറ പടിഞ്ഞാറുഭാഗം; 2. ഒരു സരസ്സ്; 3. അഞ്ചുവിധം ശ്രാദ്ധങ്ങളിലൊന്ന്
കാമ്യകർമം [സം.-കർമൻ] നാ. ഉദ്ദിഷ്ടകാര്യലാഭത്തിനുവേണ്ടി ചെയ്യുന്ന കർമം, ഫലാപേക്ഷയോടുകൂടിയ കർമം
കാമ്യത,-ത്വം നാ. കാമിക്കത്തക്ക അവസ്ഥ, ആകർഷണീയത, സൗന്ദര്യം
കാമ്യദാനം നാ. 1. ആഗ്രഹിച്ചതുകൊടുക്കൽ; 2. ഇഷ്ടദാനം; 3. ഫലത്തെ ഉദ്ദേശിച്ചുകൊണ്ടു ചെയ്യുന്ന ദാനം; 4. കാമ്യങ്ങളായ വസ്തുക്കളുടെ ദാനം (തുലാപുരുഷ ദാനം തുടങ്ങിയവ)
കാമ്യം നാ. 1. കാമിക്കത്തക്കത്, ആഗ്രഹിക്കത്തക്ക കാര്യം; 2. പുത്രപ്രാപ്തി, രോഗമുക്തി തുടങ്ങിയ ഏതെങ്കിലും ഫലത്തെ ഉദ്ദേശിച്ച് അനുഷ്ഠിക്കുന്ന കർമം, കാമ്യകർമം; 3. മൂന്നുതരം ശ്രാദ്ധങ്ങളിൽ ഒന്ന്; 4. വേങ്ങ
കാമ്യമരണം [സം.-മരണ] നാ. ആത്മഹത്യ
കാമ്യസ്നാനം നാ. ആറുവിധം സ്നാനങ്ങളിലൊന്ന്, ആഗ്രഹസിദ്ധിക്കുവേണ്ടി പുണ്യതീർഥങ്ങളിൽ ചെയ്യുന്ന സ്നാനം
കാമ്യാങ്ഗി [സം.-അങ്ഗി] നാ. സുന്ദരി
കാമ്യേഷ്ടി നാ. ഫലേച്ഛയോടുകൂടിച്ചെയ്യുന്ന യാഗകർമം

കായ്,-യ,-യി നാ. 1. പുഷ്പത്തിലെ ഗർഭകോശം വളർന്നു പാകമായിത്തീരുന്ന വസ്തു, ഫലം. ഉദാ: തേങ്ങാ, മാങ്ങാ, വാഴയ്ക്കാ, ഏലക്കായ് ഇത്യാദി; 2. വാഷയ്ക്കാ; 3. കായ്പോലെയുള്ള വസ്തു; 4. ചൂതുകളിക്കുള്ള കുരു; 5. തഴമ്പുപാട്

കായ്കനി നാ. കായും കനിയും, പച്ചയും പഴുത്തതുമായ ഫലങ്ങൾ

കായ്കറി നാ. കറിയ്ക്കുള്ള കായ്, കിഴങ്ങു മുതലായവ, പച്ചക്കറി, മലക്കറി

കായ്ക്കുക ക്രി. 1. വൃക്ഷലതാദികൾ പൂത്തു ഫലമുണ്ടാവുക, കായുണ്ടാകുക. പൊന്നുകായ്ക്കുന്ന മരവും പുരയിൽ കവിഞ്ഞാൽ വെട്ടണം (പഴ); 2. പാടുവീഴുക, തഴമ്പുണ്ടാവുക. ഉദാ: കൈ കായ്ക്കുക, തോളു കായ്ക്കുക

കായ്തുരപ്പൻ നാ. ഒരുതരം കീടം. ഇതിൻെറ ശലഭം കായ്കളിൽ മുട്ടയിടുകയും വിരിഞ്ഞുണ്ടാകുന്ന പുഴുക്കൾ കായ്കൾതുരന്ന് അകത്തുകയറി വിത്തുതിന്ന് വളരുകയും ചെയ്യുന്നു

കായ്ദ [അറ.കായദാ] നാ. 1. മുറ, വഴക്കം, ആചാരം; 2. പ്രാഥമിക പാഠപുസ്തകം

കായ്നീർ നാ. കാഞ്ഞവെള്ളം, ചൂടുവെള്ളം

കായ്പ് നാ. കായ്ക്കൽ, കായുണ്ടാകൽ

കായ്വ് നാ. അനപ്പ്, ചൂട്

കായ്വള്ളി നാ. 1. വെറ്റിലവള്ളി; 2. കാട്ടുവള്ളി, കാച്ചിൽ

കായക വി. = കായിക

കായകൽപം നാ. വാർധക്യം ബാധിച്ചവർക്കു ഓജസ്സ് വീണ്ടെടുക്കാനും യൗവനം ലഭിക്കാനും വേണ്ടിയുള്ള ഒരു പ്രത്യേക ചികിത്സാരീതി

കായക്കഞ്ഞി നാ. 1. ചൂടുള്ള കഞ്ഞി; 2. മുളയരിക്കഞ്ഞി

കായക്കണ്ടൽ നാ. കായൽ പ്രദേശങ്ങളിൽ വളരുന്ന ഒരുതരം മരം

കായക്കം നാ. മയക്കം, കാമപാരവശ്യത്താലുണ്ടാകുന്ന മോഹം

കായക്കരണം നാ. ശരീരംകൊണ്ടു കാട്ടുന്ന അടവ്, മെയ്യഭ്യാസം

കായക്കരിക്കാടി നാ. = കായക്കഞ്ഞി

കായക്കറ [കായ-കറ] നാ. ഏതെങ്കിലും കായിൽനിന്നെടുക്കുന്ന പശ. ഉദാ: പനച്ചിക്കായക്കറ

കായക്ലേശം നാ. അധ്വാനംകൊണ്ട് ശരീരത്തിനുണ്ടാകുന്ന ക്ഷീണം, പീഡ

കായങ്കുളം നാ. കൊല്ലത്തിനു വടക്കുള്ള ഒരു പുരാതനദേശം, പഴയ ഓടനാട്, ഓടനാടിൻെറ പിൽക്കാല തലസ്ഥാനം. കായങ്കുളംകൊച്ചുണ്ണി = 1. കായങ്കുളത്തു ജനിച്ച പേരുകേട്ട ഒരു തസ്കരപ്രമാണി; 2. മികച്ച കള്ളൻ; കായങ്കുളം വാൾ = 1. രണ്ടുവശവും മൂർച്ചയുള്ള വാൾ; 2. തരംനോക്കി ഇരുകക്ഷികളിലും ചേരുന്ന ആൾ

കായചികിത്സ നാ. ആയുർവേദചികിത്സയുടെ എട്ടുവിഭാഗങ്ങളിൽ ഒന്ന് ശരീരത്തെ ബാധിക്കുന്ന രോഗങ്ങളുടെ ചികിത്സയെ പ്രതിപാദിക്കുന്ന ഭാഗം

കായതം,-സം നാ. = കായിതം

കായധാന്യം നാ. 1. പയർവർഗം, കതിരിൽനിന്നല്ലാതെ കായ്കളിൽനിന്ന് കിട്ടുന്ന ധാന്യം; 2. ധാന്യം (സാമാന്യാർഥത്തിൽ)

കായപണം നാ. മരുമക്കത്തായക്കാരായ മുസ്ലിങ്ങൾ മകളുടെ വിവാഹാവസരത്തിൽ വരനു നൽകുന്ന പണം, വസ്തുവക തുടങ്ങിയവ

കായപ്പുളി നാ. കുരുമുളക്, വാളൻപുളി, ജീരകം, കായം, ഉപ്പ് ഇവ കൂട്ടിയരച്ചുണ്ടാക്കുന്ന ചമ്മന്തി

കായപ്രതിമ നാ. ലോഹാദികൾകൊണ്ട് ഉണ്ടാക്കിവയ്ക്കുന്ന ആൾരൂപം. ഉദാ: പൂർണകായപ്രതിമ

കായബന്ധനം നാ. 1. ഉടഞ്ഞാൺ; 2. ശുക്ലശോണിതങ്ങളുടെ ചേർച്ച

കായബലനം [സം.-ബലന] നാ. = കായവലനം

കായബലം [സം.-ബല] നാ. ശരീരശക്തി

കായം1 [സം.] നാ. 1. 'അന്നപാനാദികൊണ്ടു വർധിക്കുന്നത്', ശരീരം; 2. (വൃക്ഷത്തിൻെറ) തായ്ത്തടി; 3. വീണയുടെ തണ്ട്; 4. മോതിരവിരലിൻെറയും ചെറുവിരലിൻെറയും മുരട്, കായതീർഥം, ഈ പ്രദേശത്തിനു കൻ (പ്രജാപതി) ദേവനായതിനാൽ പ്രജാപതിതീർഥം (ബ്രഹ്മതീർഥം) എന്നുപേര്; 5. പ്രാജാപത്യവിവാഹം; 6. കൂട്ടം, സമൂഹം; 7. വാസസ്ഥലം; 8. ലക്ഷ്യം, ഉന്നം; 9. പ്രാപ്യമായ വസ്തു; 10. സ്വഭാവം, പ്രകൃതി; 11. മൂലധനം; 12. പ്രധാനനഗരം

കായം2 നാ. മണവും രുചിയുമുള്ള ഒരു ഔഷധദ്രവ്യം, ഒരു ജാതി ചെടിയുടെ വേരിനോടടുത്തുള്ള തണ്ടിൽനിന്ന് ഊറിവരുന്ന പശകലർന്ന കറ, കറിക്കായം (പെരുങ്കായം), പാൽക്കായം എന്നു പലതരം. (പ്ര) കടലിൽ കായം കലക്കുക = അപര്യാപ്തമായ പ്രവൃത്തിചെയ്യുക

കായം3 നാ. 1. ചതവ്, മുറിവ് (പ്ര) പുണ്ണിനും കായത്തിനും നന്ന്; 2. വറു

കായം4 [<സം.കാച] നാ. ഒരുതരം നേത്രരോഗം

കായം5 [<സം.ആകാശ] നാ. ആകാശം. (പ്ര) "കായത്തിടിയോടു കടൽ പൊടിയ" (രാ.ച.)

കായം6 [അറ.] നാ. സ്ഥിരമായത്

കായമാനം[സം.] നാ. 1. ശരീരത്തിൻെറ അളവ്; 2. പുല്ലുമേഞ്ഞ കുടിൽ, തൃണകുടീരം

കായൽ1 [<കായുക] നാ. 1. ചൂടുപിടിക്കൽ, ചൂട്, വരൾച്ച; 2. പനി

കായൽ2 [പ്രാ.ഖായ] നാ. 1. ആറും കടലുമായി നേരിട്ടുബന്ധപ്പെട്ടോ അല്ലാതെയോ കിടക്കുന്നതും പ്രായേണ ആഴം കുറഞ്ഞതുമായ വലിയ ജലാശയം, കടലിൽനിന്നു കരയ്ക്കുള്ളിലേക്ക് തള്ളിക്കിടക്കുന്ന ജലാശയം; 2. അഴിമുഖം; 3. കൂട്ടം

കായൽ3 നാ. 1. മുള (വ.മ.) (പ്ര) കായലരി = മുളയരി; കായൽക്കൂട്ടം = മുളങ്കൂട്ടം; 2. ഒരിനം വൃക്ഷം

കായൽപ്പാടം നാ. കായൽ വറ്റിച്ചുണ്ടാക്കിയ നിലം, കായൽനിലം

കായൽപ്പൂവ് നാ. 1. ഒരുവക ജലസസ്യത്തിൻെറ ഫലം. ഇത് ഗുണങ്ങൾകൊണ്ട് മിക്കവാറും താമരക്കുരുവിനോടു സാമ്യമുള്ളതാണ്

കായവലനം നാ. പടച്ചട്ട, കവചം

കായവൃദ്ധി നാ. കളരിപ്പയറ്റിലെ പതിനെട്ടടവുകളിൽ ഒന്ന്

കായവ്യൂഹം നാ. 1. ശരീരഘടന, ശരീരത്തിലെ വാതപിത്താദിദോഷങ്ങളുടെയും രസം മലം ധാതു നാഡി മുതലായ ഏഴു ധാതുക്കളുടെയും സ്ഥാനക്രമം; 2. സൈന്യവ്യൂഹം

കായശോധനം നാ. 1. പൂജാരി പൂജാകർമം ആരംഭിക്കുമ്പോൾ ചെയ്യേണ്ട ദേഹശുദ്ധി; 2. ഒരു പുണ്യ തീർഥം
കായസ്ഥ വി. ശരീരത്തിലുള്ള
കായസ്ഥൻ നാ. 1. പരമാത്മാവ്, ഈശ്വരൻ; 2. പൂർവഭാരതത്തിലെ ഒരു ജാതി
കായസ്ഥിത വി. ശരീരത്തിലുള്ള
കായാഗ്നി നാ. (ആയുർ) ശരീരത്തിൻെറ ദാഹക (പാചക) ധർമം, ജഠരാഗ്നി, പാചകാഗ്നി, പാചകപിത്ത (ആമാശയപക്വാശയങ്ങളുടെ മധ്യേ സ്ഥിതിചെയ്യുന്നു)
കായാപുരി [സം.-പുരി] നാ. ശരീരം
കായാമലർ നാ. കായാമ്പു
കായാമ്പാല നാ. ഒരുതരം പാല
കായാമ്പൂ(വ്) നാ. കായാവിൻെറ പൂവ്. (പ്ര) കായാമ്പൂമേനിയൻ = കായാമ്പൂവിൻെറ നിറമുള്ള ശരീരത്തോടുകൂടിയവൻ, ശ്രീകൃഷ്ണൻ. കായാമ്പൂവർണൻ = കായാമ്പൂവിൻെറ നിറത്തോടുകൂടിയവൻ, വിഷ്ണു, ശ്രീകൃഷ്ണൻ.
533
കായാവ്,കാഞ്ഞാവ് നാ. നീലപ്പൂക്കളുള്ള ഒരു കുറ്റിച്ചെടി, പാണൽ
കായിക [സം.<കായ്] വി. ശാരീരികമായ
കായികപ്രവർധനം നാ. വിത്തിൽനിന്നല്ലാതെ തടിയിൽനിന്നു തന്നെ ശാസ്ത്രീയമാർഗങ്ങളുപയോഗിച്ച് തൈകളെ ഉത്പാദിപ്പിക്കൽ
കായികാഭ്യാസി നാ. ശരീരംകൊണ്ട് പലതരം അഭ്യാസങ്ങൾ കാണിക്കുന്ന ആൾ
കായികാവൃദ്ധി [സം.-വൃദ്ധി] നാ. ആറിനം പലിശകളിലൊന്ന്, പണമായിട്ടല്ലാതെ ഈടാക്കുന്ന പലിശ
കായിതം [അറ] നാ. കടലാസ്സ്, എഴുത്ത്, കുറിപ്പ്
കായിൽ, -ലും വ്യാക കാൾ, കാളും എന്നീ അർഥത്തിൽ പ്രയോഗിക്കുന്ന ശബ്ദം
കായുക ക്രി. 1. ചൂടുള്ളതാവുക, ചൂടുപിടിക്കുക. ഉദാ: വെള്ളം കായുക, അകം കായുക. കാഞ്ഞവെള്ളത്തിൽ വീണപൂച്ച പച്ചവെള്ളം കണ്ടാലും ഭയപ്പെടും (പഴ); 2. ഉണങ്ങുക; 3. പാകമാവുക; 4. പനിക്കുക; 5. ചൂടേൽക്കുക. ഉദാ: തീകായുക; 6. വിശക്കുക. ഉദാ: വയറുകായുക; 7. മരിക്കുക, കാഞ്ഞുപോകുക. നാ. കായ്വ്
കായോത്സർഗം [സം.-ഉത്സർഗ] നാ. ജൈനമതപ്രകാരം ധ്യാനത്തിൻെറ ഒരു നില
കാർ- കറു(ത്ത) എന്നതിനു സമാസത്തിൽ വരുന്ന രൂപാന്തരം
കാർകണ്ടി നാ. കറുത്തചണ്ടി, കരിമ്പായൽ
കാർകുഴൽ നാ. കറുത്തതലമുടി
കാർകുഴലാൾ നാ. കറുത്തു മനോഹരമായ തലമുടിയുള്ളവൾ, സുന്ദരി
കാർകൊണ്ടൽ നാ. കറുത്തമേഘം

കാർക്കശ്യം നാ. കർക്കശത, കഠിനത, ക്രൂരത, പരുഷത, കടുപ്പം
കാർക്കാലം നാ. മഴക്കാലം
കാർക്കിക്കുക ക്രി. 1. തൊണ്ടയിൽ തടഞ്ഞ കഫമോ മറ്റെന്തെങ്കിലുമോ പുറത്തുകളയാനായി ശബ്ദത്തോടെ ശ്വാസവേഗം വരുത്തുക (പ്ര) കാർക്കിച്ചുതുപ്പുക = പുച്ഛം, നീരസം, പരിഹാസം എന്നിവ പ്രകടിപ്പിക്കാനായി ശബ്ദത്തോടുകൂടി നീട്ടിത്തുപ്പുക; 2. ഛർദിക്കുക
കാർക്കുക ക്രി. കാക്കുക എന്നതിന്റെ പ്രാദേശികരൂപം (പാർക്കുക, ചേർക്കുക തുടങ്ങിയ പദങ്ങളുടെ സാദൃശ്യം കൊണ്ടായിരിക്കാം രേഫം ചേർന്ന രൂപം. നന്ത്യാർവട്ടം, കാർത്യായനി, ചിന്താർമണി മുതലായ പദങ്ങളും കാണുക)
കാർക്കോട(ക)ൻ നാ. 1. അഷ്ടനാഗങ്ങളിൽ ഒന്ന്; 2. വിഷരൂപൻ; 3. ഉപകാരം ചെയ്തവനെ ഉപദ്രവിക്കുന്നവൻ, നന്ദി ഇല്ലാത്തവൻ, ദുഷ്ടൻ
കാർക്കോടകം [സം.] നാ. 1. ഒരു പ്രാചീനദേശം; 2. ഒരുജാതി രത്നം, ഗരുഡക്കല്ല്
കാർഖാന [പേർ] നാ. 1. തൊഴിൽ ശാല; 2. വാണിജ്യപ്രധാനമായ സ്ഥലം
കാർജീരകം നാ. കരിഞ്ജീരകം
കാർട്ടൂൺ [ഇം.] നാ. പരിഹാസ ചിത്രം, വർത്തമാനപ്പത്രങ്ങളിലും മാസികകളിലും മറ്റും സംഭവങ്ങളെയോ വ്യക്തികളെയോ പരിഹാസരൂപത്തിൽ ചിത്രീകരിക്കുന്ന ചിത്രം
കാർഡ് [ഇം.] നാ. 1. നിശ്ചിതവലിപ്പത്തിൽ പ്രത്യേകാവശ്യത്തിനു മുറിച്ചെടുത്ത കട്ടിക്കടലാസ്. ഉദാ: വിസിറ്റിങ് കാർഡ്, ആശുപത്രി കാർഡ്, റേഷൻ കാർഡ് മുതലായവ; 2. പോസ്റ്റുകാർഡ്
കാർണോൻ,-പ്പാട് നാ. കാരണവൻ (സ്ത്രീ) കാർണോത്തി
കാർത്തഘ്നൃം നാ. നന്ദികേട്, കൃതഘ്നത
കാർത്തജ്ഞ വി. കൃതജ്ഞനെ സംബന്ധിച്ച
കാർത്തയുഗ വി. കൃതയുഗത്തെ സംബന്ധിച്ച (പ്ര) കാർത്തയുഗം = കൃതയുഗം
കാർത്തവീര്യൻ നാ. ഹേഹയരാജ്യത്തിലെ സുപ്രസിദ്ധനായ ഒരു രാജാവ്. കൃതവീര്യന്റെ പുത്രൻ. അർജുനൻ എന്നാണ് യഥാർഥനാമധേയം
കാർത്തസ്വരം നാ. 1. സ്വർണം; 2. വളരെ പഴയകാലത്തു നിലവിലിരുന്ന ഒരു സ്വർണ നാണയം (20 പണത്തൂക്കം സ്വർണമുള്ളത്); 3. ഉമ്മത്ത്
കാർത്താന്ത [സം.കൃതാന്ത] വി. 1. കൃതാന്തനെ സംബന്ധിച്ച; 2. കാലന്റെ ദിക്കിനെ സംബന്ധിച്ച; 3. തെക്കേതായ
കാർത്താന്തി നാ. കൃതാന്തന്റെ പുത്രൻ, ധർമപുത്രർ
കാർത്താന്തിക വി. കൃതാന്തനെ സംബന്ധിച്ച, യമന്റെതായ
കാർത്താന്തികൻ നാ. ജ്യോതിഷക്കാരൻ, ജ്യോതിഷി, അങ്ഗലക്ഷണംകണ്ടു ഭാവിഫലം പറയുന്നവൻ
കാർത്താർഥം [സം.<കൃതാർഥ] നാ. കൃതാർഥത
കാർത്തി നാ. 1. കാത്യായനി; 2. കാർത്തിക
കാർത്തിക വി. കൃത്തികാ നക്ഷത്രത്തെ സംബന്ധിച്ച. നാ. 1. ഇരുപത്തിയെട്ടുനക്ഷത്രങ്ങളിൽ മൂന്നാമത്തേത്, ഇത് ആറുതാരകങ്ങൾ ചേർന്നതാണ്

(ഏഴെന്നും പക്ഷം); 2. കാർത്തിക നക്ഷത്രത്തിൽ ചന്ദ്രൻ നിൽക്കുന്ന ദിവസം; 3. കാർത്തികയിൽ പൂർണചന്ദ്രൻ നിൽക്കുന്ന മാസം, വൃശ്ചികമാസം. (പ്ര) കാർത്തിക വിളക്ക് = ലക്ഷ്മീപ്രീതിക്കുവേണ്ടി വൃശ്ചികമാസത്തിലെ കാർത്തികനാളിൽ കൊളുത്തിവയ്ക്കുന്ന വിളക്ക്; 4. കാർത്തിക നക്ഷത്രത്തിൻെറ അധിദേവതകളായ ആറു ദേവിമാരിൽ ഓരോരുത്തരേയും കുറിക്കുന്ന പേര്. സുബ്രഹ്മണ്യനെ ആദ്യമായി മുലയൂട്ടിയത് കാർത്തികമാരാണ് (കാർത്തികേയൻ നോക്കുക); 5. മേത്തോന്നി, കാന്തൾ (കാർത്തിക മാസത്തിൽ പൂക്കുന്നതിനാൽ ഈ പേര്)

കാർത്തികഗണം നാ. മുറിക്കുന്ന കത്തിയുടെ ആകൃതിയിൽ കൂട്ടായി സ്ഥിതിചെയ്യുന്ന ആറുനക്ഷത്രങ്ങൾ ഉൾപ്പെട്ട ഗണം.സപ്തർഷികളിൽ വസിഷ്ഠൻ ഒഴികെയുള്ളവരുടെ ഭാര്യമാരാണത്രേ കാർത്തികയിലെ ആറു നക്ഷത്രങ്ങൾ

കാർത്തികൻ നാ. സുബ്രഹ്മണ്യൻ

കാർത്തികപൂജ നാ. കാർത്തിക നക്ഷത്രത്തിൽ സുബ്രഹ്മണ്യനെയും മറ്റുദേവതകളേയും ഉദ്ദേശിച്ചുചെയ്യുന്ന പൂജ

കാർത്തികപ്പൂ(വ്) നാ. കാന്തൾ, മേത്തോന്നി (കാർത്തികമാസത്തിൽ പുക്കുന്നതിനാൽ)

കാർത്തികം നാ. 1. കാർത്തികമാസം, ചന്ദ്രമാസങ്ങളിലെ എട്ടാമത്തേത്; 2. വ്യാഴചക്രത്തിൽ ആദ്യത്തെ വർഷം

കാർത്തികവറവ് നാ. മേടമാസത്തിൽ സൂര്യൻ കാർത്തികയിൽ പ്രവേശിക്കുമ്പോൾ ഉണ്ടാകുന്ന വരൾച്ച. ഈസമയത്ത് കൃഷിഭൂമിയിൽ പ്രവേശിക്കാൻ പാടില്ല എന്നു വിശ്വാസം

കാർത്തികി നാ. കാർത്തിക മാസത്തിലെ വലുത്തവാവ്. കാർത്തിക നക്ഷത്രവും വെളുത്തവാവും ഒന്നിച്ചുവരുന്ന ദിവസം

കാർത്തികികം നാ. കാർത്തികമാസം

കാർത്തികേയൻ നാ. 1. സുബ്രഹ്മണ്യൻ; 2. ആറുമുഖം ഉള്ള രുദ്രാക്ഷം

കാർത്തിരൾ നാ. കാർമേഘങ്ങളുടെ കൂട്ടം

കാർത്യായനി നാ. പാർവതി

കാർത്സ്ന്യം നാ. എല്ലാംകൂടിയിരിക്കുക എന്ന അവസ്ഥ, സകലതും

കാർത്സ്ന്യേന അവ്യ. ഒട്ടൊഴിയാതെ, സാകല്യേന

കാർദമ വി. കർദമമുള്ള, ചളിപുരണ്ട

കാർദമികം നാ. ഒരിനം മുത്ത്

കാർന്നവർ നാ. = കാരണവർ

കാർന്നോർ നാ. = കാരണവർ

കാർപാസികാ നാ. പ്രുത്തിച്ചെടി, കരുപ്പരുത്തി

കാർപ്പടൻ [സം.<കർപട] നാ. 1. ജീർണവസ്ത്രം ധരിച്ചവൻ; 2. ഭിക്ഷക്കാരൻ; 3. ആവലാതിക്കാരൻ, അപേക്ഷകൻ

കാർപ്പടം വി. കർപ്പടത്തെ (പഴന്തുണിയെ) സംബന്ധിച്ച. നാ. 1. = കർപ്പടം; 2. ലാക്ഷ, കോലരക്ക്

കാർപ്പടികൻ നാ. 1. തീർഥയാത്രക്കാരൻ, കാവിവസ്ത്രം ധരിച്ചവൻ, ഭിക്ഷു, സന്ന്യാസി; 2. ലോകപരിചയമുള്ളവൻ; 3. വിശ്വസ്തനായ അനുഗാമി; 4. വഞ്ചകൻ, തെമ്മാടി
കാർപ്പടികം നാ. തീർഥയാത്രക്കാരുടെ സങ്ഘം
കാർപ്പണ്യം നാ. 1. ദാരിദ്ര്യം; 2. പിശുക്ക്, ലുബ്ധ്; 3. ദയ; 4. ഗൗരവം ഇല്ലായ്മ; 5. ദൈന്യം, മാനസികമായ ഇടിവ്, ദൗർബല്യം
കാർപ്പാസ(ക) വി. പഞ്ഞികൊണ്ടുണ്ടാക്കിയ
കാർപ്പാസനാസിക നാ. നൂൽച്ചക്രം, നൂൽചുറ്റുന്ന ഉപകരണം
കാർപ്പാസം നാ. 1. പരുത്തിനൂലുകൊണ്ടുണ്ടാക്കിയ വസ്ത്രം; 2. പഞ്ഞി; 3. പരുത്തിച്ചെടി; 4. കടലാസ്സ്
കാർപ്പാസാസ്ഥി നാ. പരുത്തിക്കുരു
കാർപ്പാസി നാ. 1. പരുത്തിച്ചെടി; 2. പരുത്തി നൂൽകൊണ്ടുള്ള വസ്ത്രം
കാർപ്പാസിക വി. പഞ്ഞിനൂലുകൊണ്ടുണ്ടാക്കിയ
കാർപ്പാസികം നാ. പരുത്തിനൂലുകൊണ്ടുണ്ടാക്കിയ വസ്ത്രം
കാർപ്പാളൻ [ത.കാർപ്പാളൻ] നാ. ദുഷ്ടൻ
കാർപ്പിക്കുക1 ക്രി. 1. പ്രായമായ പിടക്കോഴി മുട്ടയിടുന്ന കാലത്തു ഒരു പ്രത്യേകതരം ശബ്ദം പുറപ്പെടുവിക്കുക, പനറ്റുക, കാറുക; 2. കാർക്കിക്കുക
കാർപ്പിക്കുക2 [<കാർപ്പ്] ക്രി. കാവൽ ഇരുത്തുക
കാർപ്പ്1 [കാക്കുക] നാ. കാവൽ, സംരക്ഷണം
കാർപ്പ്2 നാ. ആഹാരസാധനങ്ങൾ കുത്തിയെടുത്ത് തിന്നുന്നതിനുള്ള ഉപകരണം, മുള്ള്
കാർബാർ [പേർ] നാ. അധികാരം, ഭരണം. കാർബാരി = കാര്യസ്ഥൻ, നടത്തിപ്പുകാരൻ
കാർമ1 [സം.<കർമൻ] വി. കർമശീലമുള്ള, നല്ലതുപോലെ പ്രയത്നിക്കുന്ന
കാർമ2 വി. കൃമിയെ സംബന്ധിച്ച
കാർമണ വി. 1. ജോലി ഭങ്ഗിയായും പൂർണമായും ചെയ്തുതീർക്കുന്ന; 2. ജാലവിദ്യകൊണ്ടു പ്രവർത്തിക്കുന്ന
കാർമണം നാ. 1. ഓഷധികളുടെ വേരും മറ്റും ഉപയോഗിച്ചുചെയ്യുന്ന ബാധയൊഴിക്കൽ, മന്ത്രവാദം ആഭിചാരം തുടങ്ങിയവ; 2. വശീകരണത്തിനുള്ള മരുന്നുപൊടി
കാർമൻ നാ. ഫലാപേക്ഷകൂടാതെ കർമങ്ങളിൽ വ്യാപരിക്കുന്നവൻ, നിത്യമായി ഓരോരോ ജോലിചെയ്യുന്നവൻ, കർമശീലൻ
കാർമാന്തികൻ നാ. തൊഴിൽശാലകളിലെ ജോലിക്കാരുടെ മേലാവ്
കാർമാന്തികം നാ. പണിപ്പുര, തൊഴിൽശാല, ശിൽപഗൃഹം
കാർമാരകം നാ. കർമാരൻെറ (കമ്മാളൻെറ) തൊഴിൽ
കാർമാരൻ നാ. ശിൽപി, കർമാളൻ
കാർമിക വി. 1. കർമത്തെ സംബന്ധിക്കുന്ന; 2. ഉണ്ടാക്കപ്പെട്ട, നിർമിക്കപ്പെട്ട; 3. ചിത്രത്തയ്യൽ ചെയ്തിട്ടുള്ള
കാർമികൻ നാ. 1. പുരോഹിതൻ, മതകർമങ്ങൾ നടത്തുന്ന ആൾ; 2. മന്ത്രവാദി; 3. ഗുമസ്തൻ, കണക്കപ്പിള്ള

കാർമികം നാ. ചിത്രത്തയ്യൽകൊണ്ടലങ്കരിച്ച വസ്ത്രം
കാർമികൃം നാ. പ്രവർത്തനം, പരിശ്രമം
കാർമുകിൽ നാ. കറുത്തമേഘം
കാർമുകിൽവർണ്ണൻ നാ. കാർമേഘത്തിൻെറ നിറത്തോടുകൂടിയവൻ, ശ്രീകൃഷ്ണൻ
കാർമുക വി. 1. കർമത്തിനു കെൽപ്പുള്ള, ഭങ്ഗിയായും പൂർണമായും വേലചെയ്യാൻ കഴിവുള്ള; 2. ഫലപ്രദമായ (മരുന്നെന്നപോലെ)
കാർമുകബന്ധം നാ. വില്ലിൻെറ ആകൃതിയിൽ വർണവിന്യാസംചെയ്യുന്ന ഒരുതരം ചിത്രകാവ്യരീതി
കാർമുകഭൃത്ത് നാ. 1. വില്ലാളി; 2. (ജ്യോ) ധനുരാശി
കാർമുകം നാ. 1. വില്ല്; 2. മഴവില്ല്; 3. വില്ലിൻെറ ആകൃതിയിലുള്ള ഒരുപകരണം; 4. പഞ്ഞികടയുന്ന വില്ല്; 5. (ഗണിത) വൃത്തഖണ്ഡം, ചാപം; 6. മുള; 7. വലിയവേപ്പ്; 8. വെൺകരിങ്ങാലി; 9. നീർക്കടമ്പ്; 10. (ജ്യോ) ധനുരാശി; 11. (ശിൽപ) വില്ലിൻെറ ആകൃതിയിൽ നദീതീരത്തോ കടൽക്കരയിലോ ഉള്ള ഗ്രാമം
കാർമുകയാഗം നാ. വിൽപ്പൂജ എന്ന ഉത്സവം
കാർമുകി [സം.കാർമുകിൻ] നാ. 1. വില്ല് എടുത്തവൻ, വില്ലാളി; 2. ജോലിയിൽ സാമർഥ്യമുള്ളവൻ; 3. ജോലിചെയ്തു മുഴുമിപ്പിക്കുന്നവൻ.

535

കാർമേഘം നാ. കാർമുകിൽ
കാർവടികൻ നാ. ഗ്രാമാധ്യക്ഷൻ
കാർവടികം [സം.] നാ. 'കർവടത്തെ സംബന്ധിച്ചത്', ഇരുന്നൂറു ഗ്രാമങ്ങളുടെ മധ്യത്തിലുള്ള തലസ്ഥാനം
കാർവണ്ട് നാ. കറുത്തവണ്ട്
കാർവർണ്ണൻ നാ. 1. കറുത്തനിറം ഉള്ളവൻ, കാറിൻെറ (മേഘത്തിൻെറ) നിറം ഉള്ളവൻ; 2. മഹാവിഷ്ണു, ശ്രീരാമൻ, ശ്രീകൃഷ്ണൻ
കാർവർണർ നാ. (ബ.വ.) കറുത്തനിറം ഉള്ളവർ, അസുരന്മാർ
കാർവലയം നാ. സമുദ്രം
കാർവില്ല് നാ. മഴവില്ല്
കാർവേണി നാ. 1. കറുത്തതലമുടി; 2. കറുത്ത തലമുടിയുള്ളവൾ, സുന്ദരി
കാർശം [സം.] നാ. കച്ചൂരം
കാർശാനവ വി. അഗ്നിയെ (കൃശാനുവിനെ) സംബന്ധിച്ച, ചുടുന്ന, എരിയുന്ന
കാർശ്യം1 നാ. 1. കൃശമായിരിക്കുക എന്ന അവസ്ഥ, മെലിവ്, ചടവ്; 2. കുറവ്, അൽപത്വം; 3. ദാരിദ്ര്യം
കാർശ്യം2 നാ. 1. പെരുമരുത്; 2. അയനി; 3. കച്ചോലം
കാർഷാപണം നാ. 1. ഒരു കർഷം തൂക്കമുള്ള പുരാതനമായ ഒരു നാണയം. സ്വർണം വെള്ളി ചെമ്പ് എന്നീ ലോഹങ്ങൾകൊണ്ട് നിർമിച്ചിരുന്ന നാണയങ്ങൾക്ക് പൊതുവേയുള്ള പേര് (ഓരോന്നിനും വിലയിൽ വ്യത്യാസമുണ്ട്); 2. ഒരു തൂക്കം
കാർഷി നാ. 1. ഉഴവ്, കൃഷി; 2. അഗ്നി

കാർഷിക [സം.<കൃഷി] വി. കർഷകനെ സംബന്ധിച്ച, കൃഷിയെപ്പറ്റിയുള്ള

കാർഷ്ണ വി. 1. കൃഷ്ണനെപ്പറ്റിയുള്ള; 2. വ്യാസനെ (കൃഷ്ണദ്വൈപ്രായനനെ) സംബന്ധിച്ച, വ്യാസനിർമിതമായ; 3. കൃഷ്ണമൃഗത്തെക്കുറിച്ചുള്ള, കൃഷ്ണമൃഗത്തോലുകൊണ്ടുണ്ടാക്കിയ; 4. കറുത്ത; 5. കറുത്തപക്ഷത്തിലുള്ള

കാർഷ്ണം [സം.] നാ. കൃഷ്ണമൃഗചർമം

കാർഷ്ണായസം നാ. കാരിരുമ്പ്

കാർഷ്ണി നാ. 1. കൃഷ്ണൻെറ വംശത്തിൽ ജനിച്ചവൻ, കൃഷ്ണൻെറ പുത്രൻ; 2. പ്രദ്യുമ്നൻ; 3. കാമദേവൻ; 4. കൃഷ്ണ (അർജുനൻെറ പുത്രൻ, അഭിമന്യു; 5. ഒരു ദേവഗന്ധർവൻ; 6. ശതാവരി

കാർഷ്ണ്യം [<സം.കൃഷ്ണ] നാ. 1. കൃഷ്ണവർണം, കറുപ്പ്; 2. ഇരുമ്പിൻകിട്ടം

കാര1 വി. ചെയ്യുന്ന, നിർമിക്കുന്ന

കാര2 നാ. 1. ബന്ധനഗൃഹം; 2. പാറാവ്; 3. ജയിൽ

കാര3 നാ. മുൾച്ചെടി

കാര4 നാ. അപ്പം ഉണ്ടാക്കാനുള്ള ഒരുതരം പാത്രം

കാര5 നാ. തോട്ട

കാര6 നാ. ഒരു കണ്ഠാഭരണം

കാരക [സം.കാരക] വി. ചെയ്യുന്ന, ഉണ്ടാക്കുന്ന, നടത്തുന്ന

കാരകകൃത്ത് [സം.-കൃത്] നാ. (വ്യാക) കൃത്തുക്കൾ രണ്ടുവിധമുള്ളതിൽ ഒന്ന്, ക്രിയയുടെ കർത്താവോ കർമമോ പ്രത്യയത്തിൻെറ വാച്യമാകുന്നത്

കാരകദീപകം [സം.-ദീപക] നാ. ദീപകാലങ്കാരത്തിൻെറ വകഭേദം

കാരകൻ നാ. പ്രവർത്തിക്കുന്നവൻ

കാരകപഞ്ചകം ണ. കർമേന്ദ്രിയങ്ങൾ അഞ്ചും

കാരകം1 നാ. ഒരു ക്രിയയുടെ ആകാങ്ക്ഷയെ പൂരിപ്പിക്കുന്നത് ഏതോ അത്

കാരകം2 നാ. ഒരുതരം മേഹരോഗം

കാരകിൽ നാ. ഒരു സുഗന്ധവൃക്ഷം

കാരക്കഴിച്ചിൽ നാ. അജീർണംകൊണ്ടുള്ള വയറ്റിളക്കം

കാരച്ചട്ടി നാ. കറിച്ചട്ടി, കഞ്ഞികുടിക്കാനും മറ്റുമുള്ള മൺപാത്രം

കാരടം [സം.] നാ. ജാലവിദ്യ

കാരട്ട്1,-റ്റ് [ഇം.] നാ. 1. നാലുഗ്രെയിൻ (നെറ്റിട) തൂക്കം; 2. സ്വർണത്തിൻെറ മാറ്റു പറയുന്നതിനുള്ള ഏകകം. ഉദാ: 22 കരറ്റു സ്വർണം

കാരട്2 [ഇം.] നാ. ഒരു സസ്യം, മലക്കറിയിൽ ഒരിനം

കാരണ [സം.] വി. ഹേതുവായ. നാ. നരകവേദന

കാരണകർത്താവ് നാ. പരമാത്മാവ്

കാരണകരൻ നാ. പ്രതിനിധിയായി ജോലിനോക്കുന്നവൻ

കാരണദ്വയം നാ. ഉപദാനം നിമിത്തം എന്നിവ രണ്ടും

കാരണൻ നാ. ഹേതുഭൂതൻ, കാരണവർ

കാരണപുരുഷൻ നാ. വിഷ്ണു

കാരണഭൂ നാ. കരംപിരിക്കുന്ന ഇടം
കാരണഭൂത നാ. കാരണമായി ഭവിച്ച, എന്തിനെങ്കിലും ഹേതുവായിഭവിച്ച
കാരണം നാ. 1. ഹേതു; 2. ഉദ്ദേശം; 3. ഒരു കാരകം; 4. സാധനം; 5. പഞ്ചേന്ദ്രിയങ്ങളിൽ ഒന്ന്
കാരണമാനവൻ നാ. കാരണപുരുഷൻ
കാരണആല നാ. അർഥാലങ്കാരങ്ങളിൽ ഒന്ന്
കാരണമൂർത്തി നാ. കാരണപുരുഷൻ
കാരണവൻ നാ. 1. അമ്മാവൻ; 2. അമ്മയുടെ സഹോദരൻ; 3. കുടുംബത്തിൻെറ ഭരണകർത്താവ്; 4. തറവാട്ടുമൂപ്പൻ
കാരണവസ്ഥാനം നാ. തറവാട്ടുമൂപ്പ് (കാരണവൻെറ മുറ)
കാരണവാരി നാ. സൃഷ്ടിയുടെ ആരംഭത്തിൽ ഉദ്ഭൂതമായ ജലം, കാരണജലം
കാരണവാരിധി നാ. കാരണജലമെല്ലാം കൂടിയത്
കാരണശരീരം നാ. 1. മൂന്നുശരീരങ്ങളിലൊന്ന്; 2. ആന്തരമായ മൂലശരീരം
കാരണാന്വിത നാ. കാരണത്തോടുകൂടിയത്
കാരണാവര നാ. മിശ്രജാതിയിൽ ജനിച്ചവൻ, നിഷാദനായ പ്പാവിൻെറയും വൈദേഹിയായ അമ്മയുടെയും പുത്രൻ
കാരണി നാ. 1. മൂലപ്രകൃതി; 2. പാർവതി; 3. ചെയ്യുന്നവൾ; 4. കാരണസ്ത്രീ
കാരണിക വി. കാരണമാകുന്ന, പരീക്ഷിച്ചു ഗുണദോഷം അറിയുന്ന
കാരണികൻ മാ. പരീക്ഷകൻ
കാരണികം നാ. ചരിത്രം
കാരണീഭൂതൻ നാ. കാരണപുരുഷൻ
കാരണോൻ നാ. കാരണവൻ
കാരണോപാധി നാ. 1. കാരണകർത്താവ്; 2. ആദികാരണം
കാരണ്ഡം [സം.] നാ. 1. നാകപ്പൂവ്; 2. താമരക്കോഴി; 3. കുളക്കോഴി
കാരണ്ഡി(കാ) നാ. അട്ട
കാരൻ നാ. 1. ചെയ്യുന്നവൻ; 2. സംബന്ധിച്ചവൻ
കാരന്ധമി [സം.] നാ. കന്നാൻ, മൂശാരി
കാരന്നം [കാർ-അന്നം] നാ. 1. ഒരു പക്ഷി; 2. കറുജ് അന്നം
കാരപ്പന നാ. ആനപ്പന
കാരപ്പശ നാ. കുന്നിക്കുരു ഉരച്ചെടുത്ത് ഉണ്ടാക്കുന്ന പശ
കാരപ്പൂന്തി നാ. കാരാപ്പൂന്തി
കാരഭ നാ. കരഭ (ഒട്ടക)ത്തെ സംബന്ധിച്ച
കാരഭൂവ് നാ. വണ്ടിക്കരം മുതലായത് പിരിക്കുന്ന സ്ഥലം
കാരം1 [പ്രാ.ഖാര] നാ, 1. പൊൻകാരം; 2. തുവർച്ചിലക്കാരം; 3. പടിക്കാരം; 4. പപ്പടക്കാരം; 5. ചാരം; 6. എരിവ്

കാരം2 നാ. അക്ഷരത്തെ കുറിക്കുന്ന വാക്ക്. ഉദാ: അകാരം = അ എന്ന അക്ഷരം
കാരം3 നാ. സ്വർണം
കാരം4 നാ. ആലിപ്പഴം (കാരക്ക)
കാരമുള്ള് നാ. 1. കാരച്ചെടിയുടെ മുള്ള്; 2. കട്ടക്കാരമുള്ള്
കാരംബുജം നാ. കരിങ്കൂവളം
കാരയിടുക നാ. തട്ടാന്മാരുടെ അടക്കല്ല് മിനുക്കുക
കാരയിതാവ് [കാരയിതൃ] നാ. ചെയ്യിക്കുന്നവൻ
കാരയെല്ല് നാ. തോളെല്ല്
കാരയ്ക്ക നാ. 1. ഉണങ്ങിയ ഈന്തപ്പഴം; 2. ഒരുതരം ചെറിയ ഫലം
കാരയ്ക്കലമ്മ നാ. പറയിപെറ്റ പന്തിരുകുലത്തിൽപെട്ട ഒരങ്ഗം
കാരൽ [<കാരുക] നാ. കാരുകയെന്ന പ്രവൃത്തി
കാരവടി നാ. ഗദ, കമ്പ്
കാരവം [സം.കാ-രവ] നാ. കാക്ക
കാരവല്ലി നാ. 1. പാവൽ; 2. കൗപയില
കാരവി നാ. 1. ശതകുപ്പ്; 2. അയമോദകം; 3. കരിഞ്ജീരകം; 4. ഉലുവ; 5. കടലാടി
കാരവേശ്മം നാ. കാരാഗൃഹം
കാരസ്കരം നാ. കാഞ്ഞിരം
കാരാ,കാര നാ. കാരാഗൃഹം
കാരാഗാരം നാ. കാരാഗൃഹം
കാരാഗൃഹം [സം.-ഗൃഹ] നാ. തടവുകാരെ പാർപ്പിക്കുന്ന സ്ഥലം, ജയിൽ
കാരാഞ്ചി നാ. വെള്ളം ഇറയ്ക്കുന്നതിനുള്ള ഒരു കരു
കാരാടൻ നാ. കാറോടൻ, കാരാളൻ
കാരാട് [കാർ-ആട്] നാ. കോലാട്
കാരാണ്മ നാ. കാരായ്മ, കാരാളൻെറ അവകാശം
കാരാധികാരി നാ. ജയിൽമേധാവി
കാരാധുനി [സം-ധുനിൻ] നാ. ശങ്ഖുപോലുള്ള ഒരു വാദ്യം
കാരാപ്പൂന്തി [പേർ.-ബുന്ദി] നാ. ഒരുതരം പലഹാരം
കാരാമ [കാർ-ആമ] നാ. കറുത്ത ആമ, കരയാമ
കാരാമ്പശു നാ. കറുത്തനാക്കും മുലക്കണ്ണും ഉള്ള പശു, കപിലനിറമുള്ള പശു
കാരായിക [സം.] നാ. വെള്ളിൽപ്പക്ഷി, വെൺകൊക്ക്
കാരായ്മ നാ. കർഷകൻെറ അവകാശം
കാരായ്മക്കരി നാ. നിശ്ചിതപാട്ടത്തിനുള്ള സ്ഥിരം പാട്ടം
കാരായ്മത്തേട്ടം നാ. കാരായ്മയായി എഴുതിവാങ്ങിയിട്ടുള്ള വസ്തു
കാരായ്മപ്പണം നാ. നികുതിപ്പണം
കാരാർക്കുഴൽ നാ. മേഘംപോലെ മനോഹരമായ തലമുടി
കാരാർമുകിൽ നാ. കാർമേഘം, കാർമുകിൽ
കാരാലയം സം.-ആലയ] നാ. കാരാഗൃഹം

കാരാവാസം [സം.-വാസ] നാ. ജയിൽ, തടവ്
കാരാൾ,-ളൻ വി. 1. കൃഷിക്കാരൻ; 2. പാരമ്പര്യമായി ക്ഷേത്രത്തിൽ പ്രവൃത്തിയെടുക്കുന്നവൻ
കാരാളൻ നാ. കാരാടൻ, ഒരു പക്ഷി
കാരാളർ നാ. 1. കൃഷിക്കാർ; 2. ശൂദ്രർ; 3. അസംസ്കൃതരായ ഒരുകൂട്ടം ഗ്രാമീണർ
കാരാഴ്മ നാ. = കാരയ്മ
കാരി [സം.കാരിൻ< കൃ] വി. 1. ചെയ്യുന്ന; 2. ജനിപ്പിക്കുന്ന; 3. ഉപദ്രവകാരി. നാ. ഒരു മത്സ്യത്തിൻെറ പേര്
കാരിക നാ. 1. തീവ്രവേദന; 2. വ്യാപാരം; 3. വ്യാകരണം; 4. ക്രിയ
കാരിണി [സം.കാരിണീ] നാ. ചെയ്യുന്നവൾ
കാരിത [സം.] വി. 1. ചെയ്യിക്കപ്പെട്ട; 2. നടത്തിക്കപ്പെട്ട
കാരിതക്രിയ നാ. കാരിതം
കാരിതം [സം.] നാ. (വ്യാക) പ്രയോജകരൂപം അനുകരിക്കുന്ന കേവലക്രിയ. "ക്കു' ചേരുന്നതാണ് അടയാളം. ഉദാ: അടിക്കുക, കടിക്കുക ഇത്യാദി
കാരിമ [സം.കാരിമാ] നാ. കൊടുവേലി
കാരിയക്കണക്ക് നാ. കണക്കെഴുത്തുകാരൻ
കാരിയം1 നാ. കാര്യം
കാരിയം2 നാ. കാര്യക്കാരൻ
കാരിയാർ നാ. കിരാതമൂർത്തി, ശിവൻ
കാരിരുമ്പ് [കാർ-ഇരുമ്പ്] നാ. കറുത്ത ഇരുമ്പ്
കാരിരുൾ [കാർ-ഇരുൾ] നാ. കൂരിരുട്ട്
കാരിലവ് [കാർ-ഇലവ്] നാ. ഒരിനം വൃക്ഷം
കാരിഷം നാ. കാലുഷ്യം
കാരീയം [കാർ-ഈയം] നാ. കറുത്തീയം, കരിവങ്കം
കാരീര [സം.< കരീര] നാ. കരീരം (മുളനാമ്പ്)കൊണ്ടുണ്ടാക്കിയ
537
കാരീഷ [സം.] നാ. ചാണകത്തിൽനിന്നുണ്ടായ
കാരീഷം [സം.] നാ. ഉണങ്ങിയ ചാണകത്തിൻെറ കൂട്ടം
കാരു1 വി. ഭയങ്കരമായ, ദാരുണമായ
കാരു2 [സം.] നാ. 1. തച്ചൻ; 2. നെയ്ത്തുകാരൻ
കാരുക ക്രി. 1. പല്ലുകൊണ്ട് ചുരണ്ടിത്തിന്നുക; 2. കരളുക; 3. തുപ്പുക; 4. കാർക്കിക്കുക
കാരുകൻ1 [സം.] 1. ശിൽപി; 2. നെയ്ത്തുകാരൻ; 3. കമ്മാളൻ
കാരുകൻ2 നാ. കൊലയാളി
കാരുകം1 [സം.] നാ. നെയ്ത്ത്, നൂൽനൂൽപ്
കാരുകം2 [സം.] ഗൃഹസ്ഥാശ്രമം
കാരുചൗരൻ നാ. ഭവനഭേദി, കവർച്ചക്കാരൻ
കാരുജം [സം.-ജ] നാ. 1. കാരു ഉണ്ടാക്കിയ വസ്തു; 2. ചിത്രം; 3. കൂമ്പൽ; 4. ചിതൽപ്പുറ്റ്

കാരുണിക [സം.] വി. ദയയുള്ള
കാരുണികൻ [സം.] നാ. 1. കൃപാലു; 2. ദയാലു
കാരുണ്യം [സം.] നാ. കരുണരസം, ദയ, കൃപ
കാരുധൗരേയൻ നാ. എഞ്ചിനീയർ, ശിക്പകലാവിദഗ്ദ്ധൻ
കാരുപ്പ് [കാർ-ഉപ്പ്] നാ. കറുത്ത ഉപ്പ്, കാചലവണം
കാരുവൻ,-വാകൻ [സം.] നാ. അലക്കുകാരൻ
കാരുകം [സം.] നാ. കരിങ്കുരങ്ങ്
കാരേണവം [സം.<കാരേണു] നാ. കരേണുവിനെ സംബന്ധിച്ചത്
കാരോടൻചാത്തൻ നാ. = കാരാളൻ
കാരോട് [കാർ-ഓട്] നാ. ചെമ്പിൽ കറുത്തീയം ചേർത്ത് ഉണ്ടാക്കിയ ഓട്
കാരോൽ നാ. 1. മൺകുടം; 2. മൺകലം; 3. അപ്പക്കാര
കാര്യ [സം.] വി. ചെയ്യേണ്ട
കാര്യകർത്താവ് വി. ചെയ്യേണ്ടത് ചെയ്യുന്നവൻ, കർമകാരി
കാര്യകാരണസംബന്ധം നാ. കാര്യം, കാരണം ഇവതമ്മിലുള്ള
സംബന്ധം
കാര്യകാരി വി. ചെയ്യേണ്ടതു ചെയ്യുന്ന
കാര്യകുശല വി. കാര്യങ്ങൾ നടത്തുന്നതിൽ സാമർഥ്യമുള്ള
കാര്യക്കാർ നാ. പ്രധാനപ്പെട്ട ഉദ്യോഗസ്ഥൻ
കാര്യക്കാരൻ നാ. 1. കാര്യം വിചാരിപ്പുക്കാരൻ; 2. കാര്യസ്ഥൻ; 3.
സമർഥൻ
കാര്യക്രമം നാ. പ്രോഗ്രാം, പരിപാടി
കാര്യക്ഷമത നാ. 1. കാര്യശേഷി; 2. കാര്യങ്ങൾ നടത്താനുള്ള
സാമർഥ്യം
കാര്യഗൗരവം നാ. കാര്യത്തിൻെറ പ്രാധാന്യം
കാര്യചിന്തക വി. ആലോചനാപൂർവം പ്രവർത്തിക്കുന്ന
കാര്യച്യുത വി. 1. ജോലിയിൽനിന്നു പിരിച്ചുവിടപ്പെട്ട; 2.
ജോലിയില്ലാതായ
കാര്യജാതം നാ. 1. പൊതുക്കാര്യങ്ങളെപ്പറ്റിയുള്ള അന്വേഷണം; 2.
കാര്യത്തിൽനിന്നു ജനിച്ചത്
കാര്യജ്ഞ നാ. കാര്യബോധമുള്ള
കാര്യത: [സം.-ത:] അവ്യ. കാര്യവശാൽ

കാര്യത്തിരിവ് നാ. കാര്യബോധം
കാര്യദർശനം [സം.-ദർശന] നാ. പൊതുക്കാര്യങ്ങളെപ്പറ്റിയുള്ള അന്വേഷണം
കാര്യദർശി നാ. 9സഭയിലെ) കാര്യങ്ങൾ നിർവഹിക്കുന്നവൻ,
സെക്രട്ടറി
കാര്യധുരന്ധരൻ നാ. കാര്യം ചെയ്തുതീർക്കുന്നതിൽ സമർഥൻ
കാര്യനിർവഹണം നാ. കാര്യംവേണ്ടതുപോലെ ചെയ്തുതീർക്കൽ
കാര്യപുടൻ നാ. 1. നാണമില്ലാത്തവൻ; 2. മടിയൻ; 3. കിറുക്കൻ
കാര്യപുരുഷൻ നാ. 1. മന്ത്രി; 2. പ്രധാനി; 3. ഏജൻറ്; 4.
കാര്യക്കാരൻ

കാര്യപ്രേഷ്യൻ നാ. 1. ഏജൻറ്; 2. ദൂതൻ
കാര്യബോധം നാ. 1. വേണ്ടതിനെക്കുറിച്ചുള്ള ബോധം; 2. ചെയ്യപ്പെടേണ്ടതിനെക്കുറിച്ചുള്ള അറിവ്
കാര്യം [സം.] നാ. 1. സങ്ഗതി; 2. ലൗകികകാര്യം; 3. പ്രവൃത്തി; 4. നാടകത്തിലെ അർഥപ്രകൃതികളിലൊന്ന്
കാര്യമായ1 [സം.-മായാ] നാ. മൂലപ്രകൃതി
കാര്യമായ2 വി. സാരവത്തായ
കാര്യലാഭം നാ. 1. പ്രയോജനം; 2. ഉദ്ദേശ്യം
കാര്യവശാൽ അവ്യ. 1. കാര്യം പ്രമാണിച്ച്; 2. കാര്യത്തെച്ചൊല്ലി
കാര്യവിചാരം നാ. അതതുസ്ഥലത്തേണ്ടകാര്യങ്ങൾ ആലോചിച്ചുനടത്തൽ, വിചാരിപ്പ്
കാര്യവീഴ്ച നാ. 1. കാര്യക്കുറവ്; 2. വിചാരക്കുറവുകൊണ്ടും മറ്റും ഉണ്ടാകുന്ന ചേതം
കാര്യവേദി നാ. കാര്യജ്ഞാനമുള്ളവൻ
കാര്യശേഷി നാ. കാര്യങ്ങൾ നടത്താനുള്ള കഴിവ്
കാര്യസാധക വി. കാര്യം സാധിപ്പിക്കുന്ന
കാര്യസാധ്യം നാ. ആവശ്യമുള്ളത് വല്ലതും സാധിക്കൽ
കാര്യസിദ്ധി നാ. 1. വിജയം; 2. ഫലപ്രാപ്തി
കാര്യസ്ഥൻ നാ. 1. കാര്യവിചാരക്കാരൻ; 2. പ്രമാണി
കാര്യസ്ഥാനം നാ. ജോലിസ്ഥലം, വ്യാപാരസ്ഥലം
കാര്യഹേതുക്കൾ നാ. 1. കാര്യം സാധിക്കാനുള്ള ഉപകരണങ്ങൾ; 2. കാര്യവും കാരണവും
കാര്യാകാര്യങ്ങൾ [സം.-അകാര്യ] നാ. ചെയ്യേണ്ടതും ചെയ്യരുതാത്തതും
കാര്യാക്ഷമ [സം.-അക്ഷമ] വി. ജോലിക്കു കൊള്ളരുതാത്ത. നാ. കാര്യാക്ഷമത
കാര്യാദികൾ വി. ചെയ്യേണ്ടവ
കാര്യാധിപൻ [സം.-അധിപ]നാ. 1. മേൽനോട്ടക്കാരൻ, 2. സൂപ്രണ്ട്
കാര്യാപ്തി [സം.-ആപ്തി] നാ. കാര്യസിദ്ധി.
കാര്യാർഥം അവ്യ. കാര്യത്തിനുവേണ്ടി. നാ. ഉദ്ദേശ്യം, ഉദ്യോഗത്തിനുള്ള അപേക്ഷ
കാര്യാർഥി വി. 1. അപേക്ഷിക്കുന്ന; 2. ഉദ്ദേശ്യസാഫല്യത്തിനായി പ്രയത്നിക്കുന്ന
കാര്യാലയം നാ. കാര്യങ്ങൾ നടക്കുന്ന സ്ഥലം, കച്ചേരി
കാര്യാവസ്ഥകൾ നാ. (നാട്യ) നാടകത്തിലെ അഞ്ചുകാര്യങ്ങൾ (1. ആരംഭം, 2. യത്നം, 3. പ്രാപ്ത്യാശ, 4. നിയതാപ്തി, 5. ഫലാഗമം)
കാര്യാവ് നാ. രണ്ടുമുളയോ മറ്റോ കത്രികയുടെ മട്ടിൽ ചേർത്തുകെട്ടിയത്
കാര്യി [സം.കാര്യിൻ] വി. 1. പരിശ്രമിയായ; 2. ഉദ്യോഗാർഥിയായ. നാ. വ്യവഹാരത്തിലെ കക്ഷി
കാര്യേക്ഷണം [സം-ഈക്ഷണ] നാ. പൊതുവായ കാര്യത്തിൻെറ മേൽനോട്ടം
കാൽ1 നാ. 1. ഒരു അവയവം; 2. നാലിൽ ഒരുഭാഗം

കാൽ2 [പ.മ.] സപ്തമീവിഭക്തിപ്രത്യയം
കാൽക്കൽ അവ്യ. 1. പഡന്തികത്തിൽ; 2. മുമ്പാകെ
കാൽക്കുട നാ. 1. കാലുള്ള കുട; 2. ചെറിയ ശീലക്കുട
കാൽക്കുപ്പായം നാ. 1. കാൽച്ചട്ട; 2. കാലുറ
കാൽക്കെട്ട് നാ. 1. മൃഗങ്ങൾക്കുണ്ടാകുന്ന ഒരു രോഗം; 2.
കുളമ്പുപനി
കാൽച്ചട്ട നാ. 1. കാലുറ; 2. അരയ്ക്കുതാഴെയിടുന്ന കുപ്പായം
കാൽച്ചിലമ്പ് നാ. കാലിലിടുന്നതും കിലുങ്ങുന്നതുമായ ആഭരണം
കാൽച്ചുവട് നാ. 1. കാലടി; 2. പാദം; 3. കാൽ
കാൽത്തള നാ. കാലിലിടുന്ന ആഭരണം, കാൽവിലങ്ങ്
കാൽത്തളിർ നാ. പാദം
കാൽത്താർ നാ. പാദം
കാൽനട നാ. 1. വണ്ടിയിൽ കയറാതെ നടന്നുള്ള യാത്ര; 2.
പദയാത്ര; 3. അതിസാരം
കാൽനടപ്പാത നാ. ആളുകൾക്ക് നടക്കാനായി പ്രധാനപാതയുടെ
ഇരുവശത്തും നിർമിച്ചിട്ടുള്ള വഴി
കാൽപ്പടം നാ. ഉള്ളങ്കാൽ, കാലിൻെറ പത്തി
കാൽപ്പന്തി നാ. കിണറ്റിലും മറ്റുമുള്ള കൽപ്പട
കാൽപ്പലക നാ. കുഴിത്തറിയുടെ ഒരുഭാഗം, ചവിട്ടുപലക
കാൽപ്പറ്റ് നാ. കാലുകൊണ്ട് എത്താവുന്ന താഴ്ച
കാൽപ്പാട് നാ. കാലടിപ്പാട്, പാദമുദ്ര
കാൽപൂട്ട് നാ. കാലുപിണച്ചുവച്ചിരിക്കൽ
കാൽപ്പൂഴി നാ. 1. കാലിലെ മണ്ണ്; 2. കാൽപ്പൊടി
കാൽപ്പെരുമാറ്റം നാ. 1. കാലുകൊണ്ടുള്ള വേല; 2. നടപ്പ്; 3.
നടക്കുമ്പോഴുണ്ടാകുന്ന ശബ്ദം
കാൽപ്രയോഗം നാ. (ആട്ടക്കാരും മറ്റും)കുത്തുകാൽ മുറുക്കൽ, ചവിട്ട്
കാൽമടക്കം നാ. മലവസർജനം
കാൽമടക്ക് നാ. കാൽമുട്ടിൻെറ പുറകിലത്തെ ഭാഗം,
കാലുമടക്കൽ
കാലണ്ണ നാ. മുട്ടിനുതാഴെ പാദത്തിനുമുകളിലുള്ള സ്ഥലം
കാലരി നാ. യറുസലേമിനുപുറത്തുള്ള ഒരു മല,
ഇവിടെയാണ് യേശുവിനെ കുരിശിൽ തറച്ചത്
കാലായ് നാ. അഴിമുഖം
കാലിളക്ക് നാ. = നിലവിളക്ക്
കാൽശരായി നാ. 1. കാൽച്ചട്ട; 2. കാലുറ
കാല1 വി. 1. കാളവർണമായ, കറുത്ത; 2. ഹിംസിക്കുന്ന
കാല2 നാ. 1. ചണം കടയുന്നതിനുള്ള ചീപ്പ്; 2.
നെല്ലുകൊയ്തതിനുശേഷമുള്ള വൈക്കോൽക്കുറ്റി; 3. കാലകൃഷി
കാലകണ്ഠൻ നാ. =കാളകണ്ഠൻ (ശിവൻ)
കാലകരണം [സം.-കരണ] നാ. സമയം നിശ്ചയിക്കൽ
കാലകർണിക നാ. ദൗർഭാഗ്യം

കാലകർമം നാ. 1. മരണം; 2. നാശം
കാലകൽപ [സം.-കൽപ] വി. അപായകരമായ
കാലകാലൻ നാ. ശിവൻ
കാലകീലം നാ. ശബ്ദം
കാലകുക്കുടം നാ. കാലൻകോഴി
കാലകുഷ്ഠം നാ. 1. രസഗന്ധം; 2. ഗോപരസം
കാലകൃത വി. 1. കാലം വരുത്തിവച്ച; 2. കാലവ്യവസ്ഥചെയ്തിട്ടുള്ള
കാലകൃതൻ [സം.] നാ. 1. സൂര്യൻ; 2. പരമാത്മാവ്
കാലകൃത്ത് നാ. 1. സൂര്യൻ; 2. എരിക്ക്
കാലകേയന്മാർ നാ. കാലകയുടെ പുത്രന്മാരായ ഒരുകൂട്ടം അസുരന്മാർ
കാലക്കേട് നാ. 1. ആപത്ത്; 2. ഭാഗ്യദോഷം
കാലക്രമം നാ. 1. ക്രമേണയുള്ള കാലം; 2. കാലത്തിൻെറ ഗതി
കാലക്രമേണ അവ്യ. കുറെനാൾ കഴിയുമ്പോൾ
കാലക്രയം നാ. തത്കാലവില
കാലക്രിയ നാ. 1. മരണം; 2. നിശ്ചയിക്കൽ
കാലക്ഷയം നാ. 1. കാലക്കേട്; 2. സമയം പാഴാക്കൽ
കാലക്ഷേപം നാ. 1. കാലം കഴിക്കൽ; 2. വയറ്റുപിഴപ്പ്; 3. ഉപജീവനം; 4. വിശുദ്ധഗ്രന്ഥം പാരായണംചെയ്യൽ
കാലഖണ്ഡൻ നാ. ശിവൻ
കാലഗങ്ഗ നാ. യമുന, സിലോണിലെ ഒരു നദി
കാലഗണിതം [സം.-ഗണിത]നാ. ജ്യോതിഷം
കാലഗത നാ. കാലഗതിയെ പ്രാപിച്ച
കാലഗതി നാ. 1. സമയത്തിൻെറ പോക്ക്; 2. മരണം
കാലഗ്രന്ഥി നാ. സംവത്സരം
കാലങ്കോഴി നാ. ഒരു പക്ഷി ('കുത്തിച്ചുടു' എന്നു ശബ്ദിക്കുന്ന പക്ഷി)
കാലചക്രൻ നാ. സൂര്യൻ
കാലചക്രം നാ. ജനനമരണാദികളെ ആവർത്തിച്ചുകൊണ്ടുള്ള കാലഭ്രമണം
കാലചി ം നാ. മരണലക്ഷണം
കാലജൻ നാ. ധർമപുത്രൻ
കാലജം [സം.-ജ] നാ. ഭൂസ്വത്തിലുള്ള അഞ്ചുതരം ജന്മാവകാശങ്ങളിലൊന്ന്.

539

കാലജ്ഞ [സം.കാല-ജ്ഞ] വി. 1. കാലം അറിയുന്ന; 2. ഭാവി അറിയാവുന്ന
കാലജ്ഞൻ നാ. ജ്യോതിശ്ശാസ്ത്രജ്ഞൻ
കാലജ്ഞം [സം.] നാ. കോഴി

കാലജ്ഞാനം നാ. 1. കാലസ്ഥിതിയെപ്പറ്റിയുള്ള അറിവ്; 2. മരണസമയം അറിഞ്ഞിരിക്കൽ
കാലജ്ഞാനി [സം.-ജ്ഞാനിൻ] നാ. ശിവൻ, കാലത്തെക്കുറിച്ച് അറിവുള്ളവൻ
കാലടി നാ. 1. കാലിൻെറ ചുവട്; 2. ഉള്ളങ്കാൽ; 3. ശ്രീശങ്കരൻ ജനിച്ചസ്ഥലം
കാലടിപ്പാത നാ. കാൽനടയായിമാത്രം സഞ്ചരിക്കാവുന്ന വഴി
കാലണി നാ. കാലിലെ ആഭരണം
കാലതാമസം നാ. 1. കാലവിളംബം; 2. നേരം താമസിക്കൽ
കാലതുഷ്ടി നാ. കാലംവരുമ്പോൾ കാര്യം സ്വയം സംഭവിക്കുമെന്ന വിചാരംകൊണ്ടുള്ള തൃപ്തി
കാലത്തെ അവ്യ. 1. പ്രഭാതത്തിൽ; 2. പകലിൻെറ ആരംഭത്തിൽ
കാലത്രയം നാ. 1. വർത്തമാനം, 2. ഭൂതം, 3. ഭാവി
കാലദണ്ഡ,-ദണ്ഡ് നാ. 1. മരണം; 2. യമൻെറ ആയുധം
കാലദമനി നാ. ദുർഗാഭഗവതി
കാലദാനം നാ. രോഗിമരിക്കാതിരിക്കാൻ രോഗിക്കുവേണ്ടിച്ചെയ്യുന്ന ദാനം
കാലദൂതൻ നാ. യമകിങ്കരൻ
കാലദോഷം നാ. 1. ആപത്ത്; 2. ചീത്തക്കാലം
കാലദ്വീപം [സം.-ദ്വീപ] നാ. 1. ആഫ്രിക്ക; 2. ഇരുണ്ടഭൂഖണ്ഡം
കാലദ്വേഷി നാ. ശിവൻ
കാലധർമം നാ. മരണം
കാലധാരണ നാ. കാലദൈർഘ്യം
കാലൻ1 നാ. 1. മരണദേവത; 2. യമൻ; 3. കാലം മൂർത്തീകരിച്ചത്
കാലൻ2 നാ. കാലോടുകൂടിയവൻ
കാലനം [സം.] നാ. നശിപ്പിക്കൽ
കാലനാഥൻ നാ. ശിവൻ
കാലനിധി നാ. ശിവൻ
കാലനിശ നാ. 1. ദീപാവലിനാൾ രാത്രി; 2. കൂരിരുട്ടുകൊണ്ട് ഭയങ്കരമായ രാത്രി
കാലനൂർ [കാലൻ-ഊർ] നാ. 1. യമൻെറ ദിക്ക്; 2. മരണപുരി
കാലപാകം നാ. കാലംകൊണ്ടുവരുന്ന തികവ്, വളർച്ച
കാലപാശം നാ. യമൻെറ കയറ്
കാലപാശികൻ നാ. തൂക്കിലിടുന്നവൻ, ആരാച്ചാര്
കാലപുരുഷൻ നാ. ഈശ്വരൻെറ വിരാഡ്രൂപം
കാലപൂർവ [സം.-പൂർവ] നാ. കാലം ചെല്ലുന്നതിനു മുൻപുള്ള
കാലപ്പാമ്പ് നാ. = കാളസർപ്പം
കാലപ്രഭാതം നാ. ശരത്കാലം
കാലപ്രമാണം നാ. കാലത്തിൻെറ അളവ്, കാലപരിമാണം
കാലഭക്ഷകൻ നാ. ശിവൻ
കാലഭൃത്ത് [സം.-ഭൃത്] നാ. സൂര്യൻ

കാലഭൈരവൻ നാ. ശിവൻ

കാലം നാ. ഭൂതഭവിഷ്യവർത്തമാനങ്ങളുടെ പ്രതീതിയുണ്ടാക്കുന്ന സംബന്ധസത്ത. (പ്ര) കാലംകഴിക്കുക = സമയം കഴിച്ചുകൂട്ടുക. കാലം കഴിയുക = മരിക്കുക. കാലമടയുക = മരിക്കുക. കാലമല്ലാക്കാലം = അസമയം

കാലംചൊല്ലി നാ. 1. കാക്ക; 2. പല്ലി, ഗൗളി

കാലമാടൻ നാ. 1. മലയരയന്മാരുടെ ഒരു ദേവത; 2. ദുഷ്ടൻ, ഭയങ്കരൻ

കാലമാനം നാ. = കാലപ്രമാണം

കാലമാലം നാ. കൃഷ്ണതുളസി

കാലമുഖൻ നാ. (ബ.വ.) രാക്ഷസസ്ത്രീകളിൽ മനുഷ്യർക്കുണ്ടായവർ

കാലമൃത്യു നാ. അധികം വയസ്സുചെന്നതിനുശേഷമുള്ള മരണം >< അകാലമൃത്യു

കാലമേ അവ്യ. നേരെത്തേ, കാലേ

കാലമേഘം നാ. ഓരോയുഗത്തിൻെറയും അന്ത്യത്തിൽ ആവിർഭവിക്കുന്ന കാർമേഘം

കാലയാപനം നാ. 1. കാലക്ഷേപം; 2. വിളംബം; 3. നീട്ടിവയ്പ്

കാലയുക്തി നാ. സംവത്സരചക്രത്തിൽ എട്ടാമത്തേത്

കാലയോഗം നാ. 1. വിധി; 2. ഭാഗ്യം

കാലയോഗി നാ. ശിവൻ

കാലരാത്രി നാ. കാളരാത്രി

കാലരുദ്രൻ നാ. ജഗത്സംഹാരമൂർത്തിയായ ശിവൻ

കാലവർഷം നാ. ഇടവപ്പാതിക്ക് തുടങ്ങുന്ന മഴ

കാലവ ി നാ. കാലാഗ്നി

കാലവാചകം നാ. സമയത്തിൻെറ ബോധമുണ്ടാക്കുന്നത്

കാലവാഹനം നാ. പോത്ത്

കാലവിചാരം നാ. ബ്രാഹ്മണസ്ത്രീകൾ വ്യഭിചാരംചെയ്താൽ അതിനെപ്പറ്റിയുള്ള വിചാരണ

കാലവിധായകൻ നാ. സൂര്യൻ

കാലവിപ്രകർഷം നാ. കാലം നീട്ടൽ

കാലവിളംബനം നാ. കാലതാമസം

കാലവൃദ്ധി നാ. ക്ലിപ്തകാലങ്ങളിൽ കൊടുക്കാൻ വ്യവസ്ഥചെയ്തിട്ടുള്ള പലിശ

കാലവൃഷ്ടി നാ. = കാലവർഷം

കാലവൈശസം നാ. 1. കാലദോഷം; 2. ഗ്രഹപ്പിഴ

കാലവ്യയം നാ. കാലം പാഴാക്കൽ

കാലശേയം [സം.<കലശ] നാ. മോര്

കാലസങ്ഖ്യ നാ. തീർച്ചപ്പെടുത്തിയ കാലയളവ്

കാലസർപ്പം നാ. കാളസർപ്പം

കാലസൂത്രം നാ. അതിഭയങ്കരമായ ഒരു നരകം

കാലസേയം നാ. = കാലശേയം

കാലസോദരി നാ. കാളിന്ദി
കാലസ്വരൂപൻ നാ. ഈശ്വരൻ
കാലഹരണം നാ. കാലാവധികഴിയൽ
കാലഹാനി നാ. കാലവിളംബം
കാലഹോര നാ. (ജ്യോ) ഓരോദിവസവും ഒരു ഗ്രഹം ഭരിക്കുന്ന കാലം
കാലറുക്കുക നാ. വരിയുടയ്ക്കുക
കാലാ1 [അറ] നാ. അമ്മയുടെ സഹോദരി
കാലാ2 നാ. കാലായ്
കാലാകരം [സം.കാല–ആകര] നാ. കാലമാകുന്ന ഈടുവെപ്പ്
കാലാകാലങ്ങൾ [സം.–അകാല] നാ. 1. സമയവും അസമയവും; 2. നല്ലകാലവും ചീത്തക്കാലവും
കാലാകോലം നാ. 1. അലങ്കോലം; 2. ക്രമക്കേട്
കാലാക്ഷരികൻ നാ. എഴുതാനും വായിക്കാനും അറിയാവുന്നവൻ
കാലാഗാരം [സം.–ആഗാര] നാ. യമപുരി
കാലാഗ്നി നാ. 1. പ്രളയകാലത്തെ (സർവനാശകരമായ) അഗ്നി; 2. സംഹാരാഗ്നി; 3. ഒരു ഉപനിഷത്ത്
കാലാങ്ഗൻ നാ. 1. കാളാങ്ഗൻ; 2. രുദ്രൻ; 3. രുദ്രാക്ഷം
കാലാഞ്ജനം നാ. കാളാഞ്ജനം (മഷിക്കൂട്ട്)
കാലാടുക നാ. 1. തൂൺ ആടുക; 2. അഭിവൃദ്ധിപ്രാപിക്കുക
കാലാണി നാ. കണങ്കാൽ
കാലാണ്ഡജം നാ. 'കറുത്തപക്ഷി', കുയിൽ
കാലാതിക്രമം നാ. കാലവിളംബം
കാലാതിപാതം നാ. കാലതാമസം
കാലാതീത വി. 1. കാലം അതിക്രമിച്ച; 2. കഴിഞ്ഞ
കാലാതീതൻ നാ. ഈശ്വരൻ
കാലാത്മക വി. 1. കാലരൂപ; 2. കാലത്തെ (വിധിയെ) ആശ്രയിച്ചിരിക്കുന്ന
കാലാത്മജൻ നാ. ധർമപുത്രർ
കാലാത്മാവ് നാ' പരമാത്മാവ്
കാലാത്യയം [സം.–അത്യയ] നാ. 1. കാലതാമസം; 2. വിളംബം
കാലാധ്യക്ഷൻ നാ. 1. സൂര്യൻ; 2. പരമാത്മാവ്
കാലാനലൻ നാ. കാലാഗ്നി
കാലാനുപ്രയോഗം നാ. (വ്യാക) അനുപ്രയോഗം ഒമ്പത് വിധമുള്ളതിൽ ഒന്ന്
കാലാനുഭവം നാ. ഭൂമിയിൽ അതതുകാലത്ത് ഉണ്ടാകുന്ന ഫലമെടുക്കൽ
കാലാനുസാരകം നാ. 1. തകര; 2. മഞ്ഞച്ചന്ദനം
കാലാന്തകൻ [സം.–അന്തക] നാ. ശിവൻ
കാലാന്തരം നാ. 1. മറ്റൊരുകാലം; 2. ഇടയ്ക്കുള്ളകാലം

കാലാന്തരവിഷം നാ. എലി (കാലാന്തരത്തിൽ വിഷത്തിൻെറ ശക്തി ബാധിക്കുന്നതിനാൽ)
കാലാപം നാ. 1. തലമുടി; 2. പാമ്പിൻെറ പത്തി
കാലായ് നാ. ഇരുപ്പൂവും മുപ്പൂവും കൃഷിയിറക്കാവുന്ന ഒന്നാംതരം നിലം
കാലായനി നാ. ദുർഗ
കാലായം നാ. കാലിൻെറ നീളം, വേഗം
കാലായസം നാ. കാളായസം
കാലായി1 നാ. രണ്ടാമത്തെ പൂവിലെ വിളവ്
കാലായി2 നാ. കാലമായി
കാലായ്ക്കാലി വി. കൊയ്ത്തുകഴിഞ്ഞ നിലത്തിൽ മേഞ്ഞ കന്നുകാലി
കാലാരാതി,-രി നാ. ശിവൻ
കാലാലയം നാ. കാലപുരി
കാലാവധി നാ. വ്യവസ്ഥചെയ്തിട്ടുള്ള കാലം, നിശ്ചിതകാലം
കാലാവബോധം നാ. കാലത്തെപ്പറ്റിയുള്ള അറിവ്
കാലാവസ്ഥ നാ. 1. കാലസ്ഥിതി; 2. ശിതോഷ്ണസ്ഥിതി; 3. അന്തരീക്ഷസ്ഥിതി
കാലാസ്ത്രം നാ. ശത്രുവിനെ വധിക്കുന്നതിനാൽ പരാജയം ഭവിക്കാത്ത അസ്ത്രം
കാലാഹി വി. കാലമാകുന്ന അഹി, പാമ്പ്, കാളസർപ്പം
കാലാൾ [കാൽ-ആൾ] നാ. നിലത്തുനിന്ന് യുദ്ധം ചെയ്യുന്ന പടയാളി
കാലാഴി നാ. 1. കാൽത്തള; 2. കാലിവിരൽമോതിരം; 3. കാലിലിടുന്ന ആഭരണം
കാലാറുക ക്രി. നടന്ന ക്ഷീണം തീരുക
കാലി1 നാ. 1. പശു; 2. എരുമ; 3. കാള; 4. പോത്ത്. (പ്ര) കാലിപൂട്ടുക = ഉഴുക
കാലി2 [അറ] വി. 1. ഒഴിഞ്ഞ; 2. ശൂന്യമായ
കാലി3 നാ. കാളികാലി4 നാ. തുവരിമണ്ണ്
കാലിക [സം.] വി. 1. തക്കകാലത്തുള്ള; 2. സമയത്തുണ്ടായ. നാ. കർക്കടകശൃങ്ഗി
കാലികം നാ. 1. മരമഞ്ഞൾ; 2. ചന്ദനം; 3. കരിഞ്ചന്ദനം; 4. അന്നിൽപ്പക്ഷി
കാലിക്കോ [ഫ്രെഞ്ച്] നാ. കോഴിക്കോട്ടുണ്ടാക്കിയിരുന്ന ഒരിനം തുണി
കാലിങ്ഗ വി. കലിങ്ഗദേശത്തുണ്ടായ
കാലിങ്ഗം നാ. 1. ആന; 2. പാമ്പ്
കാലിടുക ക്രി. 1. പ്രവേശിക്കുക; 2. ആരംഭിക്കുക; 3. കാരണമുണ്ടാക്കുക
കാലിണ നാ. രണ്ടുകാലും.
541
കാലിത വി. കാലഗതി പ്രാപിച്ച; 2. അപഹരിക്കപ്പെട്ട
കാലിന്ദകം [സം.] നാ. തണ്ണിമത്തങ്ങ

കാലിന്ദി നാ. 1. നാൽക്കൊപ്പക്കൊന്ന; 2. കാളിന്ദി
കാലിപ്പുകയില നാ. നല്ലായിനം പുകയില
കാലിയാൻ നാ. കാലിമേയ്ക്കുന്നവൻ
കാലിയം [സം.] നാ. കലിയുഗം, ഒരു ലോഹം
കാലിയാല [കാലി-ആല] നാ. എരുമയുടെ തൊഴുത്ത്
കാലീകം [സം.] നാ. ക്രൗഞ്ചപ്പക്ഷി
കാലിചി നാ. യമൻെറ വിചാരണസ്ഥലം, കാലൻെറ കൊട്ടാരം
കാലീന വി. കാലസംബന്ധിയായ
കാലീയകം [സം.] നാ. 1. മരമഞ്ഞൾ; 2. പീതചന്ദനം
കാല്1 നാ. കാൽ
കാല്2 നാ. കാറ്റ്
കാലുക ക്രി. 1. ചേരുക; 2. ഛർദിക്കുക; 3. കാരുക; 4. ഊറ്റുക; 5. ഒലിക്കുക
കാലുനാട്ടൽ നാ. മങ്ഗളാവസരങ്ങളിൽ പന്തലിടുമ്പോൾ ആദ്യമായ തൂണ് നിറുത്തുക
കാലുപിടിക്കൽ നാ. കിചിഞ്ഞ് ആശ്രയിക്കൽ, അഭിമാനംവിട്ട് സേവിക്കൽ
കാലുമാറ്റം നാ. 1. സ്ഥാനം മാറ്റം; 2. ഒഴിഞ്ഞുമാറ്റം
കാലുഷ്യം നാ. 1. ദുഷ്ടത; 2. മലിനത
കാലുറ നാ. കാലിലിടുന്ന ഉറ, പാദാവരണം
കാലൂന്നി നാ. അതിർത്തിക്കല്ല്
കാലേ [സം.] അവ്യ. കാലത്ത്
കാലേയ വി. കലിയുഗത്തെ, കലിയെ സംബന്ധിച്ച
കാലേയകം നാ. പീതചന്ദനം
കാലേയൻ നാ. 1. നീഗ്രോ; 2. കറുത്ത മനുഷ്യൻ; 3. കാലേയൻെറ അനുജൻ
കാലേയം നാ. 1. മരമഞ്ഞൾ; 2. കൃഷ്ണചന്ദനം; 3. പീതചന്ദനം; 4. താമരക്കുരു; 5. കസ്തൂരി മഞ്ഞൾ
കാലേയാഗരു നാ. 1. കൃഷ്ണചന്ദനം; 2. നായ്
കാലേശ്വരവാദി വി. കാലമാണ് ഈശ്വരൻ എന്ന് വാദിക്കുന്നവൻ
കാലൊച്ച നാ. നടക്കുമ്പോൾ പാദപതനത്തിലുണ്ടാകുന്ന ശബ്ദം
കാലോചിത വി. കാലത്തിനു യോജിച്ച, സമയത്തിനുതക്ക
കാലിപ വി. കൽപത്തെ സംബന്ധിച്ച, ഉപദേശരൂപമായ
കാൽപനിക വി. 1. കൽപനത്തെ സംബന്ധിച്ച; 2. സങ്കൽപമാത്രമായ; 3. ഭാവനയിൽ ഉടലെടുത്ത
കാൽപനികപ്രസ്ഥാനം നാ. ഭാവനാപ്രധാനമായ സാഹിത്യകലാപ്രസ്ഥാനം
കാല്യ വി. 1. തക്കസമയത്തുള്ള; 2. കാലോചിതമായ; 3. സമയത്തുണ്ടാകുവാൻ തക്ക; 4. ശുഭമായ; 5. പ്രഭാതത്തിലുള്ള
കാല്യൻ നാ. 1. ശുക്രമുനി; 2. ശൂരൻ
കാല്യം നാ. 1. പ്രഭാതം2. മങ്ഗളവചനം

കാല്യാണകം നാ. 1. ശുഭം; 2. മങ്ഗളം; 3. ശുഭപ്രദത്വം
കാവ നാ. 1. കാട്ടുമുല്ല; 2. ഒരുതരം പാനീയം
കാവക്കറ്റ നാ. കാവലിനുപ്രതിഫലമായി കൊടുക്കുന്ന കറ്റ
കാവക്കാരൻ നാ. 1. കാക്കുന്നവൻ; 2. മര്യാദക്കാരൻ; 3. ആഭാസൻ, തെമ്മാടി, ദുർനടപടിക്കാരൻ. (സ്ത്രീ) കാവക്കാരി
കാവചിക വി. കവചരൂപമായ
കാവചികം നാ. പടച്ചട്ടയണിഞ്ഞ ഭടസമൂഹം
കാവടി നാ. 1. അർധവൃത്താകൃതിയിൽ തടികൊണ്ടും പിരമ്പുകൊണ്ടും ഉണ്ടാക്കിയതും നിറമുള്ളതുണി മയിൽപ്പീലി പുഷ്പങ്ങൾ ഇവകൊണ്ട് അലങ്കരിച്ചതും രണ്ടറ്റത്തും അഭിഷേകത്തിനുള്ള പദാർഥങ്ങൾ ഘടിപ്പിച്ചതുമായ ഒരു നേർച്ചവസ്തു (സുബ്രഹ്മണ്യഭക്തന്മാർ ഇതുതോളിലേന്തി ഭിക്ഷാടനവും തീർഥാടനവും നടത്തുന്നു). (പ്ര) കാവടിതുള്ളൽ, കാവടിയാട്ടം = കാവടി തോളിലേറ്റിച്ചുകൊണ്ട് നടത്തുന്ന നൃത്തം; 2. കാവ്; 3. കാവുതണ്ടിൽകൊണ്ടുപോകുന്ന വസ്തു
കാവടിച്ചിന്ത് നാ. ഒരിനം തമിഴ്നാടൻ പാട്ട്, കാവടിയെടുക്കുന്ന തീർഥാടകന്മാർക്കു പാടാനുള്ളത്
കാവട്ട(ം) നാ. ഒരിനം സുഗന്ധപ്പുല്ല്, സംഭാരപ്പുല്ല്
കാവണ നാ. 1. തട്ടുപന്തൽ; 2. വിവാഹകർമത്തിനു വധൂവരന്മാർക്കിരിക്കാൻ നിർമിക്കുന്ന അലങ്കരിച്ച തട്ട്; 3. ചോല
കാവണ്ടം നാ. 1. കാവടി; 2. ഭാരംകെട്ടി തോളിൽ ചുമന്നുകൊണ്ടുപോകുന്നതിന് ഉപയോഗിക്കുന്ന തണ്ട്, കഴ
കാവതി,-വുതി നാ. ക്ഷുരകൻ (തീയരുടെ). (സ്ത്രീ) കാവതിച്ചി
കാവതിക്കാക്ക നാ. = അണ്ടൻ കാക്ക
കാവത്ത് നാ. കാച്ചിൽ. ആപത്തും കാവത്തും കുറേശ്ശമതി (പഴ), കാച്ചിക്ക
കാവൻ1 നാ. ചിലന്തി
കാവൻ2 [അറ] നാ. വിവാഹനിശ്ചയം. (പ്ര) കാവനെഴുത്ത് = വിവാഹം രേഖപ്പെടുത്തൽ (മലബാർമുസ്ലിങ്ങളുടെ)
കാവപ്പുര നാ. = കാവൽപ്പുര
കാവരൻ നാ. ഒരുജാതി
കാവൽ [<കാക്കുക] നാ. (വിലപ്പെട്ടവസ്തുക്കളെന്നപോലെ) നഷ്ടപ്പെടാതെയോ (തടങ്കൽപ്പുള്ളികളെന്നപോലെ) രക്ഷപ്പെടാതെയോ സൂക്ഷിക്കൽ, സംരക്ഷണം, പാറാവ് കിടക്കുന്നത്. കാവൽച്ചാള സ്വപ്നംകാണുന്നതു മച്ചും മാളികയും (പഴ); 2. തടവ്, ബന്ധനം; 3. സൂക്ഷിപ്പുകാരൻ, കാക്കുന്നവൻ; 4. വേലി, മതിൽ; 5. സൂക്ഷിക്കാനേൽപ്പിക്കുന്ന വസ്തു. (പ്ര) കാവൽക്കൂലി,-ഫലം = കാവലിനുള്ള കൂലി; 6. സൂക്ഷിപ്പുകാരനുകൊടുക്കേണ്ട വിളവുവീതം. (പ്ര) കാവൽക്കറ്റ = വിളവു സൂക്ഷിക്കുന്നതിനു പ്രതിഫലമായി കൊയ്ത്തു സമയത്തു കൊടുക്കുന്ന നെൽക്കറ്റ
കാവൽക്കാരൻ നാ. കാവൽനിൽക്കുന്നവൻ (സ്ത്രീ) കാവൽക്കാരി
കാവൽച്ചങ്ങാതം നാ. 1. രാജാക്കന്മാരുടെയോ പ്രഭുക്കന്മാരുടെയോ സ്ഥാനമാനങ്ങളിലൊന്ന്; 2. കാവലിനുള്ള വിരുത്തി; 3. കാവലിനു ചുമതലപ്പെട്ടവൻ
കാവൽച്ചങ്ങാതി നാ. കാവൽച്ചുമതലയുള്ളവൻ

കാവൽപ്പാട് നാ. കാളി അയ്യപ്പൻ തുടങ്ങിയ ദേവതകളെ ആരാധിക്കുന്ന കാവ്
കാവൽപ്പാട്ടം നാ. മുക്കുവരിൽനിന്നും ഈടാക്കിയിരുന്ന ഒരു പഴയനികുതി
കാവൽപ്പുര നാ. 1. കാവൽക്കാരൻ ഇരിക്കുന്ന പുര; 2. കാരാഗൃഹം, ബന്ധനഗൃഹം
കാവൽമാടം നാ. = കാവൽപ്പുര
കാവൽമാലാഖ നാ. (ക്രിസ്റ്റു) കാത്തുരക്ഷിക്കുന്ന മാലാഖ (ഓരോവ്യക്തിക്കും ഓരോ കാവൽമാലാഖ ഉണ്ടെന്നുവിശ്വാസം)
കാവൽമാളിക നാ. കാവൽഭടന്മാർക്കും മറ്റും നിൽക്കാനുള്ള ഗോപുരം
കാവലൻ നാ. 1. കാക്കുന്നവൻ, രക്ഷകൻ; 2. രാജാവ്
കാവലാൾ,-ളി നാ. = കാവൽക്കാരൻ
കാവാലി1 നാ. = കാപാലി
കാവാലി2 [ഹി.<അറ] നാ. താന്തോന്നി
കാവാലിക്കാലുകൾ നാ. നക്ഷത്രത്തിൻെറ ഒന്നും മൂന്നും നാലും കാലുകൾ
കാവാറ് നാ. വള്ളം കടലിലിറക്കുന്നതിനും തിരികെക്കയറ്റുന്നതിനും വള്ളത്തിൻെറ രണ്ടറ്റത്തും ഇടുന്ന വട്ടക്കയറ്
കാവി1 നാ. 1. കാവിമണ്ണ്; 2. കാവിമണ്ണിൻെറ നിറം; 3. കാവിവസ്ത്രം. (പ്ര) കാവിമുക്കുക = വസ്ത്രങ്ങളിൽ കാവിഉപയോഗിച്ചു നിറംപിടിപ്പിക്കുക. കാവിഉടുക്കുക = സന്യസിക്കുക; 4. വെറ്റിലമുറുക്കുന്നതുകൊണ്ടു പല്ലിനുണ്ടാകുന്ന നിറം
കാവി2 നാ. 1. കപ്പലിൻെറ തലപ്പായ്; 2. വലിയപൊങ്ങുതടി
കാവി3 നാ. കള്ള്
കാവി4 നാ. ഒരുജാതി ചെറിയ പക്ഷി
കാവിതി നാ. 1. കണക്കഞ്ഞാതി; 2. വെള്ളാളർക്കുള്ള സ്ഥാനനാമം; 3. നികുതിപിരിക്കുന്ന ആൾ; 4. ക്ഷുരകൻ
കാവിമണ്ണ് നാ. പർവതത്തിൽനിന്നുണ്ടാകുന്ന ധാതുക്കളിൽ ഒന്ന് (ചുവപ്പുകലർന്ന മഞ്ഞനിറമുള്ളതു സുവർണഗൈരികമെന്നും ചെമ്പിൻെറ നിറമുള്ളതു പാഷാണഗൈരികമെന്നും രണ്ടുതരം. ഔഷധത്തിനും വസ്ത്രത്തിനു നിറംവരുത്തുന്നതിനും ഉപയോഗിക്കാറുണ്ട്)
കാവിമുണ്ട് നാ. = കാവിവസ്ത്രം
കാവിയൻ നാ. = കാവ്യൻ
കാവിലമ്മ നാ. കാവിൽപ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള ദേവി, ഭഗവതി, ഭദ്രകാളി
കാവിവസ്ത്രം നാ. കാവി കലക്കിയ വെള്ളത്തിൽ മുക്കി നിറംപിടിപ്പിച്ച വസ്ത്രം, സന്ന്യാസിമാർ ധരിക്കുന്നത്, കാഷായവസ്ത്രം
കാവ്1 നാ. 1. വൃക്ഷലതാദികൾ ഇടതൂർന്ന് വളർന്നുനിൽക്കുന്ന സ്ഥലം, കാട്; 2. തോപ്പ്, ഉദ്യാനം, പൂങ്കാവ്, മലർക്കാവ്; 3. ഒരു ആരാധനാസ്ഥലം (വള്ളികൾ, മരങ്ങൾ മുതലായ നിറഞ്ഞതും കാളി അയ്യപ്പൻ നാഗങ്ങൾ

മുതലായ ദേവതകളുടെ പ്രതിഷ്ഠയുള്ളതുമായ പ്രദേശം) ഉദാ: കാളികാവ്, അയ്യപ്പൻകാവ്, സർപ്പക്കാവ്; 4. മതിൽ

കാവ്2 നാ. 1. കുഞ്ഞ്, കുട്ടി; 2. ഋതുമതിയാവാത്ത ബ്രാഹ്മണകന്യക

കാവ്3 നാ. 1. കാവുതണ്ട്; 2. ഒരു തൂക്ക അളവ്, കാവുതടിയിൽ വഹിക്കുന്ന ഭാരം; 3. വാളിൻെറ പിടി

കാവുക ക്രി. 1. കാവുതണ്ടു തോളിൽവഹിക്കുക, കാവടിചുമക്കുക; 2. ധരിക്കുക

കാവുതടി,-ണ്ട് നാ. രണ്ടറ്റത്തും ഭാരം തൂക്കി തോളിൽവച്ചു ചുമക്കുന്നതിനുള്ള തണ്ട്, തടി, കാമരം

കാവുതി നാ. 1. ക്ഷേത്രപരിചര്യ; 2. ക്ഷുരകവൃത്തി, ക്ഷുരകൻ. താരത. കാവതി

കാവൂട്ട് നാ. കാവിൽപ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള ദേവതകൾക്കും മറ്റും നടത്തുന്ന ഒരു വഴിപാട്

കാവ്യകം [സം.കാ-വ്യക] നാ. 1. പക്രവാകം; 2. കോഴി; 3. തലയ്ക്കു മഞ്ഞനിറമുള്ള പരുന്ത്

കാവേരൻ നാ. അഗസ്ത്യൻ, കവേരൻെറ (വരുണൻെറ) പുത്രൻ

കാവേരം [സം.] നാ. കുങ്കുമം

കാവേരി നാ. 1. ദക്ഷിണേന്ത്യയിലെ ഒരു പുണ്യനദി, ഭാരതത്തിലെ ഏഴുപുണ്യനദികളിൽ ഒന്ന്; 2. മഞ്ഞൾ; 3. വേശ്യ

കാവ്യ1 [സം.] വി. 1. കവിയെസംബന്ധിച്ച, കവിതാത്മകമായ; 2. പ്രാജ്ഞൻെറയോ കവിയുടെയോ ഗുണങ്ങൾ ഉള്ള; 3. ദീർഘദർശിത്വമുള്ള; 4. വർണിക്കാൻയോഗ്യമായ

കാവ്യ2 നാ. 1. ബുദ്ധി; 2. ഒരു പിശാചിക

കാവ്യകാരൻ,-കൃത്ത് നാ. = കവി

കാവ്യഗുണം നാ. കാവ്യത്തിലെ രസത്തിന് ഉത്കർഷം ഉണ്ടാക്കിത്തീർക്കുന്ന ധർമം, മാധുര്യാദികൾ. കാവ്യഗുണത്രയം = പ്രസാദം, മാധുര്യം, ഓജസ്സ് എന്നീ മൂന്നു കവിതാഗുണങ്ങൾ

കാവ്യൻ നാ. 'കവിയുടെ മകൻ', 1. ശുക്രൻ, ഉശനസ്സ്; 2. കവിയുടെ മറ്റൊരു പുത്രൻ

കാവ്യനീതി നാ. സാഹിത്യത്തിൽ കഥാപാത്രങ്ങളുടെ സ്വഭാവത്തിനും പ്രവൃത്തികൾക്കുമനുസരിച്ച് നന്മയോ തിന്മയോ സംഭവിക്കുന്നതായുള്ള ചിത്രീകരണം. ദുഷ്ടപാത്രങ്ങൾക്കു ശിക്ഷയും ശിഷ്ടപാത്രങ്ങൾക്കു അനുകൂലപരിണാമഗതിയും ദീക്ഷിക്കൽ

കാവ്യബന്ധ(ന)ം നാ. കാവ്യരചന

കാവ്യം നാ. 1. കവിയുടെ രചന (ഗദ്യം, പദ്യം മിശ്രം എന്നു കാവ്യത്തിനു മൂന്നു വിഭാഗങ്ങൾ. മഹാകാവ്യം, ഖണ്ഡകാവ്യം, ലഘുകാവ്യം തുടങ്ങിയവ ഉപവിഭാഗങ്ങൾ); 2. ക്ഷേമം, സുഖം; 3. ജ്ഞാനം; 4. പ്രചോദനം

കാവ്യമീമാംസ നാ. കാവ്യതത്ത്വങ്ങളെക്കുറിച്ചുള്ള വിചിന്തനം, കാവ്യനിരൂപണശാസ്ത്രം. (പ്ര) കാവ്യമീമാംസകൻ = കാവ്യനിരൂപകൻ

കാവ്യമുഖം നാ. ഗ്രന്ഥത്തിൻെറ നിർവിഘ്നസമാപ്തിക്കായി ഗ്രന്ഥാരംഭത്തിൽ ചെയ്യുന്ന ആശീർവാദമോ നമസ്കാരമോ കഥാസൂചനയോ ഉൾക്കൊള്ളുന്ന ഭാഗം, ആമുഖം
കാവ്യർ [അറ<കാഫിർ] നാ. (ബ.വ.) അവിശ്വാസികൾ, ക്രൈസ്തവരല്ലാത്തവരെ നിർദ്ദേശിക്കുവാൻ ക്രിസ്ത്യാനികൾ പണ്ടുപയോഗിച്ചിരുന്ന പദം.
543
കാവ്യലിങ്ഗം [സം.-ലിങ്ഗ] നാ. ഒരു അലങ്കാരം
കാവ്യസംഹാരം നാ. നാടകത്തിലെ നിർവഹണസന്ധിയുടെ അങ്ഗങ്ങളിലൊന്ന്, വരദാനപ്രസ്താവം ഉൾക്കൊള്ളുന്നഭാഗം
കാശം1 നാ. 1. ആറ്റുദർബ്ഭ; 2. കുരുവിക്കരിമ്പ്; 3. ആകൃതി, ബാഹ്യഭാവം; 4. ശോഭ
കാശം2 നാ. = കാശു
കാശമർദം നാ. പൊന്നാ(ര)വീരൻ
കാശസിത നാ. കുരുവിക്കരിമ്പിൽനിന്നെടുക്കുന്ന പഞ്ചസാര
കാശാല്മലി നാ. ഇലവിൽ ഒരിനം, കണ്ടിലവ്
കാശാവ് നാ. നീലപ്പൂക്കളുണ്ടാകുന്ന ഒരു കുറ്റിച്ചെടി, കനലി
കാശി1 വി. (പദാന്ത്യത്തിൽ പ്രയോഗം) 1. പ്രകാശിക്കുന്ന; 2. സൂര്യൻ; 3. ആറ്റുദർഭ; 4. ചുമ
കാശി2 [സം.കാശി] നാ. ഒരു പുണ്യസ്ഥലം. ഉത്തരേന്ത്യയിൽ ഗങ്ഗാതീരത്തു സ്ഥിതിചെയ്യുന്നു. വിശ്വനാഥക്ഷേത്രംകൊണ്ടു പ്രസിദ്ധമായത്. (പ്ര) കാശിക്കുപോവുക = 1. തിരികെവരാതെ പോയിമറയുക; 2. തീർഥാടനം നടത്തുക. കാശിക്കുപോയാലും കർമം തുലയുകയില്ല (പഴ)
കാശിക1 [സം] വി. പ്രകാശിക്കുന്ന
കാശിക2 നാ. കാശിനഗരം, വാരണാസി
കാശികം നാ. കാശിദേശത്തുകിട്ടുന്ന പരുത്തിനൂൽ
കാശിത്തുമ്പ നാ. ഒരു ഏകവാർഷികസസ്യം, പട്ടാണിപ്പൂ, ഓണപ്പൂ
കാശിനാഥൻ നാ. ശിവൻ
കാശിരട്ട് [കാശി-രട്ട്] നാ. ഒരുതരം കട്ടിത്തുണി
കാശില വി. കാശം (ആറ്റുദർഭ) കൊണ്ടുണ്ടാക്കിയ
കാശീശൻ [സം.കാശി-ഈശ] നാ. 1. കാശിരാജാവ്; 2. ശിവൻ
കാശ് നാ. 1. ചെമ്പുനാണയം; 2. നാണയം ഉദാ: അറബിക്കാശ്, തങ്കക്കാശ്, കാശുവരാഹൻ, കൊച്ചിക്കാശ് ഇത്യാദി; 3. പണം, ധനം, സമ്പത്ത്. കയ്യിലെകാശ് വായിലെ ദോശ (പഴ). 4. സ്വർണം; 5. രൊക്കം; 6. കാഞ്ഞിരക്കുരു. (പ്ര) കാശിനുകൊള്ളാ, -പിടിയാ = തീരെ വിലപ്പിടിപ്പില്ല, ഒന്നിനും കൊള്ളുകയില്ല. 'കാസുമാറുക = വിലയ്ക്കുവിൽക്കുക
കാശുതാലി നാ. പൊൻകാശു കുഴവച്ചുകോർത്ത ഒരു കണ്ഠാഭരണം
കാശുമാല നാ. പൊൻകാശുകൾ കോർത്തുണ്ടാക്കിയ മാല
കാശുകാരം നാ. കവുങ്ങ്
കാശ്മരി നാ. കുമിഴ്, കുമ്പിൾ മരം

കാശ്മല്യം [സം.] നാ. 1. കശ്മലൻെറ സ്വഭാവം, ദുഷ്ടത; 2. മനസ്സിൻെറ ക്ഷീണം, നിരാശത; 3. നിർഭാഗ്യം
കാശ്മീർ നാ. കാശ്മീരം
കാശ്മീര1 വി. കാശ്മീരദേശത്തുള്ളകാശ്മീര2 നാ. 1. വലിയമുന്തിരി; 2. ഓരിലത്താമര
കാശ്മീരക,-രിക വി. കാശ്മീരദേശത്തുള്ള
കാശ്മീരകം നാ. കുങ്കുമം
കാശ്മീരജ നാ. അതിവിടയം
കാശ്മീരജം നാ. 1. കുങ്കുമം; 2. കൊട്ടം; 3. പുഷ്കരമൂലം
കാശ്മീരം നാ. 1. ഇന്ത്യയ്ക്കുള്ളിൽ വടക്കുപടിഞ്ഞാറുഭാഗത്തുള്ള സംസ്ഥാനം; 2. കുങ്കുമം (പ്ര) കാശ്മീരക്കളി = കുങ്കുമച്ചാറ്; 3. പുഷ്കരമൂലം; 4. ഓരിലത്താമര; 5. കുനിഴ്
കാശ്മീരി നാ. 1. കാശ്മീരദേശത്തുള്ളആൾ; 2. കാശ്മീരദേശത്തെ ഭാഷ; 3. കുനിഴ്, കുമ്പിൾ
കാശ്യപൻ നാ. 1. കശ്യപൻ; 2. കശ്യപദേശത്തിൽ പിറന്നവൻ; 3. കണാദൻ; 4. അരുണൻ
കാശ്യപനന്ദനൻ നാ. 1. അരുണൻ; 2. ഗരുഡൻ; 3. ദേവൻ; 4. അസുരൻ; 5. സൂര്യൻ
കാശ്യപം [സം.] നാ. മാംസം
കാശ്യപി നാ. 1. ഗരുഡൻ; 2. അരുണൻ; 3. വിഭണ്ഡകൻ; 4. ഭൂമി (ക്ഷത്രിയന്മാരെ കൊന്നൊടുക്കിയതിനുശേഷം പരശുരാമനിൽനിന്നു ഭൂമിമുഴുവനും യജ്ഞദക്ഷിണയായി കാശ്യപൻ ദാനമായി സ്വീകരിച്ചതിനാൽ ഈ പേര്)
കാശ്യപീനാഥൻ നാ. രാജാവ്
കാശ്യപേയൻ നാ. 1. ആദിത്യൻ; 2. ഗരുഡൻ; 3. അരുണൻ; 4. ദേവൻ; 5. അസുരൻ
കാശ്യം നാ. മദ്യം
കാഷം നാ. 1. ഉരപ്പ്; 2. ഉരപ്പാനുള്ളവസ്തു, ഉരകല്ല്
കാഷായ വി. കാവിനിറമുള്ള, ചെമന്നനിറമ്പിടിപ്പിച്ച
കാഷായം നാ. കാവിവസ്ത്രം
കാഷായവസന ന> 1. കാഷായവസ്ത്രം അണിഞ്ഞവൾ, സന്ന്യാസിനി; 2. വിധവ
കാഷ്ഠ1 [സം.] വി. (സമാസത്തിൽ)തടിയുടെ രൂപത്തിലുള്ള, തടികൊണ്ടുള്ള
കാഷ്ഠ2 [സം.കാഷ്ഠാ] നാ. 1. ഓടാനുള്ള സ്ഥലം; 2. പാത, ഗമനമാർഗം; 3. വായു, മേഘം എന്നിവയുടെ സഞ്ചാരമാർഗം; 4. അതിര്; 5. അടയാളം, ലക്ഷ്യം; 6. അത്യുച്ച:കോടി, അങ്ങേയറ്റം; 7. ദിക്ക്; 8. ഭൂവിഭാഗം, സ്ഥലം; 9. ചന്ദ്രൻെറ ഒരു കല, പതിനാറിലൊരുഭാഗം; 10. ഒരു കാലയളവ്; 11. പത്മം കഴിഞ്ഞുള്ള സങ്ഖ്യ; 12. സൂര്യൻ; 13. വെള്ളം; 14. രൂപം, ആകൃതി; 15. മഞ്ഞനിറം; 16. മരമഞ്ഞൾ; 17. അവസ്ഥ, നില; 18. ദക്ഷൻെറ പുത്രി, കാശ്യപൻെറ ഭാര്യ; 19. ശ്രേഷ്ഠത; 20. ഭാഗ്യം
കാഷ്ഠകദളി നാ. മലവാഴ
കാഷ്ഠകം നാ. 1. ചെന്നിനായകം; 2. ചെറുകുറുഞ്ഞി

കാഷ്ഠകീടം നാ. ദ്രവിച്ചതടിയിലുണ്ടാകുന്ന പുഴു, മരപ്പുഴു
കാഷ്ഠകൂട്ടം നാ. = കാഷ്ഠകൂടം
കാഷ്ഠകുദ്ദാലം നാ. 1. തോണിയിൽനിന്നു വെള്ളം കോരിക്കളയുന്നതിനുള്ള മരത്തവി, കൂർപ്പങ്കോൽ; 2. തോണികെട്ടിയിടാൻ ഉറപ്പിച്ചിട്ടുള്ള കുറ്റി
കാഷ്ഠകുടം നാ. 1. മരംകൊത്തിപ്പക്ഷി; 2. മരപ്പുഴു
കാഷ്ഠജംബു നാ. നീലഞാവൽ
കാഷ്ഠതക്ഷകൻ നാ. തച്ചൻ, ആശാരി
കാഷ്ഠതന്തു നാ. തടിയിലുണ്ടാകുന്ന കൃമി
കാഷ്ഠദാരു നാ. എണ്ണകുറഞ്ഞ ഒരിനം ദേവതാരവൃക്ഷം
കാഷ്ഠപുത്തലിക നാ. മരംകൊണ്ടുള്ള രൂപം, മരപ്പാവ
കാഷ്ഠപ്രദാനം നാ. വിറകടുക്കൽ, ചിതയുണ്ടാക്കൽ
കാഷ്ഠഭങ്ഗി നാ. 'ഉണക്കത്തടിയെ തകർക്കുന്നത്', മരങ്കൊത്തി
കാഷ്ഠഭാരികൻ നാ. വിറകു ചുമക്കുന്നവൻ
കാഷ്ഠം1 നാ. 1. മരക്കഷണം, തടി; 2. വിറക്; 3. വടി; 4. ഒരുതരം അളവ്; 5. അളവുകോൽ
കാഷ്ഠം2 നാ. കാട്ടം, മലം (ജന്തുക്കളുടെയും പക്ഷികളുടെയും)
കാഷ്ഠമണ്ഡപം നാ. ഖാട്ട്മണ്ഡു, നേപ്പാളിൻെറ തലസ്ഥാനം
കാഷ്ഠമല്ലം നാ. ശവമഞ്ചം
കാഷ്ഠലോഹി [സം.-ലോഹിൻ] നാ. ഇരുമ്പുകെട്ടിയ വടി
കാഷ്ഠവല്ലിക നാ. ഒരു വള്ളിച്ചെടി, എരിവള്ളി
കാഷ്ഠവാടം നാ. 1. മരഭിത്തി; 2. വിറകുപുര
കാഷ്ഠശാരിബ നാ. വെളുത്ത നറുനീണ്ടി
കാഷ്ഠാഗരു നാ. മഞ്ഞനിറത്തിലുള്ള അകിൽ
കാഷ്ഠാഗാരം നാ. തടികൊണ്ടുള്ള വീട്, നാലുഭാഗവും തടികൊണ്ടു മറച്ചിട്ടുള്ള സ്ഥലം
കാഷ്ഠാംബുവാഹിനി നാ. 1. മരത്തൊട്ടി, മരവി; 2. തോണി
കാഷ്ഠാലുകം നാ. കണ്ണൻചേമ്പ്
കാഷ്ഠിക നാ. 1. കാഷ്ഠകദളി; 2. ഒരു തടിക്കഷണം
കാഷ്ഠികൻ നാ. വിറകുചുമക്കുന്നവൻ
കാഷ്ഠിക്കുക ക്രി. മലവിസർജനം ചെയ്യുക
കാഷ്ഠീല നാ. 1. വാഴ (സാമാന്യാർഥം); 2. മലവാഴ
കാഷ്ഠീലം നാ. ചെമന്നപൂവുള്ള മന്ദാരം
കാഷ്ഠേക്ഷു നാ. വെള്ളക്കരിമ്പ്
കാഷ്മരി,-ര്യം നാ. = കാശ്മര്യം
കാസ1,-സാ നാ. 1. ക്രൈസ്തവദേവാലയങ്ങളിൽ കുർബാനയ്ക്ക് ഉപയോഗിക്കുന്ന പാത്രം, വീഞ്ഞുപകർന്നു വീഴ്ത്തുന്നത്; 2. വലിയ പിഞ്ഞാണം
കാസ2 [പോർ] നാ. ബട്ടൺ ഇടുന്നതിന് ഉടുപ്പിലും മറ്റും ഉണ്ടാക്കുന്ന ദ്വാരം. ഉദാ: കാസവരിയുക
കാസഘ്ന [സം.-ഘ്നn<ഹൻ] വി. കാസത്തെ ഇല്ലാതാക്കുന്ന, ചുമയെ നശിപ്പിക്കുന്ന

കാസഘ്നം നാ. 1. താന്നി; 2. കാസമർദം
കാസഘ്നി നാ. 1. ചെറുതേക്ക്; 2. കണ്ടകാരിച്ചുണ്ട
കാസജിത്ത് നാ. ചെറുതേക്ക്
കാസനാശിനി നാ. ഒരുതരം പച്ചമരുന്ന്, കർക്കടകശൃങ്ഗി
കാസരഞ്ജനം നാ. കയ്പൻ പടവലം
കാസം നാ. 1. ഒരുതരം രോഗം, ചുമ, കുര, വലിവ്
കാസമർദനം നാ. 1. കയ്പൻ പടവലം; 2. ശ്വാസകോശത്തിലോ കണ്ഠദേശത്തിലോ ഉണ്ടാകുന്ന കഫം ശക്തിയായ വായുവേഗംകൊണ്ടു പുറത്തേയ്ക്കു കളയുന്ന ശരീരവ്യാപാരം; 3. തുമ്മൽ, ജലദോഷം; 4. ഏങ്ങൽ, വലിവ്; 5. കരിമുരിങ്ങ
കാസർട്ട് നാ. മണ്ണെണ്ണ (വ.മ.)
കാസരം [സം.കാസര] നാ. കാട്ടുപോത്ത്
കാസരവാഹ(ന)ൻ നാ. യമൻ
കാസവാരി [മലാ] നാ. ഒട്ടകപ്പക്ഷിയോടും എമുവിനോടും സാദൃശ്യമുള്ള ഒരിനം വലിയ പക്ഷി
കാസഹാരി നാ. കാസത്തെ ഇല്ലാതാക്കുന്നത്, കാസമർദം
കാസാരം നാ. 1. പൊയ്ക, തടാകം; 2. ഒരു ദണ്ഡകം
കാസാസ്ഥി [സം.-അസ്ഥി] നാ. ഒരു ലോഹം, നാകം
കാസി1 വി. കാസം ഉള്ള, ചുമയുള്ള
കാസി2 [അറ] നാ. = കാജി
കാസിക നാ. ചുമ
കാസിയ നാ. ഒരുതരം സുഗന്ധദ്രവ്യം
കാസിസം നാ. 1. അന്നഭേദി; 2. മയിൽതുത്ഥം, തുരിശ്; 3. കറുത്തീയം
കാസു,കാശു [സം.കാസു] നാ. 1. വേൽ അല്ലെങ്കിൽ കുന്തം പോലെയുള്ള ഒരു ആയുധം; 2. അവ്യക്തമായ വാക്ക്, കൊഞ്ഞവാക്ക്; 3. പ്രകാശം, ശോഭ; 4. രോഗം; 5. ഭക്തി; 6. ബുദ്ധി
കാസുകാരം നാ. കവുങ്ങ്
കാസൃതി നാ. രഹസ്യവഴി, ഊടുവഴി
കാസേക്ഷു നാ. കുരുവിക്കരിമ്പ്
കാസോലിക്ക നാ. = കാതോലിക്ക
കാസ്തിരം നാ. 1. വെളുത്തീയം; 2. ബാഹികന്മാരുടെ ഒരു ദേശം, വാരണാസിയുടെ ചുറ്റും ഉള്ള പ്രദേശത്തിൻെറ പഴയ പേര്കാഹക, -ളം
നാ. ഒരു സങ്ഗീതോപകരണം
കാഹല1 വി. 1. വാടിയ, ഉണങ്ങിയ; 2. കുസൃതിയുള്ള, വികൃതികാട്ടുന്ന; 3. വലിയ, വർധിച്ച, വിസ്താരമുള്ള; 4. മര്യാദയില്ലാതെ സംസാരിക്കുന്ന, അവ്യക്തമായിപ്പറയുന്ന
കാഹല2 നാ. 1. ഭേരി; 2. കാഹളം; 3. ഒരു അപ്സരസ്സ്
കാഹലം [സം.] നാ. കാഹളം
കാഹളം1 [സം.കാഹല] വളരെ അധികം

കാഹളം2 [സം.കാഹല] നാ. 1. ഒരുതരം സുഷിരവാദ്യം; 2. വലിയഢക്കാ, ഭേരി; 3. അവ്യക്തമായ ശബ്ദം; 4. ശബ്ദം (സാമാന്യം); 5. മര്യാദയില്ലാത്ത സംസാരം; 6. പൂച്ച; 7. പൂവൻകോഴി; 8. കാക്ക

545

കാഹളയോഗം [സം.] നാ. (ജ്യോ) ലഗ്നാധിപൻ ബലവാനായിരിക്കെ പത്താംഭാവാധിപനും (ഒൻപതാംഭാവാധിപൻ എന്നു ജാതകപാരിജാതം) നാലാംഭാവാധിപനും പരസ്പരം കേന്ദ്രത്തിൽ നിൽക്കുമ്പോഴുള്ള ഗ്രഹയോഗം

കാഹളപുഷ്പം നാ. ഉമ്മത്ത്

കാഹളി1 നാ. = ശിവൻ

കാഹളി2 നാ. 1. യുവതി, തരുണി; 2. വരുണൻെറ ഭാര്യ

കാഹളി3 നാ. = കാഹളം2

കാൾ1 [കാളുക] ധാതുരൂപം

കാൾ2 (വ്യാക) ഒരു ഗതി, രണ്ടുവ്യക്തികളുടെ അല്ലെങ്കിൽ വസ്തുക്കളുടെ താരതമ്യവിവേചനത്തിൽ ഉപയോഗം

കാള1 നാ. 1. കന്നുകാലിയിനത്തിൽപ്പെട്ട ഒരു വളർത്തുമൃഗം, പശുവർഗത്തിലെ ആൺ. ഉപയോഗത്തിലുള്ള വ്യത്യാസമനുസരിച്ച് വിത്തുകാള, വണ്ടിക്കാള, പൊതിക്കാള, കെട്ടുകാള, കോവിൽക്കാള എന്നു പലപേരുകൾ. (പ്ര) കാളചേർക്കുക, കാളയ്ക്കുകെട്ടുക = ഇണചേർക്കുക. കാളഏൽക്കുക = ചനയുണ്ടാവുക. കാളകളിക്കുക = 1. കുട്ടികളുടെ ഒരുതരം കളി; 2. വേലചെയ്യാതെ കളിച്ചുനടക്കുക. കാളകെട്ട് = ഒരു വഴിപാട്. ക്ഷേത്രങ്ങളിൽ ഉത്സവത്തോടനുബന്ധിച്ച് കാളയുടെ രൂപം ഉണ്ടാക്കി വാദ്യഘോഷങ്ങളോടുകൂടി എഴുന്നള്ളിച്ചുകൊണ്ടു പ്രദക്ഷിണം ചെയ്യുന്ന കർമം. കാളപെറ്റെന്നുകേട്ടാൽ കയറെടുക്കുക = കാര്യത്തിൻെറ സൂക്ഷ്മസ്ഥിതി മനസ്സിലാക്കാതെ പ്രവർത്തിക്കാൻ തുടങ്ങുക. കാളപോയ വഴിക്കു കയറും പോകു, കാളനിനച്ചസ്ഥലത്തു തൊഴുത്തുകെട്ടുക (പഴ). കാളകിടക്കും കയറോടും (കടങ്കഥ); 2. (ആല) മര്യാദയില്ലാത്തവൻ, അപരിഷ്കൃതൻ, കാളയെപ്പോലെ അകഞ്ഞുനടക്കുന്നവൻ, സ്ത്രീകളിൽ അത്യാസക്തിയുള്ളവൻ, ഭോഷൻ, വിവേകം ഇല്ലാത്തവൻ

കാള2 [സം.കാല] വി. 1. കറുത്ത, ഇരുണ്ടനിറമുള്ള, കടും നീലനിറമുള്ള; 2. ഉപദ്രവിക്കുന്ന, ശല്യപ്പെടുത്തുന്ന

കാള3 [സം.കാലാ] നാ. 1./ പാർവതി, ദുർഗ; 2. പൂപ്പാതിരി; 3. അമരി; 4. നാൽക്കോൽപ്പക്കൊന്ന; 5. കരിഞ്ജീരകം; 6. തിപ്പലി; 7. മഞ്ചട്ടി; 8. അമുക്കിരം; 9. പെരുഞ്ജീരകം

കാളക [സം.കാലകാ] നാ. ദക്ഷൻെറ പുത്രി

കാളകഞ്ജം [സം.-കഞ്ജ] നാ. നീലത്താമര

കാളകണ്ഠകം നാ. 1. നത്ത്; 2. നീർക്കാക്ക; 3. വേങ്ങ

കാളകണ്ഠൻ നാ. 1. ശിവൻ; 2. സ്കന്ദൻെറ ഒരു അനുചരൻ

കാളകണ്ഠം നാ. 1. മയിൽ; 2. ഊർക്കുരുകിൽ; 3. കുയിൽ; 4. വാലാട്ടിപ്പക്ഷി, കരിങ്കുരികിൽ; 5. നത്ത്; 6. നീർക്കാക്ക

കാളകണ്ഠി നാ. 1. കാളകണ്ഠൻെറ ഭാര്യ, പാർവതി; 2. ഒരു അമങ്ഗളദിനം

കാളകം നാ. 1. കാലകം; 2. ചേരുമരം; 3. ലിങ്ഗത്തിലുണ്ടാകുന്ന ഒരു രോഗം (മാംസം ദുഷിച്ച് കറുക്കുകയും വിണ്ടുപഴുത്ത് ക്രമേണ

നുറുങ്ങിപ്പോകുകയും ചെയ്യുന്നതു രോഗലക്ഷണം); 4. തടികളിൽ പ്രാണികൾ തുളച്ചുണ്ടാകുന്ന ദ്വാരം; 5. ഒരു ദേശം

കാളകർണി(ക)1 നാ. 1. നിർഭാഗ്യം; 2. ലക്ഷ്മീദേവി

കാളകർണി2 നാ. (ജ്യോ) മുഹൂർത്തത്തിനുകൊള്ളരുതാത്ത അശുഭദിനങ്ങളിലൊന്ന്

കാളകുഞ്ജൻ നാ. വിഷ്ണു

കാളകുഷ്ഠം നാ. കങ്കൂട്ടം

കാളകൂടം നാ. 1. അത്യുഗ്രമായ ഒരു വിഷം; 2. വിഷം (സാമാന്യം); 3. കാക്ക; 4. കാഞ്ഞിരം; 5. ഒരു നരകത്തിൻെറ പേര്

കാളഞ്ജരം നാ. 1. കാലഞ്ജരം; 2. ഒരുദേശം

കാളത്തേക്ക് നാ. കാളയെഉപയോഗിച്ചു വെള്ളം തേകുന്ന സമ്പ്രദായം

കാളത്തേൻ [കാള1-തേൻ] നാ. പെരുന്തേൻ, തൂക്കുതേൻ

കാളൻ1 നാ. 1. കറുത്തനിറമുള്ളവൻ; 2. മഹാശാസ്താവിൻെറ സേനാപതി

കാളൻ2 നാ. മോരുകുറുക്കിയുണ്ടാക്കുന്ന ഒരു പുളിച്ച കറി

കാളനിര്യാസം നാ. ഗുഗ്ഗുലു

കാളനിശ നാ. = കാളരാത്രി

കാളനിശീഥിനി നാ. = കാളരാത്രി

കാളപുച്ഛകം നാ. 1. കറുത്തവാലുള്ള ഒരിനം മാൻ; 2. ഒരിനം കുരുവി

കാളപൃഷ്ഠൻ നാ. ഒരു നാഗം

കാളപൃഷ്ഠം നാ. 1. കൃഷ്ണമൃഗം; 2. കങ്കപക്ഷി; 3. കരിഞ്ഞാറൽപക്ഷി; 4. കർണൻെറ വില്ല്, കാലപൃഷ്ഠം; 5. വില്ല്

കാളപ്പോര് നാ. പാശ്ചാത്യരുടെ പ്രത്യേകിച്ച് സ്പെയിൻകാരുടെ ഇടയിൽ പ്രചാരമുള്ള ഒരു വിനോദം

കാളഭാണ്ഡിക നാ. മഞ്ചാടി

കാളഭുജങ്ഗം നാ. = കാളസർപ്പം

കാളഭോഗി നാ. കാളസർപ്പം

കാളം1 [സം.കാല] നാ. 1. കറുപ്പുനിറം, കടും നീലം; 2. കണ്ണിൻെറ കൃഷ്ണമണി; 3. ഒരിനം സർപ്പം, കാളസർപ്പം; 4. വിഷം; 5. മേഘം; 6. കുയിൽ; 7. ചെഞ്ചല്യം; 8. ചുവന്നകൊടുവേലി; 9. പൊന്നാവീരം; 10. പനച്ചി; 11. കാരകിൽ; 12. കാഞ്ഞിരം; 13. അമരി; 14. ഇരുമ്പ്; 15. സൗവീരാഞ്ജനം; 16. തക്കോലം; 17. പീതചന്ദനം; 18. ഒരു പർവതം

കാളം2 [സം.കാല] നാ. (ജ്യോ) ഒരു മുഹൂർത്തദോഷം

കാളം3 [<സം.കാഹല] നാ. = കാഹളം

കാളം4 നാ. 1. ശൂലം; 2. കഴു; 3. മുതലയെയും മറ്റും പിടിക്കുന്നതിനുള്ള വലിയ ചൂണ്ട

കാളം, കോ- [ഇം.] നാ. 1. കടലാസ്സിൻെറ ഒരുപുറത്തെ നെടുകെയുള്ള പലഭാഗങ്ങളായി ഭാഗിച്ചതിൽ ഒന്ന്

കാളമുഖി നാ. 1. ഇന്ദ്രൻെറ അധീനതയിലുള്ള സംവർത്തം ആവർത്തം ഇത്യാദി സപ്തമേഘങ്ങളിലൊന്ന്, കല്ലുമഴവർഷിക്കുന്നത്; 2. ഒരുതരം അപസ്മാരം

കാളമൂലം നാ. 1. ചെമന്നകൊടുവേലി; 2. കൊടുവേലി

കാളമേഘം നാ. 1. നീരാവിയാൽ പൂരിതമായ കറുത്തമേഘം; 2. പ്രളയകാലത്തെ മേഘം

കാളർ,-കോ- [ഇം.] നാ. 1. കഴുത്തിനുചുറ്റും ധരിക്കുന്നത്; 2. ഷർട്ടിൻെറയും മറ്റും കഴുത്തിനുചുറ്റുമുള്ള ഭാഗം

കാളരാത്രി നാ. 1. കൂരിരുട്ടുള്ള ഭയാനകരാത്രി; 2. മരണദിനത്തിൻെറ തലേരാത്രി (കാലൻ വരുന്ന രാത്രി), ശാരീരികവും മാനസീകവുമായി വലിയ വ്യഥ അനുഭവിക്കുന്ന രാത്രി; 3. യുഗാന്തത്തിലെ സർവവിനാശകരാത്രി, ദുർഗയായിട്ടും ദുർഗയുടെ ഒരു ശക്തിയായിട്ടും കരുതപ്പെടുന്നു; 4. പാമ്പിൻെറ നാലുവിഷപ്പല്ലുകളിലൊന്ന്; 5. യമൻെറ ഒരു സഹോദരി; 6. ദീപാവലി; 7. ഒരു വ്യക്തിയുടെ ജീവിതത്തിലെ പ്രത്യേകരാത്രി (അഴുപത്തിയേഴാമത്തെ രാത്രി); 8. ഭൂമിക്കടിയിലുള്ള ഒരു നരകം; 9. വിനാശഹേതു

കാളൽ [<കാളുക് നാ. 1. കത്തിജ്ജ്വലിക്കൽ, എരിച്ചിൽ, കത്തൽ; 2. മനസ്സിലും മറ്റും ഉണ്ടാകുന്ന കത്തിയെരിയുന്നതുപോലെയുള്ള തോന്നൽ, വേവ്; 3. ജ്വാല; 4. നിലവിളി, കരച്ചിൽ; 5. പനി; 6. പ്രണയജ്വരം

കാളവണ്ടി നാ. കാളവലിക്കുന്ന വണ്ടി (ഒറ്റക്കാളവണ്ടി, ഇരട്ടക്കാളവണ്ടി എന്നു രണ്ടിനം. ഭാരം കയറ്റുന്ന വണ്ടിക്ക് ചക്കടാവണ്ടിയെന്നും യാത്രയ്ക്കുപയോഗിക്കുന്നതിനു വില്ലുവണ്ടിയെന്നും പേര്)

കാളവനം നാ. ചുടുകാട്

കാളവാ നാ. 1. അടുപ്പ്; 2. (കക്ക നീറ്റുന്ന) ചൂള, ഇഷ്ടികചുടുന്ന ചൂള; 3. പാലത്തിൻെറ വിൽവളവ്; 4. കാളംപോലെ വായുള്ളത്, കഴുത

കാളശാരിബ നാ. കറുത്തനറുനീണ്ടി

കാളസർപ്പം നാ. 1. ഉഗ്രവിഷമുള്ള ഒരുജാതി കറുത്തപാമ്പ്, കൃഷ്ണസർപ്പം; 2. വലിയ ദുഷ്ടൻ

കാളസാരം [സം.കാല-സാര] നാ. 1. ഒരിനം മാൻ, കൃഷ്ണമൃഗം; 2. പനച്ചി; 3. പീതചന്ദനം

കാളസ്കന്ധം നാ. 1. പനച്ചി; 2. തമാലവൃക്ഷം, പച്ചില മരം; 3. പീനാറി; 4. അത്തിയാൽ; 5. വേങ്ങ

കാളഹസ്തി [സം.കാല-ഹസ്തിൻ] നാ. വടക്കേ ആർക്കാട്ടിലുള്ള ഒരു സ്ഥലം, ശിവക്ഷേത്രംകൊണ്ടു പ്രസിദ്ധം

കാളറ,കോ- [ഇം.] നാ. ഒരു പകർച്ചവ്യാധി, വിഷൂചിക, നീർക്കൊമ്പൻ

കാളാഗരു,-ഗുരു [സം.-അഗരു] നാ. കാരകിൽ

കാളാങ്ഗം [സം.-അങ്ഗ] നാ. വാൾ (കടും നീലനിറത്തിലുള്ള വായ്ത്തലയുള്ളതിനാൽ)

കാളാഞ്ചി1 നാ. 1. തൊങ്ങൽ, പൊടിപ്പ്, സ്വർണത്തിലോ വെള്ളിയിലോ നിർമിച്ചതും കാളത്തിൻെറ ആകൃതിയിലുള്ളതുമായ വസ്തു; 2. കോളാമ്പി; 3. വെറ്റിലത്തട്ടം; 4. (കപ്പലിൽ) കയറ്റുവാനുള്ള കോവണി; 5. ഒരുതരം കടൽ മത്സ്യം

കാളാഞ്ചി2 നാ. ഒരുതരം വാതരോഗം

കാളാഞ്ജനം നാ. കറുത്ത അഞ്ജനക്കല്ല്
കാളാണ്ഡജം [സം.-അണ്ഡജ] നാ. കുയിൽ
കാളാൻ നാ. ചാണകക്കുഴിയിൽ കാണുന്ന ഒരിനം വലിയ പുഴു, കുണ്ടളപ്പുഴു
കാളാനുസാരി [സം.-അനുസാരിൻ] നാ. 1. ഒരു അങ്ങാടിമരുന്ന്, ചേലേയം; 2. വെളുത്തനറുനീണ്ടി
കാളാനുസാര്യം നാ. 1. തകരച്ചെടി; 2. പീതചന്ദനം; 3. കറുജ് ഇരുൾ മരം; 4. സാമ്പ്രാണി; 5. ചേലേയം
കാളാന്ത്രി നാ. ഒരു പിശാച്
കാളാപാനി [ഹി.കാലാ-പാനി] നാ. 1. മദ്യം; 2. ആൻഡമാൻ ദ്വീപസമൂഹം; 3. ജീവപര്യന്തം തടവ്; 4. നാടുകടത്തൽ
കാളാമുഖർ നാ. (ബ.വ.) ഒരു ശൈവമതവിഭാഗക്കാർ
കാളാമുഖലിങ്ഗം നാ. ആറുതരം സ്ഥാവരലിങ്ഗങ്ങളിൽ ഒന്ന്
കാളാമുണ്ടം,-ൻ നാ. വാഴക്കുലത്തണ്ട്, വാഴയ്ക്കാപിടിക്കുന്ന തണ്ട്
കാളായ വി. കളായത്തെ സംബന്ധിച്ച, കായാമ്പൂവിൻെറ നിറമുള്ള, കറുത്ത, നീലിച്ച
കാളായനി നാ. = കാലായനി
കാളായസ [സം.-ആയസ] വി. ഇരുമ്പുകൊണ്ട് ഉണ്ടാക്കിയ
കാളായസം നാ. 1. കാരിരുമ്പ്; 2. ഉരുക്ക്
കാളാരവിന്ദം നാ. നീലത്താമര
കാളാരിമേദം നാ. കറുത്ത കരിവേലകം
കാളാഷ്ടമി നാ. = കാലാഷ്ടമി
കാളാഹി നാ. കാളഭുജങ്ഗം
കാളി1 [<കാളുക] ക്രി. (ഭൂ.രൂപം)
കാളി2 [സം.കാലീ] നാ. 1. ദുർഗയുടെ ഒരു രൂപം. കാളിപ്പണം തൂളിപ്പോകും. (പഴ) = ദേവൻെറ മുതലെടുത്താൽ നാശമുണ്ടാകും; 2. കറുപ്പുനിറം; 3. മഷി; 4. കാർമേഘനിര; 5. രാത്രി; 6. അപവാദം, അപഖ്യാതി; 7. പാർവതി; 8. സത്യവതി, വ്യാസൻെറ മാതാവ് (കാളിന്ദിയിൽ മത്സ്യരൂപം ധരിച്ചുകിടന്നിരുന്ന അദ്രിയെന്ന അപ്സരസ്സ് വസുവിൻെറ ബീജം വിഴുങ്ങിയതിൽനിന്നുണ്ടായ പുത്രി); 9. പതിനാറു മഹാവിദ്യകളിൽ ഒന്ന്; 10. ഒരു സ്ത്രീ നാമം; 11. പാമ്പിൻെറ നാലുവിഷപ്പല്ലുകളിൽ ഒന്നിൻെറ പേര് (കരാളി എന്നും); 12. അഗ്നിദേവതയുടെ ഏഴുജിഹ്വകളിൽ ഒന്ന്; 13. ഭീമസേനൻെറ ഒരു ഭാര്യ, സർവഗതൻെറ മാതാവ്; 14. യമൻെറ ഒരു സഹോദരി; 14. പാൽപ്പുഴു; 15. ഒരുതരം വാഴ; 16. അമരി; 17. കരിം ജീരകം; 18. ത്രികോൽപ്പക്കൊന്ന; 19. തേക്കിട; 20. തുവരി മണ്ണ്; 21. കാളാഞ്ജനി; 22. മണിത്തക്കാളി; 23. പെരും ജീരകം; 24. ഒരുജാതിപ്പയറ്; 25. ഒരിനം നെൽവിത്ത്; 26. പെൺപന്നി
കാളിക [സം.കാലികാ] നാ. 1. കറുപ്പുനിറം; 2. മഷി; 3. കറുത്തവൾ; 4. ദുർഗയുടെ ഒരു മൂർത്തി, കാളി; 5. പാർവതി; 6. മേഘമാല; 7. മഴക്കാറ്; 8. മാഞ്ചി; 9. കാകോളി; 10. അമരി; 11. കരിഞ്ജീരകം; 12. തേക്കിട; 13. കൈപ്പൻപടവലം; 14. കർക്കടകശൃങ്ഗി; 15. കൂട്ടുചേരുവകൊണ്ടുള്ള സ്വർണദോഷം; 16. മദ്യം; 17. തവണയായികൊടുക്കുന്ന വില; 18. നിശ്ചിതസമയങ്ങളിൽ കൊടുക്കുന്ന തവണപ്പലിശ, കാലികവൃദ്ധി; 19. കരൾ; 20. പെൺകാക്ക; 21. കൃഷ്ണമണി; 22. തേൾ; 23. ചെവിയിലെ

ഒരു രക്തധമനി; 24. ഗുഹ്യപ്രദേശം മുതൽ നാഭിവരെയുള്ള രോമരേഖ; 25. ആരോഹം എന്ന ഹിമാലയപ്രദേശത്ത് ഉണ്ടാകുന്ന ഒരുതരം തോൽ, കപിലവർണത്തിൽ ഉള്ളത്; 26. കരിങ്കുയിൽ; 27. തുവരിമണ്ണ്; 28. ദേവീഭാഗവതപ്രകാരമുള്ള പതിനെട്ട് ഉപപുരാണങ്ങളിൽ ഒന്ന്; 29. ദക്ഷകൻെറ ഒരു പുത്രി, കശ്യപൻെറ പത്നി; 30. കാളീപൂജയോടനുബന്ധിച്ചുള്ള ഉത്സവങ്ങളിൽ കാളിയുടെ രൂപം ധരിക്കുന്ന നാലുവയസ്സുള്ള പെൺകുട്ടി; 31. ഒരു യോഗിനി; 32. മൂടൽ മഞ്ഞ്; 33. പാൽപ്പുഴു; 34. സ്കന്ദൻെറ സൈന്യത്തിൽ ഉണ്ടായിരുന്ന മാതൃക്കളിൽ ഒന്ന്.

547

കാളികം നാ. 1. കറുപ്പ്; 2. മഷി; 3. കാരകിൽ; 4. മരമഞ്ഞൾ; 5. കരിംചന്ദനം; 6. മണിത്തക്കാളി; 7. കൊക്ക്; 8. മേഘം; 9. ഉപപുരാണങ്ങളിൽ ഒന്ന്, കാളികാപുരാണം; 10. പീതചന്ദനം

കാളികൂളികൾ നാ. (ബ.വ.) 1. കാളിയും കൂളികളും, കാളി എന്ന ദേവതയും പരിവാരങ്ങളും, ദുർദേവതകൾ; 2. അന്തസ്സില്ലാതെ പെരുമാറുന്ന കൂട്ടർ, അലഞ്ഞുതിരിഞ്ഞുനടക്കുന്ന സംസ്കാരശൂന്യർ, മൂന്നാം തരക്കാർ, അലവലാതികൾ

കാളിഘട്ടം നാ. കൽക്കത്താനഗരത്തിൻെറ പഴയ പേര്

കാളിദാസൻ നാ. ലോകപ്രസിദ്ധനും ഭാരതീയനുമായ സംസ്കൃതമഹാകവി

കാളിനാടകം നാ. ഭദ്രകാളിപൂജ സംബന്ധിച്ച ഒരു ചടങ്ങ്, പാനത്തോറ്റം. ദാരുകവധം കഥ ചൊല്ലുകയാണ് ഇതിൻെറ പ്രധാനചടങ്ങ്

കാളിന്ദ വി. 1. കാളിന്ദ പർവതത്തെ സംബന്ധിച്ച; 2. യമുനാ നദിയെ സംബന്ധിച്ച

കാളിന്ദം നാ. 1. കാലിന്ദകം; 2. ഏലം; 3. പാമ്പ്

കാളിന്ദി നാ. 1. യമുന, കളിന്ദപർവതത്തിൽനിന്ന് ഉദ്ഭവിച്ചതിനാൽ ഇപ്പേര്; 2. സോമവംശജനായ ത്രസനുവിൻെറ ഭാര്യമാരിൽ ഒരുവൾ; 3. അസിതൻ എന്ന രാജാവിൻെറ രണ്ടുഭാര്യമാരിൽ ഒരുവൾ, സഗരൻെറ മാതാവ്; 4. ഒരുതരം പാത്രം; 5. നീർപ്പശു; 6. (സങ്ഗീ) ഖരഹരപ്രിയയുടെ ഒരു ജന്യരാഗം; 7. ഒരു വൈഷ്ണവസമ്പ്രദായം; 8. ഒരുതരം തേക്ക്; 9. വാകമരം

കാളിന്ദീകർഷണൻ നാ. ബലരാമൻ

കാളിന്ദീസോദരൻ നാ. കാളിന്ദിയുടെ സഹോദരൻ, യമൻ

കാളിപ്പച്ച നാ. ഫലങ്ങളും മറ്റും പഴുക്കുന്നതിനുമുമ്പുള്ള കടും പച്ചനിറം

കാളിപ്പന നാ. ഒലട്ടിപ്പന, ആനപ്പന

കാളിപ്പല്ല് നാ. വലിയ വളഞ്ഞപല്ല്, ദംഷ്ട്രം

കാളിപ്പോക്ക് നാ. പെൺപന്നി

കാളിഫ്ലവർ [ഇം.] നാ. ഒരുതരം ഇലക്കറി. ഇതിൻെറ ഇളം പൂക്കുല മലക്കറിയായി ഉപയോഗിക്കുന്നു

കാളിമാ(വ്) [സം.കാലിമൻ] നാ. 1. കറുപ്പ്, കറുപ്പുനിറം; 2. ഇരുട്ട്, ഇരുൾച്ച; 3. പ്രസാദമില്ലായ്മ, മ്ലാനത; 4. കളങ്കം; 5. മഷി; 6. പുകയറ; 7. ദ്വേഷം

കാളിയ1 [<കാളുക] ഭൂ.പേ കത്തിജ്വലിച്ച

കാളിയ2 വി. കറുത്ത, ഇരുണ്ട

കാളിയൻ നാ. 1. കശ്യപനു കദ്രുവിൽ ജനിച്ച ഒരു നാഗശ്രേഷ്ഠൻ
കാളിയജിത്ത് നാ. 1. ശ്രീകൃഷ്ണൻ; 2. ശ്രീരാമൻെറ സേവകരിൽ ഒരാൾ
കാളിയാങ്കക്കൂത്ത് നാ. കാളിയമർദനം ഇതിവൃത്തമായിട്ടുള്ള ഒരു നൃത്തകലാപ്രകടനം
കാളിയാട്ടം നാ. ഭദ്രകാളിപ്രീതിക്കായി നടത്തുന്ന ആട്ടവും പാട്ടും തീയ്യാട്ടിൻെറ രീതിയിൽ വടക്കേ മലബാറിൽ നടത്തുന്ന ഒരു ചടങ്ങ്
കാളിയൂട്ട് നാ. ഭദ്രകാളീക്ഷേത്രങ്ങളിൽ നടത്തുന്ന വിശേഷാൽപൂജയും തത്സംബന്ധമായ ചടങ്ങുകളും
കാളിവരാഹൻ നാ. ഇരുപത്തഞ്ചുപണം വിലയുള്ള ഒരു പഴയ സ്വർണ നാണയം
കാളീകം നാ. 1. അന്നിൽപക്ഷി, ക്രൗഞ്ചം; 2. കൊക്ക്
കാളീതനയം [സം.-തനയ] നാ. പോത്ത്
കാളീതന്ത്രം നാ. വിഷ്ണുക്രാന്താവിഭാഗത്തിലുള്ള 64 തന്ത്രങ്ങളിൽ ഒന്ന്
കാളീതൃതീയ നാ. പൗഷമാസത്തിലെ തൃതീയ
കാളീപിതാവ് നാ. രുദ്രൻ
കാളീയകൻ നാ. ഒരു നാഗപ്രമുഖൻ
കാളീവിലാസം നാ. വിഷ്ണുക്രാന്ത എന്ന വിഭാഗത്തിൽപ്പെട്ട 64 തന്ത്രങ്ങളിലൊന്ന്
കാളുക ക്രി. 1. കത്തുക, എരിയുക, കത്തിജ്ജ്വലിക്കുക; 2. (ആല) കാമം ക്രോധം മോഹം മുതലായവികാരങ്ങൾ ഉള്ളിൽ തീയെന്നപോലെ പടരുക; 3. (ആല) വയറ്റിൽ തീയെരിയുന്ന അനുഭവം ഉണ്ടാവുക, വിശക്കുക. ഉദാ: വയറുകാളുക; 4. തീപോലെ പടരുക, വർധിക്കുക; 5. നിലവിളിക്കുക
കാളും [കാൾ-ഉം] അവ്യ. കാൾ
കാളേജ്,കോ- [ഇം.] നാ. കലാശാല
കാഴ്ച നാ. 1. കണ്ണിൻെറ അനുഭവം, കാണാനുള്ള ശക്തി, കാണൽ, നോട്ടം. കാഴ്ചയുള്ളപ്പോൾ കണ്ണിൻെറ വില അറിയില്ല (പഴ); 2. കാണപ്പെടുന്ന വസ്തു, വിശേഷിച്ച് ശ്രദ്ധേയവും വിശിഷ്ടവുമായ വസ്തു, ദൃശ്യം; 3. ആഘോഷം, ഉത്സവം, പ്രദർശനം; 4. സന്ദർശനം, കൂടിക്കാഴ്ച, മുഖം കാണിക്കൽ (ആ.ഭാ.); 5. ദേവന്മാരെയും, രാജാക്കന്മാരെയും, ഉന്നതവ്യക്തികളെയും മറ്റും കാണാൻ ചെല്ലുമ്പോൾ ബഹുമാനസൂചകമായി സമർപ്പിക്കുന്ന ഉപഹാരം. കേരളീയരുടെ ഓണം തുടങ്ങിയ ചില വിശേഷദിവസങ്ങളിൽ പാട്ടക്കാരും മറ്റും ജന്മികൾക്ക് നൽകിയിരുന്ന വസ്തുക്കൾ. ഉദാ: തിരുമുൽക്കാഴ്ച, കാഴ്ചദ്രവ്യം. (പ്ര) കാഴ്ചകൊടുക്കുക, -വയ്ക്കുക = ബഹുമാനപ്പെട്ടവ്യക്തികൾക്ക് ആദരപൂർവം സാധനങ്ങൾ സമർപ്പിക്കുക; 6. ദീർഘദർശനം, മുൻനോട്ടം, വീണ്ടുവിചാരം
കാഴ്ചക്കാരൻ നാ. 1. കാണുന്നവൻ, കാണി; 2. ദീർഘദർശി; 3. കാഴ്ചവെക്കുന്നവൻ
കാഴ്ച്ചക്കൂത്ത് നാ. കൂടിയാട്ടത്തിനുപയോഗിക്കുന്ന ഏതെങ്കിലും നാടകത്തിലെ ഒരങ്കം മാത്രം തെരഞ്ഞെടുത്തു കൂടിയാടുന്ന സമ്പ്രദായം

കാഴ്ചച്ചേമ്പ് നാ. വീട്ടുമുറ്റങ്ങളിൽ ഭങ്ഗിക്കുവേണ്ടി നട്ടുവളർത്തപ്പെടുന്നതും വിവിധവർണങ്ങളിൽ പുൾലികളോ വരകളോ ഉള്ള ഇലകളോടുകൂടിയതുമായ ഒരിനം ചേമ്പ്
കാഴ്ചദ്രവ്യം നാ. കാഴ്ചയായി സമർപ്പിക്കുന്ന വസ്തു
കാഴ്ചപ്പണം നാ. കാഴ്ചയായി കൊടുക്കുന്ന പണം
കാഴ്ചപ്പറ്റ് നാ. ഒരുവസ്തു കൺമുമ്പിൽനിന്നു മറഞ്ഞതിനുശേഷവും അതിൻെറ രൂപം മറഞ്ഞുപോകാതിരിക്കൽ, ദൃഷ്ടിവാസന
കാഴ്ചപ്പാട് നാ. 1. കാഴ്ചയുടെ പരിധി, കാഴ്ചയുടെ സ്വഭാവം; 2. വീക്ഷണത്തിൽനിന്നുണ്ടാവുന്ന അഭിപ്രായം, വീക്ഷണകോണം, നിലപാട്
കാഴ്ചപ്പുറം നാ. പുറമേനി, ബാഹ്യഭാവം
കാഴ്ചബങ്ഗ്ലാവ് [മ.-ഹി] നാ. 1. കല ശാസ്ത്രം ചരിത്രം വിദ്യാഭ്യാസം എന്നീവിഷയങ്ങളിൽ പ്രാധാന്യമുള്ള വസ്തുക്കളുടെ സംഭരണം, പ്രദർശനം, പഠനം മുതലായവ നടത്തുന്ന സ്ഥാപനം; 2. കൂടിക്കാഴ്ചയ്ക്കുള്ള മുറി, സന്ദർശനസ്ഥലം
കാഴ്ചശ്ശീവേലി നാ. ക്ഷേത്രങ്ങളിലെ ഉത്സവങ്ങളോടനുബന്ധിച്ചു വൈകുന്നേരം നാലുമണിക്കുശേഷം ആഘോഷത്തോടു കൂടിനടത്തുന്ന ശ്രീവേലി
കാറ നാ. 1. സ്ത്രീകളും കുട്ടികളും കഴുത്തിൽ അണിയുന്ന ഒരുതരം ആഭരണം; 2. (മരംകൊണ്ടുള്ള) ഉരൽ; 3. കാറകൊട്ട്, ഹോക്കിപോലെ വടികൊണ്ട് അങ്ങോട്ടും ഇങ്ങോട്ടും പന്തടിച്ചു നീക്കുന്ന ഒരുതരം കളി. (പ്ര) കാറപ്പറമ്പ് = കാറകളിക്കുന്ന സ്ഥലം. കാറപ്പിള്ളേർ = കാറകളിക്കുന്ന കുട്ടികൾ. കാറവടി = കാറകളിക്ക് ഉപയോഗിക്കുന്ന വടി; 4. കുമ്മായക്കൂട്ട്; 5. ഒരുജാതി പക്ഷി
കാറയെല്ല് നാ. കഴുത്തിൻെറ മുൻവശത്തുള്ള വളയെല്ല്
കാറക്കുണ്ടി [കാറൽ-കുണ്ടി] നാ. കാറുന്ന (പാകമാകാത്ത) പറങ്കിമാങ്ങ
കാറണവർ നാ. കാരണവർ
കാറയ്ക്ക [കാറൽ-കായ്] നാ. 1. കാറൽ ചുവയുള്ള കായ്, പഴുക്കാത്ത കായ്; 2. (പാകമാകാത്ത) പറങ്കിമാങ്ങ
കാറൽ [കാറുക] നാമരൂപം. (പ്ര) കാറലടിക്കുക = നിലത്തിൽ വിത്തിട്ട് നാലാംദിവസമോ അഞ്ചാംദിവസമോ ചെറിയ പല്ലുതടികൊണ്ടു നെടുകെ വലിക്കുക
കാറൽമാന്നാടകം നാ. തുർക്കികൾക്കെതിരായി യുദ്ധം നടത്തിയ കാറൽമാൻ ചക്രവർത്തി കഥാനായകനായുള്ള ഒരു ചവിട്ടുനാടകം
കാറ്1 [കാറുക] ധാതുരൂപം
കാറ്2 വി. 1. കറുത്ത, ഇരുണ്ട. ഉദാ: കാർകൊണ്ടൽ, കാർമുകിൽ; 2. പരുപരുത്ത, കടുപ്പമുള്ള. നാ. കറുപ്പ്, കറുപ്പുനിറം
കാറ്3 നാ. 1. മേഘം; 2. വെള്ളം; 3. മഴ; 4. മഴക്കാലത്ത് കൊയ്തെടുക്കുന്ന നെല്ല്, കന്നിപ്പൂനെല്ല്; 5. മുത്തങ്ങ; 6. അഴക്
കാറ്4 അവ്യ. കാരർ (കാററ്) എന്നതിൻെറ സങ്കുചിതരൂപം. ഉദാ: വേലക്കാർ, നാട്ടുകാർ, കൂലിക്കാർ, കൂട്ടുകാർ
കാറ്5 [ഇം.] നാ. മോട്ടോർ വണ്ടി
കാറുക ക്രി. 1. തൊണ്ടയിൽക്കൂടി ശക്തിയായി വായു പുറത്തേക്കുവിട്ടു ശബ്ദമുണ്ടാക്കുക (കഫമോ ഉമിനീരോ മറ്റോ തൊണ്ടയിൽ തടഞ്ഞിരിക്കുമ്പോൾ ചെയ്യുന്നതുപോലെ) കാർക്കിക്കുക. (പ്ര) കാറിത്തുപ്പുക =

കാർക്കിച്ചുതുപ്പുക (നിന്ദാസൂചകമായി); 2. മുട്ടയിടാറാകുമ്പോൾ കോഴി ഒരു പ്രത്യേകതരം ശബ്ദം പുറപ്പെടുവിക്കുക; 3. ഛർദിക്കുക; 4. (കുട്ടികൾ പതറിയ ശബ്ദത്തിൽ) കരയുക; 5. (വെളിച്ചെണ്ണയും നെയ്യും മറ്റും) പഴകി അരുചിയുള്ളതായിത്തീരുക, കനയ്ക്കുക; 6. ഉണങ്ങുക, ചെടികളും മറ്റും കരിയുക. ഉദാ: നിലം കാറിപ്പോയി

കാറുവാർ [പേർ.കാർബാരി] നാ. 1. അധികാരം, വിചാരിപ്പ്, കൈകാര്യകർത്തൃത്വം, പ്രവൃത്തി. (പ്ര) കാറുവാറെടുക്കുക = അധികാരം പ്രകടിപ്പിക്കുക, ഗൗരവം ഭാവിക്കുക, കയർക്കുക, കോപിക്കുക; 2. ജോലിത്തിരക്ക്; 3. ബുദ്ധിമുട്ട്, പ്രാരബ്ധം

കാറെന്താനം [ല] നാ. പകർച്ചവ്യാധികൾ വ്യാപിക്കുന്നത് തടയുന്നതിന് നിർബന്ധിതമായി അകറ്റിനിർത്തുന്ന സമയം (മുമ്പ് കപ്പലുകൾക്കും മറ്റും 40 ദിവസം)

കാറോയാ [സുറി] നാ. ക്രിസ്തീയവൈദികനു നൽകുന്ന ആദ്യത്തെ പട്ടം

കാറ്റള [പ.മ.] നാ. കാലിലെ തള

കാറ്റാടി [കാറ്റ്-ആടി] നാ. 1. കാറ്റിൽ കറങ്ങുന്നതും കടലാസുകൊണ്ട് ഉണ്ടാക്കുന്നതുമായ ഒരു കളിപ്പാട്ടം; 2. പട്ടം; 3. കാറ്റിൻെറ ഗതി അറിയാനുള്ള ഒരു ഉപകരണം; 4. വിശറി; 5. പുര മേഞ്ഞശേഷം കാറ്റുകൊണ്ട് ഓല ഇളകാതെയിരിക്കാൻ കൂരയുടെമേൽ കെട്ടിയിടുന്ന തട; 6. ഒരിനം നെല്ല്; 7. ഒരു വൃക്ഷം, ചൂളമരം; 8. വിമാനത്തിൻെറ പ്രൊപ്പല്ലർ. (പ്ര) കാറ്റാടിയന്ത്രം = കാറ്റുകൊണ്ടു കറങ്ങുന്ന ചക്രംകൊണ്ടു പ്രവർത്തിക്കുന്ന യന്ത്രം

കാറ്റാളം [പ.മ.] നാ. താളക്രമം അനുസരിച്ചുള്ള കാൽച്ചവിട്ട്, കാൽത്താളം

കാറ്റിന്മകൻ നാ. 1. ഭീമൻ; 2. ഹനുമാൻ

കാറ്റില്ലാക്കടൽ നാ. ശാന്തമായി കാറ്റടിക്കുന്നതും ഭൂമദ്ധ്യരേഖയ്ക്കടുത്തുള്ളതുമായ സമുദ്രഭാഗം. ലഘുസമ്മർദ്ദമുള്ളതാണ് ഈ പ്രദേശം

കാറ്റ് നാ. 1. ചലിക്കുന്ന അല്ലെങ്കിൽ ഇളകിക്കൊണ്ടിരിക്കുന്ന വായു. സ്വാഭാവികമായോ കൃത്രിമമായോ ഉള്ള വായുവിൻെറ പ്രവാഹം; 2. വായു (പഞ്ചഭൂതങ്ങളിലൊന്ന് എന്നു പൗരസ്ത്യ ശാസ്ത്ര മതം) അന്തരീക്ഷത്തിനു രൂപം നൽകുന്ന വാതകങ്ങളുടെ - പ്രധാനമായും പാക്യജനകത്തിൻെറയും പ്രാണവായുവിൻെറയും സമ്മിശ്രം; 3. വായു ഭഗവാൻ; 4. പ്രാണൻ, ശ്വാസം. (പ്ര) കാറ്റുപോവുക = മരിക്കുക. കാറ്റടക്കുക = കൊല്ലുക. കാറ്റത്തെ പഞ്ഞി = എളുപ്പത്തിൽ ചിന്നിച്ചിതറിപ്പോകുന്നത്. കാറ്റാടുക = വെറ്റിലമുറുക്കുക. കാറ്റിൽപ്പറപ്പിക്കുക = തീരെ നിസ്സാരമായിക്കരുതി തള്ളിക്കളയുക. കാറ്റുള്ളപ്പോൾ തൂറ്റുക, -പാറ്റുക = അനുകൂലമായ സാഹചര്യത്തിൽ വേണ്ടതുപോലെ പ്രവർത്തിക്കുക. കാറ്റു തിരിച്ചടിക്കുക, -മാറിവീശുക, -മാറിവീഴുക = സാഹചര്യങ്ങൾ എതിരായിവരുക. കാറ്റുവാക്ക് = കാറ്റുകൊള്ളത്തക്കവണ്ണം. കാറ്റുകൊള്ളുക = കാറ്റു ശരീരത്തിൽ ഏൽക്കുക. കാറ്റുനന്നെങ്കിൽ കല്ലും പറക്കും, കാറ്റു ശമിച്ചാൽ പഞ്ഞിയും പറക്കില്ല, കാറ്റില്ലാതെ ഇലയനങ്ങുകയില്ല (പഴ)

കാറ്റുപാ(യ്) നാ. കാറ്റത്തു വിരിച്ചു കെട്ടുവള്ളത്തിൻെറയും മറ്റും ഗതിവേഗം കൂട്ടുന്നതിന് ഉപയോഗിക്കുന്ന പായ്, ഓടുപായ്

കാറ്റുപാങ്ങ് [കാറ്റ്-പാങ്ങ്] നാ. കാറ്റിൻെറ ആനുകൂല്യമുള്ള അവസ്ഥ, കാറ്റുതക്കം

കാറ്റുമറ [കാറ്റ്–മറ] നാ. 1. കാറ്റുതടയാനുള്ള മറ, തട്ടി; 2. കാറ്റുകയറാത്ത സ്ഥലം; 3. ചുണ്ടൻ വള്ളത്തിൻെറ മധ്യം കഴിഞ്ഞ് അണിയത്തോടടുത്ത ഭാഗം, പ്രധാന പാട്ടുകാരും മേളക്കാരും നിൽക്കുന്ന സ്ഥലം, വെടിത്തടി.

549

കാറ്റുമൂളി [കാറ്റ്–മൂളി] നാ. കാറ്റാടിമരം

കാറ്റുവാ(യ്) നാ. 1. കാറ്റൊഴിവ്; 2. അധികം കാറ്റുവരുന്ന സ്ഥലം, കാറ്റുവാക്ക്

കാറ്റുവാരി നാ. പുരമേയുമ്പോൾ കാറ്റേറ്റ് ഓല ഇളകാതിരിക്കുന്നതിനുവേണ്ടി പുരമുകളിൽ വച്ചുകെട്ടുന്ന വാരി

കാറ്റുവീഴ്ച നാ. തെങ്ങിനുണ്ടാകുന്ന ഒരു രോഗം

കി 'ക്' എന്ന വ്യഞ്ജനത്തോട് 'ഇ' എന്ന സ്വരം ചേർന്നുണ്ടാകുന്ന അക്ഷരം

കികി[സം.] നാ. 1. കാട്ടുകാക്ക; 2. തെങ്ങ്; 3. ചാതകപ്പക്ഷി

കിക്കിരി [<സം.തിത്തിരി] നാ. മീൻകൊത്തിപ്പുള്ള്

കിക്കിളി,ഇ– നാ. 1. ശരീരത്തിലെ കക്ഷം തുടങ്ങിയ മൃദുലമായ ചിലഭാഗങ്ങളിൽ സ്പർശംകൊണ്ടുണ്ടാകുന്ന അസുഖകരവും മിക്കപ്പോഴും ചിരിക്കാൻ പ്രേരിപ്പിക്കുന്നതുമായ ഒരു അനുഭവം; 2. മനസ്സിൽ തോന്നുന്ന സന്തോഷകരമായ ഉദ്വേഗം അല്ലെങ്കിൽ തുടിപ്പ്; 3. ലജ്ജ

കിക്കിളിക്കുക ക്രി. കിക്കിളിതോന്നാവുന്ന ശരീരഭാഗങ്ങളിൽ സ്പർശിക്കുക

കിഖി [സം.] നാ. 1. കുരങ്ങ്; 2. ഒരുജാതി ചെറിയ കുറുക്കൻ

കിങ്കണൻ [സം.കിം–കണ] നാ. അൽപധനത്തെ അവഗണിക്കുന്നവൻ

കിങ്കണിക [സം.] നാ. കിങ്കിണി

കിങ്കർത്തവ്യത നാ. എന്താണു ചെയ്യേണ്ടതെന്നു തന്നത്താൻ ചോദിക്കുന്ന അവസ്ഥ. (പ്ര) കിങ്കർത്തവ്യതാമൂഢൻ = എന്തുചെയ്യേണ്ടു എന്നറിയാതെ കുഴങ്ങുന്നവൻ

കിങ്കര വി. 1. അനുസരണാപൂർവം ജോലിചെയ്യുന്ന; 2. ഭൃത്യത്വം ഉള്ള. നാ. 1. ഒരു ദിവ്യാസ്ത്രം; 2. ദാസൻ, അടിമ; 3. ശിവപാർഷദന്മാരിൽ ഒരാൾ

കിങ്കരൻ നാ. 1. ദാസൻ, ഭൃത്യൻ, അടിമ; 2. ശിവൻെറ പാർഷദന്മാരിൽ ഒരുവൻ

കിങ്കരി നാ. 1. ഭൃത്യൻെറ ഭാര്യ; 2. ദാസി

കിങ്കാമ്പ് നാ. സ്വർണനൂലോ വെള്ളിനൂലോകൊണ്ടു ചിത്രപ്പണിചെയ്ത പട്ടുതുണി, കസവു പൂക്കളുള്ള പട്ട്

കിങ്കാര്യത നാ. = കിങ്കർത്തവ്യത

കിങ്കിണി(ക) നാ. 1. കിങ്ങിണി; 2. ഒരുജാതി മുന്തിരി; 3. ചണം; 4. ആറ്റുഞാവൽ; 5. വയ്യങ്കത

കിങ്കിണിക്കോവ നാ. കഴുത്തിലും അരയിലും ധരിക്കുന്നതിനു കിങ്കിണികൾ കോർത്തു കെട്ടിയ ആഭരണം

കിങ്കിര നാ. ചോര

കിങ്കിരൻ നാ. കാമദേവൻ

കിങ്കിരം നാ. 1. കുതിര; 2. കുയിൽ; 3. വലിയ കാർവണ്ട്; 4. രക്തവർണം, ചെമപ്പ്; 5. ആനയുടെ കുംഭം
കിങ്കിരാതം നാ. 1. അശോകം; 2. തത്ത; 3. കുയിൽ; 4. മഞ്ഞക്കുറുഞ്ഞി
കിങ്കിരാതൻ നാ. കാമദേവൻ
കിങ്കു നാ. 1. മുലക്കണ്ണ്; 2. ഇങ്ക്
കിങ്കുടുംബൻ നാ. കുടുംബം നിസ്സാരമായിക്കരുതുന്നവൻ, തറവാട്ടുകാരനല്ലാത്തവൻ
കിങ്ങിണി നാ. ഒരുതരം ചെറിയ മണി (അരയിലും പാദത്തിലും മറ്റും ആഭരണമായി അണിയുന്നത്. സ്വർണം, വെള്ളി, പിച്ചള മുതലായവകൊണ്ടുണ്ടാക്കുന്നു)
കിങ്ങിണിപ്പാല നാ. കിണികിണിപ്പാല
കിച്ചടി [<ഹി.ഖിച്ഡി] നാ. ഒരിനം കറി
കിച്ചലാട്ടം നാ. തൊന്തരവ്, ശല്യം, ഉപദ്രവം
കിഞ്ച [സം.കിം-ച] അവ്യ. അതുതന്നെയുമല്ല, പോരെങ്കിൽ, കൂടാതെ
കിഞ്ചന [സം.കിം-ചന] അവ്യ. 1. ഏതാണ്ട്, അൽപം, കുറച്ച്; 2. (നിഷേധാർഥത്തിൽ) ഒട്ടുംതന്നെ, ഒരുവിധത്തിലും
കിഞ്ചനൻ നാ. 1. അൽപൻ, നിന്ദ്യൻ; 2. ദരിദ്രൻ, ഏഴ
കിഞ്ചിജ്ഞ [സം.കിംചിത്-ജ്ഞ] വി. അൽപം അറിവുള്ള, പരിമിതമായ അറിവുള്ള (കിഞ്ചിജ്ജ്ഞ എന്നതാണ് സുഷ്ഠുവായരൂപം)
കിഞ്ചിത് [സം.കിം-ചിത്] അവ്യ. അൽപം, കുറച്ച്. (പ്ര) കിഞ്ചിത്പ്രജ്ഞ = അൽപബുദ്ധി
കിഞ്ജലം [സം.] നാ. 1. അല്ലി, പ്രത്യേകിച്ച് താമരയല്ലി; 2. നാകപ്പൂവ്
കിട1 [കിടക്കുക] ധാതുരൂപം
കിട2 [കിടയുക] ധാതുരൂപം
കിട3 [കിടയ്ക്കുക] ധാതുരൂപം
കിട4 നാ. 1. തുല്യത, ഒപ്പം, സാമ്യം, എതിര്; 2. തരം, മാതിരി; 3. വകുപ്പ്, പടി, സ്ഥാനം, ശ്രേണി; 4. അണ, ചിറ; 5. അട്ടി, പാളി, അടുക്ക്; 6. ശേഷിച്ചിട്ടുള്ളത്
കിട5 നാ. ആട്ടിൻകൂട്ടം, പറ്റം
കിടക്ക [കിടക്കുക] നാ. 1. കിടക്കുവാൻ ഉപയോഗിക്കുന്നതും മൃദുലവുമായ ഉപകരണം, മെത്ത, കോസടി മുതലായവ; 2. ഭൂമി, നിലം
കിടക്കക്കല്യാണം നാ. പുടമുറിപോലെയുള്ള ഒരു വിവാഹസമ്പ്രദായം, ഒരുതരം സംബന്ധം
കിടക്കപ്പായ് നാ. കിടക്കാനുള്ള പായ്
കിടക്കപ്പുണ്ണ് നാ. അധികകാലം രോഗശയ്യയിൽ കിടക്കുക കാരണം ശരീരത്തിലുണ്ടാകുന്നതും ഉണങ്ങാൻ പ്രയാസമുള്ളതുമായ ഒരുതരം വ്രണം
കിടക്കപ്പൊറുതി നാ. സമാധാനത്തോടുകൂടിയ അവസ്ഥ, സ്വൈരത
കിടക്കം നാ. 1. ഉറക്കത്തിനുള്ള സ്ഥലം; 2. ഉറക്കത്തിനുള്ള സമയം
കിടക്കയാർ നാ. സാമന്തൻ നമ്പ്യാരുടെ ഭാര്യ

കിടക്കറ നാ. കിടക്കമുറി

കിടക്കാടം നാ. കിടക്കാനുള്ളസ്ഥലം, വീട്, വീടിരിക്കുന്ന സ്ഥലം

കിടക്കാരൻ നാ. 1. എതിരാളി, മത്സരക്കാരൻ; 2. കിടനിൽക്കുന്നവൻ, തുല്യക്കാരൻ

കിടക്കുക ക്രി. 1. വിശ്രമിക്കുന്നതിനോ ഉറങ്ങുന്നതിനോവേണ്ടി തറയിലോ കട്ടിലിലോ മറ്റോ നെടുനീളത്തിൽ ശരീരത്തെ വയ്ക്കുക, ശയിക്കുക; 2. അവശേഷിക്കുക; 3. ജീവിക്കുക, അധിവസിക്കുക

കിടങ്ങ്1,കിടങ്ക് നാ. 1. ശത്രുക്കളുടെ ആക്രമണത്തിൽനിന്നുള്ള സംരക്ഷണമെന്നനിലയിൽ കോട്ടകൾക്കും മറ്റും ചുറ്റിലുമായി ആഴത്തിലും വീതിയിലും നിർമിക്കുന്ന കുഴി; 2. കുഴി; 3. ചാൽ, പാത്തി; 4. കോട്ടമതിൽ; 5. തടവുമുറി, ജയിൽ

കിടങ്ങ്2 നാ. 1. പണ്ടകശാല, ധാന്യപ്പുര, ഗുദാം; 2. മദ്യഷാപ്പ്

കിടങ്ങ്3 നാ. ഒരുതരം ചെടി, നെല്ലിത്താളി. കിടങ്ങിൽപ്പാതി = തിരുവിതാംകൂറിൽ നിലവിലിരുന്ന ഒരു നികുതി. വെറ്റിലക്കൊടി കൃഷിചെയ്തിരുന്നവരുടെമേൽ പണ്ടു ചുമത്തിയിരുന്നത്

കിടങ്ങൂർവഴി നാ. കഥകളിയുടെ ആവിഷ്കരണസമ്പ്രദായങ്ങളിൽ ഒന്ന്

കിടച്ചിൽ നാ. 1. ശണ്ഠ, വഴക്ക്; 2. ഏറ്റുമുട്ടൽ

കിടത്തം നാ. = കിടപ്പ്

കിടത്തൽ [കിടത്തുക] നാമരൂപം

കിടത്തുക ക്രി. 1. കിടക്കുമാറാക്കുക, കിടക്കാൻ ഇടയാക്കുക, ശയിപ്പിക്കുക; 2. വീഴ്ത്തുക; 3. വെറുതെ ഇടുക, തരിശിടുക

കിടപ്പകം [കിടപ്പ്-അകം] നാ. കിടക്കുന്ന മുറി, ഉറക്കറ

കിടപ്പറ [കിടപ്പ്-അറ] നാ. = കിടപ്പകം

കിടപ്പാടം നാ. = കിടക്കാടംകിടപ്പിടം നാ. 1. കിടക്കുന്നസ്ഥലം, ഇരിപ്പിടം; 2. കിടക്ക, ശയ്യ; 3. പാർക്കുന്നസ്ഥലം

കിടപ്പ് നാ. 1. ശയനം, കിടക്കുന്നരീതി; 2. അവസ്ഥ, സ്ഥിതി; 3. നീക്കിയിരിപ്പ്; 4. തരിശായിസ്ഥിതിചെയ്യൽ. (പ്ര) കിടപ്പാകുക, കിടപ്പിലാകുക = 1. രോഗാധീനനാകുക, ശയ്യാവലംബിയാവുക; 2. പ്രവർത്തനരഹിതമായിത്തീരുക

കിടമത്സരം നാ. ഒരേകൂട്ടത്തിൽപ്പെട്ടവരോ തുല്യന്മാരോ പരസ്പരം ജയിക്കാൻ വേണ്ടിയുള്ള പരിശ്രമം

കിടമുറ നാ. കിടപ്പുമുറ, രാത്രിയിൽ കാവൽ കിടക്കാനുള്ള ഊഴം

കിടമൂപ്പൻ നാ. 1. കൂട്ടത്തിലെ പ്രമാണിയായ മുട്ടാട്, കൂട്ടത്തിലെ മറ്റു മുട്ടാടുകളെ തോൽപിച്ച് നായകനായിത്തീർന്ന തലക്കിടാവ്; 2. പ്രമാണി, മുഖ്യൻ

കിടയാൾ നാ. തുല്യതയുള്ള ആൾ, തുല്യൻ

കിടയുക ക്രി. 1. എതിർക്കുക, ശണ്ഠകൂടുക; 2. കിട്ടുക; 3. തൊടുക മുട്ടുക; 4. മരിക്കാറായ ആളുകളുടെ തൊണ്ടയിൽ വെള്ളം ഇറങ്ങാതെ കഫം കെട്ടി ശബ്ദമുണ്ടാവുക

കിടയ്ക്കുക ക്രി. 1. കിട്ടുക, കൈയിലെത്തിച്ചേരുക; 2. എതിർക്കുക; 3. അടിക്കുക; 4. കൂട്ടിത്തൊടുക; 5. ശബ്ദം ഉണ്ടാകത്തക്കവണ്ണം തട്ടുക; 6. പ്രാപിക്കുക

കിടാ1 നാ. ആണാട്. (പ്ര) കിടാവുഴിച്ചിൽ = സഞ്ചാരമോ സവാരി എഴുന്നള്ളത്തോകഴിഞ്ഞു കൊട്ടാരത്തിൽ തിരിച്ചെഴുന്നള്ളിയാലുടൻദൃക്ദോഷാദി പരിഹാരത്തിനായി കറുത്തമുട്ടാടിൻകുട്ടി, അരത്തവെള്ളം, ആയിരം തിരി മുതലായവ രാജാവിൻെറ മുമ്പിൽ ഉഴിയുന്ന കർമം

കിടാ2 നാ. 1. കിടാവ് (എരുമ, മാൻ മുതലായവയിൽ ഒന്നിൻെറ കുട്ടി); 2. കുട്ടി

കിടാകുക ക്രി. 1. പ്രയോഗിക്കുക, നടത്തുക; 2. തേരും മറ്റും ഓടിക്കുക, തെളിക്കുക; 3. ആണിതറയ്ക്കുക; 4. കല്ലെറിയുക

കിടാത്തൻ നാ. ആൺകുട്ടി, യുവാവ് (എളിയവരെപ്പറ്റി)

കിടാമാറി നാ. കുഞ്ഞുമുട്ടാട്

കിടാരൻ നാ. 1. തോൽക്കൊല്ലൻ; 2. ചായപ്പണി കുലത്തൊഴിലായി സ്വീകരിച്ചിട്ടുള്ള 'കിടാര' സമുദായത്തിൽപ്പെട്ടവൻ

കിടാരം നാ. 1. ചെമ്പ്, ഓട് മുതലായവകൊണ്ടുണ്ടാക്കിയ വലിയ ഒരുതരം പാത്രം, വാർപ്പ്; 2. ഒരുതരം മീൻ

കിടാരി,-ലി നാ. 1. കന്നിൻെറ പ്രായം കഴിഞ്ഞ് പ്രസവിക്കുന്നതിനു മുൻപുവരെ പശുക്കൾക്കു പറയുന്ന പേര്; 2. എരുമ

കിടാവ് നാ. 1. പശു എരുമ മാൻ മുതലായ മൃഗങ്ങളുടെയും പക്ഷികളുടെയും കുഞ്ഞ്; 2. കുട്ടി, ശിശു; 3. പ്രായം കുറഞ്ഞത്, ഇളയത്, മൃദുവായത്; 4. പോത്ത്; 5. ഒരു സ്ഥാനപ്പേര്

കിടി [സം.] നാ. 1. പന്നി, കാട്ടുപന്നി; 2. പന്നിക്കിഴങ്ങ്

കിടിക നാ. തോലും മുളഞ്ചീളിയും കൊണ്ടുണ്ടാക്കിയ ഒരുതരം പരിച

കിടിഞ്ഞൻ നാ. ഒരുതരം കുട്ട

കിടിഭം നാ. 1. പേൻ; 2. മൂട്ട

കിടിയങ്കം നാ. പന്നിയോടുള്ള യുദ്ധം

കിടിയൻ നാ. പരുന്ത്

കിടിൽ നാ. 1. മറ; 2. കിടിലം; 3. അസഭ്യം

കിടിലം നാ. കിടുക്കം, ഭയംകൊണ്ടും മറ്റുമുള്ള വിറയൽ, കിടുകിടുപ്പ്

കിടു(ക്) നാ. ഓലമടൽ കീറാതെ മെടഞ്ഞത്, കുടിലുകളിൽ മറയായും കതകായും കിടക്കയായും ഉപയോഗിക്കുന്നത്

കിടുകിട,-കിടെ അവ്യ. 1. വളരെ കിടുങ്ങുമാറ്, നടുങ്ങുമാറ്, ശക്തമായി ഉലയത്തക്കവണ്ണം; 2. കിടുകിട എന്നു ശബ്ദം ഉണ്ടാക്കുമാറ്

കിടുകിടുക്കുക ക്രി. 1. ഭയംകൊണ്ടും തണുപ്പുകൊണ്ടും മറ്റും ശരീരം വിറയ്ക്കുക, തണുപ്പുകൊണ്ട് പല്ലുകൾ തമ്മിൽ കൂട്ടിയിടിക്കുക; 2. പാത്രങ്ങളും മറ്റും കൂട്ടിമുട്ടുമ്പോളെന്നപോലെ 'കിടുകിടാ' എന്ന ശബ്ദം പുറപ്പെടുവിക്കുക. നാ. കിടുകിടുപ്പ്

കിടുക്കനെ അവ്യ. 1. ഉടൻതന്നെ, വേഗത്തിൽ; 2. കിടുക്കം ജനിപ്പിക്കുമാറ്

കിടുക്കി നാ. 1. കിടുക്കം ഉണ്ടാക്കുന്നത്; 2. കാലികളുടെ കഴുത്തിൽക്കെട്ടുന്ന കൊട്ടി

കിടുക്ക് നാ. ചെമ്മിനെവിരട്ടി വലയിൽ ചാടിക്കുന്നതിന് വഞ്ചിയുടെ അമരത്തു തട്ടി ശബ്ദം ഉണ്ടാക്കാൻ ഉപയോഗിക്കുന്ന ഒരുപകരണം

കിടുക്കുക ക്രി. 1. കിടുക്കം ഉണ്ടാക്കുക, പാത്രങ്ങളോ മറ്റോ തട്ടിമുട്ടി ശബ്ദമുണ്ടാക്കുക; 2. ഞടുക്കം ഉണ്ടാക്കുക, ഭയപ്പെടുത്തി ഞടുക്കം ഉണ്ടാക്കുക; 3. ഇടുക്കുക, എന്തെങ്കിലും കക്ഷത്തിലാക്കുക

കിടുങ്ങുക ക്രി. 1. പാത്രങ്ങളും മറ്റും കൂട്ടിമുട്ടി ശബ്ദം ഉണ്ടാക്കുക; 2. കിലുങ്ങുക, നടുങ്ങുക, ഞെട്ടിവിറയ്ക്കുക; 3. മരിക്കുക

കിടുപിടി നാ. 1. അണ്ഡാകൃതിയിലുള്ള ഒരു ആനദ്ധവാദ്യം; 2. പേരറിയാത്തവസ്തു എന്ന അർഥത്തിൽ പ്രയോഗം, നിസ്സാരമായത്; 3. ഊരുപലക.

551

കിടുമൻ നാ. മുടക്കൻ, കൊണ്ടി

കിടുമുടി നാ. ഒരുതരം ചെറിയ ആനദ്ധവാദ്യം

കിടുമുത്തി നാ. സ്തൂപാകൃതിയിലുള്ള കുറ്റിയും പരന്ന തലയുമുള്ള ഒരു ആനദ്ധവാദ്യം

കിടുവാ നാ. ഒരു സങ്കൽപ സൃഷ്ടി, ശക്തികുറഞ്ഞ എതിരാളി

കിടേശ് നാ. 1. ഒരുതരം ചെടി, കുപ്പികളുടെയും മറ്റും അടപ്പുണ്ടാക്കാൻ ഇതിൻെറ തണ്ട് ഉപയോഗിക്കുന്നു (പണ്ട് ഇതുപയോഗിച്ചു കഥകളിയിലെ ചുട്ടിയുണ്ടാക്കിയിരുന്നു); 2. കോർക്ക്

കടൈവൃത്തി നാ. 1. വേദം അഭ്യസിപ്പിക്കുന്ന തൊഴിൽ; 2. വേദം പഠിപ്പിക്കുന്നതിനു പ്രതിഫലമായി വിട്ടുകൊടുക്കുന്ന ഭൂമി

കിട്ട,കിട്ടെ അവ്യ. 1.അടുക്കൽ, സമീപം; 2. പക്കൽ, അധീനത്തിൽ. കിട്ടെക്കിട്ട = വളരെ അടുത്ത്

കിട്ടകം നാ. = കിട്ടം2

കിട്ടക്കല്ല് നാ. പുരാണകിട്ടം, ഇരുമ്പിൻെറ കീടം

കിട്ടൻ1 നാ. കൃഷ്ണൻ എന്നതിൻെറ തദ്ഭവം

കിട്ടൻ2 നാ. കിട്ടം2

കിട്ടപ്പോര് നാ. കിട്ടാനുള്ള വഴി, കിട്ടാനുള്ള സാധ്യത

കിട്ടം1 നാ. സമീപം

കിട്ടം2 നാ. 1. ലോഹങ്ങൾ ഉരുകുമ്പോൾ അവശേഷിക്കുന്ന മാലിന്യം; 2. ആഹാരസാധനത്തിൻെറ ഉപയോഗശൂന്യമായ അംശം, മലം, മൂത്രം മുതലായവ; 3. വെള്ളത്തിൻെറ അടിയിൽ തങ്ങുന്ന മലിനപദാർഥം, മട്ട്, വണ്ടൽ; 4. ദ്രവിച്ചും കത്തിയെരിഞ്ഞും മറ്റും അവശേഷിക്കുന്ന ഉപയോഗശൂന്യമായ അംശം; 5. മാലിന്യം

കിട്ടമുട്ടെ അവ്യ. 1. ഏകദേശം, ഏതാണ്ട്, ഏറെക്കുറെ; 2. വളരെയടുത്ത്, സമീപത്ത്

കിട്ടലർ നാ. ശത്രുക്കൾ, എതിരാളികൾ

കിട്ടവർജിതം നാ. ശുക്ലം

കിട്ടാ വി. കിട്ടാത്ത

കിട്ടാക്കുറ്റി നാ. 1. കടം വീട്ടുവാൻ മുതലില്ലാത്തവൻ; 2. തിരിച്ചുകിട്ടാൻ സാധ്യതയില്ലാത്ത മുതൽ, കിട്ടാക്കടം
കിട്ടാപ്പുള്ളി നാ. 1. കൊടുത്തകടം ആരിൽനിന്നു തിരിച്ചുകിട്ടാൻ സാധ്യതയില്ലാതിരിക്കുന്നുവോ ആയാൾ, വാങ്ങിയകടം തിരിച്ചുകൊടുക്കാത്തയാൾ; 2. കണ്ടുകിട്ടാൻ പ്രയാസമുള്ളയാൾ; 3. പോലീസിനു പിടികൊടുക്കാതെ ഒളിവിൽ കഴിയുന്ന കുറ്റവാളി
കിട്ടാലം നാ. 1. ചെമ്പുപാത്രം; 2. കിട്ടം, തുരുമ്പ്
കിട്ടി1 [കിട്ടുക] ക്രി. ഭൂതകാലം
കിട്ടി2 നാ. 1. ഇടുക്കുകോൽ, ഞെക്കുന്നതിനുള്ള ഒരു ഉപകരണം; 2. കെട്ടുവള്ളത്തിൻെറ കട്ടുകയർ വലിച്ചുമുറുക്കാനുള്ള കോൽ; 3. ഒരു കളിപ്പണ്ടം; 4. ഇലത്താളം, കൈത്താളം; 5. നുകക്കഴി
കിട്ടുക1 ക്രി. 1. കൈവശമാക്കുക, തൻേറതായിത്തീരുക, ലഭിക്കുക; 2. പ്രാപിക്കുക
കിട്ടുക2 ക്രി. എതിരിടുക, നോക്കുക, പൊരുതുക, ഏറ്റുമുട്ടുക. (പ്ര) ഇകൽ കിട്ടുക = യുദ്ധംചെയ്യുക (രാ.ച.)
കിണ [കിണയുക] ധാതുരൂപം
കിണകൻ നാ. അടിമ
കിണച്ചൽ [<കിണയുക] നാമരൂപം
കിണം നാ. 1. തഴമ്പ്, ഉണങ്ങിയ വ്രണത്തിൻെറയും മുറിവിൻെറയും മറ്റും പാട്; 2. മറുക്; 3. ചർമത്തിൽ ഉണ്ടാകുന്ന തടിപ്പ്, മുഴ; 4. തടികളിൽ കാണാറുള്ള കൃമി
കിണയുക ക്രി. 1. വഴക്കിടുക, ശണ്ഠകൂടുക, കിടയുക; 2. കൂട്ടിമുട്ടുക; 3. കോപിക്കുക; 4. വാശിപിടിക്കുക; 5. ഉത്സാഹിക്കുക; 6. കിഴിയുക, താഴുക; 7. വേർപെടുക; 8. അബദ്ധത്തിൽപ്പെട്ടുപോകുക
കിണർ നാ. വെള്ളം എടുക്കാൻ വേണ്ടി ഭൂമിയിൽ വൃത്താകൃതിയിൽ ജലനിരപ്പിനും ഏതാനും അടി താഴെവരെ കുഴിച്ച് ചുറ്റും കല്ലുകെട്ടിയുണ്ടാക്കിയ ജലാശയം
കിണറ്റുപുര നാ. 1. കിണറ്റിൻെറ സമീപത്തിൽ ഉണ്ടാക്കുന്ന പുര; 2. കുളിപ്പുര
കിണാച്ചി നാ. ചുള്ളിക്കമ്പ്
കിണി1 നാ. ഒരുതരം കൈത്താളം
കിണി2 നാ. കൊങ്കണബ്രാഹ്മണരുടെ ഇടയിലുള്ള ഒരു ഉപനാമം
കിണിപ്പ് നാ. (ശബ്ദാനു) മണിയുടേതുപോലുള്ള നേർമയായ നാദം
കിണുകിണി നാ. കാൽച്ചിലമ്പ്, കിങ്ങിണി
കിണുകിണുക്കുക ക്രി. 1 (ശബ്ദാനു) വണ്ടുകളെപ്പോലെ മുരളുക, കൊതുകുകളെപ്പോലെ മൂളുക; 2. (കുട്ടികളെപ്പോലെ) ചിണുങ്ങിക്കരയുക; 3. മിണുമിണുക്കുക, പിറുപിറുക്കുക
കിണുകിണെ അവ്യ. 1. പതുക്കെപ്പതുക്കെ; 2. (ശബ്ദാനു) കിലുങ്ങുന്ന ശബ്ദത്തോടുകൂടി

കിണുക്കം [കിണുങ്ങുക] നാ. 1. കിലുക്കം, ചെറിയ മണിയുടെതുപോലുള്ള നേരിയ ശബ്ദം; 2. കരച്ചിൽ (കുട്ടികളുടേതുമാതിരി); 3. കിണുപ്പ്, വണ്ണം

കിണുക്കുക ക്രി. 1. മേദസ്സു വർധിക്കുക, പിണുപിണുക്കുക, ശരീരം തടിക്കുക; 2. കട്ടിയാവുക. നാ. കിണുപ്പ്

കിണുങ് [കിണുങ്ങുക] ധാതുരൂപം

കിണ്ടത്തം,-ത്തരം നാ. 1. ചതി, കിണ്ടാട്ടം; 2. അബദ്ധം

കിണ്ടൻ നാ. 1. പൊണ്ണൻ, തടിയൻ; 2. കട്ടികൂടിയ ഒരുതരം പരുക്കൻ തുണി, പുതപ്പ്, ജമുക്കാളം; 3. കളങ്കളമായി നെയ്യെടുത്ത മുണ്ട്, ഒരിനം കൈലിമുണ്ട്

കിണ്ടപ്പൻ നാ. വണ്ണമുള്ളവൻ, ശരീരപുഷ്ടിയുള്ളവൻ

കിണ്ടം നാ. 1. ഇച്ഛാഭങ്ഗം; 2. വിനാശം; 3. മടത്തരം; 4. ചതി, ഉപദ്രവം, ദ്രോഹം; 5. (കിണ്ടിയത്) ഒരുതരം പലഹാരം

കിണ്ടാട്ടം നാ. 1. വഞ്ചന; 2. തുടരെ ചോദ്യം ചെയ്ത് രഹസ്യം ചോർത്തിയെടുക്കൽ, ഒറ്റുകൊണ്ടു വസ്തുതയറിയൽ

കിണ്ടി നാ. 1. വാലുള്ള ഒരിനം ജലപാത്രം. വെള്ളോട് വെള്ളി മുതലായ ലോഹങ്ങൾകൊണ്ടുണ്ടാക്കിയത്, കമണ്ഡലു; 2. വാൾത്തല; 3. വൃഷണവീക്കം

കിണ്ടുക ക്രി. ഇളക്കുക. (പ്ര) ഹൽവാ കിണ്ടുക

കിണ്ണൻ നാ. 1. കിണ്ണം; 2. നാഴികവട്ട

കിണ്ണം നാ. 1. ഒരിനം ഓട്ടുപാത്രം; 2. നാഴികവട്ടക; 3. വീണയുടെ തലയ്ക്കലുള്ള കുടുക്കയെ ദണ്ഡുമായി യോജിപ്പിക്കുന്ന ലോഹനിർമിതമായ ചെറിയ കപ്പ്

കിണ്ണാണം നാ. 1. വലിയ ജിജ്ഞാസയോടെ ആവശ്യമില്ലാത്ത കാര്യങ്ങളെക്കുറിച്ചു ചികഞ്ഞു ചോദ്യം ചോദിക്കൽ (പ്രത്യേകിച്ചും കുട്ടികൾ); 2. അനാവശ്യമായി അല്ലെങ്കിൽ അർഥമില്ലാതെ വീണ്ടും വീണ്ടും ചോദിക്കൽ; 3. കൊഞ്ചിക്കുഴഞ്ഞുള്ള വർത്തമാനം

കിണ്ണാരം നാ. 1. ശൃങ്ഗാരം; 2. കിണ്ണാണം

കിണ്ണി നാ. കിണ്ണം

കിണ്ണിക്കൂമ്പ നാ. ഒരു ചെറിയ പാത്രം

കിണ്ണിയപ്പം നാ. കിണ്ണപ്പം

കിണ്വകം നാ. ചെന്നെല്ലിൻെറ അരി അരച്ചുണ്ടാക്കുന്ന മദ്യം

കിണ്വനം നാ. പുളിപ്പിക്കൽ

കിണ്വം നാ. 1. പുളിപ്പിക്കാനുള്ള വസ്തു കരുമ്പിൻ നീരും മറ്റും പുളിപ്പിച്ച് മദ്യമാക്കുന്നതിനുള്ള ഒരുതരം മരുന്ന് അല്ലെങ്കിൽ ബീജം, കള്ളുറൽ, മട്ട്; 2. വറുത്ത എള്ളും യവവും പൊടിച്ച് തൈർ ചേർത്തുണ്ടാക്കുന്ന മദ്യം; 3. മദ്യപന്മാരുടെ നഗ്നനൃത്തം, കൂക്കിവിളി; 4. പാപം

കിണ്വമൂലം നാ. 1. പാപബീജം; 2. കൊക്കുമന്താരം

കിണ്വി നാ. പെൺകുതിര

കിത [കിതയ്ക്കുക] ധാതുരൂപം

കിതവ വി. 1. ചതിക്കുന്ന, കള്ളത്തരമുള്ള; 2. ഉപദ്രവിക്കുന്ന

കിതവൻ നാ. 1. ചതിയൻ, ധൂർത്തൻ, കള്ളൻ, വ്യാജമുള്ളവൻ; 2. ചൂതുകളിക്കാരൻ; 3. ഭ്രാന്തൻ

കിതവം നാ. 1. ചതിവ്; 2. ചൂതുകളി; 3. ഉമ്മം; 4. അടവിക്കച്ചോലം

കിതാബ് [അറ] നാ. 1. എഴുതപ്പെട്ടത്, പുസ്തകം, ഗ്രന്ഥം, ലേഖനം; 2. മതഗ്രന്ഥം, വേദപുസ്തകം

കിത്തുക ക്രി. 1. കാൽവിരലുകളുടെ അറ്റം ഊന്നി നടക്കുക, കൊന്നുക; 2. ഒറ്റക്കാലിൽ ചാടിച്ചാടിനടക്കുക; 3. തുള്ളുക; 4. കീഴ്പ്പോട്ടിറങ്ങുക

കിദ്മത്ത് [അറ] നാ. കർത്തവ്യം, സേവനം, ജോലി

കിനാ നാ. കിനാവ്

കിനാൻ നാ. വെള്ളത്തിൽ ജീവിക്കുന്ന ഒരു ജന്തു

കിനാവള്ളി നാ. നീണ്ട വള്ളിപോലെ എട്ടുകാലുകളുള്ള ഒരു ജലജീവി, ഒക്ടോപ്പസ്

കിനാവ് നാ. സ്വപ്നം

കിനി[കിനിയുക] ധാതുരൂപം

കിനിയുക ക്രി. 1. അലിയുക, ദ്രവമാകുക; 2. ഊറുക

കിന്ദാസൻ നാ. ചീത്ത ഭൃത്യൻ, നീചഭൃത്യൻ

കിന്ദേവൻ നാ. 1. ഒരു ദേവനേയും സാരമായി കണക്കാക്കാത്തവൻ, നിരീശ്വരൻ; 2. താണതരം ദേവൻ

കിന്ധി നാ. പെൺകുതിര

കിന്നം നാ. 1. കഷ്ടത, ദുഃഖം, വിപത്ത്; 2. വൈരൂപ്യം, ഗോഷ്ടി

കിന്നരൻ നാ. 1. ഒരു ദേവയോനിയിൽപ്പെട്ടവൻ; 2. വിരൂപി; 3. ഇക്ഷ്വാകുവംശത്തിലെ ഒരു രാജാവ്

കിന്നരം [ഹി.കിന്നൊർ] നാ. 1. ഒരു സങ്ഗീതോപകരണം, വിരലുകൊണ്ടോ കമ്പികൊണ്ടോ തട്ടി വായിക്കുന്നത്; 2. മധുരമായി പാടാൻ കഴിവുള്ള ഒരു പക്ഷി

കിന്നരലിപി നാ. പ്രാചീനഭാരതത്തിൽ പ്രചാരത്തിലിരുന്ന ഒരുതരം ലിപി

കിന്നരാധീശൻ നാ. കിന്നരേശൻ, കിന്നരന്മാരുടെ രാജാവ്

കിന്നരി1 നാ. 1. കിന്നര സ്ത്രീ; 2. പുരാതനകാലത്ത് പ്രചാരത്തിലിരുന്ന ഒരു വീണ

കിന്നരി2 നാ. കസവ്, കസവുകൊണ്ടുള്ള കര

കിന്നരിമൈന നാ. പാതി തവിട്ടുനിറമുള്ള ഒരിനം മൈന

കിന്നരേശൻ നാ. കിന്നരന്മാരുടെ നാഥൻ, കുബേരൻ

കിന്നാരൻ വി. ഓമനിക്കാൻ തോന്നുന്ന, വാത്സല്യം തോന്നുന്ന

കിന്നാരപ്പണി നാ. കസവുകൊണ്ടു മോടിപിടിപ്പിക്കുന്ന പണി

കിന്നാരം നാ. = കിണ്ണാരം

കിന്നിമിത്തം അവ്യ. ഏതൊരുകാരണംകൊണ്ട്? എന്തുകൊണ്ട്? എന്തിനായിട്ട്

കിന്നു അവ്യ. 1. (ചോദ്യോതകം) അതോ ഇതോ രണ്ടിലൊന്ന്; 2. എന്ത്? എങ്ങനെ?; 3. വളരെക്കൂടുതൽ, വളരെക്കുറച്ച്
കിന്നുക ക്രി. ദുഃഖിക്കുക
കിബറ് [അറ] നാ. അഹംഭാവം, ഡംഭ്
കിം [സം.കിമ്] 1. സംസ്കൃതത്തിലെ ഒരു സർവനാമശബ്ദം. ആര്, എന്ത്, ഏത് എന്നുള്ള അർഥങ്ങളിൽ ചോദ്യസർവനാമങ്ങളായി പ്രയോഗം; 2. കിം ശബ്ദത്തിൻെറ കൂടെ അപി, ചിത്, ചന എന്നിവ പ്രയോഗിക്കുമ്പോൾ 'ഏതോ ഒരു' എന്നുള്ള അവ്യക്താർഥം ലഭിക്കുന്നു. (പ്ര) കിം ഇവ = എന്തിനുവേണ്ടി, കിം കില = എന്തൊരു കഷ്ടമാണ്. കിംച = പോരെങ്കിൽ, കൂടാതെ. കിഞ്ചന = ഒരുവിധത്തിലും, അൽപം, ഒട്ടും. കിഞ്ചിദ് = ഏറെക്കുറെ. കിംതർഹി = പിന്നെങ്ങിനെ? കിന്തു = എന്നാൽ, എന്തായാലും. കിം പുനഃ = എത്രമാത്രം കൂടുതൽ. കിംസ്വിദ് = എന്തുകൊണ്ട്? കിംകരൻ = ഭൃത്യൻ
കിം2 [സം] 1. അതോ ഇതോ എന്നർഥത്തിൽ ചോദ്യത്തെക്കുറിക്കുന്ന അവ്യയ ശബ്ദം. ചിലപ്പോൾ വെറും ചോദ്യത്തെ മാത്രം കാണിക്കുന്ന അവ്യയമായും പ്രയോഗം; 2. സമസ്തപദങ്ങളുടെ ആദ്യം ആക്ഷേപാർഥത്തിൽ വരാറുണ്ട്
കിംക്ഷണൻ നാ. (ക്ഷണനേരത്തെ) അൽപസമയത്തെ നിസ്സാരമെന്നു കരുതുന്ന ആൾ, അലസൻ
കിംബരം നാ. 1. മുതല; 2. മകരമത്സ്യം
കിംബരി,കിമ്പിരി നാ. 1. മുതല; 2. മകരമത്സ്യം
കിംബഹു അവ്യ. എന്തിനേറെ? വളരെ എന്തിന്, എന്തിനധികം
കിംഭര നാ. പവിഴക്കൊടി
കിംഭൂത വി. ഏതുതരത്തിലുള്ള, എന്തായിട്ടുള്ള?
കിംഭൂതം അവ്യ. എങ്ങനെ? ഏതുവിധത്തിൽ
കിംവത്ത് വി. 1. ദരിദ്രനായ; 2. പിശുക്കനായ
കിംവദന്തി നാ. എന്താണ്? എന്താണ്? എന്ന് അന്യോന്യം ചോദിക്കപ്പെടുന്നത് ജനങ്ങളുടെ ഇടയിൽ പ്രചരിച്ചിട്ടുള്ള സത്യമോ അസത്യമോ ആയ വാർത്ത, കേട്ടുകേൾവി
കിംവരാടകൻ നാ. ചെറിയ നാണയങ്ങൾ നിസ്സാരമെന്നു കരുതുന്നവൻ, പണം ധൂർത്തടിക്കുന്നവൻ
കിംവാ അവ്യ. ചോദ്യത്തെ സൂചിപ്പിക്കുന്നത്. അതോ ഇതോ എന്ന വികൽപത്തെ കാണിക്കുന്നത്, അല്ലെങ്കിൽ.
553
കിംശാരു നാ. 1. നെല്ലിൻെറ ഓവ്; 2. അമ്പ്
കിംശുകം നാ. 1. പ്ലാശ്; 2. മുരിക്ക്
കിംഷുലകം നാ. പ്ലാശ്
കിംസഖാവ് നാ. കുത്സിതനായ സഖാവ്, ചീത്തസ്നേഹിതൻ
കിമപി അവ്യ. 1. ഏതോഒരു; 2. കുറച്ച് എന്തെങ്കിലും അൽപം. ഏറെക്കുറെ
കിമർഥം അവ്യ. എന്ത് ഉദ്ദേശ്യത്തോടുകൂടി, എന്തിനായിട്ട്, എന്തിന്

കിമാഖ്യ വി. എന്തുപേരുള്ള
കിമിതി അവ്യ. എന്തിനായിട്ട്? എന്തുകൊണ്ട്?
കിമു,കിമുത അവ്യ. 1. ചോദ്യത്തെ ദ്യോതിപ്പിക്കുന്ന ഒരു നിപാതം. അതോ ഇതോ എന്നു സംശയത്തെ ദ്യോതിപ്പിക്കും; 2. എന്തുകൊണ്ട്? എത്രമാത്രം കുറവ്?
കിമൃണൻ നാ. കടത്തെ നിസ്സാരമായി കണക്കാക്കുന്നവൻ
കിമ്പച വി. കുത്സിതമായി പാകം ചെയ്യുന്ന, ലുബ്ധുള്ള, ധനലോഭമുള്ള
കിമ്പാക വി. വേണ്ടവണ്ണം വളർച്ച മുറ്റിയിട്ടില്ലാത്ത, ബാലിശമായ, അജ്ഞതയുള്ള, മടയത്തരമുള്ള
കിമ്പാകം നാ. 1. കാഞ്ഞിരം; 2. കാക്കത്തൊണ്ടി
കിമ്പുരുഷൻ നാ. യക്ഷാദിദേവയോനികളിൽ ഒന്ന്
കിമ്പ്രകാരം അവ്യ. ഏതുവിധത്തിൽ
കിമ്പ്രഭു നാ. നീചനായ യജമാനൻ
കിയച്ചിരം അവ്യ. എത്രകാലമായി, എത്രനേരമായി
കിയത്ത്1 വി. 1. എത്രവലിപ്പമുള്ള, എത്രദൂരമുള്ള, എത്രമാത്രം ഗുണങ്ങളുള്ള; 2. അൽപം കുറച്ച്
കിയത്ത്2 അവ്യ. എത്ര ദൂരം, എത്രമാത്രം
കിയദൂരം അവ്യ. 1. എത്രദൂരത്തിൽ, എത്ര അകലത്തിൽ; 2. അൽപസമയത്തേക്ക്
കിയന്മാത്ര വി. തീരെ പ്രാധാന്യമില്ലാത്ത. നാ. നിസ്സാരമായ കാര്യം
കിയാമം,മത്ത് [അറ] നാ. ദൈവം ആത്മാക്കളുടെമേൽ അവസാനവിധി പ്രസ്താവിക്കുന്ന ദിവസം; 2. ലോകാവസാനം
കിയാഹം നാ. ചെമന്നകുതിര
കിർമി നാ. 1. പ്ലാശ്; 2. സ്വർണംകൊണ്ടോ ഇരുമ്പുകൊണ്ടോ ഉള്ള വിഗ്രഹം
കിർമീര വി. വിചിത്രവർണങ്ങളുള്ള
കിർമീരജിത്ത് നാ. 'കിർമീരനെ ജയിച്ചവൻ', ഭീമസേനൻ
കിർമീരം നാ. 1. നാനാജാതിനിറം; 2. മധുരനാരകം
കിർമീരിത വി. നാനാവർണങ്ങളുള്ള, പുള്ളികളുള്ള
കിരകൻ നാ. 1. എഴുതുന്ന ആൾ; 2. പന്നി
കിരണകൂർച്ചം നാ. രശ്മിസമൂഹം
കിരണകേതനൻ നാ. രശ്മികേതു എന്ന രാക്ഷസൻ
കിരണൻ നാ. സൂര്യൻ
കിരണപതി നാ. സൂര്യൻ
കിരണഭ്രേഷം നാ. അപഭങ്ഗം
കിരണം നാ. 1. രശ്മി (സൂര്യൻെറയോ ചന്ദ്രൻെറയോ മറ്റേതെങ്കിലും പ്രകാശമുള്ള വസ്തുവിൻെറയോ); 2. ധൂളി; 4. കടിഞ്ഞാൺ
കിരണമയ വി. വളരെ ശോഭയുള്ള
കിരണമാലി നാ. സൂര്യൻ
കിരണാവലി നാ. രശ്മിസമൂഹം

കിരം നാ. പന്നി
കിരസ്തമാർഗം നാ. ക്രിസ്തുമതം
കിരസ്തവൻ നാ. കിരസ്താന്മാർ
കിരസ്താന്മാർ നാ. ക്രിസ്ത്യാനികൾ
കിരാഞ്ഞിൽ നാ. ക്ലാഞ്ഞിൽ
കിരാടൻ നാ. കച്ചവടക്കാരൻ
കിരാടവിസർപ്പം നാ. ബാലന്മാർക്കുണ്ടാകുന്ന ഒരിനം കരപ്പൻ
കിരാടിക നാ. പഞ്ചവർണക്കിളി
കിരാണം നാ. ഗ്രഹണം
കിരാണി നാ. ഗുമസ്തൻ, എഴുത്തുകാരൻ
കിരാതകം നാ. നിലവേപ്പ്
കിരാതകൻ നാ. 1. കിരാതൻ; 2. ദുഷ്ടൻ
കിരാതകാന്തം നാ. കിരാതചന്ദനം
കിരാതചന്ദനം നാ. അൽപം മഞ്ഞനിറമുള്ള ഒരിനം ചന്ദനം, കാട്ടുചന്ദനം
കിരാതതിക്തം നാ. 1. നിലവേപ്പ്; 2. കിരിയാത്ത്
കിരാതൻ നാ. 1. വനങ്ങളിലും പർവതങ്ങളിലും വസിക്കുന്ന അപരിഷ്കൃത വർഗത്തിൽപ്പെട്ടവൻ കിരാതദേശക്കാരൻ; 2. കിരാതവേഷധാരിയായ ശിവൻ. (സ്ത്രീ) കിരാതി
കിരാതം നാ. 1. നിലവേപ്പ്, കിരിയാത്ത്; 2. പുത്തരിച്ചുണ്ട
കിരാതമൂർത്തി നാ. കിരാതന്റെ രൂപം കൈക്കൊണ്ട ശിവൻ
കിരാതാർജുനീയം നാ. ഭാരവി രചിച്ച സംസ്കൃതമഹാകാവ്യം
കിരാതാശി നാ. ഗരുഡൻ, കിരാതന്മാരെ ഭക്ഷിച്ചതിനാൽ
കിരാതി1 നാ. 1. കിരാതസ്ത്രീ, വേടസ്ത്രീ; 2. ഗങ്ഗ
കിരാതി2 നാ. അഴി, പല്ലിത്തടി
കിരാതിനി നാ. മാഞ്ചി
കിരാമം നാ. ഗ്രാമം
കിരാമ്പ്,-മ്പൂവ് നാ. കരയാമ്പു, ഗ്രാമ്പു
കിരാൽ നാ. തവിട്ടുനിറം, കുരാൽ നിറം
കിരാലി വി. കുരാൽനിറമുള്ള
കിരാലിക്കരപ്പൻ നാ. കുട്ടികൾക്കുണ്ടാകുന്ന ഒരിനം കരപ്പൻ
കിരി നാ. 1. പന്നി, കാട്ടുപന്നി; 2. മേഘം
കിരിക്കുക ക്രി. ചിരിക്കുക, ഇളിക്കുക, പല്ലുവെളിയിൽ കാട്ടുക
കിരിയം1 നാ. 1. കുടുംബം, തറവാട്, കുലം; 2. നായന്മാരിൽ ആഭിജാത്യമുള്ള ഒരു വിഭാഗം
കിരീയം2,-കം നാ. തലയ്ക്ക് വളർച്ചയില്ലായ്മ, ലക്കില്ലായ്മ, ബുദ്ധിഭ്രമം
കിരീയം3 നാ. ക്രയം
കിരിയാത്ത് നാ. അതികഠിനമായ കൈപ്പുള്ള ഒരു പച്ചമരുന്ന്
കിരിയുക ക്രി. വികൃതമാവുക, ഭങ്ഗിയില്ലാതാവുക
കിരിശു നാ. കഠാരി

കിരീടധാരണം നാ. രാജചി മായ കിരീടം വച്ചുവാഴിക്കൽ, പട്ടാഭിഷേകം
കിരീടധാരി നാ. രാജാവ്
കിരീടൻ നാ. വ്യാപാരി
കിരീടപതി നാ. 1. രാജാവ്; 2. തിരുവിതാങ്കൂർ മഹാരാജാക്കന്മാരുടെ ഒരു സ്ഥാന നാമം
കിരീടപുഷ്പം നാ. ഒരിനം പൂവ്
കിരീടം നാ. രത്നഖചിതമായ ശിരോലങ്കാരം, മകുടം
കിരീടമകുടം നാ. വിഗ്രഹങ്ങളുടെ പലതരം മൗലികളിൽ ഒരിനം, കിരീടാകൃതിയിലുള്ളത്
കിരീടമണ്ഡലം നാ. ഒരു നക്ഷത്രഗണം
കിരീടമാലി നാ. അർജുനൻ
കിരീടാവകാശി നാ. രാജ്യാവകാശത്തിനു അടുത്തമുറക്കാരൻ, ഇളയരാജാവ്
കിരീടി1 നാ. 1. അർജുനൻ; 2. രാജാവ്
കിരീടി2 നാ. 1. നീർമരുത്; 2. ശങ്ഖുപുഷ്പം
കിരീടിക നാ. വെൺകുന്നി
കിരുകിര നാ. കരിയിലഞെരിഞ്ഞോ ഉരുമ്മിയോ ഉണ്ടാകുന്നതുപോലുള്ള ശബ്ദം
കിരുകിരു [കിരുകിരുക്കുക] ധാതുരൂപം
കിരുകിരുക്കുക ക്രി. അരിയിലയോ അതുപോലുള്ള എന്തെങ്കിലുമോ ഞെരിഞ്ഞോ ഉരുമ്മിയോ ശബ്ദം ഉണ്ടാകുക
കിരുകിരുപ്പ് നാ. 1. ഉരയൽ; 2. തരിപ്പ്
കിരുപ്പ് നാ. = കിരുകിരുപ്പ്
കിൽ അവ്യ. ഒരു പാക്ഷികവിനയെച്ചപ്രത്യയം
കിൽപിത്തിരി നാ. സൂത്രവിദ്യ
കിൽബിഷം നാ. 1. പാപം, തെറ്റ്; 2. അന്യായം; 3. രോഗം
കിൽബിഷി നാ. പാപി, കുറ്റക്കാരൻ, അന്യായം ചെയ്യുന്നവൻ
കില1 അവ്യ. 1. പോൽ, പോലും; 2. വാസ്തവത്തിൽ, സത്യമായിട്ട്
കില2 വി. 1. നിസ്സാരമായ; 2. ലീലാരൂപമായ
കില3 [അറ] നാ. = കില്ല
കിലകിഞ്ചിതം നാ. നായികാശ്രിതങ്ങളായ 28 അലങ്കാരങ്ങളിൽ ഒന്ന്
കിലകില നാ. സന്തോഷസൂചകമായ ശബ്ദം
കിലകിലൻ നാ. ശിവൻ
കിലം നാ. കളി, ലീല
കിലശം നാ. രോഗം, ദീനം
കിലാഞ്ഞിൽ നാ. = ക്ലാഞ്ഞിൽ
കിലാടം നാ. അൽപം പാലിൽ അധികം മോരുചേർത്തുണ്ടാക്കുന്നത്
കിലാടി1 നാ. മുള

കിലാടി2 [ഹി,ഖിലാഡി] നാ. തെമ്മാടി
കിലാടുക ക്രി. കളിച്ചുനടക്കുക
കിലാദാർ [അറ.കിലാ.പേർ.ദാർ] നാ. കോട്ടകാവൽക്കാരൻ
കിലാസഘ്നം നാ. കുരുട്ടുപാവൽ
കിലാസം നാ. ചുണങ്ങ്; 2. ഒരുതരം കുഷ്ഠരോഗം
കിലാസി1 വി. ചുണങ്ങുള്ള; 2. കുഷ്ഠമുള്ള
കിലികിഞ്ചിതം നാ. = കിലകിഞ്ചിതം
കിലിച്ചിൽ നാ. കിളിച്ചിൽ,മോഹാലസ്യം
കിലിഞ്ചം നാ. 1. പച്ചത്തടിയറുത്ത കനംകുറഞ്ഞ പലക; 2. മുള
കിലിഞ്ജ്ജകം നാ. 1. പായ്; 2. പുല്ലുകൊണ്ടു നിർമിച്ച മറ
കിലിഞ്ജ്ജം നാ. 1. പായ്; 2. കനം കുറഞ്ഞ പലക
കിലിമം നാ. ദേവതാരം
കിലുങ് [കിലുങ്ങുക] ധാതുരൂപം
കിലുകില,-കിലെ അവ്യ. കിലുകില എന്ന് ഒച്ച ഉണ്ടാക്കത്തക്കവിധം (പാത്രങ്ങളോ മറ്റോ കൂട്ടിമുട്ടി ഉണ്ടാക്കുന്നതുപോലെ)
കിലുകിലാംപെട്ടി നാ. 1. കിലുക്കാമ്പെട്ടി; 2. കുട്ടികളുടെ ഒരു കളിപ്പാട്ടം
കിലുകിലുക്കം നാ. കിലുകില ശബ്ദം
കിലുകിലുക്കി നാ. = കിലുകിലുപ്പ
കിലുകിലുക്കുക ക്രി. ചെറിയ മണിത്തരികൾ കിലുങ്ങുമ്പോൾ ഉണ്ടാകുന്ന നാദം പോലെ ശബ്ദം ഉണ്ടാക്കുക
കില്ലുക്കച്ചെടി നാ. കിലുകിലുപ്പ
കിലുക്കൻ നാ. കിലുങ്ങുന്ന ഒരുതരം കളിപ്പാട്ടം
കിലുക്കം നാ. കിലുകില ശബ്ദം
കിലുക്കാമ്പെട്ടി നാ. 1. കിലുങ്ങുന്ന ഒരുതരം കളിപ്പാട്ടം, കിലുക്കൻ; 2. കിലുകിലുപ്പ
കിലുക്കി നാ. കിലുകിലുപ്പ
കിലുക്ക്,-ക്കൻ നാ. ഉലയ്ക്കുമ്പോൾ 'കിലുകിലെ' ഒച്ചയുണ്ടാക്കുന്ന ഒരുതരം കളിപ്പാട്ടം
കിലുങ്ങുക ക്രി. ലോഹനിർമിതമായ പദാർഥങ്ങൾ തമ്മിൽ കൂട്ടിമുട്ടുമ്പോൾ ശബ്ദം ഉണ്ടാവുക, മണിനാദമ്പോലെയുള്ള ശബ്ദം പുറപ്പെടുക
കിലേദാർ നാ. = കിലാദാർ
കിലോ നാ. കിലോഗ്രാം, കിലോമീറ്റർ മുതലായവയെ കുറിക്കുന്ന ഒരു സങ്ക്ഷിപ്തരൂപം. 1000 എന്ന് അർഥസൂചന
കിലോരം നാ. ക്ലോറിൻ വാതകം
കില്ല1 നാ. കർട്ടൻ, കൊതുകുവല
കില്ല2 നാ. കോട്ട
കില്ലദാർ നാ. = കിലാദാർ
കില്ല് നാ. 1. സംശയം; 2. ക്ലേശം
കില്വിഷം നാ. = കിൽബിഷം.

കിവി നാ. പറക്കാൻ ആവാത്ത ഒരുതരം പക്ഷി, ആസ്ട്രേലിയയിൽ കാണപ്പെടുന്നു
കിശുമത്ത് [അറ] നാ. 1. കൃത്രിമം; 2. ലഹള
കിശുമിശ് നാ. = കിസ്മിസ്
കിശോര വി. ബാല്യത്തെ സംബന്ധിക്കുന്ന, ഇളമ്പ്രായമുള്ള
കിശോരകൻ നാ. = കിശോരൻ
കിശോരകം നാ. കുട്ടി, ഏതെങ്കിലും മൃഗത്തിൻെറ കുട്ടി
കിശോരം നാ. 1. ഇളത്, ചെറുപ്പമായത്; 2. യൗവനത്തിനു മുമ്പുള്ള ഘട്ടം; 3. കുതിരക്കുട്ടി
കിശോരിക നാ. = കിശോരി
കിശ്മിശ് നാ. കിസ്മിസ്
കിഷലം നാ. ഒരുതരം വിഷം
കിഷ്കിന്ധ നാ. രാമായണത്തിൽ പ്രതിപാദിച്ചിട്ടുള്ള ഒരു പ്രദേശം
കിഷ്കിന്ധാധിപതി നാ. 1. ബാലി; 2. സുഗ്രീവൻ
കിഷ്കു വി. നിന്ദ്യമായ, ജുഗുപ്സാവഹമായ. നാ. 1. കൈത്തണ്ട്; 2. ഒരു ചാൺ
കിസലയം നാ. തളിര്
കിസാൻ [ഹി] നാ. കൃഷിക്കാരൻ
കിസ്ത്[അറ] നാ. 1. തവണ, ഗഡു, നികുതി; 2. ഭൂനികുതി, കരം, കപ്പം
കിസ്മത്ത് [അറ] നാ. 1. ഭാഗ്യം; 2. ഓഹരി; 3. സേവനം
കിസ്മിസ് നാ. കുരുവില്ലാമുന്തിരിങ്ങ
കിസ്സ[അറ] നാ. 1. കഥ, ഐതിഹ്യം; 2. നാട്ടുവർത്തമാനം
കിൾ [കിള്ളുക] ധാതുരൂപം
കിള1 [കിളയ്ക്കുക] ധാതുരൂപം
കിള2 നാ. ശാഖ, താവഴി; 2. മൊട്ട്; 3. കൂട്ടം
കിള3 നാ. 1. നിലം കൂന്താലികൊണ്ടോ കയ്ക്കോട്ടുകൊണ്ടോ മറ്റോ വെട്ടിമറിക്കുക എന്ന പ്രവൃത്തി; 2. മൺമതിൽ. (പ്ര) കിളകോരുക = മൺചുവർപടുക്കുക
കിളത്തുക ക്രി. 1. കിളർത്തുക; 2. കളിയാക്കുക
കിളമ്പ് [കിളമ്പുക] ധാതുരൂപം
കിളമ്പൽ നാ. 1. കയറ്റം; 2. അഭിവൃദ്ധി
കിളമ്പുക ക്രി. 1. കയറുക; 2. ഉയരുക; 3. അഹങ്കരിക്കുക
കിളയൽ നാ. 1. തൂമ്പാപ്പണി; 2. നെല്ലിനും മറ്റും ഇടകിളയ്ക്കാൻ ഉപയോഗിക്കുന്ന ചെറിയതരം കൂന്താലി
കിളയ്ക്കുക ക്രി. 1. തൂമ്പയോ മറ്റോകൊണ്ട് മണ്ണുവെട്ടിയിളക്കുക; 2. എങ്ങനെയെങ്കിലും മണ്ണ് ഇളക്കിമറിക്കുക
കിളര് [കിളരുക] ധാതുരൂപം
കിളർ1 വി. ഉയർന്ന, വർധിച്ച. നാ. വർധന, ഉയർച്ച
കിളർ2 വി. പ്രകാശിക്കുന്ന, ശോഭയുള്ള. നാ. പ്രകാശം, പ്രഭ
കിളർക്കുക ക്രി. 1. ക്ലാവുപിടിക്കുക; 2. ക്ലാവുചുവയ്ക്കുക
കിളർച്ച നാ. ഉയർച്ച, കിളരം

കിളർത്തുക ക്രി. പൊക്കുക, ഉയർത്തുക
കിളർപ്പ് നാ. 1. ക്ലാവുപിടിക്കൽ; 2. ക്ലാവുചുവയ്ക്കൽ; 3. അടയാളം
കിളരം നാ. ഉയരം, പൊക്കം
കിളരുക ക്രി. 1. ഉയരുക, പൊന്തുക; 2. വളരുക, വർധിക്കുക,അഭിവൃദ്ധമാകുക; 3. പ്രകാശിക്കുക; 4. അഹങ്കരിക്കുക
കിളരെ അവ്യ. ഉയരത്തിൽ
കിളറുക ക്രി. ഇളകിപ്പൊന്തുക, പൊടിപോലെ പൊങ്ങുക
കിളാച്ചൽ നാ. 1. ക്ലാവിക്കൽ; 2. (വളം) പിടിക്കൽ
കിളാർപ്പ് നാ. 1. കിളർപ്പ്; 2. മങ്ങിയ നിറം
കിളാവ് [കിളാവിക്കുക] ധാതുരൂപം
കിളാവിക്കുക ക്രി. ക്ലാവുപിടിക്കുക
കിളാവ്1,ക്ലാവ് നാ. ചെമ്പുപാത്രങ്ങളിലും ഓട്ടുപാത്രങ്ങളിലും ഉണ്ടാകുന്ന ഒരുതരം കറ
കിളാവ്2 നാ. വലുതായി പൊങ്ങിവരുന്ന തിര
കിളി1 [കിളിക്കുക] ധാതുരൂപം
കിളി2 നാ. 1. ഒരുതരം പക്ഷി. ഇതിന് മനുഷ്യശബ്ദം അനുകരിക്കുവാൻ കഴിവുണ്ട്, പച്ചനിറമുള്ളത് തത്ത; 2. പക്ഷി, പാവ; 3. കിളിത്തട്ടുകളിയിലെ പ്രധാനകളിക്കാരൻ; 4. ബസ്സിലെയും മറ്റും ക്ലീനർ
കിളികിഞ്ചിതം നാ. കിലകിഞ്ചിതം
കിളിക്കത്തി നാ. കിളിച്ചുണ്ടിൻെറ ആകൃതിയിലുള്ള കത്തി, അടയ്ക്കാക്കത്തി, പാക്കുവെട്ടി
കിളിക്കുക ക്രി. ഇളിക്കുക, കിണിക്കുക, വിഡ്ഢിച്ചിരി ചിരിക്കുക (പരിഹാസം)
കിളിക്കൂട് നാ. 1. പക്ഷികളുടെ കൂട്; 2. ചെറിയ മുറി; 3. കുറ്റക്കാരെ പീഡിപ്പിക്കുന്നതിനുള്ള കൂട്
കിളിക്കൊഞ്ചൽ നാ. 1. കിളിയുടെ മധുരമായ ശബ്ദം; 2. (ആല) കിളിപ്പാട്ട്; 3. മധുരഭാഷണം
കിളിച്ചൽ നാ. 1. തളിര്, മൊട്ട്; 2. ചെനപ്പ്, ചുവട്ടിൽ പൊട്ടുന്ന മറുമുള; 3. മോഹാലസ്യം
കിളിച്ചുണ്ടൻ വി. കിളിയുടെ ചുണ്ടിൻെറ ആകൃതിയിലുള്ള, അറ്റം അൽപം വളഞ്ഞ. നാ. ഒരുതരം മാവ്, അതിൻെറ മാങ്ങ
കിളിഞ്ചിൽ നാ. കക്കവർഗത്തിൽപ്പെട്ട ഒരിനം നത്തയ്ക്ക, ഞവണിക്ക
കിളിഞ്ജ്ജകം നാ. കിലിഞ്ജ്ജകം
കിളിഞ്ഞിൽ നാ. 1. ഒരു ചെറുതരം വൃക്ഷം, കിളിമരം; 2. ഒരുതരം രോഗം, പെട്ടെന്ന് ബോധക്ഷയം ബാധിച്ചുവീണുപോകൽ, കിളിച്ചിൽ
കിളിത്തട്ട് നാ. 1. ഒരുതരം നാടൻകളി, കിളിയന്തട്ട്; 2. യാത്രക്കാർ വിശ്രമിക്കുവാൻവേണ്ടിയുണ്ടാക്കുന്ന തട്ട്
കിളിപ്പാട്ട് നാ. 1. കിളിയുടെ ഗാനം; 2. കിളിയെക്കൊണ്ടു പാടിക്കുന്നു എന്ന സങ്കൽപത്തിൽ രചിക്കപ്പെടുന്ന പാട്ട്

കിളിപ്പെണ്ണ് നാ. പെൺകിളി, പെൺതത്ത
കിളിപ്പേട നാ. പെൺകിളി, പെൺതത്ത
കിളിമൂക്ക് നാ. 1. താളിയോലഗ്രന്ഥം കെട്ടുമ്പോൾ ഊർന്നുപോകാതിരിക്കാൻ ഓലത്തുണ്ടുകൊണ്ടോ മറ്റോ ഉണ്ടാക്കി ചരടിന്റെ തലയ്ക്കു കെട്ടുന്ന ഉപകരണം; 2. നീണ്ടുവളഞ്ഞ മൂക്ക്, കിളിച്ചുണ്ടൻ മൂക്ക്
കിളിമൊഴി നാ. 1. കിളിയുടെ വാക്ക്; 2. കിളിയെപ്പോലെ മധുരമായി സംസാരിക്കുന്നവൾ, സുന്ദരി; 3. അർഥമറിയാതെയുള്ള പറച്ചിൽ
കിളിയൻതട്ട് നാ. കിളിത്തട്ട്
കിളിയൽ നാ. നെൽച്ചെടി കരിമ്പ് മുതലായവയുടെ ചുവട്ടിൽ പൊട്ടിയുണ്ടാകുന്ന ശാഖ, ചെനപ്പ്
കിളിയാൻ നാ. 1. ഒരുതരം ചെറിയ കടൽമത്സ്യം; 2. ഒരിനം പരുന്ത്
കിളിയോല നാ. ഓലക്കാലുകൾ പ്രത്യേകം വിരിഞ്ഞുവരുന്ന തെങ്ങിൻതയ്യിലെ ഓല, കണക്കോല
കിളിർക്കുക ക്രി. വിത്തിൽനിന്നു മുള പുറത്തേക്കുവരിക, മണ്ണിൽനിന്നു വിത്തുകളുടെ ആദ്യത്തെ ചെറുനാമ്പു പുറത്തേക്കുവരിക, ചെടികളുടെയോ മരങ്ങളുടെയോ തടിയിൽനിന്നോ ശിഖരങ്ങളിൽനിന്നോ ഇലപ്പൊടിപ്പുകളും മറ്റും ഉണ്ടാവുക, നാമ്പെടുക്കുക, മുളയ്ക്കുക, കുരുക്കുക, കിളിക്കുക, പൊടിച്ചുവരിക
കിളിവാക്കെട്ട് നാ. കിളിയുടെ പിളർന്ന വായ്പോലെ മരത്തിന്റെ രണ്ടു കവരങ്ങൾ കൂടിച്ചേരുന്ന ഇടം, കവട്ട
കിളിവാണി നാ. കിളിമൊഴി
കിളിവാതിൽ നാ. വീടിന്റെ ഭിത്തിയിൽ കുറെ ഉയരത്തിൽ വയ്ക്കുന്ന ചെറുവാതിൽ (കിളികൾക്കുമാത്രം കടക്കത്തക്കവിധത്തിലുള്ള) ചെറുജന്നൽ
കിളുക്കുക ക്രി. കിളിർക്കുക. നാ. കിളുർപ്പ്
കിളുന്ത് നാ. 1. തളിര്, നാമ്പ്; 2. കിളിർത്തുവന്നത്, കുരുന്നായിട്ടുള്ളത്, ഇളപ്പമായത്
കിളേലി, കിളിയൽ നാ. നെല്ലിന്റെ ഇട കിളയ്ക്കുന്നതിനുള്ള ചെറിയ കൂന്താലി
കിള്ളി1 അവ്യ. അൽപം
കിള്ളി2 നാ. ചില ചോളരാജാക്കന്മാർക്കുണ്ടായിരുന്ന സ്ഥാനപ്പേര്
കിള്ളി3 നാ. 1. നീർമാതളം; 2. അരിവാൾ, അരിവാൾപോലെയുള്ള ഒരിനം ചെറിയ കത്തി; 3. ഇക്കിളി
കിള്ളിക്കുറിശ്ശി നാ. മലബാറിലുള്ള ഒരു സ്ഥലത്തിന്റെ നാമം, കുഞ്ചൻ നമ്പ്യാരുടെ ജന്മദേശം
കിള്ള് നാ. 1. കിള്ളൽ; 2. ഒരുനുള്ള്, അൽപം
കിള്ളുക ക്രി. 1. നുള്ളുക, പിച്ചുക; 2. നുള്ളിപ്പറിക്കുക, ഞെട്ടോടെ പറിക്കുക; 3. നഖംകൊണ്ടു മാന്തുക, പോറുക
കിഴ1 [കിഴയ്ക്കുക] ധാതുരൂപം
കിഴ2 നാ. കുഴ, പാൽ കറക്കാനുള്ള പാത്രം
കിഴക്കട വി. കീഴ്കട

കിഴക്കൻ വി. കിഴക്കുദിക്കിൽ ഉണ്ടാകുന്ന (ഉള്ള), കിഴക്കുദിക്കിനെ സംബന്ധിച്ച. നാ. കിഴക്കുദിക്കിലുള്ളവൻ, കിഴക്കുനിന്നു വന്നവൻ

കിഴക്കിട നാ. ഒരുതരം ആയുധം

കിഴക്കിന,-നി നാ. ഗൃഹം നിർമിക്കുമ്പോൾ കിഴക്കുഭാഗത്തായി പണിയുന്ന കെട്ട്, നാലുകെട്ടിൻെറ കിഴക്കേ വശത്തെക്കെട്ട്

കിഴക്കിനേത് നാ. കിഴക്കിനി

കിഴക്ക് നാ. സൂര്യനുദിക്കുന്ന ദിക്ക്, പൂർവദിക്ക്

കിഴക്കേ വി. കിഴക്കുള്ള

കിഴങ്ങൻ നാ. ഒന്നിനുംകൊള്ളാത്തവൻ, ചുണകെട്ടവൻ, മടയൻ, വിഡ്ഢി

കിഴങ്ങ് നാ. 1. ഉള്ളിൽ സംഭരിക്കപ്പെടുന്ന അന്നാംശംകൊണ്ട് തടിച്ചുവീർത്തു മണ്ണിനടിയിൽ സ്ഥിതിചെയ്യുന്ന വേരോ കാണ്ഡമോ; 2. (ആല) നാരായവേര്, മൂലകന്ദം, മൂലകാരണം

കിഴടൻ നാ. കിഴവൻ, വൃദ്ധൻ

കിഴട്,-ട്ട്,-ടൻ വി. വളരെ പ്രായംചെന്ന

കിഴമാറ് നാ. കിഴക്ക്

കിഴമേൽ നാ. കിഴക്കുപടിഞ്ഞാറ്

കിഴയുക ക്രി. 1. കിഴിയുക; 2. കിണയുക

കിഴയ്ക്ക നാ. 1. കിഴങ്ങ്; 2. ചെറിയതരം കാച്ചിൽ; 3.കാച്ചിൽവള്ളിയിൽ ഉണ്ടാകുന്ന ചെറിയ കിഴങ്ങ്

കിഴയ്ക്കുക ക്രി. 1. ക്ഷീണിക്കുക; 2. കിതയ്ക്കുക, അണയ്ക്കുക

കിഴല നാ. ഈളുവ

കിഴലി നാ. മാംസം

കിഴവ നാ. 1. ആഴ്ചയിലെ ഒരു ദിവസം; 2. അവകാശം; 3. വാർധക്യം

കിഴവൻ,കിള- നാ. 1. അധികം വയസ്സുചെന്നവൻ; 2. തലവൻ, ഭൂസ്വത്തുടമസ്ഥൻ, പ്രഭു, അധികാരി

കിഴവ് നാ. വാർധക്യം

കിഴറ്റുക ക്രി. പുറത്തേക്കുതള്ളുക

കിഴാക്കുറ്റി നാ. തറിയിൽ പാവുവലിച്ചുകെട്ടുന്ന കുറ്റി

കിഴാൻ നാ. ഉടമസ്ഥൻ, പ്രഭു, നാടുവാഴി

കിഴാനെല്ലി നാ. ഒരു പച്ചമരുന്ന്

കിഴാർനെല്ലി നാ. കിഴാനെല്ലി

കിഴുകാനെല്ലി നാ. കിഴാനെല്ലി

കിഴാർ1 നാ. തോട്ടം

കിഴാർ2 നാ. (കിഴാൻ എന്നതിൻെറ പൂ.ബ.വ.) ഒരു സ്ഥാനപ്പേര്

കിഴി നാ. 1. എന്തെങ്കിലും സാധനം തുണിയിൽ പൊതിഞ്ഞു കെട്ടിയത് (അരിയോ നാണയങ്ങളോ വിലപ്പെട്ട മറ്റു വസ്തുക്കളോ); 2. പണച്ചുമതല വഹിക്കുന്ന ആൾ; 3. സമൂഹബ്രാഹ്മണരുടെ മുതൽ സംബന്ധിച്ച അധികാരം

കിഴിക്കാരൻ നാ. 1. പണം സൂക്ഷിപ്പുകാരൻ, മുതൽപിടിക്കാരൻ; 2. കേരളത്തിൽ വസിക്കുന്ന തമിഴ്ബ്രാഹ്മണരുടെ സമൂഹത്തെ ഭരിക്കുന്ന ആൾ

കിഴിക്കുക1 ക്രി. 1. കിഴിയുവാനിടവരുത്തുക, താഴ്ത്തുക; 2. കുറയ്ക്കുക; 3. ഹരിക്കുക; 4. തരംതാഴ്ത്തുക; 5. പരിഹരിക്കുക; 6. മോചിപ്പിക്കുക

കിഴിക്കുക2 ക്രി. 1. കീറുക, മുറിക്കുക; 2. തുളയ്ക്കുക; 3. ഉരിയ്ക്കുക

കിഴിച്ചൽ നാ. വളരെയധികം താഴ്ന്നാശ്രയിക്കൽ, നിലവിട്ടു സേവിക്കൽ

കിഴിത്ത,കിഴുത്ത നാ. ഓട്ട, ദ്വാരം

കിഴിപ്പ് നാ. 1. കിഴിക്കുന്ന പ്രവൃത്തി (പ്ര) കിഴിപ്പും കിന്നാരവും = കിണ്ടിക്കിണ്ടിയുള്ള സംഭാഷണം, പരദൂഷണം; 2. മാറ്റിക്കളയുന്ന വസ്തു

കിഴിയുക ക്രി. 1. കീഴോട്ടിറങ്ങുക, താഴോട്ടുപോരുക; 2. സ്ഥാനത്തിലോ നിലയിലോ താഴുക, തരം താഴുക; 3. ആശ്രയിക്കുക, അധീനപ്പെടുക; 4. അഴിയുക, ഊർന്നുപോവുക; 5. പുറപ്പെടുക; 6. സങ്ഖ്യയിൽ കുറവാകുക, കുറയുക; 7. ക്ഷീണിക്കുക, ചടയ്ക്കുക; 8. തോലുരിയുക; 9. ദ്വാരം ഉണ്ടാവുക, കീറിപ്പറിഞ്ഞുപോവുക

കിഴിവ് നാ. 1. കിഴിയുന്ന പ്രവൃത്തി, പോരായ്മ, താണനില; 2. ഇളവ്, കുറവ്. (പ്ര) കിഴിവെഴുതുക = പിരിഞ്ഞുകിട്ടാക്കടമായി എഴുതിത്തള്ളുക

കിഴിശ്ശീല നാ. 1. കിഴികെട്ടുവാൻ ഉപയോഗിക്കുന്ന തുണി; 2. മടിശ്ശീല

കിഴു1 [കിഴുക്കുക] ധാതുരൂപം

കിഴു2 നാ. കീഴ് ഉദാ: കിഴുമേൽ, കിഴുക്കട.

557

കിഴുകാനെല്ലി നാ. കീഴാനെല്ലി

കിഴുക്കട,-കട നാ. 1. മുമ്പുള്ളത്, മുൻനടപടി; 2. മുൻബാക്കി; 3. മോശപ്പെട്ടത്, താണനിലവാരം

കിഴുക്കനാമ്പാട്ട് അവ്യ. = കിഴുക്കാമ്പാട്

കിഴുക്കനെ അവ്യ. = കിഴുക്കാമ്പാട്

കിഴുക്കാംതൂക്ക് വി. 1. കുത്തനെയുള്ള, നേരേതൂക്കായ, കിഴുക്കുത്തായ; 2. തലകുത്തനെ, തലകീഴോട്ടായി. നാ. 1. ചെങ്കുത്തായ ചരിവ്; 2. തലകീഴോട്ടായിരിക്കൽ

കിഴുക്കാമ്പാട് അവ്യ. 1. കമഴ്ന്നത്; 2. തലകീഴായി; 3. കീഴ്പ്പോട്ട്

കിഴുക്ക് നാ. 1. വിരൽമുട്ടുകൊണ്ടോ മുഷ്ടികൊണ്ടോ മറ്റോ ഒരാളുടെ തായിൽ ഏൽപ്പിക്കുന്ന മുട്ടൽ, കൊട്ട്; 2. ചെവിപിടിച്ചുമുറുക്കി വേദനിപ്പിക്കൽ

കിഴുക്കുക ക്രി. 1. വിരൽമുട്ടുകൊണ്ടോ മുഷ്ടികൊണ്ടോ തലയിലിടിക്കുക, ഊക്കോടെ ഞോടുക; 2. ചെവിക്കുപിടിച്ചുമുറുക്കി വേദനിപ്പിക്കുക

കിഴുക്കുത്ത് വി. കിഴുക്കാംതൂക്ക്

കിഴുത്ത് [<കിഴുത്തുക] നാ. = കിഴിത്ത

കിഴുത്തരം വി. മറ്റൊന്നിനേക്കാൾ മെച്ചം കുറഞ്ഞ, കീഴ്ത്തരം

കിഴുത്തല നാ. ദ്വാരം

കിഴുപ്പെടുക ക്രി. കീഴ്പ്പെടുക

കിഴുപ്പെട്ട് അവ്യ. കീഴ്പ്പോട്ട്

കിഴുമര്യാദ നാ. കീഴ്മര്യാദ, കീഴ്വഴക്കം
കിഴുമാട് നാ. ബുദ്ധിയില്ലാത്ത ആൾ, മന്ദബുദ്ധി
കിഴുമേൽ അവ്യ. =കീഴുമേൽ
കിഴ്ക് നാ. ആശാരിയുടെ മുഴക്കോൽ
കിറ [കിറയുക] ധാതുരൂപം
കിറഞ്ഞി നാ. ഇക്കിളി, കിറിണി
കിറയുക ക്രി. 1. എതിർക്കുക, പ്രതിരോധിക്കുക; 2. പൊരുതുക; 3. നിർബന്ധിക്കുക; 4. നിരോധിക്കുക; 5. പുറകോട്ടുവലിക്കുക; 6. കിറുകിറാശബ്ദമുണ്ടാക്കുക. നാ. കിറച്ചിൽ
കിറി1 [കിറിക്കുക] ധാതുരൂപം
കിറി2 നാ. 1. ചിറി, ചുണ്ട്, അധരം; 2. കടവായ്, വായുടെ അറ്റം; 3. ചിരി
കിറിക്കുക ക്രി. ചുണ്ടുവിടർത്തി പല്ലുപുറത്തുകാണിക്കുക, വികൃതമായി ചിരിക്കുക, ഇളിക്കുക
കിറിച്ചാങ്കുത്ത് നാ. പല്ലുകിറിച്ചുകാട്ടൽ, ഗോഷ്ഠികാണിക്കൽ, പരിഹാസം, നിന്ദ
കിറിഞ്ഞ് [കിറിഞ്ഞുക] ധാതുരൂപം
കിറിഞ്ഞുക ക്രി. 1. തളർന്നുകഴിയുക, ക്ഷീണിക്കുക; 2. മരിക്കുക
കിറിണി നാ. ഇക്കിളി
കിറു [കിറുക്കുക] ധാതുരൂപം
കിറുകിറ നാ. കിറുകിറമാതിരിയുള്ള ശബ്ദം
കിറുകിറു [കിറുകിറുക്കുക] ധാതുരൂപം
കിറുകിറുക്കുക ക്രി. 1. കിർകിറ ശബ്ദം ഉണ്ടാക്കുക; 2. വിരോധഭാവം പ്രകടമാക്കുക
കിറുകിറുപ്പ് നാ. 1. കിറുകിറ എന്ന ശബ്ദം ഉണ്ടാകൽ; 2. ഉള്ളിലുള്ള അസൂയ പ്രകടിപ്പിക്കാതെ അടക്കിവച്ചിട്ടുള്ള രസക്കേട്, ദ്വേഷം, വെറുപ്പ്, പിണക്കം
കിറുകൃത്യം നാ. വളരെ ശരിയായത്, തീരെ തെറ്റുകൂടാത്തത്
കിറുക്കൻ നാ. 1. ബുദ്ധിസ്ഥിരതയില്ലാത്തവൻ, ഭ്രാന്തൻ, കിറുക്കുള്ളവൻ; 2. ഭ്രാന്തനെപ്പോലെ തോന്നിയവാസം പ്രവർത്തിക്കുന്നവൻ
കിറുക്കം നാ. 1. തലയ്ക്കു കനം തോന്നൽ, മത്തുപിടിക്കൽ; 2. കിറുക്ക്
കിറുക്ക് നാ. 1. ബുദ്ധിഭ്രമം, ഭ്രാന്ത്; 2. ചിത്തഭ്രമം ബാധിച്ചതുപോലെയുള്ള പെരുമാറ്റം, വ്യവസ്ഥയില്ലാതെ പ്രവർത്തിക്കൽ; 3. ഒരുതരം കളിപ്പാട്ടം
കിറുക്കുക ക്രി. 1. തീരെചെറുതായും അവ്യക്തമായും എഴുതുക; 2. എഴുതിയതിൻെറ പുറത്തുകൂടി വരച്ചുവെട്ടിക്കളയുക; 3. കിറുക്ക് എന്ന കളിപ്പാട്ടംകൊണ്ട് ‘കിറുകിറ’ ശബ്ദമുണ്ടാക്കുക; 4. ഡംഭുകാണിക്കുക, അഹങ്കരിക്കുക
കിറുങ് [കിറുങ്ങുക] ധാതുരൂപം
കിറുങ്ങണത്തി നാ. ഒരിനം പക്ഷി, മാടത്ത
കിറുങ്ങിണി വി. തീരെചെറിയ, നറുങ്ങണി, പിറുങ്ങിണി

കിറുങ്ങുക ക്രി. ലഹരിപദാർഥങ്ങൾ ഉപയോഗിച്ചു തലയ്ക്കു മത്തുപിടിക്കുക, മയങ്ങുക
കിറിഞ്ചുക ക്രി. കിറിഞ്ചുക
കിറുങ്ങിണി നാ. കിറിണി, കിക്കിളി
കിറുത് നാ. അഹങ്കാരം, ഗർവ്, അഹന്ത
കിറുമണി വി. = കിറുങ്ങിണി
കിറുമ്പ് [<കിറുമ്പുക] ധാതുരൂപം
കിറുമ്പുക ക്രി. 1. മൂക്കുകൊണ്ട് സ്വരഭേദംവരുത്തി സംസാരിക്കുക, കുണ്ഠിതപ്പെട്ടു മൂളുക, കിണുമ്പുക; 2. നിസ്സാരമായ ദേഹോപദ്രവം ഏൽപിക്കുക
കിറുവ നാ. = കെറുവ്
കീ1 'ക്' എന്ന വ്യഞ്ജനത്തോട് ഈ എന്ന സ്വരം ചേർന്നുണ്ടാകുന്ന അക്ഷരം
കീ2 [കീയുക] ധാതുരൂപം
കീ3 നാ. ചില പക്ഷികളുടെ ശബ്ദം, അതിനുതുലമായ നേർത്ത കരച്ചിൽ
കീ4 നാ. താക്കോൽ. ഉദാഃ വാച്ചിനു കീകൊടുക്കുക, ക്ലോക്കിൻെറ കീ, കാറിൻെറ കീ
കീകട വി. 1. ധനമില്ലാത്ത, ദരിദ്രമായ; 2. ധനത്തിൽ കൊതിയുള്ള
കീകടൻ നാ. 1. കീകടദേശക്കാരൻ, അനാര്യൻ, നാസ്തികൻ; 2. ഭരതമഹാരാജാവിൻെറ അനുജന്മാരിൽ ഒരാൾ, ഋഷഭൻെറ പുത്രൻ
കീകടം നാ. 1. കീകടൻ എന്ന രാജാവു ഭരിച്ചിരുന്ന പ്രദേശം, അനാര്യന്മാർ നിവസിക്കുന്ന ഒരു രാജ്യം; 2. കുതിര
കീകടി നാ. പെൺകുതിര
കീകസ1 വി. ഉറപ്പുള്ള
കീകസ2 നാ. രാവണൻെറ മാതാമഹി, കൈകസിയുടെ അമ്മ. കീകസാത്മജ = കൈകസി
കീകസം നാ. 1. മാറെല്ല്; 2. എല്ല്; 3. അലക്
കീചകകർമം നാ. കീചകൻെറ നടപടി, നിന്ദ്യമായ പ്രവൃത്തി
കീചകജിത്ത് നാ. ഭീമസേനൻ
കീചകൻ നാ. വിരാടരാജാവിൻെറ ഭാര്യയുടെ സഹോദരൻ, അവിടത്തെ സേനാപതി
കീചകനാടകം നാ. കീചകൻ പാഞ്ചാലിയോടു ചെയ്തതുപോലെയുള്ള ആഭാസപ്രവൃത്തി
കീചകം നാ. 1. പൊൾലയായ മുള, നെല്ലിമുള; 2. തുമ്പിതുളച്ചതുകൊണ്ടോ മറ്റോ തുളവീണിട്ടുള്ളതും കാറ്റിൽ ഊതുന്ന ശബ്ദമോ തമ്മിൽ തട്ടിയുരഞ്ഞുള്ള ശബ്ദമോ പുറപ്പെടുവിക്കുന്നതുമായ മുള
കീചകാഹ്വയം നാ. നെല്ലിമുള
കീച്ചനെ അവ്യ. പെട്ടെന്ന്, തടസ്സം കൂടാതെ
കീച്ചാൻ നാ. മണ്ണാത്തിപ്പുള്ള്

കീച്ച് നാ. 1. നിലവിളി; 2. അധികം ഒച്ചകൂടാതെയുള്ള കരച്ചിൽ
കീച്ചുക1 ക്രി. അധികം ഒച്ചകൂടാതെ കരയുക
കീച്ചുക2 ക്രി. പണംവച്ചു ചീട്ടുകളിക്കുക
കീച്ചേരി നാ. 1. കീഴേഗ്രാമം, കുഗ്രാമം, ചെറിയ ഗ്രാമം; 2. സാമ്പത്തികമായും സാമൂഹികമായും താണനിലയിലുള്ളവൻ >< മേച്ചേരി
കീജേവിളിക്കുക [ഹി.കി-ജയ്] ക്രി. ജയാശംസ നടത്തുക
കീട വി. 1. കടുത്ത, പരുഷമായ; 2. നിന്ദ്യമായ; 3. സ്നേഹമില്ലാത്ത
കീടകൻ നാ. 1. പുഴു; 2. നിസ്സാരൻ, നിന്ദ്യൻ; 3. വൈശ്യസ്ത്രീയിൽ ക്ഷത്രിയനുണ്ടായ പുത്രൻ; 4. മാഗധവർഗത്തിൽപ്പെട്ട ഒരു വൈതാളികൻ; 5. മഹാഭാരതപ്രസ്തുതനായ ഒരു രാജാവ്
കീടകം നാ. 1. പുഴു; 2. വൃശ്ചികം രാശി; 3. നിസ്സാരമായത്, നിന്ദ്യമായത്
കീടകോശം നാ. സമാധിയിരിക്കാൻവേണ്ടി നേർത്തതന്തുക്കൾകൊണ്ട് പുഴുക്കൾ സ്വയം നിർമിക്കുന്ന ആവരണം, പുഴുക്കൂട്
കീടഘ്നം നാ. 1. ഗന്ധകം; 2. വിഴാലരി
കീടജം നാ. 1. പട്ട്, പട്ടുനൂൽ; 2. കോലരക്ക്
കീടൻ നാ. 1. നിന്ദ്യൻ, അൽപൻ; 2. ഇരുമ്പിൻ കിട്ടം; 3. എണ്ണയുടെ അടിവ്; 4. പല്ലിൽ പറ്റിപ്പിടിക്കുന്ന കറ
കീടനാശിനി നാ. ചെടികൾക്കും ജീവികൾക്കും ഉപദ്രവം ചെയ്യുന്ന കീടങ്ങളെ നശിപ്പിക്കുന്ന വിഷം
കീടപാദിക നാ. ചെമന്ന പൂവുള്ള ചെറുപൂച്ചെടി, നിലമ്പരണ്ട
കീടഫലം നാ. അത്തിയാൽ
കീടം നാ. 1. പുഴു, കൃമി; 2. വണ്ട്; 3. പറക്കുന്ന ഒരുതരം ചെറുപ്രാണി; 4. തേൾ; 5. വൃശ്ചികം രാശി; 6. നിസ്സാരമായത്, നിന്ദ്യമായത്; 7. ഇരുമ്പുകിട്ടം; 8. എണ്ണ മുതലായവയുടെ കിട്ടം; 9. പല്ലിന്നടിയിൽ തങ്ങിനിൽക്കുന്ന മാലിന്യം, ഇത്തിൾ
കീടമണി നാ. മിന്നാമിനുങ്ങ്
കീടമതി നാ. നീചബുദ്ധി, താണബുദ്ധിയുള്ളവൻ
കീടമാതാവ് നാ. കീടപാദിക
കീടമാരി നാ. 1. കീടപാദിക; 2. ആടുതിന്നാപ്പാല
കീടരാശി നാ. വൃശ്ചികം മീനം കർക്കിടകം മകരം രാശിയുടെ ഉത്തരാർധം എന്നീ രാശികൾ
കീടാരി നാ. ആടുതിന്നാപ്പാല
കീടിക നാ. 1. ചെറിയ പുഴു, കീടം; 2. നിസ്സാരമായത്
കീടോൻ നാ. ഒരുതരം കാട്ടുകിഴങ്ങ്
കീഡേരം നാ. ചെറുചീര
കീണം [പ്ര] നാ. 1. ക്ഷീണം. കിണാന്തം = ക്ഷീണം; 2. ദുരിതം, കഷ്ടപ്പാട്; 3. താഴ്ച; 4. ഗർവം
കീണ്ടൽ നാ. ചീന്തൽ, കീറൽ
കീത്തൽ നാ. കുരുമുളകുമണി നിൽക്കുന്ന തിരി

കീത്തൊണ്ടി നാ. ഒരിനം വൃക്ഷം. ഇതിൻെറ തോൽ പൊളിച്ചെടുത്ത് ചതച്ച് അതിൻെറ നാരുകൊണ്ടു കയർ പിരിക്കുന്നു
കീദൃക്ക് വി. കീദൃശ
കീദൃശ വി. ഏതുവിധത്തിലുള്ള, എന്തു സ്വഭാവമുള്ള. നാ. (പും) എന്തു സ്വഭാവക്കാരൻ
കീനം നാ. മാംസം
കീനാശ വി. 1. കൃഷിചെയ്യുന്ന; 2. ദരിദ്രനായ; 3. ലുബ്ധുള്ള; 4. ചെറിയ; 5. രഹസ്യമായി കൊലചെയ്യുന്ന; 6. ക്രൂരമായ; 7. മാംസഭുക്കായ
കീനാശൻ നാ. 1. കാലൻ; 2. കൃഷിക്കാരൻ; 3. ക്ഷുദ്രൻ; 4. കൃപണൻ; 5. കശാപ്പുകാരൻ
കീനാശം നാ. കുരങ്ങ്
കീന്ത്1 [കീന്തുക] ധാതുരൂപം
കീന്ത്2 നാ. = കീന്തൽ. ഉദാഃ ഒരു കീന്ത് ഓല
കീന്തൽ [കീന്തുക] നാ. പൊളി, കഷണം, കീറിയത്
കീന്തുക ക്രി. കീറിയെടുക്കുക, ചീന്തുക
കീമ അറ] നാ. രസതന്ത്രം, കീമശാസ്ത്രം. (പ്ര) കീമപ്പണി = (രാസപദാർഥങ്ങൾ ഉപയോഗിച്ച്) സ്വർണം ഉണ്ടാക്കുന്ന വിദ്യ. കീമാവേല = കുരുട്ടുപ്രയോഗം
കീമാട നാ. 1. കീഴോട്ടുവളഞ്ഞ കൊമ്പുള്ള പശു (എരുമ); 2. വകയ്ക്കുകൊള്ളാത്തവൻ, കിഴമാട്. (പ്ര) കീമാടപിറന്നവൻ = നശിപ്പിക്കുവാൻ ഉണ്ടായവൻ
കീമ്പിളി1 വി. കനംകുറഞ്ഞ. ഉദാ: കീമ്പിള്ളിപ്പെണ്ണ്
കീമ്പിളി2 നാ. ഓലക്കാലിൻെറ വക്കിൽ നിന്നും കീറിയെടുക്കുന്ന നേരിയ നാര്, പൊളിക്കീറ്റ്
കീയം നാ. കീ എന്നു കരയുന്ന അവസ്ഥ
കീയുക [കിഴിയുക] ക്രി. ഇറങ്ങുക, താഴോട്ടുവരുക
കീർണ വി. 1. ചിതറിയ, വിതറിയ, വ്യാപിച്ച; 2. എറിഞ്ഞു വീഴ്ത്തിയ; 3. ആച്ഛാദനം ചെയ്യപ്പെട്ട, മൂടിയ; 4. നിറഞ്ഞ. ഉദാഃ നക്ഷത്രകീർണമായ ആകാശം
കീർണകം നാ. പലവക സങ്ഗതികളെക്കുറിച്ച് പ്രതിപാദിക്കുന്ന പ്രകരണം, പ്രകീർണകം
കീർണപുഷ്പം നാ. പാൽക്കുരുമ്പ
കീർത്തന നാ. 1. ആഖ്യാനം, കഥനം, ചൊല്ലൽ, വർണനം; 2. കീർത്തി, യശസ്സ്
കീർത്തനം നാ. 1. പറച്ചിൽ, ആഖ്യാനം, കഥനം, ചൊല്ലൽ; 2. വിവരണം, യോഗ്യതകളെ വർണിക്കൽ; 3. പ്രശംസിക്കൽ; 4. ഈശ്വരൻെറയും മറ്റും അപദാനങ്ങളെക്കുറിച്ചുള്ള സ്തുതിഗീതം; 5. ഭക്തിയുടെ ഒമ്പതു വിഭാഗങ്ങളിലൊന്ന്; 6. ഭക്തിരസപ്രധാനമായ സങ്ഗീതസൃഷ്ടിക്കു പൊതുവേ പറയുന്ന പേര്; 7. ക്ഷേത്രം; 8. ഭവനം; 9. യശസ്സ്, കീർത്തി

കീർത്തനീയ		വി.	കീർത്തിക്കത്തക്ക, പറയത്തക്ക, പ്രശംസിക്കത്തക്ക. നാ. കീർത്തിക്കത്തക്കവൻ
കീർത്തി		നാ.	1. ആഖ്യാനം, പ്രസ്താവം, പറച്ചിൽ; 2. ദാനധർമ്മാതികൾ, ധീരപ്രവൃർത്തികൾ, സാഹിത്യാദികലാസൃഷ്ടികൾ ഇവകൊണ്ടുണ്ടാകുന്ന സത്പേര് അല്ലെങ്കിൽ പ്രസിദ്ധി, യശസ്സ്; 3. വിസ്തൃതി, വിസ്താരം; 4. ശബ്ദം; 5. പ്രകാശം; 6. ചെളി; 7. ഒരു താളം; 8. ദക്ഷന് പ്രസൂതിയിൽ ജനിച്ച പുത്രി, ധർമന്റെ ഭാര്യ; 9. ശുക്രന് പിതൃക്കളുടെ പുത്രിയായ പീബരിയിൽ ഉണ്ടായ മകൾ, അണുഹന്റെ പത്നി; 10. രാധയുടെ മാതാവ്
കീർത്തികാമ		വി.	കീർത്തിയിൽ ആഗ്രഹമുള്ള. നാ. കീർത്തിയിൽ ആഗ്രഹമുള്ളവൻ
കീർത്തിക്കുക		ക്രി.	1. പറയുക, ആഖ്യാനം ചെയ്യുക, ഉരുവിടുക; 2. വർണിക്കുക, വിവരിക്കുക; 3. പ്രശംസിക്കുക, വാഴ്ത്തുക
കീർത്തിത		വി.	കീർത്തിക്കപ്പെട്ട
കീർത്തിപുരം		നാ.	ഓടനാടിന്റെ പഴയ രണ്ടു രാജധാനികളിൽ ഒന്ന്
കീർത്തിഭാക്ക്		വി.	കീർത്തിയുള്ള, പ്രശസ്തിയുള്ള. നാ. ദ്രോണർ
കീർത്തിമതി		നാ.	ദാക്ഷായണി
കീർത്തിമത്ത്		വി.	കീർത്തിയുള്ള, പേരുകേട്ട. നാ. കീർത്തിയുള്ളവൻ
കീർത്തിമാൻ		നാ.	കീർത്തിയുള്ളവൻ
കീർത്തിമുദ്ര		നാ.	മഹാന്മാരായവർക്കു ഉന്നത സ്ഥാനങ്ങളിൽ നിന്നു നൽകപ്പെടുന്ന ബഹുമതിയുടെ അടയാളം
കീർത്തിവ്രതം		നാ.	സമ്പത്സമൃദ്ധിയും കീർത്തിയും ഉണ്ടാകുവാനായി അനുഷ്ഠിക്കേണ്ട ഒരു വ്രതം
കീർത്തിശേഷൻ		നാ.	കീർത്തിമാത്രം അവശേഷിപ്പിച്ചവൻ, മരിച്ചവൻ
കീർത്തിസ്തംഭം		നാ.	1. കീർത്തിയെ നിലനിർത്താനായി സ്ഥാപിച്ചിട്ടുള്ള തൂണ്, സ്മാരകസ്തംഭം; 2. യശസ്സിനുഹേതുവായ കാര്യം
കീർമ്പിളി,-മ്പൊളി		നാ.	കീമ്പിളി
കീർമം		നാ.	വീട്
കീര	നാ.	ചീര
കീരകൻ		നാ.	ബുദ്ധൻ
കീരകം		നാ.	1. ഒരുജാതി വൃക്ഷം; 2. നേടൽ, ലഭിക്കൽ
കീരൻ		നാ.	1. നായാട്ടുകാരൻ; 2. ഒരിനം മത്സ്യം; 3. ചീവീട്, 4. ചീര. കീരഞ്ചുള = കുരുവില്ലാത്ത ചുള
കീരനിലയം		നാ.	ഇലവുമരം
കീരഭാഷിണി		നാ.	മധുരഭാഷിണി
കീരം	നാ.	1. കിളി, തത്ത; 2. കാശ്മീരദേശം; 3. മാംസം
കീരമണി		നാ.	പലനിറത്തിലുള്ള ചെറിയ പളുങ്കുമണി
കീരമൊഴി		നാ.	കീരവാണി
കീരവല്ലഭം		നാ.	താളിമാതളം
കീരവാണി		നാ.	1. കിളിമൊഴി; 2. ഒരുമേള, കർത്തരാഗം
കീരാങ്കിരി		നാ.	മണ്ണട്ട, ചീവീട്

കീരി നാ. ചെമന്നകണ്ണും കൂർത്തമുഖവും ചാമ്പനിറവും ഏതാണ്ട് വെരുകിൻെറ ആകൃതിയും ഉള്ള ഒരു ജന്തു, നകുലം

കീരിക്കണ്ണ് നാ. കീരിയുടെ കണ്ണുപോലെ ചെമന്ന കണ്ണ്

കീരിക്കരടി നാ. കരടിവർഗത്തിൽപ്പെട്ട ഒരു മൃഗം

കീരിക്കിഴങ്ങ് നാ. ഒരു മരുന്നു ചെടി (വിഷഹാരകം)

കീരിഞ്ഞാറ നാ. വയണയുടെ മണവും വെളുത്തപഴവുമുള്ള ഒരിനം വള്ളി

കീരിപ്പന്ന നാ. പന്നൽവർഗത്തിൽപ്പെട്ട ഒരിനം ചെടി. പന്തലും മറ്റും അലങ്കരിക്കാനുപയോഗിക്കുന്നു

കീരിപ്പലൻ നാ. 1. ഒരിനം സ്രാവ്; 2. ചെറിയ പല്ലുള്ളവൻ

കീരിപ്പല്ല് നാ. 1. ചെറിയപല്ല് (കീരിയുടെതുപോലെ); 2. കോമ്പല്ല്

കീരിപ്പാമ്പ് നാ. കുടലിനുള്ളിൽ ജീവിക്കുന്ന ഒരിനം വിര

കീൽ1 നാ. 1. തടി കൽക്കരി മുതലായ വസ്തുക്കളുടെ സ്വേദനത്തിൽനിന്നുകിട്ടുന്ന കറുത്തതും കൊഴുത്തതുമായ ഒരു ദ്രാവകം; 2. കോലരക്ക് പൈൻകറ മുതലായവചേർത്ത് വള്ളത്തിൻെറയും മറ്റും വിള്ളലടയ്ക്കുവാൻ ഉണ്ടാക്കുന്ന ഒരുതരം കൂട്ട്

കീൽ2 നാ. 1. ശരീരസന്ധി; 2. കതകിൻെറ ചുഴിക്കുറ്റി; 3. ദശ, മാംസം വളർച്ച; 4. പൃഷ്ഠം, ചന്തി; 5. ഉപസ്ഥം

കീല നാ. 1. ജ്വാല, അഗ്നിശിഖ; 2. സുരതത്തിൻെറ അങ്ഗമായ പലതരം താഡനങ്ങളിൽ ഒന്ന്; 3. കുറ്റി; 4. ആണി; 5. കൈമുട്ട്; 6. ആയുധം; 7. അണു; 8. ഭ്രാന്ത്

കീലകൻ നാ. രാഹുവിൻെറ പുത്രന്മാരായ മുപ്പത്തിമൂന്നു കേതുക്കളിൽ ഒന്ന്

കീലകം നാ. 1. പശുക്കൾക്ക് ഉരസി ചൊറിച്ചിൽ തീർക്കുന്നതിനോ അവയെ കെട്ടുന്നതിനോ ഉള്ള കുറ്റി; 2. പശുവിനെ കറക്കുമ്പോൾ പിൻകാലുകൾ കെട്ടാനുപയോഗിക്കുന്ന കയറ്; 3. ആണി, ആപ്പ്; 4. തൂണ്; 5. ആണിയുടെ ആകൃതിയിലുള്ള ഒരുതരം അർബുദം; 6. പ്രഭവാദിവർഷങ്ങളിൽ നാൽപ്പത്തിരണ്ടാമത്തേത്; 7. ഒരു മന്ത്രത്തിൽ അടങ്ങിയിട്ടുള്ള ചില പ്രത്യേക അക്ഷരങ്ങൾ; 8 മന്ത്രരൂപത്തിലുള്ള സ്തോത്രം

കീലൻ നാ. 1. ശിവൻ; 2. ചൂതുകളിക്കാരൻ

കീലനം നാ. 1. ബന്ധനം, കെട്ടിയിടൽ, ആണിയിൽ തറയ്ക്കൽ; 2. തടസ്സം

കീലം1 നാ. 1. ജ്വാആ, അഗ്നിശിഖ; 2. ബന്ധിക്കുന്നത്, ആണി (ആപ്പ്, അച്ചാണി, ചാവി, സാക്ഷ, ഓടാമ്പൽ മുതലായവയെ കുറിക്കാൻ ഈ പദം ഉപയോഗിക്കാറുണ്ട്); 3. കുറ്റി; 4. തൂണ്; 5. പൂക്കളുടെ അണ്ഡകോശത്തിൽനിന്നു പുറപ്പെടുന്നതും കേസരങ്ങളെ വഹിക്കുന്നതുമായ നാളം; 6. കുന്തം; 7. ഒരുതരം ആയുധം; 8. മൂക്കുത്തി; 9. കൈമുട്ട്; 10. സുരതത്തിൻെറ അങ്ഗമായ താഡനങ്ങളിൽ ഒന്ന്; 11. ഒരുതരം അർബുദം; 12. നാലുതരം മൂഢഗർഭങ്ങളിൽ ഒന്ന്; 13. അണു, ചെറിയ അംശം; 14. സൂര്യഘടികാര സൂചി

കീലം2 നാ. 1. വൃക്ഷത്തിൻെറ കറ; 2. കുന്തുരുക്കം

കീലരന്ധ്രം നാ. ചാവിത്തുള, അച്ചാണിത്തുള
കീലാഗ്രം നാ. പൂവിലുള്ള കീലത്തിൻെറ അഗ്രം, ഇതിനു കലയെന്നും പേരുണ്ട്, പുഷ്പങ്ങളിൽ പരാഗം വന്നു പതിക്കുന്ന സ്ഥാനം
കീലാലജം നാ. മാംസം
കീലാലധി നാ. സമുദ്രം
കീലാലപൻ നാ. രക്തംകുടിക്കുന്നവൻ, രാക്ഷസൻ
കീലാലപ്രഭു നാ. വരുണൻ
കീലാലം,-കം നാ. 1. വെള്ളം; 2. രക്തം; 3. തേൻ; 4. മൃഗം; 5. ഒരുതരം പാനീയം; 6. കാടി
കീലിക നാ. വണ്ടിച്ചക്രത്തിൻെറ അച്ചാണി
കീലിഞ്ജം നാ. ഉങ്ങുമരം, കീലിഞ്ജകം
കീലിത വി. 1. ബന്ധിക്കപ്പെട്ട, കെട്ടപ്പെട്ട; 2. ഉറപ്പിക്കപ്പെട്ട; 3. ശൂലത്തിൽ തറയ്ക്കപ്പെട്ട; 4. കുത്തിത്തുളയ്ക്കപ്പെട്ട
കീല് നാ. കീൽ
കീവാട് നാ. കൊയ്ത്തുമെതിയിൽ തനതടിയാനു ലഭിക്കുന്ന ഒരു പ്രത്യേക വീതം
കീശ1 വി. നഗ്നമായ
കീശ2 [അറ] നാ. പണവും മറ്റും സൂക്ഷിക്കുന്നതിനായി ഉടുപ്പിലും മറ്റും തുന്നിച്ചേർക്കുന്ന സഞ്ചി, കുപ്പായസഞ്ചി, ചേപ്പ്, പോക്കറ്റ്. കീശപ്പതിപ്പ് = ചുരുങ്ങിയ പതിപ്പ്, സങ്ക്ഷിപ്തമായ പതിപ്പ്
കീശതപ്പി നാ. കീശയിലുള്ളതു തപ്പുന്നവൻ, പോക്കറ്റടിക്കാരൻ
കീശധ്വജൻ നാ. അർജുനൻ
കീശൻ നാ. 1. സൂര്യൻ; 2. വാനരൻ; 3. കുടിയാൻ; 4. പക്ഷി
കീശപർണം,-ണി നാ. വാനരരോമതുല്യമായ ഇലകളുള്ളത്, വലിയകടലാടി (വെളുത്തകടലാടി)
കീശം നാ. 1. കുരങ്ങ്; 2. പക്ഷി
കീശാധികാരി നാ. കീഴ്ജീവനക്കാരൻ, കീഴുദ്യോഗസ്ഥൻ
കീസ നാ. കീശ
കീൾ വി. കീഴ്
കീളി വി. തീരെ മൂക്കാത്ത. ഉദാഃ കീളിപ്പപ്പയ്ങ്ങാ, മൂക്കാത്ത അടയ്ക്ക
കീഴ്1[കീഴുക] ധാതുരൂപം
കീഴ്2 വി. 1. താഴെ, അടിയിൽ; 2. കീഴിൽ, അധീനതയിൽ, വരുതിയിൽ, അനുസരിച്ച്. ഉദാഃ കീഴടങ്ങുക, കീഴമരുക; 3. കുറവായി; 4. മുമ്പ്, പണ്ട്; 5. മുമ്പുള്ള, കഴിഞ്ഞ, മുൻപറഞ്ഞ. ഉദാഃ കീഴിയക്കം, കീഴാണ്ട്; 6. താഴെയുള്ള; 7. താഴേപ്പടിയിലുള്ള ഉദാഃ കീഴ്ജാതി. നാ. 1. താഴെ അല്ലെങ്കിൽ അടിയിലുള്ള സ്ഥലം; 2. മുൻകാലം; 3. കിഴക്കുദിക്ക്
കീഴ്കോർട്ട് നാ. = കീഴ്ക്കോടതി
കീഴ്ക്കട വി. 1. മുമ്പുള്ള; 2. മുൻവകയിലുള്ള. നാ. 1. മുൻകാലം, പഴയകാലം; 2. മുൻവകയിൽ കിട്ടാനുള്ളതോ കൊടുക്കാനുള്ളതോ ആയ തുക. അവ്യ. മുമ്പ്, പണ്ട്. ഉദാഃ കീഴ്കട = കഴിഞ്ഞസ്ഥിതി

കീഴ്ക്കണക്ക് നാ. 1. ഒന്നിൽ കുറഞ്ഞ സങ്ഖ്യ, കീഴ്ക്കാൽ; 2. മുൻകണക്ക്; 3. കണക്കെഴുത്തുകാരൻെറ കീഴുദ്യോഗസ്ഥൻ; 4. അറം പൊരുൾ ഇമ്പം എന്നിവയിൽ ഒന്നിനെ അധികരിച്ചുള്ള ലഘുകാവ്യം

കീഴ്ക്കനാംപാട് അവ്യ. = കിഴുക്കാമ്പാട്

കീഴ്ക്കരണം നാ. മുൻപ്രമാണം

കീഴ്ക്കരൾ നാ. മൃദുലഹൃദയം

കീഴ്ക്കാണം നാ. കാണാവകാശം കൈമാറ്റംചെയ്യൽ

കീഴ്ക്കാണി നാ. നാലു കീഴ്മുന്തിരികൂടിയ ഭിന്നസങ്ഖ്യ

കീഴ്ക്കാന്തൂക്ക് നാ. = തൂക്കനെ കീഴ്പോട്ടുള്ളത്

കീഴ്ക്കാമ്പാട് അവ്യ. കിഴുക്കാമ്പാട്

കീഴ്ക്കാൽ നാ. 1. ആയിരത്തിഇരുനൂറ്റി എൺപതിലൊരുഭാഗം; 2. തോക്കിൻെറ പാത്തി

കീഴ്ക്കിട വി. താണതരത്തിലുള്ള, മോശപ്പെട്ട

കീഴ്ക്കിടപ്പത് നാ. ബാക്കി, മിച്ചം

കീഴ്ക്കുടി നാ. താഴ്ന്നനിലയിലുള്ള ആൾ, അയാളുടെ താമസസ്ഥലം

കീഴ്ക്കുടിയാൻ നാ. കുടിയാൻെറ പക്കൽനിന്നും വസ്തു പാട്ടത്തിന് ഏൽക്കുന്ന ആൾ

കീഴ്ക്കുത്തക നാ. പ്രധാനകുത്തകയുടെ കീഴിൽ ഉള്ള കുത്തക

കീഴ്ക്കുത്തകക്കാരൻ നാ. കീഴ്ക്കുത്തക പിടിച്ചിട്ടുള്ള ആൾ

കീഴ്ക്കുരൽ നാ. മൃദുവായ ശബ്ദം, നേരിയ ശബ്ദം

കീഴ്ക്കുലത്തെറ്റി നാ. പൂവു താഴോട്ടു കുനിഞ്ഞു കിടക്കുന്ന ഒരുവക കാട്ടുതെറ്റി, കീഴ്കൊളച്ചെത്തി

കീഴ്ക്കുലം നാ. താണവംശം, താണജാതി

കീഴ്ക്കുറ്റി നാ. ബാക്കി, കുടിശ്ശിക

കീഴ്ക്കൂട്ടം നാ. സമ്പ്രതിപ്പിള്ളയുടെ താഴെ കണക്കെഴുതുന്ന ഉദ്യോഗം

കീഴ്ക്കൂട്ടംപിള്ള നാ. സമ്പ്രതിയുടെ കീഴിൽ കണക്കെഴുതുന്ന ആൾ

കീഴ്ക്കൂറ് നാ. 1. ഇളമുറ; 2. കീഴിലുള്ള രാജാവ്; 3. ഒരുതരം കാരാണ്മ

കീഴ്ക്കൊളച്ചെത്തി നാ. കീഴ്ക്കുലത്തെറ്റി

കീഴ്ക്കോടതി നാ. മേൽക്കോടതികളുടെ പുനഃപരിശോധനയ്ക്കു വിധേയമായ തീർച്ചമാത്രം കൽപിക്കാൻ അധികാരമുള്ള നീതിന്യായ സ്ഥാനം >< മേൽക്കോടതി

കീഴ്ക്കോയ്മ നാ. ഒരു രാജ്യത്തിൻെറ കീഴിലുള്ള രാജ്യം, ഒരു രാജ്യത്തിൻെറ മേൽക്കോയ്മ സ്വീകരിച്ച രാജ്യം, സാമന്തരാജ്യം

കീഴ്ച്ചതുഷ്കം നാ. (സങ്ഗീ) സ്വരാഷ്ടകത്തിലെ ആദ്യത്തെ നാലു സ്വരങ്ങൾ, സരിഗമ

കീഴ്ച്ചാതി നാ. കീഴ്ജാതി

കീഴ്ച്ചാന്തി നാ. കീഴ്ശാന്തി

കീഴ്ജാതി നാ. താണജാതി

കീഴ്ജാതിക്കാരൻ നാ. താണജാതിയിൽപ്പെട്ടവൻ
കീഴ്ജീവനം നാ. സ്ഥാനം അധികാരം മുതലായവയിൽ താരതമ്യേന താഴ്ന്ന പടിയിലുള്ള ഉദ്യോഗം. കീഴ്ജീവനക്കാരൻ = 1. കീഴുദ്യോഗസ്ഥൻ; 2. ആശ്രയിച്ച് ഉപജീവനം കഴിക്കുന്ന ആൾ
561
കീഴ്ത്തരം വി. താണതരത്തിലുള്ള, മോശപ്പെട്ട. ഉദാഃ കീഴ്ത്തരം തുണി
കീഴ്ത്തളി നാ. പെരുമാൾ വാഴ്ചക്കാലത്ത് രാജാവിനെ ഭരണകാര്യങ്ങളിൽ സഹായിക്കുന്നതിന് ഏർപ്പെടുത്തിയിരുന്ന നാലുതളിയാതിരിമാരുടെ സങ്കേതങ്ങളിൽ ഒന്ന്
കീഴ്ദിശ നാ. കിഴക്കേദിക്ക്
കീഴ്നടപ്പ് നാ. പഴയകാലത്തുള്ള നടപടിക്രമം, കീഴ്വഴക്കം
കീഴ്നാൾ നാ. കഴിഞ്ഞകാലം, മുൻകാലം
കീഴ്നില നാ. 1. മാളികയുടെ താഴത്തെ നില; 2. നിലവറ; 3. താണനിലയിലുള്ള സ്ഥിതി; 4. ഷഡാധാരങ്ങളിൽ ഒന്ന്
കീഴ്പണി നാ. ഒരാളിൻെറ കീഴിലുള്ള ജോലി, താണതരത്തിലുള്ള ജോലി
കീഴ്പതിവ് നാ. കീഴ്നടപ്പ്
കീഴ്പറ്റ് നാ. താഴെയുള്ള നിലം
കീഴ്പറ്റുക ക്രി. അധീനപ്പെടുത്തുക, ആശ്രയിക്കുക
കീഴ്പാട് നാ. താഴെയുള്ള ഭാഗം, അടിവശം
കീഴ്പാതി നാ. 1. കിഴക്കേഭാഗത്തെ പകുതി; 2. താഴത്തെ പകുതി
കീഴ്പാൽ നാ. 1. താണജാതി; 2. കിഴക്കുവശം
കീഴ്പുറം നാ. 1. ഒരു മർമം; 2. താഴത്തെ ഭാഗം; 3. കിഴക്കേ ഭാഗം
കീഴ്പെടുക ക്രി. കീഴിൽപെടുക, താഴെയാവുക, കീഴടങ്ങുക
കീഴ്പെട്ട് അവ്യ. കീഴോട്ട്, താഴോട്ട്
കീഴ്പേരൂർ നാ. 1. ആറ്റിങ്ങലിനു അടുത്തുള്ള ഒരു ഗ്രാമം; 2. തിരുവിതാംകൂർ റജവംശത്തിൻെറ ഒരു ശാഖ
കീഴ്പോട്ട് അവ്യ. താഴോട്ട്
കീഴ്മ നാ. തോൽവി, താഴ്ച, അവമതി
കീഴ്മതിയം നാ. ചേറ്റുപടി
കീഴ്മന്നൻ നാ. കീഴിലുള്ള മന്നൻ, സാമന്തരാജാവ്
കീഴ്മലനാട് നാ. കേരളത്തിലെ ഒരു പഴയ രാജ്യം, തൊടുപുഴ മൂവാറ്റുപുഴ എന്നീ താലൂക്കുകൾ ചേർന്നത്
കീഴ്മാട നാ. കൊമ്പുതാഴോട്ടുവളഞ്ഞിരിക്കുന്ന കന്നുകാലി
കീഴ്മാടമ്പ് നാ. ഇടപ്രഭുക്കന്മാരുടെ താഴെയുള്ള പ്രഭുത്വം
കീഴ്മാടമ്പി നാ. ചെറിയ ദേശം ഭരിക്കുന്ന ആളുടെ കീഴിലുള്ള പ്രഭു
കീഴ്മാവ് നാ. നാലുകീഴ്ക്കാണികൂടിയത്

കീഴ്മാറി നാ. മാറ്റുകുറഞ്ഞ പൊന്ന്
കീഴ്മാറ്റ് നാ. കുറഞ്ഞ മാറ്റ്
കീഴ്മുക്കാൽ നാ. മുന്തിരിയുടെ മുക്കാൽ
കീഴ്മുന്തിരി നാ. ഒരു കീഴ്ക്കണക്ക്, കീഴരയ്ക്കാണിയുടെ പാതി, ഇരുപത്തൊന്ന് ഇമ്മി
കീഴ്മേൽ അവ്യ. 1. കീഴ്ഭാഗം മുകളിൽ വരത്തക്കവണ്ണം, തലകീഴായി; 2. കിഴക്കുപടിഞ്ഞാറായി; 3. കീഴിൽനിന്നു തുടങ്ങി മുകളിലോട്ട്. നാ. കീഴുമേൽ
കീഴ്ലോകം നാ. കീഴുലക്
കീഴ്വണക്കം നാ. വിധേയത, അനുസരണ
കീഴ്വയർ നാ. വയറിൻെറ അടിഭാഗം, അടിവയറ്
കീഴ്വഴക്കം നാ. കീഴ്പതിവ്
കീഴ്വഴങ്ങുക ക്രി. അധീനപ്പെടുക, വിധേയമായിരിക്കുക. നാ. കീഴ്വഴങ്ങൽ
കീഴ്വാക്ക് നാ. 1. നിന്ദ്യമായ ഭാഷ; 2. ശകാരം
കീഴ്വായു നാ. അധോവായു
കീഴ്വാരം നാ. കീഴ്വഴക്കം
കീഴ്വിചാരം നാ. കീഴധികാരം
കീഴ്ശാന്തി നാ. 1. ക്ഷേത്രത്തിലെ പ്രധാനപൂജാരിയെ (മേൽശാന്തിയെ) സഹായിക്കുന്ന ആൾ; 2. മേൽശാന്തിയുടെ കീഴിലുള്ള പ്രവൃത്തി
കീഴ്ശാന്തിക്കാരൻ നാ. കീഴ്ശാന്തി
കീഴ വി. കീഴ്
കീഴടക്കുക ക്രി. 1. സ്വാധീനത്തിലാക്കുക, നിയന്ത്രണത്തിൽ കൊണ്ടുവരുക; 2. ശക്തികൊണ്ട് അധീനതയിൽ വരുത്തുക, അധികാരത്തിൻ കീഴിലാക്കുക, കൈവശപ്പെടുത്തുക
കീഴടങ്ങുക ക്രി. 1. അധീനത്തിലാകുക, നിയന്ത്രണത്തിലാകുക, വരുതിയിൽ വരുക; 2. ആജ്ഞാധീനനാകുക; 3. എതിരാളിയുടെ ശാക്തികൊണ്ട് നിസ്സഹായനാകുക, പരാജയപ്പെടുക
കീഴടിയുക ക്രി. അധഃപതിക്കുക, താണുപോവുക
കീഴണ്ണാക്ക് നാ. മൃദുതാലുവിൻെറ പിൻഭാഗത്ത് അണ്ണാക്കിൽ തൂങ്ങിക്കിടക്കുന്ന കോണാകൃതിയിലുള്ള മാംസപിണ്ഡം, പ്രജിഹ്വ
കീഴധികാരം നാ. 1. കീഴിലുള്ള ഉദ്യോഗം; 2. കീഴുദ്യോഗസ്ഥൻെറ അധികാരം
കീഴ്മ നാ. താണനിലയിലുള്ള സ്ഥിതി
കീഴര നാ. ഒരു അളവ്, മുന്തിരിയിൽപ്പാതി
കീഴരമ നാ. മുന്തിരിയുടെ നാൽപ്പതിൽ ഒരു ഭാഗം
കീഴരയ്ക്കാണി നാ. അരയ്ക്കാണിയുടെ പതിനാറിൽ ഒരുഭാഗം
കീഴറുക ക്രി. 1. തുരങ്കംവയ്ക്കലിനു വിധേയനാകുക, കാലുവാരലിന് ഇടയാവുക, രഹസ്യമായി അടിത്തറ നഷ്ടപ്പെടുക; 2. പതറുക, ഭയക്കുക
കീഴറക്കുക ക്രി. 1. തുരങ്കം ഉണ്ടാക്കുക; 2. രഹസ്യമായി അടിത്തറതോണ്ടി നശിപ്പിക്കുക

കീഴാകുക ക്രി. 1. താഴെയാവുക, അടിയിലാവുക; 2. കീഴിലാവുക, അധീനതയിൽ വന്നുചേരുക, കീഴടങ്ങുക
കീഴാക്കുക ക്രി. 1. താഴെയാക്കുക; 2. കീഴിലാക്കുക, കീഴടക്കുക, നിയന്ത്രണത്തിലാക്കുക
കീഴാണ്ട് നാ. കഴിഞ്ഞ ആണ്ട്, പോയവർഷം
കീഴാധാരം നാ. മുൻപ്രമാണം
കീഴാർനെല്ലി നാ. കീഴാനെല്ലി
കീഴായ്ക്കൂറ് നാ. കുഴിക്കാണപ്രകാരം കുടിയാനുകിട്ടാനുള്ള മൂന്നിലൊന്ന് ആദായം. (പ്ര) കീഴായ്(ക്കൂറ്)ജന്മം = പറമ്പിലെ മേൽത്തരം ഉത്പന്നങ്ങൾക്കുള്ള (തെങ്ങ് കമുക് പ്ലാവ് മാവ് കുരുമുളക് മുതലായവ) അവകാശം മറ്റൊരാൾക്ക് ആയിരിക്കുമ്പോൾ താണതരം ഉൽപ്പന്നങ്ങൾക്ക് (ചേമ്പ് കാച്ചിൽ മുതലായവ) മാത്രമുള്ള അവകാശം
കീഴായ്മവിരുത്തി നാ. ചിലക്ഷേത്രങ്ങളിൽ ഉത്സവത്തിന് കൊതുമ്പുമുതലായവ കൊടുക്കാൻവേണ്ടി താഴ്ന്ന ജാതിക്കാർക്കു വിട്ടുകൊടുത്ത ഭൂമി
കീഴാൾ നാ.1. കീഴിലുള്ള ആൾ, വരുതിയനുസരിച്ചു നടക്കുന്ന ആൾ, ആശ്രിതൻ; 2. കീഴുദ്യോഗസ്ഥൻ; 3. സ്ഥാനമാനംകൊണ്ടോ ജാതികൊണ്ടോ താഴ്ന്നവൻ
കീഴിടം നാ. ഒരു രാജാവിൻെറ അധികാരത്തിൻ കീഴിലുള്ള രാജ്യം, ഇടവക
കീഴിട് നാ. കീഴിടം
കീഴിടുക ക്രി. 1. കീഴിൽ കൊണ്ടുവരുക, അധീനത്തിലാക്കുക; 2. അധഃകരിക്കുക, തോൽപ്പിക്കുക; 3. താഴ്ത്തുക, കുനിക്കുക
കീഴിട്ട് അവ്യ. താഴെ, അടിയിൽ
കീഴിയക്കം നാ. മുൻനടപടി, കീഴ്പതിവ്
കീഴിറ നാ. ചെറിയതോതിലുള്ള ഒരുതരം കരം
കീഴീട് നാ. 1. കീഴിലുള്ളത്; 2. കീഴ്പാട്ടം; 3. ഒരു പ്രധാനക്ഷേത്രത്തിൻെറ ഭരണാധികാരത്തിൻ കീഴിലുള്ള ചെറിയക്ഷേത്രം
കീഴുക ക്രി. 1. കീറുക, പിളർക്കുക; 2. നശിപ്പിക്കുക; 3. തോണ്ടുക
കീഴുകാൽ നാ. മുന്തിരിയുടെ നാലിൽ ഒരു ഭാഗം, ആയിരത്തിഇരുനൂറ്റിഎൺപതിലൊന്ന്
കീഴുടമ നാ. കുടിയാൻ
കീഴുദ്യോഗസ്ഥൻ നാ. താഴ്ന്നപടിയിലുള്ള ഉദ്യോഗസ്ഥൻ
കീഴുഭയം നാ. തറയിൽ നടുന്ന ചേമ്പ് ചേന കാച്ചിൽ മുതലായവയ്ക്കു നൽകുന്ന പാട്ടം
കീഴുമര്യാദ നാ. കീഴ്മര്യാദ
കീഴുമുന്ത്രിക നാ. കീഴ്മുന്തിരി
കീഴ്മേൽ അവ്യ. 1. താഴെയും മുകളിലും; 2. കീഴിൽനിന്നു തുടങ്ങി മുകളിലോട്ട്; 3. തലകുത്തനെ, കീഴ്ഭാഗം മുകളിലാകത്തക്കവണ്ണം. (പ്ര) കീഴുമേലാവുക = കുഴഞ്ഞുമറിയുക. നാ. 1. താഴെയുള്ള സ്ഥലവും മേലെയുള്ള

സ്ഥലവും; 2. കഴിഞ്ഞതും വരാനിരിക്കുന്നതും (പ്ര) കീഴും മേലും അറിയാത്തവൻ = മൂഢൻ

കീഴുലക് നാ. അധോലോകം, പാതാളം

കീഴുറ്റ് അവ്യ. കീഴ്പെട്ട്

കീഴൂട് നാ. കീഴീട്

കീഴൂര് നാ. അധികാരപരിധിയിലുള്ള ഗ്രാമം

കീഴെ അവ്യ. താഴെ, കീഴിൽ

കീഴെവു നാ. കീഴിലുള്ളവ, മുൻപുള്ളവ

കീഴേക്കം നാ. മുൻനടപടിപ്രകാരമുള്ള അവകാശം

കീഴേടം നാ. 1. താഴെയുള്ള സ്ഥലം; 2. സാമന്തരാജ്യം; 3. ഒരു പ്രധാനക്ഷേത്രത്തിന്റെ കീഴിലുള്ള ചെറിയക്ഷേത്രം, കീഴീട്

കീഴേപ്പാട് നാ. താഴത്തെ ഭാഗം, കീഴ്വശം

കീഴൊതുക്കം നാ. അനുസരണം, വിനയം, വിധേയഭാവം

കീഴൊറ്റി നാ. ഒറ്റിക്കാരൻ തന്റെ ഒറ്റിവസ്തു അതേ ഒറ്റിയർഥത്തിനോ അതിൽ കുറഞ്ഞ തുകയ്ക്കോ മറ്റൊരാൾക്ക് ഒറ്റികൊടുക്കുന്ന സമ്പ്രദായം

കീഴോട്ട് അവ്യ. താഴോട്ട്

കീഴോൻ നാ. സമുദായത്തിലെ

കീറ്1[കീറുക] ധാതുരൂപം

കീറ്2 നാ. തുണ്ട്, പിളർപ്പ്, ചീള്, പൊളി, കീറ്

കീറ വി. കീറിയ

കീറപ്പായൽ നാ. ഒരുതരം പായൽ

കീറൽ നാ. 1. കീറുക എന്ന പ്രവൃത്തി; 2. കീറിയിരിക്കുന്ന അവസ്ഥ; 3. കീറിയെടുത്ത കഷണം പൊളി ചീന്ത്; 4. വേദന (ശരീരം പിച്ചിക്കീറുന്നതുപോലെ തോന്നുന്നത്); 5. നിലവിളി

കീറാമുട്ടി നാ. 1. കീറാൻ വിഷമമുള്ള തടിക്കഷണം; 2. (പ്ര) കടുപ്പമുള്ളത്; 3. മർക്കടമുഷ്ടിക്കാരൻ, നന്നാക്കാൻ വിഷമമുള്ളവൻ, അനുസരണക്കുറവുള്ളവൻ

കീറിവെയ്ക്കൽ നാ. ഗോവസൂരിപ്രയോഗം, അച്ചുകുത്ത്

കീറുക ക്രി. 1. പിളർക്കുക, പോറുക, കത്തികൊണ്ടോ നഖംകൊണ്ടോ മറ്റോ വരഞ്ഞു മുറിവുണ്ടാക്കുക; 2. വരയ്ക്കുക, എഴുതുക; 3. നിലവിളിക്കുക. (പ്ര) കീറിക്കെട്ടുക = മലയരയന്മാരുടെ ഇടയിൽ ആരെങ്കിലും മരിക്കുമോൾ ദുഃഖം ആചരിക്കുന്ന സമ്പ്രദായം

കീറ്ററി നാ. ഉരലിന്റെ മുട്ടിൽനിന്ന് തൂത്തുവാരിയെടുക്കുന്ന അരി

കീറ്റില നാ. കീറിയെടുത്ത വാഴയില

കീറ്റ് നാ. 1. കീറ്; 2. വരയ്ക്കൽ, എഴുത്ത്

കീറ്റുനാമം നാ. ഊർധ്വപുണ്ഡ്രം (വൈഷ്ണവന്മാരുടേത്)

കീറ്റുമതി നാ. ചന്ദ്രക്കല, കറുത്തവാവുകഴിഞ്ഞ മൂന്നാംദിവസത്തെ ചന്ദ്രൻ

കു1 ക് എന്ന വ്യഞ്ജനത്തോട് 'ഉ' എന്ന സ്വരം ചേർന്നുണ്ടാകുന്ന അക്ഷരം
കു2 [കുക്കുക] ധാതുരൂപം
കു3 (വ്യാക) ഉദ്ദേശികാവിഭക്തിപ്രത്യയം പദവുമായി ചേരുമ്പോൾ വ്യജ്ഞനാംശം ഇരട്ടിച്ച് 'ക്കു' എന്നു മാറിക്കാണാം. നകാരാന്ത ശബ്ദങ്ങളോടു ചേരുമ്പോൾ 'ക്' ലോപിച്ച് 'ഉ' മാത്രമായും രൂപം
കു4 ദിഗ്വാചിയായ ഒരു തദ്ധിതപ്രത്യയം പദവുമായി ചേരുമ്പോൾ 'ക്കു' എന്നും അനുനാസികാദേശദിത്വങ്ങൾകൊണ്ട് 'ങ്ങു' എന്നും രൂപം (പ.മ.'ങ്കു'). ചുട്ടെഴുത്തുകളോടു ചേർത്തും പ്രയോഗം (ഗുണ്ടർട്ട് ഇതിനെ ഉദ്ദേശികാപ്രത്യയമായിത്തന്നെ കണക്കാക്കുന്നു) ഉദാഃ അങ്ങ്, ഇങ്ങ്, എങ്ങ്, തെക്ക്, വടക്ക്, കിഴക്ക്, മേക്ക്, നടുക്ക് തുടങ്ങിയവ
കു5 ഒരു അങ്ഗപ്രത്യയം പ്രകൃതിയുണ്ടാക്കാൻ ധാതുക്കളോടു ചേർക്കുന്നു. വ്യഞ്ജനാംശം ഇരട്ടിച്ച് 'ക്കു' എന്നും പ്രയോഗം. അനുനാസികാദേശദിത്വങ്ങൾകൊണ്ട് 'ങ്ങു' എന്നും രൂപം. ഉദാഃ മിനുങ്ങു, ചുളുങ്ങു, പെരുകു, നീങ്ങു, നോക്കു ഇത്യാദി
കു6 [പ.മ.മ.മ.] സങ്ഖ്യാഭേദകങ്ങളെ സങ്ഖ്യാനാമങ്ങളാക്കുന്ന വിവർത്തകപ്രത്യയങ്ങളിൽ ഒന്ന്. ഉദാഃ നാൽ+കു = നാങ്കു, പതിനാങ്കു
563
കു7 [സം.] സംസ്കൃതനാമപദങ്ങൾക്കു മുമ്പിൽ ചേർക്കുന്ന ഒരു ഉപപദം. താഴെ കൊദുക്കുന്ന അർഥങ്ങളിൽ പ്രയോഗം; 1. കുത്സിതമായ, നികൃഷ്ടമായ. ഉദാ. കുചര്യ, കുജനനം; 2. ഹീനമായ, താണ. ഉദാ. കുധാന്യം; 3. ചെറുതായ, ഇളപ്പമായ; 4. കുറവുള്ള; 5. ചീത്തയായ. ഉദാ. കുചേല, കുകന്യക, കുമാർഗം. 'കു' ശബ്ദം 'കദ്', 'കവ', 'കാ', 'കിം' എന്നീ ആദേശരൂപങ്ങളും കൈക്കൊള്ളാറുണ്ട്. ഉദാ. കദശ്വം = ചീത്തക്കുതിര; കാപഥം = ദുഷ്ടമാർഗം. കവോഷ്ണം, കദുഷ്ണം, കോഷ്ണം = അൽപമായ ഉഷ്ണം, കിമ്പ്രഭു = കുത്സിതനായ പ്രഭു.
കു8 [സം.] കുതഃ, കുത്ര, കുവിദ്, കുഹ, ക്വ തുടങ്ങിയ പദങ്ങലുടെ അങ്ഗമായി വരുന്ന ഒരു സാർവനാമികരൂപം.
കു9 [സം.] നാ. ഭൂമി.
കുകപാലം [സം. കു-കപാല] നാ. ശിശുവിനു ഗർഭത്തിൽത്തന്നെ വന്നുകൂടാവുന്ന അങ്ഗവൈകല്യങ്ങളിൽ ഒന്ന്, ശിരസ്സ് വളരെ ചെറുതായിരിക്കൽ.
കുകർമം [സം. കു -കർമൻ] നാ. ദുഷ്പ്രവൃത്തി, പാപകർമം.
കുകർമി [സം. -കർമിൻ] നാ. ദുഷ്പ്രവൃത്തി ചെയ്യുന്നവൻ, പാപി.
കുകര [സം. -കര] വി. വളഞ്ഞതോ ശോഷിച്ചതോ ആയ കൈയുള്ള.
കുകവി [സം. -കവി] നാ. 1. മോശപ്പെട്ട കവിത എഴുതുന്നയാൽ, ദുഷ്ക്കവി. കുകവിത്വം = ചീത്തക്കവിയായിരിക്കുക എന്ന അവസ്ഥ.
കുകീലം [സം. -കീല] 'ഭൂമിയുടെ ആപ്പ്'. നാ. പർവതം.
കുകുദൻ [സം. -കുദ] നാ. കന്യകയെ വിധിപ്രകാരംവേണ്ട ഭൂഷണങ്ങളോടുകൂടി കല്യാണം കഴിച്ചുകൊടുക്കുന്നവൻ.
കുകരം [സം.] നാ. നായ്, കുക്കുരം.
കുകുലം [സം.] നാ. ഉമിത്തീ; 2. ഉമി. (പ്ര.) കുകുലപാചിതം = ആവിയിൽ പാകപ്പെടുത്തിയത്; 2. കവചം; 4. കുറ്റികൾ നാട്ടിയിട്ടുള്ള കുഴി.

കുകോലം1 നാ. 1. ചെറിയലന്ത; 2. ചെറിയപന്നി.
കുകോലം2 [സം. കു – മ. കോലം] നാ. ചീത്തവേഷം.
കുക്കർ [ഇം. ച്ചൂകെർ]നാ. 'സ്റ്റൗ' (ആഹാരസാധനങ്ങൾ പാകം ചെയ്യുന്നതിനുപയോഗിക്കുന്ന പാത്രങ്ങൾക്കു സാമാന്യമായി പറയുന്ന പേര്.)
കുക്കിരി നാ. 1. മണ്ണിരയോ ഞണ്ടോ ഇളക്കിയിടുന്ന മണ്ണ്; 2. ആൺകുട്ടിയുടെ ലിങ്ഗം.
കുക്കിൽ [സം.] നാ. ഗുഗ്ഗുലു.
കുക്കിറി നാ. കോക്കിറി, കൊഞ്ഞനം കുത്തൽ, പരിഹാസ ശബ്ദം പുറപ്പെടുവിക്കൽ.
കൂക്കുക, കുങ്ങുക ക്രി. ചൂടുള്ളതായിരിക്കുക, ചൂടു തോന്നുക.
കുക്കുടകൻ [സം.] നാ. കാട്ടുപൂവങ്കോഴി.
കുക്കുടക്രോഡം [സം. കുക്കുട–ക്രോഡ] നാ. ഒരു സ്ഥലനാമം, കോഴിക്കോട് എന്നതിൻെറ സംസ്കൃതീകൃതരൂപം.
കുക്കുടദീപം [സം. –ദീപ] നാ. കോഴിയുടെ ആകൃതിയിലിള്ള വിളക്ക് (കോവിലുകളിൽ ഉപയൊഗിക്കുന്നത്.)
കുക്കുടധരൻ [സം. –ധര] നാ. സുബ്രഹ്മണ്യൻ.
കുക്കുടധ്വജൻ [സം. –ദ്വജ] നാ. കോഴി കൊടിയടയാളമായിട്ടുള്ളവൻ. സുബ്രഹ്മണ്യൻ.
കുക്കുടം1 [സം.] നാ. 1. പൂവങ്കോഴി, (പ്ര.) കുക്കുടമന്ത്രം. = കോഴിപ്പോരിൽ സ്വന്തം കോഴി ജയിക്കാനേ്വണ്ടി ചൊല്ലുന്ന മന്ത്രം; 2. കോഴി (പൂവൻ, പിട എന്ന വ്യത്യാസമില്ലാതെ പ്രയോഗം). കുക്കുടഗുണചതുഷ്ടയം = കോഴിക്കുള്ളതായി കരുതപ്പെടുന്ന നാലുഗുണങ്ങൾ, (കാലത്തേ ഉണരുക, കൂട്ടരൊന്നിച്ചു ഭക്ഷിക്കുക, വാശിയോടുകൂടി പൊരുതുക, ആപന്നയായ നാരിയെ രക്ഷിക്കുക എന്നിവ ); 3. കാട്ടുപൂവങ്കോഴി; 4. തീക്കൊള്ളി; 5. തീപ്പൊരി, 6. കുമാരദ്വീപിൽ വടക്കുഭാഗത്തുള്ള ഒരു ദേശം; 7. മേരുവിനു പടിഞ്ഞാറുള്ള ഒരു പർവതം.
കുക്കുടം [സം.] നാ. നായ്.
കുക്കുടവടിവ് [സം. കുക്കുട1 – മ. വടിവ്] നാ. കളരിപ്പയറ്റിലെ പലതരം വടിവുകളിൽ ഒന്ന്.
കുക്കുടവ്ര്ത്തി [സം. –വ്ര്ത്തി] നാ. ഇണയുടെ ഇഷ്ടാനിഷ്ടങ്ങളെ പരിഗണിക്കാതെയുള്ള സമ്യോഗം.
കുക്കുടവ്രതം [സം. –വ്രത] നാ. ഭാദ്രപദ (ചിങ്ങ) മാസത്തിൽ സ്ത്രീകൾ സന്താനലാഭത്തിനായി ശിവനെ ആരാധിച്ചു അനുഷ്ടിക്കുന്ന ഒരു വ്രതം.
കുക്കുടാണ്ഡം [സം. –അണ്ഡ] നാ. 1. കോഴിമുട്ട; 2. ഒരിനം നെല്ല്, കുക്കുടാണ്ഡകം; 3. കോഴിമുട്ടയുടെ ആകൃതിയുള്ളത്, ദീർഘവൃത്തമായത്.
കുക്കുടി [സം. കുക്കുടീ] നാ. 1. പിടക്കോഴി; 2. പല്ലി; 3. ഇലവ്; 4. കാപട്യം, വഞ്ചന, കൗടില്യം, മിഥ്യാചര്യ.
കുക്കുഭം [സം.] നാ. 1. കാട്ടുകോഴി; 2. പൂവൻ (കോഴിവർഗത്തിലെ) 3. വാർണീഷ്, മിനുക്കുപൂച്ച്.
കുക്കുരൻ [സം.] നാ. 1. സങ്കരജാതിയിൽപ്പെട്ടവൻ (കുക്കുടകൻ നോക്കുക); 2. ഒരു മുനി; 3. കുക്കുരദേശക്കാരൻ.
കുക്കുരഭക്ഷ, ഭക്ഷക [സം. കുക്കുര – ഭക്ഷ (ക)] നാ. ഒരു നരകത്തിൻെറ പേര്.

കുക്കുരം [സം.] നാ. . നായ്; 2. തുണിയാങ്കം; 3. കുക്കുരവൃക്ഷം; 4. തെക്കുപടിഞ്ഞാറെ കോണ്.

കുക്കുരി1 നാ. ഞണ്ടോ മണ്ണിരയോ അളയിൽ നിന്നു പുറത്തേക്കു തള്ളുന്ന മണ്ണ്.

കുക്കുരി2 [സം. കുക്കുരീ] നാ. പെൺകുട്ടി.

കുക്കൂറ്റ് നാ. 'കു കൂ എന്നുള്ള ശബ്ദം', നിലവിളി.

കുക്കുറ്റിരക്കുക = നിലവിളിച്ചുയാചിക്കുക.

കുക്ഷം [സം.] നാ. വയറ്.

കുക്ഷി [സം.] നാ. 1. വയറ്. കുടിമുടിയെ തിന്നുകയുമരുത്, കുക്ഷിയെരിഞ്ഞു കിടക്കുകയുമരുത്. (പഴ.) (പ്ര.) കുക്ഷി പൂരണം = വയറു നിരയ്ക്കൽ, ഉദരപൂരനം; 2. ഗർഭപാത്രം; 3. അന്തർഭാഗം, ഉള്ള്; 4. കുഴി (ഓട്ട, കിടങ്ങ്, വിവരം, ഗുഹകോടരം, കൂപം, കുഹരം എന്നിങ്ങനെ പൊള്ളയായ എന്തിനും പൊതുവായി പറയാവുന്ന പദം) ഉദാ. സാഗരകുക്ഷി; 5. താഴ്‌വര, തടം, സാനുപ്രദേശം; 6. വാലുറ; 7. ഉരുക്ക്; 8. ഒരു സൂര്യവംശരാജാവ്; 9. ഒരുമർമം; 10. മഹാബലി; 11. ഭാഗവതത്തിൽ പ്രസ്തുതനായ ഒരു ഋഷി; 12. ഒരു ദാനവൻ; 13. രൈഭ്യമഹർഷിയുടെ ഒരു പുത്രൻ; 14. ഉൾക്കടൽ; 15. ഒരുസേനാവ്യൂഹരചന.

കുക്ഷിംഭരി [സം. കുക്ഷിം-ഭരിൻ < ഭൃ] നാ. 1. തീറ്റിക്ക് ആർത്തിയുള്ളവൻ; 2. സ്വാർഥബുദ്ധിയായ ആൾ; 3. വാനരം.

കുക്ഷിശൂലം [സം. കുക്ഷി- ശൂല]നാ. ഒരു ഉദരരോഗം, വയറ്റിലേവേദന.

കുഗ്രാമം [സം. കു7 - ഗ്രാമ] നാ. അപരിഷ്കൃതമായ പ്രദേശം.

കുങ്കൻ വി. കീഴറ്റങ്ങാത്ത, നിയന്ത്രിക്കാൻ ആകാത്ത. നാ. 1. ഒരു സംജ്ഞാനാമം. വ.മ. (സ്ത്രീ.) കുങ്കി, കുങ്കുമ്മ; 2. ഒരുതരം കർണാഭരണം.

കുങ്കിലിയം നാ. 1. ചാലമരം, കരിമരുത്; 2. കുന്തുരുക്കപ്പയിൻ, അതിൻെറ കറ.

കുങ്കുമക്കളി [സം. കുങ്കുമ - മ. കളി3] നാ. കുങ്കുമംകൊണ്ടുള്ള കുറിക്കൂട്ട്

കുങ്കുമച്ചാറ് നാ. കുങ്കുമംചേർത്തുണ്ടാക്കുന്ന കുറിക്കൂട്ട്

കുങ്കുമം നാ. 1. ഒരുതരം ചെറുചെടി (ഇൻഡ്യയിൽ കാശ്മീരിൽ നട്ടുവളർത്തുന്നു); 2. കുങ്കുമപ്പൂവിൽനിന്നു തയ്യാറാക്കുന്ന നിറമുള്ള പൊടി (ചെമപ്പുനിറവും മണവുമുള്ള ഈ പുമ്പൊടി സുഗന്ധദ്രവ്യമായും നിറമ്പിടിപ്പിക്കുന്ന വസ്തുവായും ഔഷധമായും ഉപയോഗിക്കുന്നു. (പ്ര) കുങ്കുമം ചുമക്കുന്ന കഴുത = നല്ല വസ്തുക്കൾ അനുഭവിക്കാതെ കൈയിൽവച്ചുകൊണ്ടിരിക്കുന്നവൻ, ധനമുണ്ടെങ്കിലും അനുഭവിക്കുവാൻ ഭാഗ്യമില്ലാത്തവൻ; 3. കുങ്കുമം ചേർന്നതോ കുങ്കുമവർണമുള്ളതോ ആയ കുറിക്കൂട്ട്

കുങ്കോട്ട് നാ. 1. കൂന്താലിയുടെ ആകൃതിയിൽ അതിനേക്കാൾ ഘനം കുറഞ്ഞതും ചരലുള്ള പറമ്പുകൾ കിളയ്ക്കുന്നതിന് ഉപയോഗിക്കുന്നതുമായ ഒരു കാർഷികോപകരണം; 2. മൺവെട്ടി

കുങ് [കുങ്ങുക] ധാതുരൂപം

കുങ്ങുക ക്രി. 1. താഴുക; 2. കുറയുക; 3. ദുഃഖിക്കുക; 4. സന്തോഷംകൊണ്ടു പുളയ്ക്കുക

കുചകുച അവ്യ. (ശബ്ദാനു) പക്ഷികൾ ചിലയ്ക്കുന്ന ശബ്ദംപോലെ

കുചക്കലം നാ. നാഞ്ചിനാട്ടിൽ പ്രചാരത്തിലിരുന്ന ഒരു ധാന്യയളവ്
കുചക്രം നാ. അന്യന്മാരെ ദ്രോഹിക്കാനുള്ള ഗൂഢയത്നം
കുചതടം നാ. സ്ത്രീകളുടെ മുലത്തടം, മുല
കുചന്ദനം നാ. 1. രക്തചന്ദനം; 2. ചപ്പങ്ങം, പത്തങ്ങം; 3. കുങ്കുമം; 4. ഒരുജാതിമരം, ചെമ്മഞ്ചാടി
കുചം നാ. 1. സ്ത്രീകളുടെ മുല; 2. മുലക്കണ്ണ്. കുചകുംഭം = കുംഭസദൃശമായ ആകൃതിയും വലിപ്പവുമുള്ള മുല. കുചോത്തരീയം = സ്ത്രീകളുടെ മുലത്തടം മറയ്ക്കുന്ന ഉത്തരീയം, മുലപ്പടം, മുലക്കച്ച
കുചര വി. 1. ദുർനടപ്പുള്ള, ദുഷ്ടമായ; 2. ചീത്തപറയുന്ന, ദൂഷ്യം പറയുന്ന; 3. ഇഴയുന്ന, പതുക്കെ ചരിക്കുന്ന
കുചരം നാ. സ്ഥിരനക്ഷത്രം
കുചരിതം,-ത്രം നാ. ചീത്തപ്രവൃത്തി, ദുർന്നടത്ത, കുചര്യ
കുചരിത്ര വി. കുത്സിതമായ ചരിത്രമുള്ള, ദുർന്നടത്തയുള്ള
കുചര്യ നാ. ദുർന്നടപ്പ്, ദുരാചാരം, ചീത്തപ്രവൃത്തി
കുചൽ,കുശൽ നാ. സാമർഥ്യം, കൗശലം
കുചാഗ്രം നാ. മുലക്കണ്ണ്
കുചാലകം നാ. ചൂടും വൈദ്യുതിയും എളുപ്പത്തിൽ കടക്കാത്ത മാധ്യമം
കുചിപിടകം നാ. ചീത്ത അവൽ
കുചുംപ നാ. = കുയുമ്പ
കുചേല1 വി. മുഷിഞ്ഞവസ്ത്രമുള്ള
കുചേല2 നാ. മുഷിഞ്ഞവസ്ത്രം
കുചേലൻ നാ. 1. ചീത്തവസ്ത്രം ധരിച്ചവൻ; 2. ശ്രീകൃഷ്ണൻെറ സഹപാഠിയും ദരിദ്രനും സദാകൃഷ്ണഭക്തനുമായിരുന്ന ഒരു ബ്രാഹ്മണൻ
കുചേലി നാ. 1. ചീത്തവസ്ത്രം ധരിച്ചവൻ; 2. ദരിദ്രൻ
കുചേഷ്ട നാ. 1. ചീത്തയായപ്രവൃത്തി, കുത്സിതമായ പെരുമാറ്റം; 2. മുഖത്തിൻെറ കറുത്തഭാവം
കുചേഷ്ടിതം നാ. നീചപ്രവൃത്തി × സുചേഷ്ടിതം
കുചോദ്യം നാ. 1. മനഃപൂർവം വിഷമിപ്പിക്കാൻ ചോദിക്കുന്ന ചോദ്യം, അനാവശ്യമായ ചോദ്യം; 2. പരിഹാസം; 3. തന്ത്രം, കൗശലം
കുച്ചകം നാ. 1. കുടിലിൻെറ ഉൾഭാഗം 2. ഇരുട്ടുമുറി
കുച്ചം നാ. 1. പൂങ്കൊത്ത്; 2. കഷണം, തുണ്ടം; 3. അഗ്രം, അറ്റം, മുന
കുച്ചരി നാ. കൊഴിച്ചെടുക്കുന്ന തീരെ ചെറിയ അരി, താവലരി, കൊച്ചരി. കുച്ചരിപ്പല്ല് = കുച്ചരിപോലെ ചെറുതായ (ഭങ്ഗിയുള്ള) പല്ല്
കുച്ചി നാ. 1. പുരുഷലിങ്ഗം (അശ്ലീലം); 2. ചെറിയ കുറ്റി, കോല്; 3. പുരയുടെ കോടി
കുച്ചിൽ1 നാ. 1. ചെറിയ കുടിൽ; 2. വീട്ടിൽ സ്ത്രീകൾ ഇരിക്കുന്നിടം, അടുക്കളമുറി

കുച്ചിൽ2 നാ. തേങ്ങാക്കുലയുടെ (ക്ലാഞ്ഞിലിൻെറ) തണ്ടുകൊണ്ടോ അല്ലികൊണ്ടോ ഉണ്ടാക്കുന്ന നാടൻ ബ്രഷ്
കുച്ച്1 നാ. മരത്തിൻെറയും മറ്റും തൂൺ, കഷണം. ഉദാഃ മരക്കുച്ച്
കുച്ച്2 നാ. 1. കുഞ്ചം; 2. ബ്രഷ്; 3. പാവുനൂലുകളെ വേർതിരിക്കുന്നതിനു നെയ്ത്തുകാർ ഉപയോഗിക്കുന്ന ഒരുതരം ബ്രഷ്
കുച്ച്3 നാ. ചെറിയവീട്, കുടിൽ
കുച്ഛരം നാ. വെള്ളാമ്പൽ
കുജ നാ. 1. സീത, ഭൂമിയിൽ നിന്ന് ജനിച്ചവൾ; 2. ദുർഗ; 3. തിപ്പലി
കുജൻ നാ. 1. ചൊവ്വാഗ്രഹം, അതിൻെറ അധിഷ്ഠാനദേവൻ; 2. നരകാസുരൻ (പ്ര) കുജക്ഷേത്രം = രാശിചക്രത്തിൽ കുജൻെറ ആശ്രയരാശികളായ മേടം, വൃശ്ചികം എന്നിവ
കുജനം നാ. (ബ.വ.) ചീത്ത ആളുകൾ
കുജം നാ. 'ഭൂമിയിൽ മുളച്ചത്', വൃക്ഷം
കുജംഭലൻ നാ. ഭവനഭേദനം ചെയ്യുന്നവൻ, കള്ളൻ
കുജവാരം നാ. ചൊവ്വാഴ്ച
കുജാതി നാ. 1. നീചജാതി; 2. ചതിയൻ
കുജ്ഝടി നാ. 1. മൂടൽമഞ്ഞ്; 2. മഞ്ഞുകട്ടി
കുഞ്ചട്ടി നാ. ചെറിയചട്ടി
കുഞ്ചൻ നാ. 1. ഒരു പുരുഷനാമം; 2. കുഞ്ഞൻ
കുഞ്ചൻനമ്പ്യാർ നാ. തുള്ളൽപ്രസ്ഥാനത്തിൻെറ ഉപജ്ഞാതാവായ മഹാകവി
കുഞ്ചനം നാ. 1. വളവ്; 2. ഒരു നേത്രരോഗം, കൺപോളകൾ ചുരുങ്ങിപ്പോകുന്നത്
കുഞ്ചഫല നാ. വലിയ കുമ്പളം
കുഞ്ചം1 നാ. 1. ബ്രഷ്; 2. തിരുപ്പൻ; 3. പട്ടുതൊങ്ങൽ (പ്ര) പന്നിക്കുഞ്ചം = പന്നിയുടെ ശരീരത്തിലുള്ള കട്ടിയായ രോമം
കുഞ്ചം2 നാ. 1. പൂങ്കൊത്ത്; 2. കതിർക്കുല
കുഞ്ചം3 നാ. കുന്നി
കുഞ്ചലം നാ. വർണഭങ്ഗിയുള്ള നൂലുകൾകൊണ്ടുണ്ടാക്കി തൂക്കിയിടുന്ന ഒരു അലങ്കാരവസ്തു
കുഞ്ചാമ്പ് നാ. ചുണ്ണാമ്പ്. (പ്ര) കുഞ്ചാമ്പെ തേച്ചുള്ള മാളിക (കൃ.ഗാ.)
565
കുഞ്ചാളി നാ. 1. നാണംകെട്ട ആൾ; 2. മടയൻ; 3. ഒരു സ്ത്രീനാമം
കുഞ്ചി1 നാ. 1. ചെറുത്; 2. പറവക്കുഞ്ഞ്; 3. ചിറ്റമ്മ; 4. ഒരു സ്ത്രീനാമം
കുഞ്ചി2 നാ. 1. എട്ടുമുഷ്ടികൾ കൂടിയ ഒരു അളവ്; 2. കരിഞ്ജീരകം

കുഞ്ചി3 നാ. 1. പിൻകഴുത്ത്, പിടലി; 2. പിൻകഴുത്തിൻമേലുള്ള നീണ്ടരോമം (കുതിരയുടെയും സിംഹത്തിൻെറയും മറ്റും). (പ്ര) കുഞ്ചികുത്തുക = തലവളയുക, തല കുനിയുക. കുഞ്ചിയൊടിയുക = അബദ്ധം പിണയുക; 3. മുടി, കുടുമ

കുഞ്ചിക നാ. 1. ചെമന്ന കുന്നി; 2. കരിഞ്ചീരകം; 3. ഉലുവ; 4. താതിരി; 5. ഒരുജാതി മത്സ്യം; 6. താക്കോൽ; 7. മുളയുടെ നാമ്പ്

കുഞ്ചികം നാ. ഒരു മർമ്മം

കുഞ്ചിക്കുക ക്രി. 1. വളയ്ക്കുക, കുനിക്കുക; 2. കുന്തിക്കുക, കാൽവിരലുകൾ നിലത്തു തൊടുവിച്ച് എത്തിവലിഞ്ഞു നിൽക്കുക

കുഞ്ചിക്കുഴി നാ. പിൻകഴുത്തിൻെറ മുകളിലുള്ള കുഴിഞ്ഞഭാഗം

കുഞ്ചിത വി. 1. വളഞ്ഞ, വക്രമായ, ചുരുണ്ട, കുനിഞ്ഞ; 2. ചുരുങ്ങിയ. നാ. ദുഷ്ടമായ സിരാവേധരീതികളിലൊന്ന്, സിരാവേധംചെയ്യുമ്പോൾ സിര മടങ്ങിപ്പോവുക എന്ന ലക്ഷണത്തോടുകൂടിയത്

കുഞ്ചിതനടനം നാ. ഒറ്റക്കാൽ ഉയർത്തിവളച്ചുകൊണ്ടുള്ള ശിവൻെറ (നടരാജൻെറ) നൃത്തം

കുഞ്ചിതപാദൻ നാ. ശിവൻ

കുഞ്ചിതം നാ. 1. (നാട്യ) ശരീരത്തിൻെറ പല അവയവങ്ങളേയും പലതരത്തിൽ ചലിപ്പിക്കുന്നതിനു നൽകിയിരുന്ന പേര്; 2. ഒരുതരം കണ്ഠചേഷ്ട; 3. ഹസ്തചലനങ്ങളിൽ ഒന്ന്; 4. കൺപോളകളുടെ ചലനങ്ങളിൽ ഒന്ന്; 5. പുരികങ്ങളുടെ ഒരുതരം ചലനം; 6. കവിളിൻെറ ചേഷ്ടകളിൽ ഒന്ന്; 7. ഒരുജാതി പാദചലനം; 8. തകരം; 9. കാൽവിരലിൻെറ ചലനഭേദം; 10. നൃത്തകരണങ്ങളിലൊന്ന്; 11. ഒരു രതിബന്ധം; 12. കുതിരയുടെ ആറുവിധം വല്ഗിതങ്ങളിൽ ഒന്ന്; 13. കുരുമുളക്

കുഞ്ചിരാമൻ നാ. കുരങ്ങൻ, കുട്ടിക്കുരങ്ങൻ. (പ്ര) കുഞ്ചിരാമനാടുക = വിഡ്ഢിവേഷം കെട്ടുക, കുരങ്ങുകളിക്കുക

കുഞ്ചിരോമം നാ. സിംഹത്തിൻെറയും കുതിരയുടെയും മറ്റും പിൻകഴുത്തിലുള്ള നീണ്ടരോമം

കുഞ്ച് വി. കുഞ്ഞ് (വിശേഷണമായും നാമമായും പ്രയോഗം). കുഞ്ചെലിയും നെല്ലുകൊറിക്കും (പഴ). നാ. ശിശു, കുട്ടി

കുഞ്ചുക ക്രി. 1. വളയുക, കുനിയുക; 2. കാലിൻെറ വിരലുകൾ മാത്രം തറയിൽ ഊന്നി ഉയർന്നു നിൽക്കുക, കുന്തിച്ചു നിൽക്കുക

കുഞ്ജം നാ. 1. മരങ്ങളോ വള്ളികളോ പടർന്നുവളർന്നുണ്ടായ കുടിൽ, വള്ളിക്കുടിൽ, ലതാഗൃഹം; 2. കീഴ്ത്താടിയെല്ല്; 3. പൽ; 4. ആനക്കൊമ്പ്; 5. ഒരു വാദ്യോപകരണം; 6. ഗുഹ; 7. ഒരു തീർഥം

കുഞ്ജര നാ. 1. പിടിയാന; 2. താതിരി; 3. പാതിരി

കുഞ്ജരകരം നാ. തുമ്പിക്കൈ

കുഞ്ജരൻ നാ. 1. ഒരു വാനരൻ, അഞ്ജനയുടെ പിതാവ്; 2. സൗവീരവംശജനായ ഒരു രാജാവ്; 3. ഒരു നാഗം; 4. കുഞ്ജരദേശത്തുകാരൻ; 5. ശ്രേഷ്ഠൻ (സമാസത്തിൽ ഉത്തരപദമായി വരുമ്പോൾ) ഉദാഃ പുരുഷകുഞ്ജരൻ, നൃപകുഞ്ജരൻ

കുഞ്ജരം നാ. 1. ആന (പ്ര) കുഞ്ജരശൗചം = ആനയുടെ കുളി, നിഷ്പ്രയോജനമായ പ്രവൃത്തി; 2. ഒരു പർവതം; 3. എട്ടെന്ന സങ്ഖ്യ (ദിഗ്ഗജങ്ങൾ

എട്ടെന്ന സങ്കൽപത്തിൽനിന്ന്); 4. വിന്ധ്യവിനുവടക്കു സിന്ധുനദീതീരത്തുള്ള ഒരു രാജ്യം; 5. അത്തിത്തിപ്പലി; 6. താന്നി; 7. അശ്വത്ഥം, വടവൃക്ഷം; 8. ഒരുതരം പ്രാസാദം (ആനയുടെ പൃഷ്ഠംപോലെയുള്ളത്); 9. അത്തം നക്ഷത്രം; 10. നൃത്തത്തിലെ ഒരുതരം കാൽ വയ്പ്പ്, ഗജക്രീഡിതം; 11. ഒരുജാതി ആഭരണം

കുഞ്ജരവൈരി നാ. സിംഹം

കുഞ്ജരാക്ഷം നാ. ആനക്കണ്ണിനു സദൃശമായ വാതായനം. താരത. ഗവാക്ഷം = കാളയുടെ കണ്ണിന്റെ ആകൃതിയിലുള്ള വാതായനം

കുഞ്ജരാനീകം നാ. ആനപ്പട

കുഞ്ജരാരാതി നാ. 1. കുഞ്ജരവൈരി; 2. ശരഭം

കുഞ്ജരാരോഹൻ നാ. ആനപ്പുറത്തുകയറി അതിനെ നയിക്കുന്നവൻ, ആനപ്പാപ്പാൻ

കുഞ്ജരാലുകം നാ. വെട്ടുചേമ്പ്

കുഞ്ജരാശനം നാ. അരയാൽ

കുഞ്ജരി നാ. പിടിയാന

കുഞ്ജവല്ലരി നാ. ഇഞ്ച

കുഞ്ജവിഹാരി നാ. ശ്രീകൃഷ്ണൻ

കുഞ്ജിക നാ. 1. ഇഞ്ച; 2. കരിഞ്ജീരകം

കുഞ്ഞകം1 നാ. ചെറിയ മുറി

കുഞ്ഞകം2 നാ. തുളസി

കുഞ്ഞൻ വി. 1. കുഞ്ഞായ, കുട്ടിയായ, ഇളയതായ, ചെറിയ; 2. കുറച്ചുമാത്രമുള്ള. നാ. 1. കുട്ടി; 2. ഒരു പുരുഷനാമം

കുഞ്ഞപ്പ(ൻ) നാ. 1. അച്ഛന്റെ ഇളയ സഹോദരൻ; 2. ഒരു പുരുഷനാമം

കുഞ്ഞമ്മ നാ. 1. അമ്മയുടെ അനുജത്തി; 2. അച്ഛന്റെ അനുജന്റെ ഭാര്യ; 3. അച്ഛന്റെ രണ്ടാം ഭാര്യ; 4. ഒരു സ്ഥാനപ്പേര്, ചില സ്ഥാനികളുടെ സ്ത്രീകൾക്കു നൽകിയിരുന്നത്; 5. (ആ.ഭാ.) യജമാനത്തി, പ്രഭ്വി (പ്ര) കുഞ്ഞമ്മചമയുക = വലിപ്പം (ഡംഭ്) ഭാവിക്കുക; 6. മൂത്തസഹോദരി; 7. മൂത്തസഹോദരന്റെ ഭാര്യ; 8. ഒരു സ്ത്രീനാമം; 9. എളയത് എന്ന ജാതിയിൽപ്പെട്ട സ്ത്രീ

കുഞ്ഞാട് [കുഞ്ഞ്-ആട്] നാ. 1.ആട്ടിൻ കുട്ടി, (പ്ര.) ദൈവത്തിന്റെ കുഞ്ഞാട് = യേശുക്രിസ്തു; 2. മേൽപ്പട്ടക്കാരന്റെ കീഴിലുള്ള ക്രൈസ്തവജനത; 3. (ആല.) എളുപ്പം എന്തും വിശ്വസിക്കുന്നവൻ.

കുഞ്ഞാത്തോൽ [കുഞ്ഞ് - ആത്തോൽ < അകത്തോൾ] നാ. നമ്പൂതിരി ഗൃഹസ്ഥന്റെ ഭര്യയെ കുറിക്കാൻ അവിടത്തെ ഭൃത്യന്മാരും മറ്റും ഉപയോഗിക്കുന്ന ഉപചാരവാക്ക്.

കുഞ്ഞാൻ [കുഞ്ഞ് - ആൻ2] നാ. 1. കുഞ്ഞുമകൻ, ചെറിയ മകൻ. (സ്ത്രീ.) കുഞ്ഞാൾ; 2. ഒരു പുരുഷനാമം.

കുഞ്ഞാറാണൻ നാ. ഒന്നിനും കൊള്ളരുതാത്തവൻ, മടയൻ (പരിഹാസാർഥത്തിൽ പ്രയോഗം).

കുഞ്ഞാറ്റ(ക്കിളി) നാ. ഒരിനം ചെറിയ കുരുവി.

കുഞ്ഞി [കുഞ്ഞ്] വി. ചെറിയ, ഇളയ, കുരുന്നായ, (വാത്സല്യസൂചകമായി പേരുകളോടും മറ്റും ചേർത്തു പ്രയോഗിക്കാറുണ്ട്) ഉദാ. കുഞ്ഞി

ഒതേനൻ, കുഞ്ഞിച്ചന്തു, കുഞ്ഞിരാമൻ ഇത്യാദി. നാ. 1. കുഞ്ഞ്, പൈതൽ; 2. ബാല്യം, ചെറുപ്പം, കുഞ്ഞിയിൽ പഠിച്ചത് ഒഴിക്കയില്ല (പഴ.); 3. കല്യാണം കഴിക്കാത്ത ബ്രാഹ്മണസ്ത്രീ; 4. എളം കിരിയം ജാതിയിൽപ്പെട്ട സ്ത്രീയെ കുറിക്കാൻ മറ്റുള്ളവർ ഉപയോഗികുന്ന പദം; 5. നായന്മാരുടെ കൂട്ടത്തിൽ കർത്താക്കന്മാരുടെ സ്ഥാനപ്പേര്, ഉദാ. രാമൻ കുഞ്ഞി; 6. മുസ്ലിങ്ങൾക്ക് നാടുവാഴികളും മറ്റും കൊടുത്തിരുന്ന സ്ഥാനങ്ങളിൽ ഒന്ന്, ഉദാ. അഹമ്മദുകുഞ്ഞി, കുഞ്ഞിമായൻ; 7. ഒരു സ്ത്രീനാമം.

കുഞ്ഞിക്കാൽ നാ. 1. കൊച്ചുകാൽ; 2. കുഞ്ഞ്, സന്താനം

കുഞ്ഞ് വി. ചെറിയ, ഇളയ. നാ. 1. ശിശു, കുട്ടി (വാത്സല്യസൂചകമായും പ്രയോഗം). കരയുന്ന കുഞ്ഞിനേ പാലുള്ളു (പഴ); 2. ആചാര്യന്മാരും വയസ്സുകൊണ്ട് മൂത്തവരും പ്രായംകുറഞ്ഞവരെ വാത്സല്യപൂർവം സംബോധനചെയ്യുവാൻ ഉപയോഗിക്കുന്ന പദം; 3. ഭൃത്യന്മാരും മറ്റും പ്രായംകുറഞ്ഞവരെ സംബോധനചെയ്യുവാൻ ഉപയോഗിക്കുന്ന പദം; 4. പല ജീവികളുടെയും ശിശുപ്രായത്തിലുള്ള സന്താനങ്ങളെ പൊതുവെ കുറിക്കുന്ന പദം. ഉദാഃ കോഴിക്കുഞ്ഞ്, എലിക്കുഞ്ഞ്. അണ്ണാൻകുഞ്ഞും തന്നാലായത്; കാക്കയ്ക്കും തൻകുഞ്ഞ് പൊൻകുഞ്ഞ് (പഴ); 5. പ്രായത്തിനൊത്തു ബുദ്ധി വികസിക്കാത്ത ആൾ; 6. മുസ്ലീങ്ങളുടെ സ്ഥാനപ്പേരുകളിൽ ഒന്ന് (പലസംജ്ഞാ നാമങ്ങളുടെയും മുമ്പിലോ പിമ്പിലോ ചേർത്തു പ്രയോഗം. (വാത്സല്യദ്യോതകമായി വന്നതാവാം) ഉദാഃ അച്ചൻകുഞ്ഞ്, രാമൻകുഞ്ഞ്. (പ്ര) കുഞ്ഞുക:ളി = ശിശുസഹജമായ കളിയും പെരുമാറ്റവും, മുതിർന്നവർ ശിശുക്കളെപ്പോലെ പെരുമാറുന്നത്, ഉത്തരവാദിത്വമില്ലായ്മ. കുഞ്ഞുകാൽ കാണുക = സന്താനമുണ്ടാകുക. കുഞ്ഞുന്നാൾ = കുട്ടിക്കാലം

കുഞ്ഞൂണ് നാ. അന്നപ്രാശനം, കുഞ്ഞുങ്ങൾക്കാദ്യമായി ചോറൂണു നടത്തുന്ന കർമം, ഷോഡശസംസ്കാരങ്ങളിൽ ഒന്ന്

കുട1 [കുടയുക] ധാതുരൂപം

കുട2 വി. വളഞ്ഞ

കുട3 നാ. 1. വെയിലും മഴയും ഏൽക്കാതിരിക്കാൻ തലയ്ക്കുമുകളിൽ പിടിക്കുന്ന ഒരു ഉപകരണം; 2. രാജചി ങ്ങളിൽ ഒന്ന്, വെൺകൊറ്റക്കുട; 3. ദേവവിഗ്രഹങ്ങൾ എഴുന്നള്ളിക്കുമ്പോൾ ഉപയോഗിക്കുന്ന കുട, മുത്തുക്കുട; 4. കുടയുടെ ആകൃതിയിലുള്ളത് (മെതിയടിയുടെയും മറ്റും കുമിഴ്, ഒട്ട്, കൊണ്ട തുടങ്ങിയവ) ഉദാഃ ആണിയുടെ കുട; 5. മണിബന്ധത്തിലും കാൽക്കുഴയിലും മുഴച്ചുനിൽക്കുന്ന അസ്ഥിഭാഗം. (പ്ര) കുടക്കീഴാക്കുക = അധീനതയിലാക്കുക, സമ്രക്ഷിക്കുക. കുടചുരുക്കുക, -മടക്കുക = 1. വണക്കം കാണിക്കുക; 2. തോൽവിസമ്മതിക്കുക. കുടപ്പുറത്തു വെള്ളമൊഴിക്കൽ = 1. കുളിക്കാൻ വയ്യാത്ത രോഗികൾക്കും മറ്റും പുല വാലായ്മ മുതലായവയിൽനിന്നു ഒഴിവുകിട്ടാൻവേണ്ടിച്ചെയ്യുന്ന ഒരു ചടങ്ങ്; 2. വിഷമഘട്ടങ്ങളിൽ വല്ലവിധേനയും പരിഹാരം കണ്ടെത്തുക. അൽപന് ഐശ്വര്യം വന്നാൽ അർധരാത്രി കുടപിടിക്കും (പഴ)

കുടകൻ നാ. 1. കുടകുദേശക്കാരൻ (സ്ത്രീ) കുടകത്തി; 2. ചേര രാജാവ് (കുടകനാട് ചേരസാമ്രാജ്യത്തിൻ കീഴിലായിരുന്നതിനാൽ)

കുടകം1 നാ. 1. കുടകുദേശം, മൈസൂറിനും തമിഴ്നാടിനും പടിഞ്ഞാറുഭാഗത്തായി കിടക്കുന്നത്; 2. കുടകുദേശത്തിലെ ഒരു പർവതം, കുടകുമല; 3. ഒരു വിഷദ്രവ്യം

കുടകം2 നാ. 1. കൊഴുവ്, കരിയറ; 2. കടകോലുബന്ധിക്കുന്ന കുറ്റി
കുടക്1 [കുടകുക] ധാതുരൂപം
കുടക്2 നാ. 1. കുടകുനാട്, മൈസൂർ സംസ്ഥാനത്തിൻെറ തെക്കുപടിഞ്ഞാറുഭാഗത്തുള്ള ഒരു ജില്ല, കൂർഗ്; 2. കൂർഗ് ഭാഷ (കുടകുഭാഷ)
കുടക്കടുക്കൻ നാ. കുടയുള്ള ഒരുതരം കർണാഭരണം
കുടക്കല്ല്,കൊട– നാ. ചരിത്രാതീതകാലത്തെ ശവകുടീരം (കുടയുടെ ആകൃതിയിലുള്ള കല്ല് തൂണിന്മേൽ നിറുത്തിയിരിക്കുന്നതിനാൽ)
കുടക്കൂത്ത്1 നാ. ഒരുതരം നൃത്തം, കുടം തലയിൽവച്ചു നൃത്തം ചെയ്യുന്നത്, കുംഭനൃത്തം (ശ്രീകൃഷ്ണൻെറ വിജയനൃത്തം
കുടക്കൂത്ത്2 നാ. ഒരുതരം നൃത്തം (അസുരന്മാരുമായുള്ള യുദ്ധവേളയിൽ ശ്രീസുബ്രഹ്മണ്യൻ തൻെറ കുടംപിടിച്ചുകൊണ്ടു ചെയ്തനൃത്തത്തെ അനുസ്മരിച്ചുള്ളത്)
കുടക്കൂലി നാ. 1. വീട്ടുവാടക; 2. വാടക
കുടങ്കം നാ. മേൽപ്പുര
കുടങ്കൈ നാ. 1. ഉള്ളങ്കൈ; 2. കഥകളിയിലും മറ്റും പ്രയോഗിക്കുന്ന ഒരു മുദ്ര (വിരലുകൾചേർത്ത് കൈത്തലം കുഴിപോലെയാക്കൽ)
കുടചം,–കം നാ. കുടകപ്പാല
കുടച്ചക്രം നാ. കരിമരുന്നു പ്രയോഗത്തിലെ ഒരിനം (പ്ര) കുന്തവും കുടച്ചക്രവും = അപ്രധാനകാര്യങ്ങൾ
കുടച്ചണ്ടി നാ. കുടപോലെയുള്ള ചണ്ടി, കുടപ്പായൽ, നീർച്ചീര
കുടച്ചൽ,–ച്ചിൽ നാ. കുടയുന്ന പ്രവൃത്തി
കുടച്ചെവിയൻ നാ. ആന, കുടപോലെചെവിയുള്ളതിനാൽ
കുടജം നാ. കുടപ്പാല
കുടജാദ്രി നാ. പ്രസിദ്ധമായ മൂകാംബികാക്ഷേത്രത്തിനടുത്തുള്ള ഒരു മല
കുടജീവം നാ. പുത്തിലഞ്ഞിമരം, പുത്രഞ്ജീവം
കുടഞ്ഞുകുളി നാ. പുലകുളി, മരണം മൂലമുള്ള പുല അവസാനിക്കുന്നദിവസം പരേതൻെറ ബന്ധുക്കൾ ആചാരപ്രകാരം നടത്തുന്ന കുളി
കുടതല്ലുക ക്രി. സമുദായത്തിൽനിന്നു പുറത്താക്കുക (സമുദായഭ്രഷ്ടയാകുന്ന അന്തർജനത്തിൻെറ മറക്കുട തല്ലിപ്പൊളിക്കുന്നതിൽ നിന്ന്)
കുടദിശ നാ. പടിഞ്ഞാറുദിക്ക്
കുടനാട് നാ. തമിഴകത്തിനു പടിഞ്ഞാറുഭാഗത്തു കിടക്കുന്ന ദേശം. പന്ത്രണ്ടു കൊടുന്തമിഴ്ദേശങ്ങളിൽ ഒന്ന്
കുടന്ത നാ. 1. കുടുന്ത; 2. മണിബന്ധം; 3. തെങ്ങിൻെറ പൂക്കുല ഉണ്ടാകുന്ന സ്ഥാനം; 4. തെങ്ങോല മടലിൻെറ മുരട്, ഓലമടലിൻെറ കവിൾ; 5. മുകൾഭാഗം, അഗ്രം (മരങ്ങളുടെയും മറ്റും); 6. വളവ്

കുടന്ന,കുടുന്ന നാ. 1. രണ്ടുകൈയും കൂട്ടി (വെള്ളംകൊള്ളത്തക്കവിധം) പിടിച്ചത്, കൈക്കുമ്പിൾ; 2. മുകൾഭാഗം, ശിരസ്സ്

കുടന്നടം	നാ.	1. പലകപ്പയ്യാനി വൃക്ഷം, പയ്യാഴാന്ത, പയ്യാനി; 2. കഴിമുത്തങ്ങ
കുടന്നിക്കുക	ക്രി.	വെള്ളംകൊള്ളത്തക്കവണ്ണം കൈരണ്ടും ചേർത്തുപിടിക്കുക
കുടപൻ	നാ.	1. സന്ന്യാസി, ഋഷി; 2. ഒരു ധാന്യ അളവ്, കുഡവം
കുടപുഷ്പം	നാ.	കൊടുവേജ
കുടപ്പൻ	നാ.	കൂമ്പ്. ഉദാഃ വാഴക്കുടപ്പൻ
കുടപ്പന	നാ.	വലിയ ഓലകളോടുകൂടിയ ഒരിനം പന (ഇതിൻെറ ഓലകൊണ്ട് ഓലക്കുട ഉണ്ടാക്കിയിരുന്നു)
കുടപ്പറ	നാ.	കുടത്തിൻെറ ആകൃതിയിലുള്ള ഒരിനം വാദ്യം
കുടപ്പായൽ	നാ.	ഒരിനം പായൽ
കുടപ്പുളി	നാ.	കുടമ്പുളി
കുടം1	നാ.	1. വാവട്ടംകുറഞ്ഞ് കഴുത്തിടുങ്ങി അതിനുതാഴെയുള്ള ഭാഗം കൂടുതൽ വീർത്തുരുണ്ടതുമായ പാത്രം (പ്ര) കുടംകമഴ്ത്തിവച്ചു വെള്ളമൊഴിക്കുക = നിഷ്പ്രയോജനമായി പ്രവർത്തിക്കുക. കുടത്തിലെ വിളക്ക് = പുറത്തറിയാത്ത മേന്മകളുള്ള ആളോ വസ്തുവോ ആശയമോ, ഘടദീപം. പടിക്കൽ കൊണ്ടുചെന്നിട്ട് കുടമുടയ്ക്കുക = കാര്യം അവസാനം അവതാളത്തിലാക്കുക, ഒടുവിൽ അബദ്ധത്തിൽ ചാടുക. നിറകുടം തുളുമ്പുകില്ല (പഴ); 2. മൊട്ട്, പൂങ്കുല (വാഴ, തെങ്ങ്, പന, നെല്ല് എന്നിവയുടെ പൂമൊട്ടിനെ കുറിക്കാൻ സാധാരണയായി പ്രയോഗം); 3. വണ്ടിച്ചക്രത്തിൻെറ മധ്യത്തിലായി ആരക്കാലുകൾ (അഴിക്കാലുകൾ) ഉറപ്പിച്ചിട്ടുള്ള ഭാഗം; 4. ഒരുതരം വാദ്യം, ഘടം; 5. കുംഭം രാശി; 6. തൂണിൻെറ അറ്റത്തുള്ള കുടത്തിൻെറ ആകൃതിയിൽ കടഞ്ഞുചേർക്കുന്ന ഭാഗം; 7. വീണ തംബുരു മുതലായവയുടെ വീറ്റത്തഭാഗം; 8. ആനയുടെ തലയിൽ ഇരുഭാഗത്തും ഉള്ള മുഴ; 9. താഴികക്കുടം; 10. അർധഗോളാകൃതിയിലുള്ള മേൽക്കൂര; 11. ഒരു അളവ്, ധാന്യം ദ്രാവകങ്ങൾ എന്നിവ അളക്കുന്ന തോതുകളിൽ ഒന്ന്; 12. വീർത്തവൃഷണം; 13. യോനി; 14. കുടം തലയിലേറ്റിയുള്ള ഒരിനം നൃത്തം, കുടക്കൂത്ത് നോക്കുക; 15. കുടത്തിൻെറ ആകൃതിയിലുള്ള കിഴങ്ങ് (ഉള്ളിയെന്നപോലെ പല ഇതളുകൾ ചേർന്നത്) (പ്ര) കുടമിടുക, കൂട്ടമിടുക, കുടംവിടുക = ഊഞ്ഞാൽ ശക്തിയായി ആട്ടി തലയ്ക്കുമീതെ വിടുക. കുടമുടയ്ക്കൽ = ശവദാഹത്തോടനുബന്ധിച്ചുള്ള ഒരു ചടങ്ങ്. ചിതയെ പ്രദക്ഷിണംവച്ചു നീർക്കുടം ഉടയ്ക്കുന്ന ഹൈന്ദവാചാരം
കുടം2	നാ.	പടിഞ്ഞാറ്, പടിഞ്ഞാറൻപ്രദേശം, കൊടുന്തമിഴ് നാടുകളിലൊന്നായ കുടനാട്
കുടം3	നാ.	1. വൃക്ഷം; 2. ചുറ്റിക; 3. കോട്ട; 4. പർവതം; 5. ഗൃഹം; 6. കൊടുവേലി
കുടം4	നാ.	1. നഗരം; 2. പൂയം നക്ഷത്രം
കുടമണി	നാ.	കുടയുടെ ആകൃതിയിലുള്ള മണി
കുടമലയാര്യൻ	നാ.	ഒരിനം ചേമ്പ്, കൊട്ടച്ചേമ്പ്
കുടമല്ലിക	നാ.	കുടമുല്ല
കുടമാടം	നാ.	ഉപദേവതകൾക്ക് കുരുത്തോലകൊണ്ടുണ്ടാക്കുന്ന പുര

കുടമുനി നാ. കുടത്തിൽനിന്നും ജനിച്ച മഹർഷി, അഗസ്ത്യൻ
കുടമുല്ല നാ. വലിയ പൂക്കളുള്ള ഒരിനം മുല്ല, കുടമല്ലിക
കുടമുഴാ നാ. കുടത്തിൻെറ ആകൃതിയിലുള്ള മിഴാവ്
കുടമ്പുളി നാ. 1. ഒരുജാതി വൃക്ഷം; 2. അതിൻെറ കായ് (പിണറിൻ പുളി, കൊറുക്കപ്പുളി, കുറുക്കാംപുളി എന്നും പേരുകൾ)
കുടയാണി നാ. 1. കുടയുടെ ആകൃതിയിൽ മൊട്ടോടുകൂടിയ ആണി; 2. ക്ഷേത്രങ്ങളിലെ ഉത്സവസമയത്ത് ഉപയോഗിക്കുന്ന വലിയ കുടകൾ നിവർത്തിനിറുത്തുന്നതിനുപയോഗിക്കുന്ന നീണ്ട ആണി
കുടയുക ക്രി. 1. ശക്തിയോടെ അവയവങ്ങൾ വസ്ത്രങ്ങൾ തുടങ്ങിയവ ചലിപ്പിക്കുക, കുലുക്കുക, ഊക്കോടെ തെരുതെരെ ഉലയ്ക്കുക, പറ്റിയിരിക്കുന്നതു ദൂരെതെറിക്കത്തക്കവണ്ണം ഉച്ചലിപ്പിക്കുക. ഉദാഃ കാൽകുടയുക, ശരീരം കുടയുക, വസ്ത്രം കുടയുക; 2. ദൂരേക്കു തെറിപ്പിക്കുക, എറിയുക; 3. മെതിച്ചുകഴിഞ്ഞ് നെന്മണികൾ വേർതിരിക്കാനായി വയ്ക്കോൽ ഉലയ്ക്കുക; 4. തളിക്കുക. ഉദാഃ വെള്ളം കുടയുക, പനിനീർ കുടയുക, ശക്തിയായി പിടയ്ക്കുക, വിറയ്ക്കുക, അവയവങ്ങൾ ദ്രുതമായോ ശക്തിയായോ ചലിക്കുക
കുടർ നാ. = കുടൽ
കുടരം നാ. 1. കടകോൽ പ്രവർത്തിപ്പിക്കുന്ന ചരടു ബന്ധിക്കുന്ന ചെറിയ തൂണ്, കടകോൽത്തണ്ട്; 2. തൂതപ്പാത്രത്തിൻെറ അടപ്പുപലക; 3. കുതിര
കുടൽ, കുടർ നാ. വയറ്റിനകത്ത് ആമാശയത്തിൻെറ അടിഭാഗം മുതൽ ഗുദദ്വാരം വരെയുള്ള ദഹനേന്ദ്രിയഭാഗം. (പ്ര) കുടലുകായുക,-എരിയുക = വിശന്നുവലയുക. കുടലെടുത്തു മാലയിടുക = നിർദയമായി പകവീട്ടുക. കുടലെടുത്തുകാണിച്ചാലും വാഴനാര് (പഴ)
കുടൽക്ഷയം നാ. കുടലിനെ ബാധിക്കുന്ന ഒരു രോഗം
കുടൽപ്പാമ്പ് നാ. കുടലിനകത്തു സാധാരണ കാണാറുള്ള നീണ്ടവിര
കുടൽവള്ളി നാ. 1. വൻകുടൽ തുടങ്ങുന്ന ഭാഗത്ത് ചുവട്ടിൽ കാണുന്ന പേശനിർമിതമായ നാളി (പ്ര) കുടൽവള്ളിവീക്കം = കുടൽവള്ളി വീങ്ങുന്നതുകൊണ്ടുണ്ടാകുന്ന ഒരു രോഗം, അപ്പൻറിസൈറ്റിസ്; 2. കുടൽ (വള്ളിയുമായി ആകൃതി സാമ്യമുള്ളതിനാൽ)
കുടലിറക്കം നാ. കുടൽ കീഴോട്ടിറങ്ങി വേദനയും വീക്കവും ഉണ്ടാക്കുന്ന ഒരുതരം രോഗം, ആന്ത്രനോവ്
കുടലേറ്റം നാ. കുടൽ സംബന്ധമായ ഒരു രോഗം, വീഴ്ചകൊണ്ടോ മറ്റോ കുടൽ സ്ഥാനംവിട്ടു വേദനയുണ്ടാക്കുന്നത്
കുടവട്ടം നാ. കുടയുടെ വൃത്തത്തോളമുള്ള സ്ഥലം, ഇടുങ്ങിയ പരിധി
കുടവഡ്ഢി,-വണ്ടി നാ. കുടവയറ്, കുടവണ്ടി
കുടവൻ1 നാ. 1. ഇടയൻ; 2. അടിയാൻ
കുടവൻ2 നാ. 1. കുടനാട്ടുകാരൻ; 2. കൂർഗുദേശക്കാരൻ
കുടവയർ നാ. കുടംപോലെ ഉന്തിയ വയർ

ജുടശാന്തി നാ. തിരുവല്ല തുടങ്ങിയ പ്രധാനക്ഷേത്രങ്ങളിലെ മുഖ്യശാന്തിക്കാരനെ കുറിക്കാൻ ഉപയോഗിക്കുന്ന പദം

കുടാക്ക്,ഗുഡാ- നാ. 1. ഹുക്കാവലിക്കാനുപയോഗിക്കുന്ന പാത്രം; 2. ഹുക്ക

കുടി1 [കുടിക്കുക] ധാതുരൂപം

കുടി2 [കുടിക്കുക] നാ. 1. കുടിക്കൽ, ഉദാഃ കഞ്ഞികുടി, മുലകുടി, കള്ളുകുടി ഇത്യാദി. (പ്ര) വയ്പും കുടിയും, അനത്തും കുടിയും = ആഹാരം പാകംചെയ്യലും കഴിക്കലും. കുടിമാറാത്തകുട്ടി = പാലുകുടിമാറാത്ത കുഞ്ഞ്. കുടിവറ്റുക = കറവ അവസാനിക്കുക, കുട്ടി മുലകുടിക്കുന്ന കാലം തീരുക; 2. മദ്യപാനം, ലഹരിയുള്ള ദ്രാവകങ്ങൾ കഴിക്കൽ. കുടിമൂലം കുടികെടും (പഴ); 3. കുടിക്കുന്നതിനുള്ള പദാർഥം. (പ്ര) കടിയും കുടിയും = തിന്നാനും കുടിക്കാനുമുള്ള പദാർഥങ്ങൾ

കുടി3 നാ. 1. വാസസ്ഥലം, ഗൃഹം, വീട്, പാർപ്പിടം; 2. പാവപ്പെട്ടവരുടെ വീട്, കുടിൽ, ചെറിയ വീട്; 3. ഒരടിമയും അവൻെറ ഭാര്യയുംകൂടിയ രണ്ടുപേർ; 4. മലവർഗക്കാരും മറ്റും കൂട്ടമായി താമസിക്കുന്ന സ്ഥലം. ഉദാഃ കാണിക്കുടി, അരയക്കുടി; 5. വംശം, ഗോത്രം. കുടിയറിഞ്ഞേ പെണ്ണുകൊടുക്കാവു (പഴ); 6. കുടുംബം, കുടുംബാങ്ഗങ്ങൾ; 7. കുടിയാൻ, കൊഴുവൻ; 8. ഉടമസ്ഥാവകാശമില്ലാത്ത വസ്തുവിൽ കുടികിടക്കുന്ന കുടുംബമോ വ്യക്തിയോ; 9. പ്രജ, ഒരു രാജ്യഭരണാധികാരത്തിൻ കീഴിൽ ജീവിക്കുന്ന ആളുകൾ; 10. ഭാര്യ. ഉദാഃ മുതൽക്കുടി, മുതുക്കുടി, മുത്തുക്കുടി, മുത്താങ്കുടി = ആദ്യഭാര്യ. ഇളംകുടി = രണ്ടാം വേളി ഇത്യാദി; 11. നവവധു, വിവാഹത്തിനുശേഷം ഭർതൃഗൃഹത്തിലേക്ക് ആനയിക്കപ്പെടുന്ന വധു (നമ്പൂതിരിഭാഷ); 12. പ്രദേശം, സ്ഥലം, ഗ്രാമം, നാട്ടിൻപുറം, പട്ടണം മുതലായവയെ കുറിക്കാൻ പ്രയോഗം; 13. കുടിക്കാരി (പ്ര) കുടികെടുക്കുക, കുടികൊള്ളുക, കുടിപതിക്കുക, കുടിപാർക്കുക ഇത്യാദി. കുടിയേറുക, കുടിയിരിക്കുക = ഒരുസ്ഥലത്തുനിന്നും മറ്റൊരുസ്ഥലത്തുചെന്ന് സ്ഥിരമായി താമസിക്കുക. വീടും കുടിയും ഇല്ലാത്ത = പാർപ്പിടവും ബന്ധുക്കളും ഇല്ലാത്ത. കുടിക്കിടക്കുക = 1. അന്യൻെറ വസ്തുവിൽ സൗജന്യമായി കുടികെട്ടി താമസിക്കുക; 2. താമസിക്കുക

കുടി4 നാ. 1. വളവ്; 2. ശരീരം; 3. മരം

കുടി5 നാ. 1. ഒരു സുഗന്ധദ്രവ്യം, മുരാമഞ്ചി; 2. കുടപ്പായൽ

കുടിക നാ. 1. ചെറുകുടിൽ, പർണശാല; 2. അമ്പലം, ക്ഷേത്രം; 3. നദിയുടെ പേര്; 4. ഒരു മർമം

കുടികിടപ്പ് [കുടികിടക്കുക] നാമരൂപം. (പ്ര) കുടികിടപ്പവകാശം = അന്യൻെറ വസ്തുവിൽ കുറേക്കാലം താമസിച്ചതിൻെറ പേരിൽ വസ്തു ഇല്ലാത്തവന് ലഭിക്കുന്ന അവകാശം

കുടികുറ്റികൾ നാ. (ബ.വ.) വീടും വീടിരിക്കുന്ന പറമ്പിലെ വൃക്ഷങ്ങളും

കുടികൂടുക ക്രി. 1. (താണജാതിക്കാർ) വിവാഹം ചെയ്യുക; 2. (നവവധു) വരൻെറ ഗൃഹത്തിൽ പ്രവേശിക്കുക; 3. കുടുംബം ഉറപ്പിക്കുക; 4. രൂപംകൊള്ളുക

കുടികൂട്ടുക ക്രി. 1. പിതൃക്കളെ കുടുംബത്തിൽ കുടിയിരുത്തുക; 2. അടിമകളെ കല്യാണം കഴിപ്പിക്കുക; 3. തീരുമാനിക്കുക; 4. തിറ നടത്തുന്ന സമയം ആവാഹിക്കപ്പെട്ട ദൈവങ്ങളെ തിറ അവസാനിക്കുമ്പോൾ വീണ്ടും കുടിയിരുത്തുക

കുടികെടുക ക്രി. കുടുംബനാശം സംഭവിക്കുക, വംശം നശിക്കുക. മടി കുടികെടുത്തും (പഴ)
കുടികെട്ട് നാ. 1. അടിമകളുടെ കല്യാണം; 2. വീടുവയ്ക്കൽ
കുടികൊള്ളുക ക്രി. 1. ഉള്ളിൽ പ്രവേശിക്കുക, താമസിക്കുക, സ്ഥിതിചെയ്യുക, ആവേശിക്കുക; 2. വരൻെറ ഗൃഹത്തിൽ വധു ആദ്യമായി പ്രവേശിക്കുക; 3. കുടിയേറിപ്പാർക്കുക
കുടിക്കറ നാ. വംശകളങ്കം
കുടിക്കാർ നാ. (ബ.വ.) താമസക്കാർ, കുടിയുടമകൾ
കുടിക്കാരി നാ. ദേവദാസിമാർക്കുള്ള പേര് (ഒന്നാം കുടിക്കാരി രണ്ടാം കുടിക്കാരി ഇത്യാദി. ഒന്നാംകുടി രണ്ടാംകുടി എന്നിങ്ങനെയും പ്രയോഗം)
കുടിക്കാര്യം നാ. 1. കുടികളുടെ ഭരണകാര്യം; 2. വീട്ടുകാര്യം, കുടുംബകാര്യം
കുടിക്കാവൽ നാ. ഗ്രാമങ്ങളിൽ ആളുകൾ ഊഴമിട്ടു കാവൽ നിൽക്കുന്ന സമ്പ്രദായം
കുടിക്കുക ക്രി. 1. ദ്രവപദാർഥം വായിലൂടെ ഉൾക്കൊള്ളുക; 2. ലഹരിപദാർഥങ്ങൾ (കള്ള്, ചാരായം വിസ്കി തുടങ്ങിയവ) കഴിക്കുക, മദ്യപിക്കുക; 3. ഉൾക്കൊള്ളുക, വായിലൂടെ ഉള്ളിലേക്ക് വലിച്ചിറക്കുക (വായുവോ, പുകയോ പോലെ). ഉദാഃ ബീഡികുടിക്കുക, സിഗററ്റുകുടിക്കുക, കഞ്ചാവുകുടിക്കുക. (പ്ര) കുടിക്കുന്ന മുലകടിക്കുക = ഉപകാരസ്മരണയില്ലാതിരിക്കുക. കുടിക്കുന്ന കഞ്ഞിയിൽ മണ്ണിടുക = നന്ദികേടുകാണിക്കുക. കുടിക്കുന്ന കഞ്ഞിയിൽ പാറ്റയിടുക = അറിഞ്ഞുകൊണ്ട് അവിവേകം പ്രവർത്തിക്കുക, നന്ദികേടുകാണിക്കുക.കുടിച്ചും പെടുത്തും നടക്കുക = ഉത്തരവാദിത്വമില്ലാതെ നടക്കുക. കുടിച്ചുചാകുക = 1. വെള്ളത്തിൽവീണു മരിക്കുക; 2. അമിതമായി മദ്യപിച്ചു മരിക്കുക
കുടിക്കുനീർ നാ. ആഹാരം കഴിക്കുന്നതിനുമുമ്പ് ഉള്ളം കൈയിലെടുത്ത് മന്ത്രം ജപിച്ച് ആചരിക്കുന്ന ജലം (ഊണ് അവസാനിക്കുമ്പോഴും കുടിക്കുനീർ കുടിക്കാറുണ്ട്)
കുടിക്കൂറ് നാ. കുടികളിൽനിന്നും ജന്മിക്കു കിട്ടേണ്ട ആദായം
കുടിചരം നാ. 1. കടൽപ്പന്നി, നീർപ്പന്നി; 2. ചീങ്കണ്ണി, മുതല
കുടിച്ചില്ലറ നാ. വീട്, കട, പണ്ടകശാലകൾ, പണിക്കാരുടെ (കൊല്ലൻ തട്ടാൻ തുടങ്ങിയവരുടെ) പണിയായുധങ്ങൾ ഇവയുടെമേൽ ചുമത്തുന്ന നികുതി
കുടിജന്മം നാ. തിരുവിതാംകൂറിൽ നിലവിലിരുന്ന ഒരു ഭൂവുടമസമ്പ്രദായം
കുടിഞ്ഞ നാ. മൂങ്ങ
കുടിഞ്ഞ നാ. കാലിക്കിടാങ്ങളെ കെട്ടുന്നസ്ഥലം
കുടിഞ്ഞിൽ,-ഞ്ഞൽ നാ. 1. ചെറിയവീട്, കുടിൽ; 2. കാലിക്കിടാങ്ങളെ കെട്ടുന്ന സ്ഥലം.
569
കുടിത വി. കുടിലമായ, വളഞ്ഞ
കുടിത്താപ്പ് നാ. വീടുകളിൽ ഉപയോഗിക്കുന്ന അളവുപാത്രം, മുദ്രത്താപ്പ് അല്ലാത്തത്, അഴിവൻ

കുടിദ്രോഹം	നാ.	1. വീടുകൾക്ക് അഥവാ
പാർപ്പിടങ്ങൾക്കുചെയ്യുന്ന ദ്രോഹം; 2. പ്രജകളുടെമേൽ രാജാക്കന്മാരും ഉദ്യോഗസ്ഥന്മാരും മറ്റും ഏൽപ്പിക്കുന്ന ഉപദ്രവം. (പ്ര) കുടിദ്രോഹി = കുടികൾക്കു ദ്രോഹം ചെയ്യുന്നവൻ
കുടിനിലം	നാ.	കുടിയിരിക്കുന്ന സ്ഥലം, സങ്കേതം, വാസസ്ഥലം
കുടിനീക്കം	നാ.	പാർപ്പിടമാറ്റം, മാറിത്താമസിക്കൽ (പ്ര)
കുടിനീക്കാ ദൈവദാനം = ദേവദാനവസ്തുക്കൾ പാരമ്പര്യമായി അനുഭവിക്കുവാൻ അനുവദിച്ചിരുന്ന പഴയ ഭൂവുടമസമ്പ്രദായം. കുടികിടപ്പുകാരെ ഒഴിപ്പിക്കാതെതന്നെ വസ്തു ദേവദാനമായി വിട്ടുകൊടുക്കൽ
കുടിനീർ	നാ.	1. കുടിക്കാനുള്ള വെള്ളം, പാനീയം; 2.
കഷായം; 3. ഉമിനീർ (പ്ര) കുടിനീരിറക്കുക, കുടിനീർ കുടിക്കുക = കൊതിക്കുക, ആഗ്രഹിക്കുക; 4. കുടിക്കുനീർ
കുടിപതി	നാ.	1. ഗൃഹനാഥൻ, കുടുംബനാഥൻ; 2. കരപ്രമാണി,
ഗ്രാമനായകൻ, ഭരണാധികാരി; 3. പൊറുതിക്കാരൻ; 4. കുടിയാനവൻ, കുടികിടപ്പുകാരൻ, പ്രജ; 5. കുടിലുകൾകെട്ടി ആളുകൾ പാർക്കുന്ന സ്ഥലം, മലവർഗക്കാർ കൂട്ടംകൂടി താമസിക്കുന്ന സ്ഥലം
കുടിപതിക്കുക	ക്രി.	കുടിവകയ്ക്കു ഭൂമി പതിച്ചുകൊടുക്കുക
കുടിപഴകുക	ക്രി.	1. ദീർഘകാലമായി പരിചയത്തിലിരിക്കുക,
കുടുംബങ്ങൾ തമ്മിൽ ഇടപഴകുക; 2. പഴക്കംകൊണ്ട് മുരടിക്കുക, കുറയുക (പിരിച്ചുനടാതെ ഒരേമൂട്ടിൽ നിന്നു വളർച്ച മുരടിച്ച വാഴക്കന്നുകളെ കുറിക്കാൻ പ്രയോഗം)
കുടിപാട്	നാ.	1. പാർപ്പിടം; 2. വീടുകൾ സ്ഥിതിചെയ്യുന്ന
പ്രദേശം, കുടിയിടം; 3. ഒരു പ്രത്യേകപ്രദേശത്തെ ഭവനസമൂഹം; 4. കുടിൽ, ചെറിയവീട്
കുടിപാത്തി	നാ.	സ്വകാര്യവ്യക്തികളുടെ വക ഉപ്പം, പണ്ടാരപ്പാത്തി
കുടിപാർക്കുക	ക്രി.	വീടുണ്ടാക്കിത്താമസിക്കുക, സ്ഥിരമായി
പാർപ്പുറപ്പിക്കുക
കുടിപാർപ്പ്	നാ.	1. വീടുവച്ചു താമസിക്കൽ, പൊറുതിയാകൽ,
സ്ഥിരമായി വസിക്കൽ; 2. കുടികിടപ്പ്; 3. ആൾ താമസം
കുടിപുറപ്പെടുക	ക്രി.	പാർപ്പിടം ഉപേക്ഷിച്ചുപോകുക, കുടുംബങ്ങൾ
കൂട്ടമായി നാടുവിട്ടുപോകുക
കുടിപൂകൽ	നാ.	1. വേളികഴിഞ്ഞ് ഭർത്തൃഗൃഹത്തിൽ വധു
ആദ്യമായി പ്രവേശിക്കൽ; 2. ഗൃഹപ്രവേശം; 3. (ആല) പ്രവേശിക്കൽ
കുടിപൂകുക	ക്രി.	1. പാർപ്പുറപ്പിക്കുക, വാസമാക്കുക,
ഗൃഹപ്രവേശം ചെയ്യുക; 2. (ആല) പ്രവേശിക്കുക; 3. വേളികഴിഞ്ഞ് വധു ഭർത്തൃഗൃഹത്തിൽ ആദ്യമായി പ്രവേശിക്കുക
കുടിപോകുക	ക്രി.	1. വീടൊഴിഞ്ഞുപോകുക, താമസം മാറുക; 2.
കുടിപൂകുക
കുടിപ്പക	നാ.	കുടുംബങ്ങൾ തമ്മിലുള്ള പരമ്പരാഗതമായ
വൈരം
കുടിപ്പട	നാ.	ബന്ധുക്കൾതമ്മിലുള്ള ഏറ്റുമുട്ടൽ, കുടുംബ
കലഹം
കുടിപ്പള്ളിക്കൂടം	നാ.	പഴയമാതിരിയുള്ള എഴുത്തുപള്ളി,
സ്വകാര്യവ്യക്തികൾ നടത്തുന്ന പ്രാഥമികവിദ്യാലയം, ആശാൻ പള്ളിക്കൂടം

കുടിപ്പഴി നാ. 1. കുടിഅക; 2. കുടുംബത്തിൻെറ കീർത്തിദോഷം
കുടിപ്പറ്റ് നാ. ചില പ്രത്യേക കാര്യങ്ങൾക്കായി കണക്കെഴുതാതെ ഗവണ്മെൻറ് ഉദ്യോഗസ്ഥന്മാർ പ്രജകളിൽനിന്ന് ഈടാക്കുന്ന ദ്രവ്യം
കുടിപ്പാൻകറ്റ നാ. കറ്റ എണ്ണുന്ന അടിയാന് മദ്യപിക്കാനായി വിട്ടുകൊടുക്കുന്ന നെൽക്കറ്റ
കുടിപ്പാൻപണം നാ. വധുവിൻെറ കരക്കാർക്ക് വരൻെറ കൂട്ടർ മദ്യപിക്കാൻ നൽകുന്ന തുക
കുടിപ്പിഴ നാ. 1. കുടുംബദ്രോഹം, കുടിപ്പകയ്ക്കു കാരണമായിത്തീരുന്ന അപരാധം; 2. കുടുംബത്തിൻെറ കീർത്തിദോഷം, കൂടിയ അപരാധം
കുടിപ്പിറവി നാ. നല്ലകുടുംബത്തിലുള്ള ജനനം, ആഭിജാത്യം
കുടിപ്പെണ്ണ് നാ. 1. കുലസ്ത്രീ; 2. ഭാര്യ, നിയമാനുസാരം വേൾക്കപ്പെട്ട സ്ത്രീ
കുടിപ്പോകൽ നാ. കുടിപൂകൽ
കുടിപ്രമാണം നാ. സ്വകാര്യവ്യക്തികൾ തമ്മിലുള്ള ഇടപാടിനെ സംബന്ധിക്കുന്ന രേഖ
കുടിമ നാ. 1. പാർപ്പ്, വാസം; 2. കുടിയാനവൻെറ അവസ്ഥ, കുടിയായ്മ, മറ്റൊരാളുടെ വസ്തുകൊണ്ടുള്ള ഉപജീവനം; 3. ഒരു നിശ്ചിതകാലത്തേയ്ക്ക് പണയത്തിന്മേൽ വസ്തു കൈവശം വയ്ക്കൽ; 4. കർഷകവൃത്തി; 5. വസ്തുകൈവശക്കാരുടെ സങ്ഘം; 6. പ്രജകളിൽനിന്നും ഈടാക്കിവന്നിരുന്ന ഭൂനികുതിയല്ലാതെയുള്ള കരം
കുടിമകൻ നാ. 1. അഭിജാതൻ, കുലീനൻ; 2. പാരമ്പര്യമായി ഒരു ജന്മിയുടെ അടിമയായി കഴിയുന്നവൻ, കുടിയാൻ; 3. അധ്വാനത്തിൻെറ പ്രതിഫലം ധാന്യമായോ മറ്റു വിഭവങ്ങളായോ പറ്റുന്ന കൂലിക്കാരൻ; 4. ക്ഷുരകൻ
കുടിമജന്മം നാ. ഒരു ഭൂമി അനുഭോഗസമ്പ്രദായം
കുടിമതിപ്പ് നാ. കരം നിശ്ചയിക്കുന്നതിനുവേണ്ടി വസ്തുക്കളുടെ വില നിർണയിക്കൽ
കുടിമത്സരം നാ. കുടിപ്പക
കുടിമരാമത്ത് നാ. കൃഷിഭൂമിയിൽ കുടിയാൻ ചെയ്യേണ്ട അറ്റകുറ്റപ്പണികൾ
കുടിമരിക്കം,-ങ്ങം നാ. കുടികളുമായുള്ള ഇണക്കം
കുടിമൂത്ത വി. 1. മൂത്തുമുരടിച്ച; 2. പഴക്കമേറിയ; 3. ഏറ്റവും പ്രായംകൂടിയ. (പ്ര) കുടിമൂത്തപാമ്പ്, കുടിമൂത്തകള്ളൻ
കുടിയടിയാൻ നാ. ഓരോ കുടിയെയും ആശ്രയിച്ചുകഴിയുന്ന അടിയാൻ
കുടിയൻ1 നാ. ലഹരിപാനീയങ്ങൾ ഉപയോഗിക്കുന്നവൻ, മദ്യപാനി
കുടിയൻ2 നാ. 1. ഗിരിവർഗത്തിൽപ്പെട്ടവരെ കുറിക്കാൻ നാട്ടുകാർ ഉപയോഗിച്ചിരുന്ന പദങ്ങളിൽ ഒന്ന്; 2. ഭാര്യയുടെ (കുടിയുടെ) അച്ഛൻ
കുടിയപരാധം നാ. കുടിപ്പിഴ
കുടിയപ്പൻ നാ. ഗൃഹനാഥൻ. രണ്ടാംകുടിയപ്പൻ = ചിറ്റപ്പൻ

കുടിയമ്മ നാ. ഗൃഹനായിക
കുടിയരശ് നാ. ജനാധിപത്യം, പ്രജാധിപത്യഭരണം
കുടിയരി നാ. ക്ഷേത്രം (ദേവസ്വം) വക വസ്തുക്കളിൽ താമസിക്കുന്നവർ നികുതിയിനത്തിൽ ഒരാണ്ടിൽ ക്ഷേത്രത്തിലേക്ക് കൊടുക്കേണ്ട അരി
കുടിയൽ,-യോൽ നാ. ഗൃഹപ്രവേശം
കുടിയാണ്മ നാ. കുടിയായ്മ
കുടിയാൻ നാ. 1. വീടുകെട്ടിപ്പാർക്കുന്നവൻ, കുടിപാർപ്പുകാരൻ; 2. ജന്മിയുടെവസ്തുക്കൾ കൃഷിചെയ്യുന്നവൻ, പാട്ടക്കാരൻ, കർഷകൻ; 3. ഒരു ഭരണവ്യവസ്ഥയുടെ കീഴിൽ ജീവിക്കുന്നവൻ, പ്രജ, പൗരൻ
കുടിയാൻകൂറ് നാ. കർഷകൻെറ വിഹിതം, കൃഷിചെയ്തുണ്ടാക്കുന്ന ഉത്പന്നങ്ങൾ അനുഭവിക്കാനുള്ള അവകാശം
കുടിയായ്മ നാ. 1. പാർപ്പിടം; 2. കുടിയാൻെറ അവസ്ഥ
കുടിയായ്മക്കൂർ നാ. കുടിയാങ്കൂറ്
കുടിയാൾ നാ. കുടിയാളൻ
കുടിയാളൻ നാ. കുടിയാൻ, കുടിയാനവൻ
കുടിയിട നാ. ആൾപ്പാർപ്പുള്ള സ്ഥലം
കുടിയിടം നാ. 1. വീടിരിക്കുന്ന സ്ഥലം, വാസസ്ഥലം, വീട്; 2. വീടുവയ്ക്കാൻ ഉദ്ദേശിച്ചിട്ടുള്ള സ്ഥലം
കുടിയിരിക്കുക ക്രി. പാർപ്പുറപ്പിക്കുക, താഅസിക്കുക. കുടിയിരിക്കുന്ന വീട്ടിൽ കൊള്ളിവയ്ക്കുക (പഴ)
കുടിയിരിപ്പാട് നാ. വീടും പുരയിടവും, താമസിക്കുന്ന സ്ഥലം
കുടിയിരിപ്പ് നാ. 1. പാർപ്പ്, വാസം; 2. പാർക്കുന്ന സ്ഥലം; 3. ഗ്രാമം; 4. കൃഷിക്കാർക്കു താമസിക്കാൻ പൂർണാവകാശത്തോടും ചിലപ്പോൾ കരമൊഴിവായും വിട്ടുകൊടുക്കുന്ന സ്ഥലം; 5. കുടികെട്ടി പാർക്കാനുള്ള വ്യവസ്ഥയിൽ നാമമാത്രമായ ഒരു തുക നൽകി ജന്മിയുടെ പക്കൽനിന്നും വാങ്ങിയ ഭൂമി; 6. പാട്ടം, വാടക; 7. കുടിശ്ശിക; 8. വിശേഷദിവസങ്ങളിൽ ജന്മിക്കുകൊടുക്കേണ്ട സങ്ഖ്യ; 9. പരദൈവങ്ങളെയോ പിതൃക്കളെയോ കുടിയിരുത്തിയിരിക്കുന്ന സ്ഥലം
കുടിയിരിപ്പുകൂലി നാ. വീട്ടുവാടക, കുടികെട്ടിതാമസിക്കുന്നതിനു ജന്മിക്കുകൊടുക്കേണ്ട പാട്ടം
കുടിയിരുത്തുക ക്രി. 1. കുടിയിരിക്കുവാൻ സഹായിക്കുക, പ്രേരിപ്പിക്കുക, കുടിപാർപ്പിക്കുക; 2. വാസസൗകര്യങ്ങളുണ്ടാക്കി താമസിപ്പിക്കുക; 3. വിവാഹം കഴിക്കുക; 4. കുലദൈവങ്ങളെയോപിതൃക്കളെയോ പാർപ്പിക്കുക, ആവാഹിച്ചിരുത്തുക
കുടിയിരുമപ്പാട് നാ. കടക്കാരനായ ജന്മി അയാളുടെ കുടിയാനിൽ നിന്നു പാട്ടം ഈടാക്കിക്കൊള്ളുവാൻ തൻെറ ഉത്തമർണന് എഴുതിക്കൊടുക്കുന്ന പ്രമാണം
കുടിയിലാർ നാ. കുടിയാനവന്മാർ
കുടിയിറക്കുക ക്രി. കുടികിടക്കുന്നവരെ അവിടെനിന്നും ഇറക്കിവിടുക
കുടിയിറക്ക് നാ. കുടിയിറക്കുക എന്ന പ്രവൃത്തി
കുടിയേറുക ക്രി. 1. വീടുവച്ചുതാമസിക്കുക; 2. ഒരു ദിക്കിൽനിന്ന് മറ്റൊരു ദിക്കിൽച്ചെന്ന് വാസമുറപ്പിക്കുക

കുടിയേറിപ്പാർക്കുക ക്രി. ഒരിടത്തുനിന്ന് മറ്റൊരിടത്തുചെന്ന് സ്ഥലം
കൈക്കലാക്കി വാസമുറപ്പിക്കുക
കുടിയേറ്റം നാ. കുടിയേറിപ്പാർക്കൽ
കുടിയൊഴിപ്പിക്കൽ നാ. കുടിയൊഴിപ്പിക്കുക
കുടിരക്ഷ നാ. കുടികളെ തുണയ്ക്കൽ, പ്രജകളുടെ സുഖം
കുടിൽ1 നാ. 1. ചെറിയ വീട്; 2. പർണശാല; 3. കട,
കച്ചവടപ്പുര
കുടിൽ2 നാ. = കൊടിൽ
കുടിൽവ്യവസായം നാ. വീടുകളിൽവച്ച് ചെറിയതോതിൽ നടത്തുന്ന
വ്യവസായം
കുടില1 വി. 1. വളഞ്ഞ; 2. ചുരുണ്ട; 3.
വളഞ്ഞുപുളഞ്ഞുസഞ്ചരിക്കുന്ന; 4. വഞ്ചനയുള്ള, ചതിക്കുന്ന
കുടില2 നാ. 1. വക്രബുദ്ധിയായ; 2. സരസ്വതീനദി; 3.
കൂരയുടെ നിൽപ്പ് അഞ്ചുവിധമുള്ളതിൽ ഒന്ന്
കുടില3 നാ. 1. പ്രണവം; 2. മായ
കുടിലകീടകം നാ. ചിലന്തി
കുടിലകേശി നാ. ചുരുണ്ടമുടിയുള്ളവൾ, സുന്ദരി
കുടിലഗതി നാ. 1. വളഞ്ഞഓക്ക്; 2. വക്രഗതി; 3. ചന്ദ്രികാവൃത്തം
കുടിലഗാമി വി. വളഞ്ഞുപുളഞ്ഞുപോകുന്ന
കുടിലഗാമിത നാ. വഞ്ചന, വക്രത
കുടിലഗാമിത്വം നാ. കുടിലഗാമിത
കുടിലത നാ. 1. കൗടില്യം; 2. ചതിവ്; 3. വളവ്; 4. ചുരുൾച്ച
കുടിലത്വം നാ. കുടിലത
കുടിലധീ നാ. ദുഷ്ടബുദ്ധി, ചതിയൻ, നുണയൻ
കുടിലം1 നാ. 1. കുടിലത; 2. വക്രത, ചതി; 3. കുതിരയുടെ
ഗതിവിശേഷങ്ങളിൽ ഒന്ന്
കുടിലം2 നാ. 1. ശങ്ഖ്; 2. മുട്ടാട്; 3. നാലുതരം
രുദ്രാക്ഷങ്ങളിൽ ഒന്ന്
കുടിലം3 നാ. തകരം
കുടിലം4 നാ. ശൂന്യാകാശം
കുടിലമതി നാ. ദുഷ്ടബുദ്ധി
കുടിലമിഴി നാ. കടാക്ഷഭങ്ഗിയുള്ളവൾ, സുന്ദരി
കുടിലവിധി നാ. ഭാഗ്യക്കേട്
കുടിലഹൃദയൻ നാ. വക്രബുദ്ധിയുള്ളവൻ
കുടിലാക്ഷി നാ. കുടിലമിഴി
കുടിലാങ്ഗി നാ. ഒരു മാന്ത്രികസിദ്ധി.
571
കുടിലാപാങ്ഗി നാ. സുന്ദരി
കുടിലാശയൻ നാ. കുടിലഹൃദയൻ
കുടിലിക നാ. 1. പതിയിരിപ്പ്; 2. കൊല്ലൻെറ ഒരു ഉപകരണം
കുടിലുടൽ നാ. ഗൃഹപ്രവേശം

കുടിവക1 നാ. പാനീയം
കുടിവക2 നാ. സ്വകാര്യവ്യക്തികളുടെ സ്വത്ത്
കുടിവക്കീൽ നാ. ഏലാവക്കീൽ, നാട്ടിൻപുറത്തുള്ള ന്യായസ്ഥൻ
കുടിവയ്ക്കൽ [കുടിവയ്ക്കുക] നാമരൂപം
കുടിവയ്ക്കുക ക്രി. 1. പാർപ്പിക്കുക; 2. വേളികഴിഞ്ഞു വധുവിനെ ഗൃഹത്തിൽകൊണ്ടുവന്നു താമസിപ്പിക്കുക; 3. പിതൃക്കളെയും പരദൈവങ്ങളെയും മറ്റും ആലയങ്ങൾകെട്ടി പ്രതിഷ്ഠിച്ചുപൂജിക്കുക; 4. സ്ഥാപിക്കുക, അർപ്പിക്കുക
കുടിവരവ് നാ. 1. വീറ്റുകെട്ടിപ്പാർക്കുന്നവരിൽനിന്നുമുള്ള ആദായം; 2. രശീതി; 3. ഗൃഹപ്രവേശം
കുടിവഴക്ക് നാ. 1. കുടികൽതമ്മിലുള്ള കലഹം; 2. കുടുംബാങ്ഗങ്ങൽതമ്മിലുള്ള വഴക്ക്; 3. സ്ത്രീകളെക്കുറിച്ചുള്ള തർക്കം
കുടിവറുപ്പ് നാ. കശുവണ്ടിവ്യവസായശാലകളിൽവച്ച് പരിപ്പെടുക്കുന്നതിനുപകരം വീടുകളിലേൽപ്പിച്ച് ചെറിയതോതിൽ വറുത്തു പരിപ്പെടുക്കുന്ന രീതി
കുടിവറ്റുക ക്രി. പാലുകുടി തീരുക
കുടിവാങ്ങുക ക്രി. 1. കുടി ഒഴിഞ്ഞുപോകുക; 2. കൂട്ടത്തോടെ കുടിമാറിപ്പോകുക
കുടിവാരം നാ. 1. കുടികിടപ്പവകാശം; 2. വിളവിൽനിന്ന് കൃഷിക്കാരനു കിട്ടേണ്ട അവകാശം; 3. ഉപ്പളങ്ങളുടെ ഉടമസ്ഥരിൽനിന്നു സർക്കാരിനുലഭിക്കാനുള്ള നികുതി
കുടിവാഴ നാ. വീട്ടിനുചുറ്റും നട്ടുവളർത്തുന്ന നാടൻ വാഴ
കുടിവാഴുക ക്രി. വീടുകെട്ടിത്താമസിക്കുക
കുടിവാഴ്ച്ചദത്ത് നാ. ഒരു ദത്തുസമ്പ്രദായം
കുടിവിരുന്ന് നാ. മലബാറിലെ യാക്കോബായ ക്രിസ്ത്യാനികളുടെ വിവാഹത്തോടനുബന്ധിച്ചുള്ള ഒരു ചടങ്ങ്
കുടിവില നാ. 1. കുടികളിൽ നടപ്പുള്ള വില; 2. ഏലം, ഇഞ്ചി, തേൻ, ആനക്കൊമ്പ് തുടങ്ങിയ വനവിഭവങ്ങൾ ശേഖരിക്കുന്നതിനുവേണ്ടി ഗവണ്മെൻറിൽനിന്ന് കാണിക്കാർക്കും ഏലക്കൃഷിക്കാർക്കും മറ്റും കൊടുത്തിരുന്ന പ്രതിഫലം
കുടിവീരൻ നാ. ഒരു തെയ്യം
കുടിവെപ്പനുഭോഗം നാ. തിരുവിതാംകൂറിലെ ഒരു പഴയ ഭൂവുടമസമ്പ്രദായം
കുടിവെള്ളം നാ. കുടിക്കുന്നതിനുള്ള വെളം
കുടിശോധന നാ. സർക്കാർ കുടിയിടകളിൽ നടത്തുന്ന പഠനം
കുടിശ്ശിക നാ. 1. കുടികൾ കരത്തിൽ ബാക്കി അടയ്ക്കാനുള്ള തുക; 2. അടയ്ക്കേണ്ടതിൽ മുടക്കം വന്ന തുക; 3. ചെയ്യുതീർക്കേണ്ടതിൽ മുടക്കം വന്നത്
കുടീക നാ. കുടിൽ, ചെറിയവീട്
കുടീകൃത വി. 1. കുടിയാക്കപ്പെട്ട; 2. ചുരുട്ടിയ, മടക്കിയ
കുടീചകൻ നാ. സന്ന്യാസവിഭാഗങ്ങളിൽ ഒന്ന്
കുടീചരൻ നാ. കുടീചകൻ

കുടീപ്രാവേശികം നാ. ആയുർവേദവിധിപ്രകാരമുള്ള ഒരു കായകൽപചികിത്സാക്രമം
കുടീരകം നാ. കുടിൽ
കുടീരം1 നാ. 1. കുടിൽ, പർണശാല; 2. കല്ലറ
കുടീരം2 നാ. ഞണ്ട്
കുടു വി. ചെറിയ, ഇടുങ്ങിയ
കുടുക നാ. ചെറിയവായുള്ള കലം
കുടുകുക ക്രി. 1. ചെറുതാകുക; 2. വിസ്താരം കുറയുക; 3. ചുരുങ്ങുക
കുടുകുടാ വി. കുടുകുടെ, കുടുകുടാ ചിരിക്കുക. ക്രി. പൊട്ടിപ്പൊട്ടിച്ചിരിക്കുക
കുടുകുടുകളി നാ. ഒരു കായികവിനോദം, കബഡി കളി
കുടുകുടുക്കുക ക്രി. കുടുകുടശബ്ദം ഉണ്ടാക്കുക
കുടുകുടുപ്പ് നാ. 1. ഒരിനം മണി; 2. ഒരിനം വാദ്യം
കുടുകുടുപ്പാണ്ടി നാ. കുടുകുടുപ്പ കുടുക്കിക്കൊണ്ട് ഭിക്ഷയാചിക്കുകയും ഭാഗ്യലക്ഷണം പറയുകയും ചെയ്യുന്നവൻ
കുടുകുടം നാ. 1. കുടുകുടു എന്ന ശബ്ദമുണ്ടാഉന്നത്; 2. ചെറിയ മൺപാത്രം; 3. ഒരു അളവുപാത്രം; 4. തലയോട്; 5. വീണയുടെ കുടം; 6. ഞൊണൽ
കുടുക്കം1 നാ. 1. തട്ടിമുട്ടിയുള്ള ഒച്ച; 2. ഇടിമുഴക്കം
കുടുക്കം2 നാ. 1. അകപ്പാട്; 2. ഇറുക്കം, ഞെരുക്കം
കുടുക്ക്1 നാ. ഒരുതരം ചെറിയവാദ്യം
കുടുക്ക്2 നാ. 1. കുടുസ്സായത്; 2. കുരുക്ക്, കെണി; 3. കുടുക്കുന്നത്, കെട്ട്. (പ്ര) കുടുക്കിലാക്കുക = കെണിയിൽപ്പെടുത്തുക. കുടുക്കുവയ്ക്കുക = അപകടപ്പെടുത്താൻ ശ്രമിക്കുക. കുടുക്കിൽ ചാടുക = കെണിയിൽ വീഴുക
കുടുക്ക്3 നാ. കുടുക്കം
കുടുക്കുക1 ക്രി. കുടുകുടുശബ്ദമുണ്ടാക്കുക
കുടുക്കുക2 ക്രി. 1. കുരുക്കിൽപ്പെടുത്തുക; 2. ഇറക്കുക; 3. ആപത്തിൽപ്പെടുത്തുക
കുടുക്കുമസാല നാ. കുഴഞ്ഞുമറിഞ്ഞത്
കുടുങ്ഗകം നാ. 1. വള്ളിക്കുടിൽ; 2. മേൽക്കൂര
കുടുങ്ങുക1 ക്രി. കുടുകുടെ ശബ്ദമുണ്ടാവുക
കുടുങ്ങുക2 ക്രി. 1. കുരുക്കിൽ അകപ്പെടുക; 2. ഞെരുങ്ങുക; 3. ഇടുങ്ങുക; 4. അപകടത്തിൽപ്പെടുക
കുടുങ്ങുക3 ക്രി. ഉലയുക
കുടുച്ചട്ടി നാ. വാവട്ടം ഇടുങ്ങിയ ചെറിയചട്ടി
കുടുതാറ് നാ. മുണ്ടുണ്ടാക്കുന്ന രീതികളിലൊന്ന്
കുടുതി നാ. 1. വള്ളത്തിൻെറ വിടവ്; 2. വള്ളത്തിൻെറ പലകകൾതമ്മിൽ ബന്ധിപ്പിക്കുന്നതിനായി ഇടുന്ന ദ്വാരം (പ്ര) കുടുതിയടയ്ക്കുക = ചകിരി ചുരുട്ടിവച്ചോ മരക്കഷണങ്ങൾ വച്ചോ വള്ളത്തിൻെറ പലകയിലെ ദ്വാരങ്ങൾ അടയ്ക്കുക

കുടുത് വി. കുടുസ്സ്
കുടുത്ത1 നാ. 1. ദ്വാരം; 2. ചെറിയ പുനം
കുടുത്ത2 നാ. കുടുത്തുണി
കുടുത്തുണി നാ. ഒരുതരം അയഞ്ഞ ഉടുപ്പ്
കുടുന്തൊഴുത്ത് നാ. ചവിട്ടുന്ന പശുവിനെ ബന്ധിച്ചുനിറുത്തി പാൽകറക്കാൻ സൗകര്യപ്പെടുത്തിയിട്ടുള്ള ഇടുങ്ങിയ തൊഴുത്ത്
കുടുന്ന നാ. കുടന്ന
കുടുംബ നാ. കുടുമ
കുടുംബകം1 നാ. കുടുംബം
കുടുംബകം2 നാ. പുതണക്കപ്പുല്ല്
കുടുംബകലഹം നാ. കുടുംബങ്ങൾതമ്മിലോ ഒരു കുടുംബത്തിലെ അങ്ങ്ഗങ്ങൾതമ്മിലോ ഉള്ള വഴക്ക്
കുടുംബക്കാരൻ നാ. 1. കുലീനൻ; 2. ഭാര്യാപുത്രാദികളും ഭവനവുമുള്ളവൻ; 3. കുടുംബവുമായി ബന്ധമുള്ളയാൾ
കുടുംബച്ഛിദ്രം നാ. = കുടുംബകലഹം
കുടുംബജീവിതം നാ. ഗൃഹസ്ഥവൃത്തി
കുടുംബദ്രോഹി നാ. കുലദ്രോഹി
കുടുംബനാഥൻ നാ. കുടുംബത്തിൻെറ ചുമതലവഹിക്കുന്ന ആൾ
കുടുംബപ്രതിഷ്ഠ നാ. 1. വിവാഹം; 2. വിവാഹത്തിൻെറ പുനരുദ്ധാരണം; 3. കുടുംബം സ്ഥാപിക്കൽ
കുടുംബബന്ധം നാ. ഭാര്യ് ഭർത്താവ് സന്താനങ്ങൾ ചാർച്ചക്കാർ എന്നിങ്ങനെയുള്ളവരുടെ പരസ്പര ബന്ധം
കുടുംബഭരൻ നാ. കുടുംബം ഭരിക്കാൻ ചുമതലപ്പെട്ടവൻ
കുടുംബഭരം നാ. കുടുംബഭാരം
കുടുംബം നാ. 1. വീട്; 2. ഭാര്യ; 3. സന്താനം; 4. സമൂഹം; 5. രണ്ടാംഭാവം; 6. ധർമസാദൃശ്യം മൂലമോ അല്ലാതെയോ പരസ്പരം ബന്ധപ്പെട്ട വ്യക്തികളുടെ സമൂഹം; 7. ഒരുമിച്ചു ജീവിക്കുന്നവരലെങ്കിലും പരസ്പരം രക്തബന്ധമോ ചാർച്ചയോ ഉള്ളവരോ ഒരേ പരമ്പരയിൽപ്പെട്ടവരോ ആയ ആളുകൾ
കുടുംബവസ്തു നാ. പൂർവികസ്വത്ത്
കുടുംബവൈദ്യൻ നാ. കുടുംബത്തിൽ സ്ഥിരമായി ചികിത്സ ചെയ്യുന്ന വൈദ്യൻ
കുടുംബവ്യാപൃത വി. കുടുംബഭരണത്തിൽ യത്നിച്ചുകൊണ്ടിരിക്ക
കുടുംബസംവിധാനം നാ. കുടുംബാസൂത്രണം
കുടുംബസ്ഥൻ നാ. 1. കുടുംബമുള്ളവൻ; 2. ഉത്കൃഷ്ടകുലജാതൻ
കുടുംബസ്വത്ത് നാ. കുടുംബംവക വസ്തുവകകൾ
കുടുംബാസൂത്രണം നാ. കുടുംബത്തിൽ ജനിക്കുന്ന സന്താനങ്ങളുടെ എണ്ണം നിയന്ത്രിക്കുവാനും അവരെ നന്നായി പോറ്റിവളർത്തുവാനും ഉള്ള ക്രമീകരണങ്ങൾ, കുടുംബസംവിധാനം
കുടുംബി1 വി. കുടുംബമുള്ള
കുടുംബി2 നാ. 1. ഗൃഹസ്ഥൻ; 2. കുടുംബത്തിലെ ഒരങ്ഗം; 3. കൃഷിക്കാരൻ

കുടുംബി3 നാ. കുടുമച്ചെട്ടി
കുടുംബിനി നാ. 1. കുടുംബനായിക; 2. സ്ത്രീ; 3. വലിയ കുടുംബഗൃഹത്തിലെ ഭൃത്യ; 4. അർക്കപുഷ്പിയെന്ന ഔഷധച്ചെടി
കുടുമ നാ. 1. അഗ്രം; 2. കട്ടളച്ചുഴിയിലേക്ക് നീണ്ടുനിൽക്കുന്ന കതകിന്റെ പുച്ഛം
കുടുമച്ചാത്തൻ നാ. ഒരിനം പക്ഷി
കുടുമത്തത്ത നാ. തത്തയുടെ ഇനത്തിൽപ്പെട്ട ഒരു പക്ഷി
കുടുമൻ വി. കുടുവൻ
കുടുമം നാ. കുടുംബം
കുടുമി1 നാ. കുടുമ
കുടുമി2 നാ. 1. കുടുമിച്ചെട്ടി; 2. പാമ്പാട്ടി; 3. പാമ്പിനെപ്പിടിക്കുന്നവൻ
കുടുമ്പ നാ. കുടിൽ
കുടുമ്പർ നാ. 1. കടുപ്പട്ടർ; 2. ചുമട്ടുകാർ; 3. പള്ളന്മാരുടെ തലവൻ
കുടുമ്പി1 നാ. 1. കുടുമ; 2. തൂമ്പാക്കൈ
കുടുമ്പി2 നാ. കുടുമിച്ചെട്ടി
കുടുമ്പുക ക്രി. ചീയുക, അഴുകുക
കുടുരുക ക്രി. കുമിളിക്കുക
കുടുവ നാ. 1. ചെറിയ കുടുക്ക; 2. പനങ്കള്ള്; 3. ചെറിയ ചെണ്ട
കുടുവൻ വി. 1. ഉരുണ്ടിരിക്കുന്ന; 2. കുടുസ്സായ
കുടുവം നാ. ഒരളവ്
കുടുവളി നാ. ഊരാളിമാരുടെ ഇടയിലുള്ള ഒരു വിവാഹസമ്പ്രദായം
കുടുസ്സ് വി. വിസ്താരം കുറഞ്ഞ, ഇടുങ്ങിയ
കുട്ട1 നാ. ഈറ്റ ചൂരൽ തുടങ്ങിയവയുടെ പൊളികൊണ്ടുണ്ടാക്കുന്ന അർധഗോളാകൃതിയിലുള്ള ഒരു പാത്രം
കുട്ട2 നാ. 1. പെൺപന്നി; 2. കുറുക്കൻ; 3. മുട്ടി, മുരടുള്ള തടി; 4. നീർപ്പാമ്പ്; 5. വസ്ത്രം; 6. അളവ്; 7. കുളംകുട്ട3 വി. നീളംകുറഞ്ഞ; 2. ഹ്രസ്വമായ. നാ. പൊക്കക്കുറവ്
കുട്ട4 വി. (സമാസത്തിൽ പദാന്ത്യമായി വരുമ്പോൾ) പൊട്ടിക്കുന്ന, ഛേദിക്കുന്ന
കുട്ടകം1 നാ. 1. ഒരുപകരണം, ചുറ്റിക; 2. കുഴവി; 3. ആട്; 4. പൊന്മപ്പക്ഷി; 5. (ഗണിത) ഗുണകാരം
കുട്ടകം2 നാ. ഒരുതരം വലിയ കുഴിയൻപാത്രം
കുട്ടകകർമം നാ. നെല്ലുകുത്തൽ
കുട്ടകയന്ത്രം നാ. ഒരുപകരണം
കുട്ടക്കുറുങ്ങാലി നാ. ചങ്ങാലിപ്പക്ഷി
കുട്ടത്താപ്പ് നാ. ഏകദേശമുള്ള (കൃത്യമല്ലാത്ത) അളവ്

കുട്ടത്തി നാ. 1. പൊക്കംകുറഞ്ഞ സ്ത്രീ; 2. കരത്തവള; 3. അരിപ്രാവ്
കുട്ടൻ നാ. 1. കുട്ടി; 2. ഒരു പുരുഷനാമം; 3. ആണാട്; 4. ആൺപന്നി; 5. പോത്ത്; 6. കുറുക്കൻ; 7. പണിയരുടെ മൂപ്പൻ
കുട്ടനം നാ. 1. പൊടിക്കൽ; 2. മുറിക്കൽ; 3. കുറ്റപ്പെടുത്തൽ, ആക്ഷേപിക്കൽ
കുട്ടനശാല നാ. നെല്ലുകുത്തുപുര
കുട്ടനി നാ. 1. പണംവാങ്ങി വിടന്മാർക്കു വേശ്യമാരെ കൂട്ടിവിട്ടു കൊടുക്കുന്നവൾ; 2. ഉരൽ
കുട്ടപ്പൻ നാ. 1. ആൺകുട്ടികളെയും ചിലപ്പോൾ പ്രായംചെന്നവരെയും സ്നേഹസൂചകമായി വിളിക്കുന്ന ഓമനപ്പേര്; 2. ഒരു പുരുഷനാമം.
573
കുട്ടപ്രാച്ചി നാ. കുട്ടികളുടെ ഉറുമ്പുകളിയിൽ കൈമലർത്തുമ്പോൾ പറയുന്ന ഒരു പദം
കുട്ടം1 നാ. ഗുണകം
കുട്ടം2 നാ. 1. കായൽ; 2. താഴ്ച; 3. വലയുടെ ഉൾഭാഗം; 4. കുട്ടനാട്
കുട്ടം3 നാ. 1. വീടുകളുടെ കൂട്ടം; 2. ബഹളം
കൂട്ടം4 [പ്രാ] നാ. കുഷ്ഠരോഗം
കുട്ടമിതം നാ. നായികാശ്രിതങ്ങളായ 28 അലങ്കാരങ്ങളിൽ ഒന്ന്
കുട്ടമ്മ നാ. വധുവിനു സഹായിയായി നിൽക്കുന്ന സ്ത്രീ
കുട്ടയാട്ടുക ക്രി. കൊട്ടയാട്ടുക
കുട്ടല, നാ. ഒരു നരകം
കുട്ടാക വി. ഭാഗിക്കുന്ന, ഛേദിക്കുന്ന
കുട്ടാകൻ നാ. ആശാരി, തച്ചൻ
കുട്ടാരം1 നാ. പർവതം
കുട്ടാരം2 നാ. 1. സ്ത്രീസങ്ഗം; 2. കമ്പിളിപ്പുതപ്പ്
കുട്ടാല നാ. ക്ഷേത്രത്തിൻെറ ഭണ്ഡാരം സൂക്ഷിക്കുന്ന സ്ഥലം
കുട്ടാഴി നാ. നാട്ടുകാർ ക്ഷേത്രത്തെലേക്കു സംഭാവനചെയ്യുന്ന ധനം
കുട്ടി വി. 1. ചെറിയ; 2. പ്രായംകുറഞ്ഞ. നാ. 1. കുഞ്ഞ്; 2. പ്രായപൂർത്തിയാകാത്തകുഞ്ഞ്; 3. സന്താനം; 4. ബാല്യം; 5. വിദ്യാർഥി; 6. വണ്ടിച്ചക്രത്തിൻെറ ആരക്കാലുകൾ ഘടിപ്പിച്ചിരിക്കുന്ന കുടം; 7. അമരി; 8. ചുറ്റിക
കുട്ടിക്കരണം നാ. തലനിലത്തുകുത്തി ശരീരം മറിക്കൽ, തലകുത്തിമറിയൽ. (പ്ര) കുട്ടിക്കരണം മറിയുക
കുട്ടിക്കളി നാ. 1. കുട്ടികളുടെ കളി; 2. നിസ്സാരകാര്യം
കുട്ടിക്കഴുക്കോൽ നാ. കോടിക്കഴുക്കോലിൽനിന്നും ഇറക്കുന്ന ചെറുകഴുക്കോൽ
കുട്ടിക്കാലം നാ. ബാല്യകാലം
കുട്ടിക്കാവ് നാ. അവിവാഹിതയായ നമ്പൂതിരിബാലിക
കുട്ടിച്ചാത്തൻ നാ. 1. ഒരു സേവാമൂർത്തി; 2. സൂത്രശാലി

കുട്ടിച്ചുവര് നാ. 1. ചെറിയ ചുവര്; 2. ഇടിഞ്ഞമതിൽ; 3. വരാന്ത; 4. മണ്ടൻ, മടയൻ

കുട്ടിച്ചോറാവുക ക്രി. നാനാവിധമാകുക, നശിക്കുക

കുട്ടിച്ചോറ് നാ. നാശം, ഉപദ്രവം

കുട്ടിത1 വി. പൊടിക്കപ്പെട്ട

കുട്ടിത2 നാ. ഞരമ്പുകീറുന്നതിലുള്ള അപാകത

കുട്ടിത്തം നാ. 1. കുട്ടികളുടെ സ്വഭാവം; 2. ബാല്യം

കുട്ടിത്തരം നാ. 1. അപ്രധാനം; 2. കഥകളിയിലെ അപ്രധാനവേഷം

കുട്ടിത്തേമാങ്ക്, നാ. 1. ഒരുജാതി വന്യജന്തു; 2. മടിയൻ

കുട്ടിതേവാങ്ക് നാ. കുട്ടിത്തേമാങ്ക്

കുട്ടിനര നാ. ചെറുപ്പത്തേ്ല ബാധിക്കുന്ന നര

കുട്ടിനി നാ. വേശ്യ, കുട്ടനി

കുട്ടിപ്പട്ടർ നാ. നമ്പൂതിരിയില്ലങ്ങളിലും കോവിലകങ്ങളിലും മറ്റും സേവകനായി ജോലിചെയ്യുന്ന പരദേശിബ്രാഹ്മണൻ

കുട്ടിപ്പണം നാ. കുട്ടിയെ ഏറ്റുവാങ്ങുമ്പോൾ വയറ്റാട്ടിക്ക് പാരിതോഷികമായി കൊടുക്കുന്ന പണം

കുട്ടിപ്പുര നാ. 1. ക്ഷേത്രങ്ങളിലെ ശാന്തിക്കാരും കൊട്ടാരങ്ങളിലെ വിചാരിപ്പുകാരും മറ്റും തങ്ങളുടെ സ്വന്തം സാധനസാമഗ്രികൾ വച്ചുസൂക്ഷിക്കുന്ന പുര; 2. ചെറിയപുര; 3. കുട്ടികൾ കളിക്കാനായി നിർമിക്കുന്ന പുര

കുട്ടിപ്പെടുക ക്രി. 1. പ്രസവിക്കുക; 2. ഋതുവാകുക

കുട്ടിപ്പെട്ടകല്യാണം ആ. തിരണ്ടുകല്യാണം

കുട്ടിമം നാ. 1. പലതരത്തിലുള്ള ചെറിയ കല്ലുകൾ പാകിയ തളം; 2. കെട്ടിടനിർമാണത്തിനായി ഒരുക്കിയിട്ടുള്ള തറ; 3. രത്നഖനി; 4. ചെറുകുടിൽ; 5. താളിമാതളം

കുട്ടിമൂപ്പ് നാ. ഇളംപ്രായക്കാർക്കുകിട്ടുന്ന ആധിപത്യം

കുട്ടിയച്ചൻ നാ. ചെറിയച്ചൻ

കുട്ടിയടി നാ. 1. ഒരുതരം കളി; 2. ധാരാളമായിരിക്കുന്ന അവസ്ഥ

കുട്ടിയാതി നാ. 1. ഭൃത്യൻ; 2. ഒരു പുരുഷനാമം

കുട്ടിയാൻ നാ. ആൺപട്ടി

കുട്ടിയുടുപ്പ് നാ. 1. കുട്ടികൾക്കുള്ള ഉടുപ്പ്; 2. ചെറിയ ഉടുപ്പ്

കുട്ടിയുംകോലും നാ. ഒരുതരം കളി, അതിനുപയോഗിക്കുന്ന ചെറിയകമ്പും വലിയകമ്പും

കുട്ടിയൂൺ നാ. കുഞ്ഞൂണ്

കുട്ടിവാപ്പ നാ. 1. (മുസ്ലിം) അച്ഛൻെറയനുജൻ, ചിടപ്പൻ; 2. അമ്മയുടെ രണ്ടാംഭർത്താവ്; 3. അമ്മയുടെ അനുജത്തിയുടെ ഭർത്താവ്

കുട്ടിവിരൽ നാ. 1. കൈയിലോ കാലിലോ അധികമുണ്ടാകുന്ന വിരൽ; 2. ചെറിയവിരൽ

കുട്ടിവേഷം നാ. 1. കുട്ടികളുടെ വേഷം; 2. കഥകളിയിലെ അപ്രധാനകഥാപാത്രത്തിൻെറ വേഷം, കുട്ടിത്തരം

കുട്ടിഹാരിക നാ. 1. ഭൃത്യ; 2. അടിമ
കുട്ടീരകം നാ. കുടിൽ, കുടീരകം
കുട്ടീശ്വരം നാ. നാശം
കുട്ടുക ക്രി. 1. മുഷ്ടിചുരുട്ടി ഇടിക്കുക; 2. കുത്തുക; 3. ദേഹോപദ്രവം ഏൽപ്പിക്കുക
കുട്ടുകം നാ. കുട്ടകം
കുട്ടുകങ്കുഴി നാ. കിണറിൻെറയടിയിൽ കുഴിക്കുന്ന ചെറുകുഴി, പാളക്കുഴി
കുട്ടുപ്പായൽ നാ. കുടപ്പായൽ
കുട്ടുപ്പാള നാ. കുത്തുപാള
കുട്ടുവം1 നാ. ചാന്നാൻമാരുടെ ശവസംസ്കാരവേളയിലെ സങ്ഗീതം
കുട്ടുവം2 നാ. കുട്ടുകം
കുട്ടുവൻ നാ. 1. ച്ചെരൻ; 2. കുട്ടനാടൻ
കുട്ടൂർളിപ്പക്ഷി നാ. ഓലേഞ്ഞാലി എന്ന പക്ഷി
കുഠം നാ. വൃക്ഷം
കുഠരം നാ. = കുടരം
കുഠാകു നാ. മരങ്കൊത്തി എന്ന പക്ഷി
ജുഠാടങ്കം നാ. കോലാലി, മഴു
കുഠാരകം നാ. കൈക്കോടാലി, മഴു, കുഠാരം
കുഠാരആണി നാ. പരശുരാമൻ
കുഠാരം നാ. 1. മഴു, കോടാലി, കൈക്കോടാലി; 2. കട്ടാരി, മൂർച്ചയുള്ള ഏതെങ്കിലും ആയുധം; 3. (ആല) നാശഹേതു; 4. (മണ്ണുകിളയ്ക്കുന്ന) ഒരിനം മൺവെട്ടി; 5. ഒരു വൃക്ഷം
കുഠാരി നാ. 1. കോടാലി, മഴു; 2. കോടാലിയുടെ ആക്ര്6തിയിലുള്ള ചെറിയ ഒരായുധം
കുഠാരികൻ നാ. കോടാലിക്കാരൻ, മഴുവുപയോഗിക്കുന്നവൻ, മരം വെട്ടുന്നവൻ.
കുഠാരിണി [സം. കുഠാരിണി] നാ. (സമാസാന്ത്യത്തിൽ) വിനാശകാരിണി, കുഠാരിയായവൾ.
കുഠാരു നാ. 1. വൃക്ഷ,ം; 2. കുരങ്ങ്; 3. പടച്ചട്ടയും ആയുധങ്ങളും ഉണ്ടാക്കുന്നവൻ
കുഠി നാ. 1. വൃക്ഷം; 2. പർവതം
കുഠികം നാ. ഒരുതരം ചെടി
കുഠേരകം നാ. 1. തുളസി; 2. വെളുത്തചെറുതുളസി; 3. പടുകരണ
കുഠേരജം നാ. വെഉത്തചെറുതുളസി
കുഠേരം നാ. 1. ഒരിനം ചെറുതുളസിച്ചെടി; 2. അഗ്നി
കുഠേരു നാ. വിശറിയോ ചാമരമോ കൊണ്ടു വീശിയുണ്ടാക്കുന്ന കാറ്റ്
കുഡങ്ഗം നാ. വള്ളിക്കുടിൽ, ലതാഗൃഹം

കുഡപം,കുഡുംബം നാ. ഒരളവ്, ധാന്യങ്ങൾ തടികൾ മുതലായവ അളക്കാനുള്ള ഒരുവക അളവ്, പ്രസ്ഥത്തിൻെറ നാലിലൊന്ന്, നാഴി, തൂക്കമാണെങ്കിൽ നാലുപലം
കുഡി നാ. ശരീരം
കുഡിക നാ. ജലപാത്രം (ഭിക്ഷുക്കൾ ഉപയോഗിക്കുന്നത്)
കുഡുപം നാ. ആഭരണങ്ങളുടെ കൊളുത്ത്
കുഡുബം നാ. ഒരു അളവ്, നാഴി; 2. പന്ത്രണ്ടുപലം
കുഡുവം നാ. = കുഡുബം
കുഡ്ത്ത [ഹി.കുർത്ത] നാ. ഒരുതരം ഉടുപ്പ്, കുപ്പായ
കുഡ്മളകം നാ. കറുത്ത ആമ്പൽ, നീലോത്പലം
കുഡ്മളം നാ. 1. വിടർന്നു വരുന്ന പൂമൊട്ട്; 2. ഒരു നരകം
കുഡ്മളിത വി. 1. മുകുളിത, മൊട്ടിട്ട, വികസിച്ച; 2. പ്രസന്നമായ; 3. മന്ദഹസിക്കുന്ന; 4. പകുതിയടഞ്ഞ
കുഡ്മളീകൃത വി. (കുഡ്മലി കൃധാതുവിനോടു സമാസിക്കുമ്പോൾ കുഡ്മളം എന്ന പദം അവലംബിക്കുന്ന രൂപം) കൂമ്പിയ, മൊട്ടുപോലെ ആക്കിത്തീർത്ത
കുഡ്യ നാ. 1. ചുവര്, ഭിത്തി; 2. ചുവരിൽ കുമ്മായം തേയ്ക്കൽ, വെള്ളയടിക്കൽ
കുഡ്യകം നാ. ചുവര്
കുഡ്യചിത്രം നാ. ചുവർച്ചിത്രം
കുഡ്യച്ഛേദി നാ. ചുവരുതുരന്നു മോഷ്ടിക്കുന്നവൻ, കള്ളൻ
കുഡ്യച്ഛേദ്യൻ നാ. കുഴിക്കുന്നവൻ
കുഡ്യച്ഛേദ്യം നാ. ചുവരിലുള്ള ദ്വാരം, വിടവ്
കുഡ്യം നാ. 1. ചുവര്, ഭിത്തി; 2. ചുവരിൽ കുമ്മായംതേയ്ക്കൽ, വെള്ളയടിക്കൽ; 3. ജിജ്ഞാസ, കൗതുകം
കുഡ്യമത്സ്യം നാ. ഗൗളി
കുണ [കുണക്കുക] ധാതുരൂപം
കുണക് [കുണക്കുക] ധാതുരൂപം
കുണക [പ.മ.] നാ. കുണവായ്
കുണകം നാ. പിറന്നധികം കഴിയാത്ത മൃഗക്കുട്ടി
കുണകുക ക്രി. 1. കുഴയുക, തളരുക, ചോമ്പുക; 2. വളയുക; 3. ചോരുക
കുണക്ക് നാ. 1. വളവ്; 2. കിഴക്ക്; 3. എതിർപ്പ്; 4. രോഗം മൂർച്ഛിച്ചു രോഗിയുടെ നില അപകടത്തിലാകുന്ന അവസ്ഥ
കുണച്ചഞ്ജ(രം) നാ. കാട്ടുചീര
കുണട്ട്1 [കുണട്ടുക] ധാതുരൂപം
കുണട്ട്2 നാ. കതിർക്കുല
കുണട്ടുക ക്രി. 1. ശിശുക്കളെപ്പോലെ ചെല്ലംകൊഞ്ചുക, കൊഞ്ചിപ്പറയുക; 2. ഗണികകളെപ്പോലെ കൊഞ്ചിക്കുഴഞ്ഞു സംസാരിക്കുക, ശ്രുംങ്ഗരിക്കുക; 3. തുള്ളിക്കളിക്കുക
കുണതിച നാ. കിഴക്കുദിക്ക്

കുണപജലം നാ. പലവസ്തുക്കൾ ചേർത്തുണ്ടാക്കുന്ന ഒരിനം കഷായം
കുണപം നാ. 1. ശവം, മൃതദേഹം; 2. ശരീരം (നിന്ദാർഥസൂചകമായി); 3. ദുർഗന്ധം; 4. ശവത്തിൻെറ ഗന്ധമുള്ളത്; 5. (ആയുർ) ശുക്ലദോഷങ്ങളിൽ ഒന്ന്; 6. ഓടമരം; 7. കുന്തം; 8. ചുടുകാട്ടിലുള്ള പിശാച്
കുണപാശനൻ നാ. കുണപാശി
കുണപാശി നാ. ശവംതിന്നുന്നവൻ, രാക്ഷസൻ, പിശാച്, കുണപാശനൻ
കുണപി നാ. ഒരുതരം മൈന, കവളം കാളി
കുണപുലം നാ. ചോളരാജ്യം.കിഴക്കൻനാട്
കുണയ്ക്കുക ക്രി. മൈഥുനംചെയ്യുക, സംഭോഗംചെയ്യുക
കുണവായ് നാ. 'കിഴക്കേ വാതിൽ' തൃക്കണാമതിലകം, ഗുണക, ഗുണപുരി
കുണഷ്ട്,കൊ– നാ. 1. ഉപദ്രവം, കുഴപ്പം, തൊന്തരവ്, സൊല്ല, വിഷമം പിടിച്ചകാര്യം; 2. വക്രത, കുശുമ്പ്
കുണാപ്പൻ,കുണേ– നാ. മടയൻ, വിഡ്ഢി, വകയ്ക്കുകൊള്ളാത്തവൻ
കുണാപ്പിക്കുക ക്രി. വിഡ്ഢിയാക്കുക, ചതിക്കുക
കുണാലൻ നാ. അശോകൻെറ പുത്രന്മാരിൽ ഒരാൾ
കുണാലം നാ. ഒരുതരം പക്ഷി
കുണി നാ. 1. ചൊങ്കുകൈയൻ, രോഗാദികൊണ്ടു ശോഷിക്കുകയോ വളയുകയോചെയ്ത കൈയുള്ളവൻ, കൈപ്പത്തിയോ വിരലോ നഷ്ടപ്പെട്ട കൈത്തണ്ടോടുകൂടിയവൻ; 2. ഒരു രോഗം, കുഴിനഖം; 3. പടുകരണ; 4. പൂവരശ്; 5. ഒരു രാജകുമാരൻെറ പേര്, ജയൻെറ പുത്രൻ
കുണിന്ദം നാ. കുളിന്ദം
കുണിശം നാ. ഒരു ചെറിയ അംശം
കുണുകുണുക്കുക ക്രി. മൂക്കിൽക്കൂടി സംസാരിക്കുക, വ്യക്തമായി കേൾക്കത്തക്കവണ്ണം സംസാരിക്കുക, അടക്കംപറയുക , കുശുകുശുക്കുക
കുണുക്കം നാ. 1. കുലുക്കം, കുലുങ്ങിക്കൊണ്ടുള്ള ഇളക്കം, ആട്ടം; 2. കൊഞ്ചിക്കുഴയൽ.
575
കുണുക്ക് നാ. 1. ഒരുതരം കർണാഭരണം, ഡോലക്ക് (കമ്മലിൽ കോർത്തു തൂകിയിടുന്നത്); 2. കുണുങ്ങിയുള്ള നടപ്പ്; 3. വിഴുപ്പുനാറ്റം, വിയർപ്പുനാറ്റം
കുണുക്കുക [കുണുങ്ങുക>പ്ര] ക്രി. 1. കുലുക്കുക; 2. വളയ്ക്കുക
കുണുങ്ങുക ക്രി. 1. തലയോ ശരീരമോ അഴകോടെ കുലുങ്ങുക, ചന്തംതോന്നുമാറ് ചലിക്കുക, മന്ദമായി ആടുക; 2. കുഞ്ഞുങ്ങളെപ്പോലെ സംസാരിക്കുക, മൂക്കിൽക്കൂടിപ്പറയുക; 3. നാണംഭാവിച്ചുനിൽക്കുക, കൊഞ്ചിക്കുഴയുക. നാ. കുണുങ്ങൽ
കുണ്ട1 നാ. 1. നിന്ദ്യമായത്, നീചമായത്, താഅത്; 2. മീൻകുട്ട; 3. കന്നുകാലികളു മുതിരയരയ്ക്കാൻ ഉപയോഗിക്കുന്ന ഒരുപകരണം; 4. ചുവട്, മൂട്, മാണം. ഉദാഃ കായൽക്കുണ്ട; 5. കൂമ്പാരം, കൂന, തുറു, വയ്ക്കോൽ ഉണക്കിക്കൂട്ടിവയ്ക്കുന്ന കൂന. കുണ്ടകൂട്ടുക = വയ്ക്കോലുകൂട്ടി തുറുവുണ്ടാക്കുക; 6.

ഞാറോ മറ്റോ ഒന്നിനുമേലെ ഒന്നായി വയ്ക്കുന്നത്. കുണ്ടയിടുക = ഞാറുപറിച്ചുകൊണ്ടുവന്നു കൂട്ടിയിട്ടു പഴുപ്പിക്കുക
കുണ്ട2 നാ. 1. ദാസി, വേലക്കാരി; 2. അടിമ; 3. വേശ്യ
കുണ്ടാ വി. തടിച്ചുകൊഴുത്ത
കുണ്ടകം നാ. 'കുഴിഞ്ഞ അകം', അടുക്കളയിൽനിന്നും പടിഞ്ഞാറ്റകത്തിൻെറ പടിഞ്ഞാറുവശം ഇറങ്ങാനുള്ള ചായ്പ്
കുണ്ടകുത്തി നാ. ദരിദ്രൻ
കുണ്ടക്കംമണ്ടക്കം അവ്യ. അങ്ങോട്ടുമിങ്ങോട്ടും, ആയാസപ്പെട്ടുകൊണ്ട്, ഒരു ഉദ്ദ്യേശ്യവുമില്ലാതെ, അങ്ങുമിങ്ങും ഉദാഃ കുണ്ടക്കം മണ്ടക്കം നടക്ക
കുണ്ടക്കോഴി നാ. കുറ്റിക്കാടുകളിൽ കാണപ്പെടുന്ന ഒരിനം പക്ഷി
കുണ്ടച്ചൻ നാ. അണ്ണാൻ
കുണ്ടട നാ. 'കുണ്ട്(കുഴി)അടയ്ക്കാനുളത്', വലിയ അടുപ്പിൽ ചെറിയപാത്രം വയ്ക്കേണ്ടിവരുമ്പോൾ സൗകര്യത്തിനായി വയ്ക്കുന്നത് (കല്ലോ ഓടോ തൊണ്ടോ)
കുണ്ടടുപ്പ് നാ. കുഴിയടുപ്പ്
കുണ്ടണച്ചി നാ. വഴക്കാളിയായ സ്ത്രീ
കുണ്ടണി നാ. 1. ഏഷണി, നുണ; 2. കുസൃതി, വികൃതിത്തരം (പ്ര) കുണ്ടണിക്കാരൻ = 1. നുണപറയുന്നവൻ; 2. കുസൃതികാട്ടുന്നവൻ (സ്ത്രീ) കുണ്ടണിക്കാരി. കുണ്ടണിക്കുടുക്ക = കുസൃതിക്കുടുക്ക, കുസൃതികളിൽ താത്പര്യമുള്ള ആൾ
കുണ്ടണിമങ്ക നാ. 1. ഒരു ഉപദേവത; 2. (പ്ര) ഏഷണിപറയുന്നവൾ
കുണ്ടൻ1 വി. 1. ആസമുള്ള, താഴ്ചയുള്ള; 2. താണ, കുഴിഞ്ഞ, കുടുവനായ; 3. കുണ്ടുള്ള, ഇടുങ്ങിയ, ദുർഘടമായ, കുണ്ടും കുഴിയും നിറഞ്ഞ. ഉദാഃ കൂൻറൻ മ്രി, കുണ്ടൻ അഴി. നാ. 1. അടിമ; 2. ദുർബലനും സമർഥനുമായ പണിക്കാരൻ; 3. മുടന്തൻ, അങ്ഗഭങ്ഗമുള്ളവൻ; 4. ഒരു പുരുഷനാമം; 5. കുറവൻ (സ്ത്രീ) കുണ്ടത്തി, കുണ്ടോത്തി. കുണ്ടക്കുറവൻ = കുറവരിൽ ഒരു പ്രത്യേക വർഗം; 6. പുലയരിൽ ഒരു വിഭാഗം; 7. കുട്ടി, ചെറുക്കൻ
കുണ്ടൻ2 നാ. 1. കുണ്ഡൻ; 2. സ്വഭാവഗുണമില്ലാത്തവൻ, നിന്ദ്യൻ; 3. പുരുഷൻ സ്വവർഗസംഭോഗത്തിനുപയോഗിക്കുന്ന ബാലൻ; 4. മൂരിക്കുട്ടൻ, കാളക്കുട്ടി (പ്ര) കുണ്ടനാടുക, കുണ്ടാടുക = കീഴ്ത്തരം വേല, നീചമായ പ്രവൃത്തി, മോശപ്പെട്ട പണി
കുണ്ടനാച്ചി,കൊണ്ട– നാ. (സങ്ഗീ) ഒരുതരം താളം
കുണ്ടം നാ.1. കുണ്ട്, കുഴി; 2. കൂമ്പാരം, കൂന; 3. കുടം; 4. കുറ്റി
കുണ്ടൽ നാ. വർഷാവസാനത്തിൽ പണിക്കാർക്കുകൊടുക്കുന്ന അവകാശം
കുണ്ടലി നാ. വൃത്താകൃതിയിൽ കുണ്ടുള്ള വലിയപാത്രം, കുട്ടകം
കുണ്ടളപ്പുഴു നാ. (കൊമ്പൻ) ചെല്ലിയുടെ മുട്ടവിരിഞ്ഞുണ്ടാകുന്ന വെളുത്തുതടിച്ച പുഴു (സാധാരണ ചാണകക്കുണ്ടിലും മറ്റും കാണുന്നത്)

കുണ്ടറ നാ. 1. ഭൂമിക്കടിയിൽ കെട്ടിയിട്ടുള്ള തടവുമുറി; 2. നിലവറ; 3. കൊല്ലം ജില്ലയിലുള്ള ഒരു സ്ഥലം
കുണ്ടറവിളംബരം നാ. 1809-ൽ വേലുത്തമ്പിദളവ കുണ്ടറവച്ചുചെയ്ത ചരിത്രപ്രസിദ്ധമായ വിളംബരം
കുണ്ടാണം നാ. 1. കുഴപ്പം, നാശം; 2. ജനനേന്ദ്രിയം (പുലയരുടെ ഭാഷ)
കുണ്ടാണി നാ. 1. ഓവുചാൽ; 2. ഒരിനം ചെറിയ മത്സ്യം
കുണ്ടാമണ്ടി നാ. 1. തോന്ന്യാസം, കുരുത്തക്കേട്, കുറുമ്പ്; 2. കുണ്ടാമണ്ടികാണിക്കുന്ന ആൾ, കുസൃതി. കുണ്ടാമണ്ടിക്കുടുക്ക = കുസൃതികാട്ടുന്ന ആൾ (കുസൃതികാട്ടുന്ന കുഞ്ഞുങ്ങളെക്കുറിക്കാൻ സാധാരണയായിപ്രയോഗം); 3. കുഴപ്പം, ആപത്ത്, അപകടം
കുണ്ടാവു നാ. 1. ഒരായുധം; 2. ഒരുതരം പാത്രം
കുണ്ടി നാ. 1. ആസനം, ചന്തി, പൃഷ്ഠം. (പ്ര) ഉടുക്കാക്കുണ്ടി = വസ്ത്രംകൊണ്ടു മറക്കപ്പെടാത്ത പൃഷ്ഠം. കുണ്ടികഴുകുക = ശൗചിക്കുക; 2. ചെറിയപാത്രം, കുണ്ടിക; 3. പാത്രത്തിൻെറ അടിവശം. കുണ്ടിയിടുക = ഉടയുക, ചുവട്ടിൽ ദ്വാരം വീഴുക, നടുക്കു കീറലുണ്ടാകുക; 4. പറങ്കിമാങ്ങ (അണ്ടികൂടാതെയുള്ള ഭാഗം). (പ്ര) കാറക്കുണ്ടി = പഴുക്കാത്ത പറങ്കിമാങ്ങ; 5. യോനി; 6. ലിങ്ഗം; 7. കരിമ്പിൻതണ്ടിൻെറ മുട്ടുകളുടെ ഇടയിലുള്ള ഭാഗം. (പ്ര) കുണ്ടിക്കാണം = വേശ്യാവൃത്തിക്കു ചുമത്തിയിരുന്ന നികുതി. കുത്തുന്ന മൂരിയുടെ കുണ്ടിയിൽക്കയർ = സൂചി. ഒരുകുണ്ടിയിൽ രണ്ടുപാമ്പാട്ടം = രണ്ടുപേർചേർന്നുള്ള നെല്ലുകുത്തൽ (കടങ്കഥ)
കുണ്ടിക നാ. കമണ്ഡലു, ജലപാത്രം
കുണ്ടികുലുക്കി നാ. ഊരയാട്ടിപ്പക്ഷി, കുണ്ടിയാട്ടി, കുണ്ടികുലുക്കൻ
കുണ്ടിക്കായ് നാ. 1. വൃക്കകൾ; 2. ഹൃദയം; 3. പൃഷ്ഠഭാഗം; 4. മൂത്രാശയം, വൃഷണം; 5. പറങ്കിമാമ്പഴം (അണ്ടിയൊഴികെയുള്ള ഭാഗം)
കുണ്ടിയാട്ടി നാ. കുണ്ടികുലുക്കി
കുണ്ട്1 നാ. 1. കുഴി; 2. ആഴം, കയം; 3. ചെറിയകുളം; 4. ഒരളവ്, 1089 ചതുരശ്രയടി; 5. തുട. (പ്ര) കുണ്ടിലാവുക = ആപത്തിൽപ്പെടുക. കുണ്ടിൽക്കിടക്കുന്നവൻ = താഴ്ന്ന സ്ഥിതിയിലുള്ളവൻ. കുണ്ടും കുഴിയും = നിരപ്പില്ലാത്തഭൂമി. കുണ്ടും കുഴിയും കാണുക = നിരപ്പറിയുക. കുണ്ടിൽച്ചാടുക, -പതിക്കുക = അപകടത്തിൽപ്പെടുക. കുണ്ടിൽപ്പോയകണ്ണ് = കുഴിഞ്ഞുതാണിരിക്കുന്ന കണ്ണ്
കുണ്ട്2 നാ. 1. പന്ത്, പന്തുപോലെ ഉരുണ്ടവസ്തു; 2. ത്രാസ്സുകോൽ; 3. മൃഗങ്ങൗടെ വൃഷണം
കുണ്ടുകണ്ണ് നാ. ക്ഷീണംകൊണ്ടും മറ്റും കുഴിഞ്ഞുതാണിരിക്കുന്ന കണ്ണ്
കുണ്ടുകിണർ നാ. വെള്ളം കോരുന്നതിലേക്കുവേണ്ടി കുഴിച്ചുണ്ടാക്കുന്ന ആഴംകുറഞ്ഞ കിണർ (കല്ലുകെട്ടാത്തത്)
കുണ്ടുകുടി നാ. ഗുഹാഗൃഹം
കുണ്ടുകുളം നാ. കുഴിപോലെയുള്ള കുളം, കടവും മറ്റും കെട്ടിശരിപ്പെടുത്തിയിട്ടില്ലാത്ത കുളം, പൊട്ടക്കുളം

കുണ്ടുനൂല് നാ. കൊത്തന്മാരും (കല്ലാശാരിമാരും) മറ്റും നേർത്തൂക്കുനോക്കുന്നതിനുപയോഗിക്കുന്ന കട്ടയും നൂലും, തൂക്കുകട്ട
കുണ്ടുവളം നാ. കുഴിയിലിട്ടുപാകപ്പെടുത്തിയെടുക്കുന്ന വളം, കൂട്ടുവളം. കണ്ടത്തിനു കൂട്ടുവളം (പഴ)
കുണ്ടൂരി നാ. വലിച്ചുതുറക്കാവുന്ന ഒരുതരം പടിവാതിൽ, കൊണ്ടൂരി (തൊഴുത്തിലും മറ്റും സാധാരണയുപയോഗിക്കുന്നത്). (പ്ര) കുണ്ടുരിക്കഴൽ = തൊഴുത്തിൻെറ ഉമ്മറത്ത് അടയ്ക്കുന്നതും നീക്കുന്നതുമായ അഴിവാതിൽ
കുണ്ടൂശി നാ. മൊട്ടുസൂചി
കുണ്ട്യപ്പൻ നാ. ഒരുജാതി വലിയ നീർപ്പക്ഷി (കൊക്കുവർഗത്തിൽപ്പെട്ടത്)
കുണ്ഠ വി. 1. മൂർച്ചയില്ലാത്ത, മുനയില്ലാത്ത, പ്രഓജനമില്ലാത്ത; 2. ഊർജസ്വലമല്ലാത്ത; 3. മന്ദബുദ്ധിയായ, വിഡ്ഢിയായ, ഭോഷത്വമുള്ള. ഉദാഃ കുണ്ഠീ, കുണ്ഠമനസ്സ്; 4. ഉത്സാഹമില്ലാത്ത, പ്രവൃത്തിയിൽ മടിയുള്ള, കർമ സാമർഥ്യമില്ലാത്ത, വിഷണ്ണമായ
കുണ്ഠക വി. വിഡ്ഢിയായ
കുണ്ഠത നാ. 1. അലസത, മാന്ദ്യം, ക്ഷീണം, ദുഃഖം; 2. മൂർച്ചയില്ലായ്മ
കുണ്ഠത്വം നാ. = കുണ്ഠത
കുണ്ഠഭാവം നാ. 1. ഉന്മേഷമില്ലായ്മ, ബുദ്ധിമാന്ദ്യം, നിരാശത; 2. ദുഃഖഭാവം
കുണ്ഠം നാ. കാഠിന്യമുള്ള ഒരുജാതി ഇരുമ്പ്, പ്രാചീനഭാരതീയലോഹ വിജ്ഞാനീയമനുസരിച്ച് ഇരുമ്പിൻെറ മൂന്നു വകഭേദങ്ങളിൽ ഒന്ന്
കുണ്ഠിത വി. 1. മൂർച്ചകെടുത്തിയിട്ടുള്ള, മങ്ങൽ വരുത്തിയ; 2. നിരുത്സാഹപ്പെടുത്തിയ; 3. അങ്ഗഭങ്ഗംവരുത്തിയ, വികലമാക്കപ്പെട്ട; 4. മടയനായ, ബുദ്ധിയില്ലാത്ത; 5. ദുർബലമായ, വീര്യമില്ലാത്ത; 6. വലയംചെയ്യപ്പെട്ട, ചുറ്റപ്പെട്ട; 7. തടസ്സമുള്ള
കുണ്ഠിതം നാ. ഇച്ഛാഭങ്ഗം, ദുഃഖം, വ്യസനം, പരിഭവം (ഈ അർഥങ്ങൾ മലയാളഭാഷയിൽ മാത്രം)
കുണ്ഠേതര വി. മടിയില്ലാത്ത, ഉത്സാഹമുള്ള, തടവില്ലാത്ത
കുണ്ഡ1 നാ. വാവിസ്താരമേറിയ ഒരുതരം വലിയ പാത്രം
കുണ്ഡ2 നാ. ദുർഗാദേവി
കുണ്ഡകം നാ. പാത്രം
കുണ്ഡകീടൻ നാ. 1. പതിതനായ ബ്രാഹ്മണൻെറ പുത്രൻ; 2. ബ്രാഹ്മണസ്ത്രീയിൽ ജാരനുണ്ടായ പുത്രൻ; 3. വെപ്പാട്ടിമാരെ വച്ചുപുലർത്തുന്നവൻ; 4. നാസ്തികൻ, ചാർവാകമതാനുയായി
കുണ്ഡധര നാ. മനുഷ്യശരീരത്തിലെ ആറുകലകളിൽ ഒന്ന്
കുണ്ഡപായ്യം നാ. ഒരുതരം യാഗം
കുണ്ഡം നാ. 1. കുഴി (വെള്ളംശേഖരിക്കാനോ തീകൂട്ടാനോ വേണ്ടി ഉണ്ടാക്കുന്നത്); 2. ഹോമകുണ്ഡം; 3. കുടം, കലം, പാത്രം; 4. തീച്ചട്ടി; 5. ഭിക്ഷാപാത്രം; 6. കിണർ, ഊറ്റുകുഴി, തീർഥം; 7. പൊയ്ക, കുളം; 8. സമൂഹം
കുണ്ഡലൻ നാ. ഒരു നാഗം, സർപ്പസത്രാഗ്നിയിൽപ്പെട്ടു മരിച്ചു

കുണ്ഡലന നാ. ഒരു ചി ം, കയ്യെഴുത്തുഗ്രന്ഥങ്ങളിൽ വീഴക്ഷരങ്ങളെ വെട്ടുന്നതിന് അവയെ ചുറ്റിയിടുന്ന വട്ടം, മണ്ഡലം

കുണ്ഡലം നാ. 1. വൃത്താകൃതിയിലുള്ള ഒരുതരം കർണാഭരണം; 2. പഴയ ഓലഗ്രന്ഥങ്ങളിൽ അധ്യായം തുടങ്ങിയ മഹാഖണ്ഡങ്ങളുടെ അറുതിസൂചിപ്പിക്കാൻ ഇട്ടുപോന്ന ഒരു ചി ം; 3. വിലങ്ങ്; 4. കറ്റർച്ചുറ്റ്, കയർച്ചുരുൾ; 5. ഭാരതവർഷത്തിലെ ഒരു ജനപദം; 6. കുതുമ്പ; 7. ആകാശം; 8. വീഴക്ഷരങ്ങളെ വെട്ടുന്നതിന് ഉപയോഗിച്ചിരുന്ന വട്ടം; 9. മൂത്രാശയസംബന്ധിയായ ഒരു രോഗം; 10. (സങ്ഗീ) ഒരുതരം താളം. (പ്ര) കുണ്ഡലാകാരം = വൃത്താകൃതി. കുണ്ഡലം മറിയുക = വട്ടംകറങ്ങുക, തലകുത്തിമറിയുക

കുണ്ഡലി വി. 1. കുണ്ഡലംധരിച്ചിട്ടുള്ള; 2. വൃത്താകാരമായ, ചുരുണ്ട, ചുറ്റുള്ള. നാ. 1. പാമ്പ് (ചുരുണ്ടുകിടക്കുന്നതിനാൽ); 2. മയിൽ; 3. വരുണൻ; 4. മഹാവിഷ്ണു; 5. ശിവൻ; 6. പുള്ളിമാൻ; 7. ഗരുഡൻെറ ഒരു പുത്രൻ; 8. അർധവൃത്തം; 9. കുണ്ഡലിനീശക്തി

കുണ്ഡലിക നാ. 1. വെ്ത്തം, വലയം; 2. ജിലേബി

കുണ്ഡലിനി നാ. "കുണ്ഡലാകൃതിയിലുള്ളത്', 1. യോഗശാസ്ത്രമനുസരിച്ചു മൂലാധാരത്തിൽ സ്ഥിതിചെയ്യുന്ന ജീവശക്തി; 2. ചിറ്റമൃത്; 3. മഹാമായ, ദുർഗ; 4. ശൈവമതപ്രകാരമുള്ള ആറുപദാർഥങ്ങളിൽ ഒന്ന്; 5. ജിലേബി എന്ന പലഹാരം, കുണ്ഡലിക. കുണ്ഡലിനീതന്ത്രം = മൂലാധാരത്തിൽ സ്ഥിതിചെയ്യുന്ന ജീവശക്തിയെ സ്വാധീനമാക്കുന്ന വിദ്യ

കുണ്ഡലീക നാ. 1. വലയം, വൃത്തം; 2. മൂത്രാഘാതം കൊണ്ടുണ്ടാകുന്ന ഒരുതരം രോഗം, വാതകുണ്ഡലിക

കുണ്ഡലീകൃത വി. ഭൂ-കൃധാതുക്കളിൽനിന്നു നിഷ്പന്നങ്ങളായ പദങ്ങൾക്കുമുമ്പിൽ കുണ്ഡലശബ്ദം കൈക്കൊള്ളുന്ന രൂപം, ചുറ്റിക്കെട്ടിയിരിക്കുന്ന, ചുരുണ്ട

കുണ്ഡലീധരൻ നാ. ശിവൻ

കുണ്ഡലീശൻ നാ. 1. നാഗരാജാവ്; 2. അനന്തൻ; 3. വാസുകി; 4. തക്ഷകൻ; 5. കർണൻ (കുണ്ഡലമുള്ളവരിൽ ശ്രേഷ്ഠൻ)

കുണ്ഡാലം നാ. ശരീരത്തിൽ മുഴകളുണ്ടാക്കി പഴുത്തു പൊട്ടുന്ന ഒരുതരം രോഗം

കുണ്ഡാശി നാ. 'കുണ്ഡന്മാരുടെ അന്നം ഭക്ഷിക്കുന്നവൻ', 1. വിടന്മാരെക്കൊണ്ട് ഉപജീവനം കഴിക്കുന്നവൻ; 2. ധൃതരാഷ്ട്രരുടെ ഒരു പുത്രൻ

577

കുണ്ഡി1 നാ. 1. ജലപാത്രം, കുടം, കിണ്ടി, കമണ്ഡലു; 2. കുഴി; 3. കുളം

കുണ്ഡി2 നാ. 1. ശിവൻ; 2. കുതിര; 3. കുണ്ഡൻ, ജാരജാതൻ; 4. കുണ്ഡാശി; 5. ധൃതരാഷ്ട്രരുടെ ഒരു പുത്രൻ

കുണ്ഡിക നാ. 1. കമണ്ഡലു, ജലപാത്രം, കുടം; 2. സാമവേദാന്തർഗതമായ ഒരു ഉപനിഷത്ത്

കുണ്ഡിനം നാ. പുരാതന വിദർഭ രാജ്യത്തിൻെറ തലസ്ഥാനം (ദമയന്തിയുടെയും രുഗ്മിണിയുടെയും ജന്മസ്ഥലം)

കുണ്ഡീര വി. ശക്തിയുള്ള, ബലമുള്ള

കുണ്ഡീരൻ നാ. മനുഷ്യൻ
കുണ്ഡോദരൻ നാ. 1. കുടവയറൻ; 2. നൂറുപേരിൽ ഒരുവൻ; 3. ശിവൻെറ ഭൂതഗണങ്ങളിൽ ഒരാൾ; 4. ഒരു നാഗപ്രമുഖൻ; 5. എത്ര ഭക്ഷിച്ചാലും മതിവരാത്തവൻ, ശാപ്പാട്ടുരാമൻ
കുണ്ഡോധ്നി നാ. 1. കുടംപോലെ അകിടുള്ള പശു, ധാരാളം പാലുള്ള പശു; 2. കുടത്തിൻെറ ആക്ര്തിയിൽ മുഴുപ്പുള്ള സ്തനമുള്ളവൾ
കുണ്ണ നാ. പുരുഷൻെറ ലിങ്ഗം
കുത1 [കുതയുക] ധാതുരൂപം
കുത2 നാ. ഏതെങ്കിലും കൊള്ളിക്കാനോ ഉറപ്പിക്കാനോവേണ്ടി നിരപ്പിൽനിന്നു താഴ്ത്തിയുണ്ടാക്കുന്ന പൊഴി, കുതഞ്ഞതുപോലുള്ള അടയാളം. ഉദാഃ വില്ലിൻെറ കുത, തുലാത്തിലെ കുത; 2. തെങ്ങിലും മറ്റും ചവിട്ടിക്കയറാൻ വെട്ടിയുണ്ടാക്കിയ പഴുത്; 3. കിണറിൻെറ തൊടി (പടി)
കുത3 നാ. 1. കുതി, ചാട്ടം; 2. ഉപ്പൂറ്റി
കുതനം നാ. 1. അവശിഷ്ടം; 2. തേങ്ങാപ്പീര; 3. ഇഞ്ചയുടെ പരുപരുത്ത പുറന്തൊലി, തേച്ചുകഴിഞ്ഞ ഇഞ്ച
കുതനു വി. വിരൂപമായ, കുത്സിതമായ, ഭങ്ഗിയില്ലാത്ത. നാ. കുത്സിതമായ തനുവോടുകൂടിയവൻ, കുബേരൻ
കുതന്ത്രം നാ. 'കുത്സിതമായ തന്ത്രം', നിന്ദ്യമായ ഉപായം, ആക്ഷേപാർഹമായ മാർഗം, കൗശലത്തിലുള്ള പ്രവൃത്തി, ദുഷ്ടപ്രവൃത്തി
കുതന്ത്രി നാ. 1. വാൽ; 2. കമ്പികൾക്കുകേടുള്ള വീണ
കുതപൻ നാ. 1. സൂര്യൻ (ഭൂമിയെ തപിപ്പിക്കുന്നതിനാൽ); 2. പെങ്ങളുടെ മകൻ, ഭാഗിനേയൻ; 3. മകളുടെ മകൻ; 4. ത്രൈവർണികൻ, പ്രത്യേകിച്ചു ബ്രാഹ്മണൻ; 5. അഗ്നി; 6. അതിഥി
കുതപം നാ. 1. പകലിനെ പതിനഞ്ചായി ഭാഗിച്ചാൽ അതിൽ എട്ടാമത്തെ അംശം. കുതപസപ്തകം = ശ്രാദ്ധകർമത്തിനുവേണ്ട പ്രധാനപ്പെട്ട ഏഴുകാര്യങ്ങൾ (കൊമ്പുകൊണ്ടുള്ള പാത്രം, കമ്പിളി, വെള്ളി, ദർഭ, കുട്ടിയുള്ള പശു, എള്ള്, അപരാ കാലം); 2. ഒരുതരം കമ്പിളി; 3. കാള; 4. ഒരു വാദ്യോപകരണം (പ്രാചീനകാലത്ത് നാടകാവതരണത്തിന് ഉപയോഗിച്ചിരുന്ന ഒരു പക്കമേളം); 5. വെളുത്ത ദർഭപ്പുല്ല്
കുതപ്പ് [കുതക്കുക] നാ. കുതയുണ്ടാക്കുക, കുത
കുതം1 നാ. 1. കുതി, ചാട്ടം, കുതിക്കാൻ ആഞ്ഞുനിൽക്കൽ; 2. കഴിവ്; 3. ബലം. ഉദാഃ തോണിക്കു കുതമുണ്ട്; 4. സാധ്യത. ഉദാഃ കാര്യത്തിനു കുതമുണ്ട്; 5. ക്രമം, യോജിപ്പ്, ചേർച്ച. ഉദാഃ തമ്മിൽക്കെട്ടുവാൻ കുതമുണ്ട്; 6. കുതികാൽ, ഉപ്പൂറ്റി, പാദത്തിൻെറ പിൻ ഭാഗം
കുതം2 നാ. ഗുദം (ഗ്രാമ്യം)
കുതം3 [പ്രാ.ഖുദ] നാ. തുമ്മൽ
കുതമ്പുക ക്രി. 1. തിളച്ചുമറിയുക; 2. കുമ്മിളവന്നു മറിയുക; 3. കോപിക്കുക; 4. കൊതിക്കുക, അതിയായി ആഗ്രഹിക്കുക; 5. വസ്ത്രങ്ങൾ വെള്ളത്തിലിട്ടു പതുക്കെ ഉലയ്ക്കുക, കഴുകുക; 6. അവയ്ക്കുക (അരിയുടെ തവിടുകളയാനും മറ്റും), പതുക്കെക്കുത്തുക. (പ്ര) കുതയുക = 1. കുതയുണ്ടാവുക ; 2. കുതയുണ്ടാക്കുക

കുതയ്ക്കുക ക്രി. 1. (മരത്തിൽ കയറുന്നതിനും മറ്റും) കുതവെട്ടിയുണ്ടാക്കുക; 2. കിണറ്റിലിറങ്ങുന്നതിനുവേണ്ടി പടികളുണ്ടാക്കുക; 3. കുതപോലെ പഴുതുണ്ടാക്കുക

കുതർക്കം നാ. 1. അസംബന്ധമോ അനാവശ്യമോ ആയ വാദം, തർക്കിക്കാൻവേണ്ടി മാത്രമുള്ള തർക്കം, ശുഷ്കവാദം; 2. ശാസ്ത്രവിരുദ്ധമായ വാദഗതി, സ്വതന്ത്രവാദം

കുതർക്കുക1 ക്രി. കുതിർക്കുക

കുതർക്കുക2 ക്രി. കുത്തിക്കീറുക, തുളയ്ക്കുക

കുതരുക1 ക്രി. കുതിരുക

കുതരുക2 ക്രി. 1. കീറുക, പിളരുക; 2. തുളയുക, തുളച്ചുകയറുക; 3. ഉതറുക, കുതറുക

കുതൽ1 നാ. 1. ശിശുക്കളുടെകൊഞ്ചൽ, അക്ഷരവ്യക്തിയില്ലാത്ത സംസാരം (പ.മ.); 2. തറുതല പറച്ചിൽ. (പ്ര) കുതലിക്കുക = അക്ഷരശുദ്ധിയില്ലാതെ സംസാരിക്കുക, കൊഞ്ചയോടുകൂടിപ്പറയുക

കുതൽ2 നാ. ഈർപ്പം, നനവ്

കുതസ്ത്യ വി. 1. എവിടെനിന്നുവന്ന; 2. എങ്ങനെസംഭവിച്ച

കുതഃ അവ്യ. 1. എവിടെനിന്ന്?; 2. എന്തിൽനിന്ന്?; 3. എവിടെ, വേറെയെവിടെ, മറ്റെവിടെ?; 4. എന്തുകൊണ്ട്, എന്തിന്, എന്തുകാര്യത്തിനുവേണ്ടി?; 5. എങ്ങനെ, ഏതുരീതിയിൽ?; 6. എന്തെന്നാൽ

കുതള നാ. ഒരിനമ്പക്ഷി

കുതറ് [കുതറുക] ധാതുരൂപം

കുതറത്ത് [അറ] നാ. ശക്തി, അനുഗ്രഹം

കുതറുക ക്രി. 1. അന്യൻെറ പിടിയിൽനിന്നു രക്ഷപ്പെടുവാൻവേണ്ടി ശക്തിപ്രയോഗിക്കുക, പിടഞ്ഞുമാറുക, ഉതറുക, കുടഞ്ഞൊഴിയുക; 2. തെറ്റിമാറുക, പിന്തിരിയുക, വ്യതിചലിക്കുക; 3. മദിച്ചുകയറുക, തള്ളിക്കയറുക; 4. തർക്കിക്കുക; 5. കലഹിക്കുക, ശണ്ഠപിടിക്കുക; 6. കുത്തുക, കീറുക, കുത്തിപ്പിളർക്കുക, ഛിന്നഭിന്നമാക്കുക; 7. കോരി എറിയുക. നാ. കുതറൽ

കുതാർക്കികൻ നാ. ദുസ്തർക്കം പറയുന്നവൻ, കുതർക്കക്കാരൻ

കുതി നാ. 1. കുതിക്കൽ, കുതിച്ചുചാട്ടം; 2. കുതികാൽ, ഉപ്പൂറ്റി; 3. ചെരുപ്പിൻെറ പുറകിലത്തെ ഭാഗം. (പ്ര) കുതികൊള്ളുക

കുതികാൽവെട്ടുക ക്രി. 1. (തൂക്കാൻ വിധിക്കപ്പെട്ട ആളിൻെറ) കാലിലെ പെരുഞരമ്പു മുറിക്കുക; 2. ചതിക്കുക. നാ. കുതികാൽവെട്ടൽ. (പ്ര) കുതികാൽ‍വെട്ട് = വഞ്ചന, ചതി. കുതികാൽതോണ്ടി = ചതിയൻ

കുതിക്കുക ക്രി. 1. ചാടുന്നതിനായി മേൽപ്പോട്ടുകാലുകൾ ആയംകൊടുത്തു പൊങ്ങുക, ചാടുക, പൊങ്ങിച്ചാടുക, ആയംകൊള്ളുക; 2. തിളയ്ക്കുക, തിഅച്ചുമറിയുക. (പ്ര) കുതിച്ചുകയറുക, കുതിച്ചുചാടുക, കുതിച്ചുപായുക ഇത്യാദി

കുതിഞരമ്പ് നാ. ഉപ്പൂറ്റിയുടെ മുകളിൽ കണങ്കാലിൻെറ പിൻഭാഗത്തുള്ള ഒരു ഞരമ്പ്

കുതിപ്പ് നാ. 1. ചാട്ടം, ആയംകൊണ്ടുപൊങ്ങിവീഴൽ, ചാടുവാനുള്ള ഓങ്ങൽ; 2. അഹങ്കാരം, ഗർവം; 3. ഒരിനം മത്സ്യം

കുതിർക്കുക [കുതിരുക>പ്ര] ക്രി. അടർക്കുക, ഇത്യാദി

കുതിർച്ച നാ. നനവ്, ഈറൻ
കുതിർപ്പ് നാ. നനയ്ക്കൽ, കുതിർക്കൽ
കുതിർ [കുതിരുക] നാ. കുതിർച്ച
കുതിർ1 [കുതിരുക] ധാതുരൂപം
കുതിർ2 നാ. നൽവയലുകളിൽ ഞാറുനടുന്നതിനുവേണ്ടി ഉണ്ടാക്കുന്ന കൂന, കൂമ്പൽ, പണ, കടുക്
കുതിര നാ. (കേരളപാണിനി ഈശബ്ദം കുതിക്കുക എന്ന ക്രിയയിൽനിന്നു നിഷ്പാദിപ്പിക്കുന്നു. എസ്.കെ.ചാറ്റർജി തുടങ്ങിയ ആധുനികപണ്ഡിതന്മാർ 'ഖുദ്ര' എന്ന ഒരു പൂർവരൂപമാണിതിനു കൽപിക്കുന്നത്)1. ഒരു മൃഗം; 2. കുതിരപ്പട; 3. ശീലക്കുട നിവർത്തിനിർത്താനും മടക്കിയാൽ നിവർന്നുപോകാതിരിക്കാനുമായി ഘടിപ്പിച്ചിട്ടുള്ള രണ്ടുവില്ലുകളിൽ ഓരോന്നും; 4. ഫിഡിൽക്കമ്പികൾക്കിടയിൽ വയ്ക്കുന്ന ചെറിയ തടിക്കഷണം; 5. കാളവണ്ടി അഴിച്ചുവയ്ക്കുമ്പോൾ വണ്ടിയുടെ മുൻതല ഉയർത്തിനിറുത്തുന്നതിനു കോലുമരത്തിൻെറ മുമ്പിൽ അടിഭാഗത്തു ചേർത്തിരിക്കുന്ന തടികൊണ്ടുണ്ടാക്കിയ താങ്ങ്; 6. കായികാഭ്യാസികൾ ചാട്ടം പരിശീലിക്കാൻ ഉപയോഗിക്കുന്ന തടികൊണ്ടു നിർമിക്കുന്നതും ആവശ്യാനുസരണം നീക്കാവുന്നതുമായ ഒരുപകരണം; 7. ചതുരങ്ഗത്തിലെ ഒരു കരുവിൻെറ പേര് (പ്ര) കുതിര-കയറുക,-കേറുക = കീഴ്പ്പെടുത്തിനിയന്ത്രിക്കുക, ദുരധികാരം നടത്തുക, വിഷമിപ്പിക്കുക. കുതിരകെട്ട് = മധ്യതിരുവിതാങ്കൂറിലെ പലക്ഷേത്രങ്ങളിലും (പ്രത്യേകിച്ചു ഭഗവതിക്ഷേത്രങ്ങളിൽ) ഉത്സവത്തോടനുബന്ധിച്ചു കുതിരയുടെ രൂപം കെട്ടിയുണ്ടാക്കി വാദ്യഘോഷങ്ങളോടുകൂടി ആളുകൾ ക്ഷേത്രത്തിൽ കൊണ്ടുവന്നു കാഴ്ചവയ്ക്കുന്നത്. കുതിരക്കണ്ണട = കുതിരയുടെ നോട്ടം പാർശ്വങ്ങളിലേക്കു പതിക്കാതിരിക്കാൻവേണ്ടി അതിൻെറ കണ്ണുകൾക്കിരുവശവും വച്ചുകെട്ടുന്ന തോലുകൊണ്ടുള്ള ഉപകരണം. കുതിരയെടുപ്പ് = ചിലക്ഷേത്രങ്ങളിൽ ഉത്സവത്തോടനുബന്ധിച്ചുനടത്തുന്ന ഒരു ചടങ്ങ്. കുതിരയുടെ രൂപംകെട്ടിയുണ്ടാക്കി ആളുകൾ കൂട്ടം ചേർന്ന് അതെടുത്ത് ആഘോഷസമേതം ക്ഷേത്രത്തിനു പ്രദക്ഷിണം വയ്ക്കൽ
കുതിരക്കാശ് നാ. കുതിരയുടെ രൂപം അടയാളപ്പെടുത്തിയ ഒരു പഴയ നാണയം
കുതിരക്കുളമ്പ് നാ. 1. കുതിരയുടെ കുളമ്പ്; 2. തടികണ്ടുതുടങ്ങിയ തെങ്ങിൻതൈ
കുതിരക്കോപ്പ് നാ. കുതിരയെ അണിയിച്ചൊരുക്കാനുള്ള സാധനസാമഗ്രികൾ, ജീനി മുതലായവ
കുതിരച്ചാണി നാ. 1. കുതിരക്കാരൻ; 2. അശ്വചികിത്സകൻ
കുതിരച്ചേകോൻ നാ. കുതിരച്ചേവകൻ
കുതിരച്ചേണം നാ. കുതിരക്കോപ്പുകളിൽ ഒന്ന്, ജീനി
കുതിരച്ചേവകൻ നാ. 1. കുതിരക്കാരൻ; 2. കുതിരപ്പടയാളി
കുതിരച്ചേവുകം നാ. കുതിരശ്ശേവുകം
കുതിരതുള്ളൽ നാ. പടയണിക്കളത്തിൽ നേരമ്പോക്കിനുവേണ്ടി നടത്തിവരുന്ന ഒരിനം തുള്ളൽ
കുതിരത്തപാൽ നാ. പഴയകാലത്തു കുതിരകളെ ഉപയോഗിച്ചു നടത്തിവന്ന തപാൽ സമ്പ്രദായം
കുതിരനാറി നാ. ഒരുതരം ഔഷധച്ചെടി, അമുക്കൂരം, അശ്വഗന്ധ

കുതിരപ്പക്ഷി നാ. വളരെവേഗത്തിൽ സന്ദേശങ്ങൾ അറിയിക്കാൻ മുൻകാലങ്ങളിൽ നിയമിക്കപ്പെട്ടിരുന്ന അശ്വാരൂഢനായ ദൂതൻ
കുതിരപ്പട നാ. അശ്വസൈന്യം, ചതുരങ്ഗസേനയിൽ ഒരുവിഭാഗം
കുതിരപ്പട്ടാളം നാ. കുതിരപ്പട
കുതിരപ്പന്തയം നാ. പന്തയംവച്ചു കുതിരകളെ മത്സരിച്ചോടിക്കൽ
കുതിരപ്പന്തി നാ. 1. കുതിരകളുടെ നിര; 2. കുതിരകളെക്കെട്ടുന്ന സ്ഥലം, ലായം
കുതിരപ്പവൻ നാ. കുതിരയുടെ രൂപം കൊത്തിയിട്ടുള്ള പവൻ
കുതിരപ്പാച്ചിൽ നാ. 1. കുതിര പായുന്നതുപോലെയുള്ള ഓട്ടം, വളരെ വേഗ്ഗ്ഗത്തിലുള്ള ഓട്ടം; 2. ഒരു പയറ്റു മുറ
കുതിരപ്പാവാൻ നാ. കുതിരയുടെ സൂക്ഷിപ്പുകാരൻ
കുതിരപ്പുറം നാ. 1. കുതിരയുടെ പുറം; 2. ഞാണിന്മേൽ കളിക്കാരുടെ ഒരുതരം ചാട്ടം. (പ്ര) കുതിരപ്പുറം മറിയുക = 1. തലകുത്തിമൈയുക; 2. ഇരുകക്ഷികളേയും വശപ്പെടുത്തി മാധ്യസ്ഥം വഹിക്കുക
കുതിരമരം നാ. 1. കായികാഭ്യാസപരിശീലനങ്ങൾക്കായി മരംകൊണ്ട് കുതിരയുടെ ആകൃതിയിൽ ഉണ്ടാക്കിയിട്ടുള്ള ഒരു ഉപകരണം; 2. രണ്ടുതടികൾ വിലങ്ങനെ ഉറപ്പിച്ചുണ്ടാക്കുന്ന ഒരുതരം ചട്ടക്കൂട്
കുതിരമുഖം നാ. 1. കുതിരയുടെ മുഖം; 2. മുഴങ്കാലിൻെറ അസ്ഥി; 3. ആയുധാഭ്യാസസമ്പ്രദായത്തിലുള്ള ഒരുതരം അടവ് (കളരിപ്പയറ്റിൽ)
കുതിരമ്മക്കാമൻ നാ. വടക്കേ മലബാറിലുള്ള ഒരിനം തെയ്യക്കോലം
കുതിരയാട്ടം നാ. കുതിരയുടെ രൂപമുണ്ടാക്കി അതുകൊണ്ട് ഉത്സവസ്ഥലങ്ങളിൽ കളിക്കുന്ന ഒരു വിനോദം, പൊയ്ക്കുതിരകളി
കുതിരലായം നാ. കുതിരകളെ കെട്ടിസൂക്ഷിക്കുന്ന സ്ഥലം
കുതിരവണ്ടി നാ. കുതിരയെക്കെട്ടി ഓടിക്കുന്ന വണ്ടി, ജട്ക
കുതിരവലി നാ. 1. ഒരുതരം രോഗം, ശ്വാസമ്മുട്ടൽ, കോച്ച്; 2. കന്നുകാലികളെ ബാധിക്കുന്ന ഒരുതരം ദീനം; 3. കുതിരകൾക്കുണ്ടാകുന്ന ഒരുതരം സന്നി.
579
കുതിരവാർപ്പ് നാ. (കുട്ടികൾക്കുണ്ടാകുന്ന) ഒരുതരം കരപ്പൻ
കുതിരവാൽ നാ. 1. കുതിരയുടെ വാൽ; 2. ഒരു ഇഴവള്ളി
കുതിരശക്തി നാ. 550 പൗണ്ട് ഭാരത്തെ ഒരടി ഉയർത്താൻ ആവശ്യമായിവരുന്ന ശക്തി (ഒരിടത്തരം കുതിരയ്ക്കു ചെയ്യാൻ കഴിയുന്ന ശരാശരി പ്രവൃത്തിയുടെയോ അതിനുചെയ്യാൻ കഴിയുന്ന ജോലിയുടെയോ ക്ലിപ്തമായ ഏകകം, ശക്തിയുടെ ഒരു മാത്ര, ഒരു കുതിരശക്തി = 735.5 വാട്ട്)
കുതിരശ്ശേവുകം നാ. കുതിരപ്പടയിലെ സേവനം
കുതിരസന്നി നാ. മാംസപേശികൾ കോച്ചിവലിക്കുന്ന ഒരുതരം രോഗം ധനുർവാതം
കുതിരുക ക്രി. വെള്ളമോ മറ്റു ദ്രവപദാർഥങ്ങളോ ഒരു ഖരവസ്തുവിൻെറ ഉള്ളിൽ കടക്കുന്നതുകൊണ്ട് ആവസ്തു പതമുള്ളതായിതീരുക, നനഞ്ഞുവീർക്കുക. (പ്ര) കുതിരയിടുക = കുതിരുന്നതിനായി വെള്ളത്തിലിടുക
കുതിരുകൃഷി നാ. മണൽ കൂമ്പാരംകൂട്ടി കൃഷിചെയ്യുന്ന രീതി
കുതിവാതം നാ. ഒരുതരം വാതരോഗം

കുതീർഥൻ നാ. കുത്സിതനായ ഗുരു, നിന്ദ്യനായ ആചാര്യൻ
കുതു നാ. ചെറിയ തോൽക്കുടം, എണ്ണയും മറ്റും സൂക്ഷിക്കാനുള്ളത്, തുരുത്തി
കുതുകം നാ. 1. താത്പര്യം, ആഗ്രഹം, ജിജ്ഞാസ; 2. ഉത്സാഹം, സന്തോഷം; 3. ആശ്ചര്യം
കുതുകി നാ. കുതുകമുള്ളവൻ
കുതുകിത നാ. കുതുകിയുടെ ഭാവം, കൗതുകം
കുതുകുത അവ്യ. 1. (ശബ്ദാനു) തിളയ്ക്കുന്ന വെള്ളത്തിൻെറതെന്നപോലുള്ള ശബ്ദത്തെ സൂചിപ്പിക്കുന്ന പദം; 2. തിടുക്കത്തിൽ
കുതുകുത്തനെ അവ്യ. ചരിവില്ലാതെ, നേരേതൂക്കായി
കുതുകുന്തംമറിയുക ക്രി. കഠിനമായി യത്നിക്കുക, ക്ലേശിക്കുക
കുതുക്കുക ക്രി. കുതിർക്കുക
കുതുപം നാ. 1. ചെറിയ തോൽക്കുടം, എണ്ണയും മറ്റും സൂക്ഷിച്ചുവയ്ക്കുന്ന തുരുത്തി; 2. കുതപം
കുതുബ നാ. കുത്ബ
കുതുമം [പ.മ.] നാ. പുഷ്പം. (പ്ര) കുതുമവാണൻ = കുസുമബാണൻ, കാമദേവൻ
കുതുർമ നാ. വെളിച്ചെണ്ണ
കുതൂ നാ. കുതുപം
കുതൂഹല വി. 1. ആശ്ചര്യജനകമായ; 2. വിശിഷ്ടമായ; 3. പ്രസിദ്ധമായ, പ്രശംസനീയമായ
കുതൂഹലം നാ. 1. ആഗ്രഹം, ജിജ്ഞാസ, ആകാംക്ഷ; 2. താത്പര്യം; 3. സന്തോഷം, ആഹ്ലാദം, ഉത്സാഹം; 4. അദ്ഭുതം; 5. വിശേഷം, കൗതുക വാർത്ത; 6. (നാട്യ) നായികാശ്രിതങ്ങളായ ഇരുപത്തിയെട്ട് അലങ്കാരങ്ങളിൽ ഒന്ന്, രമ്യവസ്തുക്കൾ കാണാനുള്ള മോഹം. (പ്ര) കുതൂഹലപ്പെടുത്തുക = കുതൂഹലിക്കുക
കുതൂഹലി നാ. കുതൂഹലം ഉള്ളവൻ, ആഹ്ലാദഭരിതൻ, കുതുകി
കുതുഹലിക്കുക ക്രി. കുതുഹലം തോന്നുക, ആഹ്ലാദംഉണ്ടാവുക, അദ്ഭുതപ്പെടുക
കുതൃണം നാ. 1. നാന്മുകപ്പുല്ല്; 2. കുടപ്പായൽ
കുത്തക നാ. 1. ഏതെങ്കിലും വിഭവത്തിൻെറ ഉത്പാദനത്തിനോ സംസ്കരണത്തിനോ വിപണനത്തിനോ പ്രത്യേകഭൂഭാഗം കൃഷിചെയ്യുന്നതിനോ ഒരുവ്യക്തിക്കോ സങ്ഘടനയ്ക്കോ ഉള്ള പ്രത്യേകമായ അവകാശം, പൂർണാവകാശം. (പ്ര) കുരുമുളകുകുത്തക (ആലങ്കാരികമായും പ്രയോഗം. ഉദാഃ രാഷ്ട്രീയം ആരുടെയും കുത്തകയല്ല = ആർക്കും പ്രത്യേകിച്ച് അവകാശപ്പെട്ടതല്ല); 2. പൂർണാവകാശം കയ്യടക്കിയിട്ടുള്ള വ്യക്തിയോ സങ്ഘടനയോ; 3. വ്യവസായമോ കച്ചവടമോ കൃഷിയോ നടത്തുന്നതിനും സാധനങ്ങൾ ഏൽപ്പിക്കുന്നതിനും ഉള്ള കരാറ്, ഉടമ്പടി; 4. കരാർപ്രകാരം കുത്തകയ്ക്കുനൽകേണ്ട നികുതി
കുത്തകക്കൃഷി നാ. 1. ഒരു ഭൂവുടമസമ്പ്രദായം, ഏതെങ്കിലും ഭൂഭാഗം കൃഷിചെയ്യുന്നതിനുള്ള പൂർണാവകാശമുള്ളത്; 2. ഏതെങ്കിലും പ്രത്യേകവിളവു കൃഷിചെയ്തുണ്ടാക്കാനുള്ള അവകാശം

കുത്തകക്കാരൻ നാ. ഏതെങ്കിലും വ്യാപാരത്തിൻെറയോ വ്യവസായത്തിൻെറയോ ഏകാധികാരം വാങ്ങിയിട്ടുള്ളവൻ
കുത്തകച്ചരക്ക് നാ. കൊടുക്കൽ വാങ്ങലുകളിൽ കുത്തകാവകാശമുള്ള ചരക്ക്
കുത്തകപ്പാട്ടം നാ. സർക്കാർ ഉടമയിലുള്ള വസ്തുക്കളിൽ ക്ലിപ്തകാലത്തേക്കു കൃഷിചെയ്യുന്നതിനോ ആദായമെടുക്കുന്നതിനോ ഉള്ള അവകാശം പാട്ടമായിനൽകുന്നതിനുള്ള വ്യവസ്ഥ
കുത്തകസഞ്ചായം നാ. 1. കട തുറ ചന്ത മുതലായവയുടെ കരം പിരിക്കാനുള്ള അവകാശം, കുത്തകകൊടുക്കുന്നതിൽനിന്നു സർക്കാരിനുകിട്ടുന്ന മൊത്തവരവ്; 2. കുത്തകനികുതികൾ മുതൽക്കൂട്ടുന്നതിനു നിയുക്തനായ ഉദ്യോഗസ്ഥൻ
കുത്തൻ നാ. ധാന്യങ്ങളും മറ്റും കുത്തിത്തുരന്നു നശിപ്പിക്കുന്ന ഒരു ചെറുപ്രാണി
കുത്തനെ അവ്യ. 1. കിഴുക്കാം തൂക്കായി; 2. നേരേനിവർന്ന്; 3. (തൂക്കായപ്രദേശത്ത്) താഴോട്ടോ മുകളിലോട്ടോ
കുത്തമ്പാല നാ. ഒരിനം ചെറുവൃക്ഷം, നന്തിയാവട്ടം
കുത്തരഞ്ഞാണം നാ. അരയിൽ ധരിക്കുന്ന ഒരുതരം ആഭരണം
കുത്തൽ നാ. 1. വേദന; 2. നീർച്ചാട്ടം
കുത്താണി നാ. കുത്തുളി, ദ്വാരമുണ്ടാക്കാൻ ഉപയോഗിക്കുന്ന ഉളി
കുത്താമ്പാള നാ. കുത്തുപാള. കുത്താമ്പാളയിൽ കണ്ണുകുത്തുക = ദ്രോഹിക്കുക
കുത്താളം നാ. മൺവെട്ടി, മൺകോരിക, കുന്താലി
കുത്തി1 [കുത്തുക] ഭൂ.രൂപം
കുത്തി2 [കുത്ത്-ഇ5] നാ. 1. 'കുത്തുന്നത്' (ഇപ്പദം സമാസാന്ത്യത്തിൽ വരുമ്പോൾ പല അർഥങ്ങളിൽ പ്രയോഗം) ഉദാഃ പല്ലുകുത്തി, ചാക്കുകുത്തി (കുത്തുന്നതിനുള്ള ഉപകരണം); 2. ഒരു മർമം
കുത്തിക്കവരുക ക്രി. കൊള്ളയടിക്കുക, അപഹരിക്കുക. നാ. കുത്തിക്കവർച്ച
കുത്തിക്കുലയ്ക്കുക ക്രി. ഒരറ്റം തറയിൽ ഊന്നിപ്പിടിച്ചുകൊണ്ട് വില്ലുവളച്ചു ഞാൺപൂട്ടുക
കുത്തിക്കുറിക്കുക ക്രി. 1. വേണ്ടത്രശ്രദ്ധയില്ലാതെ എഴുതുക, അക്ഷരവ്യക്തിയില്ലാതെ വെട്ടും തിരുത്തുകളുമായി തിടുക്കത്തിൽ എഴുതുക; 2. എഴുതുക (വിനയം ദ്യോതിപ്പിക്കുന്ന ഒരു പ്രയോഗം)
കുത്തിക്കെടുത്തുക ക്രി. എരിയുന്ന കൊള്ളിയോ സിഗററ്റുകുറ്റിയോ മറ്റോ എവിടെയെങ്കിലും അമർത്തിയണയ്ക്കുക
കുത്തിക്കെട്ടുക ക്രി. വേർവിട്ടുനിൽക്കുന്നവയെ തുന്നിച്ചേർക്കുക, കീറൽ തുന്നി മൂടുക, തുന്നിക്കുത്തുക. നാ. കുത്തിക്കെട്ട്
കുത്തിക്കൊല്ലി നാ. 1. കൊലപാതകി; 2. കൊള്ളക്കാരൻ; 3. അഞ്ചകൻ
കുത്തിച്ചാർത്തുക ക്രി. കുത്തിയുടുക്കുക (ആ.ഭാ.)

കുത്തിച്ചൂടാൻ നാ. കാലങ്കോഴി എന്ന പക്ഷി (ശബ്ദാനുകരണംകൊണ്ടുണ്ടായ പേര്)
കുത്തിച്ചെലുത്തുക ക്രി. കൊള്ളാവുന്നിടത്തോളം തള്ളിക്കയറ്റുക, കുത്തിക്കൊള്ളിക്കുക
കുത്തിത്തിരിക്കുക ക്രി. മിഥ്യാരോപണങ്ങൾ നടത്തിയോ അപവാദം പറഞ്ഞോ ഏതെങ്കിലും കാര്യത്തിൽ കുഴപ്പം സൃഷ്ടിക്കുക, പ്രതിബന്ധമുണ്ടാക്കുക. നാ. കുത്തിത്തിരിപ്പ്
കുത്തിത്തിരുമ്മുക ക്രി. വസ്ത്രങ്ങൾ നനച്ചുകല്ലിലോ മറ്റോ ഇടിച്ച് അഴുക്കുകളയുക
കുത്തിനിറയ്ക്കുക ക്രി. കുത്തിച്ചെലുത്തി അകത്തുകൊള്ളിക്കുക
കുത്തിനോവുക ക്രി. മൂർച്ചയുള്ള ആയുധംകൊണ്ടു കുത്തിയാലെന്നപോലെയുള്ള വേദനയുണ്ടാകുക. നാ. കുത്തിനോവ്
കുത്തിപ്പഴുക്കുക ക്രി. ശരീരത്തിൽ പരുക്കളുണ്ടായി മുനയിട്ടു പഴുക്കുക
കുത്തിപ്പറയുക ക്രി. 1. ശ്രോതാവിൻെറ മനസ്സിനു വേദനതോന്നുമാറു സംസാരിക്കുക; 2. പ്രത്യക്ഷമായോ പരോക്ഷമായോ ഒരാളെക്കുറിച്ചു ദൂഷണം പറയുക; 3. ആക്ഷേപസ്വരത്തിൽ സംസാരിക്കുക; 4. ചൂണ്ടിക്കാണിച്ചു ശകാരിക്കുക
കുത്തിപ്പറിക്കുക ക്രി. 1. കുത്തിനോവുക. ഉദാഃ കുത്തിപ്പറിക്കുന്ന വേദന; 2. ചുവടുകുഴിച്ചു ബലംപ്രയോഗിച്ചു വേരോടെ പൊട്ടിച്ചെടുക്കുക (ചെടികളുടെയും മറ്റും)
കുത്തിപ്പിരിക്കുക ക്രി. 1. ബലംപ്രയോഗിച്ചു വേർതിരിച്ചെടുക്കുക; 2. കൂട്ടിപ്പിരിക്കുക, പിരിച്ചു മുറുക്കുക (നൂലുകൽകൊണ്ട് കയറും വടവുമെന്നപോലെ)
കുത്തിപ്പിഴിയുക ക്രി. 1. ഇടിച്ചുചതച്ച് അമർത്തിപ്പിഴിഞ്ഞു ചാറെടുക്കുക; 2. (മുണ്ടും മറ്റും) നനച്ചുചുരുട്ടി പിഴിഞ്ഞെടുക്കുക
കുത്തിപ്പൊക്കുക ക്രി. 1. ജലാശയങ്ങളുടെ അരികിലും പാടങ്ങളിലും ചതുപ്പുകളിലും മറ്റും മണ്ണിട്ടുനികത്തി ഉയർത്തുക; 2. (പ്ര) മറന്നുപോയ കാര്യങ്ങളെ ദുരുദ്ദേശ്യത്തോടെ ശ്രദ്ധയിൽ കൊണ്ടുവരിക; 3. പ്രേരിപ്പിച്ച് ഏതെങ്കിലും കാര്യം ചെയ്യിക്കുക, ഉത്തേജിപ്പിക്കുക
കുത്തിമറയ്ക്കുക ക്രി. 1. ഓല, പരമ്പു മുതലായസാധനങ്ങൾ കൊണ്ടുമറയ്ക്കുക; 2. മറപ്പുരയുണ്ടാക്കുക.
കുത്തിമറിയുക ക്രി. 1. വലിയ ഉത്സാഹത്തോടെ കളിച്ചു തിമിർക്കുക; 2. കരണം മറിയുക; 3. ജലം ശക്തിയായി പ്രവഹിക്കുക. ഉദാ. വെള്ളം കുത്തിമറിയുക.
കുത്തിമാടുക ക്രി. 1. = കുത്തിയടയ്ക്കുക; 2. ചെണ്ടയും മറ്റും തോൽകൊണ്ട് അടയ്ക്കുക.
കുത്തിമൂടുക ക്രി. പരു (കുരു) മുതലായവ പൊട്ടിവാർന്നശേഷം വീണ്ടും പഴയതുപോലെ പഴുത്തു വീർക്കുക.
കുത്തിയരശ് നാ. ചതുരങ്ഗക്കളിയിൽ മന്ത്രിയെക്കൊണ്ട് എതിർഭാഗത്തെ ദേവനെ വെട്ടാവുന്ന സ്ഥിതിയിലാക്കുന്ന അവസ്ഥ (അരശ് നോക്കുക).
കുത്തിയിടിക്കുക ക്രി. കൂർത്ത ആയുധങ്ങളുപയോഗിച്ചു ഛിന്നഭിന്നമാക്കുക, നശിപ്പിക്കുക (മതിലുകൾ കുന്നുകൾ എന്നിവപോലെ).

കുത്തിയിരിക്കുക ക്രി. 1. കാലുമടക്കി പാദങ്ങൾ നിലത്തൂന്നിയിരിക്കുക; 2. (ആല.) ജോലി ഒന്നും ചെയ്യാതെ മടിപിടിച്ചിരിക്കുക (പ്ര.) കുത്തിയിരിക്കാൻ സമയമില്ലായ്മ = വലിയ ജോലിത്തിരക്ക്. കുത്തിയിരുന്നുതിന്നാൽ കുന്നും കുറഞ്ഞു പോകും. (പഴ.)

കുത്തിയിളക്കുക ക്രി. 1. ഉറച്ചിരിക്കുന്ന എന്തിനെയെങ്കിലും മുനയുള്ള ആയുധമുപയോഗിച്ച് ഇളക്കുക. ഉദാ. കല്ലു കുത്തിയിലക്കുക; 2. (പ്ര.) കുത്തിപ്പൊക്കുക, നിർബന്ധപ്രേരണ ചെലുത്തുക, പ്രവർത്തിക്കാൻ നിർബന്ധിക്കുക.

കുത്തിയിറക്കുക ക്രി. 1. മൂർച്ചയുള്ള ഒരുവസ്തു തറച്ചുകയറ്റുക. ഉദാ. കഠാരകുത്തിയിറക്കുക, സൂചികുത്തിയിറക്കുക; 2. എന്തെങ്കിലും ഉള്ളിലേക്ക് ഞെരുക്കിയിറക്കുക, വിടവടയ്ക്കുക. ഉദാ. മണ്ണുകുത്തിയിറക്കുക, ചാന്തുകുത്തിയിറക്കുക; 3. ആവശ്യമില്ലാതെ തിന്നുക.

കുത്തിയുടുക്കുക ക്രി. മുണ്ടിൻെറ ഒരറ്റം ഞൊറിഞ്ഞ് മറ്റേയറ്റംകൊണ്ടു താറുടുക്കുക, തറ്റുടുക്കുക. നാ. കുത്തിയുടുപ്പ്.

കുത്തിയെടുക്കുക ക്രി. 1. ഇളക്കിയെടുക്കുക; 2. തോണ്ടിയെടുക്കുക (കിഴങ്ങ് എന്നപോലെ); 3. കൂർത്ത ആയുധത്തിൻെറ മുനയിൽ കോർത്തെടുക്കുക; 4. ഉള്ളുപൊള്ളയായ സൂചികൊണ്ടു വലിച്ചെടുക്കുക (രക്തമെന്നപോലെ); 5. ഒഴുക്കു കരകളെത്തകർത്ത് ഇല്ലാതാക്കുക; 6. കുഴിച്ചെടുക്കുക; ഉദാ. കട്ടകുത്തിയെടുക്കുക, ചെളികുത്തിയെടുക്കുക; 7. (പ്ര.) നശിപ്പിക്കുക.

കുത്തിയെറിയുക് ക്രി. പങ്കായംകൊണ്ടു വെള്ളം തോണ്ടി പുറകോട്ടെറിയുക.

കുത്തിയൊലിക്കുക ക്രി. മണ്ണും മറ്റും കുത്തിയെടുത്തുകൊണ്ടു വെള്ളംപാഞ്ഞൊഴുകുക, ശക്തിയായി ഒഴുകുക.

കുത്തിയോട്ടം നാ. ദേവീക്ഷേത്രങ്ങളിൽനടത്തുന്ന ഒരിനം വഴിപാട്, കുത്തിയുടുത്തുനടത്തുന്ന ഒരുവക നൃത്തം.

581

കുത്തിരി [<സം. ക്ഷുദ്ര]നാ. കൂടോത്രം, ദുർമന്ദ്രവാദം, കുത്തിരം (ഗണകഭഷ).

കുത്തിരുമ്പ് [കുത്ത്-ഇരുമ്പ്] നാ. ഇരുമ്പിൽ ദ്വാരമിടാൻ ഉപയോഗിക്കുന്ന ഉപകരണം.

കുത്തില [കുത്ത്-ഇല] നാ. കോട്ടിക്കുത്തിയ ഇല, വാഴയിലയോ മറ്റോകൊൻട് കുത്തിയുണ്ടാക്കിയ പാത്രം, ഇലക്കുമ്പിൾ (പ്ര.) കുത്തിലയെടുക്കുക, -പിടിക്കുക = പാപ്പരാവുക, തെണ്ടുക.

കുത്തിവയ്ക്കുക [കുത്തി-വയ്ക്കുക] ക്രി. 1. ചെറിയ പീച്ചാങ്കുഴൽ (സിറിഞ്ച്) ഉപയോഗിച്ച് ഔഷധം രക്തത്തിലേക്ക് കറ്റത്തിവിടുക; 2. അച്ചുകുത്തുക; നാ. 1. കുത്തിവയ്പ്, കുത്തിവെപ്പ്; 2. (ആല.) ആശയങ്ങൾ (മറ്റൊരാളിൽ) കടത്തിവിടുക, പ്രേരിപ്പിക്കുക.

കുത്തിവരയ്ക്കുക ക്രി. അതുമിതും വരച്ചുവയ്ക്കുക, പ്രതേകോദ്ദേശ്യം കൂടാതെ വരയ്ക്കുക. വായിക്കാനാകാത്തവിധം വെട്ടിക്കളയുക. നാ. കുത്തിവരപ്പ്.

കുത്തിവാരുക ക്രി. 1. രണ്ടുകൈയുംകടത്തി വാരിയെടുക്കുക; 2. (പ്ര) മുതൽ കൊള്ളയടിക്കുക, അന്യായമായി വളരെയേറെ (ധനം) കൈക്കലാക്കുക, കുത്തിക്കവരുക

കുത്തിവീർക്കുക [കുത്തി-വീർക്കുക] ക്രി. = കുത്തിമൂടുക.
കുത്തിറക്കം [കുത്ത്-ഇറക്കം] നാ. കീഴ്ക്കാംതൂക്കായ ഇറക്കം, തൂക്കായ ചരിവ്.
കുത്തീനാ [<സിറി. കുത്തീനാ] നാ. തയ്യലില്ലാത്ത അങ്കി (യേശുക്രിസ്തു ധരിച്ചിരുന്ന തിരുവസ്ത്രം).
കുത്ത് [കുത്തുക] നാമരൂപം.
കുത്തുക ക്രി. 1.മുനയുള്ള ആയുധമോ മറ്റുപകരണമോ കൊണ്ട് എന്തിൻെറയെങ്കിലും നേർക്കു ബലമായി പ്രയോഗിക്കുക, മുറിവേൽപ്പിക്കുക. ഉദാ. കുടകൊണ്ടു കുത്തുക, 2. മൃഗങ്ങൾ കൊമ്പുകൊണ്ടോ തേറ്റകൊണ്ടോ മറ്റോ ആക്രമിക്കുക; 3. ക്ഷുദ്രജീവികൾ ദംശിക്കുക; 4. ക്ഷുദ്രജീവികൾ തിന്നു തുളയുണ്ടാക്കുക. ഉദാ. പുഴുകുത്തിയ അരി; 5. തുളയ്ക്കുക, ദ്വാരം ഉണ്ടാക്കുക; 6. ആഘാതം ഏൽപ്പിക്കുക (കൈകൊണ്ടോ മറ്റോ) ഉദാ. മുഷ്ടികൊണ്ടു കുത്തുക, കാലുകൊണ്ടു കുത്തുക; 7. ശ്രദ്ധയാകർഷിക്കാനായി വിരലുകൊണ്ടോ മറ്റോ മൃദുവായി സ്പർശിക്കുക; 8. (ആല.) വാക്കും മറ്റും ഉപയോഗിച്ചു മനസ്സിനുവേദനയുണ്ടാക്കുക; 9. ധാന്യങ്ങളുടെ ഉമിയും തോടും വേർപെടുത്തുക; 10. ഇടിച്ചുചതയ്ക്കുക; 11. തുന്നുക, തയ്ക്കുക; 12. പരസ്പരം ബന്ധിക്കുക, ഇല കുമ്പിളുപോലെയോ മറ്റോ കോട്ടുക; 13. തെറ്റായി എഴുതിയ ഭാഗം പുറത്തുമറ്റടയാളങ്ങൾ രേഖപ്പെടുത്തി വായിക്കാതാക്കുക, വെട്ടിക്കളയുക; 14. കുത്തനെവയ്ക്കുക; 15. ഊന്നിനിറുത്തുക, നാട്ടിനിറുത്തുക; 16. വിത്തോശാഖകളോ മുളപ്പിക്കാൻവേണ്ടി മണ്ണിൽ താഴ്ത്തുക, നടുക; 17. കുഴിക്കുക, കുഴിച്ചുണ്ടാക്കുക (കിണറ്, കുളം, ചാല് മുതലായവ); 18. നിർമിക്കുക, ഉണ്ടാക്കുക (വീട്, കയ്യാല, വേലി, വരമ്പ് മുതലായവ); 19. കോരിയെടുക്കുക (ചെളി, ചെളിക്കട്ട മുതലായവ); 20. എടുത്തുകളയുക (ഇടയിലുള്ള അഴുക്കോ മറ്റോ കളയുന്നതിനെക്കുറിച്ച്) ഉദാഃ പല്ലുകുത്തുക; 21. ഊന്നുക (വള്ളം എന്നപോലെ); 22. താങ്ങായി നിലത്തൂന്നുക (വടിഎന്നപോലെ); 23. ബലമായിത്തട്ടുക (അളയിൽ കമ്പുകൊണ്ടെന്നപോലെ); 24. അച്ചുപതിപ്പിക്കുക, അടയാളപ്പെടുത്തുക (ഒപ്പോ മുദ്രയോപോലെ); 25. ലേപനവസ്തുക്കൾ ഉപയോഗിച്ച് (ശരീരത്തിൽ) അടയാളം ഉണ്ടാക്കുക, കുറിയിടുക. ഉദാഃ പൊട്ടുകുത്തുക; 26. തകർക്കുക, നശിപ്പിക്കുക; 27. എതിർക്കുക, മത്സരിക്കുക. ഉദാഃ തമ്മിൽക്കുത്തുക. കെട്ടിയ മരത്തിനെ കുത്തരുത് (പഴ); 28. തിരുകുക, ചൊരുകുക (വസ്ത്രം എന്നപോലെ); 29. സംഭോഗംചെയ്യുക (അസഭ്യം); 30. ഇടകലർത്തുക (ചീട്ടെന്നപോലെ). ഉദാഃ ചീട്ടുകുത്തുക; 31. പ്രവേശിക്കുക (മനുഷ്യർ പ്രവേശിക്കുന്നതിനെപ്പറ്റി) ഉദാഃ കാലുകുത്തുക; 32. തറയിൽതൊടുക, സ്പർശിക്കുക, മുട്ടുകുത്തിനിൽക്കുക; 33. കൈവിരലുകളുടെ നഖംകൊണ്ടു ഞെക്കിപ്പൊട്ടിക്കുക (ചൊറിയെന്നപോലെ); 34. അമർത്തുക. ഉദാഃ കഴുത്തിനു കുത്തിപ്പിടിക്കുക; 35. ഒഴുക്ക് കരകളെ തകർക്കുക. ഉദാഃ കുത്തിയൊലിക്കുക; 36. കുരുവേർപെടുത്തുക (പുളിയരി മാറ്റുന്നതുപോലെ) ഉദാഃ പുളികുത്തുക, അണ്ടികുത്തുക; 37. വിഗ്രഹങ്ങളും മറ്റു ശിൽപങ്ങളും കൊത്തിയുണ്ടാക്കുക; 38. നൂൽ കമ്പിയുപയോഗിച്ച് ആഭരണം പിന്നിയുണ്ടാക്കുക; 39. ഭൂമിയിൽ ഊന്നുക; 40. ഊക്കോടെ തട്ടി വേർപെടുത്തുക (കമ്പുകൊണ്ടോ കഴകൊണ്ടോ എന്നപോലെ) ഉദാഃ തോട്ടകൊണ്ടു തേങ്ങ കുത്തിയിടുക. കുത്തിയടർത്തുക = വടികൊണ്ടോ തോട്ടകൊണ്ടോ മറ്റോ ബലമ്പ്രയോഗിച്ചു പറിക്കുക. കുത്തിയുറപ്പിക്കുക = ഇടിച്ചുറപ്പിക്കുക. കുത്തിക്കയറുക = കൊണ്ടുകയറുക, തറയ്ക്കുക
കുത്തുകട്ടിൽ നാ. ചട്ടം കുത്തിത്തുളച്ച് കയറോ ചൂരലോ മറ്റോ കൊണ്ടു കെട്ടിയ കട്ടിൽ, വരിച്ചിൽക്കട്ടിൽ

കുത്തുകമ്പ് നാ. 1. ഓലകെട്ടിയശേഷം കമഴ്ത്തോല പറന്നുപോകാതെ മോന്തായത്തോടു ചേർത്തുറപ്പിക്കാനായിക്കുത്തുന്ന മുനയുള്ള കമ്പ്, കുത്തുകോൽ; 2. ചാക്കിനകത്തുള്ള ധാന്യങ്ങൾ പുറത്തെടുത്തു പരിശോധിക്കാൻ ഉപയോഗിക്കുന്ന ഒരുപകരണം

കുത്തുകര നാ. 1. വസ്ത്രങ്ങളിൽ ഇടുന്ന ഒരുമാതിരി കര; 2. കുത്തുകരയുള്ള മുണ്ട്

കുത്തുകരു നാ. അടയാളമോ സുഷിരമോ ഇടാനുള്ള ഉപകരണം, കുത്തിരുമ്പ്, കുത്തുളി

കുത്തുകല്ല് നാ. 1. വീതികുറഞ്ഞ കല്ല്; 2. ചവിട്ടിക്കയറുവാൻ കയ്യാലയ്ക്കരുകിലായോ കുളത്തിലും കിണറ്റിലും ഉൾഭാഗത്തായോ നാട്ടിയിട്ടുള്ള കല്ല്; 3. കുത്തനെ വയ്ക്കുന്ന കല്ല്

കുത്തുകവി നാ. എതിരാളിയെ ആക്ഷേപിക്കുന്ന കവിത

കുത്തുകാരൻ നാ. 1. കുന്തക്കാരൻ; 2. തയ്യൽക്കാരൻ; 3. വള്ളം ഊന്നുകാരൻ; 4. കുത്തുന്ന കാള

കുത്തുകാൽ നാ. 1. നൃത്തനൃത്യാദികളിലുള്ള ഒരു പ്രത്യേകതരം ചുവടുവയ്പ്പ്; 2. ഊന്ന്, താങ്ങ്, തൂണ്; 3. (ആല) വിഘ്നം. (പ്ര) കുത്തുകാലിലിരിക്കുക = കുത്തിയിരിക്കുക. കുത്തുകാൽമുറുക്കുക = കഥകളിയിൽ കലാശം ചവിട്ടുന്നതിലുള്ള ഒരു പ്രയോഗം. ചെമ്പടതാളത്തിൽ നാലാം കാലത്തിലാണ് സാധാരണയായി ഈപ്രയോഗം. (പ്ര) കുത്തുകാൽ വയ്ക്കുക = മത്സരിക്കുക

കുത്തുകൈ നാ. മുട്ടിലൂന്നിയ കൈ

കുത്തുചരട് നാ. പിന്നിപ്പിണച്ചുണ്ടാക്കിയ ചരട്

കുത്തുചാന്ത് നാ. കുമ്മായം മണൽ വെള്ളം എന്നിവ നിശ്ചിത അനുപാതത്തിൽ ഇടിച്ചുചേർത്തുണ്ടാക്കുന്ന മിശ്രിതം, കുമ്മായക്കൂട്ട്

കുത്തുണി നാ. ഒരിനം വരയൻ തുണി

കുത്തുതട്ടി നാ. കളരിപ്പയറ്റിൽ വടികൊണ്ടുള്ള പ്രയോഗങ്ങളിൽ ഒന്ന്

കുത്തുപണി നാ. തുന്നൽപ്പണി (വിശേഷിച്ചും കസവിന്റെ നൂൽ ഉപയോഗിച്ചുള്ളത്)

കുത്തുപരിച നാ. യുദ്ധത്തിൽ ഉപയോഗിക്കുന്ന പരിച (തുകലോ ചൂരലോകൊണ്ടുണ്ടാക്കുന്നത്)

കുത്തുപാട്ട് നാ. കുത്തുമൊഴികൾ അടങ്ങിയ പാട്ട്, എതിരാളിയെ ആക്ഷേപിക്കുന്ന പാട്ട്

കുത്തുപാര നാ. 1. പാറപൊളിക്കുന്നതിനും മറ്റും ഉപയോഗിക്കുന്ന മുനയുള്ള ഇരുമ്പുദണ്ഡ്, വലിയ പാര, അലവാങ്ക്; 2. കന്നക്കോൽ

കുത്തുപാള നാ. 1. പാളകുത്തിയുണ്ടാക്കുന്ന പാത്രം, കോട്ടിയപാള; 2. (പ്ര) ഭിക്ഷാപാത്രം. കുത്തുപാളയെടുക്കുക = തെണ്ടുക, പാപ്പരാകുക. കുത്തുപാളപിടിച്ചുപറിക്കുക = ദരിദ്രനെ കൂടുതൽ പീഡിപ്പിക്കുക. കുത്തുപാളയിൽ കൈയിട്ടുവാരുക = ദരിദ്രനെ ചൂഷണംചെയ്യുക

കുത്തുപുര നാ. 1. ഉരൽപ്പുര; 2. തുന്നൽക്കാരന്റെ പണിപ്പുര; 3. പുസ്തകം കുത്തിക്കെട്ടുന്ന സ്ഥലം

കുത്തുപുള്ളി നാ. 1. വളരെച്ചെറിയ പുള്ളി; 2. മരം അറുക്കുന്നതിനു ഈർച്ചക്കാർ തടിയിലിടുന്ന അടയാളം (വ.മ.); 3. പലവക കണക്കുകൾ ഒന്നായി എഴുതുന്ന പുസ്തകം

കുത്തുമർമം നാ. കഴുത്തിനും നാഭിക്കും ഇടയ്ക്കുള്ള മർമങ്ങളിൽ ഒന്ന്

കുത്തുമുല നാ. നേരേമുന്നോട്ടുന്തിനിൽക്കുന്ന മുല, ചായാത്തമുല. (പ്ര) കുത്തുമുലച്ചി = കുത്തുമുലയുള്ള സ്ത്രീ

കുത്തുമുള്ള് നാ. മണ്ണിളക്കാനുള്ള ഒരു ഉപകരണം, മുപ്പല്ലി

കുത്തുമുറി നാ. 1. കുത്തുകൊണ്ടുള്ള മുറിവ്, കത്തിക്കുത്ത്. (പ്ര) കുത്തുമുറിക്കാരൻ = കത്തിക്കുത്തുനടത്തുന്നവൻ, വഴക്കാളി; 2. കച്ച

കുത്തുമൊഴി നാ. ഹൃദയത്തിൽ കുത്തിക്കൊള്ളുന്ന വാക്ക്, മറ്റൊരാളിൽ മനോവേദനയുണ്ടാക്കുന്ന വാക്ക്. കുത്തുമൊഴിപാടുക = ആക്ഷേപിക്കുക, ശകാരിക്കുക

കുത്തുവാക്ക് നാ. കുത്തുമൊഴി

കുത്തുവിളക്ക് നാ. 1. ഒരിനം വിളക്ക് (തറയിൽ) കുത്തിനിറുത്താൻ തക്കവണ്ണം നീണ്ടതണ്ടുള്ളത്; 2. കുത്തിനിറുത്തത്തക്കവണ്ണം മുനയുള്ള തണ്ടോടുകൂടിയ ചെറിയ വിളക്ക്

കുത്തുസൂചി നാ. ബുക്കുകളും മറ്റുമുണ്ടാക്കുമ്പോൾ തയ്ക്കുന്നതിനുമുമ്പു ദ്വാരമുണ്ടാക്കാൻ ഉപയോഗിക്കുന്ന സൂചി

കുത്തുളി നാ. തടിയിലും മറ്റും ദ്വാരമുണ്ടാക്കാനുപയോഗിക്കുന്ന ഒരിനം ഉളി

കുത്തുറാട്ട് നാ. കപ്പലിലെ നങ്കൂരം പൊക്കാനുള്ള ഒരു യന്ത്രം

കുത്ബ [അറ.ഖുത്ബത്] നാ. ഇസ്ലാം പ്രസങ്ഗം, വെള്ളിയാഴ്ചദിവസങ്ങളിലും റംസാൻ മുതലായ പെരുനാൾദിവസങ്ങളിലും മുസ്ലിം പള്ളിയിൽ ഖത്തീബു നടത്തുന്ന പ്രസങ്ഗം, ഖുത്തുബ

കുത്ര അവ്യ. എവിടെ (എങ്ങോട്ട്, എങ്ങനെ, എപ്പോൾ, എന്ത് എന്നീ അർഥങ്ങളിലും ചിലപ്പോൾ പ്രയോഗം. അപി, ചിത്, ചന എന്നീരൂപങ്ങൾ ചേരുമ്പോൾ ഏതോ, എവിടെയോ, ഒരിടത്ത് എന്നിങ്ങനെ അർഥവ്യത്യാസം)

കുത്രചിത് അവ്യ. വല്ലദിക്കിലും, എവിടെയെങ്കിലും, ചിലേടത്ത്, ഒരിടത്ത്

കുത്രത്യ അവ്യ. എവിടെയുള്ള, എവിടെത്താമസിക്കുന്ന

കുത്രാപി അവ്യ. എങ്ങും, എങ്ങാനും, എവിടെയും, ഒരേടവും, ഒരിടത്ത്, വല്ലേടത്തും, ഏതുസ്ഥലത്തും, ഒരുസ്ഥലത്തും

കുത്സ നാ. നിന്ദ, ശകാരം

കുത്സകൻ നാ. നിന്ദിക്കുന്നവൻ

കുത്സനം നാ. നിന്ദിക്കൽ, ആക്ഷേപിക്കൽ, നിന്ദ, അപകീർത്തി

കുത്സം നാ. 1. വജ്രായുധം; 2. മിന്നൽ; 3. കൊട്ടം

കുത്സി നാ. 'കുത്സിക്കുന്ന ശീലമുള്ളവൻ', ശകാരിക്കുന്നവൻ, നിന്ദിക്കുന്നവൻ

കുത്സിക്കുക ക്രി. നിന്ദിക്കുക, പുച്ഛരിക്കുക, അധിക്ഷേപിക്കുക

കുത്സിത വി. നിന്ദിക്കപ്പെട്ട, ആക്ഷേപാർഹമായ, താണ, മോശപ്പെട്ട
കുത്സിതൻ നാ. നിന്ദ്യൻ, നിന്ദിക്കപ്പെടുന്നവൻ, ഹീനൻ
കുത്സിതം നാ. 1. നിന്ദ്യകർമം, നിന്ദനം; 2. വലിയ ഒരിനം പുല്ല്; 3. കൊട്ടം
കുഥ(ം) നാ. 1. ആനയുടെയും മറ്റും പുറത്തിടുന്ന ചായമ്പിടിപ്പിച്ച തുണി, വർണക്കംബളം, ചെമ്പാരിപ്പടം; 2. രത്നക്കംബളം; 3. കുശ, വെളുത്തദർഭ; 4. പുരാണപ്രസ്തുതമായ ഒരുദേശം
കുദർശന വി. കാണാൻകൊള്ളാത്ത, കാഴ്ചയ്ക്കു മോശമായ >< സുദർശന
കുദിനം നാ. ചീത്തദിവസം, നല്ലകാര്യങ്ങൾക്കു കൊള്ളാത്തദിവസം
കുദൃഷ്ടി നാ. 1. രോഗം ബാധിച്ചതോ കാഴ്ചയില്ലാത്തതോ ആയ കണ്ണ്; 2. നോക്കിയാൽദോഷംവരുത്തുന്ന കണ്ണ്, കരിങ്കണ്ണ്
കുദേശം നാ. 1. ചീത്തസ്ഥലം, നിന്ദ്യമായപ്രദേശം; 2. ജീവിതാവശ്യങ്ങൾ നിർവഹിക്കുവാൻ ഉതകാത്തസ്ഥലം
കുദേഹൻ നാ. 1. അങ്ഗവൈകല്യമുള്ളവൻ; 2. കുബേരൻ
കുദ്ദാലകം നാ. 1. കുന്താലി, ഒരിനം തൂമ്പ; 2. ചെമ്പുകുടം; 3. മലയകത്തി
കുദ്ദാലം,-ളം നാ. കുദ്ദാലകം
കുദ്മളം നാ. കുഡ്മളം
കുദ്യം നാ. കുഡ്യം
കുദ്രങ്കം,കുദ്രങ്ഗം നാ. കാവൽമാടം
കുദ്വദൻ നാ. ചീത്ത (വാക്ക്) പറയുന്നവൻ
കുദ്രത്ത്, ഖു- [അറ] നാ. ശക്തി, കഴിവ്
583
കുധരം നാ. 'ഭൂമിയെ ധരിക്കുന്നത്', പർവതം
കുധാന്യം നാ. 'ഗുണംകുറഞ്ഞ ധാന്യം', തിന, വരക് മുതലായ ധാന്യങ്ങൾ
കുധ്രചൂർണം നാ. കൽച്ചുണ്ണാമ്പ്
കുധ്രം നാ. പർവതം. (പ്ര) കുധ്രാബ്ധിമന്നൻ = കുന്നലക്കോൻ, സാമൂതിരി
കുനഖം നാ. 1. ചീത്തനഖം; 2. നഖത്തിലുണ്ടാകുന്ന രോഗം, കുഴിനഖം നഖച്ചുറ്റ് മുതലായവ
കുനഖി വി. കുഴിനഖമുള്ള, ചീത്തനഖമുള്ള, നഖരോഗമുള്ള. നാ. ചീത്തനഖമുള്ളവൻ (സ്ത്രീ) കുനഖിനി
കുനടൻ നാ. ചീത്തനടൻ (സ്ത്രീ) കുനടി
കുനടി നാ. 1. മനയോല; 2. കൊത്തമ്പാലരി; 3. സുബ്രഹ്മണ്യന്റെ ഒരു പാർഷദൻ
കുനട്ട്,കുനുഷ്ട് നാ. 1. കുശുമ്പ്; 2. വക്രത; 3. ശല്യപ്പെടുത്തൽ, ശല്യം; 4. ചീത്തപ്പെരുമാറ്റം, ദുസ്സ്വഭാവം

കുനത്ത വി. വളഞ്ഞ
കുനദി,-ദിക നാ. ചെറിയ നദി, തോട്
കുനയം നാ. ദുർനയം, ദുഷിച്ചനടപടി, കുത്സിതമായ പ്രവൃത്തി (പ്ര) കുനയൻ = ദുഷിച്ചനടപടിയുള്ളവൻ
കുനാഭി നാ. 1. ചുഴലിക്കാറ്റ്; 2. കുബേരന്റെ നിധികൾ
കുനാലികം നാ. കുയിൽ
കുനാസം നാ. ഒട്ടകം
കുനി1 [കുനിയുക] ധാതുരൂപം
കുനി2 നാ. 1. അർധവൃത്തം, വളവ്, കുനിപ്പ്; 2. ഉകാരഊകാരങ്ങളെ കാണിക്കാൻ ചിലഅക്ഷരങ്ങളുടെ ചുവട്ടിലിടുന്ന അടയാളം, കുനിപ്പ്, ചുനിപ്പ്; 3. ഉയർന്നവയൽ; 4. നെൽപ്പാടങ്ങളുടെ മധ്യത്തിലുള്ള ചെറിയ പുരയിടം. ഉദാഃ കുനിപ്പറമ്പ്, കണ്ടം കുനിയാക്കി; 5. വില്ല്; 6. പക്ഷികളുടെ ചുണ്ട് (വളവുള്ളതിനാൽ). കുനികുത്തുക = ശരീരം വളച്ചാഞ്ഞുചാടുക, തുള്ളിച്ചാടുക, നൃത്തംചെയ്യുക. കുനിചെയ്യുക = വളയ്ക്കുക, കുനിക്കുക
കുനിക്കുക ക്രി. 1. വളയ്ക്കുക; 2. താഴ്ത്തുക, കുമ്പിടുവിക്കുക; 3. കുമ്പിടുക, തലതാഴ്ത്തുക; 4. നൃത്തംവയ്ക്കുക, ആടുക; 5. ഇടിയ്ക്കുക, മുഷ്ടിചുരുട്ടിക്കുത്തുക; 6. കുനിപ്പുണ്ടാക്കുക (അക്ഷരങ്ങൾ എഴുതുമ്പോൾ) ഉദാഃ 'ക' എഴുതി പള്ളയ്ക്കു കുനിച്ചാൽ 'കു' ആകും (പഴയലിപി)
കുനിച്ചൽ,-ച്ചിൽ [<കുനിയുക] നാമരൂപം
കുനിപ്പ് നാ. 1. വളയ്ക്കൽ, വളവ്; 2. കുനിയൽ; 3. അക്ഷരങ്ങളുടെ മുകളിലോ താഴെയോ ചേർക്കുന്ന ചി ം; 4. ഒരിനം നൃത്തം; 5. വീണവായനയിലുള്ള ഇരുപത്തിരണ്ടുതരം ഹസ്തവ്യാപാരങ്ങളിൽ ഒന്ന്
കുനിയൻ നാ. ഒരിനം വലിയ ഉറുമ്പ്, കൂനൻ
കുനിയൽ,-നീൽ നാ. വച്ചൂറ്റി, ചോർപ്പ്
കുനിയാളൻ നാ. കൃഷിപ്പണിചെയ്യുന്ന അടിമ
കുനിയുക ക്രി. നമിക്കുക, ഭാരംകൊണ്ടോ മറ്റോ മുന്നോട്ടുവളയുക. കുനിഞ്ഞുകയറണം ഞെളിഞ്ഞിറങ്ങണം (പഴ)
കുനിവ് നാ. 1. അൽപമായ വളവ്, കുനിപ്പ്; 2. കൂന്
കുനിഷ്ഠൻ നാ. ദുസ്സ്വഭാവി, അസൂയാലു
കുനീതി നാ. 1. തെറ്റായ നീതി, ദുഷ്ടധർമം; 2. കുനയം
കുനീലി നാ. പേയമരി
കുനു വി. 1.ചുരുണ്ട. ഉദാഃ കുനുകുന്തളം; 2. വളഞ്ഞ. ഉദാഃ കുനുചില = വളഞ്ഞവില്ല്. കുനുചില്ലി = വളഞ്ഞപുരികം; 3. ചെറിയ, കൊച്ച്, അരിമയുള്ള, കുരുന്ന്
കുനുകുക ക്രി. 1. ചുരുളുക; 2. ചെറുതാകുക
കുനുകുനുക്കുക ക്രി. മന്ത്രിക്കുക, കുശുകുശുക്കുക, പതുക്കെപ്പറയുക
കുനുകുനെ അവ്യ. 1. ചുരുണ്ടുചുരുണ്ട്; 2. ചെറിയചെറിയ, കൊച്ചുകൊച്ചായ
കുനുക്കുക ക്രി. 1. ചുരുളുക; 2. മുളച്ചുവരുക
കുനൃപൻ നാ. ചീത്തരാജാവ്

കുന്തക്കാരൻ നാ. കുന്തം ധരിച്ചവൻ, ഭടൻ. കുന്തക്കാരൻെറ വരവും കുരുത്തംകെട്ടവൻെറ ചെലവും ഒരുമിച്ച് (പഴ)
കുന്തക്കാൽ നാ. 1. കുന്തമുന ഉറപ്പിക്കുന്ന നീണ്ട തടിക്കഷണം, കുന്തത്തിൻെറ പിടി; 2. മോന്തായം വയ്ക്കുന്നതിനുള്ള തൂണ്, കുത്തുകാൽ, തൂണ് (പ്ര) കുന്തക്കാലുറയ്ക്കുമ്പോൾ കോണക്കാലൂരുക = പ്രശ്നത്തിൻെറ ഒരുഭാഗം ശരിയാക്കുമ്പോൾ മറുഭാഗം കുഴപ്പത്തിലാകുക
കുന്തക്കോൽ നാ. 1. മരക്കുന്തം; 2. കുന്തത്തിൻെറ പിടി; 3. (പ്ര) നീണ്ടുമെലിഞ്ഞിരിക്കുന്ന ആൾ (കുന്തക്കോലൻ എന്നും പ്രയോഗം); 4. വിഷമം, കുഴപ്പം, ശല്യം. ഉദാഃ വലിയ കുന്തക്കോലായിത്തീർന്നു
കുന്തത്തല നാ. 1. കുന്തത്തിൻെറ മൂർച്ചയുള്ള ഭാഗം, കുന്തമുന; 2. വൈഷമ്യം
കുന്തനെ അവ്യ. 1. കുന്തംപോലെ, അനങ്ങാതെ, സ്തംഭിച്ച്; 2. ചരിവില്ലാതെ, ലംബമായി
കുന്തപ്പയറ്റ് നാ. കുന്തംകൊണ്ടുള്ള അഭ്യാസം
കുന്തപ്പാട് നാ. ഒരു കുന്തം എറിഞ്ഞാൽ എത്രയകലെപ്പോയിവീഴുമോ അത്രയും ദൂരം, കുന്തത്തിൻെറ നീളത്തോളമുള്ള അകലം
കുന്തപ്പാട്ട് നാ. 1. കല്യാണാവസരങ്ങളിൽ പാടാറുള്ള പാട്ട്; 2. തച്ചോളിപ്പാട്ട്
കുന്തപ്പുണ്ണ് നാ. കാലിലുണ്ടാകുന്ന ഒരിനം വ്രണം
കുന്തം നാ. 1. ഒരു ആയുധം. കുന്തം വിഴുങ്ങിയിട്ട് ചുക്കുവെള്ളം കുടിച്ചാലെന്തുഫലം? (പഴ); 2. തോക്കിൻെറയഗ്രത്തിൽ ഘടിപ്പിക്കുന്ന കൂർത്തുമൂർത്തകത്തി, തോക്കിന്മേൽക്കുന്തം; 3. ഒരിനം ധാന്യം, കാട്ടുഗോതമ്പ്; 4. ധാന്യങ്ങളും മറ്റും തുളയ്ക്കുന്ന ഒരിനം ചെറിയപ്രാണി; 5. ഒരു നേത്ര രോഗം; 6. വയലുഴുന്ന സമയം കലപ്പയിൽ കയറുന്ന മണ്ണും വൈക്കോലും മറ്റും കൂടിക്കുഴഞ്ഞ ചെളിക്കട്ട, ചാട്ട്; 7. കഴുത്തിൽക്കെട്ടുന്ന ചെറിയ ഒരു സ്വർണാഭരണം (പ.മ.); 8. നിസ്സാരമായ സങ്ഗതി; 9. വിഷമം, നാശം, ഉപദ്രവം, ബുദ്ധിമുട്ട്; 10. പ്രയോജനരഹിതമായ കാര്യം. ഉദാഃ പോയിട്ടെന്തായി? കുന്തം. നീയങ്ങോട്ടു കലമ്പിയാൽ എനിക്കു കുന്തമാണ്. കുന്തമാകുക = ഇല്ലാതാവുക, നശിക്കുക, പരാജയപ്പെടുക, കുഴപ്പത്തിലാകുക. 'കുന്തം' എന്നുമാത്രമായും പ്രയോഗം. കുന്തം മറിയുക = തകരാറിലാകുക
കുന്തലം നാ. യവം
കുന്താലി നാ. കുന്തളി
കുന്തലിക്കുക ക്രി. കുന്തളിക്കുക, കുന്തലിപ്പ് = അഹംഭാവം, ഇല്ലാത്തതു ഉണ്ടെന്നുനടിക്കൽ, പൊങ്ങച്ചം, തള്ളിച്ച
കുന്തളം നാ. (ഈ പദം ദ്രാവിഡത്തിൽനിന്നും സംസ്കൃതം കടംകൊണ്ടതാണെന്നു കിറ്റൽ) 1. തലമുടി, തലമുടിക്കെട്ട്; 2. ദക്ഷിണാപഥത്തിലെ ഒരു രാജ്യം, ചാലൂക്യർ ഇവിടെ ഭരിച്ചിരുന്നു; 3. പാനപാത്രം; 4. കലപ്പ; 5. ഇരുവേലി; 6. (സങ്ഗീ) ഒരു രാഗത്തിൻെറ പേര്; 7. ഒരുതരം ശിരോവസ്ത്രം
കുന്തളി നാ. 1. വെണ്ണക്കത്തി; 2. നെയ്ത്തവി; 3. മുടിയൻ ചീര

കുന്തളിക്കുക ക്രി. 1. കാൽവിരൽ കുത്തിനടക്കുക; 2. കുതിച്ചുചാടുവാൻ ഭാവിക്കുക, മേലോട്ടായം കൊള്ളുക; 3. പൊങ്ങച്ചം നടിക്കുക. നാ. കുന്തളിപ്പ്
കുന്താണി നാ. 1. ഒരുതരം വലിയ ഉരൽ; 2. ഉരലിനകത്തിട്ടിടിക്കുന്ന ധാന്യം പുറത്തേക്കുതെറിച്ചുപോകാതെ സൂക്ഷിക്കുന്ന വായ്ക്കൂട്ട്, ഉരൽപ്പെട്ടി; 3. ഒരു കാട്ടുമരം, മലന്തൊടപ്പ്; 4. അലവാങ്ക്
കുന്താലി നാ. കിളയ്ക്കാനുപയോഗിക്കുന്ന ഒരുതരം വീതികുറഞ്ഞ ഉപകരണം
കുന്തി1 നാ. 1. കൂന, കൂമ്പാരം; 2. മുഴ; 3. കള്ള്
കുന്തി2 നാ. 1. പൃഥ, പാണ്ഡുവിൻെറ ധർമപത്നി; 2. ഗുഗ്ഗുലു; 3. കുന്തുരുക്കം, ഈന്തിൽ; 4. ബ്രാഹ്മണൻെറ ഭാര്യ
കുന്തി3 നാ. 1. ഒരു രാജാവ്; 2. കൃഷ്ണനു സത്യയിലുണ്ടായ പുത്രൻ; 3. പുരാണപ്രസിദ്ധമായ ഒരുരാജ്യം, ആരാജ്യത്തെ ജനങ്ങൾ
കുന്തിക്കുക ക്രി. 1. കാൽവിരൽകുത്തിപൊങ്ങിനിൽക്കുക; 2. കുന്തിച്ചിരിക്കുക = കുത്തിയിരിക്കുക; 3. (പ്ര) പൊങ്ങച്ചം നടിക്കുക
കുന്തിഭോജൻ നാ. ഒരു യാദവ രാജാവ്, കുന്തിയുടെ പിതാവായ ശൂരസേനൻെറ ബന്ധു, കുന്തിയുടെ വളർത്തച്ഛൻ
കുന്തരി നാ. 1. കുസൃതി; 2. വിഷമം, ബദ്ധപ്പാട്, അസ്വസ്ഥത, ശല്യം; 3. നെട്ടോട്ടം
കുന്തിരിക്കം നാ. കുന്തുരുക്കം
കുന്ത് [കുന്തുക] ധാതുരൂപം
കുന്തുക ക്രി. 1. കാൽവിരൽകുത്തി നിൽക്കുകയോ നടക്കുകയോ ചെയ്യുക; 2. പൊങ്ങുക; 3. ഒറ്റക്കാലിൽ ചാടിനടക്കുക. (പ്ര) കുന്തിനടക്കുക = ഞൊണ്ടിനടക്കുക. കുന്തിക്കിടക്കുക = അഹങ്കരിക്കുക, പൊങ്ങച്ചം ഭാവിക്കുക
കുന്തുകാൽ നാ. 1. കാൽവിരലിൻെറ അറ്റം; 2. ഞൊണ്ടുള്ള കാൽ. (പ്ര) കുന്തുകാലൻ = 1. കാൽവിരൽ കുത്തിനടക്കുന്നവൻ; 2. ഞൊണ്ടി
കുന്തുരുക്കപ്പയിൻ നാ. ഒരിനം പയിൻ മരം, തെള്ളി
കുന്തുരുക്കം നാ. ഒരു സുഗന്ധദ്രവ്യം, വെള്ളപ്പയിൻ എന്ന മരത്തിൻെറ കറ
കുന്ത്രാണ്ടം നാ. ശല്യം, വിഷമം, ബുദ്ധിമുട്ടുണ്ടാക്കുന്നത്
കുന്ഥിത വി. പീഡിപ്പിക്കപ്പെട്ട. ദുഃഖിതമായ
കുന്ദ നാ. 1. വെളുത്ത വലിയ പിച്ചകം; 2. ഒരുവകപ്പുല്ല്
കുന്ദകം നാ. 1. കുരുക്കുത്തിമുല്ല; 2. കുന്തുരുക്കം; 3. കണവീരം
കുന്ദകരൻ നാ. കടച്ചിൽക്കാരൻ
കുന്ദബാണൻ നാ. മുല്ലപ്പൂ അമ്പായിട്ടുള്ളവൻ, കാമദേവൻ
കുന്ദം നാ. 1. കുരുക്കുത്തിമുല്ല (എല്ലായിനം മുല്ലകളെ കുറിക്കാനും പ്രയോഗം) അതിൻെറ പൂവ്; 2. കുബേരൻെറ നവനിധികളിൽ ഒന്ന്; 3. ഒമ്പത് എന്ന സങ്ഖ്യ; 4. കുന്തുരുക്കം; 5. താമര; 6. കണവീരം; 7. കടച്ചിൽ യന്ത്രം, ചക്രം
കുന്ദമം നാ. പൂച്ച
കുന്ദരൻ നാ. വിഷ്ണു

കുന്ദരം നാ. 1. ഒരുതരം പുല്ല്; 2. കുന്തുരുക്കം
കുന്ദിനി നാ. 1. മുല്ലപ്പൂക്കളുടെ കൂട്ടം; 2. താമരപ്പൂക്കളുടെ കൂട്ടം; 3. താമരപ്പൊയ്ക
കുന്ദു നാ. 1. കുന്ദുരുക്കം; 2. എലി, ചുണ്ടെലി
കുന്ദുരം നാ. കുൻറുരുക്കം
കുന്ദുരുകി നാ. ഈന്തിൽ
കുന്നൻ നാ. 1. ഒരിനം വാഴ; 2. കുന്നിൻപുറത്തു ജീവിക്കുന്നവൻ; 3. അപരിഷ്കൃതൻ, അറിവില്ലാത്തവൻ; 4. കുന്തുന്നവൻ, വിരലൂന്നി നടക്കുന്നവൻ; 5. കണ്ടൻപൂച്ച
കുന്നം നാ. കുന്ന്, ചെറിയ മല
കുന്നലക്കോൻ നാ. മലയ്ക്കും സമുദ്രത്തിനും ഇടയ്ക്കുള്ള ഭൂമിയുടെ അധിഅൻ, കോഴിക്കോട്ടു സാമൂതിരി
കുന്നലക്കോനാതിരി നാ. കുന്നലക്കോൻ
കുന്നായ്മ നാ. കുസൃതി, കൃത്രിമം, കൊള്ളരുതായ്മ
കുന്നി1 നാ. 1. ഒരുജാതി വള്ളിച്ചെടി, കുന്നിക്കുരു കുപ്പിയിലിട്ടാലും മിന്നും (പഴ); 2. സ്വർണം തൂക്കാൻ ഉപയോഗിക്കുന്ന ഒരു ചെറിയ തോത്, കുന്നിയിട, മൂന്നു യവത്തൂക്കം; 3. ഒരു ദൈർഘ്യപരിമാണം, നൂറ്റിയിരുപതു ഗജം; 4. ചെവിയുടെ പാളി; 5. അൽപം (കുന്നിക്കുരുവോളമുള്ളത്); 6. ഒരു ചെറുപ്രാണി; 7. കൃഷ്ണമണി; 8. ഒരുതരം മരം, മലമഞ്ചാടി, കുന്നിത്തൂക്കം, -പ്രമാണം = കുന്നിയിട. കുന്നിപ്പശ = കുന്നിക്കുരു തോടുകളഞ്ഞരച്ചുണ്ടാക്കിയ പശ
കുന്നി2 നാ. 1. ആനയുടെ നെറ്റിയിലുള്ള മുഴ, മസ്തകം; 2. കുറവൻ
കുന്നിക്കുക ക്രി. 1. കുന്നുപോലെകൂട്ടുക, കൂമ്പാരമാക്കുക, ഒരുമിച്ചുകൂട്ടുക. ഉദാഃ നെല്ലുകുന്നിച്ചുകൂട്ടുക, പണം കുന്നിച്ചുകൂട്ടുക; 2. വർധിക്കുക, വളരുക; 3. കുന്നായിത്തീരുക, കുന്നുകൂടുക, കൂനയാകുക
കുന്നിച്ച് അവ്യ. 1. ഉച്ചത്തിൽ; 2. ധാരാളമായി, സമൃദ്ധമായി
കുന്നിയിട നാ. ഒരു കുന്നിക്കുരുവിൻെറ ഭാരം
585
കുന്ന് നാ. ചുറ്റുമുള്ള ഭൂമിയെ അപേക്ഷിച്ച് ഉയരംകൂടിയ ഭൂഭാഗം, ചെറിയ മല (സാഹിത്യകൃതികളിൽ 'പർവതം' എന്ന അർഥത്തിൽ ധാരാളം പ്രയോഗം. സംഭാഷണഭാഷയിൽ ഈ അർഥം വിരളം). കുന്നിൻകുഞ്ഞ്,-കുമാരി = പാർവതി. കുന്നിൻവില്ലൻ = കുന്നുവില്ലായിട്ടുള്ളവൻ, ശിവൻ, ഗിരിധന്വാവ്. കുന്നടിക്കുക = മലമ്പ്രദേശങ്ങളിൽ കൃഷിചെയ്യുക. കുന്നുകൂടുക = വർധിക്കുക. കുന്നുപോലെ, കുന്നോളം = ധാരാളം, വളരെയധികം
കുന്നുക [പ.മ.] ക്രി. 1. കുറയുക; 2. കുന്നുപോലെയാകുക, കൂമ്പാരആവുക, വർധിക്കുക; 3. ആടുക; 4. കെടുക, നശിക്കുക
കുപഥൻ നാ. 1. ദുർമാർഗത്തിൽ സഞ്ചരിക്കുന്നവൻ; 2. ഒരു അസുരൻ, ദനുപുത്രന്മാരിൽ ഒരാൾ
കുപഥം നാ. 1. ചീത്തവഴി, ദുർമാർഗം, കാപഥം; 2. വൈദികവിരുദ്ധമായ സിദ്ധാന്തം

കുപഥ്യ വി. 'കുത്സിതമായ മാർഗത്തെ സംബന്ധിച്ച', 1. പത്ഥ്യവിരുദ്ധമായ, അഹിതമായ (ഭക്ഷണകാര്യങ്ങളിൽ); 2. അനുചിതമായ

കുപരീക്ഷകൻ നാ. ശരിയായി പരിശോധിക്കാത്തവൻ, തെറ്റായി പരിശോധനനടത്തുന്നവൻ

കുപലം നാ. ലന്തമരം

കുപാകം നാ. കാഞ്ഞിരം

കുപിത1 വി. കോപിച്ച, അമർഷമുള്ള

കുപിത2 നാ. കോപിച്ചവൾ

കുപിതൻ നാ. കോപിച്ചവൻ

കുപുത്രൻ നാ. നിന്ദ്യനായ പുത്രൻ

കുപുരുഷൻ നാ. ചീത്തമനുഷ്യൻ, നിന്ദ്യൻ

കുപൂയ വി. നിന്ദിതമായ, കുത്സിതമായ, നീചമായ

കുപ്പ നാ. 1. അടിച്ചുകൂട്ടിയ ചപ്പും ചവറും; 2. ചാണകക്കൂമ്പാരം. (പ്ര) കുപ്പമണ്ണ് = വളംചേർന്ന മണ്ണ്

കുപ്പക്കുഴി നാ. അടിച്ചുകൂട്ടുന്ന ചപ്പും ചവറും മറ്റും ഇടുന്ന കുഴി

കുപ്പപ്പാട്ട് നാ. (ആ.ഭാ.)പാർപ്പിടം, വീട്

കുപ്പം1 നാ. 1. ഗ്രാമം, ദേശം; 2. കാട്; 3. കൂട്ടം, കൂമ്പാരം

കുപ്പം2 നാ. കൊപ്പം

കുപ്പായം നാ. 1. കഴുത്തിനുതാഴെ കാൽമുട്ടുകൾക്കുമീതെ ദേഹം മൂടത്തക്കവണ്ണം തയ്ച്ചുണ്ടാക്കുന്ന ഉടുപ്പ്, ഷർട്ട്, കോട്ട് മുതലായവ; 2. മുസ്ലിം സ്ത്രീകളുടെ ജാക്കറ്റ്, ചട്ട. (പ്ര) കുപ്പായക്കുടുക്ക് = കുപ്പായത്തിലെ ബട്ടൺ. കുപ്പായക്കാരൻ = 1. ചട്ടക്കാരൻ, ആങ്ഗ്ലോയിൻഡ്യൻ; 2. കുപ്പായം ധരിച്ചിട്ടുള്ളവൻ, പട്ടാളക്കാരൻ, ശിപായി. കുപ്പായമിടുക = 1. സ്ത്രീകൾ ഇസ്ലാം മതം സ്വീകരിക്കുക, തൊപ്പിയിടുക; 2. ക്രിസ്തീയ പുരോഹിതനായി പട്ടമേൽക്കുക

കുപ്പി നാ. 1. സ്ഫടികംകൊണ്ടോ മണ്ണ് ലോഹം മുതലായവകൊണ്ടോ ഉണ്ടാക്കുന്ന കഴുത്തിടുങ്ങിയതും നീളം കൂടിയതുമായ പാത്രം. ഉദാഃ സ്ഫടികക്കുപ്പി, മഷിക്കുപ്പി; 2. കണ്ണാടി. ഉദാഃ കുപ്പിവിളക്ക്, കുപ്പിഭരണി, കുപ്പിവള; 3. കാളക്കൊമ്പിൻെറ അഗ്രത്തിലും മറ്റും ഭങ്ഗിക്കുവേണ്ടി വയ്ക്കുന്ന പിച്ചളകൊണ്ടുള്ള ഒരു ഉപകരണം, കൊമ്പുകൂട്; 4. വീണയുടെ മുറുക്കാണി; 5. എണ്ണയോ മണ്ണെണ്ണയോ ഒഴിച്ചുകത്തിക്കുന്ന വിളക്കുകളിലെ ദീപനാളത്തിനുചുറ്റും സ്ഫടികംകൊണ്ടുള്ള ആവരണം, ചിമ്മിണി; 6. കുപ്പിയുടെ ആകൃതിയിലുള്ള പൂക്കളോടുകൂടിയ ഒരുചെറുമരം, പാവട്ട. (പ്ര) കുപ്പിയിലാക്കുക, കുപ്പിയിലിറക്കുക = രക്ഷപ്പെടാൻ മാർഗമില്ലാത്തവിധം കുരുക്കിൽ ചാടിക്കുക, കബളിപ്പിക്കുക

കുപ്പിണി നാ. കാലാൾപ്പടയുടെ ഒരുചെറിയ വിഭാഗം, കമ്പനി

കുപ്യം നാ. 1. പിച്ചാ ചെമ്പ് നാകം തുടങ്ങിയവ, നീചലോഹം (സ്വർണം വെള്ളി എന്നിവ ഒഴിച്ചുള്ള ലോഹങ്ങൾ); 2. വെളി; 3. വനവിഭവങ്ങൾ, മലഞ്ചരക്കുക. (പ്ര) കുപ്യങ്ങൾ = 1. സാരദാരുവർഗം (കാതലുള്ള മരങ്ങൾ); 2. വേണുവർഗം (മുളകൾ); 3. വല്ലിവർഗം (വള്ളികൾ); 4. വൽകവർഗം (തൊലികൾ); 5. കയറ്റുനാരുകൾ; 6. എഴുതുവാനുള്ള ഓല; 7. പുഷ്പങ്ങൾ; 8. ഔഷധവർഗം; 9. കാളകൂടാദിവിഷങ്ങൾ; 10. സർപ്പകീടാദികൾ; 11. മൃഗപക്ഷിപശുവ്യാളങ്ങൾ ഇവയുടെ തോൽ; 12. കാരിരുമ്പ്, പിച്ചള മുതലായ ലോഹങ്ങൾ;

13. കുട്ടവട്ടികൾ, മൃത്തികാഭാണ്ഡങ്ങൾ (കുടം കലം മുതലായവ); 14. കരി ചാമ്പൽ വിറക് പുല്ല് മുതലായവ

കുപ്യാധ്യക്ഷൻ　　നാ.　　വനവിഭവങ്ങൾ സംഭരിക്കുകയും സമ്രക്ഷിക്കുകയുംചെയ്യുന്ന വകുപ്പിൻെറ അധ്യക്ഷൻ

കുപ്രചരണം　　നാ.　　നിന്ദ്യമായ പ്രചരണം, ദുഷ്ടമായ കാര്യങ്ങൾ പറഞ്ഞുപരത്തൽ

കുപ്രഥ　　നാ.　　കുപ്രസിദ്ധി

കുപ്രസിദ്ധി　　നാ.　　ദുഷ്പേര്, ദുഷ്കീർത്തി

കുപ്രിയ1　　വി.　　ഹൃദ്യമല്ലാത്ത, നിന്ദ്യമായ, നീചമായ

കുപ്രിയ2　　നാ.　　കുത്സിതമായ (കൊള്ളരുതാത്ത) ഭാര്യ

കുപ്ലവം　　നാ.　　മോശപ്പെട്ട വള്ളം, ചങ്ങാടം

കുഫിരിയത്ത്　[അറ]　നാ.　　ദൈവകൽപനയ്ക്കുവിപരീതമായ വിശ്വാസങ്ങളും ആചാരങ്ങളും

കുഫു　[അറ]　നാ.　　ചേർച്ച, പൊരുത്തം

കുബുദ്ധി　　നാ.　　ചീത്തമനസ്സുള്ള ആൾ, ദുർബുദ്ധി

കുബേര　　വി.　　1. അങ്ഗവൈകല്യമുള്ള; 2. അലസമായ

കുബേരകം　　നാ.　　1. പടുകരണ; 2. പൂവരശ്; 3. തെങ്ങ്

കുബേരഗിരി　　നാ.　　കൈലാസം

കുബേരദിക്ക്　　നാ.　　വടക്കുദിക്ക്, കുബേരൻ നാഥനായ ദിക്ക്

കുബേരദൃക്ക്　　നാ.　　1. പാതിരി; 2. വെൺപാതിരി; 3. കഴഞ്ചി

കുബേരൻ　　നാ.　　'നിന്ദിതമായ ശരീരത്തോടുകൂടിയവൻ', 1. ധനികൻ; 2. വാസ്തുപൂജയിൽ വടക്കേദിക്കിൽ പൂജിക്കപ്പെടേണ്ട ഒരുദേവത

കുബേരത,-ത്വം　　നാ.　　ധനവാനായിരിക്കുന്ന അവസ്ഥ. (പ്ര) കുബേരവീഥി = ധനേശവീഥി. കുബേരപത്തനം = അളകാപുരി

കുബേരാക്ഷം　　നാ.　　കഴഞ്ചി

കുബേരാചലം　　നാ.　　കൈലാസം, കുബേരൻെറ വാസസ്ഥാനം

കുബ്ജ1　　വി.　　കുനിഞ്ഞ, വളഞ്ഞ

കുബ്ജ2　　നാ.　　1. കൂനി, കൂനുള്ളവൾ; 2. കംസൻെറ ഒരു ഭൃത്യ, ത്രിവക്ര എന്നു പേര്; 3. കൈകേയിയുടെ ധാത്രിയായ മന്ഥര

കുബ്ജം　　നാ.　　1. ഒരുജാതിച്ചെടി; 2. ഒരു നദി; 3. കടലാടി; 4. ഒരുതരം സങ്ഗീതോപകരണം; 5. കൂന്; 6. വളഞ്ഞവാൾ; 7. വലിയകടലാടി; 8. മുള്ളുചേമന്തി; 9. കുബ്ജവാതം

കുബ്ജിക　　നാ.　　1. ദുർഗാദേവിയുടെ രൂപാന്തരം; 2. എട്ടുവയസ്സായ കന്യക; 3. വിഷ്ണുക്രാന്ത എന്ന വിഭാഗത്തിൽപ്പെടുന്ന 64 തന്ത്രങ്ങളിൽ ഒന്ന്; 4. ഒരുതരം വീണ

കുബ്ബ　[അറ]　നാ.　　മുസ്ലിമ്പള്ളികളുടെ മുകളിൽപ്പണിയുന്ന അർധഗോളാകൃതിയിലുള്ള താഴികക്കുടം

കുബ്രം　　നാ.　　1. വനം; 2. മോതിരം; 3. ഒരുതരം കർണാഭരണം; 4. വണ്ടി; 5. യാഗാഗ്നികുണ്ഡം; 6. ചരട്

കുബ്രഹ്മൻ　　നാ.　　കുത്സിതനായ ബ്രാഹ്മണൻ

കുഭം　　നാ.　　വെള്ളം

കുഭാര്യ നാ. ദുഷിച്ചഭാര്യ, കുപ്രിയ
കുഭാര്യൻ നാ. ചീത്തഭാര്യയുള്ളവൻ
കുഭൃത്ത് നാ. 1. ഭൂമിയെ താങ്ങിനിറുത്തുന്നത്, പർവതം; 2. ഭൂമിയെ ഭരിക്കുന്നവൻ, രാജാവ്
കുംബ നാ. 1. യാഗശാഅയ്ക്കു ചുറ്റുമുള്ള മറ; 2. പെൺകുട്ടികൾ ധരിക്കുന്ന കട്ടികൂടിയ അടിയുടുപ്പ്
കുംബം നാ. 1. സ്ത്രീകളുടെ ഒരുജാതു ശിരോവസ്ത്രം; 2. ഗദയുടെ തടിച്ച അറ്റം
കുംഭ1 നാ. 1. വ്യഭിചാരിണി; 2. വെൺകുന്നി; 3. നാഗദന്തി
കുംഭ2 നാ. കുമ്പ
കുംഭകം നാ. 1. മൂന്നുതരത്തിലുള്ള പ്രാണായാമഭേദങ്ങളിൽ ഒന്ന് (ശ്വാസം ഉള്ളിലോ പുറത്തോ പിടിച്ചുനിറുത്തുന്നത്); 2. കുടം; 3. ആനയുടെ മസ്തകം; 4. തൂണിൻെറ അടിഭാഗം; 5. (സങ്ഗീ) ഒരുതരം താളം; 6. നാഗദന്തി; 7. ഒരുതരം പാഷാണം
കുംഭകർണൻ നാ. 'കുംഭാകാരമായ കർണങ്ങളോടുകൂടിയവൻ', 1. പുലസ്ത്യൻെറ മകനായ വിശ്രവസ്സിന് കൈകസിയിൽ ജനിച്ച രണ്ടാമത്തെ മകൻ; 2. (ആല) അധികം ഉറങ്ങുന്ന ശീലമുള്ളവൻ. (പ്ര) കുംഭകർണസേവ = സദാ ഉറക്കം, അതിനിദ്ര
കുംഭകാരൻ നാ. 'കുടം ഉണ്ടാക്കുന്നവൻ', 1. കുശവൻ; 2. ഒരുസങ്കരജാതി, വേശ്യയിൽ വിപ്രനുജനിച്ചവൻ, കുമ്പാരൻ എന്നു ദേശ്യരൂപം
കുംഭകാരം നാ. 1. സർപ്പം; 2. കാട്ടുകോഴി, കുക്കുഭം
കുംഭകാരി നാ. 1.കുശവസ്ത്രീ, കുശവൻെറ ഭാര്യ; 2. കാട്ടുമുതിര; 3. കുലത്ഥാഞ്ജനം; 4. മനയോല
കുംഭകുക്ഷി നാ. കുടംപോലെ ഇടവീർത്തിരിക്കുന്ന ചെറുമതിൽ, വപ്രം
കുംഭകോണം നാ. 1. തമിഴ്നാട്ടിലെ ഒരു പുണ്യസ്ഥലം (പ്ര) കുംഭകോണംവരാഹൻ = ഒരു പഴയനാണയം, ഇരുപത് അഥവാ ഇരുപത്തൊന്നു പണം; 2. (പ്ര) തട്ടിപ്പ്, വെട്ടിപ്പ്, അഴിമതി, കോഴവാങ്ങൽ
കുംഭക്കൂറ് നാ. (ജ്യോ) അവിട്ടത്തിൻെറ പകുതിമുതൽ ചതയവും പൂരുട്ടാതിയുടെ മുക്കാലുംവരെ, ഈനക്ഷത്രങ്ങളിൽ ചന്ദ്രൻ നിൽക്കുന്ന സമയം
കുംഭഗോപുരം നാ. അർധഗോളാകൃതിയിലുള്ള ഗോപുരം
കുംഭജൻ നാ. 'കുടത്തിൽ ജനിച്ചവൻ', 1. അഗസ്ത്യൻ; 2. ദ്രോണൻ
കുംഭജം നാ. അകത്തിമരം
കുംഭദാസൻ നാ. വീട്ടുവേലക്കാരൻ, വീടുപണിചെയ്യുന്നവൻ
കുംഭദാസി നാ. 1. വേശ്യ; 2. വിടന്മാർക്കു സ്ത്രീകളെ കൂട്ടിക്കൊടുക്കുന്നവൾ; 3. വീട്ടിലെ ജോലിക്കാരി, വീടുപണിചെയ്തു ജീവിക്കുന്നവൾ; 4. കുടപ്പായൽ
കുംഭൻ നാ. 1. ജാരൻ, വിടൻ; 2. ഒരു രാക്ഷസൻ; 3. അഗസ്ത്യമഹർഷി; 4. പ്രഹ്ലാദപുത്രന്മാരിലൊരാൾ; 5. ഒരു ശിവപാർഷദൻ; 6. യാഗാവശ്യങ്ങളുപയോഗിക്കുന്ന ചെറിയ കുടം (പുരുഷനെന്നു സങ്കൽപം); 7. ഒരുതരം മണ്ഡലി; 8. ഒരു ദുർദേവത

കുംഭനാദൻ	നാ.	മഹാബലിയുടെ പുത്രന്മാരിൽ ഒരാൾ
കുംഭനാഭൻ	നാ.	ദനുവിൻെറ പുത്രന്മാരിൽ ഒരാൾ
കുംഭപൂർത്തി	നാ.	(ജ്യോ) പഞ്ചപൂർത്തി അഥവാ പഞ്ചപൂർണ യാഗത്തിൻെറ ഘടകങ്ങളിൽ ഒന്ന് (ഘടന നക്ഷത്രങ്ങളിൽ താത്കാലികമായി ആദിത്യൻ നിൽക്കുന്നവയിലൊഴിച്ചുള്ളവയിൽ ഏതെങ്കിലും വരുന്ന സമയം)
കുംഭപ്പൂ(വ്)	നാ.	കുംഭമാസത്തിൽ കൊയ്യുന്ന (നെൽ) വിളവ്
കുംഭഫല	നാ.	കുംഭത്തിൻെറ ആകൃതിയിലുള്ള ഫലമുള്ളത്‘, വലിയ കുമ്പളം
കുംഭം	നാ.	1. കുടം; 2. ആനയുടെ മസ്തകം; 3. കുടംപോലെയിരിക്കുന്ന ഒരുതരം വാദ്യം; 4. ഒരളവ്, ഇരുപതുദ്രോണം ചേർന്നത്; 5. കൊല്ലവർഷത്തിലെ ഏഴാമത്തെ മാസം. കുംഭത്തിൽ മഴപെയ്താൽ കുപ്പയും പൊന്നാകും (പഴ); 6. മരിച്ചവരുടെ അസ്ഥിസഞ്ചയത്തിനുള്ള ഒരു പാത്രം; 7. ക്ഷേത്രത്തിൻെറ സ്തംഭത്തിന് അഞ്ചുവിഭാഗങ്ങളുള്ളതിലൊന്ന്, ഓമയുടെ മുകൾഭാഗം; 8. ഒരിനം ശ്രീകോവിൽ; 9. ചുരയ്ക്കത്തോടുകൊണ്ടുള്ള ഒരു പാത്രം; 10. വണ്ടിച്ചക്രത്തിൻെറ കൂടം; 11. നെറ്റി; 12. ഒരു ഗ്രാമത്തിൻെറ നാലിലൊരുഭാഗം; 13. ഗുഗ്ഗുലു; 14. ത്രികോൽപ്പക്കൊന്ന; 15. ശിവത; 16. ഒരുതരം ഹൃദ്രോഗം; 17. കുംഭകപ്രാണായാമം; 18. (സങ്ഗീ) ഒരുതരം താളം
കുംഭമണ്ഡൂകം	നാ.	’കുടത്തിലെ തവള‘, ലോകത്തെ കുറിച്ചു ബോധമില്ലാത്ത ആൾ. താരത. കൂപമണ്ഡൂകം
കുംഭമേള,-മേല	നാ.	പന്ത്രണ്ടുകൊല്ലത്തിലൊരിക്കൽ ഉത്തരേന്ത്യയിൽ ഹരിദ്വാരം പ്രയാഗനാസിക് ഉജ്ജയിനി എന്നീസ്ഥലങ്ങളിൽ വച്ചുനടത്തുന്ന ഒരു ഹൈന്ദവതീർഥാടനമഹോത്സവം
കുംഭയോനി	നാ.	’കുടത്തിൽ പിറന്നവൻ‘, 1. അഗസ്ത്യൻ; 2. ദ്രോണൻ; 3. വസിഷ്ഠൻ; 4. തുമ്പച്ചെടി; 5. ഒരു അപ്സരസ്സ്
കുംഭലതാ	നാ.	ക്ഷേത്രഭിത്തിയിലും മറ്റും നിർമിക്കുന്ന ഒരുതരം അലങ്കാരപ്പണി
കുംഭസംഭവൻ	നാ.	1. അഗസ്ത്യൻ; 2. ദ്രോണൻ
കുംഭസ്തനി	നാ.	’കുംഭംപോലെയുള്ള മുലയോടുകൂടിയവൾ‘, സുന്ദരി.
587
കുംഭാണ്ഡൻ	നാ.	ബാണാസുരൻെറ മന്ത്രി
കുംഭാണ്ഡം	നാ.	വലിയകുമ്പളം, പെരുങ്കുമ്പളം
കുംഭാഭിഷേകം	നാ.	കലശങ്ങളിൽ ഉള്ള മന്ത്രപൂതമായ ജലം തുടങ്ങിയവകൊണ്ട് അഭിഷേകം ചെയ്യൽ, കലശമാടൽ
കുംഭി1	വി.	(സമാസത്തിൽ) കുംഭമുള്ള
കുംഭി2	നാ.	1. ആന; 2. മുതല; 3. ഒരുതരം മത്സ്യം; 4. വിഷമുള്ള ഒരുതരം പ്രാണി; 5. ഗുഗ്ഗുലു; 6. കുടം; 7. കുമ്പിൾ മരം; 8. ഒരുനരകം, കുംഭീപാകം; 9. ചെറുകുമിഴ്; 10. പാതിരി; 11. കുടപ്പായൽ; 12. ചെറുദന്തി; 13. പർപ്പടവൃക്ഷം; 14. ഒരു ധാന്യയളവ്; 15. വയറ്; 16. ബാലന്മാരെ പീഡിപ്പിക്കുന്ന ഒരു രക്ഷസ്സ്; 17. യജ്ഞശാലയിൽ ഉപയോഗിക്കുന്ന ഒരുതരം ചെറിയപാത്രം

കുംഭിക നാ. 1. കുടപ്പായൽ, കുടച്ചണ്ടി, ജലത്തിൽ നിറയുന്നത്; 2. അത്തിത്തിഅലി; 3. ചെറുകുമിഴ്; 4. പാതിരി; 5. ചെറിയ കുടം; 6. വേശ്യ; 7. ഒരു നേത്രരോഗം; 8. സുബ്രഹ്മണ്യൻെറ മാതൃഗണങ്ങളിൽപ്പെട്ട ഒരു ദേവി

കുംഭികുംഭം നാ. ആനയുടെ തലയിലെ മുഴ, മസ്തകം

കുംഭിനി നാ. 1. പിടിയാന; 2. ഭൂമി, കുംഭിനീശൻ. (പ്ര) കുംഭിനീനാഥൻ = രാജാവ്

കുംഭിലൻ നാ. 1. ഭവനഭേദനം ചെയ്യുന്ന കള്ളൻ; 2. സാഹിത്യചോരൻ, കാവ്യചോരൻ; 3. ഗർഭം പൂർത്തിയാകാതെ പിറന്നവൻ, അകാലത്തിൽ ജനിച്ചവൻ; 4. പതിസഹോദരൻ, അളിയൻ

കുംഭിവക്ത്രൻ നാ. ഗണപതി

കുംഭിവദനൻ നാ. കുംഭിവക്ത്രൻ

കുംഭിക നാ. 1. കുടപ്പായൽ; 2. പാതിരി; 3. ലിങ്ഗത്തെ ബാധിക്കുന്ന ഒരുതരം രോഗം; 4. ഒരിനം നേത്രരോഗം

കുംഭികം നാ. 1. കുടപ്പായൽ; 2. പുന്ന; 3. ഒരു പുംസ്ത്വദോഷം

കുംഭീകുമാരൻ നാ. 1. അഗസ്ത്യൻ; 2. ദ്രോണർ

കുംഭീനസം നാ. 1. ഉഗ്രവിഷമുള്ള ഒരിനം സർപ്പം; 2. ഒരു വിഷകീടം, ഒരിനം തേൾ

കുംഭീപാകം നാ. 1. ഒരു നരകം; 2. പാത്രത്തിലുള്ള ഭക്ഷണസാധനം; 3. ഒരുതരം ജ്വരം; 4. ഒരു രോഗം, മൂക്കിൽനിന്നു കറുത്തരക്തം പുറപ്പെടുന്നതു ലക്ഷണം

കുംഭീരം,-ലം നാ. 1. മുതല; 2. പാമ്പ്; 3. ഒരു ചെടി

കുംഭീരകൻ നാ. കള്ളൻ

കുംഭീസ്വേദം നാ. (ആയുർ) ഊഷ്മസ്വേദങ്ങളിൽ ഒന്ന്

കുംഭേശകലശം നാ. പ്രതിഷ്ഠാദേവൻെറ ശയ്യയുടെ ചുറ്റും പൂജിച്ചുവച്ച വസ്തുക്കളിൽ വടക്കുഭാഗത്തു പീഠം വിരിച്ചു പൂജിക്കപ്പെടുന്ന കലശം, കലശങ്ങളിൽ പ്രധാനമായതുകൊണ്ട് ഈ പേര്

കുംഭോദരൻ നാ. 1. ഒരു ശിവപാർഷദൻ; 2. ഒരു രാക്ഷസൻ; 3. കുടവയറൻ; 4. അധികം ഭക്ഷിക്കുന്നവൻ

കുംഭോദരം നാ. 'കുംഭംപോലെയുള്ള വയറ്', കുടവയറ്

കുംഭോദ്ഭവൻ നാ. 'കുംഭത്തിൽനിന്നു ജനിച്ചവൻ', 1. അഗസ്ത്യൻ; 2. ദ്രോണർ

കുംഭോലു നാ. കുംഭോലുഖലം, ഗുഗ്ഗുലു

കുംഭോലുകൻ നാ. ഒരിനം മൂങ്ങ

കുംഭോലുഖലം നാ. ഗുഗ്ഗുലു

കുമ1 [കുമയുക] ധാതുരൂപം

കുമ2 [കുമയ്ക്കുക] നാ. അടി, തല്ല്

കുമച്ചൽ,-ച്ചിൽ നാ. 1. കുഴപ്പം, വിഷമം; 2. കലശൽ

കുമട്ടുക ക്രി. 1. ഛർദിക്കുക, കവിട്ടുക; 2. ഉപദ്രവിക്കുക, പീഡിപ്പിക്കുക

കുമതി നാ. 'കുത്സിതമായ മതിയുള്ളവൻ', 1. ദുർബുദ്ധി; 2. മന്ദബുദ്ധി, ബുദ്ധിഹീനൻ

കുമന്ത്രണം നാ. ദുഷ്ടമായ കാര്യാലോചന, ദുരുപദേശം
കുമയുക ക്രി. 1. കുഴയുക; 2. നശിക്കുക; 3. വെന്തുകുഴയുക; 4. കുമിയുക
കുമയൂട്ടുക ക്രി. അടി(പ്പി)ക്കുക, പീഡിപ്പിക്കുക
കുമയ്ക്കുക ക്രി. 1. അടിക്കുക, തല്ലുക; 2. വിഷമിപ്പിക്കുക, പീഡിപ്പിക്കുക, നശിപ്പിക്കുക; 3. ക്രമം തെറ്റിക്കുക, കുഴയ്ക്കുക; 4. കുമിക്കുക, കൂട്ടുക, കുന്നിക്കുക; 5. വേവിച്ചുകുഴയ്ക്കുക
കുമർത്യൻ നാ. നീചൻ, ചീത്തമനുഷ്യൻ, അധമൻ
കുമരി നാ. 1. കന്യക; 2. കുമരിയായിരിക്കുന്ന അവസ്ഥ, കന്യകാത്വം. (പ്ര) കുമരഴിക്കുക = കന്യകാത്വം ഇല്ലാതാക്കുക, വിവാഹം കഴിച്ചുകൊടുക്കുക
കുമരിമണ്ഡലം നാ. കന്യാകുമാരി ഉൾപ്പെട്ട തെക്കൻപ്രദേശത്തിൻെറ പഴയ പേര്
കുമൾ,-മിഴ് നാ. 1. ഒരുതരം കൂൺ; 2. കുമിൾ
കുമളയ്ക്കുക ക്രി. കുമളയുണ്ടാക്കുക, പൊള്ളലോ മറ്റോകൊണ്ടു തൊലിയിൽ ജലംകെട്ടി കുമളപോലെയായിത്തീരുക, കുമിളഓലെ പൊന്തുക
കുമറുക ക്രി. 1. ശബ്ദിക്കുക, അമറുക, ഇരമ്പുക, മുഴങ്ങുക; 2. നീറി എരിയുക, ജ്വാലയില്ലാതെ എരിയുക, ഉൾഭാഗം തീപിടിച്ചു നീറിക്കത്തുക. ഉദാഃ ഉമിത്തീ കുമറുക; 3. പരക്കുക, വ്യാപിക്കുക
കുമാർഗം നാ. ചീത്തവഴി, ദുർമാർഗം
കുമാരകം നാ. 1. നീർമാതളം; 2. കൃഷ്ണമണി
കുമാരഗുരു നാ. സുബ്രഹ്മണ്യൻ
കുമാരജീവം നാ. പൂത്തിലഞ്ഞി, ഒരു വന്യവൃക്ഷം
കുമാരൻ നാ. 1. പത്തുമുതൽ പതിനഞ്ചുവയസ്സുവരെ പ്രായമുള്ള ആൺകുട്ടി; 2. മകൻ; 3. യുവാവ്; 4. യുവരാജാവ്, കിരീടാവകാശിയായ യുവാവ്, രാജകുമാരൻ; 5. സുബ്രഹ്മണ്യൻ; 6. അഗ്നി; 7. സനൽകുമാരൻ; 8. കുതിരക്കാരൻ
കുമാരന്മാർ നാ. (ബ.വ.) ബ്രഹ്മാവിൻെറ മാനസപുത്രന്മാരായ സനകൻ സനന്ദനൻ സനാതനൻ സനൽകുമാരൻ എന്നീ നാലുപേർ
കുമാരഭൃത്യ(ം) നാ. 1. ശിശുപരിപാലനം; 2. പ്രസവശുശ്രൂഷ; 3. ബാലചികിത്സ
കുമാരം നാ. 1. തത്ത; 2. നീർമാതളം; 3. ജംബുദ്വീപത്തിൻെറ ഒൻപതു വിഭാഗങ്ങളിൽ ഏറ്റവും തെക്കുഭാഗത്തായിക്കിടക്കുന്ന ഒരു ദ്വീപ്; 4. പ്രാചീനഭാരതത്തിലെ ഒരു ജനപദം; 5. ഉരുക്കിശുദ്ധിവരുത്തിയ സ്വർണം; 6. കാരീയത്തിൽ ഒരിനം
കുമാരവാഹനം നാ. സുബ്രഹ്മണ്യൻെറ വാഹനം, മയിൽ
കുമാരവ്രതം നാ. നൈഷ്ഠികബ്രഹ്മചര്യം അനുഷ്ഠിക്കൽ
കുമാരസംഭവം നാ. 1. കുമാരൻെറ ജനനം, സുബ്രഹ്മണ്യൻെറ ഉത്പത്തി; 2. കാളിദാസവിരചിതമായ ഒരു കാവ്യം
കുമാരസു(വ്) നാ. 1. പാർവതി, സ്കന്ദൻെറ മാതാവ്; 2. ഗങ്ഗാനദി; 3. അഗ്നിദേവൻ

കുമാരി നാ. 1. പെൺകുട്ടി, കന്യക, പത്തുവയസ്സിനും പന്ത്രണ്ടുവയസ്സിനും ഇടയ്ക്കുപ്രായമുള്ളവൾ, യൗവനത്തിലേക്കു കാലൂന്നിയിട്ടില്ലാത്തവൾ; 2. അവിവാഹിതയായ സ്ത്രീകളുടെ പേരിനുമുമ്പിൽ (ഇങ്ഗ്ലീഷിലെ 'മിസ്' എന്നതിനെ അനുകരിച്ചു) ചേർക്കുന്ന പദം; 3. പുത്രി; 4. രാജകുമാരി; 5. ദുർഗ; 6. കന്യാകുമാരി എന്ന സ്ഥലം, ഇന്ത്യാ ഉപദ്വീപിൻെറ ഏറ്റവും തെക്കെയറ്റത്തെ മുനമ്പ്; 7. കന്യാകുമാരിയിൽ കടലാക്രമണമുണ്ടാകുനതിനുമുമ്പുണ്ടായിരുന്ന ഒരു നദി; 8. പ്രാചീനഭാരതത്തിലെ ഒരു നദി; 9. കറ്റാർവാഴ; 10. തൂശിമുല്ല; 11. കുടമുല്ല; 12. കുറുഞ്ഞി (വെള്ളപ്പൂവുള്ളത്); 13. പേരേലം; 14. കാട്ടുപാവൽ; 15. മലയമുക്കി (വെളുത്തപൂവുള്ളത്); 16. മൈന; 17. ആനയെക്കെട്ടുന്ന കുറ്റിയുടെ മുകളിലുള്ള തഴുത്; 18. വിഷ്ണുക്രാന്ത എന്ന വിഭാഗത്തിൽപ്പെടുന്ന 64 തന്ത്രങ്ങളിൽ ഒന്ന്

കുമാരിക നാ. 1. പെൺകുട്ടി; 2. കന്യക; 3. പുത്രി; 4. ദാസി; 5. പേരേലം; 6. തൂശിമുല്ല; 7. കുടമുല്ല; 8. കറ്റവാഴ

കുമാരിലഭട്ടൻ നാ. പ്രസിദ്ധനായ ഒരു മീമാംസകൻ

കുമാരിച്ഛദം നാ. കന്യകകളുടെ യോനീമുഖത്തെ മൂടിയിരിക്കുന്ന നേരിയ ചർമം

കുമാരീപുത്രൻ നാ. കാനീനൻ

കുമിക്കുക ക്രി. കുമിയുന്നതിന് ഇടയാക്കുക

കുമിഞ്ചാൻ നാ. കുന്തുരുക്കം

കുമിയുക ക്രി. കുനിയാവുക, കൂമ്പാരമാവുക, കുന്നുകൂടുക, വർധിക്കുക (ധാന്യവും മണലും മറ്റുംപോലെ). നാ. കുമിപ്പ്, കുമിയൽ

കുമിൾ, കുമിഴ് നാ. 1. ചീഞ്ഞഴുകിയ ജൈവവസ്തുക്കളിൽ മുളച്ചുണ്ടാകുന്ന ഹരിതകമില്ലാത്ത ഒരു സസ്യം, കൂണ്; 2. സസ്യങ്ങളെ ബാധിക്കുന്ന പൂപ്പുരോഗം; 3. കുമ്പിൾ എന്ന വൃക്ഷം

കുമിള,കുമ നാ. 1. വായു ഉള്ളിൽക്കടന്നു ഗോളാകൃതിയിലായിത്തീർന്ന ദ്രവം, നീർപ്പോള. (പ്ര) കുമിളയിടുക = കുമിളപോലെ പൊങ്ങിവരുക; 2. ശരീരത്തിൽ ഉണ്ടാകുന്ന പൊള്ളൽ, പഴുപ്പോ നീരോ ഉൾക്കൊള്ളുന്നത്; 3. കുമിളയുടെ ആകൃതിയിൽ ലോഹംകൊണ്ടോ തടികൊണ്ടോ ഉണ്ടാക്കുന്ന അലങ്കാരവസ്തു. ഉദാഃ സ്വർണക്കുമിള

കുമിളിക്കുക ക്രി. കുമളയ്ക്കുക

കുമിറുക ക്രി. 1. ശബ്ദിക്കുക, മുഴങ്ങുക, ഇരമ്പുക, അമറുക; 2. പരക്കുക, വ്യാപിക്കുക; 3. നീറുക, ജ്വാലയില്ലാതെ തീകത്തുക. നാ. കുമിറൽ, കുമിറ്, കുമിർച്ച

കുമുകുമാ അവ്യ, അധികമായി, ഇടതിങ്ങി, ധാരാളമായി (മണം, ആവി, പുക മുതലായവയെ വിശേഷിപ്പിക്കാൻ പ്രയോഗം)

കുമുഖം നാ. 'വിരൂപമായ മുഖത്തോടുകൂടിയത്', പന്നി

കുമുദ നാ. 1. താതിരി; 2. കുമിഴ്; 3. ചെറുകിഴങ്ങ്; 4. മൂവില; 5. കുടപ്പായൽ; 6. വെള്ളി; 7. ദുർഗ

കുമുദതാളം നാ. സങ്ഗീതത്തിലെ ഒരു താളം

കുമുദൻ നാ. 'ആമ്പൽപ്പൂവിൻെറ നിറമുള്ളത്', 1. അഷ്ടദിഗ്ഗജങ്ങളിൽ ഒന്ന്, തെക്കുപടിഞ്ഞാറുദിക്കിലെ ആന; 2. രാമായണത്തിൽ പ്രസ്തുതനായ ഒരു വാനരൻ; 3. വിഷ്ണു; 4. ഒരു നാഗം; 5. ഗരുഡൻെറ വംശത്തിൽപ്പെട്ട

ഒരുവൻ; 6. കുറുനരി; 7. സ്കന്ദൻെറ ഒരു പാർഷദൻ; 8. ഒരിനം എലി; 9. അധർവ വേദാചാര്യനായ പഥ്യൻെറ ശിഷ്യരിലൊരാൾ

കുമുദപ്രിയൻ　　നാ.　ചന്ദ്രൻ

കുമുദബന്ധു　　നാ.　കുമുദനാഥൻ

കുമുദബാന്ധവം　　നാ.　കർപ്പൂരം

കുമുദം　　നാ.　'ഭൂമിയിൽ സന്തോഷത്തെ ഉണ്ടാക്കുന്നത്', 1. വെളുത്ത ആമ്പൽ; 2. ചെന്താമര; 3. വെള്ളി; 4. കർപ്പൂരം; 5. അഷ്ടദിഗ്ഗജങ്ങളിൽ ഒന്ന്, കുമുദൻ; 6. പാമ്പ്; 7. കരിങ്കുരങ്ങ്; 8. മേരുവിൻെറ നാലുഭാഗത്തുമുള്ള പർവതങ്ങളിൽ ഒന്ന്; 9. പാസാദങ്ങളുടെ അടിഭാഗമായ അധിഷ്ഠാനത്തിൻെറ (തറയുടെ) ഒരുഭാഗം; 10. ഒരു സൈന്യവിഭാഗം, ഒമ്പതാനയും ഒമ്പതുതേരും ഇരുപത്തേഴുകുതിരയും നാൽപ്പത്തഞ്ചുകാലാളും കൂടിയത്; 11. കൃഷ്ണമണിയിൽ ഉണ്ടാകുന്ന ഒരുതരം രോഗം

കുമുദവതി　　നാ.　1. ആമ്പൽപ്പൊയ്ക; 2. ആമ്പൽക്കൂട്ടം; 3. ആമ്പൽച്ചെടി

കുമുദാകരം　　നാ.　1. ആമ്പൽപ്പൊയ്ക; 2. കണവീരം

കുമുദാഭിഖ്യം　　നാ.　'കുമുദം എന്നപേരോടുകൂടിയത്', വെള്ളി

കുമുദിനി　　നാ.　'കുമുദങ്ങളുള്ളത്', 1. ആമ്പൽപ്പൊയ്ക, ആമ്പൽക്കൂട്ടം; 2. വെളാമൽ. (പ്ര) കുമുദിനീപതി = 1. ചന്ദ്രൻ; 2. കർപ്പൂരം

കുമുദ്　　വി.　1. ദയയില്ലാത്ത; 2. സ്നേഹമില്ലാത്ത; 3. ദുരാഗ്രഹമുള്ള

കുമുദേശൻ　　നാ.　ചന്ദ്രൻ

കുമുദ്വത്ത്　　വി.　ആമ്പൽനിറഞ്ഞ

കുമുദ്വതി　　നാ.　1. ആമ്പൽപ്പൊയ്ക, ആമ്പലുകളുടെ കൂട്ടം; 2. വെളാമ്പൽ; 3. ശ്രീകൃഷ്ണൻെറ സേന; 4. ഒരു സംസ്കൃതവൃത്തം

കുമുദ്വാൻ　　നാ.　1. ആമ്പലധികമുള്ള സ്ഥലം (പൊയ്ക); 2. ചന്ദ്രൻ

കുമേരു　　നാ.　1. ദക്ഷിണധ്രുവം; 2. അസുരന്മാരും പിശാചുക്കളും വസിക്കുന്ന സ്ഥലം; 3. കാലപുരി

കുമോദകൻ　　നാ.　'ഭൂമിയെ സന്തോഷിപ്പിക്കുന്നവൻ', വിഷ്ണു

കുമ്പ　　നാ.　1. വയറ്, കുടവയർ. (പ്ര) കുമ്പവീർക്കുക = വയറുനിറയുക. കുമ്പവീർപ്പിക്കുക = വയറുനിറയ്ക്കുക, ഉപജീവനം കഴിക്കുക. കുമ്പകെട്ടി = 1. വയറൻ; 2. കള്ളുകുടിയൻ; 3. ലുബ്ധൻ. (പ്ര) കുമ്പതപ്പുക,-തലോടുക = പരിഭ്രമിക്കുക

കുമ്പഞ്ഞി　　[പോർ]　　നാ.　കമ്പനി

കുമ്പൻ　　നാ.　1. കാളക്കുട്ടി; 2. വലിയ പേൻ (തെ.തി.)

കുമ്പം　　നാ.　1. കുടം (പ.മ.); 2. ഒരു അളവുപാത്രം, ഇടങ്ങഴി; 3. വള്ളക്കാർക്ക് പലവ്യഞ്ജനം തുടങ്ങിയ സാധനങ്ങൾ ഇട്ടുസൂക്ഷിക്കുന്നതിനുള്ള കുഴൽപോലെയുള്ള പാത്രം; 4. കന്നുകാലികൾക്കു വെള്ളം കൊടുക്കുന്നതിനുപയോഗിക്കുന്ന ഒരുപകരണം, ഒട്ടം.



കുമ്പയാൻ　　നാ.　1. കുടവയറൻ; 2. കാളക്കുട്ടി

കുമ്പൽ1　　നാ.　ഉൾച്ചൂട്

കുമ്പൽ2 നാ. 1. കൂട്ടം, സമൂഹം; 2. കുമ്പിൾ
കുമ്പസാരം [പോർ] നാ. 1. ക്രിസ്തുമതവിശ്വാസികൾ തങ്ങൾചെയ്തിട്ടുള്ള പാപകർമങ്ങളെ പുരോഹിതനെ ഈശ്വരൻെറ പ്രതിനിധിയായി കൽപിച്ച് ഏറ്റുപറയുന്ന ആചാരം; 2. (പ്ര) പശ്ചാത്താപം, കുറ്റസമ്മതം. കുമ്പസാരക്കൂട് = കുമ്പസാരം നടത്തുമ്പോൾ പുരോഹിതൻ ഇരിക്കുന്ന പേടകം. കുമ്പസാരിക്കുക = ചെയ്തപാപങ്ങളെക്കുറിച്ചു പശ്ചാത്തപിച്ചു ദൈവത്തെ പ്രതിനിധീകരിച്ചു പുരോഹിതൻെറ മുമ്പിൽ ഏറ്റുപറഞ്ഞു മോചനം വാങ്ങുക
കുമ്പളം നാ. പടർന്നു വളരുന്ന ഒരുതരം വള്ളിച്ചെടി
കുമ്പാതിരി [പോർ] നാ. തലതൊട്ടപ്പൻ
കുമ്പാരൻ നാ. 1. കുശവൻ (സ്ത്രീ) കുമ്പാരത്തി; 2. ഒരുതരം ചെറുപ്രാണി
കുമ്പാരി നാ. 1. കുമ്പാതിരി; 2. ഏറ്റവും അടുത്തബന്ധു, ഉറ്റസ്നേഹിതൻ
കുമ്പി1 നാ. 1. ചൂട്; 2. കാനൽജലം; 3. ചൂടുള്ള ചാമ്പൽ
കുമ്പി2 നാ. ചേറ്, ചെളി
കുമ്പി3 നാ. 1. വയറ്. ഉദാഃ കുമ്പികായുക = വിശക്കുക. കുമ്പവീർക്കുക = വയർനിറയുക; 2. പൃഷ്ഠം; 3. പുരുഷലിങ്ഗം
കുമ്പിടുക ക്രി. 1. കുനിഞ്ഞുവണങ്ങുക, തലകുനിച്ചു നമസ്കരിക്കുക, കൂപ്പിയ കൈയോടെ വന്ദിക്കുക; 2. യാചിക്കുക, അപേക്ഷിക്കുക; 3. (പ്ര) കുമ്പിടാൻചെന്നദേവൻ കുറുകെവരിക = തേടിയ വള്ളി കാലിൽ ചുറ്റുക; 4. കുനിയുക, താഴുക
കുമ്പിടുത്തുക ക്രി. 1. കുനിയിക്കുക, കുമ്പിടീക്കുക; 2. തലകീഴ്മറിക്കുക, കമിഴ്ത്തുക
കുമ്പിനി നാ. കമ്പിനി, ഈസ്റ്റിൻഡ്യാക്കമ്പനി. (പ്ര) കുമ്പിനിയാർ = ഈസ്റ്റിൻഡ്യാക്കമ്പനിയുടെ ഉദ്യോഗസ്ഥന്മാർ
കുമ്പിരി നാ. 1. ചൂട്, ആവി; 2. ലഹരി, ആവേശം
കുമ്പിൾ1 നാ. 1. (താത്കാലികാവശ്യത്തിനുവേണ്ടി) ഇലയോ മറ്റോ കോട്ടിയുണ്ടാക്കുന്ന പാത്രം. ഓണംവന്നാലും ഉണ്ണിപിറന്നാലും കോരനു കുമ്പിളിൽക്കഞ്ഞി (പഴ)
കുമ്പിൾ2 നാ. കുമ്പിൾ മരം, ഉമിത്തേക്ക്
കുമ്മടി നാ. 1. കാട്ടുവെള്ളരി; 2. തണ്ണിമത്തൻ. കുമ്പളം നട്ടാൽ കുമ്മട്ടികായ്ക്കില്ല (പഴ); 3. ഒരു വാദ്യോപകരണം
കുമ്മത്ത് [അറ] നാ. ഒരുതരം കർണാഭരണം
കുമ്മൻ1 നാ. 1. നെല്ലുവറുത്തു മലരുണ്ടാക്കുമ്പോൾ കൂട്ടത്തിൽ മലരാവാതെ ശേഷിക്കുന്ന നെല്ല്, ഊമൻ; 2. എതിരാളി (തെ.തി.) അമ്മനൊരുകുമ്മൻ (പഴ)
കുമ്മൻ2 നാ. ഒരു രോഗം, ഗുൻമൻ
കുമ്മൽ നാ. 1. ചൂട്, പുകച്ചിൽ; 2. പ്രഹരം, തല്ല്
കുമ്മാട്ടി നാ. 1. ഭദ്രകാളിയൂട്ട്; 2. പൊയ്മുഖംവച്ചുള്ള ഒരുതരം വിനോദക്കളി. (പ്ര) കുമ്മാട്ടിപ്പാട്ട് = ഒരിനം നാടോടിപ്പാട്ട്

കുമ്മാട്ട് നാ. കരാർപത്രത്തിൽ ഒപ്പിടുന്നയാൾ തുക അക്കത്തിൽ എഴുതിക്കാണിക്കൽ. (പ്ര) കുമ്മാട്ടുപതിക്കുക

കുമ്മായം നാ. കക്കനീറ്റിയെടുത്ത വെളുത്തപൊടി, ചാന്തുക്കൂട്ടാനും വെള്ളപൂശാനും മറ്റും ഉപയോഗം. (പ്ര) കുമ്മായക്കല്ല് = ചുണ്ണാമ്പുകല്ല്. കുമ്മായച്ചൂള = കക്കനീറ്റുന്ന സ്ഥലം

കുമ്മി നാ. 1. സ്ത്രീകൾ മാത്രം പങ്കെടുക്കുന്ന ഒരുതരം നൃത്തം. (പ്ര) കുമ്മിയടിക്കുക = കുമ്മികളിക്കുക; 2. കുമ്മിയടിക്കുമ്പോൾ പാടുന്ന പാട്ട്; 3. കുമ്മിപ്പാട്ടിൻെറ വൃത്തം

കുയി നാ. ദ്രാവിഡഗോത്രത്തിൽപ്പെട്ട ഒരു സമ്പുഷ്ട ഭാഷ

കുയിൽ1 [കുയിലുക] ധാതുരൂപം

കുയിൽ2 നാ. 1. മധുരമായി ശബ്ദിക്കുന്ന ഒരുജാതിപ്പക്ഷി. (പ്ര) കുയിൽപ്പാട്ട് = കുയിലിനെക്കൊണ്ട് കഥ പറയിക്കുന്നതായി സങ്കൽപിക്കപ്പെടുന്ന ഒരിനം പാട്ട്. കുയിൽപ്പേട = പെൺകുയിൽ. കുയിൽമൊഴി, -വാണി = കുയിലിനെപ്പോലെ മധുരശബ്ദമുള്ളവൾ, സുന്ദരി

കുയിലൻ നാ. വളരെക്കറുത്ത മനുഷ്യൻ

കുയിലുക ക്രി. ശബ്ദിക്കുക, കൂവുക, തയ്ക്കുക

കുയുക്തി നാ. നേർവഴിക്കല്ലാതെയുള്ള യുക്തി, ദുര്യുക്തി

കുയോഗം നാ. (ജ്യോ) ഗ്രഹങ്ങളുടെ അശുഭകരമായ യോഗം

കുയ്യൽ,കുയ്യിൽ നാ. 1. കയിൽ, തവി, കരണ്ടി; 2. കുഴിഞ്ഞചെറിയ പാത്രം

കൂർക്കിലി നാ. ഗുഗ്ഗുലു

കൂർക്കുടം നാ. 1. കോഴി, കുക്കുടം; 2. ചവറ്

കുർക്കൂരം നാ. പട്ടി (സ്ത്രീ) കുർക്കുരി

കുർണജം നാ. നറുവയമ്പ്

കുർത്താ [ഹി.] നാ. ഷർട്ട്

കുർബാൻ [അറ] നാ. ഖുർബാൻ

കുർബാന [സുറി.] നാ. ദിവ്യബലി (ക്രിസ്തുവിൻെറ തിരുവത്താഴത്തേയും കാലവരിയിലെ ആത്മബലിയെയും അനുസ്മരിപ്പിക്കുന്ന ഒരു ചടങ്ങ്)

കുർമ,കുറുമ [ഹി.] നാ. ഒരുതരം കറി

കുർവത് വി. ചെയ്യുന്ന

കുർവത്കൃതി നാ. (വ്യാക) അർഥപൂർത്തിക്ക് പ്രധാനക്രിയയെ ആശ്രയിച്ചുനിൽക്കുന്നതോ വിശേഷണമായി നിൽക്കുന്നതോ ആയ ക്രിയ. ഇതിന് അങ്ഗക്രിയ അപൂർണക്രിയ, കുർവത്ത്, പറ്റുവിന എന്നെല്ലാം പേരുകൾ

കുർവത്ത് നാ. കുർവത്കൃതി

കുർവൻ നാ. 1. ഭൃത്യൻ; 2. ചെരിപ്പുകുത്തി (സ്ത്രീ) കുർവതി

കുർവരൻ നാ. രാക്ഷസൻ

കുർസ് [അറ] നാ. കസേര

കുർസ്സാദ [പോർ നാ. ഒരു പോർട്ടുഗീസ് നാണയം, ഇരുപത്തിനാല് കൊച്ചിപ്പണത്തിനുസമം

കുര1 [കുരയ്ക്കുക] ധാതുരൂപം

കുര2 നാ. 1. നായ്, ചെന്നായ് തുടങ്ങിയ ജന്തുക്കൾ പുറപ്പെടുവിക്കുന്ന ശബ്ദം; 2. ചുമ; 3. (ആല) നിരർഥകമായവാക്ക്, വൃഥാപ്രലാപം. ഉദാഃ എന്തിനാണീകുരയൊക്കെ? ഒന്നും കിട്ടാൻപോകുന്നില്ല

കുരക്ക് വി. കുരങ്ങിനെ സംബന്ധിച്ച

കുരക്കേണിക്കൊല്ലം നാ. (തിരുവിതാംകൂറിലെ) കൊല്ലം നഗരത്തിൻെറ പഴയ പേര്

കുരങ്ഗകം നാ. കുരാൽമാൻ

കുരങ്ഗനാഭി നാ. കസ്തൂരി

കുരങ്ഗം നാ. 'ഭൂമിയിൽ ഓടിനടക്കുന്നത്', 1. കുരാൽമാൻ; 2. ചന്ദ്രനിലെ കളങ്കം (ആകൃതിസാമ്യത്താൽ). (പ്ര) കുരങ്ഗഭൃത്ത് = ചന്ദ്രൻ. കുരങ്ഗാക്ഷി, -നയന, -നേത്ര = മാനിൻെറ കണ്ണുകൾപോലെയുള്ള കണ്ണുകളുള്ളവൾ, സുന്ദരി

കുരങ്ഗമം നാ. കുരങ്ഗകം

കുരങ്ഗി1 നാ. പെൺമാൻ, പേടമാൻ

കുരങ്ഗി2 നാ. മൃഗാങ്കൻ, ചന്ദ്രൻ

കുരങ്ഗിക നാ. 1. പേടമാൻ; 2. കാട്ടുപയറ്

കുരങ്ങച്ചൻ നാ. പ്രായമുള്ള ആൺകുരങ്ങ്, കുരങ്ങ്

കുരങ്ങൻ നാ. കുരങ്ങ്

കുരങ്ങാട്ടി നാ. കുരങ്ങിനെക്കളിപ്പിച്ച് ഉപജീവനം നടത്തുന്ന ആൾ

കുരചില്ലം നാ. ഞണ്ട്

കുരടൻ നാ. ചെരുപ്പുണ്ടാക്കുന്നവൻ, ചെരുപ്പുകുത്തി, തോൽക്കച്ചവടക്കാരൻ

കുരടാവ് നാ. കൊരടാവ്

കുരട്1 നാ. 1. ചെറിയ മരക്കഷണം. ഉദാഃ ചന്ദനക്കുരട്; 2. കീഴ്ക്കാതുതുളച്ചുണ്ടാക്കുന്ന ദ്വാരം വലുതാക്കാവേണ്ടി കാതിലിടുന്ന മരത്തുണ്ട്; 3. കടവായ്, കവിളിൻെറ ഉൾഭാഗം; 4. കൊടിൽ; 5. ഒരളവ്. ഉദാഃ ഒരുകുരടുധനം കിട്ടി; 6. മെതിയടി

കുരട്2 നാ. കുടൽ

കുരട്ട,കുറട്ട നാ. 1. കൈവിരലിൻെറയോ കാൽവിരലിൻെറയോ മുട്ട്; 2. അണ്ടി, വിത്തിനകത്തുൾല പരിപ്പ്; 3. കൂർക്കം

കുരട്ടുക ക്രി. 1. ചവുട്ടിത്തേയ്ക്കുക; 2. താറുമാറാക്കുക

കുരണ്ട നാ. 1. മത്തകുറുഞ്ഞി, പൊൻകുറുഞ്ഞി; 2. നീരാരൽ

കുരണ്ടി1 നാ. ഇരിക്കാനുള്ള പലക

കുരണ്ടി2 നാ. 1. ഒരുമരുന്നു ചെടി; 2. കരിമ്പനയുടെ കായ്; 3. അണ്ടി

കുരണ്ടിക നാ. മഞ്ഞപ്പൂവുള്ള കുറിഞ്ഞി, പൊൻകുറിഞ്ഞി, കുരണ്ടകം

കുരണ്ഡകം നാ. പൊൻകുറിഞ്ഞി, മഞ്ഞപ്പൂവുള കുറിഞ്ഞി

കുരണ്ഡം നാ. 1. ആന്ത്രവൃദ്ധി, വൃഷണവീക്കം; 2. മഞ്ഞക്കുറിഞ്ഞി, പൊൻകുറിഞ്ഞി

കുരയ്ക്കുക ക്രി. 1. പട്ടി ചെന്നായ് മുതലായ ജന്തുക്കൾ ശബ്ദം പുറപ്പെടുവിക്കുക, മോങ്ങുക; 2. ചുമയ്ക്കുക
കുരരം നാ. 1. അഴുകുരൽ, ഞാറപ്പക്ഷി, അഴുകുരികിൽ (വാവിട്ടുകരയുന്നപോലെ ശബ്ദമുണ്ടാക്കുന്നതിനാൽ); 2. കട്ടകൊത്തി; 3. മുള്ളുള്ള ഒരിനം വൃക്ഷം
കുരരി നാ. 1. പെൺഞാറപ്പക്ഷി; 2. പെണ്ണാട്
കുരൽ1 നാ. 1. ശബ്ദം (പ.മ); 2. കഴുത്ത്, തൊണ്ട; 3. തെങ്ങിൻെറയും മറ്റും ഓലകൾ പുറപ്പെടുന്ന ഭാഗം, മണ്ട
കുരൽ2 നാ. 1. കതിർ; 2. പൂങ്കൊത്ത്, പൂക്കുല; 3. തിന
കുരൽ3 നാ. തലമുടിച്ചുരുൾ
കുരൽനാഴി നാ. കണ്ഠനാളം
കുരൽനാളം നാ. കണ്ഠനാളം
കുരൽമാതളം നാ. പുരുഷന്മാരുടെ കഴുത്തിലെ മുഴ
കുരലടപ്പൻ നാ. മൃഗങ്ങൾക്കുവരുന്ന ഒരു രോഗം
കുരലം നാ. 1. കുറുനിര, തലമുടിച്ചുരുൾ; 2. അഴുകുരൾ, കൂരരം
കൂരലാരം നാ. 1. കഴുത്തിലണിയുന്ന ഒരാഭരണം; 2. ഉടലാരം
കുരവ നാ. 1. ശുഭാവസരങ്ങളിൽ സ്ത്രീകൾ സങ്ഘംചേർന്നു പുറപ്പെടുവിക്കുന്ന മങ്ഗലസ്വനം. (പ്ര) കുരവയിട്ടുനടക്കുക = പരസ്യപ്പെടുത്തുക, വേണ്ടാത്തതു വിളിച്ചുപറഞ്ഞുനടക്കുക; 2. കടൽ; 3. കുരവപ്പൂവ്
കുരവകം നാ. 1. ചെങ്കുറിഞ്ഞി; 2. വരിനെല്ല്; 3. വെളുത്തമന്ദാരം
കുരവക്കുറ്റി നാ. കരിമരുന്നുപ്രയോഗത്തിനുള്ള ഉപകരണം, കുരവപ്പൂവിനു മരുന്നു നിറയ്ക്കുന്ന കുറ്റി
കുരവക്കൂത്ത് നാ. അതിപ്രാചീനകാലത്തു നടപ്പിലിരുന്ന ഒരുതരം ഗാനനൃത്തം
കുരവപ്പൂ(വ്) നാ. കരിമരുന്നുപ്രയോഗത്തിലെ ഒരിനം. കുരവയിടുന്നതുപോലുള്ള ശബ്ദത്തോടുകൂടി കത്തുന്നത്
കുരവം,-ബം നാ. കുരവകം
കുരവയാട്ടം നാ. കുരവക്കൂത്ത്
കുരവള നാ. കുരൽവള്ളി, കുരൽനാഴി
കുരള, കുറള നാ. 1. ആഷണി, അപവാദം; 2. കള്ളം, വ്യാജം (പ്ര) കുരളക്കാരൻ = കുരള പറയുന്നവൻ
കുരളം നാ. 1. കുറുനിര; 2. ഞാറപ്പക്ഷി
കുരാൽ1 [കുരാലിക്കുക] ധാതുരൂപം
കുരാൽ2 നാ. 1. തവിട്ടുനിറം, മാന്തളിർനിറം, കപിലവർണം; 2. ഒരുതരം നെല്ല്; 3. ഒരുതരം മാൻ (കുരാൽമാൻ)
കുരാലി നാ. കുരാൽനിറമുള്ളത് (പശുക്കളെക്കുറിച്ച്)
കുരാലിക്കുക ക്രി. 1. പിങ്ഗലവർണമായിത്തീരുക, കുരാൽനിറമുള്ളതാകുക; 2. കണ്ണുകലങ്ങുക (കരടുവീണാലെന്നപോലെ). നാ. കുരാലിപ്പ്

കുരാളം നാ. ശരീരത്തിനു ചെമപ്പുകലർന്ന തവിട്ടുനിറവും കാലിൽ കറുപ്പുനിറവുമുള്ള ഒരുജാതിക്കുതിര
കുരി നാ. കുരികിൽ
കുരികിൽ നാ. 1. കുരുവി; 2. ഒരുതരം ഔഷധച്ചെടി
കുരിക്കപ്പൂഴി നാ. ഞാഞ്ഞൂൽ നിലത്തുനിന്നുകുത്തിപ്പൊക്കിയ മണ്ണ്, കുരിച്ചിൽ മണ്ണ്
കുരിക്കം നാ. ഞാഞ്ഞൂൽ
കുരിക്കൾ നാ. 1. ഗുരുക്കൾ; 2. അമ്പലവാസികളിൽ ഒരു വിഭാഗം; 3. മുസ്ലിംങ്ങളിൽ ചില വീട്ടുകാർക്കുള്ള സ്ഥാനപ്പേര്
കുരിയൻ നാ. കുരികിൽ
കുരിശ് [പോർ] നാ. 1. കുറ്റക്കാരെ ശിക്ഷിക്കുവാൻ പ്രാചീനകാലങ്ങളിൽ (റോമാക്കാർ) ഉപയോഗിച്ചിരുന്ന കഴുമരം; 2. യേശുക്രിസ്തുവിനെ വധിക്കാൻ ഉപയോഗിച്ച കഴു; 3. ക്രിസ്ത്യാനികളുടെ മതചി ം; 4. (ആല) ദുഃഖാനുഭവം, കഷ്ടത, ക്ലേശം. (പ്ര) കുരിശിലേറ്റുക = ശിക്ഷിക്കുക, അപമാനിക്കുക
കുരിശുപള്ളി നാ. പള്ളിയോടോ വീടിനോടോ അനുബന്ധിച്ചു കുരിശുസ്ഥാപിച്ചാരാധിക്കുന്ന സ്ഥലം, കപ്പേള, ചാപ്പൽ
കുരിശുയുദ്ധം നാ. 1. ടർക്കിക്കളുടെ കയ്യിൽനിന്ന് 'വിശുദ്ധരാജ്യം' പിടിച്ചെടുക്കാൻവേണ്ടി കുരിശിൻെറ കൊടിക്കീഴിൽ അണിനിരന്നു ക്രിസ്ത്യാനികൾ നടത്തിയ വിശുദ്ധ സമരം; 2. (ആല) മതപരമോ, ധാർമികമോ രാഷ്ട്രീയമോ മറ്റോ ആയ കാരണങ്ങൾകൊണ്ടു വീറോടും വാശിയോടുംകൂടി നടത്തുന്ന മത്സരം (പരിശ്രമം) യത്നം

591

കുരിൾ നാ. കുരുൾ
കുരീരം നാ. 1. സ്ത്രീകളുടെ ശിരോവസ്ത്രം; 2. മൈഥുനം
കുരു1 [കുരുക്കുക] ധാതുരൂപം
കുരു2 നാ. ചിലകായ്കളുടെ അകത്തുള്ള വിത്ത്
കുരു3 നാ. പരു, അകത്തു പഴുപ്പോ ദുർനീരോ നിറഞ്ഞുണ്ടാകുന്ന പൊള്ളൽ. (പ്ര) കൂനിന്മേൽക്കുരു, കുരുവിന്മേൽക്കുരു = ആപത്തിനുമേൽ ആപത്ത്
കുരു4 നാ. സൂര്യപുത്രിയായ തപതിക്കു സംവരണനിൽ ജനിച്ചപുത്രൻ (കുരുക്ഷേത്രം നിർമിച്ചത് ഇദ്ദേഹമാണ്. ഇദ്ദേഹത്തിനുശേഷം പൂരുവംശത്തിനു കുരുവംശം എന്നു പേരുണ്ടായി)
കുരു5 ക്രി. 'കൃ' ധാതുവിൻെറ ലോട്മധ്യ.പു.ഏ.വ. (നീ) ചെയ്യുക
കുരുകിൽ നാ. കുരികില
കുരുകുരാ അവ്യ. 1. ചെറുതുചെറുതായി; 2. (ശബ്ദാനു) 'കുരുകുരാ' എന്ന ശബ്ദത്തോടെ; 3. അൽപാൽപമായി
കുരുകുരുക്കുക ക്രി. 1. കുരുപോലെ ചെറുതായുണ്ടാവുക, മുളയ്ക്കുക; 2. തരിക്കുക, ചർമപേശികൾ സങ്കോചിക്കുന്നതുമൂലം രോമാഞ്ചം ഉണ്ടാകുന്നതുപോലെ തോന്നുക. (പ്ര) കുരുകുരുപ്പൻ = മുളച്ചുവരുന്ന, ചെറുതായ
കുരുകുരുപ്പ് നാ. 1. തരിപ്പ്, രോമാഞ്ചം; 2. ഇക്കിൾ

കുരുകുലം നാ. കുരു എന്ന രാജാവിൻെറ വംശം, അതിൽ പിറന്നവരാണ് കൗരവരും പാണ്ഡവരും
കുരുക്കൻ വി. 1. കുരുക്കുള്ള, കുരുങ്ങിയ; 2. കുഴപ്പമുള്ള, കുഴഞ്ഞുമറിഞ്ഞ. നാ. കുരുക്കിലകപ്പെടുത്തുന്നവൻ, കുഴപ്പക്കാരൻ, ചതിയൻ
കുരുക്കൻചുമ നാ. വില്ലൻ ചുമ
കുരുക്കം നാ. ഒരറ്റത്തുനിന്നും മറ്റേ അറ്റത്തേക്ക് ക്രമേണ വണ്ണം കുറഞ്ഞുവരുന്ന ആകൃതി
കുരുക്കൾ1 നാ. 1. ഗുരുക്കൾ; 2. അന്തരാള ജാതിക്കാരിൽ ഒരു വിഭാഗം, അമ്പലവാസി നോക്കുക
കുരുക്കൾ2 നാ. (ബ.വ.) 1. കുരുവംശത്തിൽ പിറന്നവർ; 2. കുരു ദേശത്തുള്ളവർ
കുരുക്ക്1 നാ. 1. പക്ഷികളേയും മറ്റും പിടിക്കാനുള്ള കെണി (നൂൽ ചരടു തുടങ്ങിയവകൊണ്ടുണ്ടാക്കുന്നത്); 2. അഴിക്കാൻ പ്രയാസമുള്ള കെട്ട്; 3. (ആല) സങ്കീർണത, വൈഷമ്യം, അപകടം; 4. കൂടെക്കൂടെ ബോധക്ഷയം ഉണ്ടാകുന്ന ഒരു രോഗം; 5. ഇളയത്, വിളവില്ലാത്തത്, മുറ്റാത്തത് (കായ്തുടങ്ങിയവ)
കുരുക്കുക1 ക്രി. 1. കുരു ഉണ്ടാകുക; 2. മുളയ്ക്കുക; 3. മസൂരിമുതലായവ ദേഹത്തുപൊങ്ങുക
കുരുക്കുക2 ക്രി. കുരുങ്ങുന്നതിനു കാരണമാകുക
കുരുക്കുത്തി നാ. ഒരിനം മുല്ല
കുരുക്ഷേത്രം നാ. ഡെൽഹിക്കടുത്തു സരസ്വതീനദിയുടെയും ദൃഷദ്വതിയുടെയും ഇടയ്ക്കുള്ള സ്ഥലം
കുരുങ്ങ് [കുരുങ്ങുക] ധാതുരൂപം
കുരുങ്ങുക ക്രി. കുരുക്കിലകപ്പെടുക, കുടുങ്ങുക
കുരുചില്ലം നാ. ഞണ്ട്
കുരുടകം നാ. വേലിപ്പരുത്തി
കുരുടൻ നാ. 1. കണ്ണുകാണാത്തവൻ, കാഴ്ചയില്ലാത്തവൻ, അന്ധൻ (സ്ത്രീ) കുരുടി. (പ്ര) കുരുടന്മാർ ആനയെക്കണ്ടപോലെ, കുരുടനെ കണ്ണാടി കാണിക്കുക; 2. ധൃതരാഷ്ട്രർ; 3. ശുക്രാചാര്യൻ; 4. നീളംകുറഞ്ഞവൻ, മുണ്ടൻ; 5. ഒരുതരം പാമ്പ്, കുരുടൻ പാമ്പ്, ഇരുതലപ്പാമ്പ്, ഇരുതലമൂരി
കുരുടി നാ. കുതിര
കുരുടിക്കുക ക്രി. വളർച്ചനശിക്കുക, കുരുടായിത്തീരുക
കുരുട്1 [കുരുടിക്കുക] ധാതുരൂപം
കുരുട്2 വി. (സമസ്തപദങ്ങളിൽ കുരുട്ട് എന്നു പരിണമിക്കുന്നു. ഉദാഃ കുരുട്ടുകൗശലം, കുരുട്ടുവിദ്യ) 1. കണ്ണുകാണാത്ത, കാഴ്ചയില്ലാത്ത; 2. ചെറിയ, അൽപമായ; 3. വക്രമായ. ഇരുട്ടുകാട്ടിൽ കുരുട്ടുപന്നി = പേൻ (കടങ്കഥ); 4. വളർച്ചയില്ലാതെ കുറുകിയ. നാ. 1. കണ്ണുകാണാൻ കഴിയാത്ത അവസ്ഥ, കാഴ്ചയില്ലായ്മ; 2. ചെറിയത്, പ്രത്യേകിച്ചും കൂട്ടത്തിൽവീച്ച് ഏറ്റവും ചെറുത്; 3. അകാലത്തു വളർച്ച നിന്നുപോയ സസ്യമോ ജീവിയോ; 4. മടയൻ, വകയ്ക്കുകൊള്ളാത്തവൻ
കുരുടുക ക്രി. കുരുടിക്കുക
കുരുട്ട് വി. (സമാസത്തിൽ) 1. ചെറിയ; 2. കുരുടിയ; 3. കാഴ്ചയില്ലാത്ത

കുരുട്ടുന്യായം നാ. കുയുക്തി, ഉപായത്തിൽ പ്രയോഗിക്കുന്ന വാദഗതി
കുരുട്ടുപാഠം നാ. ആശയം മനസ്സിലാക്കാതെ ഉരുവിട്ടുപഠിച്ചത്
കുരുട്ടുപായം നാ. കുറുക്കുവഴിയായുള്ള കൗശലം, നേർവഴിവിട്ട ഉപായം
കുരുട്ടുപ്രാവ് നാ. ഒരിനം കാട്ടുപ്രാവ്, കാണകപോതം
കുരുട്ടുബുദ്ധി നാ. 1. വക്രമായ ബുദ്ധി, മറ്റുള്ളവരെ ദ്രോഹിക്കണമെന്നുള്ള ചിന്ത; 2. വക്രബുദ്ധിയായ ആൾ
കുരുട്ടുഭാഗ്യം നാ. അവിചാരിതമായുണ്ടാകുന്ന ഭാഗ്യം, പ്രതീക്ഷിക്കാതെ ലഭിക്കുന്ന ഐശ്വര്യം, ചെറിയ ഭാഗ്യം
കുരുട്ടുവിദ്യ നാ. 1. കൗശലം, കപടതന്ത്രം, സൂത്രം; 2. എളുപ്പത്തിൽ കാര്യം സാധിക്കുന്നതിനുള്ള വിദ്യ, കുറുക്കുപണി
കുരുട്ടുവൈദ്യം നാ. മുറിവൈദ്യം
കുരുണ്ടി നാ. 1. മരപ്പാവ; 2. ഗുരുപത്നി; 3. ബ്രാഹ്മണൻെറ ഭാര്യ
കുരുതി നാ. ഗുരുസി. 1. ചോര, രക്തം; 2. മഞ്ഞളും ചുണ്ണാമ്പും കൂടി കലക്കിയുണ്ടാക്കിയ ചുവന്ന നിറത്തിലുള്ള ദ്രാവകം, അരത്തവെള്ളം; 3. ചില ദേവതകളെ ഉദ്ദേശിച്ചു ജന്തുക്കളുടെ രക്തം ബലിയർപ്പിക്കുന്ന കർമം; 4. വധം, കൊല. (പ്ര) കുരുതികഴിക്കുക, കുരുതികൊടുക്കുക = കൊല്ലുക, നശിപ്പിക്കുക. കുരുതിക്കളി = കുഴമ്പുപോലെ കട്ടിയായ ചോര, ചോരക്കുഴമ്പ്
കുരുത്തം നാ. ഗുരുക്കന്മാരോടുള്ള ആദരവ്, നല്ലപെരുമാറ്റം, വിനയം. (പ്ര) കുരുത്തംകെട്ട, കുരുത്തക്കേട് = ഗുരുത്വമില്ലായ്മ, വികൃതിത്തരം
കുരുത്ത് നാ. 1. കുരുന്ന്, നാമ്പ്; 2. ഇളംപ്രായം; 3. വെണ്മ; 4. മുല്ലപ്പൂവ്, കുരുക്കുത്തി. വി. കുരുന്നായ
കുരുത്തോല നാ. തളിരോല, തെങ്ങിൻെറയും മറ്റ് ഒറ്റത്തടി വൃക്ഷങ്ങളുടെയും വിടരാത്ത ഓല. (പ്ര) കുരുത്തോല ഞായർ = ഈസ്റ്ററിനുമുമ്പുള്ള ഞായർ, ഓശാന ഞായറാഴ്ച. ഹോശാനപ്പെരുന്നാൾ, കുരുത്തോലപ്പെരുന്നാൾ = കുരുത്തോല ഞായർ
കുരുന്ന് വി. 1. മൃദുലമായ, തളിരുപോലുള്ള, മാർദവമേറിയ; 2. ഇളയ, ശൈശവാവസ്ഥയിലുള്ള. നാ. 1. സസ്യങ്ങൗടെ മുളച്ചുവരുന്ന ഭാഗം, അങ്കുരം. ഇളംതളിർ കുരുന്നിലേനുള്ളിയില്ലെങ്കിൽ കോടാലിക്കും അറൂല്ല (പഴ); 2. കള്ളെടുക്കുന്നതിനുവേണ്ടി ചെത്തുമ്പോൾ കൂമ്പിൻെറ മുറിവായിൽ തേക്കുന്ന ഒരുവക താളി. (പ്ര) കുരുന്നുരയ്ക്കുക = താളി കൂമ്പിൽത്തേക്കുക
കുരുപ്പ്1 നാ. കുരുന്നുചെടി, ഇളം ചെടി
കുരുപ്പ്2 നാ. 1. മുള, അങ്കുരം; 2. തേങ്ങയുടെ പൊങ്ങ്; 3. പരു; 4. വസൂരി. (പ്ര) കുരുപ്പുകീറിവയ്ക്കുക = ഗോവസൂരിപ്രയോഗം നടത്തുക
കുരുപ്പുകാൽ നാ. നാട്ടിയാൽ കിളിർക്കുന്ന പത്തൽ, വേലിക്കും മറ്റും നടുന്ന കമ്പ് (മുരുക്ക്, എലവ്, അഴാന്ത തുടങ്ങിയവ)
കുരുപ്പുവിത്ത് നാ. വിതയ്ക്കുന്നതിനായി നനച്ചുകുരുപ്പിച്ച വിത്ത്, മുളപ്പിച്ച നെൽവിത്ത്
കുരുമ്പ1 നാ. 1. കൊടുങ്ങല്ലൂർ, അവിടത്തെ പ്രതിഷ്ഠാമൂർത്തിയായ ഭഗവതി; 2. ശ്രീപാർവതി

കുരുമ്പ2 നാ. 1. ഇളനീർ, കരിക്ക്. (പ്ര) കുരുമ്പയ്ക്ക = മച്ചിങ്ങ, കുരുന്നു പ്രായത്തിലുള്ള നാളികേരം; 2. ഇളം കള്ള്, മധുരക്കൾ; 3. ഔഷധഗുണമുള്ള ഒരുജാതിച്ചെടി; 4. ഒരിനം നെല്ല്

കുരുവി നാ. 1. ഒരുതരം ചെറിയ പക്ഷി; 2. ഒരുതരം ഔഷധച്ചെടി

കുരുവിന്ദം നാ. 1. മാണിക്യക്കല്ല്; 2. മാണിക്യം വിളയുന്ന കല്ല്; 3. ഒരു ജനപദം; 4. കാരുപ്പ്; 5. കണ്ണാടി; 6. ചായില്യം; 7. മുത്തങ്ങ; 8. കുരാൽനെല്ല്; 9. പൂമൊട്ട്; 10. ഉഴുന്ന്

കുരുഷ്വ ക്രി. നീ ചെയ്യുക, ചെയ്താലും

കുരുൾ നാ. ചുരുണ്ടതലമുടി, കുറുനിര, കുരളം

കുരുപ വി. 'കുത്സിതമായ രൂപത്തോടുകൂടിയ', വികൃതരൂപമുള്ള, വിരൂപമായ

കുരൂപി നാ. കുരൂപമുള്ളവൻ, ഭങ്ഗിയില്ലാത്തവൻ, വികൃതരൂപമുള്ളവൻ (സ്ത്രീ) കുരൂപിണി

കുരൂപ്യം നാ. 'മോശപ്പെട്ട വെള്ളി', വെളുത്തീയം

കുര്യാം ക്രി. ഞാൻ ചെയ്യാം

കുര്യാല നാ. കുലദൈവങ്ങളെയും പിതൃക്കളെയും കുടിയിരുത്തുന്ന ആരാധനാസ്ഥലം

കുല1 [കുലയുക] ധാതുരൂപം

കുല2 [കുലയ്ക്കുക] ധാതുരൂപം

കുല3 നാ. 1. ഒരുഞെട്ടിൽ (ചെടി, വള്ളി, വൃക്ഷം എന്നിവയുടെ) ഒരുമിച്ചുനിൽക്കുന്ന പൂക്കളുടെയോ കായ്കളുടെയോ കൂട്ടം; 2. വാഴക്കുല (പ്ര) കുലയിൽ കുത്തുക = നാശംവരുത്താൻ ശ്രമിക്കുക, കുടുംബം നശിപ്പിക്കുക. കുലയിൽകുരുട്ട്, കുലയിൽപ്പേട് = കൂട്ടത്തിൽ ചെറുത്, കൂട്ടത്തിൽ മോശമായത്; 3. ഞാണിൻെറ കുടുക്ക്, ഞാൺ ഉറച്ചിരിക്കുന്നതിനു വില്ലിലുള്ള കുത; 4. വിൽഞാൺ

കുല4 നാ. 1. (സങ്ഗീ) മിശ്രജാതിരൂപതാളങ്ങളിൽ ഒരിനം; 2. മനയോല

കുലക വി. നല്ലകുലത്തിൽ ജനിച്ച, കുലീന

കുലകണ്ടൻ നാ. 'കുലത്തിനു മുള്ളായിട്ടുള്ളവൻ', ഉപദ്രവം ഉണ്ടാക്കുന്നവൻ

കുലകൻ നാ. 1. തൊഴിൽ സങ്ഘത്തലവൻ (ഒരേതൊഴിൽക്കാരെ സങ്ഘടിപ്പിച്ചു ജോലിനടത്തുന്നവൻ); 2. കുലശ്രേഷ്ഠതയുള്ള (പാരമ്പര്യമുള്ള)

കുലകന്യ(ക) നാ. സത്കുലജാതയായ കന്യക, ഉത്കൃഷ്ടകുലത്തിൽ ജനിച്ച പെൺകുട്ടി

കുലകം നാ. 1. കൂട്ടം, സമൂഹം; 2. കുളകം; 3. സമാസങ്ങൾ അധികമില്ലാത്ത ഒരുതരം ഗദ്യരചന

കുലകം നാ. 1. ചിതൽപ്പുറ്റ്; 2. ഒരിനം എലി; 3. പച്ചനിറമുള്ള ഒരിനം പാമ്പ്; 4. കാക്കപ്പനച്ചി; 5. കയ്പ്പൻപടവലം; 6. കർപ്പൂരത്തുളസി

കുലക(ന്മാ)ർ നാ. (ബ.വ.) കുലദ്വീപിലെ നാലുവർണവിഭാഗങ്ങളിൽ ഒന്ന്

കുലകർത്താ(വ്) നാ. വംശത്തിൻെറ സ്ഥാപകൻ
കുലകർമം നാ. കുടുംബത്തിനോ വംശത്തിനോ പരമ്പരാഗതമായി ലഭിച്ചിട്ടുള്ള തൊഴിൽ
കുലകരൻ നാ. കുലകർത്താവ്
കുലകളങ്കം നാ. വംശത്തിനുണ്ടാകുന്ന അപമാനം
കുലകാലൻ നാ. കുലത്തിനു യമനായിട്ടുള്ളവൻ, കുലത്തെ നശിപ്പിക്കുന്നവൻ
കുലകുടസ്ഥൻ നാ. 1. കുലത്തിൽ ഏറ്റവും ശ്രേഷ്ഠനായവൻ; 2. വംശസ്ഥാപകനും ശ്രേഷ്ഠനുമായ ആൾ
കുലക്കുരുന്ന് നാ. വംശത്തിൻെറ അങ്കുരം, സന്തതി
കുലക്കൊടി നാ. 1. ഉത്തമവംശത്തിൽ പിറന്നവൾ; 2. കുലശ്രേഷ്ഠൻ
കുലക്കൊഴുന്ന് നാ. കുലക്കുരുന്ന്, വംശത്തിനു കീർത്തിയുണ്ടാക്കുന്നവൻ
കുലക്രമം നാ. പരമ്പരയായിട്ടുള്ള വ്യവസ്ഥ, ഒരുകുലത്തിലെ ആളുകൾ പരമ്പരയായി അനുഷ്ഠിച്ചുവരുന്ന രീതി, കുലമര്യാദ
കുലക്ഷയം നാ. വംശനാശം. (പ്ര) കുലക്ഷയകരം = തെക്കുഭാഗത്തു ശാലയില്ലാത്ത നാലുകെട്ടുള്ള ഗൃഹമോ ദേവാലയമോ
കുലഗിരി നാ. കുലപർവതം
കുലഗുരു നാ. 1. കുലത്തിൻെറ ഗുരു, വംശത്തിനു പരമ്പരയാ ഉള്ള ആചാര്യൻ അല്ലെങ്കിൽ പുരോഹിതൻ; 2. അതിശ്രേഷ്ഠനായ ആചാര്യൻ, പരമഗുരു; 3. കുലത്തിൻെറ നാഥൻ
കുലഘ്ന വി. കുടുംബം നശിപ്പിക്കുന്ന, വംശം ഇല്ലായ്മചെയ്യുന്ന
കുലചന്ദ്രൻ നാ. (വിഷവൈദ്യം) ഒരിനം എലി
കുലചില നാ. കുലവില്ല്
കുലചൂഡാമണി നാ. (ആഅ) 1. വംശത്തിൽ ഏറ്റവും ശ്രേഷ്ഠനായവൻ; 2. വിഷ്ണുക്രാന്ത എന്ന വിഭാഗത്തിൽപ്പെട്ട 64 തന്ത്രങ്ങളിൽ ഒന്ന്
കുലചേർ,കുലേർ [പോർ] നാ. കുമ്മായംതേയ്ക്കുന്ന കരണ്ടി
കുലജ വി. ഉത്കൃഷ്ഠകുലത്തിൽ ജനിച്ച, നല്ല വംശത്തിൽ പിറന്ന
കുലജനങ്ങൾ നാ. (ബ.വ.) ഉൽക്കൃഷ്ഠകുലത്തിൽ പിറന്നവർ
കുലജം നാ. 1. പുളിച്ച കാടി; 2. പുളിച്ച കഞ്ഞി
കുലജ്ഞം നാ. നറുവയമ്പ്
593
കുലട1 നാ. 1. ജാരന്മാരെത്തേടി സ്വന്തം വീടുവിട്ട് അന്യകുലങ്ങളിൽ പോകുന്നവൾ, വ്യഭിചാരിണി, ദുർനടത്തക്കാരി; 2. വീടുതോറും ഭിക്ഷയെടുത്തു നടക്കുന്നവൾ
കുലടൻ നാ. സ്വന്തമല്ലാത്തപുത്രൻ, വളർത്തുപുത്രൻ, ദത്തുപുത്രൻ
കുലടി നാ. മനയോല

കുലതന്തു നാ. 'കുലത്തിൻെറ ചരട്', വംശത്തെ നിലനിർത്തുന്ന ആൾ, സന്തതി, പുത്രൻ, പുത്രി
കുലതിഥികൾ നാ. (ബ.വ.) ചതുർഥി അഷ്ടമി ദ്വാദശി ചതുർദശി എന്നീ തിഥികൾ
കുലതിലകം നാ. 'കുലത്തിൻെറ പൊട്ട്', (ആ.ല.) വംശത്തിനലങ്കാരമായ വ്യക്തി
കുലത്തവർ നാ. (ബ.വ.) കുലത്തിലുള്ളവർ
കുലത്തൊഴിൽ നാ. പരമ്പരാഗതമായി നടത്തിവരുന്ന പ്രവൃത്തി
കുലത്ഥ നാ. 1. കാട്ടുമുതിര; 2. കുലത്ഥാഞ്ജനം
കുലത്ഥൻ നാ. 1. ഒരിനം മൂർഖൻപാമ്പ്, കുലസ്ഥകൻ; 2. കുലത്ഥദേശക്കാരൻ
കുലത്ഥം നാ. 1. മുതിര; 2. കുലത്ഥാഞ്ജനം; 3. ഭാരതവർഷത്തിലുണ്ടായിരുന്ന ഒരു പൗരാണിക ജനപദം
കുലത്ഥിക നാ. 1. കുലത്ഥാഞ്ജനം; 2. മുതിര; 3. കാട്ടുമുതിര; 4. ഒരു ചെടി, ചെറുപിടക്കോൽ; 5. ചെങ്കല്ല്, വെട്ടുകല്ല്
കുലദീപം നാ. 'കുലത്തിൻെറ വിളക്ക്', കുലത്തിനു ശ്രേയസ്സോ കീർത്തിയോ ഉണ്ടാക്കുന്നത്
കുലദൂഷകൻ നാ. വംശത്തിനു കളങ്കം വരുത്തുന്നവൻ
കുലദൂഷണം നാ. കുലത്തിനു കളങ്കം വരുത്തുന്നത്
കുലദേവത നാ. 1. കുലത്തെ സംരക്ഷിക്കുന്ന ദേവത, പരദേവത; 2. ഷോഡശമാതൃക്കളിൽ ഒന്ന്
കുലദേവൻ നാ. വംശത്തെ സംരക്ഷിക്കുന്ന ദേവൻ, കുലദേവത നോക്കുക
കുലദേശികൻ നാ. കുലഗുരു
കുലദൈവതം നാ. കുലദൈവം
കുലദൈവം നാ. കുടുംബദേവത, പരദേവത
കുലദ്രോഹി നാ. സ്വന്തം കുലത്തെ ദ്രോഹിക്കുന്നവൻ
കുലധന വി. കുടുംബത്തിൻെറ സത്പേരു ധനമായിട്ടുള്ള, കുലമഹിമയുള്ള
കുലധനം നാ. കുലത്തിൻെറ ഏറ്റവും മുഖ്യമായ ധനം
കുലധർമം നാ. 'കുലത്തിനു പ്രത്യേകമായിട്ടുള്ള ധർമം', കുലത്തിൽ പരമ്പരയാ അനുഷ്ഠിച്ചുപോരുന്ന ധർമം, വംശാചാരം
കുലധാരകൻ നാ. കുലത്തെ നിലനിറുത്തുന്നവൻ, പുത്രൻ
കുലധുര്യൻ നാ. കുലത്തെ സംരക്ഷിക്കുന്നതിനു പ്രാപ്തൻ, പ്രായപൂർത്തിയായ പുത്രൻ
കുലനക്ഷത്രങ്ങൾ നാ. (ബ.വ.) തന്ത്രമനുസരിച്ചുള്ള ശുഭനക്ഷത്രങ്ങൾ (ഭരണി, രോഹിണി, പൂയം, മകം, ഉത്രം, ചിത്തിര, വിശാഖം, കേട്ട, പൂരാടം, തിരുവോണം, ഉത്തൃട്ടാതി എന്നിവ)
കുലനന്ദനൻ നാ. കുലത്തെ സന്തോഷിപ്പിക്കുന്നവൻ, കുലത്തിനു കീർത്തി നേടിക്കൊടുക്കുന്നവൻ, സദ്പുത്രൻ

കുലനാരി നാ. നല്ലകുലത്തിൽ ജനിച്ച സ്ത്രീ, ഉന്നതകുലജാതയും പതിവ്രതയും ആയ സ്ത്രീ, കുലസ്ത്രീ

കുലനാശനം നാ. കുലത്തെ നശിപ്പിക്കുന്നത്

കുലനാശം നാ. 1. കുലത്തിൻെറ നാശം; 2. കുലത്തിനു നാശം വരുത്തുന്നത്; 3. ഒട്ടകം

കുലനിലയം നാ. ശ്രേഷ്ഠമായ വാസസ്ഥലം

കുലന്ധരൻ നാ. കുലധാരകൻ

കുലമ്പിക്കുക ക്രി. 1. കുലുക്കുക ; 2. കൂർപ്പിക്കുക, കൂർമ്പിക്കുക. (പ്ര) കർണംകുലമ്പിക്കുക = കാതുകൂർപ്പിക്കുക, ശ്രദ്ധിക്കുക

കുലപതി നാ. 1. കുലത്തിൻെറ (വംശം, ഗോത്രം, വർഗം, കുടുംബം എന്നിവയുടെ) നായകൻ, കുലത്തിലെ പ്രമുഖവ്യക്തി; 2. കുലഗുരു; 3. അനേകം ശിഷ്യന്മാരെ അന്നവസ്ത്രാദികൾ നൽകി പഠിപ്പിക്കുന്ന വിപ്രർഷി; 4. ഒരു വിദ്യാപീഠത്തിൻെറ (സർവകലാശാലയുടെ) മേധാവി; 5. തലയിലുള്ള ഒരു മർമം

കുലപത്മം നാ. (യോഗ) സുഷുമ്നാഡിയുടെ മുകളറ്റത്തുള്ളതും കീഴ്പ്പോട്ടു കമഴ്ന്നിരിക്കുന്നതുമായി സങ്കൽപിക്കപ്പെടുന്ന പദ്മം

കുലപർവതം നാ. 1. ശ്രേഷ്ഠമായ പർവതം; 2. (പുരാണമതമനുസരിച്ച്) ഓരോവർഷത്തിൻെറയും ഭൂഖണ്ഡത്തിൻെറയും അതിർത്തിയായി പറയപ്പെട്ടിട്ടുള്ള ഏഴുപ്രധാന പർവതങ്ങളിൽ ഓരോന്നിനും പറയുന്ന പേർ (മഹേന്ദ്രൻ, മലയൻ, സഹ്യൻ, ശുക്തിമാൻ, ഋക്ഷൻ, വിന്ധ്യൻ, പാരിയാത്രം എന്നിവയത്രേ ഭാരതവർഷത്തിലെ കുലപർവതങ്ങൾ)

കുലപാംസനൻ നാ. കുലത്തിനുകളങ്കം വരുത്തുന്നവൻ (സ്ത്രീ) കുലപാംസന(നി)

കുലപാംസുക നാ. കുലത്തിനു കളങ്കം വരുത്തുന്നവൾ, ചാരിത്രശുദ്ധിയില്ലാത്തവൾ

കുലപാലകൻ നാ. കുലത്തെ (വംശത്തെ, കുടുംബത്തെ) സമ്രക്ഷിക്കുന്നവൻ

കുലപാലി(ക) നാ. കുലനാരി

കുലപിഴുകി നാ. ജാതിഭ്രഷ്ടൻ, കുലത്തിൽനിന്നു പുറന്തള്ളപ്പെട്ടവൻ

കുലപുത്രൻ നാ. 1. ഉത്തമകുലത്തിൽ ജനിച്ച പുത്രൻ, കുലരക്ഷകനായ പുത്രൻ, ബഹുമാന്യനായ യുവാവ്; 2. ത്രിപുരാപൂജയിൽ പൂജിക്കപ്പെടേണ്ട നാലുവടുകന്മാരിൽ ഒന്ന്

കുലപുരുഷൻ നാ. 1. ഉന്നതകുലജാതൻ, ബഹുമാന്യൻ; 2. പൂർവികൻ

കുലപൂർവ(ക)ൻ നാ. വംശത്തിൽ മുമ്പുണ്ടായിരുന്ന ആൾ, വംശസ്ഥാപകൻ

കുലപ്പക നാ. 1. കുടുംബങ്ങൾ (വർഗങ്ങൾ) തമ്മിൽ പരമ്പരയാ നിലനിന്നുപോരുന്ന ശത്രുത, കുടിപ്പക; 2. വിഭിന്ന ജാതിയിൽപ്പെട്ട മൃഗങ്ങൾതമ്മിൽ ജന്മനായുള്ള ശത്രുത

കുലപ്രതിഷ്ഠ നാ. 1. കുലത്തിൻെറ നിലനിൽപ്പ്; 2. വംശത്തിൻെറ നിലനിൽപിനാധാരമായിട്ടുള്ളത്; 3. കുലദേവത

കുലപ്രസൂത വി. നല്ലകുലത്തിൽ ജനിച്ച
കുലബാലിക നാ. അഭിജാതയായ പെൺകുട്ടി
കുലബീജം നാ. കുലത്തിൽ മുഖ്യമായത്
കുലഭവ വി. നല്ലകുലത്തിലുണ്ടായ
കുലഭവനം നാ. തറവാട്, പ്രധാനവാസസ്ഥലം
കുലഭാര്യ നാ. കുലീനയും സച്ചരിതയുമായ ഭാര്യ
കുലഭുഭൃത്ത് നാ. കുലപർവതം
കുലഭൃത്യ നാ. 1. ഒരു കുലത്തിൻെറ ഭൃത്യപരമ്പരയിൽപ്പെട്ടവൾ; 2. ശിശുക്കളെ പരിരക്ഷിക്കുന്നവൾ; 3. ഗർഭിണിയെയോ പ്രസവിച്ചുകിടക്കുന്ന സ്ത്രീയെയോ പരിചരിക്കുന്നവൾ; 4. ഗർഭിണിക്കു ദോഹദ്കാലത്തും മറ്റും ചെയ്യുന്ന ശുശ്രൂഷ
കുലഭൃത്യൻ നാ. 1. ഒരുകുലത്തിൻെറ ഭൃത്യപരമ്പരയിൽപ്പെട്ടവൻ; 2. വീട്ടുജോലിക്കാരൻ
കുലഭ്രഷ്ട വി. കുലത്തിൽനിന്നു പുറത്താക്കപ്പെട്ട
കുലം നാ. 1. പൂർവികനായ ഒരാളുടെ പിൻഗാമികൾ, വംശപരമ്പര. ഉദാഃ യദുകുലം, സൂര്യകുലം, ചന്ദ്രകുലം; 2. ഒരേ ജാതിയിലോ വർഗത്തിലോ ഇനത്തിലോ ഉള്ള പ്രാണികളുടെയോ വസ്തുക്കളുടെയോ സമൂഹം, സജാതീയഗണം, പറ്റം, കൂട്ടം; 3. മുഖ്യമായത്, പ്രധാനമായത് (സമാസത്തിൽ പൂർവപദമായി പ്രയോഗിക്കുമ്പോൾ) ഉദാഃ കുലഗിരി, കുലനക്ഷത്രം; 4. നീലക്കല്ല്; 5. രാജ്യം, ദേശം; 6. ശരീരം; 7. (വേദ) ത്രിപുടി; 8. മൂലാധാരചക്രം; 9. കുണ്ഡലിനിശക്തി; 10. മുള; 11. ക്ഷേത്രം; 12. മുൻഭാഗം
കുലംഭര വി. കുലത്തെ നിലനിർത്തുന്ന
കുലമണി നാ. 1. (ആല) കുലത്തിനലങ്കാരമായിട്ടുള്ളവൻ, കുലശ്രേഷ്ഠൻ; 2. 'മണികളിൽ ശ്രേഷ്ഠം', വിശിഷ്ടമായ രത്നം; 3. ശ്രേഷ്ഠആയത്
കുലമര്യാദ നാ. കുലത്തിൽ പരമ്പരാഗതമായി അനുവർത്തിച്ചുപോരുന്ന ആചാരാനുഷ്ഠാനനിയമാദികൾ, കുലക്രമം, കുലധർമം
കുലമഹിമ നാ. കുലത്തിൻെറ മാഹാത്മ്യം, കുലത്തിൻെറ മഹത്വം
കുലമാണികം നാ. 'കുലത്തിൻെറ മാണിക്യം', (ആല) കുലത്തിനലങ്കാരമായത്, കുലത്തിലെ പ്രമുഖവ്യക്തി
കുലമാർഗം നാ. 1. ശ്രേഷ്ഠമായമാർഗം, സത്യമായ മാർഗം; 2. കുലാചാരം; 3. കൗലമതം; 4. സുഷുമ്നാമാർഗം
കുലമീൻ നാ. അരുന്ധതീനക്ഷത്രം
കുലമുറ നാ. 1. വംശപരമ്പര; 2. കുലമര്യാദ
കുലയുക ക്രി. 1. വിറയ്ക്കുക, ഇളകുക, കുലുങ്ങുക; 2. ഉലയുക, ആടുക; 3. (തലമുടിയും മറ്റും) അയയുക, അഴിയുക, (മുണ്ടും മറ്റും) ഉടയുക; 4. ഛിന്നഭിന്നമാവുക, ചിതറുക; 5. വളയുക, കുനിയുക; 6. തളരുക, ക്ഷീണിക്കുക; 7. (മനസ്സ്) ചഞ്ചലമാവുക, സ്ഥിരതയില്ലാതാവുക, സമനിലതെറ്റുക, ചിതറുക, പരിഭ്രമിക്കുക; 8. കുഴങ്ങുക; 9. നശിക്കുക; 10. നടുങ്ങുക, ഞെട്ടുക; 11. കോപം ഉണ്ടാവുക. നാ. കുലച്ചൽ, കുലച്ചിൽ
കുലയുവതി നാ. കുലസ്ത്രീ
കുലയേറ്റുക ക്രി. കുലയ്ക്കുക, വില്ലുവളച്ചു ഞാൺ മുറുക്കിക്കെട്ടുക

കുലയ്ക്കുക ക്രി. 1. (വാഴയുടെയും മറ്റും) കുല പുറത്തുവരുക, പൂക്കുക, വാഴകുലയ്ക്കും ഊന്നുകുലയ്ക്കുമോ (പഴ); 2. ഛർദിക്കുക (തെ.മ.); 3. വളയ്ക്കുക; 4. വില്ലുവളച്ചു ഞാൺ ബന്ധിക്കുക; 5. കുലുക്കുക, ഉലയ്ക്കുക, സംഭ്രമിപ്പിക്കുക; 6. നശിപ്പിക്കുക; 7. ഛിന്നഭിന്നമാക്കുക, ചിതറിയതാക്കുക, അയഞ്ഞതാക്കുക; 8. നടുക്കം ഉണ്ടാക്കുക, ഞെട്ടൽ ഉണ്ടാക്കുക, കിടുക്കുക; 9. മനസ്സു ചഞ്ചലമാക്കുക; 10. ക്ഷീണിപ്പിക്കുക

കുലവതി നാ. നല്ലകുലത്തിൽ ജനിച്ചവൾ

കുലവധു നാ. പതിവ്രത, കുലസ്ത്രീ

കുലവൻ നാ. 1. ശ്രേഷ്ഠൻ; 2. കുലീനൻ; 3. ഒരു പരദേവത

കുലവർണ നാ. നാൽക്കോൽപ്പക്കൊന്ന

കുലവരി നാ. ചന്ദനം, രക്തചന്ദനം

കുലവാട്ടം നാ. നെല്ലിനും വാഴയ്ക്കും മറ്റും ബാധിക്കുന്ന ഒരു രോഗം

കുലവാരം നാ. ചൊവ്വാഴ്ച, വെള്ളിയാഴ്ച

കുലവാഴ നാ. കുലയോടുകൂടിയുള്ള വാഴ, അലങ്കാരത്തിനായി തണ്ടോടുകൂടി വെട്ടിയെടുത്ത വാഴക്കുല

കുലവിദ്യ നാ. കുലത്തിൽ പരമ്പരയായി അഭ്യസിച്ചുപോരുന്ന വിദ്യ

കുലവില്ല് നാ. കുലയ്ക്കുവാനുള്ള വില്ല്, വളച്ചു ഞാൺകെട്ടിയ വില്ല്

കുലവ് നാ. 1. നാശം; 2. വളവ്; 3. മനസ്സില്ലായ്മ; 4. തങ്ങൽ

കുലവുക ക്രി. 1. പ്രകാശിക്കുക; 2. വളയുക; 3. ആനന്ദിക്കുക; 4. ലാത്തുക; 5. തങ്ങുക

കുലവൈരം നാ. കുടിപ്പക

കുലശി നാ. മൂവിലച്ചെടി

കുലശില നാ. മിനുസമുള്ള കല്ല്

കുലശേഖരൻ നാ. 1. വംശത്തിൽ പ്രധാനി, കുലശ്രേഷ്ഠൻ; 2. മഹോദയപുരത്തെ ചക്രവർത്തിമാരുടെ ബിരുദം. കുലശേഖരപ്പെരുമാൾ = തിരുവിതാങ്കൂർ മഹാരാജാവ്

കുലശൈലം നാ. കുലപർവതം

കുലശ്രേഷ്ഠൻ നാ. കുലത്തിൽ ജനിച്ചവരിൽ മുഖ്യൻ

കുലശ്രേഷ്ഠി വി. വംശത്തിൽ പ്രധാനമായ

കുലസംഭവ വി. നല്ലകുലത്തിൽ ജനിച്ച

കുലസൗരഭം നാ. കർപ്പൂരത്തുളസി

കുലസ്ത്രീ നാ. പാതിവ്രത്യധർമത്തോടുകൂടി തറവാടു കാത്തുരക്ഷിക്കുന്നവൾ

കുലസ്ഥ വി. സത്കുലത്തിൽ ജനിച്ച, തറവാടിത്തമുള്ള

കുലസ്ഥം നാ. 1. കാവിമണ്ണ്; 2. മുതിര; 3. ചെങ്കല്ല്

കുലസ്ഥിക നാ. കാവിമണ്ണ്

കുലഹണ്ഡകം നാ. നീർച്ചുഴി

കുലഹതക വി. 1. കുലത്തിനുകളങ്കം വരുത്തിയ; 2. വംശത്തെ ദ്വേഷിക്കുന്ന

കുലഹരം നാ. വംശനാശം

കുലഹലം നാ. 1. അടയ്ക്കാമണിയൻ; 2. നീലക്കടമ്പ്; 3. മഹാശ്രാവണി

കുലഹീന വി. താണകുലത്തിലുള്ള, തറവാടിത്തമില്ലാത്ത

കുലാകുല വി. 1. മിശ്രസ്വഭാവത്തോടുകൂടിയ; 2. ഇടത്തരക്കാരനായ; 3. ഇടവിട്ടുവരുന്ന

കുലാകുലതിഥികൾ നാ. (ബ.വ.) ദ്വിതീയഷഷ്ഠി ദശമി ഇവ

കുലാക്ഷുത നാ. പെൺപട്ടി

കുലാഗത വി. പാരമ്പര്യവഴിക്കുകിട്ടിയ

കുലാങ്ഗന നാ. കുലസ്ത്രീ, പതിവ്രത

കുലാങ്ഗാരൻ നാ. വംശംനശിപ്പിക്കുന്നവൻ

കുലാചലം നാ. കുലപർവതം.

601

കുറിയിടം [കുരി2-ഇടം] നാ. കാമുകീകാമുകന്മാർ രഹസ്യമായി സമ്മേളിക്കുന്നതിനു പരസ്പരം നിശ്ചയിച്ചിട്ടുള്ള സ്ഥലം, രഹസ്യസങ്കേതം, കുറിനിലം.

കുറിയോൻ [<കുറിയവൻ] നാ. 1. പൊക്കം കുറഞ്ഞവൻ, കുള്ളൻ; 2. അഗസ്ത്യൻ.

കുറിയോല [കുറി2-ഓല] നാ. 1. കത്ത്, കുറിപ്പ് (ഓലയിൽ എഴുതിയത്); 2. ഓലയിൽ എഴുതിയ ഉത്തരവ്, മേലാവിൽനിന്നുള്ള ഉത്തരവ്, ആജ്ഞ.

കുറിൽ നാ. ഹ്രസ്വസ്വരം. ക്ഷ് നെടിൽ.

കുറിസ്ഥലം [മ. കുറി2-സം. സ്ഥല] നാ. = കുറിയിടം.

കുറു വി. 1. നീളംകുറഞ്ഞ, കുറിയ, ചെറുതായ. ഉദാ. കുറുവടി, കുറുമുണ്ട്; 2. ലഘുവായ, എളുപ്പമുള്ള. (പ്ര.) കുറുവഴി = എളുപ്പമുള്ള മാർഗം, കുറുക്കുവഴി.

കുറുക1, കുറുകെ അവ്യ. 1. അൽപമായി, ചെറുതായി; 2. ചുരുക്കത്തിൽ 3. വേഗത്തിൽ, ധൃതിയായി; 4. വിലങ്ങനെ; 5. അടുത്ത്, സമീപത്ത്, എതിരേ, നേർക്ക്; 6. (ദ്രാവകങ്ങൾക്ക്) സാന്ദ്രത കൂടത്തക്കവണ്ണം.

കുറുക2, കുറുവ നാ. 1. ഒരിനം നെല്വിത്ത്, കണ്ണഴകങ്കുറുക; 2. ഒരുജാതി മത്സ്യം, പരൽ.

കുറുകലർ നാ. (ബ.വ.) ശത്രുക്കൾ.

കുറുകുക1 ക്രി. ചെറുതാകുക, കുറയുക; 2. അടുക്കുക, എത്തുക, വന്നു ചേരുക; 3. വറ്റി സാന്ദ്രതകൂടുക, കൊഴുക്കുക, കട്ടിയാവുക, മുറുകുക.

കുറുകുക2 ക്രി. 1. (ശബ്ദാനു.) 'കുർ' എന്ന ശബ്ദം പുറപ്പെടുവിക്കുക, (ഓന്തിനെപ്പോലെ) മൂളുക, കൂജനം ചെയ്യുക; 2. കഫം തൊണ്ടയിൽത്തടയുക.

കുറുകുറാ1 [കുറു2-കുറാ]അവ്യ. 1. വളരെ നീളംകുറഞ്ഞമട്ടിൽ, ചെറുതു ചെറുതായി; 2. സാന്ദ്രത ഏറിയിരിക്കുന്ന മട്ടിൽ, കുറുകിയരൂപത്തിൽ.

കുറുകുറാ2 അവ്യ. (ശബ്ദാനു.) കുറുകുറു എന്നു ശബ്ദമുണ്ടാകും വിധത്തിൽ.

കുറുകുറുക്കുക ക്രി. (ശബ്ദാനു.) കഫം തൊണ്ടയിൽക്കെട്ടിനിന്നു ശ്വാസതടസ്സം ഉണ്ടായാലെന്നപോലെ "കുറുകുറാ' എന്നു ശബ്ദം പുറപ്പെടുക. നാ. കുറുകുറുപ്പ്.

കുറുകെ, കുറുക അവ്യ. 1.അൽപമായി, ചെറുതായി; 2. തടസ്സമുണ്ടാകത്തക്കവണ്ണം, എതിരെ, നേർക്ക്, സമീപത്ത്; 3. വിലങ്ങനെ, ഒരുവശത്തുനിന്നു മറ്റൊരുവശത്തേക്ക്; 4. കുറുകത്തക്കവണ്ണം; 5. ചുരുക്കത്തിൽ; 6. വേഗത്തിൽ.

കുറുക്കൻ നാ. 1. ശ്വാനവർഗത്തിൽപ്പെട്ട ചിലയിനം വന്യമൃഗങ്ങൾക്കു പൊതുവേ പറയുന്ന പേർ (ഊളൻ, കാടൻ, കുറുനരി എന്നിങ്ങനെ ദേശഭേദമനുസരിച്ചു പല പേരുകൾ.) (പ്ര.) കുറുക്കൻെറകൂട്ടിൽ കോഴിമാംസം അന്വേഷിക്കുക = പാഴ്വേല ചെയ്യുക. 2. കൗശലക്കാരൻ, സൂത്രശാലി; 3. (ആല.) മറ്റൊരാളുടെ പുറകെനടന്നു ഹീനപ്രവൃത്തി ചെയ്യുന്നവൻ, ഹീനൻ, നിസ്സാരൻ, ആപത്തിൽ ചെന്നുചാടാതെ ലാഭം തട്ടിയെടുക്കുന്നവൻ.

കുറുക്കിലം നാ. = ഗുൽഗുലു.

കുറുക്ക് [< കുരു2] വി. 1. വിലങ്ങനെനിൽക്കുന്ന, കുറുകെയുള്ള; 2. കൊച്ചായ, ചെറുതായ, നീളം കുറഞ്ഞ. (പ്ര.) കുറുക്കുവഴി = എളുപ്പവഴി, എളുപ്പത്തിൽ കാര്യം സാധിക്കുന്നതിനുള്ള തന്ത്രം. കുറുക്കുവിദ്യ = എളുപ്പത്തിൽ ഉദ്ദിഷ്ടകാര്യം സാധിക്കുന്നതിനുള്ള മാർഗം; 3. കുറുക്കിയ. ഉദാ. കുറുക്കാളൻ = കുറുക്കിയ കാളൻ. നാ. 1. വിലങ്ങനെ ആയിരിക്കൽ; 2. കുറുക്കുവഴി, എളുപ്പവഴി, ഇടവഴി; 3. കുറുക്കി വറ്റിച്ചത്, കുറുക്കിയ പദാർഥം; 4. മാവും ശർക്കരയും മറ്റും വെള്ളത്തിൽ കലക്കി വേവിച്ചെടുത്ത പലഹാരം; 5. ഇടുപ്പ്; 6. മുതുക്, പുറത്തെ എല്ല്, നട്ടെല്ല്,പിൻഭാഗം, നടുവ്. (പ്ര.) കുറുക്കുനിവർത്തുക = വിശ്രമിക്കുക.

കുറുക്കുക [കുറുകുക > പ്രയോ.] ക്രി. ജലാംശം വറ്റിക്കുക, ജലാംശം വറ്റിച്ച് അളവുകുറയ്ക്കുക, കട്ടിയാക്കുക, കുഴമ്പാക്കുക. (പ്ര.) കുറുക്കിയത് = കുഞ്ഞുങ്ങൾക്ക് കുറുക്കിക്കൊടുക്കുന്ന ആഹാരസാധനം; 2. നീളം കുറയ്ക്കുക, വലിപ്പം കുറയ്ക്കുക, ചുരുക്കുക, ചെറുതാക്കുക, അൽപമാക്കുക.

കുറുക്കുമരുന്ന് [കുറുക്ക്1-മരുന്ന്] നാ. ഔഷധവീര്യമുള്ള പച്ചിലകളും മറ്റു മരുന്നുകളുംചേർത്ത് അരച്ചുകുറുക്കിയുണ്ടാക്കുന്ന ഔഷധയോഗം.

കുറുക്കുവിളി [കുറുക്ക്2-വിളി] നാ. ഉച്ചത്തിലുള്ള കൂകിവിളി, കൂക്കുവിളി; 2. ഉച്ചത്തിലുള്ള കരച്ചിൽ; 3. ബഹുമാനംകൂടാതെയുള്ള വിളി.

കുറുക്കെ അവ്യ. 1. വിലങ്ങനെ, കുറുകെ; 2. വേഗത്തിൽ. (ശൈ.) കുറുക്കെ നിൽക്കുക = തടസ്സമായിരിക്കുക = കുറുക്കെ വീഴുക = വിലങ്ങനെ വീഴുക.

കുറുഖ് നാ. ദ്രാവിഡഗോത്രത്തിൽപെട്ട ഒരു ഭാഷ.

കുറുങ്കണക്ക് [കുറും-കണക്ക്] നാ. എളുപ്പവഴിയിൽ ചെയ്യാവുന്ന കണക്ക്.

കുറുങ്കത്തി [കുറും-കത്തി1] നാ. കഥകളിയിലെ കത്തിവേഷങ്ങളിൽ ഒന്ന്.

കുറുങ്കുഴൽ [കുറും-കുഴൽ] നാ. ഒരുതരം ചെറിയ സുഷിരവാദ്യം, നാഗസ്വരം പോലെയുള്ളത്. ക്ഷ് നെടുങ്കുഴൽ.

കുറുങ്കൂന്തൽ, കുറുകൂന്തൽ [കുറും-കൂന്തൽ] നാ. കുറുനിര.

കുറുങ്കോൽ [കുറും-കോൽ] നാ. നീളം അളക്കാനുള്ള ഒരു തോത്. രണ്ടുമുഴം, ഒരു വാര.

കുറുങ്ങാലി, കുറുങ്കാലി [കുറും-കാലി]നാ. 1. കുറുകിയ കാലോടുകൂടിയവൻ; 2. കുറുകിയകാലോടുകൂടിയ ഒരിനം ചെറിയ പക്ഷി, കുട്ടിക്കുറുങ്ങാലി.

കുറുഞ്ചാത്തൻ [കുറും-ചാത്തൻ] നാ. 1. ധാന്യങ്ങൾ തുളച്ചുനാശമുണ്ടാക്കുന്ന ഒരു ക്ഷുദ്രപ്രാണി, തുളപ്പൻ; 2. പതിരുനെല്ലിൻെറ അരി, കറുത്ത കനംകുറഞ്ഞ അരി.

കുറുഞ്ചാൽ [കുറും-ചാല്] നാ. വയലിനുകുറുകെയുള്ള ഉഴവുചാൽ. ക്ഷ് നെടുഞ്ചാൽ.

കുറുട്ടുക ക്രി. 1.(ശബ്ദാനു.) പന്നി ശബ്ദിക്കുക, മുരളുക; 2. = കുറുങ്ങുക.

കുറുണി നാ. 1. ഒരു ധാന്യയളവ്, ഒരുമരയ്ക്കാൽ, എട്ടുചെറുനാഴി, രണ്ടിടങ്ങഴി; 2. ഒരു പക്ഷി; 3. കുറുഞ്ഞിപ്പൂച്ച, പെൺപൂച്ച (പ്ര.); 4. ചെറുത്, വലിപ്പം കുറഞ്ഞത്, പ്രായം കുറഞ്ഞത്.

കുറുനരി [കുറു2-നരി] നാ. 1. കുറുക്കൻ; 2. വള്ളിപ്പുലി.

കുറുനിര [കുറു2-നിര] നാ. നെറ്റിയിലേക്കു വീണുകിടക്കുന്നതും, നീളം കുറഞ്ഞതും ഭങ്ഗിയുള്ളതുമായ ചുരുണ്ട മുടി.

കുറുനിലമന്നൻ [കുറുനില-മന്നൻ] നാ. സാമന്തരാജാവ്, നാടുവാഴി.

കുറുന്തടി [കുറും-തടി] നാ. 1. നീളം കുറഞ്ഞ വടി, കുറുവടി; 2. ചെണ്ടക്കമ്പ്. മുട്ട ഉടയ്ക്കാൻ കുറുന്തടി വേണ്ട. (പഴ.)

കുറുന്തല നാ. പൂവാങ്കുറുന്തൽ.

കുറുന്തൂവൽ നാ. 1. കുറിയ തൂവൽ; 2. ധാന്യങ്ങളുടെ തണ്ട്; 3. കുറ്റിക്കാട്.

കുറുന്തെരുവ് [കുറു-തെരുവ്] നാ. ചെറിയ തെരുവ്.

കുറുന്തോട്ടി നാ. ഔഷധങ്ങൾക്ക് ഉപയോഗിക്കുന്ന ഒരു കുറ്റിച്ചെടി.

കുറുപടി1 നാ. 1. ഒരു ഭൂവുടമസമ്പ്രദായം.

കുറുപടി2 [കുറു2-പടി] നാ. നീളംകുറഞ്ഞ പടി. വാതിൽ, ജന്നൽ തുടങ്ങിയവയുടെ പട്ടത്തിൽ കുറുകെയുള്ള ചെറിയപടി, കുറിയപടി.

കുറുപ്പടി നാ. കുറിപ്പ്.

കുറുപ്പൻപാട്ട് [കുറുപ്പൻ-പാട്ട്] നാ. ഭദ്രകാളീക്ഷേത്രങ്ങളിലും കാവുകളിലും കുറുപ്പന്മാർ കളമെഴുതി നടത്തുന്ന പാട്ട്, ഭദ്രകാളിപ്പാട്ട്, കളപ്പാട്ട്.

കുറുപ്പ് നാ. 1. നായന്മാരിൽ ഒരു വിഭാഗം, ഒരുവിഭാഗം നായന്മരുടെ സ്ഥാനപ്പേര്; 2. ആയുധവിദ്യാശാലകളിൽ (കളരിയിൽ) ഗുരുസ്ഥാനം ഉള്ള ആൾ; 3. പല ജാതിയിൽപ്പെട്ടവർക്കും നൽകിയിരുന്ന ഒരു സ്ഥാനപ്പേര്; 4. നാടുവാഴി, ഇടപ്രഭു. (പ്ര.) കുറുപ്പാൾ = നാടുവാഴിയുടെ പരിചാരകൻ. കുറുപ്പിനും കുത്തു പിഴയ്ക്കും. (പഴ.)

കുറുമ1 [<കുറു] നാ. 1. കുറുകിയ അവസ്ഥ, പൊക്കമില്ലായ്മ, നീളമില്ലായ്മ; 2. കുട്ടി, പെൺകുട്ടി. (പ്ര.); 3. ചുരുക്കം, സങ്ക്ഷിപ്ത; 4. അപൂർണത, കുറവ്, കുറ്റം; 5. അടുപ്പം, സാമീപ്യം.

കുറുമ2 നാ. ഒരിനം കറി. ഇറച്ചിയോ മലക്കറി മാത്രമോ ചേർത്തുണ്ടാക്കുന്ന ഒരു പദംശം.

കുറുമണൽ [കുറു-മണൽ] നാ. വെള്ളിയുടെ അംശം കലർന്ന മണൽ.

കുറുമരം [കുറു2-മരം] നാ. പൊക്കം കുറഞ്ഞ മരം, കുറ്റിച്ചെടി.

കുറുമാർ [കുറു2-മാർ] നാ. കുറ്റിച്ചൂൽ, മേഞ്ഞ തുറപ്പ.

കുറുമ്പൻ1 നാ. 1, കുറുമ്പുള്ളവൻ, ഗർവിഷ്ഠൻ, ധിക്കാരി; 2. ദുഷ്ടൻ.

കുറുമ്പൻ2 [<കുറി4] നാ. ആട്ടിടയൻ.

കുറുമ്പൽ, കുറുമ്മൻ നാ. ചപ്പും ചവറും, പൊട്ടും പൊടിയും, കുറുമ്മൽ.

കുറുമ്പറനാട് നാ. കോഴിക്കോട്ടിനടുത്തുണ്ടായിരുന്ന ഒരു ചെറിയ രാജ്യം. കുറും പുറനാട്.

കുറുമ്പി നാ. 1. ചെവിക്കായം; 2. ശരീരത്തിൽനിന്നുപുറത്തുപോകുന്ന വിസർജനവസ്തു.

കുറുമ്പ്1 നാ. 1. ധിക്കാരം, കൂസലില്ലായ്മ; 2. ദുഷ്ടത; 3. അസൂയ, താരത. കുശുമ്പ്; 4. കുസൃതി, ശാഠ്യം.

കുറുമ്പ്2 നാ. ഒരു ഉപധാന്യം, കൂവരക്.

കുറുമ്പുല്ല്, കുറും പുല്ല് [കുറും-പുല്ല്] നാ. 1. തലയും കടയും കളഞ്ഞ് ഒരുചാൺ നീളത്തിൽ മുറിച്ചെടുത്ത ദർഭപ്പുല്ല്, പൂജാദികൾക്കും ബലികർമങ്ങൾക്കും ഉപയോഗം; 2. കൂവരക്.

കുറുമ്പൂ(വ്), കുറും പൂ(വ്) [കുറും-പൂ(വ്)] നാ. നെൽകൃഷിക്കുശേഷം വയലിൽ ചെയ്യുന്ന കൃഷി (ചാമ, തിന, പയർ, എള്ള്, മരച്ചീനി, കരിമ്പ് മുതലായവ).

കുറുമ്പ്രാക്ക് നാ. നെയ്ത്തുകാരൻെറ ദണ്ഡം.

കുറുമ്മൽ [<കുറുമ്മുക] നാ. 1. ആർത്തിപിടിച്ചുള്ള തീറ്റി, മൊത്തിക്കുടിക്കൽ; 2. കുറുകൽ.

കുറുമ്മുക ക്രി. 1. കുറുങ്ങുക; 2. വായ്നിറച്ചിട്ടുകുടിക്കുക; 3. അത്യാർത്തിയോടുകൂടി ഭക്ഷിക്കുക.

കുറുവടി [കുറു2-വടി] നാ. നീളംകുറഞ്ഞതും വണ്ണമുള്ളതുമായ വടി.

കുറുവട്ടം [കുറു2-വട്ടം] നാ. വ്യാസം.

കുറുവട്ടി		നാ. കടലാവണക്ക്.

കുറുസാണി		നാ. ഒരു ഔഷധി, കുറാശാണി.

കുറുസു		[ഹി. കുർസി]നാ. 1. കസേര; 2. സിംഹാസനം.

കുറുൾ		നാ. = കുരുൾ, കുറുനിര.

കുറേശ്ശ, ള കുറേശ്ശെ, കുറേച്ച, കുറേച്ചെ, കുറേശ, കുറേശെ, കുറയശ്ശ അവ്യ. കുറച്ചുകുറച്ചായി, അല്പാല്പമായി.

കുറ്റക്കാരൻ		[കുറ്റം-കാരൻ]		നാ. കുറ്റമുള്ളവൻ, കുറ്റം ചെയ്തവൻ, കുറ്റവാളി. (സ്ത്രീ.) കുറ്റക്കാരി.

കുറ്റടി		നാ. കുത്തുവാക്ക്. അർഥംവച്ച സംസാരം, മുള്ളുവാക്ക്.

കുറ്റദണ്ഡം		[മ. കുറ്റം-സം ദണ്ഡ]		നാ. കുറ്റം ചെയ്തതിനുള്ള സിക്ഷ, പിഴ, പ്രായശ്ചിത്തം.

കുറ്റനാഴി		[കുറ്റം-നാഴി] നാ. ന്യൂനതയുള്ള നാഴി, കള്ളനാഴി, കുറനാഴി.

കുറ്റപത്രം		[മ. കുറ്റം-പത്ര]		നാ. (നിയ.) പ്രതിചെയ്ത കുറ്റങ്ങളടങ്ങിയ രേഖ (കുറ്റങ്ങളുടെ പൂർണവിവരങ്ങൾ പ്രതിയെ ബോധ്യപ്പെടുത്തുകയാണതിൻെറ ഉദ്ദേശ്യം).

കുറ്റപ്പെടുത്തുക		[കുറ്റം-പെടുത്തുക] ക്രി. കുറ്റമാരോപിക്കുക, കുറ്റം ചാരുക, കുറ്റം ചുമത്തുക, തെറ്റുചൂണ്ടിക്കാണിക്കുക.

കുറ്റം		നാ. 1. സമൂഹത്തിനുദോഷകരമായ പ്രവൃത്തി, നിയമവിരുദ്ധമോ, നിയമത്താൽ ശിക്ഷിക്കപ്പെടാവുന്നതോ ആയ ചെയ്തി; 2. ധാർമികമോ സദാചാരപരമോ ആയ തെറ്റ്, പാപപ്രവൃത്തി, പിഴ, നിലവിലുള്ള വിശ്വാസപ്രമാണങ്ങൾക്കു വിരിദ്ധമായ നടപടി; 3. അപരാധം, വീഴ്ച. ഇഷ്ടമില്ലാത്തച്ചി തൊട്ടതെല്ലാം കുറ്റം (പഴ.); 4. വൈകല്യം, അങ്ഗഭങ്ഗം, ന്യൂനത, കുറവ്, അപൂർണത, പോരായ്മ. (പ്ര.) കുറ്റവും കുറവും = ന്യൂനതകൾ. കുറ്റസമ്മതം = കുറ്റം ഏൽക്കൽ.

കുറ്റരി		[കുറു-അരി4] നാ. കൊഴിച്ചെടുക്കുന്ന തീരെച്ചെറിയ അരി, കുച്ചരി.

കുറ്റവാളി		[കുറ്റം-ആളി1]നാ. കുറ്റംചെയ്ത ആൾ, കുറ്റക്കാരൻ, അപരാധി.

കുറ്റവിധി		[മ. കുറ്റം -സം. വിധി]		നാ. കുറ്റം സ്ഥാപിച്ചുകൊണ്ടുള്ള വിധി.

കുറ്റസമ്മതം		[മ. കുറ്റം-സം. സമ്മത]		നാ. 1. കുറ്റം ഏറ്റുപറയൽ; 2. (നിയമം) കോടതിമുൻപാകെ കുറ്റം സമ്മതിച്ചു നൽകുന്നമൊഴി.

കുറ്റാക്കുറ്റിരുട്ട്		നാ. വലിയയിരുട്ട്, കൂരിരുട്ട്.

കുറ്റാന്വേഷകൻ		[മ. കുറ്റം -സം. -അന്വേഷകൻ]		നാ. കുറ്റം ചെയ്തവരെ കണ്ടുപിടിക്കാൻ അന്വേഷണം നടത്തുന്ന (പോലീസ്) ഉദ്യോഗസ്ഥൻ, അപസർപ്പകൻ, ഡിറ്റക്റ്റീവ്.

കുറ്റാന്വേഷണം		[മ. കുറ്റം- സം. അന്വേഷണ]		നാ. കുറ്റകൃത്യങ്ങളെയും കുറ്റം ചെയ്തവരെയും കണ്ടുപിടിക്കാൻ നടത്തുന്ന തിരയൽ. (പ്ര.) കുറ്റാന്വേഷണകഥ = കുറ്റാന്വേഷണം പ്രമേയമാക്കിയുള്ള കഥ, അപസർപ്പകകഥ.

കുറ്റാന്വേഷി [മ. കുറ്റം –സം. അന്വേഷിൻ] നാ. = കുറ്റാന്വേഷകൻ.

കുറ്റി നാ. 1. വൃക്ഷങ്ങളുടെയും ചെടികളുടെയും മറ്റും തടിയും ശാഖകളും മുറിച്ചശേഷം അവശേഷിക്കുന്ന ഭാഗം, മുരട്, കട; 2. നിലത്തുതറയ്ക്കുന്ന നീളം കമ്പ് (അതിർത്തിനിർണയിക്കാനും കാലികളെക്കെട്ടാനും മറ്റും); 3. തോൽ അറയുന്നതിനു വയലിൽ നാട്ടുന്ന തടിക്കഷണം; 4. ബാങ്കുചെക്ക് പോസ്റ്റൽ ഓർഡർ ടിക്കറ്റ് രസീത് മുതലായവ നൽകുമ്പോൾ സൂക്ഷിക്കുന്ന രസീതിൻെറ ഭാഗം; 5. എണ്ണ, നെയ്യ് തുടങ്ങിയ ദ്രവ്യപഥാർഥങ്ങൾ സൂക്ഷിക്കുന്ന ഒരുതരം പാത്രം; 6. എണ്ണതുടങ്ങിയ ദ്രവ്യപദാർഥങ്ങളുടെ ഒരളവ്; 7. ഒരുതരം പറ, ഒരു ധാന്യയളവ്; 8. കൂമ്പിൽനിന്നു കള്ളെടുക്കുന്ന പാത്രം, കള്ളിങ്കുറ്റി; 9. പാലുകറക്കുന്ന പാത്രം; 10. മാങ്ങാ ഉപ്പിലിടുന്ന മരപ്പാത്രം; 11. പുട്ട് എന്ന പലഹാരം ഉണ്ടാക്കാനുപയോഗിക്കുന്ന കുഴൽ; 12. കുടിസ്സിക, ബാക്കി; 13. മൃദങ്ഗം ചെണ്ട തുടങ്ങിയ വാദ്യോപകരണങ്ങളുടെ തടികൊണ്ടുള്ള ഭാഗം; 14. അടയാളം, ലക്ഷണം, തെളിവ്; 15. അതിര് ദൂരം മുതലായവ സൂചിപ്പിക്കുന്ന കല്ല്; 16. ചെന്നിക്കുസമീപമുള്ള ഭാഗം, ചെവികളുടെ കട (ഇത് ഒരുമർമമാണ്); 17. പ്രതിരോധാവശ്യങ്ങൾക്കായി അഗ്രം കൂർത്ത മരക്കഷണങ്ങൾ നാട്ടിയുണ്ടാക്കുന്ന വേലി;18. വാതിൽ അടച്ചുവയ്ക്കാൻ ഉള്ള കൊണ്ടി, വാതിൽപ്പലകയെ ചട്ടവുമായി ഘടിപ്പിക്കുന്ന ഏറുതാഴ്, കൊളുത്തുതറയ്ക്കുന്ന ആണി മുതലായവ (പ്ര.) കുറ്റിയിടുക, കുറ്റിയും കൊളുത്തും; 19. കതിന. (പ്ര.) വെടികുറ്റി, കതിനാക്കുറ്റി; 20. വംശാങ്കുരം, സന്താനം. (പ്ര.) കുറ്റിയറുക = 1. വംശവിച്ഛേദം വരുക, 2. നിശ്ശേഷം നശിച്ചുപോകുക, ഉന്മൂലനാശം വരുക. കുറ്റിമുടിയുക = നിശ്ശേഷം നശിക്കുക, സന്തതിയില്ലാതാകുക, അന്യം നിൽക്കുക.

603

കുറ്റിക്കണക്ക് [കുറ്റി–കണക്ക്] നാ. 1. കുടിശ്ശികയുടെ കണക്ക്; 2. ജന്മി തൻെറ കുടിയാന്മാരോടുചെയ്തിട്ടുള്ള പ്രമാണങ്ങളുടെയും പാട്ടത്തുകയുടെയും വിവരങ്ങൾ കാണിക്കുന്ന കണക്ക്.

കുറ്റിക്കാണം [കുറ്റി–കാണം] നാ. 1. സർക്കാരിനോ വനമുടമസ്ഥനോ മറ്റോ കൊടുക്കേണ്ട തടിവില; 2. = കുഴിക്കാണം.

കുറ്റിക്കാരൻ [കുറ്റി–കാരൻ]നാ. 1. കുടിശ്ശികക്കാരൻ; 2. ഇടപാടുകാരൻ, പറ്റുവരവുകാരൻ, പതിവുകാരൻ.

കുറ്റിക്കാൽ [കുറ്റി–കാൽ2]നാ. 1. ഒരറ്റത്തു മുനയുള്ള നീളം കുറഞ്ഞ തടിക്കഷണം; 2.കഴുക്കോൽ.

കുറ്റിക്കോട്ട, കുറ്റികോട്ട [മ. കുറ്റി–സം. കോട്ട] നാ. കുറ്റികളുറപ്പിച്ച് താത്കാലികമായുണ്ടാക്കിയ കോട്ട, ചെറിയ കോട്ട.

കുറ്റിച്ചാമരം [മ. കുറ്റി–സം. ചാമര] നാ. കഥകളിയിൽ ചെമന്നതാടിവേഷക്കാരൻ ഉപയോഗിക്കുന്ന പൊടിപ്പുകിരീടം.

കുറ്റിച്ചൂൽ [കുറ്റി–ചൂൽ] നാ. 1. തേഞ്ഞുനീളം കുറഞ്ഞ തുറപ്പ്; 2. (ആല.) ഒന്നിനും കൊള്ളാത്ത മോശമായ വസ്തു, കാര്യശേഷിയില്ലാത്ത വ്യക്തി.

കുറ്റിച്ചെടി [കുറ്റി–ചെടി] നാ. 1. അധികം പൊക്കമില്ലാത്ത ചെടി; 2. മുറിച്ച കുറ്റിയിൽനിന്നു മുളച്ചുനിൽക്കുന്ന ചെടി.

കൂ1 [കൂകുക] ധാതുരൂപം.

കൂ2 [സം.] നാ. 1. പിശാചിക; 2. ഭൂമി.

കൂകൽ നാ. 1. കൂകുക എന്ന പ്രവൃത്തി, 'കൂ' എന്നുനീട്ടി ശബ്ദം പുറപ്പെടുവിക്കൽ, കൂക്കിവിളി; 2. കോഴി; കുയിൽ, മയിൽ തുടങ്ങിയ പക്ഷികൾ ഉച്ചത്തിൽ നീട്ടിശബ്ദിക്കൽ; 3. കുറുക്കൻെറ ഓരിയിടൽ.

കൂകു [സം.] നാ. കീർത്തിമതിയായ കന്യക.

കൂകുക, കൂവുക ക്രി. 1. "കൂ' എന്ന് ഉച്ചത്തിൽനീട്ടിവിളിക്കുക, അപഹസിച്ചോ മറ്റോ ആർത്തുവിളിക്കുക, വലിയ ശബ്ദത്തിൽ കരയുക, നിലവിളിക്കുക; 2. പക്ഷികൾ (വിശേഷിച്ച് കോഴി, കുയിൽ, മയിൽ മുതലായവ ശബ്ദിക്കുക, ഓരിയിടുക. (പ്ര.) കൂകിത്തെളിയുക = 1. (കുയിലും മറ്റും) ശബ്ദിച്ചുശബ്ദിച്ച് ശബ്ദം മധുരമാകുക; 2. പ്രവൃത്തിച്ചു പ്രാവീണ്യം നേടുക. കൂകിവിളിക്കുക = ഉച്ചത്തിൽ ശബ്ദമുണ്ടാക്കുക.

കൂകുദൻ [സം. കൂകു-ദ] 'കൂകുവിനെ ദാനം ചെയ്യുന്നവൻ.' നാ. അലങ്കൃതയായ കന്യകയെ ആചാരപൂർവം വിവാഹം ചെയ്ത് കൊടുക്കുന്നവൻ.

കൂക്ക് [<കൂകുക] നാ. 1. കൂകൽ; 2. കുറുക്കൻെറയും മറ്റും ഓരിയിടൽ. കൂക്കിടുക = ഓരിയിടുക.

കൂക്കുക ക്രി. 1. 'കൂ' 'കൂയ്' 'കൂഹോയ്' 'പൂയ്' 'പൂഹോയ്' തുടങ്ങിയ ശബ്ദം ആവുന്നത്ര ഉച്ചത്തിൽ നീട്ടിപ്പുറപ്പെടുവിക്കുക, കൂകുക; 2. ഓരിയിടുക (കുറുക്കനും മറ്റും).

കൂക്കുരൽ, കൂക്കുരൾ നാ. 1. ഉറക്കെ കൂകിവിളിക്കൽ, ഉച്ചത്തിൽ ശബ്ദിക്കൽ, ഉറക്കെയുള്ള നിലവിളി; 2. കുറുക്കൻെറ ഓരിയിടൽ; 3. സങ്കടനിവാരണത്തിനായി അഭ്യർഥിക്കുമ്പോഴും മറ്റുമുള്ള സഹതാപജനകമായ നിലവിളി.

കൂക്കുവിളി നാ. കൂകലോടുകൂടി ഉച്ചത്തിൽ (മനുഷ്യരോ മൃഗങ്ങളോ) ശബ്ദം പുറപ്പെടുവുക്കൽ.

കൂക്കൂറ്റ് നാ. യാചന. (പ്ര.) കുക്കൂറ്റിരക്കുക = യാചിക്കുക.

കൂചം [സം.] നാ. 1. കുചം; 2. ആന.

കൂചൽ, കൂച്ചൽ നാ. = കൂസൽ.

കൂചിക [സം. കൂചികാ] നാ. 1. താക്കോൽ; 2. ചെറിയ ബ്രഷ്; 3. പാൽ ചൂടുപിടിപ്പിച്ചു മോരുചേർത്ത് എടുക്കുന്നത്.

കൂചിമാരൻ [സം. കൂചി-മാര] നാ. (കാമ.) ശങ്ഖിനീജാതിയിൽപ്പെട്ട നായികയുടെ പ്രിയൻ.

കൂച്ചം [<കൂചുക] നാ. ലജ്ജ, മടി.

കൂച്ചൽ1 നാ. 1. കൂസൽ; 2. ദേഹത്തുണ്ടാകുന്ന പിടിത്തം.

കൂച്ചൽ2 നാ. കൂക്കുവിളി.

കൂച്ചിപ്പുടി, കൂച്ചു-, കുച്ചിപ്പുഡി നാ. ഒരുതരം നൃത്തം (ആന്ധ്രദേശത്ത് പ്രചാരമുള്ളത്).

കൂച്ച്1 [<കൂച്ചുക1] നാ. 1. = കോച്ച്; 2. അനങ്ങാനാവാത്തവിധം ബന്ധിക്കുന്ന ഒരുമാതിരി വിലങ്ങ്; 3. ചങ്ങാത്തം, കൂട്ടുകെട്ട്.

കൂച്ച്2 നാ. = കുശു.

കൂച്ചുക1 [<കൂചുക] ക്രി. 1. = കോച്ചുക; 2. ശരീരമോ അവയവങ്ങളോ ചുരുക്കുക, വളയ്ക്കുക; 3. ചേർത്തുകെട്ടുക, കൂച്ചിക്കെട്ടുക = സ്വതന്ത്രമായി ചലിക്കാനാവാത്തവിധം അവയവങ്ങൾ തമ്മിൽ ബന്ധിപ്പിക്കുക.

കൂച്ചുചങ്ങല, -വിലങ്ങ് [കൂച്ച്1-ചങ്ങല, വിലങ്ങ്] നാ. ആനയുടെ കാലുകൾ കൂട്ടിബന്ധിക്കുന്ന ചങ്ങല.

കൂച്ചുവിലങ്ങ് [കൂച്ച്1-വിലങ്ങ്] നാ. കൂച്ചുചങ്ങല.

കൂജ, -ശ, -സ [ഹി. കൂജാ <പേർ.] നാ. കഴുത്തിടുങ്ങിയ ഒരിനം ജലപാത്രം.

കൂജനം [സം.] നാ. പക്ഷികൾ കൂകുന്നശബ്ദം, അതുപോലുള്ള അവ്യക്തമധുരമായ ശബ്ദം, കൂകൽ, കൂജിതം.

കൂജം [സം.] നാ. കാക്ക.

കൂജിതം [സം. < കൂജ്] നാ. കൂജനം.

കൂഞ്ഞ, കൂഞ്ഞ് നാ. 1. കാളയുടെ മുതുകിൽ കഴുത്തിൻെറ തൊട്ടുപിന്നിലായി പൊങ്ങിക്കാണുന്ന മാംസളാവയവം, പൂഞ്ഞ്; 2. ചക്കയുടെ ഉള്ളിൽ ചുളയും ചവണിയും പറ്റിപ്പിടിച്ചിട്ടുള്ള കാമ്പ്, പൂഞ്ഞ്.

കൂഞ്ഞി നാ. = കൂഞ്ഞ്.

കൂഞ്ഞ് നാ. 1. പൂഞ്ഞ്; 2. =കൂഞ്ഞ; കൂഞ്ഞോളം ചെത്തിയാൽ ചുളയൊന്നുമില്ല (പഴ.); (പ്ര.) കൂഞ്ഞുവലിക്കുക = പ്രയോജനമില്ലാതെ പ്രവർത്തിക്കുക, കളിപ്പുപറ്റുക, മണ്ടത്തരം പിണയുക.

കൂട് [കൂടുക] ധാതുരൂപം.

കൂട1 നാ. 1. ചൂരൽ ഓല മുളഞ്ചീളി മുതലായവകൊണ്ടു നെയ്തുണ്ടാക്കുന്ന ഉപകരണം, (സാധനങ്ങൾ ഇട്ടുവയ്ക്കുന്നതിനുപയോഗം) ചെറിയവല്ലം; 2. തേങ്ങായും മറ്റും സംഭരിച്ചുവയ്ക്കുന്ന ചെറിയ പുര, തേങ്ങാപ്പുര.

കൂട2 അവ്യ. = കൂടെ.

കൂട3 [സം.] വി. 1. അസത്യമുള്ള, വ്യാജമായ. കൂടകരണം = കള്ളപ്രമാണം; 2. ചലിക്കാത്ത, ഉറപ്പുള്ള; 3. ഉന്തിനിൽക്കുന്ന.

കൂടക [സം.] വി. കള്ളമായ, ചതിയായ, മോശപ്പെട്ട.

കൂടകം1 [സം.] നാ. 1. ചതി, വഞ്ചന; 2. കൊഴു, കൊഴു ഉറപ്പിക്കുന്ന തടി; 3. ഉയർച്ച, പ്രാധാന്യം, മുഖ്യത.

കൂടകം2 [സം. കൂടക] നാ. 1. പിന്നിയ തലമുടി; 2. ഒരു സുഗന്ധദ്രവ്യം, മുരാമാഞ്ചി; 3. ഭാരതവർഷത്തിലെ പുരാണപ്രസിദ്ധമായ ഒരു പർവതം.

കൂടകാര(ക)ൻ [സം. കൂട-കാര, -കാരക] നാ. 1. കള്ളൻ, ചതിയൻ; 2. കള്ളസാക്ഷി; 3. കള്ളപ്രമാണം ഉണ്ടാക്കുന്നവൻ.

കൂടകി [സം. കൂടകീ]നാ. കടുകുരോഹിണി.

കൂടകൃത്ത് [സം. കൂട3-കൃത്ത്] നാ. 1. ചതിക്കുന്നവൻ; 2. കൈക്കൂലി കൊടുക്കുന്നവൻ; 3. കള്ളപ്രമാണമുണ്ടാക്കുന്നവൻ; 4. കായസ്ഥൻ, എഴുത്തുജോലിചെയ്യുന്ന ജാതിയിൽപ്പെട്ടവൻ; 5. ശിവൻ.

കൂടകോഷ്ഠം [സം. കൂട3-കോഷ്ഠ] നാ. ഒരു കെട്ടിടത്തിൻെറ മുകളിലത്തെ തട്ടിലുള്ള മുറി, മാളികമുറി.

കൂടക്കൂടെ, കൂടെ- [കൂട2-കൂടെ] അവ്യ. പിന്നെയും പിന്നെയും, വീണ്ടും വീണ്ടും, ഇടയ്ക്കിടെ.

കൂടഖഡ്ഗം [സം. കൂട-ഖഡ്ഗ] നാ. പുറത്തുകാണാതെ ധരിക്കുന്ന വാൾ, ഒളിച്ചുവച്ചിരിക്കുന്ന വാൾ, വടിവാൾ.

കൂടജാലം [സം. കൂട-ജാല] നാ. ഒരു നരകം.

കൂടത [സം. കൂടതാ] നാ. അസത്യം, ചതി.

കൂടതന്ത്രം [സം. കൂട-തന്ത്ര] നാ. കള്ളക്കൗശലം, ചതിക്കുവാനുള്ള ഉപായം.

കൂടൻ [സം. കൂട] നാ. 1. അഗസ്ത്യൻ; 2. = കൂടസ്ഥൻ.

കൂടനീതി [സം. കൂട-നീതി] നാ. തെറ്റായ നീതി, ധർമത്തിൽ അധിഷ്ഠിതമല്ലാത്ത നീതി.

കൂടപട്ടം [സം. -പട്ട] നാ. മേൽക്കൂരയിൽ കഴുക്കോലുകളുടെ അഗ്രങ്ങൾ ചെന്നു സന്ധിക്കുന്ന ഭാഗം.

കൂടപത്രം [സം. -പത്ര] നാ. 1. ആഭിചാരകർമം; 2. കള്ളപ്രമാണം.

കൂടപാലകം [സം.] നാ. ചൂള.

കൂടപാശം [സം. കൂട-പാശ] നാ. കെണി, കുരുക്ക്.

കൂടപ്പിറന്നവൻ, കൂടെ- നാ. ഉടപ്പിറന്നവൻ. (സ്ത്രീ.) കൂടെപ്പിറന്നവൾ.

കൂടപ്പിറപ്പ്, കൂടെ- നാ. 1. ഒരമ്മയ്ക്കു പിറന്ന മക്കൾ, സഹോദരർ, ഉടപ്പിറപ്പ്; 2. (ആല.) ഒപ്പം ജനിച്ചതുപോലെ സ്വാധീനം ചെലുത്തുന്നത്, ജന്മനായുള്ള പ്രകൃതം.

കൂടപ്പിറവി നാ. കൂടപ്പിറപ്പ്.

കൂടബന്ധം [സം. കൂട-ബന്ധ] നാ. കൂടപാശം.

കൂടം [സം. കൂട] നാ. 1. ഉന്തിനിൽക്കുന്നത്, ഉയർന്നിരിക്കുന്നത്; 2. കൊടുമുടി, പർവതശിഖരം, ഗിരിശൃങ്ഗം; 3, ഗോപുരം; 4. മോന്തായത്തിൻെറ അഗ്രം, മേൽക്കൂരയിൽ കഴുക്കോലുകൾ ബന്ധിക്കുന്ന സ്ഥാനം; 5. കെട്ടിടം, ശാല; 6. വരാന്ത; 7. മണ്ഡപം; 8.

ഭിത്തിയിൽ നിർമിക്കുന്ന അലങ്കാരം; 9. മീൻ ഉണക്കി സൂക്ഷിക്കുന്നതിനും മത്സ്യം പിടിക്കാനുള്ള ഉപകരണങ്ങളും മറ്റും ഭദ്രമായി വയ്ക്കുന്നതിനുമായി കടൽപ്പുറത്തു കെട്ടിയുണ്ടാക്കുന്നതുമായ പുര; 10. കൊഴുവ്, കലപ്പയുടെ കീഴറ്റം, കലപ്പ; 11. കൊല്ലൻെറ മുട്ടിക, വലിയ ചുറ്റിക; 12. വടിവാൾ, ഒളിച്ചുവച്ചിട്ടുള്ള ആയുധം; 13. ആനക്കൽപ്പട; 14. കൂമ്പാരം, കൂട്ടം, സമൂഹം; 15. മാനിനെ പിടിക്കാനുള്ള വല, മാങ്കെണി; 16. വെള്ളം എടുക്കാനുള്ള പാത്രം; 17. വഞ്ചന, കാപട്യം, ചതി, ഇന്ദ്രജാലം, ഉദാ. കൂടക്കാരൻ; 18. വ്യങ്ഗ്യാർഥത്തോടുകൂടിയുള്ള വാക്യം, കടങ്കഥ; 19. കള്ളനാണയം; 20. ശരീരം; 21. ചൂത്; 22. കൊമ്പ്; 23. കൊമ്പൊടിഞ്ഞ കാള.

കൂടയന്ത്രം [സം. കൂട-യന്ത്ര] നാ. കുരുക്ക്, കെണി.

കൂടയുദ്ധം [സം. കൂട-യുദ്ധ] നാ. ധർമയുദ്ധത്തിനു വിപരീതമായി കപടതന്ത്രങ്ങളുപയോഗിച്ചു ചെയ്യുന്ന യുദ്ധം.

കൂടയോഗം [സം. -യോഗ] നാ. (ജ്യോ.) നാലുമുതൽ ഏഴുവരെ രാശികളിലായി എല്ലാ ഗ്രഹങ്ങളും നിൽക്കുന്ന യോഗം.

കൂടരൂപകൻ [സം. -രൂപക] നാ. കള്ളനാണയം ഉണ്ടാക്കുന്നവൻ.

കൂടരൂപകം [സം.] നാ. കള്ളനാണയം.

കൂടൽ [<കൂടുക] നാ. 1. ഒന്നിച്ചുചേരൽ, വർധിക്കൽ; 2. മധുര.

കൂടൽനായകൻ [മ. കൂടൽ-സം. നായക] 'മധുരയുടെ അധിപതി'നാ. കുലശേഖര ആൾവാരുടെ ഒരു ബിരുദം.

കൂടലർ, കൂടലാർ [< കൂടു-അൽ1-അർ, -ആർ] നാ. (ബ.വ.) ശത്രുക്കൾ.

കൂടലേഖ്യം [സം. കൂട-ലേഖ്യ] നാ. കള്ളപ്രമാണം.

കൂടവേ [< കൂടുക] അവ്യ. = കൂടെ.

കൂടശാസനം [സം. -ശാസന] നാ. കള്ളപ്രമാണം.

കൂടശ്രാവകൻ [സം. -ശ്രാവക] നാ. ഇല്ലാത്തതു പറഞ്ഞു വിശ്വസിപ്പിക്കുന്നവൻ, ഏഷണിക്കാരൻ.

കൂടശ്രാവണക്കാരൻ [സം. -ശ്രാവണകാരക] നാ. കൂടശ്രാവകൻ.

കൂടസാക്ഷി [സം. -സാക്ഷിൻ] നാ. കള്ളസാക്ഷി. കൂടസാക്ഷ്യം = 1. കള്ളസാക്ഷി പറയൽ; 2. കള്ളത്തെളിവ്.

കൂടസ്ഥ [സം.] വി. 1. മുകളിൽ സ്ഥിതിചെയ്യുന്ന, ഉയർന്ന സ്ഥാനം വഹിക്കുന്ന; 2. നാശമില്ലാത്ത, പരിണാമരഹിതമായ, ആത്മാവെന്നപോലെ നിശ്ചലമായ.

കൂടസ്ഥൻ [സം. -സ്ഥ] നാ. 1. കാരണഭൂതൻ; 2. സ്ഥാപകൻ; 3. പ്രധാനപുരുഷൻ; 4. കുടുംബസ്ഥാപകൻ.

കൂടാ[കൂട്-ആ5 < കൂടുക] നിഷേധരൂപം. ഉദാ. ചെയ്യുകൂടാ, പറഞ്ഞുകൂടാ.

കൂടാഗാരം [സം. കൂട-ആഗാര] നാ. മാളികയുടെ ഏറ്റവും മുകളിലത്തെ മുറി, ചന്ദ്രശാലിക.

കൂടാതെ, -തേ [കൂടുക] (നിഷേധവിന.) വി. 1. ഇല്ലാതെ, ഒന്നിച്ചല്ലാതെ, കൂടെയില്ലാതെ, ഉൾപ്പെടാതെ; 2. വേറെ, പുറമേ.

കൂടായു [സം.] നാ. മുരിങ്ങ (ചെമന്ന പൂവുള്ളത്).

കൂടായുസ്സ് [സം. കൂടായു] നാ. ഗുഗ്ഗുലു.

കൂടാവ് നാ. (ബ.വ.) ശത്രുക്കൾ (പ.മ.) കൂടാർഥം [സം. കൂട-അർഥ] നാ. ഒളിഞ്ഞുകിടക്കുന്ന ആശയം, വ്യക്തമാകാത്ത അർഥം, കൂടാർഥഭാഷിതം = അർഥസന്ദേഹം വരുന്ന ഭാഗങ്ങൾ അടങ്ങിയ കഥ.

കൂടാരച്ചട്ടി [<കൂടം] നാ. ചുട്ടുപഴുപ്പിച്ച ലോഹം വച്ച് അടിക്കുന്നതിനുള്ള ഇരുമ്പുകട്ടി, അടകല്ല്.

കൂടാരം [പ്രാ. കൂഡ-ആഗാര < സം. കൂടാഗാര] നാ. സഞ്ചാരികളും പട്ടാളക്കാരും മറ്റും താത്കാലികമായി ഉണ്ടാക്കുന്ന പാർപ്പിടം; ഉദാ. കൂടാരം അടിക്കുക, -കുത്തുക, -കെട്ടുക; കൂടാരവഞ്ചി = 1. മെൽപ്പുരയുടെ വള്ളം; 2. കാളവണ്ടിയുടെയും മറ്റും മേൽമൂടി.

605

കൂടാരരട്ട് നാ. കൂടാരം ഉണ്ടാക്കുന്നതിനുള്ള ശീല, ക്യാൻ വാസ്.

കൂടി [കൂടുക] (ഭൂ. രൂപം.) അവ്യ. 1. ഒരുമിച്ച്, ഒന്നിച്ച്, ഒപ്പമായിച്ചേർന്ന്, കൂടെ; 2. കൂടുതലായി അതിൽപ്പരമായി, പിന്നെയും; 3. ഉം, പോലും; 4. ഊടെ.

കൂടിക്കാഴ്ച [കൂടി-കാഴ്ച] 'തമ്മിൽ കാണൽ.' നാ. രണ്ടോ അതിലധികമോ ആളുകൾ തമ്മിലുള്ള അഭിമുഖസംഭാഷണം, ചർച്ച.

കൂടിപ്പാർക്കുക [കൂടി-പാർക്കുക] ക്രി. 1. ഒന്നിച്ചുതാമസിക്കുക; 2. കാളിയുടെ ഹിതമറിയാൻ കാവിൽ ഉപവസിച്ചു ഭജനം ഇരിക്കുക.

കൂടിയാടുക [കൂടി-ആടുക] ക്രി. കൂടിച്ചേർന്നു നൃത്തം ചെയ്യുക, കളിക്കുക; 2. ഇടകലരുക, ഇടപെടുക, ചേർന്നു പ്രവൃത്തിക്കുക.

കൂടിയാട്ടം [കൂടി-ആട്ടം] നാ. 1. ഒരു പ്രാചീന ദൃശ്യകലാസമ്പ്രദായം; 2. കൂടിച്ചേർന്നുള്ള നൃത്തം, സങ്ഘനൃത്തം; 3. ഇടകലരൽ, ചേർന്നു പ്രവൃത്തിക്കൽ, പരിചയപ്പെടൽ, ഇടപെടൽ, കൂട്ടുകെട്ട്.

കൂടിയാലോചന [മ. കൂടി-സം. ആലോചന] നാ. 1. പലർ ഒരുമിച്ചുചേർന്നുള്ള ചർച്ച; 2. ഗൂഢാലോചന.

കൂട് നാ. 1. പക്ഷികൾ സ്വയം നിർമിക്കുന്നതോ വളർത്തുന്ന പക്ഷികൾക്കായി ഉടമസ്ഥൻ നിർമിക്കുന്നതോ ആയ വാസസ്ഥാനം; 2. മൃഗങ്ങളെയും ഇഴജന്തുക്കളെയും മറ്റും സൂക്ഷിക്കുവാനുള്ള സ്ഥലം, ഉദാ. കടുവാക്കൂട്; 3. ഇഴജന്തുക്കളെയും മറ്റും പിടിച്ച് സൂക്ഷിക്കുന്നതിൻ ഉപയോഗിക്കുന്ന മൂടിയുള്ള വട്ടി; 4. ചെറുപ്രാണികളുടെ പാർപ്പിടം, ഉദാ. കടന്നൽക്കൂട്; 5.കോടതികളിൽ വിസ്തരിക്കപ്പെടുന്ന വാദി, പ്രതി, സാക്ഷി എന്നിവർക്കു നിൽക്കാനുള്ള സ്ഥലം, (പ്ര.) കൂട്ടിലാക്കുക = കുഴപ്പത്തിലാക്കുക; 6. ആശ്രയസ്ഥാനം, അഭയകേന്ദ്രം; 7. കാരാഗൃഹം; 8. ഉറ (കത്തിയുടെയും മറ്റും); ഉദാ. കണ്ണാടിക്കൂട്, കത്തിക്കൂട്; 9. ലക്കോട്ട്, എഴുത്തിനും

മറ്റുമുള്ള കൂട്; 10. ശരീരം, കൂടുവിട്ടു കൂടുമാറുക = യോഗശക്തികൊണ്ട് സ്വശരീരത്തിൽനിന്നു ജീവനെ വേർപ്പെടുത്തി മറ്റൊരു ശരീരത്തിൽ പ്രവേശിക്കുക, പരകായപ്രവേശം ചെയ്യുക, യോഗശക്തികൊണ്ട് ഒന്നിലധികം സ്ഥലങ്ങളിൽ ഒരേസമയത്ത് പ്രത്യക്ഷപ്പെടുക; 11. തേങ്ങയും മറ്റും സൂക്ഷിക്കുന്നതിൻ അഴിയടിച്ചു കൂടുപോലെ പ്രത്യേകം നിർമിക്കുന്ന മുറി, തേങ്ങാക്കൂട്; 12. (മുസ്ലിംസ്ത്രീകളുടെ) ഒരുതരം കർണാഭരണം; 13. ഏലസ്സ്.

കൂടുക ക്രി. 1. ചേരുക, സമ്മേളിക്കുക, യോജിക്കുക, ഒന്നാകുക; 2. അധികമാകുക, വർധിക്കുക; 3. സാധ്യമാകുക, കഴിയുക, ഒക്കുക, പറ്റുക; 4. ഒതുങ്ങിപ്പറ്റിയിരിക്കുക; 5. തീരുക, അവസാനിക്കുക, ഉദാ. കാലം കൂടുക, നൊയമ്പു കൂടുക; 6. ഏർപ്പെടുക; 7. സംഭവിക്കുക, വന്നുചേരുക, കിട്ടുക; 8. പിണക്കം തീർന്നു സ്നേഹമാകുക, രഞ്ജിപ്പിലാകുക; 9. ആവേശിക്കുക (ഭൂതപ്രേതാദികൾ). (പ്ര.) അടികൂടുക = കലഹിക്കുക, ഏറ്റുമുട്ടുക; ഇഷ്ടം കൂടുക = സ്നേഹിക്കുക; കാലങ്കൂടുക = അവസാനിക്കുക, മരിക്കുക; ചെന്നുകൂടുക = ചെന്നുപെടുക; പറ്റിക്കൂടുക = ഒന്നിക്കുക; മാർഗം കൂടുക = മതപരിവർത്തനം ചെയ്യുക.

കൂടുതൽ നാ. 1. അധികം, ആധിക്യം, വർധനവ്, മുമ്പിലത്തെക്കാൾ അധികമായിരിക്കുന്ന സ്ഥിതി, മറ്റൊന്നിനെക്കാൾ ഏറെയായിരിക്കുന്ന അവസ്ഥ ക്ഷ് കുറവ്; 2. മിച്ചം, ബാക്കി.

കൂടെ അവ്യ. 1. ഒരുമിച്ച്, ഒപ്പമായി, കൂടെക്കിടന്നവനേ രാപ്പനി അറിയുകയുള്ളൂ (പഴ.); 2. അതിൽപ്പരമായി, കൂടുതലായി, പിന്നെയും, ഉദാ. ഇതുകൂടെയിരിക്കട്ടെ; 3. ഉം. പോലും; 4. ഊടെ; 5. പ്രതിഗ്രാഹികാവിഭക്ത്യർഥം (ഓട്2), ഉദാ. എന്റെ കൂടെ പറഞ്ഞു = എന്നോടു പറഞ്ഞു.

കൂടെക്കൂടെ [കൂടെ-കൂടെ] അവ്യ. കൂടെക്കൂടെ.

കൂടെപ്പിറപ്പ്, -പിറവി [കൂടെ-പിറപ്പ്]നാ. ഒരമ്മപെറ്റവർ തമ്മിലുള്ള ബന്ധം.

കൂടോത്രം [< സം. ഗൂഢപത്ര (കൂടൊപദ്രവം എന്നും)]. നാ. ആഭിചാരം.

കൂട്ടക്കവർച്ച, കൂട്ടായ്മ- [കൂട്ടം -കവർച്ച] നാ. സങ്ഘം ചേർന്നുള്ള കവർച്ച.

കൂട്ടക്ഷരം [മ. കൂട്ട് -സം. അക്ഷര] നാ. ഒരേ വ്യഞ്ജനം ഇരട്ടിച്ചോ ഒന്നിലധികം വ്യഞ്ജനങ്ങൾ കൂടിച്ചേർന്നോ ഉണ്ടാകുന്ന അക്ഷരം, സമ്യുക്തവ്യഞ്ജനങ്ങളെ കുറിക്കുന്ന ലിപി. ഉദാ. ക്ക, ങ്ങ, ച്ച, ക്ത, ത്ഥ ഇത്യാദി.

കൂട്ടത്തല്ല് [കൂട്ടം-തല്ല്] നാ. 1. ഓണത്തല്ല്, കയ്യാങ്കളി, ചേരിക്കളി; 2. ആൾക്കൂട്ടത്തിൽ ഉണ്ടാകുന്ന അടികലശൽ, കൂട്ട അടി.

കൂട്ടനായർ നാ. സങ്ഘത്തിലെ പ്രമാണി, വകുപ്പിലെ പ്രധാനി.

കൂട്ടനിലവിളി [കൂട്ടം-നിലവിളി] നാ. ഒരുമിച്ചുചേർന്ന് ഉച്ചത്തിലുള്ള കരച്ചിൽ.

കൂട്ടപാഠകം [മ. കൂട്ടം-സം. പാഠക] നാ. വിവാഹം തുടങ്ങിയ മങ്ങളാവസരങ്ങളിൽ അമ്പലവാസികൾ ചേർന്നു നടത്തിവന്നിരുന്ന ഒരു നാടകാഭിനയവിനോദം.

കൂട്ടപിഴ [കൂട്ട-പിഴ] നാ. ഒരു സമൂഹത്തിൻെറമേൽ പൊതുവായി ചുമത്തുന്ന പിഴ.

കൂട്ടം [<കൂടുക] നാ. 1.കൂടിച്ചേർന്നത്, ക്രമമൊന്നും കൂടാതെ തിങ്ങിക്കൂടിയത്, സമൂഹം; 2. വർധന, ആധിക്യം; 3. നിരവധി എണ്ണം, കൂമ്പാരം (പ്ര.) കൂട്ടമായി, കൂട്ടമേ = ഒന്നും ശേഷിപ്പിക്കാതെ, മുഴുവനായി, സമൂഹമായി; 4. സമാജം, സമ്മേളനം, ഉദാ. നാട്ടുക്കൂട്ടം, കൂട്ടക്കുറ = ഒരു സങ്ഘം സമ്മേളിക്കുമ്പോൾ ചില അങ്ഗങ്ങൾ ഹാജരാകായ്ക, കോറം തികയായ്ക (പ.മ.); 5. ഗോത്രം, വംശം, വർഗം; 6. വഴക്ക്, തർക്കം, ശണ്ഠ; 7. കുഴപ്പം, ബഹളം, കൂട്ടവും കുറിയും = ബഹളവും വഴക്കും, വാക്കേറ്റം; 8. ഇനം, തരം; വിധം, വകുപ്പ്; 9. കാര്യം, സങ്ഗതി; 10. ചിട്ടി; 11. മാതിരി, മട്ട്, പെരുമാറ്റം, രീതി; 12. വകവയ്ക്കൽ, കൂട്ടാക്കൽ, കൂസൽ, (പ്ര.) കൂട്ടം കൂടുക = 1. ബഹളം ഉണ്ടാകുക, ശണ്ഠ കൂടുക; 2. യോഗംചേരുക, സമ്മേളിക്കുക, കൂട്ടം തെറ്റുക, -പിരിയുക, -വിടുക = സങ്ഘത്തിൽനിന്നു വേർപെട്ടുപോവുക, ഒറ്റതിരിയുക.

കൂട്ടമണി [കൂട്ടം-മണി] നാ. അടിയന്തിരസംഭവങ്ങൾ അറിയിക്കുവാൻ (ക്രിസ്ത്യൻ പള്ളികളിൽ) തുടർച്ചയായി മുഴക്കുന്ന മണി, തുടരെത്തുടരെയുള്ള മണിനാദം, പലമണികൾ ഒരുമിച്ചുമുഴക്കൽ.

കൂട്ടർ നാ. (ബ.വ.) ഒരേ കൂട്ടത്തിലോ വർഗത്തിലോ പെട്ടവർ, ഇനക്കാർ, ബന്ധുക്കൾ, കൂട്ടക്കാർ, കൂട്ടുകാർ.

കൂട്ടൽ നാ. 1. സാധനങ്ങൾ തമ്മിൽ കലർത്തൽ, ചേർക്കൽ, കൂട്ടിവയ്ക്കൽ; 2. (ഗണിത.) സങ്ഖ്യകൾ തമ്മിൽ ചേർക്കൽ, സ്കലനം.

കൂട്ടവിളി [കൂട്ടം-വിളി] നാ. 1. കൂടിച്ചേർന്നുള്ള വിളി, ആളുകൾ കൂട്ടമായി നിലവിളിക്കൽ; 2. പൊതുക്കാര്യങ്ങൾക്കായി ജനങ്ങളെ വിളിക്കൽ.

കൂട്ടാക്കുക [കൂട്ട്-ആക്കുക] ക്രി. 1. സമ്മതിക്കുക, അനുസരിക്കുക, വകവയ്ക്കുക, കാര്യമാക്കുക; 2. മനസ്സുവയ്ക്കുക, ശ്രദ്ധിക്കുക.

കൂട്ടാൻ നാ. കറി.

കൂട്ടായ്മ [< കൂട്ട്] നാ. 1. കൂടിച്ചേർന്നിരിക്കുന്ന അവസ്ഥ, യോജിപ്പ്, കൂടിച്ചേരൽ, സഹകരണം, ഒന്നിച്ചുകൂടി പ്രവർത്തിക്കൽ, മതപരമോ സാമൂഹികമോ ആയ ചടങ്ങുകളിൽ സഹകരിക്കുക; 2. പലർക്കും കൂടിയുള്ള അവകാശം, കൂട്ടായ്മക്കാരൻ = കൂട്ടായ്മയിൽ (കൂട്ടത്തിൽ) പെട്ടവൻ.

കൂട്ടാല [കൂട്ട്-ആല] നാ. 1. ക്ഷേത്രമുതൽ വച്ചുസൂക്ഷിക്കുകയും കാര്യവിചാരം ചെയ്യുകയും ചെയ്യുന്ന സ്ഥലം; 2. നാളികേരം സൂക്ഷിക്കുന്ന സ്ഥലം, തേങ്ങാപ്പുര.

കൂട്ടാൾ നാ. 1. കൂട്ടിനുള്ള ആൾ, ഭാര്യയോ ഭർത്താവോ; 2, സ്നേഹിതൻ, പങ്കുകാരൻ.

കൂട്ടാളർ നാ. (ബ. വ.) 1. കൂട്ടുകാർ, പങ്കുകാർ, സ്നേഹിതർ; 2. ജീവിതത്തിലെ പങ്കാളികൾ; 3. കൂട്ടത്തിൽപ്പെട്ടവർ.

കൂട്ടാളി നാ. = കൂട്ടാൾ.

കൂട്ടിമുട്ടുക [കൂട്ടി–മുട്ടുക] ക്രി. 1. ഒന്നിനോടു മറ്റൊന്നു തട്ടുക, പരസ്പരം മുട്ടുക, കൂട്ടിയിടിക്കുക; 2. യദൃച്ഛയാ കാണുക, കണ്ടുമുട്ടുക; 3. പരസ്പരം എതിർക്കുക, ഏറ്റുമുട്ടുക.

കൂട്ടിരിക്കുക [കൂട്ട്–ഇരിക്കുക] ക്രി. 1. കൂട്ടായിരിക്കുക; 2. (ആ. ഭാ.) രാജകുടുംബത്തിലെ സ്ത്രീകളുടെ ഭർത്താവായിരിക്കുക. നാ. കൂട്ടിരുപ്പ്.

കൂട്ട് 'കൂട്ടിച്ചേർത്തത്.' നാ. 1. രണ്ടോ അതിലധികമോ സാധനങ്ങൾ കൂടിച്ചേർന്ന വസ്തു, സമ്യുക്തം, മിശ്രിതം, ഉദാ. കുറിക്കൂട്ട്, മുക്കൂട്ട്; 2. കറിക്കുൾല അരപ്പ്; 3. കൂട്ടാൻ, കറി; 4. സഹവാസം, തുണ, ബന്ധം, ചങ്ങാത്തം, ഉദാ. കൂട്ടുപിടിക്കുക, കൂട്ടുകാരൻ; 5. ഒരേ ജാതിയിലോ സമൂഹത്തിലോ പെട്ട അങ്ഗം, വസ്തുവോ ആളോ; 6. ചേർച്ച, യോജിപ്പ്; 7. സങ്കരം, കലർപ്പ്; 8. പുരയുടെ ഉത്തരവും കഴുക്കോലും മോന്തായവും കൂടിയ ഭാഗം, മേൽക്കൂര, ഉദാ. പുരക്കൂട്ട്; 9. കൂട്ടം; 10. തൊടുമർമങ്ങളിൽ ഒന്ന്; 11. സാദൃശ്യം, തുല്യത. കൂട്ടുകൂടുക = സ്നേഹമാകുക, മറ്റൊരാളിനോടോ സങ്ഘത്തോടോ ചേരുക, കൂട്ടുനിൽക്കുക = സഹകരിക്കുക, ഒന്നുചേർന്നു പ്രവർത്തിക്കുക, അരിനിൽക്കുക, കൂട്ടുവിളിക്കുക = സഹായത്തിനു വിളിക്കുക. അവ്യ. പോലെ, സദൃശമായി, ഒപ്പം, ഉദാ. അവൻെറകൂട്ട് = അവനെപ്പോലെ.

കൂട്ടുക [കൂടുക > പ്രയോ.] ക്രി. 1. ചേർക്കുക, കലർത്തുക; 2. ഉള്ളതിനോടു വീണ്ടും ചേർക്കുക, വർധിപ്പിക്കുക, ശേഖരിക്കുക; 3. 'കൂട്ടാൻ' ആയി (കറിയായി) ഉപയോഗിക്കുക, ഭക്ഷണത്തോടു ചേർത്തു കഴിക്കുക; 4. അടുപ്പിക്കുക, യോജിപ്പിക്കുക; 5. പുറപ്പെടുവിക്കുക, ഉണ്ടാക്കുക (ശബ്ദം എന്നപോലെ), ഉദാ. മുറവിളികൂട്ടുക, ബഹളം കൂട്ടുക; 6. ഒരുക്കുക, തയ്യാറാക്കുക; 7. പല ഘടകങ്ങൾ ച്ര്ത്തിണക്കി നിർമിക്കുക; 8. (ഗണിത.) സങ്ഖ്യകൾ തമ്മിൽ ചേർക്കുക, സങ്കലനകിയ നടത്തുക; 9. കണക്കാക്കുക, വിചാരിക്കുക. (പ്ര.) അടിച്ചുകൂട്ടുക = 1. ചവറുകൾ തൂത്തു കൂമ്പാരമാക്കുക; 2. പുതുതായി ഉണ്ടാക്കുക (കൂര, കട്ടിള എന്നിവപോലെ ). എഴുതിക്കൂട്ടുക = ധാരാളമായി എഴുതുക. ഒഴിച്ചുകൂട്ടുക = 1. ഒഴിവാക്കുക്; 2. ദ്രാവകരൂപത്തിലുള്ള കറിചേർത്തു ഭക്ഷിക്കുക, കഴിച്ചുകൂട്ടുക = അരിഷ്ടിച്ചു ജീവിക്കുക. വായ്കൂട്ടുക = വായടയ്ക്കുക, കൂട്ടി അയയ്ക്കുക = 1. ഭർത്താവൊന്നിച്ചു നവവധുവിനെ അയയ്ക്കുക; 2. യാത്രയിലും മറ്റും സഹായത്തിന് ആളീയയ്ക്കുക. കൂട്ടിക്കുരുക്കുക = അപകടത്തിലാക്കുക, കൂട്ടിക്കുഴയ്ക്കുക = കുഴപ്പമുണ്ടാകത്തക്കവണ്ണം ചേർക്കുക, ക്രമവും മുറയും ഇല്ലാതെ സമ്മിശ്രപ്പെടുത്തുക. കൂട്ടിക്കുഴയ്ക്കുക = മർദിച്ചുചേർക്കുക; കൂട്ടിക്കൊടുക്കുക = 1. പതിവുൾലതിലധികം കൊടുക്കുക, വർധിപ്പിക്കുക; 2. എരിപിടിപ്പിക്കുക, ഏഷണി പറയുക; 3. വ്യഭിചാരപ്രവൃത്തിക്കു സ്ത്രീകളെ കൊണ്ടുചെന്നു കൊടുക്കുക. കൂട്ടിക്കൊളുത്തുക = ഏഷണിപറഞ്ഞു വിരോധികളാക്കുക, ഒരാൾ പറഞ്ഞതു മറ്റൊരിടത്തു ചെന്നുപറഞ്ഞ് ശണ്ഠയുണ്ടാക്കുക. കൂട്ടിച്ചേർക്കുക = ഒരുമിച്ചു ചേർക്കുക, കൂടുതലായി ചേർക്കുക. കൂട്ടിച്ചൊല്ലുക = 1. (വാക്കുകൾ) ചേർത്തു പറയുക; 2. ഉള്ളതിലധികം പറയുക, കൂട്ടിപ്പറയുക = കൂട്ടിച്ചൊല്ലുക. കൂട്ടിപ്പിടിക്കുക = 1. ചേർത്തുപിടിയ്ക്കുക; 2. ആലിങ്ഗനം ചെയ്യുക. കൂട്ടിപ്പിടിച്ച് = എല്ലാം കൂടി. കൂട്ടിയടിപ്പിക്കുക = ശണ്ഠകൂട്ടിക്കുക. കൂട്ടിയിണക്കുക = 1. തമ്മിൽ യോജിപ്പിക്കുക, ചേർത്ത് ഒന്നാക്കുക; 2. പിണങ്ങിയവരെത്തമ്മിൽ രഞ്ജിപ്പിക്കുക, കൂട്ടിവയ്ക്കുക = 1. ചേർത്തുവയ്ക്കുക. നാ. കൂട്ടിവയ്ക്കൽ, കൂട്ടിവയ്പ്; 2. സമ്പാദിക്കുക.

കൂട്ടുകച്ചവടം, -കച്ചോടം [കൂട്ട്-കച്ചവടം] നാ. പങ്കുചേർന്നു നടത്തുന്ന കച്ചവടം.

കൂട്ടുകറി [കൂട്ട്-കറി2] നാ. സസ്യങ്ങളും പരിപ്പും മറ്റും ചേർത്ത് ഉണ്ടാക്കുന്ന ഒരുതരം കറി.

കൂട്ടുകുടുംബം [മ. കൂട്ട്-സം. കുടുംബ] നാ. ഭാഗം ചെയ്തു പിരിയാത്ത തറവാട്. കൂട്ടുകുടുംബക്കാർ = 1. കൂട്ടുകുടുംബത്തിൽപെട്ടവർ; 2. (ആല.) ഒരേ കുടുംബത്തിലെ അങ്ഗങ്ങളെപ്പോലെ ഒരുമയോടെ കഴിയുന്നവർ.

കൂട്ടുകൃഷി [മ. കൂട്ട് -സം. കൃഷി] നാ. പങ്കുചേർന്നുള്ള കൃഷി.

കൂട്ടുകെട്ട് [കൂട്ട്-കെട്ട്] നാ. വ്യക്തികളോ സമൂഹങ്ങളോ തമ്മിലുള്ള സൗഹൃദബന്ധം, ഒരുമിപ്പ്, സഹകരണം.

കൂട്ടുഗവണ്മെൻറ് [മ. കൂട്ട് -ഇം. ഗവണ്മെൻറ്] നാ. പല കക്ഷികൾ ഒരു പൊതുപരിപാടിയുടെ അടിസ്ഥാനത്തിൽ യോജിച്ചുണ്ടാക്കുന്ന ഭരണകൂടം.

കൂട്ടുടമ [കൂട്ട്-ഉടമ] നാ. പല ആളുകളുടെ ഒരുമിച്ചുള്ള ഉടമാവകാശം.

കൂട്ടുത്തരവാദിത്വം [മ. കൂട്ട് -സം. ഉത്തരവാദിത്വ] നാ. എന്തെങ്കിലും കാര്യങ്ങളിൽ ഒന്നിലധികം ആളുകൾ പൊതുവായി വഹിക്കുന്ന ഉത്തരവാദിത്വം.

കൂട്ടുപലിശ [കൂട്ട്-പലിശ] നാ. പലിശയാകുമ്പോൾ അതുകൂടി മുതലായി കണക്കാക്കി അതിന്മേൽ പലിശ കണക്കാകുന്നത്, പലിശയ്ക്കു പലിശ.

കൂട്ടുപായസം [മ. കൂട്ട്-സം. പായസ] നാ. അരി, നെയ്യ്, തേങ്ങ, ശർക്കര ഇവ ചേർത്തുണ്ടാക്കുന്ന ഒരിനം പായസം.

കൂട്ടുമന്ത്രിസഭ [മ. കൂട്ട്-സം. മന്ത്രിസഭാ] നാ. വിവിധകക്ഷികളുടെ പ്രതിനിധികളെ ചേർത്തുണ്ടാക്കുന്ന മന്ത്രിസഭ, സങ്കുലിതമന്ത്രിസഭ. താരത. കൂട്ടുഗവണ്മെൻറ്.

കൂട്ടുലോഹം [കൂട്ടു-സം. ലോഹ] നാ. ഒരു നിശ്ചിത അനുപാതത്തിൽ ഒന്നിലധികം ലോഹങ്ങൾ കൂട്ടിച്ചേർക്കുന്നത്, ലോഹക്കൂട്ട്.

കൂട്ടുവളം [കൂട്ടു-വളം] നാ. പല ജൈവവസ്തുക്കൾ കലർത്തി ഉണ്ടാക്കുന്ന വളം.

607

കൂണി, കൂനി നാ. ജർമൻ ഭിഷഗ്വരനായ ലൂയി കൂണി നടപ്പിലാക്കിയ ചികിത്സാപദ്ധതി, പ്രകൃതിചികിത്സ.

കൂണിക [സം. കൂണികാ] നാ. 1. മൃഗത്തിൻെറ കൊമ്പ്; 2. വീണയിൽ കമ്പി മുറുക്കുന്നതിനുവേണ്ടി ഘടിപ്പിച്ചിട്ടുള്ള ഉപകരണം, ആണി.

കൂണിത [സം.] വി. 1. അടയ്ക്കപ്പെട്ട; 2. ചുരുങ്ങിയ, ചുളുങ്ങിയ.

കൂണിതേക്ഷണൻ [സം. കൂണിത-ഈക്ഷണ] നാ. കഴുകൻ.

കൂണ്, കൂൺ (പ.മ.) കൂൻ [<കൂൻ2] നാ. കുമിൾ.

കൂണ്ട് നാ. കാളവണ്ടിയുടെ മേൽക്കൂര, ഗുണ്ട്.

കൂതൽ നാ. കുളിര്, തണുപ്പ്.

കൂതറ [താരത. സം. കൂദര] നാ. നിന്ദ്യമായത്, വൃത്തികെട്ടത്, മുഷിഞ്ഞത്.

കൂതി [താരത. സം. ഗുദ] നാ. 1. പൃഷ്ഠം, ചന്തി, മലദ്വാരം; 2. സ്ത്രീകളുടെ ഗുഹ്യഭാഗം (അസ്ലീലം).

കൂതികിലിക്കി [കൂതി-കുലുക്കി] നാ. 1. വാലു കീഴുമേൽ ചലിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരിനം പക്ഷി, കുണ്ടികുലുക്കി, വാലുകുലുക്കി; 2. (പ്ര.) ഇല്ലാത്ത മിടുക്ക് ഉണ്ടെന്നു ഭാവിക്കുന്ന ആൾ.

കൂത്തച്ചി, കൂത്തിച്ചി [കൂത്ത്-അച്ചി] നാ. 1. നർത്തകി; 2. വ്യഭിചാരിണി, വേശ്യ. കൂത്തിച്ചിമോൻ = വേശ്യാപുത്രൻ (ശകാരവാക്ക്).

കൂത്തൻ [<കൂത്ത്] നാ. 1. നടൻ, നർത്തകൻ; 2. ഭർത്താവ്, പുരുഷൻ; 3. കൂത്താടി.

കൂത്തമ്പലം [കൂത്ത്-അമ്പലം] നാ. 1. കൂത്ത്, കൂടിയാട്ടം മുതലായവ നറ്റത്തുന്നതിനു ക്ഷേത്രത്തോടനുബന്ധിച്ചു നിർമിക്കുന്ന നാട്യഗൃഹം; 2. നൃത്തശാല.

കൂത്തരങ്ങ് [കൂത്ത്-അരങ്ങ്] നാ. ആടാനുള്ള രങ്ഗം, നൃത്തശാല.

കൂത്തസ്ത്രീ [<മ. കൂത്ത് -സം. സ്ത്രീ] നാ. കൂത്തച്ചി.

കൂത്താടി [കൂത്ത്-ആടി2] നാ. 1. കൂത്ത് ആടുന്നവൻ, നർത്തകൻ, നടൻ, കളിക്കാരൻ, താരത. കമ്പക്കൂത്താടി; 2. (പ്ര.) താന്തോന്നി, കളിച്ചുകഴിയുന്നവൻ, ഉത്തരവാദിത്വമില്ലാത്തവൻ; 3. കൊതുകിൻെറമുട്ട വിരിഞ്ഞുണ്ടാകുന്ന പ്രാണി (വെള്ളത്തിൽ കൂത്താടുന്നതുകൊണ്ട് ഈ പേര്).

കൂത്താടുക [കൂത്ത്-ആടുക] ക്രി. 1. നൃത്തം ചെയ്യുക; 2. സന്തോഷംകൊണ്ടോ മറ്റോ തുള്ളിച്ചാടുക, കളിക്കുക; 3. താന്തോന്നിയായി നടക്കുക; 4. (ആല.) മറ്റൊരാളുടെ നിർദേശാനുസരണം പ്രവർത്തിക്കുക, ചൊൽപ്പടിക്കു നടക്കുക, താളത്തിനൊത്തു തുള്ളുക. നാ. കൂത്താട്ടം.

കൂത്തി1 നാ. 1. വേശ്യ, തേവിടിസ്സി; 2. നടി, നർത്തകി.

കൂത്തി2 [താരത.. ഹി. കുത്താ] നാ. പെൺകുട്ടി.

കൂത്തിച്ചി നാ. വേശ്യ.

കൂത്ത് [സം. കൂർദ് = കുതിച്ചുചാടുക] നാ. 1. ക്ഷേത്രങ്ങളിലെ കൂത്തമ്പലങ്ങളിൽ ഉത്സവകാലത്ത് ചാക്യാർ നടത്തുന്ന പുരാണ കഥാപ്രവചനം, ചാക്യാർകൂത്ത്; 2. നൃത്തം, ആട്ടം; 3. കളി, വിളയാട്ടം, കൂത്തുകാരൻ = കൂത്തു നറ്റത്തുന്നവൻ, നർത്തനം ചെയ്യുന്നവൻ. (സ്ത്രീ.) കൂത്തുകാരി, കൂത്തുപുറപ്പാട് = കൂടിയാട്ടത്തിൻെറ ആരംഭത്തിൽ സൂത്രധാരൻെറ രങ്ഗപ്രവേശം.

കൂത്തുമാടം [കൂത്ത്-മാട] നാ. കൂത്തു നടത്തുന്ന ശാല, നൃത്തശാല.

കൂത്തുവിരുത്തി [കൂത്ത്-വിരുത്തി] നാ. തിരുവിതാംകൂറിൽ നിലവിലിരുന്ന ഒരു ഭൂവുടമസമ്പ്രദായം.

കൂദാശ [സുറി.] നാ. (ക്രിസ്തു) ശുദ്ധീകരണകർമം, വ്യക്തിശുദ്ധീകരണത്തിനും സഭാസംവിധാനത്തിനും ദൈവാരാധനയ്ക്കും വേണ്ടി ക്രൈസ്തവസഭ അങ്ഗീകരിച്ച കർമങ്ങളിൽ ഒന്ന്.

കൂന നാ. 1. കൂമ്പാരം, കൂട്ടം, കൂമ്പൽ; 2. വലിയ കളിമൺ ഭരണി, പാന; 3. കൂഞ്ഞ, ഉപ്പൂടി.

കൂനൻ [<കൂന്2] നാ. 1. കുനിവുള്ളവൻ, കൂനുള്ളവൻ; 2. ഒരുതരം ഉറുമ്പ്, കുനിയൻ, കുനിയങ്കുരിശ് = മട്ടാഞ്ചേരിപ്പള്ളിയിലെ കുരിശ് (സുറിയാനിക്കാർ മേലാൽ പറങ്കികളെയും സമ്പാളൂർ പാതിരിമാരെയും ഗാർസ്യാമെത്രാനെയും അനുസരിക്കില്ലെന്നു സത്യംചെയ്തത്, ഈ കുരിശിൻെറ ചുവട്ടിൽനിന്ന്, കുരിശിൽനിന്നു നാലുഭാഗത്തേക്കും കെട്ടിയിരുന്ന ആലാത്തിൽ പിടിച്ചുകൊണ്ടായിരുന്നു. ആലാത്തു കെട്ടിയപ്പോൾ കുരിശ് ഒരു ഭാഗത്തേയ്ക്ക് അൽപം ചരിഞ്ഞതുകൊണ്ട് പിന്നീട് ഈ കുരിശിന് കൂനൻ കുരിശ് എന്നു പേരുണ്ടായി).

കൂനാങ്കുരുക്ക് [കൂനാം-കുരുക്ക്] നാ. 1. അഴിക്കാൻ പ്രയാസമുള്ള കെട്ട്; 2. (ആല.) കുഴപ്പം, സങ്കീർണത, വൈഷമ്യം, ദുർഘടാവസ്ഥ.

കൂനി നാ. 1. കൂനുള്ളവൾ; 2. ത്രിവക്ര; 3. മന്ഥര.

കൂന് [കൂനുക] ധാതുരൂപം.

കൂന്2 [<കൂനുക] നാ. മുതുകിലുള്ള വളവ്, വളവ്. (പ്ര.) കൂനി(ന്മേ)ൽ കുരു = ആപത്തിനുമേൽ ആപത്ത്.

കൂന്തൽ [<കൂർ ? താരത. സം. കുന്തല] നാ. 1. (സ്ത്രീകളുടെ) തലമുടി. കൂന്തലാൾ = സമൃദ്ധമായ തലമുടിയുള്ളവൾ. കൂന്തലായ്പ്പ് = ഒരുതരം ആയുധാഭ്യാസം; 2. മയിൽപ്പീലി; 3. ഒരുതരം പന, ഉലട്ടി.

കൂന്താണി [<കൂർ ?] നാ. 1. വലിയ ഉരൽ; 2. കൂന്താലി; 3. ഒരു വൃക്ഷം; 4. ഒരുജാതി ഔഷധച്ചെടി.

കൂന്തുക ക്രി. കാലവിരലുകളിൽ ഉയർന്നുനിൽക്കുക. താരത. കുന്തുക.

കൂന്നു [കൂരുക] (ഭൂ.രൂപം) 'ര്' ലോപിച്ചത്. (പ.മ.) കൂൻറു.

കൂപകം [സം. കൂപക] നാ. 1. വെള്ളം വറ്റിയ പുഴയിൽ വെള്ളത്തിനായി കുഴിക്കുന്ന കുഴി; 2. ചെറിയ കിണറ്, ചെറിയ കുളം; 3. പാമരം; 4. തോണി കെട്ടുന്ന കുറ്റി; 5. ഗുഹ; 6. നിതംബഭാഗത്തുള്ള കുഴി; 7. ചിത; 8. തുകൽകൊണ്ടുണ്ടാക്കിയിട്ടുള്ള എണ്ണപ്പാത്രം; 9. ആറ്റിൻെറ നടുവിൽ നിൽക്കുന്ന പാറയോ, മരമോ; 10. പുരാതന കേരളത്തിൻെറ ഒരു ഭാഗം, കന്യാകുമാരി മുതൽ കന്നേറ്റിവരെയുള്ള ദേശത്തിനു നൽകിയിരുന്ന പേര്.

കൂപം [സം. കൂപ] നാ. 1. കിണറ്; 2. കുഴി, കുഴിച്ചുണ്ടാക്കിയ സ്ഥലം, ഗുഹ; 3. തോലുകൊണ്ടുണ്ടാക്കിയ എണ്ണപ്പാത്രം; 4. കപ്പൽ കരയ്ക്കടുപ്പിക്കുമ്പോൾ കെട്ടിയുറപ്പിക്കുവാൻ ഉപയോഗിക്കുന്ന കുറ്റി; 5. നദിയുടെ മധ്യത്തിലുള്ള പാറയോ മരമോ; 6. കൂപകരാജ്യം.

കൂപമണ്ഡൂകം [സം. -മണ്ഡൂക] 'കിണറ്റിലെ തവള.' നാ. (ആല.) ലോകപരിചയമില്ലാത്ത ആൾ, സങ്കുചിതമനസ്സുള്ള ആൾ; കൂപമണ്ഡൂകത = ചുറ്റുമുള്ള ലോകത്തെപ്പറ്റിയുള്ള അജ്ഞത, തന്റെ കണ്വെട്ടത്തിനപ്പുറമുള്ള കാര്യങ്ങളെക്കുറിച്ച് അറിവില്ലാതിരിക്കുന്ന അവസ്ഥ.

കൂപയന്ത്രം [സം. കൂപ-യന്ത്ര] നാ. തുലായന്ത്രം, കിണറ്റിൽ നിന്നും വെള്ളം കോരാനുള്ള ഒരു ഉപകരണം.

കൂപശാസ്ത്രം [സം. -ശാസ്ത്ര] നാ. കിണറ്, കുളം മുതലായവ നിർമിക്കുന്നതിന് ഭൂപ്രകൃതിയെ ആധാരമാക്കി ജലസാന്നിധ്യം നിർണയിക്കുന്ന ശാസ്ത്രം.

കൂപാങ്കം [സം. കൂപാങ്ക] നാ. രോമാഞ്ചം.

കൂപാരം [സം. കൂപാര] നാ. സമുദ്രം.

കൂപി[സം. കൂപീ] നാ. 1. കുപ്പി; 2. ചെറിയ കിണർ; 3. പൊക്കിൾ; 4. ചണ്ടിപ്പയറ്.

കൂപിക [സം. കൂപികാ] നാ. 1. നദീമധ്യത്തിലുള്ള പാറയോ കല്ലോ; 2. പശുക്കളുടെ അകിടിന്റെ ഉള്ളിലെ ഒരു അറ.

കൂപുഷം [സം.] നാ. മൂത്രാശയം, മൂത്രവസ്തി.

കൂപ്പ് [കൂപ്പുക] ധാതുരൂപം.

കൂപ്പൺ [ഇം. ച്ചൗപൊൻ] നാ. രസീത്, രസീതിന്റെയോ ടിക്കറ്റിന്റെയോ മറ്റോ കുറ്റി.

കൂപ്പാട് [<കൂ] നാ. 1. വിളി; 2. ഒരു വിളിപ്പാടു ദൂരം, താരത. കൂവീട്; 3. വലിയ ഒച്ച; 4. ശ്ലോകം, ഉദാ. കൂപ്പാടു വന്നു.

കൂപ്പിടുക [<കൂ.] ക്രി. 1. (ആളുകളെ ഉച്ചത്തിൽ നീട്ടി) വിളിക്കുക; 2. സംസാരിക്കുക, മിണ്ടുക; 3. വണങ്ങുക, കൈകൂപ്പുക.

കൂപ്പ1 നാ. 1. കൂമ്പൽ1; 2. വണങ്ങൽ; 3. കുളത്തിൽ ഇറങ്ങാൻ കെട്ടുന്ന നട, കൂപ്പുകടവ്; 4. കുതിച്ചുചാട്ടം (വെള്ളത്തിലേക്ക്); 5. പുറമതിൽ.

കൂപ്പ്2 നാ. റിസർവുവനങ്ങളിൽനിന്നു മരങ്ങൾ മുറിച്ചെടുക്കാൻ പ്രത്യേകം തിരിച്ചിട്ടുള്ള സ്ഥലം. കൂപ്പുപിടിക്കുക = വനത്തിലെ തടികൾ ലേലത്തിൽ പിടിക്കുക.

കൂപ്പുക ക്രി. കൈരണ്ടും ചേർത്തുതൊഴുക, വണങ്ങുക, വന്ദിക്കുക, = കൂമ്പുക. നാ. കൂപ്പൽ, കൂപ്പ്.

കൂപ്പുകടവ് [കൂപ്പ്1-കടവ്1] നാ. കുളത്തിൽ ഇറങ്ങാൻ വേണ്ടി കല്ലുപാകിയുണ്ടാക്കിയിട്ടുള്ള പടിയില്ലാത്ത കടവ്.

കൂപ്പുകുത്തുക [കൂപ്പു-കുത്തുക] ക്രി. വെള്ളത്തിലേക്ക് തലമുന്നോട്ടാക്കി ആഞ്ഞു ചാടുക.

കൂപ്പുകൈ നാ. തൊഴുതുപിടിച്ച കൈ, അഞ്ജലി.

കൂബര [സം.] വി. 1. സുന്ദരമായ; 2. കൂനുള്ള.

കൂബരൻ [സം.] നാ. 1. കൂനൻ; 2. വൈശ്രവണൻെറ പുത്രന്മാരിൽ ഒരാൾ, നളകുബരൻ.

കൂബരം, കൂവരം [സം. കൂബര]നാ. 1. നുകത്തെ വാഹനവുമായി ബന്ധിപ്പിച്ചുറപ്പിക്കുന്ന തണ്ട്; 2. മുള്ളുചേമന്തി.

കൂബരി [സം. കൂബരീ] നാ. 1. നുകത്തെ വാഹനവുമായി ബന്ധിക്കുന്ന തണ്ട്, കൂബരം; 2. കാളവണ്ടി; 3. കൂനി.

കൂമൻ [താരത. സം. ഘൂക]നാ. മൂങ്ങ, ഊമൻ. (സ്ത്രീ.) കൂമത്തി.

കൂമൻപാച്ചൻ [<കൂവൻപാച്ചൻ] 'കൂവുന്ന പക്ഷി' (ഉണ്ണുനീ.) നാ. കുയിൽ.

കൂമം [സം. കൂപ?] നാ. കുളം, തടാകം.

കൂമ്പടോത്സവം നാ. ഉത്തമവരലാഭത്തിനുവേണ്ടി കന്യകമാർ അനുഷ്ഠിച്ചിരുന്ന ഒരു വ്രതത്തിൻെറ അവസാനച്ചടങ്ങ്, പുനങ്കുളി.

കൂമ്പം നാ. കൂമ്പാരം.

കൂമ്പൽ [കൂമ്പുക] നാ. 1. കൂമ്പുക എന്ന പ്രവൃത്തി, അടയൽ; 2. സങ്കോചം, നാണം; 3. മരച്ചീനിയും മറ്റും നടുന്നതിനു കൂമ്പാരമായി വെട്ടിക്കൂട്ടിയ മണ്ണ്. കൂമ്പലിടുക = കോൾ മയിർ കൊള്ളുക.

കൂമ്പാരൻ [<സം.]നാ. കുംഭകാരൻ.

കൂമ്പാരം [<കൂര്1] നാ. അടിയിൽനിന്ന് മുകളിലേക്കു ക്രമമായി വിസ്താരം കുറഞ്ഞ് അറ്റം കൂർത്തുവരത്തക്കവണ്ണം (ധാന്യങ്ങൾ, മണ്ണ് മുതലായവ) കൂട്ടിയത്, കൂന, അമ്പാർ.

കൂമ്പാള [<കൂമ്പ്-പാള]നാ. 1. കമുകിൻ പൂങ്കുലയെ ആവരണം ചെയ്യുന്ന ഇളം മഞ്ഞ നിറത്തിലുള്ള പോള; 2. പാളകൊണ്ടുണ്ടാക്കിയ കൂർത്ത തൊപ്പി. കൂമ്പാളപ്രായം = (പെൺകുട്ടികളുടെ) ശൈശവം. (കൂമ്പാള കൗപീനമായി പെൺകുട്ടികൾ ധരിക്കാറുള്ളതിൽനിന്ന്). കൂമ്പാളപോലെയാവുക = (ആല.) വിളറുക.

കൂമ്പിക്കുക [കൂമ്പുക > പ്രയോ.]ക്രി. 1. കൂമ്പുമാറാക്കുക; 2. കൂമ്പൽകൂട്ടുക.

കൂമ്പില്ലാക്കണ്ണൻ [കൂമ്പ്-ഇല്ലാ-കണ്ണൻ] നാ. ഒരിനം വാഴ.

കൂമ്പ്1 [കൂമ്പുക] ധാതുരൂപം.

കൂമ്പ്2 നാ. 1. നാമ്പ്, പത്രാങ്കുരം (തെങ്ങ്, പന, കമുക് മുതലായ വൃക്ഷങ്ങളുടെ). (പ്ര.) കൂമ്പടയുക = കൂമ്പു വരാതിരിക്കുക, മുരടിക്കുക. കൂമ്പെടുക്കുക = 1. കൂമ്പു കിളിർത്തു തുടങ്ങുക, മുളച്ചുവരുക, അഭിവൃദ്ധിപ്പെടുക; 2. പൂമൊട്ട് (വിശേഷിച്ചും വാഴ, തെങ്ങ് എന്നിയയുടെ); 3. പായ്മരം; 4. ഹൃദയം (വാഴക്കൂമ്പിൻെറ ആകൃതിയുള്ളതുകൊണ്ട്). ഉദാ. കൂമ്പും കരളും; 5. തൊടു മർമങ്ങളിൽ ഒന്ന്.

കൂമ്പുക ക്രി. 1. അടയുക, സങ്കോചിക്കുക, വിടർന്ന പൂക്കളുടെ ഇതളുകൾ വീണ്ടും ഒന്നിച്ചുചേരുക; 2. അഗ്രഭാഗ്മ് കൂർത്തുവരുക.

കൂർ1 [കൂരുക] ധാതുരൂപം.

കൂർ2വി. കൂർത്ത, മൂർച്ചയുള്ള. ഉദാ. കൂരമ്പ്, കൂരാണി.

കൂർ3 വി. വർധിച്ച, ധാരാളമായ, തിങ്ങിയ.

കൂർക്ക1, കൂർക്കൻ, കൂർക്കിൽ നാ. 1. ഒരു കിഴങ്ങുചെടി, ചീവക്കിഴങ്ങു വള്ളി; 2. ഒരിനം കക്ക (വ.മ.)

കൂർക്ക നാ. 1. പടവിളി; 2. = കൂർക്കം.

കൂർക്കം, -ക്ക, -ക്ക് നാ. ചിലർ ഉറക്കത്തിൽ പുറപ്പെടുവിക്കുന്ന പരുപരുത്ത ശ്വാസോച്ഛ്വാസശബ്ദം, പാറുവലി.

കൂർക്കം പുളി, കൂർക്കാ- നാ. ഒരു ഫലവൃക്ഷം, പിണർപുളി, അതിൻെറ കായ്.

കൂർക്കൽ, -ക്കിൽ നാ. = കൂർക്ക1.

കൂർക്കല നാ. 1. കൂർക്കക്കിഴങ്ങ്; 2. വാഴയുടെ ഉണക്കില.

കൂർക്ക് നാ. കൂർക്ക2.

കൂർക്കുക ക്രി. മുനയുള്ളതായിരിക്കുക. (പ്ര.) കൂർത്തുമൂർത്ത, കൂർത്തുമൂർത്തുള്ള = മുനയും മൂർച്ചയുമുള്ള.

കൂർഗ് [<ഇം. ച്ചൂർഗ്] നാ. കുടകുനാട്, കുടകുഭാഷ.

കൂർച്ച [<കൂർ2] 'കൂർത്തിരിക്കുന്ന അവസ്ഥ.' നാ. 1. മൂർച്ച, മുന; 2. ഒരു മർമം.

കൂർച്ചകം [സം. കൂർചക] നാ. 1. ജീവകം എന്ന ചെടി; 2. ഒരു അളവുപാത്രം; 3. തൂലിക, ബ്രഷ്; 4. പല്ലുതേയ്ക്കാനുള്ള കോൽ; 5. താടിമീശ.

കൂർച്ച1 നാ. കൂർമ, മുന.

കൂർച്ചം2 [സം. കൂർച] നാ. 1. അറ്റം ചേർത്തുകെട്ടിയ ദർഭപ്പുല്ല്; 2. ദർഭപ്പുല്ലോ മറ്റോ ചേർത്തുകെട്ടിയത്, (ഇരിപ്പിടമായി ഉപയോഗം); 3. ഒരുപിടി മയിൽപ്പീലിയോ കുശപ്പുല്ലോ; 4. ചൂൽ; 5. ഭ്രൂമധ്യം; 6. താടിമീശ; 7. തള്ളവിരൽ നടുവിരലുമായോ മറ്റേതെല്ലും വിരലുമായോ (നുള്ളാനെന്ന പോലെ0 ചേർത്തുപിടിച്ചത്; 8. ഒരു സ്നായുമർമം; 9. ബ്രഷ്, തൂലിക; 10. ശസ്ത്രക്രിയയ്ക്കുള്ല ഒരു ഉപകരണം, സൂചി; 11. ചതി; 12. വമ്പുപറച്ചിൽ; 13. ആത്മവഞ്ചന; 14. വെളുത്ത ദർഭ; 15. ശിരസ്സ്; 16. കലവറ; 17. തള്ളവിരലിൻെറ സന്ധി; 18. മുള, പൊടിപ്പ്.

609

കൂർച്ചശിരസ്സ് [സം. കൂർച-ശിരസ്] നാ. 1. നരിയാണി; 2. കണങ്കാലിലും കണങ്കയ്യിലുമുള്ള ഒരു മർമം; 3. ഒരു അസ്ഥി.

കൂർച്ചാസ്ഥി [സം. -അസ്ഥി] നാ. ചൂലിൻെറ ആകൃതിയോടുകൂടിയ (ബന്ധവിശേഷമുള്ള) അസ്ഥി, കൈകളിലും കാലുകളിലുമുള്ള അസ്ഥിബന്ധം.കൂർച്ചിക [സം. കൂർചികാ] നാ. 1. പാലിൽ തൈരോ മോരോ പകർന്നു കാച്ചിയത്, തക്രകൂർച്ചിക = മോരോടുകൂടിയ കാച്ചിയ പാൽ; ദധികൂർച്ചിക =തൈരോടുകൂടിയ കാച്ചിയ പാൽ; ; 2. തൂലിക, ബ്രഷ്; 3. താക്കോൽ; 4. സൂചി; 5. പൂമൊട്ട്.

കൂർദനം [സം. കൂർദന] നാ. 1. കുതിച്ചുചാട്ടം; 2. കളി, ക്രീഡാനൃത്തം; 3. ബാലക്രീഡ; 4. നേരമ്പോക്ക്.

കൂർപ്പം1 [<കൂർ2] നാ. മുന, കൂർപ്പ്.

കൂർപ്പം2 [സം. കൂർപ] നാ. 1. താനതരം രത്നം; 2. ചരൽ, ചെറിയ കല്ല്; 3. പുരികങ്ങളുടെ ഇടയ്ക്കുള്ള ഭാഗം.

കൂർപ്പം3 [<സം. കൂർപര ?] നാ. 1. കയ്യുറ്റെയോ, കാലിൻെറയോ മുട്ട്; 2. ഒരു മർമം, കാൽമുട്ടിന് ഇരുവിരൽ മീതെയുള്ളത്.

കൂർപ്പരം [സം. കൂർപര] നാ. 1. കൈമുട്ട്; 2. കാൽമുട്ട്; 3. കാൽമുട്ടിലും കൈമുട്ടിലുമുള്ള ഓരോ മർമങ്ങൾ.

കൂർപ്പാസം, -കം [സം. കൂർപ്പാസ-ക] നാ. 1. മുഴക്കൈയോളം ഇറക്കമുള്ള പടച്ചട്ട; 2. കുപ്പായം; 3. രൗക്ക.

കൂർപ്പിക്കുക [കൂർക്കുക >പ്രയോ.] ക്രി. 1. കൂർമ വരുത്തുക, മുനയുണ്ടാക്കുക; 2. മുന്നോട്ടു കൂട്ടിപ്പിടിക്കുക (ചുണ്ടു തുടങ്ങിയ ശരീരാവയവങ്ങളെന്ന പോലെ). (പ്ര.) ചെവികൂർപ്പിക്കുക = ശ്രദ്ധിക്കുക.

കൂർപ്പ് [<കൂവ്2] നാ. 1. കൂർത്തിരിക്കുന്ന അവസ്ഥ, മൂർച്ച; 2. മുന; 3. തീക്ഷ്ണത (ബുദ്ധിക്കും മനസ്സിനും മറ്റും).

കൂർമ്പിക്കുക [കൂർമ്പുക > പ്രയോ.] ക്രി. = കൂർപ്പിക്കുക.

കൂർമ [< കൂർ2] നാ. 1. കൂർത്തിരിക്കുന്ന അവസ്ഥ, കൂർപ്പ്, മൂർച്ച, നിശിതത്വം; 2. മുന; 3. ബുദ്ധിയുടെ നിശ്ചിതത്വം, ഇന്ദ്രിയങ്ങളുടെ സൂക്ഷ്മത.

കൂർമകം [സം. കൂർമക] നാ. ഒരു താണതരം മുത്ത്, ആമയുടെ ആകൃതിയിലുള്ളത്.

കൂർമത [<കൂർ. കൂർമ എന്നു മതി] നാ. 1. കൂർത്തിരിക്കുന്ന അവസ്ഥ; 2. കൂർമത്തിൻെറ അവസ്ഥ.

കൂർമൻ1 [<കൂർ2] നാ. ഒരുവക ചെറിയ പ്രാണി, തെങ്ങിൻെറ മണ്ട തുരന്നു നശിപ്പിക്കുന്നത്.

കൂർമൻ2 [സം. കൂർമ] നാ. 1. പ്രാണാദി വായുക്കളുടെ അവാന്തര വിഭാഗങ്ങളിൽ ഒന്ന്; 2. ചില ഋഗ്വേദമന്ത്രങ്ങളുടെ ദ്രഷ്ടാവായ ഒരു ഋഷി; 3. കദ്രുവിൻെറ ഒരു പുത്രൻ.

കൂർമപീഠം [സം. കൂർമ-പീഠ] നാ. 1. ആമയുടെ പുറന്തോട്, ആമയുടെ പിൻഭഗം; 2. പാത്രം അടയ്ക്കാനുള്ള ഒരുതരം മൂടി; 3. മധ്യഭാഗം ഉയർന്നും നാലുദിക്കുകളും താഴ്ന്നും ഇരിക്കുന്ന ഭൂമി; 4. വങ്കുറിഞ്ഞി.

കൂർമബുദ്ധി [മ. കൂർമ-ബുദ്ധി] നാ. കൂർമത്തിൻെറ ബുദ്ധി (നിശ്ചിതബുദ്ധി എന്ന അർഥത്തിന് 'ബുദ്ധികൂർമ' എന്നു പ്രയോഗിക്കണം).

കൂർമം [സം. കൂർമ] നാ. 1. ആമ; 2. ദശാവതാരങ്ങളിൽ രണ്ടാമത്തേത്, കൂർമാവതാരം; 3. വിഷ്ണുവിൻെറ സ്ഥിരാവാസമായി കരുതപ്പെടുന്ന സാളഗ്രാമങ്ങളിൽ

ഒരിനം; 4. ഭൂമി (ആമയെപ്പോലെ ജലത്തിൽ കിടക്കുന്നു എന്ന സങ്കൽപത്തിൽനിന്ന്); 5. കൂർമപുരാനം; 6. തന്ത്രശാസ്ത്രപ്രകാരമുള്ള ഒരു കൈമുദ്ര; 7. ഒരുതരം ഉദരരോഗം, ജലകൂർമം.

കൂർമാസനം [സം. കൂർമ-ആസന] നാ. 1. (യോഗ.) ഒരു യോഗാസനം; 2. ആനപ്പുറത്തുള്ള ഒരു ഇരിപ്പ്; 3. കൂർമപീഠം, ആമയുടെ ആകൃതിയിലുൾല ഇരിപ്പിടം, ആവണപ്പലക.

കൂർമി [സം. കൂർമീ] നാ. 1. പെൺ ആമ; 2. ഒരു സങ്ഗീതോപകരണം, ഒരുതരം വീണ.

കൂർമിക [സം. കൂർമികാ] നാ. ഒരുതരം വീണ.

കൂർവാഴ്ച, കൂറു-, കൂറ്റു- [കൂർ2-വാഴ്ച] നാ. സ്ഥാനം ഏൽക്കൽ (പ്രഭുക്കന്മാരോ ഇളമുറത്തമ്പുരാക്കന്മാരോ).

കൂര നാ. 1. ചായ്ച്ചുകെട്ടിയ ചെറിയ വീട്, കൊച്ചുപുര, കുടിൽ, ചെറ്റപ്പുര; 2. വീട്, കിടപ്പാടം; 3. കെട്ടിടത്തിൻെറ മേൽക്കൂര (കൂർത്ത ആകൃതിയുള്ളതിനാൽ); 4. ഒരുജാതി നെല്ല്.

കൂരൻ നാ. 1. ഒരുജാതി പന്നി; 2. മാനിൻെറ വർഗത്തിൽപ്പെട്ട ഒരിനം ചെറിയ മൃഗം, ചെറുകസ്തൂരിമാൻ; 3. നായ്; 4. മുണ്ടൻ; 5. ഒരുജാതി നെല്ല്, നീണ്ട ഓവുള്ളത്; 6. കാട്ടു മുയൽ; 7. കൂരൻ പുല്ല്.

കൂരം [സം.] നാ. ചോറ്.

കൂരമ്പ് [കൂർ2-അമ്പ്1] നാ. 1. കൂർത്ത അമ്പ്, മൂർച്ചയുള്ള അമ്പ്; 2. ഒരു നരകം.

കൂരാപ്പ് [<കൂർ3] നാ. 1. വലിയ ഇരുട്ട്; 2. മഴയും വെയിലും ഇല്ലാത്ത മങ്ങിയ കാലാവസ്ഥ.

കൂരി വി. . പൊക്കം കുറഞ്ഞ, മുണ്ടനായ, ചെറിയ; 2. വളർച്ചമുരടിച്ച; 3. മെലിഞ്ഞ. നാ. 1. പ്രായത്തിനുതക്ക പൊക്കമോ വണ്ണമോ ഇല്ലാത്ത ആൾ, കൂരിയാൻ; 2. ഒരുതരം ചെറിയ മത്സ്യം, കൂരിക്കൂട് = പക്ഷിക്കൂട്; 3. മുഴുപ്പില്ലാത്ത കായ്, ഉദാ, കർക്കടകക്കൂരി; 4. കള്ളം, വ്യാജം; 5. ഒരുതരം കുറ്റിച്ചെടി.

കൂരിയാൻ [കൂരി-ആൻ2] നാ. ശരീരവളർച്ചയില്ലാത്തവൻ.

കൂരിരുട്ട്, കൂരിരുൾ [കൂർ3-ഇരുട്ട്] നാ. വലിയ ഇരുട്ട്, കുറ്റാക്കുറ്റിരുട്ട്.

കൂര് വി. = കൂർ2 നാ. 1. അമ്പിൻെറയോ നാരായത്തിൻെറയോ മറ്റോ മുന; 2. ലോഹോപകരണങ്ങളുടെ കൈപ്പിടിയിൽ കയറ്റി ഉറപ്പിക്കുന്ന കൂർത്തഭാഗം, വടിയുടെയും മറ്റും കടഭാഗത്തു വച്ചുപിടിപ്പിക്കുന്ന കൂർത്ത ലോഹഭാഗം; 3. മൂർച്ച.

കൂരുക1 ക്രി. മുനയുള്ളതായിത്തീരുക.

കൂരുക2 [<കൂർ3] ക്രി. തിങ്ങുക, വർധിക്കുക.

കൂരോട് [കൂർ2-ഓട്] നാ. അറ്റം കൂർത്ത ഓട്, ഒരിനം ചെറിയ മേച്ചിലോട്, മാടോട്.

കൂൽ [കൂലുക] ധാതുരൂപം.

കൂല [സം. കൂല] നാ. 1. ചെറിയ ദന്തി; 2. ഒരു നദി.

കൂലകം [സം. കൂലക] നാ. 1. തീരം; 2. കൂമ്പാരം; 3. ചിതൽപ്പുറ്റ്; 4. നാഗദന്തി; 5. പടവലം (കയ്പില്ലാത്തത്); 6. കയ്പൻ പടവലം.

കൂലങ്കഷ [സം. കൂലം-കഷ] വി. 1. കരയെ തകർക്കുന്ന, കീഴ്ക്കോണ്ടുന്ന, കരകവിഞ്ഞ; 2. (ദിക്കുകളുടെ) കുലങ്ങളെ കർഷണം ചെയ്യുന്ന, സർവദിക്കുകളിലും പരക്കുന്ന; 3. (ആല.) ധാരാളമായ, അത്യധികമായ, സമഗ്രമായ. നാ. നദി, പുഴ.

കൂലങ്കഷം [സം. -കഷ] നാ. 1. സമുദ്രം; 2. ഊക്കോടുകൂടിയ ഒഴുക്ക്, നദീപ്രവാഹം.

കൂലചര വി. ജലാശയങ്ങളുടെ തീരത്തു ജീവിക്കുന്ന.

കൂലതണ്ഡുലം [സം. കൂല-തണ്ഡുല] നാ. തിര, ഓളം.

കൂലന്ധയ [സം. കൂലം-ധയ] വി. കൂലത്തെ (തീരത്തെ) തൊട്ടിരിക്കുന്ന.

കൂലപഥം [സം. കൂല-പഥ] നാ. തീരപ്രദേശത്തു കൂടിയുള്ള വഴി.

കൂലഭൂ(വ്) [സം. -ഭൂ] നാ. തീരം, തീരഭൂമി.

കൂലം1 നാ. ധാന്യം. കൂലവാണികൻ = ധാന്യക്കച്ചവടക്കാരൻ.

കൂലം2 [സം.] നാ. 1. തീരം, ജലാശങ്ങളുടെ കര; 2. പൊയ്ക; 3. ചരിവ്; 4. അരിക്, വക്ക്, അറ്റം; 5. സേനയുടെ പിൻഭാഗം; 6. കൂമ്പാരം, കൂന.

കൂലഹണ്ഡം -കം [സം. കൂല-ഹണ്ഡ-ക] നാ. നീർച്ചുഴി, ജലാവർത്തം.

കൂലി1 നാ. പണി ചെയ്യുന്നതിനു ലഭിക്കുന്ന പ്രതിഫലം, പ്രധാനമായും ശരീരാധ്വാനത്തിനുള്ള വേതനം, (പ്ര.) കൂലിയില്ലാവേല = പ്രയോജനമില്ലാത്ത പ്രവൃത്തി; 2. വാടക; 3. തപാലിൽ ഉരുപ്പടി അയയ്ക്കുന്നതിനു കൊടുക്കേണ്ട തുക, സ്റ്റാമ്പിൻെറ വില, (പ്ര.) കൂലി അടിക്കുക = വേണ്ടത്ര മുദ്രവില അടയ്ക്കാത്ത ഉരുപ്പടികൾക്കു പിഴ ഈടാക്കുക; 4. വാഹനങ്ങളിൽ യാത്ര ചെയ്യുന്നതിനോ ചരക്കുകൾ കയറ്റി അയയ്ക്കുന്നതിനോ കൊടുക്കേണ്ട പ്രതിഫലം; 5. കൂലിക്കാരൻ.

കൂലി2 [സം. കൂലിൻ] വി. കൂലമുള്ള, തീരമുള്ള.

കൂലിക്കാരൻ [കൂലി-കാരൻ7] നാ. കൂലിയ്ക്കു വേല ചെയ്യുന്നവൻ, ദിവസപ്പണിക്കാരൻ.

കൂലിച്ചേകം, ചേവകം, -ചേവുകം ശേവകം[കൂലി1-ചേവകം] നാ. 1. സൈനികവൃത്തിക്കുള്ള പ്രതിഫലം, ആവശ്യപ്പെടുമ്പോൾ സൈനികസേവനത്തിനു എത്തിക്കൊള്ളാമെന്നുള്ള കരാറിന്മേൽ കൊടുക്കുന്ന വിരുത്തി, കരമൊഴിവായി കൊടുക്കുന്ന ഭൂമി; 2. സൈനികവൃത്തി; 3. കൂലിപ്പണി; 4. കൂലിപ്പണിക്കാരൻ.

കൂലിച്ചേവകർ, -ചേവകർ [-കൂലി1-ചേവകവ്] നാ. 1. (ബ.വ) കൂലിക്കുവേണ്ടി യുദ്ധം ചെയ്യുന്ന സൈന്യം; 2. റോഡുവെട്ടുക, ചുമടുചുമക്കുക തുടങ്ങിയ ജോലികൾക്കായി താത്കാലികശമ്പളത്തിൽ നിയമിക്കപ്പെടുന്നവരുടെ സങ്ഘം.

കൂലിപ്പണി [കൂലി1-പണി] നാ. ദിവസക്കൂലിക്കോ ഉടൻ കൂലിക്കോ വേണ്ടി ചെയ്യുന്ന പണി, അപ്പപ്പോൾ കിട്ടുന്ന കൂലിക്കു ചെയ്യുന്ന തൊഴിൽ.

കൂലിയാൻ, കൂലിയേൻ നാ. കുട്ടനാട്ടിലെ ഒരു ധാന്യ അളവുപാത്രം, ഇരുനാഴി കൊള്ളുന്ന ഒരു അളവ്.

കൂലിസാക്ഷി [മ. കൂലി1-സം. സാക്ഷിൻ] നാ. പ്രതിഫലത്തിനുവേണ്ടി സാക്ഷിനിൽക്കുന്നവൻ, കള്ളസാക്ഷി.

കൂലുക [<കൂൻ?] ക്രി. താഴുക, കുനിയുക, കൂനുക, ഉദാ. കഴുത്തു കൂന്നുപോകുക.

കൂല്യ [സം. < കൂല] വി. തീരത്തെ (കൂലത്തെ) സംബന്ധിച്ച.

കൂവ1, കൂവാ, കൂവ്വാ, കൂവേ, കൂവ്വേ അവ്യ. ഹേ ! എന്ന അർഥത്തിൽ ഉപയോഗിക്കുന്ന ഒരു ശബ്ദം.

കൂവ2, കൂവ്വ നാ. 1. ഭൂകാണ്ഡമുള്ള ഒരു ചെടി, അതിൻെറ കിഴങ്ങ്, കൂവനൂറ്, കൂവപ്പൊടി = കൂവക്കിഴങ്ങിൽ നിന്നെടുക്കുന്ന മാവ്; 2. പരുന്ത്; 3. മാങ്ങായും മറ്റും ഉപ്പിലിട്ടു വച്ചിരുന്നാൽ അതിൽ ചിലപ്പോൾ ഉണ്ടാകാറുള്ള പുഴു. (മ.തി.).

കൂവരക് [< സം. വരക] നാ. പഞ്ഞപ്പുല്ല്, കൂവര്.

കൂവരം [കൂവര] നാ. =കൂബരം.

കൂവളം നാ. ഒരു ഇടത്തരം വൃക്ഷം.

കൂവിട, കൂവിട്, കൂവീട് [<കൂവ്] നാ. 1. വിളി; 2. കൂവിയാൽ കേൾക്കാവുന്നത്ര ദൂരം, ആയിരം കോൽ അകലം, കാൽകാതം, ഒരു വിളിപ്പാട് അകലം.

കൂവീട് നാ. = കൂവിട.

കൂവ് [<സം. കൂജന] നാ. കൂകൽ, കൂവൽ.

കൂവുക ക്രി. 1. ('കൂ' എന്ന്) ഉച്ചത്തിൽ നീട്ടിവിളിക്കുക; 2. പക്ഷികൾ ശബ്ദിക്കുക; 3. അപഹസിച്ചു കൂക്കിവിളിക്കുക.

കൂശ് [കൂശുക] ധാതുരൂപം.

കൂശുക, കൂസുക ക്രി. 1. വകവയ്ക്കുക, കൂട്ടാക്കുക; 2. ലജ്ജിക്കുക; 3. ഭയപ്പെടുക; 4. ചുളുങ്ങുക, വളയുക.

കൂശ്മാണ്ഡം, കൂഷ്മാണ്ഡം [സം. കൂശ്മാണ്ഡ] നാ. 1. കുമ്പളം, കുമ്പളങ്ങാ; 2. ഒരു വികൃതഗർഭം, ഭ്രൂണം കുമ്പളങ്ങയുടെ ആകൃതിയിൽ വളരുന്നത്, കൂശ്മാണ്ഡഹോമം = പ്രായശ്ചിത്തഹോമങ്ങളിൽ ഒന്ന്.

കൂശ്മാണ്ഡി, കൂഷ്മാണ്ഡം [സം. കൂശ്മാണ്ഡീ] നാ. 1. കുമ്പളം; 2. ദുർഗ; 3. പ്രായശ്ചിത്തഹോമത്തിന് ഉപയോഗിക്കുന്ന ഒരു വൈദികമന്ത്രം.

കൂസ് [കൂസുക] ധാതുരൂപം.

കൂസ നാ. = കൂജ.

കൂസൽ [കൂസുക] നാ. 1. ലജ്ജ, മടി, അറപ്പ്; 2. ഭയം.

കൂസുക ക്രി. 1. വകവെയ്ക്കുക, കൂട്ടാക്കുക; 2. ലജ്ജിക്കുക, ശങ്കിക്കുക; 3. ഭയപ്പെടുക; 4. ചുളുങ്ങുക, വളയുക.

കൂഹക [സം] വി. കൂഹക, ചതിയുള്ള, ചതിക്കുന്ന.

കൂഹന [സം. കൂഹനാ] നാ. = കുഹന.

കൂഹി [<സം. കൂഹീ] നാ. മൂടൽമഞ്ഞ്, ധൂമിക.

കൂൾ [<കുഴ്] നാ. ഒരു മധുരപലഹാരം, കൂവരകോ മറ്റോ ശർക്കരചേർത്തു പാകപ്പെടുത്തിയത്.

കൂള നാ. 1. കൊയ്ത്തുകഴിഞ്ഞ നെൽക്കുറ്റി, കച്ചിക്കുറ്റി; 2. പച്ചിലവളം.

കൂളൻ [താരത. പ്രാ. ഖുല്ല < സം. ക്ഷുദ്ര] നാ. 1. കൗളൻ, മുണ്ടം; 2. പോത്തിങ്കന്ന്, നല്ല ചൊടിയുള്ള പോത്ത്; 3. വീട്ടിൽ; 4. ഒന്നിനും കൊള്ളാത്തവൻ, തെമ്മാടി, കൂളത്തരം = കൊള്ളരുതായ്മ, തെമ്മാടിത്തം; 5. ഒരിനം ചെറുപക്ഷി, പനങ്കൂളൻ.

കൂളം നാ. 1. പതിർ; 2. ചണം.

കൂളി1 നാ. ഒരു പിശാച്.

കൂളി2 നാ. 1. വിത്തുകാള; 2. പശുക്കുട്ടി; 3. എരുമക്കിടാവ്; 4. ഒരുതരം മീൻ; 5. കുള്ളൻ; 6. അത്യാഗ്രഹി; 7. കൊള്ളരുതാത്തവൻ.

കൂളിപ്പിള്ളേർ [കൂളി2–പിള്ളേർ] നാ. (ബ.വ.) ബഹളക്കാരായി അലഞ്ഞുനടക്കുന്ന കുട്ടികൾ.

കൂളിയാട്ട് [കൂളി1–ആട്ട്3] നാ. ദുർദേവതകളെ പ്രീതിപ്പെടുത്തുന്നതിനായി നടത്തുന്ന ഒരു ഉത്സവം.

611

കൂളുക ക്രി. മുക്കിളിയിടുക.

കൂഴ്1 [കൂഴുക] ധാതുരൂപം.

കൂഴ്2 വി. 1. ചീഞ്ഞ; 2. കുറിയ; 3. മുടന്തുള്ള.

കൂഴ്3 [<കുഴയുക] നാ. 1. കഞ്ഞി, മാവ് മുതലായവ കുറുക്കിയത്, ആഹാരസാധനം; 2. വിളവ്, ധാന്യം; 3. വർധന; 4. സ്വർണം, ധനം; 5. ഫലിതം, നേരമ്പോക്ക്.

കൂഴ്ത്തുക [< കൂഴ്1] ക്രി. ആഹ്ലാദിക്കുക (സന്തോഷം കൊണ്ടോ മറ്റോ) ചഞ്ചലമാകുക.

കുഴ1 നാ. 1. കുറിയത്; 2. തവിടുപോകാത്ത ധാന്യം; 3. മന്ദബുദ്ധി, ഭോഷൻ, കഴമ്പില്ലാത്തവൻ, വിഡ്ഡി.

കൂഴ2<കുഴ1] നാ. 1. ഒരുതരം പ്ലാവ്, അതിലെ ചക്ക; 2. പഴുത്തളിഞ്ഞത്; 3. ചളി; 4. പൊടിഞ്ഞ വയ്ക്കോലും പതിരു മറ്റും കൂടിച്ചേർന്നത്, ഉപയോഗശൂന്യമായ വസ്തു. താരത. കുലം.

കൂഴ3 നാ. 1. കാക്ക (പ്രാ.); 2. പരുന്ത്.

കൂഴ4 നാ. സൈന്യത്തിൻെറ പിന്നണി, കൂഴപ്പളയം = മോശപ്പെറ്റ്ട പാളയച്ചേവകക്കാർ, പിന്നണിപ്പടയാളി.

കൂഴത്തരി [കൂഴം1-അരി4] നാ. അവച്ചുവെളുപ്പിക്കാത്ത ഉണക്കലരി.

കൂഴം1 നാ. 1. ഉണക്കലരി; 2. പൊടിഞ്ഞ വയ്ക്കോലും മറ്റും കലർന്ന ചവറ്; 3. ഉമി; കൂഴങ്കുത്തുക = നെല്ലുകുത്തുക.

കൂഴം2 നാ. എള്ള്.

കൂറ്1 [കൂറുക] ധാതുരൂപം.

കൂറ്2 നാ. = കൂർ.

കൂറ1 നാ. 1. വസ്ത്രം, തുണി; 2. മുഷിഞ്ഞതോ കീറിയതോ ആയ തുണി; 3. ഉടുപ്പ്; 4. മാറാപ്പ്; 5. കൊടിത്തുണി, പതാക; കൂറയും പവിത്രവും = ക്ഷേത്രങ്ങളിൽ ഉത്സവാദിവിശേഷം സംബന്ധിച്ചു തന്ത്രിക്കും മറ്റും കൊടുക്കുന്ന വസ്ത്രവും പവിത്രവും; കൂറയിടുക = 1. കൊടിക്കൂറ തൂക്കുക; 2. ആരംഭിക്കുക; കൂറവലിക്കുക = 1. കൊടിക്കൂറ ഇറക്കുക; 2. അവസാനിക്കുക; (പ്ര.) കൂറവിറ്റു കൂത്തു കാണുക = കഴിവിനപ്പുറമുള്ള ആഡംബരം കാണിക്കുക.

കൂറ2 [<കൂറ1] നാ. 1. ശീലപ്പേൻ, പേൻ; 2. പാറ്റ; (പ്ര.) കൂറയരിക്കുക = ദാരിദ്ര്യം ബാധിക്കുക; കൂറ കപ്പലിൽ പോയപോലെ (പഴ.); 3. നിസ്സാരസാധനം.

കൂറ3 നാ. ഊറയ്ക്കിട്ട് തോൽ പാകപ്പെടുത്തി ചായം പിടിപ്പിക്കൽ.

കൂറച്ചാൽ നാ. 1. കാണിക്കാർ ഉപയോഗിക്കുന്ന ഒരുതരം തോൽ സഞ്ചി; 2. വലിയ മൺപാത്രം (താളിയോല) ഗ്രന്ഥങ്ങൾ സൂക്ഷിക്കുന്നതിന് ഉപയോഗം.

കൂറടക്കം [കൂറ്-അടക്കം] നാ. വിവിധ ഭാഗങ്ങളുടെ ശരിയായ യോജിപ്പുകൊണ്ടുണ്ടാകുന്ന പ്രത്യേകഭങ്ഗി, അവയവപ്പൊരുത്തം.

കൂറക്കൈക്കോട്ട് [കൂറൻ < കൂർ2 - കൈക്കോട്ട്] നാ. വീതികുറഞ്ഞ മണ്വെട്ടി.

കൂറപ്പേൻ [കൂറ1-പേൻ] നാ. 1. വൃത്തികെട്ട വസ്ത്രത്തിൽ ജീവിക്കുന്ന ഒരിനം വെളുത്ത പേൻ, ശീലപ്പേൻ; 2. (ആല.) നിസ്സാരവസ്തു, നിസ്സാരനായ വ്യക്തി.

കൂറരി [കൂറ്-അരി4] നാ. നിവേദ്യം വയ്ക്കുന്നതിനുള്ള അരിയിൽ ശാന്തിക്കാരനു കിട്ടുന്ന വിഹിതം. താരത. കൂറ്ററി.

കൂറവിരുത്തി [കൂറ1-വിരുത്തി] നാ. ക്ഷേത്രങ്ങളിൽ കൊടിയേറ്റത്തിന് ആവശ്യമായ കൊടിക്കൂറ നൽകുന്നതിനു പ്രതിഫലമായി പതിച്ചുകൊടുത്തിരിക്കുന്ന ഭൂമി.

കൂറാൻ നാ. ചെറിയ പ്രാണി.

കൂറാളി [കൂറ്-ആളി1] നാ. 1. കൂറിടുന്നവൻ, പങ്കിടുന്നവൻ, കഷണമാക്കുന്നവൻ; 2. കൂറുള്ളവൻ, സ്നേഹിതൻ.

കൂറിടുക [കൂറ്-ഇടുക] ക്രി. പങ്കിടുക, ഭാഗം ചെയ്യുക, കഷണങ്ങളാക്കുക.

കൂറ് നാ. 1. പങ്ക്, അംശം, ഭാഗം, ഓഹരി, വീതം; കൂറുവയ്ക്കുക = പങ്കിടുക; കൂറായി നിലം കൃഷിചെയ്യുക = പങ്കുചേർന്നു കൃഷിപ്രവൃത്തി നടത്തുക; 2. അവകാസം; കൂറുചൊല്ലുക = കൂറിനെ സംബന്ധിച്ച് (അവകാശത്തെക്കുറിച്ച്) തർക്കിക്കുക, ശണ്ഠകൂടുക; 3. സ്നേഹം, വാത്സല്യം, ഇഷ്ടം; ചോറിങ്ങും കൂറങ്ങും (പഴ.); 4. (ജ്യോ.) രണ്ടേകാൽ നക്ഷത്രം ചേർന്ന നഭോഭാഗം, ഇതിൽക്കൂടി ചന്ദ്രൻ കടന്നുപോകുന്ന സമയത്തെ (2 1/4 ദിവസം) കുറിക്കാനും പ്രയോഗം. (അശ്വതിമുതൽ രേവതിവരെ 27 നക്ഷത്രങ്ങളെ മേടം മുതൽ മീനം വരെ 12 കൂറുകളായി വിഭജിച്ചിരിക്കുന്നു), ഉദാ. മീനക്കൂറ്, ഇടവക്കൂറ്; 5. സമയം, സമയവിഭാഗം, പ്രാവശ്യം; 6. സ്ഥാനം, മുറ (രാജവംശത്തിലെ പിന്തുടർച്ചയുടെ മുറ), ഉദാ. കൂറു വാഴ്ച; 7. കകക്ഷി, ജനവിഭാഗം, ഉദാ. ചൊവ്വരക്കൂറ്, പന്നിയൂർക്കൂറ്, കൂറുമത്സരം; 8. പക്ഷം, വംശം; 9. രാജ്യവിഭാഗം; 10. (സങ്ഗീ.) വിഷമാക്ഷരകാലം; 11. പ്രകൃതം, സ്വഭാവം; 12. തായമ്പകയുടെ നാലുനിലകളിൽ ഒന്ന്; 13. വില.

കൂറുക ക്രി. 1. പറയുക, വിവരിക്കുക, പ്രഖ്യാപിക്കുക; 2. കരുതുക, കണക്കാക്കുക, തോന്നുക; 3. ആവശ്യപ്പെടുക; 4. ലേലം വിളിക്കുക.

കൂറുപാട് [കൂറ്-പാട്] നാ. 1. സ്നേഹം, താത്പര്യം (ഒരു പക്ഷത്തോടു പ്രത്യേകിച്ച്); 2. തിരിച്ചറിവ് (പ്രാ.); 3. തന്ത്രം, ഉപായം; 4. രാജ്യവിഭാഗം.

കൂരുമത്സരം [മ. കൂറ്-സം. മത്സര] നാ. രണ്ടു വിഭാഗങ്ങൾ തമ്മിലുള്ള മത്സരം.

കൂറുമാറ്റം [കൂറ്-മാറ്റം] നാ. ഒരു കക്ഷിയിൽനിന്നും മറുകക്ഷിയിലേക്കു ചേരൽ.

കൂറുവാഴ്ച [കൂറ്-വാഴ്ച] നാ. മൂപ്പുമുറയ്ക്കു ഭരണത്തിൽ ലഭിക്കുന്ന അവകാശക്രമം.

കൂറ്റൻ1 വി. ബലമുള്ള; ഉറപ്പുള്ള, മഹത്തായ, വലിയ.

കൂറ്റൻ2 നാ. 1. കാള, നുകം വയ്ക്കാത്ത കാള, വിത്തുകാള; 2. ബലവാൻ, വമ്പൻ, തടിയൻ. താരത. ഊറ്റൻ.

കൂറ്റം1 [<കൂറ്1] നാ. 1. കൂറുന്നത്, വാക്ക്; 2. കരച്ചിൽ.

കുറ്റം2 [<കൂറ്]നാ. ഒരു ദേശവിഭാഗം.

കൂറ്ററി നാ. = കൂററി.

കൂറ്ററുപ്പ് [കൂറ്-അറുപ്പ്] നാ. സ്നേഹഭങ്ഗം.

കൂറ്റാൻ [<കൂറ്]നാ. കൂറുള്ളവൻ, സ്നേഹിതൻ, മിത്രം, പങ്കാളി ക്ഷ് മാറ്റാൻ, (സ്ത്രീ.) കൂറ്റാച്ചി, കൂറ്റാത്തി, (ബ.വ.) കൂറ്റാർ.

കൂറ്റാന [<കൂറ്-ആന] നാ. ഇണങ്ങാത്ത ആനകളെ മെരുക്കാൻ ഉപയോഗിക്കുന്ന ആന, താപ്പാന.

കൂറ്റായ്മ [<കൂറ്]നാ. 1. മൈത്രി, സ്നേഹം; 2. പങ്കാളിത്തം, കൂറ്, കൂട്ടായ്മ; കൂറ്റായ്മക്കാരൻ = 1. സ്നേഹിതൻ; 2. പങ്കാളി.

കൂറ്റാരം [കൂറ്] നാ. അനേകം പേര്‍ ഒന്നിച്ചുണ്ടാക്കുന്ന ശബ്ദകോലാഹലം, ആര്‍പ്പ്, ബഹളം.

കൂറ്റ്1 [<കൂറ്1] നാ. 1. മനുഷ്യശബ്ദം, ഒച്ച; 2. നിലവിളി; (പ്ര.) കൂറ്റടയ്ക്കുക = ഒച്ചയടയ്ക്കുക; കൂറ്റാടുക, കൂറ്റുകാട്ടുക = വിളികേള്‍ക്കുക; കൂറ്റെടുക്കുക = ഒച്ചയിടുക; 3. (സങ്ഗീ.) ശാരീരം, കണ്ഠഗുണം.

കൂറ്റ്2 സ്വരം പരമാകുമ്പോഴും സമസ്തപദത്തില്‍ വിശേഷണമായി പ്രയോഗിക്കുമ്പോഴും 'കൂറ്' എന്ന് അപദം കൈക്കൊള്ളുന്ന രൂപം, = കൂറ്; ഉദാ. കൂറ്റുവാണിഭം, കൂറ്റുവാണിയം = പങ്കുകച്ചവടം; കൂറ്റുകൃഷി, കൂറ്റുഴവ് = പങ്കുകൃഷി.

കൂറ്റുകാരന്‍, -കാറന്‍ നാ. 1. കൂറുള്ളവന്‍, സ്നേഹിതന്‍; . ബന്ധു, ചാര്‍ച്ചക്കാരന്‍; 3. പക്ഷക്കാരന്‍, ഏതെങ്കിലും ഒരു പ്രത്യേകകക്ഷിയില്‍പ്പെട്ടവന്‍; 4. പങ്കാളി.

കൂറ്റുവന്‍ നാ. യമന്‍, കൂറ്റന്‍.

കൂറ്റുവഴി, കൂറ്റും- [<കൂറ്-വഴി] നാ. അകന്നബന്ധം.

കൃകണന്‍ [സം. കൃകണ] നാ. ശിവന്‍.

കൃകണം [സം. കൃകണ] നാ. 1. ഒരുജാതിപ്പക്ഷി, ഇരുവാല്‍ച്ചാത്തന്‍; 2. കൃമി.

കൃകം [സം. കൃക] നാ. 1. തൊണ്ടയ്ക്കകത്ത്, ശ്വാസനാളത്തിന്‍റെ മുകള്‍ഭാഗത്തുള്ള തരുണാസ്ഥിനിര്‍മിതമായ അവയവം; 2. നാഭി.

കൃകര [സം. കൃകരാ] നാ. തിപ്പലി.

കൃകരന്‍ [സം.കൃകര] നാ. 1. കൃകണം; 2. കണവീരം; 3. ചെവിയം; 4. കൃകലം.

കൃകല [സം. കൃകലാ] നാ. കൃകലം.

കൃകലം [സം. കൃകല] നാ. 1. ഓന്ത്; 2. ദശവായുക്കളില്‍ ഒന്ന്.

കൃകലാസം, -സകം [സം. കൃകലാസ(ക)] നാ. 1. ഓന്ത്; 2. പല്ലി.

കൃകവാകു [സം.] നാ. 1. ആണ്മയില്‍; 2. പല്ലി; 3. ഓന്ത്; 4. കോഴി.

കൃകവാകുകേതു, -ധ്വജന്‍ [സം.] നാ. സുബ്രഹ്മണ്യന്‍ (കോഴി കൊടിയടയാളമായിട്ടുള്ളവന്‍).

കൃകാടം, -ടകം [സം.] നാ. 1. കഴുത്ത്; 2. തൂണിന്‍റെ ഒരു ഭാഗം.

കൃകാടിക [സം. കൃകാടികാ] നാ. 1. കഴുത്തിന്‍റെ ഉയര്‍ന്ന ഋജുവായ ഭാഗം; 2. പിടലി, കഴുത്തിന്‍റെ പിന്‍ഭാഗം; 3. ക്ഴുത്തിലെ മുഴ; 4. ശിരസ്സും കഴുത്തും കൂടിച്ചേരുന്ന ഭാഗത്ത് ഇടത്തും വലത്തുമായി സ്ഥിതിചെയ്യുന്ന അരയങ്ഗുലം വലിപ്പമുള്ള രണ്ടുസന്ധിമര്‍മങ്ങളില്‍ ഓരോന്നിന്‍റെയും പേര്.

കൃച്ഛ്ര [സം.] വി. പ്രയാസമുള്ള, ഉപദ്രവകരമായ, വെദനജനിപ്പിക്കുന്ന, ചീത്തയായ.

കൃച്ഛ്രകൃത്ത് [സം. കൃച്ഛ്ര-കൃത്]നാ. വ്രതം അനുഷ്ഠിക്കുന്ന ആള്‍.

കൃച്ഛ്രഗൻ [സം. -ഗ] നാ. പാപി.

കൃച്ഛ്രം [സം.] അവ്യ. പണിപ്പെട്ട്, വേദനയനുഭവിച്ച്, ക്ലേശിച്ച്. നാ. 1. പ്രയാസം, ഉപദ്രവം, അപകടം, കഷ്ടത; 2. പാപപ്രായശ്ചിത്തം; 3. മൂത്രമടപ്പ്, മൂത്രകൃച്ഛ്രം.

കൃച്ഛ്രസാധ്യ [സം. -സാധ്യ] വി. വളരെ പ്രയാസപ്പെട്ടു സാധിക്കേണ്ട, സാധിക്കുവാൻ പ്രയാസമുള്ള, മാറ്റാൻ വിഷമമായ (രോഗമെന്നപോലെ).

കൃച്ഛ്രിക്കുക [<സം.കൃച്ഛ്ര] ക്രി. ദു:ഖിക്കുക, കഷ്ടപ്പെടുക.

കൃച്ഛ്രേണ [സം.] അവ്യ. കൃച്ഛ്രമായി.

കൃണു [സം.] നാ. ചായമിടുന്നവൻ.

കൃത1 വി. ചെയ്യപ്പെട്ട, സൃഷ്ടിക്കപ്പെട്ട.

കൃത2 [സം. കൃതാ] നാ. തള്ളവിരലിൻെറ ചുവട്ടിലുള്ള ഒരു ഹസ്തരേഖ.

കൃതക [സം.] വി. 1. ഉണ്ടാക്കപ്പെട്ട, സ്വാഭാവികമല്ലാത്ത, കൃത്രിമമായ; 2. കപടവേഷം ധരിച്ച.

കൃതകൻ [സം.] നാ. 1. ദത്തുപുത്രൻ, മാതാപിതാക്കന്മാരിൽനിന്നു വിലയ്ക്കുവാങ്ങിയകുട്ടി; 2. വസുദേവർക്കു മദിരയിൽ ഉണ്ടായ പുത്രൻ; 3. ച്യവനൻെറ പുത്രന്മാരിലൊരാൾ.

കൃതകപടം [സം. കൃത-കപട] അവ്യ. വ്യാജമായി.

കൃതകം [സം.] നാ. 1. കപടം; 2. നൈസർഗിഗമല്ലാത്തത്, കൃത്രിമമായത്; 3. വിളയുപ്പ്; 4. രസാഞ്ജനം.

കൃതകർമ [സം. കൃത-കർമൻ] വി. മിടുക്കുള്ള, ത്രാണിയുള്ള, തൊഴിലിൽ സാമർഥ്യമുള്ള.

കൃതകർമം [സം.] നാ. ശരിയായനുഷ്ഠിച്ച പ്രവൃത്തി. (പ്ര.) കൃതകർമാവ് = തൻെറ തൊഴിൽ ചെയ്തു തീർത്തയാൾ.

കൃതകാമ [സം. കൃത-കാമ] വി. ആഗ്രഹം സാധിച്ച.

കൃതകാരം [സം. -കാര] നാ. മുമ്പുചെയ്തിട്ടുള്ളത്.

കൃതകാരി [സം. -കാരിൻ] നാ. ചെയ്തതു വീണ്ടുംചെയ്യുന്നവൻ, ഏതെങ്കിലും പ്രവൃത്തിചെയ്യുന്നവൻ.

കൃതകാര്യ [സം. -കാര്യ] വി. 1. കാര്യം നേടിക്കഴിഞ്ഞ, കൃത്യം നിർവഹിച്ച; 2. അന്യൻെറ സഹായമാവശ്യമില്ലാത്ത.

കൃതകാല [സം. -കാല] വി. 1. കാലം വ്യവസ്ഥചെയ്യപ്പെട്ട; 2. കുറേക്കാലത്തേക്കു കാത്തിരിക്കുന്ന.

കൃതകൃത്യ [സം. -കൃത്യ] വി. 1. ചെയ്യാനുള്ളതു ചെയ്ത; 2. തൃപ്തിയടഞ്ഞ; 3. കാര്യം നേടിയ.

കൃതകൃത്യത, -ത്വം [സം. - കൃത്യതാ, -ത്വ] നാ. ചെയ്യേണ്ടതുചെയ്തുകഴിഞ്ഞ അവസ്ഥ, അതുകൊണ്ടുള്ള സംതൃപ്തി.

കൃതകൃത്യൻ [സം. -കൃത] നാ. ചെയ്യേണ്ടതു ചെയ്തവൻ, സംതൃപ്തൻ.

കൃതകേതര [സം. കൃതക-ഇതര] വി. അകൃത്രിമമായ, നിർവ്യാജമായ.

കൃതക്രയ [സം. കൃത-ക്രയ] വി. വിലയ്ക്കുവാങ്ങിയ.

കൃതക്രിയ [സം. -ക്രിയ] വി. = കൃതകൃത്യ.

കൃതക്ഷണ [സം. -ക്ഷണ] വി. 1. ശരിയായ സന്ദർഭം കാത്തു നിൽക്കുന്ന; 2. സന്ദർഭം ലഭിച്ച.

കൃതക്ഷത [സം. -ക്ഷതാ[ നാ. ക്ഷതയോനിയായ സ്ത്രീ, കന്യകാത്വം നശിച്ചവൾ.

കൃതഘ്ന [സം. -ഘ്ന] വി. ഉപകാരങ്ങളെയോ സേവനങ്ങളെയോ മറക്കുന്ന, നന്ദികെട്ട.

കൃതഘ്നത [സം. -ഘ്നതാ] നാ. ചെയ്ത ഉപകാരത്തെക്കുറിച്ച് ഓർമയില്ലായ്മ, നന്ദികേട്.

കൃതഘ്നൻ [സം.] നാ. ഉപകാരസ്മരണയില്ലാത്തവൻ, നന്ദിയില്ലാത്തവൻ, കൃതജ്ഞൻ.

കൃതചൂഡൻ [സം. കൃത-ചൂഡ] നാ. ചൂഡാകർമം കഴിഞ്ഞവൻ.

കൃതജ്ഞത [സം. -ജ്ഞ] വി. നന്ദിയുള്ള, ഉപകാരസ്മരണയുള്ള, ചെയ്ത ഉപകാരം ഓർക്കുന്ന.

കൃതജ്ഞത, -ത്വം [സം. -ജ്ഞതാ, -ത്വ] നാ. ചെയ്തതിനെ സ്മരിക്കുന്ന സ്വഭാവം, ഉപകാരസ്മരണ, നന്ദി.



കൃതജ്ഞൻ [സം.] നാ. 1. നന്ദിയുള്ളവൻ, ഉപകാരസ്മരണയുള്ളവൻ; 2. ശിവൻ.

കൃതജ്ഞം [സം.] നാ. നായ്.

കൃതതീർഥ [സം. -തീർഥ] വി. 1. പുണ്യസ്ഥലങ്ങൾ ദർശിച്ചിട്ടുള്ള; 2. അധ്യാപകൻെറ കീഴിൽ പഠിച്ചിട്ടുള്ള; 3. ഉപായമറിയുന്ന; 4. ഉപദേശിക്കുന്ന.

കൃതദംശ(ന) [സം. -ദംശ, -ദംശന] വി. കടിയേറ്റ, കടിച്ച.

കൃതദ്യുതി [സം. -ദ്യുതി] നാ. ചിത്രകേതു എന്ന രാജാവിൻെറ ഭാര്യ.

കൃതധീ [സം. -ധീ] നാ. 1. പഠിപ്പുള്ള ആൾ; 2. ബുദ്ധിപൂർവമായി പ്രവർത്തിക്കുന്ന ആൾ, വീണ്ടുവിചാരമുള്ള ആൾ; 3. ദൃഢബുദ്ധിയായ ആൾ.

കൃതൻ [സം. കൃത] നാ. 1. നിശ്ചിതകാലത്തേയ്ക്കു ദാസനാക്കപ്പെടുന്നവൻ; 2. ഒരു സാമവേദാചാര്യൻ, ഹിരണ്യനാഭൻെറ ശിഷ്യൻ; 3. ക്ഷത്രവൃദ്ധവംശത്തിലെ വിജയൻെറ പുത്രൻ; 4. ഒരു വിശ്വദേവൻ.

കൃതനിശ്ചയ [സം. -നിശ്ചയ] വി. നിശ്ചയിച്ചുറച്ചിട്ടുള്ള.

കൃതപിണ്ഡീതകം [സം. കൃത-പിണ്ഡീതക] നാ. അറബിക്കുന്തുരുക്കം.

കൃതപുങ്ഖൻ [സം. -പുങ്ഖ] നാ. ധനുർവിദ്യയിൽ സാമർഥ്യം നേടിയവൻ, മിടുക്കനായ വില്ലാളി.

കൃതപൂർവ [സം. -പൂർവ] വി. മുമ്പുചെയ്തിട്ടുള്ള.

ക്ര്‌തെപ്രതിജ്ഞ [സം. -പ്രതിജ്ഞ] വി. 1. വാഗ്ദാനമോ ശപഥമോ നിറവേറ്റിയിട്ടുള്ള; 2. ശപഥം ചെയ്തിട്ടുള്ള.

കൃതഫലം [സം. -ഫല] നാ. 1. കർമത്തിൻെറ ഫലം; 2. തക്കോലം.

കൃതബുദ്ധി [സം. -ബുദ്ധി] നാ. = കൃതധീ.

കൃതം1 [സം.] അവ്യ. മതി, വേണ്ട. ഉദാ. പരിഹാസേന കൃതം = പരിഹാസം മതിയാക്കുക.

കൃതം2 [സം.] നാ. 1. ചെയ്യപ്പെട്ടത്, സാധിച്ചത്, ലഭിച്ചത്; 2. കർമം, പ്രവൃത്തി; 3. കൃതയുഗം, നാലുയുഗങ്ങളിൽ ആദ്യത്തേത്; 4. ഫലം, പ്രയോജനം, ലാഭം; 5. (ദ്രുതസങ്കേതത്തിൽ) നാല് എന്ന സങ്ഖ്യ, ചൂതുകരുവിൻെറ നാലു കുത്തുകളുള്ള വശം; 6. ഒരുതീർഥം.

കൃതമതി [സം. -മതി] നാ. കൃതധീ.

കൃതമാല [സം. കൃതമാലാ] നാ. പുരാണപ്രസ്തുതമായ ഒരു നദി.

കൃതമാലം -മാലകം [സം. കൃത-മാല(ക)]നാ. 1. കൊന്നമരം; 2. പുള്ളിമാൻ.

കൃതമുഖ [സം. -മുഖ] വി. നൈപുണ്യമുള്ള, അറിവുള്ള.

കൃതയുഗം [സം. -യുഗ] നാ. യുഗങ്ങളിൽ ആദ്യത്തേത്, സത്യയുഗം നാലായിരത്തിയെണ്ണൂറ് ദിവ്യവത്സരം (1728000 മനുഷ്യവർഷം).

കൃതലക്ഷണ [സം. -ലക്ഷണ] വി. 1. സദ്ഗുണങ്ങൾക്കു പ്രസിദ്ധിയുള്ള മേന്മയുള്ള, ലക്ഷണമൊപ്പത്ത, സൗമ്യതയുള്ള; 2. അടയാളപ്പെടുത്തിയിട്ടുള്ള.

കൃതവർമാ(വ്) [സം. -വർമൻ] നാ. ഒരു യാദവരാജാവ്.

കൃതവാൻ [സം. -വാൻ <വത്] നാ. ചെയ്തവൻ, ഉണ്ടാക്കിയവൻ, പ്രവൃത്തിച്ചവൻ, (സ്ത്രീ.) കൃതവതി.

കൃതവിദ്യൻ [സം. -വിദ്യ] നാ. വിദ്യയഭ്യസിച്ചവൻ, പഠിപ്പുള്ളവൻ.

കൃതവേതന [സം. -വേതന] വി. കൂലിക്കു വേലചെയ്യുന്ന, ശമ്പളം പറ്റുന്ന.

കൃതവേദി [സം. -വേദിൻ] നാ. 1. കൃതജ്ഞൻ, ഉപകാരസ്മരണയുള്ളവൻ; 2. ഔചിത്യം ദീക്ഷിക്കുന്നവൻ.

കൃതവേധന [സം. -വേധന] നാ. = കൃതച്ഛിദ്ര, കാട്ടുപീച്ചിൽ.

കൃതവേഷ [സം. കൃത-വേഷ] വി. വേഷം ധരിച്ച, ഉടുപ്പിട്ട. അണിഞ്ഞൊരുങ്ങിയ.

കൃതവൈരം [സം. -വൈര] നാ. ചെയ്തുപോയ തെറ്റായകാര്യത്തിൽ ഉണ്ടാകുന്ന വെറുപ്പ്.

കൃതശിൽപൻ [സം. -ശിൽപ] നാ. (ശിൽപം) നല്ലപോലെയഭ്യസിച്ചവൻ, കലാവിദ്യകളിൽ പ്രാവീണ്യം നേടിയവൻ.

കൃതശേഷ [സം. -ശേഷ]വി. മുഴുമുപ്പിക്കാത്ത, ചെയ്തുതീർക്കാത്ത.

കൃതശോഭ [സം. -ശോഭ]വി. 1. ശോഭയുള്ള, ഭങ്ഗിയുള്ള; 2. നിപുണതയുള്ള, സാമർഥ്യമുള്ള.

കൃതശൗച [സം. -ശൗച]വി. ശുദ്ധിചെയ്യപ്പെട്ട, ശുദ്ധികർമങ്ങൾ ചെയ്ത.

കൃതശ്രമ [സം. -ശ്രമ] വി. 1. പ്രയത്നം ചെയ്ത, അധ്വാനിച്ച; 2. പഠിച്ച, അഭ്യസിച്ച.

കൃതസങ്കൽപ [സം. -സങ്കൽപ] വി. വിചാരിച്ചുറച്ച.

കൃതസംജ്ഞ [സം. -സംജ്ഞ] വി. 1. അടയാളം കൊടുത്തിട്ടുള്ള; 2. ബോധം തെളിഞ്ഞ, ഉണർത്തിയ; 3. മനസ്സാന്നിധ്യമുള്ള.

കൃതസാക്ഷി [സം. -സാക്ഷിൻ] നാ. വ്യവഹാരങ്ങളിൽ രേഖാമൂലം തെളിവുകൊടുക്കുന്ന സാക്ഷി.

കൃതസാപത്നിക [സം. -സാപത്നിക] നാ. ഒന്നിൽകൂടുതൽ സ്ത്രീകളെ വിവാഹംചെയ്ത ഒരുവൻെറ ആദ്യത്തെഭാര്യ, സപത്നിയോടുകൂടിയവൾ.

കൃതഹസ്ത [സം. -ഹസ്ത] നാ. 1. കൈകൊണ്ടുള്ള പ്രയോഗത്തിൽ സാമർഥ്യമുൾല, കൈച്ചുറുക്കുള്ള; 2. നിപുണതയുള്ള.

കൃതാകൃത [സം. -അകൃത] വി. ഭാഗികമായിച്ചെയ്തത്.

കൃതാകൃതൻ [സം. -അകൃത] നാ. പരമാത്മാവ്.

കൃതാഗമ [സം. -ആഗമ] വി. 1. ആഗമങ്ങൾ (ശാസ്ത്രങ്ങൾ) പഠിച്ച; 2. പുരോഗതി പ്രാപിച്ച.

കൃതാഗസ്സ് [സം. -ആഗസ്സ്] നാ. കുറ്റക്കാരൻ, പാപി.

കൃതാങ്ക [സം. -അങ്ക] വി. 1. അടയാളപ്പെടുത്തിയ; 2. അക്കം ഇട്ട, എണ്ണിക്കണക്കാക്കിയ.

കൃതാഞ്ജലി [സം. -അഞ്ജലി] വി. തൊഴുകൈയോടുകൂടിയ, കൈകൂപ്പിയ. നാ. 1. കൂപ്പുകൈ; 2. മുക്കുറ്റി.

കൃതാത്മാ(വ്) [സം. -ആത്മൻ] നാ. 1. ആത്മനിയന്ത്രണം ചെയ്തവൻ, ആത്മജ്ഞാനം നേടിയവൻ; 2. ചിത്തശുദ്ധിയുള്ളവൻ, മഹാത്മാവ്.

കൃതാനുസാരം [സം. -അനുസാര] നാ. നടപടി, കീഴ്വഴക്കം.

കൃതാന്ത [സം. -അന്ത] വി. അവസാനിപ്പിക്കുന്ന, നശിപ്പിക്കുന്ന.

കൃതാന്തജനകൻ [സം. -ജനക]നാ. യമൻെറ പിതാവ്, സൂര്യദേവൻ.

കൃതാന്തൻ [സം. കൃതാന്ത] നാ. യമൻ.

കൃതാന്തം [സം.] നാ. 1. പൂർവകാലങ്ങളിൽ ചെയ്ത കർമങ്ങളുടെ ഫലം; 2. ഇന്നത് ഇന്നപ്രകാരം എന്നുള്ള ശാസ്ത്രീയനിയമസിദ്ധാന്തം; 3. അമങ്ഗളകർമം; 4. ഭരണിനക്ഷത്രം; 5. ശനിയാഴ്ച; രണ്ടെന്നസങ്ഖ്യ.

കൃതാന്താലയം [സം. കൃതാന്ത-ആലയ] നാ. കാലപുരി, യമലോകം.

കൃതാന്നം [സം. കൃത-അന്ന] നാ. 1, വേവിച്ച അന്നം; 2. ദഹിച്ചഭക്ഷണം; 3. മലം.

കൃതാപരാധ [സം. -അപരാധ] വി. കുറ്റംചെയ്ത.

കൃതാഭിഷേക [സം. -അഭിഷേക] വി. അഭിഷേകം ചെയ്യപ്പെട്ട.

കൃതാഭ്യാസ [സം. -അഭ്യാസ] വി. അഭ്യാസം സിദ്ധിച്ച, പരിശീലനം നേടിയ.
കൃതാർഥ [സം. -അർഥ] വി. ആഗ്രഹം നിറവേറിയ, ലക്ഷ്യം സാധിച്ച, സംതൃപ്തമായ, സന്തുഷ്ടമായ.

കൃതാർഥത, -ത്വം [സം. -അർഥതാ, -ത്വ] നാ. കാര്യം സാധിച്ചതുകൊണ്ടുള്ള സംതൃപ്തി.

കൃതാലയം [സം. -ആലയ] നാ. തവള.

കൃതാവമതി [സം. -അവമതി] വി. അവമാനം ഉണ്ടാക്കിയ.

കൃതാവസ്ഥ [സം. -അവസ്ഥ] വി. തീർച്ചപ്പെടുത്തിയ, പറഞ്ഞുറപ്പിച്ച.

കൃതാവ് [ഹി. ഗിർദാ] നാ. കവിൾത്തടങ്ങളിൽ വളർത്തി വെട്ടിയൊരുക്കിനിറുത്തുന്ന രോമം.

കൃതാസ്ത്ര [സം. കൃത-അസ്ത്ര] വി. അസ്ത്രം എടുത്ത, ആയുധംധരിച്ച.

കൃതാസ്പദ [സം. -ആസ്പദ] വി. പാർപ്പിടമുള്ള, താങ്ങുള്ള.

കൃതി1 [സം. കൃതിൻ] വി. 1. ചെയ്യുന്ന, പ്രവർത്തിക്കുന്ന; 2. അറിവുള്ള, വിദ്യയുള്ള; 3. സാമർഥ്യമുൾല; 4. നന്മയുള്ള, ഗുണമുള്ള.

കൃതി2 [സം. കൃതി] നാ. 1. പ്രവൃത്തി; 2. സൃഷ്ടിക്കൽ, ഉണ്ടാക്കൽ; 3. (വ്യാക.) ക്രിയാവാചകശബ്ദം, ക്രിയ; 4. സാഹിത്യസൃഷ്ടി, കലാസൃഷ്ടി; 5. ഒരു ഛന്ദസ്സ്; 6. ഇരുപത് എന്ന സങ്ഖ്യ; 7. ഒരു സങ്ഖ്യയെ അതേ സങ്ഖ്യകൊണ്ടുതന്നെ ഗുണിച്ചുകിട്ടിയ തുക, വർഗം; 8. (നാട്യ.) നിർവഹണസന്ധിയുടെ അങ്ഗങ്ങളിൽ ഒന്ന്, ലബ്ധമായ കാര്യത്തെ സ്വീകരിക്കുന്നത്.

കൃതി3 [സം.] നാ. ഹിംസ, നിഗ്രഹം.

കൃതി4 [സം. കൃതിൻ] നാ. 1. പ്രവൃത്തിയിൽ സാമർഥ്യമുള്ളവൻ, വിദ്വാൻ; 2. ഉദ്ദേശ്യം നിറവേറ്റിയവൻ, സംതൃപ്തൻ, പുണ്യാത്മാവ്; 3. വിദർഭൻെറ മകനായ ലോമപാദൻെറ പുത്രൻ; 4. നഹുഷൻെറ പുത്രൻ; 5. മിഥിലയിലെ ഒരുരാജാവ്, ശതധ്വജൻെറ പുത്രൻ; 6. വിഷ്ണു. (സ്ത്രീ.) കൃതിനി.

കൃതികരൻ [സം. കൃതി-കര] നാ. രാവണൻ.

കൃതികൃത്ത് [സം. -കൃത്] നാ. ക്രിയാനാമം, ക്രിയാഭാവത്തെക്കുറിക്കുവാൻ ധാതുവിൽനിന്നുണ്ടാകുന്ന പദം.

കൃതിക്കുക [<സം. കൃതി] ക്രി. നിർമിക്കുക, സാഹിത്യരചന നടത്തുക.

കൃതോദ്വാഹ [സം. കൃത-ഉദ്വാഹ] വി. വിവാഹം കഴിച്ച.

കൃത്ത [സം.] വി. കർത്തനം ചെയ്യപ്പെട്ട, മുറിക്കപ്പെട്ട, കീറിയ.

കൃത്തി [സം.] നാ. 1. തോൽ, ചർമം; 2. ചർമംകൊണ്ടുണ്ടാക്കിയ ഉടുപ്പ്; 3. ഭൂർജവൃക്ഷം; 4. മരത്തോൽ (വിശിഷ്യ ഭൂർജവൃക്ഷത്തിൻെറ); 5. കൃത്തിക.

കൃത്തിക [സം. കൃത്തികാ] നാ. 1. കാർത്തികനക്ഷത്രം; 2. സുബ്രഹ്മണ്യൻെറ (കാർത്തികേയൻെറ) വളർത്തമ്മമാരായ ആറപ്സരസ്സുകൾക്ക് പൊതുവായനാമം; 3. ദുർഗ.

കൃതികാതനയൻ, -പുത്രൻ [സം. -തനയ, -പുത്ര] നാ. സുബ്രഹ്മണ്യൻ.കൃത്തിക്കുക ക്രി. 1. കൃത്യമായി പരിശോധിക്കുക, ചികഞ്ഞുചോദിക്കുക; 2. കൃത്യമായി കണക്കാക്കുക.

കൃത്തിവസനൻ, -വാസസ്സ് [സം. കൃത്തി-വസന, -വാസസ്] നാ. തോൽ വസ്ത്രമാക്കിയിട്ടുള്ളവൻ, ശിവൻ.

കൃത്ത് [സം. കൃത്] നാ. 1. (വ്യാക.) ക്രിയാധാതുവിൽനിന്നു നാമമുണ്ടാകുവാൻ ചേർക്കുന്ന പ്രത്യയം, അത്തരം പ്രത്യയം ചേർത്തുണ്ടാക്കുന്ന നാമം കാരകൃത്തെന്നും, കൃതികൃത്തെന്നും രണ്ടുവിധം; 2. ചെയ്യുന്നവൻ (നാമങ്ങളോടുചേർന്നു സമാസിക്കുമ്പോൾ) ഉദാ. പുണ്യകൃത്ത്.

കൃത്നു [സം.] നാ. 1. ശിൽപി, യന്ത്രപ്പണിക്കാരൻ, കലാകാരൻ; 2. സമർഥൻ.

കൃത്യ1 [സം.] വി. 1. ചെയ്യേണ്ട; 2. ശരിയായ, യുക്തമായ.

കൃത്യ2 [സം. കൃത്യാ] നാ. 1. പ്രവൃത്തി; 2. ശത്രുസംഹാരത്തിനു വേണ്ടി ആഭിചാരകർമംകൊണ്ടും മറ്റും ആവാഹിച്ചു പൂജിക്കപ്പെടുന്ന ഒരു മാരണദേവത; 3. മന്ത്രവാദിനി; 4. പകർച്ചവ്യാധി; 5. വാവൽ; 6. ഭാരതവർഷത്തിലുള്ള ഒരു നദിയുടെപേര്.

കൃത്യക [സം. കൃത്യകാ] നാ. മന്ത്രവാദിനി.

കൃത്യം [സം.] അവ്യ. ശരിയായി, തീർച്ചയായി. നാ. 1. ചെയ്യേണ്ടുന്നത്, ധർമം, പ്രവൃത്തി; 2. കണിശം, തീർച്ച, ന്യായം, ശരി; 3. ആചാരം, പതിവ്; 4. നിത്യവൃത്തി, ഉപജീവനം; 5. ഉദ്ദേശ്യം, പ്രയോജനം; 6. ഭൂതങ്ങളെ പൂജിക്കൽ; 7. കുറ്റകരമായ പ്രവൃത്തി. (പ്ര.) കൃത്യത = കൃത്യമായിരിക്കുന്ന അവസ്ഥ. കൃത്യനിർവഹണം = പ്രവൃത്തി നടത്തൽ, ചുമതലനിറവേറ്റൽ. കൃത്യനിഷ്ഠ = പ്രവൃത്തി വേണ്ടസമയത്തു ചെയ്യുന്നതിനുള്ള നിഷ്കർഷ. കൃത്യവിലോപം = പ്രവൃത്തിയിലെ ഉപേക്ഷ, ചെയ്യേണ്ട പ്രവൃത്തി ചെയ്യാതിരിക്കൽ. കൃത്യാന്തരം = മറ്റു പ്രവൃത്തി.

കൃത്രിമ [സം.] വി. 1. താനേയുണ്ടായതല്ലാത്ത, സഹജമല്ലാത്ത, സ്വാഭാവികമല്ലാത്ത, മനുഷ്യയത്നത്താൽ ഉണ്ടാക്കപ്പെട്ട; 2. വ്യാജമായ; 3. തൻേറതല്ലാത്ത, ദത്തെടുത്ത (പുത്രനെന്നപോലെ).

കൃത്രിമൻ [സം. കൃത്രിമ] നാ. പന്ത്രണ്ടുവിധം പുത്രന്മാരുള്ളതിൽ ഒരുവൻ, ദത്തുപുത്രൻ.

കൃത്രിമം [സം.] നാ. 1. സ്വതേയുള്ളതല്ലാത്തത്; 2. സൂത്രം, കള്ളത്തരം, അടവ്; 3. വിളയുപ്പ്; 4. കാരുപ്പ്; 5.പച്ചപ്പുഴു; 6. രസാഞ്ജനം; 7. അറബിക്കുന്തുരുക്കം; 8. ചീനക്കർപ്പൂരം.

കൃത്രിമി [സം. കൃത്രിമിൻ] നാ. കൃത്രിമം പ്രവർത്തിക്കുന്നവൻ, സൂത്രശാലി, വക്രഗതിക്കാരൻ.

കൃത്വാ [സം. <കൃ] അവ്യ. ചെതിട്ട്.

കൃത്സ്ന [സം.] വി. ഒട്ടൊഴിയാതെയുള്ള, പൂർണമായ. നാ. കൃത്സ്നത = കാർത്സ്ന്യം.

കൃത്സ്നം [സം.] അവ്യ. മുഴുവനായി. നാ. 1. വെള്ളം; 2. വയറ്; 3. പാർശ്വം, ഇടുപ്പ്, അര.

കൃത്സ്യം [സം. കൃത്സ] നാ. 1. പാപം; 2. വെള്ളം; 3. മുഴുവനും കൂടിയത്.

കൃദന്തം [സം.] നാ. കൃത്തിൽ (കൃത്പ്രത്യയത്തിൽ) അവസാനിക്കുന്ന പദം.

കൃദരം [സം. കൃദര] നാ. 1. പത്തായപ്പുര, ധാന്യപ്പുര; 2. വീട്; 3. കലവറ; 4. മടി.

കൃന്തത്രം [സം.] നാ. കലപ്പ.

കൃന്തനം [<സം. കൃദ് (ഛേദനേ)] നാ. ഛേദനം, മുറിക്കൽ, നശിപ്പിക്കൽ.

615

കൃപ [സം. കൃപാ] നാ. മറ്റുള്ളവരുടെ വേദനയും വിഷമവും കാണുമ്പോൾ അവരോടുതോന്നുന്ന സഹതാപം, ദയ, അലിവ്.

കൃപണ [സം.] വി. 1. ദീനതയുള്ള, പാവപ്പെട്ട, കഷ്ടപ്പെടുന്ന; 2. ലുബ്ധുള്ള; 3. വിവേകമില്ലാത്ത, യുക്തിബോധമില്ലാത്ത; 4. ദാരിദ്ര്യമുള്ള; 5. നീചമായ.

കൃപണൻ [സം. കൃപണ] നാ. 1. ലുബ്ധൻ; 2. ഹീനൻ, അൽപൻ; 3. ആത്മതത്ത്വം അറിയാത്തയാൾ, ഇന്ദ്രിയജയം നേടാത്തവൻ.

കൃപണി [സം. കൃപണിൻ] നാ. കൃപണൻ.

കൃപൻ [സം.കൃപ] നാ. 1. കൗരവന്മാരെയും പാണ്ഡവന്മാരെയും ധനുർവേദം അഭ്യസിപ്പിച്ച ഒരാചാര്യൻ, അശ്വത്ഥാമാവിൻെറ മാതുലൻ (പൂജകബഹുവചനപ്രത്യയം ചേർത്ത് കൃപർ എന്നും പ്രയോഗം); 2. ഒരു രാജാവ്.

കൃപാണം, -കം [സം. കൃപാണ(ക)] നാ. വാൾ.

കൃപാണി, -ണിക [സം. കൃപാണീ, -ണിക] നാ. 1. കത്രിക; 2. ഉടവാൾ; 3. കഠാരി; 4. കത്തി.

കൃപാനിധി [സം. കൃപാ-നിധി] നാ. ദയയ്ക്കിരിപ്പിടമായവൻ, ദയാലു.

കൃപാലയൻ [സം. -ആലയ] നാ. കൃപയ്ക്കിരിപ്പിടമായവൻ, ദയാലു.

കൃപാലു [സം.] നാ. കൃപയുള്ളയാൾ.

കൃപി[സം. കൃപീ] നാ. കൃപൻെറ സഹോദരി, ദ്രോണൻെറ പത്നി, അശ്വത്ഥാമാവിൻെറ മാതാവ്.

കൃപീടപാലം [സം. കൃപീട-പാല] നാ. 1. ചുക്കാൻ; 2. സമുദ്രം; 3. വായു, കാറ്റ്.

കൃപീടം [സം.] നാ. 1. വെള്ളം; 2. സമുദ്രം; 3. കാട്; 4. വിറക്; 5. വയറ്.

കൃപീടയോനി [സം. -യോനി] 'വിറകിൽനിന്നു ജനിച്ചവൻ.' നാ. 1. അഗ്നി; 2. കൊടുവേലി.

കൃമി, ക്രിമി [സം.] നാ. 1. പുഴു, (പ്ര.) കൃമികടി = വയറ്റിലെ കൃമി ഗുദത്തിലൂടെ പുറത്തുവരുമ്പോൾ ഉണ്ടാകുന്ന ചൊറിച്ചിൽ, (ആല.) അസ്വസ്ഥത; 2. അരക്ക്; 3. എട്ടുകാലി; 4. ഉറുമ്പ്; 5. കഴുത; 6. നികൃഷ്ടൻ, ഉപദ്രവകാരിയായ ആൾ, നിസ്സാരൻ.

കൃമികണ്ടകം [സം. കൃമി-കണ്ടക] 'കൃമികളെ നശിപ്പിക്കുന്നത്.'നാ. വിഴാൽ.

കൃമികം [സം.] നാ. ചെറിയ കൃമി.

കൃമികർണം, -കർണകം [സം. കൃമി-കർണ(ക)] നാ. ഒരു തരം കർണരോഗം (കൃമികൾ മൂലം ഉണ്ടാകുന്നത്).

കൃമികോശം, -കോഷം [സം. കൃമി-കോശ, -കോഷ] നാ. പട്ടുനൂൽപ്പുഴുവിൻെറ കൂട്.

കൃമികോശോത്ഥം [സം. -ഉത്ഥ < ഉദ്-സ്ഥ] നാ. പട്ട്, പട്ടു വസ്ത്രം.

കൃമിക്കുക [<സം. കൃമി] ക്രി. കൃമിയുണ്ടാകുക, പുഴുക്കുക.

കൃമിഗ്രന്ഥി [സം. -ഗ്രന്ഥി] നാ. ഒരുരോഗം; നേത്രരോഗം.

കൃമിഘ്ന1 [സം. -ഘ്ന] വി. കൃമിയെ നശിപ്പിക്കുന്ന.

കൃമിഘ്ന2 [സം. -ഘ്നാ] നാ. മഞ്ഞൾ.

കൃമിഘ്നം [സം.] നാ. 1. മാതളനാരകം; 2. ലന്തവേര്; 3. ചേർമരം; 4. ഉള്ളി; 5. പുടകന്ദം; 6. മുരുക്ക്; 7. വലിയവെള്ളുള്ളി; 8. വിഴാൽ.

കൃമിജാ [സം. -ജാ] നാ. അരക്ക്.

കൃമിജഗ്ദ്ധം [സം. -ജഗ്ധ < അദ്] നാ. 1. അകിൽ; 2. കാഷ്ഠാഗരു.

കൃമിജം [സം.] നാ. 1. അകിൽ; 2. പുഴുനൂൽപ്പട്ട്.

കൃമിണ [സം.] വി. കൃമികളുള്ള.

കൃമിദന്തം, -ദന്തകം [സം. -ദന്ത(ക)] നാ. ഒരു ദന്തരോഗം, പുഴുപ്പല്ല്.

കൃമിനാശനം [സം. -നാശന] നാ. വിഴാൽ.

കൃമിപർവതം [സം. -പർവത] നാ. ചിതൽപ്പുറ്റ്.

കൃമിഭോജനം [സം. -ഭോജന] നാ. ഒരുനരകം, അന്യർക്കു കൊടുക്കാതെ ഭക്ഷണം കഴിക്കുന്നവർ പതിക്കുന്നത്.

കൃമില [സം.] വി. കൃമികളുള്ള. നാ. 1. ധാരാളം കുഞ്ഞുങ്ങളെ പ്രസവിക്കുന്ന സ്ത്രീ; 2. കൃമിലപുരി.

കൃമിലം [സം.] നാ. ദേവതാരം.

കൃമിലിക [സം. കൃമിലികാ] നാ. ചെമന്ന ചായമിട്ട തുണി.

കൃമിലോഹകം [സം. കൃമി-ലോഹക] നാ. ഇരുമ്പ്.

കൃമിവർണം [സം. -വർണ] നാ. ചെമന്ന ഒരിനം വസ്ത്രം.

കൃമിശം [സം. കൃമിശ] നാ. ഒരു നരകം.

കൃമിശുക്തി [സം.] നാ. കക്ക.

കൃമിഹ [സം. -ഹാ] നാ. വിഴാൽ.

കൃമിഹരം [സം. -ഹര] നാ. 1. കുരുമുളക്; 2. വിഴാൽ.

കൃമിഹൃത്ത് [സം. -ഹൃത്] നാ. കരിങ്കടുക്.

കൃമ്മീരൻ [സം.] നാ. 1. കിർമീരൻ; 2. ഒരിനം കുറുനരി.

കൃശ1 [സം.] വി. 1. മെലിഞ്ഞ, നേർത്ത, വണ്ണം കുറഞ്ഞ; 2. ദുർബലമായ, ശക്തിക്ഷയിച്ച; 3. ചെറുതായ, സൂക്ഷ്മമായ; 4. നിസ്സാരമായ.

കൃശ2 [സം. കൃശാ] നാ. മെലിഞ്ഞവൾ, സുന്ദരി.

കൃശകൻ [സം. കൃശക] നാ. ഒരുനാഗം.

കൃശകം [സം.] നാ. 1. മെലിഞ്ഞത്, നേർത്തത്; 2. ഒരായുധം.

കൃശചഞ്ചു [സം. കൃശ-ചഞ്ചു] 'മെലിഞ്ഞകൊക്കുള്ളത്.' നാ. ക്രൗഞ്ചകപ്പക്ഷി.

കൃശത [സം. -താ] നാ. 1. മെലിവ്, ചടപ്പ്; 2. ദുഃഖം.

കൃശതനു [സം. -തനു] നാ. മെലിഞ്ഞശരീരമുള്ളവൾ, സുന്ദരി.

കൃശൻ [സം. കൃശ] നാ. 1. മെലിഞ്ഞവൻ; 2. പാവപ്പെട്ടവൻ, ചെറിയവൻ, നിസ്സാരൻ; 3. ഒരുമുനി; 4. മനുഷ്യരിലവേശിക്കുന്ന ബാധകളിലൊന്ന്; 5. ശിവൻ.

കൃശനം [സം.] നാ. 1. മുത്ത്; 2. സ്വർണം; 3. ആകൃതി; 4. ഒരു ദിവ്യാസ്ത്രം.

കൃശം [സം.] നാ. 1. മെലിഞ്ഞത്, ചെറുത്; 2. ഒരുമർമം.

കൃശമധ്യ [സം. -മധ്യാ] നാ. 1. ഒതുങ്ങിയ അരയുള്ളവൾ, സുന്ദരി; 2. ഒരു ഭാഷാവൃത്തം.

കൃശരം [സം.] നാ. കൃസരം.

കൃശല [സം. കൃശലാ] നാ. തലമുടി.

കൃശശാഖം [സം. കൃശ-ശാഖ] നാ. പർപ്പടകപ്പുല്ല്.

കൃശാക്ഷം [സം. -അക്ഷ] നാ. എട്ടുകാലി.

കൃശാങ്ഗ [സം. കൃശ-അങ്ഗ] വി. മെലിഞ്ഞ, ഒതുങ്ങിയ ശരീരമുള്ള.

കൃശാങ്ഗൻ [സം.] നാ. 1. മെലിഞ്ഞ അങ്ഗമുള്ളവൻ; 2. ശിവൻ.

കൃശാങ്ഗി [സം. കൃശ-അങ്ഗീ] നാ. 1. കൃശമായ അങ്ഗങ്ങളുള്ളവൾ, സുന്ദരി; 2. ഞാഴൽ.കൃശാനു [സം.] നാ. 1. അഗ്നി, അഗ്നിദേവൻ; 2. കൊടുവേലി; 3. പിങ്കഴുത്തിനു നടുവിലുള്ള ഒരു മർമം; 4. ദോഷൈകദൃക്.

കൃശാനുരേതസ്സ് [സം. -അനു-രേതസ്] നാ. ശിവൻ.

കൃശാശ്വൻ [സം. -അശ്വ] നാ. 1. പ്രജാപതിമാരിൽ ഒരാൾ; 2. നാട്യസൂത്രകർത്താക്കളിൽ ഒരാൾ; 3. ദിഷ്ടൻെറ വംശത്തിൽപ്പിറന്ന ഒരു രാജാവ്; 4. സാധ്യന്മാരിൽ ഒരാൾ.

കൃശാശ്വി [സം. -അശ്വിൻ] നാ. 1. നാട്യസൂത്രകർത്താവായ കൃശാശ്വൻെറ ശിഷ്യൻ, നടൻ; 2. ചാക്യാർ.

കൃശിത [സം.] വി. മെലിഞ്ഞ, ശോഷിച്ച.

കൃശീകരിക്കുക [<സം. കൃശീ-കൃ] ക്രി. ചെറുതാകുക, കുറയുക, മെലിയുക.

കൃശേതര [സം. കൃശ-ഇതര] വി. ചെറുതല്ലാത്ത, വർധിച്ച, അനൽപമായ.

കൃശോദര [സം. -ഉദര] വി. ഒതുങ്ങിയ വയറുള്ള.

കൃശോദരി [സം. -ഉദരീ] നാ. 1. സുന്ദരി; 2. വെളുത്ത നറുനീണ്ടി.

കൃഷകൻ [സം. കൃഷക] നാ. കൃഷിക്കാരൻ, കർഷകൻ.

കൃഷകം [സം. കൃഷാ] നാ. 1. കലപ്പയുടെ കൊഴു; 2. കരിയറ; 3. കാള.

കൃഷകേതരൻ [സം. കൃഷക-ഇതര] നാ. കൃഷിപ്പണിക്കാരനല്ലാത്തവൻ.

കൃഷം [സം.] നാ. കലപ്പയുടെ കൊഴു.

കൃഷാണൻ [സം. കൃഷാണ] നാ. കൃഷകൻ.

കൃഷി [സം.] നാ. 1. ഭൂമി ഉഴുതിശരിപ്പെടുത്തി വിത്തു വിതച്ചോ തൈകൾനട്ടോ വിളവെടുക്കുന്ന ജോലി; 2, ഉഴവ്, കിളയ്ക്കൽ; 3. കോഴി, ആടുതുടങ്ങിയ ജന്തുക്കളെവളർത്തൽ; 4. കമ്പിത്തായം കളിയിലെ ഒരു സാങ്കേതികസംജ്ഞ, എതിരാളിവെട്ടിയ ചൂതു വീണ്ടും കളിയിൽചേർക്കൽ; 5. അന്യനെ വശത്താക്കി ചെറിയ നേട്ടങ്ങളുണ്ടാക്കൽ.

കൃഷികൻ [സം. കൃഷീക] നാ. കൃഷീവലൻ, ഉഴവൻ.

കൃഷികം [സം. കൃഷിക] നാ. കലപ്പയുടെ കൊഴു.

കൃഷികർമി [സം. -കർമിൻ] നാ. കൃഷിക്കാരൻ, കൃഷിപ്പണിക്കാരൻ.

കൃഷിക്കാരൻ, -കാറൻ [സം. -കൃഷി -മ. കാരൻ] നാ. കൃഷികൊണ്ട് ഉപജീവനം കഴിക്കുന്നവൻ.

കൃഷിക്കോപ്പ് [സം.-മ. കോപ്പ്] നാ. കൃഷിചെയ്യാൻ ആവശ്യമായ ഉപകരണങ്ങളും മറ്റുസാധനങ്ങളും.

കൃഷിജീവി [സം. -ജീവിൻ] നാ. കൃഷികൊണ്ടുപജീവനം കഴിക്കുന്നവൻ, കർഷകൻ.

കൃഷിപര്യയം [സം. -പര്യയ] നാ. ഒരു സ്ഥലത്ത് ഒന്നിലധികംജാതി വിളവുകൾ മാറിമാറി കൃഷിചെയ്യുന്ന രീതി, കൃഷിപരിവൃത്തി.

കൃഷിപ്പഞ്ച [സം. കൃഷി-മ. പഞ്ച] നാ. കൃഷിസ്ഥലം.

കൃഷിപ്പണി [സം. കൃഷി-മ. പണി] നാ. കൃഷിസംബന്ധിച്ച ജോലികൾ, ഉഴുക, കിളയ്ക്കുക, കളപറിക്കുക തുടങ്ങിയവ.

കൃഷിപ്പാട്ട് [സം. കൃഷി മ. പാട്ട്] നാ. 1. കൃഷീവലന്മാർ ജോലിസമയങ്ങളിൽ ശാരീരികശ്രമം ലഘൂകരിക്കാനായി പാടുന്ന പാട്ട്; 2. കൃഷികാര്യങ്ങൾ പ്രതിപാദിക്കുന്ന പാട്ട്.

കൃഷിപ്പിഴ [സം. കൃഷി-പിഴ] നാ. പ്രതികൂലമായ കാലാവസ്ഥ, ജീവികളുടെ ആക്രമണം, കൃഷി ചെയ്യുന്നതിനുള്ള ക്രമക്കേടുകൾ തുടങ്ങിയ കാരണങ്ങളാൽ വിളവിനുണ്ടാകുന്ന നഷ്ടം.

കൃഷിഫലം [സം. കൃഷി-ഫല] നാ. കൃഷിയിൽനിന്നു ലഭിക്കുന്നത്, വിളവ്.

കൃഷിഭൂമി [സം. -ഭൂമി] നാ. കൃഷിചെയ്യാൻ പറ്റിയ സ്ഥലം.

കൃഷിലോഹം [സം. -ലോഹ] നാ. ഇരുമ്പ്.

കൃഷിവാടം [സം. -വാട] നാ. കൃഷിചെയ്യുന്ന വളപ്പ്, കൃഷിസ്ഥലം.

കൃഷിശത്രു [സം. -ശത്രു] നാ. കൃഷിദോഷം ചെയ്യുന്നത്.

കൃഷിശാസ്ത്രം [സം. -ശാസ്ത്ര] നാ. കൃഷിയെക്കുറിച്ച് പ്രതിപാദിക്കുന്ന ശാസ്ത്രം.

കൃഷീവലൻ [സം. കൃഷീവല] നാ. 1. കൃഷിക്കാരൻ; 2. ഒരു മഹർഷി.

കൃഷേളിമം [സം. കൃഷേലിമൻ] നാ. ആകർഷിക്കപ്പെടുന്നത്.

കൃഷ്കരൻ [സം. കൃഷ്-കര] നാ. ശിവൻ.

കൃഷ് [സം.] വി. 1. ഉഴപ്പെട്ട, ഉഴുതൊരുക്കപ്പെട്ട, കൃഷിചെയ്യപ്പെട്ട; 2. വലിക്കപ്പെട്ട, ആകർഷിക്കപ്പെട്ട.

കൃഷ്ടപച്യ [സം.] കൃഷിചെയ്തുവിളയുന്ന. ക്ഷ് അകൃഷ്ടപച്യ.

കൃഷ്ടം [സം. <കൃഷ്] നാ. ഉഴുതനിലം, കൃഷിയ്ക്കൊരുക്കിയിട്ട സ്ഥലം.

കൃഷ്ടി [സം.] നാ. 1. കൃഷിനിലം ഉഴുതുശരിപ്പെടുത്തൽ; 2. വലിക്കൽ, ആകർഷിക്കൽ; 3. വിദ്വാൻ, എല്ലാക്കാര്യങ്ങളിലും നിഷ്കർഷയുള്ളവൻ.

കൃഷ്ണ1 [സം.] വി. 1. കറുത്ത, ഇരുണ്ട, ഇരുണ്ടനീലനിറമുള്ള; 2. ദുഷ്ടമായ, ചീത്ത.

കൃഷ്ണ2 [സം. കൃഷ്ണാ] നാ. 1. പാഞ്ചാലി; 2. കാളി; 3. പരാശക്തി; 4. സ്കന്ദസേനയിലെ മാതൃക്കളിലൊരാൾ; 5. ഒരു പുണ്യനദി, സഹ്യപർവതത്തിൽ നിന്നുദ്ഭവിച്ചു ബങ്ഗാളുൾക്കടലിൽ പതിക്കുന്നു; 6. യമുനാനദി; 7. തിപ്പലി; 8. കരിഞ്ഞ്ജീരകം; 9. കാകോളി; 10. വലിയ മുന്തിരി; 11. അമരി; 12. കരിങ്കച്ചോലം; 13. കൂവരക്; 14. കറുത്ത നറുനീണ്ടി; 15. കറുത്ത തഴുതാമ; 16. കടുകരോഹിണി; 17. കുമിഴ്; 18. കരിങ്കടുക്; 19. കാർകോകിൽ; 20. കറുപ്പ്; 21. അഗ്നിയുടെ ഏഴുജിഹ്വകളിലൊന്ന് (സാത്ത്വികഗുണത്തോടുകൂടിയതും യാഗകർമങ്ങളിൽ ഉപയോഗിക്കപ്പെടുന്നതും); 22. ഒരുതരം കറുത്ത അട്ട; 23. (സങ്ഗീ.) താളകലയുടെ അംശങ്ങളായ എട്ടുമാത്രകളിൽ മൂന്നാമത്തേതിൻെറ പേര്, കൃഷ്യം.

കൃഷ്ണകന്ദം [സം. കൃഷ്ണ-കന്ദ] നാ. 1. ചെന്താമര; 2. ശർക്കര.

കൃഷ്ണകം [സം.] നാ. 1. കൃഷ്ണമൃഗത്തിൻെറ തോൽ; 2. കാരീയം; 3. കരിങ്കടുക്.

കൃഷ്ണകർമാവ് [സം. -കർമൻ] നാ. പാപം ചെയ്യുന്നവൻ.

കൃഷ്ണകാഷ്ഠം, കാഷ്ഠം [സം. -കാഷ്ഠ, കാഷ്ഠക] നാ. കാഷ്ഠാഗരു.

കൃഷ്ണകുഷ്ഠം [സം. -കുഷ്ഠ] നാ. കുഷ്ഠരോഗങ്ങളിൽ ഒന്ന്.

കൃഷ്ണകേളി [സം. -കേലി]നാ. നാലുമണിച്ചെടി.

കൃഷ്ണഗങ്ഗ [സം. -ഗങ്ഗാ] നാ. 1. കൃഷ്ണാനദി; 2. ത്ഝലംനദിയുടെ ഒരു ഉപനദി

617

കൃഷ്ണഗതി [സം.-ഗതി] നാ. അഗ്നി.

കൃഷ്ണഗന്ധ [സം. -ഗന്ധാ] നാ. 1. കരിമുരിങ്ങ; 2. തുമ്പ; 3. വയമ്പ്.

കൃഷ്ണഗാഥ [സം. -ഗാഥാ]നാ. ചെറുശ്ശേരിനമ്പൂതിരി രചിച്ച ഒരു മലയാളഗാനകാവ്യം.

കൃഷ്ണഗീതി [സം. -ഗീതി] നാ. മാനവേദകവി സംസ്കൃതഭാഷയിൽ രചിച്ച ഒരു കൃതി.

കൃഷ്ണഗ്രീവൻ [സം. -ഗ്രീവ] വി. നീലക്കഴുത്തുള്ളവൻ. നാ. ശിവൻ.

കൃഷ്ണചതുർദശി [സം. -ചതുർദശീ] നാ. കറുത്തപക്ഷത്തിലുള്ള പതിന്നാലാമത്തെ ദിവസം.

കൃഷ്ണചന്ദനം [സം. -ചന്ദന]നാ. രക്തചന്ദനം, ഹരിചന്ദനം.

കൃഷ്ണചന്ദ്രൻ [സം. -ചന്ദ്ര] നാ. വാസുദേവൻ.

കൃഷ്ണചൂർണം [സം. ചൂർണ]നാ. 1. ഇരുമ്പു രാകികിട്ടുന്ന പൊടി, ഇരുമ്പുപൊടി; 2. ഇരുമ്പിൻെറ തുരുമ്പ്.

കൃഷ്ണജട [സം. -ജടാ] നാ. ജടാമാഞ്ചി.

കൃഷ്ണജയന്തി [സം. -ജയന്തീ] നാ. ശ്രീകൃഷ്ണൻെറ അവതാരദിവസം.

കൃഷ്ണത [സം. -താ] നാ. കറുപ്പ്; 2. ദുഷ്ടത.

കൃഷ്ണതാമ്രം [സം. -താമ്ര] നാ. 1. ഇരുണ്ട ചുവപ്പ്; 2. ഒരു തരം ചന്ദനം.

കൃഷ്ണതാര [സം. -താരാ] നാ. കൃഷ്ണതുളസി.

കൃഷ്ണത്വം [സം. -ത്വ] നാ. കൃഷ്ണത.

കൃഷ്ണദേഹം [സം. -ദേഹ] നാ. വലിപ്പമുള്ള ഒരിനം കറുത്തവണ്ട്.

കൃഷ്ണദ്വൈപായനൻ [സം. -ദ്വൈപായന] നാ. വേദവ്യാസൻ.

കൃഷ്ണധനം [സം. -ധന] നാ. അന്യായമാർഗത്തിൽകൂടി സമ്പാദിച്ച ധനം.

കൃഷ്ണധാന്യം [സം. -ധാന്യ]നാ. കറുത്ത നിറമുള്ള ധാന്യം. (എള്ള്, വരക് തുടങ്ങിയവ).

കൃഷ്ണൻ [സം. കൃഷ്ണ] നാ. 1. വസുദേവർക്ക് ദേവകിയിൽ ജനിച്ച പുത്രൻ, വിഷ്ണുവിൻെറ ഒമ്പതാമത്തെ അവതാരം; 2. അർജുനൻ; 3. വേദവ്യാസൻ; 4. ശുകബ്രഹ്മർഷിയുടെ നാലുപുത്രന്മാരിൽ ഒരാൾ, വേദവ്യാസൻെറ ഒരു പുത്രൻ; 7. ഒരു നാഗരാജാവ്; 8. ഒരു ജാതി മൂർഖൻ പാമ്പ്; 9. ശൂദ്രൻ; 10. ഒരു അസുരൻ.

കൃഷ്ണന്വക നാ. തെക്കൻ തിരുവിതാങ്കൂറിലുള്ള ഒരുസമുദായം, യാദവർ.

കൃഷ്ണനാൾ [സം. കൃഷ്ണ-മ. നാൾ] നാ. കൃഷ്ണപക്ഷത്തിലെ ദിവസം.

കൃഷ്ണനിംബം [സം. -നിംബ] നാ. കറിവേപ്പ്.

കൃഷ്ണപക്ഷം [സം. -പക്ഷ] നാ. കറുത്തപക്ഷം.

കൃഷ്ണപർണി [സം. -പർണീ] നാ. കറുത്തതുളസി.

കൃഷ്ണപവി [സം. -പവി] നാ. അഗ്നിദേവൻ.

കൃഷ്ണപിങ്ഗ [സം. -പിങ്ഗ] നാ. ദുർഗ.

കൃഷ്ണപിങ്ഗള [സം. -പിങ്ഗലാ] നാ. കൃഷ്ണപിങ്ഗ.

കൃഷ്ണപിങ്ഗളൻ [സം. -പിങ്ഗല] നാ. ശിവൻ.

കൃഷ്ണപ്പരുന്ത് [സം. കൃഷ്ണ - മ. പരുന്ത്] നാ. ഒരിനം പരുന്ത്.

കൃഷ്ണപ്പാട്ട് [സം. കൃഷ്ണ -മ. പാട്ട്] നാ. കൃഷ്ണഗാഥ.

കൃഷ്ണം [സം.] നാ. 1. കറുപ്പുനിറം; 2. കണ്ണിൻെറ കറുത്ത ഭാഗം; 3. കരിഞ്ചീരകം; 4. കറുപ്പ്; 5. സൗവീരാഞ്ജനം; 6. കാരകിൽ; 7. ഇരുമ്പ്; 8. കാരീയം; 9. അഞ്ജനക്കല്ല്; 10. തുരിശ്ശ്; 11. കാരുപ്പ്; 12. ഒരുപനിഷത്ത്; 13. ഒരുനരകം; 14. കുരുമുളക്; 15. അവിഹിതമാർഗങ്ങളിലൂടെ സമ്പാദിച്ച ധനം; 16. ഒരിനം കുഷ്ഠം; 17. കുയിൽ; 18. കാക്ക; 19. കറുത്തപക്ഷം; 20. കലിയുഗം; 21. പ്രുംക്ലാവ്; 22. ഒരു പർവതം; 23. കൃഷ്ണമൃഗം.

കൃഷ്ണമണി [സം. കൃഷ്ണ-മണി]നാ. 1. കണ്ണിൽ കറുത്ത നിറമുള്ള ഭാഗത്തിൻെറ നടുവിൽ കാണുന്ന ചെറിയ വൃത്താകാരമായ അവയവം; 2. പ്രിയപ്പെട്ടത്.

കൃഷ്ണമണ്ഡലം [സം. -മണ്ഡല] നാ. കണ്ണിലെ കറുത്ത ഭാഗം.

കൃഷ്ണമല്ലി(ക) [സം. മല്ലീ, -മല്ലികാ]നാ. കൃഷ്ണതുളസി.

കൃഷ്ണമുഖം [സം. -മുഖ] നാ. കരിങ്കുരങ്ങ്.

കൃഷ്ണമുടി [സം. കൃഷ്ണ - മ. മുടി] നാ. കഥകളിയിൽ, ശ്രീകൃഷ്ണൻെറ വേഷക്കാർ അണിയുന്ന കിരീടം, പീലിമുടി.

കൃഷ്ണയജ്ജുർവേദം [സം. -യജുർവേദ] നാ. യജുർവേദത്തിൻെറ ഒരു ശാഖ, തൈത്തിരീയം.

കൃഷ്ണയജുസ് [സം. -യജുസ്] നാ. കൃഷ്ണയജുർവേദം.

കൃഷ്ണയാമൻ [സം. -യാമ] നാ. = അഗ്നി.

കൃഷ്ണരക്തം [സം. -രക്ത] നാ. കറുപ്പുചേർന്ന ചെമപ്പ്.

കൃഷ്ണല [സം. കൃഷ്ണലാ] നാ. 1. (ചെമന്ന) കുന്നി; 2. കറുത്ത നറുനീണ്ടി; 3. ഒരുനദി.

കൃഷ്ണലം [സം.] നാ. 1. കുന്നിക്കുരു, കുന്നിക്കുരുവിൻെറ തൂക്കം സ്വർണമോ വെള്ളിയോ.

കൃഷ്ണലവണം [സം. കൃഷ്ണ-ലവണ] നാ. 1. കാരുപ്പ്; 2. തുവർച്ചിലയുപ്പ്.

കൃഷ്ണലോഹം [സം. -ലോഹ] നാ. 1. ഇരുമ്പ്; 2. അയസ്കാന്തം.

കൃഷ്ണലോഹിതം [സം. -ലോഹിത] നാ. ഇരുണ്ട ചെമപ്പുനിറം, ധൂമ്രനിറം.

കൃഷ്ണവക്ത്രം [സം. -വക്ത്ര] നാ. കൃഷ്ണമുഖം.

കൃഷ്ണവദനം [സം. -വദന] നാ. കൃഷ്ണവക്ത്രം.

കൃഷ്ണവർണൻ [സം.] നാ. 1. ശിവൻ; 2. രാഹു; 3. ശൂദ്രൻ.

കൃഷ്ണവർണം [സം. വർണ] നാ. കറുപ്പുനിറം, ഇരുണ്ടനീലനിറം.

കൃഷ്ണവർത്മാ(വ്) [സം. -വർത്മൻ] നാ. 1. അഗ്നി; 2. കൊടുവേലി; 3. രാഹു; 4. അസന്മാർഗചാരി, നീചൻ, ദുഷ്ടൻ.

കൃഷ്ണവേണ, വേണി [സ. -വേണാ, -വേണീ] നാ. കൃഷ്ണാനദി.

കൃഷ്ണവേത്രം [സം. -വേത്ര]നാ. ഒരിനം ചൂരൽ, കറുത്ത ചൂരൽ.

കൃഷ്ണശൃങ്ഗം [സം. -ശൃങ്ഗ] നാ. പോത്ത്.

കൃഷ്ണസഖൻ [സം. -സഖ] നാ. കൃഷ്ണൻെറ സ്നേഹിതൻ, അർജുനൻ.

കൃഷ്ണസഖി [സം. -സഖീ]നാ. 1. കൊത്തമല്ലി; 2. ജീരകം.

കൃഷ്ണസംജ്ഞകം [സം. -സംജ്ഞക] നാ. കാരുപ്പ്.

കൃഷ്ണസർപ്പം [സം. -സർപ]നാ. കറുത്തനിറമുള്ള ഒരിനം പാമ്പ്.

കൃഷ്ണസഹായൻ [സം. -സഹായ] നാ. അർജുനൻ.

കൃഷ്ണസാരങ്ഗം [സം. -സാരങ്ഗ] നാ. കരിഞ്ചാരമാൻ.

കൃഷ്ണസാരഥി [സം. –സാരഥി] നാ. 1. കൃഷ്ണൻ സാരഥിയായുള്ളവൻ, അർജുനൻ; 2. കൃഷ്ണൻെറ തേരാളി, ദാരുകൻ; 3. നീർമരുത്, അർജുനവൃക്ഷം.

കൃഷ്ണസാരം [സം. –സാര] നാ. 1. കരിമാൻ, മാൻ; 2. കരിങ്ങാലി; 3. ചതുരക്കള്ളി.

കൃഷ്ണസാരങ്ഗം [സം. –സാരങ്ഗ] നാ. കരിഞ്ചാരമാൻ.

കൃഷ്ണസൂ(വ്) [സം. –സൂ] നാ. കൃഷ്ണൻെറ അമ്മ, ദേവകി.

കൃഷ്ണസോദരി [സം. –സോദരീ] നാ. 1. ശ്രീകൃഷ്ണൻെറ സഹോദരി, കാത്യായനി; 2. സുഭദ്ര.

കൃഷ്ണഹ്രദ [സം. –ഹ്രദ] നാ. ഒരുതീർഥം, ദ്വൈപായനഹ്രദം.

കൃഷ്ണാചലം [സം. –അചല] നാ. = രൈവതകപർവതം.

കൃഷ്ണാജിനം [സം. –അജിന] നാ. കൃഷ്ണമൃഗത്തിൻെറ തോൽ.

കൃഷ്ണാധ്വാ(വ്) [സം. –അധ്വൻ] നാ. അഗ്നി.

കൃഷ്ണാനുജ [സം. –അനുജാ] നാ. ശ്രീകൃഷ്ണൻെറ സഹോദരി, കാത്യായനി, സുഭദ്ര.

കൃഷ്ണാഭ [സം. –ആഭാ] നാ. കളാഞ്ജനി.

കൃഷ്ണാമിഷം [സം. –ആമിഷ] നാ. 1. ഇരുമ്പ്; 2. ഉരുക്ക്.

കൃഷ്ണായസം [സം. –ആയസ] നാ. കാളായസം.

കൃഷ്ണാർച്ചിസ്സ് [സം. –ആർചിസ്] നാ. അഗ്നി.

കൃഷ്ണാഷ്ടമി [സം. –അഷ്ടമീ] നാ. 1. കറുത്ത പക്ഷത്തിലെ അഷ്ടമി; 2. ചിങ്ങമാസത്തിലെ കൃഷ്ണപക്ഷത്തിൽ വരുന്ന അഷ്ടമി, ശ്രീകൃഷ്ണൻെറ ജന്മദിനം, ഗോകുലാഷ്ടമി, കൃഷ്ണാഷ്ടമീവ്രതം = കൃഷ്ണപക്ഷത്തിലെ അഷ്ടമിനാൾ അനുഷ്ഠിക്കുന്ന ഒരുവ്രതം.

കൃഷ്ണിമാ(വ്) [സം. കൃഷ്ണിമൻ] നാ. കറുപ്പ്.

കൃഷ്യ [സം.] വി. 1. കൃഷിചെയ്യാൻ യോഗ്യമായ; 2. വലിക്കപ്പെടുന്ന.

കൃഷ്യം [സം.] നാ. 1. കർഷണം ചെയ്യത്തക്കത്, കൃഷിഭൂമി; 2. (സങ്ഗീ.) താളത്തിൻെറ പ്രാണങ്ങളിലൊന്നായ ക്രിയകളുടെ ഉപവിഭാഗമായ ദേശീയക്രിയകൾ എട്ടുതരമുള്ളതിൽ ഒന്ന്.

കൃസരം [സം. കൃസര] നാ. എള്ള് അരി പാൽ ഇവചേർത്തുണ്ടാക്കിയ ചോറ്, എൾച്ചോറ്.

കൃസരി നാ. കന്ത്, ഭഗശിശ്നിക.

കൃസ്ത്യൻ, കൃസ്ത്യാനി [ഇം.] നാ. = ക്രിസ്ത്യൻ, ക്രിസ്ത്യാനി.

ക്നു [ക്–നു] 'ക്' എന്ന വ്യഞ്ജനത്തോട് 'നു' എന്ന സ്വരം ചേർന്നുണ്ടാകുന്ന അക്ഷരം. സംസ്കൃതത്തിൽപോലും താഴെ കാണുന്ന ഒരു പദത്തിലേ ഈ അൽഷരം പ്രയോഗത്തിൽ ഉള്ളു.

ക്നുപ്ത, ക്ലിപ്ത [സം.] വി. 1. വ്യവസ്ഥപ്പെടുത്തിയ, തയ്യാറാക്കിയ, ഒരുക്കിയ, അടുക്കിയ; 2. ഉണ്ടാക്കിയ, സൃഷ്ടിച്ച, കണ്ടുപിടിച്ച.

ക്നുപ്തധൂപം [സം. ക്നുപ്ത-ധൂപ] നാ. അറബിക്കുന്തുരുക്കം.

ക്നുപ്തം [സം.] നാ. വ്യവസ്ഥിതം, പരിമിതം.

ക്നുപ്തി [സം.] നാ. 1. നേട്ടം; 2. ജയം; 3. അടുക്ക്; 4. നിശ്ചയം.

കെക്കലിക്കുക ക്രി. പൊട്ടിച്ചിരിക്കുക.

കെങ്ക (പ.മ.) [സം. ഗങ്ഗാ]നാ. ഗങ്ഗാനദി.

കെങ്കേമം കേമം എന്ന പദത്തിൻെറ ആദ്യഭാഗം ആവർത്തിച്ചുണ്ടാകുന്ന പദം. വി. ഏറ്റവുംനല്ല, വളരെ മികച്ചു നിൽക്കുന്ന.

കെച്ച, കെച്ചം, കെച്ചു നാ. ചിലങ്ക. കെച്ചം (കെച്ചു) കെട്ടുക = 1. നൃത്തം ചെയ്യാൻ വേണ്ടി കാലിൽ കെച്ച അണിയുക, നൃത്തം ചെയ്യാൻ ഒരുങ്ങുക; 2. തയ്യാറാകുക.

കെച്ചച്ചിലന്തി നാ. കെച്ചമണി കെട്ടിയപോലെ (കാലിൻെറ മുട്ടിനു താഴെ) ഉണ്ടാകുന്ന ചിരങ്ങ്.

കെച്ചപ്പദം [മ. കെച്ച-സം. പദ] നാ. കഥകളിപ്പദങ്ങളിൽ ഒരിനം, അതനുസരിച്ചുള്ള ആട്ടം. കെച്ചപ്പദംകൊള്ളുക = നൃത്തംചെയ്യുക.

കെച്ചിതം [< മാ. ഗജ്ജിദ, സം. ഗർജിത] നാ. 1. മുഴക്കം; 2. ആരോഗ്യം; 3. ഉത്സാഹം.

കെഞ്ചൽ [കെഞ്ചുക] നാ. താണപേക്ഷിക്കൽ, യാചന.

കെഞ്ച്1 [കെഞ്ചുക] ധാതുരൂപം.

കെഞ്ച്2 നാ. ചുണ്ണാമ്പ് ചാന്ത്, സിമൻറ്.

കെഞ്ചുക ക്രി. താണപേക്ഷിക്കുക, ഇരക്കുക.

കെട് [കെടുക] ധാതുരൂപം.

കെട1 നാ. = കിട.

കെട2 നാ. ഒരുജാതി കുരങ്ങ്.

കെട3 [കെടുക] ക്രി. (നടുവിന.) കെടത്തക്കവണ്ണം, നശിക്കത്തക്കവണ്ണം.

കെടകമ്പ് [<കിട1-കമ്പ്] നാ. പാടേകിടന്നു മുളയ്ക്കുന്ന മരച്ചീനിക്കമ്പ്, കളക്കമ്പ്, താനേമുളച്ചത്.

കെടശാരം [<കെടു1] നാ. ആപത്ത്, വിന, കഷ്ടപ്പാട്, ബുദ്ധിമുട്ട്.

കെടശ്ശി നാ. = കിടേശ്.

കെടാ [കെട്-ആ] വി. കെടാത്ത.

കെടാവിളക്ക് നാ. അണയാതെ സൂക്ഷിക്കപ്പെടുന്ന ദീപം, വാടാവിളക്ക്.

കെടു1 വി. കെട്ട, നശിച്ച, ക്ഷയിച്ച. കെടുകാണം = കാലാവധി തീരുന്നതിനുമുമ്പ് ഒഴിപ്പിക്കുന്ന ഒറ്റി. കെടുകാര്യസ്ഥത = പിടിപ്പില്ലാത്ത കാര്യവിചാരം.

കെടു2 നാ. = ഗഡു.

കെടുക (ഈ ക്രിയയ്ക്ക് രണ്ടു പ്രയോജകരൂപങ്ങൾ. കെടുക്കുക, കെടുത്തുക) ക്രി. 1. നശിക്കുക, കുറയുക, അടങ്ങുക; 2. തീനാളം അണയുക; 3. കേടുപറ്റുക, അഴുകുക; 4. പ്രവർത്തനരഹിതമാകുക, ശക്തി നശിക്കുക. (പ്ര.) അതിർകടക്കുക, നിയന്ത്രണം വിടുക. കെട്ടടങ്ങുക = നശിക്കുക. വശം കെടുക = തളരുക, ക്ഷീണിക്കുക.

കെടുകാര്യം [മ. കെടു - സം. കാര്യ] നാ. നല്ലതല്ലാത്ത പ്രവൃത്തി, നഷ്ടം വരുന്ന പ്രവൃത്തി, നാശം.

കെടുകാര്യസ്ഥൻ [കെടു -കാര്യസ്ഥൻ] നാ. പിടിപ്പില്ലാത്ത കാര്യവിചാരകൻ.

കെടുകാലം [മ. കെടു - സം. കാല] നാ. ചീത്തക്കാലം.

കെടുക്കുക [കെടുക >പ്രയോ.] ക്രി. 1. ഇല്ലാതാക്കുക, നശിപ്പിക്കുക. മടി കുടി കെടുക്കും (പഴ.); 2. അണയ്ക്കുക (തീയെന്ന പോലെ); 3. ദുഷിക്കുക, കുറ്റം പറയുക.

കെടുതൽ നാ. കെടുതി.

കെടുതി [കെടുക] നാ. 1. നാശം, വിപത്ത്, കഷ്ടത; 2. ക്ഷീണം; 3. കേട്; 4. വിഷമം, ബുദ്ധിമുട്ട്, കുഴപ്പം.

കെടുത്തുക ക്രി. = കെടുക്കുക.

കെടുനടപടി [കെടു-നടപടി] നാ. ചീത്തപ്രവൃത്തി, തെറ്റായ പെരുമാറ്റം.

കെടുനീതി [കെടു-നീതി] നാ. തെറ്റായ നിയമം.

കെടുപിഴ [കെടു-പിഴ] നാ. നാശം, നഷ്ടം, വിപത്ത്.

കെടുമ നാ. = കെടുമതി.

കെടുമതി1 [കെടു-മതി] നാ. 1. കെട്ടബുദ്ധി; 2. ദുർബുദ്ധിയായ ആൾ, സ്വഭാവഗുണമില്ലാത്തവൻ; 3. ബുദ്ധികെട്ടവൻ, മടിയൻ.

619

കെടുമതി2 നാ. = കെടുതി.

കെടുമ്പൻ നാ. കെടുമ്പ് ഉള്ളവൻ, ശീലഗുണമില്ലാത്തവൻ. ദുഷ്ടൻ, അസൂയയുള്ളവൻ.

കെടുമ്പിക്കുക ക്രി. ചീത്തവാവുക, കെടുക. ഉദാ. മോരു കെടുമ്പിക്കുക.

കെടുമ്പ് നാ. 1. അസൂയ; 2. ദുർബുദ്ധി; 3. ദുർഗന്ധം, അഴുകിയോ ചീഞ്ഞോ ഉണ്ടായിട്ടുള്ള നാറ്റം ( മീൻ, പാൽ തുടങ്ങിയവ); 4. ദുസ്സ്വാദ്; 5. നാശം; 6. അരിമ്പാറ.

കെടുവളം നാ. വളം ഇല്ലായ്മ.

കെടേശം, കെടേച്ചം നാ. 1. കിടേശ്; 2. ചിലയിനം തടികളുടെ ഉള്ളിൽ കാണുന്ന പൊങ്ങുപോലെയുള്ള മൃദുവായ വസ്തു; 3. കോർക്ക്.

കെട്ട വി. 1. കേടുവന്ന, അഴുകിയ, മോശമായ, ഗുണമില്ലാത്ത, ദുഷിച്ച; 2. അണഞ്ഞ (തീ, വിളക്ക് എന്നിവപോലെ); 3. നശിച്ച, ഇല്ലാതായ, നഷ്ടപ്പെട്ട. ഉദാ. നാണംകെട്ട, ഗുരുത്വം കെട്ട. കെട്ടവൻ ഗങ്ഗയാടിയാൽ പാപം തീരുമോ. (പഴ.)

കെട്ടകം നാ. 1. കെട്ടിനകം, അന്ത:പുരം; 2. കെട്ടുകൾക്കകത്തുള്ള നടുമുറ്റം.

കെട്ടറ [കെട്ട്-അറ] നാ. കാരാഗൃഹം, തടവുമുറി.

കെട്ടറുപ്പ് [കെട്ട്-അറപ്പ്] നാ. 1. കെട്ടിനെ മുറിക്കൽ; 2. കെട്ടു മുറിക്കൽ, ഭർത്താവു മരിച്ചാൽ മങ്ഗല്യസൂത്രം അറുത്തു നിത്യവിധവയായിക്കഴിയുന്ന സംബ്രദായം.

കെട്ടിക്കാഴ്ച നാ. ഭങ്ഗി, ആനച്ചന്തം.

കെട്ടിക്കേറുക, -കയറുക [കെട്ടി-കേറുക] ക്രി. 1. വിവാഹം കഴിഞ്ഞ് വരൻെറയോ വധുവിൻെറയോ വീട്ടിൽ കുടികയറുക; 2. ആവശ്യമില്ലാത്തിടത്ത് ക്ഷണിക്കപ്പെടാതെ വലിഞ്ഞുകയറിച്ചെല്ലുക; 3. രണ്ടുകൈകൊണ്ടും പിടിച്ചുകയറുക (തൂൺ, മരം എന്നിവയിലെന്നപോലെ); 4. പെരുകുക (ജലം എന്നപോലെ).

കെട്ടിക്കൊടുക്കുക [കെട്ടി-കൊടുക്കുക] ക്രി. 1. കന്യകയെ വിവാഹം ചെയ്തു കൊടുക്കുക; 2. തുക ഒന്നിച്ചുകൊടുക്കുക.

കെട്ടിച്ചമയുക [കെട്ടി-ച്ചമയുക] ക്രി. 1. നടന്മാർ രങ്ഗത്തുവരുന്നതിനുമുമ്പ് വേഷമണിയുക; 2. ആഡംബരമായി അണിഞ്ഞൊരുങ്ങുക, വേഷം കെട്ടുക. കെട്ടിച്ചമയ്ക്കുക = 1. കെട്ടിപ്പടുക്കുക, നിർമിക്കുക; 2. സങ്കൽപിച്ച് ഉണ്ടാക്കുക.

കെട്ടിച്ചുറ്റുക [കെട്ടി-ചുറ്റുക] ക്രി. സ്ത്രീകൾ അണിഞ്ഞൊരുങ്ങുക.

കെട്ടിഞാലുക [കെട്ടി-ഞാലുക] ക്രി. കെട്ടിത്തൂങ്ങുക, തൂങ്ങിച്ചാകുക. കെട്ടിഞാന്നുചത്തവൻെറ വാലിൽ കടിച്ചുഞാന്നു ചത്തവൻ. (പഴ.)

കെട്ടിടം നാ. വീട്, പുര (കല്ലും കുമ്മായവും മരസാമാനങ്ങളും മറ്റും ഉപയോഗിച്ചു കെട്ടി ഉണ്ടാക്കുന്നതിനാൽ).

കെട്ടിത്തരുക ക്രി. 1. കല്യാണം കഴിച്ചു തരുക; 2. തുക ഒന്നിച്ചു തരുക.

കെട്ടിത്തൂങ്ങുക [കെട്ടി-തൂങ്ങുക] ക്രി. കെട്ടിഞാലുക, തൂങ്ങി ആത്മഹത്യ ചെയ്യുക.

കെട്ടിത്തൊഴൽ [കെട്ടി-തൊഴൽ] നാ. കാൽമുട്ടുകളും ചുമലും തൊട്ടുതൊഴുന്ന കളരിപ്പയറ്റിലെ ഒരു സംബ്രദായം.

കെട്ടിനിൽക്കുക ക്രി. (വെള്ളം എന്നപോലെ) ഒഴുകിപ്പോകാതെ ഒരു സ്ഥലത്തുതന്നെ തങ്ങിനിൽക്കുക.

കെട്ടിപ്പടുക്കുക [കെട്ടി-പടുക്കുക] ക്രി. ആവശ്യമുള്ള ഘടകങ്ങൾ ഒന്നിച്ചുചേർത്തു നിർമിക്കുക, കെട്ടിയുണ്ടാക്കുക.

കെട്ടിപ്പറക [കെട്ടി–പറക] ക്രി. ഇല്ലാത്തതു കൂട്ടിച്ചേർത്തു പറയുക, അതിശയോക്തി പറയുക. നാ. കെട്ടിപ്പറച്ചിൽ.

കെട്ടിപ്പാച്ചൽ നാ. മലയൻ, മണ്ണാൻ തുടങ്ങിയവർ ദേവതാ പ്രീണനത്തിനുവേണ്ടി കോലംകെട്ടി ആടുന്നത്.

കെട്ടിപ്പിടിക്കുക [കെട്ടി–പിടിക്കുക] ക്രി. രണ്ടു കൈകൊണ്ടും ചുറ്റിപ്പിടിക്കുക, ദേഹത്തോടണയ്ക്കുക, പുണരുക. നാ. കെട്ടിപ്പിടിത്തം.

കെട്ടിപ്പിണയുക [കെട്ടി–പിണയുക] ക്രി. ഒന്നിനോടൊന്നുചേർന്നു ചുറ്റിയിരിക്കുക, കുരുങ്ങുക. നാ. കെട്ടിപ്പിണച്ചിൽ.

കെട്ടിപ്പുണരുക [കെട്ടി–പുണരുക] ക്രി. കെട്ടിപ്പിടിക്കുക. നാ. കെട്ടിപ്പുണരൽ.

കെട്ടിപ്പുലരുക ക്രി. വൈവാഹികജീവിതം നയിക്കുക. നാ. കെട്ടിപ്പുലർച്ച.

കെട്ടിപ്പെറുക്കുക [കെട്ടി–പെറുക്കുക] ക്രി. ഭാണ്ഡം മുറുക്കുക, സാമാനങ്ങളെല്ലാംകെട്ടി ഭാണ്ഡം മുറുക്കുക.

കെട്ടിപ്പേറുക [കെട്ടി–പേറുക] ക്രി. ചുമക്കുക, സാധനങ്ങൾ ചുമടാക്കി തലയിലോ തോളിലോ മറ്റോ ഏന്തുക.

കെട്ടിമറിയുക [കെട്ടി–മറിയുക] ക്രി. 1. പരസ്പരം പിടിച്ച പിടി വിടാതെ വീണുരുളുക; 2. കുടുക്കിലാവുക. നാ. കെട്ടിമറിച്ചിൽ.

കെട്ടിമേടിക്കുക ക്രി. കിട്ടുവാനുള്ള തുക ഒരുമിച്ചു വാങ്ങിക്കുക, കെട്ടിക്കൊടുക്കുക.

കെട്ടിമേയുക [കെട്ടി–മേയുക] ക്രി. പുരമേയുക, പുരയ്ക്ക് ഓല കെട്ടുക. നാ. കെട്ടിമേച്ചിൽ.

കെട്ടിയടക്കം നാ. 1. പാട്ടമോ പലിശയോ മുടക്കുന്നതിൻെറ പേരിൽ പണയ വസ്തു കൈവശപ്പെടുത്തൽ; 2. താൽക്കാലികമായി വസ്തു കൈവശപ്പെടുത്തൽ.

കെട്ടിയടയ്ക്കുക [കെട്ടി–അടയ്ക്കുക] ക്രി. 1. ചുറ്റും കയ്യാലയോ, മതിലോ കെട്ടി മറയ്ക്കുക; 2. പണമിടപാടുകളിൽ തവണ അടച്ചുതീർക്കുക; 3. പാട്ടമോ പലിശയോ മുടക്കുന്നതുകൊണ്ടു പണയവസ്തു കൈവശപ്പെടുത്തൽ.

കെട്ടിയവൻ, കെട്ടിയോൻ, കെട്ട്യോൻ നാ. താലികെട്ടിയവൻ, ഭർത്താവ്. (സ്ത്രീ.) കെട്ടിയവൾ, കെട്ടിയോൾ, കെട്ട്യോൾ.

കെട്ടിയാടുക [കെട്ടി–ആടുക] ക്രി. ദേവതകളുടെയോ പിതൃക്കളുടെയോ മറ്റോ കോലം (തെയ്യം) കെട്ടി നൃത്തം വയ്ക്കുക, തിറയാടുക. നാ. കെട്ടിയാടൽ, കെട്ടിയാട്ടം.

കെട്ടിയിരിപ്പ്, –രുപ്പ് നാ. മിച്ചം വച്ചിട്ടുള്ള ധനം, നിക്ഷേപം, സമ്പാദ്യം.

കെട്ടിയെടുക്കുക [കെട്ടി–എടുക്കുക] ക്രി. 1. ശ്മശാനത്തിലേക്കു പ്രേതം കൊണ്ടുപോകുക; 2. ഇഷ്ടമില്ലാത്ത ആളിനെ നിർബന്ധിച്ചു കൂട്ടിക്കൊണ്ടുപോകുക; 2. വിളിക്കാതെ വലിഞ്ഞുകയറിച്ചെല്ലുക (ആക്ഷേപം).

കെട്ടിയേൽപ്പിക്കുക [കെട്ടി–ഏൽപ്പിക്കുക]ക്രി. നിർബന്ധിച്ചു സ്വീകരിപ്പിക്കുക, അടിച്ചേൽപ്പിക്കുക.

കെട്ടിലമ്മ [കെട്ടിൽ–അമ്മ] നാ. 1. ചില രാജാക്കന്മാരുടെയോ മാടമ്പിമാരുടെയോ പത്നിമാരുടെ സ്ഥാനപ്പേര്; 2. വിവാഹം കഴിഞ്ഞ സ്ത്രീ, ഗൃഹിണി. കെട്ടിലമ്മ ചാടിയാൽ കൊട്ടിയമ്പലംവരെ (പഴ.)

കെട്ടിവയ്ക്കുക ക്രി. 1. കൊടുക്കാനുള്ള തുക ഒന്നിച്ചോ തവണകളായോ ഒടുക്കുക, നിക്ഷേപിക്കുക; 2. നിറുത്തുക, മതിയാക്കുക, തത്കാലത്തേക്ക് നിറുത്തിവയ്ക്കുക; 3. കയറോ മറ്റോ കൊണ്ടു ചുറ്റിമുറുക്കിവയ്ക്കുക; 4. (പ്ര.) ഏതെങ്കിലും ചുമതല ഒരാളിൻെറ മേൽ സൂത്രത്തിൽ അടിച്ചേൽപ്പിക്കുക, നിർബന്ധിച്ച് ഭാരമേൽപ്പിക്കുക.

കെട്ടിവരവ് നാ. ആദായം, പണമായിട്ടുള്ള വരുമാനം.

കെട്ടിവലിക്കുക ക്രി. (പ്ര.) ബലാത്കാരമായി കൂട്ടിക്കൊണ്ടുവരുക, ഇഷ്ടമില്ലാത്തവരെ കൂടെക്കൊണ്ടുപോവുക, ആവശ്യമില്ലാതെ എടുത്തുകൊണ്ടുവരുക.

കെട്ടിവാങ്ങുക ക്രി. അവകാശപ്പെട്ട മുതൽ ഒന്നിച്ചു തുകയായി സ്വീകരിക്കുക.

കെട്ട് <കെട്ടുക നാ. 1. ചരടോ കയറോ മറ്റോ കൊണ്ട് കൂട്ടിപ്പിണച്ചുമുറുക്കൽ, ബന്ധനം; 2. കെട്ടിയുണ്ടാക്കിയത്, ഒന്നിച്ചുചേർത്തുകെട്ടിയത്, ഭാണ്ഡം; 3. ക്ലിപ്തമായ എണ്ണമോ തൂക്കമോ വരുന്ന സാധനങ്ങൾ ഒരുമിച്ചു കെട്ടിയുണ്ടാക്കിയത്; 4. (ശബരിമല) തീർഥാടകർ പൂജാസാധനങ്ങളും മറ്റും കൊണ്ടുപോകുന്നതിനുവേണ്ടി തയ്യാറാക്കുന്ന ഭാണ്ഡം; 5. ചരടുപോലുള്ള വസ്തുക്കളുടെ അറ്റങ്ങൾ തമ്മിൽപ്പിണച്ച് വലിച്ചുമുറുക്കുമ്പോളുണ്ടാകുന്ന മുഴ; 6. ശരീരാവയവങ്ങളോ മറ്റോ സമ്രക്ഷിക്കുന്നതിനോ ആച്ഛാദനം ചെയ്യുന്നതിനോ വേണ്ടി തുണി മുതലായവ ചുറ്റിയുണ്ടാക്കുന്ന ആവരണം, ഉദാ. തലക്കെട്ട്, ഉടുത്തുകെട്ട്; 7. തമ്മിൽപിണഞ്ഞുകിടക്കുന്ന വസ്തുക്കൾ, കുരുക്ക്. ഉദാ. വള്ളിക്കെട്ട്; 8. ലൗകികബന്ധം; 9. വിവാഹം, ദാമ്പത്യജീവിതം. ഉദാ. പള്ളിക്കെട്ട്; 10. കല്ല് മുതലായവകൊണ്ട് പണിതുണ്ടാക്കുന്നത്, മതിൽ, ഗൃഹത്തിൻെറ ഒരു ഭാഗം, ഗൃഹം, ഉദാ. അണക്കെട്ട്, നാലുകെട്ട്; 11. ചിലക്ഷേത്രങ്ങളിലും മറ്റും നടത്തുന്ന ഒരു വഴിപാട് (കാള, കുതിര, തേര്. മുതലായവയുടെ ആകൃതി കെട്ടിയുണ്ടാക്കി വഹിച്ചുകൊണ്ട് വാദ്യഘോഷങ്ങളോടെ നൃത്തം ചെയ്തു ക്ഷേത്രത്തിനു വലം വയ്ക്കൽ).

കെട്ടുക ക്രി. 1. ചരട് കയറ് മുതലായവ തമ്മിലോ അവകൊണ്ടു മറ്റു വസ്തുക്കളെയോ ചുറ്റിമുറുക്കുക, ബന്ധിക്കുക; 2. വിവാഹംകഴിക്കുക; 3. കല്ല് തടി തുടങ്ങിയ വസ്തുക്കളുപയോഗിച്ചു നിർമിക്കുക. (വീട്, മതിൽ എന്നിവപോലെ); 4. രചിക്കുക (കഥയോ മറ്റോ എഴുതിയുണ്ടാക്കുക); 5. ഉണ്ടാക്കുക, നിർമിക്കുക; 6. പണം അടയ്ക്കുക. ഉദാ. കരം കെട്ടുക; 7. സ്വർണം വെള്ളി മുതലായവകൊണ്ടു നിർമിക്കുക, ലോഹത്തകിട് പൊതിയുക, രത്നങ്ങളും മറ്റും പതിക്കുക (ആഭരണങ്ങളിൽ എന്ന പോലെ); 8. ഓല പുല്ല് എന്നിവകൊണ്ട് മേൽക്കൂര മേയുക; 9. വേഷം അണിയുക, അഭിനയിക്കുക. (പ്ര.) കെട്ടിക്കാണിക്കൽ = ഇല്ലാത്ത പ്രൗഢികാട്ടൽ, വേഷംകെട്ടൽ (ദൃശ്യകലാരൂപങ്ങളിൽ അഭിനേതാക്കളെന്നപോലെ); കെട്ടിക്കിടക്കുക = 1. കൂട്ടം കൂടി അടിഞ്ഞുകിടക്കുക; 2. കാത്തുകിടക്കുക; 2. കാത്തുകിടക്കുക; 3. (വെള്ളമ്പോലെ) ഒഴുകാതെ കിടക്കുക, ഒരിടത്തു

തങ്ങിക്കിടക്കുക; 4. (വ്യാപാരം) ചരക്ക് വിറ്റഴിയാതെ കിടക്കുക; 5. (കൃഷി) പ്രവർത്തനം തുടരുവാൻ നിവൃത്തിയില്ലാതിരിക്കുക.

കെട്ടുനാര് [കെട്ടു-നാര്] നാ. 1. കൂരമേയുമ്പോൾ ഓലകെട്ടുന്നതിനുള്ള നാര്; 2. സാധനങ്ങൾ പൊതിഞ്ഞുകെട്ടുന്നതിനുള്ള നാര്, ചരട് തുടങ്ങിയവ.

കെട്ടുനോക്കുക ക്രി. രാമായണം, ഭാഗവതം തുടങ്ങിയ വിശിഷ്ടഗ്രന്ഥങ്ങൾ ഭക്തിപൂർവം തുറന്നുനോക്കി കാണുന്ന ഭാഗംകൊണ്ടു ഭാവിഫലങ്ങൾ ഊഹിക്കുക.

കെട്ടുപണി നാ. കെട്ടിയുണ്ടാക്കുന്നത്, കെട്ടിടം.

കെട്ടുപാട് [കെട്ട്-പാട്] നാ. 1. കൂട്ടുകെട്ട്, ബന്ധം, അടുപ്പം, സൗഹാർദം, പരസ്പരബന്ധം; 2. ഘടന, സ്വരൂപം; 3. കൂട്ടായ പ്രവർത്തനം, സങ്ഘടിതപ്രയത്നം, സങ്ഘടന; 4. ബന്ധം, അസ്വാതന്ത്ര്യം, കെട്ടിമുറുക്കിയിരിക്കുന്ന നില; 5. വിവാഹബന്ധം.

കെട്ടുപിണയുക [കെട്ടു-പിണയുക] ക്രി. 1. വേർപിരിക്കാൻ പ്രയാസമുള്ളവിധം പരസ്പരം ബന്ധപ്പെട്ടിരിക്കുക (നൂലെന്നപോലെ), കുരുങ്ങിയിരിക്കുക; 2. ബന്ധനത്തിലാവുക.

കെട്ടുപുള്ളി [കെട്ടു-പുള്ളി] നാ. ഭാഷയിൽ 'ഏ'കാരത്തെ കാണിക്കാൻ വ്യഞ്ജനാക്ഷരങ്ങളുടെ ഇടത്തുവശത്തിടുന്ന അടയാളം, 'ഏ' എന്ന ചി ം.

കെട്ടുപുള്ളി ദീർഘം [മ. കെട്ടുപുള്ളി - സം. ദീർഘ] നാ. ഭാഷയിൽ ഓകാരത്തെ കാണിക്കാൻ വ്യഞ്ജനാക്ഷരങ്ങളുടെ രണ്ടുവശത്തുമായി ചേർക്കുന്ന അടയാളം ' ' എന്ന ചി ം.

കെട്ടുപൂട്ട് [കെട്ടു-പൂട്ട്] നാ. സൂക്ഷിപ്പ് (കെട്ടിയും പൂട്ടിയും വച്ചു സൂക്ഷിക്കൽ), കാര്യാന്വേഷണം. കെട്ടുപൂട്ടുകാരൻ = താക്കോൽക്കാരൻ, മുതൽ സൂക്ഷിപ്പുകാരൻ, കാര്യസ്ഥൻ.

കെട്ടുമിന്ന് [കെട്ടു-മിന്ന്] നാ. കെട്ടുതാലി. (പ്ര.) കെട്ടുമിന്നു വിൽക്കുക = കഠിനമായ ദാരിദ്ര്യത്തിൽ മുഴുകുക (ഒരിക്കലും ശരീരത്തിൽനിന്നു വേർപ്പെടുത്താൻ പാടില്ലാത്തതെന്നു കരുതുന്ന കെട്ടുതാലിപോലും വിൽക്കാനിടയാവുക).

കെട്ടുവഞ്ചി [കെട്ടു-വഞ്ചി]നാ. പലകകൾ കൂട്ടിച്ചേർത്തു കയറുകൊണ്ടുകെട്ടി യോജിപ്പിച്ചുണ്ടാക്കുന്ന വലിയ വള്ളം (ചരക്കുകയറ്റി അയയ്ക്കാനും മറ്റും ഉപയോഗിക്കുന്നത്).

കെട്ടുവരമ്പ് [കെട്ട്-വരമ്പ്] നാ. പാടത്തിനു ചുറ്റുമുള്ള വലിയ വരമ്പ്.

കെട്ടുവള്ളം നാ. = കെട്ടുവഞ്ചി.

കെട്ടുവള്ളി [കെട്ടു-വള്ളി] നാ. ഭാഷയിൽ 'ഈ'കരത്തെ കുറിക്കാൻ വ്യഞ്ജനാക്ഷരങ്ങൾക്കു പിന്നിൽ ചേർക്കുന്ന അടയാളം; ' ' എന്ന ചിഹ്നം.

കെട്ടുവാലായ്മ [കെട്ടു-വാലായ്മ] നാ. താലികെട്ടു കല്യാണത്തെത്തുടർന്ന് മലയരയന്മാർ മൂന്നുദിവസത്തേക്ക് ആചരിക്കുന്ന അശുദ്ധി.

കെട്ടുറപ്പ് [കെട്ട്-ഉറപ്പ്] നാ. 1. ദാർഢ്യം, ഉറച്ചിരിക്കുന്ന അവസ്ഥ; 2. വിവാഹബന്ധത്തിന്റെ സുസ്ഥിരത.

കെണയുക ക്രി. = കിണയുക.

കെണി നാ. =കണി1. കെണിക്കൂട് = 1. ചെറുജീവികളെ പിടിക്കാൻ ഉപയോഗിക്കുന്ന ഒരിനം പെട്ടി; 2. കോഴിമുട്ട ശേഖരിക്കാൻ ഉപയോഗിക്കുന്ന ഒരു സംവിധാനം (മുട്ടയുരുണ്ട് ഒരു വലയിലൂടെ പെട്ടിക്കുള്ളിൽ കടക്കത്തക്കവിധമുള്ളത്). കെണിയൻ = വലയിൽ പെടുത്തുന്നവൻ, ചതിയൻ.

കെണിഞ്ചൻ [<കെണി] നാ. സൂത്രക്കാരൻ.

കെണിയുക ക്രി. കെണിയിൽപ്പെടുക, കുരുക്കിലാവുക.

കെണിയ്ക്കുക [കെണിയുക >പ്രയോ.] ക്രി. കുരുക്കിലാക്കുക, ചതിക്കുക, അപകടത്തിൽ ചാടിക്കുക.

കെണ്ട1 നാ. മഹോദരമ്പോലെ ഉദരം വീർക്കുന്ന ഒരു രോഗം. (പ്ര.) പനിക്കെണ്ട = മലമ്പനി പിടിച്ചവർക്ക് അടിവയറ്റിലുണ്ടാകുന്ന നീർക്കെട്ട്.

കെണ്ട2 [<സം. ഗണ്ഡ]നാ. 1. ഗണ്ഡം (കവിൾത്തടം); 2. താടി; 3. മണിബന്ധം.

കെണ്ട3 നാ. ഒരിനം കായൽ മീൻ.

കെണ്ട4 നാ. കഴുത്തിൽ കെട്ടുന്ന രക്ഷ.

കെണ്ട5 നാ. കൂന. ഉദാ. വയ്ക്കോൽ കെണ്ട.

കെണ്ടൻ വി. വലിയ, മുഴുത്ത, തടിച്ച. നാ. തടിയൻ, കിണ്ടൻ.

കെണ്ടാന്തരം [<സം. ഗണ്ഡാന്തര] നാ. 1. ഉപദ്രവം, ദുർലക്ഷണം, ഐശ്വര്യമില്ലായ്മ. ഉദാ. കെണ്ടാന്തരം പിടിച്ച ചെറുക്കൻ; 2. കഷ്ടകാലം, കഷ്ടത.

കെണ്ടി നാ. =കിണ്ടി2.

621

കെണ്ണാന്തരം [<സം.]നാ. (ജ്യോ.) = ഗണ്ഡാന്തരം.

കെതപ്പ് നാ. = കിതപ്പ്.

കെത്താന [സുറി.] നാ. വിശുദ്ധ കുർബാനകർമം നടത്തുമ്പോൾ പുരോഹിതൻ ധരിക്കുന്ന തുണികൊണ്ടുള്ള ഒരിനം കൈയുറ.

കെന്ത്രോൻ നാ. 'ഗന്ധർവൻ' എന്നതിന്റെ തദ്ഭവം.

കെന്നി നാ. = ചെന്നി.

കെമിസ്റ്റ്രി [ഇം. ച്ച്ഹെമിസ്റ്റ്റ്യ്] നാ. രസതന്ത്രം.

കെമ്പ്1 [കെമ്പുക] ധാതുരൂപം.

കെമ്പ്2 നാ. പദ്മരാഗം.

കെമ്പുക ക്രി. കടന്നുകളയുക, ഓടിമറഞ്ഞുകളയുക.

കെരന്തം നാ. ഗ്രന്ഥം.

കെരവ് [കെരവുക] ധാതുരൂപം.

കെരവപ്പിഴ, കെരവപ്പുഴ [<സം. ഗ്രഹ–പിഴ] നാ. ഗ്രഹപ്പിഴ.

കെൽപ് നാ. ശക്തി, കഴിവ്.

കെറുവിക്കുക ക്രി. പിണങ്ങുക.

കെറുവ് [സം. ഗർവ] നാ. നീരസം, ഡംഭ്.

കേക[സം. കേകാ] നാ. 1. മയിലിൻെറ ശബ്ദം; 2. ഒരു ഭാഷാവൃത്തം.

കേകയൻ [സം. കേകയ] നാ. 1. കേകയരാജ്യത്തെ രാജാവ്; 2. കേകയരാജ്യക്കാരൻ; 3. സൂതവംശജനായ ഒരു രാജാവ്. കേകയപുത്രി = കൈകേയി.

കേകയം [സം.] നാ. പുരാണപ്രസിദ്ധമായ ഒരു രാജ്യം.

കേകയി [സം. കേകയീ] നാ. 1. = കൈകേയി; 2. വിരാടരാജാവിൻെറ ഭാര്യ, സുദേഷ്ണ.

കേകര [സം.] വി. കോങ്കണ്ണുള്ള നാ. നാട്യദൃഷ്ടികളിൽ ഒന്ന്.

കേകസി [സം. കേകസീ] നാ. രാവണൻെറ അമ്മ, കൈകസി.

കേകാവലം [സം.] നാ. മയിൽ.

കേകാവലി [സം. കേകാ–ആവലി] നാ. 1. ഒരു രാഗം; 2. മയിൽക്കൂട്ടം.

കേകാവശി [സം. കേകാ–വശീ] നാ. ഒരു രാഗം.

കേകി [സം. കേകിൻ] നാ. 1. മയിൽ; 2.അഥകളിയിലെ കേകിയാട്ടം എന്ന നൃത്തവിശേഷം. കേകിയാട്ടം = മയിലാട്ടം.

കേകിപിഞ്ഛം [സം. കേകി–പിഞ്ഛ] നാ. മയിൽപ്പീലി.

കേക്ക് [ഇം. ച്ചകെ] നാ. ഒരിനം മധുരപലഹാരം.

കേചന, കേചിത് [സം. കേ–ചന,–ചിത്] അവ്യ. ചില, ചിലർ.

കേട [<കേട്] നാ. വൃദ്ധ.

കേടൻ [ത. കേടൻ] നാ. 1. വൃദ്ധൻ; 2. ദുഷ്ടൻ, കള്ളൻ.

കേട് [<കെടു] നാ. 1. അറ്റകുറ്റം, തകരാറ്, കുറവ്; 2. രോഗം, അസുഖം; 3. അപകടം, ആപത്ത്, ദു:ഖം, നാശം; 4. മോശപ്പെട്ട സ്ഥിതി. (പ്ര.) ഏനക്കേട്, കനക്കേട്, കാലക്കേട്, ഗതികേട്, തരക്കേട്, ദഹനക്കേട്, പൊരുത്തക്കേട് ഇത്യാദി. കേടുകെടുക = ക്ഷയിക്കുക. കേടുകെട്ടവൻ = ക്ഷയിച്ചു പോയവൻ.

കേട്ട1 [കേൾക്കുക] (ഭൂ. പേരെച്ചം.) കേഴ്‌വിയിൽ പെട്ട.

കേട്ട2 [< സം. ജ്യേഷ്ഠാ] നാ. 1. (ജ്യോ.) പതിനെട്ടാമത്തെ നക്ഷത്രം; 2. മൂതേവി, ചേട്ട.

കേട്ടു[കേൾക്കുക] ഭൂ. രൂപം.

കേട്ടുകേളി, –കേഴ്‌വി നാ. അന്യർ പറഞ്ഞറിവ്, കിംവദന്തി.

കേട്ടെയ്ത്ത് [കേട്ട്-എയ്ത്ത്] നാ. ശബ്ദത്തെ ലക്ഷ്യമാക്കി അമ്പയയ്ക്കുന്ന സമ്പ്രദായം, ശബ്ദവേധിത്വം.

കേട്ടെഴുത്ത് [-എഴുത്ത്] നാ. 1. വായിക്കുകയോ പറയുകയോ ചെയ്യുന്നതുകേട്ട് എഴുതിയെടുക്കുന്ന സമ്പ്രദായം; 2. ഭൂവുടമസ്ഥരിൽ നിന്ന് വസ്തുവിനെ സംബന്ധിച്ച വിവരങ്ങൾ അവർ പറയുന്നതുകേട്ടു രേഖപ്പെടുത്തുന്ന സമ്പ്രദായം.

കേഡി [ഇം. ക്ക്.ഡ്] നാ. 1. കുപ്രസിദ്ധനായ കുറ്റവാളി, കുറ്റം ചെയ്യുക ശീലമായിട്ടുള്ളവൻ; 2. തെമ്മാടി, ദുർമാർഗി, ചട്ടമ്പി.

കേണി നാ. വെള്ളത്തിനുവേണ്ടി നദീതടത്തിൽ കുഴിക്കുന്ന കുഴി, താത്കാലികാവശ്യത്തിനുവേണ്ടി ഉണ്ടാക്കുന്ന കിണർ, കുളം മുതലായവ.

കേണിക [കേണികാ] നാ. കൂടാരം.

കേതകം [സം.] നാ. 1. പൂക്കൈത; 2. കൊടി.

കേതകി [സം. കേതകീ] നാ. 1. പൂക്കൈത; 2. സ്കന്ദൻെറ സേനയിലെ മാതൃക്കളിൽ ഒരുവൾ.

കേതനം [സം.] നാ. 1. പാർപ്പിടം, വീട്, സ്ഥാനം; 2. ചി ം, അടയാളം; 3. കൊടിക്കൂറ; 4. കൊടിമരം; 5. ഒഴിച്ചുകൂടാത്ത പ്രവൃത്തി; 6. ക്ഷണിക്കൽ.

കേതം [സം.] നാ. 1. ഭവനം, നികേതം; 2. കൊടിക്കൂറ, കൊടിയടയാളം; 3. ആഗ്രഹം.

കേതിത [സം.] ക്രി. 1. വിളിക്കപ്പെട്ട, ക്ഷണിക്കപ്പെട്ട; 2. നിവസിക്കപ്പെട്ട.

കേതു [സം.] നാ. 1. കൊടി, കൊടിയടയാളം; 2. കൊടിമരം; 3.(ജ്യോ.) നവഗ്രഹങ്ങളിൽ ഒമ്പതാമത്തേത്, ശിഖി; 4. ധൂമകേതു; 5. രൂപം, അകൃതി; 6. പകൽ; 7. ദീനം; 8. ശത്രു; 9. പ്രകാരം, തിളക്കം; 10. ജ്വാല; 11. ദീപം; 12. ശിവൻ.

കേതുഭം [സം. കേതു-ഭ] നാ. മേഘം.

കേതുമതി [സം. -മതീ] നാ. 1. സുമാലി എന്ന രാക്ഷസൻെറ പത്നി, രാവണമാതാവായ കൈകസിയുടെ അമ്മ; 2. തേജസ്വിനി; 3. ഒരു അർധസമവൃത്തം.

കേതുമാൻ [സം. -മാൻ < മത്] നാ. 1. തേജസ്വി, ബുദ്ധിമാൻ; 2. കൊടിപിടിക്കുന്നവൻ.

കേതുയഷ്ടി [സം. -യഷ്ടി] നാ. കൊടിമരം, കൊടിക്കാൽ.

കേതുരത്നം [സം. -രത്ന] നാ. വൈഡൂര്യം.

കേതുവസനം [സം. -വസന] നാ. കൊടിക്കൂറ.

കേത്തൽ [പോർ.] നാ. വാലും അടപ്പുമുള്ള ഒരുതരം പാത്രം.

കേദര [സം.] വി. കോങ്കണ്ണുള്ള. നാ. 1. ഒരു വൃക്ഷം; 2. ഒരു മൃഗം; 3. കുന്തമുന.

കേദാരഖണ്ഡം [സം. കേദാര-ഖണ്ഡ] നാ. ചിറ.

കേദാരഗൗരീവ്രതം [സം. -ഗൗരീവ്രത] നാ. തുലാമാസത്തിലെ അമാവാസിനാൾ അനുഷ്ഠിക്കുന്ന ഒരു വ്രതം.

കേദാരനാഥൻ [സം. -നാഥൻ] നാ. ശിവൻ, കേദാരനാഥത്തിലെ പ്രതിഷ്ഠാമൂർത്തി.

കേദാരനാഥം [സം.] നാ. ഹിമാലയത്തിലെ ഒരു ശിവക്ഷേത്രം.

കേദാരപന്ത് [<സം. കേദാരബന്ധ]നാ. ഒരു രാഗം.

കേദാരബന്ധം [സം. കേദാര-ബന്ധ]നാ. = കേദാരപന്ത്.

കേദാരം [സം.] നാ. 1. കൃഷിസ്ഥലം, വയൽ, വിളനിലം; 2. മൈതാനം; 3. (സങ്ഗീ.) ഒരു രാഗം, ശങ്കരാഭരണജന്യം; 4. കാശിയിലെ ഒരു പുണ്യതീർഥം.

കേദാരയോഗം [സം. കേദാര-യോഗ] നാ. (ജ്യോ.) ഒരു ശുഭയോഗം, ഏഴുഗ്രഹങ്ങൾ നാലുരാശികളിലായി ഇടവിട്ടുവരുന്നത്.

കേന1 [സം.] അവ്യ. (കിം ശബ്ദം പുല്ലിങ്ഗത്തിലും തൃതീയ ഏകവചനത്തിൽ കൈക്കൊള്ളുന്ന രൂപം). ആരാൽ, ആരോട്, എന്തിനോട്, എന്തുകൊണ്ട്.

കേന2 നാ. ഒരു മരുന്നുചെടി, പർവമൂല.

കേനചിത്, -ചിൽ [സം. കേന-ചിത്] അവ്യ. ഏതോ ഒരാൾ, ഒന്നിനാൽ.

കേനതി [സം. -തീ] നാ. 1. രതിചേഷ്ട; 2. രതി.

കേനാപി [സം. -അപി] അവ്യ. ഏതെങ്കിലും വിധത്തിൽ എങ്ങനെയെങ്കിലും, ഏതോ ഒന്നിനാൽ.

കേനാരം [സം.] നാ. 1. തല; 2. തലയോട്; 3. ചെന്നി; 4. കവിൾത്തടം, കപോലം.

കേനിപാതകം [സം. കേ-നിപാതക]നാ. ചുക്കാൻ, തുഴ.

കേനോപനിഷത്ത് [സം. കേന-ഉപനിഷത്] നാ. പ്രധാനപ്പെട്ട പത്തുപനിഷത്തുകളിൽ ഒന്ന്.

കേന്ദ്രഗവണ്മെൻറ് = ഒരു ഫെഡറൽ ഭരണസംവിധാനത്തിൽ ഘടകപ്രദേശങ്ങളുടെ പൊതുവായ ഭരണം കൈകാര്യം ചെയ്യുന്ന ഭരണകൂടം.

കേന്ദ്രം [സം.] നാ. 1. വൃത്തത്തിൻെറ മധ്യബിന്ദു; 2. മധ്യം, മുഖ്യസ്ഥാനം; 3. പ്രധാനപ്പെട്ട സങ്കേതം, മുഖ്യപ്രവർത്തനസ്ഥാനം.

കേന്ദ്രീകരണം [സം.] നാ. കേന്ദ്രമാക്കിത്തീർക്കൽ, ഒന്നിച്ചു കൂട്ടൽ.

കേന്ദ്രീകരിക്കുക [<സം. കേന്ദ്രീ-കൃ] ക്രി. പലഭാഗത്തായി കിടക്കുന്നതിനെ ഒരിടത്താക്കുക, ഒന്നിനെമാത്രം ലക്ഷ്യാക്കുക.

കേപി [സം. കേ-അപി] അവ്യ. ചിലർ.

കേപ്പ1 നാ. കൂവരക്, പഞ്ഞപ്പുല്ല്.

കേപ്പ2, കേപ്പാ [സുറി.] നാ. പത്രോസിനു യേശു നൽകിയ നാമം.

കേപ്പ്[ഇം. ച്ചപ്] നാ. നാടൻ തോക്കിൻെറ കുറിഞ്ഞിയിൽ പൊട്ടാസു വയ്ക്കുന്ന അടപ്പ്.

കേബിൾ [ഇം. ച്ചബ്ലെ] നാ. കവചിതമായ ലോഹക്കമ്പി.

കേമ [പ്രാ. ഖേമ < സം. ക്ഷേമ] വി. ശരീരം, ബുദ്ധി, ധനം, സ്ഥാനം, ഗുണം തുടങ്ങിയവയിൽ മികച്ച, മികവുള്ള, കഴിവുള്ള, പ്രാപ്തിയുള്ള.

കേമണം നാ. = കേവണം.

കേമത്തം നാ. കേമമായിരിക്കുന്ന അവസ്ഥ, മിടുക്ക്, സാമർഥ്യം, മാഹാത്മ്യം.

കേമദ്രുമം [സം.] നാ. 1. (ജ്യോ.) ഒരു ചീത്തയോഗം, ചന്ദ്രൻ നിൽക്കുന്ന രാശിയുടെ രണ്ടിലും പന്ത്രണ്ടിലും ആദിത്യനൊഴികെ ഗ്രഹങ്ങൾ ഇല്ലാതിരിക്കൽ; 2. ദാരിദ്ര്യം, ദൗർഭാഗ്യം, കഷ്ടകാലം.

കേമിക്കുക ക്രി.. 1. കേമ്മാകുക, തടിക്കുക, ബലമുണ്ടാവുക; 2. വർധിക്കുക, വളരുക.

കേമ്പിരി നാ. ഒരുതരം പരുക്കൻ തുണി.

കേയി നാ. ഒരു സ്ഥാനപ്പേര് (മുസ്ലീംഗളുടെ).

കേയൂരം [സം.] നാ. തോൾവള; 2. ഒരു രതിബന്ധം.

കേയൂരി [സ. കേയൂരിൻ] വി. കേയൂരം ധരിച്ചിട്ടുള്ള.

കേരം [സം.] നാ. തെങ്ങ്. കേരതൈലം, കേരനെയ്യ് = വെളിച്ചെണ്ണ. കേരപ്രശ്നം = (ജ്യോ.) തേങ്ങ ഉരുട്ടി അതിൻെറ മുഖം ഏതു രാശിക്കുനേരെ നിൽക്കുന്നു എന്നു നോക്കി ഫലം പ്രവചിക്കുന്നത്.

കേരവം [സം.] നാ. അരയന്നം.

കേരളകാന്തകം [സം.] നാ. പന്ത്രണ്ടു നിലകളുള്ള ഒരുതരം കെട്ടിടം.

കേരളൻ [സം. കേരല] നാ. 1. കേരളത്തിലെ രാജാവ്; 2. കേരളദേശക്കാരൻ, മലയാളി.

കേരളപ്രാസം [സം. -പ്രാസ] നാ. ദ്വിതീയാക്ഷരപ്രാസം.

കേരളം [സം. കേരല] നാ. മലയാളനാട്, സഹ്യപർവതത്തിനും അറബിക്കടലിനും മധ്യേ സ്ഥിതിചെയ്യുന്ന ദേശം. കേരളപാണിനീയം = മലയാളഭാഷയുടെ ഒരു ആധികാരികവ്യാകരണഗ്രന്ഥം. കേരളഭാഷ = മലയാളഭാഷ.

കേരളി [സം. കേരലീ] നാ. 1. കേരളീയസ്ത്രീ; 2. ഒരു സംസ്കൃതവൃത്തം.

കേരളീയ [സം.] വി. കേരളത്തെ സംബന്ധിച്ച, ഏരളത്തിലുള്ള.

കെരളീയത, -ത്വം നാ. കേരളീയൻെറ സ്വഭാവം, കേരളത്തിൻെറ പ്രത്യേകത.

കേരി[സം. കേരീ] നാ. = കേരം. കേരിജം, കേരീദുഗ്ധം, കേരീരസം = തേങ്ങാപ്പാൽ.

കേല1 നാ. ഉമിനീർ, ഈത്ത, ചാളുവ (പ്ര.) കേല ഒലിപ്പിക്കുക = നിരർഥകമായി സംസാരിക്കുക.

കേല2 [പ്രാ. കയല < സം. കദല] നാ. വാഴ.

കേലകൻ [സം. കേലക] നാനർത്തകൻ; 2. ഞാണിന്മേൽ ദണ്ഡിപ്പുകാരൻ, വടത്തിലോ വാളിന്റെ വായ്ത്തലയിലോ നൃത്തം വയ്ക്കുന്നവൻ.

കേലാസം [സം.] നാ. സ്ഫ്ഹടികം, പളുങ്ക്.

കേലികിലൻ [സം. കേലി-കില] നാ. നാടകത്തിൽ നായകന്റെ സന്തതസഹചാരിയായ കഥാപാത്രം, വിദൂഷകൻ.

കേലികിലാവതി [സം. -കിലാവതീ] നാ. രതീദേവി.

കേലികുഞ്ചിക [സം. -കുഞ്ചികാ] നാ. ഭാര്യയുടെ അനുജത്തി.

കേലികുപിത [സം. -കുപിത] വി. കളിക്കിടയിൽ കോപിക്കുന്ന.

കേലികോശൻ, -കോഷൻ [സം. -കോശ, -കോഷ] നാ. നടൻ, നർത്തകൻ.

കേലിഘോഷകൻ [സം. -ഘോഷക] നാ. ഹാസ്യനടൻ, നേരമ്പോക്കുകാരൻ.

കേവഞ്ചി [കേവ്-വഞ്ചി] നാ. കേവുതോണി.

കേവടം [സം.] നാ. ഗുഹ.

കേവണങ്കമ്പി [കേവണം-കമ്പി] നാ. തട്ടാന്മാർ സ്വർണപ്പണിക്ക് ഉപയോഗിക്കുന്ന ഒരു ഉപകരണം.

കേവണം, കേമണം [പ്രാ. ഖേവണ < സം. ക്ഷേപണ] നാ. ആഭരണങ്ങളിൽ കല്ലു (രത്നം) പതിക്കാനായി ഉണ്ടാക്കുന്ന കുഴി.

കേവർത്തകൻ [സം. കേവർത] നാ. കൈവർത്തകൻ.

കേവർത്തം [സം.] 'ജലത്തിൽ വർത്തിക്കുന്നത്.' നാ. മത്സ്യം.

കേവല1 [സം.] വി. 1. ഒരാളിനു മാത്രമുള്ള, പൊതുവായിട്ടുള്ളതല്ലാത്ത; 2. ഒറ്റയായ, തനിച്ച; 3. അസാധാരണമായ; 4. ദൃശ്യരൂപമില്ലാത്ത, പരമമായ; 5. പൂർണമായ; 6. ആവരണമില്ലാത്ത; 7. സ്വാർഥതയുള്ള.

കേവല2 [സം. കേവലാ] നാ. ഏകയായവൾ, പരാശക്തി.

കേവലകൃതി [സം. കേവല-കൃതി] നാ. (വ്യാക.) കർത്താവു പരപ്രേരണ കൂടാതെ ചെയ്യുന്ന ക്രിയ.

കേവലക്രിയ നാ. = കേവലകൃതി.

കേവലജ്ഞാനം [സം. -ജ്ഞാന] നാ. പരമാർഥജ്ഞാനം, ബ്രഹ്മജ്ഞാനം.

കേവലദ്രവ്യം [സം. -ദ്രവ്യ] നാ. 1. വെറും ഭൗതികവസ്തു; 2. കുരുമുളക്.

കേവലൻ [സം. കേവല] നാ. 1. ഏകൻ, പരമാത്മാവ്, ഈശ്വരൻ; 2. കൈവല്യപ്രാപ്തിക്കായി പ്രയത്നിക്കുന്നവൻ; 3. സാധാരണമനുഷ്യൻ.

കേവലം [സം.] അവ്യ. മാത്രം, മിക്കവാറും, മുഴുവനും, തീരെ. നാ. 1. ആത്മപ്രകൃതികളുടെ ഐക്യസിദ്ധാന്തം, കേവലജ്ഞാനം. കേവലസത്യം = എല്ലാമനുഷ്യർക്കും എല്ലാക്കാലത്തും എല്ലാവിഷയങ്ങളിലും ഒരുപോലെ സാധ്യമായിട്ടുള്ളത്, കേവലസ്വരൂപൻ = പരമാത്മാവ്; 2. ശിവൻ; 3. (വ്യാക.) ഗതിഘടകം വ്യാക്ഷേപകം എന്ന മൂന്നിനത്തിലും ഉൾപ്പെടാത്ത ചില അർഥങ്ങളെ ദ്യോതിപ്പിക്കുന്ന ദ്യോതകപദം..

കേവലസ്വരം [സം. -സ്വര] നാ. (വ്യാക.) മറ്റുസ്വരങ്ങളുടെ സ്പർശമില്ലാതെ നിൽക്കുന്ന സ്വരം (അ, ഇ, ഉ എന്നിവ).

കേവലി1 [സം. കേവലിൻ] നാ. പരമാത്മജ്ഞാനം നേടിയവൻ.

കേവലി2 [സം. കേവലീ] നാ. 1. ലക്ഷണം പറച്ചിൽ, മഷി

623

കേവി നാ. കേവുകാരൻ.

കേവ്[പ്രാ. ഖേവ] നാ. 1. ചരക്ക്, ഭാരം; 2. പതിവായി കൂലിക്കു ഗതാഗതം ചെയ്യുന്ന വഞ്ചി; 3. തോണിക്കൂലി; 4. ആദായം. കേവിറക്കുക = കൂലിവാങ്ങിക്കൊണ്ട് ചരക്കുകളെയും ആളുകളെയും വള്ളത്തിൽ കയറ്റി ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തുകൊണ്ടുപോയി ഇറക്കുക.

കേവുക ക്രി. 1. കേഴുക; 2. ശബ്ദിക്കുക.

കേവുകപ്പൽ [കേവ്-കപ്പൽ] നാ. 1. ഭാരം കയറ്റിപ്പോകുന്ന കപ്പൽ; 2. യാത്രക്കാരെ കൊണ്ടുപോകുന്നതിനുള്ള കപ്പൽ.

കേവുകാരൻ [കേവ്-കാരൻ] നാ. വഞ്ചിയിൽ ചരക്കുകളെയോ ആളുകളെയോ കൊണ്ടുപോകുന്നവൻ.

കേവുകൂലി [കേവ്-കൂലി] നാ. ചരക്കുകളെയോ ആളുകളെയോ വഞ്ചിയിൽ കയറ്റിക്കൊണ്ടുപോകുന്നതിനുള്ള കൂലി.

കേവുതോണി, -വള്ളം, -വഞ്ചി [കേവ്-തോണി, -വള്ളം, -വഞ്ചി] നാ. കൂലിക്കായിട്ടു ചരക്കുകളും വഴിപോക്കരെയും കയറ്റിക്കൊണ്ടു പോകുന്ന വള്ളം.

കേവുഭാരം [കേവ്-ഭാര] നാ. കപ്പൽ, വള്ളം മുതലായവയുടെ വലിപ്പച്ചെറുപ്പമനുസരിച്ച് കയറ്റാവുന്ന ഭാരം.

കേശക [സം.] വി. തലചീകുന്നതിൽ ശ്രദ്ധപതിപ്പിക്കുന്ന, തലമുടി വെടിപ്പാക്കുന്നതിൽ സാമർഥ്യമുള്ള.

കേശകർമ [സം. കേശ-കർമൻ] നാ. തലമുടി ചീകികെട്ടൽ.

കേശകലാപം [സം. -കലാപ] നാ. സമൃദ്ധമായ മുടി.

കേശകാരകൻ [സം. -കാരക] നാ. മുടി വൃത്തിയാക്കിക്കൊടുക്കുന്നവൻ, കേശസംസ്കാരം ചെയ്യുന്നവൻ.

കേശകാരി [സം. -കാരിൻ] നാ. = കേശകാരകൻ.

കേശകീടം [സം. -കീട] നാ. പേൻ.

കേശഗർഭൻ [സം. -ഗർഭ] നാ. വരുണൻ.

കേശഗ്രന്ഥി [സം. ഗ്രന്ഥി] നാ. തലമുടിക്കെട്ട്.

കേസഗ്രഹണം [സം. -ഗ്രഹണ] നാ. = കേശഗ്രഹം.

കേശഗ്രഹം [സം. -ഗ്രഹ] നാ. തലമുടിചുറ്റിപ്പിടിക്കൽ.

കേശഘ്നം [സം. -ഘ്ന < ഹൻ] നാ. മുടിയെ നശിപ്പിക്കുന്നത്, മുടിപ്[ഒഴിച്ചിൽ, കഷണ്ടി.

കേശച്ഛിത്ത് [സം. -ഛിദ്] നാ. ക്ഷുരകൻ, മുടിവെട്ടുന്നവൻ.

കേശടൻ [സം.] നാ. 1. വിഷ്ണു; 2. സഹോദരൻ.

കേശടം [സം.] നാ. 1. പലകപ്പയ്യാനി; 2. ആട്; 3. കാമൻെറ അസ്ത്രങ്ങളിൽ ഒന്ന്; 4. മൂട്ട; 5. പേൻ.

കേശധാരണം [സം. കേശ-ധാരണ] നാ. മുടിവളർത്തൽ.

കേശധാരി [സം. -ധാരിൻ] നാ. മുടിമുറിക്കാതെ വളർത്തുന്ന ആൾ.കേശൻ [സം. കേശ] നാ. 1. വരുണൻ; 2. വിഷ്ണു.

കേശപക്ഷം [സം. -പക്ഷ] നാ. 1. സമൃദ്ധമായ തലമുടി, തലമുടിക്കെട്ട്; 2. ചെന്നി.

കേശപർണി [സം. -പർണീ] നാ. വലിയകടലാടി.

കേശപാശം [സം. -പാശ] നാ. 1. കുടുമ; 2. തലമുടി, കെട്ടിവച്ച തലമുടി.

കേശപാശി [സം. -പാശീ]നാ. 1. കുടുമ; 2. അഴിച്ചിട്ട കുടുമ.

കേശപ്രസാധനി [സം. -പ്രസാധനീ] നാ. ചീപ്പ്.

കേശഭാരം [സം. -ഭാര] നാ. 1. തലമുടിക്കെട്ട്; 2. കഥകളിയിൽ പച്ച, കത്തി എന്നീ വേഷക്കാർ അണിയുന്ന കിരീടത്തിനു പിന്നിൽ വച്ചുപിടിപ്പിക്കുന്ന വൃത്താകൃതിയിലുള്ള ഭാഗ. കേശഭാരകിരീടം = കേശഭാരം വച്ചുപിടിപ്പിച്ച കിരീടം.

കേശം [സം.] നാ. 1. തലമുടി; 2. രോമം; 3. കുഞ്ചിരോമം; 4. സിംഹം; 5. കുതിര; 6. സൂര്യരശ്മി; 7. യോനി; 8. വിശ്വം.

കേസമഥനി [സം. കേശ-മഥനീ] നാ. വന്നി എന്ന വൃക്ഷം.

കേശമാർജകം [സം. -മാർജക] നാ. = കേശമാർജനം.

കേശമാർജനം, -മാർജകം [സം. -മാർജന <മൃജ്] നാ. ചീപ്പ്.

കേശമുഷ്ടി [സം. -മുഷ്ടി] നാ. 1. ഒരു ചുരുൾ മുടി; 2. ഒരു ഔഷധി, വിഷമുഷ്ടി; 3. വലിയവേപ്പ്.

കേശരചന [സം. -രചനാ] നാ. കേശകർമം

കേശരഞ്ജനം [സം. -രഞ്ജന] നാ. 1. മുടി നിറം പിടിപ്പിക്കൽ; 2. കയ്യോന്നി.

കേശരം [സം.] നാ. = കേസരം.

കേശരാജൻ [സം. -രാജൻ] നാ. 1. ആൺ വണ്ട്; 2. ഒരു പക്ഷി.

കേശരാജം [സം. -രാജ] നാ. 1. കയ്യോന്നി; 2. ആൺ വണ്ട്; 2. ഒരു പക്ഷി.

കേശവ [സം. -വ] വി. നീണ്ടു ഭങ്ഗിയുള്ള ധാരാളം മുടിയോടുകൂടിയ, ധാരാളം മുടിയുള്ള.

കേശവൻ [സം. കേശവ] നീ. 1. വിഷ്ണു, ബ്രഹ്മാവ് ശിവൻ എന്നിവരാകുന്ന കേശങ്ങൾ (രശ്മികൾ) ഉള്ളവൻ; 2. പ്രളയകാലത്തു ശവമെന്നപോലെ ഇരിക്കുന്നവൻ; 3. കൃഷ്ണാവതാരത്തിൽ കേശി എന്ന അസുരനെ കൊന്നവൻ.

കേശവം [സം.] നാ. 1. പുന്ന; 2. മാർകഴിമാസം.

കേശവർധിനി [സം. കേശ-വർധിനീ] നാ. മഞ്ഞക്കുറുന്തോട്ടി.

കേശവായുധം [സം. കേശവ-ആയുധ] നാ. മാവ്.

കേശവാലയം [സം. -ആലയ] നാ. അരയാൽ, കേശവാസം.

കേശവാവാസം [സം. -ആവാസ] നാ. അരയാൽ.

കേശവേശം [സം. കേശ-വേശ] നാ. ഭങ്ഗിയായി കെട്ടിവച്ച തലമുടി.

കേശശൂല [സം. -ശൂലാ]നാ. 1. തേവിടിശ്ശി; 2. തലമുടിയെ ബാധിക്കുന്ന ഒരു രോഗം.

കേശഹസ്തം [സം. -ഹസ്ത] നാ. നല്ല തലമുടി, അലങ്കൃതമായ തലമുടിക്കെട്ട്.

കേശഹൃത്ഫല [സം. -ഹൃത്ഫലാ] നാ. കേശഹന്ത്രി.

കേശാകർഷണം [സം. -ആകർഷണ] നാ. 1. തലമുടി പിടിച്ചുവലിക്കൽ; 2. ചെറിയ സുഷിരമുള്ള കുഴലുകൾ.

കേശാകേശി [സം.] നാ. അന്യോന്യം തലമുടി പിടിച്ചുവലിക്കൽ.

കേശാകേശികം [സം.] നാ. കേശാകേശി.

കേശാദിപാദം [സം. കേശാദി-പാദ] അവ്യ. കേശം മുതൽ പാദം വരെ. കേശാദിപാദം ആടുക = കഥകളിയിലും മറ്റും ശരീരത്തിലുള്ള എല്ല അങ്ഗങ്ങളും വർണിച്ച് ആടുക.

കേശാന്തം [സം. കേശ-അന്ത] നാ. 1. നെറ്റിക്കുമുകളിൽ മുടി തുടങ്ങുന്ന ഭാഗം; 2. തൂങ്ങിക്കിടക്കുന്ന നീളമുള്ള മുടി.

കേശാംബു [സം. -അംബു] നാ. ഇരുവേലി.

കേശാർഹ [സം. -അർഹാ] നാ. വലിയ അമരി.

കേശാഹ്വം [സം. -അഹ്വ] നാ. ഇരുവേലി.

കേശി1 [സം. കേശിൻ] വി. 1. നല്ലമുടിയുള്ള; 2. കേശം ഉള്ളവൻ, വിഷ്ണു, കൃഷ്ണൻ; 3. കുതിര; 4. സിംഹം.

കേശി2 [സം. കേശീ] നാ. 1. ദുർഗ; 2. വലിയ ശതാവരി; 3. അമരി.

കേശിക [സം.] വി. 1. ധാരാളം മുടിയുള്ള; 2. നറുമാഞ്ചി.

കേശിനി [സം. കേശിനീ] നാ. 1. ധാരാളം മുടിയുള്ളവൾ; 2. കൈകസി; 3. ദുർഗ; 4. കാട്ടുപാവൽ.

കേശിനിഷൂദനൻ, -മഥനൻ [സം. കേശി-നിഷൂദന, -മഥന] നാ. ശ്രീകൃഷ്ണൻ.

കേശ് നാ. പാൽക്കട്ടി.

കേശ്യ [സം.] വി. തലമുടിക്കു ഹിതമായ.

കേശ്യം [സം.] നാ. 1. ഇരുവേലി; 2. കാരകിൽ; 3. കയ്യോന്നി.

കേസരം [സം.] നാ. 1. പുഷ്പങ്ങളിലെ പരാഗം വഹിക്കുന്ന ചെറുനാര്, അല്ലി; 2. നാകപ്പൂവ്; 3. ഇലഞ്ഞിപ്പൂവ്; 4. പുന്ന, അതിന്റെ പൂവ്; 5. മാതളനാരകം; 6. കുങ്കുമം; 7. പെരുങ്കായം.

കേസരവരം [സം. കേസര-വര] നാ. കുങ്കുമം.

കേസരാചലം [സം. -അചല] നാ. മേരുവിനെ ചുറ്റിയുള്ള പർവതനിര.

കേസരാമ്ലം [സം. -അമ്ല] നാ. മാതളനാരകം.

കേസരി [സം. കേസരിൻ] നാ. 1. സിംഹം; 2. ശ്രേഷ്ഠൻ; 3. കുതിര; 4. ഹനുമാന്റെ പിതാവായ വാനരൻ; 5. മാതളനാരകം; 6. ചെമ്മുരിങ്ങ; 7. പുന്ന; 8. കേസരിയോഗം; 9. ഒരു രാഗം.

കേസരിയോഗം [സം.] നാ. (ജ്യോ.) ഒരു ശുഭയോഗം, ചന്ദ്രന്റെ കേന്ദ്രത്തിൽ വ്യാഴം നിൽക്കുമ്പോൾ സംഭവിക്കുന്നത്.

കേസ്1, കേസ്സ് [ഇം. ച്ചസെ] നാ. 1. കോടതിയിലെ വ്യവഹാരം, സങ്കടം പരാതി തുടങ്ങിയവ ബോധിപ്പിച്ചുകൊണ്ട് കോടതിയിലും മറ്റും എഴുതി സമർപ്പിക്കുന്ന ഹർജി. (പ്ര.) കേസ് എടുക്കുക, -കോടുക്കുക; 2. സങ്ഗതി, കാര്യം; 3. ചികിത്സയ്ക്കു വരുന്ന രോഗികളുടെ പ്രശ്നം.

കേസ്2 [ഇം. ച്ചസെ] നാ. പെട്ടി.

കേൾ[കേൾക്കുക] ധാതുരൂപം.

കേൾക്കുക ക്രി. 1. ചെവികൊണ്ടറിയുക, ശബ്ദം ഗ്രഹിക്കുക; 2. ചോദിക്കുക; 3. അനുസരിക്കുക; 4. അറിക്കുക; 5. അനുഭവിക്കുക.

കേൾപ്പ് [കേൾക്കുക] നാമരൂപം.

കേൾപ്പോർ [<കേള്1] നാ. 1. കേൾക്കുന്നവർ, ശ്രോതാക്കൾ; 2. ചോദിക്കാനുള്ളവർ, നിയന്ത്രിക്കേണ്ടവർ, കേൾപ്പോരും കേൾവിയും = ഉത്തരവാദിത്വത്തോടെ ചോദിക്കാൻ ആളുള്ള അവസ്ഥ.

കേൾവി [കേൾക്കുക] നാ. 1. കേൾക്കൽ, ഏതെങ്കിലും ശബ്ദം ചെവിയിൽക്കൂടി മനസ്സിലാക്കുന്ന പ്രവർത്തനം; 2. അറിവ്; 3. അറിയിപ്പ്; 4. പ്രസിദ്ധി; 5. പറച്ചിൽ.

കേൾവിവരി [കേൾവി-വരി] നാ. രാജാവിന്റെ കൽപനകളെ എഴുതിവയ്ക്കുന്ന ഗ്രന്ഥം.

കേളൻ1 നാ. 1. തോഴൻ, സ്നേഹിതൻ; 2. എത്രതിന്നാലും മതിയാകാത്തവൻ.

കേളൻ2 [സം. കേരല] നാ. ഒരു പുരുഷനാമം. പാലം കുലുങ്ങിയാലും കേളൻ കുലുങ്ങുകയില്ല. (പഴ.)

കേളാതെ [കേള്1-ആതെ] അവ്യ. കേൾക്കാതെ, ശ്രദ്ധിക്കാതെ.

കേളാർ [<കേൾ2] നാ. ശത്രുക്കൾ.

കേളി1 [<കേള്1] നാ. കേൾവി, പ്രസിദ്ധി; 2. = കേളികൊട്ട്.

കേളി2 [സം. കേലി] നാ. 1. കളി; 2. വിനോദം, നേരമ്പോക്ക്; 3. രതിക്രീഡ; 4. പരിഹാസം, നിന്ദ.

കേളികല [സം. കേലി-കലാ] നാ. 1. ശൃങ്ഗാരചേഷ്ടിതം, ശൃങ്ഗാരഭാഷണം; 2. ക്രീഡ, വിലാസം; 3. സരസ്വതിയുടെ വീണ.

കേളികാനനം [സം. കേലി-കാനന] നാ. ഉദ്യാനം.

കേളികില [സം. -കില] നാ. = കേലികില.

കേളികൊട്ട് [കേളി1-കൊട്ട്] നാ. കഥകളി ചടങ്ങുകളിൽ ആദ്യത്തേത്, കഥകളി നടത്താൻ പോകുന്നു എന്നു പരസ്യപ്പെടുത്തുന്ന വാദ്യപ്രയോഗം.

കേളിക്കൈ [കേളി1-കൈ] നാ. കഥകളിയുടെ ആരംഭസൂചകമായ ഒരു ചടങ്ങ്.

കേളിഗൃഹം [സം.] നാ. = കേളീഗൃഹം.

കേളിതം [സം. ഹേലിത] നാ. വിനോദം, കളി, നേരമ്പോക്ക്.

കേളിനാഗരൻ [സം. കേലി-നാഗര] നാ. വിഷയലമ്പടൻ, ലൗകികസുഖാനുഭോഗങ്ങളിൽ തത്പരൻ.

കേളിപാത്രം, -യാത്രം, കേള്യാത്രം [സം. -പാത്ര] നാ. ഒരുതരം ഭിക്ഷാടനം.

കേളിമുഖം [സം. -മുഖ] നാ. വിനോദം, നേരമ്പോക്ക്, കളി.

കേളിവനം [സം. -വന] നാ. കേളികാനനം.

കേളിവൃക്ഷം [സം. -വൃക്ഷ] നാ. കേളികദംബം.

കേളിശുഷി [സം. -ശുഷി] നാ. ഭൂമി.

കേളിസചിവൻ [സം. -സചിവ] നാ. തോഴൻ, വിദൂഷകൻ.

കേളീഗൃഹം [സം. കേലീ-ഗൃഹ] നാ. വിനോദിക്കുന്നതിനുള്ള ഭവനം.

കേള് നാ. 1. ബന്ധു; 2. ഭർത്താവ്.

കേഴ് [കേഴുക] ധാതുരൂപം.

കേഴ്ച [കേഴുക] നാ. = കേഴി.

കേഴ്വി നാ. = കേൾവി.

കേഴ നാ. കടും തവിട്ടു നിറമുള്ള ഒരിനം മാൻ. കേഴക്കണ്ണി, കേഴമാൻ കണ്ണാൾ.

കേഴമാന്മിഴി നാ. = കേഴമാനിന്‍െറ മിഴിപോലുള്ള കണ്ണുള്ളവൾ.

കേഴച്ചൂരൽ [കേഴ-ചൂരൽ] നാ. ഒരുജാതി ചൂരൽ.

കേഴി, കേഴ്ച [<കേഴുക] നാ. മരിച്ച ബന്ധുവിന്‍െറ തലയിൽ എണ്ണയൊഴിക്കുന്ന ഒരു ചടങ്ങ്.

കേഴിക്കുക [കേഴുക >പ്രയോ.] ക്രി. കരയിക്കുക, വ്യസനിപ്പിക്കുക.

കേഴുക ക്രി. കരയുക, വ്യസനിക്കുക, വിഷമിക്കുക.

കേറ് [കേറുക] ധാതുരൂപം.

കേറുക [<കയറുക] ക്രി. മുകളിലേക്കുപോകുക, പൊങ്ങുക; 2. എത്തുക, പ്രാപിക്കുക; 3. പ്രവേശിക്കുക, അകത്തു കടക്കുക; 4. വർധിക്കുക, അർതിരുകവിയുക.

കേറ്റം [കേറുക] നാ. = കയറ്റം.

കേറ്റാളി [കേറുക] നാ. മരം കയറുന്നവൻ.

കേറ്റുക [കയറുക >പ്രയോ.] ക്രി. കയറ്റുക. കേറ്റുമതി = കയറ്റുമതി.

കൈ1 [കൈക്കുക] ധാതുരൂപം.

കൈ2, കയ് നാ. 1. ശരീരാവയവങ്ങളിലൊന്ന്. (പ്ര.) ഇട്ട കൈക്കുകടിക്കുക; 2. തുമ്പിക്കൈ (കൈപോലെ ഉപയോഗിക്കുന്നതിനാൽ); 3. ആയുധങ്ങളുടെയും മറ്റും പിടി. ഉദാ. തൂമ്പാക്കൈ; 4. കഥകളിക്കാരുടെ മുദ്ര, സംജ്ഞ. ഉദാ.കൈയും കലാശവും, മുദ്രക്കൈ; 5. ഇല, ഇലത്തണ്ട് (വാഴ, ഉലട്ടി മുതലായവയുടെ). ഉദാ. വാഴക്കൈ; 6. വശം, പാർശ്വം; 7. ബലം, ശക്തി; 8. അധികാരം, അധികാരപ്പെടുത്തിക്കൊണ്ടുള്ള എഴുത്ത്; 9. പ്രവൃത്തി, കർമം; 10 തവണ, മുറ. ഉദാ. പലകൈ ശ്രമിച്ചിട്ടും പരീക്ഷ ജയിക്കാൻ പറ്റിയില്ല; 11. (ചീട്ടുകളിയിൽ) ഒരാളുടെ കൈവശമിരിക്കുന്ന ചീട്ട്, കളിക്കാരിൽ ഒരാൾ, ഒരുകക്ഷി; 12. ചതുരങ്ഗത്തിലെ ഒരു കളി; 13. പ്രേരണ, സ്വാധീനം; 14. ശാഖ, കൈവഴി; 15. കഴുക്കോൽ. (പ്ര. കൈകടത്തുക = മറ്റൊരുവന്‍െറ കാര്യത്തിൽ ഇടപെടുക; കൈകടിക്കുക = നാണിക്കുക, ചെയ്തത് അബദ്ധമായിപ്പോയി എന്ന ഭാവം പ്രകടിപ്പിക്കുക. കൈനനയാതെ മീൻ പിടിക്കുക. കൈപ്പുണ്ണിനു കണ്ണാടി വേണ്ട. (പഴ.)

കൈകാട്ടുക ക്രി. 1. ഹസ്തചലനം കൊണ്ട് നിർദേശിക്കുക; 2. (പ്ര.) അൽപം മാത്രം കൊടുക്കുക, കൊടുത്തു എന്നു വരുത്തുക.

കൈകാര്യം നാ. 1. ഉപയോഗിക്കൽ, പ്രവർത്തിക്കൽ; 2. ഉപകാരം, പ്രയോജനം; 3. ഭരണം, നിയന്ത്രണം, നടത്തിപ്പ്. (പ്ര.) കൈകാര്യകർത്താവ് = നിയന്ത്രിക്കുന്ന ആൾ. കൈകാര്യകർത്തൃത്വം = കാര്യം നടത്തേണ്ട ചുമതല.

കൈകാവൽ നാ. സൂക്ഷിപ്പ്, സം രക്ഷണം.

കൈകൂപ്പുക ക്രി. കൈപ്പടങ്ങൾ രണ്ടും ചേർത്തുപിടിച്ച് ആദരവു പ്രകടിപ്പിക്കുക, തൊഴുക.

കൈകൂപ്പ്                    നാ. 1, കൈകൂപ്പുക; 2. ഒരാളുടെ പാദം മുതൽ ഉയർത്തിപ്പിടിച്ച കൈയുടെ അഗ്രം വരെയുള്ള അളവ്

625

കൈകേയി            [സം. കൈകേയീ]    നാ. 1. കേകയരാജപുത്രി, ദശരഥൻെറ മൂന്നുഭാര്യമാരിൽ ഒരുവൾ, ഭരതൻെറ മാതാവ്; 2. കേകയഗോത്രത്തിൽ പിറന്ന സ്ത്രീ; 3. സുദേഷ്ണ, വിരാടരാജാവിൻെറ പത്നി.

കൈകൊട്ടിക്കളി                നാ. പാട്ടുപാടിയും അതിൻെറ താളത്തിനൊത്തു കൈകൊട്ടിയും ചുവടുവച്ചും സ്ത്രീകൾ നടത്തുന്ന ഒരുതരം നൃത്തം.

കൈകൊട്ടുക                  ക്രി. 1. രണ്ടു കൈത്തലങ്ങളും കൂട്ടിയടിച്ച് ശബ്ദം ഉണ്ടാക്കുക, കൈതട്ടുക; 2. സമുദായത്തിൽനിന്നും പുറത്തുതള്ളുന്നതിൻെറ സൂചനയായി കൈകൊട്ടുക, ജാതിയിൽനിന്നു പുറത്താക്കുക. കൈകൊട്ടിപ്പുറത്താക്കുക, -പുറത്തുകളയുക = പിഴച്ചുപോയ അന്തർജനത്തെയോ ആ സ്റ്റ്രീയുമായി ബന്ധപ്പെട്ട മറ്റാരെയെങ്കിലുമോ സ്മാർത്തവിചാരം ചെയ്തു വീട്ടിൽനിന്നും സ്വജാതിയിൽനിന്നും പുറത്താക്കുക, പടിയടച്ചു പിണ്ഡം വയ്ക്കുക = ജാതിഭ്രഷ്ടു കൽപിക്കുക.

കൈക്കച്ചട്ടം                 നാ. അരയിൽ കെട്ടാനുള്ള നാടയോടുകൂടിയ കൗപീനം.

കൈക്കണക്ക്                  നാ. 1. കൊടുക്കൽ വാങ്ങൽ, കരംതീർപ്പു തുടങ്ങിയവ സംബന്ധിച്ചുള്ള കണക്ക്, കരം തീർപ്പു രസീത്; 2. കണക്കുകുറിച്ചു വയ്ക്കാനുള്ള പുസ്തകം; 3. കടം വാങ്ങിച്ച ആൾ എഴുതിക്കൊടുക്കുന്ന പറ്റുചീട്ടുപുസ്തകം; 5. കണക്ക്, തോത്; 6. കുറിമാനം, ഓർമക്കുറിപ്പ്; 7. കൈകൊണ്ടു ചെയ്യുന്ന ഗണനം.

കൈക്കാണം                   നാ. 1. കൈക്കൂലി; 2. സമ്പാദ്യം, കൈയിലുള്ള ധനം.

കൈക്കാണപ്പാട്ടം              നാ. ഒരിനം പാട്ടം, ഒരു നിശ്ചിതകാലം വരെ കൈവശംവച്ചു വസ്തു നന്നാക്കിക്കൊള്ളണമെന്ന വ്യവസ്ഥയിൽ വസ്തു വിട്ടുകൊടുക്കുന്നത്.

കൈക്കാരൻ                   നാ. 1. കാര്യസ്ഥൻ, കൈകാര്യകർത്താവ്; 2. ക്രൈസ്തവദേവാലയങ്ങളിൽ പണച്ചുമതല വഹിക്കുന്ന ആൾ; 3. ശക്തൻ, സമർഥൻ; 4. ധനവാൻ; 5. കൈയാൾ; 6. തൊഴിലാളി; 7. ചതിയൻ; 8. സ്ഥാനക്കാരൻ; 9. ചീട്ടുകളിയിൽ ആദ്യം ചീട്ടിറക്കിക്കളിക്കേണ്ടവൻ; 10. പുലയരുടെ തലവനായ വള്ളുവൻെറ അനുചരരിൽ ഒരാൾ; 11. പ്രധാന പാകക്കാരൻ; 12. കൈത്തൊഴിൽ ചെയ്യുന്നവൻ.

കൈക്കിര                    വി. കൈയിലെടുക്കാവുന്ന.നാ. കൈവശമുള്ള ആഹാരം.

കൈക്കില, ഏല               നാ. ചൂടുള്ള പാത്രം എടുക്കുന്നതിനു കൂട്ടിപ്പിടിക്കുന്ന ഇല മുതലായത്.

കൈക്കീഴ്                    വി. അധികാരത്തിനു താഴെ.

കൈക്കീറ്                    നാ. 1. അക്ഷരജ്ഞാനമില്ലാത്തവർ ഒപ്പിനു പകരമിടുന്ന അടയാളം; 2. അക്ഷരജ്ഞാനമില്ലാത്തവൻ.

കൈക്കുഞ്ഞ്, -കുട്ടി           നാ. കൈയിലെടുത്തുകൊണ്ടു നടക്കുന്ന പ്രായത്തിലുള്ള ശിശു.

കൈക്കുത്ത് നാ. 1. കൈനിറയെ കോരിയത്; 2. കൈകൊണ്ടുള്ള ഇടി; 8. നെല്ലു മുതലായ ധാന്യങ്ങൾ ഉരലിലിട്ട് ഉലക്കകൊണ്ടു കുത്തി ഉമിയും തോടും മറ്റും വേർപെടുത്തൽ. ഉദാ. കൈക്കുത്തരി.

കൈക്കുമ്പിൾ നാ. കൈത്തലങ്ങൾ ചേർത്തു കുമ്പിൾപോലെയാക്കിയത്.

കൈക്കുഴി നാ. = കാക്ഷം.

കൈക്കുറിപ്പ് നാ. ഓർമയ്ക്കായി എഴുതിവച്ച വരവുചെലവുകണക്കുകൾ, രസീതുകൾ, നിർദേശങ്ങൾ തുടങ്ങിയവ.

കൈക്കുറ്റപ്പാട് നാ. 1. പ്രവൃത്തി; 2. എഴുതൽ, എഴുത്ത്; 3. കയ്യേറ്റം, ദേഹോപദ്രവം ഏൽപ്പിക്കൽ.

കൈക്കുറ്റം നാ. 1. പ്രവൃത്തിയിലുള്ള ദോഷം; 2. കൈയേറ്റം.

കൈക്കൂട്ട് നാ. = കക്ഷം.

കൈക്കൂലി നാ. 1. കാര്യസിദ്ധിക്കുവേണ്ടി രഹസ്യമായി കൊടുക്കുന്ന പ്രതിഫലം, അവിഹിതമായി കിട്ടുന്ന ആദായം, കൈക്കാണം, കോഴ, (പ്ര.) കൈക്കൂലിപ്പാപി = വലിയകൈക്കൂലിക്കാരൻ; 2. പൊളിച്ചെഴുത്തു നികുതി; 3. ദിവസശംബളം പുതുക്കേണ്ടതിനുള്ളകരം.

കൈക്കൂറ് നാ. 1. സർക്കാർവക പാട്ടഭൂമിയുടെ കൈവശാവകാശം ഒഴിയേണ്ടി വരുമ്പോൾ കിട്ടുന്ന പ്രതിഫലം; 2. തവണ.

കൈക്കൂറനുഭോഗം നാ. സർക്കാർദേവസ്വംവക ഒരു ഭൂവുടമസമ്പ്രദായം.

കൈക്കൊള്ളുക ക്രി. = കയ്ക്കൊള്ളുക.

കൈക്കോടാലി നാ. ചെറുകോടാലി.

കൈക്കോട്ട്1 നാ. 1. കൈകോടിയത്, രണ്ടുകൈകളും മലർത്തി വെള്ളം എടുക്കാൻ പാത്രം പോലെ പിടിച്ചത്, കൈക്കുമ്പിൾ; 2. ഭാരം വഹിക്കാനായി ചേർത്തുപിടിച്ച കൈകൾ.

കൈക്കോട്ട്2 നാ. = കയ്ക്കോട്ട്.

കൈക്കോഴ നാ. കൈക്കൂലി.

കൈക്രിയ നാ. ആങ്ഗ്യം.

കൈങ്കര്യം [സം. <കിങ്കര] നാ. കിങ്കരൻെറ ഭാവം, സേവനം, ദാസ്യം.

കൈചൂണ്ടി നാ. = കൈകാട്ടി.

കൈച്ചങ്ങല നാ. 1. വിലങ്ങ്, കൈയാമം; 2. അടിമത്തം.

കൈച്ചരക്ക് നാ. 1. (കൈയിൽ) കൊണ്ടുനടന്നു വിൽക്കുന്ന സാധനം; 2. (പ്ര.) കളവായ വാർത്ത, കെട്ടിച്ചമച്ചവാർത്ത, അതിശയോക്തി.

കൈച്ചാർത്ത് നാ. 1. കൈക്കുറിപ്പ്; 2. കൈയൊപ്പ്.

കൈച്ചാൽ നാ. ചെറിയതോട്, ചെറിയതൂമ്പാകൊണ്ടോ കൈകൊണ്ടോ മണ്ണുകോരിമാറ്റി ഉണ്ടാക്കുന്ന തോട്.

കൈച്ചില നാ. = വില്ല്.

കൈച്ചിറ നാ. ശത്രുവിൻെറ പക്കൽ ജാമ്യമായി സൂക്ഷിക്കപ്പെടുന്ന ആൾ, ഈടാൾ.

കൈച്ചീട്ട് നാ. 1. കടപ്പത്രം; 2. രസീത്, ടിക്കറ്റ്, പാസ്സ്; 3. പ്രതിജ്ഞാപത്രം, ഉടമ്പടി; 4. കുറ്റക്കാരിൽനിന്നു എഴുതിവാങ്ങുന്ന കുറ്റസമ്മതം.

കൈച്ചുറുക്ക് നാ. പ്രവൃത്തിസാമർഥ്യം, ജോലിയിലുള്ള വേഗം, കൈമിടുക്ക്.

കൈച്ചൂട് നാ. 1. ചെറുചൂട്, സഹിക്കാവുന്ന ചൂട്; 2. കൈയിൽനിന്നു പകരുന്ന ചൂട്. (പ്ര.) കൈച്ചൂടറിയുക = തല്ലുകൊള്ളുക, കൈക്കരുത്തറിയുക.

കൈച്ചെലവ് നാ. 1. ചില്ലറച്ചെലവ്; 2. സ്വന്തം ചെലവ്.

കൈട [സം. കീട] വി. കീടത്തെ സംബന്ധിച്ച.

കൈടഭജിത്ത് നാ. മഹാവിഷ്ണു.

കൈഭടൻ നാ. ഒരു അസുരൻ.

കൈടഭവൈരി, -അരാതി [സം. കൈടഭ-വൈരിൻ, -അരാതി] നാ. കൈഭടൻെറ ശത്രു, മഹാവിഷ്ണു.

കൈടഭി [സം. കൈടഭീ] നാ. = ദുർഗ.

കൈടര്യം [സം. കൈടര്യ] നാ. 1. ചെറുകുമിഴ്; 2. കറിവേപ്പ്; 3. ആവിമരം; 4. മലങ്കാര.

കൈടിരം [സം.] നാ. ചുക്ക്.

കൈടീരു [സം.] നാ. കീരി.

കൈഢര്യ [സം. കൈഢര്യാ] നാ. കറിവേപ്പില.

കൈത [സം. കേതക] നാ. ഒരു ചെടി.

കൈതകം [സം.] നാ. കൈതപ്പൂവ്, താഴമ്പൂവ്.

കൈതക്കൂട് നാ. 1. ഒരു ത്വഗ്രോഗം; 2. കൈതച്ചെടികൾ കൂട്ടമായി വളർന്നു നിൽക്കുന്നത്.

കൈതച്ചക്ക നാ. 1. പിറുത്തിച്ചക്ക, കട(ൽ)ച്ചക്ക; 2. കൈതയുടെ കായ്.

കൈതപ്പുറ്റ് നാ. 1. കൈതമുള്ളുകൊണ്ടുണ്ടാകുന്ന മുറിവിൻെറ തഴമ്പ്, ഇതു വളർന്നുകൊണ്ടിരിക്കുമെന്നു വിശ്വാസം; 2. കന്നുകാലികളെ ബാധിക്കുന്ന ഒരു രോഗം.

കൈതപ്പൂ(വ്) നാ. കൈതച്ചെടിയുടെ സുഗന്ധമുള്ള പൂവ്, താഴമ്പൂവ്.

കൈതമുല നാ. കൈതത്തടിയിൽ നിന്നിറങ്ങുന്ന താങ്ങുവേർ.

കൈതവകം [സം. കൈതവക < കിതവ]നാ. ചൂത്, ചൂതുകളിയിലെ കള്ളം.

കൈതവൻ [സം. കൈതവ] നാ. 1. ചതിയൻ; 2. ഉലുകൻ, ശകുനിയുടെ പുത്രൻ.

കൈതവം [സം.] നാ. 1. ചതി, വഞ്ചന; 2. കള്ളം, വ്യാജം. കൈതവമാനുഷൻ = മായാമാനുഷൻ, (വ്യാജമായ) മനുഷ്യവേഷം പൂണ്ടവൻ; 3. വൈഡൂര്യം; 4. ചൂതുകളി; 5. ഉമ്മത്ത്.

കൈതവാപ ുതി [സം. കൈതവ-അപ ുതി]നാ. ഒരു അർഥാലങ്കാരം.

കൈതാങ്ങി നാ. 1. കസേരയിൽ കൈവയ്ക്കാനുപയോഗിക്കുന്ന താങ്ങ്; 2. പാലത്തിൻെറ കൈവരി.

കൈതോന്നി നാ. ഒരു ഔഷധച്ചെടി, കയ്യോന്നി, കയ്യുണ്ണി.

കൈതോല [കൈത-ഓല]നാ. കൈതച്ചെടിയുടെ ഓല, തഴ (പായുണ്ടാക്കാനും മറ്റും ഉപയോഗിക്കുന്നു).

കൈത്തടി നാ. 1. കൈമാറ്റപ്രമാണം; 2. ഭാഗപത്രം; 3. അക്ഷരജ്ഞാനമില്ലാത്തവരുടെ കൈയൊപ്പ്.

കൈത്തണൽ നാ. സമ്രക്ഷണം, ആശ്രയം.

കൈത്തണ്ട നാ. = കൈത്തണ്ട്.

കൈത്തണ്ട്, -തണ്ട നാ. കൈമുട്ടുമുതൽ കൈപ്പത്തിവരെയുള്ള ഭാഗം, മുഴങ്കൈ, പ്രകോഷ്ഠം.

കൈത്തപ്പ് നാ. കൈപ്പിഴ, അബദ്ധം, തെറ്റ്, കൈമോശം.

കൈത്തരിപ്പ് നാ. 1. കയ്ക്ക് ഉണ്ടാകുന്ന ഒരുതരം അസ്വസ്ഥത, പെരുപ്പ്; 2. കൈയൂക്ക്.

കൈത്തലം [മ. കൈ-സം. തല] നാ. ഉള്ളങ്കൈ, കൈവെള്ള.

കൈത്തള നാ. കൈരണ്ടും ബന്ധിപ്പിക്കുന്ന ചങ്ങല, കൈയാമം, വിലങ്ങ്.

കൈത്തഴക്കം നാ. ജോലി ചെയ്തുള്ള പരിചയം, തൊഴിലിലുള്ള സാമർഥ്യം.

ഇകൈത്തറി നാ. വസ്ത്രം നെയ്യുന്നതിനുള്ള ഉപകരണം (കൈകൊണ്ടു പ്രവർത്തിപ്പിക്കുന്നത്).

കൈത്താങ്ങ് നാ. 1. ഒരാൾ രണ്ടുകയ്യുംകൊണ്ടോ ഒന്നിലധികം പേർ കൈകോർത്തുപിടിച്ചോ രോഗികളെയും മറ്റും എടുത്തുകൊണ്ടു പോകുന്നതിനുവേണ്ടി ഉണ്ടാക്കുന്ന താങ്ങ്; 2. (പ്ര.) സഹായം.

കൈത്താളം [മ. കൈ-സം. താല]നാ. 1. കൈകൊണ്ടു താളം പിടിക്കാൻ ഉപയോഗിക്കുന്ന ഒരു വാദ്യോപകരണം, കൈമണി; 2.(സങ്ഗീ.) കൈകൊണ്ടുള്ള താളം പിടിക്കൽ. (പ്ര.) കൈത്താളം പൂട്ടുക = മാറത്തു കൈകൾ പിണച്ചു വയ്ക്കുക.

കൈത്തിട്ടം നാ. കൈയിലെടുത്ത് അളവോ തൂക്കമോ മതിച്ചറിയാനുള്ള കഴിവ്.

കൈത്തിരി നാ. കൈയിൽ കത്തിച്ചുപിടിക്കുന്ന ചെറിയ തിരി.

കൈത്തിറം നാ. കൈക്കരുത്ത്, കൈയൂക്ക്,കെൽപ്.

കൈത്തീട്ട് നാ. 1. ദാനപ്രമാണം; 2. ഉത്തരവ്.

കൈത്തീറ്റി നാ. വളർത്തുമൃഗങ്ങൾക്കു കൊടുക്കുന്ന ആഹാരം.

കൈത്തുഴ നാ. 1. ചെറിയ തുഴ; 2. (വഞ്ചിയിലിരുന്ന്) കൈകൊണ്ടുള്ള തുഴയൽ.

കൈത്തൂക്ക് നാ. കൈകൊണ്ടുമാത്രം ഉയർത്താവുന്ന ഭാരം.

കൈത്തെറ്റ് നാ. 1. കൈപ്പിശക്, കൈപ്പിഴ; 2. തെറ്റ്, കുറ്റം, പിശക്.

കൈത്തൊഴിൽ നാ. (യന്ത്രങ്ങളുടെ സഹായം കൂടാതെ) കൈകൊണ്ടു ചെയ്യുന്ന വേല, കരകൗശലവേല.

കൈത്തോക്ക് നാ. 1. ചെറിയ തോക്ക്, പിസ്റ്റൽ; 2. ചെറിയ കതിനാക്കുറ്റി.

കൈത്തോട് നാ. (പാടങ്ങളിലേക്ക്) വെള്ളം കൊണ്ടുവരാൻ ജലാശയങ്ങളിൽ നിന്നോ പ്രധാനതോട്ടിൽനിന്നോ വെട്ടിയുണ്ടാക്കുന്ന ചെറിയ തോട്, വായ്ച്ചാൽ, കുല്യ.

കൈത്തോളം നാ. കൈവിലങ്ങ്, കൈയാമം.

കൈത്രാസ്സ് [മ. കൈ-ത്രാസ്] നാ. വളരെ ചെറിയ ത്രാസ്സ്.

കൈദാര [സം. < കേദാര] വി. വയലിനെ സംബന്ധിച്ച.

കൈദാരകം, കൈദാരികം [സം.] നാ. 1. വയലിൽ വിളയുന്ന നെല്ലു തുടങ്ങിയ ധാന്യങ്ങൾ; 2. തത്ത; 3. നെൽപ്പാടങ്ങളുടെ സമൂഹം, പാടശേഖരം.

കൈദി, -തി [അറ] നാ. തടവുകാരൻ.

കൈനടപ്പ് നാ. സാമർഥ്യം.

കൈനന നാ. വിവാഹത്തിനു കന്യകയെ ആവശ്യപ്പെടുമ്പോഴുള്ള ഒരു ചടങ്ങ്. (പ്ര.) കൈ നനയ്ക്കുക = ആഹാരം കഴിക്കുക.

കൈനഷ്ടം [മ. കൈ-സം. നഷ്ട] നാ. 1. കൈയിൽള്ള വസ്തുവകകൾ നശിക്കൽ, നഷ്ടപ്പെടൽ; 2. കച്ചവടത്തിലോ, വ്യവസായത്തിലോ ഉണ്ടാകുന്ന മുതൽ നഷ്ടം.

കൈനാട നാ. പരിചയുടെ ഉള്ളിൽ കൈപിടിക്കാൻ വേണ്ടി ചെയ്യുന്ന പണിത്തരം.

കൈനാറി നാ. മണമുള്ള ഒരുപൂച്ചെടി.

കൈനിദാനം [മ. കൈ-സം. നിദാന] നാ. = കൈത്തിട്ടം.

കൈനില, കന്നല, കന്നില നാ. 1. പടവീട്, കൂടാരം, സൈന്യത്താവളം; 2. വീട്, കുടിൽ.

കൈനീട്ടം നാ. 1. ആദ്യമായി ലഭിക്കുന്നത് (ദാനമോ സംഭാവനയോ ആയി); 2. വിഷു തുടങ്ങിയ മങ്ഗളദിവസങ്ങളിൽ പാരിതോഷികമായി കൊടുക്കുന്ന പണം; 3. ഒരുദിവസത്തെ ആദ്യമായുള്ള വിൽപന, അന്നന്നു കടതുറന്നയുടൻ ആദ്യമായി വിൽക്കുന്ന സാധനത്തിനു വാങ്ങുന്ന രൊക്കപ്പണം; 4. കൈക്കൂലി; 5. കൈയുടെ നീളം.

കൈനീട്ടുക ക്രി. 1. യാചിക്കുക, ആവശ്യപ്പെടുക; 2. കൈക്കൂലിവാങ്ങുക; 2. അടിക്കുക, ദേഹോപദ്രവം ഏൽപ്പിക്കുക. കൈനൂക്കുക [നൂക്കുക < നിവർക്കുക] ക്രി. അടിക്കുക, ദേഹോപദ്രവം ഏൽപ്പിക്കുക.

കൈനേട്ടം നാ. 1. സ്വന്തമായി നേടിയത്, സ്വപ്രയത്നഫലം; 2. കൈനീട്ടം.

കൈനൊടിക്കുക, -ഞൊടിക്കുക ക്രി. നടുവിരലും തള്ളവിരലും തമ്മിൽച്ചേർത്തമർത്തി തെറിപ്പിച്ച് ശബ്ദമുണ്ടാക്കുക. (ശ്രദ്ധ ആകർഷിക്കുവാനോ വിളിക്കുവാനോ ഉള്ള ഉപായം).

കൈനോക്കുക ക്രി. 1. ഉള്ളങ്കൈയിലെ രേഖകൾ നോക്കി വ്യക്തിയുടെ ഭൂതവും ഭാവിയും പറയുക; 2. നാഡിപിടിച്ചുനോക്കി രോഗം നിർണയിക്കുക.

കൈനോട്ടം നാ. 1. ഹസ്തരേഖകൾ നോക്കി വ്യക്തിയുടെ കഴിഞ്ഞതും വരാനുള്ളതുമായ സംഭവങ്ങൾ നിർണയിക്കൽ, അതിനുപകരിക്കുന്ന ശാസ്ത്രം;

2. നാഡിനോക്കൽ. കൈനോട്ടക്കാരൻ = ഹസ്തരേഖകൾ നോക്കി ഫലം പറയുന്നവൻ.

കൈപണിയുക ക്രി. കൈവണങ്ങുക, തൊഴുക, നമസ്കരിക്കുക, ആശ്രയിക്കുക.

കൈപിടിക്കുക ക്രി. 1. കൈകൊണ്ട്പിടിക്കുക, കൈയിലെടുക്കുക; 2. സ്നേഹവിശ്വാസസൂചകമായി പരസ്പരം ഹസ്തദാനം ചെയ്യുക; 3. വാക്ക് ഉറപ്പിക്കുക; 4. പിണക്കം തീർക്കുക; 5. പാണിഗ്രഹണം നടത്തുക, കല്യാണം കഴിക്കുക.

627

കൈപൊക്കി നാ. മറ്റാളുകൾ ആവശ്യപ്പെടുമ്പോൾ ഒക്ക്യും കൈ പൊക്കി അനുകൂലാഭിപ്രായം പ്രകടിപ്പിക്കുന്നവൻ, സ്വന്തമായി അഭിപ്രായം ഇല്ലാത്തവൻ

കൈപൊക്കുക ക്രി. 1. കൈ ഉയർത്തുക; 2. (പ്ര.) സമ്മതം രേഖപ്പെടുത്തുക, അനുകൂലിക്കുക

കൈപ്പ,കയ്പ [<കൈയ്ക്കുക] നാ. 1. പാവൽവള്ളി; 2. ഒരുതരം മത്സ്യം; 3. ഒരു ആന്തരാവയവം

കൈപ്പക്ക, -ങ്ങ നാ. 1. കയ്പ്പച്ചെടിയുടെ കായ്, പാവയ്ക്ക; 2. കൈപ്പഞ്ചുര

കൈപ്പട നാ. 1. = കയ്പട, സ്വന്തം കൈയെഴുത്ത്; 2. കൈവേല

കൈപ്പടയൊറ്റി നാ. ജന്മി മുഴുവൻ വിലയും കടമായി പറ്റുന്ന ഒരു പണയവ്യവസ്ഥ

കൈപ്പടം നാ. 1. കൈപ്പത്തി; 2. കൈയുറ

കൈപ്പടാണി നാ. മണിബന്ധം മുതൽ ചെറുവിരലിൻെറ മുരടുവരെയുള്ള കൈപ്പടത്തിൻെറ പുറം ഭാഗം

കൈപ്പണം [മ.-സം.] നാ. 1. കൈവശമുള്ള ധനം; 2. രൊക്കംകൊടുക്കുന്നവില, ഉടനേകൊടുക്കുന്ന വില; 3. വിവാഹം കഴിഞ്ഞുപോകുന്ന വധുവിനു രക്ഷിതാക്കൾ നൽകുന്ന ധനം

കൈപ്പണി നാ. 1. കൈത്തൊഴിൽ; 2. ഒരുതരം കരം

കൈപ്പതം നാ. പതമളന്നു കൊടുക്കുന്നതിനുശേഷം കൈനിറയെ വാരി അധികമായി കൊടുക്കുന്ന ധാന്യം, കൈപ്പൊലി

കൈപ്പതിവ് നാ. ഒപ്പ്, കൈയൊപ്പ്

കൈപ്പത്തി നാ. കൈയുടെ കുഴയ്ക്കും വിരലുകളുടെ അറ്റത്തിനും ഇടയ്ക്കുള്ള ഭാഗം

കൈപ്പൻ [<കൈപ്പ്] വി. കൈപ്പുള്ള

കൈപ്പലക നാ. 1. തോളെല്ല്, തോൾപ്പലക; 2. നാണയങ്ങൾ എണ്ണുന്നതിന് ഉപയോഗിച്ചുവരുന്ന ഒരിനം പലക, ചക്രപ്പലക

കൈപ്പഴക്കം നാ. കൈത്തഴക്കം

കൈപ്പറ്റുക ക്രി. കയ്യിൽ ഏറ്റുവാങ്ങുക, സ്വീകരിക്കുക, സ്വായത്തമാക്കുക, അനുഭവിക്കുക

കൈപ്പാകം നാ. കൈത്തഴക്കം, സാമർഥ്യം (പ്രത്യേകിച്ചു പാചകത്തിൽ)

കൈപ്പാട് നാ. 1. കൈവേല; 2. എഴുതൽ, എഴുത്ത്; 3. കയ്യേറ്റം, ദേഹോപദ്രവം ഏൽപ്പിക്കൽ; 4. കൈപതിഞ്ഞ അടയാളം; 5. കൈനഷ്ടം; 6. ആറ്റിൻെറ കരയിൽ ഉപ്പുവെള്ളം കയറുന്ന കൃഷിസ്ഥലം, കോൾനിലം, അതിൽ ചെയ്യുന്ന കൃഷി

കൈപ്പാണി നാ. കുമ്മായം, സ്മൻറ് എന്നിവ പൂശുമ്പോൾ തേച്ചുനിരപ്പാക്കുന്നതിനുവേണ്ടി തടികൊണ്ടുണ്ടാക്കിയ കൈപിടിയുള്ള ഒരു ഉപകരണം, തേപ്പാണി

കൈപ്പാര നാ. കൊപ്രാ കഴറ്റി എടുക്കുന്നതിനുള്ള ചെറിയ പാര

കൈപ്പാവ് [കൈ-പാവ്] നാ. ഒരുപിടി ഞാറ്

കൈപ്പിടി,കയ്പിടി നാ. 1. കൈകൊണ്ടുള്ള പിടിത്തം; 2. കൈപിടി; 3. പിടിയളവ്; 4. സ്വാധീനത

കൈപ്പിടുത്തം നാ. 1. ആയുധം ഉപയോഗിക്കാതെയുള്ള പയറ്റ്, മൽപ്പിടുത്തം; 2. മുഷ്ടിമൈഥുനം

കൈപ്പിഴ നാ. 1. കൈമോശം; 2. തൻെറ കൈയിൽനിന്നുണ്ടായ കുറ്റം, അവിചാരിതമായ തെറ്റ്; 3. എഴുത്തിൽവന്നുപോയ പിശക്; 4. സ്വരൂപം നായന്മാരിൽ ഒരുവിഭാഗം

കൈപ്പീത്ത്,-പ്യത്ത് [അറ.കൈഫിയത്] നാ. നാളാഗമക്കുറിപ്പുകൾ, ദിനവൃത്താന്തം

കൈപ്പ്.കയ്പ് നാ. 1.നാക്കുകൊണ്ട് അറിയാവുന്ന ഒരു രസം, കാഞ്ഞിരക്കുരുവിൻെറതു പോലുൾല രസം; 2. നീരസം, വെറുപ്പ്, അരുചി; 3. ഒരുവക ചെറുമീൻ; 4. പിത്താശയം, കയ്പ്പ

കൈപ്പുണ്യം [മ.-സം.] നാ. ചിലരുടെകൈയ്ക്ക് ഉണ്ടന്നു കരുതപ്പെടുന്ന ഗുണവിശേഷം

കൈപ്പൂട്ട് നാ. 1. മല്ലയുദ്ധത്തിലെ ഒരടവ്, ഒരുതരം ആയോധനമുറ, കൈകൊണ്ട് എതിരാളിയെ ബന്ധിക്കുന്നത്; 2. കൈയും ഉടലുമായി ചേരുന്ന സന്ധി

കൈപ്പടകം നാ. കൈപ്പെട്ടി

കൈപ്പെട്ടി നാ. കൈയിൽ എടുത്തുകൊണ്ടുപോകാവുന്ന തരത്തിൽ തിടികൊണ്ടുണ്ടാക്കിയ പെട്ടി, ചെറിയപെട്ടി

കൈപ്പൊരുൾ നാ. കൈമുതൽ

കൈബോംബ് [മ.-ഇം.] നാ. കൈകൊണ്ട് എറിഞ്ഞു പൊട്ടിക്കാവുന്ന ചെറിയതരം ബോംബ്

കൈമ [<കൈ] നാ. അധികാരം, ശക്തി

കൈമടക്കം നാ. 1. മുഷ്ടിചുരുട്ടൽ; 2. (പ്ര.) കൈയിലൊന്നുമില്ലാതിരിക്കൽ, ദാരിദ്ര്യം

കൈമടക്ക് നാ. 1. കൈത്തണ്ടു മടക്കുന്ന ഭാഗം, കൈമുട്ടിൻെറ അകവശം, മടക്കുമ്പോൾ കൈയിലുണ്ടാകുന്ന കോൺ; 2. ഷർട്ടിൻെറയും മറ്റും കൈമടക്കിവച്ചത്; 3. കൈക്കൂലി, കോഴ, സമ്മാനം, സംഭാവന. (പ്ര.) കൈമടക്കുക = കൈക്കൂലി കൊടുക്കുക

കൈമണി നാ. 1. പൂജാതികൾക്കും മറ്റും ഉപയോഗിക്കുന്നതിന് ഓടുകൊണ്ടുണ്ടാക്കിയ ചെറിയ മണി; 2. ഇലത്താളം; 3. (പ്ര) സേവപിടിക്കുന്നവൻ, പ്രീതിസമ്പാദിക്കാൻ പിറകേ കൂടിനടക്കുന്നവൻ, താളത്തിനൊത്തുനിന്നു കാര്യം നേടുന്നവൻ; 4. തെങ്ങിൽക്കയറി തേങ്ങാവെട്ടുക എന്ന പാരമ്പര്യപ്രവൃത്തി; 5. പഴയ ഒരു കരം. കൈമണിക്കാരായ്മ = ഒരു പഴയ ഭൂവുടമസമ്പ്രദായം

കൈമതിപ്പ് നാ. കൈയിലെടുത്തുനോക്കി തൂക്കമോ അളവോ നിർണയിക്കൽ, കൈത്തിട്ടം

കൈമതിൽ നാ. പൊക്കംകുറഞ്ഞ മതിൽ

കൈമരം നാ. 1. മരംകൊണ്ടുള്ള കൈപിടി; 2. ഉഴുത വയൽ നിരപ്പാക്കാനുപയോഗിക്കുന്ന ചെറിയമരം, കുറുമരം. കൈമരമ്പിടിക്കുക = നിലത്തിൽ വളം വിതറിയശേഷം കാളയെ ഇറക്കാതെ ഒരുത്തൻ തനിയെ മരമിട്ടു വലിച്ചു വളംചെളിയിൽ പിടിപ്പിക്കുക

കൈമൾ നാ. = കയ്മൾ

കൈമറിയു ക്രി. ഒരാളുടെ കൈയിൽനിന്നു മറ്റൊരാളുടെപക്കൽ ആവുക

കൈമറിച്ചിൽ നാ. = 1. ഒരാളുടെ കൈയിൽനിന്നും മറ്റൊരാളിൻെറ കയ്യിലേക്കു പകരൽ; 2. കൈമാറ്റം, ഉടമമാറ്റം, അവകാശം മാറ്റിക്കൊടുക്കൽ

കൈമാടം നാ. ചെറിയവീട്, കുടിൽ

കൈമാട് നാ. കൈപിടി, പിച്ചാത്തിയുടെ പിടി

കൈമായം നാ. 1. സാമർഥ്യത്തോടുകൂടിചെയ്യുന്ന മോഷണം; 2. കൈയടക്കം, ഇന്ദ്രജാലം

കൈമാറാപ്പ് നാ. കൈയിൽ കൊണ്ടുനടക്കാവുന്ന ചെറിയ ഭാണ്ഡം

കൈമാറ് നാ. കുരുമുളക് വെറ്റില മുതലായ ചെടികളുടെ വള്ളിയിൽനിന്നു പൊട്ടിപ്പടരുന്ന പുതിയ ശാഖ, ഉപശാഖ, കണ്ണി

കൈമാറുക ക്രി. ഒരാളുടെപക്കൽനിന്നു മറ്റൊരാളുടെ അധീനത്തിലാവുക, വച്ചുമാറുക

കൈമാറ്റബില്ല് [മ.-ഇം.] നാ. ഒരാളിനോ അയാൾ അധികാരപ്പെടുത്തുന്നവർക്കോ നിർദിഷ്ടമായ ഒരു തീയതിയിൽ ഇന്നതുക നൽകണമെന്നു കാണിച്ചു മറ്റൊരാൾ നൽകുന്നതും കൈമാറ്റംചെയ്യാവുന്നതുമായ വിനിമയപത്രം

കൈമാറ്റം നാ. 1. ഒരാളിൻെറ കൈവശത്തിൽനിന്നു മറ്റൊരാളിൻെറ കൈവശത്തിലാക്കൽ, ഉടമമാറ്റം; 2. ഒന്നിനുപകരം മറ്റൊന്നുകൊടുക്കുകയൊ വാങ്ങുകയോ ചെയ്യൽ, മാറ്റക്കച്ചവടം, വിനിമയം

കൈമാറ്റച്ചീട്ട് നാ. 1. വിലപിടിപ്പുള്ള വസ്തുവകകൾ കൈമാറ്റംചയ്യുമ്പോഴുണ്ടാക്കുന്ന രാഖ; 2. കൈമാറ്റബില്ല്

കൈമിടുക്ക് നാ. 1. പ്രവൃത്തിയിലുള്ള സാമർഥ്യം; സമർഥമായ ചെയ്തി; 2. കൈക്കരുത്ത്, കൈയൂക്ക്

കൈമുക്കുക ക്രി. 1. ദ്രവപദാർഥത്തിൽ കൈ ആഴ്ത്തുക; 2. നിരപരാധിത്വം തെളിയിക്കാൻ ക്ഷേത്രസന്നിധിയിലവച്ചു തിളച്ചനെയ്യിലോ എണ്ണയിലോ കൈതാഴ്ത്തുക (സത്യമാണു പറയുന്നതെങ്കിൽ കൈപൊള്ളുകയില്ലെന്നു വിശ്വാസം)

കൈമുക്ക്,-മുക്കൽ നാ. സത്യപരീക്ഷണാർഥം ക്ഷേത്രസങ്കേതങ്ങളിലവച്ചു തിളച്ച എണ്ണയിലോ നെയ്യിലോ കൈമുക്കുന്ന സമ്പ്രദായം

കൈമുട്ട് നാ. 1. കൈയുടെ മുട്ട്, കൈയുടെ നടുവിലുള്ള സന്ധി, അവിടെ പിൻഭാഗത്തു മുഴച്ചുനിൽക്കുന്ന അസ്ഥി ഭാഗം; 2. കൈയിൽവേണ്ടത്ര പണമില്ലാത്ത അവസ്ഥ, പണത്തിനു തൽക്കാലം ഉണ്ടാകുന്ന ബുദ്ധിമുട്ട്; 3. കൈക്കൊട്ട

കൈമുണ്ട് നാ. തോർത്തുമുണ്ട്

കൈമുതൽ നാ. 1. ഏതെങ്കിലും പ്രവർത്തനത്തിനു മുടക്കിയിട്ടുള്ള ധനം, മൂലധനം; 2. സമ്പാദ്യം, കൈയിൽ ഇരിപ്പുള്ള ധനം

കൈമുത്ത് നാ. ശ്രേഷ്ഠവ്യക്തിയുടെ കൈമുത്തി ആദരവു പ്രകടിപ്പിക്കൽ

കൈമുദ്ര [മ.കൈ-സം.മുദ്രാ] നാ. 1. ആശയവിനിമയംചെയ്യുവാനേ്വണ്ടി കൈകൊണ്ടുകാണിക്കുന്ന ചേഷ്ട, ചിട്ടപ്പെടുത്തിയിട്ടുള്ള ആങ്ഗികസങ്കേതം (കഥകളിയിലും മറ്റും പ്രയോഗം); 2. പ്രത്യേകമായി ചിട്ടപ്പെടുത്തിയിട്ടില്ലാത്ത ആശയസംവാഹിയായ ഹസ്തചലനം

കൈമുറി നാ. കുറിപ്പ്, കുറിമാനം

കൈമൂടി നാ. 1. വില്ലാളികൾ ധരിക്കുന്ന കൈയുറ, കൈത്തോൽ; 2. കൈയുറ

കൈമെത്ത നാ. 1. തലയണ; 2. യാത്രാവസരങ്ങളിലും മറ്റും കൊണ്ടുനടക്കാവുന്ന ചെറിയ മെത്ത

കൈമോശം നാ. കൈവശമിരിക്കെ കൈവിട്ടുപോകൽ, അറിയാതെവരുന്ന നഷ്ടം, യദൃച്ഛയാ കളഞ്ഞുപോകൽ. കൈമോശപ്പെടുക = നഷ്ടപ്പെടുക, കളഞ്ഞുപോകുക

കൈയ്,കയ്യ് നാ. = കൈ

കൈയകലം നാ. കൈനീട്ടിയാലെത്താവുന്ന ദൂരം, അൽപദൂരം

കൈയ്യക്ഷരം [മ.-സം.] നാ. = കയ്യക്ഷരം

കൈയടക്കം നാ. 1. കൈയിൽ ഒതുക്കാവുന്നത്; കൈയിൽ ഒതുക്കാവുന്ന സ്ഥിതി; 2. ചെപ്പടിവിദ്യ; 3. സ്വാദീനമായ ധനം, സമ്പത്ത്; 4. ബലത്കാരമായി പിടിച്ചെടുക്കൽ

കൈയടക്കുക ക്രി. 1. ആരുമറിയാതെ കൈക്കുള്ളിലൊതുക്കുക; 2. ബലാത്കാരമായി സ്വാധീനമാക്കുക

കൈയടിക്കുക ക്രി. 1. കൈത്തലങ്ങൾ ചേർത്തുതട്ടി ശബ്ദമുണ്ടാക്കുക; 2. വാക്കുകൊടുക്കുക, കൈയിലടിച്ചു വാക്കുപറയുക, ശപഥം ചെയ്യുക; 3. (കൈയടിച്ച്) അഭിനന്ദനം രേഖപ്പെടുത്തുക, പ്രോത്സാഹിപ്പിക്കുക; 4. വെല്ലുവിളി സ്വീകരിക്കുക (ഗുസ്തിയിൽ)

കൈയമ്പ് നാ. ഒരിനം ചെറിയ അമ്പ്

കൈയലക് നാ. 1. കൈപിടി; 2. ഒരുതരം ആയുധം, വാരിക്കുന്തം

കൈയാക്കം നാ. 1. കൈയുടെ ശക്തി; 2. കൈയുടെ നീളം

കൈയായം നാം 1. കൈയുടെ നീളം; 2. കയ്യൂക്ക്

കൈയാര അവ്യ. കൈനിറയെ, ധാരാളതയോടെ, വണക്കത്തോടുകൂടി

കൈയാൾ നാ. ഭൃത്യൻ, സഹായി, പ്രധാനവേലക്കാരൻെറ സഹായത്തിനുനിൽക്കുന്നവൻ

കൈയിണ നാ. രണ്ടുകൈ

കൈയിണക്ക നാ. 1. കൈപ്പൊരുത്തം; 2. കൈയ്ക്ക് ഒതുങ്ങൽ; 3. കൈയടക്കം

കൈയില നാ. ഒരു സങ്ഗിതോപകരണം, ഇലത്താളം

കൈയീട് നാ. 1. അടച്ചതുകയ്ക്കുള്ള രസീത്; 2. കയ്യിരുപ്പ്

കൈയുറ നാ. 1. കയ്യുറ; 2. തിരുമുൽക്കാഴ്ച, ഉപഹാരം

കൈയൂക്ക് നാ. കയ്യൂക്ക്

കൈയൂരി1 നാ. തുലാക്കോട്ടയുടെ തണ്ട്

കൈയൂരി2 നാ. = കൈയിരി2

കൈയൂറ്റം നാ. കൈയൂക്ക്

കൈയേട് നാ. നാൾവഴികണക്ക്

കൈയൊഴിയുക ക്രി. 1. (പ്ര) ഉപേക്ഷിക്കുക, വിട്ടുകളയുക, തന്നെക്കൊണ്ട് ആവുകയില്ലെന്നുപറഞ്ഞു മാറിക്കളയുക; 2. ചെലവാക്കുക

കൈയൊറ്റി നാ. മുദ്രപ്പത്രത്തിൽ എഴുതാത്തതോ രജിസ്റ്റർ ചെയ്യാത്തതോ ആയ ഒറ്റി, നിയമപ്രകാരം രേഖപ്പെടുത്തിയിട്ടില്ലാത്ത ഒറ്റി

കൈയോടിക്കുക ക്രി. മൃദുവായി തടവുക

കൈരവൻ നാ. 1. ചൂതാളി; 2. ചതിയൻ; 3. ശത്രു

കൈരവബന്ധു [സം.] നാ. ചന്ദ്രൻ

കൈരവം [സം.] നാ. 1. വെള്ള ആമ്പൽ; 2. കൊട്ടം

കൈരവി1 [സം.കൈരവീ] നാ. 1. നിലാവ്; 2. ഉലുവ

കൈരവി2 [സം.കൈരവിൻ] നാ. ചന്ദ്രൻ

കൈരവബാന്ധവൻ [സം.] നാ. കൈരവബന്ധു

കൈരവിണി [സം.-വിണീ] നാ. 1. ആമ്പൽ; 2. ആമ്പൽപ്പൊയ്ക

കൈരളി [സം.കൈരലീ] നാ. 1. കേരളഭാഷ, മലയാളഭാഷ; 2. കേരളത്തിലെ സ്ത്രീ; 3. വിഴാൽ

കൈരാടകം [സം.] നാ. ഒരു സസ്യവിഷം

കൈരാത [സം.] വി. 1. കിരാതനെ സംബന്ധിച്ച, കിരാതൻെറതായ; 2. അപരിഷ്കൃതമായ, ക്രൂരമായ

കൈരാതൻ [സം.] നാ. 1. കിരാതന്മാരുടെ രാജാവ്; 2. ബലവാൻ

കൈരാതം [സം.] നാ. 1. കിരാതചന്ദനം; 2. നിലവേപ്പ്; 3. മഹാഭാരതത്തിലെ ആരണ്യപർവത്തിലുള്ള ഒരു ഉപപർവം

കൈരാളം [സം.] നാ. വിഴാൽ, കൃമിഹരമായ ഒരു ഔഷധി

കൈരാളി [സം.] നാ. കൈരാളം

കൈരേഖ [മ.-സം.] നാ. ഉള്ളംകൈയിൽ കാണുന്ന വര

കൈരേഖാശാസ്ത്രം നാ. കൈരേഖനോക്കി ഭൂതഭാവിഫലങ്ങൾ പ്രവചിക്കുന്ന ശാസ്ത്രം

കൈൽ നാ. = കയിൽ.

629

കൈല [< സം. കൈലാസ] നാ. കൈലാസം.

കൈലനാഥൻ നാ. = കൈലാസനാഥൻ, ശിവൻ.

കൈലഞ്ചം [മ. കൈ-ലഞ്ചം < ലഞ്ചാ] നാ. = കൈലിഞ്ചം.

കൈലം1 [സം.] നാ. 1. വിനോദം, കളി; 2. സന്തോഷം.

കൈലം2 നാ. = കൈല.

കൈലാസം [സം.] നാ. 1. ഹിമാലയപർവതത്തിൽ മാനസസരോവരത്തിനു വടക്കു പടിഞ്ഞാറായുള്ള ഒരു കൊടുമുടി, വെള്ളിമല, ശിവൻെറയും വൈശ്രവണൻെറയും ഇരിപ്പിടമെന്നു പുരാണസങ്കൽപം. (പ്ര.) കൈലാസം നന്നാവാൻ പ്രദോഷം നോൽക്കുക = തനിക്കുവേണ്ടിയല്ല എന്ന വ്യാജേന പ്രയത്നിക്കുക; 2. (ശിൽപ.) ഒമ്പതുനിലയുള്ള സ്രീകോവിൽ. (അനേകം നിലകളുള്ള പലതരം പ്രാസാദങ്ങൾക്കും ഈ പേരു നൽകിക്കാണുന്നു.)

കൈലാസനാഥൻ [സം. കൈലാസ-നാഥ] നാ. ശിവൻ, കൈലാസത്തിൻെറ അധിപൻ.

കൈലാസൗകസ്സ് [സം. -ഓക്സ്] നാ. 1. ശിവൻ; 2. കുബേരൻ.

കൈലി നാ. = കയിലി1.

കൈലിഞ്ചം, കൈലെഞ്ചി [മ. കൈ-ലിഞ്ചം < സം.ലഞ്ചാ.] നാ. കാര്യസാധ്യത്തിനായി അധികാരികൾക്കും മറ്റും കൊടുക്കുന്ന സമ്മാനം, കൈക്കൂലി.

കൈലേസ്സ് നാ. മുഖമോ കൈയോ തുടയ്ക്കുന്നതിനുപയോഗിക്കുന്ന തുണിക്കഷണം, തൂവാല.

കൈവഞ്ചി നാ. ഒന്നോ രണ്ടോപെർക്കുമാത്രം കയറാവുന്ന ചെറിയ വള്ളം.

കൈവടി നാ. കയ്യിൽ കൊണ്ടുനടക്കാവുന്ന വടി, ഊന്നുവടി.

കൈവട്ടക നാ. വാലുള്ള ഒരിനം പാത്രം, ക്ഷേത്രങ്ങളിൽ ബലിതൂവുമ്പോൾ വെള്ളം എടുക്കാൻ ഉപയോഗിക്കുന്നത്.

കൈവണക്കം നാ. കൈകൊണ്ടു ചെയ്യുന്ന വന്ദനം, കൈകൾ ചേർത്തുകൂപ്പി തൊഴൽ.

കൈവണങ്ങുക ക്രി. കൈകൂപ്പി വന്ദിക്കുക.

കൈവണ്ടി നാ. 1. കൈകൊണ്ടു വലിച്ചുകൊണ്ടു പോകുന്ന വണ്ടി, ഉന്തുവണ്ടി; 2.കുട്ടികളെ കയറ്റിയിരുത്തി പിറകിൽനിന്ന് ഉന്തിക്കൊണ്ടുപോകുന്ന വണ്ടി.

കൈവയ്ക്കുക ക്രി. 1. തൊടുക, കൈകാര്യം ചെയ്യുക; 2. ഉപയോഗിക്കുക, അനുഭവിക്കുക; 3. പരിശ്രമിക്കുക, പരിശീലുക്കുക; 4. (പ്ര.) ദേഹോപദ്രവം ഏൽപ്പിക്കുക, അടിക്കുക, കയ്യേറ്റം ചെയ്യുക; 5. ശിരസ്സിൽ തൊട്ട് അനുഗ്രഹിക്കുക.

കൈവയ്പ്, കൈവെപ്പ് നാ. 1. തലയിൽ കൈവച്ച് അനുഗ്രഹിക്കൽ; 2. പുരോഹിതനായി പട്ടമേൽക്കുന്ന ആളിൻെറ ശിരസ്സിൽ മേൽപ്പട്ടക്കാരൻ കൈവച്ച് അനുഗ്രഹിക്കുന്ന കർമം; 3. ദേഹോപദ്രവം ഏൽപ്പിക്കൽ, കയ്യേറ്റം.

കൈവർക്കത്ത് [മ. കൈ-വർക്കത്ത് <അറ. ബർക്കത്ത്] നാ. കൈപ്പുണ്യം.

കൈവർത്ത(ക)ൻ [സം. കൈവർത(ക)] നാ. 1. മുക്കുവൻ; 2. നിഷാദന് അയോഗവസ്ത്രീയിൽ ജനിച്ചവൻ (ഓടം നടത്തുകയാണ് തൊഴിൽ).

കൈവർത്തി [മ. കൈ-സം. വർതി] നാ. കൈത്തിരി.

കൈവരശ് നാ. 1. = കൈഅവരിശ്; 2. നല്ലസമയം, അനുകൂല സന്ദർഭം.

കൈവരി നാ. 1. കൈ പിടിക്കാനുള്ള അഴി, പാലം, കലുങ്ക്, മുതലായവയുടെ ഇരുഭാഗത്തും കോണിപ്പടിയുടെ വശങ്ങളിലും മറ്റും പിടിപ്പിക്കുന്നതിനായി ഉറപ്പിച്ചിട്ടുള്ള താങ്ങുപിടി; 2. മട്ടുപ്പാവിൻെറയോ വരാന്തയുടെയോമറ്റോ അരികിൽ കെട്ടുന്ന പൊക്കം കുറഞ്ഞ ചുമര്, അരമതിൽ.

കൈവരിക്കുക ക്രി. സ്വീകരിക്കുക, കൈവശപ്പെടുത്തുക, നേടുഅക.

കൈവരിശ് നാ. ചീട്ടുകളിയിൽ മുറപ്രകാരം ആദ്യം ചീട്ട് ഇറക്കുന്നതിനുള്ള അവകാശം, ചതുരങ്ഗത്തിൽ (ആദ്യം) കരുനീക്കാനുള്ള അവകാശം കൈവരശ്, കൈപ്പെരിശ്.

കൈവരുക ക്രി. സ്വാധീനതയിലാകുക, ലഭിക്കുക.

കൈവല്യം [സ. < കേവല] നാ. 1.കേവലമായിരിക്കുന്ന സ്ഥിതി, എല്ലാവിധബന്ധങ്ങളിൽ നിന്നുമുള്ള മോചനം, മോക്ഷം; 2. സ്വർഗീയസുഖം, പരമമായ നിർവൃതി; 3. ഉപനിഷത്ത്; 4. രഥക്രാന്താവിഭാഗത്തിൽപ്പെട്ട ഒരു തന്ത്രം; 5. ശുദ്ധി; 6. നിസ്സഹായത; 7. ദാരിദ്ര്യം, ഒന്നുമില്ലാതിരിക്കുന്ന അവസ്ഥ. (പ്ര.) കൈവല്യമൂർത്തി, കൈവല്യരൂപൻ = ഈശ്വരൻ.

കൈവശം [മ. കൈ-സം. വശ] അവ്യ. കൈയിൽ, പക്കൽ, സ്വാധീനത്തിൽ, സ്വന്തമായി. നാ. 1. കൈയിലുള്ളത്, സ്വന്തമായിരിക്കുന്ന അവസ്ഥ, സ്വാധീനമായിട്ടുള്ളത്; 2. കൈച്ചുറുക്ക്, കൈവേല, കൈകൊണ്ടു ചെയ്യാനുള്ള സാമർഥ്യം. കൈവശക്കാരൻ = ഒരുവസ്തു കൈവശം (അധീനതയിൽ) വച്ചുകൊണ്ടിരിക്കുന്നവൻ. കൈവശം പണയം = പണയവസ്തു ഉത്തമർണൻെറ അനുഭവത്തിനു വിട്ടുകൊടുക്കുന്ന സമ്പ്രദായം.

കൈവള നാ. 1. കൈയിലണിയുന്ന ഒരു ആഭരണം; 2. മേൽപ്പുരയെ താങ്ങത്തക്കവിധം ചുമരിലും മറ്റും കമാനാകൃതിയിൽ നിർമിക്കുന്ന പണിത്തരം; 3. ഒരുചെടി.

കൈവളക്കെട്ട് നാ. തോക്കിൻെറ അടിഭാഗത്ത് കാഞ്ചിയെ ചുറ്റിയിരിക്കുന്ന വലയം.

കൈവഴക്കം നാ. പ്രവൃത്തിയിൽ പരിചയമുണ്ടാകുക; 2. കൈവണങ്ങുക.

കൈവഴി, കയ്– അവ്യ. കൈയിൽക്കൂടി, ആൾവഴി, ആൾവശം. നാ. നദിയിലെ ശാഖ.

കൈവഴിച്ചെല്ലം നാ. തിരുവിതാംകൂർ മഹാരാജാക്കന്മാരുടെ സ്വകാര്യഭണ്ഡാഗാരം.

കൈവാക്ക് നാ. 1. കൈക്കു സൗകര്യം, കൈച്ചൊവ്വ്, സമീപത്തുതന്നെ ഉള്ളതുകൊണ്ടുള്ള സൗകര്യം, കൈയ്ക്ക് എത്തത്തക്കവണ്ണം ഉള്ളത്; 2,. കൈകൊണ്ടു സമർഥമായി പ്രവർത്തിക്കാനുള്ള കഴിവ്, കൈച്ചുറുക്ക്; 3. നിർവഹിക്കാവുന്ന കാര്യം; 4. നിന്ദ്യമായവാക്ക്.

കൈവാങ്ങുക, കിവേങ്ങുക ക്രി. 1. ഒഴിയുക; 2. സ്വീകരിക്കുക.

കൈവായ്പ നാ. രേഖകളൊന്നും കൂടാതെ വാങ്ങുന്ന കടം, മുട്ടുവായ്പ.

കൈവാശി നാ. 1. ആവശ്യത്തിൽ കൂടുതലായുള്ളത്, ചെലവുകഴിച്ച് ശെഷിച്ചമുതൽ, മിച്ചം; 2. എണ്ണത്തിൽ കൂടാതെ എടുക്കുന്നത് (തേങ്ങയും മറ്റും എണ്ണുമ്പോൾ); 3. കൈപ്പുണ്യം, ഭാഗ്യം.

കൈവാൾ നാ. 1. ചെറിയയിനം വാൾ, വാൾ; 2. (മരപ്പണിക്കാരുടെ) ചെറിയ അറപ്പുവാൾ.

കൈവാളസ്സഞ്ചി നാ. തുണികൊണ്ടുണ്ടാക്കിയതും ചരടുവലിച്ചു വായ്മുറുക്കി കെട്ടാവുന്നതുമായ ചെറിയ സഞ്ചി, മടിശ്ശീല, മുറുക്കാനും മറ്റും ഇടുന്ന ചെറിയ സഞ്ചി.

കൈവാഴ്ച നാ. 1. ഭരണം; 2. അധികാരാതിർത്തി.

കൈവിടുക ക്രി. ഉപേക്ഷിക്കുക, കൈയിൽനിന്നു വിടുക (കളയുക), വേണ്ടെന്നു വയ്ക്കുക. കൈവിടാഒറ്റി = ഒറ്റിക്കാരനെ ഒഴിപ്പിക്കാൻ നിർവാഹമില്ലാത്ത വ്യവസ്ഥയോടുകൂടിയ ഒരിനം ഒറ്റി. (പ്ര.) കൈവിട്ടകളി = വീണ്ടുവിചാരമില്ലാത്ത പ്രവൃത്തി.

കൈവിരുത് നാ. പ്രവൃത്തിസാമർഥ്യം.

കൈവില നാ. 1. രൊക്കവില; 2. നിലവിലുള്ള വില.

കൈവിലങ്ങ് നാ. കുറ്റവാളികളുടെ കൈകൾ കൂട്ടിബന്ധിക്കാനുള്ള ഒരു ഉപകരണം.

കൈവിഷം [മ. കൈ–സം. വിഷ]നാ. ഒരു മാന്ത്രികപ്രയോഗം.

കൈവിളക്ക് നാ. കൈയിൽ കൊണ്ടുനടക്കുന്ന ചെറിയ വിളക്ക്.

കൈവിളയാട്ടം നാ. ചെയ്തി, പ്രവർത്തനം, കൈകൊണ്ടുള്ള പ്രവൃത്തി.

കൈവീച്ച് നാ. 1. നടക്കുമ്പോഴുണ്ടാകുന്ന കൈയിളക്കം; 2. പയറ്റിൽ ഒരു അഭ്യാസമുറ, ചുവടുവയ്പിനോടൊപ്പം ശക്തമായി കൈവീശൽ; 3. കൈയൂക്ക്; 4. കൈമുതൽ.

കൈവെടി നാ. നേർച്ചയായി അമ്പലങ്ങളിൽ വയ്ക്കുന്ന ചെറിയവെടി, കയ്യിലവച്ചുതന്നെ പൊട്ടിക്കാവുന്ന വെടി.

കൈവെടിയുക ക്രി. ഉപേക്ഷിക്കുക, കൈവിടുക.

കൈവെള്ള നാ. 1. ഉള്ളങ്കൈ, കൈയുടെ അകവശം. (പ്ര.) കൈവെള്ളയിൽനിന്നും രോമം പറിക്കുക = അസാധ്യമായ പ്രവൃത്തി; 2.കുരുത്തോലകൊണ്ടുണ്ടാക്കിയ ഒരുപകരണം (മീൻ പിടിക്കാൻ ഉപയോഗം).

കൈവേഗം [മ. കൈ-സം. വേഗ]നാ. കൈവേലകളിലെ ചുറുചുറുക്ക്, പ്രവൃത്തിവേഗം, സാമർഥ്യം.

കൈവേല നാ. കൈകൊണ്ടുള്ള വേല, കൈത്തൊഴിൽ, യന്ത്രസഹായം കൂടാതെ കൈകൊണ്ടുചെയ്യുന്ന ജോലി.

കൈവേലക്കാരൻ = കൈത്തൊഴിൽ ചെയ്ത് ഉപജീവിക്കുന്നവൻ.

കൈശിക [സം. <കേസ]വി. കേശത്തെ സംബന്ധിച്ച, കേശം പോലെയുള്ള.

കൈശികം [സം.] നാ. 1. തലമുടിക്കെട്ട്, സമൃദ്ധമായ തലമുടി; 2. ശൃങ്ഗാരം, കാമം; 3. (സങ്ഗീ.) ഒരു രാഗം; 4. ഞാണിന്റെ അഞ്ചുവിധം ആകർഷണത്തിൽ ഒന്ന് (വില്ലാളി തന്റെ തലമുടിവരെ ഞാണിനെ വലിക്കുന്നത്).

കൈശികീ [സം.] നാ. 1. നാടകത്തിലെ നാലുവൃത്തങ്ങളിൽ ഒന്ന് (നൃത്തം, ഗീതം, വിലാസം ഇവയിലൂടെ ശൃങ്ഗാരരസം വ്യഞ്ജിപ്പിക്കുന്നത്); 2. ശൃങ്ഗാരം (കാവ്യത്തിൽ); 3. (സങ്ഗീ.) ഒരുരാഗം (കൂത്തിലും കൂടിയാട്ടത്തിലും ഹാസ്യബീഭത്സരസങ്ങൾ ദ്യോതിപ്പിക്കാൻ പ്രയോഗം); 4. ദുർഗ. കൈശികീനിഷാദം = (സങ്ഗീ.) ഒരു കോമളസ്വരം.

കൈശു നാ. കാൽപ്പലം തൂക്കം.

കൈശോരകം [സം. <കിശോര] നാ. കൈശോരം.

കൈശോരം [സം.] നാ. ബാല്യം.

കൈശ്യം [സം. <കേശ] നാ. തലമുടിക്കെട്ട്.

കൈസ്ഥാനം [മ. കൈ-സം. സ്ഥാന] നാ. 1. ഹിന്ദുക്ഷേത്രങ്ങളിൽ ഭരണച്ചുമതലയുള്ള ഒരു ഉദ്യോഗം, മുതൽപിടി; 2. പള്ളിയിലെ മുതൽപിടിസ്ഥാനം.

കൈറാട്ട് നാ. കൈകൊണ്ടു നൂൽനൂൽക്കുന്നതിനുള്ള യന്ത്രം.

കൊ [കൊക്കുക] ധാതുരൂപം.

കൊ കൊ [<മറ. ഖോഖോ] നാ. ഒരുതരം കളി.

കൊക്ക1 നാ. 1. കൊളുത്ത്, ചൂണ്ട; 2. തോട്ടി; 3. വസ്ത്രങ്ങളും മറ്റും തൂക്കിയിടുന്നതിനായി ചുമരിൽ ഉറപ്പിച്ചുവയ്ക്കുന്ന കൊളുത്ത്; 4. പൂട്ട്; 5. ഏഷണി, തടസ്സം.

കൊക്ക2 നാ. മലകളുടെ ഇടയ്ക്കുള്ള അഗാധമായ വിള്ളൽ, താഴ്ച്ചയേറിയകുഴി, താഴ്വരപ്രദേശം.

കൊക്കക്കുര [കൊക്ക(<കൊക്കുക)-കുര] നാ. മുപ്പിറച്ചുമ, കൊക്കരച്ചുമ.

കൊക്കൽ നാ. 1. കൊക്ക് എന്ന പക്ഷി; 2. മുനയുള്ളത്, അമ്പ്; 3. ഒരിനം വെളുത്ത നെല്ല്.

കൊക്കപ്പുഴു, കൊക്കിപ്പുഴു, കൊക്കൊപ്പുഴു [കൊക്ക (<കൊക്കി) -പുഴു] നാ. ഒരിനം കുടൽകൃമി.

കൊക്കര1 വി. വളഞ്ഞ, അകത്തോട്ടുവളഞ്ഞ. നാ.1. വളവ്; 2. വല; 3. പാമ്പ്; 4. വില്ല്; 5. നിന്ദ, ആക്ഷേപം മുതലായ ഭാവങ്ങൾ സൂചിപ്പിക്കുവാൻ കൈകൊണ്ടുകാട്ടുന്ന ആങ്ഗ്യം, കോക്രി; 6. വലം പിരിശങ്ഖ്; 7. കൊഞ്ചിൻെറ തലയിലുള്ള കൂർത്ത മുള്ള്.

കൊക്കര2 നാ. കൊക്കറ.

കൊക്കരച്ചുമ [കൊക്കര1-ചുമ] നാ. കുട്ടികളെ ബാധിക്കുന്ന ഒരുതരം ചുമ, വില്ലൻ ചുമ, മുപ്പിറച്ചുമ.

കൊക്കരണി, -റണി,-രിണി [ക. ഹൊക്ഖരിണി < പ്രാ. പൊക്ഖരിണി < സം. പുഷ്കരിണി] നാ. 1. ഒരുതരം പൊയ്ക, അധികം ആഴമില്ലാത്തതും കിണറിനെക്കാൾ വിസ്താരമുള്ളതും കുളത്തെക്കാൾ വലിപ്പം കുറഞ്ഞതും ആയ ജലാശയം, കുഴിക്കിണറ്; 2. കല്ലുവെട്ടിയെടുത്തും മറ്റുമുണ്ടാകുന്ന കുഴി, പടുകുഴി, കൊക്ക.

കൊക്കരനാഴി [കൊക്കര2-നാഴി] നാ. അന്നനാളത്തിൻെറ മുകൾഭാഗം, കൊക്കരവള്ളി, കണ്ഠനാളം, അന്നകുല്യ.

കൊക്കരയ്ക്കുക, -റയ്ക്കുക, -ക്കുറയ്ക്കുക ക്രി. 1. കോഴി (മുട്ടയിട്ടതിനുശേഷം) ശബ്ദം പുറപ്പെടുവിക്കുക; 2. (പ്ര.) ഇടവിട്ടിടവിട്ടു ചിരിക്കുക, അർഥശൂന്യമായും അസ്ഥാനത്തും ചിരിക്കുക.

കൊക്കവാലി നാ. ആരമ്പുളി.

കൊക്കറ, -ര, കൊക്ര [കൊക്ക്-അറ3] നാ. 1. പക്ഷികളുടെ കഴുത്തിൽ ആഹാരം സൂക്ഷിച്ചുവയ്ക്കുന്ന അറ, തീമ്പണ്ടി; 2. കോഴി പുറപ്പെടുവിക്കുന്ന ശബ്ദം; 3. ഒരുതരം വാദ്യം.

കൊക്കാം പന്നി നാ. കുഞ്ഞുങ്ങൾ പ്രായമായവരുടെ മുതുകിൽ കയറിക്കളിക്കുന്ന ഒരിനം കളി.

കൊക്കാം പരണ്ട നാ. = കക്കാം പറണ്ട.

കൊക്കി നാ. 1. കൊളുത്ത്; 2. തോട്ടി; 3. തയ്യൽ യന്ത്രത്തിൽ നൂലിനെ വൽച്ചു വിടുന്ന കൊളുത്തുപോലുള്ള ഭാഗം; 4. തൊണ്ട; 5. പുരുഷന്മാരുടെ കഴുത്തിൽ മുൻഭാഗത്തു കോണാകൃതിയിൽ ഉന്തിനിൽക്കുന്ന മുഴ, കൊരൽമുഴ; 6. ഒരു ആഭരണം.

കൊക്കിക്കുക [കൊക്കുക >പ്രയോ.)] ക്രി. കൊക്കുന്നതിനു കാരണമാകുക.

കൊക്കിട [കോ-കിട] നാ. രാജാവിനു കൊടുക്കപ്പെടുന്നത്.

കൊക്കിണിക്കുക ക്രി. കൂനുക, വളയുക. ഉദാ. കൊക്കിണിച്ച വെള്ളരിക്ക.

കൊക്കിറുക്കി [കൊക്ക്-ഇറുക്കി] നാ. 1. കഴുത്തിൽ ഇറുകികിടക്കത്തക്കവണ്ണം ധരിക്കുന്ന ഒരു കണ്ഠാഭരണം; 2. മൽപ്പിടിത്തത്തിൽ എതിരാളിയുടെ കഴുത്തിൽ പ്രയോഗിക്കുന്ന ഒരു പൂട്ട്; 3. കണ്ഠത്തിലുള്ള ഒരു മർമം.

കൊക്ക് നാ. 1. ഒരിനം പക്ഷി, കൊറ്റി, കൊച്ച; 2. പാമ്പിൻെറ ചീറ്റൽ; 3. മുന; 4. (ജ്യോ.) മൂലം നക്ഷത്രം; 5. പഴഞ്ചൻ മാതൃകയിലുള്ള ഒരിനം കൈത്തോക്ക്.

കൊക്കുക (ശബ്ദാനു.) ക്രി. 1. മുട്ടയിട്ടശേഷം കോഴി ഒരു പ്രത്യേക രീതിയിൽ ശബ്ദിക്കുക; 2. കോഴി കൊക്കുന്നതുപോലെ ശബ്ദമുണ്ടാക്കുക; 3. കരയുക; 4. ചീറ്റുക; 5. വിഷമിച്ചു ചുമയ്ക്കുക.

631

കൊക്കുമന്താരം [കൊക്ക്-മന്താരം] നാ. വെളുത്തമന്താരം, രുദ്രമന്താരം, വലിയ പൂവുള്ള ഇലഞ്ഞി എന്നും പക്ഷം.

കൊക്കെരി [കൊക്ക്-എരി] നാ. പൂവങ്കോഴിയുടെ ചുണ്ടിൻെറ കീഴിലില്ള ചെറിയതാട.

കൊക്കോട്ട, -ട്ട് നാ. 1. മൺകോരിക; 2. കുഴി കുഴിക്കുവാനുള്ള ഇരുമ്പുപാര.

കൊക്കോപ്പുഴു നാ. = കൊക്കപ്പുഴു.

കൊങ്ക നാ. സ്ത്രീകളുടെ മുല.

കൊങ്കണ [സം. കോങ്കണ്ണാ] നാ. രേണുക, പരശുരാമൻെറ മാതാവ്.

കൊങ്കണം [സം. കോങ്കണ] നാ. 1. ദക്ഷിണഭാരതത്തിൽ ഡക്കാണിൻെറ പടിഞ്ഞാറുഭാഗത്ത് ഗോവമുതൽ ഗുജറാത്തുവരെയുള്ള പ്രദേശം; 2. കൊങ്കണദേശത്തെ ഭാഷ; 3. പുല്ലുവർഗത്തിൽപ്പെട്ട ഒരു ചെടി.

കൊങ്കണി നാ. 1. കൊങ്കണദേശക്കാരൻ, കൊങ്കണഭാഷ സംസാരിക്കുന്നവൻ, കൊങ്കിണി; 2. ഗൗഡസാരസ്വത ബ്രാഹ്മണസമൂഹത്തിപ്പെട്ട ആൾ; 3. കൊങ്കണദേശത്തെ ഭാഷ.

കൊങ്കി നാ. 1. ഒരുജാതി അരിവാൾ; 2. തോട്ട, തോട്ടി; 3. ഒരു സ്ത്രീനാമം, കുങ്കി.

കൊങ്ക് ന. 1. കൊങ്ങ്, കൊന്നമരം; 2. ഇലവ്; 3. കമ്പകം; 4. പരിമളം, സുഗന്ധം; 5. കൊങ്ങുനാട്.

കൊങ്ങ നാ. 1. കഴുത്തിൻെറ മുമ്പശം; 2. ഒരിനം വൃക്ഷം, കൊന്നമരം.

കൊങ്ങച്ചം നാ. ഉന്നതസ്ഥാനം, കൊങ്ങച്ചക്കുറുപ്പ്= വലിപ്പം നടിക്കുന്നവൻ.

കൊങ്ങണം നാ. കൊങ്കണം.

കൊങ്ങനാട് നാ. ഇന്നത്തെ കോയമ്പത്തൂർ സേലം എന്നീ ജില്ലകൾ ഉൾപ്പെട്ടിരുന്ന ദേശം.

കൊങ്ങപ്പട, കൊങ്ങൻ- [കൊങ്ങ-പട] നാ. ചിറ്റൂർ നിവാസികൾ നടത്തിവരുന്ന ഒരു ഉത്സവം.

കൊങ്ങഴി [കൊങ്ങ്-നാഴി] നാ. ഒരു ധാന്യ അളവ്.

കൊങ്ങിണി, -ങ്ങണി നാ. 1. കൊങ്കണദേശക്കാരൻ, കൊങ്ങിണിഭാഷ സംസാരിക്കുന്നവൻ; 2. ഗൗഡസാരസ്വതബ്രാഹ്മണസമുദായത്തിൽപ്പെട്ട ആൾ; 3. കൊങ്കണി ഭാഷ; 4. മഞ്ഞപ്പൂവുള്ള ഒരു പൂച്ചെടി; 5. വേലിപ്പത്തലായി ഉപയോഗിക്കുന്ന ഒരു കുറ്റിച്ചെടി.

കൊങ്ങ് നാ. 1. കൊങ്ങുനാട്; 2. അജ്ഞാതപ്രദേശം, വിദൂരസ്ഥലം; 3. കൊന്നമരം; 4. കമ്പകം; 5. ഇലവ്.

കൊച്ച നാ. 1. ധാന്യങ്ങളുടെ തോട്, ഉമി; 2. ഒരിനം പക്ഷി, കൊക്ക്; 3. കൊഞ്ഞ.

കൊച്ചങ്ങ [കൊച്ചൻ-കാ] നാ. തെങ്ങിന്റെ ഇളം കായ്, വെള്ളയ്ക്കാ, മച്ചിങ്ങ.

കൊച്ചഛൻ [കൊച്ച്-അഛൻ] നാ. 1. അഛന്റെ അനുജൻ; 2. അമ്മയുടെ അനുജത്തിയുടെ ഭർത്താവ്.

കൊച്ചൻ നാ. ചെറിയവൻ, പയ്യൻ, കുട്ടി, ബാലൻ.

കൊച്ചപ്പൻ [കൊച്ച്-അപ്പൻ] നാ. 1. കൊച്ചഛൻ; 2. ഒരു പുരുഷനാമം.

കൊച്ചം നാ. 1. ചെറിയ, മോശപ്പെട്ടത്; 2. ചെറിയ ഇഴക്കയർ.

കൊച്ചമ്മ [കൊച്ച്-അമ്മ] നാ. 1. അമ്മയുടെ അനുജത്തി, ചിറ്റമ്മ, കുഞ്ഞമ്മ; 2. അച്ഛന്റെ അനുജന്റെ ഭാര്യ; 3. അച്ഛന്റെ രണ്ടാം ഭാര്യ, രണ്ടാനമ്മ; 4. യജമാനന്റെ ഭാര്യ; 5. ഉയർന്ന നിലയിലുള്ള സ്ത്രീകളെ സംബോധന ചെയ്യുന്നതിനുപയോഗിക്കുന്ന പദം; 6. മസ്ക്യാമ്മ; 7. തിരുവിതാങ്കൂർ രാജാക്കന്മാർ സ്ത്രീകൾക്കു നൽകുന്ന സ്ഥാനപ്പേര്.

കൊച്ചരി [കൊച്ച്-അരി] നാ. = കുച്ചരി, കൊച്ചരിപ്പല്ല് = ഭങ്ഗിയുള്ള ചെറിയ പല്ല്.

കൊച്ചി1 നാ. കേരളത്തിലെ ഒരു പഴയ നാട്ടുരാജ്യം.

കൊച്ചി2 നാ. ബാലിക, പെൺകുട്ടി.

കൊച്ചി3 നാ. തീ, നെരിപ്പ്.

കൊച്ചിക്ക നാ. ശിശു, കുട്ടി.

കൊച്ചിക്കായ് [കൊച്ചി1-കായ്] നാ. 'സൂചിമുളക്'.

കൊച്ചിക്കാൽ [കൊച്ചി1-കാല്] നാ. മന്തുകാൽ.

കൊച്ചിശ്ശീമ [കൊച്ചി1-ശീമ] നാ. 1. കൊച്ചി സംസ്ഥാനം; 2. കൊച്ചിരാജ്യത്തിൽ ബ്രിട്ടീഷുകാർ നേരിട്ടുഭരിച്ചിരുന്ന പ്രദേശം.

കൊച്ച് വി. 1. ചെറിയ, പ്രായം കുറഞ്ഞ; 2. ഇളയ; 3. പ്രിയപ്പെട്ട; 4. ചുരുങ്ങിയ; 5. താണതരത്തിലുള്ള, മോശമായ. നാ. 1. കുട്ടി, കുഞ്ഞ്; 2. പെൺകുട്ടി.

കൊച്ചുന്നാൾ [കൊച്ച്-നാൾ] നാ. ബാല്യകാലം.

കൊജ്ഞാണൻ, കൊഞ്ഞാ- നാ. വകയ്ക്കുകൊള്ളാത്തവൻ, മടയൻ, മൂഢൻ.

കൊഞ്ച് [കൊഞ്ചുക] ധാതുരൂപം.

കൊഞ്ചം നാ. അൽപം, കുറച്ച്. കൊഞ്ചത്തരം = കുറഞ്ഞ പണി, നാണങ്കെട്ട ജോലി.

കൊഞ്ചൽ [കൊഞ്ചുക] നാ. നാമരൂപം.

കൊഞ്ചുക ക്രി. 1. അവ്യക്തമധുരമായി ശബ്ദിക്കുക, ഓമനത്തം തോന്നുമാറു പെരുമാറുക; 2. പക്ഷികളും മറ്റും കേൾക്കാനിമ്പമുള്ള ശബ്ദം പുറപ്പെടുവിക്കുക; 3. ചെല്ലം കുഴയുക, ശൃങ്ഗാരദ്യോതകമായ വാക്കുകളും ചേഷ്ടകളും പ്രകടിപ്പിക്കുക. കൊഞ്ചുമൊഴി = സുന്ദരി.

കൊഞ്ഞ നാ. 1. നാക്കുതിരിയായ്മ, ഉച്ചാരണത്തിലുള്ള അവ്യക്തത; 2. നാക്കു വഴങ്ങാത്ത രീതിയിൽ അവ്യക്തമായി സംസാരിക്കുന്ന ആൾ, കൊത്ത; 3. കൊഞ്ഞനം.

കൊഞ്ഞണം നാ. = കൊഞ്ഞനം.

കൊഞ്ഞൻ [കൊഞ്ഞ-ആൻ1] നാ. കൊഞ്ഞയുള്ളവൻ, അവ്യക്തമായി സംസാരിക്കുന്നവൻ.

കൊഞ്ഞനം നാ. പരിഹാസ്യദ്യോതകമായി കാണിക്കുന്ന ആങ്ഗ്യം, കോക്കിറി.

കൊഞ്ഞം നാ. കൊഞ്ഞനം.

കൊഞ്ഞൽ നാ. നാക്കു തിരിയായ്മ, കൊഞ്ഞ.

കൊഞ്ഞ് നാ. 1. കുഞ്ഞ്; 2. ഇളം പ്രായത്തിൽ മുരടിച്ചതേങ്ങ.

കൊഞ്ഞുക ക്രി. നാവുതിരിയാതെ അവ്യക്തമായി സംസാരിക്കുക, കൊഞ്ഞപറയുക.

കൊട1 നാ. 1. കൊടുക്കുക എന്ന പ്രവൃത്തി; കൊടുക്കൽ, ദാനം, ദാനശീലം; 2. ഒരു പിതൃപൂജ, പിതൃക്കൾക്കു വഴിപാടു കൊടുക്കുന്ന ചടങ്ങ്; 3. തെക്കൻ തിരുവിതാങ്കൂറിലെ ചില ക്ഷേത്രങ്ങളിൽ നടത്തിവരുന്ന ഒരു ഉത്സവം, ദേവീദേവന്മാരെ ഉദ്ദേശിച്ചു ബലിയോ നൈവേദ്യമോ അർപ്പിക്കുന്നത്.

കൊട2 നാ. = കുട.കൊടകുത്തിക്കളി = പുലയച്ചെറുമികൾ ഒരു കൈയിൽ ഓലക്കുട പിടിച്ചുകൊണ്ട് താളം പിടിച്ചും ചുവടുവച്ചും നടത്തുന്ന ഒരിനം കളി.

കൊടയാളി [കൊട1-ആളി] നാ. കൊടുക്കുന്നവൻ, ദാതാവ്, ദാനശീലൻ.

കൊടാ [കൊട്1-ആ5]ക്രി. കൊടുക്കുകയില്ല.

കൊടി നാ. 1. കമ്പിലോ, സ്തംഭത്തിലോ മറ്റോ കെട്ടിത്തൂക്കുന്ന കൂറ, പതാക; 2. കൊടിമരം; 3. പടരുന്ന ചെടി, വള്ളി; 4. പൊക്കിൾക്കൊടി; 5. അറ്റം, മുന; 6. ഉയർന്ന സ്ഥാനം; 7. ചില കന്നുകാലികളുടെ കാലിൽ വാണുന്ന വെളുത്ത അടയാളം; 8. മേന്മയുള്ളത്, സൗന്ദര്യമുള്ളത്; 9. കാള. പോത്ത് തുടങ്ങിയ മൃഗങ്ങളുടെ ജനനേന്ദ്രിയം; 10. കാക്ക; 11. മിന്നൽ; 12. കയറ്; 13. നീളം; 14. ആധിപത്യം.

കൊടിക്കപ്പൽ നാ. 1. ഒരിനം ചെറിയ പാക്കപ്പൽ; 2. നാവികസേനാപതിയുടെ പതാക ഉയർത്തിയിട്ടുള്ള കപ്പൽ.

കൊടിക്കയറ് [കൊടി-കയറ്] നാ. 1. വെറ്റിലവള്ളിത്തോട്ടത്തിൽ വള്ളിക്കു പടർന്നു കയറാൻ വേണ്ടി കെട്ടുന്ന കയറ്; 2. കൊടി ഉയർത്താനും താഴ്ത്താനും ഉപയോഗിക്കുന്ന കയറ്; 3. ഒരു കരം, തിരുവിതാങ്കൂറിൽ നിലവിലുണ്ടായിരുന്നത്.

കൊടിക്കാരൻ [കൊടി-കാരൻ] നാ. കൊടിപിടിക്കുന്നവൻ.

കൊടിക്കാൽ [കൊടി-കാൽ2] നാ. 1. വെറ്റിലക്കൊടിയോ കുരുമുളകു കൊടിയോ മറ്റോ പടരുന്നതിനു നാട്ടുന്ന മരക്കൊമ്പ്; 2. കൊടിമരം.

കൊടിക്കൂറ [കൊടി-കൂറ] നാ. കൊടിമരത്തിൽ തൂക്കുന്ന (പ്രത്യേക ചി ങ്ങളോടുകൂടിയ) തുണി, പതാക.

കൊടിക്കൊഴിഞ്ഞിൽ [കൊടി-കൊഴിഞ്ഞിൽ] നാ. ഒരു ഔഷധച്ചെടി.

കൊടിച്ചി നാ. 1. പെൺപട്ടി; 2. വാലിൽ കൊടിയുള്ള പശു, 3. താഴ്ന്നനിലയിലുള്ളവൾ, മോശപ്പെട്ടവൾ; 4. വേശ്യ. കൊടിച്ചിത്തം = വേസ്യയുടെ ഭാവം.

കൊടിച്ചുറ്റ് [കൊടി-ചുറ്റ്] നാ. പൊക്കിൾക്കൊടി.

കൊടിഞ്ഞ നാ. ചെന്നി.

കൊടിഞ്ഞിൽകുത്ത് [കൊടിഞ്ഞി-കുത്ത്] നാ. ചെന്നിയിൽ ഒരുവസത്തുമാത്രം ഉണ്ടാകുന്ന വേദന, ചെന്നിക്കുത്ത്.

കൊടിനടു [കൊടി-നടു] നാ. മനോഹരവും ഒതുങ്ങിയതുമായ അരക്കെട്ട്.

കൊടിഭസ്മം [മ. കൊടി-സം.ഭസ്മ] നാ. കൊടുവേലി ചുട്ട ഭസ്മം.

കൊടിമരം [കൊടി-മരം] നാ. 1. കൊടിക്കൂറ തൂക്കുന്നതിനായി നാട്ടുന്ന സ്തംഭം.

കൊടിയ1 വി. 1. ഭയങ്കരമായ, ക്രൂരമായ, കടുപ്പമുള്ള, തീവ്രമായ; 2. വലിയ, ശക്തിയേറിയ.

കൊടിയ2 നാ. ഒരു മരക്കപ്പൽ.

കൊടിയൻ നാ. ആൺപട്ടി.

കൊടിയൻ നാ. = കൊടിയ2.

കൊടിയടുപ്പ് [കൊടി-അടുപ്പ്] നാ. ഒരു അടുപ്പിൽ തീകത്തിച്ചാൽ, അതിൻെറ ശാഖയായുള്ള അടുത്ത അടുപ്പിലേക്ക് തീജ്വാല വ്യാപിക്കത്തക്കവണ്ണം ഉണ്ടാക്കിയിട്ടുള്ള അടുപ്പ്, പിള്ളയടുപ്പ്.

കൊടിയാട [കൊടി-ആട1] നാ. കൊടിക്കൂറ.

കൊടിയാൾ [കൊടി1-ആൾ] നാ. കൃശഗാത്രി, സുന്ദരി.

കൊടിയില [കൊടി-ഇല] നാ. വാഴയിലയുടെ തുമ്പ്, തൂശനില, തുമ്പില.

കൊടിയിറക്കുക [കൊടി-ഇറക്കുക] ക്രി. ദേവാലയങ്ങളിൽ, പ്രത്യേകിച്ച് ഹിന്ദുക്ഷേത്രങ്ങളിൽ, കൊടിമരത്തിൽനിന്നും കൊടി താഴ്ത്തുക.

കൊടിയേറുക [കൊടി–ഏറുക] ക്രി. ദേവാലയങ്ങളിൽ ഉത്സവം ആരംഭിക്കുന്നതിൻെറ സൂചനയായി കൊടിമരത്തിൽ മന്ത്രപൂർവകമായി കൂറ ഉയരുക.

കൊടിയേറ്റം [കൊടി–ഏറ്റം1] നാ. ദേവാലയങ്ങളിൽ, വിശേഷിച്ചു ഹിന്ദുക്ഷേത്രങ്ങളിൽ, ഉത്സവത്തിൻെറ പ്രാരംഭമായി കൊടിയുയർത്തുന്ന ചടങ്ങ്.

കൊടിയോൻ നാ. കൊടിയവൻ, ക്രൂരൻ, കടുത്തവൻ, കഠിനഹൃദയൻ, ദുഷ്ടൻ.

കൊടിൽ നാ. തീയിൽനിന്നും മറ്റും പദാർഥങ്ങളോ പാത്രങ്ങളോ പിടിച്ചെടുക്കാൻ ഉപയോഗിക്കുന്ന ഉപകരണം, കൊരട്.

കൊടിവശള നാ. ഒരുജാതി ചീര.

കൊടിവാഹനൻ [സം. വാഹൻ]'കൊടി' (കാക്ക) വാഹനമായിട്ടുള്ളവൻ.' നാ. ശനി.

കൊടിവിളക്ക് നാ. 1. പൂജാസമയത്തു ദീപാർപ്പണത്തിനുപയോഗിക്കുന്ന പിടിയുള്ള വിൾക്ക്; 2. ക്ഷേത്രത്തിലെ സ്ഥാനികൾക്കു മുമ്പിൽ ആചാരമായി പിടിച്ചുകൊണ്ടുപോകുന്ന വിളക്ക്.

കൊടു1 ധാതുരൂപം. കൊടുക്കുക.

കൊടു2 വി. ക്രൂരതയുള്ള, ഭയങ്കരമായ, കടുത്ത, കഠിനമായ, വലിയ, അത്യധികമായ.

കൊടു3 നാ. = കൊടുവ്.

കൊടു4 (പ.മ) അവ്യ. = കൊണ്ട്.

കൊടുക് നാ. 1. അറുത്തുകഷണമാക്കിയ തടി; 2. ഇരുപത്തിയഞ്ചെണ്ണം ചേർന്ന കൂട്ടം.

കൊടുകുക ക്രി. കഠിനമായിരിക്കുക, ക്രൂരമായിരിക്കുക.

കൊടുകൂരം നാ. 1. കടുത്തകോപം; 2. ഭയം; 3. കാഠിന്യം.

കൊടുക്ക ക്രി. കൊടുക്കുക. നാ. 1. കൊടുക്കൽ, കൊടുപ്പ്; 2. പിതൃക്കളെയും പരദേവതകളെയും ഉദ്ദേശിച്ചു നടത്തുന്ന ബലി.

കൊടുക്കൽ [കൊടുക്കുക] നാമരൂപം.

കൊടുക്കാപ്പുളി നാ. കൊടം പുളി,പിണർപുളി.

കൊടുക്കുക ക്രി. 1. നൽകുക, ഏൽപ്പിക്കുക; 2. അടിയ്ക്കുക, തല്ലുക; 3. പ്രയോഗിക്കുക; 4. കൊള്ളിക്കുക, ഉറപ്പിച്ചു വയ്ക്കുക; 5. വിവാഹം കഴിച്ചയയ്ക്കുക; 6. ഒരു അനുപ്രയോഗം. മറ്റൊരു ധാതുവിനോടുചേർത്ത് പരാർഥ പ്രവൃത്തി തുടങ്ങിയവ ദ്യോതിപ്പിക്കുന്നതിനു പ്രയോഗം.

കൊടുങ്കാട് നാ. ഇടതൂർന്ന കാട്; ഭയങ്കരമായ കാട്.

കൊടുങ്കാളി നാ. ഭദ്രകാളി.

കൊടുങ്കാറ്റ് നാ. അതിശക്തിയായി വീശുന്ന കാറ്റ്, വായു മണ്ഡലത്തിൽ സംഭവിക്കുന്ന തീവ്രമായ ചലനം.

കൊടുങ്കൂരം നാ. = കൊടുകൂരം.

കൊടുങ്കൈ നാ. 1. കടുംകൈ; 2. കിടക്കുമ്പോഴോ ഇരിക്കുമ്പോഴോ തലയ്ക്കു താങ്ങായിട്ടു മുട്ടുകുത്തിയ രീതിയിൽ വയ്ക്കപ്പെട്ട കൈ, കൈമുട്ടിന് എതിരേയുള്ള ഭാഗം.

കൊടുങ്ങല്ലൂർ നാ. പ്രാചീനകേരളത്തിലെ ചരിത്രപ്രസിദ്ധമായ ഒരു തുറമുഖവും രാജധാനിയും.

കൊടുങ്ങല്ലൂർ ഭരണി നാ. മീനമാസത്തിലെ ഭരണിനാളിൽ കൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രത്തിൽ നടത്തുന്ന ഉത്സവം.

കൊടുങ്ങല്ലൂർ വിരുത്തി നാ. ചില സേവനങ്ങൾക്കുവേണ്ടി കൊടുങ്ങല്ലൂർ രാജാവ് തിരുവിതാങ്കൂറിലുള്ള ചിലർക്ക് ദാനം ചെയ്തിട്ടുള്ള വസ്തു.

കൊടുതം [പോർ.] നാ. 1. ഒരിനം സ്കന്ധാഭരണം; 2. മരസാധനങ്ങളുടെ അരികു ഭങ്ഗിക്കുവേണ്ടി ഉരുട്ടി പണിതിട്ടുള്ളത്.

കൊടുതി നാ. 1. കൊടുക്കൽ, നൽകൽ; 2. ചില ദേവതകളുടെ പ്രീതിക്കുവേണ്ടി പ്രത്യേകചടങ്ങുകളോടുകൂടി നടത്തുന്ന ഉത്സവം.

കൊടുത് നാ. വലുത്, കൊടിയത്, ഉഗ്രമായത്, ക്രൂരമായത്.

കൊടുനീതി [സം.] നാ. ഔദാര്യം, ദാനധർമങ്ങൾ ചെയ്യുന്നതിനുള്ള മനസ്സ്.

കൊടുന്തമിഴ് നാ. ചെന്തമിഴ് നാടിനു ചുറ്റും പ്രചാരത്തിലിരുന്ന തമിഴ്, തമിഴിൻെറ ദേശ്യഭേദങ്ങളെ പൊതുവേ കുറിക്കാൻ പ്രയോഗം.

കൊടുപ്പം നാ. കൊടുതായ അവസ്ഥ, ഭയങ്കരത, ക്രൂരത, കൊടുമ.

കൊടുപ്പ് നാ. കൊടുക്കൽ, ദാനം.

കൊടും വി. കൊടു.

കൊടുമ നാ. 1. കൊടിയ അവസ്ഥ, ക്രൂരത, ഭയങ്കരത, കടുപ്പം, കൊടുപ്പം; 2. പരുപരുപ്പ്; 3. അനീതി, അക്രമം; 4. പാപം; 5. കുസൃതി, വികൃതി.

കൊടുമുടി നാ. 1. മലയുടെ ഏറ്റവും പൊക്കംകൂടിയ കൂർത്ത അറ്റം; 2. ഏതിൻെറയെങ്കിലും ഏറ്റവും ഉയരത്തിലുള്ള അഗ്രം, ഉച്ചാവസ്ഥ, പരമമായ ഉയർച്ച.

633

കൊടുമ്പകൽ നാ. നട്ടുച്ച.

കൊടുമ്പാമ്പ് നാ. കൊടിയ വിഷമുള്ള പാമ്പ്.

കൊടുമ്പിരി നാ. 1. നല്ലപോലെ മുറുകിച്ചേർന്നതും വിടർത്തി മാറ്റാൻ പ്രയാസമുള്ളതുമായ പിരി; 2. തെറ്റായ പിരി; 3. (പ്ര.) ദുർഘടം; വൈഷമ്യം; 4. കോപം.

കൊടുമ്പിരികൊള്ളുക ക്രി. = മൂർധന്യാവസ്ഥയിലാകുക, കർക്കശമാകുക, വല്ലാതെ മുറുകുക, കോപം, താപം മുതലായവ ഉച്ചസ്ഥിതിയിലാവുക.

കൊടുവാ നാ. ആയുധങ്ങളുടെ വായ്ത്തല.

കൊടുവാക്ക് [സം.] നാ. പരുഷമായ വാക്ക്.

കൊടുവാൾ നാ. 1. ഒരിനം വെട്ടുകത്തി.

കൊറ്റുവിക്കുക ക്രി. പിളർക്കുക, കീറി വേർപെടുത്തുക (തടിയെന്നപോലെ).

കൊടുവിനയൻ നാ. മഹാപാപി, കൊടിയ വിന ചെയ്തവൻ.

കൊടുവ് നാ. മരത്തിൻെറ നിരപ്പില്ലാത്ത ഭാഗങ്ങൾ അറുത്തു മാറ്റിയശേഷമുള്ള കട്ടിത്തടി.

കൊടുവേലി നാ. പച്ചമരുന്നായി ഉപയോഗിക്കുന്ന ഒരു വാർഷികസസ്യം.

കൊടൂരം നാ. 1. ക്രൂരഭാവം, കഠിനത; 2. ക്രൂരവാക്ക്.

കൊട്ട1 നാ. 1. കുട്ട; 2. വെള്ളം കോരുന്നതിന് ഉപയോഗിക്കുന്ന ഒരിനം പാത്രം (ഈറയോ മറ്റോ കൊണ്ടു മെടഞ്ഞുണ്ടാക്കുന്നു).

കൊട്ട2 വി. ജലാംശം വറ്റിയ, വരണ്ട, ഉണങ്ങിയ. നാ. 1. കായ്ക്കുള്ളിലെ വിത്ത്, കുരു (കാപ്പി, ആവണക്ക് തുടങ്ങിയവയുടെ); 2. ആവണക്ക്.

കൊട്ട3 [പ്രാ. ഗൊട്ഠ < സം. ഗോഷ്ഠ] നാ. തൊഴുത്ത്.

കൊട്ടക [പ്രാ. ഗൊട്ഠഗാ < സം. ഗോഷ്ഠ] നാ. നാടകം, സിനിമ മുതലായവ പ്രദർശിപ്പിക്കാൻ തുറസ്സായ സ്ഥലത്തു സ്ഥിരമായോ, താൽക്കാലികമായോ കെട്ടിയുണ്ടാക്കിയിട്ടുള്ള ശാല.

കൊട്ടക്കുഴി നാ. കിണറ്റിൻെറ തൊടി അവസാനിച്ചശേഷം അതിൻെറ കീഴിൽ കുഴിയായിട്ടുള്ള ഭാഗം.

കൊട്ടടയ്ക്ക നാ. കൊട്ടയായ, അടയ്ക്ക, ഉണക്കപ്പാക്ക്.

കൊട്ടണക്കാരി നാ. കൂലിക്കു നെല്ലു കുത്തുന്ന സ്ത്രീ.

കൊട്ടണച്ചോറ് നാ. തവിടുകളയാത്ത ഉണക്കലരിച്ചോറ്.

കൊട്ടണത്തരി നാ. 1. തവിടുകളയാത്ത ഉണക്കലരി; 2. ഉണക്കില്ലാത്ത മുഴുത്ത അരി.

കൊട്ടണം നാ. 1. തവിടുകലയാത്ത അരി; 2. ഉണക്കച്ചോറ്; 3. (തവിടുനഷ്ടപ്പെടാത്ത വിധത്തിലുള്ള) നെല്ലുകുത്ത്. കൊട്ടണങ്കുത്തുക = ദാരിദ്ര്യം അനുഭവിക്കുക.

കൊട്ടത്തളം നാ. 1. കിണറ്റിനുസമീപം കല്ലുപാകിയുണ്ടാക്കുന്ന തളം, അരി കഴുകുവാനും വെള്ളം കോരി വയ്ക്കുവാനും മറ്റും ഉപയോഗം; 2. കുളിപ്പുരയിലെ കല്ലുപാകിയ തളം.

കൊട്ടത്താപ്പ് നാ. കുട്ടത്താപ്പ്.

കൊട്ടത്തേങ്ങ നാ. നല്ലവണ്ണം ഉണങ്ങി നീർവറ്റിയ തേങ്ങ.

കൊട്ടൻ1 വി. ഉണങ്ങിയ. ഉദാ. കൊട്ടൻ പാക്ക്.

കൊട്ടൻ2 നാ. അണ്ണാൻ, അണ്ണാറക്കൊട്ടൻ, അണ്ണാരക്കൊട്ടൻ.

കൊട്ടൻ3 നാ. മെലിഞ്ഞവൻ, എല്ലൻ.

കൊട്ടപ്പാക്ക് നാ. കൊട്ടടയ്ക്ക്.

കൊട്ടപ്പാട് നാ. 1. മണ്ണുനിറച്ച കുട്ട; 2. കയ്യാലയുടെ അരികിലുള്ള തടം.

കൊട്ടപ്പാലം നാ. 1. ഈറകൊണ്ടുണ്ടാക്കുന്ന ഒരുമാതിരി ചങ്ങാടം, ഉണങ്ങിയ ഈറ ഒന്നായി കൂട്ടിക്കെട്ടി വൾലത്തിനുപകരം ഉപയോഗിക്കുന്നത്; 2. ഈറൽക്കൊട്ടയുടെ നടുക്കുള്ള വരി.

കൊട്ടം1 [പ്രാ. കൊട്ഠ < സം. കുഷ്ഠ] നാ. 1. ഒരു അങ്ങാടിമരുന്ന്, ഹിമാലയത്തിലും കാശ്മീർ താഴവരകളിലും വലരുന്ന ഒരിനം ചെടിയുടെ വേര്; 2. ആനക്കൂവ.

കൊട്ടം2 നാ. ഒരറ്റം ചരിച്ചുവെട്ടിയ മുളങ്കുഴൽ, ഒട്ടം.

കൊട്ടമുള്ള് നാ. 1. ഒരുതരം മരം; 2. ഒരുതരം മുള്ളുള്ള ചെടി.

കൊട്ടയാട്ടം നാ. 1. ഉണങ്ങിയ തേങ്ങ കുലുക്കൽ; 2. (പ്ര.) ഞെരുക്കൽ, വിഷമിപ്പിക്കൽ.

കൊട്ടയാട്ടുക ക്രി. 1. കുലുക്കുക; 2. (പ്ര.) കഷ്ടപ്പെടുത്തുക, വിഷമിപ്പിക്കുക.

കൊട്ടവൻ നാ. ചെമ്പുകൊട്ടി.

കൊട്ടവള്ളി നാ. ഒരിനം കുരുമുളകുവള്ളി.

കൊട്ടറ നാ. 1. കലവറ; 2. അടുക്കള.

കൊട്ടാട്ട് നാ. വഴക്ക്, ശണ്ഠ.

കൊട്ടാരം1 [പ്രാ. കൊട്ഠ-ആ-ആറ ,സം. കോഷ്ഠാഗാര] നാ. 1. രാജഭവനം, അരമന; 2. ക്ഷേത്രത്തോടുചേർന്നുള്ള ഭവനം; 3. വലിയ കെട്ടിടം; 4. കുതിരലായം.

കൊട്ടാരം2 [സം. കോഷ്ഠഗാര] നാ. നെൽപുര.

കൊട്ടാവി നാ. കോട്ടുവായ്.

കൊട്ടി1 [<കൊട്ടുക] നാ. 1. കൊട്ടുന്നവൻ; 2. ചുറ്റിക; 3. ഒരുതരം ഗദ; 4. കൊട്ടുവടി; 5. തടി കൊണ്ടുണ്ടാക്കിയതും കന്നുകാലികളുടെ കഴുത്തിൽ കെട്ടുന്നതും ശബ്ദം പുറപ്പെടുവിക്കുന്നതുമായ ഒരു ഉപകരണം, എറപ്പ; 6. ഒരു ആഭരണം.

കൊട്ടി2 നാ. ഗോപുരവാതിൽ, വാതിൽ.

കൊട്ടിച്ചകമ്പൂകൽ [കൊട്ടിച്ച്-അകം1-പൂകൽ] നാ. സങ്ഘക്കളിയിൽ കളിക്കർ മേളത്തോടുകൂടി സത്ര സ്ഥലത്തേക്കു (യാത്രകലി നടത്തുന്ന സ്ഥലത്തേക്ക്) പ്രവേശിക്കുന്ന ചടങ്ങ്.

കൊട്ടിച്ചേതം [കൊട്ടി1-ചേതം] നാ. ശിവൻെറ ഒരു നൃത്തവിശേഷം.

കൊട്ടിപ്പാടിസ്സേവ [മ. കൊട്ടി1-പാടി-സം. സേവാ] നാ. ക്ഷേത്രങ്ങളിൽ പൂജാസമയത്ത് മാരാന്മാർ ശ്രീകോവിലിനു വെളിയിൽ നിന്നുകൊണ്ട് ഇടയ്ക്കാവാദ്യത്തോടുകൂടി അഷ്ടപദി പാടി നടത്തുന്ന ഒരു ചടങ്ങ്.

കൊട്ടിയ നാ. = കൊടിയ2.

കൊട്ടിയം [<സം. ഗോഷ്ഠ] നാ. 1. കാള; 2. ഒരു സ്ഥലനാമം, കൊല്ലം ജില്ലയിലെ ഒരു സ്ഥലം.

കൊട്ടിയമ്പടി [കൊട്ടിയം-പടി] നാ. 1. പശുക്കൾക്കും മറ്റും കടപ്പാനുള്ള വഴി, ഇടുക്ക്; 2. വേലിയിലെ വാതിൽ.

കൊട്ടിയമ്പലം [കൊട്ടി4-അമ്പലം] നാ. (പഴയ മട്ടിലുള്ള കേരളീയഭവനങ്ങളുടെ) പടിവാതിൽ, പടിപ്പുര. ഇട്ടിയമ്മ ചാടിയാൽ കൊട്ടിയമ്പലം വരെ (പഴ.).

കൊട്ടിൽ [<സം. ഗോഷ്ഠ] നാ. 1. ചരിഞ്ഞമേൽക്കൂരയുള്ള നെടിയ പുര, പന്തൽ; 2. പാവപ്പെട്ടവരുടെ വസതി, കുടിൽ; 3. ധാന്യം, വയ്ക്കോൽ, വിറക് തുടങ്ങിയവ സൂക്ഷിക്കാൻ പ്രധാന ഗൃഹത്തോടടുത്തുണ്ടാക്കിയിട്ടുള്ള പുര; 4. തൊഴുത്ത്; 5. പണിപ്പുര; 6. ബലമുള്ള ചുവരുകളും വാതിലുകളും കൊണ്ടു സുരക്ഷിതമായ സ്ഥലം.

കൊട്ട് [<കൊട്ടുക] നാ. 1. രണ്ടു വസ്തുക്കൾ തമ്മിൽ മുട്ടിച്ചു ശബ്ദമുണ്ടാക്കൽ; 2. കിഴുക്ക്; 3. കൈകൊണ്ടോ കോലുകൊണ്ടോ അടിച്ചു ശബ്ദിപ്പിക്കുന്ന വാദ്യം, ചെണ്ട, മദ്ദളം, മൃദങ്ഗം മുതലായവ; 4. വാദ്യം മുഴക്കൽ, വാദ്യശബ്ദം; 5. കൈകൾ തമ്മിൽ മുട്ടിച്ചു ശബ്ദമുണ്ടാക്കൽ; 6. (സങ്ഗീ.) താളത്തിൽ അരമാത്രക്കാലം; 7. ചൊരിയൽ; 8. എല്ലിൻെറ മുഴ, വലിയ എല്ല്; 9. വേദമന്ത്രങ്ങൾ നന്നാലു പാദങ്ങളായി ഉറക്കെ ഉച്ചരിക്കൽ (നമ്പൂരി ഭാഷ); (പ്ര.) കൊട്ടും ഘോഷവും = ആർഭാറ്റ, ആഘോഷം. കൊട്ടിനുതക്ക താലം = ചേരേണ്ട വിധത്തിലുള്ള ചേർച്ച.

കൊട്ടുക ക്രി. 1. ഏതെങ്കിലും വസ്തുവിൽ തട്ടി ശബ്ദമുണ്ടാക്കുക, തട്ടുക; 2. ചെണ്ട, തകിൽ, മദ്ദളം മുതലായ വാദ്യങ്ങളിൽ തട്ടി ശബ്ദമുണ്ടാകുക; 3. കൈകൾ തമ്മിൽ അറ്റിച്ചു ശബ്ദമുണ്ടാക്കുക; 4. വിരൽ മുഷ്റ്റി വറ്റി മുതലായവകൊണ്ടു തലയ്ക്കോ മറ്റോ ഇടിക്കുക, കിഴുക്കുക; 5. കളിമണ്ണ് ഉരുട്റ്റിയെടുത്തുവച്ചു മുട്ടികൊണ്ടു തട്ടി രൂപം കൊടുക്കുക, മെനയുക; 6. കള്ള് ഊറിവരുന്നതിനു തെങ്ങിൻെറ കൂമ്പിൽ ഒരു പ്രത്യേകതരം ദണ്ഡു (മ്ലാങ്കാൽ) കൊൻടടിച്ചു പതം വരുത്തുക; 7. ഒന്നായി ചൊരിയുക, നിറഞ്ഞ ചാക്കോ കുട്ടയോ മറ്റോ കമഴ്ത്തി തട്ടുക; 8. ഇറ്റിറ്റു വീഴിക്കുക; 9. ക്ഷുദ്രജന്തുക്കൾ കുത്തുക (കടന്നൽ, തേൾ എന്നിവപോലെ). (പ്ര.) കൊട്ടിഘോഷിക്കുക = ഉച്ചത്തിൽ പ്രഖ്യാപിക്കുക (മുരശടിച്ചു വിളംബരം ചെയ്തുവന്ന പതിവിൽ നിന്ന്). കൊട്ടിച്ചൊരിയുക = 1. കുടഞ്ഞിടുക; 2. ധാരാളമായി ചൊരിയുക, കോരിച്ചൊരിയുക, കൊട്ടിച്ചൊരിയുന്ന മഴ; കൊട്ടിത്തരിക്കുക = ശബ്ദമുണ്ടാകത്തക്കവണ്ണം ഊക്കോടെ വലിച്ചടയ്ക്കുക (വാതിൽ എന്നപോലെ); കൊട്ടുന്ന താളത്തിനു തുള്ളുക = അന്യർ പറയുന്നതു ഗുണദോഷചിന്തകൂടാതെ അനുസരിക്കുക.

കൊട്ടുകോൽ [കൊട്ട്-കോൽ2] നാ. ചെണ്ട കൊട്ടുന്നതിനുള്ള കോൽ, കൊട്ടുകമ്പ്.

കൊട്ടുതടി [കൊട്ട്-തടി] നാ. കൊട്ടുവടി.

കൊട്ടുപണി [കൊട്ട്-പണി]നാ. ചെമ്പുകൊണ്ടു ചെയ്യുന്ന പണി.

കൊട്ടുബലി [മ. കൊട്ട്-സ. ബലി] നാ. ഉദകക്രിയയ്ക്കു ശേഷം ബലിയിട്ടു കൈകൊട്ടുന്നത്, കൊട്ടിക്കൊണ്ടു ബലിയർപ്പിക്കുന്ന സമ്പ്രദായം.

കൊട്ടുവടി, കൊട്ടൂടി, കൊട്ടോടി [കൊട്ട്-വടി] നാ. 1. കൊട്ടുകോൽ; 2. ആശാരിമാരുടെ ഒരു പണി ഉപകരണം, ചുറ്റികയുടെ ആകൃതിയിൽ തടി കൊണ്ടുണ്ടാക്കിയത്; 3. വയലിൽ കട്ട തല്ലുന്നതിനുള്ള ഉപകരണം; 4. തൊണ്ടു തല്ലുന്നതിനുള്ള ഉപകരണം; 5. അലക്കുകാർ തുണി അടിച്ചു നനയ്ക്കുന്നതിനുപയോഗിക്കുന്ന കുറുവടി; 6. (പ്ര.) നാടൻ ചാരായം (കൊട്ടുവടികൊണ്ട് തലയ്ക്കടിച്ചാലെന്നപോലെ മസ്തിഷ്കത്തെ ബാധിക്കുന്നതിനാൽ).

കൊട്ടുവാദ്യം [മ. കൊട്ട്-സം. വാദ്യ] നാ. കൊട്ടുന്ന വാദ്യം.

കൊട്ടുവെള്ളം [കൊട്ട്-വെള്ളം] നാ. മരങ്ങളുടെ ഇലകളിൽനിന്ന് ഇറ്റിറ്റു വീഴുന്ന മഴവെള്ളം, ചൊട്ടുവെൾലം, എറിച്ചിൽ വെള്ളം.

കൊട്ടെണ്ണ [കൊട്ട2-എണ്ണ] നാ. ശുദ്ധിയാക്കാത്ത ആവണക്കെണ്ണ, വിളക്കെണ്ണ.

കൊട്ടെരുമ [കൊട്ട്-എരുമ] നാ. ഒരിനം പ്രാണി, എരുമ്മൂട്ട.

കൊട്ടോട് [കൊട്ട്-ഓട്1] നാ. വെള്ളോട്.

കൊട്ടോമ്പടി നാ. കൊട്ടിയമ്പലം.

കൊണി നാ. പൊക്കത്തിൽ നിൽക്കുന്ന കായ്കളും മറ്റും എറിഞ്ഞു വീഴ്ത്തുന്നതിനുപയോഗിക്കുന്ന ചെറിയ കമ്പ്.

കൊണിച്ചം, കൊണിശം നാ. 1. അറ്റം, മൂല; 2. അൽപം, ചെറിയ അംശം; 3. കൊളുത്ത്.

കൊണിതം നാ. 1. കട്ടളയുടെ അരികിലുള്ള കൊത; 2. അരിക്; 3. കൊക്കിപോലെ വളച്ചെടുത്ത കമ്പി; 4. പണിക്കൂലി; 5. കുഴപ്പം, വിഷമം.

കൊണ്ട1 നാ. 1. സ്ത്രീകൾ ഒരു വശത്തേകു ചരിച്ചുകെട്ടിവച്ചിട്ടുള്ള മുടിക്കെട്ട്; 2. കുട്ടികളുടെ കെട്ടിവച്ച തലമുടി മുരുകിയിരിക്കാനായി വയ്ക്കുന്ന ഉപകരണം; 3. വളരുന്ന അഗ്രം, മുകൾഭാഗം, തലപ്പ്, തല, മരത്തിൻെറ കൊണ്ട; 4. ആഭരണങ്ങളുടെയും മറ്റും ഉരുണ്ട അറ്റം; 5. (വടിയുടെയും മറ്റും അറ്റത്തു പിടിപ്പിച്ചിട്ടുള്ള) ഗോളാകൃതിയിലുള്ള മുഴ, ഉരുണ്ട തലപ്പ്; 5. ഒരുതരം അളവുപാത്രം (ദ്രവപദാർഥങ്ങൾക്കു മാത്ര). ഉദാ. ഒരുകൊണ്ട നെയ്യ്, ഒരുകൊണ്ടക്കള്ള്.

കൊണ്ട2 [കൊള്ളുക] (ഭൂ.പേരെച്ചം) വി. സ്വീകരിച്ച, വാങ്ങിയ, പിടിച്ച, ഉൾക്കൊണ്ട, ഉണ്ടായ.

കൊണ്ടപ്പുല്ല് [കൊണ്ട1-പുല്ല്] നാ. മുടിക്കെട്ടുമാതിരിയുള്ള തലപ്പോടുകൂടിയ ഒരിനം പുല്ല്.

കൊണ്ടപ്പൂ(വ്) [കൊണ്ട1–പൂവ്] നാ. തലമുടിയിൽ അണിയുന്ന പുഷ്പാകൃതിയിലുള്ള ഒരിനം സ്വർണാഭരണം.

കൊണ്ടമാല [മ. കൊണ്ട1–സം. മാലാ] നാ. തലമുടിക്കെട്ടിൽ അണിയുന്ന മാല.

കൊണ്ടൽ1 [<കൊൾ] നാ. 1. മഴക്കാറ്, വർഷകാലത്തിലെ മേഘം; 2. നെൽകൃഷി ഒഴികെയുള്ള കൃഷിക്കു പൊതുവേ പറയുന്ന പേര്, കൊണ്ടൽ കൃഷി; 3. കന്നി തുലാമാസത്തിലെ വിത. കൊണ്ടലവർണൻ = ശ്രീകൃഷ്ണൻ; കൊണ്ടൽ വേണി = 1. മേഘം പോലെ കറുത്തിരുണ്ട തലമുടി; 2. കാർമേഘം പോലെ ഇരുണ്ട തലമുടിയുള്ളവൾ, സുന്ദരി; കൊണ്ടലൊലി = ഇടിമുഴക്കം.

കൊണ്ടൽ2 നാ. കിഴക്കൻ കാറ്റ്.

കൊണ്ടൽ3 [<കൊൾ1] നാ. വാങ്ങുക എന്ന പ്രവൃത്തി, കൊള്ളൽ.

കൊണ്ടവൻ [<കൊൾ1] നാ. 1. സ്വീകരിച്ചവൻ, വാങ്ങിയവൻ. കൊണ്ടവനാടു കൊഴുപ്പില്ലെന്നും വിറ്റവനാടു വിലയില്ലെന്നും. (പഴ.); 2. ഭർത്താവ്.

കൊണ്ടവില [കൊണ്ട2–വില] നാ. വാങ്ങിയ വില.

കൊണ്ടാടുക [കൊണ്ട്–ആടുക] ക്രി. 1. സന്തോഷിക്കുക, ആഹ്ലാദിക്കുക. 2. ആദരിക്കുക, ബഹുമാനിക്കുക, പ്രശംസിക്കുക. കൊണ്ടാടിയാൽ കുരണ്ടിയും ദൈവം. (പഴ.); 3. ആഘോഷിക്കുക.

കൊണ്ടാട്ടം1 [കൊണ്ട്–ആട്ടം] നാ. 1. സ്തുതി, പ്രശംസ, ആദരവ്, അഭിനന്ദനം; 2. ആദരിച്ചോ സന്തോഷിച്ചോ ഉള്ള തലകുലുക്കൽ; 3. ആഘോഷം, നേരമ്പോക്ക്.

കൊണ്ടാട്ടം1 [കൊണ്ട്–ആട്ടം] നാ. 1. സ്തുതി, പ്രശംസ, ആദരവ്, അഭിനന്ദനം; 2. ആദരിച്ചോ സന്തോഷിച്ചോ ഉള്ള തല കുലുക്കൽ; 3. ആഘോഷം, നേരമ്പോക്ക്.

കൊണ്ടാട്ടം2 നാ. 1. വറ്റൽ (കയ്പയ്ക്ക, ചുണ്ടയ്ക്ക മുതലായവ ഉപ്പും മറ്റും ചേർത്തുണക്കിയത്); 2. ഒരു കറി ( മുതിരയും മറ്റും കൊണ്ടുണ്ടാക്കിയത്).

കൊണ്ടായം [<കൊണ്ട1] നാ. വണ്ടിക്കാലകളുടെ തലയിൽ ഭംഗിക്കുവേണ്ടി അണിയിക്കുന്നതും നൂലുകൊണ്ടു പൂവിൻെറ ആകൃതിയിൽ ഉണ്ടാക്കിയിട്ടുള്ളതുമായ ഒരു അലങ്കാരം. (തെ.തി.)

കൊണ്ടി [<കൊൾ1] വി. ഇണക്കമില്ലാത്ത, അനുസരണയില്ലാത്ത. നാ. 1. ഒരുതരം കണ്ഠാഭരണം (സ്ത്രീകൾ അണിയുന്നത്); 2. പശു പാലു ചുരത്താതിരിക്കാൻ വേണ്ടിച്ചെയ്യുന്ന ക്ഷുദ്രപ്രയോഗം; 3. കൊള്ള; 4. കപ്പം; 5. വേശ്യ; 6. അടക്കമില്ലാത്തവൻ; 7. കതകിൻെറ കുടുമ; 8. കൊളുത്ത്; 9. നുണ.

കൊണ്ടിയാരം നാ. നുണപറച്ചിൽ.

കൊണ്ട് [കൊള്ളുക] (മുൻ വിന.) പ.മ 'കൊടു' എന്നും രൂപം. അവ്യ. 1. പറ്റി, സംബന്ധിച്ച്, കുറിപ്പ്; 2. കരണം, ഹേതു, നിമിത്തം തുടങ്ങിയ വിഭക്ത്യർഥങ്ങളെ ദ്യോതിപ്പിക്കുന്ന ഗതി.

കൊണ്ടുതിരി, കൊണ്ടൂരി [കൊണ്ടു-തിരി] നാ. വാതിലിൻെറ കുടുമ നിന്നു തിരിയത്തക്കവണ്ണം കട്ടിളയിൽ മുകൾഭാഗത്തു ഘടിപ്പിച്ചിട്ടുള്ളതും വൃത്താകാരമായ ദ്വാരത്തോടുകൂടിയതുമായ മരച്ചട്ടം.

കൊണ്ടോടി [<കൊൾ1] നാ. 1. സൂചി; 2. കെട്ടിനിൽക്കുന്ന വെള്ളം ചീറിമുറിച്ച് ഒഴുകിയുണ്ടാകുന്ന ചാൽ; 3. നുണയൻ, ഒരിടത്തുകേൾക്കുന്നത് മറ്റൊരിടത്തു ചെന്നു പറയുന്നവൻ, കേട്ട വാർത്തകൾ കൊണ്ടുനടന്നു പ്രചരിപ്പിക്കുന്നആൽ; 4. വാതിലിലെ കൊളുത്ത്, ഓടാമ്പൽ, സാക്ഷ; 5. കന്നുകാലികളുടെ കഴുത്തിൽ കെട്ടുന്ന മരക്കൊരട്; 6. കൈത്തറിയുടെ ഒരു ഉപകരണം, ഓടം. (നൂലുകൊണ്ടോടുന്നതു കൊണ്ട്).

635

കൊണ്ടോട്ടം [കൊണ്ട്-ഓട്ടം] നാ. 1. കത്തുകളും മറ്റും ഒരു ദിക്കിൽനിന്നു മറ്റൊരു ദിക്കിലേക്ക് ഓട്ടക്കാർ വഴി എത്തിക്കുന്ന പഴയ വാർത്താവിതരണസമ്പ്രദായം; 2. = കൊണ്ടോട്ടി.

കൊണ്ടോൻ [കൊണ്ട2-ഓൻ] നാ. കൊണ്ടവൻ, വാങ്ങിച്ചവൻ, സ്വീകരിച്ചവൻ.

കൊതം1 [<കുതം1] നാ. കഴിവ്, വശം. സൗകര്യം, പ്രാപ്തി.

കൊതം2 [<സം. ഗുദ] നാ. 1. മലദ്വാരം; 2. സ്ത്രീയോനി.

കൊതി1 [കൊതിക്കുക] ധാതുരൂപം.

കൊതി2 നാ. (സ്വന്തമാക്കാനും അനുഭവിക്കാനുമുള്ള) ആഗ്രഹം. (പ്ര.) കൊതിക്കെറുവ് = ആഗ്രഹിച്ചതു കിട്ടാഞ്ഞാലുണ്ടാകുന്ന താത്കാലികമായ അമർഷം.

കൊതിക്കുക ക്രി. ആഗ്രഹിക്കുക, ആശിക്കുക, അതിയായ ആഗ്രഹത്തോടുകൂടി നോക്കുക. വിധിച്ചതേ കിട്ടൂ, കൊതിച്ചതു കിട്ടുകയില്ല (പഴ.).

കൊതിത്തരം [കൊതി2-തരം] നാ. കൊതിയുള്ള അവസ്ഥ, കൊതിയൻെറ സ്വഭാവം.

കൊതിപ്പേട് [കൊതി2-പേട്] നാ. കൊതിയേറ്റതുമൂലം (ഭക്ഷിച്ചത് ദഹിക്കായ്കയാൽ) ഉണ്ടാകുന്ന ഏമ്പക്കം.

കൊതിയൻ [കൊതി2-അൻ1] നാ. 1. കൊതിയുള്ളവൻ, അത്യാഗ്രഹമുള്ളവൻ. (സ്ത്രീ.) കൊതിച്ചി; 2. ആഹാരപ്രിയൻ, ഭക്ഷണത്തിനുവേണ്ടി ആർത്തി പിടിക്കുന്നവൻ. കൊതിയൻ ഇലയ്ക്കുപോയി, എനിക്കു നിലത്തു തന്നേരെ (പഴ.); 3. ലുബ്ധൻ, പണക്കൊതിയൻ; 4. ഒരുജാതി മത്സ്യം.

കൊതു(ക്) നാ. 1. പറക്കുന്ന ഒരു ചെറിയ പ്രാണി; 2. (പ്ര.) തീരെ വകയ്ക്കു കൊള്ളാത്തവനും ബലഹീനനുമാണെങ്കിലും ഉപദ്രവകാരിയായ മനുഷ്യൻ, അൽപപ്രാണി.

കൊത്മ്പ്, പൊതുമ്പ് നാ. 1. തെങ്ങിൻപൂക്കുലയെ പൊതിഞ്ഞിരിക്കുന്ന പോള. (പ്ര.) കൊതുമ്പിക്കുക = കൊതുമ്പു വരുക; കൊതുമ്പുതളി = ഋതുസ്നാനം സംബന്ധിച്ച ഒരു ചടങ്ങ്; കൊതുമ്പുവള്ളം = കൊതുമ്പിൻെറ ആകൃതിയിലുള്ളതും ഒരാളിനുമാത്രം കേറിപ്പോകാവുന്നതുമായ ചെറിയ വള്ളം; 2. നെൽക്കതിരിൻെറ ആവരണം, കതിർക്കുലയിരിക്കുന്ന ഉറ; 3. കുടിൽ.

കൊത്ത1 നാ. അഴുക്ക്, ചെളി, മാലിന്യം, വെള്ളവും മണ്ണും കൂടി കുഴഞ്ഞു കിടക്കുന്നത്. ഉദാ. കൊത്തത്തൊട്ടി.

കൊത്ത2 നാ. = കൊത്തൽ2. കൊത്തകൂവൽ = ഇളങ്കോഴിയുടെ അവ്യക്തമായ കൂവൽ, പൂവൻ കോഴി ആദ്യമായി കൂവുന്നത്; കൊത്തക്കിടാച്ചി = കൊഞ്ഞയായി പറയുന്നവൾ. കൊത്തപറയുക.

കൊത്തങ്കല്ലുകളി [കൊത്തൻ-കല്ല്-കളി2] നാ. ഉരുണ്ട ചെറിയ കല്ലുകൽക്കൊണ്ട് നടത്തുന്ന ഒരു കളി. (പ്ര.) കൊത്തങ്കല്ലാടുക, കൊത്തങ്കല്ലു കളിക്കുക.

കൊത്തച്ചക്ക [കൊത്ത1-ചക്ക] നാ. വിളയാത്ത ചക്ക.

കൊത്തൻ [<കൊത്തുക] വി. കൊത്ത, വിളയാത്ത, പാകമാകാത്ത (ചക്കയെ കുറിക്കാൻ പ്രയോഗം), കൊത്തൻ ചക്ക = കൊത്തച്ചക്ക. നാ. 1. ധാന്യം നശിപ്പിക്കുന്ന ഒരിനം പുഴു, കുത്തൻ; 2. പുരയിടം കൊത്തുന്നവൻ; 3. കല്ലുകൊത്തിക്കൊടുക്കുന്നവൻ, കല്ലാശാരി, കള്ള്, ഇഷ്ടിക, മുതലായവ കൊണ്ട് പണിയുന്നവൻ; 4. മധ്യവർത്തി, രണ്ടുവിഭാഗക്കാരെ തമ്മിൽ പറഞ്ഞ് ഇണക്കുന്നവൻ; 5. ഒരുതരം മത്സ്യം (പ്രാ.); 6. തോക്കിൻെറ കൊത്തി.

കൊത്തമല്ലി, കൊത്തമ്പാല് [<സം. കുസ്തുംബുരു] നാ. 1. ഒരു ഏകവാർഷികച്ചെടി; അതിൻെറ വിത്ത് (കറിക്കും മരുന്നിനും മറ്റും ഉപയോഗം); 2. ഭദ്രകാലി; 3. ഒരിനം പൊങ്ങൻപനി, കൊത്തമല്ലിയരിപോലെയുള്ള പോളകൾ ഉള്ളത് (പ്രാ.); കൊത്തമല്ലിയമ്മ = 1. ഭദ്രകാളി; 2. ഒരിനം പൊങ്ങൻപനി.

കൊത്തമ്പാൽ നാ. കൊത്തമല്ലി.

കൊത്തരക്കല്ല് [കൊത്തര-കല്ല്] നാ. പരുക്കൻ മുനക്കല്ല്.

കൊത്തൽ1 [<കൊത്തുക] വി. വിളയാത്ത (ചക്ക). കൊത്തിയരിഞ്ഞ് കറിവയ്ക്കുന്നതിൽനിന്ന്. നാ. 1. കൊത്തുന്ന പ്രവൃത്തി; 2. പക്ഷികളോ മറ്റോ കൊത്തിയ പഴം; 3. കൊത്തുപണി; 4. കിള; 5. ഒരുതരം മീൻ, വരാൽ മീൻ.

കൊത്തൽ2 നാ. കൊഞ്ഞ, അസ്പഷ്ടമായ വാക്ക്.

കൊത്തല [<കൊത്ത3] നാ. 1. കൊഞ്ഞ, വിക്ക്; കൊത്തലച്ചി = കൊഞ്ഞയുള്ളവൾ; 2. ഇളങ്കോഴിയുടെ കൂവൽ.

കൊത്തലുണ്ണി നാ. വാലുമാക്രി, തവളക്കുഞ്ഞ്.

കൊത്തവര നാ. ഒരു ഏകവാർഷികച്ചെടി, കൊത്തമര, ചീനിയമര.

കൊത്തവാൾ നാ. = കൊത്തുവാൾ.

കൊത്തളൻ നാ. ഒരുജാതി പക്ഷി, കാവി.

കൊത്തളം നാ. 1. ശത്രുവിൻെറ വരവു നോക്കിക്കാണുന്നതിനും അവരെ തടയുന്നതിനും കോട്ടയുടെ മുകളിൽ ഉണ്ടാക്കുന്ന മണ്ഡപം, കോട്ടയുടെ മുകളിലുള്ള രക്ഷാസ്ഥാനം, പീരങ്കി വയ്ക്കുന്നതിനുള്ള പഴുത്; 2. തെരുവു മണ്ഡപം; 3. മരത്തൊട്ടി; 4. കൊട്ടത്തളം.

കൊത്തി നാ. 1. തോക്കിൻെറ കാഞ്ചി പുറകോട്ടു വലിച്ചു കൊത്തിക്കുന്ന ഭാഗം, തോക്കിൻ കൊത്തി; 2. കൂന്താലി, മഴു, പിക്കാസ്; 3. ഒരിനം മത്സ്യം; 4. തടികൊണ്ടു നിർമിക്കുന്ന ഒരുതരം കൊളുത്ത്, വസ്ത്രങ്ങളും മറ്റും തൂക്കിയിടുന്നതിന് ചുമരിൽ പിടിപ്പിക്കുന്നത്; 5.ഏഷണിക്കാരൻ.

കൊത്തിച്ചവിട്ട് [കൊത്തി-ചവിട്ട്] നാ. കോഴി, താറാവ് മുതലായ പക്ഷികളുടെ ഇണചേരൽ.

കൊത്തിനുറുക്കുക [കൊത്തി-നുറുക്കുക] ക്രി. 1. ചെറിയ കഷണങ്ങളാക്കുക, മുറിക്കുക; 2. (ആല.)നശിപ്പിക്കുക, കൊല്ലുക; 3. (പ്ര.) കഠിനമായി വേദനപ്പെടുത്തുക.

കൊത്തിപ്പോര് നാ. കോഴിപ്പോര്.

കൊത്ത്1 [കൊത്തുക] ധാതുരൂപം.

കൊത്ത്2 [<കൊത്തുക] നാ. 1. കൂർത്തഭാഗം ശക്തിയായി മുട്ടിച്ച് മുറിവുണ്ടാക്കുകയോ ഇറുക്കി എടുക്കുകയോ ചെയ്യൽ (പക്ഷികൾ ചുണ്ടുകൊണ്ടെന്നപോലെ); 2. സർപ്പം മുതലായ ചില ജീവികളുടെ കടി; 3. കൊത്തുപണി; 4. കിളയ്ക്കൽ. കൊത്തു കഴിഞ്ഞാൽ പത്തോണക്ക് (പഴ.); 5. കോടാലി, വെട്ടുകത്തി മുതലായവ കൊണ്ടുള്ള വെട്ട്, മുനയുള്ള പണിയായുധങ്ങൾ കൊണ്ടുള്ള പ്രയോഗം; 6. സ്വർണത്തിൻെറ മാറ്ററിയുവാൻ ഉണ്ടാക്കുന്ന അടയാളം, ആണിക്കൊത്ത്; 7. കഷണം, മരത്തിൻെറ ചെറിയ കൊമ്പ്, ഉദാ. മാങ്കൊത്ത്; 8. ചതച്ചു നീരെടുത്തശേഷം ബാക്കിയുള്ളത്, പിശട്, ചണ്ടി, പിണ്ടി, ഉദാ. മരച്ചീനിക്കൊത്ത്, തേങ്ങാക്കൊത്ത്; 9. മദ്യപിക്കൽ; 10. ഉപയോഗശൂന്യമായ വസ്തു. (പ്ര.) കൊത്തും കൊയ്യാലും = തേങ്ങ വെട്ടുന്നതിനു കൊടുക്കുന്ന പ്രതിഫലം; കൊത്തും കോളുമൊക്കുക = സാഹചര്യങ്ങൾ അനുകൂലമാവുക; കൊത്തുകളി = കൊത്തങ്കല്ലുകളി.

കൊത്ത്3 നാ. 1. പൂക്കളുടെയോ തളിരുകളുടെയോ കുല, തൊത്ത്, ഉദാ. പൂങ്കൊത്ത്; 2. തുണിക്കഷണം; 3. ഒരു പിടി; 4. കൂട്ടം; 5. ധാന്യമായിട്ടു കൊടുക്കുന്ന കൂലി.

കൊത്തുക ക്രി. 1. പക്ഷി ചുണ്ടുകൊണ്ടു കുത്തുക. കൊക്കിലൊടുങ്ങുന്നതേ കൊത്താവൂ (പഴ.); 2. പാമ്പ്, മത്സ്യം മുതലായവ കടിക്കുക; 3. വെട്ടുകത്തി കോടാലി മുതലായവയുടെ അറ്റം കൊണ്ട് വെട്ടുക; മുറിക്കുക. കൊത്തുന്ന കത്തി പണയത്തിലാക്കൊല്ല (പഴ.); 4. നുറുക്കുക, ചെറിയ കഷണങ്ങളാക്കുക; 5. കിളയ്ക്കുക; 6. അരകല്ല് ആട്ടുകല്ല് മുതലായവ കൊത്തുളികൊണ്ട് കൂടുതൽ പരുപരുപ്പനാക്കുകയോ നിരപ്പാക്കുകയോ ചെയ്യുക; 7. കല്ല്, ലോഹം മരം മുതലായവയിൽ അക്ഷരങ്ങൾ രേഖപ്പെടുത്തുകയോ ചിത്രപ്പണി ചെയ്യുകയോ ചെയ്യുക; 8. അക്ഷരങ്ങളുടെ പ്രതിരൂപം ലോഹത്തിലും മറ്റും നിർമിക്കുക; 9. കള്ളു കുടിക്കുക, കൊത്തിനിരത്തുക = ഭൂമി കിളച്ചു നിരപ്പാക്കുക; കൊത്തിപ്പിരിക്കുക, കൊത്തിവിരിക്കുക = പക്ഷികൾ വിരിയാറായ മുട്ടയുടെ തോട് കൊത്തിപ്പൊട്ടിച്ച് കുഞ്ഞുങ്ങളെ പുറത്താക്കുക;

കൊത്തുകോൽ [കൊത്ത്1-കോൽ] നാ. കളപറിക്കുന്നതിനുപയോഗിക്കുന്ന അകം വളഞ്ഞൗകൂർത്ത തടിക്കഷണം

കൊത്തുപണി [കൊത്ത്1-പണി] നാ. ലോഹം കല്ല് ദന്തം തടി മുതലായവയിൽ ഉളികൊണ്ടു രൂപം ചിത്രം തുടങ്ങിയവ കൊത്തിയുണ്ടാക്കുന്ന പ്രവൃത്തി.

കൊത്തുവ(അ) [<അറ. ഖുത്ബാ] നാ. വെള്ളിയാഴ്ച തോറും മുസ്ലിം പള്ളികളിൽ നടത്താറുള്ള ഉപദേശപ്രസങ്ഗം.

കൊത്തുവള [കൊത്ത്1-വള] നാ. കൊത്തുപണിയുള്ള വള.

കൊത്തുവാൽ, -വാൾ [ഹി. കൊത്വാൽ < കോഷ്ഠപാല] നാ. 1. നഗരത്തിലെ പോലീസുകാരുടെ തലവൻ; 2. വിചാരിപ്പുകാരൻ; 3. അങ്ങാടികളുടെ നിയന്ത്രണത്തിനായി പോലീസുകാരോടുകൂടി നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥൻ.

കൊത്തുവാൾചാവടി [ഹി. കൊത്തുവാൾ-മറാ. ചാവടി] നാ. 1. കൊത്തുവാളിൻെറ ആഫീസ്, പോലീസ് സ്റ്റേഷൻ; 2. കൊത്തുവാളിൻെറ നിയന്ത്രണത്തിലുള്ള കച്ചവടസ്ഥലം, ചന്ത.

കൊത്തുവേല [കൊത്തു1-വേല] നാ. കൊത്തുപണി.

കൊത്തുളി [കൊത്ത്1-ഉളി2] നാ. 1. കല്ലുകൊത്തുന്നതിനുള്ള ഉളി, കല്ലുളി; 2. തേനെടുക്കുന്നതിനു നായാടികൾ ഉപയോഗിക്കുന്ന ഒരു ഉപകരണം.

കൊന്ത1 [പോർ. ച്ചൊൻെറ] നാ. രോമൻ കത്തോലിക്കർ ഉപയോഗിക്കുന്ന ജപമാല.

കൊന്ത2 നാ. 1. താത്കാലികമായുണ്ടാക്കുന്ന കുടിൽ. താരത. കൂന, കൂനാച്ചിപ്പുര; 2. വീശുവലയുടെ മുകൾഭാഗം.

കൊന്തകൻ നാ. സേനാപതി.

കൊന്തമണി [പോർ. കൊന്ത സ,. മണി] നാ. 1. കൊന്തമാലയിലെ മണി; 2. സ്ത്രീകളുടെ ഒരു കണ്ഠാഭരണം.

കൊന്തി [<സം. ഗണ്ഡ ?] നാ. ചെന്നി, കവിള്.

കൊന്ത് നാ. 1. കൊത്ത്, കൊതിനം; 2. ചുള്ളിക്കൊമ്പ്; 3. ഞെട്ട്.

കൊന്തുക1 ക്രി. കൊത്തുക, മുറിക്കുക.

കൊന്തുക2 ക്രി. ജ്വലിക്കുക.

കൊന്തുക3 [ത. കൊന്തുതൽ] ക്രി. കൊന്നുക, കാൽപ്പടം മാത്രം നിലത്തൂന്നി നടക്കുക.

കൊന്ത്രൻ [<കൊന്തൻ] വി. നിരപ്പില്ലാത്ത.

കൊന്ത്രാണ്ടം നാ. ഉപദ്രവം, ശല്യം, കുന്ത്രാണ്ടം.

കൊന്ന [<കൊൻ2] വി. 1. വളരെ പൊക്കം കൂടിയ; 2. പ്രായം ഊടിയ; 3. വളരെ പൊക്കമുള്ളതും കായ്ഫലം തീരെ കുറഞ്ഞതുമായ (മരങ്ങളെ കുറിക്കാൻ പ്രയോഗം). ഉദാ. കൊന്നത്തെങ്ങ്. നാ. 1. ഒരുതരം വൃക്ഷം, കൊന്ന പൂക്കുമ്പോളുറങ്ങിയാൽ മരുതുപൂക്കുമ്പോൾ പട്ടിണി (പഴ.); 2. കൊന്നവൃക്ഷത്തിൻെറ പൂവ്, വിഷുക്കണിപ്പൂവ്, കൊന്നമലർ(എ)ച്ചടിയൻ = ശിവൻ; കൊന്നചൂടുമ്പുരാൻ = കൊന്നപ്പൂമാല അണിയുന്ന തമ്പുരാൻ, ശിവൻ.

കൊന്നി നാ. കവിൾത്തടം, ചെന്നി, ചെള്ള. കൊന്നിമൂളുക = ചെവിക്കുറ്റിക്ക് അടികൊള്ളുമ്പോൾ തലയ്ക്കുള്ളിൽ ഒരു മൂളൽ അനുഭവപ്പെടുക.

കൊപ്പ1 നാ. സ്ത്രീകലുടെ മേൽകാതു തുളച്ച് അതിലൂടെ മുകളിലേക്കു നീണ്ടുനിൽക്കുന്നവിധം ഇടുന്ന ഒരാഭരണം.

കൊപ്പ2 നാ. 1. പപ്പായമരം; 2. പല്ലില്ലാത്തവൻ.

കൊപ്പം നാ. 1. ആനക്കെണി, കാട്ടാനയെ പിടിക്കാൻ വേണ്ടി തടികളുപയോഗിച്ചുണ്ടാക്കുന്ന വേലിക്കെട്ട്; 2. (പ്ര.) കെണി, അപകടം, ഒളിവിലുള്ള ആപത്ത. (പ്ര.) കൊപ്പത്തിലാക്കുക = അറിഞ്ഞുകൊണ്ട് ആപത്തിൽ ചാടിക്കുക, കെണിയിൽ അകപ്പെടുത്തുക.

കെപ്പര1 നാ. = കൊപ്ര.

കൊപ്പര2 നാ. 1. കൈപിടിയുള്ള ഓട്ടുപാത്രം, കുട്ടകം; 2. (പാത്രത്തിൻെറയും മറ്റും) ഉള്ള്.

കൊപ്പരം [< പ്രാ. < സം. കൂർപര] നാ. 1. കൈമുട്ട്, മുഴങ്കൈ; 2. കാൽമുട്ട്; 3. തകരാറ്, അപകടം.

കൊപ്പിളിക്കുക ക്രി. = കൊപ്പുളിക്കുക.

കൊപ്പ്1 നാ. 1. വൃക്ഷങ്ങളുടെ ശിഖരം; 2. മൃഗത്തിൻെറ കൊമ്പ്.

കൊപ്പ്2, കൊപ്പിൾ, കൊപ്പുളം, കൊപ്പുൾ നാ. 1. പൊക്കിൾ; 2. കുമള; 3. തൊലിമേൽ നീരുനിറഞ്ഞുണ്ടാകുന്ന കുമിള.

കൊപ്പുളിക്കുക, കൊപ്ലിക്കുക ക്രി. 1. കവിൾ കൊള്ളുക, കുലുക്കുഴിയുക; 2. കുമിള വരിക.

കൊപ്ര നാ. ചിരട്ടയിൽനിന്നും വേർപെടുത്തി ഉണക്കിയ തേങ്ങാപ്പരിപ്പ്.

കൊമ1 നാ. അടി, തല്ല്.

കൊമ2 നാ. 1. കൂമ്പാരം; 2. ശവകുടീരമായി ഉയർത്തിയിട്ടുള്ള കൽക്കൂമ്പാരം.

കൊമ3 നാ. കവിൾത്തടം.

കൊമയ്ക്കുക1 ക്രി. അടിക്കുക, ചതയ്ക്കുക.

കൊമയ്ക്കുക2 ക്രി. 1. കൂമ്പാരമാക്കുക; 2. കുഴപ്പം സൃഷ്ടിക്കുക, താറുമാറാക്കുക.

കൊമര് നാ. = കുമര്, കൊമരഴിക്കുക = കുമരഴിക്കുക.

കൊമരൻ നാ. = കുമരൻ. കൊമരനാടുക = ശൃങ്ഗരിക്കുക.

കൊമരി നാ. = കുമരി.

കൊമാന്തം നാ. അനുശാസനം, ആജ്ഞ.

കൊമ്പഞ്ഞി, കുമ്പഞ്ഞി [പോർ. ച്ചൊമ്പൻഹിഅ] നാ. കമ്പനി.

കൊമ്പൻ [<കൊമ്പ്] വി. 1. കൊമ്പുള്ള; 2. കൊമ്പുപോലെയുള്ള, ഉദാ. കൊമ്പൻ വഴുതിനങ്ങ, കൊമ്പൻ മുളക്; 3. ഊറ്റമുള്ള, സാമർഥ്യമുള്ള, അതിഭയങ്കരനായ. നാ. 1. കൊമ്പനാന; 2. കൊമ്പുള്ള ഒരുതരം മത്സ്യം; 3. മുയൽ (കൊമ്പുപോലെ ചെവിയുള്ളതിനാൽ); 4. കൊമ്പുള്ള കന്നുകാലി (കാള, പോത്ത്) തുടങ്ങിയവ; 5. ഊറ്റക്കാരൻ, സമർഥൻ, ദുസാമർഥ്യക്കാരൻ; 6. നടപ്പുദീനം, കോളറ; 7. മുസ്ലിംസ്ത്രീകൾ ധരിക്കാറുള്ള ഒരു കർണാഭരണം; 8. വെള്ളത്തിനടിയിലുള്ള മണൽത്തിട്ടാ.

കൊമ്പൻനൈ [കൊമ്പൻ-നൈ] നാ. 1. സ്രാവിൽ നിന്നെടുക്കുന്ന എണ്ണ; 2. എരുമ നെയ്യ്.

കൊമ്പന്മരവി [കൊമ്പൻ-മരവി] നാ. ദീർഘവൃത്താകൃതിയിലുള്ള ഒരിനം മരപ്പാത്രം.

കൊമ്പന്മീശ [കൊമ്പൻ-മീശ] നാ. രണ്ടുഅശത്തേക്കുമ്മ് നീട്ടി വളർത്തി അറ്റം പിരിച്ച് കൊമ്പിൻെറ ആകൃതിയിൽ മേൽപ്പോട്ടാക്കി വയ്ക്കുന്ന മീശ.

കൊമ്പന്മുളക് [കൊമ്പൻ-മുളക്] നാ. നീണ്ട ഒരിനം പച്ചമുളക്.

637

കൊമ്പരക് [കൊമ്പ്-അരക്ക്] നാ. കോലരക്ക്.

കൊമ്പാസ് നാ. വലിയ ആളെന്നുള്ള ഭാവം, പൊങ്ങച്ചം, തണ്ട്. കൊമ്പാസടിക്കുക = പൊങ്ങച്ചം പറയുക.

കൊമ്പി1 [<കൊമ്പ്] നാ. 1. കൊമ്പുള്ള (പെണ്മൃഗം) പശു, എരുമ മുതലായവ; 2. ഒരുജാതി മത്സ്യം; 3. സ്ത്രീ, ഭാര്യ (നാടാർ ഭാഷ).

കൊമ്പിക്കുക ക്രി. 1. ഔന്നത്യം പ്രാപിക്കുക, വലിയതാകുക, മഹത്ത്വമേറുക; 2. കോപിക്കുക; 3. ധിക്കാരം കാണിക്കുക. കൊമ്പിച്ചം = വലിയഭാവം, പൊങ്ങച്ചം.

കൊമ്പിച്ചി [<കൊമ്പ്] നാ. = കൊമ്പി1.

കൊമ്പ് നാ. 1. ചിലയിനം മൃഗങ്ങളുടെ തലയിൽ മുളച്ചുവരുന്ന കൂർത്തതും കട്ടിയുള്ളതുമായ അവയവം; കൊമ്പുകുത്തുക = തോൽക്കുക, പരാജയപ്പെടുക, കീഴടങ്ങുക; 2. വൃക്ഷങ്ങളുടെ ശാഖ; കവരം; 3. വളഞ്ഞ ആകൃതിയിലുള്ള ഒരു സുഷിരവാദ്യം; 4. പല്ലക്കിൻെറ തണ്ട്; 5. പാമരം; 6. കോൽ; 7. കപ്പൽ മുളക്; 8. തുടർമല; 9. കൊടുമുടി; 10. (നായാട്ടു.) മറുകുന്ന്; 11. വൈദ്യന്മാർ രക്തം ഊറ്റിയെടുക്കാനുപയോഗിക്കുന്ന ഒരു ഉപകരണം; 12. വള്ളത്തിൻെറ തല, അഗ്രം; 13. ഒരുപക്ഷം, വശം (ചൂതുകളിയിലും മറ്റും); 14. നാരായം; 15. മുണ്ടിൻെറ കോന്തല; 16. രാജ്യവിഭാഗം; 17. നെല്ലിനെ നശിപ്പിക്കുന്ന ഒരുതരം പ്രാണി.

കൊമ്പുകയറ് [കൊമ്പ്-കയറ്] നാ. 1. പിടിയിൽ അമരാത്ത കന്നുകാലികളുടെ കൊമ്പിൽ പിടിത്തം വരത്തക്കവണ്ണം കെട്ടുന്ന കയറ്; 2. വെള്ളം തേകിക്കളയുന്ന കുട്ടയുടെ രണ്ടുവശത്തും കെട്ടുന്ന കയറ്.

കൊമ്പുകാരൻ [കൊമ്പ്-കാരൻ] നാ. കൊമ്പ് എന്ന വാദ്യം ഊതുന്നവൻ.

കൊമ്പുവിരുത്തി [കൊമ്പ്-വിരുത്തി] നാ. ഒരു ഭൂവുടമ സമ്പ്രദായം.

കൊമ്പൂറ്റി [< കൊമ്പ്-കുറ്റി] നാ. നെറ്റിയുടെ പാർശ്വം, ചെന്നി, കരണം, ചെവിക്കുറ്റി.

കൊമ്പെണ്ണ [കൊമ്പ്-എണ്ണ] നാ. 1. കണയെണ്ണ; 2. പോത്തിൻെറയും മറ്റും കൊമ്പിൻെറ ദ്വാരത്തിലവച്ചു കാച്ചിയെടുക്കുന്ന ഔഷധവീര്യമുള്ള എണ്ണ.

കൊമ്മ നാ. 1. വട്ടം; 2. ഉരിഞ്ഞിരിക്കുന്ന വസ്തു; 3. കൊത്തളം; 4. കുമ്മട്ടി; 5. ഇളമ; 6. അഴക്; 7. മുളകൊണ്ടുണ്ടുണ്ടാക്കിയ കുട്ട (നെല്ലിടാൻ ഉപയോഗിക്കുന്നത്); 8. (ഓലക്കാലുകൊണ്ട് മെടഞ്ഞുണ്ടാക്കുന്ന) പൂക്കൊട്ട; 9. കൈതയോലകൊണ്ടു മെനഞ്ഞുണ്ടാക്കിയ തലയണ; കൊമ്മി; 10. തുണിസഞ്ചി; 11. അമ്മ.

കൊമ്മട്ടി, കൊമ്മണ്ടി നാ. = കുമ്മട്ടി.

കൊമ്മിഞ്ഞി, കൊമ്മഞ്ഞി നാ. = കൊമ്പഞ്ഞി.

കൊമ്മിസാരി, കൊമ്മീസർ, കൊമിസ്സറി നാ. കമ്മീഷ്ണർ.

കൊയലപ്പാത്തി [കൊയല-പാത്തി] നാ. ഒരിനം കൊച്ചു വള്ളം.

കൊയിന(ആ), കൊയന, കൊയനാവ് [<ഇം. "ഉഇനിനെ] നാ. സിങ്കോണാ വൃക്ഷത്തിൽ നിന്നെടുക്കുന്ന ഒരു ഔഷധം.

കൊയിൽ1 [<കൊയ്] നാ. പണി, പണിക്കാരൻ, പണിക്കൂലി.കൊയിലേറ്റക്കാരൻ = തെങ്ങ് തുടങ്ങിയ ഫലവൃക്ഷങ്ങളിൽ കയറുന്നവൻ.

കൊയിൽ2, കോയിൽ നാ. 1. യജമാനൻ, നാഥൻ, മേലാളൻ (വ.മ.), ഉദാ. മാപ്പിളക്കൊയിൽ = മാപ്പിള; കൊല്ലക്കൊയിൽ = കൊല്ലൻ; പടക്കൊയിൽ = നായർ ഇത്യാദി.

കൊയ്ത്തിരുമ്പ് [കൊയ്ത്ത്-ഇരുമ്പ്] നാ. കൊയ്ത്തരിവാൾ.

കൊയ്ത്ത് നാ. വിളവെടുപ്പ്, ധാന്യങ്ങൾ വിളയുമ്പോൾ അവയുടെ ഫലങ്ങൾ അറുത്തെടുക്കുന്ന പ്രവൃത്തി; കൊയ്ത്തുകാരൻ = കൊയ്യുന്ന ആൾ, കൊയ്ത്തുകാലം = 1. വിളവെടുപ്പുകാലം, കൊയ്യുന്നതിനുള്ള കാലം; 2. (ആല.) നല്ലകാലം.

കൊയ്യാൽ [<കൊയ്] നാ. തെങ്ങുകേറ്റക്കാരനു തേങ്ങയായിട്ടു നൽകുന്ന കൂലി, കയറ്റക്കൂലി.

കൊയ്യുക ക്രി. 1.ധാന്യങ്ങൾ വിളഞ്ഞു പാകമാകുമ്പോൾ കതിർ മാത്രമായോ തണ്ടോടുകൂടിയോ അറുത്തെടുക്കുക, വിളവെടുക്കുക, (പ്ര.) കാറ്റുവിതച്ചു കൊടുങ്കാറ്റു കൊയ്യുക = ചെറിയ തെറ്റുകൾ ചെയ്ത് വലിയ ആപത്തുകൾക്കിടയാക്കുക; 2. വെട്ടിയെടുക്കുക, മുറിച്ചെടുക്കുക, അറുക്കുക.

കൊർക്കപ്പുളി നാ. കുടം പുളി.

കൊർബാൻ [അറ.] നാ. = കുർബാൻ.

കൊര നാ. കുര.

കൊരക്കാടി നാ. ഒരുജാതി വൃക്ഷം.

കൊരഗൻ നാ. കേരളത്തിലെ പട്ടികവർഗങ്ങളിൽ ഒന്ന്.

കൊരങ്ങാടി നാ. 1. കൈത്തറിയിലെ ഒരു ഉപകരണം; 2. കുരങ്ങാടി.

കൊരങ്ങാണി നാ. മലയരയന്മാരുടെ ഗോത്രങ്ങളിൽ ഒന്ന്.

കൊരച്ചൽ നാ. കുലച്ചിൽ.

കൊരഞ്ചൻ നാ. മെലിഞ്ഞ് എല്ലുകൾ എഴുന്നുനിൽക്കുന്നവൻ.

കൊരഞ്ഞിൽ നാ. കുലച്ചിൽ.

കൊരടാവ് നാ. കുരടാവ്, കുതിരച്ചമ്മട്ടി.

കൊരടിക്കുക ക്രി. = കുരുടിക്കുക.

കൊരട് നാ. = കുരട്

കൊരട്ട നാ. കുരട്ട.

കൊരട്ടുക ക്രി. = കുരട്ടുക.

കൊരണ്ടം നാ. കൊത്ത്, ചണ്ടി.

കൊരണ്ടി നാ. കുരണ്ടി.

കൊരണ്ട് നാ. = കൊരട്.

കൊരനാഴി നാ. കുരൽനാഴി, തൊണ്ട.

കൊരമ്പ നാ. ഒരു ഉപകരണം, ചുടുപുട്ടിൽ.

കൊരൽ നാ. = കുരൽ.

കൊരലാരം നാ. = കുരലാരം.

കൊരവ് നാ. 1. ചളിപ്രദേശം; 2. ഉറയ്ക്കാത്ത ഭൂമി, ചതുപ്പു നിലം.

കൊരുക്ക് നാ. പറങ്കിപ്പുണ്ണ്, ഉഷ്ണപ്പുണ്ണ്.

കൊരുക്കുക ക്രി. = കോർക്കുക.

കൊല നാ. 1. വധം, നിഗ്രഹം; 2. വെട്ടൽ, മുറിക്കൽ.

കൊലകൊമ്പൻ നാ. 1. കൊല്ലുന്ന കൊമ്പനാന; 2. കൊലകൊമ്പനെപ്പോലെ പരാക്രമിയായവൻ.

കൊലക്കയർ നാ. 1. തൂക്കിക്കൊല്ലുന്നതിന് ഉപയോഗിക്കുന്ന കയർ; 2. നാശകാരണം.

കൊലക്കളം നാ. 1. വധസ്ഥലം; 2. കൊലനടന്ന സ്ഥലം; 2. നാരശങ്ഗം.

കൊലക്കുറ്റം നാ. കൊലചെയ്യുക എന്ന കുറ്റം.

കൊലച്ചോറ് നാ. 1. കൊല്ലാൻ വിധിക്കപ്പെട്ട ആളിനു വധകർമത്തിനു മുമ്പ് അവസാനമായി കൊടുക്കുന്ന വിഭവസമൃദ്ധമായ ഭക്ഷണം; 2. വലിയ ഉപദ്രവം ചെയ്യുന്നതിനു മുമ്പുള്ള നിസ്സാരസഹായം.

കൊലനിലം നാ. കൊലക്കളം, വധഭൂമി.

കൊലപാതകം [മ. കൊല-സം. പാതക] നാ. 1. കൊല; 2. കൊലക്കുറ്റം; 3. കൊടിയ അപരാധം.

കൊലപാതകി [കൊല-സം. പാതകിൻ] നാ. 1. കൊന്നവൻ; 2. ക്രൂരൻ.

കൊലപ്പല്ല് നാ. വീരപ്പല്ല്, ദംഷ്ട്ര.

കൊലപ്പാല് നാ. കള്ള്.

കൊലപ്പുള്ളി നാ. കൊലക്കേസിൽ പ്രതിയായവൻ.

കൊലപ്പെടുക ക്രി. വധിക്കുക.

കൊലമരം നാ. തൂക്കുമരം, കഴുമരം.

കൊലമാടൻ നാ. 1. ആരാധിക്കപ്പെടുന്ന ഒരു ഉഗ്രമൂർത്തി; 2. കൊലയാളി, ദുഷ്ടൻ.

കൊലമാല നാ. കൊലക്കുറ്റം ചുമത്തപ്പെട്ടു മരണശിക്ഷയ്ക്കു വിധിച്ചിട്ടുള്ളവനെ തൂക്കുമരത്തിൽ കയറ്റുന്നതിനുമുൻപ് അണിയിക്കുന്ന മാല.

കൊലയാന നാ. 1. അപകടകാരിയായ ആന; 2. മദിച്ച ആന.

കൊലയാൾ നാ. കൊല്ലുന്ന ആൾ.

കൊലയാളി നാ. കൊലപാതകി.

കൊലയ്ക്കുക ക്രി. 1. ഛർദിക്കുക; 2. കുലയ്ക്കുക.

കൊലവിളി നാ. 1. കൊല നടത്തിയശേഷം കൊലയാന വിജയോന്മത്തനായി വിളിക്കുന്ന വിളി; 2. പടക്കലി കൊണ്ട യോദ്ധാക്കളും മറ്റും പുറപ്പെടുവിക്കുന്ന വിളി; 3. കൊല്ലപ്പെടുന്നവൻെറ ആർത്തനാദം; 4. ഉച്ചത്തിലുള്ള നിലവിളി.

കൊലു(വ്) നാ. 1. ദാസവൃത്തി; 2. ദർബാർ; 3. ഐശ്വര്യം; 4. ഉല്ലാസമണ്ഡപം; 5. നവരാത്രിപൂജയ്ക്ക് അലങ്കാരമായി നിരത്തുന്ന പലതരം പാവകൾ. (പ്ര.) കൊലുവയ്ക്കുക = നവരാത്രികാലത്തു പാവകളും മറ്റുംകൊണ്ടു പൂജാമുറി അലങ്കരിക്കുക.

കൊലുകൊലാ അവ്യ. 1. തരിയും വെള്ളവും കലർന്നു പരസ്പരം ചേരാതെ ദ്രവരൂപത്തിൽ ധാരാളമായി; 2. അടുക്കും മുറയുമില്ലാതെ, കണ്ടമാനം.

കൊലുന്നനെ വി. കോലുപോലെയുള്ള, മെലിഞ്ഞ, ഭങ്ഗിയുള്ള.

കൊലുമ നാ. 1. ആഡംബരം; 2. അതിശയാധിക്യം; 3. സമൂഹം; 4. അഭിവൃദ്ധി.

കൊലുസ്സ് നാ. 1. നൂപുരം; 2. ബ്രാഹ്മണപ്പെൺകിടാങ്ങൾ കൈത്തണ്ടയിൽ കാപ്പുപോലെ ധരിക്കുന്ന ഒരാഭരണം.

കൊലോട്ടുകോൽ നാ. മ്ലാങ്കോൽ.

കൊൽക ക്രി. കൊല്ലുക.

കൊല്ല നാ. 1. വരമ്പിലുള്ള മട; 2. ചിറ; 3. ചെറിയ തോട്; 4. പിന്മുറ്റം; 5. മറപ്പുര; 6. മലയരുകിലെ വിളഭൂമി; 7. നീരോട്ടം കുറഞ്ഞ ഭൂമി; 8. കൃഷി ചെയ്യാത്ത ഭൂമി; 9. നിലങ്ങളുടെ വരമ്പിനു ബലം കൊടുക്കാൻ ഇരുവശത്തും കുഴിച്ചിടുന്ന പത്തൽ.

കൊല്ലക്കുടി നാ. കൊല്ലൻെറ വീട്, കൊല്ലൻെറ ആല.

കൊല്ലക്കുറുപ്പ് നാ. 1. കൊല്ലന്മാരുടെ തലവൻ; 2. ഒരു സമുദായം.

കൊല്ലൻ നാ. ഒരുജാതി, കരുവാൻ, ഇരുമ്പുപണിക്കാരൻ.

കൊല്ലപ്പട്ട് നാ. ഒരിനം പട്ട്.

കൊല്ലം നാ. 1. കേരളസംസ്ഥാനത്തിലെ ഒരു ജില്ല; 2. ഒരു പ്രാചീനനഗരം, കൊല്ലം ജില്ലയുടെ തലസ്ഥാനം.

കൊല്ലമാവ് നാ. പറങ്കിമാവ്, കശുമാവ്, കപ്പൽമാവ്.

കൊല്ലമുളക് നാ. വലിയ വറ്റൽമുളക്.

കൊല്ലയ്ക്കുപോവുക ക്രി. പറമ്പിൽ പോവുക.

കൊല്ലവർഷം നാ. കലിവർഷം 3926-ൽ സമാരംഭിച്ച കേരളീയസംവത്സരം.

കൊല്ലാക്കൊല നാ. കൊല്ലാതെ കൊല്ലൽ, കഠിനമായി ഉപദ്രവിക്കൽ.

കൊല്ലാതെകൊല്ലുക ക്രി. കഠിനമായി ഉപദ്രവിക്കുക.

കൊല്ലാപ്പത്തൽ നാ. കൊല്ല വീഴുന്ന പുഞ്ചനിലങ്ങളിൽ വരമ്പിന് ഊന്നുകൊടുക്കുന്ന കുറ്റി.

കൊല്ലായ നാ. 1. മട, ചിറയ്ക്കു നേരിടുന്ന പൊട്ടൽ; 2. ഒരിനം ആയുധം; 3. നങ്കൂരം.

കൊല്ലായ്ക1 നാ. കൊല്ലാതിരിക്കുക എന്ന അവസ്ഥ.

കൊല്ലായ്ക2 നാ. നങ്കൂരം.

കൊല്ലാരം നാ. 1. കൊരലാരം; 2. അലങ്കാരം.

കൊല്ലി1 വി. തേഞ്ഞ, പഴകിത്തേഞ്ഞ.

കൊല്ലി2 നാ. 1. കൊല്ലുന്നവൻ; 2. നശിപ്പിക്കുന്നത്; 3. പണം ഇടുന്ന മടിശ്ശീല; 4. കയറ്റുവലക്കൂട; 5. ചൂണ്ടപോലെ നിരവധി കൊളുത്തുകൾ ഉള്ളതും ലോഹനിർമിതവുമായ ഒരു ഉപകരണം; 6. കഴുത്ത്; 7. ചെവിക്കുറ്റി; 8. ചങ്ക്.

കൊല്ലി3 നാ. 1. മലയിടുക്ക്; 2. താഴ്വര; 3. കൃഷിക്കാരുടെ ഒരു ഗാനരീതി.

കൊല്ലിപ്പുര നാ. കാവൽമാടം.

കൊല്ലിയാൻ നാ. കൊള്ളിയാൻ.

കൊല്ലിവാൾ നാ. തേഞ്ഞ് ഉപയോഗശൂന്യമായ വാൾ.

കൊല്ലുക ക്രി. 1. മരണം വരുത്തുക; 2. വശക്കേടുവരുത്തുക; 3. അലട്ടുക; 4. പാഴാക്കുക. (പ്ര.) കൊല്ലും കൊലയും = പരമാധികാരം. കൊല്ലുകൊല്ലെന്നു നിൽക്കുക = ശണ്ഠ കൂടുക, മല്ലടിക്കുക. കൊല്ലുന്ന രാജാവിനു തിന്നുന്ന മന്ത്രി, (പഴ.)

കൊവേന്ത നാ. ക്രൈസ്തവസന്ന്യാസികളുടെ ആശ്രമം.

കൊവ്വാ നാ. കുട്ടികളുടെ ഒരു കളി.

കൊവ്വൽ നാ. 1. മൺകുന്ന്; 2. മൺകുന്നിനെ തൊട്ടുകിടക്കുന്ന വെളിസ്ഥലം; 3. വെന്തു പാകമാകാത്ത ചോറ്.

കൊശവൻ നാ. കുശവൻ.

കൊശി നാ. 1. തൃപ്തി; 2. രുചി; 3. കൊതി.

കൊശുവ്1 നാ. കൊതി.

കൊശുവ്2 നാ. കൊതുക്.

കൊഷ്ണം നാ. കൊട്ടണം.

കൊസറൻ നാ. 1. മണ്ടൻ; 2. മടയൻ; 3. ഉപദ്രവി, കുഴപ്പം പിടിച്ചവൻ.

കൊസറുക ക്രി. 1. കുതറുക; 2. പിണങ്ങുക; 3. തകൃതിയായി പ്രവർത്തിക്കുക; 4. പ്രശസ്തമായി നിർവഹിക്കുക.

കൊസ്രാ [അറ.] നാ. തകരാറ്, കുഴപ്പം, ബഹളം.

കൊസ്രൻ നാ. കൊസറൻ.

കൊസ്രാക്കൊള്ളി നാ. 1. ഏടാകൂടം; 2. തലതിരിഞ്ഞവൻ.

കൊൾ നാ. കൊള്ള്.

കൊളകം നാ. ധാന്യം അളക്കാനുള്ള ഒരുതോത്.

കൊളങ്ങര നാ. കുളങ്ങര.

കൊളഞ്ഞിൽ നാ. 1. കുളഞ്ഞി; 2. കൂഴ.

കൊളപ്പുരത്തട്ട് നാ. ഒരുവക ശിരോലങ്കാരം.

കൊളപ്പൂവ് നാ. ഒരു കരിമരുന്ന് പ്രയോഗം.

കൊളരോഗം നാ. മാഹാളി.

കൊളിഞ്ചി നാ. ഒരിനം ചെടി.

കൊളുത്തട്ടി നാ. ഒരിനം നീണ്ട ഉടക്കുളി.

കൊളുത്തിപ്പിടിക്കുക ക്രി. 1. ഞരമ്പ്, മാംസപേശി മുതലായവയിൽ ഉളുക്കുണ്ടാകുക; 2. കൊളുത്തുകൊണ്ടു പിടിക്കുക.

കൊളുത്തിവലി നാ. ഞരമ്പു കോച്ചിപ്പിടിക്കൽ.

കൊളുത്ത് നാ. 1. നീളത്തിലുള്ള ലോഹക്കമ്പിയോ മറ്റു പദാർഥങ്ങളോ വളച്ച് സാധനങ്ങൾ പിടിച്ചെടുക്കുന്നതിനോ വലിച്ചിഴയ്ക്കുന്നതിനോ തൂക്കിയിടുന്നതിനോ ഉദ്ദേശിച്ച് നിർമിച്ചിട്ടുള്ള ഉപകരണം; 2. ചങ്ങലയുടെ അറ്റം മറ്റൊരു കണ്ണിയുമായി ബന്ധിപ്പിക്കുന്നതിനു കമ്പി വളച്ചുണ്ടാക്കിയ ഭാഗം; 3. കതക്, ജനാല തുടങ്ങിയവയുടെ പാളികൾ താക്കോലിൻെറയും മറ്റും സഹായം കൂടാതെ തുറക്കുന്നതിനും അടയ്ക്കുന്നതിനുമായി പിടിപ്പിക്കുന്ന ലോഹനിർമിതമായ ഉപകരണം; 4. ശരീരത്തിലെ സന്ധി; 5. ഉളുക്ക്.

കൊളുത്തുക ക്രി. 1. ഞരമ്പു കോച്ചിപിടിക്കുക; 2. തൊടുത്തുക; 3. കൂട്ടിക്കൊരുക്കുക; 4. മത്സരിക്കുക; 5. കൊളുത്തിൽ ചേർക്കുന്നതുപോലെ പിടിപ്പിക്കുക; 6. നുണ പറയുക.

639

കൊളുത്തുവാതം [മ. കൊളുത്ത്-സം. വാത] നാ. ഒരുതരം വാതരോഗം.

കൊളുത്തുവായ് നാ. തലയിലും മറ്റും കൊളുത്തു ഘടിപ്പിക്ക ഭാഗം.

കൊളുന്തൻ നാ. ഭർത്താവിൻെറ അനുജൻ.

കൊളുന്ത് നാ. 1. ചെടികളുടെ ഇളം തല; 2. തേയിലച്ചെടിയിൽനിന്നും നുള്ളിയെടുക്കുന്ന കിളുന്നും തിരിയും ചേർന്ന ഭാഗം; 3. കൊഴുന്ത്.

കൊൾക ക്രി. കൊള്ളുക.

കൊള്മുറപ്പാട് നാ. പതിവായി ലഭിച്ചുകൊണ്ടിരിക്കുന്ന അവകാശങ്ങൾ.

കൊൾവോൻ നാ. സ്വീകരിക്കുന്നവൻ.

കൊള്ള1 നാ. 1. കവർച്ച; 2. ആധിക്യം; 3. കോളറ.

കൊള്ള2 നാ. ഒരിനം ദേവദാരുവൃക്ഷം.

കൊള്ളം1 നാ. ചെളി, ചേറ്.

കൊള്ളം2 നാ. വാങ്ങൽ, കൊള്ളൽ.

കൊള്ളക്കാരൻ നാ. കവർച്ചക്കാരൻ.

കൊള്ളക്കൊടുക്ക നാ. 1. കൊള്ളുകയും കൊടുക്കുകയും ചെയ്യൽ, കൊടുക്കൽ വാങ്ങൽ; 3. വിവാഹം ചെയ്യുകയും ചെയ്തുകൊടുക്കുകയും ചെയ്യൽ; 3. ആശ്രയം.

കൊള്ളത്തലവൻ നാ. കൊള്ളക്കാരുടെ നേതാവ്.

കൊള്ളപ്പട നാ. 1. കവർച്ചയോടുകൂടിയ യുദ്ധം; 2. കവർച്ചക്കാരുടെ സങ്ഘം, കൊള്ളക്കാർ.

കൊള്ളപ്പുറം നാ. മണൽപ്പുറം, പൂഴിപ്രദേശം.

കൊള്ളയടിക്കുക ക്രി. വന്തോതിൽ കവർച്ച നടത്തുക.

കൊള്ളരുതായ്ക, -തായ നാ. മോശമായ പ്രവൃത്തി.

കൊള്ളൽ നാ. വാങ്ങൽ, സ്വീകരിക്കൽ.

കൊള്ളലാഭം നാ. അമിതലാഭം.

കൊള്ളാക്കടം നാ. 1. തിരിച്ചുകിട്ടാത്ത കടം; 2. വാങ്ങാത്ത കടം.

കൊള്ളി നാ. 1. വിറകുകമ്പ്; 2. കത്തുന്ന വിറകുകഷണം; 3. പ്രേതം ദഹിക്കുമ്പോൾ ഉറ്റവർ ചിതയിൽ അർപ്പിക്കുന്ന മാവിൻ കമ്പിൻെറ കഷണം; 4. കൊള്ളിമീൻ; 5.മരച്ചീനി; 6. തറയ്ക്കാത്ത പരിഹാസം; 7. കലഹമുണ്ടാക്കുക.

കൊള്ളിഉന്തുക ക്രി. അടുക്കളപ്പണി ചെയ്യുക.

കൊള്ളികൊളുത്തുക ക്രി. തീ വയ്ക്കുക.

കൊള്ളിക്കാൽ നാ. കുതിരയുടെ ഒരു കാല് വെളുത്തിരിക്കുക എന്ന ദുർലക്ഷണം.

കൊള്ളിമിനുക്കം നാ. മരണമടുക്കുമ്പോൾ ശരീരത്തിനുണ്ടാകുന്ന ശോഭ.

കൊള്ളിമിന്നൽ നാ. 1. മിന്നൽപിണർ; 2. തീക്കൊള്ളി വീശൽ.

കൊള്ളിമീൻ നാ. ഉൽക്ക.

കൊള്ളിയൻ നാ. പിശാച്. തീക്കൊള്ളിയുമായി സഞ്ചരിക്കുന്നുവെന്ന് വിശ്വാസം.

കൊള്ളിയാൻ നാ. 1. മിന്നൽപ്പിണർ; 2. തീക്കൊള്ളി; 3. കൊള്ളിക്കുറവൻ.

കൊള്ളിയിടുക ക്രി. 1. കൊള്ളിവയ്ക്കുക; 2. മരച്ചീനി നടുക.

കൊള്ളിയൂട്ട് നാ. ഒരിനം സദ്യ.

കൊള്ളിവട്ടം നാ. തീകൊളുത്തി ചുഴറ്റുമ്പോൾ തോന്നുന്ന വൃത്താകൃതി.

കൊള്ളിവയ്ക്കുക ക്രി. 1. തീ വയ്ക്കുക; 2. ചിതയിൽ മാങ്കൊള്ളി വയ്ക്കുക; 3. ദ്രോഹിക്കുക, നശിപ്പിക്കുക.

കൊള്ളിവാക്ക് നാ. കുത്തുവാക്ക്, മുള്ളുവാക്ക്.

കൊള്ളിവീശുക ക്രി. നെല്ലിന് കൊള്ളിവീഴ്ച എന്ന രോഗം ബാധിക്കുക.

കൊള്ളിവീഴ്ച നാ. നെൽച്ചെടികളെ ബാധിക്കുന്ന ഒരു രോഗം.

കൊള്ളിവെള്ളം നാ. തീക്കൊള്ളിയിൽ വെള്ളം ഒഴിച്ചാൽ അതിൽനിന്നും വീഴുന്ന ചൂടുവെള്ളം.

കൊള്ളിശാപം [സം.] നാ. ശാപദോഷം.

കൊള്ള്1 നാ. 1. വരമ്പ്; 2. കയ്യാല, മൺചുവര്, കിള.

കൊള്ള്2 നാ. മുതിര.

കൊള്ളുക ക്രി. 1. എടുക്കുക; 2. കൈവശപ്പെടുത്തുക; 3. വിലയ്ക്കുവാങ്ങുക; 4. ഏൽക്കുക; 5. തട്ടുക, തടയുക; 6. ഒരറ്റം ചെന്നു ഘടിക്കുക; 7. ഒന്നിൻെറ ഉള്ളിൽ അടങ്ങുക; 8. അനുഷ്ഠിക്കുക; 9. എത്തുക; 10. പ്രാപിക്കുക; 11. പിടിക്കുക; 12. മനസ്സിലാക്കുക; 13. സ്വന്തമാക്കുക; 14. അനുഭവിക്കുക; 15. കാര്യത്തിനു മതിയാകുക; 16. ചേരുക; 17. അവലംബിക്കുക; 18. ഒരു അനുപ്രയോഗം.

കൊഴ		നാ. = കുഴ.

കൊഴഞ്ചാത്തി		നാ. ശൃങ്ഗരിക്കുന്നവൾ, കുഴയുന്നവൾ.

കൊഴമറിച്ചിൽ		നാ. കുഴഞ്ഞുമറിയൽ, കുഴപ്പം, വിഷമം.

കൊഴമറിവ്		നാ. കൊഴമറിച്ചിൽ.

കൊഴമാന്തം		നാ. താറുമാറായ സ്ഥിതി.

കൊഴൽ		നാ. = കുഴൽ.

കൊഴി		നാ. 1. കൊണി; 2. കുരുമുളകിൻ കുലയിൽ കുരു നീക്കിയശേഷമുള്ള ഭാഗം; 3. കൊള്ളരുതാത്തത്; 4. കയറുണ്ടാക്കാൻ വേണ്ടി നാരു മുറുക്കിയുണ്ടാക്കുന്ന പിരി; 5. കൊഴിക്കൽ.

കൊഴിക്കുക		ക്രി. 1. അരിയും മറ്റും മുറത്തിലിട്ടു മുറം പല വശങ്ങളിലേക്കും വേഗത്തിൽ ചലിപ്പിച്ചു പൊടിയും നെടിയും വേർതിരിക്കുക; 2. വീഴിക്കുക.

കൊഴിച്ചൽ		നാ. കൊഴിച്ചിൽ.

കൊഴിച്ചിൽ		നാ. 1. കൊഴിഞ്ഞുവീഴൽ; 2. കൊഴിഞ്ഞൽ.

കൊഴിഞ്ഞൽ		നാ. കൊഴിഞ്ഞിൽ.

കൊഴിഞ്ഞിൽ		നാ. 1. ഒരു പച്ചമരുന്ന്; 2. പയറുവർഗത്തിൽപ്പെട്ട ഒരു ചെടി; 3. കുലാഞ്ഞിൽ.

കൊഴിയൽ		നാ. തവിടുപോകാത്ത അരി.

കൊഴിയിടുക		ക്രി. കയറുണ്ടാക്കുന്നതിനുവേണ്ടി ചകിരിനാരുചേർത്തു മുറുക്കി പിരിയുണ്ടാക്കുക.

കൊഴിയുക		ക്രി. 1. ഉതിരുക; 2. ഊരി വീഴുക, പൊഴിയുക; 3. ഇല്ലാതാകുക.

കൊഴിവാൾ		നാ. ചെറിയ വാൾ.

കൊഴു1		വി. 1. തടിച്ച, മാംസളമായ; 2. കട്ടയായ; 3. കൊഴുപ്പുള്ള.

കൊഴു2		നാ. 1. മണ്ണിളക്കുന്നതിന് കലപ്പയുറ്റെ താഴത്തെ അറ്റത്ത് വച്ചുപിടിപ്പിക്കുന്ന ഇരുമ്പുതകിട്; 2. നിശ്ചിതകാലത്തേക്ക് നിലങ്ങൾ കൃഷിചെയ്തനുഭവിക്കാനുള്ള അവകാശം; 3. ജന്മിക്കു നൽകുന്ന പാട്ടം; 4. വിളവിൽനിന്നു കൃഷിക്കാരനു കിട്ടുന്ന ഭാഗം; 5. കൃഷി.

കൊഴുകുത്തുക		ക്രി. പാടത്തു പണി തുടങ്ങുക.

കൊഴുകൊഴ		വി. 1. നല്ലവണ്ണം കൊഴുത്ത പാകത്തിൽ; 2. വഴുക്കത്തക്കവണ്ണം; 3. തടിച്ചു മിനുത്ത രൂപത്തിൽ; 4. തെരുതെരെ.

കൊഴുക്കട്ട		നാ. ഒരിനം പലഹാരം.

കൊഴുക്കുക		ക്രി. 1. ജലാംശം വറ്റി കുറുകുക; 2. തടിക്കുക; 3. വർധിക്കുക; 4. ഫലിക്കുക; 5. അഹങ്കരിക്കുക.

കൊഴുച്ചാൽ നാ. ഉഴവുചാൽ, കലപ്പച്ചാൽ.

കൊഴുനിലം നാ. പാട്ടത്തിനു വാങ്ങിയ നിലം.

കൊഴുന്ത് നാ. 1. പച്ചനിറമുള്ളതും ഇലയ്ക്കും തണ്ടിനും നല്ല സുഗന്ധമുള്ളതുമായ ഒരുതരം ചെറിയ ചെടി; 2. അങ്കുരം, മുള.

കൊഴുന്ന് നാ. കൊഴുന്ത്.

കൊഴുപ്പ നാ. ഒരുതരം ചീര.

കൊഴുപ്പണം [സം.] നാ. കൊഴുവുണ്ടാക്കാനുള്ള ഇരുമ്പിൻെറ വിലയായി സങ്കൽപിച്ച് ജന്മിക്കു കൊടുക്കുന്ന രണ്ടുപണം.

കൊഴുപ്പണയം നാ. ഒരിനം ഒറ്റി.

കൊഴുപ്പ് നാ. 1. കൊഴുത്തിരിക്കുന്ന സ്ഥിതി; 2. ജന്തുക്കളുടെ വസയിലുള്ള നെയ്യ്; 3. പുഷ്ടി, തഴപ്പ്; 4. ശരീരശക്തി; 5. ധിക്കാരം.

കൊഴുപ്പുകൂട്ടുക ക്രി. ഭങ്ഗി വർധിപ്പിക്കുക.

കൊഴുപ്പുമടി നാ. കല്ലകിട്.

കൊഴുമ നാ. 1. കൊഴുപ്പ്; 2. അഴക്.

കൊഴുമുതലായ്മ നാ. ജന്മി കുടിയാൻ ബന്ധനിയമം.

കൊഴുമുള നാ. കൊഴുവുണ്ടാക്കാൻ അടിച്ചുപരത്തിയ ഇരുമ്പ്.

കൊഴുമോര് നാ. മരുന്നുകൾ ചതച്ചിട്ടു കാച്ചിയ മോര്.

കൊഴുലാഭം നാ. കൃഷിയിലുള്ള ലാഭം, കുടിയാൻെറ വിഹിതം.

കൊഴുവൻ നാ. പാട്ടക്കാരൻ, കുടിയാൻ.

കൊഴുവയ്ക്കുക ക്രി. കൃഷി തുടങ്ങുക.

കൊഴുവാപ്പ് [കൊഴു-ആപ്പ്] നാ. കലപ്പയിലെ കൊഴു ഊരിപ്പോകാതിരിക്കാൻ ഇടുന്ന ആപ്പ്.

കൊഴുവാരം നാ. ഒരു കരം.

കൊഴുവിറക്കുക ക്രി. കൊഴുവയ്ക്കുക.

കൊഴുവിറയപ്പണയം നാ. ഒറ്റിയാധാരം.

കൊറങ്ങാണിക്കുക ക്രി. ശബ്ദവും മറ്റും ഹാസ്യമായി അനുകരിച്ച് ആക്ഷേപിക്കുക.

കൊറടാവ് [പോർ.] നാ. കൊരടാവ്.

കൊറട് നാ. കൊരട്.

കൊറട്ടവലി നാ. കൂർക്കംവലി.

കൊറവ നാ. തമിഴിൻെറ ഒരു പ്രാദേശികഭാഷ.

കൊറവൻ നാ. = കുറവൻ.

കൊറി നാ. 1. കുറിയാട്; 2. മേടം രാശി.

കൊറിക്കുക ക്രി. 1. അരി, പയറ്, കടല മുതലായ ധാന്യങ്ങൾ പല്ലുകൾക്കിടയിൽ വെച്ചു ശബ്ദം കേൾക്കത്തക്കവിധം ഒന്നൊന്നായി പൊട്ടിച്ചു തിന്നുക; 2. അൽപം മാത്രം ഭക്ഷിക്കുക.

കൊറിയാട് നാ. = കുറിയാട്.

കൊറുകൊറെ അവ്യ. കൊറു കൊറു എന്നു ശബ്ദം കേൾക്കത്തക്കവിധം.

കൊറുക്ക വി. 1. ചുരുണ്ട; 2. ഞണ്ടിൻെറ കാല്; 3. താടിയെല്ല്; 4. അപസ്മാരം, ചുഴലി.

കൊറുക്കാപ്പുളി നാ. ഒരിനം പുളിമരം.

കൊറുക്ക്1 നാ. കൊറുക്ക.

കൊറുക്ക്2 നാ. ദുർവ്യാഖ്യാനം.

കൊറുങ്ങ നാ. കൊറുക്ക.

കൊറുമ്പ നാ. കോമ്പൽ.

കൊറുമ്പ് നാ. കൊറുമ്പ.

കൊറുമ്പുക ക്രി. വായ് നല്ലതുപോലെ തുറക്കാതെ കരണ്ടു തിന്നുക.

കൊറുവ നാ. 1. കേടു പറ്റിയത്; 2. മുച്ചുണ്ടുള്ള ആൾ.

കൊററക്കുട നാ. 1. രാജചി മായ കുട; 2. പ്രഭുക്കൾ, മതാചാര്യന്മാർ തുടങ്ങിയവർ പദവിയുടെ ചി മായി ഉപയോഗിക്കുന്ന കുട.

കൊററൻ1 നാ. 1. വൃദ്ധൻ; 2. പ്രായം കൂടിയ ആൺകുരങ്ങ്; 3. ആൺപന്നി; 4. തലവൻ, രാജാവ്.

കൊററൻ2 നാ. വെളിച്ചെണ്ണയുടെയും മറ്റും കക്കൻ.

കൊററൻ3 നാ. 1. കൊത്തൻ; 2. താണ ജാതിക്കാരൻ.

കൊററനാടൻ നാ. ഒരിനം കുരുമുളകുവള്ളി.

കൊററനാട് നാ. ആണാട്.

കൊററം നാ. 1. ജയം; 2. വീര്യം; 3. അധീശത്വം, വാഴ്ച, രാജത്വം.

കൊററമുടി നാ. രാജത്വത്തെ സൂചിപ്പിക്കുന്ന കിരീടം.

കൊററവൻ നാ. 1. രാജാവ്; 2. തലവൻ; 3. പരാക്രമി, വിജയശാലി.

കൊററവാതിൽ നാ. ഗോപുരവാതിൽ, കൊട്ടാരവാതിൽ, ക്ഷേത്രത്തിൻെറ വാതിൽ.

കൊററവി

നാ. 1. രാജ്ഞി; 2. പാലൈനിലത്തിന്റെ ദേവി.

കൊറ്റവൈ നാ. ഒരു ദ്രാവിഡദേവത.

കൊറ്റി1 നാ. 1. പെണ്ണാട്; 2. പെൺപൂച്ച; 3. പശു; 4. പെരുച്ചാഴി; 5. ഒരിനം വണ്ട്; 6. കുഞ്ഞ്.

കൊറ്റി2 നാ. 1. ഒരിനം പക്ഷി; 2. ശുക്രനക്ഷത്രം; 3. ലുബ്ധുള്ള സ്ത്രീ.

കൊറ്റ്1 നാ. 1. ആഹാരം, ഭക്ഷണം; 2. ജീവിതമാർഗം; 3. ധനമായും മറ്റും കൊടുക്കുന്ന കൂലി; 4. നക്ഷത്രം. (പ്ര.) കൊറ്റും കലസ്സും = കപ്പൽച്ചെലവ്. കൊറ്റുക, കൊറ്റൊടുങ്ങുക = അരിയറ്റുപോകുക, മരിക്കുക.

കൊറ്റ്2 നാ. 1. കൽപ്പണി; 2. കൊത്തൻ; 3. ഒരുദിവസത്തെ തച്ച്.

കൊറ്റുകാരൻ നാ. 1. കൊറ്റുള്ളവൻ; 2. ധനികൻ.

കൊറ്റുപാട് നാ. ഭക്ഷണസാധനം.

കൊറ്റുസാക്ഷി [മ. കൊറ്റ്- സം. സാക്ഷിൻ] നാ. കള്ളസാക്ഷി.

കോ1 [കോക്കുക <കോർക്കുക] ധാതുരൂപം.

കോ2 നാ. 1. രാജാവ്, ചക്രവർത്തി; 2. രാജത്വം; 3. ഐശ്വര്യശാലി; 4. ഭാഗ്യം.

കോ3 അനുപ്രയോഗമായി വരുന്ന 'കൊൾ' എന്നതിന്റെ ലുപ്തരൂപം. ഉദാ. പൊയ്ക്കോ = പൊയ്ക്കൊൾക.

കോകഡം [സം.] നാ. മലയണ്ണാൻ.

കേകദേവം [സം. കോക-ദേവ] നാ. പ്രാവ്.

കോകൻ നാ. വിഷ്ണു.

കോകനദ [സം. കോക-നദാ] നാ. ലക്ഷ്മി.

കോകനദൻ [സം. -നദ] നാ. ബ്രഹ്മാവ്.

കോകനദം [സം.] നാ. 1. ചെന്താമരപ്പൂവ്; 2. ചുവന്ന ആമ്പൽപ്പൂവ്.

കോകബന്ധു [സം. കോക-ബന്ധു]നാ. സൂര്യൻ.

കോകം [സം.] നാ. 1. ചക്രവാകം; 2. കുയിൽ; 3. തവള; 4. ചെന്നായ്; 5. പല്ലി.

കോകമുഖ [സം. കോക-മുഖാ] നാ. ഉമ, ശ്രീപാർവതി.

കോകാഹ്വം [സം. -ആഹ്വ] നാ. ചെന്നായ്.

കോകി [സം. കോകീ] നാ. ചക്രവാകി, ചക്രവാകപ്പിട.

കോകിലധ്വനി [സം. കോകില-ധ്വനി] നാ. 1. കുയിലിന്റെ ശബ്ദം; 2. ഒരു രാഗം.

കോകിലൻ [സം.] നാ. തീവയ്ക്കുന്നവൻ.

കോകിലഭാഷിണി [സം. കോകില–ഭാഷിണീ] നാ. 1. കുയിലിനെപ്പോലെ നന്നായി ഭാഷണം ചെയ്യുന്നവൾ; 2. ഒരു ജന്യരാഗം.

കോകിലം [സം.] നാ. കുയിൽ.

കോകിലവരാലി [സം. കോകില–വരാലീ] നാ. ഒരു ജന്യരാഗം.

കോകിലവാണി [സം.–വാണീ] നാ. കുയിലിനെപ്പോലെ മധുരമായ ശബ്ദമുള്ളവൾ.

കോകിലസ്വരാവലി [സം. –സ്വരാവലീ] നാ. ഒരു ജന്യരാഗം.

641

കോകിലാക്ഷം [സം. –അക്ഷ] നാ. വയൽച്ചുള്ളി.

കോകിലാവാസം [സം. –ആവാസ] നാ. കുയിലിൻെറ വാസസ്ഥാനം.

കോക്കട്ടിൽ [കോ2–കട്ടിൽ] നാ. കയറ്റുകട്ടിൽ.

കോക്കതക് നാ. വലിയ വാതിൽ, തലവാതിൽ, പടിപ്പുരവാതിൽ.

കോക്കലം [കോ3–കലം] നാ. 1. ഓട്ടുപാത്രം; 2. വലിയകലം.

കോക്കറ നാ. തെമ്മാടി.

കോക്കാൻ നാ. കാട്ടുപൂച്ച, കാട്ടുമാക്കാൻ.

കോക്കാം പീച്ചി നാ. 1. ഗോഷ്ടി; 2. വ്യവസ്ഥയും ഭങ്ഗിയുമില്ലാത്ത പ്രവൃത്തി; 3. കുട്ടികളെ ഭയപ്പെടുത്താൻ ഉപയോഗിക്കുന്ന വാക്കുകളിൽ ഒന്ന്.

കോക്കാമരം നാ. കടലിൽ നാട്ടുന്ന സ്തംഭം.

കോക്കിരി നാ. = കോക്കിറി1.

കോക്കിറി നാ. മറ്റുള്ളവരെ ആക്ഷേപിക്കാൻ വേണ്ടി മുഖത്തു കാട്ടുന്ന ഭാവം.

കോക്കൂറ നാ. വിഷമുള്ള ഒരു ചെറുപ്രാണി.

കോക്കൂറ് നാ. ഭാഗ്യക്കുറി, ഭാഗ്യപരീക്ഷ.

കോക്കോട്ട് നാ. 1. കുഴികുത്താനും മറ്റും ഉപയോഗിക്കുന്ന പാര, അലവാങ്ക്; 2. കൈക്കോട്ട്.

കോക്രി നാ. = കോക്കിറി1. കോക്രികാട്ടുക = കൊഞ്ഞനം കാട്ടുക.

കോങ്കണം [സം.] നാ. 1. കൊങ്കണം; 2. ഒരു ആയുധം.

കോങ്കണാപുത്രൻ, –സുതൻ [സം. കോങ്കണാ–പുത്ര, –സുത] നാ. പരശുരാമൻ.

കോങ്കണ്ണ് നാ. കോടിയ കണ്ണ്, ചരിച്ചു നോക്കുന്ന കണ്ണ്. കോങ്കണ്ണൻ = കോങ്കണ്ണുള്ളവൻ. (സ്ത്രീ.) കോങ്കണ്ണി.

കോങ്കത്തി [<കോൺ2–കത്തി] നാ. അരിവാൾ.

കോങ്കൽ [<കോൺ2] നാ. 1. മൂല, കോൺ; 2. രണ്ടു കുന്നുകൾക്കിടയിലുള്ള താണപ്രദേശം.

കോങ്കാൽ [<കോൻ2–കാൽ2] നാ. 1. (മരപ്പലകച്ചുമരുള്ള വീടിൻെറ) മൂലയിലുള്ള തൂണ്; 2. മൂലക്കഴുക്കോൽ.

കോച [സം.] വി. വരളുന്ന, ഉണങ്ങുന്ന.

കോചൻ [സം.] നാ. മിശ്രജാതിയിൽ പിറന്നവൻ.

കോചപകം [സം.] നാ. ഒരുതരം കമ്പിളി.

കോചം [സം.] നാ. 1. വരൾച്ച, ഉണക്ക്; 2. സങ്കോചം.
കോചാരി [ത. കോചാരി] നാ. ഒരു വള്ളിച്ചെടി, കാട്ടുപീച്ചിൽ.
കോച്ച നാ. 1. നിരുപയോഗമായി വളർന്നു കിടക്കുന്ന പുല്ല്, കള തുടങ്ങിയവ; 2. പാള.
കോച്ചൽ [<കോച്ചുക] നാ. 1. കൊളുത്ത്, ഞരമ്പു സംബന്ധിച്ചുണ്ടാകുന്ന ഒരു രോഗം.; 2. വശം; 3. പടിഞ്ഞാറുവശം.
കോച്ചാട്ട, കോഞ്ഞാട്ട നാ. തെങ്ങിൻെറ മടലുകളുടെ കടയെ പൊതിഞ്ഞിരിക്കുന്ന വലപോലുള്ള ഒരു വസ്തു.
കോച്ചാണി വി. ചൊവ്വല്ലാത്ത, വളഞ്ഞ.
കോച്ചിൽ നാ. 1. ചുള്ളിക്കമ്പുകൾ കൊണ്ടുണ്ടാക്കുന്ന ചൂല്; 2. മുതിര, ഉഴുന്ന് മുതലായവയിൽനിന്നു ധാന്യം എടുത്തതിനുശേഷമുള്ള പുറന്തോട്; 3. വൈക്കോൽ; 4. മുരിങ്ങയുടെ ഇലത്തണ്ട്.
കോച്ച്1 [കോച്ചുക] ധാതുരൂപം.
കോച്ച്2 നാ. കോട്ടൽ. കോച്ചുവലി = കോച്ചൽ മൂലമുണ്ടാകുന്ന വേദന.
കോച്ച്3 [ഇം. ച്ചൊഅച്] നാ. 1. കായികാഭ്യാസങ്ങൾ പരിശീലിപ്പിക്കുന്നവൻ; 2. നാലു ചക്രമുള്ള ഒരിനം കുതിരവണ്ടി. കോച്ചുപെട്ടി = വണ്ടിക്കാരൻെറ ഇരിപ്പിടത്തിനടിയിലുള്ള പെട്ടി.
കോച്ചുക ക്രി. 1. രോഗം കൊണ്ടോ മറ്റോ മാംസപേശികൾ വേദനയോടെ സങ്കോചിക്കുക; 2. തണുപ്പുകൊണ്ടോ മറ്റോ ശരീരഭാഗങ്ങൾ ചുരുങ്ങുക; 3. മടിക്കുക.
കോജ [അറ.] നാ. കോയ.
കോഞ്ഞാട്,-ട്ട നാ. കോച്ചാട്ട.
കോഞ്ഞാണി നാ. കുരുമുളകുമണികൾ ഉതിർന്നശേഷമുള്ള തിരി.
കോഞ്ഞാണിക്കുക ക്രി. ഗോഷ്ടി കാട്ടുക.
കോഞ്ഞാൻ നാ. മടയൻ.
കോട1 വി. തണുത്ത, ഉദാ. കോടക്കാറ്റ്. നാ. തണുപ്പ്.
കോട2 നാ. 1. പുളിച്ച കള്ള്; 2. ചാരായം വാറ്റാൻ വേണ്ടി പുളിപ്പിച്ച കള്ള്; 3. വാറ്റിയെടുത്തശേഷം പാത്രത്തിൽ ശേഷിക്കുന്ന മട്ടി.
കോടക [സം.] വി. വളവുള്ള.
കോടകൻ [സം. കോടക] നാ. 1. കുടിൽ പണിയുന്നവൻ, ആശാരി; 2. ഒരിനം മൂർഖൻ പാമ്പ്.
കോടകം1 നാ. പുതുമ.
കോടകം2 നാ. 1. കിരീടത്തിൽ അലങ്കാരത്തിനുവേണ്ടി ഉണ്ടാക്കുന്ന വളവ്; 2. ഒരുതരം കിരീടം.
കോടകം3 [<സം. ഘോടക] നാ. കുതിര.
കോടക്കണ്ണൻ നാ. കോങ്കണ്ണൻ, സ്ത്രീ. കോടക്കണ്ണി.
കോടക്കാർ നാ. കാലവർഷമേഘം. കോടക്കാർവർണന്‍ = ശ്രീകൃഷ്ണൻ.
കോടക്കുഴൽ [<കോട്1-കുഴൽ] നാ. ഒരിനം സുഷിരവാദ്യം.
കോടങ്കി നാ. = കോടാങ്കി1.

കോടഞ്ചി നാ. പാണന്മാരിൽ ഒരു വിഭാഗം.
കോടതി [ഇം. ച്വൗർറ്റ്] നാ. ന്യായവിചാരണ ചെയ്യുന്ന സ്ഥാപനം.
കോടതികയറുക = നിയമപരമായ വ്യവഹാരങ്ങളിൽ പങ്കെടുക്കുക.
കോടൻ1 വി. കോട്ടമുള്ള, വളവുള്ള. നാ. 1. ഗിരിവർഗം; 2. കുരങ്ങൻ; 3. ഒരിനം നെല്ല്.
കോടൻ2 നാ. ക്രോഡശർമ എന്നതിൻെറ മലയാളരൂപം.
കോടനാടി നാ. പോത്ത്.
കോടനാട് നാ. 1. കുന്നുള്ള പ്രദേശം; 2. ഒരു ഗ്രാമത്തിൻെറ പേര്, കുന്നത്തുനാട്.
കോടനാൾ [കോട1-നാൾ] നാ. മഴക്കാലം.
കോടം [സം. കോട] നാ. 1. കോട്ട, കോട്ടവാതിൽ; 2. കൊട്ടാരം; 3. കുടിൽ.
കോടമഴ [കോട1-മഴ] നാ. ഇടവപ്പാതി.
കോടരപുരി നാ. കൊടുങ്ങല്ലൂർ. (സംസ്കൃതീകൃതരൂപം).
കോടരപുഷപം [സം. കോടര-പുഷപ] നാ. കോടരപുഷ്പി.
കോടരപുഷ്പി [സം. -പുഷ്പീ] നാ. മറിക്കുന്നി.
കോടരം [സം.] നാ. 1. മരത്തിൻെറ പോട്; 2. രക്ഷപ്രാപിക്കാൻ വേണ്ടി ദുർഗത്തിനു സമീപമുണ്ടാക്കുന്ന കൃത്രിമ വനം.
കോടരി നാ. 1. ദുർഗ; 2. നഗ്ന.
കോടൽ [<കോടുക] നാ. 1. വളവ്; 2. ചരിവ്.
കോടാങ്കി1, കോടങ്കി നാ. 1. ഉടുക്ക്; 2. ഒരുജാതി.
കോടാങ്കി2 നാ. പുള്ളിയുള്ള പുടവ.
കോടാഞ്ചി [ത. കോടാഞ്ചി] നാ. ജാതിമരത്തിൽ ഒരിനം, നല്ല മണമുള്ള ജാതിക്കായ്.

കോടാണി [കോട്1-ആണി] നാ. 1. കോടിക്കഴുക്കോലിൽ ചേർക്കുന്ന പറ്റുകഴുക്കോൽ; 2. വലിപ്പമുള്ള മരയാണി.
കോടാനുകോടി നാ. നിരവധി കോടികൾ.
കോടാർമണി നാ. ഒരുതരം ചെറിയ മണി.
കോടാലി നാ. കട്ടിയുള്ള ഉരുക്കുകൊണ്ടു നിർമിക്കുന്ന ഒരു പണിയായുധം.
കോടാലിക്കാണി, -കാണം [കോടാലി-കാണി3] നാ. വസ്തു നന്നാകിക്കൊള്ളണമെന്ന വ്യവസ്ഥയിൽ കൊടുക്കുന്ന പാട്ടം.
കോടി1 നാ. 1. പുതിയ വസ്ത്രം, അലക്കാത്ത വസ്ത്രം; 2. തുണി; 3. പുതുമ.
കോടി2 [സം. കോടി, -ടീ] നാ. 1. വില്ലിൻെറ വളഞ്ഞ അഗ്രഭാഗം; 2. (ആയുധത്തിൻെറ) അഗ്രം, വക്ക്; 3. ഒരു സങ്ഖ്യ, നൂറു ലക്ഷങ്ങൾ കൂടിയത്, കോടി അർച്ചന = കോടി പ്രാവശ്യം മന്ത്രപൂർവം ചെയ്യുന്ന അർച്ചന; 4. ഏറ്റവും ഉയർന്ന ഭാഗം. ഉദാ. പരകോടി; 5. (ഗണിത.) ഒരു മട്ടത്രികോണത്തിൻെറ ഒരു വശം; 6. ഒരു പ്രശ്നത്തിൻെറ ഒരു വശം, വാദമുഖം; 7. വർഗം, വകുപ്പ്, രാജ്യം; 8. അറ്റം, വക്ക്. ഉദാ. കോടിക്കഴുക്കോൽ; ചന്ദ്രക്കലയുടെ കൂർത്ത അഗ്രം; 9. സമുദ്രത്തിലേക്കോ ജലാശയത്തിലേക്കോ ഉന്തിനിൽക്കുന്ന ഭൂഭാഗം; 10. കൂട്ടം; 11. വീടിൻെറ പിൻഭാഗം; 12. സൈന്യത്തിൻെറ പിൻഭാഗം; 13. വളവ്.

കോടി3 [സം.] വി. ഉഗ്രമായ, തീക്ഷ്ണമായ, പരമമായ.
കോടിക [സം.] വി. എന്തിൻെറയെങ്കിലും അറ്റമായ, ഉയർന്ന.
കോടികൻ [സം. കോടിക] നാ. കോടികാസ്യൻ.
കോടികാഷ്ഠ [കോടി-കാഷ്ഠാ] നാ. അനന്തതയോടടുക്കുന്ന ഒരു സങ്ഖ്യ.
കോടികേശ്വരം [സം. കോടിക-ഈശ്വര] നാ. ഒരു പുണ്യസ്ഥലം.
കോടിക്കടമ [കോടി-കടമ] നാ. തൂണിന്മേലുള്ള ഒരു നികുതി.
കോടിക്കല്ല് [കോടി-കല്ല്] നാ. ഭിത്തിയുടെയും മറ്റും മൂലയ്ക്കൽ പതിക്കുന്ന കല്ല്.
കോടിക്കഴുക്കോൽ നാ. മൂലക്കഴുക്കോൽ, കൂരയുടെ കോടിയിൽ പണിതുചേർക്കുന്ന കഴുക്കോൽ.
കോടിജ്യ, -ജ്യാവ് [സം. -ജ്യാ] നാ. സമകോണത്രികോണത്തിലെ ഒരു കോണപൂരകത്തിൻെറ ജ്യാവ്.
കോടിതീർഥം [സം. -തീർഥ] നാ. ചിത്രകൂടപർവതത്തിലെ ഒരു കിണർ.
കോടിദ്വയം [സം. -ദ്വയ] നാ. വാദത്തിലെ ഇരുപക്ഷങ്ങൾ.
കോടിരം [<സം.] നാ. 1 = കോടീരം; 2. ചുക്ക്; 3. കീരി.
കോടിലിങ്ഗം1 [സം.] നാ. കൊടുങ്ങല്ലൂർ എന്ന പദത്തിൻെറ സംസ്കൃതീകൃതരൂപം, കോടിലിങ്ഗപുരം.
കോടിലിങ്ഗം2 [സം.] നാ. ശിവസാന്നിധ്യം കൊണ്ടു പ്രസിദ്ധമായ ഒരു പുണ്യതീർഥം.
കോടിലിങ്ഗേശൻ [സം.] നാ. ശിവൻ.
കോടിവേധി [സം. -വേധിൻ] നാ. പ്രയാസമുള്ള കാര്യങ്ങൾ സാധിക്കുന്നവൻ.
കോടിശം [സം.] നാ. കട്ട ഉടയ്ക്കുന്നതിനുള്ള ഒരു ഉപകരണം.
കോടിശ: [സം.] അവ്യ. 1. കോടിക്കണക്കിന്; 2. പല പ്രകാരം.
കോടിശ്രീ [സം. കോടി-ശ്രീ] നാ. ദുർഗ.
കോടിസൂത്രം [സം. -സൂത്ര] നാ. (ഗണിത.) ത്രികോണത്തിൻെറ ഭുജത്തെയും കോടിയെയുംബന്ധിക്കുന്ന വശം.
കോടീരൻ [സം. കോടീര] നാ. ഇന്ദ്രൻ.
കോടീരം [സം.] നാ. 1. പിരിച്ച തലമുടി, ജട; 2. തലമുടിക്കെട്ട്; 3. കിരീടം.
കോടീശൻ [സം. കോടി-ഈശ] നാ. കോടീശ്വരൻ.
കോടീശ്വരൻ [സം. -ഈശ്വര] നാ. 1. വലിയ ധനാഢ്യൻ, (സ്ത്രീ.) കോടീശ്വരി; 2. കോടിതീർഥം എന്ന സ്ഥലത്തെ പ്രതിഷ്ഠാമൂർത്തി.
കോടീശ്വരം [സം.] നാ. 1. കോടിക്കൊല്ലം, പണ്ടത്തെ തുളുരാജധാനി; 2. പുരാണപ്രസ്തുതമായ ഒരു പുണ്യസ്ഥലം.
കോട്1 [കോടുക1] ധാതുരൂപം.
കോട്2 നാ. 1. കുന്നിൻെറ മുകളറ്റം; 2. മല, കുന്ന്; 3. അഗ്രം, അറ്റം; 4. കവിൾത്തടം; 5. വളവ്; 6. കോട്ട; 7. പാർശ്വം; 8. പ്രദേശം; 9. കൊമ്പ്; 10. ഊത്തുകുഴൽ; 11. കാലയളവ്.
കോട്3 [ഇം. ച്ഛൗർറ്റ്] നാ. കോടതി.
കോട്4 [ഇം. ച്ചൊദെ] നാ. 1. നിയമാവലി, പെരുമാറ്റച്ചട്ടം; 2. രഹസ്യമായി വാർത്തകൾ കൈമാറുന്നതിനും മറ്റും ഉപയോഗിക്കുന്ന സങ്കേതം.
കോടുക1 ക്രി. വളയുക, ആകൃതിയ്ക്കു മാറ്റം വരുക; 2. ചരിയുക; 3. വളഞ്ഞുകിടക്കുക.
കോടുക2 ക്രി. 1. കുളിരുക; 2. തണുത്തുചൂളിപ്പിക്കുക, വിറയ്ക്കുക.

കോട്ട1 നാ. 1. ഒരു ധാന്യാളവ്, രണ്ട് മരയ്ക്കാൽ (ദേശഭേദമനുസരിച്ച് അളവിൽ വ്യത്യാസം കാണുന്നു); 2. വൈക്കോൽ കെട്ട്; 4. നിലത്തിൻെറ ഒരളവ്.
കോട്ട2 [സം.] നാ. 1. ഒരു പ്രദേശത്തിൻെറ സൈനികപ്രതിരോധത്തിനോ സമ്രക്ഷണത്തിനോ ആയി നിർമിക്കുന്ന ബലിഷ്ഠവും പൊക്കം കൂടിയതുമായ മതിൽ; 2. നഗരരക്ഷയ്ക്കായി പഴയകാലത്തു കെട്ടിയിരുന്ന വലിയ മതിൽ; 3. വരമ്പ്, തിട്ട; 4. വൃക്ഷങ്ങൾ ഇടതൂർന്നു വളർന്നിട്ടുള്ള ഒരു കാവ്; 5. മലബാറിലുള്ള ഒരു നദി.
കോട്ടകെട്ടുക = 1. കോട്ട ഉണ്ടാക്കുക; 2. വലിയ കാര്യങ്ങൾ മനസ്സിൽ കരുതുക.
കോട്ടമതിൽ = കോട്ടയ്ക്ക് അകത്തേക്കോ പുറത്തേക്കോ കടക്കുന്നതിനുള്ള വാതിൽ.
കോട്ടപിടിക്കുക = വങ്കാര്യം സാധിക്കുക.
കോട്ടകാരം [<സം. കോഷ്ഠാഗാര] നാ. കൊട്ടാരം.
കോട്ടക്കുഴി [കോട്ട-കുഴി] നാ. കോട്ടയ്ക്കു ചുറ്റും നിർമിക്കുന്ന കുഴി, കിടങ്ങ്.
കോട്ടത്തച്ചൻ [സം. കോഷ്ഠ- മ. അച്ചൻ] നാ. അമ്പലത്തിൽ ദേവന് അകമ്പടിയായി നിൽക്കുന്ന നായർ.
കോട്ടനാൾ നാ. 1. കലിയുഗപ്പിറവിതൊട്ടുള്ള ദിവസസങ്ഖ്യ; 2. ആയുഷ്കാലം, ആയുസ്സ്.
കോട്ടപ്പടി [കോട്ട-പടി] നാ. 1. കോട്ടവാതിൽ; 2. കോട്ട; 3. ഇറക്കുമതി ചെയ്ത തോക്കും മറ്റു വെടിയായുധങ്ങളും.
കോട്ടപ്പണം നാ. കോട്ട പണിയുന്നതിനും നന്നാക്കുന്നതിനും വേണ്ട ചെലവുകൾക്കു ചുമത്തുന്ന നികുതി.
കോട്ടപ്പം [കോട്ട്-അപ്പം1] നാ. പ്ലാവില കുമ്പിൾകോട്ടി അതിലൊച്ചു വേവിച്ചുണ്ടാക്കുന്ന ഒരു പലഹാരം.
കോട്ടപ്പയർ നാ. ഒരുതരം പയർ, കുരുത്തോലപ്പയർ, പതിനെട്ടുമണിപ്പയർ.
കോട്ടം1 [<കോടുക] നാ. 1. വളവ്; 2. ചരിവ്; 3. പിശക്; 4. കേട്; 5. ദുഃഖം; 6. ക്ഷീണം; 7. പരാജയം, തോല്വി.
കോട്ടം2 [സം. കോട്ട] നാ. കോട്ട, ദുർഗം.
കോട്ടം3 [<സം. കോഷ്ഠ] നാ. തടവറ.
കോട്ടം4 [<സം. ഗോഷ്ഠ] നാ. 1. അമ്പാടി; 2. ക്ഷേത്രം; 3. ഒരുതരം കളി.
കോട്ടമട്ട് [കോട്ട2-മട്ട്] നാ. വെട്ടത്തുസമ്പ്രദായം അനുസരിച്ചുള്ള കഥകളി.
കോട്ടമാവ് [കോട്ട-മാവ്] നാ. പറങ്കിമാവ്.
കോട്ടമൂപ്പൻ [കോട്ട-മൂപ്പൻ] നാ. കോട്ടയിലെ തലവൻ, ദുർഗപാലൻ.
കോട്ടയം [കോട്ട-അകം] നാ. 1. വടക്കൻ കേരളത്തിൽ പണ്ടുണ്ടായിരുന്ന അനേകം ചെറിയ രാജ്യങ്ങളിൽ ഒന്ന്; 2. കേരലത്തിലെ ഒരു പട്ടണത്തിൻെറയും ജില്ലയുടെയും പേര്.
കോട്ടയമ്മൻ [കോട്ട2-അമ്മൻ] നാ. കന്യാകുമാരിക്ഷേത്രത്തിലെ ഒരു പ്രതിഷ്ഠ.
കോട്ടൽ നാ. 1. വളവുണ്ടാക്കൽ; 2. വളവ്; 3. കോട്ടിയെടുത്ത വസ്തു.
കോട്ടാ1 നാ. കോട്ടുവാ.
643
കോട്ടാ2 [ഇം.] നാ. നിശ്ചിതമായ ഭാഗം, ആനുപാതികമായ ഓഹരി.
ക്കോട്ടാങ്കച്ചി നാ. ചിരട്ട.
കോട്ടാൻ1 [ത. കോട്ടാൻ] നാ. മലമൂങ്ങ.
കോട്ടാൻ2 നാ. 1. തമ്പുരാൻ; 2. നായർ.

കോട്ടായം നാ. കോട്ടുവാ.
കോട്ടാരൻ [സം. കോട്ടാര] നാ. 1. ദുർവൃത്തൻ; 2. കാമാതുരൻ.
കോട്ടാരം [സം. കോട്ടാര] നാ. 1. കോട്ടകെട്ടി സമ്രക്ഷിക്കപ്പെട്ട നഗരം; 2. രാജധാനി, തലസ്ഥാനം; 3. കുളത്തിലേക്കുള്ള പടവുകൾ.
കോട്ടാരു നാ. സ്വർണം പണിയുന്നിടത്ത് വെള്ളം വയ്ക്കുന്ന ചട്ടി.
കോട്ടാവി [ത. കൊട്ടാവി] നാ. = കോട്ടുവാ.
കോട്ടാള [കോട്ടു-പാള] നാ. പാളയോ ഇലയോ മറ്റോ കോട്ടിയുണ്ടാക്കുന്ന കുമ്പിൾ.
കോട്ടാർ നാ. 1. ഒരു സ്ഥലനാമം, കോട്ടാറൻ മുറി = കോട്ടാർ എന്ന സ്ഥലത്തു നെയ്യുന്ന വസ്ത്രം; 2. ഒരു ജാതി വലിയ തിരണ്ടി മത്സ്യം.
കോട്ടി1 [കോട്ടുക] ഭൂ. രൂപം.
കോട്ടി2 നാ. 1. കോക്കിറി, മുഖംകൊണ്ടു കാട്ടുന്ന വികൃതഭാവം; 2. നേരമ്പോക്ക്, കളിയാക്കൽ; 3. കിറുക്ക്.
കോട്ടി3 നാ. കമ്പ്, കുട്ടിയും കോലും കളിയിലെ നീളം കൂടിയ കമ്പ്.
കോട്ടി4 നാ. = ഗോട്ടി.
കോട്ടിയ നാ. പത്തേമാരി.
കോട്ട്1 നാ. കോരാനും കുഴിക്കാനുമുള്ള ഉപകരണം.
കോട്ട്2 [ഇം. ച്ചോഅറ്റ്] നാ. 1. പുറംകുപ്പായം; 2. പൂച്ച്; 3. ചീട്ടുകളിയിൽ എല്ലാ ചീട്ടും നേടൽ.
കോട്ട്3 [<കോടുക] നാ. ഒരു രോഗം.
കോട്ട്4 [ഇം. ച്ചൗർറ്റ്] നാ. കോടതി.
കോട്ടുക [ത. കോട്ടുതല്] ക്രി. 1. വളയ്ക്കുക; 2. മുഖത്തെ പേശികൾ വക്രിപ്പിക്കുക, ഗോഷ്ഠികാണിക്കുക.
കോട്ടും പുറം നാ. ആരാധനാകേന്ദ്രം, പ്രത്യേകിച്ചു ദേവീപൂജനടത്തുന്ന സ്ഥലം.
കോട്ടുവായ് നാ. (ഉറക്കം, ക്ഷീണം, മുഷിച്ചിൽ തുടങ്ങിയവ കൊണ്ട്) അനിച്ഛാപൂർവമായി വാപൊളിച്ചുവിടുന്ന ദീർഘനിശ്വാസം.
കോട്ടുവിരുത്തികാരാണ്മ നാ. ഒരുതരം പാട്ടം.
കോഠം [സം.] നാ. ഒരിനം ത്വഗ്രോഗം, പുഴുക്കടി.
കോഡ് [ഇം. ച്ചോദെ] നാ. = കോട്4.
കോൺ1 [കോണുക] ധാതുരൂപം.
കോൺ2 [<സം. കോണ] നാ. 1. മൂല; 2. സമ്മുഖമായിരിക്കുന്ന രണ്ടു ഋജുരേഖകൾക്കിടയിലുള്ള ഭാഗം.
കോൺകത്തി [കോൺ2-കത്തി] നാ. 1. വളഞ്ഞകത്തി; 2. അരിവാൾ.
കോൺകല്ല് [കോൺ2-കല്ല്] നാ. പുരയുടെയും മറ്റും മൂലയിൽ പണിയുന്ന കല്ല്.
കോൺകഴുക്കോൽ [കോൺ2-കഴുക്കോൽ] നാ. കോടിക്കഴുക്കോൽ.
കോൺഫറൻസ് [ഇം. ച്ചോൻഫെരെൻചെ] നാ. സമ്മേളനം, യോഗം.
കോണ്വെൻറ് നാ. = കാൺ വൻറ്.
കോൺസ്റ്റബിൾ നാ. = കാൺസ്റ്റബിൾ.
കോനകച്ചെട്ടി നാ. കോണകം നെയ്ത്തുകാരൻ.

കോണകം [പ്രാ. കോവീണഗ < സം. കൗപീന] നാ. (പുരുഷന്മാരുടെ ) ഗുഹ്യഭാഗം മറയ്ക്കുന്നതിന് അരയിൽ കെട്ടിയിട്ടുള്ള ചരടിലോ അരഞ്ഞാണിലോ കോർത്ത് ഉടുക്കുന്ന വീതികുറഞ്ഞു നീളം കൂടിയ തുണിക്കഷണം. (പ്ര.) കോണകം നെയ്യുക = കഷ്ടപ്പെടുക. കോണകം പിഴിയുക = ഹീനമായ വിധത്തിൽ സേവകവൃത്തി ചെയ്യുക.

കോണക്കുഴൽ [സം. കോണ-നാ. കഴൽ] നാ. ഒരു സുഷിരവാദ്യം, കൊമ്പ്.

കോണൻ [സം.] നാ. 1. ശനി; 2. കുജൻ; 3. കൂനൻ.

കോണപൻ നാ. നിരൃതി.

കോണം1 [സം.] നാ. 1. ഒരേ ബിന്ദുവിനെ മുറിച്ചുപോകുന്നതും തമ്മിൽചേർന്നു ഒന്നാകാത്തതുമായ രണ്ടു ഋജുരേഖകളുടെ സന്ധിയിലുണ്ടാകുന്ന മൂല; 2. വീണക്കമ്പി മീട്ടുന്നതിനുള്ള ഒരു ഉപകരണം.

കോണം2 നാ. = കോണകം.

കോണമാപകം [സം. കോണ-മാപക] നാ. കോണകത്തെ അളക്കുവാൻ ഉപയോഗിക്കുന്ന ഉപകരണം.

കോണാകോണി [സം.] അവ്യ. ഒരു കോണുതുടങ്ങി മറ്റേക്കോണുവരെ, എങ്കോണിച്ച്.

കോണാങ്കുരുവി നാ. നെൽക്കുരുവി.

കോണാട്ട് നാ. കലഹം.

കോണൻ നാ. = കോണകം.

കോണാൽ [കോണ്-നാൽ] നാ. നാലുകോണുള്ളത്, ചതുഷ്കോണം.

കോണി1 [കോ-ഏണി] നാ. 1. ഏണിപോലുള്ള ഒരു ഉപകരണം; 2. ഏണിയുടെ ആകൃതിയിൽ നിർമിക്കുന്ന ശവമഞ്ചം.

കോണി2 നാ. 1. ചാക്ക്; 2. എട്ടുമരയ്ക്കാൽ.

കോണിക്കയർ നാ. 1. തൂക്കായുള്ള കോണി കയറുകയും ഇറങ്ങുകയും ചെയ്യുമ്പോൾ പിടിക്കാനായി തൂക്കിയിടുന്ന കയർ; 2. ചാക്കുനൂൽ.

കോണിക്കുക ക്രി. വളവുള്ളതാകുക, ചരിക്കുക.

കോണിത്തട നാ. കടമ്പയിൽ കന്നുകാലികൾ കയറാതിരിക്കാൻ വേണ്ടി ഉണ്ടാക്കുന്ന തടസ്സം.

കോണിപ്പടി നാ. കോണിയുടെ പടി, കോണിയിൽ കാലു ചവുട്ടിക്കയറുന്നതിനും ഇറങ്ങുന്നതിനും ഉള്ളപടി.

കോണിപ്പന്തി നാ. വയ്ക്കോൽ തുറുവിടുന്നതിനുമുമ്പ് ഉണക്കി കെട്ടുകളാക്കി വെള്ളമിറങ്ങാത്തവിധം നീളത്തിൽ അടുക്കിയുണ്ടാക്കുന്ന കൂന.

കോണിയ നാ. = കോണിക.

കോണിസൂചി നാ. ചാക്കുതുന്നുവാനുപയോഗിക്കുന്ന സൂചി.

കോണിറയം [കോൺ2-ഇറയം] നാ. വരാന്തയുടെ മൂലയ്ക്കുള്ള തിണ്ണ.

കോണ് നാ. 1. മൂല, മുക്ക്; 2. അറ്റം, അഗ്രം; 3. വശം, പക്ഷം.

കോണുക ക്രി. 1. വളയുക; 2. ചരിയുക; 3. ആകൃതിയ്ക്കു മാറ്റം വരുക, ചളുങ്ങുക.

കോണുകുഴൽ [കോൺ-കുഴൽ] നാ. ഒരു സുഷിരവാദ്യം.

കോണുസൂത്രം നാ. കർണസൂത്രം.

കോണ്ട നാ. നിലം ഉഴുമ്പോൾ കൊഴുവിൽ തടഞ്ഞുകൂടുന്ന ചവറ്, കച്ചി മുതലായവ. കോണ്ടകുടയുക, കോണ്ടതട്ടുക = കലപ്പത്തലയ്ക്കലടിയുന്ന ചവറുതട്ടിക്കളയുക.

കോത1 നാ. ദ്രാവിഡഗോത്രത്തിൽപ്പെട്ട ഒരു അസം പുഷ്ടഭാഷ.

കോത2 നാ. 1. സ്ത്രീകളുടെ മുടി; 2. പൂമാല; 3. പൂമാല പോലെ സുന്ദരിയായ സ്ത്രീ; 4. അണിഞ്ഞൊരുങ്ങി ശൃങ്ഗാരചേഷ്ടകളോടെ നിൽക്കുന്ന സ്ത്രീ, കോതേച്ചി.

കോത3 [ത. കോതൈ] നാ. കാറ്റ്.

കോത4 [സം. കോത] നാ. 1. ഉടുമ്പ്; 2. ഞാണടികൊണ്ടു മുറിവേൽക്കാതിരിക്കാൻ വില്ലാളികൾ ഇടതുകയ്യിൽ ധരിക്കുന്നതും തോലുകൊണ്ടുണ്ടാക്കുന്നതുമായ കൈയുറ; 3. ഒരു വാദ്യവിശേഷം, മരയ്ക്കാൽപ്പറ.

കോത5 [സം. കോത] നാ. 1. ചേരരാജവംശജരുടെ ഒരു ബിരുദം; 2. ഒരു സംജ്ഞാനാമം; 3. ഒരു ഗ്രാമത്തിൻെറ പേര്.

കോതടി [ത. കോതടി] നാ. കപ്പൽപ്പായുടെ കയറ് ഉരഞ്ഞുപോകാതിരിക്കാൻ ഉപയോഗിക്കുന്ന ആവരണം.

കോതമ്പം നാ. ഗോതമ്പ്.

കോതറ [ത. കോതു] നാ. ചപ്പും ചവറും.

കോതാണ്ടം നാ. കുടിപ്പള്ളിക്കൂടത്തിൽ കുട്ടികളെ ശിക്ഷിക്കുന്നതിനു കെട്ടിത്തൂക്കുന്ന കയറ്.

കോതാമ്മൂരി നാ. തെയ്യവുമായി ബന്ധപ്പെട്ട ഒരു ദൃശ്യകല, ഉത്തരകേരളത്തിൽ പ്രചരിക്കുന്നു.

കോതാരി നാ. കോതാമ്മൂരി.

കോതാളി നാ. മൂങ്ങ, ഊമൻ.

കോതി1 [കോതുക] നാ. ചീപ്പ്.

കോതി2 നാ. കപ്പൽപ്പണി നടത്തുന്ന സ്ഥാപനം.

കോതി3 നാ. ഗോധി.

കോത്1 (കോതുക) ധാതുരൂപം.

കൊത്2 നാ. 1. വള്ളത്തിൻെറ രണ്ടറ്റത്തുമുള്ള അകത്തെ ഭാഗം; 2. കുറ്റം, കുറവ്; 3. ഉപയോഗശൂന്യത; 4. ചട്ടയുടെ പാർശ്വത്തിൽ തുന്നിച്ചേർക്കുന്ന തുണി.

കോത്3 നാ. ചെവിയുടെ മുൻഭാഗത്തു താഴോട്ടിറങ്ങിക്കിടക്കുന്ന മുടി. കോതു വടിക്കുക = വിവാഹത്തിൻെറ തലേന്ന് ആചാരപൂർവം കോത് അൽപം താഴോട്ടിറക്കി വടിയ്ക്കുക. (പുരുഷനായി അങ്ഗീകരിക്കുന്നതിൻെറ അടയാളം.)

കോതുക [ത. കോതുതൽ] ക്രി. 1. ചീപ്പുകൊണ്ടോ മറ്റോ തലമുടി ഒതുക്കുക; 2. നെറ്റിയോടടുത്തുള്ള തലമുടി വെട്ടി ഭങ്ഗി വരുത്തുക; 3. മരത്തിൻെറയോ ചെടികളുടെയോ കൊമ്പും പടർപ്പും വെട്ടിക്കുറയ്ക്കുക; 4. കൊക്കുകൊണ്ടു ശരീരഭാഗങ്ങൾ വൃത്തിയാക്കുക; 5. കൊത്തിപ്പെറുക്കുക; 6. ചെറുകഷണങ്ങളായി മുറിക്കുക; 7. ചീകിമിനുസം വരുത്തുക; 8. കാർന്നെടുക്കുക; 9. നശിപ്പിക്കുക; 10. വിതറുക, ചിതറുക.

കോതുകാൽ നാ. പയറ്റിലും നൃത്തനൃത്യാദികളിലുമുള്ള ഒരു പ്രത്യേകതരം ചുവടുവയ്പ്.

കോത്ത [സം. കോഥ] നാ. 1. പഴുത്, ദ്വാരം; 2. കുറ്റം; 3. അലഞ്ഞുതിരിയൽ; 4. കരച്ചിൽ.
കോത്തൻ [<സം.ഗോവർധന] നാ. ഒരു പുരുഷനാമം.
കോത്തിരം [< സം. കോദ്രവ] നാ. വരക്.
കോത്തിരി [<കോൽ-തിരി] നാ. 1. പന്തം; 2. മെഴുകുതിരി.
കോഥജ്വരം [<സം. കോഥ-ജ്വര] നാ. പ്ലേഗ്.
കോഥം [സം.] നാ. 1. ചീയൽ, അഴുകൽ; 2. പുണ്ണ്; 3. കൺപോളകളുടെ രണ്ടറ്റവും വീർത്തുചീയുന്ന ഒരു നേത്രരോഗം; 4. ശരീരത്തിൽ ഒരംശം നിർജീവമാകൽ; 5. കടയൽ.
കോദണ്ഡധരൻ, -ധാരി, -പാണി [സം. കോദണ്ഡ-ധര,-ധാരിൻ, -പാണി] നാ. 1. വില്ലാളി; 2. ശ്രീരാമൻ.
കോദണ്ഡം [സം.] നാ. 1. വില്ല്; 2. പുരികക്കൊടി; 3. ധനുരാശി; 4. ഒരു രാജ്യം.
കോദണ്ഡി [സം. കോദണ്ഡിൻ] വി. കോദണ്ഡത്തോടുകൂടിയ. നാ. 1. വില്ലാളി; 2. ശ്രീരാമൻ; 3. ശിവൻ.
കോൻ [ത. കോൻ] നാ. രാജാവ്, തലവൻ; 2. ഇടയന്മാരുടെ ഒരു സ്ഥാനപ്പേര്; 3. ദേശപ്രമാണി.
കോനകർ [മ. കോ3-സം. നഗര] നാ. 1. തലസ്ഥാനം; 2. ക്ഷേത്രം.
കോനം നാ. 1. മാട്ടിറച്ചി; 2. പശു.
കോനാക്കൂത്ത് നാ. പേക്കൂത്ത്, ഗോഷ്ഠി.
കോനാതിരി [<കോനാർ-തിരി] നാ. രാജാവ്, നാടുവാഴി.
കോനാൻ നാ. 1. ഒരുജാതി; 2. കമ്മാളവർഗത്തിൽപ്പെട്ട ഒരു അവാന്തരവിഭാഗം; 3. നീണ്ടുമെലിഞ്ഞു വിരൂപനായവൻ.
കോനായി1 [ത. കോനായി] നാ. ചെന്നായ്.
കോനായി2 നാ. കോലായം.
കോനാളകം [സം. കോനാലക] നാ. ഒരു ജലപക്ഷി, നീർക്കുരുവി.
കോനാളി [സം. കോനാലി] നാ. നീർക്കുരുവി.
കോന്ത വി. നീളമുള്ള, ഉയർന്ന.
കോന്തക്കാലൻ നാ. കാലിനുനീളം കൂടിയവൻ.
കോന്തൻ1, കോന്തച്ചാർ [ത. കോന്തച്ചാ4ർ] നാ. 1. അൽപൻ, നിസ്സാരൻ; 2. വിഡ്ഡി.
കോന്തൻ2 നാ.[< സം.ഗോവിന്ദ] നാ. ശ്രീകൃഷ്ണൻ.
കോന്തൽ [കോന്തുക] നാ. വെട്ടിവെടിപ്പാക്കൽ. (തലമുടി, മരക്കൊമ്പ്, ഓല എന്നിവപോലെ).
കോന്തല [കോൺ2-തല] നാ. 1. വസ്ത്രത്തിൻെറയും മറ്റും അറ്റം; 2. പണസഞ്ചി.
കോന്തലമുറിയൻ നാ. = മുന്തിയറുപ്പൻ; 2. ഉപ്പുക്കുറവൻ.
കോന്തളം [കോൺ2-തളം] നാ. വീടിൻെറ മൂലയ്ക്കുള്ള തുറന്ന തളം.
കോന്തി1 നാ. കുരങ്ങ്.
കോന്തി2 [പോർ.] നാ. പ്രഭു.
കോന്തിരിയുക [കോൺ2-തിരിയുക] ക്രി. ചൊവ്വില്ലാതെ വളയുക, പിരിയുക.
കോന്ത്1 [കോന്തുക] ധാതുരൂപം.

കോന്ത്2 [കോന്തുക] നാ. കാൽഭാഗം, ഒരു കഷണം. ഉദാ. ഒരു കോന്തുപാക്ക്.
കോന്തുക ക്രി. കോതുക.
കോന്തുല നാ. ഒരിനം ചെറിയ ചെണ്ട.
കോന്ത്രക്കാരൻ [കോന്ത്രം–കാരൻ] നാ. കുഴപ്പക്കാരൻ, ഉപദ്രവി.
കോന്ത്രപ്പല്ല് നാ. ക്രമംതെറ്റി വായിൽനിന്നു പുറത്തേക്കുന്തി നിൽക്കുന്ന പല്ല്, കൊന്തൻപല്ല്. കോന്ത്രപ്പല്ലൻ = ഉയർന്നു നിൽക്കുന്ന പല്ലുള്ളവൻ. (സ്ത്രീ.) കോന്ത്രപ്പല്ലി.
കോന്ത്രം [<സം. കുതന്ത്ര] നാ. കുഴപ്പം, കുരുക്ക്, ഉപദ്രവം.
കോന്നൻ [<സം. ഗോവിന്ദ] നാ. ഒരു പുരുഷനാമം.
കോന്ന് [<കുരുന്ന്] നാ. കുരുന്നുകായ് (പച്ചക്കറികളെ കുറിക്കാൻ മാത്രം പ്രയോഗം).
കോന്മ [ത. കോന്മൈ] നാ. കോയ്മ.
കോപജ്വരം [സം.] നാ. പിത്തജ്വരം.
കോപന [സം.] വി. 1. കോപശീലമുള്ള; 2. വാതാദിദോഷങ്ങളെ ഇളക്കുന്ന
നാ. 1. കോപിപ്പിക്കുന്ന ശീലമുള്ളവൾ; 2. തിരുവട്ടപ്പശ; 3. ചെമന്ന കണവീരം.
കോപനൻ [സം.] നാ. 1. കോപിക്കുന്ന ശീലമുള്ളവൻ; 2. ഒരു അസുരൻ.
കോപം [സം.] നാ. 1. ദ്രോഹിക്കാനുള്ള ആഗ്രഹത്തോളമെത്തുന്ന കലശലായ മാനസികാസ്വാസ്ഥ്യം, എതിർപ്പ്; 2. വാതാദിത്രിദോഷങ്ങളുടെ സന്തുലിതാവസ്ഥ നഷ്ടപ്പെടൽ; 3. ഇളകി മറിയൽ.
കോപയിഷ്ണു [സം.] വി. കോപിപ്പിക്കാൻ വിചാരിക്കുന്ന, കോപിപ്പിക്കണമെന്നാഗ്രഹമുള്ള.
കോപവാൻ [സം. –വാൻ < വത്]നാ. കോപിച്ചവൻ, കോപസ്വഭാവമുള്ളവൻ.
കോപശാലി [സം. –ശാലിൻ] നാ. കോപവാൻ.
കോപാഗാരം [സം. –അഗ്വാരം] നാ. കോപിച്ചിട്ടു ചെന്നുകിടക്കുന്ന ആലയം.
645
കോപാഗ്നി [സം. –അഗ്നി] നാ. കോപമാകുന്ന അഗ്നി, ഉഗ്ര കോപം.
കോപാലയം [സം. –ആലയ] നാ. കോപാഗാരം.
കോപി1 [സം. കോപിൻ] വി. കോപമുള്ള. നാ. 1. കോപശീലൻ; 2. കാട്ടുപ്രാവ്.
കോപി2 [സം. കോ–അപി] അവ്യ. ഒരു, ഏതോ ഒരു.
കോപിക്കുക്ക [സം. <കുപ്] ക്രി. 1. കോപം ഉണ്ടാവുക; 2. വാതപിത്തകഫങ്ങളുടെ സന്തുലിതാവസ്ഥയ്ക്കു ഭങ്ഗം വരുത്തുക; 3. ഇളകിമറിയുക, ക്ഷോഭിക്കുക.
കോപിഷ്ഠ [സം.] വി. അധികം കോപമുള്ള. നാ. അധികം കോപമുള്ളവൻ.
കോപിഷ്ണു [സം.] നാ. കോപശീലൻ.
കോപ്പ [പോർ.] ഒരുതരം ചെറിയ പാനപാത്രം, കുഴിയൻപിഞ്ഞാണി.
കോപ്പതവാരം [കോ–പതവാര] നാ. രാജാവിനു ചെല്ലേണ്ട വിഹിതം, വിളവിൻെറ പത്തിലൊന്ന്, രാജഭോഗം, ഒരു നികുതി.
കോപ്പരം നാ. പരിചയുടെ അരിക്, കോപ്പുറം.
കോപ്പരാട്ടി നാ. വൈകൃതം.

കോപ്പാട്ടി [കോ–പാവട്ടി]നാ. ഒരിനം വട്ടി, കൈതയോലകൊണ്ടോ പനയോലകൊണ്ടോ നെയ്തുണ്ടാക്കുന്നത്.

കോപ്പായം [<കോപ്പ്] നാ. നഷ്ടം.

കോപ്പി [ഇം. ച്ചോപ്യ്]നാ. പകർപ്പ്, കാപ്പി2.

കോപ്പിടുക [ത. കോപ്പിടുതല്] ക്രി. 1. ഒരുങ്ങുക; 2. അണിഞ്ഞൊരുങ്ങുക; 3. കുതിരയ്ക്കു ജീനിയും മറ്റും കെട്ടുക.

കോപ്പിയം1 നാ. കൽത്തൂണിൻെറയും ഭിത്തിയുടെയും മറ്റും മുകളിൽ കോണാകൃതിയിലോ വർത്തുളമായോ നിർമിക്കുന്ന ആവരണം.

കോപ്പിയം2 [<സം. ഗോപ്യ] നാ. രഹസ്യം.

കോപ്പിരാട്ടി നാ. കോപ്പരാട്ടി.

കോപ്പ് നാ. 1. സാധനസാമഗ്രികൾ, സാമാനം; 2. ഒരുക്കം; 3. (ശാരിരികമായോ ധനപരമായോ മറ്റോ ആയ) കഴിവ്, ശേഷി; 4. (രാജാക്കന്മാരും മറ്റും) ജീവനക്കാർക്കും ആശ്രിതർക്കും അരിയോടൊപ്പം കൊടുത്തിരുന്ന ദിവസപ്പടി; 5. ആഭരണം, വസ്ത്രം; 6. മലബാറിലുള്ള തീയ്യരുടെ വിവാഹം; 7. കുതിരയെ അണിയിക്കുന്ന ജീനി; 8. പുരുഷലിങ്ഗം; 9. ബാഹുല്യം; 10. ഭങ്ഗി; 11. മട്ട്; 12. സാഹചര്യം; 13. ഭാണ്ഡം; 14. വിരുന്ന്; 15. ചൂതിൻെറ കരു. കോപ്പുകൂട്ടുക = കോപ്പുകൾ ഒരുക്കിവയ്ക്കുക, വട്ടം കൂട്ടുക, സാധനങ്ങൾ ശേഖരിക്കുക, ഒരുങ്ങുക.

കോപ്പേൽമിഴി നാ. മഷിയണിഞ്ഞ മനോഹരമായ കണ്ണ്, മൈക്കണ്ണി, സുന്ദരി.

കോപ്യം നാ. നെയ്ത്തിനുള്ള സാധനസാമഗ്രികൾ.

കോപ്രാട്ടി നാ. ചിരിപ്പിക്കുന്നതിനുള്ള ഒരുമാതിരി കളി, കോപ്പിരാട്ടി.

കോപ്പ്രായം നാ. കോപ്രാട്ടി.

കോമ [ഇം. ച്ചോമ] നാ. കാമ2.

കോമകൾ [കോ–മകൾ] നാ. 1. രാജ്ഞി, പട്ടമഹിഷി; 2. രാജ്യലക്ഷ്മി; 3. പ്രധാനസ്ത്രീ.

കോമടന്ത നാ. കോമകൾ.

കോമട്ടി നാ. 1. ഒരുജാതി (തെലുങ്കു സംസാരിക്കുന്നു.) മുഖ്യതൊഴിൽ കച്ചവടം; 2. വിഡ്ഡി, കോമാളി, നിസ്സാരൻ, ഇരപ്പാളി.

കോമഡി [ഇം. ച്ചോമെദ്യ്] നാ. ശുഭപര്യവസായിയോ വിനോദരങ്ഗങ്ങൾ ഉള്ളതോ ആയ ഇതിവൃത്തത്തോടുകൂടിയ കൃതി.

കോമണം [തു. കോമണ] നാ. കോണകം.

കോമം [പ്രാ. ഖോമ <സം. ക്ഷൗമ] നാ. പട്ട്.

കോമരക്കളി നാ. വെളിച്ചപ്പാടിതുള്ളൽ, കോമരം തുള്ളൽ.

കോമരത്താടി [<കോമരം–ആടി] നാ. കോമരം.

കോമരൻ നാ. 1. ഈഴവാത്തി, ഈഴവരുടെ ക്ഷുരകൻ; 2. കുമാരൻ.

കോമരം [പ്രാ.കോമാര < സം. കൗമാര] നാ. 1. ഭദ്രകാളി, ശാസ്താവ്, വേട്ടയ്ക്കൊരുമകൻ, അന്തിമഹാളൻ തുടങ്ങിയ ദേവതകളുടെ ക്ഷേത്രത്തിലെ വെളിച്ചപ്പാട്; 2. ഭൂതാവേശമുണ്ടായ ആൾ; 3. മൂർത്തി; 4. മറ്റേതെങ്കിലും ശക്തിയ്ക്കു വിധേയനായി പ്രവർത്തിക്കുന്ന ആൾ; 5. ആവേശംകൊണ്ടു തന്നത്താൻ മറന്നു തുള്ളിച്ചാടുന്ന ആൾ; 6. ആചാര്യൻ; 7. താഴ്ന്ന ജാതിക്കാരുടെ ക്ഷുരകൻ.

കോമര് നാ. കോമരം.

കോമൽ [ത. കോമ്പൽ] നാ. 1. ബാധ, ഉപദ്രവം; 2. വർധിച്ച കോപം.

കോമള [സ. കോമല] വി. 1. മാർദവമുള്ള; 2. മാധുര്യമുള്ള, സൗമ്യമായ; 3. ഇളപ്പമുള്ള; 4. ഭങ്ഗിയുള്ള; 5. വേഗം മായുന്ന. നാ. ഒരുതരം ഈന്തപ്പഴയം.
കോമളദന്തം [സം. -ദന്ത] നാ. സസ്തനജീവികൾക്ക് ആദ്യം മുളയ്ക്കുന്ന പല്ല്, പാൽപ്പല്ല്.
കോമളം [സം. കോമല] നാ. 1. ഭങ്ഗി, മാർദവം ഇളമ എന്നീ ഗുണങ്ങളിലേതെങ്കിലും കൊണ്ട് ആകർഷകമായത്; 2. പ്രസാദം, പ്രസന്നത; 3. ജലം; 4. കളിമണ്ണ്; 5. ഭൂമി; 6. പാകമാകാത്തത്; 7. (സാഹിത്യത്തിലെ) ഒരു രീതി; 8. പട്ട്; 9. ജാതിക്ക; 10. സങ്ഗീതത്തിലെ സപ്തസ്വരങ്ങളിൽ തീവ്രസ്വരങ്ങളേക്കാൾ താണശ്രുതിയിലുള്ള സ്വരം; 11. ഒരിനം മാണിക്യം.
കോമളവല്ലി [സം. -വല്ലി] നാ. സുന്ദരവല്ലി, വിഷ്ണുവിൻെറ പുത്രികളിലൊരുവൾ, സ്കന്ദൻെറ ഭാര്യ.
കോമളവ്യഞ്ജനങ്ങൾ [സം.] നാ. ഉച്ചാരണത്തിൽ തീവ്രപ്രയത്നം ആവശ്യമില്ലാത്ത വ്യഞ്ജനങ്ങൾ. (മൃദുക്കൾ, അനുനാസികങ്ങൾ, ല, ള, ഴ എന്നിവ.)
കോമളിമ, കോമളിമാവ് [സം. കോമലിമൻ] നാ. കോമളമായിരിക്കുന്ന അവസ്ഥ, പ്രസാദം, പ്രസന്നത, മാധുര്യം, ഭങ്ഗി.
കോമാടൻ നാ. ഒരുജാതി തെങ്ങ് (മൂന്നാം കൊല്ലത്തിൽ കായ്ച്ചു തുടങ്ങുന്നത്).
കോമാട് നാ. തലയുടെ പിൻഭാഗം.
കോമാൻ1 [ത. കോമാൻ] നാ. 1. രാജാവ്, നാഥൻ; 2. ആത്മീയഗുരു; 3. ജ്യേഷ്ഠൻ.
കോമാൻ2 നാ. പന്നി.
കോമാൻ3 നാ. കോമൻ2.
കോമാളം നാ. 1. കൂത്താട്ടം; 2. സൂത്രവിദ്യ; 3. വികൃതി, കോട്ടി.
കോമാളി നാ. 1. വിദൂഷകൻ, വികടൻ; 2. വിഡ്ഢി. കോമാളിത്തം = വിഡ്ഡിത്തം, കോമാളിയുടെതുപോലുള്ള പെരുമാറ്റം.
കോമുണ്ട് [കോ-മുണ്ട്] നാ. രണ്ടാം മുണ്ട്.
കോമുറ [കോ-മുറ] നാ. രാജനീതി.
കോമ്പ [<കോർമ്പ] നാ. കോമ്പൽ.
കോമ്പൽ നാ. 1. കോർത്തിട്ടുള്ളത്; 2. പൂമാല; 3. രത്നങ്ങളോ മണികളോ കോർത്തിണക്കിയ മാല; 4. കൂട്ടം; 5. ഹേമം. ദേഹത്തിനു സംഭവിക്കുന്ന ഉലച്ചിൽ.
കോമ്പല്ല് നാ. 1. ചൊവ്വില്ലാത്ത പല്ല്; 2. കൂർത്തിരിക്കുന്നതും കടിച്ചുകീറാൻ ഉപയോഗിക്കുന്നതുമായ പല്ല്.
കോമ്പാഞ്ഞ് [കോൺ-പാഞ്ഞ്] അവ്യ. 1. കോണോടുകോണായി; 2. ചരിഞ്ഞ്; 3. വിലങ്ങനെ, കുറുകെ.
കോമ്പി, കോമ്പിയച്ചൻ നാ. 1. പാലക്കാട്ടു രാജാവിൻെറ സ്ഥാനപ്പേര്; 2. ഒരു പുരുഷനാമം.
കോമ്പിരി [<കോൺ-പുര] നാ. പടിഞ്ഞാറ്റയ്ക്കു വടക്കുള്ള മുറി. സ്ത്രീകൾ മാത്രം ഉപയോഗിക്കുന്ന ഏകാന്തതയിലുള്ള ഇരുട്ടുമുറി.
കോയ [അറ.] നാ. 1. ബഹുമാനം സൂചിപ്പിക്കുന്ന ഒരു പദം; 2. ഒരു സ്ഥാനപ്പേര്; 3. ഒരു പുരുഷനാമം; 4. ലക്ഷദ്വീപിലെ ഒരു അഭിജാതസമൂഹം.

കോയം1 നാ. 1. പുരുഷലിങ്ഗം; 2. വൃഷണം.
കോയം2 [സം. കോ <ക:-അയം] അവ്യ. ഇവൻ ആര് (മണിപ്രവാളകൃതികളിൽ പ്രയോഗം).
കോയഷ്ടി [സ. കോയഷ്ടി] നാ. 1. നീർക്കോഴി; 2. വെള്ളമുണ്ടി; 3. കള്ളർക്കാണിപ്പക്ഷി.
കോയി [<കോ3] നാ. രാജാവ്.
കോയിക്കൽ നാ. 1.കൊട്ടാരം; 2. ക്ഷത്രിയഭവനം; 3. കരം പിരിക്കുന്ന സ്ഥലം; 4. അധികാരികൾ ഇരുന്നു കാര്യവിചാരം ചെയ്യുന്ന സ്ഥലം.
കോയിത്തമ്പുരാൻ [കോയിൽ-തമ്പുരാൻ] നാ. തിരുവിതാങ്കൂർ രാജകുടുംബത്തിലുള്ള സ്ത്രീകളെ വിവാഹം ചെയ്യാൻ അവകാശമുള്ള കിളിമാനൂർ ലക്ഷ്മീപുരം അനന്തപുരം മുതലായ കൊട്ടാരങ്ങളിലെ തമ്പുരാക്കന്മാർ ആരെങ്കിലും.
കോയിന്മ നാ. = കോയ്മ.
കോയിപ്പണ്ടാല [കോയിൽ-പണ്ടാല] നാ. കോയിത്തമ്പുരാൻ.
കോയിമ്പിടാര് [കോയിൽ-പടനായർ] നാ. മുടിയേറ്റിലെ ഒരു വേഷം.
കോയിമ്മ [ത. കോയിന്മൈ] നാ. കോയ്മ.
കോയിമ്മാൾ [<കോയ്മ] നാ. മേലധികാരി.
കോയിൽ നാ. 1. രാജഭവനം, കൊട്ടാരം; 2. കോവിൽ; 3. വീട്; 4. രാജാവ്; 5. നായന്മാർ, ക്രിസ്ത്യാനികൾ, മുസ്ലിങ്ങൾ തുടങ്ങിയവരെ സംബോധന ചെയ്യാൻ ഉപയോഗിച്ചിരുന്ന ഒരു പദം.
കോയിൽക്കൊള്ളുക [ത. കോയിൽ] ക്രി. താമസിക്കുക, വസിക്കുക.
കോയിൽപെണ്ടി നാ. ദേവദാസി.
കോയിൽമേനി നാ. വിളവിൻെറ എണ്ണം.
കോയില നാ. പുലയർ മുസ്ലിങ്ങളെ വിളിക്കാൻ ഉപയോഗിച്ചിരുന്ന പദം.
കോയിലകം നാ. കോവിലകം.കോയിലതികാരി [മ. കോയിൽ - സം.-അധികാരിൻ] നാ. 1. ക്ഷേത്രത്തിൻെറ മേൽനോട്ടം വഹിക്കുന്ന ക്ഷത്രിയർ; 2. (കേരളത്തിൽ) ചില രാജാക്കന്മാർക്കുണ്ടായിരുന്ന ഒരു സ്ഥാനം; 3. മുഖ്യമന്ത്രി.
കോയിലാൾ [ത. കോയിലാൾ] നാ. രാജ്ഞി, പട്ടമഹിഷി.
കോയ്ക്കൽ നാ. കോയിക്കൽ.
കോയ്മ നാ. 1. ഭരണത്തിനുള്ള അധികാരം; 2. അധികാരസ്ഥാനം; 3. അധികാരികൾ ഇരുന്നു കാര്യവിചാരം ചെയ്യുന്ന സ്ഥലം; 4. ക്ഷേത്രകാര്യങ്ങളുടെ മേൽനോട്ടം.
കോർ എപ്പിസ്കോപ്പാ [ഗ്രീ.] നാ. മെത്രാൻെറ തൊട്ടുതാഴെയുള്ള വൈദികാധികാരി.
കോർക്ക [<കോർ2] നാ. ഒരിനം ചുഴലിരോഗം.
കോർക്ക് [ഇം. ച്ചോർക്] നാ. ക്ടേശുമരം.
കോർക്കുക ക്രി. 1. പുഷ്പങ്ങൾ മുത്തുമണികൾ മുതലായവ ചരടുകളിലും മറ്റും കൊരുക്കുക; 2. ദ്വാരങ്ങളിൽക്കൂടെ നൂലോ മറ്റ് ഉപകരണങ്ങളോ കടത്തി മറുപുറത്തു വരുത്തുക; 3. ആയുധങ്ങളുടെയോ മറ്റോ കൂർത്ത അഗ്രം കൊണ്ടു കുത്തിത്തറയ്ക്കുക; 4. ഉടയ്ക്കുക; 5. വഴക്കിടുക. (പ്ര.) കോർത്തിണക്കുക = ഒരുമിച്ചു കൊണ്ടുവരിക.
കോർച്ചിപ്പുളി നാ. പുളിയുള്ള ഒരിനം കായ്, പുളിഞ്ചിക്ക.

കോർട്ട് [ഇം. ച്ചൗർറ്റ്] നാ. 1. കോടതി; 2. കായികവിനോദങ്ങൾ നടത്തുന്ന കളം, കളിസ്ഥലം, കോർട്ടുതീർപ്പ് = കോടതിവിധി, കോർട്ടലക്ഷ്യം = കോടതിയെ വേണ്ടവിധത്തിൽ ബഹുമാനിക്കാതിരിക്കൽ.

കോർപ്പരം നാ. = കൂർപ്പരം.

കോർപ്പറേഷൻ [ഇം. ച്ചൊർപൊരറ്റിഒൻ] നാ. 1. നഗരഭരണത്തിനുവേണ്ടി തെരഞ്ഞെടുക്കപെടുന്ന സഭ, നഗരസഭ; 2. വ്യവസായമോ മറ്റോ നടത്താൻ വേണ്ടി രൂപവത്കരിക്കുന്ന കമ്പനി.

കോർപ്പി [സം. കോർപി] നാ. കൗർപ്പി.

കോർപ്പ് [കോർക്കുക] കൊർക്കുക എന്ന ക്രിയയുടെ നാമരൂപം.

കോർമ്പൽ [<കോർക്കുക]നാ. കോർത്തുണ്ടാക്കിയത്. കോർമ്പൽ കുത്തുക = മാലപോലെ കോർക്കുക.

കോർമ നാ. ഉഴുന്നിൻെറയും മറ്റും തോട്.

കോർവ [കോർക്കുക] നാ. 1. കൊരുത്തിണക്കിയത്; 2. കോർക്കപ്പെട്ട സ്ഥിതി, ഇണക്കം, ചേർച്ച.

കോർവക്കാരൻ [<കോരുക1] നാ. മുത്തുമ്മറ്റും മുങ്ങിയെടുക്കുന്നവൻ.

കോർവായ് നാ. കടവായ്. കോർവാ(യ്)പറയുക = പ്രശംസിക്കുക. മുഖസ്തുതി പറയുക.

കോരകം [സം.] നാ. 1. പൂമൊട്ട്; 2. പൂർണവളർച്ചയെത്താത്തവസ്തു; 3. താമരവളയം; 4. തക്കോലം; 5. അടവിക്കച്ചോലം; 6. ഭാരതവർഷത്തിൽ തെക്കുഭാഗത്തുള്ള ഒരു ദേശം.

കോരകിത [<സം. കോരക] വി. 1. മൊട്ടിട്ട; 2. കൂമ്പിയ.

കോരൻ നാ. 1. ഒരു പുരുഷനാമം; 2. ഒരിനം പുല്ല്.

കോരനുളി [<കോറ്] നാ. മരം കടയാൻ ഉപയോഗിക്കുന്ന ഒരു ഉപകരണം.

കോരപ്പുഴ നാ. തെക്കും വടക്കുമായി മലബാറിനെ വേർതിരിക്കുന്ന അതിർത്തി, കൊയിലാണ്ടി നദി.

കോരം1 [<കവരം] നാ. 1. പലകയുടെ ഓരത്തുണ്ടാകുന്ന വെട്ട്, പൊഴി; 2. ഓരം, അറ്റം.

കോരം2 നാ. രോമം; 2. പുല്ല്.

കോരം3 [സം.] നാ. 1. ശരീരത്തിലെ ഒരു സന്ധി (വിരലുകൾ, കൈകാൽമുട്ടുകൾ എന്നിവിടങ്ങളിലെ സന്ധി); 2. ഏതെങ്കിലും രണ്ടെണ്ണം തമ്മിൽ ചേരുന്ന ഭാഗം; 3. പൂമൊട്ട്; 4. തക്കോലം.

കോരൽ [കോരുക] നാമരൂപം.

കോരായ [<കോറുവായ്] നാ. വായുടെ അറ്റം.

കോരിക, -രിയ നാ. 1. ഒരിനം പാത്രം, ലോഹം കൊണ്ടും തടികൊണ്ടും മറ്റും നിർമിക്കുന്നത്; 2. വെള്ളം കോരാനുള്ള പാത്രം; 3. മണ്ണുകോരാനുള്ള ഒരു ഉപകരണം; 4. ശിരസ്ത്രാണം

കോരിത്തരിക്കുക ക്രി. ആഹ്ലാദം ഭയം തുടങ്ങിയ വികാരങ്ങൾ കൊണ്ടോ മറ്റു സാഹചര്യങ്ങൾ കൊണ്ടോ കോള്മയിർക്കൊള്ളുക, വിറയ്ക്കുക, ഞെട്ടുക തുടങ്ങിയ അനുഭൂതികൾ ഉണ്ടാകുക. നാ. കോരിത്തരിപ്പ്.

കോര്1 (കോരുക) ധാതുരൂപം.

കോര്2 (കോർക്കുക) ധാതുരൂപം.

കോര്3 നാ. മീൻപിടിത്തം (വലകൊണ്ടോ മറ്റോ മീൻ കോരി എടുക്കുന്നതിൽ നിന്ന്).

കോരുക ക്രി. 1. വെള്ളമോ മറ്റു ദ്രാവകങ്ങളോ മുക്കിയെടുക്കുക; 2. പാത്രങ്ങളിലോ മറ്റോ എടുക്കുക, വാരുക; 3. മണ്വെട്ടിയോ മൺകോരികയോ കൊണ്ടു മണ്ണുമാറ്റി തിണ്ടും ചാലും നിർമിക്കുക. ഉദാ. തടങ്കോരുക, മതിലുകോരുക; 4. ജലാശയങ്ങളിൽ നിന്നു വലയോ കുട്ടയോ ഉപയോഗിച്ചു മീൻ വാരിയെടുക്കുക; 5. വാരിക്കളഞ്ഞു വൃത്തിയാക്കുക; 6. കൂട്ടിവയ്ക്കുക; 7. ഒഴിക്കുക; 8. നനയ്ക്കുക. ഉദാ. ചെടിക്കു വെള്ളം കോരുക. (പ്ര.) വട്ടക്കൊട്ടയിൽ വെള്ളം കോരിക്കുക = കഷ്ടപ്പെടുത്തുക. കോരി ആടുക = അഭിഷേകം ചെയ്യുക. കോരിക്കളയുക = വൃത്തിയാക്കുക. കോരിക്കുടിക്കുക = 1. ആസ്വദിക്കുക; 2. ദാരിദ്ര്യമനുഭവിക്കുക. കോരികെട്ടിപ്പെയ്യുക = ആകാശം അടച്ചുമൂടി മഴപെയ്യുക.
കോരിക്കൊടുക്കുക = ധാരാളമായി ദാനം ചെയ്യുക. കോരിത്തല്ലുക = കയ്യാലയുണ്ടാക്കുന്നതിനു മണ്ണു കോരിയിട്ട് അടിച്ചുറപ്പിക്കുക. കോരിപ്പിടിപ്പിക്കുക = 1. രോമാഞ്ചമുണ്ടാക്കുക; 2. തിളച്ച വെള്ളത്തിൽ തുണി മുക്കി ആ തുണികൊണ്ടു ശരീരത്തിൽ ചൂടു കൊടുക്കുക. കോരിയടിക്കുക = 1. ചായവും മറ്റും ധാരാളമായി ലേപനം ചെയ്യുക; 2. മണ്ണു കൊണ്ടോ മറ്റോ തിണ്ടുണ്ടാക്കി അടിച്ചുറപ്പിക്കുക. കോരിയെടുക്കുക = 1. കിണറ്റിൽനിന്നു ജലമെന്നപോലെ പാത്രംകൊണ്ട് ശേഖരിക്കുക; 2. കുഞ്ഞിനെയെന്നപോലെ രണ്ടുകൈകൊണ്ടും വാരിയെടുക്കുക. കോരിവാരിക്കൊടുക്കുക = ധാരാളം കൊടുക്കുക. കോരിവാരിച്ചെലവാക്കുക = കണ്ടമാനം ചെലവാക്കുക.

647

കോരുതവി [<കോരുക2] നാ. വലിയ തവി.

കോരുപാള [<കോരുക2] നാ. കമുകിൻപാളകോട്ടി ഉണ്ടാക്കുന്ന ഒരു ഉപകരണം.

കോരുവ നാ. 1. കോരിക; 2. പാറവെടി വയ്ക്കാൻ വേണ്ടി ഉണ്ടാക്കുന്ന ദ്വാരത്തിൽനിന്നു മണ്ണും മറ്റും കോരിയെടുത്തുകളയാനുള്ള ഉപകരണം.

കോരുവല [<കോരുക2] നാ. മീൻ പിടിക്കാനുള്ള ചെറിയ വല.

കോരുളി [<കോറ്-ഉളി2] നാ. വീതികുറഞ്ഞ ഉളി.

കോൽ1 [കോലുക] ധാതുരൂപം.

കോൽ2 നാ. 1. ചെറിയ വടി, കമ്പ്, മരത്തിൻെറയും മറ്റും വണ്ണം കുറഞ്ഞ ചില്ല; 2. ഒരു ദൈർഘ്യമാനത്തോത്, 24 അങ്ഗുലം അഥവാ 28 ഇഞ്ചു നീളം വരുന്ന അളവ്, അത്രയും നീളമുള്ള ദണ്ഡ്; 3. അധികാരമുദ്രയുള്ള വടി; 4. ആയുധമായി ഉപയോഗിക്കുന്ന വടി; 5. കുന്തം; 6. ചിത്രം എഴുതുന്നതിനുള്ള ബ്രഷ്; 7. അമ്പ്; 8. തുലാക്കോൽ; 9. തീപ്പെട്ടിക്കൊള്ളി; 10. ചെണ്ട മുതലായ ആഹതവാദ്യങ്ങൾ മുഴക്കാൻ ഉപയോഗിക്കുന്ന കമ്പ്; 11. നെയ്ത്തുതറിയിലെ ഒരു ഉപകരണം; കോലാടുക = കോലാട്ടം കളിക്കുക; കോലിടുക = 1. ആരംഭിക്കുക (ചെണ്ടമേളത്തിൻെറ തുടക്കമായി ചെണ്ടത്തലയിൽ കോലുവയ്ക്കുന്നതിന്); 2. ചെണ്ടയിൽ കോൽകൊണ്ടു കൊട്ടുക, താളം പിടിക്കുക; 3. ആയുധം താഴെ വയ്ക്കുക, വഴക്കുതീർന്നു യോജിപ്പിലെത്തുക; 4. കലഹത്തിനു കാരണമുണ്ടാക്കുക, കോലുമുടക്കുക, കോലുമുറുക്കുക = യാത്രയ്ക്കുള്ള ഉപകരണങ്ങൾ ഭാണ്ഡമാക്കി കോലിൻെറ അറ്റത്തു കെട്ടുക; കോലുവയ്ക്കുക = കോലിടുക.

ക്

ഒൽക്കനം നാ. ഘനമാനത്തിലെ ഒരു തോത്, ഒർകോൽ നീളവും ഒരു കോലചീതിയും ഒരു കോൽ ഘനവും ഉള്ള ഒരു അളവുതോത്.

കോൽക്കളി നാ. ഒരു നാടോടിക്കളി. കോൽക്കളിപ്പാട്ട് = ഒരു നാടോടിപ്പാട്ട്, കോൽക്കളി നടത്തുമ്പോൾ പാടുന്ന പാട്ട്.

കോൽക്കാരൻ നാ. 1. അധികാരദണ്ഡുവഹിക്കുന്നവൻ, ശിപായി; 2. നികുതി പിരിക്കാഞ്ചുമതലപ്പെട്ട റവന്യൂവകുപ്പിലെ കീഴ്ജീവനക്കാരൻ; 3. വടിപ്പയറ്റുകാരൻ; 4. മലപ്പുലയരുടെ ഒരു കാര്യസ്ഥൻ.

കോൽക്കുറി നാ. 1. ഭസ്മചന്ദനാദികൾക്കൊണ്ട് നീളത്തിലിടുന്ന കുറി; 2. ആഢ്യബ്രാഹ്മണർ ഒന്നിനുമീതെ ഒന്നായി ചന്ദ്രക്കലയുടെ ആകൃതിയിൽ അണിയുന്ന മൂന്നു കുറികൾ.

കോൽക്കുറുപ്പ് നാ. 1.കോൽക്കാരൻ; 2.തോൽക്കൊല്ലൻ.

കോൽത്തമിഴ് നാ. കോലെഴുത്ത്.

കോൽത്തളം നാ. 1. കോലിറയം, വലിയ നീളമുള്ള തളം, വരാന്ത; 2. രങ്ഗസ്ഥലം.

കോൽത്താഴ് നാ. (നീളത്തിലുള്ള) ഒരുതരം താഴ്, നാഴിപ്പൂട്ട്.

കോൽത്തിണ്ണ നാ. കോലിറയം.

കോൽത്തിരി നാ. 1. ചെറിയപന്തം, വലിയ തിരി; 2. മെഴുകുതിരി.

കോൽത്തേൻ നാ. വൃക്ഷശാഖകളിലും മറ്റുമുള്ള തേനീച്ചക്കൂട്ടിൽനിന്നും എടുക്കുന്ന തേൻ, നല്ലതേൻ. കോൽത്തേനീച്ച = ഒരുതരം തേനീച്ച.

കോൽപ്പനക്കൊന്ന നാ. ത്രികോൽപ്പക്കൊന്ന.

കോൽപ്പന്തുകളി നാ. കേരളത്തിൽ നടപ്പിലിരുന്ന ഒരുതരം പന്തുകളി.

കോൽപ്പലം നാ. ക്ഷേത്രഫലം സംബന്ധിച്ച ഒരു തോത്, ഒരുകോൽ സമചതുരം.

കോൽപ്പാട് നാ. തിരുമുൽപ്പാടുവർഗത്തിൽപ്പെട്ട സ്ത്രീയെ സംബോധനചെയ്യാൻ മറ്റുജാതിക്കാർ ഉപയോഗിക്കുന്ന പദം.

കോൽപ്പുളി നാ. വാളമ്പുളിമരം, അതിൻെറ കായ്.

കോൽപ്പൂട്ട് നാ. കോൽത്താഴ്.

കോൽമരം നാ. വണ്ടിച്ചട്ടത്തിൻെറ മധ്യത്തിലൂടെ ഉടനീളം ഘടിപ്പിച്ച നീളവും കട്ടിയുമുള്ള തടി, വണ്ടിയെ നുകവുമായി ഘടിപ്പിക്കുന്ന നീണ്ട കോൽ.

കോൽ വിളക്ക് നാ. നീണ്ട പിടിക്കോലുള്ള ഓട്ടുവിളക്ക്.

കോല1 [<കോലം1] വി. 1. അഴകേറിയ, മനോഹരമായ; 2. നല്ല; 3. പ്രശസ്തമായ.

കോല2 നാ. കോലായ, കയ്യാല.

കോലകം1 [<കോവിൽ-അകം] നാ. കോട്ടാരം.

കോലകം2 [സം.] നാ. 1. നല്ലമുളക്, കുരുമുളക്; 2. തക്കോലപ്പൂട്ടിൽ; 3. അഴിഞ്ഞിൽ, അങ്കോലം; 4. നറുവരി.

കോലകർക്കടി [സം. കോല-കർകടീ] നാ. തേനീത്ത, ഒരു ജാതി ഈത്ത.

കോലക്കുഴൽ നാ. മനോഹരമായ (ശബ്ദം പുറപ്പെടുവിക്കുന്ന) ഓടക്കുഴൽ.

കോലക്കുഴലി നാ. ഭങ്ഗിയേറിയ തലമുടിയുള്ളവൾ, സുന്ദരി.

കോലടി നാ. ഒരിനം നാടോടിക്കളി, ചെറുവടികൾക്കൊണ്ടു താളം പിടിച്ചും പാട്ടുപാടിയും നൃത്തംചെയ്തു വട്ടം ചുറ്റിക്കളിക്കുന്നത്. കോലടിപ്പാട്ട് = ഒരു നാടോടിപ്പാട്ട്, കോലടിക്കളിയോടൊപ്പം പാടുന്ന പാട്ട്.

കോലത്തിരി [<കോലം2–തിരി] നാ. കോലത്തുനാട്ടിലെ രാജാവ്.

കോലത്തുനാട് [<കോലം2–നാട്] നാ. തലശ്ശേരിപ്പുഴ മുതൽ ചന്ദ്രഗിരിപ്പുഴ വരെയുള്ള പ്രദേശം.

കോലൻ [<കോല്2] വി. വണ്ണം കുറഞ്ഞ, നീളം കൂടിയ. നാ. വണ്ണം കുറഞ്ഞു നീളം കൂടിയവൻ.

കോലപ്പൊടി നാ. കോലം ഇടാനുൾല അരിപ്പൊടി, വെള്ളക്കൽപ്പൊടി തുടങ്ങിയവ.

കോലം1 നാ. 1. രൂപം, ആകൃതി, ശരീരം; 2. വേഷം; 3. ഭങ്ഗി, സൗന്ദര്യം; 4. ദേവതകൾ പിശാചുക്കൾ തുടങ്ങിയവയെ സങ്കൽപ്പിച്ചു കെട്ടിയുണ്ടാക്കുന്ന രൂപം. ഉദാ. തെയ്യക്കോലം; 5. തുണി, വൈക്കോൽ തുടങ്ങിയവകൊണ്ടു കെട്ടിയുണ്ടാക്കുന്ന വികൃതരൂപം, നോക്കുകുത്തി; 6. അരിപ്പൊടി, വെള്ളക്കൽപ്പൊടി തുടങ്ങിയവകൊണ്ടുണ്ടാക്കുന്ന ചിത്രം.
കോലക്കല്ല് = ചുണ്ണാമ്പുകല്ല് (പൊടിച്ചു കോലം വയ്ക്കാൻ ഉപയോഗിക്കുന്നു).
കോലംകെടുക = വിരൂപമാകുക. കോലംതിരിയുക = കോലം കെടുക.
കോലംതുള്ളൽ = കേരളത്തിലെ ഒരു ദൃശ്യകല. കോലം തുള്ളുക = കോലം തുള്ളലിലെന്നപോലെ അടുക്കും മുറയുമില്ലാതെ പെരുമാറുക. കോലമിടുക = 1. വെള്ളക്കൽപ്പൊടി, വർണധൂളികൾ, പുഷ്പങ്ങൾ, അരിമാവ് തുടങ്ങിയവകൊണ്ട് അങ്കണത്തിൽ രേഖാചിത്രങ്ങൾ ചമയ്ക്കുക; 2. കോലം വരയ്ക്കുക.

കോലം2 നാ. കോലത്തുനാട്, കോലസ്വരൂപം.

കോലം2 [സം. കോല] നാ. 1. ഇലന്തമരം; 2. തിപ്പലി; 3. കുരു; 4. ചെവിയം; 5. കൊടുവേലി; 6. ചങ്ങാടം; 7. പന്നി; 8. ഒരു പർവതം; 9. നെഞ്ച്; 10. തുട; 11. മടി; 12. നിതംബം; 13. ആലിങ്ഗനം; 14. ഒരു രൂപാത്തൂക്കം, ഒരുതോല.

കോലംബകം [സം.] നാ. വീണയുടെ കമ്പി ഒഴിച്ചുള്ള ഭാഗം.

കോലംബം [സം.] നാ. കൊല്ലംനഗരം. കോലംബവർഷം = കൊല്ലവർഷം.

കോലരക്ക് [ത. കോലരക്ക്] നാ. ചുവന്ന നിറമുള്ള അരക്ക്.കോലരക്കുപൂച്ചി = കോലരക്കുത്പാദിപ്പിക്കുന്ന ചെറുപ്[രാണി.

കോലസ്വരൂപം [മ. കോല2–സം. സ്വരൂപ] നാ. 1. കോലത്തുനാട്; 2. കോലത്തുനാട്ടിലെ രാജവംശം.

കോലാ, കോലായ, കോലായി നാ. ഇറയം, തിണ്ണ, വരാന്ത.

കോലാചാരി നാ. കൊത്തുപണിക്കാരൻ.

കോലാട്ടം [കോൽ–ആട്ടം] നാ. ഒരിനം നാടോടിനൃത്തം.

കോലാതിരി നാ. കുറുമ്പ്രനാട്ടു നാടുവാഴിയുടെ സ്ഥാനപ്പേര്.

കോലാധിനാഥൻ [മ. കോലം2–സം. അധിനാഥ] നാ. കോലത്തുനാട്ടുരാജാവ്, കോലത്തിരി.

കോലാമി, –മീ നാ. ദ്രാവിഡഗോത്രത്തിൽപ്പെട്ട ഒരു അസമ്പുഷ്ടഭാഷ.

കോലായ നാ. കോലാ2.

കോലാഹലം [സം. കോലാഹല] നാ. 1. പല ശബ്ദങ്ങൾ ഒന്നുചേർന്നുണ്ടാകുന്ന വലിയ ശബ്ദം, കളകളം, ബഹളം; 2. ക്രമീകൃതവും ഉച്ചത്തിലുള്ളതുമായ ശബ്ദം

(കാഹളം ഭേരി മുതലായവയിൽ നിന്നെന്ന പോലെ) അതിൽ നിന്നുണ്ടാകുന്ന പ്രൗഢി; 3. കുമാരദ്വീപിൽ മധ്യദേശത്തുള്ള പർവതം; 4. ജന്യരാഗങ്ങളിൽ ഒന്ന് (സങ്ഗീ.).

കോലിക്കുക [<കോൽ2] ക്രി. കോലുപോലെയാവുക, മെലിയുക.

കോലിഞ്ചി [<കോല്2] നാ. ഒരു ഔഷധച്ചെടി (ഇഞ്ചിവർഗത്തിപ്പെട്ട ഒരു ചെടിയുടെ കിഴങ്ങ്).

കോലിന [കോലുക] ഭൂ. പേരെച്ചം.

കോലിയൻ [ത. കോലിയൻ] നാ. 1. കോലികർ ജാതിയിൽപ്പെട്ടവൻ; 2. കോലികർ നെയ്തുണ്ടാക്കുന്ന തുണി; 3. ച്ജിലന്തി; കോലിയനവല = ചിലന്തിവല.

കോലിറയം, -ഏറയം നാ. വരാന്ത, നീളമുള്ള പുറന്തിണ്ണ.

കോലുക ക്രി. 1. ഉണ്ടാകുക, സംഭവിക്കുക, ചേരുക; 2. പെയ്യുക; 3. വഹിക്കുക; 4. ഉപയോഗിക്കുക; 5. തുടങ്ങുക, ആരംഭിക്കുക, ഒരുങ്ങുക; 6. സ്വീകരിക്കുക; 7. പ്രകാശിക്കുക; 8. വർധിക്കുക; 9. ആലോചിക്കുക, ധ്യാനിക്കുക.

കോലുളി [കോൽ2-ഉളി2] നാ. ഒരുതരം ആയുധം, ചാട്ടുളി.

കോലെഴുത്ത്1 [കോൽ2-എഴുത്ത്] നാ. വട്ടെഴുത്തിൽനിന്നും രൂപാന്തരപ്പെട്ടതും പത്തൊമ്പതാം നൂറ്റാണ്ടുവരെ കേരളത്തിൽ പ്രചാരത്തിലിരുന്നതും ആയ ഒരു ലിപിസമ്പ്രദായം.

കോലെഴുത്ത്2 [കോവിൽ-എഴുത്ത്] നാ. രാജശാസനം.

കോലോം നാ. കോവിലകം. ഇല്ലത്തില്ലെങ്കിൽ കോലോത്തുമില്ല. (പഴ.)

കോല്യ [സം. കോല്യാ] നാ. തിപ്പലി.

കോവ1, കോവൽ നാ. വെള്ളരിയുടെ വർഗത്തിൽപ്പെട്ടതും പടർന്നു കയറുന്നതുമായ ഒരുതരം അള്ളിച്ചെടി.

കോവ2 [<കോർവ] നാ. 1. കോർത്തുണ്ടാക്കിയത്; 2. അടുക്ക്, മുറ.

കോവ3 [ത.കോവൈ] നാ. 1. ഒരുതരം പ്രേമഗാനം; 2. ഒരു പഴയ പൊന്നാണയം.

കോവണം [പ്രാ. കോഈണഗ] < കൗപീന] നാ. കോണകം.

കോവണി, -വേണി, -ഗോവണി, -വേണി നാ. 1. മുകളിലേക്കു കയറുന്നതിനുവേണ്ടി നിർമിച്ചിട്ടുള്ള പടിക്കെട്ട്, ഏണി; 2. തലയണ.

കോവർകഴുത [<കോ3-ഏറ്-കഴുത] നാ. 1. ആൺകുതിരയ്ക്കു പെൺകഴുതയിൽ ജനിക്കുന്ന മൃഗം, സങ്കരജാതിക്കുതിര, അശ്വതരം; 2. ബുദ്ധിയില്ലാത്തവൻ, ഒന്നിനും കൊള്ളാത്തവൻ.

കോവലൻ നാ. ഇളങ്കോവടികൾ രചിച്ച ചിലപ്പതികാരം എന്ന പ്രസിദ്ധ തമിഴ്കാവ്യത്തിലെ കഥാനായകൻ.

കോവിദ [സം.] വി. അറിവുള്ള, പാണ്ഡിത്യമുള്ള, പരിചയമുള്ള, സാമർഥ്യമുള്ള.

കോവിൽ [<കോ3-ഇൽ] നാ. 1. ദേവാലയം, അരാധനാമന്ദിരം, അമ്പലം, കോയിൽ; 2. കൊട്ടാരം; 3. രാജാവ്. കോവിൽക്കാളം = 1. അമ്പലം വകയായി വളർത്തുന്ന കാള; 2. തടിച്ചുകൊഴുത്തു ചുമതലാബോധമില്ലാതെ താന്തോന്നിയായി അലഞ്ഞുതിരിയുന്നവൻ; കോവിൽപ്പൂച്ച = ഏതു സ്ഥലത്തും കടന്നുചെല്ലുന്നവൻ. കോവിൽപ്പൂച്ച തേവരെ പിടിക്കുകയില്ല (പഴ.) കോവിൽ പെരുച്ചാഴി = ദേവസ്വം മുതൽ അപഹരിക്കുന്നവൻ.

കോവിൽപ്പണ്ടാരം [കോവിൽ-പണ്ടാരം] നാ. 1. രാജാധികാരമുള്ള ആൾ, രാജാവ്; 2. നാമമാത്രമായ ആധിപത്യമുള്ള ക്ഷത്രിയർ, കോയിത്തമ്പുരാൻ.
കോവിൽപ്പണ്ടാല [കോവിൽ-പണ്ടാല] നാ. 1. ക്ഷത്രിയൻ; 2. കോയിത്തമ്പുരാൻ; 3. ചില ക്ഷത്രിയ നാടുവാഴികൾക്കുണ്ടായിരുന്ന സ്ഥനപ്പേര്
കോവിലകം [കോവിൽ-അകം] നാ. 1. കോയിലകം, കൊട്ടാരം; 2. പ്രഭുസ്ഥാനീയരുടെ വാസസ്ഥലം.
കോവിലകവാതിൽ നാ. കൊച്ചിയിൽ താലൂക്കിൻെറ വിഭാഗത്തിനു പഴയകാലത്തു പറഞ്ഞുവന്നിരുന്ന പേറ്, മണ്ഡപത്തും വാതിൽ.
കോവിലൻ നാ. ക്ഷത്രിയൻ, കോവിലകത്തുള്ളവൻ, തമ്പുരാൻ, നാട്ടുകൂട്ടങ്ങളുടെ തലവൻ.
കോവിലമ്മ താരത. കോയിലാൾ. നാ. 1. സാമൂതിരിയുടെ ഭാര്യ, രാജപത്നി; 2. തിരുമുൽപ്പാടു വർഗത്തിൽപ്പെട്ട സ്ത്രീ; 3. പണ്ടാലജാതിയിൽപ്പെട്ട സ്ത്രീ.
കോവേണി നാ. = കോവണി.
കോവേന്ത [പോർ.] നാ. സന്യാസിമന്ദിരം.
കോശകം [സം. കോശക] നാ. 1. മുട്ട; 2. വൃഷണം.
കോശകാരകം [സം. കോശ-കാരക]നാ. പട്ടുനൂൽപ്പുഴു.
കോശകാരൻ [സം. -കാര] നാ. 1. നിഘണ്ടുകാരൻ; 2. വാളുറയും മറ്റും ഉണ്ടാക്കുന്നവൻ; 3. പട്ടുണ്ടാക്കുന്നവൻ; 4. മുദ്ഗലമുനിയുടെ പുത്രനായ ഒരു മഹർഷി.
കോശകാരം [സം. -കാര] നാ. 1. പട്ടുനൂൽപ്പുഴു, കോശകാരകം; 2. പട്ടുനൂൽപ്പുഴുവിൻെറ കൂട്; 3. ഒരിനം കരിമ്പ്.
കോശകൃത്ത് [സം. കൃത്] നാ. 1. നിഘണ്ടുകാരൻ; 2. ഒരിനം കരിമ്പ്.
കോശഗൃഹം [സം. -ഗൃഹ] നാ. ഭണ്ടാഗാരം, ഖജനാവ്.
കോശചഞ്ചു [സം. -ചഞ്ചു]നാ. ഒരു പക്ഷി, കൊക്ക്, വണ്ടാരങ്കോഴി.
649
കോശനായകൻ [സം. -നായക] നാ. 1. ഭണ്ഡാരത്തിൻെറ ചുമതലക്കാരൻ, ഖജാൻ ജി; 2. കുബേരൻ.
കോശനിർഹാരം [സം. -നിർഹാര] നാ. പൊന്നുകൊടുത്തിട്ടു നെല്ലുവാങ്ങിക്കൽ.
കോശപഞ്ചകം [സം. -പഞ്ചക] നാ. ആത്മാവിൻെറ അഞ്ചാവരണങ്ങൾ, അന്നമയകോശം ഇത്യാദി.
കോശപാനം [സം. -പാന] 'അഭിഷേകതീർഥം പാനം ചെയ്യൽ.' നാ. സത്യപരീക്ഷകളിൽ ഒന്ന്.
കോശപാലൻ [സം. -പാല] നാ. കോശനായകൻ.
കോശപേടകം [സം. -പേടക] നാ. വിലപിടിപ്പുള്ള സാധനങ്ങൾ , പണം മുതലായവ സൂക്ഷിക്കാനുള്ള പെട്ടി.
കോശഫലം [സം. -ഫല] നാ. 1. തക്കോലം; 2. ജാതിക്ക; 3. വൃഷണസഞ്ചി.
കോശഭഗം [സം. -ഭഗ] നാ. വൃഷണസഞ്ചിയിലുള്ള ഒരു സ്നായു.
കോശം, -ഷം [സം. കോശ] നാ. 1. ഭണ്ഡാരം, ധനം സംഭരിച്ചുവച്ചിട്ടുള്ള അറ; 2. സമ്പാദ്യം, സ്വർണം, വെള്ളി മുതലായവ ആഭരണമായോ അല്ലാതെയോ സംഭരിച്ചുവച്ചിട്ടുള്ളത്; 3. സംഭരണമുറി, കലവറയിൽ സൂക്ഷിക്കുന്ന വസ്തുക്കൾ; 4. കൂട്, ആവരണം, മൂടി; 5. ആത്മാവിൻെറ ആവരണം; 6. ഗർഭാശയത്തിലുള്ള അണ്ഡത്തെ പൊതിഞ്ഞുവയ്ക്കുന്ന നേരിയ ചർമം; 7. ജൈവവസ്തുവിൻെറ ഏറ്റവും ചെറുയ ഘടകം; 8.

സമാധിദശയിലിരിക്കുന്ന പുഴുക്കളുടെ കൂട്; 9. മേഘം; 10. സമൂഹം; 11. കാവ്യസമാഹാരം, വാക്യസമാഹാരം, ഗാഥാശ്ലോകങ്ങളുടെ സമാഹാരം; 12. നിഘണ്ടു, ശബ്ദകോശം; 13. സത്യപരീക്ഷകൾക്കും മറ്റും ഉപയോഗിക്കുന്ന അഭിഷേകതീർഥം; 14. സത്യം ചെയ്യൽ; 15. വൃഷണസഞ്ചി; 16. പുരുഷലിങ്ഗം; 17. ഉപസ്ഥം; 18. അണ്ഡം, മുട്ട; 19. പാത്രം; 20. പാനപാത്രം; 21. തൊട്ടി; 22. പെട്ടി, അലമാര; 23. വാഹനത്തിൻെറ ഉൾഭാഗം; 24. മുറിവ്, ചതവ് മുതലായവ കെട്ടാനുള്ള ഒരുജാതി തുണിക്കഷണം; 25. തൊലി; 26. പുറന്തോട്; 27. അണ്ടി, വിത്ത്; 29. ജാതിക്ക; 30. ധാന്യങ്ങളുടെ ഓവ്; 31. പൂമൊട്ട്; 32. വീട്; 33. ഒരുഗ്രയോഗം; 34. രണ്ടാം ഭാവം; 35. ഗോളം.

കോശ്മൂലൻ [സം. കോശ-മൂല] നാ. രാജാവ്.
കോശരസം [സം. -രസ] നാ. കോശങ്ങൾക്കകത്തുള്ള രസ്ദം.
കോശലികം നാ. കൈക്കൂലി.
കോശവാസി [സം. -വാസിൻ] നാ. ഉറയ്ക്കുള്ളിൽ കഴിയുന്ന ജീവി.
കോശവൃദ്ധി [സം. -വൃദ്ധി]നാ. 1. കോശത്തിൻെറ വർധന, ധനാഭിവൃദ്ധി; 2. ഒരു രോഗം, വൃഷണവീക്കം; 3. ഒരു വൃക്ഷം, മഞ്ഞക്കുറുഞ്ഞി.
കോശവേശ്മ [സം. -വേശ്മൻ] നാ. ഭണ്ഡാരം.
കോശവ്യസനം [സം. -വ്യസന] നാ. ഭണ്ഡാഗാരത്തിനു സംഭവിക്കുന്ന നാശം.
കോശശായിക [സം. -ശായികാ] നാ. ഉറയിലിട്ട കത്തി.
കോശസ്തരം [സം. -സ്തര] നാ. ജീവകോശങ്ങളുടെ ബഹിർഭിത്തി.
കോശസ്ഥ [സം. -സ്ഥ] വി. ഉറയിലിരിക്കുന്ന.
കോശസ്ഥം [സം. -സ്ഥ] വി. 'കോശത്തിനുള്ളിൽ സ്ഥിതിചെയ്യുന്നത്.' നാ. ഒച്ച് കക്ക ശങ്ക് മുതലായവ.
കോശാഗാരം [സം. -അഗാര] നാ. ഖജനാവ്, ഭണ്ഡാരം.
കോശാതകി [സം. കോശാതകിൻ]നാ. 1. കച്ചവടം; 2. കച്ചവടക്കാരൻ; 3. ബഡവാഗ്നി.
കോശാധ്യക്ഷൻ [സം. കോശ -അധ്യക്ഷ] നാ. കോശാധിപൻ.
കോശാധികാരി [സം. -അധികാരിൻ] നാ. 1. ഭണ്ഡാരത്തിൻെറ ചുമതലക്കാരൻ, ഖജാഞ്ചി; 2. കുബേരൻ.
കോശാധിഷ്ഠിതൻ [സം. -അധിഷ്ഠിത] നാ. ഭണ്ഡാരം സൂക്ഷിക്കുന്ന ആൾ.
കോശാവച്ഛേദം [സം. -അവച്ഛേദ] നാ. ഭണ്ഡാരം മുറിക്കൽ, കൊള്ള ചെയ്യൽ.
കോശി1 [സം. കോശീ] നാ. 1. മൊട്ട്; 2. ചെരുപ്പ്, മെതിയടി; 2. കലപ്പക്കൊഴു.
കോശി2 [സം. കോശിൻ] നാ. മാവ്.
കോശിക [സം. കോശികാ] നാ. പാനപാത്രം.
കോശില [സം. കോശിലാ] നാ. കാട്ടുപയറ്.
കോഷം [സം. കോഷ]നാ. = കോശം.
കോഷ്ഠകം [സം.] നാ. 1. ധാന്യപ്പുര; 2. ഖജനാവ്; 3. വീട്, മുറി; 4. ദേവാലയം; 5. നിവേശനദ്വാരം, വാതിൽ; 6. വേലി, കോട്ട മുതലായവയാൽ മറയ്ക്കപ്പെട്ട സ്ഥലം; 7. ബ്രാക്കറ്റ്, ആവരണചി ം, വലയം; 8. കന്നുകാലികൾക്കു വെള്ളം കൊടുക്കാനും മറ്റുമായി കെട്ടിയുണ്ടാക്കുന്ന തൊട്ടി; 9. ചുറ്റുമതിൽ.
കോഷ്ഠനം [സം.] നാ. ഒരു കോഷ്ഠത്തിനുള്ളിലാക്കൽ.
കോഷ്ഠബന്ധം [സം. -ബന്ധ]നാ. മലബന്ധം.

കോഷ്ഠം [സം.] നാ. 1. വിത്തുകോട്ട, നെല്ലറ, ധാന്യപ്പുര; 2. ഉള്മുറി; 3. ഭണ്ഡാരം, ഖജനാവ്; 4.എന്തിന്റെയെങ്കിലും പുറന്തോട്; 5. കെട്ടി അടച്ച സ്ഥലം; 6. കള്ളി, ഖണ്ഡം. (ചതുരങ്ഗപ്പലകയിലെന്നപോലെ); 7. ചുറ്റുമതിൽ, മതിൽ; 8. ഒരിനം കലം; 9. വസ്തുവക, സ്വത്ത്; 10. രാത്രി; 11. ആവരണ ചി ം, ബ്രാക്കറ്റ്; 12. ആരാധനാസ്ഥലം, ക്ഷേത്രം; 13. ആശ്രമം; 14. നെഞ്ചിൻെറയോ വയറിൻെറയോ ഉള്ളിലുള്ള അവയവങ്ങളെ പൊതുവേ കുറിക്കുന്ന പദം.
കോഷ്ഠംശുദ്ധി [സം. കോഷ്ഠം-ശുദ്ധി] നാ. മലശോധന.
കോഷ്ഠാഗാരം [സം. -ആഗാര] നാ. 1. കലവറ, ധാന്യപ്പുര; 2. ഖജനാവ്; 3. മകം നക്ഷത്രം.
കോഷ്ഠാഗാരി [സം. -ആഗാരിൻ] 'കോഷ്ഠത്തിൽ വസിക്കുന്നവൻ.' നാ. കടന്നൽ.
കോഷ്ഠാഗാരികൻ [സം. -ആഗാരിക] നാ. ഭണ്ഡാരത്തിൻെറ ചുമതല വഹിക്കുന്നവൻ.
കോഷ്ഠാഗ്നി [സം. -അഗ്നി] നാ. ജഠരാഗ്നി.
കൊഷ്ഠാനാഹം [സം. -ആനാഹ] നാ. കോഷ്ഠബന്ധം.
കോഷ്ഠാങ്ഗം [സം. -അങ്ഗ] നാ. നെഞ്ചിൻെറയോ വയറിൻെറയോ ഉൾലിലുള്ള അവയവം.
കോഷ്ഠി [സം.] നാ. ജാതകം.
കോഷ്ഠീകരിക്കുക [<സം. കോഷ്ഠീ-കൃ] ക്രി. വലയം ചെയ്യുക.
കോഷ്ഠ്യ [സം.] വി. 1. കോഷ്ഠത്തിൽനിന്നും ഉണ്ടാകുന്ന; 2. നെഞ്ചിൽനിന്നു വരുന്ന, ശ്വാസകോശത്തിനകത്തു നിന്നും പുറത്തേയ്ക്കു വരുന്ന (ശബ്ദമെന്നപോലെ).
കോഷ്ണ [സം. കദ്-ഉഷ്ണ] വി. അൽപം ചൂടുള്ള.
കോഷ്ണം നാ. കവോഷ്ണം , ചെറുചൂട്.
കോസ്1 നാ. ക്രോശം.
കോസ്2 [< ച്ബ്ബഗെ] നാ. മുട്ടക്കോസ്.
കോസടി, കോസറി നാ. കനം കുറഞ്ഞ വിരുപ്പുമെത്ത.
കോസല [സം. കോസല] നാ. അയോധ്യ.
കോസലം [സം.] നാ. 1. പുരാതനഭാരതത്തിലെ ഒരു രാജ്യം; 2. ഒരു രാഗം.
കോസറി നാ. = കോസടി.
കോസൈൻ [ഇം.] നാ. (ഗണിത.) നാ. ഒരു കോണപൂരകത്തിൻെറ ജ്യാവ്.
കോഹല [സം.] വി. അസ്പഷ്ടമായി സംസാരിക്കുന്ന.
കോഹലൻ [സം.] നാ. 1. ഒരു മുനി, നാട്യശാസ്ത്രത്തിൻെറ ആദിമാചാര്യൻ; 2. പ്രാകൃതഭാഷയ്ക്കു വ്യാകരണം രചിച്ച ഒരു ആചാര്യൻ.
കോഹലം [സം.] നാ. 1. ഒരു സങ്ഗീതോപകരണം; 2. ബാർലിയിൽനിന്നും വാറ്റിയെടുക്കുന്ന ഒരിനം മദ്യം; 3. ഒരു രാജ്യനാമം.
കോഹളൻ [സം. കോഹല] നാ. = കോഹലൻ.
കോഹിനൂർ [പേർ] 'പ്രകാശത്തിൻെറ പർവതം.'നാ. ഒരു രത്നത്തിൻെറ പേര്.
കോൾ1 [കൊള്ളുക] നാമരൂപം = കോള്1.
കോൾ2 നാ. പുഞ്ചകൃഷി, കായൽക്കൃഷി.
കോൾകൃഷി [മ. കോൾ2-സം. കൃഷി] നാ. ചതുപ്പുനിലങ്ങളിൽ വെള്ളം വറ്റിച്ചു ചെയ്യുന്ന കൃഷി.
കോൾത്തോണി [കോൾ2-തോണി] നാ. ചതുപ്പുനിലങ്ങളിൽ വെള്ളം വറ്റിക്കാനുപയോഗിക്കുന്ന തേക്കുകുട്ട.

കോൾനിലം [കോൾ2–നിലം] നാ. പുഞ്ചനിലം.
കോൾപ്പണി [കോൾ2–പണി] നാ. പുഞ്ചനിലത്തിലെ കൃഷിപ്പണി; 2. ചതുപ്പുനിലങ്ങളിൽ വെള്ളം വറ്റിക്കാൻ ചക്രം ചവിട്ടുന്ന ജോലി.
കോള്മയിർ [കോൾ1–മയിർ] നാ. രോമാഞ്ചം, പുളകം.
കോള്മാസം [മ. കോൾ1–സം. മാസ] നാ. ശൂന്യമാസം, നല്ലകാര്യങ്ങൾക്കു കൊള്ളാത്ത മാസം.
കോള്മുതൽ [കോൾ1–മുതൽ] നാ. 1. വാങ്ങിയ വില; 2. കോപ്പ്, വാങ്ങിയ സാധനങ്ങൾ.
കോള്മുറ [കോൾ1–മുറ] നാ. ഒരു പഴയ രാജഭോഗം.
കോൾവഴി [കോൾ1–വഴി] നാ. 1. കുറുക്കുവഴി, രഹസ്യവഴി.
കോൾവാ [കോൾ1–വാ] നാ. മുറിവേറ്റുണ്ടായ വിടവ്, പുണ്വായ്.
കോൾവില [കോൾ1–വില] നാ. വങ്ങാനുള്ള വില.
കോള1 നാ. 1. ശക്തി; 2. ക്രൂരത.
കോള2 നാ. കറുപ്പിൽ അൽപം ചുവപ്പു കൂടിക്കലർന്ന നിറം.
കോളണി, കോളനി [ഇം. ച്ചൊലൊന്യ്] നാ. 1. ഒരു സാമ്രാജ്യശക്തിയുടെ അധീനതയിലുള്ള മറ്റൊരു രാജ്യം, പുത്രികാരാജ്യം; 2. ഒരു സങ്ഘം ആളുകൾ കുടിയേറിപ്പാർത്ത സ്ഥലം; 3. ചേരി; 4. ഒരേജാതിയിൽപ്പെട്ട പ്രാണികൾ ഒരുമിച്ചു ജീവിക്കുന്നത്.
കോളംബം നാ. = കോലംബം.
കോളർ [ഇം. ച്ചൊല്ലർ] നാ. = കാളർ.
കോളരി, കോളെരി, കോളേരി [<കോൾ1] നാ. സിംഹം. കോളരിക്കൊടിയോൻ = സിംഹം കൊടിയടയാളമുള്ളവൻ, ഭീമസേനൻ.
കോളാമ്പി നാ. 1. തുപ്പാനുള്ള ഒരുതരം ഓട്ടുപാത്രം. കോളാമ്പിവായൻ = കോളാമ്പിപോലെ മലിനവും ചെമന്നതുമായ വായുള്ളവൻ. കോളാമ്പിവായ് = ധാരാളം വെറ്റില മുറുക്കുന്നതു മൂലം ചെമന്നു മലിനമായ വായ്; 9. ഒരിനം ചെടി.
കോളാൾ [കോൾ2–ആൾ2] നാ. 1. വാങ്ങപ്പെട്ട ആൾ, അടിമ; 2. വിലയ്ക്കു വാങ്ങിയ ആൾ; 3. രക്ഷിതാവ്; 4. ജാമ്യക്കാരൻ; 5. കപ്പൽ ജോലിക്കാരൻ, നാവികൻ.
കോളാളൻ [കോൾ1–ആൾ2–അൻ] നാ. വിലയ്ക്കു വാങ്ങിയ ആൾ.
കോളാളി [കോൾ1–ആളി1] നാ. വിലനിർണയിക്കുന്ന ആൾ.
കോളിഫ്ലവർ [ഇം. ച്ചൗലിഫ്ലൊവെർ] നാ. ഒരിനം സസ്യം, മുട്ടക്കോസിൻെറ വകഭേദം.
കോളിരമ്പം [കോൾ1–ഇരമ്പം] നാ. കടലിൻെറ ഇരമ്പൽ.
കോളിളകുക [കോൾ1–ഇളകുക] ക്രി. കോളിളക്കമുണ്ടാകുക.
കോളിളക്കം [കോൾ1–ഇളക്കം] നാ. 1. സമുദ്രത്തിനോ മറ്റു ജലാശയങ്ങൾക്കോ ഉണ്ടാകുന്ന ഭാവപ്പകർച്ച, മേഘങ്ങൾ വന്നുമൂടുക, ജലം ഇളകിമറിയുക, ശക്തമായി കാറ്റുവീശുക മുതലായവ; (ആല.) ക്ഷോഭം, ഇളക്കം, ഒച്ചപ്പാട്, പ്രക്ഷോഭം, ഭാവപ്പകർച്ച.
കോള്1 [<കൊൾ] നാ. 1. കൊള്ളൽ, സ്വീകരിക്കൽ; 2. വില; 3. വിലയ്ക്കുവാങ്ങൽ; 4. കച്ചവടം; 5. വിലക്കയറ്റം, പ്രിയം; 6. ലാഭം, ആദായം; 7. ചെലവ്; 8. നികുതി, കരം; 9. ഉള്ളളവ്, ഉൾക്കൊള്ളാനുള്ള കഴിവ്; 10. ധാരാളത, ആധിക്യം; 11. ഉന്നം; 12. നോട്ടം; 13. വിവേകം; 14. അഭിപ്രായം, വിശ്വാസം; 15. തീർപ്പ്; 16. അനുഭവം; 17. ലക്ഷണം; 18. സ്വഭാവം; 19. മഴയും കാറ്റുമുണ്ടാകാനുള്ള ലക്ഷണം; 20. ഓളം, തീരം; 21.

കൊടുങ്കാറ്റ്, കടൽക്ഷോഭം മുതലായവ; 22. സമയം, സന്ദർഭം; 23. സൗകര്യം; 24. നല്ലത്; 25. കായ്ക്കുന്ന കാലം; 26. വിളവെടുപ്പു സമയം; 27. മെച്ചം, ഗുണം; 28. പ്രതിഫലം, കൂലി; 29. സന്തോഷം; 30. ഇഷ്ടം; 31. ഒരായം ചേരൽ (ആശാരിപ്പണിയും മറ്റും); 32. അഴക്; 33. ആപത്ത്; 34. അപമാനം; 35. ഉപദ്രവം; 36. മുറിവ്; 37. കൊല; 38. സൂത്രം; 39. ഏഷണി; 40. കരാറ്; 41. കരുത്ത്, സാമർഥ്യം; 42. മൂർച്ച; 43. പ്രകാശം; 44. വേട്ടയാടപ്പെടുന്ന മൃഗം; 45. വശം, ദിക്ക്; 46. വിഷം; 47. പാമ്പ്; 48. ഇളമ്പയ്ക്ക; 49. തഴുതണം.

കോള്2 നാ.= കോൾ2.

കോള്3 [<കോഴ്3] നാ. കലപ്പയ്ക്ക് ആഴത്തിൽ മണ്ണിളക്കാനുള്ള കഴിവ്.

കോളുകാരൻ [കോള്-കാരൻ] നാ. 1. വാങ്ങുന്നവൻ, കൊള്ളുന്നവൻ; 2. തരകൻ, ദല്ലാൾ; 3. ഊഹക്കച്ചവടം; 4. ധനികൻ.

കോളുക [<കൊള്ളുക] അനുപ്രയോഗം.

കോളെരി നാ. കോളരി.

കോളേജ് [ഇം.] നാ. = കാളേജ്.

കോഴ1 നാ. 1. ആക്രമം, ബലപ്രയോഗം, ഹിംസ; . കപ്പം; 3. കരം, നികുതി; 4. ഭയപ്പെടുത്തിയോ നിർബന്ധിച്ചോ വാങ്ങുന്ന സംഭാവന; 5. കൈക്കൂലി.

കോഴ2 നാ. 1. ലജ്ജ, സങ്കോചം, മടി, ഭയം ചാഞ്ചല്യം; 2. ദുഃഖം, വിഷമം, തടസ്സം; 3. തളർച്ച; 4. കുറ്റം, കുറവ്. കോഴകാണിക്കുക = മറ്റൊരാളിൻെറ കുറവുകൾ അനുകരിച്ചഭിനയിക്കുക.

കോഴ3 നാ. വിറകുകൊള്ളി.

കോഴ4 [<സം. ഘോഷാ] നാ. 1. പീച്ചിൽ; 2. കോവവള്ളി. കോഴയ്ക്ക = കോവയ്ക്ക.

കോഴകൊട [കോഴ1-കൊട] നാ. താണജാതിക്കാരുടെ4 വിവാഹനിശ്ചയം. കോഴകൊടയാൻ = 1. മകളുടെ ഭർത്താവിൻെറ പിതാവ്; 2. മകൻെറ ഭാര്യയുടെ പിതാവ്.

കോഴനാഴി [കോഴ1-നാഴി] നാ. കള്ളനാഴി.

കോഴപ്പാട് [കോഴ2-പാട്]നാ. ബുദ്ധിമുട്ട്, വിഷമം, ഭയം, സങ്കോചം.

കോഴി നാ. മുട്ടയ്ക്കും മാംസത്തിനും വേണ്ടി വളർത്തുന്ന ഒരു പക്ഷി. (പ്ര.) കോഴികിണ്ടിയതുപോലെ = താറുമാറായി; കോഴികൂവുക = പ്രഭാതമാകുക; കോഴി കോട്ടുവാ ഇട്ടപോലെ = നിസ്സാരമായ; കോഴിക്കു മുലവരുക = അസംഭവ്യമായ കാര്യം; കോഴിപ്പിടിക്ക = രഹസ്യക്കാരികളെ തേടിപ്പിടിക്കുക; കോഴിയുടെ മുലയൂട്ട് = ഒരിക്കലും നടക്കാത്ത കാര്യത്തിൽ പ്രതീക്ഷ വിടാതിരിക്കുക. കോഴിയുറക്കം = ലഘുനിദ്ര; കോഴിവിളിപ്പാട് = കോഴി കേൽക്കാവുന്ന ദൂരം.

651

കോഴിക്കാമം [കോഴി- സം. കാമ] നാ. 1. പെട്ടന്നു ഇന്ദ്രിയസ്ഖലനമുണ്ടാകുന്ന സംഭോഗം; 2. തുടരെത്തുടരെ സംഭോഗം ചെയ്യാനുള്ള ഇച്ഛ.

കോഴിക്കാരം [കോഴി-കാരം] നാ. കോഴിയുടെ മലം പൊടിഞ്ഞുണ്ടാകുന്ന വളം.

കോഴിക്കാലൻ [കോഴി-കാലൻ] നാ. 1. കോഴിയുടേതുപോലെ മെലിഞ്ഞു നീണ്ടകാലുള്ളവൻ.

കോഴ്ക്കാവടി [കോഴി-കാവടി] നാ. സുബ്രഹ്മണ്യക്ഷേത്രങ്ങളിൽ വഴിപാടായി നടത്തുന്ന ഒരിനം കാവടി.

കോഴിക്കൊടിയോൻ [കോഴി-കൊടി-ഓൻ]നാ. കോഴി കൊടിയടയാളമായവൻ, സുബ്രഹ്മണ്യൻ.
കോഴിക്കോട് നാ. ഉത്തരകേരളത്തിലെ പ്രസിദ്ധമായ ഒരു തുറമുഖപട്ടണം, സാമൂതിരിമാരുടെ തലസ്ഥാനം.
കോഴ്പ്പാമ്പ് [കോഴി-പാമ്പ്]നാ. മണ്ണിരപോലെയുൾല ഒരു ജീവി.
കോഴിപ്പൂവൻ [കോഴി-പൂവൻ] നാ. 1. പൂവങ്കോഴി; 2. ഒരിനം മധുരക്കിഴങ്ങ്; 3. ഉഗ്രവിഷമുള്ള ഒരുതരം പാമ്പ്.
കോഴിപ്പോര് [കോഴി-പോര്] നാ. 1. കോഴികൾ തമ്മിലിടഞ്ഞ് കൊത്തുകൂടുന്നത്; 2. കോഴികൾ തമ്മിലുള്ള പോരിനെ അനുകരിച്ച് മനുഷ്യൻ നടത്തുന്ന ഒരുതരം കളി, പടയണിയിലെ ഒരിനം; 3. വലിയ മത്സരം; 4. നിസ്സാരമായ ഒരു സംഭവം.
കോഴിപ്രാണൻ [മ.കോഴി-സം. പ്രാണ] നാ. അൽപപ്രാണൻ, അശക്തൻ, നിസ്സാരൻ.
കോഴിമുട്ടവിളക്ക് [കോഴി-മുട്ട-വിളക്ക്] നാ. ഒരുതരം ചെറിയ മണ്ണെണ്ണ വിളക്ക് (കോഴിമുട്ടയുടെ ആകൃതിയിലുള്ള ചിമ്മിനിയോടു കൂടിയുള്ളത്).
കോഴിമുള്ള് നാ. പൂവങ്കോഴിയുടെ കാലിൽ വിരലുകൾക്ക് അൽപം മുകളിലായി മുള്ളുപോലെ വളർന്നു നിൽക്കുന്ന അവയവം.
കോഴിയങ്കം [കോഴി-അങ്കം] നാ. പരിശീലനം സിദ്ധിച്ച കോഴികൾ തമ്മിലുൾല പോര്.
കോർ [കോറുക] ധാതുരൂപം.
കോറ1 നാ. 1. ഒരിനം ധാമ്യം, മുത്താറി, കോറപ്പുല്ല്; 2. പായനെയ്യാനുപയോഗിക്കുന്ന ഒരിനം പുല്ല്.
കോറ2 നാ. 1. വെളുപ്പിക്കാത്ത തുണി; 2. പാകമാകാത്തത്; 3. വിളവെത്തിയതും പഴുക്കാത്തതുമായ പാക്ക്.
കോറം [ഇം. ”ഉഒരം] നാ. ഒരു സമിതിയുടെ കാര്യാലോചനയ്ക്കു കൂടിയേ തീരൂ എന്നു തിട്ടപ്പെടുത്തിയിട്ടുള്ള അങ്ഗസങ്ഖ്യ.
കോറൽ1 [<കോറുക] നാ. വരഞ്ഞുകീറൽ, പോറൽ; വര, രേഖ.
കോറൽ2 [<കോറുക] നാ. വിചാരം, ആഗ്രഹം.
കോറുക1 ക്രി. 1. വരഞ്ഞുകീറുക, പോറുക, മാന്തുക; 2. കൊത്തിയുണ്ടാക്കുക; 3. കുറിക്കുക.
കോറുക2 ക്രി. വിചാരിക്കുക, ഉദ്ദേശിക്കുക, ആഗ്രഹിക്കുക.
കോറുകണ്ണ് [കോറ്1-കണ്ണ്] നാ. കോങ്കണ്ണ്.
കോറുവാ [കോറ്1-വാ] നാ. 1. വായുടെ അറ്റം; 2. നിന്ദാവാക്ക്, കുത്തുവാക്ക്; 3. കുറ്റപ്പെടുഥൽ; 4. ജലാശയങ്ങൾ കരയ്ക്കുള്ളിലേക്കു കടന്നുണ്ടാകുന്ന കീറൽ.
കോറുവാക്ക് [കോറ്1-വാക്ക് < സം. വാച്] നാ. വേദനിപ്പിക്കുന്ന വാക്ക്.
കോറുവാലി [< കോറുവാ-ഒലി] നാ. ഈത്തുവാ.
കോറ്റേൻ [കോൽ-തേൻ] നാ. = കോൽതേൻ.
കൗ [സം.] നാ. രണ്ട്.
കൗക്കുടികൻ [സം. കൗക്കുടിക] നാ. 1. കോഴിയെ വിൽക്കുന്നവൻ. കോഴിയെ വളർത്തുന്നവൻ; 2. ഒരു താണജാതി; 3. ഒരു പ്രതേകവിഭാഗത്തിൽപ്പെട്ട സന്യാസി (കീടങ്ങളെ ചവിട്ടുമെന്നു ശങ്കിച്ചു എപ്പോഴും തറയിൽ നോക്കി നടക്കുന്നവൻ); 4. കാപടികൻ, കപടഭക്തിക്കാരൻ; 5. ദൂരദൃഷ്ടിയില്ലാത്തവൻ.

കൗക്ഷ [സം. <കുക്ഷി] വി. 1. കുക്ഷിയെ സംബന്ധിച്ച; 2. പാർശ്വസ്ഥമായ.

കൗക്ഷേയ [സം. കുക്ഷി] വി. 1. കുക്ഷിയിലുള്ള; 2. ഉറയിലിരിക്കുന്ന.

കൗക്ഷേയം [സം.] നാ. 1. വാൾ; 2. കഠാരി.

കൗങ്കണ [സം. <കൊങ്കണ] വി. കൊങ്കണ ദേശത്തെ സംബന്ധിച്ച.

കൗങ്കണി [സം. കൗങ്കണീ] നാ. ഏകാക്ഷരാവൃത്തിയിൽ പെട്ട ഒരു അനുപ്രാസം.

കൗങ്കം [സം. <കൊങ്ക] നാ. കൊങ്കണദേശം.

കൗങ്കുമം [സം. <കുങ്കുമ] നാ. 1. കുങ്കുമത്തെ സംബന്ധിച്ചത്, കുങ്കുമം കലർന്നത്; 2. കുങ്കുമത്തിൻെറ വർണമുള്ളത്, ചുവന്നത്.

കൗചുമാരം [സം.] നാ. ശരീരത്തിനു സൗഭാഗ്യമുണ്ടാക്കാനുള്ള ഔഷധയോഗങ്ങൾ, അവ നിർമിക്കുന്ന ശാസ്ത്രം.

കൗച്ചി [സം. ച്ഛൗചെ] നാ. ഒരിനം കസേര, ചാരിയിരിക്കാനും കിടക്കാനും ഉപയോഗം.

കൗജ [സം. <കുജ] വി. കുജനെ സംബന്ധിച്ച.

കൗഞ്ജര വി. കുഞ്ജരത്തെ സംബന്ധിച്ച.

കൗട1 [സം. <കുടി] വി. 1. കുടിയെ സംബന്ധിച്ച; 2. സ്വന്ത ഗൃഹത്തിൽ പാർക്കുന്ന; 3. വീടുവിട്ടു വെളിയിൽ സഞ്ചരിച്ചിട്ടില്ലാത്ത.

കൗട2 [സം. ,കൂട] വി. 1.ചതിവുള്ള, കള്ളമുള്ള, വ്യാജമായ; 2. മര്യാദയില്ലാത്ത; 3. കുടുക്കുള്ള.

കൗടകൻ [സം.] നാ. 1. കുരുക്കുവച്ചു ജന്തുക്കളെ പിടിക്കുന്നതു തൊഴിലായിട്ടുള്ളവൻ; 2. പക്ഷികളുടെയോ മൃഗങ്ങളുടെയോ മാംസം വിൽക്കുന്നവൻ, വേട്ടക്കാരൻ, കശാപ്പുകാരൻ.

കൗടതക്ഷൻ [സം. കൗട1-തക്ഷ] നാ. കുടിയിൽ പാർക്കുന്ന തച്ചൻ, സ്വതന്ത്രമായി വേലചെയ്യുന്ന തച്ചൻ, ആർക്കും അധീനനല്ലാത്ത തച്ചൻ.

കൗടഭി [സം. കൗടഭീ] നാ. കൈടഭി, ദുർഗ.

കൗടം1 [സം. < കൂട] നാ. 1. ചതി; 2. കൾലം; 3. ഒരിനം രത്നം (മലയപർവത്തിൽ ഉണ്ടാകുന്നത്).

കൗടം2 [സം. കൗട] നാ. കുടജം, കുടകപ്പാല.

കൗടലീയം [സം. കൗടല്യ < കുടല] നാ. കൗടല്യൻെറ അർഥശാസ്ത്രം എന്ന ഗ്രന്ഥം.

കൗടല്യൻ [സം.] നാ. ചന്ദ്രഗുപതമൗര്യൻെറ അമാത്യൻ, ചാണക്യൻ, കൗടില്യൻ.

കൗടസാക്ഷി [സം. കൗട2-സാക്ഷിൻ] നാ. കള്ളസാക്ഷി.

കൗടി നാ. = കവടി.

കൗടിക [<സം. കൂട] വി. 1. വലയെ അഥവാ കുരുക്കിനെ സംബന്ധിച്ച; 2. പക്ഷികളെ പിടിക്കുന്ന; 3. ചതിയുള്ള, വ്യാജമുള്ള.

കൗടിലിക വി. പക്ഷികളെ പിടിക്കുന്ന. കൗടിലികൻ [സം. കൗടിലിക] ' കുടിലിക എന്ന ഉപകരണം പ്രയോഗിക്കുന്നവൻ.'നാ. കൊല്ലൻ.

കൗടിലികം [സം. കൗടിലിക] നാ. മാൻ.

കൗടിലീയം നാ. = കൗടലീയം.

കൗടില്യൻ നാ. കൗടല്യൻ.

കൗടില്യം നാ. 1. കുടിലത, കപടനീതി; 2. വളവ്; 3. മുടിയുടെ ചുരുള്; 4. വലിയ മുള്ളങ്കി; 5. കൗടില്യൻെറ അർഥശാസ്ത്രം എന്ന ഗ്രന്ഥം.

കൗടീര്യ [സം. കൗടീര്യാ] നാ. ദുർഗ.

കൗടുംബ [സം. <കുടുംബ] വി. 1. കുടുംബത്തെ സംബന്ധിച്ച; 2. കുടുംബത്തിലേക്കാവശ്യമുൾല.

കുടുംബം നാ. കുടുംബബന്ധം, ബന്ധുത്വം. കൗടുംബിക [സം.] വി. 1. കുടുംബത്തെ സംബന്ധിച്ച; 2. കുടുംബത്തിലുള്ള, കുടുംബത്തിലെ അങ്ഗമായ; 3. കുടുംബഭരണത്തിൽ വ്യാപൃതനായ.

കൗടുംബികൻ [സം.] നാ. 1. കുടുംബത്തിൻെറ നായകൻ, ഗൃഹനാഥൻ, പിതാവ്; 2. കുടുംബകാര്യം നോക്കാനായി ചുമതലപ്പെടുത്തിയ ഭൃത്യൻ.

കൗട്ടന്യം [സം.] നാ. കൂട്ടിക്കൊടുക്കൽ. (വേശ്യാവൃത്തിക്കു വേണ്ടി).

കൗൺസിൽ [ഇം. ച്ചൗൻചിൽ] നാ. കൂടിയാലോചനയ്ക്കോ ചർച്ചയ്ക്കോ ഉപദേശത്തിനോ നിയമനിർമാണത്തിനോ വേണ്ടി രൂപവത്കരിക്കുന്ന സമിതി, പാർലമെൻറിൻെറ ഉപരി മണ്ഡലം.

കൗൺസിലർ [ഇം. ച്ചൗൻചില്ലൊർ] നാ. കൗൺസിലിലെ അങ്ഗം.

കൗണപ [സം.] വി. 1. കുണപത്തിൽ (ശവത്തിൽ) നിന്നുണ്ടായ, കുണപസംബന്ധിയായ; 2. ശവം ഭക്ഷിക്കുന്ന, രാക്ഷസസംബന്ധിയായ, രാക്ഷസവൃത്തിയായ.

കൗണപദന്തൻ [സം. കൗണപ-ദന്ത] നാ. ഭീഷ്മർ.

കൗണപൻ [സം. < കുണപ (കോണപ)] നാ. 1. രാക്ഷസൻ (കോണപൻെറ വംശത്തിലിണ്ടായവൻ എന്നും കുണപം (ശവം) ഭക്ഷിക്കുന്നവൻ എന്നും); 2. പാപി; 3. ഒരു നാഗം, വാസുകിയുടെ പുത്രൻ.

കൗണപാശനൻ [സം. കൗണപ-അശന] നാ. 1. ഒരു നാഗശ്രേഷ്ഠൻ; 2. രാക്ഷസൻ.

കൗണഭൂമി [സം. കൗണ (< കവണ)- ഭൂമി] നാ. തെക്കുങ്കൂർ രാജ്യം.

കൗണിക [സം. < കോണ] വി. കോണത്തെ സംബന്ധിച്ച, ത്രികോണരൂപത്തിലുള്ള.

കൗണിനദി (കവണ എന്ന പദം സംസ്കൃതീകരിച്ചതാണ് കൗണി) നാ. കൗണാറ്.

കൗണ്ടൻ നാ. വെള്ളാളരിലെ ഒരു അവാന്തരജാതി.

കൗണ്ടർ1 [ഇം. ച്ചൗൻെറർ] വി. പ്രതിപ്രവർത്തനം നടത്തുന്ന, എതിർക്കുന്ന, എതിരായിട്ടുള്ള. ഉദാ. കൗണ്ടർകേസ്, കൗണ്ടർപത്രിക.

കൗണ്ടർ2 [ഇം. ച്ചൗൻെറർ] നാ. ബാങ്ക്, ബുക്കിങ് ഓഫീസ് തുടങ്ങിയവ ഇടങ്ങളിൽ പണം എണ്ണിവാങ്ങുന്നതിനും കൊടുക്കുന്നതിനും മറ്റുമുള്ള കിളിവാതിലോടുകൂടിയ സംവിധാനം.

കൗണ്ഠ്യം [സം. ,കുണ്ഠ] നാ. മൂർച്ചയില്ലായ്മ.

കൗണ്ഡല [സം. <കുണ്ടല] ‘ കുണ്ഡലത്തെ സംബന്ധിച്ച.’ വി. കുണ്ഡലത്തോടു കൂടിയ, കുണ്ഡലത്തോടു ബന്ധപ്പെട്ട, കുണ്ടലമായിട്ടുള്ള.

കൗഡിന്യൻ [സം. നാ. ഒരുമുനി, കൗണ്ഡിന്യഗോത്രത്തിൽ ജനിച്ചവൻ.

കൗണ്ഡിന്യം [സം.] നാ. 1. പ്രസിദ്ധങ്ങളായ പത്തു ബ്രാഹ്മണഗോത്രങ്ങളിലൊന്ന്; 2. വിഷമുള്ള ഒരു കീടം, തേൾ; 3. തുമ്പച്ചെടി.

കൗണ്ഡ്യ [സം. < കുണ്ഡി] വി. കുണ്ഡി (കിണ്ടി)യെ സംബന്ധിച്ച, കിണ്ടിയിൽനിറച്ച.
കൗണ്യം [സം. <കുണി] 'കുണിയായിരിക്കുന്ന അവസ്ഥ.' നാ. കൈകളെ ബാധിക്കുന്ന തളർവാതം.
കൗതുകതോരണം [സം. കൗതുക-തോരണ] നാ. ഉത്സവങ്ങളും മറ്റും പ്രമാണിച്ചു കെട്ടിയുണ്ടാക്കുന്ന കമാനം.
കൗതുകബന്ധനം [സം. -ബന്ധന] നാ. 1. മങ്ഗല്യസൂത്രം ബന്ധിക്കുന്ന ക്രിയ, താലികെട്ടുകർമം; 2. കാപ്പുകെട്ടൽ; 3. ചിലപ്രത്യേകചടങ്ങുകളോടനുബന്ധിച്ച് ദേവവിഗ്രഹത്തിലും മറ്റും മന്ത്രപൂർവം കരിമ്പടം പട്ടുനൂൽ മുതലായവകൊണ്ടു ചെയ്യുന്ന രക്ഷാബന്ധനം.
കൗതുകം [സം. <കൗതുക] നാ. 1. ആഗ്രഹം; 2. താത്പര്യം, ആകാങ് ക്ഷ; 3. സന്തോഷം, ഉത്സാഹം, ഉല്ലാസം, രസം, ക്ഷേമം; 4. ഉത്സവം, കാഴ്ച്ച; 5. വിനോദം, കളി; 6. ഉല്ലാസത്തിൻെറ (ഉത്സവത്തിൻെറ) കാലം; 7. സന്തോഷമോ താത്പര്യമോ അത്ഭുതമോ ജനിപ്പിക്കുന്ന വസ്തു അല്ലെങ്കിൽ കാര്യം; 8. കാത്തിരിപ്പ്; 9. പാട്ട്; 10. നൃത്തം; 11. മങ്ഗളകർമം (പ്രത്യേകിച്ചു താലികെട്ട്); 12. മങ്ഗല്യസൂത്രം, വിവാഹത്തിനു വധുവിനെ അണിയിക്കുന്ന മാല; 13. രക്ഷാബന്ധനം, കാപ്പ്. (മങ്ഗളകർമം പ്രമാണിച്ചു കെട്ടുന്നത്); 14. ഒരു അഭിവാദനസമ്പ്രദായം; 15. പ്രദക്ഷിണം; 16. ആറാട്ടിന് എഴുന്നള്ളിക്കുന്ന ബിംബം; കൗതുകക്രിയ = 1. മങ്ഗളകർമം; താലികെട്ടുന്ന കർമം, വിവാഹകർമം.
കൗതുകമങ്ഗളം [സം. കൗതുക-മങ്ഗല] നാ. 1. കാപ്പുകെട്ടൽ എന്നമങ്ഗളക്രിയ; 2. വിവാഹത്തിനു മുമ്പായി മങ്ഗല്യസൂത്രം ബന്ധിക്കുന്ന കർമം.
കൗതുകവസ്തു [സം. -വസ്തു] നാ. 1. ആകർഷകമായ വസ്തു; 2. താരതമ്യേനവിലകുറഞ്ഞതും കാഴ്ച്ചയ്ക്കു ഭങ്ഗിയുള്ളതുമായ വസ്തു.
കൗതുകവിൽപ്പന [സം. കൗതുക- മ.വിൽപ്പന] നാ. പൊതു പ്രാധാന്യമുള്ളകാര്യങ്ങൾക്കു ധനം സ്വരൂപിക്കുന്നതിനായി ആകർഷകമായ വസ്തുക്കൾ വിൽക്കുന്ന സമ്പ്രദായം, ഉത്സവങ്ങളോടും മറ്റും അനുബന്ധിച്ചു കൗതുകവസ്തുക്കൾ വിൽക്കുന്ന നടപടി.
കൗതുകവേദി [സം. -വേദീ] നാ. കതിർമണ്ഡപം, വിവാഹമണ്ഡപം.
കൗതുകസൂത്രം [സം. -സൂത്ര]നാ. കെട്ടുതാലി, മങ്ഗല്യസൂത്രം.
കൗതുകാലയം [സം. -ആലയ] നാ. കാഴ്ചബങ്ഗ്ലാവ്.
കൗതുകി [സം. <കുതുകിൻ] വി. 1. കൗതുകത്തോടുകൂടിയ, താത്പര്യമുള്ള, ആഗ്രഹമുള്ള; 2. വിനോദശീലമുള്ള; 3. ആഡംബരമുള്ള.നാ. വിവാഹകർമം നടത്തിക്കുന്ന പുരോഹിതൻ.
കൗതൂഹലം [സം. <കുതൂഹല] നാ. കൗതുകം.
കൗതൂഹല്യം നാ. കൗതൂഹലത്തോടുകൂടിയ അവസ്ഥ.
കൗത്സൻ [സം.] നാ. 1. ഒരു മുനി; 2. ജൈമിനി മഹർഷി.
കൗത്സം [സം. <കുത്സ] നാ. ദേവസൂക്തം.
കൗദാലികൻ [സം.] നാ. സങ്കരവർഗത്തിൽപ്പെട്ടവൻ (മുക്കുവന് അലക്കുകാരിയിൽ ജനിച്ച പുത്രൻ).
കൗദാശികം [<സുറി. കുദാശ] നാ. കൂദാശയെ സംബന്ധിച്ചത്.
കൗദ്രവികം [സം. <കോദ്രവ] നാ. തുവർച്ചിലയുപ്പ്.
കൗദ്രവീണം [സം.] നാ. കോദ്രവം (വരകു വിളയുന്ന സ്ഥലം).

കൗനഖ്യം [സം. <കുനഖ] നാ. 1. കുനഖം (നഖരോഗം) ബാധിച്ച അവസ്ഥ; 2. നഖങ്ങളിലെ വൈരൂപ്യം.
കൗന്തളർ [സം. <കുന്തല] നാ. പൗരാണിക ഭാരതത്തിലെ ഒരു ജനവർഗം.
കൗന്തളി [സം. < കുന്തല] നാ. ഏകാക്ഷരാവൃത്തിയിൽപ്പെട്ട ഒരു അനുപ്രാസം.
കൗന്തികൻ [സം.] നാ. കുന്തക്കാരൻ, കുന്തം ഏന്തിയവൻ.
കൗന്തേയൻ [സം.] നാ. കുന്തിയുടെ പുത്രൻ.
കൗപ [സം. <കൂപ] വി. കൂപസംബന്ധിയായ.
കൗപം [സം.] നാ. കിണററുവെള്ളം
653
കൗപീന(കം) [സം.] നാ. 1. കോണകം; 2. കീറത്തുണി; 3. ഗുഹ്യപ്രദേശം; 4. സംഭോഗം കൊണ്ടുണ്ടാകുന്ന അശുദ്ധി; 5. പരസ്ത്രീഗമനം. (പ്ര.) കൗപീനമാക്കുക = വ്യഭിചരിക്കുക. കൗപീനശുദ്ധൻ = പരസ്ത്രീ സംഭോഗം ചെയ്യാത്തവൻ.
കൗബേര [സം. <കുബേര] വി. 1. കുബേരനെ സംഭന്ധിച്ച; 2. കുബേരതുല്യമായ; 3. കുബേരപദവിയോടുകൂടിയ.
കുബേരത, -ത്വം [സം. കുബേര-താ, -ത്വ] നാ. സമ്പന്നത.
കൗബേരം [സം. <കുബേര] നാ. 1. ചൈത്രരഥമെന്ന വനപ്രദേശം; 2. വടക്കുദിക്ക്; 3. കൊട്ടം.
കൗബേരി [സം.] നാ. 1. കുബേരൻെറ ശക്തി; 2. ഒരു ശാന്തി ഹോമം; 3. ഒരിനം ഊറ്റ്; 4. ഒരു രാഗം; 5. കുബേരസഭ.
കൗമ[സുറി.] നാ. നമസ്കാരത്തിനിടയ്ക്ക് എണീറ്റുനിന്നുകൊണ്ടുള്ള പ്രാർഥന.
കൗമാര [സം. <കുമാര] വി. 1. ബാല്യസംബന്ധിയായ; 2. യുവസഹജമായ; 3. കോമളമായ; 4. സുബ്രഹ്മണ്യനെ സംബന്ധിച്ച.
കൗമാരഭൃത്യം [സം. കൗമാര-ഭൃത്യ] നാ. 1. ശിശുപരിചരണം; 2. ശിശുചികിത്സ വിവരിക്കുന്ന ആയുർവേദവിഭാഗം.
കൗമാരം [സം.] നാ. 1. ബാല്യം കഴിഞ്ഞു യൗവനം പ്രാപിക്കുന്നതുവരെയുള്ള പ്രായം; 2. ഒരു പർവതം; 3. പതിനെട്ട് ഉപപുരാണങ്ങളിൽ ഒന്ന്; 4. ഭ്രാന്തിൻെറ പതിനെട്ടു വകഭേദങ്ങളിൽ ഒന്ന്.
കൗമാരസൃഷ്ടി [സം. കൗമാര-സൃഷ്ടി] നാ. ബ്രഹ്മാവിൻെറ സൃഷ്ടികളിലൊന്നാമത്തേത് (പ്രാകൃതം, വൈകൃതം എന്നീ വിഭാഗങ്ങളോടുകൂടിയത്).
കൗമാരഹാരി [സം. -ഹാരിൻ] നാ. കന്യകാത്വം നശിപ്പിച്ചവൻ, കന്യകയെ വിവാഹം കഴിച്ചവൻ.
കൗമാരി [സം. കൗമാരീ] നാ. 1. കന്യക; 2. കന്യകയായ ഭാര്യ; 3. ആദ്യഭാര്യ; 4. സപ്തമാതൃക്കളിൽ ഒരുവൾ; 5. പാർവതി; 6. പന്നിക്കിഴങ്ങ്; 7. കൗമാരൻ.
കൗമാരികൻ [സം.] നാ. 1. പെണ്മക്കൾ മാത്രമുള്ളവൻ; 2. പെണ്മക്കളെ കൂടുതൽ ഇഷ്ടപ്പെടുന്ന പിതാവ്.
കൗമാരികേയൻ [സം.] നാ. കന്യകാപുത്രൻ (വിവാഹം കഴിക്കാത്ത സ്ത്രീ പ്രസവിച്ച പുത്രൻ).
കൗമ്[അറ.] സമുദായം, ജനത, ഗോത്രം.
കൗമുദം [സം.] നാ. കാർത്തികമാസം.
കൗമുദവ്രതം [സം. കൗമുദ-വ്രത] നാ. ഒരു വ്രതം.

കൗമുദി [സം. കൗമുദീ] നാ. 1. നിലാവ്; 2. കാർത്തികമാസത്തിലെ വെളുത്ത വാവ്; 3. ഉത്സവം; 4. ദീപക്കാഴ്ച; 5. ഒരു സംസ്കൃതവ്യാകരണഗ്രന്ഥം.

കൗമുദീജീവനം [സം. കൗമുദീ-ജീവന] നാ. ചകോരപ്പക്ഷി, ഉപ്പൻ.

കൗമുദീവൃക്ഷം [സം. -വൃക്ഷ] നാ. വിളക്കുമരം, വിളക്കുകാൽ.

കൗമോദകി [സം.] നാ. വിഷ്ണുവിൻെറ ഗദ.

കൗമോദം [സം. <കുമോദ] ന. ഭൂമിയ്ക്കു മോദത്തെ കൊടുക്കുന്നത്.

കൗമ്മാ നാ. = കൗമ.

കൗർപ്പം, -പ്പി [സം. കൗർപി] നാ. വൃശ്ചികം രാശി.

കൗർമ [സം. <കൂർമ] വി. കൂർമത്തെ (ആമയെ) സംബന്ധിച്ച.

കൗർമം [സം.] നാ. 1. ഒരു കൽപം; 2. അഷ്ടാദശപുരാണങ്ങളിൽ ഒന്ന്; 3. ഉപപുരാണങ്ങളിൽ ഒന്ന്; 4. ഒരു രതിബന്ധം; 5. ഔഷധമായി പ്രയോഗിക്കാവുന്ന എട്ടിനം വിഷങ്ങളിൽ ഒന്ന്.

കൗരവൻ [സം. <കുരു] നാ. 1. പുരാണപ്രസിദ്ധനായ കുരുരാജാവിൻെറ പിന്മുറക്കാരൻ; 2. ധൃതരാഷ്ട്രരുടെ പുത്രൻ; 3. കദ്രുവിൻെറ പുത്രനായ ഒരു സർപ്പം.

കൗരവ്യൻ [സം.] നാ. (ബ.വ.) 1. കുരുവംശത്തിൽപ്പെട്ടവൻ; 2. ദുര്യോധനൻ; 3. ഒരു നാഗപ്രമുഖൻ (ഉലൂപിയുടെ പിതാവ്).

കൗല [സം. <കുല] നാ. 1. നല്ലകുലത്തിൽ പിറന്ന; 2. വംശപാരമ്പര്യമനുസരിച്ചുള്ള; 3. സജാതീയഗണത്തിൽപ്പെട്ട.

കൗലകേയ [സം.] വി. നല്ലകുലത്തിൽ ജനിച്ച.

കൗലടേയൻ [സം. < കുലടാ] നാ. 1. ഭിക്ഷയെടുത്തു ജീവിക്കുന്ന സ്ത്രീയുടെ പുത്രൻ; 2. കുലടയുടെ പുത്രൻ.

കൗലത്ഥീനം [സം. < കുലത്ഥ] നാ. മുതിര വിളയുന്നതിനു പറ്റിയ ഭൂമി.

കൗലപത്യം [സം. < കുല-പതി] നാ. കുലപതിയായിരിക്കുന്ന സ്ഥിതി.

കൗലമതം [സം. <കുല] നാ. ഒരു ശൈവമതവിഭാഗം.

കൗലാല [സം. <കുലാല] നാ. കുശവനെ സംബന്ധിച്ച.

കൗലാലം [സം.] നാ. മൺപാത്രം.

കൗലിക [സം.] വി. 1. പരമ്പരാഗതമായ കുലത്തെ സംബന്ധിച്ച; 2. നെയ്ത്തിനെ സംബന്ധിച്ച.

കൗലീന [സം.] വി. നല്ല കുലത്തിൽ ജനിച്ച.

കൗലീനൻ [സം.] നാ. 1. നല്ല കുലത്തിൽ ജനിച്ചവൻ; 2. കൗളാചാരങ്ങൾ അനുഷ്ഠിക്കുന്നവൻ; 3. ഭിക്ഷക്കാരിയുടെ മകൻ.

കൗലീനം [സം.] നാ. 1. കുലീനത; 2. അപവാദം; 3. ആക്ഷേപാർഹമോ ക്രമരഹിതമോ ആയ പ്രവൃത്തി; 4. ഭിന്നകുലത്തിൽപ്പെട്ട ജീവികൾ തമ്മിലുൾല യുദ്ധം.

കൗലീന്യം [സം.] നാ. 1. കുലീനത, കുലമഹിമ, വിഷമതകൾ തുടങ്ങിയവ.

കൗലേയക [സം.] വി. ഉയർന്ന കുടുംബത്തിലെ അങ്ഗമായ, നല്ല കുലത്തിൽ ജനിച്ച.

കൗലേയം1 [സം.] നാ. ഒരിനം മുത്ത്.

കൗലേയം2 [സം.] നാ. 1. നല്ല കുലത്തെ സംബന്ധിച്ചത്; 2. നായ്, വേട്ടപ്പട്ടി.

കൗല്യ [സം.] വി. കൗല.

കൗശ1 [സം. കുശ] വി. കുശപ്പുല്ലുകൊണ്ടുണ്ടാക്കിയ.

കൗശ2 [സം. <കോശ] വി. പട്ടുനൂൽപ്പുഴുവിൻെറ സമാധികോശത്തിൽ നിന്നുണ്ടാക്കിയ.
കൗശം [സം.] നാ. 1. പട്ട്; 2. ഒരു ജൈവവസ്തു.
കൗശലം [സം.] നാ. 1. കുശലത; 2. സൂത്രം, ഉപായം; 3. സൂത്രപ്പണികളിലുള്ള സാമർഥ്യം; 4. ക്ഷേമം, ഭാഗ്യം.
കൗശലി [സം. കൗശലീ] നാ. 1. സമ്മാനം; 2. കുശലപ്രശ്നം.
കൗശലികം [സം.] നാ. കൈക്കൂലി.
കൗശല്യ [സം.] നാ. കൗസല്യ.
കൗശല്യം [സം.] നാ. 1. കുശലത; 2. ക്ഷേമം, ഭാഗ്യം; 3. ഒരുതരം മണ്ഡപം.
കൗശിക1 [സം.] വി. കുശികൻെറ വംശത്തിൽ ജനിച്ച.
കൗശിക2 [സം.] നാ. ഒരു പുണ്യനദി.
കൗശിക3 [സം.] നാ. മൂങ്ങയെ സംബന്ധിച്ച.
കൗശിക4 [സം.] വി. ഉറയുള്ള (വാൾ, കത്തി എന്നിവ പോലെ ); 2. പട്ടുകൊണ്ടുണ്ടാക്കപ്പെട്ട.
കൗശിക5 [സം.] നാ. 1. ദുർഗയുടെ ഒരു ഭാവം; 2. പാനപാത്രം.
കൗശികൻ1 [സം.] നാ. കുശികൻെറ പുത്രൻ; 2. വസുദേവരുടെ പ്രഥമപുത്രൻ; 3. സൂര്യസാവർണിമന്വന്തരത്തിലെ സപ്തർഷിമാരിൽ ഒരാൾ; 4. ഔപവനൻെറ ഗുരുവും കൗണ്ഡിന്യൻെറ ശിഷ്യനുമായ ഒരു ആചാര്യൻ; 5. ഒരു പുരുവംശരാജാവ്; 6. ജരാസന്ധൻെറ സേനാനായകന്മാരിൽ ഒരുവൻ; 7. ഇന്ദ്രൻ; 8. ശിവൻ; 9. ഒരു സന്യാസി; 0. മൂങ്ങ.
കൗശികൻ2 [സം. <കോശ] നാ. 1. നിഘണ്ഡുകാരൻ; 2. കോശാധ്യക്ഷൻ; 3. പാമ്പാട്ടി.
കൗശികം1 [സം.] നാ. 1. ദശഗോത്രങ്ങളിൽ ഒന്ന്; 2. പ്രാചീനഭാരതത്തിലെ ഒരു ജനപദം; 3. ഒരു ഉപപുരാണം; 4. പെരുമരുത്.
കൗശികം2 [സം.] നാ. 1. മൂങ്ങ; 2. കീരി.
കൗശികം3 [സം.] നാ. 1. പട്ടുവസ്ത്രം; 2. ഗുഗ്ഗുലു; 3. ഒരുതരം വാൾവീശൽ.
കൗശീലവം [സം. <കുശീലവ] നാ. നടനവൃത്തി (കുശീലവൻെറ തൊഴിൽ).
കൗശേയം [സം.] നാ. പട്ടുവസ്ത്രം.
കൗശ്യ [സം. < കുശ] വി. കുശപ്പുല്ലുകൊണ്ടുള്ള, കുശപ്പുല്ലുവിരിച്ച.
കൗഷീതകൻ [സം.] നാ. കൗഷിതശാഖയിൽപ്പെട്ട ഒരാൾ.
കൗഷീതകം [സം.] നാ. 1. ഋഗ്വേദത്തിലെ ഒരു ബ്രാഹ്മണം; 2. നൂറ്റിയെട്ട് ഉപനിഷത്തുകളിൽ ഒന്ന്.
കൗഷീതകി [സം. കൗഷീതകീ] നാ. 1. ബ്രാഹ്മണങ്ങളിൽ ഒന്ന്; 2. ഒരു ഉപനിഷത്ത്; 3. ഋഗ്വേദത്തിൻെറ ഒരു ശാഖ; 4. ലോപാമുദ്ര.
കൗസല്യ [സം.] നാ. കോസലരാജാവിൻെറ പുത്രി; 2. ശ്രീരാമൻെറ അമ്മ.
കൗസല്യേയൻ [സം.] നാ. ശ്രീരാമൻ.
കൗസീദ [സം. <കുസീദ] വി. 1. കുസീദത്തെ സംബന്ധിച്ച; 2. പലിശ വാങ്ങുന്നതിൽ നിർബന്ധമുള്ള.
കൗസീദം [സം.] നാ. പലിശ.
കൗസീദ്യം [സം.] നാ. 1. പണം കടം കൊടുത്ത് പലിശവാങ്ങൽ; 2. അലസത, മടി.

കൗസുമം [സം. < കുസുമ] നാ. 1. പുഷ്പത്തെ സംബന്ധിച്ചത്; 2. പൂമ്പൊടി; 3. പിച്ചള നീറ്റിയുണ്ടാക്കിയ ഭസ്മം.
കൗസുമി [സം.] വി. കുസുമത്തെ സംബന്ധിച്ച.
കൗസൃതിക [സം.] വി. 1. കുസൃതിയുള്ള; 2. ചതിവുള്ള; 3. ജാലവിദ്യയുമായി ബന്ധപ്പെട്ട.
കൗസൃതികൻ [സം. <കുസൃതി] നാ. ജാലവിദ്യക്കാരൻ.
കൗസ്തുഭം [സം.] നാ. വിഷ്ണു മാറിടത്തിൽ ധരിക്കുന്ന ഒരു രത്നം.
കൗസ്തുഭവക്ഷസ്സ് = വിഷ്ണു.
കൗളകൻ [സം. കൗലക] നാ. ശാക്തേയസിദ്ധാന്തക്കാരൻ.
കൗളം [സം. കൗല] നാ. കൗളാചാരം; ശാക്തേയ സിദ്ധാന്തം.
കൗറിടം [കൗറ്-ഇടം] നാ. ശവകുടീരം നിൽക്കുന്ന സ്ഥലം.
കൗറ്, കവർ [സുറി.] നാ. = കബർ.
ക്നാനായ [സുറി.] നാ. (ക്രിസ്തു.) കേരളത്തിൽ നിലവിലുള്ള ഒരു ക്രൈസ്തവസമുദായം.
ക്നാവ് നാ. = കിനാവ്.
ക്യാന്വാസ് [ഇം. ച്നവസ്സ്] നാ. കട്ടിയും ബലവുമുള്ള ഒരിനം തുണി.
ക്യാൻസർ [ഇം. ച്ൻചെർ] നാ. ശരീരകോശങ്ങളിലും കലകളിലും മറ്റും ഉണ്ടാകുന്ന മാരകമായ വളർച്ച, അർബുദം.
ക്യാമം [അറ.] നാ. 1. അന്ത്യദിവസം, ലോകാവസാനം; 2. ആത്മാവിൻെറ പുനരുദ്ധാനദിവസം.
ക്യാമറ [ഇം. ച്മെര] നാ. ഫോട്ടോ എടുക്കുന്നതിനുള്ള ഉപകരണം.
ക്യാമ്പ് [ഇം. ച്മ്പ്] നാ. സങ്കേതം, താത്കാലികമായ താവളം.
ക്യാമ്പടിക്കുക = താത്കാലികമായി കഴിഞ്ഞുകൂടുക.
ക്യൂബിസം [ഇം. ച്ുബിസ്ം] നാ. ആധുനികചിത്രകലയിലെ ഒരു രചനാരീതി.
ക്രകച [സം. ക്രകചാ] നാ. പൂക്കൈത.
ക്രകചഛദം [സം. ക്രകച-ഛദ] 'അറപ്പുവാൾ പോലെ ഇലയുള്ളത്.' നാ. പൂക്കൈത.
ക്രകചതന്തു [സം. -തന്തു] നാ. പാരമ്പര്യഗുണങ്ങൾ അടങ്ങിയിരിക്കുന്ന ബീജമൂലതന്തു.
ക്രകചപാദം [സം. -പാദ] നാ. 1. പല്ലി; 2. ഓന്ത്.
ക്രകചം [സം.] നാ. 1. ഈർച്ചവാൾ; 2. ഒരു നരകം; 3. ഒരിനം മുള്മരം; 4. ഒരു അശുഭയോഗം; 5. പടനിലങ്ങളിൽ ഉപയോഗിക്കുന്ന ഒരുതരം വാദ്യം.
ക്രകരൻ [സം.] നാ. 1. ദശവായുക്കളിൽ ഒന്ന്; 2. ദരിദ്രൻ.
ക്രകരം [സം.] നാ. 1. ഇരുവാൽച്ചാത്തൻ; 2. തൂതുവള, ഒരു മരുന്ന്; 3. ഈർച്ചവാൾ; 4. ഒരു രോഗം.
ക്രകരാടം [സം.] നാ. ഒരിനം പക്ഷി, വാനമ്പാടി.
ക്രതു[സം.] നാ. 1. യാഗം; 2. ബ്രഹ്മാവിൻെറ മാനസപുത്രന്മാരിൽ ഒരാൾ; 3. ഒരു നക്ഷത്രം; 4. വിഷ്ണു; 5. അറിവ്; 6. സങ്കൽപം; 7. ബുദ്ധി; 8. ശക്തി; 9. ആലോചന; 10. ആരാധന; 11. ആഷാഢമാസം; 12. അവയവം; 13. യോഗ്യത; 14. ഒരു പുണ്യതീർഥം.
ക്രതുകരണഹോമം = ഒരു പ്രത്യേകതരത്തിലുള്ള ഹോമം.
ക്രതുദ്വിട്ട് [സം. -ദ്വിഷ്] നാ. 1. അസുരൻ; 2. ക്രതുധ്വംസി.

ക്രതുധ്വംസി [സം. -ദ്വംസിൻ] നാ. ശിവൻ (ദക്ഷയാഗം മുടക്കിയതിനാൽ).
ക്രതുപതി [സം. -പതി] നാ. 1. യജമാനൻ, യാഗം നടത്തുന്ന ആൾ; 2. ദേവേന്ദ്രൻ.
ക്രതുപശു [സം. -പശു] നാ. 1. യാഗത്തിലെ ബലിമൃഗം; 2. കുതിര.
ക്രതുപുരുഷൻ [സം. -പുരുഷ] നാ. വിഷ്ണു.
ക്രതുഭുക്ക് [സം. -ഭുജ്] നാ. യാഗദ്രവ്യങ്ങൾ ഭുജിക്കുന്നവൻ. നാ. ദേവൻ.
ക്രതുമയ [സം. -മയ] വി. വിവേചനശക്തിയുള്ള, നിശ്ചയമുള്ള, ബുദ്ധിശക്തിയുള്ള.
ക്രതുമാൻ [സം. -മത്] നാ. ബുദ്ധിമാൻ, വിവേകി, (സ്ത്രീ.) ക്രതുമതി.
ക്രതുമുഖൻ [സം. -മുഖ] നാ. അഗ്നി.
ക്രതുരാജൻ [സം. -രാജ] നാ. രാജസൂയം (യാഗങ്ങളിൽ ശ്രേഷ്ഠമായതിനാൽ).
ക്രതുശാല [സം. -ശാലാ] നാ. യാഗശാല.
ക്രതുഹയം [സം. -ഹയ] നാ. യാഗാശ്വം.
ക്രഥനകം [സം.] നാ. ഒട്ടകം.
ക്രഥനം [സം.] നാ. 1.കൊല; 2. ഛേദനം.
ക്രന്ദനം [സം.] നാ. 1. കരച്ചിൽ, നിലവിളി; 2. പോരിനു വിളി; 3. പൂച്ച.
ക്രന്ദം [സം.] നാ. 1. കരച്ചിൽ; 2. ഉച്ചത്തിലുള്ള വിളി. ക്രന്ദിക്കുക [<സം. ക്രന്ദ്] ക്രി. 1. നിലവിളിക്കുക, കരയുക; 2. മൂളുക, അലറുക.
655
ക്രപുകം [സം.] നാ. വിലയ്ക്കു വാങ്ങൽ.
ക്രമക [സം.] വി. 1. മുറതെറ്റാത്ത, ക്രമമായുള്ള; 2. ഒന്നിനു പുറകെ ഒന്നായി പോകുന്ന.
ക്രമകൻ [സം.] നാ. 1. മുറപ്രകാരം പഠിക്കുന്ന വിദ്യാർഥി; 2. ക്രമപാഠം ഹൃദിസ്ഥമാക്കിയിട്ടുള്ളവൻ.
ക്രമക്കേട് [സം. ക്രമ - മ. കേട്] നാ. 1. മുറയില്ലായ്മ, അടുക്കില്ലായ്മ, ചിട്ടയില്ലായ്മ; 2. മര്യാദകേട്, തെറ്റ്, സാധാരണ രീതിക്കു നിരക്കാത്തത്; 3. ന്യായമല്ലാത്തത്.
ക്രമചാരം [സം. -ചാര] നാ. (ജ്യോ.) ഗ്രഹങ്ങളുടെ നേർഗതി.
ക്രമണം [സം.] അവ്യ. മുറയ്ക്ക്, ക്രമമനുസരിച്ച്, പടിപടിയായി.
ക്രമത്താൽ, -ത്തിൽ [<സം. ക്രമത:] അവ്യ. ക്രമപ്രകാരം, മുറപോലെ, ഒന്നിനു പുറകെ ഒന്നായി.
ക്രമധ്വംസം [സം. ക്രമ -ധ്വംസ] നാ. കാവ്യദോഷങ്ങളിൽ ഒന്ന്, പദങ്ങളുടെ ക്രമം തെറ്റിക്കൽ.
ക്രമനമ്പർ [സം. ക്രമ - ഇം. നമ്പർ] നാ. തുടർച്ചയായി വരുന്ന സങ്ഖ്യ.
ക്രമനില [സം. ക്രമ- മ. നില]നാ. 1. സമനില, സമാധാന സ്ഥിതി; 2. മര്യാദ, നാട്ടുനടപ്പ്.
ക്രമപാഠം [സം. -പാഠ] നാ. ഒരു വേദപാരായണരീതി.
ക്രമപ്പലിശ [സം. ക്രമ - മ. പലിശ] നാ. നിയമപ്രകാരമുള്ള പലിശ, ന്യായപ്പലിശ.

ക്രമപ്രശ്നം [സം. -പ്രശ്ന] നാ. നടപടിക്രമങ്ങളെക്കുറിച്ച് അധ്യക്ഷനോട് അങ്ഗങ്ങൾ ഉന്നയിക്കുന്ന സംശയം (നിയമസഭപോലെ നിയതമായ പെരുമാറ്റച്ചട്ടങ്ങളുള്ള സമിതികളിൽ).
ക്രമഭങ്ഗം [സം. -ഭങ്ഗ] നാ. അടുക്കിലോ ചിട്ടയിലോ ഉള്ള തെറ്റ്, അടുക്കില്ലായ്മ, ചിട്ടയില്ലായ്മ.
ക്രമഭിന്നം [സം. -ഭിന്ന] നാ. (ഗണിത.) അംശത്തെക്കാൾ വലിയ ഛേദത്തോടുകൂടിയ ഭിന്നം, സാധാരണഭിന്നം.
ക്രമം [സം.] നാ. 1. മുറ, പൂർവാപരസംബന്ധമായ നിയമം, രീതി, കുഴപ്പമില്ലായ്മ; 2. വേദം ചൊല്ലുന്ന രീതികളിൽ ഒന്ന്; 3. ന്യായമായത്, മര്യാദപ്രകാരം ഉള്ളത്; 4. നീതി; 5. ഇന്നത് ഇന്നപ്രകാരം ചെയ്യണമെന്ന ശാസ്ത്രോക്തവിധി; 6. ആചാരം, മര്യാദ, നടപ്പ്, രീതി; 7. പിടി; 8. നാടകത്തിലെ ഗർഭസന്ധിയുടെ പതിമൂന്നങ്ഗങ്ങളിലൊന്ന്; 9. ഒരു അലങ്കാരം;, ഉപമയുടെ ഒരു വകഭേദം; 10. ഭങ്ഗിയുള്ള അവസ്ഥ; 11. അടി, ചുവട്, നടത്ത; 12. ചലനം, ഗതി; 13. (മൃഗങ്ങളുടെ) ആക്രമത്തിനൊരുങ്ങിയ നിലയോ ഭാവമോ; 14. പാരമ്പര്യം, പിന്തുടർച്ച; 15. ഒരുക്കം, തയാറെടുപ്പ്; 16. തുടക്കം; 17. ശക്തി. (പ്ര.) ക്രമം കെടുക = മര്യാദ കൈവിടുക. ക്രമം തെറ്റുക = മുറതെറ്റുക, ശരിയായവിധം അല്ലാതായിത്തീരുക. ക്രമപ്പെടുക = മുറപ്രകാരമാവുക, ക്രമത്തിലാവുക, ചട്ടപ്രകാരമാവുക, നിയന്ത്രിക്കുക. ക്രമവിരുദ്ധം = വേണ്ടതരത്തിലല്ലാത്തത്.
ക്രമമുക്തൻ [സം. -മുക്ത] നാ. പടിപടിയായി ഓരോ ഘട്ടം കടന്നു മോക്ഷം പ്രാപിക്കുന്നവൻ, ക്രമമുക്തി പ്രാപിക്കുന്നവൻ.
ക്രമമുക്തി [സം. -മുക്തി] നാ. സഗുണബ്രഹ്മോപാസകന്മാർക്കു പടിപടിയായി ഓരോ അവസ്ഥ കഴിഞ്ഞു ലഭിക്കുന്ന മോക്ഷം (സാലോക്യം, സാമീപ്യം, സാരൂപ്യം, സായൂജ്യം എന്നി ക്രമത്തിൽ ഉണ്ടാകുന്ന മോക്ഷം; അല്ലാത്തത് സദ്യോമുക്തി).
ക്രമരഹിത [സം. -രഹിത] വി. പതിവിനുവിപരീതമായ, നീതിക്കു നിരക്കാത്ത, ന്യായമല്ലാത്ത.
ക്രമരേചിതം [സം. -രേചിത] നാ. (സങ്ഗീ.) ഒരു അലങ്കാരം.
ക്രമവത് [സം. -വത്] നാ. ക്രമത്തോടുകൂടിയത്, ക്രമത്തിനു നിരക്കുന്നത്.
ക്രമവത്കരണം [സം. ക്രമവത്-കരണ] നാ. മുറപ്രകാരമാക്കൽ, വ്യവസ്ഥാപിതമായ രീതിയിലാക്കൽ.
ക്രമവത്കരിക്കുക [<സം. ക്രമവത്-കൃ] ക്രി. ക്രമപ്രകാരമാക്കുക, വ്യവസ്ഥാപിതമായ രീതിയിലാക്കുക.
ക്രമവിരിദ്ധം [സം. ക്രമ- വിരുദ്ധ] നാ. സ്വീകൃതമായ ക്രമത്തിനു വിപരീതമായത്, മുറതെറ്റി നാട്ടുനടപ്പിനും നീതിക്കും എതിരായിട്ടുള്ളത്.
ക്രമശ: [സം. -ശ:] അവ്യ. ക്രമത്തിൽ മുറയ്ക്ക്.
ക്രമസങ്ഖ്യ [സം. -സങ്ഖ്യാ] നാ. മുറയ്ക്കുള്ള എണ്ണം ഒന്നുമുതൽ മുകളിലോട്ടുള്ള ഗതിയിൽ വരുന്ന സങ്ഖ്യ.
ക്രമസമുച്ചയം [സം. - സമുച്ചയ] നാ. മോക്ഷപ്രാപ്തിക്ക് ആചാര്യന്മാർ കൽപിച്ചിരുന്ന പടിപടിയായുള്ള അനുഷ്ഠാനപദ്ധതികൾ.
ക്രമസ്വരം [സം. -സ്വര] നാ. സങ്ഗീതത്തിലെ നൂറ്റിയൊന്നലങ്കാരങ്ങളിൽ ഒന്ന്.
ക്രമാഗത [സം. -ആഗത] വി. ക്രമപ്രകാരം വന്നുചേർന്ന, പരമ്പരയായി ലഭിച്ച. ക്രമാഗതദ്രവ്യം = ദായപ്രകാരം ലഭിച്ച സ്വത്ത്, പൂർവാർജിത ധനം.
ക്രമാത്, ക്രമാൽ [സം. ക്രമാത്]അവ്യ. ക്രമേണ.

ക്രമാതിക്രമം [സം. ക്രമ-അതിക്രമ] നാ. അടുക്കില്ലായ്മ, ചിട്ടയില്ലായ്മ.
ക്രമാതീതം [സം. -അതീത] നാ. കണക്കിൽ കവിഞ്ഞത്, പതിവിലധികമായത്, അമിതമായത്.
ക്രമാധിക [സം. -അധിക] വി. അതിരറ്റ, കണക്കിലേറെയായ.
ക്രമാനുഗത [സം. -അനുഗത] വി. മുറപ്രകാരമുള്ള, ഒന്നിനെ തുടർന്നു മറ്റൊന്നെന്ന രീതിയിൽ ക്രമത്തിൽ വന്നുചേർന്ന.
ക്രമാനുസാര [സം. -അനുസാര] വി. മുറപ്രകാരമുള്ള, യധാവിധിയുള്ള, ഏറ്റക്കുറച്ചിലില്ലാത്ത.
ക്രമായത്തം [സം. -ആയത്ത] നാ. മുറയ്ക്കു സ്വാധീനമായത്, പടിപടിയായി കൈവന്നത്.
ക്രമിക [സം.] വി. 1. തുടർച്ചയായ, ക്രമമായ; 2. വംശാനുഗതമായ.
ക്രമിക്കുക [<സം. ക്രമ്] ക്രി. കടക്കുക, സമീപിക്കുക, വ്യാപിക്കുക.
ക്രമീകരിക്കുക [<സം. ക്രമീ-കൃ] ക്രി. ക്രമപ്പെടുത്തുക.
ക്രമീകൃത [സം.] വി. ക്രമീകരിച്ച, ക്രമമാക്കിച്ചെയ്യപ്പെട്ട, ക്രമപ്രകാരം സംഭവിക്കുന്ന.
ക്രമുകം [സം. ക്രമുക] നാ. 1. കമുക്; 2. പാക്ക്; 3. ചെമന്ന പാച്ചോറ്റി; 4. വെളുത്ത പാച്ചോറ്റി; 5. കമ്പിളിമരം, കാട്ടരയാൽ; 6. പെരുമുത്തങ്ങ.
ക്രമുകി [സം. ക്രമുകീ] നാ. കവുങ്ങ്.
ക്രമേണ [സം.] അവ്യ. 1. പടിപടിയായി, യഥാവിധി, മുറപ്രകാരം, യഥാകാലം, കാലംകൊണ്ട്.
ക്രമേളകം [സം. ക്രമേല(ക)] നാ. ഒട്ടകം.
ക്രമോത്കർഷം [സം. ക്രമ-ഉത്കർഷ] നാ.പടിപടിയായുള്ള ഉയർച്ച, കാലാനുസാരമുള്ള വളർച്ച.
ക്രയകാരൻ [സം. ക്രയ-കാര] നാ. വിൽക്കുന്നവൻ.
ക്രയക്രീത [സം. -ക്രീത] വി. വിലയ്ക്കുവാങ്ങിയ.
ക്രയണം [സം.] നാ. വിലയ്ക്കുവാങ്ങൽ.
ക്രയപത്രം [സം. -പത്ര] നാ. വാങ്ങുന്ന ആൾക്കു വിറ്റയാൾ കൈമാറ്റത്തിനാധാരമായി നൽകുന്ന രേഖ.
ക്രയം [സം. ക്രയ <ക്രീ] നാ. 1. വിലയ്ക്കു വാങ്ങൽ; 2. വാങ്ങിയ വില.ക്രയലേഖ്യം [സം. -ലേഖ്യ] നാ. വിലപ്പറ്റുചീട്ട്, വിൽപ്പനപ്രമാണം.
ക്രയവിക്രയം [സം. ക്രയ-വിക്രയ] നാ. കച്ചവടം, കൊടുക്കലും വാങ്ങലും.
ക്രയശക്തി [സം. -ശക്തി] നാ. (ധന.) നാണയത്തിൻെറ മൂല്യം, അതിൻെറ വാങ്ങാനുള്ള കഴിവ്.
ക്രയാരോഹം [സം. -ആരോഹ] നാ. ചന്ത, കച്ചവടസ്ഥലം.
ക്രയി[സം. ക്രയിൻ] നാ. 1. കച്ചവടക്കാരൻ; 2. വിലയ്ക്കു വാങ്ങുന്നവൻ; 3. ഒരു രുദ്രൻ.
ക്രയിക്കുക [<സം. ക്രയ] ക്രി. ക്രയം ചെയ്യുക, വിലയ്ക്കു വാങ്ങുക.
ക്രയിമം [സം.] നാ. വിറ്റുകിട്ടിയ വില.
ക്രയ്യ [സം.] വി. നാ. വിൽക്കാൻ വച്ചിരിക്കുന്ന സാധനം.
ക്രവി. [സം.] നാ. പച്ചമാംസം.
ക്രവ്യഘാതനം [സം. ക്രവ്യ-ഘാതന] 'മാംസത്തിനുവേണ്ടി കൊല്ലപ്പെടുന്നത്.' നാ. മാൻ.

ക്രവ്യഭുക്ക് [സം. -ഭുജ്] നാ. രാക്ഷസൻ.
ക്രവ്യം [സം.] നാ. പച്ചമാംസം.
ക്രവ്യവാഹനൻ [സം. ക്രവ്യ-വാഹന]നാ. അഗ്നി.
ക്രവ്യാത്ത് [സം. -അദ്] നാ. പച്ചമാംസം തിന്നുന്നവൻ, രാക്ഷസൻ.
ക്രവ്യാദ [സം. -അദ] വി. പച്ചമാംസം ഭക്ഷിക്കുന്ന.
ക്രവ്യാദൻ [സം. -അദ] നാ. രാക്ഷസൻ.
ക്രവ്യാദം [സം.] നാ. 1. മാംസം ഭക്ഷിക്കുന്ന ജീവി, ഹിംസ്രമൃഗം; 2. സിംഹം; 3. പരുന്ത്; 4. കഴുകൻ; 5. ചിതാഗ്നി.
ക്രവ്യാദസസ്യം [സം. ക്രവ്യാദ-സസ്യ] നാ. പ്രാണിഭക്ഷകസസ്യം, ചെറുജീവികളെ ആഹാരമാക്കുന്ന ഇനത്തിൽപ്പെട്ട ചെടി.
ക്രശിത [<സം. കൃശ്] വി. കൃശമാക്കപ്പെട്ട, മെലിയിച്ച.
ക്രശിമാവ് [സം. ക്രശിമൻ] നാ. കൃശത, മെലിഞ്ഞ അവസ്ഥ.
ക്രാകചികൻ [സം. -ക്രകച] നാ. ക്രകചംകൊണ്ട് അറുക്കുന്നവൻ, അറപ്പുകാരൻ.
ക്രക്ക് [ഇം. ച്രക്ക്] നാ. 1. കിറുക്ക്; 2. കിറുക്കൻ, ഭ്രാന്തൻ.
ക്രാഥനം [സം.] നാ. ക്രാഥം.
ക്രാഥം [സം.] നാ. കൊല, വധം.
ക്രാന്ത [സം. <ക്രമ്] വി. 1. പോയ, കടന്ന; 2. ആക്രമിക്കപ്പെട്ട. നാ. നൃത്തനൃത്യാദികളിലെ പല ഭാവങ്ങൾക്കും ചലനങ്ങൾക്കും നൽകിയിരിക്കുന്ന പേർ.
ക്രാന്തദർശി [സം. ക്രാന്ത-ദർശിൻ] നാ. സാമാന്യജനങ്ങളെക്കാൾ അധികം കടന്നുകാണാൻ കഴിവുള്ള ആൾ, ജ്ഞാനി, ക്രാന്തദർശിത്വം = കടന്നു കാണാനുള്ള കഴിവ്.
ക്രാന്തം [സം.] നാ. 1. കടന്നുപോകൽ; 2. പാദവിന്യാസം; 3. (ജ്യോ.) ഏതെങ്കിലും ഗ്രഹം ചന്ദ്രനോടു ചേർന്നിരിക്കുന്ന സ്ഥിതി.
ക്രാന്തിമണ്ഡലം [സം. ക്രാന്തി-മണ്ഡല] നാ. സൂര്യൻ ഭൂമിയെ പ്രദക്ഷിണം ചെയ്യുന്നതായി സങ്കൽപ്പിക്കപ്പെടുന്ന വൃത്തം.
ക്രാന്തു [സം.] നാ. പക്ഷി.
ക്രാപ്പ്, ക്രോപ്പ് [ഇം. ച്രോപ്] നാ. തലമുടി നീളം കുറച്ചു വെട്ടുന്ന ഒരു രീതി.
ക്രാവുക ക്രി. ദു:ഖം കൊണ്ടു തളരുക, കന്നുമയങ്ങുക.
ക്രാസി [<ഇം. ച്രോസ്സ്] നാ. അഴി, ജനലുകളിലും, കട്ടിൽ കസേര തുടങ്ങിയവയുടെ ചാരുകളിലും മറ്റും അടുത്തടുത്തായി ഉറപ്പിക്കുന്ന ചെറിയ തടിക്കാലോ കമ്പിക്കാലോ.
ക്രാസ്സ്, ക്രോസ്സ് [ഇം. ച്രോസ്സ്] നാ. എതിർവിസ്താരം, എതിർവക്കീലിൻെറ ചോദ്യം. ക്രാസ്സു (ക്രോസ്സു) ചെയ്യുക = 1. ചോദ്യം ചെയ്തു വിഷമിപ്പിക്കുക.
ക്രിമി[സം.] നാ. = കൃമി.
കൃമികണ്ടക [സം. -ക്രിമി-കണ്ടകാ] നാ. എലിച്ചെവി എന്ന ഔഷധി. (ക്രിമിയെ നശിപ്പിക്കുന്നതെന്നർഥമായ പേരുകൾ പല മരുന്നുചെടികൾക്കുമുണ്ട്.)
ക്രിമിനൽ [ഇം. ച്രിമിനൽ] വി. (നിയമം) കുറ്റകൃത്യങ്ങളെ സംബന്ധിച്ച. നാ. കുറ്റവാളി.

ക്രിയ[സം. ക്രിയാ] നാ. 1. പ്രവൃത്തി, ചേഷ്ടം; 2. (വ്യാക.) ശബ്ദവിഭാഗങ്ങളിൽ ഒന്ന്, പ്രവൃത്തിയെയോ സ്ഥിതിയെയോ കുറിക്കുന്ന ശബ്ദം; 3. ദൈവികകർമം മതപരമോ വിശ്വാസപരമോ ആചാരപരമോ ആയ പൂജ; 4. പ്രായശ്ചിത്തം; 5. ചികിത്സാകർമം.

ക്രിയം [സം.] നാ. മേടം രാശി.

ക്രിയാകൽപം [സം. ക്രിയാ-കൽപ] നാ. കാവ്യനിർമാണവിധി, ഗുണദോഷചർച്ച തുടങ്ങിയവ ഉൾക്കൊള്ളുന്ന സാഹിത്യശാസ്ത്രം.

ക്രിയാകാണ്ഡം [സം. -കാണ്ഡ] നാ. യാഗാദികർമങ്ങൾ വിവരിക്കുന്ന വേദഭാഗം.

ക്രിയാകാര [സം. -കാര] വി. വേലചെയ്യുന്ന.

ക്രിയാഗണിതം [സം. -ഗണിത] നാ. പ്രായോഗികഗണിതം.

ക്രിയാങ്ഗജം [സം. ക്രിയാങ്ഗ-ജ] 'ക്രിയാങ്ഗത്തിൽ നിന്നുണ്ടാകുന്നത്.' നാ. (വ്യാക.) ഏഴുമാതിരി വിശേഷണരൂപങ്ങളിൽ ഒന്ന്.

ക്രിയാങ്ഗം [സം.] നാ. (വ്യാക.) പറ്റുവിനകളിൽ ഒന്ന്, വിനയെച്ചം, ഒരു ക്രിയയുടെ അർഥത്തിൽ വിശേഷം കൂട്ടിച്ചേർക്കാൻ പൂർണക്രിയയ്ക്കു മുമ്പു പ്രയോഗിക്കുന്ന അപൂർണക്രിയ.

ക്രിയാദീപകം [സം. -ദീപക] നാ. ഒരു അലങ്കാരം, ദീപാലങ്കാരത്തിൻെറ ഒരു വകഭേദം, ഒരേ കാരകത്തിൽ പല ക്രിയകൾ അന്വയിക്കുന്നത്.

ക്രിയാദ്വേഷി [സം. -ദ്വേഷിൻ] നാ. വ്യവഹാരത്തിനു ന്യൂനതവരുത്തുന്ന അഞ്ചുതരം സാക്ഷികളിലൊന്ന്.

ക്രിയാനാമം [സം. -നാമൻ] നാ. (വ്യാക.) ഒരു പ്രവൃത്തിയെക്കുറിക്കുന്ന നാമപദം, ഒരു പ്രവൃത്തിയുടെ പേരായ ശബ്ദം.

ക്രിയാനിർദേശം [സം. -നിർദേശ] നാ. തെളിവ്.

ക്രിയാന്യൂനം [സം. -ന്യൂന] നാ. ക്രിയാങ്ഗം, വിനയെച്ചം.

ക്രിയാപടു [സം. -പടു] നാ. പ്രവൃത്തി സാമർഥ്യമുള്ളവൻ.

ക്രിയാപഥം [സം. -പഥ] നാ. ചികിത്സാസംപ്രദായം.

ക്രിയാപദ്ധതി [സം. -പദ്ധതി] നാ. ആചാരാനുഷ്ഠാനങ്ങൾ ഉൾക്കൊള്ളുന്ന പെരുമാറ്റച്ചട്ടം.

ക്രിയാപാദം [സം. -പാദ] നാ. (നിയമ.) വാദി ഹാജരാക്കുന്ന സാക്ഷികൾ, പ്രമാണങ്ങൾ മുതലായവ.

ക്രിയാഫലം [സം. -ഫല] നാ. പ്രവൃത്തിയുടെ അനിവാര്യമായ ഫലം, കർമഫലം.

ക്രിയാഭ്രംശം [സം. -ഭ്രംശ] നാ. കാവ്യത്തിലെ 'സാധാരണം' എന്ന അർഥദോഷത്തിൻെറ ഒരു അവാന്തരവിഭാഗം, ക്രിയാപദമില്ലായ്മ.

ക്രിയായജ്ഞം [സം. -ക്രിയാ-യജ്ഞ] നാ. മതപരമായ ചടങ്ങുകൾ.

ക്രിയായോഗം [സം. -യോഗ] നാ. 1. ക്രിയാപദവുമായുള്ള സംബന്ധം; 2. പ്രവൃത്തിയുമായുള്ള ബന്ധം; 3. ക്രിയ എളുപ്പമാക്കുന്നതിന് ഉപകരണങ്ങളോ ഉപായങ്ങളോ പ്രയോഗിക്കൽ.

ക്രിയാലോപം [സം. -ലോപ] നാ. ചെയ്യാൻ ചുമതലപ്പെട്ട കർമം ചെയ്യാതിരിക്കൽ.

657

ക്രിയാവത് [സം. -വത്] വി. ക്രിയയുള്ള, കർമങ്ങളിലുത്സാഹമുള്ള.

ക്രിയാവസന്നൻ [സം. ക്രിയാ-അവസന്ന] നാ. (നിയമ.) സാക്ഷിമൊഴികാരണം വ്യവഹാരത്തിൽ തോറ്റ ആൾ.

ക്രിയാവാചകം, വാചി [സം. -വാചക, -വാചിൻ] നാ. ക്രിയയെ കുറിക്കുന്ന ശബ്ദം, ക്രിയാനാമം.
ക്രിയാവാദി [സം. -വാദിൻ] നാ. പരാതിക്കാരൻ, വാദി.
ക്രിയാവിധി [സം. -വിധി] നാ. ചടങ്ങുകൾ നടത്തേണ്ട രീതിയും മുറയും.
ക്രിയാവിശേഷണം [സം. -വിശേഷണ] നാ. (വ്യാക.) ക്രിയയെ വിശേഷിപ്പിക്കുന്ന ശബ്ദം. ക്രിയാശക്തി [സം. -ശക്തി] നാ. 1. ഈശ്വരൻെറ ശക്തി, സൃഷ്ടിശക്തി; 2. പ്രവൃത്തി ചെയ്യാനുള്ള ശക്തി.
ക്രിയാസങ്ക്രാന്തി [സം. -സങ്ക്രാന്തി] നാ. പഠിപ്പിക്കൽ, ജ്ഞാനം പകരൽ.
ക്രിസ്താബ്ദം നാ. ക്രിസ്തുവർഷം.
ക്രിസ്തു [ഗ്രീ. ച്ച്ഹ്രിസ്റ്റൊസ്] നാ. യേശുക്രിസ്തു.
ക്രിസ്തുമതം നാ. യേശുക്രിസ്തുവിൻെറ തത്ത്വസംഹിതകൾ അനുസരിച്ചുള്ള മതം.
ക്രിസ്തുമസ്സ് [ഇം. ച്ച്ഹ്രിസ്റ്റ്മസ്] നാ. യേശുക്രിസ്തുവിൻെറ ജന്മദിനമായ ഡിസംബർ ഇരുപത്തഞ്ചാം തീയതികൊണ്ടാടുന്ന പെരുനാൾ.
ക്രിസ്ത്വബ്ദം [ക്രിസ്തു-അബ്ദ] നാ. ക്രിസ്തുവിൻെറ ജനനം മുതൽ കണക്കുകൂട്ടിവരുന്ന ആണ്ട്.
ക്രീഡ [സം. ക്രീഡാ]നാ. 1. കളി; 2. കാമകേളി; 3. പരിഹസിക്കൽ.
ക്രീഡകൻ [സം.] നാ. 1. കളിക്കാരൻ; 2. ദ്വാരപാലകൻ.
ക്രീഡനകം [സം.] നാ. 1. കളി; 2. കളിപ്പാട്ടം.
ക്രീഡനം [സം.] നാ. 1. കളി, കളിക്കൽ; 2. കളിപ്പാട്ടം.
ക്രീഡനിക [സം. ക്രീഡനികാ] നാ. കുട്ടികളെ വിനോദിപ്പിക്കുന്ന ആയ.
ക്രീഡനീയകം [സം.] നാ. കളിപ്പാട്ടം.
ക്രീഡാകൗശലം [സം. ക്രീഡാ-കൗശല] നാ. ഭോജമത പ്രകാരമുള്ള അറുപത്തിനാലു കലകളിൽ ഒന്ന്.
ക്രീഡാഗിരി [സം. -ഗിരി] നാ. കേളിപർവതം.
ക്രീഡാഗൃഹം [സം. -ഗൃഹ] നാ. സ്ത്രീകളുമായി വിനോദിക്കുന്നതിനും മറ്റും ഉള്ള ഭവനം.
ക്രീഡാതടാകം [സം. -തടാക] നാ. വിനോദസ്നാനം ചെയ്യാനുള്ള തടാകം.
ക്രീഡാനാരി [സം. -നാരീ] നാ. വ്യഭിചാരിണി.
ക്രീഡാപർവതം [സം. -പർവത] നാ. ഉദ്യാനങ്ങളിലും മറ്റും നിർമിക്കുന്ന കൃത്രിമപർവതം.
ക്രീഡാപരിച്ഛദം [സം. -പരിച്ഛദ] നാ. കളിപ്പാട്ടം.
ക്രീഡാമൃഗം [സം. -മൃക] നാ. 1. കൗതുകത്തിനുവേണ്ടി വളർത്തുന്ന മൃഗം; 2. മാനിൻെറ ആകൃതിയിലുള്ള കളിപ്പാട്ടം.
ക്രീഡാരതം [സം. -രത] 'കളികളിൽ രതമായത്.' നാ. സുരതം.
ക്രീഡാരഥം [സം. -രഥ] നാ. 1. ഉല്ലാസയാത്രയ്ക്കുള്ള രഥം; 2. രഥത്തിൻെറ ആകൃതിയിലുള്ള കളിപ്പാട്ടം.
ക്രീഡാരാമം [സം. -ആരാമ] നാ. ക്രീഡാവനം.
ക്രീഡാവനം [സം. -വന] നാ. കളിപ്പൂന്തോപ്പ്.
ക്രീഡിക്കുക [<സം. ക്രീഡ്] ക്രി. 1. കളിക്കുക, രസിക്കുക; 2. കാമകേളിനടത്തുക.

ക്രീഡിതം [സം.] നാ. 1. കളി, ക്രീഡ; 2. നൃത്യാദികലകളിൽ സ്ത്രീകളുടെ അങ്ഗചേഷ്ടകളിൽപ്പെട്ട ഒന്ന്.
ക്രീഡീദ്ദേശം [സം. -ക്രീഡാ-ഉദ്ദേശ] നാ. ക്രീഡാസ്ഥാനം.
ക്രീണനം [സം.] നാ. വിലയ്ക്കുവാങ്ങൽ.
ക്രീണിക്കുക [< സം. ക്രീ] വി. വിലയ്ക്കുവാങ്ങപ്പെട്ട.
ക്രീതകൻ [സം.] നാ. 1. വിലയ്ക്കുവാങ്ങപ്പെട്ടവൻ; 2. (പ്രാചീനഹൈന്ദവമതമനുസരിച്ച്) പന്ത്രണ്ടുതരം പുത്രന്മാരുള്ളതിൽ ഒരുവൻ.
ക്രീതം [സം.] നാ. 1. വിലയ്ക്കുവാങ്ങപ്പെട്ടത്; 2. വസ്തുവിന്മേലുള്ള ജന്മാവകാശം അഞ്ചുവിധമുള്ളതിൽ ഒന്ന്.
ക്രീതാനുശയം [സം. ക്രീത-അനുശയ] നാ. 1. വിലയ്ക്കു വാങ്ങിയതു തിരിച്ചുകൊടുക്കൽ; 2. വാങ്ങിയതിനെപ്പറ്റിയുള്ള പശ്ചാത്താപം (സാധനം മോശമായതിനാലോ മറ്റോ.)
ക്രുഞ്ചം [സം.] നാ. അന്നിൽപ്പക്ഷി.
ക്രുഥനം [സം.] നാ. വധം.
ക്രുദ്ധ [സം. <ക്രുധ്] വി. കോപിച്ച.
ക്രുദ്ധം [സം.] നാ. നാട്യദൃഷ്ടികളിൽ ഒന്ന്.
ക്രുദ്ധിക്കുക [<സം. ക്രുധ്] ക്രി. കോപിക്കുക.
ക്രുധ[സം. ക്രുധാ] നാ. കോപം.
ക്രുധാ [സം.] അവ്യ. കോപത്തോടെ, ക്രുമുകം [സം.] നാ. അരണികടഞ്ഞുണ്ടാക്കുന്ന യാജാഗ്നിയെ പകർത്തിക്കൊടുക്കാനുപയോഗിക്കുന്ന തടിക്കഷണം.
ക്രുഷ്ട [സം. <ക്രുശ്] വി. ക്രോശിക്കപ്പെട്ട.
ക്രുഷ്ടം [സം.] നാ. 1. സാമഗാനത്തിലെ ഒരു സ്വരവിശേഷം; 2. കരച്ചിൽ.
ക്രൂര [സം. ക്രൂര] വി. 1. കർക്കശമായ; 2. ദയയില്ലാത്ത; 3. അമങ്ഗളകരമായ.
ക്രൂരകർമാവ് [സം. -കർമൻ] നാ. ക്രൂരപ്രവൃത്തികൾ ചെയ്യുന്നവൻ.
ക്രൂരത, -ത്വം [സം. ക്രൂര-താ, -ത്വ] നാ. ഹൃദയകാഠിന്യം, നിർദയത.
ക്രൂരദൃക്ക് [സം. ക്രൂര-ദൃശ്] വി. ദയാഹീനമായ നോട്ടമുള്ള. നാ. ചൊവ്വഗ്രഹം.
ക്രൂരൻ [സം. ക്രൂര] നാ. 1. ദുഷ്ടൻ; 2. കഴുകൻ.
ക്രൂരം [സം.] നാ. 1. ക്രൂരരാശി; 2. ചോറ്; 3. വ്രണം; 4. പരുന്ത്; 5. കഴുകൻ; 6. ചെമന്ന അരളി.
ക്രൂരരാവി [സം. -രാവിൻ] 'ക്രൂരമായ ശബ്ദമിടുന്നവൻ.' നാ. കാവതിക്കാക്ക.
ക്രൂരരാശി [സം. -രാശി] നാ. മേടം മുതൽ ഒന്നിടവിട്ട ആറുരാശികളിൽ ഓരോന്നും.
ക്രൂരലോചനൻ [സം. -ലോചന] നാ. ശനി.
ക്രൂരവാരങ്ങൾ [സം. -വാര] നാ. (ബ.വ) ഞായർ ചൊവ്വ ശനി എന്നീ ദിനങ്ങൾ.
ക്രൂരാത്മാവ് [സം. -ആത്മൻ നാ. (ജ്യോ.) ശനി.
ക്രൂശിക്കുക ക്രി. 1. കുരിശിൽ തറയ്ക്കുക; 2. പീഡിപ്പിക്കുക.
ക്രൂശ് [പോർ.] നാ. കുരിശ്.
ക്രെയിൻ [ഇം. ച്രനെ] നാ. ഭാരം കൂടിയ വസ്തുക്കൾ പൊക്കിനീക്കുന്നതിനുപയോഗിക്കുന്ന ഒരു യന്ത്രം.

ക്രേണി [സം.] നാ. വിലയ്ക്കുവാങ്ങൽ.
ക്രേതവ്യ [സം.] വി. വിലയ്ക്കുവാങ്ങത്തക്ക.
ക്രേതാവ് [സം. ക്രേതൃ] നാ. വിലയ്ക്കുവാങ്ങുന്നവൻ.
ക്രേതൃത്വം [സം.] നാ. ക്രേതാവായിരിക്കുന്ന സ്ഥിതി.
ക്രേയ [സം.] വി. വാങ്ങാൻ യോഗ്യമായ.
ക്രൈസ്തവ വി. ക്രിസ്തുവിനെ സംബന്ധിച്ച.
ക്രൈസ്തവർ നാ. ക്രിസ്ത്യാനികൾ.
ക്രോഞ്ചം [സം.] നാ. ക്രൗഞ്ചപർവതം.
ക്രോഡകാന്ത [സം. -ക്രാന്താ] നാ. ഭൂമി.
ക്രോഡദേശം [അം. -ദേശ] നാ. കുടകുനാട്.
ക്രോഡപത്രം [സം. -പത്ര] നാ. എഴുതിയതിനു അനുബന്ധമായി കത്തുകൾ ഗ്രന്ഥങ്ങൾ പ്രമാണങ്ങൾ തുടങ്ങിയവയുടെ ഒടുവിൽ ചേർക്കുന്ന കുറിപ്പ്.
ക്രോഡം [സം.] നാ. 1. പന്നി; 2. നെഞ്ച്; 3. ചുമലുകൾക്കിടയിലുള്ള ഭാഗം; 4. ഉദരം; 5. എന്തിൻെറയെങ്കിലും പൊള്ളയായ ഉൾഭാഗം.
ക്രോഡി [സം. ക്രോഡീ] നാ. 1. പന്നിക്കിഴങ്ങ്; 2. പെൺപന്നി.
ക്രോഡീകരണം [സം. ക്രോഡീ-കരണ] നാ. 1. ഒന്നിച്ചു ചേർക്കൽ; 2. ആലിങ്ഗനം ചെയ്യൽ.
ക്രോഡീകരിക്കുക [<സം. ക്രോഡീ-കൃ] ക്രി. 1. ഒന്നിച്ചു ചേർക്കുക; 2. ആലിങ്ഗനം ചെയ്യുക.
ക്രോഡീമുഖം [സം. -മുഖ] നാ. കാണ്ടാമൃഗം.
ക്രോഡേഷ്ട [സം. ക്രോഡ-ഇഷ്ടാ] 'പന്നിക്കു പ്രിയപ്പെട്ടത്.' നാ. മുത്തങ്ങ.
ക്രോധജ [സം. ക്രോധ-ജ] വി. ക്രോധത്തിൽനിന്നുണ്ടായ.
ക്രോധന [സം.] വി. കോപിക്കുക ശീലമായിട്ടുള്ള.
ക്രോധനൻ [സം.] നാ. 1. കൗശികപുത്രനും ഗർഗശിഷ്യനുമായ ഒരാൾ; 2. കോപിക്കുന്ന ശീലമുള്ളവൻ.
ക്രോധം [സം.] നാ. 1. കോപം; 2. (നാട്യ.) ഒമ്പതു സ്ഥായി ഭാവങ്ങളിൽ ഒന്ന്.
ക്രോധവശ [സം. -വശാ] നാ. ക്രോധത്തിനു വശയായവൾ.
ക്രോധവശൻ [സം. -വശ] നാ. കോപിച്ചവൻ.
ക്രോധാലു [സം.] വി. കോപശീലമുള്ള.
ക്രോധി [സം. ക്രോധിൻ] വി. കോപശീലമുള്ള, കോപിച്ച. നാ. 1. കോപശീലമുള്ളവൻ; 2. പോത്ത്; 3. നായ്.
കോധിക്കുക [<സം. ക്രുധ്] ക്രി. കോപിക്കുക.
ക്രോധേദ്ധ [സം. -ക്രോധ-ഇദ്ധ < ഇന്ധ്] വി. കോപം കൊണ്ടു ജ്വലിക്കുന്ന.
ക്രോപ്പ് [ഇം. ച്രോപ്] നാ. അഗ്രം വെട്ടിച്ചെറുതാക്കൽ. ക്രാപ്പ്.
ക്രോമിയം [ഇം. ച്രോമിഉം] നാ. ഒരു ലോഹം.
ക്രോശം [സം.] നാ. 1. ഉച്ചത്തിലുള്ള നിലവിളി; . ഒരു ദൈർഘ്യമാനം.
ക്രോശവിക്രയം [സം. ക്രോശ-വിക്രയ] നാ. ലേലം വിളിച്ചുള്ള കച്ചവടം.
ക്രോശിക്കുക [<സം. ക്രുശ്] ക്രി. വിളിച്ചുകൂവുക.
ക്രോഷ്ടാവ് [സം. ക്രോഷ്ടൃ] 'ക്രോശിക്കുന്നത്.' നാ. കുറുനരി.
ക്രോഷ്ടു [സം.] നാ. 1. കുറുക്കൻ; 2. ക്രോഷ്ടാവ്.

ക്രൗഞ്ചദാരണൻ [സം. ക്രൗഞ്ചദാരണ]നാ. = ക്രൗഞ്ചാരി.
ക്രൗഞ്ചപദ [സം.-പദാ] നാ. സംസ്കൃതഛന്ദസ്സിൽപ്പെട്ട ഒരു സമവൃത്തം.
ക്രൗഞ്ചം [സം.] നാ. 1. അന്നിൽപ്പക്ഷി; 2. അഴുകുരൽ; 3. പർവതം.
ക്രൗഞ്ചരിപു [സം. ക്രൗഞ്ച-രിപു] നാ. സുബ്രഹ്മണ്യൻ.
ക്രൗഞ്ചാദനം [സം. -അദന] 'ക്രൗഞ്ചത്താൽ അദിക്കപ്പെട്ടത്.' നാ. 1. തണ്ണാമ്പൽ; 2. താമരവളയം.
ക്രൗഞ്ചാരി [സം. -അരി] നാ. 1. സുബ്രഹ്മണ്യൻ; 2. പരശുരാമൻ.
ക്രൗഞ്ചാസനം [സം. -ആസന] നാ. ഒരു യോഗാസനം.
ക്രൗഞ്ചാസ്ത്രം [സം. -അസ്ത്ര]നാ. ഒരു ദിവ്യാസ്ത്രം.
ക്രൗഡ [സം. <ക്രോഡ] വി. പന്നിയെ സംബന്ധിച്ച.
ക്രൗര്യം [സം. <ക്രൂര] നാ. ക്രൂരത, ക്രൂരഭാവം.
ക്രൗശശതികൻ [സം. ക്രൗശ-ശതിക]നാ. 1. നൂറുകോശം ദൂരം സഞ്ചരിക്കുന്നവൻ; 2. ബഹുമാന്യനായ ഗുരു.
ക്ല [ക്-ല്-അ] 'ക്' എന്ന വ്യഞ്ജനത്തോടു 'ല്' എന്ന വ്യഞ്ജനവും 'അ' എന്ന സ്വരവും ചേർന്നുണ്ടായ കൂട്ടക്ഷരം. ക്, ള എന്നിവ ചേർന്നുണ്ടാകുന്ന അക്ഷരത്തെ കുറിക്കാനും ഈ സമ്യുക്തലിപി പ്രയോഗിച്ചുകാണുന്നു.
ക്ലഥനം [സം. ക്ലഥന] നാ. ക്ലഥനം.
ക്ലന്ദനം [സം. ക്രന്ദന] നാ. ക്രന്ദന] ക്ലപിതം നാ. മുങ്കൂട്ടി നിജപ്പെടുത്തിയത്, ക്ലിപ്തം.
ക്ലബ് [ഇം. ച്ലുബ്] നാ. 1. പൊതുക്കാര്യങ്ങൾക്കോ വിനോദത്തിനോവേണ്ടി യോഗം ചേരാനുള്ള സ്ഥലം; 2. ഭക്ഷണം വിൽക്കുന്ന സ്ഥലം.
ക്ലമം [സം.] നാ. ക്ഷീണം, തളർച്ച.
ക്ലാന്ത [സം. < ക്ലമ്] വി. 1. ക്ഷീണിച്ച, തളർന്ന, വാടിയ, അവസമായ; 2. മെലിഞ്ഞ.
ക്ലാന്തി [സം.] നാ. ക്ഷീണം, തളർച്ച, വാട്ടം.
ക്ലാർക്ക് [ഇം. ച്ലേർക്] നാ. ഗുമസ്തൻ, എഴുത്തുകാര്യസ്ഥൻ.
ക്ലാവർ [ഇം.] നാ. ചീട്ടുകളിയിലെ നാലുതരം ചീട്ടുകളിൽ ഒന്ന്.
ക്ലാവ് നാ. 1. ചെമ്പ് പിച്ചള ഓട് എന്നീ ലോഹങ്ങളിൽ പച്ചനിറത്തിലുണ്ടാകുന്ന കറ; 2. അഴുക്ക്; 3. ഉപ്പുവെള്ളത്തിൽ രാത്രികാലത്തു ചലനം ഉണ്ടാകുമ്പോൾ പൊന്മണികൾ പോലെ കാണാറുള്ള തിളക്കം.
ക്ലാസ്സിക്ക് [ഇം. ച്ലസ്സിച്] നാ. പുരാതനവും ഉത്കൃഷ്ടവും ശാശ്വതമൂല്യങ്ങൾ ഉൾക്കൊള്ളുന്നതുമായ കലാരൂപം. ക്ലാസ്സിസിസം = ക്ലാസ്സിക് കൃതികളുടെ പ്രത്യേകതകൾ ഉൾക്കൊള്ളുന്ന കലാപ്രസ്ഥാനം.
ക്ലാസ്സ്, ക്ലാസ് [ഇം. ച്ലസ്സ്] നാ. 1. വിഭാഗം, ഒരേ നിലവാരത്തിലുള്ള വിദ്യാർഥികളുടെ വിഭാഗം; 2. യോഗ്യതാക്രമം അനുസരിച്ചു നൽകുന്ന സ്ഥാനം (പരീക്ഷയിലും മറ്റും ); 3. ടിക്കറ്റുനിരക്കനുസരിച്ചു (തീവണ്ടി മുതലായ) വാഹനങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള വിഭാഗം.
ക്ലിതകം [സം.] നാ. ഇരട്ടി മധുരം.
ക്ലിന്ന [സം. ക്ലിന്ന < ക്ലിദ്] നാ. 1. വെളുത്ത കണ്ടകാരിച്ചുണ്ട; 2. നനഞ്ഞ.
ക്ലിന്നത [സം. ക്ലിന്നതാ] നാ. നനവ്. ഈർപ്പം.
ക്ലിന്നാക്ഷ [സം. ക്ലിന്ന- അക്ഷ] വി. നനഞ്ഞ കണ്ണുകളുള്ള.

ക്ലിപ്പ് [ഇം. ക്ലിപ്] നാ. കൊളുത്ത്, ഉടക്ക്.
ക്ലിശിത [സം.] വി. 1. ക്ലേശിക്കപ്പെട്ട; 2. ദു:ഖിക്കുന്ന; 3. മനസ്സിലാക്കാൻ വിഷമമായ.
ക്ലിഷ്ട1 [സം. <ക്ലിശ്] വി. 1. ക്ലേശമുള്ള, വിഷമിച്ച; ക്ലിഷ്ടപക്ഷം = സാധാരണയല്ലാത്തത്, വളരെ കുറവായത്, ന്യൂനമായത്; 2. മനസ്സിലാക്കാൻ വിഷമമുള്ളത്.
ക്ലിഷ്ട2 [സം. ക്ലിഷ്ടാ] നാ. ക്ലേശിച്ചവൾ.
ക്ലിഷ്ടത [സം. ക്ലിഷ്ടതാ] നാ. ക്ലേശം, ദു:ഖം; 2. മനസ്സിലാക്കാനുള്ള വിഷമം.
ക്ലിഷ്ടം [സം.] നാ. ഒരു കാവ്യദോഷം.
ക്ലിഷ്ടി [സം.] നാ. 1. ക്ലേശം, ദു:ഖം; 2. സേവനം.
ക്ലീബ വി. 1. ബീജശക്തിയില്ലാത്ത, നപുംസകമായ; 2. ഭീരുതയുള്ള, ദീനതയുള്ള; 3. ഹീനമായ; 4. അലസതയുള്ള, മടിയനായ.
ക്ലീബത, -ത്വം [സം. ക്ലീബ-താ, -ത്വ] നാ. ആണും പെണ്ണുമല്ലാത്ത സ്ഥിതി, നപുംസകം.
ക്ലീബൻ [സം. ക്ലീബ] നാ. നപുംസകൻ, പുരുഷത്വമില്ലാത്തവൻ.
659
ക്ലീബം [സം.] നാ. 1. ആണും പെണ്ണുമല്ലാത്തത്, നപുംസകം; 2. ഭീരു; 3. (വ്യാക.) നപുംസകലിങ്ഗം; ക്ലീബയോഗം = (ജ്യോ.) എല്ലാ ഗ്രഹങ്ങളും ലഗ്നത്തിൻെറ ആപോക്ലിമത്തിൽ നിൽക്കുമ്പോഴുള്ള യോഗം.
ക്ലേദക [സം. <ക്ലിദ്] വി. നനയ്ക്കുന്ന, ഈർപ്പമുണ്ടാക്കുന്ന.
ക്ലേദകം [സം.] നാ. വിയർപ്പിനെ ഉത്പാദിപ്പിക്കുന്ന കായികാഗ്നികളിലൊന്ന്; 2. ത്രിദോഷങ്ങളിൽ ഒന്നായ കഫത്തിൻെറ അഞ്ചു വിഭാഗങ്ങളിൽ ഒന്ന്.
ക്ലേദം [സം. <ക്ലിദ്] നാ. 1. നനയ്ക്കൽ, നനവ്; 2. കഫം; 3. വിയർപ്പ്; 4. പഴുപ്പ്, ചലം.
ക്ലേദിക്കുക [< സം.ക്ലിദ്] ക്രി. നനയ്ക്കുക.
ക്ലേദു[സം.] നാ. ചന്ദ്രൻ.
ക്ലേശക [സം. <ക്ലിശ്] വി. ക്ലേശം ജനിപ്പിക്കുന്ന, ക്ലേശകരമായ.
ക്ലേശം [സം.] നാ. 1. വേദന, ദു:ഖം, ബുദ്ധിമുട്ട്, പ്രയാസം; 2. കോപം; 3. ഉപദ്രവം; 4. പ്രയത്നം; 5. പാപം.
ക്ലേശിക്കുക [<സം. ക്ലിശ്] ക്രി. 1. വേദനിക്കുക, ബുദ്ധിമുട്ടുക; 2. ചെയ്യുക, നിർവഹിക്കുക; 3. ചോദിക്കുക, അന്വേഷിക്കുക.
ക്ലേശിത [സം.] വി. ദു:ഖിച്ച, ബുദ്ധിമുട്ടിയ, വേദനിച്ച.
ക്ലൈതകികം [സം.] നാ. ഒരിനം പുളിച്ച മദ്യം.
ക്ലൈബ്യം [സം.] നാ. 1. ക്ലീബം എന്ന അവസ്ഥ, നപുംസകത്വൻ; 2. പൗരുഷമില്ലായ്മ, ഭീരുത്വം.
ക്ലോക്ക് [ഇം. ക്ലോക്ക്]നാ. നാഴികമണി, ഘടികാരം.
ക്ലോമ, ക്ലോമാവ്, ക്ലോമകം [സം. ക്ലോമൻ] നാ. 1. ശ്വാസകോശം; 2. ശ്വാസനാളം; 3. അന്നനാളം; 4. മൂത്രാശയം, ഉദരത്തിലുള്ള ജലാധാരം; 5. കരൾ; 6. കരളിനോടുചേർന്നുള്ള ഒരു ഗ്രന്ഥി.
ക്ലോശം [സം.] നാ. ഭയം.

ക്ലോറോഫാം, -ഫോം [ഇം. ച്ലൊരൊഫൊർം] നാ. ദ്രാവകരൂപത്തിലുള്ളതും ശ്വസിച്ചാൽ ബോധം മറയാനിടയാക്കുന്നതുമായ ഒരു രാസപദാർഥം.
ക്വ [സം.] അവ്യ. എവിടെ.
ക്വചന [സം. ക്വ-ചന] അവ്യ. ചിലെടത്ത്, ഒരിടത്ത്.
ക്വചിൽ [സം. -ചിത്] അവ്യ. ചിലെടത്ത്, ഒരിടത്ത്, ചിലകാര്യങ്ങളിൽ.
ക്വണത് [സം.] വി. ക്വണിതത്തോടുകൂടിയ, ശബ്ദിക്കുന്ന.
ക്വണം [സം.] നാ. 1. ശബ്ദം; 2. വാദ്യസങ്ഗീതോപകരണങ്ങളുടെ നാദം; 3. ആഭരണങ്ങൾ തമ്മിൽ തട്ടിയുണ്ടാകുന്ന ശബ്ദം; 4. ആയുധങ്ങൾ കൂട്ടിമുട്ടുമ്പോഴുണ്ടാകുന്ന ശബ്ദം.
ക്വണിക്കുക [<സം. ക്വണ്] ക്രി. ശബ്ദിക്കുക.
ക്വണിതം [സം.] നാ. ക്വണം.
ക്വഥനം [സം.] നാ. വേവിക്കൽ, തിളപ്പിക്കൽ.
ക്വഥനാങ്കം [സം. ക്വഥന-അങ്ക] നാ. ദ്രാവകം തിളയ്ക്കുന്നതിനുവേണ്ട താപനില, തിളനില.
ക്വഥം [സം.] നാ. 1. വേവിക്കൽ; 2. കഷായം.
ക്വഥിക്കുക [<സം. ക്വഥ്] ക്രി. 1. തിളയ്ക്കുക; 2. വേവിക്കുക.
ക്വഥിത [സം.] വി. 1. വെന്ത, വേവിച്ച; 2. തിളപ്പിച്ച.
ക്വഥിതം [സം.] നാ. 1. ശരിയായി വെന്തത് (കഷായം മുതലായവ); 2. തേൻ ചേർത്തു തയാറാക്കിയ വീര്യമുള്ള ഒരിനം മദ്യം.
ക്വയർ [ഇം. "ഉഇരെ]നാ. ഇരുപത്തിനാലു പേപ്പർ ചേർന്ന ഒരടുക്ക്, ഒരു റീമിൻെറ ഇരുപതിലൊന്ന്.
ക്വയിന, ക്വയനാ(വ്) [ഇം. "ഉഇനിനെ] നാ. കൊയിന.
ക്വാചിത്ക [സം. <ക്വചിത്ക] വി. 1. ചിലെടത്തു മാത്രമുള്ള; 2. അപൂർവമായ.
ക്വാണം [-സം.]നാ. ക്വണം.
ക്വാഥനം [സം.] നാ. 1. തിളപ്പിക്കൽ; 2. കഷായം; 3. ഹിംസ, കൊല.
ക്വാഥം [സം.] നാ. 1. കഷായം; 2. കഷായമുണ്ടാക്കാനുള്ള സാമഗ്രികളുടെ കൂട്ടം; വേദന, സങ്കടം.
ക്വാഥോദ്ഭവം [സം. ക്വാഥ-ഉദ്ഭവ] 'തിളപ്പിച്ചുണ്ടാക്കിയത്.' നാ. ഒരുതരം തുത്ത്, രസാഞ്ജനം.
ക്വാപി [സം. ക്വ-അപി] അവ്യ. ഒരിടത്ത്, എവിടെയെങ്കിലും.
ക്വോട്ട [ഇം. "ഉഒറ്റ] നാ. അനുവദിച്ചിട്ടുള്ള വിഹിതം.
ക്വോറം നാ. = കോറം.
ക്ഷ ശിക്ഷ എന്ന പദത്തിൻെറ ലുപ്തരൂപം. വളരെ, നല്ല എന്നീ അർഥങ്ങളിൽ പ്രയോഗം. ഉദാ. ക്ഷായി = കൊള്ളാംനന്നായി.
ക്ഷണകം [സം.] നാ. ചെഞ്ചല്യം.
ക്ഷണകാന്തി [സം. ക്ഷണ-കാന്തി] നാ. മിന്നൽ.
ക്ഷണക്കത്ത് [സം. ക്ഷണ-മ. കത്ത്] നാ. വിവാഹം, സമ്മേളനങ്ങൾ തുടങ്ങിയ വിശേഷാവസരങ്ങളിൽ പങ്കുകൊള്ളാനഭ്യർഥിച്ചുകൊണ്ടു ബന്ധുക്കൾക്കും സ്നേഹിതന്മാർക്കും മറ്റും അയയ്ക്കുന്ന എഴുത്ത്.
ക്ഷണതു [സം.] നാ. മുറിവ്, വ്രണം.

ക്ഷണദ [സം. ക്ഷണ-ദാ] 'ക്ഷണത്തെ (വിശ്രമത്തെ) നൽകുന്നത്.' നാ. 1. രാത്രി; 2. മഞ്ഞൾ; 3. മിന്നൽ.
ക്ഷണദൻ [സം.] നാ. ജ്യോത്സ്യൻ.
ക്ഷണദം [സം.] നാ. 1. വെള്ളം; 2. രാത്രികാലത്തുള്ള അന്ധത.
ക്ഷണദാകരൻ [സം. ക്ഷണദാ-കര] 'രാത്രിയിൽ ചരിക്കുന്നവൻ. നാ. രാക്ഷസൻ.
ക്ഷണദ്യുതി [സം. ക്ഷണ-ദ്യുതി] നാ. മിന്നൽ.
ക്ഷണനം [സം.] നാ. 1. വധം; 2. ഹിംസ; 3. മുറിവേൽപ്പിക്കൽ; 4. വിരുന്ന് മുതലായവയ്ക്കു വിളിക്കൽ.
ക്ഷണനിശ്വാസം [സം. ക്ഷണ-നിശ്ശ്വാസ] നാ. 1. ചീങ്കണ്ണി; 2. നീർപ്പന്നി.
ക്ഷണപത്രം [സം. -പത്ര] നാ. ക്ഷണക്കത്ത്.
ക്ഷണപ്രകാശ [സം. -പ്രകാശാ] നാ. മിന്നൽ.
ക്ഷണപ്രഭ [സം. -പ്രഭാ] നാ. മിന്നൽ.
ക്ഷണഭങ്ഗുര [സം. -ഭങ്ഗുര] വി. വേഗത്തിൽനശിക്കുന്ന അനിത്യമായ, ചഞ്ചലമായ.
ക്ഷണം [സം.] 'ഉടനെ.' നാ. 1. ഏറ്റവും ചെറിയ ഒരു കാലയളവ്, സെക്കൻറിൻെറ 4/5 ഭാഗം, നിമിഷം, ഇമവെട്ടുന്നതിനുള്ള സമയം; 2. (ജ്യോ.) രണ്ടു നാഴികസമയം നാൽപത്തിയെട്ടു മിനിട്ട്; 3. ഉചിതമായ അവസരം, സന്ദർഭം; 4. ശുഭനിമിഷം, മുഹൂർത്തം; 5. ഉത്സവം; 6. (വിവാഹം തുടങ്ങിയ) വിശേഷാവസരങ്ങളില\u0d4dന്നു പങ്കുകൊള്ളണമെന്ന അപേക്ഷ; 7. ആശ്രയം, പരാധീനത; 8. പ്രവൃത്തിരഹിതമായ സമയം; 9. പക്ഷത്തിലെ ഒരു പ്രത്യേകദിവസം (പൗർണമിയെന്നപോലെ); 10. മധ്യഭാഗം.
ക്ഷണമാത്രം [സം. ക്ഷണ-മാത്ര] അവ്യയമായും നാമമായും പ്രയോഗം. ക്ഷണനേരത്തേക്ക്, ക്ഷണനേരം.
ക്ഷണരാമി [സം. -രാമിൻ] നാ. മാടപ്രാവ്.
ക്ഷണവീര്യം [സം. -വീര്യ] നാ. (ജ്യോ.) ഒരു ശുഭമുഹൂർത്തം.
ക്ഷണാത്, ക്ഷണാൽ [സം. ക്ഷണാത്] അവ്യ. ക്ഷണേന.
ക്ഷണാന്തരം [സം. ക്ഷണ-അന്തര] നാ. അടുത്തക്ഷണം.
ക്ഷണി [സം. ക്ഷണിൻ] വി. 1. ക്ഷണികമായ; 2. അവസരമുള്ള; 3. വിശ്രമമുള്ള.
ക്ഷണിക1 [സം.] വി. 1. ക്ഷണനേരം നിൽക്കുന്ന, ചഞ്ചലമായ; 2. വിശ്രമമുള്ള; 3. സന്ദർഭത്തെ പ്രയോജനപ്പെടുത്തുന്ന.
ക്ഷണിക2 [സം. ക്ഷണികാ] നാ. മിന്നൽ.
ക്ഷണികത, -ത്വം [സം. ക്ഷണിക-താ, -ത്വ] നാ. ക്ഷണികമായിരിക്കുന്ന അവസ്ഥ, താത്കാലികത്വം.
ക്ഷണികാലയം [സം. -ആലയ] നാ. താൽകാലികമായി വിഗ്രഹംവച്ചു പൂജിക്കുന്ന സ്ഥലം.
ക്ഷണിക്കുക [<സം. ക്ഷണ് = കൊല്ലുക] ക്രി. 1. വരാനായി ഉപചാരപൂർവം വിളിക്കുക, സാന്നിധ്യം അപേക്ഷിക്കുക; 2. പ്രേരിപ്പിക്കുക; 3. ആകർഷിക്കുക; 4. വിജ്ഞാപനം മൂലമോ മറ്റോ വരുത്തുക (അപേക്ഷ എന്നപോലെ).
ക്ഷണിതാവ് [സം. ക്ഷണിതൃ = കൊല്ലുന്നവൻ] നാ. ക്ഷണിക്കുന്നവൻ.
ക്ഷണിനി [സം. ക്ഷണിനീ] നാ. രാത്രി.

ക്ഷണേക്ഷണം [സം. ക്ഷണ-ഈക്ഷണ] നാ. ക്ഷണനേരത്തേക്കുള്ള ദർശനം, ക്ഷണദർശനം.
ക്ഷണേക്ഷണേ [സം. ക്ഷണേ-ക്ഷണേ] അവ്യ. നിമിഷം തോറും, ക്ഷണം തോറും.
ക്ഷണേന അവ്യ. ക്ഷണനേരംകൊണ്ട്, പെട്ടെന്ന്.
ക്ഷത1 വി. 1. നശിച്ച; 2. കുറഞ്ഞ; 3. ചവിട്ടപ്പെട്ട; 4. നുറുങ്ങിയ; 5. പീഡിതമായ, മുറിവേറ്റ, പിളർന്ന, കീറിയ.
ക്ഷത2 [സം. ക്ഷതാ] നാ. വിവാഹത്തിനുമുമ്പുതന്നെ പുരുഷസംസർഗത്താൽ ദൂഷിതയായവൾ, ക്ഷതയോനി.
ക്ഷത്ക്ഷാരം [സം.- ക്ഷാര]നാ. 1. ക്ഷതത്തിൽ (മുറിവിൽ) വയ്ക്കുന്ന ക്ഷാരം; 2. (പ്ര.) കൂടുതൽ വേദനയുണ്ടാക്കുന്നത്.
ക്ഷതജം [സം.] സം. 'ക്ഷതതത്തിൽ നിന്നുണ്ടായത്.' നാ. 1. രക്തം; 2. ചലം.
ക്ഷതദർശനം [സം. ക്ഷത-ദർശന] നാ. ദണ്ഡപാരുഷ്യങ്ങളിലൊന്ന്.
ക്ഷതം [സം.] നാ. 1. മുറിവ്, കേട്, ചതവ്, ഹേമം; 2. വ്രണം; 3. കുറവ്, ന്യൂനത, പോരായ്മ; 4. ആപത്ത്, നാശം; 5. ആറാംഭാവം.
ക്ഷതയോനി [സം. ക്ഷത-യോനി] നാ. കന്യകാത്വം നശിച്ച സ്ത്രീ, പുരുഷസംസർഗം ഉണ്ടായിട്ടുള്ളവൾ.
ക്ഷതവിക്ഷത [സം. -വിക്ഷത] വി. അനേകം മുറിവുകളുള്ള, കഠിനമായ മുറിവുപറ്റിയ.
ക്ഷതവൃത്തി [സം. -വൃത്തി] വി. ഉപജീവനമാർഗമില്ലാത്ത. നാ. ദാരിദ്ര്യം.
ക്ഷതവ്രതൻ [സം. -വ്രത] നാ. വ്രതഭങ്ഗം വന്നവൻ.
ക്ഷതവ്രതം [സം. -വ്രത] നാ. ബ്രഹ്മചാരിക്കു സംഭവിക്കുന്ന വ്രതഭങ്ഗത്തിനുള്ള ഒരു പ്രായശ്ചിത്തം, അവകീർണിപ്രായശ്ചിത്തം.
ക്ഷതസന്നി [സം. ക്ഷത-മ. സന്നി] നാ. മുറിവേറ്റതിനെത്തുടർന്നുണ്ടാകുന്ന സന്നി.
ക്ഷതസീവനം [സം. -സീവന] നാ. മുറിവു തുന്നി ശരിപ്പെടുത്തൽ.
ക്ഷതാങ്ഗ [സം. -അങ്ഗ] വി. മുറിവേറ്റ അങ്ഗങ്ങളോടു കൂടിയ.
ക്ഷതി [സം.] നാ. 1. മുറിവ്, ചതവ്; 2. നാശം; 3. ഹാനി, നഷ്ടം, ഇല്ലായ്മ; 4. കേട്, അസൗകര്യം, കുറവ്, ദോഷം, ക്ഷയം; 5. ദൂഷ്യം, കുറ്റം, തെറ്റ്.
ക്ഷതിപൂർത്തി [സം. -പൂർതി] നാ. നഷ്ടപരിഹാരം.
ക്ഷതൗജസ്സ് [സം. -ഓജസ്] 'ക്ഷതമായ ഓജസ്സോടുകൂടിയ.' വി. ന്യൂനത പറ്റിയ, ക്ഷീണിച്ച, ഓജസ്സു നഷ്ടപ്പെട്ട.
ക്ഷത്തൻ [<സം. ക്ഷത്ത] നാ. പ്രതിലോമവിവാഹത്തിൽ ജനിച്ചവൻ (വൈശ്യവനു ശൂദ്രസ്ത്രീയിലോ, ശൂദ്രനു ക്ഷത്രിയസ്ത്രീയിലോ ജനിച്ചവൻ0.
ക്ഷത്താ [സം. ക്ഷത്തൃ] നാ. 1. മുറിക്കുന്നവൻ, കൊത്തുപണി ചെയ്യുന്നവൻ, വിതരണം ചെയ്യുന്നവൻ; 2. സേവകൻ, ദ്വാരപാലകൻ; 3. ദാസീപുത്രൻ; 4. വിദുരൻ (വ്യാസനു ദാസിയിൽ ജനിച്ചവനായതു കൊണ്ട്); 5. ശൂദ്രനു ക്ഷത്രിയസ്ത്രീയിൽ ജനിച്ച പുത്രൻ; 6. തേരാളി, സൂതൻ; 7. ബ്രഹ്മാവ്; 8. തേരിലിരുന്നു യുദ്ധം ചെയ്യുന്നവൻ; 9. കോശാധ്യക്ഷൻ; 10. ഒരു സൗവീരരാജാവ്.
ക്ഷത്ത് [സം. ക്ഷദ്] നാ. 1. വധം; 2. മാന്തൽ; 3. പിളർക്കൽ; 4. ശരീരത്തിനോ മനസ്സിനോ ഉണ്ടാകുന്ന പീഡ.

ക്ഷത്ര [സം.] വി. ക്ഷത്രിയകുലത്തിലുള്ള.
ക്ഷത്രകർമം [സം. ക്ഷത്ര-കർമൻ] നാ. ക്ഷത്രിയോചിതമായ കർമം.
ക്ഷത്രധർമം [സം. -ധർമ] നാ. 1. ക്ഷത്രിയൻ അനുഷ്ഠിക്കേണ്ട ധർമം; 2. ധീരത, യുദ്ധവീരത്വം.
ക്ഷത്രൻ [സം. ക്ഷത്ര] നാ. 1. ക്ഷത്രിയ ജാതിക്കാരൻ; 2. യുദ്ധവീരൻ, പടയാളി; 3. യുധാജിതൻെറ പുത്രൻ; 4. ഒരു വൈദിക ഋഷി.
ക്ഷത്രപതി [സം. -പതി] നാ. രാജാവ്.
ക്ഷത്രബന്ധു [സം. -ബന്ധു] വി. ക്ഷത്രിയ വർഗത്തിൽപ്പെട്ട. നാ. ക്ഷത്രിയൻ.
ക്ഷത്രം നാ. 1. രാഷ്ട്രം, പരമാധിപത്യം, ശക്തി; 2. ക്ഷത്രിയവർഗം; 3. ക്ഷത്രിയ ധർമം; 4. ഭരണകൂടം, ഭരണസമിതി; 5. സമരവീര്യം; 6. ക്ഷത്രിയ പദവി, അധികാരം.; 7. സമ്പത്ത്; 8. ജലം; 9. ഒരു ചെടി, പിണ്ഡതഗരം.
ക്ഷത്രലക്ഷ്മി [സം. ക്ഷത്ര-ലക്ഷ്മീ] നാ. രാജകീയമായ ഐശ്വര്യം.
ക്ഷത്രവിദ്യ [സം. -വിദ്യാ] നാ. ആയുധപ്രയോഗവിദ്യ.
ക്ഷത്രവേദം [സം. -വേദ] നാ. ക്ഷത്രിയരുടെ വേദം, ധനുർവേദം.
ക്ഷത്രാന്തകൻ [സം. -അന്തക] നാ. ക്ഷത്രിയവംശത്തിൻെറ അന്തകൻ, പരശുരാമൻ.
ക്ഷത്രി1 [സം. ക്ഷത്രീ] നാ. ക്ഷത്രിയസ്ത്രീ.
ക്ഷത്രി2 [സം. ക്ഷത്രിൻ] നാ. 1. ശൂദ്രനു ക്ഷത്രിയസ്ത്രീയിലുണ്ടായവൻ, ക്ഷത്താവ്; 2. വിദുരൻ; 3. ക്ഷത്രിയർക്കുള്ള സ്ഥാനം; 4. ധനം; 5. ശരീരം; 6. ജലം.
ക്ഷത്രിയ1 [സം.] വി. 1. ക്ഷത്രിയകുലത്തിലുള്ള; 2. ക്ഷത്രിയനുയോജിച്ച; 3. ക്ഷത്രിയൻ ഭരിക്കുന്ന, ക്ഷത്രിയനു മേൽക്കോയ്മയുള്ള.
ക്ഷത്രിയ [സം. ക്ഷത്രിയാ] നാ. 1. ക്ഷത്രിയ സ്ത്രീ; 2. ദുർഗ.
ക്ഷത്രിയക [സം. ക്ഷത്രിയകാ] നാ. ക്ഷത്രിയസ്ത്രീ.
ക്ഷത്രിയൻ [സം. ക്ഷത്രിയ] നാ. 1. ചാതുർവർണ്യപ്രകാരം മനുഷ്യവർഗത്തെ നാലായി തിരിച്ചിട്ടുള്ളതിൽ രണ്ടാമത്തേതിൽ പെട്ടവൻ; 2. ക്രമേണ യോദ്ധാക്കളായ ഒരു ജാതിക്കാർ എന്നർഥം വന്നു; 3. ക്ഷതത്തിൽനിന്നും ത്രാണം ചെയ്യുന്നവൻ, രാജാവ്. ക്ഷത്രിയധർമചതുഷ്ടയം = പ്രജാപാലനം ദാനം വേദാധ്യയനം വിഷയവിരഖി എന്നീ നാലു (ക്ഷത്രിയ) ധർമങ്ങൾ.
ക്ഷത്രിയം നാ. 1. ക്ഷത്രിയശക്തി; 2. രാജസ്ഥാനം; 3. ധൈര്യം, വീര്യം.
ക്ഷത്രിയരാശി [സം. -രാശി] നാ. (ജ്യോ.) ചിങ്ങം മേടം ധനു എന്നീ രാശികൾ.
ക്ഷത്രിയസ്വരം [സം. -സ്വര] നാ. സങ്ഗീതത്തിലെ ത്രിശ്രുതിസ്വരം.
ക്ഷത്രിയഹണൻ [സം. ഹന] നാ. ക്ഷത്രിയന്മാരെ ഹനിച്ചവൻ, പരശുരാമൻ.
ക്ഷത്രിയാണി [സം. ക്ഷത്രിയാണീ] ക്ഷത്രിയ ജാതിയിൽപ്പെട്ട സ്ത്രീ, ക്ഷത്രിയൻെറ പത്നി.
ക്ഷദനം [സം. < ക്ഷദ്] നാ. 1. ഛേദിക്കൽ, മുറിക്കൽ; 2. പിളർക്കൽ; 3. ആഹാരം കഴിക്കൽ.
661
ക്ഷദ്മാ [സം. ക്ഷദ്മൻ] നാ. 1. വെള്ളം; 2. ആഹാരസാധനം; 3. ചീകിയെടുക്കുന്നതിൻള്ള കത്തി.
ക്ഷൻ [സം. ക്ഷ] നാ. 1. നരസിംഹരൂപമായ വിഷ്ണു; 2. ക്ഷത്രിയൻ; 3. കർഷകൻ; 4. രാക്ഷസൻ.

ക്ഷന്തവ്യ [സം. <ക്ഷമ്] വി. ക്ഷമിക്കത്തക്കതായ, സഹിക്കേണ്ടതായ, മാപ്പുനൽകത്തക്ക.
ക്ഷന്താ [സം. ക്ഷന്തൃ]നാ. ക്ഷമാശീലൻ, മാപ്പുനൽകുന്നവൻ.
ക്ഷപ[സം.] നാ. 1. രാത്രി; 2. ഇരുട്ട്; 3. മഞ്ഞൾ; 4. മരമഞ്ഞൾ; 5. കരിന്തുമ്പ.
ക്ഷപണ1 [സം.] വി. 1. നാണമില്ലാത്ത; 2. (സമാസ.) നശിപ്പിക്കുന്ന.
ക്ഷപണ2 [സം.] നാ. അഷ്ടാഷ്ടകദേവിമാരിൽ ഒരുവൾ.
ക്ഷപണകൻ [സം.] നാ. 1. ബുദ്ധമുനി; 2. സന്ന്യാസി, നഗ്നനായ ജൈനസന്ന്യാസി; 3. ഒരു കവി, വിക്രമാദിത്യസദസ്സിലെ നവരത്നങ്ങളിലൊരാൾ; 4. ലജ്ജയില്ലാത്തവൻ; 5. പാമ്പാട്ടി; 6. ചെപ്പടിവിദ്യക്കാരൻ, മാന്ത്രികൻ.
ക്ഷപണ(ക)ൻ [സം.] നാ. 1. അശുദ്ധി; 2. നശിപ്പിക്കൽ, ഉച്ചാടനം, അടിച്ചമർത്തൽ; 3. ക്ഷയിക്കൽ, ക്ഷയം; 4. കാത്തിരിപ്പ്, ഇടവേള; 5. (സമയത്തിന്റെ ) പോക്ക്; 6. എട്ടുവിധം ശിവമന്ത്രങ്ങളിലൊന്ന്; 7. വ്രതം; 8. ഉപവാസം.
ക്ഷപണി [സം.] നാ. 1. വള്ളം ഊന്നുന്നതിനുള്ള കഴ; 2. തണ്ട്, തുഴ; 3. വല.
ക്ഷപൻ [സം.] നാ. സന്ന്യാസി, ക്ഷപണൻ. (സ്ത്രീ.) ക്ഷപി.
ക്ഷപം [സം.] നാ. വെള്ളം.
ക്ഷപാകരൻ [സം. ക്ഷപാ-കര] നാ. ക്ഷപയെ (രാത്രിയെ) ഉണ്ടാക്കുന്നവൻ, ചന്ദ്രൻ.
ക്ഷപാകരം [സം. -കര] നാ. കർപ്പൂരം.
ക്ഷപാഘനം [സം. -ഘന] നാ. കാർമേഘം.
ക്ഷപാചരൻ [സം. -ചാര] നാ. രാത്രിഞ്ചരൻ, രാക്ഷസൻ.
ക്ഷപാത്യയം [സം. -അത്യയ] 'രാത്രിയുടെ അവസാനം.' നാ. പ്രഭാതം.
ക്ഷപാന്ധ്യം [സം. -അന്ധ്യ] നാ. ഒരു രോഗം, രാത്രിയിൽ കണ്ണുകാണാൻ വയ്യായ്മ, മാലക്കണ്ണ്.
ക്ഷപാപതി [സം. -പതി] നാ. ക്ഷപാനാഥൻ.
ക്ഷപാപഹൻ [സം. -അപഹ] 'രാത്രിയെ അകറ്റുന്നവൻ.' നാ. സൂര്യൻ.
ക്ഷപാഹരൻ [സം. -ഹര] 'ക്ഷപയെ (രാത്രിയെ) അപഹരിക്കുന്നവൻ.' നാ. ചന്ദ്രൻ.
ക്ഷപിത [സം.] വി. 1. നശിപ്പിക്കപ്പെട്ട; 2. കൊല്ലപ്പെട്ട; 3. കുറയ്ക്കപ്പെട്ട, ക്ഷീണിപ്പിക്കപ്പെട്ട; 4. അടിച്ചമർത്തപ്പെട്ട.
ക്ഷമ1 [സം. ക്ഷമ] വി. 1. സഹനശീലമുള്ള, വണക്കമുള്ള, അടക്കമുള്ള; 2. പര്യാപ്തമായ, അർഹതയുള്ള, കഴിവുള്ള; 3. ഉചിതമായ, ശരിയായ; 4. യോഗ്യമായ.
ക്ഷമ2 [സം. ക്ഷമാ] നാ. 1. സഹനം, അടക്കം, സഹിഷ്ണുത; 2. മെരുക്കം; 3. ഒരു നദിയുടെ പേര്; 4. ഭൂമി; 5. ദക്ഷനു പ്രസൂതിയിലുണ്ടായ ഒരു പുത്രി; 6. ദുർഗ; 7. രാത്രി; 8. മാപ്പുകൊടുക്കൽ; 9. ഒന്ന് എന്ന സങ്ഖ്യ; 10. കരിങ്ങാലി; 11. ഒരു വൃത്തം; 12. നമസ്കാരം.
ക്ഷമത [സം. ക്ഷമതാ] നാ. 1. ശേഷി, കഴിവ്; 2. അനുഗുണത.
ക്ഷമൻ [സം. ക്ഷമ] നാ. 1. സമർഥൻ; 2. ക്ഷമയുള്ളവൻ; 3. ശിവൻ.
ക്ഷമം നാ. 1. ഉചിതമായത്, ഔചിത്യം; 2. യോഗ്യത; 3. യുദ്ധം.
ക്ഷമാജൻ [സം. ക്ഷമാ-ജ] ഭൂമിയിൽ നിന്ന് ജനിച്ചവൻ.'നാ. കുജൻ.
ക്ഷമാതലം [സം. -തല] നാ. 1. ഭൂമിയുടെ ഉപരിതലം; 2. ഭൂമി.
ക്ഷമാദേവൻ [സം. -ദേവൻ] 'ഭൂമിയിലെ ദേവൻ.' നാ. ബ്രാഹ്മണൻ.

ക്ഷമാദേവി [സം. -ദേവി] നാ. ഭൂമീദേവി.
ക്ഷമാധരൻ [സം. -ധര] നാ. രാജാവ്.
ക്ഷമാധവൻ, -നാഥൻ [സം. -ധവ, -നാഥ] നാ. 1. രാജാവ്; 2. വിഷ്ണു.
ക്ഷമാപണം [സം.] നാ. ക്ഷമായാചനം, മാപ്പിരക്കൽ.
ക്ഷമാപതി, -പൻ [സം. ക്ഷമാ-പതി, -പ] നാ. ക്ഷമാനാഥൻ.
ക്ഷമാഭുക്ക് [സം. -ഭുക് <ഭുജ്] 'ഭൂമിയെ അനുഭവിക്കുന്നവൻ.' നാ. രാജാവ്.
ക്ഷമാഭൃത്ത് [സം. -ഭൃത്] 'ഭൂമിയെ താങ്ങുന്നത്.' നാ. പർവതം.
ക്ഷമായാചനം [സം. -യാചന] നാ. മാപ്പുചോദിക്കൽ.
ക്ഷമാലു [സം.] നാ. നാ. ക്ഷമാശീലമുള്ള ആൾ.
ക്ഷമാവത് [സം.] വി. 1. ക്ഷമയുള്ള, കോപമില്ലാത്ത, സഹനശക്തിയുള്ള; 2. ഇണങ്ങിയ (ആനയും മറ്റും പോലെ).
ക്ഷമാവാൻ [സം. -വാൻ] നാ. ക്ഷമയുള്ളവൻ, ക്ഷമാശീലൻ. സ്ത്രീ. ക്ഷമാവതി.
ക്ഷമാശീല [സം. -ശീല] വി. ക്ഷമയുള്ള, സഹനശീലമുള്ള, ക്ഷമിക്കുന്ന.
ക്ഷമി[സം. ക്ഷമിൻ] നാ. 1. ക്ഷമാശീലമുള്ളവൻ; 2. കോവർകഴുത.
ക്ഷമിക്കുക [<സം. ക്ഷമ്] ക്രി. 1. സഹിക്കുക, പൊറുക്കുക; 2. മാപ്പുകൊടുക്കുക; 3. ശാന്തമായിരിക്കുക; കാത്തിരിക്കുക.
ക്ഷമിതവ്യ [സം.] വി. ക്ഷമിക്കപ്പെടുവാൻ യോഗ്യമായ, മാപ്പുകൊടുക്കത്തക്ക.
ക്ഷമിതാവ് [സം. ക്ഷമിതൃ] നാ. ക്ഷമാശീലമുള്ളവൻ. (സ്ത്രീ.) ക്ഷമിത്രി.
ക്ഷയകര [സം. ക്ഷയ-കര] വി. ക്ഷയിപ്പിക്കുന്ന, വിനാശകരമായ.
ക്ഷയകാസം [സം. -കാസ] നാ. ക്ഷയരോഗം മൂലമുണ്ടാകുന്ന ചുമ.
ക്ഷയണ [സം. < ക്ഷി] വി. (സമാസ.) ക്ഷയിപ്പിക്കുന്ന.
ക്ഷയണം [സം. ക്ഷയണാ] നാ. 1. ഒഴുക്കില്ലാത്ത വെള്ളം നിൽക്കുന്ന സ്ഥലം; 2. തുറമുഖം; 3. വാസസ്ഥലം.
ക്ഷയതരു [സം. -തരു] നാ. ചിറ്റരയാൽ.
ക്ഷയഥു [സം.] നാ. 1. ക്ഷയത്തിൻെറ ചുമ, ക്ഷയം; 2. ജലദോഷം; 3. തുമ്മൽ; 4. ചുമ; 5. തൊണ്ടയടപ്പ്.
ക്ഷയനാശിനി [സം. -നാശിനീ] നാ. ചെറിയ അടപതിയനവള്ളി.
ക്ഷയപക്ഷം [സം. -പക്ഷ] നാ. കറുത്ത പക്ഷം.
ക്ഷയം [സം.] നാ. 1. (വസ്തുക്കൾ, ജീവജാലങ്ങൾ, ധനം മുതലായവയ്ക്കു സംഭവിക്കുന്ന ) നഷ്ടം, അൽപാൽപമായുള്ള കുറവ്, നാശം, അഴിവ്, ജീർണത, കേട്; 2. വിട്ടുമാറൽ, നീങ്ങൽ (ആപത്തു മുതലായവ പോലെ); 3. അവസാനം; 4. വർഗം, കുലം; 5. ക്ഷയമാസം; 6. ലോകാവസാനം; 7. വീട്; 8. രോഗം; 9. ഋണചി ം, ന്യൂനചി ം; 10. എട്ടുവിധമുള്ള ശിവമന്ത്രങ്ങളിൽ ഒന്ന്; 11. ശത്രുക്കളുടെ വിപരീതപ്രവൃത്തി നിമിത്തമുണ്ടാകുന്ന ഉപദ്രവം; 12. ആനയുടെ കാൽമുട്ടിൻെറ ഒരു ഭാഗം; 13. പ്രഭവാതിസംവത്സരങ്ങളിൽ അറുപതാമത്തേത്.
ക്ഷയമാസം [സം. ക്ഷയ-മാസ] നാ. സൗരവർഷം കണക്കാക്കുമ്പോൾ കണക്കിൽ ചേർക്കാതെ വിടുന്ന ചന്ദ്രമാസം, രണ്ടു സക്രാന്തി വരുന്ന മാസം.
ക്ഷയരോഗം [സം. -രോഗ] നാ. ഒരു രോഗം, രാജയക്ഷ്മാവ്.
ക്ഷയരോഗി [സം. -രോഗിൻ] നാ. ക്ഷയരോഗമുള്ളയാൾ.
ക്ഷയസങ്ഖ്യ [സം. -സങ്ഖ്യ] നാ. (ഗണിത.) ഋണസങ്ഖ്യ.
ക്ഷയസമ്പത്ത് [സം. ക്ഷയ-സം പദ്] നാ. സർവസ്വവും നശിക്കൽ.

ക്ഷയസ്സ് [സം. ക്ഷയസ്] നാ. പാർപ്പിടം.
ക്ഷയി [സം. ക്ഷയിൻ] വി. 1. ക്ഷയിക്കുന്ന, കുറയുന്ന; 2. കലകൾക്കു നാശം സംഭവിക്കുന്ന; 3. നശ്വരമായ. നാ. ചന്ദ്രൻ.
ക്ഷയിക്കുക [<സം. ക്ഷി] ക്രി. 1. കുറയുക, നശിക്കുക; 2. ക്ഷണിക്കുക; 3. വിട്ടുമാറുക, നീങ്ങുക; 4. അവസാനിക്കുക.
ക്ഷയിഷ്ണു [സം.] വി. 1. ക്ഷയിക്കുന്ന ശീലമുള്ള, നശിക്കുക സ്വഭാവമായുള്ള; 2. നശ്വരമായ.
ക്ഷയോന്മുഖ [സം. -ഉന്മുഖ] വി. ക്ഷയിക്കാറായ.
ക്ഷയ്യ [സം.] വി. ക്ഷയിക്കത്തക്ക, ക്ഷയം വരാവുന്ന, ക്ഷയമുള്ള.
ക്ഷര [സം.] വി. 1. നാശമുള്ള; 2. ഇളക്കമുള്ള; 3. ഇറ്റുവീഴുന്ന, ഒലിക്കുന്ന; 4. ഉരുകുന്ന, അലിയുന്ന.
ക്ഷരജ [സം.] വി. 1. വാറ്റിയെടുക്കപ്പെട്ട; 2. മേഘത്തിൽനിന്നും ഉണ്ടായ.
ക്ഷരണം [സം.] നാ. 1. പൊഴിച്ചിൽ, ഒഴുക്ക്, ഇറ്റിറ്റുവീഴ്ച, ഊറൽ, തെറിക്കൽ; 2. വിയർപ്പ്; 3. വാറ്റ്; 4. കലഹം.
ക്ഷരത് [സം. <ക്ഷര്] വി. 1. സ്രവിച്ചുകൊക്ക്ണ്ടിരിക്കുന്ന; 2. ഇറ്റിറ്റുവീഴുന്ന.
ക്ഷരം [സം. ക്ഷര] നാ. 1. നശിക്കുന്നത്; 2. മേഘം; 3. വെള്ളം; 4. ശരീരം; 5. മൂഢത; 6. അജ്ഞാനം; 7. പരബ്രഹ്മം; 8. പ്രകൃതി.
ക്ഷരി [സം. ക്ഷരിൻ] നാ. 1. ഇളകുന്നത്, ചലിക്കുന്നത്, ഒഴുകുന്നത്, ഇറ്റിറ്റു വീഴുന്നത്; 2. മഴക്കാലം.
ക്ഷരിത [സം.] വി. 1. തുള്ളി തുള്ളിയായി വീഴ്ത്തപ്പെട്ട, അലിയിക്കപ്പെട്ട; 2. സ്രവിക്കുന്ന.
ക്ഷവം നാ. 1. ജലദോഷം; 2. തുമ്മൽ; 3. ചുമ; 4. കരിങ്കടുക്; 5. വലിയ കടലാടി; 6. ചെങ്കടുക്; 7. ഭൂതാങ്കുശം.
ക്ഷവിക [സം. ക്ഷവികാ] നാ. 1. സ്ത്രീ; 2. ഒരുതരം നെല്ല്; 3. ചെറുവഴുതന.
ക്ഷാത്ര [സം. <ക്ഷത്ര]വി. ക്ഷത്രിയൻേറതായ, ക്ഷത്രിയനെ സംബന്ധിച്ച, ക്ഷത്രിയനു പ്രത്യേകമായ.
ക്ഷാത്രം [സം.] നാ. 1. ക്ഷത്രിയജാതി; 2. ക്ഷത്രിയനുണ്ടായിരിക്കേണ്ട ഗുണം; 3. വിരോധം, പൂർവവൈരം.
ക്ഷാത്രസൂത്രം [സം. ക്ഷാത്ര-സൂത്ര]നാ. മൂലക്കുരു അടർത്തിക്കളയാൻ വേണ്ടി കെട്ടാനുപയോഗിക്കുന്ന ഔഷധലേപനം ചെയ്ത നൂല്.
ക്ഷാന്ത [സം. < ക്ഷമ്] വി. ക്ഷമയുള്ള, സഹനശീലമുള്ള; 2. ക്ഷമിക്കപ്പെട്ട; 3. മാപ്പുനൽകപ്പെട്ട. നാ. ഭൂമി.
ക്ഷാന്തൻ [സം.] നാ. ശിവൻ.
ക്ഷാന്തി [സം.] നാ. 1.ക്ഷമ, സഹിഷ്ണുത; 2. ക്ഷമയോടുകൂടിയ കാത്തിരിപ്പ്; 3. സങ്ഗീതത്തിൽ മധ്യസ്വരത്തിലുള്ള ഒരു ശ്രുതി.
ക്ഷാന്തു [സം.] നാ. പിതാവ്, ക്ഷമയുള്ള.
ക്ഷാമ [സം.] വി. 1. ദഹിപ്പിക്കപ്പെട്ട, പൊള്ളിപ്പിക്കപ്പെട്ട, കരിക്കപ്പെട്ട; 2. കുറയ്ക്കപ്പെട്ട, മെലിഞ്ഞ, ക്ഷീണിച്ച; 3. നേരിയ, അൽപമായ; 4. ശക്തിയില്ലാത്ത, ബലക്ഷയമുള്ള, ഉറപ്പില്ലാത്ത.
ക്ഷാമൻ [സം.] നാ. വിഷ്ണു.

ക്ഷാമബത്ത [സം. -ബത്ത] നാ. ക്ഷാമകാലത്തു ശമ്പളത്തിനു പുറമേ കൊടുക്കുന്ന സഹായധനം, വിലക്കയറ്റത്തെ അടിസ്ഥാനമാക്കി ശമ്പളത്തിനുപുറമേ കൊടുക്കുന്ന പടി.
ക്ഷാമം [സം.] നാ. 1. വരൾച്ച; 2. പഞ്ഞം, ദാരിദ്ര്യം, ഇല്ലായ്മ, കുറവ്, ദൗർലഭ്യം.
ക്ഷാമാസ്യം [സം.] നാ. ചികിത്സയ്ക്കു വിരോധമായ ആഹാരം, അപഥ്യമായ ആഹാരം.
ക്ഷാര [സം.] വി. 1.പൊള്ളിക്കുന്ന, തീക്ഷ്ണതയുള്ള, എരിവുള്ള, ഉപ്പുരസമുള്ള; 2. സ്രവിക്കുന്ന, ഊറുന്ന.
ക്ഷാരകൻ [സം.] നാ. വെളുത്തേടൻ.
ക്ഷാരകം [സം.] നാ. 1. കാരം; 2. ചാറ്, രസം; 3. പുതിയമൊട്ട്; 4. വിടർന്ന പുഷ്പം; 5.പക്ഷികളെയും മീനുകളെയും പിടിക്കാനുള്ള കൂട്, വല മുതലായവ.
ക്ഷാരകർദമം [സം. -കർദമ] 'ചെളിയും ഉപ്പുവെള്ളവും കലർന്ന കുളം.' നാ. ഒരു നരകം.
ക്ഷാരണ [സം.] നാ. 1. വ്യഭിചാരക്കുറ്റം ആരോപിക്കൽ; 2. ദോഷാരോപണം.
ക്ഷാരണം [സം.] നാ. 1. ക്ഷാരമാക്കൽ; 2. രസപാകവിധികളിൽ ഒന്ന്; 3. വാറ്റ്.
ക്ഷാരത്രയം [സം. ക്ഷാര-ത്രയ] നാ. മൂന്നു ക്ഷാരങ്ങൾ (വെടിയുപ്പ്, പൊങ്കാരം, ചവർക്കാരം എന്നിവ).
ക്ഷാരൻ [സം.] നാ. ചതിയൻ.
ക്ഷാരനദി [സം. ക്ഷാര-നദീ] നാ. ക്ഷാരജലത്തോടുകൂടിയ ഒരു നദി.
ക്ഷാരപാകവിധി [സം. -പാകവിധി] നാ. (ആയുർ.) ശസ്ത്രക്രിയയ്ക്കു പകരമുള്ള ചികിത്സാവിധികളിൽ ഒന്ന്. ക്ഷാരമുപയോഗിച്ചു മാംസാങ്കുരങ്ങളും മറ്റും നശിപ്പിക്കുന്ന പ്രയോഗം.
ക്ഷാരം [സം.] നാ. 1. രസങ്ങൾ ആറുവിധമുള്ളതിൽ ഒന്ന്; 2. കാരം, അമ്ലത്തോടു ചേരുമ്പോൾ ലവണം ഉണ്ടാക്കുന്ന പദാർഥം; 3. ചാമ്പൽ; 4. ഒരിനം ഭസ്മം; 5. കുരുട്ടുകല്ല്, കല്ലുമണി; 6. ചാള്ള; 7. ശർക്കര; 8. കണ്ണാടി; 9. ചുണ്ണാമ്പ്; 10. പ്ത്തക്ഷി; 11. ജലം; 12. കാരുപ്പ്.
ക്ഷാരമേഹം [സം. -മേഹ] നാ. ഒരു മൂത്രരോഗം, പിത്തപ്രമേഹം.
ക്ഷാരിക1 [സം. ക്ഷാരികാ] വി. 1. ക്ഷാരവസ്തുവിൽനിന്നും വാറ്റിയെടുക്കപ്പെട്ട; 2. ദൂഷണം ചെയ്യപ്പെട്ട, ചെയ്യാത്ത കുറ്റം ആരോപിക്കപ്പെട്ട.
ക്ഷാരിക2 [സം.] നാ. വിശപ്പ്.
ക്ഷാരിതൻ [സം.] നാ. (കള്ളമായി) വ്യഭിചാരക്കുറ്റം ചുമത്തപ്പെട്ടവൻ, അപവദിക്കപ്പെട്ടവൻ.
ക്ഷാരീയ [സം.] വി. ക്ഷാരത്തെ സംബന്ധിക്കുന്ന, ക്ഷാരഗുണമുള്ള.
ക്ഷാരോദകം [സം. ക്ഷാര-ഉദക] നാ. ക്ഷാരം കലർന്ന ദ്രാവകം.
ക്ഷാരോദധി [സം. -ഉദധി] നാ. ലവണസമുദ്രം.
ക്ഷാള [സം. ക്ഷാല] വി. കഴുകുന്ന, കഴുകിക്കളയുന്ന.
ക്ഷാളനം [സം. ക്ഷാലനം] നാ. 1. കഴുകൽ; കഴുകിക്കളയൽ, വൃത്തിയാക്കൽ, ശുദ്ധിയാക്കൽ; 2. തളിക്കൽ.
ക്ഷാളിക്കുക [<സം. ക്ഷാല്] ക്രി. കഴുകുക.

ക്ഷാളിത [സം. ക്ഷാലിത] വി. ക്ഷാളനം ചെയ്യപ്പെട്ട, കഴുകപ്പെട്ട, വൃത്തിയാക്കപ്പെട്ട.
ക്ഷി [സം.] നാ. 1. വാസസ്ഥലം; 2. ഗതി, ഗമനം; 3. നഷ്ടം; ക്ഷയം, നാശം.
ക്ഷിത1 [സം. <ക്ഷി] വി. 1. ക്ഷയിച്ച; 2. ദ്രവിച്ച, ചീഞ്ഞ; 3. ക്ഷീണിച്ച; 4. നഷ്ടപ്പെട്ട; 5. പാവപ്പെട്ട.
663
ക്ഷിത2 [സം. ക്ഷിതാ]നാ. ഭൂമി.
ക്ഷിതൻ [സം. ക്ഷിത] നാ. ക്ഷീണിച്ചവൻ, ക്ലേശിക്കുന്നവൻ.
ക്ഷിതം [സം.] നാ. കൊലപ്പെടുത്തൽ, പരിക്കേൽപ്പിക്കൽ.
ക്ഷിതി [സം.] നാ. 1. ഭൂമി, മണ്ണ്; 2. ഭവനം, പാർപ്പിടം; 3. നാശം, ക്ഷയം; 4. ലോകാവസാനം; 5. കരിങ്ങാലി; 6. ഗോരോചനം; 7. ഒന്ന് എന്ന സങ്ഖ്യ.
ക്ഷിതികണം [സം. ക്ഷിതി-കണ] നാ. മണൽത്തരി, മൺപൊടി.
ക്ഷിതികൻ [സം.] നാ. താഴ്ന്ന ജാതി ശൂദ്രൻ, അത്തിക്കുറിശ്ശി.
ക്ഷിതികർത്താ [സം. -കർതൃ] നാ. നശിപ്പിക്കുന്നവൻ.
ക്ഷിതിക്ഷിത്ത് [സം. -ക്ഷിത്] നാ. ഭൂമിയെ ഭരിക്കുന്നവൻ, രാജാവ്.
ക്ഷിതിജ1 [സം. -ജ] വി. ഭൂമിയിൽനിന്നുണ്ടായ.
ക്ഷിതിജ2 [സം. -ജാ] നാ. സീത.
ക്ഷിതിജൻ [സം. -ജ] 'ക്ഷിതിയിൽനിന്നുണ്ടായവൻ.' നാ. 1. കുജൻ; 2. നരകാസുരൻ.
ക്ഷിതിജം [സം. -ജ] 'ക്ഷിതിയിൽനിന്നുണ്ടായത്.' നാ. 1. വൃക്ഷം; 2. ഞാഞ്ഞൂൽ; 3. ചക്രവാളം.
ക്ഷിതിജരേഖ [സം. -രേഖാ] നാ. ചക്രവാളം.
ക്ഷിതിജവൃത്തം [സം. -വൃത്ത] നാ. ചക്രവാളം.
ക്ഷിതിതനയ [സം. -തനയാ] 'ഭൂമിയുടെ പുത്രി.' നാ. സീത.
ക്ഷിതിധരം [സം. -ധര] 'ഭൂമിയെ താങ്ങിനിർത്തുന്നത്.' നാ. പർവതം.
ക്ഷിതിപൻ [സം. -പ] നാ. രാജാവ്.
ക്ഷിതിഭൃത്ത് [സം. ഭൃത്] നാ. 1. രാജാവ്; 2. പർവതം.
ക്ഷിതിരുഹം [സം. -രുഹ] 'ഭൂമിയിൽ മുളയ്ക്കുന്നത്.' നാ. വൃക്ഷം.
ക്ഷിതിവർധനം [സം. -വർധന] നാ. ശവം.
ക്ഷിതിവൃത്തി [സം. -വൃത്തി] 'ക്ഷിതിയുടെ സ്വഭാവം.' നാ. ക്ഷമാശീലം.
ക്ഷിതീശൻ [സം. -ഈശ]നാ. രാജാവ്.
ക്ഷിത്വാവ് [സം. ക്ഷിത്വൻ] നാ. കാറ്റ്.
ക്ഷിദ്രൻ [സം. ക്ഷിദ്ര] നാ. സൂര്യൻ.
ക്ഷിദ്രം [സം.] നാ. രോഗം; 2. കൊമ്പ്.
ക്ഷിപ [സം.] വി. എറിയുന്ന, അടിക്കുന്ന. നാ. 1. അയയ്ക്കൽ; 2. ഏറ്; 3. പ്രേരണം; 4. രാത്രി.
ക്ഷിപകൻ [സം. ക്ഷിപക] നാ. വില്ലാളി, യുദ്ധവീരൻ.
ക്ഷിപണം [സം.] നാ. 1. അയപ്പ്; 2. ഏറ്; 3. നിന്ദനം.
ക്ഷിപണി [സം.] നാ. 1. പുരോഹിതൻ; 2. വള്ളത്തിൻെറ തുഴ; 3. വല; 4. എറിഞ്ഞോ എയ്തോ മറ്റോ കൊള്ളിക്കുന്ന ആയുധം; 5. ചമ്മട്ടികൊണ്ടുള്ള അടി.

ക്ഷിപണു [സം.] നാ. 1. വില്ലാളി; 2. എയ്തോ എറിഞ്ഞോ കൊള്ളിക്കുന്ന ആയുധം; വായു, കാറ്റ്.
ക്ഷിപ്ണു [സം. ക്ഷിപ്നു] വി. 1. അയയ്ക്കുന്ന, എറിയുന്ന; 2. കൊല്ലുന്ന; 3. തടസ്സങ്ങളുണ്ടാക്കുന്ന; 4. നിന്ദാശീലമുള്ള. നാ. 1. നിന്ദാശീലൻ; 2. ഉപേക്ഷിക്കുക ശീലമായിട്ടുള്ളവൻ.
ക്ഷിപ്ത [സം.] വി. 1. അടിക്കപ്പെട്ട, എറിയപ്പെട്ട, വിതറപ്പെട്ട; 2. ഉപേക്ഷിക്കപ്പെട്ട; 3. അവഗണിക്കപ്പെട്ട, അപമാനിക്കപ്പെട്ട; 4. വ്യതിചലിക്കപ്പെട്ട; 5. പ്രേരിപ്പിക്കപ്പെട്ട; 6. ഭ്രാന്തുള്ള; 7. വാതരോഗമുള്ള.
ക്ഷിപ്തകുക്കുരം [സം. ക്ഷിപ്ത-കുക്കുര] നാ. പേപ്പട്ടി.
ക്ഷിപ്തചിത്ത [സം. -ചിത്ത] വി. മനസ്സിൻെറ സമനില നഷ്ടപ്പെട്ട.
ക്ഷിപ്തം നാ. 1. നീക്കപ്പെട്ടത്; 2. വായ്ക്കപ്പെട്ടത്; 3. ഏൽപ്പിക്കപ്പെട്ടത്; 4. അമ്പുകൊണ്ടോ ഏറുകൊണ്ടോ മറ്റോ ഉണ്ടായ മുറിവ്; 5. താണ്ഡവനൃത്തത്തിൽ കണങ്കാൽ കൊണ്ടുള്ള ഒരു പ്രയോഗം.
ക്ഷിപ്താധികാരി [സം. -അധികാരിൻ] നാ. അധികാരപദവിയിൽനിന്നു നീക്കം ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ.
ക്ഷിപ്താവ് [സം. ക്ഷിപ്തൃ] നാ. 1. എറിയുന്നവൻ; 2. നിന്ദിക്കുന്നവൻ.
ക്ഷിപ്തി [സം.] നാ. 1. ഏറ്, അയയ്ക്കൽ; 2. ഗൂഢമായ അർഥം വിശദീകരിക്കുകയോ മനസ്സിലാക്കുകയോ ചെയ്യൽ; 3. കടങ്കഥയ്ക്ക് ഉത്തരം കണ്ടുപിടിക്കൽ; 4. നാടകത്തിൽ ഗർഭസന്ധിയുടെ പതിമൂന്നങ്ഗങ്ങളിൽ ഒന്ന്.
ക്ഷിപ്രം [സം.] അവ്യ. പെട്ടെന്ന്, വേഗത്തിൽ.
ക്ഷിപ്രകാരി [ക്ഷിപ്ര-കാരിൻ] വി. പെട്ടെന്നു പ്രവൃത്തിക്കുന്ന, പ്രേരിപ്പിക്കുന്ന.
ക്ഷിപ്രനക്ഷത്രങ്ങൾ [സം. ക്ഷിപ്ര- നക്ഷത്രാ:] നാ. (ബ.വ.) (ജ്യോ.) അശ്വതി, പൂയം, അത്തം എന്നീ നക്ഷത്രങ്ങൾ.
ക്ഷിപ്രം [സം.] അവ്യ. ഉടനെ, വേഗത്തിൽ, കാലതാമസം കൂടാതെ.
ക്ഷിപ്രസന്നി [സം. ക്ഷിപ്ര -മ. സന്നി] നാ. ഒരു രോഗം, തലച്ചോറിലെ രക്തനാഡികൾ പൊട്ടുന്നതുകൊണ്ടോ രക്തസക്രമണം തടസ്സപ്പെടുന്നതുകൊണ്ടോ പെട്ടെന്നുണ്ടാകുന്ന ബോധക്ഷയവും പക്ഷവാതവും.
ക്ഷിയ [സം. ക്ഷിയാ]നാ. 1. ക്ഷയം, നാശം; 2. നഷ്ടം; 3. ആചാരവിരുദ്ധമായ കുറ്റം.
ക്ഷീജനം [സം.] നാ. മുള ഈറ മുതലായവയിൽനിന്നുണ്ടാകുന്ന ചൂളംവിളി.
ക്ഷീണ [സം. <ക്ഷീ] വി. 1. നാശമോ തളർച്ചയോ മെലിവോ വലിപ്പക്കുറവോ തേയ്മാനമോ സംഭവിച്ച; 2. കനം കുറഞ്ഞ, നേർമയുള്ള, സൂക്ഷ്മമായ; 2. ദാരിദ്ര്യമുള്ള, കഷ്ടപ്പെടുന്ന; 4. ചെറിയ, അൽപമായ; 5. ക്ഷതപ്പെട്ട, തകർന്ന, പിളർക്കപ്പെട്ട.
ക്ഷീണചന്ദ്രൻ [സം. ക്ഷീണ-ചന്ദ്ര] നാ. കലകൾക്കു നാശം സംഭവിച്ച ചന്ദ്രൻ, കറുത്തപക്ഷത്തിലെ ചന്ദ്രൻ, കൃഷ്ണപഞ്ചമി മുതൽ ശുക്ലപക്ഷപഞ്ചമി വരെയുള്ള ചന്ദ്രൻ.
ക്ഷീണത, -ത്വം [സം. ക്ഷീണ-താ, -ത്വ] നാ. ക്ഷീണമായിരിക്കുന്ന അവസ്ഥ.
ക്ഷീണധന [സം. ക്ഷീണ-ധന] വി. ധനമെല്ലാം ക്ഷയിച്ച, ദരിദ്രനായ.
ക്ഷീണപാപ [സം. -പാപ] വി. പാപങ്ങളെല്ലാം നശിച്ച, പാപഫലങ്ങളനുഭവിച്ചു വിശുദ്ധനായ.
ക്ഷീണപുണ്യ [സം. -പുണ്യ] വി. പുണ്യഫലങ്ങളെല്ലാം അനുഭവിച്ചു തീർന്ന.
ക്ഷീണം [സം.] നാ. തളർച്ച, ശക്തിക്കുറവ്, നാശം.

ക്ഷീണമധ്യ1 [സം. -മധ്യാ] വി. വണ്ണം കുറഞ്ഞ അരക്കെട്ടുള്ള.
ക്ഷീണമധ്യ2 [സം. -മധ്യാ] നാ. മെലിഞ്ഞ അരക്കെട്ടുള്ളവൾ, സുന്ദരി.
ക്ഷീണലോചന [സം. -ലോചനാ] വി. കാഴ്ചശക്തി കുറഞ്ഞ, കണ്ണുകൾ നഷ്ടപ്പെട്ട.
ക്ഷീണവാസി [സം. -വാസിൻ] വി. ഇടിഞ്ഞുപൊളിഞ്ഞ വീട്ടിൽ പാർക്കുന്ന. നാ. പ്രാവ്.
ക്ഷീണവൃത്തി [സം. -വൃത്തി] വി. 1. തൊഴിൽ നഷ്ടപ്പെട്ട, 2. ഉപജീവനമാർഗമില്ലാത്ത.
ക്ഷീണശരീര [സം. -ശരീര] വി. മെലിഞ്ഞ ശരീരത്തോടുകൂടിയ.
ക്ഷീണാഘൻ [സം. -അഘ] നാ. പാപങ്ങൾ നശിച്ചവൻ.
ക്ഷീണിക്കുക [സം. <ക്ഷീണ] ക്രി. ശോഷിക്കുക, കുറയുക, നശിക്കുക, തളരുക.
ക്ഷീബ [സം.] വി. കുടിച്ചു മത്തുപിടിച്ച, ലഹരിപിടിച്ച.
ക്ഷീബത, -ത്വം [സം. ക്ഷീബ-താ, -ത്വ] നാ. ലഹരി ബാധിച്ച സ്ഥിതി.
ക്ഷീബ(ക)ൻ [സം. ക്ഷീബ(ക)] നാ. മദ്യപിച്ചു മത്തുപിടിച്ചവൻ.
ക്ഷീയമാണ [സം.] വി. നശിക്കുന്ന, ജീർണിക്കുന്ന, പാഴാകുന്ന.
ക്ഷീരകണ്ഠ [സം. ക്ഷീര-കണ്ഠ] 'പാൽ കണ്ഠത്തിലുള്ള.' വി. ബാലോചിതമായ, ശിശുത്വമുള്ള.
ക്ഷീരകന്ദം [സം. -കന്ദ] നാ. പാൽമുതക്ക്.
ക്ഷീരകൃച്ഛ്ര [സം. -കൃച്ഛ്ര] നാ. ഒരു വ്രതം, ഒരുമാസക്കാലം പാൽ മാത്രം ഭക്ഷിച്ചു നടത്തുന്നത്.
ക്ഷീരഗ്രന്ഥി [സം. -ഗ്രന്ഥി] നാ. പാൽഞരമ്പ്.
ക്ഷീരജ [സം. -ജാ] നാ. ലക്ഷ്മീദേവി.
ക്ഷീരജൻ [സം. -ജ] നാ. 1. താമര; 2. അമൃത്; 3. മുത്ത്; 4. തൈര്; 5. കടലുപ്പ്.
ക്ഷീരതുംബി [സം. -തുംബീ] നാ. പാൽച്ചുര.
ക്ഷീരദന്തം [സം. -ദന്ത] നാ. ശൈശവത്തിൽ മുളയ്ക്കുന്നതും ഏതാനും വർഷങ്ങൾക്കുള്ളിൽ കൊഴിഞ്ഞുപോകുന്നതുമായ പല്ല്, പാൽപ്പല്ല്.
ക്ഷീരധാത്രി [സം. -ധാത്രി] നാ. കുഞ്ഞിനെ മുലയൂട്ടി വളർത്തുന്ന പരിചാരിക, വളർത്തമ്മ.
ക്ഷീരധാര [സം. -ധാരാ] നാ. 1. പാലഭിഷേകം; 2. (ആയുർ.) പരിഷേകവിധികളിൽ ഒന്ന്, പാലുകൊണ്ടു ധാരകോരൽ.
ക്ഷീരധി [സം. -ധി] നാ. പാൽക്കടൽ.
ക്ഷീരധേനു [സം. -ധേനു] നാ. 1. കറവപ്പശു; 2. ദശധേനുക്കളിൽ ഒന്ന്.
ക്ഷീരനീരകം [സം. -നീരക] നാ. (കാമ.) ഒരു ആലിങ്ഗനരീതി.
ക്ഷീരപഥം [സം. ക്ഷീര-പഥ] നാ. ആകാശത്തിൽ ഒരുനിരയായി കാണപ്പെടുന്ന നക്ഷത്രസമൂഹം, ആകാശഗങ്ഗ.
ക്ഷീരബന്ധം [സം. ക്ഷീര-ബന്ധ] നാ. വിവാഹത്തോടനുബന്ധിച്ചു വരനും വധുവിനും പാലുകൊടുക്കുന്ന ഒരു ചടങ്ങ്.
ക്ഷീരബല [സം. -ബലാ] നാ. (ആയുർ.) ഒരു ഔഷധതൈലം.
ക്ഷീരം [സം.] നാ. 1. പാൽ, കുറുക്കിയ പാൽ; 2. മരങ്ങളുടെയും ചെടികളുടെയും പാലുപോലുള്ള കറ; 3. വെള്ളം; 4. ദ്രവപദാർഥം; 5. പാൽച്ചോറ്.

ക്ഷീരവാരിധി [സം. –വാരിധി] നാ. പാൽക്കടൽ.
ക്ഷീരവികൃതി [സം. –വികൃതി] നാ. പാലിൽ നിന്നുണ്ടായത് (തൈര്, മോര്, വെണ്ണ, നെയ്യ് എന്നിവപോലെ).
ക്ഷീരവീധി [സം. –വീഥി] നാ. ക്ഷീരപഥം.
ക്ഷീരവൃക്ഷം [സം. –വൃക്ഷ] 'പാലുപോലുള്ള കറയോടുകൂടിയ വൃക്ഷം.' നാ. 1. അത്തി, ഇത്തി അരയാൽ പേരാൽ എന്നീ നാൽപ്പാ(ൽ)മരങ്ങൾക്കു പൊതുവേയുള്ള പേര്; 2. ഇരിപ്പമരം; 3. പഴമുൺപാല.
ക്ഷീരശരം [സം. –ശര] നാ. പാൽപ്പാട.
ക്ഷീരസർപ്പിസ് [സം. –സർപിസ്] നാ. നെയ്യ്.
ക്ഷീരസാഗരം [സം. –സാഗര] നാ. ക്ഷീരധി.
ക്ഷീരസ്ഥാനം [സം. –സ്ഥാന] നാ. അകിട്.
ക്ഷീരസ്ഫടികം [സം. –സ്ഫടിക] നാ. ഒരു രത്നം.
ക്ഷീരഹിണ്ഡീരം [സം. –ഹിണ്ഡീര] നാ. പാലിൻെറ നുര, പത.
ക്ഷീരാദൻ [സം. –അദ] നാ. മുലകുടിക്കുന്ന കുട്ടി.
ക്ഷീരാന്നം [സം. –അന്ന] നാ. പാൽച്ചോറ്.
ക്ഷീരാന്നാദൻ [സം. –അന്ന–അദ < അദ്] നാ. ഒന്നിനും രണ്ടിനും ഇടയ്ക്കു വയസ്സുള്ള കുട്ടി.
ക്ഷീരാബ്ധി [സം. –അബ്ധി] നാ. ക്ഷീരധി.
ക്ഷീരാബ്ധിജ [സം. –അബ്ധിജാ] 'പാൽക്കടലിൽ നിന്നുണ്ടായവൾ.' നാ. മഹാലക്ഷ്മി.
ക്ഷീരാബ്ധിജൻ [സം. ക്ഷീരാബ്ധൈ–ജ] നാ. 1. ചന്ദ്രൻ; 2. ആദിശേഷൻ.
ക്ഷീരാബ്ധിജം [സം.] നാ. 1. അമൃത്; 2. മുത്ത്; 3. കടലുപ്പ്.
ക്ഷീരാർണവം [സം. –അർണവ] നാ. ക്ഷീരധി.
ക്ഷീരി [സം. ക്ഷീരിൻ] 'പാലുള്ളത്.' നാ. 1. എരിക്ക്; 2. ചതുരക്കള്ളി; 3. പഴമുൺപാല; 4. കല്ലാൽ; 5. പേരാൽ; 6. ചിറ്ററയാൽ; 7. കോതമ്പ്; 8. കൂവനൂറ്.
ക്ഷീരോദം [സം. ക്ഷീരോദ] നാ. 1. പാൽക്കടൽ; 2. ഉള്ളി.
ക്ഷു [സം.] നാ. 1. ആഹാരം; . ചോറ്; 3. സിംഹം.
ക്ഷുണ്ണ [സം.] വി. 1. ചവിട്ടപ്പെട്ട, ചവിട്ടിത്തേക്കപ്പെട്ട; 2. കുത്തപ്പെട്ട, തയ്ക്കപ്പെട്ട, ഞെരിക്കപ്പെട്ട, പൊടിക്കപ്പെട്ട; 3. ഛിന്നമാക്കപ്പെട്ട, തകർക്കപ്പെട്ട; 4. വ്രതത്തിനും മറ്റും ഭങ്ഗം വരുത്തിയ; 5. ആചരിക്കപ്പെട്ട; 6. പരിശീലിക്കപ്പെട്ട; 7. വീണ്ടും വീണ്ടും ആലോചിക്കപ്പെട്ട, മനനം ചെയ്യപ്പെട്ട; 8. ശാസ്ത്രത്തിൽ പാണ്ഡിത്യമുണ്ടെങ്കിലും അതു വിവരിക്കാനോ പഠിപ്പിക്കാനോ കഴിവില്ലാത്ത; 9. തോൽപ്പിക്കപ്പെട്ട; 10. വർധിക്കപ്പെട്ട; 11. സാധാരണമായ.
ക്ഷുതം [സം.] നാ. 1. തുമ്മൽ; 2. ചുമ; 3. കരിങ്കടുക്.
ക്ഷുത്ത് [സം. ക്ഷുധ്] നാ. 1. വിശപ്പ്; 2. തുമ്മൽ.
ക്ഷുത്ബാധ, ക്ഷുദ്– [സം. ക്ഷുധ്–ബാധാ]നാ. വിശപ്പിൻെറ ആക്രമണം, വിശപ്പുമൂലമുള്ള അസ്വാസ്ഥ്യം.
ക്ഷുദ്ര1 [സം.] വി. 1. സൂക്ഷ്മമമായ, ചെറിയ, വളരെ ചെറിയ, നിസ്സാരമായ; 2. പാവപ്പെട്ട, ഉപജീവനമാർഗം ഇല്ലാത്ത; 3. ഹീനമായ, താഴ്ന്നതരത്തിലുള്ള, കൊള്ളരുതാത്ത, നീചത്വമുള്ള; 4. ക്രൂരതയുള്ള, ദുഷ്ടതയുള്ള; 5. ലുബ്ധുള്ള; 6. പൊക്കം കുറഞ്ഞ; 7. അപ്രധാനമായ; 8. നശിപ്പിക്കുന്ന, വിനാശകരമായ.

ക്ഷുദ്ര2 [സം. ക്ഷുദ്രാ]നാ. 1. ചെറിയവൾ; 2. നീചയായ സ്ത്രീ, നിന്ദ്യയായ സ്ത്രീ; 3. വികലാങ്ഗി, മുടന്തി; 4. ലുബ്ധ; 5. ക്രൂര, വഴക്കുകാരി; 6. വേശ്യ; 7. നർത്തകി; 8. തേനീച്ച; 9. കൊതുക്; 10. ഇക്കിൾ അഞ്ചു വിധമുള്ളതിൽ ഒന്ന്.
ക്ഷുദ്രകം [സം.] നാ. 1. സ്വർണപ്പണികളിൽ ഒരിനം (വള, മോതിരം, സ്വർണപ്പാത്രങ്ങൾ എന്നിവപോലെ കട്ടിയായോ പൊള്ളയായോ ഉള്ളത്); 2. ഒരുതരം അസ്ത്രം; 3. നത്തയ്ക്ക.
ക്ഷദ്രുകംബു [സം. -കംബു] നാ. നത്തയ്ക്ക.
ക്ഷുദ്രകാരു [സം. -കാരു] നാ. കൊല്ലൻ തച്ചൻ തുടങ്ങിയ ജാതിയിൽപ്പെട്ടവൻ.
ക്ഷുദ്രകുലിശം [സം. -കുലിശ] നാ. ഒരുതരം രത്നം, പൊടി വൈരം, വൈക്രാന്തം.
ക്ഷുദ്രക്കാരൻ [സം. ക്ഷുദ്ര-മ. കാരൻ] നാ. ആഭിചാരക്കാരൻ.
ക്ഷുദ്രത [സം. ക്ഷുദ്ര-താ] നാ. 1. സൂക്ഷ്മത, ചെറുതായിരിക്കുന്ന അവസ്ഥ; 2. അപകൃഷ്ടത, നിസ്സാരത; 3. നീചത്വം.
ക്ഷുദ്രതണ്ഡുലം [സം. -തണ്ഡുല] നാ. അരമണി.
ക്ഷുദ്രദംശിക [സം. -ദംശികാ] നാ. രക്തം കുടിക്കുന്ന ഒരുതരം ഈച്ച.
ക്ഷുദ്രധാന്യം [സം. -ധാന്യ]നാ. താണതരം ധാന്യം (ചാമ, തിന മുതലായവ.)
ക്ഷുദ്രൻ [സം. ക്ഷുദ്ര] നാ. 1. നിസ്സാരൻ, അധമൻ; 2. പിശുക്കൻ, ലുബ്ധൻ; 3. മരണസമയത്തുള്ള ശ്വാസങ്ങളിലൊന്ന് (പുരുഷത്വാരോപം കൊണ്ട് ഈ രൂപം).
ക്ഷുദ്രപ്രയോഗം [സം. -പ്രയോഗ] നാ. ആഭിചാരം.
ക്ഷുദ്രം [സം.] നാ. 1. ചെറുത്, അൽപമായത്, നീചമായത്; 2. ആഭിചാരം, ദുർമന്ത്രവാദം; 3. മണൽത്തരി; 4. ധാന്യമണി; 5. ഒരുജാതി തേനീച്ച; 6. കടന്നൽ; 7. ചെറുചീര. (ഈ വിശേഷണം ചേർന്ന്. ഒട്ടനവധി സസ്യനാമങ്ങളുണ്ട്.)
665
ക്ഷുദ്രരസം [സം. ക്ഷുദ്ര-രസ] നാ. തേൻ.
ക്ഷുദ്രരോഗം [സം. -രോഗ] നാ. ശരീരത്തിനു വലിയ കേടു വരാത്ത രോഗം, ചെറുതരം രോഗം.
ക്ഷുദ്രാഞ്ജനം [സം. -അഞ്ജന] നാ. ഔഷധികൾ ചേർത്തുണ്ടാക്കിയ ഒരിനം കണ്മഷി.
ക്ഷുദ്രാണ്ഡം [സം. -അണ്ഡ] നാ. 1. ചെറിയ മുട്ടകളിൽ നിന്നുണ്ടായത്. (മീങ്കൂട്ടമെന്നപോലെ); 2. മീന്മുട്ട.
ക്ഷുദ്രാന്ത്രം [സം. -അന്ത്ര] നാ. 1. ഹൃദയത്തിൻെറ ചെറിയ അറ; 2. ചെറുകുടൽ; 3. പക്വാശയം.
ക്ഷുദ്രാശയൻ [സം. -ആശയ] നാ. നീചസ്വഭാവമുള്ളവൻ, അൽപൻ.
ക്ഷുധ [സം. ക്ഷുധാ] നാ. വിശപ്പ്.
ക്ഷുധാതുര [സം. -ആതുര] വി. വിശപ്പുകൊണ്ടു വലഞ്ഞ.
ക്ഷുധാന്വിത [സം. -അന്വിത] വി. വിശപ്പുള്ള.
ക്ഷുധാർത്ത [സം. -ആർത] വി. വിശപ്പുള്ള, വിശപ്പുകൊണ്ടു വലയുന്ന.
ക്ഷുധാലു [സം.] വി. വിശപ്പുള്ള.
ക്ഷുധിത [സം.] വി. വിശന്ന.
ക്ഷുധുനൻ [സം.] നാ. 1. ദുഷ്ടൻ; 2. കാട്ടാളൻ.
ക്ഷുന്നിവൃത്തി [സം. ക്ഷുധ്-നിവൃത്തി] നാ. വിശപ്പടക്കൽ, വിശപ്പുമാറ്റൽ.

ക്ഷുപൻ [സം.] നാ. 1. ഒരു രാജാവ്, ഇക്ഷാകുവിൻെറ പിതാവ്; 2. ബ്രഹ്മപുത്രനായ ഒരു പ്രജാപതി; 3. ശ്രീകൃഷ്ണനു സത്യഭാമയിൽ ഉണ്ടായ ഒരു പുത്രൻ.
ക്ഷുബ്ധ [സം.] വി. ക്ഷോഭിച്ച, ഇളകിയ, കലങ്ങിമറിഞ്ഞ, കുഴങ്ങിയ.
ക്ഷുബ്ധം [സം.] നാ. 1. ക്ഷോഭിച്ചത്; 2. കടകോൽ; 3. (കാമ.) ഒരു സുരതരീതി.
ക്ഷുഭ [സം.] വി. ക്ഷോഭി(പ്പി)ക്കുന്ന.
ക്ഷുഭിത [സം.] വി. ക്ഷോഭിച്ച, ഇളകിയ, കലങ്ങിയ; 2. ഭയപ്പെട്ട.
ക്ഷുഭൃത്ത് [സം.] വി. ക്ഷോഭിക്കുന്ന.
ക്ഷുമ [സം. ക്ഷുമാ] നാ. 1. ചണവിത്ത്; 2. ഒരിനം ചണം; 3. ചണം കൊണ്ടുണ്ടാക്കിയ അങ്കി; 4. അമരി.
ക്ഷുരകൻ [സം.] നാ. ക്ഷൗരക്കാരൻ, ക്ഷൗരം ചെയ്യുന്നവൻ, (സ്ത്രീ.) ക്ഷുരകി.
ക്ഷുരകർമം [സം. ക്ഷുര-കർമൻ] നാ. 1. ക്ഷൗരകർമം; 2. ക്ഷുരകൻെറ പ്രവൃത്തി.
ക്ഷുരകശാല [സം. ക്ഷുരക-ശാലാ] നാ. ക്ഷൗരകർമം നിർവഹിക്കാനുള്ള ശാല.
ക്ഷുരധാരം [സം. -ധാര] നാ. 1. ഒരു നരകം; 2. ഒരുതരം അസ്ത്രം.
ക്ഷുരനേമി [സം. -നേമി] 'കത്തികളാകുന്ന ആരക്കാലുകളോടുകൂടിയത്.' നാ. ചക്രായുധം.
ക്ഷുരപ്രം [സം. ക്ഷുര-പ്ര] നാ. കത്തിയമ്പ്
ക്ഷുരഭാണ്ഡം [സം. ക്ഷുര-ഭാണ്ഡ] നാ. കത്തിക്കൂട്, ക്ഷുരധാനം.
ക്ഷുരം [സം.] നാ. 1. ക്ഷൗരക്കത്തി; 2. കത്തി; 3. ഒരിനം അമ്പ്; 4. അമ്പിൻെറ തുമ്പിൽ ബന്ധിക്കാറുള്ള കത്തിപോലുള്ള മുന; 5. വയൽച്ചുള്ള്; 6. പിണ്ഡീതരു; 7. ഞെരിഞ്ഞിൽ; 8. അമ്പൊട്ടൽ; 9. കട്ടിൽക്കാലിൻെറ ചുവട്; 10. കുളമ്പ്.
ക്ഷുരാന്തം [സം. ക്ഷുര-അന്ത] നാ. ചക്രായുധം.
ക്ഷുരി1 [സം.] നാ. ക്ഷുരിക, കത്തി, കഠാരി.
ക്ഷുരി2 [സം. ക്ഷുരിൻ] നാ. 1. ക്ഷുരകൻ; 2. കുളമ്പുള്ള മൃഗം.
ക്ഷുരിക [സം. ക്ഷുരികാ] നാ. 1. ചുരിക, വാൾ; 2. ചെഞ്ചീര; 3. ഒരു ഉപനിഷത്ത്; 4. ഒരു മന്ത്രം.
ക്ഷുരീധാര [സം. ക്ഷുരീ-ധാരാ] നാ. കത്തിയുടെയോ വാളിൻെറയോ മൂർച്ചയുള്ള വായ്ത്തല.
ക്ഷുല്ല [സം.] വി. 1. ചെറിയ, നിസ്സാരമായ; 2. പ്രായം കുറഞ്ഞ.
ക്ഷുല്ലക [സം.] വി. 1. സൂക്ഷ്മമായ; 2. ചെറിയ; 3. നീചമായ; 4. ദാരിദ്ര്യമുള്ള; 5. കഠിനമായ; 6. വേദനയുള്ള; 7. പ്രായം കുറഞ്ഞ.
ക്ഷേത്രകർമം [സം. -കർമ] നാ. കൃഷി.
ക്ഷേത്രകരൻ, -കൃത്ത് [സം. -കര, -കൃത്] നാ. കൃഷിക്കാരൻ.
ക്ഷേത്രകാകു [സം. -കാകു]നാ. (സങ്ഗീ.) ഗായകരുടെ ശാരിരങ്ങൾക്കുള്ള വ്യത്യാസംകൊണ്ടും വീണകൾക്കു സ്വതസിദ്ധമായുള്ള വ്യത്യാസം കൊണ്ടും ഉണ്ടാകുന്ന നാദഭേദം.
ക്ഷേത്രഗണിതം [സം. -ഗണിത] നാ. ഗണിതശാസ്ത്രത്തിൻെറ ഒരു വിഭാഗം.
ക്ഷേത്രജ1 [സം. -ജ] വി. 1. വിളഭൂമിയിൽ നിന്നുണ്ടായ; 2. ശരീരത്തിൽ നിന്നുണ്ടായ; 3. ഭാര്യയിൽ നിന്നുണ്ടായ.

ക്ഷേത്രജ2 [സം. -ജാ] നാ. 1. വെളുത്ത കണ്ടകാരിച്ചുണ്ട; 2. ഗോമൂത്രി; 3. ശില്പിക; 4. ചണപ്പുള്ള്; 5. കുരുട്ടുവെള്ളരി; 6. ചെവിയം.
ക്ഷേത്രജൻ [സം. -ജ] നാ. 1. പുത്രൻ; 2. ഭർത്ത്താവു രോഗിയായിരിക്കേ അയാളുടെ നിയോഗത്താലോ മരിച്ചശേഷം ബന്ധുക്കളുടെ നിയോഗമനുസരിച്ചോ അവൻെറ ഭാര്യയിൽ സഗോത്രനോ അന്യനോ ജനിച്ച പുത്രൻ.
ക്ഷേത്രജം [സം.] നാ. 1. വയലിൽ വിളയുന്നത്, ധാന്യം; 2. ശരീരത്തിൽ നിന്നു ജനിച്ചത്; 3. ഭൂസ്വത്തു സംബന്ധിച്ചുള്ള വ്യവഹാരം.
ക്ഷേത്രജ്ഞ1 [സം. -ജ്ഞ] വി. 1. സ്ഥലപരിചയമുള്ള
; 2. മിടുക്കുള്ള.
ക്ഷേത്രജ്ഞ2 [സം. -ജ്ഞാ]നാ. ക്ഷേത്രങ്ങളിൽ ഉത്സവകാലത്തു ദുർഗാദേവിയെ പ്രതിധാനം ചെയ്യുന്ന ബാലിക.
ക്ഷേത്രജ്ഞൻ [സം. -ജ്ഞ] നാ. 1. ആത്മാവ്; 2. ശിവൻ; 3. കൃഷിക്കാരൻ; 4. അഭിജ്ഞൻ; 5. സാക്ഷി; 6. വേശ്യാസങ്ഗം ചെയ്തുനടക്കുന്നവൻ.
ക്ഷേത്രപതി [സം. -പതി] നാ. 1. ഭൂവുടമ, ജന്മി; 2. ആത്മാവ്; 3. കൃഷിസ്ഥലം പാലിക്കുന്ന ദേവൻ.
ക്ഷേത്രപാലകൻ [സം. -പാല] നാ. 1. വയൽ കാക്കുന്നവൻ; 2. ഭൂവുടമ, ജന്മി; 3. അമ്പലം സൂക്ഷിപ്പുകാരൻ; 4. ഭൈരവൻ; 5. ക്ഷേത്രത്തിൻെറ സമ്രക്ഷകനായി കല്പിക്കപ്പെട്ടിരിക്കുന്ന മൂർത്തി. ക്ഷേത്രപാലനു പാത്രത്തോടെ (പഴ.).
ക്ഷേത്രഫലം [സം. -ഫല] നാ. (ഗണിത.) വിസ്താരം, വിസ്തീർണം (ക്ഷേത്രത്തിൻെറ നീളവും വീതിയും തമ്മിൽ ഗുണിച്ച ഫലം, ചതുരശ്രഫലം).
ക്ഷേത്രം [സം.] നാ. 1, വിളഭൂമി, ഭൂസ്വത്ത്, മണ്ണ്; 2. സ്ഥലം, ഭൂവിഭാഗം, നഗരം, രാജ്യം. ഉദാ. ഭാരതക്ഷേത്രം; 3. ഉത്പത്തിസ്ഥാനം; 4. ഉത്പാദനക്ഷമതയുള്ള ഗർഭപാത്രം; 5. ഭാര്യ; 6. ഗൃഹം, വാസസ്ഥലം, ഇരിപ്പിടം; 7. പുണ്യസ്ഥലം, തീർഥം; 8. ഹിന്ദുദേവാലയം, കോവിൽ; 9. ശരീരം (ആത്മാവിൻെറ ഇരിപ്പിടമായതിനാൽ); 10. വ്യക്തമായ അതിരുകളുള്ള സ്ഥലം, വേലി മുതലായവകൊണ്ടു വേർതിരിക്കപ്പെട്ട സ്ഥലം; 11. രേഖകളാൽ വലയിതമായ പ്രതലം (ത്രികോണം, ചതുഷ്കോണം, വൃത്തം എന്നിവപോലെ); 12. ഉപരിതലം; 13. ഗ്രഹങ്ങളുടെയും മറ്റും ചലനപഥം; 14. (ജ്യോ.) രാശി; 15. പ്രവൃത്തിമണ്ഡലം; 16. കൈവെള്ളയിൽ ഗ്രഹങ്ങളുടെ സ്ഥനമെന്നു കരുതപ്പെടുന്ന ഭാഗം; 17. സ്വീകരിക്കുകയോ ആധാരമായിത്തീരുകയോ ചെയ്യുന്നത് (വസ്തുവോ ആളോ); 18. നല്ല വിദ്യാർഥി.
ക്ഷേത്രമര്യാദ [സം. -മര്യാദാ] നാ. ക്ഷേത്രത്തിലെ പൂജാസംബന്ധമായും മറ്റുമുള്ള ആചാരങ്ങളും നടപടികളും.
ക്ഷേത്രമാനം [സം. -മാന] നാ. ഒരു ഗണിതശാസ്ത്രവിഭാഗം. ക്ഷേത്രഗണിതം.
ക്ഷേത്രവിത്ത് [സം. -വിദ്] നാ. 1. ആത്മാവ്; 2. ആത്മജ്ഞാനമുള്ളവൻ; 3. സ്ഥലപരിചയമുള്ള് ആൾ.
ക്ഷേത്രസംഭൂതം [സം. -സംഭൂത] നാ. ഇഞ്ചി.
ക്ഷേത്രി1 [സം. ക്ഷേത്രിൻ] വി. 1. കൃഷിചെയ്യുന്ന; 2. കൃഷിഭൂമിയുള്ള.
ക്ഷേത്രി2 [സം.] നാ. 1. കൃഷിക്കാരൻ; 2. ഭർത്താവ്; 3. ആത്മാവ്; 4. വിഷ്ണു.
ക്ഷേത്രിക [സം.] വി. വയൽ സംബന്ധിച്ച.
ക്ഷേത്രികൻ [സം. -ക] നാ. 1. കൃഷീവലൻ; 2. ഭൂവുടമ; 3. ഭർത്താവ്.

ക്ഷേത്രിയ [സം.] വി. 1. കൃഷിഭൂമി സംബന്ധിച്ച; 2. അപരിഹാര്യമായ; 3. വീണ്ടെടുക്കാനാവാത്ത.
ക്ഷേത്രിയൻ [സം.] നാ. വിഷയലമ്പടൻ, വ്യഭിചാരി.
ക്ഷേത്രിയം [സം.] നാ. 1. പുൽത്തകിടി, മേച്ചിൽ സ്ഥലം; 2. ഭേദമാകാത്ത രോഗം; 3. മറ്റൊരു മരുന്നിന്റെ കൂടെ ചേർത്തുകൊടുക്കുന്ന മരുന്ന്.
ക്ഷേത്രീകരിക്കുക [<സം. ക്ഷേത്രീ-കൃ] ക്രി. 1. വിഷയമാക്കുക; 2. വയലോ കൃഷിഭൂമിയോ ആയി മാറ്റുക; 3. കൈവശപ്പെടുത്തുക, ഉടമസ്ഥതയിലാക്കുക.
ക്ഷേത്രേക്ഷു [സം. -ഇക്ഷു] നാ. ചോളം.
ക്ഷേത്രോപജീവ [സം. -ഉപജീവ] വി. കൃഷികൊണ്ട് ഉപജീവിക്കുന്ന.
ക്ഷേപകൻ [സം.] നാ. 1. എറിയുന്നവൻ, അയയ്ക്കുന്നവൻ; 2. അമ്പയയ്ക്കുന്നവൻ, വില്ലാളി; 3. നിന്ദനീയൻ.
ക്ഷേപകം [സം.] നാ. 1. ഗ്രന്ഥത്തിൽ അന്യൻ കൂട്ടിച്ചേർത്ത ഭാഗം, ക്ഷിപ്തം; 2. (ഗണിത.) സങ്കലനത്തിൽ അടുത്ത സ്ഥാനത്തു കൂട്ടാനുള്ള സംഖ്യ.
ക്സേപണം [സം.] നാ. 1. അയയ്ക്കൽ (അസ്ത്രം തുടങ്ങിയവപോലെ), ഏറ്; 2. സമയംകൊല്ലൽ; 3. നിന്ദിക്കൽ, ശകാരിക്കൽ; 4. ആഭരണങ്ങളിലും മറ്റും കല്ലു പതികൽ; 5. ചുവരിലും പീഠത്തിലും മറ്റും ഉന്തിനിൽക്കത്തക്കവണ്ണം ചെയ്യുന്ന അലങ്കാരപ്പണി; 6. കവണ.
ക്ഷേപണയന്ത്രം [സം. ക്ഷേപണ-യന്ത്ര] നാ. ഒരു ആയുധം, വലിയ കല്ലുകൾ ശത്രുക്കളുടെ നേർക്കു എറിയുന്നതിന് ഉപയോഗിച്ചിരുന്ന ഒരുതരം യന്ത്രം.
ക്ഷേപണി [സം. ക്ഷേപണി, -ണീ] നാ. 1. തുഴ, വൾലത്തിന്റെ തുഴ, കഴുക്കോൽ; 2. കഴുതാക്കോൽ, ഇട്ടാൽ തിരിച്ചെടുക്കാൻ കഴിയാത്ത താക്കോൽ; 3. വല; 4. കവണ; 5. വളരെ അകലെയുള്ള ലക്ഷ്യങ്ങൾ നശിപ്പിക്കത്തക്കവണ്ണം അയയ്ക്കാവുന്നതും സ്ഫോടനശക്തിയുള്ളതുമായ ഒരു ആധുനികായുധം; 6. ശബ്ദങ്ങളെയും മറ്റും വൈദ്യുതതരങ്ഗങ്ങളാക്കി കമ്പിയുടെ സഹായം കൂടാതെ ദൂരത്തേക്കു പ്രസരിപ്പിക്കുന്ന ഉപകരണം; 7. ഒരു ഉപദേവത.
ക്ഷേപണീയ [സം.] വി. ക്ഷേപിക്കത്തക്ക, എറിയത്തക്ക.
ക്ഷേപണീയം [സം] നാ. കവണ.
ക്ഷേപം [സം.] നാ. 1. എറിയൽ, പ്രഹരിക്കൽ; 2. കുതറൽ; 3. അയപ്പ്; 4. ഡംഭം; 5. നിന്ദിക്കൽ, ശകാരിക്കൽ; 6. വീഴ്ച; 10. ചായം പൂശൽ; 11. കഴിച്ചുകൂട്ടൽ; 12. കൂട്ടേണ്ടുന്ന സംഖ്യ; 13. കുറ്റം; 14. അതിക്രമിച്ചുകടക്കൽ.
ക്ഷേപിക്കുക [<സം. ക്ഷിപ്]ക്രി. 1. അയയ്ക്കുക (അമ്പെന്നപോലെ), എറിയുക, പ്രഹരിക്കുക (ആയുധംകൊണ്ടെന്നപോലെ); 2. ചെലവഴിക്കുക; 3. നിന്ദിക്കുക, ശകാരിക്കുക; 4. താഴ്ത്തുക; 5. വീഴ്ത്തുക; 6. ഇടുക, വയ്ക്കുക; 7. കുതറുക.
ക്ഷേപിഷ്ഠ [സം.] വി. ഏറ്റവും വേഗമുള്ള.
ക്ഷേപ്താ(വ്) [സം. -ക്ഷേപ്തൃ <ക്ഷിപ്] നാ. ക്ഷേപിക്കുന്നവൻ, എറിയുന്നവൻ.
ക്ഷേപ്യ [സം.] വി. ക്ഷേപിക്കത്തക്ക.
ക്ഷേമ1 [സം.] വി. 1. ഭാഗ്യമുള്ള; 2. ശുഭമായ; 3. സുഖവും തൃപ്തിയും കൈവരുത്തുന്ന; 4. ധനസമ്പത്തുൾല.
ക്ഷേമ2 [സം. ക്ഷേമാ]നാ. 1. ദുർഗ; 2. അപ്സരസ്സ്; 3. ഒരുതരം കെട്ടിടം.
ക്ഷേമകര, ക്ഷേമങ്കര [സം. ക്ഷേമ(ം)-കര] വി. ക്ഷേമം വരുത്തുന്ന.

ക്ഷേമകാരി [സം. -കാരിൻ] നാ. 1. ക്ഷേമത്തെ ചെയ്യുന്നവൻ; 2. ഒരു ഉപദേവത.
ക്ഷേമതാര [സം. -താരാ] നാ. (ജ്യോ.) മിത്രവിഭാഗമനുസരിച്ചുള്ള താരാചക്രത്തിൽ നാലാമത്തെ നാൾ, ഫലംനോക്കുന്ന ആളിൻെറ പേരിൻെറ ആദ്യാക്ഷരംകൊണ്ടാരംഭിക്കുന്ന നക്ഷത്രംതൊട്ടു നാലാമത്തെ നാൾ.
ക്ഷേമം [സം.] നാ. 1. ശുഭം, ഐശ്വര്യം; 2. നിത്യാനന്ദം, മുക്തി; 3. ഗൃഹം; 4. കരസ്ഥമാക്കിയതിനെ സൂക്ഷിക്കൽ; 5. നക്ഷത്രം; 6. നാട്യത്തിലെ ഗണ്ഡചേഷ്ടകളിൽ ഒന്ന്; 7. ജന്മനക്ഷത്രത്തിൻെറയോ പക്കനാളുകളുടെയോ മുമ്പിലോ പിമ്പിലോ വരുന്ന നാലാംനാൾ; 8. ജംബുദ്വീപത്തിലെ ഭരണസംവിധാനമുള്ളത്.
ക്ഷേമി [സം. ക്ഷേമിൻ] വി. ക്ഷേമാവസ്ഥയിലായിരിക്കുന്ന. നാ. സന്തുഷ്ടൻ.
ക്ഷൈത്രം [സം. <ക്ഷേത്ര] നാ. ക്ഷേത്രങ്ങളുടെ സമൂഹം, വയൽ.
ക്ഷൈരേയ [സം. <ക്ഷീര] 'ക്ഷീരത്തെ സംബന്ധിച്ച.' വി. പാലുചേർത്തുണ്ടാക്കിയ, പാലുപോലുള്ള.
ക്ഷോഡം [സം.] നാ. ആനയെ തളയ്ക്കുന്ന കുറ്റി, ആളാനം.
ക്ഷോണി [സം. ക്ഷോണി,-ണീ] നാ. 1. ഭൂമി; 2. 'ഒന്ന്' എന്ന സങ്ഖ്യ.
ക്ഷോണിപാലൻ, ക്ഷോണീ- [സം.-പാല] നാ. രാജാവ്.
ക്ഷോണീധരം, -ധ്രം [സം. -ധര, -ധ്ര] നാ. പർവതം.
ക്ഷോണീന്ദ്രൻ [സം. -ഇന്ദ്ര] നാ. ക്ഷോണിപൻ.
ക്ഷോത്താവ് [സം. ക്ഷോത്തൃ] നാ. അരയ്ക്കാനും പൊടിക്കാനുമുള്ള ഉപകരണം. (ഉലക്ക, കുഴവി തുടങ്ങിയവ പോലെ).
ക്ഷോദകം [സം.] നാ. കുട്ടികൾക്കുണ്ടാകുന്ന ഒരു രോഗം, പൊടിവാർപ്പൻ.
ക്ഷോദം [സം. ക്ഷോദ] നാ. 1. അരയ്ക്കൽ, പൊടിക്കൽ; 2. അരച്ചോ പൊടിച്ചോ നിർമിച്ച പദാർഥം; 3. ശക്തമായ ആഘാതം; 4. നേർത്ത പൊടി, പൊടിമണൽ, പൂഴി, സൂക്ഷ്മമായ കണം; 5. അരയ്ക്കുന്നതിനും പൊടിക്കുന്നതിനും ഉള്ള ഉപകരണം, അമ്മി ആട്ടുകല്ല് ഉരൽ മുതലായവ; 6. വെള്ളം; 7. ആലോചന; 8. അന്വേഷണം.
ക്ഷോദസ്സ് [സം. ക്ഷോദസ്] നാ. 1. ഇളകിമറിയുന്ന വെള്ളം; 2. ജലപ്രവാഹം; 3. വെള്ളം.
ക്ഷോദിത [സം.] വി. പൊടിക്കപ്പെട്ട.
ക്ഷോദിഷ്ഠ [സം.] വി. ഏറ്റവും സൂക്ഷ്മമായ, അതിക്ഷുദ്രമായ.
ക്ഷോദീയസ് [സം.] വി. അധികം ചെറുതായ.
ക്ഷോഭക [സം.] വി. ക്ഷോഭത്തെ ഉണ്ടാക്കുന്ന.

667

ക്ഷോഭണൻ [സം. ക്ഷോഭണ] നാ. 1. വിഷ്ണു; 2. ശിവൻ.
ക്ഷോഭണം [സം.] നാ. 1. ക്ഷോഭിപ്പിക്കൽ; 2. കാമദേവൻെറ അഞ്ചു ശരങ്ങളിൽ ഒന്ന്; 3. ഒരു ദിവ്യാസ്ത്രം; 4. ബീഭത്സരസം രണ്ടുവിധമുള്ളതിൽ ഒന്ന്; 5. ഭയകോപാദിവികാരങ്ങൾ ഉണ്ടാകാനുള്ള ഹേതു.
ക്ഷോഭണി [സം. -ണീ] നാ. ഗൗരീപൂജയ്ക്ക് ഈശാനകോണിൽ പൂജിക്കേണ്ട ഒരു പരിദേവത.
ക്ഷോഭം [സം.] നാ. 1. ഇളക്കം, ഉലച്ചിൽ, കലക്കം, ചാഞ്ചല്യം; 2. കോപം; 3. ഭയം; 4. മുപ്പത്തിമൂന്നു നാട്യാലങ്കാരങ്ങളിലൊന്ന്.

ക്ഷോഭിക്കുക [<സം. ക്ഷുഭ്] ക്രി. 1. കുലുങ്ങുക, ഇളകുക, വിറയ്ക്കുക, കലങ്ങിമറിയുക; 2. ഭയകോപാദികൾക്കൊണ്ടു (മനസ്സ്) ചഞ്ചലമാകുക.
ക്ഷോഭിണി [സം. ക്ഷോഭിണീ] നാ. (സങ്ഗീ.) ഒരു ശ്രുതി.
ക്ഷോഭ്യ [സം.] വി. ക്ഷോഭിപ്പിക്കാവുന്ന, ഇളക്കാവുന്ന.
ക്ഷോമം [സം.] നാ. 1. പട്ട്; 2. ഗൃഹത്തിൻെറ മുകളിലത്തെ നിലയിലുള്ള മുറി; 3. അടവിക്കച്ചോലം.
ക്ഷൗണിപ്രാചീരം [സം. ക്ഷൗണീ-പ്രാചീര] 'ഭൂമിയെ ചുറ്റിക്കിടക്കുന്നത്.' നാ. സമുദ്രം.
ക്ഷൗദ്രജ [സം. ക്ഷൗദ്ര-ജാ] നാ. തേകൊണ്ടുണ്ടാക്കുന്ന പഞ്ചസാര.
ക്ഷൗദ്രജം [സം.] നാ. തേന്മെഴുക്.
ക്ഷൗദ്രം [സം.] നാ. 1. തേൻ, ചെറുതേൻ; 2. വെള്ളം; 3. ക്ഷുദ്രത; 4. പൊടിയുടെ ഏറ്റവും ചെറിയ കണിക; 5. ചമ്പകം.
ക്ഷൗദ്രമേഹം [സം. ക്ഷൗദ്ര-മേഹ] നാ. മധുമേഹം.
ക്ഷൗദ്രശർക്കര [സം. -ശർക്കരാ] നാ. ക്ഷൗദ്രജ.
ക്ഷൗദ്രേയം [സം.] നാ. തേന്മെഴുക്.
ക്ഷൗമം [സം.] നാ. 1. നേരിയ വസ്ത്രം, പട്ട്; 2. ഗൃഹത്തിൻെറ മുകളിലത്തെ നിലയിലുള്ള മുറി, മച്ച്; 3. അഗശി, അതിൻെറ പൂവ്.
ക്ഷൗരം [സം.] നാ. 1. മുടികളയൽ, തലമുടിവെട്ട്, മുഖത്തുള്ള രോമം വടിക്കൽ.
ക്ഷൗരി [സം.] നാ. മുടിമുറിക്കാനുള്ള കത്തി.
ക്ഷൗരികൻ [സം.] നാ. ക്ഷൗരക്കാരൻ.
ക്ഷ്ണുത [സം.] വി. മൂർച്ച കൂട്ടപ്പെട്ട, ചാണയ്ക്കുവച്ചു മൂർച്ച കൂട്ടിയ.
ക്ഷ്ണുതം [സം.] നാ. തേച്ചു മൂർച്ചവരുത്തിയ ശസ്ത്രം മുതലായവ.
ക്ഷ്ണോത്രം [സം.] നാ. ചാണക്കല്ല്.
ക്ഷ്മാ [സം.] നാ. 1. ഭൂമി; 2. ഒന്ന് എന്ന സങ്ഖ്യ.
ക്ഷ്മാജൻ [സം. -ജ] നാ. കുജൻ.
ക്ഷ്മാധരം [സം. -ധര] നാ. പർവതം.
ക്ഷ്മാധവൻ [സം. -ധവ] നാ. രാജാവ്.
ക്ഷ്മാപ, -പതി [സം. -പ, -പതി] നാ. ഭൂമിയെ ഭരിക്കുന്നവൻ, രാജാവ്.
ക്ഷ്മാപാലൻ [സം. -പാല] നാ. ക്ഷ്മാപതി.
ക്ഷ്മാഭുക്ക് [സം. -ഭുക് (ഭുജ്)] നാ. രാജാവ്.
ക്ഷ്മാഭൃത്ത് [സം. -ഭൃത്] നാ. 1. രാജാവ്; 2. പർവതം.
ക്ഷ്മായിത [സം.] വി. 1. കുലയ്ക്കപ്പെട്ട; 2. വിറപ്പിക്കപ്പെട്ട.
ക്ഷ്മാരാട്ട് [സം. -രാട്(-ജ്)] നാ. രാജാവ്.
ക്ഷ്മാസുരൻ [സം. -സുര] നാ. ഭൂസുരൻ.
ക്ഷ്മേശൻ [സം. -ഈശ]നാ. രാജാവ്.
ക്ഷ്വിണ്ണ [സം.] വി. 1. അവ്യക്തധ്വനിയുള്ള; 2. മിനുസമുള്ള.
ക്ഷ്വേഡ1 [സം.] വി. 1. വളഞ്ഞ; 2. ദുഷ്ടതയുള്ള; 3. അടുക്കാൻ പ്രയാസമുള്ള.
ക്ഷ്വേഡ2 [സം. ക്ഷ്വേഡാ] നാ. 1. പടവിളി, പോർവിളി; 2. സിംഹഗർജനം; 3. അലക്; 4. മുള; 5. കാട്ടുപീച്ചിൽ.
ക്ഷ്വേഡഗ്രീവൻ [സം. ക്ഷ്വേഡ-ഗ്രീവ] 'തൊണ്ടയിൽ വിഷമുള്ളവൻ.' നാ. ശിവൻ.

ക്ഷ്വേഡം [സം.] നാ. 1. ശബ്ദം, അസ്പഷ്ടധ്വനി; 2. വിഷം; 3. എരിക്ക്; 4. വരിപ്പീച്ചിൽ; 5. ത്യാഗം; 6. ഒരു കർണരോഗം.
ക്ഷ്വേഡിതം [സം. ക്ഷ്വേഡിത] നാ. മുരളൽ, അലർച്ച, പോർവിളി, സിംഹഗർജനം.
ക്ഷ്വേല [സം. ക്ഷ്വേലാ] നാ. കളി, നേരമ്പോക്ക്.
ക്ഷ്വേള [സം.] നാ. = ക്ഷ്വേഡ] ക്ഷ്വേളനം [<സം. ക്ഷ്വേഡന] നാ. ശൂലം കൊണ്ടുള്ള ആറു വിധം പ്രയോഗങ്ങളിൽ ഒന്ന്.
ക്ഷ്വേളം [<സം. ക്ഷ്വേഡ] നാ. – ക്ഷ്വേഡം.
ക്ഷ്വേളിതം1 [സം. ക്ഷ്വേലിത] നാ. കളി, വിനോദം.
ക്ഷ്വേളിതം2 [സം.] നാ. = ക്ഷ്വേഡിതം.

## ഖ

ഖ [ഖ്–അ] മലയാളം അക്ഷരമാലയിലെ രണ്ടാമത്തെ വ്യഞ്ജനം. കണ്ഠ്യം, 'ക' എന്ന ഖരത്തിൻെറ മഹാപ്രാണീകരണം.
ഖകാരം [സം. ഖ–കാര] നാ. 'ഖ' എന്ന അക്ഷരം.
ഖക്ഖടം [സം.] നാ. എഴുത്തുകല്ല്.
ഖക്ഖരം [സം. ഖക്ഖര] നാ. ഭിക്ഷുവിൻെറ വടി.
ഖഗ [സം. ഖ–ഗ] വി. ആകാശത്തിൽ സഞ്ചരിക്കുന്ന. നാ. ഒരു വൃത്തം.
ഖഗങ്ഗ [സം. –ഗങ്ഗാ] നാ. ആകാശഗങ്ഗ.
ഖഗണി [സം. –ഗണിൻ] നാ. ജ്യൗതിഷി.
ഖഗൻ [സം. ഖ–ഗ] 'ആകാസത്തിൽ ചരിക്കുന്നവൻ.' നാ. 1. സൂര്യൻ; 2. ദേവൻ; 3. ഒരു നാഗശ്രേഷ്ഠൻ; 4. ശിവൻ.
ഖഗപതി [സം. ഖഗ–പതി] നാ. 1. പക്ഷികളുടെ രാജാവ്, ഗരുഡൻ; 2. സൂര്യൻ.
ഖഗബുധം [സം. –ബുധ] നാ. തത്ത.
ഖഗം [സം. ഖ–ഗ] 'ആകാശത്തിൽ ഗമിക്കുന്നത്.' നാ. 1. പക്ഷി; 2. പരക്കാങ്കഴിവുള്ള ക്ഷുദ്രജീവി; 3. വിട്ടിൽ; 4. അമ്പ്; 5. ഗ്രഹം; 6. നക്ഷത്രം; 7. വായു; 8. മേഘം; 9. സൂര്യൻ; 10. എരിക്ക്.
ഖഗമൻ [സം. –ഗമ] 'ആകാശത്തിൽ സഞ്ചരിക്കുന്നവൻ.' നാ. 1. ഗന്ധർവൻ; 2. ഒരു മുനി.
ഖഗരാജൻ [സം. ഖഗ–രാജ] നാ. ഗരുഡൻ.
ഖഗവരൻ [സം. –വര] നാ. 1. പക്ഷിശ്രേഷ്ഠൻ; 2. ഗരുഡൻ.
ഖഗവാസകം [സം. –വാസക] നാ. ആൽമരം.
ഖഗശത്രു [സം. –ശത്രു] നാ. 1. പരുന്ത്; 2. ഓരില.
ഖഗസ്ഥാനം [സം. –സ്ഥാന] നാ. പക്ഷിയുടെ കൂട്.
ഖഗാധിപൻ [സം. –അധിപ] നാ. 1. ഗരുഡൻ; 2. സൂര്യൻ.
ഖഗാന്തകൻ [സം. –അന്തക] നാ. പരുന്ത്.
ഖഗാസനൻ [സം. –ആസന] നാ. വിഷ്ണു.
ഖഗാസനം [സം. –ആസന] 'സൂര്യൻെറ ഇരിപ്പിടം.' നാ. ഉദയഗിരി.

ഖഗേന്ദ്രൻ [സം. -ഇന്ദ്ര] നാ. 1. പക്ഷിശ്രേഷ്ഠൻ; . ഗരുഡൻ; 3. കഴുകൻ.
ഖഗേശ്വരൻ [സം. -ഈശ്വര] നാ. ഖഗേന്ദ്രൻ.
ഖഗോളം,-കം [സം. ഖ-ഗോല(ക)] നാ. ആകാശമണ്ഡലം. ഖഗോളവിദ്യ, -ശാസ്ത്രം = ജ്യോതിശാസ്ത്രം. ഖഗോളശാസ്ത്രജ്ഞൻ = യോതിശാസ്ത്രജ്ഞൻ.
ഖഗ്രാസം [സം. -ഗ്രാസ] നാ. സൂര്യമണ്ഡലത്തെയോ ചന്ദ്രമണ്ഡലത്തെയോ പൂർണമായി മറയ്ക്കുന്ന ഗ്രഹണം.
ഖങ്കരം [സം. ഖം-കര] നാ. കുറുനിര.
ഖചനം [സം. <ഖച്] നാ. രത്നവും മറ്റും പതിക്കൽ.
ഖചമസൻ [സം. ഖ-ചമസ] 'ആകാശത്തിലെ യജ്ഞീയപാത്രം.' നാ. ചന്ദ്രൻ.
ഖചര [സം. ഖ-ചര] വി. ആകാശത്തിൽ സഞ്ചരിക്കുന്ന.
ഖചരൻ [സം. -ചര] നാ. 1. സൂര്യൻ; 2. ദേവൻ; 3. ഗന്ധർവൻ; 4. രാക്ഷസൻ.
ഖചരം [സം. -ചര] നാ. 1. പക്ഷി; 2. മേഘം; 3. വായു; 4. നക്ഷത്രം; 5. ഗ്രഹം; 6. അമ്പ്.
ഖചാരി [സം. -ചാരിൻ] നാ. സുബ്രഹ്മണ്യൻ.
ഖചിത [സം. <ഖച്] വി. 1. (രത്നം മുതലായവ) പതിക്കപ്പെട്ട, ചേർക്കപ്പെട്ട; 2. കമ്പിളിനൂൽകൊണ്ടു തുന്നിയുണ്ടാക്കിയ.
ഖജകം [സം.] നാ. കടകോൽ.
ഖജനാ(വ്), ഖജാന [അറ.] നാ. 1. സർക്കാർധനം സൂക്ഷിക്കുന്ന സ്ഥലം, ഭണ്ഡാരപ്പുര; 2. പണം സൂക്ഷിക്കുന്ന സ്ഥലം; 3. പണം.
ഖജപം [സം.] നാ. ഉരുക്കുനെയ്യ്.
ഖജം [സം.] നാ. 1. തവി; 2. കരണ്ടി; 3. ചട്ടുകം; 4. കടകോൽ; 5. (ആയുർ.) കടകോലിൻെറ ആക്ര്6തിയുള്ള ഒരു ശസ്ത്രം.
ഖജലം [സം. ഖ-ജല] നാ. 1. മഞ്ഞ്; 2. മഴ.
ഖജാക [സം. ഖജാകാ] നാ. തവി.
ഖജാകം [സം.] നാ. പക്ഷി.
ഖജാഞ്ചി [അറ.] നാ. 1. ഖജനാവിൻെറ അധികാരിയായ ഉദ്യോഗസ്ഥൻ; 2. ധനകാര്യത്തിൻെറ ചുമതല വഹിക്കുന്ന ആൾ.
ഖജാന നാ. = ഖജനാവ്.
ഖജ്യോതിസ്സ് [സം. ഖ -ജ്യോതിസ്] നാ. മിന്നാമിനുങ്ങ്.
ഖഞ്ജ [സം.] വി. മുടന്തുള്ള, ഞൊണ്ടിയായ.
ഖഞ്ജഖേടം, -ഖേലം [സം. ഖഞ്ജ-ഖേട, -ഖേല] നാ. കരിങ്കുരുകിൽ.
ഖഞ്ജന [സം. ഖഞ്ജനാ] നാ. 1. കടുക്, ചെങ്കടുക്; 2. കരിങ്കുരുകിൽ.
ഖഞ്ജനകം [സം.] നാ. കരിങ്കുരുകിൽ.
ഖഞ്ജനം [സം.] നാ. 1. നടക്കാൻ പ്രയാസമുള്ള സ്ഥലം; 2. കരിങ്കുരുകിൽ. ഖഞ്ജനനേത്രം, -വിലോചനം = കരിങ്കുരുകിലിനെപ്പോലെ ചഞ്ചലമായ നയനം (സൗന്ദര്യസൂചകമായി പ്രയോഗം). ഖഞ്ജനനേത്ര, -വിലോചന = സുന്ദരി; 3. കുതിര (കരിങ്കുരികിലിനെപ്പോലെ ചരിക്കുന്നത്).
ഖഞ്ജനരതം [സം. ഖഞ്ജന-രത] നാ. സന്ന്യാസിമാരുടെ രഹസ്യമായ ലൈങ്ഗികവേഴ്ച.

ഖഞ്ജം [സം.] നാ. വാതസംബന്ധിയായ ഒരു രോഗം, ഒരു കാലിനു മുടന്തുണ്ടാക്കുന്നത്.
ഖഞ്ജരീടം, -ടകം [സം. ഖഞ്ജരീട(ക)] നാ. കരിങ്കുരുകിൽ. ഖഞ്ജരീടാക്ഷി = ഖഞ്ജനവിലോചന.
ഖടകടാഹകം [സം. ഖട-കടാഹക] നാ. തുപ്പൽപ്പെട്ടി.
ഖടകം [സം. ഖടക] നാ. പകുതിചുരുട്ടിയ മുഷ്ടി.
ഖടഖാദകൻ [സം. ഖട-ഖാദക] നാ. 1. കാക്ക; 2. കുറുക്കൻ; 3. അധികം ഭക്ഷിക്കുന്നവൻ, വയറൻ.
ഖടഖാദകം [സം.] നാ. കണ്ണാടിപ്പാത്രം.
ഖടം [സം. ഖട] നാ. 1. കഫം; 2. കൈക്കോടാലി; 3. കലപ്പ, കൊഴു; 4. ഉള്ളി; 5. ചുരുട്ടിയ മുഷ്ടി, അതുകൊണ്ടുള്ള ഇടി; 6. പൊട്ടക്കിണർ; 7. (സങ്ഗീ.) ഒരു രാഗം; 8. നാന്മുഖപ്പുല്ല്.
ഖടി [സം. ഖടീ] നാ. എഴുത്തുകല്ല്, ചോക്ക്.
ഖടിക [സം. ഖടികാ] നാ. 1. ഖടി; 2. രാമച്ചം; 3. ബാഹ്യകർണകുഹരം, ചെവിയുടെ പുറമേയുള്ള ദ്വാരം.
ഖടികം [സം.] നാ. ഖടകം.
ഖടിനി [സം. ഖടിനീ]നാ. ഖടി.
ഖട്ട [സം. ഖട്ടാ] നാ. 1. കട്ടിൽ, ഇരിപ്പിടം; 2. ആസനം,പീഠം; 3. ഒരിനം പുല്ല്.
ഖട്ടനൻ [സം. ഖട്ടന] നാ. മുണ്ടൻ, കുള്ളൻ.
ഖട്ടാശം [സം. ഖട്ട-അശ] നാ. 1. വെരുക്; 2. വെരുകിൻപുഴുക്.
ഖട്ടാശി [സം. ഖട്ട-അശിൻ] നാ. വെരുക്.
ഖട്ടി [സം.] നാ. ശവക്കട്ടിൽ.
ഖട്ടിക, ഖട്വിക [സം. ഖട്ടികാ] നാ. 1. ചെറിയകട്ടിൽ; 2. ശവമഞ്ചം.
ഖട്ടികൻ [സം. ഖട്ടിക] നാ. 1. നായാട്ടുകാരൻ; 2. കശാപ്പുകാരൻ.
ഖട്ടേരകൻ [സം.] നാ. ഖട്ടനൻ.
ഖട്വ [സം. ഖട്വാ] നാ. 1. കട്ടിൽ; 2. തൂകുമഞ്ചം; 3. ചണ്ടിപ്പയർ.
ഖട്വാക [സം. ഖട്വാകാ] നാ. ചെറിയ കട്ടിൽ.
ഖട്വാങ്ഗധരൻ, -ധാരി [സം. ഖട്വാങ്ഗ-ധര, -ധാരിൻ] 'ഖട്വാങ്ഗം ധരിച്ചിട്ടുള്ളവൻ.' നാ. ശിവൻ.
ഖട്വാങ്ഗം [സം. ഖട്വാങ്ഗ] നാ. 1. കട്ടിൽക്കാലിൻെറ ആകൃതിയിലുള്ള ഒരുതരം ഗദ; 2. ശിവൻെറ മഴു; 3. കുറുവടി.
ഖട്വാബന്ധം [സം. -ബന്ധ]നാ. മുറിവുകെട്ടുന്ന വിധങ്ങളിൽ ഒന്ന്.
ഖട്വിക [സം. ഖട്വികാ] നാ. ചെറിയ കട്ടിൽ.
ഖഡം [സം. ഖഡ] നാ. 1. വിഭജിക്കൽ, വേർപിരിക്കൽ; 2. ഒരുജാതി മുക്കുടി, ഔഷധങ്ങൾ ചേർത്തു കാച്ചിയ മോര്
ഖഡ്ഗകം [സം. ഖഡ്ഗക] നാ. 1. കാണ്ടാമൃഗം; 2. പഞ്ചസാര.
ഖഡ്ഗകോശം [സം. ഖഡ്ക-കോശ] നാ. വാളുറ.
ഖഡ്ഗധാര [സം. ഖഡ്ഗ-ധാരാ] നാ. വാളിൻെറ വായ്ത്തല. ഖഡ്ഗധാരാവ്രതം = അസിധാരാവ്രതം.
ഖഡ്ഗധാരി [സം. -ധാരിൻ] നാ. ഖഡ്ഗപാണി.

ഖഡ്ഗധേനു(ക) [സം. -ധേനു(കാ)] നാ. 1. ചുരിക, കത്തി, അസിധേനു; 2. പെൺകാണ്ടാമൃഗം.

ഖഡ്ഗപത്രം [സം.] നാ. 1. വാളിൻെറ പിടിയൊഴിച്ചുള്ള ലോഹഭാഗം, അലക്; 2. കരിമ്പ് (ഇലയ്ക്കു വാളലകിൻെറ ആകൃതിയുള്ളതിനാൽ).

ഖഡ്ഗപാണി [സം. ഖഡ്ഗ-പാണി] നാ. വാൾ കൈയിലുള്ളവൻ.

ഖഡ്ഗപാത്രം [സം.] നാ. പോത്തിൻ കൊമ്പുകൊണ്ടുണ്ടാക്കിയ ഒരിനം പരന്ന പാത്രം.

ഖഡ്ഗപിധാനം, -കം [സം. -പിധാന, -നക] നാ. വാളുറ.

ഖഡ്ഗപുത്രിക [സം. -പുത്രികാ] നാ. 1. ചെറിയവാൾ; 2. കത്തി.

ഖഡ്ഗപ്രഹാരം [സം. -പ്രഹാര] നാ. വാൾകൊണ്ടുള്ള വെട്ട്.

ഖഡ്ഗഫലം [സം. -ഫല] നാ. ഖഡ്ഗധാര.

ഖഡ്ഗം [സം.] നാ. 1. വാൾ; 2. കാണ്ടാമൃഗം; 3. കാണ്ടാമൃഗത്തിൻെറ കൊമ്പ്; 4. പോത്തിൻ കൊമ്പ്; 5. അടവിക്കച്ചോലം, ഇരുമ്പ്, ഉരുക്ക്.

ഖഡ്ഗമുദ്ര [സം. -മുദ്രാ] നാ. ഒരു ഹസ്തമുദ്ര.

ഖഡ്ഗമുഷ്ടി [സം. -മുഷ്ടി] നാ. വാളിൻെറ പിടി. ഖഡ്ഗമുഷ്ടിസത്യം = വാൾ പിടിച്ചുചെയ്യുന്ന പ്രതിജ്ഞ.

ഖഡ്ഗമൃഗം [സം. -മൃഗ] നാ. കാണ്ടാമൃഗം.

ഖഡ്ഗശാസ്ത്രം [സം. -ശാസ്ത്ര] നാ. ഖഡ്ഗനിർമിതി, ഖഡ്ഗലക്ഷണം, ഖഡ്ഗപ്രയോഗം തുടങ്ങിയവ വിവരിക്കുന്ന ശാസ്ത്രം.

669

ഖഡ്ഗാരീടം [സം.] നാ. 1. കവചം; 2. ഖഡ്ഗധാര; 3. അസിധാരാവ്രതം.

ഖഡ്ഗി [സം. ഖഡ്ഗിൻ] നാ. 1. വാൾധരിച്ചവൻ, വാൾ ആയുധമായുള്ളവൻ; 2. കാണ്ടാമൃഗം; 3. ശിവൻ.

ഖഡ്ഗികൻ [സം. ഖഡ്ഗിക] നാ. 1. വാളോടുകൂടിയവൻ, വാൾപ്രയോഗത്തിൽ സമർഥൻ; 2. കശാപ്പുകാരൻ.

ഖഡ്ഗികം [സം.] നാ. അരിവാൾ.

ഖണ്ഡ1 [സം.] വി. 1. മുറിക്കപ്പെട്ട, ഭാഗിക്കപ്പെട്ട, ഛിന്നമായ; 2. വിടവുള്ള, വിള്ളലുള്ള; 3. പരിക്കേറ്റ, മുറിവുപറ്റിയ; 4. ലഘുവായ; 5. കുറവുള്ള, ന്യൂനതയുള്ള.

ഖണ്ഡ2 [സം. ഖണ്ഡാ] നാ. 1. ഒരുതരം മനയോല; 2. (സങ്ഗീ.) ഒരു സങ്കീർണരാഗം.

ഖണ്ഡക [സം. <ഖണ്ഡ്] വി. 1. കീറുന്ന, ഖണ്ഡങ്ങളാക്കുന്ന; 2. പൊടിക്കുന്ന, ചതയ്ക്കുന്ന; 3. നശിപ്പിക്കുന്ന, ഇല്ലാതാക്കുന്ന.

ഖണ്ഡകഥ [സം. ഖണ്ഡ-കഥാ] നാ. 1. പ്രാചീന സംസ്കൃതാലങ്കാരികന്മാരുടെ മതമനുസരിച്ച് ഗദ്യകാവ്യം അഞ്ചുവിധമുള്ളതിൽ ഒന്ന്; 2. ചെറുകഥ.

ഖണ്ഡകൻ [സം. ഖണ്ഡക] നാ. കീറുന്നവൻ, നശിപ്പിക്കുന്നവൻ.

ഖണ്ഡകം [സം. ഖണ്ഡക] നാ. 1. കഷണം, തുണ്ടം, ഭാഗം; 2. കൽക്കണ്ടം; 3. ചുവന്ന ചെറുപയറ്; 4. നൃത്തത്തിലെ കരണചതുഷ്ടയം; 5. ഖണ്ഡിക; 6. (ഗണിത.) സമവാക്യത്തിലെ ഒരു സംജ്ഞ.

ഖണ്ഡകർണം [സം. ഖണ്ഡ-കർണ] നാ. 1. മധുരക്കിഴങ്ങ്; 2. വെട്ടുചേമ്പ്.

ഖണ്ഡകാലം [സം. -കാല] നാ. മനുഷ്യൻെറ ചിന്തയ്ക്ക് എത്താവുന്ന കാലപരിമാണം.

ഖണ്ഡകാവ്യം [സം. -കാവ്യ]നാ. ഭാരതീയസാഹിത്യശാസ്ത്രപ്രകാരം കാവ്യത്തിൻെറ ഒരുവിഭാഗം.
ഖണ്ഡകൃതി [സം. -കൃതി] നാ. ഖണ്ഡകാവ്യം.
ഖണ്ഡഖാദ്യം [സം. -ഖാദ്യ] നാ. 1. പലഹാരം; 2. (ജ്യോ.) ഒരു കരണം.
ഖണ്ഡഗതി [സം.] നാ. (സങ്ഗീ.) താളത്തിൻെറ അഞ്ചുതരം ഗതികളിൽ ഒന്ന്.
ഖണ്ഡചാപ് [സം. ഖണ്ഡ-മ. ചാപ്പ്] നാ. (സങ്ഗീ.) ഒരു താളത്തിൻെറ പേർ.
ഖണ്ഡജ [സം. -ജാ] നാ. യവാസശർക്കര.
ഖണ്ഡജം [സം. -ജ] നാ. 1. ശർക്കര; 2. കൽക്കണ്ടം; 2. യവാസശർക്കര.
ഖണ്ഡജാതി [സം. -ജാതി] നാ. (സങ്ഗീ.) ചതുരശ്രജാതിയിൽപ്പെട്ട ഒരു താളം.
ഖണ്ഡജ്യാ(വ്) [സം. -ജ്യാ] നാ. (ഗണിത.) രണ്ടുഭുജങ്ങൾ തമ്മിലുള്ള അന്തരം.
ഖണ്ഡതാളം [സം. -താല] നാ. (സങ്ഗീ.) പല താളങ്ങളെക്കുറിക്കുന്ന ഒരു സാമാന്യസംജ്ഞ.
ഖണ്ഡധാര [സം. -ധാരാ] നാ. കത്രിക.
ഖണ്ഡന1 [സം.] വി. 1. പൊട്ടിക്കുന്ന, മുറിക്കുന്ന, ഭാഗിക്കുന്ന, കഷണങ്ങളാക്കുന്ന, ഇല്ലാതാക്കുന്ന, നശിപ്പിക്കുന്ന; 2. നിഷേധരൂപത്തിൽ ഉള്ള്, പ്രതികൂലമായ.
ഖണ്ഡന2 [സം. ഖണ്ഡനാ] നാ. തിരസ്കാരം, തള്ളിക്കളയൽ.
ഖണ്ഡനകാരൻ [സം. -കാര] നാ. എതിരഭിപ്രായം പുറപ്പെടുവിക്കുന്ന ആൾ.
ഖണ്ഡനം [സം.] നാ. 1. ഖണ്ഡങ്ങളാക്കൽ, കഷണങ്ങളാക്കൽ, മുറിക്കൽ, ഒടിക്കൽ, ഭാഗിക്കൽ; 2. നശിപ്പിക്കൽ; 3. വഞ്ചിക്കൽ; 4. എതിർവാദം, പ്രതികൂലവിമർശം, മറുവാദംകൊണ്ടുള്ള നിരസനം; 5. എതിർപ്പ്; 6. (നാട്യ.) അഭിനയത്തിലെ ഏഴുതരം ചിബുകകർമങ്ങളിൽ ഒന്ന്.
ഖണ്ഡനിര്യൂഹം [സം. -നിര്യൂഹ] നാ. (ശിൽപ.) ഗൃഹത്തിലെ അലങ്കാരപ്പണികളിൽ ഒന്ന്.
ഖണ്ഡനീയ [സം.] വി. ഖണ്ഡിക്കത്തക്ക, ഖണ്ഡിക്കേണ്ട.
ഖണ്ഡനോപക്ഷേപം [സം. ഖണ്ഡന-ഉപേക്ഷപ] നാ. നിയമസഭയിൽ അവതരിപ്പിച്ച ധനാഭ്യർഥനയിൽ തുക കുറവു വരുത്തണമെന്നു നിർദേശിക്കുന്ന ഭേദഗതി.
ഖണ്ഡപർശു [സം. -പർശു] നാ. 1. ശിവൻ; 2. പരശുരാമൻ; 3. രാഹു; 4. കൊമ്പുമുറിഞ്ഞ് ആന.
ഖണ്ഡപരശു [സം. -പരശു] നാ. 1. ശിവൻ; 2. പരശുരാമൻ; 3. വിഷ്ണു.
ഖണ്ഡപാലൻ [സം. -പാല] നാ. പലഹാരം വിൽക്കുന്നവൻ.
ഖണ്ഡപ്രളയം [സം. -പ്രലയ] നാ. അപൂർണപ്രളയം, സ്വർഗം ഒഴിച്ചുള്ള ലോകങ്ങൾ ഒന്നിച്ചുനശിക്കുന്നത്.
ഖണ്ഡം [സം. ഖണ്ഡ] നാ. 1. അംശം, ശകലം, കഷണം, ഭാഗം; 2. വയൽ; 3. പൊട്ടൽ, വിടവ്; 4. രത്നങ്ങളിലുള്ള പൊട്ടൽ; 5. ഗ്രന്ഥത്തിൻെറ ഒരുവിഭാഗം (അധ്യായം, ഖണ്ഡിക ഇത്യാദി); 6. ഭൂവിഭാഗം, ഭൂഖണ്ഡം, ദേശം; 7. ഒമ്പത് എന്ന സങ്ഖ്യ; 8. സമൂഹം; 9. (ഗണിത.) സമീകരണം ചെയ്യാനുള്ള ഒരുക്രിയ; 10. സമവാക്യത്തിലെ ഒരു സംജ്ഞ; 11. (സങ്ഗീ.) ഖണ്ഡതാളം നോക്കുക; 12. തടിയിൽ പണിഞ്ഞ ചതുരശ്രക്കട്ടി; 13. ഒരു ആയുധം; 14. കൽക്കണ്ടം; 15. കരിമ്പ്; 16. പരിപ്പ്; 17. വിളയുപ്പ്.
ഖണ്ഡമണ്ഡല [സം. -മണ്ഡല] വി. വട്ടം തികയാത്ത, വൃത്തം പൂർത്തിയാകാത്ത.
ഖണ്ഡമണ്ഡലം [സം.] വൃത്തത്തിൻെറ ഒരു ഭാഗം, അപൂർണവൃത്തം.

ഖണ്ഡമൃത്യു [സം. -മൃത്യു]നാ. ആത്മാംശികമായ മൃത്യു, ജൈവഘടകങ്ങളായ സൂക്ഷ്മകോശങ്ങൾക്കു ജീവി ജീവിച്ചിരിക്കെത്തന്നെ വെരുന്ന നാശം.
ഖണ്ഡമേരു [സം. -മേരു] നാ. 1. ഓരോ ഛന്ദസ്സിലും ലഘുഗുരുക്കളുടെ വിന്യാസഭേദംകൊണ്ട് ഉണ്ടാകാവുന്ന വൃത്തങ്ങളുടെ സങ്ഖ്യ നിർണയിക്കുന്നതിനും ഛന്ദസ്സുകൾകൊണ്ടുള്ള പരസ്പരബന്ധം കുറിക്കുന്നതിനുമുള്ള ക്രിയ.
ക്ദണ്ഡമോദകം [സം. -മോദക] നാ. ഖണ്ഡജം.
ഖണ്ഡലം [സം.] നാ. തുണ്ട്, കഷണം, കണ്ണി.
ഖണ്ഡലവണം [സം. ഖണ്ഡ-ലവണ]നാ. വിളയുപ്പ്, കാരുപ്പ്.
ഖണ്ഡവികാരം, -വികൃതി [സം. -വികാര, -വികൃതി] നാ. 1. പഞ്ചസാര; 2. നീർക്കണ്ടിശർക്കര.
ഖണ്ഡശർക്കര [സം. -ശർകരാ] നാ. കൽക്കണ്ടം.
ഖണ്ഡശ: [സം. ഖണ്ഡ-ശസ്] അവ്യ. ഓരോ ഭാഗമായി, കുറ്റേശ്ശെയായി, കഷണങ്ങളായിട്ട്.
ഖണ്ഡശീല [സം. -ശീലാ]നാ. പാതിവ്രത്യമില്ലാത്ത സ്ത്രീ, ദുർനടത്തക്കാരി.
ഖണ്ഡസാരം [സം. -സാര] നാ. യവാസശർക്കര.
ഖണ്ഡസിത [സം. -സിതാ] നാ. കൽക്കണ്ടം.
ഖണ്ഡസൂചി [സം. -സൂചി]നാ. നാട്യത്തിലെ ദേശീവിഭാഗത്തിൽപ്പെട്ട ഒരു നില.
ഖണ്ഡാധിപതി [സം. -അധിപതി] നാ. ദേശാധിപതി.
ഖണ്ഡിക [സം. ഖണ്ഡികാ] നാ. 1. ബന്ധമുള്ള കുറേവാക്യങ്ങൾ ചേർന്നുള്ള ഒരു ഗദ്യവിഭാഗം; 2. മലങ്കടല; 3. അമരപ്പയർ; 4. കക്ഷം.
ഖണ്ഡികം [സം.] നാ. 1. മലങ്കടല; 2. പയറ്; 3. കക്ഷം; 4. ഒരു രോഗം.
ഖണ്ഡിക്കുക [<സം. ഖണ്ഡ്] ക്രി. 1. മുറിക്കുക, പിളർക്കുക, അംശിക്കുക, കഷണങ്ങളാക്കുക, ഉടയ്ക്കുക; 2. നശിപ്പിക്കുക, ഇല്ലാതാക്കുക; 3. വാദത്തെ യുക്തികൊണ്ടു നിരസിക്കുക, എതിർക്കുക, എതിർത്ത് അഭിപ്രായം പറയുക; 4. തീർത്തുകണക്കാക്കുക, തിട്ടപ്പെടുത്തുക, തീരുമാനിക്കുക, പരിച്ഛേദിക്കുക.
ഖണ്ഡിത1 [സം.] വി. 1. പിളർക്കപ്പെട്ട, മുറിച്ച, അംശിച്ച; 2. നശിപ്പിക്കപ്പെട്ട; 3. യുക്തികൊണ്ടു നിരസിച്ച, എതിർക്കപ്പെട്ട, എതിർത്ത് അഭിപ്രായം പ്രകടികപ്പെട്ട; 4. തീരുമാനിച്ച, തിട്ടപ്പെടുത്തിയ, പരിച്ഛേദിക്കപ്പെട്ട; 5. ഉപേക്ഷിച്ച; 6. നിരാശപ്പെട്ട.
ഖണ്ഡിത2 [സം. ഖണ്ഡിതാ] നാ. എട്ടിവിധം നായികമാരുള്ളതിൽ ഒന്ന്.
ഖണ്ഡിതം [സം.] നാ. 1. പിളർക്കപ്പെട്ടത്, കഷണങ്ങളാക്കപ്പെട്ടത്; 2. നശിപ്പിക്കപ്പെട്ടത്; 3. യുക്തികൊണ്ടു നിരാകരിക്കപ്പെട്ടത്, എതിർക്കപ്പെട്ടത്; 4. തീരുമാനിക്കപ്പെട്ടത്, പരിച്ഛേദിക്കപ്പെട്ടത്; 5. രണ്ടിലധികം മുറിവുകളുള്ള പാമ്പുകടി.
ഖണ്ഡിനി [സം. ഖണ്ഡിനീ] നാ. ഭൂമി.
ഖണ്ഡീകരിക്കുക [<സം. ഖണ്ഡീ-കൃ] ക്രി. കഷണം കഷണമാക്കുക, അംശിക്കുക, മുറിക്കുക.
ഖണ്ഡോത്തരം [സം. ഖണ്ഡ-ഉത്തര] നാ. ഒരുതരം ഉത്തരം, താങ്ങിനിൽക്കുന്ന തൂണിനു സമമായ വീതിയും കനവുമുള്ള ഉത്തരം.
ഖണ്ഡോഷ്ഠം [സം. -ഓഷ്ഠ] നാ. ചുണ്ടുകൾക്കുണ്ടാകുന്ന ഒരു ദീനം.
ഖണ്ഡ്യ [സം.] വി. ഖണ്ഡിക്കത്തക്ക, മുറിക്കത്ത്ക്ക, നിർണയിക്കത്തക്ക, നശിപ്പിക്കത്തക്ക.
ഖതമാലം [സം. ഖ-തമാല] നാ. 1. പുക; 2. മേഘം; 3. മുത്തങ്ങ.

ഖത്തീബ് [അറ.] നാ. (ഇസ്ലാം.) ഖുത്തുബാപ്രസങ്ഗം നടത്തുന്ന ആൾ.
ഖത്ത് [അറ.] നാ. കത്ത്, എഴുത്ത്, കുറി.
ഖദർ [ഹി. ഖദ്ദർ] നാ. കൈകൊണ്ടു നൂത്ത നൂലുകൊണ്ടു കൈത്തറിയിൽ നെയ്തെടുക്കുന്ന തുണി.
ഖദിക [സം. ഖദികാ] നാ. വറുത്തധാന്യം, പൊരി.
ഖദിരൻ [സം. ഖദിര] നാ. 1. ഇന്ദ്രൻ; 2. ചന്ദ്രൻ.
ഖദ്യോത [സം. ഖ-ദ്യോത(ന)] നാ. സൂര്യൻ.
ഖദ്യോതം [സം. -ദ്യോത] നാ. മിന്നാമിനുങ്ങ്.
ഖദ്യോതാന്വയം [സം. ഖദ്യോത-അന്വയ] നാ. സൂര്യവംശം.
ഖൻ [സം. ഖ] നാ. 1. സൂര്യൻ; 2. (ശിൽപ.) ഒരു വാസ്തു ദേവൻ, അന്തരീക്ഷൻ.
ഖനക [സം.] വി. തുരക്കുന്ന.
ഖനകൻ [സം. <ഖന്] നാ. 1. കുഴിക്കുന്നവൻ, തുരങ്കം നിർമിക്കുന്നവൻ; 2. ഖനിവേലക്കാരൻ; 3. തുരങ്കം വച്ചു ഭവനഭേദനം ചെയ്യുന്നവൻ, കള്ളൻ; 4. കുഴികളിലോ കിടങ്ങുകളിലോ നിന്നു യുദ്ധം ചെയ്യുന്ന ഭടൻ; 5. എലി.
ഖനകം [സം.] നാ. 1. എലി; 2. ഖനി.
ഖനകയുദ്ധം [സം. -യുദ്ധ] നാ. കിടങ്ങിനകത്തും മറ്റും വച്ചു ചെയ്യുന്ന യുദ്ധം.
ഖനനകം [<സം. ഖന്] നാ. കന്നക്കോൽ.
ഖനനം [സം.] നാ. 1. കുഴിക്കൽ, കുഴിച്ചെടുക്കൽ, ഖനിവേല; 2. കുഴിച്ചിടൽ; 3. കന്നക്കോൽ.
ഖനി [സം. ഖനി, -നീ] നാ. 1. ധാതുദ്രവ്യങ്ങൾ, ലോഹങ്ങൾ, രത്നങ്ങൾ മുതലായവ കുഴിച്ചെടുക്കുന്ന സ്ഥലം; 2. ആഴത്തിൽനിന്നു ശേഖരിക്കുന്ന ലോഹാദികൾ; 3. ഗുഹ; 4. വിളഭൂമി.
ഖനിജം [സം. ഖനി-ജ] നാ. ഖനിയിൽ നിന്നുണ്ടായത് (ലോഹങ്ങൾ, രത്നങ്ങൾ എന്നിവപോലെ).
ഖനിതാവ് [സം. ഖനി-തൃ] നാ. 1. കുഴിക്കുന്നവൻ, തുരക്കുന്നവൻ; 2. കലപ്പകൊണ്ട് ഉഴുന്നവൻ. (സ്ത്രീ.) ഖനിത്രീ.
ഖനിത്രകം [സം.] ചെറിയതൂമ്പ.
ഖനിത്രം [സം.] നാ. കിളയ്ക്കാനോ, കുഴിക്കാനോ ഉപയോഗിക്കുന്ന ആയുധം, തൂമ്പ, പാരക്കോൽ മുതലായവ.
ഖനിത്രിക [സം. ഖനിത്രികാ] നാ. ഖനിത്രകം.
ഖനിഭോഗം [സം. ഖനി-ഭോഗ] നാ. ഖനികളുള്ള പ്രദേശം.
ഖന്നാസ് [അറ.] നാ. ഭൂതം, പിശാച്.
ഖന്യധ്യക്ഷൻ [സം. ഖനി-അധ്യക്ഷ] നാ. ഖനികളുടെ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥൻ.
ഖപരാഗം [സം. ഖ-പരാഗ] നാ. ഇരുട്ട്.
ഖപുരം [സം. -പുര] നാ. 1. ആകാശത്തിൽ സ്ഥിതി ചെയ്യുന്ന നഗരം; 2. കുടം; 3. കവിങ്ങ്; 4. പെരുമുത്തങ്ങ; 5. കുന്തിരിക്കം; 6. പുലിച്ചുവടി.
ഖപുഷ്പം [സം. -പുഷ്പ] നാ. ആകാശകുസുമം.
ഖപോതം [സം. -പോത] നാ. മിന്നാമിനുങ്ങ്.
ഖബർ1, ഖബ്ര് നാ. = കബർ.
ഖബർ2 [അറ.] നാ. വർത്തമാനം.

ഖബാഷ്പം [സം. ഖ-ബാഷ്പ] നാ. മഞ്ഞ്, തുഷാരം.
ഖഭം [സം. -ഭ] നാ. 1. ഗ്രഹം; 2. (ജ്യോ.) പത്താം ഭാവം.
ഖഭ്രാന്തി [സം. -ഭ്രാന്തി] നാ. പ്രാപ്പിടിയൻ.
ഖം [സം.] നാ. 1. ആകാശം; 2. സ്വർഗം; 3. ഇന്ദ്രിയം; 4. പട്ടണം; 5. അനുസ്വാരം, ബിന്ദു (ചെറിയ വൃത്തമാകുന്ന ചി ത്തോടുകൂടിയത്); 6. ദ്വാരം, കുഴി; 7. ഗുഹ; 8. ശൂന്യേന്ദ്രിയം (വായ്, നാസാദ്വാരങ്ങൾ, ചെവികൾ, കണ്ണുകൾ തുടങ്ങിയ ശരീരഹ്ഥിലെ നവദ്വാരങ്ങളിൽ ഒന്ന്); 9. വയൽ; 10. അമ്പോ മറ്റോ കൊണ്ടുണ്ടാക്കിയ മുറിവ്, വ്രണം; 11. ബുദ്ധി; 12. ജ്ഞാനം; 13. സന്തോഷം; 14. (ഗണിത.) പൂജ്യം, ശൂന്യം; 15. കിണർ; 16. പുറത്തേക്കുള്ള മാർഗം; 17. മോക്ഷം; 18. ശബ്ദം; 19. ബ്രഹ്മം; 20. അമ്പിൻെറ മുന; 24. (ജ്യോ.) പത്താം ഭാവം; 25. അഭ്രം.
ഖംഭം, കമ്പം [പ്രാ. ഖംഭ < സം. സ്കംഭ] നാ. 1. സ്തംഭം; 2. വിളക്കുകാൽ.
ഖമണി [സം. ഖ-മണി] നാ. സൂര്യൻ.
ഖമധ്യം [സം. -മധ്യ] നാ. (ജ്യോ.) ചക്രവാളത്തിൻെറ കേന്ദ്രത്തിനു നേരെമുകളിലുള്ള ആകാശഭാഗം.
ഖമൂർത്തി [സ. മൂർതി] നാ. ശിവൻ.
ഖമൂലി(ക) [സം. -മൂലീ, -മൂലികാ] നാ. കുടപ്പായൽ.
ഖയാൽ [അറ.] നാ. ഉത്തരേന്ത്യൻ ഗാനരീതികളിലൊന്ന്.
ഖർച്ച് നാ. = കർച്ച്.
ഖർജനം [സം. ഖർജന] നാ. ചൊറിയൽ.
ഖർജു [സം. ഖർജു, -ജൂ] നാ. 1. ചൊറി, ചൊറിച്ചിൽ, ചൊറിയൽ; 2. ഈന്ത, ഉമ്മത്ത്; 3. ഒരുതരം പുഴു.
ഖർജുഘ്നം [സം. ഖർജു-ഘ്ന] നാ. 1. തകര; 2. എരിക്ക്.
ഖർജുരം [സം. ഖർജുര] നാ. 1. വെള്ളി; 2. ഈത്തപ്പന.
ഖർജുരകം [സം.] നാ. തേൾ.
ഖർജുരപാനകം [സം. -പാനക] നാ. ഈന്തപഴച്ചാറുചേർത്ത പാനീയം, ഈന്തപ്പഴത്തിൽ നിന്നുണ്ടാക്കുന്ന ഒരു മദ്യം.
ഖർജൂരം [സം. ഖർജൂര] നാ. 1. വെള്ളി; 2. ഈന്തപ്പന; 2. ചിറ്റീന്തൽ; 3. നിലപ്പന.
ഖർപ്പടം [<സം. കർപട] നാ. 1. കച്ചമുണ്ട്; 2. കോണകം.
ഖർപ്പരൻ [സം.] നാ. 1. കള്ളൻ; 2. ചതിയൻ.
671
ഖർപ്പരം [സം.] നാ. 1. തലയോട്, തലയോടിൻെറ പകുതി; 2. ഉടഞ്ഞ കലം; 3. ഭിക്ഷാപാത്രം; 4. മൺചട്ടി; 5. കുട; 6. ഖർപ്പരീതുത്ഥം.
ഖർപ്പരി(ക) [സം. ഖർപ്പരി, -രികാ] നാ. ഖർപ്പരീതുത്ഥം.
ഖർപ്പരീതുഥം [സം. ഖർപ്പരീ-തുത്ഥ] നാ. തുത്ഥത്തിൻെറ വകഭേദം, നാകത്തിൻെറയും ഗന്ധകത്തിൻെറയും രാസയോഗം കൊണ്ടുണ്ടാകുന്ന ഒരു വസ്തു.
ഖർബുജം [സം. ഖർബുജ <പേർ.] നാ. മത്ത, തണ്ണിമത്ത.
ഖർമം [സം. ഖർമം] നാ. 1. ധൈര്യം, പൗരുഷം; 2. കർക്കശത്വം; 3. പട്ട്.
ഖർവ [സം. ഖർവ] വി. 1. ചെറിയ, നീളം കുറഞ്ഞ; 2. അങ്ഗഭങ്ഗമുള്ള, വികലാങ്ഗമായ, അപൂർണമായ; 3. കുനിഞ്ഞ.

ഖർവടം [സം. ഖർവട] നാ. 1. പർവതപ്രദേശത്തുള്ള ഗ്രാമം; 2. പീഠഭൂമികളധികമുള്ളതും പലജാതിക്കാരുടെ ഭവനങ്ങളുള്ളതും പുൽപ്രദേശമുള്ളതുമായ പട്ടണം; 3. ചന്തസ്ഥലം; 4. ചെറുതായ നഗരം.

ഖർവൻ [സം. ഖർവ] നാ. മുണ്ടൻ, അങ്ഗവൈകല്യമുള്ളവൻ.

ഖർവം [സം. ഖർവ] നാ. 1. ഒരു വലിയസങ്ഖ്യ, ആയിരം കോടി; 2. കുബേരൻെറ നവനിധികളിൽ ഒന്ന്; 3. മുള്ളുചേമന്തി.

ഖർവരം [സം.] നാ. ക്ലാവ്.

ഖർവാട(ക)ൻ [സം. ഖർവാട(ക)] നാ. കഷണ്ടിത്തലയൻ.ഖര [സം.] വി. 1. കട്ടിയായ, ദ്രാവകമോ വാതകമോ അല്ലാത്ത; 2. കഠിനമായ, പരുത്ത; 3. ക്രൂരമായ; 4. ഉഷ്ണമുള്ള; 5. എരിവുള്ള; 6. ഇടതിങ്ങിയ (മേഘങ്ങൾ എന്നപോലെ); 7. മൂർച്ചയുള്ള; 8. വേദനാജനകമായ (വാക്കുകൾ എന്നപോലെ).

ഖരകം [സം. ഖര-ക] നാ. 1. പർപ്പടകപ്പുല്ല്; 2. (സസ്യ.) ഇലകളുടെ വകഭേദങ്ങളിൽ ഒന്ന്; തോൽപോലെ പരുപരുത്തത്.

ഖരകരൻ [സം. -കര] 'ഉഷ്ണകിരണൻ' നാ. സൂര്യൻ.

ഖരകിരണൻ [സം. -കിരണ] നാ. ഖരകൻ.

ഖരകോണം [സം. -കോണ] നാ. തിത്തിരിപ്പക്ഷി.

ഖരഗൃഹം, -ഗേഹം [സം. -ഗൃഹ, -ഗേഹ] നാ. 1. കഴുതലായം; 2. കൂടാരം.

ഖരചർമ [സം. -ചർമൻ] നാ. ഉടുമ്പ്.

ഖരചിക്കണം [സം. -ചിക്കണ] നാ. (ആയുർ.) ഖരപാകത്തിനും ചിക്കണപാകത്തിനും ഇടയ്ക്കുള്ള അവസ്ഥ (എണ്ണകാച്ചുമ്പോൾ).

ഖരണസൻ, ഖരണസ്സ് [സം. -നസ, -നസ്] നാ. കൂർത്ത മൂക്കുള്ളവൻ.

ഖരത [സം. ഖര-താ] നാ. പരുഷത്വം, കാഠിന്യം, ക്രൂരത.

ഖരദിനം [സം. -ദിന] നാ. പാപഗ്രഹത്തിൻെറ ദിവസം (ഞായർ, ചൊവ്വ, ശനി എന്നീ ആഴ്ചകളിലൊന്ന്).

ഖരദീധിതി [സം. -ദീധിതി] നാ. സൂര്യൻ.

ഖരധാര [സം. -ധാരാ] വി. പരുത്ത വായ്ത്തലയോടുകൂടിയ, ഈർച്ചവാളിൻെറതുപോലുള്ള വായ്ത്തലയോടുകൂടിയ.

ഖരധ്വനി [സം. -ധ്വനി] നാ. 1. കഴുതയുടെ കരച്ചിൽ; 2. പരുപരുത്ത ശബ്ദം.

ഖരൻ [സം.] നാ. 1. രാവണസഹോദരനായ ഒരു രാക്ഷസൻ; 2. കഠിനൻ, ക്രൂരൻ; 3. കുജൻ; 4. സൂര്യൻെറ ഒരു ഭൃത്യൻ; 5. ഒരു ശിവപാർദഷൻ.

ഖരപട്ടം [സം. -പട്ട] നാ. ഖരപട്ടൻ എന്ന ആചാര്യൻ രചിച്ച ചൗര്യശാസ്ത്രം.

ഖരപാകം [സം. -പാക] നാ. (ആയുർ.) കല്
കം മണലുപോലെയായിത്തീരുന്ന പാകം.

ഖരപ്രകാശൻ [സം. -പ്രകാശ] നാ. ഏറ്റുമാനൂർദേവൻെറ പ്രതിഷ്ഠാപകനായി അറിയപ്പെടുന്ന മഹർഷി.

ഖരപ്രിയം [സം. -പ്രിയ] നാ. മാടപ്രാവ്.

ഖരം [സം.] നാ. 1. പദാർഥങ്ങളുടെ മൂനവസ്ഥകളിൽ ഒന്ന്, ദ്രാവകമോ വാതകമോ അല്ലാത്തതും ദൃഢമായിച്ചേർന്ന തന്മാത്രകളോടുകൂടിയതും വ്യക്തമായ ആകൃതി വ്യാപ്തി എന്നിവയുള്ളതുമായ ദ്രവ്യം; 2. ചൂട്; 3. (വ്യാക.) വർഗങ്ങളിലെ ആദ്യത്തെ അക്ഷരങ്ങൾ (ക, ച, ട, ത, പ എന്നിവ); 4. ഇരുപത്തിരണ്ട് എന്ന സങ്ഖ്യ; 5. പ്രഭവാദിസംവത്സരങ്ങളിൽ ഇരുപത്തഞ്ചാമത്തേത്; 6. യാഗത്തിനായി സോമരസമുള്ള

പാത്രങ്ങൾ വയ്ക്കാൻ മണ്ണുകൊണ്ടുണ്ടാക്കപ്പെട്ട തിട്ട; 7. ഒരുതരം ഉരുക്ക്; 8. ദേവതാളി; 9. വെൺകൊടിത്തൂവ; 10. വെളുത്ത ദർഭ; 11. അഴുകുരൽ; 12. കഴുത; 13. കോവർകഴുത; 14. കാക്ക; 15. പ്രാപ്പിടിയൻ.
ഖരയോനി [സം. -യോനി] നാ. (ശിൽപ.)വസ്തുവിന്റെ വായുകോൺ. കഴുത അധിപതിയായിട്ടുള്ളത് (അശുഭയോനികളിൽ ഒന്ന്).
ഖരരുചി [സം. -രുചി] നാ. 1. സൂര്യൻ; 2. രാജാവ്.
ഖരസത്ത്വ [സം. -സത്ത്വാ] നാ. (കാമ.) സ്വഭാവത്തെ അടിസ്ഥാനമാക്കി സ്ത്രീകളെ ഒൻപതായി തരംതിരിച്ചിട്ടുള്ളതിൽ ഒരുവിഭാഗം.
ഖരഹരപ്രിയ [സം. -ഹരപ്രിയാ] നാ. (സങ്ഗീ.) ഒരു രാഗം.
ഖരാങ്കം [സം. -അങ്ക] നാ. ദ്രാവകം ഉറഞ്ഞു ഖരവസ്തുവായി മാറുന്നതിനാവശ്യമായ താപനില.
ഖരാംശു [സം. -അംശു] നാ. സൂര്യൻ.
ഖരാരി [സം. ഖര-അരി] 'ഖരൻ എന്ന രാക്ഷസന്റെ ശത്രു.' നാ. ശ്രീരാമൻ.
ഖരാശ്വ [സം. -അശ്വാ] നാ. 1. മയിലോശിക; 2. അയമോദകം.
ഖരാഹ്വ [സം. -ആഹ്വാ] നാ. അയമോദകം.
ഖരാളികൻ [സം. ഖരാലിക] നാ. ക്ഷുരകൻ.
ഖരാളികം [സം. ഖരാലിക] നാ. 1. ഇരുമ്പുകൊണ്ടുനിർമിച്ച അസ്ത്രം; 2. തലയിണ; 3. കത്തിക്കൂട്.
ഖരി [സം. ഖരീ] നാ. പെൺകഴുത.
ഖരിക [സം. ഖരികാ] നാ. പൊടിച്ച കസ്തൂരി.
ഖരീഫ് [അറ.] നാ. വർഷത്തിലെ ഒന്നാമത്തെ വിളവെടുപ്പ്.
ഖരീഭവിക്കുക [<സം. ഖരീ-ഭൂ] ക്രി. ഉറയുക, കട്ടിയാവുക (ദ്രവവസ്തുക്കൾ തണുപ്പുകൊണ്ടെന്നപോലെ).
ഖരീവിഷാണം [സം. -വിഷാണ] (പെൺകഴുതയുടെ കൊമ്പ്).
ഖൽബ് നാ. = കല്ബ്.
ഖല [സം.] വി. 1. ദുഷ്ടതയുള്ള; 2. നികൃഷ്ടമായ, ഹീനമായ, നീചമായ.
ഖലകം [സം.] നാ. 1. ഗുൽഗുലു; 2. കുടം, കിണ്ടി.
ഖലകുലം [സം.] നാ. മുതിര.
ഖലത [സം. ഖല-താ] നാ. 1. ദുഷ്ടത; 2. നീചത; 3. ആകാശവള്ളി.
ഖലതി [സം.] വി. കഷണ്ടിയുള്ള. നാ. കഷണ്ടി.
ഖലതികം [സം.] നാ. ഒരു പർവതം, സൂര്യൻ.
ഖലൻ [സം.] നാ. 1. പരോപദ്രവം ചെയ്യുന്നവൻ, ദുഷ്ടൻ; 2. ഏഷണിക്കാരൻ, നീചൻ.
ഖലപു [സം. ഖല-പൂ] നാ. ഖലം (കളം) വൃത്തിയാക്കുന്നവൻ.
ഖലം, ഖളം [സം.] നാ. 1. കളം; 2. മണ്ണ്; 3. സ്ഥാനം; 4. ഉമ്മത്ത്; 5. പച്ചമരം; 6. ചവറ്; 7. യുദ്ധം; 8. കൊത്ത്, മട്ട്.
ഖലമൂർത്തി [സം. ഖല-മൂർതി] നാ. രസം.
ഖലാസ് [അറ.] നാ. നാശം, അവസാനം.
ഖലാസി നാ. = കലാസി.

ഖലി [സം.] നാ. 1. എണ്ണയുടെ കൽകം, പിണ്ണാക്ക്; 2. ശിവൻ; 3. കുതിരയുടെ പല സഞ്ചാരരീതികളിലൊന്ന്.
ഖലിക്കുക [<സം. ഖല്] ക്രി. 1. ചലിക്കുക; 2. കൽകമോ മറ്റോ ഉണ്ടാവുക.
ഖലിനം, ഖലീ– [സം.] നാ. കടിവാളം, കടിഞ്ഞാൺ.
ഖലിനി [സം. –ഖലിനീ] നാ. 1. കളങ്ങളുടെ കൂട്ടം; 2. ദുഷ്ടന്മാരുടെ സമൂഹം; 3. നിലപ്പന.
ഖലീഫ് നാ. ഖലീഫാ.
ഖലീകാരം [സം.] നാ. 1. ഉപദ്രവിക്കൽ; 2. അനാശാസ്യമായ പെരുമാറ്റം; 3. ദോഷം; 4. കുതിരയുടെ ചലനരീതികളിലൊന്ന്.
ഖലീനം [സം.] നാ. ഖലിനം.
ഖലീഫാ, ഖലീഫ്, ഖാലിഫ് നാ. കലീഫ്.
ഖലു [സം.] അവ്യ. വാസ്തവത്തിൽ, തീർച്ചയായിട്ടും, നിശ്ചയമായിട്ടും, ഇപ്പോൾ.
ഖലൂരിക [സം. ഖലൂരികാ] നാ. കളരി, കായികപരിശീലനത്തിനുള്ള സ്ഥലം.
ഖലേദാരു [സം. ഖലേ–ദാരു] നാ. 1. കന്നുകാലികളെ കെട്ടുന്ന കുറ്റി; 2. കളത്തിലെ കുറ്റി.
ഖലേധാനി [സം. –ധാനീ]നാ. ഖലേദാരു.
ഖലേവാലി [സം. –വാലീ]നാ. ഖരേദാരു.
ഖലേശയം [സം. ഖലേ–ശയ] നാ. ഖലിശം.
ഖല്യ [സം. ഖല്യാ] നാ. കളങ്ങളുടെ കൂട്ടം, ഖലിനി.
ഖല്ലകോരം [സം.] നാ. മനുഷ്യശരീരത്തിലെ ബഹുചേഷ്ടാസന്ധികളിൽ ഒരിനം.
ഖല്ലം [സം.] നാ. 1. തിരികല്ല്; 2. കുഴി; 3. തുകൽ; 4. തോട്; 5. വേഴാമ്പൽ; 6. ഇടുങ്ങിയ അരക്കെട്ട്.
ഖല്ലി [സം.] നാ. ഖല്വി.
ഖല്ലിക [സം. ഖല്ലികാ] നാ. വറകലം.
ഖല്ലിട, ഖല്ലീട [സം.] വി. കഷണ്ടിയുള്ള.
ഖല്ലിടം, ഖല്ലീ– [സം.] നാ. കഷണ്ടിത്തല.
ഖല്ലിശം, ഖല്ലി– [സം.] നാ. ഖലിശം.
ഖല്ലോത്താരം [സം.] നാ. ഒരുതരം പ്രബന്ധം.
ഖല്വം [സം.] നാ. 1. കുഴിയമ്മി, ഗുളികക്കല്ല്; 2. മുതിര; 3. ചെറിയ അമര; 4. കടല.
ഖല്വാട [സം.] വി. കഷണ്ടിയുള്ള.
ഖല്വി [സം. ഖല്വീ] നാ. വാതസംബന്ധിയായ ഒരു രോഗം.
ഖവാരി [സം. –വാരി] നാ. മഞ്ഞുവെള്ളം, മഴവെള്ളം.
ഖവാഷ്പം [സം. –വാഷ്പ] നാ. ഭൂമധ്യരേഖാവൃത്തം.
ഖശന്മാർ [സം.] നാ. (ബ.വ.) ഖശം എന്ന പർവതത്തിലെ ഒരു കാട്ടാളവർഗം.
ഖശം [സം.] നാ. 1. ചിരങ്ങ്; 2. കശകശ; 3. (പുരാണ.) ഭാരതവർഷത്തിൽ തെക്കുവടക്കുഭാഗത്തുള്ള കുമാരദ്വീപിലെ പർവതപ്രദേശങ്ങളിലൊന്ന്.
ഖശാത്മജൻ [സം. –ആത്മജ] 'ഖശയുടെ പുത്രൻ.' നാ. യക്ഷൻ.
ഖശീരം [സം.] നാ. ഭാരതവർഷത്തിലെ ഒരു ജനപദം.
ഖഷ്പം [സം.] നാ. 1. കോപം; 2. ക്രൂരത.
ഖസക [സം.] നാ. ഒരു രാഗം.

ഖസതിലം [സം. ഖസ-തില] നാ. കശകശ.
ഖസന്മാർ [സം.] നാ. ഖശന്മാർ.
ഖസഫലക്ഷീരം [സം. ഖസഫല-ക്ഷീര] നാ. കശകശ എണ്ണ.
ഖസംഭവ [സം. ഖ-സംഭവാ] നാ. ആകാശമാഞ്ചി.
ഖസാന [അറ.] നാ. ഖജനാവ്.
ഖസികം [സം.] നാ. (സങ്ഗീ.) ഒരു രാഗം.
ഖസൂചി [സം. ഖസൂചീ] നാ. അടിക്കടി തെറ്റുവരുത്തുന്ന ആൾ.
ഖസ്ഖസം [സം.] നാ. കശകശ.
ഖസ്ഖസരസം [സം. ഖസ്ഖസ-രസ] നാ. കറുപ്പ്.
ഖസ്തനി [സം. ക-സ്തനീ] നാ. ഭൂമി.
ഖസ്ഫടികം [സം. -സ്ഫടിക] നാ. 1. സൂര്യകാന്തക്കല്ല്; 2. ചന്ദ്രകാന്തക്കല്ല്; 3. പളുങ്ക്.
ഖഹരം [സം. -ഹര] നാ. ഒരു സങ്ഖ്യയെയോ രാശിയെയോ പൂജ്യം കൊണ്ടു ഹരിച്ചാലുള്ള ഫലം.
ഖൾഗം [<സം. ഖഡ്ഗ] നാ. വാൾ.
ഖൾഗി [<സം. ഖഡ്ഗിൻ] നാ. വാളുള്ളവൻ, വാൾ ധരിച്ചവൻ.
ഖളം നാ. = ഖലം.
ഖളൂരിക നാ. = ഖലൂരിക.
ഖറാവ്, ഖറാബ് [അറ.] വി. ചീത്തയായ, നീചമായ.
ഖാക്കി [പേർ.] നാ. കാക്കി.
ഖാഖസം [സം.] നാ. കശകശ.
ഖാജികം [സം.] നാ. വറുത്ത ധ്ഹാന്യം.
ഖാട(ം) [സം.] നാ. ശവമഞ്ചം.
ഖാടി [സം.] നാ. 1. ശവക്കട്ടിൽ; 2. മൂഢത; 3. തഴമ്പ്, മറുക്; 4. താന്തോന്നിത്തം.
ഖാടിക നാ.ഖാടിക.
ഖാഡ്ഗം [സം.] നാ. ഒരിനം പടച്ചട്ട.
ഖാഡ്ഗികൻ [സം.] നാ. വാൾപ്പയറ്റുകാരൻ.
ഖാണ്ഡം [സം.] നാ. 1. വിടവുള്ള അവസ്ഥ; 2. വിടവ്; 3. ഒടിവ്.
ഖാണ്ഡവം [സം.] നാ. കുരുക്ഷേത്രത്തിലെ ഒരു വനം, മധുരപലഹാരം, കൽക്കണ്ടം.
ഖാണ്ഡവപ്രസ്ഥം [സം. ഖാണ്ഡവ-പ്രസ്ഥ] നാ. ഇന്ദ്രപ്രസ്ഥം.
ഖാത1 [സം. <ഖന്] വി. 1. കുഴിക്കപ്പെട്ട; 2. തുളയ്ക്കപ്പെട്ട.
ഖാത2 [സം. ഖാതാ] നാ. കൃത്രിമമായി നിർമിച്ച കുളം.
ഖാതകൻ [സം.] നാ. 1. കുഴിക്കുന്നവൻ; 2. കടക്കാരൻ.
ഖാതകം [സം.] നാ. 1. കുഴി; 2. കിടങ്ങ്; 3. കുണ്ഡം.
ഖാതം [സം.] നാ. 1. കുഴിക്കൽ; 2. കുഴി; 3. കിണറ്; 4. കുളം.
ഖാതയുദ്ധം [സം. ഖാത-യുദ്ധ] നാ. കിടങ്ങിൽ ഇറങ്ങിനിന്നു ചെയ്യുന്ന യുദ്ധം.
ഖാതസുരുങ്ഗം [സം. -സുരങ്ഗ] നാ. ഓവ്.
ഖാതി [സം.] നാ. ഖനനം, കുഴിക്കൽ.
ഖാത്രം [സം.] നാ. 1. മണ്വെട്ടി; 2. കുളം, പൊയ്ക; 3. നൂല്; 4. വനം, കാട്.
ഖാദ [സം. < ഖാദ്] വി. തിന്നുന്ന, നശിപ്പിക്കുന്ന.

ഖാദക [സം.] വി. 1. ചവയ്ക്കുന്ന, തിന്നുന്ന; 2. കടം വാങ്ങിയവൻ.
ഖാദനം [സം.] നാ. 1. ചവയ്ക്കൽ; 2. ആഹാരം; 3. പല്ല്.
ഖാദം [സം.] നാ. 1. ചവയ്ക്കൽ; 2. ആഹാരം.
ഖാദർ [അറ.] നാ. കാദർ.
ഖാദി1 [സം. ഖാദിൻ] നാ. 1. ഭക്ഷിക്കുന്നവൻ; 2. അധികം തിന്നുന്നവൻ; 3. രക്ഷിക്കുന്നവൻ; 4. ശത്രുക്കളെ നശിപ്പിക്കുന്നവൻ.
ഖാദി2 [ഹി. ഖാദീ] നാ. ചർക്കയിൽ നൂറ്റ നൂലിനാൽ നിർമിക്കപ്പെടുന്ന വസ്ത്രം.
ഖാദിക [സം. ഖാദികാ] നാ. 1. തീറ്റിക്കാരി; 2. കടം വാങ്ങുന്നവൾ.
ഖാദിക്കുക [സ. <ഖാദ്] ക്രി. കടിക്കുക, കടിച്ചുതിന്നുക.
ഖാദിത [സം.] വി. കടിക്കപ്പെട്ട, ഭക്ഷിക്കപ്പെട്ട, വിഴുങ്ങപ്പെട്ട.
ഖാദുക [സം.] വി. കുസൃതിയായ, ഉപദ്രവകാരിയായ.
ഖാദ്യ [സം.] വി. തിന്നാവുന്ന, കടിച്ചുതിന്നാവുന്ന.
ഖാദ്യം [സം.] നാ. ഭക്ഷണം, ആഹാരസാധനം.
673
ഖാന[പേർ.] നാ. വാസസ്ഥാനം, സങ്കേതം, ഓഫീസ്.
ഖാനകൻ [സം.] നാ. 1. ഖനിജോലിക്കാരൻ; 2. കള്ളൻ.
ഖാനം [സം.] നാ. 1. കുഴിക്കൽ; 2. മുറിവ്; 3. തുരങ്കം; 4. കുഴി.
ഖാനാഷുമാരി [പേർ.]നാ. = കാനേഷുമാരി.
ഖാനികം [സം.] നാ. (ഭിത്തിയിലുള്ള) ദ്വാരം.
ഖാനിലൻ [സം.] നാ. കൊള്ളക്കാരൻ.
ഖാനോദകം [സം. ഖാന-ഉദക] നാ. തെങ്ങ്.
ഖാപഗ [സം. ഖ-ആപഗാ] നാ. ഗംഗാനദി.
ഖാർജ്ജുരം [സം. <ഖർജ്ജുര] നാ. ഒരിനം മദ്യം.
ഖാർവ [സം.] നാ. ത്രേതായുഗം.
ഖാർവാടകം [സം.] നാ. ഇരുനൂറോ നാനൂറോ ഗ്രാമങ്ങളുടെ മേലധികാരിപ്പു സ്ഥാനമായ പട്ടണം.
ഖാർവാടൻ [സം.] നാ. കഷണ്ടിത്തലയൻ.
ഖാരം, -രീ [സം. ഖാര, -രീ] നാ. ഒരു അളവ്, (പത്തുദ്രോണം കൊള്ളുന്ന) അളവുപാത്രം.
ഖാരികം, ഖാരീ- [സം.] നാ. ഒരു ഖാരം വിത്തുവിതയ്ക്കുന്ന നിലം.
ഖാരീവാപം [സം. ഖാരീ-വാപ] നാ. കഴുതക്കരച്ചിൽ.
ഖാത്സാ [അറ.] നാ. സർക്കാർവക ഭൂമി.
ഖാലത്യം [സം.] നാ. ഖാലിത്യം.
ഖാൽ [പേർ.]നാ. കാലി.
ഖാലിക [സം.] വി. കളം പോലെയുള്ള.
ഖാലിത്യം [സം.] നാ. കഷണ്ടി.
ഖാലീഫ് [അറ.] നാ. കാലീഫ് (മുഖ്യമുസ്ലിം മതാധികാരി).
ഖാസി [അറ.] നാ. നാ. = കാസി.
ഖിങ്ഖിരൻ [സം.] നാ. കുറുനിര.
ഖിങ്ഖിരം [സം.] നാ. 1. കുറുക്കൻ; 2. ഖട്വാങ്ഗം.

ഖിങ്ഖിരി [സം. ഖിങ്ഖിരിൻ] നാ. ഖിങ്ഖിരൻ.
ഖിന്ന [സം. < ഖിദ്] വി. 1. ഖേദമുള്ള, ദു:ഖിതനായ; 2. തളർന്ന, ക്ഷീണിച്ച; 3. ഉദാസീനമായ; 4. നിസ്സഹായമായ; 5. വേദനിക്കുന്ന.
ഖിന്നത, -ത്വം [ഖിന്ന-താ, -ത്വ] നാ. ക്ലേശം, സങ്കടം, തളർച്ച.
ഖിർ‘അത്ത് [അറ.] നാ. ഖുറാൻ പാരായണം.
ഖില [സം.] വി. തരിശായ, ഉഴവുനടത്താത്ത; 2. ശൂന്യമായ; 3. നഗ്നമായ.
ഖിലധാതു [സം. ഖില-ധാതു] നാ. (വ്യാക.) എല്ലാരൂപങ്ങളിലും (കോലങ്ങളിലും പ്രാകാരങ്ങളിലും) പ്രയോഗമില്ലാത്ത ധാതു. ഉദാ. 'ഉൾ‘. അതിനു ഭൂതകാലരൂപമില്ല. (ഉണ്ട് എന്നതിൻെറ കൂടെ ആയിരുന്നു എന്നുചേർത്തു ഭൂതകാലം സൂചിപ്പിക്കുകയാണു പതിവ്).
ഖിലൻ [സം.] നാ. 1. ബ്രഹ്മാവ്; 2. വിഷ്ണു.
ഖിലം [സം.] നാ. 1. തരിശുഭൂമി, ഒരിക്കലും ഉഴുതിട്ടില്ലാത്ത ഭൂമി; 2. മരുഭൂമി; 3. അപ്രയുക്തം, ഒരുകാലത്തുനടപ്പുണ്ടായിരുന്നിട്ടു കാലക്രമത്തിൽ പ്രയോഗമില്ലാതെവന്നത്; 4. സങ്ഗ്രഹം; 5. പുസ്തകങ്ങളിലും മറ്റും വിട്ടുപോയതിനെ നികത്തുന്നതിനായി എഴുതിച്ചേർക്കുന്ന ഭാഗം; 6. പരിശിഷ്ടം, അനുബന്ധം; 7. വിടവ്.
ഖിലാഫത്ത് [അറ.] നാ. 1. ഖലീഫാപദവി; 2. ഖിലാഫത്തു പ്രസ്ഥാനം.
ഖിലീകരിക്കുക [<സം. ഖിലീ-കൃ] ക്രി. 1. തരിശാക്കുക, ശൂന്യമാക്കുക; 2. നിശ്ശേഷം പരാജയപ്പെടുത്തുക; 3. ശക്തികെടുത്തുക. തടസ്സപ്പെടുത്തുക, നിരോധിക്കുക.
ഖിലീഭവിക്കുക [<സം. ഖിലീ-ഭൂ] ക്രി. 1. തരിശാവുക, ശൂന്യമാവുക; 2. പരാജയപ്പെടുക; 3. ശക്തിക്ഷയിക്കുക, തടസ്സപ്പെടുക.
ഖിലോപസങ്ഗ്രഹം [സം. ഖില-ഉപസങ്ഗ്രഹ] നാ. (വ്യാക.) അപ്രയുക്തങ്ങളും പ്രചാരലുപ്തങ്ങളുമായ പ്രകൃതികളെയും പ്രത്യയങ്ങളെയും ഉപയോഗിക്കൽ.
ഖില്ലത്, ഖില്ലത്ത് [അറ.] നാ. അധികാര (ബഹുമാന) സൂചകമായ വസ്ത്രം (രാജാക്കന്മാരും മറ്റും നൽകുന്നത്).
ഖുഡ്കം [സം.] നാ. കണങ്കാൽ സന്ധി.
ഖുർ’ആൻ, ഖുറാൻ നാ. ഇസ്ലാമികവേദഗ്രന്ഥം.
ഖുർബാൻ [അറ.] നാ. ബലി, ഈശ്വരപ്രീതിക്കായി ചെയ്യുന്ന നൈവേദ്യം, പൂജ, കുർബാന.
ഖുരകം [സം.] നാ. 1. മയിലെള്ള്; 2. എള്ള്; 3. ഒരിനം വെള്ളീയം.
ഖുരണസൻ, ഖുരണസ്സ് [സം. ഖുര-നസ, -നസ്] നാ. കുതിരക്കുളമ്പുപോലുള്ള മൂക്കുള്ളവൻ, പതിമൂക്കൻ.
ഖുരപദവി [സം. -പദവീ] നാ. 1. കുതിരയുടെ കാലടിപ്പാട്; 2. കുതിരയുടെ കാലടിയൊച്ച.
ഖുരപ്രം [സം. -പ്ര] നാ. ക്ഷുരപ്രം.
ഖുരം [സം.] താരത. ക്ഷുരം. നാ. 1. കുളമ്പ്; 2. ക്ഷൗരക്കത്തി; 3. കട്ടിൽ, കസേര ഇവയുടെ കാല്; 4. നാഗുണം; 5. പുലിച്ചുവടി.
ഖുരളി [സം. ഖുരലീ]നാ. 1. ആയുധാഭ്യാസം; 2. ആയുധാഭ്യാസശാല, കളരി, ഖലൂരിക.
ഖുരാക [സം.] നാ. കുളമ്പുള്ള മൃഗം. (മൃഗങ്ങളെ പൊതുവെ കുറിക്കാനും പ്രയോഗം.)
ഖുരാളകം [സ. ഖുരാലക] നാ. ഇരുമ്പുശരം.

ഖുരാളികം [സം. ഖുരാലിക] നാ. 1. ഇരുമ്പുകൊണ്ടുള്ള അമ്പ്; 2. കത്തിക്കൂട്; 3. തലയണ.
ഖുരി [സം.] നാ. പുലിച്ചുവടി.
ഖുല്ല [പ്രാ. ഖുല്ല, സം. ക്ഷുദ്ര] വി. 1. ക്ഷുല്ല, ചെറിയ; 2. നീചമായ, താണ.
ഖുല്ലമം [സം.] നാ. വഴി.
ഖുശാരത്ത് [അറ.] നാ. പ്രശംസിക്കൽ, മുഖസ്തുഹി.
ഖുശി [പേർ.] നാ. സന്തോഷം.
ഖുറാൻ നാ. = ഖുർ ആൻ.
ഖെദ്ദ [ഹി. ഖെദാ < സം. ആഖേട] നാ. കാട്ടാനകളെ പിടിക്കുന്നതിനുവേണ്ടി കാട്ടിനുള്ളിൽ തയ്യാറാക്കുന്ന കെണി, ആനപിടുത്തം.
ഖേഗമ [സം. ഖേ-ഗമ] വി.ആകാശത്തിൽ സഞ്ചരിക്കുന്ന.
ഖേഗമനം [സം. -ഗമന] നാ. നത്ത്.
ഖേചര [സം. -ചര] 'ആകാശത്തിൽ സഞ്ചരിക്കുന്നവൻ.' നാ. 1. ദേവൻ (യക്ഷഗന്ധർവവിദ്യാധരാദികളെക്കുറിക്കാനും പ്രയോഗം); 2. രാക്ഷസൻ; 3. സൂര്യൻ; 4. ശിവൻ.
ഖേചരം [സം. -ചര] നാ. 1. പക്ഷി; 2. മേഘം; 3. കാറ്റ്; 4. കുതിര; 5. രസം; 6. ഗ്രഹം; 7. (ജ്യോ.) രാശി; 8. ഒമ്പത് എന്ന സങ്ഖ്യ; 9. അന്നഭേദി.
ഖേചരി [സം. -ചരീ] നാ. 1. ദുർഗ; 2. ഖേചരീമുദ്ര.
ഖേചരീമുദ്ര [സം. ഖേചരീ-മുദ്രാ] നാ. ഹഠയോഗവിധിപ്രമുള്ള ഒരു മുദ്ര.
ഖേട [സം.] വി.1. ആയുധം ധരിച്ച; 2. നികൃഷ്ടമായ, ഹീനമായ.
ഖേടം [സം. ഖേ-അട] വി. ആകാശത്തിൽ ചരിക്കുന്ന.
ഖേടക [സം.] വി. നിന്ദ്യമായ, നികൃഷ്ടമായ.
ഖേടകം1 [സം. ഖേടക] നാ. 1. ഉപഗ്രാമം, കർഷകഗ്രാമം; 2. പരിച; 3. ബലരാമന്റെ ഗദ; 4. കുമാരദ്വീപിൽ വടക്കുഭാഗത്തുള്ള ഒരുദേശം.
ഖേടകം2 [<സം. ഖേ-അട < അട്] നാ. ഗ്രഹം.
ഖേടൻ1 [സം.] നാ. 1. ആയുധം ധരിച്ചവൻ; 2. നികൃഷ്ടൻ, ഹീനൻ.
ഖേടൻ2 [സം. കേ-അട] നാ. ആകാശത്തിൽ സഞ്ചരിക്കുന്നവൻ.
ഖേടനം [സം.] നാ. വേട്ട.
ഖേടം [സം. ഖേട] നാ. 1. പരിച; 2. വേട്ട; 3. ഉപഗ്രാമം, കർഷകഗ്രാമം; 4. കഫം; 5. ബലരാമന്റെ ഗദ; 6. കുതിര; 7. പുല്ല്; 8. തോൽ.
ഖേടി[സം. ഖേടിൻ] നാ. 1. വിടൻ; 2. പൗരൻ.
ഖേടിതാനൻ, -താളൻ [സം. ഖേടിതാന, -താല] നാ. സ്തുതിപാഠകൻ, വൈതാളികൻ.
ഖേദം [സം. ഖേദ < ഖിദ്] നാ. 1. ദുഃഖം; 2. തളർച്ച, ക്ഷീണം; 3. ദാരിദ്ര്യം; 4. രോഗം; 5. (നാട്യ.) വിമർശസന്ധിയുടെ പതിമൂന്ന് അങ്ഗങ്ങളിലൊന്ന് (മാനസികമായോ ശാരീരികമായോ ഉണ്ടാകുന്ന തളർച്ച).
ഖേദിക്കുക [<സം. ഖിദ്] ക്രി. ദുഃഖിക്കുക.
ഖേദിത [സം.] വി. 1. ദുഃഖിച്ച; 2. ക്ഷീണിച്ച.
ഖേയം [സം. < ഖന്] 'കുഴിച്ചുണ്ടാക്കുന്നത്.' നാ. കിടങ്ങ്, കൈത്തോട്.
ഖേല1 [സം. <ഖേല്] വി. 1. ചലിക്കുന്ന, ഇളകുന്ന, കളിക്കുന്ന; 2. രസിക്കുന്ന.

ഖേല2 [സം. ഖേലാ] നാ. കളി, വിനോദം.
ഖേലനം [സം.] നാ. 1. കളി, ക്രീഡ, വിനോദം; 2. ഇളക്കം, ചലനം (കണ്ണുകളുടെ).
ഖേലനി [സം. ഖേലനീ] നാ. ചതുരങ്ഗത്തിലെ കരു.
ഖേലി [സം.] നാ. 1. കളി, കേളി; 2. പാട്ട്; 3. സൂര്യൻ; 4. അമ്പ്; 5. പക്ഷി; 6. ജീവി, ജന്തു.
ഖേസരം [സം.] നാ. കോവർകഴുത.
ഖൈമ [അറ.] നാ. കൂടാരം, താവളം.
ഖൈലിക [സം.] വി. 1. കൂടുതലായ, അനുബന്ധമായ.
ഖോജ നാ. = കോജ.
ഖോടി [സം. ഖോടീ] നാ. സൂത്രശാലിനി.
ഖോഡ [സം.] വി. മുടന്തുള്ള, ഞൊണ്ടുന്ന.
ഖോര [സം.] വി. മുടന്തുള്ള.
ഖോലൻ [സം. ഖോല] നാ. മുടന്തൻ.
ഖോലം -ലകം [സം. ഖോല(ക)] നാ. 1. തലക്കെട്ട്, തലപ്പാവ്, തൊപ്പി; 2. പുറ്റ്; 3. അടയ്ക്കാത്തോട്; 4. കറിച്ചട്ടി.
ഖോലി [സം.] നാ. ആവനാഴി.
ഖ്യാത [സം. <ഖ്യാ] വി. 1. യശ്ശസുള്ള, പേരുകേട്ട, അറിയപ്പെട്ട; 2. വിളിക്കപ്പെട്ട, പേരുള്ള.
ഖ്യാതം [സം.] നാ. 1. പ്രസ്താവം; 2. വിളംബരം; 3. പ്രസിദ്ധമായ ഇതിവൃത്തം, പുരാണാദികളിൽനിന്നു സ്വീകരിച്ച ഇതിവൃത്തം.
ഖ്യാതവ്യ [സം.] വി. 1. പ്രസിദ്ധി അർഹിക്കുന്ന; 2. വിളിക്കത്തക്ക, പറയത്തക്ക.
ഖ്യാതി [സം.] നാ. 1. കീർത്തി, യശസ്സ്; 2. സ്ഥാനപ്പേര്, ബിരുദം; 3. പ്രശംസ; 4. (വേദാന്ത.) ജ്ഞാനം; 5. അഭിപ്രായം; 6. ആഖ്യാനം; 7. ദക്ഷൻെറ ഒരുപുത്രി, ഭൃഗുവിൻെറ പത്നി; 8. ഊരുവിന് ആഗ്നേയിയിലുണ്ടായ പുത്രൻ.
ഖ്യാതിയോഗം [സം. ഖ്യാതി-യോഗ]നാ. (ജ്യോ.) ഒരു ഗ്രഹയോഗം.
ഖ്യാപക [സം.] വി. 1. പ്രസിദ്ധപ്പെടുത്തുന്ന, സൂചിപ്പിക്കുന്ന.

## ഗ

ഗ1 [ഗ്-അ] അക്ഷരമാലയിലെ വ്യഞ്ജനങ്ങളിൽ മൂന്നാമത്തേത്. കണ്ഠ്യം. 'ക' വർഗത്തിലെ മൃദു, നാദിയായ അല്പപ്രാണം.
ഗ2 നാ. വൃത്തശാസ്ത്രത്തിൽ ദീർഘാക്ഷരത്തെ (ഗുരുവിനെ) സൂചിപ്പിക്കുന്ന ചുരുക്കെഴുത്ത്.
ഗ3 നാ. (സങ്ഗീ.) സപ്തസ്വരത്തിൽ മൂന്നാമത്തേത്, ഗാന്ധാരം.
ഗ4 [സം. < ഗമ്] വി. (പദാന്ത്യത്തിൽ) പോകുന്ന, ചലിക്കുന്ന, സഞ്ചരിക്കുന്ന; 2. ഇരിക്കുന്ന, സ്ഥിതിചെയ്യുന്ന.
ഗ5 [സം. <ഗൈ] വി. (പദാന്ത്യത്തിൽ) പാടുന്ന, ഉദാ. സാമഗൻ.
ഗകാരം [സം. ഗ0കാര] നാ. 'ഗ' എന്ന അക്ഷരം.
ഗഗനകുസുമം [സം. ഗഗന-കുസുമ]നാ. ആകാശകുസുമം.

ഗഗനഗ [സം. –ഗ] നാ. 1. ആകാശത്തിൽ ഗമിക്കുന്നവൻ, ആകാശസഞ്ചാരി; 2. ഗണപതി.
ഗഗനചരൻ [സം. –ചര] നാ. അകാശത്തിൽ സഞ്ചരിക്കുന്നവൻ (ദേവൻ, ഗന്ധർവൻ, യക്ഷൻ, രാക്ഷസൻ തുടങ്ങിയവർ.
ഗഗനചരം [സം. –ചര] നാ. 1. പക്ഷി; 2. മേഘം; 3. ചന്ദ്രരാശി; 4. ഗ്രഹം; 5. രാശിചക്രം.
ഗഗനചാരി [സം. –ചാരിൻ] നാ. 1. ആകാശത്തിൽ സഞ്ചരിക്കുന്നത്, ആകാസത്തിൽ സഞ്ചരിക്ക്ന്നവൻ; 2. ദേവൻ; 3. രാക്ഷസൻ; 4. ഗന്ധർവൻ; 5. യക്ഷൻ; 6. പക്ഷി; 7. ഗ്രഹം; 8. മേഘം; 9. മുത്തങ്ങ.
ഗഗനതലം [സം. –തല] നാ. അകാശം, അകാശമണ്ഡലം.
ഗഗനധ്വജൻ [സം.] നാ. സൂര്യൻ.
ഗഗനധ്വജം [സം. –ധ്വജ] നാ. 1. മേഘം; 2. മുത്തങ്ങ; 3. എരിക്ക്.
ഗഗനഭേദി [സം. ഗഗന–ഭേദിൻ] വി. ആകാശത്തെ ഭേദിക്കുന്ന, വളരെ ഉന്നതമായ.
ഗഗനം [സം.] നാ. 1. ആകാശം; 2. സ്വർഗം; 3. ചരിഞ്ഞ മേൽക്കൂരയിൽ ഒരിനം; 4. (ഗണിത.) ശൂന്യം, പൂജ്യം; 5. (ജ്യോ.) പത്താംഭാവം; 6. അഭ്രകം.
ഗഗനമണ്ഡലം [സം. ഗഗന–മണ്ഡല] നാ. ഗഗനതലം.
ഗഗനരോമന്ഥ(ന)ം [സം. –രോമന്ഥ(ന)] ‘ആകാശത്തു നോക്കി അയവിറക്കൽ.’ നാ. വ്യഥാവ്യത്തി.
ഗഗനവിഹാരി [സം. –വിഹാരിൻ] വി. ആകാശത്തിൽ വിഹരിക്കുന്ന. നാ. 1. സൂര്യൻ; 2. ചന്ദ്രൻ; 3. ജ്യോതിസ്സ് (നക്ഷത്രങ്ങൾ, ഗ്രഹങ്ങൾ എന്നിവപോലെ); 4. ദേവൻ.
ഗഗനസത്ത് [സം. –സിദ്] നാ. ആകാശത്തു സഞ്ചരിക്കുന്നവൻ; ദേവൻ.
ഗഗനസരിത്ത്, –സിന്ധു [സം. –സരിത്, –സിന്ധു] നാ. ആകാശഗങ്ഗ.
ഗഗനസ്ഥ [സം. –സ്ഥ] വി. ആകാശത്തുള്ള, ആകാശത്തു സ്ഥിതിചെയ്യുന്ന.
ഗഗനസ്പർശൻ [സം. –സ്പർശന] നാ. അഷ്ടമരുത്തുക്കളിൽ ഒന്ന്, സ്പർശനൻ എന്നു മാത്രമായും പ്രയോഗം.
ഗഗനസ്പർശനം [സം. –സ്പർശന] നാ. കാറ്റ്, വായു.
ഗഗനാങ്ഗന [സം.–അങ്ഗനാ] നാ. അപ്സരസ്ത്രീ.
ഗഗനാധ്വഗൻ [സം. –അധ്വഗ] നാ. 1. സൂര്യൻ; 2. ഗ്രഹം; 3. ആകാശസഞ്ചാരി.
675
ഗഗനാംബു [സം. –അംബു] നാ. മഴവെള്ളം.
ഗങനാരവിന്ദം [സം. –അരവിന്ദ] നാ. ആകാശത്താമര.
ഗഗനേചരൻ [സം. ഗഗനേചര] നാ. ഗഗനചരൻ.
ഗഗനോപമ [സം. ഗഗന–ഉപമാ] നാ. ഒരു അലങ്കാരം, ഉപമേയത്തെ ഒന്നിനോടും അതിനെ മറ്റൊന്നിനോടും എന്ന ക്രമത്തിൽ മേൽക്കുമേൽ ഉപമിക്കുന്നത്.
ഗങ്ഗ [സം. ഗങ്ഗാ] (പ.മ) കെങ്ക, ഗങ്കൈ നാ. 1. ഭാരതത്തിലെ ഒരു പ്രധാനപ്പെട്ട പുണ്യനദി; 2. ഒരു ദേവി; 3. ഒരു സംസ്കൃതവൃത്തം. (പ്ര.) ഗങ്ഗ ഉണർത്തുക = വെളുപ്പിനു കുളിക്കുന്നതിനുവേണ്ടി ഉറങ്ങിക്കിടക്കുന്നതായി സങ്കൽപിച്ചിട്ടുള്ള ജലത്തെ ഉണർത്താനായി മന്ത്രം ജപ്ക്കുക.
ഗങ്ഗശാല [സം. ഗങ്ഗാ–ശാലാ]നാ. കിഴക്കുദിക്ക്.
ഗങ്ഗാകാമുകൻ [സം. –കാമുക] നാ. ഗങ്ഗയുടെ കാമുകൻ, ശിവൻ.

ഗങ്ഗാചൂഡൻ [സം. -ചൂഡ] നാ. ശിവൻ.
ഗങ്ഗാജൻ [സം. -ജ] നാ. 1. ഗങ്ഗാദത്തൻ; 2. സുബ്രഹ്മണ്യൻ.
ഗങ്ഗാതനയൻ, -തനുജൻ [സം. ഗങ്ഗാ-തനയ, -തനുജ] നാ. 1. ഗങ്ഗാദത്തൻ; 2. സുബ്രഹ്മണ്യൻ.
ഗങ്ഗാദത്തൻ [സം. -ദത്ത] നാ. ശന്തനുമഹാരാജാവിനു ഗങ്ഗാദേവിയിലുണ്ടായ പുത്രൻ, ഭീഷ്മർ.
ഗങ്ഗാദ്വാരം [സം. -ദ്വാര] നാ. ഹരിദ്വാരം എന്ന പുണ്യസ്ഥലം.
ഗങ്ഗാധരൻ [സം. -ധര < ധൃ] 'ഗങ്ഗയെ' (ശിരസ്സിൽ) ധരിക്കുന്നവൻ.' നാ. ശിവൻ.
ഗങ്ഗാധരം [സം. -ധര] നാ. സമുദ്രം.
ഗങ്ഗാപുത്രൻ [സം. -പുത്ര] നാ. 1. ഗങ്ഗാദത്തൻ; 2. സുബ്രഹ്മണ്യൻ; 3. ഒരു സങ്കരജാതി (ശവം എടുത്തു മാറ്റുന്നത് കുലത്തൊഴിൽ); 4. തീർഥാടകരെ ഗങ്ഗയിലേക്കു നയിക്കുന്ന വഴികാട്ടി.
ഗങ്ഗാഭൃത്ത് [സം. -ഭൃത്] നാ. 1. ഗങ്ഗാധരൻ; 2. സമുദ്രം.
ഗങ്ഗാംബു [സം. -അംബു] നാ. 1. ഗങ്ഗയിലെ വെള്ളം; 2. ശുദ്ധമായ മഴവെള്ളം.
ഗങ്ഗാലാഭം [സം. -ലാഭ] നാ. മരണം.
ഗങ്ഗാവൈണികൻ [സം. -വൈണിക <വേണീ] നാ. ശിവൻ.
ഗങ്ഗാസാഗരം [സം. -സാഗര] നാ. ഗങ്ഗ സമുദ്രവുമായി ചേരുന്ന ഭാഗം.
ഗങ്ഗാസുതൻ [സം. ഗങ്ഗാ-സുത] നാ. 1. ഗങ്ഗാപുത്രൻ, ഭീഷ്മർ; 2. സുബ്രഹ്മണ്യൻ.
ഗങ്ഗീഭൂത [സം. ഗങ്ഗീ-ഭൂത] വി. ഗങ്ഗയെപ്പോലെ പരിശുദ്ധമായിത്തീർന്ന.
ഗങ്ഗോത്തരി, ഗങ്ഗോത്രി [സം. ഗങ്ഗാ-ഉത്തരിൻ] നാ. ഹിമാലയത്തിലെ ഒരു പുണ്യതീർഥം.
ഗങ്ഗോലം [സം.] നാ. ഒരിനം രത്നം, ഗോമേദകം.
ഗച്ഛ [സം.] 'ഗമ്' ധാതുവിന്റെ 'ലോട്' മധ്യമപുരുഷ - ഏകവചനരൂപം. പോയാലും, പോകൂ എന്നീ അർഥങ്ങളിൽ മണിപ്രവാളകൃതികളിൽ പ്രയോഗം.
ഗച്ഛം [സം. ഗച്ഛ] നാ. 1. വൃക്ഷം; 2. (ഗണിത.) ഒരു സങ്ഖ്യ തൊട്ട് ഏതെങ്കിലും നിയതമായ ക്രമത്തിൽ മാറിവരുന്ന സങ്ഖ്യകളുടെ പരമ്പരയിൽ ആകെയുള്ള സങ്ഖ്യകളുടെ എണ്ണം.
ഗജകരണി [സം. -കരണി] നാ. ഹഠയോഗസിദ്ധാന്തപ്രകാരം ശരീരത്തിലുള്ള മലങ്ങളെ നിർമാർജനം ചെയ്യുന്നതിനുവിധിച്ചിട്ടുള്ള ആറുതരം കർമങ്ങളിൽ ഒന്ന്.
ഗജകുർമാശി [സം. -കുർമ-അശിൻ] നാ. ഗരുഡൻ.
ഗജകേസരിയോഗം [സം. ഗജകേസരി-യോഗ] നാ. (ജ്യോ.) = കേസരിയോഗം.
ഗജഗതി [സം. ഗജ-ഗതി] നാ. 1. ആനയെപ്പോലെ മന്ദമായും ആകർഷകമായുമുള്ള നടപ്പ്; 2. സങ്ഗീതത്തിലെ ഒരു അലങ്കാരം.
ഗജഗമന, -ഗാമിനി [സം. -ഗമനാ, -ഗാമിനീ] നാ. ആനയെപ്പോലെ അലസമായും ആകർഷകമായുമുള്ള നടത്തത്തോടുകൂടിയവൾ, സുന്ദരി.
ഗജഗ്രഹ(ണ)ം [സം. -ഗ്രഹണ] നാ. (കാട്ടിൽ നിന്ന്) ആനയെ പിടിക്കുന്ന പ്രവൃത്തി, ആനപിടിത്തം.
ഗജഘട [സം. -ഘടാ] നാ. ആനക്കൂട്ടം.

ഗജചർമം [സം. -ചർമൻ] നാ. 1. ആനത്തോൽ; 2. ഒരു ത്വഗ്രോഗം, ചർമകുഷ്ഠം, തൊലി കട്ടിപിടിച്ച് ആനത്തോൽപോലെ ആയിത്തീരുന്നത്.
ഗജച്ഛായ [സം. -ഛായാ] നാ. ഒരു നൈമിത്തികപുണ്യകാലം, (ശ്രാദ്ധത്തിനു പറ്റിയ സമയം, സൂര്യഗ്രഹണകാലം).
ഗജത [സം. ഗജ-താ] നാ. 1. ആന ആയിരിക്കുക എന്ന അവസ്ഥ; 2. ആനക്കൂട്ടം.
ഗജദഘ്ന [സം. -ദഘ്ന] വി. ആനയുടെ പൊക്കമുള്ള.
ഗജദന്തൻ [സം. -ദന്ത] നാ. ഗണപതി.
ഗജദന്തം [സം.] നാ. 1. ആനക്കൊമ്പ്; 2. മേലരിയിൽ മുന്നിലേക്കുന്തിവളരുന്ന പല്ല്, മുടമ്പല്ല്; 3. ആനക്കൊമ്പിൻെറ ആകൃതിയിൽ ചുമരിൽ ഉറപ്പിക്കുന്ന കുറ്റി; 4. ഒരു ഹസ്തമുദ്ര.
ഗജദാനം [സം. ഗജ-ദാന] നാ. 1. ആനയുടെ മദജലം; 2. ആനയെ ദാനം ചെയ്യൽ.
ഗജദ്വിട്ട് [സം. -ദ്വിഷ്] നാ. 1. ഏഴിലം പാല; 2. സിംഹം.
ഗജനാസ [സം. -നാസാ] നാ. തുമ്പിക്കൈ.
ഗജനാളം [സം. -നാല] നാ. ആന വലിക്കുന്ന വലിയതരം പീരങ്കി.
ഗജനിമീലിക [സം. -നിമീലികാ] നാ. (പ്ര.) ആന കണ്ണടച്ചുനിൽക്കുന്നതുപോലെ കണ്ടിട്ടും കണ്ടില്ലെന്നുള്ള ഭാവം, അറിഞ്ഞിട്ടും അറിഞ്ഞില്ലെന്നുള്ള നാട്യം.
ഗജപതി [സം. -പതി] നാ. 1. ആനക്കാരൻ; 2. ആനത്തലവൻ.
ഗജപുടം [സം. -പുട] നാ. 1. കുഴിയടുപ്പ്; 2. ഒരു നീറ്റുമുറ, ലോഹങ്ങളും മറ്റും നീറ്റിയെടുക്കുന്ന രീതികളിൽ ഒന്ന്, പുടം.
ഗജപുരം [സം. -പുര] നാ. ഹസ്തിനപുരം.
ഗജപൃഷ്ഠം [സം. -പൃഷ്ഠ] നാ. മൂന്നുവശം ചതുരമായും പുറകുവശം ആനയുടെ പിൻഭാഗം പോലെ വർത്തുളമായും ഉള്ള ശ്രീകോവിൽ.
ഗജപോക്കിരി [സം. ഗജ-മ. പോക്കിരി] നാ. വലിയ ആഭാസൻ.
ഗജബന്ധനി [സം. -ബന്ധനീ] നാ. 1. ആനയെ പിടിക്കുന്ന കുഴി; 2. ആനപ്പന്തി; 3. ആനയെ തളയ്ക്കുന്ന കുറ്റി.
ഗജബന്ധം [സം. -ബന്ധ]നാ. 1. ആനയെ കെട്ടുന്ന കുറ്റി, ആളാനം; 2. ആനക്കുഴി; 3. മൈഥുനരീതികളിൽ ഒന്ന്.
ഗജഭക്ഷകം [സം. -ഭക്ഷക] നാ. 1. അരയാൽ; 2. കരിമ്പന.
ഗജഭദ്രം [സം. -ഭദ്ര] നാ. അമ്പത്തിരണ്ടു തൂണുകളുള്ള ഒരിനം മണ്ഡപം.
ഗജം [സം.] നാ. 1. ആന; 2. ആനയുടെ ആകൃതിയിലുള്ള ശ്രീകോവിൽ, ഗജപുഷ്പം; 3. ഗജയോനി; 4. നീളം അളക്കുന്നതിനുള്ള ഒരു തോത്, വാര; 5. എട്ട് എന്നെ സങ്ഖ്യ.
ഗജമദം [സം. -മദ] നാ. മദയാനയുടെ ചെന്നിയിൽ നിന്നൊലിക്കുന്ന ദ്രാവകം.
ഗജമുക്ത [സം. -മുക്താ] നാ. ആനയുടെ മസ്തകത്തിൽ ഉണ്ടെന്നു സങ്കൽപ്പിക്കപ്പെടുന്ന മുത്ത്.
ഗജമുഖൻ [സം. -മുഖ] 'ആനയുടെ മുഖമുള്ളവൻ.' നാ. 1. ഗണപതി; 2. ഗണപതിയാൽ കൊല്ലപ്പെട്ട ഒരു അസുരൻ.
ഗജമേധം [സം. -മേധ] നാ. ആനയെ ബലിയർപ്പിച്ചു നടത്തുന്ന യാഗം.

ഗജമേരു [സം. -മേരു] നാ. ഒരു ദാനം.
ഗജമോടനം [സം. -മോടന] നാ. സിംഹം.
ഗജമൗക്തികം [സം. -മൗക്തിക] നാ. ഗജമുക്ത.
ഗജയുഥം [സം. -യുഥ] നാ. ആനക്കൂട്ടം.
ഗജയോധി [സം. -യോധിൻ] നാ. ആനപ്പുറത്തിരുന്നു യുദ്ധം ചെയ്യുന്നവൻ.
ഗജയോനി [സം. -യോനി] നാ. വാസ്തുവിൻെറ വടക്കേ കോൺ, ഗജം ദേവതയായിട്ടുള്ളത്, ശുഭയോനികളിൽ ഒന്ന്.
ഗജരക്ഷാതന്ത്രം [സം. -രക്ഷാതന്ത്ര] നാ. ആനയെ സമ്രക്ഷിക്കുന്നതിനെപ്പറ്റി പ്രതിപാദിക്കുന്ന ശാസ്ത്രം.
ഗജരാജൻ [സം. -രാജ] നാ. ആനക്കൂട്ടത്തിലെ പ്രധാന ആന, ആനകളിൽ ശ്രേഷ്ഠൻ.
ഗജരിപു [സം. -രിപു] 'ആനയുടെ ശത്രു.' നാ. 1. സിംഹം; 2. ശിവൻ (ഗജാസുരനെ കൊല്ലതുകൊണ്ട്).
ഗജവക്ത്രൻ [സം. -വക്ത്ര] നാ. ഗജമുഖൻ.
ഗജവത്ത് [സം. ഗജ-വത്] അവ്യ. ആനയെപ്പോലുള്ള, ആനയ്ക്കു തുല്യമായ.
ഗജവത്ത്2 [സം. ഗജ-വത്] നാ. ആനകളുള്ള, ആനകളോടുകൂടിയ.
ഗജവീഥി [സം. -വീഥി, -വീഥീ] നാ. രോഹിണി, മകയിരം തിരുവാതിര എന്നീ നക്ഷത്രങ്ങൾക്ക് ഒന്നായിപ്പറയുന്ന പേർ. (മുമ്മൂന്നു നക്ഷത്രങ്ങൾ വീതം 27 നക്ഷത്രങ്ങളെ ഒമ്പതു വീഥികളായി കണക്കാക്കിയിരിക്കുന്നു).
ഗജശത്രു [സം. -ശത്രു] നാ. ശിവൻ.
ഗജശാസ്ത്രം, -ശിക്ഷ [സം. സാസ്ത്ര, ശിക്ഷാ] നാ. ആനകളെ പിടിക്കൽ, വളർത്തൽ, അവയ്ക്കുണ്ടാകുന്ന രോഗങ്ങൾ മുതലായവയെക്കുറിച്ചു പ്രതിപാദിക്കുന്ന ശാസ്ത്രം.
ഗജസ്നാനം [സം. -സ്നാന] നാ. 1. ആനയുടെ കുളി; 2. (പ്ര.) നിഷ്ഫലയത്നം, പാഴ്വേല.
ഗജാജീവൻ [സം. -ആജീവ] നാ. ആനകളെക്കൊണ്ട് ഉപജീവനം നടത്തുന്നവൻ, ആനക്കാരൻ. താരത. അജാജീവൻ.
ഗജാധ്യക്ഷൻ [സം. -അധ്യക്ഷ] നാ. ആനകളുടെ സമ്രക്ഷണം, ശിക്ഷണം മുതലായവയുടെ മേൽനോട്ടം വഹിക്കുന്ന ആൾ, ആന വിചാരിപ്പുകാരൻ.
ഗജാരാതി [സം. -അരാതി] നാ. സിംഹം.
ഗജാരി [സം. -അരി] നാ. 1. സിംഹം; 2. ശിവൻ.
ഗജാരോഹൻ [സം. -ആരോഹ] നാ. ആനപ്പുറത്തു കയറുന്നവൻ, ആനക്കാരൻ, പാപ്പാൻ.
ഗജാലയം [സം. -ആലയ] നാ. ആനപ്പന്തി.
ഗജാസനം [സം. -ആസന] നാ. ആനയുടെ ആകൃതിയിലുള്ള താങ്ങുകളോടുകൂടിയ ഇരിപ്പിടം.
ഗജാസുരൻ [സം. -അസുര] നാ. ശിവനാൽ കൊല്ലപ്പെട്ട ഒരു അസുരൻ.
ഗജാസ്യൻ [സം. -ആസ്യ] നാ. ഗണപതി.
ഗജാഹ്വ(യ)ം [സം. -ആഹ്വയ] നാ. ഹസ്തിനപുരൻ.
ഗജേന്ദ്രൻ [സം. ഗജേന്ദ്ര] നാ. 1. ആനത്തലവൻ; 2. ഐരാവതം.
ഗജ്ജലി നാ. ഒരു ചർമവാദ്യം.

ഗഞ്ചിറ നാ. ഒരുവശം മാത്രം തോൽ പൊതിഞ്ഞ ഒരു ചെറുതരം വാദ്യം.
ഗഞ്ജ1 [സം. ഗഞ്ജാ] നാ. = കഞ്ചാവ്.
ഗഞ്ജ2 [സം. ഗഞ്ജാ] നാ. 1. മദ്യശാല, വാറ്റുപുര; 2. പാനപാത്രം.
ഗഞ്ജന [സം.] വി. 1. കുറ്റപ്പെടുത്തുന്ന; 2. പരിഹസിക്കുന്ന, ലജ്ജിപ്പിക്കുന്ന; 3. അതിശയിക്കുന്ന; 4. ജയിക്കുന്ന, തോൽപ്പിക്കുന്ന.
ഗഞ്ജനം [സം.] നാ. 1. അവജ്ഞ; 2. തിരസ്കാരം, തള്ളിക്കളയൽ; 3. പീഡ; 4. നാസം; 5. അഷ്ടതാളങ്ങളിലൊന്ന്.
ഗഞ്ജം1 [സം. ഗഞ്ജ] നാ. 1. ഖനി; 2. ഖജനാവ്; 3. തൊഴുത്ത്; 4. ധാന്യവിൽപ്പനശാല.
ഗഞ്ജം2 [സം. ഗഞ്ജ] നാ. പരിഹാസം, നിന്ദ.
ഗഞ്ജാഗൃഹം [സം. ഗഞ്ജാ-ഗൃഹ] നാ. മദ്യശാല.
ഗഞ്ജിക [സം. ഗഞ്ജികാ] നാ. മദ്യശാല.
ഗട്ടർ [ഇം. ഗ്ലൂറ്റെർ] നാ. 1. ഓട, അഴുക്കുചാൽ; 2. രോഡിൻെറ നടുവിലുള്ള കുഴി.
ഗഡം[സം.] നാ. 1. തടസ്സം; 2. മറവ്; 3. തട്ടി; 4. വേലി; 5. കിടങ്ങ്; 6. ഒരിനം മത്സ്യം, പരൽ; 7. മേരുപ്പ്.
ഗഡിയാൾ, ഗടിയാൾ [മറാ. ഗഡിയാൾ] നാ. ഘടികാരം.
ഗഡു1, ഗഡുവ് നാ. 1. കാലപരിധി, നിശ്ചിതമായ ഒരു കാലയളവ്, സന്ദർഭം, സമയം; 2. തവണ, മുറപ്രകാരം പണം അടയ്ക്കേണ്ട സമയം.
ഗഡു2 [സം.] നാ. 1. ശരീരത്തിൻെറ പിൻപുറത്തുള്ള മുഴ; 2. കൂനൻ, പുറത്തു മുഴയുള്ളവൻ; 3. കഴുത്തിലുണ്ടാകുന്ന മുഴ, ഒരുരോഗം; 4. ഉപയോഗശൂന്യമായ വസ്തു, അനാവശ്യമായി കൂട്ടിച്ചേർക്കപ്പെടുന്നത്; 5. കുടം, ജലപാത്രം; 6. ദ്വാരമുള്ള വ്രണം; 7. മണ്ണെര; 8. ചാട്ടുകുന്തം, ചാട്ടുളി, കുന്തം.
ഗഡുകം [സം. ഗഡുക] നാ. 1. കുടം, ജലപാത്രം; 2. മോതിരം.
ഗഡുര, -ല [സം.] വി. കൂനുള്ള, വളഞ്ഞ.
ഗഡേരം [സം.] നാ. 1. മേഘം; 2. മുത്തങ്ങ; 3. കുറിയാട്.
ഗഡോത്ഥം [സം. ഗഡ-ഉത്ഥ] നാ. മേരുപ്പ്.
ഗഡോലം [സം.] നാ. 1. ശുദ്ധിചെയ്യാത്ത പഞ്ചസാര; 2. ഒരു കവിൾ.
ഗഡ്ഡകം [സം.] നാ. സ്വർണപ്പാത്രം.
ഗഡ്ഡരം, ഗഡ്ഡലം [സം.] നാ. ആട്.
ഗഡ്ഡരിക, ഗഡ്ഡലിക [സം. ഗഡ്ഡരികാ, -ലികാ] നാ. 1. ആട്ടിൻ കൂട്ടം; 2. ഒഴുക്ക് (വെള്ളമെന്നപോലെ).
ഗഡ്ഡരികൻ [<സം. ഗഡ്ഡരികാ] നാ. ആടുമേയ്ക്കുന്നവൻ, ആട്ടിടയൻ.
ഗണക [സം.] വി. 1. കണക്കുകൂട്ടുന്ന; 2. വലിയ തുകയ്ക്കു വാങ്ങിയ.
ഗണകൻ [സം. <ഗണ] നാ. 1. കണക്കുകൂട്ടുന്ന, കണക്കൻ, കണക്കെഴുത്തുകാരൻ; 2. ജ്യൗതിഷി ('ഗണക'ശബ്ദവും, അതിനോടനുബന്ധപ്പെട്ട 'കണിയാൻ' എന്ന പദവും ഭാഷയിൽ ജാതിപ്പേരായും പ്രയോഗം); 3. (വില്ല്, ചക്രം, കുന്തം, ഖഡ്ഗം, ചുരിക, ഗദ ബാഹു എന്നീ) ആയുധങ്ങളിൽ ഒന്നിൻെറ പ്രയോഗം മാത്രം അഭ്യസിച്ച യോദ്ധാവ്. (സ്ത്രീ.) ഗണകി.
ഗണകം [സം.] നാ. 1. ഒന്നിച്ചുചേർന്ന എട്ടുനക്ഷത്രങ്ങളുടെ കൂട്ടം; 2. കുമാര ദ്വീപിൽ വടക്കുഭാഗത്തു കിടക്കുന്ന ദേശം.

ഗണകാരൻ [സം.-കാര] നാ. (ക്രിയാധാതുക്കളെയും മറ്റും ഗണങ്ങളനുസരിച്ച്) തരം തിരിക്കുന്നവൻ; 2. ഭീമസേനൻെറ മറ്റൊരു പേർ.
677
ഗണചതുഷ്ടയം [സം. -ചതുഷ്ടയ] നാ. നെല്ലിക്ക കടുക്ക തിപ്പലി കൊടുവേലി എന്നീ നാല് ഔഷധങ്ങൾ കൂടിയത്.
ഗണതാ, -ത്വം [സം. ഗണ-താ, -ത്വ] നാ. 1. ഒരു ഗണമായിരിക്കുന്ന അവസ്ഥ, ഒരു സങ്ഘത്തിൻെറ അങ്ഗമായിരിക്കുന്ന സ്ഥിതി; 2. വിഭജനം; 3. കണക്ക്.
ഗണദീക്ഷ [സം. -ദീക്ഷാ] നാ. 1. അനേകം വ്യക്തികൾക്കോ പല സമൂഹങ്ങൾക്കോ പൗരോഹിത്യം വഹിക്കൽ; 2. ഗണേശപൂജയിലെ പൗരോഹിത്യം.
ഗണദീക്ഷി [സം. -ദീക്ഷിൻ] നാ. ഗണദീക്ഷയുള്ളവൻ, പലജാതികൾക്കു പൗരോഹിത്യം വഹിക്കുന്നവൻ.
ഗണദേവതകൾ [<സം. ഗണ-ദേവതാ:] നാ. (ബ.വ.) ഒന്നിച്ചുസഞ്ചരിക്കുന്ന ദേവതകൾക്കു പൊതുവിൽപ്പറയുന്ന പേർ.
ഗണദ്രവ്യം [സം.-ദ്രവ്യ] നാ. 1. പൊതുമുതൽ, സ്ഥാപനത്തിൻെറ സ്വത്ത്; 3. പലതരം സാധനങ്ങളുടെയോ ചരക്കുകളുടെയോ കൂട്ടം.
ഗണധരൻ [സം. -ധര] നാ. 1. കൂട്ടത്തിൽ പ്രധാനി, ഒരു സങ്ഘത്തിൻെറ നായകൻ; 2. പള്ളിക്കുടത്തിലെ ആശാൻ; 3. ജൈനസന്ന്യാസികളിൽ പ്രധാനി.
ഗണൻ [സം. ഗണ] നാ. 1. ഗണപതി; 2. ധർമസാവർണിമന്വന്തരത്തിലെ ദേവേന്ദ്രൻ.
ഗണന, -നം [സം. ഗണ-നാ, -ന] നാ. 1. എണ്ണൽ, കണക്കുകൂട്ടൽ; 2. ഗുണദോഷങ്ങൾ നന്മതിന്മകൾ ഏറ്റക്കുറച്ചിലുകൾ സ്വഭാവവിശേഷണങ്ങൾ തുടങ്ങിയവയെ ആധാരമാക്കി ഏതെങ്കിലും വിഭാഗത്തിൽപ്പെട്ടതെന്ന നിഗമനത്തിലെത്തിച്ചേരൽ, ഊഹിക്കൽ; 3. (ജ്യോ.) ഗ്രഹങ്ങളുടെയും മറ്റും ഗതിവിഗതികൾ സ്ഥിതി മുതലായവ കണക്കാക്കുന്ന ക്രിയ.
ഗണനയന്ത്രം [സം. ഗണന-യന്ത്ര] നാ. കുട്ടികളെ കണക്കു പഠിപ്പിക്കുന്നതിന് മണികൾ കോർത്ത കമ്പികൾ സമാന്തരമായി ഘടിപ്പിച്ചിട്ടുള്ള ചട്ടം, മണിച്ചട്ടം, ഗോലിച്ചട്ടം.
ഗണനാഥൻ, -നായകൻ [സം. ഗണ-നാഥ, -നായക] 'ഗണങ്ങളുടെ തലവൻ.' നാ. 1. ഗണപതി; 2. ശിവൻെറ ഭൂതഗണങ്ങളുടെ തലവൻ, വീരഭദ്രൻ; 3. ശിവൻ; 4. സേനാനായകൻ.
ഗണനായിക [സം. -നായികാ] നാ. ദുർഗ.
ഗണനീയ [സം.] വി. കണക്കിൽപ്പെടുത്താവുന, കണക്കാക്കാവുന്ന, പരിഗണിക്കപ്പെടേണ്ട, ശ്രദ്ധയർഹിക്കുന്ന, പ്രധാനപ്പെട്ട; 2. വളരെയുള്ള, വലിയ.
ഗണപതി [സം. -പതി] നാ. 1. വിഘ്നശാന്തിക്കായി പൂജിക്കപ്പെടുന്ന ദേവൻ; 2. ശിവൻ; 3. ഗോത്രത്തിൻെറയോ വർഗത്തിൻെറയോ വിഭാഗത്തിൻെറയോ നായകൻ; 4. ഉടുക്കുകൊട്ടുന്നതിൽ ഉപയോഗിക്കുന്ന ഒരിനം താളം; 5. നൂറ്റിയെട്ട് ഉപനിഷത്തുക്കളിൽ ഒന്ന്, അഥർവവേദ ശാഖയിലുൾപ്പെട്ടത്; 6. പരബ്രഹ്മം; 7. കാലിലുല്ല ഒരു മർമം; 8. (പ്ര.) ആരംഭം, തുടക്കം, ആരംഭത്തിലുള്ള ഗണപതിസ്തുതി. ഗണപതിക്കയ്യ് = ആദ്യത്തെ പ്രയോഗം, പ്രാരംഭം; ഗണപതിക്കിടുക = ഒരു പഴയ ആചാരം. ഗണപതികുട്ടനം = അർഥം ഗ്രഹിക്കാൻ പ്രയാസമുള്ള കാവ്യഭാഗം; ഗണപതിക്കുകുറിക്കുക = നിർവിഘ്നപരിസമാപ്തിക്കായി പ്രവൃത്തിയുടെ ആരംഭത്തിൽ മങ്ഗളാചരണരൂപത്തിൽ ഹരി:ശ്രീ ഗണപതയേ നമ: എന്ന് എഴുതുക, ആരംഭിക്കുക; ഗണപതിക്കു കുറിക്കൽ,

ഗണപതിക്കുറിപ്പ് = പ്രവൃത്തിയുടെ ആദ്യത്തെ പടി, ആരംഭം; ഗണപതിക്കു പിടിച്ചുവച്ചത് കുരങ്ങായിത്തീരുക = ആരംഭിക്കുക, കർമാരംഭത്തിൽ വിഘ്നശാന്തിക്കായി ഗണപതിക്കുവേണ്ടി അട മലർ പഴം മുതലായവ നിവേദിക്കുക; ഗണപതിക്കു വച്ചതു കാക്കകൊണ്ടുപോവുക = പ്രവൃത്തിയുടെ ആരംഭത്തിൽ തന്നെ പാകപ്പിഴ ഉണ്ടാവുക, ഗുരുത്വക്കേടു പറ്റുക; ഗണപതികൊണ്ടു നേരം വെളുപ്പിക്കുക = കാര്യത്തിലേക്കു കടക്കാതെ മുഖവുരകൊണ്ട് അല്ലെങ്കിൽ പ്രാരംഭചടങ്ങുകൾക്കൊണ്ടുമാത്രം സമയം മുഴുവൻ ചെലവഴിക്കുക; ഗണപതിപ്രാതൽ = അമിതഭക്ഷണം (ഗണപതിക്കു കുബേരൻ നൽകിയ പ്രാതലിനെ ആധാരമാക്കിയുള്ള പ്രയോഗം); ഗണപതിവിവാഹം = നാളെനാളെയെന്നു നീട്ടിവയ്ക്കപ്പെടുന്ന കാര്യം, നടപ്പില്ലാത്ത കാര്യം.

ഗണപതിക്കൊട്ട് [സം. ഗണപതി-മ. കൊട്ട്] നാ. കഥകളിയുടെ ആരംഭം കുറിക്കുന്ന കേളികൊട്ട്.

ഗണപതിചൊല്ലുക [സം. ഗണപതി-മ. ചൊല്ലുക] ക്രി. സങ്ഘക്കളിയുടെ ആരംഭത്തിൽ ഗണപതിസ്തുതി പാടുക.

ഗണപതിയോല [സം. ഗണപതി-മ.ഓല1] നാ. ഗണാഷ്ടകം എഴുതിയ ഓല, നിലത്തെഴുത്തുകഴിഞ്ഞു പഠിക്കുന്നത്.

ഗണപൻ [സം. ഗണ-പ] നാ. = ഗണപതി.

ഗണപർ [സം. ഗണ-പ] നാ. (ബ.വ.) ശിവഗണങ്ങളുടെ നായകന്മാർ, ഗണപതി വീരഭദ്രൻ മുതലായവർ.

ഗണപർവതം [സം. -പർവത] നാ. കൈലാസം.

ഗണപീഠകം [സം. -പീഠക] നാ. മാറിടം.ഗണപൂർവൻ [സം. -പൂർവ] നാ. കൂട്ടത്തിൽ പ്രമാണി, സങ്ഘത്തലവൻ, സമുദായപ്രമാണി.

ഗണപ്പൊരുത്തം [സം. ഗണ-മ. പൊരുത്തം] നാ. വധൂവരന്മാരുടെ ജന്മനക്ഷത്രങ്ങളുടെ ഗണങ്ങൾ തമ്മിലുള്ള യോജിപ്പ്, വിവാഹത്തിനു പൊരുത്തം നിർണയിക്കുന്നതിനുള്ള പത്തുപാധികളിൽ ഒന്ന്.

ഗണഭോജനം [സം. -ഭോജന] നാ. പന്തിഭോജനം.

ഗണം [സം. ഗണ] നാ. 1. കൂട്ടം, പറ്റം; 2. സങ്ഘം, സഭ, സമാജം; 3. ജാതി, വർഗം, സമുദായം; 4. അനുചരസങ്ഘം, അനുയായികളുടെ കൂട്ടം; 5. ശിവൻെറ അനുചരരായ ഭൂതങ്ങളുടെ സമൂഹം (ഇവരുടെ മേധാവിയാണു ഗണപതി); 6. ഒരു സേനാവിഭാഗം, 27 രഥം അത്രൗം ആന 81 കുതിര, 135 കാലാൾ ഇത്രയും ഉൾക്കൊള്ളുന്നത്; 7. (ജ്യോ.) ദേവൻ മനുഷ്യൻ രാക്ഷസൻ എന്നീ ഏതെങ്കിലും ഒന്നിൻെറ വർഗത്തോടു ബന്ധപ്പെടുത്തി നക്ഷത്രങ്ങളെ മൂന്നായി തരംതിരിച്ചിട്ടുള്ളതിൽ ഓരോ കൂട്ടത്തിനും പറയുന്ന പേർ; 9. (വ്യാക.) ഒരേ രീതിയിൽ രൂപഭേദം വരുന്ന ക്രിയാധാതുക്കളുടെ കൂട്ടം.

ഗണമൈത്രി [സം. -മൈത്രീ] നാ. മന്ത്രസാധകൻെറ നക്ഷത്രഗണവും മന്ത്രാക്ഷരവും തമ്മിലുള്ള പൊരുത്തം.

ഗണരാജ്യം [സം. -രാജ്യ] നാ. 1. പ്രജായത്തഭരണമുള്ള രാജ്യം; 2. പുരാതനകാലത്തു ഡെക്കാണിലുണ്ടായിരുന്ന ഒരു സാമ്രാജ്യം.

ഗണരാത്രം [സം. -രാത്ര] നാ. അനേകം രാത്രികൾ, തുടരെയുള്ള പലരാത്രികൾ.

ഗണശ: [സം.] അവ്യ. 1. ഓരോ കൂട്ടമായി, കൂട്ടം കൂട്ടമായി; 2. വകുപ്പു വകുപ്പായി.

ഗണഹോമം [സം. -ഹോമ] നാ. ഗണദേവതകളെ ഉദ്ദേശിച്ചു ചെയ്യുന്ന ഹോമം.
ഗണാധിപതി, -അധിപൻ [സം. -അധിപതി, -അധിപ]നാ. ഗണനാഥൻ.
ഗണി1 [സം.] നാ. കനക്കുകൂട്ടൽ, ഗണനം.
ഗണി2 [സം. ഗണിൻ] നാ. 1. ശാസ്ത്രജ്ഞൻ, വേദശാസ്ത്രാദികളിൽ പ്രാവീണ്യമുള്ളയാൾ; 2. അധ്യാപകൻ.
ഗണിക [സം. ഗണികാ] നാ. 1. വേശ്യ, പണത്തിനുവേണ്ടി പല പുരുഷന്മാരുമായി സമ്യോഗത്തിലേർപ്പെടുന്നവൾ; 2. പിടിയാൻ; 3. കുറുമുഴിമുല്ല; 4. എരിക്ക്; 5. ഗണികാരി (മുഞ്ഞ).
ഗണികൻ [സം.] നാ. ഗണിതക്കാരൻ, ജ്യൗതിഷി.
ഗണികാധ്യക്ഷൻ [സം. ഗണികാ-അധ്യക്ഷ] നാ. വേശ്യകളുടെ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥൻ.
ഗണിക്കുക [<സം. ഗണ്] ക്രി. 1. എണ്ണുക, എണ്ണിത്തിട്ടപ്പെടുത്തുക; 2. കണക്കു കൂട്ടുക, കണക്കാക്കുക; 3. (ജ്യോ.) ഗ്രഹനില മുതലായവ കണക്കുകൂട്ടി കണ്ടുപിടിക്കുക; 4. ഗുണദോഷങ്ങൾ നന്മതിന്മകൾ, ഏറ്റക്കുറച്ചിലുകൾ സ്വഭാവവിശേഷങ്ങൾ തുടങ്ങിയവയെ അധാരമാക്കി നിഗമനത്തിൽ എത്തിച്ചേരുക, തീരുമാനിക്കുക, വിചാരിക്കുക, ഊഹിക്കുക, മതിക്കുക.
ഗണിത [സം. <ഗണ്] വി. ഗണിക്കപ്പെട്ട.
ഗണിതജ്ഞൻ [സം. ഗണിത-ജ്ഞ] നാ. 1. ജ്യൗതിഷി, ഗ്രഹനില കണക്കുകൂട്ടി ഫലം പറയുന്ന പണ്ഡിതൻ; 2. കണക്കുശാസ്ത്രം അറിയുന്നവൻ.
ഗണിതൻ [സം.] നാ. 1. നക്ഷത്രങ്ങളുടെയും ഗ്രഹങ്ങളുടെയും നില കണക്കാക്കി ഫലം നിർണയിക്കുന്ന ശാസ്ത്രജ്ഞൻ, ജ്യൗതിഷി; 2. കണക്കുശാസ്ത്രം അറിയുന്നവൻ.
ഗണിതം [സം.] നാ. 1. മാത്ര സങ്ഖ്യ പരിമാണം മുതലായവയെ സംബന്ധിച്ച ശാസ്ത്രം, കണക്ക് (ബീജഗണിതം, അങ്കഗണിതം, രേഖാഗണിതം മുതലായവയും അവയുമായി ബന്ധപ്പെട്ട ക്രിയകളും); 2. സങ്ഖ്യ, വർഗസങ്കലനസങ്ഖ്യ; 3.3. ജ്യോതിശാസ്ത്രം; 4. (ജ്യോ.) ഗ്രഹനക്ഷത്രാദികളുടെ സ്ഥാനവും ഫലങ്ങളും നിർണയിക്കുന്ന ക്രിയ; 5. ഗണിക്കപ്പെട്ടത്; 6. നാലുമാത്ര ചേർന്ന കാലയലവ്; 7. നൂറുകോടി.
ഗണിതശാസ്ത്രജ്ഞൻ [സം. -ശാസ്ത്രജ്ഞ] നാ. ഗണിതജ്ഞൻ.
ഗണിതശാസ്ത്രം [സം. -ശാസ്ത്ര] നാ. 1. കണക്കുശാസ്ത്രം; 2. ജ്യോതിശാസ്ത്രം, ജ്യോതിഷം.
ഗണിതസ്കന്ധം [സം. -സ്കന്ധ] നാ. ജ്യോതിഷത്തിൻെറ മൂന്നു പ്രധാന വിഭാഗങ്ങളിലൊന്ന്, കണക്കുകൾ അടങ്ങിയ ക്രിയാഭാഗം.
ഗണിതി [സം. ഗണിതിൻ] നാ. ഗണിതജ്ഞൻ.
ഗണിമം [സം.] നാ. 1. എണ്ണിയത്, എണ്ണം കൊണ്ടു കണക്കാക്കിയത്; 2. സാധനങ്ങളുടെ എണ്ണത്തെ അടിസ്ഥാനമാക്കിയുള്ള കച്ചവടം.
ഗണീഭൂത [സം. ഗണീ-ഭൂ] വി. 1. കൂട്ടത്തിൽ ഉൾപ്പെടുത്തപ്പെട്ട; 2. എണ്ണപ്പെട്ട, കണക്കുകൂട്ടിയ.
ഗണേരു [സം.] താരത.നാ. 1. വേശ്യ; 2. പിടിയാന; 3. ചെറുകൊന്ന.
ഗണേരുക [സം. ഗണേരുകാ] നാ. 1. വേശ്യാസ്ത്രീയുമായി പുരുഷന്മാരെ കൂട്ടി വിടുന്നവൾ; 2. ഭൃത്യ.

ഗണേശൻ [സം. ഗണ–ഈശ] നാ. 1. ഗണപതി; 2. ഭൂതഗണങ്ങളുടെ നായകൻ, വീരഭദ്രൻ; 3. ശിവൻ.
ഗണേശപുരാണം [സം. ഗണേശ–പുരാണ] നാ. പതിനെട്ട് ഉപപുരാണങ്ങളിൽ ഒന്ന്.
ഗണേശഭൂഷണം [സം. –ഭൂഷണ] നാ. സിന്ദൂരം.
ഗണേശവീഥി [സം. ഗണേശ–വീഥി] നാ. (തച്ചു.) ഗൃഹം വയ്ക്കാനുദ്ദേശിക്കുന്ന പറമ്പിനെ കേന്ദ്രത്തിൽനിന്നു ചുറ്റിലേക്ക് ഒമ്പതു വീഥികളായി സങ്കൽപിച്ചിട്ടുള്ളതിൽ കേന്ദ്രത്തിൽനിന്നു പുറത്തേക്കു രണ്ടാമത്തേതും പുറത്തുനിന്നു ഉള്ളിലേക്കു എട്ടാമത്തേതുമായ വീഥി.
ഗണേശാനൻ [സം. ഗണ–ഈശാന] നാ. 1. ഗണപതി; 2. ശിവൻ.
ഗണേശ്വരൻ [സം. –ഈശ്വര] നാ. 1. ഗണപതി; 2. ശിവൻ; 3. ശിവഗണങ്ങളിൽ പ്രധാനി.
ഗണേശ്വരം [സം. –ഈശ്വര] നാ. 1. സിംഹം; 2. ഒരു തീർഥസ്ഥലം.
ഗണോത്സാഹം [സം. –ഉത്സാഹ] നാ. കാണ്ടാമൃഗം.
ഗണ്ഡക [സം. ഗണ്ഡകാ] നാ. 1. കട്ട, കട്ടി; 2. പന്ത്; 3. ഒരു നദിയുടെ പേര്.
ഗണ്ഡകം [സം.] നാ. 1. കാണ്ടാമൃഗം; 2. കുട്ടിമത്സ്യം, പരൽമീൻ; 3. സന്ധികളിലുള്ള എല്ലിൻെറ മുഴയുള്ള അറ്റം (മുണ്ഡം); 4. തടസ്സം; 5. അടയാളം, കറുത്ത പുള്ളി; 6. കുരു, പരു; 7. കുട്ടികൾക്കുണ്ടാകുന്ന ഒരു രോഗം, മുഴവാർപ്പൻ; 8. വേർപാട്, വിയോഗം; 9. നാലു കവടിക്കു തുല്യമായ ഒരു നാണയം; 10. നിലവിളക്ക്; 11. ഗന്ദകീനദിയുടെ തീരപ്രദേശം.
ഗണ്ഡകാരി [സം. –കാരീ] നാ. 1. മുക്കുറ്റി; 2. കറിച്ചുണ്ട.
ഗണ്ഡകാലീ, –കാളി [സം. –കാലീ]നാ. ഗണ്ഡകാരി.
ഗണ്ഡകി [സം. ഗണ്ഡകീ] നാ. 1. ഗങ്ഗയുടെ പോഷകനദികളിലൊന്ന് (സാളഗ്രാമം ഈ നദിയിൽ നിന്നാണു ലഭിക്കുന്നത്); 2. പെൺകണ്ടാമൃഗം; 3. കരിമ്പ്.
ഗണ്ഡകീശില [സം. –ശിലാ] നാ. സാളഗ്രാമം.
ഗണ്ടകുസുമം [സം. ഗണ്ഡ–കുസുമ] നാ. ആനയുടെ മദജലം.
ഗണ്ഡൻ [സം. ഗണ്ഡ] നാ. വീരൻ.
ഗണ്ഡപാളി [സം. –പാലീ]നാ. 1. കവിൾത്തടം; 2. ചെന്നി; 3. ആനയുടെ കന്നം.
ഗണ്ഡഫലകം [സം. –ഫലക] നാ. ഗണ്ടപാളി.
ഗണ്ഡഭിത്തി [സം. –ഭിത്തി]നാ. ഗണ്ഡപാളി.
ഗണ്ഡഭേരുണ്ഡം [സം. –ഭേരുണ്ഡ] നാ. ആനയെപ്പോലും റാഞ്ചിയെടുക്കുന്നതും രണ്ടുതലയുള്ളതുമായി സങ്കൽപ്പിക്കപ്പെടുന്ന ഒരു പക്ഷി.
ഗണ്ഡം [സം. ഗണ്ഡ] നാ. 1. കവിൾത്തടം; 2. ആന, കുതിര മുതലായ മൃഗങ്ങളുടെ കവിൾത്തടം, കണ്ണിനോടടുത്ത ഭാഗം; 3. പരു, കുരു; 4. ഒരു രോഗം, കൃകഗ്രന്ഥി വീക്കം, കഴുത്തിൽ സഞ്ചിപോലെ തൂങ്ങിക്കിടക്കുന്ന മാംസവളർച്ച; 5. കുമിള; 6. മൂത്രാശയം; 7. അടയാളം; 8. (ജ്യോ.) ഒരു പ്രത്യേക രീതിയിൽ നക്ഷത്രങ്ങളും ഗ്രഹങ്ങളും കേന്ദ്രീകരിക്കുന്ന സമയം; 9. (ജ്യോ.) ശനി നിൽക്കുന്ന നക്ഷത്രത്തിൽ നിന്നും 20 –ആമത്തെ നക്ഷത്രം; 10. നാലുകവടി കൂടിയതിനു തുല്യമായ ഒരു നാനയം; 11. കാണ്ടാമൃഗം; 12. (ആല.) പ്രസ്തുതവുമായി ബന്ധപ്പെട്ടതും എന്നാൽ മറ്റൊരർഥം കൂടിയുള്ളതുമായ പ്രസ്താവം (ഭാഷണത്തെ നാലായി തിരിച്ചതിൽ ഒന്ന് വീഥി. വീഥിയുടെ 13 അങ്ഗങ്ങളിലൊന്ന്, ഗണ്ഡം).

ഗണ്ഡമണ്ഡലം [സം. -ഗണ്ഡ-മണ്ഡല] നാ. ഗണ്ഡപാളി.
ഗണ്ഡമാല [[സം. -മാലാ] നാ. ഒരുരോഗം, കഴുത്തിനുചുറ്റും മാലപോലെ മുഴ ഉണ്ടാകുന്ന ഗ്രന്ഥിവീക്കം.
ഗണ്ഡലി [സം. ഗണ്ഡലിൻ] നാ. ശിവൻ.
ഗണ്ഡശില [സം. ഗണ്ഡ-ശിലാ] നാ. വലിയ പാറക്കല്ല്.
ഗണ്ഡശൈലം [സം. -ശൈല] നാ. 1. വലിയ പാറക്കഷണം; 2. കവിൾത്തടം; 3. കവിളിലെ എല്ല്; 4. നെറ്റുഇത്തടം.
ഗണ്ഡസ്ഥലം [സം. -സ്ഥല] നാ. 1. കവിൾത്തടം; 2. ചെന്നി; 3. ആനയുടെ ചെന്നിക്കുഴി.
679
ഗണ്ഡസ്ഥലി [സം. -സ്ഥലീ] നാ. ഗണ്ഡസ്ഥലം.
ഗണ്ഡങ്ഗം [സം. -അങ്ഗ] നാ. കാണ്ടാമൃഗം, വാള്മാൻ.
ഗണ്ഡാന്തം [സം. -അന്ത] നാ. (ജ്യോ.) ശുഭകർമങ്ങൾക്കു വർജ്യമായ ചില സമയസന്ധികൾക്കു പൊതുവേ പറയുന്ന പേർ; (പ്ര.) ഗണ്ഡാന്തം പിറന്നവൻ = 1. മഹാഭാഗ്യദോഷി; 2. കടുത്ത ദുർഗുണങ്ങളുള്ളവൻ; 3. കുലദ്രോഹി.
ഗണ്ഡാസ്ഥി [സം. ഗണ്ഡ-അസ്ഥി] നാ. കവിളെല്ല്.
ഗണ്ഡി [സം.] നാ. 1. തൊണ്ടയിൽ ഉണ്ടാകുന്ന വീക്കം, കൃകഗ്രന്ഥിവീക്കം; 2. മരത്തിൻെറ വേരുമുതൽ ശാഖകൾ പുറപ്പെടുന്നതുവരെയുള്ള തായ്ത്തടി.
ഗണ്ഡിക [സം. ഗണ്ഡികാ] നാ. 1. അടകല്ല്; 2. അടകല്ല് ഉറപ്പിച്ചിരിക്കുന്ന തടിത്തുണ്ടം; 3. തൊണ്ടയിലെ ഒരു സ്രോതഗ്രന്ഥി, കൃകഗ്രന്ഥി; 4. ചരൽക്കല്ല്; 5. ഒരു പാനീയം.
ഗണ്ഡിനി [സം. ഗണ്ഡിനീ] നാ. ദുർഗാദേവി.
ഗണ്ഡീരൻ [സം. ഗണ്ഡീര] നാ. വീരൻ.
ഗണ്ഡു [സം. ഗണ്ഡു, ഗണ്ഡൂ] നാ. 1. തലയണ; 2. സന്ധി; 3. മുഴ; 4. എല്ല്; 5. എണ്ണ.
ഗണ്ഡുക, ഗേ-,ഗേന്ദുക [സം. ഗണ്ഡുക] നാ. കളിപ്പന്ത്.
ഗണ്ഡുല [സം.] വി. വളവുള്ള, കൂനുള്ള, മുഴയുള്ള.
ഗണ്ഡൂഷജലം, -തോയം [സം. ഗണ്ഡൂഷ-ജല, -തോയ] നാ. 1. കവിൾക്കൊണ്ട വെള്ളം, ഒരുകവിൾനിറയെ വെള്ളം; 2. കവിൾക്കൊള്ളാനുള്ള വെള്ളം.
ഗന്ദൂഷണം [സം.] നാ. കുലുക്കുഴിയൽ, വെള്ളം വായിൽക്കൊണ്ടു തുപ്പൽ.
ഗണ്ഡൂഷം [സം.] നാ. 1. കവിൾക്കൊള്ളൽ, കുലുക്കുഴിയൽ; കുലുക്കുഴിയാനുള്ള വെള്ളം; 3. ഗുളിക; 4. തുമ്പിക്കൈയുടെ അറ്റം.
ഗണ്ഡൂഷിക്കുക [<സം. ഗണ്ഡൂഷ] ക്രി. കവിൾക്കൊള്ളുക, കുലുക്കുഴിയുക.
ഗണ്ഡോലം [സം.] നാ. 1. ഒരുകവിൾ കൊള്ളുന്നത്, ഒരു കവിൾ നിറയെ ഉള്ളത്; 2. ശുദ്ധിചെയ്യാത്ത പഞ്ചസാര.
ഗണ്ഡോലി, -ളി [സം. ഗണ്ഡോലീ] നാ. കടന്നൽ.
ഗണ്യ [സം. <ഗണ്] വി. 1. കണക്കുകൂട്ടിയെടുക്കാവുന്ന, 2. പരിഗണിക്കത്തക്ക, പരിഗണന അർഹിക്കുന്ന, കാര്യമായി വിചാരിക്കേണ്ട; 3. ലോകത്തിൽ പ്രതിഷ്ഠ നേടിയിട്ടുള്ള, അങ്ഗീകാരം സിദ്ധിച്ചിട്ടുള്ള.
ഗണ്യപണ്യം [സം. ഗണ്യ-പണ്യ] നാ. എണ്ണിവിൽക്കേണ്ട വസ്തു, എണ്ണിവിൽക്കാവുന്ന ചരക്ക്.

ഗത [സം. <ഗമ്] വി. 1. പോയ, കഴിഞ്ഞ, കഴിഞ്ഞുപോയ; 2. പ്രാപിച്ച, എത്തിച്ചേർന്ന; 3. നഷ്ടമായ, ഇല്ലാതായ (സമാസത്തിൽ പൂർവപദമായി പ്രയോഗിക്കുമ്പോൾ); 4. മരിച്ച; 5. വീണുപോയ.
ഗതകം [സം.] നാ. ഗതി, ചലനം.
ഗതകാലം [സം. ഗത-കാല] നാ. പോയകാലം, കഴിഞ്ഞ കാലം, ഭൂതകാലം.
ഗതക്ലമ [സം. -ക്ലമ] വി. ക്ഷീണം മാറിയ, ഉന്മേഷം സിദ്ധിച്ച.
ഗതചേതന [സം. -ചേതന] വി. മോഹാലസ്യപ്പെട്ട, ഓർമനശിച്ച.
ഗതജീവ, -ജീവിത [സം. -ജീവ, -ജീവിത] വി. ആയുസറ്റ, ജീവിതം അവസാനിച്ച.
ഗതതർഷൻ [സം. -തർഷ]നാ. തൃഷ്ണയറ്റവൻ, ആശകൾ അടങ്ങിയവൻ.
ഗതത്രപം [സം. -ത്രപം] അവ്യ. ലജ്ജയില്ലാതെ.
ഗതപാപ [സം. -പാപ] വി. പാപം ഇല്ലാതായ.
ഗതപ്രഭ [സം. -പ്രഭാ] വി. ഒളിമങ്ങിയ, ശോഭനഷ്ടപ്പെട്ട.
ഗതപ്രാണ [സം. -പ്രാണ] വി. പ്രാണൻപോയ, മരിച്ച.
ഗതഭയം [സം. -ഭയം] അവ്യ. ഭയമില്ലാതെ, നിർഭയം.
ഗതഭർതൃക [സം. =ഭർതൃകാ] നാ. വിധവ.
ഗതം [സം.] നാ. 1. നടപ്പ്, പോക്ക്; 2. ചലനം; 3. വിചാരം, അന്തർഗതം; 4. അന്തർഭവിച്ചത്, ഉൾക്കൊണ്ടത്; 5. സംഭവം; 6. പ്രചാരം; 7. ഗദായുദ്ധത്തിലെ ഒരു പ്രയോഗം, ശത്രുവിൻെറ നേരെ ഗദയുമായുള്ള പോക്ക്.
ഗതലക്ഷ്മീക [സം.] വി. ഭാഗ്യംകെട്ട, ഐശ്വര്യം ഇല്ലാതായ.
ഗതവയസ്ക [സം. -വയസ്ക] വി. പ്രായം ചെന്ന.
ഗതവർഷം [സം. -വർഷ]അവ്യ. കഴിഞ്ഞകൊല്ലം.
ഗതവ്യഥ [സം. -വ്യഥ] വി. വേദനയില്ലാത്ത, ദു:ഖമില്ലാത്ത.
ഗതശൈശവ [സം. -ശൈശവ] വി. കുട്ടിപ്രായം കടന്ന, എട്ടുവയസ്സിനുമേൽ പ്രായമുള്ള.
ഗതസത്വ [സം. -സത്വ] വി. 1. മരിച്ച; 2. നിന്ദ്യമായ.
ഗതസങ്ഗ [സം. -സങ്ഗ] വി. 1. ഐഹികബന്ധം വെടിഞ്ഞ; 2. ഉദാസീനതയുള്ള.
ഗതസ്പൃഹ [സം. -സ്പൃഹ] വി. ആശയില്ലാത്ത.
ഗതാക്ഷ [സം. -അക്ഷ] വി. കണ്ണുപോയ, കാഴ്ചയില്ലാത്ത.
ഗതാഗതൻ [സം. -ആഗത] 'പോയിട്ടു തിരിച്ചുവന്നവൻ.' നാ. സ്വാമിയെ വിട്ടുപോയിട്ട് അതുപോലെ തിരിച്ചുവന്നവൻ.
ഗതാഗതം [സം. -ആഗത] നാ. 1. അങ്ങോട്ടും ഇങ്ങോട്ടും ഉള്ള പോക്കുവരവും, യാത്ര, സഞ്ചാരം; 2. പോയും വന്നും ഇരിക്കുന്നത്, നശ്വരമായത്, നാശവും ഉത്പത്തിയും ഉള്ളത്, ക്ഷമയും അഭിവൃദ്ധിയും ഉള്ളത്; 3. പോയതും വരുന്നതും, ഭൂതവും ഭാവിയും, കഴിഞ്ഞതും വരാനുള്ളതും; 4. (ജ്യോ.) നക്ഷത്രാദികളുടെ വക്രഗതി.
ഗതാധ്വാ(വ്) [സം. -അധ്വൻ] നാ. 1. വഴി നടന്നുകഴിഞ്ഞവൻ, യാത്ര കഴിഞ്ഞവൻ, യാത്ര അവസാനിപ്പിച്ചവൻ; 2. ജീവിതകാലം കടന്നവൻ; 3. നല്ല പരിചയം സിദ്ധിച്ചവൻ.
ഗതാനുഗതി [സം. -അനുഗതി] നാ. പോയതിൻെറ പിന്നാലെയുള്ള പോക്ക്, അന്ധമായ അനുകരനം.

ഗതാനുഗതിക [സം. -അനുഗതിക] വി. മുമ്പേപോയവർടെ പിമ്പേപോകുന്ന, മറ്റാരെങ്കിലും പ്രവർത്തിച്ചതുനോക്കി അതുപോലെ പ്രവർത്തിക്കുന്ന, അന്ധമായി അനുകരിക്കുന്ന.
ഗതാനുഗതികത്വം [സം. -അനുഗതികത്വ] 'മുമ്പേപോയതിനെ പിന്തുടരൽ.' നാ. അനുഗമിക്കൽ, അന്ധമായി അനുകരിക്കൽ.
ഗതാന്ത [സം. -അന്ത] വി. അവസാനിച്ച, ജീവിതാന്ത്യം പ്രാപിച്ച.
ഗതായുസ്സ് [സം. -ആയുസ്] വി. ആയുഷ്ക്കാലം പൊയ്പ്പോയ. നാ. 1. വൃദ്ധൻ; 2. ആസന്നമരണൻ.
ഗതാർത്തവ [സം. -ആർതവാ] നാ. 1. ആർത്തവം നിന്ന സ്ത്രീ; 2. പ്രസവം നിന്ന സ്ത്രീ.
ഗതാർഥ [സം. -അർഥ] വി. 1. ധനമെല്ലാം നശിച്ച, ദരിദ്രനായ; 2. നിരർഥകമായ, ആശയമില്ലാത്ത, കഴമ്പില്ലാത്ത, പൊള്ളയായ; 3. അർഥം പറഞ്ഞു കഴിഞ്ഞ.
ഗതാസു [സം. -അസു] വി. പ്രാണൻപോയ, മരിച്ച.
ഗതി [സം.] നാ. 1. ഒരിടത്തുനിന്നും മറ്റൊരിടത്തേക്കുള്ള പോക്ക്, ഗമനം, നടപ്പ്, യാത്ര; 2. പ്രവാഹം, ഒഴുക്ക്; 3. വഴി, മർഗം; 4. ഉപായം, പോംവഴി; 5. ഉപജീവനമാർഗം, കഴിച്ചിലിനുള്ള വക, സാമ്പത്തികശേഷി; 6. രക്ഷ, ആശ്രയം, ശരണം; 7. മോക്ഷം, നിർവാണം; 8. ശ്രേയസ്സ്, അഭിവൃദ്ധി; 9. ജ്ഞാനം, അറിവ്; 10. അനുഭവം; 11. (വ്യാക.) ഒരു ദ്യോതകശബ്ദം (ഏതെങ്കിലും ഒരു വിഭക്തിയോടു ചേർന്നുനിന്ന് ആ വിഭക്തിയുടെ അർഥത്തെ പരിഷ്കരിക്കുന്നത്); 12. (സങ്ഗീ.) താളവേഗത്തെ കുറിക്കുന്ന പദം; 13, കഥകളിയിലെ ഒരു അഭിനയക്രമം; 14. കാവ്യഗുണങ്ങളിൽ ഒന്ന്; 15. വ്യവഹാരത്തിൻെറ സ്വഭാവം; 16. ദേവഹൂതിയിൽ കർദമനുണ്ടായ പുത്രിമാരിൽ അഞ്ചാമത്തേവൾ, പുലഹൻ എന്ന പ്രജാപതിയുടെ ഭാര്യ. (പ്ര.) ഗതികെടുക = കഷ്ടസ്ഥിതിയിലാകുക, ആശ്രയമില്ലാതാകുക, വഴിമുട്ടുക; ഗതികേട് = നിരാശ്രയത്വം, പോംവഴിയില്ലായ്മ, കഷ്ടപ്പാട്, ദുരിതം.
ഗതികം [സം.] നാ. 1. ഗമനം, ചലനം; 2. അവസ്ഥ; 3. അഭയസ്ഥാനം; 4. ശരണം, അഭയം.
ഗതിദം [സം. ഗതി-ദ] നാ. വാൾപ്പയറ്റിൽ ഒരു അടവ്, ശത്രുവിൻെറ ആയുധം കൈയിൽനിന്നും വീഴ്ത്തുന്ന വിദ്യ.
ഗതിഭേദം [സം. -ഭേദ] നാ. 1. പുരോഗതിക്കുണ്ടാകുന്ന തടസ്സം; 2. നടപടി വ്യത്യാസം, അവസ്ഥാഭേദം.
ഗതില [സം. ഗതിലാ] നാ. 1. നദി; 2. പരമ്പര; 3. തുടർച്ച.
ഗത്യന്തരം [സം. -അന്തര] നാ. മറ്റൊരുമാർഗം, ഉപായം, പോംവഴി.
ഗത്യവരോധം [സം. -അവരോധ] നാ. 1. മാർഗതടസ്സം; 2. ഉപരോധം.
ഗത്വര [സം.] വി. 1. പോകുന്ന, പോയിക്കൊണ്ടിരിക്കുന്ന, പോവുക, ശീലമായിട്ടുള്ള; 2. ഇളക്കാവുന്ന, ഇളകുന്ന, ചലിക്കുന്ന; 3. ക്ഷണികമായ, നശ്വരമായ.
ഗത്വാ [സം.] അവ്യ. ഗമിച്ചിട്ട്.
ഗദ [സം. ഗദാ] നാ. ഒരു ആയുധം, അടിക്കാനുപയോഗിക്കുന്നത്.
ഗദം [സം.] നാ. 1. പറയപ്പെടുന്നത്, പ്രഭാഷണം, ചൊല്ല്; 2. വാക്യം; 3. രോഗം, വ്യാധ്, ശരീരാസ്വാസ്ഥ്യം; 4. വ്യസനം, ദു:ഖം, പ്രയാസം; 5. ഇടിനാദം; 6. കൊട്ടം; 7. വിഷം.
ഗദാഗദന്മാർ [സം. ഗദ-അഗദ] നാ. (ബ.വ.) അശ്വിനീദേവന്മാർ.

ഗദാഗ്രണി [സം. -അഗ്രണീ] നാ. ക്ഷയരോഗം (രോഗങ്ങളുടെ രാജാവെന്ന സങ്കൽപത്തിൽ).
ഗദാധരൻ1 [സം. -ധര] 'ഗദ ധരിക്കുന്നവൻ.' നാ. 1. ഗദായുധനായ ഭടൻ, ഗദ കൈയിൽ എടുത്തവൻ; 2. വിഷ്ണു.
ഗദാധരൻ2 [സം. ഗദ-അധര] നാ. 1. ഗദ കൈയിലെടുത്തവൻ, ഗദ കൈയിലുള്ളവൻ; 2. വിഷ്ണു.
ഗദാഭൃത്ത് [സം. -ഭൃത്] നാ. വിഷ്ണു.
ഗദാമുദ്ര [സം. -മുദ്രാ] നാ. ഗദയെ കാണിക്കുന്ന കൈമുദ്ര.
ഗദായുധൻ [സം. -ആയുധ] നാ. ഭീമൻ.
ഗദാരാതി [സം. ഗദ-അരാതി] 'രോഗത്തിൻെറ വിരോധി.' നാ. ഔഷധം.
ഗദാവസാനം [സം. ഗദാ-അവസാന] നാ. മധുരയ്ക്കടുത്തുള്ള ഒരു സ്ഥലം (ജരാസന്ധൻ കൃഷ്ണൻെറനേർക്ക് എറിഞ്ഞ ഗദ ചെന്നുവീണ സ്ഥലമായതുകൊണ്ട് ഈ പേരുണ്ടായി എന്നുപ്രസിദ്ധി).
ഗദാവാൻ [സം. -വത്] നാ. 1. ഗദയോടു കൂടിയവൻ; 2. ഒരു ജാതി വീണ.
ഗദി [സം. ഗദിൻ] വി. 1. ഗദ ധരിച്ച; 2. ഗദമുള്ള, രോഗമുള്ള. നാ. 1. വിഷ്ണു, കൃഷ്ണൻ; 2. രോഗി (സ്ത്രീ.) ഗദിനി.
ഗദിക്കുക [<സം. ഗദ്] ക്രി. പറയുക, സംസാരിക്കുക.
ഗദിത [സം.] വി. പറയപ്പെട്ട, നിർദേശിച്ച.
ഗദിതം [സം.] നാ. പറയപ്പെട്ടത്, വാക്ക്, സന്ദേശം.
ഗദ്ഗദ, ഗൽ- [സം.] വി. തൊണ്ടയിടറിപ്പറയുന്ന, വിക്കി വിക്കിപ്പറയുന്ന.
ഗദ്ഗദൻ [സം. ഗദ്-ഗദ] നാ. (ആയുർ.) ഉച്ചാരണ വൈകല്യമുള്ളവരെ മൂന്നായി തിരിച്ചിട്ടുള്ളതിൽ ഒരു വിഭാഗം, വ്യഞ്ജനാക്ഷരങ്ങൾ ഉച്ചരിക്കാൻ കഴിവില്ലാത്തവൻ.
ഗദ്ഗദം [സം. ഗദ്ഗദ] നാ. 1. വികാരാധിക്യംകൊണ്ടോ, രോഗംകൊണ്ടോ മറ്റോ വാക്കുകൾ തൊണ്ടയിൽ തടയുന്ന അവസ്ഥ, വാക്കുകൾക്കുണ്ടാകുന്ന അസ്പഷ്ടത, തൊണ്ടയിടർച്ച; 2. ഇടറിയ വാക്ക്.
ഗദ്ഗദവാൻ [സം. -വത്] നാ. ഗദ്ഗദമുള്ളവൻ, തൊണ്ടയിടറി സംസാരിക്കുന്നവൻ. (സ്ത്രീ.) ഗദ്ഗദവതി.
ഗദ്ഗദസ്വരം [സം. -സ്വര] നാ. 1. ഇടറിയ ഒച്ച; 2. പോത്ത്.
ഗദ്ഗിത [സം.] വി. ഗദ്ഗദത്തോടുകൂടി പറയപ്പെട്ട.
ഗദ്യ [സം.] വി. ഗദിക്കത്തക്ക, പറയത്തക്ക, പറയാവുന്ന, പറയേണ്ടുന്ന.
ഗദ്യകവിത [സം. -കവിതാ] നാ. വൃത്തത്തെ ആശ്രയിക്കാതെ രചിച്ചിട്ടുള്ള കവിത.
ഗദ്യകാവ്യം [സം. -കാവ്യ] നാ. 1. വൃത്തബന്ധമില്ലാത്ത വാക്യങ്ങളാൽ നിബന്ധിച്ചിട്ടുള്ള കാവ്യം; 2. താളത്തിനു ചൊല്ലാവുന്ന വിധത്തിൽ എഴുതിയിട്ടുള്ള ഗദ്യം (ചമ്പുക്കളിലെയും മറ്റും ഗദ്യം).
ഗദ്യനാടകം [സം. -നാടക] നാ. സംഭാഷണത്തിൽ പദ്യങ്ങളുപയോഗിക്കാതെ ഗദ്യത്തിൽത്തന്നെ രചിച്ചിട്ടുള്ള നാടകം.
ഗദ്യം [സം.] നാ. 1. പദ്യമല്ലാതെയുള്ള രചന, സാഹിത്യത്തിലെ രണ്ടു വിഭാഗങ്ങളിൽ ഒന്ന്, വൃത്തബന്ധം കൂടാതെ സാധാരണസംഭാഷണത്തിൽള്ള

വാക്യഘടനയോടുകൂടിയ ഭാഷാപ്രയോഗം; 2. ചമ്പുക്കളിൽ കാണപ്പെടുന്ന ഒരു പ്രത്യേക രചാനാരീതി.
ഗദ്യാന(കം) [സം. ഗദ്യാനക] നാ. ഗദ്യാണകം, 48 കുന്നിക്കുരുവിൻേറതിനുതുല്യമായ തൂക്കം.
ഗൻ [സം. ഗ] നാ. 1. ഗന്ധർവൻ; 2. ഗണപതി; 3. നേതാവ്; 4. ജനയിതാവ്; 5. സ്രഷ്ടാവ്; 6. ശിവൻ; 7. വിഷ്ണു.
ഗന്തവ്യ [സം.] വി. 1. ഗമിക്കത്തക്ക, പോകത്തക്ക, പോകേണ്ടതായ, ചെല്ലേണ്ടതായ; 2. പ്രാപിക്കത്തക്ക (സ്ത്രീയെന്നപോലെ).
ഗന്താ(വ്) [സം. ഗന്താ < ന്തൃ]നാ. 1. ഗമിക്കുന്നവൻ, പോകുന്നവൻ; 2. സ്ത്രീയെ പ്രാപിക്കുന്നവൻ. (സ്ത്രീ.) ഗന്ത്രി.
ഗന്തു[സം.] നാ. 1. വഴിപോക്കൻ, യാത്രക്കാരൻ; 2. വഴി, മാർഗം.
ഗന്തുകാമ [സം. -കാമ] വി. ഗമിക്കാൻ ആഗ്രഹിക്കുന്ന, പോകാൻ വിചാരിക്കുന്ന.
ഗന്തും [സം.] അവ്യ. പോകുന്നതിന്.
ഗന്ദ്രലം [സം.] നാ. സിംഹം.
ഗന്ധ [സം.] വി. മണമുള്ള. നാ. 1. ചമ്പകമൊട്ട്; 2. ആരാമശീതള; 3. ചെറുകച്ചോലം; 4. മൂവില; 5. നച്ചെലി.
ഗന്ധകകുസുമം [സം. -കുസുമ] നാ. ശുദ്ധിചെയ്തെടുത്ത ഗന്ധകപ്പൊടി.
ഗന്ധകതൈലം [സം.] നാ. ഗന്ധകം ചേർത്തുണ്ടാക്കുന്ന ഒരു ഔഷധതൈലം.
ഗന്ധകം [സം. ഗന്ധക]നാ. 1. ഒരു അലോഹധാതുദ്രവ്യം; 2. മുരിങ്ങ (മഞ്ഞപ്പൂവുള്ളത്).
ഗന്ധകമഴ [സം. ഗന്ധക മ. മഴ] നാ. ഗന്ധകം കലർന്ന വാതകങ്ങൾ ഘനീഭവിച്ചു മഴയോടൊപ്പം പൊഴിയുന്നത്.
ഗന്ധകാമ്ലം [സം. -അമ്ല] നാ. ഗന്ധകത്തിൽ നിന്നുമുണ്ടാകുന്ന ഒരു അമ്ലദ്രാവകം.
ഗന്ധകാരിക [സം. -കാരികാ] നാ. കുറിക്കൂട്ടു തയ്യാറാക്കുന്നവൾ.
681
ഗന്ധകാഷ്ഠം [സം. -കാഷ്ഠ] നാ. 1. അകിൽ; കിരാതചന്ദനം.
ഗന്ധകാളി(കാ) [സം. -കാലീ, -കാലികാ] നാ. 1. വ്യാസൻെറ മാതാവ്, സത്യവതി; 2. പടർച്ചുണ്ട; 3. കരിങ്ങാലി.ഗന്ധകുസുമ [സം. -കുസുമാ] നാ. ഗണികാരി.
ഗന്ധകേളിക, -ചേളിക [സം. -കേലികാ] നാ. 1. കസ്തൂരി; 2. പച്ചപ്പുഴുക്ക്.
ഗന്ധഗജം [സം. -ഗജ] നാ. മദയാന.
ഗന്ധഗുണ [സം. -ഗുണാ] നാ. ഭൂമി.
ഗന്ധചേളിക [സം. -ചേലികാ] നാ. 1. കസ്തൂരി; 2. പച്ചപ്പുഴുക്ക്.
ഗന്ധജടില [സം. -ജടിലാ] നാ. വയമ്പ്.
ഗന്ധജലം [സം. -ജല] നാ. സുഗന്ധമുള്ള ഒരു ദ്രാവകം, കവിൾക്കൊള്ളാനുള്ളത്.
ഗന്ധജീവി [സം. -ജീവിൻ] നാ. സുഗന്ധദ്രവ്യങ്ങൾ വിറ്റ് ഉപജീവനം നടത്തുന്നവൻ, സുഗന്ധദ്രവ്യങ്ങൾ നിർമിക്കുന്നവൻ.
ഗന്ധജ്ഞ [സം. -ജ്ഞാ]നാ. മൂക്ക്.
ഗന്ധദ്രവം [സം. -ദ്രവ] 'മണമുള്ള ജലം.' നാ. പനിനീർ.
ഗന്ധദ്രു [സം. -ദ്രു] നാ. അകിൽ.

ഗന്ധദ്വിപം [സം. -ദ്വിപ] നാ. മദയാന.
ഗന്ധധാരി [സം. -ധാരിൻ] ' സുഗന്ധം വഹിക്കുന്നവൻ.' നാ. ശിവൻ.
ഗന്ധധൂളി [സം. -ധൂലി] നാ. 1. കസ്തൂരി; 2. പുഴുക്ക്.
ഗന്ധനകുലം [സം. -നകുല] നാ. 1. നച്ചെലി; 2. വെരുക്.
ഗന്ധനം [സം.] നാ. 1. ഗന്ധം വ്യാപിപ്പിക്കൽ; 2. ഉത്സാഹിപ്പിക്കൽ, പ്രോത്സാഹനം; 3. അറിയിക്കൽ, സൂചിപ്പിക്കൽ; 4. ആശയപ്രകാസനം; 5. സ്ഥിരപരിശ്രമം; 6. ഹിംസിക്കൽ; 7. ഗന്ധതൃണം; 8. പാണ്ടിനെല്ല്.
ഗന്ധനാളി(ക) [സം. -നാലീ, -നാലികാ] നാ. മൂക്ക്.
ഗന്ധനിലയ [സം. -നിലയാ] നാ. 1. പിച്ചി; 2. തൂശിമുല്ല.
ഗന്ധപിശ്ശാചിക [സം. -പിശാചികാ] നാ. സാമ്പ്രാണിപ്പുക.
ഗന്ധം [സം. ഗന്ധ] നാ. 1. ഇന്ദ്രിയഭോഗ്യമായ വിഷയങ്ങളിലൊന്ന്, ഘ്രാണേന്ദ്രിയത്താൽ അറിയപ്പെടുന്ന ഗുണം, വൈശേഷികമതപ്രകാരമുള്ള ഇരുപത്തിനാലു ഗുണങ്ങളിലൊന്ന്, ഭൂമിയുടെ ഗുണമായിട്ടുള്ളത്, നല്ലതോ, ചീത്തയോ ആയ മണം; 2. ചന്ദനം കുങ്കുമം കസ്തൂരി തുടങ്ങി ഏതെങ്കിലും മണമുള്ള വസ്തു; 3. ഗന്ധകം; 4. കരിമുരിങ്ങ, മുരിങ്ങ; 5. ഗർവം; 6. സംബന്ധം, ബന്ധം; 7. സാമീപ്യം; 8. ലാഞ്ഛന, അൽപം മാത്രം ഉള്ള സ്ഥിതി; 9. ലേശപരിചയം, അൽപമായ അറിവ്; 10. ഒരു ക്ഷുദ്രരോഗം, കക്ഷത്തിലുണ്ടാകുന്ന പൊള്ളൽ. (ഗന്ധശബ്ദവുമായി സമാസിച്ച് ഒട്ടേറെ ഔഷധസസ്യങ്ങളുടെ പേരുകൾ ഉണ്ടാക്കുന്നു.)
ഗന്ധമാതാ(വ്) [സം. -മാതൃ] നാ. ഭൂമി.
ഗന്ധമാദന [സം. -മാദന] വി. ഗന്ധംകൊണ്ടു മദിപ്പിക്കുന്ന.
ഗന്ധമാദനം [സം. -മാദന] നാ. 1. മഹാമേരുവിനു കിഴക്കുള്ള പുരാണ പ്രസിദ്ധമായ ഒരു പർവതം; 2. വലിയ വണ്ട്; 3. ഗന്ധകം; 4. (ശിൽപ.) പ്രസാദത്തിൻെറ മുമ്പിലുള്ള ഏഴു മണ്ഡപങ്ങളിലൊന്ന്.
ഗന്ധമാർജാര(ക)ം [സം. -മാർജാര(ക)] നാ. വെരുക്.
ഗന്ധമാർജാരവീര്യം [സം. -മാർജാര-വീര്യ] നാ. വെരുകിൻ പുഴു.
ഗന്ധമാല [സം. -മാലാ] നാ. ഒരു ക്ഷുദ്രരോഗം, തൊലിപ്പുറത്തുണ്ടാകുന്ന ഒരുതരം കുരു.
ഗന്ധമുഖ [സം. -മുഖാ] നാ. 1. നച്ചെലി; 2. വെരുക്.
ഗന്ധമുഖ്യം [സം. -മുഖ്യ] നാ. കസ്തൂരിമൃഗം.
ഗന്ധമൂഷികൻ [സം. -മൂഷിക] നാ. നച്ചെലി.
ഗന്ധമൃഗം [സം. -മൃഗ] നാ. 1. വെരുക്; 2. കസ്തൂരിമാൻ.
ഗന്ധമൈഥുനം [സം. -മൈഥുന] നാ. കാള.
ഗന്ധയുക്തി [സം. -യുക്തി] നാ. സുഗന്ധദ്രവ്യങ്ങൾ ഉണ്ടാക്കുന്ന കല (അറുപത്തിനാലു കലാവിദ്യകളിൽ ഒന്ന്).
ഗന്ധയോഗം [സം. -യോഗ] നാ. = ഗന്ധയുക്തി.
ഗന്ധർവഗ്രഹപീഡ [സം. ഗന്ധർവ-ഗ്രഹപീഡാ] നാ. ഒരുവക അപസ്മാരരോഗം, ഉന്മാദം.
ഗന്ധർവൻ [സം.] നാ. 1. ദേവസദസ്സിലെ പാട്ടുകാരനായ ഉപദേവൻ; 2. ഗായകൻ, പാട്ടുകാരൻ; 3. സൂര്യൻ; 4. മരിച്ച ശേഷം ദേഹാന്തരപ്രാപ്തി കാത്തുകഴിയുന്നത്, പരേതാത്മാവ്; 5. ജ്ഞാനി, മഹർഷി; 6. തെക്കേദിക്കിലെ വാസ്തുദേവത.
ഗന്ധർവൻപാട്ട് [സം. ഗന്ധർവ-മ. പാട്ട്] നാ. ഗന്ധർവ പ്രീതിക്കായി പാടുന്ന ഒരു പഴയ പാട്ട്.

ഗന്ധർവനഗരം [സം. –നഗര] നാ. 1. ഗന്ധർവന്മാരുടെ നഗരം; 2. (പ്ര.) മായാനഗരം, സത്യത്തിൽ ഇല്ലാത്തതും ഇണ്ടെന്നുതോന്നിക്കുന്നതുമായ വസ്തു, മിഥ്യ, സങ്കൽപം.
ഗന്ധർവപീഡ [സം. –പീഡാ] നാ. സ്ത്രീകളെ ബാധിക്കുന്ന ഒരുവക അപസ്മാരരോഗം.
ഗന്ധർവം [സം. ഗന്ധർവ] നാ. 1. കുതിര; 2. കസ്തൂരിമാൻ; 3. വെളുത്താവണക്ക്; 4. കുയിൽ; 5. യാതനാശരീരം, ശരീരം വെടിഞ്ഞ ആത്മാവ്; 6. രാത്രിയുടെ പതിനഞ്ചു വിഭാഗങ്ങളിൽ ഒന്ന്; 7. ഭാരതവർഷത്തിൻെറ ഒരു വിഭാഗം; 8. വിഷ്ണുക്രാന്ത എന്ന വിഭാഗത്തിൽപ്പെട്ട 64 തന്ത്രങ്ങളിൽ ഒന്ന്; 9. പതിനാലാമത്തെ കൽപകാലം; 10. (സങ്ഗീ.) ഒരു സ്വരം; 11. ജ്ഞാനം.
ഗന്ധർവലിപി [സം. –ലിപി] നാ. പ്രാചീനഭാരതത്തിൽ നിലവിലിരുന്ന ഒരുതരം ലിപി.
ഗന്ധർവവിദ്യ [സം. –വിദയാ] നാ. സങ്ഗീതം, സങ്ഗീതവിദ്യ.
ഗന്ധർവവേദം [സം. –വേദ] നാ. ഒരു ഉപവേദം, സങ്ഗീതത്തെക്കുറിച്ചുള്ളത്.
ഗന്ധർവസത്ത്വം [സം. –സത്ത്വ] നാ. ആകൃതിയും പ്രകൃതിയുമനുസരിച്ചു ആനകളെ തരംതിരിച്ചിട്ടുള്ളതിൽ ഒരിനം.
ഗന്ധർവാസ്ത്രം [സം. –അസ്ത്ര]നാ. ഗന്ധർവൻ അധിഷ്ഠാന ദേവതയായിട്ടുള്ള ഒരസ്ത്രം.
ഗന്ധർവി [സം. ഗന്ധർവീ] നാ. 1. ഗന്ധർവസ്ത്രീ; 2. സുരഭിയുടെ മകൾ, അശ്വവർഗത്തിൻെറ മാതാവ്.
ഗന്ധരാജൻ [സം. –രാജ] നാ. വെളുത്തനിറമുള്ളതും സുഗന്ധമുള്ളതുമായ ഒരിനം പൂവ്.
ഗന്ധലോലുപ [സം. –ലോലുപാ] 'ഗന്ധത്തെ ഇഷ്ടപ്പെടുന്നത്.' നാ. 1. ഈച്ച; 2. കൊതുക്; 3. വണ്ട്.
ഗന്ധവതി [സം. –വതീ] നാ. 1. ഭൂമി; 2. സത്യവതി, വ്യാസൻെറ മാതാവ്; 3. ഒരിനം പിച്ചി; 4. വീഞ്ഞ്, മദ്യം; 5. കസ്തൂരി; 6. മുരാമാഞ്ചി (ഒരു ഔഷധം); 7. വായുദേവൻെറ നഗരം; 8. പതിനേഴാംവയസ്സിൽ ബാലന്മരെ ബാധിക്കുന്നതായി കരുതപ്പെടുന്ന ഒരു ഗ്രഹം.
ഗന്ധവത്ത് [സം. –വത്] വി. മണമുള്ള.
ഗന്ധവഹ, –വഹം [സം. –വഹാ, –വഹ] 'ഗന്ധത്തെ വഹിക്കുന്നത്.' നാ. കാറ്റ്, വായു, വായുദേവൻ.
ഗന്ധവാഹനൻ [സം. –വാഹന] നാ. വായു, കാറ്റ്, വായുദേവൻ.
ഗന്ധവാഹം [സം. –വാഹ] നാ. 1. വായു; 2. കസ്തൂരിമൃഗം.
ഗന്ധവാഹി [സം. ഗന്ധ–വാഹിൻ] വി. ഗന്ധത്തെ വഹിച്ചു കൊണ്ടുപോകുന്ന. നാ. കാറ്റ്.
ഗന്ധശസ്യം [സം. –ശസ്യ] നാ. ഒരിനം രത്നം.
ഗന്ധശുണ്ഡിനി [സം. –ശുണ്ഡിനീ] നാ. നച്ചെലി.
ഗന്ധശേഖരം [സം. ഗന്ധശേഖര] നാ. 1. കസ്തൂരി; 2. പുഴുക്ക്.
ഗന്ധസാരം [സം. –സാര] നാ. 1. ചന്ദനം; 2. കച്ചോലം; 3. തേക്ക്; 4. ഗുഗ്ഗുലു; 5. വൈരപ്പുളി; 6. പിച്ചി; 7. പനിനീർ.
ഗന്ധസുഖി [സം. –സുഖീ] നാ. 1. പെണ്ണെരുക്, 2. നച്ചെലി.
ഗന്ധാഢ്യ [സം. –ആഢ്യ] വി. വളരെ ഗന്ധമുള്ള, നല്ല മണമുള്ള. (ഈ പേരിൽ പല ഔഷധസസ്യങ്ങളും അറിയപ്പെടുന്നു.)

ഗന്ധാനുസാരി [സം. -അനുസാരിൻ] നാ. ഒരിനം വേട്ടനായ്.
ഗന്ധാംഭസ്സ് [സം. -അംഭസ്] നാ. പരിമളവസ്തുക്കൾ ചേർന്ന ജലം, അഷ്ടഗന്ധജലം.
ഗന്ധാലു [സം.] വി. ഗന്ധം ചേർന്ന, വാസനയുള്ള.
ഗന്ധാശ്മ(ം) [സം. ഗന്ധ-അശ്മൻ] നാ. ഗന്ധകക്കല്ല്, ഗന്ധകം.
ഗന്ധാഹ്വ [സം. -ആഹ്വാ] നാ. ചെമന്ന തുളസി.
ഗന്ധാളി [സം. ഗന്ധാലീ] നാ. 1. തുടരെയുള്ള വാസന; 2. കടന്നൽ; 3. ചെറുകച്ചോലം.
ഗന്ധി [സം. ഗന്ധിൻ] വി. ഗന്ധമുള്ള, മണമുള്ള. നാ. ജീരകം; 2. ഒരു സുഗന്ധദ്രവ്യം, പുൽക്കുങ്കുമം; 3. ഒരു കീടം (സമാസാന്തത്തിൽ).
ഗന്ധിക [സം.] വി. (സമാസാന്തത്തിൽ) 1. ഗന്ധമുള്ള; 2. അൽപമാത്രമായ; 3. ദുർലഭമായ.
ഗന്ധികൻ [സം.] നാ. സുഗന്ധദ്രവ്യവ്യാപാരി.
ഗന്ധിക്കുക [സം. <സന്ധ]ക്രി. 1. മണക്കുക, ഗന്ധമുണ്ടാവുക; 2. മണപ്പിക്കുക.
ഗന്ധിപത്രം, -പർണം [സം. ഗന്ധ-പത്ര, -പർണ] നാ. ഏഴിലം പാല.
ഗന്ധോത്തമ [സം. -ഉത്തമാ] 'ഗന്ധംകൊണ്ട് ഉത്തമമായത്.' നാ. മദ്യം.
ഗന്ധോപലം [സം. -ഉപല] നാ. ഗന്ധകക്കല്ല്.
ഗന്ധോളി [സം. ഗന്ധോലീ] നാ. 1. കടന്നൽ; 2. ചെറിയ വാൾ; 3. പെരുമുത്തങ്ങാ; 4. ചെറുകച്ചോലം; 5. ചുക്ക്.
ഗഫൂർ [അറ.] 'കുറ്റങ്ങളെ ക്ഷമിക്കുന്നവൻ, മാപ്പുകൊടുക്കുന്നവൻ.' നാ. ദൈവം.
ഗബ്രിയേൽ [ഹീ] 'ദൈവത്തിൻെറ പുരുഷൻ.' നാ. (ക്രിസ്തു.) ഒരു ദൈവദൂതൻ.
ഗഭം [സം.] നാ. 1. വിടവ്; 2. ഉപസ്ഥം, ഭഗം.
ഗഭസ്തി [സം.] നാ. 1. രശ്മി, കിരണം; 2. സൂര്യൻ; 3. കൈ; 4. വണ്ടിക്കാൽ; 5. ചുവന്നപൂവുള്ള എരിക്ക്; 6. അഗ്നിയുടെ പത്നി; 7. പുരാണ പ്രസ്തുതമായ ഒരു നദി.
ഗഭസ്തിനേമി [സം. ഗഭസ്തി-നേമി] നാ. വിഷ്ണു.
ഗഭസ്തിമാൻ [സം. -മത്] നാ. 1. സൂര്യൻ; 2. ഭാരതവർഷത്തിൻെറ ഒമ്പതു വിഭാഗങ്ങളിൽ ഒന്ന്; 3. സപ്തപാതാളങ്ങളിൽ ഒന്ന്.
ഗഭസ്തിമാലി [സം. -മാലിൻ] നാ. സൂര്യൻ.
ഗഭീര [സം.] വി. = ഗംഭീര.
ഗഭീരിക [സം. ഗഭീരികാ] നാ. 1. പെരുമ്പറ; 2. ചേങ്ങില.
ഗഭീരിമ [സം. ഗഭീരിമൻ] നാ. 1. ഗഭീരമായ അവസ്ഥ, ഗാംഭീര്യം; 2. മഹത്ത്വം; 3. കുലീനത്വം.
ഗഭോളികം [സം. ഗഭോലിക] നാ. 1. ചെറിയ വട്ടത്തലയണ; 2. കറുത്ത ചണപ്പയറ്.
ഗം [സം.] നാ. ഗാനം, പാട്ട്.
ഗംഭീര [സം.] വി. 1. ആഴമുള്ള, താഴ്ചയുള്ള; 2. മുഴങ്ങുന്ന, ഉച്ചത്തിൽ ശബ്ദിക്കുന്ന; 3. മികച്ച; 4. ഗഹനമായ; 5. വളരെ ഗൗരവമുള്ള; 6. കഠിനമായ; 7. മഹത്ത്വമുള്ള; 8. വിസ്തരിച്ചുള്ള; 9. ശാന്തമായ; 10. ഇടതൂർന്ന, തിങ്ങിയ. നാ. 1,. ഇക്കിളിൻെറ ഭേദങ്ങളിൽ ഒന്ന് (മുഴക്കമുള്ള ഒരിനം ഇക്കിൾ); 2. ഒരു നദി.
ഗംഭീരക [സം.] വി. വളരെ ആഴത്തിലുള്ള, ഉള്ളാഴമുള്ള.

ഗംഭീരത [സം. ഗംഭീര-താ] നാ. ഗംഭീരമായ അവസ്ഥ, ഗാംഭീര്യം.
ഗംഭീരം [സം. ഗംഭീര] നാ. 1. ആഴമേറിയ പ്രദേശം; 2. ആഴം, താഴ്ച; 3. അഗാധജ്ഞാനം; 4. വാക്യരചനയിലെ ഒരു രീതി (പ്രഥമദൃഷ്ടിക്കു തോന്നുന്നതിലധികം അർഥപുഷ്ടിയുള്ളത്); 5. താമര; 6. വാളൻപുളി; 7. ഒരുരോഗം, വാതശോണിതം.
ഗംഭീരവേദി [സം. -വേദിൻ] നാ. ഒരുജാതി ആന, ചെറിയ തരം പീഡകൾ പെട്ടന്നറിയുന്നത്.
ഗംഭീരിമ [സം. ഗംഭീരിമൻ] നാ. ഗംഭീരത.
ഗമ1 നാ. വലിയ ഭാവം, ഗർവ്, കൃത്രിമമായ പ്രൗഢി.
ഗമ2 [സം.] വി. (പദാന്തത്തിൽ) 1. പോകുന്ന; 2. ചരിക്കുന്ന; 3. പ്രാപിക്കുന്ന; 4. ലഭിക്കുന്ന.
ഗമക[സം.] വി. 1. ഗമിപ്പിക്കുന്ന, സൂചിപ്പിക്കുന്ന; 2. തെളിവാക്കുന്ന; 3. ബോധ്യപ്പെടുത്തുന്ന, വിശദമാക്കുന്ന.
ഗമകൻ [സം. ഗമക] നാ. 1. പോകുന്നവൻ; 2. സൂചിപ്പിക്കുന്നവൻ, സൂചകൻ. (സ്ത്രീ.) ഗമിക.
ഗമകം [സം. ഗമക] നാ. (സങ്ഗീ.) 1. സ്വരാലാപനത്തിലെ വൈചിത്ര്യം; 2. സൂചിപ്പിക്കുന്നത്, തീരുമാനത്തിലേക്കു നയിക്കുന്നത്; 3. തെളിവ്.
ഗ്മഥൻ [സം.] നാ. വഴിപോക്കൻ, യാത്രക്കാരൻ.
ഗമഥം [സം.] നാ. വഴി, വീഥി.
ഗമനഗുളിക [സം. ഗമന-ഗുലികാ] നാ. ഒരുതരം മാന്ത്രികഗുളിക. ഇതിൻെറ ശക്തികൊണ്ട് ആകാശത്തുകൂടി സഞ്ചരിക്കാൻ സാധിക്കുമെന്നു കരുതപ്പെടുന്നു.
ഗമനം [സം.] നാ. 1. നീക്കം, പോക്ക്, ഗതി, സഞ്ചാരം, യാത്ര; 2. (തർക്ക.) പഞ്ചകർമങ്ങളിലൊന്ന്; 3. വഴി, മാർഗം, പാത; 4. സംഭോഗം; 5.ധ്വനിപ്പിക്കൽ, സൂചിപ്പിക്കൽ; 6. (ശിൽപ.) കട്ടിള, ചുവര്, അസ്ഥിവാരം മുതലായവയുടെ വശങ്ങളിലേക്കോ ഉള്ളിലേക്കോ തള്ളിനിൽക്കുന്ന ഭാഗം.
ഗമനശുദ്ധി [സം. ഗമന-ശുദ്ധി] നാ. ബ്രഹ്മചര്യം.
ഗമനസിദ്ധി [സം. -സിദ്ധി] നാ. ആകാശത്തിലൂടെ സഞ്ചരിക്കാനുള്ള സിദ്ധി, ആകാശത്തിലൂടെ ഉദ്ദിഷ്ടസ്ഥലത്തു ചെന്നെത്തുവാനുള്ള ശക്തി.
ഗമനീയ [സം.] വി. ഗമിക്കത്തക്ക, കടക്കത്തക്ക; 2. പ്രാപിക്കത്തക്ക; 3. മനസ്സിലാക്കത്തക്ക; 4. അനുഷ്ഠിക്കത്തക്ക, ആചരിക്കത്തക്ക; 5. സംഭോഗസംബന്ധിയായ.
ഗമം [സം. ഗമ] നാ. 1. യാത്ര, പോക്ക്; 2. ലബ്ധി; 3. പ്രാപ്തി; 4. ആലോചനയില്ലായ്മ; 5. ശ്രദ്ധകൂടാതെയുള്ള വായന; 6. ക്ഷമ, സഹിഷ്ണുത; 7. സംഭോഗം; 8. ഒരിനം ചൂതുകളി.
ഗമി1 [സം. ഗമിൻ] വി. പോകാൻ ഉദ്ദേശിക്കുന്ന.
ഗമി2 [സം. ഗമീൻ] നാ. വഴിപോക്കൻ. (സ്ത്രീ.) ഗമിനി.
ഗമിക്കുക [<സം. ഗമ്] ക്രി. 1. ചലിക്കുക, പോകുക, നടക്കുക, യാത്രപുറപ്പെടുക; 2. (ശിൽപ.) തള്ളിനിൽക്കുക; 3. പ്രാപിക്കുക; 4. സംഭോഗം ചെയ്യുക; 5. ഗ്രഹിക്കുക; 6. അനുഷ്ഠിക്കുക.
683
ഗമ്യ1[സം.] വി. 1. പോകാവുന്ന, കടക്കാവുന്ന, പ്രവേശിക്കാവുന്ന; 2. പ്രാപിക്കാവുന്ന, ലഭിക്കാവുന്ന; 3. സാധ്യമായ; 4. മനസ്സിലാകുന്ന, സുഗ്രഹമായ; 5. സംഭോഗയോഗ്യമായ; 6. യോജിച്ച; 7. സുചിതമായ; 8. ഭേദമാക്കാവുന്ന.

ഗമ്യ2 [സം. ഗമ്യാ] നാ. പ്രാപിക്കത്തക്കവൾ, വിവാഹാർഹയോ, സംഭോഗയോഗ്യയോ ആയ സ്ത്രീ.
ഗമ്യത [സം. ഗമ്യതാ] നാ. 1. ഗമിക്കാവുന്ന അവസ്ഥ; 2. (കാമ.) കുഷ്ഠം തുടങ്ങിയ പകർച്ചവ്യാധികളൊന്നും ഇല്ലാത്ത അവസ്ഥ.
ഗമ്യത്വം [സം.] നാ. = ഗമ്യത.
ഗമ്യൻ [സം. ഗമ്യ] നാ. 1. പ്രാപിക്കാവുന്നവൻ; 2. കാമുകൻ, ജാരൻ.
ഗമ്യസ്ഥാനം [സം. -സ്ഥാന] നാ. എത്തേണ്ടിടം.
ഗമ്യോത്പ്രേക്ഷ [സം. -ഉത്പ്രേക്ഷ] നാ. (അലം.) ഉത്പ്രേക്ഷയുടെ അവാന്തരവിഭാഗങ്ങളിൽ ഒന്ന്.
ഗയ [സം. ഗയാ] നാ. ബീഹാറിലുള്ള ഒരു പുണ്യസ്ഥലം, ഗയനെന്നമഹർഷിയുടെ അധിവാസംകൊണ്ട് പാവനമായത്.
ഗയൻ [സം. ഗയ] നാ. 1. ദുഷ്യന്തപുത്രനായ ഭരതൻെറ അഞ്ചുപുത്രന്മാരിൽ ഒരുവൻ; 2. മനുഷ്യപുത്രനായ സുദ്യുംനൻെറ പുത്രൻ; 3. ഒരു ഗന്ധർവൻ.
ഗയം [സം.] നാ. 1. ഭവനം, കുടുംബം; 2. ധനം; 3. സന്തതി; 4. ആകാശം; 5. പ്രാണൻ; 6. ഗയാതീർഥം; 7. ഗയയ്ക്കു സമീപമുള്ള ഒരുപർവതം.
ഗയാശ്രാദ്ധം [സം. -ശ്രാദ്ധ] നാ. ഗയയിലവച്ചു നടത്തുന്ന ശ്രാദ്ധക്രിയ.
ഗർഗൻ [സം. ഗർഗ] നാ. 1. യാദവരുടെ പുരോഹിതനായ ഒരു ഋഷി, ശ്രീകൃഷ്ണൻെറ ഗുരു; 2. കാള.
ഗർഗം [സം. ഗർഗ] നാ. 1. കാള; 2. മണ്ണിര.
ഗർഗര [സം. ഗർഗരാ] നാ. തൈരുകടയുന്ന പാത്രം.
ഗർഗരം [സം. ഗർഗര] നാ. 1. ഒരിനം മത്സ്യം; 2. നീർച്ചുഴി; 3. ഒരുതരം വാദ്യം; 4. വെള്ളം കോരിവയ്ക്കാനുള്ള പാത്രം; 5. തൈരുകടയുന്ന പാത്രം.
ഗർഗരി [സം. ഗർഗരീ] നാ. 1. തൈരുകടയുന്ന പാത്രം; 2. പാൽക്കലം.
ഗർഗവിദ്യ [സം. ഗർഗ-വിദ്യാ] നാ. 1. ജ്യോതിശാസ്ത്രം; 2. വാസ്തുവിദ്യ, കെട്ടിടനിർമാണം.
ഗർജ [സം. ഗർജാ] നാ. 1. അലർച്ച; 2. (ഇടി)നാദം.
ഗർജനം [സം. ഗർജന] നാ. 1. അലർച്ച; 2. (ഇടി) നാദം; 3. ശബ്ദം; 4. കോപം; 5. യുദ്ധം; 6. ഒരു പുണ്യതീർഥം.
ഗർജം [സം. ഗർജ] നാ. 1. ആനയുടെയും മറ്റും അലർച്ച; 2. ഇടിനാദം; 3. അലറുന്ന ആന; 4. ഒരു രാഗം.
ഗർജിക്കുക [<സം. ഗർജ്] ക്രി. 1. അലറുക (ആന, കടുവ, സിംഹം മുതലായവപോലെ); 2. ഇടിമുഴങ്ങുക; 3. ഉച്ചത്തിൽ ശബ്ദിക്കുക.
ഗർജിത [സം.] വി. ഗർജിച്ച.
ഗർജിതൻ [സം.] നാ. 1. മദമ്പൊട്ടിയ ആന; 2. ഉറക്കെശ്ശബ്ദിക്കുന്നവൻ, അലറുന്നവൻ.
ഗർജിതം [സം. ഗർജിത] നാ. 1. അലർച്ച; 2. മദിച്ച ആനയുടെ നിലവിളി; 3. ഇടിമുഴക്കം.
ഗർത്തഗജം [സം. ഗർത-ഗജ] നാ. കുഴിയാന.
ഗർത്തദാഹം [സം. -ദാഹ] നാ. ചവറും മറ്റും കുഴിയിലിട്ടു തീയെരിക്കൽ.

ഗർത്തം1 [സം. ഗർത] നാ. 1. കുഴി, കുഴിഞ്ഞഭൂമി, മട; . ഗുഹ; 3. മരത്തിലുള്ള പൊത്ത്, പോട്; 4. അരക്കെട്ടിൻെറ രണ്ടു പാർശ്വങ്ങളിലുമുള്ള കുഴി, കുകുന്ദരം, ഓമൽച്ചുഴി; 5. ഒരുരോഗം; 6. ഒരുരാജ്യത്തിൻെറ പേര്.
ഗർത്തം2 [സം. ഗർത] നാ. 1. ഉയർന്ന ഇരിപ്പിടം, സിംഹാസനം; 2. രഥത്തിലെ ഇരിപ്പിടം; 3. രഥം; 4. ചൂതുമേശ; 5. ഗൃഹം; 6. സമ്മേളനമന്ദിരത്തിൻെറ തൂണ്.
ഗർത്തശോധനം [സം. -ശോധന] നാ. കുഴിയൊരുക്കൽ, കുഴിയിൽ വളവും മറ്റുംചേർത്തു തൈനടാൻ തയ്യാറാക്കൽ.
ഗർത്താശ്രയം [സം. -ആശ്രയ] നാ. കുഴിയിലോ മടയിലോ ജീവിക്കുന്ന ജന്തു.
ഗർത്തിക [സം. ഗർതികാ] നാ. നെയ്ത്തുശാല.
ഗർദനം [സം. <ഗർദ്] നാ. കരച്ചി, കഴുതയുടെ കരച്ചിൽ.
ഗർദഭകം [സം.] നാ. ചാണകത്തിലുണ്ടാകുന്ന ഒരു പ്രാണി; 2. ഒരു ത്വഗ്രോഗം, = ഗർദഭിക.
ഗർദഭം [സം. ഗർദഭ] ‘ ഗർദനം ചെയ്യുന്നത്.’ നാ. 1. കഴുത; 2. ഗന്ധം; 3. സുഗന്ധദ്രവ്യം; 4. (ആല.) വിഡ്ഢി; 5. വെളുത്ത ആമ്പൽ.
ഗർദഭമണി [സം. -മണി] നാ. ധൂമവർണമായ ഒരിനം രത്നം, പുകവർണക്കല്ല്.
ഗർദഭവടിവ് [സം. ഗർദഭ-മ. വടിവ്] നാ. കളരിപ്പയറ്റിലെ ഒരടവ്, കഴുത നിൽക്കുന്നതിനെ അനുകരിച്ചുള്ളത്.
ഗർദഭി [സം. ഗർദഭീ] നാ. 1. പെൺകഴുത; 2. ചാണകത്തിൽ വളരുന്ന ഒരിനം പുഴു.
ഗർദഭിക [സം. ഗർദഭികാ] നാ. ഒരു ക്ഷുദ്രരോഗം (അസഹ്യമായ വേദന ഉളവാക്കുന്ന വൃത്താകാരത്തിലുള്ള ചെമന്നകുരുക്കൾ ശരീരത്തിലുണ്ടാകുന്നതു ലക്ഷണം).
ഗർദം [സം.] നാ. ഗർജനം.
ഗർദിക്കുക [<സം. ഗർദ്] ക്രി. ഗർജിക്കുക.
ഗർധന [സം. ഗർധന]വി. അത്യാഗ്രഹമുള്ള, കൊതിയുള്ള. നാ. അത്യാഗ്രഹം, കൊതി.
ഗർധനം [സം. ഗർധന]നാ. അതിയായ ആഗ്രഹം, കൊതി.
ഗർധി [സം. ഗർധിൻ] നാ. കൊതിയുള്ളവൻ, അത്യാഗ്രഹി. (സ്ത്രീ.) ഗർധിനി.
ഗർധിക്കുക [<സം. ഗർധ്] ക്രി. ആഗ്രഹിക്കുക, കൊതിക്കുക.
ഗർഭ [സം.] വി. ഉള്ളിൽ വഹിക്കുന്ന (സമാസത്തിൽ), ഉദാ. അർഥഗർഭം, അഗ്നിഗർഭം ഇത്യാദി.
ഗർഭകണ്ടകം [സം. ഗർഭ-കണ്ടക] നാ. പ്ലാവ്.
ഗർഭകം [സം. ഗർഭക] നാ. 1. തലമുടിയിൽ ചൂടിയ പൂമാല; 2. രണ്ടുരാത്രികളും അവയ്ക്കിടയിലുള്ള പകലും കൂടിയ സമയം.
ഗർഭകരം [സം. ഗർഭ-കര] നാ. പുത്തിലഞ്ഞി.
ഗർഭകാലം [സം. -കാല] നാ. പ്രസവത്തിനു മുൻപുള്ള 280 ദിവസം അഥവാ 10 ചാന്ദ്രമാസം.
ഗർഭകേസരം [സം. -കേസര] നാ. പൂവിൽ അണ്ഡകോശത്തിൽ നിന്നുപുറപ്പെടുന്ന നാളിയുടെ അറ്റം, പരാഗം സ്വീകരിക്കുന്ന അവയവം.
ഗർഭകോശം [സം. -കോശ] നാ. ഗർഭപാത്രം.
ഗർഭഗ [സം. -ഗ] വി. ഗർഭത്തിലായ, ഉള്ളിലുള്ള.

ഗർഭഗൃഹം [സം. -ഗൃഹ] നാ. 1. ഉള്ളറ, അന്തഃപുരം; 2. പ്രസവമുറി, ഈറ്റില്ലം; 3. (ശിൽപ.) ക്ഷേത്രങ്ങളിൽ ബിംബം പ്രതിഷ്ഠിച്ചിരിക്കുന്ന അന്തർഗൃഹം, ശ്രീകോവിൽ.
ഗർഭഘാതിനി [സം. -ഘാതിനീ] നാ. 1. ഗർഭത്തെ അലസിപ്പിക്കുന്നവൾ; 2. മേത്തോന്നി.
ഗർഭച്ഛിദ്രം [സം. -ഛിദ്ര] നാ. ഗർഭം അഴിയൽ.
ഗർഭണ്ഡം [സം. ഗർഭണ്ഡ] നാ. ഒരുതരം രോഗം, പൊക്കിൾവീർപ്പ്.
ഗർഭദാസൻ [സം. -ദാസ] നാ. ജന്മനാതന്നെ ദാസനായിട്ടുള്ളവൻ, അടിമ (സ്ത്രീ.) ഗർഭദാസി.
ഗർഭദീക്ഷ [സം. -ദീക്ഷാ] നാ. ഭാര്യയുടെ ഗർഭകാലത്തു ഭർത്താവനുഷ്ഠിക്കുന്ന വ്രതം.
ഗർഭദൗഹദം [സം. -ദൗഹദ] നാ. ഗർഭകാലത്തു സ്ത്രീകൾക്കു ചില പ്രത്യേകവസ്തുക്കളോടുതോന്നുന്ന കൊതി, ദോഹദം, വ്യാക്ക്.
ഗർഭധാരണ(ം) [സം. -ധാരണാ, -ധാരണ] നാ. ഗർഭംധരിക്കൽ, ഗർഭമുണ്ടാകൽ.
ഗർഭനാഡി [സം. -നാഡീ] നാ. പൊക്കിൾക്കൊടി.
ഗർഭനാളം [സം. -നാല] നാ. പൂവിൻെറ അണ്ഡാശയത്തെയും ഗർഭകേസരത്തെയും തമ്മിൽ ഘടിപ്പിക്കുന്ന നാളി.
ഗർഭനിരോധ(ന)ം [സം. -നിരോധ(ന)] നാ. ഗർഭധാരണം ഉണ്ടാകാതെ തടയൽ.
ഗർഭപതനം [സം. -പതന]നാ. 1. ഗർഭപാത്രം; 2. ചാവുപിള്ള, ഗർഭത്തിൽത്തന്നെ മരിച്ചുപോയ ശിശു.
ഗർഭപാതം [സം. -പാത] നാ. ഗർഭച്ഛിദ്രം (നാലാം മാസത്തിനും ഏഴാം മാസത്തിനും ഇടയ്ക്കുണ്ടാകുന്നത്).
ഗർഭപാത്രം [സം. -പാത്ര] നാ. 1. സ്ത്രീയുടെ വയറ്റിൽ ഗർഭം ഉണ്ടായി വളരുന്നതിനുള്ള അവയവം, ഗർഭാശയം; 2. (ശിൽപ.) ശ്രീകോവിലിനുള്ളിൽ പ്രതിഷ്ഠയ്ക്കു മുമ്പു തന്ത്രവിധിപ്രകാരം സ്ഥാപിക്കുന്ന (ചെമ്പു) പാത്രം.
ഗർഭപിണ്ഡം [സം. -പിണ്ഡ] നാ. ഗർഭാശയത്തിനുള്ളിൽ പുംബീജവും സ്ത്രീയുടെ അണ്ഡവുംചേർന്നു പിണ്ഡാകാരമായി വളരുന്ന ഭ്രൂണം.
ഗർഭപീഡ [സം. -പീഡാ] നാ. പേറ്റുനോവ്.
ഗർഭപ്രേതം [സം. -പ്രേത]നാ. ഗർഭത്തോടെ മരിച്ച സ്ത്രീയുടെ പ്രേതം.
ഗർഭം [സം. ഗർഭ] 'ഉള്ളിലിരിക്കുന്നത്.' നാ. 1. പുരുഷബീജവും സ്ത്രീയുടെ അണ്ഡവും സമ്യോജിച്ചുണ്ടാകുന്ന ഭ്രൂണം; 2. ഉദരത്തിൽ ഭ്രൂണം വളരുന്ന കാലഘട്ടം; 3. ഗർഭാശയം; 4. ഉൾവശം, അന്തർഭാഗം; 5. ഉള്ളിലുള്ളത് (പദാന്തത്തിൽ പ്രയോഗം); 6. താമരയുടെ പുഷ്പകോശം; 7. നീരാവി ഉൾക്കൊണ്ടമേഘം, കാർമേഘം; 8. പരുവിൻെറ ഉള്ളിൽ ഉണ്ടാകുന്ന പഴുപ്പ്, ദുഷ്ട്; 9. ഭാവിഫലം അറിയുന്നതിനു കുട്ടികളുടെ കയ്യിൽ പുഷ്പം കൊടുത്തു തൊദുവിക്കാൻ രാശിചക്രം പോലെ വരയ്ക്കുന്ന കളങ്ങളിലൊന്നിൻെറ പേര്; 10. നാടകത്തിലെ പഞ്ചസന്ധികളിലൊന്ന്; 11. യമകത്തിൻെറ ഒരു വകഭേദം, രണ്ടാം പാദത്തെ മൂന്നാം പാദമായി അർഥവ്യത്യാസത്തോടെ ആവർത്തിക്കുന്നത്; 12. മഹാപദ്മം എന്ന സങ്ഖ്യയുടെ നൂറായിരം ഇരട്ടി; 13. (ശിലപ.) ശ്രീകോവിലിനുള്ളിൽ വിഗ്രഹപ്രതിഷ്ഠയ്ക്കു മുമ്പുള്ള ഒരു ചടങ്ങ് (ഗർഭപാത്രമായി സങ്കൽപ്പിച്ച് ഒരു ചെമ്പുപാത്രം വയ്ക്കുന്നു); 14. നൂറ്റിയെട്ടുപനിഷത്തുകളിൽ ഒന്ന്, ഗർഭംവയ്ക്കുക = തന്ത്രവിധിപ്രകാരം ശ്രീകോവിലിനുള്ളിൽ ഗർഭപാത്രം പ്രതിഷ്ഠിക്കുക. ഗർഭമഴിയുക, ഗർഭമലസുക = ഗർഭം പൂർത്തിയാകുന്നതിനുമുമ്പു നശിക്കുക.

ഗർഭംകലക്കി [<സം. ഗർഭ- മ. കലക്കി] നാ. 1. ഒരുദുർദേവത (സ്ത്രീകളെ ബാധിച്ച് അവരുടെ ഗർഭം അഴിക്കുന്നതായി കരുതപ്പെടുന്നു); 2. ഒരിനം വലിയ തോക്ക്.
ഗർഭമണ്ഡപം [സം. -മണ്ഡപ] നാ. ശയനമുറി, അകത്തെ മുറി.
ഗർഭമൂർച്ഛ [സം. -മൂർഛാ] നാ. ഒരിനം അപസ്മാരം.
ഗർഭമേളം [സം. -മേല] നാ. (സങ്ഗീ.) ഒരുമേളം.
ഗർഭമോചനം [സം. -മോചന] നാ. പ്രസവം.
ഗർഭയോഷ [സം. -യോഷാ] നാ. 1. ഗർഭിണി; 2. കരകവിഞ്ഞൊഴുകുന്ന ഗങ്ഗ.
ഗർഭരക്ഷ [സം. -രക്ഷാ]നാ. ഗർഭിണിയുടെയും ഗർഭത്തിലെ ശിശുവിൻെറയും ആരോഗ്യത്തിനുവേണ്ടിച്ചെയ്യുന്ന ക്രിയകൾ.
ഗർഭരൂപ(ക)ൻ [സം. -രൂപ(ക)] നാ. 1. ശിശു; 2. യൗവനയുക്തൻ.
ഗർഭരോധ(ക)ം [സം.] നാ. ഗർഭോത്പാദനത്തെ തടയുന്നത്.
ഗർഭലക്ഷണം [സം. -ലക്ഷണ] നാ. ഗർഭകാലത്ത് സ്ത്രീശരീരത്തിനുണ്ടാകുന്ന വികാരം, ഗർഭമുണ്ടെന്നു സൂചിപ്പിക്കുന്ന അടയാളം.
ഗർഭവതി [സം. -വതീ] നാ. ഗർഭമുള്ള സ്ത്രീ, ഗർഭിണി.
ഗർഭവസതി [സം. -വസതി] നാ. ഗർഭപാത്രം.
ഗർഭവാക്യം [സം. -വാക്യ]നാ. ഒരു വാക്യത്തിനുള്ളിൽ അതിൻെറ വ്യാകരണപരമായ പൂർണതയ്ക്കു ഭങ്ഗമുണ്ടാകാത്തവിധം ഉൾക്കൊള്ളിക്കുന്ന മറ്റൊരു വാക്യം.
ഗർഭവികാരം [സം. -വികാര] നാ. ഗർഭത്തിനുണ്ടാകുന്ന വികാരം, വികൃഹാവസ്ഥ, ഗർഭത്തിലെ ശിശുവിൻെറ അങ്ഗങ്ങൾക്കുണ്ടാകുന്ന തകരാറ്.
ഗർഭവിദ്രധി [സം. -വിദ്രധീ] നാ. ഗർഭാശയത്തിൽ ഉണ്ടാകുന്ന വ്രണം.
ഗർഭവിഷം [സം. -വിഷ] നാ. ഗർഭത്തിൻെറ 28-ആം വാരത്തിനുശേഷം ഗർഭിണികൾക്കുണ്ടാകുന്ന ഒരുതരം അസുഖം.
ഗർഭവിഷ്കംഭം [സം. -വിഷ്കംഭ] നാ. (ആയുർ.) പ്രസവത്തിനുള്ള തടസ്സം.
ഗർഭവേഷ്ടനം [സം. -വേഷ്ടന] നാ. ഗർഭത്തെ മൂടിയിരിക്കുന്നതൊലി, ജരായു, ഉൽബം.
ഗർഭശങ്കു [സം. -ശങ്കു] നാ. ജീവനില്ലാത്തഗർഭത്തെ വലിച്ചെടുക്കാനുള്ള ഉപകരണം.
ഗർഭശയ്യ [സം. -ശയ്യാ] നാ. ഗർഭപാത്രം.
ഗർഭശിഷ്ടം [സം. -ശിഷ്ട] നാ. (ജ്യോ.) ജനിച്ചകാലത്തെ ദശയിൽ ജനനത്തിനുശേഷം ബാക്കിവരുന്ന കാലം, ജനനശിഷ്ടം.
ഗർഭശ്രീമാൻ [സം. -ശ്രീമാൻ < ശ്രീമത്] നാ. ഗർഭത്തിൽ വച്ചുതന്നെ ഐശ്വര്യത്തിന് അവകാശിയായവൻ.
ഗർഭസന്ധി [സം. -സന്ധി] നാ. സംസ്കൃതനാടകത്തിലെ പഞ്ചസന്ധികളിലൊന്ന്.
ഗർഭസ്ഥ [സം. -സ്ഥ] വി. 1. ഗർഭത്തിലിരിക്കുന്ന; 2. ഉള്ളിലിരിക്കുന്ന.
ഗർഭസ്ഫുരണം [സം. -സ്ഫുരണ] നാ. ഗർഭത്തിലെ ശിശുവിൻെറ ഇളക്കം, അനക്കം, തുടിപ്പ്.
ഗർഭസ്രവണം [സം. -സ്രവണ] നാ. ഗർഭം അലസൽ.
ഗർഭസ്രാവം [സം. -സ്രാവ] നാ. ഗർഭസ്രവണം.

ഗർഭസ്രാവി [സം. ഗർഭസ്രാവീ] നാ. ഈന്തപ്പന.
ഗർഭാഗാരം [സം. -ആഗാര] നാ. 1. ഗർഭപാത്രം; 2. ഉള്ളറ, അന്തഃപുരം; 3. ഈറ്റില്ലം; 4. ക്ഷേത്രങ്ങളിലെ ഗർഭഗൃഹം.
ഗർഭാങ്കം [സം. -അങ്ക] നാ. (നാട്യ.) നാടകത്തിൽ ഒരങ്കത്തിനുള്ളിൽ നിബന്ധിച്ചിട്ടുള്ള മറ്റൊരങ്കം.
ഗർഭാധാനം [സം. -ആധാന] നാ. 1. ഗർഭം ധരിപ്പിക്കൽ, സ്ത്രീയോനിയിൽ പുരുഷബീജത്തെ പ്രവേശിപ്പിക്കുന്ന ക്രിയ, സംഭോഗം; 2. വൈദികവിധിപ്രകാരമുള്ള സംസ്കാരങ്ങളിലൊന്ന്, ഗർഭമുണ്ടാകുന്നതിനുവേണ്ടി ചെയ്യുന്ന ക്രിയ; 3. ദേവാലയത്തിൽ വിഗ്രഹപ്രതിഷ്ഠയ്ക്കു മുമ്പായി ചെയ്യുന്ന ഗർഭംവയ്ക്കൽ എന്ന ക്രിയ; 4. ധനു, മകരം തുടങ്ങിയ ആറുമാസങ്ങളിൽ ഉണ്ടാകുന്ന മഞ്ഞ് മഴ ഇടിമുഴക്കം എന്നിവ.
ഗർഭാപസ്മാരം [സം. -അപസ്മാര] നാ. ഗർഭിണികൾക്കുണ്ടാകുന്ന അപായകരമായ ഒരുരോഗം.
685
ഗർഭാലംബനം [സം. -ആലംബന] നാ. ഗർഭം ഉണ്ടാകുന്നതിനുവേണ്ടിയുള്ള ഒരു കർമം.
ഗർഭാലയം [സം. -ആലയ] നാ. പ്രസവമുറി, ഈറ്റില്ലം.
ഗർഭാസയം [സം. -ആശയ] നാ. ഗർഭപാത്രം.
ഗർഭി[സം. ഗർഭിൻ] വി. 1. ഗർഭമുള്ള; 2. നിറഞ്ഞിരിക്കുന്ന.
ഗർഭിക്കുക [സം. <ഗർഭ] ക്രി. 1. ഗർഭം ധരിക്കുക; 2. ഉള്ളടങ്ങുക, ഉൾക്കൊള്ളുക, അന്തർഭവിക്കുക; 3. മുങ്കരുതലോടെ സംസാരിക്കുക.
ഗർഭിണി [സം. ഗർഭിണീ] നാ. ഗർഭമുള്ളവൾ, ഗർഭവതി.
ഗർഭിണിക [സം. ഗർഭിണികാ] നാ. മധ്യം തടിച്ച പവിഴം.
ഗർഭിണീവ്യാകരനം, -വ്യാകൃതി [സം. ഗർഭിണീ-വ്യാകരണ, -വ്യാകൃതി] നാ. (ആയുർ.) ചികിത്സാശാസ്ത്രത്തിലെ ഒരു വിഭാഗം.
ഗർഭിണ്യവേക്ഷനം [സം. -അന്വേഷണ] നാ. 1. ഗർഭിണിക്കുവേണ്ട പരിചര്യ; 2. ഗർഭാധാനത്തിനോടും ശിശുജനനത്തിനോടും ബന്ധപ്പെട്ട ഒരു ചടങ്ങ്.
ഗർഭിത [സം.] വി. 1. ഗർഭമുള്ള; 2. നിറഞ്ഞിരിക്കുന്ന; 3. ഉൾക്കൊള്ളുന്ന.
നാ. = ഗർഭിതം.
ഗർഭിതം [സം.] നാ. 1. ഒരു കാവ്യദോഷം; 2. നിറച്ചിട്ടുള്ളത്; 3. മറ്റൊന്നിൻെറ അകത്തുള്ളത്.
ഗർഭിതവാക്യം [സം. ഗർഭിത-വാക്യ]നാ. = ഗർഭവാക്യം.
ഗർഭീകരിക്കുക [<സം. ഗർഭീ-കൃ] ക്രി. 1. ഉള്ളിലടക്കുക; 2. നിറയ്ക്കുക.
ഗർഭീഭൂതം [സം. ഗർഭീ-ഭൂത] നാ. ഗർഭീഭവിച്ചത്, ഉള്ളടങ്ങിയത്, അടങ്ങിയിരിക്കുന്ന വസ്തു.
ഗർഭോത്പാദനം [സം. ഗർഭ-ഉത്പാദന] നാ. ഗർഭം ഉണ്ടാക്കൽ.
ഗർഭോപഘാതം [സം. -ഉപഘാത] നാ. ഗർഭം അലസൽ.
ഗർഭോപഘാതിനി [സം. -ഉപഘാതിനീ]നാ. 1. ഗർഭം അലസിപ്പോയ സ്ത്രീ; 2. ഗർഭമലസിപ്പോയ പശു.
ഗർവക്കെട്ട് [സം. ഗർവ-മ. കെട്ട്] നാ. അഹങ്കാരപ്രവൃത്തികൾക്കു ക്ഷേറ്റത്തിൽ ചെയ്യുന്ന പ്രായശ്ചിത്തം.

ഗർവം [സം. ഗർവ] നാ. 1. സ്വന്തം മേന്മയെപ്പറ്റിയുള്ള കവിഞ്ഞ അഭിമാനം, അഹങ്കാരം, മദം; 2. സഞ്ചാരി (വ്യഭിചാരി)ഭാവങ്ങളിലൊന്ന്.
ഗർവഹ [സം. ഗവ-ഹാ] നാ. അഹങ്കാരം കെടുത്തുന്നവൾ.
ഗർവാടൻ [സം. ഗർവാട] നാ. 1. കാവൽക്കാരൻ; 2. ഗ്രാമത്തലവൻ.
ഗർവി [സം. ഗർവിൻ] നാ. ഗർവമുള്ളവൻ, ഉദ്ധതൻ, അഹങ്കാരി.
ഗർവിക്കുക [<സം. ഗർവ] ക്രി. 1. ഗർവു കാട്ടുക, അഹങ്കരിക്കുക; 2. കോപിക്കുക.
ഗർവിത [സം.] വി. ഗർവമുള്ള, ധിക്കാരമുള്ള.
ഗർവിഷ്ഠ [സം. ഗർവിഷ്ഠ] വി. ഗർവിത.
ഗർവ്[<സം. ഗർവ] നാ. = ഗർവം.
ഗർഹ [സം. ഗർഹാ]നാ. 1. നിന്ദ; 2. വെറുപ്പ്; 3. ആക്ഷേപം.
ഗർഹണ [സം. ഗർഹണാ] നാ. ഗർഹണം.
ഗർഹണം [സം.] നാ. 1. നിന്ദ, ആക്ഷേപിക്കൽ; 2. ശകാരം; 3. ഒരു നാട്യാലങ്കാരം, ദോഷങ്ങൾ പ്രഖ്യാപിച്ചുകൊണ്ടുള്ള ഭർത്സനം.
ഗർഹണീയ [സം.] വി. നിന്ദിക്കത്തക്ക, ആക്ഷേപാർഹമായ.
ഗർഹി [സം. ഗർഹിൻ] നാ. (സമാസാന്തത്തിൽ) നിന്ദിക്കുന്നവൻ. (സ്ത്രീ.) ഗർഹിണി.
ഗർഹിക്കുക [<സം. ഗർഹ്]ക്രി. നിന്ദിക്കുക, ആക്ഷേപിക്കുക, പുച്ഛരിക്കുക, പഴിക്കുക, കുറ്റപ്പെടുത്തുക.
ഗർഹിത [സം.] വി. നിന്ദിക്കപ്പെട്ട, പുച്ഛരിക്കപ്പെട്ട.
ഗർഹിതം [സം.] നാ. നിന്ദ്യകർമം, പാപം.
ഗർഹ്യ [സം.] വി. നിന്ദ്യമായ, ആക്ഷേപിക്കത്തക്ക.
ഗർഹ്യൻ [സം.] നാ. നീചൻ, വെറുക്കപ്പെടേണ്ടവൻ.
ഗര [സം.] വി. വിഴുങ്ങുന്ന.
ഗരഘ്ന [സം. ഗര-ഘ്ന] വി. 1. വിഷഹരമായ; 2. രോഗത്തെ ശമിപ്പിക്കുന്ന.
ഗരണം [സം.< ഗൃ] നാ. 1. വിഴുങ്ങൽ; 2. തളിക്കൽ; 2. വിഷം; 4. പ്രതിവിഷം.
ഗരദം [സം. ഗര-ദ] നാ. വിഷം.
ഗരം [സം.] നാ. 1. വിഷം; 2. വത്സനാഭം; 3. വിഷത്തിനുള്ള മറുമരുന്ന്; 4. രോഗം; 5. പാനീയം.
ഗരവ്രതം [സം. -വ്രത] നാ. മയിൽ.
ഗരഹൻ [സം. -ഹ <ഹാ] നാ. ഗരഘ്നൻ.
ഗരളധരം [സം. -ധര] നാ. പാമ്പ്.
ഗരളം [സം. ഗരല] നാ. 1. വിഷം; . സർപ്പവിഷം; 3. വത്സനാഭം; 4. പുല്ലുകെട്ട്, വയ്ക്കോൽക്കെട്ട്.
ഗരളവേഗം [സം. -വേഗ] നാ. 1. ഒരു മരുന്ന്; 2. കറുത്ത മാർബിൾകല്ല്.
ഗരളാരി [സം. -അരി] നാ. മരതകം.
ഗരളി[സം. ഗരലിൻ] നാ. വിഷമുള്ളത്.
ഗരാഗരി [സം. ഗര-അഗരീ] നാ. ദേവതാളി.
ഗരാധിക [സം. -ആധികാ] നാ. അരക്ക്.
ഗരായിക [സം. -ആയികാ] നാ. = ഗരാധിക.

ഗരിമ[സം. ഗർമൻ < ഗുരു] നാ. 1. കനം, തൂക്കം; 2. അഷ്ടൈശ്വര്യങ്ങളിലൊന്ന്; 3. ആധിക്യം, വലിപ്പം; 4. ഗൗരവം; 5. ഗംഭീരത, മഹത്വം; 6. ആത്മപ്രശംസ.
ഗരിമകേന്ദ്രം [സം. -കേന്ദ്ര]നാ. 1. ഗുരുത്വാകർഷണകേന്ദ്രം; 2. മർമസ്ഥാനം; 3. കാര്യം, അവസ്ഥ തുടങ്ങിയവയുടെ അവലംബകേന്ദ്രം.
ഗരിഷ്ഠ [സം. ഗുരു - ഇഷ്ഠ] വി. 1. ഏറ്റവും കനമുള്ള; 2. ഏറ്റവും വലിയ; 3. ഏറ്റവും മഹത്ത്വമുള്ള.
ഗരീബ് [അറ.] വി. ദരിദ്രമായ, പാവപ്പെട്ട.
ഗരീയസ്സ് [സം. ഗുരു-ഈയസ്]വി. 1. ഭാരമുള്ള; 2. കൂടുതൽ മഹത്ത്വമുള്ള.
ഗരുഡകേതനൻ [സം. ഗരുഡ-കേതന] നാ. വിഷ്ണു.
ഗരുഡക്കല്ല് [സം. ഗരുഡ-മ. കല്ല്] നാ. 1. ഒരിനം കല്ല്; 2. മരതകം.
ഗരുഡക്കൈ [സം. ഗരുഡ-മ. കൈ] നാ. ഒരു ഹസ്തമുദ്ര, കഥകളിയിൽ അഭിവാദനത്തെ കാണിക്കുന്നത്.
ഗരുഡക്കൊടിയോൻ [സം. ഗരുഡ- മ. കൊടിയോൻ] നാ. ഗരുഡധ്വജൻ.
ഗരുഡക്രമം [സം. -ക്രമ] നാ. അസ്ത്രം പ്രയോഗിക്കുമ്പോൾ സ്വീകരിക്കുന്ന നിലകളിൽ ഒന്ന്.
ഗരുഡഗാമി [സം. -ഗാമിൻ] നാ. വിഷ്ണു.
ഗരുഡഗായത്രി [സം. -ഗായത്രീ] നാ. ഗരുഡനെ സ്തുതിക്കുന്ന ഒരു മന്ത്രം.
ഗരുഡദിശ [സം. -ദിശാ] നാ. കിഴക്കുദിക്ക്.
ഗരുദധ്വജൻ [സം. -ധ്വജൻ] നാ. വിഷ്ണു.
ഗരുഡൻ [സം.] നാ. 1. വിഷ്ണുവിൻെറ വാഹനമായ പക്ഷിരാജൻ; 2. കൃഷ്ണപ്പരുന്ത്.
ഗരുഡൻ തൂക്കം നാ. ഒരു വഴിപാട്.
ഗരുഡപഞ്ചമി [സം. ഗരുഡ-പഞ്ചമി] നാ. ഹിന്ദുക്കളുടെ ഒരു വിശേഷദിവസം.
ഗരുഡപഞ്ചാക്ഷരി [സം. -പഞ്ചാക്ഷരീ] നാ. ഗരുഡൻ ദേവതയായുള്ള ഒരു പഞ്ചാക്ഷരമന്ത്രം.
ഗരുഡപുരാണം [സം. -പുരാണ] നാ. അഷ്ടാദശപുരാണങ്ങളിൽ ഒന്ന്, ഗരുഡനു മഹാവിഷ്ണു ഉപദേശിച്ചുകൊടുത്തത്.
ഗരുഡപ്പച്ച [സം. ഗരുഡ-മ. പച്ച] നാ. 1. വിഷഹരമായ ഒരു ചെടി; 2. ഒരുതരം കല്ല്.
ഗരുഡം [സം.] നാ. 1. ഏഴുനിലകളും മൂന്നു ചന്ദ്രശലകളും ചേർന്ന ശ്രീകോവിൽ; 2. ഒരു സൈന്യവിഭാഗം.
ഗരുഡമന്ത്രം [സം. -മന്ത്ര] നാ. ഗരുഡപഞ്ചാക്ഷരി.
ഗരുഡമുദ്ര [സം. -മുദ്രാ] നാ. ഒരു ഹസ്തമുദ്ര.
ഗരുഡരത്നം [സം. -രത്ന] നാ. മരതകം.
ഗരുഡവ്യൂഹം [സം. -വ്യൂഹ] നാ. ഗരുഡാകൃതിയിൽ സജ്ജമാക്കിയിട്ടുള്ള സേനാനിര.
ഗരുഡശില [സം. -ശിലാ]നാ. മരതകം.
ഗരുഡസ്തംഭം [സം. -സ്തംഭ] നാ. ഗരുഡൻെറ പ്രതിമകൾ കൊത്തിയ തൂണ്.
ഗരുഡാഗ്രജൻ [സം. -അഗ്രജ] നാ. ഗരുഡൻെറ ജ്യേഷ്ഠനായ അരുണൻ.
ഗരുഡാങ്കൻ [സം. -അങ്ക] നാ. വിഷ്ണു.
ഗരുഡാങ്കിതം [സം. -അങ്കിത] നാ. മരതകം.

ഗരുഡാരൂഢൻ [സം. -ആരൂഢ] നാ. ഗരുഡവാഹനൻ.
ഗരുഡാസ്ത്ര [സം. -അസ്ത്ര]നാ. ഒരു ദിവ്യാസ്ത്രം.
ഗരുഡി [സം. ഗരുഡീ] നാ. 1. പെൺപരുന്ത്; 2. അഗ്നിയുടെ ഭാര്യയായ സ്വാഹ.
ഗരുത്ത് [സം.] നാ. 1. ചിറക്; 2. വിഴുങ്ങൽ.
ഗരുത്മത്ത് [സം. ഗരുത്-മത്] വി. ചിറകുള്ള.
ഗരുത്മൻ [സം. < ഗരുത്മത്] നാ. 1. ഗരുഡൻ; 2. കഴുകൻ; 3. പരുന്ത്; 4. പക്ഷി; 5. അഗ്നി; 6. സൂര്യൻ; 7. ശിവൻ.
ഗലകംബലം [സം. ഗല-കംബല] നാ. = ഗളകംബളം.
ഗലനം [സം.] നാ. = ഗളനം.
ഗലന്തി(ക) [സം. ഗലന്തീ, ഗലന്തികാ] നാ. 1. ചെറിയ കുടം; 2. അടിറ്റിൽ സുഷിരമുള്ള പാത്രം.
ഗലി1[സം.] നാ. 1. ശക്തിയുണ്ടെങ്കിലും മടിയനായ കാള്; 2. കാലക്കുട്ടി.
ഗലി2[സം. ഗലീ] നാ. തെരുവ്, ഇടവഴി.
ഗലിത [സം.] വി. = ഗളിത.
ഗലിതകം [സം.] നാ. 1. ഒരുതരം നൃത്തം; 2. ആങ്ഗ്യം.
ഗല്ഗദം [സം. ഗദ്ഗദ] നാ. = ഗദ്ഗദം.
ഗല്ത്താ [ഹി. < ഗലഹസ്ത] നാ. കഴുത്ത്. (പ്ര.) ഗൽത്തായ്ക്കു പിടിക്കുക = കഴുത്തിനു കുത്തിപ്പിടിക്കുക.
ഗല്ഭ[സം.] നാ. 1. ധൈര്യമുള്ള; 2. അഹങ്കാരമുള്ള.
ഗല്ഭം [സം.] നാ. 1. ധൈര്യം; 2. അഹങ്കാരം.
ഗല്യ [സം.] നാ. 1. ആറ്റുദർഭയുടെ കൂട്ടം; 2. ആറ്റുദർഭ പിരിച്ചുണ്ടാക്കുന്ന കയറ്; 3. ഗളങ്ങളുടെ കൂട്ടം.
ഗല്ലകം [സം.] നാ. മദ്യം പകർന്നുകുടിക്കാനുള്ള സ്ഫടികപ്പാത്രം.
ഗല്ലചാതുരി [സം. ഗല്ല-ചാതുരീ] നാ. കവിൾത്തടം ചേർത്തുവച്ചുകിടക്കാനുള്ള ചെറിയ വട്ടത്തലയണ.
ഗല്ലം [സം.] നാ. കവിൾത്തടം.
ഗല്ലർക്കം [സം.] നാ. 1. സ്ഫടികം; 2. സ്ഫടികനിർമിതമായ മദ്യചഷകം.
ഗല്ലീരം [സം.] നാ. കർണരോഗം.
ഗല്വർക്കം [സം. ഗല്വർക്ക] നാ. 1. സ്ഫടികം; 2. സ്ഫടികപ്പാത്രം; 3. വൈഡൂര്യം; 4. മാണിക്യം; 5. ഇന്ദ്രനീലക്കല്ല്.
ഗവ [സം.] (സമാസത്തിൽ സ്വരാദിയായ പദത്തിനു മുമ്പ് 'ഗോ' ശബ്ദം ഉൾക്കൊള്ളുന്ന രൂപം.) വി. ഗോവിനെ സംബന്ധിച്ച.
ഗവണ്മെൻറ് [ഇം. ഗ്ഗൊവെർന്മെൻറ്] നാ. ഭരണം, ഭരണകൂടം, ഭരണസംവിധാനം.
ഗവയം [സം.] നാ. പശുവിനോടുസാമ്യമുള്ള ഒരു കാട്ടുമൃഗം, ആര്യമാൻ.
ഗവർണദോർ, ഗോ- [പോർ.] നാ. ഗവർണർ.
ഗവരാജൻ [സം. ഗവ-രാജൻ] നാ. കാള.
ഗവലം [സം.] നാ. കാട്ടുപോത്ത്.
ഗവാക്ഷ(ക)ം [സം.] നാ. 1. വൃത്താകൃതിയിലുള്ള ചെറിയ കിളിവാതിൽ; 2. കാറ്റ്; 3. 64 തന്ത്രങ്ങളിൽ ഒന്ന്.

ഗവാക്ഷൻ [സം.] നാ. 1. സുഗ്രീവസൈന്യത്തിലെ ഒരു പ്രസിദ്ധവാനരൻ; 2. ശകുനിയുടെ സഹോദരൻ.
ഗവാക്ഷമേളം [സം. ഗവാക്ഷ-മേല.] നാ. (സങ്ഗീ.) ഒരു മേളരാഗം.
ഗവാക്ഷി [സം. ഗവാക്ഷീ] നാ. 1. ചെറിയ കാട്ടുവെള്ളരി; 2. ശങ്ഖുപുഷ്പം; 3. വള്ളിമുല്ല; 4. പേക്കുമ്മട്ടി; 5. ശാഖോടവൃക്ഷം; 6. ചെറുകുമ്മട്ടി.
ഗവാക്ഷിത [സം.] വി. ഗവാക്ഷമുള്ള.
ഗവാദനി [സം. ഗവ-അദനീ] നാ. 1. മേച്ചിൽ സ്ഥലം; 2. പുൽത്തൊട്ടി; 3. കറുത്ത മലയമുക്കി; 4. കാട്ടുവെള്ളരി.
ഗവാധ്യക്ഷൻ [സം. ഗോ-അധ്യക്ഷ] നാ. കന്നുകാലിസമ്രക്ഷണച്ചുമതലയുള്ള ഉദ്യോഗസ്ഥൻ.
ഗവാധിക [സം.ഗവാധികാ] നാ. അരക്ക്.
ഗവാംബോധി [സം.] നാ. (സങ്ഗീ.) ഒരു രാഗം.
ഗവാമ്പതി [സം.] നാ. 1. കാള; 2. ഇടയൻ.
ഗവാമയം [സം.] നാ. ഒരു യജ്ഞം.
ഗവാമൃതം [സം.] നാ. പശുവിൻ പാൽ.
ഗവാലുകം [സം.] നാ. ഗവയം.
ഗവാവികം [സം. ഗോ-ആവിക] നാ. പശുക്കളും ആടുകളും.
ഗവാശനൻ [സം. -അശനൻ] നാ. 1. പശുക്കളെ തിന്നുന്നവൻ, ചണ്ഡാലൻ; 2. ചെരുപ്പുകുത്തി.
ഗവി [സം. ഗവീ] നാ. 1. ഭക്ഷണം, വാക്ക്.
ഗവിട്ട് [സം. ഗോ-ഇഷ്] നാ. പശുക്കളെ ആഗ്രഹിക്കുന്ന.
ഗവിനി [സം.] നാ. പശുക്കൂട്ടം.
ഗവിഷ്ഠൻ [സം.] 'രശ്മികളുള്ളവൻ.' നാ. 1. സൂര്യൻ; 2. ഒരു അസുരൻ.
ഗവീധുകം [സം.] നാ. കാട്ടുഗോതമ്പ്.
ഗവീനം [സം.] നാ. മേച്ചിൽപ്പുറം.
ഗവീനി [സം. ഗവീനീ] നാ. ശരീരത്തിലെ ഒരുസ്രോതസ്സ്, മൂത്രക്കുഴൽ.
ഗവീനിക [സം. ഗവീനികാ] നാ. = ഗവീനി.
ഗവീന്ദ്രൻ, -ഈശൻ [സം. ഗോ-ഇന്ദ്ര, -ഈശ] നാ. 1. പശുക്കളുടെ ഉടമസ്ഥൻ; 2. കാള.
ഗവേധുക(ം) [സം. ഗവേധുക, -കാ] നാ. 1. വലിയ ഈരകം; 2. കാട്ടുകോതമ്പ്; 3. കാവിമണ്ണ്.
ഗവേന്ദ്രൻ [സം. ഗോ-ഇന്ദ്ര] നാ. (ശ്രേഷ്ഠനായ) കാള.
ഗവേരുകം [സം.] നാ. കാവിമണ്ണ്.
ഗവേഷ [സം. ഗോ- ഈഷ] വി. അന്വേഷിക്കുന്ന.
ഗവേഷകൻ [സം.] നാ. 1. ഗവേഷണം നടത്തുന്നവൻ; 2. അന്വേഷിക്കുന്നവൻ; ഒരു പ്രത്യേകവിഷയത്തെക്കുറിച്ചു ശാസ്ത്രീയമായി പഠിക്കുന്നവൻ.
ഗവേഷണകേന്ദ്രം [സം. ഗവേഷണ-കേന്ദ്ര] നാ. ഗവേഷണം നടത്തുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സ്ഥാനമോ സ്ഥാപനമോ.
ഗവേഷണം [സം.] നാ. ഒരു പ്രത്യേകവിഷയത്തെ ആസ്പദമാക്കിയുള്ള സൂക്ഷ്മവും വിശദവും ശാസ്ത്രീയവുമായ പഠനം.
ഗവ്യ1 [സം.]നാ. 1. ഗോവിനെ സംബന്ധിച്ച; 2. പശുവിനിണങ്ങിയ; 3. പശുവിൽനിന്നു കിട്ടുന്ന പാൽ തൈര് മുതലായവ; 4. പശുവിനെ ആരാധിക്കുന്ന.

ഗവ്യ2 [സം. ഗവ്യാ] നാ. 1. പശുക്കൂട്ടം; 2. രണ്ടുക്രോശം ദൂരം; 3. പശുവിൽനിന്നു ലഭിക്കുന്നത് (പാൽ ആദിയായവ); 4. ഗോരോചന; 5. വില്ലിൻെറ ഞാൺ.
ഗവ്യാദ്ധി [സം.] നാ. പശുവിൻ തൈര്.
ഗവ്യം [സം.] നാ. 1. പശുവിൽനിന്നു കിട്ടുന്ന പാൽ തൈർ വെണ്ണ മുതലായവ; 2. പശുക്കൂട്ടം, കാലിക്കൂട്ടം; 3. മേച്ചിൽസ്ഥലം; 4. ഗോരോചന; 5. വില്ലിൻെറ ഞാൺ.
ഗവ്യു[സം.] നാ. പശുക്കളിൽ താത്പര്യമുള്ള.
ഗവ്യൂതം [സം.] നാ. 1.ഒരു ദീർഘമാനം; 2. ഒരു ക്രോശം (4000 ദണ്ഡ്) വരുന്ന ദൂരം; 3. മേച്ചിൽ സ്ഥലം.
ഗവ്യുതി [സം.] നാ. = ഗവ്യുതി.
ഗസൽ [അറ.] നാ. ഹിന്ദുസ്ഥാനിയിലുള്ള ഒരുതരം സങ്ഗീതം.
ഗസറ്റ് [ഇം. ഗ്ഗസെറ്റെ] നാ. സർക്കാരിൻെറ വിജ്ഞാപനങ്ങൾ തുടങ്ങിയവ പൊതുജനങ്ങളെ അറിയിക്കുന്നതിനുള്ള പ്രസിദ്ധീകരണം.
ഗഹന [സം.] വി. 1. അഗാധമായ; 2. ഇടതിങ്ങിയ, നിബിഡമായ; 3. കടക്കാൻ പ്രയാസമുള്ള; 4. മനസ്സിലാക്കാൻ വിഷമമുള്ള; 5. ഗൗരവമുള്ള.
ഗഹനത, -ത്വം [സം. ഗഹനതാ, -ത്വ] നാ. ഗഹനമായിരിക്കുന്ന അവസ്ഥ, നിബിഡത, ദുർഗ്രഹത.
ഗഹനൻ [സം.] നാ. ഈശ്വരൻ.
ഗഹനം [സം.] നാ. 1. കടക്കാൻ പ്രയാസമുള്ള പ്രദേശം, കാട്; 2. പടുകുഴി, ഗർത്തം; 3. ദു:ഖം, വേദന; 4. ഗുഹ.
ഗഹ്വര [സം.] വി. 1. അഗാധമായ; 2. കടക്കാൻ വയ്യാത്ത, പ്രവേശിക്കാനാകാത്ത.
ഗഹ്വരം [സം.] നാ. 1. ഗുഹ; 2. ആഴമുള്ള കുഴി; 3. കാട്; 4. ഒളിസങ്കേതം, ദുർഗമസ്ഥാനം; 5. വള്ളിക്കുടിൽ.
ഗഹ്വരി [സം. ഗഹ്വരീ] നാ. 1. പാറക്കെട്ടിലെ വിള്ളൽ, ഗുഹ; 2. മലയുടെ പള്ളം.
ഗഹ്വരിത [സം.] വി. 1. ഒളിവുസ്ഥലത്ത് സ്ഥിതിചെയ്യുന്ന, മറയ്ക്കപ്പെട്ട; 2. ചിന്തയിൽ മുഴുകിയ; 3. ദു:ഖിച്ചിരിക്കുന്ന.
ഗളകം [സം. ഗലക] നാ. 1. കഴുത്ത്, തൊണ്ട; 2. ഒരിനം മത്സ്യം.
ഗളകംബളം [സം. ഗല-കംബല] നാ. കന്നുകാലികളുടെ കഴുത്തിൽ തൂങ്ങിക്കിടക്കുന്ന തൊലി, താട.
ഗളഗണ്ഡം [സം. ഗല-ഗണ്ഡ] നാ. (ആയുർ.) ഒരിനം രോഗം, കഴുത്തിനു ചുറ്റും ഉണ്ടാകുന്ന നീര് അല്ലെങ്കിൽ മുഴ.
ഗളഗളം [സം.] നാ. (ശബ്ദാനു.) ഗളഗള എന്ന ശബ്ദം.
ഗളഗ്രഹം [സം. ഗല-ഗ്രഹ] നാ. 1. കഴുത്തിനു കുത്തിപ്പിടിക്കൽ; 2. കഴുത്തിൽ വീക്കമുണ്ടാകുന്ന ഒരു രോഗം; 3. കറുത്തപക്ഷത്തിലെ 4, 7, 8, 9, 13 ഈ തിഥികളും ഇവയെ പിന്തുടർന്നുവരുന്ന മൂനുതിഥികളും.
ഗളദ്വാരം [സം. ഗല-ദ്വാര] നാ. വായ്.
ഗളനം [സം. ഗലന] നാ. 1. പതിക്കൽ, വീഴ്ച; 2. ഊറൽ, ഒഴുകൽ; 3. ഉരുകൽ, ഉരുകിച്ചേരൽ.

ഗളനാളം [സം. ഗല–നാല] നാ. കഴുത്ത്, തൊണ്ട, കണ്ഠനാളം.
ഗളഭൂ[സം. –ഭൂ] നാ. ഗളപ്രദേശം.
ഗളം [സം. ഗല] നാ. 1. കഴുത്ത്; 2. തൊണ്ട; 3. (ശിലപ.) കെട്ടിടത്തിൻെറ ഭിത്തിയിൽചെയ്യുന്ന ഒരുതരം ചിത്രപ്പണി; 4. (ശിൽപ.) അധിഷ്ഠാനത്തിൻെറ അവയവങ്ങളിൽ ഒന്ന്, അടിത്തറക്കെട്ടിൽ അകത്തേക്കുപടുത്തിട്ടുള്ള ഒരു വരി കല്ല്; 5. ഒരു വാദ്യം.
ഗളമഞ്ചകം [സം.] നാ. അസ്ഥിവാരത്തിൽനിന്നു പിന്നിലേക്കു ചരിച്ചിറക്കിയിരിക്കുന്ന കല്ല്.
ഗ
ലവിദ്രധി [സ്ം. –വിദ്രധി] നാ. ഒരുരോഗം, കഴുത്തിൽ ത്രിദോഷങ്ങൾ കോപിച്ചുണ്ടാകുന്ന വീക്കം.
ഗളവ്രതം [സ്ം.–വ്രത] നാ. മയിൽ.
ഗളശുണ്ഡി(ക), ശുണ്ഠി(ക) [സം. –ശുണ്ഠീ, –ശുണ്ഠികാ, –ശുണ്ഡീ, –ശുണ്ഡികാ] ന. 1. കുറുനാക്ക്; 2. ഒരു താലുരോഗം, ഉണ്ണാക്കിനുണ്ടാകുന്ന വീക്കം.
ഗളസൂനി [സം. –സൂനി]നാ. പെണ്ണാട്.
ഗളസ്തനം [സം. –സ്തന] നാ. ചിലയിനം പെണ്ണാടുകൾക്കു കഴുത്തിൽ തൂങ്ങിക്കിടക്കുന്നതായി കാണപ്പെടുന്ന മാംസപിണ്ഡം. (പ്ര.) അഗാജളസ്തനം = പ്രയോജനമില്ലാത്തത്.
ഗളസ്തനി [സം. –സ്തനീ] നാ. പെണ്ണാട്.
ഗലഹസ്തം [സം. –ഹസ്ത] നാ. 1. കഴുത്തിനുപിടിച്ചു പുറംതള്ളൽ; 2. അർധചന്ദ്രാകാരമായ അമ്പ്.
ഗളാഗളി [സം.] അവ്യ. പരസ്പരം കഴുത്തിനുപിടിച്ചുകൊണ്ടുള്ള യുദ്ധം.
ഗളിക്കുക [<സം. ഗല്] ക്രി. 1. ഊറുക, ഇറ്റിറ്റുവീഴുക. ഒഴുകുക; 2. താഴോട്ടുവീഴുക, വേർപെടുക; 3. മറയുക, അപ്രത്യക്ഷമാകുക; 4. ഉരുകിച്ചേരുക.
ഗളിത [സം. ഗലിത] വി. 1. വീണ; 2. നശിച്ച.
ഗളിതഗുണ [സം. –ഗുണ] വി. ഗുണങ്ങൾ ഇല്ലാത്ത.
ഗളിതദന്ത [സം. –ദന്ത] വി. പല്ലുകൊഴിഞ്ഞ.ഗളേഗണ്ഡം [സം. ഗലേ–ഗണ്ഡ] നാ. കഴുത്തിൽ സഞ്ചിപോലെയുള്ള മാംസപിണ്ഡത്തോടുകൂടിയ ഒരിനം പക്ഷി.
ഗളേസുനി [സം. –സുനീ] നാ. = ഗളസുനി.
ഗളോത്ഭവം [സം. –ഉത്ഭവ] നാ. കുതിരയുടെ കുഞ്ചിരോമം.
ഗളൗഘം [സം. –ഓഘ] നാ. (ആയുർ.) ഒരു രോഗം, പിത്തകഫങ്ങൾ കോപിച്ച് തൊണ്ടയിൽനീർക്കെട്ടുണ്ടായി ഒന്നും ഇറക്കാൻ കഴിയാതെ വരുന്നത്.
ഗറില്ല [ഇം. ഗ്ഗുഎരില്ല] നാ. ഒളിപ്പോരാളി.
ഗറൂർ[അറ.] നാ. അഭിമാനം.
ഗാ1 [ഗ്–ആ] ഗകാരത്തിൻെറ ദീർഘം.
ഗാ2 [സം.] നാ. പാട്ട്, പദ്യം.
ഗാങ്ഗ [സം.] വി. ഗങ്ഗയിൽ നിന്നുണ്ടായ, ഗങ്ഗയുടേതായ, ഗങ്ഗയെ സംബന്ധിച്ച.
ഗാങ്ഗൻ [സം.] നാ. 1. ഭീഷ്മർ; 2. സുബ്രഹ്മണ്യൻ.
ഗാങ്ഗം [സം.] നാ. 1. സ്വർണം; 2. നീർമുത്തങ്ങ; 3. ഗങ്ഗാനദിയിൽനിന്നുയരുന്ന നീരാവി മേഘങ്ങളായി, അതിൽനിന്നു വർഷിക്കുന്ന വെള്ളം.

ഗങ്ഗായനി [സം.] നാ. 1. ഭീഷ്മർ; 2. സുബ്രഹ്മണ്യൻ.
ഗാങ്ഗി [സം. ഗാങ്ഗീ] നാ. ദുർഗാദേവി.
ഗാങ്ഗേയൻ [സം.] നാ. 1. ഭീഷ്മർ; 2. സുബ്രഹ്മണ്യൻ.
ഗാങ്ഗേയം [സം.] നാ. 1. സ്വർണം; 2. മുത്തങ്ങ; 3. നീർമുത്തങ്ങ; 4. ഉമ്മത്ത്; 5. വാളമീൻ.
ഗാഞ്ജി നാ. കഞ്ചാവ്.
ഗാഞ്ജികായം [സം.] നാ. തിത്തിരിപ്പക്ഷി.
ഗാദവം [സം.] നാ. 1. മേഘം; 2. കാട്ടുഗോതമ്പ്.
ഗാഡി [ഹി. ഗാഡീ] നാ. വാഹനം, വണ്ടി, ശകടം.
ഗാഢ [സം. <ഗാഹ്] വി. 1. ഗാഹനം ചെയ്യപ്പെട്ട; 2. മുറുകെ അമർത്തപ്പെട്ട; 3. തീക്ഷ്ണതയുള്ള; 4. ദൃഢമായ; 5. ദുരൂഹമായ; 6. നിബിഡമായ.
ഗാഢത [സം. ഗാഢ-താ] നാ. ദൃഢത, കടുപ്പം, ഉറപ്പ്, തീക്ഷ്ണത.
ഗാഢം [സം.] അവ്യ. 1. ദൃഢമായി; 2. തീക്ഷ്ണമായി; 3. ധാരാളം. നാ. 1. വാക്യത്തിനുണ്ടായിരിക്കേണ്ട വിശേഷഗുണമായ ബന്ധത്തിൻെറ ഒരു അവാന്തരവിഭാഗം; 2. വ്രണം കെട്ടുന്ന രീതികളിൽ ഒന്ന്.
ഗാഢമുഷ്ടി [സം. -മുഷ്ടി] വി. 1. ചുരുട്ടിപ്പിടിച്ച കൈയുള്ള; 2. കൈ അയയ്ക്കാത്ത. നാ. 1. ലുബ്ധൻ; 2. വാൾ.
ഗാഢാലിങ്ഗനം [സം. -ആലിങ്ഗന] നാ. മുറുകെയുള്ള കെട്ടിപ്പിടുത്തം.
ഗാഢാശ്ലേഷം [സം. -ആശ്ലേഷ] നാ. ഗാഢാലിങ്ഗനം.
ഗാണനികൻ [സം.] നാ. കണക്കെഴുത്തുകാരൻ.
ഗാണപത [സം.] വി. 1. ഗണപതിയെ സംബന്ധിച്ച; 2. സേനാവിഭാഗത്തിൻെറ നായകനെ സംബന്ധിച്ച.
ഗാണപത്യം [സം.] നാ. 1. ഗണത്തിൻെറ അഥവാ സേനാവിഭാഗത്തിൻെറ നായകനായിരിക്കുന്ന അവസ്ഥ; 2. ഗണപതിപൂജ; 3. ഗനപതിയെ ഈശ്വരനായി കരുതി ആരാധിക്കുന്ന ഹിന്ദുമതവിഭാഗം; 4. ഒരു പുണ്യതീർഥം.
ഗാണിക്യം [സം. <ഗണികാ] നാ. വേശ്യാസമൂഹം.
ഗാണിതികൻ [സം.] ഗണേശനെ ആരാധിക്കുന്നവൻ.
ഗാണ്ഡീവം [സം.] നാ. (അർജുനൻെറ) വില്ല്.
ഗാണ്ഡീവധന്വാവ് [സം. ഗാണ്ഡീവ-ധന്വൻ] നാ. അർജുനൻ.
ഗാണ്ഡീവപാണി [സം. ഗാണ്ഡീവ-പാണി] നാ. അർജുനൻ.
ഗാണ്ഡീവി [സം. ഗാണ്ഡീവിൻ] നാ. അർജുനൻ.
ഗാതാവ് [സം. ഗാതൃ] നാ. 1. ഗായകൻ; 2.ഗന്ധർവൻ; 3. കോപം ഉള്ളവൻ; 4. ആൺകുയിൽ; 5. വണ്ട്.
ഗാതു [സം.] 1.പാട്ട്; 2. ഗായകൻ; 3. ഗന്ധർവൻ; 4. ആൺകുയിൽ; 5. വണ്ട്; 6. വഴി, മാർഗം; 7. ഗതി, ചലനം; 8. ഭൂമി; 9. ഐശ്വര്യം.
ഗാത്ര1 [സം.] വി. ഗാത്രം ഉള്ള, ശരീരം ഉള്ള.
ഗാത്ര2 [സം. ഗാത്രാ] നാ. ഭൂമി.
ഗാത്രകം [സം.] നാ. 1. ശരീരം; 2. അങ്ഗം.
ഗാത്രഗതി [സം. ഗാത്ര-ഗതി] നാ. നൂറ്റിയൊന്ന് അലങ്കാരങ്ങളിൽ ഒന്ന്.
ഗാത്രബന്ധം [സം. -ബന്ധ]നാ. മുഷ്ടിയുദ്ധത്തിലെ ഒരടവ്.

ഗാത്രം [സം.] നാ. 1. ശരീരം; 2. അവയവം; 3. ആനയുടെ മുങ്കാലുകളുടെ മുട്ടിനുതാഴെയുള്ള ഭാഗം.
ഗാത്രമാർജനി [സം. -മർജ്നീ] നാ. തോർത്ത്.
ഗാത്രയഷ്ടി [സം. -യഷ്ടി] നാ. കൃശമായ ശരീരം.
ഗാത്രരുഹ് [സം. -രുഹ] നാ. അങ്ഗരുഹം, രോമം.
ഗാത്രലത [സം. -ലതാ] നാ. ലതപോലെ കൃശവും മനോഹരവുമായ ശരീരം.
ഗാത്രസങ്കോചി [സം. -സങ്കോചിൻ] നാ. മരപ്പട്ടി.
ഗാത്രസമ്പ്ലവം [സം. -സമ്പ്ലവ] നാ. ഒരു പക്ഷി.
ഗാത്രസംസ്ലേഷണം [സം. -സംശ്ലേഷണ] നാ. 1. ഗദായുദ്ധത്തിലെ ഒരടവ്; 2. കെട്ടിപ്പുണരൽ.
ഗാത്രാനുലേപനി [സം. -അനുലേപനീ] നാ. കുറിക്കൂട്ട്.
ഗാത്രാവരണം [സം. -ആവരണ] നാ. 1. പരിച; 2. കവചം.
ഗാത്രാശ്ലേഷം [സം. -ആശ്ലേഷ] നാ. 1. മുഷ്ടിയുദ്ധത്തിലെ ഒരു അടവ്; 2. ഗാത്രസംശ്ലേഷണം.
ഗാത്രിക [സം. ഗാത്രികാ] നാ. 1. അരയിൽ ധരിക്കുന്ന ഒരു ആഭരണം; 2. മുലക്കച്ച.
ഗാഥ [സം. ഗാഥാ] നാ. 1. കഥ, പുരാണകഥ; 2. വേദങ്ങളിൽ ഉൾപ്പെടാത്തതും ആഖ്യാനങ്ങളിലും ഇതിഹാസങ്ങളിലും ഉള്ളതുമായ പാട്ട് അല്ലെങ്ക്ല് പദ്യം; 3. സ്തുതിഗീതം; 4. മഞ്ജരീവൃത്തത്തിലെഴുതിയ പാട്ട്; 5. അക്ഷരനിയമമില്ലാത്ത ശ്ലോകം; 6. ആര്യാവൃത്തം.
ഗാഥകൻ [സം.] നാ. 1. ഗായകൻ; 2. പുരാണേതിഹാസങ്ങൾ വായിക്കുന്നവൻ.
ഗാഥം [സം.] നാ. 1.പാടുക എന്ന പ്രവൃത്തി; 2. പാട്ട്.
ഗാതാപ്രബന്ധം [സം. -പ്രബന്ധ] നാ. പ്രാകൃതത്തിലോ ദേശഭാഷയിലോ ആര്യാവൃത്തത്തിൽ രചിച്ചിട്ടുള്ള പ്രബന്ധം.
ഗാഥാമേളം [സം. -മേല] നാ. പലതരം മേളങ്ങളിൽ ഒന്ന്.
ഗാഥിക [സം.] നാ. ഇതിഹാസങ്ങളിലും ആഖ്യാനങ്ങളിലും മറ്റുമുള്ള പാട്ട്.
ഗാഥികം [സം.] നാ. സ്വരസമൂഹത്തിൻെറ പലതരം മൂർച്ഛനങ്ങളിൽ ഒന്ന്.
ഗാഥിജൻ, ഗാധി- [സം.] നാ. വിശ്വാമിത്രൻ.
ഗാഥിജന്മാവ്, ഗാധി- [സം.] നാ. ഗാധിജൻ.
ഗാധ [സം.] വി. ആഴമില്ലാത്ത, കടക്കാവുന്ന.
ഗാധം [സം.] നാ. 1. ആഴമില്ലാത്ത സ്ഥലം; 2. സ്ഥാനം; 3. അടിത്തട്ട്; 4. ആഗ്രഹം, ലോഭം.
ഗാധിനഗരം [സം.] നാ. കന്യാകുബ്ജം.
ഗാധേയൻ [സം.] നാ. ഗാഥിജൻ.
ഗാനഗന്ധർവൻ [സം. ഗാന-ഗന്ധർവ] നാ. സമർഥനായ ഗായകൻ.
ഗാനം [സം.] നാ. 1. പാട്ട്; 2. ശബ്ദം; 3. സ്തുതി; 4. ഗമനം, പോക്ക്.
ഗാനവാദ്യം [സം. -വാദ്യ] നാ. സങ്ഗീതസ്വരങ്ങൾ വായിക്കാൻ ഉപയോഗിക്കുന്ന വീണ, കുഴൽ, വാദ്യം എന്നിവ.
ഗാനവിദ്യ [സം. -വിദ്യാ]നാ. സങ്ഗീതശാസ്ത്രം.
ഗാനവൃത്തിചതുഷ്ടയം [സം. -വൃത്തിചതുഷ്ടയ] നാ. (കൗശികി, ഭാരതി, സ്വാത്വതി, ആരഭടി എന്നീ) നാലു വൃത്തികൾ.
ഗാനി [സം.] നാ. 1. ഗായകൻ; 2. സ്തുതിക്കുന്നവൻ; 3. പോകുന്നവൻ.

ഗാനിമീഡ് [ഇം] നാ. വ്യാസ്ഗഗ്രഹത്തിൻെറ ഒരു ഉപഗ്രഹം.
ഗാന്തു [സം.] നാ. 1. വഴിപോക്കൻ; 2. പാട്ടുകാരൻ.
ഗാന്ത്രി [സം. ഗാന്ത്രീ]നാ. കാളവണ്ടി.
ഗാന്ദി [സം. ഗാന്ദീ] നാ. ഗാന്ദിനി.
ഗാന്ദിനി [സം. ഗന്ദിനീ] നാ. 1. ഒരു കാശിരാജകുമാരി; 2. ഗങ്ഗ.
ഗന്ദിനീസുതൻ [സം. -സുതൻ] നാ. 1. അക്രൂരൻ; 2. ഭീഷ്മർ; 3. സുബ്രഹ്മണ്യൻ.
ഗാന്ദിനേയൻ [സം.] നാ. അക്രൂരൻ.
ഗാന്ധർവ [സം.] വി. ഗന്ധർവനെ സംബന്ധിച്ചത്.
ഗാന്ധർവകലകൾ [സം. ഗാന്ധർവ-കലാ:] നാ. (ബ.വ.) ഗന്ധർവന്മാരുമായി ബന്ധപ്പെട്ട കലകൾ.
ഗാന്ധർവകി [സം. -ഗാന്ധർവകീ] നാ. ഗന്ധർവഭാഷ.
ഗാന്ധർവ(ക)ൻ [സം.] നാ. ഗായകൻ.
ഗാന്ധർവം [സം.ഗാന്ധർവ] നാ. 1. എട്ടുതരം വിവാഹങ്ങളിലൊന്ന്; 2. കുതിര; 3. ഗാന്ധർവവേദം; 4. ഗാനം; 5. ഗന്ധർവാസ്ത്രം; 6. ഒരു രാഗം; 7. വാരാണസിയിലുള്ള ഒരു തീർഥം; 8. ഭാരതത്തിലുള്ള ഒരു ഉപദ്വീപം.
ഗാന്ധർവവേദം [സം. -വേദ] നാ. സാമവേദത്തിൻെറ ഭാഗമായിട്ടുള്ളതും സങ്ഗീതത്തെക്കുറിച്ചു പ്രതിപാദിക്കുന്നതുമായ ഒരു ഉപവേദം.
ഗാന്ധർവശാല [സം. -ശാലാ] നാ. സങ്ഗീതശാല.
ഗാന്ധർവി [സം. ഗാന്ധർവീ] നാ. 1. ഭാഷണം; 2. ദുർഗ.
ഗാന്ധർവികൻ [സം.] നാ. ഗായകൻ.
ഗാന്ധർവിക്കുക [<സം. ഗന്ധർവ] ക്രി. ഗാന്ധർവവിവാഹം കഴിക്കുക.
ഗാന്ധാരം [സം.] നാ. 1. സപ്തസ്വരങ്ങളിൽ മൂന്നാമത്തെതായ ഗ; 2. (പുരാണ.) ഒരു പുരാതനരാജ്യം; 3. ഒരു പ്രാകൃത ഭാഷ; 4. സിന്ദൂരം; 5. നറും പശ.

689

ഗാന്ധാരഗതി [സം. -ഗതി] നാ. ഒരു രാഗം.
ഗാന്ധാരഗ്രാമം [സം. -ഗ്രാമ] നാ. സപ്തസഞ്ചയത്തിൻെറ മൂന്നുതരം സംവിധാനങ്ങളിൽ ഒന്ന്.
ഗാന്ധാരൻ [സം.] നാ. 1. ഗാന്ധാരദേശത്തിലെ രാജാവ്; 2. ഗാന്ധാരദേശക്കാരൻ; 3. ഒരു സോമവംശരാജാവ്.
ഗാന്ധാരി1 [സം.] നാ. 1. ശകുനി; 2. ദുര്യോധനൻ.
ഗാന്ധാരി2 [സം. ഗാന്ധാരീ] നാ. 1. ഗാന്ധാരരാജാവായ സുബലൻെറ പുത്രി; 2. ഗാന്ധാരദേശക്കാരി; 3. വെങ്കൊടിത്തൂവ; 4. ചെങ്കൊടിത്തൂവ; 5. ഒരു നാഡി; 6. യോഗനാഡി.
ഗാന്ധാരേയൻ [സം.] നാ. ഗാന്ധാരിയുടെ പുത്രൻ.
ഗാന്ധി [സം.] നാ. രാഷ്ട്രപിതാവായ മഹാത്മാഗാന്ധി.
ഗാന്ധികൻ [സം.] നാ. 1. എഴുത്തുകാരൻ; 2. സുഗന്ധദ്രവ്യങ്ങൾ വിൽക്കുന്നവൻ.
ഗാന്ധികം1 [സം.] നാ. സുഗന്ധദ്രവ്യം.
ഗാന്ധികം2 [സം.] നാ. ഒരു ക്ഷുദ്രജീവി.
ഗാന്ധികാമ്ലം [സം.] നാ. = ഗന്ധക്ലാമം.

ഗാന്ധിത്തൊപ്പി നാ. വെള്ളഖദർ കൊണ്ടുണ്ടാക്കിയ മടക്കിവയ്ക്കാവുന്ന ഒരിനം തൊപ്പി.
ഗാന്ധി [സം.] നാ. രാഷ്ട്രപിതാവായ മഹാത്മാഗാന്ധി
ഗാന്ധികൻ [സം.] നാ. 1. എഴുത്തുകാരൻ; 2. സുഗന്ധദ്രവ്യങ്ങൾ വിൽക്കുന്നവൻ
ഗാന്ധികം1 [സം.] നാ. സുഗന്ധദ്രവ്യം
ഗാന്ധികം2 [സം.] നാ. ഒരു ക്ഷുദ്രജീവി
ഗാന്ധികാമ്ലം [സം.] നാ. = ഗന്ധകാമ്ലം
ഗാന്ധിത്തൊപ്പി നാ. വെള്ളഖദർകൊണ്ടുണ്ടാക്കിയ മടക്കിവയ്ക്കാവുന്ന ഒരിനം തൊപ്പി
ഗാന്ധിസം [സം.] നാ. അഹിംസ, സത്യാഗ്രഹം, ഗ്രാമസ്വരാജ്, സർവോദയം തുടങ്ങിയ ഗാന്ധിജി പ്രചരിപ്പിച്ച രാഷ്ട്രീയവും സാമൂഹികവുമായ തത്ത്വങ്ങൾ ഉൾക്കൊള്ളുന്ന ദർശനം
ഗാംഭീര്യം [സം.] നാ. 1. ആഴം; 2. മഹത്വം; 3. അക്ഷോഭ്യത; 4. ശബ്ദഗുണങ്ങളിലൊന്ന്; 5. സ്വാത്വികനായകൻെറ എട്ടുഗുണങ്ങളിലൊന്ന്
ഗാമാരശ്മികൾ [ഗ്രീ] നാ. (ബ.വ.) വളരെ ഉയർന്ന ആവൃത്തിയുള്ള വിദ്യുത്കാന്തതരങ്ഗങ്ങൾ
ഗാമി [സം.ഗാമിൻ] വി. 1. ചലിക്കുന്ന; 2. സഞ്ചരിക്കുന്ന; 3. അടുത്ത് എത്തുന്ന; 4. ലഭിക്കുന്ന
ഗാമീറ്റുകൾ [ഇം.] നാ. (ബ.വ.) ബീജങ്ങൾ, പ്രത്യുത്പാദനകോശങ്ങൾ
ഗായക [സം.] വി. പാടുന്ന
ഗായകൻ [സം.] നാ. പാട്ടുകാരൻ
ഗായത്രം [സം.] നാ. 1. പാട്ട്; 2. ഗായത്രീഛന്ദസ്സിലുള്ള ഒരു സ്തോത്രം; 3. ഒരു വ്രതം; 4. ഒരു സാമം, വൈദിക സൂക്തം
ഗായത്രി [സം.] നാ. 1. ഒരു വൈദികവൃത്തം; 2. ഗായത്രീഛന്ദസ്സിലുള്ള ഒരു സ്ത്രോത്രം; 3. ഗായത്രീഛന്ദസ്സിലുള്ള ഒരു മന്ത്രം; 4. കരിങ്ങാലിമരം
ഗായത്രീബ്രഹ്മചാരി നാ. നാലുതരം ബ്രഹ്മചാരികളിൽ ഒരു വിഭാഗം
ഗായത്രീവല്ലഭൻ [സം.] നാ. ശിവൻ
ഗായനം [സം.] നാ. 1. പാട്ട്; 2. ഉപജീവനത്തിനുവേണ്ടി പാട്ടുപാടൽ
ഗായിക [സം.] നാ. പാട്ടുകാരി, പാടുന്നവൾ
ഗാർഗ [സം.] വി. ഗർഗനിൽ നിന്നുള്ള
ഗാർഗി [സം.] നാ. 1. ഗർഗവംശത്തിൽ ജനിച്ചവളും സുപ്രസിദ്ധ ബ്രഹ്മവാദിനിയുമായ ഒരു സ്ത്രീ; 2. ദുർഗ
ഗാർഗ്യൻ [സം.ഗാർഗ്യ] നാ. 1. ഗർഗമുനിയുടെ വംശത്തിൽ പിറന്നവൻ; 2. അങ്ഗിരസ്സിൻെറ പുത്രനായ ഒരു മഹർഷി; 3. വിശ്വാമിത്രൻെറ ഒരു പുത്രൻ
ഗാർദഭ [സം.<ഗർദഭ] വി. കഴുതയെപ്പോലുള്ള
ഗാർദഭികം [സം.] നാ. ഒരുതരം രതിബന്ധം
ഗാർധ്യം [സം.] നാ. അത്യാഗ്രഹം, ലോഭം
ഗാർധ്ര [സം.] വി. ഗൃധ്രത്തെ സംബന്ധിച്ച
ഗാർധ്രം [സം.] നാ. അത്യാഗ്രഹം
ഗാർഭ [സം.] വി. ഗർഭത്തെ സംബന്ധിച്ച

ഗാർഭിക [സം.] വി. ഗർഭത്തെ സംബന്ധിച്ച
ഗാർഹപത്രം [സം.<ഗൃഹപതി] നാ. കുടുംബനായകത്വം
ഗാർഹപത്യ [സം.] വി. ഗൃഹപതിയെ സംബന്ധിച്ച
ഗാർഹപത്യൻ [സം.] നാ. ഗാർഹപത്യാഗ്നി
ഗാർഹപത്യന്മാർ [സം.] നാ. ഗാർഹപത്യർ
ഗാർഹപത്യം [സം.] നാ. 1. ഗാർഹപത്യാഗ്നി; 2. ഗാർഹസ്ഥ്യം
ഗാർഹപത്യർ [സം.] നാ. പതൃക്കളിൽ ഒരു വിഭാഗം
ഗാർഹപത്യാഗ്നി [സം.] നാ. ഗൃഹസ്ഥൻ സ്ഥിരമായി സൂക്ഷിക്കുന്ന ദിവ്യമായ അഗ്നി
ഗാർഹമേധം [സം.] നാ. ഗൃഹസ്ഥൻ ദിവസേന അനുഷ്ഠിക്കേണ്ട യജ്ഞങ്ങൾക്കു പൊതുവേയുള്ള പേര്
ഗാർഹസ്ഥ്യ [സം.] വി. ഗൃഹസ്ഥൻ നിർവഹിക്കേണ്ടതായ അഥവാ ഗൃഹസ്ഥനുയോജിച്ച
ഗാർഹസ്ഥ്യം [സം.] നാ. 1. ഗൃഹസ്ഥാശ്രമം; 2. കുടുംബം; 3. ഗാർഹമേധം
ഗാർഹിക [സം.] വി. ഗൃഹത്തെ സംബന്ധിച്ച
ഗാരുഡ [സം.] വി. 1. ഗരുഡനെ സംബന്ധിച്ച; 2. ഗരുഡനിൽനിന്നുള്ള
ഗാരുഡപുരാണം [സം.] നാ. അഷ്ടാദശ പുരാണങ്ങളിൽ ഒന്ന്
ഗാരുഡം [സം.] നാ. 1. ഗാരുഡപുരാണം; 2. വിഷപ്രതിരോധകമായ മന്ത്രശക്തി; 3. ഒരു ഉപനിഷത്ത്; 4. മരതകം; 5. സ്വർണം; 6. ഗാരുഡാസ്ത്രം; 7. ഒരു സൈന്യവ്യൂഹം; 8. ഒരു കൽപകാലം
ഗാരുഡമന്ത്രം [സം.] നാ. ഒരു മന്ത്രം
ഗാരുഡവിദ്യ [സം.-വിദ്യാ] നാ. വിഷവൈദ്യം, സർപ്പവിഷചികിത്സ
ഗാരുഡാസ്ത്രം [സം.] നാ. ഒരു അസ്ത്രം
ഗാരുഡി [സം.] നാ. 1. പാതാളഗരുഡക്കൊടി; 2. വിഷവൈദ്യം
ഗാരുഡികൻ [സം.] നാ. 1. വശീകരിക്കുന്നവൻ; 2. പാമ്പാട്ടി; 3. വിഷവൈദ്യൻ
ഗാരുത്മത് [സം.<ഗർ-] വി. ഗരുഡനെ സംബന്ധിച്ച, ഗരുഡൻെറ രൂപത്തിലുള്ള
ഗാരുത്മപത്രിക [സം.] നാ. രാമതുളസി
ഗാരുത്മതം [സം.] നാ. 1. മരതകം; 2. ഗാരുഡാസ്ത്രം
ഗാൽവനൈസിങ് [ഇം.] നാ. ലോഹനിർമിതമായ വസ്തുവിൻെറ നാശം തടയാൻ അതിൻെറ പ്രതലത്തിൽ നാകം പൂശുന്ന പ്രക്രിയ
ഗാൽവാനോമീറ്റർ [ഇം.] നാ. വൈദ്യുതിയുടെ സാന്നിധ്യം അറിയാനും അളക്കാനും ഉപയോഗിക്കുന്ന ഒരു ഉപകരണം
ഗാലനം1 [സം.] നാ. 1. അലിയിക്കൽ; 2. അരിക്കൽ
ഗാലനം2 [സം.] നാ. അധിക്ഷേപിക്കൽ, കുറ്റപ്പെടുത്തൽ
ഗാലം [സം.] നാ. 1. ഒഴുക്ക്; 2. അലിയൽ; 3. തുള്ളികളായി വീഴൽ
ഗാലവൻ [സം.] നാ. വിശ്വാമിത്രൻെറ ശിഷ്യൻ
ഗാലറി [ഇം.] നാ. = ഗ്യാലറി
ഗാലി [ഇം.] നാ. 1. ഒരിനം യുദ്ധക്കപ്പൽ; 2. അച്ചുകൂടത്തിൽ അച്ചുനിരത്തുന്ന നീണ്ട ചട്ടം വച്ച തട്ട്; 3. കപ്പലിലെ പാചകശാല; 4. അധിക്ഷേപം
ഗാലിത [സം.] വി. 1. അരിക്കപ്പെട്ട; 2. ഉരുക്കപ്പെട്ട

ഗാലിനി [സം.] നാ. താന്ത്രികവിധിപ്രകാരമുള്ള ഒരു കൈമുദ്ര
ഗാലിബ് [അറ] നാ. 1. കരുത്തൻ; 2. വിജയി
ഗാലിയം [ഇം.] നാ. മാർദവവും തിളക്കവുമുള്ള ഒരു ലോഹം
ഗാലോഡ്യം [സം.] നാ. താമരയരി
ഗാവണം [സം.] നാ. കവണ
ഗാസൊലിൻ [ഇം.] നാ. പെട്രോൾ
ഗാഹകൻ [സം.] നാ. (കുളിക്കുമ്പോൾ) മുങ്ങുന്നവൻ
ഗാഹനം [സം.] നാ. കുളി, മുങ്ങൽ, മുഴുകിയിരിക്കൽ
ഗാഹം [സം.] നാ. 1. കുളിക്കൽ; 2. ആഴം, താഴ്ച, ഉൾഭാഗം
ഗാഹി [സം.] നാ. ഗാഹനം ചെയ്യുന്നവൻ
ഗാഹിത [സം.] വി. ഗാഹനംചെയ്ത
ഗാഹിതാവ് [സം.] നാ. 1. കുളിക്കുന്നവൻ; 2. ഇളകുന്നവൻ; 3. നശിപ്പിക്കുന്നവൻ
ഗാളകം [സം.] നാ. ഒഴുകൽ, വാർക്കൽ
ഗാളനം [സം.] നാ. ഗാലനം
ഗാളവം [സം.] നാ. മലങ്കാര
ഗാളികം [സം.] നാ. ഇലക്കറി
ഗാളിക്കുക [<സം.] ക്രി. അരിക്കുക
ഗാളിനി [സം.] നാ. = ഗാലിനി
ഗാറൻറി [ഇം.] നാ. 1. ജാമ്യം, ഉറപ്പ്; 2. വിൽക്കുന്ന സാധനങ്ങൾക്ക് ഒരു നിശ്ചിതകാലയളവിനുള്ളിൽ ഉണ്ടാകുന്ന കേടുപാടുകൾക്ക് ഉത്തരവാദിത്വം വഹിക്കാമെന്നുള്ള ഉറപ്പ്
ഗിഞ്ചറ [ഹി.ഖഞ്ജഡീ] നാ. ഒരുതരം ആഹതവാദ്യം, ഗഞ്ചിറ
ഗിത്താർ [ഇം.] നാ. ഒരു സംങ്ഗീതോപകരണം, ഒരിനം തന്ത്രിവാദ്യം
ഗിനി [ഇം.] നാ. 1. ബ്രിട്ടനിൽ പ്രചാരത്തിലുണ്ടായിരുന്നതും 21 ഷില്ലിങ്ഗ് വിലയുൾലതുമായ ഒരു പഴയ സ്വർണനാണയം; 2. ആഫ്രിക്കയിലെ ഒരു ദേശം
ഗിനിക്കോഴി [ഇം.-മ.] നാ. കോഴിവർഗത്തിൽപ്പെട്ട ഒരു പക്ഷി
ഗിനിപ്പന്നി [ഇം.-മ.] നാ. ഒരിനം ചെറിയ മൃഗം, ആകൃതിയിൽ മുയലിനോടു സാമ്യം
ഗിനിപ്പുഴു [ഗിനി-പുഴു] നാ. പരാദമായ ഒരിനം പുഴു, ജലത്തിൽക്കൂടി മനുഷ്യശരീരത്തിൽ കടന്ന് ചർമരോഗം ഉണ്ടാക്കുന്നു
ഗിന്ദുകം [സം.] നാ. 1. കളിപ്പന്ത്; 2. പനച്ചി
ഗിബൺ [ഇം.] നാ. ഒരിനം ആൾക്കുരങ്ങ്
ഗിര [സം.ഗിരാ] നാ. 1. സരസ്വതി; 2. വാക്ക്, ഭാഷണം; 3. സ്തുതി
ഗിരണം [സം.] നാ. വിഴുങ്ങൽ
ഗിരം [സം.] നാ. ഗിർ എന്നതിൻെറ ദ്വിതീയാ ഏകവചനരൂപം. വാക്കിനെ എന്നർഥം
ഗിരാപതി [സം.] നാ. 1. ബ്രഹ്മാവ്; 2. ബൃഹസ്പതി; 3. പണ്ഡിതൻ
ഗിരാമ്പതി [സം.] നാ. 'വാക്കുകൾക്ക് അധിപനായവൻ' ബൃഹസ്പതി
ഗിരി [സം.] വി. ബഹുമാനിക്കത്തക്ക, പൂജിക്കത്തക്ക. നാ. 1. പർവതം; 2. വലിയ പാറ; 3. ശ്രീശങ്കരപരമ്പരപ്രകാരം സന്ന്യാസം സ്വീകരിക്കുമ്പോൾ നൽകുന്ന ഒരു

സ്ഥാനപ്പേര്. ഉദാ: വിശ്വേശ്വരഗിരി; 4. (ആയുര്) രസത്തിന്റെ ദോഷങ്ങളില് ഒന്ന്; 5. ഒരു നേത്രരോഗം; 6. വിഴുങ്ങല്; 7. പന്ത്; 8. എലി

ഗിരിക [സം.] നാ. ചുണ്ടെലി
ഗിരികച്ഛപം [സം.] നാ. മലയാമ
ഗിരികണ്ടകം [സം.-കണ്ടക] നാ. 1. ഇന്ദ്രന്റെ വജ്രായുധം; 2. വൈരം
ഗിരികന് [സം.] നാ. ശിവന്
ഗിരികന്ദരം [സം.] നാ. പര്വതഗുഹ
ഗിരികന്യ [സം.-കന്യാ] നാ. പാര്വതി
ഗിരികാണന് [സം.-കാണ] നാ. ഗിരി എന്ന നേത്രരോഗം ബധിച്ചവന്, ഒറ്റക്കണ്ണന്
ഗിരികുഹരം [സം.-കുഹര] നാ. ഗിരികന്ദരം
ഗിരികൂടം [സം.-കൂട] നാ. പര്വതശിഖരം, കൊടുമുടി
ഗിരിഗന്ധം [സം.] നാ. കന്മദം
ഗിരിഗഹ്വരം [സം.-ഗഹ്വര] നാ. 1. ഗിരികന്ദരം; 2. ഭാരതവര്ഷത്തിലെ ഒരു
ജനപദം
ഗിരിഗുഡം [സം.-ഗുഡ] നാ. 1. കളിപ്പന്ത്; 2. പനച്ചി
ഗിരിഗുഹ [സം.-ഗുഹ] നാ. ഗിരികന്ദരം
ഗിരിചര [സം.-ചര] വി. പര്വതത്തില് ചരിക്കുന്ന, പര്വതത്തില്
വസിക്കുന്ന
ഗിരിചരന് [സം.-ചര] നാ. 1. കാട്ടാളന്; 2. കള്ളന്
ഗിരിചരം [സം.] നാ. 'പര്വതത്തില് ചരിക്കുന്നത്' കാട്ടാന
ഗിരിജ [സം.-ജ] വി. പര്വതത്തിലുണ്ടായ
ഗിരിജതു [സം.-ജതു] നാ. കന്മദം
ഗിരിജാതനയന് [സം.] നാ. 1. ഗണപതി; 2. സുബ്രമഹ്ണ്യന്
ഗിരിജാതേജസ്സ് [സം.-തേജസ്] നാ. അഭ്രകം
ഗിരിജാപതി [സം.-പതി] നാ. 'പാര്വതിയുടെ ഭര്ത്താവ്' ശിവന്
ഗിരിജാമലം [സം.-മല] നാ. അഭ്രം
ഗിരിജ്വരം [സം.] നാ. 1. ഇന്ദ്രന്റെ വജ്രായുധം; 2. വൈരം
ഗിരിതടം [സം.-തട] നാ. മലഞ്ചരിവ്
ഗിരിതനയ [സം.-തനയാ] നാ. 1. പാര്വതി; 2. ഗങ്ഗ
ഗിരിദുര്ഗം [സം.-ദുര്ഗ] നാ. പര്വതത്തിലുള്ള കോട്ട, പര്വതങ്ങളാല്
ചുറ്റപ്പെട്ട കോട്ട (ആറുവിധം ദുര്ഗങ്ങളില് ഒന്ന്)
ഗിരിധ്വജം [സം.-ധ്വജ] നാ. ഇടിവാള്
ഗിരിദ്വാരം [സം.-ദ്വാര] നാ. മലമ്പാത
ഗിരിധരന് [സം.-ധര] നാ. ശ്രീകൃഷ്ണന്
ഗിരിധാതു [സം.-ധാതു] നാ. കാവിമണ്ണ്
ഗിരിധാരി [സം.-ധാരിന്] നാ. = ഗിരിധരന്
ഗിരിനന്ദിനി [സം.-നന്ദിനീ] നാ. 1. പാര്വതി; 2. ഗങ്ഗ; 3. നദി (സാമാന്യം)
ഗിരിനാഥന് [സം.-നാഥ] നാ. ശിവന്
ഗിരിനിതംബം [സം.-നിതംബ] നാ. മലഞ്ചെരിവ്
ഗിരിപക്ഷഭിത്ത് [സം.] നാ. 'പര്വതങ്ങളുടെ ചിറകുമുറിച്ചവന്' ഇന്ദ്രന്
ഗിരിപൃഷ്ഠം [സം.-പൃഷ്ഠ] നാ. പര്വതത്തിന്റെ ഉപരിഭാഗം

ഗിരിപ്രപാതം [സം.-പ്രപാത] നാ. = ഗിരിനിതംബം
ഗിരിപ്രസ്ഥം [സം.-പ്രസ്ഥ] നാ. പർവതത്തിൻെറ ഉന്നതതടം, പീഠഭൂമി
ഗിരിപ്രിയ [സം.-പ്രിയാ] നാ. ചമരിമാൻപേട
ഗിരിബാന്ധവൻ [സം.-ബാന്ധവ] നാ. ശിവൻ
ഗിരിഭിത്ത് [സം.-ഭിദ്] നാ. 1. ഇന്ദ്രൻ; 2. നദി; 3. കല്ലൂർവഞ്ചി
ഗിരിഭൂ [സം.-ഭൂ] നാ. ' പർവതത്തിൽനിന്ന് ഉണ്ടായത്' 1. പാർവതി; 2. ഗങ്ഗ; 3. നദി; 4. ചെറിയ കല്ലൂർവഞ്ചി
ഗിരിമകൾ [സം.] നാ. പാർവതി
ഗിരിമല്ലിക [സം.-മല്ലികാ] നാ. കുടകപ്പാല
ഗിരിമാനൻ [സം.-മാന] നാ. 'പർവതത്തിൻെറ വലുപ്പമുള്ളത്' വലിയ ആന
ഗിരിമൃത്ത് [സം.-മൃദ്] നാ. കാവിമണ്ണ്.
691
ഗിരിയകം [സം.-യക] നാ. 1. പനച്ചി; 2. പന്ത്
ഗിരിരാജൻ [സം.-രാജൻ] നാ. 1. പർവതശ്രേഷ്ഠൻ; 2. ഹിമവാൻ
ഗിരിരാട്ട് [സം.-രാട്ട്<രാജ്] നാ. ഗിരിരാജൻ
ഗിരിവർത്തിക [സം.] നാ. ഒരിനം പക്ഷി, കണ്ണൻപീച്ചി, മലങ്കാട
ഗിരിവരതനയ [സം.] നാ. പാർവതി
ഗിരിവരൻ [സം.-വര] നാ. 1. പർവതശ്രേഷ്ഠൻ; 2. ഹിമവാൻ; 3. ശിവൻ
ഗിരിവ്രജം [സം.-വ്രജ] നാ. പുരാതന മഗധരാജ്യത്തുള്ള ഒരു നഗരം
ഗിരിശൻ [സം.-ശ] നാ. 'പർവതത്തിൽ വസിക്കുന്നവൻ' ശിവൻ
ഗിരിശയൻ [സം.-ശയ] നാ. ശിവൻ
ഗിരിശരാസനൻ [സം.-ശരാസന] നാ. 'ഗിരിയെ വില്ലാക്കിയവൻ' ശിവൻ
ഗിരിശിഖരം [സം.-ശിഖര] നാ. 1. പർവതശിഖരം, കൊടുമുടി; 2. ഒരു സംസ്കൃതവൃത്തം
ഗിരിശൃങ്ഗൻ [സം.] നാ. ഗണപതി
ഗിരിശൃങ്ഗം [സം.] നാ. കൊടുമുടി
ഗിരിസംഭവം [സം.] നാ. 1. കന്മദം; 2. മലയെലി, കാട്ടെലി
ഗിരിസാനു [സം.] നാ. 1. പീഠഭൂമി; 2. പർവതത്തിൻെറ താഴ്വര
ഗിരിസാരം [സം.-സാര] നാ, 1. ഇരുമ്പ്; 2. വെളുത്തീയം; 3. മലയപർവതം; 4. ഒരു സംസ്കൃതവൃത്തം
ഗിരിസുത [സം.-സുതാ] നാ. 1. പാർവതി; 2. ഗങ്ഗ
ഗിരിസുതൻ [സം.-സുത] നാ. മൈനാകപർവതം
ഗിരീന്ദ്രൻ [സം.] നാ. 1. പർവതശ്രേഷ്ഠൻ; 2. ഹിമാലയം; 3. ശിവൻ
ഗിരീശൻ [സം.] നാ. 1. ശിവൻ; 2. ഹിമാലയപർവതം
ഗിൽറ്റ് [ഇം.] നാ. സ്വർണപ്പൂച്ച്, സ്വർണവർണത്തിലുള്ള പൂച്ച്
ഗില [സം.] വി. വിഴുങ്ങുന്ന. നാ. ചീങ്കണ്ണി
ഗിലഗിലം [സം.] നാ. 1. മുതല; 2. ശ്രാവ്
ഗിലഗ്രാഹം [സം.-ഗ്രാഹ] നാ. മുതല
ഗിലനം [സം.<ഗ്യ] നാ. വിഴുങ്ങൽ
ഗിലം[സം.] നാ. 1. മുതല, ചീങ്കണ്ണി; 2. ശ്രാവ്; 3. ജോനകനാരകം; 4. ഭക്ഷ്യം (വിഴുങ്ങത്തക്കത്)

ഗിലായു [സം.] നാ. ഒരു രോഗം, കഴുത്തിലുണ്ടാകുന്ന ഒരിനം മുഴ
ഗിലി [സം.] നാ. ഗിലനം
ഗിലിത [സം.] വി. വിഴുങ്ങപ്പെട്ട
ഗിഷ്ണു [സം.] നാ. 1. (സാമവേദ) ഗായകൻ; 2. അഭിനേതാവ്, നടൻ
ഗിളായു [സം.] നാ. = ഗിലായു
ഗീ [സം.] നാ. "ഗിർ" എന്ന പദം സമാസത്തിൽ പൂർവപദമായിവരുമ്പോൾ പക്ഷേകൈക്കൊള്ളുന്ന രൂപം
ഗീത1 [സം.] വി. 1. ഗാനം ചെയ്യപ്പെട്ട, സങ്ഗീതാത്മകമായി ജപിക്കപ്പെട്ട; 2. പ്രസ്താവിക്കപ്പെട്ട, പറയപ്പെട്ട
ഗീത2 [സം.ഗീതാ] നാ. 1. ഭഗവത്ഗീത; 2. ഭഗവത്ഗീതാതുല്യമായ സന്മാർഗോപദേശഗീതങ്ങൾ. ഉദാ: വിഷ്ണുഗീത
ഗീതകം [സം.] നാ. 1. പാട്ട്; 2. ആങ്ഗലഭാഷയിൽനിന്നു സ്വീകരിച്ച ഒരു ലഘുകവിതാരൂപം
ഗീതകപ്രബന്ധം [സം.] നാ. (സങ്ഗീ.) ഒരു ഗീതവിശേഷം
ഗീതഗോവിന്ദം [സം.] നാ. ജയദേവരുടെ പ്രസിദ്ധമായ ഗാനകാവ്യം
ഗീതജ്ഞ [സം.-ജ്ഞ] വി. പാട്ടുപാടുന്നതിൽ സാമർഥ്യമുള്ള, സങ്ഗീതകലയിൽ നൈപുണ്യമുള്ള
ഗീതപ്രബന്ധ [സം.] നാ. 1. കാവ്യരൂപങ്ങളിൽ ഒന്ന്, ഗാനകാവ്യം, ഉദാ: ഗിരിജാകല്യാണം ഗീത പ്രബന്ധം; 2. (സങ്ഗീ.) ഒരു ഗീതവിശേഷം, നിർവൃത്തപ്രബന്ധത്തിൻെറ ഒരു അവാന്തര വിഭാഗം
ഗീതപ്രിയ [സം.-പ്രിയ] വി. ഗീതത്തിൽ പ്രീയമുള്ള
ഗീതപ്രിയൻ [സം.-പ്രീയ] നാ. 'ഗീതത്തിൽപ്രീയമുള്ളവൻ' ശിവൻ
ഗീതം [സം.] നാ. 1. ഗാനംചെയ്യപ്പെടുന്നത്, പാടാവുന്നത് (കാവ്യം, ശ്ലോകം മുതലായവ); 2. (സങ്ഗീ.) അഭ്യാസഗാനങ്ങളിൽപ്പെട്ട ഒരിനം കൃതി; 3. കാതിന് ഇമ്പം ൻൽകുന്ന നാദം (പക്ഷികളുടെ കൂജനം മുതലായവ)
ഗീതായനം [സം.] നാ. സങ്ഗീതോപകരണം (വീണ, പുല്ലാങ്കുഴൽ മുതലായവ)
ഗീതി[സം.] നാ. 1. ഗീതം; 2. ഒരു മാത്രാവൃത്തം
ഗീതിക [സം.] നാ. ഹ്രസ്വഗീതം
ഗീതിരൂപകം [സം.] നാ. ഗദ്യം കുറവും പദ്യം കൂടുതലുമായ ഒരുതരം രൂപകം, ഗാനനാടകം
ഗീത്യങ്ഗം [സം.-അങ്ഗ] നാ. പൂജയ്ക്കുശേഷം ദേവന് അർപ്പിക്കുന്ന കലാപരമായ ഉപചാരം (പാട്ട്, കൊട്ട്, നൃത്തം മുതലായവ)
ഗീഥ [സം.ഗീഥാ] നാ. 1. ഗാഥ, പാട്ട്; 2. ഭാഷണം
ഗീയമാന [സം.<ഗൈ] വി. ഗാനരൂപത്തിൽ സ്തുതിക്കപ്പെടുന്ന, പാടപ്പെടുന്ന
ഗീയർ [ഇം.] നാ. ഒരുയന്ത്രത്തിൻെറ ചലനം മറ്റൊന്നിലേക്കു സങ്ക്രമിപ്പിക്കുന്നതിനുപയോഗിക്കുന്ന പൽച്ചക്രം
ഗീർണ [സം.] വി. 1. സ്തുതിക്കപ്പെട്ട, വിഴുങ്ങപ്പെട്ട
ഗീർണി1 [സം.] നാ. വിഴുങ്ങൽ
ഗീർണി2 [സം.] നാ. 1. സ്തുതി, കീർത്തനം; 2. കീർത്തി
ഗീർദേവത [സം.] നാ. വാക്കിൻെറ അധിഷ്ഠാനദേവത, സരസ്വതി
ഗീർദേവി [സം.] നാ. ഗീർദേവത

ഗീർപതി [സം.-പതി] നാ. 1. ബ്രുഹസ്പതി; 2. വിദ്വാൻ
ഗീർവാണ [സം.-വാണ] വി. ദേവന്മാരെ സംബന്ധിച്ച
ഗീർവാണൻ [സം.] നാ. 'ഗീർബാണമായിട്ടുള്ളവൻ' ദേവൻ
ഗീർവാണം [സം.] നാ. 1. ദേവഭാഷ, സംസ്കൃതം; 2. വളച്ചുകെട്ടി അർഥവ്യക്തിയുണ്ടാകാതെ പ്രയോഗിക്കുന്ന ഭാഷ (പരിഹാസാർഥത്തിൽ പ്രയോഗം)
ഗീർവാണവാണി [സം.] നാ. ദേവഭാഷ, ഗീർവാണം
ഗീർവാണി [സം.-വാണീ] നാ. 1. ദേവസ്തുതി; 2. (സങ്ഗി.) ഒരുരാഗം
ഗീരഥൻ [സം.ഗീർ-രഥ] നാ. 'വാക്ക് രഥമായിട്ടുള്ളവൻ' ബ്രുഹസ്പതി
ഗീര് [സം.<ഗിര്] നാ. വാക്ക്
ഗീഷ്പതി [സം.ഗീർ-പതി] നാ. ഗീർപ്പതി
ഗീഷ്പതിസുതൻ [സം.] നാ. ബ്രുഹസ്പതിയുടെ പുത്രൻ, കചൻ
ഗുഗ്ഗുലം,-ലു [സം.] നാ. 1. ഒരുഔഷധി; 2. ചെമ്മുരിങ്ങ
ഗുച്ഛകം [സം.] നാ. 1. പൂങ്കുല; 2. മരങ്ങളുടെയോ കുറ്റിച്ചെടികളുടെയോ കൂട്ടം; ഗ്രന്ഥത്തിൻെറ ഒരു ഭാഗം; 4. നെല്ല്, യവം മുതലായവയുടെ തണ്ട്; 5. കെട്ട്; 6. മയിൽപ്പീലിക്കെട്ട്; 7. ചാമരം; 8. തൂണിയാങ്കം; 9. കരിഞ്ഞോട്ട; 10. ഉറുഞ്ചിമരം; 11. മുപ്പത്തിരണ്ടൊ എഴുപതോ ഇഴയുള്ള മുത്തുമാല
ഗുജറാത്തി നാ. 1. ഗുജറാത്ത് ദേശക്കാരൻ; 2. ഗൂർജരഭാഷ
ഗുജറാത്ത് [സം.] നാ. ഗൂർജരപ്രദേശം, ഭാരതത്തിൻെറ പടിഞ്ഞാറുഭാഗത്തുള്ള ഒരുപ്രദേശം
ഗുഞ്ജ [സം.] നാ. 1. കുന്നി, ചെമന്നകുന്നി; 2. മദ്യംവിൽക്കുന്ന സ്ഥലം; 3. ഉപ്പുപടന്ന; 4. അവ്യക്തമായ ശബ്ദം; 5. ധ്യാനം; 6. പെരുമ്പറ
ഗുഞ്ജകൃത്ത് [സം.-കൃത്] നാ. ഒരിനം കറുത്ത വണ്ട്
ഗുഞ്ജനം [സം.] നാ. മുരൾച്ച
ഗുഞ്ജനികേതനം [സം.] നാ. വണ്ട്ഗുഞ്ജം [സം.] നാ. 1. പൂങ്കുല; 2. വണ്ടുകളുടെ മുരൾച്ച, മൂളൽ
ഗുഞ്ജരി [സം.] നാ. ഒരു രാഗം
ഗുഞ്ജാഗ്രന്ഥി [സം.] നാ. മുത്തങ്ങ
ഗുഞ്ജാഫലം [സം.-ഫല] നാ. കുന്നിക്കുരു
ഗുഞ്ജായമാന [സം.] വി. മുരളുന്ന, മുഴങ്ങുന്ന
ഗുഞ്ജിതം [സം.] നാ. 1. മുരൾച്ച; 2. കുയിലിൻെറ പാട്ട്
ഗുടി(ക) [സം.] നാ. 1. ഗുളിക; 2. ഗോലി, പന്ത്; 3. മുത്ത്; 4. ശരീരത്തിലുണ്ടാകുന്ന ചെറിയ പരു; 5. അത്ഭുതസിദ്ധികളിലൊന്ന്; 6. കീടകോശം; 7. പാനപാത്രം
ഗുട്ട് [ക.ഗുട്ടു] നാ. 1. രഹസ്യം; 2. സൂത്രം, സാമർഥ്യം
ഗുഡ1 [സം.] വി. 1. ഉരുണ്ട; 2. കുഴമ്പുരൂപത്തിലുള്ള
ഗുഡ2 [സം.] നാ. 1. ഗുളിക; 2. ചതുരക്കള്ളി; 3. കുരുപ്പരുത്തി; 4. വലിയ മുന്തിരി
ഗുഡകം [സം.] നാ. 1. പന്ത്; 2. ഉരുള
ഗുഡതരു [സം.] നാ. കരിമ്പ്
ഗുഡധേനു [സം.-ധേനു] നാ. പത്തുവിധം ധേനുദാനങ്ങളിൽ ഒന്ന്
ഗുഡപാകം [സം.-പാക] നാ. ഒരു നരകം

ഗുഡഭ [സം.-ഭാ] നാ. ചോളപ്പഞ്ചസാര
ഗുഡം [സം.] നാ. 1. ശർക്കര; 2. ഗുളിക; 3. ഗോളം, പന്ത്; 4. കബളം; 5. ഉരുളങ്കല്ല്; 6. ആനയുടെ പടച്ചട്ട; 7. കുരുപ്പരുത്തി; 8. ചതുരക്കള്ളി
ഗുഡമഞ്ജരി [സം.-മഞ്ജരീ] നാ. കാരിലവ്
ഗുഡമേരു [സം.-മേരു] നാ. പത്തു മേരുദാനങ്ങളിലൊന്ന്
ഗുഡലം [സം.] നാ. ഗൗഡമദ്യം
ഗുഡശർക്കര [സം.] നാ. ശുദ്ധീകരിച്ച പഞ്ചസാര
ഗുഡശൃങ്ഗം [സം.-ശൃങ്ഗ] നാ. താഴികക്കുടം
ഗുഡഹരിതകി [സം.-ഹരിതകീ] നാ. ശർക്കരയിൽ സാന്ദ്രീകരിച്ചെടുത്ത കടുക്ക
ഗുഡാക [സം.] നാ. 1. മടി; 2. ഉറക്കം
ഗുഡാകേശൻ [സം.] നാ. 1. അർജുനൻ; 2. ശിവൻ
ഗുഡിക [സം.ഗുഡികാ] നാ. = ഗുളിക
ഗുഡികാലവണം [സം.-ലവണ] നാ. വിളയുപ്പ്
ഗുഡുചി(ക) [സം.] നാ. ഒരു മരുന്നു ചെടി, ചിറ്റമൃത് (ഗുളുചി)
ഗുഡുസം [<കുടുത] നാ. ഇടുങ്ങിയത്
ഗുഡേരം [സം.] നാ. 1. പന്ത്; 2. ഉരുള, കബളം
ഗുഡോദകം [സം.] നാ. ശർക്കരവെള്ളം
ഗുഡോദനം [സം.-ഓദന] നാ. പായസം, പായസച്ചോറ്
ഗുഡോദ്ഭവ [സം.-ഉദ്ഭവ] നാ. പഞ്ചസാര
ഗുണക1 [സം.] വി. ഗുണിക്കുന്ന, കണക്കാക്കുന്ന
ഗുണക2 [സം.] നാ. ഒരു സ്ഥലനാമം, തൃക്കണാമതിലകം
ഗുണകം [സം.] നാ. ഏതൊരുസങ്ഖ്യകൊണ്ടു ഗുണിക്കുന്നുവോ ആ സങ്ഖ്യ
ഗുണകർമം [സം.] നാ. 1. ഒരു ഗണിതക്രിയ; 2. അത്യാവശ്യമില്ലാത്തതോ അപ്രധാനമായതോ ആയ പ്രവൃത്തി
ഗുണകാര [സം.-കാര] വി. 1. ഗുണംചെയ്യുന്ന; 2. ഗുണിക്കുന്നതിനുള്ള; 3. ലാഭകരമായ
ഗുണകാരം [സം.-കാര] നാ. 1. പെരുക്കൽ; 2. ഗുണകം
ഗുണകീർത്തനം [സം.-കീർതന] നാ. 1. ഗുണങ്ങളെ കീർത്തിക്കൽ; 2. (നാട്യ.) നാടകലക്ഷണങ്ങളായി നിർദേശിച്ചിട്ടുള്ള മുപ്പത്തിയാറുകാര്യങ്ങളിൽ ഒന്ന്; 3. പൂർവാനുരാഗവിപ്രലംഭത്തിൻെറ പത്തവസ്ഥകളിൽ ഒന്ന്
ഗുണകോഷ്ഠം [സം.-കോഷ്ഠ] നാ. ഗുണനപ്പട്ടിക, എൺചുവടി
ഗുണക്കൂറ് [സം.] നാ. കെട്ടിടത്തിൻെറ നീളം, വീതി എന്നിവ തമ്മിലുള്ള അനുപാതം
ഗുണഗണം [സം.-ഗണ] നാ. ഗുണങ്ങളുടെ കൂട്ടം
ഗുണഗൗരി [സം.-ഗൗരീ] നാ. 1. ഭർത്തൃമതിയായ സ്ത്രീ; 2. പതിവ്രത
ഗുണഗ്രാമം [സം.] നാ. ഗുണങ്ങളുടെ സമൂഹം
ഗുണഗ്രാഹകൻ [സം.-ഗ്രാഹക] നാ. ഗുണഗ്രാഹി
ഗുണഗ്രാഹി [സം.-ഗ്രാഹിൻ] നാ. ഗുണങ്ങളെ മനസ്സിലാക്കുന്ന ആൾ
ഗുണചതുഷ്ടയം [സം.] നാ. (ശ്ലേഷം, മാധുര്യം, പ്രസാദം, സമത എന്നീ) നാലുകാവ്യഗുണങ്ങൾ

ഗുണജാലം [സം.-ജാല] നാ. 1. ഗുണങ്ങളുടെ കൂട്ടം; 2. ഒരുവൃത്തം
ഗുണജ്ഞ [സം.-ജ്ഞ] വി. ഗുണത്തെ അറിയുന്ന
ഗുണത [സം.ഗുണ-താ] നാ. 1. ഗുണങ്ങളുള്ള സ്ഥിതി; 2. ആശ്രിതത്വം; 3. സുകൃതം; 4. സദ്ഗുണങ്ങളുടെ കൂട്ടം; 5. കറ്ററിൻെറയോ ചരടിൻെറയോ ഭാവം; 6. ഗുണിക്കൽ
ഗുണത്രയം [സം.-ത്രയ] നാ. സത്ത്വം, രജസ്സ്, തമസ്സ് എന്നീ മൂന്നു പ്രകൃതിഭാവങ്ങൾ
ഗുണത്രിതയം [സം.-ത്രിതയ]നാ. ഗുണത്രയം
ഗുണത്വം [സം.] നാ. ഗുണത
ഗുണദോഷം [സം.-ദോഷ] നാ. 1. ഗുണവും ദോഷവും, നന്മയും തിന്മയും; 2. നന്മതിന്മകളെപ്പറ്റിയുള്ള ഉപദേശം; 3. ബന്ധുത്വം; 4. ഭാര്യ
ഗുണദോഷക്കാരൻ [സം.-മ.] നാ. 1. ഉപദേഷ്ടാവ്; 2. ഭർത്താവ്
ഗുണദോഷജ്ഞ [സം.] വി. ഗുണവും ദോഷവും അറിയുന്ന
ഗുണദോഷിക്കുക [<സം.]ക്രി. ഗുണവും ദോഷവും പറഞ്ഞു ധരിപ്പിക്കുക (മാപ്പിള) ലൈങ്ഗികബന്ധത്തിൽ ഏർപ്പെടുക
ഗുണൻ [സം.] നാ. 1. പാചകൻ; 2. ഭീമൻ
ഗുണനചി ം [സം.] നാ. പരസ്പരം ഖണ്ഡിക്കുന്ന രണ്ടുരേഖകൾ അടങ്ങിയ ഒരു അടയാളം
ഗുണനപ്പട്ടിക [സം.] നാ. എൺചുവടി
ഗുണനഫലം [സം.-ഫല] നാ. സങ്ഖ്യകൾതമ്മിൽ ഗുണിച്ചുകിട്ടുന്ന തുക
ഗുണനം [സം.] നാ. 1. സങ്ഖ്യകളെ തമ്മിൽ പെരുക്കൽ; 2. എണ്ണിത്തിട്ടപ്പെടുത്തൽ; 3. ഗുണവർണനം; 4. ആവർത്തനം
ഗുണനസൂചി [സം.-സൂചി] നാ. ഗുണനപ്പട്ടിക
ഗുണനാമം [സം.] നാ. (വ്യാക.) നാമപദങ്ങളുടെ അവാന്തരവിഭാഗങ്ങളിൽ ഒന്ന്
ഗുണനിക [സം.] നാ. 1. പഠിക്കൽ; 2. നാട്യവൃത്തി; 3. നാടകങ്ങളിലെ പ്രസ്താവന; 4. പാഠശുദ്ധിപരിശോധന; 5. പൂജ്യം; 6. കണ്ഠാഭരണം, മാല
ഗുണനിധി [സം.] നാ. ശ്രേഷ്ഠൻ
ഗുണപാഠം [സം.-പാഠ] നാ. 1. വൈദ്യശാസ്ത്രത്തിൽ ഔഷധങ്ങളുടെ ഗുണങ്ങൾ വിവരിക്കുന്ന ഭാഗം; 2. സന്മാർഗപാഠം.

693

ഗുണപുരം [സം.-പുര] നാ. ഗുണക
ഗുണപ്പെടുക ക്രി. 1. അഭിവൃദ്ധിപ്പെടുക; 2. രോഗം ഭേദമാകുക
ഗുണഭാഗം [സം.] നാ. മൂന്നിലൊരുഭാഗം
ഗുണഭാവം [സം.] നാ. ഗൗണഭാവം, അപ്രധാനത
ഗുണഭോക്താവ് [സം.-ഭോക്തൃ] നാ. ഗുണം അനുഭവിക്കുന്നവൻ
ഗുണം [സം.] നാ. 1. ധർമം; 2. ഒന്നിൻെറ സവിശേഷത; 3. നന്മ, മേന്മ; 4. ലാഭം, നേട്ടം; 5. ചരട്; 6. വില്ലിൻെറ ഞാൺ; 7. വീണയുടെയും മറ്റും തന്ത്രി; 8. സ്നായു; 9. ശത്രുരാജ്യവുമായുള്ള ബന്ധത്തിൽ അനുഷ്ടിക്കേണ്ട ആറു നയങ്ങളിൽ ഓരോന്നും; 10. രാജാവിനുണ്ടായിരിക്കേണ്ട 14 സ്വഭാവവിശേഷതകൾ; 11. പഞ്ചഭൂതങ്ങളെ ആശ്രയിച്ചിരിക്കുന്ന രൂപം; 12. സത്ത്വം, രജസ്സ് തമസ്സ് എന്നീ പ്രകൃതിഭാവങ്ങൾ; 13.

ഗുണകം; 14. മൂന്ന് എന്ന സങ്ഖ്യ; 15. കാവ്യരസത്തിന് ഉത്കർഷം ഉളവാക്കുന്ന ധർമം, ഓജഃപ്രസാദമാധുര്യാദികൾ; 16. ഉപദംശം, കറി; 17. അപ്രധാനം

ഗുണമാകുക ക്രി. ഗുണപ്പെടുക

ഗുണമുഷ്ടി [സം.] നാ. വില്ലിൻെറ ഞാൺ പിടിക്കുന്നവിധം

ഗുണരശന [സം.-രശനാ] നാ. ഒരുതരം അരഞ്ഞാൺ

ഗുണരഹിതൻ [സം.-രഹിത] നാ. 1. സദ്ഗുണങ്ങൾ ഇല്ലാത്തവൻ; 2. നിർഗുണൻ, പരബ്രഹ്മം

ഗുണരാശി [സം.] നാ. ശിവൻ

ഗുണവത്ത [സം.] നാ. ഗുണവത്ത്വം

ഗുണവത്തരൻ [സം.] നാ. ധാരാളം ഗുണങ്ങളുള്ളവൻ

ഗുണവത്ത് [സം.] നാ. ഗുണങ്ങളുള്ളത്

ഗുണവത്ത്വം [സം.] നാ. നന്മ, മേന്മ

ഗുണവർണനം [സം.വർണന] നാ. ഗുണങ്ങളെ വർണിക്കൽ, പ്രശംസിക്കൽ

ഗുണവാചകം [സം.-വാചക] നാ. ഭേദകം, വിശേഷണം

ഗുണവാദം [സം.-വാദ] നാ. 1. മേന്മകൾ വിവരിക്കൽ; 2. ആനുഷങ്ഗികമായ അർഥം സൂചിപ്പിക്കുന്ന വാദം; 3. മറ്റു വദങ്ങൾക്കു വിരുദ്ധമായ വാദം

ഗുണവാൻ [സം.] നാ. 1. സദ്ഗുണങ്ങളുള്ളവൻ; 2. സത്ത്വരജസ്തമോഗുണങ്ങളുള്ളവൻ

ഗുണവിത്ത് [സം.-വിദ്] നാ. 1. നന്മയെ അറിയുന്നവൻ; 2. സാങ്ഖ്യൻ

ഗുണവൃക്ഷ(ക)ം [സം.വൃക്ഷ(ക)] നാ. 1. കപ്പലിലെയും മറ്റും പായ്മരം; 2. തോണികെട്ടിയിടുന്ന കുറ്റി

ഗുണവൃത്തി [സം.-വൃത്തി] നാ. 1. ഗുണങ്ങളുടെ സ്വഭാവം; 2. മുഖ്യമല്ലാത്ത ബന്ധമോ അവസ്ഥയോ; 3. പദത്തിൻെറ മുഖ്യമല്ലാത്ത അർഥം

ഗുണശബ്ദം [സം.-ശബ്ദ] നാ. 1. ഗുണവാചകം; 2. ഞാണൊലി

ഗുണശാലി [സം.-ശാലിൻ] വി. 1. ഗുണമുള്ള; 2. സദ്ഗുണമുള്ളവൻ

ഗുണശീലൻ [സം.-ശീല] നാ. നന്മയുള്ളവൻ

ഗുണസങ്കീർത്തനം [സം.] നാ. ഗുണങ്ങളെ പ്രശംസിക്കൽ

ഗുണസാഗര [സം.-സാഗര] വി. ഗുണനിധിയായ

ഗുണസാഗരൻ [സം.] നാ. ബ്രഹ്മാവ്

ഗുണസൂവ് [സം.ഗുണ-സൂ] നാ. 'നൂലിനെ പ്രസവിക്കുന്നത്' കുരുപ്പരുത്തി

ഗുണസൂചി [സം.-സൂചി] നാ. ഗുണനപ്പട്ടിക

ഗുണാഗുണം [സം.-അഗുണ] നാ. ഗുണവും ദോഷവും, നന്മയും തിന്മയും

ഗുണാങ്കം [സം.-അങ്ക] നാ. 1. ഗുണിക്കാനുള്ള കണക്ക്; 2. ബീജഗണിതത്തിലെ ഒരു പദത്തിലുള്ള സങ്ഖ്യാംശം

ഗുണാഢ്യ [സം.-ആഢ്യ] വി. ഗുണം തികഞ്ഞ

ഗുണാഢ്യൻ [സം.-ആഢ്യ] നാ. പൈശാചീഭാഷയിൽ ബൃഹത്കഥ രചിച്ച പണ്ഡിതൻ

ഗുണാതിപാതം [സം.-അതിപാത] നാ. (നാട്യ) നാടകത്തിലെ മുപ്പത്താറു ലക്ഷണങ്ങളിൽ ഒന്ന്

ഗുണാതീത [സം.-അതീത] വി. ഗുണങ്ങൾക്ക് അപ്പുറത്തുള്ള

ഗുണാതീതൻ [സം.] നാ. ഈശ്വരൻ

ഗുണാത്മവിശ്ലേഷണം [സം.] നാ. ഒരുവസ്തുവിൽ അടങ്ങിയിരിക്കുന്ന ഘടകങ്ങളെ അപഗ്രഥനത്തിലൂടെ കണ്ടുപിടിക്കുന്ന സമ്പ്രദായം
ഗുണാത്മാവ് [സം.-ആത്മൻ] നാ. ഗുണങ്ങളുള്ളവൻ, ഗുണസ്വരൂപൻ
ഗുണാംബുരാശി [സം.] നാ. ഗുണനിധി
ഗുണാർഥം [സം.-അർഥ] നാ. അപ്രധാനമായ അർഥം
ഗുണി [സം.ഗുണിൻ] വി. ഗുണമുള്ള. നാ. ഗുണവാൻ
ഗുണിക [സം.ഗുണികാ] നാ. 1. വീക്കം, മുഴ, നീര്; 2. ഗുണവതി
ഗുണിക്കുക [സം.<ഗുണ] ക്രി. 1. സങ്ഖ്യകളെ തമ്മിൽ പെരുക്കുക; 2. കണക്കാക്കുക
ഗുണിത [സം.] വി. 1. ഗുണിക്കപ്പെട്ട; 2. എണ്ണിത്തിട്ടപ്പെടുത്തപ്പെട്ട; 3. ഒരുമിച്ചുകൂട്ടപ്പെട്ട; 4. ബന്ധിക്കപ്പെട്ട
ഗുണിതം [സം.] നാ. 1. ഗുണനക്രിയ; 2. ഗുണിച്ചുകിട്ടിയ തുക
ഗുണിനി [സം.ഗുണിനീ] നാ. വില്ല്
ഗുണീഭാവം [സം.-ഭാവ] നാ. അപ്രധാനമായിരിക്കുന്ന സ്ഥിതി
ഗുണീഭൂത [സം.-ഭൂത] വി. 1. അപ്രധാനമായ; 2. ആശ്രയിച്ചതാക്കപ്പെട്ട; 3. ഗുണങ്ങളുള്ളതാക്കിത്തീർത്ത
ഗുണീഭൂതവ്യങ്ഗ്യം [സം.] നാ. വ്യങ്ഗ്യം ഗുണീഭൂതമായത്, അപ്രധാനമായ ധ്വനിയുള്ളത്, മധ്യമകാവ്യങ്ങളിൽ ഒന്ന്
ഗുണേശ്വരൻ [സം.-ഈശ്വര] നാ. ഈശ്വരൻ
ഗുണോത്കർഷം [സം.] നാ. ഗുണങ്ങളുടെ ആധിക്യം
ഗുണോത്കരം [സം.-ഉത്കര] നാ. ഗുണാധിക്യം
ഗുണോത്കൃഷ്ട [സം.-ഉത്കൃഷ്ട] വി. ഗുണങ്ങൾകൊണ്ട് മേന്മയേറിയ
ഗുണോത്കൃഷ്ടത [സം.] വി. ഗുണംകൊണ്ടുള്ള മേന്മ
ഗുണോത്തര [സം.-ഉത്തര] വി. ഗുണങ്ങൾകൊണ്ട് ഉത്കൃഷ്ടമായ
ഗുണോദ്രേകം [സം.-ഉദ്രേക] നാ. ഗുണാധിക്യം
ഗുണോപേത [സം.-ഉപേത] വി. ഗുണമുള്ള
ഗുണ്ട1 [സം.കുണ്ടാ] നാ. ഒരു രാഗം
ഗുണ്ട2 [ഹി.ഗുണ്ഡാ] നാ. അക്രമി
ഗുണ്ടകൃതി [സം.-കൃതി] നാ. ഒരു രാഗം
ഗുണ്ടക്രിയ [സം.-ക്രിയാ] നാ. ഒരു രാഗം
ഗുണ്ടായിസം [ഹി.-ഇം.] നാ. അക്രമം
ഗുണ്ട് നാ. 1. ഉണ്ട, ഉരുണ്ടവസ്തു; 2. തൂക്കുകട്ട; 3. പീരങ്കിയുണ്ട; 4. മണിക്കായ്; 5. ഗോട്ടുവാദ്യം വായിക്കുന്നതിന് ഉപയോഗിക്കുന്ന നീണ്ടുരുണ്ട തടിക്കഷണം
ഗുണ്ഠനം [സം.] നാ. 1. ഒളിപ്പ്; 2. ലേപനം, പുരട്ടൽ
ഗുണ്ഡകം [സം.] നാ. 1. ചൂർണം; 2. എണ്ണക്കുടം; 3. വൃത്തികെട്ട ധാന്യപ്പൊടി; 4. മൃദുലവും മധുരവുമായ സ്വരം
ഗുണ്ഡികം [സം.] നാ. 1. ധാന്യപ്പൊടി; 2. ചൂർണം
ഗുണ്ഡിത [സം.] വി. 1. മൂടപ്പെട്ട; 2. പൊടിക്കപ്പെട്ട; 3. ഒളിക്കപ്പെട്ട
ഗുണ്യ [സം.] വി. 1. ഗുണങ്ങളോടുകൂടിയ; 2. ഗുണിക്കപ്പെടേണ്ട; 3. വിവരിക്കപ്പെടേണ്ട
ഗുണ്യം [സം.] നാ. ഗുണിക്കപ്പെടേണ്ട സങ്ഖ്യ

ഗുദകീല(ക)ം [സം.] നാ. അർശ്ശസ്സിൻെറ മുള
ഗുദഗ്രഹം [സം.-ഗ്രഹ] നാ. മലബന്ധം
ഗുദനളിക [സം.-നളികാ] നാ. കുടലിൻെറ താഴത്തെ അറ്റം
ഗുദനിർഗമം [സം.-നിർഗമ] നാ. ഗുദഭ്രംശം
ഗുദന്ദരം [സം.] നാ. ഒരു രോഗം
ഗുദപാകം [സം.-പാക] നാ. ഒരു രോഗം
ഗുദബന്ധി [സം.-ബന്ധിൻ] നാ. ഒരു പേശി
ഗുദഭ്രംശം [സം.-ഭ്രംശ] നാ. ഒരു രോഗം, ഗുദമിറക്കം
ഗുദം [സം.] നാ. മലദ്വാരം
ഗുദവദനം [സം.-വദന] നാ. മലദ്വാരം
ഗുദസ്തംഭം [സം.-സ്തംഭ] നാ. 1. മലബന്ധം; 2. ഒരു മർമം
ഗുദാങ്കുരം [സം.-അങ്കുര] നാ. ഒരു രോഗം
ഗുദാം [പോർ.] നാ. 1. പണ്ടകശാല; 2. കാറ്റുംവെളിച്ചവും കടക്കാത്ത താമസസ്ഥലം
ഗുദാമയഹരം [സം.] നാ. ചേന
ഗുദാവർത്തം [സം.-ആവർത] നാ. മലബന്ധം
ഗുദാസ്ഥി [സം.-അസ്ഥി] നാ. മുതുകെല്ലിൻെറ അടിഭാഗം
ഗുദോദ്ഭവം [സം.-ഉദ്ഭവ] നാ. ഒരു രോഗം
ഗുദൗഷ്ഠം [സം.-ഓഷ്ഠ] നാ. മലദ്വാരം
ഗുന്ദളം [സം.ഗുന്ദല] നാ. ചെണ്ട മദ്ദളം തുടങ്ങിയ ആഹതവാദ്യങ്ങളുടെ ധ്വനി
ഗുന്മൻ നാ. ഒരു ഉദരരോഗം
ഗുന്മശൂല [സം.<ഗുല്മ-ശൂലാ] നാ. ഒരു ഉദരരോഗം
ഗുപ്ത1 [സം.<ഗുപ്] വി. 1. ഒളിക്കപ്പെട്ട; 2. രക്ഷിക്കപ്പെട്ട
ഗുപ്ത2 [സം.] നാ. 1. കാവ്യശാസ്ത്രപ്രകാരമുള്ള നായികാഭേതങ്ങളിൽ ഒന്ന്; 2. രക്ഷിക്കപ്പെട്ടത്; 3. ചിത്രം എന്ന വാക്യബന്ധത്തിൻെറ അവാന്തര വിഭാഗങ്ങളിൽ ഒന്ന്; 4. ഒരു കാവ്യദോഷം; 5. തടയപ്പെട്ടത്
ഗുപ്തകൻ [സം.] നാ. 1. രക്ഷിതാവ്; 2. സൂക്ഷിപ്പുകാരൻ
ഗുപ്തകാശി [സം.-കാശീ] നാ. ഒരു പുണ്യസ്ഥലം
ഗുപ്തഗതി [സം.-ഗതി] നാ. 1. ഗൂഢചാരി; 2. അപസർപ്പകൻ
ഗുപ്തചരൻ [സം.-ചര] നാ, 1. ഗൂഢമായി സഞ്ചരിക്കുന്നവൻ; 2. ബലരാമൻ
ഗുപ്തചാരി [സം.-ചാരിൻ] നാ. ചാരൻ
ഗുപ്തദാനം [സം.-ദാന] നാ. ആരും അറിയാതെ ചെയ്യുന്ന ദാനം
ഗുപ്തൻ [സം.] നാ. 1. വൈശ്യൻെറപേരിനോടുചേർക്കുന്ന ജാതിനാമം; 2. ഗുപ്തവംശരാജാവ്; 3. വിഷ്ണു
ഗുപ്തപാദം [സം.] നാ. പാമ്പ്
ഗുപ്തമണി [സം.-മണി] നാ. 1. ഒഴിഞ്ഞുകിടക്കുന്ന സ്ഥലം; 2. പെൺകുട്ടികളുടെ ഒരു കളി
ഗുപ്തമന്ത്രൻ [സം.-മന്ത്ര] നാ, കാര്യാലോചനകൾ അന്യരെ അറിയിക്കാതെ മറയ്ക്കുന്നവൻ
ഗുപ്തലിപി [സം.-ലിപി] നാ. ഗൂഢമായ ലിപി

ദുപ്തവാസം [സം.–വാസ] നാ. 1. ഗൂഢസങ്കേതം; 2. ഗൂഢമായി വസിക്കൾ
ഗുപ്തവിദ്യ [സം.–വിദ്യാ] നാ. ഗൂഢവിഷയങ്ങളെപ്പറ്റിയുള്ള അറിവ്
ഗുപ്തവേഷം [സം.–വേഷ] നാ. ആളെതിരിച്ചറിയാൻ സാധിക്കാത്തതരത്തിലുള്ള വേഷം
ഗുപ്തസ്രവണം [സം.–സ്രവണ] നാ. ഗർഭിണികൾക്കുണ്ടാകുന്ന ഒരു രോഗം
ഗുപ്താസനം [സം.–ആസന] നാ. ഒരു യോഗാസനം
ഗുപ്തി [സം.<ഗുപ്] നാ. 1. മറവ്; 2. രക്ഷണം; 3. കോട്ടയോടുചേർന്നുള്ള മൺതിട്ട; 4. ഒളിസ്ഥലം; 5. ഭദ്രവും രഹസ്യവുമായ നിർദിഷ്ടസങ്കേതം; 6. ബോട്ടിൻെറ അടിത്തട്ട്; 7. തടസ്സം
ഗുപ്ത്യധികാരി [സം.–അധികാരിൻ] നാ. ജയിലിൻെറ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥൻ
ഗുംഫനം [സം.<ഗുംഫ്] നാ. 1, കോർക്കൽ; 2. ക്രമപ്പെടുത്തൽ; 3. രചന, ചേർപ്പ്
ഗുംഫം [സം.] നാ. 1. ഒന്നിനോടൊന്നു കോർത്ത വസ്തു; 2. കൈവള; 3. കെട്ടൽ; 4. പദരചന; 5. കുരുക്ക്; 6. സമൂഹം; 7. മേൽമീശ
ഗുംഫിത [സം.] വി. ഗുംഫനം ചെയ്ത
ഗുമസ്തൻ [പേർ.] നാ. എഴുത്തുകാരൻ, ക്ലാർക്ക്
ഗുമസ്താവ് നാ. = ഗുമസ്ഥൻ
ഗുമുഗുമെ അവ്യ. കുമുകുമാ
ഗുമ്മൻ നാ. ഗുന്മൻ
ഗുർജരം [സം.] നാ. ഗുജറാത്ത്
ഗുർവക്ഷരം [സം.ഗുരു–അക്ഷര] നാ. 1. ഗുരുവായ അക്ഷരം; 2. ഒരു കാലവിഭാഗം
ഗുർവങ്ഗന [സം.–അങ്ഗനാ] നാ. 1. ഗുരുപത്നി; 2. മഹതി
ഗുർവധീശൻ [സം.–അധീശ] നാ. 1. മഹാഗുരു; 2. ശ്രീബുദ്ധൻ
ഗുർവർഥം [സം.–അർഥ] നാ. 1. ഗുരുദക്ഷിണയായി നൽകേണ്ട ധനം; 2. ഗുരുവിനെ സംബന്ധിച്ച കര്യം; 3. വലിയ കാര്യം
ഗുർവാജ്ഞ [സം.–ആജ്ഞാ] നാ. 1. ഗുരുവിൻെറ ആജ്ഞ; 2. ഗുരുവായ ആജ്ഞ
ഗുർവി [സം.ഗുർവീ] വി. 1. ഗുരുവായ; 2. വലിയ. നാ. 1. ഗുരുവായ അവയവങ്ങൾ; 2. ഗുരുസ്ഥാനിയയായ സ്ത്രീ; 3. ഗുരുവിൻെറ പത്നി; 4. ഗുരുവിൻെറ അനുഗ്രഹപാത്രമായ സ്ത്രീ; 5. ഗർഭവതി
ഗുർവിണി [സം.] നാ. ഗർഭവതി
ഗുരണം [സം.] നാ. ഉദ്യമം, തുനിയൽ
ഗുരു [സം.] വി. 1. ഭാരമുള്ള, കനത്ത; 2. വർദ്ധിച്ച; 3. ദഹിക്കാൻ പ്രയാസമുള്ള; 4. ശ്രേഷ്ഠമായ; 5. ബഹുമാന്യമായ; 6. ബലമുള്ള; 7. രണ്ടുമാത്രയുള്ള; 8. പ്രയാസമുള്ള. നാ. 1. അച്ഛൻ; 2. പൂർവികൻ; 3. മാനിക്കപ്പെടേണ്ടവ്യക്തി; 4. ഭരണാധികാരി; 5. അധ്യാപകൻ; 6. ദ്രോണാചാര്യർ; 7. ഒൻപതാം ഭാവം; 8. പൂയം നക്ഷത്രം; 9. ദീർഘാക്ഷരം; 10. അക്ഷരകാലം; 11. നായ്ക്കുരണ
ഗുരുക [സം.] വി. 1. കനമുള്ള; 2. ദീർഘസ്വരമുള്ള
ഗുരുകണ്ഠം [സം.–കണ്ഠ] നാ. മയിൽ

ഗുരുകാരം [സം.–കാര] നാ. ആരാധന, പൂജ
ഗുരുകാര്യം [സം.–കാര്യ] നാ. 1. സാരമുള്ള കാര്യം; 2. ഗുരുവിൻെറ സ്ഥാനം
ഗുരുകുലക്ലിഷ്ട [സം.] വി. നല്ലവണ്ണം പഠിച്ച
ഗുരുകുലം [സം.–കുല] നാ. ഗുരുക്കന്മാരും ശിഷ്യന്മാരും താമസിക്കുന്ന വിദ്യാഭ്യാസസ്ഥാപനം
ഗുരുക്കൾ നാ. 1. ആചാര്യൻ; 2. കളരി ആശാൻ; 3. അമ്പലവാസികളിൽ ഒരു വിഭാഗം; 4. കണിയാൻ; 5. കൊല്ലപ്പണിക്കാരൻ; 6. ഒരു ബഹുമതിപേര്.

695

ഗുരുഘ്നൻ [സം.] നാ. ഗുരുവിനെ കൊന്നവൻ
ഗുരുചന്ദ്രയോഗം [സം.] നാ. വ്യാഴനും ചന്ദ്രനും ഒന്നിച്ച് ഒരു രാശിയിലുള്ള നില
ഗുരുചര്യ [സം.–ചര്യാ] നാ. ഗുരുവിനെ സേവിക്കൽ
ഗുരുജനം [സം.–ജന] നാ. 1. അച്ഛൻ; 2. ഗുരുവിനെപ്പോലെ ബഹുമാനിക്കപ്പെടേണ്ട ആൾ
ഗുരുത [സം.–താ] നാ. ഗുരുത്വം
ഗുരുതമ [സം.–തമ] വി. ഏറ്റവും ഗുരുവായ
ഗുരുതമൻ [സം.–തമ] നാ. 1. ബഹുമാന്യനായ ഗുരു; 2. വിഷ്ണു
ഗുരുതര [സം.–തര] വി. കൂടുതൽ ഗുരുവായ
ഗുരുതൽപം [സം.–തൽപ] നാ. 1. ഗുരുവിൻെറ ശയ്യ; 2. ഗുരുവിൻെറ പത്നി
ഗുരുതൽപഗൻ [സം.–തൽപ–ഗ] നാ. ഗുരുവിൻെറ ശയ്യയെ പ്രാപിക്കുന്നവൻ, ഗുരുപത്നിയെ പ്രാപിക്കുന്നവൻ
ഗുരുതൽപി [സം.–തൽപിൻ] നാ. = ഗുരുതൽപഗൻ
ഗുരുതി,–സി നാ. കുരുതി
ഗുരുത്വക്കേട് [സം.–മ.] നാ. കുരുത്തക്കേട്
ഗുരുത്വം [സം.ഗുരു–ത്വ] നാ. 1. ഗുരുത; 2. ഗുരുജനങ്ങളോടുള്ള ബഹുമാനം; 3. ആചാര്യൻെറ സ്ഥാനം; 4. ബഹുമാനം; 5. വലിപ്പം; 6. കനം, ഭാരം; 7. പ്രയാസം; 8. ഭൂമിയുടെ ആകർഷണം
ഗുരുത്വാകർഷണം [സം.] നാ. ഭൂമി അതിന്മേലോ അതിൻെറ ചുറ്റുമുള്ള വസ്തുക്കളിന്മേലോ ചെലുത്തുന്ന ആകർഷണ ശക്തി
ഗുരുദക്ഷിണ [സം.] നാ. ഗുരുവിൻെറ അനുഗ്രഹം പ്രാർഥിച്ചുകൊണ്ടു ശിഷ്യൻ പണമായോ മറ്റുവിധത്തിലോ നൽകുന്ന പാരിതോഷികം
ഗുരുദക്ഷിണവിരുത്തി[സം.] നാ. ഒരു ഭുവുടമ സമ്പ്രദായം
ഗുരുദൈവതം [സം.] നാ. പൂയം നക്ഷത്രം
ഗുരുദ്വാരം [സം.–ദ്വാര] നാ. സിക്കുകാരുടെ ആരാധന സ്ഥലം
ഗുരുനാഥൻ [സം.–നാഥ] നാ. 1. ആചാര്യൻ; 2. സുബ്രഹ്മണ്യൻ
ഗുരുപത്രം [സം.] നാ. വെളുത്തീയം
ഗുരുപവനപുരം [സം.] നാ. ഗുരുവായൂർ എന്നതിൻെറ സംസ്കൃതീകൃതരൂപം
ഗുരുപാദർ [സം.–പാദാ:] നാ. ബഹുമാന്യനായ ഗുരു
ഗുരുപൂർണിമ [സം.] നാ. ആഷാഢമാസത്തിലെ വെളുത്തവാവ്
ഗുരുപ്പട്ടം [സം.] നാ. കത്തനാർപട്ടം
ഗുരുബീജം [സം.–ബീജ] നാ. കറുത്ത ചണമ്പയറ്

ഗുരുഭം [സം.-ഭ] നാ. 1. പൂയം നക്ഷത്രം; 2. ധനുരാശി
ഗുരുഭൂതൻ [സം.-ഭൂത] നാ. ഗുരു, ഗുരുനാഥൻ
ഗുരുഭൃത്ത് [സം.-ഭൃത്] നാ. ഭൂമി
ഗുരുമണി [സം.-മണി] നാ. പുഷ്യരാഗം
ഗുരുരത്നം [സം.-രത്ന] നാ. 1. ഗുരുമണി; 2. ഗോമേദകം
ഗുരുലഘുത്വം [സം.-ലഘുത്വ] നാ. ഗുരുവെന്നും ലഘുവെന്നും ഉള്ള അവസ്ഥ, വലിപ്പച്ചെറുപ്പം
ഗുരുവാരം [സം.-വാര] നാ. വ്യാഴാഴ്ച
ഗുരുവാല [സം.ഗുരു-മ.ആല] നാ. കുലദൈവങ്ങളേയും പിതൃക്കളേയും കുടിയിരുത്തുന്ന ആരാധനസ്ഥലം
ഗുരുവാസി [സം.-വാസിൻ] നാ. ബ്രഹ്മചാരി
ഗുരുവൃത്തി [സം.-വൃത്തി] നാ. 1. ഗുരുവിനോടുള്ള പെരുമാറ്റം; 2. ഗുരുവിൻെറ ചുമതലയും കടമയും
ഗുരുശിഖരി [സം.-ശിഖരിൻ] നാ. ഹിമവാൻ
ഗുരുസമ്പ്രദായം [സം.-സമ്പ്രദായ] നാ. ഗുരുപാരമ്പര്യക്രമം
ഗുരുസ്കന്ദനം [സം.-സ്കന്ദ] നാ. നറുവരി
ഗുരുസ്വാമി [സം.-സ്വാമിൻ] നാ. 1. ശബരിമല തീർഥാടന സങ്ഘത്തിൻെറ ആചാര്യസ്ഥാനം വഹിക്കുന്ന ഭക്തൻ; 2. ആചാര്യപദവിയുള്ള സന്യാസി
ഗുരുഹൻ [സം.] നാ. ഗുരുവിനെ ഹനിച്ചവൻ
ഗുരുത്തമൻ [സം.-ഉത്തമ] നാ. 1. ശ്രേഷ്ഠനായ ഗുരു; 2. പരമാത്മാവ്
ഗുരുദ്വഹൻ [സം.-ഉദ്വഹ] നാ. ഗുരുത്തമൻ
ഗുലാൻ [<അറ.ഗുലാം] നാ. 1. പരിചാരകൻ; 2. ആശ്രയിക്കുന്നവൻ; 3. അടിമ; 4. അടുത്തചങ്ങാതി; 5. അടുത്തചങ്ങാത്തം; 6. ചീട്ടിൽ ഒരിനം. ഗുലാൻപെരിശ് = ഒരിനം ചീട്ടുകളി
ഗുലാബ്(വ്) [പേർ.] നാ. 1. റോസാപ്പൂവ്, റോസാച്ചെടി; 2. പനിനീർ; 3. റോസാപ്പൂവിൻെറ ഗന്ധമുള്ള ഒരിനം സുഗന്ധദ്രവ്യം
ഗുലിക [സം.] നാ. = ഗുളിക
ഗുലുമാൽ [<ഹി.] നാ. ഉപദ്രവം, തകരാറ്, പ്രയാസം
ഗുല്ഗുലു [സം.] നാ. 1. ഗന്ധമുള്ള ഒരിനം വൃക്ഷപ്പശ; 2. ചെമ്മുരിങ്ങ
ഗുല്ഫദഘ്നം [സം.] നാ. കാലിൻെറ നെരിയാണിയോളം എത്തുന്നത്
ഗുല്ഫം [സം.] നാ. കാലിൻെറ നെരിയാണി, ഒരു മർമസ്ഥാനം
ഗുല്മകേശം [സം.-കേശ] നാ. കുറ്റിത്തലമുടി
ഗുല്മഘ്നം [സം.-ഘ്ന] നാ. പെരുങ്കായം
ഗുല്മദേയം [സം.-ദേയ] നാ. 1. കാട്ടിൽ കാവൽസ്ഥലങ്ങളിൽ കൊടുക്കേണ്ട ചുങ്കം; 2. പാളയച്ചുങ്കം, സൈന്യസങ്കേതത്തെ കടന്നുപോകുമ്പോൾ കൊടുക്കേണ്ട ദ്രവ്യം
ഗുല്മപതി [സം.-പതി] നാ. സേനാനായകൻ
ഗുല്മം [സം.] നാ. 1. പട്ടാളക്കാരുടെ സമൂഹം, സൈന്യവിഭാഗം; 2. സേനയുടെ ഒരു വിന്യാസ രീതി; 3. ഗാട്ടുപുര; 4. കോട്ട; 5. മരക്കൂട്ടം, കുറ്റിക്കാട്, കുറ്റിച്ചെടി; 6. പൂവാങ്കുറുന്തൽ; 7. ഒരു ഉദര രോഗം, ഗുല്മൻ; 8. പ്ലീഹ, പ്ലീഹവീക്കം
ഗുല്മമൂലം [സം.-മൂല] നാ. ഇഞ്ചി

ഗുല്മി [സം.ഗുൽമി] നാ. 1. നെല്ലി; 2. കുറ്റിക്കാട്; 3. ചിറ്റേലം; 4. ഗുൽമരോഗം ബാധിച്ചയാൾ; 5. കൂടാരം
ഗുല്മിനി [സം.ഗുല്മിനീ] നാ. ഇലകളും ചില്ലകളും ധാരാളമുള്ളതും പടർന്നുകയറുന്നതും ആയ വള്ളി
ഗുല്മോദരം [സം.ഗുല്മ-ഉദര] നാ. (ആയുർ) ഗുല്മവാതം
ഗുല്യം [സം.] നാ. 'ഗുലത്തെ സംബന്ധിച്ചത്' മധുരരസം
ഗുവേന്ത [പോർ.] നാ. ക്രിസ്തീയ സന്ന്യാസി മഠം
ഗുസ്തി [പേർ] നാ. മൽപ്പിടുത്തമത്സരം. (പ്ര.)= സ്പർധ
ഗുസ്തിക്കാരൻ നാ. മൽപ്പിടുത്തം നടത്തുന്നവൻ
ഗുഹ [സം.] നാ. 1. പർവതത്തിലോ പാറയിലോ മറ്റോ ഉള്ള പൊള്ളയായ ഭാഗം, ഒളിസ്ഥലം, ഇരുട്ടറ; 2. ബുദ്ധി, ഹൃദയം; 3. മൂവില; 4. ഓരില
ഗുഹൻ [സം.] നാ. 1. സുബ്രഹ്മണ്യൻ; 2. ശ്രീരാമഭക്തനായ ഒരു നിഷാദരാജാവ്; 3. വിഷ്ണു; 4. ശിവൻ
ഗുഹം [സം.] നാ. 1. കുതിര; 2. ഗുഹ; 3. ഹൃദയം, ബുദ്ധി
ഗുഹാചരം [സം.] നാ. 1. ഗുഹയിൽ ജീവിക്കുന്നത്; 2. ഹൃദയത്തിൽ വർത്തിക്കുന്നത്, ബ്രഹ്മം
ഗുഹാമുഖം [സം.-മുഖ] നാ. 1. ഗുഹയുടെ വാതിൽ; 2. ഗുഹപോലെയുള്ള വായ്
ഗുഹാലിപി [സം.] നാ. ഗ്രന്ഥലിപിയുടെ ഒരു പൂർവരൂപം
ഗുഹാശയം1 [സം.-ആശയ]നാ. 1. ഗുഹയുടെ ഉൾഭാഗം; 2. ഹൃദയത്തിന്റെ ഉള്ള്
ഗുഹാശയം2 [സം.-ശയ] നാ. 1. ഗുഹയിൽ വസിക്കുന്ന ജന്തു (സിംഹം, കടുവ, പുലി തുടങ്ങിയവ); 2. എലി; 3. പെരിച്ചാഴി
ഗുഹാഹിത [സം.-ഹിത] വി. മനസ്സിൽ വയ്ക്കപ്പെട്ട
ഗുഹിനം [സം.] നാ. കുറ്റിക്കാട്
ഗുഹേരൻ [സം.ഗുഹേര] നാ. 1. കൊല്ലൻ; 2. രക്ഷകൻ
ഗുഹ്യ [സം.] വി. ഒളിച്ചുവയ്ക്കേണ്ട, മറക്കപ്പെടേണ്ട, ഗൂഢമായ, രഹസ്യമായ
ഗുഹ്യകപതി [സം.-പതി] നാ. ഗുഹ്യകാധിപതി, കുബേരൻ
ഗുഹ്യകം [സം.] നാ. 1. കുബേരന്റെ നിധികാക്കുന്ന വൃക്ഷക്കൂട്ടം; 2. ഗുഹ്യകാസ്ത്രം
ഗുഹ്യകർ [സം.] നാ. (ബ.വ.) ഉപദേവന്മാരുടെ ഒരു ഗണം, കുബേരന്റെ നിധികാക്കുന്ന മാണിഭദ്രൻ തുടങ്ങിയുള്ളവർ
ഗുഹ്യകാധിപതി [സം.] നാ. = ഗുഹ്യകേശ്വരൻ
ഗുഹ്യകേശ്വരൻ [സം.-ഈശ്വര] നാ. ഗുഹ്യകന്മാരുടെ നാഥൻ, കുബേരൻ
ഗുഹ്യഗുരു [സം.] നാ. ശിവൻ
ഗുഹ്യദീപകം [സം.-ദീപക] നാ. മിന്നാമിനുങ്ങ്
ഗുഹ്യൻ [സം.] നാ. 1. പ്രത്യക്ഷനല്ലാത്തവൻ, അറിയപ്പെടാത്തവൻ; 2. വിഷ്ണു
ഗുഹ്യനിഷ്യന്ദം [സം.-നിഷ്യന്ദ] നാ. മൂത്രം
ഗുഹ്യപ്രദേശം [സം.-പ്രദേശ]നാ. 1. മറയ്ക്കപ്പെടേണ്ട ശരീരഭാഗം; 2. ജനനേന്ദ്രിയം; 3. രഹസ്യമായ സ്ഥലം

ഗുഹ്യഭാഷ [സം.-ഭാഷാ] നാ. അന്യ്ക്കു മനസ്സിലാകാത്തവിധം ആശയവിനിമയം ചെയ്യുന്നതിനു രഹസ്യ സംഘടനകളും മറ്റും ഉപയോഗിക്കുന്ന കൃത്രിമ ഭാഷ
ഗുഹ്യം [സം.] നാ. 1. സ്വകാര്യമായിട്ടുള്ളത്, ഒളിച്ചുവയ്ക്കേണ്ടത്; 2. മറച്ചുവയ്ക്കേണ്ടശരീരഭാഗം; 3. ജനനേന്ദ്രിയം; 4. ഗുദം; 5. ആമ; 6. വഞ്ചന
ഗുഹ്യരോഗം [സം.] നാ. ജനനേന്ദ്രിയത്തെ ബാധിക്കുന്ന രോഗം
ഗുഹ്യോപദേശം [സം.] നാ. 1. നിഗൂഢവിഷയങ്ങളെപ്പറ്റി ഗുരു ശിഷ്യനു നൽകുന്ന ഉപദേസം; 2. രഹസ്യമായി നൽകുന്ന ഉപദേശം
ഗുളം [സം.ഗുല<ഗുഡ] നാ. 1. ശർക്കര; 2. (ആയുർ) ലേഹ്യമായ ഔഷധയോഗം; 3. ലിങ്ഗത്തിൻെറ അറ്റം
ഗുളവ്രതം [സം.-വ്രത] നാ. മാഘമാസത്തിലോ ചൈത്രമാസത്തിലോ തൃതീയാതിഥിയിൽ ഗുളദാനവും ഗോദാനവും ചെയ്ത് അനുഷ്ഠിക്കുന്ന ഒരു വ്രതം
ഗുളിക [സം.ഗുലികാ] നാ. 1. വലിപ്പം കുറഞ്ഞതും ഗോളാകൃതിയിലുള്ളതുമായ വസ്തു; 2. (ആയുർ) അരച്ചുരുട്ടി ചെറിയമാത്രയിൽ ഉണക്കിയെടുത്ത മരുന്ന്; 3. ചില കഥകളിവേഷങ്ങളിൽ മൂക്കിലും നെറ്റിയിലും ഒട്ടിച്ചുവയ്ക്കുന്ന ഗ്ഗോളാകൃതിയിലുള്ള ചുട്ടി; 4. മുത്ത്; 5. കസേര, കട്ടിൽ ഇവയുടെ കാൽ, വാൾപ്പിടി തുടങ്ങിയവയിൽ ഉരുണ്ടിരിക്കുന്ന ഭാഗം; 6. ഗുളികപോലുള്ള ചെറിയവസ്തു. (പ്ര.) ഗുളിക ഉരുട്ടുക = നിസ്സാരജോലിചെയ്യുക
ഗുളികകാലം [സം.ഗുലിക-കാല] നാ. (ജ്യോ.) ഗുളികവേള, ഗുളികൻ എന്ന പാപന് ആധിപത്യമുള്ള സമയം, അശുഭകരമായ സമയം
ഗുളികക്കല്ല് നാ. 1. ഗുളികകൾ അരച്ചുണ്ടാക്കുവാൻ ഉപയോഗിക്കുന്ന കല്ല്, കുഴിയമ്മി; 2. ഔഷധഗുളികകൾ അരച്ച് അലിയിക്കുവാനുപയോഗിക്കുന്ന ചെറിയ കല്ല്
ഗുളികൻ [സം.] നാ. 1. (ജ്യോ.) ഒരു പാപഗ്രഹം, മാന്ദി; 2. ഒരു ദുർദേവത, ദുർഭൂതം; 3. അഷ്ടമഹാ നാഗങ്ങളിൽ ഒന്ന്
ഗുളികവേള [സം.] നാ. (ജ്യോ) ഒരു മുഹൂർത്തദോഷം, ഓരോദിവസവും ഗുളികൻ ഉദിക്കുന്ന സമയം, ഗുളികോദയകാലം
ഗുളികാധിപൻ [സം.-അധിപ]നാ. (ജ്യോ) ഗുളികൻ നിൽക്കുന്ന രാശിയുടെ അധിപനായ ഗ്രഹം
ഗുളികാസ്ത്രം [സം.-അസ്ത്ര] നാ. 1. ഒരു ആയുധം; 2. വെടിയുണ്ട, പിരങ്കിയുണ്ട
ഗുളികോദയം [സം.-ഉദയ] നാ. (ജ്യോ) ഗുളികൻ ഉദിക്കുന്ന സമയം
ഗുളുഗുളു നാ. (ശബ്ദാനു) ചെറിയ വസ്തുക്കൾ വെള്ളത്തിൽ തുരുതുരെ വീഴുമ്പോഴുണ്ടാകുന്നപോലെയുള്ള ശബ്ദം, ക്രമമില്ലാതെ ഒഴുകുന്ന ഒച്ച
ഗുളുചി [പ്ര.-ശാമ്മ്.] നാ. ചിറ്റമൃത്
ഗുലുച്ഛം [സം.] നാ. ഗുച്ഛം
ഗുളുഞ്ഛം [സം.ഗുലുഞ്ഛ] നാ. ഗുച്ഛം
ഗുളോപ്പ് [ഇം.] നാ. ഗോളാകൃതിയിലുള്ള ഒരിനം വിളക്ക്, (സ്ഫടികം, വർണക്കടലാസ് മുതലായവകൊണ്ടുണ്ടാക്കിയത്)
ഗൂ [സം.] നാ. 1. അഴുക്ക്, ചെളി; 2. മലം
ഗൂഢ[സം.] വി. 1. മറയ്ക്കപ്പെട്ട, രഹസ്യമായ; 2. ആശയം ഗ്രഹിപ്പാൻ പ്രയാസമുള്ള, ദുർഗ്രഹമായ

ഗൂഢകാമി [സം.] നാ. കാക്ക്
ഗൂഢഖാതം [സം.-ഖാത] നാ. (വലിയപാറകൊണ്ടോമറ്റോ) മറഞ്ഞിരിക്കുന്ന ഗുഹ
ഗൂഢചതുർഥപാദം [സം.] നാ. (അലം) ചിത്രബന്ധങ്ങളിലൊന്ന് (നാലാമ്പാദം മറ്റു മൂന്നു പാദങ്ങളിൽ ഗൂഢമായിരിക്കുന്ന ശ്ലോകം)
ഗൂഢചരൻ [സം.-ചര] നാ. രഹസ്യമായി സഞ്ചരിക്കുന്നവൻ, ചാരൻ
ഗൂഢചാരൻ [സം.-ചാര] നാ. = ഗൂഢചരൻ
ഗൂഢജ [സം.-ജ] വി. 'രഹസ്യമായിജനിച്ച' അവിഹിത ബന്ധത്തിൽനിന്നും ഉണ്ടായ
ഗൂഢൻ [സം.] നാ. 1. മറഞ്ഞിരിക്കുന്നവൻ, മായാരൂപൻ, ഈശ്വരൻ; 2. ഒളിച്ചിരിക്കുന്നവൻ, വേഷപ്രച്ഛന്നൻ; 3. രഹസ്യമായി സഞ്ചരിക്കുന്നവൻ, ചാരൻ, അപസർപ്പകൻ
ഗൂഢപഥം [സം.-പഥ] നാ. 1. രഹസ്യവഴി, അജ്ഞാതമാർഗം; 2. ഊടുവഴി; 3. മനസ്സ്, ബുദ്ധി
ഗൂഢപാത്ത് [സം.-പാദ്] നാ. 1. പാമ്പ്; 2. ആമ
ഗൂഢപാദം [സം.-പാദ] നാ. പാമ്പ്
ഗൂഢപുത്രൻ [സം.-പുത്ര] നാ. രഹസ്യബന്ധത്തിൽ ഉണ്ടായപുത്രൻ
ഗൂഢപുരുഷൻ [സം.-പുരുഷ]നാ. ചാരൻ
ഗൂഢഭിത്തി [സം.-ഭിത്തി] നാ. അകത്തു രഹസ്യമായ വഴിയോടുകൂടിയ ചുമർ
ഗൂഢഭോജനം [സം.-ഭോജന] നാ. കുതിര
ഗൂഢം [സം.] അവ്യ. രഹസ്യമായി. നാ. 1. മറഞ്ഞിരിക്കുന്നത്, രഹസ്യമായത്, രഹസ്യം; 2. രഹസ്യ സ്ഥലം; 3. ശരീരത്തിൻെറ ഗുഹ്യഭാഗം
ഗൂഢമന്ത്രം [സം.-മന്ത്ര] നാ. 1. രഹസ്യമായ കാര്യാലോചന; 2. വശീകരണം.
697
ഗൂഢമൈഥുനം [സം.-മൈഥുന] നാ. കാക്ക
ഗൂഢസങ്ഖ്യ [സം.-സങ്ഖ്യാ] നാ. സങ്ഖ്യാജോതിഷത്തിൽ ഏഴ് എന്ന സങ്ഖ്യ
ഗൂഢസാക്ഷി [സം.-സാക്ഷിൻ] നാ. പ്രതിയുടെ പ്രവൃത്തികളും വാക്കുകളും അയാളറിയാതെ നിരീക്ഷിക്കാൻ നിയുക്തനായ സാക്ഷി
ഗൂഢസ്ഥൻ [സം.-സ്ഥ] നാ. 'രഹസ്യമായി സ്ഥിതിചെയ്യുന്നവൻ' 1. ഈശ്വരൻ; 2. ആത്മാവ്
ഗൂഢാങ്ഗം [സം.-അങ്ഗ] നാ. ആമ
ഗൂഢാംങ്ഘ്രി [സം.-അങ്ഘ്രി] നാ. പാമ്പ്
ഗൂഢാജീവ [സം.-ആജീവാ] നാ. രഹസ്യമായി ഉണ്ടാക്കുന്ന പണംകൊണ്ടു ജീവിക്കുന്നവൾ, വേശ്യ
ഗൂഢാജീവി [സം.-ആജീവിൻ] നാ. രഹസ്യമാർഗത്തിൽ പണമുണ്ടാക്കി ജീവിക്കുന്നവൻ, കൈക്കൂലിവാങ്ങി ജീവിക്കുന്നവൻ
ഗൂഢാർഥത [സം.അർഥതാ] നാ. കാവ്യദോഷങ്ങളിൽ ഒന്ന്, അർഥം ഗൂഢമായിരിക്കുന്ന അവസ്ഥ
ഗൂഢാർഥം [സം.-അർഥ] നാ. പദങ്ങളുടെ അന്വയത്തിനും വാച്യാർഥത്തിനും അതീതമായി വാക്യങ്ങളിൽ ഒളിഞ്ഞുകിടക്കുന്ന അർഥം

ഗൂഢാലോചന [സം.] നാ. രഹസ്യമായി ചിലർചേർന്നു നടത്തുന്ന കാര്യാലോചന, കാര്യങ്ങൾ നടത്താൻ വേണ്ടി ഒരുകൂട്ടം ആളുകൾ ചേർന്നു ഗൂഢമായി തയ്യാറാക്കുന്ന പദ്ധതി

ഗൂഢോത്പന്നൻ [സം.-ഉത്പന്ന] നാ. ജാരസംസർഗത്തിൽനിന്നുണ്ടായവൻ, പരജാതൻ, ഗൂഢപുത്രൻ

ഗൂഥം[സം.] നാ. മലം

ഗൂന [സം.] വി. വിസർജിക്കപ്പെട്ട (മലമെന്നപോലെ)

ഗൂനം[സം.ഗൂന] നാ. ചിസർജനവസ്തു, മലം മുതലായത്

ഗൂന്ത് നാ. = ഗോന്ത്

ഗൂർക്ക [ഹി.ഗോർഖ] നാ. 1. നേപ്പാളിലെ ഒരു വർഗം; 2. (ആല) പൊക്കം കുറഞ്ഞവൻ

ഗൂർത്തി [സം.ഗൂർതി] നാ. അങ്ഗീകാരം, പ്രശംസ

ഗൂർദം [സം.ഗൂർദ] നാ. ചാട്ടം

ഗൂരണം [സം.] നാ. = ഗുരണം

ഗൂവാകം [സം.ഗൂവാക] നാ. = ഗുവകം

ഗൂഷണ [സം.ഗൂഷണാ] നാ. മയിൽപ്പീലിക്കണ്ണ്

ഗൂഹനം [സം.<ഗുഹ്] നാ. ഒളിച്ചുവയ്ക്കൽ, ഒളിപ്പ്

ഗൂഹനീയ [സം.] വി. ഒളിക്കേണ്ടതായ, മറച്ചുവയ്ക്കേണ്ടതായ

ഗൂഹിക്കുക [സം.<ഗൂഹ്] ക്രി. ഒളിക്കുക, മറയ്ക്കുക

ഗൂഹിത [സം.] വി. ഒളിക്കപ്പെട്ട, മറയ്ക്കപ്പെട്ട

ഗൃണ്ഡിവം [സം.ഗൃണ്ഡീവ] നാ. ഒരിനം കുറുക്കൻ, പെരുങ്കുറുക്കൻ

ഗൃത്സ [സം.] വി. 1. സാമർഥ്യമുള്ള; 2. ബുദ്ധിയുള്ള

ഗൃത്സൻ [സം.] നാ. 1. സമർഥൻ; 2. ബുദ്ധിമാൻ; 3. സൂത്രക്കാരൻ, ചതിയൻ; 4. കാമദേവൻ

ഗൃധ്നു [സം.] വി. ആഗ്രഹമുള്ള

ഗൃധ്നുത [സം.ഗൃധ്നു-താ] നാ. ആഗ്രഹം, കൊതി

ഗൃധ്യ [സം.] വി. ആർത്തിയോടെ ആഗ്രഹിക്കപ്പെട്ട. നാ. ആഗ്രഹം, കൊതി

ഗൃധ്ര[സം.] വി. അത്യാഗ്രഹമുള്ള

ഗൃധ്രദൃഷ്ടി [സം.] നാ. 1. കഴുകനെപ്പോലെ വളരെ ദൂരെയുള്ള വസ്തുക്കളെപ്പോലും സൂക്ഷ്മമായി കണ്ടുപിടിക്കുന്ന ശക്തിയേറിയ കണ്ണ്; 2. (ആല) സൂക്ഷ്മകാര്യങ്ങൾ കണ്ടറിയാനുള്ള കഴിവ്

ഗൃധ്രൻ [സം.] നാ. = ഗൃധ്രം (പുല്ലിങ്ഗ ഏകവചനപ്രത്യയമായ 'അൻ' ചേർത്തു പുരാണപ്രസിദ്ധരായ ജടായു സമ്പാതി മുതലായ പക്ഷിശ്രേഷ്ഠന്മാരെ കുറിക്കാൻ പ്രയോഗിച്ചുകാണുന്നു.)

ഗൃധ്രപതി [സം.-പതി] നാ. 1. ജടായു; 2. സമ്പാതി

ഗൃധ്രം [സം.] നാ. കഴുകൻ

ഗൃധ്രവാജം [സം.-വാജ] നാ. കഴുകൻെറ തൂവൽ തൊടുത്തിട്ടുള്ള അമ്പ്

ഗൃധ്രവാജിതം [സം.-വാജിത] നാ. ഗൃധ്രവാജം

ഗൃധ്രവൃത്തി [സം.-വൃത്തി] നാ. കഴുകൻെറ പ്രവൃത്തി

ഗൃധ്രാണ [സം.] വി. 'കഴുകനെപ്പോലെ ആർത്തിയുള്ള' മതിവരാത്ത, അത്യാർത്തിയുള്ള
ഗൃധു[സം.] വി. 1. ആഗ്രഹമുള്ള; 2. കാമാസക്തിയുള്ള. നാ. കാമദേവൻ
ഗൃഭീത [സം.<ഗൃഹീത] വി. 1. ഗ്രഹിക്കപ്പെട്ട; 2. ഫലവാഹിയായ; 3. ഗർഭിണിയായ
ഗൃഷ്ടി(കാ) [സം.] നാ. 1. ഒരിക്കൽമാത്രം പ്രസവിച്ച പശു, പ്രായംകുറഞ്ഞ പശു; 2. ഒരുകുട്ടിമാത്രമുള്ള സ്ത്രീ; 3. പ്രായംകുറഞ്ഞ പിടിയാന; 4. ചെറുപ്പമായ പെൺമൃഗം; 5. ആൺപന്നി; 6. നിലപ്പന; 7. കുമിഴ്; 8. ലന്തമരം; 9. പന്നിക്കിഴങ്ങ്
ഗൃഹകപോത(കം) [സം.] നാ. വീട്ടിൽ വളർത്തുന്ന പ്രാവ്, കുടിപ്രാവ്, മാടപ്രാവ്
ഗൃഹകർത്താ(വ്) [സം.] നാ. ഗൃഹകാരകൻ
ഗൃഹകരണം [സം.കരണ] നാ. 1. വീടുപണി; 2. വീട്ടുപണി
ഗൃഹകാരകൻ [സം.-കാരക] നാ. വീടുപണിയുന്നവൻ (കൊത്തൻ, തച്ചൻ തുടങ്ങിയവർ)
ഗൃഹകൃത്യം [സം.-കൃത്യ] നാ. വീടുമായിബന്ധപ്പെട്ട പ്രവൃത്തികൾ, വീട്ടുകാര്യം
ഗൃഹക്ഷതൻ [സം.-ക്ഷത] നാ. (ശിൽപ) തെക്കേദിക്കിലെ ഒരു വാസ്തുദേവത
ഗൃഹക്ഷേത്രം [സം.-ക്ഷേത്ര]നാ. ഒരു തറവാട്ടിനു പ്രത്യേകിച്ചുള്ള ക്ഷേത്രം, കുടുംബപരദേവതാക്ഷേത്രം
ഗൃഹഗോധ [സം.-ഗോധാ]നാ. വീട്ടും മറ്റും കാണുന്ന ചെറിയപല്ലി
ഗൃഹഗോലക [സം.-ഗോലക] നാ. ഗൃഹഗോധിക
ഗൃഹചുല്ലി [സം.-ചുല്ലീ] നാ. കിഴക്കോട്ടും പടിഞ്ഞാറോട്ടും ദർശനമുള്ളവയും പരസ്പരം ചേർന്നിരിക്കുന്നതുമായ രണ്ടുമുറികളുള്ള ഗൃഹം
ഗൃഹച്ഛിദ്രം [സം.-ഛിദ്ര] നാ. വീട്ടുവഴക്ക്, കുടുംബകലഹം, ഗൃഹാങ്ഗങ്ങൾതമ്മിലുള്ള ഭിന്നത
ഗൃഹജനം [സം.-ജന] നാ. 1. വീട്ടിലെ ആളുകൾ; 2. ഭാര്യ
ഗൃഹജാതൻ [സം.-ജാത] നാ. വീട്ടുജോലിക്കാരിയുടെ മകൻ
ഗൃഹജാലിക [സം.-ജാലികാ] നാ. 1. ചതി, വഞ്ചന; 2. വേഷപ്രച്ഛന്നത്വം
ഗൃഹണി [സം.] നാ. അരികഴുകിയ വെള്ളം, കാടി
ഗൃഹതന്ത്രം [സം.-തന്ത്ര] നാ. വീട്ടുകാര്യങ്ങൾ നടത്തൽ, ഗൃഹഭരണം
ഗൃഹതാരം [സം.-താര] നാ. (ശിൽപ) ഗൃഹഭിത്തിയുടെ പൊക്കം
ഗൃഹദീപ്തി [സം.-ദീപ്തി] നാ. വീട്ടിനു വിളക്കായവൾ, ധർമിഷ്ഠയായ സ്ത്രീ
ഗൃഹദേവി [സം.-ദേവീ] നാ. ജര എന്ന രാക്ഷസി
ഗൃഹദേഹളി [സം.-ദേഹലീ] നാ. വീട്ടിലേക്കു കയറാനുള്ള ചവിട്ടുപടി
ഗൃഹദ്വാരം [സം.-ദ്വാര] നാ. വീട്ടിൻെറ മുൻവാതിൽ, വീട്ടുവാതിൽ
ഗൃഹധർമം [സം.-ധർമ] നാ. ഗാർഹസ്ഥ്യം, ഗൃഹസ്ഥൻെറ ധർമം
ഗൃഹധർമി [സം.-ധർമിൻ]നാ. ഗൃഹസ്ഥൻെറ ധർമം അനുഷ്ഠിക്കുന്നവൻ
ഗൃഹധർമിണി [സം.-ധർമിണീ] നാ. കുടുംബിനി, വീട്ടമ്മ
ഗൃഹധൂമം [സം.-ധൂമ] നാ. 'വീട്ടിലെ പുക' പുകയറ, അട്റ്റക്കരി
ഗൃഹനാഥൻ [സം-നാഥ] നാ. വീട്ടിലെ പ്രധാനി, വീട്ടിലെ മറ്റങ്ഗങ്ങളുടെ രക്ഷകൻ
ഗൃഹനാഹം [സം.-നാഹ] നാ. (ശിൽപ) ചുറ്റുത്തരം
ഗൃഹനിഷ്ക്രാമ(ണ)ം [സം.] നാ. വാതിൽപ്പുറപ്പാട്

ഗൃഹനീഡം [സം.-നീഡ] നാ. 'വീട്ടിൽ കൂടുകൂട്ടുന്നത്' ഊർക്കുരുകിൽ
ഗൃഹനൗക [സം.-നൗകാ] നാ. വീട്ടിലെന്നപോലെ വാസസൗകര്യമുള്ള വലിയ വഞ്ചി
ഗൃഹപതി [സം.-പതി] നാ. 1. ഗൃഹനാഥൻ; 2. ഗൃഹസ്ഥൻ വീട്ടിൽ സമ്രക്ഷിച്ചുപൂജിക്കുന്ന അഗ്നി, ഗാർഹപത്യാഗ്നി, അഗ്നി; 3. യാഗം ചെയ്യുവൻ
ഗൃഹപതി(ക)വ്യഞ്ജനൻ [സം.] നാ. കൃഷി നഷ്ടപ്പെട്ടശേഷവും ഗൃഹസ്ഥഭാവത്തിനു കോട്ടം തട്ടാത്തവൻ
ഗൃഹപം [സം.-പ] നാ. അഗ്നി
ഗൃഹപാഠം [സം.-പാഠ] നാ. വീട്ടിൽവച്ച് അഭ്യസിക്കേണ്ട പാഠം
ഗൃഹപാലൻ [സം.-പാല] നാ. 1. വീടുകാത്തുരക്ഷിക്കുന്ന ആൾ; 2. വീട്ടുനായ്
ഗൃഹപാലനം [സം.-പാലന] നാ. വീട്ടിൻെറ സംരക്ഷണം
ഗൃഹപിണ്ഡി(ക) [സം.-പിണ്ഡി-കാ] നാ. (ശിൽപ) ഭിത്തിയുടെമേൽ പുറത്തോട്ട് ഉന്തിനിൽക്കുന്ന ഭാഗം
ഗൃഹപോതകം [സം.-പോതക] നാ. വീടിരിക്കുന്ന പുരയിടം
ഗൃഹപ്രവേശം [സം.-പ്രവേശ] നാ. 1. വിവാഹശേഷം വധു വരൻെറ ഗൃഹത്തിൽ ആദ്യമായി പ്രവേശിക്കുന്ന ചടങ്ങ് (കുടിവയ്പ്); 2. പുതിയ ഗൃഹത്തിൽ ആദ്യമായി താമസം തുടങ്ങുന്ന ചടങ്ങ്, പുതിയകെട്ടിടത്തിൽ ആദ്യമായി നടക്കുന്ന കർമം
ഗൃഹബലി [സം.-ബലി] നാ. അന്നന്നുശേഷിച്ച അന്നാദികൾ പക്ഷിമൃഗാദികൾക്കു കൊടുക്കുന്ന ചടങ്ങ്
ഗൃഹബലിഭുക്ക് [സം.-ബലി-ഭുജ്] നാ. 1. കുരുകിൽ; 2. കാക്ക; 3. കൊക്ക്
ഗൃഹഭങ്ഗൻ [സം.-ഭങ്ഗ] നാ. വീട്ടിൽനിന്നു പുറത്താക്കപ്പെട്ടവൻ
ഗൃഹഭങ്ഗം [സം.-ഭങ്ഗ] നാ. 1. ഭവനഭേദനം; 2. കുടുംബ നാശം
ഗൃഹഭർത്താ(വ്) [സം.-ഭർതൃ] നാ. ഗൃഹനായകൻ
ഗൃഹഭേദി [സം.-ഭേദിൻ] വി. കുടുംബച്ഛിദ്രമുണ്ടാക്കുന്ന
ഗൃഹം [സം.] നാ. 1. വീട്, താമസസ്ഥലം; 2. ഭാര്യ; 3. വംശം; 4. വീട്ടിലെ അന്തേവാസികൾ; 5. കുടുംബജീവിതം; 6. കല്പങ്ങളിൽ ഒരുവിഭാഗം; 7. (ജ്യോ) ഒരു ഗ്രഹത്തിൻെറ ക്ഷേത്രം, രാശി; 8. (ജ്യോ) നാലാംഭാവം; 9. ചതുരങ്ഗപ്പലകയിലെ കള്ളി; 10. ക്ഷേത്രം
ഗൃഹമണി [സം.-മണി] നാ. വിളക്ക്
ഗൃഹമാചിക [സം.-മാചികാ] നാ. നരിച്ചീർ
ഗൃഹമാർജനി [സം.-മാർജനീ] നാ. വീട്ടുവേലക്കാരി, അടിച്ചുതളിക്കാരി
ഗൃഹമേധൻ [സം.-മേധ] നാ. 1. ഗൃഹമേധം നടത്തുന്ന ആൾ, ഗൃഹസ്ഥൻ; 2. ഗൃഹമേധം ആരെഉദ്ദേശിച്ചുനടത്തുന്നുവോ ആ ദേവൻ
ഗൃഹമേധം [സം.-മേധ] നാ. വീട്ടിൽവച്ച് അനുഷ്ഠിക്കുന്ന യജ്ഞം
ഗൃഹമേധി [സം.-മേധിൻ] നാ. ഗൃഹമേധം നടത്തുന്ന ആൾ, ഗൃഹസ്ഥൻ. (സ്ത്രീ) ഗൃഹമേധിനി
ഗൃഹയാലു [സം.] വി. ഗ്രഹിക്കുന്ന, സ്വീകരിക്കുന്ന. നാ. ഗ്രഹണശീലൻ
ഗൃഹയുവതി [സം.] നാ. കുലീനയായ യുവതി
ഗൃഹവരണ്ഡകം [സം.-വരണ്ഡക] നാ. ഗൃഹഭിത്തി, ചുവർ
ഗൃഹവാടി(ക) [സം.-വാടീ] നാ. വീടിനോടുചേർന്ന തോട്ടം

ഗൃഹവീരൻ [സം.-വീര] നാ. വീട്ടിൽവച്ചുമാത്രം വീരനെന്നു നടിക്കുന്നവൻ, വീട്ടുമിടുക്കുള്ളവൻ, തിണ്ണമിടുക്കു കാണിക്കുന്നവൻ, ഭീരു
ഗൃഹവ്രതൻ [സം.-വ്രത] നാ. വീടിനോടു താത്പര്യമുള്ളവൻ, ലൗകികൻ
ഗൃഹശായി [സം.-ശായിൻ] നാ. 'വീട്ടിൽപാർക്കുന്നത്' പ്രാവ്
ഗൃഹസ്ഥഗുണചതുഷ്ടയം [സം.] നാ. ഗൃഹസ്ഥനുണ്ടായിരിക്കേണ്ട നാലു ഗുണങ്ങൾ (ദാതൃത്വം, പ്രിയവക്തൃത്വം, ധീരത, ഉചിതജ്ഞത ഇവ)
ഗൃഹസ്ഥത,-ത്വം [സം.-താ,-ത്വം] നാ. ഗൃഹസ്ഥന്റെ സ്ഥിതി
ഗൃഹസ്ഥൻ [സം.ഗൃഹ-സ്ഥ] നാ. 1. വീട്ടിൽ താമസിക്കുന്നവൻ, വിവാഹംചെയ്തു കുടുംബജീവിതം നയിക്കുന്നവൻ, ഗൃഹസ്ഥാശ്രമി; 2. ഗൃഹനായകൻ; 3. മാന്യൻ, ധനികൻ. (സ്ത്രീ) ഗൃഹിണി, ഗൃഹസ്ഥ
ഗൃഹസ്ഥപാല്യചതുഷ്ടയം [സം.] നാ. ഗൃഹസ്ഥൻ രക്ഷിക്കേണ്ട നാലുകൂട്ടർ (ശ്രാന്തനായ ബന്ധു, ദരിദ്രനായ കുലീനൻ, മകനില്ലാത്ത സഹോദരി, പണമില്ലാത്ത സ്നേഹിതൻ എന്നിവർ)
ഗൃഹസ്ഥാശ്രമം [സം.-ആശ്രമ] നാ. ധർമശാസ്ത്രപ്രകാരമുള്ള നാല് ആശ്രമങ്ങളിൽ രണ്ടാമത്തേത്
ഗൃഹസ്ഥാശ്രമി [സം.-ആശ്രമിൻ] നാ. ഗൃഹസ്ഥാശ്രമം സ്വീകരിച്ചയാൾ, കുടുംബജീവിതം നയിക്കുന്നവൻ
ഗൃഹാക്ഷം [സം.-അക്ഷ] നാ. കിളിവാതിൽ, ചുവരിലെ വിടവ്
ഗൃഹാഗതൻ [സം.-ആഗത] നാ. വിരുന്നുകാരൻ, അതിഥി
ഗൃഹാധിപൻ [സം.-അധിപ] നാ. വീട്ടുകാരൻ, ഗൃഹനാഥൻ
ഗൃഹാംബു [സം.-അംബു] നാ. കാടിവെള്ളം, ഗൃഹണി
ഗൃഹായണി(കൻ) [സം.-അയണി(ക)] നാ. ഗൃഹസ്ഥൻ
ഗൃഹാരംഭം [സം.-ആരംഭ] നാ. 1. കെട്ടിടത്തിന്റെ നിർമാണപ്രവർത്തനങ്ങൾ തുടങ്ങുന്ന കർമം; 2. കെട്ടിടം നിർമിക്കൽ
ഗൃഹാരാമം [സം.-ആരാമ] നാ. വീട്ടിനു മുൻവശത്തുള്ള തോട്ടം, അടുക്കളത്തോട്ടം, ഉമ്മരപ്പൂങ്കാവ്
ഗൃഹാശ്മം [സം.-അശ്മൻ നാ. അരകല്ല്, ഗൃഹകച്ഛപം
ഗൃഹാളിക [സം.ഗൃഹാലിക] നാ. പല്ലി
ഗൃഹി [സം.ഗൃഹിൻ] വി. ഗൃഹമുള്ള. നാ. ഗൃഹസ്ഥൻ, ഗൃഹനാഥൻ
ഗൃഹികൻ [സം.ഗൃഹിക] നാ. ഗൃഹസ്ഥൻ
ഗൃഹിണി [സം.ഗൃഹിണീ] നാ. ഗൃഹനായിക, ഭാര്യ
ഗൃഹിത [സം.] വി. ഗ്രഹിക്കപ്പെട്ട, പിടിക്കപ്പെട്ട, സ്വീകരിക്കപ്പെട്ട.
699
ഗൃഹീതം [സം.] നാ. ഗ്രഹിക്കപ്പെട്ടത്
ഗൃഹീതാ(വ്) [സം.ഗൃഹീതൃ] നാ. ഗ്രഹിക്കുന്നവൻ
ഗൃഹീത്വാ [സം.] അവ്യ. ഗ്രഹിച്ചിട്ട്
ഗൃഹീഭവിക്കുക [<സം.ഗൃഹീ-ഭൂ] ക്രി. ഗൃഹമായിഭവിക്കുക, വീടായിത്തീരുക
ഗൃഹ്യ1 [സം.<ഗൃഹ്] വി. ഗ്രഹിപ്പാൻതക്ക
ഗൃഹ്യ2 [സം.] വി. 1. ഗൃഹത്തെ സംബന്ധിച്ച; 2. വീട്ടിനുൾലിലുള്ള; 3. ഇണക്കമുള്ള
ഗൃഹ്യക [സം.] വി. 1. സ്വതന്ത്രമല്ലാത്ത; 2. ആശ്രയിക്കുന്ന; 3. ഇണക്കമുള്ള

ഗൃഹ്യകൻ [സം.] നാ. അസ്വതന്ത്രൻ, അടിമ
ഗൃഹ്യകം [സം.] നാ. ഗൃഹത്തിൽ വളർത്തപ്പെടുന്നത്
ഗൃഹ്യഭാഷ [സം.-ഭാഷ] നാ. വീട്ടിൽ സംസാരിക്കുന്ന ഭാഷ
ഗൃഹ്യം [സം.] നാ. 1. വീട്ടിൽ വളർത്തപ്പെടുന്നത്; 2. ഗാർഹ്യപത്യാഗ്നി; 3. ഗൃഹ്യസൂത്രം; 4. ഗുദം
ഗൃഹ്യശാസ്ത്രം [സം.] നാ. അലങ്കാരം, ശുചിത്വം, ശിശുസമ്രക്ഷണം തുടങ്ങി വീട്ടിൻെറ നടത്തിപ്പിനാവശ്യമായ കാര്യങ്ങൾ പ്രതിപാദിക്കുന്ന ശാസ്ത്രം
ഗൃഹ്യസൂത്രം [സം.] നാ. ഗൃഹത്തിൽ ചെയ്യേണ്ടുന്ന ആചാരങ്ങളെ വിവരിക്കുന്ന ആചാരഗ്രന്ഥം (ധർമം ശ്രൗതം, ഗൃഹ്യം എന്നു കൽപങ്ങൾ മൂന്നു ഭാഗമുള്ളതിൽ മൂന്നാമത്തേത്)
ഗെണ്ടൻ വി.നാ. വിശേഷണമായും നാമമായും പ്രയോഗം = കെണ്ടൻ
ഗെയിം [ഇം.] നാ. കളി
ഗേണ്ഡു [സം.] നാ. കളിപ്പന്ത്
ഗേണ്ഡുകം [സം.] നാ. 1. കന്ദുകം, കളിപ്പന്ത്; 2. പീഠങ്ങളിലും മറ്റും ഉപയോഗിക്കുന്ന ചെറിയ മെത്ത
ഗേന്ദുകം [സം.] നാ. = ഗേണ്ഡുകം
ഗേയ [സം.] വി. ഗാനം ചെയ്യത്തക്ക, പാടത്തക്ക
ഗേയപദം [സം.] നാ. (നാട്യ)ലാസ്യത്തിൻെറ പത്തുവിഭാഗങ്ങളിൽ ഒന്ന്
ഗേയപ്രിയം [സം.] നാ. ഒരിനം മുല്ല
ഗൈര [സം.] വി. 1. ഗിരിയെ സംബന്ധിച്ചത്; 2. പർവതത്തിൽനിന്നുത്ഭവിക്കുന്നതോ മലയിൽ വളരുന്നതോ ആയ
ഗൈരം [സം.] നാ. കാവിമണ്ണ്
ഗൈരിക [സം.] വി. ഗിരിയിൽ നിന്നുണ്ടായഗൈരികം [സം.] നാ. 1. ഗൈരം; 2. സ്വർണം
ഗൈരേയ [സം.] വി. ഗൈരിക
ഗൈരേയം [സം. നാ. 1. കാവിമണ്ണ്; 2. കന്മദം
ഗൈർവാണി [സം.] നാ. സംസ്കൃതഭാഷ
ഗൊണോറിയ [ഇം.] നാ. ഒരു ജനനേന്ദ്രിയരോഗം
ഗോ(വ്) [സം.] നാ. 1. പശു; 2. കാള; 3. സ്വർഗം; 4. ആകാശം; 5. അമ്പ്; 6. വാക്ക്; 7. സരസ്വതി; 8. അമ്മ; 9. ഗായകൻ; 10. സൂര്യൻ; 11. ചന്ദ്രൻ; 12. നക്ഷത്രം; 13. രശ്മി; 14. കണ്ണ്; 15. ജ്ഞാനേന്ദ്രിയം; 16. ജലം; 17. വജ്രം; 18. ഭൂമി; 19. ഒരു യാഗം; 20. രോമം; 21. ഇടിവാൾ; 22. രാശിചക്രത്തിലെ രണ്ടാം രാശി; 23. ഒൻപത് എന്ന സങ്ഖ്യ; 24. ദിക്ക്; 25. വരുണൻെറ പുത്രന്മാരുടെ സേനാനായകൻ
ഗോകണ്ടകം [സം.-കണ്ടക]നാ. 1. വലിയ ഞെരിഞ്ഞിൽ; 2. വയ്യങ്കത; 3. പശുക്കൾക്കു മേയാൻ കൊള്ളാത്ത സ്ഥലം; 4. കന്നുകാലികൾ നടന്നു സഞ്ചാരയോഗ്യമല്ലാതാക്കിയ ഭൂമി; 5. പശുക്കുളമ്പ്; 6. കുളമ്പടിപ്പാട്
ഗോകർണൻ [സം.] നാ. ശിവൻ
ഗോകർണം [സം.ഗോ-കർണ] നാ. 1. പശുവിൻെറ ചെവി; 2. സർപ്പം; 3. പെരുംചെവിമാൻ; 4. കോവർകഴുത; 5. കേരളത്തിൻെറ വടക്കേ അതിർത്തിയിലുള്ള ഒരു സ്ഥലം; 6. ചാൺ; 7. ഒരുതരം അമ്പ്; 8. ഒരുതരം ചെറിയപാത്രം
ഗോകിരാട [സം.] നാ. 1. ഒരുതരം ശാരികപ്പക്ഷി; 2. കൊക്ക്

ഗോകിലം,-കീലം [സം.] നാ. 1. കലപ്പ; 2. ഉലക്ക
ഗോകുലനാഥൻ [സം.] നാ. ശ്രീകൃഷ്ണൻ
ഗോകുലം [സം.-കുല] നാ. 1. പശുക്കൂട്ടം; 2. ഉത്തരഭാരതത്തിൽ മഥുരാപുരിക്കടുത്തുള്ള ഒരു ഗ്രാമം; 3. തൊഴുത്ത്; 4. ഇടവം രാശി
ഗോകുലയന്ത്ര(ക)ം [സം.-യന്ത്ര] നാ. തൊഴുത്ത്
ഗോകുലാഷ്ടമി [സം.-അഷ്ടമീ] നാ. അഷ്ടമിരോഹിണി
ഗോകുലോദ്ഭവ [സം.-ഉദ്ഭവാ]നാ. ദുർഗ
ഗോകൃതം [സം.] നാ. ചാണകം
ഗോക്ഷീരം [സം.-ക്ഷീര] നാ. പശുവിൻെറ പാൽ
ഗോക്ഷുര(ക)ം [സം.-ക്ഷുരക] നാ. 1. ഞെരിഞ്ഞിൽ; 2. പശുവിൻെറ കുളമ്പ്
ഗോഖുരം1 [സം.-ഖുര] നാ. പശുവിൻെറ കുളമ്പ്
ഗോഖുരം2 [സം.] നാ. കഴിമുത്തങ്ങ
ഗോഗ്രന്ഥി [സം.-ഗ്രന്ഥി] നാ. 1. പശുവിൻെറ ഉണക്കച്ചാണകം; 2. തൊഴുത്ത്; 3. കൊഴുപ്പ
ഗോഗ്രഹണം [സം.] നാ. 1. പശുമോഷണം; 2. മഹാഭാരതത്തിലെ വിരാടപർവത്തിലുള്ള ഒരു ഉപപർവം
ഗോഗ്വാവിളി നാ. 1. കഥകളിയിൽ ചിലവേഷങ്ങളുടെ അലർച്ച; 2. അട്ടഹസിക്കൽ
ഗോഘ്നൻ [സം.-ഘ്ന] നാ. 1. പശുവിനെ കൊല്ലുന്നവൻ; 2. അതിഥി; 3. ഉത്തമബ്രാഹ്മണൻ; 4. ആതിഥേയൻ
ഗോചന്ദനം [സം.] നാ. വാസനകൂടിയ ഒരിനം ചന്ദനം
ഗോചർമം [സം.-ചർമൻ] നാ. 1. പശുവിൻെറ തോൽ; 2. വിസ്തീർണം അളക്കനുള്ള ഒരു തോത്
ഗോചര [സം.-ചര] വി. 1. പശുക്കൾ മേഞ്ഞുകൊണ്ടിരിക്കുന്ന; 2. ഇടയ്ക്കിടയ്ക്കു ചെന്നുചേരുന്ന; 3. ഭൂമിയിൽ സഞ്ചരിക്കുന്ന; 4. ഇന്ദ്രിയങ്ങൾക്കു വിഷയമായ; 5. പ്രവേശിക്കത്തക്ക; 6. ജനപ്രീതിയുള്ള
ഗോചരഫലം [സം.-ഫല] നാ. ചന്ദ്രലഗ്നത്തെ ആസ്പദമാക്കിയുള്ള ഗ്രഹങ്ങളുടെ സ്ഥിതിയനുസരിച്ച് അപ്പപ്പോൾ അനുഭവപ്പെടുന്ന ഫലം
ഗോചരം [സം.] നാ. 1. ഇന്ദ്രിയവിഷയമായ വസ്തു; 2. ഇന്ദ്രിയങ്ങളെക്കൊണ്ടുള്ള അറിവ്; 3. താമസസ്ഥലം; 4. ചന്ദ്രലഗ്നത്തെ അപേക്ഷിച്ചുള്ള ഗ്രഹചലനം; 5. ഗ്രാമം; 6. ഗോത്രം, കുലം; 7. മേച്ചിൽസ്ഥലം; 8. ചക്രവാളം
ഗോചരീഭവിക്കുക [സം.-ഭൂ] ക്രി. 1. ഇന്ദ്രിയങ്ങൾക്കു വിഷയമായിത്തീരുക; 2. കാണുമാറാകുക
ഗോചാരകൻ [സം.-ചാരക] നാ. ഇടയൻ
ഗോചാരണം [സം.-ചാരണ] നാ. കാലികളെ തീറ്റൽ
ഗോച്ഛ [സം.] നാ. മൂക്കിനുകീഴിൽ മേൽച്ചുണ്ടിലുള്ള ചാൽ
ഗോജലം [സം.-ജല] നാ. ഗോമൂത്രം
ഗോജാഗരികൻ [സം.-ജാകരിക] നാ. അടുക്കളക്കാരൻ
ഗോജാതൻ [സം.-ജാത] നാ. ദേവൻ
ഗോജി [സം.] നാ. 1. മൂക്കിൻെറ ചുവട്ടിൽ മേൽച്ചുണ്ടിൻെറ നടുവിലുള്ള ചാൽ; 2. കൊഴുപ്പ

ഗോജിത്ത് [സം.-ജിത്] നാ. ഇന്ദ്രൻ
ഗോജീവി [സം.-ജീവിൻ]നാ. കന്നുകാലികളെക്കൊണ്ടു ജീവിക്കുന്നവൻ
ഗോട്ടി നാ. ഗോലി
ഗോട്ടുവാദ്യം നാ. ഒരിനം തന്ത്രിവാദ്യം
ഗോഡുംബം [സം.] നാ. 1. തണ്ണിമത്തൻ; 2. വെളുത്തചെറിയ വെള്ളരി
ഗോണി [സം.] നാ. 1. ചാക്ക്; . പഴന്തുണി;3. നാലു ദ്രോണം കൂടിയ ഒരളവ്
ഗോണിക [സം.] നാ. പതഞ്ജലിയുടെ മാതാവ്
ഗോണ്ഡൻ [സം. നാ. 1. തടിച്ചപൊക്കിൾ ഉള്ളവൾ; 2. മലകയറ്റക്കാരൻ
ഗോണ്ഡം [സം.] നാ. തടിച്ചുപൊങ്ങിയ പൊക്കിൾ
ഗോണ്ഡി [സം.] നാ. ഒരു അസംപുഷ്ട ദ്രാവിഡഭാഷ
ഗോമതി [സം.] നാ. ഗൗതമപത്നി
ഗോതീർഥം [സം.] നാ. 1. തൊഴുത്ത്; 2. നൈമിശാരണ്യത്തിലെ ഒരു തീർഥ സ്ഥലം; 3. പശുക്കൾ വെള്ളം കുടിക്കാനിറങ്ങുന്ന കടവ്
ഗോത്ര [സം.] നാ. 1. ഭൂമി; 2. പശുക്കൂട്ടം; 3. കിരീടം; 4. വയമ്പ്
ഗോത്രകർത്താവ് [സം.] നാ. ഗോത്രസ്ഥാപകൻ
ഗോത്രകീല [സം.-കീലാ] നാ. ഭൂമി
ഗോത്രജ [സം.-ജ] വി. ഒരേഗോത്രത്തിൽ പിറന്ന
ഗോത്രൻ [സം.] നാ. 1. ഇന്ദ്രൻ; 2. പശുക്കളെ രക്ഷിക്കുന്നവൻ; 3. ദിക്പാലകൻ; 4. രാജാവ്
ഗോത്രപടം [സം.-പട] നാ. ഗോത്രപരമ്പര
ഗോത്രപതി [സം.] നാ. ഹിമവാൻ
ഗോത്രപ്പൊരുത്തം [സം.] നാ. വധൂവരന്മാരുടെ ജാതകങ്ങൾക്കുതമ്മിൽ ഉണ്ടായിരിക്കേണ്ട പൊരുത്തങ്ങളിൽ ഒന്ന്
ഗോത്രപ്രവരൻ [സം.] നാ. കുടുംബത്തിലെ പ്രായംകൂടിയ ആൾ
ഗോത്രഭിത്ത് [സം.-ഭിദ്] നാ. ഇന്ദ്രൻ
ഗോത്രഭൃത്ത് [സം.-ഭൃത്] നാ. 1. രാജാവ്; 2. പർവതം
ഗോത്രം [സം.] നാ. 1. കുലം; 2. പ്രസിദ്ധരായ ഋഷിമാരുടെപേരിൽ അറിയപ്പെടുന്ന ബ്രാഹ്മണവിഭാഗം; 3. സന്തതി; 4. പേര്; 5. പർവതം; 6. വഴി; 7. ക്ഷേത്രം; 8. വെള്ളം; 9. വയൽ; 10. തൊഴുത്ത്; 11. വർധന; 12. പശുക്കൂട്ടം; 13. വനം; 14. ശക്തി; 15. സമ്പത്ത്; 16. വെൺകൊറ്റക്കുട; 17. ആവനാഴി; 18. ഭാവിയെപ്പറ്റിയുള്ള അറിവ്
ഗോത്രവർഗം [സം.-വർഗ] നാ. പർവതപ്രദേശങ്ങളിൽ താമസിക്കുന്ന ആളുകൾ
ഗോത്രസ്ഖലനം [സം.-സ്ഖലന] നാ. ഒരാളിൻെറ പേരു തെറ്റായി പറഞ്ഞുപോകുന്നത്
ഗോത്രാരി [സം.-അരി] നാ. ഗോത്രഭിത്ത്
ഗോദ1 [സം.ഗോ-ദ] വി. പശുവിനെ കൊടുക്കുന്ന
ഗോദ2 [സം.-ദാ] നാ. ഒരു നദി, ഗോദാവരി
ഗോദ3 [ഹി.] നാ. മൽപിടിത്തത്തിനുള്ള സ്ഥലം
ഗോദം [സം.] നാ. 1. തലച്ചോറ്; 2. മൂത്രാശയം
ഗോദാനം [സം.-ദാന] നാ. 1. പശുവിനെ ദാനമായി നൽകൽ; 2. ബ്രാഹ്മണന് ആവശ്യമായ ഷോഡസംസ്കാരങ്ങളിൽ ഒന്ന്
ഗോദാരണം [സം.-ദാരണ] നാ. 1. കലപ്പ; 2. തുമ്പ

ഗോദാവരി [സം.-ദാവരീ] നാ. തെക്കെ ഇന്ത്യയിലെ പ്രധാനപ്പെട്ട ഒരു നദി
ഗോദുഹൻ [സം.] നാ. 1. ഇടയൻ; 2. കറവക്കാരൻ
ഗോദോഹനം [സം.-ദോഹന] നാ. 1. പാൽക്കറവ; 2. പാൽകറക്കുന്ന സമയം
ഗോദോഹനി [സം.-ദോഹനീ] നാ. പാൽകറക്കുന്നതിനുള്ള പാത്രം
ഗോദ്രവം [സം.-ദ്രവ] നാ. ഗോമൂത്രം
ഗോധ [സം.ഗോധാ] നാ. 1. ഉടുമ്പ്; 2. ഉടുമ്പിൻെറ ആകൃതിയിലുള്ള സേനാവ്യൂഹം; 3. വില്ലാളിയുടെ കൈയുറ; 4. മുതല; 5. സ്നായു, ഞരമ്പ്; 6. ഭാരതത്തിലെ ഒരു ജനപദം
ഗോധർമം [സം.-ധർമ] നാ. മറയ്ക്കപ്പെടാത്ത രതിക്രീഡ
ഗോധരം [സം.] നാ. പർവതം
ഗോധാപദി [സം.-പദീ] നാ. 1. ചെറുപുള്ളടി; 2. നിലപ്പന; 3. വള്ളിച്ചൊറിയണം
ഗോധാരം [സം.] നാ. 1. ഉടുമ്പിൻ കുട്ടി; 2. മുതലക്കുട്ടി
ഗോധി [സം.] നാ. 1. നെറ്റി; 2. ഉടുമ്പ്; 3. മുതല
ഗോധിക [സം.] നാ. 1. നീരുടുമ്പ്; 2. മുതല
ഗോധുക്ക് [സം.] നാ. = ഗോദുഹൻ
ഗോധൂമം [സം.-ധൂമ] നാ. ഗോതമ്പ്, നാരകം
ഗോധൂമസംഭവം [സം.] നാ. ഗോതമ്പുകൊണ്ട് ഉണ്ടാക്കിയ കാടി
ഗോധൂമി [സം.] നാ. ഗോലോമി
ഗോധൂളി [സം.-ധൂലി] നാ. 1. ഭൂമിയിലെ പൊടി; 2. പ്രദോഷ സന്ധ്യാകാലം (ഗോധൂളിവേലാ)
ഗോധൂളിലഗ്നം [സം.] നാ. പ്രാതസന്ധ്യ്കഴിഞ്ഞു രണ്ടുനാഴികയുള്ള ഒരു ശുഭലഗ്നം
ഗോധേനു [സം.] നാ. കറവപ്പശു
ഗോധേരൻ [സം.] നാ. രക്ഷാകർത്താവ്
ഗോധ്രം [സം.] നാ. പർവതം, ഗോധരം
ഗോനന്ദ [സം.] നാ. പാർവതി
ഗോനർദൻ [സം.] നാ. ശിവൻ
ഗോനർദം [സം.-നർദ] നാ. 1. കാക്കത്തമ്പുരാൻ; 2. വണ്ടാരങ്കോഴി; 3. കൊക്ക്; 4. കഴിമുത്തങ്ങ
ഗോനർദിയൻ [സം.] നാ. പതഞ്ജലി മഹർഷി
ഗോനസം [സം.] നാ. 1. പെരുമ്പാമ്പ്; 2. ഒരിനം വിഷപ്പാമ്പ്; 3. പൊടിവൈരം
ഗോനസി [സം.-നസി] നാ. ഒരു രത്നം
ഗോനാഥൻ [സം.-നാഥ] നാ. 1. കാലിസമ്പത്തിൻെറ ഉടമ; 2. കാള; 3. രാജാവ്
ഗോനായൻ [സം.-നായ] നാ. ഇടയൻ
ഗോനിവാസ(ന)ം [സം.] നാ. ഒരു സ്ഥലത്തിൻെറ അശുദ്ധി മാറ്റാനായി അവിടെ പശുക്കളെ വളർത്തൽ
ഗോനിവേദനം [സം.-നിവേദന] നാ. പശുദാനം
ഗോനിഷ്യന്ദം [സം.-നിഷ്യന്ദ] നാ. ഗോമൂത്രം
ഗോനീഹാരം [സം.-നീഹാര] നാ. ചാണകം
ഗോന്ത് [ഹി.] നാ. അറബിക്കുന്തുരുക്കം

ഗോപ1 [സം.ഗോ-പ<പാ] വി. 1. പശുക്കളെ രക്ഷിക്കുന്ന; 2. ഇടയനെ സംബന്ധിച്ച
ഗോപ2 [സം.ഗോ-പാ]നാ. 1. ഗോപസ്ത്രീ; 2. വെളുത്ത നറുനീണ്ടി
ഗോപക [സം.] വി. 1. പശുവിനെ രക്ഷിക്കുന്ന; 2. ഒളിക്കുന്ന
ഗോപകൻ [സം.] നാ. ഗ്രാമാധിപതി
ഗോപതി [സം.ഗോ-പതി] നാ. 1. ശിവൻ; 2. സൂര്യൻ; 3. കാള; 4. ഇടയൻ; 5. ശ്രീകൃഷ്ണൻ; 6. ഇന്ദ്രൻ; 7. രാജാവ്; 8. ചന്ദ്രൻ; 9. വരുണൻ; 10. കന്നുകാലികളുടെ ഉടമസ്ഥൻ; 11. പ്രമാണി; 12. ശിബിയുടെ പുത്ര; 13. ഒരു ദേവഗന്ധർവൻ; 14. ഒരു ഔഷധച്ചെടി
ഗോപഥബ്രാഹ്മണം [സം.] നാ. അഥർവ വേദത്തിലുൾപ്പെട്ട ഒരു ബ്രാഹ്മണം
ഗോപൻ [സം.] നാ. 1. ഇടയൻ; 2. കറവക്കാരൻ; 3. ഗ്രാമാധിപതി; 4. രാജാവ്; 5. ഒരു ഗന്ധർവൻ; 6. രക്ഷിതാവ്; 7. ഗ്രാമത്തലവൻ
701
ത്തലവൻ.
ഗോപന [സം.ഗോപനാ< ഗുപ്] നാ 1. രക്ഷണം; 2. ശോഭ.
ഗോപനം [സം.] നാ. 1.രക്ഷണം; 2. മറച്ചുവയ്ക്കൽ; 3. ഉത്കണ്ഠ; 4. പ്രകാശം; 5. ഭയം; 6. അസൂയ; 7. തിടുക്കം; 8. ഒരു മരം; 9. പച്ചില.
ഗോപനീയ [സം.] വി. മറച്ചുവയ്ക്കത്തക്ക, ഒളിച്ചുവയ്ക്കേണ്ട.
ഗോപവധു [സം.-വധു] നാ. 1. ഗോപസ്ത്രീ; 2. കറുത്ത നറുനീണ്ടി.
ഗോപവാടം [സം.-വാട] നാ. ഇടയഗ്രാമം.
ഗോപാങ്ഗന [സം.-അങ്ഗനാ] നാ. 1. ഇടയസ്ത്രീ; 2. വെളുത്ത നറുനീണ്ടി.
ഗോപാധ്യക്ഷൻ [സം.-അധ്യക്ഷ] നാ. ഇടയന്മാരുടെ മേൽനോട്ടം വഹിക്കുന്നവൻ.
ഗോപാനം [സം.-പാന] നാ. സൂര്യകിരണങ്ങളേറ്റുള്ള ശോഷണം.
ഗോപായക [സം.< ഗുപ്] വി. രക്ഷിക്കുന്ന, കാത്തുസൂക്ഷിക്കുന്ന.
ഗോപായനം [സം.] നാ. രക്ഷണം, പാലനം.
ഗോപായിത [സം.] വി. ഒളിക്കപ്പെട്ട, സൂക്ഷിക്കപ്പെട്ട
ഗോപാലകൻ [സം.] നാ. ഗോപാലൻ
ഗോപാലതപനം [സം.-തപന] നാ. നൂറ്റെട്ട് ഉപനിഷത്തുക്കളിലൊന്ന്.
ഗോപാലധാനി [സം.-ധാനീ] നാ. പശുത്തൊഴുത്ത്.
ഗോപാലൻ [സം.] നാ. 1. ഇടയൻ; 2. ശ്രീകൃഷ്ണൻ; 3. ശിവൻ; 4. രാജാവ്.
ഗോപാലി [സം.] നാ. 1. ശിവൻ; 2. ചെട്ടിവെള്ളരി; 3. ഗോപസ്ത്രീ; 4. ഗോരക്ഷി; 5. നറുനീണ്ടി.
ഗോപാലിക [സം.ഗോ-പാലികാ] നാ. ഗോപിക.
ഗോപി1 [സം.] നാ. 1. ഗോപസ്ത്രീ; 2. മഞ്ഞക്കാവി; 3. നെറ്റിയിൽ അറ്റം മേലോട്ടാക്കി അണിയുന്ന നീണ്ട കുറി; 4. ഫലമില്ലായ്ക; 5. ശൂന്യത; 6. നറുനീണ്ടി.
ഗോപി2 [സം.] നാ. 1. രക്ഷിക്കുന്നവൻ; 2. മറയ്ക്കുന്നവൻ.
ഗോപിക [സം.ഗോപികാ] നാ. 1. ഗോപസ്ത്രീ; 2. നറുനീണ്ടി.
ഗോപികാവല്ലഭൻ [സം.-വല്ലഭ] നാ. ശ്രീകൃഷ്ണൻ.
ഗോപികാവസന്തം [സം.-വസന്ത]നാ. ഒരു രാഗം.
ഗോപിക്കുക [സം.<ഗുപ്] ക്രി. രക്ഷിക്കുക

ഗോപിക്കുറി [സം.ഗോപീ-മ.കുറി] നാ. വൈഷ്ണവർ നെറ്റിയിൽ ഇടുന്ന അടയാളം.
ഗോപിത്തം [സം.ഗോ-പിത്ത] നാ. ഗോരോചന.
ഗോപിനാഥൻ [സം.ഗോപി-നാഥ] നാ. ശ്രീകൃഷ്ണൻ.
ഗോപീചന്ദനം [സം.-ചന്ദന] നാ. നെറ്റിയിലും മാറത്തും കുറിയിടാൻ ഉപയോഗിക്കുന്ന ഒരിനം മണ്ണ്.
ഗോപീതം [സം.ഗോ-പീത] നാ. 1. വാലാട്ടിപ്പക്ഷി; 2. മഞ്ഞക്കുരുകിൽ.
ഗോപീഥം [സം.-പീഥ] നാ. 1. സംരക്ഷണം; 2. തീർഥാടനസ്ഥലം.
ഗോപുച്ഛഭ്രമണം [സം.ഗോപുച്ഛ-ഭ്രമണ] നാ. പേടിമാറ്റാൻവേണ്ടി കുട്ടികളെ പശുവിൻെറ വാൽകൊണ്ട് ഉഴിയുന്ന കർമം.
ഗോപുച്ഛം [സം.പുച്ഛ] നാ. 1. പശുവിൻെറ വാൽ; 2. കരിങ്കുരങ്ങ്; 3. ഒരുതരം മുത്തുമാല; 4. ഒരുതരം വാദ്യം; 5. ഒരിനം അമ്പ്.
ഗോപുത്രൻ [സം.-പുത്ര] നാ. 1. കാളക്കുട്ടി; 2. സൂര്യപുത്രൻ; 3. ഭൂമിയുടെ പുത്രൻ.
ഗോപുത്രി [സം.-പുത്രീ] നാ. സീത.
ഗോപുരം [സം.] നാ. 1. ക്ഷേത്രങ്ങളിലും മറ്റും പ്രത്യേകരീതിയിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള പ്രധാന വാതിൽ; 2. കോട്ടവാതിൽ; 3. പട്ടണം; 4. സ്വർഗം; 5. കഴിമുത്തങ്ങ; 6. മൂഞ്ഞ.
ഗോപുരാംശം [സം.] നാ. ദശവർഗങ്ങളിൽ നാലെണ്ണത്തിൻെറ ബലമുള്ള ഗ്രഹസ്ഥിതി.
ഗോപേന്ദ്രൻ [സം.ഗോപ-ഇന്ദ്ര] നാ. 1. ശ്രീകൃഷ്ണൻ; 2. നന്ദഗോപൻ.
ഗോപ്തം [സം.] നാ. ഭാരതത്തിലെ പ്രാചീനരാജ്യങ്ങളിലൊന്ന്.
ഗോപ്താവ് [സം.ഗോപ്തൃ<ഗുപ്] നാ. 1. രക്ഷിക്കുന്നവൻ; 2. ഒളിച്ചുവയ്ക്കുന്നവൻ.
ഗോപ്യ [സം.] വി. ഗോപനം ചെയ്യത്തക്ക.
ഗോപ്യചതുഷ്ടയം സം.ഗോപ്യ-ചതുഷ്ടയ] നാ. രഹസ്യമായി വയ്ക്കേണ്ട നാലുകാര്യങ്ങൾ (അപമാനം, രാജകോപം, ശത്രു, വൈരം എന്നിവ).
ഗോപ്യത [സം.ഗോപ്യതാ] നാ. രഹസ്യമായ അവസ്ഥ.
ഗോപ്യം [സം.] നാ. രഹസ്യം.
ഗോഭൃത്ത് [സം.ഗോ-ഭൃത്] നാ. 1. രാജാവ്; 2. പർവതം.
ഗോംഭസ്സ് [സം.-അംഭസ്] നാ. ഗോമൂത്രം.
ഗോമകൾ [സം.ഗോ-മ.മകൾ] നാ. "ഭൂമിയുടെ മകൾ" സീത.
ഗോമക്ഷിക [സം.-മക്ഷികാ] നാ. ഒരിനം വലിയ ഈച്ച.
ഗോമണ്ഡലം [സം.] നാ. 1. പശുക്കൂട്ടം; 2. ഭൂമണ്ഡലം, ഭൂമി.
ഗോമതല്ലിക [സം.-മതല്ലികാ] നാ. ഏറ്റവും നല്ല വർഗത്തിൽപ്പെട്ട പശു.
ഗോമതി [സം.ഗോമതീ]നാ. 1. ദുർഗ; 2. സരസ്വതി; 3. ഉത്തരഭാരതത്തിലെ ഒരു നദി; 4. ഒരു വൈദികമന്ത്രം.
ഗോമത്ത് [സം.ഗോ-മത്] വി. 1. പശുക്കളുള്ള; 2. ഐശ്വര്യമുള്ള, സമ്പന്നമായ.
ഗോമന്തകം [സം.] നാ. ഗോവയുടെ ഒരു പ്രാചീന നാമം.
ഗോമഥൻ [സം.ഗോ-മഥ] നാ. ഇടയൻ.

ഗോമയതിലകം [സം.ഗോമയ-തിലക] നാ. ഭസ്മക്കുറി.
ഗോമയതുത്ഥം [സം.-തുത്ഥ] നാ. ചാണകമൂശ.
ഗോമയം [സം.] നാ. 1. പശുവിൽനിന്നു ലഭിക്കുന്നത് (പാൽ, തൈർ, വെണ്ണ, ഗോമൂത്രം, ചാണകം ഇത്യാദി); 2. ചാണകം; 3. ഒരു നഗരം.
ഗോമയസ്നാനം [സം.-സ്നാന] നാ. ചാണകംചേർത്ത വെള്ളത്തിലെ കുളി.
ഗോമാതാ(വ്) [സം.-മാതൃ] നാ. കാമധേനു.
ഗോമാൻ [സം.ഗോ-മത്] നാ. 1.വളരെ പശുക്കൾ ഉള്ളവൻ; 2. ഐശ്വര്യവാൻ.
ഗോമായു [സം.] നാ. 1. കുറുക്കൻ; 2. ഒരു ഗന്ധർവൻ; 3. ഒരിനം തവള.
ഗോമാസനക്ഷത്രം [സം.ഗോമാസ-നക്ഷത്ര] നാ. ജന്മനക്ഷത്രത്തിൻെറ 3, 5, 7 ഈ നാളുകൾ (പരൽപ്പേരനുസരിച്ച് ഗോ 3, മാ 5, സ 7)
ഗോമി [സം.ഗോമിൻ] വി. പശുക്കളുള്ള
ഗോമി [സം.] നാ. 1. പശുക്കളുടെ ഉടമസ്ഥൻ; 2. കുറുക്കൻ; 3. ഭജിക്കുന്നവൻ, പൂജിക്കുന്നവൻ.
ഗോമുഖം [സം.ഗോ-മുഖ] നാ. 1. പശുവിൻെറ മുഖം; 2. സ്രാവ്; 3. മുതല; 4. ഒരു വാദ്യവിശേഷം, ഒരിനം കാഹളം; 5. ഒരുതരം ശങ്ഖ്; 6. സുഗന്ധലേപനം; 7. ജപമാല സൂക്ഷിക്കുന്ന സഞ്ചി; 8. ഒരു യോഗാസനം; 9. ശ്രീകോവിലിൽനിന്നും വെള്ളമൊഴുകിപ്പോകുന്നതിനുള്ള ഓവ്; 10. ചുവരിൽ കള്ളന്മാർ തുരന്നുണ്ടാക്കുന്ന ദ്വാരമാർഗം; 11. ഗങ്ഗയുടെ ഉത്പത്തിസ്ഥാനം.
ഗോമുഖി [സം.-മുഖീ] നാ. 1. ശ്രീകോവിലിലുള്ള ഓവ്; 2. ഗോമുഖാകൃതിയിലുള്ള പാത്രം; 3. ഗങ്ഗയുടെ ഉത്പത്തിസ്ഥാനം; 4. മൂന്നുമാസം പ്രായമുള്ള ശിശുവിനെ ആവേശിക്കും എന്നു കരുതപ്പെടുന്ന ഒരു ദുർദേവത.
ഗോമൂഢ [സം.-മൂഢ] വി. പശുപ്രായനായ, അതിമൂഢനായ.
ഗോമൂത്ര [സം.-മൂത്രാ] നാ. 1. കുതിരയുടെ അഞ്ചു ചലനഭേദങ്ങളിലൊന്ന്.
ഗോമൂത്രകം [സം.-മൂത്രക] നാ. 1. ഒരിനം പുഷ്യരാഗം, ഗോമൂത്രവർണം ഉള്ളത്; 2. കാള മൂത്രമൊഴിച്ചുകൊണ്ടുപോകുമ്പോൾ ഇടംവലം മാറിമാറി വളഞ്ഞുവീഴുന്ന രേഖ; 3. ഗോമൂത്രം.
ഗോമൂത്രിക [സം.-മൂത്രികാ] നാ. 1. ഗോമൂത്രി; 2. ഒരിനം വലിയ പുല്ല്; 3. ഒരുതരം ചിത്രബന്ധം.
ഗോമൂല്യം [സം.] നാ. പശുദാനത്തിനുപകരമായിച്ചെയ്യുന്ന ബ്രാഹ്മണദക്ഷിണ.
ഗോമൃഗം [സം.-മൃഗ] നാ. മാനിനെപ്പോലെയുള്ള ഒരു കാട്ടുമൃഗം, ആര്യമാൻ.
ഗോമേദ(ക)ം [സം.-മേദക] നാ. 1. നവരത്നങ്ങളിലൊന്ന്, പുഷ്യരാഗം; 2. ഒരിനം വൃക്ഷം, പച്ചില; 3. പീതചന്ദനം; 4. കാക്ക; 5. ഒരിനം വിഷം, കാകോളം; 6. സപ്തദ്വീപങ്ങളിലൊന്ന്; 7. ഒരുതരം മത്സ്യം; 8. സുഗന്ധലേപനം.
ഗോമേധം [സം.-മേധ] നാ. 1. പശുവിനെ ബലികൊടുത്തു നടത്തുന്ന ഒരു യാഗം; 2. അന്നം ഇന്ദ്രിയങ്ങൾ കിരണങ്ങൾ പൃഥിവി ഇവയെ ശുദ്ധമാക്കാനുള്ള ക്രിയ; 3. വാക്കിനെ മേധകൊണ്ടു ദാനംചെയ്യുന്ന ക്രിയ, വിദ്യാദാനം.
ഗോയാനം [സം.-യാന] നാ. കാളവണ്ടി.
ഗോയുക്ത [സം.-യുക്ത] വി. പശുവിനെയോ കാളയെയോ പൂട്ടിയ, പശുവോ കാളയോ വലിക്കുന്ന.

ഗോർദം,ഗോർധം,ഗോദം [സം.ഗോർദ] നാ. തലച്ചോറ്.
ഗോരക്ഷകൻ [സം.-രക്ഷക] നാ. പശുവിനെ പാലിക്കുന്നവൻ എന്നും ഭൂമിയെ രക്ഷിക്കുന്നവൻ എന്നും) 1. ഇടയൻ; 2. രാജാവ്.
ഗോരക്ഷകൻ [സം.-രക്ഷ] നാ. 1. പശുക്കളെ രക്ഷിക്കുന്നവൻ; 2. ശിവൻ; 3. ഒരു അവധൂതൻ; 4. നേപ്പാളി, ഗൂർഖ.
ഗോരക്ഷം [സം.] നാ. 1. ഗോരോചന; 2. മധുരനാരകം; 3. ഇടവകം
ഗോരങ്കു [സം.] നാ. 1. നീർക്കോഴി; 2. ദിഗംബരൻ, നഗ്നൻ; 3. തടവുകാരൻ.
ഗോരജസ്സ് [സം.ഗോ-രജസ്] നാ. പശുവിൻെറ കുളമ്പടികൊണ്ടു പൊങ്ങുന്ന പൊടി, പൊടിയുടെ കണം.
ഗോരവം [സം.-രവ] നാ. കന്നുകാലിയുടെ കരച്ചിൽ.
ഗോരസം [സം.-രസ] നാ. 1. പശുവിൻെറ പാൽ, വെണ്ണ, മോര്, തൈര്, ചാണകം ഇത്യാദി; 2. വാഗ്വിലാസം; 3. നയന ഭങ്ഗി; 4. ഇന്ദ്രിയസുഖം.
ഗോരാജൻ [സം.-രാജ] നാ. കാള.
ഗോരാടി(ക) [സം.-രാടീ,-രാടികാ] നാ. പഞ്ചവർണക്കിളി.
ഗോരാഷ്ട്രം [സം.-രാഷ്ട്ര] നാ. ഒരു ദേശനാമം, ഗോവ
ഗോരുതം [സം.-രുത] നാ. 1. പശുവിൻെറ കരച്ചിൽ; 2. മാട്ടുവിളിപ്പാട്, രണ്ടായിരം വിൽപ്പാടുദൂരം അഥവാ രണ്ടായിരം ദണ്ഡ്, ഒരു യോജനയുടെ നാലിലൊന്ന്; 3. രണ്ടുക്രോശം.
ഗോരുപൻ [സം.-രൂപ] നാ. ശിവൻ.
ഗോരോചന,-ചനം [സം.-രോചനാ] നാ. 1. പശുവിൻെറയോ കാളയുടെയോ ശരീരത്തിലെ ചില ഗ്രന്ഥികളിൽ നിന്നു ലഭിക്കുന്ന ഒരിനം സുഗന്ധവസ്തു, ഔഷധമായി ഉപയോഗം; 2. ഒരു ചെറിയ ചെടി.
ഗോല [സം.ഗോലാ] നാ. 1. മനയോല; 2. ഗോദാവരി; 3. കവടി; 4. നല്ല കോവ.
ഗോലകൻ,-ളകൻ [സം.ഗോലക] നാ. വിധവയ്ക്കു ജാരസംസർഗത്തിൽ പിറന്ന പുത്രൻ. (സ്ത്രീ.) ഗോലിക
ഗോലഭൻ [സം.ഗോലഭ] നാ. ഒരു ഗന്ധർവൻ.
ഗോലം [സം.ഗോല] നാ. മലങ്കാര.
ഗോലാങ്ഗൂലൻ [സം.-ലാങ്ഗൂല] നാ. 1. പശുവിൻെറ വാലുപോലെ വാലുള്ള ഒരു ജാതി കരിങ്കുരങ്ങ്; 2. കുരങ്ങ്.
ഗോലാങ്ഗൂലം [സം.] നാ. 'ഗോപുച്ഛം' 1. പശുവിൻെറ വാൽ; 2. കുരങ്ങ്; 3. ഒരിനം കരിങ്കുരങ്ങ്.
ഗോലാസം [സം.ഗോ-ലാസ] നാ. 1. കൂൺ, കുമിൾ; 2. നയനഭങ്ഗി.
ഗോലി [ഹി.ഗോലീ] നാ. 1. ഒരുജാതിമിനുത്തുരുണ്ടകല്ല്; 2. ഉരുണ്ടവസ്തു, ഉണ്ട, ഉരുള; 3. സ്ഫടികംകൊണ്ടോമറ്റോ ഉണ്ടാക്കിയ ചെറിയ ഗോളം; 4. വെടിയുണ്ട.
ഗോലിങ്ഗം [സം.] നാ. ഇടത്തരം കാളവണ്ടി.
ഗോലോകം [സം.ഗോ-ലോക] നാ. സ്വർഗലോകത്തിൻെറ ഒരു ഭാഗം.
ഗോലോമി [സം.ഗോലോമീ] നാ. 1.വയന്ന്; 2. വെൺകറുക; 3. കരിങ്കറുക; 4. ജടാമാഞ്ചി; 5. കൊഴുപ്പ്; 6. വാരസ്ത്രീ, വേശ്യ.
ഗോവണി നാ. =കോവണി.
ഗോവത്സം [സം.ഗോ-വത്സ] നാ. പശുക്കുട്ടി.

ഗോവത്സാദി [സം.-വത്സ-അദിൻ] നാ. 'പശുക്കുട്ടിയെ തിന്നുന്നത്', ചെന്നായ്.
ഗോവത്സാരി [സം.-അരി] നാ. = ഗോവത്സാദി.
ഗോവർധനധരൻ [സം.ഗോവർധന-ധര] നാ. 'ഗോവർധനപർവതത്തെ എടുത്തുപൊക്കിയവൻ' ശ്രീകൃഷ്ണൻ.
ഗോവർധനം [സം.] നാ. വൃന്ദാവനത്തിലുള്ള ഒരു പർവതം.
ഗോവർധനമഠം [സം.-മഠം] നാ. പൂരീജഗന്നാഥത്തിൽ ശങ്കരാചാര്യർ സ്ഥാപിച്ചിട്ടുള്ള സന്ന്യാസിമഠം.
ഗോവശ [സം.ഗോ-വശാ] നാ. മച്ചിപ്പശു.
ഗോവസൂരി [<സം.-മസൂരി] നാ. കന്നുകാലികൾക്കുണ്ടാകുന്ന ഒരിനം മസൂരി രോഗം. ഗോവസൂരിപ്രയോഗം = വസൂരിരോഗത്തിനുള്ള പ്രതിരോധ ഔഷധപ്രയോഗം.
ഗോവാടം [സം.-വാട] നാ. പശുക്കളെ സൂക്ഷിക്കുന്നതിനുള്ള വേലിക്കെട്ട്, പശുക്കൂട്.
ഗോവാസം [സം.-വാസ] നാ. പശുത്തൊഴുത്ത്.
ഗോവി [ഹി.ഗോഭി] നാ. ഒരുതരം ശാകം, ഗോവിസ്സ്.
ഗോവികർത്തൻ [സം.ഗോ-വികർത] നാ. 1. പശുവിനെ കൊല്ലുന്നവൻ; 2. കൃഷിക്കാരൻ.
ഗോവിട്ട [<സം.-വിഷ്] നാ. ചാണകം.
ഗോവിത്ത് [സം.-വിദ്] നാ. 1. യുദ്ധവീരൻ; 2. അസ്ത്രപ്രയോഗത്തിൽ സമർഥൻ.
ഗോവിന്ദതാര(ക)ം [സം.ഗോവിന്ദ-താരക] നാ. തിരുവോണം നക്ഷത്രം.
ഗോവിന്ദൻ [സം.ഗോ-വിന്ദ] നാ. 1. കൃഷ്ണൻ; 2. വിഷ്ണു.
ഗോവിന്ദദ്വാദശി [സം.ഗോവിന്ദ-ദ്വാദശി] നാ. ഫാൽഗുന (കന്നി) മാസത്തിലെ ശുക്ലപക്ഷദ്വാദശി, മനോരഥദ്വാദശി.
ഗോവിന്ദന്മാർ [<സം.ഗോവിന്ദാ:] നാ. (ബ.വ.) ഗോവിന്ദഭക്തന്മാർ
ഗോവിന്ദപുത്രചതുഷ്ടയം [സം.ഗോവിന്ദ-പുത്ര-ചതുഷ്ടയ] നാ. ഒരു വിശ്വാസമനുസരിച്ച് ശങ്കരാചാര്യരുടെ ഗുരുവായ ഗോവിന്ദസ്വാമിയ്ക്കു നാലുജാതികളിലായി ജനിച്ച വരരുചി, വിക്രമാദിത്യൻ, ഭട്ടി ഭർത്തൃഹരി എന്നിവർ.
ഗോവിന്ദസർഗം [സം.-വിസർഗ] നാ. 1.പശുക്കളെ അഴിച്ചുവിടുന്ന സമയം, പ്രഭാതം; 2. ഏറുകുന്തം (ഭിന്ദിപാലം) കൊണ്ടുള്ള പ്രയോഗങ്ങളിലൊന്ന്.
ഗോവിസ്സ് [പോർ] നാ. ഗോവി.
ഗോവീഥി [സം.ഗോ-വീഥീ] നാ. 1. (ജ്യോ.) ചന്ദ്രന്റെ ഭ്രമണപഥത്തിന്റെ ഒരു ഭാഗം; 2. കിഴക്കുതാണ് പടിഞ്ഞാറുയർന്നിരിക്കുന്ന ഭൂമി.
703
ഗോവീര്യം [സം.-വീര്യ] നാ. പാൽ വിറ്റുകിട്ടിയ സങ്ഖ്യ.
ഗോവ് [സം.ഗോ] നാ. =ഗോ.
ഗോവൃന്ദാരകം [സം.ഗോ-വൃന്ദാരക] നാ. നല്ലഗോവ്.
ഗോവൃഷഭധ്വജൻ [സം.-വൃഷഭധ്വജ] നാ. ശിവൻ.
ഗോവൃഷഭം [സം.-വൃഷഭ] നാ. 1. കാള; 2. (ജ്യോ.)ഇടവം രാശി.
ഗോവൃഷം [സം.-വൃഷ] നാ. കാള, ഉത്തമജാതിയിൽപ്പെട്ട കാള.
ഗോവേണി നാ. = ഗോവണി.

ഗോവൈദ്യൻ [സം.ഗോ-വൈദ്യ] നാ. 1. കന്നുകാലികളെ ചികിത്സിക്കുന്നവൻ, മാട്ടു വൈദ്യൻ; 2. മുറിവൈദ്യൻ.
ഗോവ്രജം [സം.-വ്രജ] നാ. 1. പശുക്കൂട്ടം; 2. തൊഴുത്ത്; 3. അമ്പാടി; 4. മേച്ചിൽസ്ഥലം.
ഗോവ്രതം [സം.-വ്രത] നാ. 1. (പശുവിനെപ്പോലെയുള്ള) എളിയ ജീവിതചര്യ; 2. ഗോമൂത്രത്തിൽ സ്നാനം ചെയ്തും ഗോരസം ഭക്ഷിച്ചും ഗോക്കളെപരിചരിച്ചും ഒരു മാസം കൊണ്ട് അവസാനിപ്പിക്കുന്ന ഒരു വ്രതം.
ഗോവ്രതി [സം.-വ്രതിൻ] നാ. (പശുവിനെപ്പോലെ) എളിയ ജീവിതം നയിക്കുന്നവൻ.
ഗോശകൃത്ത് [സം.-ശകൃത്] നാ. ഗോവിട്ട്.
ഗോശതം [സം.-ശത] നാ. നൂറുപശുക്കളെ ബ്രാഹ്മണർക്കു കൊടുക്കുന്ന ഒരു ദാനം.
ഗോശതി [സം.-ശതിൻ] നാ. നൂറുപശുക്കളുള്ളവൻ.
ഗോശാല [സം.-ശാആ] നാ. പശുത്തൊഴുത്ത്.
ഗോശാലേശ്വരൻ [സം.ഗോശാലാ-ഈശ്വര] നാ. ശ്രീകൃഷ്ണൻ.
ഗോശീർഷകം [സം.ഗോ-ശീർഷക] നാ. 1. കറുത്തനിറമുള്ള ഒരിനം ചന്ദനം; 2. തുമ്പ; 3. ചന്ദനം..
ഗോശൃങ്ഗം [സം.ഗോ-ശൃങ്ഗ] നാ. കറുത്ത കാട്ടുതുളസി.
ഗോശ്രീ [സം.] നാ. കൊച്ചി. (സംസ്കൃതരൂപം.)
ഗോഷാ നാ. = ഘോഷാ.
ഗോഷ്ടി,ഗോഷ്ഠി നാ. 1. പരിഹാസം, നിന്ദ മുതലായവ പ്രകടിപ്പിക്കാൻ കണ്ണ്ചിറി കൈ മുതലായ അങ്ഗങ്ങൾകൊണ്ടു കാണിക്കുന്ന വികൃതചേഷ്ട, കോട്ടി, കോക്കിറി; 2. കോപ്രായം, കോപ്പിരാട്ടി, പരിഹാസ്യമായ പെരുമാറ്റം, വികൃതി; 3. ന്യൂനത, അഭങ്ഗി; 4. നേരമ്പോക്ക്, കളിയാക്കൽ; 5. കിറുക്ക്, ഭ്രാന്ത്.
ഗോഷ്ഠം [സം.] നാ. 1. ഗോകുലം, അമ്പാടി; 2. തൊഴുത്ത്; 3. പശുക്കൂട്ടം; 4. അഭിപ്രായം.
ഗോഷ്ഠാനം [സം.ഗോ-സ്ഥാന] നാ. പശുത്തൊഴുത്ത്.
ഗോഷ്ഠാഷ്ടമി [സം.ഗോഷ്ഠ-അഷ്ടമി] നാ. കൃഷ്ണാഷ്ടമി, ഗോകുലാഷ്ടമി.
ഗോഷ്ഠി1 [സം.ഗോഷ്ഠീ] നാ. 1. സഭ; 2. സമൂഹം, സങ്ഘം, സമുദായം; 3. സംഭാഷണം, സംവാദം; 4. ബന്ധു; 5. ഉപരൂപകങ്ങളിലൊന്ന്. ഗോഷ്ഠികൊട്ടുക = കൂടിയാട്ടത്തിൽ നടന്മാർ അണിഞ്ഞ് 'മങ്ഗളാചരണം' കഴിയുമ്പോൾ നമ്പ്യാർകൊട്ടുകയും നങ്ങ്യാർ അരങ്ങത്തിരുന്ന് അക്കിത്ത ചൊല്ലുകയും ചെയ്യുന്ന ചടങ്ങ്.
ഗോഷ്ഠി2 നാ. = ഗോഷ്ടി
ഗോഷ്ഠിപതി [സം.ഗോഷ്ഠീ-പതി] നാ. 1. സഭയുടെ നേതാവ്, അദ്ധ്യക്ഷൻ; 2. ഗൃഹസ്ഥൻ.
ഗോഷ്ഠ്യാലയം [സം.ഗോഷ്ഠീ-ആലയ] നാ. സഭാമന്ദിരം, നാടകശാല.
ഗോഷ്പദം [സം.ദോഷ്പദ] നാ. 1. പശുക്കുളമ്പ്; 2. പശുവിന്റെ കുളമ്പു പതിഞ്ഞുണ്ടാകുന്നകുഴിയിൽ വെള്ളം നിറഞ്ഞത്; 3. പശുമേയുന്ന സ്ഥലം.
ഗോസങ്ഖ്യൻ [സം.ഗോ-സങ്ഖ്യ] നാ. ഇടയൻ.
ഗോസം [സം.ഗോസ] നാ. 1. നറുംപശ; 2. പ്രഭാതം; 3. ഉഷ്ണകാലം.
ഗോസർഗം [സം.-സർഗ] നാ. പ്രഭാതം.

ഗോസവം [സം.-സവ] നാ. പശുവിനെ ബലികൊടുക്കുന്ന ഒരു യാഗം, ഗോമേധം.
ഗോസുത [സം.-സുതാ] നാ. ഭൂമിയുടെ പുത്രി, സീത.
ഗോസൂത്രം [സം.-സൂത്ര] നാ. പശുക്കയറ്.
ഗോസ്തനം [സം.-സ്തന] നാ. 1. പശുവിൻെറ ആകിട്; 2. നാലിഴയുള്ള മുത്തുമാല; 3. വലിയ മുന്തിരി; 4. പൂങ്കുല.
ഗോസ്ഥാന(ക)ം [സം.-സ്ഥാനക] നാ. 1. ആമ്പാടി; 2. പശുത്തൊഴുത്ത്.
ഗോസ്വാമി [സം.-സ്വാമിൻ] നാ. 1. പശുക്കളുടെ ഉടമസ്ഥൻ; 2. ഗോസായി; 3. ജിതേന്ദ്രിയൻ; 4. ഒരു സ്ഥാനപ്പേര്
ഗോഹതി [സം.-ഹതി] നാ. ഗോവധം.
ഗോഹത്യ [സം.-ഹത്യാ] നാ. ഗോഹതി, ഗോഹത്യക്കാരന് ബ്രഹ്മഹത്യക്കാരൻ സാക്ഷി (പഴ.) = ചെറിയകുറ്റക്കാരനെ വലിയകുറ്റക്കാരൻ സാധൂകരിക്കുന്നത്.
ഗോഹനം [സം.] നാ. ഗോപനം.
ഗോഹം [സം.ഗോഹ] നാ. 1. വീട്; 2. ഒളിസ്ഥലം.
ഗോഹല്ലം [സം.] നാ. ചാണകം.
ഗോഹിതൻ [സം.ഗോ-ഹിത] നാ. 1. വിഷ്ണു; 2. ശ്രീകൃഷ്ണൻ.
ഗോഹിരം [സം.] നാ. ഉപ്പുകുറ്റി.
ഗോൾഫ് [ഇം.] നാ. ഒരിനം പന്തുകളി.
ഗോള [സം.ഗോലാ] നാ. 1. കുട്ടികൾ കളിക്കാനുപയോഗിക്കുന്നതും മരംകൊണ്ടുണ്ടാക്കിയതുമായ പന്ത്; 2. ഉരുണ്ടവസ്തു; 3. മനയോല; 4. ദുർഗ; 5. തോഴി; 6. ഒരുതരം വലിയ മൺപാത്രം; 7. മഷി.
ഗോളക [സം.ഗോലക] വി. ഗോളരൂപമായ, ഉരുണ്ട.
ഗോളക [സം.] നാ. 1. ഗോളാകൃതിയിലുള്ള വസ്തു; 2. ബിംബത്തെ മുഴുവൻ മൂടത്തക്കവിധത്തിലുള്ള വാർത്തുകെട്ട്.
ഗോളകൻ [സം.ഗോലക] നാ. വിധവാപുത്രൻ, ഭർത്താവുമരിച്ചതിനുശേഷം ജാരസംസർഗംകൊണ്ടുണ്ടായ പുത്രൻ.
ഗോളകം [സം.ഗോലക] നാ. 1. ഉരുണ്ടവസ്തു, ഗോളം, പിണ്ഡം; 2. ബിംബത്തെ മൂടത്തക്കവണ്ണം നിർമ്മിച്ചിട്ടുള്ള ലോഹാവരണം; 3. പന്ത്; 4. സ്ഫടികനിർമ്മിതവും ഗോളാകൃതിയിലുള്ളതുമായ അലങ്കാരവസ്തു; 5. ദേവാലയങ്ങളുടെയും മറ്റും മുകളിലുണ്ടാക്കുന്ന ഗോളാകൃതിയിലുള്ള പണിത്തരം; 6. രണ്ടങ്ഗുലംചേർന്ന അളവ്; 7. ഉണ്ടശർക്കര; 8. വലിയ മൺപാത്രം.
ഗോളൻ [സം.ഗോല] നാ. ഗോളകൻ.
ഗോളം [സം.ഗോല] നാ. 1. സൂര്യചന്ദ്രാദിഗ്രഹങ്ങളിലൊന്ന്; 2. ഉരുണ്ടവസ്തു, ഉണ്ട; 3. പന്ത്; 4. മണ്ഡലം; 5. നറുംപശ; 6. ഇന്ദ്രിയാവയവം; 7. മനയോല; 8. മലങ്കാര; 9. കൃഷ്ണമണി; 10. പീരങ്കിയുണ്ട; 11. (ജ്യോ.) ഒരു ഗ്രഹയോഗം; 13. പോളവാർപ്പൻ.
ഗോളയന്ത്രം [സം.ഗോല-യന്ത്ര] നാ. ഗ്രഹങ്ങളുടെ ഗതിയറിയാൻ ഉപകരിക്കുന്ന ഒരു യന്ത്രം.
ഗോളയോഗം [സം.-യോഗ] നാ. (ജ്യോ.) അശുഭയോഗങ്ങളിലൊന്ന്.
ഗോളവ്യൂഹം [സം.-വ്യൂഹ] നാ. ഒരു സേനാവ്യൂഹം.

ഗോളശാസ്ത്രം [സം.-ശാസ്ത്ര] നാ. സൂര്യചന്ദ്രാദിഗോളങ്ങളുടെ സ്ഥിതിവിവരങ്ങളെ പ്രതിപാദിക്കുന്ന ശാസ്ത്രം.
ഗോളസ്തംഭം [സം.-സ്തംഭ] നാ. ഉരുണ്ടു തൂൺപോലെയുള്ള വസ്തു.
ഗോളി [ഇം.] നാ. ഗോൾ സൂക്ഷിപ്പുകാരൻ.
ഗോളിച്ചീര [<സം.ഘോലീ] നാ. ഒരിനം ചീര.
ഗോറില്ല [ഇം.] നാ. ഒരുജാതി ആൾക്കുരങ്ങ്.
ഗൗ [സം.] നാ. 1. പശു, കാള, കന്നുകാലി; 2. ഇടവം; 3. ആന; 4. വെള്ളം; 5. പാക്ക്; 6. കണ്ണ്; 7. രശ്മി; 8. സ്വർഗം; 9. രോമം.
ഗൗഞ്ജികൻ [സം.] നാ. സ്വർണപ്പണിക്കാരൻ.
ഗൗഡകമൃഗം [സം.ഗൗഡകമൃഗ] നാ. ഇണങ്ങാത്ത കുതിര, കാട്ടുകുതിര.
ഗൗഡൻ [സം.ഗൗഡ] നാ. ഗൗഡദേശക്കാരൻ.
ഗൗഡപാദൻ [സം.ഗൗഡപാദ] നാ. ശങ്കരാചാര്യരുടെ ഗുരുവായ ഗോവിന്ദാചാര്യരുടെ ഗുരു, മാണ്ഡുക്യോപനിഷത്കാരികയുടെ കർത്താവ്.
ഗൗഡഭാഷ [സം.ഗൗഡ-ഭാഷാ] നാ. ഗൗഡദേശത്തു സംസാരിക്കുന്ന ഭാഷ.
ഗൗഡം [സം.] നാ. 1. ഉത്തരഭാരതത്തിലെ ഒരു ദേശം; 2. ഗൗഡദേശത്തെ ഭാഷ; 3. ശർക്കര താരിപ്പൂവ് മുതലായവ ചേർത്തുണ്ടാക്കുന്ന മദ്യം, കാദംബരം; 4. (സങ്ഗീ.) ഒരു രാഗം; 5. ബ്രാഹ്മണരുടെ ഒരുവിഭാഗം.
ഗൗഡസാരസ്വതൻ [സം.ഗൗഡ-സാരസ്വത] നാ. കൊങ്കണബ്രാഹ്മണൻ.
ഗൗഡി [സം.ഗൗഡീ] നാ. 1. കാവ്യരീതികളിൽ ഒന്ന്, പരുഷ വ്യഞ്ജനങ്ങളുടെ ആവൃത്തികൊണ്ട് അക്ഷരാഡംബരമേറിയ രചനാ രീതി; 2. പരുഷവ്യഞ്ജനങ്ങൾ ആവർത്തിച്ചുവരുന്ന വൃത്യനുപ്രാസം; 3. ശർക്കരയിൽനിന്നെടുക്കുന്ന ഒരിനം മദ്യം, ഗൗഡം; 4. (സങ്ഗീ.) ഒരു രാഗം, ഗൗഡം; 5. മധുരപലഹാരം; 6. പല്ലി.
ഗൗഡിക [സം.] വി. ശർക്കരയെ സംബന്ധിച്ച.
ഗൗഡികം [സം.] നാ. 1. ഗൗഡദേശത്തുണ്ടാകുന്ന വെള്ളി;2. കരിമ്പ്;3. ശർക്കരയിൽനിന്നെടുക്കുന്ന മദ്യം, ഗൗഡം, ഗൗഡി.
ഗൗൺ [ഇം.] നാ. ജഡ്ജിമാരും വക്കീലന്മാരും മറ്റും ഔദ്യോഗികാവസരങ്ങളിൽ ധരിക്കുന്ന നീണ്ടകുപ്പായം.
ഗൗണ [സം.] വി. 1. ഗുണത്തെ സംബന്ധിച്ച; 2. വിശേഷണമായ; 3. മുഖ്യമല്ലാത്ത, അപ്രധാനമായ; 4. അലങ്കാരപ്രധാനമായ; 5. ഗുണനത്തെ സംബന്ധിച്ച.
ഗൗണപക്ഷം [സം.-പക്ഷ] നാ. തർക്കത്തിൻെറയും മറ്റും ദുർബലമായഭാഗം.
ഗൗണമാതാ(വ്) [സം.-മാതൃ] നാ. അമ്മയ്ക്കുതുല്ല്യമായിട്ടുള്ളവൾ.
ഗൗണി [സം.ഗൗണീ] നാ. 1. ലക്ഷണാവ്യാപാരത്തിൻെറ ഒരുവിഭാഗം, വാച്യലക്ഷ്യാർഥങ്ങൾ തമ്മിലുള്ള ബന്ധം സാദൃശ്യാത്മകമായിട്ടുള്ളത്; 2. ഭക്തിമാർഗത്തിൻെറ പ്രാരംഭ ദശ.
ഗൗണിക [സം.] വി. 1. സത്ത്വരജസ്തമോഗുണങ്ങളെ സംബന്ധിച്ച; 2. അപ്രധാനമായ.
ഗൗണ്ട നാ. വയനാട്ടിലെ ഗിരിവർഗക്കാരിലൊരിനം.
ഗൗണ്ടൻ നാ. ഗൗണ്ടവർഗക്കാരൻ.
ഗൗണ്ടർ നാ. 1. ഗ്രാമമുഖ്യൻ; 2. ഒരു ജാതി.
ഗൗണ്യം [സം.] നാ. അപ്രധാനത്വം.

ഗൗതമ [സം.ഗൗതമാ] നാ. ദ്രോണരുടെ ഭാര്യ, അശ്വത്ഥാമാവിൻെറ അമ്മ, ഗൗതമി.
ഗൗതമൻ [സം.ഗൗതമ] നാ. 'ഗോതമൻെറ വംശത്തിൽ പിറന്നവൻ.' 1. ബ്രഹ്മാവിൻെറ പുത്രൻ, വൈവസ്വതമന്വന്തരത്തിലെ സപ്തമഹർഷികളിലൊരാൾ; 2. ന്യായശാസ്ത്രകാരനായ ഒരുമഹർഷി; 3. ബുദ്ധൻ; 4. ഭരദ്വാജൻ; 5. ശതാനന്ദൻ; 6. കൃപർ; 7. ഒരുമഹർഷി, അഹല്യയുടെ ഭർത്താവ്; 8. സപ്തമഹർഷിമണ്ഡലത്തിലെ നക്ഷത്രങ്ങളിലൊന്ന്; 9. ഹരിദ്രുമാൻെറ പുത്രനായ ഒരുഋഷി; 10. ശിവൻ; 11. പുരാണപ്രസിദ്ധനായ ഒരു ബ്രാഹ്മണൻ.
ഗൗതമസംഭവ [സം.ഗൗതമ-സംഭവാ] നാ. ഗോദാവരി.
ഗൗതമി [സം.ഗൗതമീ] നാ. 1. ദുർഗ; 2. ഗോദാവരി (ഗോമതീനദിയെന്നും പക്ഷം); 3. അഹല്യ; 4. ദ്രോണാചാര്യരുടെ അത്തി, കൃപൻെറ സഹോദരി; 5. ഗോരോചന; 6. മഞ്ഞൾ.
ഗൗതമീയം [സം.] നാ. ഗൗതമമഹർഷിഅവതരിപ്പിച്ച ന്യായശാസ്ത്രം.
ഗൗധാരം [സം.ഗൗധാര] നാ. ഉടുമ്പിൻ കുട്ടി.
ഗൗധുമീനം [സം.] നാ. ഗോധുമം വിളയുന്ന ഭൂമി, ഗോതമ്പു നിലം.
ഗൗധേയം [സം.] നാ. ഗൗധാരം.
ഗൗനം നാ. ശ്രദ്ധ, പരിഗണന.
ഗൗനർദൻ [സം.ഗൗനർദ] നാ. 'ഗൗനർദ ദേശത്തിലുണ്ടായവൻ', പതഞ്ജലി.
ഗൗനിക്കുക ക്രി. ശ്രദ്ധിക്കുക, സൂക്ഷിക്കുക, കാര്യമായിക്കരുതുക, പരിഗണിക്കുക.
ഗൗപിക [സം.] വി. ഗോപസ്ത്രീയെ സംബന്ധിച്ച.
ഗൗപികൻ [സം.ഗൗപിക] നാ. ഗോപികയുടെ പുത്രൻ.
ഗൗപുച്ഛ [സം.] വി. പശുവിൻെറ വാൽ പോലുള്ള.
ഗൗപ്തേയൻ [സം.] നാ. വൈശ്യസ്ത്രീയുടെ പുത്രൻ.
ഗൗര [സം.] വി. 1. വെളുത്ത; 2. മഞ്ഞയായാ; 3. ചെമന്ന; 4. ശുദ്ധമായ; 5. പ്രകാശിക്കുന്ന; 6. മനോഹരമായ; 7. ഗൗരരാജ്യസംബന്ധിയായ.
ഗൗരക്ഷ്യ [സം.] വി. ഗോരക്ഷയെസംബന്ധിച്ച.
ഗൗരക്ഷ്യം [സം.] നാ. പശുപാലനം, കാലിമേയ്പ്പ്.
ഗൗരചണകം [സം.ഗൗരചണക] നാ. മഞ്ഞനിറമുള്ള കടല.
ഗൗരൻ [സം.ഗൗര] നാ. 1. വ്യാഴം; 2. ശ്രീചൈതന്യൻ; 3. ചന്ദ്രൻ; 4. വെളുത്തുമഞ്ഞച്ച നിറമുള്ളവൻ.
ഗൗരം [സം.] നാ. 1. ഗൗരദേശം, ബങ്ഗാളം; 2. ഒരുതരം മാൻ; 3. വെളുപ്പ്; 4. മഞ്ഞനിറം; 5. ചെമപ്പ്; 6. സ്വർണം; 7. കർപ്പൂരം; 8. താമരയല്ലി; 9. അരിതാരം; 10. കുങ്കുമം; 11. ഒരിനം പോത്ത്; 12. വെങ്കടുക്; 13. വേങ്ങ.
ഗൗരവം [സം.] നാ. 1. ഭാരം, ഗുരുത്വം; 2. മേന്മ, വലിപ്പം, പ്രാധാന്യം, ശ്രേഷ്ഠത; 3. നർമാദികൾക്കുവഴങ്ങാത്ത മാനസികാവസ്ഥ, അതു പ്രതിഫലിപ്പിക്കുന്നഭാവം, പ്രൗഢി; 4. തീവ്രമായ ശ്രദ്ധ ആവശ്യമുള്ള അവസ്ഥ; 5. ഗുരുവിൻെറ സ്ഥാനം; 6. ബഹുമാനം, ആദരവ്; 7. എരിവ്; 8. ദേഷ്യം; 9. എതിരേൽപ്; 10. സാഹിത്യത്തിൽ മേന്മയെക്കാണിക്കുന്ന രീതിവിശേഷം. (പ്ര)ഗൗരവപ്പെടുക = ദേഷ്യപ്പെടുക.
ഗൗരവാസനം [സം.] നാ. മാന്യമായ ഇരിപ്പിടം, സ്ഥാനം.
ഗൗരവിത [സം.] വി. അധികം ബഹുമാനിക്കപ്പെട്ട.

ഗൗരാതപത്രം [സം.-ആതപത്ര] നാ. വെൺകൊറ്റക്കുട.
ഗൗരാങ്ഗൻ [സം.-അങ്ഗ] നാ. 1. വിഷ്ണു, കൃഷ്ണൻ; 2. ശ്രീചൈതന്യൻ; 3. വെളുത്തനിറമുള്ളവൻ; 4. സ്വർണവർണമുള്ളവൻ.
ഗൗരാസ്യൻ [സം.-ആസ്യ] നാ. വെളുത്തമുഖമുള്ള കുരങ്ങ്.
ഗൗരി [സം.ഗൗരീ] നാ. 1. ശ്രീപാർവതി; 2. ശബ്ദത്തിൻെറ അധിഷ്ഠാനദേവത; 3. എട്ടുവയസ്സുള്ള പെൺകുട്ടി; 4. ഭൂമി; 5. വരുണൻെറ ഭാര്യ; 6. ഗോരോചന; 7. മരമഞ്ഞൾ;
705
8. പൊൻകദളിവാഴ; 9. തുളസി; 10. ആകാശമാഞ്ചി; 11. വള്ളിമുല്ല; 12 ഞാഴൽ; 13. വെൺകറുക; 14. മഞ്ചെട്ടി; 15. ഗങ്ഗ; 16 ഭാരതത്തിലെ ഒരു നദി; 17. ഒരു സംസ്കൃതവൃത്തം.
705
ഗൗരിക [സം.ഗൗരികാ] നാ. എട്ടോപത്തോവയസ്സുള്ള പെൺകുട്ടി.
ഗൗരീകാന്തൻ [സം.ഗൗരീ-കാന്ത] നാ. ശിവൻ.
ഗൗരീഗാത്രം [സം.-ഗാത്ര] നാ. ഒരിനം തെങ്ങ്.
ഗൗരീഗുരു [സം.-ഗുരു] നാ. ഹിമവാൻ.
ഗൗരീജൻ [സം.-ജ] നാ. 1. സുബ്രഹ്മണ്യൻ; 2. ഗണപതി.
ഗൗരീജം [സം.-ജ] നാ. അഭ്രകം.
ഗൗരീബീജം [സം.-ബീജ] നാ. ഗന്ധകം.
ഗൗരീശങ്കരം [സം.-ശങ്കര] നാ. 1.ഹിമാലയത്തിലെ ഏറ്റവുമുയരമുള്ള കൊടുമുടി, എവറസ്റ്റ്; 2. ഒരുതരം രുദ്രാക്ഷം.
ഗൗരീശിഖരം [സം.-ശിഖര] നാ. എവറസ്റ്റുകൊടുമുടി.
ഗൗരുതൽപികൻ [സം.ഗൗരു-തൽപിക] നാ. ഗുരുതൽപകൻ.
ഗൗലക്ഷണികൻ [സം.ഗൗ-ലക്ഷണിക]നാ. ഗോവിൻെറ ലക്ഷണങ്ങൾ അറിയാവുന്നവൻ.
ഗൗല്യം [സം.] നാ. 'ഗുലത്തെ സംബന്ധിച്ചത്' 1. ശർക്കര കുറുക്കിയത്; 2. മാധുര്യം; 3. (ഗുളത്തിൽനിന്നുണ്ടാക്കിയ) മദ്യം.
ഗൗഷ്ഠീനം [സം.] നാ. മുമ്പുതൊഴുത്തായിരുന്നസ്ഥലം.
ഗൗഹ്യക [സം.] വി. ഗുഹ്യകന്മാരെ സംബന്ധിച്ച.
ഗൗള1 [സം.ഗൗഡാ] നാ. 1. (സങ്ഗീ)ഘനപഞ്ചകരാഗങ്ങളിലൊന്ന്, ഒരു ഉഭയരാഗം; 2. ഗൗഡദേശം.
ഗൗള2 [<സം.ഗൗര] നാ. ശിവപത്നി, പാർവതി.
ഗൗളി(ക) [സം.ഗൗഡീ] നാ. 1. ഇഴജന്തുക്കളുടെ ഇനത്തിൽപ്പെട്ട ഒരു ചെറിയ ജീവി; 2. ശർക്കരയിൽനിന്നുണ്ടാക്കുന്ന മദ്യം; 3. (സങ്ഗീ) ഒരു രാഗം. (പ്ര) ഗൗളിവീടുതാങ്ങുന്നതുപോലെ = ഇല്ലാത്തചുമതല ഉണ്ടെന്നുഭാവിക്കുക.
ഗൗളിശാസ്ത്രം [സം.ഗൗഡി-ശാസ്ത്ര] നാ. പല്ലിയുടെ പതനം, ഗമനം ശബ്ദം മുതലായവയെ ജീവിതത്തിലെ അനുഭവങ്ങളുമായി ബന്ധപ്പെടുത്തി പ്രതിപാദിക്കുന്ന ശാസ്ത്രം.
ഗൗളൗദനം [സം.ഗൗഡ-ഓദന] നാ. ശർക്കരപ്പായസം.
ഗ്യാലൻ,ഗാലൻ [ഇം.] നാ. ദ്രവങ്ങൾക്കുള്ള ഒരളവ്. ഒരു ദ്രാവക അളവ്.

ഗ്യാലറി,ഗാലറി [ഇം.] നാ. കാണികൾക്ക് ഇരുന്നു കാണുന്നതിനായി പ്രദർശനശാലയിലോ മൈതാനത്തിലോ പടിപടിയായി കെട്ടിയുണ്ടാക്കുന്ന ഇരിപ്പിടങ്ങളുടെ നിര, സദസ്യർക്ക് ഇരിക്കുന്നതിനുവേണ്ടി സഭാമണ്ഡപത്തിൽ വരാന്തപോലെയുള്ള ഭാഗം.

ഗ്യാസ്,ഗ്യാസ്സ് [ഇം.] നാ. വാതകം. (പ്ര) ഗ്യാസടിക്കുക = കഴമ്പില്ലാതെ സംസാരിക്കുകയോ എഴുതുകയോ ചെയ്യുക. ഗ്യാസുപോകുക = ക്ഷീണിക്കുക, അസ്തവീര്യനാകുക, മരിക്കുക.

ഗ്യാസ്ലൈറ്റ് [ഇം.] നാ. ഗ്യാസുകൊണ്ടുകത്തുന്ന ഒരിനം വിളക്ക്.

ഗ്രഥനം [സം.] നാ. 1. കെട്ട്; 2. കോർക്കൽ; 3. കട്ടപിടിക്കൽ.

ഗ്രഥിക്കുക [സം.<ഗ്രഥ്] ക്രി. 1. കോർക്കുക; 2. ചേർക്കുക; 3. കെട്ടുക; 4. കുടുക്കുക, കട്ടിയാവുക.

ഗ്രഥിത [സം.] വി. ഗ്രഥനംചെയ്യപ്പെട്ട.

ഗ്രഥിതം [സം.] നാ. 1. കോർക്കപ്പെട്ടത്; 2. രചിക്കപ്പെട്ടത്.

ഗ്രഥ്നം [സം.] നാ. 1. കൂട്ടം; 2. സന്ധി; 3. കുടുമ.

ഗ്രന്ഥകർത്താവ് [സം.ഗ്രന്ഥ-കർതൃ] നാ. പുസ്തകം എഴുതിയ ആൾ.

ഗ്രന്ഥകാരൻ [സം.-കാര] നാ. ഗ്രന്ഥകർത്താവ്.

ഗ്രന്ഥകൃത്ത് [സം.-കൃത്] നാ. ഗ്രഥകാരൻ.

ഗ്രന്ഥചുംബനം [സം.-ചുംബന] നാ. ശ്രദ്ധയില്ലാത്ത പഠനം.

ഗ്രന്ഥചോരൻ [സം.-ചോര] നാ. സാഹിത്യമോഷണം നടത്തുന്നവൻ.

ഗ്രന്ഥതാലം [സം.-താല] നാ. പന.

ഗ്രന്ഥനം [സം.] നാ. ഗ്രഥിക്കൽ.

ഗ്രന്ഥപ്പലക [സം.ഗ്രന്ഥ-മ.പലക] നാ. മതഗ്രന്ഥങ്ങളും മറ്റും വായിക്കുന്നതിനുള്ള പലകച്ചട്ടം.

ഗ്രന്ഥപ്പുര [സം.ഗ്രന്ഥ-മ.പുര] നാ. 1. ഗ്രന്ഥങ്ങൾ ശേഖരച്ചുവച്ചിട്ടുള്ള അറ; 2. ഗ്രന്ഥശാല; 3. ഗ്രന്ഥശേഖരം.

ഗ്രന്ഥഭാഷ [സം.-ഭാഷാ] നാ. സാഹിത്യഭാഷ.

ഗ്രന്ഥം [സം.] നാ. 1. എഴുതിയ താളിയോലക്കെട്ട്; 2. പുസ്തകം; 3. ഗ്രന്ഥഭാഗം; 4. അനുഷ്ടുപ്പുവൃത്തത്തിലുള്ള ശ്ലോകം; 5. ഗ്രന്ഥാക്ഷരം; 6. അദ്ധ്യായം; 7. സിക്കുകാരുടെ മതഗ്രന്ഥം; 8. ധനം.

ഗ്രന്ഥമാത്രപണ്ഡിതൻ[സം.-മാത്ര-പണ്ഡിത] നാ. ഗ്രന്ഥംമാത്രം വായിച്ചു പണ്ഡിതനായവൻ.

ഗ്രന്ഥലിപി [സം.-ലിപി] നാ. ഗ്രന്ഥാക്ഷരം.

ഗ്രന്ഥവരി [സം.ഗ്രന്ഥ-മ.വരി] നാ. ക്ഷേത്രങ്ങൾ, കോവിലകങ്ങൾ, പ്രധാനതറവാടുകൾ മുതലായവയുടെ ദിനസരിക്കുറിപ്പ്.

ഗ്രന്ഥവിസ്താരം [സം.-വിസ്താര] നാ. 1. പുസ്തകത്തിലെ ഉള്ളടക്കത്തിൻെറ പരപ്പ്; 2. പരത്തിപ്പറയുന്ന രീതി.

ഗ്രന്ഥശാല [സം.-ശാലാ] നാ. വായനക്കാർക്ക് പൊതുവെ ഉപയോഗിക്കാൻ ഗ്രന്ഥങ്ങൾസേഖരിച്ചു ക്രമവത്കരിച്ചു വച്ചിട്ടുള്ള സ്ഥലം.

ഗ്രന്ഥസന്ധി [സം.-സന്ധി] നാ. അധ്യായം.

ഗ്രന്ഥസൂചി [സം.സൂചി] നാ. പുസ്തക വിവരപ്പട്ടിക.

ഗ്രന്ഥാക്ഷരം [സം.-അക്ഷര] നാ. തെക്കെ ഇൻഡ്യയിൽ സംസ്കൃതം എഴുതാൻ ഉപയോഗിച്ചുപോന്നതും തമിഴ്ലിപികളുടെ വടിവിലുള്ളതുമായ ഒരിനം ലിപി സമ്പ്രദായം.
ഗ്രന്ഥാവലംബികൾ [സം.-അവലംബിന:] നാ. (ബ.വ.) യഹൂദന്മാർ.
ഗ്രന്ഥി1 [സം.] നാ. 1. (വസ്ത്രം, ചരട് എന്നിവയിലെ) കെട്ട്; 2. കുല; 3. മുഴ; 4. കുരുക്ക്; 5. മൂട്ട്; 6. ശരീരത്തിലെ സന്ധി; 7. മണി; 8. വീക്കം; 9. വക്രത; 10. പെരുമുത്തങ്ങ; 11. കരിഞ്ചണ്ണ.
ഗ്രന്ഥി2 [സം.ഗ്രന്ഥിൻ] നാ. 1. പുസ്തകം വായിക്കുന്നവൻ; 2. ഗ്രന്ഥകർത്താവ്.
ഗ്രന്ഥികൻ [സം.] നാ. 1. ഗണിതക്കാരൻ; 2. മാലകോർക്കുന്നവൻ.
ഗ്രന്ഥിപാശം [സം.-പാശ] നാ. മായ.
ഗ്രന്ഥിബന്ധനം [സം.-ബന്ധന] നാ. 1. കല്യാണാവസരത്തിൽ വധൂവരന്മാരുടെ ഉടുപുടവകളുടെ അറ്റങ്ങൾതമ്മിൽ ചേർത്തുണ്ടാക്കുന്ന കെട്ട്; 2. ഞരമ്പ്.
ഗ്രന്ഥിഭേദൻ [സം.-ഭേദ] നാ. ഗ്രന്ഥിച്ഛേദകൻ.
ഗ്രന്ഥിമത്ത് [സം.-മത്] നാ. ഗ്രന്ഥികളോടുകൂടിയത്.
ഗ്രന്ഥില1 [സം.] വി. കെട്ടുള്ള, കുടുക്കുകളുള്ള.
ഗ്രന്ഥിവിസർപ്പം [സം.-വിസർപ] നാ. കഫവാതകോപത്താൽ ഉണ്ടാകുന്ന വിസർപ്പരോഗങ്ങളിലൊന്ന്.
ഗ്രന്ഥിഹരം [സം.-ഹര] നാ. ദുരിതങ്ങളെ ദുരീകരിക്കുന്നത്.
ഗ്രസനം [സം.] നാ. 1. വിഴുങ്ങൽ; 2. അപൂർണഗ്രഹണം;3. പിടിച്ചടക്കൽ; 4. വായ്.
ഗ്രസിക്കുക [<സം.ഗ്രസ്] ക്രി. 1. വിഴുങ്ങുക; 2. മറ്റൊന്നിനെ മുഴുവൻ മറയ്ക്കുക; 3. പിടികൂടുക; 4. മറയ്ക്കുക.
ഗ്രസിത [സം.] വി. ഗ്രസിക്കപ്പെട്ട.
ഗ്രസിഷ്ണു [സം.] നാ. 1. ഗ്രസിക്കുക ശീലമുള്ളയാൾ; 2. പരമാത്മാവ്.
ഗ്രസ്ത [സം.] വി. 1. ഗ്രസിക്കപ്പെട്ട; 2. സ്പഷ്ടമല്ലാതെ പറയുന്ന.
ഗ്രസ്തം [സം.] നാ. 1. പദങ്ങളോ അക്ഷരങ്ങളോ നഷ്ടപ്പെടത്തക്കവണ്ണം വികലമായിഉച്ചരിക്കപ്പെട്ട ഭാഷണശബ്ദം; 2. അക്ഷരലോപം സംഭവിച്ച വാക്ക്; 3. ഭക്ഷിക്കപ്പെട്ട അന്നാദികൾ.
ഗ്രസ്താസ്ത(മന)ം [സം.ഗ്രസ്ത-അസ്ത(മന)] നാ. ഗ്രഹണം നടക്കവേതന്നെ സൂര്യനോ ചന്ദ്രനോ അസ്തമിക്കുന്നത്.
ഗ്രസ്തി [സം.] നാ. ഗ്രസനം.
ഗ്രസ്തോദയം [സം.ഗ്രസ്ത-ഉദയ] നാ. ഗ്രഹണം നടക്കുമ്പോൾ സൂര്യനോ ചന്ദ്രനോ ഉദിക്കുന്നത്.
ഗ്രസ്യ [സം.] വി. ഗ്രസിക്കത്തക്ക.
ഗ്രഹകൻ [സം.] നാ. 1. ബന്ധനസ്ഥൻ; 2. സൂര്യനേയോ ചന്ദ്രനേയോ ഗ്രസിക്കുന്ന ഗ്രഹം, രാഹു.
ഗ്രഹകല്ലോലൻ [സം.ഗ്രഹ-കല്ലോല] നാ. രാഹു.
ഗ്രഹകുണ്ഡലിക [സം.-കുണ്ഡലികാ] നാ. ഗ്രഹണങ്ങളുടെ പരസ്പരബന്ധത്തെ ആസ്പദമാക്കി ഭാവിഫലം പറയൽ.
ഗ്രഹഗണിതം [സം.-ഗണിത]നാ. ജ്യോതിഷത്തിൻെറ ഒരു വിഭാഗം.

ഗ്രഹഗ്രസ്തൻ [സം.-ഗ്രസ്ത] നാ. 1. ഗ്രഹങ്ങളാൽ പീഡിപ്പിക്കപ്പെട്ടവൻ; 2. പിശാചുബാധിച്ചവൻ.
ഗ്രഹഗ്രാമണി [സം.-ഗ്രാമണീ] നാ. സൂര്യൻ.
ഗ്രഹചക്രം [സം.-ചക്ര] നാ. ഗ്രഹങ്ങളുടെ കൂട്ടം.
ഗ്രഹചാരം [സം.-ചാര] നാ. 1. ഗ്രഹങ്ങളുടെ ഗതി; 2. ഗ്രഹപ്പിഴ.
ഗ്രഹണം [സം.] നാ. 1. ഗ്രഹിക്കൽ, സ്വീകരിക്കൽ; 2. ബന്ധനത്തിലാകൽ; 3. അറിവ്, അറിവ് സ്വീകരിക്കുന്ന ഇന്ദ്രിയം; 4. പ്രസ്താവം; 5. സമ്മതം; 6. വിവാഹം കഴിക്കൽ.
ഗ്രഹണരേഖ [സം.-രേഖാ] നാ. രാഹുകേതുക്കളെതമ്മിൽ ബന്ധിക്കുന്നരേഖ.
ഗ്രഹണി [സം.ഗ്രഹണീ] നാ. ഒരു രോഗം, വയറ്റിളക്കം.
ഗ്രഹണീയ [സം.] വി. 1. ഗ്രഹിക്കേണ്ട; 2. പഠിക്കേണ്ടതായ.
ഗ്രഹദശ [സം.ഗ്രഹ-ദശാ] നാ. 1. ഗ്രഹസ്ഥിതിയനുസരിച്ചുള്ള ഗുണദോഷങ്ങൾ; 2. ഗ്രഹങ്ങളുടെ ആപേക്ഷിക നില.
ഗ്രഹനായകൻ [സം.] നാ. 1. സൂര്യൻ; 2. ശനി.
ഗ്രഹനാശ(ന)ം [സം.ഗ്രഹ-നാശ(ന)] നാ. ഏഴിലംപാല.
ഗ്രഹനില [സം.ഗ്രഹ-മ.നില] നാ. ഗ്രഹങ്ങളുടെ സ്ഥിതി.
ഗ്രഹനേമി [സം.നേമി] നാ. ചന്ദ്രൻ.
ഗ്രഹപഞ്ചകം [സം.പഞ്ചക] നാ. ചൊവ്വ ബുധൻ വ്യാഴം ശുക്രൻ ശനി എന്നീഗ്രഹങ്ങൾ.
ഗ്രഹപതി [സം-പതി] നാ. 1. സൂര്യൻ; 2. ശനി; 3. ചന്ദ്രൻ; 4. എരിക്ക്.
ഗ്രഹപഥം [സം.-പഥ] നാ. സൂര്യനുചുറ്റും ഗ്രഹങ്ങളോരോന്നും സഞ്ചരിക്കുന്ന നിശ്ചിതമായ മാർഗം.
ഗ്രഹപീഡ [സം.-പീഡാ] നാ. 1. ഗ്രഹണം; 2. സൂര്യാദി ഗ്രഹങ്ങൾ ചെയ്യുന്ന പീഡ.
ഗ്രഹപീഡനം [സം.-പീഡന]നാ. ഗ്രഹണം.
ഗ്രഹപ്പകർച്ച [സം.ഗ്രഹ-പകർച്ച] നാ. ഒരുരാശിയിൽനിന്ന് മറ്റൊരു രാശിയിലേക്കുള്ള ഗ്രഹങ്ങളുടെ സഞ്ചാരം.
ഗ്രഹപ്പിഴ [സം.ഗ്രഹ-മ.പിഴ] നാ. കഷ്ടകാലം.
ഗ്രഹബലം [സം.-ബല] നാ. ഒരു ഗ്രഹത്തിൻെറ ബലം.
ഗ്രഹഭാഗം [സം.-ഭാഗ] നാ. ഒൻപതുഭാഗം.
ഗ്രഹം [സം.] നാ. 1. ഒരു നക്ഷത്രത്തെ ചുറ്റുന്ന പ്രകാശമില്ലാത്ത ഗോളം, സൂര്യൻ ചന്ദ്രൻ ചൊവ്വ ബുധൻ വ്യാഴം ശുക്രൻ ശനി രാഹു കേതു എന്നീ ഒൻപതുഗ്രഹങ്ങളെ ഒറ്റയായും പൊതുവായും കുറിക്കുന്ന പദം; 2. ഒരു ദുർദേവത; 3. രാശിചക്രത്തിൽ ഗ്രഹങ്ങളുടെ സ്ഥാനം; 4. ഒൻപത് എന്ന സങ്ഖ്യ; 5. ഗ്രാവകങ്ങൾ; 6. പഞ്ചേന്ദ്രിയങ്ങൾ; 7. വില്ലിൻെറ മധ്യഭാഗം; 8. കവർച്ച; 9. ഗ്രഹണം; 10. സ്വീകരിക്കൽ; 11. പ്രസ്താവം; 12. അറിവ്.
ഗ്രഹമർദം [സം.-മർദ] നാ. ഗ്രഹയുദ്ധം.
ഗ്രഹമർദനം [സം.-മർദന] നാ. ഗ്രഹമർദം.
ഗ്രഹമൗഢ്യം [സം.-മൗഢ്യ] നാ. സൂര്യനോടടുക്കുമ്പോൾ ഗ്രഹങ്ങൾക്കുണ്ടാകുന്ന പ്രകാശഹീനത.
ഗ്രഹയജ്ഞം [സം.-യജ്ഞ] നാ. നവഗ്രഹങ്ങളെ പ്രീതിപ്പെടുത്താനുള്ള കർമം.
ഗ്രഹയുതി [സം.-യുതി] നാ. ഗ്രഹങ്ങളുടെ യോഗം.

ഗ്രഹയുദ്ധം [സം.-യുദ്ധ] നാ. ഗ്രഹങ്ങൾ ഒരേ രാശിയിൽ അടുത്തുവരുന്നതുകൊണ്ട് അവയുടെ ബലത്തിനുണ്ടാകുന്ന ഏറ്റക്കുറച്ചിൽ.
ഗ്രഹരാജൻ [സം.] നാ. 1. സൂര്യൻ; 2. ചന്ദ്രൻ.
ഗ്രഹവേധം [സം.-വേധ] നാ. 1. ഗ്രഹങ്ങൾക്കു പരസ്പരമുള്ള സ്ഥിതിവിശേഷം; 2. ഗ്രഹങ്ങളുടെ സ്ഥാനം നിർണയിക്കൽ.
ഗ്രഹവ്യൂഹം [സം.-വ്യൂഹ] നാ. ഗ്രഹങ്ങളുടെ കൂട്ടം.
ഗ്രഹശന്തി [സം.-ശാന്തി] നാ. ഗ്രഹങ്ങളുടെ ദോഷത്തിനുള്ള ശമനം.
ഗ്രഹശാസ്ത്രം [സം.-ശാസ്ത്ര] നാ. ജ്യോതിഷം.
ഗ്രഹസ്ഥിതി [സം.-സ്ഥിതി] നാ. ജനനസമയത്തെ ഗ്രഹങ്ങളുടെ നില.
ഗ്രഹസ്ഫുടം [സം.-സ്ഫുട]നാ. ഗ്രഹങ്ങളുടെ ഒരു പ്രത്യേകസമയത്തുള്ള സൂക്ഷ്മമായ നില കണക്കാക്കുന്ന ഗണിതസങ്കേതം.
ഗ്രഹാഗ്രേസരൻ [സം.-അഗ്രേസര] നാ. ചന്ദ്രൻ.
ഗ്രഹാധാരം [സം.-ആധാര] നാ. ധ്രുവനക്ഷത്രം.
ഗ്രഹാവേശം [സം.-ആവേശ] നാ. ഭൂതാവേശം.
ഗ്രഹിക്കുക [സം.<ഗ്രഹ്] ക്രി. 1. മനസ്സിലാക്കുക; 2. പിടിക്കുക; 3. സ്വീകരിക്കുക.
ഗ്രഹില [സം.] വി. 1. ഗ്രഹിക്കുന്ന; 2. ഉറച്ചുനിൽക്കുന്ന; 3. മർക്കടമുഷ്ടിയായ.
ഗ്രഹിഷ്ണു [സം.] നാ. ഗ്രഹിക്കുക സ്വഭാവമായുൾലയാൾ.
ഗ്രഹിതാവ് [സം.ഗൃഹിതൃ] നാ. 1. അറിയുന്നവൻ; 2. സ്വീകരിക്കുന്നവൻ; 3. വാങ്ങുന്നവൻ; 4. കടം വാങ്ങുന്നവൻ.
ഗ്രഹിതുകാമ [സം.ഗ്രഹിതു-കാമ] നാ. ഗ്രഹിക്കാൻ ആഗ്രഹിക്കുന്നവൻ.
ഗ്രഹിതും അവ്യ. ഗ്രഹിക്കുന്നതിന്, അറിയുന്നതിന്.
ഗ്രാൻറ് [ഇം.] നാ. സർക്കാരും മറ്റും നൽകുന്ന ധനം, ധനസഹായം.
ഗ്രാഫൈറ്റ് [ഇം.] നാ. കാർബണിൻെറ രൂപാന്തരമായ ഇരുണ്ട ചാരനിറമുള്ള ഒരു ഖരവസ്തു.
ഗ്രാഫ് [ഇം.] നാ. നേർവരകളും വളഞ്ഞവരകളുംകൊണ്ട് ചമയ്ക്കുന്ന സ്ഥിതിവിവരക്കണക്കുകൾ.
ഗ്രാം [ഇം.] നാ. ദ്രവ്യമാനത്തിൻെറ ഒരു മാത്ര.
ഗ്രാമം [സം.] നാ. 1. ഭവനങ്ങളുടെ കൂട്ടം; 2. ഭരണപരമായ ഒരു രാജ്യഘടകം; 3. അഗ്രഹാരം; 4. നാട്ടിൻപുറം; 5. കൂട്ടം; 6. ഗ്രാമരംഗം.
707
ഗ്രാമകണ്ടകൻ [സം.ഗ്രാമ-കണ്ടക] നാ. 1.ഗ്രാമത്തിന് ഉപദ്രവകാരിയായവൻ; 2. ഏഷണിക്കാരൻ.
ഗ്രാമകൻ [സം.] നാ. ഗ്രാമത്തിലുള്ളവൻ.
ഗ്രാമകൂടൻ [സം.-കൂട] നാ. ഗ്രാമത്തലവൻ.
ഗ്രാമക്രോഡം [സം.-ക്രോഡ] നാ. നാട്ടുപന്നി.
ഗ്രാമക്ഷേത്രം [സം.-ക്ഷേത്ര]നാ. ഓരോഗ്രാമത്തിൻെറയും പരദേവതയെ പ്രതിഷ്ഠിച്ചിട്ടുള്ളതും ആ ഗ്രാമത്തിലുള്ളവർക്കെല്ലാം പൊതുവിലുള്ളതുമായ ക്ഷേത്രം.
ഗ്രാമചര്യ [സം.-ചര്യാ] നാ. മൈഥുനം.
ഗ്രാമടിക [സം.] നാ. മോശമായഗ്രാമം.

ഗ്രാമണി1 [സം.ഗ്രാമ-ണീ] നാ. 1. ഗ്രാമത്തലവൻ; 2. അധിപൻ; 3. ക്ഷുരകൻ; 4. വിടൻ; 5. വേദവതിയുടെ പിതാവായ ഗന്ധർവൻ; 6. വിഷ്ണു.
ഗ്രാമണി2 [സം.ഗ്രാമണീ]നാ. 1. വ്യഭിചാരിണി; 2. അമരി.
ഗ്രാമത [സം.ഗ്രാമ-താ] നാ. ഗ്രാമങ്ങളുടെ കൂട്ടം.
ഗ്രാമതക്ഷ(ക)ൻ [സം.-തക്ഷ(ക)] നാ. ഒരു ഗ്രാമത്തിൻെറ പൊതുവായ പണികൾക്ക് അവകാശിയായ തച്ചൻ.
ഗ്രാമധർമം [സം.-ധർമ] നാ. ഗ്രാമചര്യ.
ഗ്രാമനേതാവ് [സം.-നേതൃ] നാ. ഗ്രാമാധിപൻ.
ഗ്രാമപൻ,-പാലൻ [സം.-പ,പാല] നാ. ഗ്രാമത്തലവൻ.
ഗ്രാമപ്പഞ്ചായത്ത് [സം.ഗ്രാമ-ഹി. പഞ്ചായത്] നാ. ഗ്രാമത്തെഭരിക്കാൻ ഗ്രാമീണർ തെരഞ്ഞെടുക്കുന്ന സമിതി.
ഗ്രാമപ്പരിഷ [സം.ഗ്രാമ-മ.പരിഷ] നാ. ഗ്രാമസങ്ഘം, ഗ്രാമീണരുടെ കൂട്ടം.
ഗ്രാമഫോൺ [ഇം.] നാ. സ്വനഗ്രാഹി യന്ത്രം.
ഗ്രാമഫോണ്രിക്കാർഡ് [ഇം.] നാ. സ്വനഗ്രാഹിത്തളിക.
ഗ്രാമഭരണം [സം.ഗ്രാമ-ഭരണ] നാ. 1. ഗ്രാമത്തിൻെറ ഭരണം; 2. പ്രാചീനകേരളത്ത്ഗിലെ ഒരു ഭരണ സംവിധാനം.
ഗ്രാമഭൃതകൻ [സം.ഭൃതക] നാ. ഗ്രാമത്തിലെ പൊതുവായ ജോലികൾ ചെയ്യുന്ന ആൾ.
ഗ്രാമമുഖം [സം.-മുഖ] നാ. 1. ഗ്രാമത്തിൻെറ മുൻഭാഗം; 2. വലിയകമ്പോളമുള്ള പട്ടണം; 3. ചന്ത.
ഗ്രാമമുഖ്യൻ [സം.-മുഖ്യ] നാ. 1. ഗ്രാമത്തലവൻ; 2. ഗ്രാമഭരണത്തിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ.
ഗ്രാമമുൻസിഫ് [സം.ഗ്രാമ-അറ.മുൻസിഫ്] നാ. ഗ്രാമത്തിൽ നീതിന്യായം നടത്തുന്ന ഉദ്യോഗസ്ഥൻ.
ഗ്രാമമൃഗം [സം.-മൃഗ] നാ. നായ്.
ഗ്രാമയോഗം [സം.-യോഗ] നാ. ഗ്രാമഭരണം നടത്തുന്നതിന് കേരളത്തിൽ നിലവിലുണ്ടായിരുന്ന ഒരു സമിതി.
ഗ്രാമരോഗം [സം.-രാഗ] നാ. മാർഗപ്രസ്ഥാനമനുസരിച്ച് രാഗങ്ങളെ ആറായി തിരിച്ചിട്ടുള്ളതിൽ ഒരു വിഭാഗം.
ഗ്രാമവാധ്യാർ [സം.ഗ്രാമ-മ.വാധ്യാർ] നാ. ഗ്രാമത്തിൽ പരമ്പരയായി പുരോഹിതവൃത്തി അനുഷ്ഠിക്കുന്ന ആൾ.
ഗ്രാമവൃദ്ധൻ [സം.-വൃദ്ധ] നാ. 1. പ്രായംചെന്ന ഗ്രാമീണൻ; 2. ഗ്രാമത്തിലെ മൂപ്പൻ.
ഗ്രാമവ്യവസായം [സം.-വ്യവാസായ] നാ. കുടിൽ വ്യവസായം.
ഗ്രാമശല്യൻ [സം.-ശല്യ] നാ. 1. ഗ്രാമത്തിൻെറ അരികിൽ താമസിക്കുന്നവൻ; 2. ഗ്രാമത്തിന് ഉപദ്രവകാരിയായിട്ടുള്ളവൻ.
ഗ്രാമസങ്കേതം [സം.-സങ്കേത] നാ. ഗ്രാമത്തിൽ ജനങ്ങൾ പാർക്കുന്ന സ്ഥലം.
ഗ്രാമസഭ [സം.-സഭാ] നാ. നാട്ടുക്കൂട്ടം.
ഗ്രാമസമുദ്ധരണം [സം.-സമുദ്ധരണ] നാ. ഗ്രാമോദ്ധാരണം.
ഗ്രാമസംജാതം [സം.-സംജാത] നാ. ഗ്രാമത്തിൽനിന്ന്പിരിയുന്നപണം.
ഗ്രാമസിംഹം [സം.-സിംഹ] നാ. നായ്.

ഗ്രാമസ്ഥ്	[സം.-സ്ഥ]	വി.	ഗ്രാമത്തിലുള്ള.
ഗ്രാമസ്വരാജ്	[സം.ഗ്രാമ-ഹി.സ്വരാജ്]	നാ.	ഗ്രാമങ്ങൾക്കുസ്വയംഭരണവും ഗ്രാമീണർക്കു ഭരണകാര്യങ്ങളിൽ നിർണായകമായ സ്വാധീനവുമുള്ള ഒരു ഭരണ വ്യവസ്ഥ.
ഗ്രാമഹാസകൻ	[സം.-ഹാസക]	നാ.	സഹോദരിയുടെഭർത്താവ്.
ഗ്രാമാധിപൻ	[സം.-അധിപ]നാ.	ഗ്രാമാധിപതി.
ഗ്രാമാന്തം	[സം.-അന്ത]	നാ.	ഗ്രാമത്തിൻെറ അതിർത്തിപ്രദേശം.
ഗ്രാമി	[സം.]	നാ.	1. ഗ്രാമീണൻ; 2. കൃഷിക്കാരൻ.
ഗ്രാമിക	[സം.]	വി.	ഗ്രാമത്തിലുള്ള.
ഗ്രാമികൻ	[സം.]	നാ.	ഗ്രാമമുഖ്യൻ.
ഗ്രാമീണ	[സം.]	വി.	1. ഗ്രാമത്തെസംബന്ധിച്ച; 2. അകൃത്രിമമായ, പ്രാകൃതമായ.
ഗ്രാമീണം	[സം.]	നാ.	1. നായ്; 2. നാട്ടുപന്നി; 3. കാക്ക്.
ഗ്രാമിഭാവം	[സം.]	നാ.	ഗ്രാമസ്വഭാവം.
ഗ്രാമീയ	[സം.]	നാ.	1. ഗ്രാമത്തിലുണ്ടായ; 2. പരിഷ്കാരമില്ലാത്ത.
ഗ്രാമേയി	[സം.ഗ്രാമേയീ]	നാ.	വേശ്യ.
ഗ്രാമോദ്ധാരണം	[സം.]	നാ.	ഗ്രാമങ്ങളെ അഭിവൃദ്ധിപ്പെടുത്താനുള്ള പരിശ്രമം.
ഗ്രാമ്പ്	നാ.	കരയാമ്പു.
ഗ്രാമ്പുകൂച്ച്	നാ.	ഗ്രാമ്പൂവിൻെറ ആകൃതിയിലുള്ള ഒരുതരം സ്വർണമൊട്ട്.
ഗ്രാമ്യ	[സം.]	വി.	1. ഗ്രാമത്തിലുള്ള; 2. അപരിഷ്കൃതമായ; 3. നീചമായ; 4. ഭോഗവിഷയമായ; 5. ഇണങ്ങിയ.
ഗ്രാമ്യകർക്കടി	[സം.ഗ്രാമ്യ-കർകടീ]	നാ.	വലിയ കുമ്പളം.
ഗ്രാമ്യകർമം	[സം.-കർമ]	നാ.	1. ഗ്രാമീണൻെറ തൊഴിൽ; 2. സ്ത്രീസങ്ഗം.
ഗ്രാമ്യധർമം	[സം.-ധർമ]	നാ.	ഗ്രാമവാസിയുടെ ആചാരം.
ഗ്രാമ്യൻ	[സം.]	നാ.	1. അപരിഷ്കൃതൻ; 2. വിടൻ.
ഗ്രാമ്യം	[സം.]	നാ.	1. ഗ്രാമത്തിലുള്ളത്; 2. അപരിഷ്കൃതഭാഷ; 3. (കാവ്യ) ഒരു പദദോഷം; 4. മോശപ്പെട്ടത്; 5. നാടൻ പട്ടി; 6. മേടം ഇടവം എന്നീരാശികൾ.
ഗ്രാമ്യവല്ലഭ	[സം.-വല്ലഭാ]	നാ.	1. വ്യഭിചാരിണി; 2. ചെഞ്ചീര.
ഗ്രാവ[സം.]	വി.	കട്ടിയായ, കടുപ്പമുള്ള.
ഗ്രാവ[സം.]	നാ.	കല്ല്, പർവതം, മേഘം.
ഗ്രാവണം	[സം.]	നാ.	സോമലത ചതയ്ക്കാനുള്ള കല്ല്.
ഗ്രാസകൻ	[സം.]	നാ.	ഗ്രാഹകൻ, വിഴുങ്ങുന്നവൻ.
ഗ്രാസം	[സം.]	നാ.	1. ഉരുള, കബളം; 2. ഭക്ഷണം; 3. ആന; 4. ഗ്രഹണം; 5. വിഴുങ്ങൽ.
ഗ്രാസാച്ഛാദനം	[സം.ഗ്രാസ-ആഛാദന]	നാ.	ഭക്ഷണവും വസ്ത്രവും.
ഗ്രാഹ	[സം.]	നാ.	ഗ്രഹിക്കുന്ന, വാങ്ങുന്ന.
ഗ്രാഹകൻ	[സം.]	നാ.	1. ഗ്രഹിക്കുന്നവൻ; 2. വരിക്കാരൻ; 3. പരുന്ത്; 4. ഗ്രാസകൻ; 5. വിഷഹാരി.
ഗ്രാഹകം	[സം.]	നാ.	1. നീരാരൽ; 2. ചീങ്കണ്ണി; 3. പരുന്ത്; 4. ഗ്രഹിക്കുന്നത്.
ഗ്രാഹകോഷ്ഠം	[സം.ഗ്രാഹ-കോഷ്ഠ]നാ.	ഹൃദയത്തിൽ രക്തത്തെ ഉള്ളിലേക്ക് ഗ്രഹിക്കുന്ന കോഷ്ഠം.

ഗ്രാഹം [സം.] നാ. 1. ചീങ്കണ്ണി; 2. പെരുമ്പാമ്പ്; 3. കോൾമുതൽ; 4. വാങ്ങൽ.
ഗ്രാഹി [സം.ഗ്രാഹിൻ] വി. 1. സ്വീകരിക്കുന്ന; 2. പിടിക്കുന്ന; 3. അറിയുന്ന; 4. മലബന്ധമുണ്ടാക്കുന്ന.
ഗ്രാഹിണി [സം.ഗ്രാഹിണീ] നാ. 1. ഗ്രഹിക്കുന്നവൾ; 2. ചെറിയ കൊടിത്തൂവ; 3. മുക്കുറ്റി; 4. ഒരിനം ഗൗളി.
ഗ്രാഹു [സം.] നാ. ഗ്രഹിക്കുന്ന.
ഗ്രാഹ്യ [സം.] വി. ഗ്രഹിക്കത്തക്ക.
ഗ്രാഹ്യം [സം.] നാ. 1. ഗ്രഹിക്കത്തക്കത്; 2. അറിവ്, ധാരണ; 3. സമ്മാനം.
ഗ്രീക്ക് [ഇം.] വി. ഗ്രീസിനെസംബന്ധിച്ച
ഗ്രീക്ക് [ഇം.] നാ. 1. യ്വനൻ; 2. ഗ്രീക്കുഭാഷ.
ഗ്രീവ്[സം.ഗ്രീവാ] നാ. 1.കഴുത്ത്; 2. കഴുത്തുപോലെയുള്ള ഭാഗം.
ഗ്രീവം [സം.] നാ. 1. കഴുത്ത്; 2. പിടലി; 3. ഭിത്തിയിൽ ചെയ്യുന്ന ഒരു അലങ്കാരപ്പണി.
ഗ്രീവാകർമം [സം.ഗ്രീവാ-കർമൻ] നാ. ആങ്ഗീകാഭിനയത്തിൻെറ ഉപാധികളിൽ ഒന്ന്.
ഗ്രീവാചക്രം [സം.-ചക്ര] നാ. ഷഡാധാരങ്ങളിലൊന്ന്, വിശുദ്ധിചക്രം.
ഗ്രീവാബിലം [സം.-ബില] നാ. കഴുത്തിൻെറ പിൻവശത്തുള്ള കുഴിഞ്ഞഭാഗം.
ഗ്രീവാസ്ഥി [സം.-അസ്ഥി] നാ. തോളെല്ല്.
ഗ്രീവാളിക [സം.ഗ്രീവാലികാ] നാ. കണ്ഠനാളം.
ഗ്രീവി [സം.ഗ്രീവിൻ] വി. 1. നീണ്ടകഴുത്തുള്ളത്; 2. മനോഹരമായ കഴുത്തുള്ള.
ഗ്രീവി [സം.] നാ. ഒട്ടകം.
ഗ്രീഷ്മ [സം.] വി. 1. ചൂടുള്ള; 2. വെയിലുള്ള; 3. വേനൽക്കാലസംബന്ധിയായ.
ഗ്രീഷ്മനിവാസം [സം.-നിവാസ] നാ. വേനൽക്കാലവസതി.
ഗ്രീഷ്മം [സം.] നാ. വേനൽക്കാലം.
ഗ്രീഷ്മർത്തു [സം.-ഋതു] നാ. ഗ്രീഷ്മകാലം.
ഗ്രീഷ്മായനസന്ധി [സം.-അയന-സന്ധി]നാ. കർക്കിടകം സംക്രാന്തി.
ഗ്രീഷ്മി [സം.] നാ. ഗ്രീഷ്മഭവ.
ഗ്രീസ്1 [ഇം.] നാ. യവനവർഗക്കാരുടെ രാജ്യം.
ഗ്രീസ്2 [ഇം.] നാ. 1. മൃഗങ്ങളുടെ കൊഴുപ്പ്; 2. പെട്രോളിയത്തിൽനിന്ന് വേർതിരിച്ചെടുക്കുന്ന ഒരു കുഴമ്പ്.
ഗ്രുമുഷ്ടി [സം.] നാ. ഒരുപിടിദർഭ.
ഗ്രൂപ്പ്[ഇം.] നാ. 1. ഒരു കൂട്ടം; 2. വിഭാഗം.
ഗ്രയിൻ [ഇം.] നാ. തൂക്കംനിർണയിക്കാനുള്ള ഒരു തോത്.
ഗ്രൈൻഡർ [ഇം.] നാ. പൊടിക്കാനുള്ള യന്ത്രം.
ഗ്രൈവ [സം.] വി. ഗ്രീവയെസംബന്ധിച്ച.
ഗ്രൈവം [സം.] നാ. കണ്ഠാഭരണം, ഗ്രൈവേയം.
ഗ്രൈവേയകന്ദം [സം.ഗ്രൈവേയ-കന്ദ]നാ. കണ്ഠത്തിലെ ഒരു പ്രധാനഗ്രന്ഥി.
ഗ്രൈവേയകം [സം.] നാ. = ഗ്രൈവേയം.

ഗ്രൈവേയം [സം.] നാ. 1. കഴുത്തിലണിയുന്ന ഒരുതരം മാല; 2. കച്ചക്കയറ്.
ഗ്രൈഷ്മ [സം.] വി. ഗ്രീഷ്മത്തെ സംബന്ധിച്ച.
ഗ്രൈഷ്മി [സം.] നാ. തൂശിമുല്ല.
ഗ്രൈഷ്മികം [സം.] നാ. ഗ്രീഷ്മത്തെസംബന്ധിച്ചത്.
ഗ്ലപനം [സം.] നാ. വാട്ടം, തളർച്ച.
ഗ്ലപിക്കുക [സം.<ഗ്ലപ്] ക്രി. വാട്ടമുണ്ടാകുക, തളരുക.
ഗ്ലപിത [സം.] നാ. വാടിയ, തളർന്ന.
ഗ്ലസ്ത [സം.] വി. ഗ്രസ്ത, വിഴുങ്ങപ്പെട്ട.
ഗ്ലഹൻ [സം.] നാ. ചൂതുകളിക്കാരൻ.
ഗ്ലഹം[സം.] നാ. 1. ചൂതുകളിയിലെ പണയം കെട്ടൽ; 2. ചൂതുകളിയിൽ

പണയംവച്ച വസ്തു; 3. ചൂതുകളി; 4. ചൂതുകരു.

ഗ്ലാന [സം.<ഗ്ലൈ] വി. 1. തളർന്ന; 2. രോഗമുള്ള.
ഗ്ലാനം [സം.] നാ. 1. വാട്ടം; 2. രോഗം.
ഗ്ലാനി [സം.] നാ. 1. വാട്ടം; 2. സഞ്ചാരിഭാവങ്ങളിലൊന്ന്.
ഗ്ലാവൻ [സം.] നാ. ഒരു ഋഷി.
ഗ്ലാവമൈത്രേയൻ [സം.] നാ. ഗ്ലാവൻ.
ഗ്ലാസ് [ഇം.] നാ. 1. സ്ഫടികം, കണ്ണാടി; 2. കണ്ണാടികൊണ്ടുള്ള
പാനപാത്രം.
ഗ്ലാസ്നു [സം.] വി. 1. തളർന്ന; 2. രോഗമുള്ള.
ഗ്ലൂക്കോസ് [ഇം.] നാ. പഞ്ചസാരയുടെ ഒരു രൂപം.
ഗ്ലോബ് [ഇം.] നാ. 1. ഗോളം; 2. ഭൂമി; 3. ഭൂമിയുടെ മാതൃക.
ഗ്ലോവ് [സം.] നാ. ചന്ദ്രൻ.
ഗ്ലൗ [ഇം.] നാ. കൈയുറ.
ഗ്ലൗവ് [സം.] നാ. 1. ചന്ദ്രൻ; 2. കർപ്പൂരം; 3. ഭൂമി.

## ഘ

ഘ1 [ഘ്+അ] അക്ഷരമാലയിലെ നാലാമത്തെ വ്യഞ്ജനം, 'ക'വർഗഘോഷം, കണ്ഠ്യം, (ഗ് എന്ന മൃദുവിൻെറ മഹാപ്രാണീകരണം).
ഘ2 [സം.] വി. ('ഹൻ' ധാതു സമാസാന്തരത്തിൽ കൈക്കൊള്ളുന്ന രൂപം. മലയാളത്തിൽ ലിങ്ഗപ്രത്യയങ്ങൾ വേരും.) ഹനിക്കുന്ന, കൊല്ലുന്ന.
ഘ3 [സം.ഘാ] നാ. 1. സ്ത്രീകളണിയുന്ന ഒരു ആഭരണം, കിങ്ങിണികളുള്ള കാഞ്ചി; 2. അടി, താഡനം.
ഘകാരം [സം.ഘ-കാര] നാ. 'ഘ' എന്ന അക്ഷരം.
ഘട [സം.ഘടാ] നാ. 1. സമൂഹം, കൂട്ടം; 2. ആനകളുടെ കൂട്ടം (സൈന്യത്തിൽ); 3.

ചേർച്ച; 4. മേഘസമൂഹം; 5. മധുരമാതളനാരകം; 6. പ്രയത്നം, ശ്രമം; 7. ന്യായീകരണം; 8.

ബന്ധം; 9. ലോഹനിർമിതമായ ഫലകം.

ഘടക [സം.<ഘട്] വി. 1. ഘടിപ്പിക്കുന്ന; 2. പ്രയത്നിക്കുന്ന; 3. സാമർത്ഥ്യമുള്ള, തയ്യാറുള്ള.
ഘടകക്രിയ [സം.ഘടക-ക്രിയാ] നാ. (ഗണിത.) ഒരു സങ്ഖ്യയുടെ ഘടകങ്ങൾ കണ്ടുപിടിക്കുന്ന ക്രിയ.
ഘടകദശകം [സം.-ദശക] നാ. (ഗണിത.) ഒന്നുതൊട്ടുമേൽപ്പോട്ടു അനുക്രമമായി പത്തുവരെയുള്ള സങ്ഖ്യകളെ പെരുക്കിക്കിട്ടുന്ന ഫലം.
ഘടകൻ [സം.] നാ. 1. ചേർക്കുന്നവൻ; 2. വിവാഹത്തിനു മധ്യസ്ഥത വഹിക്കുന്ന ആൾ; 2. മധ്യസ്ഥൻ.
ഘടകനിപാതം [സം.ഘടക-നിപാത] നാ. (വ്യാക.) ഘടകമായിപ്രയോഗിക്കുന്ന നിപാതം.
ഘടകപദം [സം.-പദ] നാ. സമാസത്തിൻെറ ഭാഗമായപദം.
ഘടകം [സം.] നാ. 1. അങ്ഗം, അവയവം, ഭാഗം; 2. (വ്യാക.) പദങ്ങളെയും വാക്യങ്ങളെയും തമ്മിൽ ഘടിപ്പിക്കുന്ന ദ്യോതകശബ്ദം (ഉം, ഓ എന്നിവ); 3. (ഗണിത.) ഒരു സ്ങ്ഖ്യയെ വിഭജിച്ചുകിട്ടുന്ന ചെറിയ സങ്ഖ്യകൾക്കു പൊതുവെ പറയുന്ന പേര്; 4. പ്രകടമായി പുഷ്പിക്കാതെ കായ്ക്കുന്ന വൃക്ഷം; 5. കുടം.

709

ഘടകർണ്ണൻ [സം.ഘട-കർണ] നാ. കുംഭകർണ്ണൻ.
ഘടകർപ്പരം [സം.-കർപര] നാ. 1.ഉടഞ്ഞകുടത്തിൻെറ കഷണം; 2. ഘടകർപ്പരൻ നിർമിച്ച കാവ്യം.
ഘടകാനയനം [സം.ഘടക-ആനയന] നാ. (ഗണിത.) ഘടകക്രിയ.
ഘടകാരൻ [സം.ഘട-കാര] നാ. കുടം ഉണ്ടാക്കുന്നവൻ, കുശവൻ.
ഘടകൃത്ത് [സം.-കൃത്] നാ. = ഘടകാരൻ.
ഘടഗ്രഹൻ [സം.-ഗ്രഹ] നാ. വെള്ളം ചുമക്കുന്നവൻ, ജലവാഹകൻ.
ഘടഘട നാ. (ശബ്ദാനു) 'ഘട ഘട' എന്നുള്ള ശബ്ദം.
ഘടഘടായിതം [സം.] നാ. ഘടഘട ശബ്ദം.
ഘടജൻ [സം.ഘട-ജ] നാ. 1. അഗസ്ത്യൻ; 2. ദ്രോണാചാര്യൻ.
ഘടജന്മാ(വ്) [സം.-ജന്മൻ] നാ. = ഘടജൻ.
ഘടദാസി [സം.-ദാസീ] നാ. വേശ്യാവൃത്തിക്കായി സ്ത്രീകളെ കൂട്ടിക്കൊടുക്കുന്നവൾ, കുംഭദാസി.
ഘടദീപം [സം.-ദീപ] നാ. 1. കുടത്തിൻെറ ആകൃതിയിലുള്ള വിളക്ക്; 2. കുടത്തിനകത്തുവച്ച വിളക്ക്; 3. (ആല) വെളിയിൽപ്രകാശിക്കാത്ത അറിവ്, പ്രതികൂലപരിതസ്ഥിതിയാൽ വെളിയിൽ അറിയപ്പെടാൻകഴിയാത്ത നന്മ.
ഘടന [സം.ഘടനാ] നാ. 1. ചേർച്ച, കൂടിച്ചേരൽ; 2. മൈഥുനം; 3. കൂടിച്ചേർന്നിരിക്കുന്നസ്ഥിതി, കൂട്ടിച്ചേർക്കുന്ന രീതി; 4. പ്രയത്നം, ശ്രമം; 5. സംഭവം; 6. സാധിക്കൽ, നിർവഹിക്കൽ; 7. ശണ്ഠ, ശത്രുത; 8. ആനകളുടെ നിര; 9. സാഹിത്യ രചനാരീതി.
ഘടനക്ഷത്രം [സം.ഘട-നക്ഷത്ര] നാ. ജ്യോതിശ്ശാസ്ത്രത്തിലെ ഒരു സാങ്കേതികസംജ്ഞ.
ഘടനം [സം.] നാ. ഘടന.
ഘടനീയ [<സം.ഘട്] വി. ഘടിപ്പിക്കത്തക്ക.

ഘടപര്യസനം [സം.ഘട-പര്യസന] നാ. ഭ്രഷ്ടുകൽപിക്കുന്നതിനോടു ബന്ധപ്പെട്ട ഒരു ചടങ്ങ്.
ഘടപ്രാസാദം [സം.-പ്രാസാദ] നാ. കുടത്തിൻെറ ആകൃതിയിൽ നിർമിക്കുന്ന കെട്ടിടം.
ഘടഭവൻ [സം.-ഭവ] നാ. = ഘടജൻ.
ഘടഭേദനകം [സം.-ഭേദനക] നാ. കലമുണ്ടാക്കുന്നതിനുപയോഗിക്കുന്ന ഒരു ഉപകരണം.
ഘടം [സം.ഘട] നാ. 1. മൺകുടം, കുടം; 2. (സങ്ഗീ.) ഘടവാദ്യം; 3. കുംഭരാശി; 4. കുംഭമാസം; 5. (ജ്യോ.) ഘടനക്ഷത്രം; 6. ആനയുടെ തലയിലുള്ള മുഴ; 7. ആനകളുടെ കൂട്ടം; 8. ഒരുദ്രാവകയളവ്; 9. കുംഭകപ്രണായാമം; 10. ശരീരം; 11. തല; 12. ഒരിനം മരം ഞമ; 13. (ശിൽപ) ഘടപ്രസാദം; 14. (ശിൽപ) സ്തംഭത്തിൻെറ ഒരുഭാഗം; 15. (ശിൽപ) കതകിലുള്ള ഒരുകൊത്തുപണി (കുടത്തിൻെറ ആകൃതി)
ഘടമുനി [സം.-മുനി] നാ. അഗസ്ത്യൻ.
ഘടയന്ത്രം [സം.-യന്ത്ര] നാ. വെള്ളംകോരുന്നതിനുള്ള യന്ത്രം, ഘടീയന്ത്രം, ഏത്തം, തുലാം.
ഘടയിതാ(വ്) [സം.ഘടയിതൃ] നാ. ഘടകൻ (സ്ത്രീ) ഘടയിത്രി.
ഘടയോനി [സം.-യോനി] നാ. = ഘടഭവൻ.
ഘടവാദ്യം [സം.-വാദ്യ] നാ. (സങ്ഗീ) ഒരുവാദ്യോപകരണം.
ഘടശുദ്ധി [സം.-ശുദ്ധി] നാ. കുറ്റംതെളിയിക്കുന്നതിനുള്ള ദിവ്യപരീക്ഷകളിലൊന്ന്, തുലാശുദ്ധി.
ഘടശ്രോത്രൻ [സം.-ശ്രോത്ര] നാ. 'കുടംപോലെയുള്ള ചെവിയുള്ളവൻ' കുംഭകർണൻ.
ഘടസംഭവൻ [സം.-സംഭവ] നാ. = ഘടഭവൻ.
ഘടസ്തനി [സം.-സ്തനി] നാ. 'കുടംപോലെയുള്ള സ്തനമുള്ളവൾ' സുന്ദരി.
ഘടാകാശം [സം.-ആകാശ] നാ. (തർക്ക) കുടത്തിനകത്തുള്ള ആകാശം.
ഘടാജ്യം [സം.-ആജ്യ] നാ. (പൂജാതികൾക്കുവേണ്ടി) കുടത്തിലൊഴിച്ചുവയ്ക്കുന്നനെയ്യ്, കുടത്തിലെ നയ്യ്.
ഘടാടോപം [സം.-ആടോപ] നാ. 1. വണ്ടിയുടെയും മറ്റും മൂടി; 2. മേഘസമൂഹം.
ഘടാഭിധ [സം.-അഭിധ] നാ. വട്ടച്ചുര.
ഘടാലാബു [സം.-അലാബു] നാ. വട്ടച്ചുര.
ഘടാവഹൻ [സം.-ആവഹ] നാ. ശിവൻെറ ഒരു പാരിഷദൻ.
ഘടി [സം.ഘടീ] നാ. 1. മൺകുടം, കുടം; 2. ഒരുനാഴിക, 24 മിനിട്ട്; 3. നാഴികവട്ടക; 4. ചേങ്ങില; 5. നില, സ്ഥിതി, അവസ്ഥ; 6. കുംഭരാശി; 7. ശിവൻ.
ഘടിക [സം.ഘടികാ] നാ. 1. ചെറിയകുടം, ചെറിയ മൺപാത്രം; 2. ഒരു നാഴിക, 24 മിനിട്ട്, 30 കലകൂടിയസമയം; 3. സമയം, അവസരം; 4. നാഴികവട്ടക; 5. നരിയാണി; 6. ഘടീയന്ത്രം; 7. ദ്രാവകം അളക്കാനുള്ള ഒരു അളവുപാത്രം; 8. ജപമാല.
ഘടികൻ [സം.ഘടിക] നാ. 1. വെള്ളം കോരുന്നവൻ; 2. സ്തുതിപാഠകൻ; 3. മണിമുഴക്കി സമയമറിയിക്കുന്ന ആൾ.
ഘടികം [സം.ഘടിക] നാ. അരക്കെട്ട്, മൂലാധാരം.
ഘടികയന്ത്രം [സം.-യന്ത്ര] നാ. = ഘടികായന്ത്രം.

ഘടികാമണ്ഡലം [സം.-മണ്ഡല] നാ. ജ്യോതിശ്ശാസ്ത്രത്തിൽ സങ്കൽപിച്ചിട്ടുള്ള ഒരുരേഖ, നേർകിഴക്കുദിക്കുന്ന നക്ഷത്രത്തിൻെറ മാർഗം.
ഘടികായന്ത്രം [സം.-യന്ത്ര] നാ. 1. വെള്ളംകോരാനുള്ള ഒരുഉപകരണം, ഏത്തം തുലായന്ത്രം; 2. ഘടികാരം
ഘടികാരം [<സം.ഘടീ] നാ. നാഴികമണി, സമയംകാണിക്കുന്നതിന് ഉപയോഗിക്കുന്ന യന്ത്രം. ഘടികാരഗോപുരം = സമയമറിയാനുള്ള നാഴികമണിയോ മുഴക്കാനുള്ള മണിയോ ഘടിപ്പിച്ച ഗോപുരം, മണിമാളിക.
ഘടികാലയം [സം.-ആലയ]നാ. നാഴികവട്ടക സ്ഥാപിച്ചുട്ടുള്ള സ്ഥലം.
ഘടികാലവണം [സം.-ലവണ]നാ. ഒരിനം ഉപ്പ്.
ഘടികാവിംശതി [സം.-വിംശതി] നാ. അതിവേഗം കവിത എഴുതാനുള്ള ഒരു പരീക്ഷ (ഒരുമണിക്കൂറിൽ ഇരുപതുശ്ലോകം രചിക്കണമെന്നു ക്ലിപ്തപ്പെടുത്തിക്കൊണ്ടുള്ളത്.)
ഘടിക്കുക [<സം.ഘട്] ക്രി. 1. ചേരുക, യോജിക്കുക; 2. സംഭവിക്കുക, വന്നുചേരുക; 3. സാധ്യമാവുക.
ഘടിഘടൻ [സം.ഘടിഘട] നാ. ശിവൻ.
ഘടിചക്രം [സം.ഘടീ-ചക്ര] നാ. കിണററിൽനിന്നും വെള്ളം കയറ്റുന്നതിനുള്ള ഒരുയന്ത്രം, ഘടീയന്ത്രം.
ഘടിത [സം.] വി. ഘടിച്ച, ഘടിപ്പിക്കപ്പെട്ട, ചേർന്ന, ചേർക്കപ്പെട്ട.
ഘടിന്ധമൻ [സം.] നാ. കുടം ഉണ്ടാക്കുന്നവൻ, കുശവൻ.
ഘടിന്ധയൻ [സം.ഘടിം-ധയ] നാ. ധാരാളം (കുടംനിറയെ) വെള്ളവും മറ്റും കുടിക്കുന്നവൻ.
ഘടികാരൻ [സം.ഘടീ-കാര] നാ. ഘടം ഉണ്ടാക്കുന്നവൻ, കുശവൻ.
ഘടീഗ്രഹൻ [സം.ഗ്രഹ] നാ. വെള്ളം ചുമക്കുന്നവൻ, ഘടഗ്രഹൻ.
ഘടീഗ്രാഹ(ക)ൻ [സം.-ഗ്രാഹ(ക)] നാ. = ഘടീഗ്രഹൻ.
ഘടീയന്ത്രം [സം.-യന്ത്ര] നാ. 1. വെള്ളംകോരുന്നതിനുള്ള ഉപകരണം, ഏത്തം, തുലായന്ത്രം; 2. വെള്ളമുപയോഗിച്ചു നാഴിക (സമയം) കണക്കാക്കുന്നതിനുള്ള ഒരുയന്ത്രം, നാഴികവട്ടക.
ഘടോത്കചൻ [സം.ഘട-ഉത്കച] നാ. ഒരുരാക്ഷസൻ, ഭീമസേനനു ഹിഡിംബി എന്ന രാക്ഷസിയിൽ ജനിച്ചപുത്രൻ.
ഘടോദം [സം.-ഉദ] നാ. കുടത്തിലുള്ളവെള്ളം.
ഘടോദരൻ [സം.-ഉദര] നാ. 1. ഗണേശൻ; 2. വരുണൻെറ ഒരു അനുചരൻ; 3. ശിവൻെറ ഭൂതഗണത്തിൽ ഒരു നായകൻ.
ഘടോധ്നി [സം.-ഊധ്നി] വി. കുടത്തിനൊത്ത അകിടുള്ള.
ഘടോദ്ഭവൻ [സം.-ഉദ്ഭവ] നാ. 'ഘടത്തിൽനിന്നു ജനിച്ചവൻ' 1. അഗസ്ത്യൻ; 2. ദ്രോണൻ.
ഘട്ട [സം.] നാ. ഒരു വൃത്തം.
ഘട്ടകുടി [സം.-കുടീ] നാ. ചുങ്കസ്ഥലം, ചുങ്കസ്ഥലത്തെ കാവൽപ്പുര.
ഘട്ടജീവി [സം.-ജീവിൻ]നാ. 'കടവുകൊണ്ടുജീവിക്കുന്നവൻ' 1. കടത്തുകാരൻ; 2. കുളിക്കുന്നവരുടെയും മറ്റും വസ്ത്രം സൂക്ഷിക്കുന്നവൻ; 3. വൈശ്യസ്ത്രീയിൽ വെളുത്തേടനു ജനിച്ചവൻ.
ഘട്ടദേയം [സം.-ദേയം] നാ. 1. ചുങ്കം; 2. കടത്തുകൂലി.

ഘട്ടന [സം.ഘട്ടനാ] നാ. 1. കുലുക്കം, ഇളക്കം, ചലനം; 2. നടപ്പ്, ആചാരം; 3. ജീവിതമാർഗം; 4. തൊഴിൽ; 5. ഉരസ്സൽ, കൂട്ടിമുട്ടൽ; 6. അടി, തല്ല്; 7. മൂടി, അടപ്പ്.

ഘട്ടനം [സം.<ഘട്ട്] നാ. 1. തള്ളൽ; 2. സ്പർശം, ഉരസൽ; 3. അടി; 4. കൂട്ടിമുട്ടൽ.

ഘട്ടം[സം.ഘട്ട] നാ. 1. കടത്തുസ്ഥലം, വള്ളക്കടവ്, കടത്ത്; 2. കുളിക്കടവ്, നദികളിലും മറ്റും ഇറങ്ങാനുള്ളസ്ഥലം; 3. പടിക്കെട്ട്, സോപാനം; 4. ചുങ്കസ്ഥലം; 5. അവസരം, കാലത്തിൻെറ ഒരു പ്രത്യേകസന്ദർഭം; 6. ഏറ്റുമുട്ടൽ; 7. ഇളക്കൽ, കുലുക്കൽ.

ഘട്ടി1 [സം.ഘട്ടീ] നാ. ചെറിയ കടവ്.

ഘട്ടി2 [സം.] നാ. 'കട്ടി' എന്ന പദത്തിൻെറ സംസ്കൃതീകരിച്ചരൂപം' 1. കനം; 2. സാമർത്ഥ്യം, ചുണ; 3. ഉറപ്പ്. ഘട്ടിസ്സാദം = പടചോറ്

ഘട്ടിത [സം.] വി. ഘട്ടനം ചെയ്യപ്പെട്ട.

ഘട്ടിത(ക)ം [സം.] നാ. (കാമ) ഒരുതരം ചുംബനം.

ഘട്ടിവാദ്യം [സം.ഘട്ടി-വാദ്യ] നാ. (സങ്ഗീ) പലവാദ്യങ്ങൾചേർന്നുള്ള ഒരുതരം മേളം, അതിനുള്ള ഉപകരണങ്ങൾ.

ഘട്യക്കാരൻ നാ. മങ്ഗളസ്തുതിചെയ്യുന്നവൻ.

ഘട്യം [<സം.ഘട്യ] നാ. 1. മങ്ഗളസ്തുതി, പ്രശംസിക്കൽ, പുകഴ്ത്തൽ; 2. മങ്ഗളവാദ്യം.

ഘഠം[സം.] നാ. മോര്.

ഘണഘണ നാ. (ശബ്ദാനു) മണിയുടെയും മറ്റും ശബ്ദം.

ഘണ്ട1 [സം.] വി. പ്രകാശിക്കുന്ന.

ഘണ്ട2 [സം.ഘണ്ടാ] നാ. 1. മണി; 2. ചേങ്കില; 3. മുഷ്കകവൃക്ഷം, മലമ്പ്ലാശ്; 4. വെൺപാതിരിവൃക്ഷം; 5. ഊരകം; 6. കിലുകിലുപ്പ്; 7. ഒരു മണിക്കൂർ സമയം; 8. (സങ്ഗീ) ഒരു ജന്യരാഗം.

ഘണ്ടൻ [സം.] നാ. 1. ശിവൻ; 2. ശിവഭൃത്യന്മാരിലൊരാൾ.

ഘണ്ടാകർണൻ [സം.ഘണ്ടാ-കർണ] നാ. 'മണിയുടെ ആകൃതിയിൽ ചെവിയുള്ളവൻ' 1. ശിവപാർഷദനായ ഒരു ഭൂതം; 2. മണികെട്ടിയ കാള.

ഘണ്ടാകർണി [സം.-കർണീ]നാ. ഒരുദേവത, വാഗീശ്വരിയുടെ തോഴിയായ ഒരു മാതാവ്.

ഘണ്ടാഗാരം [സം.-ആഗാര] നാ. മണിഗോപുരം, മണിമാളിക.

ഘണ്ടാഗോപുരം [സം.-ഗോപുര] നാ. ഘണ്ടാഗാരം.

ഘണ്ടാടങ്കാരം [സം.-ടങ്കാര] നാ. മണിനാദം.

ഘണ്ടാതാഡൻ [സം.-താജ] നാ. മണിഅടിക്കുന്നവൻ.

ഘണ്ടാതൂര്യം [സം.-തൂര്യ] നാ. തടികൊണ്ടുണ്ടാക്കുന്നതും ഉടുക്കിൻെറയോ ചെണ്ടയുടെയോ ആകൃതിയിലുള്ളതുമായ ചെറിയ ഒരു വാദ്യവിശേഷം.

ഘണ്ടാനാദം [സം.-നാദ] നാ. മണിനാദം.

ഘണ്ടാപഥം [സം.-പഥ] നാ. 'മണിമുഴങ്ങുന്ന വഴി' 1. പ്രധാനമാർഗം, രാജവീഥി; 2. കിരാതാർജുനീയത്തിനു മല്ലിനാഥൻ എഴുതിയ വ്യാഖ്യാനം.

ഘണ്ടാപാത്രം [സം.-പാത്ര] നാ. മണിയുടെ ആകൃതിയിലുള്ള പാത്രം.

ഘണ്ടാപുഷ്പം [സം.-പുഷ്പ]നാ. 'മണിയുടെ ആകൃതിയിലുള്ള പൂക്കളോടുകൂടിയ' ഉമ്മത്ത്.

ഘണ്ടാമണ്ഡപം [സം.-മണ്ഡപ] നാ. 1. മണിതൂക്കിയിട്ടുള്ള മണ്ഡപം; 2. തിരുനല്വേലിയിലെ ശിവക്ഷേത്രത്തിലുള്ള മൂന്നുമണ്ഡപങ്ങളിലൊന്ന്.
ഘണ്ടാമാഘൻ [സം.-മാഘ] നാ. മാഘൻ എന്ന കവിയുടെ ഒരുകീർത്തനം.
ഘണ്ടാമാല [സം.-മാലാ] നാ. മണികൾകൊണ്ടുള്ള മാല.
ഘണ്ടാമുദ്ര [സം.-മുദ്രാ] നാ. തന്ത്രവിധിപ്രകാരമുള്ള ഒരു ഹസ്തമുദ്ര.
ഘണ്ടാരവം [സം.-രവ] നാ. 1. മണിനാദം; 2. (സങ്ഗീ) ഒരു രാഗം.
ഘണ്ടാലം [സം.] നാ. 1. മലങ്കാര; 2. ആന.
ഘണ്ടാശബ്ദം [സം.-ശബ്ദ] നാ. 1. മണിനാദം; 2. വെള്ളോട്.
ഘണ്ടി [സം.ഘണ്ടിൻ] വി. മണിയുള്ള
ഘണ്ടി [സം.] നാ. ശിവൻ.
ഘണ്ടിക [സം.] നാ. 1. ചെറിയമണി; 2. ചേങ്ങില; 3. ഉണ്ണാക്ക്.
ഘണ്ടികം [സം.] നാ. മുതല.
ഘണ്ടു [സം.] നാ. 1. ആനയ്ക്ക് അലങ്കാരമായിക്കെട്ടുന്ന മണിച്ചങ്ങല; 2. ചൂട്; 3. വെളിച്ചം.
ഘണ്ഡം [സം.] നാ. തേനീച്ച.
ഘന1 [സം.] വി. 1. ഉറച്ച, കട്ടിയായ, കഠിന്മായ, കനമുള്ള, കടുപ്പമുള്ള; 2. കൊഴുത്തുരുണ്ട; 3. വലുതായ, കൂടുതലായ, വർധിച്ച; 4. നിരന്തരമായ, ഇടതൂർന്ന, നിബിഡമായ, ദുഷ്പ്രവേശമായ; 5. ഗംഭീരമായ (ശബ്ദമെന്നപോലെ); 6. ശ്രേഷ്ഠമായ, ബഹുമാന്യമായ; 7. ശുഭമായ, പൂർണമായ; 8. പരുപരുത്ത.
ഘന2 [സം.ഘനാ] നാ. 1. തന്ത്രിയുള്ള ഒരു സങ്ഗീതോപകരണം; 2. (സങ്ഗീ) ഒരു ശ്രുതി; 3. കാട്ടുഴുന്ന്; 4. തൂച്ചട; 5. (കാമ) ശരീരഘടനയെ ആധാരമാക്കിയുള്ള സ്ത്രീകളുടെ വിഭാഗങ്ങളിലൊന്ന്.
ഘനകാലം [സം.-കാല] നാ. 'മേഘങ്ങളുള്ളകാലം' വർഷകാലം.
ഘനകേശി [സം.-കേശീ] നാ. 'മേഘമ്പോലെകറുത്തതും നിബിഡവുമായ തലമുടിഉള്ളവൽ 1. സുന്ദരി; 2. (സങ്ഗീ) ഒരു ജന്യരാഗം.
ഘനക്ഷയം [സം.-ക്ഷയ] നാ. അന്തസ്സിനുപോരായ്മ.
ഘനഗർജനം [സം.-ഗർജന] നാ. 1. ഇടിമുഴക്കം; 2. ഉച്ചത്തിലുള്ള അലർച്ച; 3. ഇടിനാദമ്പോലെ ശബ്ദമുണ്ടാക്കുന്ന പീരങ്കി.
ഘനഗർജിതം [സം.-ഗർത്തഇത] നാ. 1. ഇടിമുഴക്കം; 2. ഉച്ചത്തിലുള്ള അലർച്ച.
ഘനഗോലകം [സം.-ഗോലക] നാ. സ്വർണവും വെള്ളിയും ചേർന്ന ഒരു കൂട്ടുലോഹം.
ഘനഘട [സം.-ഘടാ] നാ. മേഘക്കൂട്ടം.
711
ഘനചയം [സം.-ചയ] നാ. മേഘസമൂഹം.
ഘനജം [സം.-ജ] നാ. 'മേഘത്തിൽനിന്നുണ്ടായത്' 1. അഭ്രം; 2. മന്ന.
ഘനജംബാളം [സം.-ജൻബാല] നാ. ചേറ്, അഴുക്ക്.
ഘനജലം [സം.-ജല] നാ. 'മേഘത്തിൽനിന്നുള്ള ജലം' 1. മഴ; 2. ഘനഹൈഡ്രജൻ അടങ്ങിയിട്ടുള്ള ജലം.
ഘനജ്വാല [സം.-ജ്വാലാ] നാ. മേഘജോതിസ്സ്, മിന്നൽ.
ഘനത [സം.ഘനതാ] നാ. 1. ഘനഭാവം, കാഠിന്യം; 2. മേഘത്തിൻെറതെന്നപോലെ ഇടതിങ്ങിയിരിക്കുന്ന സ്ഥിതി; 3. മഹത്വം; 4. സാന്ദ്രത.

ഘനതരം [സം.-തര] വി. കൂടുതലായി, തിങ്ങിയ.
ഘനതാലം [സം.-താല] നാ. വേഴാമ്പൽ.
ഘനതിമിരം [സം.-തിമിര] നാ. മേഘങ്ങൾ ആകാശത്തെ മൂടുമ്പോഴുണ്ടാകുന്ന ഇരുട്ട്.
ഘനതോലം [സം.-തോല] നാ. വേഴാമ്പൽ.
ഘനത്വം [സം.ത്വ] നാ. ഘനത.
ഘനധ്വനി [സം.-ധ്വനി] നാ. ഘനഗർജിതം.
ഘനദ്രവ്യം [സം.-ദ്രവ്യ] നാ. കട്ടിയായിരിക്കുന്ന ദ്രവ്യം.
ഘനധാതു [സം.-ധാതു] നാ. രസധാതു, ശരീരത്തിലെ സപ്തധാതുക്കളിൽ ഒന്ന്.
ഘനനാഭി [സം.-നാഭി] നാ. പുക.
ഘനനില [സം.ഘന-മ.നില] നാ. ഘനമുള്ളനില, ഗൗരവം, അന്തസ്സ്.
ഘനനീഹാരം [സം.-നീഹാര] നാ. കടുത്ത മൂടൽമഞ്ഞ്.
ഘനപദവി [സം.-പദവീ] നാ. മേഘമാർഗം, ആകാശം.
ഘനപദാർഥം [സം.-പദാർഥ] നാ. കനമുള്ള പദാർഥം, കട്ടിയുള്ള വസ്തു.
ഘനപരിമാണം [സം.-പരിമാണ] നാ. ഒരു പദാർഥത്തിൽ അടങ്ങിയിരിക്കുന്ന ഘനവസ്തുവിൻെറ അളവ്, ഘനമാനം.
ഘനപാഠം [സം.-പാഠ] നാ. വേദംചൊല്ലുന്ന ഒരു പ്രത്യേകക്രമം.
ഘനപാഠി [സം.-പാഠിൻ] നാ. ഘനപാഠം ശീലിച്ച ആൾ.
ഘനപാഷണ്ഡം [സം.-പാഷണ്ഡ] നാ. മയിൽ.
ഘനപ്പിക്കുക [സം.ഘന>പ്രയോ.] ക്രി. 1. കനം ഉള്ളതാക്കുക, കട്ടിയുള്ളതാകുക; 2. തറപ്പിച്ചുപറയുക; 3. ഗൗരവപ്പെടുക.
ഘനഫലം [സം.-ഫല] നാ. (ഗണിത) വ്യാപ്തം (നീളം, വീതി, പൊക്കം ഇവയുടെ പെരുക്കം)
ഘനം [സം.ഘന] നാ. 1. മേഘം; 2. കട്ടിയുള്ളപദാർഥം, ഇടതൂർന്ന ത്‌മാത്രകളോടുകൂടിയ വസ്തു; 3. ഇടതൂർന്ന അവസ്ഥ, നിബിഡത; 4. കൂട്ടം, സമൂഹം; 5. (ഗണിത) ഒരുസങ്ഖ്യയെ അതേസങ്ഖ്യകൊണ്ടു രണ്ടുപ്രാവശ്യം ഗുണിച്ചുകിട്ടുന്ന ഫലം; 6. നീളം, വീതി, പൊക്കം എന്നിവ തുല്യമായിട്ടുള്ള ഒരളവ്; 7. ആറു സമചതുരവശങ്ങളുള്ള പദാർഥം; 8. ഒരുപ്രത്യേകതരം ക്ഷേത്രശിൽപം; 9. ഇരുമ്പുകൊണ്ടുള്ള ഗദ; 10. ശരീരം; 11. കഫം; 12. അഭ്രം; 13. മുത്തങ്ങ; 14. ഒരു വേദോച്ചാരണരീതി, ഘനപാഠം; 15. (സങ്ഗീ) വാദ്യങ്ങൾ നാലുവിധമുള്ളതിൽ ഒന്ന്; 16. (സങ്ഗീ) അഞ്ചുമേളസ്വരങ്ങളിൽ ഒന്ന്; 17. ഉറച്ച ശാരീരം; 18. (സങ്ഗീ) ഘനരാഗം; 19. അന്തസ്സ്, ഗൗരവം; 20. കനം, ഭാരം; 21. വെളുത്തീയം; 22. ഇലത്താളം; 23. മണി; 24. ഇരുമ്പ്; 25. ചേങ്ങില; 26. തൊലി (മൃഗങ്ങളുടെയും വൃക്ഷങ്ങളുടെയും); 27. ഒരുതരം നൃത്തം.
ഘനമാനം [സം.ഘന-മാന] നാ. 1. (ഗണിത) വ്യാപ്തം, ആയതനം; 2. വ്യാപ്തമാനം.
ഘനമാർഗം [സം.-മാർഗ] നാ. മേഘമാർഗം, ആകാശം.
ഘനമൂലം [സം.-മൂല] നാ. 1. പാൽക്കുരുമ്പ; 2. (ഗണിത) ഘനത്തിൻെറ (മൂന്നാം കൃതിയുടെ) മൂലസങ്ഖ്യ.
ഘനമൂലാനയനം [സം.-ആനയന] നാ. (ഗണിത) സങ്ഖ്യകളുടെ ഘനമൂലം കാണൽ.

ഘനയടി [സം.ഘന-മ.അടി] നാ. വ്യാപ്തം അളക്കാനുള്ള ഒരു തോത് (ഒരടിനീളം ഒരടിവീതി ഒരടിപൊക്കം ഉള്ളത്)
ഘനർത്തു [സം.-ഋതു] നാ. മേഘകാലം, മഴക്കാലം.
ഘനരവം [സം.-രവ] നാ. 1. മേഘധ്വനി; 2. മയിൽ.
ഘനരസം [സം.-രസ] നാ. 1. കട്ടിയായ ചാറ്, കഷായം; 2. കർപ്പൂരം; 3. പെരുങ്കുരുമ്പ; 4. പാൽക്കുരുമ്പ; 5. വെള്ളം.
ഘനരാഗം [സം.-രാഗ] നാ. രാഗങ്ങളെ മൂന്നായി തരംതിരിച്ചിട്ടുള്ളതിൽ ഒന്ന്.
ഘനരുചി [സം.-രുചി] നാ. 1. വലിയപ്രകാശം, വലിയസോഭ; 2. മിന്നൽ.
ഘനരൂപ [സം.-രൂപാ] നാ. കൽക്കണ്ടം.
ഘനവർണൻ [സം.-വർണ] നാ. മേഘവർണൻ, വിഷ്ണു.
ഘനവർത്മാ(വ്) [സം.-വർത്മൻ] നാ. മെഘമാർഗം, ആകാശം.
ഘനവരം [സം.-വര] നാ. ശരീരത്തിലെ പ്രധാന അവയവം, മുഖം.
ഘനവല്ലിക [സം.-വല്ലീ] നാ. 1. മിന്നൽ; 2. അമൃതവള്ളി.
ഘനവാതം [സം.-വാത] നാ. 1. കനത്ത (അസഹ്യമായ) കറ്റ്; 2. നരകങ്ങളെ ചുറ്റിക്കിടക്കുന്ന കനത്തതും അസുഖപ്രദവുമായ അന്തരീക്ഷം.
ഘനവാദ്യ [സം.-വാദ്യ] നാ. ആഹതവാദ്യങ്ങളിൽ ഒരു വിഭാഗം, ഓടുമുതലായ ലോഹങ്ങൽകൊണ്ടു നിർമിച്ചത്, ചേങ്ങില, കൈമണിതുടങ്ങിയവ.
ഘനവാരി [സം.-വാരി] നാ. മഴവെള്ളം.
ഘനവാസം [സം.-വാസ] നാ. വലിയ കുമ്പളം.
ഘനവാഹനൻ [സം.-വാഹന] നാ. 1. ശിവൻ; 2. ഇന്ദ്രൻ.
ഘനവീഥി [സം.-വീഥി] നാ. 1. മേഘമാർഗം, ആകാശം; 2. മേഘനിര.
ഘനവൃഷ്ടി [സം.-വൃഷ്ടി]നാ. സീര്യൻ.
ഘനവേണി [സം.-വേണി] നാ. ഘനകേശി.
ഘനവ്യപായം [സം.-വ്യപായ] നാ. ശരത്കാലം.
ഘനവ്യവസായം [സം.-വ്യവസായ] നാ. മറ്റുവ്യവസായങ്ങൾക്കു അടിസ്ഥാനമായി പ്രയോജനപ്പെടുന്ന ഉത്പന്നങ്ങൾ നിർമിക്കുന്ന വ്യവസായം (ഇരുമ്പ്, ഉരുക്ക് എന്നിവപോലെ).
ഘനശബ്ദം [സം.-ശബ്ദ] നാ. 1. മേഘശബ്ദം, ഇടിമുഴക്കം; 2. വലിയശബ്ദം.
ഘനശ്യാമ [സം.-ശ്യാമ] വി. മേഘംപോലെ കറുത്ത, ഇരുണ്ട.
ഘനശ്യാമൻ [സം.-ശ്യാമ] നാ. 'കാർമേഘംപൊലെ ശ്യാമമായ നിറമുള്ളവൻ' 1. ശ്രീകൃഷ്ണൻ; 2. ശ്രീരാമൻ.
ഘനശ്യാമം [സം.-ശ്യാമ] നാ. 1. കാർമേഘം; 2. കാർമേഘംപോലെ ഇരുണ്ടത്.
ഘനസമയം [സം.-സമയ] നാ. മേഘങ്ങളുടെ കാലം, മഴക്കാലം.
ഘനസംവൃത്തി [സം.-സംവൃത്തി] നാ. വലിയ രഹസ്യം.
ഘനസാരം,-കം [സം.-സാര(ക)] നാ. കർപ്പൂരം.
ഘനസാരം [സം-സാര] നാ. 1. കർപ്പൂരം; 2. ജലം; 3. രസം; 4. ഒരിനം വൃക്ഷം.
ഘനസുഷിരം [സം.-സുഷിര] നാ. 'ഘനമായും പൊള്ളയായും ഉള്ളത്' അകം പൊള്ളയായി കട്ടിയിൽ നിർമിച്ചത്.
ഘനസ്വനം [സം.-സ്വന] നാ. 1. ഘനശബ്ദം; 2. ചെറുചീര.

ഘനഹസ്തം [സം.-ഹസ്ത] നാ. ഒരു ഹസ്തം (മുഴം) വീതം നീളവും വീതിയും ഉയരവും ഉള്ള ഒരു ചതുരക്കട്ടയുടെ വ്യാപ്തം.
ഘനഹൈഡ്രജൻ [സം.-ഹൈഡ്രജൻ] നാ. ഹൈഡ്രജൻെറ ഒരുഐസോട്ടോപ്പ്. സാധാരണയിൽനിന്ന് ഇരട്ടിഭാരമുള്ള അണുകങ്ങളോടുകൂടിയത്.
ഘനാകരം [സം.-ആകര] നാ. വർഷകാലം.
ഘനാഗമം [സം.-ആഗമ] നാ. മഴക്കാലം.
ഘനാഘന [സം.] വി. 1. കൊലയിൽതാൽപര്യമുള്ള, ഹിംസാശീലമുള്ള, അടിച്ചുവീഴ്ത്തുന്ന, കലഹത്തിൽപ്രീയമുള്ള; 2. ക്രൂരതയുള്ള, ഉപദ്രവിക്കുന്ന; 3. കട്ടിയുള്ള, ഇടതിങ്ങിയ; 4. നിരപ്പുള്ള.
ഘനാഘനൻ [സം.] നാ. ഇന്ദ്രൻ.
ഘനാഘനം [സം.ഘനാഘനാ] നാ. 1. വർഷിക്കുന്നമേഘം, കാർമേഘം; 2. മദയാന; 3. പോത്ത്; 4. കൂട്ടിമുട്ടൽ.
ഘനാങ്ഗുലം [സം.ഘന-അങ്ഗുല]നാ. ഒരു ഘനപരിമാണം.
ഘനാത്മക [സം.-ആത്മക] നാ. (ഗണിത) നീളം, വീതി, കനം എന്നിവ തുല്യമായത്.
ഘനാത്യയം [സം.-അത്യയ] നാ. ശരത്കാലം.
ഘനാനയനം [സം.-ആനയന] നാ. (ഗണിത) സങ്ഖ്യകളുടെ ഘനം കാണൽ.
ഘനാന്തം [സം.-അന്ത] നാ. ശരത്കാലം.
ഘനാംബു [സം.-അംബു]നാ. മഴവെള്ളം.
ഘനാശ്രയം [സം.-ആശ്രയ] നാ. ആകാശം, അന്തരീക്ഷം.
ഘനിക്കുക [<സം.ഘന] ക്രി. 1. ഗുണിക്കുക, പെരുക്കുക; 2. ഘനം കണ്ടുപിടിക്കുക.
ഘനിഷ്ഠ [സം.] വി. 1. (അതിശായന രൂപം) ഏറ്റവും ഘനമായ, അത്യന്തം ദൃഢമായ; 2. അടുത്തുള്ള.
ഘനീ [സം.] 'കൃ','ഭു' എന്നീ ധാതുനിഷ്പന്നങ്ങളായ പദങ്ങൾക്കുമുമ്പിൽ സമാസത്തിൽ 'ഘന' ശബ്ദം കൈക്കൊള്ളുന്ന രൂപം.
ഘനീകരണം [സം.-കരണ] നാ. കട്ടിയുള്ളതാക്കൽ.
ഘനീകരിക്കുക [<സം.ഘനീ-കൃ] ക്രി. ഘനമുള്ളതാക്കുക, കട്ടിയാക്കുക.
ഘനീഭവിക്കുക [<സം.-ഭൂ] ക്രി. 1. കട്ടിയുള്ളതായിത്തീരുക, കട്ടിപിടിക്കുക; 2. രൂപം ഉള്ളതായിത്തീരുക.
ഘനീഭാവഘട്ടം [സം.-ഭാവ-ഘട്ട] നാ. (ഊർജ) ദ്രാവകം ഉറഞ്ഞു കട്ടിയായിത്തീരുന്ന താപനില.
ഘനീഭാവം [സം.-ഭാവ] നാ. കട്ടിപിടിച്ച അവസ്ഥ, കട്ടപിടിക്കൽ.
ഘനീഭൂത [സം.-ഭൂത] വി. കട്ടിയായ, ഉറച്ച.
ഘനേതര [സം.ഘന-ഇതര] വി. ഘനമല്ലാത്ത, ദ്രവമായ.
ഘനോദം [സം.-ഉദാ] നാ. ഭൂമിയുടെ രണ്ടിരട്ടിവലുപ്പമുള്ളതും ഭൂമിയെചുറ്റിക്കിടക്കുന്നതും ഘനജലമുള്ളതുമായി സങ്കൽപിക്കപ്പെട്ടിട്ടുള്ള ഒരു സമുദ്രം.
ഘനോദയം [സം.-ഉദയ] നാ. 'മേഘങ്ങൾ പ്രത്യക്ഷപ്പെടുന്ന കാലം' വർഷകാലാരംഭം.
ഘനോപലം [സം.-ഉപല] നാ. ആലിപ്പഴം.
ഘനോരു [സം.-ഊരു] നാ. 'കനത്തതുടയുള്ളവൾ' സുന്ദരി.

ഘനൗഘം [സം.-ഓഘ] നാ. മേഘസമൂഹം.
ഘം [സം.ഘ] നാ. 1. കിലുക്കം, കിലുകിലാരവം, മണിനാദം; 2. മണി, കിങ്ങിണി; 3. താഡനം; 4. മുത്തങ്ങ.
ഘരഘര1 [സം.] വി. (ശബ്ദാനു) മുറുമുറുക്കുന്ന, അസ്പഷ്ടമായ, ഘരഘര ശബ്ദമുള്ള.
ഘരഘര2 [സം.ഘർഘരാ] നാ. 1. കുതിരയുടെ കഴുത്തിൽ കെട്ടുന്ന മണി; 2. അനേകം ചെറുമണികൾ കോർത്തിട്ടുള്ള ഒരു ആഭരണം, ഒരിനം അരപ്പട്ട; 3. ഒരിനം വീണ; 4. ഗങ്ഗാനദി.
ഘർഗരം [സം.ഘർഘര] നാ. 1. പിറുപിറുപ്പ്; 2. (തീ) പൊട്ടിത്തെറിക്കുന്ന ശബ്ദം; 3. മേഘഗർജനം; 4. (വണ്ടിയുടെ) കരകരാശബ്ദം; 5. ശബ്ദം (സാമാന്യം); 6. ചിരി, ആഹ്ലാദം; 7. ഉമിത്തീ; 8. മറ; 9. വാതിൽ, ഗേറ്റ്; 10. കടകോലിലുള്ള കയറുകെട്ടിയിരിക്കുന്ന തൂണ്; 11. (ശില്പ) ഒരു പ്രത്യേക മാതൃകയിലുള്ള ദേവാലയം; 12. ചുരം, മലമ്പാത; 13. മൂങ്ങ; 14. താറാവ്; 15. ഗോഗ്രനദി; 16. ഘർഘരനാദം; 17. ഒരു ഘനവാദ്യം.
ഘർഘരി [സം.ഘർഘരിൻ] നാ. 1. ആഭരണമായി ഉപയോഗിക്കുന്ന ഒരുതരം കിങ്ങിണി; 2. കിങ്ങിണികൾ കോർത്തുണ്ടാക്കിയ ഒരു ആഭരണം; 3. കുതിരയുടെ കഴുത്തിൽകെട്ടുന്ന മണി.; 4. ഒരുതരം വീണ; 5. ഗങ്ഗാനദി; 6. (സങ്ഗീ) ഒരു സ്വരം.
ഘർഘരിതം [സം.] നാ. പന്നിയുടെ ശബ്ദം.
ഘർമ [സം.ഘർമ] വി. ചൂടുള്ള.
ഘർമകാലം [സം.-കാല] നാ. ഉഷ്ണകാലം.
ഘർമഗു [സം.-ഗു] നാ. 'ചൂടുള്ള രശ്മികളോടുകൂടിയവൻ' സൂര്യൻ.
ഘർമചർച്ചിക [സം.-ചർചികാ] നാ. ചൂടുകൊണ്ടും വിയർപ്പുതാഴുന്നതുകൊണ്ടും മറ്റും ശരീരത്തിൽ ഉണ്ടാകുന്ന പൊക്കൽ.
ഘർമച്ഛേദം [സം.-ഛേദ] നാ. ചൂടില്ലാതാകൽ, ഉഷ്ണകാലത്തിൻെറ അറുതി.
ഘർമജം [സം.-ജ] നാ. 'വിയർപ്പിൽനിന്നു ജനിച്ചത്' സ്വേദജം.
ഘർമജലം [സം.-ജല] നാ. വിയർപ്പ്.
ഘർമതപ്ത [സം.-തപ്ത] വി. വിയർക്കുന്ന.
ഘർമദ [സം.-ദ] വി. ഘർമത്തെ നൽകുന്ന, ചൂടുണ്ടാക്കുന്ന.
ഘർമദീധിതി [സം.-ദീധിതി]നാ. 'ചൂടുള്ള രശ്മികളോടുകൂടിയവൻ' ഉഷ്ണകിരണൻ, സൂര്യൻ.
ഘർമപയസ്സ് [സം.-പയസ്] നാ. ഘർമജലം.
ഘർമബന്ധു [സം.-ബന്ധു] നാ. മേഘം.
ഘർമബിന്ദു [സം.-ബിന്ദു] നാ. വിയർപ്പുതുള്ളി.
ഘർമം [സം.ഘർമ] നാ. 1. ഉഷ്ണം; 2. വെയിൽ, സൂര്യപ്രകാശം; 3. വേനൽക്കാലം; 4. വിയർപ്പ്; 5. പകൽ; 6. ഉരുളി; 7. പശുവിൻപാൽ, (അശ്വികൾക്ക്) ആഹൂതിയെയ്യപ്പെടുന്ന ചൂടുള്ള പാനീയം; 8. രസം, ചാറ്.
ഘർമമാത്ര [<സം.-മാത്രാ]നാ. ചൂടളക്കുന്നതിനുള്ള ഒരു ഉപകരണം, ഉഷ്ണമാപിനി.
ഘർമമാപനി [സം.-മാപനി] നാ. = ഘർമമാത്ര.
ഘർമരശ്മി [സം.-രശ്മി] നാ. =ഘർമദീധിതി.
ഘർമവാരി [സം.-വാരി] നാ. ഘർമജലം.

ഘർമസ്വേദ [സം.-സ്വേദ] വി. ചൂടുകൊണ്ടുവിയർക്കുന്ന.
ഘർമാതപം [സം.-ആതപ]നാ. വേനൽക്കാലത്തെ വെയിൽ, വലിയചൂടുള്ള വെയിൽ.
ഘർമാന്തകാമുകി [സം.-കാമുകീ] നാ. 'ഘർമാന്തത്തെ കാമിക്കുന്നവൾ' വെള്ളി(ൽ)പ്പക്ഷി.
ഘർമാന്തം [സം.-അന്ത] നാ. 'വേനലിൻെറ അവസാനം' മഴക്കാലം.
ഘർമാംബു [സം.-അംബു]നാ. = ഘർമജലം.
ഘർമാംഭസ്സ് [സം.-അംഭസ്] നാ. = ഘർമജലം.
ഘർമാംശു [സം.-അംശു] നാ. = ഘർമദീധിതി.
ഘർമാർത്ത [സം.-ആർത] വി. ചൂടുകൊണ്ടുവലഞ്ഞ.
ഘർമിത [സം.ഘർമിത]വി. ചൂടുപിടിച്ച.
ഘർമേഷ്ടക [സം.-ഇഷ്ടകാ] നാ. യാഗത്തിനുപയോഗി ഒരുതരം ചൂടുകല്ല്.
713
ഘർമോച്ഛിഷ്ടം [സം.-ഉഛിഷ്ട] നാ. യാഗസംബന്ധമായ ഒരു ചടങ്ങ്.
ഘർമോദകം [സം.-ഉദകം] നാ. ഘർമജലം.
ഘർമോദം [സം-ഉദം] നാ. ഘർമജലം.
ഘർമ്യം [സം.ഘർമ്യ] നാ. ഘർമം (ആഹൂതിചെയ്യാനുള്ളപാൽ) തയ്യാറാക്കി വയ്ക്കുന്ന പാത്രം.
ഘർഷകൻ [സം.ഘർഷക] നാ. 'ഘർഷണം ചെയ്യുന്നവൻ' ചാണയ്ക്കുപിടിക്കുന്നവൻ, ഉരയ്ക്കുന്നവൻ, മിനുസപ്പെടുത്തുന്നവൻ.
ഘർഷണം [സം.] 1. തേപ്പ്, മിനുസപ്പെടുത്തൽ; 2. പൊടിക്കൽ, ധൂളിയാക്കൽ, ഇടിക്കൽ, ചതയ്ക്കൽ; 3. തിരുമ്മൽ, തലോടൽ; 4. ഉരസൽ.
ഘർഷണാലം [സം.] നാ. പൊടിക്കുന്നതിനുപയോഗിക്കുന്ന ഉരുളുതടിയോ കല്ലോ.
ഘർഷണീയ [സം.] വി. ഘർഷിക്കേണ്ടതായ.
ഘർഷം [സം.ഘർഷ] നാ. 1. തേപ്പ്, ഉരപ്പ്, മിനുസപ്പെടുത്തൽ; 2. പൊടിക്കൽ; 3. ഏറ്റുമുട്ടൽ.
ഘർഷവ്യദ്യുതി [സം.-വൈദ്യുതി] നാ. രണ്ടുവസ്തുക്കൾതമ്മിൽ ഉരസുമ്പോഴുണ്ടാകുന്ന വൈദ്യുതി.
ഘർഷിക്കുക [<സം.ഘൃഷ്] ക്രി. 1. തേക്കുക, തിരുമ്മുക, മിനുസപ്പെടുത്തുക, ഉരുമ്മുക; 2. പൊടിക്കുക, ചതയ്ക്കുക, ഇടിക്കുക; 3. ചാണയ്ക്കുവയ്ക്കുക.
ഘർഷിത വി. ഘർഷിക്കപ്പെട്ട.
ഘരട്ട(ക) [സം.ഘരട്ട(ക)] നാ. അരകല്ല്, തിരികല്ല്.
ഘരം[സം.ഘര] നാ. 1. വീട്; 2. കുതിര.
ഘലം [സം.ഘല] നാ. = ഘോലം.
ഘസൻ [സം.ഘസ്] നാ. 'ഭക്ഷിക്കുന്നവൻ, വിഴുങ്ങുന്നവൻ' 1. ഒരു ദുർദേവത; 2. ഒരു രാക്ഷസൻ.
ഘസനം [സം.] നാ. വിഴുങ്ങൽ, ഭക്ഷണം കഴിക്കൽ.
ഘസം [സം.ഘസ] നാ. മാംസം, ഇറച്ചി.
ഘസി [സം.] നാ. ഭക്ഷണം, ആഹാരം.
ഘസിക്കുക [<സം.ഘസ്] ക്രി. വിഴുങ്ങുക, ഭക്ഷിക്കുക.

ഘസ്മര [സം.] വി. 1. വളരെഭക്ഷിക്കുന്ന, വയറ്റാളിയായ, വിഴുങ്ങുന്ന; 2. ആഗ്രഹമുള്ള, താത്പര്യമുള്ള; 3. നശിപ്പിക്കുന്ന.
ഘസ്ര [സം.] വി. ഹിംസിക്കുന്ന.
ഘസ്രൻ [സം.] നാ. 1. ശിവൻ; 2. സൂര്യൻ.
ഘസ്രം [സം.] നാ. 1. ദിവസം, പകൽ; 2. രശ്മി, ഒളി; 3. വെയിൽ; 4. കുങ്കുമം.
ഘസ്വര [സം.<ഘസ്] വി. വളരെഭക്ഷിക്കുന്ന, വയറ്റാളിയായ.
ഘാടക [സം.] നാ. കഴുത്തിൻെറ പിൻഭാഗം, പിടലി.
ഘാടനം [സം.] നാ. (കതകിൻെറയും മറ്റും) കുറ്റി.
ഘാടം [സം.] നാ. 1. ആനകളുടെ മേൽനോട്ടം; 2. കുടം; 3. കഴുത്തിൻെറ പിൻഭാഗം, കഴുത്തും തലയും കൂടിച്ചേരുന്ന സന്ധി, പിടലി.
ഘാടരി [സം.ഘാടരീ] നാ. ഒരുതരം വീണ.
ഘാടല [സം.] വി. കഴുത്തോ മറ്റേതെങ്കിലും ഭാഗമോ ഇതരഭാഗങ്ങളെക്കാൾ ശോഷിച്ചതായ.
ഘാണപിണ്യാകം [സം.-പിണ്യാക] നാ. വരട്ടുപിണ്ണാക്ക്.
ഘാണ്ടികൻ [സം.<ഘണ്ടാ] നാ. 1. മണി അടിക്കുന്നവൻ; 2. ഈശ്വരപരമായ ഗാനങ്ങൾ മണികൊട്ടിപ്പാടി അലഞ്ഞുതിരിയുന്ന ഗായകൻ.
ഘാണ്ടികം [സം.ഘാണ്ടിക] നാ. ഉമ്മത്ത്.
ഘാത [സം.] വി. 1. ഹനിക്കുന്ന, കൊല്ലുന്ന; 2. അമങ്ഗളമായ.
ഘാതക [സം.ഘാതക(<ഹൻ)] വി. കൊല്ലുന്ന.
ഘാതകൻ [സം.] നാ. കൊല്ലുന്നവൻ, ഹനിക്കുന്നവൻ, കൊലയാളി, നശിപ്പിക്കുന്നവൻ, ദുഷ്ടൻ.
ഘാതകം [സം.] നാ. വധം, പീഡനം.
ഘാതകി [സം.] നാ. ഘാതകൻ എന്ന പദത്തിൻെറ സ്ത്രീലിങ്ഗരൂപം, കൊല്ലുന്നവൾ, ക്രൂര.
ഘാതക്രീയ [സം.-ക്രിയാ] നാ. (ഗണിത) ഒരു സങ്ഖ്യയെ അതേസങ്ഖ്യകൊണ്ടു ഒന്നോ അതിലധികമോപ്രാവശ്യം ഗുണിക്കുന്ന ക്രിയ. ഉദാ: 3-നെ മൂന്നുകൊണ്ടു 5 പ്രാവശ്യം ഗുണിക്കുന്നതിനെ അഞ്ചാം ഘാതം എന്നുപറയുന്നു.
ഘാതക്ഷേത്രം [സം.-ക്ഷേത്ര] നാ. (ഗണിത) ദീർഘചതുരം.
ഘാതചന്ദ്രൻ [സം.-ചന്ദ്ര] നാ. (ജ്യോ) മുഹൂർത്തദോഷമുള്ള രാശികളിൽ നിൽക്കുന്ന ചന്ദ്രൻ.
ഘാതതിഥി [സം.-തിഥി] നാ. അശുഭതിഥി, മങ്ഗളകരമല്ലാത്ത പക്കം.
ഘാതന [സം.] വീ. കൊല്ലുന്ന.
ഘാതനക്ഷത്രം [സം.] നാ. (ജ്യോ) അശുഭനക്ഷത്രം.
ഘാതനൻ [സം.ഘാതന] നാ. കൊല്ലുന്നവൻ, കൊലപാതകി.
ഘാതനം [സം.] നാ. 1. കൊല, ഹനനം; 2. ബലിയർപ്പിക്കൽ; 3. കൃപാണംകൊണ്ടോ മുദ്ഗരംകൊണ്ടോ ഉള്ള ഒരുതരം പ്രയോഗം.
ഘാതനി [സം.ഘാതനീ] നാ. ഒരുതരം ഗത.
ഘാതപക്ഷി [സം.-പക്ഷിൻ] നാ. പരുന്ത്.
ഘാതം [സം.ഘാത(<ഹൻ)] നാ. 1. അടി, ഇടി, ചതവ്, മർദനം; 2. കൊല, കശാപ്പ്; 3. മുറിവേൽപ്പിക്കൽ, ഹാനിവരുത്തൽ, പീഡനം, ആക്രമണം; 4.

നാമാവശേഷമാക്കൽ, നിർമൂലമാക്കൽ; 5. മരണശിക്ഷ; 6. ശക്തി; 7. (ഗണിത) ഗുണനഫലം, പെരുക്കം; 8. (ഗണിത) ഒരു ബീജത്തെ അതേ ബീജംകൊണ്ട് ഒന്നോ അതിലധികമോ പ്രാവശ്യം ഗുണിച്ചുകിട്ടിയ ഫലം; 9. അമ്പു; 10. (ജ്യോ) പ്രവേശനം; 11. കാതം; 12. ഗദകൊണ്ടുള്ള ഒരു പ്രയോഗവിശേഷം.
ഘാതവാരം [സം.-വാര] നാ. (ജ്യോ) അശുഭദിനം.
ഘാതസ്ഥാനം [സം.-സ്ഥാന] നാ. 1. വധസ്ഥലം; 2. കശാപ്പുശാല.
ഘാതി [സം.ഘാതിൻ] വി. സമാസത്തിൽപ്രയോഗം 1. അടിക്കുന്ന, കൊല്ലുന്ന; 2. നശിപ്പിക്കുന്ന, ഇല്ലാതാക്കുന്ന; 3. പക്ഷികളെ വേട്ടയാടുന്ന.
ഘാതി [സം.] നാ. 1. അടി; 2. കൊല; 3. മുറിവ്; 4. പക്ഷിപിടുത്തം, പക്ഷികളെകൊല്ലൽ; 5. പക്ഷികളെകുടുക്കിപ്പിടിക്കുന്ന കെണി.
ഘാതിനി [സം.ഘാതിനീ] നാ. ഹനിക്കുന്നവൾ.
ഘാതുക [സം.] വി. 1. ഘാതക; 2. നാശം ചെയ്യുന്ന; 3. ക്രൂരതയുള്ള, വഞ്ചിക്കുന്ന.
ഘാതുകൻ [സം.ഘാതുക] നാ. ഘാതകൻ.
ഘാത്യ [സം.] വി. ഹനിക്കപ്പെടേണ്ടതായ, കൊല്ലപ്പെടേണ്ടതായ.
ഘാർത്തികം [സം.ഘാർതിക] നാ. 'ഘൃതംകൊണ്ടുണ്ടാക്കിയത്' ഒരുതരം പലഹാരം.
ഘാരം [സം.ഘാര<ഘൃ] നാ. തളിയ്ക്കൽ, സേചനം, നനയ്ക്കൽ.
ഘാസകുന്ദം [സം.ഘാസ-കുന്ദ] നാ. മേച്ചിൽസ്ഥലം.
ഘാസകൂടം [സം.-കൂട] നാ. വയ്ക്കോൽത്തുറു.
ഘാസം [സം.] നാ. 1. പുല്ല്, പൈമ്പുല്ല്, വയ്ക്കോൽ; 2. മേച്ചിൽസ്ഥലം, പുൽത്തകിടി; 3. അന്നം, ആഹാരസാധനം; 4. പയറ്
ഘാസസ്ഥാനം [സം.-സ്ഥാന] നാ. ഘാസകുന്ദം.
ഘാസി1 [സം.] 1. അന്നം, ആഹാരം; 2. പുല്ല്; 3. അഗ്നി.
ഘാസി2 [സം.] നാ. = കാസി2
ഘുകം [സം.ഘുക] നാ. അഗ്നി.
ഘുഘു [സം.] നാ. 'ഘു ഘു എന്ന ശബ്ദം' (ശബ്ദാനു) പ്രാവിൻെറ ശബ്ദം.
ഘുടം [സം.ഘുട്] നാ. നരിയാണി.
ഘുടി [സം.ഘുടി] നാ. ഘുടം.
ഘുടിക [സം.ഘുടികാ] നാ. 1. ഘുടം; 2. ഗുളിക, ഉണ്ട; 3. ജപമാല (ഘടികേന്നു കേരളപാഠം); 4. എഴുതാനുപയോഗിക്കുന്ന ചോക്ക്.
ഘുണക്ഷത [സം.ഘുണ-ക്ഷത] വി. കീടം തുളച്ച, ഉളുത്ത (തടി)
ഘുണജഗ്ധ [സം.-ജഗ്ധ] വി. കീടംഭക്ഷിച്ച, പുഴുതിന്ന.
ഘുണജർജര [സം.-ജർജര] വി. = ഘുണജഗ്ധ.
ഘുണപ്രിയ [സം.-പ്രിയാ] നാ. 'ഘുണങ്ങൾക്ക്പ്രിയപ്പെട്ടത്' 1. ചെറിയദന്തി; 2. അതിവിടയം.
ഘുണം [സം.] നാ. ഉണങ്ങി ദ്രവിച്ചതടിയിൽ കാണപ്പെടുന്ന ഒരുതരം കീടം.
ഘുണവല്ലഭ [സം.-വല്ലഭാ] നാ. 1. ഘുണപ്രിയ; 2. ഇലവ്.
ഘുണാക്ഷരം [സം.-അക്ഷര] നാ. ഓലയിലോ തടിയിലോ അക്ഷരത്തിൻെറ രൂപത്തിൽ കീടങ്ങൾ തുളച്ചുണ്ടാക്കുന്ന രൂപം.

ഘുണിത [സം.] വി. 1. ചുരുട്ടപ്പെട്ട; 2. സ്വീകരിക്കപ്പെട്ട, മനസ്സിലാക്കപ്പെട്ട.
ഘുണ്ടം [സം.ഘുണ്ട] നാ. നരിയാണി.
ഘുണ്ഡം [സം.ഘുണ്ഡ] നാ. വണ്ട്.
ഘുമഘുമ [സം.ഘുമുഘുമാ] അവ്യ. (ശബ്ദാനു) ഘുമഘുമ എന്ന ശബ്ദം.
ഘുർഘുരം [സം.] നാ. 1. ത്വക്കിലുണ്ടാകുന്ന ഒരുതരം കൃമി; 2. ഞാഞ്ഞൂൽ; 3. ചീവീട്; 4. മുരളൽ, മുറുമുറുപ്പ്.
ഘുരണം [സംഘുരണ] നാ. ശബ്ദം.
ഘുരി [സം.ഘുരീ] നാ. മൂക്കിലെദ്വാരം.
ഘുരിക [സം.ഘുരികാ] നാ. ചീറുന്ന ശബ്ദം, ചീറ്റൽ.
ഘുരിതം [സം.] നാ. 1. ശബ്ദം; 2. കൂർക്കം; 3. മുരൾച്ച; 4. കരച്ചിൽ.
ഘുലഞ്ചം [സം.] നാ. കാട്ടുഗോതമ്പ്.
ഘുഷിത [സം<ഘുഷ്] വി. ഘോഷിക്കപ്പെട്ട, വിളംബരംചെയ്യപ്പെട്ട, പ്രഖ്യാപിക്കപ്പെട്ട.
ഘുഷ്ട [സം.] വി. ഘുഷിത.
ഘുഷ്ടാന്നം [സം.-അന്ന] നാ. വിളംബരംചെയ്തുനടത്തുന്ന ഊട്ട്.
ഘുഷ്യ [സം.] വി. ഘോഷിക്കേണ്ടതായ.
ഘുഷ്യൻ [സം.] നാ. ശിവൻ.
ഘുസൃണം [സം.] നാ. കുങ്കുമം.
ഘൂകനാദിനി [സം.ഘൂക-നാദിനീ] നാ. ഗങ്ഗാനദി.
ഘൂകം [സം.ഘൂക] നാ. 'ഘൂഎന്നുശബ്ദിക്കുന്നത്' മൂങ്ങ.
ഘൂകാരി [സം.-അരി] നാ. 'മൂങ്ങയുടെ വൈരി' കാക്ക.
ഘൂകാവാസം [സം-ആവാസ] നാ. ശാഖോടവൃക്ഷം (പരുവമരം)
ഘൂത്ക്കാരം [സം.ഘൂത്-കാര] നാ. 1. (മൂങ്ങയുടെ) മൂളൽ; 2. കിതയ്ക്കൽ, ദീർഘനിശ്വാസം പൊഴിക്കൽ.
ഘൂർണ [സം.] വി. ചുഴലുന്ന, ചുറ്റിക്കറങ്ങുന്ന, ഇളകിമറിയുന്ന, അങ്ങോട്ടുമിങ്ങോട്ടും ചലിക്കുന്ന.
ഘൂർണന [സം.-നാ] നാ. = ഘൂർണം.
ഘൂർണനം [സം.-ന] നാ. = ഘൂർണം
ഘൂർണം [സം.] നാ. 1. ചുഴൽച്ച, ചുറ്റിക്കറങ്ങൽ, ഇളക്കം, ഇടർച്ച, കറങ്ങൽ; 2. വേനൽപ്പച്ച.
ഘൂർണവായു [സം.-വായൂ] നാ. ചുഴലിക്കാറ്റ്.
ഘൂർണായമാന [സം.] വി. ചുഴലുന്ന, ചുറ്റിക്കറങ്ങുന്ന, ഇളകിമറിയുന്ന, അങ്ങോട്ടുമിങ്ങോട്ടും ചലിക്കുന്ന.
ഘൂർണി [സം.] നാ. ചുറ്റൽ, ഭ്രമണം.
ഘൂർണികാവാതം [സം.-വാത] നാ. = ഘൂർണവായു.
ഘൂർണിത [സം.] വി. കറക്കപ്പെട്ട, ഇളക്കപ്പെട്ട, ചുഴറ്റപ്പെട്ട.
ഘൂർണിതൻ [സം.] നാ. ഉറക്കംതൂങ്ങുന്നവൻ, ഉണർച്ചയില്ലാത്തവൻ.
ഘൃണ [സം.] നാ. 1. ദയ, കരുണ, സഹതാപം; 2. വെറുപ്പ്, നിന്ദ; 3. ഭയം; 4. ലജ്ജ; 5. രോഷം; 6. തണ്ണിമത്തൻ.
ഘൃണനിധി [സം.-നിധി] നാ. ഗങ്ഗാനദി.
ഘൃണം [സം.-ണം] നാ. 1. ഉഷ്ണം; 2. വെയിൽ; 3. പകൽ.

ഘൃണാകര [സം.-ആകര] വി. 'ഘൃണയ്ക്ക് ഇരിപ്പിടമായ' ദയയുള്ള.

ഘൃണാചക്ഷുസ്സ് [സം.] നാ. 1. ദയയോടെനോക്കുന്ന ആൾ; 2. വെറുപ്പോടെനോക്കുന്ന ആൾ.

ഘൃണാർച്ചിസ്സ് [സം.-അർചിസ്] നാ. 'ഉഷ്ണരശ്മിയുള്ള' അഗ്നി.

ഘൃണാലു [സം.] ദയാലു.

ഘൃണി [സം.] നാ. 1. രശ്മി; 2. പകൽ; 3. ചൂട്, വെയിൽ; 4. സൂര്യൻ; 5. ജ്വാല; 6. തിര; 7. ജലം; 8. കോപം; 9. ശോഭ; 10. ദയ; 11. പന്നി.

ഘൃണിത [സം] വി. 1. കരുണകാണിക്കപ്പെട്ട; 2. നിന്ദിക്കപ്പെട്ട; 3. ശകാരിക്കപ്പെട്ട.

ഘൃണിനി [സം.] നാ. ഒരു സൂര്യദേവത.

ഘൃണിനിധി [സം.] നാ. 1. സൂര്യൻ; 2. ഗങ്ഗാനദി.

ഘൃണിമാൻ [സം.-<മത്] നാ. സൂര്യൻ.

ഘൃണീവത്ത് [സം.-വത്] നാ. ജ്വലിക്കുന്നത്, ശോഭിക്കുന്നത്.

ഘൃത [സം.] വി. 1. പ്രകാശിപ്പിക്കപ്പെട്ട; 2. തളിക്കപ്പെട്ട.

ഘൃതകരഞ്ജം [സം.-കരഞ്ജ] നാ. ഒരിനം കരഞ്ജവൃക്ഷം.

ഘൃതകുംഭം [സം.-കുംഭ] നാ. നെയ്ക്കുടം.

ഘൃതകേശൻ [സം.-കേശ] നാ. അഗ്നി.

ഘൃതതടിനി [സം.-തടിനി] നാ. നെയ്യാറ് (സംസ്കൃതീകൃതരൂപം)

ഘൃതധാര [സം.-ധാരാ] നാ. 1. നെയ്യഭിഷേകം; 2. ഒരു ചികിത്സാരീതി; 3. ഒരു നദി.

ഘൃതധേനു [സം.-ധേനു] നാ. പത്തുവിധം ധേനുദാനം ഉള്ളതിൽ ഒന്ന്.

ഘൃതപക്വ [സം.പക്വ] നാ. നെയ്യിൽ പാകംചെയ്ത.

ഘൃതപദി [സം.-പദി] നാ. ഇളാദേവി.

ഘൃതപന്മാർ [സം.പാ:<പിബ്] നാ. ഋഷിമാരിൽ ഒരുവിഭാഗം.

ഘൃതപശു [സം.-പശു] നാ. 1. നെയ്യുകൊണ്ടുണ്ടാക്കിയ പശുരൂപം; 2. യാഗങ്ങളിൽ പശുവിനുപകരം വയ്ക്കുന്ന നെയ്യ്.

ഘൃതപാകം [സം.-പാക] നാ. ഒരു ഔഷധം.

ഘൃതപൂരം [സം.-പൂര] നാ. 1. ഒരു പലഹാരം; 2. ഉങ്ങുമരം.

ഘൃതപൃഷ്ഠൻ [സം.-പൃഷ്ഠ] നാ. അഗ്നി.

ഘൃതപ്രതീക [സം.-പ്രതീകാ] നാ. ഉഷസ്സ്.

715

ഘൃതപ്രതീകൻ [സം.] നാ. അഗ്നി.

ഘൃതപ്രയസ്സ് [സം.-പ്രയസ്]നാ. അഗ്നി.

ഘൃതപ്രാശൻ [സം.] നാ. ഘൃതംഭക്ഷിക്കുന്നവൻ.

ഘൃതപ്രാശനം [സം.-പ്രാശന] നാ. ഘൃതപ്രാശം.

ഘൃതപ്രാശം [സം.-പ്രാശ] നാ. നെയ്യ്ഭക്ഷിക്കൽ.

ഘൃതം [സം.] നാ. 1. നെയ്യ്; 2. ഔഷധങ്ങൾ ചേർത്തുകാച്ചിയനെയ്യ്; 3. എണ്ണ; 4. പാട; 5. ജലം; 6. അമൃതം.

ഘൃതമണ്ഡം [സം.] നാ. വെണ്ണഉരുക്കുമ്പോഴുണ്ടാകുന്ന പാട.

ഘൃതമേരു [സം.-മേരു] നാ. മേരുദാനം പത്തുതരമുള്ളതിൽ ഒന്ന്.

ഘൃതയാജ്യ [സം.-യാജ്യ] നാ. ഒരു മന്ത്രം.

ഘൃതയോനി [സം.–യോനി] നാ. അഗ്നി.

ഘൃതലേഖനി [സം.–ലേഖനീ] നാ. നെയ്ക്കരണ്ടി.

ഘൃതവത് [സം.–വത്] വി. നെയ്യ്ചേർത്ത, കൊഴുപ്പുള്ള.

ഘൃതവർത്തി [സം.–വർതി] നാ. നെയ്ത്തിരി.

ഘൃതവരം [സം.–വര] നാ. ഒരിനം പലഹാരം.

ഘൃതവിക്രയി [സം.–വിക്രയിൻ] നാ. നെയ്വിൽപ്പനക്കാരൻ.

ഘൃതസമുദ്രം [സം.–സമുദ്ര] നാ. നെയ്ക്കടൽ.

ഘൃതസ്ഥല [സം.–സ്ഥലാ] നാ. ഒരു അപ്സരസ്സ്.

ഘൃതഹേതു [സം.–ഹേതു] നാ. വെണ്ണ.

ഘൃതഹോമം [സം.–ഹോമ] നാ. ഘൃതംകൊണ്ടുള്ളഹോമം.

ഘൃതാക്ത [സം.–അക്ത<അഞ്ജ്] വി. ഘൃതം പുരട്ടിയ.

ഘൃതാചി [സം.–ചീ] വി. 1. നെയ്യുള്ളത്; 2. പ്രകാശിക്കുന്ന; 3. ജലമുള്ള.

ഘൃതാചി [സം.] നാ. 1. സ്വർഗം; 2. പേരേലം; 3. സരസ്വതി; 4. ഒരു അപ്സരസ്സ്.

ഘൃതാനുഷിക്ത [സം.–അനു–സിക്ത] വി. ഘൃതംതളിച്ച.

ഘൃതാന്നൻ [സം.–അന്ന] നാ. 1. അഗ്നി; 2. മിത്രൻ; 3. വരുണൻ.

ഘൃതാന്നം [സം.] നാ. നെയ്ച്ചോറ്.

ഘൃതാംഭ്ധി [സം.–അംബുധി] നാ. നെയ്ക്കടൽ.

ഘൃതാർച്ചിസ്സ് [സം.–അർചിസ്] നാ. അഗ്നി.

ഘൃതാഹവനൻ [സം.–ആഹവന] നാ. 1. അഗ്നി; 2. മിത്രൻ; 3. വരുണൻ; 4. ഇന്ദ്രൻ; 5. വിഷ്ണു.

ഘൃതാഹുതി [സം.–ആഹൂതി] നാ. ഘൃതഹോമം.

ഘൃതി [സം.ഘൃതിൻ]വി. ഘൃതം ചേർന്ന.

ഘൃതി [സം.] നാ. ഘൃതം മാത്രം ഭക്ഷിക്കുന്നവൻ.

ഘൃതേളി [സം.ഘൃതേലീ] നാ. പാറ്റ.

ഘൃതോത്ഥൻ [സം.ഘൃത്–ഉത്ഥ] നാ. അഗ്നി.

ഘൃതോദം [സം.–ഉദ] നാ. ഘൃതസമുദ്രം.

ഘൃതൗദനം [സം.ഓദന] നാ. നെയ്യ്ച്ചോറ്.

ഘൃഷ്ട [സം.<ഘൃഷ്] വി. ഘർഷിക്കപ്പെട്ട.

ഘൃഷ്ടി [സം.] നാ. 1. പന്നി; 2. തേപ്പ്; 3. മത്സരം; 4. രശ്മി; 5. ശോഭ; 6. ബ്രഹ്മി; 7. മലയമുക്കി.

ഘേരണ്ഡസംഹിത [സം.–സംഹിതാ] നാ. ഒരു ഗ്രന്ഥം.

ഘേരാവോ [ഹി.] നാ. വളഞ്ഞുവയ്ക്കൽ.

ഘോടകം [സം.] നാ. 1. കുതിര; 2. അശ്വതിനക്ഷത്രം.

ഘോടകശാല [സം.–ശാലാ] നാ. കുതിരാലയം.

ഘോടകാവാസം [സം.–ആവാസ] നാ. ഘോടകശാല.

ഘോടം [സം.] നാ. 1. കുതിര; 2. താടിമീശ.

ഘോടി [സം.–ഘോടീ] നാ. 1. കുതിര; 2. പെൺകുതിര.

ഘോടിക [സം–ഘോടികാ] നാ. 1. ഘോടി; 2. കക്കരി.

ഘോണ [സം.–ണാ] നാ. 1 മൂക്ക്; 2. വണ്ടിച്ചക്രത്തിൻെറ മധ്യത്തിലുള്ള കുടം.

ഘോണാന്തഭേദനം [സം.] നാ. പന്നി.
ഘോണി [സം.-ണീ] നാ. പന്നി.
ഘോണികം [സം.] നാ. ഒരുഹസ്തമുദ്ര.
ഘോണീമുഖം [സം.-മുഖ] നാ. ഒരു നരകം.
ഘോര1 [സം.] വി. ഭയങ്കരമായ.
ഘോര2 [സം.] നാ. 1. രാത്രി; 2. ദേവതാളി; 3. ചൊവ്വാഴ്ച വരുന്ന സങ്ക്രാന്തി; 4. ബുധൻെറ ഏഴുഗതികളിൽ ഒന്ന്.
ഘോരകം [സം.] നാ. പ്രാചീനഭാരതത്തിലെ ഒരു ജനപദം.
ഘോരഘുഷ്ടം [സം.-ഘുഷ്ട] നാ. വെള്ളോട്.
ഘോരഘോരം [സം.-ഘോര] വി. ഏറ്റവും ഭയങ്കരമായ, വളരെ കഠിനമായ.
ഘോരത [സം.-താ] നാ. ഘോരമായിരിക്കുന്ന അവസ്ഥ.
ഘോരതര [സം.-തര] വി. വളരെ ഭീകരമായ, കൂടുതൽ ഭയങ്കരമായ.
ഘോരതരൻ [സം.-തര] നാ. ശിവൻ.
ഘോരത്വം [സം.-ത്വ] നാ. ഘോരത.
ഘോരദർശന [സം.-ദർശന] വി. കാഴ്ചയ്ക്കുഭയംതോന്നുന്ന.
ഘോരദർശനം [സം.] നാ. 1. മൂങ്ങ; 2. ചെറുപുലി; 3. കടുവാ.
ഘോരൻ [സം.] നാ. 1. ഭയങ്കരൻ; 2. ശിവൻ; 3. ഒരു ഋഷി.
ഘോരപുഷ്പം [സം.-പുഷ്പ] നാ. വെള്ളോട്.
ഘോരം [സം.] നാ. 1. ക്രൂരകർമം; 2. മന്ത്രം; 3. കുങ്കുമം; 4. വിഷം.
ഘോരരൂപൻ [സം.] നാ. ശിവൻ.
ഘോരസത്ത്വം [സം.-സത്ത്വ] നാ. ഘോരമായ രൂപഭാവങ്ങളോടു കൂടിയത്.
ഘോരഹാസ്യം [സം.-ഹാസ്യ] നാ. ഉച്ചത്തിലുള്ളചിരി.
ഘോരഹൃദയൻ [സം.-ഹൃദയ] നാ. 1. ക്രൂരഹൃദയമുള്ളവൻ; 2. ശിവൻ.
ഘോരാട്ടഹാസം [സം.-ആട്ടഹാസ] നാ. വളരെഉച്ചത്തിലുള്ള ചിരി.
ഘോരാതിഘോര [സം.-അതിഘോര] നാ. ഒരു നരകം.
ഘോരിക [സം.] നാ. ചീറ്റൽ.
ഘോരിതം [സം.] നാ. ചീറ്റൽ.
ഘോല, -ലി(ക) സം.] നാ. ഗോളിച്ചീര.
ഘോലജം [സം.-ജ] നാ. നെയ്യ്.
ഘോലം [സം.] നാ. 1. മാര്; 2. നാലിലൊന്നുവെള്ളം ചേർന്നമോര്; 3. പൊട്ടിയകുടത്തിൻെറ കഷണം.
ഘോഷ1 [സം.] വി. 1. ഉച്ചത്തിൽ ശബ്ദമുള്ള; 2. വിളംബരംചെയ്യുന്ന; 3. ഇടയന്മാരുള്ള.
ഘോഷം2 [പേർ] നാ. സ്ത്രീകൽ മുഖം മറയ്ക്കുന്ന ആചാരം.
ഘോഷകൻ [സം.] നാ. വിളിച്ചുപറയുന്നവൻ.
ഘോഷകൃത്ത് [സം.-കൃത്] നാ. ശബ്ദമുണ്ടാക്കുന്നവൻ.
ഘോഷഗൃഹം [സം.-ഗൃഹ] നാ. ഇടയക്കുടിൽ.
ഘോഷണം [സം.] നാ. 1. ഉച്ചത്തിലുള്ളപറച്ചിൽ; 2. പ്രഖ്യാപനം.
ഘോഷണീയ [സം.] വി. ഘോഷിക്കത്തക്ക.
ഘോഷതന്ത്രി [സം.-തന്ത്രീ] നാ. ധ്വനിതന്ത്രി.
ഘോഷൻ [സം.] നാ. 1. ഇടയൻ; 2. ശിവൻ; 3. രാജാവ്.

ഘോഷം [സം.] നാ. 1. ഉച്ചത്തിലുള്ളശബ്ദം; 2. ആഡംബരം; 3. കേട്ടുകേൾവി; 4. വിളംബരം; 5. ഇടയഗ്രാമം; 6. തൊഴുത്ത്; 7. കൊതുക്; 8. പീച്ചിൽ; 9. വെള്ളോട്; 10. തീരം, തടം.
ഘോഷയാത്ര [സം.-യാത്രാ] നാ. 1. ഘോഷത്തോടുകൂടിയ യാത്ര; 2. ഘോഷത്തിലേക്ക് (ഇടയക്കുടിയിലേക്കുള്ള)യാത്ര.
ഘോഷവതി [സം.-വതീ] നാ. ഒരുവീണ (ഉദയനരാജാവ് ഉപയോഗിച്ചിരുന്നത്.)
ഘോഷവത്ത് [സം.-വത്] നാ. 1. ശബ്ദിക്കുന്നത്; 2. ഘോഷാക്ഷരം.
ഘോഷവർണം [സം.-വർണ] നാ. ഘോഷാക്ഷരം.
ഘോഷവസു [സം.-വസു] നാ. രാജാവ്.
ഘോഷാക്ഷരം [സം.-അക്ഷര] നാ. ഓരോവർഗത്തിലേയും നാലാമത്തെ അക്ഷരം.
ഘോഷാസ്ത്രീ [പേർ] നാ. ഘോഷ ആചരിക്കുന്ന സ്ത്രീ.
ഘോഷി [സം.] നാ. 1. ഉച്ചത്തിൽ ശബ്ദിക്കുന്നത്; 2. (വ്യാക) നാദിയായ ഹ എന്ന വ്യഞ്ജനം.
ഘോഷിക്കുക [<സം.ഘോഷ] ക്രി. 1. ശബ്ദിക്കുക; 2. വിളംബരംചെയ്യുക; 3. പുകഴ്ത്തുക; 4. ആഘോഷിക്കുക.
ഘോഷിണി [സം.-ണീ] നാ. പ്രണവത്തിൻെറ പന്ത്രണ്ടു മാത്രകളിലൊന്ന്.
ഘോഷിത [സം.] വി. ഘോഷിക്കപ്പെട്ട.
ഘോഷ്ടാവ് [സം.ഘോഷ്ടൃ] നാ. ഘോഷകൻ.
ഘ്ന [സം.] വി. 1. കൊല്ലുന്ന; 2. നശിപ്പിക്കുന്ന.
ഘ്രാ [സം.] നാ. 1. മണപ്പിക്കൽ; 2. ചുംബിക്കൽ.
ഘ്രാണം [സം.] നാ. 1. മണപ്പിക്കൽ; 2. മണം; 3. മൂക്ക്.
ഘ്രാണചക്ഷുസ്സ് [സം.] നാ. കുരുടൻ.
ഘ്രാണതർപ്പണം [സം.-തർപണ] നാ. സുഗന്ധം.
ഘ്രാണപുടക [സം.-പുടക] നാ. നാസാരന്ധ്രം.
ഘ്രാണബിലം [സം.-ബില] നാ. ഘ്രാണപുടക.
ഘ്രാണശ്രോത്രൻ [സം.] നാ. ഘ്രാണശ്രവസ്സ്.
ഘ്രാണിക്കുക [<സം.ഘ്രാ] ക്രി. 1. മണക്കുക, മണംപിടിക്കുക; 2. ചുംബിക്കുക.
ഘ്രാണേന്ദ്രിയം [സം.] നാ. മണക്കുന്നതിനുള്ള ഇന്ദ്രിയം, മൂക്ക്.
ഘ്രാത [സം.<ഘ്രാ] വി. ഘ്രാണിക്കപ്പെട്ട.
ഘ്രാതവ്യ [സം.] വി. ഘ്രണിക്കേണ്ട, മണക്കത്തക്ക.
ഘ്രാതവ്യം [സം.] നാ. ഗന്ധം.
ഘ്രാതാവ് [സം.ഘ്രാതൃ] നാ. ഘ്രാണിക്കുന്നവൻ.(സ്ത്രീ) ഘ്രാത്രി.
ഘ്രാതി [സം.] നാ. 1. മണപ്പിക്കൽ; 2. മണം; 3. മൂക്ക്.
ഘ്രേയം [സം.<ഘ്രാ] നാ. ഗന്ധം.

## ങ

ങ [ങ്-അ] അക്ഷരമാലയിലെ അഞ്ചാമത്തെ വ്യഞ്ജനം. 'ക' വർഗത്തിൻെറ അനുനാസികം. ഈ അക്ഷരത്തിൽ തുടങ്ങുന്ന വാക്കുകൾ ഭാഷയിൽ പ്രയോഗത്തിലില്ല.

ങകാരം [സം.ങ–കാര] നാ. ‘ങ്’ എന്ന അക്ഷരം.

ങൻ [സം.ങ] നാ. 1. ശിവൻ; 2. ഭൈരവൻ.

ങനം [സം.] പ്രകാരം മാതിരി എന്നീ അർഥങ്ങൾകുറിക്കുന്ന ഒരു പ്രത്യയം. ചുട്ടെഴുത്തുകളോടുചേർത്തു പ്രയോഗം.

ങം [സം.ങ] നാ. 1. ഇന്ദ്രിയവിഷയം; 2. ആഗ്രഹം.

ങാനം [സം.] നാ. ‘ങ’കാരം, ‘ങ’ എന്ന അക്ഷരം.

ങു1 [സം.] (വ്യാക) ദിഗ്വാചിയായ ഒരു തദ്ധിതപ്രത്യയം. ‘കു’ എന്നതിൻെറ അനുനാസികാദേശംകൊണ്ട് ‘ങ്’ എന്ന വ്യഞ്ജനാംശം ഇരട്ടിച്ച് ‘ങ്ങ്’ എന്ന് രൂപസിദ്ധി. ചുട്ടെഴുത്തുകളോടുചേർത്ത് അങ്ങ്, ഇങ്ങ് എങ്ങ് ഇത്യാദിപ്രയോഗം. ‘കു4’ നോക്കുക.

ങു2 [സം.] (വ്യാക0 ധാതുക്കളോടു രൂപസിദ്ധിക്കുവേണ്ടിച്ചേർക്കുന്ന ഒരു അങ്ഗപ്രത്യയം.

ങുത [സം.<ങു] വി. ശബ്ദിക്കപ്പെട്ട.

ങുതം [സം.<ങു] നാ. ശബ്ദം.

## ച

ച1 [ച്–അ] മലയാള അക്ഷരമാലയിലെ ആറാമത്തെ വ്യഞ്ജനം, ചവർഗത്തിലെ ആദ്യത്തെ അക്ഷരം, താലവ്യഖരം. സംസ്കൃതത്തിലും മിക്ക ഭാരതീയഭാഷകളിലും ‘ച’ തന്നെ ആറാമത്തെ വ്യഞ്ജനം. തമിഴിൽ മൂന്നാമത്തേത്.

ച2 (വ്യാക) ഒരു കൃതികൃത് പ്രത്യയം (ര, ല, ള, ഴ എന്നീ വെർണങ്ങളിൽ അവസാനിക്കുന്ന ധാതുക്കളോടാണ് പ്രായേണ ഈ പ്രത്യയം ചേരുന്നത്.)

ച3 [സം.] അവ്യ. ഉം,തന്നെ,പോലും, നിശ്ചയമായി,വിശേഷിച്ചും,എങ്കിലും,കൂടെ,എന്നാൽ,നേരെമറിച്ച്,അന്യോന്യം,ഹേതുവായി,തുല്യമായി എന്നിത്യാദി അർഥങ്ങളിൽ പ്രയോഗം (പാദപൂരകമായും മണിപ്രവാളകൃതികളിൽ കാണാം)

ച4 നാ. (ജ്യോ) പരൽപ്പേരുപ്രകാരം ആറ് എന്ന സങ്ഖ്യയെ കുറിക്കുന്ന അക്ഷരം ‘കടപയാദി’ ‘അക്ഷരസങ്ഖ്യ’ എന്നിവ നോക്കുക.

ചകട1 [സം.ശകട] നാ. ഒരിനം മരക്കപ്പി, കിണറ്റിൽനിന്നു വെള്ളം കോരുന്നതിന് ഉപയോഗിക്കുന്ന ചാട്.

ചകട2 നാ. 1. ഒരിനം വലിയ ചർമവാദ്യം, മുരശ്; 2. ശവസംസ്കാരച്ചടങ്ങിൽ ഊതുന്ന ഒരു വാദ്യം.

ചകടം [പ.മ.] നാ. വണ്ടി, ചാട്.

ചകട്1 നാ. ഒരളവ്, ആഴക്കിൻെറ പകുതി.

ചകട്2 [സം.ശകട] നാ. 1. വണ്ടി; 2. രോഹിണിനക്ഷത്രം.

ചകണി നാ. ചക്കച്ചുളകളുടെ ഇടയിൽ കാണുന്ന പരന്ന നാര് (പേട്ടുചുള). ചകണിച്ചക്ക = ചുളകുറഞ്ഞതും ധാരാളം ചകണിയുള്ളതുമായ ചക്ക. ചകണിവിര = നാടവിര (ചകണിയുടെ ആകൃതിയിൽ ഉള്ളതിനാൽ).

ചകരി,ചകിരി നാ. 1. തേങ്ങയുടെ തൊണ്ടിനുള്ളിൽ ചിരട്ടയെ പൊതിഞ്ഞിരിക്കുന്ന നാര് (ഈ നാര് പിരിച്ചു കയറുണ്ടാക്കുന്നു); 2. തേങ്ങയുടെതൊണ്ട്; 3. മാമ്പഴത്തിലേയും മറ്റും നാര് (മറ്റുചില ഭക്ഷ്യവസ്തുക്കളിലുള്ള നാരിനെ കുറിക്കാനുള്ള പ്രയോഗം).

ചകരിക്കണ്ണി നാ. കുശവൻെറ ചക്രം.
ചകരിക്കൂഴം നാ. ചകരിപ്പൊടി.
ചകരിച്ചോറ് നാ. ചകരിനാരുകൾക്കിടയിൽ പറ്റിയിരിക്കുന്ന മൃദുവായ പദാർഥം.
ചകരിപ്പൊടി നാ. 1. കയർപിരിക്കാൻപറ്റാത്ത ചെറിയ ചകരി, ചകരി താറ്റിക്കുടഞ്ഞെടുക്കുമ്പോൾ തറയിൽശേഷിക്കുന്നത്; 2. ചകരിച്ചോറ്.
ചകരിപ്പോള നാ. തേങ്ങാത്തൊണ്ടിൻെറ പുറംതൊലി (തൊണ്ടല്ലി ചകരിയാക്കുന്നതിനുമുമ്പ് ഉരിച്ചുകളയുന്ന ഭാഗം).
ചകലാസ്സ് [പോർ നാ. ഒരുതരം കമ്പിളിത്തുണി (മുഖ്യമായും കടും ചുവപ്പുനിറം).
ചകാര [സം.< കൃ] ക്രി. ചെയ്തു, ആക്കിത്തീർത്തു.
ചകാരം [സം.ച-കാര] നാ. 'ച' എന്ന അക്ഷരം.
ചകാശേ [സം.< കാശ്] ക്രി. പ്രകാശിച്ചു.
ചകാസിത [സം.] വി. പ്രകാശമുള്ള.
ചകിത1 [സം.< ചക്] വി. വിറയ്ക്കുന്ന, ഭയപ്പെട്ട, ഭീരുത്വമുള്ള, ആശങ്കയുള്ള.
ചകിത2 [സം.ചകിതാ] നാ. ഒരുപാദത്തിൽ പതിനാറക്ഷരമുള്ള ഒരു സംസ്കൃതവൃത്തം.
ചകിതൻ [സം.ചകിത] നാ. ഭയന്നവൻ, ഭീരു, ഭയംകൊണ്ട് വിറയ്ക്കുന്നവൻ.
ചകിതം [സം.] അവ്യ. ഭയത്തോടുകൂടി.
ചകിതം [സം.] നാ. 1. (ഭയംകൊണ്ടുള്ള) വിറയൽ, ഭീരുത; 2. (നാട്യ) നായികമാരുടെ സാത്വികഭാവപ്രകാശനങ്ങളിൽ ഒന്ന്, നായകൻെറ സാന്നിധ്യത്തിൽ നായികയ്ക്കുണ്ടാകുന്ന ഭീതിയും വിറയലും കലർന്നഭാവം.
ചകിരി നാ. = ചകരി.
ചകോര(ക)ം [സം.ചകോര] നാ. ഉപ്പൻ, ചെമ്പോത്ത് (ചക്രവാകപ്പക്ഷിയെ കുറിക്കാനും പ്രയോകം).
ചകോരാക്ഷി [സം.-അക്ഷി] നാ. 'ചകോരത്തിൻെറതുപോലുള്ള കണ്ണോടുകൂടിയവൾ' സുന്ദരി.
ചകോരാസനം [സം.-ആസന] നാ. ഒരു യോഗാസനം.
ചകോരി [സം.ചകോരീ] നാ. പെൺചകോരം.
ചകോരിദൃക്ക് [സം.ദൃക്] നാ. ചകോരാക്ഷി.
ചകോരേക്ഷണ [സം.-ഈക്ഷണാ] നാ. ചകോരാക്ഷി.
ചക്ക നാ. (വൃത്താകൃതിയിലുള്ള വലിയകായ് എന്ന അർഥത്തിൽ പക്രശബ്ദത്തിൽ നിന്നു നിഷ്പന്നം എന്നു ഗുണ്ടർട്ട്) 1. പ്ലാവിൻെറ കായ് (ഇടിച്ചക്ക, കൊത്തച്ചക്ക, കൊത്തൻചക്ക, കറിച്ചക്ക, ചക്കപ്പഴം എന്നെല്ലാം വിളവനുസരിച്ച് പേരുകൾ); 2. നിസ്സാരമായത്, വിലകുറഞ്ഞത്; 3. നിന്ദാസൂചകമായ ഒരുപദം (നിസ്സാരതകൊണ്ട്); 4. ബോട്ട് അടുപ്പിക്കുമ്പോൾ കരയിൽ ഇടിച്ചു തകരാതിരിക്കാൻ വശങ്ങളിൽ തൂക്കിയിടുന്ന കയർമൊണ്ടുണ്ടാക്കിയ ഒരു രക്ഷാവസ്തു.(ചക്കയുടെ ആകൃതി).
ചക്കകൊണിക്കുക-കാട്ടുക,-കുത്തുക = ഗോഷ്ഠികാണിക്കുക, പരിഹസിക്കുക, ഇടതുകൈവെള്ളയിൽ വലതുകൈമുട്ടു കുത്തി കാണിക്കുക.

ചക്കക്കുഞ്ഞ് നാ. ചക്കപ്പൂഞ്ച്.
ചക്കച്ചക്രാന്തി [മ.ചക്ക-സം<സംക്രാന്തി] നാ. മിഥുനമാസത്തിലെ അവസാനദിവസം (ചക്കധാരാളമായി ഉണ്ടാകുന്നകാലം കഴിയുന്നതിനാൽ).
ചക്കച്ചൻ നാ. ഒന്നിനുംകൊള്ളാത്ത തടിയൻ (സ്ത്രീ) വക്കച്ചി.
ചക്കച്ചുള നാ. ചക്കക്കുരുവിനെ പൊതിഞ്ഞിരിക്കുന്ന മാംസളമായഭാഗം.
ചക്കടപൊക്കട അവ്യ. ക്രമരഹിതമായി.
ചക്കടാവണ്ടി [സം.ശകട-മ.വണ്ടി] നാ. ഭാരം കയറ്റാവുന്ന കാളവണ്ടി.
ചക്കടിയൻ നാ. 1. ചക്കിക്കെട്ടിയ കാളയെ നിയന്ത്രിക്കുന്നവൻ; 2. കാര്യമില്ലാതെ കറങ്ങിനടക്കുന്നവൻ.
ചക്കട്ടം നാ. ചക്കുകറങ്ങുന്നതിനു ആവശ്യമായ സ്ഥലം.
ചക്കട്ടംതിരിയുക = ചക്കുപോലെ വട്ടം കറങ്ങുക.
ചക്കത്തിരി നാ. ചക്കള.
ചക്കത്തൊടുപ്പ് നാ. ചക്കയുടെ ഞെട്ട്.
ചക്കപ്പപ്പടം നാ. പച്ചച്ചക്കയുടെ ചുളചേർത്തുണ്ടാക്കിയ പപ്പടം.
ചക്കപ്രഥമൻ നാ. ചക്കപ്പഴംചേർത്ത് ഉണ്ടാക്കുന്ന പ്രഥമൻ.
ചക്കമടൽ നാ. ചക്കയുടെ കട്ടിയുള്ള പുറന്തോട്.
ചക്കമുളഞ്ഞി(ൽ) നാ. ചക്കയരക്ക്.
ചക്കമുള്ള് നാ. ചക്കയുടെ തോടിന് പുറത്തുള്ള മുള്ള്.
ചക്കയരക്ക് നാ. ചക്കവെട്ടുമ്പോൾ മുറിവിൽ നിന്നുണ്ടാകുന്ന കറ, വെളുത്തുകൊഴുത്ത ഈ കറ ഒട്ടുന്നതാണ്.
ചക്കര [പ്രാ] നാ. 1. കരിപ്പുകട്ടി. നാളികേരശർക്കര (മധുരക്കള്ള് തിളപ്പിച്ചുകുറുക്കി ചിരട്ടയിലോ മൺപാത്രത്തിലോ ചതുരത്തിലുള്ള അച്ചിലോ ഒഴിച്ചുവച്ച് ഉറയുമ്പോൾ എടുക്കുന്നത്); 2. ശർക്കര, കരിമ്പിൻ നീരുകുറുക്കിയുണ്ടാക്കുന്ന മധുരപദാർഥം; 3. (പ്ര) ഇഷ്ടപ്പെട്ടവസ്തു; 4. പെൺകുട്ടികൾ കളം വരച്ചു കളിക്കുന്ന ഒരു കളി, ചിക്കിണിയെന്നും; 5 യോനി.
ചക്കരക്കല്ല് നാ. പനംകൽക്കണ്ട്.
ചക്കരക്കള്ളൻ നാ. ഒരിനം ചുവന്ന ഉറുമ്പ്, ചോനൻ.
ചക്കരക്കള്ള് നാ. (ചക്കരയുണ്ടാക്കാൻ ഉപയോഗിക്കുന്ന) മധുരക്കള്ള്.
ചക്കരക്കിഴങ്ങ് നാ. മധുരക്കിഴങ്ങ്, നിലത്തുപടരുന്ന ഒരുതരം വള്ളിയിലുണ്ടാകുന്ന കിഴങ്ങ് (മധുരുക്കുന്നതുകൊണ്ട് ഈ പേര്)
ചക്കരച്ചോറ് നാ. കട്ടിപ്പായസം (അരിയും ശർക്കരയും തേങ്ങായും മറ്റും ചേർത്തു പാകപ്പെടുത്തുന്നത്.)
ചക്കരപ്പാനി നാ. അക്കാനി (മധുരക്കള്ള്) കാച്ചിയത്.
ചക്കരപ്പാവ് നാ. 1. ചക്കര അൽപം വെള്ളം ചേർത്തുകാച്ചി കുഴമ്പുപോലെയാക്കിയത്; 2. ചക്കരപ്പാനി.
ചക്കരപ്പാറ നാ. ഒരുതരം ശില, ചെളിപ്പാറ.
ചക്കരപ്പുകയില നാ. പുകയില അരിഞ്ഞു ചില ഔഷധങ്ങളും വാസനദ്രവ്യങ്ങളും ചേർത്ത് ചക്കരപ്പാവിൽ കുഴച്ച് കൂട്ടിയെടുക്കുന്നത്.
ചക്കരപ്പുളി നാ. ഒരു മധുരക്കറി, കരിപ്പുകട്ടിയും പുളിയും ഉള്ളിയും മറ്റും ചേർത്തുണ്ടാക്കുന്നത് (മുസ്ലിങ്ങളുടെ ഇടയിൽ പ്രചാരം.0
ചക്കരപ്പൊട്ടൻ നാ. ഒരിനം ചോനൻ ഉറുമ്പ്.

ചക്കരവായൻ നാ. മധുരമായി സംസാരിക്കുന്നവൻ, പ്രിയം പറയുന്നവൻ, ഭങ്ഗിവാക്കുപറയുന്നവൻ.
ചക്കല [പ്രാ.] വി. വൃത്താകാരമായ, ഉരുണ്ട.
ചക്കളത്തി നാ. ചക്കാലൻെറ ഭാര്യ. ചക്കളത്തിപ്പോരാട്ടം = ചക്കാലനും ചക്കാലത്തിയും തമ്മിൽ കപടമായി നടത്തുന്ന വഴക്ക് (എണ്ണ അപഹരിക്കുവാനുള്ള തന്ത്രം).
ചക്കാത്ത് [അറ.] നാ. ദാനം, ദാനമായിട്ടുകിട്ടിയ വസ്തു.
ചക്കാൻ നാ. ചക്കാട്ടുന്നവൻ, ചക്കാട്ടുന്ന ജാതിയിൽപെട്ടവൻ, (സ്ത്രീ) ചക്കാത്തി.
ചക്കാല [സം.ശലാ] നാ. ചക്കുപുര.
ചക്കാലൻ നാ. 1. ചക്കാട്ടുതൊഴിലാക്കിയിട്ടുള്ള ഒരു ജാതി; 2. ചക്കാലജാതിയിൽപെട്ടവൻ, ചക്കാട്ടുജോലിക്കാരൻ.
ചക്കാലവാണിയൻ നാ. വാണിയന്മാരിൽ ഒരുവിഭാഗം.
ചക്കി1 [പ്രാ.] നാ. 1. ഒരു ദേവത; 2. ഒരു സ്ത്രീനാമം; 3. ചില മൃദങ്ങളിലെ (ചിലപ്പോൾ പക്ഷികളിലേയും) പെണ്ണിനെക്കുറിക്കാൻ ഉപയോഗിക്കുന്ന പദം. ഉദാ: ചക്കിപ്പൂച്ച = പെൺപൂച്ച.
ചക്കി2 [ഹി.ചകീ] നാ. ധാന്യമൊടിക്കാനും മറ്റും ഉള്ള ഉപകരണം, തിരികല്ല്.
ചക്കിടാവണ്ടി നാ. = ചക്കടാവണ്ടി.
ചകിൻ നാ. കൊച്ചിയിൽ പ്രാരംഭത്തിൽ ഇരുന്ന ഒരു വെള്ളിനാണയം.
ചക്കിങ്കൊക്ക് നാ. ചക്കിൻകണയുടെ മുകൾഭാഗവും ചക്കിൻപലകയുമായി ഘടിപ്പിക്കുന്ന തടികൊണ്ടുള്ള കൊളുത്ത് (കൊക്കിൻെറ ആകൃതിയുള്ളതുകൊണ്ടാകാം ഈപേര്)
ചക്കിപ്പരുന്ത് നാ. ഒരിനം പരുന്ത്, ഉടലാകെ തവിട്ടുനിറവും അറ്റത്ത് കുതവെട്ടിയതുപോലെ തോന്നുന്ന വാലും ഉള്ളത്.
ചക്കിലി [സം.ശഷ്കുലീ] നാ. ചെരുപ്പുകുത്ത് തൊഴിലായിട്ടുള്ള ഒരുജാതി.
ചക്കിലിയൻ നാ. ചക്കിലിജാതിയിൽപ്പെട്ടവൻ.
ചക്ക് [പ്രാ.ചക്ക<സം.ചക്ര] നാ. 1. എണ്ണക്കുരുക്കൾ, കരിമ്പ് മുതലായവ ആട്ടുന്ന ഉപകരണം; 2. കുടക്കാലിൽ കമ്പികളുടെ ചുവടുകൾ ഘടിപ്പിക്കുന്നതിനുള്ള ലോഹവളയം; 3. വള്ളത്തിൻെറയും ബോട്ടിൻെറയും മറ്റും അമരത്തിൽ ചുക്കാൻ ഘടിപ്പിച്ചിട്ടുള്ള കുഴ.
ചക്കുകണ [ചക്ക്-കണ1] നാ. ചക്കിൻെറ ഉള്ളിൽ കിടന്നു തിരിഞ്ഞ് എണ്ണക്കുരുക്കൾ ഞെരുക്കി എണ്ണ പുറത്തുവരുത്തുന്ന ഉരുളൻതടി, ചക്കുലക്ക.
ചക്കുകുറ്റി നാ. 1. ചക്കുരൽ; 2. (പ്ര.) തടിച്ചുകുറുകിയ ആൾ, ചക്കുകുറ്റിക്കുതുല്യമായ ശരീരത്തോടുകൂടിയവൻ.
ചക്കുതോക്ക് നാ. വലിയ പീരങ്കി.
ചക്കുപാര നാ. ചക്കിൽനിന്നും പിണ്ണാക്ക് കുത്തിയെടുക്കുന്നതിനുള്ളപാര, ചക്കുളി.
ചക്കുമുക്കി(ക്കല്ല്) നാ. തമ്മിലുരച്ചു തീയുണ്ടാക്കാൻ ഉപയോഗിച്ചിരുന്ന ഒരുതരം കല്ല്.

ചക്കുരൽ നാ. ചക്കിൽ ആട്ടാനുള്ള സാധനങ്ങൾ ഇടുന്ന ഉരൽപോലുള്ളഭാഗം, പിള്ളച്ചക്ക്.
ചക്കുവരി നാ. ഒരു നികുതി.
ചക്കുലക്ക നാ. ചക്കുകണ.
ചക്കുളി നാ. ചക്കുപാര.
ചക്കുഴക്ക് നാ. 1. ചക്കിൽ ഒരുവട്ടം ആട്ടുന്നതിന് അവകാശം എന്നനിലയിൽ ചക്കാലൻ എടുക്കുന്ന ഉഴക്ക് എണ്ണ; 2. ഒരു പഴയകരം, ചക്കാട്ടുന്നവരിൽനിന്ന് തിരുവിതാംകൂറിൽ ഈടാക്കിയിരുന്നത്.
ചക്കോനം [ചക്ക-ഓനം] നാ. മിഥുനമാസം, ചക്കോനമാസം (ചക്ക പഴുക്കുന്നമാസമായതുകൊണ്ട്).
ചക്ര [സം.ചക്രാ] നാ. 1. കർക്കടകശൃങ്ഗി; 2. പെരുമുത്തങ്ങ; 3. (സങ്ഗീ.) ഒരുതാളം.
ചക്രക [സം.] വി. 1. ചക്രത്തിൻെറ ആകൃതിയിലുള്ള വൃത്താകാരമായ.
ചക്രകഗതി [സം.] നാ. തുടങ്ങിയിടത്തുതന്നെ തിരിച്ചുവരുന്ന ചലനം (ചക്രത്തിൻെറതുപോലെ).
ചക്രകൻ [സം.-ക] നാ. 1. ഒരുജാതിപാമ്പ്, രാജിലം എന്ന ഇനത്തിൽപ്പെട്ടത്, ചക്രമണ്ഡലി (വഴലജാതിയിൽപ്പെട്ട ഒരിനം സർപ്പം); 2. യുക്തികൂടാതെ വദിക്കുന്നവൻ; 3. ഒരു ഋഷി; 4. അളർക്കൻെറ പിന്മുറക്കാരനായ ഒരു രാജാവ്.
ചക്രകം [സം.] നാ. 1. പക്രവാകപ്പക്ഷി; 2. ഒരു യുദ്ധമുറ (വാൾപ്പയറ്റിലെ) ഒരടവ്; 3. (തർക്ക) തുടങ്ങിയിടത്തുതന്നെ വീണ്ടും എത്തിച്ചെരുന്ന വാദരീതി, യുക്തിരഹിതമായ വാദം.
ചക്രകൂടം [സം.-കൂട] നാ. ചക്രത്തിൻെറ മധ്യത്തിൽ ആരക്കാലുകൽ ഒന്നിച്ചുചേരുന്ന ഉരുണ്ടഭാഗം, കൂടം.
ചക്രക്കണ്ണി നാ. 1. വൃത്തരേഖ, വട്ടത്തിലുൾല അടയാളം; 2. വൃത്താകൃതിയിൽ കണ്ണികൾ (കള്ളികൾ) വരത്തക്കവിധം കട്ടിലും കസേരയും മറ്റും വരിയുന്ന രീതി; 3. ഒരു ത്വഗ്രോഗം, ചക്രപ്പൊരികണ്ണി.
ചക്രക്കഴ നാ. ചക്രം ചവിട്ടുന്ന ആളുകൾക്ക് ഇരിക്കാനായി വച്ചുകെട്ടിയിട്ടുള്ള മുളയോ തടിയോ.
ചക്രക്കാരൻ നാ. ധനവാൻ.
ചക്രക്കാല് നാ. പക്രക്കഴവയ്ക്കുന്നതിനു നാട്ടിനിറുത്തുന്ന കാല്.
ചക്രഗണ്ഡു [സം.-ഗണ്ഡു] നാ. ഉരുണ്ട തലയണ.
ചക്രഗതി [സം.-ഗതി] നാ. ഭൂമിയുടെ രണ്ടുവിധ ചലനങ്ങളിലൊന്ന്, ഭൂമിയുടെ അച്ചുതണ്ടിന്മേൽ സ്വയം ഉള്ള കറക്കം, ആ ികചലനം, ദിനചലനം.
ചക്രഗോപ്താ(വ്) [സം.-ഗോപ്തൃ] നാ. രഥചക്രങ്ങൾക്കു കേടുപറ്റാതെ സൂക്ഷിക്കുന്നവൻ.
ചക്രഗ്രഹണം [സം.-ഗ്രഹണ] നാ. 1. കോട്ടമതിൽ; 2. കിടങ്ങ്.
ചക്രചര [സം.-ചര] വി. വൃത്താകൃതിയിൽ ചലിക്കുന്ന.
ചക്രചരൻ നാ. 1. ചെപ്പടിവിദ്യക്കാരൻ; 2. നാടുചുറ്റി സഞ്ചരിക്കുന്നവൻ; 3. കുശവൻ.
ചക്രചരം [സം.] നാ. ജ്യോതിശ്ചക്രത്തിൽ സഞ്ചരിക്കുന്നത് (ഗ്രഹമോ നക്ഷത്രമോ).

ചക്രചാരി [സം.–ചാരിൻ] വി. വൃത്താകൃതിയിൽ സഞ്ചരിക്കുന്ന, വട്ടത്തിൽപ്പറക്കുന്ന.
ചക്രചാരി [സം.] നാ. 1. രഥം; 2. പക്ഷി.
ചക്രചൂഡാമണി [സം.] നാ. (കിരീടത്തിൽ പതിക്കുന്ന) വൃത്താകൃതിയിലുള്ള രത്നം.
ചക്രച്ചാല് നാ. 1. ചക്രം ചവിട്ടുമ്പോൾ വെള്ളം ഒഴുകിപ്പോകാൻ വെട്ടിത്താഴ്ത്തിയ ചാല്; 2. വണ്ടിച്ചക്രം ഉരുണ്ടുണ്ടായ ചാല്.
ചക്രച്ചുഴി നാ. വൃത്താകാരത്തിൽ കറങ്ങുന്ന നീർച്ചുഴി.
ചക്രജാതി [സം.–ജാതി] നാ. ചക്രബന്ധം.
ചക്രജീവകൻ [സം.–ജീവക] നാ. 'ചക്രംകൊണ്ടുജീവിക്കുന്നവൻ' കുശവൻ.
ചക്രതൈലം [സം.–തൈല] നാ. 1. കണയെണ്ണ; 2. ചക്രം (തകരം) എന്നചെടിയിൽ നിന്നെടുക്കുന്ന എണ്ണ.
ചക്രത്തീവെട്ടി [സം.ചക്ര–മ.തീവെട്ടി] നാ. ചക്രദീപയഷ്ടി.
ചക്രദംഷ്ട്രം [സം.–ദംഷ്ട്ര] നാ. 'വളഞ്ഞതേറ്റയുള്ളത്' പന്നി.
ചക്രദീപയഷ്ടി [സം.] നാ. ചക്രാകൃതിയിലുള്ള വലിയ തീവട്ടി.
ചക്രദോള [സം.–ദോലാ] നാ. വൃത്തത്തിൽ ചുറ്റുന്ന ഒരുതരം യന്ത്ര ഊഞ്ഞാൽ.ചക്രധരൻ [സം.–ധര] നാ. 1. വിഷ്ണു; 2. പരമാധികാരി, ചക്രവർത്തി, ഒരു ദേശത്തിൻെറ അധിപതി; 3. ചെപ്പടിവിദ്യക്കാരൻ.

719

ചക്രധരം [സം.] നാ. പാമ്പ്.
ചക്രധരി [സം.–ധരി] നാ. (സങ്ഗീ) ഒരു ജന്യരാഗം.
ചക്രധാര [സം.–ധാര] നാ. വണ്ടിച്ചക്രത്തിൻെറ പുറത്തെ വട്ടം.
ചക്രധാരി [സം.–ധാരിൻ] നാ. 'ചക്രം ധരിക്കുന്നവൻ' 1. വിഷ്ണു, കൃഷ്ണൻ; 2. പാമ്പ്.
ചക്രനാഡി [സം.–നാഡീ] നാ. കക്ഷത്തിലുള്ള ഒരു നാഡി.
ചക്രനാഭി [സം.–നാഭീ] നാ. വണ്ടിച്ചക്രത്തിൻെറ മധ്യത്തിൽ അച്ചുതണ്ട് കടന്നുപോകുന്ന ഭാഗം, കൂടം.
ചക്രനാമാവ് [സം.നാമൻ] നാ. 1. ചക്രവാകപ്പക്ഷി; 2. മാക്കീരക്കല്ല്.
ചക്രനായകൻ [സം.നായക] നാ. സേനാനായകൻ.
ചക്രനേമി [സം.–നേമി] നാ. 1. വണ്ടിച്ചക്രത്തിൻെറ പുറത്തെ വട്ടം; 2. സ്കന്ദനെ സേവിച്ച ഒരുമാതാവ്.
ചക്രപക്ഷം [സം.–പക്ഷ] നാ. ഹംസം.
ചക്രപതി [സം.–പതി] നാ. 'രാജ്യത്തിൻെറ പതി' രാജാവ്.
ചക്രപഥം [സം.–പഥ] നാ. വണ്ടിപ്പാത.
ചക്രപാണി [സം.–പാണി] നാ. വിഷ്ണു, കൃഷ്ണൻ.
ചക്രപാതം [സം.–പാത] നാ. ഓരോ പാദത്തിലും 14 അക്ഷരം വീതമുള്ള ഒരു സംസ്കൃതവൃത്തം.
ചക്രപാദകം [സം.–പാദക] വി. ചക്രാകാരമായ പാദമുള്ളത്, ചക്രം പാദമായുൾലത്.
ചക്രപാദകം [സം.] നാ. 1. രഥം, വണ്ടി; 2. ആന.
ചക്രപാലൻ [സം.–പാല] നാ. 1. ഭരണാധികാരി, രാജാവ്; 2. സേനാപതി, ഒരു സേനാവിഭാഗത്തിൻെറ മേധാവി; 3. ചക്രായുധം ധരിച്ചവൻ, വിഷ്ണു.

ചക്രപാലനം [സം.-പാലന] നാ. രാജ്യഭരണം.
ചക്രആലം [സം.-പാല] നാ. 1. ചക്രവാളം; 2. വൃത്തം.
ചക്രപുരം [സം.പുര] നാ. തിരുവല്ലാക്ഷേത്രത്തിന് മുൻപുണ്ടായിരുന്ന പേര് (ചക്രംപ്രതിഷ്ടിച്ചതുകൊണ്ട് ഈ പേരുണ്ടായി എന്നും ശ്രീവല്ലഭപുരം എന്നപേര് പിന്നീടുണ്ടായതാണെന്നും ഐതിഹ്യം).
ചക്രപൂജ [സം.-പൂജാ] നാ. താന്ത്രികവിധിപ്രകാരമുള്ള ഒരു പൂജ, ശ്രീചക്രപൂജ.
ചക്രപ്പത്തായം [സം.-മ.പത്തായ] നാ. വെള്ളം വറ്റിക്കാനുള്ള ചക്രത്തെ ആവരണംചെയ്യുന്ന പലകപ്പെട്ടി, ചക്രത്തിൻെറ അറ. (പ്ര.) ചക്രപ്പാട്ട് = ചക്രം ചവിട്ടുമ്പോൾ അതിൻെറ താളത്തിനൊപ്പിച്ച് തൊഴിലാളികൾ പാടുന്ന പാട്ട്. ചക്രപ്പലക = വെള്ളം വറ്റിക്കുന്ന ചക്രത്തിൻെറ ഇല. ചക്രപ്പുര = വെള്ളംവറ്റിക്കുന്നതിനുള്ള ചക്രം സൂക്ഷിക്കുന്നപുര.
ചക്രപ്പൊരികണ്ണി നാ. ഒരു ത്വഗ്രോഗം, വൃത്താകൃതിയിൽകാണുന്ന തേമൽ.
ചക്രബന്ധം [സം.-ബന്ധ] നാ. ഒരു ചിത്രബന്ധം, ചക്രത്തിൻെറ രൂപത്തിൽ അക്ഷരങ്ങൾ ക്രമീകരിച്ച് നിർമിക്കുന്ന പദ്യം.
ചക്രബന്ധു [സം.-ബന്ധു] നാ. സൂര്യൻ (ചക്രവാകത്തിൻെറ ബന്ധുവാകയാൽ).
ചക്രബാണം [സം.-ബാണ] നാ. വെടിക്കെട്ടിൽ ഒരിനം, ചക്രംപോലെ കറങ്ങുന്ന ഒരുതരം വാണം.
ചക്രബാന്ധവൻ [സം.-ബാന്ധവ] നാ. ചക്രബന്ധു.
ചക്രബാലധി [സം.-ബാലധി] വി. വളഞ്ഞവാലുള്ളത്. പട്ടി.
ചക്രബാലം [സം.-ബാല] നാ. 1. ചക്രവാകപ്പക്ഷി; 2. വൃത്തം; 3. ചക്രവാളം; 4. കൂട്ടം.
ചക്രഭൃത്ത് [സം.-ഭൃത്] നാ. ചക്രത്തെധരിക്കുന്നവൻ, വിഷ്ണു.
ചക്രഭേദിനി [സം.-ഭേദിനീ]വി. ചക്രവാളങ്ങളെ വേർപെടുത്തുന്നത്, രാത്രി.
ചക്രഭ്രമം [സം.-ഭ്രമ] നാ. 1. ചക്രത്തിൻെറ കറക്കം; 2. ചാണ.
ചക്രഭ്രമരി [സം.-ഭ്രമരീ] നാ. നൃത്തത്തിലെ ഒരു ചലനം (ചക്രം കറങ്ങുന്നതുപോലെ).
ചക്രഭ്രമി [സം.-ഭ്രമി] നാ. ചക്രഭ്രമം.
ചക്രഭ്രാന്തി [സം.-ഭ്രാന്തി] നാ. (രഥ) ചക്രത്തിൻെറ കറക്കം.
ചക്രം [സം.] നാ. 1.(വണ്ടിയുടെയോ രഥത്തിൻെറയോ) ഉരുൾ, വൃത്താകൃതിയിൽ ഉള്ളതും ഒരു അച്ചുതണ്ടിൽ കറങ്ങുന്നതുമായ യന്ത്രഭാഗം; 2. കുലാലചക്രം; 3. അരയ്ക്കുന്നതിനുള്ള യന്ത്രം, പൊടിക്കുന്നതിനുള്ള കല്ല്, തിരികല്ല്; 4. വെള്ളം തിരിക്കുന്നതിനുള്ള ഒരു ഉപകരണം (ഇലകളിൽ ചവിട്ടിക്കറക്കി വെള്ളം ആവശ്യമുള്ളിടത്തേയ്ക്ക് ഒഴുക്കിവിടാൻ ഉപയോഗിക്കുന്നു.); 5. ചക്ക്; 6. വൃത്താകൃതിയിലുള്ള ഒരു ആയുധം; 7. വൃത്തരേഖ; 8. വൃത്താകൃതിയിലുള്ള യന്ത്രം; 9. (ജ്യോ) രാശിചക്രം; 10. (ജ്യോ) ചക്രയോഗം; 11. സംവത്സരചക്രം, ഋതുചക്രം; 12. കാലചക്രം; 13. ഒരു കാലയളവ്; 14. ജനനമരണമാകുന്ന സംസാരചക്രം; 15. ജനനം; 16. രാജയോഗപ്രകാരം ശരീരത്തിലുള്ള ഷഡാധാരങ്ങൾ; 17. (സാമുദ്രിക) ശരീരത്തിലുള്ള ചുഴി, കുഴിഞ്ഞഭാഗം; 18. ഛന്ദഃശാസ്ത്രപ്രകാരമുള്ള ഒരു വൃത്തം, ചക്രപാതം; 19. സമൂഹം, കൂട്ടം; 20. നാഡീചക്രം; 21. സേന, സൈന്യവിഭാഗം; 22. ചക്രവ്യൂഹം; 23. പരമാധികാരരാജ്യം, രാജ്യം, ആധിപത്യം, കോയ്മ; 24. ഗ്രാമസമൂഹം, രാജ്യവിഭാഗം, ജില്ല;

25. കടൽ; 26. വിഭാഗം, വകുപ്പ്; 27. നദിയുടെവളവ് (ചക്രങ്ങൾ എന്ന് ബഹുവചനമായി പ്രയോഗിക്കുമ്പോൾ); 28. നീർച്ചുഴി; 29. കുടിലതന്ത്രം; 30. സാളഗ്രാമത്തിലെ വൃത്താകൃതിയിലുള്ള രേഖ; 31. ചക്രതീർഥം; 32. ചക്രവാളം; 33. ദിക്ക്; 34. പരിധി; 35. പുസ്തകത്തിൻെറ ഒരുഭാഗം; 36. തിരുവിതാംകൂറിൽ പ്രചാരത്തിലിരുന്ന ഒരു നാണയം (16കാശ് = ഒരു ചക്രം. 4ചക്രം = 1 പണം. 7 പണം = ഒരു സർക്കാർരൂപ. ചക്രം ആദ്യം വെള്ളികൊണ്ടുള്ള വളരെചെറിയ ഒരു നാണയമായിരുന്നു. പിൽക്കാലത്ത് വലിയ വൃത്താകൃതിയിലുള്ള ചെമ്പുനാണയങ്ങൾ പ്രചാരത്തിൽ വന്നു. തിരുവിതാങ്കൂർ ഇന്ത്യായൂണിയനിൽ ലയിച്ചതോടുകൂടി നാണയം പിൻവലിക്കപ്പെട്ടു); 37. പണം, ധനം; 38. പാമ്പിൻെറ ഫണത്തിലെ അടയാളം; 39. മണ്ഡലം, വൃത്തം; 40. ഭൂമി, ഒരു സമുദ്രം മുതൽ മറ്റൊരു സമുദ്രംവരെയുള്ള ഭൂമി; 41. വട്ടച്ചൊറി, ചിരങ്ങ്, ചുണങ്ങ്; 42. തകരം എന്ന മരം; 43. വണ്ടി; 44. മതിൽ; 45. കമ്പക്കെട്ടിലുള്ള ഒരുതരം പ്രയോഗം; 46. ഭാരതവർഷത്തിലെ ഒരു ജനപദം; 47. ചക്രവാകപ്പക്ഷി; 48. ഒരു പർവ്വതം; 49. തകരച്ചെടി; 50. (ജ്യോ) രാശ്യംശകലകൾ അളക്കാനുപയോഗിക്കുന്ന വൃത്താകൃതിയിലുള്ള ഒരുപകരണം. (പ്ര.) ചക്രം ചവിട്ടുക = 1. വയലിലും മറ്റും വെള്ളം വറ്റിക്കാനോ കയറ്റാനോ ചക്രം ചവിട്ടിക്കറക്കുക; 2. ക്ലേശിക്കുക. അതിമോഹം ചക്രം ചവിട്ടും (പഴ). ചക്രംചുറ്റുക = ചക്രം തിരിയുക, ചക്രംപോലെ കറങ്ങുക, വട്ടംചുറ്റുക, വട്ടം കറങ്ങുക.

ചക്രമണ്ഡലി [സം.-മണ്ഡലിൻ] നാ. പെരുമ്പാമ്പ്.

ചക്രമരുത് [സം.-മരുത്] നാ. ചുഴലിക്കാറ്റ്, ചക്രവാതം.

ചക്രമാല [സം.-മാലാ] നാ. ഒരിനം കണ്ഠാഭരണം.

ചക്രമുഖം [സം.] നാ. പന്നി.

ചക്രമുദ്ര [സം.-മുദ്രാ] നാ. താന്ത്രികവിധിപ്രകാരമുള്ള ഹസ്തമുദ്രകളിൽ ഒന്ന് (കൈവിരലുകൾ ആരക്കാലുകൾപോലെ ഇരിക്കത്തക്കവിധത്തിൽ കാണിക്കുന്നത്).

ചക്രയാനം [സം.-യാന] നാ. ചക്രങ്ങളുള്ള വാഹനം, വണ്ടി.

ചക്രയുക്തം [സം.-യുക്ത] നാ. ചക്രങ്ങളുള്ളത്, വണ്ടി.

ചക്രയോഗം [സം.-യോഗ] നാ. 1.(ജ്യോ) ഒരു ഗ്രഹയോഗം; 2. അസ്ഥിഭ്രംശം ഒടിവ് എന്നിവ സംഭവിക്കുമ്പോൾ കപ്പിയുടെ സഹായത്തോടെ ചീളുവച്ചുകെട്ടി ശരിപ്പെടുത്തുന്ന സമ്പ്രദായം.

ചക്രയോധി [സം.-യോധിൻ] നാ. 1. ചക്രായുധംകൊണ്ടു യുദ്ധംചെയ്യുന്നവൻ; 2. ഒരു അസുരൻ.

ചക്രരക്ഷ [സം.-രക്ഷാ] നാ. രഥചക്രങ്ങളുടെ സംരക്ഷണം.

ചക്രരക്ഷകൻ [സം.] നാ. രഥചക്രങ്ങളെ സംരക്ഷിക്കുന്നവൻ.

ചക്രരദം [സം.] നാ. 'വളഞ്ഞതേറ്റയുള്ളത്' പന്നി.

ചക്രരേഖ [സം.-രേഖാ] നാ. (ഹസ്ത) കൈത്തലത്തിൽ ചക്രാകൃതിയിൽ കാണുന്നരേഖ.

ചക്രല [സം.-ലാ] നാ. 1. പെരുമുത്തങ്ങ; 2. തേന്മാവ്.

ചക്രലിപി [സം.-ലിപി] നാ. ഭാരതത്തിൽ പ്രചാരത്തിലിരുന്ന ഒരുലിപി.

ചക്രവത്ത് [സം.-വത്] നാ. 1. ചക്രമുള്ളത് (രഥം, വണ്ടി എന്നിവപോലെ); 2. ഒരുപർവതം.

ചക്രവർത്തി [സം.-വർതിൻ] നാ. 1. ഭൂചക്രത്തിന് അധിപതിയായ ആൾ, രാജാധിരാജൻ, പലരാജാക്കന്മാരെയും അടക്കിവാഴുന്ന ആൾ, സാമന്തന്മാരുള്ള രാജാവ്, എവിടെയും തടസ്സമില്ലാതെ പോകുന്ന രഥചക്രത്തോടുകൂടിയ ആൾ; 2. മൂക്കിൻെറ

മധ്യഭാഗത്ത് ഒന്നോ മൂന്നോ ചുഴിയുള്ള കുതിര; 3. ഒരിനം ചീര, വാസ്തുച്ചീര; 4. (സങ്ഗീ) ഒരു രാഗം; 5. ഒരുവിഷയത്തിൽ മറ്റുള്ള സകലരേയും കീഴ്പ്പെടുത്തിയ ആൾ, ഏറ്റവും കൂടുതൽ പ്രാമാണ്യം നേടിയ ആൾ.
ചക്രവർത്തിനി [സം.-വർതിനീ] നാ 1. ചക്രവർത്തിയുടെ ഭാര്യ; 2. സാമ്രാജ്യം ഭരിക്കുന്ന സ്ത്രീ; 3. കരിങ്കച്ചോലം; 4. മഞ്ചി, ജടാമാഞ്ചി; 5. കോലരക്ക്.
ചക്രവർത്തിയോഗം [സം.] നാ. (ജ്യോ) ഒരുയോഗം, നീചഭങ്ഗരാജയോഗം (ഒരുഗ്രഹം നീചത്തിൽ നിൽക്കുകയും ആ നീചരാശിയുടെ അധിപനോ നീചമുള്ള ഗ്രഹത്തിൻെറ ഉച്ചരാശ്യാധിപനായ ഗ്രഹമോ, ലഗ്നാലോ, ചന്ദ്രാലോ കേന്ദ്രത്തിൽ നിൽക്കുകയും ചെയ്താലുണ്ടാകുന്നത്. ഈ യോഗത്തിൽ ജനിച്ചാൽ ചക്രവർത്തിയാകുമെന്നു വിശ്വാസം).
ചക്രവാകം [സം.] നാ. 1. ഒരിനം പക്ഷി (രാത്രിയാകുമ്പോൾ ഇണയെപിരിയേണ്ടിവരുമെന്നും ആ ദു:ഖം കാരണം രാത്രിമുഴുവൻ കരയുമെന്നും അത്രമാത്രം അഗാധമാണതിൻെറ പ്രേമമെന്നും കവി സങ്കൽപം); 2. (സങ്ഗീ) ഒരു രാഗം; 3. വെളുത്തകണ്ണുകളും വെളുത്തകാലുകളുമുള്ള കുതിര.
ചക്രവാകി1 [സം.-വാകിൻ] വി. ചക്രവാകങ്ങൾ നിറഞ്ഞ (സരസ്സെന്നപോലെ).
ചക്രവാകി2 [സം.-വാകീ] നാ. ചക്രവാകപ്പിട.
ചക്രവാടം [സം.-വാട] നാ. 1. അതിര്, പരിധി; 2. വിളക്കുതണ്ട്.
ചക്രവാഡം [സം.-വാഡ] നാ. 1. അഗ്നി; 2. ചക്രവാളപർവതം; 3. വൃത്തം; 4. സങ്ഘം, കൂട്ടം.
ചക്രവാതം [സം.] നാ. ചുഴലിക്കാറ്റ്.
ചക്രവാദം [സം.] നാ. തുടങ്ങിയിടത്തു തന്നെ വീണ്ടും ചെന്നെത്തുംവിധമുള്ള വാദഗതി.
ചക്രവാൻ [സം.] നാ. 1. ചക്രായുധം ധരിച്ചവൻ, വിഷ്ണു; 2. ചക്കാട്ടുന്നവൻ; 3. കുശവൻ; 4. ചക്രവർത്തി; 5. പർവതം.
ചക്രവാലധി [സം.] നാ. വളഞ്ഞവാലുള്ളത്, പട്ടി.
ചക്രവാലം [സം.] നാ. = ചക്രവാളം.
ചക്രവാളകം [സം.] നാ. ഒരു കാവ്യ വിഭാഗം.
ചക്രവാളം [സം.-വാല] നാ. 1. വൃത്തം, വളയം; 2. വൃത്തപരിധി; 3. ആകാശവും ഭൂമിയും തമ്മിൽ തൊടുന്നതായി തോന്നുന്ന ദിഗ്വലയം; 4. കൂട്ടം, സങ്ഘം.
ചക്രവൃദ്ധി [സം.-വൃദ്ധി] നാ. 1. പലിശയ്ക്ക് പലിശ, കൂട്ടുപലിശ; 2. ഒരുസ്ഥലത്തുനിന്ന് മറ്റൊരുസ്ഥലത്തേയ്ക്കു വണ്ടിയിൽ സാധനങ്ങൾ കയറ്റിക്കൊണ്ടുപോകുന്നതിനുള്ള കൂലി.
ചക്രവ്യൂഹം [സം.] നാ. മണ്ഡലാകൃതിയിൽ നിലയുറപ്പിച്ചിട്ടുള്ള സൈന്യം, എട്ടുചുറ്റുകളോടും ഒറ്റമാർഗത്തോടുംകൂടിയ സൈന്യവിന്യാസരീതി.
ചക്രശില [സം.-ശിലാ] നാ. ഒരിനം സാളഗ്രാമം (സുദർശനചക്രത്തിൻെറ അടയാളമുള്ളത്)
ചക്രശ്വാസം [സം.-ശ്വാസ] നാ. മരണസമയത്തുള്ള ശ്വാസം, ചുറ്റിത്തിരിഞ്ഞു വലിക്കുന്നത്. (പ്ര) ചക്രശ്വാസംവലിക്കുക = 1. മരണമടുക്കുമ്പോൾ ക്ലേശിച്ച് ശ്വാസോച്ഛ്വാസം ചെയ്യുക; 2 കഷ്ടപ്പെടുക, നശിക്കാറാകുക.
ചക്രസംജ്ഞം [സം.-സംജ്ഞ] നാ. 1. ചക്രവാകപ്പക്ഷി; 2. വെളുത്തീയം.
ചക്രസ്വാമി [സം.-സ്വാമിൻ] നാ. ചക്രായുധത്തിൻെറ ഉടമസ്ഥൻ, വിഷ്ണു.

ചക്രഹസ്തൻ [സം.-ഹസ്ത] നാ. വിഷ്ണു.
ചക്രാകാര [സം.-ആകാര] വി. ചക്രത്തിൻെറ ആകൃതിയുള്ള, ഭൂമി.
ചക്രാകാരം [സം.-ആകാര] നാ. ചക്രത്തിൻെറ ആക്ര്6തി.
ചക്രാകി [സം.ചക്രാകീ] നാ. 1. ചക്രവാകി, പെൺചക്രവാകം; 2. അന്നപ്പിട.
ചക്രാഖ്യം [സം.-ആഖ്യ] നാ. തകര.
ചക്രാങ്ഗന [സം.-അങ്ഗനാ] നാ. 1. ചക്രവാകപ്പിട; 2. അരയന്നപ്പിട.
ചക്രാങ്ഗ [സം.-അങ്ഗ] നാ. 1. അരയന്നം; 2. ചക്രവാകപ്പക്ഷി; 3. തേര്, വണ്ടി; 4. ചെറിയ കുട.
ചക്രാങ്ഗി [സം.-അങ്ഗീ] നാ. 1. അരയന്നപ്പിട; 2. ചക്രവാകപ്പിട; 3. മഞ്ചട്ടി; 4. കക്കടകശൃങ്ഗി; 5 സുദർശനാവള്ളി.
ചക്രാടകൻ [സം.അട(ക)] നാ. 1. ചെപ്പടിവിദ്യക്കാരൻ; 2. പാമ്പുപിടുത്തക്കാരൻ, പാമ്പാട്ടി; 3. വഞ്ചകൻ.
ചക്രാധിവാസി [സം.] നാ. ചക്രവാകപ്പക്ഷിയുടെ വാസസ്ഥാനം, നാരകം.
ചക്രാനിലൻ [സം.-അനിലൻ] നാ. ചുഴലിക്കാറ്റ്.
ചക്രാന്തം [സം.-അന്ത] നാ. സേനാവ്യൂഹത്തിൻെറ അറ്റം.
ചക്രാബ്ജം [സം.-അബ്ജ] നാ. (തന്ത്ര) വിഷ്ണുപൂജയ്ക്കു വരച്ചുണ്ടാക്കുന്ന ഒരു പദ്മം.
ചക്രായുധൻ [സം.-ആയുധ] നാ. ചക്രം ആയുധമായിട്ടുള്ളവൻ, വിഷ്ണു, ശ്രീകൃഷ്ണൻ.
ചക്രാരം [സം.-അര] നാ. (ചക്രത്തിൻെറ) ആരക്കാൽ.
ചക്രാവർത്തം [സം.-ആവർത] നാ. 1. ഭ്രമണം, ചുറ്റിക്കറങ്ങൽ; 2. ഒരു തീർഥം.
ചക്രാവലി [സം.-ആവലി] നാ. 1. ഒരു സങ്ഖ്യ; 2. കൂട്ടം.
ചക്രാശ്മം [സം.-അശ്മൻ] നാ. കവണ.
ചക്രാസനം [സം.-ആസന] നാ. ഒരു യോഗാസനം
ചക്രാഹ്വം [സം.-ആഹ്വ] നാ. ചക്രവാകപക്ഷി.
ചക്രി[സം.-ചക്രിൻ] നാ. 1. ചക്രം ധരിച്ചവൻ, വിഷ്ണു; 2. കുശവൻ; 3. ചക്കാട്ടുന്നവൻ; 4. ഭൂമണ്ഡലത്തിന് അധിപതി, ചക്രവർത്തി; 5. ഒരു സംസ്ഥാനത്തിൻെറ ഭരണാധികാരി; 6. ഗ്രാമപുരോഹിതൻ; 7. ചെപ്പടിവിദ്യക്കാരൻ; 8. ഗൂഢപുരുഷൻ, ചാരൻ; 9. വഞ്ചകൻ, തെമ്മാടി; 10. പാമ്പ്; 11. ചക്രവാകപ്പക്ഷി; 12. കാക്ക; 13. അരയന്നം; 14. കഴുത; 15. ആട്; 16. രഥം, വണ്ടി; 17. ചക്ക്.
721
ചക്രിക [സം.-കാ] നാ. 1. ചക്രത്തോടുകൂടിയത്; 2. കൂമ്പാരം; 3. കൂട്ടം; 4. ചതി; 5. (തന്ത്ര) ഇലക്കുമ്പിൾ (കലശപൂജയ്ക്കുവേണ്ടി ആലിലകൊണ്ടുണ്ടാക്കുന്നത്); 6. വെളുത്തകുന്നി.
ചക്രിണി [സം.] നാ. 'ചക്രംധരിച്ചവൾ' 1. ദുർഗ; 2. പുരാണപ്രസ്തുതമായ ഒരു നദി.
ചക്രിത [സം.] വി. ചുറ്റപ്പെട്ട.
ചക്രിതം [സം.] നാ. 1. കുതിരയുടെ ഒരു ഗതിഭേദം; 2. (സങ്ഗീ) ഒരലങ്കാരം.

ചക്രീകരിക്കുക [സം.-കൃ] ക്രി. 1. വൃത്താകൃതിയാക്കുക, ചക്രാകൃതിയാക്കുക; 2. വളയ്ക്കുക, കുലയ്ക്കുക (വില്ലെന്നപോലെ).
ചക്രീന്ദ്രൻ [സം.-ഇന്ദ്ര] നാ. 1. സർപ്പശ്രേഷ്ഠൻ; 2. അനന്തൻ.
ചക്രീഭവിക്കുക [സം.-ഭൂ] ക്രി. ചക്രാകൃതിയായി തീരുക, കുലച്ചതായിതീരുക, വളയുക.
ചക്രീവാൻ [സം.-വാൻ] നാ. 1. വണ്ടി; 2. കഴുത.
ചക്രീശൻ [സം.-ഈശ] നാ. = ചക്രീന്ദ്രൻ.
ചക്രീശ്വരൻ [സം.-ഈശ്വര] നാ. 1. സർപ്പശ്രേഷ്ഠൻ; 2. കുബ്ജികാപൂജയിൽ അഗ്നികോണിൽ പൂജിക്കേണ്ട സിദ്ധന്മാരിൽ ഒരാൾ.
ചക്രു: [സം.] ക്രി. (കൃധാതു പ്ര.പൂ.ബ.വ.പരസ്മൈപദം) ചെയ്തു, ഉണ്ടാക്കി (മണിപ്രവാളകവിതയിൽ പ്രയോഗം).
ചക്രേശൻ [സം.-ഈശ] നാ. 1. ലോകാധിപതി, ചക്രവർത്തി; 2. വിഷ്ണു.
ചക്രേശ്വരൻ [സം.] നാ. 1. (സുദർശന) ചക്രത്തിൻെറ അധിപൻ, വിഷ്ണു; 2. (സൈന്യ) ചക്രത്തിൻെറ അധിനാഥൻ, സേനാധിപൻ; 3. ലോകാധിപതി, ചക്രവർത്തി; 4. ധനവാൻ; 5. ഒരുപ്രദേശത്തിൻെറ ഭരണാധികാരി.
ചക്രേശ്വരി [സം.-ഈശ്വരീ] നാ. 1. ലക്ഷ്മീദേവി; 2. ചക്രവർത്തിനി.
ചക്ര്യസ്ത്രം [സം.അസ്ത്രം] നാ. നാഗാസ്ത്രം.
ചക്ലി [സം.ശഷ്കുലി] നാ. ഒരു പലഹാരം, മുറുക്ക്.
ചക്ലിയൻ നാ. = ചക്കിലിയൻ.
ചക്ഷണം [സം.<ചക്ഷ്] നാ. 1. കാഴ്ച, ഭാവം, പ്രത്യക്ഷീഭാവം; 2. സംസാരം, പറച്ചിൽ; 3. മദ്യപാനത്തിൻെറ കൂടെ ഉപദംശം ഭക്ഷിക്കൽ.
ചക്ഷണി [സം.] വി. പ്രകാശിപ്പിക്കുന്ന.
ചക്ഷസ്സ് [സം.] നാ. 1. പ്രകാശം, തെളിച്ചം; 2. നോട്ടം, കാഴ്ച; 3. കണ്ണ്; 4. ആചാര്യൻ, അധ്യാപകൻ.
ചക്ഷു [സം.] നാ. ചക്ഷുസ്സ്.
ചക്ഷുപീഡ [സം.] നാ. കണ്ണുവേദന.
ചക്ഷുർ [സം.] ചക്ഷുസ് എന്നപദം സമാസത്തിൽ പൂർവപദമായി വരുമ്പോൾ കൈക്കൊള്ളുന്ന ഒരു രൂപം.
ചക്ഷുർഗ്രഹണം[സം.-ഗ്രഹണ] നാ. കണ്ണിൽ ഉണ്ടാകുന്ന ഒരു രോഗം.
ചക്ഷുർദാനം [സം.-ദാന] നാ. പ്രതിഷ്ഠയ്ക്കുമുമ്പ് വിഗ്രഹത്തിൻെറ കണ്ണുതെളിക്കുക എന്ന ക്രിയ.
ചക്ഷുർനിരോധം [സം.നിരോധ] നാ. കാഴ്ചയ്ക്കുണ്ടാകുന്ന തടസ്സം.
ചക്ഷുർബന്ധം [സം.-ബന്ധ] നാ. കണ്ണുകെട്ടൽ.
ചക്ഷുർബഹലം [സം.] നാ. ആട്ടുകൊട്ടപ്പാല.
ചക്ഷുർഭൃത്ത് [സം.-ഭൃത്] വി. കാഴ്ചയെസഹായിക്കുന്ന.
ചക്ഷുർമന്ത്ര [സം.-മന്ത്ര] വി. കണ്ണുകൊണ്ട് മോഹിപ്പിക്കുന്ന.
ചക്ഷുർമയ [സം.-മയ] വി. ചക്ഷുസ്സ്വരൂപമായ, കണ്ണിനെ അനുകരിക്കുന്ന.
ചക്ഷുർമലം [സം.-മല] നാ. കണ്ണിലെ മലം, പീള.
ചക്ഷുർവിഷയം [സം.-വിഷയ] നാ. 1. ദൃഷ്ടിപഥം; 2. കാണാവുന്ന വസ്തു.
ചക്ഷുരപേത [സം.-അപേത] വി. കണ്ണില്ലാത്ത.
ചക്ഷുരിന്ദ്രിയം [സം.ഇന്ദ്രിയ] നാ. കണ്ണ്.

ചക്ഷുശ്രവസ്സ് [സം.] നാ. സർപ്പം.
ചക്ഷുശ്ശ്രവാ [സം.ശ്രുതി] നാ. = ചക്ഷുശ്രവസ്സ്.
ചക്ഷുശ്ശ്രോത്രം [സം.] നാ. = ചക്ഷുശ്ശ്രവസ്സ്.
ചക്ഷുഷി [സം.] യാഗത്തിലെ ഒരു ക്രിയ, അഗ്നിയെ മുഖമായിസങ്കൽപിച്ച് നേത്രസ്ഥാനങ്ങളിൽ ആദ്യം അർപ്പിക്കൽ.
ചക്ഷുഷ് [സം.] നാ. ചക്ഷുസ് എന്നപദം ചില സമസ്തപദങ്ങളിൽ പൂർവപദമായി വരുമ്പോൾ കൈക്കൊള്ളുന്ന രൂപം.
ചക്ഷുഷ്പതി [സം.-പതി] നാ. കണ്ണിൻെറ അധിദേവത, സൂര്യൻ.
ചക്ഷുഷ്പഥം [സം.-പഥ] നാ. 1. നോട്ടം എത്താവുന്ന സ്ഥലം; 2. ദൃഷ്ടിപഥം.
ചക്ഷുഷ്മത്ത [സം.] നാ. സാമർഥ്യം; 2. ശാസ്ത്രാദികളിലുള്ള വൈദഗ്ധ്യം.
ചക്ഷുഷ്മത്ത് [സം.മത്] നാ. കണ്ണുള്ള ആൾ, കാഴ്ചയുള്ള ആൾ.
ചക്ഷുഷ്മാൻ [സം.-മത്] നാ. 1. കണ്ണുള്ളവൻ; 2. ശാസ്ത്രജ്ഞാനമുള്ളവൻ.
ചക്ഷുഷ്യ [സം.] വി. 1. കണ്ണിന് സുഖം നൽകുന്ന, കണ്ണിനുഹിതമായ; 2. കാണാൻകൊള്ളാവുന്ന, സുന്ദരമായ; 3. ദൃഷ്ടിപഥത്തിൽ നിൽക്കുന്ന; 4. പ്രിയമുള്ള; 5. കണ്ണിൽനിന്നുണ്ടായ.
ചക്ഷുഷ്യ [സം.] നാ. 1. ആട്ടുകൊട്ടപ്പാല; 2. കാട്ടുമുതിര; 3. ഒരിനം കഞ്ചഷി, കുലത്ഥാഞ്ജനം; 4. സുന്ദരി.
ചക്ഷുഷ്യം [സം.] നാ. 1. കണ്ണിന് സുഖം നൽകുന്നത്, കാഴ്ചശക്തിക്കുനല്ലത്; 2. കാഴ്ചയ്ക്കു നല്ലതായ വസ്തു; 3. ദൃഷ്ടിപഥത്തിലുള്ള വസ്തു; 4. കണ്ണിൽനിന്നുണ്ടായ വസ്തു; 5. രസാഞ്ജനം; 6. കർപ്പരീതുത്ഥം; 7. തേറ്റാമ്പരൽ; 8. വീരപുണ്ഡരി, വരൾത്താമര; 9. കറുത്തചെറുപയർ; 10. കരിമുരിങ്ങ; 11. പൂക്കൈത.
ചക്ഷുസ്സ് [സം.] നാ. 1. കണ്ണ്; 2. കാഴ്ച, നോട്ടം, കാണാനുള്ള ശക്തി; 3. പ്രകാശം, തെളിച്ചം; 4. ശോഭ, തിളക്കം; 5. ഒരു മരുത്ത്; 6. സൂര്യപുത്രനായ ഒരു ഋഷി; 7. അനുഭ്രംഹ്യുവിൻെറ ഒരു പുത്രൻ; 8. ഒരു വൈവസ്വതൻ; 9. നദി; 10. ധ്രുവൻെറ വംശത്തിൽപ്പിറന്ന വൃഷ്ടിയുടെ ഇളയപുത്രൻ; 11. ഒരു സാമവേദസൂക്തം; 12. യക്ഷന്മാർ ഗുഹനുനൽകിയ പതിനഞ്ചു പാർഷദന്മാരിൽ ഒരാൾ; 13. തന്മാത്രകളിൽനിന്നുണ്ടായ 36 തത്ത്വങ്ങളിൽ ഒന്ന്.
ചക്ഷു:പ്രീതി [സം.] നാ. പത്തുകാമാവസ്ഥകളിൽ ആദ്യത്തേത്, ദർശനംകൊണ്ടുണ്ടാകുന്ന പരസ്പരാനുരാഗം.
ചക്ഷു [സം.] 'ചക്ഷുസ്' എന്നപദം സമാസത്തിൽ രേഫത്തിനു മുമ്പ് കൈക്കൊള്ളുന്ന രൂപം.
ചക്ഷുരാഗം [സം.-രാഗ] നാ. 1. കണ്ണിലെചുവപ്പ്; 2. ചക്ഷു:പ്രീതി.
ചക്ഷുരോഗം [സം.രോഗ] നാ. കണ്ണിലെ രോഗം.
ചങ്ക [<സം. ശങ്കാ] നാ. 1. സംശയം, അറപ്പ്; 2. ലജ്ജ, നാണം; 3. ഭയം.
ചങ്കടി നാ. = ശിങ്കിടി.
ചങ്കത്താനം [<സം.-സ്ഥാന] നാ. ഗുഹ്യസ്ഥാനം.
ചങ്കൻ [<ചങ്ക്] നാ. ഒരുതരം മത്സ്യം, ചങ്കങ്കരി; 2. ഒരു ജാതി; 3. ചങ്കുറപ്പുള്ളവൻ, ശക്തൻ.
ചങ്കരൻ [<സം.ശങ്കര] നാ. 1. ശിവൻ; 2. ഒരു പുരുഷനാമം.
ചങ്കരപ്പ് [സം.] നാ. നെഞ്ചുവേദന.
ചങ്കാഴി നാ. = ചങ്ങാഴി.

ചങ്കാഴുരി [ചങ്ങഴി-ഉരി] നാ. ഒരു ധാന്യ അളവ്, ചങ്ങഴിയും ഉരിയും ചേർന്നത്.
ചങ്കിടിപ്പ് [ചങ്ക്-ഇടിപ്പ്] നാ. ഹൃദയസ്പന്ദനം.
ചങ്കിരാന്തി നാ. = സംക്രാന്തി.
ചങ്കിരി [സം.] നാ. 1. ശങ്ഖിലുള്ള പിരി; 2. പിരിയാണി; 3. ശങ്ഖിൻെറതുപോലെ പിരിയുള്ള ഉപകരണം.
ചങ്കിലി [ത.] നാ. ചങ്ങല.
ചങ്കിലിപ്പുല്ല് നാ. ഒരിനം പഞ്ഞപ്പുല്ല്.
ചങ്കിലിമാടൻ നാ. ചങ്ങലമാടൻ.
ചങ്കിലിവട്ടം നാ. 1. ഒരുതരം ആഭരണം; 2. അളവുചങ്ങല വട്ടത്തിൽ പിടിച്ചാലുള്ള സ്ഥലം.
ചങ്ക് [സം.ശങ്ഖ] നാ. 1. ശങ്ഖ്; 2. തൊണ്ടയിലെ മുഴ; 3. ഹൃദയം.
ചങ്കുചക്രം [സം.] നാ. ശങ്ഖിൻെറ അടയാളമുള്ള ചക്രം. (തിരുവിതാംകൂർ നാണയം).
ചങ്കുചാർത്തുക ക്രി. ശങ്ഖുമുദ്ര പതിക്കുക, മുദ്രയടിക്കുക (കൊച്ചിയിലേയും തിരുവിതാംകൂറിലേയും രാജകീയമുദ്രയിൽ ശങ്ഖടയാളം ഉണ്ടായിരുന്നതുകൊണ്ട്).
ചങ്കുതിരി നാ. നെഞ്ചിലുള്ള ഒരു മർമം.
ചങ്കുപുഷ്പം നാ. = ശങ്ഖുപുഷ്പം.
ചങ്കുരം [സം.] നാ. 1. വണ്ടി, രഥം; 2. മരം; 3. വാഹനം.
ചങ്കുവിരുത്തി നാ. ഒരു പഴയ ഭൂവുടമസമ്പ്രദായം, അമ്പലത്തിൽ ശങ്ഖുവിളിക്കുന്നതിനു പ്രതിഫലമായി വിട്ടുകൊടുത്തിട്ടുള്ള വസ്തു.
ചങ്കുറപ്പ് നാ. ധൈര്യം, സാഹസികത.
ചങ്കൂതിക്കാലം നാ. കഴുത്തിലുള്ള ഒരു മർമം.
ചങ്കൂറ്റം നാ. ചങ്കുറപ്പ്, ധീരത.
ചങ്കേതം [<സം.]നാ. ക്ഷേത്രംവക കരമൊഴിവായുള്ള വസ്തു.
ചങ്കൊലി നാ. = ശങ്ഖൊലി.
ചക്രമണം [<സം.സംക്രമണ] നാ. 1. ചുറ്റിത്തിരിയൽ, നടപ്പ്; 2. പതുക്കെയുള്ളപോക്ക്; 3. അലഞ്ഞുതിരിഞ്ഞുനടക്കൽ; 4. ഭ്രമണം; 5. ചുറ്റിനടക്കാനുള്ള സ്ഥലം.
ചക്രമം [സം.] നാ. 1. ചുറ്റിത്തിരിയൽ, സഞ്ചരിക്കൽ; 2. ചുറ്റിനടക്കാനുള്ള സ്ഥലം.
ചക്രമിക്കുക [സം.] ക്രി. ചുറ്റിത്തിരിയുക.
ചക്രമിത [സം.] വി. ചക്രമിച്ച, ചുറ്റിത്തിരിഞ്ഞ.
ചക്രമിതം [സം.] നാ. ചുറ്റിത്തിരിയൽ.
ചങ്ഗ, ചംഗ [പ്രാ.] വി. 1. മനസ്സിലാവുന്ന; 2. സുന്ദരമായ; 3. ആരോഗ്യമുള്ള; 4. വിധികർത്താവായ.
ചങ്ഗൻ [പ്രാ.] നാ. സുന്ദരൻ.
ചങ്ഗിമാവ് [സം.ചങ്ഗിമൻ] നാ. 1. ചന്തം, സൗന്ദര്യം; 2. സാമർഥ്യം.
ചങ്ങ1 [<ചങ്ങല] നാ. 1. താക്കോൽ തൂക്കുന്നതിനുള്ള ചെറിയ തുടൽ; 2. ചങ്ങല.
ചങ്ങ2 നാ. = ചങ്ഗ.

ചങ്ങണപ്പുല്ല് നാ. ഇഞ്ചിക്കണപ്പുല്ല്.
ചങ്ങണ്ടം നാ. ഉഴുകയോ കിളക്കുകയോ ചെയ്യുമ്പോൾ മണ്ണിളകാതെ കിടക്കുന്ന ഭാഗം, തിടമ്പ്, തിട്ട.
ചങ്ങത [<സം.] നാ. വേദത്തിലെ സംഹിതാഭാഗം.
ചങ്ങങ്കോഴി നാ. പൂവൻകോഴി.
ചങ്ങനാഴി നാ. = ചങ്ങഴി.
ചങ്ങല [പ്രാ.] നാ. 1. ലോഹനിർമിതമായ കണ്ണികൾ നീളത്തിൽ കോർത്തിണക്കിയത്, തുടൽ; 2. 22 ഗജം നീളമുള്ളതും നിലം പുരയിടം മുതലായവയുടെ വിസ്തീർണം അളക്കുന്നതിനുപയോഗിക്കുന്നതുമായ അളവുചങ്ങല, അതിനുതുല്യമായ ദീർഘയളവ്; 3. ഒരു ആഭരണം (തുടലിൻെറ ആകൃതിയിലുള്ളത്); 4. വിലങ്ങ്; 5. ബന്ധനം.
ചങ്ങലംപരണ്ട നാ. ഒരുതരം വള്ളിച്ചെടി.(തുടൽപോലെ തണ്ടുള്ളതിനാൽ ഈ പേര്.
ചങ്ങലമാടൻ നാ. ചങ്ങല ആയുധമായുള്ള ഒരു ഉഗ്രമൂർത്തി, മാടൻ.
ചങ്ങലവിളക്ക് നാ. 1. ചങ്ങലവട്ട; 2. തൂക്കുവിളക്ക്.
ചങ്ങഴി നാ. ഇടങ്ങഴിയോളംവരുന്ന ഒരു ധാന്യയളവ്, അത്രയും കൊള്ളുന്ന അളവുപാത്രം.
ചങ്ങഴിപ്പൂട്ട് നാ. പഴയകാലത്തുണ്ടായിരുന്ന ഒരുതരം വലിയ പൂട്ട് (ചങ്ങഴിയുടെ ആകൃതിയിലുള്ളത്.)
ചങ്ങാടം [<സം.സങ്ഘാത] നാ. തടികളോ മുളകളോ വള്ളങ്ങളോ മറ്റോ കൂട്ടിക്കെട്ടി ഉണ്ടാക്കുന്ന ജലവാഹനം.
ചങ്ങാതപ്പാട് നാ. രാജാവിൻെറ അങ്ഗരക്ഷകൻ, രാജസേവകൻ.
ചങ്ങാതം [<സം.സങ്ഘാത] നാ. 1. കാവൽസങ്ഘം; 2. കാവൽച്ചങ്ങാതമായി സേവനമനുഷ്ഠിച്ചതിനു പ്രതിഫലമെന്ന നിലയ്ക്ക് കരമൊഴിവായികൊടുത്തിരുന്ന ഭൂമി; 3. അങ്ഗരക്ഷകരേയോ കാവൽഭടന്മാരെയോ നിയോഗിക്കുമ്പോൾ നൽകേണ്ട രാജഭോഗം; 4. തുണ, സഹായം; 5. സ്നേഹബന്ധം; 6. മറുപിള്ള.
ചങ്ങാതി [<ചങ്ങാതം] നാ. 1. സ്നേഹിതൻ, കൂട്ടുകാരൻ; 2. (അലം) ഒരു ഉപമാവാചകം; 3. മറുപിള്ള.
ചങ്ങാതിക്കുറി നാ. സ്നേഹിതന്മാരിൽനിന്ന് സംഭാവന വാങ്ങിക്കുന്നതിന് ഏർപ്പെടുത്തുന്ന സൽക്കാരവിരുന്ന്, കുറിക്കല്ല്യാണം.
ചങ്ങാത്തം നാ. 1. ചങ്ങാതിയായിരിക്കുന്ന അവസ്ഥ, കൂട്ടുകെട്ട്, സ്നേഹം; 2. ഒരിനം വിരുത്തി, ചങ്ങാതം.
ചങ്ങാഴി നാ. = ചങ്ങഴി.
ചങ്ങിടി [<സം.] നാ. = ചങ്ങത.
ചച്ചരവ് നാ. 1. വഴക്ക്, കുഴപ്പം; 2. ശല്യം.
ചച്ചരി [പ്രാ.] നാ. ഒരുതാളവാദ്യം. ചച്ചരിപ്രബന്ധം = (സങ്ഗീ) ഒരുതരം ഗീതപ്രബന്ധം.
ചഞ്ച[സം.ചഞ്ചാ] നാ. 1. ചൂരലോ ഈറയോ മറ്റൊകൊണ്ട് നെയ്തുണ്ടാക്കിയ സാധനം; 2. വയ്ക്കോൽകൊണ്ട് ഉണ്ടാക്കിയ ആൾരൂപം.
ചഞ്ചത് [സം.] വി. ചലിച്ചുകൊണ്ടിരിക്കുന്ന, ഇളകുന്ന (മറ്റു പദങ്ങളോട് സമാസിച്ചു പ്രയോഗം).

ചഞ്ചത്പുടം [സം.-പുട] നാ. ഒരു താളം, ചതുരശ്രതാളം.
ചഞ്ചം [സം.ചഞ്ച] നാ. 1. കൂട, കുട്ട; 2. അഞ്ച് അംഗുലം നീളമുള്ള ഒരളവ്; 3. വയ്ക്കോലോമറ്റോ കൊണ്ടുണ്ടാക്കിയ ആൾക്കോലം; 4. ഗമനം.
723
ചഞ്ചരി [സം.ചഞ്ചരിൻ] നാ. കറുത്തവലിയ വണ്ട്.
ചഞ്ചരികാവലി [സം.-ആവലി] നാ. ഒരു സമവൃത്തം.
ചഞ്ചല1 [സം.] വി. 1. അങ്ങോട്ടുമിങ്ങോട്ടും ചലിക്കുന്ന, ഇളകുന്ന, സ്ഥിരതയില്ലാത്ത; 2. വിറയ്ക്കുന്ന, പതറുന്ന; 3. ശ്രാദ്ധയില്ലാത്ത.
ചഞ്ചല2 [സം.ചഞ്ചലാ] നാ. 1. മിന്നൽ; 2. ഒരു നദി; 3. തിപ്പലി; 4. ഐശ്വര്യദേവത, ലക്ഷ്മീദേവി; 5. ഒരിനം ഉന്മാദം; 6. ഭൂമി രണ്ടുവിധമുള്ളതിൽ ഒന്ന്.
ചഞ്ചലത [സം.-താ] നാ. ചഞ്ചലമായിരിക്കുന്ന അവസ്ഥ.
ചഞ്ചലനം [സം.] നാ. ഇളക്കം, ചലനം.
ചഞ്ചലനയന1 [സം.] വി. ഇളകിക്കൊണ്ടിരിക്കുന്ന കണ്ണുകളുള്ള (സൗന്ദര്യലക്ഷണമായി പ്രയോഗം).
ചഞ്ചലനയന2 [സം.] നാ. സുന്ദരി.
ചഞ്ചലപ്പെടുക [സം.-മ.പെടുക] ക്രി സ്ഥൈര്യം നഷ്ടപ്പെടുക, പരിഭ്രമിക്കുക.
ചഞ്ചലം [സം.] വി. ഉറപ്പില്ലാത്ത നാ. 1. ഇളക്കം, അസ്ഥിരത; 2. പരിഭ്രമം, പതർച്ച; 3. സംശയം.
ചഞ്ചലമിഴി [സം.] നാ. ചഞ്ചലാക്ഷി.
ചഞ്ചലലോചന [സം.] നാ. ഇളകുന്നകണ്ണുകൾ ഉള്ളവൾ, സുന്ദരി.
ചഞ്ചലാക്ഷി [സം.-അക്ഷീ] നാ. 'ചഞ്ചലമായ അക്ഷികളോടുകൂടിയവൾ' സുന്ദരി.
ചഞ്ചലാപാങ്ഗം [സം.-അപങ്ഗ] നാ. ചഞ്ചലമായ അപാങ്ഗം, ഇളകിക്കൊണ്ടിരിക്കുന്ന കടക്കണ്ണ്.
ചഞ്ചലാളി [സം.-ആലി] നാ. മിന്നൽക്കൂട്ടം.
ചഞ്ചലിക്കുക [<സം.ചഞ്ചല] ക്രി. 1. ഇളകുക; 2. പരിഭ്രമിക്കുക.
ചഞ്ചലിപ്പ് നാ. ഇളക്കം, പരിഭ്രമം.
ചഞ്ചാപുരുഷൻ [സം.-പുരുഷ] നാ. 1. വയ്ക്കോലും മറ്റുംകൊണ്ട് ഉണ്ടാക്കുന്ന ആൾരൂപം, കോലം, നോക്കുകുത്തി; 2. കൊള്ളരുതാത്തവൻ, നിന്ദ്യൻ.
ചഞ്ചാമത്തുദത്ത് നാ. ബ്രാഹ്മണരുടെ ഇടയിൽ നടപ്പുള്ള മൂന്നുവിധദത്തുകളിൽ ഒന്ന് (പത്തുകൈയാൽദത്ത്, ആയാത്തുവിധിദത്ത് എന്ന് മറ്റുരണ്ടിനം).
ചഞ്ചാരൂപം [സം.-രൂപ] നാ. വയ്ക്കോലും മറ്റുംകൊണ്ടുണ്ടാക്കിയ ആൾരൂപം, ചഞ്ചാപുരുഷൻ.
ചഞ്ചു [സം.] വി. സാമർഥ്യമുള്ള, കീർത്തിയുള്ള.
ചഞ്ചു [സം.] നാ. 1. പക്ഷിയുടെ ചുണ്ട്, കൊക്ക്; 2. മാൻ.
ചഞ്ചുക [സം.] നാ. പക്ഷിയുടെ ചുണ്ട്, കൊക്ക്.
ചഞ്ചുകി [സം.ചഞ്ചുകിൻ] വി. കൊക്കുള്ള, കൊക്കുള്ള ഒരുതരം പാത്രം.
ചഞ്ചുപുടം [സം.പുട] നാ. ഉള്ള് അടച്ച പക്ഷിക്കൊക്ക്.
ചഞ്ചുഭൃത്ത് [സം.-ഭൃത്] വി. കൊക്കുള്ളത്. നാ. പക്ഷി.
ചഞ്ചുമത്ത് [സം.-മത്] നാ. ചഞ്ചുഭൃത്ത്.
ചഞ്ചുരൻ [സം.] നാ. വിദഗ്ധൻ, സമർഥൻ.

ചഞ്ചുസൂചി [സം.-സൂചി] നാ. 'സൂചിപോലെയുള്ള കൊക്കോടുകൂടിയത്' 1. കുളക്കോഴി; 2. തുന്നാരൻ, പാണക്കുരുവി.
ചഞ്ചുസൂചികം [സം.-സൂചിക] നാ. ചഞ്ചുസൂചി.
ചട് (ശബ്ദാനു) ഏതെങ്കിലും ഒടിയുകയോ പൊട്ടുകയോ മറ്റോ ചെയ്യുമ്പോഴുണ്ടാകുന്ന ശബ്ദത്തെക്കുറിക്കാൻ പ്രയോഗം.
ചട1 [ചടയുക] ധാതുരൂപം.
ചട2 [<സം.ജടാ] നാ. 1. ജട; 2. ഒരുചെടി; 3. പരന്ന തലപ്പ് (ആണിയുടെയും കുറ്റിയുടെയും മറ്റും).
ചടക[സം.ചടകാ] നാ. 1. കുരുകിൽപ്പിട; 2. തിപ്പലിവേര്; 3. കുട്ടികൾക്ക് നാലാംവയസ്സിൽ പിടിപെടുന്ന ഒരു ഗ്രഹപീഡ.
ചടകകം [സം.ചടക(ക)] നാ. കുരുകിൽ.
ചടകം1 [സം.] നാ. 1. കുരുകിൽ; 2. കളരിപ്പയറ്റിലെ ഒരു അഭ്യാസം; 3. കുരിലടിവാർപ്പൻ; 4. തിപ്പലിവേര്.
ചടകം2 നാ. ഒരിനം പടക്കം.
ചടകംപരിശ നാ. ഒരിനം പരിച.
ചടകാമുഖം [സം.-മുഖ] നാ. ഒരിനം അമ്പ് (കുരുകിൽപക്ഷിയുടെ ചുണ്ടിനോട് സാമ്യമുള്ളത്.)
ചടക്കഞ്ചാവ് നാ. ഒരിനം കഞ്ചാവുചെടി.
ചടക്കം നാ. 1. ശാഠ്യം, കടുംപിടി; 2. മല്ല്, വഴക്ക്, എതിർപ്പ്; 3. അഭ്യാസം, യുദ്ധമുറ, അടവ്.
ചടക്കരപ്പൻ നാ. ജടിലവിസർപ്പം.
ചടക്ക് നാ. വഴക്കമില്ലായ്മ, അടക്കമില്ലായ്മ, ചടക്കം.
ചടങ്ക് നാ. = ചടങ്ങ്.
ചടങ്ങം നാ. ഒരുതരം മൽപ്പിടുത്തം.
ചടങ്ങിനാച്ചാത്തം നാ. പ്രേതഹോമത്തോടുകൂടി ഊട്ടുന്ന ശ്രാദ്ധം.
ചടങ്ങ് [പ്രാ.] നാ. 1. മതപരമായ കർമം, ശാസ്ത്രവിധിയോ കീഴ്നടപ്പോ അനുസരിച്ച് ഹോമം പൂജതുടങ്ങിയവയും ജനനം മുതൽ മരണംവരെ അനുഷ്ഠിക്കേണ്ട ആചാരങ്ങളും നടത്താനുള്ള മുറ; 2. ആചാരം, സമ്പ്രദായം, മുറ, നടപടിക്രമം.
ചടങ്ങുകല്യാണം [സം.-കല്യാണ] നാ. കെട്ടുകല്യാണം.
ചടങ്ങുകഷായം [സം.-കഷായ] നാ. ഒരു കഷായയോഗം (മുത്തങ്ങ, ചന്ദനം, ചുക്ക്, ഇരുവേലി, പർപ്പടകപ്പുല്ല്, രാമച്ചം എന്നിവ ചേർന്നത്.)
ചടങ്ങുദക്ഷിണ [സം.-ദക്ഷിണാ] നാ. ക്രിയാവിധിചൊല്ലിളൊടുത്ത് ക്രിയചെയ്യിക്കുന്ന പുരോഹിതനു നൽകുന്ന ദക്ഷിണ.
ചടപട [സം.] (ശബ്ദാനു) ആയുധങ്ങൾ കൂട്ടിമുട്ടുമ്പോഴും പടക്കംപൊട്ടുമ്പോഴും ഉണ്ടാകുന്ന ശബ്ദത്തെ കുറിക്കാൻ പ്രയോഗം.
ചടചടെ [സം.] 1. 'ചടചട' എന്ന ശബ്ദം ഉണ്ടാകത്തക്കവണ്ണം.
ചടച്ചി നാ. 1. ചടയൻെറ സ്ത്രീ, പാർവതി; 2. ഒരു സ്ത്രീനാമം (ചിലകാട്ടുജാതിക്കാർ ഉപയോഗിക്കുന്നത്.)
ചടത്കാരം [സം.] നാ. 'ചടചട' എന്ന ശബ്ദം.
ചടനം [സം.] നാ. പൊട്ടൽ, ചെറിയകഷണങ്ങളായി ചിതറൽ.
ചടന്ത് [ചടന്തുക] ധാതുരൂപം.

ചടന്തുക ക്രി. മുടന്തുക, ഞൊണ്ടുക.
ചടന്തുകാൽ നാ. മുടന്തുള്ളകാല്. ചറന്തുകാലൻ = മുടന്തൻ.
ചടപ്പ്,ചടവ് 1. ചടച്ചിരിക്കുന്ന അവസ്ഥ, മെലിച്ചിൽ, ക്ഷീണം, ആവശത; 2. വിലയിടിവ്.
ചടമ്പ് നാ. 1. ചണമ്പ്; 2. ചണമ്പ് ചതച്ചുണ്ടാക്കുന്ന നാര്, ചണം.
ചടയൻ [സം.ജറ്റാ] നാ. 'ജടയുള്ളവൻ' 1. ശിവൻ, ഒരുപുരുഷനാമം; 3. രോമനിബിഡമായത്; 4. ഒരിനം സ്രാവ്; 5. കർപ്പൂരഗന്ധമുള്ള ഒരു ഔഷധച്ചെടി (ഇലയിലും തണ്ടിലും ധാരാളം രോമമുള്ളത്); 6. ഒരിനം പുല്ല്; 7. വൃത്തികെട്ടവൻ.
ചടയൻചീര [-ചീര] നാ. ഒരുതരം ഔഷധച്ചെടി.
ചടയി നാ. ഒരു സ്ത്രീനാമം (ചില താഴ്ന്ന ജാതിക്കാരുടെ ഇടയിൽപ്രയോഗം).
ചടയുക ക്രി. 1. മുടന്തുക, ഏന്തുക; 2. തളരുക, ക്ഷീണിക്കുക.
ചടയ്ക്കുക ക്രി. 1. മെലിയുക, ക്ഷീണിക്കുക, മനസ്സ് തളരുക; 2. മുട്ടുക, തടസ്സപ്പെടുത്തുക.
ചടവ്[<ചടയ്ക്കുക] നാ. = ചടപ്പ്.
ചടാക്ക് നാ. ഉപയോഗമില്ലാത്തത്, സന്ധിബന്ധങ്ങൾ ഉലഞ്ഞു ശബ്ദമുണ്ടാക്കുന്നത്.
ചടാന്ന് = ചടേന്ന്.
ചടാൽ,-ലി നാ. നാനാവക, കണ്ണിൽ കണ്ടതെല്ലാം.
ചടാലുപിടാല് നാ. കണ്ണിൽക്കണ്ടതെല്ലാം, നാനാവക.
ചടിക [സം.-ചടികാ] നാ. 1. കുരികിൽപ്പിട; 2. തിപ്പലിമൂലം.
ചടികാശിരം [സം.-ശിരസ്] നാ. തിപ്പലിമൂലം.
ചടിത [സം.] വി. 1. പൊട്ടിയ, ഒടിക്കപ്പെട്ട; 2. തൂങ്ങിക്കിടക്കുന്ന.
ചടിതി [<സം.ഝട്-ഇതി] വി. പെട്ടെന്ന്, ഝടിതി.
ചടിപ്പ് നാ. ചെടിപ്പ്.
ചടു [സം.] നാ. 1. ഇഷ്ടവാക്ക്, ദയയോടുകൂടിയവാക്ക്, ചടുവാക്ക്; 2. നിലവിളി, ഉച്ചത്തിലുള്ള കരച്ചിൽ; 3. ഒരു യോഗാസനം; 4. വയറ്.
ചടുകാര [സം.-കാര] നാ. പ്രശംസിക്കാനോ സന്തോഷിപ്പിക്കാനോ വേണ്ടി സംഭാഷണം നടത്തുന്നവൻ.
ചടുക്കനെ അവ്യ. പെട്ടെന്ന്, ഉടൻതന്നെ.
ചടുപട അവ്യ. ചടപട.
ചടുപടെ അവ്യ. ചടചടെ.
ചടുതി [<സം.ഝട്-ഇതി] അവ്യ. = ചടിതി.
ചടുന്നനെ അവ്യ. = ചടുക്കനെ.
ചടുപിടെ അവ്യ. അതിവേഗത്തിൽ, തിടുക്കത്തിൽ.
ചടുല വി. 1. വിറയ്ക്കുന്ന, ചലിക്കുന്ന, ഇളകുന്ന; 2. അസ്ഥിരമായ; 3. തീക്ഷ്ണമായ; 4. കൂനുള്ള.
ചടുലത [സം.-താ] നാ. 1. ചടുലമായിരിക്കുന്ന അവസ്ഥ, അസ്ഥിരത; 2. മനോഹാരിത.
ചടുലൻ കൂനൻ.
ചടുലനയന [സം.-നയനാ] നാ. 'ഇളകുന്ന കണ്ണുകളോടുകൂടിയവൾ' സുന്ദരി.

ചടുലമിഴി [സം.-മ.മിഴി] നാ. = ചടുലനയന.
ചടുലവാണി [സം.-വാണീ] നാ. 1. മനോഹരമായ വക്ക്; 2. മനോഹരമായി സംസാരിക്കുന്നവൾ, സുന്ദരി.
ചടുലാക്ഷ [സം.] വി. ഇളകുന്ന കണ്ണുകളോടുകൂടിയ.
ചടുലാക്ഷി [സം.-അക്ഷി] നാ. = ചടുലനയന.
ചടുലാപാങ്ഗം [സം.-അപാങ്ഗ] നാ. ഇളകുന്ന കടക്കണ്ണ്, മനോഹരമായ കടാക്ഷം.
ചടുലാപാങ്ഗി [സം.-അപാങ്ഗി] നാ. 'ഇളകുന്ന കടക്കാണ്ണോടുകൂടിയവൾ' സുന്ദരി.
ചടുലാലസ [സം.-ലാലസ] വി. മുഖസ്തുതി ആഗ്രഹിക്കുന്ന.
ചടുലോക്ഷണ [സം.-ഈക്ഷണ] വി. 'ചടുലമായ ഈക്ഷണത്തോടുകൂടിയ' സൗന്ദര്യമുള്ള. നാ. സുന്ദരി.
ചടുലേക്ഷണൻ [സം.-ഈക്ഷണ] നാ. 'ചടുലങ്ങളായ ഈക്ഷണങ്ങളോടു കൂടിയവൻ' മനോഹരമായ കണ്ണുള്ളവൻ, സുന്ദരൻ.
ചടുലേക്ഷണം [സം.-ഈക്ഷണ] നാ. ഇളകുന്ന കണ്ണ്, മനോഹരമായ നോട്ടം.
ചടുലോല [സം.-ലോല] വി. 1. തരളമായ; 2. മനോഹരമായ; 3. പ്രിയവാക്കുപറയുന്ന.
ചടുവാക്ക് [സം.] നാ. ചാടുവാക്ക്, ഹൃദ്യമായ വാക്ക്.
ചട്ട1 നാ. 1. ഉടൽമറയ്ക്കുന്ന ഉടുപ്പ്, കുപ്പായം; 2. ആയുധങ്ങൾ ശരീരത്തിൽ ഏൽക്കാതിരിക്കാനായി യുദ്ധവീരന്മാരും ഭടന്മാരും മറ്റും ധരിക്കുന്ന ദേഹരക്ഷാവരണം, പടച്ചട്ട; 3. പാശ്ചാത്യരീതിയിലുള്ള വസ്ത്രം; 4. സിറിയൻ ക്രിസ്ത്യൻ സ്ത്രീകൾ ധരിക്കാറുള്ള പ്രത്യേകതരം കുപ്പായം; 5. പാമ്പിൻെറ പുറത്തെ തൊലി, പാമ്പിൻ പടം; 6. തൊലി; 7. ശരീരം; 8. തോൾപ്പലക; 9. ചിത്രങ്ങളും മറ്റും കേടുകൂടാതെ സൂക്ഷിക്കാനുള്ള ചട്ടക്കൂട്; 10. ഉറ (തുണികൊണ്ടോ മറ്റോ നിർമിച്ചത്); 11. പുസ്തകത്തിൻെറ താളുകൾ കേടുപറ്റാതെ സൂക്ഷിക്കുന്ന കട്ടിക്കടലാസോ തുണിയോ കൊണ്ടുള്ള ആവരണം.
ചട്ടകം1 നാ. = ചട്ടുകം.
ചട്ടകം2 നാ. 1. ആകൃതി; 2. ശരീരം; 3. ചട്ടക്കൂട്; 4. കിടക്ക, മെത്ത.
ചട്ടക്കട്ടിൽ [ചട്ടം-കട്ടിൽ] നാ. 1. എഴുകകൾ ഇളക്കി എടുക്കാവുന്നവിധം ഉണ്ടാക്കിയിട്ടുള്ള കട്ടിൽ; 2. തൂക്കുമഞ്ചം.
ചട്ടക്കതക് നാ. തടികൊണ്ടുള്ള ചട്ടക്കൂടിൽ പലക ഉറപ്പിച്ച് ഉണ്ടാക്കുന്ന കതക്.
ചട്ടക്കാരൻ നാ. 1. ആങ്ഗ്ലോഇൻഡ്യൻ; 2. പാശ്ചാത്യരീതിയിൽ വസ്ത്രം ധരിക്കുന്ന ആൾ; 3. സേവകൻ, ഭൃത്യൻ, ശിപായി; 4. ചട്ടം നടപ്പിലാക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ; 5. എല്ലാകാര്യത്തിലും നിയമവും വകുപ്പും ഉദ്ധരിച്ചു സംസാരിക്കുന്ന ആൾ.
ചട്ടക്കാൽ നാ. ചട്ടക്കൂടിൻെറ കാൽ.
ചട്ടക്കൂട് നാ. 1. ഒരുവസ്തുവിൻെറ മറ്റുഭാഗങ്ങളെ താങ്ങി നിർത്തുന്നതും ആകൃതിപ്പെടുത്തുന്നതുമായ പ്രത്യേകഭാഗം; 2. നിയമം ആചാരം വിശ്വാസം രീതി വ്യവസ്ഥ തുടങ്ങിയവയെ നിയന്ത്രിക്കുന്ന അടിസ്ഥാനതത്വങ്ങളുടെ സമാഹാരം.
ചട്ടത്തൊപ്പി നാ. ചട്ടക്കാരുപയോഗിച്ചിരുന്ന തൊപ്പി.
ചട്ടത്തോക്ക് നാ. ഒരിനം തോക്ക് (തീക്കല്ലുവച്ചത്).

ചട്ടൻ1 [<പ്രാ.] നാ. 1. ശിഷ്യൻ, വിദ്യാർഥി; 2. ക്ഷേത്രഭരണക്കാരൻ.ചട്ടൻ2 [മ.< ചട്ട്] നാ. ചട്ട് (മുടന്ത്) ഉള്ളവൻ.
ചട്ടനാഥൻ നാ. ഭൈരവൻ, ശിവൻ.
ചട്ടനെ അവ്യ. പെട്ടെന്ന്.
ചട്ടബുദ്ധി നാ. 1. യുക്തിപൂർവമായ ചിന്ത; 2. സദുപദേശം.
ചട്ടം നാ. 1. നിയമം മൂലമോ പരമ്പരാഗതമായ ആചാരംകൊണ്ടോ അങ്ഗീകാരം ലഭിച്ചിട്ടുള്ള പ്രവർത്തനരീതി, നടപടിക്രമം; 2. മാതിരി, രീതി; 3. കൽപന, ആജ്ഞ; 4. വെരുകിൻചട്ടം; 5. തിട്ടം; 6. ഇതരഭാഗങ്ങൾ ബലപ്പിച്ചു നിറുത്തത്തക്കവിധം മരംകൊണ്ടോ ഉറപ്പുള്ള മറ്റെന്തെങ്കിലും വസ്തുകൊണ്ടോ ഉണ്ടാക്കിയ പുറത്തരുക് (ഫ്രെയിം); 7. സമയം; 8. ഒരുതരം വരകോൽ; 9. അച്ച്; 10. തയാർ, ഒരുക്കം; 11. തിടമ്പ് എഴുന്നള്ളിക്കുന്നതിനായി അലങ്കരിച്ച തടിക്കൂട്, ജീവത; 12. തുടയുടെ മുകൾഭാഗം, അരക്കെട്ടിന് രണ്ടുവശത്തുമുള്ള മാംസളമായഭാഗം; 13. ഭങ്ഗി, വൃത്തി; 14. എഴുതാനുള്ള ഓല; 15. നികുതിക്കണക്ക്; 16 എഴുതാനുള്ള പകർപ്പ്.
ചട്ടമ്പി നാ. 1. അധ്യാപകൻ, ഗുരു; 2. ചട്ടമ്പിള്ള; 3. പ്രമാണി; 4. മെയ്പ്പയറ്റിൽ സാമർഥ്യമുൾലവൻ; 5. മെയ്മിടുക്കും കയ്യൂക്കുംകൊണ്ട് അഹങ്കരിച്ചു നടക്കുന്നവൻ, തെമ്മാടി; 6. പാവങ്ങളെ പിടികൂടി ദ്രോഹിക്കുവാനും കയ്യിലുള്ളത് പിടിച്ചുപറിക്കുവാനും വരുന്ന അക്രമി.
ചട്ടമ്പിത്തം നാ. = ചട്ടമ്പിത്തരം.
ചട്ടമ്പിത്തരം നാ. തെമ്മാടിയുടെ സ്വഭാവം.
ചട്ടമ്പിള്ള നാ. 1. വിദ്യാർത്ഥികളുടെ മേൽനോട്ടം വഹിക്കുന്നവൻ, കുടിപ്പള്ളിക്കൂടത്തിൽ ആശാനാൽ നിയമിക്കപ്പെടുന്ന വിദ്യാർത്ഥിമുഖ്യൻ, ചട്ടമ്പി; 2. തെമ്മാടി, അടിപിടിയും അക്രമങ്ങളും നടത്തുന്നവൻ.
ചട്ടവട്ടം നാ. 1. ചടങ്ങുകൾക്ക് ആവശ്യമായ സാധനങ്ങൾ സംഭരിക്കൽ; 2. നടത്തിപ്പിനുള്ള ഒരുക്കംകൂട്ടൽ, വ്യവസ്ഥ, നടപടിക്രമം; 3. പെരുമാറ്റം.
725
ചട്ടവരിയോല നാ. 1. ചട്ടങ്ങൾ (നിയമങ്ങൾ) എഴുതിയിട്ടുള്ള ഓല; 2. ഒരു ഭരണസമിതിയുടെയോ കമ്പനിയുടെയോ മറ്റോ നിയമാവലി.
ചട്ടവാൾ നാ. ഒരിനം അറപ്പുവാൾ (ചട്ടത്തിൽ പിടിപ്പിച്ചിട്ടുള്ളത്.)
ചട്ടവിളക്ക് നാ. അമ്പലങ്ങളിൽ മരച്ചട്ടക്കൂട്ടിൽ തറച്ചിരിക്കുന്ന വഴിവിളക്ക്.
ചട്ടസഭ നാ. നിയമനിർമാണസഭ.
ചട്ടറും വി. = ചട്ടറ്റ.
ചട്ടറ്റ വി. കുറവില്ലാത്ത, അന്യൂനമായ, കുറ്റമില്ലാത്ത, തികവുറ്റ.
ചട്ടാൽ നാ. കൂവളം.
ചട്ടി1 നാ. പരന്ന വാവട്ടമുള്ളതും താരതമ്യേന പൊക്കവും വലിപ്പവും കുറഞ്ഞതുമായ ഒരിനം മൺപാത്രം.
ചട്ടി2 [പ്രാ.] നാ. വാവുകഴിഞ്ഞ് ആറാമത്തെ ദിവസം.
ചട്ടിക്കളി നാ. ഒരിനം ചൂതുകളി, ചട്ടിയുരുട്ടിക്കളി.
ചട്ടിക്കുക ക്രി. 1. ചട്ടിപോലെ ആക്കുക, പരന്നതാക്കുക; 2. നശിപ്പിക്കുക; 3. കൊല്ലുക.
ചട്ടികാപ്പ് നാ. തലമുടിവെട്ടുന്ന ഒരു രീതി.

ചട്ടിച്ചായില്യം നാ. കറുത്തീയം രസം ഗന്ധകം എന്നിവ പ്രത്യേകരീതിയിൽ പാകംചെയ്തുണ്ടാക്കുന്ന ചായില്യം.
ചട്ടിച്ചെടി നാ. ചട്ടിയിൽ വളർത്തുന്ന പൂച്ചെടി.
ചട്ടിണി [പേർ.ചാഷ്ണി] നാ. പലഹാരങ്ങൾ ഭക്ഷിക്കുമ്പോൾ തൊട്ടുകൂട്ടുവാനുള്ള ഉപദംശങ്ങളിൽ ഒന്ന്, ഒരിനം ചമ്മന്തി.
ചട്ടിത്തല നാ. 1. ചട്ടിപോലെ ഉരുണ്ടുപരന്ന തല; 2. കഷണ്ടിത്തല; 3. വലിയതല.
ചട്ടിത്തൊപ്പി നാ. ഒരിനം തൊപ്പി.
ചട്ടിയപ്പം നാ. അരിമാവും തേങ്ങാപ്പാലും മറ്റും ചേർത്തുണ്ടാക്കുന്ന ഒരു പലഹാരം (മൺചട്ടിയിൽ ചുട്ടെടുക്കുന്നത്.0
ചട്ട് നാ. 1 കുറ്റം, കുറവ്, കോട്ടം; 2. മുടന്ത്.
ചട്ടുക ക്രി. 1. അഴിയുക, നശിപ്പിക്കുക; 2. മുടന്തുക.
ചട്ടുകം നാ. പാചകത്തിന് (അടുപ്പത്തു വയ്ക്കുന്ന വസ്തുക്കൾ ഇളക്കാനും കോരാനും) ഉപയോഗിക്കുന്ന ഉപകരണം.
ചട്ടുകാൽ നാ. മുടന്തുകാൽ, കേടുള്ളകാൽ.
ചട്ടുപെട്ടെന്ന് അവ്യ. വേഗത്തിൽ, തിടുക്കത്തിൽ.
ചട്ടുവം നാ. 1. ചട്ടുകം; 2. അംസഫലകം, തോൾപ്പലക.
ചട്ടെന്ന് [<സം.ഝട്-ഇതി] അവ്യ. പെട്ടെന്ന്, വേഗത്തിൽ.
ചട്ടോല നാ. 1. എഴുതാനുള്ള പനയോല, എഴുത്തോല; 2. നിയമാനുസൃതമായ പ്രമാണങ്ങൾ, ഉത്തരവുകൾതുടങ്ങിയവ എഴുതിയ ഓല.
ചട്ണി നാ. ചട്ടിണി.
ചണ1 [സം.] വി. കീർത്തികേട്ട, പ്രസിദ്ധമായ, സാമർഥ്യമുള്ള.
ചണ2 [സം.] നാ. (സങ്ഗീ) ഒരു താളം.
ചണകൻ [സം.] നാ. ചാണക്യന്റെ പിതാവ്.
ചണന്ത്രൻ നാ. ചണനാരു പിരിച്ചുണ്ടാക്കുന്ന നൂല്.
ചണം [സം.-ശണാ] നാ. ഒരുചെടി, അതിൽ നിന്നെടുക്കുന്ന നാര്
ചണമ്പ് നാ. ചണം.
ചണയെണ്ണ നാ. ചെറുചണത്തിന്റെയോ ചണത്തിന്റെയോ വിത്തിൽനിന്ന് എടുക്കുന്ന എണ്ണ.
ചണവല നാ. 1. വലിയമീൻ പിടിക്കുന്നതിന് ഉപയോഗിക്കുന്ന ഒരിനം വല, ചണനൂലുകൊണ്ടുണ്ടാക്കിയത്; 2. ഒന്നിനുംകൊള്ളാത്തത്.
ചണ്ടർ നാ. (ബ.വ.) കലഹിക്കുന്നവർ, ശത്രുക്കൾ.
ചണ്ടി1 നാ. 1. ചാറുപിഴിഞ്ഞെടുത്ത ശേഷമുള്ള കൊത്ത്, രസം എടുത്തതിനുശേഷം കളയുന്ന ഭാഗം, പിശട്; 2. വിലക്ഷണമായത്, മലിനവസ്തു; 3. കിട്റ്റം, മടി; 4. തൂത്തുകൂട്ടുന്ന ചവറ്; 5. കുരുമുളകിന്റെ കൊത്ത്; 6. ചകിരിച്ചോറ്; 7. ഉണങ്ങിയ ഇല; 8. ഒരുജാതിവണ്ട്; 9. പതിര്; 10. ഒരിനം പായൽ, കണ്ടിപ്പായൽ; 11. നിസ്സാരൻ, അഗണ്യൻ.
ചണ്ടി2 നാ. കോപം, ശാഠ്യം തുടങ്ങിയ ദുശ്ശീലങ്ങളുള്ള ആളോ മൃഗമോ.
ചണ്ടി3 [സം.ചണ്ഡീ] നാ. ദുർഗ.
ചണ്ടിക്കുതിര നാ. ഇണക്കമില്ലാത്ത കുതിര.

ചണ്ടീച്ചി നാ. ശാഠ്യമുള്ളവൾ.
ചണ്ടിത്തനം നാ. ചണ്ടിത്തം.
ചണ്ഠിത്തം നാ. 1. ചണ്ടിയുടെ സ്വഭാവം; 2. ദുസ്വഭാവം, ദുശ്ശാഠ്യം.
ചണ്ടിപ്പണ്ടാരങ്ങൾ നാ. ബ.വ. 1. ദുഷ്ടക്കൂട്ടം; 2. പ്രതിബന്ധങ്ങൾ; 3. സൈന്യത്തിന് ബദ്ധപ്പാടും പ്രയാസവും ഉണ്ടാക്കുന്നകാര്യങ്ങൾ (ബുദ്ധിമുട്ടിനിടയാക്കുന്ന ഭാണ്ഡങ്ങൾ, ജോലിക്കാർ മുതലായവ).
ചണ്ട് നാ. 1. ധാന്യങ്ങളുടെ പതിര്; 2. വയ്ക്കോലിൻെറയും മറ്റും പൊടി; 3. ഉപയോഗശൂന്യമായ വസ്തു.
ചണ്ടുക ക്രി. (നല്ലിലെ) പതിരും പൊടിയും വേർപെടുത്തുക.
ചണ്ഡ1 [സം.] വി. 1. ഉഗ്രമായ; 2. ബലമുള്ള, ഊക്കുള്ള; 3. ചൂടുള്ള; 4. കോപമുള്ള; 5. ഔദ്ധത്യമുള്ള; 6. അധൃഷ്യമായ; 7. ക്രൂരമായ.
ചണ്ഡ2 [സം.ചണ്ഡാ] നാ. 1. ദുർഗ; 2. ഒരു നദി; 3. ഭൂമിക്കടിയിലുള്ള 28 കോടി നരകങ്ങളിൽ പതിനൊന്നാമത്തെകോടി; 4. കോപശീലമുള്ള സ്ത്രീ; 5. സ്വർണം.
ചണ്ഡകരൻ [സം.-കര] നാ. ചണ്ഡകിരണൻ, സൂര്യൻ.
ചണ്ഡകിരണൻ [സം.-കിരണ] നാ. 'ചണ്ഡമായ കിരണങ്ങളോടുകൂടിയവൻ' സൂര്യൻ.
ചണ്ഡകൗശികൻ [സം.-കൗശിക] നാ. ഒരു മുനി.
ചണ്ഡഘണ്ട [സം.-ഘണ്ടാ] നാ. 'ചണ്ഡങ്ങളായ മണികളോടുകൂടിയവൾ' ദുർഗ.
ചണ്ഡത നാ. ചണ്ഡമായിരിക്കുന്ന സ്ഥിതി.
ചണ്ഡതപനൻ [സം.തപന] നാ. സൂര്യൻ.
ചണ്ഡദീധിതി [സം.-ദീധിതി] നാ. = ചണ്ഡകിരണൻ.
ചണ്ഡധാമാവ് [സം.-ധാമൻ] നാ. 1. ചണ്ഡകരൻ, സൂര്യൻ; 2. വർധിച്ചപ്രതാപമുള്ളവൻ.
ചണ്ഡൻ [സം.] നാ. 1. ശിവൻ; 2. സുബ്രഹ്മണ്യൻ; 3. ഒരു ദുർദേവത; 4. പുരാണപ്രസിദ്ധനായ ഒരസുരൻ (മഹിഷാസുരൻെറയും സുംഭനിസുംഭന്മാരുടെയും സേവകൻ, ദുർഗ ഇവനെ വധിച്ചു); 5. ഒരു ശിവപാർഷദൻ; 6. പ്രളയകാലത്ത് ഭൂമിയെ വലയം ചെയ്യുന്ന മേഘങ്ങളിൽ ഒന്ന്; 7. സൂര്യൻ; 8. യമൻ; 9. ഒരു യമദൂതൻ; 10. ഒരു വിഷ്ണുപാർഷദൻ; 11. ശ്രീരാമസൈന്യത്തിലെ ഒരു വാനരൻ; 12. കുബേരൻെറ ഒരു പുത്രൻ.
ചണ്ഡനായിക [സം.-നായികാ] നാ. ദുർഗയുടെ അഷ്ടമൂർത്തികളിൽ ഒന്ന്.
ചണ്ഡപ്രചണ്ഡ [സം.] വി. അതികഠോരമായ.
ചണ്ഡഭാർഗവൻ [സം.-ഭാർഗവ] നാ. ച്യവനവംശജനായ ഒരു ബ്രാഹ്മണൻ (ജനമേജയൻെറ സർപ്പസത്രത്തിലെ ഹോതാവ്).
ചണ്ഡമരീചി [സം.-മരീചി] നാ. ചണ്ഡരശ്മി, സൂര്യൻ.
ചണ്ഡമരുത്ത് [സം.-മരുത്] നാ. കൊടുങ്കാറ്റ്.
ചണ്ഡമാരി1 [സം.-മാരീ] നാ. ചണ്ഡാസുരനെ വധിക്കാൻ ദുർഗാദേവി സ്വീകരിച്ച ദേവതാരൂപം.
ചണ്ടമാരി2 [സം.ചൻഡ-മ.മാരി] നാ. പേമാരി, കഠിനവർഷം.
ചണ്ഡമാരുതൻ [സം.-മാരുത] നാ. ചണ്ഡമരുത്ത്.
ചണ്ഡമുണ്ഡ [സം.] നാ. ദുർഗയുടെ ഒരുമൂർത്തിഭേദം, ചാമുണ്ഡി.
ചണ്ഡമൃഗം [സം.-മൃഗ] നാ. 1. ഹിംസ്രജന്തു, കാട്ടുമ്രിഗം; 2. (ആല) വികാരംകൊണ്ടു ഭ്രാന്തനായവൻ.

ചണ്ഡരശ്മി [സം.-രശ്മി] നാ. ചണ്ഡകിരണൻ, സൂര്യൻ.
ചണ്ഡരൂപ [സം.രൂപാ] നാ. ദുർഗയുടെ എട്ടു മൂർത്തികളിൽ ഒന്ന്.
ചണ്ഡവത് [സം.-വതീ] നാ. ദുർഗയുടെ എട്ടു മൂർത്തികളിൽ ഒന്ന്.
ചണ്ഡവത്ത് [സം.-വത്] നാ. ചൂടുള്ളത്, ഉഗ്രതയുള്ളത്.
ചണ്ഡവാതം [സം.-വാത] നാ. ചണ്ഡമരുത്ത്.
ചണ്ഡവൃത്തി [സം.-വൃത്തി] നാ. തീഷ്ണസ്വഭാവമുള്ളവൻ, മർക്കടമുഷ്ടിക്കാരൻ.
ചണ്ഡവൃഷ്ടി [സം.-വൃഷ്ടി] നാ. 1. കഠിനവർഷം, പേമാരി; 2. ഒരു ദണ്ഡകവൃത്തം.
ചണ്ഡവേഗ1 [സം.-വേഗ] വി. അത്യന്തം വേഗമുള്ള, ഉഗ്രമായി പ്രവഹിക്കുന്ന.
ചണ്ഡവേഗ2 [സം.-വേഗാ] നാ. (കാമ) സുരതക്രീയയിൽ അത്യന്തം വേഗവതിയായ നാരി.
ചണ്ഡവേഗൻ [സം.] നാ. (കാമ) സുരതക്രീയയിൽ എളുപ്പത്തിൽ പ്രീതിവരാത്ത അശ്വജാതിയിൽപ്പെട്ട പുരുഷൻ.
ചണ്ഡവേഗം [സം.-വേഗ] നാ. ഒരു വൃത്തത്തിൻെറ പേര്.
ചണ്ഡാതകം [സം.] നാ. 1. സ്ത്രീകൾ ധരിക്കുന്ന അടിവസ്ത്രം; 2. അരളി.
ചണ്ഡാത്മാവ് [സം.-ആത്മൻ] നാ. ഉഗ്രൻ, ദുഷ്ടൻ, ദുരാത്മാവ്.
ചണ്ഡാനിലൻ [സം.-അനില] നാ. ചണ്ഡമരുത്ത്.
ചണ്ഡാപതി [സം.-പതി] നാ. 'ചണ്ഡയുടെ പതി' ശിവൻ.
ചണ്ഡാംശു [സം.-അംശു] നാ. 1. സൂര്യരശ്മി (തീക്ഷ്ണമായതുകൊണ്ട്); 2. ചണ്ഡകിരണൻ, സൂര്യൻ; 3. എരുക്ക്.
ചണ്ഡാംശുജൻ [സം.-അംശുജ] നാ. 'സൂര്യൻെറ പുത്രൻ' 1. യമധർമൻ; 2. സുഗ്രീവൻ; 3. കർണൻ; 4. ശനി.
ചണ്ഡാല [സം.] നാ. = ചണ്ഡാലി.
ചണ്ഡാലക്കൂത്ത് [സം.-മ.കൂത്ത്] നാ. അഗ്നിഹോത്രിയായ നമ്പൂതിരിയുടെ ജഡം സംസ്കരിക്കുന്ന സമയത്ത് ശ്മശാനത്തിൽവച്ചു നങ്ങയാർ നടത്താറുള്ള ഒരു ചടങ്ങ്.
ചണ്ഡാലത [സം.] നാ. ചണ്ഡാലപ്രകൃതി, മ്ലേച്ഛത, ക്രൂരത.
ചണ്ഡാലയോഗം [സം.-യോഗ] നാ. (ജ്യോ) രാഹു ലഗ്നത്തിലും ചന്ദ്രബുധശുക്രന്മാർ കേന്ദ്രത്തിലും നിൽക്കുമ്പോഴുണ്ടാകുന്ന യോഗം (കുലഭ്രഷ്ട ഫലം).
ചണ്ഡാലി [സം.-ലീ] നാ. 1. ചണ്ഡാലസ്ത്രീ; 2. അധമയായ സ്ത്രീ, ദുഷ്ടസ്ത്രീ.
ചണ്ഡാലിക [സം.-കാ] നാ. 1. ചണ്ഡാലസ്ത്രീ; 2. ദുർഗ.
ചണ്ഡാലിനി [സം.-നീ] നാ. 1. ചണ്ഡാലസ്ത്രീ; 2. ദുഷ്ടസ്ത്രീ.
ചണ്ഡാളൻ നാ. = ചണ്ഡാലൻ.
ചണ്ഡി [സം.] നാ. 1. അതിയായ കോപശീലമുള്ളവൾ; 2. ദുർഗാദേവി; 3. ദുർഗയുടെ ഒരു പരിചാരിക; 4. ദേവീമഹാത്മ്യത്തിൻെറ ഒരു ചുരുക്കപ്പേര്; 5. പാദത്തിൽ 13 അക്ഷരമുള്ള ഒരു സമവൃത്തം; 6. എരുമ.
ചണ്ഡിക [സം.-കാ] നാ. 1. ദുർഗാദേവി, ചണ്ഡി; 2. കോപശീല.
ചണ്ഡികാനാഥൻ [സം.-നാഥ] നാ. 'ചണ്ഡികയുടെ നാഥൻ' ശിവൻ.
ചണ്ഡികാമഹാനവമി [സം.] നാ. മഹാനവമി (ദുർഗാപൂജയുടെ ഒൻപതാംദിവസം).
ചണ്ഡിമാവ് [സം.-മൻ] നാ. 1. വികാരപരത, കോപം; 2. ഉഗ്രത, ശക്തി, കാഠിന്യം, ഉത്കടത, ക്രൂരത; 3. താപം, ചൂട്.
ചണ്ഡിലൻ [സം.] നാ. 1. ശിവൻ; 2. ക്ഷുരകൻ.
ചണ്ഡീപാഠം [സം.-പാഠ] നാ. ദേവീമാഹാത്മ്യം എന്ന ഗ്രന്ഥം.

ചണ്ഡീമാഹാത്മ്യം [സം.-ത്മ്യ] നാ. ചണ്ഡീപാഠം.
ചണ്ഡീശ്വരൻ [സം.-ഈശ] നാ. ശിവൻ.
ചണ്ഡു [സം.] നാ. 1. എലി, ചുണ്ടെലി; 2. ഒരിനം ചെറിയകുരങ്ങ്.
ചണ്ഡോഗ്ര [സം.-ഉഗ്രാ] നാ. ദുർഗയുടെ എട്ടു മൂർത്തികളിൽ ഒന്ന്.
ചണ്ഡോദരി [സം.-ഉദരീ] നാ. ഒരു രാക്ഷസി (ലങ്കയിൽ സീതയ്ക്കു കാവലിരുന്നവരിൽ ഒരുവൾ).
ചണ്ണ1 നാ. 1. പൃഷ്ഠഭാഗം (പ്രത്യേകിച്ച് മൃഗങ്ങളുടെ പിന്തുടക്കുറക്); 2. വള്ളത്തിൻെറ ജലനിരപ്പിനടിയിലുള്ള ഭാഗം; 3. ചണ്ണപ്പായൽ.
ചണ്ണ2 വി. തടിച്ച, കൊഴുത്ത.
ചണ്ണക്കാലൻ നാ. ഒരുകാലിന് വണ്ണക്കൂടുതലുള്ളവൻ, മുടന്തൻ.
ചണ്ണപ്പൂട്ട് നാ. ഇളിക്കൂട്, കാലും ഉടലുമായി ചേരുന്ന ഭാഗം.
ചണ്ണി നാ. ചന്തി, ഊര, കുണ്ടി.
ചണ്ണുക ക്രി. അത്യാഗ്രഹത്തോടുകൂടി ഭക്ഷിക്കുക, വലിച്ചുവാരി തിന്നുക.
ചത1 (ചതയുക) ധാതുരൂപം.
ചത2 നാ. 1. ചതവ്; 2. ഇടി, മർദനം.
ചത3 നാ. 1. മാംസം; 2. ഫലങ്ങളുടെ മാംസളമായ ഭാഗം.
ചതകുപ്പ [മ്. നാ. ഒരു അങ്ങാടിമരുന്ന്, ശതപുഷ്പി, ശതകുപ്പ.
ചതങ്കപ്പൂരം നാ. ഒരിനം വലിയ പഴുതാര.
ചതങ്കമാല [സം.] നാ. 1. ഒരുതരം കണ്ഠാഭരണം; 2. കാളകളുടെയും മറ്റും കഴുത്തിൽ കെട്ടുന്ന ചിലങ്കമാല.
ചതച്ചിൽ (ചതയ്ക്കുക) നാമരൂപം.
ചതഞ്ഞവൻ നാ. ഒന്നിനും കൊള്ളരുതാത്തവൻ, കാര്യശേഷിയില്ലാത്തവൻ.
ചതപ്പ [<ചത1] നാ. 1. കനം കുറഞ്ഞു വീതിയുള്ള കരിങ്കൽക്കഷണം; 2. ചത്തമാടിൻെറ എല്ല്.
ചതപ്പ് [<ചത2] നാ. 1. ചതവ്; 2. ചതയ്ക്കൽ.
ചതയൻ [<ചത1] വി. മൂർച്ചയില്ലാത്ത, ചതയുന്നമട്ടിലുള്ള.
ചതയൻ നാ. 1. ചതഞ്ഞ മട്ടുള്ളവൻ, ഉത്സാഹശീലമില്ലാത്തവൻ; 2. ബോട്ടിൻെറയും മറ്റും വശങ്ങളിൽ കൂട്ടിമുട്ടൽകൊണ്ടു കേടുവരാതിരിക്കുന്നതിനുവേണ്ടി കെട്ടിയിടുന്ന വൃത്താകൃതിയിലുള്ള ഉപകരണം.
ചതയം [മാ.ശദഅ] നാ. ഒരു നക്ഷത്രസമൂഹം.
727
ചതയുക ക്രി. 1. അടി ഇടി തുടങ്ങിയവഏറ്റ് ക്ഷതപ്പെടുക; 2. പൊടിയാതെയും പൊട്ടാതെയും കേടുവരിക; 3. (ജൈവവസ്തുക്കൾ) ആഘാതമേറ്റ് പിഴിഞ്ഞ് നീരെടുക്കാവുന്ന പരുവത്തിലാക്കുക.
ചതയ്ക്കുക [പ്രയോ.] ക്രി. 1. അരയുകയോ പൊടിയുകയോചെയ്യാതെ തല്ലിപ്പരത്തുക, തല്ലിയോ ഇടിച്ചോ നീരുപിഴിഞ്ഞെടുക്കത്തക്ക പാകത്തിലാക്കുക; 2. അഭിഘാതംകൊണ്ട് ശരീരത്തിലെ മാംസഭാഗങ്ങളിൽ ഉടവുവരുത്തുക; 3. ശാരീരികമായോ മാനസികമായോ ക്ലേശിപ്പിക്കുക, ഉപദ്രവിക്കുക.

ചതവ് നാ. ഇടി അടി തട്ട് മുട്ട് ഇത്യാദി ആഘാതം മൂലം ഉടഞ്ഞുലഞ്ഞുപോയ അവസ്ഥ.
ചതവേരി [സം.ശതാവരി] നാ. ഒരുവള്ളിച്ചെടി, ശതാവരി, അതിൻെറ കിഴങ്ങ്.
ചതാവരി നാ. ചതവേരി.
ചതി1 [ചതിക്കുക] ധാതുരൂപം.
ചതി2 നാ. വഞ്ചന, തെറ്റിദ്ധരിപ്പിക്കൽ, കബളിപ്പിക്കൽ.
ചതിക്കുക ക്രി. കപടതന്ത്രങ്ങളുപയോഗിച്ച് അന്യരെ ദ്രോഹിക്കുക.
ചതിക്കുഴി [ചതി-കുഴി] നാ. 1. ആനയെപിടിക്കാനുള്ള കൊപ്പം, ആനയെപിടിക്കുന്ന കുഴി, വാരിക്കുഴി; 2. മറ്റുള്ളവരെ ചതിച്ചു വീഴ്ത്തുവാൻ വേണ്ടിയുണ്ടാക്കുന്ന കുഴി.; 3. അന്യരെ അകപ്പെടുത്തുവാനുള്ള ഉപായം.
ചതിക്കുറ്റം [ചതി-കുറ്റം] നാ. ചതിചെയ്തതിൻെറ പേരിൽ ചുമത്തപ്പെടുന്ന കുറ്റം.
ചതിപ്പട [ചതി-പട] നാ. കള്ളപ്പോര്, ധർമ്മവിരുദ്ധമായ യുദ്ധം, ചതിച്ചുകൊണ്ടുചെയ്യുന്ന യുദ്ധം.
ചതിപ്രമാണം നാ. കള്ളപ്രമാണം, വ്യാജമയി ഉണ്ടാക്കിയ പ്രമാണം.
ചതിമരണം നാ. 1. ചതിനിമിത്തമുണ്ടായമരണം; 2. പെട്ടെന്നുള്ളമരണം.
ചതിയൻ നാ. ചതിക്കുന്നവൻ, വഞ്ചകൻ.
ചതിയമ്പ് നാ. ഒളിയമ്പ്.
ചതിവ് നാ. = ചതി2.
ചതുക്കം നാ. നാൽക്കവല.
ചതുക്കിക്കുക ക്രി. ഭ്രമിക്കുക, പൊടിഞ്ഞുപോവുക.
ചതുക്ക് നാ. 1. ചതവ്, പരുക്ക്; 2. അടി, ഇടി; 3. കേട്, ദ്രവിപ്പ്; 4. ഉപയോഗശൂന്യമായത്, ഒന്നിമും കൊള്ളാത്തത്, ചതഞ്ഞത്, കേടുപറ്റിയത്; 5. ഒടിവ്; 6. മുടന്ത്; 7. ആഭരണങ്ങളിൽ വളച്ചും പട്ടമായും മറ്റും ചെയ്യാറുള്ള പണിത്തരം, ഞണുക്കം; 8. ചതുപ്പ്, താഴ്ന്നനിലം; 9. പുരയിടത്തിൻെറ ചുറ്റും വെട്ടിയടിക്കുന്ന അതിര്, പൊക്കംകുറഞ്ഞ കയ്യാല; 10. ശക്തികുറഞ്ഞ വേലിയേറ്റം.
ചതുക്കുക ക്രി. മുടന്തുക, ചതയ്ക്കുക, പരുക്കേൽപിക്കുക, ഒടിവുണ്ടാക്കുക.
ചതുങ്ങ് [ചതുങ്ങുക] ധാതുരൂപം.
ചതുങ്ങൽ [ചതുങ്ങുക] നാ. 1. മുടന്ത്; 2. ഞണുങ്ങൽ, ചുളുങ്ങൽ.
ചതുങ്ങുക ക്രി. 1. ചതയുക; 2. നിരപ്പുകേടുവരിക, ചുളുങ്ങുക.
ചതുചതെ അവ്യ. ചതയത്തക്കവണ്ണം.
ചതുപ്പ് നാ. താണപ്രദേശം, ചെളികെട്ടിയ ഇടം.
ചതുപ്പുനിലം നാ. ചെളിയും വെള്ളമും അയഞ്ഞുകിടക്കുന്നസ്ഥലം, ചവിട്ടിയാൽ താഴ്ന്നുപോകുന്ന ചെളിപ്രദേശം.
ചതുർ [സം.ചതുര്] വി. നാല്.
ചതുർഗതി [സം.-ഗതി] നാ. 1. നാലുവിധത്തിലുള്ള നടത്തയോടുകൂടിയവൻ, സിംഹം, കടുവ, ആന, കാള ഇവയുടെ നടത്തയുള്ളവൻ; 2. ആമ; 3. പരമാത്മാവ്.
ചതുർഗന്ധൻ [സം.-ഗന്ധ] നാ. മൂക്ക് വായ് വിയർപ്പ് കക്ഷം എന്നീനാലും സുഗന്ധത്തോടുകൂടിയവൻ (ഇത് ഉത്തമപുരുഷൻെറ ലക്ഷണമാണ്)

ചതുർഗഛ [സം.-ഗച്ച] നാ. നാലുകാളകളെ പൂട്ടിയവണ്ടി.
ചതുർഗുണ [സം.-ഗുണ] വി. 1. നാലിരട്ടി; 2. നാലുചരടുകൊണ്ടുകെട്ടിയ.
ചതുർഗൃഹീതം [സം.-ഗൃഹീത] നാ. ഹോമിക്കാനായി നാലുപ്രാവശ്യം എടുത്തത് (നെയ്യ് മുതലായവ). (പ്ര) ചതുർഗൃഹീയംചെയ്യുക = നാലുതവണ ഹോമത്തിനുള്ള നെയ്യ് എടുക്കുക.
ചതുർജാതകം [സം. -ജാതക] നാ. ചതുർജാതം.
ചതുർജാതം [സം.-ജാത] നാ. നാല്ഔഷധങ്ങളുടെ യോഗം.(ഇലവർങ്ങം, പച്ചില, ചിറ്റേലം, നാകപ്പൂവ് എന്നിവ).
ചതുർണവതി [സം.-നവതി] വി. തൊണ്ണൂറ്റിനാല്
ചതുർഥ [സം.] വി. നാലാമത്തെ, നാലാമൻ, നാലാമത്തെ ജാതിയിൽപ്പെട്ടവൻ, ശൂദ്രൻ.
ചതുർഥകം [സം.] നാ. നാലുദിവസം ഇടവിട്ടുവരുന്ന ഒരിനം വിഷമജ്വരം, നാലാംദിവസം ആവർത്തിച്ചുവരുന്ന പനി.
ചതുർഥതാളം [സം.-താല] നാ. (സങ്ഗീ) ഒരുതാളം.
ചതുർഥഭാക്ക് [സം.-ഭാജ്] നാ. രാജാവ് (വിളവിൻെറ നാലിലൊന്ന് രാജഭോഗം പറ്റുന്നതിനാൽ).
ചതുർഥം [സം.ചതുർഥ] നാ. 1. നാലാമത്തേത്; 2. വർഗാക്ഷരങ്ങളിൽ നാലാമത്തേത്, ഘോഷാക്ഷരം; 3. (ജ്യോ) നാലാമെടം, നാലാം ഭാവം; 4. ഒരുതരം കപ്പം (രാജ്യത്തെ മൊത്തവരുമാനത്തിൻെറ നാലിലൊന്ന്); 5. നാലിലൊന്ന്; 6. നാലെണ്ണംചേർന്നത്, നാലിൻെറ കൂട്ടം.
ചതുർഥമദം [സം.-മദ] നാ. മദ്യപാനംകൊണ്ടൂണ്ടാകുന്ന ഒരു രോഗം, മദത്തിൻെറ നാലാമത്തെ അവസ്ഥ.
ചതുർഥസ്ഥാനം [സം.-സ്ഥാന] നാ. (ജ്യോ) നാലാമിടം.
ചതുർഥസ്നാനം [സം.-സ്നാന] നാ. 1. നാലാംദിവസം നടത്തുന്നസ്നാനം (മതപരമായ ചടങ്ങുകളുമായി ബന്ധപ്പെട്ടത്); 2. ഋതുവായി നാലാമത്തെദിവസം നടത്തുന്ന കുളി (നാലാംദിവസം കുളിച്ചുകഴിഞ്ഞാൽ ശുദ്ധമായി എന്നു സങ്കൽപം.)
ചതുർഥാംശം [സം.-അംശ] നാ. 1. നാലാമത്തെ ഭാഗം; 2. നാലിലൊരുഭാഗം.
ചതുർഥാശ്രമം [സം.-ആശ്രമ] നാ. സന്ന്യാസം, സ്മൃതിപ്രകാരമുള്ള ജീവിതത്തിലെ നാലാമത്തെചര്യ.
ചതുർഥി [സം.] നാ. 1. വാവുകഴിഞ്ഞ് നാലാമത്തെപക്കം; 2. വിനായകചതുർഥി, ചിങ്ങമാസത്തിൽ ശുക്ലപക്ഷത്തിൽ വരുന്ന ചതുർഥി; 3. ചതുർഥിചന്ദ്രൻ; 4. (പ്ര) കാണാൻ ഇഷ്ടപ്പെടാത്ത വസ്തു (വിനായകചതുർഥിദിവസം ചന്ദ്രനെകാണുന്നത് അശുഭമാണെന്ന വിശ്വാസത്തിൽ നിന്ന്); 5. (വ്യാക) നാലാമത്തെ വിഭക്തി, ഉദ്ദേശികാവിഭക്തി, അതിൻെറ പ്രത്യയം; 6. സംസ്കൃതത്തിലെ നാലാമത്തെ വിഭക്തി; 7. വിവാഹത്തിൻെറ നാലാം ദിവസം. (പ്ര) ചതുർഥികർമം = വിവാഹത്തിൻെറ നാലാം ദിവസം നടക്കുന്ന കർമം. ചതുർഥിഹോമം = വിവാഹത്തിൻെറ നാലാംദിവസം നടത്തുന്ന ഒരു ഹോമം.
ചതുർഥിക [സം.-കാ] നാ. 1. നാലുകർഷം തൂക്കം; 2. വൈദികവിധിപ്രകാരം വിവാഹകർമത്തിൽ നാലാംദിവസം നടത്തുന്ന ചടങ്ങ്, ശേഷക്രിയ.
ചതുർഥീചന്ദ്രൻ [സം.] നാ. ചിങ്ങ (ശ്രാവണ) മാസത്തെ ശുക്ലപക്ഷത്തിലെ ചതുർഥിനാളിൽ കാണുന്ന ചന്ദ്രൻ. (ചന്ദ്രനെകാണുന്നത് അനർഥകരമെന്ന് വിശ്വാസം).

ചതുർഥിവ്രതം [സം.–വ്രത] നാ. വെളുത്തപക്ഷത്തിലെ ചതുർഥിനാളിൽ അനുഷ്ഠിക്കുന്ന വ്രതം.
ചതുർഥോപായം [സം.–ഉപായ] നാ. നാലാമത്തെ ഉപായം, ദണ്ഡം.
ചതുർദന്തൻ [സം.–ദന്ത] നാ. നാൽക്കൊമ്പനാന, ഐരാവതം.
ചതുർദശ [സം.–ദശ] വി. പതിനാല്, പതിനാലാമത്തെ.
ചതുർദശഭുവനങ്ങൾ [സം.–ഭുവന] നാ. ബ.വ. ചതുർദലോകങ്ങൾ.
ചതുർദശം [സം.] നാ. പതിനാല്
ചതുർദശമനുക്കൾ [സം.മനവ:] നാ. (ബ.വ.) പതിനാലുമനുക്കൾ.
ചതുർദശരത്നങ്ങൾ [സം.–രത്നാനി] നാ. 'പതിനാലുരത്നങ്ങൾ' (ബ.വ.) 1. പാലാഴിമഥനത്തിൽ ലഭിച്ച പതിനാലു വിശിഷ്ടവസ്തുക്കൾ (ലക്ഷ്മി, കൗസ്തുഭം, പാരിജാതം, സുര, ധന്വന്തരി, ചന്ദ്രൻ, കാമധേനു, ഐരാവതം, രംഭാതിദേവസ്ത്രീകൾ, ഉച്ചൈശ്രവസ്സ്, വിഷം, ശാർങ്ഗം, പാഞ്ചജന്യം, അമൃതം എന്നിവ; 2. രാജാക്കന്മാർക്കുണ്ടായിരിക്കേണ്ട പതിനാലുവിശിഷ്ടവസ്തുക്കൾ (ചക്രം, തേര്, മണി, ഖഡ്ഗം, ചർമം, കേതു, നിധികൾ, ഭാര്യ, പുരോഹിതൻ, സേനാനായകൻ, രഥകാരകൻ, ഭൃത്യൻ, അശ്വം, ആന എന്നിവ).
ചതുർദശലോകങ്ങൾ [സം.–ലോകാ്:നാ. (ബ.വ.) പതിന്നാലു ലോകങ്ങൾ (അതലം, വിതലം, സുതലം, തലാതലം, രസാതലം, മഹാതലം, പാതാളം എന്നിങ്ങനെ ഏഴുലോകങ്ങൾ താഴെയും ഭൂലോകം, ഭുവർലോകം, സുവർലോകം, മഹർലോകം, ജനലോകം, ത്പോലോകം, സത്യലോകം എന്നിങ്ങനെ ഏഴുലോകങ്ങൾ മുകളിലും).
ചതുർദശലോകസാക്ഷികൾ [സം.] നാ. (ബ.വ.) പതിന്നാലു ലോകസാക്ഷികൾ, ലോകത്തിലുള്ള എല്ലാറ്റിനും സാക്ഷികളായ പതിന്നാലുപേർ (ആദിത്യൻ, ചന്ദ്രൻ, അഗ്നി, വായു, ആകാശം, ഭൂമി, ജലം, ഹൃദയം, കാലം, പകൽ, രാത്രി, പ്രാത:സന്ധ്യ, സായംസന്ധ്യ, ധർമം എന്നിവ).
ചതുർദശവായുക്കൽ [സം.–വായവ:] നാ. (ബ.വ.) മനുഷ്യശരീരത്തിൽ വിവിധരീതിയിൽ പ്രവർത്തിക്കുന്ന പതിന്നാലു വായുക്കൾ (പ്രാണൻ, അപാനൻ, വ്യാനൻ, ഉദാനൻ, സമാനൻ, നാഗൻ, കൂർമൻ, കൃകലൻ, ദേവദത്തൻ, ധനഞ്ജയൻ, ഭൈരവൻ, അനാര്യൻ, പ്രപഞ്ചൻ, അന്തരാമി എന്നിവ).
ചതുർദശവിദ്യകൾ [സം.വിദ്യാ:] നാ. (ബ.വ.) നാലുവേദങ്ങൾ (ഋക്ക്, യജുസ്സ്, സാമം, അഥർവം) ആറുവേദാങ്ഗങ്ങൾ(ശിക്ഷ, വ്യാകരണം, ഛന്ദസ്സ്, നിരുക്തം, ജ്യോതിഷം, കൽപം) മീമാംസ, ന്യായം, പുരാണം, ധർമശാസ്ത്രം എന്നിങ്ങനെ പതിനാലു വിദ്യകൾ.
ചതുർദശസമദ്വന്ദ്വൻ [സം.–ദ്വന്ദ്വ] നാ. ദ്വന്ദ്വങ്ങളായ പതിന്നാല് അവയവങ്ങൾ സമങ്ങളായുള്ളവൻ (കാലടികൾ, നെരിയാണികൾ, ചെവികൾ, ചുണ്ടുകൾ, കാലുകൾ, കണങ്കാലുകൾ, കൈപ്പടങ്ങൾ, കൈകൾ, കണ്ണുകൾ എന്നിവ സമങ്ങളായിരിക്കുന്നത് ഉത്തമപുരുഷൻെറ ലക്ഷണങ്ങൾ).
ചതുർദശാർഥബോധനങ്ങൾ [സം.–ബോധന] നാ. (ബ.വ.)(വാക്കിൻെറ) അർഥബോധനത്തിനു സഹായിക്കുന്ന പതിന്നാലു ഘടകങ്ങൾ (സംയോഗം, വിപ്രയോഗം, സാഹചര്യം, വിരോധിത, അർഥം, പ്രകരണം, ലിങ്ഗം, ശബ്ദാന്തരസമാഗമം, സാമർഥ്യം, ഔചിത്യം, ദേശം, കാലം, വ്യക്തി, സ്വരം എന്നിവ).
ചതുർദശി [സം.–ദശീ] നാ. വാവുകഴിഞ്ഞ് പതിന്നാലാംദിവസം.
ചതുർദശീവ്രതം = ചതുർദശിനാളിൽ അനുഷ്ഠിക്കുന്ന ഒരു വ്രതം.
ചതുർദിക്കുകൾ [സം.–ദിശ:] നാ. (ബ.വ.) നാലുദിക്കുകൾ (കിഴക്ക്, പടിഞ്ഞാറ്, തെക്ക്, വടക്ക് എന്നിവ).

ചതുർദിശം [സം.-ദിശം] അവ്യ. ചുറ്റുപാടും.
ചതുർദോലം [സം.-ദോലാ] നാ. രാജാവിൻറ പല്ലക്ക്, വിശിഷ്ടമായ പല്ലക്ക്.
ചതുർധാ [സം.-ധാ] അവ്യ. നാലുവിധത്തിൽ, നാലുഭാഗമായി.
ചതുർദ്രവ്യഹോമം [സം.-ഹോമ] നാ. സമിത്ത് ആജ്യം ഹവിസ്സ് ആജ്യം ഈ ക്രമത്തിൽ നടത്തുന്നഹോമം.
ചതുർബൃഹതി [സം.-തീ] നാ. 'നാലു ബൃഹതി (36) ചേർന്നത്' നൂറ്റിനാൽപത്തിനാല്.
ചതുർബാഹു [സം.-ബാഹു] നാ. 'നാലുകൈയുള്ളവൻ' 1. വിഷ്ണു; 2. ശിവൻ; 3. നാലുവശങ്ങളുള്ളത്, ചതുരം.
ചതുർബാഹുക1 [സം.-ബാഹുക] വി. നാലുകൈകളുള്ള.
ചതുർബാഹുക2 [സം.-കാ] നാ. ദുർഗാദേവി.
ചതുർബീജം [സം.-ബീജ] നാ. നാലുതരം ഔഷധബീജങ്ങളുടെയോഗം ഉലുവാ, ആശാലി, പെരുംജീരകം, കുറാശാണി എന്നിവ).
ചതുർഭദ്രം [സം.-ഭദ്ര] നാ. 1. അത്യന്തം മംഗളകരമായത്, ശ്രേഷ്ഠമായത്; 2. ജീവിതലക്ഷ്യമായ നാലെണ്ണം, ധർമാർഥകാമമോക്ഷങ്ങൾ (ധർമാർഥകാമബലങ്ങൾ, ധർമജ്ഞാനവൈരാഗൈശ്വര്യങ്ങൾ, കീർത്യായുർയശോബലങ്ങൾ, ദാനജ്ഞാനശൗര്യഭോഗങ്ങൾ എന്നിവയെന്നും പക്ഷാന്തരങ്ങൾ).
ചതുർഭാഗം [സം.-ഭാഗ] നാ. നാലിലൊന്ന്.
ചതുർഭാവൻ [സം.-ഭാവ] നാ. വിഷ്ണു.
ചതുർഭ്ജ [സം.-ഭുജ] വി. 'നാലുകൈകളുള്ളവൻ' 1. വിഷ്ണു; 2. വിഷ്ണുപാർഷദന്മാർ; 3. ബ്രഹ്മൻ; 4. ഗണപതി.
ചതുർഭുജം [സം.] നാ. 1. നാലുകൈകൾ; 2. നാലുവശങ്ങളുള്ളത്, ചതുരശ്രം.
ചതുർഭൂമിക [സം.ഭൂമികാ] നാ. (ശിൽപ) നാലുനിലയുള്ള വീട്.
ചതുർമഹാപഥം [സം.-മഹാപഥ] നാ. നാലുരാജവീഥികൾ കൂടിച്ചേരുന്ന കവല.
ചതുർമാത്രം [സം.-മാത്ര] നാ. നാലുമാത്രയുള്ള ഗണം.
ചതുർമാസം [സം.-മാസ] നാ. 1. നാലുമാസക്കാലം; 2. കർക്കടകമാസത്തിലെ വെളുത്തപക്ഷ ഏകാദശി തുടങ്ങി കാർത്തികമാസം പൗർണമിവരെയുള്ള നാലുമാസം (ചതുർമാസം അനുഷ്ടിക്കുന്ന കാലം).
ചതുർമുക്തികൾ [സം.-മുക്തയ:] നാ. (ബ.വ.) മോക്ഷത്തിന്റെ നാല് അവസ്ഥകൾ (സാലോക്യം, സാമീപ്യം, സാരൂപ്യം, സായൂജ്യം എന്നിവ).
ചതുർമുഖ [സം.-മുഖ] വി. നാലുമുഖങ്ങളുള്ള, നാലുമുനകളുള്ള.
ചതുർമുഖൻ [സം.-മുഖ] നാ. 'നാലുമുഖങ്ങളുള്ളവൻ' 1. ബ്രഹ്മാവ്; 2. വിഷ്ണു; 3. ശിവൻ.
ചതുർമുഖം [സം.-മുഖ] നാ. 1. (ശിൽപ) ഒരിനം മന്ദിരം, നാലുനിലക്കെട്ടിടം; 2. (ശിൽപ) ഒരു പ്രത്യേകരീതിയിൽ സംവിധാനംചെയ്ത ഗ്രാമം; 3. ഒരുതീർഥം; 4. (സങ്ഗീ) നൂറ്റിയെട്ടു മുഖ്യതാളങ്ങളിൽ ഒന്ന്; 5. (സങ്ഗീ) ഒരിനം പ്രബന്ധം; 6. ഒരുതരം ഓടക്കുഴൽ.
ചതുർമൂർത്തി [സം.-മൂർതി] നാ. 'നാലുരൂപങ്ങളുള്ളവൻ' 1. ബ്രഹ്മാവ്; 2. സ്കന്ദൻ; 3. വിഷ്ണു.
ചതുർമൂലം [സം.-മൂല] നാ. രാജാവ് ശ്രാദ്ധിക്കേണ്ട നാലുതരം രാജാക്കന്മാർ (വിജിഗീഷു, ശത്രു, മധ്യമൻ, ഉദാസീനൻ എന്നിവർ).

ചതുർമേധൻ [സം.–മേധ] നാ. നാലുയാഗങ്ങൾ നടത്തിയവൻ (അശ്വമേധം, പൂരുഷമേധം, സർവമേധം, പിതൃമേധം എന്നിവ). ഈ യാഗങ്ങളുടെ മന്ത്രങ്ങൾ അറിയുന്നവൻ.
ചതുർലേഖൻ [സം.–ലേഖ] നാ. 1. നെറ്റിയിൽ നാലുരേഖകളുള്ളവൻ (ഇത്ദീർഘായുർലക്ഷണമാണ്); 2. ഉള്ളം കൈരണ്ടിലും ഉള്ളംകാൽ രണ്ടിലും ധ്വജരേഖ ഛത്രരേഖ ഇവ ഉള്ളവൻ (ഉത്തമപുരുഷലക്ഷണം)
729
ചതുർവർഗം [സം.] നാ. 1. ധർമം അർഥം കാമം മോക്ഷം എന്നീ നാലുപുരുഷാർഥങ്ങൾ ചേർന്നത്; 2. (ശില്പ) വാതിലിൽചെയ്യുന്ന നാലുതരം ചിത്രപ്പണി (വേദിക, പാദം, ശിരസ്സ്, ശിഖ എന്നിവ).
ചതുർവർണം [സം.–വർണ] നാ. 1. നാലുവർണങ്ങൾ (ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്നിവ); 2. നാലുപ്രധാനനിറങ്ങൾ; 3. നാല് അക്ഷരങ്ങൾ.
ചതുർവിത്ത് [സം.–വിദ്] നാ. പരമാത്മാവ്.
ചതുർവിദ്യ [സം.–വിദ്യാ] നാ. നാലുവേദങ്ങൾ.
ചതുർവിധ [സം.–വിധ] വി. 1. നാലുവിധമായ, നാലുതരത്തിലുള്ള, നാലുഭാഗമായ; 2. പലതരത്തിലുള്ള, വൈവിധ്യമാർന്ന.
ചതുർവിധജീവികൾ [സം.–ജീവയ:]നാ. (ബ.വ.) 1. നാലുവിധം ജീവികൾ (ജരായുജം, അണ്ഡജം, സ്വേദജം, ഉദ്ഭിജ്ജം എന്നിവ); 2. ബഹുവിധജീവജാലങ്ങൾ.
ചതുർവിധമുക്തികൾ [സം.–മുക്തയ:] നാ. (ബ.വ.) നാലുവിധം മുക്തികൾ (സാലോക്യം, സാരൂപ്യം, സാമീപ്യം, സായൂജ്യം, എന്നിവ)
ചതുർ(വിധ)വിഭവങ്ങൾ [സം.–വിഭവാ:] നാ. (ബ.വ.) 1. നാലുവിധത്തിലുള്ള വിഭവങ്ങൾ (ഖാദ്യം, പേയം, ലേഹ്യം, ചൂഷം എന്നിവ); 2. വൈവിധ്യമാർന്ന വിഭവങ്ങൾ.
ചതുർവിധാഭിനയങ്ങൾ [സം.–അഭിനയാ:] നാ. (ബ.വ.) നാലുവിധത്തിലുള്ള അഭിനയങ്ങൾ (ആങ്ഗികം, വാചികം, സാത്വികം, ആഹാര്യം എന്നിവ).
ചതുർവിംശ [സം.–വിംശ] വി. 1. 24–മത്തെ, ഇരുപത്തിനാലെണ്ണമുള്ള.
ചതുർവിംശതി [സം.–വിംശതി] നാ. ഇരുപത്തിനാല്.
ചതുർവിംശതിതമ [സം.] വി. ഇരുപത്തിനാലാമത്തെ.
ചതുർവൃത്തികൾ [സം.–വൃത്തയ:] നാ. (ബ.വ.) ജീവികളുടെ നാലുവ്യാപാരങ്ങൾ (ആഹാരം, വിഹാരം, മൈഥുനം, നിദ്ര)
ചതുർവേദങ്ങൾ [സം.–വേദാ:] നാ. (ബ.വ.) ഋക്, യജുസ്സ്, സാമം, അഥർവം എന്നീനാലുവേദങ്ങൾ.
ചതുർവേദി [സം.–വേദിൻ]നാ. നാലുവേദങ്ങൾ അറിയുന്നവൻ.
ചതുർവ്യവസിതം [സം.–വ്യവസിത] നാ. (അലം) യമകം പത്തുവിധമുള്ളതിൽ ഒന്ന്.
ചതുർവ്യൂഹൻ [സം.–വ്യൂഹ] നാ. 1. വിഷ്ണു (വാസുദേവൻ, സങ്കർഷണൻ, പ്രത്യുമ്നൻ, അനിരുദ്ധൻ എന്നീ നാലുമൂർത്തിയോടു കൂടിയതിനാൽ); 2. മഹേശ്വരൻ.
ചതുർവ്യൂഹം [സം.–വ്യൂഹ] നാ. 1. വൈദ്യശാസ്ത്രം; 2. നാലുപദാർഥങ്ങളുടെ സമൂഹം; 3. നാല് അധ്യായങ്ങളുള്ള ഗ്രന്ഥം.
ചതുർഹസ്ത [സം.–ഹസ്ത] വി. നാലുകൈകളുള്ള.
ചതുർഹസ്തകം [സം.ഹസ്തക] നാ. ഒരു അളവ്, നാലുകോൽ (ഒരു ദണ്ഡ്)

ചതുർഹായണ [സം.-ഹായന] വി. നാലുവയസ്സുള്ള (ജീവികളെകുറിക്കാൻ പ്രയോഗം).
ചതുർഹായണി [സം.-ഹായനീ] നാ. നാലുവയസ്സ് പ്രായമുള്ള പശു.
ചതുർഹിതം [സം.-ഹിത] നാ. 'നാലുപേർക്കു ഹിതമായത്' വ്യവഹാരം (നാലുജാതികൾക്കും രക്ഷനൽകുന്നതുകൊണ്ട് ഈപേര്)
ചതുർഹോതാക്കൾ [സം.-ഹോതാര:] നാ. (ബ.വ.) യാഗത്തിൻെറ ചുമതലവഹിക്കുന്ന നാലുപേർ (അധ്വര്യു, ബ്രഹ്മാവ്, ഹോതാവ്, ഉദ്ഗാതാവ് എന്നിവർ).
ചതുർഹ്രസ്വൻ [സം.-ഹ്രസ്വ] നാ. നാല് അവയവങ്ങൾക്ക് നീളക്കുറവുള്ളവൻ. (ലിങ്ഗം, കഴുത്ത്, കാലിൻെറ രണ്ടു ജങ്ഘകൾ എന്നിവ നാലും നീളംകുറഞ്ഞിരിക്കുന്നവൻ).
ചതുര1 [സം.] വി. സാമർഥ്യമുള്ള.
ചതുര2 [സം.] വി. 1. നാല് വശങ്ങളോ കോണുകളോ ഉള്ള; 2. നീളവും വീതിയും ഒരുപോലെയുള്ള.
ചതുരക്കയ്യ് നാ. ഭങ്ഗിയുള്ളകൈ.
ചതുരക്കള്ളി നാ. 1. വരകൾകൊണ്ടുണ്ടാകുന്ന ചതുരം; 2. ചതുരാകൃതിയിൽ ഉണ്ടാക്കിയ ചെറിയ അറ; നാലുപാളികളുള്ള കാക്റ്റസ് (കള്ളിമുള്ള്).
ചതുരക്ഷരി [സം.-അക്ഷരി] നാ. നാല്അക്ഷരങ്ങൾ അടങ്ങിയത് (വാക്ക്, മന്ത്രം ഇത്യാദി)
ചതുരങ്ഗ [സം.-അങ്ഗ] വി. നാല് അങ്ഗങ്ങളോടുകൂടിയ.
ചതുരങ്ഗ ളസം.] നാ. 1. ആന, കുതിര, തേര്, കാലാൾ എന്നീ നാലുവിഭാഗങ്ങളുള്ള സൈന്യം; 3. ഒരുതരം കളി.
ചതുരങ്ഗക്കരു [സം.] നാ. ചതുരങ്ഗം കളിക്കാനുള്ള കരു (ദേവൻ, മന്ത്രി, തേര്, കുതിര, കാലാൾ എന്നിവ).
അതുരങ്ഗഖണ്ഡം [സം.-ഖണ്ഡ] നാ. ചതുരങ്ഗക്കളിയുടെ കരുനിരത്തുന്നതിന് വരച്ചുണ്ടാക്കിയിട്റ്റുള്ള കളം.
ചതുരങ്ഗനന്ദിനി [സം.-നന്ദിനീ]നാ. (സങ്ഗീ) 101 അലങ്കാരങ്ങളിൽ ഒന്ന്.
ചതുരങ്ഗപ്പട [സം.-മ.പട] നാ. ചതുരങ്ഗം.
ചതുരങ്ഗബലം [സം.-ബല] നാ. ചതുരങ്ഗങ്ങളോടുകൂടിയ സൈന്യം.
ചതുരങ്ഗശാലി [സം.-ശാലിൻ] നാ. (സങ്ഗീ) 101 അലങ്കാരങ്ങളിൽ ഒന്ന്.
ചതുരങ്ഗസേന [സം.-സേനാ] നാ. ചതുരങ്ഗബലം.
ചതുരങ്ഗി [സം.-അങ്ഗിൻ] വി. 1. നാലങ്ഗങ്ങളുള്ള; 2. ചതുരങ്ഗസേനയുള്ള.
ചതുരങ്ഗിണി [സം.-അങ്ഗിനീ] വി. നാല്അങ്ഗങ്ങളുള്ള
ചതുരങ്ഗുലം [സം.-അങ്ഗുലാ] നാ. 1. കൈയിലെ (തള്ളവിരലൊഴിച്ചുള്ള) നാലുവിരലുകൾ; 2. നാലുവിരലിട (നാലുവിരലിൻെറ വീതിയ്ക്കുതുല്യം.)
ചതുരണു [സം.-അണു] നാ. ഒന്നിനുകീഴിൽ ഉള്ള ഒരു സങ്ഖ്യ, തലവരവിൻെറ 1/51 ഭാഗം.
ചതുരണൗകം [സം.-അണുക] നാ. 1. ന്യായശാസ്ത്രപ്രകാരം നാലുതൃണുകങ്ങൾ ചേർന്ന അണുസങ്ഘാതം; 2. അണുക്കൾനാലുകൂടിയത്.
ചതുരത,-ത്വം [സം.-താ,ത്വാ] നാ. 1. മിടുക്ക്, സാമർഥ്യം, നൈപുണ്യം, പാടവം; 2. ഭങ്ഗി, സൗന്ദര്യം.

ചതുരനീക [സം.-അനീക] വി. 1. നാലുമുനയുള്ള; 2. നാലുമുഖമുള്ള.
ചതുരനീകൻ [സം.-അനിക]ബാ. വരുണൻ.
ചതുരന്ത1 [സം.-അന്ത] വി. നാലുവശത്തും അതിരുകളോടുകൂടിയ.
ചതുരന്ത2 [സം.-അന്താ] നാ. ഭൂമി.
ചതുരന്തയാനം [സം.-യാന] നാ. പല്ലക്ക്.
ചതുരന്തേശൻ [സം.-ഈശ] നാ. ഭൂമിക്ക് ഈശൻ, രാജാവ്.
ചതുരപ്പുറം [സം.-മ.പുറം] നാ. 1. ചതുരാകൃതിയിലുള്ള മന്ദിരം; 2. കഅബ, മെക്കയിലുൾലപള്ളി.
ചതുരം1 [സം.ചതുര] നാ. 1. വട്ടത്തലയിണ; 2. ആനലായം; 3. ഒരുകൈമുദ്ര; 4. ഭ്രൂവ്യാപാരങ്ങളിൽ ഒന്ന്, പുരികങ്ങളെ ഭങ്ഗിയിൽ നീട്ടി സ്വൽപം പൊക്കുന്നത്; 5. കാക്ക; 6. ഒരിനം മത്സ്യം; 7. വക്രഗമനം.
ചതുരം2 [സം.] നാലുവശങ്ങളുള്ളത്, നാലുകോണുകളുള്ളത്, ചതുരശ്രം; 2. സമചതുരം; 3. ദീർഘചതുരം; 4. വിസ്തീർണ അളവിൻെറ ഒരുതോത്, നൂറ് ചതുരശ്രയടി; 5. ഘനയളവിൻെറ ഒരു തോത്, നൂറ് ഘനയടി.
ചതുരംശുകം [സം.-അംശുക] നാ. ഊടുംപാവും നന്നാലിഴയിട്ട് നെയ്തുണ്ടാക്കിയ പട്ടുവസ്ത്രം.
ചതുരമട്ടം [സം.-മ.മട്ടം] നാ. കണക്ക്നോക്കാനുപയോഗിക്കുന്ന പലക, കണപ്പുമട്ടം.
ചതുരമ്ലം [സം.ചതുർ-അമ്ല] നാ. പുളിയുള്ളനാലു വസ്തുക്കൾ, നാലുതരംപുളി (ലന്ത, താളിമാതളം, മരപ്പുളി, ഞെരിഞ്ഞാമ്പുളി എന്നിവ.)
ചതുരർഥം [സം.-അർഥ] നാ. പുരുഷാർഥങ്ങൾ (ധർമം, അർഥം, കാമം, മോക്ഷം എന്നിവ).
ചതുരശീതി [സം.-അശീതി] നാ. എൺപത്തിനാല്.
ചതുരശ്ര വി. 1. നാലുകോണുകളുള്ള, നാലുവശങ്ങളുള്ള, നാലുവശങ്ങളും നാലുകോണുകളും സമമായിട്ടുള്ള; 2. വിസ്തീർണമുള്ള, പരപ്പുള്ള, ക്ഷേത്രഫലമുള്ള.
ചതുരശ്രകം [സം.] നാ. 1. നാലുകോണുകൾ അഥവാ വശങ്ങളുള്ളത്; 2. (സങ്ഗീ) അഞ്ചുതാളജാതികളിൽ ഒന്ന്; 3. നൃത്തത്തിൻെറ നിലകളിലൊന്ന്.
ചതുരശ്രക്ഷേത്രം [സം.] നാ. ചതുരശ്രാകൃതിയിലുള്ള സ്ഥലം.
ചതുരശ്രദീർഘം [സം.-ദീർഘ] നാ. (ശിൽപ) ആകൃതി ഭേദമനുസരിച്ച് ഏഴുതരം പ്രാസാദങ്ങൾ ഉള്ളതിൽ ഒന്ന് (ദീർഘചതുരമായി നിർമിച്ചത്).
ചതുരശ്രഫലം [സം.-ഫല] നാ. ക്ഷേത്രഫലം.
ചതുരശ്രം [സം.-അശ്ര] നാ. 1. നാലുകോണുകളുള്ളത്, നാലുവശങ്ങളുള്ളത്; 2. ഒരുതരം രത്നം; 3. (ജ്യ്)) ലഗ്നത്തിൽനിന്നു നാലാമത്തേയും എട്ടാമത്തെയും രാശികൾക്കുള്ളപേര്; 4. (സങ്ഗീ) അഞ്ചുതരം താളജാതികളിൽ ഒന്ന്; 5. നൃത്തത്തിലുള്ള ഒരു ഹസ്തമുദ്ര; 6. നൃത്തത്തിലെ ഒരു നില; 7. (ശിൽപ) ഏഴുതരം മാഹാപ്രാസാദങ്ങളുള്ളതിൽ ഒന്ന്, ചതുരാകൃതിയിലുള്ള പ്രാസാദം; 8. മൂന്നുതരം കൂത്തമ്പലങ്ങളുള്ളതിൽ ഒന്ന് (ചതുരാകൃതിയിലുള്ളത്).
ചതുരശ്രവാനം [സം.-വാത] നാ. ശുദ്ധമായ പട്ടുനൂൽകൊണ്ട് നെയ്തുണ്ടാക്കുന്ന വസ്ത്രം (മറ്റുനൂലോവർണമോ കലരാത്തത്).

ചതുരശ്രശാല [സം.–ശാലാ] നാ. നടുവിൽ അങ്കണമുള്ള നാലുകെട്ടു പുര, നാലുനെടുംപുരകൾ ചതുരത്തിൽ യോജിപ്പിച്ചത്.
ചതുരശ്രശോഭ [സം.–ശോഭാ] നാ. എല്ലാംകൂടിചേർന്നുള്ള സൗന്ദര്യം.
ചതുരശ്രി [സം.] വി. നാലുകോണുകളുള്ള.
ചതുരശ്രിക [സം.–അശ്രികാ] നാ. 1. മൃഗരോമംകൊണ്ടു നെയ്ത വസ്ത്രങ്ങളിൽ ഒരിനം; 2. ശരീരത്തിലെ ഒരു സ്നായു.
ചതുരസുന്ദര [സം.–സുന്ദര] വി. അത്യന്തം സുന്ദരമായ, അതിമനോഹരമായ.
ചതുരഹം [സം.–അഹൻ] നാ. 1. നാലുദിവസം; 2. നാലുദിവസം നീണ്ടുനിൽക്കുന്ന സോമയാഗം.
ചതുരാത്മാവ് [സം.–ആത്മൻ] നാ. 1. നാല് ആളുകളെ പ്രതിനിധീകരിക്കുന്നവൻ; 2. നാലുമുഖങ്ങളോ ആകൃതികളോ ഉള്ളവൻ, വിഷ്ണു.
ചതുരാനനൻ [സം.–ആനന] നാ. നാന്മുഖൻ, ബ്രഹ്മാവ്.
ചതുരാശ്രമങ്ങൾ [സം.–ആശ്രമാ:] നാ. (ബ.വ.) സ്മൃതിപ്രകാരമുള്ള നാലു ജീവിതക്രമങ്ങൾ (ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്യാസം എന്നിവ).
ചതുരാശ്രമം [സം.] നാ. സന്യാസം, സ്മൃതിപ്രകാരമുള്ള ജീവിതത്തിലെ നാലാമത്തെ ചര്യ.
ചതുരാശ്രമി [സം.–ആശ്രമിൻ] നാ. ബ്രഹ്മചര്യം തുടങ്ങിയ നാല് ആശ്രമങ്ങളും യഥാക്രമം കടന്നവൻ.
ചതുരാസ്യൻ [സം.–ആസ്യ] നാ. = ചതുരാനനൻ.
ചതുരിക [സം.–ചരുതികാ] നാ. ചതുരാകൃതിയിലുള്ള അങ്കണം, (അതിഥിസ്വീകരണത്തിനുള്ളത്).
ചതുരിന്ദ്രിയം [സം.–ഇന്ദ്രിയ] നാ. നാലുജ്ഞാനേന്ദ്രിയങ്ങൾ മാത്രം പ്രവർത്തനക്ഷമമായിട്ടുള്ള ജീവി (പാമ്പ് മുതലായവ).
ചതുരുപവേദങ്ങൾ [സം.–ഉപവേദാ:] നാ. (ബ.വ) ആയുർവേദം ധനുർവേദം ഗാന്ധർവവേദം അർഥശാസ്ത്രം എന്നിവ).
ചതുരുപായങ്ങൾ [സം.–ഉപായാ:] നാ. (ബ.വ.) രാജ്യഭരണത്തിൽ പരനെ സ്വാധീനിക്കാനും ശത്രുവിനെ കീഴ്പ്പെടുത്തുവാനും മറ്റും ഭാരതീയ ധർമ മീമാംസ നിർദേശിച്ചിട്ടുള്ള 'നാലു' പായങ്ങൾ (സാമം, ദാനം, ഭേദം, ദണ്ഡം എന്നിവ).
ചതുരോക്തി [സം.–ഉക്തി] നാ. 'സമർഥമായ വചനം' ശൈലി.
ചതുര്യുഗം [സം.ചതുർ–യുഗ] നാ. നാലുയുഗങ്ങൾ (കൃതയുഗം, ത്രേതായുഗം, ദ്വാപരയുഗം, കലിയുഗം) ചേർന്ന കാലം.
ചതുശ് [സം.ചതുസ്] താലവ്യവർണത്തിനു മുമ്പിൽ ചതുസ് (ചതുർ) എന്ന ശബ്ദം സ്വീകരിക്കുന്ന രൂപം.
ചതുശ്ചക്രം [സം.–ചക്ര] നാ. 1. ഒരുയാഗം; 2. തന്ത്രവിധിപ്രകാരം തയ്യാറാക്കിയ യന്ത്രം; 3. നാലുചക്രങ്ങളുള്ള വാഹനം.
ചതുശ്ചക്രി [സം.–ചക്രിൻ] നാ. നാലുചക്രമുള്ള വാഹനം.
ചതുശ്ചത്വാരിംശത്ത് [സം.–ചത്വാരിംശത്] നാ. നാൽപ്പത്തിനാല് എന്ന സങ്ഖ്യ.
ചതുശ്ശതം [സം.–ശത] നാ. 1. നൂറ്റിനാല്; 2. നാല് നൂറ്, നാനൂറ്; 3. ക്ഷേത്രങ്ങളിൽ നടത്താറുള്ള ഒരുവഴിപാട്.
ചതുശ്ശതി [സം.–ശതി] വി. നാനൂറ് എണ്ണമുള്ള.
ചതുശ്ശാഖം [സം.–ശാഖ] നാ. ശരീരം.

ചതുശ്ശാന്തികങ്ങൾ [സം.-ശാന്തികാ:] നാ. പ്രണവം, ഗായത്രി, അഷ്ടാക്ഷരം, പഞ്ചാക്ഷരം എന്നീ മന്ത്രങ്ങൾ.
ചതുശ്ശാല [സം.-ശാലാ] നാ. നാലുകെട്ട്.
ചതുശ്ശാസ്ത്രങ്ങൾ [സം.-ശാസ്ത്രാണി] നാ. (ബ.വ.) ന്യായം വ്യാകരണം, മീമാംസ വൈശേഷികം എന്നീ നാലു ശാസ്ത്രങ്ങൾ.
ചതുശ്ശുദ്ധി [സം.-ശുദ്ധി] നാ. (തന്ത്ര) ഒരു ശുദ്ധികർമം, അഗ്നികോണിൽ തുടങ്ങി നാലുകോണുകളിലും കലശങ്ങൾ വച്ചു പൂജിച്ച് നടത്തുന്നത്.
ചതുശ്ശൃങ്ഗം [സം.-ശൃങ്ഗ] നാ. നാലുകൊടുമുടികളുള്ളത്, ഒരു പർവതം.
ചതുശ്ശ്രുതിഋഷഭം [സം.-ശ്രുതി-ഋഷഭ] നാ. (സങ്ഗീ) തീവ്രസ്വരമായ ഋഷഭം.
ചതുശ്ശ്രുതിധൈവതം [സം.] നാ. (സങ്ഗീ) തീവ്രസ്വരമായ ധൈവതം.
ചതുഷ്,ചതുസ് 'ചതുർ' എന്ന ശബ്ദം സമാസത്തിൽ ക് പ് ഷ് എന്നിവയ്ക്ക് മുമ്പിൽ കൈക്കൊള്ളുന്ന രൂപം.
ചതുഷ്ക [സം.ചതുസ്-ക] വി. നാലുകൂടിയ.
ചതുഷ്കം [സം.] നാ. 1. നാലുകൂടിയത്, നാലുകൂട്ടം, നാല് എന്ന സങ്ഖ്യ; 2. നാലുതൂണുള്ള മണ്ഡപം; 3. ചതുരശ്രാകൃതിയിൽ നിർമിക്കപ്പെട്ടിട്ടുള്ള മുറ്റം; 4. ചതുശ്ശാല; 5. നാൽക്കവല; 6. നാലിഴയുള്ളമാല; 7. നാലുരേഖകളുള്ള ചി ം (സ്വസ്തികയെന്നപോലെ); 8. തലയിൽകെട്ടുന്നതിനുപയോഗിക്കുന്ന ചതുരാകൃതിയിലുള്ള തൂവാല; 9. ഇടുക്കുവഴി.
731
ചതുഷ്കലൻ [സം.-കല] നാ. നാലുവേദങ്ങളിലുമുള്ള പ്രാവീണ്യത്തെകാണിക്കുന്ന നാലുരേഖകൾ തള്ളവിരലിനടിയിലുള്ളവൻ.
ചതുഷ്കി [സം.-കീ] നാ. 1. ചതുരാകൃതിയിലുള്ള വലിയ കുളം; 2. കൊതുകുവല; 3. നാലിഴയുള്ളമാല.
ചതുഷ്കിക [സം.-കാ] നാ. നാലുകൂടിയത്, നാല്
ചതുഷ്കൃഷ്ണൻ [സം.] നാ. കണ്ണിലെകൃഷ്ണമണി പുരികം താടിരോമം തലമുടി എന്നിവ നാലും കറുത്തിരിക്കുന്നവൻ, ശരീരസൗന്ദര്യമുള്ള ആൾ.
ചതുഷ്കോണം [സം.-കോണ]നാ. 1. നാലുകോണുള്ളത്, ചതുരശ്രം; 2. ചതുരാകൃതിയിലുള്ള കെട്ടിടം.
ചതുഷ്ടയം [സം.-തയ്] നാ. 1. നാലുവീതം കൂടിയത്, നാലിരട്ടി, നാലുവസ്തുക്കളുടെ കൂട്ടം; 2. ചതുരം; 3. ഒരു വൃത്തത്തിൻെറ കേന്ദ്രം; 4. (ജ്യോ) ഒന്ന്, നാല് ഏഴ്, പത്ത് എന്നീരാശികൾ; 5. മനുഷ്യൻെറ ജീവിതചര്യയിൽ മുഖ്യമായ നാലുകാര്യങ്ങൾ.
ചതുഷ്ടോമം [സം.-സ്തോമ] നാ. 1. നാലുഭാഗങ്ങളോടുകൂടിയ ഒരു സ്തോത്രം; 2. അശ്വമേധയാഗത്തിൻെറ ആദ്യത്തെ ദിവസം; 3. ആദിവസം ചെയ്യുന്നക്രിയകൾ.
ചതുഷ്പഞ്ചാശത്ത് [സം.-പഞ്ചാശത്] നാ. അമ്പത്തിനാല്
ചതുഷ്പത്രി [സം.-പത്രിൻ]നാ. 1. നീരാരൽ; 2. ചെറിയ കല്ലൂർവഞ്ചി.
ചതുഷ്പഥൻ [സം.പഥ] നാ. 'ചതുരാശ്രമങ്ങളിൽ ചരിക്കുന്നവൻ' ബ്രാഹ്മണൻ.
ചതുഷ്പഥം [സം.] നാ. നാലുവഴികൾ ഒരുമിച്ച്ചേരുന്നിടം, നാൽക്കവല.
ചതുഷ്പദം [സം.-പദ] നാ. 1. നാൽക്കാലിമൃഗം; 2. (ജ്യോ) ചതുഷ്പാദ്രാശി; 3. (ജ്യോ) സ്ഥിരകരണങ്ങളിൽ ഒന്ന്; 4. നാലുപാദങ്ങളുള്ളത്, ശ്ലോകം.

ചതുഷ്പദി [സം.-പദി] നാ. 1. നാലുപാദങ്ങളുള്ള ശ്ലോകം ഗാനം മുതലായവ; 2. (സങ്ഗീ) ഒരുതരം പ്രബന്ധം.
ചതുഷ്പാത്ത് [സം.-പാദ്] നാ. 1. നാൽക്കാലിമൃഗം; 2. വ്യവഹാരം (ആവലാതിബോധിപ്പിക്കൽ, പ്രതിയുടെ വാദം, അന്യായക്കാരന്റെ എതിർവാദം, ന്യായാധിപന്റെ വിധി എന്നീ നാലുഘട്ടങ്ങൾ ഉള്ളതുകൊണ്ട്); 3. നാലുപാദങ്ങളുള്ള ശ്ലോകം ഗാനം മന്ത്രം തുടങ്ങിയവ; 4. (ജ്യോ) ചതുഷ്പദം; 5. ധനുർവേദം (ഗ്രഹണം, ധാരണം, പ്രയോഗം, പ്രതികാരം എന്നീ നാലു പദങ്ങളുള്ളതിനാൽ).
ചതുഷ്പാത്ത്വം [സം.-പാത്-ത്വം] നാ. നാലുകാലുകളുള്ള അവസ്ഥ.
ചതുഷ്പാദം [സം.-പാദ] നാ. = ചതുഷ്പാത്ത്.
ചതുഷ്പാദി [സം.-പാദി] നാ. = ചതുഷ്പദി.
ചതുഷ്പാദ്രാശി [സം.-രാശി] നാ. (ജ്യോ) ചതുഷ്പാത്തുകളുടെ (നാൽക്കാലികളുടെ) രൂപമുള്ളതായി കൽപിക്കപ്പെട്ടിരിക്കുന്ന രാശി.
ചതുഷ്പുടം [സം.-പുട] നാ. (സങ്ഗീ) ഒരു താളവിഭാഗം.
ചതുഷ്ഷഷ്ടി [സം.-ഷഷ്ടി] നാ. അറുപത്തിനാല്.
ചതുഷ്ഷഷ്ട്യങ്ഗം [സം.] നാ. ജ്യോതിശ്ശാസ്ത്രം (അറുപത്തിനാലു വിഭാഗങ്ങൾ ഉള്ളതിനാൽ).
ചതുസ് [സം.] 'ചതുർ' എന്നപദം സമാസത്തിൽ ത്, സ് എന്നിവയ്ക്കുമുൻപിൽ കൈക്കൊള്ളുന്ന രൂപം.
ചതുസ്തന [സം.-സ്തനാ] നാ. 'നാലുമുലകൾ ഉള്ളവൾ' പശു.
ചതുസ്തന്ത്രിക [സം.-തന്ത്രികാ] നാ. നാലുകമ്പികളുള്ള വീണ.
ചതുസ്തലം [സം.-തല] നാ. കെട്ടിടത്തിന്റെ നാലാം നില.
ചതുസ്സപ്തതി [സം.-സപ്തതി] നാ. എഴുപത്തിനാല്.
ചതുസ്സമം [സം.] നാ. 1. നാലുവശമും തുല്യമായിട്ടുള്ളത്, സമചതുരം; 2. ഒരു കറിക്കൂട്ട്; 3. നാല് ഔഷധങ്ങൾ ചേർന്ന ഒരുയോഗം.
ചതുസ്സിദ്ധി [സം.-സിദ്ധി] നാ. നാലുപായങ്ങൾ പ്രയോഗിച്ചുകൊണ്ടുള്ള ജയം.
ചതുസ്സ്രക്തി [സം.-സ്രക്തി] വി. ചതുഷ്കോണമായ. നാ. യാഗത്തിനുള്ള ഒരു ഉപകരണം.
ചതു:സ്ഥായിവാദ്യം [സം.] നാ. (സംങ്ഗീ) വാദ്യോപകരണങ്ങളെ അവ പുറപ്പെടുവിക്കുന്ന നാദത്തിന്റെ സ്ഥായിഭേദമനുസരിച്ച് അഞ്ചായി വിഭജിച്ചിട്ടുള്ളതിൽ ഒരുവിഭാഗം.
ചതു:സ്നേഹം [സം.-സ്നേഹ] നാ. നെയ്യ് എണ്ണ വസ മജ്ജ എന്നിവ നാലും കൂടിയത്.
ചതുസ്ഫുടം [സം.] നാ. (ജ്യോ) ലഗ്നസ്ഫുടം ചന്ദ്രസ്ഫുടം മാന്ദിസ്ഫുടം ആദിത്യസ്ഫുടം ഇവ ചേർത്ത് ഫലം കണക്കാക്കുന്ന ക്രിയ.
ചതുരാത്രം [സം.-രാത്ര] നാ. നാലുദിവസം നീണ്ടുനിൽക്കുന്ന ഒരുയാഗം.
ചത്തക്കൂലി നാ. 1. സാധനങ്ങൾ ഒരിടത്തുനിന്നും മറ്റൊരിടത്തേക്ക് കൊണ്ടുപോകുന്നതിനുള്ള കൂലി; 2. സർക്കാർവക നെല്ലും മറ്റും ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് കൊണ്ടുപോകുന്നതിനുള്ള കൂലികണക്കാക്കി നിലങ്ങളുടെമേൽ ചുമത്തിയിരുന്ന അധികനികുതി.
ചത്തിമുകം [<സം.-മുഖ] നാ. 1. രാജശാസനം; 2. ക്ഷേത്രഭരണക്കാർ സർക്കാരിനയയ്ക്കുന്ന എഴുത്ത്.

ചത്തിരം [പ്ര.മ.] നാ. ശസ്ത്രം.
ചത്വരം [സം.] നാ. 1. ചതുരശ്രമായ തറ, മുറ്റം; 2. പലവഴികൾ കൂടിച്ചേരുന്നസ്ഥലം; 3.യാഗത്തിനുവേണ്ടി വൃത്തിയാക്കി മെഴുകി തയ്യാറാക്കിയ വേദി; 4. നാലുരഥങ്ങളുടെ കൂട്ടം; 5. ഒരു വിഷ്ണുതീർഥം.
ചത്വാരി [സം.] വി. നാലുകൂടിയ, നാലുള്ള. നാ. നാല്
ചത്വാരിംശത്ത് [സം.] നാ. നാൽപ്പത്.
ചത്വാലം [സം.] നാ. 1. ഉത്തരവേദിയുണ്ടാക്കാനായി എടുത്തകുഴി, ഹോമത്തിനോ യാഗാഗ്നി കൂട്ടുന്നതിനോവേണ്ടി ഭൂമിയിൽ ഉണ്ടാക്കുന്ന കുഴി; 2. കുശപ്പുല്ല്; 3. ഗർഭപാത്രം.
ചദിരൻ [സം.] നാ. ചന്ദ്രൻ.
ചദിരം [സം.ചദിര] നാ. 1. ആന; 2. പാമ്പ്; 3. കർപ്പൂരം; 4. ചന്ദ്രൻ.
ചന1 ചനയ്ക്കുക
ചന2, ചിന നാ. 1. (കന്നുകാലികളുടെ) ഗർഭം; 2. മരത്തിൻെറയും മറ്റും പൊടിപ്പ്, മുള, തളിര്. (പ്ര) ചനയിളകുക = 1. ചനകലങ്ങുക; 2. മൃഗങ്ങൾക്ക് ഇണചേരാനുള്ള കാലമാകുക. ചനയേൽക്കുക = (മൃഗങ്ങൾക്ക്) ഗർഭം ഉണ്ടാകുക.
ചനയ്ക്കുക 1. പഴുക്കാറാകുക; 2. മൃഗങ്ങൾക്കു ഗർഭം (ചന) ഉണ്ടാകുക.
ചനസ് [സം.] നാ. 1. ക്ഷണം; 2. തൃപ്തി.
ചന്ത [മ.ശംധാ] നാ. 1. (ചിലപ്രത്യേകദിവസങ്ങളിലോ പ്രത്യേകസമയത്തോ) കച്ചവടം നടക്കുന്ന സ്ഥലം; 2. (ആല) ബഹളം, കൂട്ടം.
ചന്തക്കാരൻ1 നാ. ഭങ്ഗിയുള്ളവൻ.
ചന്തക്കാരൻ2 നാ. ചന്തക്കച്ചവടക്കാരൻ, സംസ്കാരമില്ലാത്തവൻ.
ചന്തം നാ. അഴക്, നിറം. (പ്ര) ചന്തം ചിന്തുക, ചന്തം നോക്കുക.
ചന്തി[<സം.സന്ധി] നാ. 1. അരക്കെട്ടിൻെറ പിൻഭാഗം (ആസനം, പൃഷ്ഠം); 2. ചന്തിമെത്ത; 3. പുരുഷലിങ്ഗം.
ചന്തിപ്പണം [മ.ചന്തി-സം.പണ] നാ. 1. വ്യഭിചരിച്ചുണ്ടാക്കുന്ന പണം; 2. ഒരു നികുതി (വ്യഭിചാരിണികളിൽനിന്ന് ഈടാക്കിയിരുന്നത്).
ചന്ത്രക്കാരൻ നാ. 1. ദേവസ്വത്തിലെ മുതൽപ്പിടിക്കാരൻ; 2. പഴയകാലത്തുണ്ടായിരുന്ന ഒരു റവന്യു ഉദ്യോഗസ്ഥൻ.
ചന്ത്രം [സം.-ചന്ദ്ര] നാ. 1. ചന്ത്രക്കാരൻെറ ജോലി (ക്ഷേത്രത്തിലെ കണക്കുകളും മറ്റും സൂക്ഷിക്കുകയും അവയുടെ ചുമതല വഹിക്കുകയുംചെയ്യൽ); 2. പകുതിക്കച്ചേരി, പ്രാദേശിക ഖജനാവ്; 3. ചന്ത്രക്കാരൻെറ അധികാരപരിധിയിൽപ്പെട്ടസ്ഥലം.
ചന്ദനക്കല്ല് [സം.ചന്ദന-മ.കല്ല്] നാ. ചന്ദനച്ചാണ (ചന്ദനം അരയ്ക്കുന്നതിനുള്ള കല്ല്).
ചന്ദനക്കാപ്പ് [സം.ചന്ദന-മ.കാപ്പ്] നാ. ക്ഷേത്രങ്ങളിൽ ദേവവിഗ്രഹത്തിനു ചന്ദനം ചാർത്തൽ.
ചന്ദനക്കുടം [സം.ചന്ദന-മ.കുടം] നാ. (ഇസ്ലാം) ഒരുചടങ്ങ് (ചന്ദനം കുടത്തിൽ നിറച്ച് ഘോഷയാത്രയായികൊണ്ടുപോയി മുസ്ലിം സന്യാസിമാരുടെ ശവകുടീരത്തിലോ മീസാൻകല്ലിലോ പൂശുന്നത്.)
ചന്ദനക്കുറി നാ. ചന്ദനം അരച്ചകുഴമ്പുകൊണ്ട് ഇടുന്ന കുറി, പൊട്ട്.

ചന്ദനക്കൂട്ട് നാ. കളഭം.
ചന്ദനഗിരി [സം.-ഗിരി] നാ. മലയപർവതം (ചന്ദനമരങ്ങൾ ധാരാളം വളരുന്നതിനാൽ).
ചന്ദനഗോധ [സം.-ഗോധാ] നാ. ഒരുതരം ഉടുമ്പ്.
ചന്ദനഗോപി [സം.-ഗോപീ] നാ. കറുത്തനറുനീണ്ടി.
ചന്ദനച്ചാണ [<സം.-ശാണ] നാ. ചന്ദനക്കല്ല്.
ചന്ദനദ്വയം [സം.-ദ്വയം] നാ. രണ്ടുതരം ചന്ദനം (ശ്വേതചന്ദനവും രക്തചന്ദനവും).
ചന്ദനപങ്കം [സം.-പങ്ക] നാ. ചന്ദനം അരച്ചുചേർത്തുണ്ടാക്കുന്ന കുറിക്കൂട്ട്.
ചന്ദനം [സം.] നാ, 1. തടിക്ക് നല്ല ഗന്ധമുള്ള ഒരു വൃക്ഷം; 2. അരച്ച ചന്ദനം.
ചന്ദനവല്ലി [സം.-വല്ലി] നാ. ചന്ദനവൃക്ഷം.
ചന്ദനവിരുത്തി [സം.ചന്ദന-മ.വിരുത്തി] നാ. ഒരു ഭൂവുടമ.
ചന്ദനവില്ല നാ. ഉരുട്ടിഉണക്കിയ ചന്ദനം.
ചന്ദനശിഖരി [സം.-ശിഖരിൻ] നാ. മലയപർവതം.
ചന്ദനസാരം [സം.-സാര] നാ. 1. നല്ലചന്ദനം; 2. ചന്ദനക്കുഴമ്പ്; 3. ഒരുസംസ്കൃതവൃത്തം; 4. നവസാരം.
ചന്ദനാചലം [സം.-ആചല] നാ. ചന്ദനഗിരി.
ചന്ദം [സം.] നാ. കർപ്പൂരം.
ചന്ദിരം [സം.ചന്ദിര] നാ. 1. ആന; 2. കർപ്പൂരം.
ചന്ദിലൻ [സം.] നാ. ക്ഷുരകൻ.
ചന്ദ്ര [സം.ചന്ദ്രാ[ നാ. 1. ചിറ്റമൃത്; 2. ചിറ്റേലം; 3. കർക്കടകശൃങ്ഗി; 4. (പുരാണ) ഒരു നദി; 5. കൃഷ്ണൻെറ പത്നിമാരിൽ ഒരാൾ; 6. വൃഷപർവാവിൻെറ പുത്രി.
ചന്ദ്രക [സം.ചന്ദ്രകാ] നാ. 1. ചന്ദ്രഭാഗാ നദി; 2. പീലിക്കണ്ണ്; 3. നഖം; 4. കർപ്പൂരം; 5. പൊൻവണ്ട്; 6. ഒരിനം വിസർപ്പം; 7. വെളുത്തമുളക്; 8. കുരുമുളക്.
ചന്ദ്രകല [സം.-കലാ] നാ. 1. ചന്ദ്രക്കല; 2. ഒരുതാളം; 3. ചെണ്ട; 4. ഒരു ജന്യരാഗം; 5. എട്ടുതരം നഖക്ഷതങ്ങളിൽ ഒന്ന്; 6. ഓരോദിവസവും സ്ത്രീയുടെ ഓരോഅവയവത്തിലായുള്ള കാമകലയുടെ സ്ഥിതി.
ചന്ദ്രകലാധരൻ നാ. ശിവൻ.
ചന്ദ്രകലിക [സം.-കലികാ] നാ. ചന്ദ്രക്കല.
ചന്ദ്രകാന്ത [സം.-കാന്താ] നാ. 1. ചന്ദ്രൻെറ പത്നി; 2. രാത്രി; 3. നിലാവ്.
ചന്ദ്രകാന്തകം [സം.-കാന്തക] നാ. ചന്ദ്രകാന്തക്കല്ല്.
ചന്ദ്രകാന്തക്കല്ല് [സം.] നാ. ഒരുതരം രത്നം.
ചന്ദ്രകാന്തം [സം.-കാന്ത] നാ. 1. ചന്ദ്രകാന്തക്കൽ; 2. ഒരു രാഗം; 3. പീതചന്ദനം; 4. വെളുത്ത നൈതലാമ്പൽ; 5. ഒരു രാജ്യം; 6. ഒരിനം മന്ദിരം; 7. കണ്ണട.
ചന്ദ്രകാന്തി [സം.-കാന്തി] നാ. 1. നിലാവ്; 2. നവമിദിവസത്തെ ചന്ദ്രബിംബം; 3./ വെള്ളി; 4. ഒരിനം പൂച്ചെടി; 5. ഒരുരാഗം.
ചന്ദ്രകാവി [സം.] നാ. 1. കാവിനിറത്തിലുള്ള പട്ടുവസ്ത്രം; 2. ചുവന്ന കാവി; 3. ചന്ദ്രോദയസമയത്തുകാണപ്പെടുന്ന വർണസമൂഹം.
ചന്ദ്രകി [സം.ചന്ദ്രകിൻ] നാ. മയിൽ.
ചന്ദ്രകിരണം [സം.-കിരണ] നാ. നിലാവ്.

ചന്ദ്രകിരണി [സം.-കിരണീ] നാ. ഒരു ജന്യരാഗം.
ചന്ദ്രകുലം [സം.കുലം] നാ. ചന്ദ്രവംശം.
ചന്ദ്രകൗശിക [സം.-കൗശികാ] നാ. ഒരു ജന്യരാഗം.
ചന്ദ്രക്കല [സം.-കലാ] നാ. 1. ഒരു അപൂർണചന്ദ്രൻ; 2. ചന്ദ്രക്കലയുടെ ആകൃതിയിലുള്ളത്; 3. മലയാള അക്ഷരമാലയിൽ ഉപയോഗിക്കുന്ന ഒരു ലിപി.
ചന്ദ്രക്കലാധരൻ [സം.] നാ. ചന്ദ്രകലാധരൻ, ശിവൻ.
ചന്ദ്രക്രിയാ [സം.-ക്രിയാ] നാ. (ജ്യോ) ചന്ദ്രസ്ഫുടത്തെ ആധാരമാക്കിയുള്ള ഒരു ഗണിതം. ആ ഗണിതപ്രകാരം കിട്ടുന്ന സങ്ഖ്യ.
ചന്ദ്രക്ഷയം [സം.-ക്ഷയ] നാ. 1. കറുത്തപക്ഷത്തിൽ ചന്ദ്രബിംബത്തിന് നാൾതോറും പതിനാറിലൊന്ന് എന്ന കണക്കിനുണ്ടാകുന്ന ക്ഷയം; 2. കറുത്തവാവ്.
ചന്ദ്രക്ഷേത്രം [സം.-ക്ഷേത്ര]നാ. കർക്കടകരാശി (അധിപൻ ചന്ദ്രനായതിനാൽ).
ചന്ദ്രഗ്രഹണം [സം.-ഗ്രഹണ] നാ. ചിലവെളുത്തവാവുദിവസങ്ങളിൽ ഭൂമിയുടെ നിഴൽ ചന്ദ്രനിൽ പതിക്കുമ്പോൾ ഭാഗികമായോ പൂർണമായോ ഉണ്ടാകുന്ന മറവ്.
ചന്ദ്രചൂഡൻ [സം.-ചൂഡ] നാ. ശിവൻ.
ചന്ദ്രജ [സം.-ജ] വി. ചന്ദ്രനിൽനിന്നുണ്ടായ.
ചന്ദ്രജൻ [സം.-ജ] നാ. ബുധൻ എന്ന ഗ്രഹം.
ചന്ദ്രതാളം [സം.-താല] നാ. ഒരു താളം.
ചന്ദ്രദർശനം [സം.-ദർശന] നാ. പിറകാണൽ, കറുത്തവാവുകഴിഞ്ഞ് ആദ്യമായി ഉദിക്കുന്ന ചന്ദ്രനെ കാണുക.
ചന്ദ്രദിക്ക് [സം.-ദിശ്] നാ. വടക്ക്.
ചന്ദ്രദ്യുതി [സം.-ദ്യുതി] നാ. 1. നിലാവ്; 2. ചന്ദനം.
ചന്ദ്രധരൻ [സം.-ധര] നാ. ശിവൻ (ചന്ദ്രനെധരിക്കുന്നവൻ).
ചന്ദ്രൻ [സം.] നാ. 1. ജ്യോതിശ്ശാസ്ത്രപ്രകാരമുള്ള നവഗ്രഹങ്ങളിൽ ഒന്ന്, ഭൂമിയുടെ ഒരു ഉപഗ്രഹം; 2. കുബേരൻ; 3. ഒരു ദൈത്യൻ; 4. ശ്രീകൃഷ്ണൻെറ ഒരുപുത്രൻ; 5. ഒരു രാജാവ്; 6. ഉത്കൃഷ്ടൻ, ശ്രേഷ്ഠൻ.
ചന്ദ്രനാഥൻ [സം.-നാഥ] നാ. ശിവൻ.
ചന്ദ്രനാമ [സം.-നാമൻ] നാ. കർപ്പൂരം.
ചന്ദ്രനാമകം [സം.] നാ. ചന്ദ്രനാമ.
733
ചന്ദ്രപീഠം [സം.-പീഠ] നാ. ചന്ദ്രലോകത്തിൽ പിതൃക്കൾവസിക്കുന്നതായി സങ്കൽപിക്കപ്പെടുന്ന പ്രദേശം.
ചന്ദ്രപുരം [സം.-പുര] നാ. പച്ചക്കർപ്പൂരം.
ചന്ദ്രപ്പറ [സം.] നാ. ഒരിനംപറ (ദേവസ്വത്തിൽ നെല്ലളക്കാൻ ഉപയോഗിക്കുന്നത്).
ചന്ദ്രപ്രയോജിനി [സം.-നീ] നാ. ആമ്പൽപ്പൊയ്ക.
ചന്ദ്രപ്രാസാദം [സം.-പ്രാസാദ] നാ. മാലികമുറി.
ചന്ദ്രഫലകം [സം.-ഫലക] നാ. ഒരു ആഭരണം.
ചന്ദ്രബാല [സം.-ബാലാ] നാ. 1. പേരേലം; 2. ചിറ്റേലം; 3. കർപ്പൂരം; 4. നിലാവ്.
ചന്ദ്രഭരം [സം.-ഭര] നാ. കർപ്പൂരക്കട്ട.

ചന്ദ്രഭസ്മം [സം.-ഭസ്മ] നാ. കർപ്പൂരം.
ചന്ദ്രഭാഗ [സം.ഭാഗാ] നാ. 1. ഒരു പുണ്യനദി, ചിനാബ്; 2. ഭീമാനദി (കൃഷ്ണാനദിയുടെ ഒരു ശാഖ).
ചന്ദ്രഭാഗി [സം.-ഭാഗീ] നാ. ചന്ദ്രഭാഗ.
ചന്ദ്രഭാസം [സം.-ഭാസ] നാ. വാൾ.
ചന്ദ്രഭൂതി [സം.-ഭൂതി] നാ. വെള്ളി.
ചന്ദ്രഭൂഷണൻ [സം.-ഭൂഷണ] നാ. ശിവൻ.
ചന്ദ്രം[സം.] നാ. 1. സ്വർണം; 2. കർപ്പൂരം; 3. ജലം; 4. കമ്പിപ്പാല; 5. വൈരക്കല്ല്; 6. ചന്ദ്രകാന്തമണി; 7. പീലിക്കണ്ണ്; 8. മകയിരം നക്ഷത്രം; 9. ഒരിനം ചെമന്ന മുത്ത്; 10 ഒന്ന് എന്ന സങ്ഖ്യ; 11. ആനന്ദജനകമായ വസ്തു; 12 രാത്രിയിലെ പതിനഞ്ചുമുഹൂർത്തങ്ങളിൽ ഒൻപതാമത്തേത്; 13. ചന്ദ്രസദൃശ്യമായ ആടയാളം; 14. വിസർഗചി ം; 15. ഒരു വൃത്തം; 16. പുളിച്ച നെല്ലരിക്കഞ്ഞി.
ചന്ദ്രമണി [സം.-മണി] നാ. 1. ചന്ദ്രകാന്തക്കല്ല്.
ചന്ദ്രമണ്ഡലം [സം.-മണ്ഡല] നാ. 1. ചന്ദ്രബിംബം; 2. ചന്ദ്രൻെറ പരിവേഷം; 3. മർമശാസ്ത്രപ്രകാരം ശരീരത്തെ മൂന്നായി തിരിച്ചിട്ടുള്ളതിൽ ഒരു ഭാഗം; 4. (സങ്ഗീ) ഒരു ആഹത വാദ്യം.
ചന്ദ്രമസ്സ് [സം.ചന്ദ്രമസ്]നാ. 1. ചന്ദ്രൻ; 2. കർപ്പൂരം; 3. മാസം.
ചന്ദ്രമഹം [സം.-മഹ] നാ. പട്ടി.
ചന്ദ്രമാർഗം [സം.-മാർഗ] നാ. അന്തരീക്ഷം, ആകാശം.
ചന്ദ്രമാല [സം.-മാലാ] നാ. 1. ഒരിനം മാല; 2. ഒരു സംസ്കൃതവൃത്തം.
ചന്ദ്രമാസം [സം.-മാസ] നാ. ചന്ദ്രന് ഭൂമിയെ ഒരുപ്രാവശ്യം പ്രദക്ഷിണംവയ്ക്കുന്നതിനു വേണ്ട കാലം.
ചന്ദ്രമുകുടൻ [സം.-മുകുട] നാ. ശിവൻ.
ചന്ദ്രമുഖി [സം.-മുഖീ] നാ, 1, സുന്ദരി, ഒരു സംസ്കൃതവൃത്തം; 3. യോനിയിലുള്ള ഒരു രക്തവാഹിനി; 4. (സങ്ഗീ) ഒരു രാഗം.
ചന്ദ്രമൗലി [സം.-മൗലി] നാ. 1. ശിവൻ; 2. യോനിയിലുള്ള ഒരു രക്തവാഹിനി.
ചന്ദ്രരത്നം [സം.] നാ. മുത്ത്.
ചന്ദ്രരഥൻ [സം.-രഥ] നാ. മഹാവിഷ്ണു.
ചന്ദ്രരാശി [സം.-രാശി] നാ. (ജ്യോ) ചന്ദ്രന് പ്രാബല്യമുള്ള രാശി.
ചന്ദ്രരേഖ [സം.-രേഖാ] നാ. 1. ചന്ദ്രക്കല; 2. കാർക്കോകിൽ; 3. ഒരു സംസ്കൃതവൃത്തം; 4. ഒരു രാഗം; 5. ശ്രീകൃഷ്ണൻെറ ഭാര്യമാരിലൊരുവൾ.
ചന്ദ്രരേഖി [സം.-രേഖീ] നാ. (സങ്ഗീ) ഒരു രാഗം.
ചന്ദ്രരേണു [സം.-രേണു] നാ. അന്യൻെറ ആശയങ്ങളോ ഗ്രന്ഥഭാഗങ്ങളോ സ്വന്തപ്പേരിൽ പ്രസിദ്ധീകരിക്കുന്നവൻ.
ചന്ദ്രരോഗം [സം.-രോഗ] നാ. 1. ഒരുതരം കുഷ്ഠം; 2. ഭ്രാന്ത്.
ചന്ദ്രരോഗി [സം.-രോഗിൻ] നാ. 1. കുഷ്ഠരോഗി; 2. ഭ്രാന്തൻ.
ചന്ദ്രലഗ്നം [സം-ലഗ്ന] നാ. (ജ്യോ) ജനനസമയത്ത് ചന്ദ്രൻ നിൽക്കുന്ന രാശി.
ചന്ദ്രലവണം [സം.-ലവണ] നാ. 1. ഇതുപ്പ്; 2. കർപ്പൂരം.
ചന്ദ്രലേഖ [സം.-ലേഖാ] നാ. 1. ചന്ദ്രക്കല; 2. കാർകോകിൽ; 3. ഒരു സംസ്കൃതവൃത്തം; 4. (സങ്ഗീ) ഒരു പ്രബന്ധം.

ചന്ദ്രലോഹം [സം.-ലോഹ] നാ. വെള്ളി.
ചന്ദ്രവക്ത്രൻ [സം.-വക്ത്ര] നാ. ശിവൻ.
ചന്ദ്രവട്ടക്കുട [സം.] നാ. ഒരിനം അലങ്കാരക്കുട (ഒരു രാജചി ം).
ചന്ദ്രവദന [സം.-വദനാ] നാ. 1ചന്ദ്രമുഖി; 2. ഒരു ജന്യരാഗം.
ചന്ദ്രവപുസ്സ് [സം.-വപുസ്]നാ. വെള്ളി.
ചന്ദ്രവംശം [സം.വംശ] നാ. (പുരാണ) ഭാരതത്തിലെ പ്രസിദ്ധമായ രണ്ടു രാജവംശങ്ങളിലൊന്ന്.
ചന്ദ്രവർത്മ [സം.] നാ. ഒരു സംസ്കൃതവൃത്തം.
ചന്ദ്രവലയം [സം.-വലയ] നാ. 1. ഒരു വാദ്യം; 2. വള്ളം ഊന്നാനുള്ള കഴുക്കോലിൻെറ ചുവട്ടിൽ പൂണിടുന്നതിനുവെട്ടുന്ന കുത.
ചന്ദ്രവായവ്യം [സം.-വായവ്യ] നാ. ഒരു വിശിഷ്ടാസ്ത്രം.
ചന്ദ്രവാരം [സം.-വാര] നാ. തിങ്കളാഴ്ച.
ചന്ദ്രവാളി [സം-വാളി] നാ. ഒരിനം ആഭരണം (സ്ത്രീകൾ തലമുടിയിൽ അണിയുന്നത്, ചന്ദ്രക്കലയുടെ ആകൃതിയിലുള്ളത്).
ചന്ദ്രവിഹങ്ഗമം [സം.-വിഹങ്ഗമ] നാ. കൊക്ക്.
ചന്ദ്രവേല [സം.-വേലാ] നാ. (ജ്യോ) ചന്ദ്രസ്ഫുടത്തെ ആശ്രയിച്ചുള്ള ഫലനിർണയം.
ചന്ദ്രവ്രതം [സം.-വ്രത] നാ. 1. ചന്ദ്രായണവ്രതം; 2. ചന്ദ്രപ്രീതിക്കായി നടത്തുന്നവ്രതം; 3. രാജധർമം.
ചന്ദ്രശാല [സം.-ശാലാ] നാ. 1. നിലാമുറ്റം, മട്ടുപ്പാവ്; 2. ഒരുതരം ജനൽ; 3. നിലാവ്.
ചന്ദ്രശാലിക [സം.-ശാലികാ] നാ. 1. മട്ടുപ്പാവ്; 2. ഒരിനം ജനൽ.
ചന്ദ്രശില [സം.-ശിലാ] നാ. 1. ചന്ദ്രകാന്തക്കല്ല്; 2. സ്കന്ദസേനയിലെ മാതൃക്കളിൽ ഒരുവൾ.
ചന്ദ്രശേഖരൻ [സം.-ശേഖര] നാ. ശിവൻ.
ചന്ദ്രശേഖരപ്രിയ [സം.-പ്രിയാ] നാ. 1. പാർവതി; 2. (സങ്ഗീ) ഒരു ജന്യരാഗം.
ചന്ദ്രശേഖരം [സം.-ശേഖ്ര] നാ. (സങ്ഗീ) അഷ്ടതാളത്തിൻെറ ഒരു വകഭേദം.
ചന്ദ്രശേഖരി [സം.-ശേഖരീ] നാ. പാർവതി.
ചന്ദ്രശ്രീ [സം.-ശ്രീ] നാ. (സങ്ഗീ) ഒരു ജന്യരാഗം.
ചന്ദ്രസചിവൻ [സം.സചിവ] നാ. കാമദേവൻ (ചന്ദ്രൻെറ തോഴൻ).
ചന്ദ്രസംജ്ഞ [സം.-സംജ്ഞ] നാ. കർപ്പൂരം.
ചന്ദ്രസൂര്യാക്ഷകൻ [സം.-അക്ഷക] നാ. വിഷ്ണു (ചന്ദ്രനും സൂര്യനും കണ്ണുകളായിട്ടുള്ളവൻ).
ചന്ദ്രസ്ഫുടം [സം.-സ്ഫുട]നാ. (ജ്യോ) മേടം രാശിയുടെ ആരംഭം മുതൽ ചന്ദ്രൻ സഞ്ചരിച്ച ദൂരം രാശ്യംശകങ്ങളാക്കി കണക്കാക്കി മറ്റുഗ്രഹങ്ങളുടെ സ്ഥിതി കണ്ടുപിടിക്കുന്ന ക്രിയ.
ചന്ദ്രഹംസ [സം.-ഹംസ] നാ. വെള്ളി.
ചന്ദ്രഹർത്താവ് [സം.-ഹർതൃ] നാ. 1. രാഹു; 2. ഒരുദൈത്യൻ.
ചന്ദ്രഹാവ് [സം.-ഹൻ] നാ. 'ചന്ദ്രനെ ഹനിക്കുന്നവൻ' രാഹു.
ചന്ദ്രഹാരം [സം.-ഹാര] നാ. ഒരുതരം കണ്ഠാഭരണം.

ചന്ദ്രഹാസം [സം.–ഹാസ] നാ. 1. ഒരുതരം വാൾ; 2. രാവണനു പരമശിവൻ നൽകിയ വാൾ; 3. വെള്ളി.
ചന്ദ്രഹോര [സം.–ഹോരാ] നാ. (ജ്യോ) ഓജരാശിയുടെ ദ്വിതീയഹോരയ്ക്കും യുഗ്മരാശിയുടെ ആദ്യഹോരയ്ക്കും നൽകപ്പെട്ടിരുന്ന പേര്.
ചന്ദ്രാഖ്യം [സം.–ആഖ്യ] നാ. കർപ്പൂരം.
ചന്ദ്രാതപം [സം.–ആതപ] നാ. 1. നിലാവ്; 2. പന്തൽ; 3. വിതാനം, മേൽക്കട്ടി.
ചന്ദ്രാത്മജൻ [സം.–ആത്മജ] നാ. ബുധൻ.
ചന്ദ്രാത്മവർഗം [സം.–വർഗ] നാ. വിഷ്ണുപുരാണപ്രകാരമുള്ള ഏഴുവിധം സൃഷ്ടികളിൽ ഒന്ന്.
ചന്ദ്രാനന [സം.–ആനനാ] നാ. 'ചന്ദ്രനെപ്പോലെ ശോഭയുള്ള മുഖത്തോടുകൂടിയവൾ' സുന്ദരി.
ചന്ദ്രാന്വയം [സം.–അന്വയ] നാ. ചന്ദ്രവംശം.
ചന്ദ്രാപീഡൻ [സം.–ആപീഡ] നാ. 1. ശിവൻ; 2. ജനമേജയൻെറ ഒരു പുത്രൻ.
ചന്ദ്രാബ്ജം [സം.–അബ്ജ] നാ. വെളുത്തആമ്പൽ.
ചന്ദ്രാംശു [സം.–അംശു] നാ. 1. ചന്ദ്രരശ്മി; 2. വിഷ്ണു.
ചന്ദ്രായുധം [സം.–ആയുധ] നാ. ഒരുതരം അസ്ത്രം.
ചന്ദ്രാർധപ്രഭം [സം.–പ്രഭ] നാ. ഒരു സൈന്യവ്യൂഹം.
ചന്ദ്രാർധഭൂഷണ [സം.–ഭൂഷണ] നാ. ശിവൻ.
ചന്ദ്രാർധം [സം.–അർധ] നാ. അർധചന്ദ്രൻ, പകുതിച്ചന്ദ്രൻ.
ചന്ദ്രാർധമൗൽ [സം.–മൗലി] നാ. ശിവൻ.
ചന്ദ്രാരി [സം.–അരി] നാ. രാഹു (ചന്ദ്രൻെറ ശത്രു).
ചന്ദ്രാവതംസൻ [സം.–അവതംസ] നാ. ശിവൻ.
ചന്ദ്രാവർത്തം [സം.] നാ. ഒരുരോഗം (അസ്തമയം മുതൽ അർധരാത്രിവരെയുണ്ടാകുന്ന ഒരുതരം തലവേദന).
ചന്ദ്രാവലി [സം.–ആവലി] നാ. 1. ശ്രീകൃഷ്ണൻെറ ഭാര്യമാരിൽ ഒരുവൾ; 2. (സങ്ഗീ) ഒരു സങ്കീർണമേളരാഗം.
ചന്ദ്രാശ്മം [സം.–അശ്മൻ] നാ. ചന്ദ്രകാന്തക്കല്ല്.
ചന്ദ്രാസ്പദ [സം.–ആസ്പദാ] നാ. കർക്കടകശൃങ്ഗി.
ചന്ദ്രാഹ്വയം [സം.–ആഹ്വയ] നാ. 1. കമ്പിപ്പാല; 2. കർപ്പൂരം.
ചന്ദ്രി [സം.] വി. 1. സ്വർണനിറമുള്ള; 2. സ്വർണമുള്ള. നാ. ബുധൻ.
ചന്ദ്രിക [സം.ചന്ദ്രികാ] നാ. 1. നിലാവ്; 2. (സമാസാന്തത്തിൽ) വ്യാഖ്യാനം, ഭാഷ്യം. ഉദാ: അലങ്കാരചന്ദ്രിക, വിഷവൈദ്യചന്ദ്രിക; 3. പ്രകാശം; 4. പീലിക്കണ്ണ്; 5. കഷണ്ടി; 6. ഏകതാളപ്രബന്ധങ്ങളിൽ ഒന്ന്; 7. ഒരുജന്യരാഗം; 8. ദാക്ഷായണീദേവി; 9. ഒരു നദി; 10. ഏലം; 11. ചിറ്റേലം; 12. വെളുത്തകാരിച്ചുണ്ട; 13. കാർകോകിൽ; 14. ഉലുവാ; 15. വേളുത്തനൊച്ചി; 16. വള്ളിമുല്ല.
ചന്ദ്രികാമന്ത്രം [സം.–മന്ത്ര] നാ. വിഷമിറക്കുന്നതിനുള്ള ഒരു മന്ത്രം.
ചന്ദ്രിമ [സം.ചന്ദ്രിമാ] നാ. നിലാവ്, ചന്ദ്രിക.
ചന്ദ്രിലൻ [സം.] നാ. 1. ശിവൻ; 2. ക്ഷുരകൻ.
ചന്ദ്രേഷ്ട [സം.–ഇഷ്ട] നാ. 1. ആമ്പൽ; 2. ആമ്പൽപ്പൊയ്ക.
ചന്ദ്രോത്സവം [സം.ഉത്സവ] നാ. ഒരു മണിപ്രവാളകാവ്യം.

ചന്ദ്രോദയം [സം.-ഉദയ] നാ. 1. ചന്ദ്രൻെറ ഉദയം; 2. പന്തൽ; 3. വിതാനം, മേൽക്കെട്ടി.
ചന്ദ്രോപരാഗം [സം.-ഉപരാഗ] നാ. ചന്ദ്രഗ്രഹണം.
ചന്ദ്രോപലം [സം.-ഉപല] നാ. ചന്ദ്രകാന്തക്കല്ല്.
ചന്ദ്രോപാലംഭനം [സം.-ഉപാലംഭന] നാ. വിരഹികളുടെ ചന്ദ്രനിന്ദനം.
ചന്ന നാ. 1. ഭാരം ഉയർത്താൻ ഉത്തോലകമായി ഉപയോഗിക്കുന്ന തടി; 2. ഏത്തം.
ചന്നത്തട്ട് നാ. 1. കന്നത്തം; 2. പ്രായംകൂടിയവരോടുള്ള നിർമര്യാദമായ പെരുമാറ്റം; 2. തമാശ.
ചന്നപ്പൊടി നാ. 1. നേരിയപൊടി; 2. സ്വർണപ്പൊടി.
ചന്നം നാ. 1. ചെറിയകഷണം; 2. നേർമ; 3. ചെറിയ രത്നം; 4. കുറുങ്കുഴൽ.
ചപടം [സം.] നാ. = ചപേടം.
ചപം [സം.] നാ. മുള.
ചപല1 [സം.] വി. 1. വിറയ്ക്കുന്ന; 2. നിലയുറയ്ക്കാത്ത; 3. വേഗമുള്ള.
ചപല2 [സം.ചപലാ] നാ. 1. മിന്നൽ; 2. ലക്ഷ്മി; 3. അവിശ്വസ്തയായ ഭാര്യ; 4. നാക്ക്; 5. മദ്യം; 6. നദി; 7. തിപ്പലി; 8. അഗശി; 9. സംസ്കൃതത്തിലെ ഒരു മാത്രാവൃത്തം; 10 (സങ്ഗീ) പഞ്ചമസ്വരത്തിൻെറ രണ്ടാമത്തെ ശ്രുതി.
ചപലത [സം.-താ] നാ. ചാപല്യം.
ചപലതരം [സം.-തരം] അവ്യ. വേഗത്തിൽ.
ചപലൻ [സം.] നാ. 1. വീണ്ടുവിചാരമില്ലാത്തവൻ, ചഞ്ചലചിത്തൻ; 2. ഒരു രാജാവ്.
ചപലനയന [സം.-നയനാ] നാ. 'ഇളകുന്നകണ്ണുകളുള്ളവൾ' സുന്ദരി.
ചപലപത്രം [സം.-പത്ര] നാ. 'ഇളകുന്നഇലകളുള്ളത്' അരയാൽ.
ചപലം1 [സം.] അവ്യ. വേഗത്തിൽ.
ചപലം2 [സം.] നാ. 1. വ്യാകുലത, 2. കാറ്റ്; 3. രസം; 4. കുരങ്ങ്; 5. മാൻ; 6. വേഴാമ്പൽ; 7. ഒരിനം കൃമി; 8. ഒരുജാതി എലി; 9. കറുത്തകടുക്; 10. പെരുമ്പയറ്; 11. അടവിക്കച്ചോലം; 12. ഒരു സുഗന്ധദ്രവ്യം; 13. ഒരുതരം കല്ല്; 14. ക്ഷയരോഗം.
ചപലാക്ഷി [സം.-അക്ഷീ] നാ. = ചപലനയന.
ചപലോക്തി [സം.-ഉക്തി] നാ. അർഥമില്ലാത്തഭാഷണം (വിവേകശൂന്യമായ വാക്ക്).
ചപിടി നാ. ഒരു കാർഷികോപകരണം.
ചപേട [സം.] നാ. 1. വിരലുകൾ നിവർത്തിപ്പിടിച്ച കൈത്തലം; 2. നിവർത്തിപ്പിടിച്ച കൈത്തലംകൊണ്ടുള്ള അടി.
ചപേടനം [സം.] നാ. വിടർത്തിയ കൈപ്പത്തികൊണ്ട് അടിക്കുകയോ തട്ടുകയോ ചെയ്യൽ.
ചപേടം [സം.] നാ. = ചപേട.
ചപേടിക [സം.-കാ] നാ. വിരലുകൾ നിവർത്തിപ്പിടിച്ച ഉള്ളം കൈകൊണ്ടുള്ള അടി.
ചപ്കൻ [പേർ] നാ. ഇറക്കമുള്ള ഒരിനം ഉടുപ്പ്.
ചപ്പ1 വി. ചപ്പിയ, പരന്ന.

ചപ്പ2 വി. ക്ഷീണിച്ച, ശോഷിച്ച, മെലിഞ്ഞ.

ചപ്പ3 വി. 1. സ്വാദില്ലാത്ത; 2. കൊള്ളരുതാത്ത, ചീത്തയായ; 3. നീചമായ, നിന്ദ്യമായ, താണതായ. നാ. തൂമ്പയുറപ്പിക്കാനുപയോഗിക്കുന്ന മരച്ചീള്.

ചപ്പ4 നാ. കിളിത്തട്ടകളിയിലെ ഒരു സാങ്കേതികസംജ്ഞ.

ചപ്പട വി. പരന്ന.

ചപ്പടാച്ചി നാ. 1. കഴമ്പില്ലാത്ത വാക്ക്; 2. നുണ; 3. നേരമ്പോക്ക്; 4. കബളിപ്പിക്കൽ, പിത്തലാട്ടം; 5. ഭയപ്പെടുത്തൽ, ഭീഷണിപ്പെടുത്തൽ.

ചപ്പട്ട വി. 1. കൊള്ളരുതാത്ത, ചീത്ത, 2. മടിയുള്ള, ഊർജസ്വലതയില്ലാത്ത; 3. സ്വാദില്ലാത്ത. നാ. 1. വകയ്ക്കുകൊള്ളാത്ത ആൾ; 2. പതിര്; 3. വൃക്ഷങ്ങളുടെ തൊലി; 4. മസൂരിയിൽ ഒരിനം; 5. ചിറക്.

ചപ്പൻ [<മാ.] നാ. അയോഗ്യൻ, കൊള്ളരുതാത്തവൻ, മടിയൻ.

ചപ്പനിലം നാ. പാഴ്നിലം.

ചപ്പം1 നാ. 1. ചപ്പ്; 2. തടസ്സം, നിരോധനം.

ചപ്പം2 നാ. ഔദ്യോഗികമുദ്ര.

ചപ്പര[<സം.ശബര] നാ. മണ്ടൻ, മൂഢൻ, ബുദ്ധിഹീനൻ.

ചപ്പരം നാ. ചപ്രം.

ചപ്പൽ1 നാ. 1. ഒരുതരം പച്ചപ്പുല്ല് (വെള്ളമുള്ള വയലുകളിൽ പടർന്ന് വളരുന്നത്).

ചപ്പൽ2 [ചപ്പുക] നാ. ചപ്പുകയെന്ന പ്രവൃത്തി.

735

ചപ്പൽ3 നാ. ഒരുതരം ചെരുപ്പ്.

ചപ്പളാക്കട്ട നാ. (സങ്ഗീ) ഒരു താളവാദ്യം.

ചപ്പളാച്ചി നാ. ചപ്പടാച്ചി.

ചപ്പാണി1 നാ. 1. അങ്ഗവൈകല്യമുള്ളവൻ; 2. മടയൻ, മന്ദബുദ്ധി.

ചപ്പാണി2 നാ. പൊങ്ങൻ പനി, മണ്ണൻ.

ചപ്പാണി3 നാ. കൈകൊട്ടൽ.

ചപ്പാണ്ടി നാ. കൊള്ളരുതാത്തവൻ, മടിയൻ.

ചപ്പാത്തി നാ. ഒരുതരം ഗോതമ്പപ്പം.

ചപ്പാത്ത്1 [പോർ.] നാ. (പാശ്ചാത്യരീതിയിലുള്ള) ചെരിപ്പ്.

ചപ്പാത്ത്2 നാ. വെള്ളക്കെട്ടുള്ളസ്ഥലങ്ങളിലും ആറ്, തോട് എന്നിവയ്ക്കു കുറുകെയും ഗതാഗതത്തിനുവേണ്ടി പടുത്തിട്ടുള്ള പാത.

ചപ്പിഞ്ഞ1 നാ. 1. ചെറിയലോഹത്തകിട്; 2. ഇടമ്പിരിയാണി.

ചപ്പിഞ്ഞ2 നാ. പിശുക്ക്, ലുബ്ധ്.

ചപ്പിളി നാ. 1. ചീത്തവാക്ക്; 2. അർഥമില്ലാത്ത സംഭാഷണം; 3. കലക്കവെള്ളം, ചെളി (പ്ര) ചപ്പിളികൂട്ടുക = (ചെളി) വെള്ളം തെറിപ്പിക്കുക.

ചപ്പ്1 വി. കൊള്ളരുതാത്ത, സ്വാദില്ലാത്ത.

ചപ്പ്2 [സം.ശപ്ഫ] നാ. 1. ഇല, പച്ചിലയോടുകൂടിയ സസ്യശാഖ, തൂപ്പ്; 2. തേയിലച്ചെടിയുടെ കിളുന്ത്; 3. കരിയില; 4. ഉപയോഗമില്ലാത്ത വസ്തു; 5. പുകയില; 6. കാട്.

ചപ്പ്3 നാ. ഒരു ഔദ്യോഗികമുദ്ര.

ചപ്പുക1 ക്രി. 1. ഒച്ചയുണ്ടാക്കത്തക്കവണ്ണം വലിച്ചുകുടിക്കുക, ചുണ്ടുകൊണ്ട് വലിച്ചെടുത്ത് ഇറക്കുക, ഉറുഞ്ചുക; 2. ചവയ്ക്കുക; 3. തിന്നുക.
ചപ്പുക2 ക്രി. അലക്കുമ്പോൾ നനച്ചതുണി മൃദുവായി കല്ലിൽ ഇടിക്കുക.
ചപ്പുക3 ക്രി. 1. പരന്ന ആകൃതിയാക്കുക; 2. ഉള്ളിലോട്ട് പതിയുക, ചുളുങ്ങുക; 3. അഴിഞ്ഞു വീഴുക, ചിതറുക; 4. ദൂരെക്കളയുക.
ചപ്പെരിവാലൻ നാ. കീരി.
ചപ്ര വി. അലങ്കോലമായിക്കിടക്കുന്ന, ചിതറിക്കിടക്കുന്ന (മയമില്ലാതെ പറന്നുകിടക്കുന്ന മുടിയെന്നപോലെ).
ചപ്രം നാ. 1. മേൽക്കെട്ടി; 2. ഒരിനം അലങ്കൃതവാഹനം; 3. ചപ്രമഞ്ചം.
ചപ്രമഞ്ചം [സം.] നാ. അലങ്കാരപ്പണികളുള്ളതും മേൽക്കെട്ടിയുള്ളതുമായ കട്ടിൽ.
ചപ്രാസി നാ. പ്യൂൺ, വില്ലാശിപായി.
ചപ്ലാച്ചി നാ. ചപ്പടാച്ചി.
ചം [സം.ച] നാ. 1. ആമ; 2. ചകോരപ്പക്ഷി; 3. അറബിക്കുന്തുരുക്കം.
ചമകം [സം.ചമക] നാ. ചമകസൂക്തം.
ചമകസൂക്തം [സം.-സൂക്ത] നാ. യജുർവേദത്തിലെ ഒരു സൂക്തം, ചമകം.
ചമത [സം.-സമിധ്] നാ. 1. ഹോമാഗ്നിക്ക് ഉപയോഗിക്കുന്ന വിറക്; 2. പ്ലാശുവൃക്ഷം; 3. ചമതയിടുക എന്ന കർമം
ചമതപ്പൂവ് [ചമത-പ്പൂവ്] നാ. പ്ലാശിൻപൂവ് (ചായംപിടിപ്പിക്കാൻ ഉപയോഗിച്ചിരുന്നു).
ചമത്കരണം [സം.-കരണ] നാ. 1. അദ്ഭുതം; 2. അദ്ഭുതമുണ്ടാക്കൽ; 3. ഉത്സവാഘോഷം; 4. കാവ്യഭങ്ഗി.
ചമത്കരിക്കുക [<സം.-കൃ] ക്രി. 1. അലങ്കരിക്കുക, മനോഹരമാക്കുക; 2. അദ്ഭുതം പ്രകടിപ്പിക്കുക; 3. ആശ്ചര്യം ജനിപ്പിക്കുക.
ചമത്കാരം [സം.-കാര] നാ. 1. കാവ്യഭങ്ഗി; 2. ഭങ്ഗി, അലങ്കാരം; 3. ആനന്ദം; 4. അദ്ഭുതം; 5. സാമർഥ്യം; 6. വലിയകടലാടി.
ചമത്കാരി [സം.-കാരിൻ] വി. ചമത്കാരത്തോടുകൂടിയ, ചമത്കരിക്കുന്ന.
ചമത്കൃത [സം.-കൃത] വി. ചമത്കരിക്കപ്പെട്ട.
ചമത്കൃതി [സം.-കൃതി] നാ. ചമത്കാരം.
ചമൻ1 [പ.മ.] നാ. 1. തുല്യമായത്; 2. ഇടത്തരം.
ചമൻ2 [പ്രാ.] നാ. യമധർമൻ, കാലൻ.
ചമൻ3 [സം.ശമ] നാ. അടങ്ങിയത്, ശമിച്ചത്.
ചമനം [സം.<ചമ്] നാ. തീറ്റി, കുടി.
ചമപ്പ്[ത.ചമൈപ്പ്] നാ. 1. നിർമാണം; 2. സജ്ജീകരണം, സന്നാഹം, ഒരുക്കം; 3. ചമയം, ആട ആഭരണം തുടങ്ങിയവ.
ചമം [സം.-ചമ] നാ. ചമയസൂക്തം.
ചമയക്കുതിര നാ. അലങ്കരിച്ച കുതിര.
ചമയം നാ. 1. തയ്യാറാക്കൽ, ഒരുക്കം, അണിഞ്ഞൊരുങ്ങൽ; 2. വേഷം, അലങ്കാരം; 3. പാചകംചെയ്യൽ; 4. അനുഭവക്കാരൻ ആ വസ്തുവിൽചെയ്യുന്ന ദേഹണ്ഡം (വൃക്ഷങ്ങൾ, കെട്ടിടങ്ങൾ, കുളങ്ങൾ, തോടുകൾ മുതലായവ). ചമയം

അഴിക്കുക = അലങ്കാരങ്ങൾ നീക്കുക. ചമയക്കൂട്ട് = ശരീരഭങ്ഗിവരുത്താനുള്ള ലേപനവസ്തു. ചമയക്കോപ്പ് = അണിയാനുള്ള വസ്തുക്കൾ. ചമയം ചാർത്തുക = ആടയാഭരണങ്ങൾ അണിയുക. ചമയപ്പള്ളിയറ = ചമയപ്പുര. ചമയപ്പാട് = ഒരുക്കം, വേഷം അണിയൽ. ചമയപ്പാട്ടം = കുഴിക്കാണപ്പാട്ടം. ചമയമുറി = ചമയപ്പുര. ചമയവില = ദേഹണ്ഡവില. കാൽകോലവും മുക്കാൾ ചമയവും (പഴ.)

ചമയൽ നാ. 1. അണിഞ്ഞൊരുങ്ങൽ, അലങ്കരണം; 2. ആഭരണം; 3. അരിവെപ്പ്, പാചകം. ചമയ(ൽ)ക്കാരൻ = പാകംചെയ്യുന്നവൻ.

ചമയവിളക്ക് നാ. ക്ഷേത്രങ്ങളിൽ ഉത്സവത്തിന് ദേവനെ എഴുന്നള്ളിക്കുമ്പോൾ അണിഞ്ഞൊരുങ്ങിയ സ്ത്രീകൾ പ്രത്യേകരീതിയിലുള്ള വിളക്കുകൾപിടിച്ച് അകമ്പടിസേവിക്കുന്ന ആചാരം.

ചമയിക്കുക ക്രി. വസ്ത്രാഭരണാദികൾ അണിയിച്ച് അലങ്കരിക്കുക.

ചമയുക ക്രി. 1. ഒരുങ്ങുക; 2. ആകുക; 3. മറ്റൊന്നിൻെറ രൂപം സ്വീകരിക്കുക; 4. പരുവപ്പെടുക, കന്യകയ്ക്കു പ്രായപൂർത്തിയാവുക, വളരുക; 5. ആടയാഭരണാദികൾ ധരിച്ച് ശരീരം അലങ്കരിക്കുക; 6. അനുകരിക്കുക.

ചമയ്ക്കുക ക്രി. 1. ഉണ്ടാക്കുക, നിർമിക്കുക; 2. ആക്കുക, ആക്കിത്തീർക്കുക; 3. ഒരുക്കുക, അലങ്കരിക്കുക; 4. പാകംചെയ്യുക.

ചമർ [<സം.സമര] നാ. യുദ്ധം.

ചമരകം [സം.] നാ. 1. വണ്ട്; 2. തേനീച്ച.

ചമരപുച്ഛം [സം.-പുച്ഛ]നാ. 1. ചമരിമൃഗത്തിൻെറ വാൽ, ചാമരം; 2. കുറുക്കൻ; 3. മലയണ്ണാൻ.

ചമരം [സം.ചമര] നാ. 1. ഒരുനാൽക്കാലിമൃഗം, കവരിമാൻ; 2. ചമരീമൃഗത്തിൻെറ വാൽകൊണ്ടുണ്ടാക്കുന്ന വിശറി.

ചമരി[സം.ചമരീ] നാ. 1. പെൺചമരമൃഗം; 2. ചാമരം; 3. മുള; 4. പൂമൊട്ട്.

ചമരിക [സം.ചമരികാ]നാ. ചമരി.

ചമരിക്കുക ക്രി. ശൗചം ചെയ്യുക.

ചമരിമാൻ [സം.] നാ. ചമരം.

ചമസം [സം.] നാ. 1. യാഗത്തിൽ സോമരസം സംഭരിച്ചുവയ്ക്കുന്നതിനും കുടിക്കുന്നതിനും ഉപയോഗിക്കുന്ന ഒരുതരം മരപ്പാത്രം; 2. ഒരുതരം പലഹാരം.

ചമസി [സം.-ചമസീ] നാ. 1. അരിമാവ്; 2. ഒരുതരം പലഹാരം (അരി യവം തുടങ്ങിയവയുടെ മാവുകൊണ്ടുണ്ടാക്കുന്നത്).

ചമാർത്തം നാ. = സമാവർത്തനം.

ചമീകരം [സം.] നാ. പൊന്നുവിളയുന്നസ്ഥലം.

ചമു [സം.ചമൂ] നാ. 1. സൈന്യം; 2. ഒരുസേനാവിഭാഗം; 3. സോമരസംകുടിക്കാനുള്ള പാത്രം; 4. ശവക്കുഴി.

ചമുക്കാളം നാ. ജമുക്കാളം.

ചമുചരൻ [സം.-ചര] നാ. ഭടൻ, യുദ്ധവീരൻ.

ചമുനാഥൻ [സം.-നാഥ] നാ. പടനായകൻ.

ചമുമുഖം [സം.-മുഖ] നാ. ദണ്ഡവ്യൂഹമെന്ന സേനാവിഭാഗത്തിൻെറ ഒരു വകഭേദം.

ചമൂരു [സം.] നാ. വാലില്ലാത്ത ഒരിനം മാൻ.

ചമൂരുദൃക്ക് [സം.-ദൃശ്] വി. മാനിൻെറതുപോലെ മനോഹരമായ കണ്ണുള്ളവൾ. നാ. സുന്ദരി.
ചമൂഹരൻ [സം.-ഹര] നാ. ശിവൻ.
ചമെക്കുക ക്രി. ചമയ്ക്കുക.
ചമ്പ1 [സം.] നാ. 1. മീൻ, ഉണക്കമീൻ; 2. മാംസം, ചീഞ്ഞമാംസം.
ചമ്പ2 വി. 1. തഴച്ചുവളരുന്ന; 2. പ്രായപൂർത്തിയായ, വളർച്ചനിന്ന.
ചമ്പ3 നാ. ഒരു ജലസസ്യം.
ചമ്പ4 [സം.ഝംപാ] നാ. 9സങ്ഗീ) ഒരു താളം പത്തുമാത്രകളുള്ളത്.
ചമ്പ5 [സം.ചമ്പാ] നാ. 1. ചമ്പാനഗരം; 2. ഐന്ദ്രീദേവിയുടെ വംശത്തിൽപിറന്ന എട്ടുദേവിമാരിൽ ഒരാൾ.
ചമ്പം [<സം.ശംപാ] നാ. മിന്നൽ.
ചമ്പകം [സം.ചമ്പക] നാ. 1. ഒരു വൃക്ഷം; 2. ചമ്പകപ്പൂവിൻെറ മണമുള്ള ഒരു സുഗന്ധക്കൂട്ട്; 3. ചമ്പകത്തിൻെറ പൂവ്; 4. ഒരിനം വാഴ; 5. ഒരു സിദ്ധി; 6. ജംബുദ്വീപത്തിലെ ഒൻപതുഭാഗങ്ങളിൽ ഒന്ന്.
ചമ്പകമാല [സം.-മാലാ] നാ. 1. ചമ്പകപ്പൂക്കൾകൊണ്ട് നിർമിച്ച മാല; 2. സ്ത്രീകൾ ധരിക്കുന്ന ഒരുതരം കണ്ഠാഭരണം; 3. ഒരു സംസ്കൃതവൃത്തം.
ചമ്പകാങ്ഗി [സം.-അങ്ഗീ] നാ. ചമ്പകപ്പൂപോലെ മനോഹരമായും സുഗന്ധിയായുമുള്ള ശരീരത്തോടുകൂടിയവൾ, സുന്ദരി.
ചമ്പകായിത [സം.-ആയിത] വി. ചമ്പകത്തിൻെറ സ്വഭാവമുള്ള, ചമ്പകമായിത്തീർന്ന.
ചമ്പക്കയറ് നാ. ഒരിനം കയറ് (പച്ചത്തോണ്ടു തല്ലിയെടുത്ത ചകിരിനാരുകൊണ്ടു കനത്തിൽ പിരിച്ചുണ്ടാക്കുന്നത്).
ചമ്പക്കൂറ് നാ. (സങ്ഗീ) തായമ്പകയിലെ ഒരു താളം.
ചമ്പട [സം.ഝംപഡ] നാ. (സങ്ഗീ) ഒരുതാളം.
ചമ്പടം1 [സം.-പട] നാ. 1. ഒരുതരം പട്ടുവസ്ത്രം; 2. വസ്ത്രം, വൃത്തികെട്ടവസ്ത്രം.
ചമ്പടം2 നാ. ചമ്പ്രം, ചമ്മണം.
ചമ്പൻ1 നാ. മൂപ്പെത്താറായ പാക്ക്, കുരു ഉറച്ചതും എന്നാൽ വിളവെത്താത്തതുമായ പാക്ക്.
ചമ്പൻ2 നാ. ഒരു ചന്ദ്രവംശരാജാവ്.
ചമ്പറം നാ. ചമ്പറം. (പ്ര) ചമ്പറം പടിയുക = ചമ്പ്രം പടിയുക.
ചമ്പാധിപതി [സം.-അധിപതി] നാ. 1. അങ്ഗരാജാവ്; 2. കർണ്ണൻ.
ചമ്പാധിപൻ [സം.-അധിപ]നാ. ചമ്പാധിപതി.
ചമ്പാൻ നാ. 1 ഒരിനം കപ്പൽ; 2. മീൻപിടിക്കാൻ ഉപയോഗിക്കുന്ന ഒരിനം വള്ളം; 3. മത്സ്യം; 4. ഒരിനം ചെറിയ മത്സ്യം, മത്തി.
ചമ്പാന നാ. ഒരിനം കപ്പൽ.
ചമ്പാനഗരം [സം.-നഗര] നാ. അങ്ഗരാജ്യത്തിൻെറ തലസ്ഥാനം (ചന്ദ്രവംശരാജാവായ ചമ്പനാൽ സ്ഥാപിതമായത്.)
ചമ്പാലു [സം.] നാ. ചമ്പകാലു.
ചമ്പാവതി [സം.-വതി] നാ. 1. ചമ്പാനഗരം; 2. കുബേരൻെറ ഭാര്യ; 3. ഐന്ദ്രിയുടെ വംശത്തിൽപ്പെട്ട എട്ടു ദേവിമാരിൽ ഒരാൾ.

ചമ്പാൾ നാ. സെയിൻറ് പോൾ എന്നതിൻെറ ഗ്രാമ്യരൂപം.
ചമ്പാളുപാതിരിമാർ നാ. വിശുദ്ധപോളിൻെറ സഭയിൽപ്പെട്ട പുരോഹിതന്മാർ.
ചമ്പുതിന്നി നാ. 1. ചത്ത ജന്തുക്കളുടെ മാംസം ഭക്ഷിക്കുന്നവൻ; 2. നിന്ദ്യൻ.
ചമ്പ് നാ, 1. കരിയില, ചവറ്; 2. താണതരം പുകയില.
ചമ്പു[സം.-ചമ്പു] നാ ഗദ്യവും പദ്യവും കലർന്ന ഒരു കാവ്യ സമ്പ്രദായം. ആ രീതിയിൽ നിർമിച്ച കാവ്യം.
ചമ്പൊാക്ക് നാ. കപ്പ, കപ്പൽക്കൂട്ടം .
ചമ്പ്രം നാ. ചമ്മണം.
ചമ്പ്രാണി1 നാ. ഒരിനം പത്തേമാരി.
ചമ്പ്രാണി2 നാ. സാമ്പ്രാണി.
ചമ്മട്ടി [പ്രാ.] നാ. കൊരടാവ്, കുതിരച്ചാട്ട.
ചമ്മണം നാ. കാലുകള്മടക്കി തമ്മിൽ വിലങ്ങനെ പിണച്ചുവച്ചുകൊണ്ടുള്ള ഇരിപ്പ്. ചമ്മണം പൂട്ടിയിരിക്കുക, ചമ്മണപ്പടിയിട്ടിരിക്കുക = കാലുകൾ മടക്കി വിലങ്ങനെ വച്ചുകൊണ്ട് ഇരിക്കുക.
ചമ്മന്തി [സം.സംബന്ധി] നാ. 1. ഒരു ഉപദംശം (തേങ്ങ, ഉപ്പ്, മുളക്, പുളി മുതലായവചേർത്ത് അരച്ചുണ്ടാക്കുന്നത്); 2. ചതഞ്ഞു തകർന്നത്. ചമ്മന്തിയാക്കുക, -പ്രായമാക്കുക, -പരുവമാക്കുക = കഠിനമ്മയി മർദിക്കുക, അരച്ചുകുഴച്ചതുപോലെയാക്കുക.
ചമ്മൽ നാ. 1. ഇരുളടഞ്ഞ പകൽ, വെളിച്ചംകുറഞ്ഞ അവസ്ഥ; 2. മ്ലാനത, ലജ്ജകൊണ്ടുള്ള വാട്ടം; 3. കുഴപ്പം.
ചമ്മല [സം.ശമല] നാ. 1. ചവറ്, ചണ്ടി; 2. അലമ്പ്, പ്രയാസം, ഉപദ്രവം; 3. വഴക്ക്; 4. ഭിക്ഷാആത്രം; 5. തുണിയുടെ അറ്റം ചുരുട്ടിവെച്ചത്.
ചമ്മാത്ത് നാ. നിന്ദാസൂചകമായി കൈകൊണ്ടും മറ്റും കാണിക്കുന്ന ആങ്ഗ്യം, ഗോഷ്ടി.
ചമ്മാളിക്കുക ക്രി. 1. വല്ലവിധവും ക്ലേശിച്ച് കാര്യം നേടുക, വിഷമിച്ച് കാര്യം സാധിക്കുക; 2. നാണംകെടുക; 3. ധൂർത്തടിക്കുക.
ചമ്മുക ക്രി. 1. പ്രകാശം കുറയുക; 2. ലജ്ജിക്കുക; 3. കുഴപ്പത്തിലാകുക.
ചമ്രം നാ. = ചമ്പ്രം.
ചമ്വധിപതി [സം.] നാ. സേനാനായകൻ.
ചയനം [സം.<ചി] നാ. 1. ശേഖരിക്കൽ, കൂട്ടിവയ്ക്കൽ; 2. തെരഞ്ഞെടുപ്പ്; 3. അഗ്നി സംഭരിക്കൽ, യാഗാഗ്നി ഒരുക്കൽ; 4. വിറക് ശേഖരിക്കൽ.
ചയം1 [സം.] നാ. 1. കൂട്ടം, സമൂഹം, കൂമ്പാരം; 2. മൂടി; 3. ഭവനം; 4. ഭവനങ്ങളുടെ കൂട്ടം; 5. മതിലടി; 6. മൺതിട്ട; 7. കൊത്തളം; 8. കോട്ടവാതിൽ; 9. നാൽക്കാലി; 10. വിറകിൻെറ അട്ടി; 11. യാഗാഗ്നി ഒരുക്കൽ; 12. മുറയ്ക്കുള്ള സങ്ഖ്യകളിൽ ഒരു സങ്ഖ്യയ്ക്ക് അതിൻെറ അടുത്തുള്ള സങ്ഖ്യയിൽനിന്നുള്ള വ്യത്യാസം മുറയ്ക്കുള്ള സങ്ഖ്യകളിൽ രണ്ടു സങ്ഖ്യകൾക്ക്തങ്ങളിൽ പൊതുവായിട്ടുള്ള വ്യസ്യാസം. ഉദാ: 3, 6, 9, 12 എന്നീ മുറയ്ക്കുള്ള സങ്ഖ്യകളിൽ ചയം 3 ആണ്; 13. പർപ്പടകപ്പുല്ല്; 14. വർധന.
ചയം2 [പ്രാ.] നാ. ക്ഷയം.
ചയാപചയം [സം.-അപചയ] നാ. വൃദ്ധിയും ക്ഷയവും.

ചയിക്കുക [<സം.ചി] ക്രി. 1. കൂട്ടിവയ്ക്കുക, കൂമ്പാരംകൂട്ടുക; 2. സമ്പാദിക്കുക; 3. യാഗവേദി നിർമിക്കുക; 4. ഒരുക്കി സൂക്ഷിക്കുക.

737

ചർക്ക [<ഹി.ചർഖാ] നാ. കൈകൊണ്ട് നൂൽ നൂൽക്കാൻ ഉപയോഗിക്കുന്ന യന്ത്രം, റാട്ട്, കൈറാട്ട്.

ചർക്കര [<സം.ശർക്കരാ] നാ. 1. ശർക്കര; 2. ചരൽക്കല്ല്.

ചർക്കരിക [<സം.ശർകാരിക] നാ. ശർക്കര.

ചർക്കരിതം [സം.-ത] നാ. സംസ്കൃതവ്യാകരണത്തിൽ ഒരു സാങ്കേതിക സംജ്ഞ.

ചർച്ച [സം.ചർചാ] നാ. 1. പലർകൂടി ഒരു വിഷയത്തെപ്പറ്റി നടത്തുന്ന ആശയവിനിമയം, ഏതെങ്കിലും വിഷയത്തെപ്പറ്റിയുള്ള പഠനം ഇത്യാദി; 2. (വേദംചൊല്ലുമ്പോൾ)പദങ്ങളുടെ ആവർത്തിച്ചുള്ള ഉച്ചാരണം, രണ്ടുപേർ ഒന്നിടവിട്ട് നടത്തുന്ന ആലാപനം, ആവർത്തനം, വീണ്ടും വീണ്ടുമുള്ള വായന, കഥനം; 3. ദുർഗ; 4. സുഗന്ധലേപനം; 5. വ്യഭിചാരിണി.

ചർച്ചക [സം.] വി. ചർച്ചചെയ്യുന്ന.

ചർച്ചനം [സം.] നാ. 1. അഭ്യസനം, ആവർത്തിച്ചുള്ള വായന; 2. സുഗന്ധലേപനം.

ചർച്ചം [സം.ചർച] നാ. 1. കുബേരന്റെ നവനിധികളിൽ ഒന്ന്; 2. വിചിന്തനം.

ചർച്ചരി [സം.] നാ. 1. ഒരുതരം പാട്ട്; 2. ഗാനം, താളം, നൃത്തം ഇവ മൂന്നും ചേർന്നത്, സങ്ഗീതലയം; 3. രണ്ടുപേർ ഒന്നിടവിട്ടു നടത്തുന്ന ആലാപം; 4. ഒരു രാഗം; 5. ഒരു നൃത്തവിശേഷം; 6. ഒരു താളം; 7. കൈകൊണ്ടുള്ള താളം; 8. അടി; 9. ഉത്സവം, ആഘോഷം; 10. ചുരുണ്ട തലമുടി; 11. ഒരു സംസ്കൃതവൃത്തം; 12. സ്തുതി.

ചർച്ചരിക [സം.-കാ] നാ. 1. ചർച്ചരി; 2. നാടകത്തിൽ ഓരോ രങ്ഗവും അവസാനിക്കുമ്പോൾ പാടുന്ന പാട്ട്.

ചർച്ചരികൻ [സം.] നാ. ശിവൻ.

ചർച്ചരീകം [സം.] നാ. തലമുടി അലങ്കരിക്കൽ, തലമുടി ചുരുണ്ടതാക്കൽ.

ചർച്ചസ്സ് [സം.] നാ. കുബേരന്റെ നവനിധികളിൽ ഒന്ന്.

ചർച്ചി [സം.] നാ. 1. ആവർത്തനം; 2. വിചാരണ, അധ്യയനം.

ചർച്ചിക [സം.-കാ] നാ. 1. ചർച്ച; 2. ഒരു ദേവി.

ചർച്ചിക്കുക [<സം.ചർച്ച്] ക്രി. ചർച്ചചെയ്യുക.

ചർചിക്യം [സം.] നാ. 1. സുഗന്ധംകൊണ്ടു ലേപനംചെയ്യൽ; 2. കുറിക്കൂട്ട്.

ചർച്ചിത [സം.ചർചിത] വി. 1. ആവർത്തിച്ച് ഉച്ചരിക്കപ്പെട്ട; 2. പൂശപ്പെട്ട; 3. ചർച്ചചെയ്യപ്പെട്ട.

ചർച്ച് [ഇം.] നാ. 1. ക്രിസ്ത്യാനികളുടെ പള്ളി, ക്രിസ്തീയ ദേവാലയം; 2. ക്രൈസ്തവ സഭ.

ചർത്തനം [സം.ചർതന] നാ. 1. കൊളുത്ത്, വളഞ്ഞ സൂചി; 2. കൊളുത്തൽ, കോർക്കൽ.

ചർത്ത്യം [സം.ചർത്യ] നാ. ചർത്തനം ചെയ്യേണ്ടത്, കോർക്കാവുന്നത്.

ചർപ്പടം [സം.ചർപട] നാ. 1. നിവർന്ന കൈപ്പടം; 2. കുമിളകളുടെ സമൂഹം; 3. പപ്പടം.

ചർപ്പടി [സം.] നാ. മാവുകുഴച്ച് ചുട്ടുണ്ടാക്കിയ ഒരു പലഹാരം.
ചർഭടി [സം] നാ. 1. സന്തോഷം കൊണ്ടുള്ള കോലാഹലം; 2. ഔദ്ധത്യമുള്ള വാക്ക്; 3. കക്കരി.
ചർമകരണ്ഡം [സം.-കരണ്ഡ] നാ. തോലുകൊണ്ട് ഉണ്ടാക്കിയ യാനപാത്രം.
ചർമകാരൻ [സം.-കാരക] നാ. തോൽക്കൊല്ലൻ.
ചർമകാരൻ [സം.-കാര] നാ. ചർമകാരകൻ, ചെമ്മാൻ.
ചർമകി [സം.] നാ. വാവൽ.
ചർമകീലം [സം.-കീല] നാ. ഒരുതരം ത്വഗ്രോഗം, താമരമുള്ള്.
ചർമകുഷ്ഠം [സം.-കുഷ്ഠ] നാ. ഒരുതരം കുഷ്ഠം.
ചർമകൃത്ത് [സം.-കൃത്] നാ. ചർമകാരൻ.
ചർമകോശം [സം.-കോശ] നാ. തോലുറ.
ചർമഗന്ധിക [സം.-ഗന്ധികാ] നാ. വാവൽ.
ചർമഘടികാ [സം.] നാ. തൊലിയിൽ കടിച്ചിരിക്കുന്ന, അട്ട.
ചർമഘാതി [സം.ഘാതിൻ] നാ. അടുക്കിവച്ച 24 ചർമങ്ങളെ ഒറ്റ അസ്ത്രംകൊണ്ട് ഭേദിക്കുന്ന വില്ലാളി.
ചർമചക്ഷുസ്സ് [സം.] നാ. ബാഹ്യദൃഷ്ടി, മാംസചക്ഷുസ്സ്.
ചർമചടകാ [സം.] നാ. വാവൽ.
ചർമചടി [സം.] നാ. 1. ചർമചടകം; 2. ചീവീട്.
ചർമചിത്രകം [സം.-ക] നാ. ഒരിനം വെൺകുഷ്ഠം.
ചർമചൂഡം [സം.-ചൂഡ] നാ. കോഴി.
ചർമജം [സം.-ജ] നാ. 1. രോമം; 2. ചോര; 3. ചർമവാദ്യങ്ങളിൽനിന്നും പുറപ്പെടുന്ന നാദം.
ചർമണ്യ [സം.] വി. തോലുകൊണ്ടുണ്ടാക്കിയ.
ചർമണ്യം [സം.] നാ. തോൽപ്പണി.
ചർമണ്വതി [സം.] നാ. 1. ഒരു നദി, ഗങ്ഗയുടെ പോഷകനദികളിൽ ഒന്ന്; 2. വാഴ.
ചർമതരങ്ഗം [സം.തരങ്ഗ] നാ. ത്വക്കിലുള്ള ഞൊറി, ചുളുവ്.
ചർമതില [സം.] വി. ശരീരത്തിൽ എള്ളുവിതറിയതുപോലെ ഉണ്ണികളോടുകൂടിയ.
ചർമദളം [സം.-ദല] നാ. ഒരിനം കുഷ്ഠം.
ചർമനാളികാ [സം.] നാ. ചമ്മട്ടി.
ചർമപക്ഷി [സം.-പക്ഷിൻ] നാ. വാവൽ.
ചർമപട്ടികാ [സം.] നാ. തോൽകൊണ്ടുള്ള ചൂതുപടം.
ചർമപത്ര [സം.-പത്രാ] നാ. വാവൽ.
ചർമപാദുക [സം.പാദുകാ] നാ. തോൽച്ചെരിപ്പ്.
ചർമപുടം [സം.-പുട] നാ. തോൽസഞ്ചി, തുരുത്തി.
ചർമ(പ്ര)ഭേദിക [സം.] നാ. തോലുളി.
ചർമപ്രസേവകം [സം.-ക] നാ. ചർമപുടം.
ചർമപ്രസേവിക [സം.-കാ] നാ. ചർമപുടം.
ചർമബന്ധനം [സം.ബന്ധന] നാ. കുരുമുളക്

ചർമബന്ധം [സം.-ബന്ധ] നാ. 1. തോൽവാറ്; 2. വെള്ളത്തിൽ ഇരതേടുന്ന പക്ഷികൾ; 3. തവളമുതലായവയുടെ വിരലുകളെ തമ്മിൽ ചേർക്കുന്ന തൊലി.
ചർമഭവം [സം.-ഭവ] നാ. ചർമജം.
ചർമം [സം.-ചർമൻ] നാ. 1. ശരീരത്തെപൊതിഞ്ഞിരിക്കുന്ന തൊലി; 2. ഉരിച്ചെടുത്ത തോല്; 3. പരിച.
ചർമമുണ്ഡ [സം.] നാ. ദുർഗ.
ചർമയഷ്ടി [സം.] നാ. ചമ്മട്ടി.
ചർമവംശം [സം.-വംശ] നാ. ഒരുതരം സുഷിരവാദ്യം.
ചർമവസനൻ [സം.-വസന] നാ. ശിവൻ.
ചർമവാദ്യം [സം.-വാദ്യ] നാ. (സങ്ഗീ) തോൽകൊണ്ടു വശങ്ങൾപൊതിഞ്ഞിട്ടുള്ള വാദ്യം (ചെണ്ട, മദ്ദളം, തകിൽ മുതലായവ).
ചർമസാരം [സം.-സാര] നാ. തൊലിയിലുള്ള രസധാതു.
ചർമസ്യൂതം [സം.-സ്യൂത] നാ. തോൽകൊണ്ടുതുന്നിയുണ്ടാക്കിയ സഞ്ചി.
ചർമാഖ്യ [സം.-ആഖ്യാ]നാ. ഒരിനം കുഷ്ഠം.
ചർമാങ്ഗി [സം.-അങ്ഗിൻ] നാ. വാവൽ.
ചർമാനുരഞ്ജ്ജനം [സം.] നാ. രസസിന്ദൂരം, വെൺചായില്യം.
ചർമാംബു [സം.-അംബു]നാ. 1. ചർമസാരം; 2. തോൽപ്പാത്രത്തിലെ വെള്ളം.
ചർമാരൻ [പ്രാ.] നാ. ചെമ്മാൻ.
ചർമാവകർത്താവ് [സം.] നാ. ചർമത്തെ അവകർത്തനം ചെയ്യുന്നവൻ, തോൽക്കൊല്ലൻ.
ചർമാവനദ്ധം [സം.] നാ. തൊലികൊണ്ടുമൂടിയത്.
ചർമാസനം [സം.-ആസന] നാ. ഒരു യോഗാസനം.
ചർമി[സം.-ചർമിൻ] വി. 1. തൊലിയുള്ള; 2. തോലുകൊണ്ടുണ്ടാക്കിയ. നാ. 1. പരിച കയ്യിലുള്ളവൻ; 2. ഭൂർജമരം; 3. വാഴ; 4. ശിവൻെറ ഒരു അനുചരൻ.
ചർമികൻ [സം.-ചർമിക] നാ. പരിച ധരിച്ചവൻ.
ചർവ[സം.] നാ. 1. കൈത്തലംകൊണ്ടുള്ള അടി, ചപേട; 2. ചുവയ്ക്കൽ.
ചർവണാംകം [സം.] നാ. അണപ്പല്ല്.
ചർവണം [സം.] നാ. 1. ചവയ്ക്ക; 2. അനുഭവിക്കൽ, ആസ്വാദനം; 3. അണപ്പല്ല്; 4. കറുത്ത ഈച്ച, തേനീച്ച.
ചർവിക്കുക [<സം.ചർവ്] ക്രി. 1. ചവയ്ക്കുക; 2. സ്വാദുനോക്ക്ക്കുക; 3. ഉറുഞ്ചുക, ഈമ്പുക.
ചർവിത വി. ചർവണം ചെയ്യപ്പെട്ട.
ചർവ്യ [സം.] വി. ചർവണം ചെയ്യത്തക്ക.
ചർവ്യം [സം.] നാ. ചവച്ചുതിന്നേണ്ട ആഹാരപദാർഥം, കട്ടിയുള്ള ഭക്ഷ്യപദാർഥം.
ചർഷ്ണി [സം.] വി. 1. കാണ്യ്ന്ന; 2. ചലിക്കുന്ന; 3. വേഗമുള്ള. നാ. 1. പതിവ്രതയല്ലാത്തവൾ; 2. വരുണൻെറ ഭാര്യ, ഭൃഗുവിൻെറ മാതാവ്.
ചര [സം.] വി. 1. ഇളകുന്ന; 2. ഭൂതകാലസ്ഥിതിയെ സൂചിപ്പിക്കാൻസമാസത്തിൽ പ്രയോഗം. ഉദാ: ആഢ്യചരൻ.

ചരകൻ [സം.ചരക] നാ. 1. സഞ്ചാരി, വഴിപോക്കൻ (വൈദികധർമം അനുഷ്ഠിച്ചുകൊണ്ട് സഞ്ചരിക്കുന്നവൻ, പഠിച്ചും പഠിപ്പിച്ചും ദേശസഞ്ചാരംചെയ്യുന്ന ആൾ). 2. ചാരൻ; 3. പ്രാമാണികനായ ഒരു ആയുർവേദാചാര്യൻ.

ചരകം [സം.] നാ. ഒരു വൈദ്യഗ്രന്ഥം.

ചരകരണങ്ങൾ [സം.-കരണ] നാ. (ബ.വ.)(ജ്യോ) സിംഹം പുലി പന്നി കഴുത ആന പശു പട്ടി എന്നിവ യോനികളായിട്ടുള്ള ഏഴുകരണങ്ങൾ.

ചരകി [സം.-കീ] നാ. ഒരു ദേവത (ദേവീപൂജയിലും വാസ്തുപൂജയിലും. ഈശാനകോണിൽ ആരാധിക്കപ്പെടുന്നു).

ചരക്ക് നാ. 1. കച്ചവടസാധനം; 2. വിൽപനയ്ക്കുള്ള വസ്തു; 3. വലിയലോഹപാത്രം; 4. സ്ത്രീ, സുന്ദരി; 5. ഫലവൃക്ഷം; 6. കഴിവ്, സാമർത്ഥ്യം, കോപ്പ്. ചരക്കിട്ടവനേ മുതുകിടു = ഉടമസ്ഥൻ മാത്രമേ സൂക്ഷിക്കുകയുള്ളു (പഴ.)

ചരക്കുക ക്രി. ചുളുങ്ങുക, അയവുവരുത്തുക.

ചരക്കുമേനി [സം.] നാ. 1. മൊത്തത്തിൽ വിലനിശ്ചയിക്കുന്നതിന് ആധാരമായ ചരക്കിൻെറ ഗുണം; 2. ചരക്കുകയറ്റുന്ന വൻതരം വള്ളം.

ചരടം [സം.] നാ. കരിങ്കുരികിൽ.

ചരടാവ് നാ. നെയ്ത്തുകാർ പാവ് നിവർത്തിക്കെട്ടുമ്പോൾ വലിഞ്ഞുനിൽക്കുന്നതിന് ഇടയ്ക്കുതിരുകുന്ന തടിക്കഷണം.

ചരടി നാ. (സങ്ഗീ) ഒരുതരം തന്ത്രിവാദ്യം (ചരടുകെട്ടിയത്).

ചരട് [<സം.സര] നാ. 1. നൂല്, നാര്, പിരിച്ചുണ്ടാക്കിയ നൂല്; 2. സ്വർണം, വെള്ളി മുതലായവയുടെ നേരിയ കമ്പികൾ പിരിച്ചുണ്ടാക്കുന്ന നൂല്; 3. മങ്ഗല്യസൂത്രം, താലിച്ചരട്. ചരടുകെട്ടുക = ശിശുവിന് ആദ്യമായി നൂൽകെട്ടുക. ചരടുജപം = ബാധോപദ്രവം, രോഗശമനം മുതലായവയ്ക്ക് ചരടു ജപിച്ചുകെട്ടൽ. ചരടുപറിക്കുക = വിവാഹബന്ധം വേർപെടുത്തുക. ചരടുപിടിക്കുക = 1. വീടുകെട്ടുമ്പോഴും മറ്റും ചരടുവലിച്ചു പിടിച്ച് ഋജുരേഖ കണ്ടുപിടിക്കുക; 2. നിയന്ത്രിക്കുക. ചരടുവലി = ചരടുപിടുത്തം. ചരടുവലിക്കുക = ചരടുപിടിക്കുക.

ചരട്ടുകുന്തം [മ.] നാ. ചുവട്ടിൽ ചരടു കെട്ടിയിട്ടുള്ള കുന്തം.

ചരട്ടുപമ്പരം നാ. ഏറുപമ്പരം, ചരടുചുറ്റി എറിയുന്നതോ ചരടുവലിച്ചു കറക്കുന്നതോ ആയ പമ്പരം.

ചരട്ടുളി നാ. ചരട്ടുകുന്തം.

ചരൺ1 [<സം.ചരണ] നാ. കാല്.

ചരൺ2 [<സം.ശരണ] നാ. ആശ്രയം, അഭയസ്ഥാനം, രക്ഷാസങ്കേതം, അടക്കലം.

ചരണ [സം.-ചരണാ] നാ. യോനിദോഷങ്ങളിൽ ഒന്ന് (മൈഥുനത്തിൽ പുരുഷനേക്കാൾമുമ്പ് സ്ഖലനമുണ്ടാകുന്നത്).

ചരണകമലം [സം.-കമല] നാ. താമരപ്പൂപോലെ മനോഹരവും മൃദുവുമായ പാദം.

ചരണകിസലയം [സം.-കിസലയ] നാ. കാലുകളാകുന്ന തളിർ

ചരണഗത [സം.-ഗത] വി. പാദങ്ങളിൽ അഭയം പ്രാപിച്ച, താണുവീണ് ആശ്രയിച്ച.

ചരണഗ്രന്ഥി [സം.-ഗ്രന്ഥി] നാ. നരിയാണി.

ചരണതാർ [സം.] നാ. പൂവുപോലെ കോമളമായ പാദം.

ചരണത്താർ [<സം.ചരണ] നാ. വേദശാഖക്കാർ, തൈത്തരീയം തലവകാരം മുതലായ ഏതെങ്കിലും വേദശാഖയിൽപ്പെട്ടവർ.
ചരണത്രം [സം.-ത്ര] വി. ചരണത്തെ ത്രാണം ചെയ്യുന്നത്. നാ. പാദരക്ഷ, ചെരിപ്പ്.
ചരണദാസൻ [സം.-ദാസ] നാ. പാദശ്രുശൂഷചെയ്യുന്നവൻ, ആശ്രിതൻ, ഭക്തൻ (സ്ത്രീ) ചരണദാസി.
ചരണൻ [സം.ചരണ] നാ. കാലാൾ.
ചരണന്യാസം [സം.-ന്യാസ] നാ. 1. കാലുവയ്പ്പ്; 2. കാലടിപ്പാട്, കാലടയാളം.
ചരണപം [സം.-പ] നാ. ചരണങ്ങൾകൊണ്ട് പാനംചെയ്യുന്നത്, വൃക്ഷം.
ചരണപല്ലവം [സം.-പല്ലവ] നാ. ചരണതളിർ.
ചരണം1 [സം.] നാ. 1. കാല്; 2. (വൃക്ഷത്തിൻെറ) ചുവട്, വേര്; 3. തൂണ്; 4. നാലിലൊന്ന്; 5. ശ്ലോകത്തിൻെറ ഒരു വരി; 6. പാട്ടിൻെറ ഒരു ഖണ്ഡം; 7. ഒരു ഗണം; 8. വൈദികാനുഷ്ഠാനത്തെ മുൻനിർത്തി ബ്രാഹ്മണർക്കിടയിലുള്ള വിഭാഗം; 9. വംശം; 10. കിരണം; 11. മേച്ചിൽ, തീറ്റി; 12. മര്യാദ, പെരുമാറ്റം; 13. സഞ്ചാരം, ഗതി.
ചരണം2 [പ.മ.] നാ. ശരണം.
ചരണമുദ്ര [സം.-മുദ്രാ] നാ. കാൽപ്പാട്, പാദമുദ്ര.
ചരണയുഗം [സം.-യുഗ] നാ. കാലിണ.
ചരണയുഗളം [സം.-യുഗല] നാ. ചരണയുഗം.
ചരണയോധി [സം.-യോധിൻ] നാ. പൂവൻകോഴി.
ചരണലഗ്ന [സം.-ലഗ്ന] വി. 1. കാലിൽപറ്റിയ; 2. ചരണഗത.
ചരണലഘു [സം.ലഘു] നാ. (സങ്ഗീ) ഒരു ഗണം, ആദ്യത്തെ രണ്ടക്ഷരം ഗുരുവും ഒടുവിലത്തെ അക്ഷരം ലഘുവുമായത്, തഗണം.
ചരണസേവ [സം.-സേവാ] നാ. പാദസേവ, കാലുപിടുത്തം, ആശ്രയിക്കൽ.
ചരണാക്ഷൻ [സം.-അക്ഷ] നാ. ഗൗതമൻ (പാദത്തിൽ നോക്കി നടന്നിരുന്നതിനാൽ).
ചരണാഗത [സം.-ആഗത] വി. പാദങ്ങളെ (ശരണം) പ്രാപിച്ച.
ചരണാഘാതം [സം.-ആഘാത] നാ. ചരണാഹതി.
ചരണാംബുജം [സം.-അംബുജ] നാ. ചരണകമലം.
ചരണാമൃതം [സം.-അമൃത] നാ. ദേവൻെറയോ ഗുരുവിൻെറയോ ഗുരുസ്ഥാനീയരുടെയോ പാദം കഴുകിയ വെള്ളം.
ചരണായുധ [സം.-ആയുധ] വി. ചരണം ആയുധമായിട്ടുള്ള.
739
ചരണായുധൻ [സം.-ആയുധ] നാ. 1. പൂവങ്കോഴി; 2. മൂങ്ങ.
ചരുണായുധപിഞ്ഛം = കോഴിത്തൂവൽ.
ചരണാരവിന്ദം [സം.-അരവിന്ദ] നാ. കാൽപ്പാദങ്ങളാകുന്ന താമരപ്പൂവ്.
ചരണാഹതി [സം.-ആഹതി] നാ. കാലുകൊണ്ടുള്ളതൊഴി, ചവിട്ട്.
ചരണി [സം.] നാ. മനുഷ്യൻ.
ചരതം1 അവ്യ. 1. സത്യമായി, നിശ്ചയമായി, തീർച്ചയായി; 2. ഭങ്ഗിയായി, നന്നായി. നാ. 1. സത്യം, വാസ്തവം; 2. സൂക്ഷ്മത, വ്യക്തത; 3. സൗഭാഗ്യം,

അഴക്; 4. രീതി, പിശുക്ക്. ചരതംവയ്ക്കുക = സൂക്ഷിച്ചുവയ്ക്കുക, കരുതിവയ്ക്കുക. ചരതമില്ലാത്തവൻ പരതിനടക്കും (പഴ.).
ചരതം2 [സം.ചരഥ] നാ. ഗതി, നടത്തം.
ചരതിക്കുക ക്രി. 1. ശേഖരിക്കുക, സൂക്ഷിക്കുക; 2. ശ്രദ്ധയോടെ പ്രവർത്തിക്കുക, ഭങ്ഗിയായിചെയ്യുക.
ചരഥം [സം.] നാ. 1.ഗമനം, പോക്ക്; 2. ജീവൻ; 3. മാർഗം.
ചരദ്രവ്യം [സം.-ദ്രവ്യ] നാ. ജങ്ഗമവസ്തു.
ചരൻ [സം.] നാ. 1. ചാരൻ, രഹസ്യദൂതൻ; 2. ദൂതൻ; 3. കുജൻ.
ചരനക്ഷത്രങ്ങൾ [സം.-ത്രാണി]നാ. (ബ.വ.)(ജ്യോ) പുണർതം, ചോതി, തിരുവോണം അവിട്ടം, ചതയം എന്നീ അഞ്ചുനക്ഷത്രങ്ങൾ.
ചരപ്രതിഷ്ഠ [സം.-പ്രതിഷ്ഠാ] നാ. രണ്ടുതരം പ്രതിഷ്ഠകളിൽ ഒന്ന് (അഷ്ടബന്ധവും മറ്റുംകൊണ്ട് ഉറപ്പിക്കാത്തത്).
ചരബിന്ദു [സം.-ബിന്ദു] നാ. (ഗണിത) ചരിക്കുന്നതായി സങ്കൽപിക്കുന്ന ബിന്ദു.
ചരഭം [സം.ഭ]നാ. (ജ്യോ) ചരനക്ഷത്രം.
ചരഭവനം [സം.-ഭവന] നാ. (ജ്യോ) ചരരാശികൾ.
ചരഭൂമി [സം.-ഭൂമി] നാ. മേച്ചിൽസ്ഥലം.
ചരം1[സം.ചര] നാ. 1. ഇളകുന്നത്, ചലിക്കുന്നത്; 2. മൃഗം; 3. കാറ്റ്; 4. കവടി; 5. കരിങ്കുരികിൽ; 6. ചൊവ്വാഗ്രഹം; 7. കുജവാരം; 8. രാശികളുടെ മൂന്നുവിഭാഗങ്ങളിൽ ഒന്ന്; 9. ചരനക്ഷത്രം; 10. ഏഴാമത്തെ കരണം; 11. എക്കൽ (ജലപ്രവാഹത്തോടുകൂടി വന്നുചേരുന്നത്); 12. ഒരുതരം ചൂതുകളി; 13. സ്വർഗം; 14. ആകാശം, അന്തരീക്ഷം; 15. ലോകം.
ചരം2ളപ.മ.] നാ. അമ്പ്.
ചരമ [സം.] വി. 1. ഒടുവിലത്തെ, അവസാനത്തെ; 2. മരണസംബന്ധിയായ. ഉദാ: ചരമവാക്ക്, ചരമശ്വാസം; 3. അസ്തമിക്കുന്ന, സൂര്യചന്ദ്രാദികളുടെ അസ്തമയസമയത്തോടു ബന്ധപ്പെട്ട; 4. ഏറ്റവും ആദ്യത്തെ അല്ലെങ്കിൽ ഏറ്റവും അന്ത്യത്തിലെ, അങ്ങേ അറ്റത്തെ.
ചരമകാലം [സം.-കാല] നാ. 1. മരണമടുത്തസമയം, അവസാനസമയം; 2. സന്ധ്യ.
ചരമക്ഷ്മാഭൃത്ത് [സം-ക്ഷ്മാഭൃത്] നാ. ചരമഗിരി.
ചരമഗതി [സം.-ഗതി] നാ. മരണം, മരണപ്രാപ്തി.
ചരമഗിരി [സം.-ഗിരി] നാ. സന്ധ്യാസമയത്ത് സൂര്യൻചെന്നു മറയുന്നതായി സങ്കൽപിക്കപ്പെടുന്ന പർവതം, അസ്തമയപർവതം.
ചരമഘട്ടം [സം.-ഘട്ട] നാ. ചരമകാലം.
ചരമദശ [സം.-ദശാ] നാ. ചരമകാലം.
ചരമധരം [സം.-ധര] നാ. ചരമഗിരി.
ചരമപക്ഷം [സം.-പക്ഷ] നാ. അവസാനത്തെ അഭിപ്രായം.
ചരമപത്രം [സം.-പത്ര] നാ. മരണപത്രം.
ചരമപാദം [സം.-പാദ] നാ. 1. ശ്ലോകത്തിൻെറ അവസാനത്തെ വരി; 2. അവസാനത്തെ ഭാഗം, നാലിലൊന്ന്.

ചരമം [സം.] നാ. 1. അവസാനത്തേത്; 2. മരണം; 3. അസ്തമയശോഭ; 4. പടിഞ്ഞാറ്.
ചരമയാമം [സം.-യാമ] നാ. അന്ത്യയാമം.
ചരമരസം [സം.-രസ] നാ. ശാന്തരസം.
ചരമലക്ഷണം [സം.-ലക്ഷണ] നാ. മരണലക്ഷണം.
ചരമവയസ്സ് [സം.-വയസ്] നാ. ജീവിതത്തിൻെറ അവസാനകാലം, വാർധക്യം.
ചരമവഴി [സം.] നാ. ഏഴരനാഴികകൂടിയ കാലം, യാമം.
ചരമവാക്ക് [സം.-വാച്] നാ. മരണസമയത്ത് പറയുന്ന വാക്ക്, അന്ത്യമൊഴി.
ചരമശാസനം [സം.-ശാസന] നാ. 1. മരണസമയത്തുകൊടുക്കുന്ന നിർദേശം; 2. അന്ത്യശാസനം.
ചരമശ്ലോകം [സം.-ശ്ലോക] നാ. ഒരാളിൻെറ മരണത്തെക്കുറിച്ചെഴുതുന്ന ശ്ലോകം.
ചരമശ്വാസം [സം.-ശ്വാസ] നാ. മരണസമയത്തുള്ള ശ്വാസം, അന്ത്യശ്വാസം.
ചരമസന്ധ്യ [സം.-സന്ധ്യാ] നാ. പകലിൻെറ മൂന്നാമത്തെ സന്ധ്യ, സായം സന്ധ്യ.
ചരമസീമ [സം.-സീമാ] നാ. ഉച്ചസ്ഥാനം, അങ്ങേയറ്റം.
ചരമാചലം [സം.-അചല] നാ. ചരമഗിരി.
ചരമാദ്രി [സം.-അദ്രി] നാ. ചരമഗിരി.
ചരമാബ്ധി [സം.-അബ്ധി] നാ. പശ്ചിമസമുദ്രം.
ചരമാർക്കൻ [സം.-അർക്ക] നാ. അസ്തമയസൂര്യൻ.
ചരമാവരണം [സം.-ആവരണ] നാ. ശവശരീരത്തെമൂടുന്ന വസ്ത്രം.
ചരമാവസ്ഥ [സം.-അവസ്ഥാ] നാ. 1. വർധക്യം, അവസാനകാലം; 2. മരണാവസ്ഥ.
ചരയിക്കുക [ചരയുക>പ്രയോ] ക്രി. ചരയാൻ ഇടയാക്കുക.
ചരയുക ക്രി. 1. അയയുക; 2. കുറയുക; 3. നാണംകെടുക; 4. ചുറ്റുപ്പിണയുക, ചുരുളുക; 5. ദഹിക്കുക.
ചരയോനി [സം.-യോനി] നാ. ചരിക്കുന്ന ജീവികളുടെ വർഗം.
ചരരാശികൾ [സം.] നാ. (ബ.വ.0(ജ്യോ) മേടം കർക്കടകം തുലാം മകരം എന്നീരാശികൾ (രാശികളെ ചരം, സ്ഥിരം, ഉഭയം എന്നു മൂന്നായി തിരിച്ചിരിക്കുന്നു.)
ചരൽ നാ. മണ്ണിൽകലർന്നു കിടക്കുന്ന ചെറിയ ഉരുണ്ട കല്ല്.
ചരൽപ്പാകം [സം.] നാ. (ആയുർ) എണ്ണ കാച്ചുമ്പോഴുള്ള ഒരു പരുവം (കല്ക്കം ചരലുപോലെയാകുന്നത്).
ചരൽവാർപ്പൻ നാ. ഒരു ത്വഗ്രോഗം.
ചരലുപ്പ് നാ. പൊടിയാത്ത ഉപ്പ്, ചെറിയതരിയോടുകൂടിയ ഉപ്പ്.
ചരലോകം [സം.ചര-ലോക] നാ. 'ചരിക്കുന്ന ലോകം' ജന്തുലോകം, ജീവലോകം, ചരജീവികളുടെ സമൂഹം.
ചരവാസ്തു [സം.-വാസ്തു] നാ. (ശിൽപ) താത്കാലികമായുണ്ടാക്കിയ കെട്ടിടം (ഇളക്കിക്കൊണ്ടു പോകാവുന്നത്).
ചരവ് നാ. 1. അയവ്; 2. കുറ്റി; 3. ചുളിവ്, കുരുക്ക്; 4. നാണക്കേട്.
ചരസം നാ. = ചരതം.
ചരളം [സം.സരള] നാ. 1. ഒരിനം വൃക്ഷം, സരളം; 2. ഒരു സുഗന്ധദ്രവ്യം, സരളവൃക്ഷത്തിൻെറ കറ.

ചരാകം നാ. = ചരാവം.
ചരാചരഗുരു [സം.-ഗുരു] നാ. ചരങ്ങളുടെയും അചരങ്ങളുടെയും നാഥൻ, പ്രപഞ്ചാധിപതി, ഈശ്വരൻ.
ചരാചരം [സം.-അചര] നാ. 1. ജ്ങ്ഗമവും സ്ഥാവരവും, ചലിക്കുന്നതും ചലിക്കാത്തതും; 2. പ്രപഞ്ചം; 3. ആകാശം, അന്തരീക്ഷം; 4. സ്വർഗം.
ചരാത്,ചി-,ചെ- നാ. 1. പരന്ന ആകൃതിയിലുള്ള ഒരുതരം ചെറിയ മൺപാത്രം (എണ്ണയൊഴിച്ച് തിരിയിട്ട് ദീപമായി ഉപയോഗിക്കുന്നത്); 2. ചെറിയപരന്ന മൺചട്ടി.
ചരാവം [സം.ശരാവ്] നാ. 1. പരന്ന മൺപാത്രം; 2. മൺചിരാത്.
ചരി1 [ചരിയുക] ധാതുരൂപം.
ചരി2 [സം.ചരിൻ] നാ. 'ചരിക്കുന്നത്' ജന്തു.
ചരി3 അവ്യയമായും നാമമായും പ്രയോഗം.
ചരിക്കുക1 ക്രി. 1. ചരിയുന്നതിനിടയാക്കുക; 2. ദ്രാവകങ്ങളും മറ്റും ഒരു പാത്രത്തിൽനിന്നും മറ്റൊന്നിലേക്ക് വീഴത്തക്കവിധം പാത്രം ചരിക്കുകയോ മറിക്കുകയോ കമഴ്ത്തുകയോ ചെയ്യുക, ഒഴിക്കുക, വീഴ്ത്തുക.
ചരിക്കുക2 [സം.ചര്] ക്രി. 1. ഒരിടത്തുനിന്ന് മറ്റൊരിടത്തേക്ക് നീങ്ങുക, ചുറ്റിത്തിരിയുക, നടക്കുക; 2. അനുഷ്ഠിക്കുക, പെരുമാറുക, ആചരിക്കുക.
ചരിച്ചുത്തരം നാ. (ശിൽപ) കനം കുറഞ്ഞ വശങ്ങൾ അടിയിലും മുകളിലുമായി വരത്തക്കവിധം വയ്ക്കുന്ന ഉത്തരം.
ചരിത [സം.ചര്] വി. 1. ചെയ്യപ്പെട്ട, അനുഷ്ഠിക്കപ്പെട്ട; 2. നേടിയ, പ്രാപിക്കപ്പെട്ട; 3. അറിയപ്പെട്ട; 4. നൽകപ്പെട്ട; 5. (പദാന്തത്തിൽ) ചരിതത്തോടുകൂടിയ, സ്വഭാവത്തോടുകൂടിയ. ഉദാ: പാവനചരിതൻ.
ചരിതടം നാ. ഇറക്കം, ചരിഞ്ഞുകിടക്കുന്നസ്ഥലം, ചരിഞ്ഞപാത.
ചരിതം [സം.ചരിത] നാ. 1. വൃത്താന്തം, വിവരം, ജീവചരിത്രം, കഥ, വാർത്ത; 2. പോക്ക്, ഇളക്കം, ഗതി; 3. അനുഷ്ഠാനം, ആചരണം, പെരുമാറ്റം, പ്രവൃത്തി; 4. ആചാരം, നാട്ടുനടപ്പ്; 5. നല്ലനടപ്പ്.
ചരിതവാൻ [സം.-വാൻ] നാ. ചരിതമുള്ളവൻ, സത്കർമങ്ങൾ ചെയ്യുന്നവൻ.
ചരിതവ്യ [സം.-വ്യ] വി. ചരിക്കേണ്ടതായ, അനുഷ്ഠിക്കേണ്ടതായ, ചെയ്യേണ്ടതായ. നാ. കർത്തവ്യം.
ചരിതവ്രതൻ [സം.-വ്രത] നാ. കർത്തവ്യനിഷ്ഠയുള്ളവൻ.
ചരിതാർഥ [സം.-അർഥ] വി. ചെയ്യേണ്ടതുചെയ്തുകഴിഞ്ഞ, വിജയിച്ച, കാര്യം സിദ്ധിച്ച, ആഗ്രഹം സാധിച്ച.
ചരിതാർഥത [സം.-അർഥതാ] നാ. ചരിതാർഥമായ അവസ്ഥ, കൃതാർഥത, കൃതകൃത്യത, ചെയ്യേണ്ടതുചെയ്തതുകൊണ്ടുള്ള സംതൃപ്തി..
ചരിത്രകഥ [സം.-കഥാ] നാ. 1. ചരിത്രത്തെ ആസ്പദമാക്കി രചിക്കുന്ന കഥ; 2. ഏതെങ്കിലും ചരിത്രവസ്തുതയുടെ സത്യസന്ധമായ വിവരണം.
ചരിത്രകാരൻ [സം.-കാര] നാ. ചരിത്രം എഴുതുന്നയാൾ.
ചരിത്രഗന്ധി [സം.-ഗന്ധിൻ] വി. ചരിത്രാംശം അടങ്ങിയ, ചരിത്രപരമായ.
ചരിത്രഗവേഷണം [സം.-ഗവേഷണ] നാ. ചരിത്രവസ്തുതകളെക്കുറിച്ചുള്ള സൂക്ഷ്മമായ അന്വേഷണം.

ചരിത്രഗവേഷകൻ [സം.-ഗവേഷക] നാ. ചരിത്രത്തിൽ ഗവേഷണം നടത്തുന്ന ആൾ.
ചരിത്രനാടകം [സം.-നാടക] നാ. ചരിത്രത്തെ ആധാരമാക്കി എഴുതപ്പെടുന്ന നാടകം.
ചരിത്രനായകൻ [സം.-നായക]നാ. ചരിത്രരചനയ്ക്ക് വിഷയമായിട്ടുള്ളവൻ, ഏതെങ്കിലും ചരിത്രഘട്ടത്തിൽ പ്രാധാന്യം അർഹിക്കുന്ന ആൾ.
ചരിത്രനോവൽ [ഇം.-നോവൽ] നാ. ചരിത്രത്തെ ആസ്പദമാക്കി രചിച്ച നോവൽ.
ചരിത്രപുരുഷൻ [സം.-പുരുഷ]നാ. ചരിത്രനായകൻ.
ചരിത്രപ്രസിദ്ധം [സം.-പ്രസിദ്ധ] നാ. ചരിത്രസംഭവങ്ങളുമായി ബന്ധപ്പെട്ടു പരക്കെ അറിയപ്പെടുന്നത്.
ചരിത്രബന്ധകം [സം.-ബന്ധക] നാ. സൗഹൃദപൂർണമായ കരാർ.
ചരിത്രബോധം [സം.-ബോധ]നാ. ചരിത്രസംഭവങ്ങളെയും അവയുടെ കാര്യകാരണങ്ങളെയും കുറിച്ചുള്ള അവബോധം.
ചരിത്രം [സം.] നാ. 1. വ്യക്തി, സമൂഹം, രാഷ്ട്രം, പ്രപഞ്ചം, ശസ്ത്രം, സാംസ്കാരികപ്രസ്ഥാനങ്ങൾ തുടങ്ങിയവയുടെ ഉത്പത്തിവികാസം പരിണാമം എന്നിവയുടെ വിവരണം സംഭവങ്ങളുടെ കാലാനുക്രമവും വസ്തുനിഷ്ഠവുമായ വിവരണം, അത്തരം കാര്യങ്ങൾ പ്രദിപാദിക്കുന്ന ഗ്രന്ഥം, ഇതെല്ലാം ഉൾക്കൊള്ളുന്ന വിജ്ഞാനശാഖ; 2. പ്രവൃത്തി, സംഭവം; 3. പെരുമാറ്റം, സ്വഭാവം, ശീലം, ആചാരം; 4. നല്ല നടപ്പ്; 5. കാല്.
ചരിത്രയാഥാർഥ്യം [സം.] നാ. ചരിത്രത്തിൽ സത്യമായും സംഭവിച്ചത്.
ചരിത്രരേഖ [സം.-രേഖാ] നാ. ചരിത്രനിർമിതിക്കുതകുന്ന രേഖ (പ്രമാണങ്ങൾ, ശാസനങ്ങൾ തുടങ്ങിയവ).
ചരിത്രസത്യം [സം.-സത്യ] നാ. ചരിത്രയാഥാർഥ്യം.
ചരിത്രാതീത [സം.-അതീത] വി. ചരിത്രത്തിൽ രേഖപ്പെടുത്താനാവാത്തവിധം അതിപ്രാചീനമായ, ചരിത്രരേഖകൾ ലഭിക്കാത്ത കാലത്തെ സംബന്ധിച്ച.
ചരിത്രാനുഗ്രഹം [സം.-അനുഗ്രഹ] നാ. പാരമ്പര്യമനുസരിച്ചുള്ള ആചാരങ്ങൾ നിലനിറുത്തൽ.
ചരിനിലം നാ. ഒരുവശത്തേക്ക് ചരിഞ്ഞുകിടക്കുന്ന കൃഷിസ്ഥലം.
ചരിപറക്കാണം നാ. നെല്ലളവുതുടങ്ങുന്നതിനുമുമ്പ് മാറ്റിവയ്ക്കുന്ന ഒരുപറ നെല്ല്.
ചരിപ്പ് നാ. ചരിച്ചുകെട്ടിയ കൂര, പ്രധാനപ്പെട്ടകെട്ടിടത്തിൻെറ വശത്ത് കൂര ചരിച്ചിറക്കി ഉണ്ടാക്കിയ മുറി, ചായ്പ്പ്.
ചരിപ്പുത്തരം നാ. = ചെരിപ്പുത്തരം.
ചരിയുക ക്രി. 1. വിലങ്ങനെയുള്ള ഒരു വസ്തുവിൻെറ ഒരുവശം പൊങ്ങുകയോ താഴുകയോചെയ്യുക, ലംബമായി നിൽക്കുന്ന ഒന്നിൻെറ മുകൾഭാഗം ഏതെങ്കിലും വശത്തേക്കു നീങ്ങുക, നേരേയുള്ളസ്ഥിതിക്ക് മാറ്റം വരുക, ഒരുവശത്തേക്കാകുക. ഉദാ: വള്ളം ചരിയുക, പലകചരിയുക; 2. ഋജുരേഖയിൽനിന്ന് വഴുതുക, വളയുക; 3. കിടക്കുക, ഒരുവശംകൊണ്ട് കിടക്കുക; 4. വീഴുക; 5. ചാവുക.
ചരിവാരം നാ. താഴ്വര, മലഞ്ചരിവ്.

ചരിവ്,ചെരിവ് നാ. 1. ചരിഞ്ഞസ്ഥിതി, നേരേയല്ലാത്ത അവസ്ഥ; 2. ഇറക്കം, മലയുടെ ഇറക്കം, കുന്ന് മുതലായവയുടെ ചാഞ്ഞുകിടക്കുന്നവശം. ഉദാ: മലഞ്ചരിവ്; 3. വളവ്; 4. കോണം; 5. ചരുക്.
ചരിവുകഴുക്കോൽ നാ. (ശില്പ) കോടിക്കഴുക്കോലുകൾക്കു പൊതുവേ പറയുന്നപേര്.
ചരിവുമാനം നാ. സമനിരപ്പിൽനിന്ന് മുകളിലേക്കോ താഴേക്കോ ഉള്ള ചരിവിൻെറ തോത്.
ചരിഷ്ണു [സം.] നാ. 1. സഞ്ചരിക്കുന്ന ശീലമുള്ള ആൾ, സഞ്ചരിക്കുന്നത്; 2. ചരം, ജങ്ഗമം; 3. ഇന്ദ്രൻ (സഞ്ചരിക്കുന്ന ശീലമുള്ളവനായതിനാൽ); 4. സാവർണമനുവിൻെറ ഒരു പുത്രൻ.
ചരീരം നാ. ശരീരം.
ചരു1 [സം.ചരു] നാ. 1. ദേവന്മാർക്കും പിതൃക്കൾക്കും മറ്റും നിവേദിക്കുന്നതിനായി വെണ്ണയോ നെയ്യോ പാലോ മറ്റോ ചേർത്തുണ്ടാക്കുന്ന ഹവിസ്സ്, യാഗഹോമത്തിനുള്ള അന്നം; 2. ഹവിസ്സ് പാകംചെയ്യാൻ ഉപയോഗിക്കുന്ന ഒരുതരം പാത്രം; 3. മേഘം.
ചരു2 നാ. 1. ചരിവ്; 2. മൃഗങ്ങൾക്ക് മേയുവാനുള്ള സ്ഥലം.
ചരുകം [സം.] നാ. (ശില്പ) ഒരുതരം കെട്ടിടം.
ചരുകല്ല് നാ. (വസ്ത്രം അലക്കുന്നതിനായി) ഉപരിതലം ചരിച്ചുവച്ചിരിക്കുന്ന കല്ല്.
741
ചരുക് നാ. 1. ഉണങ്ങിയ ഇല, കരിയില; 2. വെറ്റില; 3. ഗുണം കുറഞ്ഞപുകയില; 4. ഒരിനം ചെറിയ മീൻ; 5. ചീത്തമീൻ.
ചരുക്കര [പ.മ.] നാ. ശർക്കര.
ചരുക്കോല നാ. പഴയഓല. ചരുക്കോലയുടെ ഉള്ളിൽ പൂപ്പടപോയി (കടം) = കാർമേഘങ്ങളുടെയുള്ളിൽ ചന്ദ്രൻ പോയി.
ചരുപാട് നാ, 1. ചരിഞ്ഞവശം; 2. മലഞ്ചരിവ്; 3. ചരിപ്പ്.
ചരുവം നാ. ഒരുതരം ലോഹപാത്രം (ചുവടുമുതൽ വാവട്ടംവരെ ഒരേ വ്യാസമുള്ളത്).
ചരുവ്1 നാ. ചരിവ്.
ചരുവ്2 നാ. ചരുക്.
ചരുസ്ഥാലി [സം.-സ്ഥാലി] നാ. ഹവിസ്സ് വയ്ക്കുന്ന പാത്രം.
ചര്യ1 [സം.ചർ] വി. 1. പോകേണ്ട; 2. ചെയ്യേണ്ട, അനുഷ്ഠിക്കേണ്ട.
ചര്യ2 [സം.ചര്യാ] നാ. 1. പെരുമാറ്റം, നടപടി, ആചാരം, കൃത്യനിർവഹണം, ജീവിതക്രമം; 2. ആഗമങ്ങളുടെ നാലുപാദങ്ങളിൽ ഒന്ന് (ജ്ഞാനം, യോഗം, ക്രിയ എന്നു മറ്റു മൂന്നെണ്ണം); 3. യാത്ര, സഞ്ചാരം, ചുറ്റുത്തിരിയൽ; 4. വ്യാപിക്കൽ; 5. സന്ദർശനം; 6. ഭക്ഷിക്കൽ; 7. ദുർഗ.
ചര്യം [സം.] നാ. 1. ഗതി; 2. രീതി, ആചാരം, നടപടി, സ്വഭാവം, പെരുമാറ്റം.
ചല1 [സം.] വി. 1. ചലിക്കുന്ന, വിറയ്ക്കുന്ന, ചഞ്ചലമായ; 2. നശ്വരമായ, അസ്ഥിരമായ; 3. കുഴങ്ങിയ.
ചല2 [സം.] നാ. 1. ലക്ഷ്മീദേവി; 2. മിന്നൽ; 3. ഒരു സംസ്കൃതവൃത്തം.
ചലകം [സം.ജല-ഗ] നാ. 1. വള്ളം; 2. പൊങ്ങുതടി.

ചലകർണം [സം.-കർണ] നാ. (ജ്യോ) ഭൂമിയിൽനിന്ന് ഒരു ഗ്രഹത്തിലേയ്ക്കുള്ള യഥാർഥ ദൂരം.
ചലങ്ക1 നാ. കിങ്ങിണി, ചെറിയ കിങ്ങിണികൾ കോർത്തിട്ടുള്ള പാദം, പാദസരം, നൃത്തത്തിനും മറ്റും കാലിൽകെട്ടുന്ന ഒരു ആഭരണം (അനേകം ചെറുമണികൾ ഘടിപ്പിച്ചിട്ടുള്ളത്), ചിലങ്ക.
ചലങ്ക2 നാ. ചലങ്ക്.
ചലങ്ക് [സം.ജലഗ] നാ. വള്ളം, തോണി (തുറമുഖത്തുനിന്ന് പുറങ്കടലിൽ നിൽക്കുന്ന കപ്പലിലേക്ക് ആളുകളെയും ചരക്കുകളെയും കടത്താൻ ഉപയോഗിക്കുന്നത്).ചലചഞ്ചു [സം.-ചഞ്ചു] നാ. ചകോരപ്പക്ഷി.
ചലചിത്തൻ [സം.-ചിത്ത] നാ. അസ്ഥിരചിത്തൻ.
ചലച്ചിത്രം [സം.ചലത്-ചിത്ര] നാ. സിനിമ.
ചലട നാ. 1. വലിയമുറം; 2. അരിപ്പ്.
ചലത്,-ത്ത് [സം.<ചല്] വി. ചലിക്കുന്ന, ഇളകുന്ന.
ചലത്വം [സം.ചല-ത്വ] നാ. അസ്ഥിരത.
ചലദലം [സം.-ദല] നാ. ആൽമരം.
ചലദ്വിഷം [സം.] നാ. കുയിൽ.
ചലനശസ്ത്രം [സം.] നാ. ഊർജതന്ത്രത്തിൻെറ ഒരുവിഭാഗം, ദ്രവ്യങ്ങളുടെ ചലനത്തേയും ചലനത്തിന് ആധാരമായ ശക്തിയെയും പറ്റി പ്രതിപാദിക്കുന്ന ശാസ്ത്രശാഖ.
ചലനാട്ട [സം.] നാ. (സങ്ഗീ) ഒരു രാഗം.
ചലനാത്മകം [സം.ആത്മക] നാ. ചലനസ്വഭാവത്തോടുകൂടിയത്.
ചലനാശയ [സം.-ആശയ] വി. ചഞ്ചലമായ മനസ്സോടുകൂടിയ.
ചലനി [സം.ചലനീ] നാ. 1. ചലനകം; 2. ആനയെ കെട്ടാനുള്ള കയറ്.
ചലനിക [സം-കാ] നാ. പട്ടുതൊങ്ങൽ.
ചലപല വി. (ശബ്ദാനു) ചലപല എന്നു ശബ്ദിക്കുന്ന, ചിലയ്ക്കുന്ന പോലെയുള്ള.
ചലം1 [സം.ജല] നാ. കുരു, വ്രണം മുതലായവയിൽ ഉണ്ടാകുന്ന കൊഴുത്തദ്രാവകം.
ചലം2 [സം.] നാ. 1. ഒരിനം സുഗന്ധദ്രവ്യം; 2. ഉപ്പുകാരം; 3. ഇളക്കിമാറ്റാവുന്ന ദേവവിഗ്രഹം.
ചലമിഴി [സം.] നാ, 1.ഇളകിക്കൊണ്ടിരിക്കുന്ന കണ്ണ്; 2. ഇളകുന്ന മിഴിയോടുകൂടിയവൾ, സുന്ദരി.
ചലമ്പൻ [<ചലമ്പുക] വി. ചലമ്പുന്ന.ചലമ്പൻ മണി = കിങ്ങിണി, ചിലങ്ക.
ചലമ്പുക ക്രി. 1. നിരർഥകമായി സംസാരിക്കുക, പുലമ്പുക; 2. കിലുങ്ങുക (കിങ്ങിണിയെന്നപോലെ).
ചലലക്ഷ്യം [സം.ചല-ലക്ഷ്യ] നാ. അസ്ത്രപ്രയോഗത്തിലുൾല നാലുതരം ലക്ഷ്യങ്ങളിൽ ഒന്ന്, ചലിക്കുന്നലക്ഷ്യം (മൃഗങ്ങൾ, പക്ഷികൾ എന്നിവപോലെ).
ചലവിക്കുക ക്രി. ചലമുൾലതാകുക, പരു, കുരു, മുറിവ് മുതലായവ പഴുക്കുക.
ചലവീണ [സം.-വീണാ] നാ. (സങ്ഗീ) കമ്പി അയച്ചുകെട്ടിയ വീണ.
ചലശത്രു [സം.-ശത്രു] നാ. സ്ഥൈര്യം നഷ്ടപ്പെട്ട ശത്രു, പരിഭ്രാന്തനായ ശത്രു.

ചലസന്ധി [സം.-സന്ധി] നാ. 1. പ്രതിയോഗികൾ തമ്മിലുള്ള സന്ധി പലവിധമുള്ളതിൽ ഒന്ന്, നടപ്പിലാക്കാൻ വേണ്ട നിബന്ധനകൾ ഇല്ലാതെ വാക്കാൽമാത്രമുള്ള സന്ധി, അസ്ഥിരസന്ധി; 2. അസ്ഥിസന്ധികൾ പലതരമുള്ളതിൽ ഒന്ന്, ചലിക്കത്തക്കവണ്ണമുള്ള സന്ധി.

ചലാക [സം.ശലാകാ] നാ. 1. ഒരു പഴയ നാണയം; 2. ചെറിയ കഷണം; 3. രത്നം.

ചലാചല [സം.-അചല] വി. 1. സ്ഥാവരവും ജങ്ഗമവും; 2. നശ്വരം.

ചലാചലൻ [സം.അചലൻ] നാ. കാക്ക.

ചലാചലം [സം.-അചല] നാ. അസ്ത്രപ്രയോഗത്തിലുള്ള നാലുതരം ലക്ഷ്യങ്ങളിൽ ഒന്ന്.

ചലാതങ്കം [സം.-ആതങ്ക] നാ. വാതരോഗം.

ചലാൻ നാ. ചല്ലാൻ.

ചലാന്തകൻ [സം.-അന്തക] നാ. വാതരോഗം.

ചലായതാക്ഷി [സം.-ആയതാക്ഷി] നാ. 'ഇളകുന്നതും നീണ്ടതുമായ കണ്ണുകളോടുകൂടിയവൾ' സുന്ദരി..

ചലാസനി [സം.-ആസനീ] നാ. ഒരുതരം വീണ.

ചലി [സം.] നാ. 1. കൂട്; 2. ഒരുതരം ഉടുപ്പ്.

ചലിക്കുക [സം.<ചല്] ക്രി. 1. ഇളകുക, അനങ്ങുക, കുലുങ്ങുക, വിറയ്ക്കുക; 2. സഞ്ചരിക്കുക, നീങ്ങുക; 3. (മനസ്സ്) ചഞ്ചലമാകുക, സംഭ്രമിക്കുക; 4. ക്ഷീണിക്കുക; 5. രുചികെടുക.

ചലിത [സം.ചല്] വി. 1. ഇളകിയ, ചഞ്ചലമായ; 2. ഇളക്കപ്പെട്ട, ക്ഷോഭിപ്പിക്കപ്പെട്ട; 3. (മനസ്സ്, ഇന്ദ്രിയങ്ങൽ മുതലായവ) കലുഷമായ, കുഴങ്ങിയ.

ചലിതം [സം.] നാ. 1. ഇളക്കം, ചലനം; 2. പോക്ക്, നടപ്പ്; 3. ഒരുതരം നൃത്തം; 4. (കണ്ണിൻെറ) ചഞ്ചലത്വം; 5. ആങ്ഗികാഭിനയത്തിൻെറ പ്രത്യങ്ഗങ്ങളിൽ ഒന്ന്; 6. (യുദ്ധസന്നദ്ധമായ) പടയുടെ പുറപ്പാട്, നീക്കം.

ചലിപ്പൻ നാ. തെലുങ്കുനാട്ടിൽനിന്നും കുടിയേറിപ്പാർത്ത ഒരു ജാതി, (പല്ലക്കു ചുമക്കൽ, മലക്കറിവ്യാപാരം എന്നീ തൊഴിലുകൾ ചെയ്യുന്നവർ)

ചലിപ്പ് നാ. 1. ക്ഷോഭം, ഭയം മുതലായവകൊണ്ടുള്ള ഇളക്കം; 2. ക്ഷീണം; 3. അരുചി; 4. വെറുപ്പ്.

ചലു [സം.] നാ. ഒരു കവിൾ വെള്ളം.

ചലുകം [സം.ചലുക] നാ. 1. (ആചമനത്തിനായി) അഞ്ജലിയിലെടുക്കുന്ന വെള്ളം, ഒരു കുടന്ന വെള്ളം; 2. ഒരുകവിൾ വെള്ളം; 3. ഒരു ചെറിയ പാത്രം.

ചലുപ്പൻ നാ. ചലിപ്പൻ.

ചലുവം നാ. സ്ത്രീകളുടെ ഒരുതരം കണ്ഠാഭരണം.

ചലേന്ദ്രിയ [സം.-ഇന്ദ്രിയ]വി. ബോധമുള്ള, ഇന്ദ്രിയ സംബന്ധിയായ.

ചലേഷു [സം.-ഇഷു] നാ. ലക്ഷ്യത്തിൽ തറയ്ക്കാത്ത അമ്പുകൾ ഉള്ളവൻ.

ചല1 വി. ചീത്ത, ഉപയോഗമില്ലാത്ത, നിസ്സാരമായ. നാ. മത്സ്യം നുറുക്കിയശേഷം ഉപയോഗമില്ലാതെ അവശേഷിക്കുന്ന അംശം.

ചല്ല2 നാ. മസ്ലിൻ തുണി.

ചല്ലകം [സം. ഝല്ലക] നാ. ചേങ്ങില.

ചല്ലട നാ. അരിപ്പ്.

ചല്ലടം1 [സം.] നാ. അരയിൽ ധരിക്കുന്ന ഇറക്കം കുറഞ്ഞ കാൽച്ചട്ട, ഇറക്കംകൂടിയ ജട്ടി, ലങ്കോട്ടിക്കുപുറമേ ഗുസ്തിക്കാർ ധരിക്കുന്നത്.
ചല്ലടം2 നാ. ചല്ലട.
ചല്ലം1 നാ. 1. കടത്തുവള്ളം; 2. ചങ്ങാടം; 3. മുളംകഴുക്കോൽ (വള്ളം ഊന്നാനുള്ളത്); 4. മുള്ളൻ കോൽ.
ചല്ലം2 നാ. = ചെല്ലം.
ചല്ലരി നാ. 1. ചല്ലരിപ്പറ; 2. ചേങ്ങല.
ചല്ലാത്ത്,ചള്ളാസ് [പോർ] നാ. ഒരിനം കറി, കായ്കറികളും മറ്റും അരിഞ്ഞു തയിർ ചേർത്ത് വേവിക്കാതെ കഴിക്കുന്നത്.
ചല്ലാൻ നാ. = ചെല്ലാൻ.
ചല്ലി1 നാ. 1. ചെറിയകഷണം (കരിങ്കല്ല്, ഓട് മുതലായവയുടെ); 2. കനം കുറഞ്ഞ കയറ്; 3. ചെമ്പുകാശ്; 4. അൽപൻ, നിസ്സാരൻ, ഒന്നിനും കൊള്ളാത്തവൻ; 5. മോഷ്ടിക്കുന്നവൻ, കള്ളമ്പറയുന്നവൻ. ചല്ലിപ്രദേശം = ചരൽപ്രദേശം. ചല്ലിയടിക്കുക = കരിങ്കല്ല് പൊട്ടിച്ച് ചല്ലിയാക്കുക. ചല്ലിയിടുക = തറ ഉറപ്പിക്കാൻ വേണ്ടി ചരൽക്കല്ല് ഇടുക.
ചല്ലി2 നാ. = ചല്ലിക.
ചല്ലിക [സം.] നാ. ഒരിനം ചർമവാദ്യം.
ചല്ലിക്കയറ് നാ. ചകരിനാരുകൊണ്ടുണ്ടാക്കുന്ന കനം കുറഞ്ഞ ഒരിനം കയറ്, രണ്ടിഴമാത്രമുള്ളത്, ഇല്ലിക്കയറ്.
ചല്ലിക്കോഴി നാ. 1. കൊക്ക്; 2. മൂങ്ങ.
ചല്ലിപ്പായ് നാ. ഒരിനം പുൽപ്പായ്.
ചല്ല നാ. ചല്ല. ചല്ലുപുല്ലുപോലെ = വേണ്ടത്ര, ധാരാളമായി.
ചല്ലുക ക്രി. അരിക്കുക, ചവയ്ക്കുക.
ചവക്കമ്പ് നാ. വലിയപൂക്കളും ശാഖകളുമുള്ള ഒരു ചെറിയ മരം, ആനപ്പേരാൽ.
ചവക്കായ് നാ. ചീവയ്ക്ക, പശക്കൊട്ട. ചവയ്ക്കായ്മരം = ഉളുഞ്ചിമരം, പശക്കൊട്റ്റമരം.
ചവകാരം നാ. = ചവർക്കാരം.
ചവടി നാ. 1. (സ്ത്രീകൾ ധരിക്കുന്ന) ഒരിനം കണ്ഠാഭരണം; 2. മുസ്ലിങ്ങളുടെ ഇടയിൽ മങ്ഗല്യസൂത്രമായി ഉപയോഗിക്കുന്ന ഒരിനം കണ്ഠാഭരണം; 3. അരഞ്ഞാണം; 4. ഒരു കർണാഭരണം. ചവടിക്കടുക്കൻ = പുരുഷന്മാർ അണിഞ്ഞിരുന്ന ഒരു കർണാഭരണം.
ചവടിക്കതിർ നാ. സ്വർണപ്പണിക്കാരുടെ ഒരു ഉപകരണം, അരഞ്ഞാണവും മറ്റും കുത്തിയുണ്ടാക്കുന്നതിനുള്ളത്.
ചവട് നാ. ധാന്യയളവിനുള്ള ഒരു തോത്.
ചവട്ടുക ക്രി. കവട്ടുക.
ചവണ,ചവിണ നാ. സാധനങ്ങൽ ഇടുക്കി എടുക്കാനുള്ള ഒരു ഉപകരണം.
ചവണൻ [മാ.ശമണ] നാ. സന്ന്യാസി.
ചവണി നാ. ചകണി.
ചവതി [മ.ഛവധു] നാ. ക്ഷയം.

ചവയ്ക്കുക ക്രി. 1. പല്ലുകൊണ്ട് ചതച്ചരയ്ക്കുക, 2. അർഥമില്ലാതെ സംസാരിക്കുക. ചവച്ചിറക്കുക = 1. പല്ലുകൊണ്ട് ചവച്ചരച്ചു വിഴുങ്ങുക, ഭക്ഷിക്കുക; 2. വികാരങ്ങൾ പുറത്തു കാണിക്കാതെ ഉള്ളിലമർത്തുക.

ചവയ്പ് [ചവയ്ക്കുക] നാ. = ചവപ്പ്

ചവർ1 നാ. 1. ഉവർ, ഓര്; 2. ഉവർനിലം.

ചവർ2 നാ. = ചവറ്.

ചവർ3 നാ. യാത്ര, കടൽ യാത്ര.

ചവർക്കായ് നാ. 1. പാക്ക്, അടയ്ക്ക; 2. ചവക്കായ്.

ചവർക്കാരം [പ്രാ] നാ. യവത്തിൻെറ പച്ചിലകൾ കരിച്ചുണ്ടാക്കുന്ന ക്ഷാരം.

ചവർക്കുക ക്രി. ചവർപ്പുരസം നാവുകൊണ്ടറിയുക, അപ്രീതികരമായ രുചി അനുഭവപ്പെടുക.

ചവർഗം [സം.] നാ. വ്യഞ്ജനവർഗങ്ങളിൽ രണ്ടാമത്തേത്.

ചവർപ്പ് നാ. ആറുരസങ്ങളിൽ ഒന്ന്, കഷായരസം (എരിവ്, കയ്പ്, ഉപ്പ്, പുളി, മധുരം എന്നീരസങ്ങളിൽനിന്നു ഭിന്നമായതും നാവിന് അപ്രീതികരവുമായ ചുവ), പഴുക്കാത്തകായുടേയും മറ്റും രുചി.

ചവരി1 നാ. = ചകരി.

ചവരി2 [സം.ചമരീ] നാ. ചാമരം.

ചവരി3 നാ. ശബരി.

ചവരിക്കുക [സം.ശൗച] ക്രി. മലവിസർജനം ചെയ്തശേഷം ശൗപം ചെയ്യുക, കടവിറങ്ങുക.

ചവരിക്കൊത്ത് നാ. 1. തിരുപ്പൻ; 2. തിരുപ്പൻ പുള്ള്, പ്രസാരണി.

ചവല1 നാ. 1. പൊള്ള; 2. പതിര്, മങ്ക്; 3. ലോഹങ്ങളിൽ വരുന്ന കേട്; 3. മെലിച്ചിൽ. ചവലപ്പിള്ള,-കുഞ്ഞ് = മുലപ്പാൽകിട്ടാത്തതുകൊണ്ട് മെലിഞ്ഞ കുട്ടി.

ചവല2 [പ്രാ.] നാ. മിന്നൽ.

ചവലം [സം.ചവല] നാ. വലിയ ഉഴുന്ന്.

ചവലയ്ക്കുക ക്രി. വിളവിനു തടസ്സമുണ്ടാകത്തക്കവണ്ണം ചെടികളുടെ തഴപ്പ് വർധിക്കുക, വായ്ക്കുക.

ചവള് [ചവളുക] ധാതുരൂപം.

ചവള1 നാ. ഈയം കലർന്ന മണൽ.

ചവള2 നാ. ചക്കരയുണ്ടാക്കാനുള്ള പൂവ്, ചക്കക്കള.

ചവളക്കാരൻ1 നാ. 1. വേൽക്കാരൻ, ചവളമെന്ന ആയുധം വഹിക്കുന്നവൻ, കുന്തക്കാരൻ; 2. നായന്മാരിൽ ഉപവിഭാഗം.

ചവളക്കാരൻ2 നാ. മുക്കുവരിൽ ഒരു അവാന്തരവിഭാഗം.

ചവളക്കാരൻ3 നാ. തിരുനെൽവേലിയിലെ നെയ്ത്തുകാരുടെ ജാതിയിൽപ്പെട്ടവൻ.

ചവളം1 [പ്രാ.] നാ. ഒരുതരം കുന്തം, വേൽ, തൂവൽഘടിപ്പിച്ച കുന്തം.

ചവളം2 നാ. ശങ്ഖപാഷാണം.

ചവളം3 നാ. 1. ഒരുജാതി മത്സ്യം; 2. ചോളം.

ചവളം4 നാ. = ചൗളം.

ചവളുക ക്രി. ചവിളുക.

ചവറൻ നാ. 1. ഹീനൻ, ഭോഷൻ, ഒന്നിനും കൊള്ളരുതാത്തവൻ; 2. ഒരിനം വൃക്ഷം.
ചവറില നാ. 1. കരിയില; 2. വെറ്റില (താണജാതിക്കാർ മേലാളരോടു സംസാരിക്കുമ്പോൾ പ്രയോഗിച്ചിരുന്ന പദം)
ചവറ് നാ. 1. ചപ്പ്, കുപ്പ, കരിയിലയും മറ്റും തൂത്തു കൂട്ടിയത്; 2. പച്ചിലപ്പടർപ്പ്, വളത്തിനുവേണ്ടി വെട്ടിയിറക്കിയ തോല്; 3. അഴുക്ക്, മലിനവസ്തു, മലം; 4. കണ്ണിലെ ഈള. ഉദാ: കണ്ണിൽ ചവറടിയുക; 5. ചലം; 6. നിസ്സാരമായതോ ഉപയോഗശൂന്യമായതോ ആയ വസ്തു; 7. വെറ്റിലക്കൊടി; 8. വൃക്ഷങ്ങളുടെ ഉള്ളിലുള്ള ചോറ്; 9. ചകരിച്ചോറ്; 10. (മൃഗങ്ങളുടെ) പ്രസവശേഷം ഗർഭപാത്രത്തിൽനിന്നു പുറംതള്ളപ്പെടുന്ന മറുപിള്ളയും മറ്റും; 11. (പാക്കിൻെറ) തോടിനകത്ത് കരുവിനെ മൂടിയിരിക്കുന്ന തൊലി. ഉദാ: പാക്കിൻെറ ചവറുകളയുക. ചവറുവീഴുക = 1. മറുപിള്ള പുറത്തുവരിക; 2. ഗർഭസ്രാവമുണ്ടാകുക.
743
ചവറുപരണ്ടി നാ. ചവറ് വലിച്ചുകൂട്ടുന്നതിനുള്ള ഒരു ഉപകരണം.
ചവറ്റില നാ. 1. കരിയില; 2. വെറ്റില (താഴ്ന്ന ജാതിക്കാർ ഉയർന്ന ജാതിക്കാരോടു സംസാരിക്കുമ്പോൾ പ്രയോഗിച്ചിരുന്ന പദം).
ചവറ്റിലപ്പെരുങ്കോഴി നാ. കോഴിവർഗത്തിൽപ്പെട്ടതും പറക്കാൻ കഴിവുള്ളതുമായ ഒരിനം വലിയ പക്ഷി.
ചവറ്റുകുട്ട നാ. ചവറ് ഇടുന്ന കുട്ട.
ചവിക [സം.] നാ. 1. ചവിയം; 2. കാട്ടുമുളക്.
ചവികം [സം.] നാ. 1. ചെവിയം; 2. കാട്ടുതിപ്പലി; 3. കാട്ടുമുളക്.
ചവിട്ടടി നാ. 1. കാലടി, പാദത്തിൻെറ അടിഭാഗം; 2. കാൽച്ചുവടുപതിഞ്ഞ അടയാളം; 3. വിധേയത്വം.
ചവിട്ടി നാ. 1. കാൽ ചവിട്ടിത്തുടയ്ക്കാനായി വാതിലിനടുത്ത് കയറുകൊണ്ടോ മറ്റോ ഉള്ള തടുക്ക്, ചവിട്ടുമെത്ത; 2. ചവിട്ടുപടി; 3. വയലിലും മറ്റും മൺനുനിരത്താൻ മരംകൊണ്ടുണ്ടാക്കിയ ഉപകരണം; 4. ചിന്തേര്.
ചവിട്ട്1 [ചവിട്ടുക] ധാതുരൂപം.
ചവിട്ട്2 നാ. 1. കാൽവയ്പ്പ്; 2. കാലുകൊണ്ടുള്ള തൊഴി, ഉതപ്പ്; 3. ചിട്ടപ്രകാരമുള്ള ചുവടുവയ്പ്പ്; 4. ധാന്യങ്ങൾ ഉതിർക്കാൻ വേണ്ടി കറ്റമെതിക്കൽ; 5. (കളിമണ്ണും മറ്റും) കാലുകൊണ്ടുമർദിച്ചു മയംവരുത്തി കുഴയ്ക്കൽ; 6. കാലുകൊണ്ട് ചക്രങ്ങളും മറ്റും തിരിക്കുന്ന പ്രവൃത്തി; 7. കാലുകൊണ്ടുള്ള ഉഴിച്ചിൽ; 8. (മൃഗങ്ങളുടെയും പക്ഷികളുടെയും മറ്റും) സംയോഗം; 9. ചവിട്ടുമെത്ത; 10. വെടിപൊട്ടുമ്പോൾ തോക്കിൻെറ പിന്നിലേക്കുള്ള ഇടി; 11. നിന്ദ; 12. കീഴ്വഴക്കം; 13. ചിരട്ടകൊണ്ടുണ്ടാക്കിയ എണ്ണപ്പാത്രം.
ചവിട്ടുക ക്രി. 1. പാദം വയ്ക്കുക; 2. തൊഴിക്കുക, പാദത്തിനടിയിൽവച്ച് ശക്തിയായി ഞെരുക്കുക; 3. ചിട്ടപ്രകാരം ചുവടുവയ്ക്കുക; 4. പാദംകൊണ്ട് ഞെരിച്ച് ധാന്യമണിയും കുരുമുളകും മറ്റും ഉതിർക്കുക; 5. വെള്ളം വറ്റിക്കാനുള്ള ഇലച്ചക്രം, സൈക്കിൾ മുതലായവ പാദംകൊണ്ട് തിരിക്കുക; 6. കളിമണ്ണും മറ്റും പാദംകൊണ്ട് മർദിച്ച് പതം വരുത്തുക; 7. നടക്കുക; 8. (നാൽക്കാലികളും പക്ഷികളും മറ്റും) സംയോഗംചെയ്യുക; 9. നിന്ദിക്കുക, അവമതിക്കുക; 10. മറയ്ക്കുക.
ചവിട്ടുകല്ല് നാ. നടക്കല്ല്.

ചവിട്റ്റുകളി നാ. പുലയരുടെയും വേട്ടുവരുടെയും ഇടയിൽ പ്രചാരത്തിലുള്ള ഒരുതരം നാടോടിനൃത്തം.
ചവിട്ടുനാടകം [സം.] നാ. കേരളത്തിലെ ഒരു ദൃശ്യകല (കത്തോലിക്കാ വിഭാഗത്തിൽപ്പെട്ട ക്രിസ്ത്യാനികളുടെ ഇടയിൽ പ്രചാരത്തിലിരുന്നത്. കാറള്മാൻ ചരിത്രം തുടങ്ങി ക്രിസ്തുമതവുമായി ബന്ധപ്പെട്ട കഥകളാണ് നാടകത്തിൻെറ വിഷയം. ഗാനങ്ങൾക്കൊത്ത് ചുവടുവച്ചു കളിക്കുന്നു).
ചവിട്ടുപടി നാ. 1. ചവിട്ടിക്കേറാനുള്ള പടി; 2. ഊന്നുകാരനു ചവിട്ടിനിൽക്കാനായി വള്ളത്തിൻെറ അമരത്ത് ഘടിപ്പിച്ചിട്ടുള്ള പലക; 3. കാൽ ഉയർത്തി വയ്ക്കാനുള്ള മരക്കഷണം, പാദപീഠം.
ചവിട്ടുമരം നാ. 1. മരം കൊണ്ടുണ്ടാക്കിയ ചവിട്ടുപടി; 2. നിലം നിരപ്പാക്കുന്നതിനു വേണ്ടി പലകകൊണ്ടുണ്ടാക്കിയ ഒരു ഉപകരണം.
ചവിട്ടുമെത്ത നാ. കാലിലെ അഴുക്കും പൊടിയും മറ്റും ചവിട്ടിത്തുടയ്ക്കാനായി ചകിരികൊണ്ടോ മറ്റോ ഉണ്ടാക്കിയ ഒരു ഉപകരണം.
ചവിട്ടുവണ്ടി നാ. സൈക്കിൾ.
ചവിണ നാ. = ചവണ.
ചവിർചങ്കി നാ. ഒരിനം ചെറുപീരങ്കി.
ചവിള് [ചവിളുക] ധാതുരൂപം.
ചവിളുക ക്രി. അഴുക്കടിയുക, മുഷിയുക, നിറം മങ്ങുക. നാ. ചവീൾച്ച.
ചവുക്ക [പ്രാ] നാ. ചതുരാകൃതിയിലുള്ള കെട്ടിടം, ചതുരത്തിണ്ണ, അതിഥിമന്ദിരം, സ്വീകരണ മുറി; 2. നാൽക്കവല, പരിശോധനാസ്ഥലം.
ചവുക്കൻ നാ വിലയിടിവ്, വ്യാപാരമാന്ദ്യം, വിപണികളിൽ ചരക്കുകൾ വിൽക്കപ്പെടാതെ കെട്ടിക്കിടക്കുന്ന അവസ്ഥ.
ചവുക്കം [സം.ചതുഷ്ക] നാ. 1. ചതുരാകൃതിയിലുള്ളത്; 2. ചതുരത്തിലുൾല വസ്ത്രഖണ്ഡം; 3. കൽപ്പണിക്കാരൻെറ ഉളി; 4. (സങ്ഗീ) ഒരു താളവിഭാഗം.
ചവുക്കളി നാ. ഒരു കർണാഭരണം.
ചവുക്കാളം നാ. = ജമുക്കാളം.
ചവുക്കി [ഹി.] നാ. ചവുക്ക. ചവുക്കീദാർ = ചവുക്കയിലെ ഉദ്യോഗസ്ഥൻ.
ചവുട്റ്റ് നാ. = ചവിട്ട്.
ചവുഡോൻ നാ. അമ്പാരി.
ചവുത്ത് [പ്രാ.] നാ. ചതുർഭാഗം.
ചവുരി നാ. ഒരു സങ്ഗീതോപകരണം.
ചവൈ നാ. സഭ. ചവൈയാർ = സഭക്കാർ, സങ്ഘാങ്ഗങ്ങൾ, ക്ഷേത്രസഭാങ്ഗങ്ങൾ. ചവൈക്കടമൈ = സഭയിലേക്ക് അടയ്ക്കേണ്ട കരവും മറ്റും.
ചവോക്ക് നാ. കാറ്റാടിമരം, ചൂളമരം.
ചവ്യ [സം.] നാ. 1. ചെവിയം; 2. വയമ്പ്; 3. കുരുപ്പരുത്തി, 4. കരിങ്കറുക; 5. കാട്ടുമുളക്.
ചവ്യകം [സം.] നാ. ചവ്യം.
ചവ്യം [സം.ചവ്] നാ. 1. കാട്ടുമുളക്; 2. ചെവിയം; 3. കുരുപ്പരുത്തി.
ചവ്യിക [സം.ചവ്യികാ]നാ. 1. ചെവിയം; 2. വയനി.

ചവ്വരി [ഹി.<പോർ] നാ. ചിലയിനം പനകളുടെ ചോറിൽനിന്നും എടുക്കുന്ന നൂറ്, സാവരി,
ചവ്വ് നാ. 1. നേരിയ പാട (സസ്യങ്ങളുടെ വിത്തുകൾക്കുള്ളിലും മറ്റുമുള്ള നേരിയപാട, ആന്ത്രത്തെപൊതിഞ്ഞിട്ടുള്ള നെയ്വല, കൺമണികളുടെ ആവരണമായ ചർമം; 2. പുണ്ണിലെ ചലം; 3. ഉപയോഗമില്ലാത്ത വസ്തു.
ചഷകം [സം.] നാ. 1. പാനപാത്രം, മദ്യം ഒഴിച്ചു കുടിക്കാനുള്ള പാത്രം; 2. മദ്യം; 3. തേൻ.
ചഷം[സം.] നാ. പാനആത്രം.
ചഷാലം,-ളം [സം.ചഷാല] നാ. 1. യൂപത്തിൻെറ മുകളറ്റത്തുള്ള തടികൊണ്ടുണ്ടാക്കിയ വലയം, യൂപത്തിൻെറ ചുവട്ടിലുള്ള ഇരുമ്പു വളയം; 2. തേനീച്ചയുടെയോ കടന്നലിൻെറയോ കൂട്.
ചള് [ചള്ളുക] ധാതുരൂപം.
ചള നാ. ഒരു വൃക്ഷം, ഇതിൻെറ കായ് ഭക്ഷണമായി ഉപയോഗിക്കുന്നു.
ചളങ്ങ നാ. ചളവൃക്ഷത്തിൻെറ കായ്.
ചളചള വി. ചളപള.
ചളപള വി. ചെളിപോലെയുള്ള. ചളപളാ പറയുക = അർഥമില്ലാതെ സംസാരിക്കുക.
ചളപളെ അവ്യ. അർഥമില്ലാതെ, നിഷ്ഫലമായി.
ചളപിലാച്ചി നാ. അർഥമില്ലാത്ത സംഭാഷണം, ചപ്പടാച്ചി.
ചളമ്പൻ നാ. = ചളുമ്പൻ.
ചളവായൻ നാ. ചളുവായൻ, കഴമ്പില്ലാതെ സംസാരിക്കുന്നവൻ.
ചളി1 [ചളിയുക] ധാതുരൂപം.
ചളി2 നാ. = ചെളി.
ചളി3 നാ. ദുഷിച്ച കഫം (പ്രത്യേകിച്ച് വയറുകടി ബാധിച്ച രോഗിയുടെ വയറ്റിൽനിന്നു പോകുന്നത്).
ചളിക്കുക1 ക്രി. പഴകി ചീത്തയാവുക. (പാകംചെയ്ത ഭക്ഷണസാധനങ്ങളെന്നപോലെ).
ചളിക്കുക2 ക്രി. 1. ലജ്ജിക്കുക, ജാള്യതബധിക്കുക; 2. ബുദ്ധി മടിക്കുക, മനസ്സുവാടുക.
ചളിപിളി നാ. ചേറും വെള്ളവും ചേർന്ന് കുഴമ്പുപോലുള്ള അവസ്ഥ, കൂടിക്കുഴഞ്ഞസ്ഥിതി.
ചളിപ്പ്1 [ചളിക്കുക] നാ. വിൽപ്പനചരക്കുകൾ കെട്ടിക്കിടക്കുന്ന അവസ്ഥ, കമ്പോളമാന്ദ്യം, വിലയിടിവ്.
ചളിപ്പ്2 [ചളിക്കുക] നാ. ജളത്വം, വല്ലായ്മ, വൈമനസ്യം.
ചളിപ്പുറം നാ. ചെളിക്കൂറുള്ള സ്ഥലം.
ചളിയുക ക്രി. ചളിപോലെയാകുക.
ചളുക്ക നാ. വെള്ളവും ചളിയും കെട്ടിക്കിടക്കുന്ന സ്ഥലം.
ചളുക്കം നാ. ചളുങ്ങിയിരിക്കുന്ന അവസ്ഥ (ലോഹപാത്രങ്ങളും മറ്റും).
ചളുക്ക് നാ. 1. ചളുക്കം; 2. അടി. ചളുക്കുമോതിരം = പ്രത്യേകം കൊത്തുപണികളോടുകൂറ്റിയ മോതിരം.

ചളുക്കുക ക്രി. 1. (ലോഹപാത്രങ്ങളും തകിടുകളും മറ്റും) നിരപ്പില്ലാതാക്കുക, കോട്ടം വരുത്തുക; 2. അടിക്കുക.
ചളുങ്ങ്1 [ചളുങ്ങുക] ധാതുരൂപം.
ചളുങ്ങ്2 നാ. = ചളുങ്ങ
ചളുങ്ങുക ക്രി. 1. പിതുങ്ങുക; 2. ഞെരുങ്ങുക; 3. ഞണുങ്ങുക, കോടുക, ലോഹപാത്രങ്ങളും ലോഹത്തകിടുകളും മറ്റും ആകൃതിവിട്ട് അകത്തേക്കോ പുറത്തേക്കോ മുഴയ്ക്കുക; 4. വിറയ്ക്കുക; 5. പേടിക്കുക.
ചളുചള വി. = ചളചള.
ചളുപിള വി. ചളപള.
ചളുപിളുക്കുക ക്രി. 1. അയഞ്ഞപരുവത്തിലാകുക, ഉറപ്പില്ലാതാകുക, കുറുകിച്ചേരുക, കലങ്ങുക, അരിവെന്ത് അളിഞ്ഞതുപോലാകുക; 2. ദുർമേദസ്സ് വർധിച്ച് ശരീരം വടിവില്ലാതാകുക.
ചളുപിളെ അവ്യ. ചെളിപോലെ അയഞ്ഞ.
ചളുമ്പൻ നാ. 1. വൃത്തികെട്ട സ്വഭാവക്കാരൻ; 2. ഒന്നിനും കൊള്ളാത്തതടിയൻ, ദുർമേദസ്സുള്ളയാൾ. ചളുമ്പൻപാക്ക് = ഉറയ്ക്കാത്ത പാക്ക്, ചമ്പൻ, പൈങ്ങ.
ചളുവ നാ. 1. വായിൽ നിന്ന് ഒലിക്കുന്ന ഉമിനീർ, ഈത്തുവാ; 2. അർഥമില്ലാത്ത വാക്ക്. (പ്ര) ചളുവാ അടിക്കുക, ചളുവാ ചപ്പുക = അർഥമില്ലാതെ അധികം സംസാരിക്കുക.
ചളുവെട്ട് നാ. ഒന്നിനും കൊള്ളാത്തത്.
ചളുവള വി. ചളുപിള.
ചളുവായൻ നാ. ആവശ്യമില്ലാതെ അധികം സംസാരിക്കുന്നവൻ, വായാടി.
ചള്ള1 നാ. 1. ബുദ്ധിമുട്ട്, ഉപദ്രവം; 2. വഴക്ക്; 3. വൃത്തികെട്ടത്.
ചള്ള2 നാ. 1. ചെളി; 2. ചെളിക്കെട്ടുള്ള സ്ഥലം, ഈർപ്പമുള്ള പ്രദേശം; 3. പയറിൻെറ തോട്.
ചള്ളക്കൻ നാ. മുൻകോപി.
ചള്ളത്തം നാ. ലാഘവം, ഹീനത.
ചള്ളാപ്പ് നാ. ചേറ് കൂടുതലുള്ള ഭാഗം, ചേറ്റുകുഴി.
ചള്ള് നാ. 1. പാകമാകാത്തത്, മൂക്കാത്തത്; 2. കൊള്ളരുതാത്തത്, ചീത്തയായത്; 3. ചെറുത്. ചള്ളുവാൾ = ചെറിയവാൾ, ചള്ളുവെട്ടുക, പിണയുക, കൂടുക, പറയുക = വഴക്കുപറയുക, വെറുതെ സംസാരിക്കുക, (പ്ര) ചള്ളും പൊട്ടും = 1. നിസ്സാരമായ വസ്തുക്കൾ; 2. നിസ്സാരകാര്യം. ചള്ളിലേ ചാറുള്ളൂ (പഴ)
ചള്ളുക ക്രി. 1. ചളുങ്ങുക; 2. ചീത്തയാവുക.
ചഴയുക ക്രി. ഒരുവശത്തേയ്ക്ക് ചെരിയുക, ഇട്യുക, ഇഴുകിവീഴുക. ഉദാ: കയ്യാലചഴഞ്ഞുപോയി.
ചറം നാ. (മരങ്ങളുടെയും മറ്റും) കറ.
ചറപറ അവ്യ. തുടരെത്തുടരെ.
ചറപറാ അവ്യ. ചറപറ ശബ്ദമുണ്ടാക്കത്തക്കവണ്ണം, ഇടവിടാതെ, അതിവേഗത്തിൽ, അടുക്കും ചിട്ടയുമില്ലാതെ, ക്രമമില്ലാതെ.
ചറാട്ടുവണ്ടി [ഇം.-മ.] നാ. ഒരിനം കുതിര വണ്ടി.
ചറാളുക ക്രി. (കുതിര) ചിനയ്ക്കുക.

ചറു [ചറുക്കുക] ധാതുരൂപം.
ചറുകുക ക്രി. ചറുക്കുക.
ചറുക്ക് നാ. 1. വഴുതൽ, തെറ്റൽ; 2. പരാജയം; 3. കൗശലം, സൂത്രപ്പണി; 4. തടസ്സം; 5. രഥോത്സവം നടക്കുമ്പോൾ രഥചക്രം തിരിയുന്നതിനായി അതിന്റെ അടിയിൽ വച്ചുകൊടുക്കുന്ന തടി.
ചറുക്കുവയ്ക്കുക ക്രി. കൗശലം പ്രയോഗിക്കുക.
ചറുക്കുക ക്രി. വഴുതുക, തെന്നുക.
ചറുപിറന്നനെ അവ്യ. വേഗത്തിൽ.
ചറുവുക ക്രി. = ചറകുക.
ചറ്റച്ചാത്തൻ നാ. ഒരിനം പകഡി.
ചറ്റ് നാ. പാര്
ചാ1 [ചാകുക] ധാതുരൂപം.
ചാ2 [ചായുക] ധാതുരൂപം.
ചാക1 ക്രി. = ചാകുക.
ചാക2 [പ.മ.] നാ. ശാഖ.
ചാകചക്യം [സം.] നാ. ശോഭ.
ചാകചിക്യം [സം.] നാ. ഇല്ലാത്തത് ഉണ്ടെന്നു തോന്നൽ.
ചാകന്തി നാ. ഓന്ത്.
ചാകം [<സം.ശാക] നാ. ഇലകളിൽനിന്നെടുക്കുന്ന നീര്, ചാറ്.
ചാകര നാ. കേരളക്കരയോടു ചേർന്നുകിടക്കുന്ന കടലിൽ മാത്രം കാണുന്ന പ്രതിഭാസം, ചെമ്മീൻ സമൃദ്ധിയായി ഉണ്ടായി കാണപ്പെടുന്നത്.
ചാകാച്ചാവ് നാ. ചാകാതെ ചാവൽ, മരണത്തിനുതുല്യമായ അവസ്ഥ.
ചാകുക ക്രി. ജീവൻ ശരീരത്തിൽനിന്നും വേർപെടുക, മരിക്കുക.
ചാകുടം നാ. ചേറ്.
ചാകുടി1 [ചാവ്-കുടി] നാ. കുടുംബങ്ങളുടെ അന്യംനിൽപ്പ്, അന്യംനിന്ന കുടുംബം, അനന്തരാവകാശികൾ ഇല്ലാതായ തറവാട്.
ചാകുരുവി നാ. ഒരിനം മൂങ്ങ, കാലൻകോഴി.
ചാകൊലി [ചാക്-ഒലിപ്]നാ. 1. ചത്തതുനിമിത്തമുള്ള കരച്ചിൽ, വിലാപം; 2. ചാകാറാകുമ്പോൾ മരണവേദനകൊണ്ടുള്ള നിലവിളി.
ചാക്കട നാ. ഓട, ഓവ്.
ചാക്കടി നാ. 1. കുടുംബം അന്യം നിൽക്കൽ, ചാകുടി; 2. ഒരുതരം കളി.
ചാക്കടിപ്പ് നാ. വധശിക്ഷ.
ചാക്കണ്ണൻ നാ. ഒറ്റക്കണ്ണൻ.
ചാക്കയൻ നാ. ചാക്യാൻ.
ചാക്കയ്യൻ നാ. ഒറ്റക്കയ്യൻ.
ചാക്കരി [ചാക്ക്-അരി] നാ. ഇറക്കുമതിചെയ്യുന്ന പുഴുക്കലരി.
ചാക്കളേറ്റ് [ഇം.] നാ. 1. കൊക്കോക്കുരു അരച്ചുണ്ടാക്കുന്ന വസ്തു; 2. ചാക്കളെറ്റ് ചേർത്തുണ്ടാക്കുന്ന മിഠായി.
745
ചാക്കാണി നാ. 1. പഴുതാര; 2. ഒരിനം മത്സ്യം.

ചാക്കാല നാ. 1. മരണം; 2. ചാവുപുല.
ചാക്കാലം നാ. മരണകാലം.
ചാക്കി1 നാ. ചാക്യാർ.
ചാക്കി2 നാ. ചക്കിമുക്കി.
ചാക്കി3 നാ. സാക്ഷി.
ചാക്കിയൻ [സം.ശാക്യ] നാ. ബുദ്ധമതക്കാരൻ.
ചാക്കിയർ നാ. ചാക്യാർ.
ചാക്കിരി നാ. ദാസ്യവൃത്തി.
ചാക്ക്1 [<ചാകുക] നാ. മരണം. ചാക്കുമ്പോക്കും = മരണവും അന്യദേശത്തേക്കുള്ള യാത്രയും. ചാക്കുമ്പോക്കും ഇല്ലാത്ത,-കെട്ട = മരണമോ പോകാൻ ഇടമോ ഇല്ലാത്ത.
ചാക്ക്2 നാ. ചണനൂലുകൊണ്ടുള്ള വലിയ സഞ്ചി.
ചാക്ക്3,ചോ- [ഇം.] നാ. എഴുത്തുകല്ല്.
ചാക്കുശീല [ചാക്ക്2-ശീല] നാ. ഒരുതരം കട്ടിത്തുണി.
ചാക്യാർ [<സം.ശ്ലാഘ്യ] നാ. ഒരു അന്തരാളവർഗം.
ചാക്യാർകൂത്ത് നാ. കേരളത്തിലെ ഒരു ദൃശ്യകലാരൂപം. (പ്രബന്ധരൂപത്തിൽ രചിച്ച പുരാണകഥകൾ മലയാളത്തിൽ സരസമായി വ്യാഖ്യാനിച്ച് അഭിനയിക്കുന്നത്.)
ചാക്ര [സം.] വി. ചക്രത്തെ സംബന്ധിച്ച.
ചാക്രവാളികം [സം.-വാലിക] നാ. ഒരുതരം വെള്ളി (ചക്രവാലം എന്നപ്രദേശത്തുണ്ടാകുന്നത്).
ചാക്രിക [<സം.ചക്ര] വി. ചക്രത്തെ സംബന്ധിച്ച, ചക്രംകൊണ്ടുള്ള.
ചാക്രികതൈലം [സം.-തൈല] നാ. കണയെണ്ണ.
ചാക്രികൻ [സം.] നാ. 1. ചക്രംകൊണ്ട് യുദ്ധം ചെയ്യുന്നവൻ; 2. ചക്കാട്ടുന്നവൻ; 3. കുശവൻ; 4. വണ്ടിക്കാരൻ; 5. കൂട്ടുകാരൻ; 6. ഘോഷകൻ; 7. സ്തുതിപാഠകൻ, ഗായകൻ.
ചാക്രികലേഖനം [സം.] നാ. (ക്രിസ്തു) വിജ്ഞപ്തി അറിയിപ്പ് (സഭയുടെ എല്ലാ ഭാഗങ്ങളിലും അറിയിക്കുന്നതിനായി മാർപ്പാപ്പ പുറപ്പെടുവിക്കുന്നത്).
ചാക്രേയ [സം.] വി. ചക്രത്തെ സംബന്ധിച്ച.
ചാക്ലേറ്റ് നാ. ചോക്കളെറ്റ്.
ചാക്ഷുഷ [സം.] വി. ചക്ഷുസ്സിനെ സംബന്ധിച്ച.
ചാക്ഷുഷജ്ഞാനം [സം.-ജ്ഞാന] നാ. കാഴ്ചയിൽ നിന്നു ലഭിക്കുന്ന അറിവ്.
ചാക്ഷുഷപ്രത്യക്ഷം [സം.-പ്രത്യക്ഷ] നാ. നേത്രേന്ദ്രിയജന്യമായ ജ്ഞാനം, കാഴ്ചയിലൂടെയുള്ള അറിവ്.
ചാക്ഷുഷമന്വന്തരം [സം.-മന്വന്തര] നാ. ആറാമത്തെ മനുവായ ചാക്ഷുഷനോടു ബന്ധപ്പെടുത്തി കണക്കാക്കീട്ടുള്ള കാലഘട്ടം (മന്വന്തരം).
ചാക്ഷുഷർ [സം.ചാക്ഷുഷാ:] നാ. (ബ.വ.) പതിന്നാലാമത്തെ മന്വന്തരത്തിലുള്ള ഒരു ദേവതാസമൂഹം.
ചാക്ഷുഷവിദ്യ [സം.] നാ. കൺകെട്ടുവിദ്യ, ഇന്ദ്രജാലം.
ചാക്ഷുഷി [സം.-ഷീ] നാ. ഒരു മന്ത്രവിദ്യ, കാണാൻ ആഗ്രഹിക്കുന്ന ഏതിനേയും കാണുവാൻ ഉപകരിക്കുന്നത്.
ചാക്ഷ്മ [സം.] വി. 1. ക്ഷമയുള്ള, ദയയുള്ള; 2. അറിവുള്ള; 3. കാണുന്ന.

ചാച്ചൻ നാ. 1. അച്ചൻ; 2. മൂത്തസഹോദരൻ; 3. അമ്മാവൻ; 4. അളിയൻ; 5. അപ്പൂപ്പൻ.
ചാച്ചമ്മ നാ. അമ്മുമ്മ.
ചാച്ചൽ [ചായുക] നാ. 1. ചായ്‌വ്; 2. ചാഞ്ചാട്ടം.
ചാച്ചി1 നാ. മുലപ്പാൽ.
ചാച്ചി2 നാ. 1. ചേച്ചി; 2. പിതാവിൻെറ സഹോദരി.
ചാച്ചുക ക്രി. കിടക്കുക.
ചാച്ചെട്ടി നാ. ചായ്പ്പ്.
ചാഞ്ചമത [ചാണ്-ചമത] നാ. ഒരുചാൺ നീളത്തിൽ മുറിച്ച ചമതക്കോൽ.
ചാഞ്ചല്യം [സം.-ചഞ്ചല] നാ. ചഞ്ചലമായിരിക്കുന്ന അവസ്ഥ.
ചാഞ്ചാടുക ക്രി. 1. നിലയിലോ ഇരുപ്പിലോ നിന്നു മാറാതെ അങ്ങോട്ടുമിങ്ങോട്ടും ഉലയുക, ചരിഞ്ഞാടുക; 2. ഇളകുക, ചലിക്കുക; 3. അദ്ഭുതം, സന്തോഷം തുടങ്ങിയ വികാരങ്ങൾകൊണ്ട് തുള്ളുക.
ചാഞ്ചാട്ടം [ചാഞ്ചാടുക] നാമരൂപം
ചാഞ്ച് നാ. ഭങ്ഗി, കാന്തി.
ചാഞ്ചുക ക്രി. ചായുക.
ചാഞ്ഞിൽമാല നാ. ഗർഭത്തിൽ സ്ഥിതിചെയ്യുന്ന ശിശുവിനെ ബാധിക്കുമെന്നു ചിലർ കരുതുന്ന ഒരു ദുർദേവത.
ചാട1 നാ. അടയാളം മങ്ങിയ പാട്
ചാട2 നാ. പതിര്, ഉൾലിൽ വിത്തില്ലാത്തത്.
ചാടക നാ. ഊർക്കുരികിൽപ്പിട.
ചാടകൈരം [സം.] നാ. ഊർക്കുരുകിൽ.
ചാടക്കുട്ടി നാ. ചാപിള്ള. ചാടക്കുട്ടിപെറുക = ചാപിള്ളപ്രസവിക്കുക.
ചാടക്കുരു നാ. ഉള്ളിൽ പരിപ്പില്ലാത്ത കുരു.
ചാടൻ [സം.] നാ. വഞ്ചകൻ.
ചാടി1 നാ. 1. ഭരണി; 2. വളരെ വലിപ്പവും കട്ടിയുമുള്ള മൺകലം (പാക്ക് വെള്ളത്തിലിടാനും മറ്റും ഉപയോഗം); 3. കുംഭം രാശി; 4. ഉഴവുചാൽ.
ചാടി2 നാ. ചേല.
ചാടി3 നാ. ചാഴി.
ചാടിക്കുക [ചാടുക>പ്രയോ] ക്രി. 1. ചാടുന്നതിന് ഇടയാക്കുക; 2. പുറത്താക്കുക; 3. എറിഞ്ഞുകൊള്ളിക്കുക; 4. ഒരു കാര്യത്തിനു ഉന്തിവിടുക.
ചാടികം [<സം.ശാകടീക] നാ. ഉഴവിനും വണ്ടിവലിക്കുന്നതിനും ഉപയോഗിക്കുന്ന കാള,
ചാട്1 [ചാടുക] ധാതുരൂപം.
ചാട്2 [<സം.ശകട] നാ. 1. ചക്രം, ഉരുൾ; 2. ചക്രങ്ങളിൽ നീങ്ങുന്ന വണ്ടി; 3. കുട്ടികൾക്കു നടക്കാൻ പഠിക്കുന്നതിന് ഉപയോഗിക്കുന്ന വണ്ടി.
ചാട്3 നാ. കലപ്പയുടെ മുൾലുവായിൽ പറ്റിയിരിക്കുന്ന ചെളിയും കച്ചിയും.
ചാടു [സം.] നാ. 1. ഇഷ്ടവാക്ക്, പ്രിയംകരമായ വാക്ക്; 2. ഭങ്ഗി.

ചാടുക1 ക്രി. 1. കാലിലെ മാംസപേശികളുടെ ശക്തമായ പ്രവർത്തനംകൊണ്ട് ശരീരത്തെ പെട്ടെന്ന് ഉയർത്തുക; 2. ശരീരാവയവങ്ങൾ ദ്രുതഗതിയിൽ ആവർത്തിച്ചു ചലിപ്പിക്കുക; 3. ആടുക; 4. പായുക; 5. കടന്നുകളയുക; 6. അകപ്പെടുക; 7. കുതിച്ചുവീഴുക; 8. ചാട്ടുക.

ചാടുക2 [സം.ചാടു-ക] നാ. ചാടുവായവാക്ക്, പ്രിയങ്കരമായ സംഭാഷണം.

ചാടുകാരൻ [സം.ചാടു-കാ] നാ. സരസമായി സംസാരിക്കുന്നവൻ.

ചാടുകാരം [സം.-കാര] നാ. ഒരിനം മാല.

ചാടുപടു [സം.-പടു] നാ. ചാടുവാക്കു പറയുന്നതിൽ സാമർഥ്യമുള്ളവൻ.

ചാടുബടു,-വടു [<സം.-വടു] നാ. വിദൂഷകൻ.

ചാടുമൊഴി [സം.] നാ. ചാടുവചനം.

ചാടുവചനം [സം.] നാ. പ്രിയവചനം, സ്തുതി, മധുരഭാഷണം.

ചാടുവാക്ക് [സം.-വാച്] നാ. ചാടുവചനം.

ചാടുവാദി [സം.-വാദിൻ] നാ. മുഖസ്തുതിക്കാരൻ (സ്ത്രീ) ചാടുവാദിനി.

ചാടൂക്തി [സം.-ഉക്തി] നാ. ചാടുവചനം.

ചാട്ട് നാ. വണ്ടിക്കാളകളേയും മറ്റും തെളിക്കാനുള്ള ഒരു ഉപകരണം, നീണ്ടഒരുകോലിൻെറ അറ്റത്തു ഘടിപ്പിക്കുന്ന തോൽവാറ്

ചാട്ടക്കയറ് നാ. ചാട്ടവാറ്.

ചാട്ടക്കാരൻ നാ. 1. ചാടുന്നവൻ; 2. ഒരു ചെറുപ്രാണി; 3. കുരങ്ങ്; 4. വഴക്കാളി.

ചാട്ടക്കോൽ1 നാ. ഊന്നിച്ചാടാനുള്ളകമ്പ്.

ചാട്ടക്കോൽ2 നാ. ചാട്ടവാർ ബന്ധിച്ചിട്ടുള്ള കമ്പ്.

ചാട്ടം നാ. 1. കുതിപ്പ്; 2. വലയിൽകുടുങ്ങുന്ന മീൻ ചാടിപ്പോകാതിരിക്കുന്നതിനുവേണ്ടി വലയോടുഘടിപ്പിക്കുന്ന ഒരു ഉപകരണം; 3. തെറ്റിപ്പോകൽ; 4. രക്ഷപ്പെടൽ; 5. വികാരത്തിൻെറ തള്ളൽകൊണ്ടുള്ള മനസ്സിൻെറ ക്ഷോഭം.

ചാട്ടവാർ നാ. ചാട്ട, ചാട്ടയുടെ തോലുകൊണ്ടുണ്ടാക്കിയ ഭാഗം.

ചാട്ടിപ്പൂട്ട് നാ. വിളവെടുപ്പുകഴിഞ്ഞു നടക്കുന്ന ആദ്യത്തെ ഉഴവ്.

ചാട്ട്1 വി. ചാടുന്നതിനുള്ള. ഉദാ: ചാട്ടുളി. നാ. 1. ചാട്ടുകുന്തം, എറിയുന്നകുന്തം; 2. ഏറ്; 3. ചാട്ടം.

ചാട്ട്2 നാ. അവകാശം, ഉടമയവകാശം, സ്വത്ത്. (പ്ര) ചാട്ടും പൂട്ടും = 1. സ്ഥാവരവും ജങ്ഗമവുമായ സ്വത്ത്; 2. കരുതൽ, ശ്രദ്ധ.

ചാട്ടുക1 ക്രി. എറിയുക, ചാണ്ടുക, എറിഞ്ഞുകൊള്ളിക്കുക.

ചാട്ടുക2 ക്രി. ഭൂമിപതിച്ചുകൊടുക്കുക, ചാർത്തുക, അധികാരപത്രം കൊടുക്കുക.

ചാട്ടുകണ്ടം നാ. ചാർത്തിക്കിട്ടിയ ഭൂമി, ഉടമാവകാശമുള്ള ഭൂമി.

ചാട്ടുകല്ല് നാ. വെള്ളത്തിലേക്കു ചാടുന്നതിനുള്ള കല്ല്.

ചാട്ടുകാരൻ നാ. വണ്ടിക്കാരൻ.

ചാട്ടുകുന്തം നാ. എറിയുന്ന കുന്തം, വേൽ.

ചാട്ടുകോൽ നാ. ഒരുതരം ചെറിയ ചാട്ടുകുന്തം.

ചാട്ടുമാട്ട് നാ. 1. വഞ്ചന; 2. അഭിപ്രായവ്യത്യാസം, തർക്കം. ചാട്ടുമാട്ടുകാരൻ = 1. വഞ്ചകൻ; 2. വഴക്കാളി.

ചാട്ടുളി നാ. എറിഞ്ഞുകൊള്ളിക്കാൻ ഉപയോഗിക്കുന്ന ഒരുജാതി കുന്തം.
ചാട്ടോടം [ചാട്ട്-ഓടം] നാ. തുണി നെയ്യുമ്പോൾ നൂലുകോർത്ത് കുറുകെ എറിയുന്ന ഓടം.
ചാൺ നാ. ഒരു ദീർഘയളവ്, കൈപ്പത്തിവിരിച്ചുവച്ചാൽ തള്ളവിരലിൻെറ അറ്റം മുതൽ ചെറുവിരലിൻെറ അറ്റം വരെയുള്ള അകലം.
ചാൺചമത നാ. = ചാഞ്ചമത.
ചാൺപദം നാ. ഒരുചാൺ അളവ്.
ചാണ1 [<സം.ശാണ] നാ. 1. (കത്തിയും മറ്റും) തേച്ച് മൂർച്ച വരുത്തുകയോ രത്നവും മറ്റും ഉരച്ചു മിനുസപ്പെടുത്തുകയോ ചെയ്യാൻ ഉപയോഗിക്കുന്ന കല്ല്; 2. ചന്ദനവും ഗുളികയും മറ്റും അരയ്ക്കുന്നതിനുള്ള കല്ല്; 3. ചന്ദനച്ചാണയുടെ ആകൃതിയിലുള്ള തടിക്കഷണം.
ചാണ2 [സം.] നാ. 1. ചണംകൊണ്ടുണ്ടാക്കിയ തുണി; 2. അലങ്കാരത്തിനുപയോഗിക്കുന്ന കോടിത്തുണി; 3. എണ്ണതുടയ്ക്കാനുപയോഗിക്കുന്ന തുണി.
ചാണകക്കുന്തി നാ. കട്ടിയായിക്കിടക്കുന്ന ചാണകം
ചാണകപ്പച്ച നാ. ഇരുണ്ടപച്ചനിറം.
ചാണകപ്പട്ട നാ. ചാണകവരടി.
ചാണകപ്പാട്ട നാ. പശുവും മറ്റും ഒരുപ്രാവശ്യം ഇടുന്ന ചാണകം.
ചാണകപ്പാല് നാ. ചാണകം കലക്കിയ വെള്ളം.
ചാണകപ്പുഴു നാ. കുണ്ടുവളപ്പുഴു.
ചാണകം നാ. കന്നുകാലികളുടെ മലം (പ്ര.) ചാണകം തളിക്കുക = അശുദ്ധിമാറ്റുന്നതിനുവേണ്ടി പശുവിൻ ചാണകം കലക്കിയ വെള്ളം കുടയുക, ശുദ്ധിവരുത്തുക.ചാണകക്കുണ്ട് = ചാണകം സൂക്ഷിക്കുന്ന കുഴി. ചാണകവരടി,-വറടി = പരത്തി ഉണക്കിയ ചാണകം.
ചാണക്കല്ല് [സം.ശാണ-മ.കല്ല്] നാ. 1. കത്തിയും മറ്റും മൂർച്ചവരുത്തുന്നതിനും രത്നം ഉരച്ച് രൂപപ്പെടുത്തുന്നതിനുമുള്ള കല്ല്.
ചാണക്കൊല്ലൻ നാ. കടച്ചിക്കൊല്ലൻ.
ചാണക്യൻ [സം.] നാ. 1. മൗര്യവംശസ്ഥാപകനായ ചന്ദ്രഗുപ്തൻെറ ആചാര്യനും മന്ത്രിയും ആയിരുന്ന ഒരു ബ്രാഹ്മണൻ, കൗടല്യൻ; 2. സൂത്രശാലി.
ചാണക്യനീതി [സം.-നീതി] നാ. 1. ചാണക്യൻെറ അർഥശാസ്ത്രത്തിൽ വിവരിക്കുന്ന രാജ്യഭരണരീതി; 2. കപടതന്ത്രം.
ചാണക്യം [സം.] നാ. ചാണക്യസൂത്രം.
ചാണക്യസൂത്രം [സം.-സൂത്ര] നാ. 1. ചാണക്യൻെറ ഭരണ മീമാംസ വിവരിക്കുന്ന ഒരു മലയാളകാവ്യം; 2. കപടതന്ത്രം.
ചാണപ്പരൽ നാ. 1. ചാണയുണ്ടാക്കാൻ ഉപയോഗിക്കുന്ന ഒരിനം മണൽ; 2. ഒരുതരം ചിപ്പി (തൂക്കാനുള്ളതോതായിട്ട് ഉപയോഗിച്ചിരുന്നു).
ചാണപ്പല്ല് നാ. അണപ്പല്ല്.
ചാണപ്പുളി നാ. 1. കുരുകളഞ്ഞ് ഉണക്കി ചാണയുടെ ആകൃതിയിൽ വച്ചിരിക്കുന്ന വാളൻപുളി; 2. പഴുത്തുണങ്ങിയ വാളൻപുളി ജലത്തിൽ ഞെരടിപ്പിഴിഞ്ഞ് അരിച്ച് കുറുക്കി ശർക്കരപാകത്തിൽ വാങ്ങി കുറച്ചു കാച്ചുപ്പും ചേർത്ത് ഇളക്കി ശർക്കരയുണ്ടപോലെ എടുക്കുന്ന വസ്തു.

ചാണം1 നാ. = ചാണകം.
ചാണം2 നാ. 1. ചാണക്കല്ല്; 2. അമ്മി.
ചാണം3 നാ. തഴമ്പ്.
ചാണാൻ1 നാ. ചാണകം.
ചാണാൻ2 നാ. ചാന്നാൻ. (സ്ത്രീ) ചാണാത്തി.
ചാണാപ്പ് നാ. ചൊടി, മിടുക്ക്.
ചാണാരക്കാശ് നാ. = സ്വർണനാണയം.
ചാണി1 നാ. = ചാണകം.
ചാണി2 നാ. (പുലി മുതല തുടങ്ങിയ ജന്തുക്കൾ അധിവസിക്കുന്ന) മട, ഗുഹ.
ചാണി3 നാ. ബുദ്ധിമതിയായ സ്ത്രീ.
ചാണി4 നാ. കുതിരക്കാരൻ, കുതിരയെ പരിശീലിപ്പിക്കുന്നവൻ.
ചാണുരൻ [സം.] നാ. 1. കംസനെ സേവിക്കുന്ന ഒരു പ്രസിദ്ധ മല്ലൻ. (കൃഷ്ണനാൽ വധിക്കപ്പെട്ടു); 2. ഒരു രാജാവ്.
ചാണുരമർദനൻ [സം.-മർദന] നാ. ശ്രീകൃഷ്ണൻ.
ചാണ്ടൽ [<ചാണ്ടുക] നാ. 1. നീട്ടി എറിയൽ, ചാട്ടൽ; 2. വയറിളക്കം (ആടുമാടുകൾക്കുണ്ടാകുന്നത്).
ചാണ്ടി1 നാ. ജാരൻ.
ചാണ്ടി2 [ചാണ്ടുക] ഭൂതരൂപം.
ചാണ്ടി3 നാ. ഒരു പുരുഷനാമം, അലക്സാണ്ടർ (ക്രിസ്ത്യാനികളുടെ ഇടയിൽ ഉള്ളത്).
ചാണ്ടിയാർ നാ. അക്രമി.
ചാണ്ട്1 [ചാണ്ടുക] ധാതുരൂപം.
ചാണ്ട്2 [ചാണ്ടുക] നാ. ചാണ്ടൽ.
ചാണ്ട്3 നാ. 1. ശുക്ലം, ആർത്തവരക്തം.
ചാണ്ടുക ക്രി. നീട്ടി എറിയുക, എറിഞ്ഞുകൊള്ളിക്കുക, ചാട്ടുക.
747
ചാണ്ഡാലൻ [സം.<ചണ്ഡാല] നാ. = ചണ്ഡാലൻ.
ചാണ്ഡാലി [സം.] നാ. 1. ചണ്ഡാലസ്ത്രീ; 2. ചണ്ഡാലവീണ; 3. ദുർഗ; 4. ഐവിരലിക്കോവ.
ചാണ്ഡാലിക [സം.-കാ] നാ. 1. ചണ്ഡാലസ്ത്രീ; 2. ദുർഗ.
ചാതകം [സം.] നാ. വേഴാമ്പൽ.
ചാതകാനന്ദനം [സം.-ആനന്ദന] വി. 'ചാതകത്തെ ആനന്ദിപ്പിക്കുന്നത്' നാ. 1.മേഘം; 2. മഴക്കാലം.
ചാതകി [സം.-ചാതകീ] നാ. = വേഴാമ്പൽപ്പിട.
ചാതം [<സം.പ്രസാദ]നാ. ചോറ്
ചാതി1 [പ.മ.] നാ. ജാതി.
ചാതി2 [<സം.സാതി] നാ. കൂട്ടുകാരൻ, സ്നേഹിതൻ.
ചാതിക്കാരൻ നാ. മധ്യസ്ഥൻ.
ചാതിക്കാരം നാ. മാധ്യസ്ഥം. ചാതിക്കാരമ്പിടിക്കുക = വഴക്ക് പറഞ്ഞൊതുക്കുക, മാധ്യസ്ഥം വഹിക്കുക.

ചാതിക്കുക ക്രി. 1. തോടുക, വച്ചുതൊടുക; 2. തൊട്ടുതീണ്ടപ്പെടുക.
ചാതു [പ.മ.] നാ. സാധു.
ചാതുർജാതകം [സം.-ക] നാ. ചിറ്റേലം, ഇലവർങം, പച്ചില, നാഗപ്പൂവ് എന്നീ നാല് ഔഷധങ്ങളുടെ കൂട്ടം.
ചാതുർഥക,-ഥിക [സം.-ക] വി. 1. നാലിനെ സംബന്ധിച്ച; 2. നന്നാലുദിവസം ഇടവിട്ടുവരുന്ന (ജ്വരം എന്നപോലെ).
ചാതുർഥാ ിക [സം.-അ ിക] നാ. നാലാം ദിവസത്തെ സംബന്ധിച്ച.
ചാതുർഥ്യ [സം.] വി. ചാതുർഥിക.
ചാതുർഥ്യം [സം.] നാ. നാലാംപനി.
ചാതുർദശ [സം.-ദശ] വി. 1. ചതുർദശിയെ സംബന്ധിച്ച; 2. ചതുർദശിദിവസം. പ്രത്യക്ഷപ്പെടുന്ന.
ചാതുർദശികൻ [സം.-ദശിക] നാ. (അനധ്യായദിവസമായ) ചതുർദശിനാൾ വേദഗ്രന്ഥങ്ങൾ വായിക്കുന്ന ആൾ.
ചാതുർഭദ്രകം [സം.-ഭദ്രക] നാ. 1. ചുക്ക് അതിവിടയം മുത്തങ്ങ ചിറ്റമൃത് എന്നീ നാലു മരുന്നുകളുടെ യോഗം; 2. ജീവിതലക്ഷ്യമായ നാലെണ്ണം, ധർമാർഥകാമമോക്ഷങ്ങൾ.
ചാതുർമാസ [സം-മാസ] വി. നാലുമാസം കൊണ്ടുണ്ടാക്കുന്ന.
ചാതുർമാസകൻ [സം.-മാസക]നാ. ചാതുർമാസ്യവ്രതം അനുഷ്ഠിക്കുന്ന ആൾ. (സ്ത്രീ) ചാതുർമാസിക.
ചാതുർമാസി [സം-മാസി] നാ. 1. ഒരുയാഗം; 2. ചാതുർമാസ്യവ്രതആലത്ത് വരുന്ന വെളുത്തവാവ്.
ചാതുർമാസിക [സം.-മാസിക] വി. നാലുമാസത്തിലൊരിക്കൽ സംഭവിക്കുന്ന.
ചാതുർമാസ്യം [സം.-മാസ്യ] നാ. 1. വർഷത്തിൽ നാലുമാസക്കാലം തുടർച്ചയായി അനുഷ്ഠിക്കുന്ന ഒരുവ്രതം.ചാതുർമാസ്യമിരിക്കുക = ചാതുർമാസവ്രതം ആചരിക്കുക.
ചാതുർവർണികന്മാർ [സം.-കാ:] നാ. (ബ.വ.) നാലുവർണങ്ങളിൽപ്പെട്ടവർ.
ചാതുർവർണ്യം [സം.വർണ്യ] നാ. ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ എന്ന നാലുജാതികൾ ചേർന്ന സമുദായവ്യവസ്ഥ.
ചാതുർവിദ്യ [സം.-വിദ്യ] വി. 1. നാലുവേദങ്ങൾ അറിയുന്ന, നാലുവേദങ്ങളെ സംബന്ധിച്ച; 2. നാലുവിധത്തിലുള്ള വിദ്യയെ സംബന്ധിച്ച (ധർമം, അധർമം, കാമം, മോക്ഷം എന്നിവയെ സംബന്ധിച്ച).
ചാതുർവിദ്യം [സം.-വിദ്യ] നാ. 1. നാലുവേദങ്ങൾ; 2. നാലുവിദ്യകൾ.
ചാതുർഹോത്രം [സം.-ഹോത്ര] നാ. 1. നാലു ഋത്വിക്കുകൾ ചേർന്നു നടത്തുന്ന ഒരു യാഗം; 2. നാലുപ്രധാന ഋത്വിക്കുകളുടെ കർത്തവ്യങ്ങൾ; 3. ഹോതാവ് അധ്വര്യു ഉദ്ഗാതാവ് ബ്രഹ്മാവ് എന്നീനാലു പ്രധാന ഋത്വിക്കുകൾ ഉൾക്കൊള്ളുന്ന സമൂഹം.
ചാതുർഹോത്രിയം [സം.-ഹോത്രിയ] നാ. 1. നാലു ഋത്വിക്കുകൾ ചേർന്നുനടത്തുന്ന ഒരു യാഗം; 2. അഗ്നി (നാലു ഋത്വിക്കുകൾ ചേർന്നു സേവിക്കുന്നത്).
ചാതുര1 [സം.<ചതുര] വി. നാലിനെസംബന്ധിച്ച.
ചതുര2 [സം.<ചതുര] വി. 1. സാമർഥ്യമുള്ള; 2. സംഭാഷണചാതുര്യമുള്ള; 3. ഭരിക്കുന്ന; 4. ദൃശ്യമായ.
ചാതുരക [സം.<ചതുരക] വി. ചാതുര്യമുള്ള, പ്രശംസിക്കുന്ന. നാ. 1. തേരാളി; 2. സാമർഥ്യമുള്ളവൻ; 3. ചെറിയ ഉരുളൻ തലയണ.

ചാതുരക്ഷം1 [സം.-അക്ഷ] നാ. 1. നാല് എന്ന എണ്ണം വീഴത്തക്കവിധത്തിലുള്ള പകിടയേറ്; 2. ചൂതുകളിയിൽ നാലുപ്രാവശ്യമുള്ള പകിടയേറ്.
ചാതുരക്ഷം2 [സം.-അക്ഷ] നാ. ചെറിയൗരുളൻ തലയണ.
ചാതുരങ്ഗം [സം.<ചതുരങ്ഗ] നാ. ചതുരങ്ഗപ്പട.
ചാതുരങ്ഗികം [സം.] നാ. ചാതുരങ്ഗം.
ചാതുരം1 [സം.<ചതുർ] നാ. നാലുചക്രങ്ങളുള്ള വണ്ടി.
ചാതുരർഥികം [സം.-അർഥിക] നാ. നാലർഥങ്ങളുള്ളത്.
ചാതുരാശ്രമിക [സം.-ആശ്രമിക] വി. ബ്രഹ്മചര്യം തുടങ്ങിയ നാല് ആശ്രമങ്ങളിൽ ഒന്നിൽ സ്ഥിതിചെയ്യുന്ന.
ചാതുര്യം [സം.] നാ. 1. സാമർഥ്യം; 2. അഴക്, ഭങ്ഗി; 3. സൗശീല്യം, സൗമ്യത; 4. വാചാലത.
ചാതുലിങ്ഗം നാ. ചായില്യം.
ചാതുഷ്കാണ്ഡിക [സം.<-കാണ്ഡ] വി. നാലുകാണ്ഡങ്ങളുള്ള.
ചാതുഷ്ടയ [സം.] വി. 1. ചതുഷ്ടയത്തെ സംബന്ധിച്ച; 2. ചതുഷ്ടയത്തെ അറിയുന്ന; 3. നാലുവിഭാഗങ്ങളുള്ള സൂത്രങ്ങളിൽ സമർഥനായ.
ചാത്തൻ [സം.<ശാസ്താ] നാ. 1. ഒരു സേവാമൂർത്തി; 2. പറയിപെറ്റ പന്തിരുകുലത്തിൽപ്പെട്ട ഒരാൾ; 3. ശാസ്താവ്; 4. ഒരു പുരുഷനാമം.
ചാത്തൻകോഴി നാ. പൂവൻകോഴി.
ചാത്തിര നാ. = യാത്ര. ചാത്തിരക്കളി = നമ്പൂതിരിമാരുടെ ഇടയിൽ പ്രചാരത്തിലുള്ള ഒരു വിനോദകല.
ചാത്തിരൻ1 [<സം.ഛാത്ര] നാ. വിദ്യാർഥി, വേദാധ്യയനം നടത്തുന്നവൻ.
ചാത്തിരൻ2 [<സം.ശാസ്ത്ര] നാ. ചാത്തിരനമ്പൂതിരി.
ചാത്തിരനമ്പൂതിരി നാ. കേരളത്തിലെ ഒരു നമ്പൂതിരിവിഭാഗം, അതിൽപ്പെട്ട ആൾ (സങ്ഘക്കളി നടത്തുക, സദ്യ ഒരുകുക എന്നിവയിൽ ഏർപ്പെടുന്ന നമ്പൂതിരി).
ചാത്ത്1 നാ. 1. വഞ്ചിയുടെ വക്കുകളിൽ വച്ചുകെട്ടുന്ന പലക; 2. തുറമുഖം.
ചാത്ത്2 [സം.<സാർഥ്] നാ. സാർഥവാഹകസങ്ഘം.
ചാത്തു [സം<ശസ്തൃ] നാ. ഒരു പുരുഷനാമം.
ചാത്തുക ക്രി. = ചാർത്തുക.
ചാത്രൻ,-ത്തിരൻ [സം.<ഛാത്ര] നാ. വിദ്യാർഥി, വേദംപഠിക്കുന്ന വിദ്യാർഥി.
ചാത്രം [സം.] നാ. അരണി കടയുന്നതിനുപയോഗിക്കുന്ന കമ്പ്.
ചാനൽ [ഇം.] നാ. നീർച്ചാൽ, തോട്.
ചാനിവല നാ. കായലിൽ മീൻ കോരുന്ന വല.
ചാന്തമ്മി നാ. ചാന്ത് അരയ്ക്കാനുള്ള ചാണ.
ചാന്തി [സം.ശാന്തി] നാ. ശാന്തി. ചാന്തിപ്പുറം = ശാന്തിക്കാരനു പ്രതിഫലമായി കൊടുക്കുന്ന ഭൂമി (ക്ഷേത്രത്തിലെ പൂജാതികൾ നടത്തുന്നതിന് നീക്കിവയ്ക്കുന്ന നിലം, പുരയിടം മുതലായവ). ചാന്തിയടികൾ = (പൂ.ബ.വ.) ശാന്തിക്കാരൻ. ചാന്തിവിരുത്തി = ശാന്തിവിരുത്തി.
ചാന്ത്1 [സം.ചന്ദന] നാ. 1. കറുത്തനിറമുള്ള ഒരിനം കുറിക്കൂട്ട്; 2. ചന്ദനം, കർപ്പൂരം തുടങ്ങിയ സുഗന്ധവസ്തുക്കൾ ചേർത്തുണ്ടാക്കുന്ന ലേപനദ്രവ്യം, കളഭം; 3. ചുണ്ണാമ്പ് കുമ്മായം സിമൻറ് തുടങ്ങിയവ മണലുമായും മറ്റും

കലർത്തിയുണ്ടാക്കുന്നകൂട്ട് (വീടുകെട്ടുന്നതിനും പൂശുന്നതിനും മറ്റും ഉപയോഗം); 4. ടാർ, കീൽ; 5. കളിമണ്ണ്; 6. ഒരു കുറ്റിച്ചെടി (ഇതിൻെറ കായ് ചാന്തുണ്ടാക്കാൻ ഉപയോഗിക്കുന്നു); 7. ചില മരങ്ങളുടെ എണ്ണ. ചാന്തഴിക്കുക = 1. വിഗ്രഹത്തിലാറാടിയ ചാന്ത് നീക്കം ചെയ്യുക; 2. (പ്ര) ആലിങ്ഗനം ചെയ്യുക. ചാന്താടുക = 1. വിഗ്രഹത്തിൽ ചാന്തും കളഭവും കൊണ്ട് അഭിഷേകം നടത്തുക; 2. കുമ്മായക്കൂട്ടു പൂശുക. ചാന്തുകരണ്ടി = തേപ്പുകരണ്ടി. ചാന്തുകാരൻ = 1. കൽപണിയ്ക്ക് ചാന്തുണ്ടാക്കുന്നവൻ; 2. കൽപണിക്കാരൻ. ചാന്തുകുത്തുക,-തൊടുക = ചാന്തുകൊണ്ട് പൊട്ടുതൊടുക. ചാന്തുകുഴയ്ക്കുക = പൊട്ടുതൊടാൻ ചാന്തു ചാലിക്കുക; 2. ചുമരുകെട്ടാന്മ് പൂശാനുമുള്ള ചാന്ത്ണ്ടാക്കുക. ചാന്തുകുറി = ചാന്തുകൊണ്ടുള്ള പൊട്ട്. ചാന്തുകൂട്ടുക = 1. കുറിക്കൂട്ടുണ്ടാക്കുക; 2. തേപുചാന്തുണ്ടാക്കുക. ചാന്തുകോൽ = ചാന്തുതൊടാനുള്ള ചെറിയ കോൽ. ചാന്തുതേക്കുക = 1. ചുമരിൽ ചാന്തുഒഊശുക; 2. ചാന്ത് അണിയുക. ചാന്തുപലക = ചുമരിൽ ചാന്തു തേച്ചു പിടിപ്പിക്കാനുള്ള ഉപകരണം. ചാന്തുപുശുക = 1. ശരീരത്തിലുംവിഗ്രഹങ്ങളിലും മറ്റും കുറിക്കൂട്ടുപൂശുക; 2. ചുമരിൽ കുമ്മായക്കൂട്ട്, സിമൻറ് തുടങ്ങിയവ തേക്കുക. ചാന്തുപടി = ചന്ദനം നൽകുന്നതിനുള്ള പ്രതിഫലം.

ചാന്ത്2 നാ. സമാവർത്തനം.

ചാന്ദനിക [<സം.ചന്ദന] വി. 1. ചന്ദനംകൊണ്ടുണ്ടാക്കപ്പെട്ട, ചന്ദനത്തിൽ നിന്നു ലബിച്ച; 2. ചന്ദനംകൊണ്ടും മണമുള്ളതാക്കിയ.

ചാന്ദ്ര [<സം.ചന്ദ്ര] വി. ചന്ദ്രനെ സംബന്ധിച്ച. ഉദാ: ചാന്ദ്രമാസം.

ചാന്ദ്രക [<സം.]വി. ചന്ദ്രനെ സംബന്ധിച്ച.

ചാന്ദ്രകം [സം.ചാന്ദ്ര-ക] നാ. ചുക്ക്.

ചാന്ദ്രദിനം [സം.ചാന്ദ്ര-ദിന] നാ. ചാന്ദ്രമാസത്തിലെ ഒരു ദിനം, പക്കം (പ്രതിപദം, ദ്വിതീയ, തൃതീയ തുടങ്ങിയവ)

ചാന്ദ്രം [സം.<ചന്ദ്ര] നാ. 1. (ജ്യോ) ചന്ദ്രൻെറ ഗതിയെ ആസ്പദമാക്കി നടത്തുന്ന കാലഗണനം; 2. വെളുത്തപക്ഷം; 3. ചാന്ദ്രമാസം; 4. ചാന്ദ്രവർഷം; 5. ചന്ദ്രകാന്തക്കല്ല്; 6. മകയിരം നക്ഷത്രം; 7. ചാന്ദ്രായണവ്രതം; 8. ഇഞ്ചി; 9. ചാന്ദ്രവ്യാകരണം.

ചാന്ദ്രമസ [സം.<ചന്ദ്രമസ്] വി. ചന്ദ്രനെ സംബന്ധിച്ച, വെളുത്തപക്ഷത്തിലുള്ള.

ചാന്ദ്രമസം [സം.] നാ. 1. മകയിരം നക്ഷത്രം; 2. ഗങ്ഗാ നദിയിലുള്ള ഒരു ഹ്രദം.

ചാന്ദ്രമസി [സം.] വി. ചന്ദ്രനെ സംബന്ധിച്ച, വെളുത്തപക്ഷത്തിലുള്ള. നാ. ബൃഹസ്പതിയുടെ പത്നി.

ചാന്ദ്രമാനം [സം.ചന്ദ്ര-മാന] നാ. (ജ്യോ) ചന്ദ്രൻെറ ഗതിയെ ആസ്പദമാക്കി കാലം കണക്കാക്കുന്ന രീതി.

ചാന്ദ്രമാസം [സം.-മാസ] നാ. (ജ്യോ) ചന്ദ്രനു ഭൂമിയെ ഒരു പ്രാവശ്യം പ്രദക്ഷിണം വയ്ക്കാൻ ആവശ്യമുള്ള കാലം.

ചാന്ദ്രവർഷം [സം.-വർഷ] നാ. (ജ്യോ) പന്ത്രണ്ടു ചാന്ദ്രമാസങ്ങൾ കൂടിയ കാലം.

ചാന്ദ്രവ്യാകരണം [സം.-വ്യാകരണ] നാ. ഒരു സംസ്കൃത വ്യാകരണഗ്രന്ഥം (ചന്ദ്രൻ എന്ന പണ്ഡിതൻ രചിച്ചത്).

ചാന്ദ്രസംവത്സരം [സം.-സംവത്സര] നാ. ചാന്ദ്രവർഷം.

ചാന്ദ്രായണം [<സം.ചന്ദ്ര] നാ. ഒരു വ്രതം (ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങളെ അടിസ്ഥാനമാക്കി ആഹാരത്തെ നിയന്ത്രിക്കുന്നത്).

ചാന്ദ്രായണികൻ [സം.] നാ. ചാന്ദ്രായണവ്രതം അനുഷ്ഠിക്കുന്നവൻ.

ചാന്ദ്രായനൻ [സം.] നാ. ബുധൻ.

ചാന്ദ്രായനി [സം.] നാ. ചാന്ദ്രായനൻ.

ചാന്ദ്രി1 [സം.] നാ. 1. ചന്ദ്രപുത്രൻ, ബുധൻ; 2. നിലാവ്.

ചാന്ദ്രി2 [സം.-ചാന്ദ്രീ] നാ. 1. വെളുത്ത കണ്ടകാരിച്ചുണ്ട; 2. കാർകോകിൽ.

ചാന്ദ്രിക്യ [സം.] നാ. ഒരുജന്യരാഗം, ഹരികാംബോജി.

ചാന്നാട്ടി,-ത്തി നാ. 1. ചാന്നാൻ വർഗത്തിൽപ്പെട്ട സ്ത്രീ; 2. ചാന്നാർ സ്ഥാനമുള്ള ഈഴവകുടുംബത്തിൽപ്പെട്ട സ്ത്രീ.

ചാന്നാൻ നാ. ഒരുജാതി, ആ ജാതിയിൽപ്പെട്ടവൻ, നാടാൻ (കരിമ്പു ചെത്തുന്നത് കുലത്തൊഴിൽ).

ചാന്നായ്മ നാ. 1. ശ്രേഷ്ഠത, മേന്മ; 2. ചാന്നാർസ്ഥാനം.

ചാന്നാർ നാ. (പൂ.ബ.വ) ചില ഈഴവകുടുംബാങ്ഗങ്ങൾക്കുള്ള ഒരു സ്ഥാനപ്പേര്. ഉദാ: ആലും മൂട്ടിൽ ചാന്നാർ.

ചാൻറാൻ നാ. = ചാന്നാൻ.

ചാൻറാന്മാട്ടുമേനിപ്പൊന്ന് നാ. പഴയകാലത്ത് തിരുവിതാങ്കൂറിൽ നിലവിലിരുന്ന ഒരു നികുതി.

ചാപകോഷ്ഠം [സം.-കോഷ്ഠ] നാ. ചാപത്തിന്റെ ആകൃതിയിലുള്ള കോഷ്ഠം, വാക്കുകൾ വരകൾ പാട്ടിലെ ചരണങ്ങൾ മുതലായവയൊന്നായി കണക്കാക്കേണ്ടതാണെന്നുകാണിക്കുന്ന ആടയാളം.

ചാപഖണ്ഡം [സം.-ഖണ്ഡ] നാ. വൃത്തപരിധിയുടെ ഒരു ഭാഗം.

ചാപഗുണം [സം.-ഗുണ] നാ. വില്ലിന്റെ ഞാൺ.

ചാപഘണ്ടാരവം [സം.-ഘണ്ടാരവ] നാ. (സങ്ഗീ) ഒരു ജന്യരാഗം.

ചാപധരൻ [സം.-ധര] നാ. വില്ലാളി.

ചാപപാണി [സം.-പാണി] വി. വില്ലു കയ്യിലേന്തിയവൻ. നാ.വില്ലാളി.

ചാപം [സം.ചാപ] നാ. 1. വില്ല് (സാമാന്യം); 2. മഴവില്ല്; 3. മുളകൊണ്ടുള്ള വില്ല്; 4. ദ്വാരം കുറഞ്ഞതും പുറമ്പരുപരുത്തതുമായ ഒരിനം മുള; 5. (ജ്യോ) ധനുരാശി; 6. വൃത്തപരിധിയുടെയോ വക്രരേഖയുടെയോ ഒരു ഖണ്ഡം; 7. ഒരു ദീർഘമാനം, വിൽപ്പാട്; 8. യുദ്ധത്തിൽ ഉപയോഗിക്കുന്ന ഒരുയന്ത്രം (ശത്രുനിരയിലേക്ക് കല്ലും മറ്റും എറിയാൻ ഉപയോഗം); 9. ഒരുതരം സേനാവ്യൂഹം, ദണ്ഡവ്യൂഹത്തിന്റെ പതിനേഴു വിഭാഗങ്ങളിൽ ഒന്ന്.

ചാപമുദ്ര [സം.-മുദ്രാ] നാ. ഒരുതരം ഹസ്തമുദ്ര (ഇടത്തെകൈകൊണ്ട് വില്ലുപിടിക്കുന്നതുപോലെ കാണിക്കുന്നത്).

ചാപയഷ്ടി [സം.-യഷ്ടി] നാ. വില്ല്.

ചാപയോഗം [സം.-യോഗ] നാ. (ജ്യോ) ദശമം മുതൽ ഏഴുരാശികളിലായി എല്ലാഗ്രഹങ്ങളും നിൽക്കുന്നയോഗം.

ചാപലം [സം.<ചപല] നാ. 1. ആലോചനയില്ലായ്മ, അവിവേകം, എടുത്തുചാട്ടം, സാഹസകൃത്യം; 2. ഇളക്കം, അസ്ഥിരത; (നാട്യ) മുപ്പത്തിമൂണ്ണു സഞ്ചാരിഭാവങ്ങളിൽ ഒന്ന്, രാഗദ്വേഷാദികൾ കൊണ്ട് മനസ്സ് ചഞ്ചലമായിരിക്കുന്ന അവസ്ഥ.

ചാപി [സം.ചാപിൻ] നാ. 1. ചാപം കൈയിലേന്തിയവൻ, വില്ലാളി (സ്ത്രീ) ചാപിനി; 2. ശിവൻ; 3. (ജ്യോ) ധനുരാശി.

749

ചാപിക്കുക [<സം.ചാപ] ക്രി. (ഗണിത) വൃത്തത്തിൻെറ ചാപത്തെ ഗണിക്കുക, വൃത്തചാപത്തിൻെറ നീളം കണക്കാക്കുക.

ചാപിള്ള നാ. ജീവനില്ലാതെ പിരക്കുന്ന ശിശു.

ചാപീകരണം [സം.] നാ. (ഗണിതം ചാപിക്കുക എന്ന ക്രിയ.

ചാപ്പ1 നാ. തോക്കിൻെറ കൊത്തി.

ചാപ്പ2 നാ. (കുറ്റക്കാരനെന്ന് അറിയാവുന്ന അടയാളം, മുദ്ര. ചാപ്പുകുത്തുക,-അറ്റിക്കുക = 1. മുദ്രവയ്ക്കുക; 2. കുറ്റവാളീന്നു കാണിക്കാനേ്വണ്ടി ശരീരത്തിൽ പ്രത്യേക രീതിയിലുള്ള സ്ഥിരമായ അടയാളം ഉണ്ടാക്കുക.

ചാപ്പ3 നാ. പുൽപ്പായ്.

ചാപ്പ4 നാ. 1. ഓലയോ പുല്ലോ മേഞ്ഞകുടിൽ, താത്കാലികമായി ഉണ്ടാക്കിയ കൂര; 2. മീൻ ഉണക്കി സൂക്ഷിക്കാൻ ഉണ്ടാക്കുന്ന ഓലപ്പുര.

ചാപ്പ5 നാ. 1. ചെറിയ കട; 2. കള്ളോ ചാരായമോ വിൽക്കുന്നിടം.

ചാപ്പ6 നാ. 1. കീശ; 2. തുണിക്കണ്ടം (കീറിയഭാഗം മറയ്ക്കാനും മറ്റുമായി വച്ചുപിടിപ്പിക്കുന്നത്).

ചാപ്പൽ [ഇം.] നാ. (ക്രിസ്തു) ചെറിയ ആരാധന മന്ദിരം.

ചാപ്പറ,-പ്ര നാ. ഓലമേഞ്ഞ രണ്ടുതട്ടികൾ ചേർത്തുണ്ടാക്കുന്ന ഒരിനം കൂര (കൊപ്ര, മത്സ്യം, മലഞ്ചരക്കുകൾ മുതലായവ സൂക്ഷിക്കുന്നതിന് ഉപയോഗിക്കുന്നു).

ചാപ്പാട്ട്,ശാ- നാ. ഊണ്, ഭക്ഷണം. ചാപ്പാട്ടുരാമൻ = ധാരാളം ഭക്ഷിക്കുന്നവൻ, തിമ്മൻ.

ചാപ്പാണം [യാഴ്പാണം] നാ. വടക്കൻ സിലോണിലെ ഒരുപ്രദേശം, ജാപ്പാണം. ചാപ്പാണൻ = ചാപ്പാണത്തുള്ള, ചാപ്പാണത്തുനിന്നും കൊണ്ടുവന്ന (പുകയില).

ചാപ്പിടുക1,ശാ-,സാ- ക്രി. ഭക്ഷിക്കുക, തിന്നുക.

ചാപ്പിടുക2 ക്രി. ചാപ്പയടിക്കുക.

ചാപ്പ നാ. 1. (സങ്ഗീ) ഒരുതാളം; 2. (സങ്ഗീ) മൃദംഗത്തിൻെറ വലന്തലയിലുള്ള ചോറിന്മേൽ അടിക്കുന്നതിനുള്ള ഒരു സാങ്കേതികസംജ്ഞ.

ചാപ്സ് [ഇം.] നാ. ഒരു പ്രത്യേകതരം ഇറച്ചിക്കറി.

ചാപ്ര നാ. = ചാപ്പറ.

ചാമ [സം.ശ്യാമാക] നാ. ഒരു തൃണധാന്യം, പുല്ലരി.

ചാമണം നാ. (തട്ടാന്മാരുടെ) കൊടിൽ, ചവണ.

ചാമൻ [സം.ശ്യാമ] നാ. രാമൻ.

ചാമന്തൻ [മ.ശാമംത] നാ. സാമന്തൻ.

ചാമം1 നാ. ക്ഷാമം, പട്ടിണി, ദാരിദ്ര്യം.

ചാമം2 [പ്രാ.ജാമ] നാ. യാമം.

ചാമം3 [സം.ശ്യാമ] നാ. ശ്യാമം.

ചാമർ നാ. ഹിന്ദുക്കളിൽ താഴ്ന്ന ഒരുജാതി.

ചാമർത്തം നാ. സമാവർത്തനം.

ചാമര [സം.<ചമര] വി. ചമരിമൃഗത്തെ സംബന്ധിച്ച. നാ. 1. ചാമരം; 2. ഒരുതരം പുത്തിരി (വെഞ്ചാമരത്തിൻെറ ആകൃതിയിൽ കത്തുന്നതുകൊണ്ട്).

ചാമരഗ്രാഹൻ [സം.-ഗ്രാഹ] നാ. ചാമരം പിടിക്കുന്നവൻ.
ചാമരഗ്രാഹി [സം.ഗ്രാഹിൻ] നാ. ചാമരം പിടിക്കുന്നവൻ. (സ്ത്രീ) ചാമരഗ്രാഹിണി.
ചാമരപുഷ്പകം [സം.-പുഷ്പക] നാ. = ചാമരപുഷ്പം.
ചാമരപുഷ്പം [സം.-പുഷ്പ] വി. ചാമരമ്പോലെയുള്ള പൂങ്കുലയുള്ളത്. നാ. 1. കവുങ്ങ്; 2. പൂക്കൈത; 3. കുരുവിക്കരിമ്പ്; 4. മാവ്.
ചാമരം [സം.] നാ. 1. ചമരിമൃഗത്തിൻെറ വാല്; 2. കുതിരകളുടെയും മറ്റും തലയിൽ അലങ്കാരത്തിനുവേണ്ടി വച്ചുപിടിപ്പിക്കുന്ന ചമരിവാൽപോലുള്ള തൊങ്ങൽ; 3. കഥകളിവേഷക്കാർ തലയിൽവെച്ചുകെട്ടുന്ന കൃത്രിമ മുടി; 4. ഒരുവരിയിൽ 15 അക്ഷരങ്ങൾവീതം നാലുപാദങ്ങളുള്ള ഒരു സംസ്കൃതവൃത്തം; 5. രസം; 6. മാവ്; 7. (സങ്ഗീ) ഒരുരാഗം.
ചാമരയോഗം [സം.-യോഗ] നാ. (ജ്യോ) ഒരുയോഗം (വെളുത്തപക്ഷത്തിൽ പകൽ ജനിക്കുന്ന ഒരാളുടെ ലഗ്നാധിപൻ ഉച്ചത്തിൽ നിൽക്കുകയും വ്യാഴം രണ്ടിലോ കേന്ദ്രത്തിലോ നിൽക്കുകയും ചെയ്യുന്നതുമൂലം ഉണ്ടാകുന്ന ഗ്രഹയോഗം).
ചാമർ [സം.ചാമരിൻ]നാ. 1. കുതിര; 2. വെൺചാമരം.
ചാമരികൻ [സം.] നാ. ചാമരഗ്രാഹൻ.
ചാമരോപചാരം [സം.ഉപചാര] നാ. ദേവപൂജയിലെ ഷോഡശോപചാരങ്ങളിൽ ഒന്ന്.
ചാമി [മാ.ശാമി] നാ സ്വാമി.
ചാമീകരം [സം.] നാ. 1. സ്വർണം; 2. ഉമ്മത്ത്.
ചാമീകരീയ [സം.] വി. സ്വർണംകൊണ്ടുള്ള.
ചാമുണ്ടി നാ. ചാമുണ്ഡി.
ചാമുണ്ഡി [സം.ചാമുണ്ഡാ] നാ. 1. ദുർഗ, ചണ്ഡമുണ്ഡന്മാരെ നിഗ്രഹിച്ചവൾ (കാളി, ദുർഗ, ദേവി എന്നീ സങ്കൽപങ്ങളിൽ ആരാധിക്കുകയും തെയ്യംകെട്ടി ആടിക്കുകയും ചെയ്യുന്ന അനേകം ദേവതകളെ കുറിക്കാനും ഈ പദം പ്രയോഗിച്ചുകാണുന്നു.); 2. (സങ്ഗീ) ഒരു ജന്യരാഗം.
ചാമ്പ നാ. = ജാംബ.
ചാമ്പക്കുഴി നാ. 1. ചാമ്പൽ സംഭരിക്കുന്നതിനുള്ള കുഴി; 2. ശവം ദഹിപ്പിക്കുന്നതിനുവേണ്ടി തയാറാക്കുന്ന കുഴി.
ചാമ്പൻ നാ. പറയജാതിയിലെ ഒരു അവാന്തരവിഭാഗം, അതിൽപ്പെട്ടയാൾ. (സ്ത്രീ) ചാമ്പത്തി, ചാമ്പാട്ടി.
ചാമ്പപ്പുര നാ. ചാരം സൂക്ഷിക്കുന്നതിനുള്ള പുര, വളപ്പുര.
ചാമ്പൽ1 നാ. വസ്തുക്കൾ എരിഞ്ഞുശേഷിക്കുന്ന പൊടി, ചാരം.
ചാമ്പൽ2 [ചാമ്പുക] നാമരൂപം. ചാമ്പുകയെന്ന പ്രവൃത്തി.
ചാമ്പൽബുധനാഴ്ച നാ. ക്രിസ്ത്യാനികളുടെ അൻപതുനോമ്പ് (വലിയനോമ്പ്) തുടങ്ങുന്ന ബുധനാഴ്ച.
ചാമ്പൽമൂടൽ നാ. സഞ്ചയനത്തിനുശേഷം ശവക്കുഴി മൂടുന്ന ചടങ്ങ്.
ചാമ്പറ നാ. ചാമ്പ്ര. ചാമ്പറമുറിക്കുക = ചരിച്ചുവെട്ടുക.
ചാമ്പാൻ നാ. പറയൻ സ്ത്രീ, ചാമ്പാത്തി. ചാമ്പൻപാട്ട് = പുരാതനകാലത്ത് കേരളത്തിൽ പ്രചാരത്തിലിരുന്ന ഒരിനം പാട്ട് (ചാമ്പന്മാരുടെ പാട്ടായതിനാൽ ഈ പേര്).
ചാമ്പ് [ചാമ്പുക] ധാതുരൂപം.

ചാമ്പുക ക്രി. 1. ചുരുങ്ങുക; 2. അൽപം അടയുക (കണ്ണെന്നപോലെ); 3. കൂമ്പുക, വാടുക (പൂക്കളും മറ്റും); 4. വിളറുക, പ്രഭയില്ലാതാവുക; 5. മയങ്ങുക, ബോധംകെടുക; 6. ശക്തിയായി തെറിപ്പിക്കുക (വള്ളമെന്നപോലെ); 7. അരിവയ്ക്കുക, തോടുകളയുക; 8. അടിക്കുക.

ചാമ്പുക്കുഴൽ നാ. പീച്ചാംകുഴൽ.

ചാമ്പേയകം [സം.] നാ. 1. ചമ്പകവൃക്ഷം; 2. താമരയല്ലി.

ചാമ്പേയം [സം.] നാ. 1. ചമ്പകം; 2. ഉമ്മത്ത്; 3. നാഗപ്പൂവ്; 4. സ്വർണം; 5. താമരയല്ലി.

ചാമ്പ്യൻ [ഇം.] നാ. കായികമത്സരങ്ങളിലെ ജേതാക്കളിൽ ഒന്നാമൻ.

ചാമ്പ്ര വി. ചരിവുള്ള, കിഴുക്കാം തൂക്കായ.

ചാമ്പ്രമേശ നാ. മുകൾപ്പലക ചരിച്ചുവച്ചു നിർമ്മിച്ചിട്ടുള്ള മേശ.

ചാമ്പ്രാണി നാ. സുഗന്ധമുള്ള ഒരുതരം ധൂപദ്രവ്യം, സാമ്പ്രാണി.

ചായ്[ചായുക] ധാതുരൂപം.

ചായ്പൻ [ചായുക] നാ. വളഞ്ഞത്. ഉദാ: ചായ്പൻ വാൾ.

ചായ്പ്പ് നാ. കൂര താഴ്ത്തി കെട്ടിയുണ്ടാക്കിയ മുറി.

ചായ്മാനം നാ. 1. ചരിവിന്റെ തോത്; 2. അമച്ചിൽ; 3. ആഭിമുഖ്യം, താത്പര്യം; 4. ഊന്ന്, ചാര്.

ചായ്വ് [ചായുക] നാ. 1. ചരിവ്; 2. ഇറക്കം; 3. വളവ്; 4. ആഭിമുഖ്യം, താത്പര്യം.

ചായ നാ. 1. തേയിലച്ചെടി; 2. വിൽപനയ്ക്കുതയ്യാറാക്കിയ തേയില, ചായപ്പൊടി, ചൂടുതേയിലവെള്ളത്തിൽ പാലും പഞ്ചസാരയും ചേർത്ത് തയ്യാറാക്കുന്ന പാനീയം.

ചായക്കാരൻ നാ. അലക്കുകാരിൽ ഒരു ജാതി (തുണികളിൽ ചായമ്പിടിപ്പിക്കുന്ന ജോലി മുമ്പു ചെയ്തിരുന്നതിനാൽ). ചായക്കാററുകുട = തിരുവിതാങ്കൂറിൽ നിലവിലിരുന്ന ഒരു നികുതി.

ചായക്കുറുപ്പ് നാ. ഒരുജാതിവിഭാഗം (പട്ടി, വില്ല് തുടങ്ങിയവയ്ക്ക് ചായംകൊടുക്കുന്നത് തൊഴിൽ).

ചായച്ചീല നാ. നിറം മുക്കിയ ഓണക്കോടി.

ചായത്തുണി നാ. ചായം പിടിപ്പിച്ച തുണി.

ചായപ്പണി നാ. 1. ചായംപിടിപ്പിക്കുന്ന ജോലി, ചായം പിടിപ്പിക്കൽ; 2. കൃത്രിമവിദ്യ, പുറംപൂച്ച്.

ചായം [സം.ഛായാ] നാ. നിറംകൊടുക്കുന്ന ദ്രവ്യം, നിറം. ചായം അടിക്കുക,-ഇടുക = വർണദ്രവ്യങ്ങൾ ഉപയോഗിച്ച് നിറം പിടിപ്പിക്കുക.

ചായമക്കാൻ നാ. ചായപ്പീടിക

ചായൽ1 [<ചായുക] നാ. ചായ്വ്

ചായൽ2 നാ. തലമുടി

ചായൽ3 [സം.ഛായാ] നാ. 1. ചായം; 2. ആകൃതി, രൂപം, രൂപസാദൃശ്യം, തുല്യത. ഉദാ: മുഖച്ചായൽ; 3. പ്രതിച്ഛായ, നിഴൽ; 4. ഭങ്ഗി, ശോഭ; 5. മഞ്ഞൾ

ചായആൾ നാ. തലമുടിയുള്ളവൾ, സുന്ദരി

ചായിക്കുക [ചായുക>പ്രയോ] ക്രി. ചായാൻ കാരണമാകുക

ചാർച്ച                    നാ.    1. ബന്ധുത്വം, ഉടപ്പം; 2. സൗഹൃതം, വേഴ്ച.
ചാർച്ചമുറിക്കുക = 1. വിവാഹമോചനം നടത്തുക; 2. ബന്ധം ഉപേക്ഷിക്കുക (പ്ര) കെട്ടിച്ചാർച്ച, ചോരച്ചാർച്ച
ചാർച്ചക്കാരൻ                    നാ.    ബന്ധു, കുടുംബബന്ധംകൊണ്ടോ സ്നേഹംകൊണ്ടോ അടുപ്പമുള്ള ആൾ
ചാർച്ചിക            [സം.] വി.    'ചർച്ചയെ സംബന്ധിച്ച' (വേദത്തിലെ) പദപാഠം അറിയാവുന്ന.
ചാർച്ചിക്യം            [സം.] നാ.    1. സുഗന്ധലേപനങ്ങൾ ശരീരത്തിൽ പൂശൽ; 2. കുറിക്കൂട്ട്.
ചാർജ്            [ഇം.] നാ.    1. കൂലി, നിരക്ക്, വില; 2. ചുമതല, ഉത്തരവാദിത്വം; 3. കുറ്റാരോപണം, കുറ്റപത്രം. ഉദാ: ചാർജ്ഷീറ്റ് = കുറ്റപത്രം; 4. ആക്രമണം, പാഞ്ഞുവന്നാക്രമിക്കൽ. ഉദാ: ലാത്തിച്ചാർജ്
ചാർത്തൽ            [ചാർത്തുക]            നാമരൂപം
ചാർത്തവകാശം                    നാ.    ചാർത്തുപ്രകാരമുള്ള അവകാശം, ജന്മം ഒറ്റി തുടങ്ങിയ അവകാശം
ചാർത്തിക്കുക            [-ത്തുക>പ്രയോ]    ക്രി.    ചാർത്തുവാൻ പ്രേരിപ്പിക്കുക
ചാർത്ത്1                    നാ.    1. ആഭരണം, വസ്ത്രം, കുറിക്കൂട്ട് മുതലായവ അണിയുകയോ അണിയിക്കുകയോ ചെയ്യൽ, അലങ്കാരം, അലങ്കാരത്തിനുവേണ്ട വസ്തുക്കൾ; 2. ഭങ്ഗി, ചന്തം; 3. കന്നുകാലികളുടെ നെറ്റിയിലുള്ള ചുട്ടി; 4. എഴുത്ത്, കുറിമാനം, കുറിപ്പടി; 5. രേഖ, ആധാരം, പ്രമാണം; 6. രേഖപ്പെടുത്തൽ, പട്ടികയിൽ ചേർക്കൽ; 7. കൂട്ടം, സമൂഹം; 8. ചേർപ്പ് (തടിക്കഷണങ്ങൾ, തോണിപ്പലക മുതലായവയുടേത്); 9. പ്രധാനകെട്ടിടത്തോടു ചേർത്തുണ്ടാക്കിയ മുറി, ഇറക്ക്, ചായിപ്പ്; 10. തുറമുഖം
ചാർത്ത്2            [സം.സാർഥ] നാ.    1. വ്യാപാരസങ്ഘം; 2. വ്യാപാരവസ്തുക്കൾ
ചാർത്തുക                    ക്രി.    1. വസ്ത്രം ആഭരണം കുറിക്കൂട്ട് മുതലായവ അണിയുക അണിയിക്കുക, അലങ്കരിക്കുക; 2. എഴുതുക എഴുതിച്ചേർക്കുക, രേഖപ്പെടുത്തുക, പട്ടികയിൽപ്പെടുത്തുക; 3. വരയ്ക്കുക (ചിത്രമെന്നപോലെ); 4. (ഭൂമി കൈമാറ്റംചെയ്യാനുള്ള) പ്രമാണം ചമയ്ക്കുക; 5. കണ്ടെഴുതുക, വസ്തുവിന്റെ ആദായംകണക്കാക്കി കരം നിശ്ചയിക്കുക; 6. കരുതുക, ഉദ്ദേശിക്കുക; 7. ചേർക്കുക, ഒരുമിപ്പിക്കുക; 8. അടിക്കുക, ദേഹോപദ്രവമേൽപിക്കുക (പ്ര) അങ്കംചാർത്തുക, തുല്യംചാർത്തുക
ചാർത്തുകാരൻ                    നാ.    1. സർവേയർ, കണ്ടെഴുത്തുകാരൻ; 2. പ്രമാണം എഴുതിവാങ്ങുന്ന ആൾ, പാട്ടക്കാരൻ
ചാർത്തുകുറി                    നാ.    ബിംബത്തിൽ ചാർത്തുന്നതിനുള്ളകുറിക്കൂട്ട്
ചാർത്തുപടി                    നാ.    പേർവഴി എഴുതിയ കണക്ക്
ചാർത്തുമുറി                    നാ.    ചാർത്ത് സംബന്ധിച്ച പ്രമാണം
ചാർത്തോടം                    നാ.    പൂജയ്ക്കുവേണ്ട ചന്ദനം എടുത്തുവയ്ക്കുന്ന ചെറിയ കിണ്ണം
ചാർന്ന            [ചാരുക]        വി.    1. ചാർച്ചയുള്ള, ബന്ധുതയുള്ള; 2. ഒരു ഉപമവാചകം. (പ്ര) ചാർന്ന മേനോന്മാർ = മെനോന്മാരിൽ ഒരു വിഭാഗം കോവിലകങ്ങളുമായും നമ്പൂതിരി ഇല്ലങ്ങളുമായും ബന്ധപ്പെട്ടവർ

ചാർന്നവൻ [ചാർന്നോൻ] നാ. 1. ചാർച്ചക്കാരൻ; 2. (രാജസ്വരൂപത്തോടും മറ്റും) ചാർച്ചയുള്ള സേവകൻ
ചാർമ [സം< ചർമ] വി. 1. തുകൽകൊണ്ടുണ്ടാക്കിയ; 2. തോലുകൊണ്ടുപൊതിഞ്ഞ (വാഹനം എന്നപോലെ); 3. പരിചകൊണ്ടുരക്ഷിക്കപ്പെടുന്ന, പരിചയോടുകൂടിയ
ചാർമണ [സം.] വി. ചർമത്തെ സംബന്ധിച്ച, തോൽകൊണ്ടുമൂടിയ, തൊലിപൊതിഞ്ഞ
ചാർമണം [സം.] നാ. 1. തോൽക്കൂട്ടം; 2. പരിചക്കൂട്ടം
ചാർമാനം നാ. ചായ്മാനം, ചായ്വ്
ചാർമിക [സം.< ചർമ] വി. തുകൽകൊണ്ടുണ്ടാക്കിയ
ചാർമിണം [സം.] നാ. പരിചക്കാരുടെകൂട്ടം
ചാർവങ്ഗ [സം.ചാരു-അങ്ഗ] വി. മനോഹരമായ ശരീരമുള്ള, സൗന്ദര്യമുള്ള, ലാവണ്യമുള്ള.
ചാർവങ്ഗി [സം.-അങ്ഗീ] നാ. 1. സുന്ദരി; 2. (സങ്ഗീ) ഒരു രാഗം.
ചാർവാകൻ [സം.] നാ. 1. ഭൗതികവാദിയായിരുന്ന ഒരു ഭാരതീയ തത്ത്വജ്ഞാനി; 2. ചാർവാകൻെറ മതത്തിൽ വിശ്വസിക്കുന്നവൻ, ഭൗതികവാദി
ചാർവാകം [സം.-ക] നാ. ചാർവാകമതം
ചാർവാകൃതി [സം.-ആകൃതി] നാ. ഭങ്ഗിയുള്ളരൂപം
ചാർവി [സം.-ചാർവീ]നാ. 1. സുന്ദരി; 2. കാന്തി, ശോഭ; 3. ചന്ദ്രിക; 4. ബുദ്ധി; 5. സാമർഥ്യം; 6. കുബേരൻെറ ഭാര്യ
ചാര [സം.] വി. സഞ്ചരിക്കുന്ന, പോകുന്ന
ചാരകൻ [സം.ചാരക] നാ. 1. ചാരൻ; 2. വാഹനം ഓടിക്കുന്നവൻ; 3. ഇടയൻ; 4. നേതാവ്, തലവൻ; 5. കൂട്ടുകാരൻ, സ്നേഹിതൻ; 6. കുതിരക്കാരൻ; 7. പഠിക്കാൻവേണ്ടി ദേശാടനം ചെയ്യുന്നവൻ
ചാരകം1 [സം.] നാ. 1. വിലങ്ങ്; 2. ജയിൽ; 3. മുരള്മരം; 4. വിഷം
ചാരകം2 [സം.സാരഘ] നാ. തേൻ
ചാരകം3 [പ്രാ] നാ. ഇന്തുപ്പ്
ചാരക്കാളി നാ. 1. ഒരിനം വാഴ (കായിൽ ചാരനിറമുള്ള പൊടിയുള്ളത്); 2. ഒരിനം മൈന (തലയ്ക്കു ചാരനിറമുള്ളത്)
ചാരക്കുട്ടൻ നാ. ഒരിനം പക്ഷി
ചാരക്കുഴി നാ. ചാമ്പൽ സൂക്ഷിക്കുന്ന കുഴി.
751
ചാരചക്ഷുസ്സ് [സം.-ചക്ഷുസ്] നാ. ചാരന്മാരിൽനിന്ന് എല്ലാക്കാര്യങ്ങളും അറിയുന്നവൻ, രാജാവ്
ചാരണഗീതം [സം.-ഗീത] നാ. ഒരു വൃത്തം
ചാരണത,ത്വം [സം.] നാ. നാട്യവിദ്യ, നാട്യം
ചാരണൻ [സം.] നാ. 1. നാട്യക്കാരൻ; 2. ദേവഗണങ്ങളിൽ ഒന്ന്, ദേവഗായകൻ; 3. സ്തുതിപാഠകൻ; 4. യാത്രക്കാരൻ; 5. ചാരൻ; 6. പ്രതിനിധി; 7. ജൈനസന്യാസി; 8. സിദ്ധൻ
ചാരണം [സം.] നാ. 1. ചലിപ്പിക്കൽ; 2. ഒരിനം ത്വഗ്രോഗം, താരൻ
ചാരത്ത്,ചാരെ അവ്യ. സമീപത്ത്

ചാരൻ [സം.] നാ. 1. ഒറ്റുകാരൻ, വേഷം മാറിനടന്നു ശത്രുക്കളുടെ വർത്തമാനങ്ങൾ അറിയുന്നവൻ; 2. ദൂതൻ
ചാരഫലം [സം.-ഫല] നാ. (ജ്യോ) ജനിച്ചകൂറിൽനിന്ന് ഗ്രഹങ്ങൾ ഓരോരാശിയിലും മാറുമ്പോഴുള്ള ഫലം
ചാരം1 [സം.] നാ. 1. സഞ്ചരിക്കൽ, ഗമനം; 2. അനുഷ്ഠാനം, ആചാരം; 3. ചക്രത്തിലും മറ്റും കാലുവയ്ക്കുന്ന ഭാഗം; 4. വിലങ്ങ്
ചാരം2 [പ്രാ] നാ. വസ്തുക്കൾ തീയിൽ ദഹിച്ചുണ്ടാകുന്ന പൊടി, ഭസ്മം
ചാരം3 [<ചാരുക] നാ. കെട്ടിടത്തിൻെറ ഭിത്തികെട്ടുന്നതിനും മറ്റുമായി കഴകൾ നാട്ടി പലകവച്ചുണ്ടാക്കുന്ന തട്ട്
ചാരം4 നാ. സമീപം. (താരത) ചാരത്ത്
ചാരൽ [<ചാരുക] നാ. മറ്റൊന്നിലേക്കു ചാരിനിൽക്കൽ, താങ്ങ്
ചാരവലയം [സം.-വലയ] നാ. ചാരന്മാരുടെ സമൂഹം
ചാരവേ അവ്യ. = ചാരത്ത്
ചാരായം [<സാരക] നാ. കൾൽ കരുവേലപ്പട്ട തുടങ്ങിയവ ഇട്ടു വാറ്റിയെടുക്കുന്ന ഒരു ലഹരിപദാർഥം
ചാരി [സം.ചാരിൻ] നാ. 1. സഞ്ചരിക്കുന്നവൻ, വഴിയാത്രക്കാരൻ; 2. കലാൾപ്പടയാളി; 3. ഭൃത്യൻ. (സ്ത്രീ) ചാരിണി; 4. (നാട്യ) രങ്ഗസഞ്ചാരം
ചാരിത [സം.] വി. ചരിപ്പിക്കപ്പെട്ട
ചാരിതാർഥ്യം [<സം.]നാ. ചെയ്യേണ്ടതു ചെയ്തു എന്ന സംതൃപ്തി, ചാരിതാർഥത
ചാരിത്രദൂഷണം [സം.-ദൂഷണ] നാ. 1. ചാരിത്രം നശിപ്പിക്കൽ; 2. മര്യാദകേട്
ചാരിത്രദോഷം [സം.-ദോഷ] നാ. ചാരിത്രം നശിക്കൽ
ചാരിത്രം [സം.] നാ. 1. സ്വഭാവം, പെരുമാറ്റം; 2. സത്സ്വഭാവം, നല്ലനടത്ത; 3. (സ്ത്രീകളുടെ) സ്വഭാവശുദ്ധി, പാതിവ്രത്യം; 4. കഥ, ചരിത്രം; 5. നാട്ടുനടപ്പ്, ആചാരം; 6. കുലധർമാനുഷ്ഠാനം
ചാരിത്രവതി [സം-വതീ] നാ. ചാരിത്രം ഉള്ളവൾ, പതിവ്രത.
ചാരിത്രശുദ്ധി [സം.-ശുദ്ധി] നാ 1. സ്വഭാവനൈർമല്യം; 2. പാതിവ്രത്യം
ചാരിത്ര്യം [<സം.ചാരിത്ര] നാ. 1. ലൈങ്ഗികജീവിതത്തിൽ പുലർത്തുന്ന വിശ്വസ്തത, പാതിവ്രത്യം; 2. സ്വഭാവശുദ്ധി
ചാരിയ നാ. (വ്യാക) ശബ്ദങ്ങളോട് പ്രത്യയം ചേരുമ്പോൾ ഉച്ചാരണസൗകര്യത്തിനുവേണ്ടി ഇടയ്ക്കു വന്നുകൂടുന്ന വർണമോ അക്ഷരമോ
ചാര്1 [<ചാരുക] നാ. 1. ചാരുമതിൽ; 2. ഊന്ന്; 3. ചാരിയിരിക്കാനുള്ള പലകയോ മറ്റു പണിത്തരമോ; 4. മധ്യസ്ഥൻ, മൂന്നാമൻ; 5. മറ്റൊരുത്തൻെറ പേർക്ക് വിശ്വസിച്ച് എഴുതിവാങ്ങുന്ന പ്രമാണം
ചാര്2 നാ. 1. (നായന്മാരുടെയും മറ്റും) പേരുകൾക്കുപിന്നിൽ ചേർക്കുന്ന ഉപചാരപദം ഉദാ: രാമച്ചാര്; 2. പരിഹാസം അതിപരിചയം ഇവയെക്കുറിക്കുന്നതിന് നാമത്തിൻെറ പിന്നിൽ ചേർക്കുന്ന ഒരുപദം. ഉദാ: കിഴവച്ചാര്
ചാര്3 നാ. ഒരു വൃക്ഷം, ചേര്
ചാരു [സം.] വി. 1. ഭങ്ഗിയുള്ള, ആകർഷണീയമായ. അവ്യ. ഭങ്ഗിയായി. നാ. 1. ബൃഹസ്പതി; 2. കൃഷ്ണനു രുഗ്മിണിയിലുണ്ടായ ഒരു പുത്രൻ; 3. കുങ്കുമം.
ചാരുക ക്രി. 1. മറ്റൊന്നിനെ ആലംബമാക്കുക, ചാഞ്ഞ് മറ്റൊന്നിനെ ആശ്രയിക്കുക. ഉദാ: ചുമരുചാരിയിരിക്കുക; 2. ചാർച്ച ഉണ്ടാകുക, ബന്ധപ്പെടുക; 3.

(പൂർണമായി അടയാത്തവിധത്തിൽ) കതകിൻെറയും മറ്റും പാളി അടുപ്പിക്കുക. ചാരിയാൽ ചാരിയതും മണക്കും (പഴ)
ചാരുകുന്തള [സം.-കുന്തലാ] നാ. (സങ്ഗീ) ഒരു രാഗം, ചാരുകേശി
ചാരുകേശി [സം.-കേശിൻ] നാ. 1. (സങ്ഗീ) ഒരു രാഗം; 2. മനോഹരമായ കേശമുള്ളവൻ, സുബ്ദരൻ (സ്ത്രീ) ചാരുകേശിനി
ചാരുചാവട്ട [ചാര്1-ചാവട്ട] നാ. ചാരിയിരിക്കാനുള്ള തലയണ
ചാരുത, -ത്വം [സം.-താ] നാ. സൗന്ദര്യം, മനോഹാരിത
ചാരുതനു [സം.] നാ. 1. ഭങ്ഗിയുള്ള ശരീരം; 2. മനോഹരമായ ശരീരമുള്ളവൾ, സുന്ദരി
ചാരുതര [സം.-തര] വി. അധികം ഭങ്ഗിയുള്ള, ഏറെ ചന്തമുള്ള
ചാരുതരം [സം.-തര] അവ്യ. ഭങ്ഗിയായി
ചാരുദതി [സം.-ദതി] നാ. 'മനോഹരമായ പല്ലുള്ളവൾ' സുന്ദരി.
ചാരുദത്തം [സം.] നാ. ഭാസൻെറ ഒരു നാടകം
ചാരുദർശന [സം.-ദർശന] വി. കാണാൻ അഴകുള്ള, സൗന്ദര്യമുള്ള
ചാരുനയന [സം.-നയന] വി. മനോഹരമായ കണ്ണുള്ള, സൗന്ദര്യമുള്ള
ചാരുനേത്ര [സം.-നേത്രാ] നാ. 1. മനോഹരമായ കണ്ണുള്ളവൾ, സുന്ദരി; 2. ഒരു അപ്സരസ്സ്
ചാരുപടി [ചാര്1-പടി] നാ. 1. ചാരിയിരിക്കത്തക്കവിധം തടികൊണ്ടുണ്ടാക്കിയിട്ടുള്ള ഇരിപ്പിടം; 2. തുറന്നുവച്ചാൽ കിടന്നുറങ്ങാനുതകുന്ന തട്ടുപടി
ചാരുപർണി [സം.] നാ. തലനീളി, പ്രസാരണി
ചാരുഫല [സം.-ഫലാ] നാ. മുന്തിരിവള്ളി
ചാരുമട്ടം നാ. കല്ലാശാരിമാർ ലംബവും നിരപ്പും മറ്റും നോക്കാനുപയോഗിക്കുന്ന ഒരു ഉപകരണം
ചാരുമതിൽ [ച്ചര്1-മതിൽ] നാ. താങ്ങുമതിൽ (മതിലിൻെറ ഉറപ്പിനായി ചരിച്ചുകെട്ടുന്നത്)
ചാരുമാനം [ചരു-മാന] നാ. 1. ചാരിയിരിക്കാനുള്ള ഉപകരണം; 2. ചരിവ്; 3. ചാരാധാരം; 4. മറ്റൊരാളിൻെറ പേരുവച്ച് എഴുതിവാങ്ങുന്ന കത്ത്
ചാരുമുഖി [സം.-മുഖീ] നാ. 'സുന്ദരമായ മുഖത്തോടുകൂടിയവൾ' 1. സുന്ദരി; 2. ഒരു സംസ്കൃതവൃത്തം
ചാരുമുറി [ചാര്1-മുറി] നാ. 1. ചാരെഴുതിയ പ്രമാണത്തിൻെറ ഒഴിമുറി; 2. ഇണക്ക്; 3. കണക്കിൽകൊള്ളിച്ചിരുന്ന ഇനങ്ങളെ പിന്നീട് പട്ടികയിൽനിന്നു മാറ്റൽ
ചാരുമെത്ത [ചാര്1-മെത്ത] നാ. ചാരിയിരിക്കാനുള്ള ചെറിയ മെത്ത
ചാരുരത്തം [സം.-രത്ത] നാ. സ്വർണം
ചാരുരവ [സം.-രവ] വി. ആകർഷകമായ ശബ്ദമുള്ള
ചാരുരാവ [സം.-രാവാ] നാ. ശചീദേവി
ചാരുരൂപ [സം.-രൂപ] വി. മനോഹരമായ രൂപമുള്ള, സൗന്ദര്യമുള്ള
ചാരുലോചന [സം.ലോചന] വി. മനോഹരമായ കണ്ണുകളുള്ള, മനോഹരി
ചാരുലോചനം [സം.] നാ. മാൻ
ചാരുവർധന [സം.-വർധനാ] നാ. സ്ത്രീ
ചാരുവാദി [സം.-വാദിൻ] വി. മനോഹരമായി സംസാരിക്കുന്ന
ചാരുവേശ [സം.-വേശ] വി. ഭങ്ഗിയായി വസ്ത്രം ധരിച്ച

ചാരിവ്രത [സം.-വ്രതം] നാ. ഒരുമാസം മുഴുവൻ ഉപവാസം അനുഷ്ഠിക്കുന്ന സ്ത്രീ
ചാരുശില [സം.-ശിലാ] നാ. 1. രത്നം; 2. ഭങ്ഗിയുള്ള ശില
ചാരുശീല [സം.-ശീല] വി. നല്ല സ്വഭാവമുള്ള. നാ. സത്സ്വഭാവി
ചാരുഷ്കം [സം.] നാ. കാണ്ഡാമൃഗം, തോൽക്കൊമ്പൻ
ചാരുസാരം [സം.-സാര] നാ. സ്വർണം
ചാരുഹാസി [സം.-ഹാസിൻ] നാ. മനോഹരമായി ചിരിക്കുന്നവൻ (സ്ത്രീ) ചാരുഹാസിനി
ചാരുക്തി [സം.-ഉക്തി] നാ. നല്ലവാക്ക്
ചാരെ, ചാരവേ അവ്യ. അടുത്ത്
ചാരേക്ഷണൻ [സം.-ഈക്ഷണ] നാ. രാജാവ്, ചാരചക്ഷുസ്സ്
ചാരേണി [ചാര്1-ഏണി] നാ. ചാരിവച്ച് കയറാനുള്ള ഏണി
ചാര്യ [സം.ചാര്യാ] നാ. 1. എട്ടു ദണ്ഡു വീതിയുള്ള പാത; 2. കയറാനും ഇറങ്ങുവാനുമുള്ള പടവ്
ചാര്യം [സം.] നാ. ചാരവൃത്തി
ചാൽ1 അവ്യ. ചാല
ചാൽ2 നാ. ചേല്
ചാൽ3 നാ. ചാല്
ചാൽപ്പണി നാ. 1. ജലം ഒഴുകാൻ തക്കവണ്ണം ചാലുകൾ ഉണ്ടാക്കുന്ന പ്രവൃത്തി; 2. ഉഴവ്; 3. ആനയെക്കൊണ്ട് തടിവലിപ്പിക്കുന്ന പണി
ചാല1 അവ്യ. അധികം, പൂർണമായി, ഭങ്ഗിയായി
ചാല2 നാ. ചോല
ചാല3 [സം.ജാല] നാ. ചാലകം
ചാല4 [സം.ശാലാ] നാ. 1. ധാരാളം ആളുകൾക്ക് ഒരുമിച്ച് കൂടത്തക്കവണ്ണം പണിചെയ്തിട്ടുള്ള പുര; 2. ആളുകൾ കൂടുന്ന സ്ഥലം, പൊതുസ്ഥലം; 3. കൊട്ടാരം; 4. ഗൃഹനിര, ഗ്രാമം; 5. വിദ്യാർഥികൾ താമസിച്ചു പഠിക്കുന്ന സ്ഥലം; 6. പണിപ്പുര; 7. മൃഗങ്ങളെ സൂക്ഷിക്കുന്ന സ്ഥലം
ചാലക [സം.] വി. ചലിപ്പിക്കുന്ന, നടത്തുന്ന
ചാലകൻ [സം.ചാഅക] നാ. 1. ചലിപ്പിക്കുന്നവൻ; 2. അടക്കമില്ലാത്തവൻ
ചാലകം1 നാ. വെള്ളപ്പാത്തി
ചാലകം2 [സം.] നാ. (ഊർജ) വൈദ്യുതിയോ ചൂടോ കടത്തിവിടുന്ന വസ്തു
ചാലകം3 [സം.ചാലക] നാ. ദുശ്ശീലമുള്ള ആന
ചാലകം4 [സം.ജാലക] നാ. കിളിവാതിൽ
ചാലകോർജം [സം.-ഊർജ] നാ. (ഊർജ) ചലനം ഹേതുവായിട്ട് ഒരു വസ്തുവിനുണ്ടാകുന്ന ഊർജം
ചാലജം [സം.-ജ] നാ. കാന്തം
ചാലനം [സം.] നാ. 1. ചലിപ്പിക്കൽ; 2. ചലനം, ഇളക്കം; 3. ദൂരെ എറിയൽ, അരിക്കൽ; 4. അരിപ്പ്; 5. വ്യായാമം
ചാലനി [സം.ചാലനീ] നാ. അരിപ്പ
ചാലനിക [സം.-കാ] നാ. 1. ചാലനി; 2. (സങ്ഗീ) ഒരു ജന്യരാഗം
ചാലനീയ [സം.] വി. ചലിപ്പിക്കാവുന്ന

ചാലപ്പുറത്തമ്മ ആ. പോർളാതിരിയുടെ ഭാര്യയായ തമ്പുരാട്ടി.
ചാലപ്പുറം നാ. ചാലാപോകം
ചാലം1 [സം.ചാല] നാ. 1. മേച്ചിൽ, വീടിൻെറ മേൽപ്പുര; 2. ഇളക്കാവുന്നത്; 3. കരിങ്കുയിൽ
ചാലം2 [സം.ജാല] നാ. 1. ജാലവിദ്യ; 2. മുകുളം, പൂമൊട്ട്; 3. ജാലകം
ചാലവും അവ്യ. തികച്ചും, തീർച്ചയായി, ഏറ്റവും ഭങ്ഗിയായി
ചാലവൃക്ഷം നാ. ചാലമരം
ചാലവെ, –വേ അവ്യ. ചാല
ചാലാപോകം [സം.–ഭാഗ] നാ. ധർമശാലകളുടെയും വിദ്യാശലകളുടെയും മറ്റും നടത്തിപ്പിനായി വിട്ടുകൊടുത്തിട്ടുള്ള ഭൂമി
ചാലി1 നാ. കുളത്തിനേക്കാൾ വലിയ ജലാശയം, കൃഷിചെയ്യാതെ വെള്ളം കെട്ടിക്കിടക്കുന്ന സ്ഥലം. ചാലിമറിയുക = കരകവിഞ്ഞൊഴുകുക.
ചാലി2 [സം.ശാലി] നാ. നെല്ല്, ചെന്നെല്ല്
ചാലിക്കുക ക്രി. 1. ഏതെങ്കിലും പദാർഥം (വിരലിൻെറ അഗ്രംകൊണ്ട് ഉരസി) ദ്രവത്തിൽ ലയിപ്പിക്കുക; 2. വിതയ്ക്കാനുള്ള ധാന്യങ്ങളും മറ്റും വെള്ളത്തിൽ കുതിർക്കുക; 2. കൈകൊണ്ട് ഇളക്കിമറിക്കുക
ചാലിടുക ക്രി. 1. ഉഴുക, ഉഴവുചാൽ ഉണ്ടാക്കുക; 2. വെള്ളപ്പാത്തി ഉണ്ടാക്കുക
ചാലിത [സം.] വി. ചലിപ്പിക്കപ്പെട്ട
ചാലിനി [സം.ചാലിനീ]നാ. (സങ്ഗീ) ഒരുതരം ചർമവാദ്യം
ചാലിന്യാകരം [സം.–ആകര] നാ. (സങ്ഗീ) ഒരുതരം വാദ്യം
ചാലിയക്കുതിര നാ. ഉത്സവങ്ങൾക്ക് എഴുന്നെള്ളിക്കാൻ കെട്ടിയുണ്ടാക്കുന്ന ഒരു കെട്ടുകാഴ്ച
ചാലിയൻ [പ്രാ] നാ. കേരളത്തിലെ ഒരു ജാതി, ആ ജാതിയിൽപ്പെട്ടവൻ (നെയ്ത്ത് തൊഴിൽ). (സ്ത്രീ) ചാലിയത്തി. (പ്ര) ചക്കകണ്ട ചാലിയൻ = ആർത്തിപിടിച്ചവൻ. ചാലിയൻെറ ഓടംപോലെ = സ്ഥിരതയില്ലാതെ.
ചാലിയം നാ. വെട്ടത്തുനാട്ടിലെ ഒരു കോട്ട, പോർട്ടുഗീസുകാർ ഇത് ഒരു കാലത്തു കയ്യടക്കിയിരുന്നു
ചാലിസ് [ഇം.] നാ. (ക്രിസ്തു) പള്ളിയിൽ ആരാധനയ്ക്കുപയോഗിക്കുന്ന പരുശുദ്ധമായ പാനപാത്രം.
ചാല് നാ. 1. തോട്, കൈത്തോട്; 2. നീരൊഴുക്ക്, നീര് ഒഴുകുന്നതോ ഒഴുകിയതോ ആയ പാട്; 3. നിരപ്പിൽനിന്നു താണുകിടക്കുന്നതും നീളമുള്ളതുമായ അടയാളം (തൊലിയിലെന്നപോലെ); 4. ഭൂനിരപ്പിൽനിന്നും താണുകിടക്കുന്ന വഴി (മഴക്കാലത്ത് ഒഴുകുന്ന തോടായി മാറുന്നതുകൊണ്ട് ഈ പേര്); 5. വഴി, മാർഗം; 6. കായലിലോ കടലിലോ ഉള്ള ജലഗതാഗതമാർഗം. ഉദാ: കപ്പൽച്ചാൽ; 7. വെള്ളംകെട്ടിക്കിടക്കുന്ന താണസ്ഥലം; 8. ഉഴവുചാല്, ഉഴപ്പൊളി; 9. ഒരുദിക്കിലേക്ക് കലപ്പപ്പാടു വരത്തക്കവണ്ണം ഒരു പ്രാവശ്യം നടത്തുന്ന ഉഴവ്. ഉദാ: നെടുഞ്ചാല്, ഒന്നാം ചാല്; 10. തവണ, പ്രാവശ്യം; 11. നിലം, ഭൂമി; 12. വലിയപാന; 13. കുംഭരാശി; 14. തുറമുഖം; 15. വരി, നിര; 16. പൂർണത, നിറവ്; 17. ഊഞ്ഞാൽ. (പ്ര) ചാലുതെളിക്കുക = വഴിയുണ്ടാക്കുക, സാധ്യതവളർത്തുക. ചാൽവിത്ത് വിതയ്ക്കുക = ഉഴുതു കട്ടയുടച്ച മണ്ണിൽ വിതയ്ക്കുക, പൊടിയിൽ വിതറുക.

ചാലുക ക്രി. നാലാംചാൽ ഉഴുക, നിലം ഒരുകുമ്പോൾ അവസാനമായി ഉഴുക
ചാലുമാന്തി നാ. 1. കായലിലും കടലിലും മരും ജലഗതാഗതമാർഗം തെളിക്കാനും താഴ്ത്താനും ഉപയോഗിക്കുന്ന യന്ത്രങ്ങൾ ഘടിപ്പിച്ച കപ്പൽ; 2. ആറ്റിൽ ചാലുമാന്താൻ ഉപയോഗിക്കുന്ന ഒരുതരം മൺവെട്ടി
ചാലെ, -ലേ അവ്യ. ചാല
ചാല്യ [സം.] വി. ചലിപ്പിക്കാവുന്ന, ചലിപ്പിക്കേണ്ടതായ (ചാലനീയം)
ചാല്യം നാ. ചായില്യം
ചാവക്കെട്ട് നാ. തൊണ്ടവേദന
ചാവടി നാ. 1. കച്ചേരി, പകുതിക്കച്ചേരി, കാര്യാലയം; 2. ചുങ്കസ്ഥലം, ചവുക്ക; 3. വീട്ടിന്റെ മുൻവശത്തുണ്ടാകുന്ന പ്രത്യേക കെട്ടിടം; 4. ക്ഷേത്രസങ്കേതത്തിലെ പുറംകൊട്ടിൽ, നടപ്പുര; 5. കുതിരലായം; 6. സത്രം; 7. ഊട്ടുപുര
ചാവടിയന്തിരം നാ. മരണം സംബന്ധിച്ചുള്ള അടിയന്തിരം
ചാവട്ട നാ. വൃത്താകൃതിയിലുള്ള ചാരുതലയിണ
ചാവട്ടം [ചായ-വട്ടം] നാ. 1. ഒരു രൂപ; 2. ഒരു ചായയ്ക്കുള്ള പണം
ചാവദോഷം നാ. (ക്രിസ്ത്യ) കഠിനമായപാപം ക്ഷ് പാവദോഷം (ലഘുവായ പാപം)
ചാവം1 [പ്രാ.] നാ. വൃത്തത്തിന്റെ പരിധിഖണ്ഡം
ചാവം2 [പ്രാ.] നാ. കറുപ്പും ചെമപ്പും കലർന്ന നിറം
ചാവൽ1 വി. ഒരുമ്പാടില്ലാത്ത, യോജിപ്പില്ലാത്ത
ചാവൽ2 നാ. 1. പൂവൻകോഴി; 2. ആൺപക്ഷി; 3. ഒരുമുൾച്ചെടി, മുള്ള്; 4. കേടുള്ള ഞാറ്
ചാവൽ [ചാകുക] നാമരൂപം
ചാവറ [ചാവ്-അറ] നാ. ശവകുടീരം
ചാവറക്കാർ നാ. (ബ.വ.) യുദ്ധത്തിൽനിന്നു പിന്തിരിയുകയില്ലെന്നു ശപഥംചെയ്ത ഭടന്മാർ, ചാവേർപടയാളികൾ
ചാവറം നാ. മരണംവരിക്കൽ, മരണംവരെ പിന്തിരിയുകയില്ലെന്ന ശപഥംചാവാമൂവാ വി. ചാവാത്തതും മൂക്കാത്തതും, ആരോഗ്യഹാനിയില്ലാത്ത
ചാവാലി നാ. ചാവാളി
ചാവാളി വി. 1. മെലിഞ്ഞ, ചാകാറായ. നാ. മരണം അടുത്തവൻ
ചാവി1 നാ. 1. പതിര്, മങ്ക്; 2. ചാഴി; 3. വൃക്ഷലതാദികളെ ബാധിച്ചുനശിപ്പിക്കുന്ന പ്രാണികൾ, കുമിളുകൾ; 4. കൃഷിക്കുണ്ടാകുന്ന കരിവ്
ചാവി2 നാ. 1. താക്കോൽ; 2. വണ്ടിച്ചക്രം ഊരിപ്പോകാതെ അച്ചുതണ്ടിൽ ഉറപ്പിച്ചിരിക്കുന്ന ആണി, ചാവിയാണി. ചാവികൊടുക്കുക = വാച്ചിന്റെയും മറ്റും സ്പ്രിങ്ങ് മുറുക്കാനുള്ള ആണി തിരിക്കുക
ചാവിയാണി നാ. വണ്ടിച്ചക്രം ഊരിപ്പോകാതിരിക്കാൻ വേണ്ടി അച്ചിലെ ദ്വാരത്തിലിടുന്ന ആണി
ചാവിരുത്തി നാ. ചാവേറു സേനയിൽപ്പെട്ടവ്ര്ക്കു കരമൊഴിവായി രാജാവ് നൽകുന്ന ഭൂമി
ചാവീരൻ [മ.ചാവ്-സം.വീര] നാ. ചാവേർഭടൻ

ചാവ്                    നാ.    1. മരണം; 2. മരിച്ചുപോയവരുടെ ആത്മാവ്; 3. മൃതദേഹം; 4. ഒരുതരം കാട്ടുകിഴങ്ങ്; 5. (ജ്യോ) എട്ടാമെടം. ചാവിന്കൊടുക്കുക, -വയ്ക്കുക = പരേതാത്മാക്കളെ ഉദ്ദേശിച്ച് ആഹാരസാധനങ്ങൾ, ആഭരണങ്ങൾ തുടങ്ങിയവ അർപ്പിക്കുക. (പ്ര) ചാവിൻകല്യാണം = പിണ്ഡം അടിയന്തിരം. ചാവുകൊള്ളുക = മരണസംബന്ധമായ അടിയന്തിരം നടത്തുക. ചാവെടുക്കുക = മൃതദേഹം പട്ടടയിലേക്കു കൊണ്ടുപോകുക.

ചാവുക1    ക്രി.    = ചാകുക

ചാവുക2    ക്രി.    കാഴ്ചകുറയുക്, ക്ഷീണിക്കുക

ചാവുകടൽ    നാ.    ഇസ്രായേലിൽ ഉള്ള ഒരു തടാകം

ചാവുകറ    നാ.    അലക്കി പെട്ടിയിൽ സൂക്ഷിച്ച തുണിയിൽ ചിലപ്പോൾ കാണുന്ന കറ

ചാവുകൊട    നാ.    പിതൃക്കളെ കുടിയിരുത്തിയ ഇടങ്ങളിൽ നടത്തുന്ന ഉത്സവാദി ചടങ്ങുകൾ

ചാവുക്കാരൻ    [ഹി.സാഹു-കാര]    നാ.    വ്യാപാരി

ചാവുതറ    നാ.    1. ചാവുപറമ്പ്; 2. ചാവിനെ കുടിയിരുത്തിയിട്ടുള്ള സ്ഥലം

ചാവുതുള്ളൽ    നാ.    1. പ്രേതാവേശംകൊണ്ടുള്ള തുള്ളൽ; 2. മരിച്ചതിൻെറ പതിനാറാം ദിവസം നടത്തുന്ന ഒരു ചടങ്ങ്

ചാവുതെളി    നാ.    സഞ്ചയനം

ചാവുപറമ്പ്    നാ.    ശ്മശാനം

ചാവുപായ്    നാ.    പകർച്ചവ്യാധികൊണ്ടു മരിച്ച ആൾ കിടന്ന പായ് (പ്ര) ചാവുപായ് കൊടുക്കുക = മരിച്ച് 41 ദിവസം കഴിഞ്ഞ് ചാവുപായ് തീണ്ടൽ ജാതിക്കാർക്കു കൊടുക്കുക

ചാവുപിള്ള    നാ.    1. ചാപിള്ള; 2. പ്രയോജനമില്ലാത്തത്; 3. കഥയില്ലാത്തവൻ

ചാവുപുല    നാ.    മരിച്ച ആളിൻെറ ബന്ധുക്കൾ ആചരിക്കുന്ന അശുദ്ധി, പുല

ചാവുമണി    നാ.    (ക്രിസ്തു) മരണമറിയിക്കുന്ന പള്ളി മണി നാദം

ചാവുറ്റ    വി    മരണഭയം ഇല്ലാത്ത, (യുദ്ധത്തിൽ) മരിക്കാൻ തയ്യാറായ

ചാവുറ്റവൻ    നാ.    (യുദ്ധത്തിൽ) മരിക്കാൻ തയ്യാറായവൻ

ചാവേർപ്പട    നാ.    ചാവേറ്റുപട

ചാവേർപ്പടയാളി    നാ.    ചാവേർപ്പടയിലെ യോദ്ധാവ്

ചാവേരുതിട്ട    നാ.    കാണിക്കാരുടെ ഇടയിലും മറ്റും മരിച്ചവരുടെ പ്രേതങ്ങളെ ഉദ്ദേശിച്ച് പൂജകൾ ചെയ്യുന്ന സ്ഥലം

ചാവേർ    നാ.    മരണംവരെ പിന്മാറുകയില്ലെന്ന ദൃഢവ്രതത്തോടെ യുദ്ധത്തിനു പോകൽ, അങ്ങനെ യുദ്ധം നടത്തുന്ന പടയാളി, ആ തരത്തിലുള്ള പടയാളികളുടെ സങ്ഘം. ചാവേറാക്കുക = 1. മരിക്കുക; 2. യുദ്ധത്തിൽ പിന്മാറാതെ പൊരുതി മരിക്കുക.

ചാവേറ്റം    നാ.    1. യുദ്ധത്തിൽ പൊരുതി മരണം വരിക്കൽ; 2. മരണം

ചാവേറ്റുക    ക്രി.    1. മരണഭയംകൂടാതെ യുദ്ധത്തിനു പോകുക; 2. മരിക്കുക

ചാവേറ്റുകാർ    നാ.    ചാവേർപ്പടയാളികൾ

ചാവേറ്റുപട നാ. യുദ്ധത്തിൽ മരണംവരെ പൊരുതാൻ ശപഥംചെയ്ത സൈന്യം
ചാവേറ്റുവിരുത്തി നാ. യുദ്ധത്തിൽ മരിച്ച ചാവേറ്റുകാരുടെ കുടുംബങ്ങൾക്ക് കരമൊഴിവായി വിട്ടുകൊടുത്തിരുന്ന ഭൂമി
ചാവോങ്കിഴങ്ങ് നാ. ഒരുതരം വിഷമുള്ള കിഴങ്ങ്
ചാവോല [ചാവ്-ഓല] നാ. മരിച്ചവിവരം എഴുതി അറിയിക്കുന്ന ഓല
ചാഷകം നാ. കാട്ടുകാക്ക്
ചാഷം [സം.] നാ. 1. കാട്ടുകാക്ക്; 2. എലി; 3. കരിമ്പ്; 4. ഉരുൾ
ചാസം [സം.] നാ. കാട്ടുകാക്ക
ചാള് [ചാളുക] ധാതുരൂപം
ചാള1 നാ. 1. ഒരുതരം കടൽ മീൻ; 2. ഒരിനം ചെറിയ പക്ഷി, ആറ്റ, കുഞ്ഞാറ്റ
ചാള2 [സം.ശാല] നാ. 1. (ചില താണ ജാതിക്കാരുടെ) ചെറിയ കുടിൽ; 2. പട്ടാളക്കരുടെയും മറ്റും താൽകാലിക വസതിയായി നിർമിക്കുന്ന പുര; 3. കാവൽപ്പുര. കിടക്കുന്നത് കാവൽച്ചാള സ്വപ്നം കാണുന്നത് മണിമാളിക. ചാളച്ചോറ്റിനു പാമുറത്തില (ചേരുമ്പോലെ ചേർച്ച) (പഴ)
ചാള3 [സം.സാല] നാ. ഒരിനം മരം. ചാളത്തടി = മുക്കുവന്മാർ കടലിൽ പോകാൻ ഉപയോഗിക്കുന്ന ഒരിനം പൊങ്ങുതടി, അത്തരം തടികൾ കൂട്ടിക്കെട്ടിയുണ്ടാക്കിയ ചങ്ങാടം
ചാളി നാ. 1. മൂക്കാത്തത്. ഉദാ: ചാളി അറ്റയ്ക്ക; 2. ചാഴി; 3. പതിര്
ചാളിക [സം.ജാലക] നാ. 1. സഞ്ചി; 2. പണസ്സഞ്ചി
ചാളുക1 ക്രി. 1. ആടിയാടിനടക്കുക (മദ്യപിച്ചവനെപ്പോലെ); 2. അലയുക
ചാളുക2 ക്രി. 1. തുപ്പൽ ഒലിക്കുക; 2. പീച്ചുക
ചാളുവാ നാ. 1. ചാളുന്നവായ്; 2. വായിൽനിന്നും ഒലിക്കുന്ന ഉമിനീര്, ഈത്തുവാ, ലാലാജലം
ചാഴി1 നാ. 1. നീരും പാലും ഊറ്റിക്കുടിച്ച് ധാന്യവിളവ് നശിപ്പിക്കുന്ന ഒരിനം ഷട്പദം; 2. പതിര്; 3. (ജ്യോ) വിതയ്ക്കുന്നതിന് കൊള്ളാത്ത സമയം. ചാഴിവിലക്കുക = നെല്ലിൽ ചാഴി വീഴാതിരിക്കുന്നതിനായി മന്ത്രവിദ്യ പ്രയോഗിക്കുക. ചാഴിവീശുക = ചാഴിപ്പുഴുക്കളെ പറക്കൊട്ടകൊണ്ട് വീശി എടുത്ത് നശിപ്പിക്കുക. (പ്ര) ഇടച്ചാഴി = (ജ്യോ) വിതയ്ക്കാൻ കൊള്ളാത്ത സമയം
ചാഴിക്കുക ക്രി. (ചാഴിബാധകൊണ്ട്ഠ നെല്ല് പതിരാകുക
ചാഴിക്കേട് നാ. ചാഴികാരണം വിളവിനുണ്ടാകുന്ന നാശം
ചാഴിക്കോൽ നാ. ചാഴിയെ നശിപ്പിക്കാനായി ഉപയോഗിക്കുന്ന മരുന്നു പുരട്ടിയ കമ്പ്
ചാഴിമണി നാ. ചാഴിബാധകൊണ്ട് പതിരായെങ്കിലും അരിമണി പൂർണമായും നശിക്കാത്ത നെല്ല്
ചാഴിയൂർ നാ. കൊച്ചീരാജകുടുംബത്തിൻെറ അഞ്ച് ശാഖകളിൽ ഒന്ന്
ചാഴിവല നാ. ചാഴിയെ വീശിപ്പിടിക്കാൻ ഉപയോഗിക്കുന്ന വല
ചാഴുരാഢ്യൻ നാ. ചാഴിയൂർ ശാഖയുടെ സ്ഥാപകൻ
ചാറ നാ. വലിയമൺപാത്രം

ചാറൽ നാ. (മഴ) ചെറിയ തുള്ളികളായി പൊഴിയൽ

ചാറ് [ചാറുക] ധാതുരൂപം

ചാറു1, ചാറ് നാ. 1. (സസ്യങ്ങളോ സസ്യഭാഗങ്ങളോ) ചതച്ചു പിഴിഞ്ഞെടുത്ത നീര്; 2. കറികളിലെ ദ്രവാംശം; 3. ദ്രാവകരൂപത്തിലുള്ള കറി. ഉദാ: മുളകുചാറ്; 4. സുഗന്ധവസ്തുക്കൾ അരച്ചുകലക്കിയത്. ഉദാ: ചന്ദനച്ചാറ്; 5. ദ്രാവകം; 6. സാരാംശം, സത്ത്; 7. കള്ള്

ചാറു2 നാ. കുല, പഴക്കുല

ചാറുക ക്രി. 1. അൽപാൽപമായി (മഴ) പെയ്യുക; 2. വഴുതുക, തെന്നി വീഴുക

ചാറുചുണങ്ങ് നാ. ഒരു ത്വഗ്രോഗം, താരൻ

ചാറ്റ1 [<ചാറുക] വി. ചാറുന്ന

ചാറ്റ2 [ചാറുക] വി. ഉച്ചത്തിൽ സംസാരിക്കുന്ന

ചാറ്റപ്പന നാ. കള്ളെടുക്കുന്ന പന, ഉലട്ടിപ്പന

ചാറ്റ്1 [ചാറ്റുക] ധാതുരൂപം

ചാറ്റ്2 നാ. പരദേവതയുടെ പ്രീതിക്കും മറ്റും വേണ്ടി കാണിക്കാരും വേലന്മാരും നടത്തുന്ന ഒരു ചടങ്ങ്. ചാറ്റുപാട്ട് = ചാറ്റ് നടത്തുമ്പോൾ പാടുന്ന പാട്ട്. ചാറ്റുപ്പടി,-പടി = ദേവവിഗ്രഹത്തിൽ ചാർത്താനുള്ള വസ്തു (കളഭം, മാല തുടങ്ങിയവ)

ചാറ്റുക1 [ചാറുക>പ്രയോ] ക്രി. ചാറ്റുന്നതിന് ഇടയാക്കുക.

ചാറ്റുക2 ക്രി. (കാണിക്കാരും വേലന്മാരും) കൊക്കറ വായിച്ചു പാട്ടുപാടി സ്തുതിക്കുക; 2. പറയുക, ഉച്ചത്തിൽ പറയുക, പ്രഖ്യാപിക്കുക, വിളംബരം ചെയ്യുക; 3. മുഴക്കുക

ചാറ്റുക3 ക്രി. 1. ചാർത്തുക; 2. ചാറ്റുപാട്ടുപാടുക

ചി [ച്-ഇ] ച് എന്ന വ്യഞ്ജനത്തോടു 'ഇ' എന്ന സ്വരം ചേർന്നുണ്ടാകുന്ന അക്ഷരം

ചി2 വ്യാക്ഷേ ഛീ

ചി3 വി. അൽപം

ചിക [ചികയുക] ധാതുരൂപം

ചികട നാ. ചികിട

ചികപ്പ് നാ. = ചെമൾ

ചികയുക ക്രി. 1. കൂട്ടത്തിൽ നിന്ന് അൽപാൽപമായി മാറ്റി ആവശ്യമുള്ളത് വേർതിരിച്ചെടുക്കുക, ഇളക്കിമറിച്ചു നോക്കുക; 2. തിരയുക

ചികള നാ. = ചെകിള

ചികിട നാ. അരിമാവ് ചെറുതായി ഉരുട്ടി വെളിച്ചെണ്ണയിൽ പൊരിച്ചെടുക്കുന്ന ഒരു പലഹാരം

ചികിടക്കരപ്പൻ നാ. കുട്ടികൾക്കുണ്ടാകുന്ന ഒരിനം വിസർപ്പം

ചികിത വി. 1. അറിയപ്പെട്ട, മനസ്സിലാക്കിയ; 2. പ്രകാശിക്കുന്ന

ചികിതം [സം.] നാ. (നാട്യ) ചിബുകർമങ്ങളിൽ ഒന്ന്, പല്ലുപുറത്തുകാണിക്കൽ

ചികിതാന [സം.] വി. അറിയുന്ന, മനസ്സിലാക്കുന്ന

ചികിത്സ [സം.ചികിത്സാ] നാ. 1. രോഗം ശമിപ്പിക്കുന്നതിനുവേണ്ട നടപടികൾ; 2. ആയുർവേദശാസ്ത്രത്തിന്റെ ആറുവിഭാഗങ്ങളിൽ ഒന്ന്

ചികിത്സകൻ [സം.] നാ. രോഗങ്ങൾ ചികിത്സിച്ചു ഭേദപ്പെടുത്തുന്നവൻ
ചികിത്സകവ്യഞ്ജനൻ നാ. ചികിത്സകൻെറ വേഷംകെട്ടിയവൻ, വൈദ്യമറിയാതെ ചികിത്സിക്കുന്നവൻ
ചികിത്സനം നാ. രോഗപ്രതിവിധി
ചികിത്സാക്രമം [സം.-ക്രമ] നാ. 1. ഔഷധപ്രയോഗവിധി; 2. ആയുർവേദത്തിലെ ഒരു ചികിത്സാഗ്രന്ഥത്തിൻെറ പേര്
ചികിത്സാഗൃഹം [സം.-ഗൃഹ] നാ. ആശുപത്രി, ആതുരശാല
ചികിത്സാനൂൽ [സം.] നാ. പദ്യത്തിലെഴുതിയ വൈദ്യശാസ്ത്ര ഗ്രന്ഥം
ചികിത്സാപാദചതുഷ്ടയം നാ. ചികിത്സയുടെ നാലുഘടകങ്ങൾ (വൈദ്യൻ, ഔഷധം, പരിചാരകൻ, രോഗി എന്നിവ)
ചികിത്സാലയം [സം.-ആലയ] നാ. ചികിത്സാഗൃഹം
ചികിത്സാസ്ഥാനം [സം.-സ്ഥാന] നാ. ആയുർവേദശാസ്ത്രത്തിൽ ചികിത്സയെ പ്രതിപാദിക്കുന്ന ഭാഗം
ചികിത്സിക്കുക [സം.ചികിത്സാ] ക്രി. ഔഷധപ്രയോഗം, ശസ്ത്രക്രിയ, വ്യായാമവിധികൾ, പഥ്യാഹാരം മുതലായവകൊണ്ട് രോഗം മാറ്റുക
ചികിത്സിതം [സം.] നാ. രോഗം ഭേദമാക്കുന്നതിനു പ്രയോഗിക്കേണ്ട ഔഷധങ്ങളും അവയുടെ പ്രയോഗങ്ങളും വിവരിക്കുന്ന ശാസ്ത്രശാഖ.
ചികിത്സ്യൻ നാ. ചികിത്സിക്കപ്പെടേണ്ടവൻ.
755
ചികിന വി. പതിഞ്ഞമൂക്കുള്ള
ചികിലം [സം.] നാ. ചെളി
ചികീർഷ [സം.] നാ. ചെയ്യാനുള്ള ആഗ്രഹം
ചികീർഷക [സം.] വി. ചെയ്യാൻ ആഗ്രഹിക്കുന്ന
ചികീർഷിത [സം.] വി. ചെയ്യാൻ ആഗ്രഹിച്ച. ചികീർഷിതപ്രതിജ്ഞ = ചെയ്യാനാഗ്രഹിക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള പ്രതിജ്ഞ
ചികീർഷിതം [സം.] നാ. ആഗ്രഹം, ചെയ്യാൻ ആഗ്രഹിച്ചകാര്യം
ചികീർഷു [സം.] വി. ചെയ്യാൻ ആഗ്രഹിക്കുന്ന
ചികുര [സം.] വി. 1. അനങ്ങുന്ന, ചലിക്കുന്ന; 2. ആലോചിക്കാതെ പ്രവർത്തിക്കുന്ന
ചികുരകലാപം [സം.-കലാപ] നാ. = ചികുരഭാരം
ചികുരൻ [സം.] നാ. 1. ദുരാഗ്രഹം നിമിത്തം ചഞ്ചലനായവൻ, ചപലൻ; 2. ഒരു നാഗം
ചികുരനികുരം [സം.-നികര] നാ. ഇടതിങ്ങിയ തലമുടി
ചികുരപാശം [സം.-പാശ] നാ. നീളമുള്ളതും ഇടതൂർന്നതുമായ തലമുടി
ചികുരഭരം [സം.-ഭര] നാ. ചികുരഭാരം
ചികുരഭാരം [സം.-ഭാര] നാ. ഇടതൂർന്ന മുടി
ചികുരം [സം.] നാ. 1. തലമുടി; 2. ചാമരത്തിലെ രോമം; 3. പർവതം; 4. പാമ്പ്; 5. വളർത്തുന്ന കീരി
ചികുരോച്ചയം [സം.-ഉച്ചയ] നാ. ചികുരനികുരം
ചിക്ക1 വി. ചെറിയ, പ്രായമാകാത്ത
ചിക്ക2 [സം.] വി. പതിഞ്ഞ മൂക്കുള്ള. നാ. എലി

ചിക്ക3 നാ. മുദ്ര
ചിക്കണ [സം.] വി. 1. മിനുസമുള്ള, മെഴുമെഴുപ്പുള്ള; 2. തെന്നുന്ന, വഴുതുന്ന
ചിക്കണപാകം [സം.-പാക] നാ. (ആയുർ) നെയ്യും എണ്ണയും കുഴമ്പും മറ്റും കാച്ചുമ്പോൾ മൂപ്പുനിശ്ചയിക്കാനുള്ള ഒരു പാകം
ചിക്കണി [സം.ചിക്കണീ] നാ. 1. പാക്ക്; 2. കടുക്ക
ചിക്കൻ(പോക്സ്) [ഇം.] നാ. ഒരിനം പകർച്ച വ്യാധി, മണ്ണൻ
ചിക്കന അവ്യ. = ചിക്കനെ
ചിക്കനവേ അവ്യ. ചിക്കനെ
ചക്കനെ അവ്യ. വേഗത്തിൽ, പെട്ടെന്ന്
ചിക്കം [സം.] നാ. 1. നച്ചെലി; 2. പത്തുവയസ്സുപ്രായമുള്ള ആന
ചിക്കരി,റി [ഇം.] നാ. കാപ്പിപ്പൊടിയുടെ കൂടെ ചേർക്കുന്ന ഒരു വസ്തു.
ചിക്കൽ [<ചിക്കുക] നാ. 1. (ധാന്യവും മറ്റും ഉണക്കുന്നതിനായി) നിരത്തിയിടൽ; 2. തലമുടി ഊറ്റക്കറുക്കൽ
ചിക്കസം [സം.] നാ. 1. യവം പൊടിച്ചുണ്ടാക്കുന്ന മാവ്; 2. യജ്ഞപാത്രം
ചിക്കറുക്കി നാ. മുടിയുടെ ഉടക്ക് അറുക്കാൻ ഉപയോഗിക്കുന്ന ഒരിനം ചീപ്പ്
ചിക്കറുതി നാ. ഒരിനം ചീപ്പ്
ചിക്കിണി വി. ചെറിയ, പ്രായമാകാത്ത (പെൺകുട്ടികളെ കുറിക്കാൻ പ്രയോഗം)
ചിക്ക്1 നാ. 1. ഉടക്ക്, കുരുക്ക്; 2. തലമുടിയിലെ അഴുക്ക്; 3. നിരത്തിയിടൽ
ചിക്ക്2 നാ. മയിൽപ്പീലി
ചിക്ക്3 [മാ.ശിഗ്ഘ] നാ. വേഗത
ചിക്കുക ക്രി. 1. കെട്ടുപിണയുക, കുരുങ്ങുക; 2. തലമുടിയുടെ ഉടക്ക്; 3. ചിണ്ടുക, ചികയുക
ചിക്കുകലപ്പ നാ. ഒരുതരം കൃഷിയായുധം
ചിക്കുപരമ്പ് നാ. ധാന്യങ്ങൾ ഉണക്കാനും മറ്റും നിരത്തുന്നതിനുപയോഗിക്കുന്ന വലിയ പരമ്പ്
ചിക്കുപായ നാ. ചക്കുപരമ്പ്
ചിക്കെന അവ്യ. = ചിക്കനെ
ചിക്കെന്ന് [ചിക്ക്-എന്ന്] അവ്യ. ചിക്കനെ
ചിക്ര [സം.] നാ. പരുന്തിൻെറ വർഗത്തിപ്പെട്ട ഒരിനം പക്ഷി
ചിക്രോഡം [സം.] നാ. അണ്ണാൻ
ചിക്ലിദൻ [സം.] നാ. ചന്ദ്രൻ
ചിക്ലിദം [സം.] നാ. നനവ്, ഈർപ്പം
ചിഖല്ലം [സം.] നാ. ചേറ്, ചെളി
ചിങ്കത്താൻ നാ. 1. സിംഹത്താൻ; 2. ഒരു ജാതിവിഭാഗം
ചിങ്കൻ നാ. 1. സിംഹം; 2. കുറവൻ; 3. ചിങ്ങൻ വാഴ
ചിങ്കപ്പിരാൻ നാ. നരസിംഹമൂർത്തി

ചിങ്കം [മാ.ശിംഘ] നാ. 1. സിംഹം; 2. ചിങ്ങം, കൊല്ലവർഷത്തിലെ ആദ്യമാസം
ചിങ്കരിക്കുക [പാ.സിങ്ഗാര] ക്രി. 1. സൗന്ദര്യം വരുത്തുക, മോടിപിടിപ്പിക്കുക, ശൃങ്ഗരിക്കുക; 2. സൗന്ദര്യമുണ്ടെന്നുഭാവിക്കുക
ചിങ്കളൻ നാ. ശ്രീലങ്കാദേശക്കാരൻ
ചിങ്കളം നാ. 1. ശ്രീലങ്ക; 2. സിംഹളഭാഷ; 3. ഒരിനം കുരങ്ങ്
ചിങ്കളാണ്ടൻ നാ. കുട്ടികളുടെ ഒരിനം കളി, കണ്ണുപൊത്തിക്കളി
ചിങ്കാരം നാ. 1. ശൃങ്ഗാരം; 2. ആഭരണം, അലങ്കാരം. ചിങ്കാരത്തോപ്പ് = ഉദ്യാനം. ചിങ്കാരപ്പണി = കൗതുകവസ്തു. പെട്ടിപെട്ടി ചിങ്കാരപ്പെട്ടി തുറക്കുമ്പോൾ കായം മണക്കും = പഴുത്തചക്ക (കടം)
ചിങ്കാരമൃഗം നാ. ഒരിനം മാൻ
ചിങ്കാരി നാ. സൗന്ദര്യം ഭാവിച്ച് ആടിക്കുഴഞ്ഞു നടക്കുന്നവൾ
ചിങ്കാരിക്കുക ക്രി. = ചിങ്കരിക്കുക
ചിങ്കി നാ. 1. വിഷം; 2. ഒരുതരം നൃത്തം; 3. വൃത്താകൃതിയിൽ ലോഹംകൊണ്ടുണ്ടാക്കിയ ഒരു വാദ്യോപകരണം
ചിങ്കിടി,ശി- നാ. കഥകളിയിലെ പിൻപാട്ടുകാരൻ
ചിങ്കിപ്രയോഗം നാ. സർപ്പവിഷം ഔഷധമായി ഉപയോഗിക്കുന്ന ഒരു ചികിത്സാരീതി
ചിങ്ക് നാ. 1. പരിപ്പില്ലാത്ത ധാന്യം, മങ്ക്, പതിര്; 2. പാവയാട്ടം
ചിങ്കുഴൽ നാ. = ചിങ്കുഴൽ
ചിങ്ങം നാ. 1. സിംഹം; 2. കൊല്ലവർഷപ്രകാരം ഒന്നാമത്തെ മാസം, സൂര്യൻ രാശിചക്രത്തിലെ അഞ്ചാമത്തേതായ സിംഹരാശിയിൽ നിൽക്കുന്ന മാസം.
ചിങ്ങരാശി നാ. രാശിചക്രത്തിലെ അഞ്ചാമത്തെ ഖണ്ഡം
ചിങ്ങളൻ നാ. ശ്രീലങ്കക്കാരൻ
ചങ്ങളം നാ. ശ്രീലങ്ക
ചിച്ചി (വ്യാക്ഷേ) അതൃപ്തി, വെറുപ്പ് മുതലായവയെ സൂചിപ്പിക്കുന്നത്
ചിച്ഛക്തി [സം.-ശക്തി] നാ. ജ്ഞാനശക്തി, ബുദ്ധിസക്തി, ധാരണാശക്തി
ചിഞ്ച [സം.] നാ. 1. വാളൻപുളിമരം; 2. വാളൻപുളി; 3. കുന്നി
ചിഞ്ചാടകം [സം.] നാ. 1. ഇഞ്ചി; 2. ഒരുതരം പുല്ല്
ചിഞ്ചുക ക്രി. ചിന്തുക
ചിട നാ. = ജട
ചിടയൻ [ചിട-അൻ] നാ. 1. ജടയുള്ളവൻ; 2. ചടയൻ കഞ്ചാവ്
ചിടിക്കുക ക്രി. കുരുക്കുക, കുരിക്കിലാക്കുക, ഞെരിക്കുക
ചിട്ട1 നാ. 1. വ്യവസ്ഥ, വ്യവസ്ഥാപിതരീതി, നിയമം; 2. സ്നേഹം, അടുപ്പം
ചിട്ട2 നാ. നാൾവഴികണക്കുപുസ്തകം
ചിട്ടം1 നാ. 1. മഹത്ത്വം; 2. പരിപാവനമായത്, മഹത്തായത്
ചിട്ടം2 നാ. ശേഷിച്ചത്, ബാക്കിയായത്
ചിട്ടസ്വരം നാ. കൃതികൾ ആലപിക്കുമ്പോൾ അലങ്കാരത്തിനുവേണ്ടി ചേർക്കുന്ന ചിട്ടപ്പെടുത്തിയ സ്വരസമൂഹം

ചിട്ടി1 നാ. 1. ചീട്ട്, കുറിപ്പ്, രസീത്; 2. കുടിയാന്മാർക്കു കൊടുത്തു വന്നിരുന്ന ഒരു ആധാരം; 3. ആളുകളെ വരിക്കാരായി ചേർത്തു അവരിൽനിന്നു തവണകളായി പിരിച്ചെടുത്ത് ഒരോ തവണയും നറുക്കിട്ടു പേരുവരുന്ന ആളിനോ ഏറ്റവും കുറഞ്ഞ തുകയ്ക്ക് ലേലം വിളിക്കുന്ന ആളിനോ പണം ഒന്നായി കൊടുക്കുന്ന സമ്പാദ്യപദ്ധതി

ചിട്ടിക്കാരൻ നാ. ചിട്ടിനടത്തുന്നവൻ, തലയാളൻ, മുൻപൻ

ചിട്ടിക്കുറി നാ. ചിട്ടി എടുക്കുന്നതിനു ചിറ്റാളന്മാരുടെ പേര് എഴുതിയിടുന്ന നറുക്ക്

ചിട്ടിത്തലവരിയോല നാ. ചിട്ടിവരിയോല

ചിട്ടിത്തലയാൾ നാ. ചിട്ടിക്കാരൻ

ചട്ടിപ്പണം നാ. 1. പഴയ തിരുവിതാംകൂറിൽ ഭൂമിപതിച്ചുകൊടുക്കുമ്പോൾ കുടിയാന്മാരിൽനിന്നും ഈടാക്കിയിരുന്ന പണം; 2. ചിട്ടിക്ക് അടക്കുന്നതോ ചിട്ടിക്കാരനിൽനിന്നും പറ്റുന്നതോ ആയ പണം.

ചിട്ടിപ്പതിവ് നാ. 1. പണ്ടാരവകയിൽനിന്നും കുടിയാന്മാർക്കു കൊടുത്തിരുന്ന ആധാരം

ചിട്ടിമുമ്പൻ നാ. ചിട്ടിക്കാരൻ.

ചിട്ടിവരിയോല നാ. ചിട്ടിയുടെ നിബന്ധനകൾ ചിറ്റാളന്മാരുടെ അറിവിനായി രേഖപ്പെടുത്തിയ പത്രം

ചിട്ട്1 വി. 1. മഹത്തായ; 2. പാവനമായ

ചിട്ട്2 നാ. ചെറുത്, വലുപ്പം കുറഞ്ഞത്

ചിട്ടുകുരുവി നാ. ഒരിനം ചെറിയ കുരുവി. (പ്ര) ചീട്ടുകുരുവിയുടെ തലയിൽ പനങ്കാവച്ചതുപോലെ = താങ്ങാനാകാത്ത ഭാരം ഏറ്റുക

ചിണർക്കുക ക്രി. 1. തിണർക്കുക, തടിച്ചുപൊങ്ങുക; 2. കോപിക്കുക

ചിണുക്കം നാ. 1. കരച്ചിൽ, മൂളിക്കരച്ചിൽ; 2. കുട്ടികളുടേയും മറ്റും കൊഞ്ചലോടെയുള്ള കരച്ചിൽ, ദു:ഖമില്ലാത്ത കരച്ചിൽ

ചിണുക്കുക ക്രി. 1. ചിക്കുക; 2. ചെറിയ ശബ്ദത്തിൽ കരയുക

ചിണുങ്ങാട്ടം നാ. കൊഞ്ചിക്കുഴയൽ, ശൃങ്ഗാരപ്രകടനം

ചിണുങ്ങി നാ. 1. ചിണുങ്ങുന്ന സ്വഭാവമുള്ളവൾ; 2. തൊട്ടാവാടി

ചിണുങ്ങുക ക്രി. 1. (കുഞ്ഞുങ്ങളെപ്പോലെ) വിട്ടുവിട്ടു പുലമ്പിക്കരയുക, ചെറിയ ശബ്ദത്തിൽ കരയുക

ചിണ്ടൻ [സം.ശ്രീകണ്ഠൻ] നാ ശ്രീകണ്ഠൻ

ചിണ്ട്1 നാ. ചെണ്ട്

ചിണ്ട്2 നാ. കുമ്മി

ചിണ്ട്3 നാ. ഒരു അളവ്

ചിണ്ടു നാ. = ചിണ്ടൻ

ചിത്1 നാ. = ചിത്ത്

ചിത്2 [സം.] അവ്യ. ഒരു നിപാതം

ചിത1 [സം.<ചി] വി. 1. കൂമ്പാരം കൂട്ടിയ, വരിയായ് വയ്ക്കപ്പെട്ട, സംഭരീകപ്പെട്ട, സമ്പാദിക്കപ്പെട്ട; 2. യോജിച്ച, യോഗ്യമായ; 3. മൂടപ്പെട്ട, പതിക്കപ്പെട്ട

ചിത2 [സം.ചിതാ] നാ. 1. പട്ടട; 2. നിര; 3. കൂന, കൂട്ടം

ചിതക്കേട് നാ. 1. ചേർച്ചക്കേട്, ഭങ്ഗികേട്, പൊരുത്തമില്ലായ്മ; 2. അയോഗ്യത; 3. രോഗം, ക്ഷീണം

ചിതം നാ. 1. യോഗ്യത, ചേർച്ച; 2. സുഖം, സംതൃപ്തി; 3. വെടിപ്പ്. ചിതപ്പെടുക = യോഗ്യമാവുക, ഉചിതമാവുക

ചിതയൻ നാ. വാലന്മാരുടെ ശവസംസ്കാരാദിക്രീയകൾ നടത്തിക്കുന്ന ജാതിയിൽ പെട്ടവൻ

ചിതയുക ക്രി. 1. ചതയുക; 2. ചീത്തയാവുക

ചിതയ്ക്കുക ക്രി. 1. ചതയ്ക്കുക; 2. ചീത്തയാക്കുക; 3. നശിപ്പിക്കുക; 4. മായ്ക്കുക

ചിതർനൈ നാ. ഉരുക്കുനയ്യ്

ചിതൽ നാ. എറുമ്പിൻെറ വർഗത്തിൽപ്പെട്ട ഒരു ചെറുപ്രാണി. (പ്ര) ചിതലരിക്കുക, ചിതലെടുക്കുക, ചിതൽ തിന്നുക.

ചിതൽപ്പുറ്റ് നാ. ചിതലുകൾ പശമണ്ണുകൊണ്ടുണ്ടാക്കുന്ന കൂട്

ചിതല നാ. കരിയിലക്കിളി

ചിതലിക്കുക ക്രി. 1. ചിതൽ പിടിക്കുക; 2. പഴകിദ്രവിക്കുക

ചിതറ്1 [ചിതറുക] ധാതുരൂപം

ചിതറ്2 നാ. 1. തുള്ളി; 2. പൊടി; 3. പൂമ്പൊടി; 4. ഉറി

ചിതറൽ നാ. ചിതറുക

ചിതറുക ക്രി. 1. പലയിടത്തായി പതിക്കുക, ശിഥിലമാകുക, പരന്നു വീഴുക; 2. ചെറിയ കഷണങ്ങളായി തെറിക്കുക

ചിതാഗ്നി [സം.] നാ. പട്ടടയിലെ തീ

ചിതാചൂഡകം [സം.-ചൂഡക]നാ. 1. ചുടലത്തീ; 2. ചുടലക്കുഴി

ചിതാധാത്രി [സം.-ധാത്രി] നാ. ശ്മശാനം

ചിതാനലൻ [സം.-അനല] നാ. ചിതാഗ്നി

ചിതാനുപ്രവേശം [സം.അനുപ്രവേശ] നാ. ഒരു ആചാരം, ഭർത്താവിൻെറ പട്ടടയിൽ ചാടി ജീവത്യാഗം ചെയ്യൽ

ചിതാപ്രതാപം [സം.-പ്രതാപ] നാ. കൊല്ലപ്പെട്ടയാളിൻെറ ചിതയിൽ ഇട്ട് കൊലയാളിയായ സ്ത്രീയെ ദഹിപ്പിച്ചു നടപ്പാക്കിയിരുന്ന ഒരുതരം ശിക്ഷ

ചിതാപ്രവേശം [സം.-പ്രവേശ] നാ. ചിതാഗ്നിയിൽ പ്രവേശിച്ചു നടത്തുന്ന ആത്മത്യാഗം

ചിതാഭസ്മം [സം.-ഭസ്മ] നാ. ശവം ദഹിച്ച് പട്ടടയിൽ അടിയുന്ന ചാമ്പൽ

ചിതാഭൂമി [സം.-ഭൂമി] നാ. = ചിതാധാത്രി

ചിതി1 [സം.<ചി] നാ. 1. ശേഖരിക്കൽ; 2. കൂമ്പാരം, കൂട്ടം; 3. ഹോമത്തിനുവേണ്ടി സജ്ജമാക്കിയ അഗ്നിസ്ഥാനം

ചിതി2 [സം.] നാ. 1. പ്രജ്ഞാനം, ഗ്രഹണം, അറിവ്; 2. ചൈതന്യം

ചിതിത [സം.] നാ. 1. കൂമ്പാരം; 2. പട്ടട; 3. അരഞ്ഞാണം

ചിതികരൻ [സം.-കര] നാ. കല്ലാശാരി

ചിതിശക്തി [സം.-ശക്തി] നാ. ജ്ഞാനശക്തി

ചിതമ്പുക ക്രി. നനവുള്ളതാകുക

ചിത്ക്കാതൽ,ചിൽ- [സം.ചിദ്-മ.കാതൽ] ചിത്തിൻെറ കാതൽ, ഈശ്വരചൈതന്യം

ചിത്കാമ്പ്,ചിൽ- ഉസം.ചിദ്-മ.കാമ്പ്] നാ. ചിത്തിൻെറ കാമ്പ്, ഈശ്വരൻ

ചിത്ഘനൻ, ചിൽ– [സം.–ഘന] നാ. ഈശ്വരൻ
ചിത്ഘനം [സം.–ഘന] നാ. പരബ്രഹ്മം, ജ്ഞാനസ്വരൂപം
ചിത്ത [സം.] വി. 1. കണ്ടറിഞ്ഞ; 2. ആഗ്രഹിച്ച
ചിത്തകലിത [സം.–കലിത] വി. മുമ്പേ വിചാരിക്കപ്പെട്ട, പ്രതീക്ഷിക്കപ്പെട്ട
ചിത്തക്കാമ്പ് [സം.ചിത്ത–മ.കാമ്പ്] മനസ്സ്, മനസ്സിൻെറ കാതലായ ഭാഗം
ചിത്തക്ഷോഭം [സം.–ക്ഷോഭ] നാ. മനസ്സിൻെറ ഇളക്കം
ചിത്തക്ലേശം [സം.–ക്ലേശ] നാ. മനോവേദന
ചിത്തചോരൻ [സം.–ചോര] നാ. കാമുകൻ
ചിത്തജ [സം.–ജ] വി. ചിത്തത്തിൽ നിന്നുണ്ടായ
757
ചിത്തജന്മാവ് [സം.–ജന്മൻ] നാ. ചിത്തജൻ
ചിത്തജ്ഞ [സം.–ജ്ഞ] വി. 1. ചിത്തത്തെ അറിയുന്ന; 2. മനുഷ്യസ്വഭാവം അറിയുന്ന
ചിത്തഞ്ചാദി നാ. ഒരു മന്ത്രം, നെയ്യ് ഹോമിക്കുമ്പോൾ ചൊല്ലുന്നത്
ചിത്തതാര് [സം.ചിത്ത–മ.താര്] നാ. മനസ്സാകുന്ന പൂവ്
ചിത്തത്രയം [സം.] നാ. ജ്ഞാനേന്ദ്രിയങ്ങൾ, മനസ്സ്, ബുദ്ധി എന്നീ മൂന്നും
ചിജ്ൻ [സം.സിദ്ധ] നാ. സിദ്ധൻ
ചിത്തനാകം നാ. 1. തുജ്നാകം; 2. ഒരു വൃത്തം
ചിത്തനാഥൻ [സം.] നാ. കാമുകൻ
ചിത്തനാശം [സം.–നാശ] നാ. മനസ്സിൻെറ തകർച്ച, ബോധക്ഷയം
ചത്തനിയന്ത്രണം സം.–ണ] നാ. മനസ്സിനെ അടക്കൽ
ചിത്തനിരോധം [സം.–നിരോധ] നാ. മനസ്സംയമനം
ചിത്തനിർവൃതി [സം.] നാ. മനസ്സിൻെറ സമ്പൂർണ സംതൃപ്തി
ചിത്തപഞ്ചനിലകൾ നാ. മനസ്സിൻെറ അഞ്ച് അവസ്ഥകൾ (ക്ഷിപ്തം, വിക്ഷിപ്തം, മൂഢം, ഏകാഗ്രം, നിരുദ്ധം)
ചിത്തപരിണാമം [സം.–പരിണാമ] നാ. മനസ്സിൻെറ നാലവസ്ഥകൾ
ചിത്തഭവൻ [സം.–ഭവ] നാ. കാമദേവൻ
ചിത്തഭൂവ് [സം.–ഭൂ] നാ. 1. ചിത്തഭവൻ; 2. അനുരാഗം, സ്നേഹം
ചിത്തഭ്രമം [സം.–ഭ്രമ] നാ. 1. മനസ്സിൻെറ കുഴപ്പം; 2. ഒരു മനോരോഗം
ചിത്തഭ്രാന്തി [സം.–ഭ്രാന്തി] നാ. ചിത്തഭ്രമം
ചിത്തഭ്രാന്ത് [സം.–ഭ്രാന്ത] നാ. ചിത്തഭ്രമം
ചിത്തം [സം.] നാ. 1. മനസ്സ്; 2. ബുദ്ധി
ചിത്തമൃത് നാ. = ചിറ്റമൃത്
ചിത്തമോഹം [സം.–മോഹ] നാ. ചിത്തഭ്രമം
ചിത്തയോനി [സം.–യോനി] നാ. കാമദേവൻ
ചിത്തരക്ഷി [സം.–രക്ഷിൻ] നാ. ചിത്തചാരി
ചിത്തരതി [സം.–രതി] നാ. മനസ്സിൻെറ വേഴ്ച
ചിത്തരത്ത നാ. = ചിറ്റരത്ത
ചിത്തരങ്ഗ [സം.–രങ്ഗ] നാ. മനസ്സ്
ചിത്തരാഗം [സം.–രാഗ] നാ. പ്രേമം
ചിത്തരൂപം [സം.–രൂപ] നാ. 1. ബ്രഹ്മം; 2. ചേതന

ചിത്തരോഗം [സം.-രോഗ] നാ. മനസ്സിൻെറ രോഗം, ഭ്രാന്ത്
ചിത്തലം നാ. പുള്ളിമാൻ
ചിത്തവികാരം [സം.-വികാര] നാ. മനസ്സിൻെറ ഭാവപ്പകർച്ച, മനസ്സിൻെറ മാറ്റം.
ചിത്തവിക്ഷേപം [സം.-വിക്ഷെപ] നാ. മന:ക്ഷോഭം, മനസ്സുപതറൽ.
ചിത്തവിക്ഷേപങ്ങൾ = യോഗത്തിനു പ്രതിബന്ധങ്ങളായ ഒമ്പതുകാര്യങ്ങൾ
ചിത്തവിപ്ലവം [സം.-വിപ്ലവ] നാ. ചിത്തഭ്രമം
ചിത്തവിഭ്രമം [സം.-വിഭ്രമ] നാ. 1. ചിത്തഭ്രമം; 2. ഒരുതരം സന്നിപാതജ്വരം.
ചിത്തഭ്രവിമജാതം = മൂന്നുവിധം കരുണരസങ്ങളുള്ളവയിൽ ഒന്ന്
ചിത്തവിലോഭനം [സം.-ഭന] നാ. മനസ്സിനെ മോഹിപ്പിക്കുന്നത്
ചിത്തവൃത്തി [സം.-വൃത്തി] നാ. 1. മനസ്സിൻെറ വ്യാപാരം, ചിന്തമുതലായവ; 2. മനസ്സിൻെറ അവസ്ഥ
ചിത്തവേദന [സം.-വേദനാ] നാ. ദു:ഖം
ചിത്തവൈകല്യം [സം.-വൈകല്യ] നാ. മനസ്സിൻെറ കുഴപ്പം
ചിജ്വൈക്ലബ്യം [സം.-ബ്യ] നാ. ചിത്തവൈകല്യം
ചിത്തവൈവശ്യം [സം.-വൈവശ്യ] നാ. മനസ്സിൻെറ പാരവശ്യം
ചിത്തശല്യം [സം.-ശല്യ] നാ. 1. മനസ്സിനുവേദനയുണ്ടാക്കുന്നത്; 2. മനോവേദന. ചിത്തശല്യസപ്തകം = ഏഴുതരം ചിത്തശല്യങ്ങൾ (പകലത്തെ ചന്ദ്രൻ, യൗവനം, മറഞ്ഞനാരി, വിദ്യാവിഹീനനായ സുന്ദരൻ, താമരയില്ലാത്ത പൊയ്ക, സത്സ്വാഭാവിയായ ദരിദ്രൻ, ധനത്തിന് അത്യാഗ്രഹമുള്ള പ്രഭു, ദുഷ്ടനായ രാജസേവകൻ)
ചിത്തശാന്തി [സം.-ശാന്തി] നാ. മനസ്സിൻെറ സ്വസ്ഥത
ചിത്തശുദ്ധി [സം.-ശുദ്ധി] നാ. മന:ശുദ്ധി, കളങ്കമില്ലായ്മ
ചിത്തസമുന്നതി [സം.-സമുന്നതി] നാ. ആത്മാഭിമാനം, ഉത്കൃഷ്ടനാണെന്ന് സ്വയം ഭാവിക്കൽ
ചിത്തസാമ്യം [സം.-സാമ്യ] നാ. മനസ്സ് ഏകാഗ്രമായിരിക്കുന്ന സ്ഥിതി
ചിത്തഹാരി [സം.-ഹാരിൻ] നാ. മനസ്സിനെ അപഹരിക്കുന്നത്, മനോഹരമായത്
ചിത്താകർഷി [സം.-ആകർഷിൻ] നാ. ചിത്തത്തെ ആകർഷിക്കുന്നത്
ചിത്താനുവർത്തനം [സം.തന] നാ. (അന്യൻെറ) ഇഷ്ടമനുസരിച്ചുള്ള പെരുമാറ്റം
ചിത്താഭോഗം [സം.-ആഭോഗ] നാ. 1. മനസ്സിൻെറ പൂർണമായ ആഭിമുഖ്യം, ഒരേകാര്യത്തിൽ മനസ്സിൻെറ സ്ഥിരമായ നിൽപ്; 2. മനസ്സിന് ഐഹികസുഖങ്ങളിലുള്ള താത്പര്യം
ചിത്താമല്ലി നാ. ഒരു പച്ചമരുന്ന്, ഓരില
ചിത്താമുട്ടി നാ. കുറുന്തോട്ടി
ചിത്താവസ്ഥകൾ [സം.-അവസ്ഥാ:] നാ. മനസ്സിൻെറ പത്തവസ്ഥകൾ (കാമം, സങ്കൽപം, വിചികിത്സ, ശ്രദ്ധ, അശ്രദ്ധ, ധൃതി, ലജ്ജ, ധീ, ഭീതി എന്നിവ)
ചിത്താസങ്ഗം [സം.-ആസങ്ഗ] നാ. സ്നേഹം
ചിത്തി നാ. 1. ചിന്ത, അറിവ്, ജ്ഞാനം; 2. ഉദ്ദേശ്യം; 3. ജ്ഞാനേന്ദ്രിയം; 4. ജ്ഞാനദേവത
ചിത്തിര [സം.ചിത്രാ] നാ. 1. (ജ്യോ) ഒരു നക്ഷത്രം; 2. മേടമാസം; 3. ഒരിനം മൈന. ചിത്തിരക്കൂടം = ചിത്രകൂടം. ചിത്തിരക്കിഴങ്ങ് = കൊടുവേലിക്കിഴങ്ങ്.

ചിത്തിരകെട്ട് = ചിത്രകെട്ട്. ചിത്തിരത്തുന്നൽ = ചിത്രത്തുന്നൽ. ചിത്തിരത്തൂൺ = ചിത്രത്തൂൺ.
ചിത്തിരം [സം.ചിത്ര] നാ. 1. വരച്ചുണ്ടാക്കിയ രൂപം, പടം; 2. അത്ഭുതം ഉളവാക്കുന്നത്
ചിത്തിസ്രുക്ക് [സം.-സ്രുക്] നാ. ശവം കുളിപ്പിക്കുമ്പോൾ ചൊല്ലുന്ന ഒരു മന്ത്രം (പ്ര) ചിത്തിസ്രുക്കുചൊല്ലി = മരിച്ചു, കത്തം ഓതി
ചിത്ത് [സം.ചിത്] നാ. 1. ജ്ഞാനം, വിശേഷജ്ഞാനം; 2. പരമാത്മാവ്, പരബ്രഹ്മം; 3. ഹൃദയം, മനസ്സ്
ചിത്തോത്ഥ [സം.-ഉത്ഥ] വി. മനസ്സിൽ ഉദ്ഭവിച്ച, ഹൃദയത്തിൽ ജനിച്ച
ചിത്തോത്ഥൻ [സം.] നാ. 'ചിത്തത്തിൽ ഉണ്ടായവൻ' കാമദേവൻ
ചിത്തോത്ഥം [സം.] നാ, 1. അഭിമാനം, അഹങ്കാരം; 2. കാമം
ചിത്തോദ്രേകം [സം.-ഉദ്രേക] നാ. അഭിമാനം, അഹങ്കാരം
ചിത്തോന്നതി [സം.-ഉന്നതി] നാ. ചിത്തസമുന്നതി
ചിത്പതി [സം.-പതി] നാ. = ചിത്പുമാൻ
ചിത്പര [സം.-പരാ] നാ. ജ്ഞാനരൂപിണിയായ പരാശക്തി
ചിത്പരൻ [സം.-പര] നാ. ചിത്പുമാൻ
ചിത്പുമാൻ [സം.-പൂമാൻ]നാ. ജ്ഞാനസ്വരൂപൻ, ഈശ്വരൻ
ചിത്പുരുഷൻ [സം.-പുരുഷ]നാ. ചിത്പുമാൻ
ചിത്പ്രഭ [സം.-പ്രഭാ] നാ. ജ്ഞാനത്തിൻെറ പ്രകാശം
ചിത്യ [സം.] നാ. ചിത
ചിത്ര1 [സം.] വി. 1. മികച്ച; 2. തിളങ്ങുന്ന; 3. അത്ഭുതകരമായ
ചിത്ര2 [സം.ചിത്രാ] നാ. 1. (ജ്യോ) പതിനാലാമത്തെ നക്ഷത്രം, ചിത്തിര; 2. മായ; 3. ഏഴുകമ്പിയുള്ള ഒരുതരം വീണ
ചിത്രക [സം.ചിത്ര-ക]വി. 1. ശോഭയുള്ള; 2. ധൈര്യമുള്ള
ചിത്രകണ്ഠം [സം.-കണ്ഠ] നാ. 1. മാടപ്രാവ്; 2. കാട്ടുപ്രാവ്
ചിത്രകഥ [സം.-കഥാ] നാ. 1. രസകരമായ കഥ; 2. ചിത്രങ്ങളിലൂടെ അവതരിപ്പിക്കുന്ന കഥ
ചിത്രകൻ [സം.ചിത്രക] നാ. ചിത്രകാരൻ
ചിത്രകന്ദകം [സം.-കന്ദക] നാ. ചെളുത്തചേന
ചിത്രകപോതം [സം.-കപോത] നാ. പുൾലിപ്രാവ്
ചിത്രകം [സം.] നാ. 1. തൊടുകുറി; 2. ചിത്രം; 3. ചിത്രകാവ്യം; 4. പുലി; 5. സിംഹം; 6. ഒരുതരം പാമ്പ്; 7. വെളുത്താവണക്ക്; 8. കൊടുവേലി; 9. മുചുകുന്ദം; 10. കാരീയം
ചിത്രകംബളം [സം.-കംബല] നാ. പലവർണങ്ങളുള്ള കംബളം
ചിത്രകർണം [സം.-കർണ] നാ. ഒരിനം സ്തംഭം
ചിത്രകർമം [സം.-കർമൻ] നാ. 1. അസാധാരണപ്രവൃത്തി; 2. ചിത്രമെഴുത്ത്; 3. തൊടുകാര
ചിത്രകർമാവ് [സം.-കർമൻ] നാ. ചിത്രകാരൻ
ചിത്രകരൻ [സം.-കര] നാ, 1. ചിത്രകാരൻ; 2. നടൻ
ചിത്രകല [സം.-കലാ] നാ. ചിത്രമെഴുത്ത്
ചിത്രകൽപം [സം.-കൽപ] നാ. ശിരസ്സിലനിയുന്ന ഒരാഭരണം

ചിത്രകായം [സം.-കായ] നാ. 1. കടുവ; 2. പുലി; 3. സിംഹം
ചിത്രകാരൻ [സം.-കാര] നാ. 1. ചിത്രം എഴുതുന്ന ആൾ; 2. കൊത്തുപണിക്കാരൻ
ചിത്രകാവ്യം [സം.-കാവ്യ] നാ. 1. വാച്യാർഥത്തിനും ശബ്ദാർഥാലങ്കാരങ്ങൾക്കും പ്രാധാന്യം കൽപിക്കുന്ന കാവ്യം; 2. താമര ചക്രം തുടങ്ങിയവയുടെ ആക്ര്‌തിയിൽ അക്ഷരങ്ങൾ വിന്യസിക്കാവുന്ന വിധം ചമച്ച പദ്യങ്ങളോടുകൂടിയ കാവ്യം
ചിത്രകൂടം [സം.-കൂട] നാ. 1. അയോദ്ധ്യയ്ക്കടുത്തുള്ള ഒരു പർവതം; 2. കുമാരദ്വീപിലുള്ള ഒരു പർവതം; 3. കൊത്തുപണികൊണ്ടും മറ്റും അലങ്കൃതമായ മന്ദിരം; 4. കൊച്ചിരാജ്യത്തിൻെറ പുരാതന തലസ്ഥാനം; 5. കവുകളിലും മറ്റും കെട്ടിയുണ്ടാക്കുന്ന സർപ്പഗൃഹം
ചിത്രകൂടക്കല്ല് [സം.] നാ. നാഗക്കല്ല്
ചിത്രകൂടക്കെട്ട് [സം.] നാ. കളമെഴുത്തിൽ സ്വീകരിച്ചിട്ടുള്ള ഒരിനം നാഗബന്ധം
ചിത്രകൃത്ത് [സം.ചിത്ര-കൃത്] നാ. 1. ചിത്രകാരൻ; 2. തൊടുകാര
ചിത്രകൃത്യം [സം.-കൃത്യ] നാ. ചിത്രമെഴുത്ത്
ചിത്രക്കെട്ട് [സം.ചിത്ര-മ.കെട്ട്] നാ. 1. അലങ്കാരപ്പണികളുള്ള കെട്ടിടം; 2. അലങ്കാരപ്പണി
ചിത്രക്രിയ [സം.-ക്രിയാ] നാ. ചിത്രകർമം
ചിത്രഗ [സം.-ഗ] വി. 1. ചിത്രത്തിൽ ആക്കിയ, ചിത്രീകരിക്കപ്പെട്ട; 2. വിവിധവർണങ്ങളുള്ള
ചിത്രഗത [സം.-ഗത] നാ. = ചിത്രഗ
ചിത്രഗതി [സം.-ഗതി] നാ. ഒരു അലങ്കാരം
ചിത്രഗന്ധം [സം.-ഗന്ധ] നാ. 1. പല ഗന്ധങ്ങൾ കലർന്നിട്ടുള്ള മണം; 2. അരിതാരം
ചിത്രഗീതം [സം.-ഗീത] നാ. ദൂരദർശനിൽ ചിത്രത്തോടൊപ്പം സമ്പ്രേഷണം ചെയ്യപ്പെടുന്ന ഗീതം
ചിത്രഗുപ്തൻ [സം.-ഗുപ്ത] നാ. യമൻെറ ഒരു സേവകൻ (മനുഷ്യരുടെ പുണ്യപാപങ്ങളുടെ കണക്കു സൂക്ഷിക്കുന്നവൻ)
ചിത്രഗൃഹം [സം.-ഗൃഹ] നാ. ചിത്രപ്പണികൾകൊണ്ട് മോടിപിടിപ്പിച്ച മന്ദിരം
ചിത്രഘാതം [സം.-ഘാത] നാ. ചിത്രവധം
ചിത്രഘോഷാവലി നാ. ഒരിനം വീണ
ചിത്രചന്ദ്രിക [സം.-ചന്ദ്രിക] നാ. ഒരു ജന്യരാഗം
ചിത്രജൽപനം [സം.-ജൽപന] നാ. പലവിഷയങ്ങളെപ്പറ്റിയുള്ള സംഭാഷണം, പരസ്പരബന്ധമില്ലാത്ത വിഷയങ്ങളെകുറിച്ചുള്ള സംഭാഷണം
ചിത്രണം [സം.<ചിത്ര] നാ. 1. വിവരണം, വർണനം; 2. ചിത്രം വരയ്ക്കൽ
ചിത്രതമകം [സം.ചിത്ര-തമക] നാ. താളദശപ്രാണസംബന്ധിയായ ആറുമാർഗങ്ങളിൽ അഞ്ചാമത്തേത്
ചിത്രതരം [സം.-തര] നാ. 1. താലദശപ്രാണസംബന്ധിയായ ആറുമാർഗങ്ങളിൽ നാലാമത്തേത്; 2. കൂടുതൽ മനോഹരം.
ചിത്രതാളം [സം.-താല] നാ. ഒരു താളം
ചിത്രതോരണം [സം.-തോരണ] നാ. (ശിൽപ) മനോഹരമായി നിർമിച്ച കമാനം

ചിത്രത്തയ്യൽ [സം.] നാ. അലങ്കാരപ്പണികളുള്ള തയ്യൽ, തുണിയിലും മറ്റും പുഷ്പങ്ങൾ തുടങ്ങിയവയുടെ രൂപം തുന്നിച്ചേർക്കൽ
ചിത്രത്തൂൺ [സം.ചിത്ര-മ.തൂൺ] രൂപങ്ങൾ കൊത്തിയിട്ടുള്ള തൂണ്
ചിത്രദുഷ്കരം [സം.-ദുഷ്കര] നാ. (ധനുർവിദ്യ) ഒരു ലക്ഷ്യം
ചിത്രധ്വജം [സം.-ധ്വജ] നാ. 1. (ശില്പ) ദേവാലയങ്ങളിലെ കൊടിമരങ്ങളിൽ ഒരു വിഭാഗം (രൂപങ്ങൾ കൊത്തിയത്); മനോഹരമായ കൊടിമരം
ചിത്ര[സം.] നാ. 1. യമന്റെ ഒരു മൂർത്തിഭേദം; 2. ധൃതരാഷ്ട്രരുടെ ഒരു പുത്രൻ
ചിത്രനാട്യം [സം.-നാട്യ] നാ. ഒരു പ്രത്യേകതരം നൃത്തം (നർത്തകൻ പാദചലനംകൊണ്ട് ചിത്രങ്ങൾ രചിക്കുന്നത്)
ചിത്രനേത്ര [സം.-നേത്രാ] നാ. പഞ്ചവർണക്കിളി
ചിത്രന്യസ്ത [സം.-ന്യസ്ത] നാ. = ചിത്രഗ
ചിത്രപക്ഷം [സം.-പക്ഷ] നാ. 1. ഒരിനം പ്രാവ്; 2. ഒരിനം കാട; 3. തിത്തിരിപ്പുള്ള്
ചിത്രപക്ഷി [സം.-പക്ഷിൻ] നാ. ടിട്ടിഭപ്പക്ഷി
ചിത്രപഞ്ജരം [സം.-പഞ്ജര] നാ. (ശില്പ) ഭിത്തിയിൽ ചെയ്യുണ്ടാക്കുന്ന കൊത്തുപണികളിലൊന്ന് (പക്ഷിക്കൂടിന്റെ ആകൃതിയിലുള്ളത്)
ചിത്രപടം [സം.-പട] നാ. 1. ചിത്രം വരയ്ക്കാനുപയോഗിക്കുന്ന തുണി, തുണിയിൽ വരച്ച ചിത്രം; 2. മനോഹരമായ വസ്ത്രം, വർണവൈചിത്ര്യമുള്ള വസ്ത്രം
ചിത്രപട്ടം [സം.-പട്ട] നാ. 1. ചിത്രപടം; 2. (ശില്പ) തൂണിലുള്ള ചിത്രപ്പണി
ചിത്രപതങ്ഗം [സം.-പതങ്ഗ] നാ. പൂമ്പാറ്റ
ചിത്രപത്രകം [സം.-പത്രക] നാ. 1. മയിൽ; 2. പ്ലാശ്
ചിത്രപദ [സം.-പദ] വി. ഹൃദ്യങ്ങളായ പദപ്രയോഗങ്ങളുള്ള (കാവ്യം, സംഭാഷണം എന്നിവപോലെ)
ചിത്രപദം [സം,] നാ. ഒരു സംസ്കൃതവൃത്തം
ചിത്രപദ്യം [സം.-പദ്യ] നാ. രഥം ചക്രം സർപ്പം മുതലായവയുടെ ആകൃതിയിൽ അക്ഷരങ്ങളെ നിരത്തിക്കാണിക്കാവുന്ന വിധം രചിച്ചിട്ടുള്ള പദ്യം.
759
ചിത്രപാണ്ഡു [സം.=പാണ്ഡു] നാ. തൊലിയിൽ വെള്ളനിറമുണ്ടാകുന്ന കുഷ്ഠം
ചിത്രപാദ [സം.-പാദ] നാ. പഞ്ചവർണക്കിളി
ചിത്രപാദിതം [സം-പാദിത] നാ, ഒരു ജന്യരാഗം
ചിത്രപുങ്ഖം [സം.-പുങ്ഖ] നാ. അമ്പ്
ചിത്രപൃഷ്ഠം[സം.-പൃഷ്ഠ] നാ. ഊർക്കുരുകിൽ
ചിത്രപ്പണി [സം.ചിത്ര-മ.പണി] നാ. 1. രൂപങ്ങൾ കൊത്തിയുണ്ടാക്കൽ, രൂപങ്ങൾ കൊത്തിയ ശില്പം; 2. പടംവരയ്ക്കൽ
ചിത്രപ്പലക [സം.ചിത്ര-മ.] നാ. ചിത്രങ്ങൽ വരയ്ക്കാനുപയോഗിക്കുന്ന പലക, ചിത്രം വരച്ച പലക
ചിത്രപ്പാള [സം.-മ] നാ. തെയ്യത്തിനും കോലം തുള്ളലിനും മറ്റും മുഖത്തണിയുന്നതിനുവേണ്ടി കോലം വരച്ച പാള.

ചിത്രപ്പൂച്ച് [സം.ചിത്ര-മ.പൂച്ച്] നാ. ഒരു വസ്തുവിൽത്തന്നെ പൊന്ന് ചെള്ളി തുടങ്ങിയ പലലോഹങ്ങൾ പലഭാഗങ്ങളിൽ പല രൂപത്തിൽ പൂശുന്ന രീതി
ചിത്രപ്രതികൃതി [സം.] നാ. വർണങ്ങളിലൂടെ ആവിഷ്കരിക്കപ്പെട്ട രൂപം, ചിത്രം
ചിത്രപ്രദർശനം [സം.പ്രദർശന] നാ. 1. ചിത്രങ്ങളുടെ പ്രദർശനം; 2. സിനിമ
ചിത്രപ്രബന്ധം [സം.പ്രബന്ധ]നാ, വൃത്തഗന്ധിയായ ഗദ്യപ്രബന്ധത്തിൻെറ ഒരു വകഭേദം (പാഞ്ചാലി, ഗൗഡി തുടങ്ങിയ രീതികളെ കലർത്തി നിർമിക്കുന്നത്)
ചിത്രപ്രശ്നം [സം.-പ്രശ്ന] നാ. 1. ഉത്തരം മുട്ടിക്കുന്ന ചോദ്യം; 2. ചിത്രങ്ങളെ അടിസ്ഥാനമാക്കി ചോദ്യങ്ങൾ ഉന്നയിച്ച് ഉത്തരം പറയിക്കുകയോ എഴുതിക്കുകയോ ചെയ്യുന്ന ഒരു വിനോദം; 3. പദപ്രശ്നം
ചിത്രഫലകം [സം.-ഫലക] നാ. ചിത്രപ്പലക
ചിത്രഫലം [സം.-ഫല] നാ. 1. തണ്ണിമത്തങ്ങ; 2. വെളുത്ത ചെറിയ വെള്ളരി
ചിത്രബർഹം [സം-ബർഹ] നാ. മയിൽ
ചിത്രബർഹി [സം.-ബർഹിൻ] നാ. 1. മയിൽ; 2. ചിത്രബർഹൻ
ചിത്രബർഹിസ്സ് [സം.-ബർഹിസ്] നാ. ചന്ദ്രൻ
ചിത്രഭാനു [സം.-ഭാനു] നാ. 1. അഗ്നി; 2. സൂര്യൻ; 3. ചന്ദ്രൻ; 4. കശ്യപനു ദനുവിലുണ്ടായ ഒരു പുത്രൻ; 5. ശിവൻെറ ആയിരം നാമങ്ങളിൽ ഒന്ന്; 6. പ്രഭവാദിവത്സരങ്ങളിൽ പതിനാറാമത്തേത്; 7. കൊടുവേലി; 8. എരിക്ക്; 9. ദിക്പാലാദികസ്നാനം എന്ന വൈദിക കർമത്തിൽ ഉപയോഗിക്കുന്ന ഒരു ഘടത്തിന് കൊടുത്തിരിക്കുന്ന സാങ്കേതിക സംജ്ഞ
ചിത്രഭാനുക്കൾ [സം.] നാ. (ബ.വ.) 1. സൂര്യചന്ദ്രന്മാർ; 2. അശ്വിനീദേവന്മാർ
ചിത്രഭാഷ [സം.-ഭാഷാ] നാ. ചിത്രങ്ങൾ രേഖപ്പെടുത്തി ആശയവിനിമയം ചെയ്യുന്ന സമ്പ്രദായം
ചിത്രഭൂത [സം.] വി. ചിത്രത്തിലാക്കപ്പെട്ട
ചിത്രം1 [സം.ചിത്ര] നാ. 1. പടം; 2. പുള്ളിമാൻ; 3. കണ്ണിനെ ആകർഷിക്കുന്ന ശോഭയോ നിറമോ ഉള്ള വസ്തു; 4. തിളങ്ങുന്ന ആഭരണം; 5. ശോഭയുള്ളതോ അസാധാരണമായതോ ആയ കാഴ്ച; 6. അത്ഭുതം; 7. അടയാളം; 8. തൊടുകുറി; 9. ചിത്രവധം; 10. ഒരിനം കുഷ്ഠം; 11. കാവ്യത്തിൻെറ മൂന്നു വിഭാഗങ്ങളിൽ ഒമ്മ്; 12. ശബ്ദാലങ്കാരങ്ങളിൽ ഒന്ന്; 13. സദസ്സിനു രസം ഉണ്ടാകും വിധം സംഭാഷണത്തിൽ പ്രയോഗിക്കുന്ന വാക്യം; 14. താളദശപ്രമാണങ്ങളെക്കുറിക്കുന്ന ആറുമാർഗങ്ങളിൽ ഒന്ന്
ചിത്രം2 [സം.] വ്യാക്ഷേ. അത്ഭുതം ദ്യോതിപ്പിക്കുന്നത്
ചിത്രമണി [സം.-മണി] നാ. ഒരു ജന്യ രാഗം (ചിത്ര ശബ്ദംചേർത്തു സമാസിച്ച് പല ജന്യരാഗങ്ങളുടെയും പേരുകൾ ഉണ്ടാക്കുന്നു)
ചിത്രമൃഗം [സം.] നാ. പുള്ളിമാൻ
ചിത്രമെഴുത്ത് [സം.,മ] നാ. ഒരു ലളിതകല, ചിത്ര രചന
ചിത്രമേഖലകം [സം.-മേഖലക] നാ. മയിൽ
ചിത്രയാനം [സം.-യാന] നാ. ഘോഷയാത്ര
ചിത്രയോഗം [സം.-യോഗ] നാ. 1. വൃദ്ധനെ തരുണനായോ തരുണനെ വൃദ്ധനായോ മറ്റാൻ കഴിയുന്ന വിദ്യ; 2. ഒരു ഔഷധയോഗം
ചിത്രയോധൻ [സം.-യോധ] നാ. വിവിധയുദ്ധമുറകൾ പ്രയോഗിക്കാൻ കഴിവുള്ള യോദ്ധാവ്

ചിത്രയോധി [സം.-യോധിൻ] നാ. 1. ചിത്രയോധൻ; 2. അർജ്ജുനൻ; 3. നീർമരുത്
ചിത്രരഞ്ജകം [സം.-രഞ്ജക] നാ. വെളുത്തീയം
ചിത്രരഞ്ജനം [സം.-രഞ്ജന] നാ. ചിത്രമെഴുത്ത്
ചിത്രല [സം.ചിത്ര-ലാ] നാ. ഗോരക്ഷി
ചിത്രലിപി [സം.-ലിപി] നാ. ആശയം രേഖപ്പെടുത്തുന്നതിന് ഉപയോഗിച്ചിരുന്ന ചിത്രസങ്കേതം
ചിത്രലേഖ [സം.-ലേഖാ] നാ. 1. ചിത്രം; 2. ഒരു സംസ്കൃതവൃത്തം; 3. ബാണപുത്രിയായ ഉഷയുടെ തോഴി; 4. ഒരു അപ്സരസ്സ്; 5. ചിത്രമെഴുത്തുകോൽ
ചിത്രലെഖകൻ [സം.-ലെഖക] നാ. ചിത്രമെഴുത്തുകാരൻ. (സ്ത്രീ) ചിത്രലേഖിക
ചിത്രലേഖനം [സം.-ലേഖന]നാ. ചിത്രമെഴുത്ത്
ചിത്രലേഖനിക [സം.-കാ] നാ. പടം വരയ്ക്കാനുള്ള ബ്രഷ്, തൂലിക
ചിത്രലോചന [സം.-ലോചനാ] നാ. പഞ്ചവർണക്കിളി
ചിത്രവധം [സം.-വധ] നാ. പലവിധത്തിൽ വേദനിപ്പിച്ചു കൊല്ലൽ
ചിത്രവലയ [സം.-വലയാ] നാ. ഒരു ദേവത
ചിത്രവാജം [സം.-വാജ] നാ. പൂവൻകോഴി
ചിത്രവാരിക [സം.-വാരികാ] നാ. ചിത്രങ്ങളോടുകൂടിയ വാരിക
ചിത്രവിദ്യ [സം.-വിദ്യാ] നാ. ചിത്രകല
ചിത്രവീണ [സം.-വീണാ] നാ. ഏഴുകമ്പിയുള്ള വീണ
ചിത്രവൃത്ത [സം.-വൃത്താ]നാ. ഒരു വൃത്തം
ചിത്രവേല [സം.ചിത്ര-മ.വേല] നാ. ചിത്രപ്പണി
ചിത്രവേഷൻ [സം.-വേഷ] നാ. ചിത്രമായ വേഷത്തോടുകൂടിയവൻ
ചിത്രവ്യാഘ്രം [സം.-വ്യാഘ്ര] നാ. പുള്ളിപ്പുലി
ചിത്രശലഭം [സം.-ശലഭ] നാ. പൂമ്പാറ്റ
ചിത്രശാല [സം.-ശാലാ] നാ. ചിത്രപ്രദർശന ശാല
ചിത്രശാലിക [സം.-ശാലികാ] നാ. = ചിത്രഗൃഹം
ചിത്രശിഖണ്ഡി [സം.-ശിഖണ്ഡിൻ] നാ. ചിത്രമായ മുടിക്കെട്ടോടുകൂടിയവൻ
ചിത്രശാലികം [സം.-ശാലിക] നാ. 1. ദർശനത്തിനുവേണ്ടി ചിത്രങ്ങൾ സംഭരിച്ചു സൂക്ഷിച്ചിട്ടുള്ള മന്ദിരം; 2. ഒരു സംസ്കൃതവൃത്തം
ചിത്രശിഖണ്ഡിജൻ [സം] നാ. 1. അങ്ഗിരസ്സിൻെറ പുത്രനായ ബൃഹസ്പതി; 2. വ്യാഴഗ്രഹം
ചിത്രശ്ലോകം [സം.-ശ്ലോക] നാ. 1. പദ്മം ചക്രം തുടങ്ങിയവയുടെ ആകൃതിയിൽ അക്ഷരങ്ങൾ നിരത്തിവയ്ക്കാവുന്ന വിധം ചമച്ച ശ്ലോകം; 2. മനോഹരമായ ശ്ലോകം
ചിത്രസങ്ഗം [സം.-സങ്ഗ] നാ. ഒരു വൃത്തം
ചിത്രസർഗം [സം.-സർഗ] നാ. മഹാകാവ്യത്തിൽ ചിത്രശ്ലോകങ്ങൾക്ക് പ്രാധാന്യം നൽകിയിട്ടുള്ള സർഗം
ചിത്രഹസ്തം [സം.-ഹസ്ത] നാ. ദ്വന്ദ്വയുദ്ധത്തിൽ കൈകൊണ്ടുള്ള പ്രയോഗങ്ങളിൽ ഒന്ന്
ചിത്രേള [സം.ചിത്ര-ല] വി. പലനിറങ്ങൾ ഉള്ള
ചിത്രളം [സം.ചിത്ര-ല] നാ. വർണവൈചിത്ര്യം

ചിത്രാങ്ഗ [സം.-അങ്ഗ] വി. നാനാവർണത്തോടുകൂടിയ, പുള്ളിയുള്ള, സൗന്ദര്യമുള്ള
ചിത്രാങ്ഗദ [സം.-അങ്ഗദാ] നാ. 1. ഒരു അപ്സരസ്സ്; 2. അർജ്ജുനൻെറ ഒരു ഭാര്യ
ചിത്രാചലം [സം.-അചല] നാ. ചിത്രകൂടപർവതം
ചിത്രാടീരൻ [സം.-അടീര] നാ. ചന്ദ്രൻ
ചിത്രാന്നം [സം.-അന്ന] നാ. പലനിറമുള്ള പദാർത്ഥങ്ങൾ ചേർത്ത് ഉണ്ടാക്കിയ ചോറ്
ചിത്രാപൂർണിമ [സം.-പൂർണിമാ] നാ. = ചിത്രാപൗർണമി
ചിത്രാപൗർണമാസി[സം.-മാസീ] നാ. ചിത്തിര നക്ഷത്രത്തിൽ പൂർണചന്ദ്രൻ നിൽക്കുന്ന ദിവസം
ചിത്രാപൗർണമി [സം.-പൗർണമീ] നാ. മേടമാസത്തിൽ ചിത്തിരനക്ഷത്രവും വെളുത്തവാവും ഒന്നിച്ചുവരുന്ന ദിവസം
ചിത്രാംബരം [സം.അംബര] നാ. നാനാവർണങ്ങളുള്ള വസ്ത്രം, ചിത്രങ്ങളുള്ള വസ്ത്രം
ചിത്രാംബരി [സം.-അംബരീ] നാ. ഒരു മേളകർത്താരാഗം
ചിത്രായസം [സം.-ആയസ] നാ. 1. ഉരുക്ക്; 2. കാന്തം, അയസ്കാന്തം
ചിത്രാർച്ചിസ്സ് [സം.-അർചിസ്] നാ. സൂര്യൻ
ചിത്രാർപ്പിത [സം.-അർപിത] വി. ചിത്രത്തിലെഴുതിയ
ചിത്രാശ്വം [സം.-അശ്വ] നാ. നാനാവർണത്തിലുള്ള കുതിര, ഭങ്ഗിയുള്ള കുതിര
ചിത്രാസനം [സം.-ആസന] നാ. 1. സിംഹാസനം; 2. പലനിറങ്ങളുള്ള ഇരിപ്പിടം
ചിത്രി [സം.ചിത്രിൻ] വി. 1. പലവർണത്തിലുള്ള; 2. അത്ഭുതകരമായ, ചേതോഹരമായ, തിളങ്ങുന്ന ആഭരണങ്ങൾ അണിഞ്ഞ. നാ. പുലി
ചിത്രിക [സം.ചിത്രികാ] നാ. പുസ്തകത്തിലിടുന്ന അടയാളം
ചിത്രികം [സം.ചിത്രിക] നാ. ചൈത്രമാസം
ചിത്രിണി [സം.ചിത്രിണീ] നാ. 1. കാമശാസ്ത്രപ്രകാരം സ്ത്രീകളെ നാലായി തിരിച്ചിട്ടുള്ളതിൽ ഒരു വിഭാഗം; 2. ഒരു നാഡി
ചിത്രിത [സം.] വി. 1. ചിത്രത്തിലാക്കപ്പെട്ട; 2. അലങ്കരിക്കപ്പെട്ട; 3. നാനാവർണമാക്കപ്പെട്ട; 4. പുള്ളിയുള്ള
ചിത്രീകരണം [സം.] നാ. 1. ചിത്രം രചിക്കൽ; 2. അലങ്കരിക്കൽ; 3. ചിത്രം വരച്ചുകാണിക്കുന്നതുപോലെ വർണിക്കൽ; 4. നാനാവർണമുള്ളതാക്കൽ
ചിത്രീകരിക്കുക [<സം.ചിത്രീ-കൃ] ക്രി. 1. ചിത്രമാക്കുക; 2. അലങ്കരിക്കുക; 3. നാനാവർണത്തോടുകൂടിയതാക്കുക
ചിത്രീകൃത [സം.] വി. ചിത്രീകരിക്കപ്പെട്ട
ചിത്രേന്ദു [സം.ചിത്ര-ഇന്ദു] നാ. 1. ചിത്രത്തിൽ കാണുന്ന ചന്ദ്രൻ; 2. കാണാൻ ഭങ്ഗിയുണ്ടെങ്കിലും ഉപയോഗമില്ലാത്ത വസ്തു
ചിത്രേശൻ [സം.-ഈശ] നാ. ചന്ദ്രൻ
ചിത്രോക്തി [സം.-ഉക്തി] നാ. 1. അത്ഭുതകരമായ വാക്ക്; 2. അശരീരിവാക്ക്

ചിത്രോത്തരം [സം.-ഉത്തര] നാ. 1. ഒരുതരം അലങ്കാരം, ഉത്തരംകൂടി അടങ്ങിയിട്ടുള്ള ചോദ്യത്തിൻെറ രൂപത്തിലുള്ളത്; 2. ചിത്രമായ ഉത്തരം, അത്ഭുതകരമായ ഉത്തരംചിത്രോഷ്ട്രം [സം.ഉഷ്ട്ര] നാ. ഒട്ടകപ്പുള്ളിമാൻ, ജിറാഫ്

ചിത്സുഖം [സം.ചിത്-സുഖ] നാ. പരമാനന്ദം, ബ്രഹ്മാനന്ദം

ചിത്സ്വരൂപൻ [സം.-സ്വരൂപ]നാ. ചിത്സ്വരൂപം

ചിത്സ്വരൂപം [സം.] നാ. പരമാത്മാവ്

ചിത്സ്വരൂപി [സം.-സ്വരൂപിൻ] നാ. പരമാത്മാവ്

ചിത്സ്വരൂപിണി [സം.-സ്വരൂപിണി] നാ. ജ്ഞാനസ്വരൂപിണി, പരമാത്മസ്വരൂപിണി

ചിദംബരൻ [സം.-അംബര] നാ. ശിവൻ

ചിദംബരം [സം.-അംബര] നാ. 1. തെക്കെ ഇന്ത്യയിലെ ഒരു മുഖ്യ ശിവക്ഷേത്രം; 2. ചിദാകാശം

ചിദാകാശം [സം.-ആകാശ] നാ. ജ്ഞാനമാകുന്ന ആകാശം

ചിദാത്മാവ് [സം.-ആത്മൻ] നാ. പരമാത്മാവ്

ചിദാനന്ദൻ [സം.-ആനന്ദ]നാ. പരമാത്മാവ്

ചിദാനന്ദം [സം.-ആനന്ദ]നാ. 1. പരബ്രഹ്മം; 2. കേവലാനന്ദം. ചിദാനന്ദസ്വരൂപൻ = പരമാത്മാവ്, പരബ്രഹ്മം. ചിദാനന്ദാത്മകൻ = ചിദാനന്ദസ്വരൂപൻ

ചിദാഭാസൻ [സം.-ആഭാസ] നാ. ജീവാത്മാവ്

ചിദി [സം.] നാ. കൈശികൻെറ ഔത്രൻ, ചൈദ്യവംശസ്ഥാപകൻ

ചിദ് [സം.] നാ. = ചിത്

ചിദ്ഗുണൻ [സം.ചിദ്-ഗുണ] നാ. പരമാത്മാവ്

ചിദ്ഘനൻ [സം.-ഘന] നാ. പരമാത്മാവ്

ചിദ്രുപൻ [സം.-രൂപ] നാ. പരമാത്മാവ്

ചിദ്രുപം [സം.-രൂപ] നാ. ജ്ഞാനസ്വരൂപം, പരമാത്മാവ്

ചിൻ [സം.] നാ. ചിദ് എന്ന പദം അനുനാസികങ്ങൾക്കു മുമ്പിൽ കൈക്കൊള്ളുന്ന രൂപം. ഉദാ: ചിന്മയ (ചിത്-മയ)

ചിന1 [ചിനക്കുക] ധാതുരൂപം

ചിന2 നാ. 1. ഒച്ച, നിലവിളി; 2. കുതിരയുടെയും മറ്റും കരച്ചിൽ

ചിന3 [ചിനയ്ക്കുക] ധാതുരൂപം

ചിന4 നാ. 1. കന്നുകാലികളുടെ ഗർഭം; 2. മരത്തിൻെറയോ സസ്യങ്ങളുടെയോ മുള, ചിനപ്പ്; 3. കലമാനിൻെറ കൊമ്പിൽ മുളയ്ക്കുന്ന ശിഖരം, മുന; 4. വിളവെത്തി പഴുത്തു തുടങ്ങിയ കായ്. ചിനപിടിക്കുക = 1. ഗർഭം ഉണ്ടാകുക; 2. വിത്തിട്ടാൽ മുളയ്ക്കത്തക്കവണ്ണം ഭൂമി പാകമാകുക

ചിന5 നാ. - ചുന

ചിനക്ക് നാ. 1. നുറുക്ക്, അംശം, കഷണം, അൽപം; 2. കീറൽ

ചിനക്കുക1 ക്രി. 1. തൊണ്ടയനക്കി ശബ്ദം പുറപ്പെടുവിക്കുക, മുരടനക്കുക; 2. ചില ആഘോഷങ്ങളിലും മറ്റും ഉത്സാഹസൂചകമായി 'ഹോ' എന്ന ശബ്ദം പുറപ്പെടുവിക്കുക

ചിനക്കുക2 ക്രി. 1. പോറുക; 2. ചിക്കുക; 3. നുറുക്കുക

ചിനക്കുക3 ക്രി. 1. കോപിക്കുക; 2. എഴുന്നുനിൽക്കുക, ചീർത്തുനിൽക്കുക

ചിനക്കൊള്ളുക ക്രി. കോപിക്കുക

ചിനങ്ങ് [ചിനങ്ങുക] ധാതുരൂപം
ചിനങ്ങുക1 ക്രി. 1. പോറുക; 2. നുറുങ്ങുക
ചിനങ്ങുക2 ക്രി. ചിണുങ്ങുക
ചിനച്ചം നാ. മുള, ചെനപ്പ്, ശാഖ
ചിനപ്പം നാ. ചിനച്ചം
ചിനപ്പാത നാ. നിരത്തിൽനിന്നു പിരിയുന്ന വഴി
ചിനപ്പ1 നാ. 1. ശാഖ, നാമ്പ്; 2. കായ്കൾ പഴുത്തു തുടങ്ങുന്ന
പാകംചിനപ്പ്2 നാ. കോപം
ചിനം [പ.മ.] നാ. 1. കോപം; 2. അഹങ്കാരം; 3. യുദ്ധം; 4. തീയ്
ചിനമ്പിക്കുക ക്രി. അൽപാൽപമായി കുറയുക
ചിനമ്പ് വി. അൽപമായ, കുറച്ച്
ചിനയ്ക്കുക1 ക്രി. 1. മുളയ്ക്കുക, കൊമ്പുകൾ ഉണ്ടാവുക; 2. ഗർഭം ധരിക്കുക; 3. പാകമാവുക; 4. കുരുപൊട്ടുക.
761
ചിനയ്ക്കുക2 ക്രി. മൃഗങ്ങളും മറ്റും ശബ്ദിക്കുക
ചിനവർ നാ. (ബ.വ.) എതിരാളികൾ, ശത്രുക്കൾ
ചിനിക്കുക ക്രി. കോപിക്കുക
ചിനിങ്ങുക ക്രി. ചിനുങ്ങുക
ചിനിയുക ക്രി. കോപിക്കുക
ചിനുങ്ങുക ക്രി. = ചിണുങ്ങുക
ചിനുചിനാ അവ്യ. ചിന്നിച്ചിതറി, അൽപാൽപമായി
ചിന്ത[സം.ചിന്താ<ചിന്ത്] നാ. 1. വിചാരം, ആലോചന, ചർച്ച; 2. ദു:ഖം, ആകുലത, ആശങ്ക; 3. ധ്യാനം; 4. (നാട്യ) മുപ്പത്തിമൂന്ന് വ്യഭിവാരിഭാവങ്ങളിൽ ഒന്ന്
ചിന്തകൻ [സം.ചിന്തക] നാ. തത്ത്വജ്ഞാനി, പണ്ഡിതൻ
ചിന്തന [സം.ചിന്തനാ]നാ. 1. വിചാരിക്കൽ; 2. ദു:ഖം, വ്യാകുലത, ആശങ്ക
ചിന്തനം [സം.] നാ. ചിന്തന
ചിന്തനീയ [സം.] 1. ചിന്തിക്കേണ്ട; 2. ചിന്തിച്ചു തീരുമാനിക്കേണ്ട
ചിന്തയ [സം.<ചിന്ത്] ക്രി. നീ ചിന്തിക്കുക
ചിന്തൽ നാ. ചിന്തുക
ചിന്താകുല [സം.-ആകുല] വി. വിചാരംകൊണ്ടു കലുഷിതമായ, ദു:ഖിതമായ
ചിന്താക്രാന്ത [സം.-ആക്രാന്ത] വി. വിചാരത്താൽ ആക്രമിക്കപ്പെട്ട, ചിന്തയിൽ മുഴുകിയ
ചിന്താക്രാന്തി [സം.-ആക്രാന്തി] നാ. ദു:ഖചിന്തകളുടെ ആക്രമണം
ചിന്താഗതി [സം.-ഗതി] നാ. ചിന്തയുടെ പോക്ക്, മനോഭാവം
ചിന്താഗ്രസ്ത [സം.-ഗ്രസ്ത] വി. ചിന്തയിൽമുഴുകിയ
ചിന്താതുര [സം.-ആതുര]വി. ചിന്താകുല
ചിന്താധാര [സം.-ധാരാ] നാ. ചിന്തയുടെ ഒഴുക്ക്, ഇടമുറിയാതെ തുടർന്നുപോകുന്ന വിചാരം
ചിന്താപര [സം.-പര] വി. ചിന്താശീലമുള്ള
ചിന്താമഗ്ന [സം.-മഗ്ന] വി. ആലോചനയിൽ മുഴുകിയ

ചിന്താമണി [സം.-മണി] നാ. 1. ഒരു ദിവ്യരത്നം (ആഗ്രഹിക്കുന്നതെന്തും കൊടുക്കുന്നത്); 2. ബ്രഹ്മാവ്; 3. ഒരു മന്ത്രം
ചിന്താ(ർ)മണി [സം.-മണി] നാ. 1. ദക്ഷിണഭാരതത്തിൽ പ്രചാരം സിദ്ധിച്ച ഒരു ചികിത്സാസമ്പ്രദായം
ചിന്താരത്നം [സം.-രത്ന] നാ. 1. ചിന്താമണി; 2. ഒരു വേദാന്തകൃതി
ചിന്താവശ [സം.-വശ] വി. ചിന്തയ്ക്കു കീഴ്പ്പെട്ട, വിഷാദമുള്ള
ചിന്താവിഷ്ട [സം.-ആവിഷ്ട] വി. ചിന്തയിൽ മുഴുകിയ
ചിന്താവേശ്മം [സം.-വേശ്മൻ] നാ. മന്ത്രമണ്ഡപം, ആലോചനാമണ്ഡപം
ചിന്തിക്കച്ചവടം നാ. വച്ചുവാണിഭം, ചില്ലറക്കച്ചവടം
ചിന്തിക്കുക1 [ചിന്തുക>പ്രയോ] ക്രി. ചിന്തുന്നതിനു ഇടയാക്കുക
ചിന്തിക്കുക2 [<സം.ചിന്ത്] ക്രി. 1. വിചാരിക്കുക, ആലോചിക്കുക; 2. ദു:ഖിക്കുക
ചിന്തിത [സം.] വി. ചിന്തിക്കപ്പെട്ട
ചിന്തിതം [സം.] നാ. 1. വിചാരം, ആഗ്രഹം; 2. ധ്യാനം; 3. ശ്രദ്ധ
ചിന്തിതി [സം.] നാ. ചിന്ത, ആലോചന
ചിന്തു1 നാ. ഒരു രാഗം; 2. സ്ത്രോത്രം; 3. ഒരുതരം നൃത്തം
ചിന്തു2 നാ. കന്നുകാലികളുടെ ദേഹത്തുകാണുന്ന ഒരുതരം പുള്ളി
ചിന്തുക ക്രി. 1. പൊഴിയുക, തൂകുക; 2. പരക്കുക
ചിന്തുരം [സം.സിന്ധുര]നാ. ആന
ചിന്തൂരം നാ. = സിന്ദൂരം
ചിന്തേർ [പോർ.] നാ. പലകമുതലായവ മിനുസപ്പെടുത്തുന്നതിനുള്ള ഒരുതരം ഉളി
ചിന്ത്യ [സം.] വി. ചിന്തിക്കത്തക്ക
ചിന്നാമുക്കി നാ. ഒരിനം ഔഷധസസ്യം, സുന്നാമുക്കി
ചിന്നാമ്പൽ നാ. വെള്ളത്തിൽ വളരുന്ന ഒരു ചെടി, ചെറിയ ഇനം ആമ്പൽ
ചിന്നായ [ചിന്ന-ആയ] നാ. അച്ഛൻെറ അനുജൻെറ ഭാര്യ
ചിന്നി1 നാ. 1. ഒരു ദ്രാവകയളവ്; 2. അമ്മയുടെ ഇളയസഹോദരൻ
ചിന്നി2 [ചിന്നുക] ഭൂതരൂപം
ചിന്ന് നാ. = ജിന്ന്
ചിന്നുക ക്രി. 1. ചിതറുക, നാനാദിക്കിലാക്കുക; 2. തൂകുക; 3. പ്രകാശിക്കുക, പ്രസരിക്കുക. ചിന്നിക്കീറുക = ചിന്നഭിന്നമാക്കുക
ചിന്മയ [സം.ചിത്-മയ] വി. ജ്ഞാനസ്വരൂപമായ
ചിന്മാത്ര [സം.ചിത്-മാത്ര] വി. ചിന്മയ
ചിന്മാനം നാ. ശബ്ദത്തോടുകൂടി പെയ്യുന്ന മഴ
ചിന്മുദ്ര [ചിത്-മുദ്രാ] നാ. തന്ത്രവിധിപ്രകാരമുള്ള ഒരു ഹസ്തമുദ്ര
ചിപിട [സം.] വി. 1. പരന്നമൂക്കുള്ള; 2. പരന്ന, പരത്തിയ; 3. തലയോടുപറ്റിച്ചേർന്ന. നാ. ഒരുതരം പുല്ല്. ചിപിടഗ്രീവ = കുറിയ കഴുത്തുള്ള. ചിപിടവിഷാണ = കൂർത്തതല്ലാത്ത കൊമ്പോടുകൂടിയ. ചിപിടാസ്യ = പരന്ന മുഖമുള്ള
ചിപിടകം നാ. അവൽ
ചിപിടനൗക [സം.-നൗകാ] നാ. അടിഭാഗം പരന്ന തോണി
ചിപിടിക [സം.-കാ] നാ. മുറിവിലെ ഉണങ്ങിയ പൊറ്റ

ചിപിടിത [സം.] വി. പരത്തിയ, പരന്ന
ചിപ്പടം [സം.] നാ. വെളുത്തീയം
ചിപ്പൻ നാ. = ചീർപ്പം
ചിപ്പം1 നാ. പൊതിഞ്ഞു തയ്യാറാക്കിയ ചുമട്
ചിപ്പം2 [പ്രാ] നാ. കൊത്തുപണി
ചിപ്പം3 നാ. ഒരു നഖരോഗം
ചിപ്പാപ്പൻ നാ. അച്ഛരൻെറ അനുജൻ
ചിപ്പാരം നാ. മിനുക്കുപണി, മോടിവരുത്തൽ
ചിപ്പി [പ്ര] നാ. 1. മുത്തുവിളയുന്ന കക്ക, മുത്തുച്ചിപ്പി; 2. കക്കയുടെ വർഗത്തിൽപ്പെട്ട ഒരു ചെറിയ ജലജീവി.
ചിപ്പിപ്പാറ നാ. കടലിനുള്ളിൽ ചിപ്പികൾ ധാരാളമായി വളരുന്ന പാറക്കെട്ട്
ചിപ്പിലി നാ. കക്ക
ചിപ്പ് നാ. പരന്നിരിക്കുന്നതും മിനുസമുള്ളതുമായ വസ്തു
ചിപ്പുക ക്രി. കണ്ണിൽപ്പെടാതെ കടന്നുകളയുക
ചിപ്പുളി നാ. ചീവുളി
ചിപ്പോട് നാ. പരന്ന ആകൃതിയിലുള്ള മേച്ചിലോട്
ചിബി,-ബു(ക) [സം.] നാ. ചിബുകം, താടി
ചിബുകകർമം [സം.-കർമ] നാ. ചിബുകക്രിയ
ചിബുകക്രിയ [സം.-ക്രിയാ] നാ. രസാഭിനയത്തിൽ താടികൊണ്ടു കാണിക്കുന്ന ചേഷ്ട
ചിബുകന്മാർ നാ. 1. താടി; 2. നാസാഗ്രത്തിലുള്ള ഒരു മർമം
ചിബുകാസ്ഥി [സം.-അസ്ഥി] നാ. താടിയെല്ല്
ചിമികം [സം.ചിമി(ക)] നാ. തത്ത
ചിമിക്കി നാ. = ജിമിക്കി
ചിമിട്ട് (ചിമിട്ടുക) ധാതുരൂപം
ചിമിട്ടൻ നാ. 1. കുഞ്ഞ്; 2. ചുണക്കുട്ടി
ചിമിട്ടൽ നാ. ചിമിട്ട്
ചിമിട്ടാവ് നാ. കൊടിൽ
ചിമിട്ട്1 നാ. 1. കണ്ണിമയ്ക്കൽ, കണ്ണുകൊണ്ടുള്ള ഭാവപ്രകടനം; 2. ഭയപ്പെടുത്തൽ; 3. ചുറുചുറുക്ക്
ചിമിട്ട്2 നാ. ചെറുത്
ചിമിട്ടുക ക്രി. 1. കണ്ണുകൊണ്ട് ആങ്ഗ്യം കാണിക്കുക; 2. ഉപായത്തിൽ വഞ്ചിക്കുക
ചിമിത്തേരി [ഗ്രീ.] നാ. ശ്മശാനം
ചിമിയം നാ. കട്ടിയുള്ള ഒരിനം മുള
ചിമിലി1 നാ. 1. എള്ളുണ്ട; 2. കുടുമ
ചിമിലി2 നാ. കരിവണ്ട്
ചിമിഴിവട്ടം നാ. തൊപ്പിക്കുട
ചിമിഴ് നാ. ചെറിയചെപ്പ്
ചിമുക്കം നാ. 1. (കൈചുരുട്ടിയുള്ള) ഇടി; 2. ഭയം; 3. ശക്തി

ചിമുക്ക് നാ. ചിമുക്കം. ചിമുക്കിടുക = ചെയ്യുക
ചിമുക്കുക ക്രി. 1. ഇടിക്കുക; 2. അനങ്ങുക; 3. സംസാരിക്കുക
ചിമുട്ടി നാ. കീഴാനെല്ലി
ചിമ്പൽ നാ. ശബ്ദം, ശബ്ദിക്കൽ
ചിമ്പ് നാ. ചീളി, മുളയുടെ ചീളി
ചിമ്പുക ക്രി. = ചീമ്പുക
ചിമ്മൽ [<ചിമ്മുക] നാ. പരുവും നീരും മറ്റും ഉണ്ടാകുമ്പോഴുള്ള വേദന
ചിമ്മാട് നാ. ചുമ്മാട്
ചിമ്മി അവ്യ. അല്പം
ചിമ്മിനി [ഇം.] നാ. 1. കാറ്റടിച്ചു നാളം കെട്ടുപോകാതിരിക്കുന്നതിനും പുകമുകളിലേക്കുമാത്രം പോകുന്നതിനുംവേണ്ടി വിളക്കിൽ ഘടിപ്പിച്ചിട്ടുള്ള സ്ഫടികക്കുഴൽ, പുകക്കുഴൽ
ചിമ്മിനിവിളക്ക് നാ. 1. തിരിയിട്ടു മണ്ണെണ്ണയൊഴിച്ചു കത്തിക്കുന്ന ചെറിയ വിളക്ക്
ചിമ്മുക ക്രി. 1. കണ്ണടയ്ക്കുക; 2. കണ്ണുപെട്ടെന്ന് അടച്ചുതുറക്കുക. കണ്ണുചിമ്മി ഇരുട്ടാക്കുക = ഉള്ളതില്ലെന്നു ഭാവിച്ചു പെരുമാറുക
ചിയ്യാൻ നാ. പല്ലക്കു ചുമക്കുന്നവൻ, പോണ്ടൻ
ചിർപം നാ. ശിൽപം
ചിര1 [ചിരകുക] ധാതുരൂപം
ചിര2 നാ. ചിരവ
ചിര3 [ചിരയ്ക്കുക] ധാതുരൂപം
ചിര4 വി. (സമാസാദിയിൽ) എന്നും നിലനിൽക്കുന്ന, സുദീർഘമായ
ചിരകാരി [സം.-കാരിൻ] നാ. 1. പതുക്കെ ജോലിചെയ്യുന്നവൻ; വളരെക്കാലംകൊണ്ട് പതുക്കെ പ്രവർത്തിക്കുന്നത്
ചിരകാലം [സം.-കാല] അവ്യ. വളരെക്കാലമായി, വളരെക്കാലത്തേക്ക്. നാ. വളരെക്കാലം
ചിരകാലിക [സം.-കാലിക] വി. വളരെക്കാലമായി നിലനിൽക്കുന്ന
ചിരകാലീന വി. = ചിരകാലിക
ചിരകുക ക്രി. 1. പല്ലുള്ള ഉപകരണങ്ങൾകൊണ്ട് തേങ്ങയും മറ്റും ചുരണ്ടിയെടുക്കുക
ചിരകൃത [സം.] വി. വളരെക്കാലമായി അനുഷ്ടിച്ചുവരുന്ന
ചിരക്കത്തി നാ. ക്ഷൗരക്കത്തി
ചിരക്രിയ [സം.] വി. മടിയുള്ള, വളരെതാമസിച്ചു കാര്യങ്ങൾ ചെയ്യുന്ന
ചിരക്രിയൻ [സം.] നാ. ദീർഘസൂത്രകാരൻ, മടിയൻ
ചിരങ്ങ് നാ. ഒരു ത്വഗ്രോഗം, തൊലിപ്പുറം ചൊറിഞ്ഞു വീങ്ങിപ്പഴുത്തു പൊറ്റപിടിക്കുന്ന വ്രണം
ചിരജാത [സം.] വി. വളരെക്കാലം മുമ്പു ജനിച്ച, വളരെപ്രായം ചെന്ന
ചിരജീവി [സം.-ജീവിൻ] നാ. 1. ദീർഘായുസ്സുള്ളവൻ; 2. മരണമില്ലാത്തവൻ; 3. ദേവൻ; 4. വിഷ്ണു; 5. കാക്ക
ചിരഞ്ജീവൻ [സം.] നാ. കാമദേവൻ

ചിരട്ട നാ. 1. തേങ്ങയിൽ പരിപ്പിനെ മൂടിയിരിക്കുന്ന കടുപ്പമുള്ള തോട്; 2. കാൽമുട്ടിൻെറ മുൻവശത്തുള്ള തോട്; 3. ഭിക്ഷാപാത്രം

ചിരട്ടി നാ. 1. ചിരട്ട; 2. ചിരട്ടയുടെ മേൽമുറി

ചിരണ്ടുക ക്രി. 1. = ചുരണ്ടുക; 2. ചിരകുക

ചിരതരം [ചിര-തര] അവ്യ. വളരെക്കാലത്തേക്ക്, വളരെക്കാലമായി

ചിരതന [സം.-തന] വി. പഴയ, പുരാതനമായ

ചിരന്തന [സം.ചരം-തന] വി. വളരെക്കാലമായി നിലനിൽക്കുന്ന

ചിരന്തനൻ [സം.] നാ. പുരാതനൻ, പുരാണപുരുഷൻ

ചിരപരിചിത [സം.] വി. വളരെക്കാലമായി പരിചയമുള്ള

ചിരപുഷ്പം [സം.] നാ. ഇലഞ്ഞി

ചിരപ്പൻ നാ. 1. ക്ഷൗരം ചെയ്യുന്നവൻ, ക്ഷുരകൻ

ചിരപ്രസൂത [സം.-പ്രസൂതാ] നാ. ചിരസൂത

ചിരഭൃത [സം.-ഭൃത] വി. വളരെക്കാലംകൊണ്ടുനേടിയ

ചിരം1 [പ്രാ.സിര] നാ. 1. തല; 2. അഗ്രം

ചിരം2 [സം.] അവ്യ. 1. വളരെക്കാലത്തേക്ക്, ദീർഘകാലമായി; 2. വളരെക്കാലത്തിനുശേഷം. ചിരംജീവി = മരണമില്ലാത്തവൻ

ചിരമം [<സം.ശ്രമ] നാ. 1. പരിശ്രമം; 2. ക്ഷീണം

ചിരമിത്രം [ചിര-മിത്ര] നാ. പഴയസ്നേഹിതൻ, വളരെക്കാലംകൊണ്ട് മൈത്രിയിൽ കഴിയുന്ന ആൾ

ചിരമേഹി [സം.-മേഹിൻ] നാ. 'വളരെനേരം മൂത്രമൊഴിക്കുന്നത്' കഴുത

ചിരയൻ നാ. = ചിരപ്പൻ

ചിരയ്ക്കുക ക്രി 1. രോമം വടിച്ചുകളയുക; 2. ചുരണ്ടുക

ചിരരാത്രം [സം.-രാത്രം] അവ്യ. വളരെക്കാലത്തേക്കു. നാ. ദീർഘകാലം

ചിരരോഗം [സം.-രോഗ] നാ. വളരെ പഴക്കമുള്ള ഒരു രോഗം

ചിരലഗ്ന [സം.-ലഗ്ന] വി. ഒരേനിലയിൽ വളരെക്കാലമായി നിൽക്കുന്ന, വളരെക്കാലമായി നിലനിൽക്കുന്ന

ചിരലബ്ധ [സം.-ലബ്ധ] വി. വളരെക്കാലത്തിനുശേഷം ലഭിച്ച

ചിരലോകം [സം.-ലോക] നാ. പരലോകം

ചിരവ നാ. തേങ്ങ ചുരണ്ടുന്നതിനുള്ള ഉപകരണം

ചിരവനാക്ക് നാ. തേങ്ങ ചുരണ്ടാൻ ചിരവത്തടിയിൽ ഘടിപ്പിച്ചിട്ടുള്ളതും പരന്നതും മൂർച്ചയുള്ള പല്ലുകളോടുകൂടിയതും ഇരുമ്പുകൊണ്ടുണ്ടാക്കിയതുമായ ഭാഗം

ചിരവപ്പല്ല് നാ. ചിരവനാക്കിൻെറ വക്കിൽ പല്ലുപോലുള്ളഭാഗം

ചിരവുക ക്രി. = ചിരകുക

ചിരവൃത്ത [സം.ചിര-വൃത്ത] വി. വളരെക്കാലം മുമ്പു സംഭവിച്ച

ചിരശവം [സം.-ശവ] നാ. എണ്ണയിലിട്ട് കേടുവരാതെ സൂക്ഷിച്ചിട്ടുള്ള ശവശരീരം

ചിരസഞ്ചിത [സം.-സഞ്ചിത] വി. വളരെക്കാലംകൊണ്ടു നേടിയ.

763

ചിരസംഭൃത [സം.-സംഭൃത] വി. ചിരസഞ്ചിത

ചിരസൂത,-സൂതിക [സം.-സൂതാ] നാ. 1. പ്രസവിച്ചിട്ടു വളരെക്കാലം കഴിഞ്ഞവൾ; 2. കറവവറ്റാറായ പശു; 3. ധാരാളം പ്രസവിച്ചവൾ

ചിരസ്ഥ,-സ്ഥിത [സം.] വി. ചിരസ്ഥായി
ചിരസ്ഥായി [സം.-സ്ഥായിൻ] വി. വളരെക്കാലമായി നിലനിൽക്കുന്ന
ചിരളുക ക്രി. തിരളുക
ചിരാത്,-ൽ [സം.ചിരാത്] അവ്യ. വളരെക്കാലമായി, വളരെക്കാലത്തിനുശേഷം
ചിരാതീത [സം.-അതീത] വി. വളരെക്കാലം മുമ്പുകഴിഞ്ഞ
ചിരാത്തം നാ. ശ്രാദ്ധം
ചിരാത്ത് [സം.ചിര-അദ്] നാ. 'വളരെക്കാലംകൂടി ഭക്ഷിക്കുന്ന' ഗരുഡൻ
ചിരായ [സം.] അവ്യ. 1. വളരെക്കാലമായി; 2. വളരെക്കാലത്തിനുശേഷം; 3. വളരെക്കാലമായിട്ട്
ചിരായു [സം.ചിര-ആയുസ്] നാ. 1. കരിമ്പന; 2. കാക്ക
ചിരായുഷ്യ [സം.-ആയുഷ്യ] വി. ദീർഘായുസ്സുള്ള
ചിരായുസ്സ് [സം.] വി. ദീർഘായുസ്സുള്ള. നാ. 1. ദേവൻ; 2. കാക്ക
ചിരി1 [ചിരിക്കുക] ധാതുരൂപം
ചിരി2 നാ. 1. സന്തോഷം പരിഹാസം ഗർവ് തുടങ്ങിയ വികാരങ്ങളുടെ ബാഹ്യപ്രകടനം. ചിരിക്കുടുക്ക = എപ്പോഴും ചിരിച്ചുല്ലസിക്കുന്ന സ്വഭാവമുള്ള കുട്ടി
ചിരി3,ചിരീ [പ്രാ.സിറി.സം.] നാ. ശ്രീ. ചിരികരണ = ക്ഷേത്രത്തിലെ ഒരു പ്രധാന ഉദ്യോഗത്തിൻെറ പേര്. ചിരികാര്യം = ശ്രീകാര്യം. ചിരികേട് = ഭങ്ഗികേട്, ഐശ്വര്യമില്ലായ്മ. ചിരിതേവി = ശ്രീദേവി. ചിരിമാനം = ശ്രീകോവിലിൻെറ മുകൾഭാഗം, ശ്രീവിമാനം. ചിരിവേലി = ശ്രീവേലി
ചിരി4 നാ. പെണ്ണ്
ചിരികണ്ടൻ [പ്രാ.സിരി.സം.] നാ. 1. ശിവൻ; 2. ഒരുപുരുഷ നാമം
ചിരികം [സം.ചിരി-ക] നാ. തത്ത
ചിരിക്കുക ക്രി. സന്തോഷം തുടങ്ങിയ വികാരങ്ങൾ മുഖത്തു പ്രകടിപ്പിക്കുക. (പ്ര.) ചിരിച്ചുകൊണ്ടു കഴുത്തറുക്കുക = സ്നേഹം ഭാവിച്ചുകൊണ്ട് കൊല്ലുക
ചിരിയാല നാ. മുളകൊണ്ടുള്ള അളവുപാത്രം
ചിരിവി നാ. വണ്ടിയുടെ ചക്രത്തിനു അയവുകിട്ടാൻവേണ്ടി പുരട്ടുന്ന കുഴമ്പ്
ചിരിവില്വകം [സം.] നാ. 1. ആവിമരം; 2. ഉങ്ങ്
ചിരു [സം.] നാ. തോൾസന്ധി
ചിരുത1 [പ്രാ.സിറി.സം.] നാ. അനുഗ്രഹവാക്കുകളിൽ ഒന്ന്
ചിരുത2 [സം.ശ്രീദേവി]നാ. ചിരുതേവി
ചിരുതവിളി നാ. സാമൂതിരിയുടെ അമൃതേത്തുകഴിച്ച് എച്ചിലെടുക്കുന്നതിനായി വേലക്കാരെ വിളിക്കുന്ന ചടങ്ങ്
ചിരുതേയി നാ. = ചിരുതേവി
ചിരുതേവി [സം.ശ്രീദേവി]നാ. 1. ഒരു സ്ത്രീനാമം; 2. തിരുതാളി
ചിരേണ [സം.] അവ്യ. = ചിരായ
ചിൽ1 നാ. = ചില്ല്
ചിൽ2 [സം.ചിദ്] നാ. = ചിത്ത്
ചിൽക്കണക്ക് നാ. ഭിന്നസങ്ഖ്യ

ചില1 [ചിലയ്ക്കുക] ധാതുരൂപം
ചില2 വി. ഏതാനും, കുറേ. നാ. ചിലത്
ചില3 [ചിലയ്ക്കുക] നാ. = ചിലപ്പ്
ചില4 നാ. 1. വില്ല്; 2. ധനുരാശി; 3. ധനുമാസം; 4. മൂലം നക്ഷത്രം; 5. ശോഭ
ചില5 [സം.ശിലാ] നാ. കല്ല്, പാറ
ചിലങ്ക നാ. ചലങ്ക
ചിലടം നാ. = ചിലെടം
ചിലത് നാ. കുറച്ചെണ്ണം, ഏതാനും എണ്ണം, ഏതാനും വസ്തുക്കൾ, ഏതാനും കാര്യങ്ങൾ
ചിലനുതലാൾ [-നുതൽ-ആൾ] നാ. 'വില്ലുപോലെയുള്ള നെറ്റിയോടുകൂടിയവൾ, സുന്ദരി
ചിലന്തി നാ. 1. ഒരു ക്ഷുദ്രജീവി, എട്ടുകാലി; 2. കുട്ടികളുടെ കാലിൽ വരുന്ന ഒരുതരം ചൊറി, അജഗല്ലകം; 3. കവിൾവാർപ്പിൻെറ ഒരു വകഭേദം, ചെകിട്ടിൽ ഉണ്ടാകുന്ന ഒരിനം കുരു; 4. ഒരിനം വസൂരി, കഫദോഷംകൊണ്ടുണ്ടാകുന്നത്; 5. നെയ്ത്ത് തൊഴിലാക്കിയിട്ടുള്ള ചിലജാതിക്കാരെ പരിഹാസമായി സംബോധനചെയ്യാൻ ഉപയോഗിച്ചിരുന്ന പദം; 6. വള്ളിയായി പടരുന്ന ഒരു പച്ചമരുന്ന്; 7. ഒരുതരം വൃക്ഷം. ചിലന്തിനൂൽ = ചിലന്തിയുടെ ശരീരത്തിൽനിന്നുണ്ടാകുന്ന പശയുള്ള നൂല്. ചിലന്തിവല = 1. ചിലന്തികെട്ടിയുണ്ടാക്കുന്ന വല; 2. (പ്ര.) കുടുക്കിലാക്കാനുള്ള ഉപായം
ചിലപ്പതികാരം [ചിലമ്പ്-അതികാരം] നാ. കേരളീയനായ ഇളങ്കോ അടികൾ രചിച്ച ഒരു തമിഴ് മഹാകാവ്യം
ചിലപ്പൻ [<ചിലയ്ക്കുക] നാ. 1. ചിലയ്ക്കുന്നവൻ, വെറുതെ ശബ്ദകോലാഹലമുണ്ടാക്കുന്നവൻ; 2. ഒരിനം പക്ഷി, കരിയിലക്കിളി
ചിലപ്പം അവ്യ. ചിലപ്പോൾ
ചിലപ്പ് [<ചിലയ്ക്കുക] നാ. 1. പക്ഷികളുടെ ശബ്ദകോലാഹലം, കുട്ടികളുടെ നിരന്തരവും മിക്കവാറും അർഥശൂന്യവുമായ സംഭാഷണം; 2. ഓട്ടുപാത്രങ്ങളും മറ്റും തമ്മിൽത്തട്ടിയാലുണ്ടാകുന്ന ശബ്ദം; 3. ഇടറുന്ന ശബ്ദം, പൊട്ടിയ മണിയുടേതുപോലുള്ള ശബ്ദം
ചിലപ്പോൾ [ചില-പൊഴുത്] അവ്യ. 1. ചിലസമയത്ത്; 2. പക്ഷേ, ഒരുപക്ഷേ
ചിലമിലിക,-ലീക [സം.] നാ. 1. മിന്നാമിനുങ്ങ്; 2. ഒരുതരം കണ്ഠാഭരണം; 3. മിന്നൽ
ചിലമിളിക നാ. = ചിലമിലിക
ചിലമ്പ്1 (ചിലമ്പുക) ധാതുരൂപം
ചിലമ്പ്2 നാ. 1. കിലുങ്ങുന്ന (മണിനാദം പുറപ്പെടുവിക്കുന്ന) കാൽവള, തണ്ട, സ്വർണമോ വെള്ളിയോകൊണ്ട് പൊള്ളയായി നിർമിച്ചതും കിലുങ്ങുന്നതിനായി ഉള്ളിൽ തരികൾ ഇട്ടതും കാലിൽ അണിയുന്നതുമായ ആഭരണം; 2. ശബ്ദം
ചിലമ്പൻ1 നാ. സുബ്രഹ്മണ്യൻ
ചിലമ്പൻ2 വി. ചിലമ്പുന്ന, കിലുങ്ങുന്ന, പൊട്ടിയ ഓട്ടുപാത്രം കിലുങ്ങുന്ന പോലെ ശബ്ദിക്കുന്ന
ചിലമ്പൻ3 [ചിലമ്പ്] നാ. കുളമ്പിൻെറ സമീപത്ത് ചിലമ്പണിഞ്ഞതുപോലെ വരകളുള്ള കാള

ചിലമ്പം നാ. 1. ഒരിനം ആയുധാഭ്യാസമുറ, പയറ്റ്; 2. വീണവായന അഭ്യസിക്കൽ; 3. സൂത്രം; 4. ഭയപ്പെടുത്തൽ

ചിലമ്പൽ [ചിലമ്പുക] നാ. 1. കിലുക്കം (മണി, ആഭരണം മുതലായവയുടെ); 2. പൊട്ടിയ ലോഹആത്രം തട്ടിനോക്കിയാൽ പുറപ്പെടുന്നതരം ശബ്ദം, പതറിയ ശബ്ദം; 3. ഒച്ചയടപ്പ്; 4. അപശ്രുതി (വീണയുടേതെന്നപോലെ)

ചിലമ്പാണ്ടി നാ. തമിഴ് ബ്രാഹ്മണരിൽ ഒരു താണവിഭാഗം

ചിലമ്പി നാ. 1. ആയുധാഭ്യാസം ചെയ്ത ആൾ; 2. പാട്ടുകാരൻ

ചിലമ്പിക്കുക ക്രി. ചിലമ്പുന്ന ശബ്ദം പുറപ്പെടുവിക്കുക

ചിലമ്പുക ക്രി. 1. ചിലമ്പുന്ന ശബ്ദം പുറപ്പെടുവിക്കുക; 2. ശബ്ദിക്കുക, അപസ്വരം ഉണ്ടാക്കുക; 3. അവ്യക്തമായോ വേഗത്തിലോ സംസാരിക്കുക; 4. പ്രതിധ്വനിക്കുക

ചിലമ്പുപാട്ട് നാ. (കാളീക്ഷേത്രങ്ങളിൽ) ദേവിയെ സ്തുതിച്ചുപാടുന്ന ഒരു പാട്ട്

ചിലമ്പൊലി നാ. ചിലമ്പിൻെറ ഒച്ച

ചിലയ്ക്കുക ക്രി. 1. പക്ഷികൾ ശബ്ദിക്കുക; 2. അർഥമില്ലാതെ സംസാരിക്കുക; 3. കിലുങ്ങുക; 4. പൊട്ടിയ പാത്രത്തിൻേറതുപോലെയുള്ള ശബ്ദം പുറപ്പെടുവിക്കുക, ചിലമ്പുക

ചിലർ സ.നാ. (ബ.വ.) ഏതാനും ആളുകൾ, ധാരാളംപേരുള്ളതിൽ കുറച്ചുപേർ

ചിലവ നാ. (ബ.വ.) കുറെയെണ്ണം, ധാരാളം ഉള്ളതിൽ ഏതാനും വസ്തുക്കൾ

ചിലവർ, ചിലവറ്റ നാ. (ബ.വ.) ചിലർ

ചിലവു [പ.മ.] നാ. ചിലവ, ചിലത്

ചിലാക [സം.ശലാകാ] നാ. 1. ഒരു പഴയ നാണയം; 2. തോതായ് ഉപയോഗിക്കുന്ന ഒരു ലോഹത്തുണ്ട്; 3. രത്നം

ചിലാവിക്കുക [<സം.] ക്രി. പറയുക, വിളിച്ചുപറയുക

ചിലിമ്പി1 [ഹി.ചിലം] നാ. ഹുക്കയിൽ പുകയിലയും മറ്റും നിറച്ച് തീയിടുന്ന ഭാഗം

ചിലിമ്പി2 നാ. ഒരുതരം ചെറിയവൃക്ഷം

ചിലിർക്കുക ക്രി. 1. മുളയ്ക്കുക, കിളിർക്കുക; 2. രോമാഞ്ചമുണ്ടാകുക

ചിലിക നാ. കഞ്ചാവുകുടുക്ക

ചിലുകൻ നാ. ഉപദ്രവി, വക്കാണക്കാരൻ. സ്ത്രീ– ചിലുകി

ചിലുക് നാ. 1. ഉപദ്രവം, ദു:ഖം; 2. വക്കാണം. ചിലുകടിക്കുക = വഴക്കുണ്ടാക്കുക, വഴക്കിന് പ്രേരണ നൽകുക

ചിലുക്ക് നാ. 1. ഇരുമ്പുവളയം; 2. ഇരുമ്പുകൊക്കി; 3. ചാട്ടുളി; 4. ഈർച്ചവാളിൻെറ പല്ല്; 5. നിലത്തുതറച്ച കുറ്റി

ചിലുങ്കി നാ. കപ്പലിൽ ചരക്കുകയറ്റുന്നതിനും ഇറക്കുന്നതിനും ഉപയോഗിക്കുന്ന ഒരിനം കൊളുത്ത്

ചിലുചിലെ അവ്യ. കിലുകില

ചിലുവ [സുറി.] നാ. കുരിശ്, സ്ലീബാ

ചിലെടം നാ. ചിലപ്രദേശം, ചില ദിക്ക്

ചിലോകം [മാ.ശിലോഗ] നാ. ശ്ലോകം
ചില്ല1 [ചില്ലി] നാ. 1. മരത്തിൻെറയോ ചെടിയുടേയോ വള്ളിയുടേയോ ഒരു ശാഖ; 2. നൂൽക്കറി; 3. നിസ്സാരമായത്, ചെറുത്
ചില്ല2 [സം.] വി. 1. ചീങ്കണ്ണുള്ള, അഴുകിയ കണ്ണുള്ള; 2. കാഴ്ചകുറഞ്ഞ കണ്ണോടുകൂടിയ
ചില്ലക [സം.ചില്ലകാ] നാ. ചീവീട്
ചില്ലകം [സം.] നാ. 1. അളിക്കൺ കുരുവി; 2. പാച്ചോറ്റി
ചില്ലം1 നാ. ചെറിയ കഷണം
ചില്ലം2 [സം.] നാ. 1. ചീങ്കണ്ണ്; 2. ഒരുവക പരുന്ത്; 3. അളിക്കൺ കുരുവി; 4. മലങ്കുരുകിൽ
ചില്ലയ്ക്ക നാ. കുട്ടികൾ
ചില്ലൽ നാ. എറിഞ്ഞു മീൻപിടിക്കാൻ ഉപയോഗിക്കുന്ന ഒരു ആയുധം
ചില്ലറ വി. 1. ചെറിയ; 2. നിസ്സാരമായ. നാ. 1. നിസ്സാരമായ; 2. ഭിന്നസങ്ഖ്യ; 3. ചെറിയഭാഗം; 4. ചെറിയ നാണയം
ചില്ലറക്കച്ചവടം നാ. കുറഞ്ഞതോതിലുള്ള വ്യാപാരം
ചില്ലറക്കാരൻ നാ. 1. മോശക്കാരൻ, അഗണ്യൻ; 2. ചില്ലറവ്യാപാരി
ചില്ലറച്ചെലവ് നാ. ചെറിയ തുകയ്ക്കുള്ള ചെലവ്
ചില്ലറവരി നാ. കുറഞ്ഞതുകകള്മാത്രം വരുന്ന നികുതി ഇനങ്ങൾ, ഗ്രാമോദ്യോഗസ്ഥന്മാർ പിരിച്ചെടുക്കുന്ന കരം
ചില്ലാട്ട നാ. തെങ്ങിൻെറയും പനയുടെയും മടലുകളുടെ ചുവട്ടിലുള്ള ഒരു ആവരണം, കോഞ്ഞാട്ട, കോച്ചാട്ട
ചില്ലാട്ടം നാ. ഊഞ്ഞാലിൽ നിന്നുകൊണ്ട് മരച്ചില്ലയില പറിച്ചെടുക്കത്തക്കവണ്ണം ആടിയുയരുന്ന ആട്ടം
ചില്ലാൻ നാ. ചെറിയവൻ, കൃശൻ
ചില്ലാനം നാ. ചില്ല്വാനം
ചില്ലാഭൻ [സം.] നാ. മുന്തിയറുപ്പൻ, പോക്കറ്റടിക്കാരൻ
ചില്ലി1 വി. 1. ചെറിയ, നിസ്സാരമായ; 2. കനം കുറഞ്ഞ, ദുർബലമായ. നാ. 1. തീരെ ചെറിയത്; 2. ചില്ലിക്കൊമ്പ്; 3. ചില്ലിക്കാശ്; 4. ഒരുകഴിനൂലിൻെറ പത്തിലൊന്നു വരുന്ന ഒരംശം, തുട്ട്; 5. പുട്ടുകുറ്റിയിലും സേവാനാഴിയിലും മാവ് തടഞ്ഞിരിക്കുന്നതിനായി ഇടുന്ന വൃത്താകൃതിയും ചെറിയ ദ്വാരവുമുള്ള തട്ട്; 6. കണ്ണാടി; 7. ചല്ലിക്കയറ്
ചില്ലി2 നാ. കലത്തിലും മറ്റും ഉണ്ടാകുന്ന ദ്വാരം
ചില്ലി3 [സം.] നാ. പുരികം. (പ്ര.) ചില്ലിചുളിക്കുക = (വികാരാധിക്യംകൊണ്ട്) പുരികം വളയ്ക്കുക
ചില്ലി4 [സം.ഝില്ലി] നാ. 1. ചീവീട്; 2. അളിക്കൺ കുരുവി; 3. ചുവന്ന ചെറിയ വാസ്തുച്ചീര; 4. ചുവന്ന പാച്ചോറ്റി
ചില്ലിക [സം.] നാ. 1. ചീവീട്; 2. ചുവന്ന ചെറിയ വാസ്തുച്ചീര; 3. മധ്യമേളവീണയുടെ പാർശ്വത്തിൽ താഴത്തെ കമ്പി
ചില്ലിക്കയർ നാ. = ചല്ലിക്കയർ
ചില്ലിക്കരപ്പൻ നാ. ഒരിനം കരപ്പൻ, ശല്യകവിസർപ്പം

ചില്ലിക്കാശ് നാ. വലിപ്പവും മൂല്യവും ഏറ്റവും കുറവായ നാണയം
ചില്ലിക്കുക ക്രി. ശോഷിക്കുക, മെലിയുക
ചില്ലിക്കൊടി [സം.ചില്ലി-മ.കൊടി] നാ. പുരികമാകുന്ന ലത. നാ. ഭങ്ഗിയുള്ള പുരികം
ചില്ലിക്കൊമ്പൻ നാ. 1. കനം കുറഞ്ഞ കൊമ്പുള്ള കാള; 2. ഒരിനം മരിച്ചീനി
ചില്ലിക്കൊമ്പ് നാ. വൃക്ഷത്തിൻെറ ചെറിയ ശാഖ
ചില്ലിത്താളം നാ. (സങ്ഗീ.) താളം പിടിക്കാനുള്ള ഒരുപകരണം
ചില്ലിനി [സം.] നാ. അളിക്കൺ കുരുവി
ചില്ലിയാട്ടം നാ. = ചില്ലാട്ടം
ചില്ലീട് നാ. തെങ്ങിൽ തേങ്ങ കുറവുള്ളകാലത്തെ വിളവെടുപ്പ്
ചില്ലീലത [സം.-ലതാ] നാ. ചില്ലിക്കൊടി
ചില്ല് നാ. 1. കണ്ണാടി, കല്ല് തുടങ്ങിയവ പൊട്ടിയുണ്ടായ ചെറിയ കഷണം; 2. കണ്ണാടിയുടെ പാളി, സ്ഫടികഫലകം; 3. വൃത്താകൃതിയിലുള്ള കളിക്കരു, വട്ട്; 4. പുട്ടുകുറ്റിയിലും സേവനാഴിയിലും മറ്റും മാവ് തടഞ്ഞിരിക്കുന്നതിനുവേണ്ടി ഉപയോഗിക്കുന്ന വൃത്താകൃതിയും ചെറിയദ്വാരങ്ങളുള്ളതുമായ തട്ട്; 5. നാടൻ കുഴലിലിട്ടു വെടിവയ്ക്കാൻ ഉപയോഗിക്കുന്ന ലോഹക്കഷണം; 6. ജലകണം; 7. ഭിന്നസങ്ഖ്യ; 8. ഒരു കഴിനൂലിൻെറ പത്തിലൊരംശം; 9. അൽപമായത്; 10. സ്വരസഹായം കൂടാതെ പദാന്തത്തിൽ ഉപയോഗിക്കുന്ന വ്യഞ്ജനം. ചില്ലലമാര = കണ്ണാടി അടപ്പോടുകൂടിയ അലമാര,. ചില്ലിടുക = ഒരു ചട്ടത്തിൽ കണ്ണാടിപ്പാളി വച്ചുറപ്പിക്കുക. ചില്ലുകുഴൽ = കണ്ണാടിക്കുഴൽ. ചില്ലുപാത്രം = കുപ്പിക്കിണ്ണം, കണ്ണാടിപ്പാത്രം. ചില്ലുമേട= കണ്ണാടിമാളിക. ചില്ലോട് = കണ്ണാടികൊണ്ടുണ്ടാക്കിയ മേച്ചിലോട്
ചില്ലുവാനം നാ. = ചില്വാനം
ചില്ലൂർ നാ. ചീവീട്
ചില്ലോടമ്മ നാ. = ഇല്ലോടമ്മ.
765
ചില്വാനം നാ. 1. ഒരുസങ്ഖ്യകഴിഞ്ഞ് അധികമുള്ള ചെറിയ തുക; 2. ചെറിയതോതിലുള്ളത്, ചെറിയ; 3. ഭാര്യ, കുഞ്ഞ് മുതലായവർ; 4. പലചരക്ക്
ചിവക്കുക ക്രി. ചെമക്കുക
ചിവണ [ത.ചിവണുതൽ] നാ. 1. ചേർക്കൽ; 2. പൊരുത്തം
ചിവപ്പ് നാ. = ചെമപ്പ്
ചിവം [സം.ശിവ] നാ. കുറുക്കൻ
ചിവാട നാ. ഒരിനം ചെറിയ കപ്പൽ
ചിവി [സം.] നാ. താടി
ചിവിങ്ങി [പേർ.]നാ. വേട്ടപ്പുലി, ഇണക്കിവളർത്തി വേട്ടയാടാൻ ഉപയോഗപ്പെടുത്തുന്ന ഒരിനം പുലി
ചിവിടം [സം.] നാ. = ചിപിടകം
ചിവില്ലിക [സം.] നാ. ചെമപ്പുനിറമുള്ള ഒരിനം ചെറിയ ചീര
ചിവുകന്മാർ നാ. (ബ.വ.) = ചിബുകന്മാർ
ചിവുകം [സം.] നാ. ചിബുകം
ചി കാരി [സം.-കാരിൻ]വി. 'ചി ത്തെ ചെയ്യുന്ന' 1. അടയാളമുണ്ടാക്കുന്ന; 2. വ്രണപ്പെടുത്തുന്ന; 3. ഭീകരമായ; 4. ഹനിക്കുന്ന

ചി ധാരിണി [സം.] നാ. 1. വെളുത്തനറുനീണ്ടി; 2. അടയാളം ധരിച്ചവൾ
ചി നം [സം.] നാ. 1. അടയാളപ്പെടുത്തൽ; 2. ഭാഷ എഴുതുകയോ മുദ്രണം ചെയ്യുകയോ ചെയ്യുമ്പോൾ വാക്യങ്ങളും അതിൻെറ ഘടകങ്ങളും മറ്റും വേർതിരിച്ചു കാണിക്കുന്നതിനും അന്വയവും അർഥവും വിശദമാക്കുന്നതിനും അടയാളങ്ങൾ (ചി ങ്ങൾ) പ്രയോഗിക്കൽ
ചി ം [സം.] നാ. 1. വസ്തു ആശയംങ്ഭാവം സങ്കേതം തുടങ്ങിയവയെ പ്രതിനിധാനം ചെയ്യുന്ന രേഖ ചിത്രം മുദ്ര മുതലായവ തിരിച്ചറിയാനുള്ള അടയാളം; 2. ഒരുതരം കൊമ്പുവാദ്യം; 3. രാശി
ചി ിത [സം.] വി. അടയാളപ്പെടുത്തപ്പെട്ട
ചിൾ നാ. (ശബ്ദാനു) വെള്ളത്തിൽ കുമിളയുണ്ടാകുമ്പോൾ കേൾക്കുന്ന ശബ്ദം
ചിളി [ചിളിക്കുക] ധാതുരൂപം
ചിളിക്കുക ക്രി. 1. കായ്പാകമാകുമ്പോൾ തോടുപൊട്ടിക്കീറുക; 2. ചിരിക്കുക (ചുണ്ടുവിടരുന്നതിനാൽ)
ചിളിപ്പ് [<ചിളിക്കുക] നാമരൂപം
ചിളിയുക ക്രി. 1. കായ്പാകമാകുമ്പോൾ പൊട്ടിക്കീറുക; 2. കുരുപൊട്ടി വ്രണമാകുക
ചിളുക്കുക ക്രി. (വ്രണവും മറ്റും) അഴുകുക, അളിയുക
ചിളുങ്ക് നാ. വെട്ടുപാക്ക്, വെട്ടി ഉണങ്ങിയ പാക്ക്
ചിളോകം [പ.മ.] നാ. ശ്ലോകം
ചിള്ളിക്കുക ക്രി. ചില്ലിക്കുക
ചിള്ള് നാ. തുണ്ട്, ചീന്ത്
ചിള്ളുക ക്രി. ചിക്കുക
ചിറ1 [ചിറക്കുക] ധാതുരൂപം
ചിറ2 [ചിറയുക] ധാതുരൂപം
ചിറ3 നാ. 1. വെള്ളം ഴുകിപ്പോകാതെ തടഞ്ഞുനിരുത്തി ജലാശയങ്ങളുണ്ടാക്കാൻ നിർമ്മിക്കുന്ന വലിയ വരമ്പ്; 2. വലിയ ചിറകണ്ടം. ചിറപ്പാടം = പാടങ്ങൾ തേകി നനയ്ക്കുന്നതിലേക്ക് വെള്ളം കെട്ടിനിറുത്തിയ സ്ഥലം. ചിറക്കാൽ = താണനിലങ്ങളുടെ അരികു നികത്തി തെങ്ങുവച്ചുപിടിപ്പിച്ച വരമ്പ്. ചിറപ്പാട് = വള്ളത്തിനടിയിലായ നെൽപ്പാടം
ചിറകൻ നാ. 1. മയിൽ; 2. കൊക്ക്
ചിറക്1 നാ. 1. (പക്ഷികൾ, ശലഭങ്ങൾ തുടങ്ങിയവയുടെ) വായുവിൽ പറക്കുന്നതിന് ഉപയോഗപ്പെടുന്ന അവയവം; 2. പക്ഷികളുടെ ചിറകിൻെറ സ്ഥാനത്ത് ചില ജലജീവികൾക്കുള്ള അവയവം; 3. വിമാനത്തിനെ വായുവിൽ താങ്ങിനിറുത്തുന്നഭാഗം; 4. അമ്പിൻെറ ഇരുവശത്തും ഘടിപ്പിച്ചിട്ടുള്ള പക്ഷിത്തൂവൽ; 5. വള്ളത്തിൻെറ അറ്റത്തുള്ള തടിക്കഷണം; 6. ചാലിൻെറ ശാഖ; 7. തെരുവിൻെറ ഒരു വശത്തുള്ള ഭവനനിര; 8. പ്രധാന ഭവനത്തിൻെറ വശത്ത് കെട്ടിയിട്ടുള്ള എടുപ്പ്; 9. വശം; 10. വാതിൽപ്പലക. ചിറകടിക്കുക = പരിഭ്രമിക്കുക. ചിറകറുക്കുക = ശക്തിനശിപ്പിക്കുക, അവശമാക്കുക. ചിറകിനടിയിലാക്കുക = സംരക്ഷിക്കുക. ചിറകുകെട്ടിപ്പറക്കുക = വളരെവേഗം ചെല്ലുക. ചിറകുമുളയ്ക്കുക = തൻേറടമുണ്ടാകുക
ചിറക്2 നാ. ഒരളവ്, ഉള്ളങ്കൈയിൽ കൊള്ളുന്നത്ര

ചിറകൂടം നാ. കാരാഗൃഹം
ചിറക്കൽ നാ. വടക്കൻ മലബാറിലെ ഒരു സ്ഥലം
ചിറക്കുക1 ക്രി. 1. ഭങ്ഗിയുള്ളതാകുക; 2. സാമർഥ്യമുള്ളതാകുക; 3. മഹിമയുള്ളതാകുക; 4. പൂർണമാകുക
ചിറക്കുക2 ക്രി. ചിറകെട്ടിനിർത്തുക, അണകെട്ടിത്തടയുക
ചിറപ്പ് നാ. 1. (ക്ഷേത്രങ്ങളിലും മറ്റും) കെട്ടിവിതാനിച്ചു നടത്തുന്ന ഒരു ആഘോഷം; 2. ഐശ്വര്യം; 3. ആഡംബരം
ചിറയാൾ [പ.മ.] നാ. തടവുപുള്ളി
ചിറവായ് [ചിറു-ആയ്] നാ. ആലന്തുരുത്ത് ആസ്ഥാനമാക്കി ഭരിച്ചിരുന്ന ഒരു രാജകുടുംബം, ചിരവായ്സ്വരൂപം
ചിറാലിക്കുക ക്രി. കുതിര കരയുക
ചിറി,കിറി നാ. ചുണ്ട്, ചൊടി
ചിറു വി. ചെറു, ചെറിയ
ചിറ്റക്കാരൻ നാ. ജാരൻ, ഒളിബന്ധക്കാരൻ
ചിറ്റപ്പൻ നാ. 1. അച്ഛൻെറ അനുജൻ; 2. അമ്മയുടെ അനുജത്തിയുടെ ഭർത്താവ്
ചിറ്റം നാ. സ്നേഹം
ചിറ്റാൾ നാ. 1. ചെറിയ ആൾ; 2. ചിറ്റാളൻ
ചിറ്റാളൻ നാ. കുറിച്ചിട്ടിയിൽ ചേർന്നിട്ടുള്ള ആൾ. താരത. മുന്നാൾ
ചിറ്റിമ്പം നാ. ചെറിയ സുഖം, ലൗകികസുഖം
ചിറ്റ് വി. = ചിറു
ചിറ്റുണ്ടി നാ. 1. ലഘുഭക്ഷണം; 2. ജനിച്ചയുടനെ ശിശുവിന് കൊടുക്കുന്ന ആഹാരം
ചിറ്റുരുവം നാ. രൂപം കൊത്തിയിട്ടുള്ള ചുട്ടി (മാലയിലും മറ്റും കോർത്തണിയുന്നത്)
ചിറ്റുരുളി നാ. ചെറിയ ഉരുളി
ചിറ്റുള്ളി [ചിറു-ഉള്ളി] നാ. ചുവന്നുള്ളി
ചിറ്റേലം [ചിറു-ഏലം] നാ. ചെറിയ ഇനം ഏലം
ചിറ്റൊറ്റി [ചിറു-ഒറ്റി] നാ. ഒറ്റിയവകാശം മറ്റൊരാൾക്ക് കൈമാറുന്ന ഒറ്റി
ചീ1 [ചീയുക] ധാതുരൂപം
ചീ2 നാ. മലിനപദാർഥം (ചലം, മൂക്കള, കൺപീള, അഴുകിയ വസ്തുക്കൾ മുതലായവ)
ചീ3 വ്യാക്ഷേ അറപ്പ് വെറുപ്പ് ലജ്ജ തിരസ്കാരം മുതലായവയെ ദ്യോതിപ്പിക്കുന്ന ശബ്ദം
ചീ4 [പ.മ.] നാ. ശ്രീ
ചീക് [ചീകുക] ധാതുരൂപം
ചീകണ്ടൻ [പ.മ.] നാ. ശ്രീകണ്ഠൻ
ചീകൽ [<ചീകുക] നാമരൂപം
ചീകാരിയം നാ. ശ്രീകാര്യം
ചീകീട് നാ. ചീവീട്

ചീകുക ക്രി. 1. ചീപ്പുകൊണ്ടോമറ്റോ കോതുക, കോതി ഒതുക്കുക (തലമുടി എന്ന പോലെ); 2. വേണ്ടാത്ത ഭാഗം വാർന്നുകളയുക; 3. ചിന്തേരിട്ട് മിനുക്കുക, മിനുസപ്പെടുത്തുക

ചീകുളി നാ. ചീകുന്നതിനുള്ള ഒരിനം ഉളി, ചീവുളി

ചീക്ക [<ചീയുക] വി. ചീഞ്ഞ, അഴുകിയ. നാ. 1. ചവിണ്ട നെല്ല്, നനവുകൊണ്ടുകുതിർന്നു ചീത്തയായ നെല്ല്; 2. മലം, അഴുക്ക്; 3. ചിരങ്ങ്. ചീക്കനാറ്റം = അഴുകിയുണ്ടാകുന്ന ദുർഗന്ധം

ചീക്കട [<ചീക്ക] നാ. 1. ചീഞ്ഞുപോയത്; 2. മോശപ്പെട്ടത്

ചീക്കണ്ണൻ നാ. ചീക്കണ്ണുള്ളവൻ

ചീക്കണ്ണ് നാ. 1. ഒരു നേത്ര രോഗം; 2. പീളയുള്ള കണ്ണ്, പഴുത്തോ അല്ലാതേയോ നീരൊലിക്കുന്ന കണ്ണ്; 3. ഒരിനം പരുന്ത്

ചീക്കത്തി നാ. നെയ്ത്തുകാർ പാവ് വേർപെടുത്താൻ ഉപയോഗിക്കുന്ന ഉപകരണം

ചീക്കപ്പന്നി നാ. മലം തിന്നുന്ന പന്നി, ചീപ്പന്നി

ചീക്കപ്പീര നാ. ചീത്തയായ തേങ്ങാപ്പീര

ചീക്കൽ നാ. 1. ചീയൽ; 2. ചീത്തയായത്, അഴുകിയത്, ചീഞ്ഞത്. ചീക്കലടിക്കുക = അഴുകുക

ചീക്കല്ല് നാ. ഒരുതരം വെട്ടുകല്ല്, ചീങ്കല്ല്

ചീക്കാത് നാ. പഴുപ്പൊലിക്കുന്ന കാത്, കാതിനകത്ത് പഴുപ്പുണ്ടാകുന്ന ഒരിനം ദീനം

ചീക്കിഴങ്ങ് നാ. ചീവക്കിഴങ്ങ്

ചീക്ക്1 [<ചീ3] നാ. 1. ചിരങ്ങ്; 2. മലവിസർജനം; 3. ചീത്തയായത്

ചീക്ക്2 നാ. 1. രോഗം, ദീനം; 2. ആശുപത്രി

ചീക്കുക ക്രി. 1. ചീയിക്കുക, ചീത്തയാക്കുക; 2. കുതിർക്കുക, നനവുപിടിപ്പിക്കുക; 3. ചാണകവറളി ഉണ്ടാക്കുക; 4. പിഴിയുക

ചീങ്കണ്ണൻ നാ. = ചീക്കണ്ണൻ (പ്ര.) ചീങ്കണ്ണനു കോങ്കണ്ണി = ചേരുന്നവർ തമ്മിൽ ചേർച്ച

ചീങ്കണ്ണി നാ. ഒരുതരം വലിയ ഇഴജന്തു, മുതല

ചീങ്കണ്ണ് നാ. ചീക്കണ്ണ്

ചീങ്കപ്പാറ [ചീങ്കൽ-പാറ] നാ. ചിലപ്രദേശങ്ങളിൽ മേൽമണ്ണിനു താഴെകാണുന്ന ചെമപ്പുനിറമുള്ളതും പാറപോലെ കടുപ്പമുള്ളതുമായ മണ്ണ്

ചീങ്കല്ല് നാ. = ചീക്കല്ല്

ചീങ്കുഴൽ നാ. ഒരിനം ഊത്തുകുഴൽ, ഓടക്കുഴൽ,

ചീങ്ങ നാ. = ഈങ്ങ

ചീച്ചൽ [<ചീയുക] നാ. പഴകി ദ്രവിക്കൽ, അഴുകിപ്പോകൽ, ചീഞ്ഞ അവസ്ഥ

ചീട നാ. കളിയടയ്ക്ക

ചീട്ടി നാ. നിറംപിടിപ്പിച്ചതോ ചിത്രങ്ങൾ മുദ്രണം ചെയ്തതോ ആയ പരുക്കൻ പരുത്തിത്തുണി

ചീട്ടിക്കോൽ നാ. ചെരുപ്പുകുത്തികൾ തോലിൻെറ ചുളിവുതീർക്കാൻ ഉപയോഗിക്കുന്ന ഒരുപകരണം

ചീട്ട് നാ. 1. കുറിമാനം, കുറിപ്പ്, എഴുത്ത്; 2. അനുമതിപത്രം, ടിക്കറ്റ്; 3. ആജ്ഞാപത്രം; 4. പണമിടപാടുകളും മറ്റും രേഖപ്പെടുത്തിയ പ്രമാണം മുതലായവ; 5. തുണ്ട്, കഷണം; 6. കുറി, നറുക്ക്; 7. കളിക്കാനുപയോഗിക്കുന്ന ചിത്രം പതിച്ച കാർഡ്, ചീട്ടുകളി. ചീട്ടിടുക = 1. നറുക്കെടുക്കുക; 2. ചീട്ടുകളിക്കുമ്പോൾ കളിക്കാർ ഊഴമനുസരിച്ച് ചീട്ട് മറ്റുകളിക്കാരുടെ മുമ്പിൽ ഇടുക. ചീട്ടിറക്കുക = ചീട്ടിടുക. ചീട്ടുകച്ചേരി = ചീട്ടുകളിസങ്ഘം. ചീട്ടുകലക്കുക = കലയുക. കശക്കുക = ചീട്ടുകളിക്കുന്നതിനുവേണ്ടി ചീട്ടുകൾ ഇടകലർത്തിവയ്ക്കുക. (പ്ര.) ചീട്ടുകീറുക = അവസാനിക്കുക, മരിക്കുക. ചീട്ടുവാങ്ങുക = 1. ടിക്കറ്റ് എടുക്കുക; 2. ചീട്ടുകീറുക.

ചീട്ടോല നാ. ഉടമാവകാശം പണയപ്പെടുത്തിക്കൊണ്ടുള്ള പ്രമാണം

ചീഠിക [സം.] നാ. വിജ്ഞാപനം, കത്ത്

ചീഡ [സം.ചീഡാ] നാ, ചീഡാദേവതാരം

ചീഡാദേവതാരം [സം.-ദേവതാരു] നാ. നല്ല സുഗന്ധമുള്ള ഒരിനം ദേവതാരം

ചീണം [സം.] നാ. ചീനം

ചീണ്ടൽ [<ചീണ്ടുക] നാ. ചീണ്ടുന്ന പ്രവൃത്തി

ചീണ്ടുക1 ക്രി. 1. (കുട്ടികൾ) തമ്മിൽ ശണ്ഠകൂടുക, ഉപദ്രവിക്കുക; 2. പിച്ചുക, മാന്തുക, വേദനിപ്പിക്കുക; 3. മണ്ണുമാന്തുക (കോഴി നഖംകൊണ്ടെന്നപോലെ); 4. ചീട്ടിൻെറ അടുക്കു മാറത്തക്കവണ്ണം കലക്കുക, ഇടകലർത്തുക; 5. (വ്രണങ്ങളും മറ്റും) കുത്തിപ്പൊട്ടിക്കുക

ചീണ്ടുക2 ക്രി. (കണ്ണുകൊണ്ട്) രഹസ്യമായി ആങ്ഗ്യം കാണിക്കുക, ചിമിട്ടുക

ചീത [മ. ശീദാ] നാ. സീത

ചീതനാട് നാ. പന്ത്രണ്ട് കൊടുംതമിഴുനാടുകളിൽ ഒന്ന്, ഇപ്പോഴത്തെ കോയമ്പത്തൂരിൻെറ ചിലഭാഗങ്ങളും നീലഗിരിയും ഉൾപ്പെട്ടപ്രദേശം

ചീതു1 [<ചെയ്തു] അവ്യ. വീതം

ചീതു2 [മാ.ശീധു] നാ. ഒരിനം ചാരായം

ചീത്കാരം [സം.ചീത്-കാര] നാ. (ശബ്ദാനു) നിലവിളി, ശബ്ദകോലാഹലം

ചീത്ത വി. നല്ലതല്ലാത്ത, ദുഷിച്ച, അശുഭമായ. നാ. 1. നല്ലതല്ലാത്തത്, ദുഷിച്ചത്, അശുഭമായത്; 2. അസഭ്യമായത് (വാക്ക്, പ്രവൃത്തി എന്നിവപോലെ)

ചീത്തത്തം നാ. കൊള്ളരുതായ്മ, വഷളത്തം

ചീത്തത്തരം നാ. ചീത്തത്തം

ചീത്തം [പ.മ.] നാ. ശ്രീത്വം. ചീത്തകെട്ടവൻ = ഐശ്വര്യമില്ലാത്തവൻ, സാമർഥ്യമില്ലാത്തവൻ

ചീത്തൽ നാ. കുരുമുളകുതിരി

ചീത്താർമരം നാ. ആത്തമരം

ചീന വി. 1. ചീനയെ സംബന്ധിച്ച. നാ. 1. ചൈന; 2. ഒരിനം വലിയ സഞ്ചി; 3. നങ്കൂരം

ചീനകം [സം.ചീനക] നാ. 1. ഒരിനം കർപ്പൂരം, ചീനക്കർപ്പൂരം; 2. തിന

ചീനക്കണ്ണാടി നാ. കുഴൽക്കണ്ണാടി, ദൂരദർശിനി

ചീനക്കണ്ണ് നാ. കണ്ണട, മൂക്കുകണ്ണാടി

ചീനക്കയറ് നാ. നങ്കൂരത്തിൽ കെട്ടുന്ന കയറ്

ചീനകർപ്പൂരം നാ. ഒരിനം കർപ്പൂരം (ചീനദേശത്തുനിന്നും ഇറക്കുമതിയെയ്യത്)

ചീനക്കളിമണ്ണ് നാ. പിഞ്ഞാണിയും മറ്റും ഉണ്ടാക്കുന്നതിന് ഉപയോഗിക്കുന്ന കളിമണ്ണ്

ചീനക്കാണം നാ. നങ്കൂരമിടുന്ന സ്ഥലം, നങ്കൂരമിട്ടു കിടക്കൽ

ചീനക്കാരം നാ. ഒരു ധാതു ലവണം (അലുമിനിയം പൊട്ടാസ്യം ഗന്ധകം എന്നിവ കലർന്നത്)

ചീനക്കുഴൽ നാ. 1. ദൂരദർശിനിക്കുഴൽ; 2. ഒരു സുഷിരവാദ്യം; 3. ചീനക്കുഴൽ വിളിക്കുന്നവൻ (പട്ടാളത്തിലെ ഒരു ഉദ്യോഗം)

ചീനച്ചട്ടി നാ. കാതുള്ള ഒരുതരം പാത്രം (കാരിരുമ്പുകൊണ്ട് വാർത്തുണ്ടാക്കുന്നത് വറുക്കാൻ ഉപയോഗം)

ചീനച്ചരക്ക് നാ. 1. ചീനദേശത്തുനിന്ന് ഇറക്കുമതി ചെയ്ത സാധനങ്ങൾ; 2. വിദേശത്തുനിന്ന് ഇറക്കുമതി ചെയ്ത സാധനങ്ങൾ

ചീനച്ചായ നാ. തേയിലച്ചെടിയിൽ ഒരിനം

ചീനച്ചാരം നാ. 1. ചീനക്കാരം; 2. സോപ്പ്

ചീനച്ചിന്ദൂരം നാ. ചായില്യം

ചീനജം [സം.] നാ. ഉരുക്ക്

ചീനൻ [<ചീന] നാ. ചൈനാക്കാരൻ. (സ്ത്രീ.) ചീനത്തി

ചീനപടം,-പട്ടം [സം.] നാ. ചീനപ്പട്ട്

ചീനപിഷ്ടം [സം.-പിഷ്ട] നാ. 1. കാരീയം; 2. സിന്ദൂരം

767

ചീനപ്പടക്കം നാ. ഒരിനം പടക്കം

ചീനപ്പട്ട് നാ. ഒരിനം പട്ട് (ചീനദേശത്തുണ്ടാക്കിയത്)

ചീനപ്പരുത്തി നാ. 1. ചൈനാദേശത്തുള്ള ഒരിനം പരുത്തി; 2. ചെമ്പരുത്തി വർഗത്തിൽപ്പെട്ട ഒരിനം ചെടി, കുമ്പിൾപ്പരുത്തി.

ചീനപ്പിഞ്ഞാണി നാ. വിദേശത്തുനിന്ന് ഇറക്കുമതിചെയ്ത പിഞ്ഞാണി

ചീനഭരണി [സം.] നാ. 1. ചീനനാട്ടിൽ നിന്ന് ഇറക്കുമതിചെയ്തിരുന്ന ഒരിനം വലിയ ഭരണി

ചീനം നാ. 1. ചൈന; 2. ഒരിനം മാൻ; 3. ചീനപ്പട്ട്; 4. ഒരിനം നൂല്; 5. ചിറ്റേനിനെല്ല്; 6. പടിക്കാരം; 7. ചീനക്കർപ്പൂരം; 8. ഒരിനം സുഷിര വാദ്യം; 9. ചീനമാഷം; 10. ചീനപ്പട്ടുകൊണ്ടുണ്ടാക്കിയ കൊടിക്കൂറ; 11. പിണ്ഡതഗരം; 12. കാരീയം; 13. അശ്വക്രാന്ത എന്ന വിഭാഗത്തിൽപ്പെടുന്ന 64 തന്ത്രങ്ങളിൽ ഒന്ന്; 14. ചീനബന്ധം

ചീനമരീചം [സം.-മരിച] നാ. 1. കപ്പൽമുളക്; 2. വാൽമുളക്

ചീനമാഷം [സം.] നാ. പയറുവർഗത്തിൽപ്പെട്ട ഒരു ധാന്യം, സോയാപ്പയറ്

ചീനമുളക് നാ. 1. കപ്പൽമുളക്, വറ്റൽമുളക്; 2. വാൽമുളക്; 3. കാന്താരിമുളക്; 4. (പ്ര.) തീക്ഷ്ണസ്വഭാവമുള്ള വ്യക്തി

ചീനവങ്ഗം [സം.-വങ്ഗ] നാ. കാരീയം, ഈയം

ചീനവല നാ. ഒരിനം മീൻ വല (കായലരികത്ത് തുലായന്ത്രത്തിൽ ഘടിപ്പിക്കുന്നത്)

ചീനവിളക്ക് നാ. വർണക്കടലാസുകൊണ്ട് ചുറ്റുമറയിട്ട ഒരിനം വിളക്ക്

ചീനവെടി നാ. വെടിക്കെട്ടിലെ ഒരിനം, ഒരു പ്രത്യേകതരം അമിട്ട്

ചീനവേലി നാ. അഴിഅടിച്ചുണ്ടാക്കിയ വേലി
ചീനസി [സം.ചീനസീ] നാ. ഒരിനം തോൽ (ചർമം)
ചീനാകം [സം.ചീനാക] നാ. 1. ചീനകർപ്പൂരം; 2. ചീനവെള്ളരി; 3. വട്ടച്ചുര
ചീനാചാരം [സം.] രഥക്രാന്താ വിഭാഗത്തിൽപ്പെടുന്ന 64 തന്ത്രങ്ങളിൽ ഒന്ന്
ചീനാംശുകം [സം.] നാ. = ചീനപ്പട്ട്
ചീനായി നാ. ഒരിനം ചീനത്തുണി
ചീനി വി. 1. ചീനയുമായി ബന്ധപ്പെട്ട, വൈദേശികമായ. നാ. 1. പഞ്ചസാര; 2. ചക്കരവള്ളിക്കിഴങ്ങ്, മധുരക്കിഴങ്ങ്; 3. മരച്ചീനി; 4. ഒരിനം കാട്ടുമരം; 5. ഇലവ്; 6. മുള്ളുള്ള ഒരു വള്ളിച്ചെടി; 7. വാൽമുളക്; 8. കാന്താരിമുളക്; 9. നങ്കൂരം; 10. ഒരുതരം സുഷിരവാദ്യം
ചീനിക്കിഴങ്ങ് നാ. 1. മധുരക്കിഴങ്ങ്, ചക്കരവള്ളിക്കിഴങ്ങ്; 2. മരച്ചീനിക്കിഴങ്ങ്
ചീനിച്ചട്ടി നാ. = ചീനച്ചട്ടി
ചീനിപ്പടൽ നാ. മധുരക്കിഴങ്ങുവള്ളി
ചീനിവള്ളം നാ. ചീനിമരംകൊണ്ടുണ്ടാക്കിയ ഒറ്റത്തടിവള്ളം
ചീന് നാ. ഒരിനം വലിയ വള്ളം, ചീന
ചീനോഷണം [സം.-ഉഷണ] നാ. വാൽമുളക്
ചീന്തൽ [<ചീന്തുക] നാ. 1. കീറൽ; 2. പിളർപ്പ്; 3. കീറിയെടുത്ത തുണ്ട് (തുണി, ഇല എന്നിവപോലെ); 4. കോണകം; 5. ചീകൽ (മുട്ടയെന്നപോലെ)
ചീന്ത്1 [ചീന്തുക] ധാതുരൂപം
ചീന്ത്2 [<ചീന്തുക] നാ. 1. ചീന്തിയെടുത്ത കഷണം; 2. പഴയമുണ്ട് കീറിയുണ്ടാക്കുന്ന കോണകം
ചീന്തുക1 ക്രി. 1. കീറുക, നീളത്തിൽ പിളർക്കുക; 2. ചീകുക (മുടിയെന്നപോലെ)
ചീന്തുക2 ക്രി. (കഫവും മറ്റും പുറത്തേക്ക് കളയുന്നതിന്) ശക്തമായ വായുപ്രവാഹം മൂക്കിൽക്കൂടി പുറത്തേക്ക് വിടുക, ചീറ്റുക
ചീപോതി [പ്രാ.സിറി.] നാ. ശ്രീഭഗവതി
ചീപ്പം നാ. = ചീർപ്പം
ചീപ്പാണി നാ. 1. ചക്രത്തെ അച്ചിൽനിന്ന് ഊരിപ്പോകാതെ നിർത്തുന്ന ആണി, അച്ചാണി; 2. നാടൻ തോക്കിൻെറ പാത്തിയിൽ കുഴൽ ഉറപ്പിക്കാൻ കൈകൊണ്ട് അമർത്തിക്കയറ്റാവുന്ന ചാവി
ചീപ്പ്,ചീർപ്പ് നാ. 1. തലമുടി ചീകാൻ ഉപയോഗിക്കുന്ന ഒരു ഉപകരണം (മുടിയിഴകൾ വേർപെടുത്താൻ തക്കവണ്ണം പല്ലുകളുള്ളത്); 2. കൈത്തറിയിലെ ഒരു ഉപകരണം; 3. വാഴക്കുലയിലെ പടല; 4. മഞ്ഞളിൻെറയും ഇഞ്ചിയുടെയും കിഴങ്ങ്; 5. വാതിൽ ഉറപ്പിക്കുന്ന തടികൊണ്ടുണ്ടാക്കിയ മുടക്കൻ തഴുത്; 6. മീനിൻെറ ചെകിള. ചീപ്പിടുക = 1. തലമുടിചീകുക; 2. വാതിൽ തഴുതിടുക; 3. അണക്കെട്ടിലെ ചീപ്പു താഴ്ത്തുക
ചീപ്പുനൂൽ നാ. നേർത്തതും പശചേർത്തു ബലം കൂട്ടിയതുമായ പരുത്തി നൂൽ. (ചീപ്പിൻെറ ആകൃതിയുള്ള ഒരു കട്ടിക്കടലാസിൽ ചുറ്റിവച്ചു വിറ്റിരുന്നതിനാൽ ഇപ്പേർ)

ചീപ്പുവാൾ നാ. ഒറ്റക്കൈകൊണ്ടുപിടിച്ച് തടിഅറുക്കുന്നതിനുള്ള ചെറിയ ഈർച്ചവാൾ
ചീപ്പുളി നാ. = ചീവുളി
ചീഫ് [ഇം.] വി. പ്രധാനമായ, പ്രഥമമായ, ശ്രേഷ്ഠമായ. നാ. (കോടതിനടപടികളിൽ) സാക്ഷിവിസ്താരത്തിൻെറ ആദ്യഘട്ടം, കക്ഷിയേയോ സാക്ഷിയേയോ അവരവരുടെ വക്കീൽ വിസ്തരിക്കുന്നത്
ചീമ നാ. = ശീമ
ചീമച്ചേമ്പ് നാ. ഒരിനം ചേമ്പ്, വെട്ടുചേമ്പ്
ചീമാനി നാ. മഴയോടുകൂടിയ കാറ്റ്
ചീമുഞ്ഞി നാ. വെറുപ്പോ നീരസമോ പ്രകടിപ്പിക്കുന്ന മുഖം
ചീമുട്ട നാ. ചീഞ്ഞമുട്ട
ചീമുതല നാ. ചീങ്കണ്ണി
ചീമ്പ [<ചീമ്പുക] വി. 1. ചീഞ്ഞ, അളിഞ്ഞ. നാ. പുളിഞ്ചകം
ചീമ്പക്കണ്ണ് നാ. ചീക്കണ്ണ്
ചീമ്പക്കണ്ണൻ നാ. = ചീമ്പക്കണ്ണുള്ളവൻ. (സ്ത്രീ.) ചീമ്പക്കണ്ണി
ചീമ്പക്കയറ് നാ. ദ്രവിച്ച് ഉപയോഗശൂന്യമായ കയറ്
ചീമ്പൽ ക്രി. ചീമ്പുക
ചീമ്പാൽ നാ. പശു പ്രസവിച്ചുകഴിഞ്ഞ് ആദ്യം കറന്നെടുക്കുന്ന പാല്
ചീമ്പാളി നാ. ഒന്നിനും കൊള്ളാത്തവൻ
ചീമ്പിളി നാ. കീമ്പിളി
ചീമ്പുക1 ക്രി. 1. (കണ്ണ്) അടയ്ക്കുക; 2. (കണ്ണ്) അളിയുക
ചീമ്പുക2 ക്രി. ഈമ്പുക
ചീമ്മുക ക്രി. ചിമ്മുക
ചീയാൻ നാ. പല്ലക്കു ചുമക്കുന്നവൻ, പോണ്ടൻ
ചീയിക്കുക ചീയുക
ചീയുക ക്രി. 1. ജൈവ വസ്തുക്കൾ അണുജീവികളുടെ ബാധകൊണ്ട് ജീർണിക്കുക, അഴുകുക, അളിയുക; 2. കൂടുതൽ വെന്തുപോകുക; 3. വളയുക (ലോഹപദാർഥങ്ങളെന്നപോലെ); 4. (കണ്ണ്) പഴുക്കുക. ചീഞ്ഞകഞ്ഞിക്ക് ഒടിഞ്ഞ ചട്ടുകം. (പഴ)
ചീയ്ക്കുക ക്രി. ചീയിക്കുക
ചീർ1[ചീരുക] ധാതുരൂപം
ചീർ2[ചീർക്കുക] ധാതുരൂപം
ചീർ3 നാ. ചീര്
ചീർക്കുക1 ക്രി. വർധിക്കുക
ചീർക്കുക2 [<ചീറുക] ക്രി. ക്ഷോഭിക്കുക, കോപിക്കുക, വിരൊധിക്കുക
ചീർണ [സം.] വി. 1. ചെയ്യപ്പെട്ട, നടത്തപ്പെട്ട, അനുഷ്ഠിക്കപ്പെട്ട (വ്രതം പോലെ); 2. അഭ്യസിക്കപ്പെട്ട, ആവർത്തിക്കപ്പെട്ട; 3. ഭാഗിക്കപ്പെട്ട, വേർതിരിക്കപ്പെട്ട; 4. ഉച്ചരിക്കപ്പെട്ട
ചീർണപർണം [സം.] നാ. 1. വേപ്പ്; 2. ഈത്ത
ചീർപ്പൻ വി. തടിപ്പുള്ള
ചീർപ്പം നാ. ചീർത്തിരിക്കുന്ന അവസ്ഥ

ചീർപ്പ്1 നാ. 1. തട്ടിപ്പ്; 2. രോമാഞ്ചം; 3. പരുപരുപ്പ്
ചീർപ്പ്2 നാ. ചീപ്പ്
ചീർപ്പുചെമ്പരത്തി നാ. ജലജീവികളുടെ ചെകിള
ചീർമ നാ. 1. ഐശ്വര്യം; 2. ഭങ്ഗി; 3. മഹിമ, വലിപ്പം, ശക്തി; 4. ഗുരുത്വം, ഭാരം; 5. കീർത്തി; 6. സദാചാരം
ചീർവാലൻ നാ. വരയൻ കടുവ
ചീര1 നാ. 1. ഒരു ഇലക്കറിച്ചെടി, കീര; 2. വാസ്തുചീര. ചീരക്കടയ്ക്കും എതിർക്കടവേണം (പഴ) = ഏതുകാര്യത്തിനും മത്സരം നല്ലതാണ്
ചീര2 നാ. മുറുക്കാൻവയ്ക്കുന്ന തുണിസഞ്ചി
ചീരകം1 [സം.] നാ. കാരീയം
ചീരകം2 [<സം.ജീരക] നാ. = ജീരകം
ചീരണി1 നാ. 1. കാട്; 2. (നൃത്തത്തിൽ) വേഗത്തിലുള്ള പാദവിന്യാസം
ചീരണി2 നാ. (ഇസ്ലാം) ഒരു മങ്ഗളകർമം ആരംഭിക്കുമ്പോൾ മധുരപലഹാരം വിതരണം ചെയ്യൽ
ചീരം[സം.] നാ. 1. മരവുരി, വസ്ത്രം; 2. വീതികുറഞ്ഞതും നീളമുള്ളതുമായ തുണ്ട് (മരവുരി തുണി എന്നിവയുടെ); 3. കീറപ്പഴന്തുണി; 4. നാലുമടക്കുള്ള മുത്തുമാല; 5. വര, പുള്ളി; 6. കാരീയം
ചീരവസന [സം.] വി. ചീരം ധരിച്ച
ചീരവസനൻ [സം.-വസന] നാ. 1. ചീരം ധരിച്ചവൻ; 2. ശിവൻ
ചീരവസ്ത്രൻ [സം.-വസ്ത്ര] നാ. ചീരവസനൻ
ചീരവസ്ത്രം [സം.-വസ്ത്ര] നാ. മരവുരി
ചീരവാസൻ [സം.-വാസ] നാ. ചീരവസനൻ
ചീരവാസസ്സ് [സം.-വാസസ്] നാ. 1. ചീരം; 2. ചീരം ധരിക്കുന്നയാൾ; 3. ശിവൻ; 4. ഒരു യക്ഷൻ; 5. ഒരു രാജാവ്
ചീരാപ്പ് നാ. 1. ജലദോഷം, നീരിളക്കം; 2. മൂക്കള, മൂക്കട്ട
ചീരാംബരം [സം.-അംബര] നാ. മരവുരി
ചീരാംശുകം [സം.-അംശുക] നാ. ചീരാംബരം
ചീരാമൻ നാ. ശ്രീരാമൻ
ചീരാളൻ നാ. നാട്ടുപ്രമാണി, അധികാരി, ദേശത്തലവൻ
ചീരി1 [സം.] നാ. കണ്ണിനുള്ള മൂടുപടം
ചീരി2 [സം.-ചീരീ] നാ. 1. അടിയുടുപ്പിന്റെ വക്ക്; 2. ചീവീട്
ചീരി3 [സം.ചീരിൻ] നാ. ചീരം ധരിച്ച ആൾ
ചീരിക [സം.ചീരികാ] നാ. ചീവീട്
ചീരിത [സം.] വി. 1. കീറലുള്ള, തുണ്ടുതുണ്ടായ; 2. പഴന്തുണിഉടുത്ത; 3. ചിതറിയ, മുറിച്ചുമുറിച്ചുള്ള, നിറുത്തിനിറുത്തിയുള്ള (വാക്കുകളെന്നപോലെ); 4. പുള്ളികളുള്ള
ചീരിതച്ഛദ [സം.-ഛദാ] നാ. ചെഞ്ചീര
ചീരിയം [<സം.ശ്രീക] നാ. ഭാരമുള്ളത്
ചീരീപത്രം [സം.-പത്ര] നാ. വലിയ പാവൽ

ചീര്,ശീര്		[പ്രാ.സിരി]	നാ.	1. ക്രമം; 2. ശോഭ, സൗന്ദര്യം; 3. നന്മ; 4. വേണ്ടപോലുള്ളത്, യോജിച്ചത്; 5. പ്രാധാന്യം, മേന്മ; 6. പെരുമ, വലിപ്പം; 7. സമൃദ്ധി; 8. കീർത്തി, പ്രശസ്തി; 9. ചീല്; 10. ശബ്ദം; 11. (സങ്ഗീ.) ഒരുതാളം; 12. തുലാം രാശി; 13. കാഴ്ചദ്രവ്യം
ചീരു		നാ.	ഒരു സ്ത്രീനാമം
ചീരുക1			ക്രി.	1. ചീകുക; 2. ഊരുക; 3. തിരുകുക, ചൊരുകുക
ചീരുക2			നാ.	= ചീരിക
ചീരുള്ളി			നാ.	ഈരുള്ളി
ചില1			നാ.	1. തുണി, തുണിക്കഷണം, ശീല. ചീലപ്പൊടി = തുണിയിൽ അരിച്ചെടുക്കുന്ന പൊടി, ശീലപ്പൊടി
ചീല2			നാ.	1. തുണികൊണ്ടുണ്ടാക്കിയ പണസഞ്ചി, മടിശ്ശീല; 2. മൃഗങ്ങളുടെ ആമാശയം
ചീലാന്തി			നാ.	1. പൂവരശ്; 2. കെട്ടിടത്തിൻെറ നെടിയുത്തരങ്ങൾ അകലാതെയും അടുക്കാതെയും സ്ഥിരമായി നിറുത്തുന്നതിനുവേണ്ടി കുറിയുത്തരത്തിനു സമാന്തരമായി പ്രത്യേക അകലത്തിൽ ഉറപ്പിച്ചിട്ടുള്ള തുലാം, ഖണ്ഡോത്തരം
ചീലായ്മ			നാ.	= ശീലായ്മ
ചീലിക		[സം.] നാ.	ചീവീട്
ചീല്,ശീല്			നാ.	കവിതയിലെ ഒരു ഖണ്ഡം (അടി, ഈരടി, ശ്ലോകം മുതലായവ)
ചീവൻ		[പ.മ.] നാ.	= ജീവൻ
ചീവരം		[സം.] നാ.	1. വസ്ത്രം (പ്രത്യേകിച്ച് പഴന്തുണി കീറത്തുണി); 2. സന്ന്യാസിമാരുടെ വസ്ത്രം; 3. വസ്ത്രമായി ഉപയോഗിക്കുന്ന മരവുരി
ചീവരി		[സം.ചീവരിൻ]	നാ.	സന്ന്യാസി
ചീവൽ		[<ചീവുക]	നാ.	1. ചീവിക്കളയുന്ന കനം കുറഞ്ഞ ചീള്; 2. കനം കുറഞ്ഞ അടയ്ക്കാച്ചീൾ; 3. വസ്ത്രത്തിൻെറ നേർമ, നേർമയുള്ള വസ്ത്രം
ചീവാട			നാ.	ഒരുതരം ചെറിയ കപ്പൽ, ഒരിനം പത്തേമാരി
ചീവാടി			നാ.	= ചീവാട
ചീവാട്			നാ.	മെതിച്ചിട്ട പൊലിയിൽ വേലത്തലവനുള്ള അവകാശം
ചീവിതം			നാ.	1. = ജീവിതം; 2. ഉപജീവനത്തിനായി കൊടുക്കുന്ന ശമ്പളം; 3. ഉപജീവനത്തിനു കരമൊഴിവായി വിട്ടുകൊടുക്കുന്ന വസ്തു
ചീവീട്			നാ.	ഒരു ചെറിയ പ്രാണി (രാത്രികാലങ്ങളിൽ ഇടവിടാതെ ശബ്ദിക്കുന്നത്)ചീവുക		ക്രി.	= ചീകുക
ചീവുത്രം			നാ.	ഒരിനം അരം
ചീവുളി			നാ.	= ചീകുളി
ചീവുരി			നാ.	പ്രാണൻ, ശ്വാസം
ചീള		നാ.	പഴന്തുണി
ചീളാൻ			നാ.	ഒരിനം ചെറിയ പക്ഷി
ചീളി		നാ.	'കനംകുറച്ചു ചീന്തിയെടുത്തത്' 1. വീതികുറച്ചു ചീന്തിയെടുത്ത തുണ്ടുതുണി; 2. ചീന്തിയെടുത്ത കനം കുറഞ്ഞ തടിത്തുണ്ട്; 3. ഈറ, മുള മുതലായവ കനം കുറച്ച് ചീന്തിയെടുക്കുന്നത്; 4. കിളിവാതിലിൽ ചെയ്യുന്ന ഒരിനം

കരവേല. ചീളിപെടുക = നീളത്തിൽ മുറിഞ്ഞു വീഴുക. ചീളിക്കാറ്റ് = വളരെ തണുത്ത കാറ്റ്
ചീളിചിമം [സം.] നാ. ചെമ്മീൻ
ചീള് നാ. 1. കനം കുറച്ച് കീറിയെടുത്തത്, പൂള്, കനം കുറഞ്ഞ് നീളത്തിലുള്ള തുണ്ട്; 2. ചില്ല്, കനം കുറഞ്ഞ ലോഹപാളി, കുപ്പിച്ചില്ല്; 3. ആപ്പ്; 4. ചെറിയഭാഗം, കഷണം; 5. വീതികുറച്ചു നീളത്തിൽ കീറിയെടുത്ത തുണി
ചീളുവം നാ. മോശമായത്, നിസ്സാരമായത്
ചീളെ അവ്യ. ചീളെന്ന്
ചീളെന്ന് അവ്യ. വേഗത്തിൽ, ഉടൻതന്നെ
ചീറ് [ചീറുക] ധാതുരൂപം
ചീറൽ [ചീറുക] നാമരൂപം
ചീറാല് നാ. ഈത്തുവാ, ചാളുവാ
769
ചീറ്1 നാ. = ചീര്
ചീറ്2[ചീറുക] ധാതുരൂപം
ചീറ്3 നാ. ഒരു വൃക്ഷം
ചീറുക ക്രി. 1. അരിശപ്പെടുക, കോപിക്കുക; 2. മുറുമുറുക്കുക, കോപമോ പ്രതിഷേധമോ സൂചിപ്പിക്കുന്ന ശബ്ദം പുറപ്പെടുവിക്കുക; 3. അലറുക; 4. (പാമ്പെന്നപോലെ) ചീറ്റുക; 5. വേഗാധിക്യംകൊണ്ട് സീൽക്കാരശബ്ദം ഉളവാക്കുക (അമ്പെന്നപോലെ)
ചീറ്റുക ക്രി. മൂക്കിൽനിന്നു ശക്തിയായി ശ്വാസം പുറത്തേക്കുതള്ളുക
ചുകക്കുക ക്രി. ചുവക്കുക
ചുകട് നാ. ചുവട്
ചുകർ [ചുകറുക] ധാതുരൂപം
ചുകറുക ക്രി. 1. നഖംകൊണ്ട് ചുരണ്ടുക, ചൊറിയുക; 2. നഖംകൊണ്ട് ചുരണ്ടി സൂചന നൽകുക
ചുകിൽ നാ. കുങ്കുമപ്പൂവ്
ചുക്ക1 [പ്രാ.] നാ. 1. പുളിച്ച കാടി; 2. (കള്ളിൻെറയും മറ്റും) മട്ട്, മദ്യം വാറ്റി ചാരായം എടുത്തശേഷം കിട്ടുന്ന മട്ടി
ചുക്ക2 [പ്രാ.സുക്ഖ] നാ. ബീഡിഉണ്ടാക്കാൻ ഉപയോഗിക്കുന്ന പ്രത്യേകതരം പുകയിലപ്പൊടി
ചുക്കൽ [<ചുങ്ങുക] നാ. ജലാംശം നഷ്ടപ്പെട്ടു വലിപ്പം കുറയൽ (കായ്കനികൾ, കിഴങ്ങുകൾ എന്നിവപോലെ)
ചുക്കാൻ [അറ.] നാ. ബോട്ടിൻെറയും കപ്പലിൻെറയും മറ്റും ഗതിയെ നിയന്ത്രിക്കുന്നതിന് അമരത്തു ഘടിപ്പിക്കുന്ന ഒരു ഉപകരണം. (പ്ര.) ചുക്കാന്തിരിക്കുക,-പിടിക്കുക = 1. ജലയാനങ്ങളെ നയിക്കുക; 2. നിയന്ത്രണം ഏറ്റെടുക്കുക
ചുക്കാനം1 നാ. ചുക്ക
ചുക്കാനം2 നാ. ചുക്കാൻ
ചുക്കാരം നാ. സിംഹത്തിൻെറ അലർച്ച
ചുക്കിക്കുക [<സം.ശുഷ്ക]ക്രി. ഉണങ്ങുക, ജലാംശം നഷ്ടപ്പെട്ടു ചുരുങ്ങുക

ചുക്കിണി നാ. ഒരിനം ചൂത്, വശങ്ങളിൽ എണ്ണങ്ങൾ അടയാളപ്പെടുത്തിയിട്ടുള്ള ഒരുതരം പകിട

ചുക്കിതം [സം.] നാ. (നാട്യ.) ദന്തചേഷ്ടകളിലൊന്ന്, കോട്ടുവായിടുമ്പോഴും മറ്റും ഉള്ളതുപോലെ രണ്ടുവരിപ്പല്ലുകളും അകലത്തക്കവണ്ണം വാതുറക്കുക

ചുക്കിരി1 [<സം.ശുക്ര] നാ. കള്ളുചിരട്ട, കള്ളുകോപ്പ

ചുക്കിരി2 നാ. 1. ചെറിയവസ്തു; 2. ചെറിയ ആൾകുട്ടികളുടെ ലിങ്ഗം

ചുക്കിലി നാ. 1. എട്ടുകാലിവല; 2. എട്ടുകാലി

ചുക്ക് [മാ.ശുക്ഖ] നാ. ഉണങ്ങിയ ഇഞ്ചി. (പ്ര.) ചുക്കിനും ചുണ്ണാമ്പിനും കൊള്ളാത്ത = നിസ്സാരമായ, ഒന്നിനും പ്രയോജനമില്ലാത്ത. ചുക്കില്ലാത്ത കഷായമില്ല (പഴ) (എല്ലാക്കാര്യത്തിനും ഇടപെടുന്ന സ്വഭാവമുള്ള ആളുകളെക്കുറിച്ചു പറയുന്നത്)

ചുക്കുക ക്രി. ഉണങ്ങുക, ചുരുങ്ങുക (പ്ര) ചുക്കിച്ചുളിയുക = വരണ്ടു ചുളുങ്ങുക, തൊലിയിൽ ഞൊറിവീഴുക. ചുക്കിച്ചുളിവ് = ഉണങ്ങിവരണ്ടോ ശോഷിച്ചോ ഉണ്ടായ ചുളിവ്

ചുക്കുച്ചെട്ടി നാ. വലിയപിശുക്കൻ, ലുബ്ധൻ

ചുക്രക്കണ്ണൻ നാ. കോങ്കണ്ണൻ, ഒറ്റക്കണ്ണൻ (ശുക്രൻ ബലിയുടെ ദാനം തടസ്സപ്പെടുത്താൻ കിണ്ടിവാലിൽ കടന്നിരുന്നപ്പോൾ വാമനൻ കുത്തി കണ്ണുപൊട്ടിച്ചു എന്ന് പുരാണം)

ചുക്രം [സം.] നാ. 1. പുളിരസം; 2. പുളിച്ചകാടി; 3. ഞെരിഞ്ഞാമ്പുളി; 4. മരപ്പുളി; 5. പുളിയഞ്ചീര

ചുക്രാമ്ലം [സം.] നാ. 1. പുളിച്ചകാടി; 2. ചൂത്തപ്പുളി; 3. ചാണപ്പുളി; 4. മരപ്പുളി; 5. പുളിയഞ്ചീര

ചുക്രിക [സം.-കാ] നാ. 1. കോൽപ്പുളി; 2. ചൂത്തപ്പുളി; 3. പുളിയാരൽ; 4. പുളിയഞ്ചീര; 5. ഞെരിഞ്ഞാമ്പുളി

ചുക്രിമാവ് [സം.ചുക്രിമൻ] നാ. പുളിപ്പ്, പുളിരസം

ചുക്ഷ [സം.] നാ. 1. പരുക്കേൽപ്പിക്കൽ; 2. കൊല്ലൽ; 3. കഴുകൽ, കുളി

ചുക്ലാത്താ [പോർ.] നാ. ചോകലേറ്റ്

ചുങ്കക്കടവ് [ചുങ്കം-കടവ്] നാ. തീരുവസ്ഥലത്തിനടുത്ത് വള്ളം അടുക്കുന്ന കടവ്, ചുങ്കംപിരിക്കുന്ന കടവ്

ചുങ്കക്കാരൻ നാ. ചുങ്കമ്പിരിക്കുന്ന ഉദ്യോഗസ്ഥൻ

ചുങ്കക്കൂലി നാ. ചരക്കുകൾ കടത്തുന്നതിനു ചുമത്തുന്ന നികുതി

ചുങ്കച്ചാവടി നാ. തീരുവ ഈടാക്കുന്ന സ്ഥലം, ചവുക്ക

ചുങ്കം [പ്രാ.സുംക] നാ. 1. ചരക്കുകളുടെമേൽ ചുമത്തുന്ന തീരുവ; 2. ചുങ്കസ്ഥലം; 3. തരക്, ദല്ലാൾ. (പ്ര) ചുങ്കംകൊടുക്കുക,-തീർക്കുക, വീട്ടുക = തീരുവയോ നികുതിയോ അടയ്ക്കുക. ചുങ്കം വാങ്ങുക = കീഴ്പ്പെടുത്തുക. ചുങ്കംപോയാൽ ചുണ്ണാമ്പും കിട്ടുകയില്ല (പഴ) = അധികാരംപോയാൽ ആരും വകവയ്ക്കുകയില്ല.

ചുങ്കശാല [മ.] നാ. ചുങ്കപ്പുര

ചുങ്കസ്ഥലം നാ. ചുങ്കച്ചാവടി

ചുങ്കി നാ. ചുമൽ, തോള്

ചുങ്കിക്കുക ക്രി. 1. ചെലവുചുരുക്കി മിച്ചംപിടിക്കുക; 2. ഒരുപങ്ക് ഒളിച്ചുമാറ്റി വയ്ക്കുക; 3. വഞ്ചിക്കുക

ചുങ്കിടി നാ. കുറച്ചുമാത്രം

ചുങ്കിപ്പ് നാ. ചില്ലറമോഷണം, ചെറിയകള്ളം, വഞ്ചന

ചുങ്കിലി നാ. 1. ചെറുത്, നിസ്സാരമായത്; 2. നിസ്സാരൻ; 3. മത്സരക്കളികളിൽ സാമർഥ്യക്കുറവുള്ള കക്ഷിയെ ഒരുവട്ടംകൂടി കളിക്കുന്നതിന് സൗജന്യമായി അനുവദിക്കൽ

ചുങ്ങൽ [<ചുങ്ങുക] നാ. ചുങ്ങുന്ന പ്രവൃത്തി

ചുങ്ങുക ക്രി. ചുരുങ്ങുക, ചുളുങ്ങുക, ശോഷിക്കുക

ചുചി[സം.] നാ. സ്ത്രീയുടെ മുല

ചുചുകം [സം.] നാ. ചൂചുകം

ചുചുന്ദരി [സം.] നാ. നച്ചെലി

ചുഞ്ചു [സം.] വി. 1. പ്രസിദ്ധിയുള്ള; 2. സാമർഥ്യമുള്ള. നാ. 1. നച്ചെലി; 2. വെരുക്; 3. പക്ഷികളുടെ കൊക്ക്; 4. നീർച്ചീര; 5. ഒരു സങ്കരജാതി (ബ്രാഹ്മണന് വൈദേഹസ്ത്രീയിൽ ജനിച്ചവൻ)

ചുഞ്ചുകം [സം.] നാ. രണ്ടുവയസ്സുപ്രായമുള്ള ആന

ചുഞ്ചുരി [സം.] നാ. ഒരുതരം ചൂതുകളി (ഇതിൽ ചുക്കിണിക്കുപകരം പുളിങ്കുരു ഉപയോഗിക്കുന്നു)

ചുട് [ചുടുക] ധാതുരൂപം

ചുടക്ക് നാ. ചൊടക്ക്

ചുടർനില നാ. വിളക്കുതണ്ട്

ചുടർമൗലിയർ നാ. (ബ.വ.) ദേവന്മാർ

ചുടരവൻ നാ. സൂര്യൻ

ചുടരാർ നാ. (പൂ.ബ.വ.) ദൈവം

ചുടര് നാ. 1. പ്രകാശം, തിളക്കം; 2. അഗ്നി; 3. ദീപം; 4. സൂര്യൻ; 5. ചന്ദ്രൻ; 6. ആണ്ട്; 7. തളിര്. ചുടർവിളക്കായാലും ചൂണ്ടുകോൽ വേണം = സമർഥന്മാർക്കും സഹായം വേണം

ചുടരൊളി നാ. പ്രകാശം (സൂര്യൻ, അഗ്നി, ദീപം, ചന്ദ്രൻ മുതലായവയുടെ)

ചുടരോൻ നാ. = ചുടരവൻ

ചുടൽ [<ചുടുക] നാ. 1. ചുടുക; 2. തിരിയുടെ കത്തിക്കരിഞ്ഞ ഭാഗം, കങ്കൽ

ചുടല നാ. 1. ശവം ദഹിപ്പിക്കാനുള്ള അഗ്നികുണ്ഡം, ചിത; 2. ശവം ദഹിപ്പിക്കൽ. ചുടലകാക്കുക = രാജകുടുംബാങ്ഗങ്ങളുടെയും മറ്റും ശവസംസ്കാരത്തോടു ബന്ധപ്പെട്ട ഒരു ആചാരം, 40 ദിവസം ചുടല സംരക്ഷിക്കൽ. ചൊട്ടയിലെ ശീലം ചുടലവരെ (പഴ.)

ചുടലക്കരി നാ. ശവം ദഹിപ്പിച്ചുണ്ടായ കരി

ചുടലക്കളം നാ. ശവം ദഹിപ്പിക്കാനായി ഒരുക്കിയിട്ടുള്ള സ്ഥലം

ചുടലക്കാട് നാ. ശവശരീരങ്ങൾ ദഹിപ്പിക്കുന്നതിനായി നീക്കിവച്ചിട്ടുള്ള സ്ഥലം

ചുടലക്കാളി നാ. ഭദ്രകാളിയുടെ രൂപങ്ങളിൽ ഒന്ന്

ചുടലക്കുഴി നാ. ശവദാഹത്തിനുവേണ്ടി ഉണ്ടാക്കുന്ന കുഴി

ചുടലക്കൂത്ത് നാ. (ശിവൻ) ശ്മശാനത്തിൽ നടത്തുന്ന നൃത്തം

ചുടലക്കൊള്ളി നാ. ശവം ദഹിപ്പിക്കാനോ പട്ടടകൊളുത്താനോ ഉപയോഗിച്ച വിറകിൻ തുണ്ട്

ചുടലക്രിയ [മ.ചുടല,-സം.] നാ. ശവദാഹം, ശവദാഹവുമായി ബന്ധപ്പെട്ട കർമങ്ങൾ

ചുടലച്ചാത്തൻ നാ. ഒരു ദുർഭൂതം

ചുടലച്ചാമ്പൽ നാ. ചുടലഭസ്മം

ചുടലജ്ഞാനം [മ.ചുടല-സം.] നാ. അൽപകാലം മാത്രം നിലനിൽക്കുന്ന ജ്ഞാനം. (ചുടലകാണുമ്പോൾ ലോകത്തിൻെറ നശ്വരതയെക്കുറിച്ചുണ്ടാകുന്ന ബോധം അവിടം വിടുമ്പോൾ മറക്കുന്നതിൽനിന്ന്)

ചുടലത്തെങ്ങ് നാ. സഞ്ചയനം കഴിഞ്ഞ് ശവക്കുഴിയിൽ നടുന്ന തെങ്ങ്

ചുടലനിലം നാ. ചുടലക്കളം

ചുടലപ്പൊട്ടൻ നാ. ഒരു ദുർദേവത

ചുടലപ്രേതം [സം.] നാ. ഗതികിട്ടാത്ത പരേതാത്മാവ്

ചുടലഭദ്രകാളി നാ. ഭദ്രകാളിയുടെ വിവിധരൂപങ്ങളിൽ ഒന്ന്

ചുടലഭസ്മം [സം.] നാ. ചുടലയിലെ ഭസ്മം, ചിതാഭസ്മം

ചുടലഭൂതം [സം.] നാ. ചുടലയിൽ കുടികൊള്ളുന്ന ഭൂതം

ചുടലമാടൻ നാ. 1. ശിവൻെറ മൂർത്തിഭേദങ്ങളിൽ ഒന്ന്; 2. ചുടലക്ക:ളത്തിൽ കുടികൊള്ളുന്നതായി കരുതപ്പെടുന്ന ഭൂതം; 3. മഹാദുഷ്ടൻ, ഭീകരൻ

ചുടലയാടി നാ. ശിവൻ (ചുടലയിൽ നൃത്തം ചെയ്യുന്നതിനാൽ)

ചുടിച്ചിൽ [<ചൂടുക] നാ. ശരീരഭാഗങ്ങളിൽ തീ തട്ടിയാലെന്നപോലെ അനുഭവപ്പെടുന്ന അസ്വസ്ഥത

ചുടു വി. ചൂടുള്ള (പ്ര.) ചുടുകണ്ണുനീർ = കടുത്ത ദു:ഖംകൊണ്ടുണ്ടാകുന്ന കണ്ണീർ. ചുടുചുംബനം = വികാരപൂർണമായ ചുംബനം. ചുടുചോര = ചൂടുമാറാത്ത ചോര. ചുടുചോറ് = ചൂടുള്ളചോറ്. ചുടുനിണം = ചുടുചോര

ചുടുക ക്രി. 1. തീ തട്ടിയാലെന്നപോലെ നീറ്റൽ അനുഭവപ്പെടുക; 2. താപനില വർദ്ധിക്കുക; 3. മനസ്സിൽ ദുസ്സഹമായ വേദന തോന്നുക; 4. കത്തുക; 5. തീകൊണ്ടു നശിപ്പിക്കുക; 6. തീയിലവച്ചു പഴുപ്പിക്കുക; 7. തീയിലിട്ടു വേവിക്കുക; 8. ആവിയിലോ എണ്ണയിലോ മറ്റോ വേവിക്കുക; 9. മൂത്രാശയം നിറയുമ്പോൾ ചൂടുകൊണ്ടെന്നപോലെ അസ്വസ്ഥത തോന്നുക. (പ്ര.) ചുട്ടിട്ടകോഴിയെ പറപ്പിക്കുക = അസംഭാവ്യമായത് സംഭവിപ്പിക്കുക. ചുട്ട മറുപടി = ആക്ഷേപമോ നിന്ദയോ ഉൾക്കൊള്ളുന്ന ചോദ്യത്തിന് ചോദ്യകർത്താവിനെ മടക്കത്തക്കവിധം നൽകുന്ന മറുപടി. ചുട്ടവാക്ക് = വേദനിപ്പിക്കുന്ന (ശക്തിയുള്ള) വാക്ക്. ചുട്ടുതിളയ്ക്കുക = 1. ദ്രാവകം നല്ലപോലെ തിളയ്ക്കുക; 2. ചൂട് വർദ്ധിക്കുക. ചുട്ടുപഴുക്കുക = 1. ചൂടുകൊണ്ട് ചെമക്കുക; 2. ചൂട് വർദ്ധിക്കുക. ചുട്ടുമുടിക്കുക, ചുട്ടെരിക്കുക = (തീവച്ച്) നശിപ്പിക്കുക. ചുട്ടചട്ടി അറിയുമോ അപ്പത്തിൻെറ സ്വാദ് (പഴ)

ചുടുകല്ല് നാ. കളിമണ്ണുകൊണ്ട് ദീർഘചതുരാകൃതിയിൽ നിർമിച്ചു ചുട്ടെടുത്ത കട്ട (കെട്ടിടനിർമാണത്തിനുപയോഗിക്കുന്നു)

ചുടുകാട് നാ. ചുടലക്കാട്. (പ്ര.) ചുടുകാട്ടിലമ്മ = ചുടലഭദ്രകാളി. ചുടുകാട്ടുമല്ലി = ചുടുകാട്ടുമുല്ല. ചുടുകാടുവഴിയേ പോയാലും ഇടുകാടുവഴിയെ പോകരുത് (പഴ.)

ചുടുകൊള്ളി നാ. 1. തീക്കൊള്ളി; 2. മനോവേദനയുണ്ടാക്കുന്ന വാക്ക്, കുത്തുവാക്ക്
ചുടുക്കനെ അവ്യ. ചൂടോടെ
ചുടുചുടെ അവ്യ. 1. ചുടത്തക്കവണ്ണം, ചൂടോടെ; 2. തീക്ഷ്ണമായി, ക്രൂരമായി (നോട്ടം വാക്ക് എന്നിവപോലെ)
ചുടുപുടവ നാ. മൃതശരീരത്തിൽ ഇടുന്ന വസ്ത്രം (അതുംകൂടി ദഹിപ്പിക്കുന്നതിനാൽ)
ചുടുമാളം നാ. ശ്മശാനം
ചുടുമുളക് വി. 1. എരിവുള്ള കുരുമുളക് അധികം ചേർന്ന; 2. വേകാത്ത കുരുമുളകിൻെറ ചുവയുള്ള
ചുടുവാക്ക് നാ. മനോവേദനയുണ്ടാക്കുന്ന വാക്ക്, കുത്തുവാക്ക്
ചുടുവാതം [സം.] നാ. ഉള്ളങ്കാലിലെ തൊലിയിൽ ഉണ്ടാകുന്ന വിള്ളൽ
ചുടുവായ് നാ. വായ്പ്പുണ്ണ്
ചുട്ട1 [<ചുടുക] വി. ചുടലിനു വിധേയമായ
ചുട്ട2 [പ്രാ.ഛുട്ട] നാ. 1. ചാൺ; 2. ചെറിയത്, ചെറുപ്പം
ചുട്ടി1 നാ. നെറ്റിയിലുള്ള അടയാളം; 2. കന്നുകാലികളുടെ നെറ്റിയിൽ കാണുന്ന (വെളുത്ത) പുള്ളി; 3. വസ്ത്രത്തിൻെറ മൂലകൾക്കടുത്ത് ഏതെങ്കിലും നിറത്തിൽ ഉണ്ടാകുന്ന അടയാളം; 4. നെറ്റിയിലണിയുന്ന ഒരു ആഭരണം; 5. പാമ്പിൻെറ ഉച്ചിയിലുള്ള ചുഴി; 6. അരിമാവും ചുണ്ണാമ്പുംകൊണ്ട് കഥകളിനടന്മാരുടെ മുഖത്തുണ്ടാക്കുന്ന ഒരു വേഷവിധാനം; 7. കഷണ്ടി. (പ്ര.) ചുട്ടികുത്തുക,-എഴുതുക = കഥകളിനടന്മാർ മുഖത്തു ചുട്ടിവരയ്ക്കുക
ചുട്ടി2 നാ. ചുറുക്ക്, സാമർഥ്യം
ചുട്ടിക്കാരൻ നാ. 1. കഥകളിവേഷക്കാരുടെ മുഖത്തു ചുട്ടികുത്തുന്ന ആൾ; 2. കഷണ്ടിക്കാരൻ
ചുട്ടിട്ടിക [പ.മ.] നാ. ചുടുകല്ല്
ചുട്ടിത്തല1 നാ. 1. കഷണ്ടിയുള്ള തല; 2. ചുട്ടിയുള്ള തല
ചുട്ടിത്തല2 നാ. 1. കുസൃതിക്കാരൻ, അധികപ്രസങ്ഗി; 2. കുസൃതിത്തരം, തെമ്മാടിത്തം
ചുട്ടിത്തിരുതാളി നാ. ഒരു വള്ളിച്ചെടി, ദശപുഷ്പങ്ങളിൽ ഒന്ന്, ഇലയുടെ നടുക്കു ചെറിയ കറുത്ത ചുട്ടിയുള്ളത്
ചുട്ടിത്തോർത്ത് നാ. നാലുമൂലയിലും ചുട്ടി നെയ്തുചേർത്തിട്ടുള്ള തോർത്ത്
ചുട്ടിപ്പൂവ് നാ. കഥകളിയിലെ ചുവന്നതാടി മുതലായ അസുരവേഷങ്ങളുടെ നെറ്റിയിലും മൂക്കിൻെറ അറ്റത്തും ഒട്ടിച്ചുവയ്ക്കുന്ന ഗോളാകൃതിയിലുള്ള ചെറിയ കിടേശുകഷണം
ചുട്ടെഴുത്ത് നാ. (വ്യാക) വിവേചകാർഥത്തിൽ സർവനാമങ്ങളുടെ ആദ്യഭാഗമായി കാണപ്പെടുന്ന അ ഇ ഉ എന്നിവയെ പൊതുവേ കുറിക്കുന്ന പദം
ചുണ1 [ചുണയ്ക്കുക] ധാതുരൂപം
ചുണ2 നാ. ചൊടി, മിടുക്ക്, ശക്തി. (പ്ര.) ചുണകെട്ട = കഴിവില്ലാത്ത, നാണംകെട്ട, നാണക്കേട്. ചുണക്കുട്ടി = സാമർഥ്യമുള്ള ആൾ

ചുണ3 നാ. ചിലയിനം ചെടികളുടെ ഇലയിലും കായിലും മറ്റും കാണുന്ന രോമാവരണം
ചുണ4 നാ. ചുന3
ചുണങ്ങൻ നാ. 1. ചുണങ്ങ് ഉള്ളവൻ; 2. വട്ടപ്പുള്ളികളുള്ളത്
ചുണങ്ങ് നാ. 1. തൊലിപ്പുറമേയുണ്ടാകുന്ന ഒരു രോഗം, വൃത്താകാരത്തിൽ വെളുത്ത നിറത്തിലോ മഞ്ഞനിറത്തിലോ തൊലിപ്പുറത്തുണ്ടാകുന്ന അടയാളം, പൊരികണ്ണി; 2. മൃഗങ്ങളുടേയും മറ്റും പുറത്തുള്ള വട്ടപ്പുള്ളി; 3. സസ്യങ്ങളിൽ കുമിളോഗംകൊണ്ടും മറ്റും ഉണ്ടാകുന്ന വട്ടപ്പുള്ളി; 4. നായ്ക്കുരുണ; 5. പുറംതോട്; 6. (കായ്കളുടേയും മറ്റും) പുറന്തോടിനുള്ളിലുള്ള തൊലി; 7. മീൻചെതുമ്പൽ; 8. ഒരുതരം വസ്ത്രം (പ്ര.) ചുണങ്ങുകുത്തുക = 1. സൗന്ദര്യവർധകമായ പുള്ളിയുണ്ടാക്കുക; 2. ചൊറികുത്തുക
ചുണങ്ങുക ക്രി. 1. ഉരിയുക, തൊലി നിങ്ങുക; 2. പുറം ചുരണ്ടുക; 3. സേവപിടിക്കുക
ചുണയൻ നാ. ചുണയുള്ളവൻ
ചുണയ്ക്കുക1 ക്രി. 1. ചൊടിക്കുക, കോപിക്കുക; 2. സാമർഥ്യം കാണിക്കുക
ചുണയ്ക്കുക2 ക്രി. 1. ചൊറിച്ചിൽ അനുഭവപ്പെടുക; 2. വിരളുക
ചുണയ്പ്പ്1 നാ. ചൊടിപ്പ്
ചുണയ്പ്പ്2 നാ. ചൊറിച്ചിൽ
ചുണ്ട1 നാ. വഴുതനയുടെ വർഗത്തിൽപ്പെട്ട മുള്ളുള്ള പലയിനം ചെടികളെ പൊതുവായി കുറിക്കുന്ന പേര് (പടർച്ചുണ്ട, കണ്ടകാരിച്ചുണ്ട)
ചുണ്ട2 വി. 1. ചെറിയ; 2. കൂർത്ത
ചുണ്ട3 [സം.ചുണ്ടാ] നാ. ചെറിയകിണറ്, കിണറ്റിനടുത്തുള്ള തൊട്ടി
ചുണ്ടൻ വി. 1. ചുണ്ടുള്ള; 2. കൂർത്തമുനയുള്ള. നാ. 1. ചുണ്ടൻ വള്ളം; 2. തടിച്ച ചുണ്ടുള്ളവൻ; 3. ഒരിനം സ്രാവ്; 4. ഒരുതരം തൂമ്പ; 5. പുരുഷലിങ്ഗം
ചുണ്ടനവള്ളം നാ. 1. അമരം ഉയർന്നു നിൽക്കുന്നതും അണിയം കൂർത്തതുമായ ഓടിവള്ളം; 2. ഒരിനം വലിയ വഞ്ചി
ചുണ്ടൽ നാ. കടല പുഴുങ്ങി കടുകുവറുത്തത്
ചുണ്ട് നാ. 1. വായുടെ മുൻഭാഗത്ത് കീഴും മേലുമായി തുറക്കുകയും അടയ്ക്കുകയും ചെയ്യുന്ന അവയവം; 2. പക്ഷികളുടെ കൊക്ക്; 3. കൂർത്ത അറ്റം. (പ്ര.) ചുണ്ടിനുകീഴെ പറയുക = മറ്റുള്ളവർക്കു മനസ്സിലാക്കാൻ നിവൃത്തിയില്ലാത്തവിധം പതുക്കെ പറയുക, പിറുപിറുക്കുക. ചുണ്ടിൽ അടങ്ങുക = അവനവൻെറ നിയന്ത്രണത്തിനു വിധേയമായിരിക്കുക. ചുണ്ടൊപ്പ് = പെരുവിരലടയാളം
ചുണ്ടുവില്ല് നാ. തെറ്റാലി, പാത്തിവില്ല്
ചുണ്ടെലി നാ. ചെറിയ ഒരുതരം എലി
ചുണ്ണ [സം.ശുണ്ഡാ] നാ. തുമ്പിക്കൈ
ചുണ്ണം1 [പ്രാ.സുന്ന] നാ. ചൂർണം
ചുണ്ണം2 നാ. ചതയം നക്ഷത്രം
ചുണ്ണാമുക്കി നാ. സുന്നാമുക്കി
ചുണ്ണാമ്പ് [പ്രാ.സുന്ന] നാ. 1. നീറ്റുകക്കയിൽ വെള്ളം ചേർത്തുണ്ടാക്കുന്ന കുഴമ്പ് (വെറ്റിലമുറുക്കുന്നതിനും ചുമരിൽ വെള്ള പൂശുന്നതിനും മറ്റും ഉപയോഗിക്കുന്നത്);

2. സംഭോഗം. (പ്ര.) ചുണ്ണാമ്പുകരണ്ടകം = ചുണ്ണാമ്പു സൂക്ഷിക്കുന്ന അടപ്പുള്ള ഓട്ടുപാത്രം, അടപ്പൻ. ചുണ്ണാമ്പുതേക്കുക = ചുമരിലും മറ്റും വെള്ള പൂശുക. ചുണ്ണാമ്പുതൊടുക = അടയാളമുണ്ടാക്കുക. ചുണ്ണാമ്പു നീറ്റുക = കക്ക നീറ്റി ചുണ്ണാമ്പുണ്ടാക്കുക. കണ്ണിൽ ചുണ്ണാമ്പിടുക,–എഴുതുക = വഞ്ചിക്കുക, ദ്രോഹിക്കുക

ചുണ്ണാമ്പുകല്ല് നാ. കാത്സിയം കാർബണേറ്റിൻെറ അംശം വളരെക്കൂടുതലുള്ള ഒരിനം കല്ല് (ഇതു നീറ്റി ചുണ്ണാമ്പും കുമ്മായവും ഉണ്ടാക്കുന്നുണ്ട്)

ചുണ്ണാമ്പുചൂള നാ. കക്കനീറ്റുന്ന ചൂള

ചുണ്ണാമ്പുപരവൻ നാ. ചുണ്ണാമ്പുനീറ്റുന്ന ജാതി, അതിൽപ്പെട്ടയാൾ

ചുണ്ണാമ്പുമണ്ണ് നാ. ചുണ്ണാമ്പിൻെറ അംശം കലർന്നിട്ടുള്ള മണ്ണ്

ചുണ്ണി നാ. പുരുഷലിങ്ഗം

ചുതം [സം.] നാ. ഗുദം

ചുത്തപ്പുളി [സം.ശുക്ല] നാ. ചൊർക്ക, വിനാഗിരി

ചുത്തി1 നാ. എണ്ണപ്പാത്രം

ചുത്തി2 നാ. ചുറ്റിക

ചുത്തി3 [<സം.ശുദ്ധ] നാ. 1. ശുദ്ധി; 2. ശ്രാദ്ധത്തിന് ഉണ്ടാക്കുന്ന ഒരുതരം കറി

ചുത്തിക1 നാ. എണ്ണപ്പാത്രം

ചുത്തിക2 നാ. ചുറ്റിക

ചുത്തിയൽ നാ. ചുറ്റിക

ചുന1 [ചുനയ്ക്കുക] ധാതുരൂപം

ചുന2 നാ. 1. ഉറവ; 2. മാങ്ങയും മറ്റും അടർത്തുമ്പോൾ ഞെട്ടിൽനിന്നും പുറപ്പെടുന്ന നീര്, കറ; 3. കറയുടെ ചുവ. (പ്ര.) ചുനയാടുക = പുഴയിൽ കുളിക്കുക

ചുന3 നാ. ചന2

ചുനച്ചി നാ. (ധാരാളം) ചുനയുള്ളത്. (പ്ര.) ചുനച്ചിമാങ്ങ = ചുനകൂടുതലുള്ള മാങ്ങ

ചുനയൻ നാ. ചുനയുള്ളത്

ചുനയ്ക്കുക ക്രി. 1. ഊറുക; 2. വിളയുക; 3. ചുനവയ്ക്കുക

ചുനിക്കുക ക്രി. (അക്ഷരങ്ങളെഴുതുമ്പോൾ) മുകളിലേക്കോ താഴേക്കോ വളവുണ്ടാക്കുക, കുനിക്കുക

ചുനിപ്പ് നാ. വളവ്, കുനിപ്പ്

ചുനിവ് നാ. ചുനിപ്പ്

ചുന്താണി നാ. തെങ്ങോലയുടെ കനംകുറഞ്ഞ അറ്റം, തുഞ്ചാണി

ചുന്ത് നാ. അറ്റം, അഗ്രം

ചുന്ദി[സം.ചുന്ദീ] നാ. 'ചോദനംചെയ്യുന്നവൾ' സ്ത്രീകളെ കൂട്ടിക്കൊടുക്കുന്നവൾ, കൂട്ടിനി

ചുപ്പൻ നാ. ചുപ്രൻ

ചുപ്പായി നാ. ശിപായി

ചുപ്രൻ നാ. സുബ്രഹ്മണ്യൻ

ചുംബ [സം.ചുംബാ] നാ. ചുംബനം, ചുംബിക്കൽ

ചുംബകൻ [സം.] നാ. 1. ചുംബനം ചെയ്യുന്നവൻ; 2. സ്ത്രീലമ്പടൻ, വിടൻ; 3. വഞ്ചകൻ; 4. പലവിഷയങ്ങളിൽ ഉപരിപ്ലവജ്ഞാനം മാത്രമുള്ളവൻ, പുസ്തകം അവിടവിടെ നോക്കുകമാത്രം ചെയ്യുന്നവൻ

ചുംബകപാഷാണം [സം.] നാ. കാന്തശക്തിയുള്ള ഇരുമ്പയിരുകലർന്ന കല്ല്, കാന്തക്കല്ല്

ചുംബകം [സം.] നാ. 1. അയസ്കാന്തം; 2. ത്രാസിൻെറ മുകൾഭാഗം, ത്രാസിൻെറ നടുവ്

ചുംബനം [സം.] നാ. ഉമ്മ, മുത്തം

ചുംബം [സം.] നാ, ചുംബ

ചുംബി [സം.ചുംബിൻ] വി. ചുംബിക്കുന്ന, സ്പർശിക്കുന്ന

ചുംബിക്കുക [സം.ചുംബ്] ക്രി. ഉമ്മവയ്ക്കുക, ചുണ്ടുകൾകൊണ്ട് മുകരുക (സ്നേഹം, ബഹുമാനം, വാത്സല്യം, അനുരാഗം, കാമം എന്നിവയുടെ ബാഹ്യചേഷ്ടകളിൽ ഒന്ന്)

ചുംബിത [സം.] വി. ചുംബിക്കപ്പെട്ട

ചുമ1 [ചുമക്കുക] ധാതുരൂപം

ചുമ2 [ചുമയ്ക്കുക] ധാതുരൂപം

ചുമ3 നാ. 1. ശ്വാസകോശങ്ങളുടെ ശക്തമായ സങ്കോചവികാസങ്ങൾകൊണ്ട് വായു ശബ്ദത്തോടെ വായിൽക്കൂടി പുറത്തേക്ക് തള്ളൽ; 2. ഒരു മർമം, ചുമയൻ

ചുമ4 നാ. ചുമട്, ഭാരം. ചുമക്കാരൻ = ചുമട്ടുകാരൻ

ചുമക്കുക1 ക്രി. ഭാരം വഹിക്കുക; 2. ചുമതലപ്പെടുക. ചുമക്കുന്നവനല്ലേ ചുമടിൻെറ ഭാരം (പഴ) = ചുമതലപ്പെട്ടവനേ വിഷമം അറിയു

ചുമക്കുക2 ക്രി. ചെമക്കുക

ചുമക്കൂർക്ക നാ. ഒരു പച്ചമരുന്ന്

ചുമട് നാ. ചുമക്കുന്നവസ്തു, ഭാരം. (പ്ര) ചുമടുമയക്കൽ, -മാറ്റൽ = കളരിപ്പയറ്റിൽ ഓരോവർഷവും അഭ്യാസം നിറുത്തി കളരി അവസാനിപ്പിക്കുന്ന കർമം

ചുമടുതാങ്ങി നാ. ചുമട് ഇറക്കി വയ്ക്കുന്നതിനായി വഴിയരികിൽ ഉണ്ടാക്കിനിർത്തുന്ന സ്ഥിരമായ തട്ട്, അത്താണി (രണ്ടു കൽത്തൂണുകൾക്കുമുകളിൽ ഒരു കൽപ്പലക ഉയർത്തിവച്ചുണ്ടാക്കുന്നത്). ചുമടുതാങ്ങിക്കു ചുങ്കം കൊടുക്കാറില്ല (പഴ.)

ചുമതല നാ. 'ചുമക്കാനുള്ള കടമ' 1. ഭാരവാഹിത്വം, ഉത്തരവാദിത്വം, കടപ്പാട്, കർത്തവ്യം; 2. പണ്ടാരവക പണവും മറ്റും ചെലവുകഴിച്ച് നീക്കിയിരിപ്പുള്ളത്. ചുമതലക്കാരൻ = ഭാരവാഹി, ഉത്തരവാദി (സ്ത്രീ.) ചുമതലക്കാരി, ചുമതലക്കാരത്തി

ചുമത്തൽ [<ചുമത്തുക] നാ. ചുമത്തുന്ന പ്രവൃത്തി

ചുമത്തുക ക്രി. 1. ഭാരം എടുപ്പിക്കുക; 2. ചുമതല ഏൽപ്പിക്കുക; 3. അടിച്ചേൽപ്പിക്കുക; 4. ആരോപിക്കുക (കുറ്റമെന്നപോലെ); 5. കരമായോ പിഴയായോ ഒരു തുക കൊടുക്കാൻ നിയമാനുസൃതമായി നിർബന്ധിക്കുക

ചുമന്നുള്ളി നാ. = ചെമന്നുള്ളി

ചുമപ്പ്1 നാ. = ചെമപ്പ്

ചുമപ്പ്2 [ചുമക്കുക] നാമരൂപം

ചുമയ്ക്കുക ക്രി. സ്വാസകോശത്തിൽനിന്ന് വായു ശബ്ദത്തോടെ പുറത്തേക്ക് തള്ളുക

ചുമര് നാ. 'മേൽക്കൂരയുടെ ഭാരം ചുമക്കുന്നത്' കൂരയെ താങ്ങിനിർത്തുന്നതിനും സുരക്ഷിതത്വത്തിനും മുറികൾ വേർതിരിക്കുന്നതിനും വേണ്ടി കല്ലോ ചുടുകട്ടയോ മറ്റോ കൊണ്ടു കെട്ടിയുണ്ടാക്കുന്നത്, ഭിത്തി. ചുമരലമാര = ഭിത്തിയിൽ പണിഞ്ഞു ചേർത്തിട്ടുള്ള അലമാര. ചുമരെഴുത്ത് = 1. പരസ്യത്തിനായും മറ്റും ചുമരിൽ എഴുതിയിട്റ്റുള്ളത്; 2. ചുമർചിത്രം; 3. വരാൻപോകുന്ന ആപത്തുകളെക്കുറിച്ചുള്ള മുന്നറിയിപ്പ്. ചുമരുണ്ടെങ്കിലേ ചിത്രമെഴുതാനാവു (പഴ)

ചുമൽ നാ. 1. തോൾ; 2. ഉപരിഭാഗം (പർവതത്തിൻെറയും മറ്റും). (പ്ര.) ചുമലുകൊടുക്കുക = സഹായിക്കുക. ചുമലുമാറുക = ഭാരം മറ്റൊരാളെ ഏൽപ്പിക്കുക, ഒരു തോളിൽനിന്നു മറ്റേ തോളിലേക്ക് മാറ്റുക. ചുമലൊത്തുനിൽക്കുക = ഐകമത്യത്തോടെ പെരുമാറുക. ചുമലിലിരുന്ന് ചെവിതിന്നുക = സ്നേഹം ഭാവിച്ച് അടുത്തുകൂടി ചതിക്കുക. ചുമലിലിരുന്ന് ചെവികടിക്കുക = അടുത്തുകൂടി അന്യരെപ്പറ്റി നുണപറഞ്ഞ് വിരോധികളാക്കുക

ചുമല വി. = ചെമല

ചുമ്മ്[ചുമ്മുക] ധാതുരൂപം

ചുമ്മൽ [<ചുമ്മുക] നാ. ചുമക്കൽ, ചുമടെടുപ്പ്

ചുമ്മാ അവ്യ. 1. പ്രവർത്തനരഹിതമായി, നിഷ്പ്രയോജനമായി, ഉദ്ദേശ്യം കൂടാതെ, ലക്ഷ്യമില്ലാതെ; 2. കാരണംകൂടാതെ; 3. നേരമ്പോക്കായിട്ട്; 4. സൗജന്യമായി, വെറുതെ; 5. മടിക്കാതെ

ചുമ്മാട് നാ. ചുമടുചുമക്കുമ്പോൾ തല നോവാതിരിക്കാനായി തലയിൽ വയ്ക്കുന്ന മാർദ്ദവമുള്ള താങ്ങ്

ചുമ്മാതെ അവ്യ. ചുമ്മാ. ചുമ്മാതിരിക്കുക = ശാന്തമായിക്കഴിയുക, സുഖമായി കഴിയുക, ഒന്നും പ്രവർത്തിക്കാതെ കഴിയുക

ചുമ്മുക ക്രി. ചുമക്കുക

ചുര1[ചുരയ്ക്കുക] ധാതുരൂപം

ചുര2 നാ. വള്ളിച്ചെടി (മത്ത കുമ്പളം ഇവയുടെ ഇനത്തിൽപ്പെട്ടത്). ചുരക്കഴുത്ത് = ചുരയുടെ നാമ്പ്, തലപ്പ്. ചുരപ്പാത്രം = ചുരക്കുടുക്ക. ചുരയ്ക്കക്കുഴൽ = മകുടി. ചുരയ്ക്കത്തൊണ്ട് = ചുരയ്ക്കയുടെ തൊണ്ട് (ഭിക്ഷാപാത്രമായി ഉപയോഗം). ഏട്ടുചുരയ്ക്കാ കറിക്കാകാ (പഴ)

ചുര3 നാ. (പശുക്കളുടെയും മറ്റും) അകിടിലേക്കുള്ള പാലിൻെറ പ്രവാഹം. ചുരകെട്ടുക = മന്ത്രവാദംകൊണ്ട് പശുക്കൾക്കും മറ്റും പാലു ചുരത്താതാക്കുക. ചുരവലിക്കുക = ചുരത്തിയ പാൽ അകടിൽനിന്ന് പിൻവലിക്കുക

ചുര4 നാ. 1. പിരിയാണികയറത്തക്കവണ്ണം ഉണ്ടാക്കിയിട്ടുള്ള പഴുത്; 2. വെട്ടുകത്തിയുടെയും മറ്റും പിടി ഉറപ്പിക്കുന്നഭാഗം, കൂര്; 3. അമ്പ്, കുന്തം മുതലായവയുടെ മൂർച്ചയുള്ള തല

ചുരം5 [സം.സുരാ] നാ. മദ്യം

ചുര6[സം.ഖുര] നാ. കുളമ്പ്. ചുരമാന്തുക = (കാള) കുളമ്പുകൊണ്ട് ഭൂമിയിൽ മാന്തുക

ചുര7[സം.ചുരാ] നാ. മോഷണം, ചോരണം

ചുരക്കണ്ടി [ചുരം-കണ്ടി] നാ. മലയിടുക്കുവഴി

ചുരക്കുക ക്രി. 1. അകിടിൽ പാൽ നിറയുക, പാൽകൊണ്ട് മുലവീർത്തു തിങ്ങുക, മുലയിൽനിന്ന് പാൽപുറത്തേക്ക് ഒഴുകുക; 2. ഊറുക, ഒലിക്കുക, ഒഴുകുക (ദ്രാവകങ്ങളെന്നപോലെ)

ചുരക്കുടുക്ക നാ. അകത്തെ മാംസളഭാഗം കളഞ്ഞ് ഉണക്കിയെടുത്ത ചുരയ്ക്കാത്തൊണ്ട്

ചുരങ്കം [പ.മ.] നാ. = തുരങ്കം

ചുരങ്ങ നാ. 1. ചുരയ്ക്ക; 2. നാടനവീണയുടെ കുടമുണ്ടാക്കാനും മകുടി നിർമിക്കാനും ഉപയോഗിക്കുന്ന ചുരയ്ക്കാത്തൊണ്ട്

ചുരണം [സം.] നാ. മോഷണം

ചുരണ്ടൽ [<ചുരണ്ടുക] നാ. ചുരണ്ടുന്ന പ്രവൃത്തി

ചുരണ്ടുക ക്രി. 1. മൂർച്ചയുള്ളതോ പരുപരുത്തതോ ആയ ഉപകരണംകൊണ്ട് ഏതെങ്കിലും ഖരവസ്തുവിൻെറ പുറത്ത് ഉരസുക; 2. നഖംകൊണ്ട് മൃദുവായി മാന്തുക; 3. തേങ്ങയും മറ്റും ചിരകുക. ചുരണ്ടിക്കൂട്ടുക = മരച്ചീനിതുടങ്ങിയ കൃഷികൾക്കിടയിലുള്ള കളയും മറ്റും തൂമ്പകൊണ്ട്ചെത്തി മൂട്ടിൽ അടുപ്പിച്ചുകൂട്ടുക

ചുരത്ത് [<ചുരത്തുക] നാ. ചുണ, മിടുക്ക്

ചുരത്തുക ക്രി. 1. മുലയിലേക്ക് പാൽ വിടുക, പാൽ അകിടിലേക്കോ മുലയിലേക്കോ പ്രവഹിപ്പിക്കുക; 2. ഒഴുക്കുക, പ്രവഹിപ്പിക്കുക

ചുരപ്പൻ നാ. ചിരപ്പൻ

ചുരപ്പുന്ന [സം.] നാ. ഒരു വൃക്ഷം, ദേവപുന്നാഗം

773

ചുരം നാ. 1. മലയിടുക്കിലൂടെയുള്ള വഴി, മലമ്പാത; 2. മലമ്പ്രദേശം

ചുരയ്ക്കുക ക്രി. = ചിരയ്ക്കുക

ചുരളി നാ. മടയൻ സാമ്പ്രാണി

ചുരി1 വി. ചുരുണ്ടിരിക്കുന്ന, പിരിഞ്ഞിരിക്കുന്ന

ചുരി2 [പ്രാ] നാ. 1. പനയോല തുളയ്ക്കുന്നതിന് ഇരുമ്പുകൊണ്ട് നിർമിച്ചിട്ടുള്ള ഉപകരണം; 2. എഴുത്തോലയിൽ ഉണ്ടാക്കുന്ന ദ്വാരം

ചുരി3 [സം.] നാ. ചെറിയ കിണറ്

ചുരിക [സം.ചുരികാ] നാ. രണ്ടുവശവും മൂർച്ചയുള്ളതും മുനകൂർത്തതുമായ ചെറിയ ഇനം വാൾ. ചുരികക്കോൽ = വേലകളിക്കാർ ചുരികയ്ക്ക് പകരമായി കൈയിലേച്ചിരിക്കുന്ന കമ്പ്. ചുരികത്തഴമ്പ് = ഉള്ളം കൈയിൽ ചുരുകപിടിച്ചുണ്ടായ തഴമ്പ്. നേരേവന്നാൽ ചുരിക വളഞ്ഞുവന്നാൽ കടുത്തില (പഴ)

ചുരികുഴൽ നാ. ചുരുണ്ടതലമുടി

ചുരികുഴലാൾ നാ. ചുരുണ്ടതലമുടിയുള്ളവൾ, സുന്ദരി

ചുരിനാരായം നാ. 1. താളിയോല തുളയ്ക്കുന്നതിനുള്ള നാരായം; 2. നാരായവും ചുരിയും ചേർന്ന ഉപകരണം

ചുരിമുഖം നാ. 1. ശങ്ഖ്; 2. ഒച്ച്; 3. നത്ത; 4. കക്ക

ചുരിയ നാ. = ചുരിക

ചുരിയൽ നാ. 1. നീർച്ചുഴി; 2. ചുരുണ്ടമുടി; 3. വളരെ വലിയ ഒരിനം ചൂരൽക്കൊട്ട

ചുരിയാണി നാ. പിരിയാണി

ചുരുക്കൽ [<ചുരുക്കുക] നാ. ചുരുക്ക്

ചുരുക്കം [<ചുരുങ്ങുക] വി. 1. കുറച്ച്, അൽപം. നാ. 1. ചുരുങ്ങിയ അവസ്ഥ, ചുരുങ്ങൽ, ചുളുക്കം; 2. കുറവ്, വൈരള്യം; 3. സങ്ക്ഷേപം, സങ്ഗ്രഹം

ചുരുക്ക്1 [<ചുരുക്കുക] നാ. 1. ചുളുക്ക്, ഞൊറി, മടക്ക്; 2. സഞ്ചിയുടെവായ് അടുപ്പിച്ച്കെട്ടുന്നതിനുള്ള നൂൽക്കുഴ, മടിശ്ശീലയുടെ വായ് ചുരുക്കിക്കെട്ടുന്ന ചരട്, മടിശ്ശീലച്ചരട്; 3. കുരുക്ക്

ചുരുക്ക്2 നാ. കൂർത്ത മൺവെട്ടി

ചുരുക്കുക ക്രി. 1. ചെറുതാക്കുക; 2. സങ്ഗ്രഹിക്കുക; 3. വീതിയും നീളവും പരപ്പും കുറയത്തക്കവണ്ണം ഞൊറിയുകയോ മടക്കുകയോചെയ്യുക (തുണിയെന്നപോലെ); 4. കുടമടക്കുക (അടയ്ക്കുക)

ചുരുക്കുമാനം നാ, ചുരുക്കം

ചുരുക്കുസഞ്ചി നാ. വായ് ചുരുക്കാവുന്ന ഒരിനം സഞ്ചി

ചുരുക്കെഴുത്ത് നാ. 1. സാങ്കേതിക ചി ങ്ങൾ ഉപയോഗിച്ച് വാക്കുകൾ ചുരുക്കി എഴുതുന്ന വിദ്യ; 2. അളവുകൾ തൂക്കങ്ങൾ മുതലായവയ്ക്കും ആവർത്തിച്ചുവരുന്ന വാക്കുകൾക്കും പകരമായി പ്രയോഗിക്കുന്ന സങ്ക്ഷിപ്തരൂപം

ചുരുങ്ങ് [ചുരുങ്ങുക] ധാതുരൂപം

ചുരുങ്കിടൈ [ചുരുങ്കു-ഇടൈ] നാ. 'ചുരുങ്ങിയ മധ്യഭാഗത്തോടുകൂടിയവൾ' സുന്ദരി

ചുരുങ്ങിയത് [<ചുരുങ്ങുക] അവ്യ. കുറഞ്ഞത്, കുറഞ്ഞപക്ഷം, എത്രകുറഞ്ഞാലും

ചുരുങ്ങുക ക്രി. 1. കുറയുക (എണ്ണം വലിപ്പം എന്നിവപോലെ) സങ്കോചിക്കുക; 2. ചുളിയുക, മടങ്ങുക

ചുരുചുരാ അവ്യ. 1. ധാരമുറിയാതെ, ഇടവിടാതെ, തുടർച്ചയായി; 2. പെട്ടെന്ന്

ചുരുട്ട [<ചുരുൾ] വി. ചുരുണ്ട. നാ. 1. ഒരുതരം ചെറിയ പാമ്പ് (അൽപം വിഷമുള്ളത്); 2. ഒരിനം പട്ട്; 3. ഒരിനം അട്ട, തേരട്ട

ചുരുട്ടപ്പം നാ. ഒരുതരം മധുരപലഹാരം

ചുരുട്ടൽ [<ചുരുട്ടുക] നാ. തെറുക്കൽ, ചുരുളാക്കൽ

ചുരുട്ടി നാ. 1. (സങ്ഗീ.) സുരുട്ടി എന്ന രാഗം; 2. രാജചി ങ്ങളിൽ ഒന്ന്

ചുരുട്ട് നാ. 1. ചുരുട്ടിയ സാധനം, ചുരുൾ; 2. പുകയിലതെറുത്തത് (കത്തിച്ചുവലിക്കാൻ വേണ്ടി); 3. ചുരുട്ടപ്പം; 4. കൊയ്തുകെട്ടുന്ന ഒരുപിടി കതിർ; 5. പഴയ തിരുവിതാംകൂറിൽ ഏർപ്പെടുത്തിയിരുന്ന അധികനികുതി; 6. ഉപായം, സൂത്രം (പ്ര) ചുരുട്ടുകുടിക്കുക,-പിടിക്കുക,-വലിക്കുക

ചുരുട്ടുക ക്രി. ചുരുളാക്കുക, തെറുക്കുക, ഉരുട്ടുക (പ്ര) ചുരുട്ടിക്കെട്ടുക = ഭാണ്ഡമാക്കുക. ചുരുട്ടിയകൈ നിവർക്കാതിരിക്കുക = ആർക്കും ഒന്നും കൊടുക്കാതിരിക്കുക

ചുരുട്ടുവാൾ നാ. അരയിൽ ബെൽറ്റുപോലെ വളച്ചുവയ്ക്കാവുന്ന ഒരിനം വാൾ, ഉറുമി

ചുരുട്ടുളി നാ. വൃത്താകാരത്തിൽ ദ്വാരം ഉണ്ടാക്കാൻ ഉപയോഗിക്കുന്ന ഒരിനം ഉളി

ചുരുണ നാ. 1. ചുരുണ്ടിരിക്കുന്ന വസ്തു; 2. ഓലപ്രമാണങ്ങൾ ചുരുട്ടിക്കെട്ടിയത്; 3. പന്തം

ചുരുണി [<സം.സൃണി] നാ. ആനത്തോട്ടി

ചുരുമ്പ് നാ. 1. ആൺവണ്ട്; 2. പർവതം

ചുരുൾ1 വി. ചുരുണ്ട. നാ. 1. ചുരുണ്ടിരിക്കുന്ന അവസ്ഥ (കമ്പിയുടെ ചുരുൾ, പാമ്പിൻെറ ചുരുൾ എന്നിവപോലെ); 2. ചുറ്റിയിരിക്കുന്നത്, ചുരുണ്ട ആകൃതിയിലുള്ള വസ്തു (കടആസ്സുചുരുൾ, വെറ്റിലച്ചുരുൾ എന്നിവപോലെ); 3. ചുരുണ്ട, വളച്ചു ചുരുട്ടിവച്ച ഓലപ്രമാണങ്ങളുടെ കെട്ട്; 4. ഇലയോ മറ്റോ ചുരുട്ടി വച്ചുറ്റിപോലെയാക്കിയത്; 5. വർത്തുളമായിചെയ്തിട്ടുള്ളകൊത്തുപണി; 6. തിരമാല; 7. ഒരു കർണാഭരണം, കാതിലോല. ചുരുൾ അഴിയുക = 1. ചുരുൾ വിടർന്നു നേരേയാകുക; 2. (പ്ര) രഹസ്യം പുറത്താക്കുക. ചുരുൾക്കണ്ണി = ചിലവള്ളിച്ചെടികളിൽ കാണുന്ന കമ്പിച്ചുരുളിൻെറ ആകൃതിയിലുള്ള അവയവം. ചുരുളും കിഴിയും = ദാനംചെയ്യുന്ന വെറ്റിലയും പണവും. ചുരുളുവയ്ക്കുക = ബന്ധുക്കൾ വധുവരന്മാർക്ക് വെറ്റിലസഹിതം പാരിതോഷികം സമർപ്പിക്കുക

ചുരുൾ2 [ചുരുളുക] ധാതുരൂപം

ചുരുൾച്ച [<ചുരുളുക] നാ. ചുരുണ്ടിരിക്കുന്ന അവസ്ഥ

ചുരുൾവാതം [മ.ചുരുൾ–സം.] നാ. ഒരുതരം വാതരോഗം

ചുരുള നാ. 1. ചുരുൾ; 2. ഒരുതരം ഇലക്കറി

ചുരുളൻ വി. ചുരുണ്ട. നാ. ഒരിനം ഓടിവള്ളം

ചുരുളി നാ. ഒരുതരം മരം, ചായത്തോട്ടങ്ങളിൽ തണലിനുവച്ചുപിടിപ്പിക്കുന്നത്

ചുരളുക ക്രി. 1. നീളമുള്ള ഒരു വസ്തു വളയങ്ങളായിചുറ്റുക, ചുറ്റിവളഞ്ഞിരിക്കുക (തലമുടി, കമ്പി, കയറ് മുതലായവപോലെ); 2. വേദനകൊണ്ടും മറ്റും ശരീരം വളയുക; 3. (പ്ര) ചൂളുക. ചുരുണ്ടുകൂടുക = 1. ശരീരം വളച്ച് ഒതുങ്ങിക്കൂടുക; 2. അലസനായിരിക്കുക

ചുലവുക ക്രി. ചുഴലുക

ചുലാവ് നാ. കാറ്റ്

ചുലുകം [സം.] നാ. 1. ചെളിക്കുഴി; 2. ഒരുകവിൾ ജലം; 3. കൈക്കുമ്പിൾ; 4. ഒരു ചെറിയപാത്രം

ചുലുകി [സം.ചുലുകിൻ] നാ. ആമ

ചുലുമ്പ [സം.ചുലുമ്പാ] നാ. പെണ്ണാട്

ചുലുമ്പം [സം.ചുലുമ്പ] നാ. ലാളനം, ശിശുക്കളെ ഓമനിക്കൽ

ചുല്ല [സം.] വി. ചീങ്കണ്ണുള്ള

ചുല്ലകം [സം.] നാ. വെള്ളം എടുക്കാനെന്നപോലെ കുഴിച്ചുപിടിച്ചിരിക്കുന്ന കൈ, കൈക്കുടന്ന

ചുല്ലകി [സം.ചുല്ലകീ] നാ. 1. ഒരുതരം ജലപാത്രം, കുടം; 2. കടൽപ്പന്നി

ചുല്ലൻ [സം.ചുല്ല] നാ. = ചില്ലൻ

ചുല്ലം [സം.ചുല്ല] നാ. ചീക്കണ്ണ്

ചുല്ലി(ക) [സം.] നാ. 1. അടുപ്പ്; 2. പട്ടട; 3. (ശിൽപ) തെക്കിനി കൂടാതെയുള്ള മൂന്നു ഗൃഹങ്ങളും ചേർന്ന മൂന്നുകെട്ട്

ചുവ1 [ചുവക്കുക] ധാതുരൂപം

ചുവ2 [ചുവയ്ക്കുക] ധാതുരൂപം

ചുവ3 നാ. 1. സ്വാദ്, രുചി, രസം; 2. സവിശേഷത; 3. ചിത്തിരനക്ഷത്രം

ചുവകേട് നാ. ദുസ്സ്വാദ്, രുചികേട്

ചുവക്കുക ക്രി. ചുവപ്പുനിറം ആവുക, ചെമക്കുക

ചുവടി [<ചുവട്] നാ. ഗ്രന്ഥം, ഏട്, പുസ്തകം. ഉദാ:എൺചുവടി

ചുവടിക്കാർ [<ചുവടി] നാ. (ബ.വ.) ചവിട്ടുനാടകത്തിലെ ആശാനായ അണ്ണാവിയുടെ സഹായികൾ

ചുവട് നാ. 1. പാദം, പാദത്തിന്റെ അടിഭാഗം; 2. കാലുകൾ ചലിപ്പിക്കുന്ന രീതി, കാല്വയ്പ്പ്, പാദന്യാസം (പയറ്റ്, നൃത്തം മുതലായവയിൽ); 3. ഒരു ദൈർഘ്യമാനം, ഒരു കാലടിയുടെ നീളം; 4. കാലടിപ്പാട്, പാദം പതിഞ്ഞ അടയാളം; 5. കീഴ്ഭാഗം, അടിഭാഗം, താഴ്വശം, കട (മല, മരം മുതലായവയുടെ); 6. അടിസ്ഥാനം, അസ്തിവാരം; 7. കാരണം; 8. ഒരു ധാന്യ അളവ്; 9. കാലൊച്ച. ചുവടളക്കുക = നിഴലളന്നു തിട്ടപ്പെടുത്തുക

ചുവടുകോൽ നാ. നിരപ്പ് പരിശോധിക്കാനും നിരപ്പ് പിടിക്കാനും കൊത്തന്മാർ ഉപയോഗിക്കുന്ന ഒരു ഉപകരണം, തടികൊണ്ടു നിർമിച്ച നീണ്ടകോൽ

ചുവടേ അവ്യ. 1. താഴെ, കീഴിൽ; 2. വേരോടുകൂടി, സമ്പൂർണമായി

ചുവട്ടടി [ചുവട്-അടി] നാ. 1. കാലടി; 2. കാലടിപ്പാട്; 3. ഒരു ദൈർഘ്യമാനം, കാലടിയുടെ നീളം

ചുവട്ടുക ക്രി. കാലടിപ്പാടുകളെ പിൻതുടരുക, അനുസരിക്കുക

ചുവട്ടുകളി നാ. ഒരുതരം നൃത്തം

ചുവണം [<സം.സുപർൺ] നാ. 1. പക്ഷി; 2. ഗരുഡൻ; 3. കഴുകൻ

ചുവത്തുക [ചുവക്കുക>പ്രയോ] ക്രി. ചുവപ്പിക്കുക

ചുവന്ന [<ചുവക്കുക] വി. ചെമന്ന, ചെമപ്പുനിറമുള്ള. ചുവന്ന ചന്ദനം = രക്തചന്ദനം. ചുവന്ന താടി = കഥകളിയിലെ ഒരു വേഷം. ചുവന്ന നീരുരി = കാട്ടുനീരുരി. ചുവന്നവാണം = വെടിക്കെട്ടിലെ ഒരിനം വാണം

ചുവപ്പ് നാ. 1. രക്തവർണം; 2. രക്തനിറമുള്ള രത്നം; 3. ചെമന്ന പട്ട്; 4. കുട്ടികൾക്കുണ്ടാകുന്ന ഒരു ത്വഗ്രോഗം, ഒരുതരം കരപ്പൻ; 5. ഒരു നേത്ര രോഗം, ചെങ്കണ്ണ്; 6. ചുവന്ന നിറമുള്ള ചായം. ചുവപ്പീയം = ഈയഭസ്മം, കറുത്തീയവും അമ്ലജനകവും കൂടിച്ചേർന്ന രാസസംയുക്തം.

ചുവപ്പുനാട നാ. 1. സർക്കാർഫയൽ കെട്ടുന്ന ചുവന്നനാട; 2. (പ്ര) ഔദ്യോഗികനടപടികൾക്കു വരുന്ന കാലതാമസം

ചുവയ്ക്കുക ക്രി. 1. (കവർപ്പ്, എരിവ്, പുളിപ്പ്, ഇനിപ്പ് തുടങ്ങിയ) രസങ്ങളിൽ ഏതെങ്കിലുമൊന്ന് നാവുകൊണ്ട് അറിയുക; 2. ഓർമയിൽ അനുഭവപ്പെടുക (രുചിയെന്നപോലെ)

ചുവർ നാ. ചുമര്

ചുവർക്കം നാ. സ്വർഗം

ചുവർച്ചിത്രം [സം.] നാ. ചുവരിൽ പ്രകൃതിജന്യങ്ങളായ വർണങ്ങളുപയോഗിച്ചു വരയ്ക്കുന്ന ചിത്രം

ചുവല1 വി. ചുമല

ചുവല2 നാ. അരയാൽവൃക്ഷം

ചുവലൻ നാ. അഗ്നി

ചുവവ്1 നാ. പക്ഷിയുടെ ചുണ്ട്
ചുവവ്2 നാ. സ്വർഗം
ചുവിക നാ. കള്ള്
ചുസ്തം [സം.] നാ. 1. കായ്കളുടെ തോട്, നെല്ലിൻെറയും മറ്റും ഉമി; 2. പൊരിച്ച ഇറച്ചിയുടെ മൊരിഞ്ഞപൊളി
ചുൾ നാ. ചൂട്, എരിവ്, പുകച്ചിൽ
ചുള നാ. 1. ചക്കയിലും മറ്റും കുരുവിനെ ആവരണം ചെയ്തിരിക്കുന്ന മാംസളഭാഗം; 2. വെള്ളുള്ളിയുടെയും മറ്റും ഇതൾ. അഴകുള്ളചക്കയിൽ ചുളയില്ല (പഴ.)
ചുളകം [സം.] നാ. = ചുളുകം
ചുളക്ക്,-വ് നാ. 1. മുറം; 2. വിശാഖനക്ഷത്രം
ചുളവ് നാ. = ചുളക്ക്
ചുളി1 [ചുളിയുക] ധാതുരൂപം
ചുളി2 നാ. ചുഴിവ്, ഞൊറിവ്
ചുളി3 നാ. പുളിയാരൽ
ചുളിക്കുക [ചുളിയുക>പ്രയോ] ക്രി. ചുളിവുണ്ടാക്കുക. ഉദാ: നെറ്റിചുളിക്കുക
ചുളിച്ചിൽ,-പ്പ് [<ചുളിയുക] നാ. ചുളിവ്
ചുളിയുക ക്രി. 1. ഞൊറിവീഴുക, ചുളുങ്ങുക (തുണി കടലാസ് തൊലി മുതലായവയിലെന്നപോലെ); 2. ചൂളുക, സങ്കോചിക്കുക; 3. തൊലിയുടെ നിറം മാറുക; 4. കോപിക്കുക; 5. നശിക്കുക; 6. മരിക്കുക
ചുളിവ്1 നാ. 1. ചുളിഞ്ഞിരിക്കുന്ന സ്ഥിതി, ഞൊറിവ്; 2. ലജ്ജമൂലമുള്ള സങ്കോചം
ചുളിവ്2 നാ. = ചുളുവ്
ചുളു1 നാ. = ചുളുവ്
ചുളുകൻ നാ. സമർഥൻ, സംഭാഷണചതുരൻ
ചുളുകം [സം.] നാ. 1. വെള്ളംകൊള്ളത്തക്കവണ്ണം കോട്ടിപ്പിടിച്ചിരിക്കുന്ന ഉള്ളംകൈ, കൈക്കുടന്ന, കൈക്കുമ്പിൾ; 2. ഒരുകൈ വെള്ളം, ഒരുകവിൾ വെള്ളം; 3. ഒരുചെറിയപാത്രം; 4. ചെളിക്കുണ്ട്
ചുളുകി [സം.ചുലുകിൻ] നാ. ആമ
ചുളുകിത [<ചുളുക] വി. ചുളുകമാക്കിത്തീർത്ത
ചുളുകീകരിക്കുക [<സം.ചുലുകീ-കൃ] ക്രി. ചുളുകമാക്കിത്തീർക്കുക, കൈക്കുടന്നയിലാക്കി കുടിക്കുക
ചുളുകുക ക്രി. ചുളിയുക
ചുളുക്കൻ നാ. തിടുക്കക്കാരൻ
ചുളുക്കം [<ചുളുങ്ങുക] നാ. ചുളുങ്ങൽ
ചുളുക്ക്1 നാ. 1. ചുളിവ്, ഞൊറി, ചുരുങ്ങിയിരിക്കുന്ന സ്ഥിത്; 2. വേദന
ചുളുക്ക്2 നാ. ഒരു മർമം
ചുളുക്കുക [ചുളുങ്ങുക>] ക്രി. 1. ചുളിവുണ്ടാക്കുക, മടക്കുക, നിരപ്പില്ലാതാക്കുക; 2. മുഖം വക്രിപ്പിച്ചും മറ്റും വിരോധം അപ്രിയം അസഹ്യത മുതലായ വികാരങ്ങൾ പ്രകടമാക്കുക

ചുളുങ്ങുക ക്രി. 1. ഞൊറിവീഴുക, ചുളിയുക; 2. ചുരുങ്ങുക, വലിപ്പം കുറയുക; 3. സങ്കോചിക്കുക
ചുളുചുള അവ്യ. ചുളുചുളെ
ചുളുചുളുക്കുക ക്രി. കുത്തിവലിക്കുന്നതുപോലെ വേദനിക്കുക
ചുളുചുളുന്നനെ അവ്യ. ചുളുചുളെ.
775
ചുളുചുളുപ്പ് [<ചുളുചുളുക്കുക] നാ. കുത്തിവലിക്കുന്ന കഠിനമായ വേദന
ചുളുചുളെ അവ്യ. കുത്തിവലിക്കുന്ന വേദനയോടെ
ചുളുന്നനെ അവ്യ. ചുളുചുളെ
ചുളുവ് [പ്രാ.സുലഹ] നാ. 1. എളുപ്പം, പ്രയാസമില്ലായ്മ; 2. വിലക്കുറവ്; 3. സൂത്രം
ചുളൈപ്പടം നാ. കമ്പിളി
ചുള്ള നാ. = ചൂള
ചുള്ളം നാ. = കോപം
ചുള്ളൽ നാ. = ചുള്ളി
ചുള്ളാണി [പ്രാ.ചുല്ല] നാ. ചെറിയ ആണി
ചുള്ളി1 നാ. 1. മരങ്ങളുടെയും ചെടികളുടെയും ഉണങ്ങിയ ചില്ല; 2. മെലിഞ്ഞ ആൾ; 3. ഒരു മത്സ്യം, ഏട്ടച്ചുള്ളി. അല്ലലുള്ള പുലിയേ ചുള്ളിയുള്ള കാടറിയൂ (പഴ.)
ചുള്ളി2 നാ. മുൾലുള്ള ഒരു ചെടി
ചുള്ളിക്കമ്പ് നാ. ഉണങ്ങിയ ചെറിയ കമ്പ്
ചുള്ളിക്കാട്1 നാ. കുറ്റിക്കാട്
ചുള്ളിക്കാട്2 നാ. ചുള്ളിയെന്ന മുൾച്ചെടി വളർന്നുണ്ടായ കാട്
ചുള്ളിക്കൊഴുവ് നാ. ഒരിനം വീതികുറഞ്ഞ കൊഴുവ്
ചുള്ളിക്കോലൻ നാ. ഒരുതരം ചെറുപ്രാണി
ചുള്ളിവിറക് നാ. വിറകായി ഉപയോഗിക്കുന്ന ചുള്ളിക്കമ്പ്
ചുള്ള് വി. ചെറിയ
ചുഴ നാ. ചുവ
ചുഴകോൽ നാ. 'ചുഴയുന്നതിനുള്ള കോൽ' തീക്കനൽ ഇളക്കുന്നതിനു തട്ടാന്മാർ ഉപയോഗിക്കുന്ന കമ്പി
ചുഴനീർ നാ. തീ പടരാതിരിക്കുന്നതിനായി തട്ടാന്മാർ നെരുപ്പോട്ടിലെ തീക്കുചുറ്റും തളിക്കുന്ന വെള്ളം
ചുഴപ്പ് നാ. ചുവ, ചുവയ്ക്കൽ
ചുഴയുക ക്രി. = ചുഴിയുക
ചുഴർ [ചുഴറുക] ധാതുരൂപം
ചുഴർച്ച നാ. പ്രതിജ്ഞ, ആണ
ചുഷൽ [ചുഴലുക] ധാതുരൂപം
ചുഴൽക്കാറ്റ് നാ. ചുഴലിക്കാറ്റ്
ചുഴൽക്കോവണി നാ. ചുറ്റുകോവണി
ചുഴൽച്ച [ചുഴലുക] നാ. ചുഴലുന്ന പ്രവൃത്തി
ചുഴല അവ്യ. ചുഴലെ

ചുഴലം അവ്യ. 1. ചുറ്റും, നാലുവശത്തും; 2. വട്ടത്തിൽ. നാ. പരിസരം, സമീപപ്രദേശം
ചുഴലവും അവ്യ. ചുറ്റും, എല്ലാവശത്തും
ചുഴലവെ അവ്യ. 1. ചുഴലെ; 2. ചൂഴ്ന്നുനിൽക്കുമ്പോൾ
ചുഴലി നാ. 1. ചുഴലുന്നത്; 2. ചുഴലിക്കാറ്റ്; 3. നീർച്ചുഴി; 4. ഒരു ഞരമ്പുരോഗം, അപസ്മാരം; 5. ഒരിനം മരം
ചുഴലിക്കാറ്റ് നാ. ചുറ്റുക്കറങ്ങി വീശുന്ന കാറ്റ്
ചുഴലിച്ചൂളൻ നാ. ഒരിനം മലമ്പാമ്പ്
ചുഴലുക ക്രി. 1. വട്ടത്തിൽ കറങ്ങുക, ഉരുളുക, ചുറ്റുക; 2. വട്ടത്തിൽ സ്ഥിതിചെയ്യുക, ചുറ്റിയിരിക്കുക; 3. ചുറ്റുപാടും കറങ്ങുന്നതായിതോന്നുക, തലചുറ്റുക; 4. ചുറ്റിസഞ്ചരിക്കുക, ഉഴലുക; 5. തുരന്നെടുക്കുക; 6. കഷ്ടപ്പെടുക
ചുഴലെ അവ്യ. ചുറ്റും, ചുറ്റിലും, എല്ലാവശത്തും
ചുഴവ് നാ. ചുഴൽച്ച
ചുഴവുകോൽ [ചുഴവ്–കോൽ] നാ. കള്ളന്മാർ ഭിത്തിതുരക്കാൻ ഉപയോഗിക്കുന്ന ഇരുമ്പുപാര, കന്നക്കോൽ
ചുഴറുക ക്രി. ആണയിടുക, സത്യം ചെയ്യുക, പ്രതിജ്ഞചെയ്യുക
ചുഴറ്റൽ [ചുഴറ്റുക] നാ. ചുഴറ്റുന്ന പ്രവൃത്തി
ചുഴറ്റി1 [ചുഴറ്റുക] ക്രി. ഭൂ.രൂപം
ചുഴറ്റി2 നാ. 1. വീശാനുള്ള ഉപകരണം; 2. നൂൽനൂൽക്കുന്ന ചക്രത്തിൻെറ കൈപ്പിടി; 3. (കയറും മറ്റും) ചുറ്റുന്നതിനുള്ള യന്ത്രം; 4. തിരിക്കുന്ന യന്ത്രത്തിൻെറ കൈപ്പിടി; 5. മീൻവല
ചുഴറ്റുക ക്രി. വട്ടത്തിൽ കറക്കുക, ചക്രം തിരിക്കുക, കറക്കി വീശുക
ചുഴി1 [ചുഴിയുക] ധാതുരൂപം
ചുഴി2 നാ. 1. നടുവുകുഴിയത്തക്കവണ്ണം വൃത്താകൃതിയിൽ ശക്തമായി ഒലിക്കുന്ന വെള്ളം, നീർച്ചുഴി; 2. കാറ്റിൻെറ ശക്തികൊണ്ട് വൃത്താകാരത്തിൽ ചരിക്കുന്ന മണൽ; 3. മധ്യംകുഴിഞ്ഞും അരികുകൾ ഉയർന്നും കാണുന്ന രോമവളർച്ച; 4. ശരീരഭാഗങ്ങളിൽ കാണുന്ന ചെറിയ കുഴി; 5. ചെറിയവൃത്തം; 6. ചുഴൽച്ച; 7. ഒരു മർമം; 8. ചെറിയദ്വാരം; 9. ചുഴിക്കുറ്റി; 10. വളച്ചിൽ, വളവ്. ചുഴികുത്തുക = നീർച്ചുഴിഉണ്ടാവുക
ചുഴികതിർ നാ. സ്വർണപ്പണിക്കാരുടെ ഒരു ഉപകരണം, ആഭരണങ്ങളിൽ ചെറിയ ദ്വാരം ഉണ്ടാക്കുവാൻ ഉപയോഗിക്കുന്ന കൂർത്തകമ്പി
ചുഴിക്കാറ്റ് നാ. ചുഴലിക്കാറ്റ്
ചുഴികുറ്റി നാ. ചുഴിക്കുറ്റി
ചുഴികോടി നാ. നാലുകെട്ടുപുരയുടെ മേൽക്കൂരയിലെ അകത്തെകോടി, മേൽക്കൂരകൾതമ്മിൽ ചേരുന്ന സന്ധി
ചുഴിക്കുത്ത് നാ. നീർച്ചുഴി
ചുഴിക്കുറ്റം നാ. സാമുദ്രികശാസ്ത്രപ്രകാരം അശുഭകരങ്ങളായ ചുഴികൾ ശരീരത്തിലുണ്ടായാലുള്ള ദോഷഫലം
ചുഴിക്കുറ്റി നാ. കതകിൻെറ കുടുമ ഇറങ്ങിക്കിടന്നു തിരിയത്തക്കവിധം കട്ടിളയുടെ താഴെ ഉണ്ടാക്കിയിട്ടുള്ള കുഴിയോടുകൂടിയ മരക്കഷണം
ചുഴിച്ചൽ [ചുഴിക്കുക] നാ. ചുഴിക്കുന്ന പ്രവൃത്തി
ചുഴിനാഴി നാ. ചുഴിക്കുറ്റി

ചുഴിപ്പ് നാ. 1. നീർച്ചുഴി; 2. ചുഴിച്ചൽ, കറക്കം; 3. മധ്യംകുഴിഞ്ഞും അരികുയർന്നമുള്ള രോമവളർച്ച; 4. ശരീരഭാഗങ്ങളിൽ നടുകുഴിഞ്ഞും അരികുയർന്നമുള്ള അടയാളം; 5. മലകളാൽ ചുറ്റപ്പെട്ടുകിടക്കുന്ന വൃത്താകാരമായ താഴ്‌വാരം; 6. ചുനിപ്പ്; 7. കള്ളസൂത്രം

ചുഴിയൻ നാ. 1. ചതിയൻ; 2. ചുഴിയുള്ളവൻ; 3. ചുഴലിക്കാറ്റ്

ചുഴിയം നാ. വട്ടം

ചുഴിയൽ നാ. ചുറ്റൽ, ഭ്രമണം, കറക്കം

ചുഴിയാണി നാ. കതകിൻെറ കുടുമ, ചുഴിക്കുറ്റിയിൽ കിടന്നു കറങ്ങുന്ന കതകിൻെറ ഭാഗം

ചുഴിയുക ക്രി. 1. ചുഴിയുണ്ടാക്കുക; 2. ചുരുളുക; 3. കറങ്ങി തുളഞ്ഞു കയറുക; 4. ഏതെങ്കിലും വിഷയത്തെക്കുറിച്ച് ഗാഢമായി ആലോചിക്കുക, സുക്ഷ്മമായി പരിശോധിക്കുക; 5. കുഴിയുക; 6. മരിക്കുക. ചുഴിഞ്ഞു നോക്കുക = ശ്രദ്ധിച്ചുനോക്കുക, തുളഞ്ഞുകയറത്തക്കവണ്ണം നോക്കുക

ചുഴിൽ നാ. ചുഴലി

ചുഴിവട്ടം നാ. ചുഴിയുടെ വൃത്തപരിധി

ചുഴിവ് നാ. 1. ചുഴിഞ്ഞിരിക്കുന്ന സ്ഥിതി; 2. നീർച്ചുഴി; 3. കള്ളസൂത്രം

ചുഴുകുറ്റി നാ. ചുഴിക്കുറ്റി

ചുറ1 [ചുറയുക] ധാതുരൂപം

ചുറ2 നാ. 1. ചുറ്റ്, ചുരുൾ, വളയം; 2. അമ്പിൻെറ മൂർച്ചയില്ലാത്ത മുന; 3. മടക്ക്, ചുളിവ്

ചുറവള്ളി നാ. ചുറ്റിപ്പടരുന്ന വള്ളി

ചുറക്കോണി നാ. ചുറ്റുകോവണി

ചുറച്ചങ്ങല നാ. ഒരിനം കണ്ഠാഭരണം

ചുറഞ്ഞവൻ നാ. വക്രബുദ്ധി, ചതിയൻ

ചുറട്ടപ്പയൻ നാ. തിരുവട്ടപ്പയൻ

ചുറണ നാ. ചുരുട്ടിവച്ച കയറിൻെറ കഴി.

ചുറണ്ടുക ക്രി. ചുരണ്ടുക

ചുറപ്പൻ നാ. ചുറഞ്ഞവൻ

ചുറപ്പ് നാ. വക്രത, ചതി

ചുറയുക ക്രി. 1. ചുറ്റുക (വള്ളിയെന്നപോലെ); 2. ക്ലേശിക്കുക, ബുദ്ധിമുട്ടുക; 3. വളയുക

ചുറയ്ക്കുക [ചുറയുക>] ക്രി. 1. ചുറ്റുക; 2. (ദീർഘാക്ഷരങ്ങൾക്ക്) ചുറ്റിവളഞ്ഞ രേഖ ഉണ്ടാക്കുക; 3. വളയ്ക്കുക; 4. മേൽക്കാതിൽ വളഞ്ഞ ആഭരണങ്ങൾ അണിയുക

ചുറവുക ക്രി. ചുറയുക

ചുറുക്ക [പേർ] നാ. വിനാഗിരി

ചുറുക്കൻ നാ. സൂക്ഷ്മതയുള്ളവൻ, മിടുക്കൻ, വേഗതയുള്ളവൻ

ചുറുക്കനെ അവ്യ. വേഗത്തിൽ

ചുറുക്ക് നാ. ചൊടി, വേഗത, ഉത്സാഹം

ചുറുക്കെ അവ്യ. ചുറുക്കോടെ, വേഗത്തിൽ, ചൊടിയോടുകൂടി

ചുറുചുറുക്ക് നാ. ഉത്സാഹം, പ്രസരിപ്പ്, ഊർജസ്വലത

ചുറുചുറുപ്പ് നാ. ചുറുചുറുക്ക്

ചുറുതി1 നാ. വേഗം, ചുണ

ചുറുതി2 [<സം.ശ്രുതി] നാ. ശബ്ദം, ഒച്ച

ചുറുൾച്ച നാ. ചുരുൾച്ച

ചുറുള് നാ. ചുരുൾ

ചുറ്റ് [ചുറ്റുക] ധാതുരൂപം

ചുറ്റക്കാരൻ നാ. 1. സ്നേഹിതൻ, ബന്ധു; 2. രഹസ്യക്കാരൻ; 3. ബന്ധനസ്ഥൻ; 4. പതിവുകാരൻ, പറ്റുവരവുകാരൻ

ചുറ്റടവ് നാ. ചതിവ്; 2. ചുറ്റുമതിൽ, ചുറ്റുവേലി

ചുറ്റത്താർ നാ. ബന്ധുക്കൾ

ചുറ്റം നാ. 1. പരിസരം, ചുറ്റുപാട്; 2. വൃത്താകാരം, വട്ടം; 3. സ്നേഹം, ബന്ധുത്വം; 4. രഹസ്യവേഴ്ച. ചുറ്റംചെയ്ക = സൗഹാർദം സ്ഥാപിക്കുക

ചുറ്റമ്പലം നാ. ശ്രീകോവിലിനു ചുറ്റുമുള്ള കെട്ട്, നാലമ്പലം

ചുറ്റൽ നാ. 1. വട്ടത്തിൽ തിരിയൽ; 2. വസ്ത്രം ധരിക്കൽ; 3. കയർ മുതലായവകൊണ്ട് വലയംചെയ്യൽ; 4. വലയം; 5. ചുറ്റിസഞ്ചാരം, അലഞ്ഞുതിരിയൽ; 6. വളവ്; 7. വിഷമിച്ച അവസ്ഥ, കറക്കം, ബുദ്ധിമുട്ടൽ; 8. വിരോധം; 9. തടവ്

ചുറ്റളവ് നാ. ഒരു പ്രതലത്തിൻെറ പരിധിയുടെ ആകെയുള്ള നീളം, ചുറ്റുമുള്ള അളവ്, പരിധി അളവ്, വശങ്ങളുടെ ആകെ ദൈർഘ്യം

ചുറ്റഴി നാ. ചുറ്റുമുള്ള അഴി, വശങ്ങളിൽ ഉറപ്പിച്ചിരിക്കുന്ന അഴി

ചുറ്റാഴ്മ നാ. സ്നേഹബന്ധം, സൗഹൃതം

ചുറ്റുക നാ. ഇരുമ്പുകൊണ്ടുള്ള തലയും നീണ്ടപിടിയുമുള്ള ഒരു ഉപകരണം

ചുറ്റിക്കൽ [ചുറ്റിക്കുക] നാ. ചുറ്റിക്കുന്ന പ്രവൃത്തി

ചുറ്റിക്കാൽ അവ്യ. നാലുവശവും

ചുറ്റിക്കുക [ചുറ്റുക>] ക്രി. 1. വട്ടത്തിൽ കറക്കുക, ചുഴറ്റുക; 2. (പ്ര) ബുദ്ധിമുട്ടിക്കുക, കഷ്ടപ്പെടുത്തുക; 3. (പ്ര) ചതിക്കുക

ചുറ്റിപ്പ് നാ. ചുറ്റിക്കൽ

ചുറ്റിയൽ നാ. ചുറ്റിക

ചുറ്റിലാമി നാ. ചുറ്റിലാമി

ചുറ്റിലും അവ്യ. ചുറ്റും

ചുറ്റ് [<ചുറ്റുക] നാ. 1. കറക്കം, വട്ടത്തിൽ തിരിയൽ; 2. പിണയൽ, ബന്ധനം; 3. ചുറ്റളവ്; 4. വണ്ടിച്ചക്രത്തിൻെറയും മറ്റും പട്ട, ഏതെങ്കിലും ഒരു വസ്തുവിനെ ബലപ്പെടുത്തുന്നതിനായി ഇടുന്ന ലോഹവളയം; 5. ഒരുതരം കർണാഭരണം; 6. സ്ത്രീകൾ കാൽവിരലിൽ അണിയുന്ന മോതിരം; 7. (പ്ര) വിഷമത, പ്രയാസം, ബുദ്ധിമുട്ട്; 8. വളഞ്ഞമാർഗം; 9. വൃത്താകാരത്തിലുള്ള ഒരു പ്രാവശ്യത്തെ കറക്കം; 10. ചുരുളിലെ ഒരു വളയം; 11. മാലയുടെയും മറ്റും ഒരിഴ; 12. അമ്പലത്തിനുചുറ്റുമുള്ള പ്രദക്ഷിണവഴി; 13. ചുറ്റമ്പലം; 14. വളപ്പ്, വേലിക്കകം, മതിൽക്കെട്ടിൻെറ ഉൾഭാഗം; 15. മുണ്ടുടുക്കൽ, വസ്ത്രധാരണം; 16. നഖത്തിനു ചുറ്റുമുണ്ടാകുന്ന വീക്കം

ചുറ്റുക ക്രി. 1. വട്ടത്തിൽ തിരിയുക; 2. വളഞ്ഞുവലയംചെയ്തു പടരുക; 3. വലംവയ്ക്കുക; 4. അലഞ്ഞുതിരിയുക; 5. വളഞ്ഞവഴിയേപോകുക, നേർവഴിയിലൂടെ അല്ലാതെ പോകുക; 6. ബുദ്ധിമുട്ടുക, കഷ്ടപ്പെടുക
ചുറ്റുകല്ല് നാ. ധാന്യംപൊടിക്കാനുള്ള തിരികല്ല്
ചുറ്റുതടി നാ. പാവുചുറ്റുന്ന തടി
ചുറ്റുത്തരം നാ. ഉത്തരത്തിൻെറ മുകളിൽ കഴുക്കോൽ പിടിപ്പിക്കുന്നതിനു വയ്ക്കുന്ന ഉത്തരം
ചുറ്റുനിര നാ. തടികൊണ്ടുണ്ടാക്കിയ ചുവര്
ചുറ്റുപാട് നാ. 1. അയൽപക്കം, പരിസരം; 2. പരിത:സ്ഥിതി, സാഹചര്യം
ചുറ്റും അവ്യ. നാലുപുറത്തും, ചുഴലവും, എല്ലാവശത്തും
ചുറ്റുമണ്ഡപം നാ. ശ്രീകോവിലിനെ ചുറ്റിയുള്ള മണ്ഡപം
ചുറ്റുമതിൽ നാ. വളപ്പിനു ചുറ്റുമുൾല മതിൽ
ചുറ്റുമുണ്ട് നാ. കുളിക്കുമ്പോൾ ഉടുക്കുന്ന വസ്ത്രം
ചുറ്റുമ്മരക്കുടി നാ. മുറ്റത്തിനു നാലുഭാഗത്തുമുള്ള കെട്ടിടങ്ങൾ
ചുറ്റുവക നാ. ഒരിനം ചേമ്പ്
ചുടുവട്ടം നാ. 1. അടുത്തപ്രദേശം, പരിസരം; 2. ചുറ്റളവ്
ചുറ്റുവരാന്ത നാ. വീട്ടിനുചുറ്റുമുള്ള വരാന്ത
ചുറ്റുവിളക്ക് നാ.1. നാലമ്പലത്തിനു ചുറ്റുമുള്ള വിളക്ക്; 2. ക്ഷേത്രങ്ങളിൽ ചുറ്റുവിളക്കുകത്തിക്കുന്ന ഒരു വഴിപാട്
ചുറ്റുവേലി നാ. വളപ്പിനുചുറ്റുമുള്ള വേലി
ചുറ്റെ അവ്യ. ചുറ്റും
ചുറ്റോല നാ. കുടിലിൻെറ ഭിത്തി നനയാതിരിക്കാനായി ചുമരിൽ തൂക്കിയിടുന്ന ഓല
ചൂക്ക1 നാ. ഒരിനം പാമ്പ്ചൂക്ക2 വി. പൂർണമായി വളരാത്ത, മുരടിച്ച
ചൂചുകം [സം.] നാ. മുലക്കണ്ണ്
ചൂട നാ. ഒരുമെതികഴിഞ്ഞ് അടുക്കിവച്ചിരിക്കുന്ന നെൽക്കറ്റ, ചൂട്
ചൂടകം നാ. ഒരുതരം കൈവള
ചൂടങ്കർപ്പൂരം നാ. ചൂടം
ചൂടൻകുറി നാ. കർപ്പൂരം ചേർത്ത ചാന്തുകൊണ്ടുള്ള തിലകം
ചൂടം നാ. പാകപ്പെടുത്തിയ കർപ്പൂരം
ചൂടൽ [ചൂടുക] നാ. 1. തലയില1യ്ക്കൽ; 2. കുടപിടിക്കൽ; 2. വൃക്ഷങ്ങളുടെ തണൽ, ചോല
ചൂടാലം [<സം.] നാ. ഉച്ചിക്കുടുമ
ചൂടി1 നാ. ചൂടിക്കയർ
ചൂടി2 നാ. 1. കിരീടം; 2. വസ്ത്രം
ചൂടിക്കട്ടിൽ നാ. കയറുവരിഞ്ഞ കട്ടിൽ, കയറ്റുകട്ടിൽ
ചൂടിക്കയർ നാ. ചകരി പിരിച്ചുണ്ടാക്കിയ വണ്ണംകുറഞ്ഞ കയർ
ചൂടിപ്പായ് നാ. കയറ്റുപായ്
ചൂട്1 [ചൂടുക] ധാതുരൂപം

ചൂട്2 നാ. 1. ഊർജത്തിൻെറ അവസ്ഥാഭേദങ്ങളിൽ ഒന്ന്, സൂര്യരശ്മി, അഗ്നി രാസപ്രവർത്തനങ്ങൾ ഘർഷണം മുതലായവയിൽനിന്ന് ഉണ്ടാകുന്ന താപം; 2. ശരീരത്തിൻെറ ഊഷ്മാവ്, പനികൊണ്ടും മറ്റും ഉണ്ടാകുന്ന താപാധിക്യം; 3. ദു:ഖം കോപം കാമം തുടങ്ങിയ വികാരങ്ങൾകൊണ്ട് മനസ്സിനുണ്ടാകുന്ന ഉത്കടമായ ക്ഷോഭം; 4. വേദന; 5. മൃഗങ്ങൾക്ക് ഇണചേരാനുള്ള ആസ്ക്തി; 6. നിഷ്കർഷ, കരുതൽ; 7. ഒരിനം ത്വഗ്രോഗം; 8. എരിവ്, പുകച്ചിൽ; 9. മെതികഴിഞ്ഞ് അടുക്കിവച്ചിരിക്കുന്ന കറ്റ. (പ്ര) ചൂടടിക്കുക = മെതികഴിഞ്ഞ് അടുക്കിവച്ചിരിക്കുന്ന കറ്റ കമ്പുകൊണ്ട് അടിച്ചു നെല്ലുപൊഴിക്കുക.

777

ചൂട നാ. ചൂടാനുള്ള വസ്തു

ചൂടുക ക്രി. 1. തലയിൽ അണിയുക, തല അലങ്കരിക്കുക; 2. (കുടയും മറ്റും) തലയ്ക്കുമുകളിൽ പിടിക്കുക; 3. പുതയ്ക്കുക, ഉടുക്കുക. മുങ്ങിച്ചാകാൻ മുറവും ചൂടിപ്പോകുന്നതെന്തിന് (പഴ)

ചൂടുകോൽ നാ. ചൂടുവയ്ക്കുന്നതിനുള്ള ഇരുമ്പുകമ്പി

ചൂടുപാള നാ. കമുകിൻപാള കൂട്ടിത്തയ്ച്ചുണ്ടാക്കുന്ന ഒരു ഉപകരണം (ഇതു തലയിൽ ചൂടുന്നതിനാൽ)

ചൂടുപുടവ നാ. ഉടുക്കാനുള്ള വസ്ത്രം

ചൂടുപുട്ടിൽ നാ. ചൂടാനുള്ള പുട്ടിൽ, മൂലഉള്ളിലേക്കു മടക്കി മഴക്കോട്ടുപോലെ ധരിക്കാവുന്നവിധം കൈതയോലകൊണ്ട് നെയ്തുണ്ടാക്കിയ ഉപകരണം

ചൂടുപൊന്തൽ നാ. ചൂടുകൊണ്ട് തൊലിപ്പുറമേ ഉണ്ടാകുന്ന പൊക്കൻ

ചൂടുമുറ നാ. മാറ്റ്, ലോഹശുദ്ധി

ചൂട്ട1 നാ. ചൂട്ട് (പ്ര) ചൂട്ടകണ്ട മുയൽ = പരിഭ്രമിച്ചവൻ, സ്തംഭിച്ചുനിൽക്കുന്നവൻ

ചൂട്ട2 നാ. 1. കന്നുകാലികളുടെ നെറ്റിയിലെ അടയാളം; 2. അഹംഭാവം

ചൂട്ടക്കുളി നാ. ഒരു പിശാച്

ചൂട്ടടുപ്പ് നാ. കളിമണ്ണുകൊണ്ടുണ്ടാക്കി ചുട്ടെടുത്തതും ചൂട്ടുവച്ചു കത്തിക്കാവുന്നതും എടുത്തുമാറ്റാവുന്നതുമായ ഒരുതരം അടുപ്പ്

ചൂട്ടൻ വി. 1. നെറ്റിയിൽ ചുട്ടിയുള്ള. നാ. നെറ്റിയിൽ ചുട്ടിയുള്ള കാള; 2. ഒരിനം ശുദ്ധജലമത്സ്യം

ചൂട്ടം നാ. പാതാമ്പുറം

ചൂട്ടാമ്പട്ടി നാ. ചൂണ്ടുവിരൽ

ചൂട്ടാല നാ. ചൂള

ചൂട്ടാവ് നാ. വെളിച്ചം

ചൂട്ട1 നാ. 1. (ഉണങ്ങിയ തെങ്ങോല കോഞ്ഞാട്ട കരിമ്പിൻചണ്ടി മുതലായവ) എരിയാൻ എളുപ്പമുള്ള വസ്തുക്കൾ ഒരുമിച്ചുകെട്ടിയുണ്ടാക്കിയത്; 2. ചൂടുവച്ച് അടയാളപ്പെടുത്തൽ; 3. ചൂടൽ. ചൂട്ടുകത്തിക്കുക,-കെട്ടുക = യാത്രയ്ക്കു തയ്യാറാകുക. ചൂട്ടുകാട്ടുക = 1. വെളിച്ചം കാട്ടുക; 2. (പ്ര) ഉപദേശിക്കുക. ചൂട്ടുപിടിക്കുക = തെറ്റായപ്രവൃത്തിക്കു കൂട്ടുനിൽക്കുക (നമ്പൂതിരി സംബന്ധത്തിനു പോകുമ്പോൾ കാര്യസ്ഥൻ ചൂട്ടുപിടിച്ചു കൊടുക്കുന്നതിൽനിന്ന്)

ചൂട്ട്2 [<ചൂടുക] നാ. 1. ചില നാൽക്കാലിമൃഗങ്ങളുടെ നെറ്റിയിലുള്ള ചുട്ടി; 2. കോഴിയുടെ തലയിലുള്ള പൂവ്; 3. തലയിൽ അണിയുന്ന വസ്തു (പുഷ്പമാല മുതലായവ).

ചൂട്ടും താടയും = കാളയുടെ ഐശ്വര്യലക്ഷണമായി കണക്കാക്കുന്ന നെറ്റിയിലെ പൊട്ടും വളർന്ന താടയും
ചൂട്ടുക1 ക്രി. ചൂടുക
ചൂട്ടുക2 ക്രി. ചൂണ്ടുക
ചൂട്ടുകളം നാ. ചുടല
ചൂട്ടുകറ്റ നാ. കറ്റയായി കെട്ടിയ ചൂട്ട്
ചൂട്ടുകുറി നാ. ശവശരീരം മൂടാൻ ഉപയോഗിക്കുന്ന കോടിവസ്ത്രം
ചൂട്ടുകോൽ നാ. 1. ചൂടുകോൽ; 2. തീയുടെമുകളിൽവച്ചു കരിയാതെ ചുട്ടെടുക്കുന്നതിനുവേണ്ടി ഇറച്ചി കോർത്തു പിടിക്കുന്നതിനുള്ള കമ്പി
ചൂട്ടുനിര നാ. ഭിത്തിയുടെ മീതേ മൂലകളിലും മറ്റും മരംകൊണ്ട് അടച്ചു പണിയുന്നത്
ചൂട്ടുവിരുത്തി നാ. ഒരു ഭൂവുടമസമ്പ്രദായം
ചൂഡ[സം.ചൂഡാ] നാ. 1. ചൗളകർമം; 2. ചൗളകർമാനന്തരം ഉച്ചിയിൽ നിറുത്തുന്ന മുടി, കുടുമ; 3. തലമുടി; 4. കോഴിയുടെയോ മയിലിൻെറയോ തലയിലുള്ള പൂവ്; 5. ശിരോഭൂഷണം; 6. കിരീടം; 7. തല, ശിരസ്സ്; 8. അഗ്രഭാഗം, മുകൾ ഭാഗം; 9. ഗൃഹത്തിൻെറ ഉപരിഭാഗത്തുള്ള മുറി; 10. ഒരു സംസ്കൃത വൃത്തം; 11. വെളുത്തകുന്നി; 12. ഒരു ആഭരണം; 13. കിണറ്
ചൂഡകം [സം.ചൂഡക] നാ. 1. കിണറ്; 2. (കാമ.) ഒരുതരം കൃത്രിമലിങ്ഗം
ചൂഡൻ [സം.ചൂഡ] നാ. ശിരസ്സിലണിയുന്നവൻ (സമാസാന്തത്തിൽ, ഉദാ: ചന്ദ്രചൂഡൻ)
ചൂഡാകർമം [സം.-കർമൻ] നാ. ചൗളം
ചൂഡാകരണം [സം.] നാ. ചൂഡാകർമം
ചൂഡാദന്തം [സം.] നാ. ഭിത്തിയിൽനിന്നും ഉന്തിനിൽക്കുന്ന തടി
ചൂഡാപീഡം [സം.] നാ. ശിരോലങ്കാരം, കിരീടം
ചൂഡാമണി [സം.] നാ. 1. തലയിൽ അണിയുന്ന രത്നം, ശിരോരത്നം; 2. ഏറ്റവും ശ്രേഷ്ഠൻ; 3. ചുവന്നകുന്നി; 4. ഒരു സംസ്കൃതവൃത്തം; 5. ഞായറാഴ്ചവരുന്ന സൂര്യഗ്രഹണം അല്ലെങ്കിൽ തിങ്കളാഴ്ചവരുന്ന ചന്ദ്രഗ്രഹണം; 6. (സങ്ഗീ) ഒരു ജന്യരാഗം
ചൂഡാമ്ലം [സം.-അമ്ല] നാ. 1. മരപ്പുളി, വാളൻപുളി; 2. ചൊറുക്ക, ചുക്രാമ്ലം
ചൂഡാര [സം.] വി. ചൂഡാല
ചൂഡാരത്നം [സം.] നാ. 1. തലയിൽ അണിയുന്ന രത്നം, ചൂഡാമണി; 2. ഏറ്റവും നല്ലത്, ഏറ്റവും ശ്രേഷ്ഠൻ
ചൂഡാരം [സം.] നാ. ചൂഡാലം
ചൂഡാല1 [സം.] വി. കുടുമയുള്ള
ചൂഡാല2 [സം.ചൂഡാലാ] നാ. 1. പെരുമുത്തങ്ങ; 2. വെളുത്തകുന്നി
ചൂഡാലക്ഷണം [സം.] നാ. ചൗളകർമം
ചൂഡാലൻ [സം.] നാ. 1. കുടുമയുള്ളവൻ; 2. മയിൽ; 3. പൂവൻകോഴി
ചൂഡാലം [സം.] നാ. 1. തല; 2. മയിൽ
ചൂഡിക [സം.] നാ. 1. ചൂഡാരത്നം; 2. താഴികക്കുടം; 3. ചൂളിക
ചൂഡീകൃത [<സം] വി. ചൂഡയാക്കിയ, മേലോട്ടാക്കിക്കെട്ടിയ (തലമുടിയെന്നപോലെ)

ചൂണ്ട(ൽ) നാ. മീൻ പിടിക്കാൻ ഉപയോഗിക്കുന്ന ലോഹക്കൊളുത്ത്. ചൂണ്ടയിടുക = 1. ചൂണ്ടകൊണ്ട് മീൻപിടിക്കുക; 2. (പ്ര) കാര്യം നേടാൻ കാപട്യം പ്രയോഗിക്കുക

ചൂണ്ടൻ നാ. ഒരുതരം തെറ്റാലി

ചൂണ്ടപ്പന നാ. ഒരുതരം പന, ഉലട്ടി (ഇതിൻെറ തണ്ടും നാരും ചൂണ്ടയുണ്ടാക്കാൻ ഉപയോഗിക്കുന്നു)

ചൂണ്ടാണി നാ. ചൂണ്ടുവിരൽ

ചൂണ്ടിപ്പണയം നാ. വസ്തു കൈവശം വിട്ടുകൊടുക്കാതെയുള്ള പണയം

ചൂണ്ടിപ്പലക നാ. 1. വഴി ഇന്നദിക്കിലേക്കെന്നു കാണിക്കാൻ സ്ഥാപിച്ചിട്ടുള്ള പലക; 2. നാട്ടുകാരുടെ അറിവിലേക്കായി എന്തെങ്കിലും വിവരങ്ങൾ എഴുതി പ്രദർശിപ്പിച്ചിട്ടുള്ള പലക, പരസ്യപ്പലക

ചൂണ്ടുക ക്രി. 1. ചൂണ്ടുവിരൽകൊണ്ടോ മറ്റോ നിർദേശിക്കുക; 2. ലക്ഷ്യമാക്കുക; 3. ചൂണ്ടുവില്ലുകൊണ്ട് എറ്റുക; 4. വിളക്കിലെ തിരി നീട്ടുക; 5. (പ്ര) മോഷ്ടിക്കുക, സൂത്രത്തിൽ തട്ടിയെടുക്കുക. ചൂണ്ടിക്കാണിക്കുക = 1. നിർദേശിക്കുക, കൈചൂണ്ടിയോമറ്റോ ശ്രദ്ധയിൽപ്പെടുത്തുക; 2. ഓർമിപ്പിക്കുക. ചൂണ്ടിക്കൊടുക്കുക = 1. ചൂണ്ടിക്കാണിക്കുക; 2. (പ്ര) ഒറ്റുകൊടുക്കുക

ചൂണ്ടുകോൽ നാ. വിളക്കിലെ തിരിനീട്ടുന്നതിനുള്ള കോൽ

ചൂണ്ടുപലക നാ. ചൂണ്ടിപ്പലക

ചൂണ്ടുവിരൽ നാ. കൈയിൽ തള്ളവിരലിന് തൊട്ടടുത്തവിരൽ

ചൂണ്ടുവില്ല് നാ. = ചൂണ്ടൻ വില്ല്

ചൂണ്ടോന്നി നാ. ചൂണ്ടുവിരൽ

ചൂണ്ണി [<സം.ചൂർണി] നാ. 1. നൂറ് എന്ന സങ്ഖ്യ; 2. നൂറു കവിടി

ചൂതകം [സം.] നാ. 1. മാവുവൃക്ഷം; 2. ചെറിയ കിണറ്

ചൂതൻ1 [സം.] നാ. കാമദേവൻ

ചൂതൻ2 നാ. ചൂതുകളിക്കാരൻ

ചൂതൻ3 [സം.സൂത] നാ. തേരാളി

ചൂതഫലം [സം.-ഫല] നാ. മാങ്ങ

ചൂതം1 [സം.] നാ. 1. മാവുവൃക്ഷം; 2. പവിഴമല്ലി

ചൂതം2 [പ്രാ.ജൂത] നാ. = ചൂത്

ചൂതമഞ്ജരി [സം.] നാ. മാമ്പൂവ്

ചൂതാടി നാ. 'ചൂത് ആടുന്നവൻ' ചൂതുകളിക്കാരൻ

ചൂതാടുക ക്രി. ചൂതുകളിക്കുക

ചൂതാട്ടക്കാരൻ നാ. ചൂതുകളിക്കാരൻ

ചൂതായുധൻ [സം.] നാ. 'ചൂതം ആയുധമായുള്ളവൻ' കാമദേവൻ

ചൂതാളി നാ. 1. ചൂതുകളിക്കാരൻ; 2. വഞ്ചകൻ

ചൂത് [പ്രാ.ജൂത] നാ. 1. ചൂതുകളിക്കുപയോഗിക്കുന്ന കരു, ഒരിനം പകിട; 2. ചൂതുകളി; 3. ചതിവ്, പറ്റിക്കൽ; 4. വയ്പ്പുമണ്ണ്. ചൂതുനിരത്തുക = ചൂതുകളി ആരംഭിക്കുക.

ചൂതുകളം നാ. ചൂതുകളിക്കാനായി കളങ്ങൾ ചിത്രീകരിച്ചിട്ടുള്ള തറ

ചൂതുകളി നാ. ചൂതുകൊണ്ടുള്ള കളി

ചൂതുകളിക്കുക ക്രി. 1. ചൂതും പടവും ഉപയോഗിച്ച് കളിക്കുക; 2. പന്തയക്കളികളിൽ ഏർപ്പെട്ട് ധൂർത്തടിക്കുക
ചൂതുകാരൻ നാ. 1. ചൂതുകളിക്കാരൻ; 2. ചെപ്പടിവിദ്യക്കാരൻ; 3. ചതിയൻ
ചൂതുപടം [മ.ചൂത്-സം.] നാ. ചൂതുകളിയിൽ കരുക്കൾ വയ്ക്കുന്നതിനായി കളങ്ങൾ വരച്ചിട്ടുള്ള പടം
ചൂതുപലക നാ. ചൂതുപടം രേഖപ്പെടുത്തിയ പലക
ചൂതുപൊരുതുക ക്രി. ചൂതുകളിക്കുക
ചൂതുവള്ളുവൻ നാ. ചൂതുകളിയുടെ മേൽനോട്ടക്കാരൻ
ചൂത്ത വി. ഏറ്റവും മോശപ്പെട്ട, ഒന്നിനും കൊള്ളാത്ത, വരൾച്ചമുരടിച്ച, ചുഴുതിന്നും ദ്രവിച്ചും മറ്റും കേടുവന്ന
ചൂത്തിരം നാ. സൂത്രം
ചൂത്ത് [മറാ] നാ. പുരുഷൻെറ ജനനേന്ദ്രിയം
ചൂത്രാട്ടി നാ. സൂത്രപ്പട്ടിക
ചൂത്രോട്ടി നാ. (ശിൽപ) കെട്ടിടങ്ങളുടെ ഭിത്തികളിൽ ഉണ്ടാക്കുന്ന ദ്വാരം
ചൂനിയം [<സം.ശൂന്യ] നാ. ശൂന്യം
ചൂന്നു ക്രി. = ചൂഴ്ന്ന്. ചൂന്നുനോക്കുക = 1. ചൂഴ്ന്നുനോക്കുക, തുരന്ന് നോക്കുക; 2. (പ്ര) സൂക്ഷ്മമായി പരിശോധിക്കുക. ചൂന്നെടുക്കുക = ച്ചുഴ്ന്നെടുക്കുക, തുരന്നെടുക്കുക
ചൂന്ന്യച്ചം നാ. പേമാരി
ചൂപ്പുക ക്രി. = ഉറിഞ്ചുക
ചൂർകത്തി നാ. സൂചിപോലെ കൂർത്ത മുനയുള്ള കത്തി
ചൂർണകം സം.ചൂർണക] നാ. 1. ധാന്യം വറുത്തുപൊടിച്ചത്; 2. ഒരു ഗദ്യരചനാരീതി; 3. സുഗന്ധപ്പൊടി
ചൂർണകാരൻ [സം.] നാ. ചുണ്ണാമ്പുനീറ്റുന്നവൻ
ചൂർണകുന്തളം [സം.-കുന്തല] നാ. (നെറ്റിയിലേക്കു വീണുകിടക്കുന്ന) മുടിച്ചുരുൾ, കുറുനിര
ചൂർണഖണ്ഡം [സം.-ഖണ്ഡ] നാ. 1. ചുണ്ണാമ്പുകല്ലിൻെറ കഷണം; 2. ചരൽ
ചൂർണനം [സം.] നാ. 1. പൊടിക്കൽ; 2. മുദ്ഗരം കൊണ്ടുള്ള ഒരുതരം ആയോധനരീതി
ചൂർണപദം [സം.] നാ. ഒരു വ്യായാമം
ചൂർണപാരദം [സം.] നാ. ചായില്യം
ചൂർണം [സം.] നാ. 1. പൊടി; 2. കുമാരദ്വീപിൽ വടക്കെഭാഗത്തു കിടക്കുന്ന ദേശം; 2. ഒരുതരം ലളിത ഗദ്യം, ചൂർണക; 4. വളരെചെറിയ മുത്ത്; 5. ചുണ്ണാമ്പ്, ചുണ്ണാമ്പുകല്ല്
ചൂർണയന്ത്രം [സം.] നാ. ധാന്യവും മറ്റും പൊടിക്കുന്നതിനുള്ള യന്ത്രം, തിരികല്ല്
ചൂർണയോഗം [സം.] നാ. (സുഗന്ധ) പൊടിക്കൂട്ട്
ചൂർണവജ്രം [സം.] നാ. വൈരപ്പൊടി
ചൂർണവാസം [സം.] നാ. ഒരുതരം സുഗന്ധചൂർണം

ചൂർണി1 [സം.] നാ. 1. പൊടി; 2. കവടി, നൂറുകവടി; 3. തുക, സങ്ഖ്യ; 4. പാണിനീയസൂത്രങ്ങൾക്ക് പതഞ്ജലി രചിച്ച മഹാഭാഷ്യത്തിൻെറ പേര്
ചൂർണി2 [സം.] നാ. പെരിയാറ്, ആലുവാപ്പുഴ
ചൂർണിക [സം.] നാ. 1. വാക്യങ്ങൾ മൂന്നുവിധമുള്ളതിൽ ഒന്ന്, ലഘുവായ ഘടനയുള്ളത്; 2. ആട്ടക്കഥകളിലും സംസ്കൃതനാടകങ്ങളിലും ഉപയോഗിക്കുന്ന ഒരുതരം ഗദ്യം; 3. (സങ്ഗീ) ഒരു രചന; 4. വറുത്തുപൊടിച്ച ധാന്യം
ചൂർണിക്കുക [<സം.ചൂർണ്] ക്രി. പൊടിയാക്കുക, പൊടിയുക
ചൂർണിത [സം.] വി. ചൂർണമാക്കപ്പെട്ട
ചൂർണീകരിക്കുക [സം.] ക്രി. ചൂർണമാക്കുക, പൊടിക്കുക
ചൂർണീകൃത [സം.] വി. ചൂർണിത
ചൂർണീകൃത്ത് [സം.] നാ. 1. പതഞ്ജലി; 2. വ്യാഖ്യാതാവ്, ഭാഷ്യകാരൻ
ചൂർണീഭവിക്കുക [<സം.] ക്രി. ചൂർണമാകുക, പൊടിയാകുക
ചൂർണോപലം [സം.-ഉപല] നാ. ചുണ്ണാമ്പുകല്ല്
ചൂർത്തി നാ. ഗതി, പോക്ക്
ചൂർന്ന് [<ചൂരുക] വി. (മുൻവിന) തുരന്ന്
ചൂരപ്പന [ചൂരൽ-പന] നാ. പനയുടെ വർഗത്തിൽപെട്ട ഒരു വൃക്ഷം
ചൂരപ്പലിശ നാ. = ചൂരൽപ്പരിച
ചൂരപ്പഴം നാ. = ചൂരൽപ്പഴം
ചൂരൽ നാ. 1. വളരെ നീളത്തിൽ വളർന്നുപടർന്നുകയറുന്ന ഒരു വള്ളിച്ചെടി; 2. ചൂരൽക്കോൽ. ചൂരൽകുത്തുക = കുത്തിയോട്ടത്തിൽ നേർച്ചക്കാരുടെ വാരിഭാഗത്ത് ചൂരൽകോർക്കുക
ചൂരൽക്കട്ടിൽ നാ. ചൂരൽ വരിഞ്ഞ കട്ടിൽ
ചൂരൽക്കാരൻ നാ. ചൂരൽവടിധരിച്ച സേവകൻ, വേത്രധാരി
ചൂരൽക്കുട്ട നാ. ചൂരൽകൊണ്ടു നിർമിച്ച കുട്ട
ചൂരൽക്കോൽ നാ. ചൂരൽമുറിച്ച് ഉണ്ടാക്കുന്ന വടി, പെരമ്പ്.
ചൂരൽക്കോൽക്കാരൻ = ചൂരൽക്കാരൻ
ചൂരൽപ്പരമ്പ് നാ. ചൂരൽപ്പായ്
ചൂരൽപ്പരിച നാ. ചൂരൽ വരിഞ്ഞുണ്ടാക്കിയ പരിച
ചൂരൽപ്പഴം നാ. 1. ചൂരൽവള്ളിയിലുണ്ടാകുന്ന പഴം; 2. (പ്ര) ചൂരൽകൊണ്ടുള്ള അടി
779
ചൂരൽപ്പായ് നാ. ചൂരൽകൊണ്ടുള്ള പായ്, പരമ്പ്
ചൂരൽപ്പെട്ടി നാ. ചൂരൽകൊണ്ടുള്ള പെട്ടി
ചൂരലടി നാ. ചൂരൽക്കോൽ
ചൂരി1 [സം.ചൂരീ] നാ. ചെറിയ കിണറ്
ചൂരി2 നാ. 1. ഒരിനം കത്തി; 2. കരയുള്ള മുണ്ട്
ചൂരിക്കുമ്പളങ്ങ നാ. നയ്ക്കുമ്പളങ്ങ
ചൂരിയൻ നാ. = സൂര്യൻ
ചൂര്1 [ചൂരുക] ധാതുരൂപം

ചൂര്2 നാ. 1. വാട, നാറ്റം; 2. ഗന്ധം; 3. ദുർദേവത; 4. ദുർദേവതാബാധകൊണ്ടുണ്ടാകുന്ന ഒരു വ്യാധി; 5. ദു:ഖം, അനർഥം; 6. വെറുപ്പ്; 7. അരുചി; 8. ശത്രു; 9. വാൽമുളക്; 10. ഒരുതരം കളിയടയ്ക്ക

ചൂരുക ക്രി. 1. തലമുടി ചീകുക; 2. പഞ്ഞിയുടെയും മറ്റും കുരു കളയുക; 3. വേർപെടുത്തുക; 4. തുരക്കുക

ചൂല1 നാ. ഗർഭമുള്ള മൃഗം

ചൂല2 [സം.ശൂലാ] നാ. ശൂല

ചൂല3 [സം.ചൂലാ] നാ. 1. മുകളിലത്തെ നിലയിലുള്ള മുറി; 2. വാൽനക്ഷത്രത്തിൻെറ ശിഖ; 3. തല, മൂർധാവ്

ചൂലൻ നാ. 1. ഖലൻ, ദുഷ്ടൻ; 2. നികൃഷ്ടൻ

ചൂലം1 നാ. = ശൂലം

ചൂലം2 [സം.ചൂല] നാ. തലമുടി

ചൂലാട്ടി നാ. ഗർഭിണി

ചൂലി[സം.ചൂലിൻ] നാ. തലയിൽ പൂവുള്ള

ചൂലിക [സം.ചൂലികാ]നാ. = ചൂളിക

ചൂലികം [സം.] നാ. നെയ്യപ്പം

ചൂലികാലവണം [സം.] നാ. നവസാരം

ചൂല്1 നാ. 1. അടിച്ചുവാരാനുള്ള ഒരു ഉപകരണം; 2. (പ്ര) ചീത്തയാൾ, വകയ്ക്കുകൊള്ളാത്തആൾ

ചൂല്2 നാ. 1. ഗർഭം, ഗർഭധാരണം; 2. പക്ഷികൾ തുടർച്ചയായി മുട്ടയിടുന്ന കാലയളവ്; 3. വിളവ്. ചൂലുപിടിക്കുക = ഗർഭം ധരിക്കുക (പന്നിതുടങ്ങിയ വളർത്തു മൃഗങ്ങൾ)

ചൂലുക1 ക്രി. ഗർഭം ധരിക്കുക

ചൂലുക2 ക്രി. ചൂഴുക

ചൂലുവിരുത്തി നാ. അമ്പലമുറ്റം തൂക്കുന്നതിന് പ്രതിഫലമായി വിട്ടുകൊടുത്തിട്ടുള്ള ഭൂമി

ചൂഷ[സം.] നാ. 1. (തോലുകൊണ്ടുള്ള) കച്ചക്കയർ (ആനയുടെത്); 2. ഉറിഞ്ചൽ

ചൂഷകൻ [സം.] നാ. മറ്റുള്ളവർ പ്രയത്നിക്കുന്നതിൻെറ ഫലം അപഹരിച്ച് അനുഭവിക്കുന്നവൻ

ചൂഷണം [സം.] നാ. 1. ചുണ്ടുകൊണ്ട് ഏതെങ്കിലും പദാർഥത്തിൻെറ രസം വലിച്ചെടുക്കൽ, ഉറുഞ്ചൽ; 2. മറ്റുള്ളവർ പ്രയത്നിക്കുന്നതിൻെറ ഫലം അപഹരിച്ചനുഭവിക്കൽ; 3. സാരമായ ഭാഗം കൈക്കലാക്കൽ, ഉപയുക്തമാക്കൽ

ചൂഷിത [സം.] വി. 1. ഉറുഞ്ചിക്കുടിക്കപ്പെട്ട; 2. ചൂഷണംചെയ്യപ്പെട്ട

ചൂഷ്യ1 [സം.] നാ. = ചൂഷ

ചൂഷ്യ2 [സം.] നാ. 1. ഉറുഞ്ചിക്കുടിക്കത്തക്ക; 2. ചൂഷണം ചെയ്യത്തക്ക

ചൂഷ്യം [സം.] നാ. നാലിനം ആഹാരങ്ങളിൽ ഒന്ന്, ഉറിഞ്ചിക്കുടിക്കത്തക്കത്

ചൂൾ [ചൂളുക] ധാതുരൂപം

ചൂള1 നാ. 1. വലിയ അടുപ്പ്; 2. കുമായം നീറ്റുന്നതിനുള്ള അടുപ്പ്. ചൂളവയ്ക്കുക = ചാളനിർമിക്കുക. ചൂളയ്ക്കുവയ്ക്കുക = ചൂളയിലടച്ചു വേവിക്കുക

ചൂള2 നാ. 1. ചൂള; 2. കാറ്റാടിമരം; 3. ചൂളക്കുയിൽ; 4. അരിപ്പ്, കൊങ്ങിണിചെടി. ചൂളകുത്തുക = ചൂളം കുത്തുക
ചൂള3[ക.സൂലെ] നാ. വേശ്യ
ചൂളക്കാക്ക നാ. ഒരിനം കറുത്ത പക്ഷി.
ചൂളക്കാരൻ നാ. ചൂളയിൽ (കട്ടചുടുക, കക്കനീറ്റുക മുതലായവ)പ്രവൃത്തികൾ ചെയ്യുന്നവൻ
ചൂളക്കുഴൽ നാ. ചൂളം വിളിക്കാനുള്ള ഉപകരണം, റെയിൽവേ എൻജിൻെറയും മറ്റും ഊത്തുകുഴൽ
ചൂളക്കുഴി നാ. 1. ചൂളയടുപ്പിൻെറ കുഴി; 2. കരിമീൻമുതലായ ചില മത്സ്യങ്ങൾ മുട്ടയിടുന്നതിന് ചേറിൽ ഉണ്ടാക്കുന്ന കുഴി
ചൂളച്ചി നാ. വേശ്യ
ചൂളൻ നാ. വിടൻ
ചൂളപ്പുര നാ. 1. ചൂളസ്ഥിതിചെയ്യുന്ന പുര; 2. വേശ്യാലയം
ചൂളപ്പൂവ് നാ. അരിപ്പൂവ്
ചൂളപ്രാവ് നാ. ഒരിനം പച്ചപ്രാവ്, ചൂളക്കുയിൽ
ചൂളം നാ. 1. ഇടുങ്ങിയ വിടവിലൂടെ വായുവോ ആവിയോ ശക്തിയായി പ്രവഹിക്കുമ്പോൾ ഉണ്ടാകുന്ന ഉച്ചശ്രുതിയിലുള്ള ശബ്ദം; 2. നാക്ക് ഒരു പ്രത്യേകരീതിയിൽ പിടിച്ച് ചുരുക്കി കൂർപ്പിച്ച ചുണ്ടുകളുടെ ഇടയിൽക്കൂടി ശ്വാസം ശക്തിയായി വെളിയിലേക്ക് വിട്ടുണ്ടാക്കുന്ന ശബ്ദം; 3. ചില പക്ഷികളുടെ ശബ്ദം; 4. ഊതി ചൂളമ്പോലെയുള്ള ശബ്ദം പുറപ്പെടുവിക്കുന്നതിനുള്ള ഉപകരണം, ഊത്ത്
ചൂളമരം നാ. കാറ്റാടിമരം (കാറ്റിൽ ഇലകൾ ചൂളമടിക്കുന്നതിനാൽ)
ചൂളൽ [<ചൂളുക] നാ. ചൂളുകയെന്നപ്രവൃത്തി
ചൂളാമണി [പാ.] നാ. = ചൂഡാമണി
ചൂളി1 [ചൂളുക] ക്രി. ഭൂ.രൂപം
ചൂളി2 [സം.ചൂലിൻ] നാ. 1. തലമുടി; 2. തലയിൽ അണിയുന്നത്
ചൂളി3 നാ. 1. മത്സ്യത്തിൻെറ ചെതുമ്പൽ; 2. ചക്കക്കുരുവിൻെറ പുറത്തെ വെള്ളത്തൊലി; 3. ധാന്യങ്ങളുടെ പുറന്തൊലി, ഉമി; 4. കക്കൂസ്സ്
ചൂളി4 [സം.ചൂലീ] നാ. 1. കെട്ടിടം സ്തംഭം തുടങ്ങിയവയുടെ അഗ്രഭാഗം, ഗോപുരം; 2. ചരിച്ചുത്തരം
ചൂളിക [സം.] നാ. 1. ആനയുടെ കർണമൂലം; 2. (നാട്യ.) ഒരു അങ്കത്തിൻെറ ആദിയിലോ മധ്യഭാഗത്തിലോ അണിയറയിൽ നിന്നുകൊണ്ട് നടത്തുന്ന കഥാസൂചന; 3. കെട്ടിടം സ്തംഭം തുടങ്ങിയവയുടെ അഗ്രഭാഗം, ഗോപുരം; 4. നിലാമുറ്റം; 5. കോഴിയുടെ പൂവ്; 6. കുമിള
ചൂളികം [സം.ചൂലിക] നാ. നെയ്യപ്പം
ചൂളിയാർഭഗവതി നാ. ഒരു തെയ്യക്കോലം
ചൂളീകൃത വി. = ചൂഡീകൃത
ചൂളുക ക്രി. ചുളുങ്ങുക, ചുരുങ്ങുക, സങ്കോചം ഭാവിക്കുക
ചൂഴ്1[ചൂഴുക] ധാതുരൂപം
ചൂഴ്2 നാ. ആണ, സത്യം, പ്രതിജ്ഞ
ചൂഴ [<ചൂഴുക] അവ്യ. ചുറ്റും
ചൂഴം അവ്യ, ചുറ്റും. നാ. ചുറ്റ്, ചുറ്റൽ

ചൂഴൽ നാ. 1. ചുറ്റുപാട്; 2. കൂട്ടം; 3. കുറിപ്പ്
ചൂഴവും അവ്യ. ചുഴലവും, ചുറ്റിനും
ചൂഴി1 [സം.ചൂഡികാ] നാ. 1. ഉച്ചി; 2. മേൽഭാഗം
ചൂഴി2 നാ. കടൽ
ചൂഴിക [സം.ചൂലികാ] നാ. 1. ചരിച്ചുത്തരം; 2. അരിവട്ടി
ചൂഴ് [ചൂഴുക] ധാതുരൂപം
ചൂഴ്വല്ലോർ നാ. ചൂഴ്വോർ
ചൂഴ്വ് നാ. 1. ചുറ്റൽ; 2. ആലോചന
ചൂഴ്വോർ നാ. 'ചുറ്റും കൂടുന്നവർ' (ബ.വ.) 1. മന്ത്രിമാർ; 2. ബന്ധുമിത്രാദികൾ
ചൂഴുക ക്രി. 1. വട്ടത്തിൽ തുരന്നെടുക്കുക; 2. വലയം ചെയ്യുക, വളയുക, ചുറ്റുക. ചൂഴ്ന്നുനോക്കുക = സൂക്ഷ്മമായി പരിശോധിക്കുക, ഉള്ളിലുള്ളത് കണ്ടാറിയാൻ ശ്രമിക്കുക
ചൂഴം അവ്യ, ചുറ്റും, നാലുപാടും, സമീപദേശത്ത്, ചുറ്റുപാടും
ചൂഴുറുക ക്രി. ചുറ്റുക, വലയംചെയ്യുക
ചൂഴെ അവ്യ. ചുറ്റിനും
ചൂറ നാ. 1. കൊള്ള, കവർച്ച; 2.കൊള്ളരുതാത്തത്, തരം താണത്
ചൂറൽ നാ. തോണ്ടൽ, കുഴിക്കൽ
ചൂറാവളി നാ. ചുഴലിക്കാറ്റ്
ചൂറ്റിലാമി നാ. അരിവാർക്കാൻ അടപലകയ്ക്കുപകരം ഉപയോഗിക്കുന്ന ഉപകരണം
ചൂറ്റുക ക്രി. ഭും എന്ന ശബ്ദം ഉണ്ടാക്കുക. ചൂറ്റിക്കത്തുക = ഭും എന്ന ശബ്ദത്തോടെ തീ ആളിക്കത്തുക
ചെകണ്ടി [<സം.ജയ-ഘണ്ടാ] നാ. ഒരുതരം ചേങ്ങല
ചെകതി [<സം.ജഗതി] നാ. 1. ലോകം; 2. (ശിൽപ) വിഗ്രഹം ഉറപ്പിക്കുന്നതിനുള്ള പീഠം
ചെകൻ [<ചെം2] വി. ചെമന്ന
ചെകം [പ.മ.] നാ. = ജഗം
ചെകിടത്തം [<ചെകിട്] നാ. ചെകിടായിരിക്കുന്ന അവസ്ഥ, ബധിരത
ചെകിടിക്കുക ക്രി. 1. ലഹരിബാധിക്കുക; 2. മരവിക്കുക. ചെകിടിപ്പ് = ലഹരി, മരവിപ്പ്
ചെകിടിമണ്ണ് നാ. തരികലർന്ന വെളുത്ത കളിമണ്ണ്
ചെകിട് നാ. 1. ചെവി; 2. കാതിനോടു ചേർന്നുള്ള ഭാഗം, കാതും ചെള്ളയും ചേർന്നുള്ള ഭാഗം, ചെവിക്കുറ്റി; 3. ചെവികേൾക്കാത്ത ആൾ (ബാധിര്യമുള്ള മൃഗങ്ങളെ കുറിക്കാനും പ്രയോഗം); 4. ഒരു കർണാഭരണം; 5. മീൻപിടിക്കാൻ ഉപയോഗിക്കുന്ന വള്ളത്തിൻെറ കാത് (അണിയത്തും അമരത്തും കൊമ്പിനോടടുത്തും പണിതുവയ്ക്കുന്ന തടി)
ചെകിതം നാ. കോട്ട്, വികൃതചേഷ്ട
ചെകിത്താൻ നാ. ചെകുത്താൻ
ചെകിടൻ നാ. ചെവികേൾക്കാത്തവൻ, കാതുപൊട്ടൻ, ബധിരൻ. (സ്ത്രീ.) ചെകിടി

ചെകിള നാ. 1. മത്സ്യങ്ങളുടെയും മറ്റും ശ്വസനേന്ദ്രിയം (വായിലൂടെ എടുക്കുന്ന വെള്ളം ചെകിളയിലൂടെ പുറത്തേക്ക് ഒഴുക്കിവിടുമ്പോൾ അതിൽനിന്നു പ്രാണവായു വലിച്ചെടുക്കുന്നു)
ചെകിളപ്പൂ [ചെകിള-പൂ] നാ. മത്സ്യങ്ങളുടെ ശ്വസനേന്ദ്രിയം
ചെകിറി നാ. ചെറിയ ഇനം വാവൽ
ചെകുക്കുക ക്രി. ഇല്ലാതാക്കുക, നശിപ്പിക്കുക, തീർക്കുക
ചെകുതി നാ. 1. നാശം; 2. തോല്വി
ചെകുത്താൻ [അറ.]ശൈത്താൻ] നാ. 1. സാത്താൻ, പിശാച്; 2. ദുർവൃത്തിമാത്രം ചെയ്യുന്ന വ്യക്തി (നന്മയെ ഇഷ്ടപ്പെടാത്തയാൾ, തിന്മയിൽ മുഴുകിയ വ്യക്തി
ചെക്കട്ട നാ. ഒരിനം കാട്ടുകോഴി
ചെക്കൻ1 നാ. ചെറുക്കൻ
ചെക്കൻ2 [ചെക്ക്] നാ. ചക്കാൻ (ചക്കാട്ടുന്നവൻ)
ചെക്കർ1 നാ. ചെമന്ന നിറം
ചെക്കർ2 [ഇം.] നാ. പരിശോധകൻ
ചെക്കൽ നാ. 1. പ്രഭാതസന്ധ്യ (പുലർകാലം); 2. സായംസന്ധ്യ; 3. ചെമപ്പുനിറമുള്ള ആകാശം
ചെക്കാലി നാ. ഒരുജാതി ചെറിയ കടന്നൽ
ചെക്കി1 [പ.മ.] നാ. തെച്ചി. ചെക്കിമാല = തെച്ചിമാല
ചെക്കി2 [പ.മ.] നാ. ചെക്കൻ എന്നതിൻെറ സ്ത്രീലിങ്ഗം
ചെക്കിടി [പ.മ.] നാ. ഇടിനാദം
ചെക്കിടിമിന്നൽ നാ. ഇടിയോടുകൂടിയ മിന്നൽ
ചെക്കിട്ട നാ. ചെക്കട്ട
ചെക്കിപ്പു [ചെക്കി-പൂവ്] നാ. തെറ്റിപ്പൂ
ചെക്കിലിപ്പട്ടി നാ. മെലിഞ്ഞു ചുണകെട്ട പട്ടി
ചെക്കിറ [ചെക്ക്-ഇറ] നാ. ഒരു പഴയ നികുതി (എണ്ണയാട്ടുന്ന ചെക്കിനു ചുമത്തിയിരുന്നത്)
ചെക്ക്1 നാ. ചക്ക്. ചെക്കടിക്കുക = കാളകളെ കെട്ടി ചക്കു പ്രവർത്തിപ്പിക്കുക.
ചെക്ക്2 [ഇം.] നാ. ചെക്കുതുണി
ചെക്ക്3 [ഇം.] നാ. തുക പിൻവലിക്കുന്നതിനുവേണ്ടി ബാങ്കിൻെറയും മറ്റും പേർക്ക് നിക്ഷേപകൻ നൽകുന്ന കുറിമാനം. (പ്ര) ചെക്കുബുക്ക്
ചെക്ക്4 [ഇം.] നാ. ഒരുതരം ചീട്ടുകളി
ചെക്കുതുണി [ഇം.] നാ. ഒരിനം തുണി (ചതുരഖണ്ഡങ്ങൾ വരത്തക്കവണ്ണം നെയ്തെടുത്തത്)
ചെങ്കടൽ നാ. അറേബ്യയ്ക്കും ആഫ്രിക്കയ്ക്കും ഇടയ്ക്കുള്ള കടൽ
ചെങ്കടുക് നാ. ചെമന്ന നിറമുള്ള കടുക്
ചെങ്കട്ടി നാ. 1. കാവിക്കല്ല്; 2. ജാതുലിങ്ഗം
ചെങ്കണക്ക് നാ. മൊത്തക്കണക്ക്
ചെങ്കണ്ണൻ നാ. 1. ചെമന്ന കൺനുള്ളവൻ; 2. കണ്ണിനുമീതെ ചെമന്ന അടയാളമുള്ള കാള; 3. ഒരിനം ചേമ്പ്

ചെങ്കണ്ണി നാ. 1. ചെമന്ന കണ്ണുള്ളവൾ; 2. ഒരിനം പക്ഷി; 3. ഒരുതരം ചമ്പാവു നെല്ല്; 4. ഒരുജാതി മത്സ്യം
ചെങ്കണ്ണ് നാ. 1. ചെമന്ന കണ്ണ്; 2. ഒരു നേത്ര രോഗം
ചെങ്കതിർ നാ. 1. (സൂര്യൻെറ) ചെമന്ന രശ്മി; 2. സൂര്യൻ (ചെമന്നകതിർ ഉള്ളവൻ)
ചെങ്കതിർനാൾ നാ. ഉത്രം നക്ഷത്രം
ചെങ്കതിരോൻ നാ. സൂര്യൻ (പ്രഭാതസൂര്യൻ, അസ്തമനസൂര്യൻ)
ചെങ്കദളി നാ. ഒരിനം വാഴ (ചെമന്ന കദളി)
ചെങ്കനൽ നാ. ചെമന്ന തീക്കട്ട
ചെങ്കം നാ. ഒരു മാർഗം
ചെങ്കമല [മ.ചെം-സം.കമല] നാ. ലക്ഷ്മീദേവി
ചെങ്കമലം നാ. ചെന്താമര
ചെങ്കരപ്പൻ നാ. ഒരിനം വസൂരി രോഗം; 2. രക്തക്കരപ്പൻ
ചെങ്കല്ല് നാ. 1. ചെമന്ന നിറമുള്ള വെട്ടുകല്ല്; 2. ഇഷ്ടിക, ചുടുകട്ട, ചുടുകല്ല്; 3. കാവിമണ്ണ്; 4. മാണിക്യം; 5. ഒരിനം പാറ
ചെങ്കളം നാ. 1. രക്തക്കളം; 2. പോർക്കളംചെങ്കളി നാ. 1. ചെമ്പരത്തിച്ചാറ്; 2. കളിപ്പാക്ക് ഉണ്ടാക്കാൻ ഉപയോഗിക്കുന്ന ഒരു വർണദ്രവ്യം
ചെങ്കണ്ണ് നാ. ഒരു നേത്രരോഗം
ചെങ്കഴൽ നാ. ചുവന്നു മനോഹരമായ പാദം
ചെങ്കഴിനീർ നാ. ചെങ്ങഴിനീർ
ചെങ്കീരി നാ. 1. ഒരിനം കീരി; 2. (പ്ര) പ്രശ്നം പരിഹരിക്കാനായി കൊണ്ടുവരപ്പെട്ട പ്രമാണി
ചെങ്കുട്ടുവൻ നാ. ഒരു ചേര രാജാവ്
ചെങ്കുണ്ടൻ നാ. ഒരുജാതി കാവിപ്പക്ഷി
ചെങ്കുത്ത് നാ. കിഴുക്കാംതൂക്ക്
ചെങ്കുന്തം [മ.ചെം-സം.കുന്ത] നാ. ചോരപുരണ്ട കുന്തം
ചെങ്കുന്തുരുക്കം നാ. കുന്തുരുക്കത്തിൽ ഒരിനം
ചെങ്കുരുതി നാ. ചെഞ്ചോര
ചെങ്കുരുമ്പ നാ. 1. ചെന്തെങ്ങിൻെറ കർക്ക്; 2. ഒരു ചെടി.
781
ചെങ്കുവലയം [മ.ചെം-സം.] നാ. ചെങ്ങഴിനീർ
ചെങ്കൂറ നാ. ചുവന്ന വലിയ പാറ്റ
ചെങ്കൊടി നാ. 1. ചെമന്ന നിറമുള്ള കൊടി; 2. രക്തവർണമായ പതാക
ചെങ്കൊടുവേലി നാ. ചുവന്ന കൊടുവേലി
ചെങ്കോൽ നാ. രാജചി മായ ദണ്ഡ്
ചെങ്ങണം നാ. ചെങ്ങണപ്പുല്ല്
ചെങ്ങനാട് നാ. കൊല്ലത്തിൻെറ പഴയ പേര്
ചെങ്ങഴി നാ. ഒരിനം ആമ്പൽ
ചെങ്ങാതം നാ. ചങ്ങാത്തം
ചെങ്ങാതി നാ. ചങ്ങാതി
ചെങ്ങാലി നാ. കുട്ടത്തിപ്രാവ്

ചെങ്ങാലിക്കുക ക്രി. ആകാശം ചെമന്ന നിറമാകുക
ചെങ്ങുക ക്രി. ചുവക്കുക
ചെച്ച1 നാ. 1. ചുവപ്പ്; 2. ഒരിനം ചുവന്ന കുറിക്കൂട്ട്; 3. ഒരിനം ചുവന്ന രത്നം
ചെച്ച2 നാ. ആട്ടിങ്കുട്ടി
ചെച്ച3 [<ചെറ്റ] നാ. 1. ഓലപ്പുര; 2. താത്കാലികമായി നിർമിച്ച വീട്
ചെച്ച4 നാ. ഒരിനം ചിലങ്ക
ചെഞ്ചന്ദനം നാ. രക്തചന്ദനം
ചെഞ്ചമ്മേ അവ്യ. ചെഞ്ചെമ്മേ
ചെഞ്ചല്യം നാ. നാട്ടുപയിനിൻെറ കറ
ചെഞ്ചാന്ത് നാ. ഒരിനം ചെമന്ന കുറിക്കൂട്ട്
ചെഞ്ചാലി നാ. ചെന്നെല്ല്
ചെഞ്ചാല്യം നാ. ചുവന്ന കാവി
ചെഞ്ചാറ് നാ. 1. കോലരക്ക്; 2. ചായില്യം
ചെഞ്ചീരകം നാ. ചുവന്ന ജീരകം
ചെഞ്ച് നാ. ഭങ്ഗി
ചെഞ്ചുടർ നാ. 1. സൂര്യൻ; 2. അഗ്നി
ചെഞ്ചുണ്ട് നാ. ചുവന്ന ചുണ്ട്
ചെഞ്ചുരുട്ടി നാ. (സങ്ഗീ.) ഒരു രാഗം
ചെഞ്ചൂട് നാ. കനത്ത ചൂട്
ചെഞ്ചെമ്മേ വി. നല്ലവണ്ണം, ഭങ്ഗിയായി
ചെഞ്ചൊടി നാ. ചെമന്ന ചുണ്ട്
ചെഞ്ചോരി നാ. 1. ചെന്നിണം; 2. കോവപ്പഴം
ചെഞ്ചോല നാ. ഭങ്ഗിയുള്ള ഉദ്യാനം
ചെഞ്ചാറ നാ. ഒരിനം ഞാറപ്പക്ഷി
ചെട നാ. = ജട
ചെടൻ [<സം.ചേട] നാ. 1. അടിമ, ഭൃത്യൻ; 2. നെയ്ത്തു തൊഴിലായുള്ള ഒരു ജാതി
ചെടയൻ നാ. = ചടയൻ
ചെടയാട് നാ. ചെമ്മരിയാട് (ജടപോലെ രോമമുള്ളതിനാൽ)
ചെടി1 നാ. ചെറിയതരം വൃക്ഷം
ചെടി2 നാ. 1. അഴുക്ക്; 2. മലം; 3. വളം; 4. പാപം
ചെടി3 നാ. 1. പത്തായത്തിൻെറ കീഴ്പ്പടിയുടെ പുറത്തേക്കു തള്ളിനിൽക്കുന്ന അരിക്; 2. കെട്ടിടത്തിൻെറ ഭിത്തിയുടെ പത്തിരിപ്പ്
ചെടി4 നാ. ശോഭ
ചെടിക്കുക ക്രി. 1. അഴുക്കായിരിക്കുക; 2. തിന്നോകുടിച്ചോ മറ്റോ മതിവരുക, രുചിയില്ലായ്മ അനുഭവപ്പെടുക, അമൽപ്പെടുക; 3. വെറുപ്പുതോന്നുക, മുഷിച്ചിൽ അനുഭവപ്പെടുക
ചെടിക്കുക [<ചെടി] ക്രി. മുളയ്ക്കുക, പടരുക
ചെടിക്കുറ്റം നാ. കുട്ടികൾക്കുണ്ടാകുന്ന ഒരു രോഗം
ചെടിച്ചി [<ചെടി] നാ. പിഴച്ചവൾ, കെട്ടവൾ

ചെടിച്ചെള്ള് നാ. ഒരിനം ചെറുപ്രാണി, ചെടിപ്പേൻ

ചെടിപ്പ് [<ചെടിക്കുക] നാ. ചെടിക്കുന്ന പ്രവൃത്തി

ചെടിപ്പേൻ നാ. ചെടിച്ചെള്ള്

ചെടിമഴ നാ. ചെടികളുടെ ഇലകളിൽ തങ്ങിനിൽക്കുന്ന മഴത്തുള്ളികളുടെ പെയ്ത്ത്

ചെടിയൻ [<ചെടി] നാ. ദുഷിച്ചവൻ, കെട്ടവൻ

ചെടിൽ നാ. 1. കുത്തിയോട്ടം; 2. തൂക്കുവില്ല്

ചെടുക്കനെ അവ്യ. ചട്ടനെ, പെട്ടെന്ന്

ചെടുചെടെ അവ്യ. ചെടുക്കനെ

ചെടുന്നനെ അവ്യ. ചെടുക്കനെ

ചെടുപ്പ് നാ. = ഞെടുപ്പ്

ചെട്ടി[<മാ.ശെട്ഠി] നാ. കച്ചവടം കുലത്തൊഴിലായിട്ടുള്ള ഒരു ജാതി, ആ ജാതിയിൽപ്പെട്ട ആൾ

ചെട്ടിച്ചി നാ. ചെട്ടിജാതിയിൽപ്പെട്ട സ്ത്രീ

ചെട്ടിപ്പൂ നാ. 1. ഒരിനം മുല്ല; 2. അതിൻെറ പൂവ്

ചെട്ടിമാല നാ. പളുങ്കുമാല

ചെട്ടിമിടുക്ക് നാ. കച്ചവടക്കാരൻെറ സാമർഥ്യം

ചെട്ടിയാർ നാ. ചെട്ടി എന്നതിൻെറ പൂ.ബ.വ.

ചെട്ട് [പ.മ.] നാ. 1. കച്ചവടം; 2. കച്ചവടസാമാനം, സാധനം

ചെണ്ട നാ. ഒരു ചർമവാദ്യം

ചെണ്ടക്കാരൻ നാ. 1. ചെണ്ടകൊട്ടുന്നവൻ; 2. കൗശലക്കാരൻ, ചതിയൻ; 3. ശണ്ഠക്കാരൻ

ചെണ്ടക്കുറ്റി നാ. ചെണ്ടയുടെ തടികൊണ്ടുള്ള ഭാഗം

ചെണ്ടക്കോൽ നാ. ചെണ്ടകൊട്ടുന്നതിനുള്ള കമ്പ്

ചെണ്ടത്തം [<ചെണ്ടൻ] നാ. അബദ്ധം, ഭോഷത്തം

ചെണ്ടത്തരം നാ. ചെണ്ടത്തം

ചെണ്ടൻ [<ചെണ്ട] നാ. വിഡ്ഢി, മടയൻ

ചെണ്ടപ്പട നാ. 1. മത്സരച്ചെണ്ട; 2. (പ്ര) ശബ്ദകോലാഹലം; 3. ആധിക്യം

ചെണ്ടപ്പൊതുവാൾ നാ. മലബാറിലെ ഒരു ജാതി

ചെണ്ടപ്പോര് നാ. ചെണ്ടപ്പട

ചെണ്ടമാടുക ക്രി. ചെണ്ടക്കുറ്റിയിൽ തോൽ പൊതിയുക

ചെണ്ടമുറി നാ. 1. ഒരു പലഹാരം; 2. മരിച്ചീനിക്കിഴങ്ങ് കുറുകെ മുറിച്ചു പുഴുങ്ങിയത്

ചെണ്ട് നാ. 1. പൊടിപ്പ് കുഞ്ചം; 2. പൂങ്കുല; 3. പൂച്ചെണ്ട്; 4. നൂൽപ്പന്ത്; 5. ഭങ്ഗി, മനോഹാരിത; 6. ശക്തി, തീക്ഷ്ണത; 7. ചമ്മട്ടി. (പ്ര) ചെണ്ടിടുക = പൂങ്കുല ഉണ്ടാക്കുക

ചെണ്ടുമല്ലിക നാ. 1. ഒരിനം മുല്ല; 2. കൊങ്ങിണിപ്പൂവ്; 3. വാടാമല്ലി

ചെതം നാ. ഭങ്ഗി. (പ്ര) ചെതക്കേട്

ചെതൽ നാ. = ചിതൽ

ചെതുക്കൽ [<ചെതുക്കുക] നാമരൂപം. (പ്ര) ചെതുക്കൽപിടിക്കുക

ചെതുക്ക്1 നാ. 1. ദ്രവിപ്പ്, കേട്; 2. ചീത്തത്തം; 3. അഴുക്ക്; 4. പിശാച്; 5. പെൺകുരങ്ങ്
ചെതുക്ക്2 നാ. 1. പട്ടം (ലോഹംകൊണ്ടും തടികൊണ്ടും ഉള്ള പണികളിൽ ചതുരമായും ദീർഘചതുരമായും മറ്റും ചെയ്യുന്ന പണിത്തരം; 2. കൊത്തുപണി
ചെതുക്കുക1 ക്രി. 1. കൊത്തുപണിചെയ്യുക; 2. പട്ടംചെത്തുക; 3. തടിയുടെ വശത്തുള്ള തൊലി ചെത്തിക്കളഞ്ഞു ഉരുപ്പടികളായി അറുക്കത്തക്കവണ്ണം രൂപപ്പെടുത്തുക, എറിക്കുക
ചെതുക്കുക2 ക്രി. 1. ദ്രവിക്കുക, ചീത്തയാകുക; 2. ദ്രവിപ്പിക്കുക, അഴുക്കുക
ചെതുമ്പൽ നാ. മത്സ്യത്തിൻെറ ശരീരത്തെ പൊതിഞ്ഞ് അടുക്കിയിരിക്കുന്ന കട്ടിയുള്ളതും ദീർഘവൃത്താകൃതിയിലുള്ളതുമായ വസ്തു, ശല്കം
ചെതുമ്പൂരൻ നാ. പഴുതാര, കരിങ്ങാണി
ചെത്ത1 വി. ജീർണിച്ച, ദ്രവിച്ച
ചെത്ത2 [<ചെറ്റ] വി. അൽപം, കുറച്ച്
ചെത്തം1 [<ചെം] നാ. ചൊവ്വ്, ഭങ്ഗി
ചെത്തം2 നാ. ശബ്ദം എന്നതിൻെറ തദ്ഭവം. (പ്ര) ചെത്തവും ചൂരും (ശബ്ദവും ഗന്ധവും)
ചെത്തൽ1 [ചെത്തുക] നാ. ചെത്തുക എന്ന പ്രവൃത്തി
ചെത്തൽ2 [<ചെതുക്കുക] നാ. 1. ജീർണിച്ചത്, ദ്രവിച്ചത്, ഒന്നിനും കൊള്ളാത്തത്; 2. ജീർണത; 3. പല്ലിൻെറ പുറത്ത് പറ്റിപ്പിടിക്കുന്ന ഇത്തിൾ; 4. പല്ലിൻെറ പുഴുക്കേട്; 5. വാടൽ; 6. വാടിവീണതേങ്ങ; 7. ചെതുമ്പൽ; 8. ചക്കക്കുരുവിൻെറ കരിന്തൊലിക്കകത്തു പറ്റിയിരിക്കുന്ന തവിട്ടുനിറത്തിലുള്ള തൊലി
ചെത്തല വി. = ചെത്തില
ചെത്തി1 [ചെത്തുക] ക്രി. ഭുതരൂപം
ചെത്തി2 നാ. = തെച്ചി
ചെത്തിക്കൊടുവേലി നാ. ചുവന്ന പൂവുള്ള കൊടുവേലി
ചെത്തിയാർ നാ. നായർസ്ത്രീകെള പുലയർ സംബോധനചെയ്യുന്ന പദം
ചെത്തില വി. ജീർണിച്ച, മോശമായ, ചീത്ത, കൊള്ളരുതാത്ത
ചെത്ത് [ചെത്തുക] നാ. 1. ചെത്തുകയെന്ന പ്രവൃത്തി, ഭങ്ഗിയുള്ള, യൗവനമുള്ള. (പ്ര) ചെത്തുപയ്യൻ, ചെത്തുടുപ്പ്
ചെത്തു [ചെതുക്കുക] ക്രി. ഭൂതരൂപം
ചെത്തുക [താരത.സം.ഛിദ്] ക്രി. 1. കണ്ടിക്കുക, മുറിക്കുക; 2. കായ്കിഴങ്ങ് മുതലായവയുടെ പുറന്തൊലി കത്തികൊണ്ടു ചീകിക്കളയുക; 3. കള്ള് എടുക്കുക, കള്ള് സംഭരിക്കുന്നതിനായി തെങ്ങിൻെറയും മറ്റും കൂമ്പ് പതംവരുത്തി അരിയുക; 4. ചീകി സമനിരപ്പാക്കുക, കനം കുറയ്ക്കുക; 5. കൊയ്യുക; 6. തൂമ്പകൊണ്ടോ മറ്റോ പുല്ല് തറനിരപ്പിൽ മുറിച്ചെടുക്കുക; 7. മോട്ടോർസൈക്കിൾ പോലുള്ള ഇരുചക്രവാഹനങ്ങൾ അലക്ഷ്യമായി വെട്ടിത്തിരിച്ച് ഓടിച്ചു കേമനാകുക. (പ്ര) ചെത്തിനടക്കുക
ചെത്തുകാരൻ [<ചെത്തുക] നാ. 1. തെങ്ങും മറ്റും ചെത്തി കള്ള് എടുക്കുന്നവൻ; 2. മുറിക്കുന്നവൻ
ചെത്തുപാട് നാ. 1. ചെത്തിയ അടയാളം; 2. മുറിച്ച വശം

ചെത്തുപാട്ടം നാ. 1. ഒരിനം പാട്ടം; 2. വൃക്ഷമുടമയ്ക്കു ചെത്തുകാരൻ കൊടുക്കേണ്ട പാട്ടം
ചെത്തുപൂള് നാ. മരം ചെത്തുമ്പോഴുണ്ടാകുന്ന കനം കുറഞ്ഞ കഷണം
ചെത്തുവള നാ. വശങ്ങൾ പട്ടമായി പണിചെയ്ത ഒരിനം വള
ചെത്തുവഴി നാ. വെട്ടുവഴി (നടപ്പാത)
ചെത്തുളി നാ. 1. ഒരു ഉപകരണം; 2. ആശാരിമാരുടെ ഒരിനം ഉളി
ചെന1 നാ. = ചന
ചെന2 നാ. = ചിന
ചെന്തമിഴ് [ചം-തമിഴ്] നാ. ശുദ്ധമായ തമിഴ്
ചെന്താമരക്കണ്ണൻ നാ. മഹാവിഷ്ണു, ശ്രീകൃഷ്ണൻ
ചെന്താമരനയനൻ നാ. ചെന്താമരക്കണ്ണൻ
ചെന്താർ നാ. 1. ചെമന്ന പൂവ്; 2. തത്തയുടെ കഴുത്തിൽ കാണുന്ന ചെമന്ന രേഖ
ചെന്താർബാണൻ നാ. = ചെന്താരമ്പൻ
ചെന്താർബാണാരി നാ. ശിവൻ
ചെന്താർമകൻ നാ. ബ്രഹ്മാവ് (ചെന്താരിൽ നിന്നു ജനിച്ചവൻ)
ചെന്താർമകൾ നാ. ലക്ഷ്മീദേവി (താമരയിൽ ജനിച്ചവൾ)
ചെന്താർമങ്ക നാ. = ചെന്താർമാനിനി
ചെന്താർമാനിനി നാ. ലക്ഷ്മീദേവി
ചെന്താർശരൻ നാ. = ചെന്താരമ്പൻ
ചെന്താരടി നാ. ചെമന്ന പുഷ്പംപോലെയുള്ള മനോഹരമായ കാലടി
ചെന്താരമ്പൻ നാ. കാമദേവൻ (ചെന്താരാകുന്ന അമ്പോടുകൂടിയവൻ)
ചെന്താരാർമകൾ നാ. = ചെന്താർമകൾ
ചെന്താരിൻമാത് നാ. = ചെന്താർമാനിനി
ചെന്തിരുമങ്ക നാ. മഹാലക്ഷ്മി
ചെന്തിരുമാത് നാ. = ചെന്തിരുമങ്ക
ചെന്തീ നാ. 1. ജ്വലിക്കുന്ന തീയ്; 2. ചൊവ്വാഗ്രഹം
ചെന്തുലുക്കൻചേല നാ. ഒരിനം ചേല
ചെന്തുവരാട നാ. ഒരിനം വസ്ത്രം
ചെന്തുക്ക് നാ. ചെങ്കുത്ത്
ചെന്തൂരകം [<സം.സിന്ദൂരികാ] നാ. 1. തരംതാണ കുങ്കുമം; 2. കുയുമ്പ
ചെന്തെങ്ങ് നാ. ചെമന്ന തേങ്ങയുണ്ടാകുന്ന തെങ്ങ്
ചെന്തൊണ്ടി നാ. തൊണ്ടി. (പ്ര) ചെന്തൊണ്ടിവായ് (ചെന്തൊണ്ടിപ്പഴമ്പോലെ ചുവന്നു മനോഹരമായ ചുണ്ടോടുകൂടിയവായ്)
ചെന്ത്രം1 നാ. 1. ഒരിനം കറി; 2. അസ്ത്രം
ചെന്ത്രം2 [സം.യന്ത്ര] നാ. 1. ഒരുതരം ആഭരണം; 2. എന്ത്രം
ചെന്ത്രോഞ്ഞാല് നാ. യന്ത്ര ഊഞ്ഞാൽ
ചെന്ന,-പട്ടണം നാ. മദിരാശി
ചെന്നം നാ. = കന്നം
ചെന്നായ് നാ. ഒരു ഹിംസ്രജന്തു
ചെന്നി നാ. നെറ്റിക്ക് ഇരുവശത്തും ചെവിക്കു മുകളിലായുള്ള ഭാഗം

ചെന്നിക്കുത്ത് നാ. ഒരു ശിരോരോഗം, തലക്കുത്ത്, സൂര്യരോഗം, കൊടിഞ്ഞിക്കുത്ത്

ചെന്നിക്കുഴി നാ. കവിളെല്ലുകൾക്ക് മുകളിലായി കുഴിഞ്ഞിരിക്കുന്ന ഭാഗം

ചെന്നിനായകം നാ. കയ്പുരസമുള്ള ഒരു അങ്ങാടി മരുന്ന്

ചെന്നിറം നാ. 1. ചെമന്നനിറം; 2. ഭങ്ഗിയുള്ള നിറം

ചെന്നീർ നാ. 1. രക്തം; 2. ചുവപ്പുനിറമുള്ള ദ്രാവകം; 3. വ്രണത്തിൽനിന്നൊലിക്കുന്ന നേരിയ ദ്രാവകം; 3. പുതുമഴയ്ക്കുശേഷം ഒഴുകിവരുന്ന ചെമ്മണ്ണുകലങ്ങിയ വെള്ളം (പ്ര) ചെന്നീരൊലിപ്പ്

ചെപ്പ നാ. ചെള്ള, ചെകിട്

ചെപ്പക്കാരൻ നാ. ഖജാൻജി

ചെപ്പക്കുറ്റി നാ. കരണക്കുറ്റി

ചെപ്പടി നാ. 1. കൺകെട്ട്, ജാലവിദ്യ; 2. സൂത്രം, കളിപ്പിക്കൽ

ചെപ്പൻ വി. ചെമ്പുകൊണ്ടുള്ള. നാ. ചെമ്പുകൊണ്ടുനിർമിച്ച ഒരു അളവുപാത്രം

ചെപ്പം1 [<ചെപ്പ്] നാ. ഭണ്ഡാരം, നിക്ഷേപം

ചെപ്പം2 [ചെം] നാ. 1. ചൊവ്വാഗ്രഹം; 2. വഴി; 3. മനപ്പൊരുത്തം; 4. നിഷ്പക്ഷത, നടുനില

ചെപ്പൽ [<ചെപ്പുക] നാ. ചെപ്പുന്ന പ്രവൃത്തി

ചെപ്പിക്കാട്ടം,-ഷ്ഠം നാ. ചെവിക്കായം

ചെപ്പിക്കായം [ചെപ്പി2-കായം] നാ. = ചെവിക്കായം

ചെപ്പിക്കുടം നാ. ചെപ്പുകുടം

ചെപ്പ്1 നാ. = ചെമ്പ് (സമാസത്തിൽ പൂർവപദമായി വരുമ്പോൾ ഈ രൂപം) ഉദാ: ചെപ്പുക്കുടം, ചെപ്പുപത്രം

783

ചെപ്പ്2 നാ. അടപ്പുള്ള ചെറിയപാത്രം

ചെപ്പ്3 [<ചെപ്പുക] നാ. ചെപ്പുന്ന പ്രവൃത്തി, പറച്ചിൽ

ചെപ്പ്4 [ഇം.] നാ. മത്സരങ്ങളിൽ ആദ്യം ചുവടുവെയ്ക്കാനുള്ള രേഖ

ചെപ്പുക ക്രി. 1. പറയുക; 2. മുറുമുറുക്കുക; 3. ഒച്ചവയ്ക്കുക, ഉച്ചത്തിൽ പറയുക, ശകാരിക്കുക

ചെപ്പുകളി നാ. ചെപ്പടിക്കളി

ചെപ്പുക്കുടം നാ. ചെമ്പുകൊണ്ടുള്ള കുടം

ചെപ്പുകൊട്ടുക ക്രി. ശിശുക്കൾ കൈവെള്ള തമ്മിലടിച്ച് ശബ്ദമുണ്ടാക്കുക

ചെപ്പുപ്പത്തിരം [പ.മ.] നാ. ചെപ്പേട്

ചെപ്പേട് നാ. ചെമ്പുതകിടിൽ എഴുതിയ രേഖ, ചെമ്പുപട്ടയം

ചെം1[ചെങ്ങുക] ധാതുരൂപം

ചെം2[<ചെം1] വി. 1. ചെമന്ന; 2. ഭങ്ഗിയുള്ള, ആകർഷകമായ; 3. ചെവ്വായ; 4. കനം കുറഞ്ഞ

ചെമക്കുക ക്രി. ചെമന്ന നിറമാകുക

ചെമന്ന [ചെമക്കുക] വി. (ഭൂ.പേരെച്ചം) ചെമപ്പുനിറമുള്ള

ചെമപ്പ് [<ചെം] നാ. = ചുവപ്പ്

ചെമല് നാ. = ചുമല്

ചെമല നാ. ചെമപ്പുനിറം
ചെമ്പ1 വി. ചുവന്ന, ചെമ്പുനിറമുള്ള
ചെമ്പ്2 നാ. 1. (സങ്ഗീ.) ചമ്പതാളം; 2. ഒരു ചെറു വൃക്ഷം
ചെമ്പകനാട് നാ. = ചെമ്പകശ്ശേരി
ചെമ്പകബാണൻ നാ. 'ചെമ്പകപുഷ്പം ബാണമായിട്ടുള്ളവൻ' കാമദേവൻ
ചെമ്പകം നാ. = ചമ്പകം
ചെമ്പകമന്നൻ നാ. ചെമ്പകശ്ശേരിനാടു ഭരിച്ചിരുന്ന രാജാവ്
ചെമ്പകരാമൻ നാം. തിരുവിതാംകൂർ മഹാരാജാക്കന്മാർ മാന്യവ്യക്തികൾക്കു നൽകിയിരുന്ന ഒരു സ്ഥാനപ്പേര്
ചെമ്പകശ്ശേരി നാ. ഒരു ചെറിയ രാജ്യം, ഇന്നത്തെ അമ്പലപ്പുഴ
ചെമ്പഞ്ഞി നാ. 1. അരക്ക്, ആലക്തരസം; 2. ചെമന്ന നിറമുള്ള പഞ്ഞി
ചെമ്പഞ്ഞിച്ചാറ് നാ. ലക്ഷാരസം
ചെമ്പട നാ. (സങ്ഗീ.) ചമ്പട
ചെമ്പടവൻ നാ. മീൻപിടിക്കുന്നതു തൊഴിലായുള്ള ഒരു ജാതി, ആ ജാതിയിൽപ്പെട്ടവൻ
ചെമ്പടുപ്പ് നാ. വലിയ ചെമ്പു വയ്ക്കത്തക്കവിധം ഉണ്ടാക്കിയ അടുപ്പ്
ചെമ്പട്ട വി. ചുമന്ന, ചെമ്പിച്ച
ചെമ്പട്ട് [ചെം2-പട്ട്] നാ, ചുവന്ന പട്ട്
ചെമ്പതിറ്റടി [ചെം2-പതിറ്റടി] നാ. ചെമന്ന പൂവുള്ള നാലുമണിച്ചെടി
ചെമ്പൻ [<ചെമ്പ്] വി. 1. ചെമ്പിൻെറ നിറമുള്ള, ചെമന്ന ചെമ്പിച്ച; 2. ചെമ്പുകൊണ്ടു നിർമിച്ച. നാ. 1. ചെമ്പു നിറം ഉള്ളവൻ, ചെമന്ന രോമം ഉള്ളവൻ; 2. മഞ്ഞനിറമുള്ള ഒരുതരം മണ്ണ്; 3. ഒരിനം നെല്ല്
ചെമ്പൻ പറ നാ. ചെമ്പുകൊണ്ടുണ്ടാക്കിയ ഒരിനം വലിയ അളവുപാത്രം
ചെമ്പൻപാടി നാ. ചെമ്പിച്ച തവിട്ടുനിറമുള്ള ഒരു പക്ഷി (വാനമ്പാടിവർഗത്തിൽപ്പെട്ടത്)
ചെമ്പനീർ നാ. ചുവന്ന പൂവുണ്ടാകുന്ന പനിനീർച്ചെടി, റോസ്
ചെമ്പന്തല [ചെമ്പൻ-തല] നാ. ചെമ്പുനിറം ഉള്ള തലമുടി
ചെമ്പയറ് നാ. ഒരിനം ചുവന്ന നിറമുള്ള പയറ്
ചെമ്പരത്തി നാ. ചെമന്ന പൂക്കളുണ്ടാകുന്ന ഒരിനം കുറ്റിച്ചെടി
ചെമ്പരുത്തി നാ. 1. ഒരിനം നല്ല പരുത്തി; 2. ശ്വാസകോശം
ചെമ്പരുന്ത് നാ. ഒരിനം ചെമന്ന പരുന്ത്, ഗരുഡൻ, കൃഷ്ണപ്പരുന്ത്
ചെമ്പലക നാ. മച്ചിൽ തറയ്ക്കുന്ന കനം കുറഞ്ഞ പലക, തട്ടുപലക
ചെമ്പവിഴം നാ. നല്ല പവിഴം
ചെമ്പഴം നാ. നല്ലവണ്ണം പഴുത്തകായ്. ചെമ്പഴംകൊള്ളുക = പഴുത്തു ചുവക്കുക, നെൽക്കതിർ പഴുക്കുക
ചെമ്പഴുക്ക നാ. പഴുത്തുചുവന്ന പാക്ക്
ചെമ്പഴുപ്പ് നാ. കരിമ്പിനെ ബാധിക്കുന്ന ഒരു രോഗം
ചെമ്പറ1 [<ചെമ്പ്] വി. ചെമന്ന, ചെമ്പിൻെറ നിറമുള്ള
ചെമ്പറ2 [ചെം-പറ] നാ. ഒരുതരം ചർമ വാദ്യം
ചെമ്പറം [<ചെം-പുറം] നാ. 1. ചെമപ്പുനിറം; 2. പഴുത്തുചുവന്നകായ്

ചെമ്പറവള്ളി നാ. ഒരിനം വള്ളി. ചെത്തും ചെത്തും ചെമ്പറവള്ളി, പിന്നേം ചെത്തും ചെമ്പറവള്ളി = തലമുടി (കടം.)
ചെമ്പാച്ചോറ്റി നാ. ചെമന്ന പാച്ചോറ്റി
ചെമ്പാണി നാ. ചെമ്പുകൊണ്ടുണ്ടാക്കിയ ആണി
ചെമ്പാതി നാ. നേർപകുതി
ചെമ്പാമ്പ് നാ. 1. ചെമന്ന നിറമുള്ള പാമ്പ്, രക്തമണ്ഡലി; 2. (ജ്യോ) കേതു
ചെമ്പാരി,-ലി വി. ചെമന്ന നിറമുള്ള
ചെമ്പാരിപ്പടം നാ. 1. ചെമപ്പുവസ്ത്രം; 2. ആനപ്പുറത്തുവിരിക്കുന്ന കട്ടിയുള്ള തുണി
ചെമ്പാരിയുപ്പ് നാ. ചെമന്ന നിറമുള്ള ഉപ്പ്
ചെമ്പാലി വി. = ചെമ്പാരി
ചെമ്പിക്കുക ക്രി. ചെമ്പിൻെറ നിറമാകുക, ചെമപ്പുനിറം ആകുക
ചെമ്പില്ല [ചെം-പില്ല] നാ. ഒരിനം മഞ്ഞനിറം
ചെമ്പില്ലം നാ. മുക്കുവരുടെ ഒരു വിഭാഗം
ചെമ്പിറാവള്ളി നാ. = ചെമ്പ്രാവള്ളി
ചെമ്പ് നാ. 1. ഒരിനം ലോഹം, പഞ്ചലോഹങ്ങളിൽ ഒന്ന് (ചെമന്ന നിറം, ഇരുമ്പിനേക്കാൾ കടുപ്പംകുറവ്); 2. ചെമ്പുകൊണ്ടുണ്ടാക്കിയ പരന്ന വലിയപാത്രം; 3. തൂക്കായ വശങ്ങളും ചെറിയ വാവട്ടവുമുള്ള ഒരിനം ചെറിയപാത്രം; 4. ചെമ്പുതകിട്
ചെമ്പുകണ്ടക്കാശ് നാ. തിരുവിതാംകൂറിൽ നിലവിലിരുന്ന ഒരു ചെമ്പുനാണയം
ചെമ്പുകപ്പൽ നാ. ചെമ്പുതകിട് തറച്ചുണ്ടാക്കിയ കപ്പൽ
ചെമ്പുകാശ് നാ. 1. തിരുവിതാംകൂറിൽ പ്രചാരത്തിലിരുന്ന ഒരു ചെമ്പു നാണയം; 2. നാണയം, പണം
ചെമ്പുകിടാരം നാ. ചെമ്പുകൊണ്ടു നിർമിച്ച കിടാരം
ചെമ്പുകെട്ടി നാ. ചെമ്പുകെട്ടിയ ഒരളവുപാത്രം, പറ
ചെമ്പുകൊട്ട നാ. (സദ്യയ്ക്കു ചോറുവിളമ്പാൻ ഉപയോഗിക്കുന്ന) വലിയ ചെമ്പുപാത്രം
ചെമ്പുകൊട്ടി നാ. 1. ചെമ്പുപണിക്കാരൻ; 2. ഒരു പക്ഷി
ചെമ്പുതകിട് നാ. ചെമ്പുകൊണ്ടുണ്ടാക്കിയ തകിട്
ചെമ്പുതട്ടി നാ. ചെമ്പുപണിക്കാരൻ
ചെമ്പുതുട്ട് നാ. ചെമ്പിൽ നിർമിച്ച നാണയം
ചെമ്പുപട്ടയം നാ. ചെപ്പേട്
ചെമ്പുപത്രം [സം.] നാ. ചെപ്പേട്
ചെമ്പുരായ്മൂല നാ. കേരളത്തിൻെറ തെക്കുപടിഞ്ഞാറെ മൂല
ചെമ്പുലി നാ. ചെമന്ന പുള്ളികളുള്ള പുലി, പഴുക്കാപ്പുലി
ചെമ്പുവിരുത്തി നാ. ക്ഷേത്രങ്ങളിലെ ചെമ്പുപണിനടത്തുന്നവർക്ക് പ്രതിഫലമായി വിട്ടുകൊടുത്തിട്ടുള്ള ഭൂമി
ചെമ്പുളകൻ നാ. ഒരുതരം വസൂരി
ചെമ്പുള്ള് നാ. പ്രാവിനോളം വലിപ്പമുള്ള ഒരു പക്ഷി
ചെമ്പൂട്ടി നാ. ചെമ്പുകൊട്ടി
ചെമ്പൂഴി നാ. ചെമന്ന മണ്ണ്

ചെമ്പേട്ട് നാ. ചെപ്പേട്
ചെമ്പൊൻ നാ. മാറ്റുകൂടിയ സ്വർണം, തങ്കം
ചെമ്പൊൽ ചെമ്പൊൻ എന്ന വാക്ക് സമാസത്തിൽ പൂർവപദമായിവരുമ്പോൾ കൈക്കൊള്ളുന്ന രൂപം
ചെമ്പൊൽക്കരം നാ. മനോഹരമായ കൈ
ചെമ്പൊൽത്താർബാണൻ നാ. കാമദേവൻ
ചെമ്പോട്ടി = ചെമ്പുകൊട്ടി
ചെമ്പോത്ത് നാ. ഉപ്പൻ. ചെമ്പോത്തിൻെറ തള്ള ചങ്ങല മുറിക്കുമോ; മയിലാടുംപോലെ ചെമ്പോത്താടുമോ (പഴ.)
ചെമ്പോര് നാ. ചെമന്ന മറുക് (കന്നുകാലികളുടെ ശരീരത്തിലുള്ളത്)
ചെമ്പോല നാ. ചെമ്പുതകിട്, ചെമ്പുപട്ടയം
ചെമ്പ്രാക്കൊടി നാ. തകരം, വെളുത്തീയം
ചെമ്മ നാ. 1. ചെമപ്പ്, ചുവന്നനിറം; 2. ഭങ്ഗി, മനോഹാരിത
ചെമ്മക്കാരൻ നാ. കാരണവൻ
ചെമ്മണ്ട നാ. ബോധം, ഓർമശക്തി
ചെമ്മണ്ണ്,-ൺ നാ. 1. ചെമന്ന മണ്ണ്; 2. കാവിമണ്ണ്
ചെമ്മനാരി നാ. പൊങ്ങൻപനി
ചെമ്മന്താരം നാ. ചുവന്ന പൂവുള്ള മന്താരം
ചെമ്മം നാ. ജന്മം
ചെമ്മരം1 നാ. 1. അങ്കോലം; 2. ഒരിനം വൃക്ഷം
ചെമ്മരം2 നാ. ഉത്തരകേരളത്തിലുള്ള ഒരു പുണ്യക്ഷേത്രം
ചെമ്മരി നാ. നീണ്ടരോമമുള്ള ഒരിനം ആട്
ചെമ്മാക്കുക [ചെം-ആക്കുക] ക്രി. ഭങ്ഗിയാക്കുക, നന്നാക്കുക, നേരെയാക്കുക
ചെമ്മാച്ചൻ [സുറി.] നാ. ചെമ്മാശ്ശൻ
ചെമ്മാത്ത് നാ. ചമ്മാത്ത്
ചെമ്മാൻ1 നാ. ചെമന്ന മാൻ, ഹരിണം
ചെമ്മാൻ2 നാ. തോൽക്കൊല്ലൻ. (സ്ത്രീ.) ചെമ്മാത്തി
ചെമ്മാനം നാ, 1. ചെമന്ന ആകാശം; 2. ചെമ്പാനം. ചെമ്മാനം കണ്ടാൽ അമ്മനത്തു മഴയില്ല (പഴ.)
ചെമ്മാന്ത്രം നാ. ജന്മാന്തരം (പ്ര.) ചൊവ്വും ചെമ്മാന്ത്രവും = നല്ല പ്രവൃത്തിയും കുലീനതയും
ചെമ്മാശ്ശൻ നാ. (ക്രിസ്തു) ശെമ്മാശ് സ്ഥാനം വഹിക്കുന്ന ആൾ
ചെമ്മാശ് [സുറി.] നാ. (ക്രിസ്തു) കത്തനാർ ആകുന്നതിനുമുമ്പുള്ള ഒരു വൈദികസ്ഥാനം
ചെമ്മിഴിക്കുക ക്രി. തറപ്പിച്ചു നോക്കുക
ചെമ്മിഴുകുക ക്രി. കളിമണ്ണും ചാണകവും മറ്റുംകൊണ്ട് മെഴുകി നിരപ്പുവരുത്തുക
ചെമ്മ്1 [ചെമ്മുക] ധാതുരൂപം
ചെമ്മ്2 നാ. 1. ചൊവ്വ്, ഭങ്ഗി; 2. നന്മ, ഭാഗ്യം, ക്ഷേമം, അനുഗ്രഹം; 3. ചെമപ്പുനിറം; 4. ശുദ്ധി

ചെമ്മുക ക്രി. 1. ഇണങ്ങുക, ചേരുക; 2. ഭങ്ഗിയാക്കുക; 3. നിറയുക; 4. ചെമക്കുക
ചെമ്മുരിങ്ങ [ത.ചെമ്മുരുംകൈ] നാ. ചെമന്ന പൂക്കളുള്ള ഒരിനം മുരിങ്ങ
ചെമ്മുല്ല നാ. നല്ലയിനം മുല്ല
ചെമ്മൂക്കൻ നാ. 1. മൂക്കു ചുവന്നവൻ; 2. ഒരിനം മുതല
ചെമ്മൂർത്തം നാ. ചെമ്മോർത്ത്
ചെമ്മെ,-മ്മേ അവ്യ. നല്ലപോലെ, ഭങ്ഗിയായി, ധാരാളമായി
ചെമ്മൊഴി നാ. 1. മനോഹരമായ വാക്ക്; 2. ഒരു ഔഷധച്ചെടി
ചെമ്മോർത്ത് [<ചെമ്മുവരുത്തുക] നാ. ആശംസാസൂചകമായ ഒരു പദം
ചെമ്മോർത്തുക ക്രി. ചെമ്മുവരുത്തുക, നന്മ ആശംസിക്കുക
ചെമ്മോരുക ക്രി. നന്മയുണ്ടാകട്ടെ എന്നു ആശംസിക്കുക
ചെയ് [ചെയ്യുക] ധാതുരൂപം
ചെയ്ക ക്രി. = ചെയ്യുക
ചെയ്യരി നാ. തവിടു കളഞ്ഞെടുത്ത അരി
ചെയ്യി,-യിതി നാ. 1. പ്രവൃത്തി; 2. വർത്തമാനം; 3. സ്ഥിതി, അവസ്ഥ; 4. നടപടി. ചെയ്യിപെട = വസ്തുതയറിയാനായി
ചെയ്യ് [<ചെയ്യുക] അവ്യ. വീതം, ക്രമത്തിൽ. ഉദാ: ഇരുനാഴിചെയ്യ് = ഇരുനാഴിശ്ശെ, ഇരുനാഴിവീതം
ചെയ്ത്താൻ,ചെയി- നാ. സാത്താൻ, പിശാച്
ചെയ്വന [<ചെയ്] നാ. 1. ചെയ്യി, പ്രവൃത്തി; 2. ആഭിചാരം, ക്ഷുദ്രകർമം
ചെയ്വനക്കാരൻ നാ. 1. പ്രവർത്തകൻ; 2. ആഭിചാരംചെയ്യുന്നവൻ, ദുർമന്ത്രവാദി
ചെയൽ1 [ത.ചെയല്] നാ. 1. പ്രവൃത്തി, തൊഴിൽ, പെരുമാറ്റം; 2. കൈവിരുത്, സാമർഥ്യം
ചെയൽ2,ചേൽ നാ. ഒരിനം മത്സ്യം, കയൽ
ചെയി നാ. പുഞ്ചപ്പാടം
ചെയ്യ വി. 1. ചെമന്ന; 2. ഭങ്ഗിയുള്ള; 3. ഐശ്വര്യമുള്ള
ചെയ്യകച്ച നാ. ചെമന്ന കച്ച
ചെയ്യകൂറ നാ. ചെമന്നതുണി, മനോഹരമായ വസ്ത്രം
ചെയ്യൻ [<ചെയ്യ] നാ. ശിവൻ
ചെയ്യൽ [ചെയ്യുക] നാ. ചെയ്യുന്ന പ്രവൃത്തി
ചെയ്യവൻ [ത.] നാ. 1. കുജൻ; 2. സൂര്യൻ; 3. ശിവൻ
ചെയ്യാൾ [ത.] നാ. 'ഐശ്വര്യം ഉള്ളവൾ' ലക്ഷ്മീദേവി
ചെരകുക ക്രി. = ചിരകുക
ചെരങ്ങ് നാ. ചിരങ്ങ്
ചെരട്ട നാ. ചിരട്ട
ചെരണ്ടുക ക്രി. = ചുരണ്ടുക
ചെരന്നൽ,ചെരു- നാ. അകിട്
ചെരപ്പ നാ. 1. ചുരയ്ക്ക; 2. ഒരു നേത്രരോഗം
ചെരയ്ക്കുക ക്രി. = ചിരയ്ക്കുക
ചെരവ നാ. = ചിരവ

ചെരാത് നാ. = ചിരാത്
ചെരിക്കുക ക്രി. = ചരിക്കുക
ചെരിപ്പടി നാ. =ചെരുപ്പടി
ചെരിപ്പ്,ചെരു- [ഗ്രീ] നാ. 1. പാദരക്ഷ; 2. (ശിൽപ) പുരയുടെയും മറ്റും അസ്ഥിവാരം, അടിസ്ഥാനം; 3. ഉഴുതനിലം നിരപ്പാക്കുന്നതിനും കട്ട ഉടയ്ക്കുന്നതിനും മറ്റും വേണ്ടി കാളകളെ കെട്ടി വലിപ്പിക്കുന്ന ഒരു ഉപകരണം, തടിച്ചെരുപ്പ്, നിരപ്പുമരം.
785
ചെരിപ്പുകുത്തി നാ. ചെരിപ്പുണ്ടാക്കുന്നവൻ, തോൽപ്പണിചെയ്യുന്നവൻ
ചെരിപ്പുവാറ് നാ. ചെറിപ്പുമായി കാലിനെ ഘടിപ്പിക്കുന്ന നാട
ചെറിയുക ക്രി. = ചരിയുക
ചെരിവ് നാ. = ചരിവ്
ചെരു നാ. യുദ്ധം
ചെരുക് [ചെരുകുക] ധാതുരൂപം
ചെരുകൽ നാ. ചെരുകുക
ചെരുകുക1 ക്രി. ഒരു വസ്തു മറ്റൊന്നിൻെറ ഉള്ളിൽ കയറ്റിവയ്ക്കുക, രണ്ടെണ്ണത്തിൻെറ ഇടയിൽ കയറ്റി ഉടക്കിവയ്ക്കുക, തിരുകുക
ചെരുകുക2 ക്രി. ചെറുകുക
ചെരുക്കം നാ. ചൊരുക്കം
ചെരുക്കളം നാ. യുദ്ധഭൂമി
ചെരുക്കുക ക്രി. = ചൊരുക്കുക
ചെരുതുക ക്രി. = ചെരുകുക
ചെരുനർ [ത.ചെരൂനർ] നാ. (ബ.വ.)1. ഭടന്മാർ; 2. ശത്രുക്കൾ
ചെരുപ്പടി നാ. 1. ചെരുപ്പിൻെറ അടിഭാഗം; 2. ഉള്ളംകാല്; 3. അസ്ഥിവാരം; 4. പടരുന്ന ഒരിനം ഔഷധച്ചെടി, നിലപ്പുള്ളടി
ചെരുപ്പ് നാ. = ചെരിപ്പ്
ചെരുമൽ [ത.ചരുമുതല്] നാ. ഞെരുക്കം
ചെരുവ് നാ. = ചരിവ്
ചെരുവുക ക്രി. = ചെരുകുക
ചെൽ [ചെല്ലുക] ധാതുരൂപം
ചെല്വം [ത,] നാ. 1. ധനം, സമ്പത്ത്, ഐശ്വര്യം, ഭാഗ്യം; 2. സൗന്ദര്യം, ഭങ്ഗി; 3. മഹിമ
ചെല്വഴി നാ. നേർവഴി
ചെൽവാക്ക് നാ. അന്യർ സ്വീകരിക്കുന്ന വാക്ക്. ചെൽവാക്കുള്ളവൻ = ജനസ്വാധീനമുള്ളവൻ
ചെല നാ. = ചില
ചെലങ്ക നാ. = ചിലങ്ക
ചെലത്ത നാ. ശ്രദ്ധ
ചെലന്തി നാ. ചിലന്തി
ചെലന്നി നാ. ഒരുതരം പ്രമേഹക്കുരു
ചെലപ്പാണ്ടി നാ. = ചിലമ്പാണ്ടി
ചെലമ്പ്1 നാ. = ചിലമ്പ്

ചെലമ്പ്2 അവ്യ. കുറച്ച്, ഇത്തിരി

ചെലമ്പുക ക്രി. = ചിലമ്പുക

ചെലയ്ക്കുക ക്രി. = ചിലയ്ക്കുക

ചെലവറുപ്പ് നാ. 1. ചെലവ് എഴുതിക്കുറയ്ക്കൽ; 2. ചെലവിടൽ

ചെലവാളി നാ. കണ്ടമാനം ചെലവാക്കുന്നവൻ, ധാരാളി

ചെലവിക്കുക ക്രി. ചെലാവിക്കുക

ചെലവ് [<ചെല്ലുക] നാ. 1. സമ്പത്തിൻെറ വിനിയോഗം; 2. നിത്യവൃത്തി; 3. ചെല്ലൽ, സമീപിക്കൽ. (പ്ര) ചെലവഴിക്കുക = ചെലവാക്കുക. ചെലവഴിയുക = ചെലവാക്കുക

ചെലവുചേരിക്കൽ നാ. രാജാവിൻെറയോ ക്ഷേത്രങ്ങളുടെയോ മേൽച്ചെലവിനുവേണ്ടി വിട്ടുകൊടുത്തിട്ടുള്ള ചേരിക്കൽപ്രദേശം

ചെലവുതാപ്പ് നാ. മുദ്രത്താപ്പിൽ അൽപം കുറവുള്ള അളവ്

ചെലവുസാധനക്കാരൻ നാ. തപാൽക്കാരൻ, അഞ്ചൽ ശിപായി

ചെലാൻ നാ. = ചെല്ലാൻ

ചെലാവണൻ [<സം.ശ്രാവണ] നാ. സാക്ഷി

ചെലുക്കുക ക്രി. 1. ചെടിക്കുക; 2. മെലിയുക

ചെലുങ്ങനെ അവ്യ. മെലിഞ്ഞ

ചെലുചെലെ അവ്യ. ചെലുചെലെ ശബ്ദത്തോടെ

ചെലുത്ത നാ. ശ്രദ്ധ

ചെലുത്തൽ [ചെലുത്തുക] നാമരൂപം

ചെലുത്തുക ക്രി. 1 ഉള്ളിൽ കടത്തുക, ഉൾക്കൊള്ളിക്കുക, നിറയ്ക്കുക; 2. അടിച്ചുകയറ്റുക; 3. ഏൽപ്പിക്കുക, കൊടുക്കുക; 4. തിന്നുക, ആവശ്യത്തിൽ കവിഞ്ഞു തിന്നുക, വയറുനിറയ്ക്കുക; 5. പ്രയോഗിക്കുക, വയ്ക്കുക; 6. നിയന്ത്രിക്കുക, ഭരിക്കുക; 7. അർപ്പിക്കുക; 8. ചെലവഴിക്കുക; 9. അയയ്ക്കുക

ചെലോൻ നാ. ഒരു ധാന്യ അളവ്, ചെറിയ നാഴി

ചെല്ലക്കിടാവ് നാ. ചെല്ലപ്പിള്ള

ചെല്ലടം നാ. = ചല്ലടം

ചെല്ലത്ത് അവ്യ. അരികത്ത്, അറ്റത്ത്

ചെല്ലൻ നാ. ഉയർന്ന ജാതിയിൽപ്പെട്ട കുട്ടികളെ താഴ്ന്ന ജാതിക്കാർ സംബോധനചെയ്യാൻ ഉപയോഗിക്കുന്ന പദം

ചെല്ലപ്പണം നാ. വാഴ്ചനഷ്ടപ്പെട്ട നാടുവാഴികൾക്ക് കൊടുത്തിരുന്ന അടുത്തൂൺ

ചെല്ലപ്പിള്ള നാ. ഓമനത്വമുള്ള കുഞ്ഞ്, വാത്സല്യപാത്രമായ ശിശു

ചെല്ലപ്പെട്ടി നാ. 1. മുറുക്കാന്മുതലായവ സൂക്ഷിക്കുന്നതിനുള്ളതും കൊണ്ടുനടക്കാവുന്നതുമായ ലോഹപ്പെട്ടി; 2. പണപ്പെട്ടി

ചെല്ലപ്പേര് നാ. ചെല്ലമായിവിളിക്കുന്ന പേര്, ഓമനപ്പേര്

ചെല്ലം നാ. 1. ഭണ്ഡാരം; 2. ചെല്ലപ്പെട്ടി; 3. വാത്സല്യം; 4. വത്സല്യഭാജനം. ഓമന; 5. വാത്സല്യംതോന്നിക്കുന്നവിധം കുഞ്ഞുങ്ങളിലും മറ്റും കാണുന്ന കൊഞ്ചലും കുഴയലും; 6. ഐശ്വര്യം. ചെല്ലക്കാരൻ = ചെല്ലവുംകൊണ്ട് കൂടെനടക്കുന്ന പരിചാരകൻ. ചെല്ലക്കുതിര = ആവശ്യത്തിനല്ലാതെ ആഡംബരത്തിനു മാത്രമായുള്ള

കുതിര. ചെല്ലച്ചിരി = പുഞ്ചിരി. ചെല്ലനട = മന്ദഗമനം. ചെല്ലംകുഴയുക = കുട്ടികളെപ്പോലെ പെരുമാറുക. ചല്ലംവക = രാജഭണ്ഡാരം വക. ചെല്ലമെരുത്താൽ ചിതലരിക്കും (പഴ.)
ചെല്ലരി [സം.ഝല്ലരീ] നാ. ഒരുതരം വാദ്യം, ജാലറ
ചെല്ലൽ നാ. പോകൽ, എത്തിച്ചേരൽ
ചെല്ലാൻ [<പേർ] നാ. പണം നിക്ഷേപിച്ചതിനുള്ള (ഖജനാവിൽ പണം അടച്ചതിൻെറ വിവരം കാണിക്കുന്ന) രേഖ, ചെല്ലാൻ രസീത്
ചെല്ലാരി നാ. ഒരുതരം അരപ്പട്ട
ചെല്ലി1 നാ. 1. ചെല്ലിപ്പുല്ലുകൊണ്ട് നെയ്തുണ്ടാക്കുന്ന പായ്
ചെല്ലി2 നാ. തെങ്ങിനെ നശിപ്പിക്കുന്ന ഒരുതരം വണ്ട്. ചെല്ലികുത്തുക = തെങ്ങിൻെറ മണ്ടയിലെ മൃദുവായ ഭാഗങ്ങളെ ചെല്ലി കാർന്നുതിന്നുക. ചെല്ലിക്കെണി = ചെല്ലിയെ നശിപ്പിക്കാനുള്ള ഒരിനം കെണി. ചെല്ലിക്കോൽ = തെങ്ങിൻെറ മണ്ടയിൽനിന്ന് ചെല്ലിയെ കുത്തിയെടുക്കാനായി അലക് കൂർപ്പിച്ചുണ്ടാക്കുന്ന ഉപകരണം
ചെല്ലി3 നാ. കൂട്ടംപിരിഞ്ഞുപോയ മൃഗം. ചെല്ലിയെഴുക = കൂട്ടമ്പിരിയുക (മൃഗങ്ങളെന്നപോലെ)
ചെല്ലിക്കുക ക്രി. മെലിയുക
ചെല്ലിപ്പാര നാ. ചെല്ലിപ്പുല്ല് പിഴുതെടുക്കാൻ ഉപയോഗിക്കുന്ന പാര
ചെല്ലുക1 ക്രി. 1. പോകുക; 2. എത്തുക, പ്രാപിക്കുക; 3. ഭോഗിക്കുക; 4. കഴിയുക (ദൂരം കാലം എന്നിവപോലെ); 5. ഉള്ളിൽ കടക്കുക, ഇറങ്ങുക (ആഹാരമെന്നപോലെ); 6. ചെലവാക്കുക. ഉദാ: ചെന്നതു ചെലവ്; 7. നിയമാനുസൃതമായിരിക്കുക; 8. കിട്ടുക, കൊടുക്കുക (സമ്പത്തെന്നപോലെ). ഉദാ: ചെല്ലാനുള്ള തുക, ചെല്ലേണ്ടും പണം. (പ്ര) ചെല്ലാകാശ് = 1. കള്ള നാണയം; 2. വിലകെട്ടത്, സ്ഥാനമില്ലാത്തത്, കൊള്ളരുതാത്തത്
ചെല്ലുക2 ക്രി. ചൊല്ലുക
ചെല്ലുന്തിനടക്കുക ക്രി. (കൂടിയാട്ടത്തിൽ) സ്ത്രീകളെ അനുകരിച്ചു നടക്കുക
ചെവ നാ. ചൂവ
ചെവക്കുക ക്രി. ചെമക്കുക
ചെവള നാ. ചെകിള
ചെവി നാ. കേൾക്കുന്നതിനുള്ള അവയവം, കാത്. ചെവി ഇരയ്ക്കുക, ചെവികൊട്ടിയൂതുക = പെട്ടെന്ന് മറ്റുശബ്ദങ്ങൾ കേൾക്കാതായി ഒരു മുഴക്കം മാത്രം കേൾക്കുന്നതായി അനുഭവപ്പെടുക. ചെവിയോർക്കുക = അകലെയുള്ളതൊ അസ്പഷ്ടമോ ആയ ശബ്ദം എന്തെന്നറിയാൻ ശ്രദ്ധാപൂർവം ചെവിവട്ടമ്പിടിക്കുക. ചെവികടിയൻ = ഏഷണിക്കാരൻ. ചെവികുളിർക്കുക = ചെവിക്കു സുഖം അനുഭവപ്പെടുക. ചെവികൂർപ്പിക്കുക = കേൾക്കാനായി ഏകാഗ്രതയോടെ ചെവിവട്ടംപിടിക്കുക. ചെവികൊടുക്കുക = കേൾക്കുക. ചെവിക്കൊള്ളുക = കേൾക്കുക, അങ്ഗീകരിക്കുക. ചെവിതിന്നുക = രഹസ്യം പറയുക
ചെവിക്കട നാ. ബാഹ്യകർണത്തിൻെറ മുകൾഭാഗം
ചെവിക്കല്ല് നാ. ചെവിയുടെ അകത്തു ശബ്ദവീചിചെന്നു തട്ടുന്ന നേരിയ അവയവം, ശ്രവണ ചർമം
ചെവിക്കാട്ടം നാ. ചെവിക്കായം
ചെവിക്കായം നാ, ചെവിക്കുള്ളിൽ ഉണ്ടാകുന്ന മെഴുകുപോലെയുള്ള വസ്തു, കർണമലം

ചെവിക്കുട(ന്ത)		നാ.	ചെവിമടക്ക്
ചെവിക്കുത്ത്		നാ.	ചെവിവേദന
ചെവിക്കുന്നി		നാ.	1. ബാഹ്യകർണത്തിൻെറ മുകൾഭാഗത്ത് മൊട്ടുപോലെ ഉന്തിനിൽക്കുന്ന ഭാഗം; 2. ചെവിക്കല്ല്
ചെവിക്കുറ്റി		നാ.	1. ചെവിയുടെ ചുവട്, കരണം; 2. ചെവിക്കല്ല്
ചെവിടൻ		നാ.	ചെവികേൾക്കാത്തവൻ. (സ്ത്രീ.) ചെകിടി, ചെവിടി
ചെവിട്1		നാ.	= ചെകിട്. ചെവിടോർക്കുക = ശബ്ദംകേൾക്കുന്നുണ്ടോ എന്നു ശ്രദ്ധിക്കുക
ചെവിട്2		നാ	ഒരളവ്; (2 ചെവിട് = ഒരുപിടി, 5 ചെവിട് = ഒരാഴക്ക്)
ചെവിട്ടാണി		നാ.	ചെവിക്കുറ്റി
ചെവിത്ത		നാ.	ശ്രദ്ധ. ചെവിത്തകെടുക = ശ്രദ്ധയില്ലാതാകുക
ചെവിത്തട്ട്		നാ.	പുറംചെവിയുടെ കീഴ്ഭാഗത്തുള്ള മാംസളമായ ഭാഗം, ചോണ
ചെവിത്തോണ്ടി		നാ.	ചെവിക്കായം തോണ്ടിക്കളയാനുള്ള ഉപകരണം
ചെവിപ്പാമ്പ്		നാ.	പഴുതാരയുടെ വർഗത്തിൽപ്പെട്ട ഒരു ഇഴജീവി, തൊട്ടാലൊട്ടി
ചെവിപ്പീ		നാ.	ചെവിക്കായം
ചെവിപ്പൂവ്		നാ.	1. സ്ത്രീകളുടെ കർണാഭരണം; 2. (കഥകളി, കൂത്ത്, കൃഷ്ണനാട്ടം തുടങ്ങിയവയിൽ) പുരുഷവേഷക്കാർ കാതിലെ കുണ്ഡലത്തിനു മുകളിലണിയുന്ന ഒരു ആഭരണം
ചെവിമടക്ക്		നാ.	ചെവിയുടെ മുകൾഭാഗത്ത് ചെവിക്കും തലയ്ക്കും ഇടയിലുള്ള ഇടുങ്ങിയഭാഗം, ചെവിക്കൊടന്ത
ചെവിയം	[സം.ചവിക]	നാ.	അത്തിത്തിപ്പലി, അതിൻെറ വേര്
ചെവിയിലോത്ത്	[സം.]	നാ.	മരിക്കാറാകുമ്പോൾ ചെവിയിൽ വേദമന്ത്രോച്ചാരണം ചെയ്യൽ
ചെവ്വായ്		നാ.	1. ചെമന്നചുണ്ട്; 2. കുജൻ; 3. കുജവാരം
ചെവ്വാരം		നാ.	ഒരു വസ്തു അനുഭോഗക്രമം, വിളവിൻെറ പങ്ക്
ചെവ്വ്		നാ.	1. ചുവപ്പ്; 2. ഭങ്ഗി; 3. ആർജവം, നേരായസ്ഥിതി. ചൊവ്വാകുക = നേരെയാകുക, നന്നാകുക, ശരിയാകുക
ചെളി,ചളി		നാ.	1. നേർത്തമണ്ണും വെള്ളവും കൂടിക്കുഴഞ്ഞത്; 2. അഴുക്ക്, മാലിന്യം
ചെളിക്കുക1		ക്രി.	ചെലവഴിക്കുക
ചെളിക്കുക2	[<ചെളി]	ക്രി.	1. ചെളിയാക്കുക, അഴുക്കുക; 2. ചലനമുണ്ടാക്കുക; 3. നീരും ചലവും മറ്റും കളയൻ അട്ടയെക്കൊണ്ടു കടിപ്പിക്കുക
ചെളിപ്പ്	[ത.ചെഴിപ്പു]	നാ.	= ചെഴിപ്പ്
ചെളുക്ക	[<സം.ശല്ക]	നാ.	1. മത്സ്യത്തിൻെറ ചെതുമ്പൽ; 2. ചെകിള; 3. വകയ്ക്ക് കൊള്ളാത്ത ആൾ; 4. കീറിയപായ്
ചെള്ള1		നാ.	കവിൾത്തടം, കപോലം
ചെള്ള2		നാ.	= ചള്ള3. ചെള്ളകുത്തുക = 1. ചെളിയാവുക; 2. ചെളിക്കട്ട കുത്തിയെടുത്തു വരമ്പുണ്ടാക്കുക
ചെള്ളക്കുഴി	[ചെള്ള1–കുഴി]	നാ.	നുണക്കുഴി

ചെള്ളക്കുഴി2 [ചെള്ള2-കുഴി] നാ. ചെളിക്കുഴി

ചെള്ളി1 നാ. 1. ചെമ്മീൻ, കൊഞ്ച്; 2. ചെതുമ്പൽ

ചെള്ളി2 നാ. = ചെല്ലി

ചെള്ള് നാ. 1. ഒരു ക്ഷുദ്രജീവി; 2. തെങ്ങും മറ്റും തുരന്നു നശിപ്പിക്കുന്ന ഒരിനം വണ്ട്; 3. ധാന്യങ്ങൾ തുരന്നു നശിപ്പിക്കുന്ന ഒരിനം ചെറുപ്രാണി, നൊച്ചൽ

ചെഴൽ നാ. = ചെഴിൽ

ചെഴി1 [ചെഴിക്കുക] ധാതുരൂപം

ചെഴി2 നാ. (സങ്ഗീ.) ഒരു രാഗം

ചെഴിക്കുക [ത.ചെഴിത്തല്] ക്രി. 1. വർധിക്കുക, തഴയ്ക്കുക, അഭിവൃദ്ധിപ്പെടുക; 2. അഴക് ഉണ്ടാവുക

ചെഴിപ്പ് [<ചെഴിക്കുക] നാ. 1. തഴപ്പ്, വളർച്ച, അഭിവൃദ്ധി; 2. കമ്പോളത്തിൽ ചരക്ക് അധികമായിവന്നെത്തൽ, ചരക്കു കുമിഞ്ഞുകൂടൽ; 3. അഴുക്ക്

ചെഴിൽ [<ചെഴി1] നാ. ശക്തി

ചെഴു [<ചെഴി1] വി. മനോഹരമായ

ചെഴുന്ന [<ചെഴി1] വി. വലിയ, ശക്തമായ

ചെഴും [<ചെഴി1] വി. തഴച്ച, ധാരാളമായുള്ള, നല്ല, മനോഹരമായ

ചെറ നാ. = ചിറ3

ചെറക് നാ. = ചിറക്

ചെറമ്പുക ക്രി. = തിറമ്പുക

ചെറയുക ക്രി. = ചിറയുക

ചെറാക്കത്തി നാ. അറപ്പുകത്തി

ചെറി1 [ത.] നാ. = ചെറിവ്

ചെറി2 [ഇം.] നാ. മധുരമുള്ള പഴമുണ്ടാകുന്ന ഒരിനം ചെടി, അതിന്റെ പഴം

ചെറി3 [ചെറിക്കുക] ധാതുരൂപം

ചെറിക്കുക1 ക്രി. ചെറുക്കുക

ചെറിക്കുക2 [ത.ചെറിത്തല] ക്രി. ഒരുമിച്ചുചേരുക

ചെറിചക്കി നാ. വെളുത്തമുഖമുള്ള ഒരിനം കുരങ്ങ്

ചെറിയ വി. 1. ചെറുത് ആയ, വലിപ്പംകുറഞ്ഞ; 2. ഇളയ. (പ്ര) ചെറിയ തലയ്ക്ക് വലിയ തൊപ്പി. ചെറിയ പാമ്പായാലും വലിയ വടികൊണ്ടടിക്കണം (പഴ)

ചെറിയന്ന് [ചെറിയ-അന്ന്] നാ. ചെറുപ്പകാലം

ചെറിയമ്മ [ചെറിയ-അമ്മ] നാ. 1. അമ്മയുടെ ഇളയസഹോദരി; 2. അച്ഛന്റെ രണ്ടാം ഭാര്യ; 3. ചിറ്റപ്പന്റെ ഭാര്യ; 4. താണജാതിക്കാർ നായർസ്ത്രീകളെ വിളിക്കാനുപയോഗിക്കുന്ന പദം

ചെറിയവൻ [ചെറിയ-അവൻ] നാ. 1. പ്രായം കുറഞ്ഞവൻ, ശിശു, ബാലൻ; 2. പദവികൊണ്ടോ പാണ്ഡിത്യംകൊണ്ടോ താഴ്ന്ന നിലയിലുള്ളവൻ; 3. മുണ്ടൻ

ചെറിയുക ക്രി. നിറയുക, ഞെരങ്ങുക.

787

ചെറിയോൻ [<ചെറിയ] നാ. = ചെറിയവൻ

ചെറിവ് [<ചെറിയുക] നാ. 1. ഞെരുങ്ങുക, ഇടതൂർന്ന മറ്റ്; 2. നിറവ്, പൂർണത, സമൃദ്ധി
ചെറു1 [ചെറുക്കുക] ധാതുരൂപം
ചെറു2 വി. = ചിറു
ചെറുക നാ. ദേഹം
ചെറുകച്ച [ചെറു2-കച്ച] നാ. കോണകം
ചെറുകഥ നാ. 'ചെറിയകഥ' ഒരു ഗദ്യസാഹിത്യരൂപം
ചെറുകരി നാ. കലപ്പയിൽ കൊഴുവുറപ്പിക്കുന്ന ഭാഗം
ചെറുകഴുക്കോൽ നാ. മേൽപ്പുരയുടെ വലിയ കഴുക്കോലിൽ കൊള്ളിച്ചുവയ്ക്കുന്ന ചെറിയ വാരിക്കഴുക്കോൽ
ചെറുകറിവക നാ. ചെറിയതരം മലക്കറി (ചുണ്ടയ്ക്ക, അച്ചിങ്ങ, അമരയ്ക്ക, വഴുതിനങ്ങ, ചീര മുതലായവ)
ചെറുകിട വി. ചെറിയതരത്തിലുള്ള, വലിയതോതിലുള്ളതല്ലാത്ത. ചെറുകിടക്കാരൻ = സാധാരണക്കാരൻ, കുറഞ്ഞ ശമ്പളം വാങ്ങുന്ന ആൾ
ചെറുകുക [ത.ചിറുകുതല്] ക്രി. 1. ചെറുതാകുക; 2. കണ്ണുചുരുങ്ങി കൃഷ്ണമണി മുകളിലേക്കാകുക
ചെറുകുടൽ നാ. ദഹനേന്ദ്രിയത്തിൻെറ ഒരു ഭാഗം ആമാശയം മുതൽ വൻകുടലിൻെറ ആരംഭംവരെയുള്ള കനം കുറഞ്ഞ ദീർഘമായ കുടൽ, പക്വാശയം
ചെറുകുമ്പളം നാ. ചെറിയ കായുണ്ടാകുന്ന ഒരിനം കുമ്പളം, നെയ്ക്കുമ്പളം
ചെറുകെ [<ചെറു2] അവ്യ. ചെറുതാകത്തക്കവണ്ണം
ചെറുകൊടി നാ. 1. ഒരിനം കുരുമുളകുവള്ളി; 2. ഒരിനം വെറ്റിലവള്ളി
ചെറുക്കൻ [ത,ചിറുവൻ] നാ. 1. ആൺകുട്ടി; 2. ബാലഭൃത്യൻ (സമൂഹത്തിൽ സ്ഥാനംകുറഞ്ഞവരുടെ ആൺകുട്ടികളെ കുറിക്കാനും പ്രയോഗം); 3. വരൻ
ചെറുക്കനെ [<ചെറു2] അവ്യ. ചെറുതുചെറുതായി, തുണ്ടുതുണ്ടായി
ചെറുക്കൽ [ചെറുക്കുക] നാമരൂപം
ചെറുക്കാൽവട്ടം [ചെറുമുക്കാൽവട്ടം] നാ. ചെറിയക്ഷേത്രം
ചെറുക്കുക1 ക്രി. 1. തടയുക; 2. എതിർക്കുക, ഏറ്റുമുട്ടുക, നേരിടുക; 3. നിയന്ത്രിക്കുക, കീഴ്പ്പെടുത്തുക; 4. കൊല്ലുക
ചെറുക്കുക2 [ചെറുകുക>] ക്രി. ചുരുക്കുക
ചെറുജന്മം നാ. ചെറുതരം അവകാശം (കണിയാൻ, ആശാരി, തട്ടാൻ, മലയൻ, വേലൻ, ക്ഷുരകൻ എന്നിവർക്ക് ഓരോദേശത്ത് കുലക്രമാഗതമായ തൊഴിൽനടത്തുവാനും വിശേഷദിവസങ്ങളിൽ പങ്കുപറ്റുവാനും ഉള്ള അവകാശം)
ചെറുതണ്ടി വി. ചെറിയതരത്തിലുള്ള, ചെറുതരമായ
ചെറുതരം [ചെറു2-തരം] വി. ചെറിയതരം, വലുതല്ലാത്ത
ചെറുതാലി നാ. ഒരു കണ്ഠാഭരണം, നമ്പൂരിസ്ത്രീകൾ മങ്ഗല്യസൂത്രത്തിൽ കോർത്തിടുന്ന ചെറിയതാലി
ചെറുതിണ്ണ നാ. സാധാരണയിൽ താണതും വീതികുറഞ്ഞതുമായ തിണ്ണ, ഉയർന്ന കോലായുടെ പാദമായി അതിൻെറ അടിയിൽ തള്ളിനിൽക്കുന്ന തറ
ചെറുത് നാ. ആകൃതിയിലോ പ്രാധാന്യത്തിലോ കുറവുള്ളത്
ചെറുതേൻ നാ. ചെറുതേനീച്ച സംഭരിക്കുന്ന തേൻ
ചെറുനർ നാ. (ബ.വ.) ശത്രുക്കൾ

ചെറുനാക്ക് നാ. 1. കുറുനാക്ക്, ഉൾനാക്ക്; 2. നാക്കിന്റെ കീഴിലായി ഉണ്ടാകുന്ന ഒരു രോഗം; 3. കലപ്പയുടെ അറ്റത്തു ചേർത്തുവയ്ക്കുന്ന കൊഴുവ്

ചെറുനാരകം നാ. ജോനകനാരകം

ചെറുനാവ് നാ. ചെറുനാക്ക്

ചെറുനാസിക നാ. ഭിത്തിയിൽചെയ്യുന്ന ഒരു അലങ്കാരപ്പണി

ചെറുനാഴി നാ. 1. ഇടങ്ങഴിയുടെ നാലിൽ ഒന്ന്, നാഴി; 2. നിശ്ചിത അളവിൽ കുറവുള്ള നാഴി, കള്ളനാഴി

ചെറുനീര് നാ. മൂത്രം

ചെറുപഞ്ചമൂലം നാ. ഓരില മൂവില ചെറുവഴുതിന ഞെരിഞ്ഞിൽ വെളുത്തചുണ്ട ഈ അഞ്ചുചെടികളുടെ വേരുകൾക്ക് ഒരുമിച്ചുപറയുന്ന പേര്

ചെറുപയറ് നാ. പയറുവർഗത്തിൽപ്പെട്ട ഒരു ചെടി, അതിന്റെ കായ്

ചെറുപുള്ളി നാ. 1. ചെറിയപുള്ളി; 2. ഒരുവിധം കഴിഞ്ഞുകൂടുവാൻ വകയുള്ളവൻ; 3. നിസ്സാരമായത്

ചെറുപുള്ള് നാ. ചെറിയ ഇനം പ്രാപ്പിടിയൻ പക്ഷി

ചെറുപൂള നാ. ഒരിനം ചെറിയ ചെടി, ദശപുഷ്പങ്ങളിൽ ഒന്ന്, ബലിപ്പൂവ്

ചെറുപ്പം [<ചെറു2] നാ. ചെറുതായിരിക്കുന്ന അവസ്ഥ

ചെറുപ്പ് [ചെറുക്കുക1] നാ. 1. എതിർക്കൽ, തടസ്സം, എതിർപ്പ്; 2. മൃഗങ്ങൾ വരാനിടയുള്ള വഴിയിൽ വേട്ടക്കാർ പതിയിരിക്കുന്ന സ്ഥലം; 3. മുന്നോട്ടുള്ള ഗതിതടഞ്ഞു നിർത്തുന്നത്; 4. ചെറ്റ, ഓലമറ

ചെറുപ്പുള്ളടി [ത.ചിറുപുള്ളടി] നാ. ഒരിനം ഏകവാർഷികച്ചെടി, നിലമ്പരണ്ട

ചെറുപ്പുള്ള് നാ. 1. ചെറുപുള്ള്; 2. മണ്ണിനടിയിൽ ജീവിക്കുന്ന ഒരിനം ചെറുജീവി

ചെറുപ്പുൾ നാ. കൊഴുവിനെ കലപ്പയോടു ഘടിപ്പിക്കുന്ന തടിക്കഷണം

ചെറുപ്പുള നാ. = ചെറുപൂള

ചെറുമ [<ചെറു2] നാ. ചെറുപ്പം

ചെറുമകൻ നാ. മകളുടെയോ മകന്റെയോ മകൻ

ചെറുമക്കൾ [ചെറു2-മക്കൾ] നാ. 1. മക്കളുടെ മക്കൾ; 2. പുലയർ പറയർ കുറവർ തുടങ്ങിയ താണജാതിക്കാർ

ചെറുമണി നാ. 1. ഒരിനം നെല്ല്; 2. അരയിൽ കെട്ടുന്ന ചെറിയ മണി, അരമണി

ചെറുമൻ നാ. 1. കുട്ടി, ബാലൻ; 2. താണജാതിയിൽപ്പെട്ടവൻ; 3. നീചൻ, നിന്ദ്യൻ, അധമൻ; 4. വേലക്കാരൻ

ചെറുമപ്പാട് നാ. (പഴയകാലത്ത്) സവർണരെ തീണ്ടാതിരിക്കാൻവേണ്ടി ചെറുമൻ നിൽക്കേണ്ടിയിരുന്ന നിശ്ചിത അകലം

ചെറുമപ്പാട്ടം നാ. പണ്ട് അടിമകളായ ചെറുമന്മാരെ മറ്റൊരാൾക്കു വിട്ടുകൊടുക്കുന്നതിനു സ്വീകരിച്ചിരുന്ന പാട്ടത്തുക

ചെറുമി നാ. 'ചെറുമൻ എന്നതിന്റെ സ്ത്രീരൂപം

ചെറുമുഞ്ഞ നാ. കാട്ടുമൂഞ്ഞ

ചെറുമുണ്ടി നാ. ഒരിനം വെള്ളക്കൊക്ക്, ചെറിയ മുണ്ടിക്കൊക്ക്

ചെറുമുണ്ട് നാ. 1. വലിപ്പം കുറഞ്ഞ മുണ്ട്, തോർത്ത്; 2. കൗപീനം

ചെറുശ്ശേരി നാ. കൃഷ്ണഗാഥയുടെ കർത്താവായ നമ്പൂതിരിയുടെ ഇല്ലപ്പേര് (കൃഷ്ണഗാഥയെയും അതിൻെറ കർത്താവിനെയും കുറിക്കാനും പ്രയോഗം). ചെറുശ്ശേരിവൃത്തം = കൃഷ്ണഗാഥയിൽ ഉപയോഗിച്ചിട്ടുള്ള മഞ്ജരിവൃത്തം

ചെറ്റ നാ. 1. മറ, തട്ടി (ഓലകൊണ്ടോ മുളംകീറുകൊണ്ടോ കെട്ടിയുണ്ടാക്കുന്ന മറയോ തട്ടിയോ, ചുമരോ, വാതിൽപ്പാളിയോ); 2. ചെറ്റക്കുടിൽ; 3. തീക്കൊള്ളി; 4. വയ്ക്കോൽ; 5. നീചൻ; 6. ചീത്തയായവസ്തു

ചെറ്റക്കുടിൽ നാ. ചെറ്റകൊണ്ടുണ്ടാക്കിയ കുടിൽ, ഓലപ്പുര

ചെറ്റത്തം [<ചെറ്റ] നാ. = ചെറ്റത്തരം

ചെറ്റത്തരം [ചെറ്റ-തരം] നാ. ഹീനത, നീചപ്രവൃത്തി

ചെറ്റപ്പുര നാ. ചെറ്റക്കുടിൽ

ചെറ്റം1 [<ചെറുക്കുക] നാ. 1. എതിർപ്പ്; 2. വെറുപ്പ്; 3. പക

ചെറ്റം2 അവ്യ. കുറച്ചെങ്കിലും, ഒട്ടും, അൽപമ്പോലും

ചെറ്റൽ [<ചെറ്റുക] നാ. നാശം

ചെറ്റലർ [<ചെറുക്കുക] നാ. (ബ.വ.) ശത്രുക്കൾ

ചെറ്റി നാ. തെറ്റിച്ചെടി

ചെറ്റ്1 [<ചെറു2] അവ്യ. അൽപം, കുറച്ച്

ചെറ്റ്2 നാ. ചെരിവ്

ചെറ്റുക ക്രി. കൊല്ലുക

ചെറ്റെന്ന് [<തെറ്റെന്ന്] അവ്യ. വേഗത്തിൽ

ചെറ്റേടം [<ചെറ്റ്1-ഇടം] നാ. കുറച്ചുദൂരം

ചേകം [മാ.ശേവഗ] നാ. 1. ചേകവം; 2. ശമ്പളം

ചേകൻ നാ. ചേകോൻ

ചേകൽ1 [ചേകുക] നാ. ചേകുക എന്ന പ്രവൃത്തി (പ്ര.) ചേകലിടുക = കോഴി ഇണചേരുക

ചേകൽ2 നാ. 1. ആൺപക്ഷി (ചാവൽ); 2. ഒരുതരം പുല്ല്

ചേകവൻ [മാ.ശേവഗ] നാ. 1. ഭൃത്യൻ, പരിചാരകൻ; 2. ഭാറ്റൻ, പോരാളി (യുദ്ധമുറവിദഗ്ധൻ); 3. ഭടവൃത്തിസ്വീകരിച്ച ഈഴവൻ; 4. ഈഴവൻ (പ്ര.) ചേകവപ്പണി, ഭൃത്യവൃത്തി

ചേകവം [മാ.ശേവഗ] നാ. 1. ഭടവൃത്തി; 2. ഭൃത്യവൃത്തി

ചേകാരം നാ. സൈന്യസേവനം

ചേകിക്കുക ക്രി. സേവിക്കുക

ചേകിതാനൻ [സം.ചേകിതാന] നാ. 1. ശിവൻ; 2. (പുരാണ.) ഒരു യാദവരാജാവ് (കേകയരാജാവായ ധൃതകേതുവിൻെറ പുത്രൻ, മഹാഭാരതയുദ്ധത്തിൽ ഇദ്ദേഹം പാണ്ഡവപക്ഷം ചേർന്നു യുദ്ധംചെയ്തു)

ചേകു നാ. 1. ചെമപ്പുനിറം; 2. കുറ്റം, കുറവ്; 3. മറുക്; 4. അടയാളം

ചേകുക ക്രി. (പക്ഷികൾ) ചേക കയറുക

ചേകുവം നാ. = ചേവകം

ചേകോൻ നാ. 1. ചേകവൻ. (പ്ര,)ചേകോപ്പണി; 2. സേവകവൃത്തി; 3. പരിചാരകവേല; 4. സൈന്യസേവനം

ചേക്ക,ചേക്ക് നാ. 1. (പക്ഷികൾ) വിശ്രമത്തിനായി ചെന്നിരിക്കുന്ന സ്ഥാനം (മരക്കൊമ്പും മറ്റും); 2. അഭയസ്ഥാനം; 3. അടുപ്പം; 4. ഒരു ജാതി പുല്ല്; 5. പട്ടട. (പ്ര.) ചേക്കേറുക = പക്ഷികൾ വിശ്രമത്തിനായി മരക്കൊമ്പിലോ കൂട്ടിലോ മറ്റോ ചെന്നിരിക്കുക; ചേക്ക മാന്തുക = പക്ഷികളും മൃഗങ്ങളും കിടക്കാനുള്ള സ്ഥലം മാന്തി ഒരുക്കുക; ചേക്കയിരിക്കുക,-കേറുക,-ഏറുക = (പക്ഷികളും മറ്റും) വിശ്രമസ്ഥാനത്തു ചെന്നുകേറുക

ചേക്കക്കാൽ നാ. വളർത്തു പക്ഷികൾക്കു ചേക്കേറാനുവേണ്ടി നിർമിച്ചിട്ടുള്ള തൂണ്

ചേക്കമരം നാ. പക്ഷികൾ ചേക്കേറുന്ന മരം

ചേക്കൽ നാ. അഴുകൽ, ചീയൽ (പ്ര.) ചേക്കലോടുക, ചെന്നീരോടുക

ചേക്കാല [ചേക്ക്-ആല] നാ. ചേക്കേറുന്ന സ്ഥലം

ചേക്കാലി നാ. ഒരുതരം വേട്ടാളൻ (കാലിൽ ചേറ് ഉരുട്ടിക്കൊണ്ടുവന്ന് കൂടുവയ്ക്കുന്നതിനാൽ ഈ പേര്

ചേക്കാള നാ. ചേവുകാള, വിത്തുകാള

ചേക്കിടം [ചേക്ക്-ഇടം] നാ. ചേക്ക ഇരിക്കാനുള്ള സ്ഥലം

ചേക്കിരിക്കുക ക്രി. ചേക്കയിരിക്കുക

ചേക്ക്1 നാ. ചേക്ക

ചേക്ക്2 നാ. 1. ഒരുതരം ചൂതുകളി; 2. ചീട്ടുകളിയിൽ ഒരാളിൻെറ പക്കലുള്ള ഒരിനത്തിൽപ്പെട്ട ഒറ്റച്ചീട്ട്

ചേക്ക്3 [അറ.] നാ. ശേഖ് (ഷെയ്ക്ക്). വാക്കു ചേക്കിനെപ്പോലെ, ചേലുചൈത്താനെപ്പോലെ (പഴ.)

ചേങ്കല നാ. ചേങ്ങില

ചേങ്കൂടുക [ചേൺ-കൂടുക] ക്രി. കോഴി ഇണചേരുക

ചേങ്ങല നാ. = ചേങ്ങില

ചേങ്ങില നാ. ഒരു വദ്യോപകരണം

ചേച്ചി നാ. മൂത്തസഹോദരി

ചേടകം നാ. 1. സഞ്ചിയുടെയോ പെട്ടിയുടെയോ ആകൃതിയുള്ള ഒരു പാത്രം; 2. ചെപ്പടിവിദ്യ

ചേടകൻ [സം.ചേടക] നാ. ചേടൻ

ചേടത്തി നാ. ചേട്ടത്തി

ചേടൻ [സം.ചേട] നാ. 1. ഭൃത്യൻ; 2. പദവിയിൽ കുറവോ ആശ്രിതത്വമോ ഉള്ളവനെ സ്നേഹിതനായി കണക്കാക്കുന്നവൻ; 3. ജാരൻ; 4. യുവാവ്; 5. ഒരു ജാതിനാമം (നെയ്ത്തുതൊഴിൽ)

ചേടി1 [സം.ചേടീ] നാ. ഭൃത്യ, വേലക്കാരി

ചേടി2 നാ. 1. ഒരിനം വെളുത്ത കളിമണ്ണ്; 2. ഇടയത്തെരുവ്

ചേടിക [സം.ചേടികാ] നാ. ചേടി

ചേടിച്ചി നാ. ദാസി, ജോലിക്കാരി

ചേടിപഞ്ചമം [സം.-പഞ്ചമ] നാ. കൂടിയാട്ടത്തിൽ ശ്ലോകംചൊല്ലുന്ന രീതികളിൽ ഒന്ന്

ചേട് നാ. 1. അഴക്; 2. ചെറുപ്പം; 3. പെരുമ

ചേട്ട [സം.ജേഷ്ഠാ] നാ. 1. ദാരിദ്ര്യത്തിൻെറയും ഭാഗ്യദോഷത്തിൻെറയും ദേവത, മൂതേവി; 2. ദുർബുദ്ധിയുള്ളവൾ, ദുർഗുണങ്ങളുള്ളവൾ; 3. ജ്യേഷ്ഠത്തി; 4. ഒരിനം പാമ്പ്; 5. ഐശ്വര്യമില്ലായ്മ, വൃത്തികേട്, മുഷിച്ചിൽ. ചേട്ടയ്ക്കു പിണക്കം നല്ലിഷ്ടം. ചേട്ടയ്ക്കു പിണക്കവും അട്ടയ്ക്കു കലക്കവും ഇഷ്ടം (പഴ.)

ചേട്ടത്തം നാ. ദുശ്ശീലം (ചേട്ടയുടെ സ്വഭാവം)

ചേട്ടത്തി [സം.ജ്യേഷ്ഠ-സ്ത്രീ] നാ. 1. ചേച്ചി; 2. ജ്യേഷ്ഠൻെറ ഭാര്യ; 3. ഭർത്താവിൻെറ ജ്യേഷ്ഠൻെറ ഭാര്യ; 4. ഭാര്യയുടെ മൂത്തസഹോദരി; 5. ക്രിസ്ത്യാനി സ്ത്രീകളെ കുറിക്കാൻ മറ്റുള്ളവർ ഉപയോഗിക്കുന്ന ഒരു പദം. ചേട്ടത്തിയനുജത്തിമക്കളും ചേമ്പിലപ്പുറത്തെ വെള്ളവും സമം (പഴ.)

ചേട്ടത്തിയമ്മ നാ. ചേട്ടത്തി

ചേട്ടൻ [സം.ജ്യേഷ്ഠ] നാ. 1. മൂത്തസഹോദരൻ; 2. ഭാര്യയുടെ ജ്യേഷ്ഠസഹോദരിയുടെ ഭർത്താവ്; 3. ഭർത്താവിൻെറ ജ്യേഷ്ഠസഹോദരൻ; 4. ജ്യേഷ്ഠത്തിയുടെ ഭർത്താവ്

ചേട്ടാപോതി നാ. ജ്യേഷ്ഠഭഗവതി

ചേൺ നാ. ചേണ്

ചേണം നാ. 1. ഒരുതരം ജീനി; 2. മെത്ത

ചേണാർന്ന [ചേണ്-ആർന്ന] വി. 1. ഭങ്ഗിയുള്ള; 2. ശക്തിയുള്ള, ബലമുള്ള; 3. മേൽത്തരമായ, ശ്രേഷ്ഠമായ

ചേണി [സം.ശ്രേണി] നാ. ഏണി

ചേണ്1 നാ. 1. അഴക്, തിളക്കം; 2. ശക്തി

ചേണ്2 നാ. 1. അകലം, വിസ്തൃതി, ഉന്നതി; 2. ആകാശം; 3. സ്വർഗം; 4. മീൻപിടിക്കാനുള്ള ഒരു ഉപകരണം (വേഴൽച്ചീളികൊണ്ട് നിർമിക്കുന്നു).

789

ചേതം നാ. നഷ്ടം, നാശം. ചേതംവന്നാലും ചിതം വേണം (പഴ.)

ചേതക [സം.] വി. 1. ചിന്തിപ്പിക്കുന്ന; 2. ചൈതന്യമുള്ള

ചേതകി നാ. കടുക്ക, കടുക്കാമരം

ചേതന [സം.ചേതനാ] നാ. 1. ബുദ്ധി, ബോധം; 2. അറിവ്, ജ്ഞാനം; 3. ജീവൻ

ചേതനത [സം.ചേതന-താ] നാ. ചൈതന്യവത്തായ സ്ഥിതി

ചേതനൻ [സം.] നാ. 1. ജീവനുള്ളവൻ (അറിവുള്ളവൻ, മനുഷ്യൻ); 2. പരമാത്മാവ് (സകലജീവികളിലും ജീവനായിവർത്തിക്കുന്നവൻ)

ചേതനം [സം.] നാ. 1. ജീവനുള്ളത്; 2. ജീവൻ; 3. അറിവ് (പ്ര.) ചേതനാചേതനങ്ങൾ

ചേതനാവാൻ [സം.-വത്] നാ. ബോധമുള്ളവൻ

ചേതപാതം നാ. നഷ്ടം, നാശം

ചേതപ്പെടുക ക്രി. നഷ്ടപ്പെടുക, നശിക്കുക

ചേതയിതാവ് [സം.ചേതയിതൃ] നാ. ചൈതന്യം കൊടുക്കുന്നവൻ, പ്രകാശിപ്പിക്കുന്നവൻ

ചേതവാരം നാ. ആഭരണപ്പണിയിൽ ചേതംവരുന്ന ലോഹം, അതിനുകൊടുക്കുന്ന നഷ്ടപരിഹാരം, ചേതാരം

ചേതസ്സ് [സം.ചെതസ്] നാ. ചിത്തം, മനസ്സ്

ചേതാരം നാ. = ചേതവാരം
ചേതി1 നാ. 1. രീതി, മാതിരി, സ്വഭാവം; 2. വാർത്ത, സംഭവം
ചേതി2 [<സം.ജഗതീ] നാ. 1. ചെറുതിണ്ണ, ഇറയത്തിൻെറ വക്ക്. (പ്ര.) ചേതിക്കല്ല് = അസ്തിവാരത്തിൻെറ പുറത്തെ കെട്ട്
ചേതിരിവ് നാ. (ശിൽപ) പറ്റുകഴുക്കോൽ (മൂലക്കഴുക്കോലിൽനിന്ന് ഇരുപുറത്തോട്ടും ഇറക്കുന്ന കഴുക്കോൽ)
ചേതോ [സം.] ചേതസ് എന്ന പദം സമാസത്തിൽ പൂർവപദമായിവരുമ്പോൾ ഉത്തരപദാദിയിൽ നാദിവ്യഞ്ജനങ്ങളാണെങ്കിൽ കൈക്കൊള്ളുന്ന രൂപം
ചേതോഗതം [സം.-ഗത] നാ. ആഗ്രഹം, ചിന്ത
ചേതോഗതി [സം.-ഗതി] നാ. ചിന്ത, ആഗ്രഹം
ചേതോജന്മാവ് [സം.-ജന്മൻ] നാ. ചേതോഭവൻ
ചേതോദർപ്പണം [സം.-ദർപ്പണ] നാ. മനസ്സ് (മനസ്സാകുന്ന കണ്ണാടി)
ചേതോഭവൻ [സം.-ഭവ] നാ. കാമദേവൻ (ചേതസ്സിൽ ഭവിക്കുന്നവൻ)
ചേതോഭൂവ് [സം.ഭൂ] നാ. ചേതോഭവൻ
ചേതോമോഹന [സം.-മോഹന] വി. മനോഹരമായ, വശ്യമായ
ചേതോരങ്ഗം [സം.-രങ്ഗ] നാ. മനസ്സ് (മനസ്സാകുന്ന രങ്ഗം)
ചേതോവികാരം [സം.-വികാര] നാ. മനസ്സിൽ ഉണ്ടാകുന്ന വികാരം (മനസ്സിനെ സ്വാധീനിക്കുന്ന വികാരം)
ചേതോഹര [സം.-ഹര] വി. സൗന്ദര്യമുള്ള (മനസ്സിനെ അപഹരിക്കുന്ന)
ചേതോഹാരി [സം.-ഹാരിൻ] വി. സൗന്ദര്യമുള്ള, ഭങ്ഗിയുള്ള, മനോഹാരിതയുള്ള
ചേത്ഥം [സം.] നാ. 1. (ജ്യോ) മീനമ്രാശി; 2. നീർമനുഷ്യൻ
ചേദി[സം.] നാ. 1. ഒരു യദുവംശരാജാവ്; 2. ഉത്തരേന്ത്യയിൽ പണ്ടുണ്ടായിരുന്ന ഒരു രാജ്യം (യദുവംശജനായ വേദി ഭരിച്ചിരുന്നതിനാൽ ഈ പേര്)
ചേദ്യൻ [സം.] നാ. ചേദിരാജൻ
ചേദ്യബ്ദം [സം.ചേദി-അബ്ദ] നാ. ഭാരതഖണ്ഡത്തിലെ അബ്ദങ്ങളിൽ ഒന്ന് (ക്രി.വ.249-ൽ ആരംഭിച്ചു)
ചേന നാ. ഒരു ഭൂകാണ്ഡം, കിഴങ്ങുവർഗത്തിൽ ഒരിനം (പ്ര.) ചേനകളി = കുട്ടികളുടെ ഒരു കളി
ചേനക്കൊമ്പൻ നാ. കലമാൻ
ചേനത്തണ്ടൻ നാ. 1. ഒരുജാതി വിഷപ്പാമ്പ്, മണ്ഡലിവർഗത്തിൽപ്പെട്ടത്; 2. ഒരിനം മരിച്ചീനി; 3. ഒരുതരം വസ്ത്രം; 4. ഒരുതരം വഴുതിനങ്ങ
ചേനത്തലയൻ നാ. കഷണ്ടിത്തലയൻ
ചേനപ്പാര് നാ. ചേനക്കൃഷിക്ക് യോജിച്ച ഉറച്ച മണ്ണ്
ചേനമണ്ഡലി [മ.] നാ. ചേനത്തണ്ടൻ
ചേനി നാ. ഗ്രാമം
ചേന്തണ നാ. നൊലം, വയൽ
ചേന്തൻ നാ. = ജയന്തൻ
ചേന്തൽ [ചേന്തുക] ധാതുരൂപം

ചേന്തി നാ. തുലാക്കൈ, കഴി (മച്ചുപലകകളുടെ വിടവുമറയത്തക്കവണ്ണം തുലാത്തിന്മേൽ വിലങ്ങനെ പണിതുകൊള്ളിക്കുന്ന പട്ടിക)
ചേന്ത്1 നാ. ചേന്തിയെടുത്ത കഷണം
ചെന്ത്2 നാ. 1. ചെമപ്പ്; 2. അഗ്നി
ചേന്തുക ക്രി. ചരിച്ചു ചെത്തുക
ചേന്നാവില [ചേന്നാവ്-ഇല] നാ. പുകയില
ചേന്നാവ് നാ. തീയ്
ചേപ്പ1 നാ. 1. മുടന്തൻ; 2. തുടയിലെ ഇറച്ചി
ചേപ്പ2 നാ. കലഹം, വഴക്ക്. (പ്ര) ചേപ്പകൂടുക = വഴക്കുകൂടുക
ചേപ്പ്1 നാ. ചെമപ്പ്, ഭങ്ഗി
ചേപ്പ്2 [അറ.ജയബ്] നാ. കീശ, പോക്കറ്റ്
ചേമങ്ങലം നാ. ചേങ്ങില
ചേമന്തി നാ. ഒരുജാതി പൂച്ചെടി (വെള്ളച്ചെമന്തി, നീലച്ചെമന്തി, മഞ്ഞച്ചേമന്തി, കാട്ടുചേമന്തി എന്നിങ്ങനെ പല ഇനം)
ചേമ്പ് നാ. കിഴങ്ങിനുവേണ്ടി കൃഷിചെയ്യപ്പെടുന്ന ഒരു ചെടി. ചേമ്പിലെ അരിശം ചേനയിൽ തീർക്കുക (പഴ.)
ചേയ്1 നാ. ചെമപ്പ്
ചേയ്2 നാ. അകലം, ദൂരം
ചേയൽ നാ. ചേവൽ
ചേയോൻ നാ. 1. കുജൻ; 2. സുബ്രഹ്മണ്യൻ
ചേർ വി. ചേർന്ന, ചേരുന്ന
ചേർക്കരപ്പൻ ന. 1. ഒരിനം കരപ്പൻ; 2. ഒരിനം മസൂരി
ചേർക്കുക ക്രി. 1. കൂട്ടത്തിലാക്കുക, പേരു പട്ടികയിൽകൊള്ളിക്കുക; 2. ബന്ധിപ്പിക്കുക, യോജിപ്പിക്കുക, കൂട്ടിപിടിക്കുക; 3. അധികമാക്കുക, ഉണ്ടാക്കുക; 4. കലർത്തുക, കൂട്ടുക; 5. സങ്ഘടിപ്പിക്കുക; 6. (മൃഗങ്ങളെ) സമ്യോഗംചെയ്യിക്കുക. (പ്ര.) ചേർത്തുകെട്ടുക, ചേർത്തുപറയുക
ചേർക്കുരു നാ. ചേരുമരത്തിൻെറ കുരു
ചേർച്ച നാ. 1. അടുപ്പം, സ്നേഹം; 2. സംബന്ധം, വിവാഹബന്ധം; 3. പൊരുത്തം, യോജിപ്പ്; 4. ചേരൽ, ഒരുമിച്ചുകൂടൽ
ചേർച്ചക്കാരൻ നാ. ചേർച്ചയുൾലവൻ (അടുപ്പമുള്ളവൻ, ബന്ധു)
ചേർന്നവൻ നാ. 1. ബന്ധു, കൂടെയുള്ളവൻ, കൂട്ടുകാരൻ; 2. പറ്റിയ ആൾ (തക്കവൻ)
ചേർപ്പാട് നാ. ചേറുന്നതുകൊണ്ട് ധാന്യത്തിൽ വരുന്ന നഷ്ടം
ചേർപ്പ് നാ. 1. ഒന്നിപ്പ്; 2. ചേർന്നിരിക്കുന്ന രീതി; 3. ഒന്നിലധികം ഭാഗങ്ങൾ ബന്ധിപ്പിച്ചിരിക്കുന്ന സ്ഥാനം; 4. കലർപ്പ്, കലർന്നുണ്ടായ വസ്തു; 5. അനുബന്ധം
ചേർപ്പുപലക നാ. 1. ഒന്നിലധികം പലകകൾ ചേർത്തുണ്ടാക്കിയ പലക; 2. തമ്മിൽ യോജിപ്പിച്ച പലക
ചേർമ നാ. ചേർച്ച
ചേർമങ്ങലം നാ. ചേങ്ങില
ചേർലാഭം നാ. കൊഴുലാഭം (കൃഷിയിൽനിന്നു കിട്ടുന്ന ലാഭം)

ചേർവ നാ. ചേരുവ
ചേർവ് നാ. ചേരുവ
ചേർള നാ. ഒരുജാതി മരം (ഇതിൻെറ പട്ടയിൻ നിന്ന് നല്ല നാരുകിട്ടും, തടി കരിക്കാൻ കൊള്ളാം)
ചേര നാ. വിഷമില്ലാജ് ഒരിനം പാമ്പ്, എഴുത്താണിവാലൻ (കരിഞ്ചേര, മഞ്ഞച്ചേര എന്ന് രണ്ടിനം) (പ്ര.) ചേരയെതിന്നും നാട്ടിൽ ചെന്നാൽ നടുത്തുണ്ടം തിന്നണം; അളമുട്ടിയാൽ ചേരയും കടിക്കും; മഞ്ഞച്ചേര മലർന്നുകടിച്ചാൽ മലയാളത്തിൽ മരുന്നില്ല; ചേരകടിച്ചാലും അത്താഴം മുട്ടും (പഴ.)
ചേരകോൻ നാ. 1. ചേരരാജ്യത്തെ രാജാവ്; 2. ഒരു സ്ഥാനപ്പേര് (തെക്കൻ തിരുവിതാംകൂറിൽ മുതലിയാരന്മാർക്ക് നൽകപ്പെട്ടിരുന്നത്)
ചേരക്കാറ്റ് നാ. കിഴക്കൻ കാറ്റ്
ചേരട്ട ന. തേരട്ട
ചേരട്ടപ്പാമ്പ് നാ. ഒരിനം മൂർഖൻപാമ്പ്
ചേർത്തമുക്ക നാ. തുടതേമ്പിയതും ഉടൽ നീണ്ടതുമായ ഒരിനം തവള
ചേരൻ നാ. ചേരരാജാവ്
ചേരനാട് നാ. ചേരം
ചേരപ്പരുന്ത് നാ. ചക്കിപ്പരുന്ത്
ചേരം നാ. കേരളത്തിൻെറ പഴയ പേര്
ചേരമർ ന. (ബ.വ.) ഒരു ജാതിനാമം (പുലയർ, ആജാതിയിൽപ്പെട്ടവർ)
ചേരമാൻ നാ. 1. ഒരുസ്ഥാനപ്പേര് (ചേരരാജാക്കന്മാരെ കുറിക്കാൻ ഉപയോഗിച്ചിരുന്നത്) (പ്ര.) ചേരമാൻപതിവ് = 1. പഴയകാലത്തെ ഒരു ഭൂവുടമസമ്പ്രദായം; 2. ചേരമാൻപെരുമാൾ നടപ്പിലാക്കിയ ചട്ടങ്ങൾ; 3. കേരളം ഭരിച്ചിരുന്ന പെരുമാക്കന്മാരെ പൊതുവെ കുറിക്കുന്ന പദം
ചേരമാൻപെരുമാൾ നാ. കേരളത്തിലെ പെരുമാക്കന്മാരിൽ ഒടുവിലത്തെ ആൾ
ചേരലൻ നാ. = ചേരളൻ
ചേരലം നാ. = ചേരളം
ചേരളൻ നാ. = കേരളൻ
ചേരളം നാ. കേരളം
ചേരാക്കൊക്കൻ നാ. ഒരിനം കൊറ്റി(തമ്മിൽചേരാത്ത കൊക്കുകൾ ഉള്ളതിനാൽ)
ചേരാമ്പതിവ് നാ. ചേരമാൻ പതിവ്
ചേരായിസ്വരൂപം നാ. ചിറവായ് സ്വരൂപം
ചേരായ്മ നാ. യോജിപ്പില്ലായ്മ (ചേരാത്ത അവസ്ഥ)
ചേരി1 നാ. 1. ഗ്രാമം; 2. താഴ്ന്ന സമുദായക്കാർ കൂട്ടമായി താമസിക്കുന്ന ഇടം; 3. ഭാഗം; 4. പട്ടാളത്തിൽ ഒരു വിഭാഗം; 5. ചെറ്റക്കുടിൽക്കൂട്ടം; 6. അയൽപക്കം; 7. ജനക്കൂട്ടം; 8. തെരുവ്; 9. തിണ്ണ; 10. ഒരു വൻ വൃക്ഷം. (പ്ര.) ചേരിതിരിയുക = കക്ഷികളായിത്തിരിയുക. ചേരിപിടിക്കുക = കക്ഷിചേരുക
ചേരി2 നാ. 1. ചകിരി; 2. തിരുപ്പൻ
ചേരിക്കൽ നാ. 1. കൃഷിചെയ്യുന്ന മലഞ്ചരിവ്; 2. കറ്റമെതിക്കുന്ന സ്ഥലം; 3. രാജാക്കന്മാരുടെയോ ക്ഷേത്രങ്ങളുടേയോ വക ഭൂമി; 4. പഴയകാലത്തെ ഒരു

ദേശവിഭാഗം; 5. സങ്കേതം (പ്ര.) ചേരിക്കൽ കൃഷി = അഞ്ചാറു കൊല്ലം കൂടുമ്പോൾ മലപ്രദേശങ്ങളിൽ നടത്തിവരുന്ന കൃഷി, പുനം കൃഷി

ചേരിക്കലം നാ. 1. ചേരിക്കൽ; 2. പ്രധാനക്ഷേത്രത്തിൻെറ കീഴിലുള്ള ചെറിയ ക്ഷേത്രം

ചേരിക്കളി നാ. 1. കയ്യാങ്കളി, ഓണത്തല്ല് (രണ്ടുചേരികളിലായി തിരിഞ്ഞുനിന്നു നടത്തുന്ന മത്സരക്കളി)

ചേരിക്കാൽ നാ. ഗ്രാമത്തിലുള്ള ചെറിയ തോട്

ചേരിചേരാനയം നാ. ഏതെങ്കിലും രാഷ്ട്രങ്ങൾ ചേർന്നുണ്ടാക്കിയിട്ടുള്ള സൈനികസഖ്യങ്ങൾ സാമ്പത്തികാവശ്യങ്ങൾക്കുള്ള കൂട്ടുകെട്ടുകൾ എന്നിവയിൽ പങ്കുചേരാതെ സ്വതന്ത്രമായി നിൽക്കുകയും എല്ലാവരോടും സൗഹൃദം പുലർത്തുകയും ഓരോ അന്തരാഷ്ട്രീയ പ്രശ്നത്തേയും നിഷ്പക്ഷമായി വിലയിരുത്തി പ്രതികരിക്കുകയും ചെയ്യുന്ന നയം

ചേരിചേരാരാഷ്ട്രം നാ. ചേരിചേരാനയം സ്വീകരിച്ചിട്ടുള്ള രാജ്യം

ചേരിതിരിവ് നാ. കക്ഷികളായി വേർപിരിഞ്ഞ് നിൽക്കൽ

ചേരിനിർമാർജനം [മ.ചേരി–സം.]നാ. നഗരപ്രാന്തത്തിലും മറ്റും ആളുകൾ ഇടതിങ്ങി പാർക്കുന്ന അഴുക്കടഞ്ഞ പ്രദേശത്തുനിന്നും കുടിലുകൾ പൊളിച്ചുമാറ്റി നല്ലവീടുകൾവച്ച് അവിടം വൃത്തിയുള്ള പ്രദേശമാക്കിത്തീർക്കുന്ന പരിപാടി

ചേരിപ്പാട്ട് നാ. ഒരുതരം നാടോടിപ്പാട്ട് (ഓണക്കളിയും മറ്റും ആളുകൾ രണ്ടുചേരിയായിനിന്നു പാടുന്നത്)

ചേരിപ്പോര് നാ. 1. കക്ഷിതിരിഞ്ഞുള്ള മത്സരം; 2. ചേരിക്കളി

ചേര്1 നാ. ഒരുതരം വൃക്ഷം (ചാര്) (പ്ര.) ചേരെണ്ണ = ചേർക്കുരുവിൽ നിന്നെടുക്കുന്ന എണ്ണ. ചേരമ്മാച്ചൻ ചെയ്ത പിഴ താന്നിയമ്മാച്ചൻ തീർക്കും (പഴ.) = ചേരുതൊട്ടൂണ്ടാകുന്ന അസുഖത്തിന് താന്നി പ്രത്യൗഷധം

ചേര്2 നാ. ഒരിനം തട്ട്, പരണ്, പടങ്ങ് (വിറക്, തേങ്ങ മുതലായവ പുകയേറ്റ് ഉണങ്ങത്തക്കവിധം നിരത്തി അടുപ്പിനുമീതെ മുളയും വരിച്ചിലും മറ്റും കൊണ്ട് കെട്ടിയുണ്ടാക്കുന്നത്)

ചേരുക ക്രി. 1. കൂടുക, സമ്മേളിക്കുക; 2. കലരുക (വസ്തുക്കളെന്നപോലെ); 3. ഉൾപ്പെടുക; 4. ഒന്നിക്കുക, ലയിക്കുക; 5. മൈഥുനംചെയ്യുക; 6. സഹവസിക്കുക, സംസർഗംചെയ്യുക; 7. ഇണങ്ങുക, യോജിക്കുക; 8. എത്തുക, പ്രാപിക്കുക; 9. ഒന്ന് മറ്റൊന്നിനോട് ഒട്ടുക; 10. ഒരു പ്രസ്ഥാനത്തിലോ സ്ഥാപനത്തിലോ പ്രവർത്തനത്തിലോ കക്ഷിയിലോ പങ്കുകൊള്ളുക; 11. ഉണ്ടായിരിക്കുക, സ്ഥിതിചെയ്യുക. ചേരാത്തിടത്തുചേർന്നാൽ കൊള്ളാത്തിടത്ത് കൊള്ളും (പഴ.)

ചേരുകം നാ. ഒരു ചെറിയ ചെടി

ചേരുമാനം നാ. 1. പല വസ്തുക്കളുടെ കലർപ്പ്; 2. ഘടന, ഘടകപദാർഥം, ചേർത്ത വസ്തു; 3. വീടിനോടുചേർന്നുള്ള ഉപഭവനം; 4. ഒരു താഴ്ന്ന സർക്കാരുദ്യോഗം, കരം പിരിവ്; 5. ആവശ്യംവരുമ്പോൾ സേവനംചെയ്യണമെന്ന വ്യവസ്ഥയിൽ കരമൊഴിവായി വസ്തുക്കൾ അനുഭവിക്കുന്ന രാജസേവകൻ. (പ്ര.) ചേരുമാനവിരുത്തി = ഒരു ഭൂവുടമ സമ്പ്രദായം, ചേരുമാനക്കാർക്ക് കരമൊഴിവായി കൊടുത്തിരുന്ന ഭൂമി

ചേരുമാനക്കാരൻ നാ. 1. നികുതിപിരിക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ; 2. ഒരു ഗ്രാമത്തിലെ പ്രധാനി

ചേരെ അവ്യ. 1. ചാരെ; 2. ചേരത്തക്കവണ്ണം
ചേര്യക്കാരൻ നാ. തറയി കാരണവരുടെ കാര്യസ്ഥൻ
ചേൽ1 നാ. ചേല്
ചേൽ2 [<സം.ചേദ്] അവ്യ. എങ്കിൽ
ചേൽക്കണ്ണാൾ നാ. സുന്ദരി (കയൽമീൻപോലെയുള്ള കണ്ണോടുകൂടിയവൾ)
ചേൽക്കണ്ണി നാ. ചേൽക്കണ്ണാൾ
ചേൽപ്പൊരുങ്കണ്ണി നാ. സുന്ദരി
ചേൽമിഴി നാ. ചേൽക്കണ്ണാൾ
ചേല1 നാ. 1. വസ്ത്രം, വിശേഷിച്ചു സ്ത്രീകൾ ഉടുക്കുന്ന വസ്ത്രം; 2. ഒരു മരം; 3. കവടികളിക്കുമ്പോൾ എതിർ കക്ഷിക്ക് വെട്ടാൻ വയ്യാത്ത രക്ഷാസ്ഥാനം (പ്ര,) ചേലചുറ്റുക = 1. വസ്ത്രം ധരിക്കുക; 2. വാണക്കുറ്റി പൊട്ടാതിരിക്കാൻ അതു ചേലമരത്തിൻെറ നാരുകൊണ്ട് ചുറ്റിവരിയുക.

791

ചേല2 നാ. വള്ളത്തിൻെറ വശങ്ങൾ പൊക്കുന്നതിനായി ചേർത്തുവയ്ക്കുന്ന പലക
ചേല3 നാ. (ഇസ്ലാം) സുന്നത്തുകർമം, മാർഗക്കല്യാണം (യഹൂദരും അനുഷ്ടിക്കുന്നത്)
ചേല4 നാ. ശിഷ്യൻ
ചേല5 [സം.] വി. നിന്ദ്യമായ
ചേലം1 [സം.] നാ. വസ്ത്രം, പുടവ
ചേലം2 വി. നീചമായ, നിന്ദ്യമായ, ചീത്ത
ചേലക്കലാപം നാ. പുരുഷന്മാരെ നിർബന്ധിച്ചു സുന്നത്തുചെയ്തു മതപരിവർത്തനം നടത്തിയതു മൂലമുണ്ടായ കലാപം
ചേലയിൽക്കൂടിയവൻ നാ. (ബ.വ.) 1. മലബാറിലെ ഹിന്ദുക്കളിൽ ഒരു വിഭാഗം; 2. മതപരിവർത്തനം ചെയ്തവർ
ചേലാകർമം [മ.ചേലാ-സം.] നാ. സുന്നത്ത് (പുരുഷലിങ്ഗത്തിൻെറ അഗ്രചർമം ഛേദിക്കൽ)
ചേലാഞ്ചലം [സം.] നാ. വസ്ത്രത്തിൻെറ തുമ്പ് (ചേലയുടെ തൂങ്ങിക്കിടക്കുന്ന ഭാഗം)
ചേലാവ് നാ. ചേലാകർമം (പ്ര.) ചേലാവുകാർ = മാർഗംചെയ്തവർ, മുസ്ലിങ്ങൾ
ചേലാശകം [സം.-അശക] നാ. ഒരിനം കീടം (വസ്ത്രംതിന്നു നശിപ്പിക്കുന്നത്)
ചേലാശ്നു [സം.-അശനു] നാ. ചേലാശകം
ചേല് നാ. 1. അഴക്, ഭങ്ഗി; 2. രീതി, മട്ട്; 3. നിരപ്പ്; 4. ഒഴുക്ക്; 5. നല്ല കനമുള്ള കയറ്. (പ്ര.) ചേലാക്കുക = 1. ഭങ്ഗിയാക്കുക; 2. നിരപ്പാക്കുക. ചേലുകൂടുക = ഇണചേരുക. ചേലുകൂട്ടുക = ഇണചേർക്കുക. ചേലുകൊള്ളുക = ശരിപ്പെടുക. ചേലുപറയുക = ഭങ്ഗിവാക്കുപറയുക
ചേലേകം നാ. ചേലേയം
ചേലേയകം [സം.ശൈലേയക] നാ. 1. ഒരു അങ്ങാടിമരുന്ന്; 2. ചായില്യം
ചേലേയം [<സം.ശൈലേയ] നാ. ചേലേയകം
ചേവകക്കാരൻ നാ. 1. ഭൃത്യൻ; 2. പടയാളി

ചേവകൻ [സം.സേവക] നാ. 1. ഭൃത്യൻ, പരിചാരകൻ; 2. ഭടൻ, പോരാളി
ചേവകം നാ. = ചേവുകം
ചേവങ്കി നാ. ചുവന്ന കുപ്പായം
ചേവടി നാ. മനോഹരമായ പാദം. (പ്ര.) ചേവടിത്തളിർ = തളിരുപോലെ മൃദുവായ പാദം. ചേവടിത്താർ = പൂപോലെ മൃദുവായ ചെമന്ന പാദം. ചേവടിപണിയുക = കാൽക്കൽ നമസ്കരിക്കുക, പൂജിക്കുക
ചേവൽ1 നാ. ആൺപക്ഷി, ചാവൽ. ചേവലും പിടയും നീക്കിയിട്ട് കൊല്ലാൻ കോഴി ഇല്ല (പഴ.)
ചേവൽ2 നാ. കാവൽ, പാറാവ്
ചേവല നാ. കൈക്കുഞ്ഞ്
ചേവ് നാ. വിത്തുകാള
ചേവുകൻ നാ. 1. ചേവുകക്കാരൻ; 2. ചേകോൻ
ചേവുകം [സം.സേവക] നാ. 1. ഭൃത്യവൃത്തി; 2. ഭടവൃത്തി; 3. ചേവുകക്കാരൻ
ചേവുകക്കാരൻ നാ. 1. ഭൃത്യൻ; 2. ഭടൻ
ചേഷ്ട [സം.ചേഷ്ടാ] നാ. 1. ശരീരത്തിൻെറ ഏതെങ്കിലും ഭാഗത്തിൻെറ അനക്കം; 2. ആങ്ഗ്യം, ഭാവപ്രകടനം, മുഖഭാവം; 3. പ്രവൃത്തി, കർമം, പ്രയത്നം; 4. (ജ്യോ.) കുജൻ ബുധൻ വ്യാഴം ശുക്രൻ ശനി എന്നീ ഗ്രഹങ്ങൾക്ക് ചന്ദ്രനോടുകൂടി നിൽക്കുമ്പോഴുണ്ടാകുന്ന ബലവർധന
ചേഷ്ടകം [സം.ചേഷ്ടക] നാ. (കാമ) ഒരു രതിബന്ധം
ചേഷ്ടകൻ [സം.ചേഷ്ടക] നാ. നട്ടുവൻ (നൃത്താദിചേഷ്ടകൾ കാണിക്കുന്നവൻ)
ചേഷ്ടനം [സം.] നാ. ചേഷ്ട, ചെഷ്ടിക്കൽ
ചേഷ്ടാബലം [സം.-ബല] നാ. (ജ്യോ) ഗ്രഹങ്ങൾക്ക് ചേഷ്ടകൊണ്ടുണ്ടാകുന്ന ശക്തിക്കൂടുതൽ
ചേഷ്ടിക്കുക [സം.ചേഷ്ട്] ക്രി. അവയവാദികൾ അനക്കുക, പ്രവർത്തിക്കുക
ചേഷ്ടിതം [സം.] നാ. പെരുമാറ്റം, പ്രവൃത്തി
ചേള1 നാ. മുറം, ചുളക്
ചേള2 നാ. 1. ചള്ള; 2. ചെകിള
ചേളൻ [<സം.ചേഡ] നാ. ഭൃത്യൻ
ചേളാകം [പ്രാ.ചേലയ] നാ. ചേളാവട്ടി
ചേളാവട്ടി നാ. 1. തോൽസഞ്ചി; 2. ഒരുതരം സഞ്ചി (തുണികൊണ്ടോ തോൽകൊണ്ടോ ഉണ്ടാക്കിയതും കുരുമുളക്, പാക്ക് മുതലായവ തൂക്കാൻ ഉപയോഗിക്കുന്നതും)
ചേഴ് നാ. മുകൾഭാഗം
ചേറൽ [ചേറുക] നാമരൂപം
ചേറാടുക ക്രി. 1. ഉഴുതനിലത്തിലെ കട്ട ഉടച്ചുകലക്കി നിരപ്പാക്കുക; 2. ചെളിയിൽ മുഴുകുക; 3. പാമ്പോചേരയോ പിണയുക (ഇണചേരുക)
ചേറായിസ്വരൂപം നാ. ചിറവായ്സ്വരൂപം
ചേറ് നാ. 1. അഴുക്ക്, ചെളി (വെള്ളംചേർന്ന് കുഴഞ്ഞ മണ്ണ്); 2. കുഴമ്പ്, കൂട്ട്. ചേറുകണ്ടേടം ചവിട്ടിയാൽ വെള്ളംകണ്ടേടം നിൽക്കണം (പഴ.)

ചേറുക ക്രി. 1. വിതറുക; 2. പാറ്റുക, തൂറ്റുക (ധാന്യം മുറത്തിൽ ഇട്ടു ചലിപ്പിച്ച് അതിൻെറ പതിരും മറ്റും കളയുക)
ചേറുപടം [സം.] നാ. അഴുക്കു പറ്റിയ വസ്ത്രം
ചേറ്റൽ നാ. ചേറൽ
ചേറ്റാ നാ. ചേറ്റുവഴി
ചേറ്റാടി നാ. വീശുവലയിൽ മണികൾ ചേർത്തിരിക്കുന്ന അടിഭാഗം
ചേറ്റിൽക്കൊട്ടിൽ നാ. അതിർത്തികാവലിനുള്ള പടയാളികളെ പാർപ്പിക്കുന്ന സങ്കേതം
ചേറ്റുക ക്രി. ചേറുക
ചേറ്റുകണ്ടം നാ. ചെളിയുള്ള പാടം
ചേറ്റുകത്തി നാ. (കള്ളെടുക്കാൻ) കൂമ്പ്ചെത്തുന്ന കത്തി
ചേറ്റുകുളം നാ. ചേറുള്ള കുളം
ചേറ്റുകുഴി നാ. ചെളിക്കുണ്ട്
ചേറ്റുനിലം നാ. ചേറ്റുകണ്ടം
ചേറ്റുപടി നാ. 1. (വാസ്തു) പുരയുടെ നിരയിൽ താഴ്വശത്ത് ചേർത്തുവച്ചു തറയ്ക്കുന്ന അടിപ്പടി (പുരയുടെ തറയിൽ പതിഞ്ഞിരിക്കുന്ന പടി); 2. ആയുധങ്ങൾതേച്ച് മൂർച്ചകൂട്ടാൻ ഉപയോഗിക്കുന്ന തടിക്കഷണം
ചേറ്റുപാടം നാ. ചേറ്റുകണ്ടം
ചേറ്റുപാട് നാ. ചേറുള്ള മണ്ണ്
ചേറ്റുപുണ്ണ് നാ. വളംകടി
ചേറ്റുവഴി നാ. കൃത്രിമജലാശയം (ജലസേചനത്തിനുള്ളത്)
ചേറ്റുവായ് നാ. ചേറ്റുവഴി
ചേറ്റുവിത നാ. ചേളിനിലത്തിൽ വിതയ്ക്കൽ
ചൈതന്യൻ [സം.] നാ. വൈഷ്ണവമതം പരിഷ്കരിച്ച ഒരു ആചാര്യൻ
ചൈതന്യം [സം.<ചേതനാ] നാ. 1. ജ്ഞാനേന്ദ്രിയങ്ങൾ പ്രവർത്തനക്ഷമമായിരിക്കുന്ന അവസ്ഥ; 2. ജീവൻ; 3. ഊർജം; 4. പ്രാഭവം, ശക്തി; 5. പരമാത്മാവ്; 6. ഉന്മേഷം, ഊർജസ്വലത; 7. വീര്യം
ചൈതന്യവാൻ [സം.-വത്] നാ. ചൈതന്യമുള്ളവൻ
ചൈതന്യാത്മകൻ [സം.-ആത്മക] നാ. ജ്ഞാനസ്വരൂപൻ
ചൈതസിക [സം.<ചേതസ്] വി. ചേതസ്സിനെ സംബന്ധിച്ച
ചൈതേയം [സം.<ചൈത്യ] നാ. സ്തൂപം (ചൈത്യത്തെ സംബന്ധിച്ചത്)
ചൈത്താൻ നാ. = ചെയിത്താൻ
ചൈത്തിക [സം.<ചിത്ത] വി. ചിത്തത്തെ സംബന്ധിച്ച
ചൈത്യ [സം.] വി. 1. ചിതയെസംബന്ധിച്ച; 2. ഈശ്വരാരാധനയ്ക്കുള്ള
ചൈത്യകം [സം.] നാ. 1. അരയാൽ; 2. ഗിരിവജ്രം എന്ന നഗരത്തിനുചുറ്റുമുള്ള അഞ്ചു പർവതങ്ങളിൽ ഒന്ന്
ചൈത്യതരു [സം.] നാ. അരയാൽ
ചൈത്യപാലൻ [സം] നാ. ചൈത്യം സംരക്ഷിക്കുന്നവൻ
ചൈത്യപ്രസാദം [സം.-പ്രസാദ] നാ. നിലാമുറ്റമുള്ള മാളിക
ചൈത്യം [സം.] നാ. 1. ചിതയ്ക്കുമുകളിൽ കെട്ടിയുണ്ടാക്കിയ സ്മാരകം, സ്മാരക സ്തൂപം (ദിവ്യന്മാരുടെയും മറ്റും സമാധിസ്ഥാനത്തിനു മുകളിൽ

കെട്ടിയുണ്ടാക്കുന്നത്); 2. ആരാധനാസ്ഥലം; 3. ദുർദേവതാക്ഷേത്രം; 4. ക്ഷേത്രം; 5. യാഗശാല, യാഗാഗ്നിസ്ഥാനം; 6. അരയാൽ; 7. ദൃശ്യം; 8. കൽക്കെട്ട്; 9. ധ്യാനം; 10. ഗൃഹം; 11. ക്ഷേത്രജ്ഞൻ, ജീവാത്മാവ്

ചൈത്യമുഖം [സം.-മുഖ] നാ. കമണ്ഡലു

ചൈത്യവൃക്ഷം [സം.-വൃക്ഷ] നാ. അരയാൽ

ചൈത്ര [സം.<ചിത്രാ] വി. 1. ചിത്തിരനക്ഷത്രത്തെ സംബന്ധിച്ച; 2. ചിത്തിര മാസത്തെ സംബന്ധിച്ച

ചൈത്രകം [സം.] നാ. ചിത്തിരമാസം

ചൈത്രൻ [സം.] നാ. 1. ചിത്തിരനക്ഷത്രത്തിൽ ജനിച്ചവൻ; 2. ബുദ്ധഭിക്ഷു

ചൈത്രം [സം.] നാ. 1. വസന്തർത്തുവിലെ ആദ്യമാസം (ചിത്തിരനക്ഷത്രത്തോടുകൂടിയ വെളുത്തവാവുവരുന്ന മാസം); 2. വസന്തകാലം; 3. ചിത്തിരമാസത്തിലെ വെളുത്തവാവ്; 4. ക്ഷേത്രം; 5. ഒരു പർവതം; 6. സ്മാരക മന്ദിരം

ചൈത്രർത്തു [സം.ചൈത്ര-ഋതു] നാ. വസന്തകാലം

ചൈത്രരഥം [സം.-രഥ] നാ. കുബേരൻെറ പൂങ്കാവനം (ചിത്രരഥൻ എന്ന ഗന്ധർവൻെറ സംരക്ഷണത്തിലുള്ളത്)

ചൈത്രരഥി [സം.-രഥി] നാ. ചിത്രരഥൻെറ മകൻ

ചൈത്രവാഹിനി [സം.-വാഹിനീ] നാ. ചിത്രാങ്ഗദ

ചൈത്രസഖൻ [സം.-സഖി] നാ. കാമദേവൻ (വസന്തത്തിൻെറ സഖാവ്)

ചൈത്രാവലി [സം.-ആവലി] നാ. ചൈത്രമാസത്തിലെ വെളുത്തവാവ്

ചൈത്രികം [സം.] നാ. ചൈത്രമാസം

ചൈത്രോത്സവം [സം.-ഉത്സവ] നാ. വസന്തോത്സവം (ചൈത്രമാസത്തെ സംബന്ധിച്ച ഉത്സവം)

ചൈദ്യ [സം.<ചേദി] വി. ചേദിരാജ്യത്തെ സംബന്ധിച്ച

ചൈദ്യൻ [സം.] ണ. 1. ശിശുപാലൻ; 2. ചിദിയുടെ പുത്രൻ

ചൈന നാ. ഒരു രാഷ്ട്രം, ഏഷ്യാഭൂഖണ്ഡത്തിൻെറ കിഴക്കരികിൽ പെസഫിക്കിനോടു തൊട്ടുകിടക്കുന്ന ഭൂവിഭാഗം

ചൈനം [സം.<ചീന] നാ. തേയില

ചൈനാവെള്ളി നാ. ഒരു ലോഹസങ്കരം

ചൈനാസിൽക്ക് നാ. ചീനപ്പട്ട്

ചൈല [സം.] വി. തുണികൊണ്ടുണ്ടാക്കിയ (ചേലയെ സംബന്ധിച്ച)

ചൈലകൻ [സം.] നാ. ബുദ്ധഭിക്ഷു

ചൈലധാവൻ [സം.-ധാവ] നാ. അലക്കുകാരൻ

ചൈലം [സം.] നാ. വസ്ത്രം, തുണിക്കഷണം

ചൈലാശകം [സം.-ആശക]നാ. വസ്ത്രങ്ങൾ കരണ്ടു നശിപ്പിക്കുന്ന ഒരിനം പൂച്ചി

ചൈലേയം [സം.] നാ. തുണികൊണ്ടുണ്ടാക്കിയത്

ചൊകക്കുക ക്രി. = ചുവക്കുക

ചൊകചൊക അവ്യ. അധികമായ ചുവപ്പുനിറത്തോടുകൂടി

ചൊകറുക ക്രി. = ചുകറുക

ചൊക്കട്ട വി. നിസ്സാരമായ

ചൊക്കട്ടാൻകളി നാ. ഒരുതരം ചൂതുകളി

ചൊക്കട്ടാമണ്ഡപം നാ. 1. ചൊക്കട്ടാൻകളിക്കുപയോഗിക്കുന്ന കളത്തിൻെറ ആകൃതിയിൽ പണികഴിപ്പിച്ച മണ്ഡപം (തിരുവനന്തപുരം കൊട്ടാരത്തിൽ മഹാരാജാവും മന്ത്രിമാരും കൂടിയിരുന്ന് കാര്യവിചാരം നടത്തിയിരുന്ന സ്ഥലം); 2. ചൂതുകളിസ്ഥലം
ചൊക്കൻ1 [പ്രാ.ജൊഗ്ഗ] നാ. 1. സുന്ദരൻ; 2. ശിവൻ; 3. ഒരുതരം പട്ടുതുണി
ചൊക്കൻ2 നാ. 1. കുരങ്ങ്; 2. പട്ടി, കാവൽപ്പട്ടി; 3. കയ്യാൾ; 4. മൂഢൻ. (പ്ര.) ചൊക്കനാടുക = കുരങ്ങാടുക, കുരങ്ങു കളിക്കുക
ചൊക്കനാഥൻ നാ. സുന്ദരമൂർത്തി (മധുരയിലെ പ്രതിഷ്ഠാമൂർത്തിയായ ശിവൻ)
ചൊക്കം നാ. 1. ഭങ്ഗി, സൗന്ദര്യം; 2. നൃത്തം (ശാന്തിക്കൂത്തിൻെറ നാലുവിഭാഗങ്ങളിൽ ഒന്ന്)
ചൊക്കൽ വി. = ചുക്കൽ
ചൊക്കലിങ്ഗൻ നാ. ചൊക്കനാഥൻ
ചൊക്കറ [ഹി.] നാ. വാല്യക്കാരൻ
ചൊക്കാൻപാറ നാ. ചുണ്ണാമ്പുകല്ല്
ചൊക്കി1 നാ. 1. പെൺപട്ടി; 2. പെൺപൂച്ച; 3. പെൺകുരങ്ങ്
ചൊക്കി2 നാ. ചെണ്ടുമല്ലിക
ചൊക്കിക്കുക ക്രി. ശുഷ്കിക്കുക
ചൊക്കിച്ചി നാ. സുന്ദരി
ചൊക്കിളി1 വി. മെലിഞ്ഞ, വകയ്ക്കു കൊള്ളാത്ത
ചൊക്കിളി2 നാ. ശൃങ്ഗാരവിനോദം
ചൊക്കിളിപ്പട്ടി നാ. മെലിഞ്ഞപട്ടി, വകയ്ക്കുകൊള്ളാത്ത പട്ടി
ചൊക്ക്1 നാ. 1. ഭങ്ഗി; 2. കുരങ്ങൻ
ചൊക്ക്2 നാ. 1. മയക്കം; 2. വശപ്പെടുത്തൽ
ചൊക്കുപൊടി നാ. 1. മയക്കുപൊടി; 2. വശീകരിക്കാനുള്ള ചൂർണപ്രയോഗം
ചൊങ്കൻ നാ. അഴകുള്ളവൻ, സുന്ദരൻ
ചൊങ്ക്1 നാ. അഴക്, ഭങ്ഗി
ചൊങ്ക്2 [<സം.ശുഷ്ക]നാ. മെലിച്ചിൽ
ചൊങ്ക്3 നാ. ഒരുതരം ചീനക്കപ്പൽ
ചൊങ്കുകൈ നാ. ശോഷിച്ച കൈ
ചൊടക്ക് നാ. 1. കൈ ഞൊടിക്കുമ്പോഴുണ്ടാകുന്ന ശബ്ദം; 2. കൈവിരലുകളും മറ്റും മടക്കി അടർത്തുമ്പോൾ സന്ധികളിൽനിന്നുണ്ടാകുന്ന ശബ്ദം, ഞൊട്ട; 3. ഊതിവീർപ്പിച്ചു നെറ്റിയിലോ താടിയിലോ ഇടിച്ച് ഞൊട്ടപോലുള്ള ശബ്ദം കേൾപ്പിക്കാൻ കുട്ടികൾ ഉപയോഗിക്കുന്ന പലയിനം പൂവ് കായ് എന്നിവയ്ക്കു പൊതുവിൽ പറയുന്ന പേര്
ചൊടല നാ. = ചുടല
ചൊടി1 നാ. 1. ഉത്സാഹം, ഉന്മേഷം, ചുറുചുറുക്ക്; 2. ചൂട്; 3. കോപം; 4. വീറ്; 5. എരിവ്. ചൊടിയുള്ള കുതിരയ്ക്ക് ഒരടി (പഴ.)
ചൊടി2 നാ. (മനുഷ്യരുടെ) ചുണ്ട്
ചൊടിക്കുക ക്രി. 1. (സംസാരത്തിലും പ്രവൃത്തിയിലും) ചുറുക്ക് കാണിക്കുക; 2. കോപിക്കുക; 3. ചുടുക

ചൊടിപ്പ് [ചൊടിക്കുക] നാ. ചൊടിക്കുകയെന്ന പ്രവൃത്തി
ചൊടിയൻ നാ. ചൊടിയുള്ളവൻ
ചൊട്ട1 [പ്രാ.ഛുട്ട] വി. ചെറിയ. നാ. 1. ചെറുപ്പം; 2. ചെറിയ വാൾ, കഠാര; 3. തെങ്ങ് കവുങ്ങ് തുടങ്ങിയ ഒറ്റത്തടിവൃക്ഷങ്ങളുടെ വിടരാത്ത പൂങ്കുല; 4. വിരിയാത്ത പൂങ്കുല; 5. കുട്ടിയും കോലും കളി; 6. പരിഹാസം. (പ്ര.) ചൊട്ടയിടുക, –വിരിയുക = തെങ്ങിലും മറ്റും കൂമ്പ് വിരിയുക. ചൊട്ടയിലെ ശീലം ചുടലവരെ (പഴ.)
793
ചൊട്ട2 നാ. 1. കത്തിയുടെയും മറ്റും പിടി; 2. കത്തിപ്പിടിയിൽ ഭങ്ഗിക്കുവയ്ക്കുന്ന മൊട്ട്; 3. ഏതെങ്കിലും തൂക്കിയിടാൻ വേണ്ടി ചുമരിലും മറ്റും പിടിപ്പിക്കുന്ന കുമിള; 4. ഉടക്കാണി, അള്ള്; 5. തൂക്കുമഞ്ചം; 6. പറങ്കിപ്പൂട്ട്
ചൊട്ട3 നാ. 1. ദ്വാരം, ചുളിവ്; 2. കഷ്ണ്ടി
ചൊട്ട4 നാ. ഞൊട്ട
ചൊട്ടച്ചാൺ നാ. ഒരു ചാൺ അളവ് (കൈയുടെ പെരുവിരലിൻെറ അറ്റം മുതൽ ചൂണ്ടുവിരലിൻെറ അറ്റംവരെയുള്ള അളവ്. നടുവിരലിൻെറ അറ്റംവരെയുള്ളത് നെട്ടച്ചാൺ)
ചൊട്ടപ്പൂട്ട് നാ, പറങ്കിത്താഴ്
ചൊട്ടയം നാ. ചെറിയ വാൾ
ചൊട്ടാൾ നാ. മുണ്ടൻ (ചെറിയ കുട്ടി)
ചൊട്ടി1 ക്രി. ചൊട്ടുക
ചൊട്ടി2 നാ. ചൊട്ട
ചൊട്ടി3 നാ. 1. ചൊട്ടവാൾ; 2. കുട്ടിയും കോലും കളി. ഈ കളിക്കുപയോഗിക്കുന്ന നീളമുള്ള കമ്പ്
ചൊട്ടി4 നാ. ചുട്ടി
ചൊട്ട്1 നാ. 1. ഇറ്റ്, തുള്ളി; 2. നിസ്സാരമായത്
ചൊട്ട്2 നാ. കിഴുക്ക്, ഞോട് (വിരൽമടക്കുകൊണ്ട് തലയ്ക്ക് ഇടിക്കൽ)ചൊട്ട്3 നാ. കുറവ്, കുറ്റം
ചൊട്ട്4 നാ. പൊട്ട്, തിലകം
ചൊട്ടുക1 ക്രി. 1. അമുങ്ങുക, ചുരുങ്ങുക, മെലിയുക; 2. കുറയുക, ക്ഷീണിക്കുക; 3. വഞ്ചിക്കപ്പെടുക; 4. നിരാശപ്പെടുക
ചൊട്ടുക2 ക്രി. കിഴുക്കുക (വിരൽ മടക്കിക്കൊണ്ട് തലയ്ക്ക് ഇടിക്കുക)
ചൊട്ടുകത്തി നാ. ചെറിയ കത്തി
ചൊട്ടുപിണയുക ക്രി. അബദ്ധമ്പറ്റുക, ആപത്തുണ്ടാകുക, തെറ്റുപറ്റുക
ചൊട്ടുവെള്ളം നാ. തുള്ളിയായ് ഇറ്റുവീഴുന്ന വെള്ളം
ചൊണ നാ. = ചുണ
ചൊണങ്ങ് നാ. = ചുണങ്ങ്
ചൊതുങ്ങുക ക്രി. ഒതുങ്ങുക
ചൊത്ത നാ. 1. അങ്ഗവൈകല്യം; 2. മെലിവ്; 3. (തടിയിലും മറ്റും) വണ്ട് പുഴു തുടങ്ങിയവ ഉണ്ടാക്കുന്ന കേട്; 4. അഴുക്ക്; 5. കുറവ്
ചൊത്തിക്കൈ നാ. മെലിഞ്ഞോ വളഞ്ഞോ ഉള്ള കൈ
ചൊത്തിയൻ നാ. അങ്ഗവൈകല്യമുള്ളവൻ

ചൊത്ത് നാ. 1. ചെതുക്കുപിടിച്ച വസ്തുവിലുള്ള ദ്വാരം, പൊത്ത്; 2. ദ്രവിപ്പ്, ജീർണത
ചൊന1 നാ. = ചുന
ചൊന2 നാ. ചെമപ്പുനിറം
ചൊര1 നാ. = ചുര (ചുരത്തൽ)
ചൊര2 നാ. ഒരു കർണാഭരണം
ചൊരം നാ. = ചുരം
ചൊരകുത്ത് നാ. ചോർച്ച അടയ്ക്കൽ
ചൊരങ്ങം നാ. 1. കച്ചോലം; 2. ഏലക്കായുടെ തോട്
ചൊരണ്ടുക ക്രി. = ചുരണ്ടുക
ചൊരിച്ചിൽ [ചൊരിയുക] നാ. ചേരൽ, പൊഴിക്കൽ, ധാരാളമായി വീഴ്ത്തൽ
ചൊരിനെല്ല് നാ. 1. ചൊരിഞ്ഞുകൂടിയ നെല്ല്; 2. അളന്നുനോക്കാതെ നെല്ലെത്രയുണ്ടെന്ന് മതിച്ചുണ്ടാക്കിയ കണക്ക്; 3. കൊയ്ത്തു സമയത്ത് ചൊരിഞ്ഞുകൂട്ടിയതിൽ നിന്ന് അപഹരിച്ച നെല്ല്
ചൊരിമണൽ നാ. പൂഴിമണൽ, പശയില്ലാത്ത മണൽ
ചൊരിമണ്ണ് നാ. പശിമയില്ലാത്ത മണ്ണ് (തരികൾ പരസ്പരം ഒട്ടിപ്പിടിക്കാത്ത മണ്ണ്)
ചൊരിമഴ നാ. ധാരധാരയായി പെയ്യുന്ന മഴ
ചൊരിയുക ക്രി. 1. ഇറ്റിറ്റുവീഴുക; 2. ഉതിരുക, ജലകണങ്ങളെന്നപോലെ ധാരാളമായി പൊഴിയുക (ഇല പൂവ് തുടങ്ങിയവ); 3. ഒലിക്കുക, ഒഴുകുക, പ്രസരിക്കുക; 4. ഒഴിക്കുക, പൊഴിയുക, വർഷിക്കുക; 5. (ചാക്കിൽനിന്നും പാത്രങ്ങളിൽനിന്നും) ധാന്യമോ മറ്റു സാധനങ്ങളോ കുടഞ്ഞിടുക
ചൊരിവ് [ചൊരിയുക] നാമരൂപം
ചൊരുകുക ക്രി. ചെരുകുക
ചൊരുക്കൻ വി. ചൊരുക്ക് ഉണ്ടാക്കുന്ന. (പ്ര.) ചൊരുക്കൻ മടൽ = പഴുത്തുണങ്ങുന്നതിനു മുൻപുള്ള തെങ്ങിൻെറ മടൽ
ചൊരുക്കൽ നാ. ചൊരുക്ക്
ചൊരുക്ക് നാ. 1. മത്ത്, തലമയക്കം (കടല്യാത്രകൊണ്ടോ വിഷവസ്തുക്കൾ മൂലമോ ഉണ്ടാകുന്നത്); 2. പക, വിരോധം. (പ്ര.) ചൊരുക്കുപിടിക്കുക = തലയ്ക്കു മത്തുപിടിക്കുക, മയക്കം ബാധിക്കുക
ചൊരുക്കുക ക്രി. 1. തലയ്ക്കു മാന്ദ്യംവരുക, വിഷമയക്കം ബാധിക്കുക; 2. കടല്യാത്രയിൽ ഛർദി, തലക്കറക്കം മുതലായ അസ്വാസ്ഥ്യങ്ങൾ ഉണ്ടാകുക; 3. മരിക്കുക
ചൊൽ നാ. ചൊല്ല്
ചൊൽക്കണ്ണാൾ നാ. സുന്ദരി
ചൊൽക്കണ്ണി നാ. = ചൊൽക്കണ്ണാൾ
ചൊൽക്കീഴ് അവ്യ. വരുതിയിൽ, ആജ്ഞാനുസാരം. നാ. വരുതി, അനുസരണ
ചൊൽക്കൊള്ളുക ക്രി. പ്രശസ്തമാകുക, കീർത്തിയുണ്ടാകുക
ചൊൽനായിക [സം.] നാ. വാഗീശ്വരി, സരസ്വതീദേവി

ചൊൽപ്പടി അവ്യ. ആജ്ഞയനുസരിച്ച്. നാ. 1. ആജ്ഞ, വരുതി; 2. ഉച്ചാരണരീതി. (പ്ര.) ചൊൽപ്പടിക്കാരൻ = അനുസരണയുള്ളവൻ. ചൊൽപ്പടിക്കുനടക്കുക = ആജ്ഞാനുവർത്തിയായി പെരുമാറുക

ചൊൽപെറുക ക്രി. പ്രസിദ്ധമാകുക, കേൾവികേൾക്കുക

ചൊൽപൊങ്ങുക ക്രി. ചൊൽക്കൊള്ളുക

ചൊൽപ്രമാണം [സം.] നാ. ആജ്ഞ

ചൊൽവോർ നാ. (ബ.വ.) ജ്ഞാനികൾ

ചൊലുത്ത് നാ. പാട്ട്, വായന, ചൊല്ലൽ

ചൊല്ലപ്പെട്ട വി. 1. പ്രശസ്തമായ; 2. പറയപ്പെട്ട

ചൊല്ലൽ [ചൊല്ലുക] ക്രി. ചൊല്ലുകയെന്ന പ്രവൃത്തി

ചൊല്ലാർന്ന വി. പ്രസിദ്ധിയുള്ള, കീർത്തികേട്ട

ചൊല്ലാൾ നാ. 1. ചൊല്ലുകേട്ടു നടക്കുന്നയാൾ, വരുതിക്കുനടക്കുന്നയാൾ; 2. ചൊല്ല് (സംഭാഷണം) ഉള്ളവൾ. ഉദാ: വേരിച്ചൊല്ലാൾ = തേന്മൊഴിയാൾ

ചൊല്ലി [ചൊല്ലുക] ക്രി. (ഭൂ.രൂപം) പറഞ്ഞു, വിചാരിച്ചു, കുറിച്ചു, ഉദ്ദേശിച്ചു. അവ്യ. ലാക്കാക്കി, കരുതി, കാരണം, ഹേതുവായിട്ട്

ചൊല്ലിയാടുക ക്രി. (കഥകളി) പാട്ടുകാർ പാടുന്ന പാട്ടിന്റെ അർഥം അഭിനയിച്ച് കാണിക്കുക, ആട്ടം അഭ്യസിക്കുക

ചൊല്ലിയാട്ടം നാ. കഥകളിപ്പാട്ടിന്റെ പദാർഥാഭിനയം

ചൊല്ല് നാ. 1. പറച്ചിൽ, വാക്ക്; 2. ആജ്ഞ, ഉപദേശം; 3. കീർത്തി, കേൾവി; 4. ഭാഷ; 5. ലോകോക്തി; 6. വായ്ത്താരി. ചൊല്ലുകുറി = അനുസരണ. ചൊല്ലുള്ള = കീർത്തിയുള്ള. ചൊല്ലെഴുക = ചൊല്ലേറുക. മൂത്തോർചൊല്ലും മുതുനെല്ലിക്ക ആദ്യം കയ്ക്കും പിന്നെ മധുരിക്കും (പഴ.)

ചൊല്ലുക ക്രി. 1. ഉച്ചരിക്കുക; 2. പാടുക, പാരായണംചെയ്യുക; 3. അപേക്ഷിക്കുക, നിർദേശിക്കുക. (പ്ര.) ചൊല്ലാതെ പറയാതെ = 1. അനുസരണയില്ലാതെ; 2. അറിയിക്കാതെ. ചൊല്ലിക്കൂട്ടുക = ഉരുവിട്ടു പഠിക്കുക. ചൊല്ലിക്കെട്ട് = (സങ്ഗീ.) ഒരു ആലാപനരീതി. ചൊല്ലിക്കൊടുക്കുക = പറഞ്ഞുകൊടുക്കുക, പഠിപ്പിക്കുക. ചൊല്ലിത്തീർക്കുക = 1. പറഞ്ഞുതീർക്കുക; 2. പഠിത്തം അവസാനിപ്പിക്കുക; 3. പാട്ടു നിറുത്തുക. (ഗാനം ചൊല്ലുക, കുർബാന ചൊല്ലുക, പഴിചൊല്ലുക, മൊഴിചൊല്ലുക, യാത്രചൊല്ലുക ഇത്യാദി). ചൊല്ലിക്കൊടു നുള്ളിക്കൊടു തല്ലിക്കൊടു തള്ളിക്കള (പഴ.)

ചൊല്ലുവിളി നാ. അനുസരണം, കീഴ്വഴക്കം

ചൊല്ലുവേല നാ. ഊഴിയവേല (അടിമപ്പണി)

ചൊവ നാ. = ചുവ

ചൊവക്കുക ക്രി. ചുവക്കുക

ചൊവയ്ക്കുക ക്രി. ചുവയ്ക്കുക

ചൊവ്വ നാ. 1. ചുവപ്പ്; 2. ഗ്രഹം, കുജൻ (ചുവന്ന നിറമായതിനാൽ); 3. ചൊവ്വാഴ്ച

ചൊവ്വളി നാ. 1. മഞ്ചട്ടിമരം; 2. ഒരു വള്ളിച്ചെടി

ചൊവ്വാക്കുറ്റം നാ. (ജ്യോ.)= ചൊവ്വാദോഷം

ചൊവ്വാദോഷം [സം.] നാ. (ജ്യോ.) ചൊവ്വാഗ്രഹത്തിന്റെ സ്ഥിതികൊണ്ട് ജാതകനുണ്ടാകാവുന്ന ദോഷം

ചൊവ്വാഴ്ച നാ. കുജവാരം (ആഴ്ചവട്ടത്തിൽ മൂന്നാംദിവസം)
ചൊവ്വ് നാ. 1. ചെവ്വ്; 2. ഒരു സ്വർണനാണയത്തിൽ യഥാർഥത്തിലുള്ള സ്വർണത്തിൻെറ അളവ്
ചൊവ്വേ അവ്യ. ബേരേ, ശരിയാറ്റിട്ട്
ചോള നാ. = ചൂള
ചൊള്ള വി. 1. മെലിഞ്ഞ; 2. വളർച്ച പൂർത്തിയാകുന്നതിനുമുൻപ് ഉണങ്ങിപ്പോയ (കായെന്നപോലെ) ഉണക്കൽ. നാ. വസൂരിത്തഴമ്പ്. (പ്ര.) ചൊള്ളക്കണ്ണൻ = കണ്ണിനു തകരാറുള്ളവൻ
ചൊള്ളൻ നാ. 1. ഒരിനം പ്രാണി; 2. ആൺകുട്ടി
ചൊള്ള് നാ. 1. പുഴുക്കേടുള്ള ധാന്യം; 2. പാകം വരാത്ത കായ്; 3. വഷളൻ; 4. വസൂരിത്തഴമ്പ്
ചൊള്ളുക1 ക്രി. ചൊട്ടുക, ചുങ്ങുക
ചൊള്ളുക2 ക്രി. 1. വായിൽനിന്ന് ഊത്ത ഒലിക്കുക; 2. സൊള്ളുക
ചൊഴലി നാ. = ചുഴലി
ചൊറി നാ. 1. ഒരു ത്വഗ്രോഗം, ചെറിയ ചിരങ്ങ്; 2. ചൊറിച്ചിൽ; 3. ഒരു ജലജീവി, കടൽച്ചൊറി; 4. കോപം. (പ്ര.) ചൊറികുത്തുക = 1. നഖംകൊണ്ടോ മറ്റോ ചൊറി പൊട്ടിക്കുക; 2. നിസ്സാരകാര്യങ്ങൾചെയ്തു സമയം കളയുക
ചൊറിക്കുട്ടൻ നാ. 1. കടൽച്ചൊറി; 2. ദേഹം മുഴുവൻ ചൊറിപിടിച്ച കുട്ടി
ചൊറിച്ചിൽ നാ. 1. ഊരൽ, മാന്തണമെന്നു തോന്നുന്ന അനുഭവം (ചില വസ്തുക്കളുമായുള്ള സമ്പർക്കംകൊണ്ടോ രോഗബീജങ്ങളുടെ പ്രവർത്തനംകൊണ്ടോ തൊലിപ്പുറത്തുണ്ടാകുന്ന അസ്വസ്ഥത); 2. കോപംകൊണ്ടോ വെറുപ്പുകൊണ്ടോ മനസ്സിനുണ്ടാകുന്ന അസ്വാസ്ഥ്യം
ചൊറിച്ചുമല്ലൽ [മറിച്ചു-ചൊല്ലൽ] നാ. സംഭാഷണത്തിൽ രണ്ടുവാക്കുകളുടെ ആദ്യക്ഷരങ്ങളെ പരസ്പരം സ്ഥാനം മാറ്റി ഉച്ചരിക്കുന്ന രീതി. ഉദാ: താനും മൊന്തയും = മോനും തന്തയും
ചൊറിത്തവള നാ. ഒരിനം തവള (പുറം ചൊറിപിടിച്ചതുപോലെ വടുകെട്ടിയിരിക്കുന്നതിനാൽ ഈ പേര്)
ചൊറിപ്പുഴു നാ. ഒരുതരം പുഴു, ആട്ടാം പുഴു
ചൊറിയണം നാ. ഒരുതരം ചെടി, കൊടിത്തൂവ (തൊട്ടാൽ ചൊറിച്ചിലുണ്ടാകുന്നത്)
ചൊറിയൻ വി. ചൊറിച്ചിലുണ്ടാക്കുന്ന. നാ. ചൊറി ഉള്ളവൻ
ചൊറിയുക ക്രി. 1. ചൊറിച്ചിൽ അനുഭവപ്പെടുക; 2. ചൊറിച്ചിൽ മാറ്റാനായി നഖംകൊണ്ടോ മറ്റോ ഉരസുക. (പ്ര.) ചൊറിഞ്ഞിളക്കുക = കലഹം കുത്തിപ്പൊക്കുക, വഴക്കിനുപ്രേരിപ്പിക്കുക. ചൊറിഞ്ഞുചൊറിഞ്ഞു പുണ്ണാക്കുക = ചെറിയകലഹത്തെ വലുതാക്കുക. (തലചൊറിയുക, നഖം ചൊറിയുക, വായ്ചൊറിയുക ഇത്യാദി)
ചൊറിവള്ളി നാ. 1. ഒരിനം വള്ളിച്ചെടി; 2. നായ്ക്കുരുണ
ചൊറിവാക്ക് [മ.ചൊറി-സം.] നാ. കോപം ഉണ്ടാക്കുന്ന വാക്ക്
ചൊറുക്ക [പേർ.സിർക്കോ] നാ. ചുറുക്ക, വിന്നാഗരി
ചൊറുക്ക് നാ. = ചുറുക്ക്
ചൊറുചൊറുക്ക് നാ. = ചുറുചുറുക്ക്

ചൊറുചൊറെ അവ്യ. ചൊരിയത്തക്കവണ്ണം (മണൽ ധാന്യങ്ങൽ എന്നിവപോലെ)ചൊറുതണം നാ. ചൊറിയണം, കൊടിത്തൂവ
ചൊറുപ്പ് നാ. ഉത്സാഹം, തരിപ്പ്
ചോകോൻ നാ. = ചേകോൻ
ചോക്ക വി. ചുവന്ന
ചോക്കൻ വി. ചെമന്ന നിറമുള്ള
ചോക്കലേറ്റ് [ഇം.] നാ. ചാക്കലേറ്റ്
ചോക്കി നാ. = ചൗക്കി
ചോക്ക് [ഇം.] നാ. 1. ശീമച്ചുണ്ണാമ്പ്; 2. ചുണ്ണാമ്പുകൊണ്ട് ബോർഡിൽ എഴുതാനുണ്ടാക്കുന്ന വസ്തു
ചോക്കുക1 ക്രി. ചുവക്കുക
ചോക്കുക2 ക്രി. ചുമക്കുക
ചോക്ര നാ. = ചൊക്കറ
ചോക്ഷ [സം.] വി. 1. സാമർഥ്യമുള്ള; 2. ബുദ്ധിയുള്ള; 3. പരിശുദ്ധമായ; 4. സത്യസന്ധതയുള്ള; 5. സന്തോഷകരമായ; 6. എരിവുള്ള
ചോങ്കൻ നാ. മരപ്പണിക്കാരൻ (ആശാരി)
ചോങ്ക്,ചോങ്ങ് നാ. ചുറ്റും മലയുറവയുള്ള ചോലപ്രദേശം
ചോചകം [സം.] നാ. 1. കറുവപ്പട്ട; 2. പട്ട (വൃക്ഷത്തിൻെറ തൊലി)
ചോചം [സം.] നാ. 1. ഇലവർങ്ങം, കറുവപ്പട്ട; 2. വൃക്ഷത്തിൻെറ തൊലി, പട്ട; 3. മനുഷ്യരുടേയോ മൃഗങ്ങളുടേയോ മറ്റോ തൊലി; 4. തേങ്ങ; 5. പനയുടെ കായ്; 6. വാഴപ്പഴം; 7. (പഴത്തിൽ) തിന്നാൻകൊള്ളാത്ത ഭാഗം; 8. തത്തയും മറ്റും കൊത്തിയ മാങ്ങ മുതലായവ
ചോചിലം [സം.] നാ. സസ്യങ്ങളുടെ തണ്ടിനുള്ളിലെ രസവാഹിനിക്കുഴൽ
ചോച്ചി നാ. ചോറ്
ചോടയം നാ. ഭങ്ഗി
ചോടി(ക) [സം.ചോടീ] നാ. സ്ത്രീകളുടെ ഉള്ളുടുപ്പ്
ചോടിക [സം.] നാ. ചോടി
ചോട1 നാ. ചുവട്
ചോട്2 നാ. ചുമട്
ചോട്3 [ഹി.ജോഡി] നാ. ഇണ, ഇരട്ട (രണ്ടുകൂടിയത്)
ചോടുക ക്രി. 1. ചുവടുവയ്ക്കുക; 2. രഹസ്യമായി ശ്രമിക്കുക; 3. അലങ്കരിക്കുക
ചോട്ട1 നാ. ആഗ്രഹം, ഇഷ്ടം
ചോട്ട2 നാ. 1. വടി, നീളംകുറഞ്ഞവടി (സേവകന്മാർ അധികാരചി മായി വഹിക്കുന്നത്); 2. ചെറിയവാൾ; 3. ആടിൻെറ മടങ്ങിക്കിടക്കുന്ന ചെവി
ചോട്ട3 [ഹി.] വി. ചോട്ടാ
ചോട്ടക്കാരൻ നാ. അകമ്പടിക്കാരൻ (ചെറിയവടികൊണ്ടു നടക്കുന്നതിനാൽ ഈ പേര്)
ചോട്ടാ [ഹി.ഛോട്ടാ] വി. ചെറിയ
ചോട്ടുകളി നാ. ചുവട്ടുകളി

ചോണ നാ. കാതിൻെറ കീഴ്ഭാഗത്തുള്ള മാംസളമായ ഭാഗം (കമ്മൽ അണിയുന്ന സ്ഥാനം). (പ്ര.) ചോണവലിക്കുക = തോടതുടങ്ങിയ വലിപ്പമുള്ള ആഭരണങ്ങൾ അണിയുന്നതിനുവേണ്ടി ചോണയിലുണ്ടാക്കുന്ന ദ്വാരം വലുതാക്കുക.
795
ചോണങ്കി1 [സം.ശോണാങ്ഗ] വി. ചുവപ്പുനിറമുള്ള. നാ. നായാട്ടുനായ്
ചോണങ്കി2 നാ. മെലിഞ്ഞയാൾ, മെലിഞ്ഞ മൃഗം
ചോണൻ നാ. ചോനൻ
ചോണൽ നാ. ചോനൻ
ചോണാടൻ നാ. ഒരുതരം കപ്പൽ
ചോണാട് നാ. ചോളനാട്
ചോതടി നാ. 1. ചാവടി; 2. ഒരിനം വാഴപ്പഴം
ചോതന [<സം.ശോധനാ] നാ. എണ്ണ മുതലായ ദ്രവ്യവസ്തുക്കളുടെ ഒരു അളവ്, പന്ത്രണ്ട് ഇടങ്ങഴിക്കു തുല്യം
ചോതനി [<സം.ശോധനീ] നാ. ചൂല്, തുറപ്പ (ശുദ്ധിവരുത്തുന്നതിനാൽ)
ചോതി [സം.സ്വാതി] നാ. ഒരു നക്ഷത്രം (ഇരുപത്തേഴ് നക്ഷത്രങ്ങളിൽ പതിനഞ്ചാമത്തേത്). (പ്ര.) ചോതിമിന്നൽ = ആദിത്യൻ ചോതി നക്ഷത്രത്തിൽ സഞ്ചരിക്കുമ്പോൾ ഉണ്ടാകുന്ന മിന്നൽ, ആസന്നമായ മഴയെ സൂചിപ്പിക്കുന്നു. ചോതിപ്പെണ്ണിന് ചോദ്യമില്ല (പഴ.)
ചോത്ര [<സം.സുഭദ്ര] നാ. ഒരു സ്ത്രീ നാമം
ചോദ(ക) [സം.<ചുദ്] വി. പ്രേരിപ്പിക്കുന്ന
ചോദകം [സം.] നാ. 1. നിർദേശം; 2. ക്ഷണം; 3. പ്രേരിപ്പിക്കൽ; 4. പ്രേരിപ്പിക്കുന്നത്
ചോദന1 [സം.<ചുദ്] വി. ഉപദേശിക്കുന്ന, നിർദേശിക്കുന്ന, പ്രേരിപ്പിക്കുന്ന
ചോദന2 [സം.] നാ. ആജ്ഞ, ഉപദേശം, പ്രേരണ, സൂചന
ചോദനം [സം.] നാ. 1. അയയ്ക്കൽ, നിർദേശിക്കൽ; 2. (ധനതത്ത്വ.) ആവശ്യകത
ചോദം [സം.] നാ. 1. ചമ്മട്ടി; 2. തോട്ടി
ചോദിക്കുക [സം.<ചുദ്] ക്രി. 1. ഏതെന്നോ എന്തെന്നോ എങ്ങനെയെന്നോ മറ്റോ അന്വേഷിക്കുക; 2. (ഏതെങ്കിലും വസ്തു) തരണമെന്നു പറയുക; 3. പ്രേരിപ്പിക്കുക
ചോദിത [സം.] വി. പ്രേരിപ്പിക്കപ്പെട്ട
ചോദ്യ [സം.] വി. ചോദിക്കത്തക്ക
ചോദ്യക്കടലാസ് [സം.] നാ. ചോദ്യം ഉൾക്കൊള്ളുന്ന കടലാസ്
ചോദ്യചി ം നാ. 1. ചോദ്യമാണെന്നുകാണിക്കാൻ അച്ചടിയിലും എഴുത്തിലും ഉപയോഗിക്കുന്ന അടയാളം '?'; 2. ഉത്തരം നൽകാൻ വിഷമമായ പ്രശ്നം
ചോദ്യപ്പെടുക [സം.-മ.] ക്രി. അന്വേഷണത്തിനു വിഷയമാകുക
ചോദ്യം [സം.] നാ. 1. ചോദിക്കൽ, ആരായൽ, ആവശ്യപ്പെടൽ; 2. ചോദിക്കപ്പെടുന്നത്, ആരായുന്ന കാര്യം; 3. ചോദിക്കാൻ പ്രയോഗിക്കുന്ന വാക്യമോ വാചകമോ; 4. പരീക്ഷയ്ക്ക് ഉത്തരമെഴുതാനായി നൽകപ്പെടുന്ന പ്രശ്നം; 5. (നീതിന്യാ) വ്യവഹാരങ്ങളിൽ തെളിവുകൾ നിർണയിക്കുന്നതിനുവേണ്ടി ഉന്നയിക്കുന്ന പ്രശ്നം; 6. പ്രശ്നമായിത്തീർന്നിട്ടുള്ള വിഷയം, ചിന്താവിഷയം; 7. ശിക്ഷ; 8. അദ്ഭുതം. ചോദ്യംചെയ്യുക = 1. ചോദിക്കുക, പല ചോദ്യങ്ങൾചോദിച്ചു സത്യം അറിയാൻ

ശ്രമിക്കുക; 2. (നീതിന്യാ) സത്യാവസ്ഥ വ്യക്തമാക്കാൻവേണ്ടി പ്രതി സാക്ഷി തുടങ്ങിയവരെ വിസ്തരിക്കുക; 3. ധിക്കരിക്കുക, എതിർക്കുക, വാക്കാൽ തടസ്സപ്പെടുത്തുക

ചോദ്യസർവനാമം നാ. (വ്യാക) ചോദ്യാർഥം ഉൾക്കൊള്ളുന്ന സർവനാമം. ഉദാ: എന്ത്, ഏത്, ഏവൻ, യാവൻ

ചോദ്യാവലി [സം.-ആവലി] നാ. ഒരു വിഷയത്തെപ്പറ്റി ഉന്നയിക്കാവുന്ന ചോദ്യങ്ങളുടെ കൂട്ടം (അപേക്ഷകരുടെ യോഗ്യത പരീക്ഷിക്കുന്നതിനും മറ്റും ഉപയോഗം)

ചോനകൻ നാ. =ജോനകൻ

ചോനൻ1 നാ. ഒരിനം ചെറിയ ഉറുമ്പ്

ചോനൻ2 നാ. = ജോനകൻ

ചോനൽ നാ. ചോനൻ

ചോപ്പൻ വി. ചുവപ്പുനിറമുള്ള. നാ. ചുവപ്പുനിറമുള്ള വസ്തുവോ ആളോ

ചോപ്പ് നാ. ചുവപ്പ്

ചോബ്ദാർ [പേർ.] നാ. അകമ്പടിക്കാരൻ, ശിപായി

ചോമാതിരി [<സ്. നാ. സോമയാജി

ചോമ്പൽ നാ. വാട്ടം, വാടൽ, മങ്ങൽ

ചോമ്പി നാ. മടിയൻ, ചോമ്പേരി

ചോമ്പ് നാ. മടി, മയക്കം. (പ്ര.) ചോമ്പടിക്കുക = മയക്കം ബാധിക്കുക

ചോമ്പുക ക്രി. വാടുക, മങ്ങുക

ചോമ്പേരി നാ. മടിയൻ

ചോയി നാ. വടക്കേ മലബാറിലെ ഗുരുക്കൾ എന്ന ജാതിയിൽപ്പെട്ട ആൾ

ചോർ നാ. ചോറ്

ചോർക്കുക [ചോരുക>] ക്രി. 1. ചോർത്തുക, ചെറിയവിടവിലൂടെയോ ദ്വാരത്തിലൂടെയോ പൊടിയോ ദ്രവമോ വളരെ ചെറിയ സാധനങ്ങളോ വീഴ്ത്തുക; 2. ചോരത്തക്കവണ്ണം ദ്വാരമുണ്ടാക്കുക; 3. നഷ്ടപ്പെടുത്തുക; 4. രഹസ്യമായി സൂക്ഷിക്കുന്ന കാര്യങ്ങൾ പരസ്യമാക്കുക

ചോർച്ച [<ചോരുക] നാ. ചോരൽ

ചോർത്തുക ക്രി. = ചോർക്കുക

ചോർപ്പ് നാ. ഒരു ഉപകരണം, വെച്ചൂറ്റി (ദ്രവവസ്തുക്കൾ വായ്വിസ്താരം കുറഞ്ഞ കുപ്പികളിലും പാത്രങ്ങളിലും മറ്റും പകരുന്നതിനുള്ളത്)

ചോര നാ. രക്തം (പ്ര.) ചോരക്കൊതിയൻ = 1. കലഹപ്രിയൻ; 2. ക്രൂരൻ. ചോരചിന്തുക = രക്തമൊഴുകുക. ചോരചൊരിച്ചിൽ = രക്തപ്രവാഹം, കലഹം. ചോരതിളയ്ക്കുക = ആവേശംകൊള്ളുക, കോപിക്കുക. ചോരനീരാക്കുക = കഠിനമായി അധ്വാനിക്കുക. ചോരപൊടിയുക = മുറിവായിൽനിന്ന് രക്തം ചെറിയ തുള്ളികളായി ഊറുക. ചോരപ്പക = കുടിപ്പക. ചോരപ്പാട് = രക്തക്കറ. ചോരയും നീരും = ആരോഗ്യം, ശരീരപുഷ്ടിയുള്ള സ്ഥിതി. ചോരയോട്ടം = രക്തസഞ്ചാരം

ചോരകൻ [സം.<ചുര്] നാ. കള്ളൻ

ചോരകർമം [സം.] നാ. മോഷണം

ചോരകവി [സം.-കവി] നാ. അന്യൻെറ കവിത സ്വന്തമാക്കി പ്രസിദ്ധപ്പെടുത്തുന്നവൻ
ചോരക്കണ്ണ് നാ. രക്തംപോലെ ചുവന്ന കണ്ണ്. (പ്ര.) ചോരക്കണ്ണൻ = ചുവന്ന കണ്ണുള്ളവൻ
ചോരക്കളം നാ. ചോര കെട്ടിക്കിടക്കുന്ന സ്ഥാലം
ചോരക്കാലി നാ. 1. ഒരിനം പക്ഷി (ചുവന്ന കാലുള്ളത്); 2. ഒരുതരം വൃക്ഷം
ചോരക്കിളർപ്പ് നാ. രക്തച്ചരായ
ചോരക്കുഞ്ഞ് നാ. പ്രസവിച്ചിട്ട് അധികനാൾ കഴിയാത്ത കുഞ്ഞ് (ചോരനിറത്തിലിരിക്കുന്നതിനാൽ)
ചോരക്കുഴൽ നാ. ശരീരത്തിനുൾലിൽ രക്തം ഒഴുകുന്ന ധമനി
ചോരക്കൊഴുപ്പ് നാ. ചോരത്തുടുപ്പ്, യുവസഹജമായ അഹങ്കാരം, അത്യുത്സാഹം
ചോരച്ചാർച്ച നാ. രക്തബന്ധം
ചോരണം [സം.<ചുര്] നാ. കള്ളം, മോഷണം
ചോരത [സം.ചോര-താ] നാ. കള്ളൻെറ ഭാവം, കള്ളത്തരം
ചോരതാളം നാ. (സങ്ഗീ.) ഒരു താളം
ചോരത്തിളപ്പ് നാ. = ചോരക്കൊഴുപ്പ്
ചോരത്തുടിപ്പ് നാ. ഹൃദയസ്പന്ദനത്തിനൊത്തുള്ള രക്തപ്രവാഹം
ചോരത്തുടുപ്പ് നാ. ആരോഗ്യവും സൗഭാഗ്യവും സൂചിപ്പിക്കുന്ന രക്തപ്രസാദം
ചോരധർമം [സം.] നാ. 1. കള്ളൻെറ വൃത്തി (മോഷണം); 2. ചതിവ്
ചോരൻ [സം.] നാ. കള്ളൻ
ചോരപുത്രൻ നാ. 1. ജാരപുത്രൻ; 2. കള്ളൻെറ മകൻ
ചോരപുരുഷൻ [സം.] നാ. ഒളിപുരുഷൻ, ജാരൻ
ചോരപ്പയിൻ നാ. ഒരിനം പയിൻ മരം
ചോരപ്പ് നാ. രക്തവർണം
ചോരപ്പുഴ നാ. രക്ത നദി (പുഴപോലെ ഒഴുകുന്ന രക്തം)
ചോരമറിയുക ക്രി. (കണ്ണ്) രക്തവർണമാകുക
ചോരയിളക്കം നാ. ചോരത്തിളപ്പ്
ചോരവിപണി [സം.] നാ. കരിഞ്ചന്ത
ചോരവൃത്തി [സം.-വൃത്തി] നാ. മോഷണം (ചോരൻെറ പണി)
ചോരാഒറ്റി നാ. സ്ഥിരമായ ഒറ്റി, മീളാ ഒറ്റി
ചോരാഞ്ജനം [സം.] നാ. ചോരന്മാരെ കണ്ടുപിടിക്കുന്നതിനുള്ള അഞ്ജനം
ചോരി നാ. 1. ചോര; 2. മഴ (പ്ര.) ചോരിച്ചെവ്വായ് = രക്തവർണമായ വായ്, തുടുത്തചുണ്ടുള്ള മുഖം. ചോരിച്ചോർവായ് = രക്തവർണമായ ചുണ്ടുള്ള വായ്
ചോരിക [സം.ചോരികാ] നാ. മോഷണം
ചോരിക്കളി നാ. കൊഴുജ് ചോര
ചോരിത [സം.] വി. ചോരണംചെയ്യപ്പെട്ട (മോഷ്ടിക്കപ്പെട്ട)
ചോരിമണ്ണ് നാ. = ചൊരിമണ്ണ്
ചോരിവാ(യ്) നാ. ചെഞ്ചുണ്ട്
ചോരിവെള്ളം നാ. 1. ചോര, ചോരനീര്; 2. മഴവെള്ളം

ചോര്‍ നാ. ചുവര്‍

ചോരുക ക്രി. 1. സുഷിരങ്ങളില്‍ക്കൂടി വാര്‍ന്നോ വീണോ പോകുക, ഇറ്റിറ്റുവീഴുക, ഒലിക്കുക; 2. നഷ്ടപ്പെടുക; 3. രഹസ്യമായി സൂക്ഷിക്കുന്ന കാര്യം പരസ്യമാക്കുക. (പ്ര.) ചോര്‍ന്നൊലിക്കുക = മേല്‍ക്കൂരയുടെ വിടവിലൂടെ വെള്ളം വീടിനുള്ളില്‍ക്കടന്ന് ഒലിക്കുക. ചോര്‍ന്നുപോകുക = 1. നഷ്ടപ്പെടുക; 2. രഹസ്യം പരസ്യമാകുക. എള്ളുചോരുന്നതറിയും എണ്ണചോരുന്നത് അറിയുകയില്ല (പഴ.)

ചോല നാ. 1. മലയില്‍നിന്നു വരുന്ന ഉറവ്, കാട്ടാറ്, കാട്ടരുവി; 2. തണല്‍ (മരങ്ങള്‍ തിങ്ങിവളര്‍ന്ന് തണലുള്ള പ്രദേശം); 3. നടക്കാവ്; 4. നിഴല്‍; 5. ഉദ്യാനം; 6. കാറ്റാടിമരം; 7. ചെടിയുടെ കൊഴുത്തുവളരുന്ന ഭാഗം. ചോലപ്പറമ്പ് = മരത്തണലുള്ള പറമ്പ്. (പ്ര.) ചോലകെട്ടുക = മരങ്ങള്‍ ഇടതിങ്ങിവളര്‍ന്ന് തണലുണ്ടാകുക. ചോലവെള്ളം = 1. മലയില്‍നിന്ന് ഒഴുകിവരുന്ന ജലം; 2. മഴതോര്‍ന്ന ശേഷം മരങ്ങളില്‍നിന്ന് ഇറ്റിറ്റുവീഴുന്ന വെള്ളം

ചോലകം [സം.] നാ. 1. മാര്‍ച്ചട്ട; 2. മരത്തിന്‍െറ പട്ട

ചോലകി [സം.] നാ. 1. നാരകം; 2. കവചം ധരിച്ച ഭടന്‍; 3. മുളയുടെ നാമ്പ്; 4. കൈക്കുഴ, മണിബന്ധം

ചോലം [സം.] നാ. 1. ഒരുതരം കുപ്പായം (സ്ത്രീകള്‍ ധരിക്കുന്നത്); 2. പാദംവരെ ഇറക്കമുള്ള വലിയ കുപ്പായം (സന്യാസിമാരും മറ്റും ധരിക്കുന്നത്); 3. കുപ്പായം; 4. ഓലയോ പുല്ലോ മറ്റോ കൊണ്ടു മേഞ്ഞ കൂര; 5. കരമര്‍ദകം

ചോലമരം നാ. തണല്‍വൃക്ഷം

ചോലാമാലി നാ. ഉപദ്രവം

ചോലുക ക്രി. (പണയംവച്ച വസ്തുക്കള്‍ എന്നപോലെ) വീണ്ടെടുക്കുക

ചോവന്‍ നാ. ചോകോന്‍

ചോഷണം [സം.] നാ. ചൂഷണം

ചോഷം [സം<ചൂഷ്] നാ. 1. ഉറുഞ്ചല്‍; 2. ഒരു രോഗം (എരിച്ചില്‍, ചൂട്)

ചോഷ്യം [സം.] നാ. ചൂഷ്യം

ചോസ്കം [സം.] നാ. നല്ല ഇനം കുതിര

ചോഹാരി നാ. (സങ്ഗീ.) ഒരു രാഗം

ചോളക്കരിമ്പ് നാ. ഒരിനം കരിമ്പ് (ചോളത്തിന്‍െറയും കരിമ്പിന്‍െറയും ബീജപരാഗണം മൂലമുണ്ടായത്)

ചോളണ്ഡുകം [സം.ചോലണ്ഡുക] നാ. തലപ്പാവ്

ചോളന്‍ നാ. 1. ചോളരാജ്യത്തെ രാജാവ്; 2. ചോളദേശവാസി

ചോളം1 [<സം.യവ-നാല] നാ. ഒരു ഭക്ഷ്യധാന്യം

ചോളം2 നാ. 1. തമിഴകത്തില്‍പ്പെട്ട ഒരു രാജ്യം, ചോഴം (പാണ്ഡ്യദേശത്തിന്‍െറ വടക്കുഭാഗത്തുള്ളത്); 2. തമിഴകത്തെ പ്രസിദ്ധമായ രാജവംശങ്ങളില്‍ ഒന്ന്. ചോളമണ്ഡലം = ചോളദേശം

ചോളവന്‍ നാ. ചോളദേശത്തുനിന്നും കേരളത്തില്‍ വന്നു പാര്‍പ്പുറപ്പിച്ച ഒരു ജാതിക്കാരന്‍ (നയ്ത്തുതൊഴില്‍)

ചോളാവട്ടി നാ. മുറം, ചേളാകം

ചോളി1 നാ. 1. മറപ്പുര; 2. മോശമായിട്ടുള്ളത്

ചോളി2 [സം.ചോലി] നാ. കുപ്പായം (സ്ത്രീകള്‍ ധരിക്കുന്ന ഇറക്കം കുറഞ്ഞ ഉടുപ്പ്)

ചോളിയൻ നാ. ചോഴിയൻ
ചോഴൻ നാ. ചോളരാജാവ്
ചോഴനീർ നാ. കടലിൽ തെക്കോട്ടുള്ള അടിയൊഴുക്ക്
ചോഴം നാ. ചോളദേശം
ചോഴിയക്കാച് നാ. ഒരു പഴയ നാണയം
ചോഴിയൻ1 നാ. 1. ചോളദേശക്കാരൻ; 2. ചോളദേശത്തുനിന്നു വന്ന് കേരളത്തിൽ താമസിക്കുന്ന ബ്രാഹ്മണൻ (മുങ്കുടുമ ധരിച്ചിരിക്കുന്നു, സാമവേദിയാണ്); 3. ചോളരാജാവ്
ചോഴിയൻ2 നാ. കപ്പല്യാത്രക്കാരൻ
ചോറ് നാ. 1. അരിവേവിച്ചത്; 2. ഉപജീവനമാർഗം; 3. ചിലവൃക്ഷങ്ങളുടെയും കായ്കളുടെയും മറ്റും ഉള്ളിൽ കാണുന്ന പതുപതുപ്പുള്ള വസ്തു; 4.തലച്ചോറ്; 5. ജനനസമയത്ത് കുഞ്ഞിൻെറപുറത്ത് പറ്റിയിരിക്കുന്ന അരിമാവുപോലുള്ള വസ്തു. (പ്ര.) ചോറിടുക = മൃദങ്ഗത്തിനും മറ്റും വലന്തലയിൽ ചോറിൽ കുഴച്ച കരി തേച്ചുപിടിപ്പിക്കുക. ഉണ്ടചോറിന് ഉചിതം കാട്ടുക (പഴ.)
ചോറൂണ് നാ. 1. ഊണുകഴിക്കൽ; 2. അന്നപ്രാശനം
ചോറ്റി1 നാ. വിശറി
വോറ്റി2 നാ. പാച്ചൊറ്റി
ചോറ്റുകഞ്ഞി നാ. അരിവാർത്ത കഞ്ഞിവെള്ളം
ചോറ്റുകയിൽ നാ. ചോറ്റുതവി
ചോറ്റുകലം നാ. അരിവയ്ക്കുന്ന പാത്രം
ചോറ്റുകാരൻ നാ. 1. ആശ്രിതൻ (ചോറിനുവേണ്ടി ജോലിചെയ്യുന്നവൻ); 2. ചോറ് വിൽക്കുന്നവൻ; 3. അരിവയ്പ്പുകാരൻ
ചോറ്റുകിണ്ണം നാ. ഉണ്ണാനുള്ള തളിക
ചോറ്റുകൈ നാ. വലതുകൈ (ചോറുണ്ണുന്നതിന് ഉപയോഗിക്കുന്നതിനാൽ)
ചോറ്റുകൊട്ട നാ. (സദ്യയ്ക്ക്) ചോറു പകർന്ന് വയ്ക്കാനുള്ള കുട്ട
ചോറ്റുതവി നാ. ചോറുവിളമ്പാനുള്ള തവി
ചോറ്റുപട്ടാളം നാ. ആഹാരത്തിനുവേണ്ടി മാത്രം വന്നുകൂടുന്ന ആളുകൾ.
797
ചോറ്റുപണി നാ. അരിവയ്പ്പ്
ചോറ്റുപശ നാ. ചോറ് അരച്ചുണ്ടാക്കുന്ന പശ
ചോറ്റുപാത്രം [സം.] നാ. 1. ആഹാരസാധനങ്ങൾ പകർന്നുകൊണ്ടുപോകുന്നതിനുള്ള പാത്രം (സാധാരണയായി ലോഹംകൊണ്ടു നിർമിച്ചത്); 2. ചോറുവിളമ്പാനുള്ള പാത്രം
ചോറ്റുപാളയം നാ. 1. സൈനികത്താവളത്തിൽ ഭക്ഷണം തയ്യാറാക്കുന്ന സ്ഥലം; 2. ഊണിനുവേണ്ടി തള്ളിക്കയറുന്നവർ. (പ്ര.) ചോറ്റുപാളയക്കാർ = ചോറുണ്ണാൻ മാത്രം നടക്കുന്നവർ, ഒന്നിനും കൊള്ളാത്തവർ
ചോറ്റുപിച്ച നാ. ഭിക്ഷാന്നം
ചോറ്റുപുര നാ. (ക്ഷേത്രത്തിൽ നിവേദിച്ച) ചോറുവിൽക്കുന്ന സ്ഥലം
ചോറ്റുപൊക്കിൾ നാ. ഐശ്വര്യസൂചകമായ പൊക്കിൾ (സാമുദ്രികശാസ്ത്രപ്രകാരം)

ചോറ്റുമാടൻ നാ. ധാരാളം തിന്നുമെങ്കിലും ഒന്നിനും കൊള്ളാത്തവൻ
ചോറ്റുവട്ടി നാ. സദ്യയ്ക്കും മറ്റും ചോറു പകർന്നു വിളമ്പാൻ ഉപയോഗിക്കുന്ന വലിയ വട്ടി
ചോറ്റുവള്ളി നാ. പൂണൂൽ (ആക്ഷേപാർഥത്തിൽ)
ചൗ നാ. ചവ്വ്
ചൗകം [സം.] നാ. (സങ്ഗീ.) പതിഞ്ഞമട്ടിൽ ഗാനാലാപം ചെയ്യുന്ന രീതി
ചൗകവർണം [സം.-വർണ] നാ. (സങ്ഗീ.) പദവർണം (രണ്ടുതരം വർണങ്ങളിൽ ഒന്ന്)
ചൗക്ക നാ. = ചവുക്ക
ചൗക്കകാലം [പ്രാ.ചഉക്ഖ] നാ. (സങ്ഗീ.) നാലാം കാലം, പതിഞ്ഞമട്ട്
ചൗക്കം നാ. = ചവുക്കം
ചൗക്കാളം നാ. ജമുക്കാളം
ചൗക്കി നാ. = ചവുക്കി
ചൗക്ക് നാ. = ചവുക്ക്
ചൗക്ഷ [സം.] നാ. 1. വൃത്തിയുള്ള, പരിശുദ്ധമായ, മനസ്സിനിണങ്ങുന്ന; 2. ഭങ്ഗിയുള്ള
ചൗഡ [സം.<ചൂഡാ] വി. ചൂഡയെ സംബന്ധിച്ച
ചൗഡം നാ. ചൗളം
ചൗണ്ഡം [സം.<ചുണ്ഡ] നാ. കിണറ്
ചൗണ്ഡ്യം [സം.<ചുണ്ഡ] നാ. 1. (കല്ലുകെട്ടിയ) കിണറ്റിലെ വെള്ളം; 2. കൽത്തൊട്ടിയിലെ വെള്ളം
ചൗതിക്കുക ക്രി. = ചവരിക്കുക
ചൗത്ത് [പ്രാ.ചഉത്ഥ] നാ. ഒരു നികുതി (മുഗൾ ഭരണകാലത്ത് ഏർപ്പെടുത്തിയിരുന്നത്, വിളവിൻെറ നാലിലൊരുഭാഗം നികുതിയായി നിശ്ചയിച്ചിരുന്നതിനാൽ)
ചൗർണേയം [സം<ചൂർണ] നാ. പെരിയാറ്റിൽ (ചൂർണിനദിയിൽ) ഉണ്ടാകുന്ന മുത്ത്
ചൗരൻ [സം.] നാ. ചോരൻ, കള്ളൻ
ചൗരം [സം<ചോര] നാ. 1. ചോരകർമം (മോഷണം); 2. ചോരകം; 3. അടവിക്കച്ചോലം
ചൗരി [സം.ചൗരീ] നാ. 1. മോഷണക്കാരിയായ സ്ത്രീ; 2. മോഷണം; 3. ഗായത്രീരൂപമായ മഹാശക്തി
ചൗരിക [സം.ചൗരികാ] നാ. 1. മോഷണക്കാരിയായ സ്ത്രീ; 2. മോഷണം
ചൗരികൻ [സം.] നാ. ചോരൻ, കള്ളൻ
ചൗരികം [സം.] നാ. മോഷണം
ചൗരികാകം [സം.ചൗരി-കാക] നാ. കാവതികാക്ക
ചൗരിക്കുക ക്രി. = ചവരിക്കുക
ചൗര്യകം [സം.] നാ. 1. ചോരവൃത്തി, മോഷണം; 2. രഹസ്യം; 3. ചതി
ചൗര്യക്രീഡ [സം.] നാ. (ഭാര്യാഭർത്താക്കന്മാരല്ലാത്തവർ തമ്മിൽ) ഒളിവിൽ ചെയ്യുന്ന സുരതം

ചൗര്യം [സം.] നാ. മോഷണം, ഒളി, മറവ്
ചൗര്യരതം [സം.] നാ. = ചൗര്യക്രീഡ
ചൗര്യവൃത്തി [സം.-വൃത്തി] നാ. 1. മോഷണം; 2. മോഷണശീലം
ചൗര്യശാസ്ത്രം [സം.] നാ. മോഷണം നടത്തുന്നതെങ്ങനെയെന്നു വിവരിക്കുന്ന ശാസ്ത്രം
ചൗര്യസുരതം [സം.] നാ. = ചൗര്യക്രീഡ
ചൗര്യാനിത [സം.-ആനിത] വി. 1. മോഷ്ടിച്ചുകൊണ്ടുവന്ന; 2. ഒളിച്ചുകടത്തിക്കൊണ്ടുവന്ന
ചൗവ്വാഡി [സം.] നാ. (ശിൽപ) ഒരിനം കെട്ടിടം
ചൗളകർമം [സം.] നാ. ചൗളം
ചൗളം [സം.ചൗല] നാ. ഷോഡശസംസ്കാരങ്ങളിൽ ഒന്ന്, ചൂഡാകർമം (ആദ്യമായി ക്ഷൗരം ചെയ്യുന്ന ചടങ്ങ്. മൂന്നാം വയസ്സിലോ അഞ്ചാം വയസ്സിലോ നടത്തുന്നത്)
ച്യവനൻ [സം.] നാ. (പുരാണ) ഒരു മഹർഷി, ഭൃഗുവിൻെറ പുത്രൻ
ച്യവനപ്രാശം [സം.ച്യവന-പ്രാശ] നാ. (ആയുർ) ഒരു ഔഷധപ്രയോഗം, രസായനം
ച്യവനം [സം.<ച്യു] നാ. 1. അനക്കം, ചലനം; 2. തേയ്മാനം, നഷ്ടം; 3. നശിക്കൽ; 4. പതനം, വീഴ്ച; 5. ഇറ്റിറ്റുവീഴൽ
ച്യവിക്കുക [<സം. ച്യു] ക്രി. ഇളകുക, മാറുക, വഴുതുക, നഷ്ടപ്പെടുക
ച്യാവകൻ [സം.] നാ. ചെത്തുകാരൻ
ച്യാവനം [സം.] നാ. 1. ചലിപ്പിക്കൽ, ഓടിക്കൽ; 2. ചെത്ത്
ച്യുത [സം.<ച്യു] വി. വീണുപോയ, പൊയ്പ്പോയ, നഷ്ടപ്പെട്ട
ച്യുതദത്തം [സം.ച്യുത-ദത്ത] നാ. ഒരിനം ചിത്രബന്ധം
ച്യുതപഞ്ചമം [സം.-പഞ്ചമ] നാ. (സങ്ഗീ.) മധ്യമസ്വരത്തിനും പഞ്ചമത്തിനും ഇടയിലുള്ള ശ്രുതി
ച്യുതം [സം.] നാ. 1. വീണുപോയത്, നഷ്ടപ്പെട്ടത്; 2. ഒരിനം ചിത്രബന്ധം
ച്യുതമധ്യമം [സം.-മധ്യമ] നാ. (സങ്ഗീ.) ഒരു ശ്രുതി (അന്തരഗാന്ധാരത്തിനും ശുദ്ധമധ്യമത്തിനും ഇടയ്ക്കുള്ളത്)
ച്യുതരേണു [സം.-രേണു] വി. പൊടി പറന്നുപോയ, പൊടിയൊഴിഞ്ഞ. നാ. ഒരിനം ചിത്രബന്ധം
ച്യുതഷഡ്ജം [സം.-ഷഡ്ജ] നാ. (സങ്ഗീ.) ഒരു ശ്രുതി (കാകളിനിഷാദത്തിനും താരഷ്ഡജത്തിനും ഇടയ്ക്കുള്ളത്)
ച്യുതസംസ്കാരം [സം.] നാ. കാവ്യത്തിലെ പദദോഷങ്ങളിൽ ഒന്ന്
ച്യുതസായകൻ [സം.] നാ. ശരപ്രയോഗത്തിൽ ലാക്കു പിഴച്ചവൻ
ച്യുതാത്മാവ് [സം.-ആത്മൻ] നാ. ദുരാത്മാവ് (ആത്മസത്ത നഷ്ടപ്പെട്ടവൻ)
ച്യുതാധികാര [സം.] വി. അധികാരം നഷ്ടപ്പെട്ട
ച്യുതി [സം.] നാ. 1. അധ:പതനം, വീഴ്ച; 2. അപാനദ്വാരം, ഗുദം; 3. നഷ്ടം, വേർപാട്; 4. കർത്തവ്യവിമുഖത; 5. ഉപസ്ഥം; 6. ദ്രുതചലനം

ഛ1 [ഛ്-അ] മലയാള അക്ഷരമാലയിലെ ഏഴാമത്തെ വ്യഞ്ജനം, ച വർഗത്തിലെ അതിഖരം
ഛ2 വ്യാക്ഷേ. ഒരു വ്യാക്ഷേപകം (നിന്ദ, പുച്ഛം, പരിഹാസം മുതലായവയെ സൂചിപ്പിക്കുന്നത്)
ഛ3 [സം.] നാ. (ജ്യോ.) പരൽപ്പേരുപ്രകാരം ഏഴ് എന്ന സങ്ഖ്യയെ കുറിക്കുന്ന അക്ഷരം
ഛകാരം [സം.ഛ-കാര]നാ. ഛ എന്ന അക്ഷരം
ഛഗം[സം.] നാ. ആട്, ആണാട്
ഛഗണം [സം.ഛ-ഗണ]നാ. ചാണകം, ചാണകവരളി
ഛഗലം [സം.] നാ. 1. ആട്, കോലാട്; 2. ഒരു രാജ്യം (പുരാണ); 3. മറിക്കുന്നി; 4. നീലവസ്ത്രം
ഛഗലകം [സം.] നാ. ആട്, കോലാട്
ഛഗലൻ നാ. അത്രിമുനി
ഛഗാലാന്ത്രി [സം.-ആന്ത്രിൻ] നാ. ചെന്നായ്
ഛഗലി [സം.] നാ. 1. പെണ്ണാട്; 2. മറിക്കുന്നി
ഛഗി[സം.] നാ. പെണ്ണാട്
ഛച്ഛരിക [സം.] നാ. ഏറെ വെള്ളം ചേർത്തമോര്
ഛട് വ്യാക്ഷേ. ഒരു വ്യാക്ഷേപകം (അമർഷം, കോപം തുടങ്ങിയവയെ സൂചിപ്പിക്കുന്നത്)
ഛട [സം.ഛടാ] നാ. 1. കൂട്ടം; 2. പ്രകാശം; 3. അഗ്രം; 4. തുടർച്ചയായ രേഖ; 5. നിര; 6. മിന്നൽ
ഛടാഭ [സം.-ആഭാ] നാ. മിന്നൽ
ഛത്രതാലം [സം.] നാ. കുടപ്പന
ഛത്രധരൻ [സം.] നാ. കുടപിടിക്കുന്നയാൾ
ഛത്രനാഥൻ [സം.] നാ. 1. ഛത്രപതി; 2. ദൃതരാഷ്ട്രൻെറ പുത്രൻ
ഛത്രപതി [സം.] നാ. രാജാവ്, ചക്രവർത്തി
ഛത്രപർണം [സം.] നാ. ഏഴിലമ്പാല
ഛത്രപുഷ്പ [സം.-പുഷ്പാ] നാ. മയിലെള്ള്
ഛത്രപൂജാമന്ത്രം [സം.] നാ. രാജാവിൻെറ വെൺകൊറ്റക്കുട പൂജിക്കാനുള്ള മന്ത്രം
ഛത്രഭങ്ഗം [സം.] നാ. 1. വെൺകൊറ്റക്കുട ഇല്ലാതാകൽ; 2. ആശ്രയത്വം; 3. ഏകാന്തത; 4. വൈധവ്യം
ഛത്രയോഗം [സം.] നാ. (ജ്യോ.) 1. ഒരു ഗ്രഹയോഗം, സപ്തമം മുതൽ ഏഴുരാശികളായി എല്ലാം നിന്നാൽ വരുന്ന ഒരു യോഗം; 2. ഭാവയോഗങ്ങളിൽ ഒന്ന്
ഛത്രവതി [സം.] നാ. (പുരാണ) അഹിച്ഛത്രം എന്ന ദേശം
ഛത്രാകാര [സം.-ആകാര] വി. കുടപോലുള്ള
ഛത്രി [സം.] നാ. 1. കുടയുള്ളവൻ, കുടപൊടിക്കുന്നവൻ; 2. ക്ഷുരകൻ; 3. ഏഴിലമ്പാല
ഛത്രിക [സം.] നാ. 1. ചെറിയ കുട; 2. ശതകുപ്പ; 3. കുമിൾ
ഛത്രോപചാരം [സം.] നാ. ദേവപൂജയിലെ ഒരു ചടങ്ങ്
ഛദം[സം.ഛദ] നാ. 1. ആവരണം, ഉറ; 2. തൊലി; 3. ഇല; 4. ചിറക്; 5. കരിഞ്ചണ്ണ; 6. ഇതൾ, ദളം; 7. ഇലവർങം; 8. ചുണ്ട്; 9. തൂവൽ

ഛദകം [സം.] നാ. ഇല, ഇതൾ
ഛദനം [സം.] നാ. 1. ഉറ, മറ; 2. ഇല; 3. ചിറക്; 4. ഇലവർങം
ഛദപത്രം [സം.] നാ. ഭൂർജമരം
ഛദാവലി [സം.-ആവലി] നാ. അമ്പിൻെറ കടയ്ക്കൽ പിടിപ്പിക്കുന്ന തൂവൽ
ഛദി [സം.ഛദിസ്] നാ. ഛദിസ്സ്
ഛദിഘ്ലാസം [സം.] നാ. പുരമേയാനുള്ള പുല്ല്
ഛദിദ്വാരം [സം.] നാ. രഹസ്യവാതിൽ
ഛദിസ്സ് [സം.] നാ. 1. വണ്ടിയുടെയും മറ്റും മേൽമറ; 2. മറ
ഛദ്മ[സം.] നാ. മഞ്ചട്ടി
ഛദ്മം [സം.ഛദ്മൻ] നാ. 1. കള്ളം, വ്യാജം, ചതി; 2. കള്ളവേഷം, പ്രച്ഛന്നവേഷം
ഛദ്മത [സം.ഛദ്മ-താ] നാ. കള്ളത്തരം
ഛദ്മി [സം.ഛദ്മിൻ] നാ. 1. കപടവേഷക്കാരൻ; 2. ചതിയൻ
ഛന്ദ [സം.] വി. 1. ഇഷ്ടത്തിനൊത്ത; 2. രഹസ്യമായ
ഛന്ദം [സം.] നാ. 1. ആഗ്രഹം; 2. അഭിപ്രായം; 3. ഉദ്ദേശ്യം, ലക്ഷ്യം; 4. അർഥം, സാരാംശം; 5. ആനന്ദം; 6. ആകൃതി
ഛന്ദകൻ [സം.] നാ. 1. രക്ഷകൻ; 2. ശ്രീകൃഷ്ണൻ; 3. സിദ്ധാർഥരാജകുമാരൻെറ തേരാളി
ഛന്ദൻ [സം.] നാ. സിദ്ധാർഥൻെറ തേരാളി
ഛന്ദന [സം.] വി. ആനന്ദിപ്പിക്കുന്ന, പ്രീതിജനകമായ
ഛന്ദനം [സം.] നാ. 1. മുടി; 2. ചിറക്; 3. ഇല; 4. ഉറ, വാളുറ
ഛന്ദപ്രാകാരം [സം.] നാ. ഛന്ദപ്രാസാദത്തെ ചുറ്റിയുള്ള മതിൽക്കെട്ടോടുകൂടിയ മുറ്റം
ഛന്ദപ്രാസാദം [സം.] നാ. നാലുമുതൽ പന്ത്രണ്ടുവരെ നിലകളിലായി നിർമിക്കുന്ന പ്രാസാദങ്ങൾക്കു പൊതുവേ പറയുന്ന പേര്
ഛന്ദശ്ചിതി [സം.ഛന്ദസ്-ചിതി] നാ. (ഗണിത) പ്രാചീനഭാരതത്തിൽ നിലവിലിരുന്ന ഒരു ക്രിയാരീതി
ഛന്ദശാസ്ത്രം [സം.] നാ. വൃത്തശാസ്ത്രം
ഛന്ദസ്പതി [സം.] നാ. സൂര്യൻ
ഛന്ദസ്സ് [സം.] നാ. 1. വേദാങ്ഗങ്ങളായ ആറ് ശാസ്ത്രങ്ങളിൽ ഒന്ന്, വൃത്തശാസ്ത്രം; 2. പദ്യത്തിൻെറ അക്ഷരം, വർണം, മാത്ര എന്നിവയുടെ കൃത്യമായ ക്രമത്തെ കുറിച്ചുള്ള നിഷ്കർഷ; 3. ഇച്ഛ; 4. ചതി, കപടം; 5. സമൂഹം; 6. തന്നിഷ്ടം
ഛന്ദോഗൻ [സം.ഛന്ദസ്-ഗ] നാ. 1. ഗാനം ചെയ്യുന്നവൻ (സാമവേദം); 2. പരമാത്മാവ്
ഛന്ദോഗശ്രുതി [സം.] നാ. ഛാന്ദോഗ്യോപനിഷത്ത്
ഛന്ദോബദ്ധ [സം.ഛന്ദസ്-ബദ്ധ] വി. വൃത്തനിബദ്ധമായ
ഛന്ദോഭങ്ഗം [സം.-ങ്ഗ] നാ. വൃത്തഭങ്ഗം
ഛന്ദോമയൻ [സം.-മയ] നാ. വേദസ്വരൂപൻ
ഛന്ദോവിചിതി [സം.] നാ. വൃത്തശാസ്ത്രം
ഛന്ദോവേദി [സം.-വേദിൻ]നാ. വേദം അറിയുന്നവൻ

ഛന്ന[സം.< ഛദ്] വി. 1. മറയ്ക്കപ്പെട്ട; 2. നിർജനമായ
ഛന്നം [സം.] നാ. 1. ഒളിവ്, ഒളിക്കൽ; 2. രഹസ്യം; 3. വിജനപ്രദേശം; 4. ഛന്നമേളം
ഛന്നചാരി [സം.] നാ. ഒളിച്ചുനടക്കുന്നവൻ
ഛന്നത, -ത്വം [സം.] നാ. 1. മറവ്; 2. നിർജനത
ഛന്നൻ [സം.] നാ. 1. മറയ്ക്കപ്പെട്ടവൻ, മറഞ്ഞവൻ; 2. വേഷം മാറിയവൻ
ഛന്നപഥം [സം.] നാ. രഹസ്യ വഴി
ഛന്നപാപ [സം.] വി. സ്വന്തം പാപത്തെ മറച്ചുവയ്ക്കുന്ന
ഛന്നമേളം [സം.-മേല] നാ. (സങ്ഗീ.) മേളസ്വരങ്ങളിൽ ഒന്ന്
ഛന്നവേഷം [സം.] വി. വേഷം മറച്ച
ഛന്നാവാസം [സം.-ആവാസ] നാ. അജ്ഞാതവാസം.
799
ഛർദം [സം.-ഛേദ] നാ. ഛർദി
ഛർദനം [സം.] നാ. 1. (ആയുർ)ഛർദി; 2. പഞ്ചകർമങ്ങളിൽ ഒന്ന്
ഛർദാപനിക [സം.] നാ. കക്കരി
ഛർദി [സം.] നാ. 1. വമനം (ആമാശയത്തിലുള്ള വസ്തുക്കൾ വായിൽക്കൂടി വിസർജിക്കൽ); 2. ഛർദിക്കപ്പെട്ട വസ്തു
ഛർദിക [സം.] നാ. 1. ഛർദി; 2. വിഷ്ണുക്രാന്തി
ഛർദിക്കുക [സം.< ഛർദ്] ക്രി. ആമാശയത്തിലുള്ള വസ്തുക്ക്ള് വായിലൂടെ വിസർജിക്കുക
ഛർദിഘ്നം [സം.ഛർദി-ഘ്ന] നാ. 'ഛർദിയെ നശിപ്പിക്കുന്നത്' കറിവേപ്പ്
ഛർദിൽ നാ. = ഛർദി
ഛലബന്ധു [സം.] നാ. കപടമിത്രം
ഛലം [സം.] നാ. കാപട്യം, വഞ്ചന
ഛലമതി [സം.] നാ. 1. കപടസ്വഭാവം ഉള്ളവൻ, കപടസ്വഭാവം
ഛലി[സം.] നാ. വഞ്ചകൻ, ചതിയൻ
ഛലികം [സം.] നാ. (നാട്യ) ലാസ്യത്തിനുപയോഗിക്കുന്ന നാലു ചരണങ്ങളുള്ള ഒരുതരം ഗാനം
ഛലിതകം [സം.] നാ. വ്യാജം, വഞ്ചന
ഛലിതം [സം.] നാ. 1. ചതിപ്രയോഗം; 2. ഒരിനം നൃത്തം
ഛലോപായം [സം.ഛല-ഉപായ] നാ. 1. കാപട്യംകൊണ്ട് കാര്യം നേടൽ; 2. കടംകൊടുത്തത് തിരിച്ചുവാങ്ങാനുള്ള ഉപായങ്ങളിൽ ഒന്ന്
ഛല്ലി[സം.ഛല്ലീ] നാ. 1. മരവുരി; 2. വള്ളിച്ചെടി; 3. സന്താനം
ഛവി[സം.] നാ. 1. നിറം; 2. സൗന്ദര്യം; 3. പ്രകാശം; 4. ശരീരശോഭ; 5. ത്വക്ക്
ഛാഗം [സം.] നാ. 1. കോലാട്; 2. (ജ്യോ.) മേടം രാശി; 3. ആട്ടിൻ പാൽ
ഛാഗണം [സം.] നാ. 1. ചാണകവറളിയിലെ തീ; 2. പശുവിൻെറ ഉണക്കച്ചാണകം
ഛാഗഭോജി [സം.] നാ. 1. ആട്ടിറച്ചി തിന്നുന്നവൻ; 2. ചെന്നായ്
ഛാഗമുഖൻ [സം.-മുഖ] നാ. 1. ആട്ടിൻെറ മുഖം ഉള്ളവൻ, സ്കന്ദൻ; 2. ദക്ഷപ്രജാപതി
ഛാഗരഥൻ [സം.] നാ. അഗ്നി

ഛാഗല [സം.] വി. ആടിൽനിന്നു ലഭിക്കുന്ന, ആടുമായി ബന്ധപ്പെട്ട
ഛാഗലപഞ്ചകം [സം.] നാ. ആടിൽനിന്നു ലഭിക്കുന്ന അഞ്ചു ദ്രവ്യങ്ങൾ
ഛാഗലം [സം.] നാ. ആട്
ഛാഗലാന്ത്രം [സം.-അന്ത] നാ. ചെന്നായ്
ഛാഗി [സം.] നാ. പെണ്ണാട്
ഛാഗിക [സം.ഛാഗികാ] നാ. ഛാഗി
ഛാഗീഘൃതം [സം.] നാ. ആട്ടിൻനെയ്യ്
ഛാഗേയം [സം.] നാ. വലിയ മുള്ളങ്കി
ഛാഗോപഹാരം [സം.] നാ. ആടുകളെ ബലികൊടുക്കൽ
ഛാത [സം.] വി. 1. ഛേദിക്കപ്പെട്ട; 2. മെലിഞ്ഞ, ക്ഷീണിച്ച, ചെത്തിക്കുറച്ച
ഛാതൻ [സം.] നാ. മെലിഞ്ഞവൻ, ദുർബലൻ
ഛാത്ര(ക)ം [സം.] നാ. ഒരുതരം തേൻ
ഛാത്രഗണ്ഡൻ [സം.] നാ. 1. അൽപജ്ഞൻ; 2. പഠിത്തത്തിൽ ശ്രദ്ധകുറഞ്ഞ ശിഷ്യൻ
ഛാത്രദർശനം [സം.] നാ. പുതുവെണ്ണ
ഛാത്രൻ [സം.] നാ. ശിഷ്യൻ, വിദ്യാർഥി
ഛാത്രവൃത്തി [സം.] നാ. വിദ്യാർഥിക്കുള്ള ചെലവ്
ഛത്രാദിനിലയം [സം.] നാ. വിദ്യാർഥികളും ഗുരുക്കന്മാരും ഒത്തുതാമസിക്കുന്ന മഠം
ഛാത്രാലയം [സം.-ആലയ] നാ. വിദ്യാർഥിസദനം
ഛാത്രിക [സം.ഛാത്രികാ] നാ. വിദ്യാർഥിനി
ഛാദം [സം.] നാ. 1. മേൽക്കൂര; 2. മറ, മൂടി; 3. വസ്ത്രം
ഛാദകൻ [സം.] നാ. അങ്ഗരക്ഷകൻ
ഛാദകം [സം.] നാ. 1. മറയ്ക്കുന്നതിനുള്ള വസ്തു; 2. പന്തൽ
ഛാദനം [സം.] നാ. 1. മറവ്, മറയ്ക്കൽ; 2. മറ; 3. ഇല; 4. ചിറക്; 5. വസ്ത്രം
ഛാദനി [സം.] നാ. തൊലി
ഛാദിക്കുക [<സം.ഛദ്] ക്രി. 1. മറയ്ക്കുക; 2. വീമ്പുപറയുക
ഛാദ്മിക [സം.<ഛദ്മ] വി. കാപട്യമുള്ള, കപടവേഷം ധരിച്ച
ഛാദ്മികൻ [സം.] നാ. ചതിയൻ, വഞ്ചകൻ
ഛാദ്യ [സം.] വി. മറയ്ക്കപ്പെടേണ്ട, സമ്രക്ഷിക്കേണ്ട
ഛാന്ദസ [സം.] വി. ഛന്ദസ്സിനെ സംബന്ധിച്ച
ഛാന്ദസൻ [സം.] നാ. 1. വേദം പഠിച്ചയാൾ; 2. വേദത്തിലും വൈദികത്വത്തിലും മാത്രം ശുഷ്കാന്തിയുള്ളവൻ; 3. വൃത്തശാസ്ത്രമറിയുന്നവൻ
ഛാന്ദസി [സം.ഛാന്ദസീ] നാ. ഒരുസംസ്കൃതവൃത്തം
ഛാന്ദോഗ [സം.] വി. ഛന്ദോഗന്മാരെ സംബന്ധിച്ച
ഛാന്ദോഗബ്രാഹ്മണം നാ. ഒരു ബ്രാഹ്മണം, ഛാന്ദോഗ്യം
ഛാന്ദോഗ്യൻ [സം.] നാ. സാമവേദി
ഛാന്ദോഗ്യബ്രാഹ്മണം നാ. ഛാന്ദോഗബ്രാഹ്മണം
ഛാന്ദോഗ്യം [സം.] നാ. 1. ഛാന്ദോഗ്യോപനിഷത്ത്; 2. ഛാന്ദോഗബ്രാഹ്മണം; 3. സാമവേദം; 4. ഛന്ദോഗന്മാരുടെ സങ്ഘം

ഛാന്ദോഗ്യോപനിഷത്ത് നാ. പ്രധാനമായ പത്ത് ഉപനിഷത്തുകളിൽ ഒന്ന്
ഛായ് വ്യാക്ഷേ പ്രതിഷേധം, നിന്ദ, നിഷേധം എന്നിവ സൂചിപ്പിക്കുന്ന ഒരു ശബ്ദം
ഛായ [സം.ഛായാ] നാ. 1. തണൽ നിഴൽ; 2. ചിത്രം, പ്രതിബിംബം; 3. കാന്തി; 4. സാദൃശ്യം; 5. മണവാട്ടി; 6. അഭയസ്ഥാനം, ശരണം; 7. ഇരുട്ട്; 8. കൈക്കൂലി; 9. നിറം; 10. കൂട്ടം, പംക്തി; 11. ഒരു ശ്രുതി; 12. അൽപമായ അംശം
ഛായം [സം.] നാ. ശോഭിക്കുന്നത്
ഛായാകർണം [സം.] നാ. നിലത്തുറപ്പിച്ചിരിക്കുന്ന ഒരു കുറ്റിയുടെ മുകളിലത്തെ അറ്റം മുതൽ അതിൻെറ നിഴലിൻെറ അറ്റംവരെയുള്ള നീളം
ഛായാകൗശികം [സം.] നാ. (സങ്ഗീ.) ഒരു ജന്യരാഗം
ഛായാഗണിതം [സം.] നാ. നിഴൽ അളന്ന് സമയം കണക്കാക്കൽ
ഛായാഗൗരി [സം.-ഗൗരീ] നാ. (സങ്ഗി.) ഒരു ജന്യരാഗം
ഛായാഗ്രഹണം [സം.] നാ. ക്യാമറ ഉപയോഗിച്ചു പടം പിടിക്കൽ
ഛായാഗ്രഹണയന്ത്രം നാ. ക്യാമറ
ഛായാഗ്രഹണി [സം.] നാ. ഒരു രാക്ഷസി
ഛായാഗ്രഹം [സം.] നാ. കണ്ണാടി
ഛായാഗ്രാഹി [സം.] വി. ഛായയെ ഗ്രഹിക്കുന്ന. നാ. 1. പടം എടുക്കുന്നയാൾ; 2. പടം എടുക്കുന്ന യന്ത്രം, ക്യാമറ
ഛായാങ്കൻ [സം.-അങ്ക] നാ. ചന്ദ്രൻ
ഛായാചിത്രം [സം.-ചിത്ര] നാ. 1. ഒരു ദൃശ്യത്തെ യഥാതഥമായി രേഖപ്പെടുത്തിയ ചിത്രം; 2. വ്യക്തിയുടെ ചിത്രം
ഛായാതനയൻ [സം.-തനയ] നാ. ശനി
ഛായാതരു [സം.-തരു] നാ. 1. തണൽ മരം; 2. സുരപുന്നാഗം
ഛായാതോഡി [സം.] നാ. (സങ്ഗീ.) ഒരു രാഗം
ഛായാനാഥൻ [സം.] നാ. സൂര്യൻ
ഛായാനാരായണി [സം.] നാ. ഒരു ജന്യരാഗം
ഛായാനൃത്തം [സം.-നൃത്ത] നാ. നിഴൽ നൃത്തം
ഛായാപടം [സം.] നാ. ഛായാചിത്രം
ഛായാപഥം [സം.] നാ. 1. ആകാശഗംഗ; 2. ആകാശം
ഛായാപഹരണം [സം.] നാ. മറ്റു കവികൾ ആവിഷ്കരിച്ച ആശയങ്ങളും സന്ദർഭങ്ങളും വർണനകളും അപഹരിച്ചു സാഹിത്യസൃഷ്ടിചെയ്യൽ
ഛായാപുത്രൻ [സം.-പുത്ര] നാ. ശനി
ഛായാപുരുഷൻ [സം.] നാ. ധ്യാനിക്കുമ്പോൾ ആകാശത്തുകാണുന്ന സ്വന്തം നിഴൽ
ഛായാപൗരുഷം [സം.] നാ. ഒരു ദൈർഘ്യ അളവ്
ഛായാഭൃത്ത് [സം.] നാ. ഛായാങ്കൻ, ചന്ദ്രൻ
ഛായാമാനം [സം.] നാ. 1. നിഴലിൻെറ അളവ്; 2. ഛായായന്ത്രം
ഛായാമുദ്ര [സം.] നാ. ചിത്രം മുദ്രണം ചെയ്യുന്നതിനായുള്ള അച്ച്
ഛായാമൃഗധരൻ [സം.] നാ. ചന്ദ്രൻ
ഛായായന്ത്രം [സം.] നാ. ഒരു ഉപകരണം, സൂര്യഘടികാരം
ഛായാവതി [സം.-വതീ] നാ. 1. ഒരു ജന്യരാഗം; 2. ഒരു മേളം
ഛായവർധിനി [സം.] നാ. ഒരു ജന്യരാഗം

ഛായാവാക്യം [സം.-വാക്യ] നാ. അടിയളവുവാക്യം
ഛായാവാദം [സം.] നാ. സാഹിത്യത്തിലെ ഒരു സാങ്കേതിക സംജ്ഞ, മിസ്റ്റിസിസം
ഛായാവൃക്ഷം [സം.] നാ. 1. തണൽമരം; 2. സൂര്യപുന്നാഗം; 3. കല്ലാൽ
ഛായാവേള [സം.-വേലാ] നാ. ഒരു ജന്യരാഗം
ഛായാശുഷ്കം [സം.] നാ. നിഴലിൽ ഉണക്കിയ ഔഷധം
ഛായാശ്ലോകം [സം.] നാ. പ്രതിശ്ലോകം, അനുകരണശ്ലോകംഛായാസംഭവൻ [സം.] നാ. 1. ശനി; 2. സാവർണി, മനു; 3. ഇരുട്ടിൽ മറഞ്ഞുനിൽക്കുന്നവൻ
ഛായാസൂനു [സം.] നാ. ഛായാപുത്രൻ
ഛായാസൈന്ധവി [സം.] നാ. ഒരു ജന്യരാഗം
ഛായാസ്ഥായം [സം.-സ്ഥായ] നാ. സ്വരത്തിൻെറ വ്യവസ്ഥിതമായ ധ്വനികൾക്കു ചില വികാരങ്ങൾ വരുത്തി പ്രയോഗിക്കുന്നത്
ഛായാളകരാഗം [സം.] നാ. ഒരു രാഗവിഭാഗം
ഛാലം [സം.ഛാല] നാ. മരത്തൊലി, മരവുരി
ഛി വ്യാക്ഷേ. ഛീ
ഛിക്ക(നം) [സം.ഛിക്കന] നാ. തുമ്മൽ
ഛിക്കരം [സം.] നാ. ഒരിനം മാൻ
ഛിക്കാകാരക [സം.] വി. തുമ്മലുണ്ടാക്കുന്ന
ഛിക്കാരം [സം.] നാ. ഛിക്കരം
ഛിത്ത [സം.<ഛിദ്] വി. ഛേദിക്കപ്പെട്ട
ഛിത്തി [സം.] നാ. 1. ഛേദനം; 2. ഉങ്ങുമരം
ഛിത്ത് [സം.] നാ. ഛേദിക്കുന്നത് (സമാസത്തിൽ)
ഛിത്വര [സം.] വി. 1. മുറിക്കത്തക്ക, മുറിക്കാവുന്ന; 2. മൂർച്ചയുള്ള; 3. എതിർക്കുന്ന; 4. വഞ്ചിക്കുന്ന
ഛിത്വാ [സം.] അവ്യ. മുറിച്ചിട്ട്
ഛിദ [സം.] നാ. ഛേദനം
ഛിദകം [സം.] നാ. 1. വജ്രായുധം; 2. വജ്രക്കല്ല്
ഛിദം [സം.] നാ. ഭിന്നസങ്ഖ്യയുടെ ഛേദം
ഛിദി [സം.] നാ. 1. ഛേദനം, കോടാലി; 2. വജ്രായുധം
ഛിദിരം [സം.] നാ. 1. കോടാലി; 2. വാൾ; 3. തീ; 4. കയർ
ഛിദുര [സം.] വി. 1. മുറിക്കുന്ന; 2. വേർപിരിക്കുന്ന; 3. പൊട്ടിയ, ക്രമം തെറ്റിയ; 4. എതിരായ; 5. നീചമായ
ഛിദ്ര [സം.] വി. കീറിയ, പഴുതുള്ള, ദ്വാരമുള്ള
ഛിദ്രദർശി [സം.-ദർശിൻ]നാ. 1. ദോഷൈകദൃക്ക്; 2. ശത്രുവിനെ ആക്രമിക്കാൻ അവസരം പാർത്തിരിക്കുന്നവൻ
ഛിദ്രം [സം.] നാ. 1. വിടവ്, ദ്വാരം; 2. ഗുഹ; 3. കുറവ്, ന്യൂനത, ദോഷം; 4. പിണക്കം; 5. ഒൻപതെന്ന സങ്ഖ്യ
ഛിദ്രാന്വേഷണം [സം.] നാ. 1. അന്യൻെറ കുറവ് അന്വേഷിക്കൽ; 2. ശത്രുപക്ഷത്തിൻെറ ബലം കുറഞ്ഞ അവസരം കണ്ടുപിടിക്കൽ
ഛിദ്രാഫലം [സം.] നാ. ഒരു അങ്ങാടിമരുന്ന്

ഛിദ്രിക്കുക [സം.] ക്രി. 1. പരസ്പരം കലഹിക്കുക, പിണങ്ങുക; 2. ഗർഭം അലസുക
ഛിദ്രിത [സം.] വി. 1. ദ്വാരം വീണ, തുളയ്ക്കപ്പെട്ട; 2. തമ്മിൽ കലഹിച്ച
ഛിദ്രോദാരം [സം.-ഉദര] നാ. ഉദരരോഗം
ഛിന്ന1 [സം.] വി. 1. ഛേദിക്കപ്പെട്ട, ഉടഞ്ഞ, ദ്വാരമുള്ള; 2. നശിപ്പിക്കപ്പെട്ട, നീക്കംചെയ്യപ്പെട്ട; 3. അധ:പതിക്കുന്ന, നശിക്കുന്ന
ഛിന്ന2 [സം.ഛിന്നാ] നാ. 1. കുലട, വേശ്യ; 2. ചിറ്റമൃത്
ഛിന്നൻ [സം.] നാ. മരണശ്വാസങ്ങളിൽ ഒന്ന്
ഛിന്നഭിന്നം [സം.-ഭിന്ന] നാ. ചിന്നിച്ചിതറിയത്
ഛിന്നം [സം.] നാ. 1. ഛേദിക്കപ്പെട്ടത്; 2. വീണാവാദനത്തിനുള്ള ഹസ്തവ്യാപാരങ്ങളിൽ ഒന്ന്; 3. (നാട്യ.) കരണങ്ങളിൽ ഒന്ന്
ഛിന്നമുഷ്ക [സം.] വി. വൃഷണം ഉടയ്ക്കപ്പെട്ട
ഛിന്നരുഹ [സം.-രുഹാ] നാ. 1. ചിറ്റമൃത്; 2. മയിലെള്ള്; 3. പൊൻകൈത
ഛിന്നരുഹം [സം.] നാ. മയിലെള്ള്
ഛിന്നിക്കുക [സം.< ഛിന്ന] ക്രി. 1. ഭിന്നിക്കുക, കഷണങ്ങളായിത്തീരുക; 2. ഖണ്ഡങ്ങളാക്കുക, വേർപെടുത്തുക
ഛീ വ്യാക്ഷേ. ഒരു വ്യാക്ഷേപകം (വെറുപ്പ്, നിഷേധം ഇവയെ സൂചിപ്പിക്കുന്നത്)
ഛുച്ഛു [സം.] നാ. നച്ചെലി
ഛുപം [സം.] നാ. 1. വായു; 2. സ്പർശം; 3. യുദ്ധം; 4. കുറ്റിക്കാട്
ഛുര [സം.] നാ. 1. ചുണ്ണാമ്പ്; 2. ചൂർണം, പൊടി; 3. മാതള നാരകം
ഛുരണം [സം.] നാ. 1. പുരട്ടൽ, പൂശൽ; 2. പുറമേ വ്യാപിക്കൽ
ഛുരി[സം.ഛുരീ] നാ. കത്തി
ഛുരിക [സം.] നാ. 1. ചുരിക, കത്തി; 2. ചെഞ്ചീര
ഛുരിത [സം.] വി. 1. പതിക്കപ്പെട്ട; 2. പൊതിയപ്പെട്ട, പൂശപ്പെട്ട; 3. കലർത്തപ്പെട്ട; 4. ഛേദിക്കപ്പെട്ട
ഛുരിതകം [സം.] നാ. ഒരുതരം നഖക്ഷതം
ഛുരിതം [സം.] നാ. 1. മിന്നൽപ്രകാശം; 2. ഒരു ലാസ്യനൃത്തം
ഛെ നാ. ഒരു വ്യാക്ഷേപകം
ഛെടാ [ഛെ-എടാ] വ്യാക്ഷേപകം
ഛേകൻ [സം.] നാ. 1. സമർഥൻ, സഹൃദയൻ; 2. നഗരവാസി
ച്ഛേകം [സം.] നാ. 1. വളർത്തുപക്ഷി വളർത്തു മൃഗം; 2. തേനീച്ച; 3. ഛേകാനുപ്രാസം
ഛേകല [സം.] വി. സാമർഥ്യമുള്ള
ഛെകാനുപ്രാസം [സം.] നാ. അനുപ്രാസങ്ങളിൽ ഒന്ന്.
801
പ്രാസങ്ങളിൽ ഒന്ന്
ഛേകാപ ുതി [സം.-അപ ുതി] നാ. അപ ുത്യലങ്കാരത്തിൻെറ ഒരു വിഭാഗം
ഛേത്താവ് [സം.ഛേതൃ] നാ. 1. മുറിക്കുന്നവൻ; 2. നശിപ്പിക്കുന്നവൻ; 3. വിറകുവെട്ടി
ഛേദക [സം.] വി. മുറിക്കുന്ന, നശിപ്പിക്കുന്ന

ഛേദകം [സം.] നാ. 1. ഛേദിക്കുന്നത് (സങ്ഖ്യ, രേഖ); 2. കാന്തത്തിന്റെ വകഭേദങ്ങളിൽ ഒന്ന്
ഛേദകരൻ നാ. വിറകുവെട്ടുകാരൻ
ഛേദനം നാ. 1. മുറിക്കുന്നതിനുള്ള ഒരു ഉപകരണം; 2. മൂർച്ചയുള്ളത്; 3. ഛേദിക്കുക എന്ന പ്രവൃത്തി; 4. ശസ്ത്രക്രീയകളിൽ ഒന്ന്; 5. യുദ്ധത്തിൽ ചക്രായുധംകൊണ്ടുള്ള പ്രയോഗങ്ങളിൽ ഒന്ന്; 6. ഹരണം; 7. ഭാഗം
ഛേദം [സം.] നാ. 1. മുറിക്കൽ; 2. മുറിവ്; 3. മുറിഞ്ഞവശം; 4. നഷ്ടം, നാശം; 5. പരിഹരിക്കൽ, നീക്കംചെയ്യൽ; 6. വിരാമം, അവസാനിപ്പിക്കൽ
ഛേദനി [സം.] നാ. കത്തി
ഛേദനീയം നാ. 1. മുറിക്കത്തക്കത്, മുറിക്കേണ്ടത്; 2. തേറ്റാമ്പരൽ
ഛേദി നാ. 1. മുറിക്കുന്നവൻ, നശിപ്പിക്കുന്നവൻ; 2. തച്ചൻ; 3. വജ്രായുധം
ഛേദിക്കുക [<സം.ഛിദ്] ക്രി. മുറിക്കുക, നശിപ്പിക്കുക
ഛേദ്യ [സം.] വി. ഛേദിക്കപ്പെടാൻ തക്ക, ഛേദിക്കപ്പെടേണ്ട
ഛേദ്യം [സം.] നാ. 1. മുറിക്കൽ; 2. എട്ടുവിധത്തിലുള്ള ശസ്ത്രക്രിയകളിൽ ഒന്ന്; 3. ഭിന്നസങ്ഖ്യയിൽ ഛേദംകൊണ്ട് ഏതിനെ ഭാഗിക്കുന്നുവോ അത്, ഭിന്നസങ്ഖ്യ രേഖപ്പെടുത്തുമ്പോൾ മുകളിലായി എഴുതുന്ന സങ്ഖ്യ
ഛേമണ്ഡൻ നാ. അനാഥൻ (അച്ഛനമ്മമാരില്ലാത്തവൻ)
ഛേലക, -ലിക നാ. പെണ്ണാട്
ഛേലകം നാ. ആട്, ആണാട്
ഛോടി നാ. മുക്കുവൻ
ഛോടിക നാ. കൈഞൊടിക്കൽ
ഛോട്ടാ,ചോട്ടാ [ഹി.ഛോടാ] വി. ചെറിയ
ഛോരണം നാ. ഉപേക്ഷിക്കൽ, പരിത്യാഗം

ജ

ജ1 [ജ്-അ] മലയാള അക്ഷരമാലയിലെ എട്ടാമത്തെ വ്യഞ്ജനം. 'ച' വർഗത്തിലെ മൃദുതാലവ്യം, നാദിയായ അൽപപ്രാണം.
ജ2 [സം.] വി. ജനിച്ച, ഉണ്ടായ (സമാസത്തിൽ പ്രയോഗം). ഉദാ:മനസിജൻ, ഗിരിജ. നാ. 8 എന്ന സങ്ഖ്യ 'കടപയാദി' നോകുക
ജകാരം [സം.ജ-കാര] നാ. 1. 'ജ' എന്ന അക്ഷരം; 2. (വൃത്ത) ജഗണം
ജകുടം [സം.] നാ. 1. മലയപർവതം; 2. നായ്; 3. കത്തിരിച്ചെടിയുടെ പൂവ്; 4. ഇരട്ട
ജക്ഷ നാ. ചവയ്ക്കൽ
ജക്ഷണം [സം.] നാ. ഭക്ഷിക്കൽ
ജഗച്ചക്ഷുസ്സ് നാ. സൂര്യൻ
ജഗച്ചേതന നാ. ജീവൻ, ജീവികളിൽ കാണുന്ന ചൈതന്യം
ജഗജ്ജനനി നാ. പാർവതി, ദുർഗ
ജഗജ്ജില്ലി നാ. 'ജഗത്തിനെ ജയിച്ചവൻ', 1. സാമർഥ്യംകൊണ്ടു മറ്റുള്ളവരെ ജയിക്കുന്നവൻ; 2. കൗശലക്കാരൻ

ജഗണം നാ. സംസ്കൃതവൃത്തശാസ്ത്രപ്രകാരമുള്ള മധ്യഗുരുവായ ത്ര്യക്ഷരഗണം
ജഗത(ജഗൽ) [സം.] വി. ഗമിക്കുന്ന, പോകുന്ന. നാ. = ജഗത്ത്
ജഗതി [സം.ജഗതീ] നാ. 1. ലോകം, പ്രപഞ്ചം; 2. ഭൂമി; 3. ജനസമുദായം; 4. പാദത്തിൽ പന്ത്രണ്ട് അക്ഷരമുള്ള ഛന്ദസ്സ്; 5. സൂര്യൻെറ തേരുവലിക്കുന്നഏഴു കുതിരകളിൽ ഒന്ന്; 6. പശു; 7. പുരവയ്ക്കാനുള്ള തറ; 8. (ശില്പ) പുരത്തറക്കെട്ടിൽ പാദുകത്തിനുമീതെ ഗളത്തിനു താഴെയുള്ള ഭാഗം
ജഗതീകന്ദം [സം.-കന്ദ] നാ. ഈശ്വരൻ
ജഗതീചരൻ [സം.-ചര] നാ. 'ഭൂമിയിൽ ചരിക്കുന്നവൻ', മനുഷ്യൻ
ജഗതീജാനി [<സം.-ജായാ]നാ. രാജാവ്
ജഗതീധരം [സം.-ധര] നാ. പർവതം
ജഗതീനാഥൻ നാ. 1. ഈശ്വരൻ; 2. രാജാവ്
ജഗതീഭുക്ക് [സം.-ഭുജ്] നാ. രാജാവ്
ജഗത്കർത്താ(വ്) [സം.-കർതൃ] നാ. 1. ബ്രഹ്മാവ്; 2. ജഗദീശ്വരൻ
ജഗത്കാരണൻ നാ. ഈശ്വരൻ
ജഗത്ത് നാ. 1. ലോകം; 2. ജീവിസമൂഹം; 3. സംസാരം; 4. വായു
ജഗത്ത്രയം നാ. മൂന്നു ലോകങ്ങൾ (ഭൂമി, സ്വർഗം, പാതാളം എന്നിവ)
ജഗത്പതി നാ. ലോകനാഥൻ, ഈശ്വരൻ
ജഗത്പിതാ(വ്) നാ. 'ജഗത്തിനെ സൃഷ്ടിച്ചവൻ', ഈശ്വരൻ
ജഗത്പ്രഭു നാ. ജഗത്പതി, ഈശ്വരൻ
ജഗത്പ്രസിദ്ധ വി. ലോകപ്രസിദ്ധമായ
ജഗത്പ്രാണൻ നാ. വായു
ജഗത്സാക്ഷി നാ. 1. പരമാത്മാവ്; 2. സൂര്യൻ
ജഗത്സുതി നാ. 'ലോകങ്ങളെല്ലാം ആരിൽനിന്നുണ്ടായോ അയാൾ', മഹാവിഷ്ണു
ജഗത്സ്ഥിതി നാ. 1. ലോകത്തിൻെറ നിലനില്പ്; 2. ലോകരക്ഷ
ജഗദണ്ഡം നാ. പ്രപഞ്ചം, ബ്രഹ്മാണ്ഡം
ജഗദൻ നാ. 1. സംരക്ഷകൻ; 2. അകമ്പടിക്കാരൻ
ജഗദന്തകൻ നാ. 'ലോകത്തെ നശിപ്പിക്കുന്നവൻ', മൃത്യു
ജഗദന്തൻ നാ. 'ലോകത്തിൻെറ അവസാനമായിട്ടുള്ളവൻ', ഈശ്വരൻ
ജഗദംബ നാ. 1. ദുർഗ; 2. ജഗത്താകുന്ന അമ്മ, ഭൂമി
ജഗദാത്മാ(വ്) നാ. പരമാത്മാവ്
ജഗദാദി നാ. 1. ലോകത്തിൻെറ ആദി; 2. ലോകത്തിൻെറ ആദികാരണം, ഈശ്വരൻ
ജഗദാധാരം നാ. 1. ലോകത്തിന് ആശ്രയമായിട്ടുള്ളത്; 2. സമയം, കാലം; 3. വായു; 4. ആകാശം
ജഗദായു(സ്സ്) നാ. വായു
ജഗദാശ്രയൻ നാ. 'ലോകത്തിന് ആശ്രയമായവൻ', ഈശ്വരൻ

ജഗദീശൻ നാ. ലോകനാഥൻ, ഈശ്വരൻ
ജഗദ്ഗുരു നാ. 1. ഈശ്വരൻ; 2. നാരദൻ; 3. ലോകഗുരു
ജഗ്ഗദ്ദണ്ഡ വി. ലോകസംഹാരകമായ
ജഗദ്ദീപം നാ. 'ലോകത്തിൻെറ വിളക്ക്', സൂര്യൻ
ജഗദ്ധാതാ(വ്) നാ. 'ലോകത്തിറ്റെ രക്ഷിതാവ്', വിഷ്ണു
ജഗദ്ധാത്രി നാ. 'ലോകമാതാവ്', 1. സരസ്വതി; 2. ദുർഗ
ജഗദ്ധിതൻ [സം.-ഹിത] നാ. 'ലോകനന്മയ്ക്കുവേണ്ടി നിലനിൽക്കുന്നവൻ', ഈശ്വരൻ
ജഗദ്ബലൻ നാ. 'ലോകത്തിനു ബലമായവൻ', വായു
ജഗദ്യോനി [സം.-യോനി] നാ. 'ലോകത്തിൻെറ ഉത്പത്തിസ്ഥാനം', 1. ഈശ്വരൻ; 2. ഭൂമി; 3. വിഷ്ണു; 4. പരമാത്മാവ്
ജഗദ്രാവണ [സം.-രാവണ] വി. ലോകത്തെ കരയിക്കുന്ന
ജഗദ്വാസി [സം.-വാസിൻ] നാ. ലോകവാസി
ജഗന്നാഥ നാ. ലോകനാഥ, പാർവതി
ജഗന്നാഥൻ നാ. 1. ലോകനാഥൻ, വിഷ്ണു; 2. ദത്താത്രേയൻ; 3. ഒറീസ്സായിലെ പൂരിയിലുള്ള പ്രസിദ്ധമായ വിഷ്ണുക്ഷേത്രത്തിലെ പ്രതിഷ്ഠാമൂർത്തി; 4. ഒരു സംസ്കൃത കവി, രസസങ്ഗാധരം എന്ന ഗ്രന്ഥത്തിൻെറ കർത്താവ്; 5. ഒരുതരം വസ്ത്രം
ജഗന്നാഥം നാ. 1. ഒറീശ്സയിലെ ഒരു പുണ്യസ്ഥലം; 2. പൂരിയിലെ പ്രസിദ്ധമായ വിഷ്ണുക്ഷേത്രം; 3. ഒരുതരം വസ്ത്രം
ജഗന്നിയന്താ(വ്) നാ. 'ജഗത്തിനെ നിയന്ത്രിക്കുന്നവൻ', ഈശ്വരൻ
ജഗന്നിവാസൻ നാ. 'പ്രപഞ്ചം മുഴുവൻ വാസസ്ഥലമായിട്ടുള്ളവൻ', ഈശ്വരൻ
ജഗന്മങ്ഗല നാ. 'ലോകത്തിനു മങ്ഗളമരുളുന്നവൾ', 1. ലക്ഷ്മി; 2. പാർവതി
ജഗന്മയൻ [സം.-മയൻ] നാ. 'പ്രപഞ്ചമാകുന്ന രൂപത്തോടുകൂടിയവൻ', ഈശ്വരൻ
ജഗന്മയി [സം.-മയീ] നാ. 'ജഗത്തുതന്നെ ശരീരമായിരിക്കുന്നവൾ', ദുർഗാദേവി
ജഗന്മോഹന [സം.-മോഹന] വി. ഏറെ സൗന്ദര്യമുള്ള, ലോകത്തെ മോഹിപ്പിക്കുന്ന
ജഗന്മോഹിനി നാ. 'ജഗത്തിനെ മോഹിപ്പിക്കുന്നവൾ', 1. മായ; 2. ദുർഗ; 3. ലക്ഷ്മി; 4. (സങ്ഗീ) ഒരു ജന്യരാഗം
ജഗല വി. 1. ദുർബുദ്ധിയായ, ചതിക്കുന്ന; 2. ഇരുണ്ട, കറുത്ത
ജഗലം, -ളം നാ. 1. (ആയുർ) ഒരിനം മദ്യം; 2. ചാണകം; 3. മലങ്കാര; 4. കവചം
ജഗാദ (ഗദ് ധാതു; ലിട് പ്ര.പു.; ഏവ.; പരസ്മൈപദി) ക്രി. പറഞ്ഞു
ജഗാമ [സം.] ക്രി. (ഗമ് ധാതു; ലിട് പ്ര.പു. ഏ.വ.) പോയി

ജഗാഹേ [സം.] ക്രി. (ഗാഹ് ധാതു; ലിട് പ്ര. പു. ഏ. വ. ആത്മനേപദി) 1. പ്രാപിച്ചു; 2. ഉള്ളിൽക്കടന്നു, മുഴുകി
ജഗൃഹേ [സം.] ക്രി. (ഗ്രഹ് ധാതു; ലിട്, പ്ര.പു. ഏ. വ. ആത്മനേപദി) പിടിച്ചു, പിടിക്കപ്പെട്ടു
ജഗ്ധ [സം.<അദ്] വി. ഭക്ഷിക്കപ്പെട്ട
ജഗ്ധം [സം.] നാ. 1. ഭക്ഷിക്കൽ; 2. ഭക്ഷണം കഴിച്ചസ്ഥലം
ജഗ്ധി [സം.] നാ. 1. ഭക്ഷണം; 2. ഭക്ഷിക്കല്ല്; 3. സഹഭോജനം
ജഗ്മി[സം.] വി. ഗമിക്കുന്ന. നാ. വായു
ജഗ്രാഹ [സം.] ക്രി. (ഗ്രഹ് ധാതു; ലിട് പ്ര.പു.ഏ. വ. പരസ്മൈപദി) പിടിച്ചു, സ്വീകരിച്ചു
ജഘനചപല [സം.] നാ. 1. നൃത്തത്തിൽ താത്പര്യമുള്ളവൾ, നർത്തകി; 2. വേശ്യ
ജഘനം [സം.] നാ. 1. സ്ത്രീകളുടെ അരക്കെട്ടിൻെറ മുൻഭാഗം, ഉപസ്ഥം; 2. (സൈന്യത്തിൻെറ) പിൻഭാഗം
ജഘനി [സം.ജഘനിൻ] വി. തടിച്ച ജഘനത്തോടുകൂടിയ
ജഘന്യ [സം.] വി. 1. ഒടുവിലത്തെ, ഏറ്റവും പിന്നിലുള്ള; 2. നിന്ദ്യമായ; 3. താഴ്ന്നനിലയിലുള്ള. ജഘന്യാചരണം = നിന്ദ്യകർമം ചെയ്യൽ
ജഘന്യജൻ [സം.ജഘന്യ-ജ] നാ. 1. ഒടുവിൽ ജനിച്ചവൻ, ഏറ്റവും ഇളയ അനുജൻ; 2. ശൂദ്രൻ
ജഘന്യൻ [സം.] നാ. 1. ഏറ്റവും ഒടുവിൽ ജനിച്ചവൻ; 2. താണജാതിയിൽ ജനിച്ചവൻ, ശൂദ്രൻ; 3. അധമൻ
ജഘന്യം [സം.] നാ. 1. പന്ത്രണ്ടുവയസ്സിൽ താഴെ പ്രായമുള്ള ആന; 2. ശിശ്നം; 3. താണതരം രക്തചന്ദനം
ജഘ്നി [സം.] നാ. ആയുധം
ജഘ്നു [സം.] വി. ഹനിക്കുന്ന
ജങ്ഗമ [സം.] വി. ചലിക്കുന്ന, സഞ്ചരിക്കുന്ന
ജങ്ഗമകുടി നാ. 'സഞ്ചരിക്കുന്ന വീട്', കുട
ജങ്ഗമത്വം [സം.-ത്വ] നാ. സഞ്ചരിക്കാനുള്ള കഴിവ്, ഒരിടത്തുനിന്നു മറ്റൊരിടത്തേക്ക് മാറാനുള്ള കഴിവ്
ജങ്ഗമം [സം.] നാ. 1. ഇളകുന്നവസ്തു, ഒരിടത്തുനിന്നു മറ്റൊരിടത്തേക്ക് കൊണ്ടുപോകാവുന്നത്, സ്വയം ചലിക്കുന്നത്, ജീവനുള്ളത്; 2. ദേവവിഗ്രഹങ്ങൾ രണ്ടുവിധമുള്ളതിൽ ഒന്ന്, ഉത്സവാദികൾക്കും മറ്റും പുറത്തെഴുന്നെള്ളിക്കുന്ന വിഗ്രഹം, പ്രതിഷ്ഠിച്ചിട്ടില്ലാത്ത വിഗ്രഹം. (പ്ര) ജങ്ഗമസ്വത്ത് = ഒരുസ്ഥലത്തുനിന്ന് മറ്റൊരുസ്ഥലത്തേക്കുകൊണ്ടുപോകാവുന്ന സ്വത്ത് × സ്ഥാവരം
ജങ്ഗമവിഷം നാ. സഞ്ചരിക്കുന്ന ജീവികളിൽനിന്നുണ്ടാകുന്ന വിഷം
ജങ്ഗമേതരം [സം.-ഇതര] നാ. ജങ്ഗമമല്ലാത്തത്, അചരം, സ്ഥാവരം
ജങ്ഗല [സം.] വി. തരിശായ, വിജനമായ
ജങ്ഗലം [സം.] നാ. 1. വിജനസ്ഥലം; 2. കാട്; 3. മരുഭൂമി; 4. മാംസം
ജങ്ഗാലം [സം.] നാ. വരമ്പ്
ജങ്ഗുലം [സം.] നാ. വിഷം

ജങ്ഘ [സം.ജങ്ഘാ] നാ. 1. കണങ്കാൽ, മുഴങ്കാൽ; 2. കാലിൻെറ മുകൽഭാഗം, തുട; 3. കട്ടിലിൻെറയോ വാഹനത്തിൻെറയോ ഭാരം താങ്ങുന്ന ഭാഗം; 4. തൂണ്

ജങ്ഘം [സം.ജങ്ഘാ] നാ. കണങ്കാൽ, കാൽ

ജങ്ഘാലൻ [സം.] നാ. 1. വളരെവേഗം ഓടുന്നവൻ; 2. ഓട്ടൻ, ദൂതൻ

ജങ്ഘാലം [സം.] നാ. വേഗത്തിൽ ഓടാൻ കഴിവുള്ളത്, (പ്രത്യേകിച്ചു) മാൻ

ജജൻ [ജഞ്ജൻ] നാ. പോരാളി

ജഞ്ജന [സം.] വി. 1. വീണ്ടും ജനിക്കുന്ന; 2. എരിയുന്ന

ജഞ്ജപുകൻ നാ. തുടരെ മന്ത്രം ജപിക്കുന്നവൻ, സന്ന്യാസി

ജട [സം.ജടാ] നാ. 1. കെട്ടുപിണഞ്ഞ തലമുടി; 2. കെട്ടുപിണഞ്ഞ നാരുപോലുള്ള വേര്; 3. തൃച്ച്ട; 4. വേദത്തിലെ പദങ്ങൾചേർത്തു ചൊല്ലുന്ന ഒരു പ്രത്യേകരീതി; 5. ശാഖ, മരക്കൊമ്പ്; 6. നാകം. (പ്ര) ജടകെട്ടുക = വേർപിരിക്കുവാൻ പറ്റാത്തവിധം മുടി ഒന്നുചേർന്ന് കട്ടപിടിക്കുക. ജടചൊല്ലുക = ഒരു പ്രത്യേകരീതിയിൽ വേദം ചൊല്ലുക. ജടപരീക്ഷ = ജടചൊല്ലുന്നതിനുള്ള പരീക്ഷ.

803

ജടാചീരൻ നാ. ശിവൻ

ജടാജൂടം [സം.-ജൂട] നാ. ജടക്കെട്ട്

ജടാജ്വാലം [സം.-ജ്വാല] നാ. 'ജ്വാലയാകുന്ന ജടയോടുകൂടിയത്', വിളക്ക്

ജടാടങ്കൻ [സം.-ടങ്ക] നാ. ജടാധരൻ, ശിവൻ

ജടാധരൻ [സം.-ധര] നാ. 1. ജട ധരിക്കുന്നവൻ; 2. ശിവൻ; 3. സന്ന്യാസി; 4. മഹാവിഷ്ണുവിൻെറ നാമങ്ങളിലൊന്ന്

ജടാധരി [<സം.-ധരാ] നാ. പാർവതി

ജടാധാരി [സം.-ധാരിൻ] നാ. 1. ജടയുള്ളവൻ; 2. ശിവൻ. (സ്ത്രീ) ജടാധാരിണി

ജടാപാഠം [സം.-പാഠ] നാ. വേദപാഠങ്ങളുടെ പദക്രമം വിടാതിരിക്കാൻവേണ്ടി ചൊല്ലിപ്പഠിക്കുന്ന രീതികളിൽ ഒന്ന്

ജടാപാഠി [സം.-പാഠിൻ] നാ. ജടാപാഠത്തിൽ സമർഥൻ

ജടാമകുടം [സം.-മകുട] നാ. ജടയാകുന്ന കിരീടം, ജടക്കെട്ട്

ജടാമാംസി [സം.-മാംസീ] നാ. ഒരു ഔഷധസസ്യം, ജടാമാഞ്ചി

ജടാമൂല [സം.-മൂലാ] നാ. 'വേരിൽ ജടയുള്ളത്', ശതാവരി

ജടായു(സ്സ്) [സം.ജടായു(സ്)] നാ. രാമായണകഥയിൽ പ്രസ്തുതനായ ഒരു പക്ഷിശ്രേഷ്ഠൻ

ജടാല1 [സം.] വി. 1. ജടധരിച്ച; 2. ജടപിടിച്ച, കെട്ടുപിണഞ്ഞ (മുടിയെന്നപോലെ)

ജടാല2 [സം.ജടാലാ] നാ. മാഞ്ചി

ജടാലങ്കാരം നാ. ഒരു ആഭരണം

ജടാലത നാ. കൂടിക്കുരുങ്ങിയിരിക്കുന്ന അവസ്ഥ, ജടപിടിച്ച അവസ്ഥ

ജടാലൻ [സം.] നാ. ജടധരിച്ചവൻ

ജടാലം [സം.] നാ. 1. പേരാൽ; 2. പ്ലാശ്; 3. മുഷ്കകവൃക്ഷം; 4. കച്ചോലം; 5. ഗുഗ്ഗുലു

ജടാസുരൻ നാ. 1. ഒരു അസുരൻ
ജടി [സം.ജടിൻ] നാ. 'ജടയുള്ളവൻ', 1. താപസൻ; 2. ശിവൻ; 3. സ്കന്ദസേനയിലെ ഒരു യോദ്ധാവ്; 4. അറുപതുവയസ്സ് പ്രായമുള്ള ആന; 5. ഒരു സർപ്പം; 6. ഇത്തിയാൽ; 7. പേരാൽ; 8. മാഞ്ചി; 9. ജനക്കൂട്ടം
ജടില1 [സം.] വി. 1. ജടയുള്ള; 2. തിങ്ങിയ; 3. (ആല) കെട്ടുപിണഞ്ഞ
ജടില2 [സം.ജടിലാ] നാ. 1. ജടയുള്ളവൾ; 2. മാഞ്ചി; 3. വയമ്പ്; 4. തിപ്പലി
ജടിലത [സം.ജടില-താ] നാ. 1. ജടകെട്ടിയ അവസ്ഥ; 2. (ആല) കൂടിക്കുരുങ്ങിയ അവസ്ഥ, സങ്കീർണത
ജടിലൻ [സം.] നാ. 1. ജടയുള്ളവൻ, താപസൻ; 2. സിംഹം; 3. ബ്രഹ്മചാരി
ജടിലം [സം.] നാ. 1. സിംഹം; 2. മക്കിപ്പൂവ്; 3. എള്ള്; 4. കുതിര; 5. വേര്; 6. കുഴഞ്ഞുമറിഞ്ഞത്
ജടിലീകരിക്കുക [<സം.ജൈലീ-കൃ] ക്രി. 1. ജടകെട്ടുക; 2. കൂട്ടിക്കുരുക്കി വിഷമമാക്കുക
ജടിലീഭാവം [സം.-ഭാവ] നാ. കുഴഞ്ഞുമറിഞ്ഞ അവസ്ഥ
ജടുലൻ [സം.] നാ. ദേഹത്തു കറുത്ത മറുകുള്ളവൻ
ജട്ക്ക [സം.ശകട] നാ. ഒറ്റക്കുതിരയെ കെട്ടിയ വണ്ടി, കൂരയുള്ള ചെറിയ കുതിരവണ്ടി
ജട്ടി1,ജെട്ടി [ഇം.] നാ. ബോട്ടടുക്കുന്നതിനുള്ള കടവ്
ജട്ടി2 [ഹി.ജട്ഠി] നാ. ഒരുതരം ഇറക്കം കുറഞ്ഞ നിക്കർ
ജഠര [സം.] വി. 1. കടുപ്പമുള്ള; 2. ബന്ധിക്കപ്പെട്ട; 3. പഴകിയ
ജഠരജ്വലനം [സം.-ജ്വലന] നാ. വിശപ്പ്
ജഠരജ്വാല [സം.-ജ്വാലാ] നാ. വയറ്റുവേദന
ജഠരത [സം.-താ] നാ. വാർധക്യം
ജഠരൻ [സം.ജഠര] നാ. വൃദ്ധൻ
ജഠരപൂരണം നാ. വയറുനിറയ്ക്കൽ, ഭക്ഷണം കഴിക്കൽ
ജഠരം നാ. 1. വയറ്; 2. പോട്, ഗുഹ; 3. ശരീരം; 4. ഉദരരോഗം; 5. ഉൾഭാഗം; 6. കഠിനവസ്തു
ജഠരയാതന നാ. ഗർഭപാത്രത്തിൽ കിടക്കുമ്പോഴുള്ള ദുഃഖം
ജഠരവ്യഥ നാ. വയറ്റുവേദന
ജഠരാഗ്നി [സം.-അഗ്നി] നാ. 'വയറ്റിലെ അഗ്നി', 1. വിശപ്പ്; 2. (ആയുർ) കായാഗ്നി
ജഠരാമയം [സം.-ആമയ] നാ. 1. വയറ്റിലെ ദീനം; 2. മഹോദരം; 3. നീരൊഴിവ്, പ്രമേഹം
ജഡ [സം.] വി. 1. ചേതനയറ്റ, മരവിച്ച; 2. ഭൗതികമായ
ജഡകർത്തൃകം നാ. (വ്യാക) ജഡവസ്തു കർത്താവായിട്ടുള്ള ക്രിയ
ജഡക്രിയ വി. താമസിച്ചുചെയ്യുന്ന, പതുക്കെ പ്രവർത്തിക്കുന്ന

ജഡത നാ. 'ജഡമായ അവസ്ഥ', 1. മരവിപ്പ്; 2. ചൈതന്യമില്ലായ്മ, മയക്കം; 3. മടി; 4. മൂകത; 5. മൂഢത; 6. (നാട്യ) ഒരു സഞ്ചാരിഭാവം, ജാഡ്യം

ജഡതത്ത്വങ്ങൾ നാ. (ബ.വ.) സാങ്ഖ്യമതപ്രകാരമുള്ള 24 തത്ത്വങ്ങൾ

ജഡതന്തു നാ. ജനകാണുകത്തിലെ ലിങ്ഗനിർണായകമല്ലാത്ത മർമതന്തു

ജഡധി [സം.-ധീ] നാ. മന്ദബുദ്ധി

ജഡൻ [സം.] നാ. 1. കാര്യാകാര്യവിവേകമില്ലാത്തവൻ, മൂഢൻ; 2. അനക്കമില്ലാത്തവൻ; 3. അലസൻ, മടിയൻ; 4. ഊമ, പൊട്ടൻ, ബധിരൻ

ജഡഭരതൻ നാ. തത്ത്വജ്ഞാനിയായ ഒരു മുനി

ജഡഭാവം നാ. ജഡത

ജഡം നാ. 1. ശരീരം; 2. ശവശരീരം; 3. ചൈതന്യമില്ലാത്തവസ്തു; 4. തണുത്തുമരവിച്ച വസ്തു; 5. മാംസം; 6. വിറകുമുട്ടി; 7. വെള്ളം; 8. കാരീയം; 9. ബുദ്ധമതതത്ത്വങ്ങൾ അനുസരിച്ച് ആത്മാവിൻെറ അഞ്ചുവിഭാഗങ്ങളിൽ ഒന്ന്

ജഡവർഗം നാ. അചേതനവസ്തുക്കൾ

ജഡവാദി നാ. ജഡവസ്തുക്കളെ മാത്രം പ്രമാണീകരിക്കുന്നവൻ, ജഡത്തിനുപരി ഒന്നുമില്ലെന്നു വാദിക്കുന്നവൻ, ഭൗതികവാദി

ജഡവൃത്തി നാ. 1. ഭൗതികവൃത്തി; 2. ജഡൻെറ പ്രവൃത്തി, ജളത

ജഡസമാധി നാ. ഇന്ദ്രിയങ്ങളുടെ നിർവ്യാപാരതകൊണ്ട് സംഭവിച്ചേക്കാവുന്ന സമാധി

ജഡാജഡം നാ. ചേതനവും അചേതനവും

ജഡാത്മാ(വ്) നാ. ചൈതന്യമില്ലാത്തവൻ

ജഡാംശു നാ. 'തണുത്ത കിരണങ്ങളുള്ളത്', ചന്ദ്രൻ

ജഡിക [സം.] വി. ജഡത്തെ സംബന്ധിച്ച

ജഡിമ നാ. 1. തണുപ്പ്; 2. ബുദ്ധിമാന്ദ്യം

ജഡീകരിക്കുക ക്രി. ജഡമാക്കുക

ജഡീകൃത വി. ജഡമാക്കപ്പെട്ട

ജഡീഭൂത വി. ജഡമായിഭവിച്ച

ജഡ്ജി [ഇം.] നാ. ന്യായാധിപൻ

ജഡ്ജുമെൻറ് [ഇം.] നാ. വിധി, ന്യായവിധി, വിധിപ്രമാണം

ജണ്ടുമല്ലി(ക) നാ. = ചെണ്ടുമല്ലിക

ജതി നാ. (സങ്ഗീ) താളഗതിയുടെ വായ്ച്ചൊല്ല്, വായ്ത്താരി, തകിടതകധിമി' ഇത്യാദി

ജതിസ്വരം നാ. (സങ്ഗീ) സാഹിത്യമില്ലാതെ (പല്ലവി, അനുപല്ലവി, ചരണം എന്നിവയോടുചേർന്നു) പാടിവരുന്ന ഒരുതരം പാട്ട്, സ്വരമാത്ര ഗാനം

ജതു നാ. 1. അരക്ക്, കോലരക്ക്; 2. ചെഞ്ചായം; 3. വാവൽ

ജതുക നാ. 1. വാവൽ; 2. അരക്ക്; 3. കൂറ, പാറ്റ; 4. കരിങ്കച്ചോലം

ജാതുകം നാ. 1. അരക്ക്; 2. പ്രുങ്കായം; 3. മറുക്

ജതുകൃത്ത് നാ. 1. കരിങ്കച്ചോലം; 2. അരക്കുണ്ടാക്കുന്ന ഒരുതരം ജീവി

ജതുഗൃഹം നാ. അരക്കില്ലംജതുനി നാ. വാവൽ
ജതുപുത്രകം നാ. 'അരക്കുകൊണ്ടുണ്ടാക്കിയ രൂപം', ചതുരങ്ഗത്തിലെ ആൾക്കരു
ജതുമണി നാ. (ആയുർ) മറുക്, ഒരുതരം ത്വഗ്രോഗം
ജതുമയം നാ. അരക്കുകൊണ്ടുണ്ടാക്കിയത്
ജതുരസം നാ. 'അരക്കിൻെറ ചാറ്', ചെമ്പഞ്ഞിച്ചാറ്
ജത്രു(ക)ം [സം.] വളയെല്ല്, പൂണെല്ല്
ജത്രുകർമം നാ. (നാട്യ) രസഭാവപ്രകടനത്തിനായി തോളു(വളയെല്ല്)കൊണ്ടും മറ്റും കാണിക്കേണ്ട ചേഷ്ട
ജത്വശ്മകം [സം.-അശ്മക] നാ. 1. കന്മദം; 2. മനയോല
ജനക [സം.] വി. ജനിപ്പിക്കുന്ന, ഉളവാക്കുന്ന
ജനകജ നാ. ജനകരാജാവിൻെറ പുത്രി, സീത
ജനകജനനിമാർ നാ. (ബ.വ.) മാതാപിതാക്കൾ
ജനകൻ [സം.] നാ. 1. അച്ഛൻ, ജന്മദാതാവ്, മിഥിലരാജ്യം ഭരിച്ചിരുന്ന ഒരു രാജർഷി
ജനകനന്ദിനി നാ. ജനക മഹാരാജാവിൻെറ പുത്രി, സീത
ജനകം [സം.<ജന്] നാ. 1. (ശിൽപ) എട്ടുനിലയുള്ള ഒരുതരം കെട്ടിടം; 2. (ശിൽപ) ഗൃഹസമുച്ചയത്തിലെ പ്രധാനകെട്ടിടം
ജനകരാഗം നാ. (സങ്ഗീ) ജന്യരാഗങ്ങളെ ജനിപ്പിക്കുന്ന രാഗം, മേളകർത്താരാഗം
ജനകീയ വി. ജനങ്ങളെ സംബന്ധിച്ച, ജനസാമാന്യത്തിന് ഇഷ്ടമായ. ജനകീയ കല = സാമാന്യജനത്തിനു വേണ്ടിയുള്ള കല. ജനകീയ കവി = സാമാന്യജനങ്ങൾക്കുവേണ്ടി കാവ്യരചന നടത്തുന്ന കവി. ജനകീയകോടതി = ജനങ്ങളുടെ കോടതി. ജനകീയഭരണം = ജനങ്ങൾ തങ്ങളുടെ പ്രതിനിധികൾ വഴി നടത്തുന്ന ഭരണം. ജനകീയ സാഹിത്യം = സാധാരണക്കാർക്കുവേണ്ടി അവരുടെ ഭാഷയിലും ശൈലിയിലും രചിക്കപ്പെടുന്ന സാഹിത്യം
ജനക്ഷേമം നാ. ജനങ്ങളുടെ ക്ഷേമം
ജനഗണന(ം) നാ. ജനസങ്ഖ്യയെടുക്കൽ, കാനേഷുമാരി
ജനഘട നാ. ജനക്കൂട്ടം
ജനങ്ഗമൻ നാ. ചണ്ഡാലൻ. (സ്ത്രീ) ജനങ്ഗമ
ജനചക്ഷുസ്സ് നാ. 'ജനങ്ങളുടെ കണ്ണ്', സൂര്യൻ
ജനത നാ. 1. ജനക്കൂട്ടം, ജനസമുദായം, ഒരു രാഷ്ട്രത്തിലെ പ്രജകൾ, മനുഷ്യസമൂഹം; 2. ജനനം; 3. (സങ്ഗീ) ഒരു താളം
ജനതതി നാ. ജനസമൂഹം
ജനതന്ത്രം നാ. ജനായത്തഭരണക്രമം
ജനൻ നാ. കടലിൻെറ മധ്യത്തിൽ സ്ഥിതിചെയ്യുന്ന ജനന്മാർ എന്ന ദൈത്യസമൂഹത്തിൽപ്പെട്ടവൻ
ജനന വി. ജനിപ്പിക്കുന്ന, ജനനത്തെ സംബന്ധിച്ച, ഉത്പാദിപ്പിക്കുന്ന
ജനനചതുഷ്ടയം നാ. നാലുവിധത്തിലുള്ള ജനനം
ജനനൻ നാ. പരമാത്മാവ്

ജനനനിയന്ത്രണം നാ. സന്താനോത്പാദനം കുറയ്ക്കുകയോ തീർത്തുമില്ലാതാക്കുകയോ ചെയ്യൽ
ജനനപ്പെരുനാൾ നാ. ക്രിസ്തുവിൻെറ ജനനത്തിൻെറ ഓർമയ്ക്കുള്ള പെരുന്നാൾ, ക്രിസ്തുമസ്
ജനനഭൂമി നാ. 1. ജനനസ്ഥലം, ജന്മഭൂമി; 2. ജന്മാവകാശമുള്ള ഭൂമി
ജനനം നാ. 1. ഗർഭധാരണം തുടങ്ങിയ പ്രക്രിയകളിലൂടെയുള്ള ജീവികളുടെ പിറവി, ഗർഭപാത്രത്തിൽനിന്നു ശിശു പുറത്തുവരൽ, പുതിയതായി ഒന്ന് ഉണ്ടാകൽ, ഉദ്ഭവം; 2. വംശം, വംശപാരമ്പര്യം
ജനനമരണചക്രം നാ. ജനനമരണങ്ങളുടെ തുടർച്ചയായ ആവർത്തനം
ജനനവ്രതം നാ. ഷോഡശസംസ്കാരങ്ങളിലൊന്ന്
ജനനി നാ. 1. ജനിപ്പിച്ചവൾ, അമ്മ; 2. ദയ; 3. കരിങ്കച്ചോലം; 4. കുറുമുഴി; 5. വാവൽ; 6. മഞ്ചട്ടി; 7. കറുത്തഅരക്ക്; 8. മാഞ്ചി; 9. കടുകുരോഹിണി
ജനനേന്ദ്രിയം നാ. ജനനത്തിനു നിദാനമായ അവയവം (സ്ത്രീ പുരുഷന്മാരുടെ ഗുഹ്യാവയവങ്ങളെ കുറിക്കാൻ പ്രയോഗം)
ജനപതി നാ. രാജാവ്
ജനപദനിവേശം നാ. ഒരു സങ്ഘം ആളുകൾ ഒരുസ്ഥലത്തുനിന്നു മറ്റൊരുസ്ഥലത്തു കുടിയേറിപ്പാർക്കൽ
ജനപദം നാ. 1. ജനങ്ങൾ താമസിക്കുന്ന പ്രദേശം; 2. ജനസമുദായം
ജനപദി നാ. ഗ്രാമാധിപൻ
ജനപുഷ്ടി നാ. 1. ജനപ്പെരുപ്പം; 2. ബന്ധുബലം
ജനപ്പെരുപ്പം നാ. ജനസങ്ഖ്യയുടെ ആധിക്യം
ജനപ്രതിനിധി നാ. ജനങ്ങളുടെ പ്രതിനിധിയായി ഭരണസമിതികളിലേക്ക് തെരഞ്ഞെടുത്തയയ്ക്കപ്പെടുന്ന ആൾ. ജനപ്രതിനിധിസഭ = ജനങ്ങളുടെ പ്രതിനിധികൾ അങ്ഗങ്ങളായുള്ള സഭ
ജനപ്രവാദം നാ. 1. വാർത്ത, കേൾവി; 2. അപവാദം
ജനപ്രാതിനിധ്യം നാ. ജനങ്ങൾ തിരഞ്ഞെടുക്കുന്നവർക്കു ഭരണാധികാരം കിട്ടുന്ന വ്യവസ്ഥ
ജനപ്രിയ വി. 1. ജനങ്ങൾക്കു പ്രീയമുള്ള; 2. ജനങ്ങളെ സ്നേഹിക്കുന്ന
ജനപ്രീതി നാ. ജനങ്ങൾക്കുള്ള സന്തോഷം, ജനസമ്മതി
ജനബാധ നാ. ആളുകളുടെ അലട്ടൽ
ജനബാഹുല്യം നാ. ജനപ്പെരുപ്പം
ജനബോധ്യം [സം.-ബോധ്യ] നാ. ജനസമ്മതം, നല്ലതെന്നു പരക്കെയുള്ള അഭിപ്രായം.
805
ജനഭൃത്ത് [സം.ഭൃത്] നാ. 'ജനങ്ങളെ ഭരിക്കുന്നവൻ', രാജാവ്
ജനം നാ. 1. ആൾ, ആളുകൾ (വ്യക്തിയെ സൂചിപ്പിക്കാനും സമൂഹത്തെ കുറിക്കാനും പ്രയോഗം); 2. ഗോത്രം; 3. ജന്തു, ജീവി; 4. അകമ്പടി; 5. പതിന്നാലുലോകങ്ങളിലൊന്ന്

ജനമര്യാദ നാ. നാട്ടുനടപ്പ്
ജനമാർഗം നാ. പെരുവഴി
ജനമേജയൻ [സം.-ഏജയ] നാ. 'ജനങ്ങളെ വിറപ്പിച്ചവൻ', 1. ഹസ്തിനപുരം വാണിരുന്ന ഒരു രാജാവ്, പരീക്ഷിത്തിൻെറ മൂത്തപുത്രൻ
ജനയിതാ(വ്) നാ. 1. ജനിപ്പിച്ചവൻ, അച്ഛൻ; 2. കാരണഭൂതൻ, സ്രഷ്ടാവ്. (സ്ത്രീ) ജനയിത്രി
ജനയിത്രി നാ. 1. ജനിപ്പിച്ചവൾ, അമ്മ; 2. കാരണഭൂത, ഉത്പാദിപ്പിച്ചവൾ
ജനയിഷ്ണു നാ. പൂർവികൻ
ജനരഞ്ജക വി. ജനങ്ങളെ രഞ്ജിപ്പിക്കുന്ന (സന്തോഷിപ്പിക്കുന്ന)
ജനരജ്ഞന(ം) നാ. ജനങ്ങളെ രഞ്ജിപ്പിക്കൽ, ജനപ്രീതി
ജനരാട്ട് നാ. രാജാവ്
ജനൽ നാ. = ജന്നൽ
ജനലോകം നാ. പതിന്നാലുലോകങ്ങളിലൊന്ന്
ജനവാദം നാ. 1. വർത്തമാനം, കേട്ടുപറഞ്ഞു പരന്ന വാർത്ത; 2. അപവാദം
ജനവാസം നാ. 1. ആൾപ്പാർപ്പ്; 2. വാസയോഗ്യമായ ഇടം
ജനശക്തി നാ. ആളുകളുടെ കൂട്ടായ ശക്തി
ജനശ്രുത വി. പ്രശസ്തമായ
ജനശ്രുതി നാ. വാർത്ത, കിംവദന്തി, കേട്ടുകേൾവി
ജനസങ്ഖ്യ നാ. (ഒരു നിശ്ചിത ഭൂവിഭാഗത്തിൽ താമസിക്കുന്ന) ആളുകളുടെ എണ്ണം
ജനസഞ്ചയം നാ. ജനസമൂഹം
ജനസഭ നാ. ജനപ്രതിനിധികൾ അടങ്ങിയ നിയമസഭ
ജനസമ്മത വി. പൊതുവെ സ്വീകാര്യമായ
ജനസമ്മതി നാ. ജനങ്ങൾക്കുപൊതുവെ സ്വീകാര്യമായ അവസ്ഥ
ജനസംസത്ത് നാ. ജനങ്ങൾനിറഞ്ഞ സഭ
ജനസാമാന്യം നാ. പൊതുജനം
ജനസ്ഥാനം നാ. ദണ്ഡകാരണ്യത്തിൻെറ ഒരു ഭാഗം
ജനസ്വാധീനം നാ. ജനങ്ങളുടെ മേലുള്ള പ്രേരണാശക്തി, ജനപിന്തുണ
ജനഹിതം നാ. ജനങ്ങളുടെ അഭിലാഷം. ജനഹിതപരിശോധന = ജനസാമാന്യത്തിൻെറ അഭിപ്രായം അറിയുന്നതിനുള്ള വോട്ടെടുപ്പ്
ജനറൽ [ഇം.] നാ. സൈന്യത്തിൻെറ ഉന്നതാധികാരി
ജനാകീർണം നാ. ജനങ്ങൾ നിറഞ്ഞത്
ജനാചാരം നാ. നാട്ടുവഴക്കം
ജനാതിഗ വി. അസാധാരണമായ
ജനാധിനാഥൻ നാ. 1. രാജാവ്; 2. വിഷ്ണു
ജനാധിപതി നാ. രാജാവ്

ജനാധിപത്യം നാ. പ്രജായത്തഭരണസമ്പ്രദായം, ജനങ്ങളുടെ ആധിപത്യം (ജനങ്ങൾതന്നെ സ്വന്തം പ്രതിനിധികളെ തെരഞ്ഞെടുത്ത് അവർ മുഖേന നടത്തുന്ന ഭരണ രീതി)
ജനാന [പേർ] നാ. സ്ത്രീകൾ താമസിക്കുന്ന ഇടം, അന്തഃപുരം
ജനാന്തകൻ നാ. യമൻ
ജനാന്തം നാ. 1. വിജനസ്ഥലം; 2. ഒരു പ്രദേശം; 3. ജനസമൂഹം
ജനാന്തികം നാ. (നാട്യ) രങ്ഗത്തിൽ മറ്റു കഥാപാത്രങ്ങൾ കേൾക്കുകയോ കാണുകയോ ചെയ്യുന്നില്ല എന്ന ഭാവത്തിൽ രണ്ടു കഥാപാത്രങ്ങൾതമ്മിൽ നടത്തുന്ന സ്വകാര്യ സംഭാഷണം
ജനാബ് [<അറ] നാ. ബഹുമാനസൂചകമായ ഒരു പദം (മുസ്ലിങ്ങൾ പേരിനുമുമ്പിൽ ചേർക്കുന്നത്)
ജനാബത്ത് [അറ] നാ. അശുദ്ധി
ജനായത്തഭരണം നാ. ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾ നടത്തുന്ന ഭരണം
ജനായത്തം നാ. 'ജനങ്ങളിൽ നിന്നു അല്ലെങ്കിൽ ജനങ്ങൾക്കു ലഭിച്ചത്', 1. ജനങ്ങൾക്ക് അധീനമായത്; 2. ജനായത്തഭരണം
ജനാർദനൻ നാ. 'ജനന്മാർ എന്ന അസുരന്മാരെ പീഡിപ്പിക്കുന്നവൻ', വിഷ്ണു, കൃഷ്ണൻ
ജനാവലി നാ. ജനക്കൂട്ടം
ജനാശനൻ നാ. ചെന്നായ്
ജനാശ്രയം നാ. 1. ജനങ്ങൾക്കു വിശ്രമിക്കാനുള്ള സ്ഥലം, വഴിയമ്പലം; 2. കൂടാരം
ജനാസ [അറ] നാ. മയ്യപ്പെട്ടി, ശവപ്പെട്ടി
ജനി1 നാ. 1. ജനനം, ഉത്പത്തി; 2. മാതാവ്; 3. സ്ത്രീ; 4. ഭാര്യ; 5. പുത്രഭാര്യ; 6. ദാസി; 7. കരിങ്കച്ചോലം
ജനി2 നാ. സ്ത്രീകേസരം, പൂവിലെ അണ്ഡാശയവും ഗർഭകേസരവുമുൾപ്പെടുന്ന സ്ത്രീജനിതകാവയവം
ജനിക നാ. 1. ജനനം; 2. അമ്മ; 3. സ്ത്രീ; 4. ഭാര്യ; 5. പുത്രഭാര്യ; 6. ദാസി; 7. കരിങ്കച്ചോലം
ജനിക്കുക ക്രി. 1. ഗർഭധാരണം തുടങ്ങിയ പ്രക്രീയകളിലൂടെ ജീവികൾ പിറക്കുക, ഗർഭപാത്രത്തിൽനിന്നു ശിശു പുറത്തേക്കുവരുക, പുതിയതായി ഒന്ന് ഉത്ഭവിക്കുക
ജനിക്ലേശം നാ. വീണ്ടും വീണ്ടും ജനിക്കൽ, ജന്മംകൊണ്ടുള്ള ദുഃഖം, ജനനദുഃഖം
ജനിത വി. ജനിച്ച
ജനിതാ(വ്) നാ. ജനയിതാവ്. (സ്ത്രീ) ജനിത്രി
ജനിത്രം നാ. 1. ജനനസ്ഥലം, ജനിച്ചവീട്; 2. ഉത്പത്തി, ഉത്പത്തിസ്ഥാനം
ജനിത്രർ നാ. (ബ.വ.) മാതാപിതാക്കൾ, ബന്ധുക്കൾ
ജനിത്രി നാ. ജനയിത്രി

ജനിത്വ1 വി. ജനിപ്പിക്കുന്ന

ജനിത്വ2 ഉസം.ജനിത്വാ] നാ. അമ്മ

ജനിത്വൻ നാ. പിതാവ്

ജനിത്വർ നാ. (ബ.വ.) മാതാപിതാക്കൾ, ജനിത്രർ

ജനിദേശം നാ. ജന്മദേശം

ജനിമരണചക്രം നാ. ജനനമരണങ്ങളുടെ ആവർത്തനം

ജനിമാ(വ്) നാ. 1. ജനനം; 2. സന്തതി; 3. ജീവി; 4. വർഗം, ജാതി; 5. ലിങ്ഗം

ജനിമൃതികൾ [<സം.-മൃതി] നാ. ജനനവും മരണവും, ജനനമരണങ്ങളുടെ ആവർത്തനരൂപമായ സംസാരം

ജനിഷ്ണു വി. ജനിക്കുക ശീലമായ

ജനു നാ. ജനനം

ജനുവരി [ഇം.] നാ. = ജാനുവരി

ജനുസ്സ്1 [സം.] നാ. 1. ജനനം, ജീവിതം; 2. ജീവി

ജനുസ്സ്2 [അറ] നാ. ഇനം, മാതിരി, വർഗം

ജനേന്ദ്രൻ നാ. രാജാവ്

ജനേഷ്ട വി. ജനങ്ങൾക്കു പ്രീയമുള്ള

ജനോത്കരം നാ. ജനസമൂഹം

ജനോദാഹരണം നാ. മഹത്ത്വം, പ്രശസ്തി

ജനോപകാരം നാ. പൊതുജനനന്മ

ജനോപദ്രവം നാ. ജനപീഡ, ജനദ്രോഹം

ജനൗഘം നാ. ജനസമൂഹം

ജന്തുക നാ. അരക്ക്

ജന്തുകംബു നാ. 1. ഒച്ച്; 2. ഒച്ചിൻെറ തോട്; 3. കൃമിശങ്ഖ്

ജന്തുകാരി [സം.-കാരിൻ] നാ. 1. കരിങ്കച്ചോലം; 2. കറുത്ത അരക്ക്

ജന്തുഘ്നാതകം നാ. വിഴാൽ

ജന്തുഘ്ന വി. പ്രാണികളെ നശിപ്പിക്കുന്ന

ജന്തുഘ്നം നാ. 1. മാതളനാരകം; 2. ഒച്ച്; 3. വിഴാൽ; 4. പെരുങ്കായം

ജന്തുചതുഷ്ടയം നാ. ജരായുജം അണ്ഡജം സ്വേദജം ഉദ്ഭിജം എന്നീ നാലുതരം ജീവികൾ

ജന്തുജാതം നാ. ജന്തുക്കളുടെ സമൂഹം

ജന്തുത നാ. ജീവികളുടെ സ്വഭാവം, ജീവിയായിരിക്കുന്ന അവസ്ഥ

ജന്തുധർമം നാ. 1. ജന്തുക്കളുടെ സ്വഭാവങ്ങളിൽ പ്രധാനപ്പെട്ടവ (ആഹാരം നീഹാരം വിഹാരം മൈഥുനം നിദ്ര); 2. ജനനവും മരണവും

ജന്തുപ്രായ [സം.-പ്രായ] വി. 1. മൃഗസ്വഭാവമുള്ള; 2. മൃഗവർഗത്തിൽപ്പെട്ട

ജന്തുമതി നാ. ഭൂമി

ജന്തുമതീകാന്തൻ നാ. രാജാവ്

ജന്തുലോകം നാ. ജന്തുസമൂഹം

ജന്തുവിജ്ഞാനീയം നാ. ജീവികളെക്കുറിച്ചു പ്രതിപാദിക്കുന്ന ശാസ്ത്രം

ജന്തുവൃത്തി നാ. ജന്തുക്കളുടെ സ്വഭാവം
ജന്തുഹതകം നാ. മോശപ്പെട്ട ജീവി (എലി, മൂട്ട, കൃമി തുടങ്ങിയവ)
ജന്തുഹനനം നാ. 1. ജന്തുഹിംസ; 2. വിഴാൽ
ജന്തുഹിംസ നാ. പ്രാണിവധം, പ്രാണികളെ ഉപദ്രവിക്കൽ
ജന്തുഹിംസകൻ നാ. പ്രാണികളെ ഉപദ്രവിക്കുന്നവൻ
ജന്നത്ത് [അറ] നാ. സ്വർഗം
ജന്നൽ [പോർ] നാ. വായുസഞ്ചാരമുണ്ടാകാനും വെളിച്ചം കയറാനും വേണ്ടി ചുവരിൽ ഘടിപ്പിക്കുന്ന ചട്ടം, ജാലകം
ജന്മകാരകൻ നാ. ജനനത്തിനു ഹേതുഭൂതൻ, അച്ഛൻ
ജന്മകാരൻ നാ. 1. ജന്മകാരകൻ; 2. ജന്മക്കാരൻ
ജന്മകാരി നാ. ജനിപ്പിച്ചയാൾ, അച്ഛൻ
ജന്മകാലം നാ. 1. ജീവിതകാലം; 2. ജനനകാലം. അവ്യ. ജീവനുള്ളകാലത്തോളം
ജന്മകീലൻ നാ. വിഷ്ണു
ജന്മകുണ്ഡലി നാ. ജനനസമയത്തെ ഗ്രഹസ്ഥിതി കാണിക്കുന്ന രാശിചക്രം
ജന്മകൃത്ത്1 നാ. 1. ജനിപ്പിച്ചയാൾ, അച്ഛൻ; 2. ജന്മി
ജന്മകൃത്ത്2 വി. ജ്മത്തെ അറുക്കുന്ന
ജന്മകൃത്യം നാ. ജീവിതലക്ഷ്യം
ജന്മക്കരണം നാ. ജന്മാവകാശം കൈമാറ്റംചെയ്യുന്ന പ്രമാണം
ജന്മക്ഷേത്രം നാ. 1. (ജ്യോ) ജന്മലഗ്നം; 2. ജനിച്ചസ്ഥലം
ജന്മജന്മാന്തരം നാ. 1. കഴിഞ്ഞതും വരാനിരിക്കുന്നതുമായ ജന്മങ്ങൾ; 2. തലമുറകൾ
ജന്മതാരം നാ. (ജ്യോ) ജന്മനക്ഷത്രം
ജന്മത്രയം നാ. ജന്മനക്ഷത്രവും അനുജന്മനക്ഷത്രങ്ങളും
ജന്മദ വി. ജന്മം നൽകുന്ന

ജന്മദാതാവ് നാ. പിതാവ്
ജന്മദാതൃത്വം നാ. പിതൃത്വം
ജന്മദാത്രി നാ. ജനിപ്പിച്ചവൾ, അമ്മ
ജന്മദിനം നാ. പിറന്നാൾ
ജന്മനാ അവ്യ. 1. ജന്മംകൊണ്ട്, ജനനത്താൽ; 2. സ്വാഭാവികമായി, സ്വതേതന്നെ
ജന്മപത്രം നാ. ജാതകം എഴുതിയത്
ജന്മപദം നാ. ഉദ്ഭവസ്ഥാനം
ജന്മപാദപം നാ. വംശാവലി, (വംശവൃക്ഷം)
ജന്മപാപം നാ. മൂലപാപം
ജന്മപ്പക നാ. 1. ജാതികൾ തമ്മിലുള്ള ശത്രുത, ജാതിവൈരം; 2. തലമുറയായി തുടർന്നുവരുന്ന വൈരം, കുടുംബങ്ങൾ തമ്മിലുള്ള ശത്രുത, കുടിപ്പക
ജന്മപ്രകൃതി നാ. ജന്മസിദ്ധമായ സ്വഭാവം

ജന്മബന്ധം നാ. 1. ജന്മങ്ങളുടെ ശൃങ്ഖല; 2. ജന്മംകൊണ്ടുള്ള ബന്ധം
ജന്മഭൃത്ത് വി. ജന്മമുള്ള, ജീവിക്കുന്ന
ജന്മഭോഗം നാ. ഭൂമിയിൽനിന്നു ലഭിക്കുന്ന ആദായത്തിൽനിന്നു കുടിയാൻ ജന്മിക്കു നൽകേണ്ടഭാഗം
ജന്മഭ്രഷ്ടൻ നാ. 1. ജാതിഭ്രഷ്ടൻ; 2. ജന്മനാ ഭ്രഷ്ടനായിത്തീർന്നവൻ
ജന്മം നാ. 1. ജനനം; 2. ജനനം മുതൽ മരണംവരെയുള്ള കാലം, ജീവിതം; 3. ഉത്പത്തിസ്ഥാനം; 4. (ജ്യോ) ജനിച്ചകൂറ്; 5. ഒരു പുണ്യതീർഥം; 6. (ശിൽപ) പാദുകം; 7. വസ്തുവിന്മേലുള്ള ഉടമാവകാശം, ജന്മാവകാശം (ഈ അർഥം ഭാഷയിൽമാത്രം). (പ്ര) ജന്മമെടുക്കുക = ജനിക്കുക. ജന്മമൊടുക്കുക = 1. ജീവിതം അവസാനിക്കുക, മരിക്കുക; 2. മോക്ഷം കിട്ടുക
ജന്മയോഗം നാ. (ജ്യോ) ജാതകം
ജന്മർക്ഷം നാ. ജന്മനക്ഷത്രം. ജന്മർക്ഷമഹം = പിറന്നാളാഘോഷം
ജന്മരമ്യം നാ. പ്രകൃത്യാ സുന്ദരമായത്
ജന്മരഹസ്യം നാ. ജനനത്തെ സംബന്ധിച്ച ഗൂഢവൃത്താന്തം
ജന്മരാശി നാ. (ജ്യോ) ജന്മലഗ്നം
ജന്മലഗ്നം നാ. (ജ്യോ) ജനനലഗ്നം, ജനിക്കുന്ന സമയത്ത് ഉദിക്കുന്ന രാശി, ജനിച്ചസമയത്ത് ചന്ദ്രൻ നിൽക്കുന്ന രാശി
ജന്മവർത്മാ(വ്) നാ. 'ജനിക്കുന്ന മാർഗം', യോനി
ജന്മവാദം നാ. വസ്തുവിൻെറ ഉടമാവകാശം സംബന്ധിച്ച തർക്കം
ജന്മവാസന നാ. ജന്മസിദ്ധമായ സംസ്കാരവിശേഷം, സഹജവാസന
ജന്മവിച്ഛേദം നാ. മോക്ഷം.
807
ജന്മവിനാശം [സം.-വിനാശ] നാ. 1. ജന്മവും മരണവും; 2. ജന്മം ഒടുങ്ങൽ, മോക്ഷം
ജന്മവ്യാഴം നാ. ജന്മരാശിയിൽ വ്യാഴം നിൽക്കുന്ന കാലം, ജന്മത്തിലെ വ്യാഴൻെറ ദശ
ജന്മശതാബ്ദം നാ. ജനിച്ച നൂറുവർഷം തികയുന്ന ആണ്ട്
ജന്മശതാബ്ദി നാ. ജനിച്ച നൂറുവർഷം തികയുന്ന ആണ്ട്, നൂറുവർഷം തികയൽ, ആവർഷത്തെ സംബന്ധിച്ചത്
ജന്മശോധനം നാ. ജന്മസിദ്ധമായ ചുമതലകൾ നിർവഹിക്കൽ
ജന്മശ്ശനി നാ. 1. (ജ്യോ) ജന്മരാശിയിൽ നിൽക്കുന്ന ശനി; 2. ജന്മരാശിയിൽ ശനി നിൽക്കുന്ന കാലം, കഷ്ടകാലം
ജന്മസാഫല്യം നാ. ജീവിതം ഫലപ്രദമായിത്തീരുന്ന സ്ഥിതി, ജന്മോദ്ദേശ്യം സാധിക്കൽ
ജന്മസിദ്ധ വി. ജന്മനാൽത്തന്നെ സിദ്ധിച്ച, സ്വതഃസിദ്ധമായ
ജന്മസിദ്ധി നാ. 1. ജന്മസാഫല്യം; 2. ജന്മം ലഭിക്കൽ; 3. ജനനംകൊണ്ടു ലഭിക്കുന്ന വാസനയും കഴിവും

ജന്മസ്ഥാനം നാ. 1. ജന്മഭൂമി; 2. ഗർഭപാത്രം; 3. ജന്മലഗ്നം
ജന്മഹാനി നാ. മോക്ഷം
ജന്മഹേതു നാ. 1. ജനനകാരണം; 2. പിതാവ്
ജന്മാതപം നാ. ജനനം മൂലം ഉണ്ടാകുന്ന ദു:ഖം, ജന്മദു:ഖം
ജന്മാധാരം നാ. ജന്മാവകാശം മറ്റൊരാൾക്ക് കൈമാറുന്ന ആധാരം, വിലയാധാരം
ജന്മാന്തം നാ. മരണം
ജന്മാന്തരകൃത വി. മുൻജന്മത്തിൽ ചെയ്ത
ജന്മാന്തരപാപം നാ. മുൻജന്മത്തിൽചെയ്ത പാപം
ജന്മാന്തരം നാ. 1. മറ്റൊരു ജന്മം; 2. കഴിഞ്ഞതോ വരാനിരിക്കുന്നതോ ആയ ജന്മം
ജന്മാന്തരീയ വി. ജന്മാന്തരവുമായി ബന്ധപ്പെട്ട
ജന്മാന്തവർജിതൻ നാ. ജനനവും മരണവും ഇല്ലാത്തവൻ, ഈശ്വരൻ
ജന്മാന്ത്രം നാ. 1. പൂർവജന്മത്തിൽ ആർജിച്ചിട്ടുള്ള പുണ്യപാപങ്ങൾ, മുൻജന്മത്തിൽനിന്നുണ്ടായ സംസ്കാരസവിശേഷത; 2. മര്യാദ
ജന്മാന്ധ വി. ജനിച്ചപ്പോൾമുതൽ കണ്ണുകാണാത്ത
ജന്മാപഹ വി. ജനന (ദു:ഖ)ത്തെ നശിപ്പിക്കുന്ന, മോക്ഷം തരുന്ന
ജന്മാമയം നാ. ജന്മദു:ഖം
ജന്മാരി1 [സം.ജന്മൻ-കാരി] നാ. 1. വസ്തുവിന്മേൽ ജന്മാവകാശം ഉള്ള ആൾ; 2. ഹരിജനങ്ങളിൽ മൂപ്പൻ
ജന്മാരി2 [സം.-അരി] നാ. 1. ജന്മം നശിപ്പിക്കുന്നവൻ; 2. മോക്ഷം നൽകുന്നവൻ
ജന്മാവകാശം നാ. 1. ജന്മം കൊണ്ടു സിദ്ധിച്ച അവകാശം; 2. ജന്മിക്കു വസ്തുവിലുള്ള അവകാശം, വസ്തുവിന്മേലുള്ള ഉടമാവകാശം; 3. ജന്മവില
ജന്മാവകാശി നാ. ജനനംകൊണ്ടുതന്നെ അവകാശിയായ ആൾ
ജന്മാ(വ്) നാ. (സമാസത്തിൽ ഉത്തരപദമായിപ്രയോഗം) ജന്മമെടുത്തവൻ
ജന്മാഷ്ടമി നാ. കൃഷ്ണാഷ്ടമി
ജന്മാഷ്ടമീവ്രതം നാ. കൃഷ്ണജയന്തിനാളിൽ അനുഷ്ടിക്കുന്ന ഒരു വ്രതം, അഷ്ടമിരോഹിണിവ്രതം
ജന്മാസ്പദം നാ. 1. ജനിച്ചസ്ഥലം; 2. ജന്മത്തിന് ആസ്പദമായ
ജന്മാഹിതൻ നാ. ജന്മനാ ശത്രുവായവൻ
ജന്മി1 നാ. പാരമ്പര്യവഴിക്കുള്ള ഭൂവുടമ, വസ്തുവിൽ ജന്മാവകാശമുള്ളയാൾ, ഭൂമിയുടെ ഉടമസ്ഥൻ
ജന്മി2 നാ. 'ജന്മം ഉള്ള', മനുഷ്യൻ, പ്രാണി, ജീവി
ജന്മിക്കരം നാ. കുടിയാൻ ജന്മിക്കുകൊടുക്കേണ്ട കരം
ജന്മിക്കൂറ് നാ. ജന്മിഭോഗം
ജന്മിത്വം നാ. ജന്മിയാകുക എന്ന അവസ്ഥ
ജന്മിപ്പൈമാശി നാ. 'ജന്മിയുടെ കണക്ക്', തൻെറ വസ്തുവകകളെപ്പറ്റി ഭൂവുടമ സർക്കാരിനുകൊടുക്കുന്ന കണക്ക്

ജന്മിഭോഗം നാ. ജന്മിസമ്പ്രദായത്തിൽ ജന്മിക്കു കുടിയാനിൽനിന്നു ലഭിക്കേണ്ട ആദായം

ജന്മിസമ്പ്രദായം നാ. ഒരു ഭൂവുടമസമ്പ്രദായം. ജന്മി തൻെറ ഉടമസ്ഥതയിലുള്ള ഭൂമി കുടിയാന്മാർക്ക് കൃഷിചെയ്യാൻകൊടുക്കുകയും അവർ ആദായത്തിൻെറ ഒരംശം ജന്മിക്ക് പാട്ടമായി നൽകുകയും ചെയ്യുന്ന പാരമ്പര്യവ്യവസ്ഥ

ജന്മേപി അവ്യ. 1. ഒരു ജന്മത്തിലും; 2. ഒരു പ്രകാരത്തിലും, ഒരിക്കലും

ജന്മോദ്ദേശ്യം നാ. ജീവിതലക്ഷ്യം

ജന്യ1 [സം.] വി. 1. ജനിക്കത്തക്ക, ജനിക്കേണ്ട; 2. ജനിച്ച, ഉണ്ടായ; 3. ജനത്തെ സംബന്ധിച്ച; 4. സാധാരണമായ, മോശമായ; 5. ഒരു വംശത്തിലോ കുടുംബത്തിലോ പെട്ട; 6. ഒരു രാഷ്ട്രത്തിൽപ്പെട്ട

ജന്യ2 [സം.ജന്യാ] നാ. 1. അമ്മ; 2. അമ്മയുടെ സഖി; 3. വധുവിൻെറ തോഴി; 4. നവവധു; 5. സ്നേഹം; 6. സുഖം, സന്തോഷം

ജന്യജനകഭാവം നാ. കാര്യകാരണഭാവം, ഒരു വസ്തുവിനും അതിൽനിന്നുണ്ടാകുന്നവയ്ക്കും തമ്മിലുള്ള ബന്ധം

ജന്യൻ നാ. 1. അച്ഛൻ; 2. വരൻെറ സുഹൃത്ത്; 3. മകളുടെ ഭർത്താവ്; 4. ജനങ്ങൾക്ക് ഹിതമായ പ്രവൃത്തിചെയ്യുന്നവൻ; 5. സാധാരണക്കാരൻ; 6. താമസമന്വന്തരത്തിലെ സപ്തർഷികളിലൊരാൾ

ജന്യഭൂമി നാ. പടക്കളം

ജന്യം നാ. 1. ജനനം; 2. ജനിച്ചത്, ഉണ്ടായത്; 3. ചന്ത; 4. യുദ്ധം; 5. ശ്രുതി; 6. ശരീരം; 7. ജനനസമയത്തുണ്ടാകുന്ന ചില ശകുനങ്ങൾ; 8. ആരോപണം, ശകാരം; 9. രാഷ്ട്രം, ജനത; 10. (ശിൽപ) പ്രധാനഗൃഹത്തിൻെറ കോണിൽ നിർമിക്കുന്ന ഉപഗൃഹം; 11. (സങ്ഗീ) ജന്യരാഗം. (പ്ര) ജന്യപരീക്ഷ = ആയുധപരീക്ഷ

ജന്യരാഗം നാ. ഒരു രാഗത്തിൽനിന്നു ജനിച്ച മറ്റൊരു രാഗം

ജന്യശീല വി. യുദ്ധോത്സുകമായ

ജന്യസീമ നാ. പോർക്കളം

ജന്യു [സം.] നാ. 1. പ്രാണി, ജീവി; 2. ജനനം; 3. അഗ്നി; 4. ജനയിതാവ്, ബ്രഹ്മാവ്

ജപദക്ഷിണ നാ. മന്ത്രം ജപിക്കുന്നതിനുള്ള ദക്ഷിണ

ജപനം നാ. ജപിക്കൽ, ജപം, പ്രാർഥന

ജപനീയ വി. ജപിക്കപ്പെടേണ്ടതായ, ജപിക്കാന്തക്ക

ജപബാധ നാ. മന്ത്രശക്തികൊണ്ടു അന്യനെ ഉപദ്രവിക്കാൻ നിയോഗിക്കപ്പെടുന്ന ദുർദേവത

ജപം നാ. പ്രാർഥനയോ മന്ത്രങ്ങളോ ഈശ്വരനാമങ്ങളോ താണസ്വരത്തിൽ പറയുകയോ പിറുപിറുക്കുകയോ ചെയ്യൽ

ജപമണി നാ. ജപിക്കുമ്പോൾ എണ്ണംപിടിക്കാനുള്ള മണി

ജപ(മണി)മാല നാ. ജപിക്കുമ്പോൾ എണ്ണംപിടിക്കുന്നതിനുപയോഗിക്കുന്ന മണികൾ കോർത്തുണ്ടാക്കിയ മാല, കൊന്ത

ജപമണ്ഡപം നാ. ബ്രാഹ്മണർക്കിരുന്നു ജപം നടത്തുന്നതിനായി ശ്രീകോവിലിനു മുൻവശത്തു തീർത്തിട്ടുള്ള മണ്ഡപം

ജപശാല നാ. ഇരുന്നു ജപിക്കാനുള്ള ശാല (മന്ദിരം, പന്തൽ, മുറി മുതലായവ)
ജപശുദ്ധം നാ. മന്ത്രജപംകൊണ്ട് പവിത്രമാക്കിയത്
ജപാക്ഷമാല നാ. ജപത്തിനുള്ള രുദ്രാക്ഷമാല
ജപിക്കുക ക്രി. 1. പ്രാർഥനയോ മന്ത്രങ്ങളോ ഈശ്വരനാമങ്ങളോ താണസ്വരത്തിൽ ആവർത്തിച്ചു ചൊല്ലുക, ഈശ്വരപ്രാർഥനചെയ്യുക, ഒരു മന്ത്രം തുടർച്ചയായിച്ചൊല്ലുക; 2. പതുക്കെ പറയുക, പിറുപിറുക്കുക
ജപ്ത വി. ജപിക്കപ്പെട്ട
ജപ്തി [<അറ] നാ. (നീതിന്യാ) കണ്ടുകെട്ടൽ. ജപ്തിചെയ്യുക = നിയമപരമായ നടപടികൾകൊണ്ട് കടക്കാരൻെറ വസ്തുവകകൾ പിടിച്ചെടുത്ത് കിട്ടാനുള്ള തുക ഈടാക്കുക. ജപ്തിമുതൽ = ജപ്തിചെയ്ത സ്ഥാവരജങ്ഗമവസ്തുക്കൾ
ജപ്ത്വാ അവ്യ. ജപിച്ചിട്ട് (മണിപ്രവാളകൃതികളിൽ പ്രയോഗം)
ജപ്യ വി. ജപിക്കപ്പെടേണ്ട
ജബാനി [ഹി.] നാ. വാക്ക്, ഭാഷ
ജം [സം.ജ] നാ. 1. ജനനം; 2. വിഷം; 3. വേഗം; 4. ആനന്ദം; 5. പ്രകാശം; 6. ജലം; 7. ഗീതം
ജംബം [സം.] നാ. ചെളി
ജംബാലം, -ളം [സം.] നാ. 1. കരിമ്പായൽ; 2. പൂക്കൈത; 3. ചെളി; 4. ചിറ, അണ; 5. നീർവാളം; 6. കടലാവണക്ക്
ജംബാളിത വി. പങ്കിലമായ, ചെളിയുള്ള
ജംബീരകം നാ. 1. ജോനകനാരകം; 2. ഒരിനം തുളസി
ജംബീരഫലം നാ. ചെറുനാരങ്ങ
ജംബു നാ. 1. ഞാവൽ, ഞാവൽക്കായ്; 2. ചാമ്പ, ജാംബ; 3. പലകപ്പയ്യാനി; 4. ജംബുദ്വീപം; 5. കുറുക്കൻ; 6. ജംബുനദി
ജംബുകത്വം നാ. (പ്ര) കുറുക്കൻെറ സ്വഭാവം, ഏഷണിപറഞ്ഞുകൊണ്ട് സൗകര്യംപൊലെ ഓരോവശംചേരുന്ന സ്വഭാവം, സൂത്രശാലിത്വം
ജംബുകൻ നാ. 1. കുറുക്കൻ; 2. വരുണൻ; 3. സൂത്രശാലി, അധമൻ
ജംബുകം നാ. 1. കുറുക്കൻ; 2. വലിയ പലകപ്പയ്യാനി; 3. പൂക്കൈത; 4. ചാമ്പ; 5. ഞാവൽ
ജംബുദ്വീപം നാ. പുരാണപ്രസിദ്ധമായ ഒരു ഭൂഖണ്ഡം, സപ്തദ്വീപങ്ങളിൽ ഒന്ന്
ജംബുനാഥൻ നാ. ജംബുകേശ്വരൻ, ശിവൻ
ജംബൂലം നാ. 1. ഞാവൽമരം; 2. പൂക്കൈത; 3. (ആയുർ) കർണപാളികളിലുണ്ടാകുന്ന ഒരു രോഗം; 4. സുഹൃത്തുക്കളും ബന്ധുക്കളായ സ്ത്രീജനങ്ങളും ചേർന്നു നവവധൂവരന്മാരെ കളിയാക്കൽ
ജംബൂകം നാ. ജംബുകം
ജംബൂദ്വയം നാ. (ആയുർ) 'ജംബു' എന്നുപേരുള്ള രണ്ടു മരുന്നുകൾ, ഞാവലും ഞാറയും
ജംബൂദ്വീപം നാ. ജംബുദ്വീപം
ജംബൂഫലം നാ. 1. ചാമ്പയ്ക്ക; 2. ഞാവൽക്കായ്

ജംബൂലം, -ളം നാ. 1. ഞാവൽ; 2. പൂക്കൈത; 3. ചാമ്പ
ജംഭ നാ. കോട്ടുവാ
ജംഭക വി. 1. തിന്നുന്ന; 2. കൊല്ലുന്ന, നശിപ്പിക്കുന്ന; 3. കടിച്ചുകീറുന്ന; 4. കോട്ടുവായിടുന്ന; 5. വിവരിക്കുന്ന, വിശദമാക്കുന്ന; 6. തുറക്കുന്ന, വിസ്തൃതമാക്കുന്ന
ജംഭകൻ നാ. 1. (ശിൽപ) ഒരു വാസ്തുദേവത; 2. രാക്ഷസൻ
ജംഭകവിദ്യ നാ. ജാലവിദ്യ
ജംഭഗർ നാ. (ബ.വ.) ഒരു പിശാച്വർഗം
ജംഭദ്വിട്ട് നാ. 'ജംഭനെ വധിച്ചവൻ', ഇന്ദ്രൻ
ജംഭൻ നാ. 1. ഇന്ദ്രനാൽകൊല്ലപ്പെട്ട ഒരു അസുരൻ; 2. വിഴുങ്ങുന്നവൻ
ജംഭനം നാ. മൈഥുനം
ജംഭ(പ്ര)ദ്വേഷി നാ. 'ജംഭൻ എന്ന അസുരൻെറ ശത്രു', ഇന്ദ്രൻ
ജംഭഭേദി നാ. 'ജംഭൻ എന്ന അസുരനെ കൊന്നവൻ', 1. ഇന്ദ്രൻ; 2. വജ്രായുധം
ജംഭം നാ. 1. പല്ല്; 2. കടവായ്, അണപ്പൂട്ടുകൾ; 3. വ്യാഖ്യാനം; 4. ആവനാഴി; 5. ജോനകനാരകം
ജംഭരം നാ. ചെറുനാരകം
ജംഭരിപു നാ. 'ജംഭൻ എന്ന അസുരൻെറ ശത്രു', (ശത്രു എന്നർഥമായ അരി, വൈരി, ദ്വിട് ഇത്യാദി ഏതെങ്കിലും പദം ജംഭ ശബ്ദത്തോടുചേർത്താൽ ഇന്ദ്രൻ എന്നർഥം കിട്ടും) ഇന്ദ്രൻ
ജംഭിക നാ. കോട്ടുവായ്
ജമ [<അറ] നാ. 1. സർക്കാരിലേക്ക് ഈടാകേണ്ട സങ്ഖ്യ (പ്രത്യേകിച്ചു ഭൂനികുതി); 2. കരം, വാടക തുടങ്ങിയവയുടെ നിരക്ക്; 3. കരം വാടക തുടങ്ങിയ വരവിനങ്ങൾ പിരിച്ചെടുക്കൽ; 4. റവന്യൂക്കണക്ക്; 5. മൂലധനം; 6. ജനങ്ങളുടെ സമിതി, സമ്മേളനം. (പ്ര) ജമ ഒടുക്കുക, -കെട്ടുക = നികുതി അടയ്ക്കുക. ജമചുമത്തുക = കരം ചുമത്തുക. ജമാവസൂൽബാക്കി = കരക്കുടിശ്ശിക, അതിനെ സംബന്ധിച്ച കണക്ക്
ജമദഗ്നി നാ. പുരാണപ്രസിദ്ധനായ ഒരു മഹർഷി, പരശുരാമൻെറ അച്ഛൻ. ജമദഗ്നിജൻ = പരശുരാമൻ
ജമനം നാ. ഭക്ഷിക്കൽ
ജമന്തി നാ. = ചേമന്തി
ജമൽ [<അറ] നാ. ഒട്ടകം
ജമാഅത്ത്,ജമാത്ത് [അറ] നാ. 1. (ഇസ്ലാം) സഭ, ഒരു പള്ളിയുടെ അധികാരപരിധിയിലുള്ളവരുടെ സങ്ഘടന; 2. കൂട്ടമായിച്ചെയ്യുന്ന നിസ്കാരം
ജമാബന്തി,-പന്തി [പേർ] നാ. 1. വർഷാവസാനം നികുതിസംബന്ധമായ കണക്കുകൾ തിട്ടപ്പെടുത്തൽ; 2. അതിനുവേണ്ടി റവന്യൂവകുപ്പിനു നൽകുന്ന അവധി
ജമാൽ [<അറ] നാ. 1. അഴക്, സൗന്ദര്യം; 2. അഴകുള്ളവൻ; 3. ഒരു പുരുഷനാമം
ജമിന്ദാർ [പേർ] നാ. ഭൂവുടമ, ജന്മി
ജമീന്ദാരി [പേർ] നാ. ഭാരതത്തിൽ മുമ്പു നിലവിലിരുന്ന ഒരു കാർഷിക വ്യവസ്ഥ

ജമുക്കാളം [<പേർ] നാ. ഭങ്ഗിയുള്ള ഒരിനം പരവതാനി, പേർഷ്യൻ പരവതാനി.

809

ജമേദാർ [പേർ] നാ. പട്ടാളത്തിലെ ഒരു ഉദ്യോഗസ്ഥൻ. ഒരു ചെറിയ പട്ടാള വിഭാഗത്തിൻെറ തലവൻ

ജമ്പതികൾ [സം.ജമ്പതീ] നാ. 'ജായയും പതിയും', (ബ.വ.) ദമ്പതികൾ

ജമ്പർ [<ഇം.] നാ. സ്ത്രീകൾ ധരിക്കുന്ന ഒരിനം മേലുടുപ്പ്

ജയ1 [സം.] (ജി ധാതു, ലോട് മ.പൂ. ഏ.വ. പരസ്മൈപദി) (നീ) ജയിച്ചാലും

ജയ2 [സം.ജയാ] നാ. 1. പാർവതി; 2. പാർവതിയുടെ ഒരു തോഴി; 3. (സങ്ഗീ) ഒരുതരം വീണ; 4. (സങ്ഗീ) ഒരു ശ്രുതി; 5. പതാക; 6. ദക്ഷൻെറ പുത്രി; 7. (ജ്യോ) തൃതീയ അഷ്ടമി ത്രയോദശി എന്നീ തിഥികൾക്ക് പൊതുവേയുള്ള പേര്; 8. (ജ്യോ) വെളുത്തപക്ഷത്തിൽ ഏകാദശിയും പുണർതവും കൂടി വരുന്ന ദിവസം; 9. (യോഗ) ഒരു നാഡിയുടെ പേര്; 10. ഷോഡശമാതൃക്കളിലൊരാൾ; 11. സദ്രാമവിജയം പൂജയിൽ ആരാധിക്കേണ്ട നവശക്തികളിലൊന്ന്; 12. നവദുർഗമാരുടെ പൂജയിൽ ആരാധിക്കേണ്ട ഒരു ഉപദേവത; 13. ഗൗതമന് അഹല്യയിലുണ്ടായ പുത്രി

ജയക വി. ജയശീലമുള്ള, ജയിക്കുന്ന

ജയക്കൊടി നാ. വിജയം സൂചിപ്പിക്കാനായി ഉയർത്തുന്നകൊടി

ജയഘണ്ട നാ. (സങ്ഗീ) ഘനവാദ്യങ്ങളിൽ ഒന്ന്, ചേകണ്ടി

ജയഘോഷം നാ. 1. ജയസൂചകമായ ആർപ്പ്; 2. വിജയപ്രഖ്യാപനം

ജയചി ം നാ. ജയസൂചകമായ അടയാളം

ജയഡിണ്ഡിമം നാ. ജയഭേരി

ജയതാം ക്രി. (ജി ധാതു ലോട് പ്ര.പൂ. ഏ.വ. ആത്മനേപദി) ജയിച്ചാലും

ജയതി [സം.] (ജി ധാതു ലോട് പ്ര.പൂ. ഏ.വ. പരസ്മൈപദി) ജയിക്കുന്നു

ജയതു [സം.] (ജി ധാതു ലോട് പ്ര.പൂ. ഏ.വ. പരസ്മൈപദി) ജയിക്കട്ടെ, ജയിച്ചാലും

ജയതേ [സം.] ക്രി. (ജി ധാതു ലോട് പ്ര.പൂ. ഏ.വ. ആത്മനേപദി) ജയിക്കുന്നു

ജയത്തമൻ നാ. വിജയികളിൽവച്ച് ഉത്തമൻ

ജയദം നാ. 1. (ശിൽപ) വീതിയുടെ ഒന്നരമടങ്ങു പൊക്കം; 2. വീതിയുടെ ഒന്നരമടങ്ങു പൊക്കമുള്ള പ്രസാദം

ജയദേവൻ നാ. സംസ്കൃതസാഹിത്യത്തിലെ പ്രശസ്തകൃതികളിലൊന്നായ ഗീതാഗോവിന്ദത്തിൻെറ രചയിതാവ്

ജയദ്രഥൻ നാ. സിന്ധുരാജ്യം ഭരിച്ചിരുന്ന ഒരു രാജാവ്, കൗരവസഹോദരിയായ ദുശ്ശളയുടെ ഭർത്താവ്, വൃദ്ധക്ഷത്രൻെറ മകൻ

ജയധ്വജം [സം.-ധ്വജ] നാ. വിജയത്തെ സൂചിപ്പിക്കുന്നകൊടി, കൊടിമരം

ജയധ്വനി നാ. 1. ജയസൂചകമായ മംഗളശബ്ദം; 2. ജയിക്കട്ടെ എന്ന ആശംസാശബ്ദം

ജയൻ [സം.ജയ] നാ. 1. സൂര്യൻ; 2. അർജുനൻ; 3. അജ്ഞാതവാസകാലത്തു യുധിഷ്ഠിരൻ സ്വീകരിച്ചിരുന്ന വ്യാജനാമം; 4. വിഷ്ണു; 5. വിഷ്ണുവിൻെറ ഒരു പാർഷദൻ; 6. ശിവൻെറ ഒരു ദാസൻ; 7. ഇന്ദ്രൻെറ പുത്രൻ, ജയന്തൻ

ജയനം [സം.] നാ. 1. ജയിക്കൽ, ജയം; 2. ആന കുതിര മുതലായവയ്ക്കുള്ള കവചം

ജയനയുക് വി. പടച്ചട്ടയിട്ട

ജയന്ത വി. വിജയം സിദ്ധിച്ച

ജയന്തൻ നാ. 1. ഇന്ദ്രൻെറ പുത്രൻ; 2. ശിവൻ; 3. വിഷ്ണു

ജയന്തപത്രം നാ. 1. അശ്വമേധത്തിന് അഴിച്ചുവിടുന്ന കുതിരയുടെ നെറ്റിയിൽ എഴുതിപ്പതിപ്പിക്കുന്ന പത്രം; 2. (നീതിന്യായ) ന്യായാധിപൻെറ തീർപ്പ്

ജയന്തി നാ. 1. ജയശീലയായ സ്ത്രീ; 2. പാർവതി; 3. ഇന്ദ്രൻെറ പുത്രി, ഋഷഭദേവൻെറ ഭാര്യ; 4. (ശിൽപ) കണ്ടിത്തുലാം; 5. രോഹിണിയും ശുക്ലദ്വാദശിയും ചേർന്ന ദിവസം; 6. ദിവ്യാത്മാക്കളുടെയോ വീരപുരുഷന്മാരുടെയോ ജന്മദിനം; 7. വിജയം, വിജയാഘോഷം

ജയന്തിക നാ. 1. (ശിൽപ) കണ്ടിത്തുലാം; 2. മഞ്ഞൾ

ജയപത്രം നാ. 1. അശ്വമേധയാഗാരംഭത്തിൽ അഴിച്ചുവിടുന്ന അശ്വത്തിൻെറ നെറ്റിയിൽ പതിക്കുന്ന മുദ്ര; 2. (നിയ) ജയിച്ചുഎന്ന് അറിയിക്കുന്ന രേഖ, വിധിപത്രം

ജയപാലൻ നാ. 1. ബ്രഹ്മാവ്; 2. വിഷ്ണു; 3. രാജാവ്

ജയഭദ്രൻ നാ. 1. സൂര്യൻ; 2. ചന്ദ്രൻ; 3. സ്കന്ദൻ; 4. ഗണേശൻ

ജയഭദ്രം നാ. (ശിൽപ) തൂണുകളുള്ള മണ്ഡപം

ജയഭേരി നാ. വിജയം വിളംബരം ചെയ്വാൻവേണ്ടി മുഴക്കുന്ന പെരുമ്പറ, പെരുമ്പറശബ്ദം

ജയം നാ. 1. പ്രതികൂലസാഹചര്യങ്ങളെയോ എതിരാളികളേയോ തോൽപ്പിക്കൽ, പരിശ്രമംകൊണ്ടു നേടുന്ന ഉയർച്ച, ഉദ്ദിഷ്ടകാര്യം സാധിക്കൽ; 2. (സങ്ഗീ) ഒരിനം ഓടക്കുഴൽ; 3. (സങ്ഗീ) ഒരു താളം; 4. മഹാഭാരതത്തിൻെറ പേര്

ജയമകൾ നാ. ലക്ഷ്മീദേവി

ജയമങ്ഗലൻ നാ. ശുഭലക്ഷണങ്ങളുള്ള വെളുത്ത കുതിര

ജയമങ്ഗലം നാ. 1. (സങ്ഗീ) ഒരു താളം; 2. രാജാവിൻെറ പ്രധാനപ്പെട്ട ആന, പട്ടത്താന; 3. വിജയസൂചകമായ ആർപ്പുവിളി; 4. (ആയുർ) ജ്വരത്തിനുള്ള ഒരു ഔഷധം

ജയമാർഗചതുഷ്ടയം നാ. ജയം നേടാനുള്ള നാലുമാർഗങ്ങൾ (സത്യം, ദാനം, ശുശ്രൂഷ, ആയുധം എന്നിവ)

ജയമാല നാ. വിജയിയെ അണിയിക്കുന്ന മാല

ജയയജ്ഞം നാ. അശ്വമേധയാഗം

ജയലക്ഷ്മി നാ. 'വിജയമാകുന്ന ലക്ഷ്മി', വിജയം, വിജയത്തിൽനിന്നും കിട്ടുന്ന സൗഭാഗ്യം

ജയവിജയന്മാർ നാ. (ബ.വ.) വൈകുണ്ഡത്തിലെ ദ്വാരപാലകന്മാരായ വിഷ്ണുപാർഷദന്മാർ, ജയനും വിജയനും

ജയവൈജയന്തി നാ. വിജയപതാക
ജയസിംഹനാട് നാ. കൊല്ലവും പരിസരപ്രദേശങ്ങളും ഉൾപ്പെടുന്ന ഒരു പഴയ നാട്ടു രാജ്യം, ദേശിങ്ങ്ഗ നാട്
ജയസ്തംഭം നാ. വിജയത്തിൻെറ സ്മാരകമായി സ്ഥാപിച്ച തൂണ്
ജയാജയം നാ. ജയവും തോൽവിയും
ജയാശിസ്സ് നാ. 'ജയിച്ചാലും' എന്ന ആശീർവാദം
ജയി വി. ജയിക്കുന്ന, ജയശീലമുള്ള
ജയിക്കുക ക്രി. പ്രതികൂല സാഹചര്യങ്ങളെ അതിജീവിക്കുക, എതിരാളികളെ തോൽപ്പിക്കുക, ആഗ്രഹിച്ചതു നേടുക
ജയിൽ [ഇം.] നാ. കുറ്റവാളികളെ പാർപ്പിക്കുന്ന ഇടം, കാരാഗൃഹം. ജയിൽപ്പുള്ളി = തടവുകാരൻ
ജയിഷ്ണു വി. ജയിക്കാൻ ഇച്ഛരിക്കുന്ന, ജയിക്കുക ശീലമായ
ജയേച്ഛ നാ. ജയിക്കാനുള്ള ആഗ്രഹം
ജയേച്ഛു വി. ജയത്തിൽ ആഗ്രഹമുള്ള
ജയൈഷി നാ. ജയിക്കാൻ ആഗ്രഹിക്കുന്നവൻ. (സ്ത്രീ) ജയൈഷിണി
ജയോദ്ധതൻ നാ. വിജയംകൊണ്ട് അഹങ്കരിക്കുന്നവൻ
ജയോല്ലാസി നാ. വിജയംകൊണ്ട് ആഹ്ലാദിക്കുന്ന ആൾ
ജയ്യ വി. ജയിക്കാൻ കഴിയുന്ന
ജയ്‌വിളി [<ഹി-മ] നാ. 'വിജയിക്കട്ടെ' 'സർവോത്കർഷേണവർത്തിക്കട്ടെ' എന്നു ആശംസിക്കുന്നതിന് 'ജയ്' എന്നു വിളിക്കൽ
ജർജര വി. 1. പ്രായംചെന്ന, വാർധക്യം ബാധിച്ച; 2. തകർന്ന, ദ്രവിച്ച, പൊടിഞ്ഞ, ശകലീകൃതമായ, ചിലമ്പിച്ച
ജർജരൻ [സം.] നാ. വൃദ്ധൻ
ജർജരം നാ. 1. പഴക്കംചെന്നത്, ജീർണിച്ചത്; 2. ഇന്ദ്രൻെറ കൊടി; 3. ഒരു സങ്ഗീതോപകരണം; 4. കരിം പായൽ; 5. ചുമന്നുള്ളി
ജർജരിത വി. 1. വാർധക്യം ബാധിച്ച; 2. ജീർണിച്ച, ശിഥിലമായ, പൊടിഞ്ഞ
ജർജരീക വി. 1. ജർജരമായിത്തീർന്ന, ജീർണിച്ച; 2. ദ്വാരങ്ങളോടുകൂടിയ
ജർണ വി. ജീർണിച്ച, പഴകിയ, പൊടിഞ്ഞ, ക്ഷയിച്ച
ജർണൻ നാ. (ക്ഷീണ)ചന്ദ്രൻ
ജർണം നാ. 1. കർപ്പൂരം; 2. വൃക്ഷം
ജർണു നാ. ചന്ദ്രൻ
ജർത്തം നാ. 1. യോനി; 2. ആന
ജർമൻ [ഇം.] നാ. 1. ജർമൻകാരൻ; 2. ജർമനിയെ സംബന്ധിച്ചത്; 3. ജർമൻകാരുടെ ഭാഷ
ജര1 നാ. 1. വാർധക്യം, വാർധക്യകാലത്ത് ശരീരത്തിൽ തൊലിപ്പുറത്തുണ്ടാകുന്ന ചുളിവ്; 2. ഭക്ഷിച്ച പദാർഥങ്ങൾക്കുണ്ടാകുന്ന ദഹനം; 3. പ്രശംസ; 4. ഒരു രാക്ഷസി

ജര2 വി. 1. പഴകിയ, പ്രായംചെന്ന; 2. ജീർണിച്ച; 3. പാകംവന്ന; 4. ചാഞ്ഞ, തൂങ്ങിയ; 5. ഉറപ്പുള്ള, കട്ടിയായ; 6. ദൃഢമായ; 7. ഹൃദയകാഠിന്യമുള്ള; 8. മഞ്ഞനിറമുള്ള

ജരാകുമാരി നാ. അവിവാഹിതയായ വൃദ്ധ

ജരാത നാ. വാർധക്യം

ജരാൻ നാ. വൃദ്ധൻ

ജരാങ്ഗൻ നാ. ജീർണിച്ച അവയവങ്ങളുള്ളവൻ, വൃദ്ധൻ

ജരണ1 വി. 1. വയസ്സായ; 2. ജീർണിച്ച; 3. ദഹനത്തെ സഹായിക്കുന്ന

ജരണ2 നാ. 1. വാർധക്യം; 2. സ്തുതി; 3. കരിഞ്ജീരകം

ജരണം നാ. 1. (ജ്യോ) സൂര്യചന്ദ്രന്മാർക്ക് ഗ്രഹണത്തിൽനിന്നു പത്തുവിധം മോചനങ്ങളുള്ളതിൽ ഒന്ന്; 2. വാർധക്യം; 3. തുവർച്ചിലയുപ്പ്; 4. പെരുങ്കായം; 5. വെളുത്ത ജീരകം; 6. കൊടുവേലി (സാമാന്യം); 7. പൊന്നാവീരം

ജരണ്ഡ വി. വയസ്സായ, പഴകിയ

ജരത്,ജരൽ [സം.<ജൃ] വി. വയസ്സായ, ജീർണിച്ച

ജരതൻ നാ. 1. വൃദ്ധൻ; 2. പോത്ത്

ജരതി(ക) നാ. വൃദ്ധ

ജരത്ക്കാരു,ജരൽ- നാ. 1. ഒരു മുനി; 2. വാസുകിയുടെ സഹോദരിയായ നാഗസ്ത്രീ

ജരദ്ഗവം,ജരൽ- നാ. വയസ്സായ കാള

ജരദ്ഗു,ജരൽഗു നാ. വൃദ്ധയായ പശു

ജരം നാ. 1. പ്രായാധിക്യംകൊണ്ടും മറ്റുമുണ്ടാകുന്ന ക്ഷീണം; 2. നാശം; 3. വിരോധം

ജരസ്സ് നാ. 1. വാർധക്യം, വാർധക്യംകൊണ്ടുണ്ടാകുന്ന ജരാനരകളും ക്ഷീണവും മറ്റും; 2. വേടൻ

ജരാജീർണ വി. വാർധക്യംകൊണ്ടു ക്ഷീണിച്ച

ജരാതുര വി. വാർധക്യംകൊണ്ടുള്ള അവശത ബാധിച്ച

ജരാനരകൾ നാ. (ബ.വ.) ജരയും നരയും

ജരാഭീതൻ,-ഭീരു നാ. കാമദേവൻ

ജരായു നാ. 1. ഗർഭപാത്രത്തിൽക്കിടക്കുന്ന പ്രജയെ പൊതിഞ്ഞിരിക്കുന്ന ചർമം, മറുപിള്ള; 2. ഗർഭപാത്രം; 3. പാമ്പിൻെറ ചട്ട; 4. മുട്ടയുടെ പുറന്തോടിനുള്ളിൽ ദ്രാവക വസ്തുക്കളെ ആവരണംചെയ്യുന്ന നേർത്തപാട; 5. പൂക്കളുടെ അണ്ഡകോശത്തിലെ അറകളുടെ ആന്തര ഭിത്തിയായ നേർത്ത പാട; 6. സമുദ്രജലത്തിൽ പൊങ്ങിക്കിടക്കുന്ന ഒരിനം പത; 7. സ്കന്ദസേനയിലെ മാതൃക്കളിൽ ഒരാൾ; 8. താമര

ജരായുകോഷ്ഠം നാ. ഉദരത്തിൽ ജരായു സ്ഥിതിചെയ്യുന്ന ഉള്ളറ

ജരായുജം നാ. ഗർഭപാത്രത്തിൽ വളർന്നു പ്രസവിച്ചുണ്ടാകുന്ന ജീവി (മനുഷ്യൻ, മൃഗങ്ങൾ മുതലായവ)

ജരായൂദകം നാ. ജരായുവിലെ ദ്രാവകം

ജരാവസ്ഥ നാ. വാർധക്യം

ജരാസന്ധൻ നാ. ഒരു മഗധരാജാവ്, ബൃഹദ്രഥൻെറ പുത്രൻ

ജരി നാ. വൃദ്ധൻ. (സ്ത്രീ) ജരിണി

ജരിക [ഹി] നാ. സ്വർണക്കസവ്

ജരിക്കുക ക്രി. 1. ജരബാധിക്കുക, തൊലി ചുളിയുക; 2. ഭക്ഷിച്ച ആഹാരസാധനങ്ങൾ ദഹിക്കുക; 3. ജീർണിക്കുക, പൊടിയുക

ജരിത1 [സം.] വി. 1. ജരയോടുകൂടിയ, വയസ്സായ; 2. ക്ഷീണിച്ച

ജരിത2 [സം.ജരിതാ] നാ. മഹാഭാരതത്തിൽ പ്രസ്തുതമായ ഒരു പെൺപക്ഷി

ജരിതൻ നാ. വൃദ്ധൻ

ജരിമാ(വ്) [സം.ജരിമൻ] നാ. വാർധക്യം, പഴക്കം

ജരുഥ വി. രൂക്ഷമായി സംസാരിക്കുന്ന

ജരുഥം [സം.ജരൂഥ] നാ. മാംസം

ജലകണം നാ. വെള്ളത്തുള്ളി

ജലകണ്ടകം നാ. മുതല

ജലകം നാ. 1. ശങ്ഖ്; 2. കക്ക

ജലകർമം നാ. ഉദകക്രിയ

ജലകര വി. വെള്ളത്തെ പ്രദാനം ചെയ്യുന്ന

ജലകരകം നാ. തേങ്ങ

ജലകരങ്കം നാ. 1. ശങ്ഖ്; 2. കക്ക; 3. താമര; 4. തേങ്ങ; 5. കിണറ്; 6. തിര; 7. മേഘം

ജലകരം നാ. 1. വെള്ളത്തെ ഉണ്ടാക്കുന്നത്; 2. വെള്ളക്കരം

ജലകല്ക്കം നാ. ചെളി

ജലകല്മഷം നാ. ഹാലാഹലം എന്ന വിഷം

ജലകാങ്ക്ഷം നാ. ആന

ജലകാന്തം നാ. കാറ്റ്.

811

ജലകിരാടം [സം.-കിരാട] നാ. കോർമുതല

ജലകുന്തളം നാ. 'ജലത്തിലെ തലമുടി', കരിമ്പായൽ

ജലകൂപി നാ. 1. കൊക്കരണി; 2. ഉറവ്, ഊറ്റ്; 3. കിണറ്; 4. നീർച്ചുഴി

ജലകൃത്ത് [സം.-കൃത്] വി. മഴയുണ്ടാക്കുന്ന

ജലകേളി നാ. ജലക്രീഡ

ജലക്രിയ നാ. ഉദയക്രിയ

ജലക്രീഡ നാ. വെള്ളത്തിൽ കിടന്നുള്ള കളി

ജലഗ നാ. നദി

ജലഗർഭം നാ. 1. കുളം തുടങ്ങിയ ജലാശയങ്ങളുടെ അടിത്തറ; 2. വെള്ളത്തിൻെറ ഉൾഭാഗം

ജലഗുല്മം നാ. 1. ആമ; 2. ചതുരക്കുളം, പൊയ്ക; 3. നീർച്ചുഴി

ജലഘടി [സം.-ഘടീ] നാ. ജലകുംഭം

ജലഘടികാരം നാ. സമയം അളക്കാനുള്ള ഒരു ഉപകരണം

ജലഘനം നാ. 1. വെള്ളം ഉറഞ്ഞു കട്ടിയായത്; മഞ്ഞുകട്ട; 2. ജലത്തിൻെറ സാന്ദ്രത. ജലഘനമാപകയന്ത്രം = ജലത്തിൻെറ സാന്ദ്രത അളക്കാനുള്ള ഉപകരണം

ജലചക്രൊത്തം നാ. വെള്ളം തിരിച്ചുവിടുന്നതിനുപയോഗിക്കുന്ന ചക്രം
ജലചത്വരം നാ. ചതുരാകൃതിയിലുള്ള കുളം
ജലചര വി. വെള്ളത്തിൽ സഞ്ചരിക്കുന്ന, വെള്ളത്തിൽ ജീവിക്കുന്ന
ജലചരം നാ. 1. മീൻ; 2. കുളക്കോഴി; 3. ജലയാനം
ജലചരാജീവൻ നാ. 'മത്സ്യംകൊണ്ടു ജീവിക്കുന്നവൻ', മീൻപിടുത്തക്കാരൻ
ജലചാരി [സം.-ചാരിൻ] നാ. 1. ജലചരം; 2. മീൻ; 3. വള്ളം
ജലച്ഛായം നാ. വെള്ളം ചാലിച്ചു തയ്യാറാക്കുന്ന ചായം
ജലജ1 വി. വെള്ളത്തിലുണ്ടായ
ജലജ2 നാ. 1. ലക്ഷ്മി; 2. മുത്തുച്ചിപ്പിയിൽനിന്നു കിട്ടുന്ന മുത്ത്; 3. വള്ളിയിരട്ടിമധുരം; 4. ഒരുതരം കാട്ടു നെല്ല്; 5. നീരട്ട
ജലജദ്രവ്യം നാ. ജലത്തിൽനിന്നു കിട്ടുന്ന വസ്തുക്കൾക്കു പൊതുവെ പറയുന്ന പേര് (മുത്ത് മുതലായവ)
ജലജന്തു നാ. ജലത്തിൽ ജീവിക്കുന്ന ജന്തു (മത്സ്യം തുടങ്ങിയവ)
ജലജന്മം നാ. താമര
ജലജപം നാ. വെള്ളത്തിൽ നിന്നുകൊണ്ട് മന്ത്രം ഉരുക്കഴിക്കൽ
ജലജപ്രിയൻ നാ. 'താമരയ്ക്കു പ്രിയനായുള്ളവൻ', സൂര്യൻ
ജലജഭവൻ നാ. 'താമരയിൽ ജനിച്ചവൻ', ബ്രഹ്മാവ്
ജലജം നാ. 'ജലത്തിൽ ഉണ്ടായത്', 1. താമര; 2. ശങ്ഖ്; 3. മുത്ത്; 4. കക്ക; 5. മത്സ്യം; 6. ചന്ദ്രൻ; 7. കൗസ്തുഭരത്നം; 8. കടലുപ്പ്; 9. നീർക്കടമ്പ്
ജലജംബുക നാ. 1. ആറ്റുഞാവൽ; 2. ഒരിനം കത്തിരിച്ചെടി
ജലജമുഖി നാ. 'താമരപോലെ മനോഹരമായ മുഖമുള്ളവൾ', സുന്ദരി
ജലജാകാന്തൻ നാ. ലക്ഷ്മീപതി, വിഷ്ണു
ജലജാതം നാ. 'ജലത്തിൽനിന്നു ജനിച്ചത്', 1. താമര; 2. ആറ്റുവഞ്ചി
ജലജാതി നാ. ജലത്തിൽ ജീവിക്കുന്ന ജന്തു
ജലജാസനൻ നാ. 'താമര ഇരിപ്പിടമായിട്ടുള്ളവൻ', ബ്രഹ്മാവ്
ജലജിഹ്വം നാ. 1. മുതല; 2. ഒട്ടകം; 3. നായ്
ജലജീവി നാ. 1. ജലജന്തു; 2. മുക്കുവൻ
ജലതരങ്ഗം നാ. 1. തിര; 2. ഒരു സങ്ഗീതോപകരണം
ജലതരങ്ഗിണി നാ. (സങ്ഗീ) ജലതരങ്ഗം എന്ന വാദ്യവിശേഷം
ജലതാഡനം നാ. (പ്ര) പ്രയോജനമില്ലാത്ത സങ്ഗതി
ജലദ1 വി. ജലം ദാനംചെയ്യുന്ന
ജലദ2 നാ. മിന്നൽ
ജലദം നാ. 1. മേഘം; 2. മുത്തങ്ങ; 3. കർപ്പൂരം; 4. ശാകദ്വീപിലുള്ള ഒരു പർവതം

ജലദർദ്ദുരം നാ. 1. ഒരു സങ്ഗീതോപകരണം; 2. ജലത്തിലെ തവള

ജലദാഗമം നാ. 'മേഘത്തിൻെറ വരവ്', മഴക്കാലം

ജലദുർഗ നാ. ജലത്തിൽ അധിവസിക്കുന്ന ദുർഗ

ജലദുർഗം നാ. കടക്കാൻ വിഷമമുള്ള ജലാശയത്താൽ ചുറ്റപ്പെട്ടകോട്ട

ജലദ്വീപം നാ. നീരാന

ജലധരം നാ. 'ജലത്തെ ധരിക്കുന്നത്', 1. മേഘം; 2. സമുദ്രം; 3. ശങ്ഖ്; 4. മുത്തങ്ങ; 5. തൊടുകാര. ജലധരസമയം = മഴക്കാലം

ജലധരവാഹനൻ നാ. മേഘവാഹനൻ, ഇന്ദ്രൻ

ജലധാരം നാ. ജലാശയം

ജലധാര നാ. 1. വെള്ളത്തിൻെറ തുടർച്ചയായ പ്രവാഹം; 2. (ആയുർ) ഒരു ചികിത്സാരീതി (വെള്ളം തുടർച്ചയായി തലയിൽ വീഴ്ത്തൽ); 3. സമ്മർദം കൊണ്ട് അന്തരീക്ഷത്തിലേക്കുതുടർച്ചയായി ഉയർന്നു തെറിക്കുന്ന ജലം; 4. ശിവലിങ്ഗത്തിൽ മന്ത്രപൂർവം തുടർച്ചയായി ജലം വീഴ്ത്തൽ; 5. ഒരുതരം തപസ്സ്

ജലധാരണം നാ. 'ജലത്തെ ധരിക്കൽ', 1. കുഴി, വെള്ളം നിറഞ്ഞകുഴി; 2. വെള്ളം നിറച്ചുവയ്ക്കൽ; 3. വെള്ളംകൊണ്ടു കഴുകൽ

ജലധരായന്ത്രം നാ. വെള്ളം മുകളിലേക്കു ചീറ്റി ഉയരത്തക്കവണ്ണം നിർമിച്ചിട്ടുള്ള യന്ത്രസംവിധാനം

ജലധാരി നാ. ശിവൻ (ഗങ്ഗയെ തലയിൽ ധരിക്കുന്നതിനാൽ)

ജലധി നാ. 1. സമുദ്രം; 2. ഒരു വലിയ സങ്ഖ്യ, നൂറുലക്ഷം കോടി; 3. വരുണൻെറ വാഹനമായ മുതല

ജലധിഗ നാ. 'സമുദ്രത്തിലേക്ക് ഗമിക്കുന്നത്', നദി

ജലധിജ1 [സം.-ജ] വി. സമുദ്രത്തിൽനിന്നു ജനിച്ച

ജലധിജ2 [സം.-ജാ] നാ. ലക്ഷ്മി

ജലധിജൻ [സം.] നാ. ചന്ദ്രൻ

ജലധിരശന നാ. 'സമുദ്രമാകുന്ന അരഞ്ഞാണത്തോടുകൂടിയവൾ', ഭൂമി

ജലധേനു നാ. പത്തുതരത്തിലുള്ള പശുദാനങ്ങളിലൊന്ന്

ജലനകൂലം [സം.-നകൂല] നാ. നീർനായ്

ജലനളിക [സം.-നലികാ] നാ. വെള്ളംപോകാനുള്ള കുഴൽ

ജലനാളി നാ. 1. തോട്; 2. കുഴലിലൂടെയെന്നവണ്ണമുള്ള ജലപ്രവാഹം

ജലനിധി നാ. സമുദ്രം

ജലനിർഗമനം നാ. 1. വെള്ളത്തിൻെറ പുറത്തേക്കുള്ള ഗതി; 2. തൂമ്പ്, ഓവ്. ജലനിർഗമനനാളി = വെള്ളം കൊണ്ടുപോകുന്നതിനുള്ള കുഴൽ. ജലനിർഗമനപദ്ധതി = വെള്ളം കെട്ടിനിൽക്കാതെ പുറത്തുകളയുന്നതിനുള്ള പദ്ധതി

ജലനിരപ്പ് നാ. 1. സമുദ്രജലത്തിൻെറ യ്പരിഭാഗം, വിതാനം; 2. മണ്ണിലെ ജലവിതാനം

ജലപതി നാ. 1. സമുദ്രം; 2. വരുണൻ; 3. (ജ്യോ) ചതയം നക്ഷത്രം

ജലപദ്ധതി നാ. 'വെള്ളം ഒഴുകുന്ന വഴി', ജലമാർഗം, ഓട
ജലപാതം നാ. വെള്ളച്ചാട്ടം
ജലപാനം നാ. വെള്ളം കുടിക്കൽ (അൽപമാത്രമായ ഭക്ഷണം എന്ന അർഥത്തിലും പ്രയോഗം)
ജലപിത്തം നാ. അഗ്നി
ജലപ്രപാതം നാ. 1. വെള്ളച്ചാട്ടം; 2. മഴക്കാലം
ജലപ്രവാഹം നാ. 1. വെള്ളത്തിൻെറ ഒഴുക്ക്; 2. വെള്ളപ്പൊക്കം
ജലപ്രളയം നാ. 1. വെള്ളപ്പൊക്കം; 2. ജലം മൂലമുള്ള ലോകനാശം
ജലപ്രാന്തം നാ. ജലത്തിനടുത്തുള്ള പ്രദേശം
ജലപ്രായം നാ. 1. ജലം നിറഞ്ഞപ്രദേശം; 2. (പ്ര) നല്ലവണ്ണം അറിയാവുന്നത്, മന:പാഠമാക്കിയിട്ടുള്ളത്
ജലപ്രിയം നാ. 1. മീൻ; 2. വേഴാമ്പൽ; 3. പന്നി
ജലപ്ലാവനം നാ. 1. വെള്ളപ്പൊക്കം; 2. പ്രളയം
ജലപ്ലവം നാ. 'വെള്ളത്തിൽ പൊങ്ങിക്കിടക്കുന്നത്', നീർനായ്
ജലബന്ധ(ക)ം നാ. ചിറ, അണ, പാറക്കെട്ട് (ജലപ്രവാഹത്തെ തടയുന്നതിനാൽ)
ജലബാധ നാ. 1. വെള്ളത്തിൻെറ ഉപദ്രവം; 2. മൂത്രമൊഴിക്കാനുള്ള ആഗ്രഹം
ജലബില്വം നാ. 1. നാലുകോണുള്ള ഒരു പൊയ്ക; 2. ഞണ്ട്; 3. ആമ
ജലഭൂ(വ്) [സം.-ഭൂ] നാ. 1. മേഘം; 2. മുത്തങ്ങ; 3. കർപ്പൂരം; 4. നീർച്ചെറുചീര; 5. വെള്ളം കെട്ടിനിൽക്കുന്ന സ്ഥലം ( തടാകം, കുളം എന്നിവപോലെ)
ജലഭൃത്ത് നാ. 1. മേഘം; 2. കുടം; 3. കർപ്പൂരം; 4. മുത്തങ്ങ
ജലം നാ. 1. വെള്ളം; 2. പശുവിൻെറ ഭ്രൂണം; 3. ഇരുവേലി; 4. (ജ്യോ) പൂരാടം നക്ഷത്രം; 6. മൂത്രം; 7. ഒരു വലിയ സങ്ഖ്യ
ജലമജ്ജനം നാ. 1. വെള്ളത്തിൽ മുങ്ങൽ; 2. ജലപരീക്ഷ
ജലമയ വി. വെള്ളമുള്ള, വെള്ളം നിറഞ്ഞ
ജലമുക്ക് നാ. 1. മേഘം; 2. മുത്തങ്ങ. ജലമുക്സുഹൃത്ത് = മേഘത്തിൻെറ സുഹൃത്ത്, മയിൽ
ജലമുസ്തം നാ. കുഴിമുത്തങ്ങ
ജലമൂർത്തി നാ. ശിവൻ (ജലരൂപനായി സങ്കൽപം)
ജലമേഹം നാ. ഒരുതരം പ്രമേഹരോഗം
ജലമോദം നാ. രാമച്ചം
ജലയന്ത്രം നാ. 1. ജലം കയറ്റാൻ ഉപയോഗിക്കുന്ന യന്ത്രം; 2. ധാരായന്ത്രം; 3. സമയം നിർണയിക്കുന്നതിനുള്ള ഒരു യന്ത്രം; 4. ഊറ്റ്
ജലയാനം നാ. വെള്ളത്തിലൂടെ സഞ്ചരിക്കാൻ ഉപയോഗിക്കുന്ന വാഹനം (കപ്പൽ, തോണി മുതലായവ)
ജലയോനി നാ. ജലത്തിൽ ജനിച്ചത്
ജലർക്ഷം [സം.-ഋക്ഷ] നാ. 1. പൂരാടം നക്ഷത്രം (ജലം ദേവതയായതിനാൽ); 2. (ജ്യോ) ജലരാശി

ജലരങ്കം നാ. 1. കുളക്കോഴി; 2. നീർക്കാക്ക; 3. കൊക്ക്
ജലരസം നാ. കടലുപ്പ്
ജലരാശി നാ. 1. സമുദ്രം; 2. (ജ്യോ) ജലപ്രധാനമായി കൽപിക്കപ്പെട്ടിരുന്ന രാശി (കർക്കടകം, വൃശ്ചികം, മീനം, മകരത്തിൻെറ ഉത്തരാർധം)
ജാരൂഹം നാ. 'ജലത്തിൽ ഉണ്ടായത്', താമര
ജലരൂപം നാ. മുതല
ജലരേഖ നാ. 1. വെള്ളത്തിലെ വര; 2. ഫലമില്ലാത്ത പ്രവൃത്തി; 3. കടലാസിൻെറ നിർമാണഘട്ടത്തിൽ തിരിച്ചറിയാനായി പതിപ്പിക്കപ്പെടുന്ന മാച്ചുകളയാൻ കഴിയാത്ത 'അടയാളം' (വാട്ടർ മാർക്ക്)
ജലരോഗം നാ. മഹോദരം
ജലലത നാ. തിര
ജലവസ്തി നാ. (ആയുർ) ജലപ്രധാനമായ വസ്തി
ജലവാണിഭം നാ. ജലമാർഗമായി ചരക്കുകൾ കൊണ്ടുവന്നു നടത്തുന്ന കച്ചവടം
ജലവാദ്യം നാ. ഒരു വാദ്യോപകരണം, ജലതരങ്ഗം
ജലവാസം നാ. 1. ഒരു വ്രതം (വെള്ളത്തിൽ വസിക്കൽ); 2. വിഷ്ണുകന്ദം; 3. രാമച്ചം
ജലവാസി നാ. വെള്ളത്തിൽ താമസിക്കുന്നത്
ജലവാഹ വി. വെള്ളം വഹിക്കുന്ന
ജലവാഹനം നാ. 1. ജലത്തിലൂടെ സഞ്ചരിക്കുന്ന വാഹനം; 2. മേഘം
ജലവാഹം നാ. 'ജലത്തെ വഹിക്കുന്നത്', 1. മേഘം; 2. ഒരിനം കർപ്പൂരം
ജലവാഹിനി നാ. 1. ജലസംഭരണി; 2. നദി; 3. ജലം ഒഴുക്കിവിടാനുള്ള കുഴൽ
ജലവിതാനം നാ. ജലനിരപ്പ്
ജലവിഷു നാ. 1. (ജ്യോ) ദക്ഷിണായനത്തിലെ ശാരദവിഷു (തുലാസക്രാന്തി); 2. (തന്ത്ര) ഒരു യന്ത്രം
ജലവിസർജനം നാ. 1. വെള്ളം പുറത്തുകളയൽ; 2. മൂത്രം ഒഴിക്കൽ
ജലവീഥി നാ. കിഴക്ക് ഉയർന്നും പടിഞ്ഞാറു താണും ഉള്ള പറമ്പ്; 2. (ശിൽപ) വീടുവയ്ക്കാനുള്ള പറമ്പിൻെറ കേന്ദ്രമായി ബ്രഹ്മവീഥി സങ്കൽപിച്ച് അതിനുചുറ്റുമായി എട്ടുവീഥികൾ രേഖപ്പെടുത്തിയാൽ അതിൽ പുറത്തുനിന്നു ആറാമതായിവരുന്ന വീഥി
ജലവൃദ്ധി നാ. വേലിയേറ്റം
ജലവേണി നാ. ഒഴുക്ക്
ജലവൈദ്യുതപദ്ധതി നാ. ജലപ്രവാഹത്തിൻെറ ശക്തി ഉപയോഗിച്ച് വൈദ്യുതി ഉണ്ടാക്കുന്നതിനുള്ള സംവിധാനം
ജലവൈദ്യുതി നാ. ജലപ്രവാഹത്തിൻെറ ശക്തിയുപയോഗിച്ച് യന്ത്രങ്ങൾ പ്റ്റവർത്തിപ്പിച്ചുണ്ടാക്കുന്ന വിദ്യുച്ഛക്തി
ജലശയ(ന)ൻ നാ. 'ജലം ശയനമായിട്ടുള്ളവൻ', വിഷ്ണു

ജലശയ്യ നാ. 'ജലമാകുന്ന കിടക്ക' ഒരു വ്രതം (ജലത്തിൽ അനുഷ്ഠിക്കേണ്ടത്).
813
ജലശർക്കര [സം.-ശർക്കരാ] നാ. ആലിപ്പഴം
ജലശായി [സം.-ശായിൻ] നാ. 1. വിഷ്ണു; 2. നീർക്കോഴി; 3. ടിട്ടിഭപ്പക്ഷി
ജലശീകരം നാ. അതിസൂക്ഷ്മമായ ജലകണം
ജലശുക്തി നാ. കക്ക
ജലശൂകം നാ. 1. ചെളിയിൽ ജീവിക്കുന്ന ഒരു ക്ഷുദ്രജീവി; 2. കരിമ്പായൽ
ജലശോഷം നാ. മഴയില്ലായ്മ, വരൾച്ച
ജലസന്ധി [സം.-സന്ധി] നാ. (ഭൂമിശാ) രണ്ടു ജലഭാഗങ്ങൾ (കടലുകൾ) ചേരുന്ന സ്ഥലം, കടലിടുക്ക്
ജലസംഭരണി നാ. ജലം സംഭരിച്ചുവയ്ക്കുന്ന ഇടം
ജലസൂകരം നാ. 1. മുതല; 2. കടൽപ്പന്നി
ജലസൂചി [സം.-സൂചി] നാ. 1. നീരട്ട; 2. ചീങ്കണ്ണി; 3. കോലാമീൻ; 4. കടൽപ്പന്നി; 5. കങ്കപ്പക്ഷി; 6. കാക്ക; 7. വൻകൊട്ട
ജലസൂത്രം നാ. 1. വെള്ളംകൊണ്ടുപോകാനുള്ള കുഴൽ, തോട് മുതലായവ; 2. വെള്ളം മുകളിലേക്കു കൊണ്ടുപോകുന്നതിനോ താഴത്തേക്കു ഒഴുക്കിക്കളയുന്നതിനോ ഉള്ള ഉപകരണം
ജലസേചനം നാ. വെള്ളംകൊണ്ടു നനയ്ക്കൽ, തോടുകൾവഴിയും മറ്റും കൃഷിസ്ഥലത്തേക്കു വെള്ളം എത്തിക്കൽ. ജലസേചനപദ്ധതി = കൃഷിക്കു വെള്ളം എത്തിക്കുന്ന സംവിധാനം
ജലസ്തംഭ(ന)ം നാ. ഒരു ജാലവിദ്യ
ജലസ്ഥ നാ. മീൻകണ്ണിക്കറുക
ജലസ്ഥലഭ്രമം നാ. ജലം ഉള്ളിടത്ത് ഇല്ലെന്നും ഇല്ലാത്തിടത്തുണ്ടെന്നും ഉള്ള തോന്നൽ
ജലസ്ഥാനം നാ. വെള്ളംകെട്ടിനിൽക്കുന്നസ്ഥലം
ജലസ്ഥാപനം നാ. (തന്ത്ര) ബിംബം പ്രതിഷ്ഠിക്കുന്നതിനു മുമ്പുള്ള ചടങ്ങ്, 'ജലാധിവാസം' നോക്കുക
ജലസ്പർശം നാ. 'വെള്ളംതൊടൽ', വെള്ളംകൊണ്ടുചെയ്യുന്ന ശുദ്ധികർമം (ശൗചം, ആചമനം തുടങ്ങിയവ)
ജലസ്ഫോടം നാ. നീർക്കുമിള
ജലസ്രാവം നാ. (ആയുർ) ഒരു നേത്രരോഗം, കണ്ണിൽനിന്നു നീരൊലിക്കൽ
ജലസ്വേദനം നാ. (സസ്യ)ചെടികളുടെ ഇലകളിലുള്ള സുഷിരങ്ങളിലൂടെ വെള്ളം ബാഷ്പരൂപത്തിൽ വായുവിൽ കലരൽ
ജലഹസ്തി നാ. ഒരു വലിയ കടൽ ജീവി, കടലാന
ജലഹാരിണി നാ. 'ജലത്തെ ഹരിക്കുന്നത്', വെള്ളം ഒഴുകിപ്പോകുന്ന മാർഗം
ജലഹാസ(ക)ം നാ. 1. കടൽനുര; 2. കടൽനാക്ക്

ജലാക നാ. നീരട്ട
ജലാകരം നാ. 1. കിണറ്; 2. ഊറ്റ്, ഉറവ്
ജലാകാങ്ക്ഷം നാ. ആന, ജലകാങ്ക്ഷം
ജലാകാശം നാ. (തർക്ക) ജലത്തിൽ പ്രതിബിംബിച്ചുകാണുന്ന ആകാശം
ജലാഗമം നാ. മഴ
ജലാഞ്ചലം നാ. 1. ഊറ്റ്, ഉറവ്; 2. കിണറ്; 3. കരിമ്പായൽ
ജലാഞ്ജലി നാ. കൈക്കുമ്പിൾനിറയെയുള്ള വെള്ളം (തർപ്പണത്തിന്)
ജലാടനം നാ. കങ്കപ്പക്ഷി
ജലാടനി നാ. കുളയട്ട
ജലാത്യയം നാ. ശരത്കാലം
ജലാധാരം നാ. 1. ജലാശയം; 2. കുടം
ജലാധിദൈവതം നാ. 1. വെള്ളത്തിൻെറ അധിദേവത, വരുണൻ; 2. ജലംദേവതയായ നക്ഷത്രം, പൂരാടം
ജലാധിപൻ നാ. വരുണൻ
ജലാധിവാസം നാ. (തന്ത്ര) പ്രതിഷ്ഠയ്ക്കുമുമ്പു ബിംബത്തെ ജലത്തിൽ അധിവസിപ്പിക്കുന്ന ക്രിയ
ജലാപ്ലുത വി. വെള്ളം നിറഞ്ഞ, വെള്ളത്തിൽ മുഴുകിയ
ജലാംബിക നാ. കിണറ്
ജലാർണവം നാ. 1. ശുദ്ധ ജലം നിറഞ്ഞ സമുദ്രം; 2. മഴക്കാലം; 3. (സങ്ഗീ) ഒരു രാഗം
ജലാർഥി നാ. ജലം അർഥിക്കുന്നവൻ
ജലാർദ്ര1 [സം.-ആർദ്ര] വി. നനഞ്ഞ
ജലാർദ്ര2 [സം.-ആർദ്രാ] നാ. 1. വെള്ളംകൊണ്ടു നനച്ച വിശറി; 2. നനഞ്ഞ വസ്ത്രം
ജലാർബുദം നാ. ചുണ്ടിനെ ബാധിക്കുന്ന ഒരു രോഗം
ജലാൽ [അറ] നാ. 1. ശോഭ; 2. മഹത്ത്വം
ജലാലു [സം.ജല-ആലു] നാ. നീർച്ചേമ്പ്
ജലാവർത്തം [സം.-ആവർത] നാ. നീർച്ചുഴി
ജലാശയ വി. 1. ജലത്തിൽകിടക്കുന്ന; 2. ജളമതിയായ, മന്ദബുദ്ധിയായ
ജലാശയം നാ. 1. ജലം കെട്ടിനിൽക്കുന്ന പ്രദേശം (കുളം കിണറ് മുതലായവ); 2. സമുദ്രം; 3. കടൽ മീൻ; 4. രാമച്ചം
ജലാശി നാ. 'വെള്ളം കുടിക്കുന്നവൻ', ജലം മാത്രം കുടിച്ചു ജീവിക്കുന്നവൻ
ജലാശ്രയ നാ. 1. വെള്ളത്തിൽപ്പക്ഷി, വലാകം; 2. എരുമപ്പുല്ല്; 3. വൻകൊട്ട; 4. വെള്ളത്തിൽ ഉണ്ടാകുന്ന ഒരിനം പുല്ല്
ജലാശ്രയം നാ. 1. മഞ്ഞനിറമുള്ള രാമച്ചം; 2. പൊയ്ക, തടാകം; 3. വട്ടപ്പുല്ല്

ജലാശ്രയരാശി നാ. (ജ്യോ) ഇടവം മിഥുനം കന്നി കുംഭം എന്നീ രാശികൾ

ജലാഷം നാ. 1. ജലം; 2. സുഖം, ആനന്ദം, സന്തോഷം

ജലാഷ്ഠീല നാ. കൊക്കരണി

ജലാസ്പദം നാ. അന്തരീക്ഷം

ജലീയ വി. ജലനിർമിതമായ, ജലത്തിൽനിന്നുണ്ടായ

ജലൂക നാ. നീരട്ട

ജലേജം നാ. 'ജലത്തിൽ ജനിച്ചത്', താമര

ജലേന്ദ്രൻ നാ. 1. വരുണൻ; 2. ശിവൻ

ജലേന്ധനം നാ. ബഡവാഗ്നി

ജലേഭം നാ. നീരാന

ജലേരുഹ നാ. ഒരു ചെടി, കുടുംബിനി

ജലേരുഹം നാ. താമര

ജലേശൻ നാ. വരുണൻ

ജലേശം നാ. സമുദ്രം

ജലേശയൻ നാ. 'ജലത്തിൽ ശയിക്കുന്നവൻ', വിഷ്ണു

ജലേശയം നാ. 'ജലത്തിൽ കഴിയുന്നത്', മത്സ്യം

ജലേശ്വരം നാ. സമുദ്രം

ജലോച്ഛ്വാസം നാ. 1. വെള്ളം ഒഴുകിപ്പോകാനുള്ള ചാല്; 2. നദിയിലെ വള്ളപ്പൊക്കം

ജലോത്സവം നാ. ജലത്തിൽ നടത്തുന്ന ആഘോഷപരിപാടികൾ

ജലോത്സൃഷ്ടി നാ. മഴ

ജലോദരം നാ. (ആയുർ) ഒരു രോഗം, മഹോദരം

ജലോദ്ഭൂത വി. വെള്ളത്തിൽ ഉണ്ടായ

ജലൗക(സ്സ്) [സം.-ഓകസ്] നാ. നീരട്ട; 2. ആറ്റുവഞ്ചി

ജല്ദീ [<ഹി<പേർ] അവ്യ. വേഗത്തിൽ

ജല്പക [സം.] വി. കാര്യമില്ലാതെ സംസാരിക്കുന്ന, വായാടിയായ

ജല്പകൻ നാ. വിടുവായൻ

ജല്പന നാ. 1. സംഭാഷണം, പറയൽ; 2. വ്യർഥസംഭാഷണം, പ്രലാപം; 3. വമ്പുപറച്ചിൽ

ജല്പ(ന)ം നാ. 1. സംഭാഷണം; 2. അർഥമില്ലാത്ത സംസാരം, യോജിക്കാത്ത വർത്തമാനം; 3. പിണക്കം, മുഷിപ്പ്; 4. (തർക്ക) എതിർവാദത്തെ നിരസിച്ചുകൊണ്ട് സ്വമതത്തെ സ്ഥാപിക്കുന്ന വാദരീതി

ജല്പാക വി. പിറുപിറുക്കുന്ന, പതുക്കെ സംസാരിക്കുന്ന, അർഥമില്ലാതെ സംസാരിക്കുന്ന

ജല്പാകൻ നാ. വിടുവായൻ

ജല്പാകി നാ. ജല്പിക്കുന്നവൾ, സംസാരത്തിൽ നിയന്ത്രണമില്ലാത്തവൾ

ജല്പിക്കുക ക്രി. പറയുക, അർഥശൂന്യമായി സംസാരിക്കുക

ജല്പിത [സം.] വി. ജല്പിക്കപ്പെട്ട

ജല്പിതം നാ. 'ജല്പിക്കപ്പെട്ടത്', ഭാഷണം, നിരർഥകമായ സംഭാഷണം
ജവ [സം.] വി. വേഗമുള്ള
ജവന വി. അധികം വേഗതയുള്ള
ജവനകം നാ. 1. വേഗത, വേഗം; 2. കുതിര, വേഗത്തിൽ ഓടുന്ന കുതിര; 3. മ്ലാവ്; 4. മുപ്പതുവയസ്സുപ്രയമുള്ള ആന
ജവനൻ നാ. 1. വേഗതയുള്ളവൻ; 2. ഓട്ടക്കാരൻ
ജവനാലം നാ. ചോളം
ജവനി നാ. ജവനിക
ജവനിക നാ. 1. തിരശ്ശീല, യവനിക; 2. കപ്പൽപ്പായ
ജവം1 അവ്യ. വേഗത്തിൽ
ജവം2 നാ. വേഗത, വേഗത്തിലുള്ള ഗതി
ജവം3 [പ്രാ.ജവ] നാ. യവം
ജവസം നാ. ഒരിനം പുല്ല്
ജവഹർ [ഹി.ജൗഹർ] നാ. രത്നം
ജവളി,ജവുളി [ക.ജമലീ] നാ. 'ഇരട്ടമുണ്ട്', വിൽപ്പനയ്ക്കായുള്ള തുണി
ജവാത്,-ൽ [സം.] അവ്യ. പെട്ടെന്ന്, ഉടൻതന്നെ
ജവാത്,ജവ്വാതു [അറ] നാ. ഒരു സുഗന്ധദ്രവ്യം, വെരികിൻപുഴുക്
ജവാധിക വി. അധികം വേഗമുള്ള
ജവാധികൻ നാ. 1. വളരെ വേഗം ഓടുന്നവൻ; 2. കുതിര
ജവാധികം നാ. കുതിര, വേഗത്തിൽ ഓടുന്ന കുതിര
ജവാൻ [ഹി.സം.യുവൻ] നാ. 1. യുവാവ്; 2. ഭടൻ
ജവാനിലൻ [സം.-അനില]നാ. കൊടുങ്കാറ്റ്
ജവാഹർ [ഹി.<അറ] നാ. (ബ.വ.) അമൂല്യരത്നങ്ങൾ
ജവി നാ. 1. വേഗമുള്ളവൻ, വേഗമുള്ളത്; 2. കുതിര; 3. ഒട്ടകം. (സ്ത്രീ) ജവിനി
ജവിനം നാ. 1. വേഗമുള്ളത്; 2. കോകഢമൃഗം
ജവിഷ്ഠ [സം.] വി. ഏറ്റവും വേഗമുള്ള (ജവി എന്നതിൻെറ അതിശായനരൂപം)
ജവീയസ് വി. 'ജവി' എന്നതിൻെറ തോലനതദ്ധിതരൂപം, കൂടുതൽ വേഗമുള്ള
ജവീയസം നാ. വെള്ളി
ജവുക്കാളം നാ. = ജമുക്കാളം
ജവുളി നാ. = ജവളി
ജവേന അവ്യ. വേഗത്തിൽ
ജസിയ,ജിസ്യാ [അറ] നാ. ചില മുസ്ലിം രാജാക്കന്മാരുടെ ഭരണകാലത്ത് അമുസ്ലിമുകൾ കൊടുക്കേണ്ടിയിരുന്ന ഒരു നികുതി
ജസു[സം.] നാ. 1. ആയുധം; 2. ക്ഷീണം
ജസൂരി [സം.] നാ. ഇന്ദ്രൻെറ വജ്രായുധം
ജസൂട്ട്,ജസ്യൂട്ട് [ഇം.] നാ. 1539-ൽ ലയോള എന്ന പുണ്യാത്മാവു സ്ഥാപിച്ച ക്രിസ്തീയപുരോഹിതരുടെ ധർമസങ്ഘം, അതിലെ ഒരങ്ഗം

ജസ്രം [സം.] നാ. ക്ഷീണം
ജസ്റ്റിസ്,ജസ്റ്റീസ് [ഇം.] നാ. 1. നീതി, ന്യായം; 2. ജഡ്ജി, ന്യായാധിപതി
ജഹ [<സം.ജഹത്<ഹാ] വി. ഉപേക്ഷിക്കുന്ന
ജഹക [സം<ഹാ] വി. ഉപേക്ഷിക്കുന്ന
ജഹകം നാ. 1. പൈതൽ; 2. സമയം; 3. പാമ്പിൻെറ പടം
ജഹത് വി. ഉപേക്ഷിക്കുന്ന
ജഹത്സ്വാർഥലക്ഷണ നാ. ജഹല്ലക്ഷണ
ജഹദജഹല്ലക്ഷണ നാ. ലക്ഷണയുടെ ഒരു വിഭാഗം, പദങ്ങളുടെയോ വാക്യങ്ങളുടെയോ വാച്യാർഥത്തെ ചില അംശങ്ങളിൽ ഉപേക്ഷിക്കാതെയും ചില അംശങ്ങളിൽ ഉപേക്ഷിച്ചും ഉള്ള ലക്ഷണ
ജഹന്നം [അറ] നാ. നരകം
ജഹല്ലക്ഷണ നാ. വാക്കിൻെറ മുഖ്യമായ അർഥം വെടിഞ്ഞിട്ട് അതിനോടുബന്ധമുള്ള മറ്റൊരർഥം സ്വീകരിക്കുന്ന പദധർമം, പദത്തിലോ വാക്യത്തിലോ അതിൻെറ വാച്യാർഥം ഒട്ടും പ്രവർത്തിക്കാത്ത ലക്ഷണ
ജഹാനകം [സം.] നാ. പ്രളയം, ലോകനാശം
ജ ു [സം.] നാ. 1. ഒരു മഹർഷി, സുഹോത്രൻെറ പൗത്രൻ, അജമീഢൻെറ മകൻ; 2. വിഷ്ണു
ജ ുകന്യ(ക) നാ. ഗങ്ഗാനദി
ജഹ്മം നാ. വെള്ളം
ജള [സം.ജല<ജഡ] വി. ബുദ്ധിയില്ലാത്ത, മന്ദതയുള്ള, വിഡ്ഢിയായ
ജളകൻ നാ. മൂഢൻ
ജളത നാ. 1. ജഡത, ബുദ്ധിമാന്ദ്യം, വിഡ്ഢിത്തം; 2. നാണക്കേട്
ജളൻ നാ. മന്ദബുദ്ധി, ഭോഷൻ, നാണംകെട്ടവൻ
ജളപ്രഭു നാ. 'ജളന്മാർക്കു പ്രഭുവായവൻ', മഹാമൂഢൻ
ജളബുദ്ധി,-മതി നാ. അറിവില്ലാത്തവൻ, വിവേകശൂന്യൻ
ജളാത്മാ(വ്) [സം.-ആത്മൻ] നാ. മന്ദബുദ്ധി, ദുർബുദ്ധി
ജളാശയൻ നാ. മന്ദബുദ്ധി, ജളാത്മാവ്
ജളുകാ,-കം [സം.ജലുകാ] നാ. ജളൂകം, കുളയട്ട
ജളുകിക്കുക ക്രി. (ആയുർ) അട്ടയിടുക, അട്ടയെക്കൊണ്ടു കുടിപ്പിച്ച് ദേഹത്തിലെ ദുഷിച്ച രക്തം കളയുക
ജറൂർ[അറ] അവ്യ. 1. തീർച്ചയായും; 2. അത്യാവശ്യമായി.
815
ജാ

ജാ [സം.] നാ. 1. ഗങ്ഗാനദി; 2. മാതാവ്; 3. ഭർത്തൃസഹോദരൻെറ ഭാര്യ; 4. വംശം
ജാക്കറ്റ് [ഇം.] നാ. ഒരുജാതിക്കുപ്പായം, അരയോളം ഇറക്കമുള്ള മേലുടുപ്പ് (സ്ത്രീകൾ ധരിക്കുന്നത്)
ജാക്കി [ഇം.] നാ. 1. ഭാരംപൊക്കാൻ ഉപയോഗിക്കുന്ന ഒരു ഉപകരണം; 2. ചീട്ടിൽ ഒരിനം, ഗുലാൻ

ജാക്കിരി [താക്കിരി] നാ. കള്ളൻ
ജാക്കോബായ [സുറി] നാ. സുറിയൻ കൃസ്ത്യാനികളിലെ ഒരു വിഭാഗം
ജാഗർത്തി നാ. ജാഗരണം
ജാഗര1 [സം.] വി. ഉണർച്ചയുള്ള
ജാഗര2 നാ. ഉണർന്നിരിക്കുന്ന സ്ഥിതി, ഉണർവ്
ജാഗരക വി. ഉണർച്ചയുള്ള
ജാഗരണം നാ. 1. ഉറക്കമൊഴിപ്പ്, ഉണർന്നിരിക്കൽ; 2. ശ്രദ്ധ, അവധാനം
ജാഗര(ണ)വ്യഥ നാ. ഉറക്കംവരാത്തതുകൊണ്ടുള്ള പീഡ
ജാഗരം നാ. 1. ഉണർന്നിരിക്കുന്ന അവസ്ഥ; 2. ദിവാസ്വപ്നം; 3. പടച്ചട്ട, കവചം
ജാഗരിക്കുക ക്രി. ഉറങ്ങാതെയിരിക്കുക, ഉണർന്നിരിക്കുക
ജാഗരിത വി. ഉണർച്ചയുള്ള, ഉണർന്നിരിക്കുന്ന
ജാഗരിതം നാ. ഉറക്കമൊഴിവ്, ഉണർന്നിരിക്കുന്ന അവസ്ഥ
ജാഗരിതാ(വ്) [സം.ജാഗരിതൃ] നാ. 1. ഉണർവോടുകൂടിയിരിക്കുന്നവൻ; 2. ജാഗ്രതയോടുകൂടിയിരിക്കുന്നവൻ, അവധാനത്തോടുകൂടിയിരിക്കുന്നവൻ. (സ്ത്രീ) ജാഗരിത്രി.
ജാഗരൂക1 വി. ഉണർന്നിരിക്കുന്ന, ഉണർച്ചയുള്ള, ജാഗ്രതയുള്ള, ശ്രദ്ധയുള്ള
ജാഗരൂക2 നാ. ഉണർന്നിരിക്കുന്നവൾ
ജാഗരൂകത നാ. ഉണർവ്, ശ്രദ്ധ
ജാഗര്യ നാ. ജാഗരണം
ജാഗീർ [പേർ] നാ. സർക്കാരിൽനിന്നും കരമൊഴിവായി പതിച്ചുകൊടുത്തിട്ടുള്ള വസ്തു. ജാഗീർദാർ = ജാഗീർഭൂമി ലഭിച്ചയാൾ, ജാഗീർഭൂമിയുടെ അനുഭവക്കാരൻ
ജാഗീർദാരി [പേർ] നാ. ജാഗീറിൻെറ ഉടമാവകാശം, ഭൂമിയുടെ ഭരണാവകാശം, ജാഗീർദാരാക്കുന്ന വ്യവസ്ഥ
ജാഗ്രത് [സം.] വി. 1. ഉണർന്നിരിക്കുന്ന; 2. ശ്രദ്ധയോടുകൂടിയ
ജാഗ്രത നാ. 1. ഉറക്കമൊഴിച്ചിൽ; 2. സൂക്ഷ്മത; 3. താത്പര്യം, ശ്രദ്ധ
ജാഗ്രത്ത് നാ. 1. മനസ്സിൻെറ മൂന്നവസ്ഥകളിലൊന്ന്; 2. ദിവാസ്വപ്നം
ജാഗ്രത്സ്ഥാനം നാ. 'ജാഗ്രദവസ്ഥയിൽ ആത്മാവ് സ്ഥിതിചെയ്യുന്ന സ്ഥാനം', പുരികങ്ങളുടെ മധ്യം
ജാഗ്രത്സ്ഥിതി നാ. ഉണർന്നിരിക്കുന്ന അവസ്ഥ
ജാഗ്രത്സ്വപ്നം നാ. ദിവാസ്വപ്നം, ഉണർന്നിരിക്കുമ്പോഴത്തെ സ്വപ്നം
ജാഘനി നാ. 'ജഘനത്തെ സംബന്ധിക്കുന്നത്', 1. തുട; 2. വാല്
ജാങ്ഗലം നാ. 1. അകിൽ; 2. ഊഷരഭൂമി, മരുഭൂമിയിലെ മണ്ണ്; 3. കാട്ടുപ്രദേശം; 4. വിഷമിറക്കാനുള്ള മന്ത്രം; 5. കാട്ടിറച്ചി
ജാങ്ഗലികൻ നാ. പാമ്പിനെപ്പിടിക്കുന്നവൻ

ജാങ്ഗുലി1 നാ. 1. ദുർഗ; 2. വിഷവൈദ്യം
ജാങ്ഗുലി2 നാ. വിഷവൈദ്യൻ
ജാങ്ഘികൻ നാ. വേഗതയുള്ളവൻ
ജാങ്ഘികം നാ. 'അതിവേഗത്തിൽ ഓടുന്നത്', 1. ഒട്ടകം; 2. മ്ലാവ്; 3. കുതിര
ജാജി നാ. 1. യുദ്ധംചെയ്യുന്നവൻ, പടയാളി; 2. ശത്രു
ജാജ്വല്യ വി. പ്രകാശിക്കുന്ന, ദീപ്തിയുള്ള
ജാജ്വല്യമാന വി. ജ്വലിക്കുന്ന, തിളങ്ങുന്ന
ജാട,ജാഡ നാ. 1. വഞ്ചനയോടുകൂടിയ പെരുമാറ്റം, തട്ടിപ്പ്; 2. വടിവ്, ഛായ, സാമ്യം. (പ്ര) ജാടകാട്ടുക,-പറയുക
ജാഠര [സം<ജഠര] വി. വയറിനെ സംബന്ധിച്ച
ജാഠരം നാ. 1. ജഠരാഗ്നി; 2. ഉദരത്തിൽ (ഗർഭപാത്രത്തിൽ)നിന്നുണ്ടായത്, ശിശു, സന്താനം
ജാഡ്യത നാ. ജാഡ്യത
ജാഡ്യം നാ. 1. തണുപ്പ്, മരവിപ്പ്; 2. ബുദ്ധിയെയോ ഇന്ദ്രിയങ്ങളെയോ ബാധിക്കുന്ന ആലസ്യം, മന്ദത, ചൈതന്യമില്ലായ്മ; 3. ചേതനയില്ലാത്ത അവസ്ഥ; 4. (നാട്യ) മുപ്പത്തിമൂന്നു വ്യഭിചാരിഭാവങ്ങളിലൊന്ന്, പ്രവർത്തിക്കാൻ കഴിവില്ലാത്ത സ്ഥിതി
ജാത1 വി. ഉണ്ടായ, ജനിച്ച
ജാത2 നാ. മകൾ
ജാതകകഥകൾ നാ. ബുദ്ധൻെറ പൂർവജന്മങ്ങളെക്കുറിച്ചുള്ള കഥകൾ
ജാതകദോഷം നാ. ജനനസമയത്തെ ഗ്രഹനിലകൊണ്ടുള്ള ദോഷം, ദുർവിധി
ജാതകൻ നാ. 1. ജനിച്ചവൻ; 2. ജാതകം ആരുടെയാണോ അയാൾ; 3. ഭിക്ഷു
ജാതകപത്രം നാ. ജാതകം എഴുതിയ ഓല
ജാതകപരീക്ഷ നാ. ജാതകം പരിശോധിച്ചു വ്യക്തിയുടെ ജീവിതത്തിലെ ശുഭാശുഭങ്ങൾ നിർണയിക്കൽ
ജാതകപ്പൊരുത്തം നാ. വിവാഹിതരാകാൻപോകുന്ന സ്ത്രീപുരുഷന്മാരുടെ ജാതകങ്ങൾതമ്മിലുള്ള ചേർച്ച
ജാതകഫലം നാ. ജാതകവശാൽ വ്യക്തി അനുഭവിക്കേണ്ട ഫലം
ജാതകബ്രാഹ്മണൻ നാ. ജനനംകൊണ്ടുമാത്രം ബ്രാഹ്മണനായവൻ
ജാതകകർമം നാ. ഷോഡശസംസ്കാരങ്ങളിലൊന്ന്, ശിശുജനിക്കുമ്പോൾചെയ്യുന്ന കർമം
ജാതകം നാ. 1. (ജ്യോ) ജ്യോതിശാസ്ത്രത്തിൻെറ ആറങ്ഗങ്ങളിലൊന്ന്, ജനനസമയത്തെ ഗ്രഹസ്ഥിതിഗണിച്ചു ജീവിതകാലത്തുള്ള ദശകളും ഓരോദശാകാലത്തുമുള്ള ശുഭാശുഭങ്ങളും വിവരിക്കുന്ന ഫലനിർണയക്കുറിപ്പ്, ജന്മപത്രിക; 2. പ്രസവിച്ചൗടനെയുള്ള കുഞ്ഞ്; 3. ജാതകർമം; 4. സജാതീയവസ്തുക്കളുടെ ഒരു കൂട്ടം. (പ്ര) ജാതകം എഴുതുക,-കുറിക്കുക = ഒരാളുടെ ജനനസമയത്തുള്ള ഗ്രഹനിലയെ അടിസ്ഥാനപ്പെടുത്തി ഭാവിഫലം നിർണയിച്ച് കുറിപ്പുതയ്യാറാക്കുക. ജാതകക്കുറിപ്പ് = ഗ്രഹനിലയും മറ്റും ജാതകത്തിൽനിന്നു കുറിച്ചെടുത്തത്

ജാതകലാപം നാ. 'പീലിയോടുകൂടിയത്', മയിൽ
ജാതകാമ വി. ആഗ്രഹം ജനിച്ച, പ്രേമംതോന്നിയ
ജാതദന്ത വി. പല്ലുമുളച്ച (ശിശുവെന്നപോലെ)
ജാതൻ നാ. ജനിച്ചവൻ
ജാതനക്ഷത്രം നാ. ജന്മനക്ഷത്രം
ജാതപക്ഷ വി. ചിറകുമുളച്ച, ചിറകുള്ള
ജാതപ്രേത വി. ജനിച്ചയുടൻ മരിച്ച
ജാതം നാ. 'ജനിച്ചത്, ഉണ്ടായത്', 1. ശിശു; 2. പ്രാണി
ജാതമാത്ര വി. ജനിച്ച ഉടനെയുള്ള, ജനിക്കുക മാത്രം ചെയ്ത
ജാതമാത്രൻ നാ. (ആയുർ) ജനിച്ച് അധികസമയമാകാത്തകുട്ടി
ജാതമൃത വി. ജാതപ്രേത
ജാതരങ്ഗം നാ. ശ്രേഷ്ഠമായ പദ്മരാഗം
ജാതരൂപ വി. 1. സൗന്ദര്യമുള്ള, പ്രകാശമുള്ള; 2. സാമർഥ്യമുള്ള; 3. പിറന്ന രൂപത്തിലുള്ള, നഗ്നമായ
ജാതരൂപ(ക)ം നാ. സ്വർണം
ജാതരൂപി നാ. സ്വർണവർണമുള്ളവൻ
ജാതവേദൻ നാ. അഗ്നി
ജാതവേദസി നാ. ദുർഗ്ഗ
ജാതവേദസ്സ് നാ. 1. അഗ്നി; 2. കൊടുവേലി; 3. സൂര്യൻ
ജാതാപത്യ നാ. 'ജാതമായ ആപത്തോടുകൂടിയവൾ', പ്രസവിച്ച സ്ത്രീ, അമ്മ
ജാതി നാ. 1. ജനനം, ഉത്പത്തി; 2. പൂർവജന്മം; 3. ജനനത്തെയോസമാനധർമത്തെയോ ആസ്പദമാക്കി വസ്തുക്കളെയും ജീവികളെയും പലതായി വിഭജിക്കാവുന്നതിൽ ഒരു വിഭാഗം; 4. ഭാരതത്തിലെ ഹിന്തുക്കളുടെ ഇടയിലുള്ള ഒരു സാമൂഹികക്രമം, സമൂഹത്തെ ഉച്ചനീചഭേദങ്ങളോടെ പല വർഗങ്ങളായി തരം തിരിച്ചിട്ടുള്ളതിൽ ഒന്ന്; 5. തരം, പ്രകാരം; 6. ശ്രേഷ്ഠമായത്, ഉത്തമമായത്; 7. (നാട്യ) പതിനാലു നാടകാങ്ഗങ്ങളിൽ ഒന്ന്; 8. (സങ്ഗീ) പ്രാചീനഗ്രന്ഥങ്ങളിൽ രാഗം എന്നതിനുപകരം ഉപയോഗിച്ചിരുന്ന പദം; 9. (സങ്ഗീ) താളത്തിന്റെ പത്തു മൗലികാംശങ്ങളിൽ ഒന്ന്; 10. കൂത്തിന്റെ അവാന്തരവിഭാഗങ്ങളിൽ ഒന്ന്; 11. പദ്യത്തിന്റെ ഒരു വകഭേദം, മാത്രകളെകണക്കാക്കി നിർമിക്കുന്ന പദ്യം; 12. (ന്യായ) ഷോഡശപദാർഥങ്ങളിൽ ഒന്ന് (പ്രതി വാദിയുടെ മതത്തിലും ദോഷമുണ്ടെന്നു ചൂണ്ടിക്കാണിക്കൽ); 13. ഒരിനം മരം; 14. പിച്ചി
ജാതിക്കുശുമ്പ് നാ. അന്യജാതിക്കാരോടുള്ള അസൂയ
ജാതിക്കൂട്ടം നാ. 1. ഒരേജാതിയിൽപ്പെട്ടവർ ഒന്നിച്ചുകൂടുന്ന സഭ, സമുദായ സഭ; 2. സമുദായത്തിലുണ്ടാകുന്ന വഴക്ക്
ജാതിക്കെട്ട് നാ. 1. ജാതിബന്ധം; 2. ജാതിമര്യാദ
ജാതിച്യുതൻ നാ. ജാതിവിട്ടവൻ
ജാതിത്തം നാ. ജാതിസ്വഭാവം, ഒരു ജാതിക്കു പ്രത്യേകമായുള്ള സ്വഭാവദൂഷ്യം

ജാതിധർമം നാ. ഓരോജാതിക്കും പ്രത്യേകമായുള്ള ധർമം അഥവാ ചുമതല, ചാതുർവർണ്യവ്യവസ്ഥയിൽ ഓരോജാതിക്കും പ്രത്യേകമായി നിർണയിച്ചിരുന്ന ജീവിതക്രമം

ജാതിനിന്ദ്യൻ നാ. 'ജനനംകൊണ്ടു നിന്ദ്യൻ', താണജാതിയിൽ ജനിച്ചവൻ

ജാതിപത്രി(ക) നാ. ജാതിക്കയുടെ കുരുവിൻെറ ഓട്ടിയെ വലയം ചെയ്തിരിക്കുന്ന പാട

ജാതിപുഷ്പം നാ. പിച്ചകപ്പൂവ്

ജാതിപ്രകൃതി നാ. ജാതിസ്വഭാവം

ജാതിപ്രസാദം നാ. (ശിൽപ) ഒരിനം മാളിക

ജാതിബ്രാഹ്മണൻ നാ. ജാതകബ്രാഹ്മണൻ

ജാതിഭ്രംശം നാ. ജാതിഭ്രഷ്ട്

ജാതിഭ്രഷ്ട വി. ജാതിയിൽനിന്നു പുറംതള്ളപ്പെട്ട

ജാതിഭ്രഷ്ട് നാ. ജാതിയിൽനിന്നു പുറംതള്ളപ്പെട്ട അവസ്ഥ, ജാതിഭ്രംശം

ജാതിമര്യാദ നാ. ജാതിധർമം

ജാതിമഹം നാ. ജന്മദിനാഘോഷം

ജാതിമാത്ര വി. ഒരു പ്രത്യേകജാതിയിൽ ജനിച്ചു എന്നുള്ളതിനാൽ മാത്രം ആ ജാതിയിൽപ്പെട്ട, ജാതിമര്യാദയില്ലാത്ത, ജാതിക്കുചേർന്ന ആചാരങ്ങൽ അനുഷ്ഠിക്കാത്ത

ജാതിമാൻ നാ. നല്ലകുലത്തിൽ ജനിച്ചവൻ. (സ്ത്രീ) ജാതിമതി

ജാതിവൈരം നാ. രണ്ടുവിഭാഗങ്ങൾ തമ്മിൽ ജന്മസിദ്ധമായോ ഭൗതികമായോ ഉള്ള മത്സരം

ജാതിവൈരി നാ. ജന്മനാ വൈരമുള്ളവൻ

ജാതിവ്യവസ്ഥ നാ. ജനങ്ങൾ വിഭിന്നജാതികളായിത്തിരിഞ്ഞ് വർത്തിക്കുന്ന സമ്പ്രദായം, സമൂഹത്തെ വെവ്വേറെ ജാതികളായിത്തിരിച്ച് ഒരോ ജാതിക്കുമുള്ള കർമങ്ങൾ നിശ്ചയിച്ചു പ്രയോഗത്തിൽ വരുത്തുന്ന രീതി

ജാതിസങ്കരം നാ. ഭിന്നജാതികൾ തമ്മിൽ വിവാഹാദികൾകൊണ്ടുള്ള കലർപ്പ്

ജാതീരസം നാ. നറും പശ

ജാതു1 [സം.] അവ്യ. 1. ഒരിക്കൽ, എപ്പോഴെങ്കിലും, ചിലപ്പോൾ; 2. ഒരിക്കലും, ഒരുതരത്തിലും

ജാതു2 [സം.] നാ. ഇടിമിന്നൽ

ജാതുക നാ. കറിക്കായം

ജാതുചിത്,-ചിൽ അവ്യ. 1. ഒരിക്കൽ, ചിലപ്പോൾ; 2. ഒരിക്കലും, ഒരുതരത്തിലും

ജാതുഷ വി. 1. അരക്കുകൊണ്ടുണ്ടാക്കിയ, അരക്കുകൊണ്ടു മൂടപ്പെട്ട; 2. ഒട്ടിപ്പിടിക്കുന്ന

ജാതുഷം നാ. അരക്കുകൊണ്ടുണ്ടാക്കിയ വസ്തു

ജാതുകർണൻ നാ. 1. ശിവൻ; 2. ഒരു ആയുർവേദാചാര്യൻ

ജാതോക്ഷം നാ. 1. കാളക്കിടാവ്; 2. പ്രായപൂർത്തിവന്ന കാള

ജാത്യ	വി.	1. ജന്മനാ ഉള്ള, സഹജമായ; 2. വംശത്തിൽപ്പെട്ട; 3. കുലീനമായ, സത്കുലത്തിൽ ജനിച്ച; 4. ഉത്തമമായ, നല്ലജാതിയിൽപ്പെട്ട; 5. മനോഹരമായ; 6. (ഗണിത) ദീർഘചതുരശ്രമായ

ജാത്യന്ധ	വി.	ജന്മനാ കണ്ണുകാണാത്ത, ജന്മാന്ധ

ജാത്യഭിമാനം	നാ.	താനുൾപ്പെടുന്ന ജാതി വർഗം തുടങ്ങിയവയെക്കുറിച്ചുള്ള അഭിമാനം. ജാത്യഭിമാനി = 1. ജന്മനാ അഭിമാനിയായവൻ; 2. സ്വജാതിയെക്കുറിച്ച് അഭിമാനിക്കുന്നവൻ

ജാത്യം	നാ.	1. സഹജമായുള്ളത്; 2. കുലീനത, ആഭിജാത്യം; 3. ശ്രേഷ്ഠം, മേന്മയുള്ളത്; 4. ശ്രേഷ്ഠത, മേന്മ; 5. ഇമ്പം, ഇമ്പമുള്ളത്; 6. (ദണിത) ദീർഘചതുരം

ജാത്യരത്നം	നാ.	ഉത്കൃഷ്ഠമായ രത്നം

ജാത്യരി	നാ.	ജന്മശത്രു

ജാത്യാ	അവ്യ.	സ്വഭാവേന, ജന്മനാ, ജന്മംകൊണ്ട്

ജാത്യാചാരം	നാ.	ഓരോ ജാതിക്കാർക്കും പ്രത്യേകമായുള്ള ആചാരരീതി, ജാതിമര്യാദ

ജാത്യുന്മാദം	നാ.	ജാതിഭ്രാന്ത്

ജാഥ [<ഹി.ജാഥാ]	നാ.	ആളുകൽ കൂട്ടംകൂടി കാൽനടയായി നടത്തുന്ന ഘോഷയാത്ര, സങ്ഘമായി ചെയ്യുന്ന പദയാത്ര

ജാനകി	നാ.	(പുരാണ) സീതാദേവി

ജാനകീജാനി	നാ.	ശ്രീരാമൻ (ജാനകി ജായയായിട്ടുള്ളവൻ).

817

ജാനകീപതി	[സം.-പതി]	നാ.	ശ്രീരാമൻ

ജാനപദൻ	[സം.<ജനപദ]	നാ.	1. രാജ്യവാസി, ഗ്രാമീണൻ; 2. കൃഷിക്കാരൻ

ജാനപദം	[സം.]	നാ.	1. ജനവാസമുള്ളസ്ഥലം; 2. ഒരു നികുതി

ജാനപതി	നാ.	1. ഒരു അപ്സരസ്സ്; 2. തൊഴിൽ

ജാനം	നാ.	1. ജന്മം, ഉത്പത്തി; 2. ജനനസ്ഥലം

ജാനാമി	ക്രി.	(ഞാൻ) അറിയുന്നു

ജാനി	നാ.	ഭാര്യ. 'ജായ്' എന്ന ശബ്ദം ബഹുവ്രീഹിസമാസത്തിൽ സ്വീകരിക്കുന്ന രൂപം

ജാനു	നാ.	കാൽമുട്ട്

ജാനുകം	നാ.	1. ജാനു; 2. (പുരാണ0 ഒരു ദേശം

ജാനുകർപ്പൂരം	നാ.	ഒരു രതിബന്ധം

ജാനുഗത	നാ.	അഭിനയത്തിലെ ഒരു നില, മുട്ടുകുത്തി നിൽക്കുക

ജാനുഫലകം	നാ.	കാൽമുട്ടിലെ ചിരട്ട

ജാനുവരി	[ഇം.]	നാ.	ഇംഗ്ലീഷ്കലണ്ടറിലെ ആദ്യമാസം, ജനുവരി

ജാനേ	[സം.]	ക്രി.	(ജ്ഞാ ധാതു ലട് ഉ.പു.ഏ.വ. ആത്മനേപദി) (ഞാൻ) അറിയുന്നു

ജാന്തവ	നാ.	ജന്തുവിനെ സംബന്ധിച്ച

ജാന്വസ്ഥി	നാ.	കാൽമുട്ടിലെ ചിരട്ട

ജാപക	വി.	ജപിക്കുന്ന

ജാപകം നാ. 1. ഒരിനം വള്ളി, ചൊവ്വള്ളി; 2. സാമ്പ്രാണി; 3. വെളുത്ത ചന്ദനം; 4. പീതചന്ദനം

ജാപനം നാ. 1. നിരസനം, തിരസ്കാരം; 2. പൂർത്തിയാക്കൽ

ജാപ്ത [<പേർ] നാ. കോടതിയിൽ തെളിവിലേക്കു ഹാജരാക്കുന്ന പ്രമാണങ്ങളുടെ വിവരങ്ങളടങ്ങിയ പട്ടിക

ജാപ്പാണം നാ. ചാപ്പാണം

ജാബാലൻ [സം.] നാ. ആട്ടിടയൻ

ജാബാലം നാ. ഒരു ഉപനിഷത്ത്

ജാബാലി നാ. 1. ഒരു മഹർഷി; 2. ഒരു നീതിശാസ്ത്രകാരൻ; 3. ഒരു അഥർവവേദാചാര്യൻ

ജാം [ഇം.] നാ. പഴവർഗങ്ങളുടെ രസത്തിൽ മധുരം ചേർത്തുണ്ടാക്കുന്ന ഒരു ഭക്ഷണ പദാർഥം

ജാംബ നാ. ജാമ്പ

ജാംബവം നാ. 1. സ്വർണം; 2. ഞാവൽക്കായ്

ജാംബവതി നാ. ശ്രീകൃഷ്ണൻെറ ഭാര്യ, ജാംബവാൻെറ മകൾ

ജാംബവൻ,-വാൻ നാ. 1. ഒരു വാനരശ്രേഷ്ഠൻ; 2. വളരെ പ്രായംകൂടിയ ആൾ

ജാംബുനദം നാ. 1. സ്വർണം; 2. ഉമ്മത്ത്

ജാംസൻകളി [അറ.സംസമത്] നാ. മുഹറംകാലത്ത് നടത്തിവരുന്ന ഒരുതരം കളി

ജാമ നാ. 1. മകൾ; 2. മകൻെറ ഭാര്യ

ജാമട്രി,ജോ- [ഇം.] നാ. ക്ഷേത്രഗണിതം

ജാമദഗ്നി നാ. പരശുരാമൻ

ജാമദഗ്ന്യൻ നാ. പരശുരാമൻ

ജാമദഗ്ന്യം നാ. 1. ഒരു യന്ത്രവിശേഷം; 2. ഒരു ബ്രാഹ്മണഗോത്രം; 3. മഹാഭാരതത്തിലെ ഉദ്യോഗപർവത്തിലുള്ള ഒരു ഉപപർവം

ജാമാഘ്നൻ നാ. ജ്യാമാഘ്നൻ

ജാമാതാ നാ. 1. മകളുടെ ഭർത്താവ്; 2. പ്രഭു, സ്വാമി; 3. തൊഴുകണ്ണി

ജാമാതൃകൻ നാ. ജാമാതാവ്

ജാമിത്രം നാ. 1. (ജ്യോ) ഏഴാമിടം; 2. ഭാര്യ

ജാമീൻ [അറ.] നാ. 1. ജാമ്യക്കാരൻ; 2. ജാമ്യം

ജാമ്പ നാ. 1. ഞാവൽ; 2. പുളിരസമുള്ള ചെറിയകായ്കളുണ്ടാകുന്ന ഒരുതരം വൃക്ഷം

ജാമ്യക്കാരൻ നാ. ജാമ്യം നൽകുന്ന ആൾ

ജാമ്യനീട്ട് നാ. തിരുവിതാങ്കൂറിൽ പണ്ടാരവകയിൽ ഉൾപെട്ട ഒരുതരം ഭൂവുടമ

ജാമ്യം [അറ.] നാ. ഉറപ്പ്, ഈട്. (പ്ര) ജാമ്യം അനുവദിക്കുക, ജാമ്യം നൽകുക, ജാമ്യത്തിലിറക്കുക, ജാമ്യത്തിൽ വിടുക, ജാമ്യത്തുക, ജാമ്യമില്ലാവാറണ്ട്, ജാമ്യസങ്ഖ്യ, ജാമ്യഹർജി, ജാമ്യാപേക്ഷ

ജായ നാ. 1. ഭാര്യ; 2. (ജ്യോ) ഏഴാമിടം; 3. പുഴമൂഞ്ഞ

ജായകം നാ. 1. പീതചന്ദനം; 2. പുഴമൂഞ്ഞ
ജായതേ [സം.] ക്രി. (ജൻ ധാതു ലട് പ്ര.പു.ഏ.വ.ആത്മനേപദി) ജനിക്കുന്നു
ജായാഘ്നൻ നാ. ഭാര്യയെ കൊല്ലുന്നവൻ
ജായാജീവൻ നാ. 1. നടൻ, നർത്തകൻ; 2. വേശ്യയുടെ ഭർത്താവ്; 3. നിർധനൻ
ജായാജീവി നാ. നടൻ, നർത്തകൻ
ജായാപതികൾ നാ. (ബ.വ.) ദമ്പതികൾ
ജായി വി. ജയിക്കുന്ന. നാ, (സങ്ഗീ) പല്ലവി
ജായിസ് [അറ.] നാ. അനുവദിച്ചിട്ടുള്ളത്, സ്വീകാര്യമായത്
ജായു വി. ജയിക്കുന്ന. നാ. 1. മരുന്ന്; 2. വൈദ്യൻ
ജാര വി. 1. നശിപ്പിക്കുന്ന, കൊല്ലുന്ന; 2. ജീർണിപ്പിക്കുന്ന
ജാരക വി. 1. ജീർണിപ്പിക്കുന്ന; 2. ദഹിപ്പിക്കുന്ന
ജാരകൻ നാ. ജീർണിപ്പിക്കുന്നവൻ
ജാരകർമം നാ. വ്യഭിചാരം
ജാരജ1 വി. ജാരനിൽനിന്നു ജനിച്ച
ജാരജ2 നാ. ജാരനിൽനിന്നുണ്ടായ പുത്രി
ജാരജൻ നാ. ജാരനിൽനിന്നുണ്ടായ പുത്രൻ
ജാരണം നാ. 1. ദ്രവിപ്പിക്കൽ, ജീർണിപ്പിക്കൽ; 2. ലോഹാദികളുടെ ഭസ്മീകരണം, മൂലകങ്ങൾ അമ്ലജനകവുമായി ചേർന്ന് മറ്റുവസ്തുക്കളുണ്ടാകുന്ന രാസക്രീയ; 3. ദഹനക്രിയയെ സഹായിക്കുന്ന വസ്തു; 4. കറുപ്പിൽനിന്നു നിർമിക്കുന്ന ഒരു ലഹരിദ്രവ്യം
ജാരൻ നാ. വിവാഹിതയായ സ്ത്രീയുടെ രഹസ്യവേഴ്ചക്കാരൻ
ജാരവൃത്തി നാ. വ്യഭിചാരം
ജാരശങ്ക നാ. വിവാഹിതയായ സ്ത്രീക്ക് പരപുരുഷനുമായി ലൈങ്ഗികബന്ധമുണ്ടെന്ന സംശയം
ജാരസങ്ഗം,-സംസർഗം നാ. ജാരനുമായുള്ള വേഴ്ച
ജാരിക്കുക ക്രി. ഭസ്മമാക്കുക
ജാരിണി നാ. ജാരനുള്ളവൾ
ജാരിണീപതി നാ. ജാരസംസർഗമുള്ള സ്ത്രീയുടെ ഭർത്താവ്
ജാരിത വി. ജാരണം ചെയ്യപ്പെട്ട
ജാരുത്ഥ്യം നാ. മൂന്നുതരം ദക്ഷിണകൾ നൽകപ്പെടുന്ന യാഗം
ജാല നാ. (ശിൽപ) കഴുക്കോലിൻെറ വളഞ്ഞ അറ്റം
ജാലക വി. 1. വഞ്ചനയുള്ള; 2. ചെപ്പടിവിദ്യയുള്ള; 3. വലയുള്ള
ജാലകം നാ. 1. കിളിവാതിൽ; 2. ജാലകത്തിൻെറ രൂപത്തിൽ ചുവരിൽചെയ്യുന്ന ഒരലങ്കാരം; 3. വല; 4. കൂട്ടം; 5. പൂമൊട്ട്; 6. വളരെചെറുതായ കായ്; 7. വാഴ, വാഴയ്ക്ക; 8. അഹങ്കാരം; 9. ഒരിനം മുത്തുമാല; 10. കൂട്; 11. മായ, ഇന്ദ്രജാലം
ജാലകർമം നാ. മീൻപിടുത്തം
ജാലകരൻ,-കാരൻ നാ. 1. വലനെയ്യുന്നവൻ; 2. ചിലന്തി
ജാലകി നാ. മേഘം

ജാലകിനി നാ. പെണ്ണാട്
ജാലക്കാരൻ നാ. 1. ഇന്ദ്രജാലക്കാരൻ; 2. സൂത്രക്കാരൻ
ജാലപാത്ത് [സം.-പാദ്] നാ. 'കാലിൽ വലയുള്ള', 1. അരയന്നം; 2. താറാവ്
ജാലപാദം നാ. 1. അരയന്നം; 2. താറാവ്
ജാലപ്രായ നാ. ഒരിനം പടച്ചട്ട
ജാലബന്ധം നാ. (അല) ചിത്രബന്ധങ്ങളിൽ ഒന്ന്
ജാലം നാ. 1. ജാലവിദ്യ; 2. വല; 3. ഭിത്തിയ്ക്ക് പണിയുന്ന ഒരലങ്കാരം; 4. കിളിവാതിൽ; 5. ചിലന്തിവല; 6. കൂട്ടം; 7. പൂമൊട്ട്, മൊട്ടുകൾചേർന്ന കുല; 8. അഹങ്കാരം; 9. ഒരു നേത്രരോഗം; 10. കവചം; 11. വലകൊണ്ടുപൊതിഞ്ഞ പടത്തൊപ്പി; 12. വനം; 13. വഞ്ചന
ജാലർ [ഹി.ജാൽറി] നാ. ഒരുവാദ്യോപകരണം
ജാലരന്ധ്രം നാ. ജന്നൽപ്പഴുത്
ജാലവിദ്യ നാ. കാണികളെ വിഭ്രമിപ്പിച്ച് ഇല്ലാത്തത് ഉണ്ടെന്നു തോന്നിപ്പിക്കുന്ന വിദ്യ
ജാലവിളക്ക് നാ. മായാദീപം
ജാലറ നാ. = ജാലർ
ജാലി നാ. 1. പടവലം; 2. കൈപ്പൻപടവലം; 3. കാട്ടുപീച്ചിൽ; 4. ചണ; 5. പിച്ചകം; 6. വല; 7. (ശിൽപ) വലയുടെ ആകൃതിയിൽ അഴികളോ കൊത്തുപണികളോ ഉള്ള ജന്നൽ തട്ടി മുതലായവ
ജാലിക1 വി. കൗശലമുള്ള; 2. വലയുള്ള
ജാലിക2 നാ. 1. വല; 2. മൂടുപടം; 3. വിധവ; 4. കാട്ടുപീച്ചിൽ; 5. വാഴ; 6. അട്ട; 7. പടച്ചട്ട; 8. ഇരുമ്പ്; 9. എട്ടുകാലി
ജാലികൻ നാ. 1. വലവച്ചു മൃഗങ്ങളെയും പക്ഷികളെയും മറ്റും പിടിക്കുന്നവൻ; 2. നാടുവാഴി; 3. ചതിയൻ; 4. ചെപ്പടിവിദ്യക്കാരൻ; 5. മുക്കുവൻ; 6. ചാലിയൻ
ജാലികം നാ. 1. കുരങ്ങ്; 2. എട്ടുകാലി
ജാലിനി നാ. 1. ചിത്രങ്ങൾകൊണ്ട് അലങ്കരിച്ചമുറി; 2. കാട്ടുപീച്ചിൽ; 3. ഒരിനം പ്രമേഹക്കുരു
ജാല്മ വി. 1. അവിവേകമുള്ള; 2. നിന്ദ്യമായ, ഹീനമായ; 3. ദുഷ്ടതയുള്ള
ജാല്മകൻ നാ. = ജാല്മൻ
ജാല്മൻ നാ. 1. ക്രൂരൻ,നീചൻ; 2. അവിവേകി; 3. പാമരൻ; 4. ശരിയായല്ലാതെ വായിക്കുന്നവൻ
ജാവകം നാ. 1. ചൊവ്വള്ളി; 2. കറുത്തഅരക്ക്; 3. ഒരുതരം ചന്ദനം
ജാവന നാ. ജീവിതമാർഗം
ജാവന്യം നാ. 1. വേഗത; 2. ധൃതി, തിരക്ക്
ജാവം നാ. 1. ഒരു ദ്വീപ്; 2. സൂത്രശാലി
ജാവാപ്പുള്ളി നാ. സൂത്രശാലി, സമർഥൻ
ജാഷകം നാ. പീതചന്ദനം
ജാസ്തി [ഹി.] നാ. അധികം, കൂടുതൽ

ജാഹകം നാ. 1. പൂച്ച; 2. കുളയട്ട; 3. മരപ്പട്ടി; 4. ഓന്ത്; 5. കിടക്ക

ജാഹം നാ. ഉത്പത്തിസ്ഥാനം, മൂലം

ജാഹിൽ [അറ.] നാ. അജ്ഞൻ, മൂഢൻ, വിവരമില്ലാത്തവൻ

ജാ വി നാ. 1. ഗങ്ഗാനദി (ജ ുമഹർഷി കുടിച്ചുവറ്റിച്ചതിനുശേഷം ഭഗീരഥൻെറ പ്രാർഥനയാൽ കാതിൽക്കൂടി പുറത്തേക്കുവിട്ടതുമൂലം ജ ുവിൻെറ പുത്രിയായി സങ്കൽപിക്കുന്നതിൽനിന്ന്); 2. (സങ്ഗീ) പഞ്ചമിസ്വരത്തിൻെറ അധിദേവത

ജാളി(ക) നാ. 1. സഞ്ചി; 2. പണസഞ്ചി

ജാളുത [സം.ജാഡ്യുതാ] നാ. ജാള്യം

ജാള്യം നാ. നാണക്കേട്, മൂഢത്വം, ജളത

ജാറത്ത് [അറ.] നാ. (മുസ്ലിം) ഖബർ

ജി [<ഹി.ജീ] നാ. ബഹുമാനദ്യോതകമായി പേരിനോടും മറ്റും ചേർക്കുന്ന പദം

ജിഗമിഷ നാ. പോകുവാനുള്ള ആഗ്രഹം

ജിഗമിഷു നാ. പോകുവാൻ ആഗ്രഹിക്കുന്ന ആൾ

ജിഗരിഷു [<സം.ഗൃ] നാ. വിഴുങ്ങുവാൻ ആഗ്രഹിക്കുന്ന ആൾ

ജിഗീഷ നാ. 1. ജയിക്കാനുള്ള ഇച്ഛ; 2. മാത്സര്യം, പിണക്കം; 3. ശ്രേഷ്ഠത; 4. ഉത്സാഹം

ജിഗീഷു നാ. ജയിക്കാൻ ഇച്ഛിക്കുന്ന ആൾ

ജിഘത്സ നാ. ഭക്ഷിക്കാനുള്ള ആഗ്രഹം

ജിഘത്സു നാ. വിശപ്പുള്ള ആൾ

ജിഘാംസ നാ. കൊല്ലാനുള്ള ആഗ്രഹം

ജിഘാംസക വി. കൊല്ലാനാഗ്രഹിക്കുന്ന

ജിഘാംസു നാ. ശത്രു (കൊല്ലാൻ ആഗ്രഹിക്കുന്നവൻ)

ജിഘൃക്ഷ നാ. പിടിച്ചെടുക്കാനുള്ള (കൈക്കലാക്കാനുള്ള) ആഗ്രഹം

ജിഘൃക്ഷു നാ. പിടിച്ചെടുക്കാൻ ആഗ്രഹിക്കുന്ന ആൾ

ജിഘ്ര വി. 1. മണപ്പിക്കുന്ന; 2. ഊഹിക്കുന്ന, സംശയമുള്ള

ജിങ്ഖാന [ഇം.] നാ. കളരി, കായികാഭ്യാസങ്ങൾ പരിശീലിപ്പിക്കുന്ന കേന്ദ്രം

ജിജ്ഞാസ നാ. 1. അറിയാനുള്ള ആഗ്രഹം; 2. അന്വേഷണം, പരിശോധന, വിചാരണ

ജിജ്ഞാസിക്കുക ക്രി. 1. അറിയാനാഗ്രഹിക്കുക; 2. അന്വേഷിക്കുക

ജിജ്ഞാസു നാ. ജിജ്ഞാസയുള്ളവൻ

ജിഞ്ചിറ നാ. = ഗഞ്ചിറ

ജിണ്ടാൻ നാ. 1. ഒരു ഔഷധയോഗം (വെറ്റില മുറുക്കുമ്പോൾ സുഗന്ധത്തിനും എരിവിനും വേണ്ടി ഉപയോഗിക്കുന്നത്); 2. മുണ്ടൻ; 3. സമർഥൻ

ജിത1 [സം.<ജി] വി. ജയിക്കപ്പെട്ട

ജിത2 [സം.ജിതാ] നാ. 1. ജയിക്കപ്പെട്ടവൾ; 2. (സങ്ഗീ) ഒരു അലങ്കാരം

ജിതകാമൻ നാ. 1. ശിവൻ; 2. നിഷ്കാമൻ (ആഗ്രഹങ്ങളെ നിയന്ത്രിച്ചവൻ)
ജിതകാശി നാ. ജയംകൊണ്ടു ശോഭിക്കുന്നവൻ
ജിതകോപൻ നാ. കോപത്തെ ജയിച്ചവൻ
ജിതക്രോധൻ നാ. 1. കോപത്തെ അടക്കിയവൻ (വികാരങ്ങളെ കീഴടക്കിയവൻ); 2. വിഷ്ണു; 3. (പുരാണ) ശിവഭക്തനായ ഒരു മുനി; 4. ശിവൻ.
819
ജിതൻ [സം.] നാ. ജയിക്കപ്പെട്ടവൻ (തോറ്റവൻ)
ജിതം നാ. 1. ജയിക്കപ്പെട്ടത്; 2. ജയം
ജിതമന്യു നാ. 1. ജിതകോപൻ; 2. വിഷ്ണു
ജിതശത്രു നാ. ശത്രുക്കളെ ജയിച്ച ആൾ
ജിതശ്രമൻ നാ. ക്ഷീണമില്ലാത്തവൻ
ജിതശ്രമം അവ്യ. പ്രയാസം കൂടാതെ
ജിതാക്ഷര വി. നന്നായി വായിക്കുന്ന, നല്ലവണ്ണം എഴുതുന്ന, പാണ്ഡിത്യമുള്ള
ജിതാത്മാ(വ്) നാ. ആത്മാവിനെ (മനസ്സിനെ) നിയന്ത്രണം ചെയ്ത ആൾ
ജിതാമിത്രൻ നാ. 1. ശത്രുക്കളെ ജയിച്ചവൻ; 2. വികാരങ്ങളെ (ഇന്ദ്രിയങ്ങളെ) ജയിച്ചവൻ; 3. വിഷ്ണു
ജിതാരി നാ. 1. ജിതാമിത്രൻ; 2. ഒരു ചന്ദ്രവംശരാജാവ് (അവിക്ഷിത്തിൻെറ പുത്രൻ)
ജിതാശൻ നാ. ആഗ്രഹങ്ങളെ ജയിച്ചവൻ
ജിതാഹവ വി. യുദ്ധത്തിൽ ജയം നേടിയ
ജിതി നാ. 1. ജയം; 2. ലാഭം
ജിതേന്ദ്രിയൻ നാ. ഇന്ദ്രിയങ്ങളെ ജയിച്ചവൻ, സന്ന്യാസി
ജിത്തമൻ നാ. ജയിച്ചവരിൽ ശ്രേഷ്ഠൻ
ജിത്ത് നാ. ജയിക്കുന്നത്, ജയിക്കുന്നവൻ
ജിത്വരൻ നാ. ജയിക്കുന്നവൻ
ജിത്വരി നാ. 1. ജയിക്കുന്ന ശീലത്തോടുകൂടിയവൾ; 2. കാശി
ജിത്വാ അവ്യ. ജയിച്ചിട്ട് (മണിപ്രവാളകൃതികളിൽ പ്രയോഗം)
ജിത്വാ(വ്) നാ. 1. ജയിക്കുന്നവൻ; 2. (പുരാണ) വൈദികകാലത്തെ ഒരാചാര്യൻ
ജിൻ1 [അറ.] നാ. = ജിന്ന്
ജിൻ2 [ഇം.] നാ. ഒരിനം മദ്യം
ജിന വി. 1. ജയിക്കുന്ന; 2. പ്രായമേറിയ
ജിനദേവൻ നാ. 1. ബുദ്ധൻ; 2. വർധമാനമഹാവീരൻ
ജിനൻ നാ. 1. ബുദ്ധൻ; 2. ബൗദ്ധസന്ന്യാസി; 3. വർധമാനമഹാവീരൻ (ജൈനതീർഥങ്കരൻ); 4. ജൈനസന്ന്യാസി; 5. വിഷ്ണു; 6. വൃദ്ധൻ; 7. സൂര്യൻ; 8. ജയിക്കുന്നവൻ
ജിനയോഗി നാ. ജൈനനോ ബൗദ്ധനോ ആയ സന്ന്യാസി
ജിനിസ്സ് [അറ.] നാ. ജനിച്ചവർഗം, ഇനം, തരം

ജിനേന്ദ്രൻ നാ. 1. ബുദ്ധദേവൻ; 2. ജൈനസന്ന്യാസി

ജിന്ന്[അറ] നാ. 1. (ഇസ്ലാം) ഒരു പുരുഷ ദേവത (യഥേഷ്ടം രൂപംകൈക്കൊണ്ട് എവിടെയും സഞ്ചരിക്കുവാൻ കഴിവുള്ളതായി സങ്കൽപം); 2. വലിയകോപവും ധാർഷ്ട്യവുമുള്ളവൻ

ജിപ്സം [ഗ്രീ.] നാ. സിമൻറ്പേപ്പർ, പ്ലാസ്റ്റർ-ഓഫ്-പാരീസ് മുതലായവ നിർമിക്കാൻ ഉപയോഗിക്കുന്ന ഒരു വസ്തു, കാൽസ്യം സൽഫേറ്റ്

ജിമുക്ക നാ. ഒരുതരം കർണാഭരണം

ജിരാഫ്,ജിറാഫ് [ഇം.] നാ. ഒരു മൃഗം, ഒട്ടകമാൻ

ജിലേബി [<മറാ] നാ. ഒരു മധുരപലഹാരം

ജില്ല [അറ.] നാ. സംസ്ഥാനത്തിൻെറ ഒരു വിഭാഗം, പല താലൂക്കുകൾ ചേർന്നത്. ജില്ലാകളക്റ്റർ = ഒരു റവന്യൂ ജില്ലയുടെ ഭരണാധികാരം വഹിക്കുന്ന ഉദ്യോഗസ്ഥൻ. ജില്ലാക്കോടതി, കോർട്ട് = ഒരു ജില്ലയുടെ അതിർത്തിക്കുള്ളിൽ ക്രിമിനലും സിവിലും അധികാരമുള്ള കോടതി

ജില്ലി നാ. മിടുക്കുള്ള ആൾ. (പ്ര) ജഗജില്ലി

ജില്ല് നാ. ചുണ, ചൊടി, സാമർഥ്യം

ജിഷ്ണു വി. ജയിക്കുന്ന, ജയശീലമുള്ള. നാ. 1. വിഷ്ണു, കൃഷ്ണൻ; 2. അർജുനൻ; 3. ഇന്ദ്രൻ

ജിഷ്ണുജൻ നാ. 1. ഇന്ദ്രപുത്രൻ, അർജുനൻ; 2. അർജുനപുത്രൻ അഭിമന്യു

ജിഷ്ണുമന്ദിരം നാ. സ്വർഗം

ജിസ്യാ നാ. = ജസിയ

ജിഹാദ് [അറ.] നാ. (ഇസ്ലാം) ധർമയുദ്ധം (മതവിശ്വാസം നിലനിർത്തുന്നതിനുവേണ്ടി ഇസ്ലാമിൻെറ ശത്രുക്കളോടുള്ള യുദ്ധം. അവിശ്വാസിക്ക് എതിരായുള്ള ധർമസമരം)

ജിഹീർഷ നാ. ഹരിക്കാനുള്ള ആഗ്രഹം

ജിഹ്മ വി. 1. വളഞ്ഞ; 2. കോണിച്ച; 3. വ്യാജമായ, ചതിവുള്ള; 4. ദുഷ്ടതയുള്ള; 5. മടിയുള്ള; 6. ഭങ്ഗിയില്ലാത്ത; 7. അയോഗ്യതയുള്ള

ജിഹ്മകർത്താ(വ്) നാ. കള്ളംചെയ്യുന്നവൻ

ജിഹ്മഗ വി. 1. വക്രഗതിയുള്ള; 2. അലസമായ

ജിഹ്മഗം നാ. പാമ്പ്

ജിഹ്മത നാ. 1. കള്ളം; 2. കുടിലത

ജിഹ്മദൃഷ്ടി നാ. കുടിലബ്ദ്ധി

ജിഹ്മം നാ. 1. വളഞ്ഞത്; 2. കളവ്, കാപട്യം; 3. ഒരു വൃക്ഷം (തകരം); 4. (നാട്യ) വ്യഭിചാരീഭാവങ്ങളെ ആവിഷ്കരിക്കാൻ ഉപയോഗിക്കുന്ന ദൃഷ്ടിചലനങ്ങളിൽ ഒന്ന്

ജിഹ്മയോധി നാ. 1. കപടമാർഗത്തിൽ യുദ്ധം ചെയ്യുന്നവൻ; 2. ഭീമൻ

ജിഹ്മാക്ഷ വി. കോങ്കണ്ണുള്ള

ജിഹ്വ നാ. 1. നാക്ക്; 2. അഗ്നിജ്വാല; 3. വാക്ക്, വാക്യം

ജിഹ്വകം നാ. 1. നാക്ക്; 2. (ആയുർ) ഒരുതരം സന്നിപാതജ്വരം

ജിഹ്വം നാ. ജിഹ1

ജിഹ്വല വി. (ഭക്ഷണത്തിൽ) അത്യാർത്തിയുള്ള, കൊതിയുള്ള
ജിഹ്വാഗ്രം നാ. നാക്കിൻെറ അറ്റം
ജിഹ്വാച്ഛേദ(നം) നാ. നാക്കുമുറിക്കൽ
ജിഹ്വാപം നാ. 1. കടുവ; 2. പുലി; 3. കരടി; 4. നായ; 5. പൂച്ച
ജിഹ്വാമലം നാ. നാക്കിൻെറ അഴുക്ക്
ജിഹ്വാമുഖം നാ. നാക്കിൻെറ അറ്റം
ജിഹ്വാമൂലം നാ. നാക്കിൻെറ ചുവട്
ജിഹ്വാമൂലീയം നാ. നാക്കിൻെറ അറ്റം കൊണ്ട് ഏതെങ്കിലും ഉച്ചാരണസ്ഥാനത്തെ സ്പർശിച്ചു വായുപ്രവാഹത്തെ തടഞ്ഞ് ഉച്ചരിക്കപ്പെടുന്ന വർണം
ജിഹ്വായുദ്ധം നാ. ഒരുതരം ചുംബനം
ജിഹ്വാലൗല്യം നാ. ആഹാരത്തിനുള്ള ആർത്തി, കൊതി
ജിഹ്വാവിഷം നാ. കരിനാക്ക് (നാക്കിൻെറ ദോഷം)
ജിഹ്വാസ്തംഭം നാ. (ആയുർ) ഒരു രോഗം (നാക്കിൻെറ പ്രവർത്തനശേഷി നഷ്ടപ്പെടുന്നത്)
ജിഹ്വിക നാ. നാക്ക്ജിഹ്വികം നാ. = ജിഹ്വകം
ജീത വി. 1. ജയിക്കപ്പെട്ട; 2. ക്ഷീണിച്ച (ജരയെപ്രാപിച്ച)
ജീതി നാ. 1. ജയം; 2. ക്ഷയിക്കൽ, ജീർണിക്കൽ; 3. നഷ്ടം, വാർധക്യം പ്രാപിക്കൽ
ജീൻ [ഇം.] നാ. ജനിതകപദാർഥത്തിൻെറ അടിസ്ഥാന ഭൗതികയുണിറ്റ്
ജീന [സം.<ജ്യാ] വി. 1. പഴയ; 2. പ്രായംചെന്ന; 3. ക്ഷീണിച്ച, ജീർണിച്ച
ജീനൻ നാ. 1. വൃദ്ധൻ; 2. ജൈനമതക്കാരൻ
ജീനം നാ. 1. വാർധക്യം; 2. തോൽസഞ്ചി
ജീനി[പേർ.] നാ. കുതിരക്കോപ്പുകളിൽ ഒന്ന്
ജീപ്പ് [ഇം.] നാ. ഒരിനം മൊട്ടോർ വാഹനം
ജീമാതകം നാ. 1. മുത്തങ്ങ; 2. ദേവതാളി; 3. ജീമൂതം (ഒരു ദണ്ഡകവൃത്തം)
ജീമൂതം [സം.] നാ. 1. മേഘം; 2. പർവതം; 3. ദേവതാളി; 4. കാട്ടുപീച്ചിൽ; 5. മുത്തങ്ങ; 6. ഇടിവെട്ട്; 7. (പുരാണ) വരുണൻ വസുമനസ്സിനുനൽകിയ കുതിര; 8. ഒരു ദണ്ഡകവൃത്തം; 9. പിടിയാന
ജീമൂതയോഗം നാ. (ജ്യോ) ലഗ്നത്തിൽ വ്യാഴവും ബുധനും നിന്നാലുള്ള യോഗം
ജീമൂതവാഹ(ന)ൻ നാ. 1. ഇന്ദ്രൻ; 2. ഒരു വിദ്യാധര രാജാവ്, ജീമൂതകേതുവിൻെറ പുത്രൻ
ജീമൂതവാഹി നാ. പുക
ജീർണ1 [സം.] വി. 1. ദ്രവിച്ച, കേടുവന്ന, പ്രായംചെന്ന, വാർധക്യം ബാധിച്ച; 2. ദഹിച്ച (ആഹാരസാധനങ്ങളെന്നപോലെ)
ജീർണ2 [സം.] നാ. പെരും ജീരകം
ജീർണക വി. 1. ജീർണിച്ച; 2. വാടിയ
ജീർണജ്വരം നാ. (ആയുർ) പഴകിയ പനി (ആരംഭിച്ചിട്ട് 12 ദിവസത്തിലധികമായ പനി)

ജീർണത നാ. 1. പഴക്കം, പഴകിദ്രവിക്കൽ, കേടുപാടുണ്ടാകൽ; 2. വാർധക്യം; 3. (ആഹാരം) ദഹിക്കൽ
ജീർണൻ നാ. വൃദ്ധൻ
ജീർണപർണം നാ. 1. പഴുത്ത ഇല, ഉണക്കില; 2. കടമ്പ്
ജീർണപർണാശി നാ. സന്ന്യാസി
ജീർണഭൂമി നാ. കളകൾ ധാരാളമായി വളരുന്ന നിലം
ജീർണം നാ. 1. പഴകിയത്, ദ്രവിച്ചത്; 2. വാർധക്യം; 3. ചേലേയം; 4. കുന്തുരുക്കം; 5. ജീരകം; 6. വൃക്ഷം
ജീർണാശി നാ. ഭക്ഷിച്ചതു ദഹിച്ചതിനുശേഷം മാത്രം വീണ്ടും ഭക്ഷിക്കുന്നവൻ
ജീർണി നാ. 1. വാർധക്യം; 2. ദ്രവിപ്പ്, ബലക്ഷയം; 3. ദഹനം
ജീർണിക്കുക [<സം.ജ്‌ഋ] നാ. 1. കാലപ്പഴക്കംകൊണ്ടും മറ്റും ദ്രവിക്കുക, കേടുപാടുസംഭവിക്കുക; 2. (ഭക്ഷണം) ദഹിക്കുക
ജീർണിത വി. ജീർണമായിത്തീർന്ന
ജീർണീഭവിക്കുക ക്രി. ജീർണിക്കുക
ജീർണോദ്ധാരകൻ നാ. കേടുപാടുതീർത്ത് നവീകരിക്കുന്നവൻ
ജീർണോദ്ധാര(ണ)ം നാ. അറ്റകുറ്റം തീർക്കൽ, നവീകരിക്കൽ, കേടുപാടുതീർക്കൽ (ക്ഷേത്രം, വീട് മുതലായവയുടെ)
ജീർത്തി നാ. ജീർണത
ജീർവി നാ. 1. കോടാലി; 2. ജന്തു; 3. ശരീരം; 4. വണ്ടി
ജീര വി. വേഗമുള്ള
ജീരകം നാ. ഒരു ഏകവാർഷികച്ചെടി, അതിൻെറ വിത്ത് (ഒരു അങ്ങാടിമരുന്ന്), രുചിവർധിപ്പിക്കാനായി കറികളിൽ ചേർക്കാൻ ഉപയോഗം. കണജീരകം, പെരുംജീരകം, കരിഞ്ചീരകം എന്നിങ്ങനെ പലതരം)
ജീരകയുഗം നാ. ജീരകവും കരിഞ്ചീരകവും
ജീരം നാ. 1. ജീരകം; 2. കേസരം (പൂവിൻെറ അല്ലി); 3. വാൾ; 4. അണു
ജീര്യത്ത് നാ. ജീർണിച്ചുകൊണ്ടിരിക്കുന്നത്
ജീവ1 [സം.] ക്രി. ധാതു ലോട് മ.പു.ഏ.വ.) ജീവിച്ചാലും
ജീവ2 [സം.ജീവാ] നാ. 1. ജലം; 2. ഭൂമി; 3. ഞാൺ; 4. വയമ്പ്; 5. അടപതിയൻ
ജീവക വി. 1. വേലചെയ്തു ജീവിക്കുന്ന; 2. വളരെക്കാലം ജീവിച്ചിരിക്കുന്ന
ജീവകൻ നാ. 1. ജീവനുള്ളവൻ; 2. ഭൃത്യൻ (മറ്റൊരാളെ ആശ്രയിച്ചു ജീവിക്കുന്നവൻ); 3. അമിതമായ പലിശയ്ക്കു പണംകൊടുക്കുന്നവൻ; 4. യാചകൻ; 5. ബുദ്ധസന്ന്യാസി; 6. പാമ്പാട്ടി; 7. കപടവേഷധാരി
ജീവകലശം നാ. (തന്ത്ര) ബിംബം മാറ്റിപ്രതിഷ്ഠിക്കുമ്പോൾ പഴയ ബിംബത്തിൽ നിന്നും ചൈതന്യം ആവഹിച്ചു വയ്ക്കുന്ന ജലകലശം (പുതിയബിംബം പ്രതിഷ്ഠിക്കുമ്പോൾ ഈ കലശജലംകൊണ്ട് അഭിഷേകംചെയ്യുന്നു)
ജീവകാരുണ്യം നാ. ഭൂതദയ
ജീവകാലം നാ. ജീവിതകാലം

ജീവകൂടം നാ. 1. (തത്ത്വ) ഒരു ഗണത്തിൽപ്പെട്ട ഭൂതങ്ങളുടെ സൂക്ഷ്മശരീരങ്ങൾക്കു പൊതുവായുള്ള ചൈതന്യം; 2. ശരീരം
ജീവകോടി നാ. ജീവികളുടെ സമൂഹം
ജീവകോശം നാ. 1. ശരീരം; 2. പ്രാണികൾ സസ്യങ്ങൾ തുടങ്ങിയ ജീവികളുടെ ശരീരത്തിൻെറ ഏറ്റവും ചെറിയ ജൈവഘടകം
ജീവഗൃഹം നാ. ശരീരം (ജീവനു വാസസ്ഥലമായിട്ടുള്ളത്)
ജീവഗ്രാഹം വി. ജീവനോടെ ഗ്രഹിക്കുന്നത്
ജീവഘനൻ നാ. ഹിരണ്യഗർഭൻ (എല്ലാപ്രാണികളുടെയും അന്തരാത്മാവ്)
ജീവചരിത്രം നാ. 1. ജീവിതചരിത്രം, ഒരു വ്യക്തിയുടെ ജീവിതകഥ; 2. ഒരു വ്യക്തിയുടെ ജീവിതത്തിലെ സംഭവങ്ങൾ ചിത്രീകരിക്കുന്ന ഗ്രന്ഥം (ഒരു വ്യക്തിയുടെ ജീവിതകഥ അയാൾതന്നെ രചിച്ചാൽ ആത്മകഥയെന്നും മറ്റൊരാൾ രചിച്ചാൽ ജീവചരിത്രം എന്നും പറയുന്നു)
ജീവചൂർണകം നാ. കക്ക, കുമ്മായം
ജീവചൈതന്യം നാ. ജീവശക്തി
ജീവച്ഛവം നാ. ചൈതന്യമില്ലാത്ത ആൾ, ജീവനുണ്ടെങ്കിലും മരിച്ചതിനുസമമായിത്തീർന്ന ആൾ
ജീവജ നാ. 1. ജീവനുള്ള ശരീരത്തിൽനിന്നു ജനിച്ച (മനുഷ്യൻ, മൃഗങ്ങൾ എന്നിവപോലെ); 2. ജീവനോടെ ജനിച്ച
ജീവജന്തു നാ. പ്രാണി, ജീവി
ജീവജാലം നാ. ജന്തുസമൂഹം
ജീവജ്ഞാനം നാ. (വേദാന്ത) ജീവിക്കു തന്നെകുറിച്ചുണ്ടാകുന്ന അറിവ്
ജീവഞ്ജീവം നാ. 1. ഒരു പക്ഷി; 2. ചകോരം
ജീവത് വി. ജീവനുള്ള, ജീവിക്കുന്ന
ജീവത നാ. 1. ആനപ്പുറത്ത് എഴുന്നള്ളിക്കാനുള്ള വിഗ്രഹം വയ്ക്കുന്ന ചട്ടക്കൂട്; 2. പല്ലക്ക്
ജീവതന്ത്രം നാ. ജീവശാസ്ത്രം
ജീവതോക നാ. കുട്ടികൾ ജീവിച്ചിരിപ്പുള്ള സ്ത്രീ
ജീവതത്ത്വം നാ. മുഖ്യഗുണം
ജീവത്ത് നാ. ജീവനുള്ളത്, ജീവിച്ചിരിക്കുന്നത്
ജീവത്തോക [സം.-തോകാ] നാ. ജീവതോക.
821
ജീവത്പതി(ക) [സം.-പതി(കാ)] നാ. ഭർത്താവുജീവിച്ചിരിപ്പുള്ള സ്ത്രീ
ജീവത്പിതൃകൻ നാ. ജീവിച്ചിരിപ്പുള്ള അച്ഛനോടുകൂടിയവൻ
ജീവത്പുത്ര നാ. ജീവിച്ചിരിക്കുന്ന മകനുള്ളവൾ
ജീവത്പ്രശ്നം നാ. 1. ജീവിതവുമായി ബന്ധപ്പെട്ട പ്രശ്നം; 2. പ്രധാനപ്പെട്ട പ്രശ്നം
ജീവത്യാഗം നാ. ജീവനെ ഉപേക്ഷിക്കൽ
ജീവത്സാഹിത്യം

ജീവധാരണം നാ. മനുഷ്യൻെറ ജീവിതപ്രശ്നങ്ങൾ വിഷയമാക്കുന്ന സാഹിത്യം
ജീവഥ വി. 1. ദീർഘായുസ്സുള്ള; 2. സദ്ഗുണമുള്ള; 3. ഭക്തിയുള്ള
ജീവഥം നാ. 1. മയിൽ; 2. ആമ; 3. മേഘം; 4. സദ്ഗുണം, നന്മ; 5. ജീവൻ, ജീവിതം
ജീവദൻ നാ. 1. വൈദ്യൻ; 2. ശത്രു, വിരോധി
ജീവദശ നാ. ജീവിതകാലം
ജീവദാത്രി നാ. 1. ഒരിനം ഔഷധി; 2. ചെറിയ അടപതിയൻ
ജീവദീപ്തി നാ. ചില ജന്തുക്കളുടെ ഉടലിൽനിന്നു പുറപ്പെടുന്ന പ്രകാശം
ജീവദ്ദശ നാ. ജീവിച്ചിരിക്കുന്ന കാലം
ജീവദ്ഭാഷ നാ. വ്യവഹാരഭാഷ
ജീവധനം നാ. ജന്തുക്കളുടെ രൂപത്തിലുള്ള സ്വത്ത്
ജീവധാത്രി നാ. ഭൂമി
ജീവധാനി നാ. ഭൂമി
ജീവധാരണം നാ. 1. ജീവൻ നിലനിർത്തൽ; 2. ജീവൻ നിലനിറുത്തുന്നത്, ഭക്ഷണം
ജീവധാരി നാ. ജീവി
ജീവൻ നാ. 1. പ്രാണൻ; 2. ഓജസ്സ്, ചൈതന്യം, പ്രസരിപ്പ്; 3. ചൈതന്യവത്തായ അംശം; 4. കർണൻ; 5. ബൃഹസ്പതി (ജ്യോതിഷത്തിൽ വ്യാഴഗ്രഹത്തിൻെറ പര്യായമായും പ്രയോഗം); 6. (ജ്യോ) പൂയം നക്ഷത്രം; 7. വിഷ്ണു; 8. കാര്യകാരണബന്ധം; 9. ജീവാത്മാവ്; 10. ജീവി; 11. കാന്തം; 12. സപ്തമരുത്തുക്കളിൽ ഒന്ന്. (പ്ര) ജീവനെടുക്കുക = മരിക്കുക
ജീവന1 [സം.] വി. 1. ജീവൻ നൽകുന്ന, ജീവിപ്പിക്കുന്ന; 2. ഉന്മേഷം നൽകുന്ന
ജീവന2 [സം.ജീവനാ] നാ. 1. വലിയ അടപതിയൻ; 2. മേദ
ജീവനക്കാരൻ നാ. ഉദ്യോഗസ്ഥൻ (പ്രതിഫലം പറ്റി ജോലിചെയ്യുന്ന ആൾ)
ജീവനം നാ. 1. ജീവൻ; 2. ജീവിതം; 3. ജീവിതരീതി; 4. ജീവധാരണം; 5. ജീവിതമാർഗം; 6. വേതനം, ശമ്പളം; 7. വെള്ളം; 8. വെണ്ണ (പുതിയത്); 9. മജ്ജ; 10. കഞ്ഞി; 11. പൂത്തിലഞ്ഞി; 12. ഒരു ചെടി (ജീവകം); 13. വായു; 14. പുത്രൻ; 15. പരമാത്മാവ്; 16. ജീവി
ജീവനവൃത്തി നാ. ജീവിക്കാനുവേണ്ടി ചെയ്യുന്ന ജോലി
ജീവനാഡി നാ. 1. പ്രധാനപ്പെട്ട രക്തവാഹിനി; 2. മുഖ്യഘടകം, ഏറ്റവുംപ്രധാനഭാഗം
ജീവനാഥ നാ. ജീവനു നാഥയായിട്ടുള്ളവൾ, ഭാര്യ
ജീവനാഥൻ നാ. 1. ഭർത്താവ്; 2. കാലൻ
ജീവനാന്തം നാ. മരണം

ജീവനാശം നാ. 1. ഉപജീവനത്തിനായി നൽകുന്ന ധനം; 2. വിവാഹബന്ധം വേർപെടുത്തുമ്പോൾ പുരുഷൻ സ്ത്രീക്ക് ജീവിതച്ചെലവിനുവേണ്ടി നൽകേണ്ട പടി
ജീവനായകൻ നാ. ജീവനാഥൻ
ജീവനാവാസൻ നാ. വരുണൻ
ജീവനാവാസം നാ. ശരീരം
ജീവനാശം നാ. മരണം
ജീവനാളം നാ. 1. ജീവസ്രോതസ്സുകളായ വായു രക്തം തുടങ്ങിയവയുടെ സംക്രമണത്തിനുള്ള നാഡി; 2. (തന്ത്ര) വിഗ്രഹത്തെ ഗർഭപാത്രവുമായി ഘടിപ്പിക്കുന്ന നാളം
ജീവനീയ1 [സം.] വി. ജീവനെ നിലനിർത്തുന്ന, ജീവിക്കേണ്ട, ജീവനത്തിനു ഹിതമായ
ജീവനീയ2 [സം.ജീവനീയാ] നാ. 1. ചെറിയ അടപതിയൻ; 2. കടുക്ക
ജീവനീയം നാ. 1. വെള്ളം; 2. പാൽ; 3. അടപതിയൻ
ജീവനോപാധി നാ. തൊഴിൽ, ജീവിതമാർഗം
ജീവനൗഷധം നാ. ജീവൻ നൽകുന്നതോ നിലനിർത്തുന്നതോ ആയ ഔഷധം
ജീവന്ത വി. ജീവിക്കുന്ന, ജീവനോടിരിക്കുന്ന
ജീവന്തികൻ നാ. പക്ഷികളെപിടിക്കുന്നവൻ
ജീവന്തിനി നാ. (സങ്ഗീ) ഒരു ജന്യരാഗം, അസമ്പൂർണമേളങ്ങളിൽ 48-മത്തെത്
ജീവന്മരണം നാ. മരിച്ചതിനു തുല്യമായസ്ഥിതി
ജീവന്മുക്തൻ നാ. ആത്മജ്ഞാനം സിദ്ധിച്ചവൻ
ജീവന്മുക്തി നാ. ജീവിച്ചിരിക്കുമ്പോൾത്തന്നെ സംസാരബന്ധത്തിൽനിന്നു മോചനം സിദ്ധിച്ച അവസ്ഥ, ആത്മജ്ഞാനം
ജീവന്മൃത വി. ജീവിച്ചിരിക്കുന്നുവെങ്കിലും ഒന്നിനും കൊള്ളാത്ത
ജീവന്യാസം നാ. (തന്ത്ര) വിഗ്രഹത്തിൽ ചൈതന്യത്തെ നിവേശിപ്പിക്കുന്ന ക്രിയ
ജീവപര്യന്തം അവ്യ. ജീവനുള്ളകാലംവരെ, മരണംവരെ. നാ. മരണംവരെ തടവിൽ കഴിയണമെന്ന ശിക്ഷാവിധി
ജീവപുത്രൻ നാ. ജീവൻെറ (ബൃഹസ്പതിയുടെ) പുത്രൻ, കചൻ
ജീവം നാ. 1. ആത്മാവ്; 2. ജീവിതം; 3. ജീവി; 4. വലിയവേപ്പ്; 5. മീവൽപ്പക്ഷി
ജീവമന്ദിരം നാ. ശരീരം
ജീവരക്തം നാ. 1. രക്തം (ശരീരത്തിൽ ജീവൻ നിലനിൽക്കുന്നതിന് ആവശ്യമായതിനാൽ); 2. ആർത്തവരക്തം
ജീവരക്ഷ നാ. 1. പ്രാണനെ രക്ഷിക്കൽ; 2. മറ്റു ജീവികളെ സംരക്ഷിക്കൽ
ജീവരത്നം നാ. 1. പുഷ്യരാഗം; 2. ഒരിനം രത്നം
ജീവരാഗം നാ. (സങ്ഗീ) സഹജമായ ഭംങ്ഗികോണ്ട് എക്കാലത്തും ആലപിക്കപ്പെടുന്ന രാഗം

ജീവരാശി നാ. ജീവികളുടെ സമൂഹം, ജാലം
ജീവല വി. ചൈതന്യമുള്ള, ജീവൻ നിറഞ്ഞ
ജീവലൻ നാ. (പുരാണ) ഋതുപർണരാജാവിൻെറ സാരഥി
ജീവലങ്ഘനം നാ. മരണം
ജീവലോകം നാ. 1. ഭൂലോകം; 2. ജീവികളുടെ സമൂഹം
ജീവവാദ്യം നാ. (സങ്ഗീ) നിർമിതി ഘടന എന്നിവയുടെ സവിശേഷതയാൽ ഏറ്റവും സൂക്ഷ്മങ്ങളായ നാദങ്ങൾ പുറപ്പെടുവിക്കാൻ കഴിയുന്നതും നാദഭങ്ഗിമൂലം എക്കാലത്തും പ്രയോഗമുള്ളതുമായ വാദ്യം (വീണ, വേണു, മൃദങ്ങം എന്നിവപോലെ) ജീവരാഗങ്ങളും ജീവവാദ്യങ്ങളും (പ്രഭാതം പ്രദോഷം ഇത്യാദി) കാലഭേദം കൂടാതെ പ്രയോഗിക്കപ്പെടുന്നു.
ജീവവായു നാ. 1. പ്രാണവായു; 2. ശരീരത്തിൽ ജീവൻെറ പ്രവർത്തനത്തെ നിയന്ത്രിക്കുന്ന പ്രാണൻ അപാനൻ തുടങ്ങിയ വായുക്കളിൽ ഓരോന്നും
ജീവവാരം നാ. വ്യാഴാഴ്ച
ജീവവൃത്തി നാ. 1. കന്നുകാലിവളർത്തൽ; 2. ജീവൻെറ വ്യാപാരങ്ങൾ
ജീവശക്തി നാ. ജനിക്കുക വളരുക നശിക്കുക തുടങ്ങിയ വ്യാപാരങ്ങൾക്കു കാരണമായ ശക്തിവിശേഷം
ജീവശാസ്ത്രം നാ. ജീവികളെക്കുറിച്ച് പ്രതിപാദിക്കുന്ന ശാസ്ത്രം
ജീവശുദ്ധി നാ. പൂജആരംഭിക്കുന്നതിനുമുമ്പ് പൂജാരിചെയ്യുന്ന ഒരു ശുദ്ധീകരണക്രിയ
ജീവശ്വാസം നാ. ജീവനെ നിലനിർത്തുന്ന ശ്വാസം
ജീവസത്ത നാ. ജീവചൈതന്യം
ജീവസന്ധാരണം നാ. ജീവധാരണം (ജീവൻ നിലനിർത്തൽ)
ജീവസർവസ്വം നാ. ജീവിതസർവസ്വം
ജീവസാക്ഷി നാ. ഈശ്വരൻ
ജീവസാധനം നാ. ധാന്യം
ജീവസൂ നാ. ജീവിച്ചിരിക്കുന്ന സന്താനമുള്ളവൾ
ജീവസൂത്രം നാ. (ജ്യോ) പ്രശ്നഫലം പറയുന്നതിന് അടിസ്ഥാനമായ സൂത്രങ്ങളിലൊന്ന്
ജീവസ്ഥാനം നാ. 1. മർമം; 2. ഹൃദയം; 3. സന്ധി
ജീവസ്വരം നാ. (സങ്ഗീ) രാഗച്ഛായ പ്രകാശിപ്പിക്കുന്നതിന് ആവർത്തിച്ചുപാടുന്ന സ്വരം
ജീവസ്സ് നാ. ജീവൻ, ഉശിര്, ചുണ, ചൈതന്യം
ജീവഹത്യ നാ. 1. ജന്തുക്കളെകൊല്ലൽ; 2. ആത്മഹത്യ
ജീവഹാനി നാ. മരണം
ജീവഹിംസ നാ. കൊല്ലൽ (ജീവികളെ ഉപദ്രവിക്കൽ)
ജീവാക്ഷരം നാ. 1. സ്വരാക്ഷരം; 2. ബീജാക്ഷരം (മന്ത്രത്തിലും മറ്റും പ്രാധാന്യമുള്ള അക്ഷരം)
ജീവാജീവം നാ. ചകോരം
ജീവാതു നാ. 1. ജീവനൗഷധം; 2. ജീവൻ; 3. ഭക്ഷണം
ജീവാത്മാ(വ്) നാ. ശരീരസ്ഥമായ ചൈതന്യം

ജീവാദാനം നാ. 1. (ചികിത്സയിൽ) രക്തം വാർത്തുകളയൽ; 2. മോഹാലസ്യപ്പെടൽ (ബോധം നശിക്കൽ)
ജീവാധാരം നാ. 1. ഹൃദയം; 2. ശരീരം
ജീവാന്തകൻ നാ. 1. പക്ഷികളെപിടിക്കുന്നവൻ; 2. കൊല്ലുന്നവൻ
ജീവാപായം നാ. മരണം (ജീവനാശം)
ജീവാവധി അവ്യ. ജീവപര്യന്തം, ജീവിതാവസാനം വരെ
ജീവാവസാനം നാ. മരണം
ജീവാവാഹനം നാ. (തന്ത്ര) ചൈതന്യത്തെ വിഗ്രഹത്തിൽ ആവാഹിക്കൽ
ജീവി നാ. 1. ജീവനുള്ളത്; 2. ജന്തു; 3. ജീവിക്കുന്നത്, ജീവനുള്ള ആൾ (സമാസത്തിൽ ഉത്തരപദമായിവരുമ്പോൾ)
ജീവിക നാ. 1. ജീവിതം; 2. ജീവനോപായം; 3. ശമ്പളം; 4. വെള്ളം; 5. ജാതിക്ക; 6. ചെറിയ അടപതിയൻ
ജീവികാര്യചതുഷ്ടയം നാ. ജീവിക്ക് അത്യന്താപേക്ഷിതമായ നാലുകാര്യങ്ങൾ (ആഹാരം, നിദ്ര, വിഹാരം-നീഹാരമെന്നും-മൈഥുനം)
ജീവികാവ്യാപാരം നാ. നിത്യവൃത്തിക്കായുള്ളപ്രവൃത്തി
ജീവിക്കുക ക്രി. 1. ശരീരവും ചൈതന്യവുമായി ബന്ധപ്പെട്ട അവസ്ഥയിൽ കഴിയുക, ഉത്പത്തി, വളർച്ച, നാശം തുടങ്ങിയ ക്രിയകൾക്കുവിധേയമായി വർത്തിക്കുക; 2. നിത്യവൃത്തിനടത്തുക, കഴിഞ്ഞുകൂടുക; 3. വസിക്കുക, താമസിക്കുക; 4. നിലനിൽക്കുക; 5. (സുഖദു:ഖാദികൾ) അനുഭവിക്കുക
ജീവിജാലം നാ. ജീവികളുടെ കൂട്ടം
ജീവിതകാമൻ നാ. ജീവിച്ചിരിക്കാൻ ആഗ്രഹമുള്ളവൻ
ജീവിതകാലം നാ. ജീവിച്ചിരിക്കുന്ന കാലം
ജീവിതക്ഷയം നാ. മരണം
ജീവിതഗതി നാ. ജീവിതസാഹചര്യങ്ങളിലും ലക്ഷ്യത്തിലും വരുന്ന മാറ്റം
ജീവിതഘട്ടം നാ. ജീവിതത്തിലെ ഒരു കാലഘട്ടം
ജീവിതഘാതി നാ. ജീവനെ നശിപ്പിക്കുന്നവൻ, കൊലപാതകി
ജീവിതചക്രം നാ. ജനനമരണങ്ങളുടെയോ സംഭവങ്ങളുടെയോ ആവർത്തനംകൊണ്ട് ചക്രഗതിയിലുള്ള ജീവിതം
ജീവിതചരിത്രം നാ. ജീവചരിത്രം
ജീവിതചര്യ നാ. ജീവിക്കുന്ന രീതി
ജീവിതച്ചെലവ് നാ. ജീവിതാവശ്യങ്ങൾക്കുവേണ്ട ധനത്തിൻെറ ചെലവ്
ജീവിതത്തോത് നാ. ജീവിക്കുന്നതിനു വ്യക്തിയോ സമൂഹമോ ഉപയോഗിക്കുന്ന ഉപഭോക്തൃവസ്തുക്കളുടെ തോത്
ജീവിതപ്പറ്റ് നാ. കരമൊഴിവായി വിട്ടുകൊടുത്തിട്ടുള്ള നിലം
ജീവിതം നാ. 1. ജീവൻ; 2. ജനനമരണങ്ങൾക്കിടയിലുള്ള കാലയളവ്; 3. ജീവിക്കുന്ന രീതി, നിത്യകർമങ്ങളുടെ സ്വഭാവം; 4. ഉപജീവനമാർഗം, ജീവനോപായം; 5. ശമ്പളം (പ്രവൃത്തിക്കുള്ള പ്രതിഫലം); 6. (സങ്ഗീ) ഒരു രാഗം

ജീവിതമൂല്യം നാ. ജീവിതത്തിൽ വിലപ്പെട്ടതായികരുതുന്ന തത്ത്വങ്ങൾ
ജീവിതരങ്ഗം നാ. ജീവിതമാകുന്ന അരങ്ങ്
ജീവിതവ്യ വി. ജീവിക്കത്തക്ക, ജീവിക്കാനുതകുന്ന
ജീവിതസങ്ഗരം നാ. ജീവിതസമരം
ജീവിതസർവസ്വം നാ. ഏറ്റവും വിലപ്പെട്ടത്
ജീവിതസാഫല്യം നാ. ജീവിതോദ്ദേശ്യംസാധിക്കൽ
ജീവിതാനന്ദം നാ. ജീവിതത്തിൽ അനുഭവപ്പെടുന്ന സുഖം.
823
ജീവിതായോധനം [സം.-ആയോധന] നാ. ജീവിതസമരം
ജീവിതാവധി വി. മരണംവരെ
ജീവിതാശ നാ. ജീവിക്കാനുള്ള ആഗ്രഹം
ജീവിതാഹൂതി നാ. ജീവിതം ത്യജിക്കൽ
ജീവിതേശൻ നാ. 1. ഭർത്താവ്, കാമുകൻ; 2. കാലൻ; 3. പരമാത്മാവ്
ജീവിതേശം നാ. മൃതസഞ്ജീവനി
ജീവോത്പത്തി നാ. ജീവൻെറ ആരംഭം
ജീവോത്പന്നം നാ. ജന്തുക്കളിൽനിന്നുണ്ടാകുന്ന വസ്തു
ജീവോത്സർഗം നാ. ജീവത്യാഗം
ജീവോദ്വാസനം നാ. (തന്ത്ര) ബിംബത്തിൽനിന്നും ചൈതന്യത്തെ മറ്റൊന്നിലേക്ക് സംക്രമിപ്പിക്കാനായി വേർപെടുത്തുന്ന ക്രിയ
ജീവോപാധികൾ നാ. (ബ.വ.) ജാഗ്രത്ത് സ്വപ്നം സുഷുപ്തി എന്നീ മൂന്ന് അവസ്ഥകൾ
ജീവ്യം നാ. ജീവൻ
ജുഗുപ്സ നാ. 1. വെറുപ്പ്; 2. നിന്ദ
ജുഗുപ്സാവഹ വി. നിന്ദയെവഹിക്കുന്ന, വെറുപ്പുണ്ടാക്കുന്ന
ജുഗുപ്സിക്കുക ക്രി. 1. നിന്ദിക്കുക; 2. വെറുക്കുക
ജുഗുപ്സിത1 വി. 1. നിന്ദിക്കപ്പെട്ട; 2. നീരസമുള്ള, വെറുക്കപ്പെട്ട, ബീഭത്സമായ
ജുഗുപ്സിത2 നാ. നാട്യദൃഷ്ടികളിലൊന്ന്
ജുങ്ഗാർ നാ. ചങ്ങാടം
ജുങ്ഗിത വി. 1. ഉപേക്ഷിക്കപ്പെട്ട; 2. ഹീനജാതിയിൽപ്പെട്ട
ജുടകം നാ. 1. കൂട്ടിപ്പിരിച്ച തലമുടി; 2. പിന്നിക്കെട്ടിയ തലമുടി
ജുട്ട് നാ. സേവകൻ, പ്രാപിക്കുന്നവൻ
ജുഡിഷ്യൽ [ഇം.] വി. നീതിന്യായത്തെ സംബന്ധിച്ച
ജുതുമം നാ. 1. (ജ്യോ) മിഥുനം രാശി; 2. വണ്ടാരങ്കോഴി
ജുബ്ബാ [അറ] നാ. ഒരിനം ഉടുപ്പ്
ജുംഅ(ത്ത്) [അറ] നാ. 1. (മുസ്ലിം) വെള്ളിയാഴ്ച; 2. വെള്ളിയാഴ്ച മധ്യാ ം കഴിഞ്ഞയുടനെ പള്ളിയിൽ നടത്തുന്ന കൂട്ടനമസ്കാരം
ജുമാ,-ജുമ്മാ [അറ] നാ. ജുംഅ

ജുഷ്ട വി. 1. സന്തുഷ്ടമായ, സംതൃപ്തമായ; 2. ആരാധിക്കപ്പെട്ട, സേവിക്കപ്പെട്ട; 3. ഇഷ്ടപ്പെട്ട; 4. പങ്കുകൊണ്ട

ജുഷ്ടം നാ. ഉച്ഛിഷ്ടം

ജുഷ്ടോപസ്ഥാനം നാ. ഒരു അഗ്നിസ്തുതി

ജുഷ്യ വി. സേവിക്കത്തക്ക, ഭജിക്കത്തക്ക

ജുഷ്യം നാ. സേവനം

ജുഹു നാ. 1. ഒരിനം തവി; 2. അഗ്നിജ്വാല; 3. കിഴക്കുദിക്ക്; 4. ഒരു രാജാവ്

ജുഹുരാണ വി. വഞ്ചനയോടുകൂടിയ, കുടിലമായ, വക്രമായ

ജുഹുരാണൻ നാ. 1. ചന്ദ്രൻ; 2. അഗ്നി; 3. യാഗത്തിൻെറ ചുമതലക്കാരനായ പുരോഹിതൻ

ജുഹുരാണം നാ. കർപ്പൂരം

ജുഹുവാനൻ നാ. 1. കഠിനഹൃദയൻ; 2. അഗ്നി

ജുഹോമി ക്രി. ('ഹു' ധാതു, ലട് ഉ.പു. ഏ.വ. പരസ്മൈപദി) (ഞാൻ) ഹോമിക്കുന്നു

ജുഹ്വാസ്യൻ നാ. അഗ്നി

ജൂകം നാ. 1. (ജ്യോ) തുലാം രാശി; 2. വളർത്തുപക്ഷി

ജൂട(ക)ം നാ. ജട

ജൂടിക നാ. 1. ജുടം; 2. കിരീടം; 3. തലയിലെ അടയാളം

ജൂത വി. പ്രേരിപ്പിക്കപ്പെട്ട

ജൂതൻ [<ഹീ] നാ. യഹൂദൻ

ജൂതി നാ. 1. വേഗത; 2. തടസ്സമില്ലാത്ത ഒഴുക്ക്; 3. പ്രേരണ; 4. രോഗാദികളാൽ ദു:ഖിക്കുന്ന അവസ്ഥ; 5. താത്പര്യം, പ്രവണത; 6. ഒരു ഋഷി

ജൂതിക നാ. ഒരിനം കർപ്പൂരം

ജൂബിലി [ഇം.] നാ. ഏതെങ്കിലും സ്ഥാപനത്തിൻെറ തുടക്കമോ ഏതെങ്കിലും വിശിഷ്ടസംഭവമോ കഴിഞ്ഞ് ഇരുപത്തഞ്ചോ അമ്പതോ അറുപതോ എഴുപത്തഞ്ചോ കൊല്ലം കൂടുമ്പോൾ നടത്തുന്ന ആഘോഷം. (ജൂബിലി ആദ്യം യഹൂദരുടെ ഇടയിലാണ് ഉടലെടുത്തത്. 49 വർഷം (7×7) കൂടുമ്പോളാണ് യഥാർഥത്തിൽ ജൂബിലി വരിക. അതിൻെറ ഏകദേശം പകുതിക്കല്പച്ചാണ് ഇരുപത്തഞ്ചാം വർഷത്തിൻെറ ആഘോഷം രജതജൂബിലിയായി ആരോതുടങ്ങിയത്. 25ൻെറ മുമ്മടങ്ങായി 75-ഉം ആഘോഷിക്കപ്പെടാൻ തുടങ്ങി)

ജൂർണ വി. 1. അഴുകിയ, നശിച്ച; 2. പഴയ

ജൂർണം നാ. കമ്പമ്പുല്ല്

ജൂർണാഖ്യം നാ. = ജൂർണം

ജൂർണാഹ്വ(യ)ം നാ. ചോളം

ജൂർണി നാ. 1. തീജ്വാല; 2. ആഗ്നേയാസ്ത്രം; 3. ശരീരം; 4. സൂര്യൻ; 5. ബ്രഹ്മാവ്; 6. വേഗത

ജൂർത്തി നാ. 1. ജ്വരം; 2. ചൂട്

ജൂൽ [ഹി.ഝൂല്] നാ. കുതിരയുടെ ചട്ട

ജൂഷം നാ. ഒരുതരം സൂപ്പ്

ജൂൾ [ഇം.] നാ. ഊർജത്തിൻെറയും പ്രവൃത്തിയുടെയും ഒരു മാത്ര

ജൂറി [ഇം.] നാ. കുറ്റവിചാരണയിൽ തെളിവുകേട്ട് സത്യമെന്തെന്ന് തീരുമാനിക്കാൻ നിയോഗിക്കപ്പെട്ടിട്ടുള്ളവരുടെ സങ്ഘം
ജൃംഭ [സം.ജൃം-ഭാ] നാ. 1. കോട്ടുവാ; 2. ഒരു രോഗം; 3. വിടരൽ, വികസിക്കൽ; 4. നിവർക്കൽ; 5. ആലസ്യം
ജൃംഭക വി. കോട്ടുവായിടുന്ന
ജൃംഭകൻ നാ. 1. പടിഞ്ഞാറെദിക്കിലെ ഒരു വാസ്തുദേവൻ; 2. കോട്ടുവായിടുന്നവൻ
ജൃംഭകം നാ. 1. ഒരുദിവ്യാസ്ത്രം; 2. ഒരു രതിബന്ധം; 3. മുഴ, വീകം
ജൃംഭണം നാ. 1. കോട്ടുവായിടൽ; 2. മൂരിനിവർക്കൽ; 3. അഹങ്കരിക്കൽ, മദിക്കൽ; 4. വികാസം, വിടരൽ; 5. വർധിക്കൽ; 6. ആലസ്യം; 7. ജൃംഭകം എന്ന ദിവ്യാസ്ത്രം; 8. എഴുന്നുനിൽക്കൽ
ജൃംഭത് വി. 1. കോട്ടുവായിടുന്ന; 2. മൂരിനിവർക്കുന്ന; 3. വർധിക്കുന്ന; 4. വിടരുന്ന; 5. അഹങ്കരിക്കുന്ന; 6. എഴുന്നുനിൽക്കുന്ന
ജൃംഭിക്കുക ക്രി. 1. കോട്ടുവായിടുക; 2. വിടരുക, വികസിക്കുക; 3. എഴുന്നുനിൽക്കുക; 4. വർധിക്കുക; 5. മൂരിനിവർക്കുക; 6. അഹങ്കരിക്കുക, മദിക്കുക
ജൃംഭിത വി. 1. കോട്ടുവായിട്ട, മൂരിനിവർന്ന; 2. ആലസ്യംപൂണ്ട, ക്ഷീണിച്ച; 3. അഹങ്കരിച്ച; 4. വർധിച്ച; 5. വിടർന്ന
ജൃംഭിതകം നാ. ഒരു രതിബന്ധം
ജൃംഭിതം നാ. 1. കോട്ടുവാ; 2. വികാസം, വികസിച്ചത്
ജെട്ടി [ഇം.] നാ. 1. കടൽപ്പാലം; 2. കടവ്
ജെല്ലി [ഇം.] നാ. പാവ്, കുഴമ്പ്
ജേതവ്യ [സം.<ജി] വി. ജയിക്കപ്പെടാവുന്ന, ജയിക്കാങ്കഴിയുന്ന
ജേതാവ് [സം.ജേതൃ] നാ. 1. വിജയി; 2. വിഷ്ണു; 3. ഒരു ഋഷി
ജേതുകാമ വി. ജയിക്കാൻ ആഗ്രഹമുള്ള
ജേതും അവ്യ. ജയിക്കുന്നതിന്
ജേതൃ വി. ജയിക്കുന്ന
ജേന്താകം നാ. വിയർപ്പിക്കുന്നതിനുള്ള ചൂടുമുറി
ജേബ് [അറ] നാ. = ചേപ്പ്
ജേമനം [സം.<ജിമ്] നാ. 1. ഭക്ഷിക്കൽ; 2. ഭക്ഷണപദാർഥം
ജേയ [സം.<ജി] വി. ജയിക്കത്തക്ക
ജേർണലിസ്റ്റ് [ഇം.] നാ. പത്രപ്രവർത്തകൻ
ജേഴ്സി [ഇം.] നാ. 1. ഒരിനം പശു; 2. ഒരുതരം കമ്പിളിയുടുപ്പ്
ജൈത്ര [സം.<ജി] വി. 1. ജയമുള്ള, ജയശീലമുള്ള, ജയസംബന്ധിയായ; 2. മേന്മയുള്ള
ജൈത്രപതാക നാ. വിജയം സൂചിപ്പിക്കുന്ന കൊടി
ജൈത്രഭേരി നാ. പെരുമ്പറ
ജൈത്രം നാ. 1. വിജയം; 2. മേന്മ; 3. രസം; 4. ഹരിശ്ചന്ദ്രൻ ദിഗ്വിജയം ചെയ്യാനുപയോഗിച്ച രഥം; 5. ധൃതരാഷ്ട്രരുടെ ശങ്ഖ് (പുത്രനെന്നും)
ജൈത്രയാത്ര നാ. 1. വിജയം കൈവരിച്ചുകൊണ്ടുള്ള യാത്ര; 2. വിജയാഹ്ലാദം പ്രകടിപ്പിക്കുന്ന ഘോഷയാത്ര

ജൈത്രശരൻ നാ. കാമൻ
ജൈത്രി നാ. 1. പുഴമൂഞ്ഞ; 2. ജയശീലമുള്ളവൾ
ജൈത്രോത്സവം നാ. വിജയംകൊണ്ടാടൽ
ജൈന വി. ജിനനെ സംബന്ധിച്ച
ജൈനൻ നാ. ജൈനമതവിശ്വാസി
ജൈനം നാ. ജൈനമതം
ജൈനമതം നാ. ഒരു പ്രാചീനഭാരതീയമതം,
അവൈദികമതങ്ങളിൽ ഒന്ന്
ജൈമിനി നാ. വ്യാസൻെറ ശിഷ്യനായ ഒരു മഹർഷി
ജൈമിനിശാസ്ത്രം നാ. പൂർവമീമാംസ
ജൈമിനീയൻ നാ. ജൈമിനിയുടെ അനുയായി
ജൈമിനീയം നാ. ജൈമിനിരചിച്ച പൂർവമീമാംസാസൂത്രങ്ങളെ
അടിസ്ഥാനമാക്കിയുള്ള ദർശനം
ജൈവ വി. 1. ജീവനെസംബന്ധിച്ച; 2. ജീവനുള്ളതിനെ
സംബന്ധിച്ച; 3. ആത്മാവിനെസംബന്ധിച്ച; 4. (ജ്യോ) വ്യാഴത്തെ സംബന്ധിച്ച
ജൈവനിയന്ത്രണം നാ. 1. വിളവുകൾക്കു നാശംവരുത്തുന്ന
കീടങ്ങളെയും മറ്റും നശിപ്പിക്കാൻ അവയുടെ ശത്രുജീവികളെ ഉപയോഗിക്കുന്ന രീതി
ജൈവവാതകം നാ. ബയോഗ്യാസ്, ഓക്സിജൻെറ അഭാവത്തിൽ
ജൈവവസ്തുക്കൾ അഴുകുമ്പോൾ സഞ്ജാതമാകുന്ന വാതകം
ജൈവസംവത്സരം നാ. (ജ്യോ) വ്യാഴത്തെ സംബന്ധിച്ച വർഷം
ജൈവാതൃക വി. 1. ദീർഘായുസ്സുള്ള; 2. മെലിഞ്ഞ, കനം
കുറഞ്ഞ
ജൈവാതൃകൻ നാ. 1. ചന്ദ്രൻ; 2. പുത്രൻ; 3. കൃഷിക്കാരൻ; 4.
ദീർഘായുസ്സുള്ളവൻ; 5. സന്ന്യാസി; 6. വൈദ്യൻ
ജൈവാതൃകം നാ. 1. കർപ്പൂരം; 2. ഔഷധം
ജൈഹ്മ്യം നാ. കുടിലത, വക്രത
ജൈഹ്വം നാ. രസം, സ്വാദ്
ജോക്കർ [ഇം.] നാ. 1. ചിരിപ്പിക്കുന്നവൻ; 2. ചീട്ടിൽ ഒരിനം
ജോക്കി [ഇം.] നാ. കുതിരയെ ഓടിക്കുന്നവൻ, കുതിരസവാരിക്കാരൻ
ജോക്ക് [ഇം.] നാ. നേരമ്പോക്ക്
ജോങ്ഗകം നാ. 1. അകിൽ; 2. ഒരിനം ചന്ദനം
ജോങ്ഗടം നാ. ദോഹദം
ജോങ്ഗം നാ. 1. പീതചന്ദനം; 2. അകിൽ
ജോടി [ഹി.ജോഡീ] നാ. 1. രണ്ടുചേർന്നത്; 2. പാദുകം
ജോടിങ്ഗൻ നാ. 1. ശിവൻ; 2. കഠിനമായ തപസ്സ്
ആചരിക്കുന്നവൻ
ജോഡം നാ. കെട്ട്, ബന്ധം
ജോഡി നാ. ജോടി
ജോഡ് [ഹി.] നാ. 1. ഇരട്ട; 2. ചെരിപ്പ്
ജോതി നാ. ജ്യോതി
ജോത്സ്യൻ നാ. ജ്യോത്സ്യൻ

ജോന [<സം.യവന] വി. ജോനകരെസംബന്ധിച്ച
ജോനകൻ [സം.യവന] നാ. മുഹമ്മദീയൻ
ജോനകനാരകം നാ. ചെറുനാരകം
ജോന്നാല നാ. ചോളം
ജോരാവരി [പേർ] നാ. ബലപ്രയോഗം, ബലാത്കാരം
ജോലി നാ. 1. വേല, തൊഴിൽ, പ്രവൃത്തി; 2. പ്രയാസമുള്ള പ്രവൃത്തി
ജോലിക്കാരൻ നാ. ജോലിചെയ്യുന്നവൻ
ജോഷ [<സം.യോഷാ] നാ. സ്ത്രീ
ജോഷണ നാ. 1. ഇഷ്ടം; 2. തൃപ്തി; 3. തെരഞ്ഞെടുക്കൽ
ജോഷം1 അവ്യ. 1. ആഗ്രഹംപോലെ, സ്വച്ഛന്ദം; 2. നിശ്ശബ്ദം, മൗനമായി
ജോഷം2 നാ. 1. തൃപ്തി; 2. സന്തോഷം, സുഖം; 3. മൗനം
ജോഷിത് നാ. സ്ത്രീ
ജോർ,ജോറ് [പേർ] നാ. 1. ഉത്സാഹം, ഊർജസ്വലത; 2. ഭങ്ഗി, മെച്ചം, മേനി, മോടി
ജൗഹർ [അറ] നാ. രത്നം
ജൗളി നാ. ജവുളി
ജ്ഞൻ [സം.ജ്ഞ] നാ. 1. അറിയുന്നവൻ; 2. വിദ്വാൻ; 3. ബുധൻ; 4. ചൊവ്വ; 5. ബ്രഹ്മാവ്
ജ്ഞപിത വി. 1. അറിയപ്പെട്ട; 2. അഭ്യസിക്കപ്പെട്ട
ജ്ഞ്പ്ത വി. ജ്ഞപിത
ജ്ഞപ്തി നാ. 1. ഗ്രഹിക്കൽ, ധാരണ; 2. ബുധി; 3. ജ്ഞാനം; 4. ഓർമ; 5. പ്രശംസ; 6. അറിയിപ്പ്, ബോധനം; 7. ജ്ഞാനദേവത
ജ്ഞപ്ത്വാ അവ്യ. അറിയിച്ചിട്ട്
ജ്ഞാത വി. അറിയപ്പെട്ട
ജ്ഞാതകുലീന വി. പ്രശസ്തമായ കുലത്തിൽ ജനിച്ച
ജ്ഞാതം നാ. 1. അറിയപ്പെട്ടത്; 2. അറിവ്
ജ്ഞാതവ്യ വി. 1. അറിയപ്പെടേണ്ട; 2. അറിയത്തക്ക, അറിയാൻ കഴിയുന്ന
ജ്ഞാതസിദ്ധാന്ത വി. 1. ശസ്ത്രസിദ്ധാന്തങ്ങൾ അറിഞ്ഞ; 2. മന്ത്രവാദം അറിവുള്ള
ജ്ഞാതാ നാ. 1. അറിയുന്നവൻ; 2. ജാമ്യക്കാരൻ; 3. സാക്ഷി.
825
ജ്ഞാതാക്ഷരൻ നാ. അക്ഷരാഭ്യാസമുള്ളവൻ
ജ്ഞാതി നാ. ബന്ധു
ജ്ഞാതികർമം നാ. ബന്ധുമുറ
ജ്ഞാതിശാസ്യം നാ. ജാതിഭ്രഷ്ട്
ജ്ഞാതൃത്വം നാ. അറിയുന്ന അവസ്ഥ
ജ്ഞാതേയം നാ. ബന്ധുത്വം
ജ്ഞാത്വാ അവ്യ. അറിഞ്ഞിട്ട്

ജ്ഞാനകാണ്ഡം നാ. ആത്മജ്ഞാനത്തെപ്പറ്റി പ്രതിപാദിക്കുന്ന വേദഭാഗം
ജ്ഞാനകാണ്ഡി നാ. ജ്ഞാനകാണ്ഡം അനുസരിക്കുന്നവൻ
ജ്ഞാനഗമ്യ വി. ജ്ഞാനംകൊണ്ട് പ്രാപിക്കാവുന്ന
ജ്ഞാനഗൂഹ വി. അറിവിനെ മറയ്ക്കുന്ന
ജ്ഞാനചക്ഷുസ്സ് നാ. ജ്ഞാനദൃഷ്ടി
ജ്ഞാനചതുഷ്ടയം നാ. നാലുതരത്തിലുള്ള അറിവ്
ജ്ഞാനദ1 [സം.-ദ] വി. അറിവുതരുന്ന, ജ്ഞാനം പ്രദാനംചെയ്യുന്ന
ജ്ഞാനദ2 [സം.-ദാ] നാ. സരസ്വതി
ജ്ഞാനദൻ നാ. അറിവുനൽകുന്നവൻ
ജ്ഞാനദന്തം നാ. മൂന്നാമത്തെ അണപ്പല്ല്
ജ്ഞാനദം നാ. ജ്ഞാനത്തെ നൽകുന്നത്
ജ്ഞാനദർപ്പണൻ നാ. ജിനൻ
ജ്ഞാനദുർബല വി. ഉറച്ച അറിവില്ലാത്ത, അൽപജ്ഞാനിയായ
ജ്ഞാനദൃഷ്ടി നാ. 1. ബോധമാകുന്ന കണ്ണ്; 2. ദിവ്യജ്ഞാനം, ദിവ്യദൃഷ്ടി
ജ്ഞാനനിഷ്ഠൻ നാ. ആത്മജ്ഞാനം നേറ്റുന്നതിൽ താത്പര്യമുള്ള ആൾ
ജ്ഞാനപതി നാ. 1. പരമാത്മാവ്; 2. ആധ്യാത്മഗുരു
ജ്ഞാനപിതാവ് നാ. (ക്രിസ്തു) ആത്മീയപിതാവ്, തലതൊട്ടപ്പൻ (ജ്ഞാനസ്നാനവേളയിൽ ശിശുവിൻെറ തലതൊട്ട് ഉത്തരവാദിത്വം ഏൽക്കുന്ന ആൾ)
ജ്ഞാനപ്പാന നാ. ഒരു ലഘുകാവ്യം, പൂന്താനം നൻപൂതിരി രചിച്ചത്
ജ്ഞാനബോധം നാ. തിരിച്ചറിവ്
ജ്ഞാനം നാ. 1. അറിവ് (ഇന്ദ്രിയങ്ങളിലൂടെ നേടുന്ന അറിവ്, മനനധ്യാനാദികൊണ്ടു നേടുന്ന അവബോധം എന്നിവ); 2. (വേദാ) പരമാത്മാവ്; 3. ബുദ്ധി; 4. വേദം; 5. വിഷ്ണു; 6. ഒരു മേളം (ഏഴുസ്വരങ്ങളും ശുദ്ധമായിട്ടുള്ളത്)
ജ്ഞാനമയൻ നാ. ജ്ഞാനസ്വരൂപൻ
ജ്ഞാനമാതാവ് നാ. (ക്രിസ്തു) ശിശുവിൻെറ തലതൊടുന്നവൾ, തലതൊട്ടമ്മ (ജ്ഞാനസ്നാനസമയത്ത് ശിശുവിൻെറ ധാർമികജീവിതത്തിന് ഉത്തരവാദിനിയായി നിൽക്കുന്ന സ്ത്രീ)
ജ്ഞാനമുദ്ര നാ. ഒരു യോഗമുദ്ര (ജ്ഞാനത്തെ കാണിക്കുന്നത്)
ജ്ഞാനമൂർത്തി നാ. 1. ഈശ്വരൻ; 2. ശിവൻ; 3. സരസ്വതി
ജ്ഞാനയോഗം നാ. മോക്ഷമാർഗങ്ങളിലൊന്ന്. (ബ്രഹ്മസാക്ഷാത്കാരം ലഭിക്കാൻ ജ്ഞാനം പ്രധാനമാർഗമായി സ്വീകരിച്ചിട്ടുള്ള വേദാന്തപദ്ധതി. കർമയോഗം, ഭക്തിയോഗം, രാജയോഗം എന്നിവ മറ്റുയോഗങ്ങൾ)
ജ്ഞാനലവദുർവിദഗ്ദ്ധൻ നാ. അഊഇഞ്ഞിട്ടുള്ളത് തുച്ഛമാണെങ്കിലും എല്ലാം അറിയാമെന്നു ഭാവിക്കുന്നവൻ
ജ്ഞാനവാൻ നാ. 1. അറിവുള്ളവൻ; 2. ജ്ഞാനി
ജ്ഞാനവൃദ്ധൻ നാ. അറിവുള്ളവൻ

ജ്ഞാനവ്യസനി നാ. അറിവുനേടുന്നതിനു തീക്ഷ്ണമായ ആഗ്രഹമുള്ള ആൾ
ജ്ഞാനശക്തി നാ. 1. അറിവുനേടാനുള്ള ശക്തി (ഇച്ഛാശക്തി ജ്ഞാനശക്തി ക്രിയാശക്തി എന്ന് ശക്തിയെ മൂന്നായി വിഭജിച്ചിട്ടുള്ളതിൽ ഒന്ന്. കർമബന്ധത്തിൽനിന്ന് ആത്മാവിനെ മോചിപ്പിച്ച് അതിനു ശക്തി നൽകുന്നത്)
ജ്ഞാനസാധനം നാ. അറിവുനേടിക്കൊടുക്കുന്നത്
ജ്ഞാനസിദ്ധൻ നാ. തത്ത്വജ്ഞാനി (ജ്ഞാനം ആർജിച്ചവൻ)
ജ്ഞാനസിദ്ധാന്തം നാ. അറിവിൻെറ അടിസ്ഥാനത്തെ വിവരിക്കുന്ന ശാസ്ത്രം
ജ്ഞാനസ്നാതൻ നാ. ജ്ഞാനസ്നാനം ചെയ്തവൻ
ജ്ഞാനസ്നാനം നാ. (ക്രിസ്തു) ഏഴുവിശുദ്ധകർമങ്ങളിൽ ഒന്ന്, മാമ്മോദീസാ
ജ്ഞാനസ്വരൂപൻ നാ. ഈശ്വരൻ (ജ്ഞാനംതന്നെ ഈശ്വരൻ എന്നതിനാൽ)ജ്ഞാനാകാരി നാ. ജ്ഞാനസ്വരൂപൻ
ജ്ഞാനാകാശം നാ. ചിദാകാശം, വിഷയാതീതമായ ജ്ഞാനത്തെ ആത്മാവു സാക്ഷാത്കരിക്കുന്ന ഇടം. (അതീന്ദ്രിയവിഷയ ഗ്രഹണത്തിനുള്ള ഇടം. ചിഡാകാശം. ഇന്ദ്രിയാനുഭൂതികളിൽനിന്നു ലഭിക്കുന്ന അറിവിൻെറ ഇടം മഹാകാശം)
ജ്ഞാനാന്ധ്യം നാ. അറിവില്ലായ്മ, അജ്ഞത, മൂഢത
ജ്ഞാനാഭാസം നാ. അയഥാർഥജ്ഞാനം
ജ്ഞാനാർഥി നാ. ജ്ഞാനത്തെ അർഥിക്കുന്നവൻ
ജ്ഞാനാവരണം നാ. അറിവിനെ മറയ്ക്കുന്നത്
ജ്ഞാനാസ്ത്രം നാ. 1. ഒരു ദിവ്യാസ്ത്രം; 2. ജ്ഞാനമാകുന്ന അസ്ത്രം
ജ്ഞാനി നാ. 1. അറിവുള്ളവൻ, പണ്ഡിതൻ; 2. ആത്മജ്ഞാനംസിദ്ധിച്ച സന്ന്യാസി; 3. ജ്യോതിഷി
ജ്ഞാനിചതുഷ്ടയം നാ. നാലുതരം ജ്ഞാനികൾ (ബ്രഹ്മവിത്ത്, ബ്രഹ്മവിദ്വരൻ, ബ്രഹ്മവിദ്വര്യൻ, ബ്രഹ്മവിദ്വരിഷ്ഠൻ എന്നിവർ)
ജ്ഞാനേന്ദ്രിയം നാ. ജ്ഞാനസമ്പാദനത്തിനു ഉപകരിക്കുന്ന അവയവം (തൊലി, ചെവി, കണ്ണ്, മൂക്ക്, നാക്ക് ഇവ അഞ്ച്)
ജ്ഞാപക വി. അറിയിക്കുന്ന, മനസ്സിലാക്കിക്കൊടുക്കുന്ന, പഠിപ്പിക്കുന്ന, സൂചിപ്പിക്കുന്ന
ജ്ഞാപകൻ നാ. 1. ഗുരു (അറിവുതരുന്ന ആൾ); 2. യജമാനൻ; 3. രാജാക്കന്മാരുടെ കീഴിലുണ്ടായിരുന്ന ഒരു ഉദ്യോഗസ്ഥൻ
ജ്ഞാപകം നാ. 1. അറിവ്, ഓർമ; 2. അറിയിക്കുന്നത്, ഓർമിപ്പിക്കുന്നത്; 3. കുറിപ്പടി, കുറിമാനം (കാര്യം ഓർമിപ്പിക്കുന്ന എഴുത്ത്); 4. ബുദ്ധി; 5. സംസ്കൃതവ്യാകരണത്തിലെ ഒരു സാങ്കേതിക സംജ്ഞ
ജ്ഞാപനം നാ. 1. അറിയിപ്പ്; 2. അറിവ്, ഓർമ്മ; 3. അറിയിക്കേണ്ടവസ്തുത; 4. (വ്യാക) ജ്ഞാപകം; 5. ജ്ഞാപകം നാലുവിധമുള്ളതിൽ ഒന്ന്; 6. ജ്ഞാപകത്തെ അടിസ്ഥാനമാക്കിയുള്ള നിഗമനം
ജ്ഞാപിത വി. അറിയിക്കപ്പെട്ട
ജ്ഞാപ്യ വി. അറിയിക്കപ്പെടേണ്ട
ജ്ഞായി നാ. ജ്ഞാതാവ്, അറിയുന്നവൻ

ജ്ഞീപ്സ നാ. അറിയാനുള്ള ആഗ്രഹം
ജ്ഞേയ വി. അറിഞ്ഞിരിക്കേണ്ട, അറിയപ്പെടാൻ യോഗ്യതയുള്ള
ജ്യാ(വ്) വി. 1. ഭൂമി; 2. ഞാൺ; 3. (ജ്യോ) ചാപത്തിൻെറ രണ്ടറ്റത്തെയും യോജിപ്പിക്കുന്ന രേഖ (കോടിജ്യാ, അർധ്ജ്യാ, ത്രിജ്യാ മുതലായി ജ്യാക്കൾ പലതരം)
ജ്യാകർഷണം നാ. ഞാൺവലി
ജ്യാഘോഷം നാ. ഞാണൊലി (ഞാൺ വലിച്ചുവിടുമ്പോൾ ഉണ്ടാകുന്ന ശബ്ദം)
ജ്യാനാഥൻ നാ. രാജാവ് (ഭൂമിയുടെ നാഥൻ)
ജ്യാനാദം നാ. ജ്യാഘോഷം
ജ്യാനി നാ. 1. വാർധക്യം; 2. ബലക്ഷയം; 3. ഇല്ലായ്മ, നഷ്ടം; 4. ഉപേക്ഷിക്കൽ; 5. വേദനിപ്പിക്കൽ
ജ്യാമിനി നാ. ക്ഷേത്രഗണിതം
ജ്യായസ്സ് നാ. മൂപ്പുള്ളത്, കൂടുതൽ പ്രായമുള്ളത്, ശ്രേഷ്ഠതരമായത്, മേൽത്തരമായത്
ജ്യായാൻ നാ. 1. ജ്യേഷ്ഠൻ, 2. വലിയവൻ (അറിവ്, പ്രായം, ബലം മുതലായ ഗുണങ്ങൾകൊണ്ട് ശ്രേഷ്ഠതയുള്ള ആൾ)ജ്യായിഷ്ഠ വി. ഏറ്റവും മികച്ച
ജ്യാർധം നാ. ജ്യായുടെ പകുതി
ജ്യാരോപം നാ. ഞാണേറ്റൽ (ഞാൺ വലിച്ചു വില്ലികുലയ്ക്കൽ)
ജ്യാഹതി നാ. വില്ല് ഉപയോഗിക്കുമ്പോൾ ഞാൺ കൈയിൽ ശക്തമായി അടിക്കൽ
ജ്യേഷ്ഠ1 വി. 1. ഏറ്റവും മഹത്വമുള്ളത്, ശ്രേഷ്ഠമായ; 2. വലിയ; 3. ഏറ്റവും അധികം പ്രായമുള്ള; 4. മൂത്ത (മുമ്പുജനിച്ച)
ജ്യേഷ്ഠ2 നാ. 1. മൂത്തസഹോദരി; 2. ഭാര്യമാരിൽ ഭർത്താവിന് അധികം ഇഷ്ടപ്പെട്ടവൾ; 3. ഭാര്യമാരിൽ മൂത്തവൾ; 4. ചേട്ട
ജ്യേഷ്ഠത നാ. 1. ജ്യേഷ്ഠൻെറ ഭാവം; 2. മുൻഗണന; 3. ശ്രേഷ്ഠത
ജ്യേഷ്ഠത്തി നാ. 1. മൂത്തസഹോദരി; 2. ജ്യേഷ്ഠൻെറ ഭാര്യ; 3. ഭാര്യയുടെ ജ്യേഷ്ഠത്തി
ജ്യേഷ്ഠൻ നാ. 1. മൂത്തസഹോദരൻ; 2. മൂത്തസഹോദരിയുടെ ഭർത്താവ്; 3. ഭാര്യയുടെ മൂത്തസഹോദരിയുടെ ഭർത്താവ്; 4. ഭർത്താവിൻെറ ജ്യേഷ്ഠസഹോദരൻ; 5. ഏറ്റവും ശ്രേഷ്ഠൻ; 6. പ്രായംകൊണ്ടു മൂത്തവൻ; 7. വൃദ്ധൻ; 8. ശിവൻ; 9. പരമാത്മാവ്
ജ്യേഷ്ഠപാദൻ നാ. പൂജ്യനായ ജ്യേഷ്ഠൻ
ജ്യേഷ്ഠപുത്രൻ നാ. മൂത്തപുത്രൻ
ജ്യേഷ്ഠം നാ. 1. ഒരുചന്ദ്രമാസം; 2. വെളുത്തീയം; 3. ഏറ്റവും ശ്രേഷ്ഠമായത്; 4. ജീവൻ
ജ്യേഷ്ഠവർണൻ നാ. ബ്രാഹ്മണൻ
ജ്യേഷ്ഠസാമം നാ. ഏറ്റവും ഉത്കൃഷ്ടമായ സാമം

ജ്യേഷ്ഠാദേവി നാ. നിർഭാഗ്യദേവത, ചേട്ട, മൂധേവി
ജ്യേഷ്ഠാംശം നാ. 1. മൂജ്സഹോദരനുകിട്ടേണ്ടപങ്ക്; 2. വലിയ പങ്ക്
ജ്യേഷ്ഠാംബു നാ. കഞ്ഞിയുടെയോ കാടിയുടെയോ പാട
ജ്യേഷ്ഠാമൂലം നാ. 1. ഒരു ചന്ദ്രമാസം; 2. തൃക്കേട്ടയും മൂലവും
ചേരുന്ന ദിവസം
ജ്യേഷ്ഠാശ്രമം നാ. ഗൃഹസ്ഥാശ്രമം
ജ്യേഷ്ഠാശ്രമി നാ. ഗൃഹസ്ഥൻ
ജ്യേഷ്ഠാഷട്ക്കം നാ. കേട്ടമുതൽ ആറുനക്ഷത്രങ്ങൾ
ജ്യൈഷ്ഠം നാ. ഒരു ചന്ദ്രമാസം
ജ്യൈഷ്ഠി നാ. 1. ജ്യേഷ്ഠമാസത്തിലെ വെളുത്തവാവ്; 2. പല്ലി
ജ്യൈഷ്ഠ്യം നാ. ജ്യേഷ്ഠത
ജ്യോതി നാ. ജ്യോതിസ്സ്
ജ്യോതി(ർ)ധ്യാനം നാ. മൂന്നുവിധം ധ്യാനങ്ങളുള്ളതിൽ ഒന്ന്
ജ്യോതിർഗണം നാ. നക്ഷത്രസമൂഹം
ജ്യോതിർഗോളം നാ. നക്ഷത്രം
ജ്യോതിർനായകൻ നാ. സൂര്യൻ
ജ്യോതിർബീജം നാ. മിന്നാമിനുങ്ങ്
ജ്യോതിർമഠം നാ. ബദരീനാഥത്തിൽ ശ്രീശങ്കരൻ സ്ഥാപിച്ച മഠം
ജ്യോതിർമയ വി. 1. തേജോരൂപമായ; 2. നക്ഷത്രപൂർണമായ
ജ്യോതിർലിങ്ഗൻ നാ. ശിവൻ
ജ്യോതിർലിങ്ഗം നാ. പലതരത്തിലുള്ള ശിവലിങ്ഗങ്ങളിൽ ഒരു
വിഭാഗം
ജ്യോതിർലോകൻ നാ. പരമാത്മാവ്
ജ്യോതിർലോകം നാ. ധ്രുവലോകം
ജ്യോതിർവർഗം നാ. ജ്യോതിർഗണം
ജ്യോതിർവിത്ത് നാ. ജ്യോതിശ്ശാസ്ത്രംപഠിച്ചവൻ
ജ്യോതിർവിദ്യ നാ. ജ്യോതിശ്ശാസ്ത്രം, ജ്യോതിഷം
ജ്യോതിരിങ്ഗം നാ. മിന്നാമിനുങ്ങ്.
ജ്യോതിശ്ചക്രം നാ. രാശിചക്രം, ഗ്രഹങ്ങളുടെ ഭ്രമണമാർഗം
ജ്യോതിശ്ശാസ്ത്രജ്ഞൻ നാ. ജ്യോതിശ്ശാസ്ത്രം അറിയുന്നവൻ
ജ്യോതിശ്ശാസ്ത്രം നാ. നക്ഷത്രങ്ങളുടെയും ഗ്രഹങ്ങളുടെയും
ഗതിവിഗതികളെപ്പറ്റി പ്രതിപാദിക്കുന്ന ഗണിതശാസ്ത്രം
ജ്യോതിഷ വി. ഗ്രഹനക്ഷത്രാദികളെ സംബന്ധിച്ച
ജ്യോതിഷം നാ. 1. ജ്യോതിശ്ശാസ്ത്രം; 2. ഒരു ദിവ്യാസ്ത്രം
ജ്യോതിഷി(കൻ) നാ. 1. ജ്യോതിഷത്തിൽ വിദഗ്ദ്ധൻ; 2. ജ്യോതിഷ്കം
ജ്യോതിഷികൻ നാ. ജ്യോതിഷക്കാരൻ
ജ്യോതിഷ്കം നാ. 1. പ്രകാശമുള്ളത്; 2. ഒരു മരം; 3. കൊടുവേലി;
4. ഒരു രാഗം; 5. മേരുവിൻെറ ഒരു കൊടുമുടി
ജ്യോതിഷ്ടോമം നാ. ഒരു സോമയാഗം
ജ്യോതിഷ്ടം നാ. പ്രകാശപൂർണമായ അവസ്ഥ
ജ്യോതിഷ്പതി നാ. സൂര്യൻ

ജ്യോതിഷ്പഥം നാ. ആകാശം
ജ്യോതിഷ്മതി നാ. 1. നക്ഷത്രങ്ങളെക്കൊണ്ടോ നിലാവുകൊണ്ടോ പ്രകാശിക്കുന്ന രാത്രി; 2. ഒരു ഉപനിഷത്ത്; 3. ഒരു ജ്യോതിശ്ശാസ്ത്രഗ്രന്ഥം; 4. ഒരു പ്രബന്ധം; 5. ചെറുപുന്ന; 6. ഉഴിഞ്ഞ; 7. ഒരു രാജ്യം; 8. ഒരു ജന്യരാഗം.
827
ജ്യോതിഷ്മത്ത് വി. പ്രകാശിക്കുന്ന. നാ. പ്രകാശിക്കുന്നത്, തിളക്കമുള്ളത്
ജ്യോതിഷ്മാൻ നാ. 1. സൂര്യൻ; 2. ബ്രഹ്മത്തിൻെറ പാദം; 3. ലോകാവസാനത്തിൽ ഉദിക്കുന്ന ഏഴുസൂര്യന്മാരിൽ ഒന്ന്
ജ്യോതിസ്ത്രയം നാ. സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ ഇവ
ജ്യോതിസ്വരൂപി നാ. ഈശ്വരൻ
ജ്യോതിസ്വരൂപിണി നാ. 1. പരാശക്തി; 2. ഒരു രാഗം
ജ്യോതിസ്സ് നാ. 1. തേജസ്സ്; 2. മിന്നൽ; 3. ഗ്രഹം; 4. സൂര്യൻ; 5. അഗ്നി; 6. നക്ഷത്രം; 7. ചന്ദ്രൻ; 8. പ്രകാശിക്കുന്ന വസ്തു; 9. കൃഷ്ണമണിയുടെ മധ്യത്തിലുള്ള ബിന്ദു; 10. ബ്രഹ്മചൈതന്യം; 11. വിഷ്ണു; 12. ബുദ്ധി; 13. മിന്നാമിനുങ്ങ്
ജ്യോത്സ്ന നാ. 1. നിലാവ്; 2. നിലാവുള്ള രാത്രി; 3. പടവലം; 4. അരേണുകം
ജ്യോത്സ്നാപ്രിയം നാ. ചകോരപ്പക്ഷി
ജ്യോത്സ്നാവൃക്ഷം നാ. 1. വിളക്കുകാല്; 2. മെഴുകുതിരി
ജ്യോത്സ്നി നാ. 1. നിലാവുള്ള രാത്രി; 2. അരേണുകം; 3. പടവലം; 4. കൈപ്പൻപടവലം
ജ്യോത്സ്യൻ നാ. ജ്യോതിഷക്കാരൻ
ജ്യോത്സ്യം നാ. ജനനസമയത്തെ നക്ഷത്രങ്ങളുടെയും ഗ്രഹങ്ങളുടെയും സ്ഥാനവും ഗതിയും അടിസ്ഥാനപ്പെടുത്തി ജീവിതകാലത്തെക്കുറിച്ചു പ്രവചിക്കുന്ന ശാസ്ത്രം, ജ്യോതിഷം
ജ്യൗതിഷപഞ്ചാംഗം നാ. നക്ഷത്രം തിഥി വാരം യോഗം കരണം ഇവ അഞ്ചും രേഖപ്പെടുത്തിയിട്ടുള്ള പഞ്ചാംഗം
ജ്യൗതിഷി നാ. ജ്യോതിഷി
ജ്യൗതിഷികൻ നാ. ജ്യോതിഷക്കാരൻ
ജ്യൗത്സ്നം നാ. വെളുത്തപക്ഷം
ജ്വര വി. ചൂടുള്ള, ചൂടുപിടിച്ച
ജ്വരപ്രലാപം നാ. ജ്വരംകൊണ്ടുള്ള പിച്ചും പേയും പറച്ചിൽ
ജ്വരം നാ. 1. ഒരു രോഗം; 2. മാനസികവികാരങ്ങൾകൊണ്ടുണ്ടാകുന്ന അസ്വസ്ഥത
ജ്വരമാപിനി നാ. ഒരു ഉപകരണം, ഒരുതരം ഉഷ്ണമാപിനി
ജ്വരാതിസാരം നാ. ജ്വരത്തിനോടുകൂടിയ അതിസാരം
ജ്വരിക്കുക ക്രി. 1. പനിക്കുക; 2. കോപമുണ്ടാകുക
ജ്വലത് വി. ജ്വലിക്കുന്ന
ജ്വലനൻ നാ. അഗ്നി
ജ്വലനം നാ. 1. എരിയൽ; 2. കൊടുവേലി; 3. ക്ഷാരം; 4. മൂന്ന് എന്ന സങ്ഖ്യ

ജ്വലനശിഖ നാ. അഗ്നിജ്വാല
ജ്വലനോഷ്മാവ് നാ. ഒരു വസ്തു കത്തുന്നതിന് ആവശ്യമായ ചൂട്
ജ്വലിക്കുക ക്രി. 1. എരിയുക; 2. കോപം ഉണ്ടാകുക
ജ്വലിതം നാ. 1. ചന്ദ്രൻ, ബുധൻ, ശുക്രൻ എന്നിവയോഴിച്ച് ശേഷമുള്ള ഗ്രഹങ്ങൾ നിൽക്കുന്ന രാശി; 2. കത്തിയത്
ജ്വാല നാ. 1. അഗ്നിശിഖ; 2. പ്രകാശം; 3. ചൂട്; 4. വിഷത്തിൻെറ വീര്യം; 5. ഒരു വൃത്തം; 6. ഒരു പുണ്യനദി; 7. തക്ഷകൻെറ ഒരു മകൾ
ജ്വാലാജിഹ്വൻ നാ. അഗ്നി
ജ്വാലാമാലി നാ. അഗ്നി
ജ്വാലാമുഖൻ നാ. 1. അ ി; 2. ഒരു ഭൂതം; 3. ശിവൻ
ജ്വാലാമുഖി നാ. അഗ്നിപർവതം
ജ്വാലി വി. എരിയുന്ന, ശോഭിക്കുന്ന

ഝ

ഝ [ഝ്-അ] അക്ഷരമാലയിലെ ഒൻപതാമത്തെ വ്യഞ്ജനം, ചവർഗത്തിലെ ഘോഷം
ഝകാരം നാ. 'ഝ' എന്ന അക്ഷരം
ഝങ്കാരധ്വനി നാ. (സങ്ഗീ) ഒരു ജനകരാഗം, 19- ം മേളകർത്താവ്
ഝങ്കാരം നാ. 1. 'ഝം' എന്ന ശബ്ദം, മൂളൽ; 2. ഇരമ്പൽ; 3. ആഭരണങ്ങളുടെയും മറ്റും കിലുക്കം
ഝങ്കാരിണി നാ. നദി, ഗങ്ഗ
ഝഞ്ഝ നാ. 1. കൊടുങ്കാറ്റിൻെറ ശബ്ദം; 2. മഴപെയ്യുന്ന ശബ്ദം; 3. ചിലമ്പൊലി; 4. വലിയ തുള്ളികളായി മഴപെയ്യൽ; 5. കളഞ്ഞുപോയ വസ്തു
ഝഞ്ഝാനിലൻ നാ. മഴയോടുകൂടിയ കൊടുങ്കാറ്റ്
ഝഞ്ഝമേഘം നാ. മഴയും കൊടുങ്കാറ്റുമുണ്ടാക്കുന്ന മേഘം
ഝട നാ. 1. കിഴുകാനെല്ലി; 2. ശോഭ
ഝടാന്ന് അവ്യ. പെട്ടെന്ന്, വേഗത്തിൽ, ചട്ടെന്ന്
ഝടി നാ. ചെടി, കുറ്റിച്ചെടി
ഝടിതി അവ്യ. വേഗത്തിൽ, പെട്ടെന്ന്
ഝണഝണിതം നാ. ഝണഝണ എന്ന ശബ്ദം
ഝണ്ഡു നാ. ഒരിനം ഔഷധച്ചെടി
ഝമ്പ നാ. 1. (സങ്ഗീ) ഒരു താളം; 2. കുതിപ്പ്, ചാട്ടം
ഝമ്പട നാ. (സങ്ഗീ) ഒരു താളം
ഝമ്പം നാ. കുതിപ്പ്, ചാട്ടം
ഝമ്പാകം നാ. കുരങ്ങ്
ഝമ്പാരു നാ. കുരങ്ങ്
ഝമ്പാശി നാ. 1. നീർകാക്ക; 2. പൊന്മ
ഝമ്പി നാ. കുരങ്ങ്
ഝർഝര നാ. വേശ്യ
ഝർഝരകം നാ. കലിയുഗം

ഝർഝരം നാ. 1. ഒരു ചർമവാദ്യം; 2. കലിയുഗം; 3. ചൂരൽ വടി; 4. ഇരുമ്പുചട്ടുകം; 5. ഒരിനം ഇലത്താളം

ഝർഝരാവതി നാ. ഗങ്ഗാനദി

ഝർഝരി നാ. 1. ഒരുചർമവാദ്യം; 2. ഉടുക്കുകാരൻ; 3. ശിവൻ

ഝർഝരിത വി. ജീർണിച്ച

ഝർഝരീകം നാ. 1. രാജ്യം, രാജ്യവിഭാഗം; 2. ദേഹം; 3. ചിത്രം

ഝര(ം) നാ. 1. വെള്ളച്ചാട്ടം, നദി; 2. ഉറവ, ഊറ്റ്; 3.പ്രവാഹം; 4. തുടർച്ചയായുള്ള മഴ; 5. വെള്ളം വീഴുന്ന സ്ഥലം; 5. കൂട്ടം

ഝരിഘ നാ. ഒരിനം വലിയ ഇലത്താളം

ഝല നാ. 1. പുത്രി; 2. സൂര്യപ്രകാശം; 3. തിളക്കം, പ്രകാശം; 4. ചീവീട്

ഝലകണ്ഠം നാ. മാടപ്രാവ്

ഝലരി നാ. 1. കുറിയാട്; 2. ഒരു ചർമവാദ്യം

ഝല്ലകം നാ. കൈമണി

ഝല്ലകി നാ. 1. കൈമണി; 2. ചർമവാദ്യം

ഝല്ലൻ നാ. വ്രാത്യക്ഷത്രിയന് അതേജാതി സ്ത്രീയിൽ ജനിച്ചവൻ

ഝല്ലര,-രി നാ. 1. ഒരു ചർമവാദ്യം; 2. കൈമണി; 3. കുറുനിര; 4. കുറിയാട്; 5. ഈർപ്പം; 6. പരിശുദ്ധി

ഝല്ലി നാ. ഒരു ചർമവാദ്യം

ഝല്ലിക നാ. 1. ശോഭ, തിളക്കമ്മ്, പ്രകാശം; 2. സുഗന്ധദ്രവ്യമോ ചായമോ തേക്കുവാനുള്ള തുണി

ഝഷകേതൻ നാ. കാമദേവൻ

ഝഷബന്ധം നാ. തടികൾ വെട്ടിച്ചേർക്കുന്ന രീതികളിൽ ഒന്ന്

ഝഷം നാ. 1. വലിയമീൻ; 2. (ജ്യോ) മീനം രാശി; 3. മകരം രാശി; 4. ചൂട്, വെയിൽ; 5. കാട്, വനം; 6. മണൽക്കാട്; 7. വലിയ ഊരകം

ഝഷാശനം നാ. 1. ചീങ്കണ്ണി; 2. കടൽപ്പന്നി

ഝാങ്കൃതം നാ. 1. പാദസരം തണ്ട തുടങ്ങിയ കിലുങ്ങുന്ന ആഭരണങ്ങൾ; 2. ആഭരണങ്ങളുടെയും മറ്റും ശബ്ദം; 3. വെള്ളച്ചാട്ടത്തിൻെറ ശബ്ദം

ഝാടം നാ. 1. വള്ളിക്കുടിൽ; 2. കാട്, കുറ്റിക്കാട്; 3. വ്രണം കഴുകൽ

ഝാമകം നാ. ഇഷ്ടിക, ചുടുകല്ല്

ഝാമരം നാ. ഒരിനം ചെറിയ ചാണ

ഝാർജ്ഝരൻ നാ. ഝർജ്ഝരവാദ്യം വായിക്കുന്നവൻ

ഝാല നാ. ചീവീട്

ഝാലരി നാ. 1. കുഴിത്താളം, ജാലർ; 2. ഒരിനം ചർമവാദ്യം; 3. ഒരു വൃക്ഷം

ഝാലി നാ. ഉപ്പിലിട്ടമാങ്ങ, കടുമാങ്ങ

ഝിങ്ഗിനി നാ. 1. പന്തം, തീവെട്ടി; 2. ഒരിനം വെള്ളരി; 3. കാരിലവ്

ഝിഞ്ഝി നാ. ചീവീട്

ഝിരീക നാ. ചീവീട്
ഝില്ലിക നാ. ചീവീട്
ഝില്ലി നാ. 1. ചീവീട്; 2. കൈമണി; 3. വിളക്കിൻെറ തിരി; 4. തോൽക്കടലാസ്; 5. ശോഭ; 6. സൂര്യപ്രകാശം; 7. ചായംതേക്കുന്നതിനും സുഗന്ധദ്രവ്യങ്ങൾ പുരട്ടുന്നതിനുമുള്ള തുണി
ഝുണി നാ. 1. ഒരിനം പാക്ക്; 2. ദുശ്ശകുനം; 3. കുറുംകാട്; 4. വൃക്ഷം
ഝൗലികം [സം.] നാ. ചെറിയ സഞ്ചി

ഞ

ഞ [ഞ്-അ] മലയാള അക്ഷരമാലയിലെ പത്താമത്തെ വ്യഞ്ജനം. ചവർഗത്തിലെ അനുനാസികം
ഞകാരം നാ. 'ഞ' എന്ന അക്ഷരം
ഞങ്ങൾ [ഞാൻ-കൾ] ഉ.പു. സ.നാ. 'ഞാൻ' എന്നതിൻെറ ബ.വ.
ഞഞ്ഞാമിഞ്ഞ നാ. 1. പ്രലപനം, അർഥമില്ലാത്ത സംസാരം
ഞടുങ്ങുക ക്രി. നടുങ്ങുക
ഞടുഞ്ഞട അവ്യ. ഞടുഞ്ഞട ശബ്ദത്തോടുകൂടി
ഞട്ടന അവ്യ. 1. പെട്ടെന്ന്; 2. ഞെട്ടത്തക്കവണ്ണം
ഞണയുക ക്രി. നെയ്യുക, മെടയുക
ഞണുക്കം നാ. ഞണുങ്ങൽ
ഞണുക്ക് നാ. ചതവ്, ചുളുക്ക്. ഉദാ: ഞണുക്കുവള
ഞണുങ്ങുക ക്രി. 1. രൂപഭേദം വരിക, തട്ടിയോ മുട്ടിയോ പുറം ഉള്ളിലേക്കു കുഴിയുക, ചുളുങ്ങുക, ചതയുക
ഞണുഞ്ഞണുപ്പ് നാ. 1. ചൊടിയില്ലായ്മ, മാന്ദ്യം; 2. ഒട്ടൽ
ഞണുഞ്ഞണെ അവ്യ. തളർന്നവിധം, ചൊടിയില്ലാതെ
ഞണുമിണുക്കുക ക്രി. നിരുന്മേഷമായിരിക്കുക
ഞണ്ട് നാ. കാലുകളുള്ള ഒരു ജലജീവി
ഞണ്ണുക ക്രി. 1. തിന്നുക, വിഴുങ്ങുക, നുണഞ്ഞിറക്കുക; 2. (പരിഹാസം) പ്രയത്നിക്കാതെ തിന്നുക
ഞമ നാ. 1. ഒരു വലിയ മരം; 2. ഒരു ഏകവാർഷികച്ചെടി
ഞമഞ്ഞി നാ. നത്തയ്ക്ക
ഞമഞ്ഞിക്ക നാ. 1. കക്ക; 2. മുത്തുച്ചിപ്പി
ഞമൻ [<സം.യമ] നാ. യമൻ
ഞമലി നാ. 1. മയിൽ; 2. പട്ടി; 3. കള്ള്
ഞമുങ്ങുക ക്രി. ഞണുങ്ങുക, അമുങ്ങുക, ഞെങ്ങുക
ഞമുണ്ടുക ക്രി. ഞെക്കുക, ഞവിടുക, വിരകിപ്പിഴിയുക
ഞമ്മൽ നാ. പൂർണവളർച്ചയെത്താത്ത പേൻ, നമ്മൽ
ഞരക്കം നാ. കടുത്തവേദനയോ ക്ഷീണമോമൂലം പുറപ്പെടുവിക്കുന്ന അടക്കിയ ശബ്ദം; 2. പരുപരുത്ത ശബ്ദം; 3. നെടുവീർപ്പ്
ഞരങ്ങൽ നാ. ഞരക്കം

ഞരങ്ങുക ക്രി. 1. ദീനസ്വരം പുറപ്പെടുവിക്കുക; 2. നെടുവീർപ്പിടുക; 3. പരുപരുത്ത ശബ്ദം പുറപ്പെടുവിക്കുക

ഞരഞ്ചൻപുളി നാ. ഒരു വള്ളിച്ചെടി

ഞരട് നാ. ഞെരട്

ഞരടുക ക്രി. ഞെരടുക

ഞരണ്ട വി. ബലമില്ലാത്ത, മെലിഞ്ഞ

ഞരമ്പിളക്കം നാ. ഒരു രോഗം; 2. കോപം

ഞരമ്പ് നാ. 1. രക്തവാഹിക്കുഴൽ; 2. നാരുപോലുള്ള സൂക്ഷ്മസിര; 3. മാംസപേശികളെ അസ്ഥിയുമായി ഘടിപ്പിക്കുന്ന വള്ളിപോലുള്ള ഭാഗം

ഞരമ്പുരോഗം നാ. ഞരമ്പുകളുടെ ക്രമരഹിതമായ പ്രവർത്തനം, സിരാവൈകല്യം

ഞരമ്പുവലി നാ. ഒരു ഞരമ്പുരോഗം

ഞരമ്പോടൽ നാ. വണ്ണം കുറഞ്ഞ ഒരിനം ഓടൽ വള്ളി

ഞരലുക ക്രി. ഞരളുക

ഞരവ് നാ. ഞരമ്പ്

ഞരള നാ. ഒരുതരം വള്ളിച്ചെടി

ഞരളുക ക്രി. ശബ്ദിക്കുക, മുഴങ്ങുക

ഞരി നാ. നരി

ഞരിയാണി നാ. നരിയാണി

ഞരുളുക ക്രി. ബലമില്ലാതാകുക, മെലിയുക

ഞലവൽ നാ. 1. മിന്നാമിനുങ്ങ്; 2. നരിച്ചീർ

ഞല്ലി വി. എല്ലുമാത്രമുള്ള, കനം കുറഞ്ഞ, മെലിഞ്ഞ. നാ. നട്ടെല്ല്, എല്ല്

ഞവണിക്ക നാ. നത്തയ്ക്ക

ഞവണ്ടുക ക്രി. ഞവിടുക (ഞെവിടുക)

ഞവർക്കുക ക്രി. ഉഴുതനിലം നിരത്തുക, നിരപ്പാക്കുക.

829

ഞവര നാ. 1. ഒരുജാതി നെല്ല്; 2. ഒരു ഔഷധസസ്യം; 3. ഒരു കടൽ മത്സ്യം

ഞവര് നാ. ഒരു കൃഷിയായുധം, ഊർച്ചപ്പലക

ഞവറ് നാ. ഒരുചെറുപ്രാണി

ഞവറുക ക്രി. പല്ലുകൾ കൂട്ടിക്കടിക്കുക, പല്ലിറുമ്മുക

ഞവിക്കുക ക്രി. 1. നുളയ്ക്കുക, പിടയുക, പുളയുക; 2. അഴുകുക, കൃമിക്കുക, പുഴുഅരിക്കുക, ചീയുക

ഞവിടുക ക്രി. ഞമുണ്ടുക

ഞവിണി നാ. ഞവണി

ഞവുളി നാ. ഞമ്മൽ

ഞവുറുക ക്രി. ഞവറുക

ഞളുക്കുക ക്രി. 1. കുതിരുക; 2. തണുക്കുക

ഞളുങ്ങുക1 ക്രി. 1. നനഞ്ഞുകുതിരുക; 2. തണുത്തു വിറയ്ക്കുക; 3. ആത്മവിശ്വാസം ഇല്ലാത്തമട്ടിൽ സംസാരിക്കുക

ഞളുങ്ങുക2 ക്രി. ഞണുങ്ങുക
ഞളുപ്പം നാ. 1. നനവ്, ഈർപ്പം; 2. തണുപ്പ്
ഞളുവൽ വി. താണ, മോശപ്പെട്ട, ചീത്തയായ
ഞള്ള വി. 1. വളർച്ചയെത്താത്ത, പ്രായം കുറഞ്ഞ, വിളഞ്ഞു പാകമാകാത്ത; 2. അകാലവാർദ്ധക്യമ്പ്രാപിച്ച, ആരോഗ്യം ഇല്ലാത്ത, ഫലപുഷ്ടികുറഞ്ഞ
ഞള്ളി വി. വളരെ കനം കുറഞ്ഞ, മെലിഞ്ഞ
ഞറിക്കീൽ നാ. നരിച്ചീറ്
ഞറു നാ. 1. ഒരു ചെറിയ പ്രാണി; 2. നരിച്ചീർ
ഞറുക്ക് നാ. നറുക്ക്
ഞറുക്കുക ക്രി. നറുക്കുക
ഞറുങ്ങണം നാ. ഇഞ്ചിപ്പുല്ല്
ഞറുങ്ങിണി വി. ഏറ്റവും ഇളയ, തീരെ ചെറിയ. നാ. ഏറ്റവും ഇളയത്, തീരെചെറിയ വസ്തു
ഞറുങ്ങുക1 ക്രി. 1. പല്ല് ഇറുമ്മുക; 2. ഞരങ്ങുക
ഞറുങ്ങുക2 ക്രി. നുറുങ്ങുക
ഞറുഞറുക്കുക ക്രി. 1. അമർഷം, കോപം തുടങ്ങിയ വികാരങ്ങൾ പ്രകടിപ്പിക്കുന്നതിന് പല്ലുകൾ ഇറുമ്മി 'ഞറുഞറു' എന്ന ശബ്ദം പുറപ്പെടുവിക്കുക; 2. ഉണങ്ങിയ ചുള്ളികളും മറ്റും ഞെരിയുമ്പോൾ എന്നപോലുള്ള ശബ്ദം
ഞാഞ്ഞൂൽ നാ. മണ്ണിര
ഞാഞ്ഞൂൽപ്പുറ്റ് നാ. കുക്കിരിക്കട്ട, കുരിച്ചിക്കട്ട
ഞാട്ട നാ. ഒരിനം കോല്
ഞാൺ നാ. 1. വില്ല് വലിച്ചുകെട്ടുന്നതിനുള്ള ചരട്; 2. ചരട്, കയറ്; 3. തംബുരു, വീണ മുതലായ സങ്ഗീതവാദ്യങ്ങളുടെ തന്ത്രി; 4. അരഞ്ഞാൺ; 5. ഒരു വക്രരേഖയുടെ രണ്ടുബിന്ദുക്കളെത്തമ്മിൽ യോജിപ്പിക്കുന്ന ഋജുരേഖാഖണ്ഡം
ഞാൺതഴമ്പ് നാ. വലിച്ചുവിട്ട ഞാൺ വന്ന് അടിക്കുന്നതുകൊണ്ട് വില്ലാളികളുടെ കയ്യിലുണ്ടാകുന്ന തഴമ്പ്
ഞാൺപൂട്ടുക ക്രി. വില്ലിൽ ഞാൺ വലിച്ചുകെട്ടുക
ഞാണ്വായ് നാ. ഞാണിൽ അമ്പുതൊടുക്കുന്ന ഭാഗം
ഞാണിന്മേൽക്കളി നാ. 1. രണ്ടറ്റവും വലിച്ചുകെട്ടിയ കയറിലോ കമ്പിയിലോ കയറിനിന്നു ചെയ്യുന്ന കളി; 2. (പ്ര) ആപത്കരമായ പ്രവൃത്തി
ഞാണുക ക്രി. ഞാലുക
ഞാണൂൽ നാ. ഞാഞ്ഞൂൽ
ഞാണേറ്റുക ക്രി. വില്ലുകുലയ്ക്കുക
ഞാണൊലി നാ. വില്ലിൻെറ ഞാൺ വലിച്ചുവിടുമ്പോഴുണ്ടാകുന്ന ശബ്ദം
ഞാത്ത് നാ. 1. തൂക്കൽ, തൂക്കിയിടൽ; 2. തൂക്കിയിടുന്ന ഒരു ആഭരണം; 3. ഞാന്നുകിടക്കുന്നത്
ഞാത്തുക ക്രി. 1. തൂക്കിയിടുക, കെട്ടിത്തൂക്കുക; 2. വസ്ത്രം ധരിക്കുമ്പോൾ കണങ്കാലോളം താഴ്ത്തിയിടുക

ഞാൻ (ഉ.പു. സ.നാ. ഏ.വ. ഉഭയലിങ്ഗം)
സംസാരിക്കുന്ന ആൾ സ്വയം നിർദേശിക്കാൻ ഉപയോഗിക്കുന്ന സ.നാ.
ഞായം [പാ.ഞായ] നാ. = ന്യായം. (പ്ര) ഞായം പറയുക = എതിർവാദം ചെയ്യുക, എന്തെങ്കിലും മുടക്കുപറഞ്ഞൊഴിയുക
ഞായൽ നാ. 1. കൊത്തളം, കോട്ട; 2. ഞാറ്റടി
ഞായർ [ത.നായിറു] നാ. 1. സൂര്യൻ; 2. സൂര്യവാരം; 3. മാസം, സൗരമാസം
ഞായറാഴ്ച നാ. ഓരോ ആഴ്ചയിലെയും ആദ്യത്തെ ദിവസം
ഞായിൽ നാ. = ഞായൽ
ഞായിൽക്കാവൽ നാ. കോട്ടവാതിലിൽ കാവൽനിന്നു നഗരം സംരക്ഷിക്കുന്നവൻ
ഞാരൽ നാ. 1.ഞാരു; 2. ഒരു വൃക്ഷം
ഞാലം നാ. ഭൂമി, ലോകം
ഞാലി വി. തൂങ്ങുന്ന, തൂങ്ങിക്കിടക്കുന്ന. നാ. 1. ഞാത്ത്; 2. ഒരു ആഭരണം, താലി; 3. വാളിൻെറയും മറ്റും പിടിയിൽ അലങ്കാരമായി തൂക്കിയിടുന്ന തുഞ്ചം; 4. വൃക്ഷങ്ങളുടെ കൊമ്പുകളിൽനിന്നു ഞാന്നുകിടക്കുന്ന വേര്; 5. വെടിലക്കൊടിയുടെ തണ്ടിൽനിന്നു പൊട്ടി താഴോട്ടുവളരുന്ന ശാഖ; 6. വീടിൻെറ വശങ്ങളിൽ കെട്ടിയുണ്ടാക്കുന്ന വരാന്ത
ഞാലിക്കൂത്ത് നാ. ഒരുതരം കൂത്ത്, പറക്കും കൂത്ത്
ഞാലിച്ചം നാ. തൂങ്ങൽ
ഞാലിപ്പൂട്ട് നാ. ഏത്തത്തിൻെറ മുള
ഞാലുക ക്രി. തൂങ്ങുക, തൂങ്ങിക്കിടക്കുക
ഞാലിച്ച നാ. ഞാലുക എന്ന പ്രവൃത്തി
ഞാവൽ നാ. ഒരു വലിയ വൃക്ഷം
ഞാവുക ക്രി. 1. ധാന്യങ്ങൾ പാറ്റി കല്ലും മറ്റും വേർതിരിച്ചെടുക്കുക; 2. നുള്ളിപ്പെറുക്കിയെടുക്കുക
ഞാളുവ നാ. ചാളുവ
ഞാഴൽ നാ. ഒരു വലിയ മരം, പ്രിയങ്ഗു
ഞാറ1 നാ. 1. ഞാറൽ; 2. ഞാവൽ
ഞാറ2 നാ. ഒരു പക്ഷി
ഞാറ് നാ. ഇളക്കിമാറ്റി നടുന്നതിനായി പ്രത്യേക തടങ്ങളിൽ വളർത്തുന്ന നെല്ലിൻെറ തൈ. (പ്ര) ഞാറലക്കുക
ഞാറുകാലി നാ. 1. വെറ്റിലക്കൊടി കുരുമുളകുകൊടി മുതലായവയുടെ ശാഖ; 2. (പ്ര) ഉപയോഗമില്ലാത്തത്
ഞാറുവട്ടം നാ. ഞാറ്റടി
ഞാറുവാലി നാ. ഞാറുകാലി
ഞാറ്റടി നാ. 1. നെല്ലുവിത്തുപാകി ഞാറുവളർത്തിയെടുക്കുന്നതിന് ഒഴിച്ചിട്ടിരിക്കുന്ന നിലം; 2. ഒന്നിച്ചു കിടക്കുന്ന വയലുകൾ ചേർന്ന സ്ഥലം
ഞാറ്റുകണ്ടം നാ. ഞാറ്റടി
ഞാറ്റുകാലാ നാ. ഞാറുപറിച്ചെടുത്ത് ഒഴിയുന്ന ഞാറ്റടി

ഞാറ്റുതല നാ. ഞാറ്റുനില
ഞാറ്റുനില നാ. 1. ഞാറ്റുവേല; 2. നടുതലയ്ക്കു കൊള്ളാവുന്ന സമയം
ഞാറ്റുപാട്ട് നാ. ഞാറു നടുമ്പോൾ പാടുന്ന ഒരിനം പാട്ട്
ഞാറ്റുമുടി നാ. ഒരുപിടി ഞാറുകെട്ടിയത്
ഞാറ്റുവട്ടം നാ. ഞാറ്റടി
ഞാറ്റുവേല1 നാ. സൂര്യൻ ഒരു നക്ഷത്രത്തിൽ നിൽക്കുന്ന കാലം
ഞാറ്റുവേല2 നാ. ഞാറുനടുന്നതിനു കൊള്ളാവുന്ന സമയം
ഞാറ്റൂട്ട് നാ. ഞാറുപറിക്കലും നടലും കഴിഞ്ഞു പണിക്കാർക്കു കൊടുക്കുന്ന സദ്യ
ഞിള്ളി നാ. മരത്തിൻെറയും മറ്റും മുകൾഭാഗം. (പ്ര) ഞിള്ളിക്കൊമ്പ്
ഞുളയുക ക്രി. നുഴയുക
ഞുള്ളുക ക്രി. നുള്ളുക
ഞുറുങ്ങുക ക്രി. നുറുങ്ങുക
ഞുറുമ്പ് നാ. ചേമ്പ്
ഞെകിഴം നാ. കാൽച്ചിലങ്ക
ഞെകിഴി നാ. 1. നൂപുരം; 2. തീ; 3. വിറക്
ഞെകിഴുക ക്രി. 1. അയയുക, ഊരിപ്പോരുക; 2. ഞെങ്ങുക; 3. തളരുക; 4. മെലിയുക; 5. ഉരുകുക; 6. വിടരുക
ഞെക്കൽ നാ. അമർത്തൽ
ഞെക്കുക ക്രി. അമർത്തുക, അമുക്കുക, ഞെരുക്കുക. (പ്ര) ഞെക്കിക്കൊല്ലുക, ഞെക്കിനോക്കുക, ഞെക്കിപ്പഴുപ്പിക്കുക
ഞെക്കുവിളക്ക് നാ. ടോർച്ച്
ഞെങ്ങുക ക്രി. 1. അമരുക, സമ്മർദത്തിനുവിധേയമാകുക, ചതയുക, ചുളുങ്ങുക; 2. ബുദ്ധിമുട്ടുക, ക്ലേശിക്കുക. (പ്ര) ഞെങ്ങിക്കഴിയുക
ഞെട നാ. വൃക്ഷങ്ങൾ ഒടിയുകയോ വീഴുകയോ ചെയ്യുമ്പോളുണ്ടാകുന്ന ശബ്ദം
ഞെടിക്കുക ക്രി. ഞൊടിക്കുക
ഞെടുഞെടുക്കുക ക്രി. നടുങ്ങുക
ഞെടുഞ്ഞെടെ അവ്യ. 1. ഞെട്ടത്തക്കവണ്ണം; 2. ഞെടുഞ്ഞെടെ ശബ്ദത്തോടെ; 3. പെട്ടെന്ന്
ഞെടുപ്പ് നാ. ഞെട്ട്
ഞെട്ടനെ അവ്യ. 1. നിവർന്ന്, നെട്ടനെ; 2. ഞെട്ടും വണ്ണം
ഞെട്ടൽ നാ. ഭയംതുടങ്ങിയ വികാരങ്ങൾകൊണ്ടു പെട്ടെന്നു മനസ്സിൽ ക്ഷോഭമുണ്ടാകുമ്പോൾ ശരീരത്തിനുണ്ടാകുന്ന പ്രതികരണം
ഞെട്ടാവൽ നാ. ഒരിനം മരം
ഞെട്ടി1 നാ. ഞെട്ട്
ഞെട്ടി2 നാ. 1. ഞൊട്ട; 2. ഒരു മർമം. (പ്ര) ഞെട്ടിയൊടിക്കുക
ഞെട്ടി3 [ഞെട്ടുക] ഭൂ.രൂപം

ഞെട്ടിക്കുഴിയൻ നാ. ഒരുതരം മാവ്
ഞെട്ടിക്കൂവ നാ. ചവ്വരി
ഞെട്ടിപ്പന നാ. ഒരിനം പന
ഞെട്ട് നാ. പൂവ് ഇല കായ് എന്നിവയെ ശാഖയുമായി ബന്ധിപ്പിക്കുന്ന ഭാഗം
ഞെട്ടുക ക്രി. ഞെട്ടലുണ്ടാകുക, നടുങ്ങുക
ഞെണങ്ങുക ക്രി. ഞണുങ്ങുക
ഞെണ്ടാഴക്ക് നാ. നാഴിയുടെ 1/32 ഭാഗം
ഞെരട്1 [ഞെരടുക] ധാതുരൂപം
ഞെരട്2 നാ. ഞെരടൽ
ഞെരടുക ക്രി. ഞവിടുക, ഞെരിക്കുക
ഞെരി നാ 1. ഉണങ്ങിയ ചുള്ളിക്കമ്പ്; 2. വള്ളിചുറ്റിപ്പടർന്നു കയറുന്നതിനായി നാട്ടിക്കൊടുക്കുന്ന കമ്പ്
ഞെരിക്കുക ക്രി. അമർത്തുക, മർദിക്കുക, ചതയ്ക്കുക, പൊട്ടിക്കുക
ഞെരിച്ചിൽ [<ഞെരിയുക] നാ. 1. അമർത്തൽ, പൊട്ടിക്കൽ, ചതയ്ക്കൽ; 2. ഞെരിക്കുമ്പോൾ ഉണ്ടാകുന്ന ശബ്ദം
ഞെരിഞ്ഞൽ നാ. = ഞെരിഞ്ഞിൽ
ഞെരിഞ്ഞിൽ നാ. ഒരു ഔഷധസസ്യം
ഞെരിപ്പട നാ. ഒരു പലഹാരം
ഞെരിപ്പ്1 [<ഞെരിയുക] നാ. ഞെരിച്ചിൽ
ഞെരിപ്പ്2 നാ. നെരുപ്പ്. (പ്ര) ഞെരിപ്പൂതി = അടുക്കളവേലക്കാരൻ
ഞെരിയാണി നാ. നരിയാണി
ഞെരിയുക ക്രി. ഉടയുക, പൊടിയുക, നുറുങ്ങുക
ഞെരിവട്ടം നാ. വിഷമകരമായസ്ഥിതി
ഞെരിവ് നാ. ഉടവ്, ചതവ്
ഞെരുക്കം1 നാ. 1. ഞെരുങ്ങിയിരിക്കുന്ന സ്ഥിതി; 2. സമ്മർദം, ഉപദ്രവം; 3. പ്രയാസം; 4. ആവശ്യം
ഞെരുക്കം2 നാ. = ഞരുക്കം
ഞെരുക്ക് നാ. ചെറുകഴുക്കോൽ കേറ്റുന്നതിന് കഴുക്കോലിൽ വച്ചുകെട്ടുന്ന വരി
ഞെരുക്കുക ക്രി. 1. അമർത്തുക, അമക്കുക, സമ്മർദം ഏൽപ്പിക്കുക; 2. ക്ലേശിപ്പിക്കുക
ഞെരുങ്ങുക ക്രി. ഞരങ്ങുക
ഞെരുഞെരെ അവ്യ. ഞെരിയുന്ന ശബ്ദത്തോടുകൂടി, ഞെരുങ്ങിത്തകരുംവിധം
ഞെറവ് നാ. നഖത്തിനു ചുവട്ടിലെ തൊലി
ഞെളി നാ. ഞെളിവ്
ഞെളിക്കുക ക്രി. ഞെളിയാൻ കാരണമാകുക

ഞെളിച്ചിൽ നാ. 1. ശരീരം പിന്നിലേക്കു വളയ്ക്കൽ; 2. ഔദ്ധത്യം, അഹങ്കാരം
ഞെരിപിരികൊള്ളുക ക്രി. 1. അസ്വാസ്ഥതമൂലം ശരീരം പുളയുക; 2. ക്ലേശിക്കുക, വിഷമിക്കുക
ഞെളിയൻ നാ. 1. ശരീരത്തിന് പിന്നിലേക്ക് വളവുള്ളയാൾ; 2. അഹങ്കാരി
ഞെളിയൽ നാ. ഞെളിവ്
ഞെളിയുക ക്രി. 1. ശരീരം പിൻഭാഗത്തേയ്ക്കു വളയുക; 2. വളയുക; 3. അഹങ്കരിക്കുക, ഔദ്ധത്യം നടിക്കുക, വമ്പുകാട്ടുക
ഞെളിവ് നാ. 1. ശരീരത്തിനു പിറകോട്ടുള്ള വളവ്; 2. വളവ്; 3. അഹങ്കാരം
ഞെള്ളൽ നാ. 1. ഒലിപ്പ്, ചൊർച്ച; 2. വഴി, വീഥി
ഞെള്ള് നാ. 1. മുളകീറുമ്പോൾ ഏങ്കോണിച്ചുപോകൽ; 2. ഞെട്ടൽ
ഞെള്ളുക ക്രി. ഏങ്കോണിക്കുക, ചരിഞ്ഞുപോകുക
ഞെഴുക് നാ. 1. കൈനാറി; 2. കുറ്റിക്കാട്
ഞെറി നാ. 1. തുണിയിലും മറ്റും ഒരേമാതിരിയിലുണ്ടാക്കുന്ന ചുളുക്ക്; 2. ചുളിവ്
ഞെറികൽ നാ. രോഗത്തിൻെറതുടക്കത്തിൽ ദേഹത്തുണ്ടാകുന്ന അസ്വാസ്ഥ്യം
ഞെറികോവ നാ. പനയോലയുടെ ഇലയിലുള്ള മടക്ക്
ഞെറിച്ചിൽ നാ. ചുളി, മടക്ക്
ഞെറിയൽ നാ. ഞെറിവ്
ഞെറിയുക ക്രി. 1. തുണിയിൽ കൃത്യമായ അകലത്തിൽ ഒരേ മാതിരിയുള്ള ചുളുക്കുണ്ടാക്കുക; 2. ചുളുക്കുക, വളയ്ക്കുക, വക്രിപ്പിക്കുക. (പ്ര) ഞെറിഞ്ഞുടുപ്പ്
ഞെറിവ് നാ. ചുളിമടക്ക്, ചുളുക്ക്
ഞെറുകുക ക്രി. രോഗാരംഭത്തിൽ ശരീരത്തിന് അസുഖം തോന്നുക
ഞെറുമ്പൽ നാ. ഞെറുമ്പുന്ന പ്രവൃത്തി
ഞെറുമ്പുക ക്രി. 1. പല്ലിറുമ്മുക; 2. മുറുക്കുക, പിരിക്കുക; 3. മൂരിനിവരുക
ഞെറ്റിയൽ നാ. ഓളം
ഞെറ്റുക ക്രി. അടിക്കുക, തട്ടുക
ഞേഞ്ഞോൽ നാ. 1. കലപ്പത്തണ്ട്; 2. കലപ്പ; 3. ആയുധം; 4. ഒരു നക്ഷത്രസമൂഹം, മകം
ഞേടുക ക്രി. = ഞോടുക
ഞേട്ടം നാ. വിരൽ മുട്ടുകൊണ്ടുള്ള കിഴുക്ക്
ഞേലം നാ. തൂങ്ങിക്കിടക്കുന്ന ഒരു കർണാഭരണം.
831
ഞേള നാ. ശ്വാസം. (പ്ര) ഞേളയിടുക

ഞേളുക ക്രി. 1. അന്ത്യശ്വാസം വലിക്കുക
ഞേറൽ നാ. = ഞാറൽ
ഞേറ് നാ. ഒരിനം ചെറിയ ചെടി
ഞേറ്റം നാ. ഞാത്ത്
ഞേറ്റുക ക്രി. ഞാത്തുക
ഞൊങ്ങ നാ. 1. കൈയുടെ ശോഷിപ്പ്; 2. വളഞ്ഞതോ ശോഷിച്ചതോ ആയ കൈ
ഞൊങ്ങൻ നാ. കൈ ശോഷിച്ചവൻ
ഞൊങ്ങ് നാ. ഞൊങ്ങ
ഞൊങ്ങുക ക്രി. ശോഷിച്ചുപോവുക
ഞൊങ്ങണം നാ. ഒരിനം പുല്ല്
ഞൊങ്ങ് നാ. നൊങ്ങ്
ഞൊടി നാ. 1. ഞൊടിക്കുമ്പോളുണ്ടാകുന്ന ശബ്ദം; 2. ഒരു നിമിഷം; 3. കരിഞ്ഞോട്ടമരം
ഞൊടിക്കുക ക്രി. 1. വിരൽസന്ധികൾ തെറ്റിച്ചോ വിരലുകൾതമ്മിൽ തെറ്റിച്ചോ ശബ്ദം പുറപ്പെടുവിക്കുക; 2. ചൊറികുത്തുക; 3. കുമിളപൊട്ടിക്കുക
ഞൊടിഞൊട്ട നാ. ഒരു ഏകവാർഷികച്ചെടി
ഞൊടിപ്പ് നാ. ഞൊടിക്കൽ
ഞൊടിയൻ നാ. ഇടത്തരം വലുപ്പമുള്ള തേനീച്ച (വ്യവസായികാടിസ്ഥാനത്തിൽ വളർത്തുന്നത്)
ഞൊടിക്കുക ക്രി. 1. അലസമായി ചൊറികുത്തിക്കഴിയുക; 2. മുറുമുറുക്കുക
ഞൊടുക്ക് നാ. അൽപമാത്രമായത്. (പ്ര) ഞൊടുക്കുവിദ്യ
ഞൊട്ട നാ. 1. വിരലുകളിലെ സന്ധിഭാഗങ്ങൾ ബലമ്പ്രയോഗിച്ചു മടക്കി ശബ്ദം കേൾപ്പിക്കൽ, ചൊടക്ക്; 2. നാക്ക് മേൽവായോടു ചേർത്തു പുറപ്പെടുവിക്കുന്ന ശബ്ദം. (പ്ര) ഞൊട്ടയൊടിക്കുക, -ഇടുക
ഞൊട്ടൽ [<ഞൊട്ടുക] നാ. 1. ഞൊട്ടുക എന്ന പ്രവൃത്തി; 2. ചക്കക്കുരുവിൻെറ പുറത്തുള്ള പാട
ഞൊട്ട് [ഞൊട്ടുക] നാ. ഞൊട്ടൽ
ഞൊട്ടുക ക്രി. 1. ഞൊടിക്കുക; 2. ഞോടുക; 3. ചെയ്യുക; 4. ശബ്ദം കേൾക്കത്തക്കവിധം ശക്തിയായി നുണയുക; 5. കൊറിക്കുക
ഞൊണങ്ങ് നാ. 1. ചൊണങ്ങ്; 2. ചൊറി; 3. നായ്ക്കുരുണ. (പ്ര) ഞൊണങ്ങടിക്കുക
ഞൊണൽ നാ. തൊലിപ്പുറത്തുണ്ടാകുന്ന ചെറിയ കുരു, ചൊറി
ഞൊണുക്ക് നാ. നുണുക്ക്. (പ്ര) ഞൊണുക്കുപണി, ഞൊണുക്കുവിദ്യ
ഞൊണ്ടൽ [<ഞൊണ്ടുക]നാ. ഞൊണ്ടുന്ന പ്രവൃത്തി
ഞൊണ്ടി നാ. നൊണ്ടി
ഞൊണ്ട് നാ. നൊണ്ട്, മുടന്ത്
ഞൊണ്ടുക ക്രി. മുടന്തുക

ഞൊത്തുക ക്രി. ഒരു കായ്കൊണ്ട് മറ്റൊരുകായ് തെറിപ്പിക്കുക (ഒരിനം കളി)
ഞൊന്തൽ നാ. ദൈവം
ഞൊരടുക ക്രി. ഞെരടുക
ഞൊരയ്ക്കുക ക്രി. ഞുരയ്ക്കുക
ഞൊരി നാ. നുരി
ഞൊളി നാ. ഞൗളി
ഞൊളിപ്പ നാ. കൂടോത്രം
ഞൊള്ളി നാ. ഒരു ഉപകരണം, വിത്തുചിക്കി
ഞൊറി നാ. 1. ഞെറി; 2. കഥകളിവേഷക്കാർ അണിയുന്ന വസ്ത്രം
ഞൊറുമ്പ് നാ. ചുണ്ണാമ്പ്
ഞോട് [ഞോടുക] നാമരൂപം
ഞോടുക ക്രി. മടക്കിയവിരൽകൊണ്ടു കിഴുക്കുക
ഞോണ്ട് =ഞോണ്ടൽ
ഞോണ്ടുക ക്രി. വിരൽകൊണ്ടു തോണ്ടുക
ഞോളാ നാ. 1. ഉമിനീർ; 2. തലച്ചോറ്
ഞോളുക ക്രി. കുതറുക
ഞൗഞ്ഞി നാ. 1. ഞവഞ്ഞി; 2. കോവർകഴുത; 3. ഒരിനം ഞണ്ട്
ഞൗണി നാ. ഞവണി
ഞൗരി നാ. 1. ഒരു ഉപകരണം (വയ്ക്കോൽ പുല്ല് തുടങ്ങിയവ ഒന്നിച്ചുകൂട്ടാൻ ഉപയോഗിക്കുന്നത്); 2. ഒരു ഉപകരണം (നിലം നിരപ്പാക്കുന്നത്)

ട

ട1 [ട്-അ] മലയാള അക്ഷരമാലയിലെ പതിനൊന്നാമത്തെ വ്യഞ്ജനം. ട വർഗത്തിലെ ഖരം, ശ്വാസിയായ മൂർധന്യസ്വനം അഥവാ പ്രതിവേഷ്ടിതസ്വനം
ട2 [സം.ടാ] നാ. 1. ഭൂമി; 2. ശപഥം
ടകാരം [സം.ട-കാര] നാ. 'ട' എന്ന അക്ഷരം
ടക്കം [സം.] നാ. (സങ്ഗീ) ഒരു രാഗം (കൂടിയാട്ടത്തിൽ പ്രയോഗം)
ടക്കരൻ,-ക്വരൻ നാ. ശിവൻ
ടക്ക് [ഇം.] നാ. തുണിയുടെ വക്ക് മടക്കി നൂലോടിക്കുന്നത്
ടഗര വി. കോങ്കണ്ണുള്ള
ടഗരം[സം.] നാ. 1. പൊൻകാരം; 2. കളി, വിനോദം; 3. സംഭ്രമം
ടങ്ക1 [സം.ടങ്കാ] നാ. ഒരു ചർമവാദ്യം
ടങ്ക2 [പേർ] നാ. മുദ്രയുള്ള നാണയം
ടങ്കകപതി നാ. കമ്മട്ടത്തിൻെറ ചുമതലയുള്ള ഉദ്യോഗസ്ഥൻ
ടങ്കകം നാ. 1. നാണയം; 2. ഉളി; 3. മൺവെട്ടി
ടങ്കകശാല നാ. ടങ്കശാല, കമ്മട്ടം

ടങ്കടികൻ നാ. ശിവൻ
ടങ്കണം നാ. 1. ഒരുജാതി കുതിര; 2. ഒരു ജനപദം; 3. പൊൻകാരം; 4. ബന്ധം, ബന്ധിക്കൽ
ടങ്കണക്ഷാരം നാ. പൊൻകാരം
ടങ്കനം നാ. = ടങ്കണം
ടങ്കപതി നാ. = ടങ്കകപതി
ടങ്കപാണി നാ. ശിവൻ
ടങ്കം നാ. 1. കോടാലി, വെണ്മഴു; 2. കല്ലുപൊളിക്കുന്ന പാര; 3. ഉളി; 4. വാൾ; 5. വാളുറ; 6. മൺവെട്ടി; 7. നാണയം; 8. ഡംഭം; 9. കോപം; 10. കാൽ; 11. താഴ്ച, വിടവ്; 12. ജങ്ഘ; 13. മലഞ്ചരിവ്; 14. സൗന്ദര്യം; 15. (സങ്ഗീ) ഒരു താളം; 16. ഒരു തൂക്കം; 17. ഞെട്ടികുഴിയൻ മാവ്, അതിന്റെ കായ്
ടങ്കമാധ്വീകം നാ. ചുത്തപുളിരസം, ചൊർക്ക
ടങ്കവിജ്ഞാനം നാ. നാണയവിദ്യ
ടങ്കശാല നാ. കമ്മട്ടം
ടങ്കാരം നാ. 1. ഞാണൊലി; 2. ആശ്ചര്യം; 3. കരച്ചിൽ, നിലവിളി; 4. കുപ്രസിദ്ധി; 5. കീർത്തി
ടങ്കാരി വി. ടങ്കാരമുള്ള
ടങ്കിക നാ. 1. മഴു; 2. ഉളി
ടങ്കൃതം നാ. ഞാണൊലിപോലെയുള്ള ശബ്ദം
ടങ്ഗ നാ. കാല്
ടങ്ഗം നാ. ടങ്കം
ടട്ടനി [സം.ടട്ടനീ] നാ. ഗൗളി
ടട്ടരി നാ. 1. ഒരു വാദ്യം; 2. കളിവാക്ക്; 3. കള്ളം
ടട്ടുരം നാ. 1. ഒരുതരം വാദ്യം; 2. ഭേരിശബ്ദം
ടൺ [ഇം.] നാ. ഒരു ഭാരയളവ്
ടൻ നാ. 1. പാട്ടുകാരൻ; 2. മുണ്ടൻ
ടപ്പ്പ [ഹി.] നാ. ഡപ്പ
ടംബ്ലർ നാ. ഒരിനം പാനപാത്രം
ടമാനം നാ. ഡമാനം
ടയർ [ഇം.] നാ. മോട്ടോർ സൈക്കിൾ തുടങ്ങിയവയുടെ ലോഹചക്രങ്ങളിൽ ഘടിപ്പിക്കുന്നതും കട്ടിയുള്ള റബർകൊണ്ട് നിർമിക്കുന്നതുമായ പട്ട
ടവ്വൽ [ഇം.] നാ. 1. തൂവാല; 2. ഒരുതരം തോർത്ത്
ടാക്സി [ഇം.] നാ. വാടകയ്ക്കു വിടുന്ന വാഹനം
ടാങ്കം [സം.] നാ. ഒരിനം മദ്യം
ടാങ്കരൻ നാ. 1. കാമുകൻ; 2. വിടൻ; 3. വിവാഹകാര്യങ്ങളിൽ മധ്യസ്ഥത വഹിക്കുന്നവൻ
ടാങ്കാരം നാ. ടങ്കാരം
ടാങ്ക് [ഇം.] നാ. 1. ദ്രാവകങ്ങൾ സൂക്ഷിക്കുന്നതിനുള്ള സംഭരണി; 2. ഒരുതരം കവചിതവാഹനം
ടാരൻ നാ. കുണ്ടൻ
ടാരം നാ. കുതിര

ടാലം നാ. കുഴപ്പം
ടി വി. (മേൽപ്പടി എന്നതിൻെറ സംക്ഷിപ്തരൂപം) മേൽചൊന്നപ്രകാരം
ടിക്കാനം നാ. ഠിക്കാനം
ടിക്കിക നാ. കുതിരയുടെ നെറ്റിയിലുള്ള വെടുത്ത അടയാളം
ടിട്ടിഭ(ക)ം നാ. 1. കുളക്കോഴി; 2. ഒരിനം ചെറുപക്ഷി, കുണ്ടികുലുക്കിപ്പക്ഷി
ടിണ്ഡിശം നാ. കുരുട്ടുവെള്ളരി
ടിപ്പണം നാ. = ടിപ്പണി
ടിപ്പണി നാ. ലഘുവ്യാഖ്യാനം
ടിപ്പ് നാ. ചിമിഴ്, ചെപ്പ്
ടിഷ്യുകൾച്ചർ [ഇം.] നാ. ജീവകോശങ്ങളെയോ ജീവികളുടെ ശരീരഭാഗങ്ങളെയോ കൃത്രിമ മാധ്യമങ്ങളിൽ വളർത്തുന്ന രീതി
ടീ [ഇം.] നാ. ചായ, തേയില
ടീക [സം.ടീകാ] നാ. വിശദമായ അർഥവ്യാഖ്യാനം
ടീപോയ് [ഇം.] നാ. ഒരിനം ചെറിയ മേശ [ഹി. തീപായ്, സം. ത്രിപാദീ]
ടീം [ഇം.] നാ. ഒരേ ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഒരു സങ്ഘം
ടു1 നാ. (വ്യാക) 1. ഒരു കൃതികൃത് പ്രത്യയം. ഉദാ: ചുമടു = ചുമട്; 2. സാങ്ഖ്യഭേദകങ്ങളെ സാങ്ഖ്യാനാമങ്ങളാക്കുന്ന വിവർത്തകപ്രത്യയങ്ങളിൽ ഒന്ന്. ഉദാ: എൺ–ടു (<തു) = എട്ട്
ടു2 [സം.] നാ. 1. കാമദേവൻ; 2. പൊന്ന്; 3. ഇഷ്ടംപോലെ രൂപം മാറുന്ന ആൾ
ടുക നാ. 1. കാട്ടുമുല്ല; 2. താർതാവൽ
ടുക്കരി നാ. ഒരിനം ചെണ്ട
ടുണ്ടുക വി. 1. ചെറിയ, കാഠിന്യമുള്ള, ക്രൂരതയുള്ള; 2. നീചമായ
ടെലിഗ്രാഫ് [ഇം.] നാ. കമ്പിത്തപാൽ
ടെലിഫോൺ [ഇം.] നാ. അകലത്തുള്ള ആളുകളുമായി നേരിട്ടു സംസാരിക്കാൻ ഉപയോഗിക്കുന്ന ഒരു ഉപകരണം
ടെലഗ്രാം [ഇം.] നാ. കമ്പിത്തപാൽവഴി അയയ്ക്കുന്ന സന്ദേശം
ടെലിവിഷൻ [ഇം.] നാ. ഒരു ദൃശ്യസംപ്രേഷണോപകരണം, അകലെ നടക്കുന്ന സംഭവത്തെ അതു നടക്കുന്ന സമയത്തുതന്നെ അതേപടികാണിക്കുകയും കേൾപ്പിക്കുകയും ചെയ്യുന്നത്
ടേപനം നാ. ഏറ്
ടേപ്പ് [ഇം.] നാ. 1. നാട; 2. നീളയളവ് അടയാളപ്പെടുത്തിയ നാട; 3. ശബ്ദവും ദൃശ്യവും രേഖപ്പെടുത്തി സൂക്ഷിക്കുന്ന നാട
ടേര [സം.] വി. കോങ്കണ്ണുള്ള, കോങ്കണ്ണുകൊണ്ടു നോക്കുന്ന
ടേരക വി. = ടേര
ടേരകൻ നാ. ടേരൻ
ടേരൻ നാ. കോങ്കണ്ണൻ

ടൈപ്പിസ്റ്റ് [ഇം.] നാ. ടൈപ്പ്റൈറ്ററിൽ പരിശീലനം നേടിയ ആൾ, ടൈപ്പുചെയ്യുന്ന ആൾ

ടൈപ്പ് [ഇം.] നാ. അച്ച്, അച്ചാണി

ടൈമ്പീസ് [ഇം.] നാ. വാച്ചിനേക്കാൾ വലുതും നാഴികമണിയേക്കാൾ ചെറുതുമായ ഘടികാരം

ടോട വി. ചെറിയ

ടോപം നാ. ആടോപം, ഗർവം

ടോർച്ച് [ഇം.] നാ. ഞെക്കുവിളക്ക്

ടൗൺ [ഇം.] നാ. പട്ടണം

ട്ടോ ക്രി. 'കേട്ടോ' എന്നതിന്റെ ഹ്രസ്വരൂപം

ട്യൂഷൻ [ഇം.] നാ. വിദ്യാലയത്തിലെ പഠിത്തത്തിനുപുറമേ സ്വകാര്യപാഠശാലയിലോ വീട്ടിലോവച്ചു വിദ്യാർത്ഥികൾക്കു നൽകുന്ന ശിക്ഷണം

ട്രഷറി [ഇം.] നാ. ഖജനാവ്

ട്രാക്റ്റർ [ഇം.] നാ. യന്ത്രക്കലപ്പ

ട്രാൻസ്പോർട്ട് [ഇം.] നാ. ഗതാഗതം

ട്രെയിൻ [ഇം.] നാ. തീവണ്ടി

ട്രൗസർ [ഇം.] നാ. കാലുറ, കാൽശരായി

ഠ

ഠ [ഠ്-അ] മല്ലയാള അക്ഷരമാലയിലെ 12-മത്തെ വ്യഞ്ജനം, ട-വർഗത്തിലെ അതിഖരം, ശ്വാസിയും മഹാപ്രാണീകൃതവുമായ ഒരു മൂർധന്യസ്വനം

ഠകാര നാ. 1. 'ഠ' എന്ന അക്ഷരം; 2. വളരെകുറച്ചു സ്ഥലം

ഠക്ക നാ. = ഢക്ക

ഠക്കൻ നാ. കച്ചവടക്കാരൻ

ഠക്കുരൻ നാ. 1. ദേവൻ; 2. തലവൻ; 3. വിഷ്ണു

ഠക്കുരം നാ. പൂജാവിഗ്രഹം

ഠക്കെന്ന് വി. ചട്ടെന്ന്, പെട്ടെന്ന്

ഠൻ [സം. ഠ] നാ. ശിവൻ

ഠപ്പെന്ന് വി. 1. പെട്ടെന്ന്; 2. ഠപ് എന്ന ശബ്ദത്തോടുകൂടി.

833

ഠാക്കൂർ [സം.ഠാക്കുര] ഒരു പൂജകനാമം (ഉത്തരേന്ത്യയിലെ പലപേരുകളോടും ജാതിപ്പേരുകളോടും ചേർന്നു കാണുന്നത്)

ഠാണാവ് [പാ.ഠാന] നാ. പോലീസ് സ്റ്റേഷൻ, അതിനോടനുബന്ധിച്ചുള്ള ജയിൽ [സം. സ്ഥാന, ഹി. ഥാനാ]

ഠായം [സം.] നാ. (സങ്ഗീ) സ്ഥായം

ഠാരം [സം.] നാ. ഉറഞ്ഞ മഞ്ഞ്

ഠാലിനി [സം.] നാ. അരക്കച്ച, അരപ്പട്ട

ഠാവട്ടം നാ. വളരെ കുറച്ചു സ്ഥലം

ഠിക്കാനം [ഹി.] നാ. 1. ഇരിപ്പിടം; 2. ഉറപ്പിക്കൽ

ഠീങ്കാരം നാ. ഉച്ചത്തിലുള്ള ശബ്ദം

ഠേ നാ. വെടിപൊട്ടുന്നതുപോലെയുള്ള ശബ്ദം

ഡ

ഡ1 [ഡ്-അ] മലയാള അക്ഷരമാലയിലെ 13- മത്തെ വ്യഞ്ജനം. 'ട' വർഗത്തിലെ മൃദു. നാദിയും അൽപപ്രാണവുമായ മൂർധന്യസ്വനിമം
ഡ2 [സം.ഡാ] നാ. 1. മന്ത്രവാദിനി; 2. തൂക്കുകൂട
ഡകാരം നാ. 'ഡ' എന്ന അക്ഷരം
ഡക്കാരി നാ. ചണ്ഡാലവീണ
ഡച്ച് [ഇം.] വി. നെതർലാൻഡ് എന്ന ദേസത്തെ സംബന്ധിച്ച. (പ്ര) ഡച്ചുകാർ
ഡജൻ [ഇം.] നാ. = ഡസൻ
ഡപ്പ [ഹി.ഡബ്ബ] നാ. ചെറിയ തകരപ്പാത്രം
ഡപ്പി[ഹി.ഡിബ്ബാ] നാ. ചിമിഴ്, ചെപ്പ്
ഡഫേദാർ [പേർ] നാ. ശിപായി, ശിപായിമാരിൽ പ്രധാനി
ഡബിൾ [ഇം.] വി. ഇരട്ട. നാ. ഇരട്ടമുണ്ട്
ഡം [സം.] നാ. 1. ശബ്ദം, ധ്വനി; 2. ഭയം; 3. ഒരുതരം ചർമവാദ്യം; 4. ബഡവാഗ്നി
ഡംബര വി. കീഎത്തിയുള്ള, പ്രസിദ്ധിയുള്ള
ഡംബരം നാ. 1. കൂട്ടം, സമൂഹം; 2. അഹംഭാവം, ഡംഭം; 3. ആഘോഷം, ആഡംബരം, മോടി; 4. വാചാലത, വലിയ ശബ്ദം; 5. സൗന്ദര്യം; 6. സാദൃശ്യം
ഡംഭം നാ. അഹങ്കാരം
ഡമരം നാ. 1. കലഹം, കാഹളം; 2. ആർപ്പുകൊണ്ടും ഭാവംകൊണ്ടും ശത്രുവിനെ ഭയപ്പെടുത്തൽ; 3. അഹങ്കാരം; 4. ഗ്രാമങ്ങൾതമ്മിലുള്ള ക്ഷുദ്രമായ സമരം; 5. അമ്മളി; 6. നാശം; 7. ദുർനിമിത്തം; 8. പേടിച്ചോടൽ
ഡമരി നാ. ഒരുതരം ചർമ വാദ്യം
ഡമരുകം നാ. ഒരു വാദ്യം
ഡമാനം നാ. ഒരു ആനദ്ധവാദ്യം
ഡമ്മി1 [ഇം.] നാ. പകരക്കാരൻ, പകരംവയ്ക്കുന്ന വസ്തു
ഡമ്മി2 [ഇം.] നാ. ഒരു അളവ് (കടലാസിൻെറ നീളവും വീതിയും കുറിക്കുന്നത്)ഡയനം[സം.<ഡീ] നാ. 1. പറക്കൽ; 2. മഞ്ചൽ, പല്ലക്ക്
ഡയനശാസ്ത്രം നാ. പറക്കലിനെ സംബന്ധിച്ച ശാസ്ത്രം (വിമാനസംബന്ധിയായ ശാസ്ത്രം)
ഡയലോഗ് [ഇം.] നാ. സംഭാഷണം (നാടകത്തിലും മറ്റും ഉള്ള സംഭാഷണത്തെ കുറിക്കാൻ അധികം പ്രയോഗം)
ഡയറക്റ്റർ [ഇം.] നാ. 1. നിയന്ത്രിക്കുന്ന ആൾ; 2. നാടകത്തിൻെറയോ ചലച്ചിത്രത്തിൻെറയോ സംവിധായകൻ
ഡയറി1 [ഇം.] നാ. ദിവസക്കുറിപ്പ്
ഡയറി2 [ഇം.] നാ. പാൽവിതരണം നടത്തുന്ന സ്ഥാപനം, പാലും ക്ഷീരോത്പന്നങ്ങളും സംഭരിച്ചു സൂക്ഷിക്കുന്ന കേന്ദ്രം

ഡർബാർ [പേർ] നാ. രാജസഭ, ആസ്ഥാനമണ്ഡപം; 2. (ആല) ആദംബരം, ധാരാളിത്തം, വലിയ മോടി. (പ്ര) ഡർബാറടിക്കുക

ഡലകം നാ. 1. ഉറി; 2. കുട്ട; 3. ഒരിനം കുട്ട

ഡവാൽ [പോർ] നാ. അരപ്പട്ട

ഡസൻ [ഇം.] നാ. പന്ത്രണ്ടെണ്ണം

ഡാകൻ നാ. ഒരു പിശാച്

ഡാകനി നാ. ഒരു പിശാചിക (മന്ത്രവാദിനി)

ഡാക് [ഹി.] നാ. അഞ്ചൽ, തപാൽ

ഡാക്കു [ഹി.ഡാക്കൂ] നാ. കള്ളൻ

ഡാക്ടർ [ഇം.] നാ. = ഡോക്റ്റർ

ഡാണാവ് നാ. 1. ഠാണാവ്; 2. ഖജനാവ്

ഡാൻസ് [ഇം.] നാ. നൃത്തം

ഡാഫർ [ത.ടാപർ] നാ. 1. വിവാഹദല്ലാൾ; 2. അസാന്മാർഗികവൃത്തിക്ക് സ്ത്രീപുരുഷന്മാരെ കൂട്ടിക്കൊടുക്കുന്നവൻ

ഡാംഭികൻ [സം.ദാംഭിക] നാ. 1. അഹങ്കാരി; 2. ചതിയൻ

ഡാമരൻ [സം.] നാ. 1. ശിവൻെറ പരിചാരകഗണത്തിൽപ്പെട്ട ഒരുവൻ; 2. ഒരു മിശ്രജാതി, അതിൽപ്പെട്ടവൻ

ഡാമരം നാ. 1. അത്ഭുതകരമായ കാഴ്ച; 2. ഭങ്ഗി, ചമത്കാരം; 3. കലശൽ, ലഹള, ബഹളം; 4. തന്ത്രത്തിലെ ഒരു ഭാഗം

ഡാവണി നാ. = ദാവണി

ഡാവ് [മറാ.] നാ. കപടാഭിനയം, തട്ടിപ്പ്, മിരട്ട്

ഡാഹുകം നാ. നത്ത്

ഡാളർ [ഇം.] നാ. = ഡോളർ

ഡി.എൻ.എ. [ഇം.] നാ. (ജീവശാ) ഡീ ഓക്സീറൈബോ ന്യൂക്ലിക് ആസിഡ്, ഡീ ഓക്സീറൈബോന്യൂക്ലിയോടൈഡുകൾ ജീവകോശത്തിൽ ഒന്നിനോടൊന്ന് കൂടിച്ചേർന്ന് നീണ്ട ശൃങ്ഖലപോലെ ഉണ്ടാകുന്ന തന്മാത്ര

ഡിക്രി [ഇം.] നാ. കോടതിവിധി

ഡിഗ്രി [ഇം.] നാ. 1. സർവകലാശാലകൾ കൊടുക്കുന്ന ബിരിദം (ബി.എ. എം.എ എന്നിവപോലെ); 2. ഊഷ്മാവ് അളക്കാനുള്ള തോത്; 3. കോൺ അളവിൻെറ ഏകകം (വൃത്തത്തെ 360 ആയി ഭാഗിച്ചതിൽ ഒരു ഭാഗം)

ഡിങ്ഗരൻ [സം.] നാ. ഭൃത്യൻ; 2. നീചൻ, വഞ്ചകൻ; 3. തടിയൻ

ഡിങ്ഗരം നാ. 1. ക്ഷേപണം, ഏറ്; 2. നിന്ദ

ഡിണ്ഡിമം നാ. ഒരിനം ചർമവാദ്യം, വലിയ ശബ്ദം

ഡിണ്ഡിരം നാ. 1. കടൽനാക്ക്; 2. നുര

ഡിത്ഥൻ നാ. കറുത്തവനും സുമുഖനും സർവശാസ്ത്രപണ്ഡിതനുമായ യുവാവ്

ഡിത്ഥം നാ. മരംകൊണ്ടുണ്ടാക്കിയ ആന

ഡിന്നർ [ഇം.] നാ. 1. (ഒരു ദിവസത്തെ) പ്രധാനആഹാരം; 2. സത്കാരസദ്യ

ഡിപ്പാർട്ടുമെൻറ് [ഇം.] നാ. ഭരണവകുപ്പ്

ഡിപ്പോ [ഇം.] നാ. കലവറ, സംഭരണശാല

ഡിപ്പോസിറ്റ് [ഇം.] നാ. നിക്ഷേപം, നിരതദ്രവ്യം
ഡിപ്ലോമ [ഇം.] നാ. 1. സർവകലാശാലാബിരുദങ്ങളുടെയുൻ മറ്റും സാക്ഷിപത്രം; 2. ബിരുദത്തെക്കാൾ താണ പരീക്ഷ ജയിച്ചു എന്നു കാണിക്കുന്ന സാക്ഷിപത്രം
ഡിംബൻ [സം.] നാ. മണ്ടൻ
ഡിംബയുദ്ധം നാ. (ആയുധം കൂടാതെയുള്ള) യുദ്ധം (അടിപിടി ബഹളം ലഹള)
ഡിംബാണു നാ. സ്ത്രീയുടെ അണ്ഡകോശം
ഡിംബിക നാ. 1. കാമാസക്തിയുള്ള സ്ത്രീ; 2. കുമിള; 3. ഒരു മർമം; 4. പലകപ്പയ്യാനി
ഡിംഭ1 വി. കുട്ടിയായ
ഡിംഭ2 നാ. ശൈശവം കഴിയാത്ത പെൺകുട്ടി
ഡിംഭൻ നാ. 1. ആൺശിശു, ബാലൻ; 2. മൂഢൻ, വിഡ്ഢി
ഡിംഭം നാ. 1. ശിശു; 2. മൃഗങ്ങളുടെയും മറ്റും കുഞ്ഞ്; 3. മുട്ട; 4. മുളച്ചുവരുന്ന നാമ്പ്
ഡിംഭാനിലൻ നാ. ഇളംകാറ്റ്
ഡിമം നാ. (നാട്യ) ഡശരൂപകങ്ങളിൽ ഒന്ന് (നാലങ്കം ഉദ്ധതനായകന്മാർ കഥ പ്രസിദ്ധിയുള്ളത് പ്രധാനരസം രൗദ്രം)
ഡിവിഷൻ [ഇം.] നാ. 1. വിഭാഗം; 2. ജില്ല; 3. സൈന്യവിഭാഗം; 4. വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ഒരു ക്ലാസ്സിനെ പലതായി വിഭജിച്ചിട്ടുള്ളതിൽ ഒരു വിഭാഗം
ഡീക്കൻ1 [ഇം.<ഗ്രീ.] നാ. (ക്രിസ്തു) ശെമ്മാശൻ
ഡീക്കൻ2 [<ഡിക്ക്] നാ. പൊങ്ങച്ചക്കാരൻ
ഡീക്ക് നാ. ആത്മപ്രശംസചെയ്യൽ. (പ്ര) ഡീക്കടിക്കുക
ഡീനം നാ. പറക്കൽ
ഡീമസ് [ഇം.] (ജ്യോ) ചൊവ്വയുടെ ഒരു ഉപഗ്രഹം
ഡീല[ഹി.] നാ. അയവ്, തളർച്ച
ഡുക്കം നാ. ഒരുതരം ചർമവാദ്യം
ഡുണ്ഡുകം നാ. പലകപ്പയ്യാനി
ഡുണ്ഡുഭം നാ. ചേരപ്പാമ്പ്
ഡുണ്ഡുലം നാ. ഒരിനം മൂങ്ങ
ഡുന്ദകം നാ. നത്ത്
ഡുലം നാ. ചെറിയ ഇനം മൂങ്ങ
ഡുലി നാ. ആമ, പെണ്ണാമ
ഡെക്ക [ഇം.<ഗ്രീ] നാ. പത്തുമടങ്ങിനെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന പദം ഉദാ: ഡെക്കാഗ്രാം
ഡെപ്പിടി നാ. ഡെപ്യൂട്ടി
ഡെപ്യൂട്ടി [ഇം.] നാ. ഒരു മേലധികാരിയുടെ ചുമതല അയാൾക്കുപകരം കൈകാര്യംചെയ്യാൻ നിയുക്തനായ ഉദ്യോഗസ്ഥൻ. ഉദാ: ഡെപ്യൂട്ടി കളക്റ്റർ, ഡെപ്യൂട്ടി സ്പീക്കർ
ഡെമോക്രസി [ഇം.] നാ. ജനായത്ത ഭരണക്രമം

ഡെൽറ്റ ഇം.<ഗ്രീ] നാ. നദീപ്രവാഹത്തിലൂടെ എത്തുന്ന മണ്ണ് നദീമുഖത്ത് അടിഞ്ഞുകൂടി ഉണ്ടാകുന്ന പ്രദേശം
ഡെൽഹി നാ. = ദില്ലി
ഡെസ്ക്ക് [ഇം.] നാ. ഒരിനം എഴുത്തു മേശ
ഡേമണി [ഇം.] നാ. നിരതദ്രവ്യം (ഉറപ്പിനായി കെട്ടിവയ്ക്കുന്ന പണം)
ഡേര[ഹി.] നാ. കൂടാരം
ഡോക്ക് [ഇം.] നാ. തുറമുഖത്ത് കപ്പലുകൾ വന്നടുക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും സൗകര്യമുള്ള ഭാഗം
ഡോക്ടർ [ഇം.] നാ. 1. രോഗങ്ങൾ ചികിത്സിച്ചു ഭേദപ്പെടുത്തുന്ന ആൾ; 2. സർവകലാശാലയിലെ പരമോന്നതബിരുദം ലഭിച്ച ആൾ
ഡോബി [ഹി.] നാ. അലക്കുകാരൻ
ഡോമ്പൻ നാ. ഞാണിന്മേൽ കളിക്കാരൻ
ഡോരം നാ. ചരട്
ഡോല [<സം.ദോലാ] നാ. ഡോള
ഡോലക്ക്1 [മറാ.] നാ. ഒരു ചർമവാദ്യം, ഗഞ്ചിറ
ഡോലക്ക്2 [ഹി.ലോലക്] നാ. ഒരു ആഭരണം, കുണുക്ക്
ഡോലി [സം.ഹി.] നാ. പല്ലക്
ഡോളർ നാ. ഒരു വെള്ളിനാണയം (നൂറുസെൻറ് വിലയുള്ളത് അമേരിക്ക ക്യാനഡാ മുതലായ രാജ്യങ്ങളിൽ പ്രചാരം)
ഡോളായമാന വി. ഇളകുന്ന, ഊഞ്ഞാൽപോലെ ആടുന്ന, ചലിക്കുന്ന
ഡോളായിത വി. ചഞ്ചലമായ
ഡോളി നാ. ഡോലി
ഡ്രാം[ഇം.] നാ. ഒരു ദ്രാവക അളവ് (ഔൺസിൻെറ എട്ടിൽ ഒരു ഭാഗം)
ഡൈവർ [ഇം.] നാ. (മോട്ടോർ ഘടിപ്പിച്ച) വാഹനം ഓടിക്കുന്ന ആൾ

ഢ

ഢ [ഢ്-അ] മലയാള അക്ഷരമാലയിലെ 14- മത്തെ വ്യഞ്ജനം. 'ട' വർഗത്തിലെ ഘോഷം. നാദിയും മഹാപ്രാണവുമായ മൂർധന്യസ്വനം
ഢകാരം [സം.] നാ. 'ഢ' എന്ന അക്ഷരം
ഢക്ക നാ. വലിയ ഒരിനം ചർമ വാദ്യം
ഢക്കനം നാ. 1. വാതിലടയ്ക്കൽ; 2. മൂടുന്നതിനുള്ള വസ്തു
ഢങ്കാര നാ. 'ഢം' എന്ന ശബ്ദം
ഢങ്കിക നാ. (സങ്ഗീ) ഒരു താളം
ഢാണാവ് നാ. ഠാണാവ്
ഢാലം നാ. പരിച
ഢാലി നാ. പരിച ധരിച്ച യോദ്ധാവ്
ഢീക്കൻ നാ. 1. ഢീക്കുള്ളവൻ (പൊങ്ങച്ചക്കാരൻ); 2. അഹങ്കാരി
ഢീക്ക് നാ. അഹന്ത, തണ്ട്, ഡംഭ്, പൊങ്ങച്ചം

ഢൂണ്ഢനം നാ. അന്വേഷണം
ഢൂണ്ഢി നാ. ഗണേശൻ
ഢൂണ്ഢിത നാ. അന്വേഷിക്കപ്പെട്ട
ഢേങ്കി നാ. ഒരുതരം നൃത്തം
ഢേങ്കിക നാ. (സങ്ഗീ) ഒരു താളം
ഢോല്ലരി നാ. (സങ്ഗീ) ഒരുതരം പ്രബന്ധം
ഢൗകനം നാ. 1. അർച്ചന; 2. പാരിതോഷികം, സമ്മാനം; 3. കൈക്കൂലി
ഢൗലം നാ. വലിയ ഒരിനം ചർമവാദ്യം

835

ണ

ണ1 [ണ്-അ] മലയാള അക്ഷരമാലയിലെ 15- മത്തെ വ്യഞ്ജനം. 'ട' വർഗത്തിലെ അനുനാസികമൂർധന്യസ്വനം. 'ൺ' എന്ന ചില്ല് ഇതിൻെറ (സ്വരം ചേരാത്ത) ശുദ്ധവ്യഞ്ജനരൂപമാണ്
ണ2 നാ. അണ എന്ന നാണയത്തെ കുറിച്ചിരുന്ന ചുരുക്കെഴുത്ത്
ണകാരം നാ. 'ണ' എന്ന അക്ഷരം
ണത്താർ [നൽ-താർ] നാ. താമരപ്പൂവ്
ണത്താർമാനിനി നാ. ലക്ഷ്മി
ണത്വം നാ. 1. 'ണ' കാരത്തിൻെറ ഭാവം ('ണ'യുടെ ഗുണം); 2. ണകാരാദേശം; 3. ആനന്ദാത്മകത്വം
ണൻ നാ. 1. ശിവൻ; 2. ദുഷ്ടൻ, നിന്ദ്യൻ
ണം നാ. 1. ജ്ഞാനം; 2. നിശ്ചയം, നിർണയം; 3. ഢനം; 4. ആഭരണം
ണ്യം നാ. ഒരു സമുദ്രം (ബ്രഹ്മലോകത്തുള്ളത്)

ത

ത [ത്-അ] മലയാള അക്ഷരമാലയിലെ 16- മത്തെ വ്യഞ്ജനം. 'ത' വർഗത്തിലെ ഖരം. ശ്വാസിയും അൽപപ്രാണവുമായ ദന്ത്യസ്വനം
തക1 നാ. മുറിവിലും മറ്റും തെളിഞ്ഞു കാണുന്ന പച്ചമാംസം
തക2 നാ. 1. സദ്ഗുണം; 2. പെരുമ; 3. അഴക്; 4. പ്രേമം
തകടം1 നാ. 1. തരക്കേട്; 2. ഉരുട്ട്, മറിപ്പ്. (പ്ര) തകടം (തകിടം) മറിയുക = ക്രമംതെറ്റുക, വ്യവസ്ഥയില്ലാതാവുക, കുഴപ്പമുണ്ടാവുക
തകടം2 നാ. താളം. (പ്ര) തകടം മാറുക = 1. ചെണ്ടതുടങ്ങിയ വാദ്യങ്ങൾ വായിക്കുമ്പോൾ താളത്തിനു വ്യത്യാസം വരുക; 2. താളം തെറ്റുക; 3. അപകടത്തിലാകുക
തകടി നാ. നിരന്ന ഭൂമി
തകട്1,തകിട് നാ. കനംകുറഞ്ഞ ലോഹപാളി. തകടും കൂടും = മന്ത്രങ്ങൾ എഴുതി പൂജിച്ച തകട് കൂട്ടിനകത്താക്കി ഉണ്ടാക്കുന്ന ഏലസ്സ്. തകട്ടരം =

കനംകുറഞ്ഞു പരന്ന അരം. തകട്ടുവൈരം = 1. പരന്നവൈരക്കല്ല്; ഉരച്ച് രൂപപ്പെടുത്താത്ത വൈരം

തകട്2 നാ. (സങ്ഗീ) ഒരു താളം

തകപ്പൻ,തകു- [ത] നാ. അച്ഛൻ

തകയ്പ്പ് നാ. കെട്ടിടം

തകർ [തകരുക] ധാതു രൂപം

തകർക്കുക [തകരുക>പ്ര] ക്രി. 1. പൊടിപൊടിക്കുക; 2. അഹങ്കരിക്കുക; 3. നശിപ്പിക്കുക

തകർച്ച [<തകർക്കുക] നാ. 1. ഉടവ്; 2. നാശം

തകർപ്പൻ [<തകർക്കുക] വി. ഉഗ്രമായ, ഉജ്ജ്വലമായ, ശക്തമായ. ഉദാ: തകർപ്പൻ വിജയം. നാ. തകർക്കുന്നവൻ

തകർപ്പ് [<തകർക്കുക] നാ. 1. അടിച്ചുടയ്ക്കൽ, നശിപ്പിക്കൽ; 2. തിമിർപ്പ്, ബഹളം

തകരം നാ. 1. വെളുത്തീയം; 2. വെളുത്തീയം പൂശിയ ലോഹത്തകിട്, അതുകൊണ്ടു നിർമിച്ച പെട്ടി തുടങ്ങിയവ

തകരാറ് [അറ] നാ. 1. കുഴപ്പം, വിഷമം; 2. വഴക്ക്; 3. തെറ്റ്; 4. പരാജയം

തകരുക ക്രി. 1. പലകഷണങ്ങളായി നുറുങ്ങിച്ചിതറുക; 2. സുസ്ഥിതി നഷ്ടപ്പെടുക, നശിക്കുക, ക്ഷയിക്കുക

തകവൽ [ത.] നാ. 1. വാർത്ത; 2. ദൃഷ്ടാന്തം

തകഴി1 നാ. വ്രണത്തിൽ വച്ചുകെട്ടുന്ന മരുന്നു പുരട്ടിയ ഒരിനം തുണി

തകഴി2 നാ. പൊടിയരി (അരിമാവിലെ തരി)

തകഴി3 [<സം.സ്ഥാലീ] നാ. 1. താലം, പിഞ്ഞാണം; 2. ഒരിനം ചെറിയ വിളക്ക്

തകഴി4 നാ. ഒരു സ്ഥലനാമം. തകഴിവഴി = കഥകളിയിലെ ഒരു ശൈലി

തകിൽ നാ. ഒരു ചർമവാദ്യം, നാദസ്വരത്തിന് പശ്ചാത്തലമായി സാധാരണ ഉപയോഗം

തകുക ക്രി. 1. ഉള്ളതായിരിക്കുക, ഉണ്ടായിരിക്കുക; 2. ചേരുക

തകുതി [<തകുക] നാ. ചേർച്ച, പൊരുത്തം

തകൃതി നാ. 1. തകർപ്പ്, ബഹളം; 2. ആധിക്യം; 3. ദ്രുതഗതി, തിടുക്കം; 4. ആഡംബരം, മോടി; 5. സമ്പൂർണത; 6. പൊങ്ങച്ചം

തക്ക1 വി. ഉചിതമായ, ചേർന്ന. (പ്ര) തക്കംപോലെ = കഴിവിനൊത്തവിധം. തക്കതും തകാതതും = കൊള്ളാവുന്നതും കൊള്ളരുതാത്തതും

തക്ക2 നാ. 1. ഒരു കർണാഭരണം; 2. തക്കയുടെ ആകൃതിയിലുള്ള വസ്തു

തക്കം നാ. 1. അവസരം, സൗകര്യം; 2. ചേർച്ച. (പ്ര) തക്കവും തരവും നോക്കുക = പറ്റിയ അവസരം കാത്തിരിക്കുക

തക്കവൻ നാ. 1. യോജിച്ചവൻ; 2. കൂടെയുള്ളവൻ, ബന്ധു

തക്കാരി നാ. 1. മൂഞ്ഞവൃക്ഷം; 2. ഒരു ഔഷധച്ചെടി.
തക്കാരിവഴുതിന = കത്തിരിച്ചെടി
തക്കാവി [അറ] നാ. ഒരിനം കാർഷികവായ്പ
തക്കാളി നാ. ഒരുതരം ചെടി, അതിൻെറ കായ്
തക്കിടി നാ. 1. തുലാക്കോൽ; 2. കള്ളത്തൂക്കം; 3. വഞ്ചന, തട്ടിപ്പ്
തക്കോല(ക)ം [സം.] നാ. ഒരു അങ്ങാടിമരുന്ന്
തക്കോലപ്പുട്ടിൽ നാ. തക്കോലം
തക്ബീർ [അറ] നാ. (മുസ്ലിം) അല്ലാഹുഅക്ബർ (അല്ലാഹു ഏറ്റവും ഉന്നതനാകുന്നു) എന്ന സ്തുതി ഉച്ചരിക്കൽ, മുദ്രാവാക്യം
തക്യാവ് [അറ.തകിയാ]നാ. = തയ്ക്കാവ്
തക്രധാര നാ. ഒരു ചികിത്സാക്രമം (മോരുകൊണ്ടുള്ള ധാര)
തക്രം നാ. മോര്
തക്രസാരം നാ. വെണ്ണ
തക്രാടം നാ. കടകോൽ, മത്ത്
തക്ലി [ഹി.] നാ. ഒരു കൈകൊണ്ട് നൂൽനൂൽക്കാനുള്ള ഒരുപകരണം
തക്ലീഫ് [അറ] നാ. ക്ലേശം, പ്രയാസം
തക്ഷകൻ നാ. 1. ദേവകളുടെ ശിൽപി; 2. ആശാരി, തച്ചൻ; 3. സൂത്രധാരകൻ; 4. (പുരാണ) അഷ്ടനാഗങ്ങളിൽ ഒന്ന്; 5. ഒരു ഗാന്ധാര രാജാവ്; 6. ഇക്ഷാകുവിൻെറ വംശത്തിൽ പിറന്ന ഒരു രാജാവ്
തക്ഷകർമം നാ. ആശാരിപ്പണി
തക്ഷണം നാ. 1. ശിൽപവിദ്യ; 2. വെട്ടിച്ചുരുക്കൽ; 3. ഒരിനം ഹരണക്രിയ
തക്ഷണി നാ. 1. ഉളി; 2. ഉളിപ്പല്ല്
തക്ഷൻ നാ. 1. തച്ചൻ; 2. വിശ്വകർമാവ്
തക്ഷശില നാ. പഞ്ചാബിലെ പുരാതന നഗരം
തക്സ [സുറി] നാ. കുർബാനക്രമം. (സുറിയാനി വൈദികന്മാർ കുർബാനയ്ക്ക് ഉപയോഗിക്കുന്ന ക്രമപുസ്തകം)
തഖ്ത്ത് [പേർ] നാ. മഞ്ചം, സിംഹാസനം
തഖ്ദീർ [അറ] നാ. വിധി, ഭാഗ്യം
തഖ്വ [അറ] നാ. ദൈവഭയം
തഗണം [സം.] നാ. (വൃത്ത) അന്ത്യലഘുവായ അക്ഷരഗണം
തങ്ക നാ. 1. അനുജത്തി; 2. ഒരു സ്ഥാനപ്പേര്
തങ്കക്കാശ് നാ. പൊൻനാണയം
തങ്കച്ചി നാ. 1. അനുജത്തി; 2. ഒരുസ്ഥാനപ്പേര്
തങ്കഭസ്മം നാ. തങ്കം നീറ്റിയുണ്ടാക്കുന്ന ഭസ്മം
തങ്കം1 നാ. 1. മാറ്റുകൂടിയ പൊന്ന്; 2. പ്രിയപ്പെട്ടത്, വിലപ്പെട്ടത്
തങ്കം2 നാ. 1. ദു:ഖം, വിയോഗദു:ഖം; 2. ഭയം; 3. വസ്ത്രം
തങ്കശാല നാ. കമ്മട്ടം
തങ്കറേക്ക് നാ. തങ്കപ്പൂച്ച്, വസ്ത്രങ്ങളിൽ ചെയ്യുന്ന അലങ്കാരപ്പണി

തങ്കാരം നാ. 1. ഒരുക്കം; 2. സമ്പാദ്യം
തങ്കി നാ. അനുജത്തി
തങ്ങൽ [തങ്ങുക] നാ. തങ്ങുകയെന്ന പ്രവൃത്തി
തങ്ങൾ നാ. 1. താൻ; 2. താങ്ങൾ, പഴയകാലത്ത് കേരളത്തിൽ ഗ്രാമാധികാരികളുടെ കീഴിലുണ്ടായിരുന്ന ഒരു ഉദ്യോഗസ്ഥൻ; 3. ചില നമ്പൂതിരിമാരുടെ സ്ഥാനപ്പേര്; 4. മുസ്ലിംസിദ്ധൻ
തങ്ങുക ക്രി. 1. തടഞ്ഞിരിക്കുക, വിശ്രമിക്കുക; 2. താമസിക്കുക; 3. ഉണ്ടായിരിക്കുക, സ്ഥിതിചെയ്യുക
തച്ചൻ [പാ] നാ. 1. മരപ്പണിക്കാരൻ, കോടാലിപ്പണിക്കാരൻ; 2. ഒരു ജാതി
തച്ചവേല നാ. തച്ചൻെറ തൊഴിൽ
തച്ചാന്യം നാ. തച്ചിനുള്ള ദിവസക്കൂലി
തച്ച് നാ. 1. തച്ചൻെറ തൊഴിൽ; 2. ആശാരിയുടെ ഒരുദിവസത്തെ വേല. തച്ചുകൂലി = ആശാരിയുടെ ഒരുദിവസത്തെ പണിക്കുള്ള കൂലി
തച്ചുകോൽ നാ. ആശാരിയുടെ അളവുകോൽ
തച്ചുടയകയ്മൾ നാ. ഇരിങ്ങാലക്കുട കൂടൽമാണിക്യം ക്ഷേത്രത്തിലെ ഭരണാധിപനായി അവരോധിക്കപ്പെടുന്ന നായർ
തച്ചുബലി നാ. വാസ്തുബലി
തച്ചുവാരം നാ. ആശാരിയുടെ ദിവസക്കൂലി
തച്ചുവിരുത്തി നാ. ഒരു ഭൂവുടമരീതി, ആശാരിമാർക്ക് കരമൊഴിവായി പതിച്ചുകൊടുത്തിരുന്ന സ്ഥലം
തച്ചുശാസ്ത്രം നാ. വീടുനിർമിക്കുന്നതിനെ സംബന്ധിച്ച ശാസ്ത്രം
തച്ചോളിപ്പാട്ട് നാ. കടത്തനാട്ടെ തച്ചോളിതറവാട്ടിലെ വീരന്മാരുടെ അപദാനങ്ങൾ കീർത്തിക്കുന്ന വടക്കൻ പാട്ടുകൾ
തജ്ജന്യ വി. അതിൽനിന്നു ജനിച്ച
തജ്ജ്ഞ വി. ജ്ഞാനമുള്ള (തജ്ജ്ഞ എന്നു ശരിയായ രൂപം)
തജ്ഞൻ നാ. അറിവുള്ളവൻ
തജ്വി നാ. കറിക്കായം
തഞ്ചം നാ. 1. അവസരം, തക്കം; 2. കൗശലം, നയം; 3. ആയുധവിദ്യയിൽ ഓരോതരം ആയുധംകൊണ്ടു പയറ്റുമ്പോൾ സന്ദർഭാനുസരണമായി എടുക്കേണ്ട നില; 4. അടക്കം, ക്ഷമ; 5. മട്ട്; 6. സഹായം. തഞ്ചക്കാരൻ = തക്കംനോക്കിപ്രവർത്തിക്കുന്നവൻ
തഞ്ചൽ [തഞ്ചുക] നാ. 1. പാർപ്പ്; 2. താങ്ങ്, തുണ
തഞ്ചി [തഞ്ചുക] ക്രി. ഭൂ. രൂപം
തഞ്ചുക ക്രി. 1. താമസിക്കുക; 2. ഉണ്ടായിരിക്കുക, നിലനിൽക്കുക, സ്ഥിതിചെയ്യുക; 3. തടയുക; 4. ഉറയ്ക്കുക
തട1 നാ. 1. തടസ്സം, ചെറുക്കൽ; 2. അടി വെട്ട് കുത്ത് മുതലായവ തടുക്കുന്ന അടവ്; 3. ത്രാസ്സിൻെറ തണ്ട്; 4. സാധനങ്ങൾ മറിഞ്ഞോ ഉരുണ്ടോ പോകാതിരിക്കാൻ കൊള്ളിച്ചുവയ്ക്കുന്ന അട, ഇലവച്ചു കഞ്ഞികുടിക്കാൻ ഓലക്കാൽ വാഴപ്പോള മുതലായവകൊണ്ടുണ്ടാക്കി വയ്ക്കുന്ന വളയം; 5. തവണ; 6. വാഴയുടെ തണ്ട്; 7. ചേന ചേമ്പ് മുതലായ ചില ചെടികളുടെ ഇലത്തണ്ട്; 8. ചേമ്പിൻെറയും വാഴയുടെയും

തായ്ക്കിഴങ്ങ്; 9. താങ്ങ്; 10. തടികയറ്റിവച്ച് അറുക്കാനുള്ള ഇഴ; 11. പുകയിലഞെട്ട്; 12. വിരോധം; 13. വരമ്പ്; 14. കൊയ്ത്ത കതിരിൻെറ ഒരു കറ്റ; 15. മൃഗങ്ങളുടെ ഗർഭം; 16. മൃഗങ്ങളുടെ ഇണചേരൽ; 17. പട്ടട; 18. ചരിവ്, തീരം

തടങ്കൽ [തടയുക] നാ. 1. തടസ്സം; 2. സ്വാതന്ത്ര്യം അനുവദിക്കാതിരിക്കൽ. തടങ്കൽപ്പുള്ളി = ഏതെങ്കിലും കുറ്റം ചുമത്തി തടവിലാക്കപ്പെട്ട ആൾ

തടങ്ങൽ [തടയുക] നാ. = തടങ്കൽ

തടച്ചിൽ [തടയുക] നാ. 1. തടവ്, തടഞ്ഞുനിറുത്തൽ; 2. ഉതപ്പ്

തടത്തം [തടയുക] നാ. തടസ്സം

തടൻ[സം.] നാ. ശിവൻ

തടപടൽ നാ. തിടുക്കത്തിലുള്ളപ്രവർത്തനംകൊണ്ട് ഉണ്ടാകുന്ന ബഹളം

തടപ്പലം നാ. പത്തു രൂപാത്തൂക്കം

തടമോതിരം നാ. ഒഴുക്കൻ മോതിരം

തടയണ നാ. നദികളിലെ ജലം അവിടവിടെ തടഞ്ഞു നിർത്താനുള്ള ചെറിയ അണ

തടയുക ക്രി. 1. തടസ്സപ്പെടുത്തുക, മുടക്കുക; 2. ചെറുക്കുക; 3. തടങ്കലിൽ വയ്ക്കുക; 4. സ്പർശംകൊണ്ടറിയുക; 5. യാദൃശ്ചികമായികിട്ടുക; 6. സമ്പാദിക്കുക; 7. അക്ഷരത്തെറ്റിനുമുകളിലായി വരയ്ക്കുക.

837

തടയോല നാ. കയ്യാലയുടെ മുകളിൽ വച്ചുകെട്ടുന്ന ഓല

തടവൽ [തടവുക] നാ. തടവുന്ന പ്രവൃത്തി

തടവട്ടം നാ. ഒമ്പതുരൂപ

തടവിളക്ക് നാ. വാഴത്തട നാട്ടി അതിനുമുകളിൽ വയ്ക്കുന്ന ഇടിഞ്ഞിലിൻെറ കത്തിക്കുന്ന വളക്ക്

തടവ്1 [തടയുക] നാ. 1. വിഘ്നം; 2. ചെറുക്കൽ, തടുക്കൽ; 3. (നിയ) അധികാരം ഉപയോഗിച്ചു വ്യക്തിയുടെയോ വ്യക്തികളുടെയോ സഞ്ചാരത്തെയും പ്രവർത്തനത്തെയും തടയൽ; 4. ജയിലിൽ അടയ്ക്കൽ; 5. കാലതാമസം; 6. പയറ്റിൽ എതിരാളിയുടെ ആക്രമണം ചെറുക്കുന്ന മുറ; 7. ആവൃത്തി, പ്രാവശ്യം. (പ്ര) കഠിനതടവ്, തടവറ ഇത്യാദി

തടവ്2 [തടവുക] നാ. തടവൽ

തടവുക ക്രി. 1. ഉണ്ടായിരിക്കുക, ചേരുക (പ്ര) പെരുമതടവും അരചൻ; 2. തലോടുക, ദേഹത്തിലും മറ്റും വേദനിപ്പിക്കാത്തവിധം മൃദുവായി കൈ ഓടിക്കുക, തിരുമ്മുക; 3. പുരട്ടുക; 4. സ്വീകരിക്കുക; 5. തപ്പിനോക്കുക, സ്പർശിച്ചറിയുക

തടസ്ഥ വി. 1. കരയ്ക്കുനിൽക്കുന്ന; 2. സമീപത്തുള്ള; 3. കക്ഷിപിടിക്കാത്ത, താത്പര്യമില്ലാത്ത, മധ്യവർത്തിയായ

തറസ്ഥത നാ. മധ്യസ്ഥത

തടസ്ഥദൃഷ്ടി നാ. ഉദാസീനമായനോട്ടം

തടസ്ഥൻ നാ. 1. കരയ്ക്ക്നിൽക്കുന്നവൻ, 2. മധ്യസ്ഥൻ; 3. കരം പാട്ടം മുതലായവ നിർണയിക്കാൻ ചുമതലപ്പെട്ട പ്രമാണി

തടസ്ഥം നാ. 1. കരയ്ക്കുനിൽക്കുന്നത്; 2. ഉദാസീനഭാവം, മധ്യസ്ഥത; 3. ഒരിനം ഉദ്ദീപനവിഭാവം

തടസ്സം [<തടയുക] നാ. 1. പ്രതിബന്ധം; 2. എതിർപ്പ്

തടാകം നാ. വലിപ്പമുള്ള ജലാശയം

തടാഗത വി. തടത്തിൽ എത്തിച്ചേർന്ന

തടായി [തടം] നാ. അടിവാരം, കുന്നുകളുടെ ഇടയിലുള്ള കുഴി, കുഴിയായയസ്ഥലം

തടി1 നാ. 1. മരത്തിൻെറ കൊമ്പ് ഇല വേര് ഇവയൊഴികെയുള്ള ഭാഗം, മരം അറുത്തോ മുറിച്ചോ എടുക്കുന്ന കഷണം; 2. ആമം; 3. ഉടൽ; 4. മാംസളത, വണ്ണം; 5. വടി; 6. അളവുകോൽ; 7. പാടത്തിൻെറ ഒരു ഖണ്ഡം, നാലുവശവും വരമ്പുകളാൽ വേർതിരിക്കപ്പെട്ട നിലം, വയൽ; 8. ഒരുതരം വഴിപാട്

തടി2 നാ. 1. തീരം; 2. ചരിവ്; 3. താഴ്വര

തടിക്കറ നാ. 1. തറിയുടെ ചട്ടവുമായി ചേർന്നിരിക്കുന്ന തുണിയിൽ ഉണ്ടാകുന്ന പാട്; 2. വെള്ളിനാണയത്തിൽ പറ്റിയിരിക്കുന്ന ഒരുതരം കറ

തടിക്കുക ക്രി. 1. പുഷ്ടിയുണ്ടാവുക, വണ്ണംവയ്ക്കുക, വലുതാവുക; 2. വർധിക്കുക; 3. കട്ടികൂടുക

തടിച്ച [തടിക്കുക] ഭൂ.പേ. വണ്ണിച്ച, വീർത്ത

തടിത്ത് നാ. മിന്നൽ

തടിത്വാൻ നാ. 1. മേഘം; 2. മുത്തങ്ങ

തടിദ്ഗർഭം നാ. 'മിന്നലിനെ ഉൾക്കൊള്ളുന്നത്', മേഘം

തടിനി നാ. 1. നദി; 2. ഒരു സംസ്കൃതവൃത്തം

തടിന്മയ വി. മിന്നലിൻെറ രൂപത്തിലുള്ള

തടിപ്പ് [തടിക്കുക] നാ. 1. കൊഴുപ്പ്, പുഷ്ടി; 2. നീര്, പൊക്കൻ, വീക്കം; 3. തഴമ്പ്

തടിമാടൻ നാ. 1. തടിച്ച ശരീരമുള്ളവൻ; 2. ഭോഷൻ

തടിമിടുക്ക് നാ. ദേഹബലം, ശരീരശേഷി

തടിയൻ വി. കനമുള്ള, വണ്ണമുള്ള. നാ. 1. തടിച്ചവൻ; 2. വലിയ കുമ്പളം

തടില്ലത നാ. മിന്നൽപ്പിണർ

തടില്ലേഖ നാ. നേർത്ത മിന്നൽക്കൊടി

തടീയ വി. തടസംബന്ധിയായ

തടീസർപ്പണം നാ. ഉരുൾപൊട്ടൽ, കരയിടിഞ്ഞു വീഴൽ

തടുക്കനെ അവ്യ. പെട്ടെന്ന്, തിടുക്കത്തിൽ

തടുക്ക് നാ. 1. ഇരിക്കാൻ ഉപയോഗിക്കുന്ന ചെറിയ പായ്; 2. സാധനങ്ങൾ അടുക്കിവയ്ക്കാനുള്ള തടിച്ചട്ടം; 3. ചകിരികൊണ്ടുള്ള ചവിട്ടുമെത്ത; 4. മെടഞ്ഞ തെങ്ങോല അടുക്കിവയ്ക്കാൻവേണ്ടി കെട്ടിയുണ്ടാക്കുന്ന തട്ട്

തടുക്കുക ക്രി. 1. എതിർക്കുക, തടയുക; 2. എഴുതുമ്പോൾ തെറ്റിപ്പോയ അക്ഷരത്തിനു മുകളിൽ വരയ്ക്കുക; 3. കന്നുകാലികൾ ഇണചേരുക

തടുപ്പിക്കുക [തടുക്കുക>പ്രയോ] ക്രി. കാലികളെ ഇണചേർക്കുക

തടുപ്പ് [തടുക്കുക] നാ. 1. തടുക്കൽ; 2. ചരിവുള്ള പ്രദേശങ്ങളിൽ വെള്ളം കുത്തിയൊലിക്കുന്നതു തടയാൻ വെട്ടിയുണ്ടാക്കുന്ന വരമ്പ്; 3. മൃഗങ്ങളുടെ ഇണചേരൽ; 4. ഒരു വിദേശിവസ്ത്രം

തടുമൽ നാ. ജലദോഷം

തടുമാറ് [പ.മ.] നാ. വ്യവസ്ഥയില്ലായ്മ, കുഴപ്പം

തട്ട നാ. 1. മുസ്ലിം സ്ത്രീകൾ തലയിലിടുന്ന വസ്ത്രം; 2. കഥകളിയിലെ സ്ത്രീ വേഷക്കാർ അണിയുന്ന ശിരോവസ്ത്രം; 3. കമുക് മുള ഇവയുടെ ചീള്, ചീന്ത്

തട്ടകം നാ. 1. തട്ടിന്റെ അകം; 2. ഒരു ക്ഷേത്രത്തിന്റെ ചുറ്റുമുള്ള പ്രദേശം; 3. മറ്റുപ്രദേശങ്ങളിൽനിന്നു അതിർത്തി വേർതിരിച്ചിട്ടുള്ള ഭൂവിഭാഗം

തട്ടൻ1 നാ. മുട്ടാക്ക്, മൂടുപടം

തട്ടൻ2 [തട്ടുക] നാ. 'കൊല്ലുന്നത്', വിഷൂചിക

തട്ടം1 നാ. ഒരിനം പരന്ന പാത്രം

തട്ടം2 നാ. 1. വസ്ത്രം; 2. തട്ടൻ

തട്ടൽ [തട്ടുക] നാ. തട്ടുന്ന പ്രവൃത്തി

തട്ടഴി നാ. ഒരിനം വാദ്യം

തട്ടഴിയുക ക്രി. 1. അണിതെറ്റുക; 2. പരിഭ്രമിക്കുക; 3. തോൽക്കുക; 4. നിരാശപ്പെടുക

തട്ടാൻ നാ. സ്വർണപ്പണി തൊഴിലായിട്ടുള്ള ഒരു ജാതി

തട്ടാമുട്ടി നാ. മുട്ടുത്തരം, തർക്കുത്തരം, ദുസ്തർക്കം

തട്ടി1 [തട്ടുക] ഭൂരൂപം

തട്ടി2 നാ. 1. മറ; 2. കുടിലിന്റെ ചെറ്റവാതിൽ; 3. തൊഴുത്ത്

തട്ടിക നാ. മറ

തട്ടിക്കുക [തട്ടുക>പ്രയോ] ക്രി. 1. കബളിപ്പിച്ചോ വഞ്ചിച്ചോ കൈവശപ്പെടുത്തുക; 2. തമ്മിൽ മുട്ടിക്കുക; 3. തൊടീക്കുക; 4. താരതമ്യപ്പെടുത്തുക

തട്ടിന്മേൽക്കൂത്ത് നാ. 1. ഒരു നാടോടി നൃത്തം; 2. കാളീക്ഷേത്രങ്ങളിൽ ഭദ്രകാളിയുടെയും ദാരികന്റെയും വേഷംകെട്ടിയ ആളുകൾ ഉയർന്ന തട്ടിന്മേൽ നിന്നു നടത്തുന്ന കൂത്ത്

തട്ടിപ്പ് [തട്ടിക്കുക] നാ. 1. ചതി, മിരട്ട്, വഞ്ചന; 2. തിളക്കം, ഭംഗി

തട്ടിയടപ്പ് നാ. 1. തട്ടികൊണ്ടുണ്ടാക്കിയ വതിൽ; 2. കാലിക്കൂടിന്റെ അഴി

തട്ട്1 [തട്ടുക] നാ. അടി, ആഘാതം

തട്ട്2 നാ. 1. അലമാര ഏണിപ്പടി തുടങ്ങിയവയിൽ കുറുകെ വച്ചിട്ടുള്ള പലക; 2. മച്ച്; 3. വേദി; 4. വാഹനങ്ങളിലും മറ്റും ലോഹംകൊണ്ടോ തടികൊണ്ടോ നിർമിക്കുന്ന നിരപ്പുള്ള ഭാഗം; 5. ചരിവുള്ള പ്രദേസം ഇടിച്ചുനിരത്തിയുണ്ടാക്കുന്ന സമതലം; 6. താലം, പരന്ന പാത്രം; 7. ത്രാസ്സിൽ സാധനങ്ങളോ തൂക്കപ്പടികളോ വയ്ക്കുന്ന പരന്ന ഭാഗം; 8. തേനീച്ചക്കൂട്ടിനുള്ളിൽ ഈച്ചകൾ നിർമിക്കുന്ന അറകളുടെ നിര; 9, നിലവിളക്കിൽ എണ്ണയൊഴിച്ചുകത്തിക്കുന്ന ഭാഗം; 10 അടച്ചൂറ്റി; 11. പരിച; 12. കാതിന്റെ ചോണ; 13. ഒരുതരം തലയിൽക്കെട്ട്; 14. ഒരു നിരയ്ക്കുമീതെ അൽപം ഇടവിട്ട് മറ്റൊരുനിര എന്നനിലയിലുള്ള അടുക്ക്; 15. തകിട്;

16. പറണ്; 17. തോക്കിൻെറ പാത്തി; 18. ഇല്ലായ്മ, കുറവ്; 19. ആപത്ത്; 20. തടസ്സം, മുടക്കം; 21. മരണം; 22. വഞ്ചന; 23. കിളിത്തട്ടുകളിയിൽ കളത്തിനുള്ളിലെ കളി
തട്ടുക ക്രി. 1. ഏൽക്കുക, തമ്മിൽ മുട്ടുക; 2. സാധനങ്ങൾ കൂട്ടിമുട്ടുക; 3. സംഭവിക്കുക; 4. അടിക്കുക; 5. ചെണ്ട പെരുമ്പറ മുതലായ വാദ്യങ്ങൾ മുഴക്കുക; 6. സ്പർശിക്കുക; 7. നിഷേധിക്കുക; 8. അപഹരിക്കുക; 9. ഉപദ്രവിക്കുക, കൊല്ലുക; 10. വളരെയധികം ആഹാരം കഴിക്കുക; 11. കമഴ്ത്തിയോ ചരിച്ചോ ഉള്ളിലുള്ള സാധനം പുറത്തു വീഴ്ത്തുക; 12. കതകിൻെറ സാക്ഷ ഓടാമ്പൽ മുതലായവ നീക്കുക
തട്ടുകട നാ. കച്ചവടസാധനങ്ങൾ തട്ടിൽ നിരത്തിവച്ചു വിൽക്കുന്ന കട
തട്ടുകേട് നാ. 1. കുഴപ്പം, പാരവശ്യം, വിഷമം; 2. നഷ്ടം ക്ഷീണം; 3. അമളി
തട്ടുക്കിളി നാ. കിളിത്തട്ടുകളിയിൽ ഒരു പക്ഷത്തിലെ നായകൻ
തട്ടുത്തരം നാ. 1. തർക്കുത്തരം, ധിക്കാരത്തോടുകൂടിയുള്ള മറുപടി; 2. തട്ടിൻെറ തുലാം
തട്ടുപടി നാ. 1. ഒരുതരം പലകക്കട്ടിൽ; 2. നിരയും പലകയുമായിചെയ്തിട്ടുള്ള വീടുകളിൽ നിരയോടുചേർത്തു കട്ടിൽപോലെ പണിതിണക്കിയിട്ടുള്ള പലക; 3. വള്ളത്തിൻെറ അറ്റത്തുനിന്നുകൊണ്ട് ഊന്നുവാനായി ഉറപ്പിച്ചിരിക്കുന്ന പലക
തട്ടുപന്തൽ നാ. മുകൾഭാഗം പരന്നിരിക്കുന്നവിധം കെട്ടിയിട്ടുള്ള പന്തൽ
തട്ടുപലക നാ. 1. ഒരിനം കനം കുറഞ്ഞ പലക; 2. തടികൊണ്ടു നിർമിച്ച പരിച
തട്ടുപുര നാ. 1. തട്ടുള്ള പുര; 2. നെൽപ്പുര
തട്ടുമാടം നാ. 1. മട്ടുപ്പാവുകെട്ടിടം; 2. കാലുനിറുത്തി തട്ടിട്ട് അതിൻെറ മുകളിലുണ്ടാക്കുന്ന പുര
തട്ടുമുട്ട് നാ. 1. വീട്ടുസാമാനം; 2. എതിർപ്പ്, തടസ്സം; 3. അടിയും ഇടിയും കയ്യേറ്റം
തട്ടുവാണിഭം നാ. 1. തട്ടിന്മേൽ സാമാനങ്ങൾ നിരത്തിവച്ചുനടത്തുന്ന ചില്ലറക്കച്ചവടം; 2. രത്നവ്യാപാരം
തട്ടുവിളക്ക് നാ. ഒരിനം വിളക്ക്
തട്യൻ നാ. ശിവൻ
തഡാകം നാ. 1. കാട്ടുസരസ്സ്; 2. വല
തൺ വി. തണുത്ത. നാ.1. ജലം; 2. കാരുണ്യം; 3. അഴക്, ഭങ്ഗി
തൺകതിർ നാ. ചന്ദ്രൻ
തൺപ്1 [തൺ] നാ. തണുപ്പ്
തൺപ്2 നാ. താഴ്ച, അപകീർത്തി
തൺപെടുക ക്രി. 1. നശിക്കുക; 2. ശമിക്കുക; 3. ക്ഷീണിക്കുക, മോഹാലസ്യപ്പെടുക; 4. താഴ്ചവരുക, താഴെയാവുക
തൺമ1 നാ. 1. കുളിര്; 2. മനശ്ശാന്തി
തൺമ2 നാ. 1. കുറവ്, കെടുതി, താഴ്ച; 2. വെള്ളംകെട്ടിക്കിടക്കുന്ന താഴ്ന്നപ്രദേശം

തണൽ [<തൺ] നാ. ‘തണുപ്പുള്ള ഇടം’, 1. മരത്തിൻെറയും മറ്റും നിഴൽ; 2. വെയിൽ തട്ടാത്ത സ്ഥലം; 3. ആശ്രയം, തുണ, സഹായം

തണിക്കുക [തണിയുക>പ്ര] ക്രി. 1. തണുപ്പിക്കുക; 2. ശാന്തമാക്കുക; 3. തല്ലിമിനുസപ്പെടുത്തുക

തണിച്ചൽ നാ. തണിച്ചിൽ

തണിച്ചിൽ [തണിയുക] നാ. തണുക്കൽ, തണിയൽ

തണിമരം നാ. ക്ഷേത്രങ്ങളിൽ രഥോത്സവത്തിനുള്ള തേരു മുന്നോട്ടുനീക്കാൻ ഉപയോഗിക്കുന്ന തടി

തണിയുക ക്രി. 1. തണുക്കുക; 2. അണയുക; 3. കുറയുക, ശമിക്കുക

തണിവ് [തണിയുക] നാമരൂപം

തണു(വ്) [തൺ] വി. തണുത്ത

തണുക്കുക1 ക്രി. 1. ആറുക, ചൂടുകുറയുക; 2. കുളിരുക, തണുപ്പ് അനുഭവപ്പെടുക; 3. കുറയുക, ശാന്തമാവുക

തണുക്കുക2 ക്രി. തിണർക്കുക

തണുങ്ങ് നാ. കമുകിൻെറ പഴുത്തതോ ഉണങ്ങിയതോ ആയ ഓല

തണുപ്പൻ [തണുപ്പ്] വി. ചുണയില്ലാത്ത, മടിയുള്ള. നാ. ഊർജ്വസ്വലതയില്ലാത്ത ആൾ

തണുപ്പിക്കുക [തണുക്കുക>പ്ര] ക്രി. 1. ആറ്റുക, ചൂടുകുറയ്ക്കുക; 2. ലഘുവാക്കുക

തണുപ്പ് [തണുക്കുക] നാ. 1. കുളിർമ, ചൂടുകുറഞ്ഞ അവസ്ഥ; 2. ഉത്സാഹക്കുറവ്, മാന്ദ്യം; 3. ആശ്വാസംകുറയൽ; 4. ജലദോഷം

തണ്ട1 നാ. 1. (സ്ത്രീകൾ) കാലിലണിയുന്ന ഒരാഭരണം; 2. ഒരിനം തുണി; 3. വാല്

തണ്ട2 നാ. മുൻകൈ, മുഴംകയ്യ്

തണ്ട3 [<സം.ദണ്ഡ] നാ. 1. കരം; 2. പരിച; 3. സേന; 4. ആയുധം

തണ്ടക്കാരൻ നാ. കരം വസൂലാക്കുന്ന ആൾ

തണ്ടക്കോൽ നാ. കതിർക്കറ്റയിൽനിന്നു നെന്മണികൾ അടിച്ചുകൊഴിക്കുന്നതിന് ഉപയോഗിക്കുന്ന കമ്പ്

തണ്ടൻ [തണ്ട്] വി. 1. തണ്ടുള്ള; 2. അഹങ്കാരമുള്ള. നാ. 1. തണ്ടുള്ളവൻ, അഹങ്കാരി; 2. തണ്ടൻ പയറ്; 3. തണ്ടൻ ചീര

തണ്ടപ്പേര് നാ. കരം അടയ്ക്കേണ്ടവരെക്കുറിച്ചുള്ള വിവരങ്ങളടങ്ങിയ രജിസ്റ്റർ

തണ്ടരഞ്ഞാണം നാ. അരയിൽ അണിയുന്ന ഒരാഭരണം

തണ്ടൽ [<തണ്ടുക] നാ. കരംപിരിവ്. തണ്ടൽക്കാരൻ = കരംപിരിവുകാരൻ

തണ്ടലർ [തണ്ട്-അലർ]നാ. താമരപ്പൂവ്.

839

തണ്ടലർബാണൻ നാ. തണ്ടലരമ്പൻ, കാമൻ

തണ്ടലർമകൾ നാ. ‘താമരപ്പൂവിൽനിന്നു ജനിച്ചവൾ’, ലക്ഷ്മീദേവി

തണ്ടലരമ്പൻ നാ. 'താമരപ്പൂ അമ്പായി ഉപയോഗിക്കുന്നവൻ', കാമദേവൻ
തണ്ടാൻ നാ. 1. ഈഴവരിൽ ചിലപ്രമാണിമാരുടെ സ്ഥാനപ്പേര്; 2. ഒരുജാതി, ഊരാളി; 3. തച്ചൻ
തണ്ടായ്മ നാ. 1. തണ്ടാൻ എന്ന പദവി; 2. തണ്ടിൽ സഞ്ചരിക്കാനുള്ള അധികാരം
തണ്ടായം നാ. 1. കാവ്; 2. വെറ്റിലക്കൊടി പടർത്തുന്നതിന് കുഴിച്ചിടുന്ന കാലുകൾക്ക് കുറുകെ വച്ചുകെട്ടുന്ന കമുകലക്; 3. ഒരിനം കൊടിൽ; 4. തണ്ടുവലിക്കുന്നതിനുള്ള ഊക്ക്
തണ്ടാർ1 [തണ്–താർ] നാ. താമരപ്പൂവ്
തണ്ടാർ2 നാ. = തണ്ടാൻ
തണ്ടാർമാനിനി നാ. ലക്ഷ്മീദേവി
തണ്ടാർമിഴി നാ. സുന്ദരി
തണ്ടാരിതൾക്കണ്ണൻ നാ. 'താമരയിതൾപോലെ മനോഹരമായ കണ്ണുള്ളവൻ', 1. കൃഷ്ണൻ; 2. വിഷ്ണു; 3. രാമൻ
തണ്ടാളി നാ. വള്ളക്കാരൻ
തണ്ടി1 നാ. നാ. കരുത്ത് പ്രായം വലിപ്പം തുടങ്ങിയവയിൽ തുല്യതയുള്ള ആൾ. (പ്ര) തണ്ടിയും തരവും
തണ്ടി2 [തണ്ടുക] നാ. കരംപിരിവുകാരൻ
തണ്ടി3 [തണ്ടുക] ക്രി. ഭൂ.രൂപം
തണ്ടിക [ദണ്ഡികാ] നാ. 1. ഒരിനം പല്ലക്ക്; 2. കഴുത്തിലണിയുന്ന ഒരു ആഭരണം; 3. വിലങ്ങനെവയ്ക്കുന്ന ഉത്തരം; 4. തത്കാലത്തേക്കു കെട്ടിയുണ്ടാക്കുന്ന പുര
തണ്ടിയന്തമുക്ക് നാ. പല്ലക്കിനുമുമ്പിൽ തമുക്ക് എന്ന വാദ്യം കൊട്ടിക്കൊണ്ടുപോകുന്നവൻ
തണ്ടിൽച്ചുമട് നാ. 1. കാവുതണ്ടിൽ കെട്ടിത്തൂക്കി എടുത്തുകൊണ്ടുപോകുന്ന ചുമട്; 2. ഒരുകരം
തണ്ട്1 [സം.ദണ്ഡ] നാ. 1. സസ്യകാണ്ഡം; 2. വടി; 3. തോളിലെടുക്കാനായി പല്ലക്കിനും മറ്റും ഘടിപ്പിച്ചിരിക്കുന്ന തടി; 4. വടി; 5. കുടക്കാൽ
തണ്ട്2 നാ. തണ്ടൽ
തണ്ടുക ക്രി. 1. ഉണ്ടായിരിക്കുക, ചേരുക; 2. ഈടാക്കുക, ശേഖരിക്കുക; 3. അന്വേഷിക്കുക; 4. കരുതിവയ്ക്കുക, സൂക്ഷിക്കുക; 5. അധികമാക്കുക; 6. അനുദ്രഹിക്കുക
തണ്ടുകാരൻ നാ. 1. അഹങ്കാരി; 2. വള്ളത്തിൽ തണ്ടുവലിക്കുന്നവൻ
തണ്ടുതപ്പി നാ. ഭോഷനും ധിക്കാരിയുമായ ആൾ
തണ്ടുതപ്പുക ക്രി. അഹങ്കാരംകാട്ടുക, ഭോഷത്തം കാട്ടുക
തണ്ടുപത്തി നാ. തുഴയുടെ അറ്റത്തു പാമ്പിൻപത്തിപോലെ പലകയിൽ പണിതുവയ്ക്കുന്ന സാധനം, പലകനാക്ക്
തണ്ടുറുക്ക് നാ. മുസ്ലിം സ്ത്രീകളുടെ ഒരു ആഭരണം
തണ്ടേറുക നാ. 1. പല്ലക്കിൽ സഞ്ചരിക്കുക; 2. ഉയർന്ന പദവിയിലെത്തുക

തണ്ടേറ്റുക ക്രി. കപടമായി ഉപചാരം കാട്ടുക

തണ്ഡ നാ. 1. അടിക്കൽ; 2. കൊല

തണ്ഡകൻ നാ. 1. ഇന്ദ്രജാലക്കാരൻ; 2. ചതിയൻ

തണ്ഡകം നാ. 1. നുര, പത; 2. കരിങ്കുരികിൽ; 3. ഒരുക്കം; 4. തൂണ്; 5. അലങ്കാരം; 6. വിയർപ്പ്; 7. ഒരു രോഗം; 8. ഒരു രചനാരീതി

തണ്ഡുരീണൻ നാ. അലരിഷ്കൃതൻ, മണ്ടൻ

തണ്ഡുരീണം നാ. 1. കറുത്ത കാട്ടുതുളസി; 2. പുഴു; 3. അരിക്കാടി

തണ്ഡുല നാ. 1. വിഴാൽ; 2. വലിയകുറുന്തോട്ടി; 3. തിപ്പലി

തണ്ഡുലജലം നാ. 1. അരിക്കാടി; 2. കഞ്ഞിവെള്ളം

തണ്ഡുലം നാ. 1. ഉമിനീക്കിയ ധാന്യം; 2. വിഴാൽ

തണ്ഡുലോത്ഥ(ക)ം നാ. 1. അരിക്കാടി; 2. കഞ്ഞിവെള്ളം

തണ്ഡുലോദ(ക)ം നാ. തണ്ഡുലോത്ഥം

തണ്ണവൻ നാ. ചന്ദ്രൻ

തണ്ണി [<തണ്ണീർ] നാ. 1. പച്ചവെള്ളം; 2. മദ്യം

തണ്ണിച്ചായം നാ. ഒരിനം ചായം, വെള്ളത്തിൽ കലക്കി ഉപയോഗിക്കുന്നത്.

തണ്ണിമത്തൻ നാ. തിന്നാൽ തണുപ്പുണ്ടാക്കുന്ന ഒരിനം മത്തൻ

തണ്ണീർ [തണ്-നീർ] നാ. തണുത്തവെള്ളം, വെള്ളം

തണ്ണീർക്കുടം നാ. 1. വെള്ളമെടുക്കുന്ന കുടം; 2. മുന്നീർക്കുടം (ഗർഭപാത്രത്തിൽ കുട്ടികിടക്കുന്ന നീർസഞ്ചി)

തണ്ണീർപ്പന്തൽ നാ. വഴിപോക്കർക്ക് ദാഹം ശമിപ്പിക്കുന്നതിനും വിശ്രമിക്കുന്നതിനും വേണ്ടി വഴിയരികിൽ നിർമിക്കുന്ന പന്തൽ

തണ്ണുക [<തൺ] ക്രി. താഴുക

തണ്യ [<തണ്ണിയ] വി. താണ, ചീത്തയായ

തത് [<സം.തദ്] സ.നാ. (തച്ഛബ്ദം ന.ലിം. ഏ. വ.) അത്

തത [സം.<തന്] വി. 1. വിസ്താരമുള്ള, പരന്ന; 2. മറയ്ക്കപ്പെട്ട, മൂടപ്പെട്ട

തതകം നാ. കാറ്റ്

തതൻ നാ. 1. പിതാവ്; 2. പുത്രൻ

തതപത്രി നാ. ‘ വിസൃതമായ ഇലയുള്ളത്’, വാഴ

തതം നാ. 1. പരപ്പ്, വിസ്താരം; 2. പരന്നത്; 3. കാറ്റ്; 4. സന്താനം; 5. (സങ്ഗീ) വാദ്യങ്ങൾ നാലുവിധമുള്ളതിൽ ഒരിനം; 6. ഗദായുദ്ധത്തിലെ 14 അടവുകളിൽ ഒന്ന്

തത: അവ്യ. അവിടെനിന്ന്, ആ ദിക്കിൽനിന്ന്, അപ്പോൾ, അപ്പോള്മുതൽ, അന്നുമുതൽ, ഇനിമേൽ, അതിൽനിന്നും, അതുകൊണ്ട്

തത:പരം അവ്യ. 1. അതിനപ്പുറം, അതിനുശേഷം, അതനുസരിച്ച്, അനന്തരം; 2. അതുകൂടാതെ, അത്രയുമല്ല, എന്നുതന്നെയല്ല

തത:പ്രഭൃതി അവ്യ. അതുമുതൽ, അപ്പോൾത്തുടങ്ങി

തതി നാ. 1. സമൂഹം, കൂട്ടം, നിര, വരി; 2. വിസ്താരം

തത്കാലധീ സം.-തത്കാല-ധീ] വി. അതതുസമയത്ത് വേണ്ട ബുദ്ധിയുള്ള

തത്കാലബന്ധു നാ. 1. കാര്യസാധ്യത്തിനുവേണ്ടി ബന്ധുവാകുന്ന ആൾ; 2. (ജ്യോ) 2, 3, 4, 10, 11, 12 എന്നീ ഭാവങ്ങളിൽ വരുമ്പോൾ പരസ്പരം അനുകൂലമാകുന്ന സൂര്യാദിഗ്രഹങ്ങൾ

തത്കാലം വി. അപ്പോൾ, ഇപ്പോൾ. നാ. ഒരു സംഭവം നടക്കുന്ന സമയം, വർത്തമാനകാലം, ആ കാലം, ആസമയം

തത്കാലശത്രു നാ. 1. അൽപകാലത്തേക്ക് ശത്രു ആകുന്ന ആൾ; 2. (ജ്യോ) 5, 6, 7, 8, 9 എന്നീഭാവങ്ങളിൽ വരുമ്പോൾ പരസ്പരം പ്രതികൂലമാകുന്ന സൂര്യാദിഗ്രഹങ്ങൾ

തത്കാലീന വി. ആസമയത്തുള്ള, ആസമയത്തേക്കുള്ള

തത്ക്രിയ1 വി. ശമ്പളംകൂടാതെ വേലചെയ്യുന്ന

തത്ക്രിയ2 നാ. ആ പ്രവൃത്തി, ആ വ്യക്തിയുടെ പ്രവൃത്തി

തത്ക്ഷണം അവ്യ. അപ്പോൾ, ആ നിമിഷത്തിൽ, ഉടൻതന്നെ. നാ.1. ആ നിമിഷം, ഞൊടിയിട; 2. വർത്തമാനകാലം

തത്ഗുണം നാ. 1. ആ ഗുണം; 2. അവൻെറ ഗുണം; 3. ഒരു അർഥാലങ്കാരം; 4. വിശേഷഗുണം

തത്ത നാ. ഒരിനം പക്ഷി, ശാരിക

തത്തത് വി. അതത്

തത്തപ്പാകം നാ. അരി തിളച്ചുവേകുന്ന പാകത്തിൽ ഒന്ന്, വെന്തുതുടങ്ങുന്ന സ്ഥിതി

തത്താദൃക്ക് നാ. അതുപോലെയുള്ളത്

തത്താദൃശ വി. അതുപോലെയുള്ള, അപ്രകാരമുള്ള

തത്തി1 [തത്തുക] ക്രി. ഭൂ. രൂപം

തത്തി2 നാ. 1. തവണ, പ്രാവശ്യം; 2. വിഭാഗം

തത്തികക്കുട നാ. ഉത്സവങ്ങൾക്കും മറ്റും മങ്ഗളസൂചകമായി പിടിക്കുന്ന (ഓലകൊണ്ടുണ്ടാക്കിയ) കുട

തത്തിക്കുക ക്രി. തത്തുവാൻ കാരണമാകുക

തത്തു [തത്തുക] ധാതുരൂപം

തത്തുക ക്രി. 1. അസ്ഥിരമായ കാൽവയ്പ്പുകളോടെ നടക്കുക; 2. അഹങ്കരിക്കുക; 3. മോടികൂട്ടി നടക്കുക. (പ്ര) തത്തിക്കളിക്കുക = തുള്ളിക്കളിക്കുക. തത്തിനടക്കുക = പതുക്കെപ്പതുക്കെ നടക്കുക, പിച്ചവച്ചുനടക്കുക. തത്തിപ്പൊത്തി = വല്ലവിധത്തിലും

തത്തുല്യ വി. അതിനു തുല്യമായ

തത്ത്വകലശം നാ. അഭിഷേകത്തിനും മറ്റും ഉപയോഗിക്കുന്ന കലശങ്ങളിൽ ഒന്ന് (ദേവൻെറ തത്ത്വമന്ത്രങ്ങൾ ചൊല്ലി ആവാഹിച്ചത്), ആ കലശത്തിലെ ജലംകൊണ്ട് അഭിഷേകം നടത്തുന്ന കർമം

തത്ത്വചതുഷ്ടയം നാ. ആത്മാവ് പൃഥിവി അപ്പ് തേജസ്സ് ഇവ നാലും

തത്ത്വചിന്ത നാ. തത്ത്വശാസ്ത്രം

തത്ത്വചിന്തകൻ നാ. തത്ത്വജ്ഞാനമുള്ളവൻ (ദാർശനികൻ)

തത്ത്വജ്ഞ1 [സം-ജ്ഞ] വി. പരമാർഥബോധമുള്ള, സത്യസ്ഥിതി അറിയാവുന്ന, ബ്രഹ്മജ്ഞാനമുള്ള

തത്ത്വജ്ഞ2 നാ. പരമാർഥബോധമുള്ളവൾ, ബ്രഹ്മജ്ഞാനമുള്ളവൾ
തത്ത്വജ്ഞൻ നാ. പരമാർഥബോധമുള്ളവൻ, ബ്രഹ്മജ്ഞാനമുള്ളവൻ
തത്ത്വജ്ഞാനം നാ. 1. പരമാർഥബോധം, ബ്രഹ്മജ്ഞാനം (പ്രപഞ്ചത്തിൻെറ സത്യം എന്തെന്നുള്ള അറിവ്); 2. ഏതെങ്കിലും വിഷയത്തെക്കുറിച്ചുള്ള പൂർണമായ അറിവ്
തത്ത്വത്രയം നാ. ചിത്ത്, അചിത്ത്, ഈശ്വരൻ ഇവമൂന്നും (ജ്ഞാനം, ജ്ഞേയം, ജ്ഞാതാവ് എന്നും മതം)
തത്ത്വദർശി നാ. 1. തത്ത്വജ്ഞൻ; 2. (പുരാണ0 അഞ്ചാമത്തെ മനുവായ രൈവതൻെറ പത്തു പുത്രന്മാരിൽ ഒരാൾ; 3. പതിമൂന്നാം മന്വന്തരത്തിലെ സപ്തർഷികളിലൊരാൾ
തത്ത്വദാർശനികകാലം നാ. ഭാരതത്തിൽ ദർശനങ്ങൾ ആവിർഭവിച്ചകാലം
തത്ത്വദീക്ഷ നാ. വ്രതാനുഷ്ഠാനങ്ങളിലുള്ള തീവ്രബുദ്ധിയോടെ തത്ത്വങ്ങളിൽ ഉറച്ചുനിൽക്കൽ
തത്ത്വദൃഷ്ടി നാ. തത്ത്വജ്ഞാനമുള്ള ആൾ
തത്ത്വനിഷ്ഠ നാ. പരമാർഥജ്ഞാനത്തിലുള്ള വിശ്വാസം
തത്ത്വന്യാസം നാ. (തന്ത്ര) ദേവപൂജയിലെ ഒരു ക്രിയ (ദേവൻെറ പ്രധാന മന്ത്രങ്ങൾ ഉപയോഗിച്ചു തത്ത്വങ്ങളെ അങ്ഗങ്ങളിൽ ന്യസിക്കൽ)
തത്ത്വബോധം നാ. തത്ത്വത്തെക്കുറിച്ചുള്ള അറിവ്
തത്ത്വബോധി നാ. തത്ത്വജ്ഞാനി (പരമാർഥബോധമുള്ളവൻ)
തത്ത്വം1 നാ. 1. ഉണ്മ, യാഥാർഥ്യം; 2. അർഥം, സാരം; 3. യഥാർഥധർമം, സ്വഭാവം, ആദർശം; 4. പ്രപഞ്ചത്തിൻെറ ആദികാരണം; 5. ശരീരം; 6. പെരുമാറ്റക്രമം; 7. ജീവാത്മപരമാത്മാക്കളുടെ ഐക്യം; 8. (സങ്ഗീ) പതിഞ്ഞതാളം
തത്ത്വം2 നാ. (വേദാന്ത) മഹാവാക്യങ്ങളിൽ ഒന്ന്
തത്ത്വമസി നാ. 'അതു നീയാകുന്നു', ഛാന്ദോഗ്യോപനിഷത്തിലെ മഹാവാക്യം
തത്ത്വവാദി നാ. 1. പരമാർഥം പറയുന്നവൻ; 2. തത്ത്വജ്ഞാനമുള്ളവൻ
തത്ത്വവിത്ത്,-വേദി നാ. 1. തത്ത്വജ്ഞൻ; 2. ശൈവൻ (അവിദ്യ, ആത്മാവ്, ശിവൻ എന്നീ മൂന്നു തത്ത്വങ്ങളാണ് ജഗത്തിനെ പ്രവർത്തിപ്പിക്കുന്നതെന്നു വാദിക്കുന്നവൻ)
തത്ത്വശാസ്ത്രം നാ. 1. അധ്യാത്മശസ്ത്രം, ദർശനം; 2. ഒരു വിഷയത്തെക്കുറിച്ചുള്ള അടിസ്ഥാനപരമായ അറിവ്
തത്ത്വാതീതൻ നാ. ഈശ്വരൻ
തത്ത്വാനുസന്ധാനം നാ. ജഗത്കാരണമായ ബ്രഹ്മത്തെ അന്വേഷിക്കൽ
തത്ത്വാന്വേഷകൻ നാ. പരമാർഥസ്ഥിതി അന്വേഷിച്ചറിയുന്നവൻ, സത്യാന്വേഷി
തത്ത്വാന്വേഷണം നാ. സത്യം അന്വേഷിക്കൽ (പരമാർഥസ്ഥിതി അന്വേഷിച്ചറിയൽ)

തത്ത്വാഭിയോഗം നാ. (നിയമ) തെളിവുസഹിതം നടത്തുന്ന കുറ്റാരോപണം
തത്ത്വാർഥം നാ. ഉണ്മ, കാതലായ അംശം, സൂക്ഷ്മമായ അർഥം
തദ്പദം നാ. 1. ആ വാക്ക്; 2. ആ സ്ഥാനം; 3. ബ്രഹ്മം.
841
തത്പര1 [സം.-പര] വി. ആഭിമുഖ്യമുള്ള, ഉത്സാഹത്തോടുകൂടിയ, ഏർപ്പെട്ടിരിക്കുന്ന
തത്പര2 [സം.-പരാ] നാ. 1. താത്പര്യമുള്ളവൾ; 2. കോണളവിൻെറ ഒരു ഏകകമായ സെക്കൻഡിൻെറ അറുപതിലൊന്ന്
തത്പരത്വം [സം.] നാ. താത്പര്യം
തത്പരം നാ. 1. അതിനേക്കാൾ മെച്ചമായത്, അതിനേക്കാൾ ശ്രേഷ്ഠമായത്, ഉത്കൃഷ്ഠമായത്; 2. ഒരു നിമിഷത്തിൻെറ മുപ്പതിലൊന്ന്
തത്പുരുഷകലകൾ നാ. (ബ.വ.) തന്ത്രശാസ്ത്രപ്രകാരമുള്ള കലകളിൽ ഒരു വിഭാഗം (നിവൃത്തി, പ്രതിഷ്ഠ, വിദ്യ, ശാന്തി എന്നിവ)
തത്പുരുഷൻ നാ. 1. പരമാത്മാവ്; 2. രുദ്രന്മാരിൽ ഒരാൾ; 3. നേരെത്തേ പരാമർശിക്കപ്പെട്ട ആൾ; 4. ഭൃത്യൻ (ഒരാളിൻെറകീഴിൽ ജോലിചെയ്യുന്ന ആൾ); 5. (വ്യാക) ഉത്തരപദാർഥപ്രധാനമായ ഒരു സമാസം
തത്പുരുഷം നാ. 1. ശിവൻെറ അഞ്ചുമുഖങ്ങളിൽ രണ്ടാമത്തേത്; 2. ഒരു മന്ത്രം
തത്ഫലം നാ. 1. അതിൻെറ ഫലം; 2. വെള്ളാമ്പൽ; 3. കൊട്ട; 4. അടവിക്കച്ചോലം
തത്ഭവം നാ. = തദ്ഭവം
തത്ഭാവം നാ. = തദ്ഭാവം
തത്ര അവ്യ. അവിടെ, ആ സ്ഥലത്ത്, അങ്ങോട്ട്, അതിൽ, ആ സമയത്ത്, ആ പരിതസ്ഥിതിയിൽ, അപ്പോൾ, അതുകൊണ്ട് എന്നിങ്ങനെ വിവിധാർഥങ്ങൾകുറിക്കുന്നു
തത്രത്യ വി. അവിടുത്തെ, അവിടെയുള്ള
തത്രഭവാൻ നാ. അവിടുന്ന്, അങ്ങ്, അദ്ദേഹം
തത്രം നാ. 1. ഇളക്കം, പരിഭ്രമം; 2. തിടുക്കം. (പ്ര) തത്രപ്പാട് = തിടുക്കം, പരിഭ്രമം. തത്രപ്പെടുക = പരിഭ്രമിക്കുക, തിടുക്കപ്പെടുക
തത്രസ്ഥ വി. അവിടെയുള്ള, അവിടെപാർക്കുന്ന, ആസ്ഥലത്തുള്ള
തത്രൈവ അവ്യ. അവിടെത്തന്നെ
തത്വം നാ. = തത്ത്വം
തത്സമ നാ. പ്രത്യയാംശത്തിനു മാത്രം രൂപവ്യത്യാസം വരുത്തിയോ അല്ലാതെയോ മറ്റുഭാഗത്തിനു മാറ്റം കൂടാത്തരീതിയിൽ അന്യഭാഷയിൽനിന്നു സ്വീകരിക്കുന്ന പദം
തത്സമയം നാ.അവ്യ. അന്നേരം, ആ സമയം
തത്സ്ഥ വി. അതിസ്ഥിതിചെയ്യുന്ന, അതിനെസംബന്ധിച്ച
തഥാ അവ്യ. അങ്ങനെ, അപ്രകാരം
തഥാകൃത വി. അപ്രകാരം ചെയ്യപ്പെട്ട

തഥാഗത വി. അതുപോലെയുള്ള, ആ അവസ്ഥയെപ്രാപിച്ച
തഥാഗതൻ നാ. 1. ഗൗതമബുദ്ധൻ; 2. ബുദ്ധമതാനുയായി; 3. മോക്ഷത്തെപ്രാപിച്ചവൻ
തഥാത നാ. 'അങ്ങനെയായിരിക്കുന്ന അവസ്ഥ' സത്യം (പരമാർഥസ്ഥിതി)
തഥാത്വം നാ. തഥാത
തഥാപി അവ്യ. അങ്ങനെയായിരുന്നിട്ടും, എങ്കിലും, എന്നാലും, എന്നിട്ടും
തഥാഭൂത വി. 1. അങ്ങനെയുള്ള, അപ്രകാരം ആയ; 2. അത്തരം ഗുണങ്ങളോടുകൂടിയ
തഥാരാജൻ നാ. ബുദ്ധൻ
തഥാരൂപ വി. ആ ആകൃതിയുള്ള
തഥാവിധ വി. ആവിധത്തിലുള്ള, അങ്ങനെയുള്ള
തഥാവിധം അവ്യ. അപ്രകാരം
തഥാവസ്തു (തഥാ എന്ന അവ്യയത്തോട് അസ്തു എന്ന ക്രിയ ചേർന്നുണ്ടായ രൂപം) അങ്ങനെയാകട്ടെ, അപ്രകാരം ഭവിക്കട്ടെ
തഥൈവ അവ്യ. അതുപോലെതന്നെ, അപ്രകാരംതന്നെ
തഥോചിത നാ. അപ്രകാരം അർഹിക്കുന്ന
തഥ്യ1 വി. സത്യമുള്ള, നിത്യമായ
തഥ്യ2 നാ. സത്യം
തഥ്യം നാ. സത്യം, യാഥാർഥ്യം
തദ് നാ. = തത്, അത്, ആ, അവൻ, അവൾ എന്നീയർഥങ്ങളിൽ സമാസാദിയിൽ പ്രയോഗം
തദനന്തരം അവ്യ. അതിനുശേഷം, പിന്നീട്
തദനു അവ്യ. അതിനുശേഷം, അതിൽപ്പിന്നെ
തദനുസരണം അവ്യ. അതനുസരിച്ച്
തദനുസാരം അവ്യ. തദനുസരണം
തദന്തരേ അവ്യ. അതിനിടയിൽ, ആ ഇടയ്ക്ക്
തദപി അവ്യ. എങ്കിലും, എന്നാലും, അപ്രകാരമിരുന്നാലും
തദർഥം അവ്യ. അതിനുവേണ്ടി, ആ ആൾക്കുവേണ്ടി, ആ ഉദ്ദേശ്യത്തോടെ
തദാ അവ്യ. അപ്പോൾ, ആ സമയത്ത്
തദാകാര വി. ആ രൂപത്തിലുള്ള
തദാനീന്തന വി. അക്കാലത്തുള്ള, അക്കാലത്തെ, അന്നത്തെ
തദാനീം അവ്യ. അപ്പോൾ, ആ സമയത്ത്
തദാമുഖ1 വി. അപ്പോൾ ആരംഭിച്ച
തദാമുഖ2 വി. അതിൻെറ ആരംഭമായ
തദീയ വി. അവൻെറ, അവളുടെ, അവരുടെ, അതിൻെറ
തദൈവ അവ്യ. അപ്പോൾത്തന്നെ, ഉടനെ

തത്ഗത വി. 1. അതിൻെറയോ ആ വ്യക്തിയുടെയോ നേർക്കുള്ള; 2. അതിനേയോ ആ വ്യക്തിയെയോ പ്രാപിച്ച, അതിലോ ആ വ്യക്തിയിലോ ഉള്ള

തദ്ഗുണം നാ. ഒരു അർഥാലങ്കാരം

തദ്ദിനം അവ്യ. 1. ആ ദിനത്തിൽ; 2. ഓരോദിവസവും; 3. ഒരു പ്രത്യേകദിവസത്തിൽ. നാ. 1. ആ ദിവസം; 2. ആണ്ടുബലി (മരിച്ചുപോയ പൂർവികന്മാരെ യ്ദ്ദേശിച്ചു നടത്തുന്ന)

തദ്ദേശം നാ. ആ ദേശം. (പ്ര) തദ്ദേശവാസി = ആ നാട്ടിൽ ജീവിക്കുന്ന ആൾ. തദ്ദേശസംഘടന = ആ നാട്ടിലുള്ള സംഘടന

തദ്ദേശസ്വയംഭരണം നാ. തെരെഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ പഞ്ചായത്ത് മുൻസിപ്പാലിറ്റി തുടങ്ങിയ പ്രാദേശികജനാധിപത്യസ്ഥാപനങ്ങൾ ഭരിക്കുന്ന വ്യവസ്ഥ. (പ്ര) തദ്ദേശസ്വയംഭരസ്ഥാപനങ്ങൾ = മുൻസിപ്പാലിറ്റി പഞ്ചായത്ത് തുടങ്ങിയവ

തദ്ദേശീയ വി. ആ ദേശത്തുള്ള, ആ ദേശത്തെ സംബന്ധിച്ച

തദ്ധിതം നാ. 1. (വ്യാക) നാമത്തോടോ ഭേദകത്തോടോ ചില പ്രത്യയങ്ങൾ ചേർത്തുണ്ടാക്കുന്ന നാമരൂപം ഉദാ: അടിമത്തം, കള്ളത്തരം, വേണ്ടാതനം, നെടുമങ്ങാടൻ

തദ്ധിതസമാസം നാ. തദ്ധിതം ഘടകമായുള്ള സമാസം

തദ്ധിതോത്സുകൻ നാ. മറ്റൊരാളിൻെറ (തദ്) നന്മയിൽ (ഹിതത്തിൽ) താത്പര്യമുള്ളവൻ

തദ്ഭവം നാ. അന്യഭാഷയിൽനിന്നു കടംകൊണ്ട് സ്വാംശീകരിക്കാനായി ഉച്ചാരണത്തിലും രൂപത്തിലും മാറ്റംവരുത്തിയ പദം. (ഉദാ: ദേവ–തേവൻ, രാമ–ഇരാമൻ)

തദ്ഭാവം നാ. 1. ആ ഭാവം; 2. അതിൻെറയോ ആ വ്യക്തിയുടെയോ ഭാവം; 3. അതായിത്തീരൽ; 4. ആ വ്യക്തിയുടെ ഉദ്ദേശ്യം

തദ്ഭിന്ന വി. അതിൽനിന്നു വ്യത്യസ്തമായ

തദ്രുപ വി. ആരൂപമുള്ള, അതുമായി ആകൃതിസാമ്യമുള്ള

തദ്രൂപം നാ. ആ രൂപം, അതിൻെറയോ ആ വ്യക്തിയുടെയോ രൂപം

തദ്വത്,–ൽ അവ്യ. 1. അതുപോലെ, ആരീതിയിൽ; 2. അതുള്ള

തദ്വത്തദ്ധിതം നാ. (വ്യാക) തദ്ധിതങ്ങളിൽ ഒരു വിഭാഗം. (അതിലുള്ളത്, അതുള്ളത്, അവിടെനിന്നുവരുന്നത് ഇത്യാദി അർഥങ്ങൾ കുറിക്കുന്നു) ഉദാ: പാലക്കാടൻ, മുഷിപ്പൻ, മൂപ്പൻ

തദ്വത്പ്രസ്ഥാനം നാ. ഒരു സാഹിത്യപ്രസ്ഥാനം (ജീവിതത്തെ മിക്കവാറും യഥാർഥമായി ചിത്രീകരിക്കുന്നത്)

തദ്വശ വി. അതിനുവിധേയമായ, അതിനോടുചേർന്ന

തദ്വാര അവ്യ. അങ്ങനെ, അപ്രകാരം, അതുവഴി

തദ്വിത് വി. 1. അതറിയുന്ന; 2. പരമാർഥജ്ഞാനമുള്ള

തദ്വിധ വി. അങ്ങനെയുള്ള, ആമാതിരിയുള്ള

തദ്വിപര്യയം നാ. 1. അതിൻെറ വിപരീതം; 2. നാട്യാലങ്കാരങ്ങൾ മുപ്പത്തിയാറുള്ളതിൽ ഒന്ന് (ഒരു സാധ്യത്തിനു പ്രതികൂലമായവയുടെ വിവരണം)

തദ്വിഷയക വി. അതുസംബന്ധിച്ച, ആ വ്യക്തിയെ സംബന്ധിച്ച

തൻ1 നാ. (വ്യാക) 1. നിർദേശിക ഒഴികെയുള്ള വിഭക്തികളിൽ താൻ എന്ന പദം കൈക്കൊള്ളുന്ന രൂപം; 2. താൻ എന്നതിൻെറ സംബന്ധികാഭാസം; 3. ഉടെ, ൻെറ എന്നീ സംബന്ധികാവിഭക്തിപ്രത്യയങ്ങൾക്കു പകരമായും പ്രയോഗം. (പ്ര) തൻകാര്യം പൊൻകാര്യം. തൻകൽകാച്ചതേ തൻകൽ വീഴു. തൻകൊതിതാഴെ. കാക്കറ്റ്ക്കും തൻകുഞ്ഞ് പൊൻകുഞ്ഞ് (പഴ)

തൻ2 നാ. 1. കള്ളൻ; 2. ഹീനൻ; 3. ബുദ്ധദേവൻ

തൻകാര്യകുക്ഷി നാ. സ്വന്തംകാര്യത്തിൽ മാത്രം താത്പര്യമുള്ളവൻ

തൻകാര്യം നാ. സ്വാർഥത

തൻപാട്, തമ്പാട് നാ. 1. ബാഹ്യപ്രേരണകൂടാതെയുള്ള പ്രവൃത്തി; 2. തൻെറ സ്വാതന്ത്ര്യം

തൻപോരിമ നാ. തനിക്കു താൻതന്നെ മതി എന്ന ഭാവം (സ്വാശ്രയശീലം)

തൻവിനയെച്ചം നാ. (വ്യാക) വിനയെച്ചത്തിൻെറ അഞ്ചുവിഭാഗങ്ങളിലൊന്ന്

തന (വ്യാക)ഒരു പ്രത്യയം (അളവോ സമയമോ കുറിക്കാൻ ഉപയോഗിക്കുന്നത്, ആധുനിക മലയാളത്തിൽ അധികം പ്രയോഗമില്ല) ഉദാ: അത്തന, ഇത്തന, എത്തന

തനത് നാ. 1. സ്വന്തമായിട്ടുള്ളത്; 2. ഉടമാവകാശവും കൈവശാവകാശവുമുള്ളത് (ഭൂസ്വത്തെന്നപോലെ)

തനതുതേട്ടം നാ. ഒരിനം ഭൂവുടമസമ്പ്രദായം (തിരുവിതാംകൂറിൽ മുമ്പ് നിലവിലിരുന്നത്)

തനൻ നാ. സന്താനപരമ്പരയിൽപ്പെട്ടവൻ

തനനം നാ. നീട്ടൽ, പ്രസാരണം

തനം, തരം നാ. അവസ്ഥ, സ്വഭാവം. ഉദാ: കള്ളത്തനം, വേണ്ടാതനം, പോക്രിത്തരം, കള്ളത്തരം

തനയ നാ. 1. പുത്രി; 2. വംശത്തിൽ ജനിച്ചവൾ; 3. കറ്റവാഴ; 4. നായ്ക്കുരുണ

തനയൻ നാ. 1. പുത്രൻ; 2. വംശജൻ; 3. (ജ്യോ) അഞ്ചാംഭാവം

തനയിത്നു വി. ഗർജിക്കുന്ന

തനാസ് [പോർ] നാ. കൊടിൽ

തനി1 വി. 1. സ്വന്തമായ, ഒന്നിനുപ്രത്യേകമായ; 2. കലർപ്പില്ലാത്ത, ശുദ്ധമായ; 3. ഒറ്റയായ, തനിച്ചുനിൽക്കുന്ന; 4. തുല്യതയില്ലാത്ത. നാ. ചീട്ടുകളിയിലെ ഒരു സംജ്ഞ (എല്ലാഎണ്ണവും ഒറ്റയ്ക്കുപിടിക്കൽ). (പ്ര) തനിക്കൊണം = സ്വന്തമായ സ്വഭാവവിശേഷം. തനിനിറം = യഥാർഥ സ്വഭാവം

തനി2 [തനിക്കുക] ധാതുരൂപം

തനിക നാ. 1. കയറ്; 2. കൊത്തമല്ലി

തനിക്കാമ്പോന്ന വി. തനിക്കു താൻ പോന്ന. തനിക്കാംപോരിമ = സ്വന്തം കാര്യം നോക്കാനുള്ള കഴിവ്

തനിക്ക് നാ. 1. താൻ എന്ന സർവനാമത്തിൻെറ ഉദ്ദേശികാവിഭക്തിരൂപം; 2. അവനവൻ (പ്ര) തനിക്കുതാൻപോന്ന = സ്വന്തംകാര്യം നോക്കാൻ

പ്രാപ്തിയുള്ള. തനിക്കുതകാത്തകലം ഉടഞ്ഞാലെന്ത് ഇരുന്നാലെന്ത്? തനിക്കുതാനും പുരയ്ക്കുതൂണും (പഴ)
തനിക്കുക1 ക്രി. 1. ഒറ്റയ്ക്കാകുക; 2. ചീട്ടുകളിയിൽ ചീട്ടുകളെല്ലാം ഒരാൾതന്നെ പിടിക്കുക
തനിക്കുക2 ക്രി. 1. വിസ്തൃതമാക്കുക; 2. കൃശമാക്കുക, ചെറുതാക്കുക
തനിച്ച [തനിക്കുക] ഭൂ.പേ. വി. 1. കലർപ്പില്ലാത്ത, തനിയായ, ശുദ്ധമായ; 2. ഏകമായ, തുല്യതയില്ലാത്ത, വേറിട്ടുനിൽക്കുന്ന; 3. കേവലമായ; 4. എപ്പോഴുമുള്ള
തനിച്ച് അവ്യ. ഒറ്റയ്ക്ക്, തനിയെ, താൻതന്നെ, മാത്രമായി, വേറൊന്നോ വേറൊരാളോ കൂടാതെ
തനിച്ചെട്ട് നാ. കുത്തക (കച്ചവടം നടത്താനുള്ള പ്രത്യേകാവകാശം).
843
തനിത്തനി അവ്യ. വെവ്വേറെ
തനിത്തേട്ടം നാ. സ്വയം സമ്പാദിച്ച സമ്പത്ത്
തനിമ1 നാ. 1. കലർപ്പില്ലായ്മ, തനിച്ചിരിക്കൽ; 2. തന്റെ സ്ഥിതി, ഏകത്വം; 3. തനതായ സ്വഭാവം, പ്രത്യേകത; 4. മാറ്റ് (സ്വർണം, വെള്ളി തുടങ്ങിയ ലോഹങ്ങളിൽ)
തനിമ2 നാ. മെലിച്ചിൽ
തനിയാവർത്തനം നാ. സങ്ഗീതക്കച്ചേരികളിൽ സങ്ഗീതാലാപത്തിനിടയ്ക്ക് മൃദങ്ഗം, വയലിൻ തുടങ്ങിയ വാദ്യങ്ങൾ വായിക്കുന്നവർ സ്വന്തം അഭ്യാസ പാടവം പ്രദർശിപ്പിക്കാൻ തനിച്ചുനടത്തുന്ന വാദനം
തനിയേ അവ്യ. തനിച്ച്, താൻതന്നെ, ഒറ്റയ്ക്ക്, വേറാരും കൂടാതെ, മറ്റൊന്നിന്റെ പ്രേരണയോ സഹായമോ കൂടാതെ
തനിഷ്ഠ വി. ഏറ്റവും കൃശമായ (ഏറ്റവും ചെറിയ)തനീയസ് വി. താരതമ്യേന ചെറിയ (സ്ത്രീ) തനീയസീ
തനു വി. 1. ചെറിയ; 2. മെലിഞ്ഞ; 3. കട്ടികുറഞ്ഞ, നേർമയുള്ള (തുണിയെന്നപോലെ); 4. വിരളമായ. നാ. 1. ശരീരം; 2. തൊലി; 3. രൂപം; 4. ചെറുത് (സൂക്ഷ്മമായത്); 5. (ജ്യോ) ലഗ്നസ്ഥാനം; 6. (പുരാണ) ഒരു മഹർഷി
തനുക വി. 1. ചെറിയ; 2. മെലിഞ്ഞ
തനുകം നാ. 1. ചെറുത് (വലിപ്പംകുറഞ്ഞ); 2. ഇലവർങം
തനുകീർത്തി നാ. (സങ്ഗീ) ഒരു ഉപാങ്ഗരാഗം
തനുകൂപം നാ. രോമകൂപം (തൊലിപ്പുറത്തുള്ള ചെറിയ ദ്വാരം)
തനുഗാത്രി നാ. സുന്ദരി (കൃശമായ ശരീരമുള്ളവൾ)
തനുച്ഛദം നാ. 1. കവചം; 2. വസ്ത്രം
തനുജ1 വി. ശരീരത്തിൽനിന്നും ജനിച്ച
തനുജ2 നാ. പുത്രി
തനുജാത വി. = തനുജ
തനുത നാ. ചടപ്പ്, മെലിച്ചിൽ
തനുത്യാഗം നാ. 1. ശരീരം ഉപേക്ഷിക്കൽ (മരണം); 2. വളരെകുറച്ചുമാത്രം ചെലവാക്കൽ (ലുബ്ധ്)

തനുത്രം നാ. ‘ശരീരത്തെ രക്ഷിക്കുന്നത്’, 1. കവചം; 2. ഉടുപ്പ് (ചട്ട)
തനുത്രയം നാ. (വേദാന്ത) മൂന്നുവിധത്തിലുള്ള ശരീരങ്ങൾ (സ്ഥൂലശരീരം, സൂക്ഷ്മശരീരം, കാരണശരീരം എന്നിവ)
തനുത്രാണം നാ. തനുത്രം
തനുത്വക്ക് നാ. ചെറുമൂഞ്ഞ
തനുധാരി നാ. ശരീരത്തെ ധരിക്കുന്നവൻ (ശരീരമുള്ളവൻ)
തനുപത്രം നാ. ഓടൽമരം
തനുപ്രകാശം നാ. 1. അൽപമായപ്രകാശം; 2. ശരീരകാന്തി
തനുഭവ1 വി. ശരീരത്തിൽ നിന്നുണ്ടായ
തനുഭവ2 നാ. പുത്രി
തനുഭവൻ ആ. പുത്രൻ
തനുഭസ്ത്ര നാ. മൂക്ക്
തനുഭാശ്ശ് നാ. ശരീരകാന്തി
തനുഭൃത്ത് നാ. മനുഷ്യൻ (ശരീരം ഉള്ളവൻ)
തനുമധ്യ1 വി. കൃശമായ മധ്യപ്രദേശമുള്ള
തനുമധ്യ2 നാ. 1. സുന്ദരി; 2. ഒരു സംസ്കൃതവൃത്തം
തനുമധ്യം നാ. 1. അരക്കെട്ട് (തനുവിൻെറ മധ്യം); 2. കൃശമായ 9തനുവായ) അരക്കെട്ട്
തനുമാൻ നാ. മനുഷ്യൻ (ശരീരമുള്ളവൻ)
തനുമാനസ നാ. തനുമാനസി
തനുമാനസി നാ. ജ്ഞാനത്തിൻെറ മൂന്നാമത്തെ നില (മനസ്സ് ഭൗതികചിന്തകൾവിട്ട് ആധ്യാത്മചിന്തയിൽ വർത്തിക്കുന്ന അവസ്ഥ)
തനുമേളം നാ. (സങ്ഗീ) ഒരു മേളം
തനുരസം നാ. വിയർപ്പ്
തനുരാഗം നാ. 1. അങ്ഗരാഗം; 2. ഇളംചുവപ്പ് നിറം
തനുരുചി നാ. ശരീരകാന്തി
തനുരൂഹം നാ. 1. രോമം; 2. തൂവൽ
തനുല വി. പരന്ന, പരപ്പായ
തനുലത,-ലതിക നാ. വള്ളിപോലെ മെലിഞ്ഞ ശരീരം, അപ്രകാരമുള്ള ശരീരമുള്ളവൾ, സുന്ദരി
തനുവാതം നാ. ഒരു നരകം
തനുവാരം നാ. കവചം
തനുവ്രണം നാ. 1. കുരു, മുഖക്കുരു; 2. ശരീരത്തിലെ വ്രണം
തനുസഞ്ചാരിണി നാ. കന്യക, യുവതി
തനുസരം നാ. വിയർപ്പ്
തനുസ്തരം നാ. തൊലി, പാട
തനുസ്സ് നാ. ശരീരം
തനു നാ. ശരീരം. ഉദാ: തനുരൂഹം
തനുകരിക്കുക ക്രി. ചെറുതാക്കുക
തനുകൃത വി. തനുകരിക്കപ്പെട്ട, ചെറുതാക്കിയ

തനുതലം നാ. ഒരുമാറ് (കൈകൾ ഇരുവശത്തേക്കും നീട്ടിപ്പിടിച്ചാലുള്ള നീളം)
തനൂദരം നാ. കൃശമായ വയറ്
തനുനൻ നാ. 1. വായു, വായുദേവൻ; 2. കാമദേവൻ
തനൂനപം നാ. 1. നെയ്യ്; 2. വെണ്ണ
തനൂനപാത്ത് നാ. 1. അഗ്നി; 2. നെയ്യ്; 3. കൊടുവേലി
തനൂനപ്താവ് നാ. വായു, വായുദേവൻ
തന്ത നാ. 1. അച്ഛൻ; 2. വൃദ്ധൻ; 3. ഉപ്പുതന്ത (പ്ര) തന്തക്കൂറ് = 1. അച്ഛൻെറ അവകാശം; 2. പുത്രവാത്സല്യം; 3. പിതാവിൻെറ ദേഹപ്രകൃതി. തന്തക്കോണം = പൈതൃകമായിലഭിച്ച സ്വഭാവം. തന്തപ്പടി, തന്തപ്പിടി = 1. അച്ഛൻ (അനാദരം), അച്ഛനെപ്പോലെ കണക്കാക്കേണ്ട ആൾ; 2. വൃദ്ധൻ. തന്തയ്ക്ക് പിറന്നവൻ = കുലീനതയുള്ളവൻ, അന്തസ്സുള്ള പെരുമാറ്റവും വാക്കിനു നെറിയുമുള്ളവൻ, അച്ഛൻെറ പേരുനിലനിറുത്തുന്നവൻ
തന്തയാൻ നാ. അച്ഛൻ (അനാദരം)
തന്തലകൊട്ടി നാ. 1. ഒരുചെടി (കിലുകിലുപ്പ); 2. (പ്ര) സ്വയം നശിപ്പിക്കുന്നവൻ (വകതിരിവില്ലാത്തവൻ)
തന്താവട്ടം നാ. ഒരിനം വായ്ത്താരി (നാടൻകളികളിലും മറ്റും അടവുചവിട്ടുമ്പോൾ ഉപയോഗിക്കുന്നത്)
തന്തി1 നാ. 1. തംബുരു ഫിഡിൽ വീണ മുതലായവയുടെ കമ്പി; 2. നേർത്തലോഹക്കമ്പി
തന്തി2 നാ. 1. നൂല്, ചരട്; 2. പശു; 3. നിര, വരി; 4. ദൈർഘ്യം, വിസ്താരം, വിശാലത; 5. നെയ്ത്തുകാരൻ; 6. (പുരാണ) യാദവവംശജനായ നന്ദൻെറ രണ്ടു പുത്രന്മാരിൽ ഒരാൾ
തന്തിരുവടി നാ. അദ്ദേഹം, തിരുമനസ്സുകൊണ്ട്
തന്തു നാ. 1. നാര്, നൂല്, ചരട്; 2. നേർത്തലോഹക്കമ്പി; 3. സന്തതി, വംശപരമ്പര; 4. ചിലന്തിവല; 5. താമരവളയം; 6. പരമാത്മാവ്; 7. വരി; 8. തിര; 9. വിസ്താരം; 10. സാമവേദത്തിലെ ഒരു മന്ത്രം
തന്തുകരണം നാ. നൂൽനൂൽ
തന്തുകി നാ. ചെറിയ രക്തക്കുഴൽ
തന്തുകീടം നാ. 1. പട്ടുനൂൽപ്പുഴു; 2. ചിലന്തി
തന്തുധാരി നാ. പൂണുനൂൽ ധരിക്കുന്നവൻ
തന്തുനാഭം നാ. ചിലന്തി
തന്തുനിര്യാസം നാ. 1. കരിമ്പന; 2. ചൂണ്ടപ്പന
തന്തുപർവം നാ. ശ്രാവണപൗർണമി
തന്തുപാകം നാ. ലേഹ്യങ്ങൾ തയ്യാറാക്കുന്ന ഒരു പാകം (കോരുമ്പോൾ നൂലുപോലെവരുന്നത്)
തന്തുപാദം നാ. ചിലന്തി
തന്തുഭം നാ. 1. പശുക്കുട്ടി; 2. കടുക്
തന്തുഭൂതൻ നാ. വംശവർധനയ്ക്കു കാരണമായവൻ
തന്തുമതി നാ. ഒരു യാഗം ('തന്തും തന്വൻ' എന്ന മന്ത്രംകൊണ്ട് അഗ്നിയെ ഉദ്ദേശിച്ചുചെയ്യുന്നത്)

തന്തുലം നാ. 1. താമരവള്ളയം; 2. വിഴാൽ
തന്തുവർധനൻ നാ. 1. വിഷ്ണു; 2. ശിവൻ
തന്തുവാദകൻ നാ. തന്ത്രീവാദ്യങ്ങളയ്യ വീണയും മറ്റും വായിക്കുന്നവന്ന്
തന്തുവാദ്യം നാ. തന്തുക്കളുള്ള സങ്ഗീതോപകരണം (വീണമുതലായവ)
തന്തുവാനം നാ. നെയ്ത്ത്
തന്തുവാപൻ നാ. നെയ്ത്തുകാരൻ
തന്തുവാപം നാ. 1. നെയ്ത്ത്; 2. തറി
തന്തുവായൻ നാ. 1. നെയ്ത്തുകാരൻ; 2. ചിലന്തി
തന്തുവായം നാ. 1. നെയ്ത്ത്; 2. ചിലന്തി
തന്തുവിഗ്രഹ നാ. വാഴ
തന്തുസന്തതം നാ. നെയ്തുണ്ടാക്കിയ തുണി
തന്തുസന്തതി നാ. 1. തന്തുസന്താനം ചെയ്യൽ, നെയ്ത്ത്; 2. തയ്യൽ; 3. തുണി
തന്തുസാരം നാ. കവുങ്ങ്
തന്ത്ര വി. അധീനമായ. ഉദാ: സ്വതന്ത്ര, പരതന്ത്ര
തന്ത്രകം നാ. കോടിവസ്ത്രം (അലക്കാത്തവസ്ത്രം)
തന്ത്രക്കാരൻ നാ. സൂത്രശാലി; 2. ക്ഷേത്രങ്ങളിൽ തന്ത്രംകഴിക്കുന്നതിനു അധികാരമുള്ള ആൾ
തന്ത്രജ്ഞൻ നാ. തന്ത്രം അറിയാവുന്നവൻ, സൂത്രശാലി
തന്ത്രണം നാ. 1. ക്രമപരിപാലനം; 2. അച്ചടക്കം; 3. ആധിപത്യം, ഭരണാധികാരം; 4. കുടുംബസംരക്ഷണം
തന്ത്രത നാ. 1. ആശ്രയത്വം, വശത. ഉദാ: പരതന്ത്രത; 2. ക്രമപ്പെടുത്തൽ, ക്രമീകരണം; 3. കീഴടക്കൽ
തന്ത്രം നാ. 1. കാര്യം എളുപ്പത്തിൽ സാധിക്കുന്നതിനുള്ള വിദ്യ, സൂത്രം; 2. നെയ്ത്തുതറി; 3. പാവുനൂൽ, നൂൽ; 4. മുഖ്യമായ അംശം; 5. മാതൃക; 6. വ്യവസ്ഥ; 7. സിദ്ധാന്തം; 8. ദർശനം, വിശ്വാസ സംഹിത; 9. ശസ്ത്രം, ശാസ്ത്രഗ്രന്ഥം; 10. ആനന്ദം; 11. ഭരണപരമായ കൗശലം, നയം; 12. തന്ത്രശാസ്ത്രം, തന്ത്രശാസ്ത്രഗ്രന്ഥം; 13. ക്രിയാവിധി, ചടങ്ങ്; 14. മന്ത്രജപമൊഴിച്ചുള്ള ക്രിയ; 15. പൂജാകർമങ്ങളിലെ മുദ്രകളും മറ്റും; 16. ക്ഷേത്രങ്ങളിൽ ഉത്സവബലി, പ്രതിഷ്ഠ തുടങ്ങിയ പ്രധാനകർമങ്ങൾ ചെയ്യുന്നതിനുള്ള അധികാരം (ആ അധികാരമുള്ളയാൾ തന്ത്രി); 17. ആഭിചാരം, ആഭിചാരഗ്രന്ഥം; 18. ചതി, വഞ്ചന; 19. മുഖ്യപ്രതിവിധി; 20. പ്രതിജ്ഞ, വ്രതം; 21. ലോകക്രമം; 22. സമ്പത്ത്; 23. ഭാഗ്യം; 24. വീട്; 25. ആനന്ദം; 26. (വീണയുടെയും മറ്റും) കമ്പി; 27. ഞരമ്പ്; 28. തുണി; 29. അലങ്കാരം; 30. ഔഷധം; 31. ശരിയായ പ്രവൃത്തിമാർഗം; 32. സഹായം, സംരക്ഷണം; 33. കുടുംബം നിലനിർത്തൽ (വംശോത്പാദനം); 34. കൂട്ടുകെട്ട്; 35. ആശ്രയത്വം; 36. പലകാര്യങ്ങളെ ആശ്രയിച്ചു നിലനിൽക്കുന്ന ഒരു വസ്തുത; 37. ഒന്നിൽക്കൂടുതൽ കാര്യങ്ങളുടെ ഹേതു; 38. രാജപരിചാരക വൃന്ദം
തന്ത്രമുദ്ര നാ. തന്ത്രത്തിലെ ഹസ്ത മുദ്ര (തന്ത്രവിധിപ്രകാരമുള്ള കർമങ്ങൾ ചെയ്യുമ്പോൾ കൈകൾകൊണ്ടു കാണിക്കുന്നത്)

തന്ത്രവാപൻ നാ. നെയ്ത്തുകാരൻ
തന്ത്രവാപം നാ. 1. നെയ്ത്ത്; 2. ചിലന്തി
തന്ത്രവേദി നാ. തന്ത്രം അറിയാവുന്ന ആൾ
തന്ത്രശാല നാ. 1. നെയ്ത്തുശാല; 2. തിടപ്പള്ളി
തന്ത്രശാലി നാ. കൗശലക്കാരൻ (നയോപായങ്ങൾ ഉള്ളവൻ)
തന്ത്രശാസ്ത്രം നാ. പൂജാകർമങ്ങൾ മന്ത്രങ്ങൾ എന്നിവ വിവരിക്കുന്ന ശസ്ത്രം
തന്ത്രസിദ്ധാന്തം നാ. ഒരു വൈഷ്ണവാഗമം
തന്ത്രാഖ്യായിക നാ. പഞ്ചതന്ത്രം എന്ന പ്രസിദ്ധഗ്രന്ഥത്തിൻെറ മറ്റൊരുപേര്
തന്ത്രായി നാ. സൂര്യൻ (രശ്മികളാകുന്ന നൂലുകൾ പുറത്തേക്കുവിടുന്നവൻ).
845
തന്ത്രി1 വി. നൂലുകൊണ്ട് ഉണ്ടാക്കിയ; 2. കമ്പികളുള്ള (വീണ എന്നപോലെ)
തന്ത്രി2 നാ. 1. വീണയുടെയും മറ്റും കമ്പി; 2. കമ്പിയുള്ള വാദ്യോപകരണം; 3. നൂല്, ചരട്; 4. വില്ലിൻെറ ഞാൺ; 5. ഞരമ്പ്; 6. വാൽ; 7. ചിറ്റമൃത്
തന്ത്രി3 നാ. 1. ക്ഷേത്രങ്ങളിൽ തന്ത്രം കഴിക്കുന്ന ആൾ; 2. ഉപായക്കാരൻ, സൂത്രശാലി; 3. പാട്ടുകാരൻ; 4. ഭടൻ
തന്ത്രിക നാ. 1. തന്ത്രി (കമ്പി); 2. ഒരു കർണരോഗം (വീണക്കമ്പിയുടെ ശബ്ദംപോലെ ചെവിക്കകത്തു ശബ്ദം ഉണ്ടാക്കുന്നതിനാൽ); 3. ചിറ്റമൃത്
തന്ത്രില വി. ഭരണകാര്യങ്ങളിൽ വ്യാപൃതനായ
തന്ത്രീഭവം നാ. (സങ്ഗീ) തന്ത്രികളിൽനിന്നുണ്ടാകുന്ന നാദം (വീണ മുതലായവയുടെ നാദം)
തന്ത്രീഭാണ്ഡം നാ. (സങ്ഗീ) വീണ (തന്ത്രികളുള്ള ഉപകരണം)
തന്ത്രീവീണ നാ. മൂന്നുതരം വീണകളുള്ളതിൻ ഒരിനം (തന്ത്രികളിൽ വിരൽകൊണ്ട് മുട്ടി നാദമുണ്ടാക്കുന്നത്, മന്ത്രവീണ, യന്ത്രവീണ എന്നു മറ്റു രണ്ടുതരം)
തന്ദു നാ. ചട്ടുകം (മരപ്പിടിയിട്ടത്)
തന്ദുലം നാ. വിഴാൽ
തന്ദുലീയം നാ. 1. മാക്കീരക്കല്ല്; 2. ചെറുചീര; 3. വിഴാൽ
തന്ദ്ര1 വി. 1. ക്ഷീണിച്ച, തളർന്ന; 2. അലസതയുള്ള, മടിയുള്ള
തന്ദ്ര2 നാ. 1. അലസത, മടി; 2. ആലസ്യം, തളർച്ച; 3. ഉറക്കം തൂങ്ങൽ, മയക്കം; 4. ഒരു രോഗം; 5. രണ്ടു മർമങ്ങൾ
തന്ദ്രാലു വി. 1. ക്ഷീണമുള്ള; 2. മടിയുള്ള
തന്ദ്രി(ക) നാ. 1. മടി; 2. ക്ഷീണം; 3. ഉറക്കം, മയക്കം; 4. ഉറക്കത്തിൻെറ ആരംഭത്തിലും അവസാനത്തിലുമുള്ള ആലസ്യം
തന്ദ്രികം നാ. ഒരു സന്നിപാത രോഗം
തന്ദ്രിത നാ. ആലസ്യം, തളർച്ച, മയക്കം

തന്നത്താൻ അവ്യ. 1. താൻ തന്നെ (സ്വയം); 2. പ്രേരണകൂടാതെ (സ്വാഭാവികമായി); 3. ഒറ്റയ്ക്ക്, തനിയെ. (പ്ര) തന്നത്താനറിഞ്ഞില്ലെങ്കിൽ പിന്നെത്താനറിയും (പഴ)

തന്നന്നാപാടുക ക്രി. 1. സന്തോഷിക്കുക; 2. ജോലിയൊന്നും ചെയ്യാതെ ആനന്ദിച്ചു വെറുതെ നടക്കുക

തന്നാണ്ട് നാ. നടപ്പുവർഷം

തന്നാരം നാ. 1. താരാട്ട്; 2. തെറിപ്പാട്ട്

തന്നിമിത്തം അവ്യ. അതുകാരണം, അതുകൊണ്ട്

തന്നില നാ. 1. തൻെറ നില (സ്വന്തം നില, അവസ്ഥ); 2. ആത്മാഭിമാനം

തന്നില്ലം നാ. തൻെറ വീട് (സ്വന്തം കുടുംബം). തന്നില്ലം പൊരിഞ്ഞ് ചാത്തമൂട്ടരുത്. തന്നില്ലംവിട്ടൊരു പൊന്നില്ലമില്ല (പഴ)

തന്നിഷ്ടം നാ. തൻെറ ഇഷ്ടം, താന്തോന്നിത്തം, ദുശ്ശാഠ്യം. തന്നിഷ്ടം പൊന്നിഷ്ടം ആരാൻറിഷ്ടം വിമ്മിഷ്ടം (പഴ)

തന്നുടെ [<താൻ] താൻ എന്ന സർവനാമത്തിൻെറ സംബന്ധികാവിഭക്തിരൂപങ്ങളിൽ ഒന്ന്

തന്നെ [<താൻ] താൻ എന്ന സർവനാമത്തിൻെറ പ്രതിഗ്രാഹികാവിഭക്തിരൂപം. 1. അവനവനെ; 2. നിന്നെ, നിങ്ങളെ; 3. ഒറ്റയ്ക്ക്, പരസഹായം കൂടാതെ, തനിയെ; 4. വേർതിരിക്കാനോ ഉറപ്പിക്കാനോവേണ്ടി പ്രയോഗം ഉദാ: അവൻതന്നെ (മറ്റാരുമല്ല എന്നു ഉറപ്പിക്കൽ, അവൻ തനിച്ച് എന്ന വേർതിരിക്കൽ); 5. പ്രസ്തുതമായ കാര്യത്തോട് സമ്മതമോ യോജിപ്പോ രേഖപ്പെടുത്താൻ പ്രയോഗം

തന്നെത്താൻ അവ്യ. = തന്നത്താൻ

തന്മ [തൻ-മ] നാ. 1. വിശേഷസ്ഭാവം, പ്രത്യേകത; 2. സത്യം

തന്മയത നാ. തന്മയത്വം

തന്മയത്വം നാ. മറ്റൊന്നുമായി ഏകീഭവിച്ച അവസ്ഥ

തന്മയം നാ. 1. സ്വാഭാവികത, മറ്റൊന്നിനോട് താദാത്മ്യം പ്രാപിച്ച സ്ഥിതി (കലാരൂപങ്ങളിൽ); 2. അതുകൊണ്ട് ഉണ്ടാക്കിയത്

തന്മയീഭാവം നാ. തന്മയത്വം, താദാത്മ്യം പ്രാപിക്കൽ

തന്മാത്ര നാ. 1. അണു, കണം; 2. സൂക്ഷ്മഭൂതം (പഞ്ചഭൂതങ്ങൾക്കു കാരണമായ ശബ്ദസ്പർശ രൂപാദികളിൽ ഒന്ന്); 3. ഒരു വസ്തുവിൻെറ എല്ലാഗുണങ്ങളും ഉൾക്കൊള്ളുന്നതും സ്വതന്ത്രമായ നിലനിൽപ്പുള്ളതുമായ അടിസ്ഥാനകണിക

തന്മാത്രതദ്ധിതം നാ. (വ്യാക) തദ്ധിതങ്ങളിൽ ഒരു വിഭാഗം

തന്മാത്രം നാ. 1. അതുമാത്രം, അത്രമാത്രം, അവൻമാത്രം; 2. അൽപം മാത്രം, കുറച്ചുമാത്രം, ലേശം; 3. (വ്യാക) അനേകം ഗുണങ്ങളുള്ള ഒരു വസ്തുവിൽനിന്ന് ഒരു ഗുണത്തെ വേർപെടുത്തിക്കാണിക്കൽ

തന്മാത്രസൃഷ്ടി നാ. മറ്റൊന്നിൻെറയും സഹായമില്ലാത്ത സൃഷ്ടി

തന്മൂലം [സം.തദ്-മൂല] അവ്യ. അതുകൊണ്ട്, ആ കാരണത്താൽ

തന്വങ്ഗി വി. കൃശാങ്ഗി (സുന്ദരി)

തന്വന്ത്രം [സം.-അന്ത്ര] നാ. ചെറുകുടൽ

തന്വി നാ. 1. സുന്ദരി; 2. കറിക്കായം; 3. മൂവില; 4. ഒരു സംസ്കൃതവൃത്തം
തൻെറ താൻ എന്ന സർവനാമത്തിൻെറ സംബന്ധികാരൂപങ്ങളിൽ ഒന്ന്
തൻേറടക്കാരൻ നാ. 1. മിടുക്കൻ, സമർഥൻ; 2. ധൈര്യമുള്ളവൻ; 3. അഹംഭാവി
തൻേറടം നാ. 1. മിടുക്ക്, സാമർഥ്യം, തൻപോരിമ; 2. ധൈര്യം; 3. അഹങ്കാരം; 4. ഓർമ; 5. സ്വന്തം കാര്യം
തൻേറടി നാ. തൻേറടമുള്ള ആൾ
തപ വി. 1. കത്തുന്ന, ദഹിക്കുന്ന, ചൂടുപിടിക്കുന്ന; 2. ക്ലേശിപ്പിക്കുന്ന, വേദനയുണ്ടാക്കുന്ന
തപനകരൻ നാ. സൂര്യൻ
തപനകുലം നാ. സൂര്യവംശം. തപനകുലോദ്ഭവൻ = സൂര്യവംശത്തിൽ ജനിച്ചവൻ
തപനതനയ നാ. 1. യമുനാനദി; 2. ഗോദാവരി; 3. വന്നി
തപനതനയൻ നാ. (പുരാണ)1. സുഗ്രീവൻ; 2. യമൻ; 3. കർണൻ; 4. ശനി
തപദീധിതി നാ. = തപനാംശു
തപനൻ നാ. (പുരാണ) 1. സൂര്യൻ; 2. അഗ്നി; 3. രാമായാത്തിൽ പ്രസ്തുതനായ ഒരു രാക്ഷസൻ; 4. ഒരു യക്ഷൻ; 5. ശിവൻ; 6. അഗസ്ത്യൻ
തപനം നാ. 1. എരിച്ചിൽ, കത്തൽ, ചൂട്; 2. വേദന; 3. ഗ്രീഷ്മകാലം; 4. മനോവേദന; 5. ദാഹം; 6. ധൂപം; 7. സൂര്യകാന്തക്കല്ല്; 8. എരിക്ക്; 9. ചെറുമൂഞ്ഞ; 10. കൊടുവേലി; 11. ചേരുമരം; 12. (ജ്യോ) അത്തംനക്ഷത്രം; 13. ഒരു നരകം; 14. നായികാശ്രിതങ്ങളായ 28 അലങ്കാരങ്ങളിലൊന്ന്
തപനമണി നാ. സൂര്യകാന്തക്കല്ല്
തപനാംശു നാ. 1. സൂര്യൻ; 2. സൂര്യരശ്മി
തപനി നാ. 1. ചൂട്; 2. തപതീനദി; 3. ഗോദാവരീനദി
തപനീയ വി. 1. ചൂടുപിടിപ്പിക്കത്തക്ക; 2. ക്ലേശിക്കത്തക്ക, ദു:ഖിക്കത്തക്ക
തപനീയ(ക)ം നാ. കാച്ചിയ സ്വർണം
തപനോപലം നാ. സൂര്യകാന്തക്കല്ല്
തപം നാ. 1. തപസ്സ്; 2. ചൂട്; 3. വേനൽക്കാലം
തപശിമുരിങ്ങ നാ. ഒരു പച്ചമരുന്ന് (കോടാശാരി)
തപശ്ചരണം,-ചര്യ നാ. തപസ്സുചെയ്യൽ
തപശ്ശക്തി നാ. തപസ്സുമൂലം ഉണ്ടാകുന്ന പ്രഭാവം
തപശ്ശീല വി. തപസ്സുചെയ്യു ശീലമുള്ള
തപശ്ശുദ്ധി നാ. 1. തപസ്സിൻെറ ശുദ്ധി; 2. തപസ്സുമൂലമുണ്ടായ അന്ത:കരണശുദ്ധി
തപസൻ നാ. 1. സൂര്യൻ; 2. ചന്ദ്രൻ
തപസം നാ. പക്ഷി

തപസ്ത്രയം നാ. 1. മൂന്നുതരം തപസ്സുകൾ (മാനസം, കായികം, വാചികം എന്നിവ); 2. സാത്വികവും (സ്വർഗലാഭാർഥമുള്ളത്) രാജസവും (ക്ഷാത്രതേജസ്സിനുവേണ്ടിയുള്ളത്) താമസവും (പരപീഡനാർഥമുള്ളത്) ആയ മൂന്നുതരം തപസ്സുകൾ

തപസ്ഥൻ നാ. തപസ്സിൽ സ്ഥിതിചെയ്യുന്നവൻ (തപസ്സുചെയ്യുന്നവൻ, താപസൻ)

തപസ്ഥലി നാ. 1. തപസ്സുചെയ്യുന്നിടം; 2. കാശി

തപസ്യ1 വി. 1. തപസ്സിനുറ്റോജ്യമായ, തപസ്സിൻെറതായ; 2. ചൂടുകൊണ്ടുണ്ടായ

തപസ്യ2 നാ. തപസ്സ്

തപസ്യം നാ. 1. ഫാൽഗുനമാസം, മീനമാസം (തപസ്സിനുയോജ്യമായ കാലമായതിനാൽ); 2. കാട്ടുമുല്ല; 3. കാട്ടുമുല്ലപ്പൂവ്

തപസ്വത് വി. 1. തപസ്സുള്ള (ഭക്തിയുള്ള); 2. എരിയുന്ന, ചൂടുള്ള

തപസ്വി1 നാ. 1. താപസൻ; 2. ദരിദ്രൻ, ഭാഗ്യദോഷി; 3. നാരദൻ; 4. ചാക്ഷുഷമനുവിൻെറ പുത്രന്മാരിൽ ഒരാൾ; 5. പന്ത്രണ്ടാം മന്വന്തരത്തിലെ ഒരു ഋഷി

തപസ്വി2 നാ. 1. കുരുകിൽപ്പക്ഷി; 2. മക്കിപ്പൂവ്; 3. ഒരിനം വൃക്ഷം (ഘൃതകരഞ്ജം)

തപസ്വിത നാ. 1. തപസി എന്ന അവസ്ഥ (തപസ്സോടുകൂടിയ സ്ഥിതി); 2. തപസ്സ്; 3. ഭക്തി

തപസ്വിനി നാ. 1. താപസി (തപസ്സുചെയ്യുന്നവൾ); 2. താപസപത്നി; 3. പതിവ്രത, സതി; 4. ദരിദ്ര, ഭാഗ്യംകെട്ടവൾ; 5. ഒരു നാഡി

തപസ്സാട്ടം നാ. കഥകളിയിൽ (രാവണൻെറ) തപസ്സ് അഭിനയിക്കുന്നതിനെ സാങ്കേതികമായി കുറിക്കുന്ന സംജ്ഞ

തപസ്സ് [സം.തപസ്] നാ. 1. ആത്മസാക്ഷാത്കാരത്തിനോ ഇഷ്ടദേവതാപ്രീതിക്കോ വേണ്ടി മനസ്സിനെ വിഷയങ്ങളിൽനിന്ന് നിവർത്തിപ്പിക്കുന്ന ഉപവാസം ധ്യാനം മനനം തുടങ്ങിയവ; 2. കാമത്യാഗം; 3. ധർമ്മം; 4. തപോലോകം; 5. മാഘമാസം; 6. ഗ്രീഷ്മകാലം (വേനൽ); 7. ഉഷ്ണം; 8. (ജ്യോ) ഒമ്പതാംഭാവം; 9. അഗ്നി; 10. ക്ലേശം, വേദന; 11. ഒരു കൽപം; 12. ശിശിരകാലം; 13. ഹേമന്തകാലം

തപസ്സുകുർബാന നാ. (ക്രിസ്തു) പ്രത്യേകാവസരങ്ങളിൽ പാട്ടുകളോടുകൂടിനടത്തുന്ന കുർബാന

തപ:പ്രഭാവം നാ. തപോബലം

തപാത്യയം നാ. വർഷകാലം (ചൂടിൻെറ അവസാനം)

തപാൽ [മറാ.ടപാൽ] നാ. 1. എഴുത്തുകളും മറ്റും ഒരുസ്ഥലത്തുനിന്നും മറ്റൊരുസ്ഥലത്തേക്ക് കൊണ്ടുപോകുന്നതിനും മേൽവിലാസക്കാർക്ക് എത്തിച്ചുകൊടുക്കുന്നതിനുമുള്ള സംവിധാനം; 2. (അപ്രകാരമുള്ള സംവിധാനം വഴി കിട്ടുന്ന) കത്തുകളും മറ്റും. തപാലാപ്പീസ് = തപാൽ ഉരുപ്പടികൾ ഏറ്റുവാങ്ങുകയും വിതരണം ചെയ്യുകയും ചെയ്യുന്ന കേന്ദ്രം. തപാൽക്കൂലി = തപാൽവഴി കത്തുകളും മറ്റും അയയ്ക്കുന്നതിനുകൊടുക്കേണ്ട പ്രതിഫലം. തപാൽമുദ്ര = 1. തപാൽക്കൂലിയും

ചിത്രങ്ങളും അച്ചടിച്ചിട്ടുള്ള കടലാസ്സുതുണ്ട്, സ്റ്റാമ്പ് (തപാൽ ഉരുപ്പടികളിൽ ഒട്ടിക്കുന്നത്); 2. തപാലാഫീസിൽ തപാലുരുപ്പടികളിൽ പതിപ്പിക്കുന്ന മുദ്ര, സീൽ

തപിക്കുക ക്രി. 1. ഉഷ്ണിക്കുക, ചുടുക, ചൂടുതോന്നുക; 2. തീ സൂര്യപ്രകാശം മുതലായവയിൽനിന്നു ചൂടുപിടിക്കുക; 3. ജ്വലിക്കുക, പ്രകാശിക്കുക; 4. ദു:ഖിക്കുക, വേദനയനുഭവിക്കുക; 5. തപസ്സുചെയ്യുക; 6. ദാഹിക്കുക

തപിത വി. 1. ചൂടുപിടിപ്പിക്കപ്പെട്ട; 2. ദു:ഖിതമായ

തപിഷ്ഠ വി. ഏറ്റവും ചൂടുള്ള (തപശ്ശബ്ദത്തിൻെറ അതിശായനതദ്ധിതരൂപം)

തപിഷ്ണു വി. തപിക്കുക ശീലമുള്ള

തപു1 വി. എരിയുന്ന, ചൂടുള്ള

തപു2 നാ. 1. സൂര്യൻ; 2. അഗ്നി; 3. ശത്രു; 4. കൊടുവേലി; 5. എരിക്ക്

തപുഷി നാ. കോപത്തിൻെറ ചൂട്

തപുസ്സ് നാ. തപു

തപോ [സം.] തപസ് എന്ന ശബ്ദം സമാസത്തിൽ അകാരം മൃദുക്കൾ ഘോഷങ്ങൾ അനുനാസികങ്ങൾ മധ്യമങ്ങൾ ഹ എന്നിവയ്ക്കു മുന്നിൽ കൈക്കൊള്ളുന്ന രൂപം

തപോഗ്നി നാ. 1. തപസാകുന്ന അഗ്നി; 2. തപസ്സുചെയ്യുന്നതിനുവേണ്ടി ജ്വലിപ്പിക്കുന്ന അഗ്നി

തപോധന [സം.-ധനാ] നാ. 'തപസ്സു ധനമായിട്ടുള്ളവൾ', 1. തപസിനി; 2. ഒരു വള്ളിച്ചെടി (ശ്രാവണി)

തപോധനൻ [സം.] നാ. 'തപസ്സാകുന്ന ധനത്തോടുകൂടിയവൻ', 1. മഹർഷി; 2. (പുരാണ) താമസമനുവിൻെറ പുത്രന്മാരിൽ ഒരാൾ; 3. പന്ത്രണ്ടാമതു മന്വന്തരത്തിലെ ഒരു ഋഷി.

847

തപോധനം [സം.] നാ. 1. തപസ്സാകുന്ന ധനം; 2. മക്കിപ്പൂവ്

തപോനിധി നാ. = തപോധനൻ

തപോനിഷ്ഠ വി. തപസ്സിൽ നിഷ്ഠയുള്ള

തപോബലം നാ. 1. തപസ്സുകൊണ്ടുണ്ടാക്കിയ ശക്തി; 2. തപസ്സിൻെറ ശക്തി.

തപോഭങ്ഗം നാ. തപസ്സിനുണ്ടാകുന്ന തടസ്സം

തപോമയൻ നാ. പരമാത്മാവ്

തപോലോകം നാ. പതിന്നാലു ലോകങ്ങളിൽ ഒന്ന് (ജനലോകത്തിനു മുകളിൽ സ്ഥിതിചെയ്യുന്നത്)

തപോവനം നാ. തപസ്സുചെയ്യുന്നതിനുള്ള കാട്

തപോവിഘ്നം നാ. തപസ്സിനുണ്ടാകുന്ന തടസ്സം

തപോവിധി നാ. തപസ്സിൻെറ അനുഷ്ഠാനങ്ങൾ സംബന്ധിച്ച നിയമങ്ങൾ

തപോവൃത്തി നാ. തപസ്സാകുന്ന വൃത്തി (തപസ്സനുഷ്ഠിക്കൽ)

തപോവൃദ്ധൻ നാ. തപോധനൻ (ശ്രേഷ്ഠനായ താപസൻ)

തപോവ്രതം നാ. 1. താപസവൃത്തി; 2. ഒരു വ്രതം (തപസ്സുമായി ബന്ധപ്പെട്ടത്)
തപ്ത വി. 1. ചൂടാക്കിയ, ചൂടുള്ള, ഉരുക്കിയ, ശുദ്ധീകരിച്ച (സ്വർണം എന്നപോലെ); 2. ദു:ഖിതയായ, വേദനിച്ച; 3. അനുഷ്ഠിച്ച, ആചരിച്ച (വ്രതാദികൾ പോലെ)
തപ്തകുണ്ഡം നാ. 1. ചൂടുവെള്ളം ഉള്ള ഉറവ; 2. ഹിമാലയത്തിലുള്ള ചൂടുറവകളോടുകൂടിയ ഒരു തീർഥം
തപ്തകുംഭം നാ. (പുരാണ) ഒരു നരകം
തപ്തകൃച്ഛ്രം നാ. ഒരു കഠിനവ്രതം
തപ്തജന്മം നാ. (പുരാണ) ഒരു നരകം
തപ്തധാര നാ. ഒരു ചികിത്സാരീതി (ചൂടുവെള്ളംകൊണ്ടുള്ള ധാര)
തപ്തപഷാണകുണ്ഡം നാ. (പുരാണ) ഒരു നരകം
തപ്തം നാ. 1. ചൂടുള്ളത്; 2. ചൂടുവെള്ളം
തപ്തമാഷം നാ. ഒരു സത്യപരീക്ഷ, ഒരാളിൻെറ നിരപരാധത്വം തെളിയിക്കാനുള്ള ഒൻപതു ദിവ്യപ്രമാണങ്ങളിൽ ഏഴാമത്തേത് (തിളപ്പിച്ച നെയ്യിലിട്ടിരിക്കുന്ന സ്വർണമാഷത്തെ വിരൽകൊണ്ട് എടുക്കുക)
തപ്തമുദ്രാധാരണം നാ. മതപരമായ ചി ങ്ങളുടെ മുദ്രകൾ ശരീരത്തിൽ കാച്ചിക്കുത്തുന്ന സമ്പ്രദായം
തപ്തലോഹം നാ. 1. ചുട്ടുപഴുത്ത ഇരുമ്പ്; 2. ചുട്ടുപഴുത്ത ലോഹം; 3. (പുരാണ) ഒരു നരകം
തപ്തസൂർമി നാ. 1. ചുട്ടുപഴുപ്പിച്ച ഇരുമ്പുപ്രതിമ; 2. (പുരാണ) ഒരു നരകം
തപ്താങ്ഗാരമുഖം നാ. (പുരാണ) ഒരു നരകം
തപ്പര നാ. 1. കള്ളം; 2. ചതി; 3. തെറ്റ്, പിഴ; 4. തെറിവാക്ക്; 5. ചൂത്
തപ്പരവ് നാ. 1. സങ്കോചം; 2. തപ്പൽ, പിഴ; 3. അഭിപ്രായവ്യത്യാസം, തർക്കം
തപ്പൽ [തപ്പുക] ആമരൂപം
തപ്പാണ്ട വി. തടിച്ചുരുണ്ട
തപ്പാളിക്കുക ക്രി. 1. ഉള്ളങ്കൈകൊണ്ടു മൃദുവായി തട്ടുക; 2. താലോലിക്കുക
തപ്പിതം നാ. അബദ്ധം, തെറ്റ്, പിഴ
തപ്പിത്തവറി അവ്യ. 1. അബദ്ധമായിട്ട്, തെറ്റായിട്ട്; 2. മന:പൂർവമായിട്ടല്ലാതെ; 3. അപൂർവമായി
തപ്പ്1 നാ. 1. കുറ്റം, തെറ്റ്, പിഴ; 2. സംശയം; 3. കുറവ്; 4. ഇട, വിടവ്; 5. കരുതിക്കൂട്ടിയല്ലാത്ത കുറ്റങ്ങൾക്കുള്ള പിഴ; 6. ചീട്ടുകളിയിൽ തെറ്റായചീട്ട് ഇറക്കുമ്പോഴുള്ള ശിക്ഷ; 7. ശബ്ദം ഉണ്ടാകത്തക്കവണ്ണം ഉള്ളംകൈകൊണ്ട് തട്ടൽ; 8. അടി. (പ്ര) തപ്പുകെട്ടുക = 1. ദ്വാരമടയ്ക്കുക; 2. ചീട്ടുകളിയിൽ വരുത്തുന്ന തെറ്റിന് പിഴയടയ്ക്കുക. തപ്പുകൊടുക്കുക = അടിക്കുക, അടികൊടുക്കുക. തപ്പുകൊട്ടുക = കൈകൊട്ടുക. തപ്പുകൊട്ടിക്കളി = കൈകൊട്ടിക്കളി

തപ്പ്2 [<അറ.ദഫ്] നാ. 1. ഒരു ചർമവാദ്യം (ഒരുവശം മാത്രം തോലിട്ടുമൂടിയത്); 2. ഒരുതരം അളവുപാത്രം; 3. തകരപ്പാത്രം (ഡബ്ബ); 4. ടിൻ, വീപ്പ. ഉദാ: ഒരു തപ്പു മണ്ണെണ്ണ; 5. ഒരു ആഭരണം. (പ്ര) തപ്പും തുടിയും = പടയണിക്കുപ്രാരംഭമായി തപ്പുകൊട്ടി രണ്ടുമൂന്നുപേർ ആങ്ഗ്യങ്ങൾകാട്ടി ദേവീപ്രാർഥന നടത്തുന്ന ചടങ്ങ്. തപ്പിൽനിന്നു കൈയെടുത്തു താളവും നിന്നു.

തപ്പുക ക്രി. 1. കാണാൻ കഴിയാത്തവസ്തു കൈകൊണ്ടു തിരയുക, കൈകൊണ്ടോ കാലുകൊണ്ടോ തൊട്ടു പരിശോധിക്കുക, തൊട്ടറിയുക; 2. തെരഞ്ഞുപിടിക്കുക; 3. അന്വേഷിച്ചു വലയുക; 4. തെറ്റുക; 5. നഷ്ടപ്പെടുക, വിട്ടുപോവുക; 6. സംശയിക്കുക, നിർണയിക്കാനാകാതെ കുഴങ്ങുക; 7. കൊല്ലുക, നശിപ്പിക്കുക; 8. തോൽക്കുക; 9. പതറുക; 10. അഴുക്കുകളയുവാൻ തുണി നനച്ച് രണ്ടുകൈകൊണ്ടും കല്ലിലോ മറ്റോ ലഘുവായി തല്ലുക. (പ്ര) തപ്പിത്തടയുക = കൈകൊണ്ടും മറ്റും സ്പർശിച്ചു നിർണയിക്കുക (അന്ധന്മാർ എന്നപോലെ); 2. അസ്ഥിരമായ ചുവടോടെ നടക്കുക; 3. ക്ലേശിക്കുക, പ്രയാസപ്പെടുക; 4. പ്രശ്നപരിഹാരത്തിനു മാർഗംകാണാതെ വിഷമിക്കുക. തപ്പിപ്പിടിക്കുക = 1. അന്വേഷിച്ചുകണ്ടെത്തുക; 2. ക്ലേശിക്കുക, പ്രയാസപ്പെടുക. തപ്പിപ്പിഴയ്ക്കുക = കഷ്ടിച്ചു രക്ഷപെടുക, ജീവനുംകൊണ്ടു കടക്കുക, വല്ലവിധവും കഴിച്ചുകൂട്ടുക

തപ്പുകുപ്പി നാ. ഒരു ഉപകരണം (മണലുപയോഗിച്ചു സമയം നിർണയിക്കാനുള്ളത്)

തപ്പുസാക്ഷി നാ. കള്ളസാക്ഷി

തബല [<അറ] നാ. ഒരു താളവാദ്യം

തംബുരു നാ. ഒരു തന്ത്രിവാദ്യം

തംബ്ലർ [ഇം.] നാ. ഗ്ലാസ്സ്

തമ1 [സം.തമാ] നാ. 1. രാത്രി; 2. ഇരുട്ട്; 3. മഞ്ഞൾ; 4. തമാലവൃക്ഷം

തമ2 [സം.] ഒരു അതിശായനതദ്ധിതപ്രത്യയം. ഉദാ: പ്രിയതമൻ, പ്രിയതമ, പ്രിയതമം

തമകൻ നാ. ഒരു ശ്വാസത്തിൻെറ പേര് (അഞ്ച് മരണവായുക്കളിൽ ഒന്ന്)

തമക്ക [തമ്-അക്ക] നാ. മൂത്ത സഹോദരി

തമങ്ഗ(ക)ം നാ. 1. തട്ട്, തറ (നിരപ്പായസ്ഥലം); 2. കളിത്തട്ട്, രങ്ഗസ്ഥലം

തമൻ [സം.തമ] നാ. രാഹു

തമനം [സം.] നാ. ശ്വാസംമുട്ടൽ

തമപ്പൻ നാ. അച്ഛൻ

തമം നാ. 1. ഇരുട്ട്; 2. തമാലവൃക്ഷം; 3. തമോഗുണം; 4. കാലിൻെറ അറ്റം; 5. നവമേഘങ്ങളിൽ ഒന്ന്

തമയൻ നാ. മൂത്തസഹോദരൻ

തമർത്തുക ക്രി. 1. കൊല്ലുക, നശിപ്പിക്കുക; 2. (പ്ര) അടിക്കുക; 3. ധാരാളം ഭക്ഷിക്കുക

തമര(ക)ം നാ. 1. വെളുത്തീയം; 2. ഉടുക്ക്

തമര്1 നാ. ഒരു ഉപകരണം, വെറുമ (കല്ലിലും തടിയിലും മരും തുളയുണ്ടാക്കുന്നതിന് ഉപയോഗിക്കുന്നത്). (പ്ര) തമരടിക്കുക = പാറയിൽ തമരുപയോഗിച്ച് തുളയുണ്ടാക്കുക

തമര്2 [<തമ്] നാ. 1. ഉടമസ്ഥൻ; 2. സ്വന്തം നാട്; 3. സ്നേഹിതന്മാർ; 4. ഉടയവർ; 5. പുലയർ ഈഴവരെ ബഹുമാനസൂചകമായി വിളിച്ചിരുന്ന പേര്; 6. ഭൃത്യന്മാർ

തമരുപടി നാ. വിവാഹത്തിനുശേഷം തണ്ടപ്പുലയദമ്പതികൾ തങ്ങളുടെ യജമാനൻെറ മുമ്പിൽ സമർപ്പിച്ചിരുന്ന കാഴ്ചദ്രവ്യം

തമരുവാതം നാ. ഒരു രോഗം (ഉള്ളങ്കാലിൽ ദ്വാരങ്ങൾ ഉണ്ടാകുന്നതിനാൽ ഈ പേര്)

തമല നാ. 1. ഒരിനം ലോഹപാത്രം; 2. കൈമൊന്ത

തമലി നാ. 1. ചട്ടുകം; 2. തവി

തമസ1 വി. ഇരുണ്ട, കറുത്ത

തമസ2 നാ. (പുരാണ) ഒരു നദി, ഗങ്ഗയുടെ പോഷക നദി

തമസം നാ. 1. ഇരുട്ട്; 2. പാപം; 3. കിണറ്; 4. പട്ടണം

തമസ്കരണം നാ. വിളക്കുകളും മറ്റും അണച്ച് ഇരുട്ടാക്കൽ

തമസ്കാണ്ഡം നാ. കൂരിരുട്ട്

തമസ്തതി നാ. കൂരിരുട്ട്

തമസ്വതി നാ. 1. രാത്രി; 2. മഞ്ഞൾ

തമസ്വത്ത് നാ. ഇരുണ്ടത്, മങ്ങിയത്

തമസ്വി വി. ഇരുട്ടുള്ള

തമസ്വിനി നാ. 1. രാത്രി (ഇരുട്ടുള്ളതിനാൽ); 2. മഞ്ഞൾ

തമസ്സ് നാ. 1. ഇരുട്ട്; 2. വേദാന്തം) പ്രകൃതിയുടെ മൂന്നു ഗുണങ്ങളിൽ ഒന്ന്, തമോഗുണം (ഗുരുത, അജ്ഞത, ഭ്രമം, തൃഷ്ണ, കോപം, അഭിമാനം, അലസത മുതലായവയുടെ കാരണമായ ഗുണം. സത്ത്വം, രജസ്സ് എന്നു മറ്റുരണ്ടെണ്ണം); 3. അജ്ഞാനം; 4. മായ; 5. അന്ധത; 6. പാപം; 7. ദുഃഖം; 8. ചേറ്; 9. ഒരു നരകം; 10. മരണം; 11. (പുരാണ) ശ്രവസ്സിൻെറ പുത്രന്മാരിൽ ഒരാൾ; 12. (പുരാണ) ദക്ഷൻെറ പുത്രന്മാരിൽ ഒരാൾ; 13. (ജ്യോ) രാഹു

തമഃപ്രഭ നാ. (പുരാണ) ഒരു നരകം

തമാഖു [ഹി.] നാ. പുകയില

തമാൻ നാ. നീളമുള്ള കാൽക്കുപ്പായം

തമാലകം നാ. 1. പച്ചിലമരം; 2. നീർമാതളം; 3. കറുവാപ്പട്ട; 4. മുളയുടെ പുറന്തൊലി; 5. പച്ചില, സമുദ്രപ്പച്ച

തമാലപത്രം നാ. 1. പച്ചിലമരം; 2. പച്ചില, സമുദ്രപ്പച്ച; 3. തൊടുകുറി (തമാലപത്രത്തിൻെറ ആകൃതിയിലുള്ളത്)

തമാലം നാ. 1. പച്ചിലമരം; 2. ഒരിനം കരിങ്ങാലിമരം; 3. പുകയില; 4. പീനാറി; 5. വാൾ; 6. മുളയുടെ പുറന്തൊലി; 7. ഒരിനം കുറി (തമാലക്കായുടെ നീരുകൊണ്ട് നെറ്റിയിലിടുന്നത്); 8. ചന്ദനക്കുറി; 9. നീർമാതളം; 10. പച്ചില, സമുദ്രപ്പച്ച

തമാശ [പേർ] നാ. 1. കളിവാക്ക്, നേരമ്പോക്ക്, വിനോദം; 2. ഉല്ലാസം; 3. വിനോദദൃശ്യം. (പ്ര) തമാശപൊട്ടിക്കുക = തമാശപറയുക, നേരമ്പോക്കുപറയുക
തമി [സം.തമീ] നാ. 1. രാത്രി, നല്ല ഇരുട്ടുള്ളരാത്രി; 2. മയക്കം മോഹാലസ്യം; 3. മഞ്ഞൾ
തമിക്കുക ക്രി. ക്ഷീണിക്കുക, തളരുക
തമിർക്കുക ക്രി. അനക്കവും ശബ്ദവുമുണ്ടാക്കുക (കരിയിലയിൽ ചവിട്ടിനടക്കുമ്പോൾ എന്നപോലെ)
തമിസ്ര1 വി. ഇരുണ്ട, കറുത്ത
തമിസ്ര2 നാ. 1. രാത്രി, ഇരുട്ടുള്ള രാത്രി; 2. ഇരുട്ട്, കൂരിരുട്ട്; 3. മഞ്ഞൾ
തമിസ്രം നാ. 1. ഇരുട്ട്; 2. അജ്ഞാനം, മായ; 3. കൃഷ്ണപക്ഷം; 4. കോപം
തമിസ്രഹാവ് നാ. 1. സൂര്യൻ; 2. ചന്ദ്രൻ
തമിൾ നാ. തമിഴ്
തമിഴകം നാ. ഭാരതത്തിൻെറ തെക്കുഭാഗത്തുള്ളതും തമിഴ് വ്യവഹാരഭാഷയായി ഉപയോഗിച്ചുവരുന്നതുമായ ഭൂപ്രദേശം
തമിഴൻ നാ. തമിഴകക്കാരൻ (തമിഴ് മാതൃഭാഷയായിട്ടുള്ളവൻ)
തമിഴാമ നാ. ഒരു ചെറിയ ചെടി
തമിഴ്, തമിൾ നാ. 1. ദ്രാവിഡഭാഷകളിൽ ഒന്ന്, തമിഴകത്തെ പ്രധാനഭാഷ; 2. തദ്ദേശഭാഷ, കേരളഭാഷ; 3. മാധുര്യം; 4. സൗന്ദര്യം. (പ്ര) തമിഴ്ക്കവിത
തമിഴുക ക്രി. ഇഴയുക (ശിശുക്കളെന്നപോലെ)
തമിഴ്ക്കുത്ത് നാ. 1. ഭാഷാവ്യാഖ്യാനം; 2. അമരകോശത്തിൻെറ ഒരു വ്യാഖ്യാനം
തമിഴ്ക്കൂത്ത് നാ. ഒരുതരം കൂത്ത് (തമിഴ്നാട്ടിൽ പ്രചരിച്ചിരുന്നത്)
തമിഴ്ഗ്രന്ഥം നാ. ഒരുലിപി, ഗ്രന്ഥാക്ഷരം
തമിഴ്മുനി നാ. അഗസ്ത്യൻ
തമിഴ്വേദം നാ. 1. തിരുക്കുറൾ; 2. തേവാരം തുടങ്ങിയ ശൈവാഗമങ്ങൾ; 3. ഒരു ദിവ്യപ്രബന്ധം (നമ്മാഴ്വാർ രചിച്ചത്)
തമിഴ്സങ്ഘം നാ. ഒരു പണ്ഡിതസഭ (പാണ്ഡ്യരാജധാനിയായ മധുരയിൽ നിലനിന്നിരുന്നത്)
തമീചരൻ നാ. രാത്രിഞ്ചരൻ, രാക്ഷസൻ
തമുക്കം നാ. തമുക്ക്2. (പ്ര) തമുക്കം ഇടുക, തമുക്കം മൂടുക (പള്ളിയിലേക്കുള്ള വഴിപാട് തുണിയിൽ പൊതിഞ്ഞുകൊണ്ടുവരിക); 2. ആനത്താവളം
തമുക്ക്1 നാ. ഒരു ആഹതവാദ്യം (വിളംബരങ്ങളും മറ്റും പൊതുജനങ്ങളെ അറിയിക്കുമ്പോൾ ഈ വാദ്യം മുഴക്കിയിരുന്നു). (പ്ര) തമുക്കടിച്ചു പരസ്യം ചെയ്യുക
തമുക്ക്2 നാ. ഒരു ഭക്ഷണസാധനം (ചില പള്ളികളിൽ നേർച്ചയായി അർപ്പിക്കപ്പെടുന്നത്)

തമോ തമസ് എന്നപദം സമാസത്തിൽ അകാരം മൃദുഘോഷങ്ങൾ അനുനാസികകൾ ഹ കാരം എന്നിവയ്ക്കുമുമ്പിൽ കൈക്കൊള്ളുന്ന രൂപം.
849
തമോഗർത്തം നാ. (ജ്യോതി) നക്ഷത്രത്തിൻെറ പരിണാമഘട്ടത്തിലെ ഒരവസ്ഥ (ശക്തമായ ഗുരുത്വബലത്തോടുകൂടി നക്ഷത്രങ്ങൾ തകർന്നടിയുമ്പോൾ ഗുരുത്വാകർഷണം മൂലം പ്രകാശത്തിനുപോലും പുറത്തുപോകാനാകാതെ വരുന്നതിനാൾ ഇരുട്ടിലിരിക്കുന്നതായി അവയെക്കുറിച്ചു നിരീക്ഷകനുതൊന്നുന്ന അവസ്ഥ, പരോക്ഷമായ മാർഗത്തിലൂടെയാണ് ഇവയുടെ സാന്നിധ്യം അറിയുന്നത്)
തമോഗു നാ. 'തമോരൂപങ്ങളായ രശ്മികളോടുകൂടിയവൻ', രാഹു
തമോഗുണം നാ. (വേദാ) തമസ്സ് എന്ന ഗുണം
തമോഗ്രഹം നാ. (ജ്യോതി) ഇരുണ്ടഗ്രഹം
തമോഘ്ന വി. തമസ്സിനെ ഹനിക്കുന്ന
തമോഘ്നൻ നാ. 1. സൂര്യൻ; 2. ചന്ദ്രൻ; 3. അഗ്നി; 4. ശിവൻ; 5. ബുദ്ധൻ; 6. വിഷ്ണു
തമോഘ്നം നാ. 1. ജ്ഞാനം; 2. ദീപം; 3. അഗ്നി; 4. കൊടുവേലി
തമോജ്യോതിസ്സ് നാ. മിന്നാമിനുങ്ങ്
തമോനുത്ത് നാ. 1. പ്രകാശം; 2. സൂര്യൻ; 3. ചന്ദ്രൻ; 4. അഗ്നി; 5. വിളക്ക്
തമോപഹൻ നാ. = തമോനുത്ത്
തമോഭിത്ത് നാ. മിന്നാമിനുങ്ങ്
തങ്ങാഭൂത വി. ഇരുട്ടായ
തമോഭേത്താവ് നാ. സൂര്യൻ
തമോമണി നാ. 1. ഗോമേദകം; 2. മിന്നാമിനുങ്ങ്
തമോമണ്ഡലം നാ. കൂരിരുട്ട്
തമോമയ വി. 1. ഇരുട്ട്റ്റുനിറഞ്ഞ; 2. അജ്ഞാനം നിറഞ്ഞ
തമോമയൻ നാ. രാഹു
തമോവികാരം നാ. രോഗം
തമോവൃത വി. 1. ഇരുട്ടിനാൽ മറയ്ക്കപ്പെട്ട, കാർമൂടിയ; 2. കോപം ഭയം തുടങ്ങിയ തമോഗുണങ്ങൾ ബാധിച്ച; 3. അജ്ഞാനത്താൽ മറഞ്ഞ
തമോവൈരി നാ. തമോപഹൻ
തമോഹര വി. ഇരുട്ട് അകറ്റുന്ന
തമ്പന്നം നാ. കൊല, നശിപ്പിക്കൽ (പ്ര) തമ്പന്നമാക്കുക = കൊല്ലുക
തമ്പം നാ. സ്തംഭം
തമ്പലം നാ. 1. താംബൂലം; 2. വെറ്റിലമുറുക്കിക്കഴിഞ്ഞ് തുപ്പുന്ന പിശിട്. (പ്ര) തമ്പലാക്കുക = ചതയ്ക്കുക
തമ്പാക്ക് നാ. ഒരു കൂട്ടുലോഹം (സ്വർണവും ചെമ്പും കൂടിയത്)

തമ്പാട്ടി നാ. തമ്പുരാട്ടി. (പ്ര) തമ്പാട്ടിമാമ്മൻ = കുടുംബത്തിലെ ഏറ്റവും പ്രായംകൂടിയ കാരണവൻ

തമ്പാൻ [<തമ്പുരാൻ] നാ. 1. നാടുവാഴി, ഭരണാധികാരി; 2. ക്ഷത്രിയരിൽ ഒരുവിഭാഗം, അതിൽപ്പെട്ട ആൾ; 3. ചില രാജകുടുംബങ്ങളിലെ ഇളയ അങ്ഗങ്ങളുടെ സ്ഥാനപ്പേർ; 4. ഒരു പുരുഷനാമം; 5. അമ്പിളി

തമ്പായി നാ. 1. ദൈവം; 2. അമ്പലം; 3. തമ്പാൻ എന്നതിൻെറ സ്ത്രീ രൂപം; 4. ഒരു ഓമനപ്പേര്

തമ്പാൽ നാ. ഒന്നാംപാൽ (വെള്ളം ചേർക്കാതെ ആദ്യം പിഴിഞ്ഞെടുക്കുന്ന തേങ്ങാപ്പാൽ)

തമ്പി നാ. 1. അനുജൻ; 2. രാജപത്നിയായ നായർസ്ത്രീയുടെ പുരുഷ സന്താനം (തിരുവിതാംകൂറിൽ); 3. ഒരു സ്ഥാനപ്പേര്; 4. ഒരു പുരുഷ നാമം

തമ്പിരാട്ടി നാ. = തമ്പുരാട്ടി

തമ്പ് [ഹി.തംബൂ] നാ. കൂടാരം. (പ്ര) തമ്പടിക്കുക = കൂടാരം കെട്ടുക. തമ്പിടുക = 1. കൂടാരമടിച്ച് താമസിക്കുക; 2. അമാന്തിക്കുക

തമ്പുരാക്കൾ നാ. (പൂ.ബ.വ.) 1. തമ്പുരാൻ; 2. തമ്പ്രാക്കൾ

തമ്പുരാട്ടി നാ. 1. തമ്പ്രാട്ടി (തമ്പുരാൻെറ സ്ത്രീ); 2. ഈശ്വരി

തമ്പുരാൻ നാ. 1. ഈശ്വരൻ; 2. രാജാവ്, നാടുവാഴി; 3. ജാതികൊണ്ടോ സമൂഹത്തിലെ സ്ഥാനംകൊണ്ടോ താഴ്ന്ന ആളുകൾ ഉയർന്നവരെ കുറിക്കാൻ ഉപയോഗിക്കുന്ന പദം

തമ്പേർ,തമ്പോർ നാ. ഒരു ചർമവാദ്യം. (പ്ര) തമ്പേറടിക്കുക = 1. പരസ്യപ്പെടുത്തുക, കൊട്ടിയറിയുക്കുക; 2. പ്രചരിപ്പിക്കുക (അപവാദങ്ങളെന്നപോലെ)

തമ്പോതി നാ. 1. തമ്പുരാട്ടി; 2. ദേവി

തമ്പ്രം നാ. തൻപുറം, തറ. (പ്ര) തമ്പ്രംകൊത്തുക = കൈക്കോട്ടുകൊണ്ടു കിളച്ചുമറിച്ചിടുക

തമ്പ്രാക്കൾ നാ. (പൂ.ബ.വ.) 1. ആഴ്വാഞ്ചേരിമനയ്ക്കലെ നമ്പൂരിമാരുടെ സ്ഥാനപ്പേര്; 2. പുലയരും പറയരും മറ്റും മേലാളരെ കുറിക്കാൻ ഉപയോഗിച്ചിരുന്ന പദം

തമ്പ്രാക്കൾഭാഷ നാ. 'മുഹൂർത്തപദവി' എന്ന ജോതിഷഗ്രന്ഥത്തിൻെറ ഒരു ഭാഷാവ്യാഖ്യാനം

തമ്പ്രാൻ നാ. = തമ്പുരാൻ, പുലയരും പറയരും മറ്റും മേലാളരെ കുറിക്കാൻ ഉപയോഗിച്ചിരുന്ന പദം

തമ്മൻ നാ. ജ്യേഷ്ഠൻ

തമ്മനാര് നാ. അമ്മാവൻ

തമ്മൾ നാ. 1. തങ്ങൾ; 2. താങ്കൾ

തമ്മാടി നാ. വൈദ്യനുംകൂടിയായ മന്ത്രവാദി

തമ്മാൻ നാ. നാഥൻ, സ്വാമി

തമ്മിൽ ക്രി. പരസ്പരം, തങ്ങളിൽ. (പ്ര) തമ്മിൽത്തല്ല് = അടിപിടി, അങ്ങോട്ടുമിങ്ങോട്ടുമുള്ള അടി, വഴക്ക്

തയ്ക്കാവ് [അറ.തകിയാ]നാ. മുസ്ലിം പ്രാർഥനാലയം, തകിയാ

തയ്ക്കുക1 ക്രി. തുന്നുക

തയ്ക്കുക2 ക്രി. 1. അടിക്കുക, ആഘാതമേല്പ്പിക്കുക, തല്ലുക; 2. ചതയ്ക്കുക. (പ്ര) തച്ചുതകർക്കുക = അടിച്ചുപൊടിക്കുക, ഇടിച്ചുനിരത്തുക. തച്ചുപറിക്കുക = തട്ടിപ്പറിക്കുക

തയ്പ്പ് [<തയ്ക്കുക] നാ. തുന്നൽ

തയക്കം [തയങ്ങുക] നാമരൂപം

തയങ്ങുക ക്രി. 1. തിളങ്ങുക, ശോഭിക്കുക; 2. കലങ്ങുക; 3. പരുങ്ങുക

തയം നാ. രക്ഷ

തയമ്മം [അറ] നാ. (ഇസ്ലാം) വെള്ളംകിട്ടാത്തപ്പോഴും രോഗിയായിരിക്കുമ്പോഴും പൂഴികൊണ്ടുചെയ്യുന്ന ശരീരശുദ്ധി

തയയ്ക്കുക ക്രി. അരയ്ക്കുക, ഉരയ്ക്കുക (വന്ദനം, മരുന്ന്, ഗുളികകൾ എന്നിവപോലെ)

തയയുക ക്രി. 1. അരയുക; 2. ചതയുക; 3. കൊള്ളുക, തറയ്ക്കുക

തയരി നാ. പുഴുനൂല്പ്പട്ട് (പുഴുവിൽനിന്നും ലഭിക്കുന്ന പട്ട്)

തയാർ,തയ്യാർ [അറ.] നാ. ഒരുക്കം, സന്നദ്ധത. തയ്യാറെടുക്കുക = 1. ഒരുങ്ങുക, വട്ടം കൂട്ടുക; 2. ഗുസ്തിക്കാർ നല്ല പോഷകഗുണമുള്ള ഭക്ഷണവും വ്യായാമവുംകൊണ്ട് ഗുസ്തിക്കു ഒരുങ്ങുക

തയിർ നാ. തൈര്

തയ്യൽ1 [തയ്ക്കുക] നാ. നൂലും സൂചിയും ഉപയോഗിച്ചുള്ള തുന്നൽ (തുണിയിലെന്നപോലെ). (പ്ര) തയ്യൽക്കട = ഉടുപ്പുകളും മറ്റും തയ്ച്ചുകൊടുക്കുന്ന കട. തയ്യൽക്കാരൻ = തയ്ക്കുന്നവൻ. തയ്യൽക്കാരൻ പക്ഷി = ഒരിനം പക്ഷി (ഇലകൾ കൂട്ടിത്തയ്ച്ച് കൂടുണ്ടാക്കുന്നതിനാൽ ഈപ്പേര്). തയ്യൽപ്പണി = തുന്നൽവേല. തയ്യൽയന്ത്രം = തുന്നുന്നതിനുള്ള യന്ത്രം

തയ്യൽ2 നാ. 1. ഭങ്ഗി; 2. അഴകുള്ളവൾ, സ്ത്രീ

തയ്യലാൾ നാ. ചെറുപ്പക്കാരി, സുന്ദരി

തയ്യാർ = തയാർ

തർക്കക വി. (സത്യം) അന്വേഷിക്കുന്ന

തർക്കകൻ നാ. 1. തർക്കശാസ്ത്രജ്ഞൻ, താർക്കികൻ; 2. ആവലാതിക്കാരൻ, നിവേദകൻ, വാദി; 3. അന്വേഷകൻ

തർക്കക്കാരൻ നാ. വിപരീതം പറയുന്നവൻ (വാഗ്വാദത്തിൽ താത്പര്യമുള്ളവൻ)

തർക്കജ്ഞാനം നാ. യുക്തിപൂർവകമായ അന്വേഷണംകൊണ്ടു നേടുന്ന ജ്ഞാനം

തർക്കണം നാ. യുക്തിപൂർവം ചിന്തിക്കൽ

തർക്കൻ നാ. (സങ്ഗീ) ഒരു രാഗം, കൂടിയാട്ടത്തിലെ ഒരുതരം സ്വരാലാപം

തർക്കം നാ. 1. ന്യായവൈശേഷികദർശനങ്ങൾക്കു പൊതുവേ പറയുന്ന പേര്; 2. യുക്തിപൂർവമായ വിചിന്തനം; 3. സംശയം; 4. വാഗ്വാദം; 5. അഭിപ്രായവ്യത്യാസം; 6. വ്യവഹാരത്തിൽ കക്ഷികളോ അവരുടെ പ്രതിനിധികളോ

തെളിവുകളെ തങ്ങൾക്കനുകൂലമായി വ്യാഖ്യാനിച്ചു നടത്തുന്ന വാദം; 7. ആറ് എന്ന സങ്ഖ്യ

തർക്കവാദം നാ. എതിർത്തുകൊണ്ടുള്ള വാദം

തർക്കവിതർക്കം നാ. വാദപ്രതിവാദം, വാദവും എതിർവാദവും

തർക്കവിത്ത് നാ. തർക്കശാസ്ത്രം നന്നായി അറിയുന്നവൻ

തർക്കവിദ്യ നാ. തർക്കം

തർക്കാഭാസം നാ. മിഥ്യായുക്തി, മതിയായകാരണങ്ങൾ ഉന്നയിക്കാതെ നടത്തുന്ന യുക്തിവാദംതർക്കാരി [ഹി.] നാ. മലക്കറി, പച്ചക്കറി

തർക്കാവയവപഞ്ചകം നാ. തർക്കശാസ്ത്രത്തിൻെറ അഞ്ചുഘടകങ്ങൾ (പ്രതിജ്ഞ, ഹേതു, ഉദാഹരണം, ഉപനയനം, നിഗമനം എന്നിവ)

തർക്കി1 വി. തർക്കത്തിൽ സാമർഥ്യം നേടിയ. നാ. തർക്കശാസ്ത്രം പഠിച്ചവൻ, വാദിക്കുന്നവൻ

തർക്കി2, ടർക്കി നാ. ഒരിനം പക്ഷി (കോഴിവർഗത്തിൽപ്പെട്ടത്, ഇറച്ചിക്കുവേണ്ടിവളർത്തുന്നു)

തർക്കിക്കുക ക്രി. 1. വാദിക്കുക, ഒരു കാര്യത്തെ യുക്തികൊണ്ടു പരിശോധിക്കുക; 2. എതിർത്തു പറയുക; 3. സന്ദേഹിക്കുക

തർക്കിത വി. തർക്കിക്കപ്പെട്ട, ഊഹിക്കപ്പെട്ട

തർക്കു നാ. ഒരു ഉപകരണം (നൂൽനൂൽക്കാനുള്ളത്). തർക്കുകർമം = 1. നൂൽനൂൽപ്പ്; 2. നെയ്ത്ത്

തർക്കുത്തരം നാ. എതിർത്തുപറയുന്ന ഉത്തരം, ധിക്കരിച്ചുള്ള മറുപടി

തർക്യ വി. തർക്കിക്കത്തക, ചിന്ത്യമായ, വിവാദാസ്പദമായ

തർക്ഷ്യം നാ. ചവർക്കാരം

തർജ നാ. തർജനി

തർജക വി. തർജിക്കുന്ന

തർജനം നാ. 1. ഭയപ്പെടുത്തൽ, ഭീഷണിപ്പെടുത്തൽ; 2. കോപം; 3. നിന്ദ, കുറ്റപ്പെടുത്തൽ; 4. (നാട്യ) ഹസ്തകർമങ്ങളിൽ ഒന്ന്, ഭയപ്പെടുത്തൽ അഭിനയിക്കാൻ ചൂണ്ടുവിരൽകൊണ്ടു ചെയ്യുന്നത്

തർജനാങ്ഗുലി നാ. ചൂണ്ടുവിരൽ

തർജനി നാ. ചൂണ്ടുവിരൽ (ചൂണ്ടിക്കാണിച്ച് തർജിക്കുന്നതിനാൽ)

തർജമ,-ജിമ,-ജുമ [അറ.] നാ. ഭാഷാന്തരീകരണം, വിവർത്തനം, ഒരു ഭാഷയിൽ അവതരിപ്പിച്ചകാര്യം മറ്റൊരു ഭാഷയിൽ പ്രകടിപ്പിക്കൽ. (പ്ര) തർജുമചെയ്യുക = ഭാഷാന്തരീകരണം ചെയ്യുക

തർജിക്കുക ക്രി. 1. ഭയപ്പെടുത്തുക, ഭീഷണിപ്പെടുത്തുക; 2. കുറ്റപ്പെടുത്തുക, നിന്ദിക്കുക, ശകാരിക്കുക

തർജിത വി. തർജനത്തിനു വിധേയമാക്കപ്പെട്ട

തർജിമ നാ. = തർജമ

തർജുമ നാ. = തർജമ

തർണകപാലൻ നാ. 1. പശുക്കുട്ടികളെമേയ്ക്കുന്നവൻ; 2. ശ്രീകൃഷ്ണൻ

തർണകം നാ. കന്ന്, പശുക്കുട്ടി

തർത്തരീക വി. മറുകര കടത്തുന്ന

തർത്തരീകം നാ. തോണി, പൊങ്ങുതടി

തർദനം നാ. വിള്ളൽ, വിടവ്, തുള

തർദു നാ. മരത്തവി

തർപ്പക വി. തർപ്പണംചെയ്യുന്ന

തർപ്പകൻ നാ. 1. തർപ്പണം ചെയ്യുന്നവൻ; 2. (പുരാണ) സദാശിവമന്ത്രത്തിൻെറ അക്ഷരരൂപദേവന്മാരിൽ ഒരാൾ

തർപ്പകം നാ. കഫം അഞ്ചുവിധമുള്ളതിൽ ഒന്ന്, ശിരസ്സിൽ വർത്തിക്കുന്ന ശ്ലേഷ്മധാതു (ക്ലേദകം, അവലംബകം, ബോധകം, ശ്ലേഷ്മകം എന്നു മറ്റുനാലും)

തർപ്പണ [സം.] വി. തൃപ്തിപ്പെടുത്തുന്ന

തർപ്പണം [സം.] നാ. 1. പഞ്ചയജ്ഞങ്ങളിൽ ഒന്ന്, പിതൃക്കൾ, ദേവന്മാർ, ഋഷികൾ എന്നിവരുടെ തൃപ്തിക്കായി ഇരുകൈയുംകൂട്ടി ജലം കോരിയൊഴിക്കുന്ന ഒരു കർമ,സ്സ്; 2. തൃപ്തിപ്പെടുത്തൽ (പ്രീണിപ്പിക്കൽ); 3. തൃപ്തി, നല്ല ആഹാരം കഴിച്ചുണ്ടാകുന്ന തൃപ്തി; 4. ആഹാരം; 5. പൂർണത; 6. മെലിഞ്ഞ ശരീരം തടിപ്പിക്കുന്ന ചികിത്സാവിധി.

851

തർപ്പിക്കുക [സം.<തൃപ്] ക്രി. 1. പിതൃക്കളെയും ദേവന്മാരെയും മറ്റും തൃപ്തിപ്പെടുത്താനായി (മന്ത്രപുരസ്സരം) ജലം രണ്ടുകൈകൊണ്ടും കോരി അർപ്പിക്കുക; 2. തൃപ്തിപ്പെടുത്തുക; 3. ദാനംചെയ്യുക

തർപ്പിത വി. തർപ്പണംചെയ്യപ്പെട്ട

തർമം നാ. യൂപത്തിൻെറ മേലേ അറ്റം

തർഷ നാ. ദാഹം

തർഷണം നാ. 1. ദാഹം; 2. ആഗ്രഹം

തർഷൻ നാ. സൂര്യൻ

തർഷം1 നാ. 1. ദാഹം; 2. അതിയായ ആഗ്രഹം

തർഷം2 നാ. 1. കടൽ; 2. തോണി

തർഹി അവ്യ. 1. എങ്കിൽ, എന്നാൽ; 2. അപ്പോൾ

തര അതിശായനാർഥത്തിൽ വിശേഷങ്ങളോടോ നാമങ്ങളോടോചേരുന്ന ഒരു പ്രത്യയം. ഉദാ: പ്രിയതരൻ, പ്രിയതര, പ്രിയതരം

തരകൻ നാ. 1. തരകുകാരൻ, കൊടുക്കൽവാങ്ങലിലും മറ്റും പ്രതിഫലംപറ്റി മധ്യവർത്തിയായി പ്രവർത്തിക്കുന്നവൻ; 2. ഒരു സ്ഥാനപ്പേര്; 3. ഒരു ജാതി, നായന്മാരിൽ ഒരുവിഭാഗം; 4. മൂത്താൻജാതിയിൽപ്പെട്ട പുരുഷന്മാരെ മറ്റുചിലജാതിക്കാർ വിളിക്കുന്ന പേര്

തരക്1 നാ. 1. ഒരിനം തീരുവ (വ്യാപാരികൾ നാടുവാഴിക്ക് കൊടുക്കേണ്ടത്); 2. കൽപന, തിരുവെഴുത്ത്, തീട്ടൂരം; 3. വിൽപന കൊടുക്കൽവാങ്ങൽ തുടങ്ങിയവ നടത്തുമ്പോൾ ഇടനിലക്കാരന് കൊടുക്കുന്ന പ്രതിഫലം, ഇടനിലക്കാരൻെറ തൊഴിൽ; 4. ജന്മികളുടെയും മറ്റും പക്കൽനിന്നുവാങ്ങുന്ന കുഴിക്കാണം പാട്ടം മുതലായവയെ കുറിക്കുന്ന പ്രമാണം; 5. തുലാസ്സ്; 6. ഒരുമാതിരി ചങ്ങഴി. (പ്ര)

തരകുകാരൻ = തരകുവാങ്ങുന്നവൻ, ദല്ലാൾ. തരകുപറയുക = 1. കച്ചവടത്തിൽ ഇടനിലക്കാരനായിനിന്ന് വിലപറയുക; 2. മധ്യസ്ഥം പറയുക. തരകുയാപന = 1. തരകുപിരിക്കൽ; 2. വ്യാപാരികളിൽനിന്നും രാജാവ് ഈടാക്കുന്ന കരം. തരകുവാണിഭം = ഇടനിലക്കാരൻ വഴിക്കുള്ള കച്ചവടം

തരക്2 നാ. ഒരിനം അമ്പ് (ചൂരൽകൊണ്ടുണ്ടാക്കിയത്)

തരകുക1 ക്രി. ആജ്ഞാപിക്കുക, കൽപിക്കുക

തരകുക2 ക്രി. (നെല്ലും മറ്റും) കുത്തി ഉമികളയുക

തരക്കലരി നാ. 1. ഉണക്കലരി (തരക്കിയെടുത്ത അരി); 2. നുറുക്കരി (അരി പൊടിക്കുമ്പോഴോ നെല്ലുകുത്തുമ്പോഴോ ശേഷിക്കുന്നത്)

തരക്ക് നാ. 1. ധാന്യങ്ങൾ ഉലക്കകൊണ്ട് ഇടിക്കാതെ തരങ്ങി തൊലികളയുകയോ പൊടിക്കുകയോചെയ്യൽ; 2. ധാന്യംപൊടിഞ്ഞുണ്ടായ തരി

തരക്കുക ക്രി. 1. ധാന്യങ്ങൾ ഉരലിലിട്ട് ഉലക്കകൊണ്ട് ഇടിക്കാതെ അമർത്തിക്കറക്കി തോടുകളയുകയോ പൊടിക്കുകയോചെയ്യുക; 2. ഇലയും ഉപശഖകളും മറ്റും കോതിക്കളയുക

തരക്കേട് നാ. അസൗകര്യം, ആപത്ത്, കുറവ്, കുറ്റം, ദോഷം, നഷ്ടം, പോരായ്മ

തരക്ഷു നാ. കഴുതപ്പുലി

തരഗതി നാ. ക്രമം, തരംതിരിക്കൽ

തരങ്ഗദൈർഘ്യം നാ. ഒരു തരങ്ഗത്തിൽ ഒരേ കമ്പനാവസ്ഥയിലുള്ള തൊട്ടടുത്ത രണ്ടു ബിന്ദുക്കൾ തമ്മിലുള്ള അകലം

തരങ്ഗം നാ. 1. അല, ഓളം, തിര; 2. ചാട്ടം; 3. തുണി, വസ്ത്രം; 4. (സങ്ഗീ) നാദത്തിന്റെ ആരോഹണാവരോഹണങ്ങൾ

തരങ്ഗലീല നാ. തിരയടി

തരങ്ഗവതി നാ. നദി

തരങ്ഗി വി. 1. തരങ്ഗരൂപമായ, തിരയുള്ള; 2. വിറകൊള്ളുന്ന

തരങ്ഗിണി നാ. 1. നദി; 2. ഒരു ഭാഷാവൃത്തം; 3. ഒരു സംസ്കൃതവൃത്തം; 4. (സങ്ഗീ) ഒരു രാഗം

തരങ്ഗിതം നാ. ഓളമുള്ളത്, ഓളംവെട്ടുന്നത്

തരങ്ങൽ നാ. = തരക്ക്

തരങ്ങ് നാ. 1. തരി; 2. അടയ്ക്കായുടെ തൊലി

തരങ്ങുക ക്രി. 1. ധാന്യങ്ങൾ ഉരലിലിട്ട് അരങ്ങുക. അരിമുതലായവ മുറത്തിലിട്ട് തെള്ളുക; 2. വിലപേശുക

തരണൻ നാ. മറുകര കടത്തുന്നവൻ

തരണം1 [<തരുക] വിധായകരൂപം

തരണം2 [സം.തരണ<തൃ] നാ. 1. കടക്കൽ; 2. കീഴടക്കൽ, ജയിക്കൽ; 3. തുഴ; 4. പാലം; 5. തോണി, ചങ്ങാടം

തരണി നാ. 1. സൂര്യൻ; 2. തോണി; 3. പ്രകാശരശ്മി; 4. ചെമ്പ്; 5. എരിക്ക്; 6. കടൽ; 7. നദി; 8. വൈദ്യൻ; 9. ന്യായവാദി; 10. ഓരിലത്താമര; 11. കറ്റാർവാഴ; 12. ഒരിനം കുറുഞ്ഞി (വെളുത്തപൂവുള്ളത്)

തരണിജ1 വി. തരണിയിൽനിന്ന് ഉണ്ടായ

തരണിജ2,-തനയ നാ. യമുന (സൂര്യൻെറ പുത്രിയായതിനാൽ)
തരണ്ഡ(ം) നാ. 1. ചങ്ങാടം, വഞ്ചി; 2. ചൂണ്ടക്കയറിൽ ഘടിപ്പിക്കുന്ന പൊങ്ങ്; 3. ചൂണ്ടക്കോൽ
താരതമഭാവം നാ. താരതമ്യം, ഏറ്റക്കുറച്ചിൽ, ന്യൂനാധികഭാവം
തരത്ത് നാ. 1. കുളക്കോഴി; 2. വഞ്ചി, പൊങ്ങുതടി
തരദേയം നാ. കടത്തുകൂലി
തരന്തം നാ. 1. സമുദ്രം; 2. തവള; 3. മഴ, പെരുമഴ
തരന്തരം ക്രി. 1. വെവ്വേറെ, വകവകയായി; 2. പലതരത്തിൽ, പരമ്പരയായി
തരന്തി നാ. വള്ളം
തരന്ത് നാ. 1. കത്തിയുടെയും മറ്റും അലകിൻെറ ചുവട് (പിടിയിലേക്ക് കയറിയിരിക്കുന്ന ഭാഗം); 2. കൈപിടി
തരപണ്യകൻ നാ. കടത്തുകൂലി വാങ്ങുന്നവൻ
തരപണ്യം നാ. തോണിക്കൂലി, കേവുകൂലി
തരം1 നാ. 1. ഇനം, ജാതി; 2. ഗുണം, വലിപ്പം; 3. തുല്യത, യോജിപ്പ്; 4. അവസരം, സൗകര്യം; 5. ആനുകൂല്യം; 6. മാറ്റം; 7. ലാഭം; 8. പ്രാവശ്യം; 9. ലക്ഷണം, സ്വഭാവം; 10. മേചിലോലയുടെ വരി; 11. വരി; 12. കൂട്ടം; 13. കൈപ്പിടി; 14. ക്ലാസ്സ് (പ്ര) തരംകെടുക = 1. വിഷമിക്കുക, കഷ്റ്റപ്പെടുക; 2. ചീത്തയാവുക, ഗുണം നശിക്കുക, തരം തിരിക്ക)
തരം2 നാ. 1. കടത്ത്; 2. കടത്തുവഞ്ചി; 3. വീഥി; 4. കടത്തുകൂലി; 5. അഗ്നി
തരം3[സം.തര] നാ. സാമാന്യത്തിൽ കുറച്ചുകൂടുതൽ എന്ന അർഥം കാണിക്കാൻ ചേർക്കുന്ന പ്രത്യയം. ഉദാ: കഷ്ടതരം = കൂടുതൽ കഷ്ടമായത്
തരമന്ദ്രം നാ. (സങ്ഗീ) സ്ഥായിവർണത്തിൽ ചേർന്ന ഒരലങ്കാരം
തരവഴി നാ. 1. തനിസ്വഭാവം, പാരമ്പര്യംകൊണ്ടോ ശീലംകൊണ്ടോ കിട്ടിയ സ്വഭാവ വിശേഷം; 2. അന്യരെ വശത്താക്കാനും മറ്റും വേണ്ടി പ്രകടിപ്പിക്കുന്ന കൗശലം; 3. തക്കവണ്ണം പ്രവർത്തിക്കൽ
തരശുല്കം നാ. കടത്തുകൂലി
തരസം നാ. ഇറച്ചി (മാംസം)
തരസാ അവ്യ. വേഗത്തിൽ, ശക്തിയോടെ, നേരെ
തരസാനം നാ. വള്ളം
തരസ്ഥാനം നാ. കടത്തുകടവ്
തരസ്വത് വി. 1. വേഗമുള്ള; 2. ബലമുള്ള; 3. രോഗമുള്ള
തരസ്വി നാ. 1. വേഗവും ശക്തിയുമുള്ളവൻ; 2. ധീരൻ, ശൂരൻ; 3. പരുന്ത്; 4. ഗരുഡൻ; 5. വായു; 6. സന്ദേശവാഹകൻ; 7. ശിവൻ
തരസ്വിനി നാ. 1. വേഗവും ശക്തിയുമുള്ളവൾ; 2. നദി
തരസ്സ് നാ. 1. വേഗം; 2. പരാക്രമം, വേഗം, ശക്തി; 3. കടത്തുകടവ്; 4. ചങ്ങാടം; 5. കുരങ്ങ്; 6. ഒരു രോഗം

തരള1 വി. 1. വിറയലുള്ള, ഇളകുന്ന; 2. പ്രകാശമുള്ള, വെട്ടിത്തിളങ്ങുന്ന; 3. ദ്രവരൂപമായ; 4. വിസ്താരമുള്ള; 5. ക്ഷണഭങ്ഗുരമ്മായ (ചപലമായ); 6. വിലസമുള്ള. നാ. തരളത

തരള2 നാ. 1. കഞ്ഞി; 2. മദ്യം; 3. കാടി; 4. തേനീച്ച; 5. (പുരാണ) വൈഷ്ണവിയുടെ കുലത്തിലുള്ള എട്ടു ദേവിമാരിൽ ഒരാൾ

തരളത, -ത്വം നാ. 1. വിറയൽ; 2. പ്രകാശം; 3. സ്ഥിരതയില്ലായ്മ; 4. ദ്രവത്വം; 5. വിസ്താരം

തരളം നാ. 1. ഇളകുന്നത്, വിറയ്ക്കുന്നത്; 2. മുത്തുമാലയുടെയും മറ്റും നടുനായകക്കല്ല് (ഹാരത്തിലെ മധ്യമണി); 3. മാല; 4. മാണിക്യം; 5. മുത്ത്; 6. വജ്രം; 7. പ്രകാശം, ശോഭ; 8. ദ്രാവകം; 9. സമതലം; 10. ഉമ്മത്ത്; 11. അടിത്തട്ട്, ആഴം

തരളമിഴി നാ. സുന്ദരി

തരളലോചൻ നാ. തരളമിഴി

തരളാക്ഷ വി. ഇളകുന്ന കണ്ണുകളുള്ള

തരളാങ്ഗം നാ. തരളമായ അങ്ഗം (ശരീരഭാഗം)

തരളാധരി നാ. സുന്ദരി

തരളാപാങ്ഗി നാ. 'ഇളകിക്കൊണ്ടിരിക്കുന്ന കണ്ണുകളോടുകൂടിയവൾ', സുന്ദരി

തരളായിതം നാ. 1. ചഞ്ചലിക്കൽ, ചാഞ്ചല്യം; 2. വൻതിര

തരളിത വി. 1. ഇളക്കപ്പെട്ട; 2. തിളക്കമുള്ള

തരാതരം നാ. എൺനം ഗുണം വലിപ്പം സ്ഥലം തുടങ്ങിയവയെ ആധാരമാക്കിയുള്ള വ്യത്യാസം

തരാത്യയം നാ. കടത്തുപിഴ (അനുവാദംകൂടാതെ കടവുകടക്കുന്നതിനുള്ള പിഴ)

തരാന്ധു നാ. വലിയതരം വള്ളം (കെട്ടുവള്ളം)

തരാവ് നാ. വെള്ളോട് (പിച്ചളയും വെളുത്തീയവും ചേർന്ന കൂട്ടുലോഹം)

തരി1 നാ. 1. ചെറിയ നുറുക്ക്; 2. തള വള തുടങ്ങിയ ആഭരണങ്ങളുടെ അകത്ത് കിലുങ്ങുന്നതിനായിട്ടിടുന്ന ലോഹശകലം; 3. കൊയ്തിട്ട നെൽക്കതിർ; 4. നനവുള്ള നിലം

തരി2 നാ. 'തരണംചെയ്യാൻ ഉപയോഗിക്കുന്നത്', കപ്പൽ, തോണി, ചങ്ങാടം

തരി3 [തരിക്കുക] ധാതുരൂപം

തരിക1 [തരുക] നടുവിന

തരിക2 [സം.തരികാ] നാ. പൊങ്ങുതടി

തരികൻ [സം.തരിക] നാ. കടത്തുകാരൻ

തരികിട നാ. 1. ഒരുവായ്ത്താരി (താളക്രമം കുറിക്കുന്നത്); 2. തട്ടിപ്പ്, സൂത്രം

തരിക്കുക1 ക്രി. 1. മരവിപ്പുണ്ടാകുക; 2. വേദനയോടടുത്തു നിൽക്കുന്ന അവസ്ഥ അനുഭവപ്പെടുക; 3. മാനസിക വിക്ഷോഭംകൊണ്ടു ശരീരത്തിന് വികാരമുണ്ടാകുക (ഞെട്ടൽ രോമാഞ്ചം തുടങ്ങിയവ ലക്ഷണം); 4. കോപം വീര്യം

തുടങ്ങിയവയുടെ പ്രേരണകൊണ്ട് ശക്തമായ ശാരീരികപ്രവർത്തനത്തിന് ആഗ്രഹം തോന്നുക

തരിക്കുക2 ക്രി. തറിക്കുക

തരിക്കുക3 [<സം.തൃ] ക്രി. തരണം ചെയ്യുക (കടക്കുക)

തരിത1 വി. തരണംചെയ്ത, തരണം ചെയ്യപ്പെട്ട

തരിത2 [സം.തരിതാ] നാ. 1. ചൂണ്ടാണിവിരൽ; 2. വെള്ളുള്ളി; 3. ദുർഗ

തരിതാവ് [സം.തരിതൃ] നാ. 1. (നദി) കടക്കുന്നവൻ; 2. കടത്തുകാരൻ. (സ്ത്രീ) തരിത്രി

തരിത്രൻ നാ. തോണിക്കാരൻ

തരിത്രം നാ. 1. പങ്കായം; 2. തോണി, വള്ളം

തരിത്രി നാ. 1. തോണി; 2. തോണിക്കാരി

തരിപ്പണം1 നാ. 1. വറുത്തുപൊടിച്ച അരി (മലർപ്പൊടി); 2. പൊടി (പ്ര) തരിപ്പണം വയ്ക്കുക = ചില ക്ഷുദ്രദേവതകൾക്ക് നിവേദ്യമായി തരിപ്പണം അർപ്പിക്കുക

തരിപ്പണം2 [<സം.ദേപണ]നാ. കണ്ണാടി. (പ്ര) തരിപ്പണമാക്കുക = പൊടിയാക്കുക (സ്ഫടികം പൊടിക്കുന്നതുപോലെ പൊടിക്കുക). തരിപ്പണമാവുക = തകരുക, നശിക്കുക

തരിപ്പൻ നാ. 1. ഇളക്കക്കാരൻ (വഴക്കാളി, തല്ലുകൊള്ളി); 2. ഒരു മർമം

തരിപ്പിടിക്കുക ക്രി. 1. ചെറിയ തരികളായി രൂപംകൊള്ളുക; 2. വ്രണം ഉണങ്ങുക

തരിപ്പ് [<തരിക്കുക] നാ. 1. മരവിക്കൽ; 2. വേദന

തരിമ്പ് നാ. അൽപം, കുറെ, ലേശം

തരിവള നാ. തരിയിട്ടവള, കിലുക്കത്തിനുവേണ്ടി അകത്ത് ചെറിയ തരിമണികൾ ഇട്ടിട്ടുള്ള വള

തരിശ് നാ. പാഴ്നിലം (കൃഷിചെയ്യാത്ത ഭൂമി). (പ്ര) തരിശടിക്കുക = തരിശുനിലം ആദ്യമായി ഉഴുക. തരിശിടുക = ഭൂമി കൃഷിചെയ്യാതെയിടുക.

853

തരിസാ വി. നേരെയുള്ള, ചിവ്വായ. നാ. (സുറിയാനിസഭ)തരിസാപ്പള്ളി = ഒരു സുറിയാനിപ്പള്ളി (ഒമ്പതാം നൂറ്റാണ്ടിൽ കൊല്ലത്തു സ്ഥാപിതമായത്)

തരീഷൻ [സം.തരീഷ] നാ. തക്ക ആൾ, യോഗ്യതയുള്ള ആൾ

തരീഷം [സം.തരീഷ] നാ. 1. സമുദ്രം; 2. ചങ്ങാടം, വള്ളം; 3. ആകാശം; 4. അലങ്കരണം; 5. പശുവിൻെറ ഉണക്കച്ചാണകം; 6. തൊഴിൽ; 7. നിശ്ചയം; 8. സ്വർഗം

തരു1 നാ. നാരായത്തിൻെറ ആകൃതിയിൽ ചെത്തി മൂർച്ചവരുത്തിയ എല്ലിൻ കഷണം (മുറംകെട്ടുന്നവർ സൂചിയായി ഉപയോഗിച്ചിരുന്നു.)

തരു2 നാ. 1. വൃക്ഷം; 2. കൽപകവൃക്ഷം; 3. സോമരസം എടുക്കുന്ന തവി; 4. (പുരാണ) ചാക്ഷുഷമനുവിൻെറ പുത്രന്മാരിൽ ഒരാൾ

തരുക ക്രി. നൽകുക, തരിക

തരുകോടരം നാ. മരപ്പൊത്ത്

തരുഖണ്ഡം നാ. വൃക്ഷസമൂഹം

തരുചികിത്സ നാ. വൃക്ഷങ്ങളെ ബാധിക്കുക്ക രോഗങ്ങൾക്കുള്ള പ്രതിവിധി, വൃക്ഷായുർവേദം എന്ന ശസ്ത്രത്തിൻെറ ഒരു ഭാഗം
തരുച്ഛായ നാ. മരത്തണൽ
തരുജം നാ. ഇല, പൂവ് കായ് മുതലായവ
തരുജീവനം നാ. മരത്തിൻെറ വേര്
തരുടം നാ. 1. താമരക്കിഴങ്ങ്; 2. ആമ്പൽക്കിഴങ്ങ്
തരുണ1 വി. 1. യൗവനമുള്ള; 2. ഇളയ, പുതുതായുണ്ടായ
തരുണ2 നാ. യുവതി
തരുണകം നാ. മുള, കിളുന്ന്
തരുണജ്വരം നാ. ഒരു രോദം, നീണ്ടുനിൽക്കുന്ന പനിയുടെ ആദ്യഘട്ടം
തരുണത നാ. 1. താരുണ്യം; 2. നൂതനത്വം, പുതിയതായിഒരിക്കുന്ന സ്ഥിതി
തരുണദധി നാ. അഞ്ചുദിവസം പഴക്കമുള്ള തൈര്
തരുണൻ നാ. 1. യുവാവ്; 2. (പുരാണ) ഒരു സൂര്യവംശ രാജാവ്
തരുണപീതിക നാ. മനയോല
തരുണം1 നാ. അവസരം, തക്കസമയം. ഉദാ: ഇത്തരുണം
തരുണം2 നാ. 1. യുവത്വമുള്ളത്; 2. ഇളയത്, പുതിയത്; 3. മൃദുവായത്; 4. ഒരു മർമം; 5. ഒരുതരം കുഷ്ഠം; 6. പുതിയ മദ്യം; 7. മുള, നാമ്പ്; 8. തരുണാസ്ഥി; 9. പെരുഞ്ചീരകം; 10 വെളുത്താവണക്ക്
തരുണാസ്ഥി നാ. ശരീരത്തിലെ കലകളിൽ ഒന്ന്, മൃദുവായ അസ്ഥി
തരുണി നാ. 1. യുവതി; 2. ചെറിയദന്തി; 3. മുള്ളുചേമന്തി; 4. കറ്റവാഴ; 5. പെരുഞ്ചീരകം; 6. ചീഡാദേവതാരം
തരുണിമാ(വ്) നാ. താരുണ്യം, യൗവനം
തരുണീകടാക്ഷകാമം നാ. ഒരിനം മരം (മയിലെള്ള്)
തരുണേന്ദു നാ. ബാലചന്ദ്രൻ, ശുക്ലപക്ഷത്തിൽ പഞ്ചമിവരെയുള്ള ചന്ദ്രൻ
തരുതടം നാ. മരച്ചുവട്
തരുതരിക്കുക ക്രി. 1. കഠിനമായ മരവിപ്പോ ചൊറിച്ചിലോ അനുഭവപ്പെടുക; 2. മാനസികമായ അസഹ്യതയോ അസ്വസ്ഥത്യോ അനുഭവപ്പെടുക
തരുതരിപ്പ് നാ. 1. തൊലിപ്പുറത്ത് ചെറിയ കുരുക്കൾപോലെ ഉണ്ടാകുന്ന തിണർപ്പ്; 2. പരുപരുപ്പ്, മാർദവമില്ലായ്മ; 3. തരിപ്പ്, ചൊറിച്ചിൽ; 4. അസഹ്യത, അസ്വസ്ഥത
തരുതൂലിക നാ. വാവൽ, വവ്വാൽ
തരുനഖം നാ. 1. മുള്ള്; 2. മുൾച്ചെടി
തരുപടം നാ. മരവുരി
തരുമണ്ഡലം നാ. വൃക്ഷങ്ങളുടെ ഇലകൾകൊണ്ടു മറഞ്ഞ തണലുള്ള സ്ഥലം
തരുമൻ നാ. 1. ധർമൻ; 2. ധർമപുത്രൻ
തരുമൂലം നാ. 1. വൃക്ഷച്ചുവട്; 2. വൃക്ഷത്തിൻെറ വേര്
തരുമൃഗം നാ. കുരങ്ങ്
തരുരാഗം നാ. 1. മൊട്ട്, പൂവ്; 2. മുള, പൊടിപ്പ്; 3. തളിരില
തരുരാജൻ നാ. 1. കരിമ്പന; 2. പാരിജാതം
തരുരുഹ നാ. ഇത്തിക്കണ്ണി

തരുവല്ലി നാ. 1. വൃക്ഷത്തിൻെറ പടർന്ന വള്ളി; 2. കരിങ്കച്ചോലം; 3. ഇത്തിക്കണ്ണി

തരുവാടി നാ. വൃക്ഷങ്ങളുള്ള ഉദ്യാനം

തരുവിക്കുക ക്രി. തരുന്നതിനു പ്രേരിപ്പിക്കുക

തരുവിലാസിനി നാ. തൂശിമുല്ല

തരുശം നാ. വൃക്ഷങ്ങൾ നിറഞ്ഞ സ്ഥലം

തരുശായി നാ. പക്ഷി

തരുഷണ്ഡം നാ. വൃക്ഷസമൂഹം

തർസാരം നാ. 1. തടിയുടെ കാതൽ; 2. കർപ്പൂരം

തരുസ്ഥ നാ. ഇത്തിക്കണ്ണി

തൽ1[തല്ലുക] ധാതുരൂപം

തൽ2[<സം.] = തത്

തല നാ. 1. ഒരു അവയവം, ഉത്തമാങ്ഗം; 2. വൃക്ഷങ്ങളുടെയും മറ്റും മുകൾഭാഗം, തലപ്പ്; 3. അറ്റം; 4. ഭാഗം; 5. വാളിൻെറയും മറ്റും മൂർച്ചയുള്ള വശം; 6. അതിര്; 7. ആദ്യത്തേത്; 8. ആരംഭം; 9. മുഖ്യമായ; 10. ബുദ്ധി, തലച്ചോറ്; 11. ആൾ, വ്യക്തി; 12. (നായാട്ട്) അമ്പെയ്ത്തൽ; 13. പഴയചില നാണയങ്ങളിൽ മൂല്യം രേഖപ്പെടുത്തിയിരിക്കുന്നതിൻെറ മറുവശം. (പ്ര) തല കടത്തുക = ഇടപെടുക, അനാവശ്യമായി ഇടപെടുക. തല കളയുക = ആലോചിച്ചു ക്ലേശിക്കുക. തലകറങ്ങുക = തലചുറ്റുക. തലകായുക = തലപുകയുക. തലകാട്ടുക, -കാണിക്കുക = 1. മുമ്പിൽ വരിക (പ്രത്യക്ഷപ്പെടുക); 2. വ്യക്തമാകുക, വെളിയിലാവുക; 3. ചടങ്ങിനുവേണ്ടിമാത്രം പോയി ഉടനെ മടങ്ങുക. തലകുനിക്കുക, -കുമ്പിടുക = 1. വിധേയത്വം ഭാവിക്കുക; 2. ലജ്ജിക്കുക. തലകുത്തിമറിയുക = 1. അഭ്യാസം കാണിക്കുക; 2. പ്രയാസപ്പെടുക. തലകുലുക്കുക = അഭിപ്രായമോ അങ്ഗീകാരമോ സമ്മതമോ പ്രകടിപ്പിക്കാനായി തല ചലിപ്പിക്കുക. തലകൊടുക്കുക = 1. മുമ്പിൽ നിൽക്കുക, ഭാരമേൽക്കുക; 2. വേണ്ടാത്ത കാര്യങ്ങളിൽ ഇടപെടുക; 3. സ്വയം ബലിയായി അർപ്പിക്കുക. തലചായ്ക്കുക = 1. കിടക്കുക; 2. മരിക്കുക. തലചൊറിയുക = 1. തല നഖംകൊണ്ട് മാന്തുക; 2. വിനയം പ്രദർശിപ്പിക്കുക; 3. എന്തുവേണമെന്നറിയാതെ പരുങ്ങുക. തലതട്ടുക = കൊല്ലുക. തലതല്ലുക = 1. തല ശക്തിയായി ചലിപ്പിക്കുക (ആഹ്ലാദംകൊണ്ടോ മറ്റൊ); 2. അസഹ്യമായ വികാരങ്ങളുടെ ഫലമായി കൈകൊണ്ട് സ്വന്തം തലയ്ക്കു തല്ലുകയോ തല എന്തിലെങ്കിലും അടിക്കുകയോ ചെയ്യുക. തലതിരിയുക = തല ചുറ്റുക; 2. ക്രമം തെറ്റുക (കീഴ്മേലാകുക); 3. തോണിയുടെയും മറ്റും അറ്റം തിരിയുക; 4. അഹങ്കാരിയാകുക (പിഴച്ചുപോകുക). തലതൊടുക = 1. അനുഗ്രഹിക്കുക; 2. (ക്രിസ്തു) ജ്ഞാനസ്നാനസമയത്ത് ശിശുവിൻെറ ആധ്യാത്മികപുരോഗതിക്ക് ഉറപ്പുനൽകുക. തലപൊക്കുക = 1. ഉയർന്നുവരിക; 2. വളർച്ചപ്രാപിക്കുക. തലമറയുക = 1. കാണാതെയാകുക; 2. മരിക്കുക. തലമുതിരുക = പ്രായപൂർത്തിയാകുക. തലയിടുക = ഇടപെടുക. തലയിൽ കയറുക = 1. ദുസ്വാതന്ത്ര്യം കാണിക്കുക; 2. മനസ്സിലാക്കുക. തലയിൽ വയ്ക്കുക, -ഏറ്റുക = 1. ബഹുമാനിക്കുക; 2. അധിക സ്നേഹംകാണിക്കുക. തലയൂരുക = ഒഴിഞ്ഞുമാറുക, പിൻവാങ്ങുക. തലയ്ക്കുവെളിവുണ്ടാകുക = 1. ബോധം വരിക; 2. ലഹരിമാറുക. തലയെടുക്കുക = 1.ജനിക്കുക; 2. വളർച്ചപ്രാപിക്കുക; 3. കൊല്ലുക. തലവെട്ടുക = 1. ശിരച്ഛേദം ചെയ്യുക; 2. മുടിവെട്ടുക. തലപോയാൽ സർവസ്വവും പോയി (പഴ)

തലകം		നാ.	1. വലിയകുളം; 2. ചെറിയകലം (കളിമണ്ണുകൊണ്ടുണ്ടാക്കിയത്); 3. ഒരിനം ഉപ്പ്
തലകാപ്പ്		നാ.	പ്രമാണി
തലക്കനം		നാ.	1. തലയ്ക്ക് ഭാരമ്പോലെ തോന്നൽ; 2. അഹങ്കാരം (തണ്ട്, വലിപ്പം ഭാവിക്കൽ); 3. ഉറപ്പ്, ഊറ്റം, ഗൗരവം, ശേഷി; 4. മണ്ടയുടെ കനം (വൃക്ഷങ്ങളുടെയും മറ്റും)
തലക്കം		നാ.	1. തലപ്പ് (ചെടികളുടെയും മറ്റും മേലത്തെ അറ്റം); 2. മേന്മ
തലക്കരണം		നാ.	ഒരു വസ്തുവിനെ സംബന്ധിച്ചുണ്ടാകുന്ന ആദ്യത്തെ പ്രമാണം
തലക്കരം		നാ.	ഒരു നികുതി (ഒരാളിന് ഇത്ര എന്ന കണക്കിൽ വസൂലാക്കിയിരുന്നത്)
തലക്കല്ല്		നാ.	1. പ്രധാനപ്പെട്ട കല്ല്, മൂലക്കല്ല്, 2. തിരികല്ലിൻെറ മുകൾഭാഗത്തുള്ള കറങ്ങുന്ന കല്ല്. (പ്ര) തലക്കല്ലിളകുക = അടിസ്ഥാനം ഇളകുക, നശിക്കുക
തലക്കുത്ത്		നാ.	തലവേദന
തലക്കുറി		നാ.	1. തലയിലെഴുത്ത്, വിധി; 2. (ജ്യോ) ഒരാളിൻെറ ജനനസമയത്തെ ഗ്രഹനില രേഖപ്പെടുത്തിയ കുറിപ്പ്
തലക്കുറിപ്പ്		നാ.	1. തലക്കെട്ട്, തലവാചകം, ശീർഷകം; 2. തലക്കുറി; 3. തലയിലെഴുത്ത്, വിധി
തലക്കെട്ട്		നാ.	1. തലക്കുറിപ്പ്, ശീർഷകം; 2. തലക്കെട്ട്; 3. ഒരാഭരണം, നെറ്റിപ്പട്ടം; 4. തലമുടിക്കെട്ട്; 5. നാലുകെട്ടിൻെറയും മറ്റും മുൻവശത്തെ കെട്ടിടം
തലക്കേട്		നാ.	ശിരോരോഗം, തലക്കുത്ത്
തലക്കോള്		നാ.	ആദ്യത്തെ മഴക്കോള്
തലക്കോഴി		നാ.	വെളുപ്പാൻകാലത്ത് ആദ്യം കൂവുന്ന കോഴി
തലഘാതം		നാ.	കൈപ്പടം (തലം) കൊണ്ടുള്ള അടി
തലങ്ങനെ		അവ്യ. നീളത്തിൽ, നേരെ (പ്ര) തലങ്ങനെയും വിലങ്ങനെയും = നെടുകെയും കുറുകെയും
തലങ്ങ്		അവ്യ നെടുകെ, നേരെ. (പ്ര) തലങ്ങും വിലങ്ങും
തലച്ചൻ		നാ.	1. മൂത്തപുത്രൻ; 2. നായന്മാരിൽ ഒരുവിഭാഗം; 3. നായർപ്രമാണി
തലച്ചാർത്ത്		നാ.	1. പണിയായുധങ്ങളുടെ വാളത്തലയിൽ ചേർക്കുന്ന ലോഹം; 2. കത്തുകളുടെ തുടക്കത്തിൽ ചേർക്കുന്ന കുടുംബപ്പേര്, വീട്ടുപേര് തുടങ്ങിയവ
തലച്ചിറ		നാ.	പാടശേഖരത്തിൻെറ മുകൾഭാഗത്തുള്ള കുളം
തലച്ചൂട്ട്		നാ.	നിരപ്പലകയുടെമേൽ ഉത്തരത്തിനുതാഴെ കുറുകെ വയ്ക്കുന്ന പൊഴിയുള്ള പലക
തലച്ചെന്നവർ		നാ.	1. നായകൻ, സേനാനായകൻ; 2. കരമ്പിരിക്കുന്ന ഒരു ഉദ്യോഗസ്ഥൻ; 3. നായർ പ്രഭു
തലച്ചോറ്		നാ.	1. തലയോടിനകത്തുള്ള മൃദുവും ചാരനിറമുള്ളതുമായ പിണ്ഡം; 2. ബുദ്ധിശക്തി
തലതഃ		അവ്യ. അടിതൊട്ട്
തലതിരിവ്,-തിരിച്ചിൽ		നാ.	1. തലക്കറക്കം; 2. ഗർവം; 3. വകതിരിവ്; 4. പക്ഷപാതം

തലതുവർത്തി നാ. തോർത്ത്
തലതൊട്ടപ്പൻ നാ. ജ്ഞാനപിതാവ് (ജ്ഞാനസ്നാനത്തിനു മാധ്യസ്ഥം വഹിക്കുന്ന ആൾ)
തലത്രം നാ. (വില്ലാളികൽ ധരിക്കുന്ന) കൈയുറ
തലനാര് നാ. തലമുടി, തലമുടിയിഴ. (പ്ര) തലനാരിഴയ്ക്ക് വ്യത്യാസം = അതിസൂക്ഷ്മമായ വ്യത്യാസം, നിസ്സാരമായ വ്യത്യാസം. തലനാരുകീറി = പിശുക്കൻ. തലനാരുകീറുക, --നാരിഴ- = സൂക്ഷ്മമായി അപഗ്രഥിക്കുക
തലപ്പണം നാ. 1. ഒരു നികുതി, ആൾക്കരം; 2. ചിറ്റൂർകൊങ്ങപ്പടവാർഷികോത്സവം കൊണ്ടാടുന്ന ചെലവിലേക്ക് (പെണ്ണുകെട്ടിയ പുലയൻ, ചെട്ടി, വെള്ളാളൻ മുതലായവർ ഓരോരുത്തരും) കൊടുക്കുന്ന ഓരോ പണം; 3. തലപ്പാട്ടം ഉള്ള ഭൂമി
തലപ്പന്തി നാ. 1. (സദ്യയുടെയും മറ്റും) ആദ്യത്തെ പന്തി; 2. പ്രധാനസ്ഥാനം
തലപ്പള്ളി നാ. 1. പ്രധാനപ്പെട്ട ക്രൈസ്തവ ദേവാലയം; 2. കേരളത്തിലെ ഒരു പഴയ രാജവംശം
തലപ്പാട് നാ. 1. അഗ്രഭാഗം; 2. ചെടിയുടെ നടാനുപയോഗിക്കുന്ന മുകൾഭാഗം (കരിമ്പിൻെറയും മറ്റും)
തലപ്പാട്ട് നാ. 1. നൃത്താരംഭത്തിൽ പാടുന്ന പാട്ട്; 2. മറ്റുള്ളവർക്ക് ഏറ്റുപാടാൻ ആദ്യമായി പാടിക്കൊടുക്കുന്ന പാട്ട്
തലപ്പാല് നാ. തേങ്ങാപിഴിയുമ്പോൾ ആദ്യമെടുക്കുന്ന പാല്
തലപ്പാവ് നാ. ഒരുതരം തലയിൽക്കെട്ട്
തലപ്പ് നാ. 1. അറ്റം, തുമ്പ്; 2. മേലത്തെ അറ്റം (വൃക്ഷങ്ങളുടെയും മറ്റും); 3. മുന (സൂചിയുടെയും മറ്റും); 4. തലവാചകം
തലപ്പുലയൻ നാ. 1. പുലയന്മാരിൽ പ്രധാനി; 2. കൃഷിക്കാരായ പുലയരുടെ മൂപ്പൻ
തലപ്പൊലി നാ. 1. കൊയ്ത്തുകാർ കളത്തിലേക്ക് കൊണ്ടുവരുന്ന കറ്റകളിൽനിന്ന് ഉതിരുന്ന നെന്മണി; 2. പ്രധാനകൃഷിപ്പണിക്കാരന് കൊടുക്കുന്ന പൊലി
തലം നാ. 1. പരന്നപ്രദേശം, നിരപ്പുള്ള ഭാഗം. ഉദാ: ശിലാതലം, കാൽത്തലം, കൈത്തലം; 2. കെട്ടിടത്തിൻെറയും മറ്റും നില (പ്രത്യേകിച്ച് താഴത്തേത്); 3. മുറി; 4. നിരപ്പ്, വിതാനം; 5. നിലവാരം, തട്ട്; 6. മുകൾപ്പരപ്പ്, മുകൾഭാഗം; 7. ചുവട്, മൂട്; 8. താണസ്ഥിതി; 9. കീഴ്ഭാഗം; 10. കുഴി; 11. ഭൂമിക്ക് കീഴിലുള്ള ലോകം; 12. ഉള്ളങ്കൈ; 13. ഉള്ളങ്കാൽ; 14. മുഴങ്കൈ; 15. വാളിൻെറ പിടി; 16. ഒരു ദണ്ഡരീതി (കുറ്റവാളിയുടെ ഉള്ളങ്കൈയിൽ അടിക്കൽ); 17. കരിമ്പന; 18. (സങ്ഗീ) തന്ത്രീവാദ്യങ്ങൾ വായിക്കുമ്പോഴുള്ള ഹസ്തകർമങ്ങളിൽ ഒന്ന് (ഇടതുകൈകൊണ്ട് കമ്പികളെ അമർത്തൽ).
855
തലമ നാ. 1. പ്രധാനസ്ഥാനം; 2. തലമപ്പന്ത്; 3. തലപ്പന്തുകളിയിൽ പന്തടിക്കുന്ന രീതികളിൽ ഒന്ന്
തലമണ്ട നാ. 1. തല; 2. തലയോട്; 3. തലച്ചോറ്
തലമുഖം [സം.തല-മുഖ] നാ. നൃത്തത്തിൽ കൈകൾ മുമ്പിലേക്കു കുറച്ചു നീട്ടി കൈത്തലങ്ങൾ പരസ്പരാഭിമുഖമാംവണ്ണം പിടിക്കുന്ന അഭിനയം
തലമുണ്ട് നാ. 1. മുട്ടാക്ക് (തലയിൽ ഇടുന്ന തുണി); 2. ഒരു തുപ്പട്ടിയിൽ മുകളിൽ വരുന്ന മുണ്ട്

തലമുറ	നാ.	പരമ്പര, വംശം
തലമുറിയൻ	നാ.	1. മാർഗക്കല്ല്യാണം നടത്തിയവൻ; 2. കുറ്റവാളി; 3. കുടുമ കളഞ്ഞവൻ
തലയണ	നാ.	കിടക്കുമ്പോൾ തല ഉയർത്തിവയ്ക്കാൻ പഞ്ഞിമുതലായവ നിറച്ചുണ്ടാക്കുന്ന ഒരിനം ചെറിയ മെത്ത. (പ്ര) തലയണമന്ത്രം = കിടപ്പറയിൽ ഭാര്യ ഭർത്താവിനോടു മറ്റു കുഡുംബാങ്ഗങ്ങളെക്കുറിച്ചു പറയുന്ന രഹസ്യങ്ങൾ
തലയൻ	വി.	വലിയ തലയുള്ള
തലയാട്ടി	നാ.	സ്വന്തമായി തീരുമാനമെടുക്കാതെ അന്യൻെറ നിർദേശം സ്വീകരിക്കുന്നവൻ
തലയാന	നാ.	പ്രധാനപ്പെട്ട ആന, വലിയ ആന
തലയായ്മ	നാ.	തലയാളിയുടെ സ്ഥാനം
തലയാരി1	നാ.	1. പ്രധാനി; 2. ഗ്രാമകാവൽക്കാരൻ; 3. മുതുവന്മാരുടെ രണ്ടോമൂന്നോ ഗ്രാമങ്ങളുടെ ഭരണകാര്യത്തിൽ മേൽനോട്ടം വഹിക്കുന്ന ആൾ
തലയാരി2	നാ.	തലയാതിരി
തലയാൾ	നാ.	1. തലവൻ, നേതാവ്; 2. ചിട്ടിനടത്തുന്ന ആൾ
തലയ്യാളൻ	നാ.	1. പ്രധാനി; 2. ചിട്ടിമുമ്പൻ
തലയിണ	നാ.	= തലയണ
തലയിലെഴുത്ത്	നാ.	വിധി. തലയിലെഴുത്തിന് പിടലിയിൽ ചൊറിഞ്ഞാലോ; തലയിലെഴുത്ത് തലോടിയാൽ പോകുമോ? (പഴ)
തലയിൽക്കെട്ട്	നാ.	1. തലപ്പാവ്; 2. ആനയുടെ നെറ്റിപ്പട്ടം
തലയീറ്റ്	നാ.	ഒന്നാമത്തെ പ്രസവം
തലയെടുപ്പ്	നാ.	1. ഉന്നതി; 2. ഗർവം; ഗാംഭീര്യം; 4. ആനയുടെ തലപ്പൊക്കം
തലയോട്	നാ.	തലച്ചോറിനെ പൊതിഞ്ഞിരിക്കുന്ന അസ്ഥികൊണ്ടുള്ള കവചം
തലയ്ക്കം	[<തലയ്ക്കുക] നാ.	അറ്റം, മേൽഭാഗം
തലയ്ക്കൽ	അവ്യ.	1. തലയിൽ, തലയുള്ള ഭാഗത്ത്; മുൻഅറ്റത്ത്
തലയ്ക്കുക	ക്രി.	1. ഉയർച്ച ഉണ്ടാകുക (നന്മവരുക); 2. കൂടിക്കലരുക
തലലോകം	നാ.	പാതാളം
തല്ലവകാര	നാ.	സാമവേദത്തിൻെറ ഒരു ശാഖ. തലവകാരചരണക്കാർ = ബ്രാഹ്മണരിൽ ഒരു വിഭാഗം
തലവണ്ടി	നാ.	കയർ പിരിച്ചു നീങ്ങുമ്പോൾ അതിനനുസരിച്ച് മുന്നോട്ടു തള്ളിനിൽക്കുന്ന റാട്ട്
തലവൻ	നാ.	പ്രമാണി (ഒരു സമൂഹത്തിൽ നേതൃത്വം വഹിക്കുന്ന വ്യക്തി). തലവത്തം = തലവനെന്ന അവസ്ഥ
തലവരി	നാ.	1. തലപ്പണം; 2. നിലം കണ്ടെഴുതുന്ന ഉദ്യോഗസ്ഥൻ; 3. മുകളിലത്തെ വരി
തലവരിയോല	നാ.	ചിട്ടിയുടെ നിബന്ധനകളടങ്ങുന്ന രേഖ
തലവാചകം	നാ.	1. മുഖവുര; 2. തലക്കെട്ട്
തലവിധി	നാ.	തലയിലെഴുത്ത്
തലവെട്ടം	നാ.	വലിയ പ്രകാശം. തലവെട്ടം കാണുക = ശിശു പിറക്കുക
തലസ്ഥാനം	നാ.	പ്രധാനപ്പെട്ട നഗരം, രാജധാനി
തലാക്ക്	[<അറ.] നാ.	(ഇസ്ലാം) വിവാഹമോചനം

തലാടി നാ. 1. തലപ്പ്, തലാട്, അറ്റം; 2. കൂരയിൽ ഓലയോ വയ്ക്കോലോ മേയുമ്പോൾ പറന്നുപോകാതിരിക്കാൻ വച്ചുകെട്ടുന്ന മുള

തലാതലം നാ. ഭൂമിക്കുകീഴിലുള്ള ഏഴുലോകങ്ങളിൽ ഒന്ന്

തലാമസ് [ഇം.] നാ. 1. പുഷ്പാസനം; 2. കശേരുകികളുടെ മധ്യമസ്തിഷ്കത്തിലെ ഒരു ഭാഗം

തലായികെട്ടൽ നാ. മൺചുവരിൻെറ മുകൾഭാഗം ഉരുട്ടിക്കെട്ടൽ

തലാഷി [പേർ.തലാശീ] നാ. വിചാരണ

തലിത വി. 1. തലമുള്ള; 2. ഉറപ്പിച്ച; 3. വറുത്ത

തലിന വി. 1. ഇടയിട്ട (വേറെവേറെ ആയ); 2. വെടിപ്പുള്ള; 3. മൃദുവായ; 4. അൽപമായ; 5. കൃശമായ; 6. വിശദമായ; 7. തലത്തിൽ (താഴെ) സ്ഥിതിചെയ്യുന്ന

തലിനം നാ. 1. കട്ടിൽ; 2. കിടക്ക

തലിമം നാ. 1. വീടുവയ്ക്കാൻ ഒരുക്കിയസ്ഥലം; 2. കട്ടിൽ; 3. കിടക്ക; 4. മേൽക്കട്ടി; 5. വാൾ; 6. തിണ്ണ

തലുനം നാ. കാറ്റ്

തലേ അവ്യ. കഴിഞ്ഞ. (പ്ര) തലേക്കാലം = കഴിഞ്ഞകാലം. തലേക്കൊല്ലം = കഴിഞ്ഞകൊല്ലം. തലേനാൾ = കഴിഞ്ഞ ദിവസം. തലേന്നു = തലേനാൾ

തലോടൽ [തലോടുക] നാമരൂപം

തലോടുക ക്രി. തടവുക, മൃദുവായി കയ്യോടിക്കുക, ശരീരത്തിൽ പതുക്കെ തൊട്ടുതിരുമ്മുക

തലോത്തി നാ. തോർത്ത്

തലോദരി നാ. 1. സുന്ദരി; 2. ഭാര്യ, സ്ത്രീ; 3. കുടവയറുള്ളവൾ

തൽപകൻ നാ. മെത്ത വിരിക്കുന്നവൻ

തൽപകീടം നാ. മൂട്ട

തൽപം നാ. 1. കട്ടിൽ, കിടക്ക, മെത്ത; 2. മാളിക; 3. കിടപ്പുമുറി; 4. ഭാര്യ

തൽപശുദ്ധി നാ. (ഭാര്യയുടെ) ചാരിത്ര്യം

തല്ലജം1 നാ. താമര (തല്ലത്തിൽ ജാതമായത്)

തല്ലജം2 നാ. 1. ശ്രേഷ്ഠം, പ്രശസ്തം; 2. മേന്മ; 3. സുഖം (സമാസത്തിൽ മാത്രം. ഉദാ: കാവ്യതല്ലജം)

തല്ലം നാ. 1. കുളം, ചിറ; 2. കുഴി

തല്ലി1 [തല്ലുക] (ഭൂ.രൂപം)

തല്ലി2 [സം.തല്ലീ] നാ. 1. യുവതി; 2. വരുണൻെറ ഭാര്യ; 3. വള്ളം

തല്ലിക നാ. 1. താക്കോൽ; 2. ഇഞ്ച

തല്ലിക്കുക [തല്ലുക>പ്ര] ക്രി. 1. തല്ലുകൊടുപ്പിക്കുക; 2. മറ്റുള്ളവർ തമ്മിൽ വഴക്കുണ്ടാക്കാൻ പ്രേരിപ്പിക്കുക

തല്ലീന [സം.തത്-ലീന]വി. (അതിൽ) മുഴുകിയ

തല്ല് [<തല്ലുക] നാ. അടി, പ്രഹരം. (പ്ര) തല്ലിനുതല്ല് = പകരത്തിനുപകരം. തല്ലുകൊള്ളിത്തനം,-ത്തരം = അടിമേടിക്കുന്ന സ്വഭാവം. തല്ലുകൊണ്ടാലും അതു മൊതിരമിട്ട കൈകൊണ്ടുവേണം (പഴ)

തല്ലുക ക്രി. 1. അടിക്കുക; 2. ചതയ്ക്കുക; 3. അലക്കുക; 4. അടിച്ചുകൊഴിക്കുക, താഴെവീഴ്ത്തുക, ഉടയ്ക്കുക. (പ്ര) തല്ലി ഊട്ടുക = നിർബന്ധിച്ച് ആഹാരം കഴിപ്പിക്കുക. തല്ലിക്കൂട്ടുക = വല്ലവിധേനയും അടിച്ചുചേർത്തുണ്ടാക്കിയെടുക്കുക.

തല്ലിക്കൊടുക്കുക = വേണ്ടസമയത്തു ശിക്ഷകൊടുക്കുക. തല്ലിച്ചതയ്ക്കുക = അടിച്ചു ചതയ്ക്കുക. തല്ലിത്തകർക്കുക = അടിച്ചുപൊളിക്കുക. തല്ലിക്കൊണ്ടപ്പം തീറ്റാറില്ല (പഴ)
ഥല്ലുകവി നാ. എതിരാളിയെ ആക്ഷേപിക്കുന്നതരം പാട്ട്
തല്ലുകൊള്ളി നാ. ആഭാസൻ, പോക്കിരി. (പ്ര) തല്ലുകൊള്ളിത്തം
തല്ലം നാ. 1. സുഗന്ധവസ്തുക്കൾ ഉരസുമ്പോഴുണ്ടാകുന്ന ഗന്ധം; 2. സുഗന്ധപ്പുല്ലിൻെറ രസം
തവ1 [സം] സ.നാ. (യുഷ്മച്ഛബ്ദം ഷഷ്ഠീഏ.വ.) നിൻെറ, നിനക്ക്
തവ2 [പ.മ.] നാ. സഭ. (പ്ര) തവപ്പൊതുവാൾ = സഭാധ്യക്ഷൻ. തവയാരിയർ = സഭയിലെ അങ്ഗങ്ങൾ
തവക്ക1 നാ. 1. വീടുപണിക്കു തയ്യാറാക്കുന്ന രൂപരേഖ; 2. വടക്കുനോക്കി
തവക്ക2 നാ. താമ്പാളം
തവണ [അറ.] നാ. 1. പ്രാവശ്യം; 2. അവധി, ഗഡു; 3. ജോലിചെയ്യാനുള്ള ഊഴം. (പ്ര) തവണ അടയ്ക്കുക = തവണ ഒടുക്കുക (നിർദിഷ്ടസമയത്ത് തുക അടയ്ക്കുക)
തവണക്കാരൻ നാ. 1. ഊഴമനുസരിച്ച് ജോലിചെയ്യുന്നവൻ (പാറാവുകാരെന്നപോലെ); 2. തവണയായികൊടുക്കുന്നവൻ
തവണ് നാ. പനയണ്ടി മുളയ്ക്കുമ്പോൾ അതിനകത്തുണ്ടാകുന്ന പൊങ്ങ്
തവർഗം നാ. (വ്യാക) വ്യഞ്ജനവർഗങ്ങളിൽ നാലാമത്തത്, ത ഥ ദ ധ ന എന്നീ അക്ഷരങ്ങൾ ചേർന്ന വർഗം
തവർഗോപമർദം നാ. (വ്യാക) ഒരു താലവ്യവർണത്തിനുശേഷം വരുന്ന തവർഗാക്ഷരം താലവ്യമായിമാറുന്ന ഭാഷാനയം, താലവ്യാദേശം
തവസ്യം നാ. ശക്തി
തവള നാ. ഒരു ഉഭയജീവി, വെള്ളത്തിലും കരയിലും ജീവിക്കുന്നത്. തവളകരഞ്ഞാൽ മഴപെയ്യും (പഴ)
തവളക്കണ്ണൻ നാ. ഉന്തിയ കണ്ണുള്ളവൻ
തവളച്ചാട്ടം നാ. 1. തവള ചാടുന്നതുപോലെയുള്ള ചാട്ടം; 2. തവള ചാടുന്നതുപോലെ ചാടിക്കളിക്കൽ
തവളപ്പൊട്ടിൽ നാ. തവളക്കുഞ്ഞ്, വാൽമാക്രി
തവറൽ,തവറ് [<തവറുക] നാ. തെറ്റ്
തവറുക ക്രി. ഇടറുക, തെറ്റുക, പിഴയ്ക്കുക
തവാണ്ണ നാ. 1. തവാർണ, മദ്യശാല; 2. വഴിയമ്പലം
തവാഫ് [അറ] നാ. (ഇസ്ലാം) പ്രദക്ഷിണംവയ്ക്കൽ
തവാർണ നാ. മദ്യശാല
തവാരണ1 [സിംഹളി] നാ. എന്തിൻെറയെങ്കിലും തൈകൾ ഇടതിങ്ങിയവിധം പാകിനിറുത്തിയിരിക്കുന്ന ഇടം, നഴ്സറി
തവാരണ2 നാ. = തവാർണ, മദ്യശാല
തവി നാ. 1. കയിൽ (ആഹാരസാധനങ്ങളും മറ്റും കോരിയെടുക്കാനുള്ളത്); 2. എണ്ണത്തുടം. (പ്ര) തവിക്കൊത്തകണ = പെണ്ണിനൊത്ത ഭർത്താവ്
തവിക്കുക1 ക്രി. തപിക്കുക
തവിക്കുക2 [സം.<തപ്] ക്രി. തീ അണയ്ക്കുക

തവിക്കുക3 ക്രി. അനുകൂലിക്കുക, സഹായിക്കുക

തവിട് നാ. 1. അരി ഗോതമ്പ് തുടങ്ങിയ ധാന്യങ്ങളുടെ അകത്തെ നേരിയ തൊലി, ഉമിക്കകത്ത് അരിയുടെ പുറത്തുള്ള തൊലി; 2. നേർത്തപൊടി. (പ്ര) തവിടുപൊടി = തവിടുപോലെ നേർത്തപൊടി, തവിടിന്റെ പൊടി. തവിടുപൊടിയാകുക = പൂർണമായി നശിക്കുക. തവിടൊള്ളപ്പം ചക്കരയില്ല, ചക്കരയൊള്ളപ്പം തവിടില്ല, തവിടും ചക്കരേം ഒള്ളപ്പം ഏനക്കരെ (പഴ)

തവിട്ട് വി. 1. തവിടുകൊണ്ടുണ്ടാക്കിയ; 2. തവിടിന്റെ നിറമായ

തവിയാൻ നാ. വള്ളംകെട്ടുന്നവരുടെ ഒരു ഉപകരണം

തവിയുക ക്രി. 1. അണയുക, കെടുക (തീയെന്നപോലെ); 2. കുറയുക

തവിർക്കുക ക്രി. തവിരുവാൻ ഇടയാക്കുക

തവിരുക ക്രി. 1. ഇല്ലാതാകുക; 2. അണയുക; 3. ഒഴിവാകുക

തവിഷ വി. ശക്തിയുള്ള

തവിഷം നാ. 1. കടൽ; 2. ആകാശം, സ്വർഗം; 3. പൊന്ന്; 4. മോക്ഷം; 5. ശക്തി

തവിഷി നാ. 1. നദി; 2. ഭൂമി; 3. ശക്തി; 4. ഇന്ദ്രന്റെ പുത്രി

തവിഷ്യ നാ. ഊക്ക്, ബലം

തവ്വ നാ. 1. അമ്മ; 2. മൂത്തസഹോദരി; 3. ചേട്ട

തവ്വി നാ. = തവി

തവ്വ് നാ. 1. അവസരം, തക്കം, സൗകര്യം. ഉദാ: അത്തവ്വിൽ = ആസമയത്ത്; 2. നികുതിപ്പണവും മറ്റും അടക്കാനുള്ള തവണ; 3. ഉത്തരം; 4. തർക്കം. (പ്ര) തവ്വടക്കുക = പറഞ്ഞുമടക്കുക

തവ്വുക ക്രി. 1. ചാടുക; 2. പതുക്കെ മെതിക്കുക

തഷ്ടം നാ. ചെത്തിക്കുറയ്ക്കപ്പെട്ടത്

തഷ്ടാവ് നാ. 1. ആശാരി; 2. വിശ്വകർമാവ്; 3. ദ്വാദശാദിത്യന്മാരിൽപ്പെട്ട ഒരു ദേവൻ

തസ്കരണം നാ. മോഷണം

തസ്കരത നാ. 1. കള്ളം, കള്ളത്തരം, മോഷണം; 2. കേൾക്കൽ

തസ്കരൻ നാ. കള്ളൻ

തസ്കരം നാ. 1. ചെവി; 2. കളവ്, മോഷണം; 3. അടവിക്കച്ചോലം; 4. മലങ്കാര

തസ്കരി നാ. 1. കോപമുള്ളവൾ; 2. അധികം കാമമുള്ളവൾ; 3. കള്ളി

തസ്കരിക്കുക ക്രി. മോഷ്ടിക്കുക

തസ്തിക [<അറ] നാ. ലാവണം (സർക്കാരിന്റെ വകുപ്പുകളിലും മറ്റും ചുമതലകൾ നിർവഹിക്കുന്നതിനായി ഏർപ്പെടുത്തുന്ന ഔദ്യോഗികസ്ഥാനം.

857

തസ്ഥു നാ. ഇളകാത്ത (സ്ഥാവരമായ)

തസ്ഥൗ ക്രി. (സ്ഥാ ധാതു ലിട് പ്ര.പു., ഏ.വ.ആത്മനേപദി) നിന്നു, സ്ഥിതിചെയ്തു

തസ്ബി [<അറ.] നാ. (ഇസ്ലാം) ജപമാല

തസ്ബീർ [<അറ.] നാ. 1. (ഇസ്ലാം) സ്തോത്രം, സ്തോത്രംചൊല്ലൽ; 2. ജപമാല

തസ്ബീഹ് [<അറ.] നാ. (ഇസ്ലാം) തസ്ബീർ

തസ്മാത് [സം.] അവ്യ. അതുഹേതുവായിട്ട്, അതിൽനിന്ന്, അവനിൽനിന്ന്

തസ്മിൻ അവ്യ. അതിൽ, അവനിൽ

തസ്മൈ സ.നാ. (തച്ഛബ്ദം ചതുർഥി ഏ.വ.) അവനുവേണ്ടി, അതിനുവേണ്ടി

തസ്യ [സം.] സ.നാ. (തച്ഛബ്ദം പ്ര.പു. ഷഷ്ഠി ഏ.വ.) അവൻെറ, അതിൻെറ, അവന്, അതിന്

തസ്യാ: [സം.] (തച്ഛബ്ദം സ്ത്രീ പ്ര.പു. ഷഷ്ഠി ഏ.വ.)അവളുടെ, അവൾക്ക്

തസ്ലീം [<അറ.] നാ. 1. സ്തുതിവാക്ക്; 2. അഭിവാദനം

തഹശീൽ,-സീൽ [<അറ.] നാ. 1. കരം മുതലായവ വസൂലാക്കുന്ന പ്രവൃത്തി, വസൂലാക്കിയ കരം; 2. താലൂക്ക്

തഹശീൽദാർ [<അറ.] നാ. ഒരു താലൂക്കിൻെറ കരംപിരിവിനും മറ്റും ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ

തഹൂർ [<അറ.] നാ. സ്വയം ശുദ്ധമായതും മറ്റൊന്നിനെ ശുദ്ധമാക്കാൻ കഴിവുള്ളതുമായ വസ്തു (ജലം എന്നപോലെ)

തഹ്ലീൻ [<അറ.] നാ. ഈശ്വരമഹത്വം ഉദ്ഘോഷിക്കൽ

തള നാ. 1. ഒരാഭരണം (കാലിലിടുന്നത്); 2. തളപ്പ്; 3. വിലങ്ങ്, തളയ്ക്കാനുള്ള ചങ്ങല; 4. തളയ്ക്കൽ, ബന്ധനം; 5. കയറ്; 6. ഒരിനം ലോഹവളയം (ഏതെങ്കിലും വസ്തുവിനെ ബലപ്പെടുത്തുന്നതിനായി ഇടുന്നത്); 7. വൃത്തശാസ്ത്രം; 8. പോത്തുകളെ പൂട്ടുന്ന നുകം. തളയിലിടുക = ബന്ധനത്തിലാക്കുക

തളക്കാണം നാ. ഒരിനം തൊഴിൽക്കരം (തെങ്ങുകയറുന്നവരിൽനിന്നു ഈടാക്കിയിരുന്നത്)

തളന്തൻ നാ. 1. കാലിനു ബലമില്ലാത്തവൻ (തളർവാതം പിടിപെട്ടവൻ); 2. ശരീരത്തിനു ശക്തിയില്ലാത്തവൻ

തളപ്പ് നാ. 1. ആമം, വിലങ്ങ്; 2. ഓലയോ വള്ളിയോ മറ്റോകൊണ്ടുള്ള വളയം. തെങ്ങിനും കമുകിനും ഒരേതളപ്പു പോരാ (പഴ)

തളം നാ. 1. വീടിനോടുചേർന്നുള്ള തുറസ്സായ മുറി; 2. താണസ്ഥലം; 3. കല്ലുപാകി നിരപ്പാക്കിയ സ്ഥലം; 4. ഒരു ചികിത്സാരീതി. (പ്ര) തളം ഇടുക, -വയ്ക്കുക = രോഗചികിത്സയ്ക്കായി തലയിൽ ഔഷധം കെട്ടിനിറുത്തുക, ബുദ്ധിഭ്രമത്തിനു ചികിത്സിക്കുക. തളംകെട്ടുക = ഒഴുകാതെ കെട്ടിനിൽക്കുക

തളമരം നാ. കെട്ടുകുറ്റി

തളയുക ക്രി. 1. ചുറ്റിക്കൂടുക, വളഞ്ഞുകൂടുക; 2. അയയുക

തളയ്ക്കുക ക്രി. കെട്ടിയിടുക (മൃഗങ്ങളെയെന്നപോലെ)

തളർച്ച [<തളരുക] നാ. 1. ക്ഷീണം; 2. ആലസ്യം, മടി; 3. മോഹാലസ്യം. താങ്ങോരുണ്ടെങ്കിൽ തളർച്ചയുണ്ട് (പഴ)

തളർത്തുക ഉതളരുക>പ്ര] ക്രി. തളരാൻ കാരണമാകുക

തളർവാതം നാ. ഒരുതരം വാത രോഗം

തളരം നാ. = തളം. (പ്ര) തളരം കെട്ടുക = തളം കെട്ടുക

തളരുക ക്രി. 1. ക്ഷീണിക്കുക, ശക്തിക്ഷയിക്കുക; 2. ബോധംകെടുക; 3. വാടുക; 4. കുറയുക; 5. തണുക്കുക

തളവാടം1 നാ. 1. പണിക്കോപ്പ്; 2. പണിക്കോപ്പുകൾ ഇട്ടിരിക്കുന്ന സ്ഥലം

തളവാടം2 നാ. സൈന്യസങ്കേതം

തളായ്പ് നാ. = തളപ്പ്
തളി1 [<തളിക്കുക] നാ. 1. വെള്ളംകുടഞ്ഞു ശുദ്ധിയാക്കൽ; 2. അടിച്ചുതളിക്കുന്ന ജോലി, തൂപ്പുജോലി
തളി2 നാ. 1. ക്ഷേത്രം, ശിവക്ഷേത്രം; 2. പുരാതന കേരളത്തിലെ ഒരു ദേശവിഭാഗം; 3. ഒരു പ്രത്യേകതരം പാട്ടവ്യവസ്ഥയിലുള്ള സ്ഥലം; 4. വിളക്കു തൂണ്; 5. പടപ്പാളയം. (പ്ര) തളിയും സങ്കേതവും = തളിയാതിരിമാരുടെ വാസസ്ഥലവും അധികാരസീമയും
തളി3 [തളിക്കുക] ധാതുരൂപം
തളിക നാ. കിണ്ണം, താലം. തളികയിൽ ഉണ്ടാലും തികട്ടും (പഴ)
തളിക്കണക്ക് നാ. 1. അമ്പലത്തിലെ കണക്ക്; 2. അമ്പലത്തിലെ കണക്കെഴുത്തുകാരൻ
തളിക്കുക ക്രി. 1. ജലം കൈയിൽക്കോരി കുടയുക; 2. ചാണകം മെഴുകുക
തളിക്കുറുപ്പ് നാ. 1. പുല വാലായ്മ തുടങ്ങിയവ മാറ്റുന്നതിനുവേണ്ടി തളിക്കുന്ന ആൾ; 2. കൊട്ടാരത്തിൽ അടിച്ചുതളിക്കാരുടെ മേൽനോട്ടം വഹിക്കുന്ന ആൾ
തളിക്കൊട്ട നാ. ചാണകം മെഴുകിയ ഒരിനം വലിയ കുട്ട (നെല്ലുചുമക്കാൻ ഉപയോഗിക്കുന്നത്)
തളിനങ്ങ നാ. ദേവദാസി
തളിപ്പണം നാ. മരിച്ചു പുലതീരുന്ന ദിവസം സംബന്ധക്കാർ കൊടുക്കേണ്ട പണം
തളിമം നാ. 1. തറ (വീടുകെട്ടുവാൻ ഒരുക്കിയ സ്ഥലം); 2. തളം, തിണ്ണ; 3. കട്ടിൽ, മെത്ത; 4. മേൽക്കെട്ടി; 5. വാൾ, വലിയവാൾ
തളിയാതിരി നാ. തളിയുടെ രക്ഷാധികാരിയായി അവരോധിക്കപ്പെടുന്ന ബ്രാഹ്മണൻ
തളിയാർ നാ. ക്ഷേത്രത്തിന്റെ ഭരണാധികാരി
തളിയാഴ്വാർ നാ. തളിയാർ
തളിയിക്കുക [തളിയുക>പ്ര] ക്രി. ആയുധം കാച്ചിയടിച്ചു മൂർച്ചകൂട്ടുക
തളിയിലാൾ നാ. ദേവദാസി
തളിയുക ക്രി. മൂർച്ചയുണ്ടാകുക
തളിർ1 നാ. നാമ്പുവിരിഞ്ഞ ഉടനെയുള്ള ഇല, മുറ്റാത്ത ഇല. (പ്ര) തളിരടി = തളിരുപോലെ മൃദുവായ പാദം. തളിരിടുക = തളിർക്കുക. തളിരൊളി = തളിരിന്റെ ശോഭ. തളിർമേനി,-മെയ് = തളിരുപോലെ മനോഹരമായ ശരീരം
തളിർ2 നാ. തളിരം. (പ്ര) തളിരടിക്കുക = കനത്തിൽ അറുത്ത പലക വച്ചുതറയ്ക്കുക
തളിർക്കാലം നാ. സസ്യങ്ങൾ തളിർക്കുന്ന കാലം
തളിർക്കുക ക്രി. തളിരുണ്ടാകുക, തഴയ്ക്കുക
തളിർപ്പ് നാ. 1. തളിരുണ്ടാകൽ, തഴച്ചുവളരൽ; 2. ആഹ്ലാദം, ഉത്സാഹം
തളിരം നാ. 1. കനത്തിൽ അറുത്ത പലക കരിങ്കല്ല് മുതലായവ; 2. തളക്കല്ല്; 3. കട്ടിൽ; 4. വിറക്; 5. ദർഭ
തളിവധു നാ. തളിനങ്ങ
തളിസങ്കേതം നാ. ക്ഷേത്രഭരണസങ്ഘം

തള്ള നാ. 1. അമ്മ; 2. വൃദ്ധ; 3. വലുത്; 4. (ഗണിത) ത്രൈരാശികത്തിലെ ഒന്നാം രാശി; 5. തൂമ്പയുടെയും മറ്റും പിടി. തള്ളക്കോഴിചവിട്ടിയിട്ടു പിള്ളക്കോഴി ചാവുകയില്ല (പഴ)
തള്ളക്കൂറ് നാ. 1. അമ്മവഴിക്കുള്ള അവകാശം; 2. അമ്മയുടെ സ്നേഹം; 3. രൂപത്തിലോ സ്വഭാവത്തിലോ അമ്മയോടുള്ള സാദൃശ്യം; 4. വലിയ പങ്ക്
തള്ളച്ചി നാ. 1. തള്ള, പ്രായംചെന്ന സ്ത്രീ; 2. ഗർഭമുള്ള മൃഗം (പ്രത്യേകിച്ചു പന്നി)
തള്ളൽ [<തള്ളുക] നാ. 1. ഉന്തൽ; 2. അവഗണിക്കൽ, ഉപേക്ഷിക്കൽ, ഒഴിവാക്കൽ; 3. തിരക്ക്; 4. ഞെരുക്കം, സമ്മർദം; 5. ആധിക്യം; 6. അഹങ്കാരം, മദം. (പ്ര) തള്ളൽക്കാരർ = അഹങ്കാരികൾ
തള്ളവിരൽ നാ. പെരുവിരൽ (കയ്യിലെയും കാലിലെയും ഏറ്റവും വണ്ണം കൂടിയ വിരൽ)
തള്ളാട്ടം നാ. ബുദ്ധിമുട്ട്, വിഷമം
തള്ളി1 നാ. തോണി വെള്ളത്തിലേയ്ക്ക് ഇറക്കാനുള്ള ഉരുളൻ തടി
തള്ളി2 [തള്ളുക] മു.വി. (പ്ര) തള്ളിക്കടത്തുക = 1. തള്ളിമറുവശത്താക്കുക; 2. ബലമായി ഞെരുക്കിക്കൊള്ളിക്കുക. തള്ളിക്കയറുക = ഞെരുങ്ങിക്കയറുക, മുൻഭാഗത്തുള്ളതിനെ തള്ളിമാറ്റിക്കൊണ്ടു കയറുക. തള്ളിക്കളയുക = ഉപേക്ഷിക്കുക. തള്ളിപ്പോവുക = 1. അങ്ഗീകാരം ലഭിക്കാതെ പോവുക; 2. ഇടിഞ്ഞുപോകുക, മറിയുക; 3. ക്ഷീണിക്കുക. തള്ളിവിടുക = 1. ഉന്തിവിടുക, പറഞ്ഞയയ്ക്കുക, താഴെ വീഴ്ത്തുക; 2. പ്രേരിപ്പിക്കുക; 3. പ്രയാസത്തോടെ സമയം കഴിച്ചുകൂട്ടുക
തള്ളിച്ച നാ. 1. അഹങ്കാരം; 2. തള്ളൽ (മർദം, ശക്തി)
തള്ള് നാ. 1. ഉന്ത്; 2. ഞെരുക്കം; 3. അഹങ്കാരം; 4. അവഗണന, നിന്ദ
തള്ളുക ക്രി. 1. ബലം പ്രയോഗിച്ചു നീക്കുക; 2. ഉന്തുക; 3. പുറത്തേക്ക് പോരാത്തവണ്ണം സമ്മർദം പ്രയോഗിക്കുക; 4. ഉപേക്ഷിക്കുക, കളയുക; 5. അങ്ഗീകരിക്കാതിരിക്കുക, വകവയ്ക്കാതിരിക്കുക; 6. (ഗണിത) കുറയ്ക്കുക; 7. മാറ്റിവയ്ക്കുക; 8. (വ്യാക) ഒരു അനുപ്രയോഗം. ഉദാ: വായിച്ചുതള്ളുക. ചൊല്ലിക്കൊടു നുള്ളിക്കൊടു തല്ലിക്കൊടു തള്ളിക്കള (പഴ)
തള്ളുപടി നാ. 1. തള്ളിക്കളഞ്ഞത്; 2. കുറച്ചത്; 3. നീക്കംചെയ്തത്
തഴ1 നാ. 1. പീലിക്കുട; 2. മയിൽപ്പീലി; 3. ഇലയോടുകൂടിയ ചെറിയ കമ്പ്; 4. ഇല; 5. തളിർ; 6. ഒരിനം കൈത, അതിൻെറ ഓല. (പ്ര) തഴക്കാർകുഴലാൾ = തഴപോലെ മനോഹരമായ കറുത്ത മുടിയുള്ളവൾ, സുന്ദരി
തഴ2 [<തഴയുക] നാ. ചീട്ടുകളിയിൽ തഴയുവാൻ വേണ്ടി ഉപയോഗിക്കുന്ന ചീട്ട്
തഴ3 നാ. തഴപ്പ്
തഴക്കം [<തഴങ്ങുക] നാ. അഭ്യാസം, ശീലം. (പ്ര) തഴക്കവും പഴക്കവും = ശീലവും പരിചയവും
തഴക്കുക [തഴങ്ങുക>പ്ര] ക്രി. പരിശീലിപ്പിക്കുക, പരിചയപ്പെടുത്തുക
തഴങ് [തഴങ്ങുക] ധാതുരൂപം
തഴങ്ങുക ക്രി. പരിചയമാവുക, ശീലമാകുക
തഴപ്പായ് നാ. തഴ (കൈതയോല)കൊണ്ടുണ്ടാക്കിയ പായ്

തഴപ്പ് നാ. 1. ചെടികളുടെയും മറ്റും പുഷ്ടിയോടുകൂടിയ വളർച്ച; 2. വർധന, എഴിൽച്ച
തഴമ്പിക്കുക ക്രി. 1. തഴമ്പുണ്ടാവുക; 2. മരവിക്കുക (മനസ്സെന്നപോലെ). അമ്മാച്ചൻ ആനപ്പുറത്തുകേറിയാൽ മരുമകൻെറ പൃഷ്ഠം തഴമ്പിക്കുമോ? (പഴ)
തഴമ്പ് നാ. ഏതെങ്കിലും പരുക്കൻ വസ്തുവിൻെറ നിരന്തരമായ സമ്പർക്കംമൂലം തൊലിപ്പുറത്തുണ്ടാകുന്ന തടിച്ച അടയാളം. ഉദാ: കോടാലിത്തഴമ്പ്
തഴയുക ക്രി. 1. ഉപേക്ഷിക്കുക, നിസ്സാരമായിത്തള്ളുക; 2. ചീട്ടുകളിയിൽ ഇറക്കിയ ചീട്ടിൻെറ ഇനം ഇല്ലാതിരിക്കുമ്പോൾ മറ്റേതെങ്കിലും ചീട്ട് ഇടുകയോ ഇനത്തിൽത്തന്നെ കുറഞ്ഞചീട്ട് ഇറക്കുകയോചെയ്യുക. (പ്ര) തഴയാൻ പുറപ്പെട്ട കൂലിച്ചീട്ടു മേൽത്തുറുപ്പാവുക = നിസ്സാരമായത് സന്ദർഭമനുസരിച്ച് ചിലപ്പോൾ മുഖ്യമാകുക
തഴയ്ക്കുക ക്രി. 1. പുഷ്ടിപ്രാപിക്കുക, വളരുക; 2. ധാരാളമാവുക
തഴൽ നാ. 1. തീയ്, തീജ്വാല; 2. കാർത്തിക നക്ഷത്രം; 3. അഴൽ, വൈഷമ്യം
തഴുകൽ [തഴുകുക] നാമരൂപം
തഴുകുക ക്രി. കെട്ടിപ്പിടിക്കുക, പുണരുക, തലോടുക, താലോലിക്കുക
തഴുതണം നാ. ചൊറിയണം എന്ന സസ്യം
തഴുതൽ നാ. ഓട മുള തുടങ്ങിയവ ചതച്ച് പലകപോലെ പരത്തിയത്
തഴുത് നാ. ഓടാമ്പൽ, സാക്ഷ. തഴുതിടുക = സാക്ഷയിടുക
തഴുവ് നാ. ഉന്മൂലനാശം. (പ്ര) തഴുവറ്റം വരുക = പൂർണമായി നശിക്കുക
തറ1 നാ. 1. ഭൂമിയുടെ ഉപരിതലം (കരപ്രദേശം); 2. കര, ഗ്രാമം, ദേശം; 3. പറമ്പ്, പുരയിടം; 4. കൊട്ടിപ്പടുത്തുണ്ടാക്കിയ സ്ഥലം; 5. അടിത്തറ; 6. കൂരയ്ക്കുതാഴെ ചുവരുകൾകൊണ്ടു വേർതിരിച്ചിട്ടുള്ള നിലം; 7. മരങ്ങളുടെ ചുവട്ടിൽ കെട്ടുന്ന തിട്ട; 8. നിരപ്പിൽനിന്ന് ഉയർന്നുനിൽക്കത്തക്കവണ്ണം മണ്ണുകോരിയിട്ടുണ്ടാക്കുന്ന തിണ്ട്; 9. കായലും മറ്റും നികത്തിയുണ്ടാക്കുന്ന സ്ഥലം; 10. പുലയരുടെ കുടിൽ. തറതോണ്ടുക = കുടുംബം നശിക്കുക
തറ2 [തറയുക] ധാതുരൂപം
തറക്കല്ല് നാ. 1. അസ്ഥിവാരത്തിൻെറ മൂലക്കല്ല്; 2. ചവിട്ടിനടക്കാൻ തക്കവണ്ണം തറയിൽ പാകുന്ന കൽപ്പലക. (പ്ര) തറക്കല്ലിടുക = 1. അസ്ഥിവാരമിടുക; 2. തുടക്കം കുറിക്കുക
തറക്കൂട്ടം നാ. തറയിലെ നായർപ്രമാണികളുടെ സഭ, കരയോഗം
തറച്ചിൽ [തറയ്ക്കുക] നാമരൂപം
തറട്ടിക്കറ്റ് നാ. 1. തറയിലിരുന്നു സിനിമകാണുന്നതിനുള്ള ടിക്കറ്റ്; 2. (ആല) താഴ്ന്നനില, മോശമായ സ്ഥിതി
തറപ്പിക്കുക [തറയ്ക്കുക>പ്ര] ക്രി. തറയ്ക്കാൻ കാരണമാകുക. (പ്ര) തറപ്പിച്ചുപറയുക = ഉറപ്പിച്ചുപറയുക, ഊന്നിപ്പറയുക.
859
തറപ്പ് [<തറയ്ക്കുക] നാ. 1. അടിച്ചുകയറ്റൽ (ആണിയും മറ്റും); 2. തറച്ചുകയറുന്നതുപോലെയുള്ള വേദന
തറയുക ക്രി. 1. തുളഞ്ഞുകയറുക; 2. ശക്തിയോടെ അടിച്ചുകയറുക
തറയോട് നാ. തറയിൽ പാകാനുള്ള ഓട്

തറയ്ക്കുക [തറയുക>പ്ര] ക്രി. 1. അടിച്ചുകയറ്റുക (ആണിയും മറ്റും); 2. കയറുക, പതിക്കുക. ഉദാ: മുള്ളുതറയ്ക്കുക

തറച്ച് [തറയ്ക്കുക] മു.വി. (പ്ര) തറച്ചുനോക്കുക = ശ്രദ്ധിച്ചും ഉറപ്പിച്ചും നോക്കുക. തറച്ചുപറയുക = ഉറപ്പിച്ചുപറയുക

തറവാടക നാ. കച്ചവടത്തിനും മറ്റും താത്കാലികമായി സ്ഥലം കൊടുക്കുന്നതിനു പറ്റുന്ന പ്രതിഫലം

തറവാടി നാ. തറവാട്ടുകാരൻ (കുലീനൻ)

തറവാടിത്തം നാ. കുലീനത

തറവാട് നാ. 1. ഒരു ഗൃഹനാഥനുകീഴിൽ ഒരുമിച്ചുകഴിയുന്ന ബന്ധപ്പെട്ട വ്യക്തികളുടെസമൂഹം, കുടുംബം; 2. പാർപ്പിടം, വീട്. തറവാട്ടിൽക്കാരണവന് അടുപ്പിലും തുപ്പാം. നായായിപ്പിറക്കിലും തറവാട്ടിൽപ്പിറക്കണം. തന്നെമറന്നാലും തറവാടുമറക്കരുത്. (പഴ)

തറവാട്ട്- [<തറവാട്] വി. തറവാട്ടിലുള്ള. തറവാട്ടമ്മ = 1. കുടുംബത്തിലെ ഏറ്റവും പ്രായം കൂടിയസ്ത്രീ; 2. വീട്ടമ്മ, കുലീനയായ സ്ത്രീ. തറവാട്ടുകാരണവർ = കുടുംബഭരണത്തിന് അധികാരി. തറവാട്ടുകാരൻ = 1. കുലീനൻ; 2. ഗൃഹസ്ഥൻ. തറവാട്ടുപക = കുടിപ്പക. തറവാട്ടുപുല = തറവാടുമായി ബന്ധമുള്ള ആരെങ്കിലും മരിക്കുന്നതുമൂലമുള്ള ആശൗചം. തറവാട്ടുമുതൽ, -സ്വത്ത് = കുടുംബസ്വത്ത്. തറവാട്ടുമൂപ്പൻ = കുടുംബത്തിൻെറ ഭരണാധിപതി. തറവാട്ടുമൂപ്പ് = തറവാട്ടിലെ മൂത്തയാളായിരിക്കുക

തറവാഴി നാ. തറക്കൂട്ടത്തിലെ നിർവഹണസമിതി

തറവില നാ. 1. ഭൂമിയുടെ വില; 2. ജന്മിക്കൂറ്; 3. കുറഞ്ഞവില

തറി നാ. 1. തുണി നെയ്യാനുള്ള ഒരുപകരണം; 2. കാൽ, കുറ്റി; 3. തൂണ്; 4. കമ്പ്; 5. നുറുക്ക്; 6. ജാതി, തരം (പ്ര) തറികുത്തിക്കൊടുക്കുക = കുറ്റിതറച്ചു വസ്തു കൈവശം കൊടുക്കുക. തറിയിടുക = ഘടകങ്ങൾ കൂട്ടിച്ചേർത്ത് നെയ്ത്തിന് തറി ഒരുക്കുക

തറിക്കുക ക്രി. 1. മുറിക്കുക, നറുക്കുക, ചീകുക; 2. തറയ്ക്കുക, തുളച്ചുകയറ്റുക (മുള്ളെന്നപോലെ)

തറിക്കുറ്റി നാ. കെട്ടുകുറ്റി

തറിനാക്ക് നാ. തറിയുടെ ചട്ടങ്ങൾ ഉറപ്പിക്കുന്ന തൂണ്

തറിപ്പലക നാ. പാവിൻെറ ഇഴകൾ അകറ്റി അകത്ത് ഊടുനൂലിടുന്നതിനുള്ള ഒരു ഉപകരണം

തറിപ്പാട് നാ. കുഴിത്തറിയിൽ നെയ്ത്തുകാരൻ ഇരിക്കുന്നസ്ഥലം

തറിപ്പ് [തറിക്കുക] നാമരൂപം

തറിപ്പുടവ നാ. 1. ഒരു നികുതി (നെയ്ത്തുസംബന്ധിച്ചത്); 2. കൈത്തറിയിൽ നെയ്തപുടവ

തറിമരം നാ. നെയ്തവസ്ത്രം ചുറ്റുന്നതിനായി തറിയിൽ ഉണ്ടാക്കിയിട്ടുള്ള ഉരുൾ

തറിമുണ്ട് നാ. തറിയിൽ നെയ്ത മുണ്ട്

തറിമൂട് നാ. 1. നെയ്ത്തുതറി സ്ഥാപിച്ചിരിക്കുന്ന സ്ഥലം; 2. കന്നുകാലികളെയും മറ്റും കുറ്റിയടിച്ചു കെട്ടുന്ന സ്ഥലം

തറുക ക്രി. 1. മുണ്ട് അരയിൽ ചുറ്റി ഒരറ്റം കാലുകൾക്കിടയിൽക്കൂടി പിന്നിലേയ്ക്കെടുത്ത് ചൊരുകുക; 2. വാല് കാലുകൾക്കിടയിൽ തഴ്ത്തുക (നായെന്നപോലെ); 3. ഒതുങ്ങിക്കൂടുക; 4. കിനിയുക (ജലമെന്നപോലെ)

തറുകുറുമ്പ് നാ. 1. മുരടത്തം; 2. തറുതല

തറുതല നാ. 1. തർക്കുത്തരം; 2. മര്യാദകേട്; 3. തറുതലക്കാരൻ, തർക്കുത്തരം പറയുന്നവൻ (മര്യാദകെട്ടവൻ)

തറ്റ് നാ. താറ്. (തറുക നോക്കുക). (പ്ര) തറ്റുടുക്കുക = ഉടുത്തമുണ്ടിൻെറ ഒരറ്റം തുടകൾക്കിടയിലൂടെ പിന്നിലേക്ക് എടുത്തു കുത്തുക

താ1 = തരുക (നിയോജകപ്രകാരം)

താ2 നാ. = തായ്

താകരം നാ. ഒരിനം മദ്യം (ചാരായം)

താക്കം നാ. 1. വലിയ ഭാരം; 2. ശക്തി; 3. വേഗം; 4. തട. (പ്ര) താക്കം വയ്ക്കുക = പാത്രങ്ങൾ ചരിയാതിരിക്കത്തക്കവണ്ണം അടവയ്ക്കുക

താക്കത്ത് [അറ] നാ. ബലം, ശക്തി

താക്കരി [<സം.തസ്കര] നാ. 1. പരുംകള്ളൻ; 2. പോക്കിരി

താക്കൽ [താഴ്ത്തുക] നാമരൂപം

താക്കാത് നാ. ചോണ (ചെവിയുടെ കീഴ്ഭാഗം)

താക്കീത് [അറ] നാ. ശാസന, ശാസനാരൂപത്തിലുള്ള മുന്നറിയിപ്പ്

താക്ക് [താക്കുക] നാ. 1. ആഹതവാദ്യങ്ങൾ ശബ്ദിക്കൽ; 2. അടി, മുട്ട്; 3. കമ്പാവലയുടെ ഒരു ഭാഗം (വലയും വടവും ചേരുന്ന സ്ഥാനം)

താക്കുക1 [താങ്ങുക>പ്ര] ക്രി. 1. ചെണ്ട ഭേരി തുടങ്ങിയ ആഹതവാദ്യങ്ങൾ മുഴക്കുക; 2. അടിക്കുക; 3. തൊട്ടോ മുട്ടിയോ നോവിക്കുക; 4. വർദ്ധിപ്പിക്കുക; 5. ഭാരമേറ്റുക

താക്കുക2 ക്രി. = താഴ്ത്തുക

താക്കുഴ നാ. സാക്ഷ (വാതിൽ തുറന്നുപോകാതിരിക്കാൻ വേണ്ടി കതകുകളിൽ വിലങ്ങനെ വച്ചുതറയ്ക്കുന്ന മരത്തഴുത്)

താക്കോൽ നാ. 1. പൂട്ടുതുറക്കുന്നതിനും പൂട്ടുന്നതിനുമുള്ള ഒരു ഉപകരണം; 2. നാഴികമണിയുടെയും മറ്റും സ്പ്രിങ്ങ് മുറുക്കാൻ ഉപയോഗിക്കുന്ന ഉപകരണം

താക്ഷണ്യൻ നാ. ആശാരിയുടെ മകൻ

താങ്കൾ [താൻ-കൾ] നാ. അങ്ങ്, അവിടുന്ന്

താങ്ങൽ [താങ്ങുക] നാ. 1. ആശ്രയം, തുണ, പിൻതുണ; 2. താഴെവീണുപോകാതെ പിടിക്കൽ, വഹിക്കൽ; 3. ജലസംഭരണി (വെള്ളം കെട്ടിനിറുത്തിയിട്ടുള്ള സ്ഥലം)

താങ്ങൾ നാ. = താങ്കൾ

താങ്ങി1 [താങ്ങുക] ഭൂതരൂപം

താങ്ങി2 നാ. 1. താങ്ങുന്നത്, വഹിക്കുന്നത്; 2. ചില യന്ത്രോപകരണങ്ങളും മറ്റും ഉറപ്പിച്ചുനിറുത്തുന്ന ഭാഗം; 3. ഒരിനം ഊന്ന്; 4. കളരിപ്പയറ്റിലെ ഒരടവ്. (പ്ര) താങ്ങിയെടുക്കുക = 1. ഭാരമുള്ള വസ്തുക്കൾ ഉള്ളംകൈയിൽ ഭാരം വരത്തക്കവണ്ണം രണ്ടുകൈകൊണ്ടും പൊക്കുക; 2. വേദനിക്കാതിരിക്കത്തക്കവിധം മൃദുവായി രണ്ടുകൈകൊണ്ടും താങ്ങി ഉയർത്തുക (ശിശുക്കളെയും രോഗികളെയും മറ്റും).

താങ്ങിപ്പിടിക്കുക = 1. വഹിക്കുവാൻ സഹായിക്കുക; 2. വീണുപോകാതെ നീങ്ങാനോ നടക്കാനോ സഹായിക്കുക (വസ്തുക്കളെയോ രോഗികളേയോ എന്നപോലെ)
താങ്ങ് നാ. 1. ഏതെങ്കിലും വസ്തുവിനെ താഴോട്ടുവീഴാതെ നിർത്തുന്നതിന് ഉപയോഗിക്കുന്ന ഊന്ന്; 2. ആശ്രയം, തുണ, സഹായം; 3. താങ്ങി; 4. ഏണി; 5. ഒരിനം ചകിരിപോലുള്ള വസ്തു; 6. കുന്തത്തിൻെറ പിടി; 7.മീൻവലയുടെ തൊടുവളയവും ചുരുക്കക്കാലും തമ്മിൽ ബന്ധിക്കുന്ന ചരട്; 8. ചില യന്ത്രോപകരണങ്ങളെയും മറ്റും ഉറപ്പിച്ചുനിർത്തുന്ന ഭാഗം; 9. സം,ഭരണി. താങ്ങുതടി = 1. താങ്ങാനായി വയ്ക്കുന്ന തടി; 2. അമുണ്ടം. താങ്ങുവില = വില ഒരളവിൽ കുറയാതെ താങ്ങിനിർത്താൻ അധികാരികൾ നിശ്ചയിക്കുന്ന വില. താങ്ങുവേര് = വൃക്ഷത്തിൻെറ ശിഖരത്തെ താങ്ങിനിർത്തത്തക്കവിധം പൊട്ടി തറയിലോളം എത്തുന്ന വേര്. ഉദാ: ആലിൻെറ താങ്ങുവേര്
താങ്ങുക1 ക്രി. 1. വഹിക്കുക, താഴോട്ടുവീഴാതെ തടഞ്ഞുനിർത്തുക, താങ്ങായി വർത്തിക്കുക; 2. ആശ്രയിക്കുക; 3. അനുകൂലിക്കുക, സഹായിക്കുക, രക്ഷിക്കുക; 4. അനുഭവിക്കുക, സഹിക്കുക; 5. താങ്ങിഎടുക്കുക; 6. ഏറെ വിനയത്തോടുകൂടി സത്കരിക്കുക. താങ്ങിയാൽ തലയിൽ കയറും. താങ്ങാനാളുണ്ടെങ്കിലേ തളർച്ചയുള്ളു. (പഴ)
താങ്ങുക2 ക്രി. 1. അടിക്കുക, തട്ടുക, മുട്ടുക; 2. വെട്ടുക; 3. വ്രണത്തിലും മറ്റും വേദനിപ്പിക്കുന്നവിധം തട്ടുകയോ മുട്ടുകയോ ചെയ്യുക
താച്ചി [തായ്] നാ. 1. മുലകൊടുക്കുന്ന അമ്മ, വളർത്തമ്മ; 2. മുത്തശ്ശി
താച്ചുക ക്രി. അടിക്കുക, പ്രഹരിക്കുക
താച്ഛില്യം [സം.തത്-ശീല]നാ. മറ്റൊന്നുമായി ഇടപഴകുന്നതുകൊണ്ട് ലഭിക്കുന്ന ശീലം, തഴക്കം
താജ്[പേർ.] നാ. 1. കിരീടം; 2. ചില ഇനത്തിലുള്ള ആൺപക്ഷികളുടെ തലയിലുള്ള പൂവ്; 3. മയിൽ; 4. താജ്മഹൽ
താജത് വി. വേഗമുള്ള. അവ്യ. പെട്ടെന്ന്
താജിർ [അറ.] നാ. കച്ചവടക്കാരൻ. താരത. അറ. തജാരത് = കച്ചവടം
താജ്മഹൽ [പേർ.] നാ. ഷാജഹാൻ ചക്രവർത്തി മുംതാസ്മഹലിൻെറ സ്മരണയ്ക്കായി പണികഴിപ്പിച്ച ശവകുടീരം, ലോകത്തിലെ സപ്താത്ഭുതങ്ങളിൽ ഒന്ന്
താട നാ. 1. കാളയുടെയും പശുവിൻെറയും മറ്റും കഴുത്തിനു താഴെ ഞാന്നുകിടക്കുന്ന തൊലിയുടെ മടക്ക്; 2. താടി; 3. പൂവൻകോഴിയുടെ തലയ്ക്കിരുവശവുമുള്ള മാംസളമായ ഭാഗം
താടക നാ. (പുരാണ) ഒരു രാക്ഷസി, മാരീചൻെറയും സുന്ദൻെറയും അമ്മ; 2. (പ്ര) ബഹളക്കാരി, ഭയങ്കരി
താടകേയൻ നാ. താടകയുടെ മകൻ, മാരീചൻ
താടങ്കം നാ. സ്ത്രീകൾ കാതിലണിയുന്ന ഒരാഭരണം, തോട
താടി[സം.ദാഢികാ] നാ. 1. ചിബുകം (മുഖത്തിൽ കീഴ്ചുണ്ടിനു താഴെയുള്ള ഭാഗം); 2. പുരുഷന്മാരുടെ മുഖത്ത് കവിളിലും താടിയിലും മറ്റും (മേൽച്ചുണ്ട് ഒഴിച്ചുള്ള ഭാഗത്ത്) വളരുന്ന രോമം; 3. കഥകളിയിലെ വേഷങ്ങളിൽ ഒരു വിഭാഗം, താടിയുള്ള വേഷം; 4. (കഴുക്കോലിൻെറ) അറ്റം, കഴുക്കോൽത്താടി. (പ്ര) താടി എടുക്കുക = 1. മുഖത്തുവളരുന്ന രോമങ്ങൾ വടിച്ചുകളയുക; 2. മരണമടുക്കുമ്പോൾ താടി ഇളകത്തക്കവണ്ണം ശ്വാസം

വലിക്കുക. താടികളയുക = താടിവടിക്കുക. താടിക്കുകൈകൊടുക്കുക = ചിന്താമൂകനായിരിക്കുക. താടിയും മൂക്കും കൂട്ടിമുട്ടുക = വാർദ്ധക്യാവസ്ഥയിലെത്തുക
താടിക്കാരൻ നാ. 1. താടിയും മീശയും വളർത്തിയിട്ടുള്ളവൻ; 2. (പ്ര) ചിന്തകൻ
താടിയെല്ല് നാ. കീഴ്ത്താടിയുടെ അസ്ഥി
താട്ടുക ക്രി. 1. കടത്തുക; 2. തള്ളിനീക്കുക
താഡന നാ. അടിക്കൽ
താഡനം നാ. 1. അടി, അടിക്കൽ; 2. മുദ്ഗമംകൊണ്ടുള്ള യുദ്ധമുറകളിൽ ഒന്ന്; 3. സുരതചേഷ്ടകളിൽ ഒന്ന്; 4. (നാട്യ) ഹസ്തകർമങ്ങളിൽ ഒന്ന് (അടിക്കുന്നതായി അഭിനയിക്കൽ)
താഡനി നാ. ചമ്മട്ടി
താഡനീയ വി. താഡിക്കത്തക്ക
താഡപത്രം നാ. താടങ്കം
താഡി നാ. 1. കുടപ്പന; 2. ഒരു കർണാഭരണം
താഡിക്കുക ക്രി. അടിക്കുക, പ്രഹരിക്കുക
താഡിത വി. അടിക്കപ്പെട്ട
താഡുല വി. അടിക്കുന്ന
താഡ്യ വി. അടിക്കേണ്ട
താഡ്യമാനം നാ. അടിക്കപ്പെടുന്നത്, പെരുമ്പറ തുടങ്ങിയ ആഹതവാദ്യങ്ങളെ പൊതുവെ കുറിക്കാൻ പ്രയോഗം
താണ [താഴുക] ഭൂ.പേ. താഴുകയെന്ന പ്രവൃത്തി ചെയ്ത
താണു1 നാ. 1. കുറ്റി; 2. ശിവൻ
താണു2 [താഴുക] ഭൂരൂപം
താണുമാലയപ്പെരുമാൾ നാ. ശുചീന്ദ്രം ക്ഷേത്രത്തിലെ പ്രതിഷ്ഠ, താണു (ശിവൻ) മാൽ (വിഷ്ണു) അയൻ (ബ്രഹ്മാവ്) എന്നീ ത്രിമൂർത്തികൾ ചേർന്ന ദേവൻ
താണ്ടം നാ. വേദം പഠിപ്പിക്കുന്നവർക്കുവേണ്ടി രചിച്ചിട്ടുള്ള പദ്യം (വൈദികമായ സങ്കേതങ്ങൾ സങ്ഗ്രഹിച്ചിട്ടുള്ളത്)
താണ്ടുക ക്രി. 1. കടക്കുക, തരണം ചെയ്യുക; 2. വയ്ക്കുക
താണ്ഡവപ്രിയൻ നാ. താണ്ഡവം ഇഷ്ടപ്പെടുന്നവൻ, ശിവൻ
താണ്ഡവം നാ. 'തണ്ഡുവിനെ സംബന്ധിച്ചത്', 1. നൃത്തം രണ്ടുവിധമുള്ളതിൽ ഒന്ന്, ഉദ്ധതവും തീവ്രവും ആയ ഭാവങ്ങളോടും ചലനങ്ങളോടും കൂടിയത്, മറ്റത് ലാസ്യം; 2. ഒരുതരം വലിയ പുല്ല്
താണ്ഡവമൂർത്തി നാ. നടരാജൻ
താണ്ഡവിത വി. 1. നൃത്തം ചെയ്യുന്ന; 2. ഉന്മത്തമായി നൃത്തംചെയ്തു ചുറ്റിക്കറങ്ങുന്ന
താണ്ഡ്യബ്രാഹ്മണം നാ. സാമവേദത്തിലുൾപ്പെട്ട ഒരു ബ്രാഹ്മണം
താണ്ണു [താഴുക] ഭൂരൂപം
താണ്മ നാ. = താഴ്മ
താതഗു വി. പിതാവിനെ സംബന്ധിച്ച. നാ. പിതൃസഹോദരൻ
താതതുല്യൻ നാ. 1. പിതാവിനു തുല്യനായവൻ; 2. അച്ഛന്റെ ജ്യേഷ്ഠൻ; 3. അച്ഛന്റെ അനുജൻ

താതൻ നാ. 1. അച്ഛൻ; 2. കുട്ടികളെയും പ്രിയപ്പെട്ടവരെയും സംബോധനചെയ്യാൻ ഉപയോഗിക്കുന്ന ഒരു പദം; 3. പൂജ്യൻ; 4. ഗുരു.

861

താതപാദർ നാ. (പൂ.ബ.വ.) പൂജ്യനായ പിതാവ്

താതല നാ. താതനെ സംബന്ധിച്ച

താതലൻ നാ. പിതാവിനുതുല്യം ബഹുമാനിക്കേണ്ട ബന്ധു

താതി നാ. 1. സന്തതി; 2. തുടർച്ച, പരമ്പര

താത്കാലിക വി. 1. അപ്പോഴത്തേയ്ക്കുമാത്രമുള്ള; 2. ഒരേ കാലത്തുള്ള; 3. പെട്ടെന്നുണ്ടായ; 4. അപ്പോഴുണ്ടായ

താത്കാലുഅം നാ. സമകാലികത്വം

താത്ക്ഷണിക വി. ആ ക്ഷണത്തിലുള്ള

താത്ത നാ. മൂത്തസഹോദരി

താത്താ നാ. അപ്പുപ്പൻ, വയോവൃദ്ധൻ

താത്തുക ക്രി. താഴ്ത്തുക

താത്ത്വിക വി. തത്ത്വസംബന്ധമായ. (പ്ര) താത്ത്വികാചാര്യൻ = ഏതെങ്കിലും തത്ത്വത്തിൽ പ്രാവീണ്യമുള്ള പണ്ഡിതൻ

താത്പര്യ നാ. ഒരു കാലയളവ്, നൂറു 'ത്രുടി' കൂടിയ സമയം

താത്പര്യം നാ. 1. (ഏതെങ്കിലും വസ്തുവിലോ വിഷയത്തിലോ ഉള്ള) ആഭിമുഖ്യം, ആഗ്രഹം, ഇഷ്ടം, ശ്രദ്ധ; 2. അർഥം, ആശയം; 3. നാലു ശബ്ദവൃത്തികളിൽ ഒന്ന് (അഭിധ, ലക്ഷണ, വ്യഞ്ജന എന്നു മറ്റു മൂന്ന്)

താത്പര്യവത്ത് വി. താത്പര്യമുള്ള

താത്പര്യവാൻ നാ. താത്പര്യമുള്ളവൻ

താദർഥിക വി. 1. അതിനെ ഉദ്ദേശിച്ചുള്ള; 2. ആ അർഥമുള്ള

താദർഥ്യം നാ. 1. അതിനായിക്കൊണ്ട് എന്ന അവസ്ഥ; 2. ലക്ഷ്യത്തിലുള്ള ഐക്യം; 3. അർഥൈക്യം (അതേ അർഥമായിരിക്കുന്ന സ്ഥിതി); 4. ഉദ്ദേശ്യം, ലക്ഷ്യം

താദവസ്ഥ്യം നാ. അവസ്ഥയിലുള്ള ഐക്യം, അതേ അവസ്ഥയിൽ സ്ഥിതിചെയ്യുക

താദാത്മ്യം നാ. ഒന്ന് മറ്റൊന്നിനോട് ഏകീഭവിക്കൽ, ഒന്നിന് മറ്റൊന്നിനോട് ധർമസാമ്യം മൂലമുണ്ടാകുന്ന ഐക്യം. (പ്ര) താദാത്മ്യംപ്രാപിക്കുക = ഇഴുകിച്ചേരുക

താദാത്വിക വി. അപ്പോഴുണ്ടായ

താദാസ്വികൻ നാ. ദുർവ്യയക്കാരൻ, സമ്പാദിക്കുന്നത് അപ്പപ്പോൾ ചെലവാക്കുന്നവൻ

താദൃക്ക്,താദൃശ വി. അതുപോലെയുള്ള, അപ്രകാരമുള്ള, ആ ആളെപ്പോലെയുള്ള

താദൃശ വി. താദൃക്ക്

താദ്രൂപ്യം നാ. രൂപത്തിൽ ഒന്നിനു മറ്റൊന്നിനോടുള്ള തുല്യത

താൻ സ.നാ. 1. അയാൾ, അവൻ; 2. നീ, നിങ്ങൾ; 3. ഒരു സ്ഥാനപ്പേര്. ഉദാ: ഉണ്ണിത്താൻ, വല്യത്താൻ; 4. അർഥത്തെ ഉറപ്പിക്കുന്നതിനായി ഉപയോഗിക്കുന്ന സർവനാമം. ഉദാ: തന്നത്താൻ

താനകം നാ. പാവ്. താനകസൂത്രം = പാവുനൂൽ

താനക്കിഴി നാ. പണ്ഡിത സദസ്സുകളിൽ വിജയം വരിക്കുന്നവർക്കുനൽകിവന്നിരുന്ന പണക്കിഴി

താനത്താര്‍ നാ. ക്ഷേത്രസമിതിയങ്ഗങ്ങള്‍, ക്ഷേത്രത്തിലെ സ്ഥാനികള്‍
താനഭേദം നാ. (സങ്ഗീ) ശ്രുതിഭേദം
താനം1 നാ. 1. (സങ്ഗീ) രാഗാലാപത്തിലെ ഒരങ്ഗം; 2. സ്വരങ്ങളുടെ വിസ്താരം; 3. സ്വരമൂര്‍ച്ഛനകളില്‍ ഏതെങ്കിലും സ്വരമോ സ്വരങ്ങളോ ഇല്ലാതിരിക്കുകയോ ക്രമം തെറ്റിവരുകയോ ചെയ്യുന്നത്; 4. രാഗാലാപത്തിനിടയില്‍ 'തം ത ത ആനം' എന്നിങ്ങനെ ആലപിക്കുന്നത്; 5. നൂല്‍; 6. പരപ്പ്. (പ്ര) താനം പാടുക = രാഗവിസ്താരം നടത്തുക
താനം2 നാ. = ദാനം. ഉദാ: പട്ടത്താനം
താനമേളം നാ. (സങ്ഗീ) ആറാമത്തെ സ്വരമായ ധൈവതം മാത്രം വികൃതമായ മേളം
താനലയം നാ. (സങ്ഗീ) സ്വരച്ചേര്‍ച്ച
താനവം നാ. കൃശത്വം, മെലിഞ്ഞിരിക്കുന്ന അവസ്ഥ
താനായ്‌വട്ടം നാ. നാടന്‍പാട്ടുകളിലും മറ്റും പാട്ട് ആരംഭിക്കുന്നതിനുമുമ്പ് 'താനാനം' എന്ന അക്ഷരങ്ങള്‍ ഉപയോഗിച്ച് അതിന്‍െറ ഈണം ആലപിക്കുന്നത്
താനി നാ. = സ്ഥാനി
താനൂരം നാ. 1. നീര്‍ച്ചുഴി; 2. ചുഴലിക്കാറ്റ്
താനേ അവ്യ. തനിച്ച്
താന്ത വി. 1. ആലസ്യമുള്ള, ഓജസ്സറ്റ, ക്ഷീണിച്ച, തളര്‍ന്ന; 2. ആതുരമായ, ഖിന്നമായ, ദു:ഖിതമായ; 3. വാടിയ, വിളറിയ, ശോഭമങ്ങിയ; 4. കൃശമായ, മെലിഞ്ഞ; 5. ശ്വാസംകഴിക്കാന്‍ വിഷമിക്കുന്ന, ശ്വാസം മുട്ടുള്ള
താന്തം നാ. (ശില്പ) ഗൃഹത്തിന്‍െറ ധ്രുവാദിയോഗങ്ങളില്‍ ഒന്ന്
താന്തവ വി. 1. നൂലിനെ സംബന്ധിച്ച; 2. നൂലുകൊണ്ടുണ്ടാക്കിയ. താന്തവവ്യവസായം = നെയ്ത്തുവ്യവസായം
താന്തവം നാ. 1. നൂല്‍നൂല്‍പ്, നെയ്ത്ത്; 2. നെയ്ത്തുവസ്ത്രം; 3. വല
താന്താന്‍ താന്‍ എന്നതിന്‍െറ ഇരട്ടിച്ച രൂപം, അവനവന്‍
താന്തി നാ. 1. ശ്വാസതടസ്സം, ശ്വാസംമുട്ട്; 2. ആലസ്യം, തളര്‍ച്ച
താന്തുവായി നാ. നെയ്ത്തുകാരന്‍െറ പുത്രന്‍
താന്തോന്നി നാ. തനിക്കുതോന്നിയതുപോലെ ജീവിക്കുന്നവന്‍. താന്തോന്നിക്കും മേന്തോന്നിക്കും മരുന്നില്ല (പഴ)
താന്തോന്നിത്തം നാ. താന്തോന്നിയുടെ സ്വഭാവം, തോന്നിയതുപോലെയുള്ള പ്രവൃത്തി
താന്ത്രം നാ. തന്ത്രിവാദ്യത്തില്‍ നിന്നുള്ള സങ്ഗീതം
താന്ത്രിക വി. 1. തന്ത്രം സംബന്ധിച്ചുള്ള; 2. തന്ത്രവിധിപ്രകാരമുള്ള
താന്ത്രികത നാ. കൗശലം, സൂത്രം
താന്ത്രികന്‍ നാ. 1. തന്ത്രം പഠിച്ചവന്‍; 2. തന്ത്രം നടത്തുന്നവന്‍; 3. ഏതെങ്കിലും സിദ്ധാന്തത്തിലോ ശാസ്ത്രത്തിലോ അറിവുള്ളവന്‍; 4. പണ്ഡിതന്‍, വിദ്വാന്‍; 5. ശാക്തേയന്‍; 6. കൗശലക്കാരന്‍, സൂത്രക്കാരന്‍
താന്ത്വികന്‍ നാ. തയ്യല്‍ക്കാരന്‍, നെയ്ത്തുകാരന്‍
താന്ദ്രികന്‍ നാ. അലസന്‍, മടിയന്‍
താന്നി നാ. ഒരിനം വലിയ മരം, ഈ മരത്തില്‍ കലിയുടെ ആവാസമുള്ളതായി സങ്കല്പം

താപഅയോൺ നാ. ഒരു വസ്തു ചൂടാകുമ്പോൾ അതിൽനിന്നും പുറപ്പെടുന്ന അയോൺ
താപക വി. 'തപിപ്പിക്കുന്ന', 1. ചൂടാക്കുന്ന; 2. ദു:ഖമുളവാക്കുന്ന
താപകം നാ. പനി, (ശരീരത്തിലെ) ചൂട്, രജോഗുണം
താപതി [സം.താപതീ] നാ. യമുന (സൂര്യപുത്രി)
താപത്യൻ നാ. 'തപതിയുടെ അപത്യം', കുരു
താപത്രയം നാ. ആധ്യാത്മികം, ആധിഭൗതികം, ആധിദൈവികം എന്ന മൂന്നിനം ദു:ഖങ്ങൾ. (അനക്ഷരഭാഷണം, മൂഢപ്രഭുപൂജനം, വൃദ്ധസ്ത്രീരതി എന്നീ മൂന്ന് എന്നും)
താപന വി. = താപക
താപനൻ നാ. 1. സൂര്യൻ; 2. ദു:ഖമുണ്ടാക്കുന്നവൻ
താപനം നാ. 'താപത്തെ ഉണ്ടാക്കുന്നത്, തപിപ്പിക്കുന്നത്', 1. കാമൻെറ ഒരു ശരം; 2. വേനൽക്കാലം; 3. ചേരുമരം; 4. സൂര്യകാന്തക്കല്ല്; 5. മന്ദാരം
താപനി നാ. = തപനതനയൻ
താപനീയ1 വി. തപനീയം സംബന്ധിച്ച, സ്വർണനിർമിതമായ
താപനീയ2 വി. തപിപ്പിക്കത്തക
താപം നാ. 1. ദു:ഖം, പശ്ചാത്താപം, വിരഹതാപം; 2. ഉഷ്ണം, ചൂട്, ഉഷ്ണത്തിൻെറ നില
താപമാനം നാ. ചൂടിൻെറ അളവ്, താപനില
താപശമനകരചതുഷ്ടയം നാ. 'ദു:ഖത്തെ ശമിപ്പിക്കുന്ന നാലുകാര്യങ്ങൾ', ഈശ്വരപൂജ, ബുദ്ധിമാന്മാരെ അനുസരിക്കൽ, വിദ്വാന്മാരെ ബഹുമാനിക്കൽ, പാപകർമങ്ങളെ വെറുക്കൽ ഇവനാലും
താപസ വി. തപസ്സു സംബന്ധിച്ച, ഭക്തിയുള്ള
താപസകൃശൻ നാ. തപസിയെപ്പോലെ മെലിഞ്ഞവൻ
താപസതരു,-ദ്രുമം നാ. 'താപസന്മാരുടെ വൃക്ഷം', ഓടൽമരം
താപസൻ നാ. മഹർഷി, ബ്രഹ്മചര്യാദി വിഹിതതപസ്സോടുകൂടിയവൻ
താപസപ്രിയ നാ. 1. മുന്തിരി; 2. ഒരിനം കരിമ്പ്
താപസവ്യഞ്ജനൻ നാ. താപസവേഷം ധരിച്ച ചാരൻ
താപസാവസഥം നാ. ആശ്രമം, തപോവാടം
താപസി നാ. 1. സന്ന്യാസിനി (തപസ്സുചെയ്യുന്നവൾ); 2. താപസപത്നി; 3. (ജ്യോ) ഒരു ഗ്രഹം (പത്താം മാസത്തിൽ ശിശുക്കളെ ബാധിക്കുന്നത് എന്നു വിശ്വാസം); 4. മാഞ്ചി; 5. മഞ്ഞൾ
താപസേഷ്ട നാ. 1. മുരൾ മരം; 2. മുന്തിരി
താപസ്യം നാ. താപസവൃത്തി
താപാപഹ വി. താപത്തെ ഇല്ലാതാക്കുന്ന
താപി1 [സം. താപിൻ] വി. 1. ചൂടുപിടിപ്പിക്കുന്ന; 2. ചൂടുള്ള; 3. ദു:ഖിപ്പിക്കുന്ന; 4. ദു:ഖമുള്ള
താപി2 നാ. 1. തപതീനദി; 2. യമുനാനദി
താപിഞ്ഛം നാ. 1. പച്ചിലമരം; 2. ആവണക്ക്; 3. മാക്കീരക്കല്ല്. താപിഞ്ഛവർണം = പച്ചനിറം. താപിഞ്ഛവർണനൻ = വിഷ്ണു, കൃഷ്ണൻ
താപിഞ്ജം നാ. 1. പച്ചിലാരം; 2. മാക്കീരക്കല്ല് (പൊൻനിറമുള്ളത്)
താപിത [സം.<തപ്] വി. തപിപ്പിക്കപ്പെട്ട

താപീപാഷാണം നാ. തപതി(താപീ) നദിയിൽനിന്നും കിട്ടുന്ന ഒരിനം കല്ല് (ഇളം പച്ചനിറമുള്ളത്, ഉരകല്ലായി ഉപയോഗം)

താപേന്ദ്രൻ നാ. സൂര്യൻ

താപ്പാന നാ. 1. കാട്ടാനയെ കുഴിയിൽനിന്നും കയറ്റി മെരുക്കിയെടുക്കാൻ പരിശീലിപ്പിച്ചിട്ടുള്ള നാട്ടാന; 2. പരിചയസമ്പന്നനായ തന്ത്രശാലി

താപ്പിട നാ. തള്ളക്കോഴി

താപ്പ്1 നാ. 1. തക്കസമയം, നിശ്ചയിക്കപ്പെട്ട അവസരം; 2. അളവ്, തോത്. (പ്ര) കൊട്ടത്താപ്പ് = ഉദ്ദേശഅളവ്; 3. സുഖം, ഭാഗ്യം; 4. ലാഭം

താപ്പ്2 നാ. കീഴിലായിരിക്കുന്ന സ്ഥിതി, കുറവ്

താപ്യ(ക)ം നാ. മാക്കീരക്കല്ല്

താം [സം.] സ.നാ. (തദ് എന്നതിന്റെ സ്ത്രീലിങ്ഗം ദ്വിതീയ ഏ.വ.)അവളെ, അവളോട്, അവളിലേക്ക്. ഉദാ: താംപുരീം = ആ പുരിയെ

താംബലം നാ. 1. ഒരിനം ചണം; 2. ചണംകൊണ്ടുണ്ടാക്കിയത്

താംബലി നാ. വെറ്റിലക്കൊടി

താംബൂലദൻ നാ. മുറുക്കാൻ തയ്യാറാക്കിക്കൊടുക്കുന്ന ഭൃത്യൻ

താംബൂലപത്രം നാ. 1. വെറ്റില; 2. പിണ്ഡാളൻചേമ്പ്

താമ്മ്ബൂലപ്രശ്നം നാ. (ജ്യോ) വെറ്റില ഉപയോഗിച്ചു ഫലം പറയുന്ന ഒരു പ്രശ്നരീതി

താംബൂലം നാ. 1. വെറ്റില; 2. മുറുക്കാൻ (വെറ്റില, പാക്ക്, ചുണ്ണാമ്പ് മുതലായവ ചേർന്നുള്ള ഒരു ചവർണ വസ്തു)

താംബൂലരാഗം നാ. 1. കറുത്ത ചണപ്പയറ്; 2. വെറ്റിലമുറുക്കിയുണ്ടാക്കുന്ന ചെമപ്പ്

താംബൂലലത നാ. വെറ്റിലക്കൊടി

താംബൂലവല്ലിക നാ. താംബൂലലത

താംബൂലവാഹകൻ നാ. വെറ്റിലച്ചെല്ലം വഹിക്കുന്ന ഭൃത്യൻ

താംബൂലവീടി(ക) നാ. പാക്കും ചുണ്ണാമ്പും മറ്റു സുഗന്ധദ്രവ്യങ്ങളും വെറ്റിലയിൽ പൊതിഞ്ഞ് അറ്റത്ത് ഗ്രാമ്പൂവോ മറ്റോ കുത്തിവച്ചത്

താംബൂലാധികാരി നാ. വെറ്റിലച്ചെല്ലം സൂക്ഷിക്കുന്ന ഭൃത്യൻ

താംബൂലി നാ. 1. വെറ്റില്ലക്കൊടി; 2. മുറുക്കാൻ കൊടുക്കുന്നവൻ.

863

താംബൂലികൻ [സം.] നാ. മുറുക്കാൻ കൊടുക്കുന്നവൻ, മുറുക്കാൻ വിൽക്കുന്നവൻ

താമം നാ. 1. കുറ്റം; 2. തളർച്ച; 3. അസുഖം, ഉത്കണ്ഠ; 4. ഭയജനകമായ വസ്തു

താമര നാ. 1. വെള്ളത്തിലുണ്ടാകുന്ന ഒരു ചെടി, അതിന്റെ പൂവ്; 2. താമരമുള്ളാമരക്കണ്ണൻ നാ. 'താമരയിതൾപോലെ നീണ്ടു മനോഹരമായ കണ്ണുള്ളവൻ', 1. വിഷ്ണു; 2. ഒരിനം ചേമ്പ്. താമരക്കണ്ണി = സുന്ദരി

താമരക്കം [<സം.താമ്രക] നാ. 1. നാകച്ചെമ്പ് (ചെമ്പ് നാകം എന്നിവചേർത്തുണ്ടാക്കുന്ന സ്വർണനിറമുള്ള ഒരു ലോഹമിശ്രിതം); 2. ശിശുക്കൾക്കുണ്ടാകുന്ന ഒരു രോഗം (മലം പച്ചനിറത്തിൽ ഇളകിപ്പോകുന്നത്)

താമരനൂൽ നാ. താമരത്തണ്ടിന്റെ ഉള്ളിലുള്ള നൂൽ

താമര(പ്പൂ)മകൾ നാ. ലക്ഷ്മീദേവി

താമരം1 നാ. 1. വെള്ളം, നെയ്യ്

താമരം2 നാ. ചാരായം
താമരമങ്ക നാ. ലക്ഷ്മീദേവി
താമരമുള്ള് നാ. 1. താമരത്തണ്ടിന്മേലുള്ള ചെറിയമുള്ള്; 2. ഒരു ത്വഗ്രോഗം (തൊലിപ്പുറത്ത് മുള്ളുപോലെ ഉറപ്പും പരുപരുപ്പുമുള്ള തടിപ്പുകൾ ഉണ്ടാകുന്നത്)
താമരസം നാ. 1. താമര, ചെന്താമര; 2. സ്വർണം; 3. ചെമ്പ്; 4. ഒരു സംസ്കൃതവൃത്തം
താമരസാക്ഷ വി. താമരപ്പൂവിതൾപോലെ മനോഹരമായ കണ്ണുകളുള്ള
താമരസാക്ഷൻ നാ. വിഷ്ണു
താമരസായുധൻ നാ. 'താമരപ്പൂവ് അമ്പായിട്ടുള്ളവൻ', കാമദേവൻ
താമരസി നാ. താമരപ്പൊയ്ക
താമരസോദ്ഭവൻ നാ. 'താമരപ്പൂവിൽ ജനിച്ചവൻ', ബ്രഹ്മാവ്
താമസ വി. 1. ഇരുട്ടുള്ള; 2. മൂഢതയുള്ള; 3. (വേദാന്ത) തമോഗുണമുള്ള
താമസൻ നാ. 1. തമോഗുണത്തോടുകൂടിയവൻ; 2. ബുദ്ധിശൂന്യൻ, മന്ദൻ; 3. (പുരാണ) നാലാമത്തെ മനു; 4. രാഹു
താമസപുരാണങ്ങൾ നാ. (ബ.വ.) ശൈവം ലിങ്ഗം സ്കാന്ദം മത്സ്യം കൂർമം ആഗ്നേയം എന്നീ ആറു പുരാണങ്ങൾ
താമസം നാ. 1. തമോഗുണത്തെ സംബന്ധിച്ചത്; 2. ഒരു ദിവ്യാസ്ത്രം (ഇരുട്ടുണ്ടാക്കുന്നത്); 3. (പുരാണ) ഒരു ദേശം ( കുമാരദ്വീപിൻെറ പടിഞ്ഞാറുഭാഗത്തുള്ളത്); 4. (പുരാണ) ഒരു മന്വന്തരം; 5. ഇരുട്ട്; 6. പച്ചില; 7. പാമ്പ്; 8. മൂങ്ങ; 9. കാലവിളംബം, വൈകൽ; 10. പാർപ്പ്, വാസം (ഭാഷയിൽ വന്ന അർഥവികാസം)
താമസി നാ. 1. കൂരിരുട്ടുള്ളത് (രാത്രിയെന്നപോലെ); 2. ദുർഗ; 3. (വേദാന്ത) തമോഗുണമുള്ളത്; 4. തമോഗുണത്തോടുകൂടിയവൾ; 5. ഒരു മായാശക്തി; 6. അജ്ഞാനത്താൽ ആവൃതമായ ബുദ്ധി; 7. ഉറക്കം; 8. ഒരു മന്ത്രം; 9. മൂന്നുവിധം ഭക്തികളിൽ ഒന്ന്, തമോഗുണപ്രധാനമായ ഭക്തി, ഭൂതപ്രേതാദികളിലുള്ള ഭക്തി (സാത്വികി രാജസി എന്നിവ മറ്റു രണ്ടും)
താമസിക വി. 1. ഇരുട്ടുള്ള; 2. തമോഗുണമുള്ള
താമസിക്കുക ക്രി. 1. കാലവിളംബം ഉണ്ടാകുക, വൈകുക; 2. പാർക്കുക, വസിക്കുക
താമസീചരൻ നാ. രാത്രിഞ്ചരൻ, രാക്ഷസൻ
താമിസ്രം നാ. 1. (പുരാണ) ഒരു നരകം (കൂരിരുൾ നിറഞ്ഞത്); 2. അവിദ്യയുടെ അഞ്ചുഭാവങ്ങളിൽ ഒന്ന്, കോപം; 3. കറുത്തപക്ഷം; 4. കൂരിരുട്ട്
താമ്പാളം [മറാ.തംബലാ] നാ. ലോഹനിർമിതമായ തട്ടം, പരന്നപാത്രം
താമ്പ് നാ. 1. കയറ്; 2. മാടുകളെ വിൽക്കുന്ന സമയത്ത് കയറുമാറുമ്പോൾ വാങ്ങുന്ന ആൾ ഉടമസ്ഥനുകൊടുക്കുന്ന പാരിതോഷികം; 3. കിണറ്റുപാള; 4. നിയന്ത്രണം
താമൃത്ത് വി. 1. വിവർണമായ, വാടിയ; 2. തളർച്ചയുള്ള; 3. ഖേദമുള്ള
താമ്ര1 വി. 1. ചെമ്പുകൊണ്ടുണ്ടാക്കിയ; 2. ചുവന്ന, ചെമ്പുനിറമുള്ള
താമ്ര2 നാ. (പുരാണ) സക്ഷപുത്രി (കശ്യപപത്നിമാരിൽ ഒരാൾ. പക്ഷികളുടെ മാതാവ്); 2. (പുരാണ) വസുദേവൻെറ ഭാര്യമാരിൽ ഒരുവൾ; 3. (പുരാണ) ഒരു നദി; 4. ത്വക്കിൻെറ ഏഴുപാളികളിൽ നാലാമത്തേത്; 5. മലന്തിപ്പലി; 6. മഞ്ചട്ടി; 7. ചെമന്ന കുന്നി

താമ്രകം നാ. 1. ചെമ്പ്; 2. ചെമ്പിൻെറ നിറം
താമ്രകർണി നാ. അഷ്ടദിഗ്ഗജങ്ങളിൽ ഒന്നായ അഞ്ജനൻെറ പിടിയാന
താമ്രകാരൻ നാ. ചെമ്പുകൊട്ടി
താമ്രകിട്ടം നാ. ക്ലാവ്
താമ്രകൃമി നാ. 1. ഇന്ദ്രഗോപം; 2. ഒരിനം ചുവന്ന ചായം
താമ്രകേശം നാ. ചെമ്പിച്ചതലമുടി
താമ്രഗർഭം നാ. നീലത്തുരിശ്, തുത്ഥാഞ്ജനം (തുത്ഥത്തിൽനിന്നും എടുക്കുന്ന അഞ്ജനം)
താമ്രചൂഡം നാ. 1. പൂവൻകോഴി; 2. കുക്കുരുവൃക്ഷം; 3. (നാട്യ) ഒരു ഹസ്തമുദ്ര (നാട്യനൃത്യനൃത്താദികളിൽ ഉപയോഗിക്കുന്നത്)
താമ്രജ വി. ചെമ്പുകൊണ്ടുണ്ടാക്കിയ
താമ്രതുണ്ഡം നാ. 'ചുവന്ന ചുണ്ടുള്ളത്', തത്ത
താമ്രത്രപുജം നാ. വെള്ളോട്
താമ്രദ്രു നാ. രക്തചന്ദനം
താമ്രദ്വീപം നാ. ലങ്കാദ്വീപ്
താമ്രധാതു നാ. 1. ചെമ്പിൻെറ അയിര്; 2. കാവി
താമ്രപട്ടം നാ. ചെമ്പുപട്ടയം
താമ്രപത്രം നാ. 1. (ശാസനങ്ങൾ, ദാനപത്രങ്ങൾ തുടങ്ങിയവ രേഖപ്പെടുത്തിയ) ചെമ്പുതകിട്; 2. തണ്ടൻ ചീര, ജീവന്തകം; 3. ഒരിനം വൃക്ഷം (മുളന്ലാശ്)
താമ്രപർണി നാ. 1. തമിഴ്നാട്ടിലുള്ള ഒരു നദി (ഭാരതത്തിലെ പ്രധാന നദികളിൽ ഒന്ന്); കുഴിത്തുറയാറ്; 3. കുളം; 4. ലങ്കയിലുള്ള ഒരു പട്ടണം
താമ്രപർണികം നാ. 'താമ്രപർണിയിൽ ഉണ്ടാകുന്നത്', ഒരിനം മുത്ത്
താമ്രപുഷ്പം നാ. 1. കാട്ടുചെമ്പകം; 2. മലയകത്തി; 3. ചീര
താമ്രഭസ്മം നാ. ചെമ്പു പുടംവച്ചു നീറ്റിയെടുത്ത ഒരിനം പൊടി
താമ്രം നാ. 1. ചെമ്പ്; 2. ചെമപ്പുനിറം, ചെമപ്പുനിറമുള്ളത്; 3. ഒരിനം കന്മദം (ചെമ്പുകലർന്നിട്ടുള്ളത്)
താമ്രരൂപം നാ. നാലിൽ മൂന്നുഭാഗം ചെമ്പും ഒരുഭാഗം വെള്ളിയും ചേർത്തുണ്ടാക്കുന്ന ഒരു നാണയം
താമ്രവർണം നാ. ചെമ്പിൻെറ നിറം, ചെമപ്പുനിറം; 2. ചെമ്പുനിറമുള്ള ഒരിനം മാൻ
താമ്രവർണി1 [സം.-വർണീ] നാ. എള്ളിൻ പൂവ്
താമ്രവർണി2 നാ. താമ്രപർണി
താമ്രശാസനം നാ. ചെമ്പുതകിടിൽ രേഖപ്പെടുത്തിയ രാജകീയ വിളംബരങ്ങൾ ആദിയായവ
താമ്രശിഖം നാ. പൂവൻകോഴി
താമ്രസാരം നാ. രക്തചന്ദനം
താമ്രസിന്ദൂരം നാ. ചെമ്പു പുടംവച്ചെടുത്ത പൊടി
താമ്രാക്ഷൻ നാ. 1. ചെമന്ന കണ്ണുള്ളവൻ; 2. (പുരാണ) ഒരു യക്ഷൻ; 3. രാവണൻെറ ഒരു അനുചരൻ
താമ്രാക്ഷം നാ. 1. കുയിൽ; 2. ഉപ്പൻ; 3. കാക്ക
താമ്രാധര1 വി. ചുവന്ന ചുണ്ടുള്ള

താമ്രാധര2 നാ. സുന്ദരി (ചുവന്ന ചുണ്ടുള്ളവൾ)
താമ്രാഭം നാ. രക്തചന്ദനം
താമ്രാർധം നാ. വെള്ളോട് (ചെമ്പും വെളുത്തീയവും തുല്യമായിചേർത്ത് ഉരുക്കിയുണ്ടാക്കുന്ന സങ്കരലോഹം)
താമ്രാശ്മം നാ. മാണിക്യം
താമ്രി നാ. ഒരിനം നാഴികവട്ട
താമ്രിക1 വി. ചെമ്പുകൊണ്ടുള്ള
താമ്രിക2 നാ. 1. ചെമന്നകുന്നി; 2. താമ്രി
താമ്രികൻ നാ. ചെമ്പുകൊട്ടി
താമ്രിമാവ് നാ. ചെമപ്പ്
താമ്രോപജീവി നാ. താമ്രികൻ
താമ്രോഷ്ഠം നാ. ചെമന്നചുണ്ട്
തായ് നാ. 1. അമ്മ; 2. തൂമ്പയുടെയോ മഴുവിൻെറയോ പിടി
തായ്ക്കിഴവി നാ. ഗണികയുടെ അമ്മ
തായ്ക്കെട്ട് നാ. അറപ്പുര, വീടിൻെറ പ്രധാനഭാഗം
തായ്ക്കൊമ്പ് നാ. (വൃക്ഷത്തിൻെറ) പ്രധാന ശിഖരം
തായ്ത്തടി നാ. നാരായവേരിൻെറ തുടർച്ചയായി വളരുന്ന തടി
തായ്വഴി നാ. അമ്മവഴിക്കുള്ള കുടുംബശാഖ. (പ്ര) തായ്വഴിക്രമം, തായ്വഴിപ്പട്ടിക = വംശപാരമ്പര്യപ്പട്ടിക
തായ്വേര് നാ. സസ്യങ്ങളുടെ മുഖ്യമായ വേര്, നാരായവേര്)
തായം1 നാ. 1. ചൂതുകരു, പകിട; 2. ഒരിനം ചൂതുകളി; 3. തക്കം, തഞ്ചം (അനുകൂലമായ അവസരം); 4. കൗശലം, സൂത്രം; 5. വിജയം; 6. കളരിപ്പയറ്റിലെ ഒരടവ്
തായം2 നാ. ദായം. ഉദാ: മക്കത്തായം, മരുമക്കത്തായം
തായമ്പക നാ. ഒരു പ്രത്യേകതരത്തിലുള്ള ചെണ്ടമേളം
തായാടൽ [തായാടുക] നാമരൂപം
തായാടുക1 ക്രി. 1. കളിക്കുക, ചൂതുകളിക്കുക; 2. കുസൃതികാണിക്കുക, ദുസ്സാമർഥ്യം കാണിക്കുക
തായാടുക2 ക്രി. 1. ഉപദ്രവം ഉണ്ടാക്കുക, നാശംചെയ്യുക; 2. കൊള്ളയിടുക. (പ്ര) തായാട്ടം തായാടുക
തായാട്ട് നാ. 1. കുറ്റം; 2. നിന്ദ; 3. കള്ളം; 4. ധിക്കാരം; 5. ദുഷ്ടത
തായാർ നാ. തായ് (അമ്മ)
തായി1 നാ. തായ് (പ്ര) തായിക്കെട്ട് = തായ്ക്കെട്ട്. തായിപ്പുര = തായ്പ്പുര. തായിഭാഷ = മൂലഭാഷ
തായി2 നാ. സ്ഥായി. (പ്ര) തായിപിടിക്കുക = ശ്രുതിപിടിക്കുക
തായു നാ. കള്ളൻ
താർ1 നാ. താര്
താർ2 നാ. = ടാർ
താർകുഴലാൾ നാ. സുന്ദരി
താർക്കവ [<സം.തർകു] നാ. വി. നെയ്ത്ത
താർക്കികൻ [സം.<തർക] നാ. 1. തർക്കശാസ്ത്രപണ്ഡിതൻ; 2. തത്ത്വജ്ഞാനി
താർക്ഷൻ നാ. കശ്യപമുനി

താർക്ഷ്യകേതു നാ. താർക്ഷ്യധ്വജൻ (വിഷ്ണു)
താർക്ഷ്യചൂർണം നാ. ഇല്ലട്ടക്കരി
താർക്ഷ്യൻ നാ. (പുരാണ) 1. താർക്ഷ്യൻെറ പുത്രൻ, ഗരുഡൻ; 2. കശ്യപൻ (തൃക്ഷൻെറ വംശത്തിൽ പിറന്നതിനാൽ); 3. അരുണൻ; 4. ശിവൻ; 5. ദേവയോനികളായ ഒരു വർഗം (യക്ഷർ, കിന്നരർ, ചാരണർ എന്നിവരെപ്പോലെ); 6. ഒരു വൈദികദേവത (രണ്ടുചിറകുള്ള കുതിരയുടെ രൂപത്തിൽ എന്നു സങ്കൽപം)
താർക്ഷ്യനാഥൻ നാ. 1. ഗരുഡൻ; 2. പരുന്ത്
താർക്ഷ്യം നാ. 1. രസാഞ്ജനം; 2. മരതക രത്നം; 3. സ്വർണം; 4. പാമ്പ്; 5. താർക്ഷ്യമന്ത്രം; 6. പക്ഷി; 7. പരുന്ത്; 8. കുതിര; 9. രഥം, വണ്ടി; 10. മരുത്; 11. പെരുമരുത്
താർക്ഷ്യമന്ത്രം നാ. വിഷഹരമായ ഒരു മന്ത്രം
താർക്ഷ്യവാഹനൻ നാ. വിഷ്ണു (ഗരുഡൻ വാഹനമായിട്ടുള്ളവൻ)
താർക്ഷ്യശരം നാ. ഒരു ദിവ്യാസ്ത്രം (ഗരുഡൻ ദേവതയായുള്ളത്)
താർക്ഷ്യശൈലം നാ. രസാഞ്ജനം
താർച്ചായലാൾ നാ. സുന്ദരി (പൂവണിഞ്ഞ മുടിയുള്ളവൾ)
താർണം നാ. 1. തൃണംകൊണ്ടുണ്ടാക്കിയത്; 2. അഗ്നി
താർണസം നാ. ഒരിനം ചന്ദനം (തൃണസാനദീതീരത്തുണ്ടാകുന്നത്)
താർതാവൽ നാ. ഒരു പച്ചമരുന്ന് (ചുവന്നും വെളുത്തും രണ്ടുതരം നറുനീണ്ടിവേരിൻെറ സ്വാദും രുചിയും വേരിനുണ്ട്)
താർത്തരുണി നാ. താർമങ്ക, ലക്ഷ്മീദേവി
താർത്തീയ [സം.<തൃതീയ] വി. മൂന്നാമത്തെ
താർത്തീയക വി. മൂന്നാമത്തേതുമായി ബന്ധപ്പെട്ട, മൂന്നാമത്തേതായ.
865
താർത്തീയീകം വി. മൂന്നാമത്തെ. നാ. മൂന്നാമത്തേത്
താർത്തെന്നൽ നാ. സുഗന്ധിയായ ഇളംകാറ്റ് (പൂക്കളിൽതട്ടിവരുന്നത്)
താർത്തേന്മൊഴി നാ. സുന്ദരി (പൂന്തേൻപോലെ മധുരമായി സംസാരിക്കുന്നവൾ)
താർമകൻ നാ. ബ്രഹ്മാവ്
താർമകൽ,-മങ്ക നാ. = താരാർമകൾ, ലക്ഷ്മീദേവി
താർമൊഴി നാ. പൂമൊഴി
താർവനിത നാ. താരാർമാത്
താർവില്ലി നാ. കാമദേവൻ
താർശരൻ നാ. പൂവമ്പൻ (കാമദേവൻ)
താര1 നാ. 1. വഴി; 2. വരഞ്ഞെടുത്ത രേഖ (കൊത്തുപണിയും മറ്റും); 3. ഓവ്, ചാല്; 4. ചവിട്ടിയ പാട്; 5. അതിര്; 6. രണ്ടുവശത്തുനിന്നും മണ്ണുകോരിയിട്ട് ഉയർത്തിയുണ്ടാക്കുന്ന തിണ്ട്; 7. അടയാളം, കുറി
താര2 വി. 1. ഉച്ചസ്ഥായിയിലുള്ള; 2. ഉച്ചത്തിലുള്ള; 3. തിളക്കമുള്ള, തെളിവുള്ള; 4. ഉത്കൃഷ്ടമായ, മികച്ച
താര3 നാ. 1. (പുരാണ) വാനരശ്രേഷ്ഠനായ ബാലിയുടെ ഭാര്യ; 2. (പുരാണ) ബൃഹസ്പതിയുടെ ഭാര്യ; 3. (പുരാണ) ഹരിശ്ചന്ദ്രൻെറ ഭാര്യയായ ചന്ദ്രമതിയുടെ മറ്റൊരുപേര്; 4. ഗ്രഹം; 5. നക്ഷത്രം; 6. (പുരാണ) വൈഷ്ണവിയുടെ കുലത്തിൽ ചേർന്ന ഒരു ദേവി; 7. ദശമഹാവിദ്യകളിൽ ഒന്നിൻെറ അധിഷ്ഠാത്രിയായ

ദേവി; 8. കണ്ണ്; 9. കൃഷ്ണമണി; 10. മുത്ത്; 11. മുത്തിൻെറ തെളിമ; 12. വെള്ളി; 13. ഒരു വാദ്യം (പെരുംകുഴൽ); 14. ചീഡാദേവതാരം; 15. തൂക്കുന്നതിനുള്ള പടി

താരക1 വി. തരണം ചെയ്യിക്കുന്ന (അക്കരയ്ക്കു കടത്തുന്ന); 2. രക്ഷിക്കുന്ന; 3. മോചിപ്പിക്കുന്ന

താരക2 നാ. 1. നക്ഷത്രം; 2. കൃഷ്ണമണി; 3. കണ്ണ്; 4. മുത്ത്; 5. (പുരാണ) ബാലിയുടെ ഭാര്യ; 6. ഒരു മന്ത്രം; 7. തൂക്കുന്നപടി; 8. ദേവതാളി; 9. ചെറിയ കാട്ടുവെള്ളരി

താരകജിത്ത് നാ. സുബ്രഹ്മണ്യൻ (താരകനെ ജയിച്ചവൻ)

താരകൻ നാ. 1. (പുരാണ) ഒരു അസുരൻ (വജ്രാങ്ഗൻെറയും വജ്രാങ്ഗിയുടെയും പുത്രൻ. സുബ്രഹ്മണ്യനാൽ വധിക്കപ്പെട്ടു); 2. നാശകാരി; 3. രക്ഷിക്കുന്നവൻ (തരണംചെയ്യിക്കുന്നവൻ); 4. ചുക്കാൻപിടിക്കുന്നവൻ; 5. ശിവൻ (സംസാരസാഗരം തരണംചെയ്യിക്കുന്നവൻ)

താരകബ്രഹ്മം നാ. പ്രണവസ്വരൂപമായ പരബ്രഹ്മം

താരകം നാ. 1. കടത്താൻ സഹായിക്കുന്നത്, തോണി, ചങ്ങാടം; 2. കണ്ണ്; 3. കൃഷ്ണമണി; 4. ഒരു മന്ത്രം; 5. പ്രണവം; 6. നക്ഷത്രം; 7. ഗദായുദ്ധത്തിലെ ഒരു പ്രത്യേക അടവ്; 8. ഉച്ചശ്രുതി (ഉച്ചത്തിലുള്ള ശബ്ദം)

താരം1 നാ. 1. തെളിമ, പ്രകാശം; 2. ഏറ്റവും ഉച്ചത്തിലുള്ള ശബ്ദം; 3. (സങ്ഗീ) ശ്രുതികൾ മൂന്നുവിധം ഉള്ളതിൽ ഒന്ന് (ഏറ്റവും ഉച്ചത്തിലുള്ള ശ്രുതി, മന്ദ്രം, മധ്യമം എന്നിവ മറ്റുരണ്ടും); 4. പ്രണവം; 5. തരണം (അക്കരകടക്കൽ); 6. നദിയുടെ കര; 7. നക്ഷത്രം; 8. മുത്ത്; 9. കണ്ണിൻെറ കൃഷ്ണമണി; 10. വെള്ളി; 11. കലാരങ്ഗത്തും മറ്റും പ്രശസ്തനായ വ്യക്തി. ഉദാ: കായികതാരം, സിനിമാതാരം

താരം2 നാ. = താരകം

താരം3 നാ. ഒരു പഴയ ചെമ്പുനാണയം. (പ്ര) താരം ഈമ്പി = ലുബ്ധൻ. ചക്കരതിന്നുമ്പോൾ നക്കിനക്കി താരംകൊടുക്കുമ്പോൾ മിക്കിമിക്കി. താരം അഴിയാതെ പൂരംകൊള്ളാമോ (പഴ)

താരം4 നാ. അരിതാരം

താരകാനിമ്നം നാ. (ജ്യോ) ഒരു നക്ഷത്രദോഷം (എല്ലാനക്ഷത്രങ്ങളിലും ഒരോനാഴികവീതം വരുന്നത്)

താരകാന്തകൻ നാ. സുബ്രഹ്മണ്യൻ

താരകാപതി നാ. നക്ഷത്രങ്ങളുടെ നായകൻ, ചന്ദ്രൻ

താരകാരാതി നാ. സുബ്രഹ്മണ്യൻ

താരകാരി നാ. സുബ്രഹ്മണ്യൻ

താരകിണി നാ. നക്ഷത്രങ്ങളാൽ പ്രകാശപൂർണമായ രാത്രി

താരകിത വി. നക്ഷത്രങ്ങൾ നിറഞ്ഞ

താരകേശൻ നാ. ചന്ദ്രൻ

താരകേശ്വരൻ നാ. 1. ചന്ദ്രൻ; 2. ശിവൻ

താരഗതി നാ. (സങ്ഗീ) ഒരലങ്കാരം

താരജീവനം നാ. സ്വർണം

താരണ വി. 1. കടത്തുന്ന; 2. രക്ഷിക്കുന്ന; 3. മോചിപ്പിക്കുന്ന

താരണക്കോൽ നാ. ഒരു ഉപകരണം, ഒരിനം വെള്ളിക്കോൽ (തൂക്കം അളക്കാനുള്ളത്)

താരണൻ നാ. 1. കടത്തുന്നവൻ; 2. ഈശ്വരൻ (സംസാരസമുദ്രത്തെ തരണം ചെയ്യിക്കുന്നവൻ); 3. വിഷ്ണു; 4. ശിവൻ

താരണം1 നാ. 1. മറുകര കടത്തൽ; 2. മോചിപ്പിക്കൽ, രക്ഷപെടുത്തൽ; 3. വിനയം; 4. അറുപതു വർഷങ്ങളുള്ള ഒരു ഗുരുവർഷ ചക്രത്തിൽ പതിനെട്ടാമതു വർഷം; 5. തോണി, ചങ്ങാടം

താരണം2 നാ. ചാരണം

താരണി1 നാ. സൂര്യൻെറ (തരണിയുടെ) പുത്രൻ, യമൻ

താരണി2 നാ. 1. കടത്തുകാരി; 2. പരാശക്തി (സംസാര സാഗരത്തെ തരണം ചെയ്യിക്കുന്നവൾ); 3. കടത്തുവള്ളം, ചങ്ങാടം

താരതണ്ഡുലം നാ. വെളുത്തചോളം

താരതമ്യം നാ. 'തരതമഭാവം', ഏറ്റക്കുറച്ചിൽ, വലിപ്പച്ചെറുപ്പം, സാമ്യവും വ്യത്യാസവും

താരത്ത് നാ. 1. ചങ്ങാടം; 2. താറാവ്

താരൻ1 നാ. 1. (പുരാണ) ഒരു വാനര സേനാനായകൻ (ബൃഹസ്പതിയുടെ പുത്രൻ); 2. വിഷ്ണു; 3. ശിവൻ; 4. (പുരാണ) ഒരു അസുരൻ, താരകൻ

താരൻ2 നാ. ചാരണം

താരന്തി നാ. തോണി, വള്ളം

താരപതനം നാ. കൊള്ളിമീൻവീഴ്ച

താരപുഷ്പം നാ. കുരുക്കുത്തിമുല്ല

താരം നാ. നക്ഷത്രം

താരമാക്ഷികം നാ. മാക്കീരക്കല്ല്

താരമ്പൻ നാ. കാമദേവൻ. (പ്ര) താരമ്പക്കളി = കാമകേളി. താരമ്പരിപു, -ശത്രു, -വൈരി = ശിവൻ

താരയിതാവ് നാ. താരണൻ

താരരന്ധ്രം നാ. ഓടക്കുഴലിൽ ഉച്ചസ്വരം പുറപ്പെടുവിക്കുന്നതിന് ഊതുവാനുള്ള തുളയിൽനിന്ന് അഞ്ചങ്ഗുലം അകലത്തിലായി ഉണ്ടാക്കിയിട്ടുള്ള ദ്വാരം

താരരുദ്ധം നാ. ആദ്യവും അവസാനവും പ്രണവം കൂട്ടിച്ചേർത്തത് (മന്ത്രമെന്നപോലെ)

താരവ വി. തരുവിനെ (വൃക്ഷത്തെ) സംബന്ധിച്ച

താരവായു നാ, ശബ്ദത്തോടെ വീശുന്ന കാറ്റ്

താരവാരി നാ. പ്രണവം ജപിച്ച് പരിശുദ്ധമാക്കിയ വെള്ളം

താരസാരം നാ. ഒരു ഉപനിഷത്ത് (പ്രണവസാരത്തെ സംബന്ധിച്ചുള്ളത്)

താരസ്ഥായി നാ. താരം

താരസ്വരം നാ. 1. (സങ്ഗീ) ഉച്ചസ്വരം; 2. ഉച്ചത്തിലുള്ള സ്വരം

താരഹാരം നാ. 1. ശോഭയുള്ള മാല; 2. മുത്തുമാല; 3. നക്ഷത്രസമൂഹമാകുന്ന മാല

താരള വി. ഇളകുന്ന

താരളൻ നാ. 1. ചപലൻ (സ്ഥൈര്യമില്ലാത്തവൻ); 2. വിടൻ; 3. തോന്നിയവാസി

താരള്യം നാ. തരളത

താരാകർമം	നാ.	(നാട്യ) നൃത്താദികളിൽ രസപ്രകടനത്തിനുവേണ്ടി കൃഷ്ണമണികൊണ്ടുചെയ്യുന്ന കർമം (ചലനം, വ്
അലനം, സമവൃത്തം, പ്രാകൃതം എന്നിങ്ങനെ ഒൻപതുവിധം)
താരാഗണം	നാ.	നക്ഷത്രങ്ങളുടെ സമൂഹം
താരാഗ്രഹങ്ങൾ	നാ.	ബ.വ. (ജ്യോ) സൂര്യചന്ദ്രന്മാർ രാഹുകേതുക്കൾ ഇവ ഒഴിച്ചുള്ള അഞ്ച് ഗ്രഹങ്ങൾ (കുജൻ, ബുധൻ, ഗുരു, ശുക്രൻ, ശനി) എന്നിവ. താരംപോലെ പ്രകാശിക്കുന്നതിനാൽ ഈ പേര്
താരാട്ടം	നാ.	1. ഓമനിക്കൽ, കൊഞ്ചിക്കൽ; 2. കുഞ്ഞുങ്ങളെ ഉറക്കാൻവേണ്ടി പാടൽ
താരാട്ട്	നാ.	1. കുഞ്ഞുങ്ങളെ ഉറക്കുന്നതിനുവേണ്ടി പാടുന്ന ഒരുതരം പാട്ട്; 2. ഓമനിക്കൽ, താലോലിക്കൽ
താരാട്ടുക	ക്രി.	കുഞ്ഞുങ്ങളെ ഉറക്കാൻവേണ്ടി തൊട്ടിലിൽ കിടത്തി ആട്ടിപ്പാടുക; 2. ഓമനിക്കുക, താലോലിക്കുക, ലാളിക്കുക
താരാധിനാഥൻ	നാ.	താരാപതി
താരാധിനായകൻ	നാ.	താരാധിനാഥൻ
താരാധിപൻ	നാ.	ചന്ദ്രൻ
താരാപതി	നാ.	1. ചന്ദ്രൻ (നക്ഷത്രങ്ങളുടെ നാഥൻ); 2. ബാലി; 3. സുഗ്രീവൻ; 4. ബൃഹസ്പതി; 5. ശിവൻ
താരാപഥം	നാ.	ആകാശം (നക്ഷത്രങ്ങളുടെ സഞ്ചാരമാർഗം)
താരാപീഡൻ	നാ.	1. ചന്ദ്രൻ; 2. (പുരാണ) ഒരു സൂര്യവംശ രാജാവ്)
താരാഭം	നാ.	രസം (വെള്ളിപോലെയുള്ളത്)
താരാഭൂഷ	നാ.	'നക്ഷത്രങ്ങളാൽ അലങ്കൃതയായവൾ', രാത്രി
താരാഭ്രം	നാ.	കർപ്പൂരം
താരാമണാളൻ	നാ.	താരാപതി
താരാമണ്ഡലം	നാ.	1. നക്ഷത്രസമൂഹം; 2. (ജ്യോ) രാശിചക്രം; 3. കൃഷ്ണമണി
താരാമൃഗം	നാ.	മകയിരം നക്ഷത്രം
താരാമൈത്രകം	നാ.	പ്രധമ ദർശനത്തിൽത്തന്നെയുണ്ടാകുന്ന പ്രേമം (അകാരണമായി ഉണ്ടാകുന്ന പ്രീതി, താനേ ഉണ്ടാകുന്ന സ്നേഹബന്ധം)
താരായണം	നാ.	1. അരയാൽ; 2. അത്തി
താരാർ	വി.	1. പൂക്കൾ നിറഞ്ഞ; 2. പൂവണിഞ്ഞ
താരാർകുഴൽ	നാ.	താരാർ കുഴലി
താരാർകുഴലി	നാ.	സുന്ദരി (പൂവണിഞ്ഞ മുടിയുള്ളവൾ)
താരാർപൂങ്കുഴൽ	നാ.	സുന്ദരി (പൂവണിഞ്ഞ മനോഹരമായ മുടി, അതുള്ളവൾ)
താരാർപൊഴിൽ	നാ.	പൂക്കൾ നിറഞ്ഞ പൊയ്ക
താരാർമകൾ,-മാത്	നാ.	ലക്ഷ്മീദേവി
താരാലി	നാ.	ഒരിനം വലിയ ഇരുമ്പു സൂചി (ചാക്കുതുണി തയ്ക്കുന്നത്)
താരാവട്ടം	നാ.	ഒരിനം ഉരുക്ക്
താരാവർഷം	നാ.	കൊള്ളിമീൻ വീഴ്ച
താരാവലി	നാ.	1. നക്ഷത്രസമൂഹം; 2. ഒരിനം ഖണ്ഡകാവ്യം (നക്ഷത്രങ്ങളുടെ സംഖ്യ അനുസരിച്ച് 27 പദ്യങ്ങൾ ഇതിൽ ഉണ്ടായിരിക്കും)
താരാവ്യൂഹം	നാ.	നക്ഷത്രക്കൂട്ടം

താരാസുതൻ നാ. 1. അങ്ഗദൻ; 2. ബുധൻ
താരി1 നാ. 1. പാത, വഴി; 2. രീതി, വിധം; 3. താളം
താരി2 നാ. ഝങ്കാരം
താരി3 നാ. 1. ആയുധങ്ങളുടെ വായ്ത്തല; 2. മൂർച്ച; 3. ഒരായുധം. (പ്ര) താരിതാഴ്ത്തുക = പയറ്റിൽ താരി എന്ന ആയുധം താഴ്ത്തുക
താരി4 നാ. ചങ്ങാടം, വഞ്ചി (തരണംചെയ്യാൻ സഹായിക്കുന്നതിനാൽ)
താരിക1 വി. കാറ്റത്തുന്ന
താരിക2 നാ. തോണി, ചങ്ങാടം
താരികൻ നാ. കടത്തുകാരൻ
താരികം നാ. 1. കടത്തുകൂലി; 2. തീരുവ; 3. വഞ്ചി
താരികി നാ. കടത്തുകാരൻ
താരിണി1 നാ. 1. ദുർഗ (ഭവസാഗരത്തെ തരണം ചെയ്യിക്കുന്നതിനാൽ); 2. തോണി, ചങ്ങാടം
താരിണി2 നാ. 1. ഭൂമി; 2. ഇലവു മരം
താരിത വി. 1. അക്കരെ കടത്തപ്പെട്ട; 2. രക്ഷിക്കപ്പെട്ട
താരിത്രം നാ. തോണി, ചങ്ങാടം
താരിത്രി നാ. താരിത്രം
താരിപ്പ് [അറ.] നാ. 1. തീരുവനിരക്ക്; 2. നിരക്ക്; 3. സ്വഭാവം, ശീലം
താരിൽകമനി നാ. ലക്ഷ്മീദേവി
താരിൽതന്വി നാ. മഹാലക്ഷ്മി (താമരപ്പൂവിൽ സ്ഥിതിചെയ്യുന്നതിനാൽ)
താരിൽമാത് നാ. മഹാലക്ഷ്മി.
867
താരിഖ് [അറ.] നാ. തീയതി
താര് നാ. 1. പൂവ്, 2. നൂലുണ്ട
താരുണ വി. ചെറുപ്പമായ
താരുണി നാ. യൗവനം (തരുണഭാവം)
താരുണ്ണി നാ. 1. ബ്രഹ്മാവ്; 2. ലക്ഷ്മീദേവി
താരുണ്യം നാ. 1. ചെറുപ്പം, യൗവനം; 2. നവീനത, പുതുമ
താരേയൻ നാ. 1. (പുരാണ) അങ്ഗദൻ; 2. ബുധൻ
താരേശൻ നാ. ചന്ദ്രൻ
താരേശാസ്യ നാ. സുന്ദരി
താൽ1 നാ. കൊഞ്ചൽ
താൽ2 നാ. പാദം
താലകം നാ. 1. താഴ്; 2. മണമുള്ള ഒരുതരം മണ്ണ്; 3. അരിതാരം; 4. പനങ്കള്ള്; 5. ഒരിനം കീടം (വിഷമുള്ളത്)
താലകി നാ. പനങ്കള്ള്
താലകേതൻ നാ. (പുരാണ) 1. ഭീഷ്മർ; 2. ബലരാമൻ; 3. ഒരസുരൻ
താലങ്കം നാ. താടങ്കം
താലജട നാ. പനനാര്
താലദണ്ഡം നാ. ചാൺ (കൈപ്പത്തി വിരിച്ചുവച്ചാൽ നടുവിരലിൻെറ അറ്റം മുതൽ പെരുവിരലിൻെറ അറ്റം വരെയുള്ള അകലം)

താലധ്വജൻ നാ. = താലകേതനൻ
താലധാരകൻ നാ. നർത്തകൻ
താലൻ നാ. ശിവൻ
താലന്ത് [ഇം.] നാ. 1. ഒരു പഴയ നാണയം; 2. ഒരു തൂക്കം
താലപത്രം നാ. 1. പനയോല (ഗ്രന്ഥങ്ങളും മറ്റും എഴുതാൻ ഉപയോഗിച്ചുപോന്ന താളിയോല); 2. ഒരു കർണാഭരണം, തക്ക (പനയോലചുരുട്ടി കാതിൽ ആഭരണമായി ധരിക്കുന്നത്, ആ ആകൃതിയിൽ സ്വർണംകൊണ്ടുണ്ടാക്കിയ ആഭരണത്തിനും ഈ പേര്); 3. കരിമ്പനയോലയുടെ ആകൃതിയിൽ ലോഹംകൊണ്ടുണ്ടാക്കുന്ന മൂർച്ചയുള്ള ആയുധം (ശത്രുവിൻെറ ഉള്ളംകാലിൽ മുറിവുണ്ടാക്കാനായി മണ്ണിനടിയിൽ കുഴിച്ചിടുന്നു)
താലപ്പൊലി നാ. ഭഗവതിക്ഷേത്രങ്ങളിലെ ഒരു വഴിപാട് (വ്രതശുദ്ധകളായ കന്യകമാർ മങ്ഗലവസ്തുക്കൾനിറച്ച താലം പിടിച്ചു വാദ്യഘോഷങ്ങളോടെ ക്ഷേത്രപ്രദക്ഷിണം ചെയ്തു താലത്തിലുള്ള വസ്തുക്കൾ ദേവിക്കുസമർപ്പിക്കുന്നത്)
താലഭൃത്ത് നാ. (പുരാണ) 1. ബലരാമൻ; 2. ഭീഷ്മർ
താലം1 നാ. 1. കരിമ്പന; 2. കുടപ്പന; 3. പനകൊണ്ടുള്ള വില്ല്; 4. കൈത്തലം; 5. ചാൺ (പെരുവിരലിൻെറ അറ്റംതൊട്ട് നടുവിരലിൻെറ അറ്റം വരെയുള്ള അകലം); 6. (ശിൽപ) ഗൃഹം പണിയുന്ന ആളിൻെറ പൊക്കം; 7. ദുർഗയുടെ സിംഹാസനം; 8. തഴുത്, പൂട്ട്; 9. വാളിൻെറ പിടി; 10. കൈമണി; 12. തേൻ
താലം2 നാ. 1. (സങ്ഗീ) താളം; 2. (സങ്ഗീ) താളംപിടിക്കുന്ന രീതികളിൽ ഒന്ന് (ഇടതുകൈകൊണ്ട് വലതുകൈയിൽ കൊട്ടുന്നത്)
താലം3 നാ. 1. തട്ടം; 2. താലപ്പൊലി
താലയന്ത്രം നാ. 1. പൂട്ട്; 2. ഒരു ഉപകരണം (ശസ്ത്രക്രിയചെയ്യുന്നതിനുള്ളത്)
താലരസം നാ. പനങ്കള്ള്
താലരേചനകൻ നാ. നടൻ, നർത്തകൻ
താലവനം നാ. 1. പനങ്കാട്; 2. (പുരാണ) മഥുരാമണ്ഡലത്തിൽ ശ്രീകൃഷ്ണനു പ്രീയപ്പെട്ട 12 വനങ്ങളിൽ ഒന്ന്; 3. ഭാരതത്തിലെ ഒരു പ്രാചീന ജനപദം
താലവാദ്യം നാ. 1. കൈകൊട്ടൽ; 2. താളംകൊട്ടുന്നതിനുള്ള വാദ്യം ചെണ്ട മൃദങ്ഗം തുടങ്ങിയവ
താലവൃന്തം നാ. 1. പനയോലകൊണ്ടുണ്ടാക്കിയ ഒരിനം വിശറി; 2. ഒരു ആയുധം (കാറ്റിനെ ശക്തിയായി ചലിപ്പിക്കുന്നത്)
താലവ്യ [സം.<താലു] വി. താലുവിനെ സംബന്ധിച്ച
താലവ്യജനം നാ. പനയോലകൊണ്ടുണ്ടാക്കുന്ന ഒരിനം വിശറി
താലവ്യം നാ. (ഭാ.ശാ.) ഉച്ചാരണകരണമായ നാവ് താലുപ്രദേശത്ത് സ്പർശിച്ചു വായുപ്രവാഹത്തെ തടഞ്ഞുച്ചരിക്കുന്ന ഭാഷണശബ്ദം (ച ഛ ജ ഝ ഞ ഇ ഈ യ ശ എന്നീ അക്ഷരങ്ങൾ)
താലാങ്കൻ നാ. 1. (പുരാണ) ബലരാമൻ (താലം കൊടിയടയാളമായിട്ടുള്ളവൻ); 2. ശിവൻ; 3. (പുരാണ) ഭീഷ്മർ; 4. ശുഭലക്ഷണം തികഞ്ഞവൻ
താലാങ്കം നാ. 1. എഴുതാനുപയോഗിക്കുന്ന പനയോല; 2. ഗ്രന്ഥക്കെട്ട്; 3. ഈർച്ചവാൾ
താലാട്ടുക ക്രി. = താരാട്ടുക
താലാവചരൻ നാ. നടൻ, നർത്തകൻ

താലി1 നാ. 1. വിവാഹസമയത്ത് വരൻ വധുവിൻെറ കഴുത്തിൽ അണിയിക്കുന്ന പ്രധാന ആഭരണം, മങ്ഗല്യസൂത്രം; 2. ഒരു കണ്ഠാഭരണം, കൂട്ടത്താലി, താലിമാല (അനേകം താലികൾ ഒരുമിച്ചുകോർത്ത് ഉണ്ടാക്കുന്നത്. ഉദാ: നാഗപടത്താലി, പൂത്താലി; 3. അരത്താലി. (പ്ര) താലി അറുക = വൈധവ്യം ഉണ്ടാവുക. താലികെട്ട്, താലികെട്ടുകല്യാണം = ചില സമുദായങ്ങളിൽ കൗമാരപ്രായത്തിലുള്ള കന്യകയെ ഒരു ചടങ്ങിനുമാത്രമായി താലികെട്ടിച്ചുനടത്തുന്ന ഒരു കർമം. താലിക്കു കുറ്റംവരുക = ഭർത്താവു മരിക്കുക. താലിക്കു പൊന്നുകൊടുക്കുക = (മുസ്ലിം) സഹോദരൻെറ വിവാഹത്തിനു താലിയൊരുക്കുന്നതിനുള്ള സ്വർണം സഹോദരി നൽകുക. താലിമാല = 1. താലികോർക്കാനുള്ള മാല, മങ്ഗല്യസൂത്രം; 2. ഒരുതരം കണ്ഠാഭരണം. താലിവയ്ക്കുക = വധുവിൻെറ കഴുത്തിൽ താലി അണിയിക്കുക. താലിവിൽക്കുക = കഠിനദാരിദ്ര്യമുണ്ടാവുക

താലി2 നാ. 1. കീഴാനെല്ലി; 2. കുടപ്പന; 3. നിലപ്പന; 4. കള്ള്; 5. ഒരിനം മണ്ണ് (സുഗന്ധമുള്ളത്); 6. താമ്രവല്ലി; 7. താക്കോൽ

താലി3 നാ. ശിവൻ

താലിക നാ. 1. നിലപ്പന; 2. താമ്രവല്ലി; 3. കൈകൊട്ട്; 4. പേരുവിവരപ്പട്ടിക

താലികം നാ. 1. ഉള്ളങ്കൈ; 2. കൈകൊട്ട്; 3. കെട്ട്, മുദ്ര; 4. ഗ്രന്ഥത്തിൻെറ പുറംചട്ട

താലിതം നാ. 1. നിറംപിടിപ്പിച്ച വസ്ത്രം; 2. കെട്ട്; 3. കയറ്; 4. വാദ്യം

താലിപ്പൂട്ട് നാ. കണ്ഠാഭരണം (വിവാഹിതരായ മുസ്ലിം സ്ത്രീകൾ ധരിക്കുന്നത്)

താലിശം നാ. പർവതം

താലീഭവം നാ. മാക്കീരക്കല്ല്

താലീം [അറ.] നാ. 1. വിദ്യാഭ്യാസം; 2. ഉപദേശം

താലീവനം നാ. പനങ്കാട്

താലീസപത്ര നാ. കിഴുകാനെല്ലി

താലു നാ. മേൽവായിൽ ഊനിനുപിന്നിലുള്ള കട്ടിയായ ഭാഗം

താലുകണ്ടകം നാ. ഒരു ശിശുരോഗം, വാമുള്ള്

താലുകം നാ. 1. താലു; 2. ഒരു രോഗം (താലുവിനെ ബധിക്കുന്നത്)

താലുകർണിക നാ. ഒരു മർമം (തൊണ്ടയിലുള്ളത്)

താലുജിഹ്വ നാ. 1. മുതല; 2. ഉണ്ണാക്ക്

താലുജിഹ്വിക നാ. ഉണ്ണാക്ക്

താലുനാശം നാ. ഒട്ടകം

താലുപാകം നാ. ഒരു രോഗം (അണ്ണാക്കിൽ പഴുപ്പുണ്ടാകുന്നത്)

താലുപുപ്പടം നാ. ഒരു രോഗം (അണ്ണാക്കിൽ ലന്തക്കുരുപോലെ വേദനയില്ലാതെ ഉണ്ടാകുന്ന നീര്)

താലുമൂല നാ. അണ്ണാക്കിൻെറ ചുവട്

താലുശോഷം നാ. ഒരു രോഗം (അണ്ണാക്ക് ഉണങ്ങുന്നത് ലക്ഷണം)

താലൂക്ക് [അറ.] നാ. ഒരു റവന്യൂവിഭാഗം, ജില്ലയുടെ ഉപവിഭാഗം, അനേകം അംശങ്ങളോ പ്രവൃത്തികളോ ചേർന്നത്. (ആധുനിക ഭരണസംവിധാനത്തിൽ ഒരു തഹസീൽദാരുടെ അധികാരാതിർത്തിയിൽപ്പെട്ട പ്രദേശം)

താലൂരം നാ. 1. നീർച്ചുഴി; 2. ചുഴലിക്കാറ്റ്

താലൂഷകം നാ. താലൂഷം

താലൂഷം നാ. അണ്ണാക്ക്

താലോലം നാ. 1. ഓമനിക്കൽ, ലാളനം; 2. തൊട്ടിലിലോ കൈത്തണ്ടയിലോകിടത്തി മന്ദമായി ആട്ടൽ (കുഞ്ഞുങ്ങളെ സാന്ത്വനപ്പെടുത്തുന്നതിനും ഉറക്കുന്നതിനും മറ്റും); 3. താരാട്ട്, താരാട്ടുപാടൽ. (പ്ര) താലോലപ്പാട്ട് = താലോലം പാട്ട്, താരാട്ടു പാട്ട്. താലോലമഞ്ചം = കുട്ടികളെ താരാട്ടുന്നതിനുള്ള തൊട്ടിൽ. താലോലമാട്ടുക = താലോലിക്കുക

താലോലിക്കുക ക്രി. 1. ഓമനിക്കുക, ലാളിക്കുക; 2. തൊട്ടിലിലോ മറ്റോ കിടത്തി മന്ദമായി ആട്ടുക

താവ1 നാ. പുല്ലുകൊണ്ടു മൂടിയ ചളിക്കെട്ട്

താവ2 നാ. ഒരു ഉപകരണം (പാടം നിരപ്പാക്കാനുള്ളത്)

താവക,-കീന [സം] യുഷ്മദ് ശബ്ദത്തിൽ നിന്നുണ്ടായ ഒരു സംബന്ധസർവനാമം. അങ്ങയുടെ, നിൻെറ, നിന്നെ സംബന്ധിച്ച

താവടം1 നാ. താഴ്വടം

താവടം2 നാ. ഇരിപ്പിടം, ഗൃഹം, താവളം

താവടി നാ. 1. ഒരിനം പടയണി (ദേവീക്ഷേത്രത്തിലെ ഉത്സവം സംബന്ധിച്ചുള്ളത്); 2. യാത്ര; 3. പട, പോര്. (പ്ര) താവടിതുള്ളുക = നിയന്ത്രണം വിട്ട് തുള്ളിച്ചാടുക. താവടിത്തോണി = യുദ്ധാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന തോണി. താവടിപ്പന്തൽ = കെട്ടുകാഴ്ചകളിൽ ഒരുവക

താവത് ക്രി. 1. അത്രയും, അത്രത്തോളം; 2. അപ്പോൾ. (പ്ര) താവത്കാലം = അതുവരെ, അത്രയും കാലം. താവത്പര്യന്തം = അതുവരെ

താവതാ അവ്യ. അത്രയുംകൊണ്ട്

താവരം1 നാ. താകരം, ചാരായം

താവരം2 നാ. ഞാൺ

താവൽ1 നാ. 1. പൊടിയരി; 2. പൊടി, നുറുക്ക്. (പ്ര) താവലരി = പൊടിയരി. താവൽക്കഞ്ഞി = പൊടിയരിക്കഞ്ഞി

താവൽ2 [താവുക] നാമരൂപം

താവളം നാ. 1. താത്കാലികമായ വിശ്രമസ്ഥാനം (യാത്രക്കാർക്ക് യാത്രാമധ്യേ തങ്ങാനും വണ്ടികളും മറ്റും നിറുത്താനും ഉപയോഗിക്കുന്ന സ്ഥലം); 2. ആശ്രയസ്ഥാനം; 3. തണുപ്പുള്ള സ്ഥലം

താവഴി നാ. തായ്വഴി

താവി [താവുക] ഭൂ.രൂപം

താവിഷം നാ. 1. പൊന്ന്; 2. സ്വർഗം; 3. കടൽ

താവിഷി നാ. 1. ഭൂമി; 2. ഇന്ദ്രൻെറ ഒരു പുത്രി

താവ്1 [താവുക] നാ. ദുഃഖം, പീഡ

താവ്2 നാ. താഴ്വ്

താവ്3 നാ. താഴ്

താവുക1 ക്രി. 1. കുതിക്കുക, ചാടുക, ചാടിക്കടക്കുക; 2. പരക്കുക; 3. ഉണ്ടാവുക, ഉണ്ടായിരിക്കുക, കൈക്കൊള്ളുക; 4. തഴയ്ക്കുക, വർധിക്കുക; 5. വിശ്രമിക്കുക; 6. ശോഭിക്കുക; 7. നുറുങ്ങുക

താവുക2 ക്രി. കെടുക, നശിക്കുക

താവുതല നാ. താണ കൃഷിഭൂമി

താവുരി [<ഗ്രീ] നാ. 1. (ജ്യോ) ഇടവം രാശി; 2. ഒട്ടകം

താസീൽദാർ നാ. തഹശീൽദാർ
താസൂനം നാ. 1. ചണ; 2. ചണകൊണ്ടു നിർമിച്ചത്
താസ്കരം വി. തസ്കരനെ സംബന്ധിച്ച
താൾ നാ. = താള്
താൾപ്പിടി നാ. 1. ഉതിർമണി (കൊയ്ത്ത കറ്റയിൽനിന്ന് ഉതിർന്നു വീണ നെന്മണി); 2. പിടിയരി, ഒരുപിടി നെല്ല്
താളക്കൂട്ടം നാ. ഇലത്താളം, കൈമണി
താളക്കേട് നാ. 1. (സങ്ഗീ) താളം തെറ്റൽ, താളപ്പിഴ; 2. അടുക്കും ചിട്ടയും ഇല്ലായ്മ, കുഴപ്പം, ക്രമം തെറ്റൽ
താളക്രമം നാ. 1. (സങ്ഗീ) താളവ്യവസ്ഥ (സ്വരച്ചേർച്ച); 2. അടുക്കും ചിട്ടയും
താളജ്ഞൻ നാ. താളം നിശ്ചയമുള്ളവൻ
താളടി നാ. 1. കൊയ്ത്തിനുശേഷം വയലിൽ ബാക്കിനിൽക്കുന്ന നെൽച്ചെടിയുടെ കുറ്റി; 2. ഇരുപ്പൂനിലം
താളതന്ത്രി നാ. ശ്രുതിതന്ത്രി (വീണമുതലായ തന്ത്രിവാദ്യങ്ങളിൽ താളം പിടിക്കുവാനുള്ള കമ്പി)
താളദക്ഷിണ നാ. വൈണികന്മാർക്ക് കൊടുക്കുന്ന ദക്ഷിണ (സീമന്തക്രിയയ്ക്ക്)
താളപ്പിഴ നാ. 1. താളംതെറ്റൽ; 2. പ്രവൃത്തിഭങ്ഗം
താളം നാ. 1. സങ്ഗീതം, വാദ്യം, നൃത്തം തുടങ്ങിയവയിലെ കാലക്രിയാമാനം; 2. ഇലത്താളം, കൈമണി; 3. തലപ്പന്തുകളിയിൽ പന്തടിക്കുന്ന രീതികളിൽ ഒന്ന് (ഇടതുകൈകൊണ്ട് തുടയിൽ അടിക്കുകയും വലതുകൈകൊണ്ട് പന്തടിക്കുകയും ചെയ്യുന്നത്). (പ്ര) താളംകുണുങ്ങുക = ജോലിയിൽ താമസം വരുത്തുക. താളംചവിട്ടുക = 1. ക്ലേശിക്കുക; 2. ചൊൽപ്പടിക്കുനടക്കുക; 3. പ്രവർത്തിക്കാതെ സമയം കഴിച്ചുകൂട്ടുക. താളത്തിനു തുള്ളുക = മറ്റൊരാളിൻെറ ഇഷ്ടത്തിനു പ്രവർത്തിക്കുക. താളംപിടിക്കുക = 1. താളമടിക്കുക; 2. സേവപിടിക്കുക; 3. സഹായിക്കുക. താളം പിഴയ്ക്കുക = താളം തെറ്റുക. താളം മറിയുക = തരക്കേടുണ്ടാവുക, അതുവരെയുള്ള രീതിവിട്ടു മറ്റൊരുരീതിയിൽ പെരുമാറുക. താളം മുറുകുക = 1. ദ്രുതതാളത്തിലാവുക; 2. പ്രവൃത്തി വേഗത്തിലാകുക.
869
താളമേളം നാ. 1. കൈമണി, മൃദങ്ഗം തുടങ്ങിയ സങ്ഗീതോപകരണങ്ങൾ; 2. വിവിധവാദ്യങ്ങൾ ഉപയോഗിച്ചുള്ള മേളം
താളവട്ടം നാ. ഒരു സമ്പൂർണതാളം (ഒരു താളത്തിൻെറ ആരംഭം മുതൽ അവസാനംവരെയുള്ള സമയം)
താളാണ്മ നാ. 1. ബലം; 2. ഉന്നതി; 3. താഴ്മ; 4. സ്ഥിരോത്സാഹം
താളാവചരൻ നാ. താലാവചരൻ
താളി നാ. ചിലയിനം സസ്യങ്ങളുടെ ഇല തണ്ട് മുതലായവ ചതച്ചു പിഴിഞ്ഞെടുക്കുന്ന ചാറ്. താളികൂട്ടുക = താളിപിഴിഞ്ഞരിച്ച് ഉപയോഗിക്കുവാൻ തയ്യാറാക്കുക. താളിപിഴിയുക = ദാസ്യവൃത്തിചെയ്യുക. താളിപ്പൊടി = താളിയില ഉണക്കിപ്പൊടിച്ചത്. അങ്കവും കാണാം താളിയുമൊടിക്കാം, താളിയൊടിക്കാൻ തെങ്ങിൽക്കയറുക (പഴ)
താളിക്കുക ക്രി. കടുകുവറുക്കുക

താളിപ്പന നാ. കുടപ്പന. (പ്ര) താളിപ്പന കുലച്ചതുപോലെ = വളർച്ചനിലച്ചുപോയ
താളിപ്പരുത്തി നാ. ഒരിനം പരുത്തി, നീർപ്പരുത്തി (വേലിക്കു പത്തലായും തോലിനു പശയുള്ളതിനാൽ താളിക്കും ഉപയോഗം)
താളിമാതളം [സം.ദാഡിമം] നാ. ഉറുമാമ്പഴം, മാതളനാരകം
താളിയോല നാ, താളിപ്പനയുടെ ഓല (കടലാസ് പ്രചരിക്കുന്നതിനുമുമ്പ് ഗ്രന്ഥങ്ങളും മറ്റും എഴുതാൻ ഉപയോഗിച്ചിരുന്നു)
താള്1 [താരത.ദല] നാ. 1. ഇതൾ; 2. ഏട്, കടലാസ് (അച്ചടിക്കാനോ എഴുതാനോ വേണ്ട വലിപ്പത്തിൽ മുറിച്ചത്)
താള്2 നാ. 1. കാൽ, പാദം; 2. വയ്ക്കോൽ (കൊയ്തെടുത്തനെല്ലിൻെറ മണിയൊഴിച്ചുള്ള ഭാഗം); 3. ചേമ്പിൻെറയും മറ്റും തണ്ട്. ആരുമില്ലാഞ്ഞാൽ പട്ടർ, ഏതുമില്ലാഞ്ഞാൽ താള് (പഴ)
താഴത്തോട്ട് ക്രി. കീഴ്ഭാഗത്തേക്ക്
താഴം നാ. തഴ (പൂക്കൈത), താഴമ്പു = പൂക്കൈതയുടെ പൂവ്
താഴരഞ്ഞാണം നാ. ഒരിനം അരഞ്ഞാണം (പൂട്ടുള്ളത്)
താഴി നാ. ഒരുതരം പാത്രം, മരവി (മണ്ണുകൊണ്ടുണ്ടാക്കിയത്); 2. നന്നങ്ങാടി; 3. ഭരണിനക്ഷത്രം
താഴിക നാ. ഒരലങ്കാരപ്പണി (ക്ഷേത്രങ്ങളുടെയും മറ്റും മുകളിൽ മരവി കമഴ്ത്തിവച്ച ആകൃതിയിൽ നിർമിക്കുന്നത്)
താഴികക്കുടം നാ. ഒരലങ്കാരപ്പണി. ക്ഷേത്രങ്ങളുടെയും മറ്റും മുകളിൽ ചെയ്യുന്നത് (ഒരു താഴികയും അതിനുമുകളിൽ ഒരു കുടവും കമഴ്ത്തിവച്ചതുപോലെയാണ് ഇതിൻെറ ആകൃതി, കുടത്തിനുമുകളിൽ കൂർത്തഒരു സ്തൂപമുള്ള താഴികക്കുടങ്ങളുമുണ്ട്)
താഴ് നാ. ഒരുപകരണം (കതകും മറ്റും പൂട്ടുന്നതിനുള്ളത്)
താഴുക ക്രി. 1. താഴെയാകുക (മുകളിൽനിന്നു ക്രമമായി കീഴോട്ടുപോകുക); 2. കുനിയുക (ആദരസൂചകമായോ അപമാനംകൊണ്ടോ മറ്റോ); 3. യോഗ്യതകുറയുക, മോശമാകുക; 4. ചായുക; 5. മുങ്ങുക (ജലത്തിലെന്നപോലെ); 6. കീഴ്പ്പെടുക, തോൽക്കുക; 7. ആഴം കൂടുക, കുഴിയുക (സമീപപ്രദേശത്തെക്കാൾ ഉയരം കുറയുക); 8. കുറയുക
താഴെ അവ്യ. അടിയിൽ, ചുവടെ (പൊക്കത്തിൽനിന്നു തറനിരപ്പിലേക്ക് ഇറങ്ങുന്നതിനെയും മറ്റും കുറിക്കാനും സാധാരണയായി പ്രയോഗം). താഴെ കൊയ്തവൻ ഏറെചുമക്കണം (പഴ)
താഴോട്ട് അവ്യ. അടിയിലേക്ക്, താണഭാഗത്തേക്ക്
താഴ്ച നാ. 1. ആഴം; 2. കുണ്ട്; 3. താണനിലം; 4. കുറവ്; 5. തോൽവി. (പ്ര) താഴ്ചക്കോണ് = താഴെയുള്ള ഒരു വസ്തുവിനെ നോക്കുവാൻ ഒരാൾ നേരെയുള്ള ദൃഷ്ടിപഥത്തിൽനിന്നും വീക്ഷണപഥം ഏതുകോണിൽ താഴ്ത്തണമോ ആ കോണ്. താഴ്ചയിലമരുക = കളരിപ്പയറ്റിൽ ഇടത്തുകാൽ മുമ്പിലും വലത്തുകാൽ പിമ്പിലുമായി തുട പരക്കെ അമരുക
താഴ്ത്തൽ [താഴ്ത്തുക] നാമരൂപം
താഴ്ത്തുക [താഴുക>പ്ര] ക്രി. താഴാനിടയാക്കുക. (പ്ര) താഴ്ത്തിക്കെട്ടുക = അപമാനിക്കുക

താഴ്മ [<താഴുക] നാ. 1. താണിരിക്കുന്ന സ്ഥിതി; 2. വണക്കം, വിനയം. (പ്ര) താഴ്മപ്പാട് = താഴ്ന്നുകഴിയുന്ന അവസ്ഥ
താഴ്വടം നാ. ഒരുതരം കണ്ഠാഭരണം (മുത്തുകളുള്ളതും പൊക്കിൾക്കുഴിയോളം താണുകിടക്കുന്നതും)
താഴ്വര നാ. മലയുടെ അടിവാരം
താഴ്വാരം നാ. താഴ്വര; 2. താഴെയുള്ള പടി; 3. വീടിൻെറ തറയെക്കാൾ താഴ്ന്ന നിരപ്പിലുള്ള മുറിയോ തിണ്ണയോ
താറാവ്1 [സം.സാരസ] നാ. ഒരു പക്ഷി
താറാവ്2 നാ. താർതാവൽ
താറ്1 [<തറുക] നാ. 1. ഉടുപുടവയുടെ ഒരറ്റം പിന്നിലേക്കു വലിച്ചുകുത്തിയത്; 2. കൗപീനം. (പ്ര) താറുകെട്ടുക = തറ്റുടുക്കുക. താറുതാങ്ങുക = കാര്യസാധ്യത്തിനായി അഭിമാനം വിറ്റ് അന്യനെ ആശ്രയിക്കുക. താറുപാച്ചുക = തറ്റുടുക്കുക. ഊരാൾ ഇല്ലാത്ത മുക്കാൽ വട്ടത്ത് താറുംവിട്ട് നിരങ്ങാം. (പഴ)
താറ്2 [താര്] നാ. 1. ക്രമം; 2. ആഭരണത്തിൻെറ മധ്യഭാഗത്ത് ചിത്രപ്പണിചെയ്തുചേർക്കുന്ന ഭാഗം; 3. ഉണ്ടനൂൽ ചുറ്റുന്നതിനുള്ള ഒരു ഉപകരണം; 4. നൂലുണ്ട. (പ്ര) താറിടുക = ചകിരിനാരു തിരിയാക്കുക. താറുരുട്ടുക = നൂൽപിരിക്കുക
താറ്3 നാ. ടാർ (പ്ര) താറടിക്കുക = 1. താർപുരട്ടുക; 2. ചീത്തയാക്കുവാൻ ശ്രമിക്കുക, അപകീർത്തിപ്പെടുത്തുക
താറുക ക്രി. 1. (താത്കാലികമായി) നിന്നുപോവുക; 2. അയയുക; 3. തണുക്കുക, ശമിക്കുക; 4. വീഴ്ചവരുക; 5. മെലിയുക; 6. നിലതെറ്റുക, ലഹരിപിടിച്ച് ആടുക; 7. കുഴയുക, വാടുക. (പ്ര) താറിത്താറിനിൽക്കുക = സാവധാനത്തിൽ പ്രവർത്തിക്കുക, സംശയിച്ചുനിൽക്കുക
താറുമാറ് നാ. കുഴപ്പം, ക്രമക്കേട്
താറ്റി1 നാ. ചകിരിയിലെ ചോറും അഴുക്കും നീക്കുന്നതിനുള്ള ഒരുപകരണം
താറ്റി2 [താറ്റുക] ഭൂരൂപം
താറ്റുക ക്രി. 1. ആക്ഷേപിക്കുക, പരിഹസിക്കുക; 2. ആട്ടിദൂരത്താക്കുക, നിന്ദിച്ച് അകറ്റുക; 3. കന്നു പൂട്ടിയശേഷം വയൽ കട്ടയുടച്ചു നിരപ്പാക്കുക; 4. ചകിരിനാര് എടുക്കുന്നതിനു തൊണ്ടുതല്ലുക; 5. ഉടയ്ക്കുക; 6. പാറ്റുക
താറ്റോലിക്കുക നാ. തലോലിക്കുക
തിക1 വി. തികഞ്ഞ. നാ. 1. പൂർണത; 2. വേട്ടക്കാർ ഒന്നിച്ചുകൂടൽ
തിക2 നാ. 1. ശ്വാസം; 2. ആവി.
തികക്കുക1 ക്രി. 1. തിളയ്ക്കുക; 2. വേവുക
തികക്കുക2 ക്രി. ശ്വാസം വിടുക
തികച്ചിൽ [തികയുക] നാമ്മരൂപം
തികട്ടൽ [തികട്ടുക] നാമരൂപം
തികട്ടുക ക്രി. വയറ്റിൽകിടക്കുന്ന ദഹിക്കാത്ത ആഹാരം കുറേശ്ശെ വായിലേക്കുവരിക. (പ്ര) അസുഖകരമായ ഓർമകൾ വരിക
തികത്തുക ക്രി. 1. തിളപ്പിക്കുക; 2. മത്സ്യം മാംസം മുതലായവ ഉപ്പിട്ട് ഉണക്കുക
തികപ്പ് നാ. തിളയ്ക്കൽ, തിളച്ചുപൊങ്ങൽ

തികയുക ക്രി. 1. പൂർണമാകുക; 2. മതിയാവുക; 3. അഹങ്കരിക്കുക

തികയ്ക്കുക ക്രി. 1. പൂർണമാക്കുക, മുഴുവനാക്കുക; 2. തൃപ്തിപ്പെടുത്തുക

തികവ് [<തികയുക] നാമരൂപം

തികഴ് വി. 1. തിളങ്ങുന്ന, പ്രകാശിക്കുന്ന; 2. പൂർണമായ, മികച്ച

തികഴുക ക്രി. 1. തിളങ്ങുക, പ്രകാശിക്കുക; 2. തിളയ്ക്കുക, തിളച്ചുപൊങ്ങുക

തികഴ്ത്തുക ക്രി. തികഴുന്നതിന് ഇടയാക്കുക

തികഴ്വ് [<തകഴുക] നാമരൂപം

തികിരി നാ. 1. ചക്രായുധം; 2. ചക്രം; 3. സൂര്യൻ; 4. മല

തിക്കനെ അവ്യ. പെട്ടെന്ന്, തിടുക്കത്തിൽ

തിക്കം, തിക്കൽ [<തിക്കുക] നാ. ഞെരുക്കം, വിങ്ങൽ

തിക്കി [തിക്കുക] ഭൂ.രൂപം

തിക്ക്1 [<തിങ്] നാ. 1. ഞെരുക്കം; 2. പ്രയാസം; 3. മത്സരം; 4. വിക്ക്

തിക്ക്2 [<തിക] നാ. 1. ശ്വാസം, വീർപ്പ്; 2. ശ്വാസം തടസ്സപ്പെടൽ

തിക്കുക ക്രി. 1. കൂട്ടംകൂടുമ്പോൾ പരസ്പരം ഞെരുക്കുക; 2. പ്രേരിപ്പിക്കുക; 3. ഞെക്കുക; 4. വിക്കുക; 5. നിർബന്ധം ചെലുത്തുക

തിക്കുമുട്ട് നാ. വായുമുട്ടൽ, ശ്വാസതടസ്സം

തിക്തകന്ദിക നാ. നറുമഞ്ഞൾ

തിക്തകം നാ. 1. കയ്പ്പുരസമുള്ളത്; 2. നിലവേപ്പ്; 3. വേപ്പ്; 4. കയ്പ്പൻ പടവലം; 5. ഓടമരം; 6. (ആയുർ) കയ്പ്പുള്ള ഒരുതരം മരുന്ന്. (പ്ര) തിക്തകം സേവിക്കുക

തിക്തതണ്ഡുല നാ. തിപ്പലി

തിക്തപത്രം നാ. കുരുട്ടുപാവൽ

തിക്തം നാ. 1. കയ്പ്പുരസം; 2. കുടകപ്പാല; 3. പർപ്പടകപ്പുല്ല്; 4. നീർവേപ്പ്; 5. കയ്പ്പൻപടവലം

തിക്താങ്ഗ നാ. പാതാളഗരുഡക്കൊടി

തിക്താദ്വയം നാ. ചുണ്ടയും പടർപ്പുചുണ്ടയും

തിക്തീകരിക്കുക ക്രി. 1. കയ്പ്പുള്ളതാക്കിത്തീർക്കുക; 2. വെറുപ്പിക്കുക

തിഗ്മ വി. 1. കൂർത്ത, മൂർച്ചയുള്ള; 2. കത്തുന്ന; 3. തീവ്രമായ

തിഗ്മകരൻ നാ. സൂര്യൻ

തിഗ്മത നാ. തിഗ്മമായിരിക്കുന്ന സ്ഥിതി

തിഗ്മതേജൻ നാ. ശിവൻ

തിഗ്മതേജസ്സ് നാ. സൂര്യൻ (തിഗ്മ എന്നതിനോടു രശ്മിപര്യായങ്ങൾ ചേർത്താൽ സൂര്യൻ എന്നർഥം കിട്ടും

തിഗ്മം നാ. 1. ഉഷ്ണം; 2. കയ്പ്പ്; 3. മൂർച്ച

തിഗ്മാംശു നാ. 1. സൂര്യൻ; 2. അഗ്നി; 3. ശിവൻ

തിങന്തം നാ. 'തിങ്പ്രത്യാഹാരത്തിൽപ്പെട്ട ഏതെങ്കിലും പ്രത്യയത്തിൽ അവസാനിക്കുന്ന പദം', ക്രിയാപദം

തിങ്കൾ,തിങ്ങൾ നാ. 1. ചന്ദ്രൻ; 2. മാസം; 3. തിങ്കളാഴ്ച; 4. ഒരു മത്സ്യം. തിങ്കളാഴ്ച = ചന്ദ്രനുവാരാധിപത്യം ഉൾല ദിവസം, ആഴ്ചയിലെ രണ്ടാമത്തേത്

തിങ്കൾക്കലാധരൻ നാ. ശിവൻ

തിങ്കൾക്കിടാവ് നാ. ചന്ദ്രക്കല

തിങ്കൾചൂഡൻ നാ. ശിവൻ

തിങ്കൽഭജനം നാ. 1. തിങ്കളാഴ്ചവ്രതം; 2. ഒരുമാസം നീണ്ടുനിൽക്കുന്ന ഭജനം
തിങ്കൾവിഴാ നാ. മാസംതോറും നടത്തുന്ന ഉത്സവം
തിങ്ങൽ [<തിങ്ങുക] നാമരൂപം
തിങ്ങൾ നാ. = തിങ്കൾ
തിങ്ങുക ക്രി. 1. ഞെരുങ്ങുക; 2.നിറയുക
തിടൻ [<സം.ദൃഢ] നാ. ബലവാൻ, ശക്തൻ
തിടപ്പള്ളി നാ. 1. മടപ്പള്ളി; 2. ശ്രീകോവിൽ
തിടം1 നാ. 1. ഉറപ്പ്; 2. കരുത്ത്
തിടം2 നാ. = തിടമ്പ്
തിടമ്പ് നാ. 1. ശരീരം; 2. എഴുന്നെള്ളിപ്പിനുള്ള ദേവവിഗ്രഹം
തിടൽ നാ. 1. തുറന്ന സ്ഥലം; 2. തിട്ട
തിടാരി [<തിടം] നാ. ധൈര്യമുള്ളവൻ
തിടിൽ നാ. ഉയർന്നസ്ഥലം
തിടീരെന്ന് അവ്യ. പെട്ടെന്ന്
തിടുക്കം നാ. 1. വേഗം; 2. ആലോചനയില്ലായ്മ; 3. പരിഭ്രമം; 4. അത്യാവശ്യം
തിടുക്കുക ക്രി. 1. തിടുക്കംകൂട്ടുക; 2. ഞെരുക്കുക
തിടുങ്ങുക ക്രി. 1. വേഗത്തിൽ പ്രവർത്തിക്കുക; 2. വിറയ്ക്കുക
തിടുതിടെ [<തിടുങ്] അവ്യ. തിടുക്കത്തിൽ
തിട്ട നാ. 1. ഇരിക്കാനും മറ്റും വേണ്ടി നിരപ്പിൽനിന്നും അൽപം ഉയർത്തിക്കെട്ടിയ സ്ഥലം; 2. മേട്, ചെറിയകുന്ന്; 3. തുരുത്ത്
തിട്ടതി [<സം.ദിഷ്ട] നാ. 1. ഇല്ലായ്മ; 2. പരിഭ്രമം; 3. ദു:ഖം
തിട്ടനെ അവ്യ. പെട്ടെന്ന്, വേഗത്തിൽ
തിട്ടം നാ. 1. തീർച്ച; 2. ക്രമം; 3. പങ്ക്
തിട്ട്1 നാ. തിട്ട
തിട്ട്2 നാ. 1. ശകാരം; 2. ശാപവചനം
തിട്ടുക ക്രി. 1. ശകാരിക്കുക; 2. ശപിക്കുക
തിണ1 നാ. 1. തിണ്ണ; 2. പാതാമ്പുറം
തിണ2 നാ. 1. ഒരു ദേശവിഭാഗം; 2. കുടി
തിണർ [<തിണർക്കുക] നാ. നീര്, വീക്കം
തിണർക്കുക [<തിൺ] ക്രി. ശരീരത്തിൽ അവിടവിടെയായി തടിപ്പുണ്ടാവുക
തിണർപ്പ് [തിണർക്കുക] നാമരൂപം
തിണൽ നാ. ശരീരത്തിൽ ഉണ്ടാകുന്ന തിണർപ്പ്
തിണ്ടാടുക ക്രി. അലഞ്ഞുതിരിയുക.
871
തിണ്ടാട്ടം [തിണ്ടാടുക] നാമരൂപം
തിണ്ടിക്കുക ക്രി. പുണ്ണിന്റെ അരികു തടിച്ചു വീർക്കുക
തിണ്ട് നാ. 1. തിട്ട; 2. ചണ; 3. മൺചുവർ; 4. തിണ്ണ; 5. ചരക്കുകെട്ട്; 6. തിണ്ടുതലയണ
തിണ്ടുകുത്തിക്കളി നാ. ആന പന്നി മുതലായവ ഉയർന്ന തിട്ടകൽ കുത്തിയിളക്കി കളിക്കൽ; 2. കുട്ടികളുടെ ഒരിനം കളി.
തിണ്ടേർ നാ. വലിയ ബലമുള്ള തേര്

തിണ്ണ നാ. ഇറയം, കോലായ, വരാന്ത
തിണ്ണം അവ്യ. 1. പെട്ടെന്ന്; 2. ഉച്ചത്തിൽ; 3. വ്യക്തമായി. തിണ്ണെന്ന് = ഉടനെ, പെട്ടെന്ന്
തിണ്മ നാ. 1. ഐശ്വര്യം; 2. ഉറപ്പ്; 3. കനം; 4. അഹങ്കാരം
തിതിക്ഷ നാ. ക്ഷമ
തിതിക്ഷു നാ. ക്ഷമാശീലൻ
തിതിഭം നാ. മിന്നാമിനുങ്ങ്; 2. ഒരിനം ചുവന്ന പുഴു
തിതിരം, –രി നാ. തിത്തിരിപ്പുള്ള്
തിതിലം നാ. 1. ഒരു പലഹാരം; 2. കുഴിയുള്ള പാത്രം
തിതീർഷ നാ. മറുകരകടക്കാനുള്ള ഇച്ഛ
തിതീർഷു വി. തരണംചെയ്യാൻ ഇച്ഛയുള്ള. നാ. തരണംചെയ്യാൻ ഇച്ഛിക്കുന്നവൻ
തിത്തി നാ. ഒരു സുഷിരവാദ്യം
തിഥം നാ. 1. അഗ്നി; 2. സ്നേഹം; 3. വർഷകാലം; 4. ശരത്കാലം; 5. സമയം
തിഥി നാ. 1. പക്കം; 2. ചാന്ദ്രദിനം
തിഥിക്ഷയം നാ. 1. അമാവാസി; 2. രണ്ടു സൂര്യോദയങ്ങൾക്കുള്ളിൽ തുടങ്ങി അവസാനിക്കുന്ന തിഥി
തിഥിപതി നാ. ചന്ദ്രൻ
തിന നാ. ഒരു ധാന്യം (പ്രാചീന ദ്രാവിഡർ ആദ്യം കൃഷിചെയ്ത ധാന്യം)
തിന്തകം നാ. 1. ചില നാടോടി നൃത്തങ്ങളുടെ താളസൂചകമായ വായ്ത്താരി; 2. അഹങ്കരിച്ചു മറിയുക
തിന്തനം നാ. 1. ചില നാടോടി നൃത്തങ്ങളുടെ താളസൂചകമായ വായ്ത്താരി; 2. താളബദ്ധമായ ചലനം
തിന്ത്രിണി,–ണീകം നാ. 1. കോൽപ്പുളി; 2. പുളിപ്പ്
തിന്ദു നാ. ചാപിള്ളയെ പ്രസവിക്കുന്നവൾ
തിന്നാൻ [തിന്നുക] നാ. (പിൻവിന) 1. തിന്നുന്നതിന്; 2. മുറുക്കാൻ, താംബൂലം
തിന്നുക ക്രി. 1. ഉണ്ണുക, ഭക്ഷിക്കുക; 2. ചവയ്ക്കുക; 3. ചെലവഴിക്കുക
തിന്മൻ,തിമ്മൻ നാ. അധികം ഭക്ഷിക്കുന്നവൻ
തിന്മാൻ നാ. = തിന്നാൻ
തിപ്പ് നാ. =തിൽപ്പ്
തിമർക്കുക ക്രി. = തിമിർക്കുക
തിമി നാ. 1. മീൻ; 2. മീനംരാശി. തിമികോശം = കടൽ
തിമിങ്ഗലം നാ. ഏറ്റവും വലിയ ജലജന്തു, മകരമത്സ്യം
തിമിജം നാ. ഒരുതരം മുത്ത്
തിമിർ [തിമിർക്കുക] ധാതുരൂപം
തിമിർക്കുക ക്രി. 1. ബഹളംകൂട്ടുക; 2. അഹങ്കരിക്കുക
തിമിര വി. ഇരുണ്ട
തിമിരഘ്നൻ നാ. സൂര്യൻ
തിമിരം നാ. 1. ഇരുട്ട്; 2. ഒരു നേത്രരോഗം

തിമിരമയൻ നാ. രാഹു

തിമിരാസ്ത്രം നാ. ഒരു ദിവ്യാസ്ത്രം

തിമിരിമ നാ. (ഗണിത) ഒരു കീഴ്ക്കണക്ക്

തിമിരുക ക്രി. 1. വളരുക; 2. അധികമാകുക; 3. വീർക്കുക

തിമില നാ. ഒരു ചർമവാദ്യം

തിമിറുക ക്രി. 1. അഹങ്കരിക്കുക; 2. വാശിപിടിക്കുക

തിമ്മൻ1 നാ. തിന്മൻ

തിമ്മൻ2 നാ. ആൺകുരങ്ങ്

തിമ്മാൻ നാ. തിന്മാൻ

തിമൃത്ത് നാ. നനവുള്ളത്

തിയങ്ങുക ക്രി. 1. മങ്ങുക; 2. കരയുക; 3. വാടുക

തിയ്യതി നാ. = തീയതി

തിയ്യത് നാ. = തീയത്

തിയ്യൻ നാ. = തീയൻ

തിയ്യാടി നാ. തിയാട്ടുണ്ണി

തിയ്യ് നാ. = തീയ്

തിര1 [<തിരയ്ക്കുക] നാ. 1. അല; 2. ചുരുൾ; 3. തോക്കിൻെറ ഉണ്ട; 4. ഒരു ഭക്ഷണസാധനം; 5. വയ്ക്കോൽപ്പിരി

തിര2 [<സം.തിരസ്] നാ. 1. തിരശ്ശീല; 2. സിനിമാപ്രദർശനത്തിനുപയോഗിക്കുന്ന സ്ക്രീൻ; 3. മയിൽപ്പീലി

തിര3 [തിരയുക] ധാതുരൂപം

തിര4 [തിരക്കുക] ധാതുരൂപം

തിര5 [തിരയ്ക്കുക] ധാതുരൂപം

തിരക്കഥ നാ. ചലച്ചിത്രമാക്കത്തക്കവിധം രൂപപ്പെടുത്തിയ കഥ

തിരക്കുക1 [<തിര] ക്രി. അന്വേഷിക്കുക

തിരക്കുക2 [<തിരങ്] ക്രി. തിക്കുക; 2. മത്സരിക്കുക; 3. നിർബന്ധിക്കുക

തിരക്കുഴി നാ. 1. കടലിൽ കരയോടടുത്ത തിരമാലകൾ രൂപം പ്രാപിക്കുന്ന പ്രദേശം; 2. രണ്ടു തിരകളുടെ ഇടയ്ക്കുള്ള കുഴി

തിരച്ചിൽ [തിരയുക] നാ. അന്വേഷണം

തിരഞ്ഞെടുക്കുക ക്രി. 1. ചിലതിൽനിന്നു ഒന്നിനെയോ പലതിനെയോ സ്വീകരിക്കുക; 2. പഞ്ചായത്ത് നിയമസഭ സഹകരണസങ്ഘം തുടങ്ങിയ സ്ഥാപനങ്ങളിലേക്ക് ഒരു മണ്ഡലത്തിലെ ഒന്നിലധികം സ്ഥാനാർഥികളിൽ നിന്ന് ഭൂരിപക്ഷ വോട്ടിൻെറ അടിസ്ഥാനത്തിൽ ഒരാളെ നിയോഗിക്കുക

തിരഞ്ഞെടുപ്പ് [തിരഞ്ഞെടുക്കുക] നാമരൂപം

തിരട്ട് [<തിരട്ടുക] നാ. കണക്ക്, ക്കണക്കിൻെറയും റിപ്പോർട്ടിൻെറയും മറ്റും സംഗ്രഹം

തിരട്ടുക [<തിരൾ] ക്രി. 1. ചുരുട്ടുക; 2. കലർത്തുക; 3. തിരളുക

തിരട്ടുകഞ്ഞി നാ. തിരണ്ടുകല്യാണത്തിനുണ്ടാക്കുന്ന പാൽക്കഞ്ഞി

തിരട്ടുകുളി നാ. തിരണ്ടുകുളി

തിരണ നാ. 1. വരമ്പ്, തിട്ട; 2. തിണ്ണ

തിരണ്ടുകല്യാണം നാ. ഒരു അടിയന്തിരം (പെൺകുട്ടികൾ ആദ്യമായി ഋതുവാകുമ്പോൾ ചിലജാതിക്കാർ നടത്തുന്നത്)

തിരണ്ടുകുളി നാ. ആദ്യമായി ഋതുവാകുന്നതു സംബന്ധിച്ചുള്ള ഒരു ചടങ്ങ്
തിരനോട്ടം നാ. 1. കഥകളിയിലെ ഒരു ചടങ്ങ്; 2. പ്രവേശം; 3. തുടക്കം
തിരപ്പം [<തിരയ്ക്കുക] നാ. 1. ഒരിനം ചങ്ങാടം; 2. ഇല ഓല തുടങ്ങിയവ ചേർത്തുകെട്ടിയത്
തിരപ്പ് നാ. 1. തെറുപ്പ്; 2. ഛർദിക്കാനുള്ള തികട്ടൽ
തിരപ്പുറപ്പാട് നാ. 1. കഥകളിയിലെ ഒരു ചടങ്ങ്; 2. ആഡംബരം; 3. രങ്ഗപ്രവേശം
തിരമം1 [ഗ്രീ] നാ. ഒരു പഴയ ഗ്രീക്കുനാണയം, ദ്രാഗ്മ
തിരമം2 നാ. സിന്ദൂരം
തിരമാല നാ. ഒന്നിനൊന്നുപിറകേവരുന്ന തിരകളുടെ പരമ്പര
തിരയുക ക്രി. അന്വേഷിക്കുക, തേടുക
തിരയ്ക്കുക ക്രി. 1. ഉറകൂടുക; 2. ഏമ്പക്കം വിടുക; 3. പഞ്ഞികടയുക; 4. തെറുക്കുക, ചുരുട്ടുക
തിരവായ് നാ. തിരയുടെ മുകൾഭാഗം
തിരശ്ചീന വി. കുറുകെയുള്ള, വിലങ്ങനെയുള്ള
തിരശ്ശീല നാ. യവനിക. (പ്ര) തിരശ്ശീലക്കകത്തെടുത്തു കലാശം
തിരസ് അവ്യ. 1. രഹസ്യമായി; 2. വളവായി; 3. കുറുകെ; 4. അകന്ന്
തിരസ്കരണം നാ. 1. മറയ്ക്കൽ; 2. ഉപേക്ഷിക്കൽ; 3. നിന്ദ
തിരസ്കരിക്കുക ക്രി. 1. ഉപേക്ഷിക്കുക, തള്ളിപ്പറയുക; 2. നിന്ദിക്കുക; 3. ഒളിക്കുക
തിരസ്കരണി നാ. 1. മറ; 2. മൂടുപടം; 3. (സ്വയം മറഞ്ഞിരിക്കുവാൻ സഹായിക്കുന്ന ) ഒരു വിദ്യ
തിരസ്കാരം നാ. = തിരസ്കരണം
തിരസ്കൃത വി 1. ഉപേക്ഷിക്കപ്പെട്ട; 2. മറയ്ക്കപ്പെട്ട; 3. നിന്ദിക്കപ്പെട്ട
തിരസ്കൃതി നാ. = തിരസ്കാരം
തിരൾ വി. 1. വർധിച്ച; 2. പൂർണമായ; 3. വലിയ; 4. ഉള്ള
തിരൾച്ച,–പ്പ്,–മ [തിരളുക] നാമരൂപം
തിരളി നാ. 1. ഒരു ചെറിയ മരം, വയനവൃക്ഷം; 2. (വയനയിലയിൽ പുഴുങ്ങിയെടുക്കുന്ന) ഒരു പലഹാരം
തിരളുക ക്രി. 1. പെൺകുട്ടികൾ ഋതുവാകുക; 2. വർധിക്കുക; 3. കുറുകുക; 4. കലരുക; 5. പ്രകാശിക്കുക
തിരി1 നാ. 1. വിളക്കിലും മറ്റും എണ്ണയൊഴിച്ചു കത്തിക്കുവാൻ തുണികീറി തെറുത്തത്; 2. (ആയുർ) മരുന്നുകൾ അരച്ചു തുണിയിൽ പുരട്ടി ഉണക്കി തെറുത്തത്; 3. വെടിമരുന്നു പുരട്ടി ഉണക്കിയ നൂൽ; 4. മെഴുകുതിരി; 5. കുരുമുളകിൻെറ പൂവ്
തിരി2 [<സം.ശ്രീ] നാ. 1. ചില ജാതിപ്പേരുകളോടും മറ്റും ചേർക്കുന്ന ഒരു പൂജകപ്രത്യയം. ഉദാ: ഉണിത്തിരി
തിരിക നാ. 1. ഒരിനം ചക്രം; 2. ഒരിനം വളയം; 3. ചുമ്മാട്
തിരികല്ല് നാ. ധാന്യം പൊടിക്കാനുള്ള ഒരു ഉപകരണം
തിരികിട നാ. മോശപ്പെട്ടത്
തിരികുറ്റി നാ. 1. ചുഴുകുറ്റി; 2. തിരികല്ലിൽ തള്ളക്കല്ലിൻെറ നടുവിലുള്ള കുറ്റി
തിരികെ അവ്യ. തിരിയെ

തിരിക്കുക ക്രി. 1. പുറപ്പെടുക; 2. മടങ്ങുക; 3. കറക്കുക; 4. ചുഴറ്റുക; 5. കടയുക; 6. തെറുക്കുക; 7. മാറ്റുക; 8. വിവേചിച്ചറിയുക; 9. അറിയിക്കുക; 10. കഷ്ടപ്പെടുത്തുക

തിരിചാട് നാ. നെയ്ത്തുകാരൻെറ കതിർ

തിരിച്ചടിക്കുക ക്രി. 1. പ്രയോഗിച്ച ആളിൻെറമേൽ തിരിച്ചുവന്നേൽക്കുക; 2. പറ്റിയ മറുപടി പറയുക. നാ. തിരിച്ചടി

തിരിച്ചൽ [തിരിയുക] നാമരൂപം

തിരിച്ചറിയുക ക്രി. വിവേചിച്ചറിയുക

തിരിച്ചറിവ് നാ. വിവേകം, വിവേചനബുദ്ധി

തിരിപ്പടി നാ. ഉപായം, വഞ്ചന, സൂത്രപ്പണി

തിരിപ്പണം നാ. ചുറ്റിക്കെട്ടിയത്, ചുരുട്ടിക്കെട്ടിയത്

തിരിപ്പൻ1 നാ. 1. ഒരിനം കൃത്രിമ മുടി; 2. ഒരിനം തിരി

തിരിപ്പൻ2 നാ. 1. കള്ളൻ; 2. ഏഷണിക്കാരൻ

തിരിപ്പ് [<തിരിക്കുക] നാ. 1. ചുറ്റൽ; 2. ഉപായം; 3. മാറ്റം; 4. അതിരുപിടിച്ച വസ്തു

തിരിമറി നാ. 1. കൊടുക്കലും വാങ്ങലും; 2. വഞ്ചന; 3. കാര്യങ്ങൽ തെറ്റിദ്ധാരണ ഉളവാക്കത്തക്കവണ്ണം അവതരിപ്പിക്കൽ

തിരിമാലി,തിരു- നാ. 1. ശ്രീകൃഷ്ണൻ; 2. വിഷ്ണു; 3. വഞ്ചകൻ

തിരിയുക ക്രി. 1. കറങ്ങുക; 2. അലയുക; 3. പിന്തിരിയുക; 4. മാറുക; 5. വേറെവേറെ ആകുക; 6. അറിയുക; 7. എതിരാകുക. (ഉച്ചതിരിയുക = ഉച്ചകഴിയുക, സൂര്യൻ പറിഞ്ഞാറോട്ടു ചായുക); 8. ഒരു കൂട്ടത്തിൽനിന്നു നല്ലതിനെമാത്രം പ്രത്യേകമായി സ്വീകരിക്കുക

തിരിയെ അവ്യ. ആവർത്തിച്ച്, വീണ്ടും

തിരിയോൾ നാ. ഭാര്യ

തിരിവ് [<തിരിയുക] നാ. 1. കറക്കം; 2. കോണ്; 3. മാറ്റം; 4. അറിവ്; 5. കള്ളനാണയം; 6. തിരഞ്ഞെടുത്തതിൻെറ ബാക്കി

തിരീടം നാ. 1. ചുവന്ന പാച്ചോറ്റി; 2. കിരീടം; 3. പൊന്ന്

തിരു1 വി. 1. ഐശ്വര്യമുള്ള, പുണ്യമുള്ള; 2. വലിയ, മുഴുത്ത

തിരു2 [<സം.ശ്രീ] നാ. ലക്ഷ്മീദേവി

തിരുകൽ [തിരുകുക] നാമരൂപം

തിരുകുക ക്രി. 1. ഇടയിൽ തള്ളിക്കടത്തുക; 2. ചുരണ്ടിയെടുക്കുക, ചിരകുക

തിരുകുളി നാ. 1. ഒരിനം ഉളി; 2. ഒരു ഉപകരണം

തിരുകുറ്റി നാ. = തിരികുറ്റി

തിരുക്കണ്ണപ്പൻ നാ. 1. ശ്രീകൃഷ്ണൻ; 2. കണ്ണപ്പനായനാർ

തിരുക്കാപ്പ് നാ. 1. ക്ഷേത്രത്തിലെ ശ്രീകോവിലിൻെറ വാതിൽ; 2. കുഞ്ഞുങ്ങൾക്കുണ്ടാകുന്ന ദൃഷ്ടിദോഷം മുതലായവ മാറ്റാനായി ചെയ്യുന്ന അന്തിയുഴിയൽ; 3. ദേവവിഗ്രഹങ്ങളെ അലങ്കരിക്കലും അഭിഷേകം ചെയ്യലും

തിരുക്ക്1 നാ. 1. തിരുകിക്കയറ്റുന്നതിനുള്ള ആണി; 2. അടപ്പ്; 3. പെൻസിൽവെട്ടാൻ ഉപയോഗിക്കുന്ന ഉപകരണം

തിരുക്ക്2 നാ. കണ്ണ്

തിരുക്കുക ക്രി. 1. തിരുകി കയറ്റുക; 2. വസ്ത്രം ഉടുക്കുന്നതുപോലെ തിരുകി ഉറപ്പിക്കുകയോ ഉടുത്തവസ്ത്രം മേലോട്ടു ചുരുട്ടുകയോ ചെയ്യുക

തിരുക്കുറൾ നാ. തമിഴിലെ ഒരു പ്രസിദ്ധഗ്രന്ഥം, തിരുവള്ളുവർ എഴുതിയത്

തിരുക്കൂത്ത് നാ. നടരാജൻെറ നൃത്തം

തിരുച്ചുറ്റാല നാ. ക്ഷേത്രത്തിലെ ചുറ്റുമതിൽ, അതിനോടുചേർന്നുള്ള ശാല

തിരുച്ചുറ്റാലയം നാ. പ്രാകാരത്തിലുള്ള ഉപദേവതകളുടെ ആലയം

തിരുടൻ നാ. കള്ളൻ

തിരുടുക ക്രി. മോഷ്ടിക്കുക

തിരുട്ടുത്തനം നാ. കള്ളത്തരം

തിരുതകൃതി നാ. ആർഭാടം, കോലാഹലം, തിടുക്കം, തിരക്ക്

തിരുതാളി നാ. 1. ഒരു വള്ളിച്ചെടി; 2. ഒരു കുറ്റിച്ചെടി

തിരുതേവി നാ. ഒരു ഓഷധി, പൂവാങ്കുറുന്തൽ

തിരുത്തൽ,തിരുത്ത് [തിരുത്തുക] നാമരൂപം

തിരുത്ത് നാ. 1. തിരുത്തുക; 2. കാടും പടലും മറ്റും വെട്ടിനിരപ്പുവരുത്തി കൃഷിചെയ്യാൻ പാകത്തിനാക്കിയ ഭൂമി

തിരുത്തുക ക്രി. പിഴനീക്കി ശരിപ്പെടുത്തുക

തിരുത്തൊണ്ടന്മാർ നാ. ഭഗവദ്ഭക്തന്മാർ

തിരുനട്ടം നാ. ശിവൻെറ നൃത്തം

തിരുനന്താവനം നാ. ക്ഷേത്രത്തിലെ ഉദ്യാനം. തിരുനന്താവനവിരുത്തി = ക്ഷേത്രോദ്യാനം രക്ഷിക്കുന്നതിനുവേണ്ടി വിട്ടുകൊടുക്കുന്ന വസ്തു

തിരുനന്താവിളക്ക് നാ. ഒരിനം കെടാവിളക്ക്

873

തിരുനാമം നാ. പവിത്രമായ പേര്

തിരുനാവാ നാ. കേരളത്തിലെ ഒരു പുണ്യസ്ഥലം

തിരുനാൾ നാ. 1. പിറന്നാൾ; 2. ഉത്സവദിവസം

തിരുനീട്ട് നാ. രാജാവിൻെറ ഉത്തരവ്

തിരുനീർ നാ. ചാണകം ചുട്ടെടുക്കുന്ന പരിശുദ്ധമായ ഭസ്മം

തിരുനെറ്റി നാ. രണ്ടുപുരികങ്ങളുടെ നടുവിലുള്ള മർമസ്ഥലം

തിരുപ്പട്ടം നാ. 1. വിശുദ്ധകിരീടം; 2. നെറ്റിപ്പട്ടം; 3. (ക്രിസ്തു)വൈദികൻെറ പദവി

തിരുപ്പതി നാ. 1. പുണ്യക്ഷേത്രം; 2. വെങ്കിടഗിരിയിലെ പ്രസിദ്ധമായ തിരുപ്പതിക്ഷേത്രം

തിരുപ്പൻ നാ. = തിരിപ്പൻ

തിരുപ്പരിവട്ടം നാ. ദേവവിഗ്രഹത്തിൽ അണിയുന്ന വസ്ത്രം

തിരുപ്പാഥേയം നാ. മരിക്കാറായ ആളിൻെറ ദീർഘയാത്രയെ ഉദ്ദേശിച്ച് കഴിക്കപ്പെടുന്ന വിശുദ്ധകുർബാന

തിരുപ്പിടിക്കുക ക്രി. കൈവിരൽകൊണ്ടു തിരുമ്മുകയോ തിരിക്കുകയോ ചെയ്യുക

തിരുപ്പിറവി നാ. ക്രിസ്തുവിൻെറ ജനനം

തിരുപ്പുക നാ. ക്ഷേത്രങ്ങളിലും മറ്റും ദേവാരാധനയുടെ ഭാഗമായി പുകയ്ക്കുന്ന സുഗന്ധധൂപം

തിരുപ്പൂത്ത് നാ. തീണ്ടാരി

തിരുപ്പോനകം നാ. ദേവനുനിവേദിക്കുന്ന ചോറ്
തിരുമകൾ നാ. ലക്ഷ്മീദേവി
തിരുമഞ്ചനം നാ. 1. അഭിഷേകം; 2. അഭിഷേകതീർഥം
തിരുമടപ്പള്ളി നാ. ക്ഷേത്രത്തിലെ നിവേദ്യം പാകംചെയ്യുന്ന ശാല
തിരുമടയൻ നാ. വെറും ഭോഷൻ
തിരുമധുരം നാ. മൂന്നു മധുരവസ്തുക്കൾചേർത്തു ദേവനു നിവേദിക്കാൻവേണ്ടിയുണ്ടാക്കുന്ന പദാർഥം
തിരുമനസ്സ് നാ. രാജാവ് ദേവൻ ഗുരു തുടങ്ങിയവരെ സൂചിപ്പിക്കുന്ന ആദരസൂചകമായ പദം. (പ്ര) തിരുമനസ്സ് അറിയിക്കുക, തിരുമനസ്സ് ഉണർത്തിക്കുക (ആ.ഭാ.)
തിരുമലി വി. ഐശ്വര്യം വർധിച്ച
തിരുമറു നാ. വിഷ്ണുവിൻെറ മാറിടത്തിലെ അടയാളം, ശ്രീവത്സലാഞ്ഛനം
തിരുമാടമ്പ് നാ. രാജകുമാരനു പൂണൂലിടുന്ന കർമം
തിരുമാത് നാ. ലക്ഷ്മീദേവി
തിരുമാൽ, -മാലി നാ. വിഷ്ണു
തിരുമാലിത്തരം നാ. കുസൃതി
തിരുമുഖം നാ. 1. മുഖം; 2. ഒരു പദവി; 3. രാജകൽപന; 4. പ്രധാനകണക്കെഴുത്തുദ്യോഗസ്ഥൻ
തിരുമുടി നാ. 1. തല, തലമുടി; 2. കിരീടം. (പ്ര) തിരുമുടി ഇറക്കുക, തിരുമുടികളയൽ, തിരുമുടിക്കലശം
തിരുമുത്ത് നാ. പല്ല്. (പ്ര) തിരുമുത്തുവിളക്കുക = പല്ലുതേക്കുക
തിരുമുന്നൽ ക്രി. തിരുമുന്നിൽ, തിരുമുമ്പിൽ
തിരുമുമ്പ് നാ. 1. മുമ്പ്, സന്നിധി; 2. ചില നമ്പൂതിരിബ്രാഹ്മണരുടെ ഒരു സ്ഥാനപ്പേര്
തിരുമുൽക്കാഴ്ച നാ. 1. കാഴ്ചദ്രവ്യം; 2. രാജാവുമായോ തത്തുല്യരുമായോ ഉള്ള അഭിമുഖം
തിരുമുൽപ്പാട് നാ. കേരളത്തിലെ ക്ഷത്രിയരിൽ ഒരു വിഭാഗം
തിരുമുറിവ് നാ. ക്രൂശിതനായ ക്രിസ്തുദേവൻെറ കൈകാലുകളിലെയോ മാറിടത്തിലെയോ മുറിവ്
തിരുമൂപ്പ് നാ. മൂപ്പുകൊണ്ടുലഭിക്കുന്ന രാജപദവി
തിരുമേനി നാ. 1. ശരീരം; 2. ദേവവിഗ്രഹം; 3. ബഹുമാനപൂർവം സംബോധനചെയ്യാനും കുറിക്കാനും ഉപയോഗിക്കുന്ന ഒരു പദം; 4. വിഷ്ണുക്രാന്തിയെന്ന ഔഷധം
തിരുമൊഴി നാ. ദേവൻെറയോ രാജാവിൻെറയോ വാക്ക്
തിരുമ്മ് [തിരുമ്മുക] നാമരൂപം
തിരുമ്മുക ക്രി. 1. ഉഴിയുക; 2. ഒരു ചികിത്സാരീതി; 3. കശക്കുക; 4. വസ്ത്രം കുത്തിപ്പിഴിഞ്ഞ് അലക്കുക
തിരുവക്കിരം നാ. നിവേദ്യം
തിരുവചനം നാ. 1. ദൈവത്തിൻെറയും രാജാവിൻെറയും മറ്റും വാക്ക്; 2. വേദം
തിരുവഞ്ചിക്കുളം നാ. കൊടുങ്ങല്ലൂരിനു സമീപമുള്ള ഒരു പ്രദേശം
തിരുവടയാളം നാ. 1. ഒപ്പ്, മുദ്ര; 2. അടയാളം; 3. ഒരിനം പണ്ടാരവകപ്പാട്ടം

തിരുവടി നാ. 1. തൃപ്പാദം; 2. ഒരു ഉപചാരപദം; 3. വഞ്ചിരാജാക്കന്മാരുടെ സ്ഥാനപ്പേർ
തിരുവട്ടപ്പയൻ നാ. ഒരു അങ്ങാടിമരുന്ന്
തിരുവത്താഴം നാ. ക്രിസ്തു തൻെറ ശിഷ്യന്മാരോടൊപ്പം കഴിച്ച അവസാനത്തെ അത്താഴം
തിരുവനന്തപുരം നാ. പഴയ തിരുവിതാംകൂർ രാജ്യത്തിൻെറയും പുതിയ കേരള സംസ്ഥാനത്തിൻെറയും തലസ്ഥാനം
തിരുവന്തിക്കാപ്പ് നാ. ഒരു ചടങ്ങ് (കോവിലിൽ ഉത്സവത്തിനോ നിത്യപൂജയ്ക്കോശേഷം ദൃഷ്ടിദോഷം ഒഴിവാക്കാൻ നടത്തുന്നത്)
തിരുവമൃത് നാ. ക്ഷേത്രത്തിലെ നൈവേദ്യം
തിരുവയർ നാ. വയർ. (ആ.ഭാ.). (പ്ര) തിരുവയറൊഴിയുക = രാജസ്ത്രീ പ്രസവിക്കുക
തിരുവഷ്ടാക്ഷരം നാ. “ഓംനമോനാരായണ‘ എന്ന അഷ്ടാക്ഷര മന്ത്രം
തിരുവള്ളുവർ നാ. തിരുക്കുറൾ എന്ന തമിഴ്ഗ്രന്ഥത്തിൻെറ കർത്താവ്
തിരുവാങ്കോട് നാ. തിരുവിതാങ്കോട്
തിരുവാട നാ. ദേവൻെറയോ രാജാവിൻെറയോ വസ്ത്രം
തിരുവാണ നാ. 1. ദേവന്മാരുടെയോ രാജാക്കന്മാരുടെയോ പേരിലുള്ള ആണ; 2. രാജാവിൻെറ കൽപന
തിരുവാതിര നാ. 1. ആർദ്രാനക്ഷത്രം ; 2. ധനുമാസത്തിലെ തിരുവാതിരനാൾ; 3. തിരുവാതിരക്കളി; 4. തിരുവാതിരക്കിഴങ്ങ്
തിരുവാതിരക്കളി നാ. കേരളത്തിലെ സ്ത്രീകളുടെ ഒരു സമൂഹനൃത്തം
തിരുവാഭരണം നാ. ദേവൻെറയോ രാജാവിൻെറയോ ആഭരണം
തിരുവായ് നാ. രാജകൽപന. തിരുവായ്ക്കെതിർവായില്ല (പഴ)
തിരുവാഴി നാ. 1. മുദ്രമോതിരം; 2. സുദർശനചക്രം
തിരുവാഴിത്താൻ നാ. രാജസദസ്സിലെ സ്തുതിപാഠകൻ
തിരുവിതാംകൂർ നാ. കേരളത്തിൻെറ തെക്കേ അറ്റത്തുണ്ടായിരുന്ന നാട്ടുരാജ്യം
തിരുവിതാംകോട് നാ. തിരുവിതാംകൂർ
തിരുവിഴാ നാ. 1. ക്ഷേത്രത്തിലെ ഉത്സവം; 2. ഒരു പ്രസിദ്ധ ശിവക്ഷേത്രം
തിരുവുടമ്പ് നാ. 1. ദേവന്മാരുടെയോ രാജാക്കന്മാരുടെയോ ശരീരം; 2. ദേവവിഗ്രഹം
തിരുവുടയാട നാ. ദേവനോ രാജാവിനോ ചാർത്തുന്ന വസ്ത്രം
തിരുവുടൽ നാ. 1. ദേവന്മാരുടെയോ രാജാക്കന്മാരുടെയോ ശരീരം; 2. ദേവവിഗ്രഹം
തിരുവുള്ളം നാ. 1. ദേവന്മാർ രാജാക്കന്മാർ രാജതുല്യന്മാർ തുടങ്ങിയവരുടെ മനസ്സ്, പ്രീതി തുടങ്ങിയവ; 2. ഒരു ഭൂ-അനുഭോഗക്രമം, രാജപ്രീതിമൂലം ലഭിച്ച വസ്തു
തിരുവെഴുത്ത് നാ. കത്ത്, കൽപന (പ്ര) തിരുവെഴുത്തുകൾ = ക്രൈസ്തവ വേദപുസ്തകത്തിലെ വിവിധഗ്രന്ഥങ്ങൾക്കെല്ലാംകൂടി പറയുന്ന പേര്
തിരുവോണം നാ. 1. ഒരു നക്ഷത്രം; 2. കേരളത്തിലെ ദേശീയോത്സവം, ഓണം, ശ്രവണം
തിരുശേഷിപ്പ് നാ. വിശുദ്ധന്മാരുടെ ഭൗതികാവശിഷ്ടം
തിരുസഭ നാ. പരിശുദ്ധ ക്രിസ്തീയസഭ

തിരുസ്വരൂപം നാ. ദേവാലയത്തിൽ വച്ചിട്ടുള്ള ക്രിസ്തുവിൻെറയോ കന്യാമറിയത്തിൻെറയോ പ്രതിമ
തിരുഹൃദയം നാ. യേശുക്രിസ്തുവിൻെറ ഹൃദയം. തിരുഹൃദയത്തിരുനാൾ = തിരുഹൃദയം പൂജിക്കാനുള്ള വിശുദ്ധദിവസം
തിരോ [സം.] തിരസ് എന്ന പദം സമാസത്തിൽ കൈക്കൊള്ളുന്ന രൂപം
തിരോഗത വി. മറഞ്ഞ
തിരോധാനം നാ. 1. അപ്രത്യക്ഷമാകൽ; 2. തിരശ്ശീല; 3. ഉടുപ്പ്
തിരോഭവിക്കുക ക്രി. മറയുക
തിരോഭാവം നാ. അന്തർധാനം, മറയൽ
തിരോഭൂത വി. മറഞ്ഞ
തിരോഹിത വി. മറയ്ക്കപ്പെട്ട
തിര്യക് അവ്യ. സമാന്തരമായി, വിലങ്ങനെ
തിര്യക്ക് നാ. മനുഷ്യനൊഴികെയുള്ള ജന്തുവർഗത്തിനു പൊതുവെ പറയുന്ന പേര്
തിര്യഗ് [സം.] 'തിര്യക്' ശബ്ദം മൃദുക്കൾ ഘോഷങ്ങൾ മധ്യമങ്ങൾ ഹകാരം സ്വരങ്ങൾ എന്നിവ പരമായിവരുമ്പോൾ കൈക്കൊള്ളുന്ന രൂപം
തിര്യഗക്ഷരം നാ. ചരിഞ്ഞ അക്ഷരം
തിര്യഗീശൻ നാ. ശ്രീകൃഷ്ണൻ
തിര്യഗ്ഗതി നാ. 1. വിലങ്ങനെയുള്ള പോക്ക്; 2. പക്ഷിമൃഗാദികളുടെ ദേശാടനശീലം
തിര്യഗ്ഗാമി നാ. ഞണ്ട്
തിര്യഗ്യോനി [സം-യോനി] നാ. മനുഷ്യനൊഴികെയുള്ള ജന്തുവർഗം
തിര്യഗ്രതം നാ. നായികാനായകന്മാർ ചരിഞ്ഞുകിടന്നുകൊണ്ടുള്ള സംഭോഗം
തിര്യഗ്രേഖ നാ. നേർവര
തിര്യങ്മുഖനക്ഷത്രങ്ങൾ നാ. (ബ.വ.) അനിഴം അശ്വതി പുണർതം മകയിരം രേവതി ചോതി അത്തം ചിത്തിര തൃക്കേട്ട എന്നീ നക്ഷത്രങ്ങൾ
തിൽപ്പ് നാ. ചീത്തത്തം, ചീത്തവസ്തു (പ്ര) നൽപ്പുതിൽപ്പ് = നന്മതിന്മകൾ
തിലക1 വി. തൊടുകുറിയായ
തിലക2 നാ. ഒരു കണ്ഠാഭരണം
തിലകൻ നാ. 1. പ്രസിദ്ധൻ; 2. തിലകം
തിലകം നാ. 1. തൊടുകുറി; 2. അലങ്കാരമായത്; 3. മഞ്ചാടി മരം; 4. കർപ്പൂരതുളസി
തിലകാക്ഷതം നാ. ദേവവിഗ്രഹത്തിൽ അക്ഷതംകൊണ്ട് തിലകം ചാർത്തൽ
തിലകാണ്ഡം നാ. എൾച്ചെടിയിൽനിന്ന് എള്ളു ശേഖരിച്ചുകഴിഞ്ഞു ശേഷിക്കുന്ന ചെടിയുടെ ഇലയും തണ്ടും മറ്റും ചേർന്നഭാഗം
തിലകായിത വി. തൊടുകുറിയായുള്ള
തിലകാശ്രയം നാ. നെറ്റി
തിലകിത വി. 1. തിലകം അണിഞ്ഞ; 2. ശ്രേഷ്ഠമായ
തിലജം നാ. എള്ളെണ്ണ, നല്ലെണ്ണ
തിലതണ്ഡുലകം നാ. 1. എള്ളും അരിയും കൂട്ടിക്കലർത്തിയത്

തിലതർപ്പണം നാ. തിലോദകം
തിലപർണം നാ. 1. തിരുവട്ടപ്പശ; 2. ചന്ദനം; 3. രക്തചന്ദനം; 4. എള്ളില; 5. മലയപർവതത്തോടുചേർന്ന ഒരു പർവതം
തിലപർണി നാ. 1. തിരുവട്ടപ്പശ; 2. അറബിക്കുന്തുരുക്കം; 3. ഓരില; 4. രക്തചന്ദനം; 5. ഒരു നദി
തിലപുഷ്പകം നാ. താന്നിമരം
തിലഭാവിനി നാ. പിച്ചി
തിലം നാ. 1. എള്ള്; 2. മറുക്; 3. വലത്തെ ശ്വാസകോശം
തിലരസം നാ. നല്ലെണ്ണ
തിലശ: അവ്യ. അൽപം മാത്രം, എള്ളോളം
തിലഹോമം നാ. എള്ളുകൊണ്ടുചെയ്യുന്ന ഹോമം
തിലാഞ്ജലി നാ. കൈക്കുടന്നയിൽ എള്ളും വെള്ളവും എടുത്തു പിതൃക്കൾക്കു അർപ്പിക്കൽ
തിലീകരണം നാ. എള്ളുപോലെ നുറുക്കൽ
തിലോത്തമ നാ. ഒരു അപ്സരസ്സ്
തിലോദകം നാ. എള്ളും നീരുംകൊണ്ടുള്ള പിതൃതർപ്പണം
തിലോദ്ഭവം നാ. നല്ലെണ്ണ
തില്യം നാ. തിലം വിളയുന്നിടം
തില്ല നാ. 1. ഒരിനം വൃക്ഷം; 2. ചിദംബരം
തില്ലാന നാ. 1. കർണാടകസങ്ഗീതത്തിലെ ഒരു രചനാശിൽപം; 2. തില്ലാനയെന്ന സങ്ഗീതശിൽപത്തെ ആസ്പദമാക്കി ഭരതനാട്യത്തിൽ ആവിഷ്കരിച്ചിട്ടുള്ള ഒരു നൃത്തസമ്പ്രദായം
തിഷ്ഠ ക്രി. (സ്ഥാ ധാതു ലോട് മ.പു. ഏ.വ.) നിൽക്കുക, നിന്നാലും
തിഷ്ഠതി ക്രി. (സ്ഥാ ധാതു ലട് പ്ര.പു. ഏ.വ.) നിൽക്കുന്നു
തിഷ്യ1 വി. 1. മങ്ഗളകരമായ; 2. പ്രകാശമുള്ള; 3. പൂയം നക്ഷത്രത്തിൽ ജനിച്ച
തിഷ്യ2 നാ. 1. പ്രകാശം; 2. നെല്ലി
തിഷ്യകം നാ. പൗഷമാസം
തിഷ്യകേതു നാ. ശിവൻ
തിഷ്യപുഷ്പ നാ. നെല്ലി
തിഷ്യം നാ. 1. പൂയം; 2. കലിയുഗം
തിസ്രജാതി നാ. താളത്തിൻെറ അഞ്ചുജാതികളിൽ ഒന്ന്
തിസ്രം നാ. കൂത്തമ്പലം മൂന്നു പ്രകാരമുള്ളതിൽ ഒന്ന്
തിള നാ. 1. കുമിള; 2. തിളപ്പ്; 3. പ്രകാശം
തിളക്കം [തിളങ്ങുക] നാമരൂപം
തിളക്കുക ക്രി. പ്രകാശിപ്പിക്കുക, മിനുക്കുക
തിളങ്ങുക ക്രി. പ്രകാശിക്കുക
തിളനില നാ. ദ്രാവകം വാതകാവസ്ഥയിലേക്കുമാറുന്ന താപനില (മർദവ്യത്യാസമനുസരിച്ചു തിളനിലയിൽ മറ്റം വരും)
തിളപ്പ് [തിളയ്ക്കുക] നാമരൂപം

തിളയ്ക്കുക ക്രി. 1. ചൂടുകൊണ്ട് വാതകമായിമാറാൻ തുടങ്ങുമ്പോൾ ദ്രവവസ്തു ഇളകുകയും അതിൽ കുമിളകൾ ഉണ്ടാവുകയും ചെയ്യുക; 2. കവിയുക; 3. അഹങ്കരിക്കുക

തിറ1 നാ. 1. കപ്പം; 2. ഉപഹാരം; 3. ദേവപ്രീതിക്കായി ഉത്തരകേരളത്തിലെ കാവുകളിൽ അനുഷ്ഠിച്ചുവരുന്ന ഒരു ചടങ്ങ്

875

തിറ2 നാ. ചുരുൾ

തിറക്കേട് നാ. മിടുക്കില്ലായ്മ

തിറം1 നാ. 1. കഴിവ്; 2. കരുത്ത്; 3. ഐശ്വര്യം; 4. അഴക്; 5. തീർച്ച

തിറം2 നാ. കപ്പം, കരം

തിറമ നാ. 1. സാമർഥ്യം; 2. ശക്തി

തിറമ്പ് നാ. ഉളുക്ക്

തിറമ്പുക ക്രി. ഉളുക്കുക

തിറയാട്ടം നാ. 1. ഒരു ആരാധനാകല; 2. വിചിത്രമായ വേഷവിധാനം

തിറവി [<തിറവുക] നാ. തെളിച്ചം, പ്രകാശം

തിറവിയ വി. 1. ഉറപ്പുള്ള; 2. കഴിവുള്ള; 3. ഐശ്വര്യമുള്ള

തിറവുക ക്രി. ശക്തിയുള്ളതാവുക, കഴിവുള്ളതാകുക

തീ1 നാ. 1. വസ്തുക്കൾ കത്തുമ്പോഴുണ്ടാകുന്ന ചൂടും പ്രകാശവുമുള്ള ജ്വാല; 2. കൊടുവേലി. (പ്ര) തീകടയുക = തടിക്കഷണങ്ങൾ കൂട്ടിയുരുമ്മി തീയുണ്ടാക്കുക. തീകായുക = തീയുടെ അടുത്തിരുന്നു കുളിരുമാറ്റുക. തീയോടുകളിക്കുക = വളരെ അപകടകരമായ ഒന്നിനെ നിസ്സാരമാക്കിപെരുമാറുക. എരിതീയിൽ എണ്ണപകരുക = നേരത്തേതന്നെ വഷളായിരിക്കുന്ന കാര്യം കൂടുതൽ വഷളാക്കുക

തീ2 വി. ചീത്തയായ. നാ. തിന്മ, പാപം

തീ3 വി. 1. പ്രീയപ്പെട്ട; 2. മധുരമായ; 3. ഭങ്ഗിയുള്ള

തീക്കട്ട നാ. നാളമില്ലാതെ എരിയുന്ന തടിയുടെയും മറ്റും കഷണം, കനൽക്കട്ട. (പ്ര) തീക്കട്ടയിൽ ഉറുമ്പരിക്കുക. തീക്കട്ട കഴുകിയാൽ കരിക്കട്ട (പഴ)

തീക്കണ്ണൻ നാ. അഗ്നിനേത്രൻ, ശിവൻ

തീക്കനൽ നാ. തീക്കട്ട. (പ്ര) തീക്കനൽ നക്ഷത്രം = തിരുവാതിര നക്ഷത്രം

തീക്കരപ്പൻ നാ. (ആയുർ) ഒരു രോഗം, അഗ്നിവിസർപ്പം (ശരീരത്തിൽ പൊള്ളൽ ഉണ്ടാക്കുന്നതിനാൽ ഈ പേര്)

തീക്കല്ല് നാ. 1. ഒരിനം കല്ല് (ഇറ്റിൽ ആഘാതമേൽക്കുമ്പോൾ പുറപ്പെടുന്ന തീപ്പൊരിയിൽനിന്നു തീകത്തിച്ചിരുന്നു); 2. സൂര്യകാന്തം

തീക്കളി നാ. 1. വെടിക്കെട്ട്, കമ്പം; 2. സാഹസീകോദ്യമം

തീക്കുടുക്ക നാ. 1. ഒരിനം പാത്രം; 2. ഒരിനം ബോംബ്; 3. തീപ്പെട്ടി

തീക്കുണ്ഡം നാ. അഗ്നികുണ്ഡം

തീക്കുറ്റി നാ. തീപ്പെട്ടിത്തിരി

തീക്കൊള്ളി നാ. എരികൊള്ളി

തീക്കോൽ നാ. തീപ്പെട്ടിക്കോൽ; 2. ചൂടുപിടിച്ച വസ്തുക്കൾ എടുക്കാൻ ഉപയോഗിക്കുന്ന കൊടിൽ

തീക്ഷ്ണ വി. 1. ശക്തിയേറിയ; 2. മൂർച്ചയുള്ള; 3. എരിവുള്ള; 4. ചൂടുള്ള; 5. ഓജസ്സുള്ള; 6. ഉത്സാഹമുള്ള; 7. ഭക്തിയുള്ള

തീക്ഷ്ണകരൻ നാ. സൂര്യൻ

തീക്ഷ്ണഗന്ധ നാ. 1. വയമ്പ്; 2. വെൾവയമ്പ്; 3. ചിറ്റേലം; 4. ഇലക്കള്ളി
തീക്ഷ്ണത നാ. തീക്ഷ്ണമായിരിക്കുന്ന അവസ്ഥ
തീക്ഷ്ണതണ്ഡുല നാ. തിപ്പലി
തീക്ഷ്ണതൈലം നാ. 1. ചെഞ്ചല്യം; 2. ചതുരക്കള്ളിയുടെ കറ; 3. മദ്യം
തീക്ഷ്ണദണ്ഡൻ നാ. കഠിനമായി ശിക്ഷിക്കുന്ന യജമാനൻ
തീക്ഷ്ണദംഷ്ട്രകം നാ. പുലി
തീക്ഷ്ണധാതു നാ. ഇരുമ്പയിർ
തീക്ഷ്ണധാരം നാ. വാൾ
തീക്ഷ്ണൻ നാ. ശൂരൻ; 2. ഒരിനം എലി
തീക്ഷ്ണപത്രം നാ. 1. കൊത്തമല്ലി; 2. തൂമ്പൂണി
തീക്ഷ്ണബുദ്ധി വി. ബുദ്ധികൂർമയുള്ള. നാ. 1. നിശിതമായ ബുദ്ധി; 2. അത്തരം ബുദ്ധിയുള്ളവൻ
തീക്ഷ്ണം നാ. 1. ഉഷ്ണം; 2. എരിവ്; 3. ഇഞ്ചി; 4. കുരുമുളക്; 5. പീഢ; 6. മ്മരണം; 7. പകർച്ചവ്യാധി; 8. തിടുക്കം; 9. യുദ്ധം; 10. ആയുധം; 11. ലോഹം; 12. ഇരുമ്പ്; 13. ഉരുക്ക്; 14. വസ്ത്രം; 15. വെടിയുപ്പ്; 16. കായം; 17. ചെവിയം; 18. ചവർക്കാരം
തീക്ഷ്ണരശ്മി നാ. സൂര്യൻ
തീക്ഷ്ണസാരം നാ. 1. ഇരുമ്പ്; 2. ഇരിപ്പ
തീക്ഷ്ണാംശു നാ. 1. സൂര്യൻ; 2. അഗ്നി; 3. എരുക്ക്
തീക്ഷ്ണായസം നാ. ഉരുക്ക്
തീക്ഷ്ണാർച്ചിസ്സ് നാ. സൂര്യൻ
തീക്ഷ്ണോത്ഥം നാ. 1. ചുക്ക്; 2. ഇഞ്ചി; 3. കുരുമുളക്; 4. തിപ്പലി
തീച്ചട്ടി നാ. നെരിപ്പോട്
തീച്ചാമുണ്ഡി നാ. ഒരു തെയ്യക്കോലം
തീച്ചൂള നാ. എരിയുന്ന ചൂള
തീട്ടം നാ. മലം, കാഷ്ടം
തീട്ട്1 നാ. രാജാവിൻെറയോ മറ്റേതെങ്കിലും വ്യക്തിയുടെയോ എഴുത്ത്
തീട്ട്2 നാ. തീണ്ടാരി
തീട്ടുക ക്രി. 1. മൂർച്ചയുണ്ടാക്കുക; 2. മിനുക്കുക; 3. കോതിഒതുക്കുക; 4. തവിടുകളയുക; 5. എഴുതുക; 6. കൊഴിയുക
തീട്ടുശീല നാ. വീരാളിപ്പട്ട്
തീട്ടൂരം നാ. 1. രാജകീയ രേഖ; 2. അനുവാദപത്രം
തീണ്ടൽ [തീണ്ടുക] നാമരൂപം
തീണ്ടാപ്പാട് നാ. തീണ്ടൽ ആകാതിരിക്കാൻ നിശ്ചയിച്ചിട്ടുള്ള ദൂരം
തീണ്ടാമതി നാ. തീണ്ടാപ്പാട്
തീണ്ടായിരിക്കുക ക്രി. ആർത്തവകാലത്തു സ്ത്രീകൾ മൂന്നുദിവസം തീണ്ടൽ ആചരിക്കുക, പുറത്തുമാറിയിരിക്കുക
തീണ്ടായ്മ നാ. അയിത്തം
തീണ്ടാരി നാ. മാസന്തോറും സ്ത്രീകൾക്കുണ്ടാകുന്ന ആർത്തവം, തീണ്ടായിരിക്കുന്ന കാലം
തീണ്ടാവാടി നാ. തൊട്ടാവാടി
തീണ്ടാൾ നാ. അയിത്തക്കാരൻ

തീണ്ടിക്കുളി നാ. അയിത്തക്കാരെ തീണ്ടിയാൽ ഉണ്ടാകുന്ന അശുദ്ധി മാറ്റാനുള്ള കുളി
തീണ്ട് നാ. തീണ്ടൽ
തീണ്ടുക ക്രി. 1. തൊടുക; 2. തൊട്ട് അശുദ്ധമാക്കുക; 3. ബാധിക്കുക
തീത്താങ്ങി നാ. തീയുടെ ചൂട് ഏൽക്കാതിരിക്കാനുള്ള മറ
തീത്തൈലം നാ. ഗന്ധകാമ്ലം, തൊട്ടാൽപൊള്ളുന്ന ദ്രാവകം
തീൻ നാ. 1. തീറ്റി; 2. തിന്നാനുള്ള പദാർഥം, ആഹാരം
തീൻകത്തി നാ. ആഹാരം കഴിക്കുമ്പോൾ തിന്നാനുള്ള വസ്തുക്കൾ മുറിക്കാൻ ഉപയോഗിക്കുന്ന കത്തി, മേശക്കത്തി
തീൻപണ്ടം നാ. 1. ഭക്ഷണപദാർഥം; 2. എത്രതിന്നാലും മതിവരാത്തവൻ, ഭക്ഷണപ്രിയൻ
തീൻപുല്ല് നാ. പഞ്ഞപ്പുല്ല്
തീൻമുള്ള് നാ. ഭക്ഷണസാധനം കുത്തിയെടുത്തു തിന്നാനുള്ള ഉപകരണം, ഫോർക്ക്
തീൻമേശ നാ. ഭക്ഷണം വച്ചുകഴിക്കാൻ ഉപയോഗിക്കുന്ന മേശ
തീനാക്ക് നാ. തീനാളം
തീനാളം നാ. തീജ്വാല
തീനി നാ. 1. തിന്നുന്നത്; 2. ഭക്ഷണപ്രിയൻ
തീപിടിത്തം നാ. കെട്ടിടത്തിലും മറ്റും തീപടർന്നു പിടിക്കൽ, അഗ്നിബാധ
തീപ്പട നാ. കൂടിക്കിടക്കുന്ന തീക്കട്ട
തീപ്പടുക ക്രി. തീപ്പെടുക
തീപ്പണി നാ. 1. ചീത്തത്തൊഴിൽ; 2. കടുപ്പമുള്ള ജോലി
തീപ്പാതി നാ. 1. പാതിവെന്ത വസ്തു; 2. തീപ്പൊള്ളലേറ്റയാൾ
തീപ്പാഷാണം നാ. ഫോസ്ഫറസ്
തീപ്പാറ നാ. വെള്ളാരങ്കല്ല്
തീപ്പുഴു നാ. ഇരുട്ടിൽ തിളങ്ങുന്ന അഗ്രത്തോടുകൂടിയ ഒരിനം പുഴു
തീപ്പെടുക ക്രി. (രാജാക്കന്മാരും മറ്റും) മരിക്കുക; 2. തീപിടിക്കുക; 3. തീയിൽ ചാടുക
തീപ്പെട്ടി നാ. തീകത്തിക്കാൻ ഉപയോഗിക്കുന്ന ഒരു ആധുനികോപകരണം (തീപ്പെട്ടിക്കോൽ പെട്ടിയുടെ രാസമിശ്രിതം തേച്ച വശങ്ങളിൽ ഉരയ്ക്കുമ്പോൾ തീകത്തുന്നു)
തീപ്പെട്ടിക്കൊള്ളി നാ. = തീപ്പെട്ടിക്കോൽ
തീപ്പെട്ടിക്കോൽ നാ. തീപ്പെട്ടിയിലെ രാസമിശ്രിതം തേച്ചകോൽ
തീപ്പൊരി നാ. എരിയുന്ന വസ്തുവിൽനിന്നു തെറിക്കുന്ന ചെറിയ കണം
തീപ്പൊള്ളൽ നാ. തീ ഏറ്റുണ്ടാകുന്ന പൊള്ളൽ
തീപ്പൊള്ളുക ക്രി. തീയേറ്റുപൊള്ളുക
തീമ നാ. തിന്മ, ദോഷം
തീമഴ നാ. തീപൊഴിക്കുന്ന മഴ; 2. കൊടുങ്കാറ്റും മഴയും
തീമ്പ് നാ. വിഷം
തീമ്പൂവ് നാ. ഗ്രാമ്പ്
തീയ് നാ. തീ

തീയ	വി.	ദുഷിച്ച, തിന്മയുള്ള
തീയകം	നാ.	നരകം
തീയക്കാവതി	നാ.	തീയരുടെ ക്ഷുരകൻ
തീയതി	നാ.	പക്കം; 2. ദിവസം; 3. ഒരു കാര്യം നടക്കുന്ന ദിവസത്തെ കുറിച്ചുള്ള വിവരം
തീയൻ	നാ.	കേരളത്തിലെ ഒരു സമുദായം, ജാതി
തീയൽ	നാ.	ഊണിനുള്ള ഒരു കറി (തേങ്ങാ മല്ലി മുളക് എന്നിവ വറുത്തരച്ച് ഉണ്ടാക്കിയ ചാറും വേവിച്ച കായ്കറിക്കഷണങ്ങളും ചേർന്നത്)
തീയവൻ	നാ.	ചീത്തമനുഷ്യൻ, ദുഷ്ടൻ
തീയാടിനമ്പ്യാർ	നാ.	തീയാട്ടുനടത്തുന്ന സമുദായങ്ങളിൽ ഒന്ന്
തീയാട്ട്	നാ.	കേരളത്തിലെ ഒരു അനുഷ്ഠാനകല, അയ്യപ്പൻ ഭദ്രകാളി എന്നീ ദേവതകളുടെ ആരാധനയുമായി ബന്ധപ്പെട്ട് കളമെഴുത്ത് കളംപൂജ എന്നീ ചടങ്ങുകളോടെ നടത്തപ്പെടുന്നത്
തീയാട്ടുണ്ണി	നാ.	തീയാട്ട് എന്ന അനുഷ്ഠാനം നടത്തുന്ന ഒരു സമുദായം
തീർക്കുക	[തീരുക>പ്രയോ]	ക്രി.	1. പൂർത്തിവരുത്തുക; 2. (ഒട്ടും ശേഷിക്കാത്തവിധം) അവസാനിപ്പിക്കുക; 3. ഇല്ലാതാക്കുക
തീർച്ച	നാ.	1. തീർപ്പ്; 2. നിശ്ചയം; 3. തീരൽ
തിർച്ചവില	നാ.	1. തീർവില; 2. മാറ്റമില്ലാത്തവില
തീർണ	വി.	1. തരണംചെയ്ത; 2. വ്യാപിച്ച, പരന്ന
തീർഥകൻ	നാ.	തീർഥയാത്രചെയ്യുന്നവൻ
തീർഥകരൻ	നാ.	1. സന്ന്യാസി; 2. ദാനശീലൻ; 3. വിഷ്ണു
തീർഥകാകൻ	നാ.	1. ശ്രദ്ധാലുവല്ലാത്ത ശിഷ്യൻ; 2. അത്യാഗ്രഹി; 3. തീർഥത്തിലും അഴുക്ക് അന്വേഷിക്കുന്നവൻ
തീർഥകീർത്തനൻ	നാ.	സത്കീർത്തിയുള്ളവൻ
തീർഥങ്കരൻ	നാ.	ജൈനസിദ്ധൻ
തീർഥചരിതൻ	നാ.	പാവനചരിതൻ
തീർഥചാരി	നാ.	തീർഥാടകൻ
തീർഥദേവൻ	നാ.	ശിവൻ
തീർഥൻ	നാ.	1. ഗുരു; 2. വന്ദിക്കപ്പെടേണ്ട ആൾ
തീർഥപാദൻ	നാ.	1. മഹാത്മാവ്; 2. സന്ന്യാസി; 3. ശിവൻ; 4. വിഷ്ണു
തീർഥം	നാ.	1. പുണ്യസ്ഥലം; 2. സ്നാനഘട്ടം; 3. വിശുദ്ധമായ ജലം; 4. മഹാത്മാക്കളുടെ സമ്പർക്കംകൊണ്ടു പൂജ്യമായിത്തീർന്ന വസ്തു; 5. അഗ്നി; 6. യാഗം
തീർഥയാത്ര	നാ.	പുണ്യസ്ഥലങ്ങൾതോറുമുള്ള യാത്ര, തീർഥാടനം
തീർഥയാത്രി	നാ.	തീർഥാടകൻ
തീർഥശ്ലോകൻ	നാ.	തീർഥകീർത്തനൻ
തീർഥാടനം	നാ.	1. തീർഥയാത്ര; 2. ലക്ഷ്യമില്ലാതെയുള്ള ദേശസഞ്ചാരം
തീർഥോദകം	നാ.	പുണ്യജലം
തീർഥ്യൻ	നാ.	സന്ന്യാസി
തീർപ്പ്	[തീർക്കുക]	നാ.	1. വിധി; 2. തീറാധാരം
തീർമാനം	നാ.	= തീരുമാനം
തീർവ്	നാ.	1. തീരുവ; 2. തീറ്; 3. തീരൽ

തീരം നാ. ജലാശയത്തിൻെറ കരപ്രദേശം
തീരവൃക്ഷം നാ. (ആറ്റു) തീരത്തുവളരുന്ന വൃക്ഷം, നീരിരിപ്പ
തീരാക്കടം നാ. 1. കൊടുത്തുതീർക്കാൻ ആകാത്തകടം; 2. തിരികെ
കിട്ടാത്തകടം
തീരാപ്പക നാ. അവസാനിക്കാത്ത ശത്രുത
തീരാവ്യാധി നാ. ചികിത്സിച്ചുമാറ്റാനാവാത്ത രോഗം
തീര് നാ. 1. പറ്റുചീട്ട്; 2. തീർപ്പ്
തീരുക ക്രി. അവസാനിക്കുക, പൂർത്തിയാകുക
തീരുകാരൻ നാ. തീര് എഴുതി വാങ്ങിയവൻ
തീരുമാനം നാ. 1. തീർപ്പ്; 2. അങ്ഗീകരിച്ചകാര്യം; 3. നിശ്ചയം; 4.
സമ്മതിക്കൽ; 5. പരിഹാരം
തീരുമാനിക്കുക ക്രി. നിശ്ചയിക്കുക, നിർണയിക്കുക
തീരുവ നാ. 1. ഒടുക്കേണ്ടത്; 2. തീർക്കൽ; 3. തവണ
തീരെ അവ്യ. 1. തീരുമാറ്; 2. ഒട്ടും, അൽപവും
തീവട്ടി നാ. = തീവെട്ടി
തീവണ്ടി നാ. നീരാവിയുടെ ശക്തികൊണ്ട് ഓടുന്ന വണ്ടി, ട്രെയിൻ
തീവാള് നാ. ഇടിവാൾ
തീവില നാ. അമിതമായ വില
തീവിഴുങ്ങിപ്പക്ഷി നാ. ഒട്ടകപ്പക്ഷി
തീവെട്ടി നാ. ഒരുതരം പന്തം, ഒരു കാലിൻെറ അറ്റത്തുഘടിപ്പിച്ച
വൃത്താകൃതിയായ കമ്പിയിൽ തുണിചുറ്റി എണ്ണ ഒഴിച്ചുകത്തിക്കുന്നത്. (പ്ര)
തീവെട്ടിക്കൊള്ള = രാത്രിയിൽ നടത്തുന്ന കൊള്ള, ക്രൂരമായ പിടിച്ചുപറിക്കൽ
തീവെയിൽ നാ. തീപോലെ ചൂടുള്ള വെയിൽ
തീവ്ര വി. 1. തീക്ഷ്ണതയുള്ള; 2. ശക്തമായ; 3. ചൂടേറിയ; 4. വേഗമുള്ള;
5. ഭയങ്കരമായ
തീവ്രഗന്ധ നാ. ജീരകം.
877
തീവ്രജ്വാല നാ. 1. താതിരി; 2. കുറാശാണി
തീവ്രത നാ. 1. തീവ്രമായ അവസ്ഥ; 2. ഉഷ്ണം; 3. കാഠിന്യം
തീവ്രം നാ. 1. തുളസി; 2. കടുകുരോഹിണി; 3. ചെങ്കടുക്
തീവ്രവാദി നാ. ലക്ഷ്യം നേടാൻ എന്തുമാർഗവും സ്വീകരിക്കാൻ മടിക്കാത്തവൻ
തീറാധാരം നാ. സ്വത്തിന്മേലുള്ള അവകാശം കൈമാറ്റംചെയ്യുന്നതിനുള്ള രേഖ
തീറ് നാ. വിലപറ്റിക്കൊണ്ട് അവകാശം പൂർണമായി കൈമാറൽ,
സ്ഥാവരവസ്തു വിലയ്ക്കുകൊടുത്തു കൈമാറ്റം നടത്തൽ
തീറ്റ നാ. തീറ്റി
തീറ്റൽ നാ. തീറ്റകൊടുക്കൽ
തീറ്റി നാ. 1. ഭക്ഷിക്കൽ; 2. തിന്നാൻകൊള്ളാവുന്ന വസ്തു
തീറ്റിക്കുമ്പ നാ. അമിതമായി തിന്നുന്നവൻ
തീറ്റിക്കൂലി നാ. 1. ഭക്ഷണത്തിനുള്ള ചെലവ്; 2. കന്നുകാലിക്കും മറ്റും
തീറ്റികൊടുക്കുന്നതിനുള്ള കൂലി

തീറ്റിപ്പണ്ടം നാ. 1. തിന്നാനുള്ള സാധനം; 2. ഭക്ഷണത്തിൽ അത്യാർത്തിയുള്ളവൻ
തീറ്റുക [തിന്നുക>പ്രയോ] ക്രി. 1. ആഹാരംകഴിപ്പിക്കുക; 2. കന്നുകാലികളെ മേയിക്കുക
തു1 (വ്യാക) ഒരു ഭൂതകാലപ്രത്യയം. ഉദാ: ചെയ്തു. ചിലസാഹചര്യങ്ങളിൽ ഇരട്ടിച്ചു 'ത്തു' ആവുകയോ 'ന്നു', 'ച്ചു' 'ട്ടു', 'ങ്ങു', 'ന്തു' എന്നിവയിൽ ഒന്നായി മാറുകയോ ചെയ്യുന്നു.
തു2 നപുംസകലിങ്ഗപ്രത്യയം. 1. പ്രഥമപുരുഷസർവനാമത്തെക്കുറിക്കുന്നത്; 2. ഒരുതദ്ധിതപ്രത്യയം
തുക1 നാ. 1. പണം; 2. ആകെയുള്ളത്, ഒന്നിലധികം സങ്ഖ്യകൾ കൂട്ടിക്കിട്ടിയ സങ്ഖ്യ
തുക2 [തുകയ്ക്കുക] ധാതുരൂപം
തുകയ്ക്കുക ക്രി. 1. ലോഹങ്ങൾ ചൂടാക്കിക്കഴിഞ്ഞ് വെള്ളത്തിലോമറ്റോ മുക്കി പതംവരുത്തുക; 2. മെതിക്കുക
തുകർച്ച,തോർച്ച നാ. ഈർപ്പംമാറൽ, മഴപെയ്തുതീരൽ
തുകർത്ത് നാ. തുവർത്ത്, തോർത്ത്
തുകരുക ക്രി. = തുവരുക
തുകൽ നാ. തോൽ
തുകലൻ നാ. 1. മടയൻ; 2. വികൃതികാട്ടിനടക്കുന്നവൻ
തുകിൽ1 നാ. വസ്ത്രം
തുകിൽ2 നാ. തുകൽ
തുകിൽ3 നാ. തുയിൽ
തുക്കട [ഹി.] നാ. 1. മോശപ്പെട്ടത്; 2. ചെറിയഭാഗം; 3. രാഗവിസ്താരം കൂടാതെയുള്ള സങ്ഗീതം
തുക്കിടി [മറാ.] നാ. 1. റവന്യൂഡിവിഷൻ; 2. അതിലെ അധികാരി, കലക്റ്റർ. (പ്ര) തുക്കിടിസായിപ്പ്
തുഗ നാ. 1. മുളവെണ്ണ; 2. കൂവനൂറ്
തുങ്ഗ1 വി. 1. ഉയരമുള്ള; 2. വർധിച്ച
തുങ്ഗ2 [സം.തുങ്ഗാ] നാ. 1. കൂവനൂറ്; 2. ശമീവൃക്ഷം
തുങ്ഗത നാ. ഉയർച്ച
തുങ്ഗദ്രുമം നാ. 1. തെങ്ങ്; 2. ചൂണ്ടപ്പന
തുങ്ഗൻ നാ. 1. ശ്രേഷ്ഠൻ; 2. പൊക്കമുള്ളവൻ; 3. ശിവൻ; 4. ബുധൻ
തുങ്ഗബീജം നാ. രസം, മെർക്കുറി
തുങ്ഗഭദ്ര നാ. ദക്ഷിണേന്ത്യയിലെ ഒരു നദി
തുങ്ഗഭദ്രം നാ. 1. മദയാന; 2. ഇണക്കമില്ലാത്ത ആന
തുങ്ഗഭം നാ. (ജ്യോ) ഉച്ചരാശി
തുങ്ഗം വി. 1. ഉയർന്ന; 2. ശ്രേഷ്ഠമായ. നാ. 1. മുകളറ്റം; 2. തെങ്ങ്; 3. പർവതം; 4. ബുധഗ്രഹം; 5. കാണ്ടാമൃഗം
തുങ്ഗമുഖം നാ. കാണ്ടാമൃഗം
തുങ്ഗശേഖരം നാ. പർവതം
തുങ്ഗി1 വി. പൊക്കമുള്ള

തുങ്ഗി2 നാ. 1. രാത്രി; 2. മഞ്ഞൾ; 3. കറുത്തകാട്ടുതുളസി
തുങ്ഗീപതി നാ. ചന്ദ്രൻ
തുങ്ഗീശ്വരൻ നാ. 1. സൂര്യൻ; 2. ചന്ദ്രൻ; 3. ശ്രീകൃഷ്ണൻ
തുച്ഛം നാ. = തുഞ്ചം
തുച്ഛ വി. എളിയ; 2. ഹീനമായ; 3. ദാരിദ്ര്യമുള്ള; 4. ശൂന്യമായ
തുച്ഛദ്രുമം നാ. ആവണക്ക്
തുച്ഛം നാ. 1. നിസ്സാരമായ വസ്തു; 2. പതിര്
തുച്ഛീകരിക്കുക ക്രി. നിസ്സാരമാക്കുക, ചെറുതാക്കുക
തുഞ്ചത്തെഴുത്തച്ഛൻ നാ. മലയാളകവിയായ എഴുത്തച്ഛൻ
തുഞ്ചൻ നാ. തുഞ്ചത്തെഴുത്തച്ഛൻ
തുഞ്ചം നാ. 1.മുകളറ്റം; 2. അറ്റം, തുമ്പ്
തുഞ്ചാണി നാ. തെങ്ങോലയുടെ മുകളറ്റം
തുഞ്ച് നാ. തുഞ്ചം
തുഞ്ചുക ക്രി. 1. ഉറങ്ങുക; 2. വിശ്രമിക്കുക; 3. മാന്ദ്യംപിടിച്ചിരിക്കുക
തുഞ്ജം നാ. ഇടിവാൾ
തുട1 നാ. കാലിൻെറ മുകളിലുള്ള മാംസളമായഭാഗം. തുടക്കാമ്പ് = 1. കാമ്പുപോലെയുള്ള തുട; 2. തുടയുടെ ഉൾവശം. തുടവാർപ്പ് = തുടയിൽ ഉണ്ടാകുന്ന ഒരുതരം വ്രണം
തുട2 നാ. തവണ, പ്രാവശ്യം
തുട3 [തുടയ്ക്കുക] ധാതുരൂപം
തുടക്കം [തുടങ്ങുക] നാ. തുടങ്ങൽ, ആരംഭം
തുടക്കര നാ. ഉടുക്കുവാനുള്ള വസ്ത്രത്തിൽ നെയ്തുചേർക്കുന്ന ഒരിനം കര
തുടക്കാരം നാ. ചേർച്ച, കൂട്ടിച്ചേർപ്പ്
തുടക്ക് നാ. തൊടീൽ, തൊട്ടാൽ അശുദ്ധമാകുമെന്ന വിശ്വാസം
തുടങ് [തുടങ്ങുക] ധാറ്റുരൂപം
തുടങ്ങി1 അവ്യ. 1. തുടങ്ങിയിട്ട്; 2. (ഗതി) തൊട്ട്, എന്നിപ്രകാരം
തുടങ്ങി2 [തുടങ്ങുക] ഭൂ.രൂപം
തുടങ് നാ. വായ്ത്തല
തുടങ്ങിക്കുക [തുടങ്ങുക>പ്ര] ക്രി. 1. തുടങ്ങാൻ പ്രേരിപ്പിക്കുക; 2. വിദ്യാഭ്യാസത്തിൻെറ ആരംഭമായി കുട്ടികളെക്കൊണ്ട് ആദ്യമായി എഴുതിക്കുക
തുടങ്ങുക ക്രി. ഒരു പ്രവർത്തനത്തിലേക്കോ അവസ്ഥയിലേക്കോ പ്രവേശിക്കുക, ആരംഭിക്കുക
തുടപ്പ [തുടയ്ക്കുക] നാ. = തുടപ്പം
തുടപ്പം1 നാ. ചൂല്
തുടപ്പം2 നാ. വലിപ്പം, മുഴുപ്പം
തുടപ്പ് [തുടയ്ക്കുക] നാ. തുടയ്ക്കൽ
തുടം1 നാ. 1. ഒരു ദ്രാവകയളവ്, നാഴിയുടെ നാലിൽ ഒന്ന്; 2. ഒരളവുപാത്രം
തുടം2 നാ. മുഴുപ്പ്, വലിപ്പം
തുടമാനം നാ. തുടക്കം

തുടയ്ക്കുക ക്രി. ഒരു പ്രതലത്തിൽ തുണിയോ മറ്റോവച്ച് ലഘുവായി അമർത്തിനീക്കി വെടിപ്പാക്കുക
തുടർ വി. 1. തുടരുന്ന, തുടർച്ചയായുള്ള, പലഭാഗങ്ങളോ കണ്ണികളോ ഉള്ള. നാ. ചങ്ങല. തുടരുവിളക്ക് = ചങ്ങല വിളക്ക്
തുടര അവ്യ. തുടരെ
തുടരുക ക്രി. 1. നീണ്ടുപോകുക; 2. ഒന്നിനുപിറകെ മറ്റൊന്ന് എന്ന ക്രമത്തിൽ സംഭവിക്കുക
തുടരെ അവ്യ. ഒന്നിനു പിന്നിൽ മറ്റൊന്ന് എന്ന ക്രമത്തിൽ
തുടരെത്തുടരെ അവ്യ. ഒന്നുതൊട്ടൊന്നായി പലതും, ഇടവിടാതെ തുടർന്നുകൊണ്ട്
തുടൽ നാ. = തുടർ
തുടവ നാ. 1. തോട്ടം; 2. വിളനിലം
തുടവള്ളി നാ. കലപ്പയെ നുകത്തോടുകെട്ടുവാൻ ഉപയോഗിക്കുന്ന കയർ
തുടവ് നാ. 1. പുഷ്ടി, മുഴുപ്പ്; 2. ഒരു ദ്രാവകയളവ് (തുടം)
തുടസ്സം നാ. = തുടക്കം
തുടി1 നാ. 1. തുടിപ്പ്; 2. കൈകൊണ്ടു വെള്ളത്തിൽത്തട്ടൽ
തുടി2 നാ. 1. കിണറ്റിൽനിന്നും വെള്ളം വലിച്ചുകയറ്റാൻ തടികൊണ്ടു നിർമിക്കുന്ന ഒരുപകരണം, കപ്പിപോലെ കറങ്ങുന്ന ഒരു പണിത്തരം; 2. ഒരുമർമം, കഴുത്തിനും നാഭിക്കും ഇടയിലുള്ളത്; 3. ഒരു സങ്ഗീതോപകരണം
തുടി3 നാ. വലിപ്പം
തുടി4 നാ. 1. ചിറ്റേലം; 2. കൊട്ടം
തുടി5 നാ. കാലത്തിൻെറ ഒരു അളവ്
തുടിക്കുക ക്രി. 1. ഒരേതരത്തിൽ ആവർത്തിച്ചു ചലിക്കുക; 2. ഇളകുക, വിറയ്ക്കുക
തുടിപ്പ് [തുടിക്കുക] നാ. 1. തുടിക്കുക എന്ന പ്രവൃത്തി; 2. ഒരിനം മത്സ്യം, പരവ
തുടു1 വി. 1. കൊഴുത്ത; 2. തുടുത്തുചെമന്ന
തുടു2 [തുടുക്കുക] ധാതുരൂപം
തുടുക്കുക ക്രി. 1. മുഴക്കുക; 2. ചെമക്കുക
തുടുതുടെ അവ്യ 1. നല്ലപോലെ തുടുത്ത്, മനോഹരമായി, ചെമന്ന്; 2. തടിച്ചുകൊഴുത്ത്
തുടുപ്പ്1 [തുടുക്കുക] നാ. 1. തുടുക്കൽ; തുടുത്ത അവസ്ഥ
തുടുപ്പ്2 നാ. 1. ആഹാരം പാകംചെയ്യുമ്പോൾ ഇളക്കുന്നതിനുപയോഗിക്കുന്ന ഒരു ഉപകരണം; 2. തുഴ, പങ്കായം; 3. ചക്കയുടെ ഞെട്ട്; 4. സസ്യത്തിൽ പൊട്ടിവളരുന്ന നാമ്പ്; 5. പൂങ്കുല; 6. വാഴക്കൈ
തുട്ട് [ക.ദുഡ്ഡു] നാ. 1. ഒരു ചെമ്പുനാണയം; 2. നാണയം; 3. നൂലിൻെറ അളവ്
തുണ നാ. 1. സഹായം; 2. കൂട്ട്; 3. രക്ഷ, കാവൽ
തുണർച്ച നാ. ഒരുമിപ്പ്, കൂട്ടായിരിക്കുന്ന അവസ്ഥ
തുണി1 നാ. 1. നൂലുകൊണ്ടു നെയ്തുണ്ടാക്കുന്ന വസ്തു; 2. ഉടുതുണി; 3. വ്യക്തത; 4. ചോതിനക്ഷത്രം
തുണി2 [തുണിയുക] ധാതുരൂപം
തുണിക്കുക ക്രി. തുണ്ടാക്കുക, കഷണമാക്കുക

തുണിയുക ക്രി. മുറിയുക
തുണ്ടൻ നാ. 1. തെമ്മാടി; 2. ലഹളക്കാരൻ
തുണ്ടം നാ. 1. കഷണം; 2. ചെറിയനിലം; 3. മുഖം, തുമ്പിക്കൈ
തുണ്ടിക്കുക ക്രി. 1. തുണ്ടമാവുക; 2. തുണ്ടമാക്കുക
തുണ്ടിപ്പ് [തുണ്ടിക്കുക] നാ. തുണ്ടിക്കൽ
തുണ്ട് നാ. 1. തുണ്ടം; 2. തുണിക്കഷണം; 3. കുറിമാനം
തുണ്ടുണ്ഞായം നാ. ന്യായക്കാരനെന്നു ഭാവിച്ചു തർക്കംപറച്ചിൽ
തുണ്ഡൻ നാ. ശിവൻ
തുണ്ഡം [സം.] നാ. 1. പക്ഷികളുടെ കൊക്ക്; 2. വായ്; 3. ചുണ്ട്; 4. തുമ്പിക്കൈ
തുണ്ഡി [സം.] നാ. 1. പക്ഷികളുടെ കൊക്ക്; 2. മുഖം; 3. പന്നിയുടെ മൂക്ക്; 4. നന്ദികേശൻ
തുണ്ഡിക [സം.] നാ. 1. പൊക്കിൾ; 2. നല്ല കോവ; 3. ഇത്തിക്കണ്ണി
തുണ്ഡികം [സം.] നാ. തുണ്ഡം
തുണ്ഡില [സം.] വി. 1. ധാരാളം സംസാരിക്കുന്ന; 2. കുടവയറുള്ള
തുത്തനാകം,തുത്തി– നാ. ഒരു ലോഹക്കൂട്ട്
തുത്തം [<സം.തുത്ഥ] നാ. നീലത്തുരിശ്, തുത്തിനാകം
തുത്തി നാ. 1. തുരുത്തി; 2. പ്രസവം കഴിഞ്ഞ സ്ത്രീകളുടെ അടിവയറ്റിൽ കാണുന്ന വരകൾ
തുത്തിക നാ. തുരുത്തി
തുത്ത്1 നാ. തുത്തം
തുത്ത്2 നാ. തൊത്ത്
തുത്ത്3 നാ. 1. പൃഷ്ഠം; 2. സ്ത്രീയോനി
തുത്ഥ [സം.] നാ. 1. ചിറ്റേലം; 2. അമരി
തുത്ഥ(ക)ം [സം.] നാ. 1. നീലത്തുരിശ്; 2. മയിൽ നൃത്തം
തുത്ഥാഞ്ജനം [സം.] നാ. 1. നീലത്തുരിശ്; 2. മയിൽനൃത്തം
തുദ നാ. ഒരു അവികസിതദ്രാവിഡഭാഷ
തുൻപം നാ. തുമ്പം
തുനി1 നാ. 1. കോപം; 2. ദു:ഖം; 3. വെറുപ്പ്
തുനി2 നാ. വൃക്ക
തുനി3 [തുനിയുക] ധാതുരൂപം
തുനിച്ചൽ നാ. 1. ഉദ്യമം; 2. തന്റേടം
തുനിയുക1 ക്രി. 1. ഒരു പ്രവൃത്തിചെയ്യാൻ ഒരുമ്പെടുക; 2. ധൈര്യപ്പെടുക
തുനിയുക2 ക്രി. തുനിയുക
തുനിവ് [തുനിയുക] നാ. തുനിയൽ
തുന്തുഭം [സം.] നാ. കടുക്
തുന്ദകൂപിക [സം.] നാ. പൊക്കിൾ
തുന്ദം [സം.] നാ. 1. വയറ്; 2. കുടവയറ്; 3. ഉന്തിയപൊക്കിൾ
തുന്ദി വി. 1. കുടവയറുള്ള; 2. ഉന്തിനിൽക്കുന്ന. നാ. 1. പൊക്കിൾ; 2. വയറ്
തുന്ദിക [സം.] വി. പൊക്കിൾ

തുന്ദിഭൻ	നാ.	കുടവയറൻ
തുന്ദില	വി.	1. കുടവയറുള്ള; 2. തടിച്ച; 3. നിറഞ്ഞ, വഹിക്കുന്ന. (പ്ര) ആനന്ദതുന്ദിലൻ = ആനന്ദം നിറഞ്ഞവൻ
തുന്ദിലൻ	നാ.	ഗണപതി
തുന്ദിലഫല	[സം.]	നാ.	പച്ചനിറമുള്ള കക്കരി
തുന്ന	[സം.<തുദ്]	വി.	1. കുത്തിത്തയ്ച്ച; 2. മുറിപ്പെട്ട; 3. തുളച്ചുകയറിയ
തുന്നം1	നാ.	1. കീറിപ്പൊളിഞ്ഞ തുണ്ട്; 2. തുന്തകം; 3. തുളച്ചുകയറ്റിയ
തുന്നം2	നാ.	തുഞ്ചം
തുന്നമ്പാടുക	ക്രി.	അടിയറവുപറയുക
തുന്നൽ	[തുന്നുക]	നാ.	തുന്നൽ എന്ന പണി
തുന്നൽക്കാരൻ	നാ.	തയ്യൽക്കാരൻ
തുന്നാരൻ	നാ.	തുന്നൽക്കാരൻ
തുന്നുക1	ക്രി.	1. തയ്ക്കുക; 2. നൂലുകൊണ്ട് വസ്ത്രത്തിൽ അലങ്കാരപ്പണികൾചെയ്യുകയോ അലങ്കാരവസ്തുക്കളും മറ്റും വച്ചുപിടിപ്പിക്കുകയോ ചെയ്യുക
തുന്നുക2	ക്രി.	1. തിങ്ങുക; 2. പൊരുത്തപ്പെടുക
തുപ്പകം, തുളം	നാ.	നെയ്യ്
തുപ്പക്കൊട്ട	നാ.	കാളവണ്ടിയിൽ അച്ചുതണ്ടുഘടിപ്പിക്കുന്ന തടി
തുപ്പട്ടാവ്,-ട്ടി	[പ്രാ.ദുപട്ട]	നാ.	1. വീതികുറഞ്ഞു നീണ്ടുനേർത്ത വസ്ത്രം; 2. ഇരട്ടമുണ്ട്.
879
തുപ്പൻ1	നാ.	1. ബലവാൻ; 2. സുബ്രഹ്മണ്യൻ
തുപ്പൻ2	നാ.	1. കുറ്റാന്വേഷകൻ; 2. ചാരൻ
തുപ്പപ്പടിക്കം	നാ.	തുപ്പൽക്കോളാമ്പി
തുപ്പരം	നാ.	ദാരിദ്ര്യം
തുപ്പൽ	നാ.	1. ഉമിനീർ; 2. തുപ്പുക എന്ന പ്രവൃത്തി
തുപ്പാക്കി	നാ.	തോക്ക്
തുപ്പായി1	നാ.	1. ദ്വിഭാഷി; 2. യൂറോപ്യന്മാരും നാട്ടുകാരും ചേർന്ന മിശ്രവർഗത്തിൽപ്പെട്ടവൻ
തുപ്പായി2	നാ.	പട്ടാളക്കാരൻ
തുപ്പ്1	നാ.	തുപ്പുക എന്ന പ്രവൃത്തി
തുപ്പ്2	നാ.	തുമ്പ്
തുപ്പു	[തുപ്പുക]	ധാതുരൂപം
തുപ്പുക	ക്രി.	1. വായിൽനിന്നും എന്തെങ്കിലും ശക്തിയോടെ പുറത്തുതള്ളുക; 2. ഉമിനീരു തെറിപ്പിക്കുക
തുഭം	നാ.	ആട്, കോലാട്
തുഭ്യം	[സം.]	സ.നാ. 9യുഷ്മദ് ശബ്ദം ചതിർഥീ ഏ.വ.) നിനക്കുവേണ്ടി, നിനക്ക്
തുംബ1	[സം.]	നാ.	1. നെല്ലി; 2. പാൽച്ചുര; 3. കറവപ്പശു
തുംബ2	[സം.]	നാ.	വീണയുടെ കുടം
തുംബരം	[സം.]	നാ.	ഒരു സങ്ഗീതോപകരണം

തുംബി [സം.] നാ. 1. പാൽച്ചുര; 2. പേച്ചുര; 3. ചുരവള്ളി
തുംബിക [സം.] നാ. 1. തുംബി; 2. നെല്ലി
തുംബിനി [സം.] നാ. പേച്ചുര
തുംബുരി നാ. 1. കൊത്തമ്പാലരി; 2. വന്നിമരം
തുംബുരു നാ. 1. തുമ്പുണി; 2. കൊത്തമ്പാലരി; 3. ഒരു ഗന്ധർവൻ
തുമി നാ. 1.മഴത്തുള്ളി; 2. നീർത്തുള്ളി
തുമിക്കുക1 ക്രി. 1. ചുമയ്ക്കുക; 2. ചീറ്റുക
തുമിക്കുക2 ക്രി. മുറിക്കുക, അറുക്കുക
തുമിച്ചൽ നാ. മുറിക്കൽ, അറുക്കൽ
തുമുല [സം.] വി. ശബ്ദകോലാഹലം ഉണ്ടാക്കുന്ന, ഭയങ്കരമായ
തുമുലം [സം.] നാ. 1. ശബ്ദകോലാഹലം; 2. താന്നി
തുമ്പ1 നാ. ഒരു ഏകവാർഷികസസ്യം, തുമ്പച്ചെടി
തുമ്പ2 നാ. 1. നെല്ലുസൂക്ഷിക്കുവാൻ മുളകൊണ്ടു നിർമിക്കുന്ന കുട്ട; 2. അടുപ്പ്
തുമ്പം നാ. ദു:ഖ,
തുമ്പി നാ. 1. വണ്ട്; 2. പൂത്തുമ്പി; 3. ആന; 4. തുമ്പിക്കൈ; 5. പനച്ചിമരം
തുമ്പിക്കരം നാ. (ആനയുടെ) തുമ്പിക്കൈ
തുമ്പിക്കൈ നാ. 1. ആനയുടെമുഖത്തുനിന്നും തൂങ്ങിക്കിടക്കുന്ന നീണ്ട അവയവം; 2. ചക്കിൻെറ മേലോട്ടുള്ള ദണ്ഡും വശത്തെ പലകയും തമ്മിൽ ഘടിപ്പിക്കുന്ന മരക്കോളുത്ത്
തുമ്പിതുള്ളൽ നാ. പെൺകുട്ടികളുടെ ഒരു ഗ്രാമീണവിനോദം
തുമ്പ് നാ. 1. അറ്റം; 2. തെളിവ്; 3. വിവേകം; 4. നാര്, 5. ബട്ടൺ
തുമ്പുകേട് നാ. തുമ്പില്ലായ്മ, കാര്യത്തിൻെറ നിജാവസ്ഥ മനസ്സിലാക്കുവാൻ കഴിയായ്ക
തുമ്പുവാവട നാ. കഴുക്കോലുകളുടെ കീഴറ്റത്ത് നെടുകെ വച്ചുപിടിപ്പിക്കുന്ന വാവട
തുമ്പോട്ടി നാ. ഒരുതരം നിലം തല്ലി
തുമ്മൽ [തുമ്മുക] നാ. തുമ്മുന്ന പ്രവൃത്തി
തുമ്മുക ക്രി. മൂക്കിനുള്ളിലെ അസ്വാസ്ഥ്യംമൂലം അനിയന്ത്രിതമായും ശബ്ദത്തോടുകൂടിയും വായു പുറത്തേക്കു ചീറ്റുക
തുയക്കം നാ. 1. ക്ഷീണം; 2. ദു:ഖം
തുയർ, തുയിർ നാ. = തുയരം, ദു:ഖം
തുയരത്തരു നാ. ചവിട്ടുനാടകത്തിലെ വിലാപ ഗാനം
തുയരം നാ. 1. ദു:ഖം; 2. വേദന; 3. ആപത്ത്
തുയരുക ക്രി. ദു:ഖിക്കുക, സങ്കടപ്പെടുക
തുയിർപെടുക ക്രി. സങ്കടപ്പെടുക
തുയിൽ1 നാ. 1. ഉറക്കം; 2. മരണം. (പ്ര) തുയിലുണരുക
തുയിൽ2 നാ. തുകിൽ, വസ്ത്രം
തുയിൽ3 നാ. തുയിർ
തുയ്യ വി. 1. പരിശുദ്ധമായ; 2. മേന്മയേറിയ
തുയ്യം1 നാ. 1. പരിശുദ്ധി; 2. വെണ്മ; 3. മേന്മ; 4. തികവ്

തുയ്യം2 നാ. അറ്റം, മുകളറ്റം
തുർക്കി നാ. 1. മധ്യധരണ്യാഴിയുടെ വടക്കുകിഴക്കേതീരത്ത് സ്ഥിതിചെയ്യുന്ന ഒരു രാജ്യം; 2. തുർക്കിരാജ്യക്കാരൻ
തുര1 [സം.] വി. വേഗമുള്ള
തുര2 നാ. ദ്വാരം, പൊത്ത്
തുര3 [തുരക്കുക] ധാതുരൂപം
തുര4 [തുരത്തുക] ധാതുരൂപം
തുരക്കാരത്തി നാ. ഒരു തെയ്യക്കോലം
തുരക്കാരൻ നാ. 1. കാര്യക്കാരൻ; 2. ഒരു തെയ്യക്കോലം
തുരക്കുക ക്രി. 1. തുളയ്ക്കുക; 2. ദ്വാരമുണ്ടാക്കുക
തുരഗ വി. വേഗത്തിൽ സഞ്ചരിക്കുന്ന
തുരഗന്ധ നാ. അമുക്കിരം
തുരഗപ്രിയം നാ. യവം
തുരഗം നാ. 1. കുതിര; 2. മനസ്സ്; 3. ചിന്ത
തുരഗശിഖി [സം.] നാ. ബഡവാഗ്നി
തുരഗി1 [സം.] വി. കുതിരയുള്ള, കുതിരപ്പുറത്തിരിക്കുന്ന
തുരഗി2 [സം.] നാ. 1. പെൺകുതിര; 2. അമുക്കിരം
തുരങ്കം [<സം.] നാ. 1. ഭൂമിക്കടിയിൽ തുരന്നുണ്ടാക്കുന്ന മാർഗം; 2. ഖനി
തുരങ്ഗകം നാ. 1. കുതിര; 2. മനസ്സ്
തുരങ്ഗമ [സം.] വി. വേഗത്തിൽ സഞ്ചരിക്കുന്ന
തുരങ്ഗയായി നാ. കുതിരക്കാരൻ
തുരങ്ഗസാദി നാ. അശ്വഭടൻ
തുരങ്ഗി1 [സം.] നാ. = തുരഗി1
തുരങ്ഗി2 [സം.തുരങ്ഗിൻ] നാ. = തുരഗി2
തുരടി നാ. 1. =തുടലി, ഒരു മുൾമരം; 2. പ്രയാസം
തുരട് നാ. തുടർ
തുരണം [സം.] നാ. വേഗത
തുരത്തൽ [തുരത്തുക] നാ. തുരത്തുകയെന്ന പ്രവൃത്തി
തുരത്തുക ക്രി. 1. ഓടിക്കുക; 2. പിന്തുടരുക; 3. മാറ്റുക
തുരപ്പണം നാ. തുരക്കാനുള്ള ഉളി, തമര്
തുരപ്പൻ [<തുരക്കുക] നാ. 1. തുരപ്പണം; 2. പെരുച്ചാഴി; 3. ഭിത്തിതുരന്നു വീട്ടിൽക്കയറി മോഷണം നടത്തുന്നവൻ; 4. കൗശലക്കാരൻ
തുരപ്പ് [<തുരക്കുക] നാ. 1. തുരങ്കം; 2. ഓവ്; 3. പോട്
തുരം1 നാ. 1. കാര്യവിചാരം; 2. ചുമതല; 3. ധർമം
തുരം2 നാ. 1. തിടുക്കം; 2. കുതിരയുടെ ഗതിഭേദം പതിനൊന്നു വിധം ഉള്ളതിൽ ഒന്ന്
തുരം3 നാ. കുഴി, മാളം
തുരവൻ നാ. 1. തുരക്കുന്നവൻ; 2. കള്ളൻ, കവർച്ചക്കാരൻ
തുരവ് നാ. 1. ജലസേചനാവശ്യത്തിനായി കുഴിച്ച കിണറ്; 2. ഖനി; 3. തുരങ്കം; 4. കുഴി, ദ്വാരം
തുരായണം നാ. 1. ലൗകികകാര്യങ്ങളിലുള്ള വിരക്തി; 2. ഒരു യാഗം

തുരായി നാ. തലപ്പാവിൽ അണിയുന്ന ഒരുതരം മുത്തുമാല
തുരാൽ നാ. ദു:ഖം, വ്യസനം
തുരാഷാട്ട് നാ. 1. ഇന്ദ്രൻ; 2. വിഷ്ണു
തുരി1 [സം.തുരീ] നാ. 1. പെൺകുതിര; 2. കാഹളം; 3. കൈത്തറിയുടെ ഓടം; 4. നെയ്ത്തിന് നൂൽ നിരത്തുന്നതിനുള്ള ബ്രഷ്
തുരി2 നാ. ശക്തി
തുരിക്കം നാ. 1. തിരുവട്ടപ്പശ; 2. കുന്തുരുക്കം
തുരിശം നാ. 1. തിടുക്കം; 2. ജാഗ്രത; 3. വേഗം
തുരിശ്1 നാ. തുയിർ
തുരിശ്2 നാ. ചെമ്പ് ഓക്സിജനുമായി ചേർന്നുണ്ടാകുന്ന ഒരു പദാർഥം, കോപ്പർസൾഫേറ്റ്
തുരീയ [സം.] വി. നാലാമത്തെ
തുരീയം [സം.] നാ. 1. നാലാമത്തേത്, നാലിലൊന്ന്; 2. മോക്ഷം; 3. ശബ്ദത്തിൻെറ നാലാമത്തെ അവസ്ഥ
തുരീയവർണം [സം.] നാ. നാലാമത്തെ വർണം, ശൂദ്രൻ
തുരീയാതീതം [സം.] നാ. തുര്യാതീതം
തുരീയാതീതൻ [സം.] നാ. സന്ന്യാസി
തുരീയാംശം [സം.] നാ. നാലിലൊന്ന്
തുരീയാർധം [സം.] നാ. എട്ടിലൊന്ന്
തുരുക്കൻ [പ്രാ.തുരുക്ഖ] നാ. തുലുക്കൻ
തുരുക്കം1 നാ. 1. കസ്തൂരി; 2. കുങ്കുമം
തുരുക്കം2 നാ. തുരിക്കം
തുരുചൊല്ലുക ക്രി. ഒരു സവിശേഷരീതിയിൽ വേദം ചൊല്ലുക
തുരുതുരെ അവ്യ. അതിവേഗത്തിൽ, ഒന്നിനുപിറകെ മറ്റൊന്ന് എന്ന ക്രമത്തിൽ
തുരുത്തി [<സം.ദ്രുതി] നാ. 1. തോൽസഞ്ചി; 2. ഉലയിലെ തീ ഊതിക്കത്തിക്കാൻ തോൽകൊണ്ടുനിർമിച്ച ഉപകരണം
തുരുത്ത് നാ. നദിയുടെയോ കായലിൻെറയോ നടുവിലുള്ള ചെറിയ കര പ്രദേശം
തുരുമ്പൻ നാ. പിശുക്കൻ
തുരുമ്പിക്കുക ക്രി. 1. (ഇരുമ്പ്) തുരുമ്പുപിടിക്കുക; 2. ജീർണിക്കുക
തുരുമ്പ് നാ. 1. ഇരുമ്പിൽ നനവോ ഈർപ്പമോ തട്ടുമ്പോൾ അതിൻെറ പുറത്തു പ്രത്യക്ഷപ്പെടുന്ന ദ്രവിച്ച പദാർഥം; 2. തുച്ഛമായത്; 3. ചകിരിയുടെയും മറ്റും ചെറിയ നാര്. (പ്ര) തുരുമ്പുപിടിക്കുക = നശിക്കുക, ദ്രവിക്കുക
തുരുവ നാ. ചെമ്മരിയാട്
തുരുവക നാ. നീർവെട്ടി
തുരുഷ്ക [സം.] വി. മുസ്ലിംവർഗത്തിൽപ്പെട്ട
തുരുഷ്കൻ [സം.] നാ. തുർക്കിക്കാരൻ, തുലുക്കൻ
തുരുഷ്കം നാ. 1. തുർക്കിരാജ്യം; 2. തുരുക്കം, അറബിക്കുന്തുരുക്കം
തുര്യ [<സം.] വി. തുരിയ
തുര്യയന്ത്രം [സം.] നാ, കോൺഅളക്കാനുള്ള യന്ത്രം
തുരുശ്ര [സം.] വി. ചതുരശ്ര

തുര്യാതീതം [സം.] നാ. യാതൊരു ചലനവുമില്ലാത്ത അവസ്ഥ
തുര്യാംശം [സം.] നാ. നാലിൽ ഒരുഭാഗം
തുല1 [സം.] നാ. 1. ത്രാസ്, ത്രാസിൻെറ തട്ടുകൾ തൂങ്ങുന്ന തണ്ട്; 2. സാമ്യം; 3. തൂക്കത്തിൻെറ ഒരളവ്, തൂക്കം കണക്കാക്കൽ; 4. തുലാം രാശി; 5. ഉത്തരത്തോടുചേർന്നു വീടിൻെറ മേൽക്കൂരതാങ്ങുന്ന തടി; 6. നൂറുപലത്തിനു തുല്യമായ ഭാരം (സ്വർണം തൂക്കാൻ ഉപയോഗിച്ചിരുന്നു)
തുല2 [തുലയുക] ധാതുരൂപം
തുലച്ചിൽ [തുലയുക] നാ. തുലയൽ
തുലനത [സം.] നാ. തുല്യത
തുലനം [സം.] നാ. 1. താരതമ്യപ്പെടുത്തൽ; 2. സാദൃശ്യം; 3. ഉയർത്തൽ; 4. ഭാരം കണക്കാക്കൽ
തുലനീയ [സം.] വി. തുലനം ചെയ്യത്തക്ക
തുലം [സം.] നാ. ഭാരം
തുലയുക ക്രി. 1. നശിക്കുക; 2. തളരുക
തുലയ്ക്കുക [തുലയുക>പ്ര] ക്രി. നശിപ്പിക്കുക
തുലാകോടി നാ. 1. പത്തുകോടി; 2. ഒരിനം കാൽച്ചിലമ്പ്
തുലാക്കണ നാ. തുലായന്ത്രത്തിൻെറ തണ്ട്
തുലാക്കുട്ട നാ. ഏത്തക്കുട്ട
തുലാക്കൂറ് നാ. തുലാംരാശിയിൽ ചന്ദ്രൻ നിൽക്കുന്ന കാലം
തുലാക്കോൽ നാ. തുലായന്ത്രം
തുലാഞായർ നാ. തുലാമാസം
തുലാത്തെക്കൻ നാ. തുലാവർഷത്തിൻെറ ഒടുവിലുണ്ടാകുന്ന ശക്തിയേറിയ കാറ്റ്
തുലാത്തേക്ക് നാ. തുലായന്ത്രം ഉപയോഗിച്ചുള്ള വെള്ളം തേകൽ
തുലാധരൻ [സം.] നാ. കച്ചവടക്കാരൻ
തുലാധരം [സം.] നാ. തുലാംരാശിയുടെ അടയാളമായ ത്രാസ്
തുലാധാരം [സം.] നാ. 1. തുലാംരാശി; 2. ത്രാസിൻെറ തട്ടു തൂക്കുന്ന ചരട്
തുലാനാക്ക് നാ. ത്രാസ്സിൻെറ സൂചി
തുലാപരീക്ഷ നാ. ത്രാസ്സിലിരുത്തി തൂക്കംനോക്കിയുള്ള ഒരു പരീക്ഷണം
തുലാപുരുഷദാനം നാ. ഒരാളുടെ ഭാരത്തിനൊപ്പം സ്വർണമോ മറ്റു വസ്തുക്കളോ ബ്രാഹ്മണർക്കു ദാനം ചെയ്തിരുന്ന സമ്പ്രദായം
തുലാപ്പടി നാ. 1. ഭാരം അളക്കാൻ ത്രാസ്സിൽവയ്ക്കുന്ന അളവുകട്ട; 2. തുലാസ്
തുലാബീജം [സം.] നാ. കുന്നിക്കുരു (തൂക്കത്തിനുപയോഗിച്ചിരുന്നു)
തുലാഭാരം [സം.] നാ. 1. ത്രാസ്സിൽ തൂക്കിയത്; 2. ക്ഷേത്രങ്ങളിലെ ഒരു വഴിപാട് (ആളിനെ ത്രാസ്സിലിരുത്തി തുല്യഭാരം വഴിപാടുവസ്തു തൂക്കി ക്ഷേത്രത്തിൽ സമർപ്പിക്കുന്നത്. ഉദാ: പഞ്ചസാരതുലാഭാരം, പൂവൻപഴം തുലാഭാരം)
തുലാം നാ. 1. ഭാരത്തിൻെറ ഒരളവ്; 2. ത്രാസ്സ്; 3. തുലമാസം; 4. തുലായന്ത്രം; 5. കുറുകെ വയ്ക്കുന്ന ഉത്തരം
തുലാംരാശി നാ. പന്ത്രണ്ടു രാശികളിൽ ഒന്ന് (കന്നികഴിഞ്ഞാൽ അടുത്തത്)
തുലാമാനം [സം.] നാ. 1. തൂക്കം; 2. ത്രാസ്സിൻെറ തണ്ട്

തുലാമാസം നാ. കൊല്ലവർഷക്കണക്കിൽ ആണ്ടിൽ മൂന്നാമത്തെ മാസം, സൂര്യൻ തുലാംരാശിയിൽ നിൽക്കുന്ന കാലം

തുലായന്ത്രം [സം.] നാ. 1. വലിയകിണറ്റിൽ നിന്നും മറ്റും വെള്ളം കോരിപ്പൊക്കാനുള്ള യന്ത്രം, ഏത്തം; 2. തുലാസ്സ്

തുലായഷ്ടി [സം.] നാ. തുലായന്ത്രത്തിൻെറ കഴ

തുലാരവി [സം.] നാ. തുലാമാസം

തുലാവർഷം [സം.] നാ. തുലാമാസത്തിലെ കാലവർഷം

തുലാവിഷു [സം.] നാ. തുലാമാസത്തിൽ സൂര്യൻ മധ്യരേഖ കടക്കുന്ന ദിവസം

തുലാസ് നാ. ത്രാസ്

തുലിത [സം.<തുല്] വി. 1. തുല്യമാക്കപ്പെട്ട; 2. തൂക്കിനോക്കപ്പെട്ട

തുലിനി [സം.] നാ. ഇലവ്

തുലുക്കക്കാശ് നാ. ഒരു പഴയ നാണയം

തുലുക്കൻ [മാ.തലുക്ഖ] നാ. തുരുഷ്കൻ.

881

തുലോം അവ്യ. വളരെ, ഏറ്റവും

തുല്യ [സം.] വി. ഒപ്പമായ

തുല്യത [സം.] നാ. തുല്യമായ അവസ്ഥ, സമത്വം

തുല്യദർശന [സം.] വി. എല്ലാത്തിനേയും വ്യത്യാസമില്ലാതെ കാണുന്ന

തുല്യഭാവന [സം.] നാ. എല്ലാറ്റിനേയും തുല്യമായി കണക്കാക്കൽ

തുല്യം [സം.] നാ. 1. തുല്യത; 2. കൈയൊപ്പ്. (പ്ര) തുല്യം ചാർത്തുക = മഹാരാജാവ് ഒപ്പുവയ്ക്കുക (ആ.ഭാ.)

തുല്യയോഗിത [സം.] നാ. ഒരു അലങ്കാരം

തുല്ല് നാ. 1. കളികളിൽ തോൽവിസമ്മതിക്കൽ; 2. മത്സരക്കളിയിൽ ഇറ്റയ്ക്ക് അൽപനേരം കളിനിർത്തിക്കാൻ എതിരാളിയോടുപറയുന്ന വാക്ക്; 3. നിറുത്ത്. (പ്ര) തുല്ലിടുക

തുവയ്ക്കുക ക്രി. 1. നനയ്ക്കുക; 2. ഇരുമ്പുകാച്ചി പഴുപ്പിച്ചു വെള്ളത്തിൽ മുക്കി പതം വരുത്തുക

തുവർച്ചിലക്കാരം നാ. ഒരു ക്ഷാരപദാർഥം

തുവർത്ത് നാ. അകന്ന ഇഴകളുള്ള ഒരുതരം ചെറിയവസ്ത്രം (വെള്ളം തോർത്തിയെടുക്കാനായി ഉപയോഗിക്കുന്നതിനാൽ ഈപ്പേര്)

തുവർത്തുക [തുവരുക>പ്ര] ക്രി. 1. ശരീരത്തിൽനിന്നും മറ്റും വെള്ളം തുടച്ചുമാറ്റുക; 2. ഈർപ്പം നീക്കുക

തുവര1 നാ. 1. ഒരു ദൈർഘ്യ അളവ്, അങ്ഗുലത്തിൻെറ എട്ടിൽ ഒന്ന്; 2. ഒരുതരം ഒഅയറ്

തുവര2 വി. ചവർപ്പുള്ള

തുവരൻ നാ. ഒരു കൂട്ടാൻ, തോരൻ. (തുവർന്ന കൂട്ടാൻ)

തുവരപ്പരിപ്പ് നാ. തുവരപ്പയറിൻെറ ഉള്ളിലെ പരിപ്പ്

തുവരി(ക) [സം.] നാ. 1. ഒരുതരം സുഗന്ധമണ്ണ്; 2. തുവരപ്പയറ്

തുവരുക,തോരുക ക്രി. 1. ഈർപ്പം മാറുക; 2. മഴപെയ്തു തീരുക

തുവരുപ്പ് നാ. തുവർച്ചിലക്കാരം

തുവൽ, തോൽ നാ. 1. തുകൽ; 2. വസ്ത്രം; 3. ഇലച്ചില്ലയോടുകൂടിയ മരക്കൊമ്പ്

തുവാല,തുവ്വാല [പോർ] നാ. കൈലേസ്, ഉറുമാൽ
തുഷം [സം.] നാ. 1. താന്നിമരം; 2. ഉമി
തുഷാ [സം.] അവ്യ. തോഷത്തോടുകൂടി
തുഷാഗ്നി [സം.] നാ. 1. ഉമിത്തീ; 2. ഉമിത്തീയിൽ ദഹിക്കൽ
തുഷാനലൻ [സം.] നാ. ഉമിത്തീ
തുഷാര [സം.] വി. തണുത്ത, മരവിച്ച
തുഷാരകണം [സം.] നാ. മഞ്ഞുതുള്ളി
തുഷാരകം [സം.] നാ. കർപ്പൂരം
തുഷാരകരൻ [സം.] നാ. ചന്ദ്രൻ
തുഷാരകരം [സം.] നാ. കർപ്പൂരം
തുഷാരഗിരി [സം.] നാ. മഞ്ഞുമല, ഹിമാലയം
തുഷാരഗൗരം [സം.] നാ. കർപ്പൂരം
തുഷാരധാമാവ് [സം.] നാ. ചന്ദ്രൻ
തുഷാരബിന്ദു [സം.] നാ. മഞ്ഞുതുള്ളി
തുഷാരം [സം.] നാ. 1. മഞ്ഞ്; 2. മൂടൽമഞ്ഞ്; 3. ചാററൽമഴ; 4. തണുപ്പ്
തുഷാരാദ്രി [സം.] നാ. തുഷാരഗിരി
തുഷിതൻ [സം.] നാ. മഹാവിഷ്ണു
തുഷ്ടൻ [സം.] നാ. ‘സന്തോഷിച്ചവൻ’, വിഷ്ണു
തുഷ്ടി [സം.] നാ. 1. സന്തോഷം; 2. തൃപ്തി
തുഷ്യൻ [സം.] നാ. ശിവൻ
തുസ്തം [സം.] നാ. 1. പൊടി; 2. ഉമി
തുഹിനകരൻ [സം.] നാ. ചന്ദ്രൻ
തുഹിനകരം [സം.] നാ. കർപ്പൂരം
തുഹിനബിന്ദു [സം.] നാ. മഞ്ഞുതുള്ളി
തുഹിനം [സം.] നാ. 1. മഞ്ഞ്; 2. തണുപ്പ്; 3. നിലാവ്; 4. കർപ്പൂരം
തുഹിനർത്തു [സം.-ഋതു] നാ. മഞ്ഞുകാലം
തുള1[തുളയുക] ധാതുരൂപം
തുള2 നാ. 1. ദ്വാരം; 2. പൊത്ത്
തുളപ്പൻ നാ. 1. തുളയ്ക്കാനുള്ള ഉപകരണം; 2. തുരപ്പൻ
തുളമാനം നാ. 1. ദ്വാരം; 2. ദ്വാരത്തിൻെറ വലിപ്പം
തുളയുക ക്രി. തുള ഉണ്ടാവുക
തുളയ്ക്കുക ക്രി. ദ്വാരമുണ്ടാക്കുക
തുളവാരം നാ. കുററവും കുറവും കണ്ടുപിടിക്കൽ
തുളസി [പാ.തൊളസി] നാ. 1. ഒരു ഔഷധസസ്യം; 2. ലക്ഷ്മീദേവി
തുളസിത്തറ നാ. വീട്ടുമുറ്റത്തു തുളസിച്ചെടി നട്ടുവളർത്തുന്നതിന് ഉയരത്തിൽ കെട്ടിയ തറ
തുളസിമണി നാ. മാലയുണ്ടാക്കാൻ തുളസിക്കമ്പു കടഞ്ഞുണ്ടാക്കിയ മണി
തുളി നാ. തുള്ളി
തുളിക്കുക ക്രി. 1. തുള്ളിയായിവീഴ്ത്തുക; 2. വിതറുക
തുളിപ്പ്1 നാ. തുളിക്കുക എന്ന പ്രവൃത്തി
തുളിപ്പ്2 നാ. കുത്ത്, മുറിവ്

തുളിയുക ക്രി. 1. അലിയുക; 2. ആർദ്രമാകുക
തുളു നാ. 1. ഒരു ദക്ഷിണേന്ത്യൻ ഭാഷ; 2. തുളുഭാഷ സംസാരിക്കുന്ന പ്രദേശം, തുളുവം
തുളുപ്പിക്കുക ക്രി. വെങ്കലപ്പാത്രങ്ങൾ വാർക്കുമ്പോൾ അവയിൽ ഉണ്ടാകുന്ന സുഷിരങ്ങൾ ഓടുരുക്കിയൊഴിച്ച് അടയ്ക്കുക
തുളുമ്പനെ അവ്യ. നിറയെ
തുളുമ്പൽ [തുളുമ്പുക] നാ. തുളുമ്പുകയെന്ന പ്രവൃത്തി
തുളുമ്പുക ക്രി. 1. നിറഞ്ഞുകവിയുക; 2. അലയിളകുക; 3. തുള്ളുക
തുളുവൻ നാ. തുളുദേശക്കാരൻ
തുള്ളൽ നാ. 1. തുടർച്ചയായി വേഗത്തിൽ തുള്ളിച്ചാടിക്കൊണ്ടിരിക്കൽ; 2. ഇളകിയാടൽ; 3. വിറയൽ; 4. കേരളത്തിലെ ഒരു ദൃശ്യകല; 5. സിരാപടലങ്ങളുടെ പിരിമുറുക്കം മൂലം ഉണ്ടാകുന്ന അബോധപൂർവവും ശക്തവുമായ ശരീരചലനം
തുള്ളൽക്കഥ നാ. തുള്ളൽരൂപത്തിൽ അരങ്ങത്ത് അവതരിപ്പിക്കുന്നതിനുവേണ്ടി രചിച്ചിട്ടുള്ള കാവ്യം
തുള്ളൽക്കാരൻ നാ. 1. തുള്ളൽ എന്ന കല അരങ്ങത്ത് അവതരിപ്പിക്കുന്ന നടൻ; 2. ഭൂതാവേശംകൊണ്ടു തുള്ളുന്ന ആൾ
തുള്ളൽപ്പനി നാ. വിറയലോടുകൂടിയ പനി
തുള്ളൽപ്പാട്ട് നാ. തുള്ളൽക്കഥ
തുള്ളി നാ. 1. ഇറ്റുവീഴുന്ന ഉരുണ്ട ദ്രാവകശകലം; 2. മഴച്ചാറ്റൽ; 3. അൽപം
തുള്ളിച്ചി നാ. 1. തുള്ളിനടക്കുന്നവൾ; 2. അഹങ്കാരമുള്ളവൾ
തുള്ളുക ക്രി. 1. തുടർച്ചയായും വേഗത്തിലും അധികംപൊങ്ങാതെ കുതിച്ചുചാടുക; 2. എല്ലാവശത്തേയ്ക്കും ശരീരമിളക്കി ആടുക; 3. നൈസർഗികമായി നൃത്തംചെയ്യുക
തുഴ നാ. വള്ളം തുഴയാനുള്ള ഉപകരണം
തുഴക്കമ്പ് നാ. തുഴയാനുള്ള കമ്പ്
തുഴക്കോൽ നാ. തുഴ
തുഴച്ചൽ,-ച്ചിൽ [തുഴയുക] നാ. തുഴയുക എന്ന പ്രവൃത്തി
തുഴയുക ക്രി. 1. തുഴകൊണ്ട് വെള്ളം പിന്നോട്ട് തള്ളിനീക്കി വള്ളം ചലിപ്പിക്കുക, ഈ ചലനത്തെ കൈകൊണ്ട് അനുകരിച്ചു നീന്തുക
തുഴായ് നാ. തുളസി
തുഴാവുക ക്രി. 1. തുഴയുക; 2. ആലിങ്ഗനംചെയ്യുക
തുറ നാ. 1. കപ്പലുകൾക്കും മറ്റും കരയ്ക്കടുത്തുവന്നു ചരക്കുകൾ കയറ്റുവാനും ഇറക്കുവാനും സൗകര്യമുള്ള സ്ഥാനം, തുറമുഖം; 2. ബോട്ടുകൾക്കും വള്ളങ്ങൾക്കും കടലിൽപോയി മീൻപിടിക്കാനും കരയ്ക്കുവന്നു മീനിറക്കുവാനും സൗകര്യമുള്ള സ്ഥാനം; 3. കടൽത്തീരത്തു മുക്കുവർ താമസിക്കുന്ന സ്ഥലം; 4. ഗുഹ; 5. നിലവറ; 6. കുളം; 7. വകുപ്പ്
തുറകോൽ നാ. താക്കോൽ
തുറക്കാർ നാ. തുറയിൽ വസിക്കുന്നവർ

തുറക്കുക ക്രി. 1. (വാതിലിൻെറ) അടപ്പ് നീക്കുക, അടഞ്ഞിരിക്കുന്ന കതകുപാളി നീക്കുക; 2. തടസ്സം നീക്കുക; 3. തടസ്സമായിരിക്കുന്ന കൊളുത്തു തുടങ്ങിയവ മാറ്റുക

തുറച്ചുങ്കം നാ. തുറമുഖത്തു ഒടുക്കേണ്ട നികുതി

തുറട് നാ. 1. കൊളുത്ത്; 2. പ്രയാസം; 3. ആപത്ത്

തുറട്ടി നാ. ആനത്തോട്ടി

തുറന്നരശ് നാ. 1. ചതുരങ്ഗത്തിലെ ഒരിനം അരശ്, ഒരുകരു നീക്കുമ്പോൾ എതിരാളിയുടെ ഏതെങ്കിലും കരുവിന് തൻെറ രാജാവിനെ വെട്ടത്തക്കവണ്ണം തുറന്നുകിട്ടുക; 2. അഭിമുഖമായിരിക്കുന്ന അവസ്ഥ

തുറപ്പ [<തുടയ്ക്കുക] നാ. ചൂൽ

തുറപ്പണം [മ.തുറ–സം.പണ] നാ. തുറച്ചുങ്കം

തുറപ്പൻ നാ. 1. തുറന്നുകിടക്കുന്നത്; 2. അടയ്ക്കുകയും തുറക്കുകയും ചെയ്യാവുന്നത്

തുറപ്പ് നാ. 1. തുറന്നിരിക്കുന്ന സ്ഥിതി; 2. വാതിൽ; 3. ഭക്ഷണത്തിനുള്ള ആർത്തി; 4. ഉച്ചത്തിലുള്ള കരച്ചിൽ

തുറം1 നാ. വിഷയം

തുറം2 നാ. നികുതി

തുറമുഖം നാ. കടൽത്തീരത്തു കപ്പലുകൾവന്നടുക്കുന്ന സ്ഥാനം

തുറവൻ നാ. സന്ന്യാസി

തുറവി നാ. സന്ന്യാസിനി

തുറവ് നാ. 1. തുറന്നിരിക്കുന്ന അവസ്ഥ; 2. വ്യക്തത; 3. വാതിൽ

തുറസ്സ് നാ. 1. തുറന്നിരിക്കുന്ന സ്ഥിതി; 2. തുറന്ന സ്ഥലം

തുറി വി. തുറിച്ചുനിൽക്കുന്ന, ഉന്തിനിൽക്കുന്ന

തുറികണ്ണൻ നാ. 1. ഉന്തിയകണ്ണുള്ളവൻ; 2. തുറിച്ചുനോക്കുന്നവൻ

തുറികണ്ണ് നാ. 1. ഉന്തിയിരിക്കുന്ന; 2. തുറിച്ചുനോക്കുന്ന കണ്ണ്

തുറിക്കുക ക്രി. പുറത്തേക്കു തള്ളിവരുക

തുറിപ്പ് [തുറിക്കുക] നാ. കണ്ണുപുറത്തേക്കു തള്ളിച്ചു നോക്കൽ

തുറിയൻ വി. തുറിച്ചുനിൽക്കുന്ന

തുറു നാ. 1. (വർത്തുളമായ) കൂമ്പാരം. ഉദാ: കച്ചിത്തുറു; 2. പുല്ലുവളർന്നുകൂടിക്കിടക്കുന്ന സ്ഥലം; 3. നിരപ്പ്; 4. കുഴച്ചുപരത്തിയ ധാന്യമാവിൽവച്ചു പാകപ്പെടുത്തുന്ന അവൽ തുടങ്ങിയവ

തുറുക ക്രി. 1. തിങ്ങിനിറയുക; 2. കുത്തിനിറയ്ക്കുക; 3. വാരിവലിച്ചു തിന്നുക

തുറുകണ്ണൻ നാ. തുറികണ്ണൻ

തുറുകല്ല് നാ. മടവായ് അടയ്ക്കാൻ ഉപയോഗിക്കുന്ന കല്ല്

തുറുങ്ക് നാ. തടവുകാരെ സൂക്ഷിക്കാൻ ഉള്ള കല്ലറ, ജയിൽ

തുറുതുറെ അവ്യ. അന്യോന്യം പറ്റിച്ചേരാത്ത തരികളായി, തരിതരിയായി

തുറുത്തൽ [തുറുത്തുക] നാമരൂപം

തുറുത്തുക ക്രി. 1. കുത്തിനിറയ്ക്കുക; 2. ഞെക്കിഞെരുക്കി പുറത്തേയ്ക്കു തള്ളുക

തുറുപ്പ് [ഇം.] നാ. 1. കുതിരപ്പട്ടാളം; 2. ഒരിനം ചീട്ടുകളിയിൽ ഒരു കക്ഷിക്ക് മറ്റുള്ളവർ ഇറക്കുന്ന ചീട്ടുകൾ വെട്ടിപ്പിടിക്കാൻ ഉപയോഗിക്കുന്നയിനം ചീട്ട്. (പ്ര) തുറുപ്പുഗുലാൻ

തുറുവ നാ. 1. കല്ലും പതിരും നീക്കാത്ത നെല്ല്; 2. അടപ്പ്

തുറുവ് നാ. തുറു

തുറ്റ് നാ. 1. ഭക്ഷണം; 2. ചോറ്; 3. തിങ്ങിനിറങ്ങ അവസ്ഥ

തൂ1 വി. ശോഭയുള്ള, തികവുറ്റ, പൂർണതയുള്ള, പരിശുദ്ധമായ, ഓമനജ്മുള്ള. (പ്ര) തൂമണം = ആകർഷകമായ മണം. തൂമെയ്യാൾ = സുന്ദരി

തൂ2 [തൂക്കുക] ധാതുരൂപം

തൂകൽ നാ. തൂകുക എന്ന പ്രവൃത്തി

തൂകുക ക്രി. ചൊരിയുക

തൂക്കക്കട്ടി [തൂക്കം-കട്ടി] നാ. ത്രാസിൻെറ ഒരുതട്ടിൽവച്ചു ഭാരം അളക്കുന്നതിനു നിശ്ചിതതോതനുസരിച്ച് നിർമിച്ചിട്ടുള്ള പടി

തൂക്കക്കാരൻ നാ. 1. തൂക്കം എന്ന വഴിപാടിൽ തൂക്കവില്ലിൽ തൂങ്ങുന്ന ആൾ; 2. കുറ്റവാളികളെ തൂക്കിക്കൊല്ലാൻ നിയോഗിക്കപ്പെട്ടിട്ടുള്ള ആൾ

തൂക്കച്ചാട് നാ. 1. കഴുമരം; 2. ക്ഷേത്രത്തിൽ തൂക്കം നടത്തുമ്പോൾ വഴിപാടുകാരനെ തൂക്കിയിടുന്നതിനുള്ള വില്ല് ഉറപ്പിച്ചിട്ടുള്ള ചാട്

തൂക്കച്ചൂണ്ട നാ. തൂക്കവില്ലിൽനിന്ന് ആളിനെ തൂക്കിയിടാനുള്ള കൊളുത്ത്

തൂക്കം [തൂക്കുക] നാ. 1. ഭാരം; 2. ഭാരം അളക്കാനുപയോഗിക്കുന്ന കട്ടി; 3. ഭാരം അളക്കാനുള്ള ഉപകരണം; 4. തൂങ്ങിക്കിടക്കൽ, ഒരു വഴിപാട്; 5. കാതിൽ തൂക്കിയിടുന്ന ആഭരണം; 6. ഉറക്കം

തൂക്ക് നാ. 1. ഭാരം; 2. ഭാരത്തിൻെറ ഒരു നിശ്ചിതയളവ്; 3. തൂക്കിലിടൽ; 4. ഋജുവായ ദിശ; 5. ഒരുതരം വിളമ്പുപാത്രം

തൂക്കുക1 [തൂങ്ങുക>പ്ര] ക്രി. 1. താഴോട്ടു ഞാത്തിയിടുക; 2. ത്രാസ്സിലിട്ടുതൂക്കി ഭാരം നിർണയിക്കുക; 3. തൂക്കിലിടുക

തൂക്കുക2 ക്രി. 1. ചൂലുമുതലായവ ഉപയൊഗിച്ച് അടിച്ചുവാരുക; 2. തുടച്ചുനീക്കുക; 3. തളിക്കുക; 4. തൂത്തുതളിക്കുക

തൂക്കുകട്ട നാ. 1. തൂക്കക്കട്ടി; 2. കെട്ടിപ്പൊക്കുന്ന ഭിത്തിയുടെ ലംബം നോക്കാനുള്ള ഉപകരണം

തൂക്കുതേൻ നാ. പെരുന്തേൻ (പാറയുടെ വിള്ളലുകളിലും മറ്റും തൂങ്ങിക്കിടക്കുന്നതിനാൽ)

തൂക്കുപാലം നാ. ഇരുകരയിലും ഉറപ്പിച്ചിട്ടുള്ള തൂണുകളിൽനിന്ന് ചങ്ങലയിലോ കമ്പിയിലോ തൂക്കിയിട്ടിട്ടുള്ള പാലം, ചങ്ങലപ്പാലം

തൂക്കുമഞ്ചം നാ. ചങ്ങലയിൽ തൂക്കിയിട്ടിരിക്കുന്ന കട്ടിൽ

തൂക്കുമട്ടം നാ. ലംബം നോക്കാനുള്ള ഉപകരണം

തൂക്കുമരം നാ. വധശിക്ഷയ്ക്കു വിധിക്കപ്പെട്ടവരെ തൂക്കിക്കൊല്ലാനുള്ള സംവിധാനം

തൂക്കുവിളക്ക് നാ. ചങ്ങലയിൽ തൂക്കിയിടുന്ന വിളക്ക്

തൂക്കെ അവ്യ. തൂക്കായിട്ട്

തൂങ്ങൽ [തൂങ്ങുക] നാമരൂപം

തൂങ്ങ് [തൂങ്ങുക] ധാതുരൂപം

തൂങ്ങുക ക്രി. 1. ഞാന്നുകിടക്കുക; 2. ഭാരമുള്ളതായിരിക്കുക; 3. ഉറങ്ങുക, മയങ്ങുക; 4. ക്ഷീണിക്കുക.
883
തൂൺ നാ. 1. എന്തിനെയെങ്കിലും താങ്ങിനിൽക്കുന്ന തടിയോ വിസ്താരം കുറഞ്ഞു നീണ്ട മറ്റേതെങ്കിലും പണിത്തരമോ; 2. താങ്ങ്
തൂണൻ നാ. തൂണുപോലെ നിൽക്കുന്നവൻ, ഒന്നിനും കൊള്ളാത്തവൻ
തൂണം1 [സം.] നാ. അമ്പുറ, ആവനാഴി
തൂണം2 നാ. തൂണ്
തൂണി [സം.] നാ. 1. ആവനാഴി; 2. പടുകരണ; 3. അമരി
തൂണിയാങ്കം നാ. 1. അത്തിമരത്തിൻെറ പശ; 2. ഒരുതരം കൂവ
തൂണീരകം [സം.] നാ. ധനുരാശി
തൂണീരം [സം.] നാ. ആവനാഴി
തൂണ് നാ. = തൂൺ
തൂത നാ. 1. ഊതനിറം; 2. ഒരുതരം കുടം
തൂതകം നാ. തുത്ഥാഞ്ജനം
തൂതപ്പായ് നാ. കൈതയോലപ്പായ്
തൂദം [സം.] നാ. 1. കാട്ടരയാൽ; 2. കുരുപ്പരുത്തി
തൂദലം [സം.] നാ. കാട്ടരയാൽ
തൂന്നിക്കുടം നാ. മറുപിള്ള
തൂപ്പി നാ. തലമൊട്ടയടിച്ചവൻ
തൂപ്പ്1 നാ. അടിച്ചുവാരൽ; 2. ചപ്പും ചവറും
തൂപ്പ്2 നാ. ഇലകളോടുകൂടിയ ചില്ല. (പ്ര) തൂപ്പ് ഒടിക്കുക
തൂബര [സം.] വി. 1. കൊമ്പുമുളയ്ക്കാത്ത; 2. മീശമുളയ്ക്കാത്ത, നപുംസകമായ
തൂബരകൻ [സം.] നാ. 1. മോഴക്കാള; 2. മീശമുളയ്ക്കാത്ത മനുഷ്യൻ
തൂബരം [സം.] നാ. 1. മോഴക്കാള; 2. ചവർപ്പുരസം
തൂബരി [സം.] നാ. 1. മോഴപ്പശു; 2. തുവരപ്പയറ്; 3. തുവരിമണ്ണ്
തൂമ നാ. 1. അഴക്; 2. മികവ്; 3. ശുദ്ധി; 4. നന്മ; 5. സത്യം; 6. തെളിവ്
തൂമരം നാ. തടി അളക്കാനുള്ള ഒരളവ്
തൂമിക്കുക ക്രി. കടുകുവറുക്കുക
തൂമൊഴി നാ. 1. മധുരമായ സംഭാഷണം; 2. മധുരമായി സംസാരിക്കുന്നവൾ
തൂമ്പ1 നാ. കിളയ്ക്കുവാനുള്ള ഒരുപകരണം, മൺവെട്ടി, കൈക്കോട്ട്
തൂമ്പ2 നാ. ഈറകൊണ്ട് നിർമിച്ച ഒരിനം കൂട
തൂമ്പൻ നാ. 1. അമിതമായിതിന്നുന്നവൻ; 2. മന്ദബുദ്ധി
തൂമ്പ് നാ. 1. വെള്ളം വാർന്നുപോകാനുള്ള ദ്വാരം; 2. വയറ്
തൂയ വി. 1. പരിശുദ്ധമായ; 2. തെളിഞ്ഞ; 3. ഗുണങ്ങൾ തികഞ്ഞ
തൂയൻ നാ. വിശുദ്ധൻ
തൂയം1 നാ. പരിശുദ്ധി
തൂയം2 നാ. അറ്റം
തൂയവൻ നാ. തൂയൻ
തൂർക്കുക ക്രി. 1. വകഞ്ഞ് മാറ്റുക; 2. നിറയ്ക്കുക

തൂർച്ച [തൂർക്കുക] നാമരൂപം
തൂർണ [സം.] വി. വേഗതയുള്ള
തൂർണം [സം.] അവ്യ. വേഗത്തിൽ
തൂരം [സം.] നാ. ഒരു സങ്ഗീതോപകരണം
തൂരിയാട്ടം നാ. കഠിനമായ അധ്വാനം
തൂര് നാ. ചുവട്
തൂരുക ക്രി. 1. നികരുക; 2. തിങ്ങുക; (പ്ര) ഇടതൂർന്ന
തൂര്യം [സം.] നാ. പെരുമ്പറ
തൂര്യൗഘം [സം.] നാ. വാദ്യങ്ങളുടെ കൂട്ടം
തൂല [സം.] നാ. 1. പരുത്തിച്ചെടി; 2. പഞ്ഞി; 3. വിളക്കിലെ തിരി
തൂലകാർമുകം [സം.] നാ. പഞ്ഞികടയാനുള്ള വില്ല്
തൂലനാളിക [സം.] നാ. നീളത്തിൽ ചുരുട്ടിയ പഞ്ഞി
തൂലപിചു [സം.] നാ. പരുത്തിച്ചെടി
തൂലഫലം [സം.] നാ. 1. ഇലവ്; 2. എരിക്ക്
തൂലം നാ. 1. പഞ്ഞി; 2. ആകാശം; 3. മൾബറിച്ചെടി; 4. ഒരുപിടിപ്പുല്ല്; 5. വായു
തൂലവതി [സം.] നാ. പഞ്ഞിമെത്ത
തൂലവൃക്ഷം [സം.] നാ. ഇലവുമരം
തൂലശർക്കര [സം.] നാ. പരുത്തിക്കുരു
തൂലി [സം.] നാ. 1. പഞ്ഞി; 2. വിളക്കിലെ തിരി; 3. തൂവൽപ്പേന; 4. അമരി
തൂലിക [സം.] നാ. 1. പക്ഷിത്തൂവൽ; 2. ചിത്രകാരൻെറ ബ്രഷ്; 3. തൂവൽപ്പേന; 4. അമരി; 5. പഞ്ഞിമെത്ത
തൂലികാചിത്രം [സം.] നാ. വ്യക്തികളെക്കുറിച്ചുള്ള ലഘുചിത്രീകരണം
തൂലികാനാമം [സം.] നാ. എഴുത്തുകാരൻ തൻെറ യഥാർഥമായ പേരിനു പകരം വയ്ക്കുന്ന സാങ്കൽപികനാമം
തൂലിനി [സം.] നാ. 1. ഇലവ്; 2. തിരുതാളി; 3. പേന
തൂലിഫല [സം.] നാ. ഇലവ്
തൂവട നാ. തൂമരത്തിൻെറ ആറിൽ ഒന്നു വരുന്ന ഘനയളവ്. 24 പെരുക്കം കൂടിയ തടിയളവ്. കണ്ടിയുടെ ഇരുപത്തിനാലിൽ ഒന്ന്
തൂവരം നാ. ചവർപ്പുരസം
തൂവരിക നാ. തുവരിക
തൂവൽ1 നാ. 1. പക്ഷികളുടെ ശരീരത്തെ ആവരണംചെയ്യുന്ന വസ്തു; 2. തൂലിക, പേന; 3. ചായം തേക്കാനുള്ള ബ്രഷ്; 4. മരത്തിൻെറയോ ചെടിയുടെയോ ചില്ല; 5. നിസ്സാരവസ്തു
തൂവൽ2 നാ. 1. തൂകൽ; 2. ചാറ്റൽ മഴ
തൂവാനപ്പലക നാ. തൂവാനം ഉള്ളിലേക്കു കടന്നുവരുന്നത് തടയാൻ കൂരയുടെ കീഴറ്റത്ത് വച്ചുപിടിപ്പിക്കാറുള്ള വീതികുറഞ്ഞ പലക
തൂവാനം നാ. കെട്ടിടത്തിൻെറ പുറത്തുനിന്നും ഉൾഭാഗത്തേക്കു കാറ്റത്തു പാറിവരുന്ന ചെറിയ മഴത്തുള്ളികൾ
തൂവാല [പോർ] നാ. ചെറിയ ടവ്വൽ, കൈലേസ്
തൂവുക ക്രി. = തൂകുക

തൂശൻ [<തൂശിയൻ] വി. അറ്റം കൂർത്ത
തൂശനില നാ. വാഴയുടെ തുമ്പില, നാക്കില
തൂശി [<സം,സൂചി] നാ. 1. സൂചി; 2. നാരായം; 3. ഒരു മർമം
തൂശിക്കിടുക ക്രി. രണ്ടുകാലും നിവർത്തി നീട്ടിവച്ചു പൃഷ്ഠം നിലത്തു തൊടത്തക്കവണ്ണം പെട്ടെന്ന് ഇരിക്കുക
തൂശിമുല്ല നാ. ഈർക്കിൽ മുല്ല
തൂഷ്ണീക [സം.] വി. മിണ്ടാതിരിക്കുന്ന, നിശ്ശബ്ദമായ
തൂഷ്ണീകൻ [സം.] നാ. മിണ്ടാതിരിക്കുന്നവൻ
തൂഷ്ണീം [സം.] അവ്യ. മിണ്ടാതെ, നിശ്ശബ്ദമായി
തൂസ്തം [സം.] നാ. 1. പിന്നിയമുടി; 2. പാപം
തൂൾ നാ. പൊടി
തൂളി1 [സം.ധൂലി] നാ. പൊടി
തൂളി2 നാ. 1. പതിര്; 2. ചെതുമ്പൽ
തൂളുക ക്രി. 1. പൊടിപറക്കുക; 2. വെള്ളം തളിക്കുക
തൂറൽ [തൂറുക] നാമരൂപം
തൂറുക ക്രി. മലവിസർജനം ചെയ്യുക
തൂറ്റൽ നാ. 1. തൂറ്റുക; 2. ചാറ്റൽ മഴ; 3. നെല്ലിൻെറ പതിരുകളയുവാൻ പൊലി മുറത്തിൽ വാരിയെടുത്തു തൂളുക
തൂറ്റ് നാ. തൂറ്റൽ, അതിസാരം
തൂറ്റുക [തൂറുക>പ്ര] ക്രി. 1. ചാറുക, ചിതറിവീഴുക; 2. ഉയരത്തിൽനിന്നു കുടഞ്ഞിടുക
തൃ [<തിരു] വി. (നാമങ്ങൾക്കുമുമ്പുചേർത്തു സമാസിക്കുന്നത്) ദിവ്യമായ, ഐശ്വര്യമുള്ള
തൃക്കൺ,-ണ്ണ് നാ. ശ്രേഷ്ഠമായ കണ്ണ്. (പ്ര) തൃക്കൺപാർക്കുക = ദേവനോ രാജാവോ നോക്കുക (ആ.ഭാ.)
തൃക്കല്യാണം നാ. സുബ്രഹ്മണ്യക്ഷേത്രത്തിലെ ഒരാഘോഷം
തൃക്കഴൽ നാ. തൃക്കാൽ
തൃക്കാപ്പ് നാ. 1. ശ്രീകൊവിലിൻെറ വാതിൽ; 2. ദേവൻെറ വിഗ്രഹത്തിൽ ചാർത്തുന്ന അലങ്കാര വസ്തുക്കൾ
തൃക്കാഴ്ച നാ. കഴ്ചദ്രവ്യം, ഉന്നതവ്യക്തികൾക്കു ബഹുമാനസൂചകമായി അർപ്പിക്കുന്നത്
തൃക്കേട്ട നാ. പതിനെട്ടാമത്തെ നക്ഷത്രം
തൃക്കൈ നാ. ശ്രേഷ്ഠമായ കൈ (പ്ര) തൃക്കൈവിളയാടുക = 1. ഒപ്പിടുക. തൃക്കൈവിളയാട്ടം = ഒപ്പിടൽ; 2. കൈകൊണ്ട് എന്തെങ്കിലും ചെയ്യുക
തൃഖം [സം.] നാ. ജാതിക്കായ്
തൃച്ചക്രം നാ. സുദർശനചക്രം
തൃച്ചേവടി നാ. തൃപ്പാദം
തൃട്ട് [സം.] നാ. 1. ദാഹം; 2. അധികമായ ആഗ്രഹം
തൃഡ്വശൻ [സം.] നാ. ദാഹമുള്ളവൻ
തൃണകടം [സം.] നാ. പുൽപ്പായ്
തൃണകം [സം.] നാ. 1. പുല്ല്; 2. നിസ്സാരവസ്തു

തൃണകുടീരകം [സം.] നാ. പുൽക്കുടിൽ
തൃണകേതുകം [സം.] നാ. 1. കരിമ്പന; 2. മുള
തൃണഗ്രാഹി [സം.] നാ. 1. ഇന്ദ്രനീലം; 2. വൈഡൂര്യം
തൃണജ്യോതിസ്സ് [സം.] നാ. ഔഷധഗുണമുള്ള ഒരിനം പുല്ല്
തൃണദ്രുമം [സം.] നാ. 1. ഒറ്റത്തടിവൃക്ഷം; 2. തെങ്ങ്; 3. പൂക്കൈത; 4. കരിമ്പന; 5. കമുക്
തൃണപഞ്ചകം [സം.] നാ. ദർഭവേര്, ആറ്റുദർഭവേര്, കരിമ്പിൻവേര്, അമവേര്, വരിനെല്ലിൻവേര് എന്നീ അഞ്ച്
തൃണപതി [സം.] നാ. വാഴ
തൃണപ്രായ [സം.] വി. നിസ്സാരമായ
തൃണബീജകം [സം.] നാ. ചാമ
തൃണഭുക്ക് [സം.] നാ. പുല്ലുതിന്നു ജീവിക്കുന്ന ജീവി
തൃണം [സം.] നാ. 1. പുല്ല്; 2. നാന്മുകപ്പുല്ല്
തൃണരാജൻ [സം.] നാ. 1. കരിമ്പന; 2. ഈന്തപ്പന; 3. തെങ്ങ്; 4. കരിമ്പ്; 5. മുള
തൃണവത് [സം.] അവ്യ. പുല്ലുപോലെ. (പ്ര) തൃണവത്കരിക്കുക
തൃണസാരം [സം.] നാ. വാഴ
തൃണാഗ്നി [സം.] നാ. 1. പുല്ലിൽ അന്തർലീനമായിരിക്കുന്ന തീയ്; 2. വേഗത്തിൽ കെട്ടുപോകുന്ന തീയ്
തൃണാദം [സം.] നാ. പുല്ലുതിന്നുന്ന ജീവി
തൃണാന്നം [സം.] നാ. വരിനെല്ല്
തൃണാവർത്തം [സം.] നാ. ചുഴലിക്കാറ്റ്
തൃണാഹ്വം [സം.] നാ. തെങ്ങ്
തൃണീകരിക്കുക [<സം.] ക്രി. നിസ്സാരമാക്കുക
തൃണൗകസ്സ് [സം.] നാ. വയ്ക്കോൽമേഞ്ഞ കുടിൽ
തൃണ്യ [സം.] നാ. 1. തൃണസമൂഹം; 2. പുൽത്തകിടി
തൃത [സം.] വി. തൃതീയ
തൃതീയ [സം.] നാ. 1. മൂന്നാമത്തെ തിഥി; 2. മൂന്നാമത്തെ വിഭക്തി
തൃതീയപ്രകൃതി [സം.] നാ. ആണോപെണ്ണോഅല്ലാത്ത വ്യക്തി
തൃതീയം [സം.] നാ. 1. മൂന്നാമത്തേത്; 2. മൂന്നിലൊന്ന്; 3. താളം
തൃതീയി [സം.] വി. 1. മൂന്നിലൊന്ന് അവകാശമുള്ള; 2. മൂന്നാംസ്ഥാനമുള്ള
തൃപലം നാ. 1. രത്നം; 2. കല്ല്
തൃപ്ത [സം.] വി. തൃപ്തിയടഞ്ഞ, മതിവന്ന. നാ. നാട്യദൃഷ്ടിഭേദങ്ങളിൽ ഒന്ന്
തൃപ്തി [സം.] നാ. ആഗ്രഹമോ ആവശ്യമോ നിറവേറിയാലുണ്ടാകുന്ന ഭാവം, മതി എന്ന തോന്നൽ
തൃപ്തിമത്ത് [സം.] നാ. ജലം
തൃപ്പാദം നാ. ശ്രേഷ്ഠമായ പാദം, തുരുവടി
തൃപ്പാപ്പൂർസ്വരൂപം നാ. വഞ്ചിരാജവംശത്തിൻെറ ഒരു പ്രധാന ശാഘ
തൃപ്രം [സം.] നാ. 1. ദു:ഖം, വേദന; 2. പുരോഡാശം
തൃഷ[സം.] നാ. 1. ദാഹം; 2. അധികമായ ആഗ്രഹം; 3. മേത്തോന്നി
തൃഷാഹം [സം.] നാ. 1. വെള്ളം; 2. ശതകുപ്പ

തൃഷിത [സം.] വി. 1. ദാഹമുള്ള; 2. തീവ്രമായി ആഗ്രഹിക്കുന്ന
തൃഷ്ണ [സം.] നാ. 1. തീവ്രമായ ആഗ്രഹം; 2. കൊതി, ആസക്തി
തൃഷ്ണകൻ [സം.] നാ. 1. തൃഷ്ണയുള്ളവൻ; 2. മോഹമുള്ളവൻ; 3. ലുബ്ധൻ
തൃഷ്ണാരി [സം.] നാ. പർപ്പടകപ്പുല്ല്
തൃഷ്ണാലു [സം.] നാ. 1. ദാഹം ഉള്ള ആൾ; 2. ആഗ്രഹം ഉള്ള ആൾ
തൃഷ്യം [സം.] നാ. 1. ദാഹം; 2. അത്യാഗ്രഹം
തെകട്ടുക ക്രി. = തികട്ടുക
തെക്കത് നാ. 1. തെക്കുവശത്തുള്ള കെട്ടിടം; 2. പഴയ തറവാടുകളിൽ തെക്കുവശത്തു പരദേവതയെ കുടിയിരുത്തുന്ന പുര, തെക്കിനി
തെക്കൻ വി. 1. തെക്കുള്ള, തെക്കുദിക്കുമായി ബന്ധപ്പെട്ട. തെക്കൻകോൾ = തെക്കുനിന്നും വരുന്ന കാലവർഷക്കാറ്റ്
തെക്കൻപാട്ട് നാ. കേരളത്തിൻെറ തെക്കേഅറ്റത്ത് പ്രചരിച്ചിരുന്ന കഥാത്മകങ്ങളായ നാടൻ പാട്ടുകൾ
തെക്കൽ [തെക്കുക] നാമരൂപം
തെക്കിനി,-നേത് നാ. നാലുകെട്ടോടുകൂടിയ കെട്ടിടത്തിലെ തെക്കേക്കെട്ട്
തെക്ക് നാ. നാലുപ്രധാനദിക്കുകളിൽ ഒന്ന്, രാവിലെ സൂര്യനെ നോക്കിനിൽക്കുന്ന ആളിൻെറ വലതുവശത്തെ ദിക്ക്
തെക്കു [തെക്കുക] ധാതുരൂപം
തെക്കുക ക്രി. (ദ്രാവകത്തിനു മുകളിൽനിന്നു) കോരിയോ വടിച്ചോ മാറ്റുക, വേർതിരിച്ചു പകർന്നെടുക്കുക; 2. ഛർദിക്കുക
തെക്കുകിഴക്ക് നാ. തെക്കിനും കിഴക്കിനും ഇടയ്ക്കുള്ള കോൺ, അഗ്നികോൺ
തെക്കുപടിഞ്ഞാറ് നാ. തെക്കിനും പടിഞ്ഞാറിനും ഇടയ്ക്കുള്ള കോൺ, നൈരൃത്രികോൺ
തെക്കുംഭാഗക്കാർ നാ. കേരളത്തിലെ ക്രിസ്ത്യാനികളിൽ ഒരു വിഭാഗം
തെക്കേ വി. തെക്കുഭാഗത്തുള്ള, തെക്കുവശത്തെ (വീട്)
തെങ്കൊല്ലം നാ. തെക്കൻകൊല്ലം
തെങ്ങ് നാ. ഒരു ഒറ്റത്തടിവൃക്ഷം
തെൺ വി. തെളിവുള്ള
തെണുക്കുക ക്രി. = തിണർക്കുക.
885
തെണ്ടക്കാരൻ1 നാ. കരംപിരിവുകാരൻ
തെണ്ടക്കാരൻ2 നാ. ഭിക്ഷക്കാരൻ
തെണ്ടക്കാരൻ3 നാ. ദേഹണ്ഡക്കാരൻ
തെണ്ടൻ1 നാ. പിശാച്
തെണ്ടൻ2 [സം.] നാ. ദണ്ഡനമസ്കാരം. (പ്ര) തെണ്ടനിടുക = ദണ്ഡനമസ്കാരം ചെയ്യുക
തെണ്ടൽ1 [തെണ്ടുക] നാമരൂപം
തെണ്ടൽ2 നാ. ഓന്ത്
തെണ്ടി1 [തെണ്ടുക] ക്രി. ഭൂതരൂപം
തെണ്ടി2 [<തെണ്ടുക] നാ. തെണ്ടുന്നവൻ, യാചകൻ, അലഞ്ഞുതിരിയുന്നവൻ

തെണ്ടിക [സം] നാ. 1. കുറുകെ വയ്ക്കുന്ന ഉത്തരം; 2. കുറുകെയുള്ള പലക; 3. അറുക്കുവാനുള്ള തടിക്കു താങ്ങായിവയ്ക്കുന്ന തടി
തെണ്ടിക്കുക [തെണ്ടുക>പ്ര] ക്രി. തെണ്ടാൻ ഇടവരുത്തുക
തെണ്ടിത്തീനി നാ. യാചിച്ച് ഉപജീവനം നടത്തുന്നവൻ
തെണ്ട് [സം] നാ. 1. നീളം അളക്കാനുള്ള ഒരു തോത്, ദണ്ഡ്; 2. വളരെവലിയ സങ്ഖ്യ
തെണ്ടുക1 ക്രി. 1. ഭിക്ഷചോദിക്കുക; 2. യാചകനായി വീടുതോറും കയറിയിറങ്ങിനടക്കുക; 3. അലഞ്ഞുനടക്കുക, തെണ്ടിത്തിന്നുക
തെണ്ടുക2 ക്രി. = തണ്ടുക, വസൂലാക്കുക
തെണ്മ നാ. 1. തെളിവ്; 2. സാമർഥ്യം
തെൻ1 വി. തെക്കുള്ള
തെൻ2 [തെന്നുക] ധാതുരൂപം
തെൻപടിഞ്ഞാറ് നാ. തെക്കുപടിഞ്ഞാറ്
തെൻപാണ്ടി നാ. തെക്കൻ പാണ്ഡ്യദേശം, തമിഴ്നാടിൻെറ തെക്കൻപ്രദേശം
തെന്തനം നാ. 1. തുള്ളിയാടൽ; 2. കേരളത്തിലെ ഒരു നാടൻ താളത്തെ കുറിക്കുന്ന വായ്ത്താരി; 3. ലക്ഷ്യമില്ലായ്മ; 4. അലഞ്ഞുതിരിയൽ
തെന്നംതെറി നാ. ധിക്കാരം, കൊള്ളരുതായ്മ
തെന്നൽ1 [ത.തെൻറൽ] നാ. ഇളങ്കാറ്റ്, തെക്കൻകാറ്റ്
തെന്നൽ2 [തെന്നുക] നാമരൂപം
തെന്നുക ക്രി. മിനുസമുള്ള ഒരു പ്രതലത്തിൽ വഴുതിപ്പോകുക
തെപ്പക്കുളം നാ. തെപ്പം നടത്തുന്ന കുളം
തെപ്പം നാ. 1. പോങ്ങുതടി; 2. ക്ഷേത്രങ്ങളിൽ വിഗ്രഹം എഴുന്നെള്ളിക്കുന്ന ചടങ്ങ്
തെമ്മാടി നാ. സന്മാർഗനിഷ്ഠയില്ലാത്തവൻ, താന്തോന്നി, ആഭാസൻ
തെയ്വക്കമ്മിയൻ നാ. ക്ഷേത്രപ്പണിനടത്തുന്ന ശിൽപി
തെയ്യക്കോലം നാ. തെയ്യം ആടുന്ന ആൾ ധരിക്കുന്ന ദേവതയുടെ കോലം
തെയ്യൻ നാ. തെയ്യം
തെയ്യന്നം നാ. 1. കേരളത്തിലെ നാടോടിക്കഥകളിലെ ഒരു വായ്ത്താരി; 2. പരമ്പരാഗതമായ നാടൻകലാരൂപം
തെയ്യം [സം.] നാ. കേരളത്തിലെ ആരാധനാപരമായ ഒരു അനുഷ്ഠാനം, ഇതിൽ കെട്ടിയാടുന്ന ദിവ്യശക്തികളുടെ കോലം
തെയ്യാട്ടം നാ. ദേവതകളുടെ കോലംകെട്ടി ആടൽ
തെർമോമീറ്റർ [ഇം.] നാ. ഊഷ്മമാപിനി
തെർമോസ്റ്റാറ്റ് ]ഇം.] നാ. (ഊർജ) താപനില നിശ്ചിതപരിധിക്കുള്ളിൽ സ്ഥിരമായിനിർത്താൻ ഉപയോഗിക്കുന്ന ഉപകരണം
തെരക്കുക ക്രി. = തിരക്കുക
തെരട്ട് നാ. = തിരട്ട്
തെരയുക ക്രി. = തിരയുക
തെരളുക ക്രി. = തിരളുക
തെരിയുക ക്രി. അറിയുക
തെരു1 [തെരുക്കുക] ധാതുരൂപം

തെരു2 നാ. തെരുവ്

തെരുതെരെ അവ്യ. 1. ഇടമുറിയാതെ; 2. വേഗത്തിൽ

തെരുവിക്കുക ക്രി. അറിയിക്കുക

തെരുവീഥി നാ. തെരുവ്

തെരുവ് നാ. ഇരുവശത്തും കെട്ടിടങ്ങളോടുകൂടിയ വഴി, രഥ്യ

തെലുങ്ക് നാ. ഒരു സമ്പുഷ്ടദ്രാവിഡഭാഷ

തെല്ല് നാ. അൽപം

തെല്ലും അവ്യ. അൽപവും, ഒട്ടും

തെവ്വ് നാ. ശത്രുത

തെളി1 [<തെളിയുക] വി. തെളിഞ്ഞ, തെളിവുള്ള. നാ. 1. ശുദ്ധി; 2. പ്രസന്നത; 3. തെളിഞ്ഞ ദ്രാവകം. ഉദാ: കഞ്ഞിത്തെളി

തെളി2 [തെളിയുക] ധാതുരൂപം

തെളിക്കുക1 ക്രി. 1. നയിക്കുക (മൃഗങ്ങളെയും മറ്റും) ഓടിക്കുക; 2. കാടുവെട്ടി ഭൂമിയുടെ ആവരണം നീക്കുക

തെളിക്കുക2 [തെളിയുക>പ്ര] ക്രി. 1. പ്രകാശിക്കുക; 2. തെളിഞ്ഞുകാണാവുന്ന അവസ്ഥയിലാക്കുക; 3. കലങ്ങിയ അവസ്ഥമാറ്റി കലർപ്പില്ലാതാക്കുക; 4. വ്യക്തമാക്കുക

തെളിച്ചം [തെളിയുക] നാ. 1. തെളിവ്; 2. തിളക്കം; 3. ബോധം, പ്രസന്നത

തെളിതാര നാ. അരിക്കൽ, ഊറ്റൽ

തെളിമ നാ. 1. തെളിച്ചം; 2. തെളിഞ്ഞ അവസ്ഥ

തെളിയിക്കുക [തെളിയുക>പ്ര] ക്രി. തെളിയാൻ കാരണമാകുക

തെളിയുക ക്രി. 1. പ്രകാശിക്കുക; 2. വ്യക്തമാക്കുക; 3. ബോധം ഉണ്ടാവുക; 4. സന്തോഷിക്കുക; 5. കലങ്ങൽ മാറുക; 6. തെളിവുകൊണ്ട് വെളിപ്പെടുക

തെളിവ് [<തെളിയുക] നാ. 1. പ്രകാശം; 2. സ്ഫുടത; 3. കലങ്ങൽ ഇല്ലാത്ത അവസ്ഥ; 4. ബോധം; 5. പ്രസന്നത; 6. സത്യം വെളിപ്പെടുത്തുന്ന വസ്തു

തെളുക്കനെ അവ്യ. തിളക്കത്തോടെ

തെളുതെളുപ്പ് നാ. തെളിച്ചം, തിളക്കം

തെളുതെളെ അവ്യ. നല്ലപ്രകാശത്തോടുകൂടി

തെള്ളൽ [തെള്ളുക] നാമരൂപം

തെള്ളി നാ. 1. കുന്തുരുക്കപ്പൈൻ; 2. കുന്തുരുക്കം. തെള്ളിപ്പൊടി = കുന്തുരുക്കപ്പൊടി

തെള്ളുക1 ക്രി. മുറം അരിപ്പ മുതലായവ കുലുക്കി പൊടിയും മറ്റും വേർതിരിക്കുക

തെള്ളുക2 ക്രി. = തള്ളുക

തെഴുകുത്തുക ക്രി. ദേഹം പിന്നോട്ടുവളച്ചു കാലിൽ തലതൊടുവിക്കുക

തെറ നാ. = തിറ

തെറി നാ. ചീത്ത, അസഭ്യം, അശ്ലീലം

തെറിക്കുക ക്രി. പെട്ടെന്ന് മറ്റൊരിടത്തേക്കു നീങ്ങി വീഴുക; 2. തുടിക്കുക

തെറിച്ച [<തെറിക്കുക] വി. 1. ചിതറിവീണ; 2. ധിക്കാരിയായ

തെറിപ്പ് [<തെറിക്കുക] നാ. തെറിച്ചുവീഴൽ

തെറിയൻ നാ. 1. ചുറുചുറുക്കുള്ളവൻ; 2. എടുത്തുചാട്ടക്കാരൻ

തെറിവില്ല് നാ. കല്ലും മറ്റും തെറിപ്പിക്കാൻ ഉപയോഗിക്കുന്ന വില്ലുപോലുള്ള ഉപകരണം
തെറു [തെറുക്കുക] ധാതുരൂപം
തെറുക്കുക1 ക്രി. ചുരുട്ടുക
തെറുക്കുക2 ക്രി. ചെറുക്കുക
തെറുപ്പ് [<തെറുക്കുക] നാ. തെറുക്കൽ
തെറുമ്പിക്കുക [തെറുമ്പുക>പ്ര] ക്രി. എഴുന്നു നിൽക്കുക
തെറ്റ നാ. വരിതെറ്റിനിൽക്കുന്നത്
തെറ്റാടി, -ലി നാ. 1. തെറിവില്ല്; 2. കല്ലും മറ്റും തെറിപ്പിക്കാനുള്ള ഒരു ഉപകരണം
തെറ്റി നാ. തെച്ചി, പൂക്കളുണ്ടാകുന്ന ഒരിനം കുറ്റിച്ചെടി
തെറ്റിദ്ധരിക്കുക ക്രി. തെറ്റായരീതിയിൽ കരുതുക
തെറ്റിദ്ധാരണ നാ. തെറ്റായധാരണ
തെറ്റിപ്പരമ്പ് നാ. ഈറപ്പൊളികൊണ്ട് ഉണ്ടാക്കുന്ന പരമ്പ്
തെറ്റ് നാ. 1. ശരിയല്ലാത്തത്; 2. ഉചിതമല്ലാത്തത്; 3. വഴുതൽ; 4. തെന്നൽ
തെറ്റുക ക്രി. 1. തെറ്റുപറയുക, ശരിയല്ലാതാവുക; 2. തെന്നുക; 3. ശരിയായസ്ഥാനത്തുനിന്നും മാറുക; 4. മുടങ്ങുക; 5. വെള്ളം ശക്തിയോടെ തെറിപ്പിക്കുക
തെറ്റുവില്ല് നാ. തെറിവില്ല്
തെറ്റെന്ന് അവ്യ. പെട്ടെന്ന്
തേ1 [സം.] നാ. (യുഷ്മദ് ശബ്ദം ചതുർഥി, ഷഷ്ഠി ഏ.വ.) നിനക്ക്, നിൻെറ
തേ2 [സം.] നാ. (തദ് ശബ്ദം പുലിം പ്രഥമ ബ.വ) അവർ
തേ3 [സം.] നാ. (തദ് ശബ്ദം സ്ത്രീ പ്രഥമ ദ്വിതീയ ദ്വി.വ.) അവർ രണ്ടുപേർ
തേ4 [തേയുക] ധാതുരൂപം
തേക് [തേകുക] ധാതുരൂപം
തേകുക ക്രി. 1. (വെള്ളം) കോരിമറിച്ചോ തള്ളിനീക്കിയോ ഒരിടത്തുനിന്നും പുറത്തേക്ക് ഒഴുക്കുക; 2. ഏത്തം തുടങ്ങിയ യാന്ത്രിക സംവിധാനങ്ങൾ ഉപയോഗിച്ചോ മനുഷ്യപ്രയത്നംകൊണ്ടോ ജലാശയങ്ങളിലെ വെള്ളം ഇപ്രകാരം ചാലുകളിലേക്കോ പാടങ്ങളിലേക്കോ നീക്കുക
തേക്കണ [തേക്-കണ] നാ. വെള്ളം തേകാൻ ഏത്തത്തിൽ ഉപയോഗിക്കുന്ന കഴ
തേക്കം1 [<തേങ്ങുക] നാ. 1. തികട്ടൽ, ഓക്കാനം; 2. തേങ്ങൽ; 3. അയവിറക്കൽ
തേക്കം2 [<തേകുക] നാ. (വെള്ളം) തേകിയൊഴിക്കൽ, തേകുക
തേക്കൽ നാ. വെള്ളം കെട്ടിനിൽക്കൽ
തേക്കിട നാ. 1. ആനവണങ്ങി; 2. ചൊറിയണം
തേക്ക്1 നാ. പൊക്കത്തിൽ വളരുന്ന ഒരു വൃക്ഷം
തേക്ക്2 [<തേകുക] നാ. (വെള്ളം) തേകൽ
തേക്കുകാള നാ. (വെള്ളംതേകുമ്പോൾ) തേക്കുകുട്ട വലിച്ചുപൊക്കുന്ന കാള
തേക്കുകുട്ട നാ. വെള്ളംതേകാൻ ഉപയോഗിക്കുന്ന കുട്ടപോലുള്ള ഉപകരണം
തേക്കുപാട്ട് നാ. വെള്ളം തേകുന്നവർ പാടിവരുന്ന നാടൻ പാട്ട്

തേങ്ങ,-ങ്ങാ നാ. തെങ്ങിൻെറ കായ്, നാളികേരം

തേങ്ങയേറ് നാ. ദേവപ്രീതിക്കായി പൊതിച്ച തേങ്ങ എറിഞ്ഞുടയ്ക്കൽ

താങ്ങൽ, തേക്കം [<തേങ്ങുക] നാ. 1. വിങ്ങലോടെ ശ്വാസംവിടൽ; 2. വിങ്ങിക്കരയൽ; 3. കിതപ്പ്

തേങ്ങാക്കണ്ണ് നാ. ചിരട്ടയുടെ മുകൾഭാഗത്ത് വൃത്താകൃതിയിലുള്ള അടയാളം, അതിലൊന്ന് മൃദുലമായ അടപ്പോടുകൂടിയ ഒരു ദ്വാരത്തെ സൂചിപ്പിക്കുന്നു

തേങ്ങാക്കുടുക്ക നാ. തേങ്ങയുടെ ഉള്ളിലെ പരിപ്പും മറ്റും നീക്കിയിട്ടു ചിരട്ട ചീകിമിനുസപ്പെടുത്തി ഉണ്ടാക്കിയ കുടുക്ക

തേങ്ങാക്കൊത്ത് നാ. 1. തേങ്ങാപ്പാൽ പിഴിഞ്ഞെടുത്തതിനുശേഷം അവശേഷിക്കുന്ന ചണ്ടി; 2. തേങ്ങാപ്പൂൾ

തേങ്ങാപ്പാൽ നാ. തേങ്ങാപ്പീര പിഴിഞ്ഞെടുക്കുന്ന പാൽപോലെ വെളുത്ത ദ്രാവകം

തേങ്ങ് [തേങ്ങുക] ധാതുരൂപം

തേങ്ങുക ക്രി. 1. ശ്വാസം അമർത്തിപ്പിടിച്ചു കരയുക; 2. ഏങ്ങുക; 3. ക്ഷോഭിക്കുക; 4. വേച്ചുവേച്ചുനടക്കുക

തേച്ചൽ [<തേയുക] നാ. തേയ്മാനം

തെച്ചുകുളിക്കുക ക്രി. ശരീരത്തിൽ മുഴുവൻ എണ്ണപുരട്ടി കുളിക്കുക

തേജനകം [സം.] നാ. അമ്പൊട്ടൽ, പേക്കരിമ്പ്

തേജനം [സം.] നാ. 1. മൂർച്ചവരുത്തൽ; 2. മുള; 3. അമ്പൊട്ടൽ; 4. മഞ്ഞപ്പുല്ല്; 5. അമ്പിൻെറ കണ; 6. പ്രകാശിക്കൽ

തേജം [സം.] നാ. 1. മൂർച്ച; 2. ശോഭ; 3. രൂക്ഷത; 4. നെയ്യ്

തേജലം നാ. പിതാരിപ്പുള്ള്

തേജസ്കൻ [സം.] നാ. തേജസ്സോടുകൂടിയവൻ

തേജസ്കര [സം.] വി. തേജസ്സുണ്ടാക്കുന്ന

തേജസ്വത് ]സം.] വി. 1. മൂർച്ചയുള്ള; 2. പ്രകാശമുള്ള; 3. ഉത്സാഹമുള്ള

തേജസ്വി [സം.] നാ. 1. പ്രകാശമുള്ളവൻ; 2. ശക്തിയുള്ളവൻ

തേജസ്വിനി [സം.] നാ. 1. ചെറുപുന്ന; 2. വലിയ വാലുഴവം; 3. തേജസ്സുള്ളവൾ

തേജസ്സ് [സം.] നാ. 1. പ്രകാശം; 2. ശക്തി; 3. മഹത്ത്വം; 4. കീർത്തി; 5. ശരീരകാന്തി; 6. കണ്ണിൻെറ തെളിവ്; 7. അഗ്നി; 8. കത്തിയുടെ മൂർച്ചയുള്ള വായ്ത്തല; 9. ശുക്ലം

തേജിത [സം.] വി. 1. മൂർച്ചകൂട്ടിയ; 2. മിനുക്കിയ

തേജിഷ്ഠൻ [സം.] നാ. ഏറ്റവും തേജസ്സുള്ളവൻ

തേജോനിധി [സം.] നാ. തേജസ്സിന് ഇരിപ്പിടമായവൻ

തേജോബിന്ദു [സം.] നാ. 1. തേജസ്സിൻെറ കണം; 2. ഒരു ഉപനിഷത്ത്

തേജോബീജം [സം.] നാ. 1. മജ്ജ; 2. ജീവൻെറ അങ്കുരം

തേജോഭങ്ഗം [സം.] നാ. അപമാനം

തേജോമൂർത്തി [സം.] നാ. 1. തേജസ്സിൻെറ മൂർത്തിരൂപം; 2. സൂര്യൻ

തേജോരാശി [സം.] നാ. 1. തേജസ്സിൻെറ സഞ്ചയം; 2. സൂര്യൻ

തേജോവതി [സം.] നാ. 1. തേജസ്സുള്ളവൾ; 2. ചെറുപുന്നയരി; 3. അഗ്നിദേവൻെറ രാജധാനി

തേജോവധം [സം.] നാ. 1. തേജസ്സ് ഇല്ലാതാക്കൽ; 2. പൗരുഷം കെടുത്തൽ, അവമാനിക്കൽ
തേജപുഞ്ജം [സം.] നാ. തേജസ്സിൻെറ സഞ്ചയം
തേഞ്ചൊല്ല് [തേൻ-ചൊല്ല്] നാ. മധുരവാക്ക്, തേന്മൊഴി
തേഞ്ചോരി വി. തേൻ ചോരുന്ന, മധുരമായ
തേടൽ [തേടുക] നാമരൂപം
തേട് [തേടുക] ധാതുരൂപം
തേടുക ക്രി. 1. തിരയുക; 2. നേടുക; 3. ഉണ്ടാവുക; 4. ഉണ്ടായിരിക്കുക; 5. പ്രാപിക്കുക
തേട്ടം [<തേടുക] നാ. 1. തേടിവയ്ക്കൽ; 2. തേടിവച്ചത്; 3. ആരായൽ. തേട്ടത്തേക്കാൽ നല്ലത് സൂക്ഷം (പഴ)
തേട്ടുക ക്രി. = തികട്ടുക
തേതി നാ. = തീയതി
തേത്തലടിക്കുക ക്രി. 1. ആർക്കും വേണ്ടാതെകിടക്കുക, ആവശ്യക്കാരില്ലാതെ കച്ചവടച്ചരക്കുകൾക്കു വിലയിടിയുക; 2. ഒരിടത്തും സ്ഥാനമില്ലാതെ അലഞ്ഞുതിരിയുക
തേൻ നാ. പൂക്കളിൽനിന്നും എടുത്ത് തേനീച്ചകൾ ശേഖരിച്ചുവയ്ക്കുന്ന മധുര പാനീയം
887
തേന[സം.] സ.നാ. (തച്ഛബ്ദതൃതീയ ഏ.വ. പുല്ലിങ്ഗത്തിലും നപുംസകത്തിലും) അവനാൽ, അതിനാൽ
തേനട നാ. തേനീച്ച തേൻ ശേഖരിച്ചുവയ്ക്കുന്ന അറകളുടെ പാളി
തേനറ നാ. 1. തേൻ ശേഖരിക്കാനായി തേനീച്ചകൾ നിർമിക്കുന്ന അറ; 2. തേൻ സൂക്ഷിക്കുന്നതിനായി തേനീച്ചയുടെ ശരീരത്തിലുള്ള അറ
തേനീച്ച നാ. പൂക്കളിൽനിന്നും തേൻ ശേഖരിച്ചു കൂട്ടിൽ അറകളുണ്ടാക്കി അതിൽ സൂക്ഷിച്ചുവയ്ക്കുന്ന ഒരിനം ഈച്ച
തേനുറുമ്പ് നാ. ശരീരത്തിൽ തേൻ ശേഖരിച്ചുവയ്ക്കാൻ കഴിവുള്ള ഒരിനം ഉറുമ്പ്
തേന്മാവ് നാ. ഒരിനം മാവ് (വളരെ മധുരമായ മാമ്പഴം ഉണ്ടാക്കുന്നത്, വരിക്കമാവ്)
തേന്മെഴുക് നാ. തേനടയിൽനിന്നും കിട്ടുന്ന മെഴുക്
തേന്മൊഴി നാ. 1. തേൻ പോലെ മധുരമായ വാക്ക്; 2. മധുരമായി സംസാരിക്കുന്നവൾ
തേപ്പ്[തേക്കുക] നാ. 1. തേക്കുകയെന്ന പ്രവൃത്തി; 2. ഒന്നു മറ്റൊന്നിനോട് ചേർത്തുവച്ച് അമർത്തി വീണ്ടും വീണ്ടും ഉരയ്ക്കുക; 3. തേച്ചുപിടിപ്പിച്ച പദാർഥം; 4. നടൻെറ മുഖത്ത് ചായം തേച്ചുപിടിപ്പിക്കൽ. തേപ്പുകരണ്ടി = സിമൻറും മറ്റും തേച്ചുപിടിപ്പിക്കാൻ കല്ലന്മാർ ഉപയോഗിക്കുന്ന ഉപകരണം. തേപ്പുപലക = ഉളിയും മറ്റും തേച്ചു മൂർച്ചവരുത്താൽ ആശാരിമാർ ഉപയോഗിക്കുന്ന പലക
തേപ്പുപെട്ടി നാ. ഇസ്തിരിപ്പെട്ടി
തേം നാ. 1. തേൻ; 2. മാധുര്യം; 3. കള്ള്
തേമം [സം.] നാ. നനവ്
തേമനം [സം.] നാ. 1. നനവ്; 2. നനയ്ക്കൽ

തേമൽ നാ. ദേഹത്തു തൊലിപ്പുറത്തു ഒരുതരം പാടുണ്ടാകുന്ന രോഗം, ചുണങ്ങ്
തേമാനം നാ. തേയ്മാനം
തേമ്പൽ [തേമ്പുക] നാ. അനാരോഗ്യം ഉണ്ടാകുന്ന ശോഷണം, മെലിച്ചിൽ
തേമ്പാവ് നാ. ഒരുതരം കാട്ടുമരം, കെട്ടിടനിർമാണത്തിനുപയോഗിക്കാൻ പറ്റിയ തടിയോടുകൂടിയത്
തേമ്പുക1 ക്രി. 1. മെലിയുക; 2. തേയുക; 3. കുറയുക
തേമ്പുക2 ക്രി. തേച്ചുപിടിപ്പിച്ചു വിടവ് അടയ്ക്കുക
തേ(യ്) നാ. തേയില, ചായ
തേയ്ക്കുക [തേയുക>പ്ര] ക്രി. 1. ഒന്നു മറ്റൊന്നിന്മേൽ അമർത്തി ഉരയ്ക്കുക; 2. മൂർച്ചകൂട്ടാനോ മിനുസപ്പെടുത്താനോ തിളക്കം വരുത്താനോവേണ്ടി ഒരു വസ്തു ഏതെങ്കിലും തലത്തോട് ചേർത്തുവച്ചു തുടർച്ചയായി ഉരസുക; 3. തേപ്പുപെട്ടി പുറത്തുവച്ചു അമർത്തി നീക്കി (വസ്ത്രത്തിൻെറ) ചുളിവ് മാറ്റുക
തേയ്മാനം നാ. ഉപയോഗംകൊണ്ടോ ഉരസൽകൊണ്ടോ മറ്റു പലതുമായുള്ള സമ്പർക്കംകൊണ്ടോ ഒരു വസ്തുവിനുണ്ടാകുന്ന അല്പാല്പമായ കുറവ്
തേയത്തുകളി നാ. ഉത്തരകേരളത്തിലെ നാടൻ കലാരൂപം
തേയില നാ. 1. ഒരിനം കുറ്റിച്ചെടി, ചായ ഉണ്ടാക്കാൻ ഉപയോഗിക്കപ്പെടുന്ന ഇലകളോടുകൂടിയത്, തേ; 2. തേയുടെ ഇല
തേയുക ക്രി. 1. ഉരസൽ മൂലമോ രാസപ്രവർത്തനം മൂലമോ ഒരു ഭാഗമോ തലമോ അൽപാൽപമായി നഷ്ടപ്പെടുക; 2. അൽപാൽപമായി ഇല്ലാതാകുക; 3. ക്ഷയിക്കുക
തേർ1 നാ. തേര്
തേർ2 [തേറുക] ധാതുരൂപം
തേർച്ച നാ. 1. വർധന; 2. പിൻതുടർച്ചാവകാശം
തേർത്തടം നാ. 1. തേർത്തട്ട്, തേർപോകുന്ന തടം
തേർവാഴ്ച നാ. 1. സ്വേച്ഛാധിപത്യം; 2. ദുർദേവതകളുടെ ആധിപത്യം
തേർവീഥി നാ. തേരോടിക്കുന്ന പാത
തേരട്ട നാ. കന്നട്ട
തേരപ്പാരെ അവ്യ. ലക്ഷ്യമൊന്നുമില്ലാതെ, അങ്ങുമിങ്ങും
തേരാളി നാ. 1. തേരുതെളിക്കുന്നവൻ; 2. തേരിൽനിന്നു യുദ്ധംചെയ്യുന്നവൻ
തേരി നാ. 1. കയറ്റം; 2. കുന്നിൻ ചരിവ്
തേര്1 നാ. 1. ഉരുളുകളിന്മേൽ ചലിക്കുന്ന ഒരുതരം പരമ്പരാഗതവാഹനം, രഥം (സാധാരണയായി കുതിരകൾ വലിക്കുന്നത്); 2. ഒരു ചതുരങ്ഗക്കരു
തേര്2 [തേരുക] ധാതുരൂപം
തേരുക ക്രി. 1. സമീപിക്കുക; 2. തേറുക; 3. നിശ്ചയിക്ക്ക്കുക
തേരുരുൾ നാ. തേരിൻെറ ചക്രം
തേരുവയ്ക്കുക ക്രി. കൊയ്തെടുത്തകറ്റകൾ അടുക്കിവയ്ക്കുക
തേരോട്ടം നാ. ദേവവിഗ്രഹം തേരിൽവച്ചു ക്ഷേത്രത്തിനുചുറ്റുമുള്ള നിരത്തുകളിലൂടെ വലിച്ചുകൊണ്ടുപോകുന്ന ചടങ്ങ്
തേവ[ത.തേവൈ] നാ. ആവശ്യം

തേവടിച്ചി,തേവി-[സം.ദേവ.-മ.അടിച്ചി] നാ. 1. ക്ഷേത്രത്തിലെ ദേവസേവിക; 2. ദേവസേവനത്തിനായി ജീവിതം ഉഴിഞ്ഞുവച്ചവൾ, തേവരടിയാൾ, വേശ്യ
തേവടിയാട്ടം നാ. 1. ക്ഷേത്രങ്ങളിൽ ദേവദാസികൾ നടത്തിവന്ന നൃത്തം; 2. വേശ്യാവൃത്തി
തേവതാനം നാ. ക്ഷേത്രങ്ങൾക്കു ദാനമായി നൽകപ്പെടുന്ന ഭൂമി
തേവതാരം നാ. ദേവദാരുവൃക്ഷം
തേവരടിയാൾ നാ. തേവടിച്ചി
തേവൽ1 നാ. കൊതി
തേവൽ2 [തേകുക] നാ. തേകൽ
തേവാങ്കം1 നാ. തേവാങ്ക്
തേവാങ്കം2 നാ. 1. ഒരു അസാധാരണ ജന്തു; 2. വികൃതമായ കുറിയ ശരീരമുള്ളവൻ
തേവാടി നാ. അമ്പലങ്ങളിൽ തുള്ളിയാടുന്നവൻ
തേവാരങ്ങൾ നാ. ശവജ്ഞാനസംബന്ധരുടെയും മറ്റും ശിവസ്തുതിപരമായ കൃതികൾ
തേവാരം നാ. ദേവപൂജ
തേവാരി നാ. തേവാരം നടത്തുന്നവൻ
തേവാരിക്കുക ക്രി. തേവാരം നടത്തുക
തേവിടിച്ചി നാ. 1. തേവടിച്ചി; 2. കൊങ്ങിണിപ്പച്ച
തേവുക ക്രി. തേകുക
തേൾ നാ. ഒരിനം ചെറിയ ജീവി, വിഷമുള്ളത്
തേള1 നാ. തെകിള
തേള2 നാ. 1. നെഞ്ച്; 2. ഹൃദയം
തേളക്കനം നാ. നെഞ്ചൂറ്റം, ചങ്കൂറ്റം
തേളി നാ. നീർക്കോലി
തേളിയാൻ നാ. തെയ്യാൻ
തേറൽ നാ. 1. തെളിഞ്ഞ അവസ്ഥ; 2. തേൻ; 3. കള്ള്; 4. കുഞ്ഞുങ്ങളുടെവായിൽനിന്നും ഒലിക്കുന്ന ഈളുവ; 5. വിശ്വാസം; 6. അറിവ്
തേറ്1 നാ. തെങ്ങുചെത്തുന്ന കത്തി
തേറ്2 നാ. തെളിവ്
തേറുക ക്രി. 1. വർധിക്കുക; 2. ഗ്രഹിക്കുക
തേറ്റ1 നാ. ചിലജന്തുക്കളുടെ നീളമേറിയ പല്ല്
തേറ്റ2 നാ. തേറ്റമരം
തേറ്റം നാ. 1. ബലം; 2. വർധന; 3. ആശ്വാസം
തേറ്റാങ്കൊട്ട നാ. തേറ്റമരത്തിൻെറ കുരു, തേറ്റാമ്പരൽ
തേറ്റുക [തേറുക>പ്ര] ക്രി. തേറ്റം ഉണ്ടാക്കുക
തൈ1 നാ. 1. അധികം വളർച്ചപ്രാപിക്കാത്ത ഇളംസസ്യം; 2. ഇളപ്പമുള്ളത്; 3. ചെറുപ്പംഭാവിക്കുന്ന മധ്യവയസ്കൻ
തൈ2 നാ. ഒരു മാസം, മകരം
തൈക്കാവ് നാ. തയ്ക്കാവ്
തൈക്കാറ്റ് നാ. ഇളങ്കാറ്റ്

തൈക്കിടാവ് നാ. കൊച്ചുകുട്ടി, ശിശു
തൈക്കിഴവി നാ. അകാലവാർദ്ധക്യംപ്രാപിച്ചവൾ, ജരാകുമാരി
തൈജസ [സം.<തേജസ്] വി. തേജസ്സിനെ സംബന്ധിച്ച
തൈജസകീടം [സം.] നാ. മിന്നാമിനുങ്ങ്
തൈജസൻ [സം] നാ. 1. ഈശ്വരൻ; 2. ജീവാത്മാവ്
തൈജസം [സം] നാ. 1. സൂക്ഷ്മമായ പദാർഥാംശം; 2. ഉരുക്കുനെയ്യ്; 3. ലോഹം; 4. ജീവശക്തി, ബലം; 5. അഹങ്കാരം
തൈജസി [സം] നാ. 1. പ്രകാശമയമായ ഈശ്വരശക്തി; 2. അത്തിത്തിപ്പലി; 3. ശതാവരി
തൈതൽ നാ. ചീളികൾ കൂട്ടിച്ചേർത്തുണ്ടാക്കിയ തട്ടി, മുളവേലി
തൈതിലൻ നാ. ഒരു ദേവൻ
തൈതിലം [സം.] നാ. കാണ്ടാമൃഗം
തൈത്തിരം [സം.] നാ. 1. തിത്തിരിപ്പുള്ള്; 2. തിത്തിരിപ്പക്ഷികളുടെ കൂട്ടം
തൈത്തിരീയൻ [സം.] നാ. യജുർവേദത്തിലെ തൈത്തിരിയശാഖയിൽ ചേർന്നവൻ
തൈത്തിരീയം [സം.] നാ. യജുർവേദത്തിൻെറ രണ്ടുശാഖകളിൽ ഒന്ന്; 2. ഒരു ഉപനിഷത്ത്
തൈത്തിര്യം നാ. തൈത്തിരീയം
തൈപ്പൂയം നാ. തൈമാസത്തിലെ പൂയംനാൾ
തൈപ്പൊങ്കൽ നാ. തൈമാസത്തിലെ ഒന്നാംതീയതി നടത്തുന്ന പൊങ്കൽ ആഘോഷം
തൈമണം നാ. ചെറുതായ മണം
തൈമിരം [സം.<തിമിര] നാ. തിമിരത്തെ സംബന്ധിച്ച
തൈർ നാ. തൈര്
തൈർക്കടൽ നാ. (പുരാണ) ക്രൗഞ്ചദ്വീപിനുചുറ്റും ഉള്ളതായി സങ്കൽപിക്കപ്പെടുന്ന കടൽ
തൈർഥ [സം.<തീർഥ] വി. തീർഥത്തെ സംബന്ധിച്ച
തൈർഥിക [സം.] വി. തൈർഥ
തൈർഥികൻ [സം.] നാ. സന്ന്യാസി
തൈർഥികം [സം.] നാ. തീർഥജലം
തൈര് നാ. പാൽ പുളിച്ചുണ്ടാകുന്ന കൊഴുത്തദ്രാവകം, പാലിൽ ഉറചേർത്തു തയ്യാറാക്കുന്ന ഭക്ഷ്യവസ്തു
തൈല [സം.] നാ. തിലത്തെ സംബന്ധിച്ച
തൈലകം [സം.] നാ. ചെമ്പും വെളുത്തീയവും ചേർത്തുണ്ടാക്കുന്ന ഒരുതരം ഓട്
തൈലകല്കജം [സം.] നാ. എള്ളിൻപിണ്ണാക്ക്
തൈലചൗരിക [സം.] നാ. 1. പാറ്റ; 2. വവ്വാൽ
തൈലനിര്യാസം [സം.] നാ. പച്ചപ്പുഴുക്
തൈലപർണി [സം.] നാ. 1. ചന്ദനം; 2. തിരുവട്ടപ്പശ
തൈലപർണികം [സം.] നാ. = തൈലപർണി
തൈലപാകം [സം.] നാ. ഒരു നരകം
തൈലപായിക [സം.] നാ. 1. പാറ്റ; 2. നരിച്ചീർ

തൈലപിഞ്ജം [സം.] നാ. വെളുത്ത എള്ള്
തൈലപിപീലിക [സം.] നാ. നെയ്യുറുമ്പ്
തൈലപ്പുല്ല് നാ. വാസനപ്പുല്ല്
തൈലഫലം [സം.] നാ. 1. എള്ള്; 2. ഓടമരം; 3. താന്നി
തൈലബീജം [സം.] നാ. ചേരുമരം
തൈലഭാവിനി [സം.] നാ. പിച്ചകം
തൈലം [സം.] നാ. 'തിലത്തിൽ നിന്നെടുക്കുന്നത്', 1. നല്ലെണ്ണ; 2. ഔഷധപദാർഥങ്ങൾ ചേർത്തു തയ്യാറാക്കിയ എണ്ണ
തൈലവല്ലി [സം.] നാ. ശതാവരി
തൈലസാധനം [സം.] നാ. തക്കോലം
തൈലസേകം [സം.] നാ. തൈലധാര
തൈലസ്ഫടികം [സം.] നാ. ഗോമേദകം
തൈലസ്യന്ദ [സം.] നാ. കാകോളി, മലയമുക്കി
തൈലാഗുരു [സം.] നാ. ഒരുതരം അകിൽ
തൈലി [സം.] നാ. = തൈലികൻ
തൈലികൻ [സം.] നാ. എണ്ണയുണ്ടാക്കുന്നവൻ
തൈലിത [സം.] വി. എണ്ണപുരട്ടിയ
തൈലിനി [സം.] നാ. വിളക്കിലിടുന്ന തിരി
തൈലീയ [സം.] വി. തൈലമയമായ
തൈഷം നാ. മകരമാസം
തൈ:[സം.] സ.നാ. (തദ് ശബ്ദം തൃതീയ ബ.വ.) അവരാൽ
തൈറോയിഡ്ഗ്രന്ഥി [ഇം.] നാ. ഒരു അന്തഃസ്രാവിഗ്രന്ഥി, കഴുത്തിൻെറ ഭാഗത്ത് സ്ഥിതിചെയ്യുന്നു.
തൊകൽ നാ. = തുകൽ
തൊകുക്കുക ക്രി. കൂട്ടിച്ചേർക്കുക
തൊക്ക്1 നാ. 1. എളുപ്പം; 2. അല്പം
തൊക്ക്2 നാ. കക്ഷം
തൊക്കു [തൊക്കുക] ധാതുരൂപം
തൊക്കുക ക്രി. സഹായിക്കുക
തൊങ്കട്ടം നാ. ഒരു കർണാഭരണം
തൊങ്കരിക്കുക ക്രി. ഹാസ്യരൂപത്തിൽ അനുകരിക്കുക
തൊങ്കൽ നാ. = തൊങ്ങൽ
തൊങ്കാരം നാ. 1. ഹാസ്യാനുകരണം; 2. കഥകളിയിലെ ഒരു കലാശം
തൊങ്കുക ക്രി. 1. തൊങ്ങുക; 2. മറഞ്ഞിരിക്കുക
തൊങ്ങൻ നാ. 1. കള്ളൻ; 2. വഷളൻ; 3. അലസൻ
തൊങ്ങനെ അവ്യ. ധാരാളം, വളരെ
തൊങ്ങൽ നാ. 1. ഞാത്തിയിടുന്ന ഒരു അലങ്കാരവസ്തു; 2. ഞാന്നുകിടക്കുന്ന ആഭരണം
തൊങ്ങ് നാ. നിസ്സാരം
തൊങ്ങുക ക്രി. 1. തൂങ്ങിക്കിടക്കുക; 2. പറ്റിച്ചേർന്നിരിക്കുക
തൊടക്ക് നാ. = തുടക്ക്

തൊടങ്ങ് നാ. കത്തിയുടെ വായ്ത്തല
തൊടപ്പ നാ. = തുടപ്പ, ചൂൽ
തൊടർ നാ. = തുടർ
തൊടൽ1 [തൊടുക] നാമരൂപം
തൊടൽ2 നാ. = തുടൽ
തൊടി1 നാ. കിണറ്റിൽ ഇറങ്ങുന്നതിനും മറ്റുമായി അതിന്റെ ഉൾവശത്ത് വൃത്താകൃതിയിൽ പണിതിട്ടുള്ള പടി
തൊടി2 നാ. പുരയിടത്തിന്റെ താണഭാഗം, ചെടികൾ വളർത്താനായി ഒരുക്കിയിട്ടിട്ടുള്ള കുഴിഞ്ഞതടം
തൊടീൽ നാ. 1. തൊടൽ; 2. തൊടുന്നതിനെ അയിത്തകാരണമായി കണക്കാക്കുന്ന പതിവ്. (പ്ര) തീണ്ടലും തൊടീലും
തൊടു [തൊടുക] ധാതുരൂപം
തൊടുക ക്രി. 1. ഒന്നു വേറൊന്നിൽ ചെറുതായി മുട്ടുകയോ ഉരസുകയോ ചെയ്യുക; 2. (ഒരു വസ്തു) വിരലിലെടുത്ത് ശരീരത്തിൽ ഒരിടത്ത് അമർത്തി അവിടെ പതിപ്പിക്കുക. ഉദാ: പൊട്ടുതൊടുക, കുറിതൊടുക; 3. തീണ്ടുക; 4. തുടങ്ങുക.
889
തൊടുകുറി നാ. 1. നെറ്റിയിൽ ചാർത്തുന്ന കുറി; 2. (ആല.) ശ്രേഷ്ഠമായത്
തൊടുക്കം നാ. സ്വർണം
തൊടുക്കുക ക്രി. 1. ചെറുതായി കൂട്ടിയിണക്കുക; 2. ഞാണിന്മേൽ ചേർത്തുവയ്ക്കുക, തെറ്റാലിയിൽ കല്ലോ മറ്റോ ചേർത്തുവയ്ക്കുക
തൊടുതി നാ. കലഹം
തൊടുതോൽ നാ. ചെരിപ്പ്
തൊടുത്തുക ക്രി. = തൊടുക്കുക
തൊടുപണയം നാ. ചൂണ്ടിപ്പണയം
തൊടുപ്പ് നാ. 1. നിലം ഉഴുമ്പോൾ ഒരു ചുറ്റു ഉഴുതു തീർക്കുന്നഭാഗം; 2. കയറിന്റെ ഒരു കെട്ട്; 3. വെള്ളം തേകാൻ ഉപയോഗിക്കുന്ന തൊട്ടി; 4. മരത്തൊട്ടി; 5. ചക്കയുടെ ഞെട്ട്; 6. അസ്ത്രം തൊടുക്കൽ; 7. ചേർപ്പ്; 8. കലപ്പ
തൊടുവക്കളം നാ. നെല്ലുണക്കാൻ തയ്യാറാക്കിയ കളം
തൊടുവളയം നാ. മീൻവലയുടെ മുകളിലത്തെ ലോഹവളയം
തൊടുവള്ളി നാ. കലപ്പയുടെ ഈയക്കോലും നുകവും തമ്മിൽ കൂട്ടിച്ചേർക്കുന്ന കയർ
തൊടുവാശി നാ. തൊടൽ
തൊട്ട [തൊറുക] ഭൂ.പേ. വി. 1. അടുത്തുള്ള; 2. തുടങ്ങിയ, മുതലായ, ആദിയായ; 3. ചാർത്തിയ
തൊട്ടം നാ. തുണ്ടുനിലം
തൊട്ടമ്മ നാ. 1. തലതൊട്ടമ്മ; 2. പ്രസവമെടുക്കുന്ന സ്ത്രീ; 3. പ്രസവിച്ചുകിടക്കുമ്പോൾ ശുശ്രൂഷിക്കുന്ന സ്ത്രീ
തൊട്ടാമയങ്ങി നാ. = തൊട്ടാവാടി
തൊട്ടാരട്ടി നാ. തൊട്ടാലൊട്ടി
തൊട്ടാലൊട്ടി നാ. 1. ചെവിപ്പാമ്പ്; 2. പകർച്ചവ്യാധി; 3. തൊട്ടാൽ ഒട്ടുന്നത്

തൊട്ടാവാടി നാ. 1. ഒരിനം മുൾച്ചെടി, പൊക്കംവയ്ക്കാതെ നിലത്തു പടർന്നു വളരുന്നത്; 2. ദുർബലമനസ്സുള്ളയാൾ, നാണംകുണുങ്ങി

തൊട്ടി1 നാ. 1. കിണറ്റിൽനിന്നും മറ്റും വെള്ളം കോരാനും ശേഖരിക്കുവാനും ഉപയോഗിക്കുന്ന ഒരിനം പാത്രം; 2. എച്ചിലും കുപ്പയും ഇടാനുള്ള പാത്രം; 3. പുൽക്കൂട്; 4. വിറകുവച്ചിരിക്കുന്ന സ്ഥലം; 5. നികൃഷ്ടൻ

തൊട്ടി2 നാ. തൊട്ടിൽ

തൊട്ടി3 നാ. 1. രണ്ടുപുരകളെ കൂട്ടിച്ചേർക്കുന്ന പുര; 2. പുൽക്കൂട്; 3. വിറകുപുര

തൊട്ടിയൻ നാ. 1. കൃഷിപ്പണിചെയ്യുന്ന ഒരു സമുദായം; 2. ഒരു ഇടയ ജാതി

തൊട്ടിയം നാ. ദുർമന്ത്രവാദം

തൊട്ടിയറ നാ. നാലുകെട്ടുപുരയിൽ വടക്കിനിയുടെ പടിഞ്ഞാറുവശത്തുള്ള മുറി

തൊട്ടിൽ നാ. ശിശുക്കളെ കിടത്തി ഊഞ്ഞാലാട്ടുന്നതുപോലെ ആട്ടി ഉറക്കാനുള്ള ഉപകരണം

തൊട്ട് ഗതി 1. മുതൽ, ആരംഭിച്ച്; 2. അരികിൽ; 3. ഹേതുവായിട്ട്

തൊട്ട് [തൊടുക] ക്രി. (മുൻവിന) തൊടുക എന്ന പ്രവൃത്തിചെയ്തിട്ട്

തൊട്ടുകളി നാ. കുട്ടികളുടെ ഒരു വിനോദം

തൊട്ടുകുളി നാ. അയിത്തമോ പുലയോ ഉള്ളവരെ തൊട്ടാൽ അശുദ്ധിമാറ്റാൻവേണ്ടി നടത്തുന്ന കുളി

തൊണ്ട നാ. 1. കഴുത്തിനുള്ളിൽ അന്നനാളവും ശ്വാസനാളവും തുടങ്ങുന്ന സ്ഥാനം; 2. ജീവികളുടെ ഒച്ച, ശബ്ദം

തൊണ്ടകാറൽ നാ. തൊണ്ടയിൽ ഉണ്ടാകുന്ന അസ്വസ്ഥത, തൊണ്ടയിലെ ചൊറിച്ചിൽ

തൊണ്ടൻ1 വി. കട്ടികൂടിയ തൊണ്ടോ തൊലിയോ ഉള്ള

തൊണ്ടൻ2 നാ. 1. അടിയാൻ; 2. ഭക്തൻ; 3. പല്ലക്കുചുമക്കുന്നവൻ; 4. ഭോഷൻ

തൊണ്ടമാൻ നാ. പരവന്മാരിൽ ഒരു വിഭാഗം

തൊണ്ടൽ നാ. ഊഞ്ഞാലിൻെറ തണ്ടിൽ നിന്നു കുതിച്ചു ചാടൽ

തൊണ്ടി1 നാ. കണ്ടെടുത്ത കളവുമുതൽ

തൊണ്ടി2 നാ. വൃദ്ധ

തൊണ്ടി3 നാ. കള്ള്

തൊണ്ടി4 നാ. ഒരിനം വൃക്ഷം (ഇതിൻെറ കായ് ചുവന്നുതുടുത്തിരിക്കും. കവികൾ സ്ത്രീകളുടെ ചുണ്ടിനെ ഇതിനോടുപമിക്കാറുണ്ട്)

തൊണ്ട്1 നാ. രണ്ടുമതിലുകൾക്കോ വേലികൾക്കോ ഇടയിലുള്ള ഇടുക്കുവഴി

തൊണ്ട്2 നാ. 1. തേങ്ങയുടെ പുറംതോട്; 2. പുറന്തൊലി; 3. ചകിരി

തൊണ്ട്3 നാ. കന്നുകാലികളുടെ കഴുത്തിൽ കെട്ടിയിടുന്ന മുറിത്തടി

തൊണ്ട്4 നാ. രാഗച്ഛായയുള്ള ഒരുതരം സ്വരിക്കൽ

തൊണ്ട്5 നാ. സേവനം

തൊണ്ണ നാ. = തൊണ്ട

തൊണ്ണൻ1 വി. ഒന്നിനും കൊള്ളാത്ത, തടിച്ച

തൊണ്ണൻ2 നാ. ഉള്ളിൽ കഴമ്പുവയ്ക്കുന്നതിനുമുമ്പ് വീഴുന്ന കരിക്ക്

തൊണ്ണാൻ നാ. തൊണ്ണൻ

തൊണ്ണാങ്കാക്ക നാ. ബലിക്കാക്ക
തൊണ്ണ് നാ. 1. മോണ; 2. തൊണ്ട
തൊണ്ണൂറ് നാ. ഒൻപത് പത്തുചേർന്ന സങ്ഖ്യ, നൂറിനു പത്തു കുറഞ്ഞത്
തൊതവർ നാ. നീലഗിരിയിലെ ആദിവാസിവർഗം
തൊത്ത,-ത്തി നാ. അങ്ഗഭങ്ഗമുള്ള
തൊത്ത് നാ. 1. പൂക്കളുടെയോ ഇലകളുടെയോ കുല; 2. ഞെട്ട്; 3. മുലക്കണ്ണ്; 4. മുത്തോ നാണയമോ മാലയോടുചേർത്തു നിർത്തുന്ന കുഴ
തൊത്തുക ക്രി. പറ്റിപ്പിടിച്ചുനിൽക്കുക
തൊദ നാ. ഒരു ദക്ഷിണേന്ത്യൻ ഭാഷ, ദ്രാവിഡഗോത്രത്തിൽപ്പെട്ടത്
തൊന്തരവ് നാ. ശല്യം, ഉപദ്രവം
തൊന്തി നാ. 1. കുടവയറ്; 2. കുടവയറൻ
തൊന്തുക ക്രി. തൂങ്ങിനിൽക്കുക, താഴോട്ടുചാഞ്ഞുനിൽക്കുക
തൊന്ന നാ. = ദൊന്ന
തൊപ്പ1 നാ. 1. തൂങ്ങിക്കിടക്കുന്നത്; 2. കുടവയർ
തൊപ്പ2 നാ. 1. രോമം; 2. പക്ഷികളുടെ പൂട
തൊപ്പണം നാ. ഗണപതിയെ വന്ദിക്കുന്ന രീതി
തൊപ്പൻ അവ്യ. അധികം, ധാരാളം
തൊപ്പറ നാ. = തൊമ്പറ
തൊപ്പാരം നാ. ഭാണ്ഡം
തൊപ്പാസ്1 നാ. തുപ്പായി (ദ്വിഭാഷി)
തൊപ്പാസ്2 നാ. പട്ടാളക്കാരൻ
തൊപ്പി1 നാ. 1. തലയിൽ ധരിക്കാനുള്ള ഒരു ഉപകരണം. (പ്ര) തൊപ്പിയിടുക = 1. തോൽക്കുക; 2. ഇസ്ലാമിൽ ചേരുക
തൊപ്പി2 നാ. കള്ള്
തൊപ്പിക്കല്ല് നാ. 1. കുടക്കല്ല്; 2. പഴയ ഒരു ശവസംസ്കാരരീതി
തൊപ്പിക്കുട നാ. ഒരിനം ഓലക്കുട, തൊപ്പിപോലെ തലയിൽ വയ്ക്കാവുന്ന ഒരുഭാഗവും കുടയുടെ വിരിഞ്ഞ മേൽഭാഗവും ചേർന്നത്
തൊപ്പിച്ചട്ടി നാ. തൊപ്പിയുടെ ആകൃതിയിലുള്ള ചട്ടി
തൊപ്പിത്തടി നാ. വള്ളത്തിൻെറ അമരഭാഗം
തൊപ്പിപ്പാള നാ. കമുകിൻെറ പാളകൊണ്ട് തൊപ്പിയുടെ ആകൃതിയിൽ ഉണ്ടാക്കിയ ഒരു ഉപകരണം, പാളത്തൊപ്പി
തൊപ്പിയമ്പ് നാ. മുനയില്ലാത്ത അമ്പ്
തൊമ്മ് [<സം.സ്വം] നാ. സ്വത്ത്
തൊമ്പറ നാ. 1. കുടവയറുള്ള ആൾ; 2. അത്യാഗ്രഹി
തൊയ്യുക ക്രി. ക്ഷീണിക്കുക
തൊരടി1 നാ. പ്രയാസം, ഉപദ്രവം
തൊരടി2 നാ. തുടരി
തൊരട് നാ. തുടൽ
തൊരത്തുക ക്രി. = തുരത്തുക
തൊരം1 നാ. = തുരം
തൊരം2 നാ. കുരുമുളക് പുകയില ഉപ്പ് മുതലായവയുടെ പണ്ടകശാല

തൊൽക്കാപ്പിയം നാ. പ്രാചീനമായ ഒരു തമിഴ്‌വ്യാകരണ ഗ്രന്ഥം (തൊൽ = പഴയ)
തൊലയുക ക്രി. = തുലയുക
തൊലി1 [തൊലിയുക] ധാതുരൂപം
തൊലി2 നാ. 1. ജീവികളുടെ ശരീരത്തെ പൊതിഞ്ഞിരിക്കുന്ന പാടപോലുള്ള വസ്തു; 2. മരങ്ങളുടെ പട്ട; 3. കായ്കനികൾ കിഴങ്ങുകൾ തുടങ്ങിയവയുടെ കട്ടികുറഞ്ഞ ആവരണം
തൊലിക്കുക [തൊലിയുക>പ്ര] ക്രി. തൊലിപൊളിച്ചുമാറ്റുക
തൊലിപ്പൻ നാ. 1. നീചൻ; 2. തൊലിച്ചത്
തൊലിയൻ നാ. തൊലിപ്പൻ
തൊലിയുക ക്രി. തൊലിനീക്കുക, തൊലി അടർന്നുപോകുക
തൊല്ല, സൊല്ല നാ. പ്രയാസം, ശല്യം
തൊളയാരം നാ. ചികഞ്ഞുചോദിക്കൽ
തൊളി1 [തൊളിയുക] ധാതുരൂപം
തൊളി2 നാ. 1. ചെളി; 2. ചെളികെട്ടിയ സ്ഥലം
തൊളിക്കുക [തൊളിയുക>പ്ര] ക്രി. ചെളിയാക്കുക
തൊളിയുക ക്രി. ചെളിപിടിക്കുക, തൊളിയാകുക
തൊള്ള നാ. 1. വായ്; 2. പോട്, പൊള്ള; 3. വലിയ ഒച്ച; 4. മൃഗങ്ങളെയും മറ്റും പിടിക്കാനുള്ള വല
തൊള്ളം നാ. കുഴി
തൊള്ളായിരം നാ. ഒമ്പതു നൂറുചേർന്ന സങ്ഖ്യ
തൊള്ള് നാ. 1. കൂമ്പാരം; 2. ഉള്ളിലൊന്നുമില്ലാത്ത പൊതി
തൊഴൽ [തൊഴുക] നാ. തൊഴുന്ന പ്രവൃത്തി
തൊഴി1 [തൊഴിയുക] ധാതുരൂപം
തൊഴി2 [തൊഴിക്കുക] ധാതുരൂപം
തൊഴി3 നാ. 1. ചവിട്ട്; 2. അടി
തൊഴിക്കുക1 ക്രി. 1. ചവിട്ടുക, കാൽകൊണ്ടു ശക്തിയോടെ തട്ടുക
തൊഴിക്കുക2 [തൊഴിയുക>പ്ര] ക്രി. തൊഴിയാൻ ഇടയാക്കുക
തൊഴിമുറ നാ. മാറത്തടിച്ചുള്ള മുറവിളി
തൊഴിയുക ക്രി. ഉതിർന്നു വീഴുക
തൊഴിൽ നാ. 1. പ്രയോജനകരമായ പ്രവർത്തനം, ഉപജീവനത്തിനുവേണ്ടി പതിവായി ചെയ്യുന്ന പ്രവൃത്തി; 2. പതിവായുള്ള പ്രവൃത്തി
തൊഴിലാളൻ നാ. തൊഴിലാളി
തൊഴിലാളി നാ. ഉപജീവനത്തിനുവേണ്ടി തൊഴിൽ ചെയ്യുന്നവൻ, പണിയെടുക്കുന്നവൻ
തൊഴിലാളിത്തം നാ. തൊഴിലാളിയുടെ അവസ്ഥ
തൊഴിക്കുക ക്രി. = തൊഴുവിക്കുക
തൊഴു1 നാ. തൊഴുത്ത്
തൊഴു2 നാ. ദ്വാരമുള്ള മരക്കഷണം
തൊഴു3 [തൊഴുക] ധാതുരൂപം
തൊഴുക ക്രി. ഉള്ളങ്കൈകൾതമ്മിൽ ചേർത്തു കൂപ്പിപ്പിടിച്ചു ഭക്തിയോ ആദരവോ പ്രകടിപ്പിക്കുക

തൊഴുകൈ നാ. 1. കൂപ്പുകൈ; 2. ഒരു ഔഷധസസ്യം
തൊഴുക്കൂട് നാ. തൊഴുത്തിൽ കാലിക്കിടാങ്ങളെ അടച്ചിടുന്ന കൂട്
തൊഴുത്ത [പ.മ.] നാ. താണജാതിയിൽപ്പെട്ട സ്ത്രീ
തൊഴുത്ത് നാ. കന്നുകാലികളെ കെട്ടാനുള്ള പുര, എരുത്തിൽ
തൊഴുപ്പിറപ്പ് നാ. കന്നുകാലികൾ
തൊഴുപ്പുര നാ. തൊഴുത്ത്
തൊഴുമ്പ് നാ. 1. ദാസ്യപ്രവൃത്തി; 2. നീചകർമം; 3. വൃത്തികേട്
തൊറട്ട് നാ. വൈഷമ്യം
തൊറണ്ട് നാ. കണ്ണ്
തൊറപ്പ നാ. = തുറപ്പ
തൊറസ്സൻ നാ. എല്ലാം തുറന്നുപറയുന്ന സ്വഭാവക്കാരൻ, ശുദ്ധമനസ്കൻ
തോകൻ [സം.] നാ. ആൺകുഞ്ഞ്
തോകം1 [സം.] അവ്യ. അൽപം
തോകം2 [സം.] നാ. ശിശു, കുട്ടി, സന്തതി
തോക്ക് നാ. വെടിവയ്ക്കാനുള്ള ഉപകരണം
തോട നാ. 1. സ്ത്രീകൾ കാതിൽ അണിയുന്ന ആഭരണം; 2. ഒരുകെട്ട് ഇലവർങ്ഗപ്പട്ട
തോടകം [സം.] നാ. 1. ഒരു സംസ്കൃതവൃത്തം; 2. നാട്യശാസ്ത്രത്തിൽ പരാമർശിച്ചിട്ടുള്ള ഉപരൂപകങ്ങളിൽ ഒന്ന്
തോടൻ വി. പുറന്തോടിനു കട്ടികൂടിയ. നാ. പടറ്റി
തോടയം നാ. കഥകളിയുടെ പ്രാരംഭത്തിലെ ഇഷ്ടദേവതാസ്തുതി
തോടർ നാ. ദക്ഷിണേന്ത്യയിലെ ഒരു ഗിരിവർഗജനത, ദ്രാവിഡരിൽ ഒരുവിഭാഗമായി കരുതപ്പെടുന്നു
തോടി [സം.] നാ. (സങ്ഗീ) ഒരു രാഗം
തോട്1 നാ. 1. ചെറിയ ജലപ്രവാഹം; 2. ജലഗതാഗതത്തിനുവേണ്ടിയും മറ്റും കൃത്രിമമായി നിർമിക്കപ്പെടുന്ന വീതികുറഞ്ഞ നീണ്ട ജലാശയമോ ജലപ്രവാഹമോ
തോട്2 നാ. കട്ടികൂടിയ പുറംതൊലി, തൊണ്ട്
തോടുക ക്രി. തുന്നിച്ചേർക്കുക, കൂട്ടിത്തയ്ക്കുക
തോട്ട1 നാ. തുള, ദ്വാരം
തോട്ട2 നാ. കായ്കളും മറ്റും അടർത്തിയെടുക്കാൻ ഉപയോഗിക്കുന്ന ഉപകരണം
തോട്ട3 നാ. തോക്കിനുള്ളിൽ വച്ച് വെടിവയ്ക്കാനുള്ള ഉപകരണം, വെടിമരുന്ന് അടങ്ങുന്നത്
തോട്ടക്കാരൻ നാ. 1. തോട്ടത്തിലെ കാർഷികജോലികൾക്കു മേൽനോട്ടം വഹിക്കുന്നവൻ, തോട്ടം സംരക്ഷിക്കുന്നവൻ; 2. തോട്ടം ഉടമ; 3. എസ്റ്റേറ്റ് ഉടമ
തോട്ടക്കൃഷി നാ. നാണ്യവിളകൾ ഉത്പാദിപ്പിക്കാനായി തോട്ടത്തിന്റെ രൂപത്തിൽ നടത്തുന്ന കൃഷി
തോട്ടണ്ടി നാ. തോടോടുകൂടിയ കശുവണ്ടി
തോട്ടപ്പയറ് നാ. തോട്ടങ്ങളിൽ ആവരണച്ചെടിയായി നട്ടുവളർത്തുന്ന ഒരിനം പയറ്
തോട്ടപ്പുഴു നാ. തോട്ടട

തോട്ടം നാ. 1. മരങ്ങളോ ചെടികളോ രണ്ടുംകൂടിയോ നട്ടുവളർത്തിയിട്ടുള്ള പറമ്പ്; 2. കാർഷികവിളകൾ വലിയതോതിൽ കൃഷിചെയ്യുന്ന അങ്ഗീകൃത കൃഷിസ്ഥലം.
891
തോട്ടവിള നാ. തോട്ടങ്ങളായി ചെടികളോ വൃക്ഷങ്ങളോ നട്ടുവളർത്തി ഉത്പാദിപ്പിക്കുന്ന നാണ്യവിള
തോട്ടി1 [സം.തോത്ര] നാ. 1. തോട്ട; 2. ആനയെ നിയന്ത്രിക്കാൻ പാപ്പാന്മാർ ഉപയോഗിക്കുന്ന ഉപകരണം
തോട്ടി2 നാ. ഒരുജാതി, കക്കൂസുകളിലും തെരുവീഥികളിൽനിന്നും മലിനവസ്തുക്കൾ മാറ്റുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവൻ
തോട്ടുപുളി നാ. പിണംപുളി
തോട്ടുവായ് നാ. തോട് പുഴയിലോ മറ്റൊരു ജലാശയത്തിലോ ചേരുന്ന സ്ഥാനം
തോട്ടുവാരം നാ. തോടിൻെറ കര
തോഡ നാ. ദക്ഷിണേന്ത്യയിലെ ഒരു ഭാഷ, ദ്രാവിഡഭാഷാകുടുംബത്തിൽപ്പെട്ടത്
തോഡനം [സം.] നാ. പിളർക്കൽ
തോണി [പ്രാ.ദോണി] നാ. 1. വള്ളം; 2. വള്ളത്തിൻെറ ആകൃതിയിൽ കല്ലുകൊണ്ടോ മരംകൊണ്ടോ ഉണ്ടാക്കിയിട്ടുള്ള പാത്രം; 3. വെള്ളം തേകാനുപയോഗിക്കുന്ന ഒരു ഉപകരണം
തോണിക്കാരൻ നാ. തോണിതുഴയുന്നവൻ
തോണിത്തുലാം നാ. തേക്കുതോണി
തോണിപ്പടി നാ. തോണിയുടെകുറുകെ ഉറപ്പിച്ചിട്ടുള്ള മരപ്പടി
തോണിപ്പാട്ട് നാ. വള്ളപ്പാട്ട്
തോണ്ട നാ. ആവണക്ക്
തോണ്ടി നാ. തോണ്ടാൻ ഉപയോഗിക്കുന്നത്, തോണ്ടുന്ന ആൾ
തോണ്ട് നാ. കുഴിക്കൽ
തോണ്ടുക ക്രി. 1. കുഴിയുണ്ടാക്കുക; 2. ചുരണ്ടുക; 3. അടിയിൽ കൈയോ കാലോ ഒരുപകരണമോ കടത്തി ബലംപ്രയോഗിച്ച് ഇളക്കി ഉയർത്തുക
തോത് [പോർ.] നാ. 1. അളവിൻെറ ഏകകം; 2. അളവ്; 3. നിരക്ക്; 4. മാനദണ്ഡം; 5. പ്രമാണം
തോത്തുക ക്രി. തോർത്തുക
തൊത്രം [സം.] നാ. വളർത്തുമൃഗങ്ങളെ നിയന്ത്രിക്കാൻ ഉപയോഗിക്കുന്ന വടി
തോദൻ നാ. സൂര്യൻ
തോദനം നാ. 1. തോത്രം; 2. കുത്തിത്തുളയ്ക്കൽ
തോദം [സം.<തുദ്] നാ. വേദന
തോനെ അവ്യ. അധികമായി
തോന്നൽ [തോന്നുക] നാ. 1. തോന്നുകയെന്ന പ്രവൃത്തി; 2. തോന്നുന്നത്
തോന്നിക്കുക ക്രി. തോന്നൽ ഉളവാക്കുക
തോന്നിയവാസം നാ. താന്തോന്നിത്തം, തന്നിഷ്ടംപോലെയുള്ള പെരുമാറ്റം

തോന്നുക ക്രി. 1. മനസ്സിൽ അനുഭവപ്പെടുക; 2. പ്രത്യക്ഷപ്പെടുക; 3. ഭവിക്കുക; 4. അനുഭവപ്പെടുക; 5. ഓർമയിൽവരുത്തുക
തോന്മ [തോൽ-മ] നാ. തോൽവി
തോപ്പ നാ. 1. തോൽപ; 2. തൂങ്ങിക്കിടക്കുന്ന
തോപ്പൻ വി. തോലുപോലുള്ള, ശുഷ്കിച്ച
തോപ്പനാർ നാ. തകപ്പൻ
തോപ്പം അവ്യ. 1. പ്രത്യേകം; 2. ഒപ്പത്തിനൊപ്പം
തോപ്പറ നാ. ഒരുതരം സഞ്ചി, ധാന്യം സൂക്ഷിക്കുന്നത്
തോപ്പാളി നാ. തോട്ടക്കാരൻ
തോപ്പ് നാ. മരങ്ങളും സസ്യങ്ങളും നട്ടുവളർത്തിയിട്ടുള്ള പുരയിടം, ചെറിയ തോട്ടം
തോമരം [സം.] നാ. ഇരുമ്പുകൊണ്ടുള്ള ഒരുതരം ആയുധം
തോമരിക [സം.] നാ. തൂവരിമണ്ണ്
തോമാരിക [സം.] നാ. തുവരപ്പയറ്
തോമ്പ് നാ. പതിരുനീക്കാത്ത നെല്ല്
തോയകർമം [സം.] നാ. 1. കുളി; 2. ജലതർപ്പണം
തോയകാമം [സം.] നാ. ആറ്റുവഞ്ചി
തോയകുംഭം [സം.] നാ. 1. വെള്ളം എടുക്കാനുള്ള കുടം; 2. കരിമ്പായൽ
തോയചരം [സം.] നാ. ജലജീവി
തോയജ [സം.] വെള്ളത്തിലുണ്ടായ
തോയജം [സം.] നാ. 1. താമര; 2. ആമ്പൽ
തോയഡിംബം [സം.] നാ. ആലിപ്പഴം
തോയദ [സം.] വി. ജലം നൽകുന്ന
തോയദം നാ. 1. കാർമേഘം; 2. മുത്തങ്ങ; 3. നെയ്
തോയധരം [സം.] നാ. 1. കാർമേഘം; 2. മുത്തങ്ങ; 3. നീരാരൽ; 4. കുംഭം രാശി
തോയധി [സം.] നാ. കടൽ
തോയൻ നാ. ശുദ്ധാത്മാവ്, ദരിദ്രൻ
തോയനിധി [സം.] നാ. തോയധി
തോയനീവി [സം.] നാ. ഭൂമി
തോയപിപ്പലി [സം.] നാ. നീർത്തിപ്പലി
തോയപ്രസാദനം [സം.] നാ. തേറ്റമരം
തോയം1 [സം.] നാ. 1. വെള്ളം; 2. ഇരുവേലി; 3. പൂരാടം നക്ഷത്രം
തോയം2 നാ. ദരിദ്രൻ
തോയമലം [സം.] നാ. കടൽനുര
തോയമുക്ക് [സം.] നാ. 1. കാർമേഘം; 2. മുത്തങ്ങ
തോയയന്ത്രം [സം.] നാ. 1. ജലഘടികാരം; 2. ജലധാരായന്ത്രം
തോയരസം [സം.] നാ. നനവ്, ഈർപ്പം
തോയരാജൻ [സം.] നാ. 1. സമുദ്രം; 2. വരുണൻ
തോയരാട്ട് [സം.] നാ. തോയരാജൻ
തോയരാശി [സം.] നാ. 1. കടൽ; 2. (ജ്യോ) ജലരാശി

തോയവല്ലി [സം.] നാ. 1. പാവൽ; 2. അമൃതവല്ലി; 3. ചങ്ങലംപരണ്ട
തോയസർപ്പിക [സം.] നാ. തവള
തോയസൂചകം [സം.] നാ. തവള
തോയസ്തംഭം [സം.] നാ. ജലസ്തംഭം
തോയാകരം [സം.] നാ. 1. കടൽ; 2. ജലാശയം
തോയാധാരം [സം.] നാ. 1. കടൽ; 2. കാർമേഘം
തോയാശയം [സം.] നാ. ജലാശയം
തോയാസാരം [സം.-ആസാര] നാ. മഴ
തോയിക്കുക ക്രി. തോയ്ക്കുക
തോയുക ക്രി. 1. മുങ്ങുക; 2. ഉണ്ടായിരിക്കുക; 3. ചേരുക
തോയ്ക്കുക [തോയുക>പ്ര] ക്രി. പഴുപ്പിച്ച ഇരുമ്പ് പതം വരുത്താൻ വെള്ളത്തിൽ മുക്കുക
തോർച്ച [<തോരുക] നാ. തുവർച്ച
തോർത്ത് നാ. = തുവർത്ത്
തോർത്തുക ക്രി. = തുവർത്തുക
തോർമ നാ. = തോർച്ച
തോര1 നാ. 1. അകന്ന ഇഴകളുള്ള തോർത്ത്; 2. കോണകം
തോര2 നാ. 1. ഒരുതരം പയറ്, തുവര; 2. ഒരു ദൈർഘ്യ അളവ്
തോരണൻ [സം.] നാ. ശിവൻ
തോരണം [സം.] നാ. 1. പ്രവേശനകവാടത്തിൻെറ ഇരുവശത്തായി നാട്ടിയിട്ടുള്ള സ്തംഭങ്ങൾ; 2. തൂൺ; 3. കഴുത്ത്
തോരൻ നാ. = തുവരൻ
തോരയിടുക ക്രി. തോരാൻ ഇടുക, ഈർപ്പംമാറാൻ വസ്ത്രങ്ങളും മറ്റും വിരിച്ചിടുക
തോരി നാ. നെയ്ത്തിനുള്ള ഒരു ഉപകരണം
തോരുക ക്രി. ഉണങ്ങുക, ജലാംശം നീങ്ങുക
തോൽ1 [തോൽക്കുക] ധാതുരൂപം
തോൽ2 [തോല്] നാ. 1. ജന്തുശരീരത്തിലെ പുറംതൊലി ഉരിഞ്ഞെടുത്ത് സംസ്കരിച്ചു തയ്യാറാക്കുന്ന വ്യവസായിക്കൊത്പന്നം; 2. വൃക്ഷങ്ങളുടെ പുറന്തൊലി; 3. ഇലകളോടുകൂടിയ മരച്ചില്ല
തോൽക്കട്ടി നാ. തൊലിക്കട്ടി
തോൽക്കഥ നാ. കടങ്കഥ
തോൽക്കാശ് നാ. = തോലുണ്ടി
തോൽക്കുക ക്രി. ഏതെങ്കിലും പ്രവർത്തിയിലോ പരിശ്രമത്തിലോ വിജയിക്കാതിരിക്കുക, അനുകൂല ഫലം ഉണ്ടാകാതിരിക്കുക
തോൽക്കുറുപ്പ് നാ. തോൽപ്പണിചെയ്യുന്ന ഒരു സമുദായം, അതിൽപ്പെട്ട ആൾ
തോൽക്കൊട്ട് നാ. തോൽക്കൂടം
തോൽക്കൊമ്പ് നാ. വളർച്ചയെത്താത്ത കൊമ്പ്, ഉറപ്പില്ലാത്തകൊമ്പ്
തോൽക്കൊല്ലൻ നാ. തോൽപ്പണിചെയ്യുന്നവൻ
തോൽത്തുരുത്തി നാ. ഉലയിൽ തീ ഊതിപ്പെരുക്കുവാൻ തോൽകൊണ്ടു നിർമിച്ച ഉപകരണം
തോൽപ്പ നാ. തോൽസഞ്ചി

തോൽപ്പാവക്കൂത്ത് നാ. തോലുകൊണ്ടുനിർമിച്ച പാവകൾ ഉപയോഗിച്ചു നടത്തുന്ന പാവകളി
തോൽമ നാ. തോൽവി
തോൽമുട്ട നാ. തോലുപോലെയുള്ള തോടോടുകൂടിയ മുട്ട
തോൽവാണിയൻ നാ. തോലുകൊണ്ട് സാധനങ്ങൾ ഉണ്ടാക്കിവിൽക്കുന്നവൻ
തോൽവാറ് നാ. തോലുകൊണ്ടുള്ള പട്ട
തോൽവി [<തോൽക്കുക] നാ. പരിശ്രമം ഫലമടയാതിരിക്കൽ, പ്രതികൂലഫലം ഉണ്ടാകൽ
തോല [സം.] നാ. ഒരു തൂക്കയളവ്, രണ്ടരക്കഴഞ്ച്
തോലൻ1 നാ. 1. അന്തസ്സില്ലാത്തവൻ; 2. മടയൻ
തോലൻ2 നാ. ഒരു കേരളീയ കവി, മണിപ്രവാളശൈലിയിൽ ഹാസ്യശ്ലോകങ്ങൾ രചിച്ചുവെന്നും കൂടിയാട്ടം പരിഷ്കരിച്ചുവെന്നും ഐതിഹ്യം
തോലനം [സം.] നാ. തൂക്കിനോക്കൽ
തോലി1 നാ. തോൽവി
തോലി2 [പ്രാ.ദോലീ] നാ. ഡോലി
തോലിത [സം.<തുല്] വി. തോലനം ചെയ്യപ്പെട്ട
തോലിയം നാ. തോൽവി
തോലുക ക്രി. = തോൽക്കുക
തോലുണ്ടി [മ.-മറാ.] നാ. തോൽകൊണ്ട് ഉണ്ടാക്കിയ നാണയം
തോലുറ നാ. തോലുകൊണ്ടുള്ള ഉറ
തോലോരം നാ. കുറ്റിക്കാട്ടിൽ ഇലച്ചില്ലുകളിൽനിന്നു പുറപ്പെടുന്ന ശബ്ദം
തോവട്ടം നാ. രണ്ടുരൂപ (കച്ചവടഭാഷ)
തോവാളപ്പച്ച നാ. കൊഴുന്ത്
തോഷകൻ [സം.] നാ. സന്തോഷിപ്പിക്കുന്നവൻ
തോഷകം [സം.] നാ. പാരിതോഷികം
തോഷണ [സം.] വി. തൃപ്തിപ്പെടുത്തുന്ന
തോഷണീയ [സം.] വി. സന്തോഷിപ്പിക്കത്തക്ക
തോഷം [സം.<തുഷ്ട്] നാ. തൃപ്തി, സന്തുഷ്ടി
തോഷയിതവ്യ [സം.] വി. തോഷണീയ
തോഷലം [സം.] നാ. മുസലം
തോഷിക്കുക [സം.] ക്രി. തൃപ്തിയടയുക, സന്തോഷിക്കുക
തോഷിത [സം.] വി. തൃപ്തിവന്ന, സന്തോഷിച്ച
തോൾ നാ. ഒരു ശരീരഭാഗം, ഉടലിന്റെ മുകളറ്റത്ത് കഴുത്തിന്റെ ഇരുവശത്തുമായി കൈക്കുഴകൾവരെയുള്ള ഭാഗം, ചുമൽ
തോൾക്കച്ച നാ. ചെണ്ടതുടങ്ങിയ വാദ്യങ്ങൾ തോളിൽതൂക്കുന്നതിനായി അവയോടുഘടിപ്പിക്കുന്ന കച്ച
തോൾപ്പലക നാ. തോളിനുതാഴെ പിന്നിലുള്ള പരന്ന എല്ല്
തോൾവള നാ. ഒരു ആഭരണം, കൈമുട്ടിനുമുകളിൽ ധരിക്കുന്നത്
തോൾവസ്ത്രം നാ. ഉത്തരീയം
തോളം നാ. ആമം
തോളായം നാ. കിണ്ണാരം

തോള് നാ. തോൾ
തോഴൻ നാ. കൂട്ടുകാരൻ, ചങ്ങാതി
തോഴം1 നാ. സ്നേഹം, ചങ്ങാത്തം
തോഴം2 നാ. തൊഴുത്ത്
തോഴി നാ. 1. കൂട്ടുകാരി, സഖി; 2. (നാടകത്തിലും മറ്റും) നായികയെ സേവിക്കുന്നവൾ
തോറിയം [ഇം.] നാ. ഒരു ലോഹം, അണുപ്രസരണസ്വഭാവത്തോടുകൂടിയത്
തോറും അവ്യ. ഓരോന്നിലും, എല്ലാറ്റിലും
തോറ്റക്കളം നാ. തോറ്റംപാട്ടുപാടുമ്പോൾ നിലത്തു വർണപ്പൊടികൾകൊണ്ടു വരയ്ക്കുന്ന കളം അഥവാ ദേവതാചിത്രം
തോറ്റം നാ. 1. തോന്നൽ; 2. പ്രത്യക്ഷപ്പെടൽ; 3. ഉദ്ഭവം
തോറ്റംപാട്ട് നാ. (ഭദ്രകാളി, അയ്യപ്പൻ എന്നി) ദേവതകളെ വാഴ്ത്തിക്കൊണ്ടു അനുഷ്ഠാനമെന്ന നിലയിൽ പാടുന്ന പാട്ട്, അപ്രകാരം പാടാറുള്ള ദേവതാസ്തുതിപരമായ കൃതി
തോറ്റൽ നാ. തോറ്റം, ദേവതയെ സ്തുതിച്ചു പാടി പ്രസാദിപ്പിക്കൽ
തോറ്റുക ക്രി. 1. ഉണ്ടാക്കുക; 2. തോന്നിക്കുക; 3. (ദേവതയെ) സ്തുതിച്ചു പ്രസാദിപ്പിക്കുക
തൗക്ഷികം [സം.] നാ. (ജ്യോ) ധനുരാശി
തൗതികം [സം.] നാ. 1. മുത്ത്; 2. മുത്തുച്ചിപ്പി
തൗബ [അറ.] നാ. പശ്ചാത്താപം
തൗര്യത്രികം [സം.] നാ. നൃത്തം ഗീതം വാദ്യം എന്നീ മൂന്നും ചേർന്നത്
തൗര്യം [സം.] നാ. വാദ്യങ്ങളുടെ നാദം, വാദ്യസങ്ഗീതം
തൗലം [സം.] നാ. 1. തുലാസ്; 2. തുലാംരാശി
തൗലി [സം.] നാ. 1. തുലാം രാശി; 2. തുലാസ്; 3. തുലാസ് ഉപയോഗിക്കുന്നവൻ, സാധനങ്ങളുടെ തൂക്കം അളക്കുന്നവൻ
തൗലികൻ1 നാ. തൂലിക ഉപയോഗിക്കുന്നവൻ
തൗലികൻ2 നാ. തുലാസുപയോഗിച്ചു തൂക്കം അളക്കുന്നവൻ
തൗല്യം [സം.] നാ. 1. തുല്യത; 2. ഭാരം, തൂക്കം
തൗവരകം [സം.] നാ. മരോട്ടിയെണ്ണ
തൗഷാരം [സം.] നാ. 1. മഞ്ഞുതുള്ളി; 2. തണുപ്പ്
തൗഹീദ് [അറ.] നാ. (ഇസ്ലാം) ഏകദൈവവിശ്വാസം
തൗളവൻ നാ. തുളുനാട്ടുകാരൻ
തൗളവം [സം.] നാ. 1. തുളുനാട്; 2. തുളുഭാഷ
തൗറാത്ത് [ഹീ] നാ. ബൈബിൾ, പഴയനിയമം, ജൂതന്മാരുടെ മതഗ്രന്ഥം
ത്യക്ത [സം.] വി. ത്യജിക്കപ്പെട്ട
ത്യക്തവ്യ [സം.] വി. ത്യജിക്കപ്പെടേണ്ട, മാറ്റിനിർത്തേണ്ട.
893
ത്യക്ത്വാ [സം.] അവ്യ. ഉപേക്ഷിച്ചിട്ട്
ത്യജ [സം.] ക്രി. (ത്യജ് ധാതു, ലോട് മ.പു. ഏ.വ.) ഉപേക്ഷിക്കുക
ത്യജനം [സം.] നാ. ഉപേക്ഷിക്കൽ
ത്യജനീയ [സം.] വി. ഉപേക്ഷിക്കത്തക്ക

ത്യജിക്കുക [സം.] ക്രി. ഉപേക്ഷിക്കുക, വേണ്ടെന്നുവയ്ക്കുക
ത്യാഗപത്രം [സം.] നാ. 1. വിവാഹം വേർപെടുത്തിയ രേഖ; 2. രാജിക്കത്ത്
ത്യാഗം [സം.] നാ. 1. ഉപേക്ഷിക്കൽ, വേണ്ടെന്നുവയ്ക്കൽ; 2. ദാനം; 3. ഔദാര്യം
ത്യാഗരാജൻ [സം.] നാ. 1. ശിവൻ; 2. കർണാടകസങ്ഗീതോപാസകനായിരുന്ന ഒരു ആചാര്യൻ
ത്യാഗവാൻ [സം.] നാ. 1. ത്യാഗശീലൻ; 2. ഉദാരമായി ദാനംചെയ്യുന്നവൻ
ത്യാഗശീലൻ [സം.] നാ. 1. ലൗകികസുഖങ്ങൾ ഉപേക്ഷിച്ചവൻ; 2. ഫലേച്ചരകൂടാതെ കർമം ചെയ്യുന്ന ആൾ, കർമഫലത്തിലുള്ള ആഗ്രഹം ഉപേക്ഷിച്ചവൻ; 3. ദാനശീലൻ
ത്യാജനം [സം.] നാ. ത്യജിപ്പിക്കൽ
ത്യാജിത [സം.] വി. ഉപേക്ഷിപ്പിക്കപ്പെട്ട
ത്യാജ്യ [സം.] വി. ത്യജിക്കത്തക്ക, ത്യജിക്കപ്പെടേണ്ട
ത്യാജ്യഗണം [സം.] നാ. ശുഭകർമങ്ങൾക്കുകൊള്ളാത്ത വാരം നക്ഷത്രം തിഥി രാശി എന്നിവ
ത്രടി [സം.] നാ. ചിറ്റേലം
ത്രപ [സം.] നാ. 1. നാണം; 2. ചാരിത്രശുദ്ധിയില്ലാത്ത സ്ത്രീ
ത്രപാരണ്ഡ [സം.] നാ. കുലട, വ്യഭിചാരിണി
ത്രപാവതി [സം.] നാ. ലജ്ജയുള്ളവൾ, സ്ത്രീ
ത്രപാവാൻ [സം.] നാ. ലജ്ജയുള്ളവൻ
ത്രപിക്കുക [സം.] ക്രി. ലജ്ജിക്കുക
ത്രപിത [സം.] വി. നാണമുള്ള, അടക്കമുള്ള
ത്രപിഷ്ഠ [സം.] വി. ഏറ്റവും തൃപ്തനായ
ത്രപു(ക)ം [സം.] നാ. 1. വെളുത്തീയം; 2. തകരം; 3. ഒരു നരകം
ത്രപുകർക്കടി [സം.] നാ. കക്കരി
ത്രപുടി [സം.] നാ. ചിറ്റേലം
ത്രപുബന്ധകം [സം.] നാ. കാരീയം
ത്രപുലം [സം.] നാ. വെളുത്തീയം
ത്രപുഷം [സം.] നാ. 1. വെളുത്തീയം; 2. പച്ചനിറമുള്ള കക്കരിക്കായ്
ത്രപുഷി [സം.] നാ. കാട്ടുവെള്ളരി
ത്രപുസ [സം.] നാ. കാട്ടുവെള്ളരി
ത്രയ [സം.] വി. ത്രിഗുണമായ, മൂന്നുവിധമുള്ള
ത്രയം [സം.] നാ. മൂന്ന് ഉൾപ്പെട്ടത്
ത്രയവർണികൾ [സം.] നാ. 1. ത്രിമൂർത്തികൾ; 2. ഒരു വർഗത്തിൽപ്പെട്ട മൂന്നുപേർ
ത്രയശ്ചത്വാരിംശത്[സം.] നാ. നാൽപ്പത്തിമൂന്ന്
ത്രയസ്ത്രിംശത്ത് [സം.] നാ. മുപ്പത്തിമൂന്ന്
ത്രയി[സം.] നാ. 1. ഋക് യജുസ് സാമം എന്നീവേദങ്ങൾ മൂന്നും ചേർന്നത്; 2. മൂന്നുവസ്തുക്കളുടെ സമൂഹം; 3. ഭർത്താവും കുട്ടികളും ജീവിച്ചിരിപ്പുള്ള സ്ത്രീ; 4. ബുദ്ധി
ത്രയീതനു [സം.] നാ. മൂന്നുവേദങ്ങളാകുന്ന മൂർത്തിയോടുകൂടിയവൻ, വേദമൂർത്തി, സൂര്യൻ, ശിവൻ, വിഷ്ണു
ത്രയീധർമം [സം.] നാ. മൂന്നുവേദങ്ങളിൽ വിധിക്കപ്പെട്ടിട്ടുള്ള ധർമങ്ങൾ

ത്രയീപഠനം [സം.] നാ. വേദാഭ്യാസം
ത്രയീമയി [സം.] നാ. വേദസ്വരൂപിണി, പരാശക്തി
ത്രയീമുഖൻ [സം.] നാ. ബ്രാഹ്മണൻ
ത്രയീവിദ്യ [സം.] നാ. വേദവിദ്യ (ഋക് യജുസ്സ് സാമം എന്നീ വേദങ്ങൾ)
ത്രയോ [സം.] = സന്ധിയിൽ 'ത്രയസ്' കൈക്കൊള്ളുന്ന രൂപം
ത്രയോദശക [സം.] വി. പതിമൂന്നാമത്തെ
ത്രയോദശി [സം.] നാ. പതിമൂന്നാംപക്കം, വാവുകഴിഞ്ഞു പതിമൂന്നാം ദിവസം
ത്രയോദശം [സം.] നാ. പതിമൂന്ന്
ത്രയോനവതി [സം.] നാ. തൊണ്ണൂറ്റിമൂന്ന്
ത്രയോവിംശതി [സം.] നാ. ഇരുപത്തിമൂന്ന്
ത്ര്യന്തം [സം.] നാ. വേദാന്തം
ത്ര്യംബക [സം.] വി. മുക്കണ്ണനായ
ത്ര്യംബകൻ [സം.] നാ. ശിവൻ
ത്ര്യംബകം [സം.] നാ. 1. ശിവന്റെ വില്ല്; 2. ശിവനെ സംബന്ധിച്ചത്
ത്രസനം [സം.] നാ. 1. വിറയൽ; 2. മിടിപ്പ്; 3. ഹൃദയം
ത്രസം [സം.] നാ. 1. ജങ്ഗമം; 2. കാട്; 3. ഹൃദയം
ത്രസരേണു [സം.] നാ. ചെറിയപഴുതിലൂടെ കടന്നുവരുന്ന സൂര്യരശ്മിയുടെ പ്രകാശത്തിൽ തെളിന്നുകാണപ്പെടുന്ന പൊടി (സൂക്ഷ്മകണം)
ത്രസിക്കുക [സം.] ക്രി. 1. മിടിക്കുക; 2. വിറയ്ക്കുക; 3. നടുങ്ങുക
ത്രസിത [സം.] വി. = ത്രസ്ത, ഭയന്ന
ത്രസിഷ്ണു [സം.] വി. ത്രസിക്കുന്ന ശീലമുള്ള
ത്രസ്ത[സം.] വി. ത്രസിത, ഭയന്ന
ത്രസ്നു [സം.] വി. ഭയശീലമുള്ള
ത്രാടകം [സം.] നാ. ഉറപ്പിച്ചുള്ള നോട്ടം, വളരെചെറിയ വസ്തുവിനെ കണ്ണിളക്കാതെയും അടക്കാതെയും കണ്ണീർവരുന്നതുവരെ നോക്കിക്കൊണ്ടിരിക്കുന്ന അഭ്യാസം
ത്രാണ [<സം.ത്രൈ] വി. രക്ഷിക്കപ്പെട്ട
ത്രാണനം [സം.] നാ. രക്ഷിക്കൽ
ത്രാണം [സം.] നാ. 1. രക്ഷ; 2. രക്ഷിക്കപ്പെട്ടത്
ത്രാണി നാ. കഴിവ്, ശേഷി
ത്രാത [സം.] വി. രക്ഷിക്കപ്പെട്ട
ത്രാതാവ് [സം.] നാ. 1. രക്ഷിക്കുന്നവൻ; 2. ക്ഷത്രിയൻ. (സ്ത്രീ) താത്രി
ത്രാതും [സം.] അവ്യ. രക്ഷിക്കുന്നതിന്
ത്രാപുഷം [സം.] നാ. 1. വെളുത്തീയംകൊണ്ട് ഉണ്ടാക്കപ്പെട്ടത്; 2. വെള്ളി; 3. വെളുത്തീയം
ത്രാസ [സം.] വി. ത്രസിക്കുന്ന
ത്രാസദ [സം.] വി. ത്രാസം ഉണ്ടാക്കുന്ന
ത്രാസനൻ നാ. ശിവൻ
ത്രാസനം [സം.] നാ. 1. ഞെട്ടിക്കൽ; 2. ഭയകാരണം; 3. മലങ്കടല
ത്രസനീമുദ്ര [സം.] നാ. താന്ത്രികവിധിപ്രകാരമുള്ള ഒരു മുദ്ര
ത്രാസം [സം.] നാ. 1. മിടിപ്പ്; 2. ഞെട്ടൽ; 3. ഭയം

ത്രാസ്സ് [അറ.] നാ. തൂക്കം അളക്കാനുള്ള ഒരു ഉപകരണം, മുകൾഭാഗത്ത് ആവശ്യത്തിനൊത്തനീളമുള്ള ഒരു തണ്ടും അതിൻെറ രണ്ടറ്റത്തുനിന്നായി തൂക്കിയിട്ട രണ്ടുതട്ടും മുഖ്യമായി ഉൾപ്പെട്ടത്
ത്രാഹി [സം.] ക്രി. രക്ഷിച്ചാലും
ത്രി [സം.] വി. മൂന്ന്
ത്രിക വി. മൂന്നുചേർന്ന, മൂന്നിരട്ടിയുള്ള. നാ. മൂന്നുഭാഗങ്ങൾ ഉള്ളത്
ത്രികകുത്ത് [സം.] നാ. 1. ത്രികുടപർവതം; 2. ഏറ്റവും ഉത്കൃഷ്ടമായത്
ത്രികുട(ക)ം [സം.] നാ. ചുക്ക് മുളക് തിപ്പലി എന്നീമൂന്നിൻെറയും യോഗം
ത്രികണ്ടം [സം.] നാ. 1. ചെറിയ ഞെരിഞ്ഞിൽ; 2. ചതുരക്കള്ളി
ത്രികം [സം.] നാ. 1. മൂന്നുകൂടിയത്; 2. തുടയെല്ലും നട്ടെല്ലും ചേർന്ന ഭാഗം; 3. മൂന്നുവഴികൾ ചേരുന്ന സ്ഥലം
ത്രികർണിക [സം.] നാ. വെൺകൊടിത്തൂവ
ത്രികർമാവ് [സം.] നാ. ബ്രാഹ്മണൻ
ത്രികർഷികം [സം.] നാ. ത്രികാർഷികം, ചുക്ക് മുത്തങ്ങ അതിവിടയം എന്നീ മൂന്നിൻെറയും യോഗം
ത്രികരണങ്ങൾ [സം.] നാ. (ബ.വ.) 1. മനസ്സ് വാക്ക് ശരീരം എന്നിവ മൂന്നും; 2. ധനം വാക്ക് ശരീരം എന്നിവ മൂന്നും
ത്രികാണ്ഡം [സം.] നാ. അമരകോശം
ത്രികായൻ [സം.] നാ. ശ്രീബുദ്ധൻ
ത്രികാർഷികം [സം.] നാ. ചുക്ക് മുത്തങ്ങ അതിവിടയം എന്നീ മൂന്നിൻെറയും യോഗം
ത്രികാലജ്ഞൻ [സം.] വി. ഭൂതവർത്തമാനഭാവികാലങ്ങൾ അറിയുന്നവൻ
ത്രികാലദർശി [സം.] നാ. = ത്രികാലജ്ഞൻ
ത്രികാലം [സം.] നാ. 1. ഭൂതം ഭാവി വർത്തമാനം എന്നീ മൂന്നുകാലങ്ങൾ; 2. പൂർവാഹ്ണം, മധ്യാ ം, സായാ ം എന്നിവ
ത്രികൂടലവണം [സം.] നാ. മരക്കലയുപ്പ്
ത്രികോണ [സം.] നാ. നരകത്തിൻെറ ഒരു വിഭാഗം
ത്രികോണം [സം.] നാ. (ജ്യോ) 1. മൂന്നുകോണുള്ള ഒരു സമതലരൂപം; 2. ഉപസ്ഥം; 3. ലഗ്നാൽ അഞ്ച്, ഒൻപത് എന്നീ രാശികളിൽ ഒന്ന്
ത്രികോണമത്സരം [സം.] നാ. മൂന്നുപേരോ മൂന്നുകക്ഷികളോ തമ്മിലുള്ള മത്സരം
തികോണമിതി [സം.] നാ. ഒരു ഗണിതവിഭാഗം, ത്രികോണഗണിതം, ട്രിഗോണോമെട്രി
ത്രിഖണ്ഡിക [സം.] നാ. ദണ്ഡകവൃത്തത്തിൻെറ ഒരു വിഭാഗം
ത്രിഖം [സം.] നാ. 1. പച്ചനിറമുള്ള കക്കരിക്കായ്; 2. തകരം
ത്രിഗണം [സം.] നാ. ധർമം അർഥം കാമം എന്ന മൂന്നു പുരുഷാർഥങ്ങൾ
ത്രിഗതം [സം.] നാ. 1. മൂന്നിരട്ടിച്ചത്; 2. മൂന്നുനാൾകൊണ്ട് ചെയ്തുതീർന്നത്; 3. വീഥിയുടെ അങ്ഗങ്ങളിൽ ഒന്ന്
ത്രിഗന്ധം [സം.] നാ. ചന്ദനം രക്തചന്ദനം അകിൽ എന്നിവ മൂന്നും ചേർന്ന യോഗം
ത്രിഗർത്ത [സം.] നാ. 1. സ്ത്രീ; 2. കുലട; 3. മുത്ത്
ത്രിഗർത്തം [സം.] നാ. പുരാണപ്രസ്തുതമായ ഒരു രാജ്യം, ഇന്നത്തെ പഞ്ചാബ്

ത്രിഗുണ [സം.] വി. 1. മൂന്നിരട്ടിയുള്ള; 2. മൂന്നിഴയുള്ള; 3. മൂന്നുഗുണങ്ങളുള്ള
ത്രിഗുണം [സം.] നാ. 1. സത്വം രജസ്സ് തമസ്സ് എന്നീ മൂന്നുഗുണങ്ങൾ; 2. മൂന്നിരട്ടി
ത്രിഗുണാത്മിക [സം.] നാ. സത്വരജസ്തമോഗുണങ്ങളുള്ളവൾ, ദുർഗ
ത്രിഗുണി [സം.] നാ. കൂവളം
ത്രിഗുണിത [സം.] വി. മൂന്നുകൊണ്ടുപെരുക്കിയ, മൂന്നിരട്ടിച്ച
ത്രിഗുരു [സം.] നാ. മൂന്നു ഗുരുവക്ഷരങ്ങൾചേർന്ന ഗണം, മഗണം
ത്രിഗൂഢകം [സം.] നാ. പുരുഷൻ സ്ത്രീവേഷംകെട്ടിയുള്ള ആട്ടം
ത്രിഘനം [സം.] നാ. 27 (3 × 3 × 3) എന്ന സങ്ഖ്യ
ത്രിചക്ഷുസ്സ് [സം.] നാ. മുക്കണ്ണൻ, ശിവൻ
ത്രിചതുര [സം.] വി. മൂന്നോ നാലോ
ത്രിചത്വാരിംശത്ത് [സം.] നാ. നാൽപ്പത്തിമൂന്ന്
ത്രിജഗതി [സം.] നാ. ത്രിജഗത്ത്, മൂന്നു ലോകങ്ങൾ, ഭൂമി സ്വർഗം പാതാളം എന്നിവ
ത്രിജഗത്കാരു [സം.] നാ. ബ്രഹ്മാവ്
ത്രിജ്ഗത്ത് [സം.] നാ. മൂന്നു ലോകങ്ങൾ, ഭൂമി സ്വർഗം പാതാളം എന്നിവ
ത്രിജടൻ [സം.] നാ. ശിവൻ
ത്രിജാതകം [സം.] നാ. ഇലവർങം പച്ചില ഏലത്തരി എന്നീ മൂന്നും കൂടിയത്
ത്രിജീവ [സം.] നാ. ത്രിജ്യ, വ്യസാർധം
ത്രിജ്യ [സം.] നാ. വ്യസാർധം
ത്രിണത [സം.] നാ. വില്ല്
ത്രിണതം [സം.] നാ. മൂന്നു വള്ളവുകളുള്ളത്
ത്രിണയനൻ [സം.] നാ. മുക്കണ്ണൻ, ശിവൻ
ത്രിണീത [സം.] നാ. ഭാര്യ
ത്രിണേത്രകി [സം.] നാ. ത്രിണേത്രി, മൂന്നു കണ്ണുള്ളവൾ, ദുർഗ
ത്രിണേത്രൻ [സം.] നാ. മുക്കണ്ണൻ, ശിവൻ
ത്രിണേത്രി [സം.] നാ. മൂന്നു കണ്ണുള്ളവൾ, ദുർഗ
ത്രിതയ [സം.] വി. മൂന്നു ഭാഗങ്ങളുള്ള
ത്രിതയം [സം.] നാ. മൂന്നു ചേർന്ന കൂട്ടം
ത്രിതലം [സം.] നാ. മൂന്നു നിലയുള്ള മാളിക
ത്രിത്വം [സം.] നാ. 1. മൂന്ന് എന്ന അവസ്ഥ; 2. പിതാവ് പുത്രൻ പരിശുദ്ധാത്മാവ് എന്നീ മൂന്നുവ്യക്തികളോടുകൂടിയ ഏകദൈവം
ത്രിദണ്ഡം [സം.] നാ. സന്ന്യാസിയുടെ ദണ്ഡ്
ത്രിദണ്ഡി [സം.] നാ. ത്രിദണ്ഡം ധരിച്ചവൻ, സന്ന്യാസി
ത്രിദലം [സം.] നാ. 1. കൂവളം; 2. പ്ലാശ്
ത്രിദശ [സം.] വി. 1. മൂന്നുപത്തു ചേർന്ന; 2. മൂന്നു ദശകൾ (ബാല്യം കൗമാരം യൗവനം) മാത്രം ഉള്ള
ത്രിദശഗോപം [സം.] നാ. = ഇന്ദ്രഗോപം
ത്രിദശതരു [സം.] നാ. കല്പവൃക്ഷം
ത്രിദശദീർഘിക [സം.] നാ. 1. സ്വർഗഗങ്ഗ; 2. ഗങ്ഗാനദി

ത്രിദശൻ [സം.] നാ. ശൈശവം കൗമാരം യൗവനം എന്നു മൂന്നു ദശകൾ മാത്രമുള്ളവൻ, വാർധക്യം ഇല്ലാത്തവൻ, ദേവൻ

ത്രിദശനായകൻ [സം.] നാ. 1. ഇന്ദ്രൻ; 2. വിഷ്ണു; 3. ശിവൻ

ത്രിദശം [സം.] നാ. 1. മുപ്പത്; 2. സ്വർഗം

ത്രിദശലോകം [സം.] നാ. ദേവലോകം

ത്രിദശവർത്മാവ് [സം.] നാ. ആകാശം

ത്രിദശാങ്കുശം [സം.] നാ. വജ്രായുധം

ത്രിദശാചാര്യൻ [സം.] നാ. ദേവന്മാരുടെ ഗുരു, ബൃഹസ്പതി

ത്രിദശാധിപൻ [സം.] നാ. ദേവന്മാരുടെ അധിപൻ, ഇന്ദ്രൻ

ത്രിദശായനൻ [സം.] നാ. വിഷ്ണു

ത്രിദശാരി [സം.] നാ. ദേവശത്രു, അസുരൻ

ത്രിദശാലയം [സം.] നാ. സ്വർഗം

ത്രിദശി [സം.] നാ. ദേവസ്ത്രീ.

895

ത്രിദശേന്ദ്രൻ [സം.] നാ. ഇന്ദ്രൻ

ത്രിദിവസം [സം.] നാ. സ്വർഗം

ത്രിദിവേശൻ [സം.] നാ. 1. ഇന്ദ്രൻ; 2. ദേവൻ

ത്രിദിവൗകസ്സ് [സം.] നാ. ത്രിദിവസത്തിൽ വസിക്കുന്നവൻ

ത്രിദോഷകോപം [സം.] നാ. വാതംതുടങ്ങിയ ത്രിദോഷങ്ങളുടെ സന്തുലിതാവസ്ഥ നഷ്ടപ്പെടുന്നതുനിമിത്തം ശരീരത്തിനുണ്ടാകുന്ന പീഡ

ത്രിദോഷം [സം.] നാ. 1. വാതം പിത്തം കഫം എന്നിവ; 2. സന്നിപാതരോഗം

ത്രിധാ [സം.] അവ്യ. മൂന്നുവിധത്തിൽ, മൂന്നുസ്ഥാനത്തിൽ

ത്രിധാമാവ് [സം.] നാ. 1. വിഷ്ണു; 2. ബ്രഹ്മാവ്; 3. അഗ്നി; 4. ശിവൻ; 5. യമൻ

ത്രിധാര [സം.] നാ. ഗങ്ഗ

ത്രിധാരിക [സം.] നാ. ഇലക്കള്ളി

ത്രിനയന [സം.] നാ. പാർവതി

ത്രിനയനൻ [സം.] നാ. മുക്കണ്ണൻ, ശിവൻ

ത്രിനവതി [സം.] നാ. തൊണ്ണൂറ്റിമൂന്ന്

ത്രിനാഡികൾ [സം.] നാ. ഇഡ പിങ്ഗല സുഷുമ്ന എന്നീ നാഡികൾ

ത്രിനാഭൻ [സം.] നാ. വിഷ്ണു

ത്രിനേത്ര [സം.] വി. മൂന്നുകണ്ണുള്ള

ത്രിനേത്രഫലം [സം.] നാ. തേങ്ങ

ത്രിപഞ്ചക [സം.] വി. പതിനഞ്ചുതരത്തിലുള്ള

ത്രിപഞ്ചാശ [സം.] വി. അമ്പത്തിമൂന്നാമത്തെ

ത്രിപഞ്ചാശത്ത് [സം.] നാ. അമ്പത്തിമൂന്ന്

ത്രിപടു [സം.] നാ. സ്ഫടികം

ത്രിപതാക്കം [സം.] നാ. ഒരു ഹസ്തമുദ്ര

ത്രിപഥഗ [സം.] നാ. ഗങ്ഗ

ത്രിപഥം [സം.] നാ. 1. മൂന്നുവഴികൾ യോജിക്കുന്ന സ്ഥലം; 2. സ്വർഗം

ത്രിപദ [സം.] വി. മൂന്നുപദങ്ങളുള്ള. നാ. മൂന്നു പാദങ്ങളുള്ള ഛന്ദസ്സ്

ത്രിപദൻ [സം.] നാ. വിഷ്ണു
ത്രിപദി നാ. 1. ഗായത്രീഛന്ദസ്സ്; 2. മൂന്നുകാലുള്ള പീഠം; 3. ആനയുടെ നടുക്കെട്ട്
ത്രിപദിക [സം.] നാ. 1. മുക്കാലി; 2. ചെറുപുള്ളടി
ത്രിപദീഗാനം [സം.] നാ. നാടകത്തിൽ കഥാംശം സൂചിപ്പിക്കത്തക്കവണ്ണം ചോദ്യോത്തരരൂപത്തിൽ ചോദ്യോത്തരരൂപത്തിൽ തിരശീലയ്ക്കുപിന്നിൽനിന്നു പാടുന്ന ഗാനം
ത്രിപർണ [സം.] നാ. കാട്ടുപരുത്തി
ത്രിപർണം [സം.] നാ. പ്ലാശ്
ത്രിപർണി [സം.] നാ. 1. പെരുങ്കുരുമ്പ; 2. മൂവില
ത്രിപർണിക [സം.] നാ. നൂറൻകിഴങ്ങ്
ത്രിപാഠി [സം.] നാ. 1. മൂന്നുവേദങ്ങൾ പഠിച്ചവൻ; 2. വേദത്തിൻെറ സംഹിത പദം ക്രമം എന്നിവ മൂന്നും
ത്രിപാത്ത് [സം.] നാ. 1. വിഷ്ണു; 2. ജ്വരം
ത്രിപാദ [സം.] വി. മൂന്നുപാദമുള്ള
ത്രിപാദൻ [സം.] നാ. ത്രിപാത്ത്, 1. മൂന്നുവേദങ്ങൾ പഠിച്ചവൻ; 2. വേദത്തിൻെറ സംഹിത പദം ക്രമം എന്നിവ
ത്രിപാദം [സം.] നാ. 1. മുക്കാലി; 2. ജ്വരം
ത്രിപുച്ഛം [സം.] നാ. പത്തുതരം ഗമകങ്ങളിൽ ഒന്ന്
ത്രിപുട1 [സം.] വി. മുക്കോണായ
ത്രിപുട2 [സം.] നാ. 1. ഒരു താളം; 2. ദുർഗ; 3. മഴമുല്ല; 4. ചിറ്റേലം
ത്രിപുടകം [സം.] നാ. 1. മുക്കോൺ; 2. രണ്ടുഭാഗം വെള്ളിയും ഒരു ഭാഗം ചെമ്പും ചേർത്ത് കൂട്ടുന്ന ലോഹം
ത്രിപുടം [സം.] നാ. 1. അമ്പ്; 2. ഉള്ളങ്കൈ; 3. കര
ത്രിപുടി [സം.] നാ. 1. ആവണക്ക്; 2. കുടകപ്പാലയരി; 3. ഇഡ പിങ്ഗല സുഷുമ്ന എന്നീ മൂന്നു നാഡികൾ; 4. ജ്ഞാനം ജ്ഞേയം ജ്ഞാതാവ് എന്ന് മൂന്ന് അങ്ഗങ്ങളുള്ളത്
ത്രിപുടീഫലം [സം.] നാ. വെളുത്താവണക്ക്
ത്രിപുണ്ഡ്ര(ക)ം [സം.] നാ. ഭസ്മംകൊണ്ട് നെറ്റി നെഞ്ച് ഭുജം മുതലായ അവയവങ്ങളിൽ നെടുകെ ഇടുന്ന കുറി
ത്രിപുര [സം.] നാ. ദുർഗ
ത്രിപുരദഹനൻ [സം.] നാ. ത്രിപുരന്മാരെ ദഹിപ്പിച്ചവൻ, ശിവൻ
ത്രിപുരദ്വിട്ട് [സം.] നാ. ത്രിപുരന്മാരുടെ ശത്രു
ത്രിപുരൻ [സം.] നാ. 1. ത്രിപുരാസുരൻ; 2. ബാണൻ; 3. ശിവൻ
ത്രിപുരം [സം.] നാ. 1. മൂന്നുപുരങ്ങൾ ചേർന്നത്; 2. സ്ഥൂലശരീരം സൂക്ഷ്മശരീരം കാരണശരീരം എന്നിവ
ത്രിപുരമല്ലിക [സം.] നാ. മഴമുല്ല
ത്രിപുരസുന്ദരി [സം.] നാ. ദുർഗ
ത്രിപുരഹരൻ [സം.] നാ. ശിവൻ
ത്രിപുരാന്തകൻ [സം.] നാ. ശിവൻ
ത്രിപുരാസുരൻ [സം.] നാ. ബാണൻ

ത്രിപുരുഷന്മാർ [സം.] നാ. (ബ.വ.) പിതാവ് പിതാമഹൻ പ്രപിതാമഹൻ എന്നിവർ
ത്രിപുരുഷം [സം.] നാ. മൂന്നു തലമുറ, നൂറ്റിയഞ്ചുവർഷക്കാലം
ത്രിപുഷ [സം.] നാ. നാൽക്കോൽപ്പക്കൊന്ന
ത്രിപൗരുഷ [സം.] വി. 1. മൂന്നു തലമുറ നീണ്ടുനിൽക്കുന്ന; 2. മൂന്നുപേർക്കായി സമർപ്പിക്കപ്പെട്ട; 3. മൂന്നുപേരിൽനിന്നും ലഭിച്ച
ത്രിപൗരുഷി [സം.] നാ. നിഴലിനു മൂന്നാൾ നീളമുണ്ടായിരിക്കുന്ന സമയം
ത്രിപ്രസ്രുതം [സം.] നാ. മദം പൊട്ടിയ ആന
ത്രിഫല [സം.] നാ. 1. കടുക്ക നെല്ലിക്ക താന്നിക്ക എന്നിവ മൂന്നും; 2. മുന്തിരിപ്പഴം മാതളം ഈന്തപ്പഴം എന്നിവ മൂന്നും; 3. ജാതിക്കാ പാക്ക് ഗ്രാമ്പു എന്നിവ മൂന്നും
ത്രിബലീകം [സം.] നാ. ഗുദം
ത്രിബാഹു [സം.] നാ. ത്രികോണം
ത്രിബീജം [സം.] നാ. ചാമ
ത്രിഭങ്ഗം [സം.] നാ. മൂന്നു വളവുകളുള്ള പ്രതിമ
ത്രിഭദ്രം [സം.] നാ. സ്ത്രീപുരുഷ സംയോഗം, മൈഥുനം
ത്രിഭാഗം [സം.] നാ. 1. മൂന്നിലൊരു പങ്; 2. ഒരു രാശിയുടെ ദ്രേക്കാണം
ത്രിഭുജക്ഷേത്രം [സം.] നാ. ത്രികോണം
ത്രിഭുജം [സം.] നാ. ത്രികോണം
ത്രിഭുവനപതി [സം.] നാ. വിഷ്ണു
ത്രിഭുവനം [സം.] നാ. മൂന്നുലോകങ്ങൾ (ഭൂമി സ്വർഗം പാതാളം എന്നിവ)
ത്രിഭൂമം [സം.] നാ. മൂന്നുനിലയുള്ള കെട്ടിടം
ത്രിഭൂഷണങ്ങൾ [സം.] നാ. (ബ.വ.) മൂന്നു ഭൂഷണങ്ങൾ (കൈക്കു ദാനം കണ്ഠത്തിനു സത്യം ചെവിക്കു ശാസ്ത്രം)
ത്രിംശ [സം.] വി. 1. മുപ്പതാമത്തെ; 2. മുപ്പതിനോടുചേർന്ന; 3. മുപ്പത് അടങ്ങിയ
ത്രിംശക [സം.] വി. മുപ്പത് അടങ്ങിയ
ത്രിംശതി [സം.] നാ. മുപ്പത്
ത്രിംശത്ത് [സം.] നാ. മുപ്പത്
ത്രിംശത്പത്രം [സം.] നാ. വെളുത്താമ്പൽ
ത്രിംശാംശകം [സം.] നാ. = ത്രിശാംശം
ത്രിംശാംശം നാ. ഒരു രാശിയുടെ മുപ്പതിൽ ഒരുഭാഗം
ത്രിമണി [സം.] നാ. മൂന്നു രത്നങ്ങൾ, ബുദ്ധമത സാഹിത്യത്തിൽ ബുദ്ധൻ ധർമം സംഘം എന്നിവ
ത്രിമദം [സം.] നാ. മൂന്ന് ഔഷധസസ്യങ്ങളുടെ കൂട്ട് (വിഴാൽ മുത്തങ്ങ കൊടുവേലി എന്നിവ)
ത്രിമധു [സം.] നാ. മൂന്നു മധുക്കൾ (പാൽ തേൻ നെയ്യ് എന്നിവ)
ത്രിമധുരം [സം.] നാ. മൂന്നു മധുരപദാർഥങ്ങൾ കൂട്ടിച്ചേർത്ത ഭോജ്യവസ്തു, നൈവേദ്യമായി സമർപ്പിക്കുന്നത്
ത്രിമാത്ര [സം.] വി. മൂന്നുമാത്രകളുള്ള
ത്രിമാത്രികം [സം.] നാ. 1. മൂന്നുമാത്രകളുള്ള അക്ഷരം, പ്ലുതം; 2. മൂന്നുമാത്രകളുള്ള താളം; 3. ഓംകാരം

ത്രിമുഖൻ [സം.] നാ. ശ്രീബുദ്ധൻ
ത്രിമൂർത്തികൾ [സം.] നാ. 1. ബ്രഹ്മാവ് വിഷ്ണു ശിവൻ; 2. അഗ്നി സൂര്യൻ വായു എന്നീ ദേവന്മാർ
ത്രിമൂർധാവ് [സം.] നാ. മൂന്നു തലയുള്ളവൻ
ത്രിയാമ [സം.] നാ. രാത്രി, മൂന്നുയാമങ്ങളുള്ളത്
ത്രിയാമകം [സം.] നാ. പാപം
ത്രിയാമാചരൻ [സം.] നാ. രാക്ഷസൻ
ത്രിയാമാപതി [സം.] നാ. ചന്ദ്രൻ
ത്രിയുഗൻ [സം.] നാ. 1. ശിവൻ; 2. വിഷ്ണു
ത്രിയുഗം [സം.] നാ. കൃതയുഗം ത്രേതായുഗം ദ്വാപരയുഗം എന്നിവ
ത്രിരാത്രം [സം.] നാ. 1. മൂന്നുദിവസം, മൂന്നുരാത്രി; 2. മൂന്നുദിവസം നീണ്ടുനിൽക്കുന്ന ഒരു യാഗം
ത്രിരാശിജ്യാവ് [സം.] നാ. (ജ്യോ) വൃത്തത്തിന്റെ വ്യാസാർധം
ത്രിരൂപം [സം.] നാ. ഒരിനം ഗമകം
ത്രിരേഖം [സം.] നാ. 1. കഴുത്ത്; 2. മൂന്നുവരകളുള്ള ശങ്ഖ്
ത്രിലഘു [സം.] നാ. വൃത്തശാസ്ത്രത്തിൽ മൂന്നുലഘുക്കൾ ചേർന്ന അക്ഷരസമൂഹം, നഗണം
ത്രിലിങ്ഗം [സം.] നാ. (വ്യാക) പുല്ലിങ്ഗം സ്ത്രീലിങ്ഗം നപുംസകലിങ്ഗം എന്നീ മൂന്നും
ത്രിലോകി [സം.] നാ. 1. മൂന്നുലോകങ്ങൾ; 2. വിഷ്ണുക്രാന്തി
ത്രിലോചന [സം.] നാ. 1. ദുർഗ; 2. പാതിവ്രത്യം ഇല്ലാത്ത സ്ത്രീ
ത്രിലോചനീ [സം.] നാ. ദുർഗ
ത്രിലോഹകം [സം.] നാ. സ്വർണം വെള്ളി ചെമ്പ് എന്നീ മൂന്നുലോഹങ്ങൾ
ത്രിലോഹം [സം.] നാ. മൂന്നുലോഹങ്ങൾ ഉൾപ്പെട്ട ലോഹക്കൂട്ട്, ചെമ്പ് പിച്ചള ഓട് എന്നിവചേർന്നതോ സ്വർണം വെള്ളി ചെമ്പ് എന്നിവ ചേർന്നതോ
ത്രിവക്ര [സം.] നാ. ശരീരത്തിനു മൂന്നു വളവുള്ളവൾ, കുബ്ജ
ത്രിവർഗം [സം.] നാ. 1. ധർമം അർഥം കാമം എന്നിവ; 2. ഉത്പത്തി സ്ഥിതി ക്ഷയം എന്നിവ മൂന്നും; 3. ത്രിഫല
ത്രിവർണ [സം.] വി. മൂന്നു നിറമുള്ള
ത്രിവർണകം [സം.] നാ. 1. ബ്രാഹ്മണർ ക്ഷത്രിയർ വൈശ്യർ എന്നീജാതികൾ; 2. ത്രിഫല
ത്രിവർണപതാക [സം.] നാ. മൂന്നുനിറമുള്ള (ഭാരതത്തിന്റെ) ദേശീയപതാക. (മുകളിൽനിന്നും താഴോട്ട് വിലങ്ങനെ കുങ്കുമം വെള്ള പച്ച എന്നീ നിറങ്ങളിലുള്ള തുല്യഭാഗങ്ങൾ ചേർന്ന പതാക)
ത്രിവലി [സം.] നാ. 1. സ്ത്രീകളുടെ ഉദരത്തിൽ കാണപ്പെടുന്ന മൂന്നു ചുളുക്ക്; 2. കഴുത്തിലെ മൂന്നു ചുളുക്ക്
ത്രിവാരം [സം.] അവ്യ. മൂന്നു തവണ
ത്രിവിക്രമൻ [സം.] നാ. 1. വിഷ്ണു; 2. ശിവൻ; 3. സൂര്യൻ
ത്രിവിദ്യ [സം.] നാ. മൂന്നുവേദങ്ങൾ (ഋക്ക് യജുസ്സ് സാമം എന്നിവ)
ത്രിവിദ്യൻ [സം.] നാ. ത്രിവേദി
ത്രിവിധ [സം.] വി. മൂന്നുപ്രകാരമുള്ള

ത്രിവിശേഷങ്ങൾ [സം.] നാ. ബാക്കിവയ്ക്കാതെ അവസാനിപ്പിക്കേണ്ട മൂന്നുകര്യങ്ങൾ (അഗ്നി, ശത്രു, ഋണം)
ത്രിവിഷ്ടപം [സം.] നാ. 1. സ്വർഗം; 2. മൂന്നുലോകം
ത്രിവൃത് [സം.] വി. മൂന്നുവിധമുള്ള, മൂന്നുഭാഗങ്ങളുള്ള
ത്രിവൃത [സം.] നാ. ത്രികോൽപ്പക്കൊന്ന
ത്രിവൃതം [സം.] നാ. പ്ലാശ്
ത്രിവൃത്തികൾ [സം.] നാ. (ബ.വ.) 1. ശബ്ദത്തിൻെറ വൃത്തികൾ, അഭിധ ലക്ഷ്ണ വ്യഞ്ജന എന്നിവ; 2. യാഗം അഭ്യസനം ഭിക്ഷ എന്നിങ്ങനെ മൂന്നുവിധത്തിലുള്ള ഉപജീവനം
ത്രിവൃത്ത് [സം.] നാ. 1. മൂന്നു മടക്കുള്ളത്; 2. മൂന്നിഴയുള്ളത്
ത്രിവേണി [സം.] നാ. 1. ഗങ്ഗാനദി; 2. മൂന്നു നദികൾ ഒന്നിച്ചു ചേരുന്ന സ്ഥാനം
ത്രിവേണു [സം.] നാ. 1. മൂന്നുകൊടികെട്ടിയ രഥം; 2. തേരിൻെറ തൂണ്; 3. സന്ന്യാസിയുടെ ദണ്ഡ്
ത്രിവേദി [സം.] നാ. ഋക്ക് യജുസ്സ് സാമം എന്നീ മൂന്നുവേദങ്ങൾ പഠിച്ചവൻ
ത്രിവേല [സം.] നാ. ത്രികോൽപ്പക്കൊന്ന
ത്രിശങ്കു [സം.] നാ. 1. ഒരു സൂര്യവംശ രാജാവ്, ഹരിശ്ചന്ദ്രൻെറ അച്ഛൻ; 2. ശിവൻ; 3. പൂച്ച; 4. വേഴാമ്പൽ; 5. മിന്നാമിനുങ്ങ്
ത്രിശങ്കുസ്വർഗം [സം.] നാ. 1. ത്രിശങ്കുവിനുവേണ്ടി വിശ്വാമിത്രൻ തപ:ശക്തിയാൽ നിർമിച്ച സ്വർഗം (ഭൂമിക്കും ദേവലോകത്തിനുമിടയ്ക്ക്); 2. (ആല.) എങ്ങുമില്ലാത്തിടത്ത്
ത്രിശതം [സം.] നാ. 1. നൂറ്റിമൂന്ന്; 2. മുന്നൂറ്
ത്രിശരണങ്ങൾ [സം.] നാ. (ബുദ്ധ) ബുദ്ധൻ ധർമം സങ്ഘം എന്നിവ
ത്രിശരീരങ്ങൾ [സം.] നാ. മൂന്നുശരീരങ്ങൾ (സ്ഥൂലം സൂക്ഷ്മം കാരണം എന്നിവ)
ത്രിശ: [സം.] അവ്യ. മൂന്നു വീതം
ത്രിശാല [സം.] നാ. മൂന്നുകെട്ടുള്ള വീട്
ത്രിശിഖ [സം.] വി. 1. മൂന്നുമുനയുള്ള; 2. മൂന്നു നാളങ്ങളുള്ള
ത്രിശിഖം [സം.] നാ. 1. മൂന്നുമുനയുള്ളത്; 2. കൂവളം
ത്രിശീതം [സം.] നാ. തണുപ്പുള്ള മൂന്നു വസ്തുക്കൾ ജാതിക്ക കർപ്പൂരം ചന്ദനം.
897
ത്രിശീർഷകം [സം.] നാ. ത്രിശൂലം
ത്രിശീർഷകൻ [സം.] നാ. ശിവൻ
ത്രിശുക്ലൻ [സം.] നാ. ശിവൻ
ത്രിശുക്ലം [സം.] നാ. വെളുത്ത മൂന്നു ലേപനവസ്തുക്കൾ (കർപ്പൂരം രാമച്ചം വന്ദനം എന്നിവ)
ത്രിശൂലം [സം.] നാ. 1. മൂന്നുമുനയുള്ള ശൂലം; 2. മൂന്നുവിധമുള്ള ദു:ഖം
ത്രിശൂലിക [സം.] നാ. ചെറിയ ത്രിശൂലം
ത്രിശൂലിനി [സം.] നാ. ത്രിശൂലം ധരിച്ചവൾ, ദുർഗ
ത്രിശൃങ്ഗം [സം.] നാ. 1. ത്രികുടപർവതം; 2. ത്രികോണം
ത്രിഷവണം [സം.] നാ. മൂന്നുനേരത്തെ കുളി
ത്രിഷഷ്ഠി [സം.] നാ. അറുപത്തിമൂന്ന്

ത്രിഷ്ടുപ്പ് [സം.] നാ. പാദത്തിൽ പതിനൊന്നക്ഷരംവീതമുള്ള ഛന്ദസ്സ്
ത്രിസന്ധി [സം.] നാ. 1. മൂന്നുസന്ധികളോടുകൂടിയത്
ത്രിസന്ധ്യ [സം.] നാ. 1. മൂന്നുസന്ധ്യകൾ; 2. മൂന്നാമത്തെ സന്ധ്യ, മൂവന്തി
ത്രിസന്ധ്യം [സം.] അവ്യ. മൂന്നുസന്ധികളിലും, മൂന്നു നേരത്തും
ത്രിസപ്തതി [സം.] നാ. എഴുപത്തിമൂന്ന്
ത്രിസമം [സം.] നാ. 1. മൂന്നുവശവും തുല്യമായ ത്രികോണം; 2. ഒരു ഔഷധയോഗം
ത്രിസർഗം [സം.] നാ. സത്ത്വം രജസ്സ് തമസ്സ് എന്നീ മൂന്നുഗുണങ്ങളുടെ സൃഷ്ടി
ത്രിസൂത്രം [സം.] നാ. പൂണുനൂൽ
ത്രിസൂത്രി [സം.] നാ. 1. ത്രിസൂത്രം; 2. മുച്ചരട്
ത്രിസ്കന്ധം [സം.] നാ. ജ്യോതിശാസ്ത്രം
ത്രിസ്ഥലി [സം.] നാ. മൂന്നു പുണ്യസ്ഥലങ്ങൾ
ത്രിസ്ഥൂണം [സം.] നാ. 1. മൂന്നു തൂണുകൾ ഉള്ളത്; 2. മൂന്നു തൂണുകൾ
ത്രിസ്രോതസ്സ് [സം.] നാ. ഗങ്ഗ യമുന സരസ്വതി എന്നിവ ചേർന്നത്
ത്രിസ്വരങ്ങൾ [സം.] നാ. 1. ഹ്രസ്വം ദീർഘം പ്ലുതം എന്നീ സ്വരഭേദങ്ങൾ; 2. വേദോച്ചാരണത്തിലെ മൂന്നു സ്വരങ്ങൾ (ഉദാത്തം അനുദാത്തം സ്വരിതം എന്നിവ)
ത്രിഹായണ [സം.] വി. മൂന്നുവർഷം പ്രായമുള്ള
ത്രിഹിമം [സം.] നാ. തണുപ്പുള്ള മൂന്നു വസ്തുക്കൾ (ചന്ദനം രക്തചന്ദനം വെള്ളച്ചന്ദനം എന്നിവ)
ത്രീക്ഷണൻ [സം.] നാ. മുക്കണ്ണൻ, ശിവൻ
ത്രുടനം [സം.] നാ. 1. മുറിക്കൽ, പിളർക്കൽ, കീറൽ; 2. ഏറ്റവും ചെറിയ കാലയളവ്; 3. പൊട്ടൽ
ത്രുടിത [സം.] വി. 1. മുറിക്കപ്പെട്ട; 2. നശിപ്പിക്കപ്പെട്ട; 3. പൊട്ടിക്കപ്പെട്ട
ത്രുടിതം [സം.] നാ. ഇളക്കം, വിറയൽ
ത്രേത [സം.] നാ. 1. ത്രേതായുഗം; 2. മൂന്നു ചേർന്നുള്ളത്; 3. ത്രേതാഗ്നി
ത്രേതാഗ്നി [സം.] നാ. മൂന്നു പരിശുദ്ധാഗ്നികൾ (ഗാർഹപത്യാഗ്നി, ദക്ഷിണാഗ്നി, ആഹവനീയാഗ്നി)
ത്രേതായുഗം [സം.] നാ. (പുരാണ) നാലു യുഗങ്ങളിൽ രണ്ടാമത്തേത്
ത്രേധാ [സം.] അവ്യ. മൂന്നുപ്രകാരത്തിൽ
ത്രൈകണ്ടകം [സം.] നാ. ഒരു ഔഷധയോഗം
ത്രൈകാലിക [സം.] വി. മൂന്നുകാലങ്ങളെയും സംബന്ധിച്ച, എല്ലായ്പ്പോഴുമുള്ള
ത്രൈകാല്യം [സം.] നാ. ത്രികാലങ്ങളെയും സംബന്ധിച്ചത്
ത്രൈഗുണിക [സം.] വി. 1. മൂന്നു ഗുണമുള്ള; 2. സത്ത്വ-രജസ്-തമോഗുണങ്ങളെ സംബന്ധിച്ച
ത്രൈഗുണ്യം [സം.] നാ. സത്ത്വം രജസ്സ് തമസ്സ് എന്നീ മൂന്നുഗുണങ്ങളോടുകൂടിയ അവസ്ഥ; 2. മൂന്നിരട്ടിയായ അവസ്ഥ; 3. മൂന്നു നൂലുകളോടുകൂടിയത്
ത്രൈണേത്രം [സം.] നാ. 1. ത്രിനേത്രനെ സംബന്ധിച്ച; 2. ശിവന്റെ വില്ല്
ത്രൈതം [സം.] നാ. മൂന്നുകൂടിയത്
ത്രൈദശിക [സം.] വി. ത്രിദശന്മാരെ (ദേവന്മാരെ) സംബന്ധിച്ച, ദിവ്യമായ

ത്രൈധ [സം.] വി. മൂന്നിരട്ടിയായ
ത്രൈമാതുരൻ [സം.] നാ. 'മൂന്ന് അമ്മമാരോടുകൂടിയവൻ', ലക്ഷ്മണൻ
ത്രൈമാസിക [സം.] വി. 1. മൂന്നുമാസം പ്രായമുള്ള; 2. മുമ്മൂന്നുമാസം കൂടുമ്പോഴുള്ള
ത്രൈമാസ്യം [സം.] നാ. മൂന്നുമാസം
ത്രൈമിശ്രകം [സം.] നാ. മൂന്നുപദാർഥങ്ങളുടെ യോഗം
ത്രൈയംബകം [സം.] നാ. 1. ത്ര്യംബകനെ സംബന്ധിച്ചത്; 2. ശിവൻെറ വില്ല്
ത്രൈരാശിക [സം.] വി. 1. മൂന്നുസങ്ഖ്യകളെ സംബന്ധിച്ച; 2. മൂന്നുരാശികളെ സംബന്ധിച്ച
ത്രൈരാശികം [സം.] നാ. ഒരു ഗണിതക്രിയ
ത്രൈലോക്യം [സം.] നാ. മൂന്നുലോകം
ത്രൈവർണികൻ [സം.] നാ. ബ്രാഹ്മണൻ ക്ഷത്രിയൻ വൈശ്യൻ എന്നീ മൂന്നു ജാതികളിൽ ഏതെങ്കിലും ഒന്നിൽപ്പെട്ടവൻ
ത്രൈവാർഷിക [സം.] വി. 1. മൂന്നുവർഷപ്രായമുള്ള; 2. മൂന്നുവർഷം നീണ്ടുനിൽക്കുന്ന; 3. മുമ്മൂന്നുവർഷം നീണ്ടുനിൽക്കുന്ന
ത്രൈവിധ്യം [സം.] നാ. മൂന്നുവിധത്തിലായിരിക്കുന്ന സ്ഥിതി
ത്രൈവിഷ്ടപൻ [സം.] നാ. 1. ദേവൻ; 2. ഈശ്വരൻ
ത്രൈവിഷ്ടപം [സം.] നാ. 1. ത്രിവിഷ്ടപത്തെ സംബന്ധിച്ച
ത്രൈശങ്കവൻ [സം.] നാ. 'ത്രിശങ്കുവിൻെറ ഗോത്രത്തിൽ ജനിച്ചവൻ', ഹരിശ്ചന്ദ്രൻ
ത്രോടകം [സം.] നാ. 1. പതിനെട്ട് ഉപരൂപകങ്ങളിൽ ഒന്ന്; 2. കോപിച്ചുള്ള സംഭാഷണം; 3. വിഷകീടം
ത്രോടനം [സം.] നാ. പൊട്ടൽ, പിളർക്കൽ
ത്രോടി [സം.] നാ. 1. പക്ഷികളുടെ ചുണ്ട്; 2. ചെറുകുമിഴ്
ത്രോടിത [സം.] വി. ത്രോടനം ചെയ്യപ്പെട്ട
ത്രോടിഹസ്തം [സം.] നാ. പക്ഷി
ത്രോണോസ് [ഗ്രീ.] നാ. (ക്രിസ്തു) ബലിപീഠം
ത്രോംബോസിസ് [ഇം.] നാ. രക്തം കട്ടപിടിക്കുന്നതുമൂലം ധമനികളിൽ തടസ്സം ഉണ്ടാകുന്ന രോഗാവസ്ഥ
ത്ര്യക്ഷകൻ [സം.] നാ. ശിവൻ
ത്ര്യക്ഷരം [സം.] നാ. 1. ഓംകാരം; 2. മൂന്നക്ഷരമുള്ള പദം
ത്ര്യക്ഷരി [സം.] നാ. 1. ഓംകാരം; 2. മൂന്നക്ഷരമുള്ള പദം
ത്ര്യക്ഷാചലം [സം.] നാ. കൈലാസം
ത്ര്യക്ഷി [സം.] നാ. 1. ശിവൻ; 2. നാളികേരം
ത്ര്യങ്കടൻ [സം.] നാ. ശിവൻ
ത്ര്യങ്കടം [സം.] നാ. കാവുതണ്ടിൻെറ രണ്ടറ്റത്തും തൂക്കിയിട്ടിട്ടുള്ള മൂന്നു ചരടുകൾ
ത്ര്യങ്ഗം [സം.] നാ. മൂന്നങ്ഗങ്ങളോടുകൂടിയ സൈന്യം
ത്ര്യഞ്ജലം [സം.] നാ. മൂന്നുകൈക്കുമ്പിൾ നിറയെ ഉള്ളത്
ത്ര്യഞ്ജലി [സം.] നാ. ത്ര്യഞ്ജലം
ത്ര്യണുകം [സം.] നാ. മൂന്നു ദ്വ്യണുകങ്ങൾ ചേർന്നത്

ത്ര്യനീക [സം.] നാ. ആനപ്പട കുതിരപ്പട തേർപ്പട എന്നീ മൂന്നങ്ങ്ഗങ്ങൾ ഉൾപ്പെട്ട സൈന്യം
ത്ര്യബ്ദ [സം.] വി. മൂന്നു വയസ്സുള്ള
ത്യബ്ദം [സം.] നാ. മൂന്നുവർഷം
ത്ര്യംബക [സം.] വി. മൂന്നു കണ്ണുള്ള
ത്ര്യംബകൻ [സം.] നാ. ശിവൻ
ത്ര്യംബകഫലം [സം.] നാ. 1. തെങ്ങ്; 2. തേങ്ങ
ത്ര്യംബകം [സം.] നാ. 1. ശിവനെ സംബന്ധിച്ചത്; 2. ശിവൻെറ വില്ല്
ത്ര്യംബകി [സം.] നാ. ശക്തി, ശിവപത്നി
ത്ര്യംശം [സം.] നാ. 1. മൂന്നുഭാഗം; 2. മുക്കാൽ
ത്ര്യശീത [സം.] വി. എൺപത്തിമൂന്നാമത്തെ
ത്ര്യശീതി [സം.] നാ. എൺപത്തിമൂന്ന്
ത്ര്യശ്രം [സം.] നാ. 1. ത്രികോണം; 2. (സങ്ഗീ) മൂന്നങ്ങ്ഗങ്ങളോടുകൂടിയ താളഘടന; 3. ഒരിനം കൂത്തമ്പലം
ത്ര്യസ്ര [സം.] നാ. മഴമുല്ല
ത്ര്യസ്രം [സം.] നാ. 1. ത്ര്യശ്രം; 2. പുലിച്ചുവടി
ത്ര്യഹം [സം.] നാ. മൂന്നു ദിവസം
ത്ര്യായുഷം [സം.] നാ. 1. മൂന്ന് ആയുഷ്കാലം; 2. ആയുഷ്കാലത്തിൻെറ മൂന്നു വിഭാഗങ്ങൾ
ത്ര്യാഹലം [സം.] നാ. പൂവൻകോഴി
ത്ര്യാഹിക [സം.] വി. 1. മൂന്നുദിവസംകൊണ്ടു ചെയ്തുതീർക്കാവുന്ന; 2. മൂന്നുദിവസം ഇടവിട്ടുവരുന്ന
ത്ര്യുപായം [സം.] നാ. നാല് ഉപായങ്ങളിൽ ആദ്യത്തെ മൂന്നും, (സാമം ദാനം ഭേദം)
ത്ര്യൈകം നാ. ത്രിത്വം
ത്വക്ക് [സം.] നാ. 1. ശരീരത്തിൻെറ പുറന്തൊലി; 2. ഇലവർങം
തക്ക്ഷീര [സം.] നാ. കൂവനൂറ്
ത്വക്ക്ഷീരം [സം.] നാ. മുളവെണ്ണ
ത്വക്ക്ഷീരി [സം.] നാ. 1. കൂവനൂറ്; 2. മുളവെണ്ണ
ത്വക്ത്രം [സം.] നാ. കവചം
ത്വക്പത്രം [സം.] നാ. ഇലവർങം
ത്വക്പത്രി [സം.] നാ. 1. കായം ഉത്പാദിപ്പിക്കുന്ന മരം; 2. കറിക്കായം
ത്വക്പലിതം [സം.] നാ. കുഷ്ഠരോഗം
ത്വക്പുഷ്പം [സം.] നാ. 1. പുഴുക്കടി; 2. രോമാഞ്ചം
ത്വക്പുഷ്പി [സം.] നാ. ഒരു ത്വഗ്രോഗം, തൊലിപ്പുറത്തുണ്ടാകുന്ന വർണവ്യത്യാസം
ത്വക്പുഷ്പിക [സം.] നാ. ത്വക്പുഷ്പി
ത്വക്സാര [സം.] നാ. കൂവനൂറ്
ത്വക്സാരം [സം.] നാ. 1. മുള; 2. ഇലവർങം; 3. ചണം
ത്വക്സുഗന്ധ [സം.] നാ. ഏലാവാലുകം
ത്വക്സുഗന്ധം [സം.] നാ. നാരകം

ത്വക്സ്വാദി [സം.] നാ. ഇലവർങ്ഗം
ത്വഗ് [സം.] നാ. നാദിവർണങ്ങൾക്കുമുമ്പ് 'ത്വക്' എന്ന പദം കൈക്കൊള്ളുന്ന രൂപം
ത്വഗങ്കുരം [സം.] നാ. രോമാഞ്ചം
ത്വഗിന്ദ്രിയം [സം.] നാ. സ്പർശം അറിയാനുള്ള ഇന്ദ്രിയം
തഗ്ഗന്ധം [സം.] നാ. നാരകം
ത്വഗജം [സം.] നാ. 1. രോമം; 2. രക്തം
ത്വഗ്ദോഷം [സം.] നാ. കൊട്ടം
ത്വഗ്രോഗം [സം.] നാ. തൊലിയിലുണ്ടാകുന്ന രോഗം
ത്വങ്കാരം [സം.] നാ. ത്വം (നീ) എന്നു നിന്ദാസൂചകമായി വിളിക്കൽ
ത്വങ്ഗത് [സം.] വി. ചലിക്കുന്ന, ചാടുന്ന, ഇളകുന്ന
ത്വച [സം.] നാ. 1. ത്വക്ക്; 2. ഇലവർങ്ഗം
ത്വചനം [സം.] നാ. 1. തൊലികൊണ്ടു മൂടൽ; 2. തൊലിക്കൽ
ത്വചാപത്രം [സം.] നാ. ഇലവർങ്ഗം
ത്വചിസാരകം [സം.] നാ. ത്വഗ്രോഗം
ത്വചിസുഗന്ധ [സം.] നാ. ചിറ്റേലം
ത്വചോത്കിരണം [സം.] നാ. പച്ചകുത്ത്
ത്വദ് [സം.] നീ എന്ന അർഥമുള്ള സംസ്കൃതസർവനാമത്തിനു സമസ്തപദത്തിൽ നാദിവർണങ്ങൾക്കുമുമ്പിൽ വരുന്ന രൂപം
ത്വദീയ [സം.] വി. നിന്നെ സംബന്ധിച്ച
ത്വദ്വിധ [സം.] വി. നിന്നെപ്പോലെയുള്ള
ത്വം [സം.] സ.നാ. (യുഷ്മദ്-ശബ്ദം പ്രഥമാ ഏ.വ.) നീ
ത്വയാ [സം.] സ.നാ. (യുഷ്മദ് ശബ്ദം ചതുർഥീ ഏ.വ.) നിന്നാൽ
ത്വയി [സം.] സ.നാ. (യഷുമദ് ശബ്ദം സപ്തമീ ഏ.വ.) നിന്നിൽ
ത്വര [സം.] നാ. ബദ്ധപ്പാട്, തിടുക്കം, സംഭ്രമം
ത്വരണം [സം.] നാ. 1. ത്വരിപ്പിക്കൽ; 2. വേഗത; 3. പ്രവേഗനിരക്കിലുണ്ടാകുന്ന മാറ്റത്തിൻെറ അളവ്
തരമാണൻ [സം.] നാ. വേഗത്തിൽ പോകുന്നവൻ, ഓടുന്നവൻ
ത്വരാരോഹം [സം.] നാ. പ്രാവ്
ത്വരിക്കുക [സം.] ക്രി. ബദ്ധപ്പെടുക, വേഗത്തിൽ പോവുക; ഓടുക
ത്വരിത1 [സം.] വി. ത്വരയോടുകൂടി
ത്വരിത2 [സം.] നാ. 1. പാർവതി; 2. ദുർഗ
ത്വരിതം [സം.] അവ്യ. വേഗത്തിൽ
ത്വഷ്ടാവ് [സം.] നാ. 1. ബ്രഹ്മാവ്; 2. വിശ്വകർമാവ്; 3. ശിൽപി
ത്വാദൃക്ക് [സം.] വി. നിന്നെപ്പോലെയുള്ള (ആൾ)
ത്വാദൃശ [സം.] വി. നിന്നെപോലെയുള്ള
ത്വാം [സം.] സ.നാ. (യുഷ്മദ്-ശബ്ദം ദ്വിതീയ ഏ.വ.) നിന്നെ
ത്വാഷ്ട്രി [സം.] നാ. 1. ചിത്തിര നക്ഷത്രം; 2. ത്വഷ്ടാവിനെ സംബന്ധിച്ചുള്ള ശാന്തിഹോമം
ത്വിട്ട് [സം.] നാ. 1. തിളക്കം; 2. സൗന്ദര്യം
ത്വിട്പതി [സം.] നാ. സൂര്യൻ

ത്വിഷ [സം.] നാ. = ത്വിട്ട്
ത്വിഷി [സം.] നാ. 1. ഭങ്ഗി; 2. പ്രകാശരശ്മി
ത്ളാക്കൊട്ട നാ. വെള്ളം തേകാനുള്ള കൊട്ട, തേക്കുട്ട
ത്ളാപ്പ് നാ. = തളപ്പ്.
899
ഥ

ഥ1 അക്ഷരമാലയിലെ പതിനെഴാമത്തെ വ്യഞ്ജനം, തവർഗത്തിലെ അതിഖരം, ശ്വാസിയും മഹാപ്രാണവുമായ ദന്ത്യവിരാമം
ഥ2 നാ. പരൽപ്പേരനുസരിച്ച് ഏഴ് എന്ന സങ്ഖ്യ
ഥകാരം [സം.ഥ-കാര] നാ. 'ഥ' എന്ന അക്ഷരം
ഥൻ [സം.] നാ. രക്ഷകൻ
ഥം [സം.] നാ. 1. പർവതം; 2. ആപത്സൂചന; 3. ഒരു രോഗം; 4. ഭക്ഷിക്കൽ; 5. രക്ഷണം; 7. മങ്ഗളം
ഥർവണം [സം.] നാ. ഗതി, പോക്ക്, ചലനം
ഥല്ല് നാ. 1. ഭയമില്ലായ്മ, ധിക്കാരം; 2. സങ്ഗീതം
ഥു വ്യാക്ഷേ നിന്ദ ആക്ഷേപം മുതലാറ്റവയെ ദ്യോതിപ്പിക്കുന്നത്
ഥുത്കാരം [സം.] നാ. = ഥൂത്കാരം
ഥൂത്കാരം [സം.] നാ. 'ഥൂ' എന്ന ശബ്ദം
ഥേരൻ [പ്രാ.ഥേര] നാ. മൂപ്പൻ
ഥോടനം [സം.] നാ. മൂടൽ, പൊതിയൽ

ദ

ദ1 അക്ഷരമാലയിലെ പതിനെട്ടാമത്തെ വ്യഞ്ജനം. തവർഗത്തിലെ മൃദു, നാദയുക്തവും അൽപപ്രാണവുമായ ദന്ത്യവിരാമം
ദ2 [സം.] വി. ദാനം ചെയ്യുന്ന
ദ3 [സം.] നാ. 1. ചൂട്; 2. പശ്ചാത്താപം; 3. രക്ഷ
ദകം [സം.] നാ. വെള്ളം
ദകോദരം [സം.] നാ. ഒരു ഉദരരോഗം, ജലോദരം
ദക്ഷ1 [സം.] വി. 1. സാമർഥ്യമുള്ള; 2. യോജിച്ച; 3. തയാറുള്ള; 4. സൂക്ഷ്മമായ; 5. സത്യമുള്ള; 6. വലുതായ; 7. വലത്തെ
ദക്ഷ2 [സ.] നാ. 1. ഭൂമി; 2. ഗങ്ഗ; 3. ദുർഗ
ദക്ഷം [സം.] നാ. 1. സാമർഥ്യം; 2. നിശ്ചയബുദ്ധി; 3. വലതുഭാഗം; 4. മൂഢത; 5. ദുശ്ശീലം; 6. പൂവൻകോഴി; 7. ഒരു വൃക്ഷം; 8. ശക്തി, ഓജസ്സ്
ദക്ഷത [സം.] നാ. 1. സാമർഥ്യം; 2. തർജനി
ദക്ഷൻ [സം.] നാ. 1. സാമർഥ്യം ഉള്ളവൻ, മിടുക്കൻ; 2. (പുരാണ) ബ്രഹ്മാവിൻെറ പത്തു പുത്രന്മാരിൽ ഒറ്റാൾ; 3. ശിവൻ; 4. ശിവൻെറ കാള; 5. വിഷ്ണു; 6. ചതുർദശമനുക്കളിൽ ഒരാൾ; 7. ഗരുഡൻെറ ഒരു പുത്രൻ; 8. ഋഗ്വേദം; 9. അഗ്നി; 10. പല സ്ത്രീകളിലും ഒരേസമയം പ്രീയമുള്ള കാമുകൻ, ദക്ഷിണൻ
ദക്ഷപാണി [സം.] നാ. വലതുകൈ

ദക്ഷപ്രജാപതി [സം.] നാ. ദക്ഷൻ
ദക്ഷരിപു [സം.] നാ. ശിവൻ
ദക്ഷിണ1 വി. 1. വലതുവശത്തുള്ള; 2. തെക്കുള്ള; 3. അനുകൂലമായ; 4. സാമർഥ്യമുള്ള; 5. സത്യനിഷ്ഠയുള്ള
ദക്ഷിണ2 [സം.] നാ. 1. ഗുരുക്കന്മാർക്കും മറ്റും ആദരപൂർവം കാഴ്ചവയ്ക്കുന്ന ഉപഹാരം; 2. നല്ല കറവപ്പശു; 3. (നാട്യ) പലതരം നായികമാരിൽ ഒന്ന്
ദക്ഷിണഗങ്ഗ [സം.] നാ. 1. ഭാരതപ്പുഴ; 2. കാവേരിനദി
ദക്ഷിണത, -ത്വം [സം.] നാ. 1. സാമർഥ്യം; 2. സത്യസന്ധത; 3. വലതുവശത്തായിരിക്കുന്ന സ്ഥിതി
ദക്ഷിണതാരം [സം.] നാ. (ജ്യോ) അശ്വതി ഭരണി കാർത്തിക എന്നീ നക്ഷത്രങ്ങളിൽ ഒന്ന്
ദക്ഷിണധ്രുവം [സം.] നാ. ഭൂഗോളത്തിൻെറ തെക്കെധ്രുവം, ഭൂമിയുടെ ഭ്രമണത്തിനു കേന്ദ്രമായിവർത്തിക്കുന്ന സാങ്കൽപികമായ അച്ചുതണ്ടിൻെറ തെക്കെയറ്റം
ദക്ഷിണൻ [സം.] നാ. 1. സമർഥൻ; 2. ശിവൻ; 3. അനുകൂലൻ; 4. വിഷ്ണു; 5. (നാട്യ) നായകന്മാരിൽ ഒരു വിഭാഗം
ദക്ഷിണപശ്ചിമ [സം.] വി. തെക്കുപടിഞ്ഞാറെ
ദക്ഷിണപൂർവ [സം.] വി. തെക്കുകിഴക്കേ
ദക്ഷിണഭാഷിതം [സം.] നാ. ദാക്ഷിണ്യം തോന്നിക്കുന്ന സംസാരം, അനുനയവാക്ക്
ദക്ഷിണം [സം.] നാ. 1. വലതുകൈ; 2. വലതുഭാഗം, വലതുഭാഗത്തുള്ളത്; 3. തെക്കുഭാഗം; 4. രണ്ടു ശാക്തമതവിഭാഗങ്ങളിൽ ഒന്ന്; 5. ഗതകൊണ്ടുള്ള ഒരു പ്രയോഗം
ദക്ഷിണമാർഗം [സം.] നാ. മരണാനന്തരം ആത്മാവുപോകുന്ന രണ്ടുമാർഗങ്ങളിൽ ഒന്ന്
ദക്ഷിണലിപി [സം.] നാ. പ്രാചീന ഇന്ത്യയിൽ നിലവിലിരുന്ന ഒരു ലിപി
ദക്ഷിണസ്ഥൻ [സം.] നാ. തേരാളി
ദക്ഷിണാഗ്നി [സം.] നാ. യാഗവേദിയിലെ മൂന്ന് ഹോമാഗ്നികളിൽ തെക്കുള്ളത്
ദക്ഷിണാചലം [സം.] നാ. മലയപർവതം
ദക്ഷിണാചാരൻ1 [സം.] നാ. 1. ദക്ഷിണമാർഗം ആചരിക്കുന്ന താന്ത്രികൻ; 2. സച്ചരിതൻ
ദക്ഷിണാചാരൻ2 [സം.] നാ. രണ്ടുതരം ശാക്തേയാചാരങ്ങളിൽ ഒന്ന്
ദക്ഷിണാപഥം [സം.] നാ. ഇന്ത്യയുടെ തെക്കുഭാഗം
ദക്ഷിണാമൂർത്തി [സം.] നാ. 1. ശിവൻെറ ഒരു മൂർത്തി; 2. അഗസ്ത്യൻ; 3. അറുപത്തിനാലു തന്ത്രഗ്രന്ഥങ്ങളിൽ ഒന്ന്
ദക്ഷിണായനം [സം.] നാ. സൂര്യൻ ദക്ഷിണദിശയിലേക്ക് നീങ്ങുന്നതായി കാണപ്പെടുന്നകാലം, കർക്കടകസങ്ക്രമണം മുതൽ മകരസങ്ക്രമണം വരെയുള്ള കാലം
ദക്ഷിണാർധം [സം.] നാ. 1. വലത്തെ പകുതി; 2. തെക്കെ പകുതി
ദക്ഷിണാവർത്തം [സം.] നാ. 1. തെക്കോട്ടുതിരിഞ്ഞത്; 2. വലംപിരിശങ്ഖ്; 3. വലത്തോട്ടുള്ള ചുഴി; 4. ദക്ഷിണേന്ത്യ
ദക്ഷിണാശ [സം.] നാ. തെക്കേദിക്ക്
ദക്ഷിണീകരിക്കുക [സം.] ക്രി. 1. ദക്ഷിണഭാഗത്താക്കുക; 2. പ്രദക്ഷിണംവയ്ക്കുക
ദക്ഷിണീയ [സം.] വി. 1. തെക്കെ ദേശത്തുള്ള; 2. ദക്ഷിണ അർഹിക്കുന്ന
ദക്ഷിണേതര [സം.] വി. 1. ഇടതുവശത്തുള്ള, വാമ; 2. വടക്കെ ദേശത്തുള്ള

ദക്ഷിണോത്തര [സം.] വി. തെക്കുവടക്കുള്ള
ദഗ്ധ1 [സം.] വി. 1. ദവിച്ച; 2. ദു:ഖിച്ച; 3. നിന്ദ്യമായ; 4. ഭാഗ്യംകെട്ട
ദഗ്ധ2 [സം.] നാ. 1. മരം; 2. പുണ്യകർമങ്ങൾക്ക് അയോഗ്യമായ അശുഭതിഥി; 3. പശ്ചിമദിക്ക്
ദഗ്ധപാകം [സം.] നാ. എണ്ണകാച്ചുമ്പോൾ കൽകം കരിഞ്ഞുതുടങ്ങുന്ന പാകം
ദഗ്ധം [സം.] നാ. കരിഞ്ഞത്
ദഗ്ധരാശി [സം.] നാ. ഒരു അശുഭയോഗം
ദഗ്ധിക [സം.] നാ. കരിഞ്ഞ ചോറ്
ദഗ്ധ്വാ [സം.] അവ്യ. ദഹിച്ചിട്ട്
ദച്ഛദം [സം.] നാ. ദന്തച്ഛദം, ചുണ്ട്
ദജ്ജാൽ [അറ.] നാ. നാട്യക്കാരൻ, വഞ്ചകൻ
ദണ്ഡകൻ [സം.] നാ. 1. ദണ്ഡിക്കുന്നവൻ; 2. ശിക്ഷനടത്തുന്നവൻ
ദണ്ഡകം [സം.] നാ. 1. ഒരു വനപ്രദേശം; 2. ഒരിനം പ്രബന്ധം; 3. തൂൺ; 4. ശാല; 5. വാതരോഗം; 6. ഒരു സംസ്കൃതവൃത്തം
ദണ്ഡകസന്ധി [സം.] നാ. ഉത്തരം വാവട തുടങ്ങിയവതമ്മിൽ ചേർക്കുന്ന ഒരുതരം സന്ധി
ദണ്ഡകാരണ്യം [സം.] നാ. ദണ്ഡകം
ദണ്ഡകാരി [സം.] നാ. ദണ്ഡിക്കുന്നവൻ, ശിക്ഷിക്കുന്നവൻ
ദണ്ഡകാഷ്ഠം [സം.] നാ. 1. വടി; 2. ഗദ
ദണ്ഡക്രമം [സം] നാ. കഥകളിയിലെ ഒരു മെയ്യഭ്യാസക്രമം
ദണ്ഡധര [സം.] നാ. 1. കാലൻ; 2. ശിക്ഷാധികാരി; 3. കോൽക്കാരൻ; 4. സന്ന്യാസി; 5. കുശവൻ
ദണ്ഡനമസ്കാരം [സം.] നാ. ആരാധ്യനായ ഒരാളെ തറയിൽ വടി(ദണ്ഡം)പോലെ കമിഴ്ന്നുവീണു നമസ്കരിക്കൽ
ദണ്ഡനീതി [സം.] നാ. 1. നീതിശാസ്ത്രം; 2. ശിക്ഷാനിയമം, നീതിന്യായവകുപ്പ്
ദണ്ഡനീയ [സം.] വി. ദണ്ഡിക്കത്തക്ക
ദണ്ഡപാണി [സം.] നാ. 'വടിപിടിച്ചവൻ', 1. വടിക്കാരൻ; 2. കോൽക്കാരൻ; 3. യമൻ; 4. ചെങ്കോൽധരിച്ചവൻ; 5. ഭൈരവൻ
ദണ്ഡപാതം [സം.] നാ. 1. ശിക്ഷിക്കൽ; 2. ദണ്ഡംപോലെ പതിക്കൽ; 3. നൃത്തത്തിലെ ഒരു കാൽവയ്പ്പ്
ദണ്ഡപാരുഷ്യം [സം.] നാ. 1. കഠിനമായി ശിക്ഷിക്കൽ; 2. കയ്യേറ്റം ചെയ്യൽ; 3. സപ്തവ്യസനങ്ങളിൽ ഒന്ന്
ദണ്ഡപാലകൻ [സം.] നാ. 1. നീതിനിർവഹണത്തിൻെറ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥൻ; 2. വാതിൽ കാവൽക്കാരൻ; 3. ക്ഷേത്രസംരക്ഷകനായ മൂർത്തി
ദണ്ഡപാശകൻ [സം.] നാ. 1. തൂക്കിലിടുന്നവൻ; 2. പോലീസുദ്യോഗസ്ഥൻ
ദണ്ഡപ്പെടുക [സം.-മ.]ക്രി. 1. മനസ്സിനുവേദനയുണ്ടാകുക; 2. പിഴയൊടുക്കുക
ദണ്ഡബാലധി [സം.] നാ. 'വടിപോലുള്ള വാലോടുകൂടിയത്', ആന
ദണ്ഡഭൃത്ത് [സം.] നാ. 1. ദണ്ഡംവഹിക്കുന്നവൻ; 2. ദണ്ഡനീതിനടത്തുന്നവൻ; 3. രാജാവ്; 4. കാലൻ
ദണ്ഡം [സം.] നാ. 1. വടി; 2. അളവുകോൽ; 3. ചതുരുപായങ്ങളിൽ നാലാമത്തേത്, ശിക്ഷ; 4. സൈന്യപങ്ക്തി; 5. ഒരു ദിവ്യാസ്ത്രം

ദണ്ഡമാണവൻ [സം.] നാ. ബ്രഹ്മചാരി
ദണ്ഡമാഥം [സം.] നാ. പ്രധാന രാജവീഥി
ദണ്ഡമിളക്കം [സം.മ.] നാ. അപസ്മാരം
ദണ്ഡമുദ്ര [സം.] നാ. ഒരു ഹസ്തമുദ്ര
ദണ്ഡയാത്ര [സം.] നാ. 1. യുദ്ധയാത്ര; 2. വിവാഹഘോഷയാത്ര; 3. അകമ്പടിസേവിച്ചുനടക്കൽ
ദണ്ഡയാമൻ [സം.] നാ. 1. കാലൻ; 2. അഗസ്ത്യൻ
ദണ്ഡയിതാവ് [സം.] നാ. ദണ്ഡിക്കുന്നവൻ
ദണ്ഡരേചിതം [സം.] നാ. നൃത്തത്തിലെ ഒരടവ്
ദണ്ഡവത് [സം.] വി. 'വടിപോലെ', വടിപോലെയുള്ള വലിയ സൈന്യമുള്ള
ദണ്ഡവധം [സം.] നാ. മരണശിക്ഷ
ദണ്ഡവാസികൻ [സം.] നാ. ദ്വാരപാലകൻ
ദണ്ഡവിത്ത് [സം.] നാ. ദണ്ഡനീതി അറിയാവുന്നവൻ
ദണ്ഡവിധി [സം.] നാ. 1. ശിക്ഷാനിയമം; 2. ശിക്ഷവിധിക്കുന്ന ഉത്തരവ്
ദണ്ഡവൃക്ഷകം [സം.] നാ. ചതുരക്കള്ളി
ദണ്ഡവ്യൂഹം [സം.] നാ. ഒരുതരം സേനാവ്യൂഹം
ദണ്ഡശാസ്ത്രം [സം.] നാ. ദണ്ഡനീതി
ദണ്ഡാജിനം [സം.] നാ. 1. ബ്രഹ്മചാരികൽ ധരിക്കുന്ന വടിയും കൃഷ്ണമൃഗത്തോലും; 2. കപടസന്ന്യാസം
ദണ്ഡാനതി [സം.] നാ. ദണ്ഡനമസ്കാരം
ദണ്ഡായമാന [സം.] വി. വടിപോലെയായ
ദണ്ഡായുധൻ [സം.] നാ. 1. വേൽ ആയുധമായുള്ളവൻ, സുബ്രഹ്മണ്യൻ; 2. ഭൈരവരൂപിയായ ശിവൻ
ദണ്ഡാർഹ [സം.] വി. ശിക്ഷയർഹിക്കുന്ന
ദണ്ഡാരം [സം.] നാ. 1. മദയാന; 2. വെള്ളം; 3. കുശവൻെറ ചക്രം; 4. വില്ല്; 5. വണ്ടി
ദണ്ഡാലയം [സം.] നാ. 1. യമൻെറ ആലയം; 2. നീതിന്യായക്കോടതി
ദണ്ഡാഹതം [സം.] നാ. മോര്
ദണ്ഡി [സം.] നാ. 1. കോൽക്കാരൻ; 2. ദ്വാരപാലകൻ; 3. യമൻ; 4. ശിവൻ; 5. രാജാവ്; 6. സൂര്യൻെറ ഒരു ദ്വാരപാലകൻ; 7. സന്ന്യാസി; 8. വള്ളക്കാരൻ; 9. ശിക്ഷിക്കുന്നവൻ; 10. ധൃതരാഷ്ട്രൻെറ ഒരു പുത്രൻ; 11. മക്കിപ്പൂവ്; 12. ദക്ഷിണേന്ത്യക്കാരനായ ഒരു സംസ്കൃതപണ്ഡിതൻ
ദണ്ഡിക [സം.] നാ. 1. തൂണിൻെറയോ ഉത്തരത്തിൻെറയോ മുകളിൽ ഘടിപ്പിച്ചിരിക്കുന്ന ഇഴ; 2. വടി; 3. കയറ്; 4. വരി; 5. മാല; 6. മുത്തുമാല
ദണ്ഡിക്കുക [സം.] ക്രി. 1. ദേഹണ്ഡിക്കുക; 2. ക്ലേശിക്കുക; 3. ഞാണിന്മേൽകളിക്കുക; 4. ദണ്ഡമേൽപിക്കുക
ദണ്ഡിത [സം.] വി. ദണ്ഡിക്കപ്പെട്ട
ദണ്ഡിപ്പ് [സം.] നാ. 1. അധ്വാനം; 2. അഭ്യാസപ്രകടനം; 3. ദേഹണ്ഡിപ്പ്
ദണ്ഡിപ്പുകാരൻ നാ. ഞാണിന്മേൽ കളിക്കാരൻ

ദണ്ഡ് [സം.] നാ. 1. വടി; 2. ഗദ; 3. സന്ന്യാസിമാരും മറ്റും ആചാരവിധിപ്രകാരം കൊണ്ടുനടക്കുന്ന വടി; 4. നീളം അളക്കാനുള്ള ഒരു തോത്; 5. ഒരു സേനാവ്യൂഹം; 6. ഒരു വലിയ സങ്ഖ്യ
ദണ്ഡോപായം [സം.] നാ. നാല് ഉപായങ്ങളിൽ ഒടുവിലത്തേത്, ദണ്ഡം
ദണ്ഡ്യ [സം.] വി. ദണ്ഡിക്കപ്പെടേണ്ട
ദണ്ണം [സം.] നാ. രോഗം, വേദന, ക്ലേശം
ദത്ത [സം.] വി. ദാനം ചെയ്യപ്പെട്ട. (പ്ര) ദത്തചിത്ത = ശ്രദ്ധ പതിപ്പിച്ച. ദത്തദായൻ = 1. വേതനം മുതലായവ ശരിക്കുലഭിക്കുന്നവൻ; 2. അവകാശികൾക്കു സ്വത്തു ഭാഗിച്ചുകൊടുത്തവൻ. ദത്തദൃഷ്ടി = ദൃഷ്ടി ഉറപ്പിച്ച ആൾ
ദത്തൻ [സം.] നാ. 1. മാതാപിതാക്കളിൽനിന്നും ദാനമായിസ്വീകരിക്കപ്പെട്ട പുത്രൻ; 2. അവകാശികൾക്കു സ്വത്തുഭാഗിച്ചുകൊടുത്തവൻ.

901
ദത്തപരിഗ്രഹം [സം.] നാ. ദാനമായിനൽകിയതു തിരിച്ചെടുക്കൽ
ദത്തപുത്രൻ [സം.] നാ. മാതാവോ പിതാവോ സ്വമനസ്സാലെ ദാനംചെയ്ത പുത്രൻ, ദത്തുപുത്രൻ
ദത്തം [സം.] നാ. നൽകപ്പെട്ടത്
ദത്തമതി [സം.] നാ. മനസ്സുപതിച്ച ആൾ
ദത്തവകാശം [മ.-സം.]നാ. കുലം അന്യം നിൽക്കുമ്പോൾ ദത്തെടുക്കാനുള്ള അവകാശം
ദത്തശ്രദ്ധ [സം.] വി. ശ്രദ്ധപതിപ്പിക്കുന്ന
ദത്താത്മൻ [സം.] നാ. 1. സ്വയം ദത്തപുത്രൻ ആയിത്തീർന്നവൻ; 2. ഒരു വിശ്വദേവൻ
ദത്താത്രേയൻ [സം.] നാ. അത്രിമഹർഷിക്ക് അനസൂയയിലുണ്ടായ പുത്രൻ
ദത്താത്രേയം [സം.] നാ. ഒരു ഉപനിഷത്ത്
ദത്താപഹാരി [സം.] നാ. കൊടുത്തതിനെ തിരിച്ചെടുക്കുന്നവൻ
ദത്താപ്രദാനം [സം.] നാ. 1. ദാനംചെയ്തതുകൊടുക്കാതിരിക്കൽ; 2. ദാനംചെയ്തവസ്തു തിരിച്ചുകിട്ടുന്നതിനുള്ള ഉപാധികളെവിവരിക്കുന്ന നിയമാവലിയുടെ ഭാഗം
ദത്താവധാനൻ [സം.] നാ. ശ്രദ്ധാലു
ദത്ത് [സം.] നാ. 1. സന്താനം ഇല്ലാതെവരുമ്പോൾ ആസ്ഥാനത്ത് അന്യസന്താനത്തെ സ്വീകരിക്കുന്ന സമ്പ്രദായം; 2. ഏതെങ്കിലും ഒന്നിനെ സംരക്ഷണത്തിനായി ഏറ്റെടുക്കൽ
ദത്തുപുത്രൻ [മ.-സം.]നാ. ദത്തെടുത്തപുത്രൻ (സ്ത്രീ) ദത്തുപുത്രി
ദത്വാ [സം.] അവ്യ. കൊടുത്തിട്ട്
ദദനം [സം.] നാ. ദാനംകൊടുക്കൽ, സമ്മാനം
ദദർശ [സം.] ക്രി. (ലിട് പരസ്മൈപദി പ്ര.പു.ഏ.വ.) കണ്ടു
ദദൃശു: [സം.] ക്രി. (ലിട് പരസ്മൈപദി പ്ര.പു.ബ.വ.) കണ്ടു (അവർ)
ദധ്യന്നം [സം.] നാ. തൈരുചേർത്ത ചോറ്
ദധ്യുത്തരം [സം.] നാ. വെണ്ണ
ദധ്യോദനം [സം.] നാ. = ദധ്യന്നം
ദദ്രു [സം.] നാ. 1. ഒരുതരം ത്വഗ്രോഗം; 2. ആമ

ദദ്രുകം [സം.] നാ. കുഷ്ഠം
ദദ്രുകുഷ്ഠം [സം.] നാ. ചുണങ്ങ്
ദദ്രുഘ്നം [സം.] നാ. തകര (ചുണങ്ങിനെ നശിപ്പിക്കുന്ന പല ഔഷധങ്ങൾക്കും ദദ്രുശബ്ദത്തോടു ഹൻ, (ഘ്ന) നാശന ഇത്യാദിപദങ്ങൾ ചേർത്തു സമാസിച്ചുണ്ടാക്കുന്ന പേരുകൾ കാണാം)
ദദ്രുണ [സം.] നാ. ചുണങ്ങുള്ള
ദധാന [സം.] വി. ധരിക്കുന്ന, വഹിക്കുന്ന
ദധി [സം.] നാ. 1. തൈര്; 2. തിരുവട്ടപ്പശ; 3. വസ്ത്രം
ദധികൂർച്ചിക [സം.] നാ. ഉറതൈര്
ദധിചാരം [സം.] നാ. കടകോൽ
ദധിജം [സം.] നാ. വെണ്ണ
ദധിമഥനം [സം.] നാ. തൈരുകടയൽ
ദധിമന്ഥം [സം.] നാ. മോര്
ദധിസാരം [സം.] നാ. വെണ്ണ
ദധിസ്നേഹം [സം.] നാ. വെണ്ണ
ദധീചാസ്ഥി [സം.] നാ. 1. ഇന്ദ്രൻെറ വജ്രായുധം; 2. ഒരു രത്നം, വജ്രം
ദനഹാ [<സുറി] നാ. 1. ഉദയം; 2. ക്രിസ്ത്യാനികളുടെ ഒരു വിശുദ്ധദിവസം
ദനാ [<അറ] നാ. അവിഹിതമായ ലൈങ്ഗികബന്ധം
ദനു [സം.] നാ. 1. ദക്ഷൻെറ ഒരു പുത്രി, കശ്യപൻെറ പത്നി; 2. കബന്ധൻ
ദനുജൻ [സം.] നാ. അസുരൻ, കശ്യപപ്രജാപതിയുടെ ഭാര്യയായ ദനുവിൽ ജനിച്ചവൻ
ദന്തകം [സം.] നാ. 1. ഭിത്തിയിൽനിന്നും മറ്റും തള്ളിനിർത്തുന്ന കുറ്റി; 2. കൊടുമുടി
ദന്തകരൻ [സം.] നാ. ദന്തവേലക്കാരൻ
ദന്തകാഷ്ഠം നാ. പല്ലുതേയ്ക്കാനുള്ള കമ്പ്
ദന്തകീലം [സം.] നാ. പല്ലുകൾ കോർത്തതുപോലുള്ള ചേർപ്പ്
ദന്തകോശം നാ. പല്ലിൻെറ ഊന്, മോണ
ദന്തക്ഷതം [സം.] നാ. പല്ലുകൊണ്ടുണ്ടാകുന്ന മുറിവ്
ദന്തഗോപുരം [സം.] നാ. ദന്തംകൊണ്ടുള്ള ഗോപുരം. (പ്ര) ദന്തഗോപുരവാസം = സാമാന്യജനങ്ങളുമായി ബന്ധമില്ലാത്ത ജീവിതം
ദന്തഘർഷം [സം.] നാ. പല്ലിറുമൽ, പല്ലുകടിക്കൽ
ദന്തചൂർണം [സം.] നാ. പൽപ്പൊടി
ദന്തച്ഛദം [സം.] നാ. ചുണ്ട്, പല്ലിനെ മറയ്ക്കുന്നത്
ദന്തജാഹം [സം.] നാ. പല്ലിൻെറ വേര്
ദന്തതാളം [സം.താല] നാ. താടിവിറയ്ക്കുന്നതുമൂലം പല്ലുകൂട്ടിയടിച്ചുണ്ടാകുന്ന ശബ്ദം
ദന്തതോദം [സം.] നാ. പല്ലുവേദന
ദന്തധാവനം [സം.] നാ. 1. പല്ലുതേയ്ക്കുന്ന ഉപകരണം; 2. പല്ലുതേപ്പ്; 3. ഇലഞ്ഞിമരം
ദന്തധാവനി [സം.] നാ. പല്ലുതേയ്ക്കാനുള്ള ബ്രഷ്
ദന്തപാതനം [സം.] നാ. പല്ലുപറിച്ചെടുക്കാനുള്ള ഒരു ഉപകരണം

ദന്തഭേദം [സം.] നാ. കഠിനമായ പല്ലു വേദന
ദന്തം [സം.] നാ. 1. പല്ല്; 2. ആനക്കൊമ്പ്; 3. പർവതശിഖരം; 4. മലഞ്ചരിവ്; 5. മുപ്പത്തിരണ്ടെന്ന സങ്ഖ്യ; 6. വള്ളിക്കുടിൽ
ദന്തമലം [സം.] നാ. 1. പല്ലിൽ ഒട്ടിപ്പിടിച്ചിരിക്കുന്ന കറ; 2. പല്ലിൻെറ അഴുക്ക്
ദന്തമാംസം [സം.] നാ. ഊന്, മോണ
ദന്തമൂലം [സം.] നാ. പല്ലിൻെറ ചുവട്
ദന്തമൂലിക [സം.] നാ. ഒരിനം ചെടി, ചെറിയ ദന്തി
ദന്തമൂലീയം [സം.] നാ. ഒരു വർണവിഭാഗം, ദന്ത്യം, പല്ലിൻെറ അടിഭാഗത്ത് നാക്കിൻെറ അഗ്രം സ്പർശിച്ച് ഉച്ചരിക്കുന്ന വർണം
ദന്തവല്കം [സം.] നാ. 1. പല്ലിൻെറ വെളുത്തആവരണം, കവടി, ഇനാമൽ; 2. മോണ
ദന്തവസനം [സം.] നാ. ചുണ്ട്
ദന്തവീണ [സം.] നാ. ആനക്കൊമ്പുകൊണ്ടു നിർമിച്ച ഒരിനം വീണ
ദന്തവേല [സം.-മ] നാ. ആനക്കൊമ്പുപയോഗിച്ചുള്ള ശിൽപവേല
ദന്തവേഷ്ടം [സം.] നാ. 1. ഊന്; 2. ആനയുടെകൊമ്പിൽ അലങ്കാരത്തിനിടുന്ന ചുറ്റ്
ദന്തവൈദ്യം [സം.] നാ. ദന്തരോഗചികിത്സ
ദന്തവൈദ്യൻ [സം.] നാ. ദന്തരോഗങ്ങൾ ചികിത്സിക്കുന്ന ആൾ
ദന്തവ്രണം [സം.] നാ. കടിയേറ്റുണ്ടാകുന്ന മുറിവ്
ദന്തശർക്കര [സം.] നാ. 1. ഒരു ദന്തരോഗം, പല്ലിൽ ഉണ്ടാകുന്ന ഇത്തിൾ; 2. പല്ലിലെ അഴുക്ക്
ദന്തശൂലം [സം.] നാ. പല്ലുവേദന
ദന്തശോധനം [സം.] നാ. പല്ലുതേയ്പ്പ്
ദന്തശോധനി [സം.] നാ. 1. പല്ലിടകുത്തി; 2. പല്ലുതേയ്ക്കാനുള്ള ബ്രഷ്
ദന്തശോഫം [സം.] നാ. മോണനീര്
ദന്തഹർഷം [സം.] നാ. 1. പല്ലുപുളിപ്പ്; 2. പല്ലുതേഞ്ഞുപോകൽ
ദന്താംബരം [സം.] നാ. ചുണ്ട്
ദന്താദുനം [സം.] നാ. (ജ്യോ) ഒരു മുഹൂർത്തദോഷം
ദന്തായുധൻ [സം.] നാ. 1. പന്നി; 2. ആന
ദന്തി [സം.] വി. ദന്തമുള്ള. നാ. 1. ആന; 2. ഒരു ഔഷധച്ചെടി; 3. പൽച്ചക്രം
ദന്തിഗാമിനി [സം.] നാ. ആനയെപ്പോലെ നടക്കുന്നവൾ, സുന്ദരി
ദന്തിനി [സം.] നാ. 1. പിടിയാന; 2. ചെറിയ ദന്തി
ദന്തിപുരം [സം.] നാ. ഹസ്തിനപുരം
ദന്തിപ്രമാഥി [സം.] നാ. സിംഹം
ദന്തുര [സം.] വി. 1. കോന്ത്രപ്പല്ലുള്ള; 2. പൊങ്ങിയും താണുമിരിക്കുന്ന; 3. നിറയുന്ന, വർധിക്കുന്ന; 4. മൂടപ്പെട്ട; 5. പല്ലുകൾപോലെ മുനയുള്ള, വിഷമയമായ; 6. കോപിക്കുന്ന
ദന്തുരിത [സം.] വി. 1. ദന്തുരമാക്കപ്പെട്ട, ഉയർന്നും താണും ഉള്ള സ്ഥിതിയിലാക്കപ്പെട്ട; 2. നിറഞ്ഞ
ദന്തുല [സം.] വി. ദന്തങ്ങളുള്ള

ദന്തോദ്ഗമം [സം.] നാ. പല്ലുമുളയ്ക്കൽ
ദന്തോലൂഖലം [സം.] നാ. പല്ലിൻെറ ചുവട് ആണ്ടിരിക്കുന്ന കുഴി
ദന്ത്യം [സം.] നാ. (വ്യാക) ഒരു വർണവിഭാഗം, പല്ലിനോടു നാക്കിൻെറ അഗ്രം ചേർത്തുച്ചരിക്കുന്നത്. (ത വർഗം, ല, സ, ഈ വർണങ്ങൾ)
ദന്ദശുകൻ [സം.] നാ. രാക്ഷസൻ
ദന്ദശുകം [സം.] നാ. 'കടിക്കുന്നത്', 1. സർപ്പം; 2. രാക്ഷസൻ
ദന്ദശുകാലയം [സം.] നാ. സർപ്പങ്ങളുടെ വാസസ്ഥാനം, പാതാളം
ദബ്ധി [സം.] നാ. കേട്, നഷ്ടം
ദഭം [സം.] നാ. വഞ്ചന, ചതി
ദഭ്രം1 [സം.] അവ്യ. അൽപമായി, കുറവായി. നാ. ചെറുത്, അൽപമാത്രമായത്
ദഭ്രം2 [സം.] നാ. 1. സമുദ്രം, കടൽ; 2. ദു:ഖം, ക്ലേശം
ദംഭദൃഷ്ടി [സം.] നാ. (നാട്യ) സ്ഥായിഭാവ ദൃഷ്ടികളിൽ ഒന്ന്, അഹങ്കാരത്തെ സുചിപ്പിക്കുന്ന നോട്ടം)
ദംഭൻ [സം.] നാ. 1. ശിവൻ; 2. നഹുഷൻെറ സഹോദരൻ
ദംഭനം [സം.] നാ. 1. വ്യാജം; 2. വഞ്ചന
ദംഭം [സം.] നാ. 1. ഗർവ്, അഹങ്കാരം; 2. കപടം; 3. ധർമിഷ്ഠനെന്ന നാട്യം; 4. പാപം; 5. വജ്രായുധം
ദംഭാചാരി [സം.] നാ. കപടനാട്യക്കാരൻ
ദംഭി [സം.] നാ. അഹങ്കാരി
ദംഭ് [സം.] നാ. അഹങ്കാരം, ഡംഭ്
ദംഭോളി [സം.] നാ. 1. വജ്രായുധം; 2. വൈരം
ദംശക [സം.] വി. കടിക്കുന്ന
ദംശകം [സം.] നാ. 1. കാട്ടീച്ച; 2. ഈച്ച; 3. പട്ടി
ദംശകർമം [സം.] നാ. പാമ്പുകടിക്കുള്ള ചികിത്സ
ദംശ(ന)ം [സം.] നാ. 1. കടി, കൊത്തൽ; 2. പടച്ചട്ട, കുപ്പായം
ദംശി [സം.] നാ. 1. ദംശിക്കുന്നവൻ; 2. ഒരിനം ഈച്ച; 3. പോത്ത്
ദംശിക [സം.] നാ. കൊടിൽ
ദംശിക്കുക [സം.] ക്രി. കടിക്കുക
ദംശിതൻ [സം.] നാ. 1. കടിക്കപ്പെട്ടവൻ; 2. കുപ്പായമോ ചട്ടയോ ധരിച്ചവൻ
ദംശേര [സം.] വി. 1. ഉപദ്രവമുള്ള; 2. കടിക്കുന്ന
ദംഷ്ട്രം [സം.] നാ. 1. കൂർത്തുവളഞ്ഞകോൺപല്ല്; 2. ആനയുടെ കൊമ്പുപോലെ പുറത്തേയ്ക്കു നീണ്ടുവളർന്ന കോൺപല്ല്, പന്നിയുടെ തേറ്റ; 3. വിഷപ്പല്ല്
ദംഷ്ട്രായുധം [സം.] നാ. 'തേറ്റ ആയുധമായുള്ളത്', പന്നി
ദംഷ്ട്രാലൻ [സം.] നാ. ദംഷ്ട്രകൾ ഉള്ളവൻ
ദംഷ്ട്രി [സം.] നാ. 1. ദംഷ്ട്രകൾ ഉള്ളത്; 2. പന്നി; 3. കടുവ, സിംഹം തുടങ്ങിയവ; 4. പാമ്പ്; 5. എലി
ദമക [സം.] വി. ദമനം ചെയ്യുന്ന, അടക്കുന്ന
ദമകർത്താ [സം.] നാ. ഭരണാധികാരി
ദമഥം [സം.] നാ. 1. വികാരനിയന്ത്രണം, ആത്മനിയന്ത്രണം; 2. ദണ്ഡം, ദണ്ഡനം

ദമൻ [സം.] നാ. (നളകഥയിലെ) ദമയന്തിയുടെ ഒരു സഹോദരൻ; 2. വിഷ്ണു; 3. ഒരു പൗരാണിക മഹർഷി; 4. ബുദ്ധൻ; 5. (പുരാണ) മരുത്തിൻെറ പൗത്രൻ
ദമന [സം.] വി. അടക്കുന്ന, കീഴ്പ്പെടുത്തുന്ന
ദമനകം [സം.] നാ. 1. മക്കിപ്പൂവ്; 2. കൊഴുന്ത്; 3. ഉലുവ
ദമനൻ [സം.] നാ. 1. യോദ്ധാവ്; 2. ദമയന്തിയുടെ ഒരു സഹോദരൻ
ദമനം [സം.] നാ. 1. അടക്കൽ, അമർത്തൽ; 2. ദണ്ഡനം, ശിക്ഷ; 3. വധം; 4. കുരുക്കുത്തിമുല്ല; 5. കൊടുവേലി; 6. മക്കിപ്പൂവ്
ദമനീയ [സം.] വി. ദമനം ചെയ്യേണ്ടതായ
ദമം [സം.] നാ. 1. അടക്കം, ഇന്ദ്രിയനിഗ്രഹം, ബാഹേന്ദ്രിയങ്ങളെ കർമത്തിൽനിന്നും വിമുക്തമാക്കൽ; 2. ഒരു ദണ്ഡനോപായം; 3. ദണ്ഡിക്കൽ, ശിക്ഷിക്കൽ; 4. പ്രായശ്ചിത്തം; 5. ചെളി; 6. വീട്; 7. മക്കിപ്പൂവ്
ദമയന്തി [സം.] നാ. 1. നളകഥയിലെ കഥാനായിക, നിഷധരാജാവായ നളൻെറ പത്നി, വിദർഭരാജാവായ ഭീമൻെറ മകൾ; 2. മുല്ല
ദമയിതാ [സം.] നാ. 1. ശിക്ഷിക്കുന്നവൻ, ശാസിക്കുന്നവൻ; 2. വിഷ്ണു; 3. ശിവൻ
ദമി [സം.] നാ. 1. ദമമുള്ളവൻ; 2. മറ്റുള്ളവരെ അടക്കുന്നവൻ
ദമിക്കുക [<സം.ദമ്] ക്രി. ശമിപ്പിക്കുക, അടങ്ങുക
ദമിത[സം.] വി. അടക്കപ്പെട്ട
ദമിതൻ [സം.] നാ. അടക്കപ്പെട്ടവൻ
ദമിളം [പ്രാ.ദമില] നാ. ദ്രാവിഡനാട്
ദമ്പടി [ഹി.ദമ്രീ] നാ. ചില്ലിക്കാശ്
ദമ്പതി [സം.] നാ. 1. ഭാര്യാഭർത്താക്കന്മാർ; 2. ഗൃഹത്തിൻെറ അധിപനായ വ്യക്തി
ദമ്പിടി നാ. = ദമ്പടി
ദമ്യ [സം.] വി. അടക്കാവുന്ന
ദമ്യം [സം.] നാ. 1. കാള; 2. മെരുക്കിപണിയെടുപ്പിക്കാൻ പ്രയാസമുള്ള ആന
ദയ [സം.] നാ. 1. അന്യരുടെ ദു:ഖത്തിൽ ഉണ്ടാകുന്ന മനസ്സിൻെറ അലിവ്, കരുണ, കനിവ്; 2. ദക്ഷൻെറ ഒരു പുത്രി, ധർമരാജാവിൻെറ പത്നി
ദയനീയ [സം.] വി. ദയതോന്നിക്കത്തക്ക
ദയറാ [<സുറി] നാ. ക്രൈസ്തവസന്ന്യാസികൾ താമസിക്കുന്ന സ്ഥലം
ദയാകര [സം.] വി. ദയയുള്ള
ദയാകുടൻ [സം.] നാ. ബുദ്ധൻ
ദയാനിധി [സം.] നാ. ദയയ്ക്ക് ഇരിപ്പിടം ആയ ആൾ
ദയാപരൻ [സം.] നാ. ദയയുള്ളവൻ
ദയാർദ്ര [സം.] വി. ദയകൊണ്ട് അലിഞ്ഞ, ദയയുള്ള
903
ദയാലു [സം.] നാ. ദയയുള്ള ആൾ
ദയാവാൻ [സം.] നാ. ദയയുള്ളവൻ (സ്ത്രീ) ദയാവതി
ദയാവീരൻ [സം.] നാ. കാരുണ്യം കാണിക്കുന്നതിൽ ഒരു നഷ്ടവും പരിഗണിക്കാത്തവൻ

ദയാഹർജി [സം.-അറ] നാ. കോടതിവിധിച്ചശിക്ഷയിൽ ഇളവ് അനുവദിച്ചുകിട്ടാൻ പരമോന്നതാധികാരിയുടെ മുമ്പിൽ സമർപ്പിക്കുന്ന സങ്കടഹർജി
ദയിത1 [സം.] നാ. പ്രിയപ്പെട്ടവൾ, ഭാര്യ
ദയിത2 [സം.] വി. 1. പ്രിയപ്പെട്ട; 2. സംരക്ഷിക്കപ്പെട്ട
ദയിതൻ [സം.] നാ. പ്രിയപ്പെട്ടവൻ, ഭർത്താവ്
ദർപ്പിക്കുക [<സം.] ക്രി. അഹങ്കരിക്കുക
ദർപ്പിത [സം.] വി. അഹങ്കരിച്ച
ദർബാൻ [പേർ.] നാ. ദ്വാരപാലകൻ
ദർബാർ [പേർ.] നാ. രാജസഭ; 2. ധൂർത്ത്
ദർഭ [സം.] നാ. ഒരിനം പുല്ല്, അറ്റം സൂചിപോലെ കൂർത്ത ഇലകളോടുകൂടിയത്
ദർഭകുസുമം [സം.] നാ. ആമാശയത്തിലുണ്ടാകുന്ന ഒരിനം കൃമി
ദർഭടം [സം.] നാ. വിശ്രമമുറി
ദർഭദാമം [സം.] നാ. ദർഭപ്പുല്ലു പിരിച്ചുണ്ടാക്കിയ കയറ്
ദർഭസംസ്തരം [സം.] നാ. ദർഭവിരിച്ചത്
ദർഭാങ്കുരം [സം.] നാ. ദർഭപ്പുല്ലിൻെറ നാമ്പ്
ദർഭാഹ്വയം [സം.] നാ. മൂഞ്ഞപ്പുല്ല്
ദർഭോദകം [സം.] നാ. ദർഭകൊണ്ട് തളിക്കുന്ന ജലം
ദർമ [സം.] വി. 1. നശിപ്പിക്കുന്ന; 2. പിളർക്കുന്ന, കീറുന്നാത്തിൻെറ വ്യാപ്തി

ദർവൻ [സം.] നാ. ഉപദ്രവകാരി, ക്രൂരൻ; 2. രാക്ഷസൻ
ദർവം [സം.] നാ. 1. തവി; 2. പാമ്പിൻെറ പത്തി, പരിക്ക്
ദർവരീകം [സം.] നാ. 1. ഒരു വാദ്യോപകരണം; 2. വായു; 3. തീ
ദർവരീകൻ [സം.] നാ. ഇന്ദ്രൻ
ദർവി[സം.] നാ. 1. തവി; 2. പുരാണപ്രസ്തുതമായ ഒരു ദേശം; 3. പാമ്പിൻെറ പത്തി
ദർവിക [സം.] നാ. 1. തവി, ചട്ടുകം; 2. കൊഴുപ്പ്; 3. കൺമഷി; 4. പാമ്പിൻെറ പത്തി
ദർവീകരം [സം.] നാ. മൂർഖൻ പാമ്പ്
ദർവീലേപം [സം.] നാ. (ആയുർ) എണ്ണകാച്ചുമ്പോൾ എണ്ണതവിയിൽ പറ്റിയിരിക്കുന്ന പാകം
ദർവേശ്,ദർവേഷ് [<പേർ] നാ. മുസ്ലിം സന്ന്യാസി, ഫക്കീർ
ദർശക [സം.] നാ. 1. കാട്ടുന്ന, ചൂണ്ടിക്കാട്ടുന്ന; 2. വഴികാണിക്കുന്ന; 3. പരിശോധിക്കുന്ന
ദർശകൻ [സം.] നാ. 1. പരിശോധകൻ; 2. വഴികാട്ടി; 3. ദ്വാരപാലകൻ; 4. ഗുരു; 5. വിദ്വാൻ; 6. കാണിക്കുന്നവൻ
ദർശനകാരൻ [സം.] നാ. ഒരു ദർശനവിശേഷം ആവിഷ്ക്കരിക്കുന്നവൻ
ദർശാപഥം [സം.] നാ. കാഴ്ചയിൽപ്പെടുന്ന മേഖല, നോട്ടം പതിയുന്ന ദൂരം
ദർശനപ്രതിഭൂ [സം.] നാ. പ്രതിയെ കാണിച്ചുതരാമെന്ന് ഏൽക്കുന്ന ജാമ്യക്കാരൻ
ദർശനവ്യാപ്തി [സം.] നാ. 1. നോട്ടം എത്തുന്ന ദൂരം, കാഴ്ചപ്പാട്; 2. അറിവിൻെറ പരിധി, ജ്ഞാനത്തിൻെറവ്യാപ്തി

ദർശനം [സം.] നാ. 1. കാണൽ, കാഴ്ച, നോക്കൽ; 2. കണ്ടറിയൽ, ഭാവനയിൽകാണൽ, അനുഭവിച്ചറിയൽ; 3. പ്രപഞ്ചത്തെ കണ്ടെത്തൽ, ഏകവും പരമവുമായ സത്യത്തിൻെറ ബഹി:സ്ഫുരണമെന്ന നിലയിൽ പ്രപഞ്ചത്തെ അറിയൽ, അപ്രകാരം പ്രപഞ്ചത്തെ വ്യാഖ്യാനിക്കൽ; 4. തത്ത്വശാസ്ത്രം, പ്രപഞ്ചയാഥാർഥ്യങ്ങളുടെ സമഗ്രവും യുക്തി സഹവുമായ വിശദീകരണം, അപ്രകാരം വിശദീകരിക്കുന്നതിന് അടിസ്ഥാനമായിവർത്തിക്കുന്ന സവിശേഷമായ ഒരു കണ്ടെത്തലോ വീക്ഷണഗതിയോ; 5. കണ്ണാടി, ദർപ്പണം; 6. കണ്ണ്; 7. വീടിൻെറയും മറ്റും കാഴ്ചപ്പുറം, മുൻവശം ഏതുദിശയിലേയ്ക്കു തിരിഞ്ഞിരിക്കുന്നു എന്നത്; 8. കാഴ്ചദ്രവ്യം; 9. ദിക്ക്, ദിശ; 10. ഒരു ഉപനിഷത്ത്; 11. ധർമം

ദർശനീയ [സം.] വി. 1. കാണേണ്ടതായ, കാണാൻ യോഗ്യമായ, കാണാവുന്ന; 2. സുന്ദരമായ; 3. കോടതിയിൽ ഹാജരാക്കപ്പെടേണ്ട

ദർശം [സം.] നാ. കറുത്തവാവ്

ദർശയിതാ [സം.] നാ. 1. കാണിക്കുന്നവൻ; 2. കാവൽക്കാരൻ. (സ്ത്രീ) ദർശയിത്രി

ദർശരാത്രി [സം.] നാ. കറുത്തവാവിൻ നാളത്തെ രാത്രി

ദർശശ്രാദ്ധം [സം.] നാ. കറുത്തവാവുദിവസം നടത്തുന്ന ശ്രാദ്ധം

ദർശാന്തചന്ദ്രൻ [സം.] നാ. കറുത്തവാവുകഴിഞ്ഞുവരുന്ന ചന്ദ്രൻ

ദർശി[സം.] നാ. (സമാസത്തിൽ) കാണുന്നവൻ, അറിയുന്നവൻ. ഉദാ: ദീർഘദർശി

ദർശിക്കുക [<സം.] ക്രി. കാണുക, നോക്കുക, കണ്ടറിയുക, മനസ്സിൽകാണുക

ദർശിത [സം.] വി. കാണപ്പെട്ട

ദർശേഷ്ടി [സം.] നാ. കറുത്തവാവുദിവസം ചെയ്യുന്ന യജ്ഞം

ദര1 [സം.] വി. (സമാസത്തിൽ) കീറുന്ന, പിളർക്കുന്ന

ദര2 [സം.] നാ. കുഴി, ഗുഹ

ദരണം [സം.] പിളർക്കൽ, കീറൽ

ദരണി [സം.] നാ. 1. ഒഴുക്ക്; 2. നീർച്ചുഴി; 3. വെള്ളത്തിര

ദരതിമിരം [സം.] നാ. ഭയമുണ്ടാക്കുന്ന ഇരുട്ട്

ദരത്ത് [സം.] നാ. 1. ഹൃദയം; 2. ഭയം; 3. പർവതം; 4. നദീതീരം; 5. കിഴുക്കാംതൂക്കായ പ്രദേശം

ദരദ [സം.] വി. ഭയം ജനിപ്പിക്കുന്ന

ദരദം [സം.] നാ. 1. ഭയം; 2. ചായില്യം; 3. ഒരിനം സർപ്പം

ദരം1 [സം.] അവ്യ. കുറച്ച്, അൽപം

ദരം2 [സം.] നാ. 1. കീറൽ, വിള്ളൽ; 2. പേടി; 3. ശങ്ഖ്; 4. ഗുഹ; 5. പൊക്കിൾ; 6. വിഷം

ദരസ്മേരം [സം.] നാ. മന്ദസ്മിതം

ദരി [സം.] നാ. മലയുടെ പിളർപ്പ്, ഗുഹ

ദരിജി [<പേർ.] നാ. തുന്നൽക്കാരൻ

ദരിത[സം.] വി. 1. ഭയപ്പെട്ട; 2. ഭയമുള്ള, ധൈര്യമില്ലാത്ത; 3. ചീന്തപ്പെട്ട

ദരിദ്ര1 [സം.] വി. പാവപ്പെട്ട, സമ്പത്തില്ലാത്ത

ദരിദ്ര2 [സം.] നാ. ദരിദ്രയായ സ്ത്രീ

ദരിദ്രത [സം.] നാ. ദാരിദ്ര്യം

ദരിദ്രൻ [സം.] നാ. 1. ദാരിദ്ര്യം അനുഭവിക്കുന്നവൻ, പാവപ്പെട്ടവൻ; 2. (പുരാണ) ഒരു യാദവൻ, ദുന്ദുഭിയുടെ പുത്രൻ
ദരിദ്രം [സം.] നാ. സമ്പത്തില്ലാതായത്, ദുർഗതിയെ പ്രാപിച്ചത്
ദരിയ[<പേർ.] നാ. 1. സമുദ്രം; 2. നദി
ദലജം [സം.] നാ. തേൻ
ദലന[സം.] വി. പിളർക്കുന്ന, പൊട്ടിക്കുന്ന
ദലനം [സം.] നാ. 1. മുറിക്കൽ, പിളർക്കൽ; 2. നശിപ്പിക്കൽ
ദലനി [സം.] നാ. മൺകട്ട
ദലപം [സം.] നാ. 1. ആയുധം; 2. സ്വർണം; 3. ശാസ്ത്രം
ദലപതി [സം.] നാ. = ദളപതി
ദലം [സം.] നാ. 1. ഇല, തളിരില; 2. ഇതൾ; 3. അംശം, ഭാഗം, കഷണം; 4. പകുതി; 5. കൂമ്പാരം, കൂന; 6. സമൂഹം, സങ്ഘം, കുപ്പിണി
ദലസൂചി [സം.] നാ. മുള്ള്
ദലാഢകൻ [സം.] നാ. 1. ശൂദ്രൻ; 2. ഗ്രാമത്തലവൻ
ദലാഢകം [സം.] നാ. 1. കടൽനുര; 2. നെന്മേനിവാക; 3. നാകപ്പൂവ്; 4. കൊടുങ്കാറ്റ്; 5. ആനയുടെ ചെവി; 6. കാവിമണ്ണ്; 7. കിടങ്ങ്; 8. കുരുക്കുത്തിമുല്ല; 9. കടൽനാക്ക്; 10. കാട്ടെള്ള്; 11. കുടപ്പായൽ
ദലാഹ്വം [സം.] നാ. പച്ചില
ദലികം [സം.] നാ. 1. തടി; 2. മരക്കഷണം
ദലിത [സം.] വി. 1. ദലനം ചെയ്യപ്പെട്ട; 2. തുറക്കപ്പെട്ട, വികസിച്ച; 3. പീഡിപ്പിക്കപ്പെട്ട
ദലീൽ [<അറ] നാ. തെളിവ്, വിശദീകരണം
ദല്ഭ [സം.] നാ. 1. ചതി; 2. ചക്രം; 3. പാപം
ദല്മി[സം.] നാ. 1. ശിവൻ; 2. ഇന്ദ്രൻ; 3. വജ്രായുധം
ദല്ലാൽ, -ൾ [അറ.] നാ. 1. പ്രതിഫലത്തിനുവേണ്ടി കച്ചവടത്തിൽ ഇടനിൽക്കുന്നവൻ; 2. ഇടനിലവിഹിതം
ദല്ലാലി നാ. ദല്ലാൽ
ദവഥു [സം.] നാ. 1. തീയ്, അഗ്നി; 2. ചൂട്; 3. വേദന, താപം, ഉത്കണ്ഠ; 4. കണ്ണിനുണ്ടാകുന്ന വീക്കം; 5. കോപം
ദവം [സം.] നാ. 1. കാട്; 2. കാട്ടുതീ; 3. തീയ്; 4. ചൂട്; 5. പനി; 6. വേദന; 7. കുതിര
ദവാഗ്നി [സം.] നാ. കാട്ടുതീ
ദവിൽ നാ. ഒരുതരം ചെറിയ ചെണ്ട, തകിൽ
ദവിഷ്ഠ [സം.] വി. ഏറ്റവും അകലെയുള്ള
ദവിഷ്ഠം [സം.] അവ്യ. വളരെ അകലെ
ദവീയസ്സ് [സം.] വി. മറ്റൊന്നിനെ അപേക്ഷിച്ചു കൂടുതൽ അകലെയുള്ളത്
ദശ1 [സം.] വി. പത്ത്
ദശ2 [സം.] നാ. 1. ഒരു കാലഘട്ടം, അവസ്ഥ; 2. ജീവിതത്തിലെ ഒരു പ്രത്യേകഘട്ടം; 3. മനുഷ്യന്റെ ജീവിതത്തിൽ നവഗ്രഹങ്ങളിൽ ഓരോന്നും ആധിപത്യം വഹിക്കുന്നകാലം; 4. മനസ്സിന്റെ ഒരവസ്ഥ; 5. വസ്ത്രത്തിന്റെ അറ്റം, വസ്ത്രത്തിന്റെ

വക്കിലുള്ള തൊങ്ങൽ; 6. വിളക്കിൻെറ തിരി; 7. (പുരാണ) ഉശീനരൻെറ ഭാര്യ, സുവ്രതൻെറ അമ്മ; 8. ഒരു സംസ്കൃതവൃത്തം
ദശ3 നാ. 1. മാംസം; 2. ഫലങ്ങളുടെ മാംസളമായഭാഗം
ദശക [സം.] വി. 1. പത്തുസങ്ഖ്യയുള്ള; 2. ദശാംശമായ
ദശകണ്ഠൻ [സം.] നാ. രാവണൻ
ദശകം [സം.] നാ. 1. പത്തെണ്ണമുൾക്കൊള്ളുന്ന ഒരു കൂട്ടം; 2. പത്തുവർഷക്കാലം; 3. പത്തുശ്ലോകമടങ്ങിയ നിബന്ധം
ദശകോണം [സം.] നാ. പത്തുകോണുകളുള്ളത്
ദശഗണദേവതകൾ [സം.] നാ. (ബ.വ.) വിശ്വദേവന്മാർ (വസു, സത്യൻ, ക്രതു, ദക്ഷൻ, കാലൻ, കാമൻ, ധൃതി, കുരു, പുരുരവസ്സ്, മാദ്രവാവ് എന്നിവർ)
ദശഗുണം [സം.] അവ്യ. പത്തിരട്ടി
ദശതയ [സം.] വി. പത്തുഭാഗങ്ങളുള്ള, പത്തുമടങ്ങായ
ദശതാലം [സം.] നാ. 1. ഒരു അളവ്, ഒരു പുരുഷൻെറ ഉയരത്തെ ആസ്പദമാക്കി കണക്കാക്കുന്നത്, ഒരു പഴയ അളവുകോൽ; 2. മുഖയാമത്തിൻെറ പത്തിരട്ടി പൊക്കമുള്ള വിഗ്രഹം
ദശധാ [സം.] അവ്യ. പത്തുതരത്തിൽ, പത്തുഭാഗങ്ങളായി
ദശനപദം [സം.] നാ. 1. കടിയേറ്റപാട്; 2. കടിവായ്
ദശനരാഗം [സം.] നാ. പല്ലുകളുടെ ഭങ്ഗി വർധിപ്പിക്കുന്നതിനുവേണ്ടിയുള്ള ഒരു സംസ്കരണം
ദശനവസനം [സം.] നാ. ദന്തച്ഛദം
ദശനാങ്കം [സം.] നാ. കടിയേറ്റപാട്
ദശനാമികൾ [സം.] നാ. (ബ.വ.) പത്തുപേരുകളിൽ അറിയപ്പെടുന്ന സന്ന്യാസികളുടെ സങ്ഘങ്ങളിൽപെട്ടവർ
ദശനോച്ഛിഷ്ടം നാ. 1. ചുണ്ട്; 2. ചുംബനം; 3. നെടുവീർപ്പ്
ദശപദം [സം.] നാ. പത്തുചുവട് സമചതുരത്തിലുണ്ടാക്കുന്ന മൺതറ, സോമയാഗത്തിനു ഒരുക്കുന്നത്
ദശപദ്മൻ [സം.] നാ. താമരപ്പൂവിൻെറ നിറത്തോടുകൂടിയ പത്ത് അവയവങ്ങൾ ഉള്ളവൻ
ദശപാപങ്ങൾ [സം.] നാ. (ബ.വ.) പത്തു പ്രധാന പാപങ്ങൾ (ഹിംസ, മോഷണം, അനർഹമായ വിഷയാഗ്രഹം, പൈശൂന്യം, പരുഷം, വ്യാജം, അസംബന്ധപ്രലാപം, ദ്രോഹചിന്ത, പരധനേച്ഛ, നാസ്തികബുദ്ധി എന്നിവ)
ദശപുഷ്പം [സം.] നാ. പത്തിനം പൂക്കൾ
ദശപേയം [സം.] നാ. രാജസൂയത്തിൻെറ ഭാഗമായ ഒരു ചടങ്ങ്
ദശപ്രയുതം [സം.] നാ. ഒരു കോടി
ദശപ്രാണങ്ങൾ [സം.] നാ. (ബ.വ.) 1. ദശവായുക്കൾ; 2. (സങ്ഗീ) താളത്തിൻെറ പത്തു ഘടകങ്ങൾ
ദശബന്ധം [സം.] നാ. 1. പത്തിരട്ടി; 2. പത്തിലൊരുഭാഗം
ദശബാഹു [സം.] നാ. ശിവൻ
ദശഭുജ [സം.] നാ. ദുർഗ
ദശഭുജം [സം.] നാ. (ക്ഷേത്ര) ദശകോണം
ദശമ [സം.] വി. പത്താമത്തെ

ദശമം [സം.] നാ. 1. പത്താമത്തേത്; 2. പത്തിൽ ഒരുഭാഗം; 3. (ജ്യോ) പത്താമെടം; 4. ഭാഗവതത്തിലെ പത്താം സ്കന്ധം

ദശമാസ്യം [സം.] നാ. പത്തുമാസക്കാലം നീണ്ടുനിൽക്കുന്നത്

ദശമി[സം.] നാ. 1. പത്താമത്തെ തിഥി; 2. ആയുസ്സിൻെറ അവസാനത്തെ പത്തു വർഷം; 3. ഒരു ദശകത്തിൻെറ അവസാനത്തെ പത്തുവർഷം; 4. വളരെ പ്രായംചെണ്ണ ആൾ

ദശമീസ്ഥൻ [സം.] നാ. തൊണ്ണൂറുവയസ്സു കഴിഞ്ഞ വൃദ്ധൻ

ദശമുഖൻ [സം.] നാ. രാവണൻ

ദശമൂലം [സം.] നാ. കുമ്പിൾ കൂവളം മൂഞ്ഞ പാതിരി പലകപ്പയ്യാനി ഓരില മൂവില കറുത്തചുണ്ട വെളുത്തചുണ്ട ഞെരിഞ്ഞിൽ എന്നീ ഔഷധച്ചെടികളുടെ വേരുകൾ

ദശരഥൻ [സം.] നാ. 1. രാമായണകഥാപാത്രമായ അയോധ്യാരാജാവ്, അജൻെറ പുത്രൻ, ശ്രീരാമൻെറ പിതാവ്; 2. ചിത്രരഥൻെറ പുത്രൻ; 3. നവരതൻെറ പുത്രൻ

ദശരശ്മിശതൻ [സം.] നാ. സഹസ്രരശ്മി, സൂര്യൻ

ദശരാത്രം [സം.] നാ. 1. പത്തുരാത്രിചേർന്ന കാലം; 2. പത്തുരാത്രി നീണ്ടുനിൽക്കുന്ന ഒരു യജ്ഞം

ദശരൂപകങ്ങൾ [സം.] നാ. (ബ.വ.) (നാട്യ) പത്തുതരം രൂപകങ്ങൾ (നാടകം, പ്രകരണം, ഭാണം, പ്രഹസനം, ഡിമം, വ്യായോഗം, സമവകാരം, വീഥി, അങ്കം, ഈഹാമൃഗം)

ദശവാജി [സം.] നാ. 'പത്തുകുതിരകളുള്ളവൻ', ചന്ദ്രൻ

ദശവായുക്കൾ [സം.] നാ. (ബ.വ.) ശരീരത്തിൽ വ്യാപരിക്കുന്ന പത്തു വായുക്കൾ (പ്രാണൻ, അപാനൻ, ഉദാനൻ, വ്യാനൻ, സമാനൻ, നാഗൻ, കൂർമൻ, കൃകലൻ, ദേവദത്തൻ, ധനഞ്ജയൻ)

ദശവാർഷിക [സം.] വി. 1. പത്തുവർഷത്തിലൊരിക്കൽ ഉണ്ടാകുന്ന; 2. പത്തുവർഷം നിലനിൽക്കുന്ന

ദശവൈരാഗ്യം [സം.] നാ. പത്തുവിഷയങ്ങളിലുള്ള വിരക്തി

ദശവ്യസനങ്ങൾ [സം.] നാ. (ബ.വ.) ദു:ഖമുണ്ടാക്കുന്ന പത്തുകാര്യങ്ങൾ (സ്ത്രീ, ദ്യൂതം, നായാട്ട്, മദ്യം, നൃത്യം, ദീതം, വാദ്യം, അലഞ്ഞുനടക്കൽ, പരദൂഷണം, മനോരാജ്യം എന്നിവ).

905

ദശവ്യൂഹൻ [സം.] നാ. പത്ത് അവയവങ്ങൾക്കു വിസ്താരമുള്ളവൻ

ദശശതം [സം.] നാ. 1. ആയിരം; 2. നൂറ്റിപ്പത്ത്

ദശശതനയനൻ [സം.] നാ. ആയിരം കണ്ണുള്ളവൻ, ഇന്ദ്രൻ

ദശശതഫണി [സം.] നാ. ആയിരം ഫണങ്ങളുള്ളവൻ, അനന്തൻ എന്ന സർപ്പം

ദശശതരശ്മി [സം.] നാ. സൂര്യൻ

ദശശതി [സം.] നാ. ആയിരം

ദശശീലങ്ങൾ [സം.] നാ. (ജൈനരുടെ) പത്ത് അനുഷ്ഠാനങ്ങൾ (അഹിംസ, സത്യം, അസ്തേയം, ബ്രഹ്മചര്യം, അസങ്ഗ്രഹം, രാത്രിയിൽ അന്ന വർജനം, സുഗന്ധദ്രവ്യപരിത്യാഗം, വെറുംനിലത്തു പായിന്മേൽ ശയനം, നൃത്തഗീതാദികളിൽ അനാസ്ഥ, സ്വർണരജതാദികളിൽ ആഗ്രഹമില്ലായ്മ എന്നിവ)

ദശസാഹസ്രം [സം.] നാ. പതിനായിരം

ദശഹര [സം.] നാ. 1. ഗങ്ഗാനദി; 2. മിഥുനമാസത്തിലെ ശുക്ലദശമി; 3. ദുർഗാരാധനയുടെഭാഗമായി ആശ്വിനമാസം പത്താംനാൾ ആഘോഷിക്കുന്ന ഒരു ഉത്സവം, ദസ്ര
ദശാകാലം [സം.] നാ. 1. (ജ്യോ) പുരുഷായുസ്സിൽ ഒരു ഗ്രഹത്തിൻെറ ആധിപത്യമുള്ള കാലം; 2. ജീവിതത്തിൻെറ ഒരു കാലഘട്ടം
ദശാങ്ഗധൂപം [സം.] നാ. പത്തു സുഗന്ധവസ്തുക്കൾ ചേർത്തുണ്ടാക്കുന്ന ധൂപക്കൂട്ട്
ദശാങ്ഗലേപം [സം.] നാ. (വൈദ്യ) പത്തുമരുന്നുകൾ ചേർത്തുണ്ടാക്കുന്ന ഒരു ലേപനൗഷധം
ദശാദോഷം [സം.] നാ. (ജ്യോ) ആയുസ്സിൽ ഒരു ഗ്രഹത്തിൻെറ ആധിപത്യകാലത്തുണ്ടാകുമെന്നു കരുതപ്പെടുന്ന അനിർവാര്യദോഷങ്ങൾ, ഗ്രഹപ്പിഴ
ദശാധിപതി1 [സം.] നാ. (ജ്യോ) ഒരു ദശയുടെ അധിപതിയായ ഗ്രഹം; 2. സൂര്യൻ
ദശാധിപതി2 [സം.] നാ. പത്തുപേരുടെ നായകൻ
ദശാനനൻ നാ. ദശമുഖൻ, രാവണൻ
ദശാന്തം നാ. 1. (ജ്യോ) ദശയുടെ അവസാനം; 2. ജീവിതാവസാനം; 3. തിരിയുടെ അറ്റം
ദശാന്തരം നാ. 1. അവസരം, സന്ദർഭം; 2. മറ്റൊരുദശ; 3. രണ്ടുദശകളുടെ ഇട
ദശാപരിണാമം നാ. 1. ഒരു ജീവിതദശയിൽനിന്നു മറ്റൊന്നിലേക്കുള്ള മാറ്റം; 2. അവസ്ഥയിലുള്ള മാറ്റം; 3. ഒരു കാലഘട്ടത്തിൽനിന്നു മറ്റൊന്നിലേക്കുള്ള മാറ്റം
ദശാപവിത്രം നാ. അരിക്കാൻ ഉപയോഗിക്കുന്ന തുണി
ദശാപഹാരം നാ. (ജ്യോ) ഒരുഗ്രഹത്തിൻെറ ദശയിൽ ആഗ്രഹത്തോടൊപ്പം മറ്റൊരുഗ്രഹവും ആധിപത്യം ചെലുത്തുന്ന കാലഘട്ടങ്ങൾ
ദശാബ്ദം നാ. പത്തുവർഷക്കാലം
ദശാംശകം നാ. (ജ്യോ) ഒരു രാശിയുടെ പത്തിലൊരംശം
ദശാംശബിന്ദു നാ. 1. (ഗണിത) ദശാംശരൂപത്തിൽ സങ്ഖ്യരേഖപ്പെടുത്തുമ്പോൾ ഒറ്റയുടെസ്ഥാനത്തുവരുന്ന പൂർണസങ്ഖ്യയ്ക്കും അതിൻെറ വലതുവശത്തെ അംശസങ്ഖ്യയ്ക്കും ഇടയിൽ അടയാളപ്പെടുത്തുന്ന ബിന്ദു; 2. വിളക്ക്
ദശാംശഭിന്നം നാ. ദശാംശഗണിതപ്രകാരമുള്ള ഭിന്നം
ദശാംശം നാ. 1. പത്തിലൊരുഭാഗം; 2. (ഗണിത) പത്തുഗുണിതങ്ങളായുള്ള സങ്ഖ്യാഗണന; 3. (ജ്യോ) ഒരു ദശയുടെ പത്തിലൊരംശം

ദശാമയൻ [സം.] നാ. രുദ്രൻ
ദശായാം [സം.] അവ്യ. സമയത്ത്, അവസരത്തിൽ
ദശാർഹൻ [സം.] നാ. 1. യദുവംശത്തിൽപ്പെട്ടവൻ; 2. ശ്രീകൃഷ്ണൻ; 3. ബുദ്ധൻ
ദശാവതാരങ്ങൾ [സം.] നാ. (ബ.വ.)(പുരാണ) മഹാവിഷ്ണുവിൻെറ പത്ത് അവതാരങ്ങൾ (മത്സ്യം, കൂർമം, വരാഹം, നരസിംഹം, വാമനൻ, പരശുരാമൻ, ശ്രീരാമൻ, ബലരാമൻ, ശ്രീകൃഷ്ണൻ, കല്കി)
ദശാവിപര്യാസം നാ. ഭാഗ്യദോഷം
ദശാശ്വൻ നാ. 1. ചന്ദ്രൻ; 2. (പുരാണ) ഇക്ഷ്വാകുവിൻെറ പത്താമത്തെ പുത്രൻ

ദശാസന്ധി നാ. 1. (ജ്യോ) ഒരു ദശയവസാനിച്ച് അടുത്തദശതുടങ്ങുന്ന സമയം; 2. ഒരു കാലഘട്ടം അവസാനിക്കുകയും അടുത്തത് ആരംഭിക്കുകയും ചെയ്യുന്ന ഘട്ടം
ദശാസ്യൻ നാ. രാവണൻ
ദശാസ്രം നാ. പത്തുവശങ്ങളുള്ളത്
ദശാഹം നാ. 1. പത്തുദിവസം; 2. മരണശേഷം പത്താംനാൾ ബന്ധുക്കൾ നടത്തുന്ന കർമം
ദശേന്ദ്രിയങ്ങൾ നാ. (ബ.വ.) പത്ത് ഇന്ദ്രിയങ്ങൾ (അഞ്ചു ജ്ഞാനേന്ദ്രിയങ്ങളും അഞ്ചുകർമേന്ദ്രിയങ്ങളും)
ദശേരം നാ. 1. കടിക്കുന്ന വിഷജന്തു; 2. ഹിംസ്രമൃഗം
ദശേശൻ നാ. (ജ്യോ) ദശാധിപതി
ദശോപചാരങ്ങൾ നാ. (ബ.വ.) അതിഥിക്കുനൽകേണ്ട പത്തുവിധ ഉപചാരങ്ങൾ
ദശോപനിഷത്തുകൾ നാ. (ബ.വ) പ്രധാനപ്പെട്ട പത്തുപനിഷത്തുകൾ (ഈശം, കേനം, കഠം, പ്രശ്നം, മുണ്ഡം, മാണ്ഡുക്യം, തിത്തിരം, ഐതരേയം, ഛാന്ദോഗ്യം, ബൃഹദാരണ്യകം ഇവ)
ദഷ്ട വി. ദംശിക്കപ്പെട്ട, കടിക്കപ്പെട്ട
ദഷ്ടം നാ. 1. കടിവായ്, കടിയേറ്റുണ്ടായ മുറിവ്; 2. (നാട്യ) ചുണ്ടുകടിക്കൽ
ദസനം [സം.] നാ. 1. പാഴാക്കൽ; 2. ദൂരെക്കളയൽ, പിരിച്ചുവിടൽ
ദസറ[<സം.] നാ. ദുർഗാരാധനയുടെഭാഗമായി നടത്തുന്ന ഒരു ഉത്സവം. അശ്വിനമാസത്തിലെ ശുക്ലപക്ഷത്തിൽ പത്താംദിവസമായ വിജയദശമിനാളിൽ ആഘോഷിക്കുന്നത്
ദസ്ത1 വി. 1. ഉപേക്ഷിക്കപ്പെട്ട; 2. നശിച്ച; 3. എറിയപ്പെട്ട; 4. പിരിച്ചുവിടപ്പെട്ട
ദസ്ത2 [പോർ.] നാ. ഒരു ക്വയർ കടലാസ്സ്
ദസ്താവേജ് [പേർ.] നാ. 1. പ്രമാണം; 2. സാക്ഷ്യപത്രം
ദസ്തു [<പേർ.] നാ. മിച്ചം
ദസ്തൂരി [പേർ.] നാ. 1. കൈയിൽവച്ചുകൊടുക്കുന്ന സമ്മാനം; 2. കോർട്ടുഫീസ്
ദസ്മൻ നാ. 1. യജ്ഞം നടത്തുന്നവൻ; 2. അഗ്നി; 3. കള്ളൻ, തെമ്മാടി
ദസ്യു നാ. 1. പുറംജാതിക്കാരൻ; 2. കള്ളൻ; 3. അസുരൻ; 4. ക്രൂരൻ
ദസ്യുത നാ. ദസ്യുവിൻെറ സ്വഭാവം
ദസ്ര1 വി. 1. അദ്ഭുതകരമായ കൃത്യംചെയ്യുന്ന; 2. രോഗങ്ങളെ നശിപ്പിക്കുന്ന
ദസ്ര2 നാ. ദസറ
ദസ്ര3 [<പേർ.] നാ. രജിസ്റ്റർ
ദസ്രദേവന്മാർ നാ. അശ്വനീദേവന്മാർ
ദസ്രം1 നാ. 1. അശ്വതിനക്ഷത്രം
ദസ്രം2 നാ. 1. തണുപ്പുകാലം; 2. കഴുത
ദസ്രസു നാ. സൂര്യപത്നി, അശ്വനീദേവന്മാരുടെ മാതാവ്
ദഹനകേതനം നാ. തീപ്പുക
ദഹനക്കേട് നാ. ഭക്ഷിച്ച ആഹാരം ദഹിക്കാതിരിക്കൽ, അജീർണം

ദഹനൻ നാ. 1. ദഹിപ്പിക്കുന്നവൻ, അഗ്നിദേവൻ, അഗ്നി; 2. ദുഷ്ടൻ
ദഹനപ്രിയ നാ. അഗ്നിയുടെ ഭാര്യ, സ്വാഹ
ദഹനം നാ. 1. (മൃതശരീരം) ദഹിപ്പിക്കൽ; 2. ഉദരത്തിലെത്തുന്ന ഭക്ഷണപദാർഥങ്ങളെ രാസപ്രവർത്തനത്തിനുവിധേയമാക്കി ആവശ്യമായ ഘടകങ്ങളെ ശരീരത്തിൽ ഉൾക്കൊള്ളുന്ന പ്രക്രിയ; 3. മൂന്ന് എന്ന സങ്ഖ്യ; 4. പ്രാവ്; 5. ചേരുമരം; 6. കൊടുവേലി; 7. തേക്കിട; 8. കാർത്തിക നക്ഷത്രം
ദഹനസാരഥി നാ. വായു (തീ ജ്വലിക്കാൻ സഹായിക്കുന്നതിനാൽ)
ദഹനാരാതി നാ. അഗ്നിയുടെ ശത്രു, വെള്ളം
ദഹനീയ വി. ദഹിപ്പിക്കത്തക്ക
ദഹനേക്ഷണൻ നാ. ശിവൻ
ദഹനേന്ദ്രിയം നാ. ആഹാരം ദഹിപ്പിക്കുന്ന അവയവം
ദഹരൻ നാ. 1. ആൺകുട്ടി; 2. ഇളയസഹോദരൻ; 3. പ്രായംകുറഞ്ഞ മൃഗം; 4. എലി
ദഹിക്കുക ക്രി. 1. എരിയുക, കത്തി ചാമ്പലാവുക; 2. ഭക്ഷണപദാർഥങ്ങൾക്ക് ആമാശയത്തിൽവച്ചു രാസപ്രവർത്തനം സംഭവിക്കുകയും ശരീരത്തിന് ആവശ്യമായ ഘടകങ്ങൾ രക്തത്തിൽ കലരുകയും ചെയ്യുക; 3. മനസ്സിലാകുക
ദഹിപ്പിക്കുക ക്രി. ദഹനത്തിനുവിധേയമാക്കുക, ദഹനം നടത്തുക
ദഹ്യമാന വി. ദഹിക്കപ്പെടുന്ന
ദള്മത്തി,ദല്- [ല.] നാ. (ക്രിസ്തു) പട്ടക്കാരൻ വിശ്വകർമങ്ങളിൽ ധരിക്കുന്ന ഒരു ഔദ്യോഗികവസ്ത്രം
ദളനം നാ. ദലനം
ദളപതി നാ. സേനാനായകൻ
ദളം നാ. = ദലം
ദളവ നാ. 1. ദളത്തിൻെറ അധിപൻ, സേനാപതി; 2. മുൻകാലത്തു തിരുവിതാംകൂർരാജാവിൻെറ മന്ത്രിക്കു നൽകിയിരുന്ന സ്ഥാനപ്പേര്
ദളിത നാ. = ദലിത
ദറജ [അറ.] നാ. 1. (ക്ഷേത്ര) വൃത്തത്തിൻെറ 360-ൽ ഒരുഭാഗം, ഡിഗ്രി; 2. പദവി, സ്ഥാനം
ദറസ്[അറ.] നാ. പഠനം, പാഠം
ദാ1 ഇതാ എന്നതിൻെറ ചുരുങ്ങിയ രൂപം
ദാ2 നാ. 1. ചൂട്; 2. പശ്ചാത്താപം; 3. പ്രദാനംചെയ്യൽ; 4. രക്ഷണം
ദാകൻ നാ. 1. ദാനംചെയ്യുന്നവൻ, ദാതാവ്; 2. യജമാനൻ, ഋത്വിക്കുകൾക്കു ദാനംചെയ്യുന്ന ആൾ
ദാക്ഷായണൻ നാ. ദക്ഷൻെറ പുത്രൻ, ദക്ഷൻെറ വംശത്തിൽ പിറന്നവൻ
ദാക്ഷായണം നാ. 1. സ്വർണം; 2. സ്വർണാഭരണം
ദാക്ഷായണി നാ. 1. ദക്ഷൻെറ പുത്രി; 2. ദക്ഷപുത്രിയും ശിവപത്നിയുമായ സതി; 3. അദിതി; 4. ദിതി; 5. കദ്രു; 6. വിനത; 7. ഒരു ഔഷധച്ചെടി, ചെറിയദന്തി
ദാക്ഷായണീപതി നാ. 1. ചന്ദ്രൻ; 2. ശിവൻ
ദാക്ഷായണ്യൻ നാ. സൂര്യൻ
ദാക്ഷി1 നാ. 1. ദക്ഷൻെറ പുത്രി; 2. ദക്ഷൻെറ ഗോത്രത്തിൽ ജനിച്ച സ്ത്രീ; 3. വൈയാകരണനായ പാണിനിയുടെ അമ്മ

ദാക്ഷി2 നാ. ദക്ഷൻെറ പുത്രൻ
ദാക്ഷിണ വി. 1. ദക്ഷിണയെസംബന്ധിച്ച; 2. തെക്കുദിക്കിനെ സംബന്ധിച്ച
ദാക്ഷിണാത്യ വി. തെക്കുള്ള, തെക്കുവസിക്കുന്ന, തെക്കുനിന്നുവരുന്ന
ദാക്ഷിണ്യ വി. ദക്ഷിണയായി നൽകാവുന്ന
ദാക്ഷിണ്യം നാ. 1. ദക്ഷിണസ്വഭാവം; 2. പക്ഷപാതം; 3. സാമർഥ്യം; 4. യോജിപ്പ്; 5. കാമുകൻ ഔദാര്യം മൂലം നായികയെ വാക്കുകൊണ്ടും ചേഷ്ടകൊണ്ടും പ്രേമാതിശയത്തെ ബോധ്യപ്പെടുത്തൽ
ദാക്ഷിണ്യവാൻ നാ. ദാക്ഷിണ്യമുള്ളവൻ, ഉദാരൻ
ദക്ഷീപുത്രൻ നാ. വൈയാകരണനായ പാണിനി
ദാക്ഷ്യം നാ. ദക്ഷത, സാമർഥ്യം, കഴിവ്
ദാഘം നാ. ദഹനം
ദാഡകം നാ. 1. പല്ല്; 2. ആനക്കൊമ്പ്; 3. തേറ്റ
ദാഡിമ(ം) നാ. താളിമാതളം, അതിൻെറ ഫലം
ദാഢ നാ. 1. വലിയപല്ല്; 2. ആനക്കൊമ്പ്; 3. തേറ്റ; 4. കൂട്ടം; 5. ആഗ്രഹം
ദാഢിക നാ. താടിമീശ
ദാണം നാ. കൂടിയാട്ടത്തിലെ സ്വരിക്കൽ രീതികളിൽ ഒന്ന്, രാഗച്ഛായയുള്ള ഒരു സ്വരാലാപം
ദാണ്ടേ [ഇതാ-കണ്ടോ] വ്യാക്ഷേ ഇതാ, ഇവിടെത്തന്നെ, ഇങ്ങോട്ടുനോക്കു
ദാണ്ഡ [സം.] വി. 1. വടിയെ സംബന്ധിച്ച; 2. ശിക്ഷയെസംബന്ധിച്ച. നാ. കുട്ടിയും കോലും കളി
ദാണ്ഡികൻ നാ. ദണ്ഡിക്കുന്നവൻ, ശിക്ഷനടത്തുന്നവൻ
ദാത വി. 1. മുറിച്ച; 2. വിഭജിച്ച; 3. ശുചിയാക്കിയ, കഴുകിയ
ദാതവ്യ വി. 1. ദാനംചെയ്യത്തക്ക; 2. വിവാഹം കഴിച്ചുകൊടുക്കപ്പെടേണ്ട
ദാതാവ് നാ. 1. കൊടുക്കുന്നവൻ, തരുന്നവൻ; 2. ഉദാരൻ; 3. മുറിക്കുന്നവൻ; 4. അധ്യാപകൻ
ദാതൃത്വം നാ. ദാനശീലം, ദാതാവെന്ന അവസ്ഥ
ദാത്ത് [അറ] നാ. സത്ത
ദാത്യൂഹം നാ. 1. നത്ത്; 2. വേഴാമ്പൽ; 3. നീർകാക്ക
ദാത്രം നാ. 1. അരിയുന്നത്, അരിവാൾ, കത്തി; 2. ഓഹരി, ഭാഗം; 3. ദാനം, സംഭാവന; 4. ചതുരുപായങ്ങളിൽ രണ്ടാമത്തെത്, ദാനം
ദാത്രി നാ. കൊടുക്കുന്നവൾ
ദാധികം നാ. തൈരുചേർത്തു പാകപ്പെടുത്തിയ ചോറ്
ദാനം നാ. 1. കൊടുക്കൽ; 2. വിതരണംചെയ്യൽ; 3. കൈമാറൽ; 4. കൊടുത്തവസ്തു; 5. ചതുരുപായങ്ങളിൽ രണ്ടാമത്തേത്; 6. ഔദാര്യം; 7. രക്ഷ; 8. ഛേദനം; 9. ആനയുടെ മദജലം; 10 മേച്ചിൽസ്ഥലം
ദാനകം നാ. നിസ്സാരമായ സമ്മാനം
ദാനത്രയം നാ. മൂന്നുദാനങ്ങൾ (നിത്യദാനം, നൈമിത്തികദാനം, കാമ്യദാനം എന്നിവ)
ദാനധർമം നാ. മതാചാരം അനുഷ്ടിച്ചുചെയ്യുന്ന ദാനം
ദാനനീർ നാ. 1. ദാനംകൊടുക്കുമ്പോൾ ചടങ്ങിൻെറഭാഗമായി ഒഴിച്ചുകൊടുക്കുന്ന ജലം; 2. ആനയുടെ മദജലം

ദാനപതി നാ. 1. ദാനംചെയ്യുന്നതിൽ താത്പര്യമുള്ളവൻ; 2. അക്രൂരൻ
ദാനപത്രം നാ. ദാനം രേഖപ്പെടുത്തുന്ന പ്രമാണം.
907
ദാനപാത്രം നാ. ദാനംസ്വീകരിക്കാൻ അർഹനായ ആൾ
ദാനപ്രതിഭൂവ് നാ. ഒരുതരം ജാമ്യക്കാരൻ, മറ്റൊരാൾ തന്നില്ലെങ്കിൽ താൻതന്നെ തരാം എന്നേൽക്കുന്ന ജാമ്യക്കാരൻ
ദാനവഗുരു നാ. അസുരന്മാരുടെ ആചാര്യൻ, ശുക്രാചാര്യൻ
ദാനവൻ നാ. കശ്യപനു ദനുവിലുണ്ടായ പുത്രൻ, അസുരൻ. (സ്ത്രീ) ദാനവി
ദാനവാൻ നാ. ഔദാരശാലി, ദാനശീലൻ
ദാനവാരാതി നാ. അസുരശത്രു, ഇന്ദ്രൻ
ദാനവാരി1 നാ. ദാനവാരാതി, വിഷ്ണു
ദാനവാരി2 നാ. ദാനനീർ
ദാനവാസ്ത്രം നാ. ഒരു ദിവ്യാസ്ത്രം
ദാനവീരൻ നാ. 1. ദാനശീലൻ; 2. ദാനശീലമുള്ള നായകൻ
ദാനവീരം നാ. വീരരസത്തിൻെറ നാലുഭാവങ്ങളിൽ ഒന്ന്, നിർലോഭമായി ദാനംചെയ്യാനുള്ള സന്നദ്ധത
ദാനവേന്ദ്രൻ നാ. അസുരരാജാവ്, അസുരപ്രധാനി
ദാനശീലൻ നാ. ദാനംചെയ്യാൻ പ്രത്യേകതാത്പര്യം ഉള്ളവൻ, ഉദാരൻ
ദാനശൗണ്ഡൻ നാ. ദാനംചെയ്യുന്നതിന് ഉത്സുകൻ, നിർലോഭം ദാനംചെയ്യുന്നവൻ
ദാനസാധനം നാ. ദാനപമാണ്ണം, ദാനപത്രം
ദാനസ്വത്ത് നാ. ധർമസ്ഥാപനത്തിന് ദാനംകൊടുക്കുന്ന സ്വത്ത്
ദാനാദാനം നാ. കൊടുക്കലും വാങ്ങലും
ദാനാംബു നാ. ദാനനീർ
ദാനാർഹ വി. 1. ദാനം ചെയ്യാൻകൊള്ളാവുന്ന; 2. ദാനം സ്വീകരിക്കുവാൻ അർഹതയുള്ള
ദാനി നാ. ദാനംചെയ്യുന്ന ആൾ, ഉദാരൻ
ദാനീയം നാ. സമ്മാനം, സംഭാവന
ദാനു നാ. 1. ദാതാവ്; 2. സുഖം; 3. ഐശ്വര്യം; 4. കാറ്റ്; 5. അസുരൻ; 6. പരാക്രമി; 7. സമ്മാനം; 8. തീയ്
ദാന്ത1 വി. 1. അടക്കമുള്ള; 2. കീഴടക്കിയ; 3. ദാനശീലമുള്ള
ദാന്ത2 വി. ദന്തത്തെ സംബന്ധിച്ച
ദാന്തൻ നാ. 1. അടക്കമുള്ളവൻ; 2. ദാനശീലമുള്ളവൻ; 3. മെരുക്കിയ കാള; 4. ദമയന്തിയുടെ സഹോദരൻ
ദാന്തം നാ. 1. അടക്കിയത്; 2. ഇണങ്ങിയ കാള; 3. മക്കിപ്പൂവ്
ദാന്തി നാ. 1. അടക്കം, ഇന്ദ്രിയ കാമനകളെ നിയന്ത്രിക്കൽ; 2. തപസ്സ്, തപക്ലേശം സഹിക്കൽ
ദാന്തിക വി. ദന്തത്തെ സംബന്ധിച്ച
ദാപകൻ നാ. 1. കൊടുപ്പിക്കുന്നവൻ; 2. ദാനകർമത്തിനു മേൽനോട്ടം വഹിക്കുന്നവൻ; 3. കരമ്പിരിവിനു മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥൻ
ദാപനം നാ. ദാനംചെയ്യിക്കൽ, കൊടുപ്പിക്കൽ
ദാപയിതാവ് നാ. കൊടുപ്പിക്കുന്നവൻ

ദാപിത വി. 1. കൊടുപ്പിക്കപ്പെട്ട; 2. കുറ്റം ചുമത്തപ്പെട്ട, ശിക്ഷിക്കപ്പെട്ട, തോൽപ്പിക്കപ്പെട്ട
ദാപിതൻ നാ. തർക്കവിഷയമായ വസ്തു ഉടമസ്ഥനുകൊടുക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ
ദാംഭിക വി. 1. ചതിയുള്ള, വഞ്ചനയുള്ള; 2. അഹങ്കാരമുള്ള; 3. ആഡംബരഭ്രമമുള്ള
ദാംഭികൻ നാ. 1. ചതിയൻ, വഞ്ചകൻ; 2. കപടഭക്തൻ; 3. അഹങ്കാരി
ദാംഭികം നാ. 1. കൊക്ക്; 2. മലങ്കാക്ക
ദാമകാരൻ നാ. മാലകെട്ടുന്നവൻ, പുഷ്പകൻ
ദാമഗ്രന്ഥി നാ. 1. കുതിരക്കാരൻ; 2. അജ്ഞാതവാസക്കാലത്ത് നകുലൻ സ്വീകരിച്ചപേര്
ദാമഘോഷി നാ. ദാമഘോഷൻെറ പുത്രൻ, ശിശുപാലൻ
ദാമനം നാ. 1. ഒരു ദിവ്യാസ്ത്രം; 2. മെരുക്കൽ (മൃഗങ്ങളെയും മറ്റും)
ദാമനി നാ. 1. പശുക്കളെയും മറ്റും കെട്ടുന്ന കയർ; 2. കപ്പൽപ്പായുടെ കീഴറ്റത്ത് കെട്ടിയ കയർ; 3. ചാമുണ്ഡാദേവിയുടെ കുലത്തിൽപ്പെട്ട എട്ടുദേവിമാരിലൊരാൾ
ദാമം നാ. 1. കയറ്, ചരട്; 2. മുറിവിൽവച്ചുകെട്ടാനുപയോഗിക്കുന്ന നീണ്ടതുണി; 3. നാട; 4. വര, രേഖ; 5. അരക്കച്ച; 6. മാല; 7. ഭാഗം; 8. ലോകം; 9. കൂട്ടം; 10. (ജ്യോ) ദാമയോഗം
ദാമയോഗം നാ. (ജ്യോ) ഒരു വിശിഷ്ടഗ്രഹയോഗം, രാഹുകേതുക്കൾ ഒഴിച്ചുള്ള ഏഴുഗ്രഹങ്ങൾ ഒരു ജാതകത്തിൽ ആറുരാശികളിലായി നിൽക്കുന്നത്
ദാമോദരൻ നാ. ശ്രീകൃഷ്ണൻ
ദാമ്പത്യം നാ. ഭാര്യാഭർതൃഭാവം, ഭാര്യാഭർതൃബന്ധം
ദായ്മ നാ. വഴക്കം, സാമാന്യരീതി
ദായക വി. 1. കൊടുക്കുന്ന, നൽകുന്ന; 2. അനുവദിക്കുന്ന
ദായകൻ നാ. 1. ദാനംചെയ്യുന്നവൻ; 2. കരം ഒടുക്കുന്നവൻ; 3. ഓഹരിക്കാരൻ
ദായക്രമം നാ. സ്വത്തിൻെറ അവകാശക്രമം
ദായബന്ധു നാ. 1. ദായാവകാശി; 2. സഹോദരൻ
ദായഭാഗം നാ. കുടുംബസ്വത്തിനെ അവകാശികൾക്കായി ഭാഗിക്കൽ, ഭാഗിച്ചുകിട്ടിയ സ്വത്ത്
ദായം നാ. 1. ഭാഗിക്കേണ്ടതായ സ്വത്ത്; 2. ഓഹരി; 3. വിവാഹവേളയിൽ അച്ഛനമ്മമാർ വധുവിനോ വരനോ കൊടുക്കുന്ന പാരിതോഷികം; 4. രാജാക്കന്മാരും മറ്റും പ്രീതിസൂചകമായിനൽകുന്ന സമ്മാനം; 5. വ്രതം അനുഷ്ഠിക്കുമ്പോൾ ബ്രാഹ്മണർക്കും മറ്റും കൊടുക്കുന്ന ധനം; 6. ഒരു ഭാഗം; 7. ദാനം; 8. വിതരണം; 9. നഷ്ടം; 10. അവകാശം; 11. പാരമ്പര്യം; 12. മേന്മ
ദായവിഭാഗം നാ. ദായഭാഗം
ദായസ്വം നാ. ദായക്രമപ്രകാരം കിട്ടിയ സ്വത്ത്
ദായാദം നാ. പിൻതുടർച്ചാവകാശം, ഭാഗിച്ചുകിട്ടിയ സ്വത്ത്
ദായാദൻ നാ. സ്വത്തിന് അവകാശമുള്ളവൻ, അവകാശി
ദായാദി1 [സം.-ആദിൻ] നാ. 1. പിന്തുടർച്ചക്കാരൻ; 2. അവകാശി, ബന്ധു
ദായാദി2 [സം.ദായാദീ] നാ. പിന്തുടർച്ചക്കാരി

ദായാദ്യം നാ. = ദായാദം
ദായാപ്തി നാ. പൂർവികരിൽനിന്ന് അവകാശപ്രകാരം ലഭിച്ച സ്വത്ത്
ദായി വി. ദാനം ചെയ്യുന്ന
ദായിനി നാ. 1. ദാനംചെയ്യുന്നവൾ; 2. പിന്തുടർച്ചക്കാരി
ദായോപാഗതൻ നാ. കുടുംബസ്വത്ത് ഭാഗിച്ചപ്പോൾ ഭാഗമായിക്കിട്ടിയ ഭൃത്യൻ
ദാർ [പേർ.] അതുള്ള, അവിടെയുള്ള ഇത്യാദി അർഥങ്ങൾ കാണിക്കുന്ന ഒരു പ്രത്യയം
ദാർഢ്യം നാ. ദൃഢത, ഉറപ്പ്, ബലം
ദാർദുരം നാ. 1. വലംപിരിശങ്ക്; 2. വെള്ളം; അരക്ക്; 4. തവളയുടെ കടി
ദാർപ്പണ വി. ദർപ്പണത്തെ സംബന്ധിച്ച
ദാർവ വി. മരംകൊണ്ടുള്ള
ദാർവടം നാ. രാജസഭ
ദാർവണ്ഡം നാ. മയിൽ
ദാർവാഘാടം നാ. മരങ്കൊത്തി
ദാർവി നാ. 1. മഞ്ഞൾ; 2. മരമഞ്ഞൾ; 3. കൊഴുപ്പ്; 4. ദേവതാരം; 5. ചട്ടുകം, തവി
ദാർവിക നാ. 1. ദർവി, കൊഴുപ്പ്; 2. രസാഞ്ജനം
ദാർവീകരം വി. ദർവീകരത്തെ സംബന്ധിച്ച, പാമ്പിനെപ്പോലെയുള്ള
ദാർവീരസോദ്ഭവം നാ. രസാഞ്ജനം
ദാർശനിക വി. 1. ദർശനങ്ങളെ സംബന്ധിച്ച; 2. ദർശനം ഉൾക്കൊള്ളുന്ന, തത്ത്വചിന്താപരമായ
ദാർശനികൻ നാ. ദർശനങ്ങൾ അറിയുന്നവൻ, തത്ത്വജ്ഞാനി, തത്ത്വചിന്തകൻ
ദാർഷ്ടാന്ത വി. ദൃഷ്ടാന്തംകൊണ്ടു തെളിയിക്കപ്പെട്ട
ദാർഷ്ടാന്തികം നാ. ദൃഷ്ടാന്തംകൊണ്ടു തെളിയിക്കപ്പെട്ടത്, ഉദാഹരിക്കപ്പെട്ടത്
ദാർഷ്ടിക വി. ദൃഷ്ടിയെ സംബന്ധിച്ച
ദാരക വി. ദാരണംചെയ്യുന്ന, പിളർക്കുന്ന
ദാരകൻ നാ. പുത്രൻ, കുട്ടി
ദാരകർമം നാ. വിവാഹം
ദാരകി നാ. പെൺകുട്ടി
ദാരഗ്രഹണം നാ. വിവാഹം
ദാരങ്ങൾ നാ. ഭാര്യ
ദാരണം നാ. 1. പിളർക്കൽ, കീറൽ; 2. തേറ്റാമ്പരൽ
ദാരണി നാ. ദുർഗ
ദാരദം നാ. 1. ഒരുതരം വിഷം; 2. രസം; 3. ചായില്യം; 4. ഒരിനം സർപ്പം; 5. സമുദ്രം
ദാരപരിഗ്രഹം നാ. വിവാഹം
ദാരബലിഭുക്ക് നാ. 1. കൊക്ക്; 2. കാക്ക
ദാരം നാ. 1. വിടവ്; 2. കീറൽ; 3. ഉഴുതനിലം; 4. മിഥുനം രാശി
ദാരയോഗം നാ. കാതുകുത്തുന്നതിനുള്ള ശുഭമുഹൂർത്തം
ദാരവം നാ. മരംകൊണ്ട് ഉണ്ടാക്കിയത്
ദാരസങ്ഗ്രഹം നാ. വിവാഹം

ദാരാധീന വി. ഭാര്യയെ ആശ്രയിച്ചു ജീവിക്കുന്ന
ദാരി1 നാ. ദാരങ്ങളുള്ളവൻ, ഭർത്താവ്
ദാരി2 നാ. 1. ഒരു രോഗം; 2. ദ്വാരം, വിടവ്
ദാരിക നാ. 1. പെൺകുട്ടി, മകൾ; 2. വേശ്യ; 3. കീറ്, ചീന്ത്; 4. വിടവ്
ദാരികൻ നാ. ഒരുഅസുരൻ (ഭദ്രകാളിയാൽ വധിക്കപ്പെട്ടു)
ദാരിത വി. ദാരണം ചെയ്യപ്പെട്ട, പിളർക്കപ്പെട്ട
ദാരിദ്ര്യകുക്ഷി നാ. പരമ ദരിദ്രൻ
ദാരിദ്ര്യനാശിനി നാ. 1. ദാരിദ്ര്യത്തെ നശിപ്പിക്കുന്നവൾ; 2. ഒരിനം ചെടി
ദാരിദ്ര്യം നാ. 1. ദരിദ്രൻെറ അവസ്ഥ; 2. എന്തിൻെറയെങ്കിലും ഇല്ലായ്മ, കുറവ്, ദൗർലഭ്യം
ദാരിദ്ര്യവാസി നാ. 1. പരമ ദരിദ്രൻ, തെണ്ടി; 2. പിശുക്കൻ
ദാരു1 വി. 1. ദയയുള്ള; 2. ദാനശീലമുള്ള; 3. ദാരുണംചെയ്യുന്ന, കീറുന്ന
ദാരു2 നാ. 1. മരം; 2. ദേവദാരു; 3. ദാനശീലൻ; 4. ദാനംചെയ്യുവൻ; 5. ശിൽപകലാവിദഗ്ദ്ധൻ, ശിൽപി; 6. പിത്തള; 7. ചിത്രകാരൻ; 8. താഴ്; 9 അയിര്
ദാരുക നാ. മരപ്പാവ
ദാരുകൻ1 നാ. 1. ശ്രീകൃഷ്ണൻെറ തേരാളി; 2. മഹിഷാസുരൻെറ ഒരു തേരാളി; 3. ഗരുഡൻെറ ഒരു പുത്രൻ
ദാരുകൻ2 നാ. = ദാരികൻ
ദാരുകനാശിനി നാ. ദാരുകനെകൊന്നവൾ, ഭദ്രകാളി
ദാരുകർമം നാ. തടിയിൽ ചെയ്യുന്ന പണിത്തരം
ദാരുജ നാ. മരംകൊണ്ടുള്ള ബിംബം
ദാരുണ വി. ഭയങ്കരമായ, പിളർക്കുന്ന, കഠിനമായ, ഭീഷണമായ. നാ. പ്രഭവാദിവർഷങ്ങളിൽ പതിനെട്ടാമത്തേത്
ദാരുണൻ നാ. 1. ശിവൻ; 2. വിഷ്ണു; 3. രാക്ഷസൻ; 4. ഭയങ്കരൻ
ദാരുണം നാ. 1. കാഠിന്യം; 2. ഒരു നരകം; 3. ഒരിനം കുഷ്ഠം; 4. ഒരു രോഗം; 5. തലയിലുണ്ടാകുന്ന ചാരണം; 6. ഒരു പൗരാണിക ശാസ്ത്രം; 7. ഭയാനക രസം; 8. കൊടുവേലി; 9. ദയനീയം
ദാരുണ്യം നാ. ദാരുണഭാവം
ദാരുപത്രി നാ. കറിക്കായം
ദാരുപുത്രി(ക) നാ. മരപ്പാവ
ദാരുബിംബം നാ. മരത്തിൽ കൊത്തിയെടുത്ത വിഗ്രഹം
ദാരുമത്സ്യാഹ്വയ നാ. ഉടുമ്പ്
ദാരുയന്ത്രം നാ. 1. ചരടുകൊണ്ട് ചലിപ്പിക്കാവുന്ന മരപ്പാവ; 2. തടികൊണ്ടുള്ള യന്ത്രം
ദാരുയോഷിത്ത് നാ. സാലഭഞ്ജിക, സ്ത്രീ രൂപത്തിലുള്ള മരപ്പാവ
ദാരുരൂപം നാ. മരംകൊണ്ടുണ്ടാക്കിയ രൂപം
ദാരുശിൽപം നാ. മരത്തിലുള്ള കൊത്തുപണി
ദാരുസാരം നാ. ചന്ദനം
ദാരേഷണം നാ. = ദാരൈഷണ
ദാരൈഷണ നാ. ഏഷണാത്രയത്തിൽ ഒന്ന്, ഭാര്യയുടെനേർക്കുള്ള ആസക്തി
ദാലനം നാ. 1. പല്ലുവേദന; 2. പല്ലിനുണ്ടാകുന്ന കേട്

ദാലം1 നാ. ഒരുതരം തേൻ
ദാലം2 നാ. വരക്
ദാലവം നാ. ഒരിനം വിഷം
ദാലി നാ. 1. താളിമാതളം; 2. ദേവതാളി
ദാലിത വി. 1. ദലനം ചെയ്യപ്പെട്ട; 2. വിതറപ്പെട്ട
909
ദാലിമം [സം.] നാ. ദാഡിമം
ദാല്മി [സം.] നാ. ഇന്ദ്രൻ
ദാവം[സം.] നാ. 1. കാട്; 2. തീ, ചൂട്; 3. കാട്ടുതീ; 4. പനി; 5. കുതിര; 6. മരത്തിലുണ്ടാകുന്ന ഒരിനം പുഴു. (പ്ര) ദാവാഗ്നി, -അനലൻ, -വ ി, -കൃശാനു = കാട്ടുതീ
ദാവണി നാ. മേൽവസ്ത്രം
ദാവിത വി. ദു:ഖിതമായ
ദാശ വി. പത്തിനോടുബന്ധപ്പെട്ട
ദാശകചി ം നാ. ദശാംശം സൂചിപ്പിക്കുന്ന ബിന്ദു
ദാശൻ നാ. മുക്കുവൻ
ദാശനന്ദിനി നാ. ദാശൻെറ പുത്രി, സത്യവതി, വ്യാസൻെറ മാതാവ്
ദാശം നാ. പത്തുചേർന്നത്, പത്തുമായി ബന്ധപ്പെട്ടത്
ദാശരഥൻ നാ. ദശരഥൻെറ പുത്രൻ
ദാശാർഹൻ നാ. 1. ശ്രീകൃഷ്ണൻ; 2. യാദവൻ; 3. മധുരഭരിച്ചിരുന്ന ഒരു രാജാവ്
ദാശി നാ. ദാശസ്ത്രീ, മുക്കുവത്തി
ദാശേയൻ നാ. മുക്കുവസ്ത്രീയുടെ പുത്രൻ
ദാശേയി നാ. 1. മുക്കുവസ്ത്രീയുടെ പുത്രി; 2. സത്യവതി
ദാശേരകൻ നാ. മുക്കുവൻ
ദാശേരകം നാ. മാളവരാജ്യം
ദാശേരൻ നാ. 1. മുക്കുവൻെറ മകൻ; 2. മുക്കുവൻ
ദാശേരം നാ. ഒട്ടകം
ദാസത, -ത്വം നാ. ദാസൻെറ അവസ്ഥ, വിടുപണി, സേവകവൃത്തി
ദാസദാസൻ നാ. 1. സേവകനെ സേവിക്കുന്നവൻ; 2. സേവിക്കുന്നവർക്ക് എന്തും ചെയ്തുകൊടുക്കുന്നവൻ
ദാസൻ1 നാ. 1. മറ്റൊരാളുടെ ആജ്ഞ അനുസരിച്ച് പണിചെയ്യുന്നവൻ; 2. മറ്റൊരാളുടെ നിയന്ത്രണത്തിൻ കീഴിൽ ജീവിക്കുന്നവൻ; 3. വൃത്രാസുരൻ
ദാസൻ2 നാ. = ദാശൻ
ദാസലേഖ്യം നാ. അടിമകളെ കൈമാറ്റം ചെയ്യുന്നതിൻെറ രേഖ, ദാസപത്രം
ദാസാനുദാസൻ നാ. ദാസദാസൻ, എളിയ അടിമ, ദാസൻെറ ദാസൻ
ദാസി നാ. 1. മറ്റൊരാളുടെ ആജ്ഞ അനുസരിച്ച് പണിചെയ്യുന്നവൾ; 2. അടിമപ്പെണ്ണ്; 3. ദാസൻെറ ഭാര്യ; 4. അകമ്പടിക്കാരി; 5. ദേവദാസി; 6. വേശ്യ; 7. ഭരണിനക്ഷത്രം; 8. കരിങ്കുറുഞ്ഞി; 9. മുൾക്കുറുഞ്ഞി; 10. കാകജങ്ഘ; 11. ഒരു നദി
ദാസിക നാ. ദാസി
ദാസിയാട്ടം നാ. ക്ഷേത്രങ്ങളിൽ ദേവദാസികൾ ചെയ്തുവന്നിരുന്ന നൃത്തം

ദാസീകരിക്കുക ക്രി. അടിമയാക്കിത്തീർക്കുക
ദാസീപുത്രൻ നാ. 1. അടിമസ്ത്രീയുടെ പുത്രൻ; 2. വേശ്യയുടെ മകൻ
ദാസീവിചാരം നാ. ദാസികളെ ചോദ്യംചെയ്തുകൊണ്ടുള്ള അന്വേഷണം, നമ്പൂതിരിസ്ത്രീയിൽ ചാരിത്രദോഷം ആരോപിക്കപ്പെടുമ്പോൾ സ്മാർത്തവിചാരത്തിനു മുൻപു നടത്തിവന്നിരുന്ന പ്രാഥമികാന്വേഷണം
ദാസേയൻ നാ. ദാസിയുടെ പുത്രൻ, ദാശേയൻ
ദാസേയി നാ. = ദാശേയി
ദാസേരകൻ നാ. ദാസീപുത്രൻ
ദാസേരൻ നാ. ദാസീപുത്രൻ
ദാസേരുകം നാ. ഒട്ടകം
ദാസ്യം നാ. 1. ദാസൻെറ അവസ്ഥ; 2. ദാസൻെറ ജോലി; 3. അടിമത്തം
ദാസ്രം നാ. അശ്വതിനക്ഷത്രം
ദാഹക വി. ദഹിപ്പിക്കുന്ന
ദാഹകകാഷ്ഠം നാ. എണ്ണയകിൽ
ദാഹകൻ നാ. 1. ദഹിപ്പിക്കുന്നവൻ; 2. ശ്മശാനത്തിൽ ശവം ദഹിപ്പിക്കുന്നവൻ
ദാഹകം നാ. 1. ദഹിപ്പിക്കുന്നത്; 2. വായു; 3. കൊടുവേലിച്ചെടി; 4. ചേരുമരം
ദാഹകർമം നാ. 1. ശവദാഹം; 2. ആഹാരപദാർഥങ്ങളുടെ ദഹനപ്രക്രിയ
ദാഹജ്വരം നാ. ഒരിനം ജ്വരം, ശരീരത്തിൽ നീറ്റൽ അനുഭവപ്പെടുത്തുന്നത്
ദാഹനം നാ. 1. ദഹിപ്പിക്കൽ; 2. പൊള്ളിക്കൽ
ദാഹം നാ. 1. ദഹിക്കൽ; 2. ദഹിപ്പിക്കൽ; 3. ദഹനം; 4. വെള്ളമോ മറ്റേതെങ്കിലും പാനിയമോ കുടിക്കണമെന്ന തോന്നൽ; 5. അഭിലാഷം; 6. ശരീരം ചുട്ടുനീറുന്നതായുള്ള അനുഭവം; 7. ശരീരത്തിൽ ചൂടുവയ്ക്കൽ; 8. കടും ചെമപ്പുനിറം; 9. കുഴിയിൽ ദർഭയിട്ടു ചുടുന്ന ഒരു ശുദ്ധികർമം
ദാഹംവയ്പ്പ് നാ. പിതൃക്കളെയോ ചിലതരം മൂർത്തികളെയോ പ്രീതിപ്പെടുത്തുന്നതിനുവേണ്ടി ഭക്ഷ്യപദാർഥങ്ങളും മറ്റും നിവേദിക്കുന്ന ചടങ്ങ്
ദാഹമയ വി. ചൂടുള്ള, പൊള്ളിക്കുന്ന, തീ കത്താൻ സാധ്യതയുള്ള
ദാഹസരം നാ. ശ്മശാനം, ചുടല
ദാഹസ്ഥലം നാ. ശ്മശാനം
ദാഹഹരണം നാ. രാമച്ചം
ദാഹാത്മക വി. 1. ദഹിപ്പിക്കുന്ന; 2. നശിപ്പിക്കുന്ന
ദാഹിത വി. 1. ദഹിപ്പിക്കുന്ന; 2. തീ പിടിപ്പിക്കുന്ന; 3. വേദനിപ്പിക്കുന്ന. നാ. ദഹിപ്പിക്കുന്നവൻ.
ദാഹിക്കുക ക്രി. ദാഹം അനുഭവപ്പെടുക. (പ്ര) ദാഹിച്ചാൽവെള്ളംകൊടുക്കാത്ത = കടുത്തപിശുക്കുള്ള, മനസ്സലിയാത്ത
ദാഹ്യ വി. 1. ദഹിപ്പിക്കേണ്ടതായ; 2. ദഹിപ്പിക്കത്തക്ക; 3. എരിയുന്ന
ദാളം നാ. 1. ഒരിനം തേൻ; 2. വരക്; 3. ദാലം
ദാളനം നാ. പല്ലിനെ ബാധിക്കുന്ന കേട്
ദാളിമം നാ. ദാലിമം, ദാഡിമം
ദിക്കത്ത് [അറ.] നാ. 1. തടസ്സം; 2. ശല്യം

ദിക്കന്യ [സം.] നാ. ദിക്കിന്റെ കന്യ, ആകാശത്തിന്റെ ഒരു ഭാഗം; 2. ദിക്ക്
ദിക്കം നാ. ആനക്കുട്ടി
ദിക്കര വി. തുടർച്ചയായി മാറ്റംവന്നുകൊണ്ടിരിക്കുന്ന, ചെറുപ്പമായ, യുവത്വമുള്ള
ദിക്കരൻ നാ. 1. ചെറുപ്പക്കാരൻ; 2. അരുണൻ, സൂര്യന്റെ തേരാളി; 3. ശിവൻ
ദിക്കരി നാ. ദിഗ്ഗജം
ദിക്കരിണി നാ. ദിഗ്ഗജത്തിന്റെ പിടി
ദിക്കാന്ത നാ. ദിക്കന്യ
ദിക്കാലപഞ്ചാങ്ഗം നാ. ദിക്കിനും കാലത്തിനുമുള്ള അഞ്ച് അങ്ഗങ്ങൾ
ദിക്ക് നാ. 1. ചൂണ്ടിക്കാണിക്കപ്പെടുന്ന സ്ഥലമോ സ്ഥാനമോ; 2. സ്ഥലം, ദേശം; 3. ദിശ; 4. സന്ദർഭം
ദിക്കുഞ്ജരം നാ. ദിഗ്ഗജം
ദിക്കൂലം നാ. ദിക്കുകളുടെ അതിര്, ചക്രവാളം
ദിക്ചക്രം നാ. 1. ചക്രവാളം; 2. സമസ്തലോകം, എല്ലാപ്രദേശങ്ങളും, കാഴ്ചയിൽപ്പെടുന്ന എല്ലായിടവും
ദിക്ചതുഷ്ടയം നാ. നാലുദിക്കുകൾ (തെക്ക്, വടക്ക്, കിഴക്ക്, പടിഞ്ഞാറ്)
ദിക്പതി നാ. ദിക്പാലകൻ
ദിക്പഥം നാ. ചുറ്റുമുള്ളപ്രദേശം
ദിക്പാലന്മാർ നാ. കിഴക്ക് തുടങ്ങിയ എട്ടുദിക്കുകളുടെ പാലന്മാർ
ദിക്ശൂലം നാ. ഒരുതരം ഗ്രഹയോഗം
ദിക്ഷു വിഭക്തി ദിക്കുകളിൽ
ദിഗ് സ്വരങ്ങൾ മൃദുവ്യഞ്ജനങ്ങൾ ഘോഷങ്ങൾ മധ്യമങ്ങൾ എന്നിവയ്ക്കുമുമ്പു ദിക് എന്ന ശബ്ദത്തിനുവരുന്ന മാറ്റം
ദിഗധിപൻ നാ. ദിഗ്പാലകൻ
ദിഗന്തം നാ. 1. ദിക്കുകളുടെ അതിര്; 2. ചക്രവാളം
ദിഗന്തരം നാ. 1. മറ്റൊരുസ്ഥലം, അന്യദേശം; 2. ആകാശത്തിന്റെ ഒരു ഭാഗം
ദിഗന്തരാളം നാ. 'ദിക്കുകൾക്കിടയിലുള്ളത്' 1. അന്തരീക്ഷം; 2. ആകാശം
ദിഗംബര1 വി. 'ദിക്കുകളാകുന്ന വസ്ത്രത്തോടുകൂടിയ', വസ്ത്രം ധരിക്കാത്ത, നഗ്നമായ
ദിഗംബര2 നാ. വസ്ത്രം ധരിക്കാത്തവൾ, നഗ്ന
ദിഗംബരൻ നാ. 1. വസ്ത്രം ധരിക്കാത്തവൻ; 2. നഗ്നസന്ന്യാസി, ദിക്കുകൾ വസ്ത്രമായിട്ടുള്ളവൻ, ശിവൻ
ദിഗംബരമതം നാ. ജൈനമതത്തിലെ ഒരു വിഭാഗം
ദിഗംബരി നാ. 1. ദുർഗ; 2. നഗ്നത
ദിഗീശൻ നാ. ദിക്പാലൻ
ദിഗ്ഗജം നാ. (പുരാണ0 എട്ടുദിക്കുകളിലായി നിന്നുകൊണ്ടു ഭൂമിയെ താങ്ങുന്ന ആനകൾ
ദിഗ്ഗ്രഹം നാ. (പുരാണ) എട്ടുദിക്കുകളിൽ ഓരോന്നിനും ആധിപത്യം വഹിക്കുന്നതായി സങ്കൽപിക്കപ്പെടുന്ന ഗ്രഹം (കിഴക്കുതൊട്ടുള്ള എട്ടുദിക്കുകളുടെ

അധിപതികൾ യഥാക്രമം സൂര്യൻ, ശുക്രൻ, കുജൻ, രാഹു, മന്ദൻ (ശനി), ചന്ദ്രൻ, ബുധൻ, ഗുരു എന്നിവർ)

ദിഗ്ജയം നാ. ദിക്കുകളുടെമേലുള്ള ജയം, പ്രദേശങ്ങളെ കീഴടക്കൽ

ദിഗ്ദന്തി നാ. ദിഗ്ഗജം

ദിഗ്ദർശനം നാ. 1. എല്ലാവശങ്ങളും പൊതുവെയൊന്നു നോക്കിക്കാണൽ, സാമാന്യമായ അവലോകനം; 2. വടക്കുനോക്കിയന്ത്രം

ദിഗ്ദർശിനി നാ. ദിശനിർണയിക്കാനുള്ള ഉപകരണം, വടക്കുനോക്കിയന്ത്രം

ദിഗ്ദാഹം നാ. ചക്രവാളത്തിൽ കാണപ്പെടുന്ന ഉജ്ജ്വല ദീപ്തി, ചക്രവാളം അസാധാരണമാംവിധം വെട്ടിത്തിളങ്ങുന്നത്

ദിഗ്ധ വി. 1. ലേപനംചെയ്യപ്പെട്ട; 2. അഴുക്കുപുരണ്ട; 3. വിഷലിപ്തമായ, വിഷം തേച്ച

ദിഗ്ധം നാ. 1. വിഷംതേച്ച അമ്പ്; 2. തീ; 3. എണ്ണ; 4. കഥ

ദിഗ്ബന്ധനം നാ. ദുർദേവതകളുടെ ബാധതടയാനുള്ള രക്ഷാബന്ധനം

ദിഗ്ബലി നാ. ക്ഷേത്രത്തിലെ ദിക്പലകന്മാർക്കും അവരുടെ പാഷദന്മാർക്കും നൽകുന്ന ബലി

ദിഗ്ഭാഗം നാ. ദിശ

ദിക്ഭേദം നാ. ദിശയിലുള്ള വ്യത്യാസം

ദിഗ്ഭ്രമം നാ. 1. ദിക്കിനെപ്പറ്റി നിശ്ചയമില്ലാതാകൽ, ദിക്കുകളെ തിരിച്ചറിയാനാകാതെ വരുന്ന അവസ്ഥ; 2. കാര്യങ്ങളുടെ യാഥാർഥ്യസ്ഥിതിയെപ്പറ്റിയുള്ള അറിവില്ലായ്മ

ദിഗ്വലയം നാ. 1. ചക്രവാളം; 2. ചുറ്റുമുള്ളദിക്കുകൾ

ദിഗ്വസന1 വി. ദിക്ക് വസ്ത്രമായിട്ടുള്ള, വസ്ത്രം ധരിക്കാത്ത

ദിഗ്വസന2 നാ. നഗ്നയായ സ്ത്രീ, ദുർഗ

ദിഗ്വസ്ത്രൻ നാ. ദിഗംബരൻ

ദിഗ്വാസി നാ. സ്ഥലവാസി, തദ്ദേശവാസി

ദിഗ്വിജയം നാ. ദിഗ്ജയം

ദിഗ്വിഭാവിത വി. എല്ലാദിക്കിലും പേരുകേട്ട, എല്ലായിടത്തും അറിയപ്പെടുന്ന

ദിഗ്വിശേഷം നാ. 1. പ്രത്യേകദിക്ക്; 2. ദിക്കുകൾതമ്മിലുള്ള വ്യത്യാസം

ദിഗ്വ്യാപി വി. എല്ലാദിക്കിലും വ്യാപിച്ചിരിക്കുന്ന

ദിങ് = ദിക് (അനുനാസികങ്ങൾക്കുമുമ്പിൽ ദിക് ശബ്ദത്തിൻെറ കകാരം കവർഗാനുനാസികമായി മാറുന്നു)

ദിങ്നാഗൻ നാ. കാളിദാസൻെറ സമകാലീനനായ ഒരു കവി

ദിങ്നാഗം നാ. ദിഗ്ഗജം

ദിങ്മണ്ഡലം നാ. = ദിക്ചക്രം

ദിങ്മാത്ര വി. 1. ദിശയെമാത്രം സംബന്ധിച്ച; 2. സൂചനമാത്രമായ; 3. ഏകദേശമായി

ദിങ്മാത്രദർശനം നാ. ഏകദേശമായ അവലോകനം, വിസ്തരിച്ചുപ്രതിപാദിക്കാതെ പ്രധാനാംശംമാത്രം സൂചിപ്പിക്കൽ

ദിങ്മുഖം നാ. 1. ദിക്കിൻെറ ദൃശ്യഭാഗം, ആകാശത്തിൻെറ ഏതെങ്കിലും ഒരു ഭാഗം; 2. ഒരു ചെറിയഭാഗം

ദിങ്മൂഢ വി. ദിക്കുകൾ തിരിച്ചറിയാൻ കഴിയാത്ത, പോകേണ്ടദിശ നിശ്ചയമില്ലാത്ത
ദിങ്മോഹം നാ. ദിഗ്ഭ്രമം
ദിണ്ഡി(രം) നാ. ഒരു സങ്ഗീതോപകരണം
ദിത വി. 1. മുറിക്കപ്പെട്ട, കീറിമുറിക്കപ്പെട്ട; 2. വിഭജിക്കപ്പെട്ട; 3. ബന്ധിക്കപ്പെട്ട
ദിതി1 നാ. 1. കീറൽ, മുറിക്കൽ; 2. വിഭജനം; 3. ഔദാര്യം, ദാനംചെയ്യൽ
ദിതി2 നാ. ദൈത്യന്മാരുടെ മാതാവ്
ദിതിജൻ നാ. ദിതിയിൽ നിന്നു ജനിച്ചവൻ, അസുരൻ
ദിതിജാരി നാ. 1. അസുരശത്രു, ദേവൻ; 2. വിഷ്ണു
ദിത്സ നാ. ദാനംചെയ്യാനുള്ള ആഗ്രഹം
ദിദൃക്ഷ നാ. ദർശിക്കാനുള്ള താത്പര്യം, കാണാനുള്ള ആഗ്രഹം
ദിദൃക്ഷിത വി. കാണാൻ ആഗ്രഹിച്ച
ദിദൃക്ഷു വി. കാണാൻ ആഗ്രഹിക്കുന്ന. നാ. കാണാൻ ആഗ്രഹമുള്ളയാൾ
ദിദ്യു നാ. 1. ആകാശം; 2. സ്വർഗം; 3. ആയുധം, അമ്പ്
ദിധി നാ. ഉറപ്പ്, സ്ഥിരത
ദിധിഷു1 നാ. 1. കാമുകൻ; 2. ഭർത്താവ്; 3. രണ്ടാമത്തെ ഭർത്താവ്
ദിധിഷു2 നാ. 1. (വിധവയായതിനുശേഷം) പുനർവിവാഹം ചെയ്തവൾ; 2. അനുജത്തി വിവാഹം ചെയ്തതിനുശേഷം വിവാഹിതയായവൾ.
911
ദിധിഷുപതി [സം.-പതി] നാ. വിധവയെ വിവാഹം കഴിച്ചവൻ
ദിധീർഷ നാ. വഹിക്കാനുള്ള ആഗ്രഹം
ദിധീഷു നാ. 1. രണ്ടാമത്തെ ഭർത്താവ്; 2. കാമുകൻ; 3. ഭർത്താവ്
ദിനകർത്താവ് നാ. ദിനകരൻ, സൂര്യൻ
ദിനകരം നാ. എരിക്ക്, പൂവിനു ചെമന്നനിറമുള്ള
ദിനകരതനയ നാ. 1. യമുനാനദി; 2. തപതീനദി
ദിനകരതനയൻ നാ. (പുരാണ) 1. കാലൻ; 2. സുഗ്രീവൻ; 3. കർണൻ; 4. ശനി
ദിനകരൻ നാ. സൂര്യൻ
ദിനകരശിഷ്യൻ നാ. (പുരാണ) 1. ഹനുമാൻ; 2. യാജ്ഞവല്ക്യൻ
ദിനകരോപലമ്മ് നാ. സൂര്യകാന്തക്കല്ല്
ദിനകൃത്യം നാ. 1. ഓരോദിവസവും ചെയ്യേണ്ട കാര്യം, ദിവസേന അനുഷ്ഠിക്കേണ്ട ആചാരം
ദിനകേശരം നാ. ഇരുട്ട്
ദിനക്കുറിപ്പ് നാ. ദിവസേനനടക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള കുറിപ്പ്, ഡയറിക്കുറിപ്പ്
ദിനക്ഷയം നാ. വൈകുന്നേരം, സായങ്കാലം
ദിനഗദം നാ. ഒരു നക്ഷത്രദോഷം, അതുവരുന്ന ദിനത്തെ മങ്ഗളകർമങ്ങൾക്കു കൊള്ളരുതാത്തതാക്കുന്നു
ദിനചര്യ നാ. 1. ഓരോദിവസവും ചെയ്യേണ്ട കൃത്യങ്ങൾ; 2. ആകൃത്യങ്ങൾ ചെയ്യുന്ന ക്രമം
ദിനചലനം നാ. ഒരുദിവസംകൊണ്ട് ഭൂമിക്കുണ്ടാകുന്ന ചലനം

ദിനച്ഛിദ്രം നാ. 1. ഒരു ദിവസത്തിൻെറ പകുതി ആരംഭിക്കുമ്പോഴോ അവസാനിക്കുമ്പോഴോ ചന്ദ്രനുവരുന്ന മാറ്റം; 2. ചന്ദ്രരാശി
ദിനദീപം നാ. (ആല) പകൽവിളക്ക്, പ്രയോജനരഹിതമായ വസ്തു.
ദിനദു:ഖിതം നാ. പകൽസമയത്ത് ഇണയെ പിരിഞ്ഞു ദു:ഖിക്കുന്നത്, ചക്രവാകം
ദിനനാഥൻ നാ. സൂര്യൻ
ദിനപതി നാ. 1. സൂര്യൻ; 2. എരിക്ക്
ദിനപത്രം നാ. ദിവസേനപുറത്തിറക്കുന്ന വൃത്താന്തപത്രം
ദിനപൻ നാ. സൂര്യൻ
ദിനപാതം നാ. വൈകുന്നേരം
ദിനപ്പത്രം നാ. = ദിനപത്രം
ദിനപ്പൊരുത്തം നാ. (ജ്യോ) വിവാഹനിശ്ചയത്തിനുമുമ്പ് സ്ത്രീയും പുരുഷനുംതമ്മിൽ ജ്യോതിഷവിധിപ്രകാരം ചേർച്ചയുണ്ടോ എന്ന് അറിയാനായി പരിശോധിക്കുന്ന പൊരുത്തങ്ങളിൽ ഒന്ന്
ദിനപ്രണി നാ. 1. സൂര്യൻ; 2. എരിക്ക്
ദിനപ്രമാണം നാ. പകൽസമയത്തിൻെറ അളവ്
ദിനബലരാശികൾ നാ. (ബ.വ.) = ദിനരാശികൾ
ദിനം നാ. 1. പകൽ, സൂര്യോദയം മുതൽ സൂര്യാസ്തമനംവരെയുള്ള പന്ത്രണ്ടു മണിക്കൂർ സമയം; 2. നാൾ, ഒരു പകലും ഒരു രാത്രിയും ചേർന്ന് ഇരുപത്തിനാലുമണിക്കൂർനേരം; 3. ഒരു ദിവസത്തെ കൂലി. (പ്ര) ദിനമ്പ്രതി = ഓരോദിവസവും. ദിനരാത്രം = പകലും രാത്രിയും
ദിനമണി നാ. സൂര്യൻ
ദിനമനു അവ്യ. അനുദിനം, ദിവസന്തോറും
ദിനയമുഖൻ നാ. പകൽസമയത്തു പ്രകാശരശ്മികൾ ഉള്ളവൻ, സൂര്യൻ
ദിനമാനം നാ. ദിനപ്രമാണം, പകലിൻെറ അളവ്
ദിനമുഖം നാ. ദിനത്തിൻെറ മുഖം, ദിവസത്തിൻെറ തുടക്കം, പ്രഭാതം
ദിനമൃത്യു നാ. (ജ്യോ) ദിനഗദം എന്ന നക്ഷത്ര ദോഷത്തിൻെറ മൂന്നാമത്തെ അംശം
ദിനയൗവനം നാ. ദിവസം ഏറ്റവും ചൈതന്യവത്തായിരിക്കുന്ന സമയം, ഉച്ചസമയം
ദിനരാട്ട് നാ. ദിനരാജൻ, സൂര്യൻ
ദിനരാത്രം നാ. പകലും രാത്രിയും. അവ്യ. പകൽ സമയത്തും രാത്രിയിലും നിരന്തരമായി
ദിനരാശി നാ. (ജ്യോ) പകൽ ബലമുള്ള രാശി (ചിങ്ങം, കന്നി, തുലാം, വൃശ്ചികം, കുംഭം എന്നിവയിൽ ഓരോന്നും)
ദിനവിരതി നാ. ദിവസത്തിൻെറ വിരാമം, സായം സന്ധ്യ
ദിനവൃത്തി നാ. 1. ദിനചര്യ; 2. ഉപജീവനം
ദിനശ്രീ നാ. പകലിൻെറ ശോഭ, സൂര്യപ്രകാശം
ദിനസരി അവ്യ. ദിവസംതോറും, പ്രതിദിനം. നാ. 1. ദിനചര്യ; 2. ദിനക്കുറിപ്പ്
ദിനാഗമം നാ. ദിവസത്തിൻെറ തുടക്കം, പ്രഭാതം
ദിനാത്യയം നാ. ദിവസത്തിൻെറ അന്ത്യം, സായംസന്ധ്യ
ദിനാധിനാഥൻ നാ. സൂര്യൻ

ദിനാന്തം നാ. ദിനത്തിൻെറ അന്തംകുറിക്കുന്നത്, ഇരുട്ട്
ദിനാന്ധ1 വി. പകൽനേരത്ത് കാഴ്ചയില്ലാത്ത
ദിനാന്ധ2 നാ. വാവൽ
ദിനാരം നാ. ഒരുതരം സ്വർണനാണയം
ദിനാവസാനം നാ. പകലിൻെറ അവസാനം, സായംസന്ധ്യ
ദിനിക നാ. ദിവസക്കൂലി
ദിനിസ്സ് നാ. ജിനിസ്സ്
ദിനേദിനേ അവ്യ. പ്രതിദിനം
ദിനേശൻ നാ. 1. സൂര്യൻ; 2. (ജ്യോ) ഓരോ ദിവസത്തിൻെറയും അധിപനായ ഗ്രഹം (ഞായറാഴ്ചയ്ക്കു സൂര്യനെന്നപോലെ)
ദിനോദയം നാ. ദിവസത്തിൻെറ തുടക്കം
ദിയാബ്ല് [പോർ] നാ. പിശാച്
ദിർഹം [അറ] നാ. 1. പഴയ വെള്ളിനാണയം; 2. അറബിദേശത്തെ ഒരു നാണയം
ദിരിപകം നാ. കളിപ്പന്ത്
ദിലീപൻ നാ. (പുരാണ) സൂര്യവംശരാജാവ്
ദിലീരം നാ. കൂൺ
ദില്ലി നാ. ഇന്ത്യയുടെ തലസ്ഥാന നഗരം, അതിൻെറ ഭാഗമായ പഴയ ദൽഹി
ദിവങ്ഗതൻ നാ. സ്വർഗത്തിലേക്കു ഗമിച്ചവൻ, മരണമടഞ്ഞവൻ
ദിവം1 നാ. 1. സ്വർഗം; 2. ആകാശം; 3. വനം
ദിവം2 നാ. കാട്ടുകാക്ക
ദിവസകരൻ നാ. ദിനകരൻ, സൂര്യൻ
ദിവസക്കൂലി നാ. 1. ഒരുദിവസത്തെ കൂലിയായി നൽകുന്ന പ്രതിഫലം; 2. ഓരോദിവസത്തെയും ജോലിക്കു പ്രതിഫലം നിശ്ചയിച്ചുനൽകുന്ന സമ്പ്രദായം
ദിവസക്രിയ നാ. ഒരുദിവസം അനുഷ്ഠിക്കേണ്ട കർമങ്ങൾ (പകൽ അനുഷ്ഠിക്കേണ്ട കർമങ്ങൾ)
ദിവസക്ഷയം നാ. ദിവസത്തിൻെറ അവസാനം, സായംസന്ധ്യ
ദിവസചരൻ നാ. (രാത്രിസഞ്ചരിക്കുന്നവയിൽനിന്നു വ്യത്യസ്തമായി) പകൽസമയത്ത് വ്യാപരിക്കുന്നവൻ, മനുഷ്യൻ
ദിവസച്ഛിദ്രം നാ. ദിനച്ഛിദ്രം
ദിവസനാഥൻ നാ. ദിനനാഥൻ, സൂര്യൻ
ദിവസപതി നാ. ദിനപതി, സൂര്യൻ
ദിവസപ്പടി നാ. ഒരുദിവസത്തേക്കു നൽകുന്ന വേതനം, ഒരുദിവസത്തെ ചെലവിനു നൽകുന്ന തുക
ദിവസം നാ. 1. പകൽ, സൂര്യോദയം മുതൽ സൂര്യാസ്തമനം വരെയുള്ള സമയം, പന്ത്രണ്ടുമണിക്കൂർ കൂടിയത്; 2. ഒരുനാൾ, ഇരുപത്തിനാലുമണിക്കൂർ സമയം, ഒരുപകലും ഒരു രാത്രിയും ചേർന്നത്
ദിവസമുഖം നാ. ദിനമുഖം, പ്രഭാതം
ദിവസവിഗമം നാ. പകലിൻെറ യാത്രയാകൽ, സായംസന്ധ്യ, അസ്തമയം

ദിവസവൃത്തി നാ. നിത്യവൃത്തി, ഓരോദിവസത്തേക്കുമുള്ള ഉപജീവനമാർഗം, അന്നന്നേക്കുള്ള ജീവനോപായം
ദിവസാത്യയം നാ. ദിനാത്യയം, സായംസന്ധ്യ
ദിവസാന്തര വി. ഒരുദിവസം മാത്രം പ്രായംതികഞ്ഞ, ഒരു ദിവസം മാത്രം കഴിഞ്ഞ
ദിവസാവസാനം നാ. ദിനാവസാനം, സായംസന്ധ്യ
ദിവസേന അവ്യ. ദിവസംതോറും, ഓരോദിവസവും, എല്ലാദിവസവും
ദിവസോദയം നാ. ദിനോദയം, പ്രഭാതം
ദിവസ്പതി നാ. 1. ഇന്ദ്രൻ; 2. സൂര്യൻ
ദിവാ അവ്യ. 1. ദിവസത്തിൽ, പകലിൽ (സമാസത്തിലെ പൂർവപദമായി സാധാരണപ്രയോഗം); 2. ദിവസത്തെ, പകലിനെ
ദിവാകരൻ നാ. ദിനകരൻ, സൂര്യൻ
ദിവാകരം നാ. 1. സൂര്യകാന്തിപ്പൂവ്; 2. ചെമന്ന പൂവുള്ള എരിക്ക്; 3. കാക്ക
ദിവാകീർത്തി നാ. 1. ചണ്ഡാലൻ; 2. ക്ഷുരകൻ; 3. കൂമൻ
ദിവാചര,-ചാരി വി. പകൽ സഞ്ചരിക്കുന്ന
ദിവാചരം വി. 1. പകൽ സഞ്ചരിക്കുന്നത്; 2. കുയിൽ
ദിവാതന വി. പകൽ സമയത്തുള്ള
ദിവാതിഥി നാ. പകൽ സമയത്തെ അതിഥി
ദിവാദി നാ. പകലിൻെറ തുടക്കം
ദിവാദീപം നാ. 1. പകൽ വിളക്ക്; 2. (ആല) പ്രസിദ്ധിയില്ലാത്തത്
ദിവാൻ [പേർ] നാ. രാജഭരണക്രമത്തിലെ (മുഖ്യ) മന്ത്രി
ദിവാൻപേഷ്കാർ [പേർ] നാ. രാജഭരണകാലത്തെ മുഖ്യ ജില്ലാഭരണാധികാരി, റവന്യൂ അധികാരവും മജിസ്ട്രേറ്റിൻെറ അധികാരവും വഹിച്ചിരുന്ന ഉദ്യോഗസ്ഥൻ
ദിവാനക്തം അവ്യ. പകലും രാത്രിയിലും (നിരന്തരമായി, എല്ലായ്പ്പോഴും)
ദിവാനി [പേർ] നാ. നികുതിയും മറ്റും പിരിക്കാനുള്ള അധികാരം
ദിവാനിശം അവ്യ. പകലും രാത്രിയും, എപ്പോഴും തുടർച്ചയായി
ദിവാന്ധ വി. ദിനാന്ധ, പകൽ കണ്ണുകാണാത്ത
ദിവാന്ധകി നാ. നച്ചെലി
ദിവാന്ധം നാ. 1. കണ്ണിൻെറ കാഴ്ചശക്തിയെ ബാധിക്കുന്ന ഒരു രോഗം; 2. വവ്വാൽ; 3. മൂങ്ങ, നത്ത്
ദിവാന്ധിക നാ. നച്ചെലി
ദിവാന്ധ്യം നാ. പകൽ കാഴ്ചയില്ലായ്മ
ദിവാപുഷ്ടൻ നാ. സൂര്യൻ
ദിവാപ്രദീപൻ നാ. പകൽ വിളക്കിനുതുല്യൻ, അറിയപ്പെടാത്തയാൾ
ദിവാഭിസാരിക നാ. പകൽ കാമുകനെ തേടിനടക്കുന്ന സ്ത്രീ
ദിവാഭീത1 വി. പകൽ പേടിയുള്ള
ദിവാഭീത2 നാ. ആമ്പൽപ്പൊയ്ക
ദിവാഭീതം നാ. 1. മൂങ്ങ; 2. ആമ്പൽ; 3. ആമ്പൽപ്പൊയ്ക
ദിവാഭൂത വി. പകലായി മാറിയ, പ്രകാശമാനമായിത്തീർന്ന
ദിവാമണി നാ. ദിനമണി, സൂര്യൻ
ദിവാരാത്രം അവ്യ. രാത്രിയും പകലും

ദിവാശയ		വി.	പകൽ ഉറങ്ങുന്ന
ദിവാസ്വപ്നം		നാ.	1. പകൽക്കിനാവ്; 2. മനോരാജ്യം
ദിവി1		നാ.	കാട്ടുകാക്ക
ദിവി2		[സം.]		(ദിവ് ശബ്ദത്തിൻെറ ആധാരികാവിഭക്തി) ആകാശത്തിൽ
ദിവിഷ്ഠ		വി.	സ്വർഗവാസിയായ
ദിവോകസ്		നാ.	സ്വർഗത്തിൽ വസിക്കുന്നവൻ, ദേവൻ
ദിവ്യ1		വി.	1. ദിവസത്തെ സംബന്ധിച്ച, സ്വർഗത്തിലുള്ള, സ്വർഗത്തിലുണ്ടായ; 2. അലൗകികമായ, അദ്ഭുതകരമായ; 3. സുന്ദരമായ; 4. വിശുദ്ധമായ
ദിവ്യ2		നാ.	1. യവം; 2. കടുക്ക; 3. മഹാമേദ; 4. ബ്രഹ്മി; 5. കാട്ടുപാവൽ
ദിവ്യകാരുണ്യം		നാ.	1. ഈശ്വരകാരുണ്യം, സ്വർഗത്തിൽനിന്നുള്ള കാരുണ്യം; 2. വിശുദ്ധകുർബാന
ദിവ്യഗായകൻ		നാ.	ഗാനഗന്ധർവൻ
ദിവ്യചക്ഷുസ്സ്		നാ.	1. ജ്ഞാനദൃഷ്ടി, പ്രത്യക്ഷമല്ലാത്തത് കാണാനുള്ള ശേഷി, കാലത്തിന് അതീതമായ ഗ്രഹണശക്തി; 2. പ്രത്യക്ഷമല്ലാത്തതു കാണാൻ കഴിവുള്ള ആൾ; 3. അന്ധൻ
ദിവ്യജ്ഞാനം		നാ.	ഇന്ദ്രിയാതീതമായ ജ്ഞാനം
ദിവ്യജ്ഞാനി		നാ.	ദിവ്യജ്ഞാനം ഉള്ളയാൾ
ദിവ്യത, -ത്വം		നാ.	1. ദിവ്യമായ അവസ്ഥ, ദിവ്യൻെറ ഭാവം; 2. അസാധാരണതേജസ്സ്; പാവനത
ദിവ്യദിനം		നാ.	ദേവന്മാരുടെ ഒരു ദിവസം, ഒരു മനുഷ്യവർഷം
ദിവ്യദൃക്ക്		നാ.	1. ദിവ്യശക്തിയുള്ള കണ്ണ്; 2. ദിവ്യദൃഷ്ടിയുള്ളവൻ
ദിവ്യധുനി		നാ.	ഗങ്ഗാനദി.
913
ദിവ്യൻ		[സം.]	നാ.	1. ദേവൻ, അലൗകികൻ, അതിമാനുഷമായ മഹിമ ഉള്ളവൻ; 2. വിശുദ്ധൻ; 3. കാലൻ
ദിവ്യനാരി		നാ.	1. ദിവ്യതയുള്ള സ്ത്രീ; 2. ദേവസ്ത്രീ; 3. അപ്സരസ്സ്
ദിവ്യപഞ്ചമം		നാ.	(സങ്ഗീ) ഒരു രാഗം
ദിവ്യപഞ്ചാമൃതം		നാ.	നെയ്യ് തേൻ പാൽ തൈര് പഞ്ചസാര എന്നിവചേർത്തുണ്ടാക്കിയ നൈവേദ്യം
ദിവ്യപരീക്ഷ		നാ.	തെളിവുകളെ ആശ്രയിക്കാതെ ദേവനെ ആശ്രയിച്ചു നടത്തുന്ന സത്യപരീക്ഷ (നിരപരാധനാണോ അതോ കുറ്റക്കാരനാണോ എന്നു നിർണയിക്കാൻ തിളയ്ക്കുന്ന എണ്ണയിൽ കൈമുക്കുന്നതുപോലെ)
ദിവ്യപൂജ		നാ.	1. (ക്രിസ്തു) വിശുദ്ധകുർബാന; 2. പരിപാവനമായ പൂജ; 3. ദിവ്യന്മാരെ ഉദ്ദേശിച്ചുചെയ്യുന്ന പൂജ
ദിവ്യപ്രമാണം		നാ.	ന്യായാസനത്തിനുമുമ്പിൽ തെളിവായിസ്വീകരിക്കപ്പെടുന്ന ദിവ്യം മാനുഷം എന്നീരണ്ടിനം പ്രമാണ്ണങ്ങളിൽ ഒന്ന്
ദിവ്യം1		നാ.	1. ദിവ്യലോകം, സ്വർഗം; 2. ദിവ്യപരീക്ഷ; 3. പ്രതിജ്ഞ, ശപഥം
ദിവ്യം2		നാ.	1. യവം; 2. പന്നി
ദിവ്യമധു		നാ.	നെയ്യ്
ദിവ്യമന്ത്രം		നാ.	പ്രണവം

ദിവ്യമാനം നാ. ദേവന്മാരുടെ ദിവസത്തെ ആശ്രയിച്ചുചെയ്യുന്ന കാലഗണന
ദിവ്യമൂർത്തി നാ. 1. ദിവ്യമായ ശരീരം; 2. ദിവ്യശരീരമുള്ളവൻ
ദിവ്യമൂലിക നാ. അസാധാരണമായ രോഗനിവാരണശക്തിയുള്ള ഔഷധച്ചെടി
ദിവ്യയാനം നാ. 1. ദിവ്യതയുള്ള വാഹനം; 2. ദേവൻെറ വാഹനം
ദിവ്യയുഗം നാ. ദേവന്മാരുടെയുഗം, പന്തീരായിരം ദിവ്യവർഷംകൂടിയ കാലം, ഒരു ചതുർയുഗം
ദിവ്യരത്നം നാ. ദിവ്യതയുള്ള രത്നം, ദിവ്യശക്തിയുള്ള രത്നം
ദിവ്യലത നാ. 1. ദിവ്യതയുള്ള ലത; 2. പെരുങ്കുരുമ്പ
ദിവ്യലോചനം നാ. ദിവ്യദൃഷ്ടി
ദിവ്യവത്സരം നാ. ദിവ്യവർഷം
ദിവ്യവർഷം നാ. ദേവവർഷം
ദിവ്യവസ്ത്രൻ നാ. സൂര്യൻ
ദിവ്യവസ്ത്രം നാ. ശ്രേഷ്ഠമായ വസ്ത്രം, പരിപാവനമായ വസ്ത്രം
ദിവ്യവാക്ക് നാ. 1. ദിവ്യമായ വാക്ക്; 2. ദേവവാക്ക്
ദിവ്യസംവത്സരം നാ. ദിവ്യവർഷം
ദിവ്യസരിത്ത് നാ. ദിവ്യമായ നദി, ഗങ്ഗാനദി
ദിവ്യസ്ത്രീ നാ. ദിവ്യനാരി
ദിവ്യാങ്ഗന നാ. ദിവ്യനാരി
ദിവ്യാദിവ്യൻ നാ. 1. (നാട്യ) ഒരു നായകവിഭാഗം, ദിവ്യതയും അദിവ്യതയും ഒത്തുചേർന്നവൻ; 2. ദിവ്യനാണെങ്കിലും മനുഷ്യൻ ആണെന്നതിൽ അഭിമാനിക്കുന്നവൻ
ദിവ്യാന്ധം നാ. 1. ഒരു നേത്രരോഗം, പകൽ സമയത്ത് കാഴ്ചയില്ലാതാകുന്നത്
ദിവ്യാബ്ദം നാ. ദിവ്യവർഷം
ദിവ്യാലയം നാ. സ്വർഗം
ദിവ്യാംബരം നാ. 1. ദിവ്യശോഭയുള്ള വസ്ത്രം; 2. ദിവ്യശക്തിയുള്ള വസ്ത്രം
ദിവ്യാസ്ത്രം നാ. മന്ത്രംകൊണ്ടു ദേവശക്തികളെ ആവാഹിച്ചയയ്ക്കുന്ന അസ്ത്രം
ദിവ്യോദകം നാ. 1. മഴവെള്ളം; 2. ആകാശത്തിൽനിന്നു വീഴുന്ന ജലം
ദിവ്യൗഷധം നാ. 1. ദിവ്യമായ ശക്തികളുള്ള മരുന്ന്; 2. മനയോല
ദിശ നാ. 1. ദിക്ക്; 2. ദൃഷ്ടിയിൽപ്പെടുന്നതോ ലക്ഷ്യമാക്കുന്നതോ ആയ സ്ഥലഭാഗം
ദിശതു ക്രി. (വിധിലിങ്) നൽകട്ടെ, തരട്ടെ
ദിശാധീശൻ നാ. ദിക്കിൻെറ പാലൻ, ദിക്പാലൻ
ദിശാവലയം നാ. ദിക്ചക്രം, ദിങ്മണ്ഡലം
ദിശി നാ. ദിക്കിൽ
ദിശ്യ1 വി. 1. ദിക്കിനെ സംബന്ധിച്ച; 2. ദിക്കിലുള്ള
ദിശ്യ2 നാ. യാഗവേദിയിൽ സ്ഥാപിക്കുന്ന ഒരുതരം ഇഷ്ടിക
ദിഷ്ട വി. 1. ഉപദേശിക്കപ്പെട്ട; 2. കാണിക്കപ്പെട്ട; 3. ആജ്ഞാപിക്കപ്പെട്ട
ദിഷ്ടം1 നാ. 1. ഉപദേശം, നിർദേശം, ആജ്ഞ; 2. ഒരു നാട്യാലങ്കാരം
ദിഷ്ടക്കേട് നാ. ദുർവിധി, ഭാഗ്യദോഷം
ദിഷ്ടത നാ. വിധി, ഭാഗ്യം
ദിഷ്ടതി നാ. 1. താത്പര്യം, ഇഷ്ടം; 2. ആവശ്യം; 3. ഭാഗ്യക്കേട്
ദിഷ്ടവാൻ നാ. ഭാഗ്യവാൻ

ദിഷ്ടാന്തം നാ. മരണം
ദിഷ്ടി നാ. 1. നിർദേശം, വിധിക്കൽ; 2. ശുഭസന്ദർഭം; 3. ഭാഗ്യം; 4. സന്തോഷം
ദിഷ്ട്യാ അവ്യ. ഭാഗ്യത്താൽ, ഭാഗ്യവശാൽ
ദിഷ്ണു വി. ദാനശീലമുള്ള. നാ. ദാതാവ്
ദീ [സം.] നാ. ക്ഷയം, നാശം
ദീക്ഷ നാ. 1. ദീക്ഷിക്കൽ; 2. താടിമീശകൾ വളർത്തൽ (മാതാപിതാക്കളുടെ മരണത്തെത്തുടർന്നു വ്രതം അനുഷ്ഠിക്കുന്ന കാലത്തോ ഭാര്യ ഗർഭിണിയായിരിക്കുന്ന കാലത്തോ). (പ്ര) ദീക്ഷഎടുക്കുക = വ്രതം അവസാനിപ്പിക്കുന്നതോടൊപ്പം ക്ഷൗരം ചെയ്യുക. ദീക്ഷവളർത്തുക = വ്രതാനുഷ്ഠാനത്തിൻെറ ഭാഗമായി മുടിയും താടിയും വളർത്തുക
ദീക്ഷകൻ നാ. മന്ത്രോപദേഷ്ടാവ്, വ്രതദീക്ഷയ്ക്കാവശ്യമായ ഉപദേശങ്ങൾ നൽകുന്നവൻ
ദീക്ഷക്കാരൻ നാ. 1. ദീക്ഷപാലിക്കുന്നവൻ, വ്രതം അനുഷ്ഠിക്കുന്നവൻ; 2. ക്ഷൗരംചെയ്യാതെ മുടിയും താടിയും വളർത്തുന്നവൻ
ദീക്ഷണം നാ. ദീക്ഷിക്കൽ, വ്രതം അനുഷ്ഠിക്കൽ
ദീക്ഷണീയ വി. ദീക്ഷിക്കേണ്ടതായ
ദീക്ഷയിതാവ് നാ. ദീക്ഷിക്കുന്നവൻ
ദീക്ഷാഗുരു നാ. 1. ദീക്ഷാമന്ത്രം ഉപദേശിച്ച ഗുരു; 2. ഉപനയനം നടത്തി വിദ്യാരംഭം ചെയ്യിച്ചഗുരു
ദീക്ഷാഗ്നി നാ. പ്രായശ്ചിത്തമായിചെയ്യുന്ന ഹോമം
ദീക്ഷാഗ്നിവാസനം നാ. വ്രതം അനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന അവസ്ഥ
ദീക്ഷാന്തം നാ. 1. ദീക്ഷയുടെ പരിസമാപ്തി, ആ അവസരത്തിൽ അനുഷ്ഠിക്കുന്ന കർമം; 2. അവഭൃഥസ്നാനം, യജ്ഞാന്തത്തിലുള്ള കുളി
ദീക്ഷാപതി നാ. ചന്ദ്രൻ, സോമൻ
ദീക്ഷായൂപം നാ. യാഗശാലയിൽ നാട്ടുന്ന സ്തംഭം
ദീക്ഷാലോപം നാ. വ്രതഭങ്ഗം
ദീക്ഷാവരൻ നാ. ദീക്ഷവരിക്കുന്നവൻ, സന്ന്യാസം സ്വീകരിക്കുന്നവൻ
ദീക്ഷിക്കുക ക്രി. 1. വ്രതം അനുഷ്ഠിക്കുക; 2. ഏതെങ്കിലും ഒരു ഉദ്ദേശ്യത്തിനുവേണ്ടി ആത്മാർപ്പണതുല്യമായ പ്രവർത്തനം ആരംഭിക്കുക; 3. വിവാഹം ഉപനയനം തുടങ്ങിയവയോടു ബന്ധപ്പെട്ട ആചാരങ്ങൾ അനുഷ്ഠിക്കുക; 4. മരിച്ചുപോയവരെ ഉദ്ദേശിച്ചു വ്രതം അനുഷ്ഠിക്കുക; 5. പാലിക്കുക, ഒരുകാര്യത്തിൽ നിഷ്ഠവയ്ക്കുക; 6. പ്രതീക്ഷിക്കുക, കാത്തിരിക്കുക
ദീക്ഷിത വി. 1. ദീക്ഷിക്കപ്പെട്ട, പാലിക്കപ്പെട്ട; 2. ദീക്ഷസ്വീകരിച്ച, വ്രതം ഏറ്റെടുത്ത, തയ്യാറെടുത്ത
ദീക്ഷിതൻ നാ. 1. ദീക്ഷസ്വീകരിച്ചവൻ; 2. ഗുരുവിൽ നിന്നു മന്ത്രോപദേശം സ്വീകരിച്ചവൻ, ബ്രഹ്മചാരി; 3. ദീക്ഷയ്ക്കായി ഏർപ്പെടുത്തിയിട്ടുള്ള പുരോഹിതൻ; 4. യാഗത്തിൽ ഋത്വിക്കായി പ്രവർത്തിക്കുകയോ വലിയ യാഗങ്ങൾ നടത്തുകയോ ചെയ്തിട്ടുള്ളവൻ, അത്തരം ഒരാളിൻെറ വംശത്തിൽ ജനിച്ചവൻ. (പൂ.ബ.വ.) ദീക്ഷിതർ
ദീക്ഷിതാവ് നാ. ദീക്ഷാഗുരു
ദീതി നാ. തിളക്കം

ദീദിവി വി. 1. ഉദിച്ച; 2. പ്രകാശമുള്ള. നാ. 1. ചോറ്; 2. ബൃഹസ്പതി; 3. അഗ്നി; 4. സ്വർഗം
ദീധിനി നാ. 1. പ്രകാശം, ശോഭ; 2. രശ്മി, ഓജസ്സ്, ശക്തി, ഗാംഭീര്യം; 3. ആധ്യാത്മികപ്രചോദനം; 4. ജാമാതാവ്; 5. വിരൽ
ദീധിതിമത്ത് നാ. 1. തിളങ്ങുന്നത്, പ്രകാശിക്കുന്നത്; 2. സൂര്യൻ
ദീധിതിമാൻ നാ. സൂര്യൻ
ദീധിതിമാലി നാ. കിരണമാലി, സൂര്യൻ
ദീൻ [അറ] നാ. മതം, വിശ്വാസം
ദീന1 [സം.] വി. 1. ദാരിദ്ര്യം രോഗം തുടങ്ങിയവയാൽ ക്ലേശിക്കുന്ന; 2. അവശതയനുഭവിക്കുന്ന; 3. ദു:ഖിക്കുന്ന; 4. പാരവശ്യമുള്ള
ദീന2 നാ. 1. ദു:ഖിക്കുന്നവൾ; 2. പെണ്ണെലി
ദീന3 നാ. (നാട്യ) അഭിനയത്തിലെ ദൃഷ്ടിഭേദങ്ങളിൽ ഒന്ന്, ദീനത പ്രകടിപ്പിക്കുന്നത്
ദീനക്കാരൻ നാ. രോഗി
ദീനത, -ത്വം നാ. ദീനമായ അവസ്ഥ, ദീനൻെറ ഭാവം, ക്ലേശം, അവശത
ദീനദയാലു നാ. ദീനരിൽ ദയയുള്ള ആൾ
ദീനദീന വി. അത്യന്തം ദീനതയുള്ള
ദീനദീനം അവ്യ. അത്യന്തം ദീനമായി, അതികഠിനമായ ദു:ഖത്തോടെ, വലിയ അവശതയോടെ
ദീനൻ നാ. ദു:ഖിതൻ, അവശൻ, രോഗത്താലോ ദാരിദ്ര്യത്താലോ കഷ്ടപ്പെടുന്നവൻ
ദീനബന്ധു നാ. ദീനർക്കു ബന്ധുവായി വർത്തിക്കുന്നവൻ, അവശരെയും ദു:ഖിതരെയും സഹായിക്കുന്നവൻ
ദീനം നാ. 1. രോഗം; 2. മസൂരിരോഗം; 3. കഷ്ടപ്പാട്, ക്ലേശം; 4. തകരവൃക്ഷം
ദീനവത്സലൻ നാ. ദീനരിൽ വാത്സല്യമുള്ളവൻ
ദീനാനുകമ്പി നാ. ദീനദയാലു
ദീനാഭിഹാസി നാ. ദീനരെ പുച്ഛിക്കുന്നവൻ
ദീനാര് [അറ] നാ. 1. ഒരു സ്വർണനാണയം, ദിനാരം; 2. ചിലരാജ്യങ്ങളിലെ അടിസ്ഥാനനാണയം
ദീനാറാ [ല] നാ. ഒരു റോമൻ വെള്ളിനാണയം
ദീപക വി. 1. പ്രകാശിപ്പിക്കുന്ന, തിളങ്ങുന്ന; 2. ജ്വലിപ്പിക്കുന്ന; 3. ഉത്തേജിപ്പിക്കുന്ന; 4. ദഹനശക്തി വർധിപ്പിക്കുന്ന; 5. ഗോചരമാക്കുന്ന, വ്യക്തമാക്കുന്ന; 6. അലങ്കരിക്കുന്ന
ദീപകൻ നാ. വിളക്കുവയ്പ്പുകാരൻ
ദീപകം നാ. 1. പ്രകാശിപ്പിക്കുന്നത്, വിളക്ക്, ദീപനാളം; 2. തിളങ്ങുന്ന വസ്തു; 3. ദീപകാലങ്കാരം; 4. പരുന്ത്; 5. കുറാശാണി; 6. മയിലോശിക; 7. കുങ്കുമം
ദീപകലിക നാ. ദീപനാളം
ദീപകിട്ടം നാ. വിളക്കിൻെറ പുകയിൽനിന്നും പറ്റിപ്പിടിച്ച കരി
ദീപകീടം നാ. മിന്നാമിനുങ്ങ്
ദീപകൂപി നാ. വിളക്കിലെ തിരി

ദീപക്കാഴ്ച നാ. ദീപാലങ്കാരം, അനേകം ദീപങ്ങൾ ഒരുമിച്ചു കത്തിച്ചുവയ്ക്കുന്നത്
ദീപതരു നാ. ചരളം
ദീപധ്വജം നാ. 1. ദീപസ്തംഭം; 2. വിളക്കിലെ കരി
ദീപന വി. 1. ദഹിപ്പിക്കുന്ന; 2. ജ്വലിപ്പിക്കുന്ന; 3. ദഹനത്തെ സഹായിക്കുന്ന; 4. ഉത്തേജിപ്പിക്കുന്ന
ദീപനം1 നാ. 1. ദഹനക്രീയ; 2. പ്രകാശിപ്പിക്കൽ, ജ്വലിപ്പിക്കൽ; 3. ഉത്തേജനം; 4. ഒരു ഔഷധസസ്യം, തകര; 5. കുങ്കുമം
ദീപനം2 നാ. 1. മയിലോശിക; 2. വലിയ വെളുത്തുള്ളി; 3. പൊന്നാവീരം
ദീപനാളം നാ. വിളക്കിലെ തീ നാളം
ദീപനി വി. ദഹനശക്തിയുള്ള. നാ. 1. കുറാശാണി; 2. പാടക്കിഴങ്ങ്; 3. ഉലുവ; 4. ആലിലക്കല്ലൂർവഞ്ചി
ദീപനീയ വി. 1. കത്തിക്കേണ്ടതായ, ജ്വലിപ്പിക്കേണ്ടതായ; 2. പ്രകാശിപ്പിക്കേണ്ടതായ; 3. ദീപനം ഉണ്ടാക്കുന്ന
ദീപം നാ. 1. വിളക്ക്; 2. വിളക്കിലെ തീനാളം
ദീപമാല നാ. 1. വിളക്കുകളുടെ നിര; 2. ദീപക്കാഴ്ച
ദീപയഷ്ടി നാ. തീവെട്ടി
ദീപരാഗം നാ. (സങ്ഗീ) ഒരു രാഗം
ദീപവർത്തി നാ. വിളക്കിലെ തിരി
ദീപവൃക്ഷം നാ. 1. വിളക്കിൻെറ തണ്ട്; 2. വിളക്കുമരം; 3. ദേവതാരം; 4. ഏഴിലംപാല; 5. ചരളം, ദീപതരു
ദീപശത്രു നാ. 1. ഈയാൻപാറ്റ; 2. ഒരിനം ശലഭം
ദീപശാല നാ. വിളക്കുമാടം
ദീപശിഖ നാ. 1. ദീപനാളം; 2. വിളക്കിലെ കരി
ദീപശ്രുങ്ഖല നാ. വിളക്കുകളുടെ നിര, അന്യോന്യം ബന്ധിപ്പിച്ചിട്ടുള്ളത്
ദീപസ്തംഭം നാ. 1. പലതട്ടുകളായി ചുറ്റും വിളക്കുകൾ കൊളുത്തത്തക്കവണ്ണം നിർമിച്ചിട്ടുള്ള സ്തംഭം; 2. വളരെപൊക്കത്തിൽ ദീപം സ്ഥാപിച്ചിട്ടുള്ള സ്തംഭാകൃതിയിലുള്ള ഗോപുരം (കപ്പലുകൾക്കും മറ്റും വെളിച്ചം കാട്ടിക്കൊടുക്കാനായി തുറമുഖങ്ങളിൽ നിർമിച്ചിട്ടുള്ളത്), വിളക്കുമരം; 3. കമ്പവിളക്ക്; 4. മെഴുകുതിരിക്കാൽ
ദീപാന്ധം നാ. 1. പെരുച്ചാഴി; 2. പ്രാവ്
ദീപാന്വിത1 വി. ദീപത്തോടുകൂടിയ
ദീപാന്വിത2 നാ. 1. അമാവാസി; 2. ദീപാവലി.
915
ദീപായമാന [സം.] വി. 1. ദീപതുല്യമായ; 2. ജ്വലിച്ചുകൊണ്ടിരിക്കുന്ന
ദീപാരാധന നാ. ദീപം കത്തിച്ചുകഴിഞ്ഞ് പൂജിക്കൽ; ഒരു പൂജാസമ്പ്രദായം. ക്ഷേത്രങ്ങളിൽ പതിവായി നടത്തിവരുന്ന ഒരുതരം പൂജ.
ദീപാവലി നാ. 1. ദീപസഞ്ചയം, ദീപക്കാഴ്ച; 2. ഇന്ത്യയിലെ ദേശീയോത്സവങ്ങളിൽ ഒന്ന്
ദീപാളി നാ. 1. ദീപസമൂഹം; 2. ധൂർത്ത്. (പ്ര) ദീപാളികുളിക്കുക = ധനം ധൂർത്തടിച്ച് സ്വയം നശിക്കുക
ദീപാളിത്തം നാ. ധൂർത്തടിക്കൽ

ദീപിക നാ. 1. വിളക്ക്; 2. ചന്ദ്രിക; 3. കഈളക്ക്, ചൂട്ട്; 4. തീക്കൊള്ളി; 5. അർഥംവെളിപ്പെടുത്തുന്നത്, വ്യക്തമാക്കുന്നത്; 6. (സന്ദി) ഒരു രാഗം
ദീപിക്കുക ക്രി. 1. തിളങ്ങുക, ശോഭിക്കുക; 3. (ഭക്ഷണസാധനങ്ങൾ) ദഹിക്കുക
ദീപിത വി. 1. ജ്വലിപ്പിച്ച, കത്തിച്ച; 2. പ്രകാശിപ്പിക്കപ്പെട്ട; 3. ഉത്തേജിപ്പിക്കപ്പെട്ട
ദീപ് നാ. = ദ്വീപ്
ദീപേക്ഷിക നാ. തീപ്പെട്ടിക്കോൽ
ദീപോത്സവം നാ. 1. ദീപാവലി; 2. ദേവാലയങ്ങൾ മറ്റുപൊതുസ്ഥലങ്ങൾ ഗൃഹങ്ങൾ മുതലായവ ദീപനിരകൊണ്ടലങ്കരിക്കൽ
ദീപോപചാരം നാ. 1. ദീപംകാട്ടിയുള്ള ഉപചാരം; 2. ദീപാരാധന
ദീപ്ത1 വി. 1. ജ്വലിക്കുന്ന, പ്രകാശിക്കുന്ന; 2. പ്രകാശിപ്പിച്ച, ജ്വലിപ്പിച്ച
ദീപ്ത2 നാ. 1. ചെറുപുന്ന; 2. മേത്തോന്നി; 3. ചർമലന്ത; 4. (സങ്ഗീ) അഞ്ചുജാതിശ്രുതികളിൽ ഒന്ന്
ദീപ്തകം നാ. 1. സ്വർണം; 2. ഒരു നാസാരോഗം
ദീപ്തകിരണൻ നാ. സൂര്യൻ
ദീപ്തകീർത്തി നാ. സുബ്രഹ്മണ്യൻ
ദീപ്തജിഹ്വ നാ. 1. പെൺകുറുക്കൻ; 2. വായാടിയായ സ്ത്രീ
ദീപ്തൻ നാ. 1. ശോഭിക്കുന്നവൻ; 2. സിംഹം; 3. ഉച്ചസ്ഥാനത്തിൽ നിൽക്കുന്ന ഗ്രഹം
ദീപ്തപിങ്ഗലം നാ. സിംഹം
ദീപ്തം1 നാ. 1. സിംഹം; 2. ഒരിനം നാരകം; 3. ഒരു നാസാരോഗം, മൂക്കിലെ വീക്കം
ദീപ്തം2 നാ. 1. വെള്ളോട്; 2. സ്വർണം; 3. പെരുങ്കായം; 4. ഇരുപത്തിയെട്ട് ആഗമങ്ങളിൽ ഒന്ന്; 5. ഒരു ദുശ്ശകുനം
ദീപ്തമായ നാ. ഇരുപത്തിയെട്ടുകോടി നരകങ്ങളുള്ളതിൽ ഇരുപത്തിയെട്ടാമത്തെ കോടിയുടെ പേര്
ദീപ്തലോചനം നാ. പൂച്ച
ദീപ്തലോഹം നാ. വെള്ളോട്
ദീപ്തവർണൻ നാ. സുബ്രഹ്മണ്യൻ
ദീപ്താങ്ഗം നാ. മയിൽ
ദീപ്താംശുമാൻ നാ. സൂര്യൻ
ദീപ്താഗ്നി നാ. 1. ജ്വലിക്കുന്ന അഗ്നി; 2. അഗസ്ത്യൻ
ദീപ്താതപം നാ. എരിവെയിൽ
ദീപ്താഹ്വ നാ. അരക്ക്
ദീപ്തി നാ. 1. പ്രകാശം, തിളക്കം, തേജസ്സ്; 2. സൗന്ദര്യം; 3. (നാട്യ) ഒരു നായികാലങ്കാരം; 4. വെള്ളോട്; 5. അഗ്നി; 6. (സങ്ഗീ) ഒരു ഗീതപ്രകരണം; 7. (കാവ്യ) ഒരു കാവ്യ ദോഷം, ഒരു രസംതന്നെ ആവർത്തിച്ചു പ്രക്കാശിക്കൽ
ദീപ്തിക നാ. വെള്ളപ്പാഷാണം
ദീപ്തിപതാക നാ. ധ്രുവദീപ്തി, ഉത്തരധ്രുവത്തിൻെറയും ദക്ഷിണധ്രുവത്തിൻെറയും മുകളിൽ പതാകയുടെ ആകൃതിയിൽ കാണാറുള്ള ഒരുതരം അസാധാരണപ്രകാശം

ദീപ്തിമത്ത് നാ. വലിയ പ്രകാശമുള്ളത്, അസാമാന്യതേജസ്സുള്ളത്
ദീപ്തിമാൻ നാ. 1. ശോഭയുള്ളവൻ, തേജസി; 2. (പുരാണ) സാവർണിമന്വന്തരത്തിലെ സപ്തർഷിമാരിൽ ഒരാൾ
ദീപ്തിവത്സരം നാ. പ്രകാശരശ്മി ഒരുവർഷംകൊണ്ടു സഞ്ചരിക്കുന്ന ദൂരം
ദീപ്തോപലം നാ. സൂര്യകാന്തക്കല്ല്
ദീപ്യ1 വി. ജ്വലിപ്പിക്കാവുന്ന
ദീപ്യ2 നാ. കുറാശാണി
ദീപ്യത്ത് നാ. തിളങ്ങുന്നത്, ജ്വലിക്കുന്നത്
ദീപ്യം നാ. 1. ഒരിനം നാരകം; 2. കുറാശാണി; 3. ജീരകം; 4. പരുംജീരകം
ദീപ്യമാന വി. ശോഭിക്കുന്ന, തിളങ്ങുന്ന
ദീപ്ര വി. കണ്ണഞ്ചിക്കുന്ന, പ്രകാശമുള്ള, വെട്ടിത്തിളങ്ങുന്ന
ദീപ്രം നാ. 1. അഗ്നി; 2. സാഹിത്യത്തിലെ ഒരു രചനാരീതി, അസാമാന്യചമത്കാരം ഉള്ളത്
ദീർഘ1 വി. 1. നീളമുള്ള, നീളമേറിയ, പൊക്കമുള്ള, പൊക്കമേറിയ; 2. (അക്ഷരത്തെ സംബന്ധിച്ച്) രണ്ടുമാത്രയുള്ള; 3. മന്ദഗതിയായ; 4. വളരെ സമയത്തേക്കുള്ള
ദീർഘ2 നാ. 1. ഒരു ഉപദേവത; 2. ഓരില; 3. തടാകം; 4. ഗ്യാലറി
ദീർഘകണ നാ. വെൺജീരകം
ദീർഘകണ്ഠം നാ. കൊക്ക്
ദീർഘകം നാ. വെളുത്തജീരകം
ദീർഘകായൻ നാ. പൊക്കമേറിയ ശരീരമുള്ളവൻ
ദീർഘകാഷ്ഠം നാ. 1. ഉത്തരം; 2. കഴുക്കോൽ
ദീർഘകേശം നാ. കരടി
ദീർഘഗതി നാ. ഒട്ട്ടകം
ദീർഘഗ്രീവം നാ. 1. ഒട്ടകം; 2. കരിഞ്ഞാറൽപ്പക്ഷി
ദീർഘചതുരം നാ. (ജ്യോ) എതിർവശങ്ങൾ (രണ്ടുജോഡിയും) തുല്യദൈർഘ്യമുള്ളവയും നാലുകോണുകളും സമകോണങ്ങളുമായ ഒരു ചതുർഭുജ രേഖാചിത്രം
ദീർഘചതുരശ്രം നാ. ദീർഘചതുരം
ദീർഘജങ്ഘം നാ. 1. കൊക്ക്; 2. ഒട്ടകം
ദീർഘജാനുകം നാ. വണ്ടാരങ്കോഴി
ദീർഘജിഹ്വ നാ. 1. നീണ്ടനാക്ക്; 2. (പുരാണ) സ്കന്ദൻെറ പരിവാരത്തിൽപ്പെട്ട ഒരു മാതാവ്
ദീർഗജിഹ്വം നാ. 1. പാമ്പ്; 2. നായ
ദീർഗ്ഘത നാ. 1. നീണ്ടിരിക്കുന്ന അവസ്ഥ; 2. നീളം, ദൈർഘ്യം
ദീർഘതപസ്സ് നാ. (പുരാണ0 1. ദീർഘകാലം തപസ്സനുഷ്ടിച്ച ഒരു ഋഷി, ഗൗതമൻ (അഹല്യയുടെ ഭർത്താവ്); 2. കാശ്യപവംശത്തിലെ രാഷ്ട്രൻെറ പുത്രൻ
ദീർഘതരങ്ഗിണി നാ. ഒരു മലയാളവൃത്തം
ദീർഘതരു നാ. കരിമ്പ്
ദീർഘതിമിഷ നാ. കക്കരി
ദീർഘതുണ്ഡ നാ. നച്ചെലി

ദീർഘദംഷ്ട്രകം നാ. പുലി
ദീർഘദർശനം നാ. ഭാവിയിലെ കാര്യങ്ങൾ മുൻകൂട്ടിക്കാണൽ, നടക്കാനിരിക്കുന്നവയും നടക്കാവുന്നവയുമായ കാര്യങ്ങൾ മുൻകൂട്ടിഗ്രഹിച്ചുപറയൽ
ദീർഘദർശി വി. 1. വരാനിരിക്കുന്നതോ സംഭവിക്കാവുന്നതോ ആയ കാര്യങ്ങൾ നേരത്തേമനസ്സിലാക്കുന്ന, മുൻകൂട്ടിക്കാണാൻ കഴിവുള്ള; 2. അസാമാന്യമായ ഗ്രഹണ ശേഷിയുള്ള. നാ. 1. വിശാലമായ അറിവുള്ളവൻ, അഗാധപരിജ്ഞാനം ഉള്ളയാൾ; 2. പ്രവാചകൻ, ഭൂതഭാവികളെ മനസ്സിൽ കാണാൻ കഴിവുള്ളവൻ; 3. മൂങ്ങ; 4. കഴുകൻ; 5. കരടി
ദീർഘനമസ്കാരം നാ. സാഷ്ടാങ്ഗനമസ്കാരം, ദണ്ഡനമസ്കാരം
ദീർഘനാദം നാ. 1. അധികനേരം നീണ്ടുനിൽക്കുന്ന ശബ്ദം; 2. ശങ്ഖ്; 3. നായ്
ദീർഘനിദ്ര നാ. 1. നീണ്ട ഉറക്കം; 2. മരണം
ദീർഘനിശ്വാസം നാ. നെടുവീർപ്പ്
ദീർഘനിസ്വനം നാ. ദീർഘനാദം
ദീർഘപക്ഷൻ നാ. കുടുമച്ചാത്തൻ എന്ന പക്ഷി
ദീർഘപർവം നാ. ‘ മുട്ടുകൾ അകന്നത്’, കരിമ്പ്
ദീർഘപാദപം നാ. 1. തെങ്ങ്; 2. കമുക്; 3. കരിമ്പന
ദീർഘപുച്ഛം നാ. പാമ്പ്
ദീർഘപുച്ഛിക നാ. ഉടുമ്പ്
ദീർഘബാലം നാ. ‘നീണ്ട രോമമുള്ള’, കരടി
ദീർഘബാഹു വി. നീണ്ടകൈയുള്ള. നാ. 1. (പുരാണ) ദശരഥൻെറ പിതാമഹൻ, അജൻെറ പുത്രൻ; 2. അജൻെറ പിതാമഹൻ
ദീർഘം നാ. 1. (ഏറെ) നീണ്ടത്; 2. ആഴമുള്ളത്, ഉള്ളിൽ തട്ടിയത്; 3. ദീർഘസ്വരം; 4. ദീർഘസ്വരത്തെ കാണിക്കുന്ന ചി ം; 5. ഒട്ടകം; 6. ചൂണ്ടപ്പന; 7. ശരക്കോൽ; 8. പയറ്റിലെ പതിനെട്ട് അടവുകളിൽ ഒന്ന്
ദീർഘമങ്ഗല്യം നാ. നീണ്ടുനിൽക്കുന്ന ദാമ്പത്യം
ദീർഘമുഖി നാ. നച്ചെലി
ദീർഘരസനം നാ. 1. പട്ടി; 2. പാമ്പ്
ദീർഘലോചന നാ. സുന്ദരി
ദീർഘലോചനൻ നാ. 1. നീണ്ടകണ്ണുള്ളവൻ; 2. (പുരാണ) ധൃതരാഷ്ട്രരുടെ പുത്രന്മാരിൽ ഒരുവൻ
ദീർഘവക്ത്രം നാ. ആന
ദീർഘവച്ഛിക നാ. മുതല
ദീർഘവൃത്തം നാ. നീണ്ടവൃത്തം (മുട്ടയുടെ ആകൃതിയുള്ളത്)
ദീർഘശ്രുത വി. 1. വളരെ ദൂരെ കേൾക്കുന്ന; 2. വളരെക്കാലമായി കെട്ടിട്ടുള്ള; 3. ദൂരവ്യാപിയായ, കീർത്തിയുള്ള
ദീർഘശ്വാസം നാ. നെടുവീർപ്പ്
ദീർഘസത്രൻ നാ. ദീർഘസത്രം അനുഷ്ഠിക്കുന്നവൻ
ദീർഘസത്രം നാ. 1. ദീർഘകാലം നീണ്ടുനിൽക്കുന്ന യാഗം; 2. പന്ത്രണ്ടുകൊല്ലം നീണ്ടുനിൽക്കുന്ന സോമയാഗം; 3. ഒരു തീർഥം

ദീർഘസൂത്രൻ നാ. അൽപകാലംകൊണ്ടു ചെയ്യാവുന്നകാര്യം നീണ്ടകാലംകൊണ്ടുമാത്രം ചെയ്യുന്നവൻ, ആലോചിച്ചുസമയം കളയുന്നവൻ
ദീർഘസൂത്രം നാ. 1. നീണ്ടചരട്; 2. നെടുമങ്ങല്യം; 3. താമസിച്ചുചെയ്യുന്ന പ്രവൃത്തി, ചെയ്യേണ്ടകാര്യങ്ങൾ യഥാകാലം ചെയ്യാതെ നീട്ടിവയ്ക്കുന്ന സമ്പ്രദായം
ദീർഘസ്വരം നാ. രണ്ടുമാത്ര അടങ്ങുന്ന സ്വരം
ദീർഘാക്ഷ വി. നീണ്ടകണ്ണുള്ള
ദീർഘാക്ഷി നാ. നീണ്ടകണ്ണുള്ളവൾ, സുന്ദരി
ദീർഘാധ്വഗൻ നാ. 1. ദീർഘയാത്രചെയ്യുന്നവൻ; 2. സന്ദേശവാഹകൻ, ദൂതൻ
ദീർഘാധ്വഗം നാ. ഒട്ടകം
ദീർഘായുധം നാ. 1. ഒരു നീണ്ട ആയുധം; 2. കുന്തം; 3. പന്നി
ദീർഘായുഷ്ക വി. ദീർഘായുസ്സുള്ള
ദീർഘായുഷ്മത് വി. ദീർഘായുസ്സുള്ള
ദീർഘായുസ്സ് നാ. 1. നീണ്ട ആയുസ്സ്, ദീർഘമായ ജീവിതം; 2. ദീർഘമായ ആയുസ്സുള്ള ആൾ; 3. (പുരാണ) മാർക്കണ്ഡേയൻ; 4. (പുരാണ) മഹാഭാരതത്തിൽ പരാമർശിക്കുന്ന ഒരു കലിങ്ഗരാജാവ്; 5. ജീരകം; 6. കാക്ക; 7. ഇലവ്; 8. വടക്കുകിഴക്കെ കോണ്
ദീർഘിക നാ. 1. നീളമുള്ളതോ ദീർഘവൃത്താകൃതിയുള്ളതോ ആയ കുളം; 2. കറിക്കായം; 3. ഗ്യാലറി
ദീർഘിക്കുക ക്രി. 1. നീളുക; 2. കാലദൈർഘ്യംകൊണ്ട് വിരസമാകുക
ദീർഘീകരിക്കുക ക്രി. ദീർഘമാക്കുക, നീട്ടുക
ദീർണ വി. 1. ദാരണംചെയ്യപ്പെട്ട; 2. ഭയപ്പെട്ട
ദീർണം നാ. 1. പിളർക്കൽ, പിളർപ്പ്; 2. പേടി, ഭയം
ദീവട്ടി നാ. തീവെട്ടി
ദീവി നാ. കാട്ടുകാക്ക
ദീവ് നാ. ദ്വീപ്
ദുകൂലം നാ. 1. പാട്ട്; 2. നേർത്തുമിനുസമുള്ള വസ്ത്രം
ദുക്കാൻ [പേർ] നാ. പീടിക, കട
ദുക്കാണി [പേർ] നാ. കച്ചവടക്കാരൻ, പീടികനടത്തുന്നവൻ
ദുഗ്ധ വി. 1. (പാൽ) കറക്കപ്പെട്ട; 2. വലിച്ചെടുക്കപ്പെട്ട, ഉറുഞ്ചിയെടുത്ത; 3. ചൂഷണംചെയ്യപ്പെട്ട; 4. കറന്നുശേഖരിച്ച, നിറഞ്ഞ
ദുഗ്ധം നാ. 1. (കറന്നെടുത്ത) പാൽ; 2. സസ്യങ്ങളുടെ വെളുത്ത കറ; 3. കറവ
ദുഗ്ധതാലീയം നാ. 1. പാലിലെ പത, പാൽക്കട്ടി; 2. പാലട
ദുഗ്ധദ നാ. കറവപ്പശു
ദുഗ്ധാബ്ധി നാ. പാൽക്കടൽ
ദുഗ്ധാരി നാ. പൂച്ച
ദുഗ്ധി വി. 1. പാലുള്ള; 2. പാലുപോലുള്ള
ദുഘ1 വി. പാൽ നൽകുന്ന
ദുഘ2 നാ. (സമാസാന്ത്യത്തിൽ) കറവപ്പശു
ദുഡി നാ. ഒരിനം ചെറിയ ആമ
ദുണ്ഡുക വി. 1. കാപട്യമുള്ള, ചതിയുള്ള, കപടമായ; 2. ദുഷ്ടതയുള്ള

ദുണ്ഡുഭം നാ. 1. ഒരിനം പല്ലി; 2. ചേര
ദുദ്രുമം നാ. പച്ചനിറമുള്ള ഒരിനം ഉള്ളി
ദുധി വി. 1. സാഹസികതയുള്ള, രൂക്ഷതയുള്ള; 2. ദോഷംചെയ്യുന്ന
ദുധിത വി. 1. അസ്വസ്ഥമായ, കുഴങ്ങിയ; 2. കലുഷമായ
ദുനിയാവ് [അറ.] നാ. ദേശം, ലോകം
ദുന്ദു [സം.] നാ. (പുരാണ) വാസുദേവൻ
ദുന്ദുഭൻ [സം.] നാ. ശിവൻ.
917
ദുന്ദുഭം [സം.] നാ. ഒരിനം നീർപ്പാമ്പ്
ദുന്ദുഭി നാ. 1. പെരുമ്പറ; 2. സൂര്യൻ; 3. കൃഷ്ണൻ; 4. വരുണൻ; 5. യക്ഷൻ; 6. ഒരു അസുരൻ; 7. ഒരു രാക്ഷസൻ; 8. ഒരിനം വിഷം
ദുന്ദുമായിതമ്മ് നാ. ഭേരീനാദം
ദുന്ദുമാരൻ നാ. ധുന്ധുമാരൻ
ദുന്ദുമാരം നാ. ധുന്ധുമാരം
ദുർ ഉപ. 1. ചീത്തയായ, ഹീനമായ, നിന്ദ്യമായ; 2. പ്രയാസമുള്ള
ദുർഗ നാ. 1. ശക്തി, പരാശക്തി, പാർവതി, ഭദ്രകാളി; 2. അമരി, മലയമുക്കി; 3. മൈന; 4. പെൺകുട്ടി
ദുർഗത വി. കഷ്ടപ്പെട്ടു കഴിഞ്ഞുകൂടുന്ന, ദുരിതത്തിൽ കഴിഞ്ഞുകൂടുന്ന
ദുർഗതി നാ. 1. ദുർവിധി, ദൗർഭാഗ്യം; 2. ദാരിദ്ര്യം; 3. ദു:ഖം; 4. നരകം; 5. ദുഷിച്ചമാർഗം
ദുർഗൻ നാ. 1. ഈശ്വരൻ; 2. (പുരാണ) ഒരു അസുരൻ
ദുർഗന്ധം നാ. 1. ദുഷിച്ചഗന്ധം, നാറ്റം; 2. വലിയ വെളുത്തുള്ളി; 3. തുവർച്ചിലയുപ്പ്
ദുർഗം നാ. 1. കോട്ട, കോട്ടമതിൽ, മതിൽക്കെട്ട്; 2. കിടങ്ങ്; 3. പർവതം; 4. വിപത്ത്, ക്ലേശം; 5. ദുർഗമത്വം; 6. ഗുഗ്ഗുലു
ദുർഗമ വി. 1. കടന്നുപോകാൻ പ്രയാസമുള്ള; 2. പ്രവേശിക്കാൻ കഴിയാത്ത; 3. ദുഷ്പ്രാപ്യമായ; 4. ദുർഗ്രഹമായ
ദുർഗുണം നാ. 1. ചീത്തശീലം; 2. ദുഷിച്ചപ്രവണത
ദുർഗ്രഹ വി. ഗ്രഹിക്കാൻ പ്രയാസമുള്ള, മനസ്സിലാക്കാൻ വിഷമമായ
ദുർഘട വി. 1. ഘടിപ്പിക്കാൻ പ്രയാസമുള്ള; 2. അപകടകരമായ; 3. ക്ലേശം നിറഞ്ഞ
ദുർഘടന നാ. ആപത്ത്
ദുർജയ വി. ജയിക്കാൻ പ്രയാസമായ
ദുർജനം നാ. 1. ദുഷ്ടൻ; 2. ചീത്തയാൾ, വഷളൻ
ദുർജ്ഞേയ വി. അറിയാൻ പ്രയാസമുള്ള
ദുർദമ വി. 1. മെരുക്കാൻ പ്രയാസമുള്ള; 2. നിയന്ത്രിക്കാൻ വിഷമമായ
ദുർദർശ നാ. 1. ചീത്തക്കാലം; 2. ആപത്കാലം
ദുർദിനം നാ. 1. ചീത്തദിവസം; 2. ചീത്തക്കാലം
ദുർധർഷ വി. 1. ആക്രമിക്കാൻ പ്രയാസമായ, കീഴടക്കാൻ സാധ്യമല്ലാത്ത; 2. ഭീകരനായ; 3. അഹങ്കാരിയായ
ദുർനടപ്പ് നാ. ദുഷിച്ചപെരുമാറ്റം, ഹീനമായ ജീവിതരീതി

ദുർനയം		നാ.	ദുഷിച്ച നയം
ദുർനിമിത്തം		നാ.	ദുശ്ശകുനം
ദുർനിവാര		വി.	തടുക്കുവാൻ പ്രയാസമുള്ള, ഒഴിവാക്കാൻ കഴിയാത്ത
ദുർബല		വി.	1. ബലമില്ലാത്ത; 2. ആരോഗ്യമില്ലാത്ത; 3. മനോബലമില്ലാത്ത
ദുർബലപ്പെടുത്തുക	ക്രി.	1. ബലമില്ലാതാക്കുക; 2. പ്രാബല്യമില്ലാതാക്കുക
ദുർബുദ്ധി		നാ.	1. മനോദൗർബല്യം, ബാലിശത്വം, വിഡ്ഢിത്തം, അജ്ഞത; 2. ദുഷിച്ച മനസ്സ്
ദുർബോധന		നാ.	തെറ്റായധാരണ നൽകൽ, തെറ്റായവിവരം ധരിപ്പിക്കൽ
ദുർഭഗ1		വി.	ഭാഗ്യംകെട്ട
ദുർഭഗ2		നാ.	ഭാഗ്യമില്ലാത്തവൾ
ദുർഭാഗ്യം		നാ.	ഭാഗ്യദോഷം
ദുർഭിക്ഷം		നാ.	ക്ഷാമം
ദുർമതി		നാ.	1. ദുഷിച്ച മനസ്സുള്ള; 2. മൂഢനായ
ദുർമന്ത്രം		നാ.	ചീത്ത ഉപദേശം
ദുർമന്ത്രവാദം		നാ.	ആഭിചാരകർമം
ദുർമരണം		നാ.	അസ്വാഭാവികമായ മരണം
ദുർമാർഗി		നാ.	ദുർന്നടത്തക്കാരൻ
ദുർമുഖം		നാ.	അസംതൃപ്തഭാവത്തോടുകൂടിയ മുഖം, വികൃതമായ മുഖം
ദുർമേദസ്സ്		നാ.	ദുഷിച്ച മേദസ്സ്, അമിതമായതടി
ദുർമേധസ്സ്		നാ.	ദുർബുദ്ധിയോടുകൂടിയ
ദുര്യശസ്സ്		നാ.	ദുഷ്പേര്
ദുര്യോധനൻ		നാ.	എതിർക്കാനാകാത്തവൻ, അജയ്യൻ, ധൃതരാഷ്ട്രരുടെ മൂത്തപുത്രൻ
ദുർല്ലഭ		വി.	1. ലഭിക്കാൻ പ്രയാസമുള്ള; 2. വിരളമായ; 3. ഉത്തമമായ
ദുർവാക്ക്		വി.	ദുഷിച്ച വാക്കുകൾ പറയുന്ന. നാ. ശകാരം, പരുഷവാക്ക്, നിന്ദാവചനം
ദുർവഹ		വി.	വഹിക്കാൻ പ്രയാസമുള്ള, ഭാരമേറിയ
ദുർവാദം		നാ.	അപവാദം
ദുർവാര		വി.	തടുക്കാൻ പ്രയാസമായ
ദുർവാസാ(വ്)		വി.	മലിനവസ്ത്രം ധരിച്ച. നാ. (പുരാണ) ഒരു മഹർഷി
ദുർവാശി		നാ.	അകാരണമായ വാശി
ദുർവിചാരം		നാ.	ഹീനമായ വിചാരം, ദുഷിച്ച ചിന്ത
ദുർവിനയം		നാ.	വിനയമില്ലായ്മ, വിവേകമില്ലായ്മ
ദുർവിനിയോഗം		നാ.	1. ദുഷിച്ചരീതിയിലുള്ള ഉപയോഗം; 2. ശരിയായ ആവശ്യത്തിനല്ലാതെയുള്ള ഉപയോഗം, പാഴ്ചെലവ്
ദുർവിനീത		വി.	1. ദുർവാശിയുള്ള; 2. വിവേകമില്ലാത്ത
ദുർവിപാകം		നാ.	ദുഷ്കർമങ്ങളുടെ ദോഷഫലം
ദുർവൃത്ത		വി.	ദുരാചാരിയായ
ദുർവ്യയം		നാ.	പാഴ്ചെലവ്
ദുര		നാ.	അത്യാഗ്രഹം
ദുരക്ഷം		നാ.	കള്ളച്ചൂത്

ദുരതിക്രമ	വി.	1. തരണംചെയ്യാനാവാത്ത; 2. കീഴടക്കാനാവാത്ത; 3. അനിവാര്യമായ
ദുരത്യയ	വി.	1. അപ്രാപ്യമായ; 2. മനസ്സിലാക്കാൻ പ്രയാസമായ; 3. അഗാധമായ
ദുരദൃഷ്ടം	നാ.	ദൗർഭാഗ്യം, ഭാഗ്യദോഷം
ദുരധിഗ(മ)	വി.	1. മനസ്സിലാക്കാൻ പ്രയാസമുള്ള; 2. അപ്രാപ്യമായ; 3. അഗാധമായ
ദുരന്ത(ക)	വി.	1. അന്തമില്ലാത്ത, അനന്തമായ; 2. ദു:ഖപര്യവസാനിയായ, അസുഖകരമായ അവസാനത്തോടുകൂടിയ; 3. ദുരിതമായ
ദുരന്തനാടകം	നാ.	ദു:ഖാന്തനാടകം, ട്രാജഡി
ദുരന്തം	നാ.	1. അസുഖകരമായ അവസാനം; 2. ആപത്ത്
ദുരന്വയം	നാ.	(വ്യാക) അന്വയിക്കാൻ പ്രയാസമുള്ള; 2. നിർവഹിക്കാൻ പ്രയാസമുള്ള
ദുരപവാദം	നാ.	ഹീനമായ അപവാദം
ദുരഭിപ്രായം	നാ.	1. ചീത്ത അഭിപ്രായം; 2. തെറ്റായ അഭിപ്രായം; 3. ദുരുദ്ദേശ്യം
ദുരഭിമാനം	നാ.	വ്യർഥാഭിമാനം
ദുരഭിമാനി	നാ.	ദുരഭിമാനമുള്ളവൻ
ദുരവഗമ	വി.	ദുർഗ്രഹമായ
ദുരവഗാഹ	വി.	ദുരൂഹമായ, ആരാഞ്ഞറിയാൻ പ്രയാസമുള്ള
ദുരവധാരക	വി.	തെറ്റായരീതിയിൽ ധരിക്കുന്ന, തെറ്റായിവിലയിരുത്തുന്ന
ദുരവധാരണ	വി.	നിർവചിക്കാൻ പ്രയാസമുള്ള
ദുരവധാര്യ	വി.	മനസ്സിലാക്കാൻ പ്രയാസമുള്ള
ദുരവബോധ	വി.	മനസ്സിലാക്കാൻ പ്രയാസമുള്ള
ദുരവസിത	വി.	നിർണയിക്കാൻ പ്രയാസമുള്ള
ദുരവസ്ഥ	നാ.	ദു:സ്ഥിതി, അസുഖകരമായ അവസ്ഥ, ദുരിതം
ദുരവാപ	വി.	1. അപ്രാപ്യമായ; 2. നിർവഹിക്കാൻ പ്രയാസമുള്ള
ദുരാഗ്രഹം	നാ.	1. അത്യാഗ്രഹം; 2. ദുഷിച്ച ആഗ്രഹം, അനുചിതമായ ആഗ്രഹം
ദുരാചാര	വി.	ആചരിക്കാൻ പ്രയാസമുള്ള
ദുരാചാരൻ	നാ.	ദുരാചാരി
ദുരാചാരം	നാ.	1. ദുഷിച്ച ആചാരം, ചീത്തയായ കീഴ്വഴക്കം; 2. ദുർനടപടി, ദുഷ്പ്രവൃത്തി, ദുഷിച്ചപെരുമാറ്റം
ദുരാചാരി	നാ.	ദുഷ്പ്രവൃത്തിചെയ്യുന്നവൻ, ഹീനമായരീതിയിൽ പെരുമാറുന്നവൻ, ദുഷ്ടൻ
ദുരാത്മാ	നാ.	ദു:സ്വഭാവി, ദുഷിച്ചമനസ്സുള്ളവൻ, ദുഷ്ടൻ
ദുരാധർഷ	വി.	1. അടുക്കാനോ ആക്രമിക്കാനോ എളുപ്പമല്ലാത്ത; 2. കീഴടക്കാനാവാത്ത; 3. ചെറുത്തുനിൽക്കാനാവാത്ത; 4. അപകടകാരിയായ
ദുരാപ	വി.	1. അപ്രാപ്യമായ; 2. അടുക്കാനാവാത്ത
ദുരാരോഹ	വി.	കയറാൻ പ്രയാസമുള്ള
ദുരാലാപം	വി.	1. ദുഷിച്ചവാക്ക്, ശകാരം, ചീത്തപറയൽ; 2. ശാപം; 3. ഹീനമായ സംസാരം

ദുരാലോക വി. 1. നോക്കാൻ പ്രയാസമുള്ള; 2. കാണാൻ പ്രയാസമുള്ള
ദുരാശ നാ. 1. ഹീനമായ ആഗ്രഹം; 2. അനാശാസ്യമായ ആഗ്രഹം
ദുരാശയ വി. ദുഷിച്ച മനസ്സുള്ള; 2. ദുരുദ്ദേശ്യമുള്ള, ദുർവിചാരമുള്ള
ദുരിതം നാ. 1. കഷ്ടപ്പാട്, ക്ലേശം; 2. ആപത്ത്
ദുരിശം നാ. വേഗം, തിടുക്കം, ദ്രുതഗതി
ദുരുക്തം നാ. 1. പരുഷവാക്ക്; 2. ദുർവാക്ക്
ദുരുക്തി നാ. ദുരുക്തം
ദുരുദർക്ക വി. ചീത്തഫലങ്ങൾ ഉളവാക്കുന്ന
ദുരുപദിഷ്ട വി. 1. തെറ്റായി ഉപദേശിക്കപ്പെട്ട; 2. ചീത്ത ഉപദേശം ലഭിച്ച; 3. ശരിയായ ഉപദേശംകൂടാതെയുള്ള, തെറ്റായധാരണകളെ ആസ്പദമാക്കിയുള്ള
ദുരുപദേശം നാ. തെറ്റായ ഉപദേശം, അനുചിതമായ ഉപദേശം
ദുരുപയുക്ത വി. ചീത്തയായരീതിയിൽ ഉപയോഗിക്കപ്പെട്ട
ദുരുപയോഗം നാ. 1. ചീത്തയായ രീതിയിലുള്ള ഉപയോഗം; 2. ആവശ്യത്തിനുവേണ്ടി അല്ലാത്ത ഉപയോഗം
ദുരൂഹം നാ. ഗ്രഹിക്കാൻ പ്രയാസമുള്ളത്
ദുരോദരം നാ. 1. ചൂത്; 2. ചൂതുകളി; 3. ചൂതിൽ പണയം വയ്ക്കൽ
ദുശ്ചര വി. 1. ദുരാചാരിയായ
ദുശ്ചിന്ത നാ. ദുഷിച്ച ചിന്ത, ഹീനമായവിചാരം
ദുശ്ചേഷ്ടിതം നാ. ദുഷ്കർമം; 2. ദുഷിച്ചപെരുമാറ്റം
ദുശ്ശകുനം നാ. ശകുനപ്പിഴ, അശുഭമായ ശകുനം
ദുശ്ശാസന വി. നിയന്ത്രിക്കാൻ സാധ്യമല്ലാത്ത
ദുശ്ശാസനൻ നാ. (പുരാണം ധൃതരാഷ്ട്രരുടെ പുത്രൻ, ദുര്യോധനന്റെ അനുജൻ
ദുശ്ശീലം നാ. ദുഷിച്ച ശീലം
ദുശ്ശ്രവ വി. 1. കേൾക്കാൻ പ്രയാസമുള്ള; 2. കേൾവിക്ക് അരോചകമായ
ദുശ്ശ്രവം നാ. 1. കേൾക്കാൻ വിഷമമുള്ളത്; 2. കേൾക്കാൻ കൊള്ളാത്തത്; 3. (കാവ്യ) ഒരു പദദോഷം, കേൾവിക്ക് അരോചകമായ പദങ്ങളുടെ പ്രയോഗം
ദുഷി നാ. ശകാരം, ദുഷിച്ചുപറയൽ, ദുർവാക്ക്
ദുഷിക്കുക ക്രി. 1. ചീത്തയാവുക; 2. ചാരിത്രം നഷ്ടപ്പെടുക; 3. അധ:പതിക്കുക; 4. നിന്ദിക്കുക, ദൂഷ്യംപറയുക, ശകാരിക്കുക; 5. അപവദിക്കുക
ദുഷിപ്പിക്കുക ക്രി. 1. ചീത്തയാക്കുക; 2. ദുഷിക്കാൻ ഇടയാക്കുക; 3. ചാരിത്രം നശിപ്പിക്കുക, പിഴപ്പിക്കുക
ദുഷ്കര വി. 1. ചെയ്യാൻ പ്രയാസമുള്ള; 2. സഹിക്കാൻ വിഷമമായ
ദുഷ്കർമം നാ. 1. ഹീനമായപ്രവൃത്തി, പാപം; 2. ക്ലേശകരമായ പ്രവൃത്തി
ദുഷ്കാലം നാ. ചീത്തക്കാലം
ദുഷ്കീർത്തി നാ. ചീത്തപ്പേര്
ദുഷ്കൃത്യം നാ. ഹീനമായ കൃത്യം, ദുഷ്കർമം
ദുഷ്ട1 വി. 1. ദുഷിച്ച, ചീത്തയായ; 2. ദുഷിപ്പിക്കപ്പെട്ട
ദുഷ്ട2 നാ. 1. ദുഷിച്ച മനസ്സുള്ളവൾ, ദുഷിച്ചവൾ; 2. ക്രൂര
ദുഷ്ടം നാ. 1. ദുഷിച്ചത്; 2. പാപം; 3. കുഷ്ഠരോഗം
ദുഷ്ടി വി. ദുഷിച്ച, ദോഷമുള്ള. നാ. 1. ദുഷിക്കൽ, ദൂഷ്യം; 2. ഹീനത
ദുഷ്ട് നാ. 1. ദോഷം; 2. അഴുക്ക്, ചീത്ത പദാർഥം; 3. നിന്ദ്യമായത്

ദുഷ്പേര് നാ. അവമാനകരമായ വിധത്തിൽ പരക്കെ അറിയപ്പെടൽ

ദുഷ്പ്രകൃതി നാ. ഹീനമായ സ്വഭാവം

ദുഷ്പ്രണീത നാ. 1. അനുചിതമായ രീതിയിൽ നയിക്കപ്പെട്ട; 2. തെറ്റായവിധത്തിൽ ചെയ്യപ്പെട്ട

ദുഷ്പ്രധർഷ വി. ദുർധഷ

ദുഷ്പ്രഭു നാ. ദുഷ്ടനായ പ്രഭു.

919

ദുഷ്പ്രവാദം നാ. അപവാദം

ദുഷ്പ്രവൃത്തി നാ. ഹീനമായ കൃത്യം, ദ്രോഹകൃത്യം

ദുഷ്പ്രാപ വി. 1. പ്രാപിക്കാൻ പ്രയാസമുള്ളത്; 2. അപ്രാപ്യമായ

ദുഷ്യന്തൻ നാ. (പുരാണ) ചന്ദ്രവംശത്തിൽപ്പെട്ട ഒരു രാജാവ്, ഭരതൻെറ പിതാവ്

ദുസ്തര വി. 1. കടക്കാൻ പ്രയാസമുള്ള; 2. അതിശയിക്കാൻ കഴിയാത്ത; 3. ദുസ്സഹമായ

ദുസ്സ്പർശ1 വി. സപർശിക്കാൻ പ്രയാസമുള്ളത്

ദുസ്സ്പർശ2 നാ. കണ്ടകാരിച്ചുണ്ട

ദുസ്സ്പർശം നാ. 1. കൊടിത്തൂവ; 2. കഴഞ്ചി

ദുസ്സാധ വി. സാധിക്കാൻ പ്രയാസമായ

ദുസ്സാമർഥ്യം നാ. അസ്ഥാനത്തുപ്രകടിപ്പിക്കുന്ന സാമർഥ്യം, അനാശാസ്യമായ സാമർഥ്യപ്രകടനം

ദുസ്സ്വപ്നം നാ. ചീത്തസ്വപ്നം, മനസ്സിനെ അസ്വസ്ഥമാക്കുന്ന സ്വപ്നം, പേടിസ്വപ്നം

ദുസ്സ്വഭാവം നാ. ചീത്തസ്വഭാവം, അരോചകമായ സ്വഭാവം

ദുസ്സ്വാദ് നാ. അരോചകമായ ചുവ, അരുചി

ദു:ഖ വി. ദു:ഖിപ്പിക്കുന്ന, മനോവേദന ജനിപ്പിക്കുന്ന; 2. അസുഖകരമായ, ക്ലേശകരമായ, ദു:ഖത്തെ സംബന്ധിച്ച, ദു:ഖിപ്പിക്കുന്ന കാര്യത്തെ സംബന്ധിച്ച

ദു:ഖകര വി. ദു:ഖകാരി, ദു:ഖം ഉണ്ടാക്കുന്ന, വേദനിപ്പിക്കുന്ന

ദു:ഖകാരി വി. ദു:ഖം ഉണ്ടാക്കുന്ന, വേദനിപ്പിക്കുന്ന

ദു:ഖഗ്രാമം നാ. ലൗകികജീവിതം, സംസാരം

ദു:ഖഘണ്ടാരം നാ. 1. (സങ്ഗീ) ഒരു പരമ്പരാഗതരാഗം; 2. കൂടിയാട്ടത്തിലെ ഒരുതരം സ്വരിക്കൽ, ശോകഭാവാവിഷ്കരണത്തിന് ഉപയോഗിക്കുന്ന സ്വരപ്രയോഗം

ദു:ഖച്ഛിന്ന വി. 1. കടുപ്പമുള്ള; 2. ദു:ഖപരവശമായ

ദു:ഖജാത വി. ദു:ഖം അനുഭവിക്കുന്ന

ദു:ഖദഗ്ധ വി. ദു:ഖത്തിനിരയായ

ദു:ഖപരിത്രാണം നാ. ദു:ഖത്തിൽനിന്ന് അഭയം നൽകുന്നത്, ദു:ഖത്തിൽനിന്നുള്ള രക്ഷാസ്ഥാനം

ദു:ഖപര്യവസായി വി. ദു:ഖത്തിൽ കലാശിക്കുന്ന

ദു:ഖഭാക്ക് വി. ദു:ഖത്തിൽ പങ്കുകൊള്ളുന്ന, ദു:ഖം അനുഭവിക്കുന്ന

ദു:ഖഭാജന നാ. ദു:ഖത്തിനുപാത്രമായ ആൾ, ദു:ഖം അനുഭവിക്കേണ്ടിവരുന്ന ആൾ

ദു:ഖം നാ. 1. മനോവേദന നൈരാശ്യം ദുരിതം ദുരന്തം നഷ്ടം ആപത്ത് തുടങ്ങിയവയാൽ മനസ്സിനുണ്ടാകുന്ന ദുസ്സഹാവസ്ഥ; 2. ക്ലേശം, ദുരിതം, വലിയ പ്രയാസം; 3. ചിന്താകുലത, മനസ്സിനെ അസ്വസ്ഥമാക്കുന്ന വിചാരം; 4. ദു:ഖിപ്പിക്കുന്ന കാര്യം

ദു:ഖലോകം നാ. ദു:ഖത്തിൻെറ ലോകം, സംസാരം

ദു:ഖവെള്ളിയാഴ്ച നാ. (ക്രിസ്തു) യേശുക്രിസ്തു കുരിശിലേറ്റപ്പെട്ടതിനെ അനുസ്മരിച്ചുകൊണ്ടു ദു:ഖം ആചരിക്കുന്ന വെള്ളിയാഴ്ച ദിവസം

ദു:ഖവേഗം നാ. ഉത്കടമായ ദു:ഖം

ദു:ഖാകുല വി. ദു:ഖത്താൽ കലങ്ങിയ, ദു:ഖം നിറഞ്ഞ

ദു:ഖാചരണം നാ. ദു:ഖസൂചകമായ ജീവിതചര്യയോ ആചാരാനുഷ്ഠാനങ്ങളോ (മരണം തുടങ്ങിയുള്ള ദു:ഖകരമായ സംഭവത്തെ തുടർന്നോ അവയെ അനുസ്മരിക്കുന്ന കാലയളവിലോ പാലിക്കാറുള്ളത്)

ദു:ഖാതീത വി. ദു:ഖം ബാധിക്കാത്ത, ദു:ഖത്തിൽനിന്നു മുക്തമായ

ദു:ഖാത്മക വി. ദു:ഖം ഉൾക്കൊള്ളുന്ന, ദു:ഖമയമായ

ദു:ഖാന്തനാടകം നാ. ദുരന്തനാടകം

ദു:ഖാന്വിത വി. ദു:ഖം കലർന്ന, ദു:ഖത്തോടുകൂടിയുള്ള

ദു:ഖാർത്ത വി. ദു:ഖംകൊണ്ടു തളർന്ന, ദു:ഖപരവശയായ

ദു:ഖി വി. ദു:ഖം അനുഭവിക്കുന്ന, വേദനപ്പെടുന്ന. നാ. ദു:ഖിക്കുന്നവൻ, അസന്തുഷ്ടൻ

ദു:ഖിക്കുക ക്രി. ദു:ഖം അനുഭവിക്കുക, മനക്ലേശം സഹിക്കുക, വേദനയോ കഷ്ടപ്പാടോ അനുഭവിക്കുക

ദു:ഖിത വി. ദു:ഖം ബാധിച്ച, സങ്കടപ്പെട്ട, ക്ലേശം അനുഭവിച്ച, മനോവേദന അനുഭവിക്കുന്ന, കഷ്ടപ്പെടുന്ന

ദു:ഖിപ്പിക്കുക ക്രി. 1. ദു:ഖം അനുഭവിക്കുക, സങ്കടപ്പെടാൻ കാരണം ഉണ്ടാക്കുക, വേദനയ്ക്കോ കഷ്ടപ്പാടിനോ ഇടവരുത്തുക; 2. പീഡിപ്പിക്കുക

ദു:ഖോപശമനം നാ. ദു:ഖം ശമിക്കൽ, മനക്ലേശം കുറയൽ, കഷ്ടപ്പാടുകുറയൽ

ദു:സ്ഥിതി നാ. 1. ദു:ഖകരമായ അവസ്ഥ, ദുരവസ്ഥ; 2. ദു:ഖിച്ചിരിക്കുന്ന അവസ്ഥ

ദുഹിതാ നാ. പുത്രി

ദുളി നാ. പെൺ ആമ

ദുറ [അറ.] നാ. തലപ്പാവിൽ അലങ്കാരമായി അണിയുന്ന തൂവൽ

ദൂത1 വി. ദൗത്യം നിർവഹിക്കുന്ന, സന്ദേശമോ വൃത്താന്തമോ എത്തിക്കുന്ന, കൊണ്ടുപോകുന്ന, ചെന്നറിയിക്കുന്ന

ദൂത2 വി. ദു:ഖിപ്പിക്കപ്പെട്ട, എരിക്കപ്പെട്ട

ദൂതകൻ നാ. ദൂതൻ

ദൂതകർമം നാ. ദൂതൻചെയ്യുന്ന പ്രവൃത്തി, ദൂതൻെറ കർത്തവ്യം, ദൂത്, ദൗത്യം

ദൂതൻ നാ. 1. സന്ദേശംകൊണ്ടുപോകുന്നവൻ, സന്ദേശം എത്തിക്കുന്നവൻ, സന്ദേശവാഹകൻ; 2. പ്രതിപുരുഷൻ, പ്രതിനിധി

ദൂതി നാ. 1. ദൂതുപറയുന്നവൾ; 2. വിടന്മാർക്കു സ്ത്രീകളെ കൂട്ടിക്കൊടുക്കുന്നവൾ; 3. പഞ്ചവർണക്കിളി

ദൂത് നാ. 1. ദൂതൻെറ കർത്തവ്യം, ദൂതൻ ചെയ്യുന്ന പ്രവൃത്തി, ദൂതകർമം; 2. ദൂതൻകൊണ്ടുപോകുന്ന സന്ദേശം, ദൗത്യം

ദൂത്യം നാ. 1. ദൂതന്റെ അവസ്ഥ, ദൂതഭാവം; 2. ദൂതകർമ്മം, ദൂതന്റെ പ്രവൃത്തി; 3. ദൂതൻകൊണ്ടുപോകുന്ന സന്ദേശം, ദൗത്യം
ദൂന വി. 1. ദു:ഖിപ്പിക്കപ്പെട്ട, ദുഖിക്കുന്ന; 2. വേദനയുള്ള
ദൂർവ നാ. 1. കറുകപ്പുല്ല്; 2. പെരുങ്കുരുമ്പ
ദൂര വി. അകലെയുള്ള, അകൽച്ചയുള്ള, അകന്നിരിക്കുന്ന
ദൂരഗ വി. 1. അകലെപോകുന്ന, അകന്നുപോകുന്ന; 2. വളരെ അകന്നിരിക്കുന്ന
ദൂരഗത വി. 1. അകന്നുപോയ, വളരെ ദൂരെയായ; 2. വളരെ വർദ്ധിച്ച
ദൂരഗാമി നാ. അകലെ പോകുന്ന, അകന്നുപോകുന്ന
ദൂരത നാ. അകന്നിരിക്കുന്ന അവസ്ഥ, അകൽച്ച, ദൂരം, അകലം
ദൂരത: അവ്യ. 1. അകലെനിന്ന്; 2. ദൂരത്തേക്ക്; 3. അകന്ന്, ദൂരെ, ദൂരത്ത്
ദൂരദർശകം നാ. ദൂരദർശിനി
ദൂരദർശൻ നാ. 1. ദൂരദർശനം, ദൂരക്കാഴ്ചകൾ കൺമുമ്പിൽ കാണിച്ചുതരുന്ന ഉപകരണം; 2. അപ്രകാരം കാണിക്കുന്നതിനുള്ള ഭാരതീയ സ്ഥാപനം
ദൂരദർശനൻ നാ. ദീർഘദർശി, കഴുകൻ
ദൂരദർശി നാ. 1. ദീർഘദർശി, ബുദ്ധിമാൻ, വിദ്വാൻ; 2. കഴുകൻ
ദൂരദർശിനി നാ. അകലെയുള്ള വസ്തുക്കളെ നിരീക്ഷിക്കാൻ ഉപയോഗിക്കുന്ന ഉപകരണം, ദൂരെയുള്ള വസ്തുക്കൾ അടുത്തുള്ളവയാണെന്ന പ്രതീതി ജനിപ്പിക്കുന്നത്, കാചം ഘടിപ്പിച്ച നിരീക്ഷണക്കുഴൽ, ടെലിസ്ക്കോപ്പ്
ദൂരദൃക്ക് നാ. ദൂരദർശിനി
ദൂരദൃഷ്ടി നാ. 1. ദീർഘദൃഷ്ടി, ദൂരക്കാഴ്ചയ്ക്കുള്ള കഴിവ്, മുൻകൂട്ടിക്കാണാനുള്ള കഴിവ്, ശീലം; 2. ദൂരദർശിനി
ദൂരപഥം നാ. നീണ്ടവഴി
ദൂരപാര വി. 1. മറുകര വിദൂരത്തായ; 2. പ്രാപിക്കുവാൻ പ്രയാസമുള്ള
ദൂരപാരം നാ. വീതിയേറിയ നദി
ദൂരബന്ധു നാ. അകന്ന ബന്ധു
ദൂരഭാക്ക് വി. ദൂരമുള്ള, വളരെ അകന്ന
ദൂരഭാവം നാ. അകൽച്ച
ദൂരം നാ. അകലം, സ്ഥലസംബന്ധമായ അകൽച്ച. അവ്യ. അകലെ, അകലെനിന്ന്, അകലത്തേക്ക്
ദൂരവർത്തി വി. അകലെ സ്ഥിതിചെയ്യുന്ന, അകലെയുള്ള, അകൽച്ചയുള്ള
ദൂരവെ അവ്യ. അകലെ, ദൂരെ
ദൂരശ്രവണം നാ. അകലെനിന്നു കേൾക്കൽ, അകലെയുള്ളത് കേൾക്കൽ
ദൂരശ്രവസ്സ് വി. അകലെ അറിയപ്പെടുന്ന, വലിയ പ്രശസ്ഥിയുള്ള
ദൂരസ്ഥ വി. അകലെ സ്ഥിതിചെയ്യുന്ന, അകലെയുള്ള
ദൂരസ്ഥിത വി. അകലെ സ്ഥിതിചെയ്യുന്ന, അകലെയുള്ള
ദൂരവേധി വി. ആഴത്തിൽ തുളച്ചുകയറുന്ന
ദൂരാഗത വി. ദൂരെനിന്നു വന്നെത്തിയ
ദൂരാത് അവ്യ. അകലെനിന്ന്, ഏറെമുമ്പുള്ള കാലം മുതൽ
ദൂരാലോകം നാ. ദൂരക്കാഴ്ച
ദൂരിത വി. അകലെ ആക്കിയ, അകറ്റിയ

ദൂരികരണം നാ. 1. അകലെയാക്കൽ, അകറ്റൽ; 2. ഇല്ലാതാക്കൽ, നശിപ്പിക്കൽ
ദൂരീകരിക്കുക ക്രി. 1. ദൂരെ ആക്കുക, അകലെ ആക്കുക, അകറ്റുക; 2. ഇല്ലാതാക്കുക, നശിപ്പിക്കുക
ദൂരീകൃത വി. 1. അകറ്റിയ; 2. നശിപ്പിച്ച
ദൂരീഭവിക്കുക ക്രി. 1. അകലെ ആകുക, അകലുക; 2. പിൻവാങ്ങുക, വിരമിക്കുക
ദൂരീഭൂത വി. അകന്ന
ദൂരെ അവ്യ. അകലെ
ദൂരേണ അവ്യ. അകലെനിന്ന്
ദൂര്യം നാ. മലം
ദൂശ്യം നാ. കൂടാരം
ദൂഷ വി. ദുഷിപ്പിക്കുന്ന, ദൂഷക
ദൂഷക വി. 1. ദുഷിപ്പിക്കുന്ന, ചീത്തയാക്കുന്ന; 2. ദുഷിച്ചുപറയുന്ന, ചീത്തപറയുന്ന, അപവദിക്കുന്ന
ദൂഷകൻ നാ. 1. ദുഷിപ്പിക്കുന്നവൻ; 2. ദുഷ്ടൻ
ദൂഷണ വി. 1. ദുഷിപ്പിക്കുന്ന; 2. ചാരിത്രം നശിപ്പിക്കുന്ന; 3. തകർക്കുന്ന, എതിർക്കുന്ന, നശിപ്പിക്കുന്ന
ദൂഷണൻ നാ. (പുരാണ) ഒരു രാക്ഷസൻ, രാവണൻെറ സേനാപതികളിൽ ഒരാൾ
ദൂഷണം നാ. 1. ദുഷിപ്പിക്കൽ; 2. ചാരിത്രം നശിപ്പിക്കൽ; 3. ദുഷിച്ചുപറയൽ, ദോഷം ആരോപിക്കൽ, ഏഷണി, അപവാദം
ദൂഷണീയ വി. ദുഷിപ്പിക്കത്തക്ക, കുറ്റപ്പെടുത്തത്തക്ക
ദൂഷം,-ഷി നാ. കണ്ണിലെ പീള
ദൂഷയിതാ നാ. ദുഷിപ്പിക്കുന്നവൻ
ദൂഷിക നാ. 1. തൂലിക; 2. പെൻസിൽ; 3. കൺപീള, ദൂഷം; 4. ഒരിനം നെല്ല്
ദൂഷിത1 വി. 1. ദുഷിപ്പിക്കപ്പെട്ട, ചീത്തയാക്കപ്പെട്ട; 2. കുറ്റപ്പെടുത്തപ്പെട്ട, ദോഷം ആരോപിക്കപ്പെട്ട, അപവാദപാത്രമായ; 3. പീഡിപ്പിക്കപ്പെട്ട, കേടുവരുത്തപ്പെട്ട, തോൽപിക്കപ്പെട്ട
ദൂഷിത2 നാ. ചാരിത്രനാശംവരുത്തപ്പെട്ടവൾ
ദൂഷി നാ. ദൂഷം, കൺപീള
ദൂഷ്യ1 വി. 1. ദുഷിപ്പിക്കത്തക്ക; 2. കുറ്റപ്പെടുത്താവുന്ന, നിന്ദിക്കാവുന്ന
ദൂഷ്യ2 നാ. ആനയുടെ കച്ചക്കയർ
ദൂഷ്യം നാ. 1. ദോഷം, കുറ്റം; 2. വിഷം; 3. ചലം; 4. വസ്ത്രം; 5. പഞ്ഞി; 6. കൂടാരം
ദൃകം നാ. ദ്വാരം, വിടവ്
ദൃക്കർണം നാ. 'കണ്ണുതന്നെ ചെവിയായിട്ടുള്ളത്', ചക്ഷുശ്രവണൻ, പാമ്പ്
ദൃക്ക് നാ. 1. കണ്ണ്; 2. അറിവ്; 3. നോട്ടം; 4. പര്യവേഷണം; 5. പ്രത്യക്ഷപ്രമാണം; 6. ഒരു ഗണിതപദ്ധതി, ദൃഗ്ഗണിതം
ദൃക്പഥം നാ. 1. വീക്ഷണപഥം; 2. കണ്ണെത്തുന്നിടത്തോളം ദൂരം
ദൃക്പാത്രം നാ. നോട്ടം, കടാക്ഷം
ദൃക്പ്രിയ നാ. 1. സൗന്ദര്യം; 2. തേജസ്സ്

ദൃക്ശക്തി നാ. 1. ദർശനശക്തി; 2. ചൈതന്യം; 3. ആത്മാവ്
ദൃക്ശ്രുതി നാ. ചക്ഷു:ശ്രവണം, പാമ്പ്
ദൃഗഞ്ചലം നാ. 1. കടക്കണ്ണ്; 2. കൺപോള
ദൃഗധ്യക്ഷൻ നാ. സൂര്യൻ
ദൃഗ്ഗണിതം നാ. ഒരു ഗണിതസമ്പ്രദായം
ദൃഗ്ഗോചര വി. കണ്ണിനുവിഷയമായിട്ടുള്ള, കാണാവുന്ന
ദൃഗ്ഗോചരം നാ. കാണാവുന്നത്
ദൃഗ്ജലം നാ. കണ്ണീർ
ദൃഗ്രൂപം നാ. ജ്ഞാനസ്വരൂപം
ദൃഗ്വിഷം നാ. സർപ്പം
ദൃഢ വി. 1. ഉറപ്പുള്ള, മുറുക്കമുള്ള; 2. സ്ഥിരതയുള്ള; 3. ബലമുള്ള, കാഠിന്യമുള്ള; 4. തിങ്ങിഞെരുങ്ങിയ; 5. വണ്ണമുള്ള; 6. നിശ്ചയമുള്ള; 7. അധികമായ, വളർച്ചപ്രാപിച്ച
ദൃഢകാണ്ഡം നാ. മുള
ദൃഢഗാത്രിക നാ. 1. മുറുകിയ പാനി; 2. തരിപ്പഞ്ചസാര.
921
ദൃഢഗ്രന്ഥി നാ. 'കട്ടിയുള്ള മുട്ടുകളുള്ളത്', മുള
ദൃഢഗ്രാഹി വി. 1. മുറുകെപ്പിടിക്കുന്ന; 2. ദൃഢമായ ബുദ്ധിയുള്ള
ദൃഢത നാ. ഉറപ്പ്, മുറുക്കം, സ്ഥിരത
ദൃഢപൃഷ്ഠകം നാ. കഠിനമായ പുറന്തോടുള്ളത്, ആമ
ദൃഢപ്രതിജ്ഞൻ നാ. സ്വന്തം പ്രതിജ്ഞയിൽനിന്നു പിൻമാറാത്തവൻ
ദൃഢഫലം നാ. തെങ്ങ്
ദൃഢം1 നാ. 1. ബലം, ഉറപ്പ്, ബലമുള്ളത്, ഉറപ്പുള്ളത്; 2. ഉരുക്ക്; 3. കോട്ട്ട; 4. ഏലാവാലുകം
ദൃഢം2 അവ്യ. നിശ്ചയമായി, ഉറപ്പായി
ദൃഢമുഷ്ടി1 നാ. 1. കൈപ്പിടിയുള്ള ആയുധം, വാൾ; 2. (നാട്യ) ഒരു ഹസ്തമുദ്ര
ദൃഢമുഷ്ടി2 വി. 1. കൈപ്പടം ചുരുട്ടിപ്പിടിച്ച; 2. പിശുക്കുള്ള
ദൃഢമൂലം നാ. 1. മൂഞ്ഞപ്പുല്ല്; 2. തെങ്ങ്
ദൃഢരങ്ഗ നാ. പടികക്കാരം
ദൃഢലോമ നാ. പന്നി
ദൃഢവൽകം നാ. കവുങ്ങ്
ദൃഢശാലി നാ. ഉറപ്പുള്ളവൻ, ബലവാൻ
ദൃഢസന്ധി വി. ഉറപ്പായിച്ചേർത്ത
ദൃഢാങ്ഗം നാ. വൈരം
ദൃഢായുധൻ നാ. ശിവൻ
ദൃഢീകരണം നാ. ദൃഢമാക്കൽ, ഉറപ്പിക്കൽ
ദൃഢീകരിക്കുക ക്രി. ദൃഢമാക്കുക, ഉറപ്പിക്കുക
ദൃഢോക്തി നാ. ഉറപ്പിച്ചുപറയൽ, ഉറപ്പിച്ചുപറഞ്ഞ വാക്ക്
ദൃത1 വി. ആദരിക്കപ്പെട്ട
ദൃത2 നാ. ജീരകം
ദൃതി നാ. 1. തുകൽത്തുരുത്തി; 2. മത്സ്യം; 3. മേഘം; 4. കാളയുടെ താട

ദൃത്യം നാ. ആദരം, ബഹുമാനം
ദൃൻഭു നാ. 1. പാമ്പ്; 2. സൂര്യൻ
ദൃപ്ത വി. അഹങ്കരിച്ച, മദിച്ച
ദൃപ്തി നാ. ദർപ്പം , അഹങ്കാരം
ദൃപ്ര വി. അഹങ്കാരമുള്ള, ശക്തിയേറിയ
ദൃബ്ധ വി. കൂട്ടിക്കെട്ടിയ
ദൃബ്ധി നാ. 1. കൂട്ടിക്കെട്ടൽ; 2. ക്രമീകരിക്കൽ
ദൃംഭു നാ. = ദൃൻഭു
ദൃശ നാ. കണ്ണ്, നോട്ടം, പര്യവേഷണം
ദൃശാ നാ. (ദൃശ് എന്നതിൻെറ തൃതീയാവിഭക്തി ഏ.വ.) കണ്ണുകൊണ്ട്
ദൃശാനം നാ. തേജസ്സ്, ശോഭ
ദൃശി നാ. 1. ക്കണ്ണ്; 2. പ്രകാശം; 3. കാഴ്ച; 4. ശാസ്ത്രം
ദൃശീക നാ. രൂപം, ഭാവം
ദൃശ്യ വി. 1. കാണാവുന്ന, നോക്കത്തക്ക; 2. സൗന്ദര്യമുള്ള
ദൃശ്യകാവ്യം നാ. കണ്ടാസ്വദിക്കാനുള്ള കാവ്യം
ദൃശ്യം നാ. 1. കാണത്തക്കത്, കാണാവുന്നത്; 2. കാഴ്ച; 3. അറിയപ്പെട്ട സങ്ഖ്യ; 4. ദൃശ്യകാവ്യം
ദൃശ്യാവലോകം നാ. കാഴ്ചകാണൽ
ദൃഷത്ത് നാ. 1. പാറ, കല്ല്; 2. അരകല്ല്, തിരി കല്ല്
ദൃഷത്സാരം നാ. ഇരുമ്പ്
ദൃഷദ്ഗർഭം നാ. മരതകം
ദൃഷദ്ഭേദം നാ. 'കല്ലിനെ പിളർക്കുന്നത്', കല്ലൂർവഞ്ചി
ദൃഷ്ട വി. 1. കണ്ട, കാണപ്പെട്ട; 2. പ്രകാശിപ്പിക്കപ്പെട്ട; 3. അനുഭവപ്പെട്ട, ഗ്രഹിക്കപ്പെട്ട, നിർണയിക്കപ്പെട്ട; 4. സഹിച്ച
ദൃഷ്ടം നാ. 1. ദർശിക്കപ്പെട്ടത്, കാണപ്പെട്ടത്; 2. ദർശനം
ദൃഷ്ടവാദം നാ. പ്രത്യക്ഷമായിട്ടുള്ളതിനെമാത്രം പ്രമാണിച്ചുകൊണ്ടുള്ള വാദം
ദൃഷ്ടാന്തം നാ. 1. ശാസ്ത്രം; 2. സാക്ഷി; 3. ഒരു ശാസ്ത്രം; 4. ഒരു വലിയ സങ്ഖ്യ; 5. മരണം; 6. ഒരലങ്കാരം; 7. ഒരുകാര്യം കൂടുതൽ വ്യക്തമാക്കുവാനായി ചൂണ്ടിക്കാണിക്കപ്പെടുന്ന പ്രത്യേകവസ്തുതയോ മാതൃകയോ
ദൃഷ്ടാർഥം നാ. അർഥം സ്പഷ്ടമായ ശബ്ദം
ദൃഷ്ടി നാ. 1. കണ്ണ്; 2. കാഴ്ച, ദർശനം; 3. നോട്ടം; 4. അറിവ്, ജ്ഞാനം; 5. ബുദ്ധി; 6. ആശയം; 7. ധ്യാനം; 8. ശ്രദ്ധ; 9. പ്രകാശം; 10. ആദരം
ദൃഷ്ടികൃത്ത് നാ. ഓരിലത്താമര
ദൃഷ്ടിക്ഷേപം നാ. നോട്ടം
ദൃഷ്ടിഗത വി. കണ്ണിൽപ്പെട്ട, കാണാനിടയായ
ദൃഷ്ടിഗോചര നാ. കാണത്തക്ക, കാണാവുന്ന
ദൃഷ്ടിദോഷം നാ. 1. കണ്ണേറ്; 2. കരിങ്കണ്ണ്; 3. നോട്ടപ്പിഴ
ദൃഷ്ടിപഥം നാ. ദൃക്പഥം
ദൃഷ്ടിപാതം നാ. 1. നോട്ടം; 2. ദർശനം
ദൃഷ്ടിബന്ധം നാ. ഇന്ദ്രജാലം
ദൃഷ്ടിബന്ധു നാ. മിന്നാമിനുങ്ങ്

ദൃഷ്ടിബാധ നാ. ദൃഷ്ടിദോഷം
ദൃഷ്ടിവാദം നാ. 1. ദൃഷ്ടവാദം; 2. ദിഗംബരജൈനന്മാരുടെ ഒരു അധ്യാത്മശാസ്ത്രം
ദൃഷ്ടിവിക്ഷേപം നാ. കടക്കണ്ണുകൊണ്ടുള്ള നോട്ടം, കടാക്ഷം
ദൃഷ്ടിസ്തംഭം നാ. കൺകെട്ട്
ദൃഷ്ട്വാ അവ്യ. കണ്ടിട്ട്
ദെണ്ണക്കാരൻ നാ. രോഗി
ദെണ്ണം നാ. 1. ദണ്ഡം; 2. രോഗം; 3. ദു:ഖം, മനക്ലേശം; 4. (അമിതമായ) അധ്വാനം, അതുമൂലമുള്ള ആരോഗ്യക്ഷയം
ദെല്ലാൾ നാ. = ദല്ലാൾ
ദേയ വി. 1. നൽകത്തക്ക; 2. നൽകേണ്ടതായ, കൊടുത്തു തീർക്കാനുള്ള, തിരിച്ചുകൊടുക്കാനുള്ള
ദേയം നാ. 1. കൊടുക്കാനുള്ളത്, കൊടുത്തുതീർക്കാനുള്ളത്; 2. ദാനം ചെയ്യാനുള്ളത്; 3. ദാനം
ദേവ വി. 1. ദിവ്യത്വമുള്ള; 2. ആരാധിക്കത്തക്ക; 3. പ്രകാശമുള്ള, ഐശ്വര്യമുള്ള; 4. ദേവവർഗത്തിൽപ്പെട്ട
ദേവകൻ നാ. 1. (പുരാണ) കൃഷ്ണൻെറ മുത്തച്ഛൻ, ദേവകിയുടെ പിതാവ്; 2. ദേവൻ
ദേവകന്യ നാ. 1. ദേവൻെറ പുത്രി; 2. അപ്സരസ്സ്
ദേവകർമം നാ. ദേവനെസംബന്ധിച്ച കർമം, ദേവനെ ഉദ്ദേശിച്ചുള്ള പ്രവൃത്തി
ദേവകി നാ. (പുരാണ) 1. ശ്രീകൃഷ്ണൻെറ മാതാവ്; 2. ധർമപുത്രരുടെ പത്നിമാരിൽ ഒരുവൾ
ദേവകുല്യ നാ. ആകാശഗങ്ഗ
ദേവഖാതം നാ. 1. താനേ ഉണ്ടായ കുഴി, പ്രകൃത്യാ ഉണ്ടായ കുളം, തടാകം; 2. ക്ഷേത്രക്കുളം; 3. ഗുഹ
ദേവഗണം നാ. 1. ദേവന്മാരുടെ സമൂഹം; 2. നക്ഷത്രഗണങ്ങളിൽ ഒന്ന്
ദേവഗണിക നാ. അപ്സരസ്സ്
ദേവഗതി നാ. സ്വർഗപ്രാപ്തി
ദേവഗന്ധർവ നാ. ഒരു ഗാനാലാപരീതി
ദേവഗന്ധർവൻ നാ. നാരദമഹർഷി
ദേവഗർജനം നാ. ഇടിമുഴക്കം
ദേവഗാന്ധാരം നാ. ഒരു രാഗം, 29-ം മേളകർത്താവായ ധീരശങ്കരാഭരണത്തിൻെറ ജന്യം
ദേവഗാന്ധാരി നാ. ഒരു ജന്യരാഗം
ദേവഗായകൻ നാ. ഗന്ധർവൻ
ദേവഗുരു നാ. 'ദേവന്മാരുടെ ഗുരു', 1. കശ്യപൻ; 2. ബൃഹസ്പതി
ദേവചര്യ നാ. ദേവപൂജ
ദേവജാതം നാ. ദേവസമൂഹം
ദേവടൻ നാ. യന്ത്രപ്പണിക്കാരൻ
ദേവത നാ. 1. ദേവത്വം, ദേവൻെറ അവസ്ഥ; 2. ദിവ്യത്വമുള്ള അമാനുഷവ്യക്തി, ദേവൻ, ദേവി; 3. പ്രകൃതിശക്തികളുടെയും നന്മതിന്മകളുടെയും മറ്റും

അധീശ്വത്വം കൽപിച്ച് ഓരോ മനുഷ്യസമൂഹവും ആരാധിച്ചുവരുന്ന ശക്തികളിൽ ഒന്ന്; 4. ദേവവിഗ്രഹം; 5. ദേവയോനിയായ പിശാച്; 6. ജ്ഞാനേന്ദ്രിയം

ദേവതരു നാ. 1. ദിവ്യവൃക്ഷം, ദേവവൃക്ഷം, കൽപകവൃക്ഷം; 2. ദേവതാരം; 3. അത്തിയാൽ

ദേവതാഗാരം നാ. ക്ഷേത്രം

ദേവതാഡ നാ. 1. അഗ്നി; 2. രാഹു

ദേവതാതൻ നാ. ദേവന്മാരുടെ പിതാവ്, കശ്യപൻ

ദേവതായതനം നാ. ദേവാലയം, ക്ഷേത്രം

ദേവതാരം നാ. ഒരു വൃക്ഷം, ദേവതാരു

ദേവദത്തൻ നാ. 1. അഞ്ചുപ്രാണവായുക്കളിൽ ഒന്ന്; 2. ഗൗതമബുദ്ധൻെറ ഒരു ബന്ധു; 3. ഒരു മഹാസർപ്പം, ദേവദത്തം

ദേവദത്തം നാ. 1. ദേവനാൽ നൽകപ്പെട്ടത്; 2. വേപ്പുമരം

ദേവദാരു നാ. 1. ദേവതാരം; 2. വികണ്ടകം

ദേവദാസി നാ. 1. ദേവൻെറ ദാസി; 2. ക്ഷേത്രത്തിലെ പരിചാരിക; 3. ക്ഷേത്ര നർത്തകി; 4. ദേവൻെറ പരിചാരികമാരെന്ന നിലയിൽ ക്ഷേത്രത്തെ ആശ്രയിച്ചു കഴിയുന്ന സ്ത്രീകളുടെ സമൂഹത്തിൽപ്പെട്ടവൾ, ദേവശുശ്രൂഷയ്ക്കായി ക്ഷേത്രത്തിനു സമർപ്പിക്കപ്പെട്ട സ്ത്രീകളും അവരുടെ സന്തതിപരമ്പരയും ഉൾപെടുന്ന സമൂഹം, തേവടിച്ചി; 5. കാട്ടുമാതള നാരകം

ദേവദീപം നാ. കണ്ണ്

ദേവദുന്ദുഭി നാ. 1. (പുരാണ) ദേവന്മാരുടെ പെരുമ്പറ; 2. (പുരാണ) ദേവേന്ദ്രൻ; 3. (വെളുത്ത) തുളസി

ദേവദൂതി നാ. 1. മാതളനാരകം; 2. ദേവൻെറ ദൂതി

ദേവദേവൻ നാ. ദേവന്മാരുടെ ദേവൻ, ബ്രഹ്മാവ്, ശിവൻ, വിഷ്ണു

ദേവദ്രു നാ. ദേവതാരം

ദേവദ്രോണി നാ. 1. ദേവവിഗ്രഹം; 2. ദേവവിഗ്രഹം എഴുന്നള്ളിക്കൽ

ദേവധർമം നാ. മതപരമായ കർത്തവ്യം

ദേവധുനി നാ. ഗങ്ഗ

ദേവധൂപം നാ. 1. ഗുഗ്ഗുലു; 2. ചെഞ്ചല്യം; 3. സാമ്പ്രാണി

ദേവൻ നാ. 1. ദിവ്യത്വമുള്ളവൻ, ദിവ്യപുരുഷൻ; 2. സ്വർഗത്തിൽ വസിക്കുന്നവൻ; 3. ദൈവം; 4. ക്ഷേത്രത്തിലെ ആരാധനാമൂർത്തി, വിഗ്രഹം, പ്രതിഷ്ഠ; 5. ദിവ്യശോഭയുള്ളവൻ; 6. ദുർമൂർത്തി; 7. ദേവവർഗത്തിൽപ്പെട്ടവൻ; 8. പ്രകൃതിപ്രതിഭാസങ്ങൾക്കും സുഖദു:ഖങ്ങൾക്കും കാരണഭൂതരായി കരുതി മനുഷ്യർ ആരാധിച്ചുപോന്നിട്ടുള്ള അമാനുഷരിൽ ഒരാൾ; 9. ദിവ്യത്വം പ്രാപിച്ച മനുഷ്യൻ; 10. ബ്രാഹ്മണൻ, ഭൂദേവൻ; 11. (നാട്യ) ചില കഥാപാത്രങ്ങൾ രാജാവിനെ സംബോധനചെയ്യുവാൻ ഉപയോഗിക്കുന്ന പദം; 12. പൂജിക്കത്തക്ക ആൾ; 13. പരമാത്മാവ്; 14. ഇന്ദ്രൻ; 15. പ്രധാനപ്പെട്ട കരു (ചതുരങ്ഗം); 16. കാമുകൻ

ദേവനദി നാ. 1. ഗങ്ഗ; 2. സരസ്വതീദേവി

ദേവനം നാ. 1. കളി, വിനോദം; 2. ചൂതുകളി; 3. ചൂത്, പകിട; 4. തിളക്കം, ശോഭ; 5. സ്തുതി; 6. അഭിലാഷം; 7. വ്യാപാരം, തൊഴിൽ; 8. സേവനം; 9. താമര; 10. ഉദ്യാനം; 11. ഗതി; 12. സ്വപ്നം, നിദ്ര; 13. വിജയേച്ഛ, മത്സരബുദ്ധി; 14. വിലാപം

ദേവനാഗരം നാ. സംസ്കൃതലിപി, ദേവനാഗരി

ദേവനാഗരി	നാ.	സംസ്കൃതലിപി
ദേവനികായം	നാ.	സ്വർഗം
ദേവനിന്ദകൻ	നാ.	നാസ്തികൻ
ദേവനിർമിത	നാ.	ചിറ്റമൃത്
ദേവപതി	നാ.	ഇന്ദ്രൻ
ദേവപഥം	നാ.	സ്വർഗം, ആകാശം
ദേവപാണി	നാ.	ദേവസ്തുതിപരമായ ഗാനം, ഗാനാലാപം
ദേവപുത്രി	നാ.	1. ദേവൻെറ മകൾ; 2. ചോനകപ്പുല്ല്
ദേവപൂരം	നാ.	ഇന്ദ്രൻെറ രാജധാനി, അമരാവതി
ദേവപുരോഹിതൻ	നാ.	(പുരാണ) ബൃഹസ്പതി
ദേവപ്രശ്നം	നാ.	(ജ്യോ) ക്ഷേത്രസംബന്ധമായ കാര്യങ്ങൾക്കായി നടത്തുന്ന പ്രശ്നം
ദേവപ്രിയൻ	നാ.	'ദേവന്മാർക്കിഷ്ടപ്പെട്ടവൻ', 1. ശിവൻ; 2. മൂഢൻ, ഭോഷൻ
ദേവബ്രാഹ്മണൻ	നാ.	ദേവന്മാരാൽ ആദരിക്കപ്പെടുന്ന ബ്രാഹ്മണൻ
ദേവഭാഷ	നാ.	ദേവന്മാരുടെ ഭാഷ, സംസ്കൃതം
ദേവഭൂ(മി)	നാ.	സ്വർഗം
ദേവഭൂതി	നാ.	ആകാശഗങ്ഗ
ദേവഭൃത്ത്	നാ.	ഇന്ദ്രൻ
ദേവഭോഗം	നാ.	സ്വർഗീയാനന്ദം
ദേവഭോജ്യം	നാ.	അമൃത്
ദേവം	നാ.	1. അതിശയിക്കാനോ ജയിക്കാനോ ഉള്ള ആഗ്രഹം; 2. കളി, ക്രീഡ; 3. വാൾ; 4. ജ്ഞാനേന്ദ്രിയം; 5. മേഘം; 6. രസം; 7. ദേവതാരം
ദേവമണി	നാ.	1. സൂര്യൻ; 2. കൗസ്തുഭം; 3. കുതിരയുടെ കഴുത്തിനടുത്തുള്ള ചുഴി; 4. മഹാമേദ; 5. മേദ
ദേവമാനകം	നാ.	കൗസ്തുഭം.
923
ദേവമായ	നാ.	അവിദ്യ
ദേവമാർഗം	നാ.	ദേവപഥം
ദേവമുനി	നാ.	നാരദൻ
ദേവയജ്ഞം	നാ.	ദേവന്മാരെ ഉദ്ദേശിച്ചു നടത്തുന്ന യജ്ഞം, പഞ്ചമഹായജ്ഞങ്ങളിൽ ഒന്ന്
ദേവയാനം	നാ.	1. ദേവന്മാരിലേക്കു നയിക്കുന്ന മാർഗം; 2. ദേവൻെറ വാഹനം, വിമാനം
ദേവയാനി	നാ.	(പുരാണ) ശുക്രമുനിയുടെ പുത്രി
ദേവയുഗം	നാ.	കൃതയുഗം
ദേവയോനി	നാ.	1. ഉപദേവൻ; 2. കടഞ്ഞു തീയുണ്ടാക്കാൻ ഉപയോഗിക്കുന്ന തടി
ദേവയോഷ	നാ.	ദേവസ്ത്രീ, അപ്സരസ്സ്
ദേവർകോൻ	നാ.	ഇന്ദ്രൻ
ദേവർഷി	നാ.	ദേവവർഗത്തിൽപ്പെട്ട ഋഷി
ദേവരൻ	നാ.	ഭർത്താവിൻെറ അനുജൻ

ദേവരാജൻ	നാ.	ഇന്ദ്രൻ
ദേവലകൻ	നാ.	ദേവൻ
ദേവലൻ	നാ.	1. ഈശ്വരസേവയിൽ കാലം കഴിക്കുന്നവൻ, ഉപജീവനത്തിനായി പൂജാദികൾ ചെയ്യുന്നവൻ; 2. നാരദൻ; 3. ദേവരൻ; 4. ധർമിഷ്ഠൻ, ഈശ്വരഭക്തൻ; 5. ഒരു ഋഷി
ദേവലിങ്ഗം	നാ.	ദേവവിഗ്രഹം
ദേവലോകം	നാ.	1. ദേവന്മാരുടെ ലോകം; 2. സ്വർഗം
ദേവവക്ത്രം	നാ.	'ദേവന്മാരുടെ വായ്', അഗ്നി
ദേവവധു	നാ.	ദേവസ്ത്രീ, അപ്സരസ്സ്
ദേവവർധകി	നാ.	വിശ്വകർമാവ്
ദേവവാണി	നാ.	1. ദേവന്മാരുടെ ഭാഷ; 2. ദേവൻെറ വചനം; 3. ആകാശവാണി
ദേവവാഹനം	നാ.	അഗ്നി
ദേവവാഹിനി	നാ.	ഗങ്ഗ
ദേവവൃക്ഷം	നാ.	1. ദേവലോകവൃക്ഷം, മന്ദാരം; 2. ഏഴിലംപാല; 3. ഗുഗ്ഗുലു
ദേവവ്രതൻ	നാ.	1. ഭീഷ്മൻ; 2. സുബ്രഹ്മണ്യൻ
ദേവശില്പി	നാ.	വിശ്വകർമാവ്
ദേവശ്രുതൻ	നാ.	1. ഈശ്വരൻ, ദേവൻ; 2. നാരദൻ
ദേവസഭ	നാ.	1. ദേവന്മാരുടെ സഭ; 2. ചൂതുകളിസ്ഥലം
ദേവസർഷപം	നാ.	വെൺകടുക്
ദേവസാദ്ഭവിക്കുക	ക്രി.	ദേവത്വംപ്രാപിക്കുക
ദേവസേനാനി	നാ.	സുബ്രഹ്മണ്യൻ
ദേവസ്ഥാനം	നാ.	ദേവൻ സ്ഥിതിചെയ്യുന്ന സ്ഥലം, ക്ഷേത്രം
ദേവസ്വം	നാ.	1. ദേവൻെറ വകയായിട്ടുള്ളത്; 2. ക്ഷേത്രവകയായ സ്വത്ത്; 3. ക്ഷേത്രം
ദേവാ	നാ.	ഭർത്താവിൻെറ അനുജൻ, ദേവരൻ
ദേവാഗാരം	നാ.	ക്ഷേത്രം
ദേവാങ്ഗന	നാ.	ദേവസ്ത്രീ
ദേവാതിദേവൻ	നാ.	മറ്റെല്ലാദേവന്മാരെയും അതിശയിക്കുന്ന ദേവൻ, വിഷ്ണു
ദേവാത്മാ	നാ.	1. പരമാത്മാവ്; 2. അരയാൽ
ദേവാധ്വാവ്	നാ.	ദേവമാർഗം, ആകാശം
ദേവാധിദേവൻ	നാ.	1. വിഷ്ണു; 2. ശിവൻ
ദേവാനാംപ്രിയ	വി.	ദേവന്മാർക്ക് ഇഷ്ടപ്പെട്ട, അശോകചക്രവർത്തിയുടെ ഒരു ബിരുദം
ദേവാന്ധസ്സ്	നാ.	1. അമൃത്; 2. ദേവാന്നം
ദേവാന്നം	നാ.	1. ദേവപൂജയ്ക്കായുള്ള അന്നം; 2. അമൃത്
ദേവാംശം	നാ.	1. ദേവൻെറ അംശം; 2. ദേവൻെറ അംശാവതാരം; 3. ദേവനുനൽകുന്ന പങ്ക്
ദേവായതനം	നാ.	ദേവാലയം
ദേവാരണ്യം	നാ.	ദേവന്മാരുടെ വനം, നന്ദനവനം
ദേവാരം	നാ.	= തേവാരം
ദേവാലയം	നാ.	1. ക്ഷേത്രം; 2. സ്വർഗം; 3. പള്ളി

ദേവാവാസം	നാ.	1. സ്വർഗം; 2. മേരുപർവതം; 3. ക്ഷേത്രം; 4. അരയാൽ
ദേവാശ്വം	നാ.	1. ദേവൻെറ അശ്വം; 2. ഉച്ചൈ:ശ്രവസ്സ് (ഇന്ദ്രൻെറ കുതിര)
ദേവി1	നാ.	1. ദേവസ്ത്രീ; 2. ദിവ്യസ്ത്രീ, സ്ത്രീരൂപത്തിൽ ആരാധിക്കപ്പെടുന്ന ദിവ്യശക്തി; 3. ദുർഗ, പാർവതി; 4. സരസ്വതി; 5. ആരാധ്യയായ സ്ത്രീ; 6. രാജ്ഞി, രാജപത്നി, രാജവംശത്തിൽപ്പെട്ടവൾ; 7. പുല്ല്; 8. പെരു മുത്തങ്ങ
ദേവി2	നാ.	ചൂതാടുന്നവൻ
ദേവിക	വി.	1. ദിവ്യത്വമുള്ള; 2. ദേവനിൽനിന്നുണ്ടായ; 3. ഭക്തിയുള്ള, സുകൃതമുള്ള
ദേവീപുരാണം	നാ.	ഒരു ദേവീമാഹാത്മ്യം വർണിക്കുന്ന പുരാണം
ദേവേന്ദ്രൻ	നാ.	ദേവന്മാരുടെ രാജാവ്, ഇന്ദ്രൻ
ദേവേശൻ	നാ.	1. ഇന്ദ്രൻ; 2. ശിവൻ; 3. വിഷ്ണു; 4. ബ്രഹ്മാവ്
ദേവേശയൻ	നാ.	വിഷ്ണു
ദേശകൻ	നാ.	1. കാണിച്ചുകൊടുക്കുന്നവൻ; 2. അധ്യാപകൻ; 3. ഭരണാധികാരി
ദേശകം	നാ.	കാട്ടിക്കൊടുക്കുന്നത്, സൂചകം, സൂചി
ദേശകാലജ്ഞ	വി.	ദേശങ്ങളുടെയും കാലഘട്ടങ്ങളുടെയും സൂക്ഷ്മസ്വഭാവങ്ങൾ അറിയാവുന്ന
ദേശജം	നാ.	തദ്ദേശത്തുണ്ടായത്
ദേശജാതം	നാ.	= ദേശജം
ദേശന	നാ.	1. നിർദേശം, ആജ്ഞ; 2. ബോധനം, ഉപദേശം; 3. സൂചിക
ദേശഭക്തൻ	നാ.	ദേശസ്നേഹി, ദേശാഭിമാനി
ദേശഭാഷ	നാ.	പ്രത്യേകദേശത്തു മാത്രം പ്രചാരമുള്ള ഭാഷാരൂപം, ഉപഭാഷ
ദേശം	നാ.	1. നാട്, രാജ്യം; 2. പ്രദേശം, സ്ഥാനം; 3. ഏതാനും ജനപദങ്ങൾ ചേർന്ന പ്രദേശം; 4. കര; 5. പ്രവിശ്യ, സംസ്ഥാനം; 6. രാജ്യത്തിൻെറ ഒരു ഭാഗം; 7. വിഭാഗം
ദേശരൂപം	നാ.	1. ദേശസംബന്ധമായ അനുരൂപത; 2. നാട്ടുനടപ്പ്
ദേശവത്കരണം	നാ.	ദേശസാത്കരണം
ദേശവത്കരിക്കുക	ക്രി.	ദേശസാത്കരിക്കുക
ദേശവഴി	നാ.	ഇടപ്രഭുക്കന്മാരുടെ അധീനതയിലുള്ള പ്രദേശം
ദേശവാഴി	നാ.	1. ദേശത്തിൻെറ ഭരണാധികാരി, പാരമ്പര്യമുറയ്ക്കുള്ള ദേശഭരണാധികാരം വഹിക്കുന്നയാൾ; 2. ഇടപ്രഭു
ദേശസാത്കരണം	നാ.	രാഷ്ട്രത്തിൻേറതാക്കൽ, രാഷ്ട്രത്തിൻെറ വകയാക്കൽ, പൊതുസ്വത്താക്കിത്തീർക്കൽ, രാഷ്ട്രത്തിനായി സമർപ്പിക്കൽ
ദേശസാത്കരിക്കുക	ക്രി.	ദേശത്തിൻെറ വകയാക്കുക, രാഷ്ട്രത്തിൻെറ പൊതുസ്വത്താക്കിത്തീർക്കുക
ദേശാചാരം	നാ.	നാട്ടിലെ കീഴ്വഴക്കം, നാട്ടുനടപ്പ്
ദേശാടനം	നാ.	പലദേശങ്ങളിൽ മാറിമാറി സഞ്ചരിക്കൽ, ദേശസഞ്ചാരം
ദേശാതിഥി	നാ.	വിദേശത്തുനിന്നും വന്ന രാജ്യത്തിൻെറ അതിഥി
ദേശാന്തരം	നാ.	മറുനാട്, അന്യസ്ഥലം
ദേശി1	നാ.	1. കാട്ടിക്കൊടുക്കുന്നവൻ, മാർഗദർശി; 2. അഭ്യസിപ്പിക്കുന്നവൻ

ദേശി2 നാ. 1. ദേശഭാഷ, ഒരു ദേശത്തെ അസംസ്കൃതമായ സംഭാഷണഭാഷ; 2. സങ്ഗീതം നൃത്തം തുടങ്ങിയ കലകളുടെയോ അവയിലെ സങ്കേതങ്ങളുടെയോ നാടോടിരൂപങ്ങൾ
ദേശിക വി. 1. അതതുദേശത്തുള്ള; 2. സ്വദേശത്തുള്ള; 3. ദേശപരിചയമുള്ള
ദേശികൻ നാ. 1. മാർഗദർശി; 2. ഗുരു, ആധ്യാത്മികാചാര്യൻ, അദ്ധ്യാപകൻ; 3. സഞ്ചാരി
ദേശിത വി. 1. കാണിച്ചുകൊടുത്ത; 2. നിർദേശിച്ച, അഭ്യസിച്ച
ദേശിനി നാ. ചൂണ്ടുവിരൽ
ദേശീകരിക്കുക ക്രി. ദേശസാത്കരിക്കുക
ദേശീയ വി. 1. ദേശത്തെ സംബന്ധിച്ച, ഒരു ദേശത്തിനുപ്രത്യേകമായുള്ള; 2. രാഷ്ട്രസംബന്ധിയായ, ഒരു രാഷ്ട്രത്തിനു പ്രത്യേകിച്ചുള്ള; 3. രാഷ്ട്രത്തിൻെറ പൊതുസ്വത്തായ; 4. തദ്ദേശീയമായ, പ്രാദേശികമായ
ദേശീയഗാനം നാ. ഒരു രാഷ്ട്രത്തോടുള്ള ഭക്തിയുടെയും ആദരവിൻെറയും സൂചനയായി ആലപിക്കുവാൻ തിരഞ്ഞെടുത്തിട്ടുള്ള ഗീതവും അതിൻെറ സങ്ഗീതശില്പവും (ഇന്ത്യയുടെകാര്യത്തിൽ 'ജനഗണമന' എന്ന് ആരംഭിക്കുന്നത്)
ദേശീയത നാ. 1. ഒരു രാഷ്ട്രത്തിൻെറ സവിശേഷത; 2. രാഷ്ട്രത്തിൻെറ വകയെന്ന അവസ്ഥ; 3. ദേശീയതാബോധം
ദേശീയതാബോധം നാ. 1. രാഷ്ട്രത്തിലെ അങ്ഗമെന്നബോധം, രാഷ്ട്രത്തെകുറിച്ചുള്ള പ്രബുദ്ധത; 2. രാഷ്ട്രത്തിൻെറ പാരമ്പര്യം, സ്വത്ത്, സംസ്കാരം, അന്തസ്സ് തുടങ്ങിയവയെ കുറിച്ചുള്ള പ്രബുദ്ധത, അവയിലുള്ള അഭിമാനം; 3. രാഷ്ട്രത്തോടുള്ള കൂറ്, ദേശാഭിമാനം, ദേശഭക്തി
ദേശീയ(താ)വാദം നാ. 1. രാഷ്ട്രത്തിനു പരമപ്രാധാന്യം കല്പിക്കുന്ന ചിന്താഗതി, രാഷ്ട്രത്തിൻെറ താത്പര്യങ്ങൾ സംസ്കാരം പാരമ്പര്യം തുടങ്ങിയവയെ ഉയർത്തിപ്പിടിക്കുന്ന സമീപനം, അപ്രകാരമുള്ള തത്ത്വസംഹിത; 2. ദേശത്തോടുള്ള കൂറ് ദേശസ്നേഹം എന്നിവയിൽ അധിഷ്ഠിതമായ ചിന്താഗതി
ദേശീവരാഡി നാ. ഒരു രാഗം
ദേശ്യ വി. 1. ദേശീയ; 2. ചൂണ്ടിക്കാണിക്കത്തക്ക, മാതൃകയായ; 3. തത്സ്ഥാനത്തുള്ള, സാക്ഷിയായ
ദേശ്യം നാ. 1. ഒരു ദേശത്തുള്ളത്, ഒരു ദേശത്തുമാത്രമുള്ളത്, പ്രാദേശികം; 2. ചിലദേശത്തുമാത്രമുള്ളത്; 3. ദേശഭാഷ, ചിലപ്രദേശങ്ങളിൽമാത്രം പ്രയോഗത്തിലുള്ള പദം; 4. പൂർവപക്ഷം
ദേഷ്ടവ്യ വി. ചൂണ്ടിക്കാട്ടേണ്ടതായ, ചൂണ്ടിക്കാട്ടത്തക്ക
ദേഷ്ടാവ് നാ. ചൂണ്ടിക്കാട്ടുന്നവൻ
ദേഷ്ണു നാ. തുണി അലക്കുന്നവൻ
ദേഷ്യം നാ. കോപം
ദേഹകരൻ നാ. പിതാവ്
ദേഹക്കൂറ് നാ. ശരീരപ്രകൃതി
ദേഹകോശം നാ. 1. ത്വക്ക്, ശരീരാവരണം; 2. ചിറക്
ദേഹഗത വി. ശരീരം കൈക്കൊണ്ട
ദേഹചര വി. ശരീരത്തിൽ സ്ഥിതിചെയ്യുന്ന, ശരീരസംബന്ധിയായ

ദേഹചര്യ നാ. ശരീരപരിരക്ഷണം, ദേഹശ്രുശ്രൂഷ
ദേഹജൻ നാ. പുത്രൻ
ദേഹ(ദ)ണ്ഡം നാ. 1. ശാരീരികജോലി, അധ്വാനം; 2. അടുക്കളപ്പണി; 3. സ്ഥാവരവസ്തുക്കളിൽ ചെയ്യുന്ന അധ്വാനം
ദേഹണ്ണക്കാരൻ നാ. ദേഹണ്ഡം ചെയ്യുന്നവർ, പാചകക്കാർ
ദേഹണ്ണം നാ. ദേഹണ്ഡം, ദേഹദണ്ഡം
ദേഹത്യാഗം നാ. 1. സ്വന്തം ഇഷ്ടപ്രകാരമുള്ള മരണം; 2. മരണം
ദേഹത്രയം നാ. (ബ.വ.) ശരീരത്രയം (സ്ഥൂലശരീരം, സൂക്ഷ്മശരീരം, കാരണശരീരം എന്നിവ)
ദേഹദം നാ. രസം (എന്ന ദ്രവ്യം)
ദേഹധാരണ നാ. 1. ദേഹം പരിരക്ഷിക്കൽ, ജീവിക്കൽ; 2. ജന്മം, ജീവിതം
ദേഹനം നാ. പുരട്ടൽ, ലേപനം
ദേഹപാതം നാ. മരണം
ദേഹപ്രകൃതി നാ. ശരീരപ്രകൃതി, ദേഹത്തിന്റെ സ്വഭാവം
ദേഹഭാക്ക് വി. ശരീരത്തോടുകൂടിയ. നാ. ജീവി, മനുഷ്യൻ
ദേഹഭുക്ക് നാ. ദേഹം ധരിക്കുന്നത്, ദേഹി, ആത്മാവ്
ദേഹഭൃത്ത് നാ. 1. ജീവി, പ്രത്യേകിച്ചു മനുഷ്യൻ; 2. ജീവൻ; 3. ശിവൻ. വി. ഉടലെടുത്ത
ദേഹഭോഗം നാ. കുടിയാൻ ജന്മിക്ക് ആണ്ടുതോറും നൽകുന്ന പാരിതോഷികം
ദേഹം നാ. 1. ശരീരം, ഉടൽ; 2. ആൾ, വ്യക്തി; 3. പ്രത്യക്ഷരൂപം, രൂപം, ആകൃതി; 4. പിണ്ഡം
ദേഹംഭര വി. 1. ശരീരം പുലർത്താൻമാത്രം താത്പര്യമുള്ള; 2. ജീവിതം നീട്ടിക്കൊണ്ടുപോകുവാൻ മാത്രം താത്പര്യമുള്ള; 3. ഭക്ഷണപ്രിയമുള്ള, അമിതഭക്ഷണശീലമുള്ള
ദേഹയാത്ര നാ. 1. ശരീരപരിരക്ഷണം, ആയുസ്സു നീട്ടിക്കൊണ്ടുപോകൽ; 2. മരണം; 3. ആഹാരം
ദേഹല നാ. മദ്യം
ദേഹവായു നാ. പ്രാണൻ
ദേഹാത്മവാദം നാ. ദേഹം തന്നെയാണ് ആത്മാവ് എന്ന വാദം, ഭൗതികവാദം
ദേഹാന്തം നാ. ശരീരനാശം, മരണം
ദേഹാന്തരം നാ. മറ്റൊരുശരീരം
ദേഹി1 നാ. 1. ദേഹമുള്ളത്, ജീവി, മനുഷ്യൻ; 2. ആത്മാവ്, ദേഹത്താൽ ആവൃതമായ ആത്മാവ്
ദേഹി2 നാ. മതിൽ, കോട്ട
ദേഹി3 ക്രി. നൽകുക, നൽകിയാലും, ദാനംചെയ്താലും
ദേഹിനി നാ. ഭൂമി.
925
ദേഹേശ്വരൻ നാ. ആത്മാവ്
ദൈക്യ നാ. മദ്യം
ദൈതേയ വി. ദൈത്യ, പുരാണ) ദിതിയുടെ പുത്രൻ; 2. മദ്യം; 3. മൂരാമാഞ്ചി
ദൈതേയൻ നാ. ദൈത്യൻ

ദൈത്യ നാ. (പുരാണ) ദിതിയുടെ പുത്രൻ; 2. മദ്യം; 3. മൂരാമാഞ്ചി
ദൈത്യദേവൻ നാ. വരുണൻ, വായു
ദൈത്യൻ നാ. പുരാണ) ദിതിയുടെ പുത്രൻ, അസുരൻ
ദൈത്യനിഷൂദനൻ നാ. 1. വിഷ്ണു; 2. ഇന്ദ്രൻ
ദൈത്യപുരോധസ്സ് നാ. ദൈത്യഗുരു
ദൈത്യമാതാവ് നാ. (പുരാണ) ദിതി
ദൈത്യമേദജ നാ. ഭൂമി
ദൈത്യാരി നാ. 1. ദേവൻ; 2. വിഷ്ണു
ദൈന വി. 1. ദിനത്തെസംബന്ധിച്ച; 2. ദിനംതോറുമുള്ള
ദൈനന്ദിന വി. ദിനംതോറും സംഭവിക്കുന്ന
ദൈനിക വി. ദിനംതോറുമുള്ള
ദൈനികി നാ. 1. ദീനത, പരവശത; 2. ദാരിദ്ര്യം, കഷ്ടപ്പാട്; 3. അവമാനം, നാണക്കേട്; 4. ലോഭം; 5. ദിവസക്കൂലി, ദിനംപ്രതിയുള്ള വാടക
ദൈർഘം നാ. ദൈർഘ്യം, നീളം, ദീർഘാവസ്ഥ
ദൈർഘ്യം നാ. നീളം, ദീർഘാവസ്ഥ
ദൈവ വി. 1. ദേവനെസംബന്ധിച്ച; 2. സ്വർഗീയമായ
ദൈവകൻ നാ. ദേവൻ
ദൈവകർമം നാ. മതപരമായ അനുഷ്ഠാനം, ഈശ്വരനായുള്ള അർപ്പണം
ദൈവകൃത വി. 1. ദിവ്യശക്തിയോ പ്രകൃതിയോമൂലം സംഭവിച്ച; 2. പ്രകൃതിസൃഷ്ടമായ
ദൈവകോവിദൻ നാ. 1. സംഭവിക്കാൻ ഇരിക്കുന്നതിനെപ്പറ്റി അറിവുള്ളവൻ; 2. ഭാഗ്യം പ്രവചിക്കുന്നവൻ
ദൈവഗതി നാ. 1. വിധി; 2. ഭാഗ്യം; 3. ഈശ്വരേച്ഛ
ദൈവജ്ഞ വി. 1. വിധിയെപ്പറ്റി അറിവുള്ളവൻ; 2. മനുഷ്യർക്കു വരാനിരിക്കുന്നതിനെപ്പറ്റി മുൻകൂട്ടി അറിവുള്ള, ഭാവിയെപ്പറ്റി പ്രവചിക്കാൻ കഴിവുള്ള
ദൈവജ്ഞൻ നാ. 1. വരാനിരിക്കുന്നത് അറിയുന്നവൻ, ഭാവിഫലം പറയുന്നവൻ; 2. ജോത്സ്യൻ
ദൈവത1 നാ. 1. സമ്പത്ത്; 2. സൗഭാഗ്യം; 3. വിജയം; 4. ഗുണശീലം
ദൈവത2 വി. 1. ദേവന്മാരെ സംബന്ധിച്ച; 2. ദിവ്യമായ
ദൈവതകാണ്ഡം നാ. നിരുക്തത്തിൻെറ ഒരു ഭാഗം
ദൈവതം നാ. 1. ദേവൻ, ദേവത; 2. ദൈവം, ഈശ്വരൻ; 3. ദേവപ്രതിഷ്ഠ; 4. ദേവസമൂഹം
ദൈവത്യ വി. 1. സ്വന്തം ദേവതയായുള്ള; 2. ഒരു ദേവനെ ഉദ്ദേശിച്ചുള്ള
ദൈവദോഷം നാ. 1. ദൈവികമായി ഉണ്ടാകുന്ന ദോഷം; 2. ഭാഗ്യദോഷം; 3. കർമഫലം, അതതുജന്മത്തിലോ മുൻജന്മത്തിലോ ചെയ്ത കർമത്തിൻെറ ദോഷഫലം
ദൈവം നാ. 1. ഈശ്വരൻ; 2. ദേവൻ; 3. ദിവ്യശക്തി; 4. വിധി; 5. ഭാഗ്യം
ദൈവമ്പാടി നാ. കേരളത്തിലെ ക്ഷേത്രോപജീവികളായ അമ്പലവാസികളിൽ ഒരു വിഭാഗം, ബ്രാഹ്മണി
ദൈവയുഗം നാ. ദേവന്മാരുടെ യുഗം, പന്തീരായിരം മനുഷ്യയുഗം
ദൈവയോഗം നാ. ഭാഗ്യലാഭം
ദൈവവാണി നാ. 1. ദേവഭാഷ; 2. അശരീരി

ദൈവവിവാഹം നാ. പുരാതന ആര്യന്മാരുടെ ഒരു വിവാഹ സമ്പ്രദായം, യാഗം നടത്തിക്കുന്ന ആൾ തൻെറ മകളെ ഋത്വിക്കിനോ പുരോഹിതനോ ദാനം ചെയ്യൽ
ദൈവാത് അവ്യ. ഭാഗ്യംകൊണ്ട്
ദൈവാധീന വി. 1. ഈശ്വരേച്ഛയ്ക്കു വിധേയമായ; 2. വിധിക്ക് അധീനമായ
ദൈവാധീനം നാ. ഭാഗ്യം
ദൈവാസുരം നാ. ദേവാസുരന്മാരെ സംബന്ധിച്ചത്, ദേവാസുരന്മാർ തമ്മിലുള്ളത്
ദൈവിക വി. 1. ദേവനെ സംബന്ധിച്ച; 2. ദേവനിൽനിന്നുള്ള; 3. ദിവ്യമായ
ദൈവികം നാ. 1. ആപത്ത്; 2. അപ്രതീക്ഷിതസംഭവം; 3. ഒരു ശ്രാദ്ധം
ദൈവേച്ഛ നാ. ഈശ്വരേച്ഛ, ഈശ്വരനിശ്ചയം
ദൈവ്യ വി. ദിവ്യമായ
ദൈവ്യം നാ. 1. ദിവ്യശക്തി; 2. വിധി, ഭാഗ്യം
ദൈശിക വി. 1. ദേശത്തെ സംബന്ധിച്ച; 2. കാണിച്ചുകൊടുക്കുന്ന; 3. ഉപദേശിക്കുന്ന
ദൈശികൻ നാ. 1. തദ്ദേശവാസി; 2. മാർഗദർശി, ഗുരു
ദൈഷ്ടിക വി. വിധിക്കപ്പെട്ട, മുൻകൂട്ടി നിശ്ചയിക്കപ്പെട്ട
ദൈഷ്ടികൻ നാ. വിധിയിൽ വിശ്വസിക്കുന്നവൻ
ദൈഹിക വി. ദേഹത്തെ സംബന്ധിച്ച
ദൈഹ്യ വി. ശരീരത്തിൽ സ്ഥിതിചെയ്യുന്ന, ശരീരിയായ (ആത്മാവ്)
ദോഗ്ധാവ് നാ. 1. ഇടയൻ; 2. പാലുകറക്കുന്നവൻ, കറവക്കാരൻ; 3. കന്നുകുട്ടി; 4. സ്തുതിഗീതം എഴുതി സ്വാർഥം നേടുന്നവൻ
ദോഗ്ധ്രി നാ. 1. പശു; 2. കുഞ്ഞിനെ മുലയൂട്ടി വളർത്തുന്ന ആയ
ദോഘം നാ. 1. പാലുകറന്നെടുക്കൽ; 2. കന്നുകുട്ടി
ദോധകം നാ. ഒരു സംസ്കൃതവൃത്തം
ദോബി [ഹി.ധോബീ] നാ. അലക്കുകാരൻ
ദോർദണ്ഡം നാ. കൈത്തണ്ട്
ദോർവീര്യം നാ. കൈയൂക്ക്
ദോരകം നാ. 1. ചരട്, തോൽവാറ്; 2. വീണക്കമ്പി മുറുക്കിക്കെട്ടാനുള്ള ചരട്
ദോരന്തരാളം നാ. ഇരുതോളുകളുടെയും നടുവിലുള്ള ഭാഗം, നെഞ്ച്
ദോരിക നാ. പിരിച്ചരട്
ദോല നാ. 1. ഡോള, പല്ലക്ക്; 2. ഊഞ്ഞാൽ
ദോലം നാ. 1. ഊഞ്ഞാലാട്ടം, ചാഞ്ചാട്ടം; 2. ഊഞ്ഞാൽ; 3. ഒരു ഉത്സവം, ശിശുവായ കൃഷ്ണൻെറ രൂപം ഉണ്ടാക്കി തൊട്ടിലിൽ വച്ച് ആട്ടുന്നചടങ്ങ്
ദോലാന്ദോളനം നാ. 1. ഊഞ്ഞാലാടൽ; 2. ശങ്കമൂലം ഊഞ്ഞാൽപോലെ മനസ്സ് ആടൽ
ദോലായമാന വി. 1. അങ്ങോട്ടുമിങ്ങോട്ടും ആടിക്കൊണ്ടിരിക്കുന്ന, ചാഞ്ചാടുന്ന
ദോലാലോല വി. (ഊഞ്ഞാൽപോലെ) ആടിക്കൊണ്ടിരിക്കുന്ന, ചഞ്ചലമായ, അനിശ്ചിതമായ
ദോലിക നാ. 1. ഊഞ്ഞാൽ; 2. തൊട്ടിൽ
ദോലിത വി. അങ്ങോട്ടുമിങ്ങോട്ടും ആട്ടപ്പെട്ട, ഇളക്കപ്പെട്ട
ദോശ നാ. ഒരു പലഹാരം

ദോശക്കല്ല്		നാ.	ദോശചുട്ടെടുക്കാൻ ഉപയോഗിക്കുന്ന പരന്ന ഉപകരണം, സാധാരണമായി ഇരുമ്പുകൊണ്ട് ഉണ്ടാക്കിയത്
ദോഷ		നാ.	ഇരുട്ട്, രാത്രി
ദോഷകരൻ		നാ.	ദോഷംചെയ്യുന്നവൻ
ദോഷഗ്രസ്ത		വി.	ദോഷം ബാധിച്ച, അത്യധികം ദോഷമുള്ള, ദോഷാരോപണത്തിനു വിധേയനായ, ഭാഗ്യക്കേടിന് ഇരയായ, അപരാധിയായ
ദോഷചതുഷ്ടയം	നാ.	നാലുദോഷങ്ങൾ (ഭ്രമ്മം, പ്രമാദം, അന്യരെ തെറ്റിധരിപ്പിക്കണമെന്ന ചിന്ത, കരണാപാടവം)
ദോഷജ്ഞൻ		നാ.	1. വിദ്വാൻ, തിന്മകളെപ്പറ്റി അറിവുള്ളവൻ, വിവേകശാലി; 2. വൈദ്യൻ
ദോഷണം		നാ.	കുറ്റാരോപണം, അപരാധം ചുമത്തൽ
ദോഷദൃഷ്ടി		വി.	കുറ്റങ്ങളും കുറവുകളും കണ്ടെത്താൻശ്രമിക്കുന്ന
ദോഷപ്പെടുക		ക്രി.	അശുദ്ധമാകുക, ദുഷിക്കുക, ക്ലേശത്തിൽപ്പെടുക
ദോഷപ്പെടുത്തുക	ക്രി.	ദുഷിപ്പിക്കുക, അശുദ്ധപ്പെടുത്തുക, ദ്രോഹിക്കുക
ദോഷം		നാ.	1. തിന്മ, പാപം, ദ്രോഹം; 2. ദുരാചാരം, അപമര്യാദ; 3. വ്യഭിചാരം; 4. കുറ്റം കുറവ്; 5. ദോഷചതുഷ്ടയം; 6. ആക്ഷേപം; 7. ആപത്ത്, ഭാഗ്യക്കേട്; 8. ത്രിദോഷം, ശരീരത്തിൻെറ ഘടകങ്ങളും രാഗകാരണങ്ങളുമായ ദോഷത്രയം (വാതം, പിത്തം, കഫം എന്നിവ); 9. ദുർഗുണം, ഹീനത
ദോഷല		വി.	വികലമായ, ദുഷിച്ച, ദൂഷിത
ദോഷവിചാരം		നാ.	1. സ്മാർത്തവിചാരം; 2. (അന്യർക്ക്) ദോഷംവരണമെന്ന ചിന്ത
ദോഷശങ്ക		നാ.	1. പ്രയാസമോ ദു:ഖമോ ഉണ്ടാകുമെന്ന ശങ്ക, അപകടശങ്ക; 2.വ്യഭിചാര ശങ്ക
ദോഷസാമ്യം		നാ.	(വൈദ്യ) ത്രിദോഷങ്ങളുടെ ക്രമാനുസൃതമായ അവസ്ഥ, രോഗസാധ്യത ഇല്ലാത്ത അവസ്ഥ
ദോഷാകരൻ		നാ.	ചന്ദ്രൻ
ദോഷാരോപം		നാ.	കുറ്റം ആരോപിക്കൽ, ന്യൂനതയോ ഹീനതയോ ആരോപിക്കൽ
ദോഷി		വി.	ദോഷമുള്ള, വൈകല്യമുള്ള, ദുഷിപ്പിക്കപ്പെട്ട, ദുഷിച്ച, അപരാധിയായ
ദോഷൈകദൃക്ക്	നാ.	ദോഷം മാത്രം കാണുന്നവൻ
ദോസ്		നാ.	1. കൈ; 2. ത്രികോണത്തിൻെറ ഭുജം, ചതുഷ്കോണത്തിൻെറ ഭുജം
ദോസ്ത്		[പേർ.]	നാ.	ചങ്ങാതി
ദോഹജം		നാ.	പാൽകറന്നെടുക്കുന്നത്
ദോഹദം		നാ.	1. ഗർഭിണികൾക്ക് പ്രത്യേകവസ്തുക്കളിൽ ഉണ്ടാകുന്ന ആഗ്രഹം; 2. എന്തിനെങ്കിലും വേണ്ടിയുള്ള തീവ്രമായ ആഗ്രഹം; 3. ഗർഭം; 4. ആദായം നൽകൽ, ലാഭം നൽകൽ
ദോഹനൻ		നാ.	പാൽകറക്കുന്നവൻ
ദോഹനീയ		വി.	പാൽകറക്കത്തക്ക
ദോഹം		നാ.	1. (പാൽ) കറക്കൽ; 2. പാൽ; 3. (ഏതെങ്കിലും ഒന്നിൽനിന്ന്) പ്രയോജനം നേടൽ; 4. നേട്ടം, വിജയം; 5. പാൽപാത്രം; 6. തൃപ്തി
ദോഹലം		നാ.	ദോഹദം

ദോഹ്യം നാ. ദുഗ്ധം, പാൽ
ദോള നാ. 1. ഊഞ്ഞാൽ; 2. പല്ലക്ക്
ദോളനം നാ. ദോലനം
ദോളിക നാ. ദോലിക, പല്ലക്ക്
ദൗത്യം നാ. 1. ദൂതൻെറ കർമം, സന്ദേശംകൊണ്ടുപോയി എത്തിക്കൽ; 2. സന്ദേശം; 3. മറ്റൊരാളുടെയോ ഒരു സ്ഥാപനത്തിൻെറയോ പ്രതിനിധി എന്ന നിലയിൽ ഏറ്റെടുക്കുന്ന കർത്തവ്യം
ദൗർഗത്യം നാ. ദുരിതം, ദാരിദ്ര്യം
ദൗർഗന്ധ്യം നാ. ദുർഗന്ധം വമിക്കുന്ന അവസ്ഥ
ദൗർജന്യം നാ. 1. ദുഷ്ടത, നീചത; 2. തിന്മ; 3. വിരോധം, അസൂയ
ദൗർബലം നാ. ദൗർബല്യം
ദൗർബല്യം നാ. 1. ദുർബലത, ബലമില്ലായ്മ; 2. ഷണ്ഡത; 3. മനോബലമില്ലായ്മ, പെട്ടെന്ന് എന്തിനും വഴങ്ങുന്ന മാനസികാവസ്ഥ, മാനസികമായ വിധേയത്വം
ദൗർഭാഗ്യം നാ. ഭാഗ്യക്കേട്, ഭാഗ്യദോഷം
ദൗർഭിക്ഷം നാ. ക്ഷാമം
ദൗർഭ്രാത്രം നാ. ഭ്രാതാക്കൾ (സഹോദരന്മാർ) തമ്മിലുള്ള കലഹം
ദൗർമനസ്യം നാ. നൈരാശ്യം, മാനസികത്തളർച്ച >< സൗമനസ്യം
ദൗർലഭ്യം നാ. 1. നേടാൻ പ്രയാസമുള്ള അവസ്ഥ, സുലഭമല്ലാത്ത അവസ്ഥ; 2. വിരളത, വിരളമായ അവസ്ഥ
ദൗർവചസ്യം നാ. ദുഷിച്ചഭാഷണം, ദുർവാക്ക്
ദൗർഹാർദം നാ. ഹൃദയകാഠിന്യം, ദുഷ്ടത, വിരോധം
ദൗർഹൃദൻ നാ. ദുഷ്ടൻ
ദൗർഹൃദം നാ. ദൗർഹാർദം >< സൗഹൃദം
ദൗരാത്മ്യം നാ. കഠിനഹൃദയത്വം, ദുഷ്ടത, നീചത
ദൗലത്ത് [പേർ.] നാ. ധനം, സമ്പത്ത്
ദൗലേയം നാ. ആമ
ദൗവാരികൻ നാ. ദ്വാരപാലകൻ, വാതിൽകാവൽക്കാരൻ, കാവൽക്കാരൻ, ചുമട്ടുകാരൻ
ദൗഷ്കൃത്യം നാ. നീചത, ദുഷ്ടത
ദൗഷ്ട്യം നാ. നീചത, ദുഷ്ടത
ദൗസ്ഥൻ നാ. ഭൃത്യൻ
ദൗഹിത്രൻ നാ. മകളുടെ മകൻ
ദൗഹിത്രം നാ. 1. എള്ള്; 2. ഒരു മൃഗം, കാണ്ടാമൃഗം
ദൗഹിത്രായണൻ നാ. മകളുടെ മകൻെറ മകൻ
ദൗഹിത്രി നാ. മകളുടെ മകൾ
ദ്യു നാ. 1. പകൽ; 2. ആകാശം; 3. പ്രകാശം, തിളക്കം; 4. ശോഭ; 5. മൂർച്ച; 6. അഗ്നി
ദ്യുകം നാ. മൂങ്ങ
ദ്യുഗം നാ. ആകാശത്ത് ഗമിക്കുന്നത്, പക്ഷി
ദ്യുചരം നാ. 1. ദ്യുഗം, പക്ഷി; 2. ഗ്രഹം

ദ്യുചാരി	നാ.	ദേവൻ
ദ്യുജയം	നാ.	സ്വർഗപ്രാപ്തി
ദ്യുതി	നാ.	1. തിളക്കം, ദീപ്തി; 2. ശോഭ; 3. ഓജസ്സ്, ഗാംഭീര്യം, മഹത്ത്വം
ദ്യുതിത	വി.	1. പ്രകാശിതമായ, ശോഭിതമായ; 2. തിളങ്ങുന്ന
ദ്യുനദി	നാ.	സ്വർഗഗങ്ഗ
ദ്യുനിവാസൻ	നാ.	ദേവൻ
ദ്യുനിശ	നാ.	പകലും രാത്രിയും.
927
ദ്യുപതി	നാ.	1. ദേവൻ; 2. ഇന്ദ്രൻ
ദ്യുപഥം	നാ.	ആകാശപഥം
ദ്യുമണി	നാ.	1. സൂര്യൻ; 2. ശിവൻ; 3. എരിക്ക്
ദ്യുമത്ത്	വി.	1. തിളക്കമുള്ള, പ്രകാശമുള്ള, ശോഭയുള്ള, ഉജ്ജ്വലമായ, തെളിച്ചമുള്ള; 2. ഉച്ചത്തിലുള്ള; 3. ഗതിവേഗമുള്ള, ഊർജസ്വലമായ; 4. ബലമുള്ള
ദ്യുമ്നം	നാ.	1. ദീപ്തി, ഉജ്ജ്വലത; 2. മഹത്ത്വം, ഗാംഭീര്യം; 3. ഓജസ്സ്, ശക്തി; 4. ഉത്സാഹം, പ്രചോദനം; 5. സമ്പത്ത്, ഐശ്വര്യം
ദ്യുമ്നി	വി.	1. ഗാംഭീര്യമുള്ള; 2. ശക്തിയുള്ള
ദ്യുരാത്രം	നാ.	പകലും രാത്രിയും
ദ്യുലോകം	നാ.	സ്വർഗം
ദ്യുഷത്ത്	നാ.	ദേവൻ
ദ്യുസരിത്ത്	നാ.	ഗങ്ഗ
ദ്യുതകരൻ	നാ.	ദ്യുതകാരൻ
ദ്യുതകാരൻ	നാ.	ചൂതുകളിക്കാരൻ
ദ്യുതകൃത്ത്	നാ.	ദ്യുതകാരൻ
ദ്യുതക്രീഡ	നാ.	ചൂതുകളി
ദ്യുതപൂർണിമ	നാ.	കാർത്തികമാസത്തെ പൗർണമി
ദ്യുതബീജം	നാ.	കവടി
ദ്യുതം	നാ.	1. കളി; 2. ചൂതുകളി, പകിടയോ മറ്റേതെങ്കിലും കരുവോ ഉപയോഗിച്ചുള്ള കളി; 3. ചൂത്; 4. യുദ്ധം; 5. മത്സരം, പന്തയം; 6. യുദ്ധത്തിൽ നേടിയ കൊള്ളമുതൽ
ദ്യുതമണ്ഡലം	നാ.	1. ചൂതുകളിസങ്ഘം; 2. ചൂതുകളിനടത്തുന്ന മന്ദിരം
ദ്യുതവൃത്തി	നാ.	1. ചൂതുകളി തൊഴിലാക്കിയിട്ടുള്ളവൻ; 2. ചൂതുകളിസ്ഥലത്തിൻെറ സൂക്ഷിപ്പുകാരൻ
ദ്യുതശാല	നാ.	ചൂതുകളിസ്ഥലം
ദ്യുന	വി.	1. വിലപിക്കുന്ന, ദു:ഖമുള്ള; 2. കളിക്കുന്ന, ക്രീഡിക്കുന്ന, ക്രീഡാരസമുള്ള
ദ്യുനം	നാ.	(ജ്യോ) ലഗ്നത്തിൻെറ ഏഴാമിടം
ദ്യോതക	വി.	1. തിളങ്ങുന്ന; 2. പ്രകാശിപ്പിക്കുന്ന; 3. വ്യക്തമാക്കുന്ന, വിശദീകരിക്കുന്ന; 4. അർഥം ദ്യോതിപ്പിക്കുന്ന, പ്രകടമാക്കുന്ന, വ്യഞ്ജിപ്പിക്കുന്ന
ദ്യോതകം	നാ.	(വ്യാക) ഒരു ശബ്ദവിഭാഗം
ദ്യോതനം	നാ.	1. പ്രകാശിക്കൽ, തിളക്കം; 2. പ്രകാശിപ്പിക്കൽ, പ്രകാശമാനമാക്കൽ; 3. പ്രകടമാക്കൽ, അർഥം സ്ഫുരിപ്പിക്കൽ, വിശദമാക്കൽ; 4. വിളക്ക്

ദ്യോതം നാ. 1. പ്രകാശം, ദീപ്തി; 2. സൂര്യപ്രകാശം; 3. ചൂട്
ദ്യോതിസ്സ് നാ. 1. പ്രകാശം, തിളക്കം, ദീപ്തി; 2. നക്ഷത്രം
ദ്യോവ് നാ. 1. സ്വർഗം; 2. ആകാശം
ദ്യോഷത്ത് നാ. ദേവൻ
ദ്രഢിഷ്ഠ വി. ഏറ്റവും ദൃഢമായ
ദ്രഢീയസ്സ് വി. കൂടുതൽ ദൃഢമായ
ദ്രപ്സം നാ. 1. തുള്ളി; 2. തീപ്പൊരി; 3. ചന്ദ്രൻ; 4. മോര്, വെള്ളം ചേർത്ത തൈര്; 5. കൊടിക്കൂറ
ദ്രമിഡർ നാ. ഭാരതത്തിലെ ഒരു ജനവർഗം
ദ്രമിലൻ നാ. ഒരു നിഘണ്ടുകാരൻ
ദ്രമിലം നാ. ആന്ധ്രദേശത്തെ കൃഷ്ണഗോദാവരി നദികൾക്കിടയിലായി കിടന്നിരുന്ന ആര്യന്മാരുടെ ദക്ഷിണേന്ത്യയിലെ ആദ്യത്തെ താവളം, ദ്രമിളം, ദ്രവിഡം, ദ്രാവിഡം
ദ്രമിളം നാ. ഒരു ദക്ഷിണേന്ത്യൻ രാജ്യം, ദ്രവിഡം, ദ്രാവിഡം
ദ്രവ വി. 1. നിയതരൂപം ഇല്ലാത്ത പദാർഥത്തിൻെറ അവസ്ഥയിലുള്ള, ദ്രാവകരൂപത്തിലുള്ള, ജലംപോലെയുള്ള; 2. ഒഴുകുന്ന, അലിയുന്ന, കിനിയുന്ന, ഇറ്റുവീഴുന്ന, ഉരുകുന്ന; 3. അലിഞ്ഞ, ഉരുകിയ, ദ്രവപദാർഥത്തിൻെറ അവസ്ഥയിലാക്കപ്പെട്ട
ദ്രവങ്ഗം നാ. വെളുത്തീയം
ദ്രവജം നാ. ഒരുതരം തരിപ്പഞ്ചസാര; 2. കൽക്കണ്ടം
ദ്രവണം നാ. 1. അലിയൽ; 2. ഉരുകൽ; 3. ദ്രാവകരൂപം കൈക്കൊള്ളൽ; 4. ഇറ്റുവീഴൽ; 5. ഓട്ടം
ദ്രവത്ത് വി. 1. ഇറ്റുവീഴുന്ന; 2. കിനിയുന്ന; 3. ഓടുന്ന, ദ്രുതമായ
ദ്രവന്തി നാ. 1. ഒരു ഔഷധസസ്യം, എലിച്ചെവി; 2. വലിയ ദന്തി; 3. നീർവാളം; 4. നദി
ദ്രവപ്രായ വി. ഏറെക്കുറെ ദ്രാവകാവസ്ഥയിലുള്ള
ദ്രവം നാ. 1. ഉരുകിയ പദാർഥം, ദ്രാവകം; 2. ദ്രവാവസ്ഥ, നിയതരൂപം ഇല്ലാത്ത അവസ്ഥ; 3. പഴത്തിൻെറയും മറ്റും സത്ത്, ചാറ്; 4. ഉരുകൽ
ദ്രവമാണ വി. 1. ഒഴുകുന്ന; 2. ദ്രാവകാവസ്ഥയിലുള്ള; 3. അലിഞ്ഞ; 4. ഓടുന്ന
ദ്രവരസം നാ. 1. അരക്ക്; 2. പശ; 3. സത്ത്
ദ്രവിക്കുക ക്രി. 1. ദ്രാവകരൂപത്തിലാകുക, അലിയുക; 2. ഒലിക്കുക; 3. ഉരുകുക; 4. പൊടിയുക, പൊടിയാറാകുക; 5. ചീയുക; 6. നശിക്കുക
ദ്രവിഡദേശം നാ. ദ്രാവിഡദേശം
ദ്രവിഡം നാ. ദ്രവിഡദേശം
ദ്രവിഡർ നാ. ഒരു ജനത, ദ്രാവിഡർ
ദ്രവിണം നാ. 1. ജങ്ഗമവസ്തു; 2. പദാർഥം, ചരക്ക്; 3. സാരാംശം, സത്ത്; 4. ധനം; 5. ശക്തി
ദ്രവിണസ്സ് നാ. 1. ജങ്ഗമവസ്തു; 2. പദാർഥം; 3. ഐശ്വര്യം പ്രദാനം ചെയ്യുന്നവൻ
ദ്രവീകരണം നാ. 1. ദ്രവമാക്കിത്തീർക്കൽ; 2. അലിയിക്കൽ

ദ്രവീകരിക്കുക ക്രി. 1. ദ്രവമാക്കിത്തീർക്കുക; 2. അലിയിക്കുക; 3. ഉരുക്കുക
ദ്രവീഭവിക്കുക ക്രി. 1. ദ്രവമായിത്തീരുക; 2. അലിയുക; 3. മൃദുലമാകുക
ദ്രവീഭാവം നാ. 1. ദ്രവമായിത്തീരൽ; 2. അലിയൽ; 3. മാർദവമുള്ളതാകൽ
ദ്രവ്യഗണം നാ. ഒരേ ഇനത്തിൽപ്പെട്ട പദാർഥസമൂഹം, അത്തരം പദാർഥവിഭാഗം
ദ്രവ്യദണ്ഡം നാ. പിഴ, പിഴശിക്ഷ
ദ്രവ്യനാമമ്മ് നാ. (വ്യാക) നാമത്തിൻെറ ഒരു വിഭാഗം, ദ്രവ്യത്തെക്കുറിക്കുന്ന നാമം
ദ്രവ്യപരിഗ്രഹം നാ. സ്വത്തോ ധനമോ ആർജിക്കൽ, അവ കൈവശം വയ്ക്കൽ
ദ്രവ്യപ്രകൃതി നാ. ഒരു പദാർഥത്തിൻെറ സവിശേഷസ്വഭാവം, അതിൽ അടങ്ങിയിരിക്കുന്ന മൂലകങ്ങൾ
ദ്രവ്യം നാ. 1. പദാർഥം, വസ്തു, ഭൗതികപദാർഥം; 2. എന്തിലെങ്കിലും അടങ്ങിയിരിക്കുന്ന സാമഗ്രികൾ അഥവാ പദാർഥങ്ങൾ; 3. മൂലകപദാർഥം, പഞ്ചഭൂതങ്ങൾ; 4. ഒറ്റപ്പദാർഥം അഥവാ വ്യക്തി; 5. ധനം, ചരക്ക്; 6. സ്വർണം; 7. വെള്ളോട്, പിച്ചള; 8. ലേപനവസ്തു; 9. ലഹരിപാനീയം; 10. പണയവസ്തു
ദ്രവ്യലക്ഷണം നാ. വസ്തുവിൻെറയോ വ്യക്തിയുടെയോ സവിശേഷത, അതിൻെറ നിർവചനം
ദ്രവ്യവത്ത് വി. 1. പദാർഥത്തിൽ അന്തർഭവിച്ചിരിക്കുന്ന; 2. ധനമുള്ള
ദ്രവ്യവാചക വി. ഒറ്റവസ്തുവിനേയോ വ്യക്തിയെയോ കുറിക്കുന്ന
ദ്രവ്യശക്തി നാ. സമ്പത്തുവഴി കൈവരുന്ന പ്രാമാണ്യം
ദ്രവ്യശബ്ദം നാ. ദ്രവ്യവാചകശബ്ദം
ദ്രവ്യാഗമം നാ. ധനലാഭം
ദ്രഷ്ടാവ് നാ. 1. (നല്ലവണ്ണം) കാണുന്നവൻ; 2. പരാതി പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നവൻ, ന്യായാധിപൻ
ദ്രഷ്ടവ്യ വി. 1. കാണേണ്ട; 2. കാണത്തക്ക; 3. പരിശോധിക്കേണ്ട, അന്വേഷിച്ച് കണ്ടെത്തേണ്ടതായ
ദ്രഷ്ടുകാമ വി. കാണാൻ ആഗ്രഹിക്കുന്ന
ദ്രഹം നാ. ആഴമേറിയ കായൽ, ഹ്രദം
ദ്രാക്ഷ നാ. 1. മുന്തിരിച്ചെടി; 2. മുന്തിരിങ്ങ
ദ്രാക്ഷാപാകം നാ. ഒരുതരം പാകം, ഒരു സവിശേഷരീതിയിലുള്ള പദവിന്യാസം, മുന്തിരിപ്പഴം പോലെ നിഷ്പ്രയാസം ആസ്വാദ്യമായിട്ടുള്ളത്
ദ്രാക്ഷാരസം നാ. മുന്തിരിച്ചാറ്, വീഞ്ഞ്
ദ്രാഘിമാവ് നാ. 1. നീളം; 2. അക്ഷാംശം
ദ്രാഘിഷ്ഠ വി. ഏറ്റവും കൂടുതൽ നീളമുള്ള
ദ്രാഘീയസ്സ് വി. കൂടുതൽ നീളമുള്ള
ദ്രാണ വി. 1. ഓടിയ; 2. പറന്ന
ദ്രാണം നാ. ഓട്ടം
ദ്രാപൻ നാ. ശിവൻ
ദ്രാപം നാ. 1. ചെളി, ചതുപ്പ്; 2. ആകാശം, സ്വർഗം
ദ്രാം നാ. ഒരു ദ്രാവക അളവ്
ദ്രാമിളൻ നാ. 1. ദ്രമിളത്തിൽ ജനിച്ചവൻ, ദ്രാവിഡൻ; 2. ചാണക്യൻ

ദ്രാവക വി. 1. ദ്രവരൂപത്തിലുള്ള, ദ്രവാവസ്ഥയിലുള്ള; 2. ദ്രവീകരിക്കുന്ന, ദ്രവീഭവിക്കുന്ന; 3. മനം കവരുന്ന, മോഹിപ്പിക്കുന്ന; 4. തന്ത്രശാലിയായ, തന്ത്രപൂർവമായ

ദ്രാവകൻ നാ. 1. കള്ളൻ; 2. ബുദ്ധിമാൻ, കുശലൻ, തന്ത്രശാലി; 3. തോന്ന്യാസക്കാരൻ; 4. അനുധാവനം ചെയ്യുന്നവൻ; 5. വിടൻ

ദ്രാവകം നാ. 1. വെള്ളംപോലെ ഒഴുകുന്ന പദാർഥം, ദ്രവം; 2. ചാറ്, സത്ത്; 3. ഖരദ്രവ്യം ഉരുകിയോ അലിഞ്ഞോ ഉണ്ടാകുന്ന വസ്തു; 4. വെങ്കാരം; 5. മെഴുക്; 6. ചന്ദ്രകാന്തം; 7. പൊൻകാരം; 8. പശ; 9. വാറ്റുമരുന്ന്; 10. കാന്തം

ദ്രാവകരം നാ. വെൺകാരം

ദ്രാവണം നാ. 1. തേറ്റാമ്പരൽ; 2. പനച്ചി; 3. ആർദ്രമാക്കൽ, മൃദുലമാക്കൽ; 4. സ്പർശിക്കൽ; 5. ഉരുക്കൽ

ദ്രാവം നാ. 1. ദ്രുതഗതി; 2. വേഗം; 3. പറക്കൽ; 4. ദ്രവീകരണം; 5. ചൂട്

ദ്രാവി നാ. 1. പൊൻകാരം; 2. പിച്ചക്കാരൻ

ദ്രാവിഡകം നാ. 1. കച്ചോലം; 2. ഒരിനം ഉപ്പ്, വിളയുപ്പ്

ദ്രാവിഡൻ നാ. ദ്രാവിഡവർഗത്തിൽപ്പെട്ട ആൾ, ദ്രാവിഡർ

ദ്രാവിഡഭാഷ നാ. 1. ദ്രാവിഡർ സംസാരിക്കുന്ന ഭാഷകളെ പൊതുവെ കുറിക്കുന്ന സംജ്ഞ; 2. ദ്രാവിഡരുടെ ആദിഭാഷ

ദ്രാവിഡം നാ. 1. ദ്രാവിഡജനത വസിക്കുന്ന ഭൂഭാഗം, ദ്രാവിഡരുടെ നാട്; 2. ദ്രാവിഡരുടെ ഭാഷകളെകുറിക്കുന്ന പൊതുവായ സംജ്ഞ, ദ്രാവിഡഭാഷ; 3. ദ്രാവിഡരുടെ ആദിഭാഷ, പ്രാചീന ദ്രാവിഡം

ദ്രാവിഡർ നാ. ഒരു ജനത, ഇന്ത്യയുടെ തെക്കും കിഴക്കും ഭാഗങ്ങളിൽ വസിക്കുന്ന ഒരു ജനവർഗം

ദ്രാവിഡി നാ. ചിറ്റേലം

ദ്രു1 നാ. 1. വൃക്ഷം; 2. വൃക്ഷശാഖ; 3. തടി; 4. തടികൊണ്ടുള്ള ഉപകരണം

ദ്രു2 നാ. ചലനം, ഗതി

ദ്രുഘണൻ നാ. ബ്രഹ്മാവ്

ദ്രുഘണം നാ. 1. മുൾത്തടി; 2. കൊട്ടുവടി; 3. അധികാരസൂചകമായ വടി, ഇരുമ്പുലക്ക; 4. കോടാലി; 5. കാട്ടുചമ്പകം

ദ്രുണം1 നാ. 1. തേൾ, ഈച്ച; 2. വില്ല്, വാൾ

ദ്രുണം2 നാ. വിൽഞാൺ

ദ്രുണഹം നാ. വാളുറ

ദ്രുണി നാ. 1. ചെറിയ ആമ, പെണ്ണാമ; 2. വെള്ളം നിറയ്ക്കാനുള്ള തൊട്ടി; 3. പഴുതാര

ദ്രുത വി. 1. വേഗമുള്ള, വേഗത്തിലുള്ള, തിടുക്കത്തിലുള്ള; 2. വേഗത്തിൽ പറഞ്ഞ; 3. അലിഞ്ഞുചേർന്ന, ഉരുകിയ, ദ്രവരൂപമായ; 4. പറന്നുപോയ, ഓടിപ്പോയ

ദ്രുതകാകളി നാ. ഒരു ദ്രാവിഡവൃത്തം

ദ്രുതകാലം നാ. (സങ്ഗീ) ഒരു ലയാങ്ഗം, ദ്രുതം

ദ്രുതഗതി നാ. വേഗത്തിലുള്ളപോക്ക്, തിടുക്കം

ദ്രുതപദ നാ. ഒരു സംസ്കൃതവൃത്തം

ദ്രുതം1 അവ്യ. 1. വേഗത്തിൽ; 2. വൈകാതെ

ദ്രുതം2 നാ. (സങ്ഗീ) 1. ഒരു താളാങ്ഗം, രണ്ടക്ഷരകാലം; 2. ഒരു ലയാങ്ഗം, ദ്രുതകാലം പാടുന്നതിൻെറ വ്യത്യസ്ത വേഗങ്ങളിൽ ഒന്ന്
ദ്രുതം3 നാ. 1. തേൾ; 2. വൃക്ഷം; 3. ഒരുതരം തെറ്റായ സ്വരോച്ചാരണം
ദ്രുതമധ്യ നാ. ഒരു സംസ്കൃതവൃത്തം
ദ്രുതവിളംബിതം നാ. ഒരു സംസ്കൃതവൃത്തം
ദ്രുതി1 നാ. 1. മൃദുലമാക്കപ്പെടൽ, സ്പർശിക്കപ്പെടൽ; 2. ഉരുകൽ; 3. ഗതി, ഓട്ടം
ദ്രുതി2 നാ. തുരുത്തി
ദ്രുനഖം നാ. 'മരത്തിൻെറ നഖം', മുള്ള്
ദ്രുപദൻ നാ. (പുരാണ) ഒരു പാഞ്ചാലരാജാവ്, മഹാഭാരതകഥാപാത്രം
ദ്രുപദം നാ. മരത്തൂണ്
ദ്രുമഖണ്ഡം നാ. വൃക്ഷക്കൂട്ടം
ദ്രുമവ്യാധി നാ. 1. അരക്ക്; 2. വൃക്ഷപ്പശ
ദ്രുമഷണ്ഡം നാ. ദ്രുമഖണ്ഡം
ദ്രുമാമയം നാ. ദ്രുമവ്യാധി, അരക്ക്
ദ്രുമാരി നാ. ആന
ദ്രുമാശ്രയം നാ. 1. പല്ലി; 2. ഓന്ത്
ദ്രുമിണി നാ. വൃക്ഷത്തോട്ടം, കാവ്, കാട്
ദ്രുവയം നാ. 1. തടികൊണ്ടുള്ള അളവുപാത്രം; 2. മരപ്പാത്രം; 3. ചെണ്ടപോലുള്ള താളവാദ്യത്തിൽ തടികൊണ്ടു നിർമിച്ചഭാഗം
ദ്രുസല്ലകം നാ. മുരൾമരം
ദ്രുഹ വി. ഉപദ്രവിക്കുന്ന, ദ്രോഹിക്കുന്ന, ശത്രുതയുള്ള. നാ. 1. ഉപദ്രവകാരി, ദ്രോഹിക്കുന്നവൻ, ശത്രു; 2. ദ്രോഹം, ഉപദ്രവം
ദ്രുഹണൻ നാ. ബ്രഹ്മാവ്.
929
ദ്രുഹൻ നാ. പുത്രൻ
ദ്രുഹം നാ. കായൽ
ദ്രുഹി നാ. പുത്രി
ദ്രുഹിണൻ നാ. 1. ദ്രുഹണൻ, ബ്രഹ്മാവ്; 2. ശിവൻ; 3. വിഷ്ണു
ദ്രേക്കാണം നാ. (ജ്യോ) ഒരു രാശിയുടെ മൂന്നിലൊരുഭാഗം, പത്തുദിഗ്രി
ദ്രേശ്യ വി. ദൃശ്യ
ദ്രോഗ്ധാവ് നാ. 1. ഉപദ്രവകാരി, ദ്രോഹിക്കുന്നവൻ; 2. (അന്യർക്ക്) തിന്മവരാൻ ആഗ്രഹിക്കുന്നവൻ
ദ്രോഘം നാ. ദുർവാക്ക് പറയൽ (പ്ര) ദ്രോഘവചസ്സ് = ചീത്തവാക്ക്
ദ്രോണ നാ. തുമ്പ
ദ്രോണാകാകൻ നാ. കാവതിക്കാക്ക
ദ്രോണൻ നാ. ഒരു മഹാഭാരത കഥാപാത്രം, ആയുധവിദ്യാചാര്യൻ, പാണ്ഡവന്മാരുടെയും കൗരവന്മാരുടെയും ഗുരു
ദ്രോണപർവം നാ. വ്യാസഭാരതത്തിൻെറ ഒരു ഭാഗം
ദ്രോണാചാര്യൻ നാ. മഹാഭാരതകഥാപാത്രമായ ദ്രോണർ

ദ്രോണം നാ. 1. മരപ്പാത്രം, മരത്തൊട്ടി, വെള്ളംകോരാനുള്ള തൊട്ടി; 2. ഒരു ധാന്യയളവ്, പതിനാറ് ഇടങ്ങഴി; 3. തൂക്കത്തിൻെറ ഒരു അളവ്, ഇരുനൂറുപലം; 4. തടാകം അഥവാ ഒരു ജലപ്പരപ്പ്; 5. ഒരുതരം മേഘം; 6. മഹാഭാരതത്തിലെ ദ്രോണപർവം; 7. ഒരിനം കാക്ക, കാവതിക്കാക്ക; 8. തേൾ; 9. തുമ്പ; 10. തവള; 11. ഒരു പർവതം; 12. ചെറിയ തടാകം; 13. ഇലക്കുമ്പിൾ; 14. കുടം

ദ്രോണി നാ. 1. മരത്തൊട്ടി, മരപ്പാത്രം, മരവി; 2. തടികൊണ്ടു നിർമിച്ച ഉപകരണം, യാനപാത്രം, തോണി; 3. ചെറിയകാട്ടുവെള്ളരി; 4. വേലിപ്പരുത്തി; 5. വാഴ; 6. അമരി; 7. ഒരിനം ഉപ്പ്; 8. ഒരു അളവ്, അളവുപാത്രം; 9. മലയിടുക്ക്

ദ്രോണിക നാ. 1. തൊട്ടി, തോണി; 2. അമരി

ദ്രോണീദലം നാ. പൂക്കൈത

ദ്രോഹചിന്ത നാ. ദ്രോഹിക്കണമെന്നുള്ള ചിന്ത

ദ്രോഹബുദ്ധി നാ. ദ്രോഹിക്കണമെന്ന ഉദ്ദേശ്യം. വി. ദോഹിക്കണമെന്ന വിചാരമുള്ള, ദുഷ്ടവിചാരമുള്ള

ദ്രോഹം നാ. ഉപദ്രവം, അനാശാസ്യകൃത്യം, ദോഷകരമായ പ്രവൃത്തി

ദ്രോഹവൃത്തി വി. ദ്രോഹിക്കുന്ന ശീലമുള്ള, ദുരുദ്ദേശ്യമുള്ള, ദുഷ്ടതയുള്ള

ദ്രോഹി വി. ദ്രോഹിക്കുന്ന, ഉപദ്രവിക്കുന്ന, ചതിക്കുന്ന, വിദ്വേഷമുള്ള. നാ. ദ്രോഹിക്കുന്നവൻ, ചതിക്കുന്നവൻ, അപരാധി

ദ്രോഹിക്കുക ക്രി. ഉപദ്രവിക്കുക, ദോഷം വരുത്തുക, അപകടപ്പെടുത്തുക, ചതിക്കുക

ദ്രൗണം നാ. മരക്കലയുപ്പ്

ദ്രൗണായനൻ നാ. ദ്രൗണി

ദ്രൗണി നാ. ദ്രോണൻെറ പുത്രൻ, അശ്വത്ഥാമാവ്

ദ്രൗണികം നാ. ഒരു ദ്രോണം അളവുവരുന്ന വിത്തുവിതയ്ക്കാവുന്ന നിലം

ദ്രൗണിജം നാ. മരക്കലയുപ്പ്

ദ്രൗപദി നാ. ദ്രുപദൻെറ പുത്രി, പാഞ്ചാലി, മഹാഭാരതകഥാപാത്രം, പാണ്ഡവന്മാരുടെ പത്നി

ദ്വക വി. രണ്ടുകൂടിയ, ദ്വിവിധമായ

ദ്വന്ദ്വചരം നാ. ഇണയായി സഞ്ചരിക്കുന്നത്, ചക്രവാകം

ദ്വന്ദ്വഭാവം നാ. 1. രണ്ടെന്ന അവസ്ഥ; 2. വൈരുധ്യം, ഭിന്നത, ശത്രുത

ദ്വന്ദ്വഭൂത വി. രണ്ടായിത്തീർന്ന

ദ്വന്ദ്വം നാ. 1. (സ്ത്രീപുരുഷന്മാരുടെ) ജോഡി; 2. പരസ്പരവിരുദ്ധങ്ങളായ രണ്ടെണ്ണം; 3. യുദ്ധം; 4. മത്സരം; 5. ഉഭയപദാർഥപ്രധാനമായ ഒരു സമാസം

ദ്വന്ദ്വയുദ്ധം നാ. രണ്ടുപേർതമ്മിൽ നേരിട്ടുള്ള യുദ്ധം

ദ്വന്ദ്വാത്മക വി. 1. ദ്വന്ദ്വഭാവം ഉൾക്കൊള്ളുന്ന; 2. പരസ്പരവിരുദ്ധങ്ങളായ രണ്ടിനെ ഉൾക്കൊള്ളുന്ന

ദ്വന്ദ്വാത്മകഭൗതികവാദം നാ. ചരിത്രവികാസം ഭൗതികമായ ദ്വന്ദ്വാത്മകതയിൽ അധിഷ്ഠിതമാണെന്ന ചിന്തയിന്മേൽ കെട്ടിപ്പടുത്തിരിക്കുന്ന തത്ത്വശാസ്ത്രം

ദ്വന്ദ്വാത്മകവാദം നാ. 1. യുക്തിയിൽ അധിഷ്ഠിതമായ വാദപ്രതിവാദത്തിലൂടെ സത്യം കണ്ടെത്തുകയും പരീക്ഷിച്ചറിയുകയും ചെയ്യുന്ന സമ്പ്രദായം; 2. ദാർശനികചിന്തയിലെ പരസ്പരവിരുദ്ധങ്ങളായ കേവലാശയങ്ങളെ അവതരിപ്പിച്ചു ചർച്ചാവിഷയങ്ങളാക്കി ആ വൈരുധ്യത്തിനു പരിഹാരം കണ്ടെത്തുന്ന തത്ത്വചിന്താ പദ്ധതി

ദ്വന്ദ്വി വി. 1. ജോഡിയായി ചേരുന്ന; 2. പരസ്പരം എതിരായുള്ള, അന്യോന്യം ശത്രുതയുള്ള
ദ്വന്ദ്വീഭവിക്കുക ക്രി. 1. ജോഡിയായി ഒത്തുചേരുക; 2. ദ്വന്ദ്വയുദ്ധത്തിലേർപ്പെടുക; 3. സംശയിക്കുക
ദ്വന്ദ്വീഭൂത വി. 1. സംശയാലുവായ, നിശ്ചയമില്ലാത്ത; 2. സന്ദിഗ്ധമായ
ദ്വയ വി. ദ്വി (ഇരട്ട) യായ, ഇരു, രണ്ടുതരത്തിലുള്ള
ദ്വയം നാ. രണ്ട്
ദ്വയവാദി നാ. ഒരിക്കൽ പറയുന്നതിനു വിരുദ്ധമായി പിന്നൊരിക്കൽ പറയുന്നവൻ, ആത്മാർഥതയില്ലാത്തവൻ
ദ്വയാത്മക വി. രണ്ടിൻെറ സ്വഭാവം ഉൾക്കൊള്ളുന്ന, രണ്ടെണ്ണം ചേർന്ന സ്വഭാവമുള്ള
ദ്വയാർഥ വി. രണ്ടർഥമുള്ള, ദ്വ്യർഥ
ദ്വയി നാ. ജോഡി, ഇരട്ട
ദ്വാ വി. (സമാസത്തിൽ വരുന്ന രൂപഭേദം)
ദ്വാചത്വാരിംശ വി. നാൽപ്പത്തിരണ്ടാമത്തെ
ദ്വാത്രിംശ വി. മുപ്പത്തിരണ്ടടങ്ങിയ; 2. മുപ്പത്തിരണ്ടാമത്തെ
ദ്വാത്രിംശതി നാ. മുപ്പത്തിരണ്ടെണ്ണത്തിൻെറ സഞ്ചയം
ദ്വാദശ വി. 1. പന്ത്രണ്ടാമത്തെ; 2. പന്ത്രണ്ടടങ്ങിയ; 3. പന്ത്രണ്ടുകൂടുതലായ
ദ്വാദശക വി. 1. പന്ത്രണ്ടാമത്തെ; 2. പന്ത്രണ്ടുചേർന്ന; 3. പന്ത്രണ്ടക്ഷരങ്ങൾ അടങ്ങിയ
ദ്വാദശകം നാ. 1. പന്ത്രണ്ട് എന്ന സങ്ഖ്യ; 2. പന്ത്രണ്ടെണ്ണത്തിൻെറ സഞ്ചയം
ദ്വാദശകര വി. 1. പന്ത്രണ്ടു കൈയുള്ള; 2. പന്ത്രണ്ടു രശ്മിയുള്ള
ദ്വാദശകരൻ നാ. 1. കാർത്തികേയൻ; 2. ബ്രുഹസ്പതി; 2. വ്യാഴഗ്രഹം
ദ്വാദശപദ വി. പന്ത്രണ്ടുവാക്കുകൾ ചേർന്ന
ദ്വാദശപ്രാസം നാ. ഒരുതരം പ്രാസാലങ്കാരം
ദ്വാദശമ വി. പന്ത്രണ്ടാമത്തെ
ദ്വാദശമാത്ര വി. പന്ത്രണ്ടുമാത്രകളടങ്ങിയ വൃത്തം
ദ്വാദശമാസിക വി. പന്ത്രണ്ടു മാസങ്ങൾ ചേർന്ന
ദ്വാദശരാത്രം നാ. പന്ത്രണ്ടു രാത്രികളടങ്ങുന്ന കാലയളവ്
ദ്വാദശലോചനൻ നാ. സ്കന്ദൻ
ദ്വാദശവത്സരി നാ. പന്ത്രണ്ടുവർഷങ്ങളടങ്ങിയ കാലയളവ്
ദ്വാദശവർഗം നാ. പന്ത്രണ്ടെണ്ണത്തിൻെറ ആകെത്തുക
ദ്വാദശവാർഷിക നാ. 1. പന്ത്രണ്ടു വയസ്സുള്ള; 2. പന്ത്രണ്ടുവർഷം നീണ്ടുനിൽക്കുന്ന
ദ്വാദശാകാര വി. പന്ത്രണ്ട് ആകൃതികളുള്ള
ദ്വാദശാക്ഷൻ നാ. സകന്ദൻ
ദ്വാദശാക്ഷര വി. പന്ത്രണ്ടക്ഷരങ്ങൾ അടങ്ങിയ
ദ്വാദശാഖ്യൻ വി. പന്ത്രണ്ടു പേരുകളുള്ള, ബുദ്ധൻ
ദ്വാദശാത്മാവ് നാ. 1. ആദിത്യൻ; 2. എരിക്ക്
ദ്വാദശാംശു നാ. 1. ബ്രുഹസ്പതി; 2. വ്യാഴഗ്രഹം
ദ്വാദശായുസ്സ് നാ. പട്ടി
ദ്വാദശാശ്രം നാ. പന്ത്രണ്ടുകോണുകളുള്ള

ദ്വാദശാസ്രം നാ. = ദ്വാദശാശ്രം
ദ്വാദശാഹം നാ. പന്ത്രണ്ടു ദിവസങ്ങൾ നീണ്ടുനിൽക്കുന്നത്, ഒരു യജ്ഞകാലാവധി
ദ്വാദശി നാ. 1. പന്ത്രണ്ടാമത്തെ തിഥി; 2. പന്ത്രണ്ടെണ്ണം കൂടിയത്
ദ്വാദശിക വി. 1. പന്ത്രണ്ടാം ദിവസം നടക്കുന്ന; 2. പന്ത്രണ്ടാം തിഥിയിൽ നടക്കുന്ന
ദ്വാദശീവ്രതം നാ. പന്ത്രണ്ടാമത്തെ തിഥിയിൽ അനുഷ്ഠിക്കാനുള്ള ഒരു വ്രതം
ദ്വാനവത വി. തൊണ്ണൂറ്റിരണ്ടാമത്തെ
ദ്വാപഞ്ചാശ നാ. 1. അമ്പത്തിരണ്ടാമത്തെ; 2. അമ്പത്തിരണ്ടു കൂടിച്ചേർന്ന
ദ്വാപഞ്ചാശത് നാ. അമ്പത്തിരണ്ട്
ദ്വാപരൻ നാ. ദ്വാപരയുഗത്തിൻെറ ഈശ്വരൻ
ദ്വാപരം നാ. 1. ചതുർയുഗങ്ങളിൽ മൂന്നാമത്തേത്, ദ്വാപരയുഗം; 2. സംശയം, അനിശ്ചിതത്വം
ദ്വാരക നാ. ശ്രീകൃഷ്ണൻെറ രാജധാനി
ദ്വാരകപാടം നാ. വാതിലിൻെറ കതക്
ദ്വാരകം നാ. വാതിൽ
ദ്വാരകാനാഥൻ നാ. ശ്രീകൃഷ്ണൻ
ദ്വാരകേശൻ നാ. ശ്രീകൃഷ്ണൻ
ദ്വാരദർശി നാ. വാതിൽ കാവൽക്കാരൻ
ദ്വാരദാരു നാ. തേക്കുമരം
ദ്വാരപട്ടം നാ. കതക്
ദ്വാരപൻ നാ. ദ്വാരപാലകൻ
ദ്വാരപാല(ക)ൻ നാ. വാതിൽ കാവൽക്കാരൻ
ദ്വാരപാലിക നാ. വാതിൽ സൂക്ഷിപ്പുകാരി
ദ്വാരപിണ്ഡി നാ. വാതിൽപ്പടി
ദ്വാരപിധാനം നാ. സാക്ഷ
ദ്വാരബലിഭുക്ക് നാ. 1. കൊക്ക്; 2. കുരുവി; 3. കാക്ക
ദ്വാരം നാ. 1. വാതിൽ; 2. തുറന്ന ഭാഗം; 3. സുഷിരം, ഓട്ട; 4. (ശരീരത്തിൽ) ഇന്ദ്രിയങ്ങളിലേക്കുള്ള മാർഗം; 5. വഴി, ഉപാധി, മാധ്യമം
ദ്വാരമുഖം നാ. പ്രവേശനമാർഗം തുറക്കുന്ന ഭാഗം
ദ്വാരയന്ത്രം നാ. 1. സാക്ഷ; 2. പൂട്ട്
ദ്വാരരക്ഷകൻ നാ. ദ്വാരപാലകൻ
ദ്വാരരക്ഷി നാ. ദ്വാരപാലകൻ
ദ്വാരവൃത്തം നാ. കുരുമുളക്
ദ്വാരസ്തംഭം നാ. പടിവാതിക്കലെ തൂൺ
ദ്വാരസ്ഥ വി. വാതിൽക്കൽ സ്ഥിതിചെയ്യുന്ന
ദ്വാരസ്ഥിത വി. ദ്വാരസ്ഥ
ദ്വാരി1 നാ. 1. വാതിൽ കാവൽക്കാരൻ; 2. ചുമട്ടുകാരൻ
ദ്വാരി2 നാ. ദ്വാരപാലൻ
ദ്വാരിക നാ. ദ്വാരക
ദ്വാരികൻ നാ. ദ്വാരപാലകൻ

ദ്വാവിംശ വി. 1. ഇരുപത്തിരണ്ടാമത്തെ; 2. ഇരുപത്തിരണ്ട് അടങ്ങിയ
ദ്വാവിംശതി നാ. ഇരുപത്തിരണ്ട്
ദ്വാഷഷ്ട വി. 1. അറുപത്തിരണ്ടാമത്തെ; 2. അറുപത്തിയൊന്നിനോടുചേർന്ന
ദ്വാഷഷ്ടി നാ. അറുപത്തിരണ്ട്
ദ്വാസപ്തത വി. എഴുപത്തിരണ്ടാമത്തെ
ദ്വാസപ്തതി നാ. എഴുപത്തിരണ്ട്
ദ്വിക വി. 1. രണ്ടങ്ഗങ്ങളുള്ള, രണ്ടെണ്ണമടങ്ങിയ; 2. രണ്ടാമത്തെ
ദ്വികകാരം നാ. 'പേരിൽ രണ്ടുകകാരങ്ങളുള്ളത്', 1. കാക്ക; 2. ചക്രവാകം
ദ്വികരണി നാ. സമചതുർഭുജത്തിൻെറ കർണം
ദ്വിഗു നാ. ഒരു സമാസം (പൂർവപദം സങ്ഖ്യയായുള്ളത്)
ദ്വിഗുണ വി. 1. ഇരട്ടിയായ; 2. ഇരട്ടിച്ച; 3. രണ്ടുവിധമായ
ദ്വിഗുണനം നാ. ഇരട്ടിക്കൽ, ഇരട്ടിപ്പിക്കൽ
ദ്വിഗുണിത വി. ഇരട്ടിപ്പിച്ച
ദ്വിഗുണീകരിക്കുക ക്രി. ഇരട്ടിയാക്കുക
ദ്വിഗുണീഭവിക്കുക ക്രി. ഇരട്ടിയാകുക
ദ്വിഘാതം നാ. ഒരു സങ്ഖ്യയെ അതേസങ്ഖ്യകൊണ്ടു ഗുണിച്ചാൽ കിട്ടുന്ന
ഫലം
ദ്വിജ1 വി. രണ്ടുപ്രാവശ്യം ജനിച്ച
ദ്വിജ2 നാ. 1. ബ്രാഹ്മണസ്ത്രീ; 2. പെൺപക്ഷി
ദ്വിജൻ നാ. 1. ബ്രാഹ്മണൻ; 2. ക്ഷത്രിയൻ; 3. വൈശ്യൻ; 4. ചന്ദ്രൻ
ദ്വിജന്മാവ് നാ. 1. ദ്വിജൻ; 2. ദ്വിജം
ദ്വിജപതി നാ. ചന്ദ്രൻ
ദ്വിജപ്രപ നാ. 1. വൃക്ഷത്തടം; 2. തൊട്ടി
ദ്വിജം നാ. 1. രണ്ടുജനനമുള്ള ജീവി, മുട്ടവിരിഞ്ഞുണ്ടാകുന്ന ജീവി; 2.
പല്ല്
ദ്വിജരാജൻ നാ. 1. ചന്ദ്രൻ; 2. ഗരുഡൻ; 3. ശ്രേഷ്ഠബ്രാഹ്മണൻ.
931
ദ്വിജരാജം [സം.-രാജ-ഇന്ദ്ര] നാ. കർപ്പൂരം
ദ്വിജാതി [സം.ദ്വി-ജാതി] നാ. 1. ദ്വിജൻ; 2. ദ്വിജം
ദ്വിജായനി [സം.ദ്വിജായനീ] നാ. പൂണൂൽ
ദ്വിജേന്ദ്രൻ [സം.-ഇന്ദ്ര] നാ. 1. ബ്രാഹ്മണശ്രേഷ്ഠൻ; 2. ചന്ദ്രൻ; 3. ഗരുഡൻ
ദ്വിജേശൻ [സം.-ഈശ] നാ. = ദ്വിജേന്ദ്രൻ
ദ്വിജാതീയ വി. 1. ദ്വിജനെ സംബന്ധിച്ച; 2. മിശ്രജാതിയിൽപ്പെട്ട; 3. രണ്ടുതരം
സ്വഭാവമുള്ള
ദ്വിജാതീയം നാ. കോവർകഴുത (കുതിരയ്ക്കു കഴുതയിൽ ജനിക്കുന്നത്)
ദ്വിജാനി വി. രണ്ടു ജായന്മാർ (ഭാര്യമാർ) ഉള്ള
ദ്വിജിഹ്വ വി. ഇരട്ടനാക്കുള്ള
ദ്വിജിഹ്വൻ നാ. 1. ഏഷണിക്കാരൻ; 2. ചാരൻ; 3. ചതിയൻ
ദ്വിജിഹ്വം നാ. രണ്ടുനാക്കുള്ളത്, പാമ്പ്
ദ്വിട്ട് നാ. ശത്രു
ദ്വിത നാ. രണ്ടെന്ന അവസ്ഥ

ദ്വിതയം നാ. രണ്ട്
ദ്വിതീയ1 വി. രണ്ടാമത്തെ
ദ്വിതീയ2 നാ. 1. രണ്ടാമത്തെ തിഥി; 2. രണ്ടാമത്തെ വിഭക്തി; 3. രണ്ടാമത്തെവൾ; 4. പത്നി
ദ്വിതീയക വി. രണ്ടാമത്തെ
ദ്വിതീയൻ നാ. 1. രണ്ടാമൻ; 2. പുത്രൻ; 3. ചങ്ങാതി
ദ്വിതീയം നാ. രണ്ടാമത്തെത്, രണ്ടാംസ്ഥാനം അർഹിക്കുന്നത്
ദ്വിതീയവയസ്സ് നാ. ജീവിതത്തിലെ രണ്ടാംഘട്ടം, യൗവനം
ദ്വിതീയാക്ഷരപ്രാസം നാ. ഒരുതരം പ്രാസം. ഒരു പദ്യത്തിലെ ഓരോപാദത്തിലുമുള്ള രണ്ടാമത്തെ അക്ഷരം ഒന്നുതന്നെയായോ ഒരേവർഗത്തിൽപ്പെട്ടതായോ വരുന്നത്
ദ്വിതീയിക വി. 1. സ്ഥാനംകൊണ്ടു രണ്ടാമത്തേതായ; 2. പദവിയിൽ രണ്ടാമത്തേതായ; 3. രണ്ടാമതായി നടക്കുന്ന; 4. ഒന്നിടവിട്ടു സംഭവിക്കുന്ന
ദ്വിത്ര വി. രണ്ടോ മൂന്നോ
ദ്വിത്രിദിനം നാ. രണ്ടോ മൂന്നോ ദിവസം
ദിത്വം നാ. 1. (തത്ത്വ) രണ്ടെന്ന ഭാവം; 2. ഇരട്ട; 3. ഇരട്ടിക്കൽ; 4. (വ്യാക) ഒരു സന്ധി, വർണങ്ങൾ ഇരട്ടിക്കുന്നത്
ദ്വിത്വസന്ധി നാ. നാലുതരം സന്ധികളിൽ ഒന്ന്, ദ്വിത്വം
ദ്വിധാ അവ്യ. 1. രണ്ടുവിധത്തിൽ; 2. രണ്ടുഭാഗമായിട്ട്, രണ്ടായിട്ട്
ദ്വിധാകരിക്കുക ക്രി. 1. രണ്ടായി വിഭജിക്കുക; 2. രണ്ടാക്കുക; 3. രണ്ടുവിധത്തിൽ ക്രമീകരിക്കുക
ദ്വിധാഗതി നാ. 1. മുതല; 2. ഞണ്ട്
ദ്വിതാത്മകം നാ. ജാതിക്ക
ദ്വിധീഭവിക്കുക ക്രി. 1. രണ്ടായി വിഭജിക്കപ്പെടുക; 2. വേർതിരിച്ചെടുക്കുക
ദ്വിധാഭാവം നാ. രണ്ടുഭാഗങ്ങളായിത്തീരൽ, രണ്ടുവിധത്തിലായിത്തീരൽ
ദ്വിപ നാ. പിടിയാന
ദ്വിപക്ഷതി നാ. രണ്ടാമത്തെ തിഥി, ദ്വിതീയ
ദ്വിപക്ഷം നാ. 1. രണ്ടുപക്ഷം; 2. രണ്ടുപക്ഷമുള്ളത്; 3. രണ്ടുപക്ഷം ചേർന്നത്; 4. വിഷമഘട്ടം
ദ്വിപത്രകം നാ. പറയൻ കിഴങ്ങ്
ദ്വിപഥമ്മ് നാ. രണ്ടുപാതകൾ കൂടിച്ചേരുന്ന സ്ഥാനം
ദ്വിപദ വി. 1. രണ്ടുപാദമുള്ള; 2. രണ്ടുവാക്കുകൾ ചേർന്ന
ദ്വിപദിക നാ. രണ്ടുപാദങ്ങൾ ചേർന്ന ഒരു നൃത്തശില്പം അഥവാ ഗീതശില്പം
ദ്വിപം നാ. 1. ആന; 2. നാകപ്പൂവ്
ദ്വിപർണ വി. രണ്ടിലയുള്ള
ദ്വിപർണി നാ. കാട്ടിലന്ത
ദ്വിപാദ വി. രണ്ടുപാദമുള്ള
ദ്വിപാദക വി. ഇരട്ടിയായ
ദ്വിപാദിക നാ. ദ്വിപദി
ദ്വിപായി നാ. ആന

ദ്വിബാഹു വി. രണ്ടുകൈയുള്ള
ദ്വിബിന്ദു നാ. ഇരട്ടബിന്ദു
ദ്വിഭാര്യന്‍ നാ. രണ്ടുഭാര്യമാര്‍ ഉള്ളവന്‍
ദ്വിഭാഷി നാ. 1. രണ്ടുഭാഷ സംസാരിക്കുന്നവന്‍; 2. സംഭാഷണം മറ്റൊരുഭാഷയിലേക്കു തര്‍ജുമചെയ്യുന്നവന്‍, തുപ്പായി
ദ്വിഭുക്ക് നാ. കീരി
ദ്വിഭുജം നാ. രണ്ടു ഭുജങ്ങളുള്ളത്, കോണ്
ദ്വിമാത്ര വി. 1. രണ്ടുമാത്ര അടങ്ങിയ; 2. ഇരട്ടിവലിപ്പം ഉള്ള
ദ്വിമുഖ വി. 1. രണ്ടു മുഖമുള്ള; 2. രണ്ടു വശമുള്ള, രണ്ടു കാര്യങ്ങളെ ലക്ഷ്യമാക്കുന്ന
ദ്വിരദന്‍ നാ. കൊമ്പനാന
ദ്വിരദം നാ. ആന
ദ്വിരദാന്തകം നാ. സിംഹം
ദ്വിരദാരാതി നാ. 1. സിംഹം; 2. എട്ടടിമാന്‍
ദ്വിരദാശനന്‍ നാ. 1. സിംഹം; 2. അരയാല്‍
ദ്വിരം, ദ്വിരേഫം നാ. 'പേരില്‍ രണ്ടു രേഫങ്ങളുള്ളത്', ഭ്രമരം, വണ്ട്
ദ്വിരസനം വി. രണ്ടു നാകുകളുള്ളത്
ദ്വിരാത്രം നാ. രണ്ടുരാത്രി
ദ്വിരാത്രീണ വി. രണ്ടു രാത്രികൊണ്ടു നിര്‍വഹിക്കേണ്ട
ദ്വിരാപന്‍ നാ. ആന
ദ്വിരാപം നാ. ആന
ദ്വിരുക്ത വി. 1. രണ്ടുപ്രാവശ്യം പറഞ്ഞ, ആവര്‍ത്തിച്ച; 2. രണ്ടുവിധത്തില്‍ പറഞ്ഞ
ദ്വിരുക്തി നാ. 1. ആവര്‍ത്തിച്ചു പറയല്‍; 2. ഒരു പദമോ പദങ്ങളോ അര്‍ഥഭേദംകൂടാതെ ആവര്‍ത്തിച്ചുപ്രയോഗിക്കല്‍, ദ്വിരുക്തി, പുനരുക്തി
ദ്വിരൂഢ നാ. രണ്ടുപ്രാവശ്യം വിവാഹം കഴിച്ചവള്‍
ദ്വിരൂപ വി. രണ്ടു രൂപമുള്ള; 2. രണ്ടുനിറമുള്ള; 3. രണ്ടുവിധമുള്ള
ദ്വിരേഫം നാ. ദ്വിരം
ദ്വിലക്ഷണ വി. രണ്ടുതരമായ, രണ്ടുവിധത്തിലുള്ള
ദ്വിലിങ്ഗി നാ. ബ്രാഹ്മണന്‍
ദ്വിവചനം നാ. (വ്യാക)(സംസ്കൃതത്തിലെ) മൂന്നു വചനങ്ങളില്‍ രണ്ടാമത്തേത്
ദ്വിവര്‍ണ വി. രണ്ടു നിറമുള്ള
ദ്വിവര്‍ണം നാ. ഇരട്ടിച്ചവര്‍ണം
ദ്വിവര്‍ഷ വി. രണ്ടുവര്‍ഷം പ്രായമായ
ദ്വിവര്‍ഷീണ വി. = ദ്വിവര്‍ഷ
ദ്വിവിധ വി. രണ്ടുവിധത്തിലുള്ള
ദ്വിശത വി. 1. ഇരുനൂറാമത്തെ; 2. ഇരുനൂറുള്ള; 3. ഇരുനൂറടങ്ങിയ
ദ്വിശതം നാ. 1. ഇരുനൂറ്; 2. നൂറ്റിരണ്ട്
ദ്വിശീര്‍ഷകന്‍ നാ. അഗ്നി
ദ്വിഷ വി. 1. ശത്രുതയുള്ള; 2. വെറുപ്പുള്ള

ദ്വിഷത നാ. 1. ശത്രുത; 2. വെറുപ്പ്; 3. വൈരാഗ്യം
ദ്വിഷത്ത് വി. 1. വെറുക്കുന്ന; 2. ശത്രുതയുള്ള; 3. വൈരാഗ്യമുള്ള. നാ. ശത്രു
ദ്വിഷൻ നാ. 1. ശത്രു; 2. എതിരാളി
ദ്വിഷഷ്ടി നാ. അറുപത്തിരണ്ട്
ദ്വിഷ്ട വി. 1. വെറുക്കപ്പെട്ട; 2. വിരോധിയായ
ദ്വിഷ്ടത,-ത്വം നാ. ദ്വേഷം
ദ്വിഷ്ടം നാ. ചെമ്പ്
ദ്വിഷ്ഠ വി. 1. രണ്ടിടത്തു തങ്ങുന്ന; 2. രണ്ടർഥമുള്ള
ദ്വിസപ്തതി നാ. എഴുപത്തിരണ്ട്
ദ്വിസ്വഭാവ വി. രണ്ടുതരം സ്വഭാവമുള്ള
ദ്വിഹാ(വ്) നാ. ആന
ദ്വീപകമ്മ് നാ. തുരുത്ത്, ചെറിയ ദ്വീപ്
ദ്വീപം നാ. 1. ജലാശയത്തിൻെറ നടുവിലുള്ള കര, ജലത്താൽ ചുറ്റപ്പെട്ട സ്ഥലം, തുരുത്ത്; 2. അഭയസ്ഥാനം; 3. പൗരാണിക മതപ്രകാരം ഭൂമിയെ ഏഴായി വിഭജിച്ചിട്ടുള്ളതിൽ ഓരോന്നും; 4. പുലിത്തോൽ
ദ്വീപവതി നാ. 1. നദി; 2. ഭൂമി
ദ്വീപവത് വി. ദ്വീപങ്ങൾ ധാരാളമായിട്ടുള്ള. നാ. 1. സമുദ്രം; 2. നദി
ദ്വീപവാൻ നാ. സമുദ്രം
ദ്വീപശത്രു നാ. ശതാവരി
ദ്വീപി നാ. 1. കടുവ; 2. പുലി; 3. ചെറുവഴുതിന
ദ്വീപിക നാ. ശതാവരി
ദ്വീപിനഖം നാ. 1. ഒരു ഔഷധച്ചെടി, പുലിച്ചുവടി; 2. പുലിനഖം
ദ്വീപിനി നാ. 1. സമുദ്രം; 2. നദി; 3. ചെറുവഴുതിന
ദ്വീപിശത്രു നാ. ശതാവരി
ദ്വീപ് നാ. = ദ്വീപം
ദ്വീപുചക്ക നാ. ശീമച്ചക്ക
ദ്വീപ്യ വി. ദ്വീപിൽ വസിക്കുന്ന. നാ. 1. ശതാവരി; 2. പേരീന്ത
ദ്വീപ്യൻ നാ. 1. ദ്വീപിൽ വസിക്കുന്നവൻ; 2. വ്യാസൻ
ദ്വേധാ അവ്യ. 1. രണ്ടുവിധത്തിൽ; 2. രണ്ടുഭാഗമായിട്ട്
ദ്വേഷണൻ നാ. ശത്രു
ദ്വേഷണം നാ. വെറുക്കൽ
ദ്വേഷം നാ. പക, വെറുപ്പ്, ശത്രുത
ദ്വേഷി വി. ദ്വേഷമുള്ള, വിരോധമുള്ള
ദ്വേഷിക്കുക ക്രി. 1. വെറുക്കുക; 2. പകവച്ചുപുലർത്തുക
ദ്വേഷിണി നാ. വെറുപ്പുള്ളവൾ, ശത്രുതയുള്ളവൾ
ദ്വേഷ്യ വി. 1. വെറുക്കപ്പെടേണ്ടതായ, ശത്രുതയോടെകാണേണ്ടതായ; 2. വെറുക്കപ്പെട്ട
ദ്വേഷ്യൻ നാ. ശത്രു
ദ്വൈഗുണ്യം നാ. 1. ഇരട്ടിക്കൽ; 2. ഇരട്ടി
ദ്വൈതം നാ. 1. രണ്ടെന്ന സ്ഥിതി; 2. ഭിന്നഭാവം

ദ്വൈതവനം നാ. (പുരാണ) മഹാഭാരതകഥയിൽ പാണ്ഡവന്മാർ കുറെക്കാലം വസിച്ചതായി പറയുന്ന വനം
ദ്വൈതവാദം നാ. 1. (തത്ത്വ) പ്രപഞ്ചത്തിൽ രണ്ടു വിഭിന്ന യാഥാർഥ്യങ്ങൾ ഉണ്ടെന്ന വാദം; 2. നന്മതിന്മയെന്നിവയെ പരസ്പരഭിന്നങ്ങളായ രണ്ടു സ്വതന്ത്ര തത്ത്വങ്ങളായി അങ്ഗീകരിക്കുന്ന തത്ത്വചിന്താപദ്ധതി; 3. ഒരു ഭാരതീയദാർശനികപദ്ധതി; 4. (ക്രിസ്തു) യേശുക്രിസ്തുവിൽ രണ്ടു വ്യക്തിത്വങ്ങൾ (ദൈവികവും മാനുഷികവും) അന്തർഭവിച്ചിരിക്കുന്നു എന്ന സിദ്ധാന്തം
ദ്വൈതവാദി നാ. ദ്വൈതവാദം അങ്ഗീകരിക്കുന്നയാൾ, ദ്വൈതവാദം ഉന്നയിക്കുന്നയാൾ
ദ്വൈതസിദ്ധാന്തം നാ. ദ്വൈതവാദം ഉൾക്കൊള്ളുന്ന സിദ്ധാന്തം
ദ്വൈതി നാ. ദ്വൈതവാദി
ദ്വൈധ വി. ദ്വിവിധ, രണ്ടുവിധമായ, രണ്ടുമടങ്ങായ
ദ്വൈധം നാ. 1. രണ്ടു രൂപമോ ഭാവമോ ഉള്ള അവസ്ഥ, ദ്വൈതഭാവം; 2. ഭിന്നഭാവം, രണ്ടായി വേർപിരിയൽ; 3. മത്സരം; 4. കപടഭാവം; 5. ചതി
ദ്വൈധീകരണം നാ. രണ്ടാക്കിത്തീർക്കൽ, വേർതിരിക്കൽ, രണ്ടുതരത്തിലാക്കിത്തീർക്കൽ
ദ്വൈധീകരിക്കുക ക്രി. വേർതിരിക്കുക, രണ്ടാക്കിത്തീർക്കുക
ദ്വൈധീകൃത വി. വേർതിരിക്കപ്പെട്ട, രണ്ടുപ്രകാരത്തിലാക്കപ്പെട്ട
ദ്വൈധീഭവിക്കുക ക്രി. 1. രണ്ടായിത്തിരിയുക; 2. വിഭജിക്കപ്പെടുക
ദ്വൈധീഭാവം നാ. 1. രണ്ടുരൂപമോ ഭാവമോ ഉള്ള അവസ്ഥ, ഇരട്ടപ്രകൃതി; 2. അനിശ്ചിതത്വം; 3. വഞ്ചന
ദ്വൈധ്യം നാ. 1. കാപട്യമുള്ളത്; 2. ഭിന്നത; 3. വ്യത്യസ്തത
ദ്വൈപ വി. ദ്വീപിലുള്ള, ദ്വീപിൽ വസിക്കുന്ന, ദ്വീപിൽ സംഭവിച്ച
ദ്വൈപായനൻ നാ. വ്യാസൻ
ദ്വൈമാതുര വി. രണ്ടമ്മമാരുള്ള
ദ്വൈമാതൃക വി. രണ്ട് അമ്മമാരാൽ ഊട്ടിവളർത്തപ്പെട്ട, മഴയാലും നദികളാലും പരിപോഷിപ്പിക്കപ്പെടുന്ന
ദ്വൈമാത്രേയൻ നാ. രണ്ടമ്മമാരുള്ളവൻ
ദ്വൈമാസിക വി. രണ്ടുമാസത്തിൽ ഒരിക്കലുള്ള
ദ്വൈമാസ്യ വി. രണ്ടുമാസം നീണ്ടുനിൽക്കുന്ന
ദ്വൈരഥൻ നാ. എതിരാളി
ദ്വൈരാജ്യം നാ. രണ്ടുരാജാക്കന്മാർ പങ്കിട്ടഭരണം
ദ്വൈരാത്രിക വി. രണ്ടുരാത്രിയടങ്ങുന്ന കാലയളവിലുള്ള, ആ കാലയളവിനെ സംബന്ധിച്ച
ദ്വൈരൂപ്യം നാ. രണ്ടു രൂപമുള്ള അവസ്ഥ, രണ്ടുരൂപത്തിലോ ഭാവത്തിലോ പ്രത്യക്ഷപ്പെടൽ
ദ്വൈവാർഷിക വി. 1. രണ്ടുവർഷം കൂടുമ്പോൾ സംഭവിക്കുന്ന; 2. രണ്ടുവർഷം പൂർത്തിയാകുമ്പോൾ സംഭവിക്കുന്ന
ദ്വൈവിധ്യം നാ. രണ്ടുപ്രകാരഭേദങ്ങളുള്ള അവസ്ഥ, പ്രകൃതി, സ്വഭാവം
ദ്വൈസമിക വി. രണ്ടുവർഷം പ്രായമുള്ള, പഴക്കമുള്ള
ദ്വൈഹായനം നാ. 1. രണ്ടുവർഷക്കാലം; 2. രണ്ടുവയസ്സ്

ദ്വ്യക്ഷരം നാ. 1. രണ്ടക്ഷരം; 2. രണ്ടക്ഷരമുള്ളത്.
933
ദ്വ്യഷ്ടം [സം.] നാ. ചെമ്പ്
ദ്വ്യഹ്യം [സം.ദ്വി-അഹൻ] നാ. രണ്ടുദിവസം
ദ്വ്യാഹിക [സം.] വി. രണ്ടുദിവസത്തിലൊരിക്കൽ ഉണ്ടാകുന്ന

ധ

ധ1 മലയാള അക്ഷരമാലയിലെ പത്തൊമ്പതാമത്തെ വ്യഞ്ജനം, തവർഗത്തിലെ ഘോഷം, നാദിയും മഹാപ്രാണവുമായ ദന്ത്യവ്യഞ്ജനം, ധകാരം
ധ2 (സങ്ഗീ) സപ്തസ്വരങ്ങളിൽ ഒന്നിനെകുറിക്കുന്ന ശബ്ദം, ധൈവതം
ധക് [സം.] (ശബ്ദാനു) കോപം പ്രകടിപ്പിക്കുന്ന ശബ്ദം
ധഗിതി അവ്യ. ഝടിതി, പെട്ടെന്ന്
ധട നാ. 1. ത്രാസ്സ്; 2. ത്രാസ്സിലെ അളവുസൂചി; 3. തുലാം രാശി
ധടി നാ. 1. പഴന്തുണി; 2. അരയിൽ ധരിക്കുന്ന അടിവസ്ത്രം
ധനകാര്യബിൽ നാ. ഓരോകൊല്ലവും ധനപരമായ ഇടപാടുകൾ സംബന്ധിച്ചു സർക്കാർ നിയമസഭയിൽ അവതരിപ്പിക്കുന്ന ബിൽ
ധനഞ്ജയൻ നാ. 1. അഗ്നി; 2. അർജുനൻ; 3. ദശരൂപകം എന്ന ഗ്രന്ഥത്തിൻെറ കർത്താവ്; 4. ശരീരത്തെ പരിരക്ഷിക്കുന്ന ഉപപ്രാണവായുക്കളിൽ ഒന്ന്
ധനദ വി. 1. ധനം പ്രദാനം ചെയ്യുന്ന; 2. ഔദാര്യമുള്ള, ദാനശീലമുള്ള
ധനദൻ നാ. 1. കുബേരൻ; 2. ദാനശീലൻ
ധനദായി നാ. 1. സമ്പത്തു പ്രദാനം ചെയ്യുന്നവൻ; 2. അഗ്നി
ധനധാനി നാ. ഭണ്ഡാരം, ഖജനാവ്
ധനധാന്യമ്മ് നാ. ധനവും ധാന്യവും, പണം ഉൾപ്പെടെ എല്ലാത്തരത്തിലുമുള്ള സമ്പത്ത്
ധനപതി നാ. 1. ധനവാൻ; 2. കുബേരൻ
ധനപാലൻ നാ. 1. ധനം കാത്തു സൂക്ഷിക്കുന്നവൻ, ഭണ്ഡാരപാലൻ, ഖജാൻജി; 2. രാജാവ്; 3. ഒരു സംസ്കൃതവൈയാകരണൻ
ധനപിശാചി നാ. ധനത്തിൻെറ പേരിലുള്ള അത്യാർത്തി
ധനപ്രിയ വി. ധനത്തിൽ ആഗ്രഹമുള്ള
ധനം നാ. 1. വിലപിടിപ്പുള്ള വസ്തു സ്വത്ത് സ്ഥാവരജങ്ഗമങ്ങൾ പണം നിധി; 2. കൈവശമുള്ള വിലപ്പെട്ട വസ്തുക്കൾ, സുഖസൗകര്യങ്ങൾ അനുഭവിക്കുവാൻ ഉതകുന്ന പദാർഥങ്ങൾ; 3. മുടക്കുമുതൽ, മറ്റുവസ്തുക്കളുടെ ഉത്പാദനത്തിന് ഉപകരിക്കുന്ന പണവും സാമഗ്രികളും
ധനമദം നാ. ധനികനെന്ന അഹങ്കാരം
ധനലാഭം നാ. ധനം നേടൽ
ധനലുബ്ധ വി. ധനത്തിൽ അത്യാഗ്രഹമുള്ള
ധനലുബ്ധൻ നാ. പണക്കൊതിയൻ
ധനലോഭം നാ. സമ്പത്തിലുള്ള ആഗ്രഹം, പണക്കൊതി
ധനലോഭി നാ. ധനലുബ്ധൻ
ധനവതി നാ. ധനം ഉള്ളവൾ, സമ്പന്ന

ധനവിനിയോഗം നാ. ധനം ഉപയോഗിക്കൽ, ലഭ്യമായ ധനം ആവശ്യാനുസൃതമായി ചെലവഴിക്കൽ
ധനവിനിയോഗബിൽ നാ. നിയമസഭയിൽ ധനവിനിയോഗം സംബന്ധിച്ച് സർക്കാർ ഓരോകൊല്ലത്തിലും അവതരിപ്പിക്കുന്ന ഒരു സുപ്രധാനബിൽ
ധനവിപര്യയം നാ. ധനത്തിൻെറ നാശം
ധനവൃദ്ധൻ നാ. വലിയ ധനവാൻ, പണക്കാരൻ
ധനവൃദ്ധി നാ. സമ്പത്തിൻെറ വർധന
ധനവ്യയം നാ. 1. പണം ചെലവഴിക്കൽ, പണച്ചെലവ്, ധനവിനിയോഗം; 2. അമിതമായ പണച്ചെലവ്, ധാരാളിത്തം
ധനശാസ്ത്രം നാ. ധനത്തിൻെറ സ്വഭാവം ഉത്പാദനം വിതരണം വ്യയം, ധനത്തിനു സാമൂഹിക ജീവിതത്തിലുള്ള പ്രാധാന്യം തുടങ്ങിയ കാര്യങ്ങൾ പഠനവിധേയമാക്കുന്ന ശാസ്ത്രം
ധനസഞ്ചയനം നാ. ധനം സംഭരിക്കൽ, ധനസഞ്ചയം
ധനസഞ്ചയം നാ. 1. ധനശേഖരം, ശേഖരിച്ചുവച്ച ധനം; 2. ധനം സംഭരിക്കൽ
ധനസമ്പത്ത് നാ. ധനസമൃദ്ധി
ധനസ്ഥാനം നാ. 1. ഭണ്ഡാരം; 2. (ജ്യോ) രണ്ടാമിടം
ധനഹരൻ നാ. 1. മോഷ്ടാവ്; 2. ധനത്തിൻെറ അനന്തരാവകാശി
ധനഹാരി നാ. ധനം അപഹരിക്കുന്നവൻ
ധനഹൃത്ത് നാ. 1. ധനം അപഹരിക്കുന്നവൻ; 2. പറയൻ കിഴങ്ങ്
ധനാഗമം നാ. ധനലാഭം, ധനം നേടൽ
ധനാഢ്യ വി. വളരെ സമ്പത്തുള്ള
ധനാദാനം നാ. ധനം സ്വീകരിക്കൽ
ധനാധാരം നാ. ഖജനാവ്, ഭണ്ഡാരപ്പുര
ധനാധികാരി നാ. 1. ഖജാൻജി; 2. ധനത്തിൻെറ അവകാശി
ധനാധിപൻ നാ. 1. സമ്പന്നൻ; 2. കുബേരൻ
ധനാധ്യക്ഷൻ നാ. 1. കുബേരൻ; 2. ഖജാൻജി
ധനാപ്തി നാ. ധനം നേടൽ, ആർജിക്കൽ
ധനാർച്ചിത വി. 1. ധനംകൊടുത്തു പ്രീണിപ്പിക്കപ്പെട്ട; 2. സമ്മാനംകൊടുത്തു പൂജിക്കപ്പെട്ട; 3. ധനംകൊണ്ട് അനുഗ്രഹീതനായ
ധനാർജനം നാ. ധനം സമ്പാദിക്കൽ, സമ്പത്തുനേടൽ
ധനാർഥി നാ. ധനം നേടാൻ ആഗ്രഹിക്കുന്നവൻ
ധനാശ നാ. ധനത്തിലുള്ള ആഗ്രഹം
ധനി1 നാ. 1. ധനവാൻ; 2. ഉടമസ്ഥൻ; 3. ഉത്തമർണൻ; 4. കുബേരൻ
ധനി2 നാ. 1. യുവതി; 2. കൊത്തമ്പാലരി
ധനിക നാ. 1. ധനമുള്ളവൾ, സമ്പന്ന; 2. യുവതി; 3. ഭാര്യ; 4. ഗുണവതി; 5. ഞാവൽ
ധനികൻ നാ. 1. സമ്പന്നൻ, ധനവാൻ; 2. ഗുണവാൻ; 3. ഉത്തമർണൻ; 4. ഭർത്താവ്
ധനിഷ്ഠ1 വി. വളരെ സമ്പത്തുള്ള
ധനിഷ്ഠ2 നാ. അവിട്ടം നക്ഷത്രം
ധനിക നാ. യുവതി

ധനു നാ. 1. വില്ല്; 2. ധനുമാസം; 3. ധനുരാശി; 4. വരണ്ട മണൽത്തിട്ട, മണൽനിറഞ്ഞ തീരം; 5. നാലുഹസ്തം ചേർന്ന അളവ്; 6. ധാന്യപ്പുര
ധനുക്കൂറ് നാ. ധനുരാശിയിൽ ചന്ദ്രൻ നിൽക്കുന്ന കാലം
ധനുഞായർ നാ. ധനുമാസം
ധനുദ്രുമം നാ. മുള
ധനുർഗുണം നാ. വില്ലിൻെറ ഞാൺ
ധനുർഗ്രഹൻ നാ. വില്ലാളി, വില്ലുകൈയിലേന്തുന്നവൻ
ധനുർഗ്രാഹി നാ. ധനുർഗ്രാഹൻ
ധനുർജ്യാ നാ. വില്ലിൻെറ ഞാൺ
ധനുർധരൻ നാ. ധനുർഗ്രാഹൻ, വില്ലാളി
ധനുർയാഗം നാ. ആയുധപൂജ
ധനുർലത നാ. സോമവള്ളി
ധനുർവിദ്യ നാ. വില്ലിനെ സംബന്ധിച്ച വിജ്ഞാനം, വില്ലുപ്രയോഗിക്കുന്നതിനുള്ള അഭ്യാസം, ആയുധവിദ്യ, ധനുർവേദം
ധനുർവേദം നാ. ധനുർ വിദ്യ
ധനുർവേദി നാ. 1. ധനുർവിദ്യയിൽ പാടവമുള്ളവൻ; 2. ശിവൻ
ധനുരാകാര വി. വില്ലിൻെറ ആകൃതിയുള്ള, വളഞ്ഞ, വക്രമായ
ധനുരാശി നാ. (ജ്യോ) മേടം മുതൽ കണക്കാക്കിയാൽ ഒമ്പതാമത്തെ രാശി (സംസ്കൃതത്തിൽ ധനുരാശി എന്നതു ശരി)
ധനുഷ്കരൻ നാ. 1. വില്ലുകൈയിൽധരിച്ചിട്ടുള്ളവൻ; 2. വില്ല് ഉണ്ടാക്കുന്നവൻ
ധനുഷ്കോടി നാ. 1. വില്ലിൻെറ വളഞ്ഞ അറ്റം; 2. ഇന്ത്യയുടെ തെക്കേ അറ്റത്തുള്ള ഒരു മുനമ്പ്
ധനുഷ്മാൻ നാ. വില്ലു ധരിച്ചിട്ടുള്ളവൻ, വില്ലാളി
ധനുസ്സ് നാ. വില്ല്
ധനേച്ഛ നാ. ധനത്തിലുള്ള ആഗ്രഹം
ധനേശൻ നാ. 1. ധനവാൻ; 2. കുബേരൻ
ധനൈഷി നാ. 1. ധനം ആഗ്രഹിക്കുന്നവൻ; 2. കടംകൊടുത്ത പണം തിരികെ ആവശ്യപ്പെടുന്നവൻ
ധന്യ വി. ധനം കൈവരുത്തുന്ന, പ്രദാനംചെയ്യുന്ന; 2. ഐശ്വര്യമുള്ള, സമ്പത്തുള്ള; 3. ഭാഗ്യമുള്ള, സന്തോഷമുള്ള, മങ്ഗളം കൈവരുത്തുന്ന; 4. ഉത്തമഗുണമുള്ള, ആരോഗ്യമുള്ള, എല്ലാംതികഞ്ഞ; 5. അവിശ്വാസിയായ, നാസ്തികനായ
ധന്യത നാ. ഭാഗ്യം, ഐശ്വര്യം
ധന്യം നാ. 1. നിധി, സമ്പത്ത്; 2. കൊത്തമ്പാലരി; 3. പെരുമരുത്; 4. ഒരു ദിവ്യാസ്ത്രമന്ത്രം
ധന്യമ്മന്യൻ നാ. സ്വയം ഭാഗ്യവാനെന്നു കരുതുന്നവൻ
ധന്യവാദം നാ. 1. പ്രശംസ; 2. അനുമോദനം; 3. നന്ദിപറയൽ; 4. മങ്ഗളം ആശംസിക്കൽ
ധന്യശീല വി. 1. നല്ലശീലമുള്ള; 2. സുകൃതമുള്ള
ധന്വന്തരം നാ. ഒരു ധനു അഥവാ നാലുഹസ്തം വരുന്ന അകലം
ധന്വന്തരി നാ. 1. ദേവവൈദ്യൻ (ദേവാസുരന്മാർ പാലാഴികടഞ്ഞപ്പോൾ അതിൽനിന്നു ധന്വന്തരി അമൃതകുംഭവുമായി പ്രത്യക്ഷപ്പെട്ടു എന്നു പുരാണം.

ആയുർവേദത്തിൻെറ ഉപജ്ഞാതാവായി കരുതപ്പെടുന്നു); 2. വിക്രമാദിത്യൻെറ രാജസദസ്സിലെ നവരത്നങ്ങളിൽ ഒരാൾ, വൈദ്യശാസ്ത്രഗ്രന്ഥങ്ങളുടെ കർത്താവ്

ധന്വന്തരീയ വി. 1. ധന്വന്തരിയെ സംബന്ധിച്ച; 2. ധന്വന്തരിയുടെ ശാസ്ത്രത്തെ പിൻതുടരുന്ന

ധന്വാവ് നാ. വില്ലു ധരിച്ചിട്ടുള്ളവൻ

ധന്വം നാ. 1. വരണ്ടനിലം, തീരദേശം, മരുഭൂമി, തരിശുഭൂമി; 2. വില്ല്, മഴവില്ല്; 3. ധനുരാശി

ധന്വി വി. വില്ലു ധരിച്ചിട്ടുള്ള. നാ. 1. വിഷ്ണു; 2. ധനുരാശി; 3. ശിവൻ; 4. അർജുനൻ; 5. ഇലഞ്ഞി; 6. നീർമരുത്; 7. ചെങ്കൊടിത്തൂവ

ധന്വീനം നാ. പന്നി

ധമ്മകൻ നാ. കൊല്ലൻ

ധമൻ നാ. 1. ചന്ദ്രൻ; 2. ബ്രഹ്മാവ്; 3. യമൻ; 4. കൃഷ്ണൻ

ധമന വി. 1. തുരുത്തി ഊതുന്ന, ഊതിവീർപ്പിക്കുന്ന; 2. ഊതിയകറ്റുന്ന, ആട്ടിപ്പായിക്കുന്ന; 3. ക്രൂരതയുള്ള

ധമനം നാ. 1. ഊതൽ, ഊത്ത്; 2. വേഴ(ൽ)പ്പുൽത്തണ്ട്, കുഴൽ

ധമനി1 നാ. 1. കുഴൽ, നാളി; 2. ശരീരത്തിലെ ചെറുതോ വലുതോ ആയ രക്തക്കുഴൽ

ധമനി2 നാ. 1. ഒരിനം സുഗന്ധദ്രവ്യം; 2. മഞ്ഞൾ

ധമനില വി. 1. ധമനികൾ നിറഞ്ഞ; 2. എഴുന്നു നിൽക്കുന്ന ധമനികളോടുകൂടിയ

ധമം നാ. 1. ഊതൽ; 2. അലിയൽ

ധമി നാ. ഊത്ത്, ഊതിപ്പെരുക്കൽ

ധമിത വി. 1. ഊതിപ്പെരുക്കിയ; 2. ഊതിജ്വലിപ്പിച്ച

ധമിത്രം നാ. ഊതിക്കത്തിക്കാനുള്ള ഉപകരണം

ധമ്മലം നാ. ആഭരണങ്ങളാൽ അലങ്കൃതമായ മാറ്

ധമ്മില്ലം നാ. ചീകിയൊതുക്കി അലങ്കരിച്ച് ചുറ്റിക്കെട്ടിവച്ച തലമുടി

ധയ വി. വലിച്ചുകുടിക്കുന്ന, കുടിക്കുന്ന. (പ്ര) സ്തനംധയ = മുലകുടിക്കുന്ന

ധർണ [<ഹി] നാ. ഒരു ആധുനികപ്രക്ഷോഭണരീതി, ബന്ധപ്പെട്ട പ്രവർത്തനസ്ഥലത്തോ മറ്റേതെങ്കിലും പൊതുസ്ഥലത്തോ കുത്തിയിരുന്നു പ്രതിഷേധം പ്രകടിപ്പിക്കൽ

ധർണസ വി. 1. വഹിക്കുന്ന, താങ്ങുന്ന; 2. ബലമുള്ള, കരുത്തുള്ള

ധർണസം നാ. താങ്ങ്

ധർണി നാ. 1. ധരിക്കുന്നവൻ, വാഹകൻ; 2. സൂക്ഷിപ്പുകാരൻ

ധർത്താ നാ. ധരിക്കുന്നവൻ, താങ്ങുന്നവൻ, വാഹകൻ (സ്ത്രീ) ധർത്രി

ധർത്രം നാ. 1. താങ്ങ്; 2. ആലംബം, വാഹകം; 3. ഗൃഹം; 4. യാഗം; 5. നന്മ; 6. ശ്രേയസ്സ്

ധർമകർമം നാ. ധർമം ചെയ്യൽ, കർത്തവ്യനിർവഹണം, മതപരമായ ക്രിയ

ധർമകാമ വി. നീതി ആഗ്രഹിക്കുന്ന, നീതിചെയ്യാൻ ഇഷ്ടപ്പെടുന്ന, ധർമം പാലിക്കുന്ന

ധർമകായൻ നാ. 1. ബുദ്ധൻ; 2. ഒരു ജൈനസന്ന്യാസി; 3. അവലോകിതേശ്വരൻ

ധർമകാര്യം നാ. 1. കർത്തവ്യനിർവഹണം; 2. മതപരമായ കർമം; 3. ഉത്തമകർമം; 4. സദ്വൃത്തി, സദാചാരം
ധർമകീലം നാ. 1. ഒരു ധർമാസനത്തിനു കീഴിലുള്ള രാജ്യം; 2. ന്യായവിചാരസ്ഥാനത്തിനു കീഴിലുള്ള പ്രദേശം; 3. രാജകീയ ശാസനം; 4. രാജകീയ ദാനം
ധർമകൃത്ത് വി. 1. സ്വധർമം അനുഷ്ഠിക്കുന്ന; 2. സദാചാരനിഷ്ഠയുള്ള.
935
ധർമകോശം നാ. നിയമങ്ങളുടെയും കർത്തവ്യങ്ങളുടെയും സംഹിത
ധർമക്രിയ നാ. ധർമകർമം
ധർമക്ഷേത്രം നാ. 1. ധർമത്തിൻെറ വേദി, ധർമം അനുഷ്ഠിക്കാനുള്ള രങ്ഗം; 2. ഭാരതം
ധരഗുപ്ത നാ. സ്വന്തം ധർമത്തെ പാലിക്കുന്ന
ധർമഗ്രന്ഥം നാ. സ്മൃതി, മതഗ്രന്ഥം
ധർമഘ്ന വി. ധർമത്തെ ഹനിക്കുന്ന, ധർമത്തിന് എതിരായ
ധർമചക്രം നാ. 1. ധർമമാകുന്ന ചക്രം, നിയമചക്രം, നിയമത്തിൻെറ വ്യാപ്തി; 2. ചക്രായുധം
ധർമചരൻ നാ. ധർമനിഷ്ഠ ഉള്ളവൻ, നിയമം പാലിക്കുന്നവൻ
ധർമചര്യ നാ. ധർമം ആചരിക്കൽ, കർത്തവ്യം അനുഷ്ഠിക്കൽ
ധർമചാരി നാ. ധർമം ആചരിക്കുന്നവൻ, സ്വകർത്തവ്യം നിർവഹിക്കുന്നവൻ, സദാചാരനിരതൻ
ധർമചാരിണി നാ. 1. ധർമം ആചരിക്കുന്നവൾ; 2. പതിവ്രത
ധർമചിന്ത നാ. ധർമത്തെക്കുറിച്ചുള്ള പരിഗ്ഗണന, കർത്തവ്യത്തെക്കുറിച്ചുള്ള വിചാരം, ധാർമികമായ ചിന്ത
ധർമച്ഛലം നാ. കപടമായ സദാചാരം, കർത്തവ്യവിലോപം
ധർമജൻ നാ. യുധിഷ്ഠിരൻ, ധർമപുത്രൻ
ധർമജീവിനം നാ. കർത്തവ്യങ്ങൾ നിറവേറ്റിക്കൊണ്ടുള്ള ജീവിതം
ധർമജ്ഞ വി. ധർമത്തെ അറിയുന്ന, കർത്തവ്യത്തെപ്പറ്റി അറിവുള്ള
ധർമജ്ഞാനം നാ. ധർമത്തെക്കുറിച്ചോ കർത്തവ്യത്തെക്കുറിച്ചോ ഉള്ള അറിവ്
ധർമണം നാ. 1. നെല്ലി, 2. പാമ്പ്
ധർമത നാ. 1. സാരം; 2. അന്തർലീനസ്വഭാവം
ധർമതത്ത്വം നാ. ധർമത്തിൻെറ അന്തസ്സത്ത
ധർമതാതൻ നാ. പിതാവിനൊപ്പം മാനിക്കപ്പെടേണ്ട
ധർമത്യാഗം നാ. ധർമം ഉപേക്ഷിക്കൽ, ധർമത്തെ കൈവെടിയൽ, സ്വധർമം അനുഷ്ഠിക്കാതിരിക്കൽ, മതത്തെ തിരസ്കരിക്കൽ
ധർമത്വം നാ. 1. അന്തർലീനമായ സ്വഭാവം, സവിശേഷലക്ഷണം ധർമത; 2. സദാചാരം, മതതത്ത്വങ്ങളോടുള്ള ആദരം
ധർമദർശനം നാ. ധർമത്തെക്കുറിച്ചുള്ള അറിവ്
ധർമദർശി നാ. ധർമത്തെ ദർശിക്കുന്നവൻ, മുന്നിൽക്കാണുന്നവൻ, എന്താണ് ധാർമികമായിട്ടുള്ളതെന്ന് അറിയുന്നവൻ
ധർമദാനം നാ. ധർമം അഥവാ കർത്തവ്യം എന്നനിലയിലുള്ള ദാനം, ഫലേച്ഛകൂടാതെയുള്ള ദാനം

ധർമദാരങ്ങൾ നാ. ധർമപത്നി
ധർമദൃഷ്ടി വി. ധർമത്തിൽ നോട്ടം അർപ്പിക്കുന്ന, ധാർമികമായിട്ടുള്ളതിനെ
കാണുന്ന
ധർമദേവത നാ. 1. പരമ്പരയാ സേവിക്കപ്പെട്ടുവരുന്ന അതിമാനുഷശക്തി; 2.
യമൻ
ധർമദേശകൻ നാ. ധർമം ഉപദേശിക്കുന്നയാൾ, ഗുരു
ധർമദ്രോഹി നാ. ധർമത്തെ ലങ്ഘിക്കുന്നവൻ, ധർമവിരുദ്ധമായി
പ്രവർത്തിക്കുന്നവൻ
ധർമദ്വേഷി നാ. 1. സ്വധർമത്തെ നിന്ദിക്കുന്നവൻ; 2. താന്നിമരം
ധർമധ്വജൻ നാ. 1. സൂര്യൻ; 2. ധർമിഷ്ഠനെന്നു നടിക്കുന്നവൻ, കപടമായ
ധർമിഷ്ഠത പ്രകടിപ്പിക്കുന്നവൻ
ധർമൻ നാ. 1. യമൻ; 2. ഇന്ദ്രൻ; 3. വിഷ്ണു; 4. ഒരു പ്രജാപതി,
ദക്ഷൻെറ ജാമാതാവ്; 5. ആത്മാവ്; 6. സോമപൻ; 7. പന്ത്രണ്ടാമത്തെ മനു,
ധർമസാവർണി; 8. ധർമപുത്രൻ; 9. ഒരു ജൈനതീർഥങ്കരൻ, ധർമനാഥൻ
ധർമനന്ദനൻ നാ. ധർമപുത്രൻ
ധർമനാഭൻ നാ. വിഷ്ണു
ധർമനിന്ദ നാ. പാഷണ്ഡത, ദൈവനിന്ദ
ധർമനിഷ്ഠ1 വി. 1. ധർമത്തിൽ അടിയുറച്ച; 2. ധർമത്തോടു ദൃഢമായ കൂറുള്ള
ധർമനിഷ്ഠ2 നാ. ധർമത്തിലുള്ള നിഷ്ഠ
ധർമപത്നി നാ. യഥാവിധി വിവാഹംചെയ്ത പത്നി, സഹധർമിണി
ധർമപഥം നാ. ധർമത്തിൻെറ മാർഗം, കർത്തവ്യത്തിൻെറ മാർഗം,
ധാർമികമായ ജീവിതമാർഗം, സദാചാരനിരതമായ ജീവിതരീതി
ധർമപര വി. സദാചാരനിഷ്ഠയുള്ള
ധർമപരായണ വി. സദാചാരനിഷ്ഠയുള്ള
ധർമപരീക്ഷ നാ. ധർമത്തെകുറിച്ചുള്ള അന്വേഷണം, ധാർമികതയെ
സംബന്ധിച്ചുള്ള പരീക്ഷണം
ധർമപാലൻ നാ. 1. ആചാരമര്യാദകളെ പരിപാലിക്കുന്നവൻ; 2. നിയമപാലകൻ
ധർമപാലനം നാ. ആചാരമര്യാദകളെ രക്ഷിക്കൽ
ധർമപുത്രൻ നാ. ധർമരാജാവായ യമൻെറ പുത്രൻ, യുധിഷ്ഠിരൻ
ധർമഭഗിനി നാ. മതവിശ്വാസത്തിലെ സഹോദരി, ആത്മീയസഹോദരി
ധർമഭാണകൻ നാ. ഭാഗവതം തുടങ്ങിയ ധർമഗ്രന്ഥങ്ങൾ വായിക്കുകയോ അവ
വ്യാഖ്യാനിച്ചു കേൾപ്പിക്കുകയോ ചെയ്യുന്നവൻ
ധർമഭീരു വി. ധർമം അനുഷ്ഠിക്കാൻ ഭയപ്പെടുന്ന, കർത്തവ്യത്തെപ്പറ്റി
ബോധമുണ്ടെങ്കിലും അധൈര്യം മൂലം വീഴ്ചവരുത്തുന്ന
ധർമഭ്രാതാവ് നാ. മതവിശ്വാസത്തിലെ സഹോദരൻ, ആത്മീയസഹോദരൻ
ധർമമാർഗം നാ. സദാചാരത്തിൻെറ മാർഗം, കർത്തവ്യത്തിൻെറ പാത
ധർമമൂലം നാ. ധർമത്തിൻെറ അടിസ്ഥാനം, ധാർമികതത്ത്വങ്ങളുടെസ്രോതസ്സ്,
വേദങ്ങൾ
ധർമയുഗം നാ. കൃതയുഗം
ധർമയുദ്ധം നാ. യുദ്ധനിയമങ്ങളും നീതിയും പാലിച്ചുകൊണ്ട്
സത്യസന്ധതയോടെ നടത്തുന്ന യുദ്ധം

ധർമയൂപം നാ. വിഷ്ണു
ധർമയോനി നാ. ധർമത്തിൻെറ ഉറവിടം, വിഷ്ണു
ധർമരതൻ നാ. ധർമത്തിൽ ആനന്ദം കാണുന്നവൻ, ധർമനിഷ്ഠയുള്ളവൻ
ധർമരഹസ്യം നാ. ധർമശാസ്ത്രങ്ങളുടെ സാരാർഥം
ധർമരാജൻ നാ. 1. യമൻ; 2. യുധിഷ്ഠിരൻ; 3. ബുദ്ധൻ; 4. ധർമിഷ്ഠനായ രാജാവ്
ധർമരോധി നാ. ധർമത്തെ എതിർക്കുന്നവൻ
ധർമലുപ്ത നാ. ഉപമാഭേദങ്ങളിൽ ഒന്ന്
ധർമലോപം നാ. ധർമം പാലിക്കുന്നതിലുള്ള ഉപേക്ഷ, കർത്തവ്യം അനുഷ്ഠിക്കുന്നതിൽ വീഴ്ചവരുത്തൽ, ധർമലങ്ഘനം
ധർമവത്ത് വി. ധർമം പാലിക്കുന്ന, സദാചാരനിഷ്ഠയുള്ള, നീതിനിഷ്ഠയുള്ള
ധർമവർത്തി വി. ധർമമാർഗത്തിൽ വർത്തിക്കുന്ന, ധാർമികമായി പ്രവർത്തിക്കുന്ന
ധർമവാചകലുപ്ത നാ. ലുപ്തോപമകളിൽ ഒരു വിഭാഗം
ധർമവാണിജികൻ നാ. പ്രതിഫലേച്ഛയോടുകൂടി ധർമം ചെയ്യുന്നവൻ
ധർമവാൻ നാ. ധർമം അനുഷ്ഠിക്കുന്നവൻ, കർത്തവ്യം നിർവഹിക്കുന്നവൻ, സദാചാരനിരതൻ, നീതിമാൻ
ധർമവാസരം നാ. പൗർണമിദിനം
ധർമവാഹനം നാ. യമധർമൻെറ വാഹനമായ പോത്ത്
ധർമവിത്ത് നാ. ധർമത്തെ അറിയുന്നവൻ
ധർമവിധി നാ. ധാർമികനിയമം, ധർമം നിർദേശിക്കുന്ന മാർഗം; 2. മതാനുശാസനം; 3. നിയമം അനുശാസിക്കുന്നത്
ധർമവിരുദ്ധ വി. ന്യായമല്ലാത്ത
ധർമവീരം നാ. വീരരസത്തിൻെറ പിരിവുകളിൽ ഒന്ന് (എന്തെല്ലാം പ്രതിസന്ധികളുണ്ടായാലും ധർമത്തിൽനിന്നു പിരിയാതെ നിൽക്കുന്ന ധീരത)
ധർമവൃക്ഷം നാ. അരയാൽ
ധർമവൃദ്ധൻ നാ. ധർമത്തിൻെറ കാര്യത്തിൽ പക്വതപ്രാപിച്ചവൻ, അത്യന്തം ധർമനിഷ്ഠയുള്ളവൻ
ധർമവ്യതിക്രമം നാ. ധർമത്തിൻെറ ലങ്ഘനം
ധർമവ്യാധൻ നാ. 1. ധാർമികനായ വേടൻ; 2. ഒരു മഹാഭാരതകഥാപാത്രം, ശാപംമൂലം വേടനായിത്തീർന്ന ഒരു ബ്രാഹ്മണൻ
ധർമശാല നാ. 1. നീതിന്യായക്കോടതി; 2. വഴിയമ്പലം, സത്രം; 3. ആതുരാലയം
ധർമശാസനം നാ. 1. ധർമത്തിൻെറ അനുശാസനം, ധാർമിക നിയമസംഹിത; 2. മതാനുശാസനം, സ്മൃതി; 3. നിയമസംഹിത
ധർമശാസ്ത്രം നാ. ധർമസംഹിത, സദാചാരതത്ത്വസംഹിത, സദാചാരതത്ത്വങ്ങൾ പ്രതിപാദിക്കുന്ന ശാസ്ത്രം, ഗ്രന്ഥം
ധർമശീല വി. ധർമത്തിൻെറ മുറകൾ പരിചയിച്ചിട്ടുള്ള, ധാർമികശീലമുള്ള
ധർമശ്രവണം നാ. ധർമോപദേശം കേൾക്കൽ

ധർമസങ്കടം നാ. കർത്തവ്യം എന്തെന്ന് നിശ്ചയം ഇല്ലാത്ത അവസ്ഥ, ധാർമികമായ വിഷമപ്രശ്നം, പരസ്പരവിരുദ്ധമായ രണ്ടു കടമകൾ ഒരേസമയം നിർവഹിക്കേണ്ടിവരുമ്പോൾ അവയിൽ ഒന്നു തിരഞ്ഞെടുക്കാനുള്ള പ്രയാസം
ധർമസഭ നാ. നീതിന്യായക്കോടതി, സദാചാരത്തെ സംബന്ധിച്ചതീരുമാനങ്ങൾ കൈക്കൊള്ളുന്ന സഭ
ധർമസംഹിത നാ. ധാർമികതത്ത്വങ്ങളുടെ സമാഹാരം, സദാചാരനിയമങ്ങളുടെ സഞ്ചയം
ധർമസാധന നാ. ധർമം നിറവേറ്റൽ, കർത്തവ്യനിർവഹണം
ധർമസാവർണി നാ. പതിനൊന്നാമത്തെ മനു
ധർമസൂത്രം നാ. ധാർമികതത്ത്വങ്ങൾ അഥവാ സദാചാരനിയമങ്ങൾ സംക്ഷിപ്തമായി പ്രതിപാദിക്കുന്ന വക്യം, അപ്രകാരമുള്ള സൂത്രങ്ങൾ അടങ്ങിയ ഗ്രന്ഥം
ധർമസ്ഥൻ നാ. ധർമപാലകൻ, നീതിപാലകൻ, ന്യായാധിപതി
ധർമഹാനി നാ. 1. ധർമനാശം; 2. ധർമലങ്ഘനം, സദാചാരഭ്രംശം
ധർമാഗമം നാ. 1. ധർമത്തിൻെറ സ്രോതസ്സ്, പാരമ്പര്യം; 2. സ്മൃതി
ധർമാങ്ഗം നാ. കൊക്ക്
ധർമാതിക്രമം നാ. ധർമത്തിൻെറ ലങ്ഘനം, സദാചാരഭ്രംശം
ധർമാത്മജൻ നാ. ധർമപുത്രൻ
ധർമാത്മാവ് നാ. ധർമനിരതമായ മനസ്സോടുകൂടിയവൻ, ധർമിഷ്ഠൻ, നീതിനിഷ്ഠയുള്ളവൻ, സദാചാരനിരതൻ, കർത്തവ്യനിരതൻ
ധർമാധർമം നാ. 1. ധർമവും അധർമവും; 2. നീതിന്യായം
ധർമാധികരണൻ നാ. ന്യായാധിപൻ
ധർമാധികരണം നാ. 1. നീതിന്യായപാലനം; 2. നീതിന്യായക്കോടതി
ധർമാധികരണികൻ നാ. ന്യായാധിപൻ
ധർമാധ്യക്ഷൻ നാ. 1. ന്യായപാലകൻ; 2. വിഷ്ണു
ധർമാധ്വാവ് നാ. ധർമത്തിൻെറ മാർഗം, സദാചാരത്തിൻെറ പാത, നീതിയുടെ വഴി
ധർമാനുഷ്ഠാനം നാ. ധാർമികതത്ത്വങ്ങളുടെ പാലനം, കർത്തവ്യനിർവഹണം
ധർമാപേത നാ. ധർമത്തിൽനിന്നുള്ള വ്യതിയാനം, ദുരാചാരം
ധർമാർഥം നാ. ധർമവും അർഥവും, ധാർമികതയും സമ്പത്തും. (അവ്യ) 1. ധർമത്തിനുവേണ്ടി; 2. നിയമത്തിനോ കർത്തവ്യത്തിനോ അനുസൃതമായി
ധർമാർഥകാമമോക്ഷം നാ. ധർമം അർഥം കാമം മോക്ഷം എന്നിവ (നാലു പുരുഷാർഥങ്ങൾ)
ധർമാരണ്യം നാ. തപോവനം
ധർമാസനം നാ. നീതിപീഠം
ധർമി വി. 1. ധർമമുള്ള, സവിശേഷഗുണമുള്ള; 2. ധർമത്തെ അറിയുന്ന, ധർമബോധമുള്ള, ധർമം അനുഷ്ഠിക്കുന്ന, സദാചാരനിയമങ്ങൾ അനുസരിക്കുന്ന, കർത്തവ്യങ്ങൾ നിർവഹിക്കുന്ന. നാ. 1. ധർമമുള്ളത്, സവിശേഷസ്വഭാവം ഉള്ളത്; 2. ധർമം അനുഷ്ഠിക്കുന്നവൻ, ധാർമികൻ; 3. നടൻ; 4. വിഷ്ണു. (സ്ത്രീ) ധർമിണി
ധർമിഷ്ഠ1 വി. പരമമായ ധാർമികതയുള്ള; 2. അത്യന്തം സദാചാരനിഷ്ഠയുള്ള; 3. നിയമങ്ങളെ പൂർണമായി അനുസരിക്കുന്ന, തികച്ചും നിയമാനുസൃതമായ

ധർമിഷ്ഠ2 നാ. 1. തികഞ്ഞ സദാചാരനിഷ്ഠയുള്ളവൾ, പതിവ്രത; 2. തികച്ചും ധാർമികമായ ജീവിതം നയിക്കുന്നവൾ; 3. (പുരാണ) യയാതിയുടെ സഹധർമിണി
ധർമിഷ്ഠൻ നാ. ധാർമികൻ, സദാചാരനിരതൻ
ധർമീപുത്രൻ നാ. നടൻ
ധർമീയസ്സ് വി. 1. കൂടുതൽ ധാർമികതയുള്ള, കൂടുതൽ സദാചാരതത്പരതയുള്ള; 2. അതിയായ മതവിശ്വാസമുള്ള.
937
ധർമേന്ദ്രൻ നാ. ധർമപുത്രൻ
ധർമേശൻ നാ. യമധർമൻ
ധർമോത്പ്രേക്ഷ നാ. ഉത്പ്രേക്ഷാലങ്കാരത്തിൻെറ ഉൾപ്പിരിവുകളിൽ ഒന്ന് (ഉത്പ്രേക്ഷാവിഷയം ധർമം തന്നെയായാൽ ധർമോത്പ്രേക്ഷ)
ധർമോപമ നാ. ഉപമാഅങ്കാരത്തിൻെറ ഒരു വകഭേദം (രണ്ടെണ്ണത്തിനു സാമാന്യമായുള്ള ധർമത്തെ ആസ്പദമാക്കിക്കൊണ്ട് അവയിൽ ഒന്നിനെ മറ്റൊന്നിനോടുപമിക്കുന്നത്)
ധർമോപദേശം നാ. 1. സദാചാരതത്ത്വങ്ങൾ ഉപദേശിക്കൽ, അത്തരം ഉപദേശം അടങ്ങിയ വാചകങ്ങൾ
ധർമോപേത വി. ധർമമുള്ള, ഗുണവത്തായ, സദ്ഗുണസമ്പന്നമായ
ധർമ്യ വി. 1. സദാചാരനിഷ്ഠയുള്ള, നീതിപാലിക്കുന്ന, ധാർമികതയുള്ള; 2. നിയമാനുസൃതമായ, നിയമസാധുതയുള്ള; 3. കീഴവഴക്കമനുസരിച്ചുള്ള; 4. ഗുണങ്ങളുള്ള, സവിശേഷതയുള്ള; 5. ഉചിതമായ, യോജിച്ച
ധർമ്യുത്പ്രേക്ഷ നാ. ഉത്പ്രേക്ഷാലങ്കാരത്തിൻെറ ഉൾപ്പിരിവുകളിൽ ഒന്ന് (ഉത്പ്രേക്ഷാവിഷയം ധർമത്തിനുപകരം ധർമി ആയിരുന്നാൽ ധർമ്യുത്പ്രേക്ഷ)
ധർഷക വി. 1. കയ്യേറുന്ന, കടന്നാക്രമിക്കുന്ന; 2. ഡംഭുകാട്ടുന്ന; 3. വശീകരിക്കുന്ന; 4. ചാരിത്രം നശിപ്പിക്കുന്ന
ധർഷകൻ നാ. 1. വശീകരിക്കുന്നവൻ, ചാരിത്രം നശിപ്പിക്കുന്നവൻ; 2. അവിഹിതമായ ലൈങ്ഗികവേഴ്ചയിൽ ഏർപ്പെടുന്നവൻ, വിടൻ; 3. നർത്തകൻ; 4. നടൻ
ധർഷണം നാ. 1. ഉപദ്രവിക്കൽ; 2. കൈയേറ്റം, കടന്നാക്രമണം; 3. ദ്രോഹം, കടുംകൈ; 4. ചാരിത്രധ്വംസനം; 5. ലൈങ്ഗികവേഴ്ച
ധർഷണി നാ. സ്വൈരിണി, ദുർനടത്തക്കാരി
ധർഷണീയ വി. 1. ആക്രമിക്കപ്പെടാവുന്ന, കൈയേറപ്പെടാവുന്ന; 2. ഭഞ്ജിക്കാവുന്ന; 3. കീഴടക്കാവുന്ന
ധർഷം നാ. 1. ധീരത; 2. ധിക്കാരം; 3. അക്ഷമ; 4. തളർത്തൽ; 5. ഉപദ്രവിക്കൽ; 6. നിന്ദനം; 7. നിയന്ത്രണം
ധർഷി നാ. 1. ആക്രമിക്കുന്നവൻ, കൈയേറുന്നവൻ; 2. നിന്ദിക്കുന്നവൻ, ഉപദ്രവകാരി; 3. അഹങ്കാരി, ധിക്കാരി
ധർഷിക്കുക1 ക്രി. ആക്രമിക്കുക, കൈയേറുക, ബലംപ്രയോഗിച്ചു കീഴടക്കുക; 2. ചാരിത്രം നശിപ്പിക്കുക, വശീകരിക്കുക; 3. ഉപദ്രവിക്കുക, നിന്ദിക്കുക; 4. ധിക്കരിക്കുക
ധർഷിക്കുക2 ക്രി. അഹങ്കരിക്കുക, ഡംഭുകാട്ടുക
ധർഷിണി നാ. കുലട, ധർഷണി
ധർഷിത1 വി. ബലപ്രയോഗിച്ചു കീഴടക്കിയ; 2. ചാരിത്രം ഭഞ്ജിക്കപ്പെട്ട; 3. നിന്ദിക്കപ്പെട്ട

ധർഷിത2 നാ. ചാരിത്രം നഷ്ടപ്പെട്ട സ്ത്രീ
ധർഷിതം നാ. 1. ധിക്കാരം; 2. ലൈങ്ഗികവേഴ്ച
ധര1 വി. 1. വഹിക്കുന്ന, താങ്ങുന്ന, ഏന്തുന്ന; 2. അണിയുന്ന; 3. ഉള്ള, കൈവശമുള്ള; 4. സൂക്ഷിക്കുന്ന, മനസ്സിൽ സൂക്ഷിക്കുന്ന; 5. നിലനിറുത്തുന്ന
ധര2 നാ. 1. ഭൂമി; 2. കാശ്യപൻെറ പത്നിമാരിൽ ഒരാൾ; 3. സരസ്വതിയുടെ ഭാവങ്ങളിൽ ഒന്ന്; 4. മജ്ജ; 5. ഗർഭാശയം; 6. ശരീരത്തിലെ ധമനി
ധരണ വി. ധരിക്കുന്ന, വഹിക്കുന്ന, താങ്ങുന്ന
ധരണൻ നാ. സൂര്യൻ
ധരണം നാ. 1. ധരിക്കൽ; 2. ആർജിക്കൽ, ആനയിക്കൽ; 3. താങ്ങ്, ആലംബം; 4. തീരം, ചിറ; 5. ലോകം; 6. നെൽക്കതിർ; 7. സ്ത്രീയുടെ സ്തനം; 8. തൂക്കത്തിൻെറ ഒരു അളവ്
ധരണി നാ. 1. ഭൂമി; 2. നിലം, ബ്ഭൂതലം; 3. ശരീരത്തിലെ ധമനി; 4. ഉത്തരം, കഴുക്കോൽ; 5. ഒരു സംസ്കൃതവൃത്തം; 6. ഇലവ്
ധരണിക നാ. തുലാം, ചുവരിനുമുകളിൽ കുറുകെവയ്ക്കുന്ന തടി
ധരണികന്ദം നാ. 1. നിലക്കിഴങ്ങ്; 2. വലിയ ഉള്ളി
ധരണിജം നാ. 1. കുജഗ്രഹം; 2. വൃക്ഷം
ധരണിതലം നാ. ഭൂതലം
ധരണീദേവൻ നാ. ബ്രാഹ്മണൻ
ധരണിധരൻ നാ. 1. വിഷ്ണു; 2. ശിവൻ; 3. ആദിശേഷൻ; 4. ദിഗ്ഗജം; 5. രാജാവ്
ധരണിധരം നാ. 1. ഭൂമിയെ വഹിക്കുന്നത്, പർവതം; 2. ആദികൂർമം; 3. ദിഗ്ഗജം
ധരണിപ്ലവം നാ. കടൽ
ധരണിഭൃത്ത് നാ. 1. പർവതം; 2. രാജാവ്; 3. ആദിശേഷൻ
ധരണിമണ്ഡലം നാ. ഭൂഗോളം, ഭൂതലം
ധരണിരുഹം നാ. വൃക്ഷം
ധരണിസുത നാ. സീത
ധരണിസുതൻ നാ. കുജൻ
ധരണീകീലകം നാ. ധരണീധരം
ധരണീപതി നാ. 1. വിഷ്ണു; 2. രാജാവ്
ധരണീയ വി. ധരിക്കത്തക്ക
ധരണീശ്വരൻ നാ. രാജാവ്
ധരണീസുരൻ നാ. = ഭൂസുരൻ
ധരൻ നാ. 1. ധരിക്കുന്നവൻ; 2. കൂർമാവതാരം (വിഷ്ണു); 3. ആദിശേഷൻ
ധരയിതാവ് നാ. ധരിക്കുന്നവൻ (സ്ത്രീ) ധരയിത്രി
ധരാങ്ഗം നാ. പർവതം
ധരാധരൻ നാ. 1. വിഷ്ണു; 2. ആദിശേഷൻ; 3. ഹിമവാൻ
ധരാധരം നാ. പർവതം
ധരാധരേന്ദ്രൻ നാ. ധരാധരങ്ങളിൽ മുഖ്യൻ, ഹിമവാൻ
ധരാനന്ദിനി നാ. 1. സീത; 2. ഒരു വൃത്തം
ധരാപതി നാ. രാജാവ്
ധരാപുത്രൻ നാ. ഭൂപുത്രൻ, കുജൻ

ധരിക്കുക ക്രി. 1. വഹിക്കുക, എടുക്കുക; 2. മനസ്സിലാക്കുക; 3. ഉടുക്കുക; 4. രക്ഷിക്കുക
ധരിത്രി നാ. ഭൂമി
ധരിത്രീനാഥൻ നാ. ഭൂപതി
ധരിത്രീസുതൻ നാ. ഭൂസുതൻ, കുജൻ
ധരിപ്പിക്കുക ക്രി. ധരിക്കുവാൻ ഇടയാക്കുക
ധരിപ്പ് നാ. ധരണം, മനസ്സിലാക്കൽ
ധരിമാവ് നാ. 1. ആകൃതി; 2. തുലാസ്സ്
ധരുണൻ നാ. 1. അഗ്നി; 2. ബ്രഹ്മാവ്
ധരുണം നാ. അടിസ്ഥാനം, അടിത്തറ
ധരേന്ദ്രൻ നാ. 1. ഹിമവാൻ; 2. രാജാവ്
ധരേശൻ നാ. 1. രാജാവ്; 2. ശിവൻ
ധവൻ നാ. 1. ഭർത്താവ്; 2. യജമാനൻ; 3. മനുഷ്യൻ; 4. വഞ്ചകൻ
ധവം നാ. 1. വിറയൽ, ഇളക്കം; 2. ഞമ (മരം)
ധവള1 വി. 1. വെളുത്ത; 2. സുന്ദരമായ
ധവള2 നാ. 1. വെളുത്തപശു; 2. വെളുത്തനിറമുള്ളവൾ
ധവളഗിരി നാ. ഹിമവത്പർവതത്തിൻെറ ഒരു കൊടുമുടി
ധവളപക്ഷം നാ. 1. വെളുത്തചിറകുള്ളത്, അരയന്നം; 2. വെളുത്തപക്ഷം
ധവളം നാ. 1. വെളുപ്പുനിറം; 2. ചീനക്കർപ്പൂരം; 3.വെളുത്ത കുരുമുളക്; 4. ശങ്ഖ്; 5. ഒന്നാംതരം കാള; 6. നീർമരുത്; 7. ഞമ
ധവളാപാങ്ഗി നാ. പെൺമയിൽ (കണ്ണിൻെറ അറ്റം വെളുത്തിരിക്കുന്നത്)
ധവളി നാ. 1. വെളുത്ത പശു; 2. വെളുത്തവൾ
ധവളിത വി. വെളുപ്പിച്ച
ധവളിമാ നാ. 1. വെണ്മ; 2. പ്രകാശം
ധവളോത്പലം നാ. വെള്ളാമ്പൽ
ധവാണകൻ നാ. വായു
ധവിത്രം നാ. (യാഗത്തിൽ അഗ്നിയെ വീശി കത്തിക്കുന്നതിനായി മാൻതോലുകൊണ്ടുണ്ടാക്കി മുളകൊണ്ടു തട്ടിട്ട) വിശറി
ധാകൻ നാ. 1. ബ്രാഹ്മണൻ; 2. പിന്തുണയായി നിൽക്കുന്നവൻ
ധാകം നാ. 1. കാള; 2. കലവറ; 3. ചോറ്; 4. തൂൺ; 5. തോണി, ജലപാത്രം
ധാടി നാ. 1. ഭയം കൂടാതെ ശത്രുവിൻെറ നേരെ ചെല്ലൽ; 2. പ്രൗഢി; 3. സാമർഥ്യം
ധാതവ വി. ധാതുസംബന്ധമായ
ധാതാവ് നാ. 1. ബ്രഹ്മാവ്; 2. വിഷ്ണു; 3. ആത്മാവ്; 4. രക്ഷകൻ; 5. വിവാഹിതയായ സ്ത്രീയുടെ ജാരൻ
ധാതു നാ. 1. പർവതത്തിലോ ഖനിയിലോ നിന്നെടുക്കുന്ന വസ്തു (സ്വർണം, വെള്ളി മുതലായവ); 2. സ്വർണവും മറ്റും വിളയുന്ന സ്ഥലം; 3. ക്രിയാപദങ്ങളുടെ മൂലം, ക്രിയയുടെ പ്രകൃതി; 4. ത്രിദോഷങ്ങളിൽ ഒന്ന്; 5. രസം രക്തം മുതലായത്; 6. പഞ്ചഭൂതങ്ങളിൽ ഒന്ന്; 7. കർമേന്ദ്രിയം, ജ്ഞാനേന്ദ്രിയം; 8. ഉദ്ഭവസ്വഭാവം;

9. ഏതെങ്കിലും പദാർഥത്തിൻെറ പ്രധാനഘടകം; 10. പ്രഭവാദിസംവത്സരങ്ങളിൽ പത്താമത്തേത്; 11. പൂമ്പൊടി; 12. നാഡി; 13. പാനീയം; 14. പാൽ
ധാതുകാസീസം നാ. അന്നഭേദി
ധാതുക്രിയ നാ. ധാതുവിദ്യ
ധാതുക്ഷയം നാ. വീര്യനാശം
ധാതുഘ്നം നാ. കാടി
ധാതുജം നാ. 1. ധാതുവിൽ ജനിക്കുന്നത്, ശിലാജതു; 2. (വ്യാക) അവ്യയങ്ങളെ ഉത്പത്തിപ്രമാണിച്ച് നാലായിതിരിച്ചിരിക്കുന്നതിൽ ഒന്ന്
ധാതുപരീക്ഷ നാ. നാഡീപരിശോധന
ധാതുപാഠം നാ. (വ്യാക) ക്രിയാധാതുക്കളുടെ പട്ടിക
ധാതുപുഷ്ടി നാ. ശരീരപോഷണം
ധാതുഭൃത്ത് നാ. പർവതം
ധാതുരാശികൾ നാ. (ബ.വ.)(ജ്യോ) മേടം കർക്കടകം തുലാം മകരം ഈ നാലുരാശികൾ
ധാതുവല്ലഭം നാ. വെൺകാരം
ധാതുവാദം നാ. ധാതുക്രിയ
ധാതുവിജ്ഞാനീയം നാ. ധാതുക്കളെപ്പറ്റിയുള്ള ശാസ്ത്രം
ധാതുവൈരി നാ. 1. ഗന്ധകം; 2. ഏലം; 3. കടുക്കാ
ധാതുശേഖരം നാ. തുരിശ്
ധാതുസാമ്യം നാ. അരോഗത (ത്രിദോഷങ്ങൾ സമതുലിതാവസ്ഥയിൽ ഇരിക്കുന്നത്)
ധാതൃകല്പിതം നാ. വിധികല്പിതം
ധാതൃവിദ്യ നാ. കൗമാരഭൃത്യം
ധാത്രം നാ. പാത്രം
ധാത്രി നാ. 1. ഭൂമി; 2. വളർത്തമ്മ; 3. നെല്ലി, നെല്ലിക്ക
ധാത്രീകഥ നാ. മുത്തശ്ശിക്കഥ
ധാത്രീന്ദ്രൻ നാ. രാജാവ്
ധാത്രീപുത്രൻ നാ. 1. പോറ്റമ്മയുടെ പുത്രൻ; 2. നരകാസുരൻ; 3. കുജൻ; 4. നടൻ
ധാത്രീശൻ നാ. രാജാവ്
ധാത്രേയപിതാവ് നാ. വളർത്തച്ചഛൻ
ധാത്രേയിക നാ. 1. വളർത്തമ്മയുടെ പുത്രി; 2. മുലപ്പാലൂട്ടുന്നവൾ; 3. ഒരു നായികാസഹായിനി
ധാത്വിക വി. ധാതു സംബന്ധിച്ച
ധാന നാ. 1. ഊമൻമലർ; 2. യവം അരി മുതലായവ വറുത്തുപൊടിച്ചത്; 3. കൊത്തമ്പാലരി; 4. നാമ്പ്; 5. ധാന്യം
ധാനം നാ. 1. പാത്രം; 2. ഇരിപ്പിടം; 3. പോഷണം
ധാനാക നാ. ധാന്യം, വറുത്തധാന്യം
ധാനി നാ. 1. ഇരിപ്പിടം (പ്ര) രാജധാനി = രാജകീയാസ്ഥാനം; 2. പണ്ടകശാല; 3. തട്ടം, താമ്പാളം
ധാനുർദണ്ഡികൻ നാ. വില്ലാളി (ധനുർദണ്ഡം ധരിച്ചവൻ)

ധാനുഷ്യം നാ. മുള

ധാന്യകല്കം നാ. 1. തവിട്; 2. ഉമി; 3. വൈക്കോൽ

ധാന്യകോശം നാ. 1. കളപ്പുര; 2. വല്ലം

ധാന്യചമസം നാ. അവൽ

ധാന്യത്വക്ക് നാ. ഉമി

ധാന്യം നാ. 1. നെല്ല് യവം മുതലായത്; 2. ചാമ; 3. പയറ് മുതലായവ; 4. കൊത്തമ്പാലരി; 5. നാല് എള്ളിട (തൂക്കം)

ധാന്യമണി നാ. ഒറ്റ ധാന്യം, ധാന്യത്തിൻെറ വിത്ത്

ധാന്യരാജം നാ. 1. യവം; 2. കൊത്തമല്ലി

ധാന്യവൃത്തി നാ. 1. നിറം; 2. പൊലികടം (പൊലിനെല്ലു കടംകൊടുത്ത് ഉപജീവിക്കൽ)

ധാന്യസാരം നാ. മെതിച്ചെടുത്ത നെല്ല്, പൊലി

ധാന്യകം നാ. കൊത്തമ്പാലരി

ധാന്യാഗാരം നാ. ധാന്യം ശേഖരിച്ചിട്ടുള്ള പുര

ധാന്യാമ്ലം നാ. വെപ്പുകാടി

ധാന്യാർഥം അവ്യ. ധാന്യത്തിനായി. നാ. ധാന്യസമ്പത്ത്

ധാന്യാരി നാ. എലി, ചുണ്ടെലി

ധാന്യോത്ക്ഷേപണം നാ. നെല്ലു കാറ്റത്തിടൽ, പതിരു കളയൽ

ധാന്വത വി. മരുഭൂമിയിലുള്ള

ധാന്വന്തരം നാ. 'ധന്വന്തരിയെ സംബന്ധിച്ച', 1. ഒരു ജപം; 2. ഒരുതരം ഗുളിക; 3. ഒരു കുഴമ്പ്

ധാമകം നാ. ഒരു തൂക്കം (ഉഴുന്നിൻെറ ഇട)

ധാമകേശി നാ. സൂര്യൻ

ധാമനിധി നാ. സൂര്യൻ.

939

ധാമം നാ. 1. ഗൃഹം, ഇരിപ്പിടം; 2. ദേഹം; 3. ശോഭ; 4. പ്രഭാവം; 5. വർഗം; 6. ചന്ദനം; 7. നഗരം; 8. പരമപദം; 9. സൈന്യം; 10. ജനനം

ധാമാർഗവം നാ. 1. ചെറിയകടലാടി; 2. വരിപ്പീച്ചിൽ; 3. ആനപ്പീച്ചിൽ; 4. വലിയകടലാടി; 5. ദേവതാളി

ധാമാവ് നാ. ഇരിപ്പിടം

ധാമാധിപൻ നാ. സൂര്യൻ

ധായ വി. 1. തനിക്കുള്ള, അവകാശമുള്ള; 2. പിടിച്ചിരിക്കുന്ന, താങ്ങിനിറുത്തുന്ന

ധായി നാ. ധാത്രി, ആയ

ധായ്യ നാ. അഗ്നിയെ പ്രോജ്ജ്വലിപ്പിക്കുവാനുള്ള ഋക്

ധായ്യൻ നാ. കുടുംബപുരോഹിതൻ

ധാർത്തരാഷ്ട്രൻ നാ. ധൃതരാഷ്ട്രരുടെ പുത്രൻ

ധാർത്തരാഷ്ട്രം നാ. 1. ഒരുതരം അരയന്നം; 2. പാമ്പ്

ധാർമ വി. ധർമസംബന്ധിയായ

ധാർമിക വി. 1. ധർമം സംബന്ധിച്ച, ധർമമുള്ള; 2. നീതിബോധമുള്ള; 3. മതപരമായ

ധാർമികത, -ത്വം നാ. ധാർമികമായിരിക്കുന്ന അവസ്ഥ
ധാർമിണം നാ. ധർമസങ്ഘം
ധാർഷ്ടിക വി. ധാർഷ്ട്യമുള്ള, ബലവാനായ
ധാർഷ്ട്യക്കാരൻ നാ. ധൃഷ്ടതയുള്ളവൻ, അഹങ്കാരി
ധാർഷ്ട്യം നാ. 1. ഉള്ളതിലധികം അറിവോ ബലമോ ഉണ്ടെന്നു നടിക്കൽ; 2. അറിവില്ലാത്തവൻ അറിവുണ്ടെന്നു ഭാവിക്കൽ; 3. വലിപ്പം ഭാവിക്കൽ; 4. നിർലജ്ജത; 5. സാഹസം
ധാര1 വി. ധരിക്കുന്ന, വഹിക്കുന്ന
ധാര2 നാ. ഇടമുറിയാത്ത മഴ, ഇടവിടാതെയുള്ള ജല പതനം, ദ്വാരത്തിലൂടെയോ മറ്റോ ഇടവിടാതെയുണ്ടാകുന്ന നീർവാർച്ച. (പ്ര) ധാരകോരുക = എണ്ണയോ മറ്റോ കോരിയൊഴിച്ചു ചികിത്സിക്കുക
ധാര3 നാ. 1. വാളിൻെറ മൂർച്ചയുള്ള വശം; 2. അശ്വഗതിവിശേഷം; 3. ജലം; 4. കടം; 5. പർവതത്തിൻെറ മുകളിലെ വക്ക്; 6. ചക്രം; 7. ചക്രായുധം; 8. വേലി; 9. സൈന്യത്തിൻെറ മുന്നണി; 10 സമൂഹം; 11. കീർത്തി; 12. രാത്രി; 13. കാതിൻെറ മേലറ്റം
ധാരക വി. ധരിക്കുന്ന, ഉൾക്കൊള്ളുന്ന
ധാരകൻ നാ. 1. കടമുള്ളവൻ; 2. രക്ഷിതാവ്; 3. ധരിക്കുന്നവൻ
ധാരകം നാ. 1. പാത്രം, പെട്ടി; 2. വാഹനം; 3. ലഘുഭക്ഷണം
ധാരണ1 വി. 1. ധരിക്കുന്ന, വഹിക്കുന്ന; 2. രക്ഷിക്കുന്ന; 3. ഉടുക്കുന്ന
ധാരണ2 നാ. 1. നിലനിൽപ്പ്, മര്യാദ; 2. ബുദ്ധിയുടെ ത്രിശക്തികളിലൊന്ന്; 3. ധീരത; 4. അഷ്ടാങ്ഗയോഗങ്ങളിൽ ഒന്ന്; 5. ഓർമ; 6. കടം; 7. ധൈര്യം; 8. ഉറപ്പ്
ധാരണകൻ നാ. കടമുള്ളവൻ, കടക്കാരൻ
ധാരണത്തോണി നാ. ധാരചെയ്യുമ്പോൾ കിടക്കാനുള്ള തോണി
ധാരണം നാ. 1. ധരിക്കൽ; 2. ഗ്രഹണം; 3. എടുക്കൽ; 4. ധാരകോരൽ; 5. കൈവശം; 6. ഓർമയിൽ നിറുത്തൽ; 7. കടപ്പാട്; 8. ധ്യാനം; 9. സൂക്ഷിപ്പ്; 10. ഉറപ്പ്
ധാരണാവതി നാ. 1. ബുദ്ധി; 2. ധാരണയുള്ളവൾ
ധാരണാശക്തി നാ. 1. മനസ്സിലാക്കാനുള്ള കഴിവ്; 2. മനസ്സിലാകിയതൊന്നും മറക്കാതിരിക്കാനുള്ള കഴിവ്
ധാരണി നാ. 1. വരി, നിര; 2. സ്ഥൈര്യം; 3. നാഡി
ധാരൻ നാ. വിഷ്ണു
ധാരം നാ. 1. പെട്ടെന്നുണ്ടാകുന്ന പെരുമഴ; 2. മഴവെള്ളം; 3. താണസ്ഥലം; 4. അതിര്; 5. ഒരുതരം കല്ല്; 6. ആലിപ്പഴം; 7. കടം
ധാരയിതാവ് നാ. ധരിക്കുന്നവൻ (സ്ത്രീ) ധാരയിത്രി
ധാരാകദംബം നാ. മഴക്കടമ്പ്
ധാരാഗൃഹം നാ. 1. ജലധാരകൊണ്ടു ശൈത്യം വരുത്തിയിട്ടുള്ള ഭവനം; 2. കുളിപ്പുര
ധാരാങ്കുരം നാ. 1. ആലിപ്പഴം; 2. ചാറ്റൽമഴ; 3. ശത്രുസൈന്യത്തെ അവഗണിച്ചുകൊണ്ടുള്ള പ്രയാണം
ധാരാങ്കം നാ. വാൾ
ധാരാടം നാ. 1. കുതിര; 2. മേഘം; 3. വേഴാമ്പൽ; 4. മദയാന
ധാരാധരം നാ. 1. മേഘം; 2. വാൾ

ധാരാപഞ്ചകം നാ. അഞ്ചുവിധം അശ്വഗതികൾ (ആസ്കന്ദിതം, ധൗരിതകം, രേചിതം, വല്ഗിതം, പ്ലൂതം)
ധാരാപാതം നാ. 1. മഴച്ചാറ്റൽ; 2. ജലപ്രവാഹം
ധാരായന്ത്രം നാ. ജലം മുകളിൽ കൊണ്ടുവന്ന് നാലുപാടും ചൊരിയുന്ന യന്ത്രം, ജലധാരയുണ്ടാക്കുന്ന യന്ത്രം
ധാരാവനി നാ. വായു, കാറ്റ്
ധാരാവർഷം നാ. ധാരമുറിയാത്ത മഴ
ധാരാവാഹി വി. ഇടമുറിയാത്ത. നാ. രചനാരീതികളിൽ ഒന്ന്
ധാരാവിഷം നാ. വളഞ്ഞവാൾ
ധാരാസമ്പാതം നാ. പെരുമഴ, ധാരമുറിയാത്ത മഴ
ധാരാസാരം നാ. പെട്ടെന്നുണ്ടായി അപ്പോൾത്തന്നെ ശമിക്കുന്ന മഴ
ധാരാളം നാ. 1. ധാരമുറിയാതെയുള്ളത്; 2. ലോപം കൂടാതെയുള്ളത്; 3. സമൃദ്ധി; 4. ഔദാര്യം. (പ്ര) ധാരാളിക്കുക = ധൂർത്തടിക്കുക
ധാരാളി വി. ധാരാളമായി പണം ചെലവഴിക്കുന്ന
ധാരി വി. 1. ധരിക്കുന്ന, ഉടുക്കുന്ന; 2. ധാരയുള്ള; 3. രക്ഷിക്കുന്ന; 4. വഹിക്കുന്ന. നാ. ഉകമരം
ധാരിണി നാ. 1. വഹിക്കുന്നവൾ; 2. ഭൂമി; 3. അഗ്നിമിത്രൻെറ മഹിഷി; 4. ഇലവ്
ധാരു നാ. മദ്യപാനി
ധാരോഷ്ണ വി. കറന്നിട്ടു ചൂടുമാറാത്ത
ധാര്യ വി. ധരിക്കാൻ കൊള്ളാവുന്ന
ധാര്യം നാ. ധരിക്കാനുള്ളത്, വസ്ത്രം
ധാവക വി. 1. ഓടുന്ന; 2. ഒലിക്കുന്ന; 3. വേഗമുള്ള; 4. കഴുകുന്ന
ധാവകൻ നാ. 1. ഓടുന്നവൻ; 2. വൃത്തിയാക്കുന്നവൻ, അലക്കുകാരൻ; 3. ഒരു സംസ്കൃതകവി
ധാവതി നാ. ഓട്ടം "അദ്രിക്കീന്നഥ ധാവതിചെയ്തു"(നമ്പ്യാർ) (ധാവനം എന്നത് ശുദ്ധരൂപം)
ധാവനം നാ. 1. ഓട്ടം; 2. ശുദ്ധീകരണം, ശോധനം; 3. അലക്ക്; 4. ഒഴുക്ക്; 5. എതിർപ്പ്
ധാവള വി. ധവളമായ
ധാവള്യം നാ. വെണ്മ
ധി നാ. (സമാസത്തിൽ പദാന്ത്യമായി) 1. ഇരിപ്പിടം; 2. പാത്രം
ധിക് അവ്യ. നിന്ദ, കഷ്ടം
ധിക്കരിക്കുക ക്രി. 1. നിന്ദയോടുകൂടി പെരുമാറുക, നിന്ദിക്കുക; 2. വകവയ്ക്കാതിരിക്കുക
ധിക്കാരം നാ. 1. നിന്ദയോടുകൂടിയ പെരുമാറ്റം; 2. അവഗണനയോടുകൂടിയ പെരുമാറ്റം, വകവയ്ക്കാതിരിക്കൽ
ധിക്കാരി നാ. ധിക്കാരം കാട്ടുന്നവൻ, ആരെയും വകവയ്ക്കാത്തവൻ
ധിക്കൃത വി. ധിക്കരിക്കപ്പെട്ട, നിന്ദിക്കപ്പെട്ട
ധിഷണ നാ. 1. ബുദ്ധി; 2. അറിവ്; 3. ഭാഷണം; 4. സ്തോത്രം, പ്രശംസ; 5. വാസസ്ഥലം, പാർപ്പിടം, ഇരിപ്പിടം; 6. കിണ്ണം, കപ്പ്, ഉരുണ്ടപാത്രം; 7. സ്വർഗവും ഭൂമിയും

ധിഷ്ണൻ നാ. 1. ബുദ്ധിമാൻ; 2. ബൃഹസ്പതി; 3. ഗുരു; 4. വ്യാഴഗ്രഹം
ധിഷ്ണ്യത്ത് വി. 1. ശ്രദ്ധയുള്ള; 2. ഉദാരതയുള്ള; 3. ഭക്തിനിർഭരമായ
ധിഷ്ണ്യം നാ. 1. കൊള്ളിമീൻ; 2. നക്ഷത്രം; 3. വീട്, പാർപ്പിടം; 4. സ്ഥാനം, സ്ഥലം, പ്രദേശം; 5. ശക്തി, ബലം
ധിറുതി നാ. തിടുക്കം
ധീ നാ. 1. ബുദ്ധി, മനസ്സ്, ഗ്രഹണശേഷി, ചിന്താശക്തി; 2. അറിവ്, ധാരണ; 3. മാനസീകാവസ്ഥ, ഉദ്ദേശ്യം; 4. ആശയം, അഭിപ്രായം; 5. ശാസ്ത്രം, കല; 6. മതചിന്ത; 7. മനനം, ധ്യാനം; 8. ഭക്തി; 9. പ്രാർഥന
ധീത1 വി. ചിന്തിക്കപ്പെട്ട, പര്യാലോചിക്കപ്പെട്ട
ധീത2 നാ. പുത്രി
ധീത3 വി. വലിച്ചെടുക്കപ്പെട്ട, പാനം ചെയ്യപ്പെട്ട
ധീതി നാ. 1. ചിന്ത, പര്യാലോചന, ആശയം, ഉദ്ദേശ്യം; 2. ഭക്തി, പ്രാർഥന; 3. പാനം, ദാഹം
ധീദ നാ. 1. ധിഷണാശക്തി, അറിവ്; 2. പുത്രി
ധീനം നാ. ഇരുമ്പ്
ധീമത്ത് വി. ബുദ്ധിയുള്ള, ഗ്രഹണശേഷിയുള്ള, അറിവുള്ള
ധീര1 വി. 1, ബുദ്ധിയുള്ള, മനശ്ശക്തിയുള്ള; 2. കുശലതയുള്ള; 3. പരിചയമുള്ള; 4. ഉറപ്പുള്ള, സ്ഥിരതയുള്ള; 5. ഓജസ്സുള്ള, ശാന്തതയുള്ള, ഗാംഭീര്യമുള്ള; 6. എന്തും നേരിടാൻ സന്നദ്ധതയുള്ള, ധീരതയുള്ള; 7. ആഴമുള്ള, കുലീനതയുള്ള
ധീര2 നാ. 1. ധൈര്യമുള്ളവൾ; 2. ചിറ്റമൃത്; 3. കാകോളി; 4. വലിയ വാലുഴവം; 5. ഇരുവുൾ
ധീരത നാ. 1. ധൈര്യം; 2. സ്ഥൈര്യം; 3. ഗാംഭീര്യം; 4. ധിഷണാശക്തി, വിവേകം
ധീരധീരം അവ്യ. വലിയ ധൈര്യത്തോടെ
ധീരൻ നാ. 1. ധൈര്യമുള്ളവൻ; 2. സ്ഥൈര്യമുള്ളവൻ; 3. ധിഷണാശാലി; 4. വിദ്വാൻ; 5. ബലി; 6. ബുദ്ധൻ
ധീരം അവ്യ. ധീരതയോടെ. നാ. 1. കുങ്കുമം; 2. ഇടവകം; 3. കടൽ
ധീരലളിതൻ നാ. 1. ധീരനും സരളമായും സ്വതന്ത്രമായും പെരുമാറുന്നവനുമായ ആൾ; 2. (നാട്യ) നായകന്മാരിൽ ഒരു വിഭാഗം
ധീരശാന്തൻ നാ. 1. ധീരനും അതേസമയം ശാന്തനുമായ ആൾ; 2. നായകന്മാരിൽ ഒരു വിഭാഗം, ബുദ്ധിമാനും ധൈര്യശാലിയും തികഞ്ഞ ശാന്തപ്രകൃതമുള്ളവനുമായ നായകൻ
ധീരസമീരൻ നാ. ഇളങ്കാറ്റ്, ശാന്തമായി വീശുന്ന കാറ്റ്
ധീരസ്കന്ധം നാ. പോത്ത്
ധീരാധീര നാ. നായികമാരിൽ ഒരു വിഭാഗം, അസൂയാലുവും ചിലപ്പോൾ അസൂയാകാലുഷ്യം പ്രകടിപ്പിക്കുന്നവളും മറ്റു ചിലപ്പോൾ അതു മറച്ചുവയ്ക്കുന്നവളുമായ നായിക
ധീരോദാത്തൻ നാ. 1. ധൈര്യവും ഉദാത്തഗുണങ്ങളും ഉള്ളയാൾ; 2. (നാട്യ) നായകന്മാരിൽ ഒരു വിഭാഗം, ധീരതയും സ്വഭാവോത്കർഷവുമുള്ള നായകൻ
ധീരോദ്ധതൻ നാ. 1. ധീരനും അഹങ്കാരിയുമായ ആൾ; 2. (നാട്യ) നായകന്മാരിൽ ഒരു വിഭാഗം, അസാമാന്യ ധീരതയും പ്രചണ്ഡഭാവവും അഹങ്കാരവുമുള്ള നായകൻ

ധീവരൻ നാ. 1. ധിഷണാശാലി, സമർഥൻ; 2. മുക്കുവൻ
ധീവരം നാ. ഇരുമ്പ്
ധീവരി നാ. 1. മുക്കുവസ്ത്രീ; 2. മീൻപിടിക്കാനുള്ള ചാട്ടുളി (നൂലിൽ ബന്ധിച്ച് എറിയുന്നത്); 3. മീൻ കുട്ട
ധുത വി. 1. ഇളക്കപ്പെട്ട, ചലിപ്പിക്കപ്പെട്ട, ഇളക്കിമറിക്കപ്പെട്ട; 2. തള്ളിക്കളഞ്ഞ, ദൂരീകരിക്കപ്പെട്ട
ധുത്തൂരം നാ. ഉമ്മത്ത്
ധുനി1 വി. ഇരമ്പുന്ന, ശബ്ദായമാനമായ, ഇളകിമറിയുന്ന
ധുനി2 നാ. നദി
ധുനീനാഥൻ നാ. സമുദ്രം
ധുന്ധുമാരം നാ. 1. ഒരു കീടം, ഇന്ദ്രഗോപം; 2. ഒരിനം ചെടി, ഗൃഹധൂമം; 3. പല്ലി
ധുർ നാ. 1. നുകം; 2. ഭാരം, ചുമട്; 3. വണ്ടിയുടെ കുടുമ; 4. കഴ; 5. ആണി; 6. മേൽത്തട്ട്, കൊടുമുടി; 7. മുൻവശം; 8. ബഹുമാന്യ പദവി; 9. കൈവിരൽ; 10. പ്രതിഫലനം; 11. സ്മരണം; 12. തീപ്പൊരി
ധുര നാ. 1. ചുമട്, ഭാരം; 2. കഴ; 3. വണ്ടിയുടെ തണ്ട്
ധുരന്ധര വി. 1. നുകമോ ഭാരമോ വഹിക്കുന്ന; 2. നുകത്തിൽ പൂട്ടാൻ പറ്റിയ; 3. മറ്റൊരാളെ ആവശ്യം നിറവേറ്റാൻ സഹായിക്കുന്ന
ധുരന്ധരൻ നാ. 1. മുഖ്യൻ, തലവൻ, നേതാവ്; 2. ശിവൻ; 3. വ്യാപാരി, വ്യവസായി
ധരന്ധരം നാ. 1. ഭാരം ചുമക്കുന്ന മൃഗം; 2. ഞമ
ധുരം നാ. 1. നുകം; 2. കഴ; 3. ചുമട്, ഭാരം; 4. അച്ചുതണ്ടിലെ ആണി, അക്ഷകീലം
ധുരാവഹ വി. ഭാരം വഹിക്കുന്ന
ധുരി നാ. അക്ഷം, അച്ചുതണ്ട്
ധുരീണ വി. 1. നുകത്തിൽ കെട്ടാൻ യോഗ്യമായ; 2. ഭാരം വഹിക്കുന്ന
ധുരീണൻ നാ. 1. വ്യാപാരി, വ്യവസായി; 2. നേതാവ്; 3. വണ്ടിക്കാരൻ
ധുരീണം നാ.. ഭാരം ചുമക്കുന്ന മൃഗം
ധുരീയം നാ. കാള
ധുര്യ വി. 1. ഭാരം വഹിക്കാൻ പറ്റിയ; 2. പ്രധാനപ്പെട്ട ചുമതലകൾ വഹിക്കുന്ന
ധുര്യൻ നാ. വ്യാപാരി, വ്യവസായി; 2. കാര്യസ്ഥൻ
ധുര്യം നാ. 1. കാള; 2. ഒരു ഔഷധി, ഇടവകം
ധൂ നാ. കമ്പനം, കുലുക്കം
ധൂകൻ നാ. 1. തെമ്മാടി; 2. കള്ളൻ
ധൂകം നാ. 1. കാറ്റ്; 2. സമയം
ധൂത1 വി. 1. കുലുക്കപ്പെട്ട; 2. ഊതിജ്വലിപ്പിച്ച; 3. തള്ളിക്കളഞ്ഞ, നശിപ്പിക്കപ്പെട്ട; 4. വിലയുരുത്തപ്പെട്ട; 5. താക്കീതു ചെയ്യപ്പെട്ട.

ധൂത2 നാ. ഭാര്യ
ധൂനനം നാ. 1. വിറയൽ, ഇളക്കം; 2. കാറ്റ്

ധൂനി	നാ.	കമ്പനം, വിറയൽ
ധൂപകൻ	നാ.	സുഗന്ധം വിൽക്കുന്നവൻ
ധൂപക്കാൽ	നാ.	കുന്തിരിക്കം മുതലായവയിട്ടു കത്തിച്ചു പുകയ്ക്കാനുള്ള പാത്രം
ധൂപനം	നാ.	1. ധൂപക്കുറ്റി; 2. പുകയ്ക്കൽ
ധൂപഭൂരൂഹം	നാ.	ഗുഗ്ഗുലു, ചരളം
ധൂപം	നാ.	1, പുക; 2. ദശോപചാരങ്ങളിൽ ഒന്ന്, അകിൽ ചന്ദനം മുതലായ സുഗന്ധദ്രവ്യങ്ങളിട്ടു പുകയ്ക്കൽ, അഷ്ടഗന്ധം; 2. പുക
ധൂപവർഗം	നാ.	സുഗന്ധമുണ്ടാകാൻ പുകയ്ക്കുന്ന വസ്തുക്കൾ
ധൂപവൃക്ഷം	നാ.	ചരളം, ഗുഗ്ഗുലു
ധൂപായിതം	വി.	ധൂപനം ചെയ്യപ്പെട്ട
ധൂപാരാധന	നാ.	ധൂപംകൊണ്ടുള്ള പൂജ
ധൂപിക	നാ.	ധൂപം ഒരുക്കുന്നവൾ
ധൂപിക്കുക	ക്രി.	പുകയ്ക്കുക
ധൂപിത	നാ.	1. പുകയ്ക്കപ്പെട്ട; 2. ചൂടാക്കപ്പെട്ട
ധൂമകേതനൻ	നാ.	അഗ്നി
ധൂമകേതു	നാ.	1. വാൽനക്ഷത്രം; 2. അഗ്നി; 3. ഗ്രഹണസമയത്ത് അഗ്നിമണ്ഡലത്തിൽനിന്നുണ്ടാകുന്ന ഉത്പാതസൂചകമായ തേജസ്സ്; 4. (ആല) നാശകാരി
ധൂമക്കുറ്റി	നാ.	= ധൂപക്കുറ്റി
ധൂമഗ്രഹം	നാ.	രാഹു
ധൂമജം	നാ.	1. മുത്തങ്ങ; 2. മേഘം
ധൂമദണ്ഡം	നാ.	ധൂമത്തിൻെറ നീണ്ടനാളം
ധൂമധ്വജൻ	നാ.	അഗ്നി
ധൂമനം	നാ.	പുകയ്ക്കൽ, പുകവലി
ധൂമപഥം	നാ.	1. യാഗം; 2. ജന്നൽ
ധൂമപൻ	നാ.	പുകവലിക്കാരൻ
ധൂമം	നാ.	1. പുക; 2. ആവി; 3. മൂടൽ; 4. മേഘം; 5. കൊള്ളിമീൻ; 6. ഛർദി
ധൂമമഹിഷി	നാ.	മൂടൽമഞ്ഞ്
ധൂമമാർഗം	നാ.	പുകക്കുഴൽ
ധൂമയോനി	നാ.	'പുകയിൽനിന്നു ജനിക്കുന്നത്', കാർമേഘം
ധൂമശകടം	നാ.	പുകവണ്ടി (തീവണ്ടി)
ധൂമള	വി.	കരിം ചെമപ്പുനിറത്തിലുള്ള
ധൂമളം	നാ.	1. ധൂമം; 2. ഒരു വാദ്യം
ധൂമാഭ	വി.	പുകയുടെ നിറമുള്ള
ധൂമായനം	നാ.	പുകയ്ക്കൽ, ചൂട്
ധൂമിക	നാ.	1. ആവി; 2. (മൂടൽ) മഞ്ഞ്
ധൂമിത	വി.	പുകയ്ക്കപ്പെട്ട
ധൂമിനി	നാ.	അഗ്നിയുടെ ഏഴുനാക്കുകളിൽ ഒന്ന്
ധൂമില	വി.	ധൂമം നിറഞ്ഞ
ധൂമോത്ഥം	നാ.	യവക്ഷാരം

ധൂമോദ്ഗാരം	നാ.	ധൂമത്തിൻെറ പുറപ്പെടൽ
ധൂമ്യ	നാ.	പുകക്കൂട്ടം
ധൂമ്യാടം	നാ.	ചെറുകുരികിൽ പക്ഷി
ധൂമ്ര	വി.	ധൂമത്തിൻെറ നിറമുള്ള
ധൂമ്രകം	നാ.	ഒട്ടകം
ധൂമ്രൻ	നാ.	ശിവൻ
ധൂമ്രം	നാ.	1. കറുപ്പും ചെമപ്പുംകൂടി കലർന്ന നിറം; 2. അറബിക്കുന്തിരിക്കം; 3. പാപം; 4. ദുഷ്ടത; 5. ഒട്ടകം; 6. പുക
ധൂമ്രലോചനൻ	നാ.	പ്രാവ്
ധൂമ്രവർണം	നാ.	1. ധൂമ്രം; 2. കുന്തിരിക്കം
ധൂമ്രശുകം	നാ.	ഒട്ടകം
ധൂമ്രാടം	നാ.	ധൂമ്യാടം
ധൂർ	നാ.	ഭാരം
ധൂർഗത	വി.	1. വണ്ടിയുടെ മുൻഭാഗത്തുനിൽക്കുന്ന; 2. പ്രമാണിയായ
ധൂർജടി	നാ.	'ഭാരമേറിയ ജടയോടുകൂടിയവൻ', ശിവൻ
ധൂർത്തകൻ	നാ.	1. കള്ളൻ; 2. കുറുക്കൻ; 3. ധൂർത്തൻ
ധൂർത്തത	നാ.	ധൂർത്തൻെറ അവസ്ഥ
ധൂർത്തൻ	നാ.	1. ചതിയൻ; 2. സൂത്രശാലി; 3. ചൂതാട്ടക്കാരൻ; 4. താന്തോന്നി; 5. മുതൽ നശിപ്പിക്കുന്നവൻ (ഈ അർഥം സംസ്കൃതത്തിലില്ല)
ധൂർത്തം	നാ.	1. ഉമ്മത്ത്; 2. വിളയുപ്പ്; 3. ഇരുമ്പിങ്കിട്ടം; 4. അടവിക്കച്ചോലം; 5. ഗുഗ്ഗുലു; 6. പീഡനം
ധൂർത്ത്	നാ.	ധൂർത്തത
ധൂർവഹം	നാ.	ധുരന്ധരം
ധൂലകം	നാ.	വിഷം
ധൂലിജങ്ഘം	നാ.	കാക്ക
ധൂസര	വി.	1. ഇളംവെളുപ്പുനിറമുള്ള; 2. മഞ്ഞൾനിറമുള്ള; 3. ഭങ്ഗിയുള്ള
ധൂസരൻ	നാ.	വാണിയൻ
ധൂസരം	നാ.	1. ധൂളിവർണം; 2. കഴുത; 3. ഒട്ടകം; 4. പ്രാവ്; 5. കാട്ടുകുരികിൽ
ധൂസരി	നാ.	കിന്നരസ്ത്രീ
ധൂസരിത	വി.	ധൂസരമാക്കപ്പെട്ട
ധൂളി	നാ.	1. (നേർത്ത) പൊടി; 2. നിന്ദ്യൻ; 3. വ്യഭിചാരിണി; 4. ഒരു വലിയ സങ്ഖ്യ; 5. മുള്ളിലവിൻ പഞ്ഞി
ധൂളിക	നാ.	മൂടൽമഞ്ഞ്
ധൂളികുട്ടിമം	നാ.	ഉഴുതവയൽ
ധൂളിക്കുക	ക്രി.	1. പൊടിക്കുക; 2. പറപ്പിക്കുക; 3. തൂകുക, തുള്ളിയായിവീഴ്ത്തുക
ധൂളിത്വം	നാ.	വ്യഭിചാരം (ധൂളിയുടെ ഭാവം)
ധൂളിധ്വജം	നാ.	കാറ്റ്
ധൂളിപ്പെണ്ണ്	നാ.	വ്യഭിചാരിണി
ധൂളിമാനം	അവ്യ.	പൊടിപോലെ

ധൃക്ക് വി. ധരിക്കുന്ന, വഹിക്കുന്ന
ധൃത വി. 1. ധരിക്കപ്പെട്ട; 2. പിടിക്കപ്പെട്ട
ധൃതഗതി വി. എടുത്തുചാടിയുള്ള പ്രവൃത്തി. നാ. അവിവേകം
ധൃതദണ്ഡ വി. 1. ശിക്ഷയേറ്റ; 2. ദണ്ഡുധരിച്ച
ധൃതദീധിതി നാ. അഗ്നി
ധൃതദ്വേഷൻ നാ. വെറുപ്പുള്ളവൻ
ധൃതരാഷ്ട്രൻ നാ. 1. പാണ്ഡുവിൻെറ ജ്യേഷ്ഠൻ, കൗരവരുടെ പിതാവ്; 2. നല്ല രാജാവ്
ധൃതരാഷ്ട്രം നാ. 1. വാത്ത; 2. നല്ല രാജാവിനാൽ പാലിക്കപ്പെടുന്ന രാജ്യം; 3. ഒരു സർപ്പം
ധൃതരാഷ്ട്രാലിങ്ഗനം നാ. ധൃതരാഷ്ട്രരുടെ ആലിങ്ഗനം (ഇതിൽപ്പെടുന്ന വ്യക്തി ഞെരുങ്ങിപൊടിയുന്നു. ആവിധമൊരു വരം ധൃതരാഷ്ട്രർക്കു ലഭിച്ചിരുന്നു); 2. (ആല) നശിപ്പിക്കണമെന്ന ആഗ്രഹത്തോടെ കാണിക്കുന്ന സ്നേഹം
ധൃതവർമാവ് നാ. കവചം ധരിച്ചവൻ
ധൃതവീര്യൻ നാ. ശക്തൻ, പരാക്രമി
ധൃതവ്രതൻ നാ. 1. ഇന്ദ്രൻ; 2. വരുണൻ; 3. അഗ്നി; 4. ദൃഢനിഷ്ഠയുള്ളവൻ
ധൃതാത്മാവ് നാ. പ്രശാന്തൻ, സ്ഥിരചിത്തൻ
ധൃതി1 നാ. 1. ധാരണം, വഹിക്കൽ; 2. ധൈര്യം; 3. സന്തോഷം; 4. (ജ്യോ) ഒരു യോഗം; 5. ഒരു ഛന്ദസ്സ്; 6. ഒരു സഞ്ചാരിഭാവം
ധൃതി2 നാ. ധിറുതി, തിടുക്കം, തത്രപ്പാട്
ധൃതിമത്ത് വി. മനസ്സുറപ്പുള്ള, സംതൃപ്തിയുള്ള
ധൃത്വരി നാ. ഭൂമി
ധൃത്വാ അവ്യ. ധരിച്ചിട്ട്
ധൃത്വാവ് നാ. 1. വിഷ്ണു; 2. ബ്രഹ്മാവ്; 3. സദ്ഗുണം; 4. കടൽ; 5. സമർഥൻ; 6. ആകാശം
ധൃഷിത വി. ധീരനായ
ധൃഷ്ട1 വി. 1. ധൈര്യമുള്ള; 2. ക്രൂരതയുള്ള; 3. അടക്കമില്ലാത്ത; 4. നാണമില്ലാത്ത
ധൃഷ്ട2 നാ. 1. ധൈര്യവതി; 2. വിശ്വാസഭങ്ഗംചെയ്തവൾ; 3. നായികാവിഭാഗങ്ങളിൽ ഒന്ന്
ധൃഷ്ടത,-ത്വം നാ. ധൈര്യം, ഉറപ്പ്
ധൃഷ്ടദ്യുമ്നൻ നാ. പാഞ്ചാലിയുടെ സഹോദരൻ
ധൃഷ്ടൻ നാ. 1. ധീരൻ; 2. ലജ്ജയില്ലാത്തവൻ; 3. വിശ്വാസവഞ്ചകനായ ഭർത്താവ്, തെറ്റുസമ്മതിക്കാത്തവൻ (ഒരു നായകവിഭാഗം); 4. (പുരാണ) വൈവസ്വതമനുവിൻെറ പുത്രൻ
ധൃഷ്ടി നാ. 1. ധൃഷ്ടത, ധൈര്യം; 2. കൊടിൽ
ധൃഷ്ണക് നാ. 1. ധൈര്യമുള്ളവൻ; 2. ലജ്ജയില്ലാത്തവൻ
ധൃഷ്ണി നാ. രശ്മി, പ്രഭ
ധൃഷ്ണു വി. 1. ധൈര്യമുള്ള, 2. ലജ്ജയില്ലാത്ത
ധൃഷ്യ വി. ധർഷിക്കപ്പെടാവുന്ന, കീഴടക്കാവുന്ന
ധേന നാ. 1. നദി; 2. പശു; 3. വാക്ക്

ധേനം നാ. 1. കടൽ; 2. നദി
ധേനി നാ. കൊത്തമ്പാലരി
ധേനു നാ. 1. പശു, കറവപ്പശു; 2. ഭൂമി; 3. മൃഗജാതിയിലെ പെണ്ണ്
ധേനുക നാ. 1. പിടിയാന; 2. കറവപ്പശു, പശു; 3. ചുരിക; 4. സമ്മാനം, ദാനം
ധേനുകൻ നാ. ഒരു അസുരൻ
ധേനുകസൂദനൻ നാ. 1. ശ്രീകൃഷ്ണൻ; 2. ബലരാമൻ (ധേനുകനെ കൊന്നത് രാമകൃഷ്ണന്മാരാകയാൽ)
ധേനുവാക്ക് നാ. ഋജുവും ഹിതവുമായ വാക്ക്
ധേനുഷ്യ നാ. 1. കറവയ്ക്കുകൊടുത്തിരിക്കുന്ന പശു; 2. കറവതീരുന്നതുവരെ കറന്നെടുക്കുമെന്ന കരാറിൽ കടംകൊടുത്തവൻ സ്വന്തം വീട്ടിൽ നിറുത്തിയിരിക്കുന്ന കടക്കാരൻെറ പശു
ധേനുസരസ്വതി നാ. സൂര്യമണ്ഡലത്തിൻെറ മധ്യത്തിൽ സ്ഥിതിചെയ്യുന്നുവെന്ന് വിശ്വസിക്കപ്പെടുന്ന ഒരു ദേവി
ധേയ വി. വഹിക്കുന്ന, എടുക്കുന്ന; 2. വഹിക്കത്തക്ക; 3. വളർത്താൻ കൊള്ളാവുന്ന; 4. കുടിക്കത്തക്ക
ധേയം നാ. 1. ഒരു പ്രത്യയം. ഉദാ: നാമധേയം, ഭാഗധേയം; 2. പോഷണം; 3. ഗ്രഹണം, പഠനം
ധൈനുകം നാ. 1. പശുക്കൂട്ടം; 2. ഒരു രതിബന്ധം
ധൈര്യം നാ. 1. ധീരത, ഉറപ്പ്; 2. ശക്തി; 3. ശാന്തത; 4. ക്ഷമ; 5. തുനിവ്; 6. നായികാശ്രിതങ്ങളായ 28 അലങ്കാരങ്ങളിൽ ഒന്ന്, ആത്മപ്രശംസ കൂടാതെയും ഒട്ടും ഇളക്കം ഇല്ലാതെയും ഉള്ള മനോവൃത്തി
ധൈര്യവത്ത് വി. ധീരതയുള്ള
ധൈര്യശാലി നാ. ധൈര്യത്തോടുകൂടിയവൻ (സ്ത്രീ) ധൈര്യശാലിനി
ധൈവതം നാ. (സങ്ഗീ) സപ്തസ്വരങ്ങളിൽ ആറാമത്തേത്, ധ
ധൈഷ്ണിക നാ. ധിഷണയെ സംബന്ധിച്ച
ധോത്തി നാ. മുണ്ട്, വസ്ത്രം
ധോബി [ഹി.ധോബീ] ന്നാ. അലക്കുകാരൻ
ധോരണ നാ. ക്രമം, മുറ
ധോരണം നാ. 1. വാഹനം, തേര് ആന കുതിര മുതലായവ; 2. നന്നായി ഗമിക്കുന്നത്
ധോരണി നാ. 1. ഇടമുറിയാതെയുള്ള തുടർച്ച, പാരമ്പര്യം; 2. ഒഴുക്ക്. ഉദാ: വാചകധോരണി; 3. വിളംബരം; 4. വഴി; 5. നിര.
ധോരിതകം നാ. 1. അശ്വഗതിവിശേഷം; 2. അടി; 3. ഗതി
ധൗത വി. 1. കഴുകിവെളുപ്പിച്ച; 2. നിർമലമായ
ധൗതകടം നാ. വെളുത്തപരുക്കൻ തുണികൊണ്ടുള്ള സഞ്ചി
ധൗതം നാ. 1. വെള്ളി; 2. കുളി, ശുദ്ധിയാക്കൽ; 3. ശുഭവസ്ത്രം
ധൗതശിലം നാ. സ്ഫടികം
ധൗതി നാ. 1. ഊറ്റ്, നദി; 2. യോഗാഭ്യാസങ്ങളിൽ ഒന്ന്
ധൗതേയം നാ. ഇന്തുപ്പ്
ധൗമ്യൻ നാ. പാണ്ഡവരുടെ കുലഗുരുവായ മഹർഷി

ധൗമ്രം നാ. 1. ധുമ്രവർണം; 2. വീടുവയ്ക്കാൻ ഒരുക്കിയിട്ട തറ

ധൗരിതകം നാ. ഒരു അശ്വഗതിവിശേഷം

ധൗരേയ വി. 1. ചുമടെടുക്കുന്ന; 2. സാമർഥ്യമുള്ള

ധ്മാകാരൻ നാ. കൊല്ലൻ

ധ്മാങ്ക്ഷം നാ. 1. കാക്ക; 2. കൊക്ക്

ധ്മാത വി. ധ്മാനം ചെയ്യപ്പെട്ട, ഊതിവീർപ്പിച്ച

ധ്മാനം നാ. ഊതൽ

ധ്മാപനം നാ. ഊതിക്കൽ

ധ്യാത വി. ധ്യാനിക്കപ്പെട്ട

ധ്യാതവ്യ വി. ധ്യാനിക്കേണ്ടത്

ധ്യാതാവ് നാ. ധ്യാനിക്കുന്നവൻ

ധ്യാനനിഷ്ഠൻ നാ. ധ്യാനത്തിൽ ഇരിക്കുന്നവൻ

ധ്യാനബിന്ദു നാ. ഉപനിഷത്തുകളിൽ ഒന്ന്

ധ്യാനം നാ. ഏകാഗ്രതയോടും ശ്രദ്ധയോടും കൂടി ഒരേ കാര്യത്തെക്കുറിച്ചു തുടർച്ചയായി ചിന്തിക്കൽ, അപ്രകാരം ഈശ്വരനെക്കുറിച്ചു ചിന്തിച്ചുകൊണ്ടുചെയ്യുന്ന ആരാധന

ധ്യാനമുകൻ നാ. ഏകാഗ്രമായ ധ്യാനത്തിൽ മുഴുകി മിണ്ടാതെയിരിക്കുന്നവൻ, ചോദിക്കുന്നതു കേൾക്കുകയോ ഉത്തരം പറയുകയോ ചെയ്യാതിരിക്കുന്നവൻ

ധ്യാനശക്തി നാ. ധ്യാനിക്കുവാനുള്ള ശേഷി, ഓരോരോ സങ്കൽപങ്ങളെ മനസ്സിൽ ഉറപ്പിക്കുവാനുള്ള കരുത്ത്

ധ്യാനി നാ. ധ്യാനിക്കുന്നവൻ

ധ്യാനിക വി. ധ്യാനംകൊണ്ടു പ്രാപിക്കാവുന്ന

ധ്യാനിക്കുക ക്രി. ധ്യാനത്തിൽ മുഴുകുക

ധ്യാമ വി. അഴുക്കുപറ്റിയ, അശുദ്ധമായ.

943

ധ്യാമം നാ. നാന്മുകപ്പുല്ല്

ധ്യാമാവ് നാ. 1. ധ്യാനം; 2. പ്രകാശം; 3. അളവ്

ധ്യായമാന നാ. ധ്യാനത്തിൽ മുഴുകിയ, ധ്യാനവിഷയമാക്കിയ

ധ്യേയ വി. ധ്യാനിക്കപ്പെടേണ്ടത്, ധ്യാനത്തിനു യോജിച്ച

ധ്ര വി. (സമാസത്തിൽ പദാന്തത്തിൽ പ്രയോഗം) ധരിക്കപ്പെടുന്നത്. ഉദാ: മഹീധ്രം = മഹിയെ (ഭൂമിയെ) ധരിക്കുന്നത്, പർവതം

ധ്രസ്ത വി. എറിയപ്പെട്ട

ധ്രാഡി നാ. പുഷ്പചയം, പൂപറിക്കൽ

ധ്രീചി നാ. സഖി (പ്ര) മദ്ധ്രീചി = എൻെറ സഖി

ധ്രുവ വി. നിത്യമായ, സ്ഥിരമായ

ധ്രുവകം നാ. 1. കുറ്റി; 2. പല്ലവി; 3. ഭൂമധ്യരേഖയിൽനിന്നു വടക്കോട്ടോ തെക്കോട്ടോ ഉള്ള ദൂരം

ധ്രുവതാരം നാ. ധ്രുവനക്ഷത്രം

ധ്രുവദീപ്തി നാ. ഉത്തരദക്ഷിണധ്രുവങ്ങളിലെ വായുമണ്ഡലത്തിൽ സാധാരണകണ്ടുവരാറുള്ള ദീപ്തി, ദീപ്തിപതാക

ധ്രുവൻ നാ. 1. ഉത്താനപാദനു സുനീതിയിൽ ഉണ്ടായ മകൻ; 2. അചരമായി തോന്നിച്ചുകൊണ്ട് വടക്കെ ധ്രുവത്തിൽ കാണപ്പെടുന്ന ഒരു നക്ഷത്രം; 3. വിഷ്ണു; 4. ശിവൻ; 5. ബ്രഹ്മാവ്

ധ്രുവം അവ്യ. തീർച്ചയായും, നിശ്ചയമായും. നാ. 1. കുറ്റി (ഉറച്ചുനിൽക്കുന്നത്); 2. (സങ്ഗീ) ഒരു താളം; 3. നിശ്ചയമായുള്ളത്; 4. ഒരു നക്ഷത്രം; 5. കാലം; 6. പേരാൽ; 7. താറാവ്; 8. ആകാശം; 9. സ്വർഗം; 10. മൂക്കിൻെറ അറ്റം; 11. ഭൂഗോളത്തിൻെറ തെക്കെ അറ്റവും വടക്കെ അറ്റവും, ധ്രുവങ്ങൾ

ധ്രുവാവർത്തം നാ. തലയിലെ ചുഴി

ധ്രൗവ്യം നാ. 1. സ്ഥിരത, നിശ്ചയം; 2. കാലദൈർഘ്യം

ധ്വജദ്രുമം നാ. കരിമ്പന

ധ്വജൻ നാ. (സമാസാന്തത്തിൽ പ്രയോഗം) 1. പ്രസിദ്ധൻ, പ്രധാനി; 2. മദ്യവും മറ്റും ഉണ്ടാക്കി വിൽക്കുന്നവൻ; 3. കൊടിയടയാളമുള്ളവൻ

ധ്വജപടം നാ. കൊടി, പതാക

ധ്വജപാതം നാ. ധ്വജഭങ്ഗം

ധ്വജപ്രതിഷ്ഠ നാ. കൊടിമരം നാട്ടൽ

ധ്വജപ്രഹരണൻ നാ. വായു

ധ്വജഭങ്ഗം നാ. 1. പുരുഷലിങ്ഗത്തിൻെറ ഉദ്ധാരണശേഷി ഇല്ലാതാകൽ; 2. കൊടിമരം ഒടിഞ്ഞുപോകൽ

ധ്വജം നാ. 1. കൊടിമരം, കൊടി; 2. കൊടിമരത്തിനുമുകളിലുള്ള അടയാളം; 3. അടയാളം; 4. പുരുഷ ലിങ്ഗം; 5. കരിമ്പന; 6. അഭിമാനം

ധ്വജമണ്ഡപം നാ. കൊടിമരം നിൽക്കുന്ന തറ

ധ്വജയഷ്ടി നാ. കൊടിമരം

ധ്വജവത്ത് വി. 1. ധ്വജമുള്ള; 2. അടയാളമുള്ള

ധ്വജവാൻ നാ. 1. ധ്വജമുള്ളവൻ; 2. മദ്യവ്യാപാരി

ധ്വജാഹൃത നാ. യുദ്ധത്തിൽ കൈക്കലാക്കിയ

ധ്വജി1 നാ. 1. ധ്വജമുള്ള; 2. അടയാളമുള്ള; 3. പ്രത്യേകവ്യാപാരമുദ്രയുള്ള

ധ്വജി2 നാ. 1. കുതിര; 2. പാമ്പ്; 3. മയിൽ; 4. പർവതം; 5. വണ്ടി; 6. ബ്രാഹ്മണൻ; 7. മദ്യവും തൈരും മറ്റും വിൽക്കുന്നവൻ

ധ്വജികൻ നാ. കപടഭക്തൻ

ധ്വജിനി നാ. സേന (കൊടിയുള്ളതിനാൽ)

ധ്വജീകരണം നാ. 1. കൊടിനാട്ടൽ, കൊടിയുയർത്തൽ; 2. ഒഴിവുകഴിവുപറയൽ

ധ്വജോത്ഥാനം നാ. ഇന്ദ്രപ്രീതിക്കുവേണ്ടി നടത്തുന്ന ഉത്സവം

ധ്വനദ്ധ്യൂമം നാ. ശബ്ദത്തോടുകൂടിയ പുക

ധ്വനനം നാ. ശബ്ദിക്കൽ

ധ്വനം നാ. ശബ്ദം, സ്വരം, മുഴക്കം

ധ്വനമോദി നാ. തേനീച്ച

ധ്വനി നാ. 1. ശബ്ദം; 2. വാക്കുകളുടെ വാച്യാർഥത്തെക്കാൾ മനോഹരമായ മറ്റൊരർഥം (ഇതു മൂന്നുവിധം. വസ്തുധ്വനി, അലങ്കാരധ്വനി, രസധ്വനി); 2. മേഘനിർഘോഷം; 4. വാക്ക്

ധ്വനികാവ്യം നാ. ധ്വനിപ്രധാനമായ കാവ്യം, ഉത്തമകാവ്യം

ധ്വനിക്കുക ക്രി. 1. ശബ്ദിക്കുക; 2. (കാവ്യ) ഒരു കാര്യം പറയുമ്പോൾ കൂടുതൽ ചമത്കാരകാരിയായ മറ്റൊരർഥംകൂടി തോന്നുക, ധ്വനി ഉണ്ടാകുക
ധ്വനിഗ്രഹം നാ. കേൾക്കാൻ സഹായിക്കുന്നത്, ചെവി; 2. കേൾക്കൽ
ധ്വനിത വി. ധ്വനിക്കപ്പെട്ട
ധ്വനിതം നാ. 1. ധ്വനിയായി പ്രതീതമാകുന്നത്; 2. കേട്ടത്; 3. മേഘനിർഘോഷം
ധ്വനിതാവ് നാ. ശബ്ദിപ്പിക്കുന്നവൻ
ധ്വനിവിജ്ഞാനം നാ. ഉച്ചാരണശബ്ദത്തെ കുറിച്ചുള്ള ശാസ്ത്രീയ പഠനം
ധ്വന്യാത്മക നാ. ധ്വനിയോടുകൂടിയ
ധ്വന്യാലോകം നാ. ധ്വനിയെസംബന്ധിച്ച് ആനന്ദവർധനാചാര്യർ രചിച്ച ഒരു പ്രമാണഗ്രന്ഥം
ധ്വംസകൻ നാ. നശിപ്പിക്കുന്നവൻ
ധ്വംസ(ന)ം നാ. നശിപ്പിക്കൽ, നഷ്ടം, ഇല്ലാതാക്കൽ
ധ്വംസി നാ. നശിപ്പിക്കുന്നവൻ (ധ്വംസിക്കുന്നവൻ)
ധ്വംസിക്കുക നാ. നശിപ്പിക്കുക, കൊല്ലുക, കെടുക്കുക
ധ്വര [ക.ദൊരെ.ത.തുരൈ] നാ. സായിപ്പ്, യജമാനൻ. (സ്ത്രീ)ദൊരശാണി, ദൊരശ്ശിണി
ധ്വസ്ത വി. ധ്വംസിക്കപ്പെട്ട, നശിപ്പിക്കപ്പെട്ട
ധ്വസ്തി നാ. ധ്വംസം, നാശം
ധ്വാങ്ക്ഷൻ നാ. 1. കാക്ക; 2. ഇരപ്പാളി; 3. ധിക്കാരി; 4. ആശാരി
ധ്വാങ്ക്ഷം നാ. 1. കാക്ക; 2. നീർക്കാക്ക; 3. കൊക്ക്; 4. നിന്ദ്യമായത്
ധാങ്ക്ഷാരാതി നാ. ഊമൻ
ധ്വാനം നാ. 1. ശബ്ദം; 2. മുരൾച്ച
ധ്വാനിത വി. ശബ്ദിക്കപ്പെട്ട
ധ്വാന്തം നാ. 1. ശബ്ദിപ്പിക്കുന്നത്, ഇരുട്ട്; 2. അജ്ഞാനം
ധ്വാന്തശാത്രവൻ നാ. 'ഇരുട്ടിന്റെ ശത്രു', 1. സൂര്യൻ; 2. ചന്ദ്രൻ; 3. അഗ്നി

ന

ന1 [ന്-അ] മലയാള അക്ഷരമാലയിലെ ഇരുപതാമത്തെ വ്യഞ്ജനം. ദന്ത്യമായ അനുനാസികം. (ലിപിമാലയിൽ ദന്ത്യമായ അനുനാസികത്തെയും വർത്സ്യാനുനാസികത്തെയും കുറിക്കാൻ ഒരേചി മാണ് ഉപയോഗിക്കുന്നത്. പദാദിയിൽ വരുമ്പോൾ ദന്ത്യവും പദമധ്യത്തിലും പദാന്തത്തിലും വർത്സ്യവും എന്നു സാമാന്യമായി പറയാമെങ്കിലും സമസ്തപദങ്ങളിൽ പദമധ്യത്തിലും ദന്ത്യോച്ചാരണം പലയിടത്തും കാണാം. (ഉദാ: ആവനാഴി, കാൽനഖം)
ന2 [സം.] അവ്യ. ഇല്ല, അല്ല
നക [<നകയ്ക്കുക] നാ. 1. ആഭരണം; 2. രത്നം; 3. പല്ല്; 4. പ്രകാശം
നകട്ടുക ക്രി. 1. ഇളക്കിമറിക്കുക; 2. അരയ്ക്കുക; 3. നശിപ്പിക്കുക; 4. വിഴുങ്ങിക്കളയുക
നകത് [അറ നാ. രൊക്കമായികൊടുക്കുന്ന തുക
നകയ്ക്കുക ക്രി. ചിരിക്കുക
നകാരം നാ. 'ന' എന്ന അക്ഷരം

നകുടം നാ. മൂക്ക്
നകുല വി. കുലമില്ലാത്ത
നകുലൻ നാ. 1. ശിവൻ; 2. പുത്രൻ
നകുലം നാ. 1. കീരി; 2. കുങ്കുമം
നകുലി നാ. 1. പെൺകീരി; 2. മാഞ്ചി; 3. മുള്ളിലവ്; 4. കുങ്കുമം
നകുലേശൻ നാ. ഭൈരവൻ
നക്കൽ1 [നക്കുക] നാമരൂപം
നക്കൽ2 [അറ] നാ. ആദ്യപകർപ്പ്, കാര്യങ്ങൽ എല്ലാം ഉൾക്കൊള്ളാത്തതും പിഴതീരാത്തതുമായ കരടുരേഖ >< അസൽ
നക്കാപ്പിച്ച നാ. അല്പം വല്ലതും, സൗജന്യമായികൊടുക്കുന്ന നിസ്സാരവസ്തു
നക്കി1 [<നക്കുക] നാ. നക്കുന്നവൻ, ദരിദ്രവാസി. നക്കിത്തനം = കടുത്തപിശുക്ക്. നക്കിത്തുടയ്ക്കുക = 1. അൽപംപോലും ശേഷിക്കാതെ നക്കിയെടുക്കുക; 2. അതിസ്നേഹം ഭാവിക്കുക. നക്കിശുദ്ധം മാറ്റുക = എച്ചിലാക്കാനേ\ണ്ടിമാത്രം തൊട്ടു നാക്കില\യ്ക്കുക; 2. സ്നേഹം ഭാവിച്ച് അപകടത്തിലാക്കുക
നക്കി2 [നക്കുക] ക്രി. ഭൂ.രൂപം
നക്കുക ക്രി. നാക്കുകൊണ്ട് തുടച്ചെടുക്കുക
നക്ത വി. ലജ്ജിച്ച
നക്തകം നാ. 1. അഴുക്കുതുണി, കീറത്തുണി; 2. വിയർപ്പുതുടക്കാനും മറ്റും ഉപയോഗിക്കുന്ന തുണിക്കഷണം
നക്തചര വി. രാത്രിയിൽ സഞ്ചരിക്കുന്ന
നക്തചരൻ നാ. 1. നക്തഞ്ചരൻ; 2. പൂച്ച
നക്തഞ്ചരൻ വി. രാത്രിയിൽ സഞ്ചരിക്കുന്ന. നാ. 1. രാത്രിയിൽ സഞ്ചരിക്കുന്നവൻ; 2. രാക്ഷസൻ; 3. കള്ളൻ
നക്തന്ദിനം അവ്യ. രാത്രിയും പകലും, രാപ്പകൽ
നക്തദിന്ദിവം അവ്യ. നക്തന്ദിനം
നക്തഭോജനം നാ. രാത്രിയുള്ള ആഹാരം, അത്താഴം
നക്തഭോജി നാ. 1. രാത്രിയിൽ ഭക്ഷിക്കുന്നവൻ; 2. വവ്വാൽ
നക്തം അവ്യ. രാത്രിയിൽ നാ> 1. രാത്രി; 2. ഇരുട്ട്
നക്തമുഖ നാ. 1. സന്ധ്യ; 2. മഞ്ഞൾ
നക്താന്ധൻ നാ. രാത്രി കണ്ണുകാണാൻ പാടില്ലാത്തവൻ, മാലക്കണ്ണുള്ളവൻ
നക്താന്ധ്യം നാ. രാത്രി കണ്ണുകാണായ്ക
നക്ര നാ. 1. തേനീച്ചയുടെയോ കടന്നലിൻെറയോ കൂട്ടം; 2. മൂക്ക്
നക്രബാഷ്പം നാ. കള്ളക്കണ്ണീർ
നക്രം നാ. 1. മുതല; 2. ചീങ്കണ്ണി; 3. ഒരു വാദ്യം, നകരാവ്
നക്രരാജം നാ. മുതല
നക്ഷത്ര വി. ക്ഷത്രിയകുലത്തിൽ ജനിക്കാത്ത
നക്ഷത്രചി ം നാ. നക്ഷത്രത്തിൻെറ ആകൃതിയിലുള്ള ഒരു അടയാളം
നക്ഷത്രദർശകൻ നാ. ജ്യൗതിഷികൻ
നക്ഷത്രദിനം നാ. (ജ്യോ) അശ്വതിതുടങ്ങിയ നക്ഷത്രങ്ങളിൽ ചന്ദ്രൻ നിൽക്കുന്ന കാലം
നക്ഷത്രനാഥൻ നാ. ചന്ദ്രൻ

നക്ഷത്രനേമി നാ. 1. ചന്ദ്രൻ; 2. ധ്രുവനക്ഷത്രം
നക്ഷത്രപഥം നാ. ആകാശം
നക്ഷത്രപദവി നാ. 1. ആകാശം; 2. നക്ഷത്രമായിത്തീരൽ
നക്ഷത്രപൻ നാ. ചന്ദ്രൻ
നക്ഷത്രപാഠകൻ നാ. ജ്യോത്സ്യൻ
നക്ഷത്രബങ്ഗ്ലാവ് [ഇം.] നാ. ആകാശജ്യോതിസ്സുകളെ നിരീക്ഷിക്കുവാനും അവയെക്കുറിച്ചു പഠിക്കുവാനും വേണ്ട ആധുനികോപകരണങ്ങൾ സജ്ജീകരിച്ചിട്ടുള്ള സ്ഥലം
നക്ഷത്രം നാ. 1. സ്വയംപ്രകാശമുള്ള ആകാശഗോളം; 2. മുത്ത്. (പ്ര) നക്ഷത്രക്കാലെണ്ണുക, നക്ഷത്രമെണ്ണുക = അസാധ്യമായതു ചെയ്യാൻ ശ്രമിക്കുക, പാഴ്വേലചെയ്യുക
നക്ഷത്രമണ്ഡലം നാ. 1. നക്ഷത്രങ്ങളുടെ കൂട്ടം; 2. നക്ഷത്രത്തിൻെറ സഞ്ചാരപഥം
നക്ഷത്രമാല നാ. 1. നക്ഷത്രസമൂഹം; 2. ഇരുപത്തിയേഴു രത്നങ്ങൾ കോർത്തുണ്ടാക്കിയ മാല (നക്ഷത്രങ്ങൾ ഇരുപത്തിയേഴ്)
നക്ഷത്രമാസം നാ. (ജ്യോ) ചന്ദ്രൻ ഒരു നക്ഷത്രത്തിൽനിന്നു പുറപ്പെട്ട് തിരികെ ആ നക്ഷത്രത്തിൽ എത്തുന്നതുവരെയുള്ള കാലം, ചന്ദ്രമാസം
നക്ഷത്രയോഗം നാ. (ജ്യോ) ചന്ദ്രൻ ഓരോനക്ഷത്രത്തിലും നിൽക്കുന്ന കാലം, ചന്ദ്രനും നക്ഷത്രവുമായുള്ള ചേർച്ച
നക്ഷത്രലോകം നാ. ആകാശം
നക്ഷത്രവിദ്യ നാ. ജ്യോതിഷം, ജ്യോതിശ്ശാസ്ത്രം
നക്ഷത്രവീഥി നാ. ആകാശം
നക്ഷത്രശാല നാ. നക്ഷത്രബങ്ഗ്ലാവ്
നക്ഷത്രസൂചകൻ നാ. 1. ജ്യോത്സ്യൻ; 2. ജ്യോതിഷം നല്ലപോലെ പഠിക്കാതെ ദൈവജ്ഞവേഷം കെട്ടുന്നവൻ
നക്ഷത്രി നാ. 1. വിഷ്ണു; 2. ചന്ദ്രൻ
നക്ഷത്രീയ വി. 1. നക്ഷത്രത്തെ സംബന്ധിച്ച; 2. ഇരുപത്തേഴെണ്ണമുള്ള.
945
നക്ഷത്രേശം നാ. കർപ്പൂരം
നഖകുട്ടൻ നാ. നഖം മുറിക്കുന്നവൻ, ക്ഷുരകൻ
നഖക്ഷതം നാ. നഖംകൊണ്ടുണ്ടാക്കുന്ന മുറിവ്
നഖച്ചുറ്റ് നാ. നഖത്തെ ബാധിക്കുന്ന ഒരു രോഗം
നഖച്ഛേദം നാ. നഖം മുറിക്കൽ
നഖച്ഛേദ്യ വി. 1. നഖംകൊണ്ട് മുറിക്കപ്പെടേണ്ട; 2. നഖംകൊണ്ട് മുറിക്കാവുന്ന
നഖജാഹം നാ. നഖത്തിൻെറ ചുവട്
നഖദാരണം നാ. 1. പരുന്ത്; 2. കഴുകൻ; 3. നഖം മുറിക്കാനുള്ള ഉപകരണം
നഖനികൃന്തനം നാ. നഖം മുറിക്കാനുള്ള ഉപകരണം
നഖം നാ. 1. വിരലുകളുടെ അറ്റത്ത് പുറത്തുവശത്തായി മുളച്ചുവളരുന്ന കട്ടിയും ബലവും പരപ്പുമുള്ള ഭാഗം; 2. പുലിച്ചുവടി; 3. നാഗുണം; 4. ഭാഗം
നഖംപച വി. നഖത്തെ ചൂടുപിടിപ്പിക്കുന്ന. (പ്ര) നഖംപചോക്ഷ്മളം = (കാൽ) നഖങ്ങളെ പൊള്ളിക്കത്തക്കവണ്ണം ചൂടുള്ള

നഖരഞ്ജിനി നാ. 1. നഖം മുറിക്കാനുള്ള ഉപകരണം; 2. നഖത്തിൽ പുരട്ടുന്ന ചായം

നഖരായുധം നാ. 'നഖം ആയുധമായുള്ളത്', 1. കോഴി; 2. സിംഹം; 3. കടുവ; 4. പുലി

നഖരേഖ നാ. 1. നഖംകൊണ്ടുവരയ്ക്കുന്ന രേഖ; 2. നഖത്തിൽ ചായം തേക്കൽ

നഖശിഖാന്തം അവ്യ. കാൽനഖം മുതൽ തലമുടിവരെ, ആപാദചൂഡം

നഖാങ്കം നാ. 1. നഖംകൊണ്ടുണ്ടായ അടയാളം, നഖക്ഷതം; 2. പുലിച്ചുവടി

നഖായുധം നാ. 1. കോഴി; 2. സിംഹം; 3. കടുവ; 4. പുലി; 5. കുരങ്ങ്

നഖാശി നാ. ഊമൻ

നഖി വി. 1. നഖമുള്ള. നാ. 1. കടുവ; 2. പെരുച്ചാഴി; 3. സിംഹം; 4. നാഗുണം

നഗജ നാ. പാർവതീദേവി

നഗജം നാ. ആന

നഗണം നാ. 1. (ആയുർ) ഒരു നേത്രരോഗം; 2. (വൃത്ത) മൂന്നക്ഷരവും ലഘുവുമായുള്ള ഗണം, സർവലഘുഗണം

നഗൻ നാ. സൂര്യൻ

നഗനന്ദിനി നാ. ശ്രീപാർവതി

നഗപതി നാ. 1. ഹിമവാൻ; 2. ചന്ദ്രൻ

നഗഭിത്ത് നാ. 1. ഇന്ദ്രൻ; 2. സുബ്രഹ്മണ്യൻ; 3. കോടാലി; 4. കാക്ക; 5. കല്ലൂർവഞ്ചി

നഗഭൂഷണ നാ. കുയിൽപ്പേട

നഗം നാ. 1. പർവതം; 2. വൃക്ഷം; 3. സർപ്പം; 4. ഏഴ് എന്ന സങ്ഖ്യ

നഗരകാകൻ നാ. നീചൻ, തെരുവിൽ അലഞ്ഞുതിരിയുന്നവൻ

നഗരഘാതകം നാ. ആന

നഗരന്ധ്രകരൻ നാ. 'പർവതത്തെ തുളച്ചവൻ', സുബ്രഹ്മണ്യൻ

നഗരം നാ. പട്ടണം

നഗരാവ് നാ. ഒരു ആഹതവാദ്യം, ആനപ്പുറത്തുവച്ചു മുഴക്കുന്ന വലിയ പടഹം

നഗരി നാ. 1. പട്ടണം; 2. തലസ്ഥാനം

നഗരീയ വി. നഗരത്തെ സംബന്ധിച്ച

നഗരൗകസ്സ് നാ. നഗരത്തിൽ വസിക്കുന്നവൻ

നഗാടനം നാ. കുരങ്ങ്

നഗാധിപൻ നാ. 1. ഹിമവാൻ; 2. മഹാമേരു; 3. ഇന്ദ്രൻ

നഗാരി നാ. ഇന്ദ്രൻ

നഗാവാസം നാ. മയിൽ

നഗേന്ദ്രൻ നാ. നഗാധിപൻ

നഗേശൻ നാ. നഗാധിപൻ

നഗൗകം നാ. 1. സിംഹം; 2. എട്ടടിമാൻ; 3. കാക്ക; 4. പക്ഷി

നഗ്ന1 വി. 1. വസ്ത്രം തുടങ്ങിയവകൊണ്ടു മറയ്ക്കാത്ത; 2. കൃഷിചെയ്യാത്ത, തരിശായ; 3. വിജനമായ; 4. മറവില്ലാത്ത

നഗ്ന2 നാ. വസ്ത്രം ധരിച്ചിട്ടില്ലാത്തവൾ, ശരീരം മറയ്ക്കാത്തവൾ
നഗ്നക1 വി. നഗ്ന
നഗ്നക2 ആ. 1. ശരീരം മറയ്ക്കാത്ത സ്ത്രീ, നഗ്ന; 2. നാണമില്ലാത്തവൾ
നഗ്നകൻ നാ. = നഗ്നൻ
നഗ്നത നാ. വസ്ത്രം ധരിക്കാത്തസ്ഥിതി, ശരീരം മറയ്ക്കാത്ത അവസ്ഥ
നഗ്നൻ നാ. 1. വസ്ത്രാദികൾകൊണ്ട് ശരീരം മറയ്ക്കാത്തവൻ; 2. ജൈനസന്ന്യാസി; 3. ശിവൻ
നഗ്നപാദൻ നാ. ചെരിപ്പില്ലാതെ നടക്കുന്നവൻ
നഗ്നഫലം നാ. പുറന്തോടില്ലാത്ത കായ്
നഗ്നസത്യം നാ. എല്ലാവർക്കും അറിയാവുന്ന സത്യം
നഗ്നാടകൻ നാ. 1. വസ്ത്രം ധരിക്കാതെ സഞ്ചരിക്കുന്നവൻ; 2. ജൈനസന്ന്യാസി
നഗ്നിക നാ. = നഗ്നക
നഗ്നീകരിക്കുക ക്രി. നഗ്നമാക്കുക, മറവു മാറ്റുക
നഗ്നീകൃത വി. നഗ്നമാക്കപ്പെട്ട
നങ്ക നാ. പെണ്ണ്, പെൺകുട്ടി
നങ്കലം നാ. അളവ്, നാലുകലം
നങ്കു നാ. ഭങ്ഗി, അഴക്
നങ്കൂരം നാ. കപ്പൽ നീങ്ങിപ്പോകാതെ ഒരിടത്ത് നിറുത്തുന്നതിനുള്ള ഉപകരണം
നങ്കൊട നാ. 1. ദാനം, സമ്മാനം; 2. വിവാഹസമ്മാനം
നങ്ഗൻ നാ. കാമുകൻ, ജാരൻ
നങ്ങ നാ. 1. പ്രായപൂർത്തിയാകാത്ത പെൺകുട്ടി; 2. സുന്ദരി; 3. മാന്യസ്ത്രീ
നങ്ങപ്പിള്ള നാ. (ബ്രാഹ്മണ) കന്യക
നങ്ങയാർ,നങ്ങി– നാ. 1. നമ്പിയാർ ജാതിയിൽപ്പെട്ട സ്ത്രീ; 2. നടി; 3. ചാക്യാരുടെ ഭാര്യ, ഇല്ലോടമ്മ
നചികേതസ്സ് നാ. അഗ്നി
നചിരം അവ്യ. അധികം താമസിയാതെ
നചുക്കുക [നചുങ്ങുക>പ്ര]ക്രി. 1. കശക്കുക; 2. കീഴ്പ്പെടുത്തുക; 3. തുടുക്കുക
നചുങ്ങുക ക്രി. 1. പിതുങ്ങുക; 2. അവശമാകുക
നച്ചക്കായ് നാ. വിഷമുള്ള ഒരുതരം കായ് (ഇത് അരച്ച് വെള്ളത്തിൽ കലക്കി മീൻ പിടിക്കാൻ ഉപയോഗിക്കുന്നു)
നച്ചക്കുഴൽ നാ. ഉള്ളിൽ ഗോലിയോ അമ്പോവച്ച് ഊതിത്തെറിപ്പിക്കാൻ ഉപയോഗിക്കുന്ന കുഴൽ
നച്ചം നാ. വിഷം
നച്ച്1 വി. ചെറിയ. (പ്ര) നച്ചെലി = ചെറിയ എലി
നച്ച്2 നാ. വിഷം
നജർ[അറ] നാ. കാഴ്ചദ്രവ്യം
നഞ്ച നാ. നനയ്ക്കപ്പെടേണ്ട കൃഷിഭൂമി, ജലസേചനം ആവശ്യമുള്ള ഭൂമി
നഞ്ചൻ നാ. ചതിയൻ, ദ്രോഹി
നഞ്ചം നാ. 1. നഞ്ച്; 2. അമരി

നഞ്ചമ്പ് നാ. മുനയിൽ വിഷം തേച്ചിട്ടുള്ള അമ്പ്
നഞ്ച നാ. 1. വിഷം; 2. അപഥ്യമായ വസ്തു
നഞ്ചുണ്ടവൻ നാ. ശിവൻ
നഞ്ഞ നാ. നഞ്ച
നഞ്ഞൻ നാ. = നഞ്ചൻ
നഞ്ഞനാടി നാ. 1. കുഴിച്ച് അടിയിലും വശങ്ങളിലും കരിങ്കല്ലു പടുത്തുണ്ടാക്കുന്ന അറ; കല്ലറ; 2. നാലുവശവും കല്ലുകെട്ടി മണ്ണിട്ടുനികത്തിയ സ്ഥലം
നഞ്ഞു നാ. = നഞ്ച്
നട1 [<നടക്കുക] ധാതുരൂപം
നട2 [നടക്കുക] നാ. കാലുപയോഗിച്ച് ചലിക്കൽ
നട3 നാ. 1. വീട്, അമ്പലം തുടങ്ങിയവയുടെ പ്രവേശനദ്വാരത്തിനു മുന്നിലുള്ള പടി; 2. ഗേറ്റിൻെറയും മറ്റും മുൻഭാഗം; 3. അമ്പലം; 4. കാല്; 5. വഴി; 6. മുൻപതിവ്. (പ്ര) നടയ്ക്കുവയ്ക്കുക,-ഇരുത്തുക = ആന തുടങ്ങിയ മൃഗങ്ങളെ ദേവസ്ഥാനത്തിൽ സമർപ്പിക്കുക. നടകാവൽ = അടിമപ്പണി, വാതിൽക്കാവൽ. നടകല്ല് = വീട്ടിലേക്കു കയറുന്നതിനു കെട്ടിയിരിക്കുന്ന പടികൾ
നടകൻ നാ. നടൻ
നടക്കാവ് നാ. നടപ്പാതയുടെ ഇരുവശത്തും നട്ടുപിടിപ്പിച്ചിരിക്കുന്ന മരങ്ങൾ
നടക്കുക ക്രി. 1. നിവർന്നുനിന്നു കാലുകൾകൊണ്ട് സഞ്ചരിക്കുക; 2. സംഭവിക്കുക; 3. ആചരിക്കുക
നടച്ചാവടി നാ. സത്രം, വഴിയമ്പലം
നടത്ത(ം) നാ. 1. നടക്കുന്ന രീതി; നടപ്പ്; 3. പെരുമാറ്റം
നടത്തൽ [<നടക്കുക] നാമരൂപം
നടത്തിക്കുക ക്രി. 1. മറ്റാരെക്കൊണ്ടെങ്കിലും ഒരു കാര്യം ചെയ്യിക്കുക; 2. നടക്കാൻ പ്രേരിപ്പിക്കുക
നടത്തുക [നടക്കുക>പ്ര] ക്രി. 1. നടക്കാൻ സഹായിക്കുകയോ പ്രേരിപ്പിക്കുകയോചെയ്യുക; 2. നിർവഹിക്കുക; 3. കടത്തുക
നടത്തുചൊല്ലുക ക്രി. കുറെപ്പേർ ഒത്തുചേർന്ന് നടക്കുമ്പോൾ യാത്രാക്ലേശം മാറ്റാനും ഉത്സാഹത്തിനും വേണ്ടി "നടനടയോ നടനടയോ" എന്നിങ്ങനെ ആർത്തുവിളിക്കുക
നടൻ നാ. (നാടകം, നൃത്തം തുടങ്ങിയവയിൽ) അഭിനയിക്കുന്നവൻ; 2. ചാക്യാർ
നടനടേ അവ്യ. മുന്നിൽ, ആദ്യമായി
നടനം നാ. 1. നൃത്തം, ആട്ടം, കൂത്ത്; 2. അഭിനയം
നടനായകൻ നാ. ശിവൻ, നടരാജൻ
നടനാൾ നാ. തീണ്ടാരിയായ സ്ത്രീയുടെ അശുദ്ധിമാറുന്ന ദിവസം
നടപടി നാ. (അങ്ഗീകൃതമായ) കാര്യനിർവഹണക്രമം, കീഴ്വഴക്കം
നടപടിക്കോപ്പ് നാ. കീഴ്വഴക്കമനുസരിച്ച് പെണ്ണിൻെറ വീട്ടുകാർ മരുമകൻെറ വീട്ടിൽ എത്തിക്കേണ്ട വസ്ത്രം ആഭരണം തുടങ്ങിയവ
നടപ്പന്തൽ നാ. 1. വിശേഷാവസരങ്ങളിൽ ഘോഷയാത്രയായി നടന്നു പോകുന്നതിനും മറ്റും വഴിയിൽ നീളത്തിൽ ഉണ്ടാക്കുന്ന പന്തൽ; 2. നടയിൽ കെട്ടുന്ന പന്തൽ

നടപ്പവകാശം നാ. 1. വസ്തുക്കൾ കൈവശം വച്ച് അനുഭവിക്കാനുള്ള അവകാശം; 2. കുറെക്കാലം നോക്കി നടത്തിയതുകൊണ്ട് വസ്തുവിന്മേൽ കുടിയാനവന് ഉണ്ടാകുന്ന അവകാശം
നടപ്പാകുക ക്രി. 1. പ്രയോഗത്തിൽ വരിക; 2. പ്രചരിക്കുക
നടപ്പാവാട നാ. ആദരണീയവ്യക്തികളെ ആഘോഷപൂർവം സ്വീകരിക്കുമ്പോൾ അവർക്കു ചവിട്ടി നടക്കാനായി വിരിച്ചുകൊടുക്കുന്ന വസ്ത്രം
നടപ്പിലാകുക ക്രി. നടപ്പാകുക
നടപ്പിലാക്കുക ക്രി. നടപ്പാക്കുക
നടപ്പ്[<നടക്കുക] നാ. 1. നടക്കൽ; 2. സ്വഭാവം; 3. ആചാരം; 4. തൊഴിൽ; 5. പ്രചാരം; 6. അങ്ഗീകാരം; 7. ആഗ്രഹങ്ങൾ നിറവേറുന്ന സ്ഥിതി
നടപ്പുകാലം നാ. യൗവനവും ആരോഗ്യവുമുള്ള കാലം
നടപ്പുകേട് നാ. ചീത്തപ്പെരുമാറ്റം, ദുർനടപടി
നടപ്പുദീനം നാ. പകർച്ചവ്യാധി
നടപ്പുനാണയം നാ. പ്രചാരത്തിലുള്ള നാണയം
നടപ്പുപണയം നാ. മറ്റൊരാൾക്ക് പണമായോ ഒറ്റിയായോ കൊടുത്തുകഴിഞ്ഞ വസ്തുവിൻെറ ജന്മാവകാശം പണയപ്പെടുത്തി പണം വാങ്ങൽ
നടപ്പുഭാഷ നാ. പ്രചാരത്തിലുള്ള ഭാഷ, ഓരോ ദിക്കിലും പ്രചരിക്കുന്ന ഭാഷാഭേദം
നടപ്പുമേനി നാ. 1. നാട്ടിൽ നടപ്പുള്ള നിരക്ക്; 2. കാര്യനടപ്പിനുള്ള മാർഗം
നടപ്പുര നാ. കെട്ടിടങ്ങളെ പരസ്പരം ബന്ധിച്ചുകൊണ്ടു ഇടയിൽ നിൽക്കുന്ന വീതികുറഞ്ഞ പുര (മഴനനയാതെ നടന്നുപോകാൻ)
നടപ്പുവഴി നാ. 1. നടന്നു തെളിഞ്ഞുണ്ടായ വഴി; 2. നടക്കാൻ ഉപയോഗിക്കുന്ന വഴി
നടപ്പുവില നാ. നിലവിലുള്ള വില
നടമാടുക ക്രി. നൃത്തംചെയ്യുക
നടമാറ്റ് നാ. നടപ്പാവാട
നടമിഴാവ് നാ. ചെറിയ മിഴാവ്
നടമുഖം നാ. ക്ഷേത്രത്തിലെ പ്രധാന വാതിൽ
നടയുമ്മരം നാ. വീട്ടിൻെറ മുൻവശത്തുള്ള വാതിൽ, പ്രധാന വാതിൽ
നടരാജൻ നാ. ശിവൻ
നടൽ [<നടുക]നാ. നടുക എന്ന പ്രവൃത്തി, നാട്ടൽ, ചെടികളും മറ്റും കുഴിച്ചുവയ്ക്കൽ
നടവടി നാ. = നടപടി
നടവരമ്പ് നാ. വയലുകളുടെ നടുവിൽ നടക്കാൻ തക്കവണ്ണം നിർമിച്ചിട്ടുള്ള വരമ്പ്
നടവരവ് നാ. ആരാധനാലയങ്ങളിൽ നേർച്ചയായി ലഭിക്കുന്ന ധനം (നടയിൽ സ്ഥാപിച്ചിരിക്കുന്ന ഭണ്ഡാരക്കുറ്റിയിൽ നിക്ഷേപിക്കയാൽ)
നടവഴി നാ. നടക്കാനുള്ള വഴി
നടവാതിൽ നാ. പുരയുടെ മുൻവശത്തുള്ള വാതിൽ, പ്രധാന വാതിൽ
നടവാഴി നാ. 1. പാരമ്പര്യക്രമത്തിൽ നികുതിപിരിവു കാര്യങ്ങൾ നോക്കിയിരുന്ന ഉദ്യോഗസ്ഥൻ; 2. പ്രമാണി

നടവിളക്ക്	നാ.	1. ശ്രീകോവിലിനു മുമ്പിലുള്ള വിളക്ക്; 2. അമ്പലനടയിലെ കമ്പവിളക്ക്

നടവെടി	നാ.	1. ഘോഷയാത്രയിലും മറ്റും മുഴക്കുന്ന വെടിശബ്ദം; 2. അമ്പലത്തിലെ നേർച്ച വെടി.

947

നടാടെ	അവ്യ. ആദ്യമായി

നടാനടെ	അവ്യ. നടനടെ

നടി	നാ.	1. നടൻ എന്നതിൻെറ സ്ത്രീലിങ്ഗരൂപം, അഭിനയക്കാരി; 2. പവിഴക്കൊടി; 3. നറുനീണ്ടി; 4. മനയോല

നടിക്കുക	ക്രി.	1. ഒരു അവസ്ഥയെ അനുകരിക്കുക, അഭിനയിക്കുക; 2. ഭാവിക്കുക

നടിപ്പ്	[<നടിക്കുക]	നാ.	അഭിനയം, അഭിനയിക്കൽ

നടിയിക്കുക,നടുവി–	ക്രി.	മറ്റൊരാളെക്കൊണ്ട് നടുക എന്ന പ്രവൃത്തി ചെയ്യിക്കുക

നടീക്കുക	ക്രി.	നടിയിക്കുക

നടീൽ	നാ.	നടിയിക്കൽ

നടു1	നാ.	നടുവ്. (പ്ര) നടുപറയുക = മധ്യസ്ഥത പറയുക, പക്ഷം പിടിക്കാതെ ന്യായം പറഞ്ഞ് വഴക്കു തീർക്കുക. വി. നടുവിലുള്ള

നടു2	വി.	(സമാസത്തിൽ) നടുന്നതിനുള്ള, കൃഷിയുമായി ബന്ധപ്പെട്ട, നട്ടുവളർത്തുന്ന

നടുക	ക്രി.	സസ്യങ്ങളോ വിത്തുകളോ മണ്ണിൽ കുഴിച്ചുവയ്ക്കുക

നടുക്കം	[<നടുങ്ങുക]	നാ.	ഞെട്ടൽ

നടുക്കാണം	നാ.	വസ്തു കൈമാറുമ്പോൾ മധ്യസ്ഥർക്കും ജന്മിയുടെ അവകാശികൾക്കും കൊടുക്കുന്ന തുക

നടുക്കാരൻ	നാ.	മധ്യസ്ഥൻ

നടുക്ക്	അവ്യ. ഇടയ്ക്ക്, മധ്യഭാഗത്ത്

നടുക്കുക	[നടുങ്ങുക>പ്ര] ക്രി.	ഭയപ്പെടുത്തുക, ഞെട്ടിപ്പോകത്തക്കവണ്ണം പേടിപ്പിക്കുക

നടുക്കൂട്ടം	നാ.	മധ്യസ്ഥരുടെ കൂട്ടം

നടുക്കൂറ്	നാ.	ഭൂമിയിൽ ദേഹണ്ഡം ചെയ്തവൻെറ അവകാശം

നടുക്കെട്ട്	നാ.	1. അരക്കച്ച; 2. പലയെടുപ്പുകളുള്ള വീടിൻെറ മധ്യത്തിലുള്ള കെട്ടിടം; 3. തർക്കവസ്തു മൂന്നാമനെ ഏൽപ്പിക്കൽ

നടുങ്ങൽ	നാ.	ഞെട്ടൽ, ഭയം

നടുങ്ങുക	ക്രി.	ഞെട്ടിവിറയ്ക്കുക

നടുതല1	[<നടുക]നാ.	നട്ടുവളർത്തുന്ന വക, സസ്യങ്ങൾ

നടുതല2	നാ.	തലയുടെ മധ്യഭാഗം, ഉച്ചി

നടുത്തരം	നാ.	ഇടത്തരം, ഏറ്റവും മെച്ചപ്പെട്ടതോ തീരെമോശമോ അല്ലാത്ത

നടുത്തുണ്ടം	നാ.	1. മധ്യഭാഗം; 2. മുഖ്യഭാഗം

നടുത്തൂൺ	നാ.	1. നടുവിലത്തെ തൂൺ; 2. (ആല) പ്രധാന ആശ്രയം, കൂട്ടത്തിൽ പ്രധാനി

നടുനായകം	നാ.	1. ആഭരണങ്ങളുടെ നടുവിൽ പതിക്കുന്ന രത്നം; 2. ഏറ്റവും മെച്ചപ്പെട്ടത്

നടുനാൾ നാ. (ജ്യോ) ചിത്തിര നക്ഷത്രം (ഇരുപത്തേഴു നക്ഷത്രങ്ങളിൽ പതിനാലാമത്തേത് ആയതിനാൽ)

നടുനില നാ. പക്ഷം പിടിക്കാത്ത നില, മധ്യസ്ഥത

നടുപ്പങ്ക് നാ. പലതായി വിഭജിച്ചതിൽ നടുക്കുള്ള ഭാഗം. (നായാട്ടുകാർ മൃഗങ്ങളെ കൊന്നു പങ്കിടുന്നതിൽ നിന്ന്), മുഖ്യഭാഗം

നടുപ്പന്തി നാ. 1. ഊണുകാരുടെ പന്തിയിൽ മധ്യഭാഗം; 2. നടുക്കുള്ള പന്തി

നടുപ്പാട്ടം നാ. അവകാശത്തർക്കം മൂലം മൂന്നാമനെ വസ്തു ഏൽപിക്കൽ, അപ്രകാരം മധ്യസ്ഥനെ ഏൽപ്പിച്ച വസ്തു

നടുപ്പാതിരാ(വ്) നാ. അർധരാത്രി

നടുമധ്യം നാ. 1. നേർമധ്യം, ഒത്തനടുവ്; 2. ഉച്ചി

നടുമുറ്റം നാ. 1. ഒന്നിലധികം കെട്ടുകളുള്ള ഗൃഹത്തിൻെറ നടുവിലുള്ള മുറ്റം; 2. മുറ്റത്തിൻെറ മധ്യഭാഗം

നടുയാമം നാ. 1. അർധരാത്രി; 2. യാമത്തിൻെറ മധ്യഭാഗം

നടുവൻ നാ. 1. നടുക്കുള്ളവൻ; 2. മധ്യസ്ഥൻ, തർക്കങ്ങളിൽ പക്ഷം പിടിക്കാതെ ഇടയ്ക്കുനിന്നു ന്യായം പറഞ്ഞു വഴക്കു തീർക്കുന്നവൻ; 3. ചിട്ടിമുമ്പൻ

നടുവഴി നാ. 1. പ്രധാനപ്പെട്ട പാത; 2. വഴിയുടെ മധ്യഭാഗം

നടുവിക്കുക [നടുക>പ്ര] ക്രി. = നടിയിക്കുക

നടുവിനയെച്ചം നാ. (വ്യാക) കാലം പ്രകാരം തുടങ്ങിയവയെ കുറിക്കുന്ന പ്രത്യയങ്ങളില്ലാത്ത കേവലക്രിയാരൂപം

നടുവിരൽ നാ. നടുവിലത്തെ വിരൽ

നടുവിൽ അവ്യ. മധ്യത്തിൽ, ഇടയ്ക്ക്

നടുവ് നാ. 1. മധ്യഭാഗം; 2. അരക്കെട്ട്; 3. നീതി; 4. ജാമ്യം

നടുവെഴുത്ത് നാ. ആധാരമെഴുത്ത്

നടുവെ, -വേ അവ്യ. മധ്യഭാഗത്തുകൂടി, ഇടയ്ക്കുകൂടി

നടേ അവ്യ. മുന്നിൽ, മുൻകാലത്ത്

നടേശൻ നാ. നടരാജൻ, ശിവൻ

നട്ട [നടുക] ഭൂ.പേരെച്ചം

നട്ടം1 നാ. നഷ്ടം

നട്ടം2 നാ. 1. നൃത്തം; 2. (നൃത്തത്തിലെന്നപോലെ) ഉഴലുക; 3. തലകീഴായിനിൽക്കുക. (പ്ര) നട്ടംതിരിയുക = അലയുക, ഉഴലുക

നട്ടാണി നാ. തലയുടെ നടുഭാഗം, ഉച്ചി

നട്ട് [ഇം.] നാ. 1. ബോൾട്ടിൻെറ പിരിയിൽ തിരുകിക്കയറ്റാവുന്ന ദ്വാരവും പിരിയുമുള്ള ലോഹക്കഷണം; 2. കുരു, അണ്ടി

നട്ടുച്ച നാ. പകലിൻെറ മധ്യം

നട്ടുവൻ നാ. 1. നടൻ; 2. നാട്യം പഠിപ്പിക്കുന്ന ഗുരു

നട്ടെല്ല് നാ. ഉടലിൻെറ നടുവിലുള്ള എല്ല്, മുതുകെല്ല്

നട്യം നാ. നടനകല

നഡകം നാ. 1. എല്ലിൻെറ പൊള്ളയായഭാഗം; 2. തോളുകൾക്കിടയിലുള്ള അസ്ഥി

നഡൻ നാ. വളയുണ്ടാക്കുന്നവൻ, വളച്ചെട്ടി

നഡിനി നാ. താമരപ്പൊയ്ക

നൺപൻ നാ. സ്നേഹിതൻ
നൺപ് നാ. സ്നേഹം
നണിക്കുക ക്രി. 1. വിശ്വസിക്കുക; 2. വിശദമായി പഠിക്കുക
നണുക്കുക ക്രി. = ഞണുക്കുക
നണുങ്ങുക ക്രി. = ഞണുങ്ങുക
നണ്ട് നാ. = ഞണ്ട്
നണ്ണുക [പ.മ.] ക്രി. 1. ചിന്തിക്കുക; 2. വിശ്വസിക്കുക; 3. അറിയുക
നത വി. 1. വളഞ്ഞ; 2. കുനിഞ്ഞ; 3. നമസ്കരിച്ച
നതപർവം നാ. പതിഞ്ഞചേർപ്പ്, ഉയർന്നു നിൽക്കാത്ത സന്ധി
നതഭ്രു വി. വളഞ്ഞ പുരികക്കൊടികളുള്ള. നാ. സുന്ദരി
നതം നാ. 1. വളഞ്ഞത്, കുനിഞ്ഞത്; 2. കുഴിഞ്ഞത്; 3. നമസ്കരിച്ചത്
നതമധ്യ1 വി. നടുവു കുഴിഞ്ഞ
നതമധ്യ2 നാ. അരക്കെട്ടൊതുങ്ങിയവൾ, സുന്ദരി
നതാങ്ഗി നാ. (സ്തനഭാരം കാരണം മുമ്പോട്ടു) വള്ളഞ്ഞവൾ, സുന്ദരി
നതി നാ. 1. വളവ്; 2. കുമ്പിടൽ, നമസ്കാരം
നതോന്നത1 വി. ഉയർന്നും താണും ഉള്ളത്
നതോന്നത2 നാ. ഒരു ദ്രവിഡാവൃത്തം
നത്ത നാ. കട്ടിയുള്ള പുറന്തോടുള്ള ഒരു ജലജീവി, ചിപ്പിയുടെ വർഗത്തിൽപ്പെട്ടത്
നത്ത(യ്)ക്ക നാ. 1. നത്ത; 2. നത്തയുടെ പുറന്തോട്. നത്തയ്ക്ക നാടുനീങ്ങിയാൽ മേലേക്കണ്ടത്തിൽനിന്നു താഴേക്കണ്ടം വരെ (പഴ)
നത്ത് നാ. ഒരിനം മൂങ്ങ
നത്തുക ക്രി. 1. ഇഴയുക; 2. വിട്ടുവിട്ട് ശബ്ദിക്കുക
നദ വി. നദിക്കുന്ന
നദഥു നാ. ശബ്ദം, കോലാഹലം
നദനം നാ. നദിക്കൽ, ശബ്ദിക്കൽ
നദപതി നാ. ‘ നദികളുടെ പതി’, കടൽ
നദം നാ. 1. ആറ്; 2. ഒഴുക്ക്; 3. സമുദ്രം; 4. കുതിര
നദി1 നാ. ആറ്, പുഴ
നദി2 നാ. സ്തോത്രം, സ്തുതി
നദിക നാ. ചെറിയ ആറ്, തോട്
നദിക്കുക ക്രി. 1. ശബ്ദിക്കുക; 2. ഗർജിക്കുക
നദീകാന്തൻ നാ. കടൽ
നദീകുലം നാ. ആറ്റിൻെറ കര
നദീജം നാ. 1. നദിയിൽ ഉണ്ടായത്; 2. സ്രോതോഞ്ജനം; 3. നീർക്കടമ്പ്
നദീതരസ്ഥാനം നാ. നദി കടക്കാനുള്ള ഇടം, ആറ്റുകടവ്
നദീതീർഥം നാ. 1. നദീജലം; 2. നദിയിലെ തീർഥഘട്ടം
നദീധരൻ നാ. ശിവൻ
നദീപുഷ്ടി നാ. ആറ്റിലെ വെള്ളപ്പൊക്കം
നദീപൂരം നാ. കരകവിഞ്ഞുപൊങ്ങുന്ന ആറ്റുവെള്ളം
നദീമാതൃകം നാ. നദീജലംകൊണ്ട് നനയ്ക്കപ്പെടുന്ന കൃഷിഭൂമി

നദീമുഖം നാ. നദി കടലിൽ ചേരുന്ന ഭാഗം
നദീമുഖസ്ഥലം നാ. നദി കടലുമായിചേരുന്നിടത്തുണ്ടാകുന്ന മൺതിട്ട
നദീരയം നാ. ആറ്റിലെ ഒഴുക്ക്
നദീവങ്കം നാ. ആറ്റിൻെറ കൊടും വളവ്
നദീശ്വരൻ നാ. 1. സമുദ്രം; 2. വരുണന്ന്
നദീസ്ന വി. 1. ആറ്റിൽ കുളിക്കുന്ന; 2. ആറ്റിൻെറ ആഴവും ഒഴുക്കും മറ്റും അറിയുന്ന
നദ്ധ വി. 1. കെട്ടപ്പെട്ട, കെട്ടിയ; 2. മൂടിയ
നദ്ധ്രി നാ. 1. തോൽവാറ്; 2. കയറ്
നന1 [നനയ്ക്കുക] ധാതുരൂപം
നന2 <നനയ്ക്കുക] നാ. 1. നനയ്ക്കൽ; 2. ഈർപ്പം
നനച്ചൽ,-ച്ചിൽ നാ. നനയ്ക്കൽ, ജലസേചനം ചെയ്യൽ
നനഞ്ഞ വി. (ഭൂ.പേരെച്ചം) 1. ഈർപ്പമുള്ള; 2. ഉന്മേഷമില്ലാത്ത
നനന്ദ,നനാന്ദ നാ. ഭർത്താവിൻെറ സഹോദരി, നാത്തൂൻ
നനപ്പ് [നനയ്ക്കുക] നാ. 1. നനയ്ക്കൽ; 2. തുണി അലക്കൽ; 3. ഈർപ്പം
നനമുണ്ട് നാ. 1. കുളിക്കുമ്പോൾ ഉടുക്കുന്ന മുണ്ട്; 2. തോർത്ത്
നനയുക ക്രി. 1. വെള്ളം പുരണ്ടോ വെള്ളത്തിൽ കുതിർന്നോ ഈറനാകുക; 2. ദ്രാവകത്തിൽ മുഴുകുകയോ ദ്രാവകം പുരളുകയോ ചെയ്യുക
നനയ്ക്കുക ക്രി. 1. നനവുള്ളതാക്കുക, ഈറനാക്കുക; 2. കുളിപ്പിക്കുക
നനവ് [<നനയുക] നാ. നനഞ്ഞിരിക്കുന്ന സ്ഥിതി, ഈർപ്പം
നനു1 വി. വളരെ ചെറിയ, നേർത്ത
നനു2 അവ്യ. ചോദ്യം ആക്ഷേപം അനുനയം അനുജ്ഞ തുടങ്ങിയവ കുറിക്കാൻ സംസ്കൃതത്തിൽ പ്രയോഗം
നനുനനെ അവ്യ. വളരെ ചെറുതായി, നേർമയായി
നന്തപാലൻ നാ. വരുണൻ
നന്താവനം നാ. പൂന്തോട്ടം
നന്തി നാ. 1. ഒരു ബ്രാഹ്മണജാതി; 2. ചക്കാലൻ
നന്ത്1 നാ. വളർച്ച, അഭിവൃദ്ധി
നന്ത്2 നാ. 1. നത്ത; 2. ശങ്ഖ്
നന്തുണി നാ. വീണപോലെയുള്ള ഒരു സങ്ഗീതോപകരണം
നന്ദ നാ. 1. ആനന്ദം; 2. ഐശ്വര്യം; 3. ദുർഗാദേവി; 4. ഭർത്തൃസഹോദരി; 5. ഒരു പക്ഷത്തിലെ ഒന്നാമത്തെയും ആറാമത്തെയും ഏഴാമത്തെയും തിഥികൾ
നന്ദക വി. 1. ആനന്ദിപ്പിക്കുന്ന, സന്തോഷിപ്പിക്കുന്ന
നന്ദകൻ നാ. നന്ദഗോപൻ
നന്ദകം നാ. 1. (കൃഷ്ണൻെറ) വാൾ; 2. തവള
നന്ദഗോപൻ നാ. ശ്രീകൃഷ്ണൻെറ വളർത്തച്ഛനായ ഗോപൻ
നന്ദൻ നാ. 1. നന്ദഗോപൻ; 2. ശിവൻ; 3. ഇടയൻ; 4. പുത്രൻ
നന്ദന1 വി. ആനന്ദിപ്പിക്കുന്ന, സന്തോഷിപ്പിക്കുന്ന
നന്ദന2 നാ. മകൾ
നന്ദനൻ നാ. 1. മകൻ; 2. വിഷ്ണു

നന്ദനന്ദനൻ നാ. ശ്രീകൃഷ്ണന്‍
നന്ദനം നാ. 1. സ്വര്‍ഗത്തിലുള്ള ഒരു ഉദ്യാനം; 2. തവള; 3. ആനന്ദിപ്പിക്കല്‍
നന്ദനവനം നാ. ഇന്ദ്രന്‍റെ ഉദ്യാനം
നന്ദനീയ വി. പ്രശംസിക്കത്തക്ക, ആഹ്ലാദകരമായ
നന്ദം നാ. 1. ആനന്ദം; 2. നന്തുണി; 3. തവള; 4. ചെറിയ മണ്‍കുടം
നന്ദവിലാസിനി നാ. യശോദ
നന്ദസുതന്‍ നാ. ശ്രീകൃഷ്ണന്‍
നന്ദി1 നാ. കൃതജ്ഞത, ഉപകാരസ്മരണ
നന്ദി2 നാ. 1. ആനന്ദം; 2. വിഷ്ണു; 3. ശിവന്‍; 4. പുത്രന്‍; 5. പടുകരണ
നന്ദികന്‍ നാ. = നന്ദികേശ്വരന്‍
നന്ദികം നാ. 1. സന്തോഷം; 2. ചെറിയ കുടം; 3. പടുകരണ
നന്ദികേശന്‍ നാ. നന്ദികേശ്വരന്‍
നന്ദികേശ്വരം നാ. ഒരു ഉപപുരാണം, അഷ്ടാദശോപപുരാണങ്ങളില്‍ പ്രധാനി
നന്ദിക്കുക ക്രി. 1. സന്തോഷിപ്പിക്കുക; 2. അഭിനന്ദിക്കുക
നന്ദിഗ്രാമം നാ. (പുരാണ) ശ്രീരാമന്‍റെ വനവാസക്കാലത്ത് ഭരതന്‍ വസിച്ചു ഭരണം നടത്തിയിരുന്ന സ്ഥലം
നന്ദിഘോഷം നാ. 1. വൈതാളികന്മാരുടെ പ്രശംസാവാക്ക്; 2. ആര്‍പ്പുവിളി; 3. അര്‍ജുനന്‍റെ രഥം
നന്ദിത വി. 1. പ്രശംസിക്കപ്പെട്ട; 2. സന്തോഷിച്ച; 3. സ്വീകരിക്കപ്പെട്ട
നന്ദിതൂര്യം നാ. ആഘോഷാവസരങ്ങളില്‍ മുഴക്കുന്ന ഒരു ആഹതവാദ്യം
നന്ദിനി നാ. 1. പുത്രി; 2. നാത്തൂന്‍; 3. ദുര്‍ഗ; 4. ഗങ്ഗാനദി; 5. തുളസി; 6. കടുക്കാ; 7. അരേണുകം
949
നന്ദിവര്‍ധനന്‍ നാ. 1. പുത്രന്‍; 2. സ്നേഹിതന്‍; 3. ശിവന്‍
നന്ദിവര്‍ധനം നാ. 1. കറുത്തവാവ്; 2. വെളുത്തവാവ്
നന്ദീകാരന്‍ നാ. വൈതാളികന്‍, മങ്ഗളഗാനം പാടുന്നവന്‍
നന്ദ്യ വി. പ്രശംസിക്കത്തക്ക, ബഹുമാന്യമായ
നന്ദ്യാവര്‍ത്തദാമന്‍ നാ. നന്ദ്യാര്‍വട്ടപ്പൂക്കള്‍കൊണ്ടുള്ള മാലഅണിഞ്ഞവന്‍, ദുര്യോധനന്‍
നന്ദ്യാര്‍വര്‍ത്തം നാ. 1. ഒരു യന്ത്രം; 2. നന്ദ്യാര്‍വര്‍ത്തയന്ത്രത്തിന്‍റെ ആകൃതിയിലുള്ള പാത്രം; 3. ഒരുതരം മാളിക; 4. നന്ത്യാര്‍വട്ടം
നന്നങ്ങാടി നാ. 1. ശവം അടക്കുന്നതിനു മുന്‍കാലങ്ങളില്‍ ഉപയോഗിച്ചിരുന്ന വലിയ മണ്‍പാത്രം; 2. ഒരുതരം ശവക്കല്ലറ
നന്നാ അവ്യ. നന്നായി
നന്നാകുക ക്രി. 1. നല്ലതാക്കുക; 2. പുഷ്ടിപ്പെടുക; 3. ഐശ്വര്യപൂര്‍ണമാകുക
നന്നാല് നാ. 1. നാലിനെ നാലുകൊണ്ടു ഗുണിച്ച സങ്ഖ്യ. അവ്യ. നാലുവീതം
നന്നിലം നാ. നല്ലനിലം
നന്ന് നാ. നല്ലത്, കൊള്ളാവുന്നത്
നന്നെറി നാ. സന്മാര്‍ഗം
നന്നേ അവ്യ. തീരെ, വളരെ, ഏറ്റവും

നന്മ നാ. 1. നന്നായിരിക്കുന്ന അവസ്ഥ; 2. ഗുണം; 3. പരിഷ്കാരം
നന്മകൻ നാ. 1. സത്പുത്രൻ, നല്ലമകൻ; 2. യോഗ്യപുരുഷൻ. (സ്ത്രീ) നന്മകൾ
നന്മണി നാ. നല്ല രത്നം
നന്മൊഴി നാ. 1. നല്ലവാക്ക്; 2. നല്ലവാക്കുള്ളവൾ; 3. മധുരമായി സംസാരിക്കുന്നവൾ
നപുംസക വി. ആണുംപെണ്ണുമല്ലാത്ത, പുരുഷത്വമില്ലാത്ത
നപുംസകൻ നാ. ആണും പെണ്ണുമല്ലാത്തവൻ, പെണ്ണല്ലെങ്കിലും പുരുഷത്വം വികസിച്ചിട്ടില്ലാത്തവൻ, ഷണ്ഡൻ
നപുംസകം നാ. 1. ആണും പെണ്ണുമല്ലാത്ത ജീവി; 2. സ്ത്രീലിങ്ഗവും പുരുഷലിങ്ഗവുമല്ലാത്ത ശബ്ദം
നപ്താവ് നാ. 1. മകൻെറ മകൻ; 2. മകളുടെ മകൻ
നപ്ത്രി നാ. പൗത്രി, മകൻെറയോ മകളുടെയോ മകൾ
നബി[അറ.] നാ. 1. മുഹമ്മദ്നബി; 2. ദീർഘദർശി, പ്രവാചകൻ
നഭം നാ. നഭസ്സ്
നഭശ്ചക്ഷുസ്സ് നാ. സൂര്യൻ
നഭശ്ചമസ്സൻ നാ. ചന്ദ്രൻ
നഭശ്ചമസം നാ. ചെപ്പടിവിദ്യ, ഇന്ദ്രജാലം
നഭശ്ചരൻ നാ. ദേവൻ
നഭശ്ചരം നാ. 1. പക്ഷി; 2. മേഘം; 3. വായു
നഭസ വി. മൂടലുള്ള, നീരാവികൊണ്ടു മറഞ്ഞ
നഭസം നാ. 1. ആകാശം; 2. അന്തരീക്ഷം; 3. മഴക്കാലം
നഭസ്ഥലം നാ. 1. ആകാശപ്പരപ്പ്; 2. ആകാശം
നഭസ്യ വി. 1. കാർമേഘംകൊണ്ടുമൂടിയ; 2. മൂടലുള്ള
നഭസ്യം നാ. കന്നിമാസം
നഭസ്വത്ത് നാ. കാർകൊണ്ടുമൂടിയത്, മൂടലുള്ളത്
നഭസ്വാൻ നാ. വായു
നഭസ്സ് നാ. 1. ആകാശം; 2. മേഘം; 3. മൂടൽ മഞ്ഞ്; 4. ജലം; 5. ജീവിതകാലം
നഭാകൻ നാ. രാഹു
നഭാകം നാ. 1. ഇരുട്ട്; 2. മേഘം; 3. ആകാശം
നഭോഗം നാ. 1. ആകാശത്തിൽ സഞ്ചരിക്കുന്നത്; 2. ഗ്രഹം; 3. പക്ഷി; 4. മേഘം
നഭോദീപം നാ. ചന്ദ്രൻ
നഭോദൃഷ്ടി നാ. 1. അന്ധൻ; 2. ആകാശത്ത് ദൃഷ്ടിപതിപ്പിച്ചവൻ
നഭോധൂമം നാ. മേഘം
നഭോനദി നാ. ആകാശഗങ്ഗ
നഭോംബു നാ. മഴവെള്ളം
നഭോമണി നാ. 1. സൂര്യൻ; 2. എരുക്ക്
നഭോമണ്ഡലം നാ. ആകാശം
നഭോമുദ്ര നാ. ഒരു ഹസ്തമുദ്ര

നഭോയോനി നാ. ശിവൻ
നഭോരജസ്സ് നാ. ഇരുട്ട്
നഭോരേണു നാ. 1. മൂടൽമഞ്ഞ്; 2. മഞ്ഞുകട്ട
നഭോവാണി നാ. അശരീരിവാക്ക്, ആകാശഭാഷിതം
നം1 1. നാം എന്ന ബഹുവചനസർവനാമം; 2. (സമാസത്തിൽ) നാം എന്നതിൻെറ സംബന്ധികാരൂപം. ഉദാ: നാംപിരാട്ടി = തമ്പുരാട്ടി
നം2 നാം എന്ന സർവനാമം നിർദേശിക ഒഴികെയുള്ള വിഭക്തികളിൽ പ്രത്യയങ്ങൾക്കുമുമ്പു കൈക്കൊള്ളുന്ന രൂപം. ഉദാ: നമ്മോടു, നമ്മുടെ, നമ്മിൽ
നംബോ അവ്യ. നമസ്കാരം ഭവിക്കട്ടെ
നമതൻ നാ. 1. നടൻ; 2. യജമാനൻ
നമതം നാ. 1. മേഘം; 2. പുക; 3. കരിമ്പടം
നമനം നാ. 1. വളയൽ, കുനിയൽ; 2. കുനിഞ്ഞു വണങ്ങൽ; 3. വളയ്ക്കൽ, കുനിക്കൽ
നമശ്ശിവായ നാ. ശിവനായിക്കൊണ്ട് നമസ്കാരം എന്ന് അർഥമുള്ള പഞ്ചാക്ഷരമന്ത്രം
നമസ്കരണം നാ. നമസ്കാരം
നമസ്കരിക്കുക ക്രി. വണങ്ങുക
നമസ്കാരം നാ. 1. വണങ്ങൽ, വന്ദിക്കൽ; 2. ബ്രാഹ്മണർക്കു വിഭവസമൃദ്ധമായ ഭക്ഷണംകൊടുക്കൽ
നമസ്കൃതി നാ. നമസ്കാരം
നമസ്തേ നാ. 'അങ്ങേക്കു നമസ്കാരം', അഭിവാദ്യം ചെയ്യുമ്പോൾ ഉപയോഗിക്കുന്ന വാക്ക്
നമസ്തേന്ന് അവ്യ. ആദ്യമായി, തുടക്കത്തിൽ (തുടക്കത്തിൽ ഈശ്വരവന്ദനം ചെയ്യുന്ന ആചാരത്തിൽനിന്ന്)
നമസ്യ1 വി. നമസ്കരിക്കാൻ തക്ക മേന്മയുള്ള, ബഹുമാന്യമായ, പൂജ അർഹിക്കുന്ന
നമസ്യ2 നാ. നമസ്കാരം, പൂജ
നമാസ് [അറ.] നാ. (ഇസ്ലാം) പ്രാർഥന
നമിക്കുക ക്രി. 1. നമസ്കരിക്കുക; 2. കുനിയുക
നമിത വി. 1. നമസ്കരിക്കപ്പെട്ട, വണങ്ങപ്പെട്ട; 2. വളയ്ക്കപ്പെട്ട
നമുചി നാ. കാമദേവൻ
നമുചിഘ്നൻ നാ. ഇന്ദ്രൻ
നമുചിദ്വിട്ട് നാ. ഇന്ദ്രൻ
നമുചിസുദനൻ നാ. ഇന്ദ്രൻ
നമുന [ഹി.] നാ. മാതൃക
നമോവാകം നാ. നമസ്കാരപൂർവം അഭിവാദ്യംചെയ്യാൻ ഉപയോഗിക്കുന്ന ഒരു പദം
നമ്പർ [ഇം.] നാ. 1. എണ്ണം; 2. കോടതിയിൽ സമർപ്പിക്കുന്ന കേസ്. നമ്പർപതിക്കുക = കേസ്കൊടുക്കുക
നമ്പി1 നാ. 1. ഒരു അന്തരാളജാതി, അമ്പലവാസി; 2. വൈഷ്ണവാചാര്യൻ; 3. നടൻ; 4. പൂജാരി; 5. നമ്പുന്നവൻ

നമ്പി2 [നമ്പുക] ക്രി. ഭൂ.രൂപം
നമ്പിടി നാ. ഒരു അന്തരാളജാതി, അമ്പലവാസികളിൽ ഒരു വിഭാഗം
നമ്പിയശ്ശൻ നാ. നമ്പീശൻ
നമ്പിയാതിരി നാ. ഒരു ബ്രാഹ്മണജാതി
നമ്പിയാർ,നമ്പ്യാർ നാ. 1. ഒരു ജാതി, അമ്പലത്തിൽ മിഴാവുകൊട്ടുക തുടങ്ങിയ തൊഴിൽ ചെയ്യുന്നവർ (പൂണൂലുള്ളവർ, തിയ്യാടികൾ എന്നിങ്ങനെ അന്തരാളജാതിക്കാരിൽ മൂന്നുവക നമ്പ്യാർമാർ); 2. പുഷ്പകജാതിയിൽപ്പെട്ടചിലർക്കുള്ള സ്ഥാനപ്പേർ; 3. കുഞ്ചൻ നമ്പ്യാർ; 4. ക്ഷേത്രഭരണത്തിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ
നമ്പീശൻ നാ. 1. നമ്പി; 2. അമ്പലവാസികളിൽ ഒരു ജാതി
നമ്പ് നാ. 1. തുഴ; 2. നാമ്പ്; 3. ആശ; 4. പൂജാകാര്യം
നമ്പുക ക്രി. വിശ്വസിക്കുക, ആശ്രയിക്കുക
നമ്പൂതിരി,നമ്പൂരി നാ. മലയാളബ്രാഹ്മണരിൽ ഒരു ജാതി
നമ്പൂതിരിപ്പാട് നാ. നമ്പൂതിരി
നമ്പൂരി നാ. = നമ്പൂതിരി
നമ്പ്യാതിരി നാ. നമ്പിയാതിരി
നമ്യ വി. 1. വണങ്ങത്തക്ക; 2. വളഞ്ഞ, കുനിഞ്ഞ
നമ്രത,-ത്വം നാ. 1. വളവ്; 2. വിനയം; 3. കൂന്
നമ്രശിരസ്ക വി. തലകുനിച്ച
നമ്രാങ്ഗ വി. കൂനുള്ള, വളഞ്ഞശരീരമുള്ള
നമ്രാങ്ഗി നാ. (സ്തനഭാരത്താൽ) വളഞ്ഞശരീരമുള്ളവൾ, സുന്ദരി
നമ്രീകരിക്കുക ക്രി. 1. കുനിക്കുക; 2. അപമാനിക്കുക
നയകൻ നാ. 1. മറ്റുള്ളവരോടുള്ള പെരുമാറ്റത്തിൽ സാമർഥ്യം ഉള്ളവൻ; 2. കാര്യനിർവഹണത്തിൽ കഴിവുള്ളവൻ
നയകോവിദൻ നാ. നയങ്ങൾ ആവിഷ്കരിക്കുന്നതിലും നടപ്പാക്കുന്നതിലും സാമർഥ്യമുള്ളവൻ
നയക്കാരൻ നാ. നയമുള്ളവൻ, എല്ലാവരെയും ഇണക്കിക്കൊണ്ടുപോകുന്നവൻ
നയചക്ഷുസ്സ് നാ. 1. വിവേകമുള്ള ആൾ; 2. കാര്യബോധവും മര്യാദയും ഉള്ള ആൾ; 3. നീതിമാൻ
നയജ്ഞൻ നാ. നയകോവിദൻ (സ്ത്രീ) നയജ്ഞ
നയതന്ത്രജ്ഞൻ നാ. നയതന്ത്രത്തിൽ വിദഗ്ധൻ
നയതന്ത്രപ്രതിനിധി നാ. ഒരു രാഷ്ട്രത്തിൻെറ പ്രതിനിധിയായി മറ്റൊരു രാഷ്ട്രത്തിൽ നിയമിക്കപ്പെടുന്ന നയകാര്യവിദഗ്ധൻ
നയതന്ത്രബന്ധം നാ. രണ്ടുരാഷ്ട്രങ്ങൾ തമ്മിൽ നയതന്ത്രപരമായ കാര്യങ്ങളിലുള്ള ബന്ധം
നയതന്ത്രം നാ. 1. രാജ്യഭരണവുമായി ബന്ധപ്പെട്ട ഉപായം; 2. രാഷ്ട്രങ്ങൽതമ്മിലുള്ള ബന്ധം
നയന നാ. കണ്ണിൻെറ കൃഷ്ണമണി
നയനകസ്തൂരി നാ. 1. കണ്ണിനുള്ള ഒരു മരുന്ന്; 2. കണ്ണിന് ആനന്ദം നൽകുന്നത്
നയനഗോചര വി. കാണാവുന്ന, കണ്ണുകൊണ്ട് അറിയാവുന്ന
നയനച്ഛദം നാ. കൺപോള
നയനജലം നാ. കണ്ണുനീർ

നയനപഥം	നാ.	കണ്ണിൻെറ വഴി, കണ്ണിൽപ്പെടുന്ന ദൂരം
നയനപുടം	നാ.	കൺകുഴി, കണ്ണ്
നയനം	നാ.	1. കണ്ണ്; 2. നയിക്കൽ; 3. ഭരിക്കൽ; 4. കഴിച്ചുകൂട്ടൽ
നയനവാരി	നാ.	കണ്ണുനീർ
നയനവിഷയം	നാ.	1. കാണാവുന്നത്; 2. ചക്രവാളം
നയനാഞ്ചലം	നാ.	1. കടക്കണ്ണ്; 2. കടക്കണ്ണുകൊണ്ടുള്ളനോട്ടം
നയനാന്തം	നാ.	കൺകോണ്, കടക്കണ്ണ്
നയനാംബു	നാ.	കണ്ണുനീർ
അയനാമൃതം	നാ.	1. കണ്ണിന് ആനന്ദം നൽകുന്നത്; 2. കണ്മഷി
നയനി	നാ.	കണ്ണിൻെറ കൃഷ്ണമണി
നയനോത്സവം	നാ.	കണ്ണിന് ആനന്ദം നൽകുന്ന ദൃശ്യം
നയനോപാന്തം	നാ.	കടക്കണ്ണ്
നയനൗഷധം	നാ.	1. നേത്രചികിത്സയ്ക്കുള്ള മരുന്ന്; 2. പുഷ്പകാസീസം
നയപ്പ്	[<നടക്കുക]	നാ.	1. സ്നേഹം; 2. പ്രശംസ; 3. മാധുര്യം
നയപ്രയോഗം	നാ.	1. കൗശലം; 2. ഭരണതന്ത്രം
നയഭയം	നാ.	അനുനയവും ഭീഷണിയും
നയം1	നാ.	1. മര്യാദ, മാന്യത; 2. വിലക്കുറവ്; 3. പ്രിയം; 4. ദയ
നയം2	നാ.	1. മറ്റുള്ളവർക്കു സമ്മതമാകത്തക്കവണ്ണം കാര്യങ്ങൾ നിർവഹിക്കാനുള്ള കൗശലം; 2. പ്രവർത്തനരീതി; 3. രാജ്യഭരണത്തിൽ മറ്റു രാജ്യങ്ങളോടു സ്വീകരിക്കേണ്ട സമീപനം; 4. ന്യായം; 5. ലക്ഷ്യം; 6. തത്ത്വം; 7. അഭിപ്രായം
നയമൊഴി	നാ.	വശത്താക്കുന്നരീതിയിലുള്ള വാക്ക്, നല്ലവാക്ക്
നയവചനം	നാ.	നയമൊഴി
നയവഞ്ചകൻ	നാ.	അനുകൂലിയാണെന്നു ഭാവിച്ചുകൊണ്ട് ദ്രോഹിക്കുന്നവൻ, ചതിയൻ
നയവാക്ക്	നാ.	നയമൊഴി
നയവാൻ	നാ.	നയമുള്ളവൻ, മറ്റുള്ളവരോട് ഇണക്കമുള്ളവൻ
നയവിത്ത്	നാ.	നയജ്ഞൻ
നയവ്	നാ.	1. സ്നേഹം; 2. ആദരവ്
നയവുക	ക്രി.	1. മലിയുക; 2. ഉരുകുക
നയശാലി	നാ.	നയമുള്ളവൻ
നയശാസ്ത്രം	നാ.	രാഷ്ട്രതന്ത്രം, ഭരണസംബന്ധമായ ശാസ്ത്രം
നയശീല	വി.	നീതിപൂർവമായ, അന്യരെ വശത്താക്കാൻതക്ക, മര്യാദയുള്ള
നയശീലം	നാ.	കർക്കശമല്ലാത്തപെരുമാറ്റം, അന്യരെ വശത്താക്കുന്ന ശീലം
നയാനയങ്ങൾ	നാ.	1. നീതിയും അനീതിയും; 2. വിനയവും അവിനയവും
നയിക്കുക	ക്രി.	1. വഴികാട്ടുക, താനുദ്ദേശിക്കുന്നവഴിക്ക് മറ്റുള്ളവരെ കൊണ്ടുപോകുക; 2. അധ്വാനിക്കുക
നയോപായം	നാ.	1. ഭരണ കൗശലം; 2. അന്യരെ വശത്താക്കാൻ തക്ക പെരുമാറ്റം; 3. നീതി നടത്തൽ.

951

നർക്കുടകം	നാ.	1. മൂക്ക്; 2. ഒരു വൃത്തം

നർത്ത വി. നൃത്തംചെയ്യുന്ന
നർത്തകം നാ. 1. വേഴൽ; 2. ആന; 3. മയിൽ
നർത്തകി നാ. 1. നൃത്തംചെയ്യുന്നവൾ; 2. പവിഴക്കൊടി
നർത്തനഗൃഹം നാ. കൂത്തരങ്ങ്, നാട്യശാല
നർത്തനൻ നാ. 1. നടൻ; 2. ശിവൻ
നർത്തനപ്രിയൻ നാ. 1. നൃത്തം ഇഷ്ടപ്പെടുന്നവൻ; 2. ശിവൻ; 3. മയിൽ
നർത്തനം നാ. നൃത്തം, ആട്ടം, കൂത്ത്
നർത്തം നാ. നൃത്തം
നർത്തയിതാവ് നാ. നട്ടുവൻ
നർത്തിത വി. നൃത്തംചെയ്യിക്കപ്പെട്ട, നൃത്തംചെയ്ത
നർദ വി. അലറുന്ന, ഗർജിക്കുന്ന
നർദ(ന)ം നാ. 1. അലർച്ച, ഗർജനം; 2. ശബ്ദമുണ്ടാക്കൽ; 3. കീർത്തിക്കൽ
നർദി വി. അലറുന്ന. നാ. അലറുന്നവൻ, ഗർജിക്കുന്നവൻ
നർദിക്കുക ക്രി. 1. അലറുക; 2. ഗർജിക്കുക; 3. വിളംബരംചെയ്യുക
നർദിത വി. 1. അലറിയ, ഗർജിച്ച; 2. കീർത്തിക്കപ്പെട്ട
നർദിതം നാ. 1. അലർച്ച, ഗർജനം; 2. ചൂതേറ്
നർമകിലൻ നാ. ഭർത്താവ്
നർമഗർഭ വി. ഫലിതമയമായ, നേരമ്പോക്കുള്ള
നർമഗർഭൻ നാ. ജാരൻ
നർമടൻ നാ. സൂര്യൻ
നർമഠൻ നാ. 1. നേരമ്പോക്കുകാരൻ; 2. സരസമായി സംഭാഷണംചെയ്യുന്നവൻ, വിടൻ
നർമഠം നാ. 1. മുലക്കണ്ണ്; 2. താടി; 3. കളി; 4. മൈഥുനം
നർമദ1 വി. സന്തോഷകരമായ, രസമുണ്ടാക്കുന്ന, സുഖിപ്പിക്കുന്ന
നർമദ2 നാ. 1. ഒരു പുണ്യനദി, നവതീർഥങ്ങളിൽ ഒന്ന്; 2. ചോനകപ്പുല്ല്
നർമദൻ നാ. നേരമ്പോക്കുകാരൻ, വിദൂഷകൻ, നർമസചിവൻ
നർമം നാ. 1. കളി, നേരമ്പോക്ക്; 2. കളിവാക്ക്
നർമര നാ. 1. തീണ്ടാരിമാറിയ സ്ത്രീ, മധ്യവയസ്സുകഴിഞ്ഞവൾ; 2. ഉലയിലെ തുരുത്തി
നർമവത്ത് നാ. നർമരസമുള്ളത്
നർമവാൻ നാ. രസികൻ, നേരമ്പോക്കുകാരൻ
നർമസചിവൻ നാ. രാജാവിനെ കളിവാക്കുകൽകൊണ്ടും മറ്റും രസിപ്പിച്ച് അടുത്തുപെരുമാറുന്ന സേവകൻ, വിദൂഷകൻ
നർമസുഹൃത്ത് നാ. 1. തോഴൻ, കളിയിലും നേരമ്പോക്കിലും സഹകരിക്കുന്ന സ്നേഹിതൻ; 2. നർമസചിവൻ
നര1 [നരയ്ക്കുക] ധാതുരൂപം

നര2 നാ. 1. വാർദ്ധക്യംകൊണ്ടും മറ്റും ശരീരത്തിലെ രോമങ്ങൾക്ക് ഉണ്ടാകുന്ന വെളുപ്പുനിറം; 2. അങ്ങനെ വെളുപ്പുബാധിച്ച രോമം
നരകകുണ്ഡം നാ. 1. നരകത്തിലെ ഒരു ഭാഗം;2. വൃത്തിയില്ലാത്ത സ്ഥലം; 3. ദു:ഖപൂർണമായ ജീവിതം
നരകചതുർദശി നാ. തുലാമാസത്തിലെ കൃഷ്ണപക്ഷചതുർദശി
നരകഗതി നാ. നരകത്തിൽ എത്തൽ
നരകജിത്ത് നാ. 'നരകാസുരനെ ജയിച്ചവൻ', 1. വിഷ്ണു; 2. കൃഷ്ണൻ
നരകദു:ഖം നാ. 1. പാപികൾ നരകത്തിലച്ച് അനുഭവിക്കുന്ന ദു:ഖം; 2. (ആല) ജീവിതത്തിൽ അനുഭവിക്കേണ്ടിവരുന്ന കഠിനദുരിതം
നരകദേവത നാ. നിരൃതി
നരകദ്വാരം നാ. നരകത്തിൽ പ്രവേശിക്കുന്ന വാതിൽ, നരകത്തിലേയ്ക്കുള്ള വഴി
നരകൻ നാ. (പുരാണ) നരകാസുരൻ
നരകനദി നാ. വൈതരണി
നരകപാലം നാ. മനുഷ്യൻെറ തലയോട്
നരകം നാ. 1. പാപികൾക്കു കർമഫലം അനുഭവിക്കാനുള്ള സ്ഥലം; 2. (ആല) ദുരിതപൂർണമായ സ്ഥലം
നരകമഥനൻ നാ. 1. വിഷ്ണു; 2. കൃഷ്ണൻ
നരകയാതന നാ. 1. നരകത്തിൽ പാപികൾ അനുഭവിക്കുന്ന ദു:ഖം; 2. ജീവിതത്തിൽ അനുഭവിക്കേണ്ടിവരുന്ന കഠിനദു:ഖം
നരകവേദന നാ. = നരകയാതന
നരകവൈരി നാ. = നരകമഥനൻ
നരകാന്തകൻ നാ. വിഷ്ണു
നരകാമയൻ നാ. പ്രേതം, മരിച്ചുഗതികിട്ടാതെ അലയുന്ന ആത്മാവ്
നരകാമയം നാ. നരകദു:ഖം
നരകാരി നാ. 1. വിഷ്ണു; 2. കൃഷ്ണൻ
നരകി നാ. നരകം അർഹിക്കുന്നവൻ, പാപി
നരകിക്കുക ക്രി. 1. നരകദു:ഖം അനുഭവിക്കുക; 2. അതികഠിനമായ ദു:ഖം ജീവിതത്തിൽ അനുഭവിക്കുക
നരകീലകൻ നാ. മഹാപാപി, ഗുരുഹത്യചെയ്യവൻ
നരകേസരി നാ. 1. നരസിംഹം; 2. മനുഷ്യ ശ്രേഷ്ഠൻ
നരങ്ങുക ക്രി. ഞരങ്ങുക
നരത, -ത്വം നാ. മനുഷ്യത്വം
നരദേവൻ നാ. രാജാവ്
നരദ്വിട്ട് നാ. രാക്ഷസൻ
നരധി നാ. ഭൂമി
നരൻ നാ. 1. മനുഷ്യൻ; 2. അർജുനൻ
നരനാഥൻ നാ. രാജാവ്
നരനായകൻ നാ. 1. രാജാവ്; 2. ശ്രേഷ്ഠനായ മനുഷ്യൻ
നരനാരായണൻ നാ. ശ്രീകൃഷ്ണൻ

നരനാരായണന്മാർ നാ. (ബ.വ.) രണ്ടു മഹർഷിമാർ, അർജുനനും കൃഷ്ണനും
നരപതി നാ. രാജാവ്
നരപശു നാ. 1. യാഗത്തിൽ ബലി കൊടുക്കാൻവേണ്ടി സ്വീകരിക്കപ്പെടുന്ന ആൾ; 2. നിന്ദ്യനായ മനുഷ്യൻ
നരപാലൻ നാ. രാജാവ്
നരപുങ്ഗവൻ നാ. മനുഷ്യശ്രേഷ്ഠൻ
നരബലി നാ. 1. മനുഷ്യരെകൊന്ന് ദേവതകൾക്കു ബലിയായി അർപ്പിക്കൽ; 2. ആളുകളെകൊല്ലൽ
നരഭുക്ക് നാ. മനുഷ്യരെ തിന്നുന്നവൻ, രാക്ഷസൻ
നരഭൂവ് നാ. ഭാരതവർഷം
നരം നാ. 1. പച്ചക്കർപ്പൂരം; 2. കുതിര
നരമാനിക നാ. പുരുഷലക്ഷണമുള്ള സ്ത്രീ
നരമാല നാ. മനുഷ്യരുടെ തലയോടുകോർത്തുണ്ടാക്കിയ മാല
നരമേധം നാ. 1. നരബലിയോടുകൂടിനടത്തുന്ന യാഗം; 2. മനുഷ്യരെ കൊല്ലൽ
നരമ്പ് നാ. = ഞരമ്പ്
നരയൻ നാ. 1. നരബാധിച്ചവൻ; 2. അകാലവാർധക്യം ബാധിച്ചവൻ
നരയന്ത്രം നാ. സൂര്യപ്രകാശം ഉപയോഗിച്ചു സമയം അളക്കാനുള്ള ഒരു ഉപകരണം, സൂര്യഘടികാരം
നരയാനം നാ. മനുഷ്യർ വലിച്ചുകൊണ്ടുപോകുന്ന രഥം
നരയ്ക്കുക ക്രി. 1. രോമങ്ങൾവെളുത്ത നിറമാകുക; 2. വെളുത്തനിറമാകുക; 3. ചാരനിറമാകുക; 4. വാർധക്യം ബാധിക്കുക
നരർഷഭൻ നാ. 1. മനുഷ്യശ്രേഷ്ഠൻ; 2. രാജാവ്
നരരുപ വി. മനുഷ്യരൂപമുള്ള
നരവരൻ നാ. 1. മനുഷ്യശ്രേഷ്ഠൻ; 2. രാജാവ്
നരവാഹനൻ നാ. കുബേരൻ
നരവാഹനം നാ. 1. പല്ലക്ക്; 2. കുബേരൻെറ വാഹനം
നരവിഷാണം നാ. 'മനുഷ്യൻെറ കൊമ്പ്', ഇല്ലാത്ത വസ്തു, സംഭവിക്കാത്ത കാര്യം
നരവീരൻ നാ. 1. വീരപുരുഷൻ; 2. രാജാവ്
നരവ്യാഘ്രം നാ. മനുഷ്യശ്രേഷ്ഠൻ
നരസഖൻ നാ. നാരായണൻ, ശ്രീകൃഷ്ണൻ
നരസിംഹം നാ. 1. വിഷ്ണുവിൻെറ നാലാമത്തെ അവതാരം; 2. മനുഷ്യശ്രേഷ്ഠൻ
നരസ്കന്ധം നാ. മനുഷ്യസമൂഹം
നരഹത്യ നാ. മനുഷ്യനെ വധിക്കൽ
നരഹരി നാ. നരസിംഹം
നരളുക ക്രി. ഞരങ്ങുക
നരാങ്ഗം നാ. 1. പുരുഷലിങ്ഗം; 2. മുഖക്കുരു

നരാധമൻ നാ. നീചനായ മനുഷ്യൻ
നരാധാര നാ. ഭൂമി, ഭൂമിദേവി
നരാധാരം നാ. ശിവൻ
നരാധിപതി നാ. രാജാവ്
നരാധിപൻ നാ. രാജാവ്
നരാന്തകൻ നാ. 1. കാലൻ; 2. മനുഷ്യരെ കൊല്ലുന്നവൻ
നരാഭോഗം നാ. മനുഷ്യജീവിതത്തിലെ ഏറ്റവും നല്ല കാലം
നരായണൻ നാ. നാരായണൻ
നരാശ(ന)ൻ നാ. രാക്ഷസൻ, മനുഷ്യനെ തിന്നുന്നവൻ
നരി നാ. 1. കുറുക്കൻ; 2. കടുവ; 3. പുലി; 4. നരിച്ചീർ
നരിക്കൂട് നാ. 1. കടുവയെയോ പുലിയെയോ പിടിക്കാനുള്ള കൂട്; 2. നരിയെ അടച്ചിടാനുള്ള കൂട്
നരിക്കൊമ്പ് നാ. ഇല്ലാജ്വസ്തു, സംഭവ്യമല്ലാത്ത കാര്യം
നരിച്ചിൽ നാ. നരിച്ചീറ്
നരിമൂളി നാ. ശബ്ദമുണ്ടാക്കി കാട്ടുമൃഗങ്ങളെ വിരട്ടിയോടിക്കാനുള്ള ഒരു ഉപകരണം, തടികൊണ്ടു നിർമിച്ചത്
നരിയങ്കം നാ. 1. കടുവായുമായുള്ള പോര്; 2. കളരിപ്പയറ്റിലെ ഒരു പ്രയോഗം
നരിയാണി നാ. ഞെരിയാണി, കാലിൻെറ കണ്ണ
നരിയാല നാ. കടുവായെയോ പുലിയെയോ പിടിക്കാനുള്ള കെണി, നരിക്കൂട്
നരിവിരട്ടി നാ. കാട്ടുപട്ടി, ചെന്നായുടെവർഗത്തിൽപ്പെട്ട ഒരു കാട്ടുമൃഗം
നരുക്കുക ക്രി. ഞെരുക്കുക
നരേന്ദ്രൻ നാ. 1. രാജാവ്; 2. വൈദ്യൻ; 3. വിഷവൈദ്യൻ
നരേന്ദ്രമാതാവ് നാ. പുളിയാരൽ
നരേശൻ നാ. രാജാവ്
നരോത്തമൻ നാ. 1. മനുഷ്യരിൽ ശ്രേഷ്ഠൻ; 2. വിഷ്ണു
നര്യ വി. മനുഷ്യനുചേർന്ന, മനുഷ്യയോഗ്യമായ
നര്യം നാ. മനുഷ്യത്വം, പൗരുഷം
നൽ വി. നല്ല, നന്മയുള്ള, മേന്മയുള്ള
നൽകുക ക്രി. കൊടുക്കുക
നൽപ്പ് നാ. നന്നായിരിക്കുന്ന സ്ഥിതി, നന്മ, നല്ലത്
നലകം നാ. 1. മുഴങ്കാലെല്ല്; 2. മലങ്കടല
നലകിനി നാ. 1. കാല്; 2. കാൽമുട്ടിൻെറ ചിരട്ട
നലകീലം നാ. കാൽമുട്ട്
നലങ്ക് നാ. വിവാഹച്ചടങ്ങുകളുടെ ഭാഗമായി സഭയിലിരുത്തി വധൂവരന്മാരെക്കൊണ്ട് പരസ്പരം ചന്ദനാദികൾ ലേപനം ചെയ്യിക്കൽ
നലം നാ. 1. നന്മ, ഐശ്വര്യം; 2. ഭങ്ഗി, അഴക്; 3. മേന്മ, ഉയർച്ച; 4. ചുക്ക്
നലി നാ. പവിഴക്കൊടി

നല്ല വി. 1. മേന്മയുള്ള; 2. താരതമ്യേന മെച്ചപ്പെട്ട; 3. ഭങ്ഗിയുള്ള; 4. സത്യമായ; 5. കടുത്ത; 6. തീവ്രമായ
നല്ലകൂവ നാ. നറുമഞ്ഞൾ
നല്ലതിൻവണ്ണം അവ്യ. നല്ലവണ്ണം, വേണ്ടപോലെ, ശ്രദ്ധിച്ച്
നല്ലത് നാ. ഉത്കൃഷ്ടമായത്, മേന്മയുള്ളത്, സത്യമായത്, സ്വീകാര്യമായത്
നല്ലൻ നാ. നല്ലവൻ
നല്ലനേരം നാ. ശുഭമുഹൂർത്തം, ഏതെങ്കിലും കാര്യം ചെയ്യാനോ തുടങ്ങാനോ പറ്റിയ സമയം
നല്ലമുളക് നാ. കുരുമുളക്
നല്ലവണ്ണം അവ്യ. നല്ലപോലെ, മങ്ഗളമായി, ഐശ്വര്യമായി
നല്ലവൻ നാ. ശ്രേഷ്ഠൻ, സ്വഭാവഗുണമുള്ളവൻ
നല്ലവാതിൽ നാ. വിവാഹം കഴിഞ്ഞ് വധൂവരന്മാർ ആദ്യമായി വധൂഗൃഹത്തിൽ ചെല്ലുന്ന ചടങ്ങ്
നല്ലാ നാ. നൂൽചുറ്റാനുള്ള കുഴൽ
നല്ലാർ നാ. 1. നല്ല ആളുകൾ; 2. സ്ത്രീകൾ
നല്ലാൾ നാ. 1. നല്ല ആൾ; 2. നല്ല സ്ത്രീ, സുന്ദരി
നല്ലി നാ. നല്ലവൾ, സുന്ദരി
നല്ലിരിക്കുക നാ. ചികിത്സകഴിഞ്ഞു പഥ്യം ആചരിക്കുക. നാ. നല്ലിരിപ്പ്
നല്ലീട് നാ. ധാരാളം തേങ്ങ കിട്ടുന്ന സ്ഥലം
നല്ലുയിർ നാ. 1. ജീവൻ, ജീവൻെറ മുഖ്യഭാഗം; 2. പ്രിയപ്പെട്ട വ്യക്തി
നല്ലെണ്ണ നാ. എള്ള് ആട്ടിഎടുക്കുന്ന എണ്ണ, എള്ളെണ്ണ
നല്ലോണം അവ്യ. നല്ലവണ്ണം
നല്ലോൻ നാ. നല്ലവൻ
നല്വം നാ. നീളം അളക്കാനുള്ള ഒരു തോത്, നാനൂറുമുഴം
നവ1 വി. പുതിയ, ഇളയതായ.
953
നവ2 [സം.] നാ. ഒൻപത്. വി. ഒൻപതുചേർന്ന, ഒമ്പതുമായി ബന്ധപ്പെട്ട
നവകം നാ. 1. ഒൻപതുചേർന്നത്; 2. ഒൻപതെണ്ണത്തിൻെറ കൂട്ടം
നവകർമം നാ. 1. പുതിയ പ്രവൃത്തി; 2. പുതിയതാക്കൽ
നവകർമങ്ങൾ നാ. ഒൻപത് കർമങ്ങൾ (ശമം, ദമം, ക്ഷമ, അവക്രത, തപം, ശൗചം, ആസ്തിക്യം, അജ്ഞാനം, വിജ്ഞാനം)
നവകർമസാക്ഷികൾ നാ. (ബ.വ.) എല്ലാക്കർമങ്ങൾക്കും സാക്ഷിയായ ഒൻപതു ശക്തികൾ (പഞ്ചഭൂഹങ്ങൾ, സൂര്യൻ, ചന്ദ്രൻ, യമൻ, കാലം എന്നിവ)
നവകാരിക നാ. വിവാഹം കഴിഞ്ഞ് ഏറെനാൾ ആകാത്തവൾ, നവോഢ, പുതുപ്പെണ്ണ്
നവകാലക വി. 1. അടുത്തകാലത്തുണ്ടായ; 2. ചെറുപ്പമായ

നവകാലിക നാ. 1. നവകാരിക; 2. തീണ്ടാരി തുടങ്ങിയവൾ, പ്രായപൂർത്തിയായ പെൺകുട്ടി
നവഖണ്ഡങ്ങൾ നാ. (ബ.വ.) ജംബുദ്വ്വീപത്തിൻെറ ഒൻലതുവിഭാഗങ്ങൾ (ഭാരതം, കിംപുരുഷം, ഹരി, ഇളാവൃതം, രമ്യകം, ഹിരണ്മയം, ഉത്തരകുരു, ഭദ്രാംശ്വം, കേതുമാലം)
നവഖണ്ഡപതികൾ നാ. (ബ.വ.) അഗ്നീധ്രൻെറയും പൂർവചിത്തിയുടെയും സന്താനങ്ങളായ ഒൻപതുപേർ
നവഗോപ്യങ്ങൾ നാ. (ബ.വ) മറച്ചുവയ്ക്കേണ്ട ഒൻപതുകാര്യങ്ങൾ (വയസ്സ്, സമ്പത്ത്, വീട്ടുവഴക്ക്, മന്ത്രം, മരുന്ന്, മൈഥുനം, ദാനം, മാനം, അപമാനം എന്നിവ)
നവഗ്രഹങ്ങൾ നാ. (ബ.വ.) ഒൻപതുഗ്രഹങ്ങൾ (സൂര്യൻ, ചന്ദ്രൻ, കുജൻ, രാഹു, വ്യാഴൻ, ശനി, ബുധൻ, കേതു, ശുക്രൻ എന്നിവ)
നവചത്വാരിംശത്ത് നാ. നാൽപത്തൊമ്പത്
നവചന്ദ്രൻ നാ. വെളുത്തപക്ഷത്തിൽ ആദ്യമായി പ്രത്യക്ഷപ്പെടുന്ന ചന്ദ്രക്കല
നവച്ഛാത്രൻ നാ. 1. പുതിയവിദ്യാർഥി; 2. പഠിപ്പില്ലാത്തവൻ
നവച്ഛിദ്രങ്ങൾ നാ. = നവദ്വാരങ്ങൾ
നവജ വി. പുതുതായി ഉണ്ടായ
നവജാത വി. 1. പുതുതായി ഉണ്ടായ; 2. അപ്പോൾത്തന്നെ ജനിച്ച
നവജ്വരം നാ. 1. പുതിയ പനി; 2. പുതുതായി വന്നുചേർന്ന ദു:ഖകാരണം
നവടുക ക്രി. = ഞവിടുക
നവത1 നാ. പുതുമ, പുതുത് എന്ന അവസ്ഥ
നവത2 വി. തൊണ്ണൂറാമത്തെ
നവതം നാ. 1. ആനച്ചമയമായി ഉപയോഗിക്കുന്ന വർണപ്പകിട്ടുള്ള തുണി; 2. കരിമ്പടം
നവതി നാ. തൊണ്ണൂറ്
നവതിക നാ. 1. ചായമിടാനുള്ള ബ്രഷ്; 2. തൊണ്ണൂറ്
നവതീർഥങ്ങൾ നാ. (ബ.വ.) പാപം നശിപ്പിക്കാൻ കഴിവുള്ള ഒൻപത് പുണ്യനദികൾ
നവത്രിംശത്ത് നാ. മുപ്പത്തിഒൻപത്
നവദളം1 നാ. 1. പുതിയ ഇതൾ, പുതിയ ഇല; 2. താമരപ്പൂവിൻെറഅകത്തെ ഇതൾ
നവദളം2 നാ. ഒൻപത് ഇതളുകളുള്ള പദ്മം, മന്ത്രതന്ത്രാദികളിൽ വരച്ചുണ്ടാക്കുന്നത്
നവദുർഗ നാ. ഒൻപതുരൂപങ്ങളുള്ള ദുർഗാദേവി
നവദോഷങ്ങൾ നാ. (ബ.വ.) ഗ്രഹയോഗങ്ങൾകൊണ്ടുണ്ടാകുന്ന ഒൻപതുദോഷങ്ങൾ

നവദ്രവ്യങ്ങൾ നാ. (ബ.വ.) പ്രപഞ്ചത്തിൻെറ ഘടകങ്ങളായി കണക്കാക്കപ്പെടുന്ന ഒൻപതുവസ്തുക്കൾ (ഭൂമി, ജലം, തേജസ്സ്, വായു, ആകാശം, കാലം, ദിക്ക്, ആത്മാവ്, മനസ്സ് എന്നിവ)

നവദ്വാരങ്ങൾ നാ. (ബ.വ.) ശരീരത്തിലുള്ള ഒൻപതു ദ്വാരങ്ങൾ

നവധാ അവ്യ. 1. ഒൻപതുവിധത്തിൽ; 2. ഒൻപതുമടങ്ങ്; 3. ഒൻപതുവീതം

നവധാതുക്കൾ നാ. (ബ.വ.) ഒൻപതുധാതുക്കൾ (സ്വർണം, വെള്ളി, ചെമ്പ്, നാകം, വങ്ഗം, ഇരുമ്പ്, പിച്ചള, കാന്തം, അരിതാരം എന്നിവ)

നവധാന്യങ്ങൾ നാ. (ബ.വ.) ഒൻപതു ധാന്യങ്ങൾ (ഗോതമ്പ്, നെല്ല്, കടല, എള്ള്, തുവര, ഉഴുന്ന്, മുതിര, പരറ്, ഒച്ചക്കൊട്ട (ഒരിനം പയറ്) എന്നിവ). ധാന്യങ്ങളുടെ പട്ടികയിൽ ശാസ്ത്രഭേദം അനുസരിച്ച് അല്പാല്പം വ്യത്യാസം കാണുന്നു.

നവനദികൾ നാ. (ബ.വ.) സരസ്വതി, വൈതരണി, മധുസ്രുവ, അല്ലു, ആപഗ, മന്ദാകിനി, കൗശികി, ഹിരണ്വതി, ദൃഷദ്വതി എന്നീ ഒൻപതു നദികൾ

നവനം നാ. സ്തോത്രം, സ്തുതി

നവനവ വി. പുത്തൻപുത്തനായ

നവനി നാ. വെണ്ണ

നവനിധികൾ നാ. (ബ.വ.) കുബേരൻെറ ഒൻപതു നിധികൾ

നവനീതം നാ. വെണ്ണ, പുതുവെണ്ണ

നവനീതകം നാ. 1. വെണ്ണ; 2. നെയ്യ്

നവനീതചോരൻ നാ. ശ്രീകൃഷ്ണൻ

നവപഞ്ചാശത്ത് നാ. അമ്പത്തൊമ്പത്

നവപ്രസൂത നാ. കടിഞ്ഞൂൽപ്രസവിച്ചവൾ

നവമ വി. ഒൻപതാമത്തെ

നവം1 നാ. 1. പുതിയത്; 2. പുതുമ; 3. ചെമന്ന തഴുതാമ; 4. കാക്ക

നവം2 നാ. ഒൻപത്

നവം3 അവ്യ. പുതുതായി, അടുത്തകാലത്ത്

നവംബർ [ഇം.] നാ. (റോമൻ കലണ്ടർപ്രകാരം) പതിനൊന്നാമത്തെ മാസം

നവമണികൾ നാ. (ബ.വ.) നവരത്നങ്ങൾ

നവമല്ലിക നാ. 1. തൂശിമുല്ല; 2. ഒരു വൃത്തം

നവമാലിനി നാ. തൂശിമുല്ല, അതിൻെറ പൂവ്

നവമി നാ. ഒൻപതാമത്തെ തിഥി, വാവുകഴിഞ്ഞ് ഒൻപതാം ദിവസം

നവമേഘങ്ങൾ നാ. (പുരാണ) (ബ.വ.) സംവർത്തനം, ആവർത്തനം, പുഷ്കലം, ദ്രോണം, കാളം, നീലം, വാരുണം, വായവ്യം, തമം എന്നീ ഒൻപതു മേഘങ്ങൾ

നവയോഗികൾ നാ. (ബ.വ.) ദിവ്യന്മാരായ ഒൻപതു യോഗികൾ

നവയൗവനം നാ. യൗവനാരംഭം

നവര നാ. ഞവര, ഒരിനം നെല്ല്

നവരങ്ഗം നാ. 1. പുതിയ അരങ്ങ്; 2. നാടകശാല

നവരത്നങ്ങൾ നാ. (ബ.വ.) ഒൻപതുതരം രത്നങ്ങൾ (മുത്ത്, മാണിക്യം, വൈഢൂര്യം, ഗോമേദകം, വജ്രം, പവിഴം, പദ്മരാഗം, മരതകം, നീലം എന്നിവ)
നവരം അവ്യ. തീർച്ചയായി (കേവലാർഥത്തിൽ പ്രാകൃതത്തിലുള്ള ഒരു നിപാതം)
നവരസങ്ങൾ നാ. 1. സാഹചര്യങ്ങൾകൊണ്ടു മനസ്സിനുണ്ടാകുന്ന ഭാവങ്ങളെ (അവ ഉദ്ദീപ്തമാക്കുന്ന അനുഭൂതികളെ ആസ്പദമാക്കി) ഒൻപതു മഹാവിഭാഗങ്ങളായി തിരിച്ചിട്ടുള്ളവ (ശൃങ്ഗാരം, വീരം, ഹാസ്യം, കരുണം, അദ്ഭുതം, ബീഭത്സം, രൗദ്രം, ഭയാനകം, ശാന്തം എന്നിവ); 2. (സങ്ഗീ) ഒരുരാഗം
നവരാത്രി നാ. പൂജവയ്പ്പുകാലം, കന്നിമാസത്തിലെ വെളുത്തപക്ഷത്തിൽ പ്രഥമ തുടങ്ങിയുള്ള ഒൻപതു ദിവസം നീണ്ടുനിൽക്കുന്ന ദുർഗാപൂജ നടത്തുന്ന കാലം
നവരാശികം നാ. ഒരു ഗണിതസമ്പ്രദായം
നവവധു നാ. നവോഢ, പുതുതായി വിവാഹം കഴിച്ചവൾ
നവവരൻ നാ. 1. വിവാഹംകഴിഞ്ഞ് അധികകാലമാകാത്തവൻ; 2. പുതുമാപ്പിള
നവവ്യാകരണജ്ഞൻ നാ. ഒൻപതു വ്യാകരണം പഠിച്ചിട്ടുള്ളവൻ
നവവ്യൂഹൻ നാ. വിഷ്ണു
നവശതം നാ. 1. നൂറ്റൊൻപത്; 2. തൊള്ളായിരം
നവശ: അവ്യ. ഒൻപതുവീതം
നവസൂതിക നാ. കടിഞ്ഞൂൽപ്രസവിച്ച പശു, കടിഞ്ഞൂൽപ്രസവിച്ച സ്ത്രീ
നവാക്ഷരി നാ. ഒൻപത് അക്ഷരങ്ങളുള്ള മന്ത്രം
നവാഗത വി. പുതുതായിവന്നെത്തിയ
നവാങ്ഗി നാ. പുതുമതോന്നുന്ന അങ്ഗങ്ങളുള്ളവൾ, സുന്ദരി
നവാന്നം നാ. 1. പുത്തരി; 2. പുതിയ ഭക്ഷ്യ പദാർഥം; 3. ചോറൂണ്; 4. പുത്തരിയൂണ്
നവാബ് [അറ.] നാ. മുഹമ്മദീയരാജാവ്
നവാംബു നാ. 1. പുതുവെള്ളം, ആദ്യമായിപൊഴിയുന്ന മഴവെള്ളം; 2. ശുദ്ധ ജലം
നവാംശകം നാ. ഒരു രാശിയെ ഒൻപതായി ഭാഗിച്ചത്
നവാലി [പോർ] നാ. 1. മടക്കുകത്തി; 2. ക്ഷൗരക്കത്തി
നവാശീതി നാ. എൺപത്തൊൻപത്
നവീകരണം നാ. പുതുക്കൽ
നവീകരിക്കുക ക്രി. പുതുക്കുക, പുതിയതാക്കുക
നവീകൃത വി. പുതുക്കപ്പെട്ട, നവീകരിക്കപ്പെട്ട
നവീന വി. പുതിയ
നവീനത, -ത്വം നാ. പുതുമ
നവോഢ നാ. പുതുപ്പെണ്ണ്, വിവാഹം കഴിഞ്ഞ് ഏറെക്കാലം കഴിയാത്തവൾ

നവോത്ഥാനം നാ. 1. ഉയിർത്തെഴുന്നേൽപ്പ്; 2. തളർന്നോ ചൈതന്യമറ്റോ കിടന്ന ആശയങ്ങൾ പ്രസ്ഥാനം തുടങ്ങിയവയ്ക്ക് പുത്തൻ ചൈതന്യം ഉണ്ടാകൽ

നവോന്മിഷിത വി. പുതുതായി വിടർന്ന

നവോന്മേഷം നാ. പുതിയ ഉത്സാഹം

നവ്യ വി. 1. പുതിയ; 2. ഇളയ

നവ്യത, -ത്വം നാ. പുതുമ

നവ്യം നാ. 1. പുതിയത്; 2. സ്തുതി

നശിക്കുക ക്രി. 1. ഇല്ലാതാകുക; 2. ക്ഷയിക്കുക

നശിപ്പ് [<നശിക്കുക] നാ. ക്ഷയിക്കൽ, ഇല്ലാതാകൽ

നശീകരണം നാ. നശിപ്പിക്കൽ, ക്രമമായി ക്ഷയിപ്പിക്കൽ

നശീകരം നാ. 1. നാശകരമായത്; 2. അശ്രീകരമായത്

നശീകൃത വി. നശിപ്പിക്കപ്പെട്ട, ക്ഷയിപ്പിക്കപ്പെട്ട

നശ്യ വി. 1. നശിക്കത്തക്ക; 2. നശിക്കുന്ന

നശ്യത്ത് നാ. നശിക്കുന്നത്, നശിച്ചുകൊണ്ടിരിക്കുന്നത്

നശ്വര വി. നശിക്കുന്ന, ശാശ്വതമല്ലാത്ത

നശ്വരത, -ത്വം നാ. നശിക്കുന്ന സ്വഭാവം

നഷ്ട വി. കാണാതായ, നശിച്ചുപോയ

നഷ്ടചന്ദ്രൻ നാ. 1. ക്ഷയിച്ച ചന്ദ്രൻ; 2. ഭാദ്രമാസത്തിലെ ചതുർഥീതിഥിയിലെ ചന്ദ്രൻ

നഷ്ടചേതന വി. 1. ബോധം നഷ്ടപ്പെട്ട; 2. ക്ഷീണിച്ച, ചൈതന്യം നശിച്ച

നഷ്ടചേഷ്ട വി. ചലനശക്തി നഷ്ടപ്പെട്ട

നഷ്ടജാതകം നാ. (ജ്യോ) ജനനത്തീയതിയും സമയവും അറിഞ്ഞുകൂടാതെ വരുമ്പോൾ മറ്റുപാധികൾകൊണ്ടു ഗണിച്ചെഴുതുന്ന ജാതകം

നഷ്ടത്തിറ നാ. തിറയാട്ടവുമായി ബന്ധപ്പെട്ട ചില ചടങ്ങുകൾ

നഷ്ടപ്പെടുക ക്രി. 1. കൈമോശംവരുക; 2. കൊടുക്കൽ വാങ്ങലിൽ ചേതം

നഷ്ടപ്രശ്നം നാ. മറഞ്ഞിരിക്കുന്നതിനെ ലക്ഷണം നോക്കി പുറത്തുകൊണ്ടുവരൽ

നഷ്ടം നാ. വ്യാപാരത്തിലും കൊടുക്കൽ വാങ്ങലുകളിലും ഉണ്ടാകുന്ന ചേതം; 2. നശിച്ചത്; 3. കളഞ്ഞുപോയതോ കൈവിട്ടുപോയതോ ആയ വസ്തു.

നസ [സം.നസ്<നാസാ] നാ. മൂക്ക് (സമാസത്തിൽ, ഉദാ: പീനസം)

നസ്ത നാ. മൂക്കുകയർ

നസ്തം നാ. 1. മൂക്ക്; 2. മൂക്കുപ്പൊടി; 3. തുമ്മുന്നതിനുള്ള മരുന്ന്; 4. കുടിലത

നസ്തിതം നാ. മൂക്കുകയറിട്ട കാള

നസ്യം നാ. 1. മൂക്കിൽ ചെയ്യുന്ന ഒരു ചികിത്സ; 2. മൂക്കിലെ രോമം; 3. നാസികാചൂർണം; 4. അനിഷ്ടം; 5. ശകാരം

നസ്രാണി [അറ.] നാ. ക്രിസ്ത്യാനി

നഹർ [ഹി.] നാ. തോട്

നഹി[സം.] അവ്യ. ഇല്ല

നഹിക്കുക നാ. ബന്ധിക്കുക

നഹൂഷം നാ. 1. തകരം; 2. പാമ്പ്

നളകീലം നാ. കാൽമുട്ട്

നളകുബരൻ നാ. കുബേരൻെറ മകൻ

നളചരിതം നാ. നിഷധരാജാവായ നളൻെറ ചരിത്രം

നളൻ നാ. 1. നിഷധരാജാവ്, ദമയന്തിയുടെ ഭർത്താവ്; 2. ഒരു വാനരൻ

നളന്ദ നാ. പ്രാചീനകാലത്തു പാടലീപുത്രത്തിനടുത്തുണ്ടായിരുന്ന ഒരു സർവകലാശാല

നളപാകം നാ. നളൻെറതുപോലെയുള്ള (ഭക്ഷണ) പാകം, രുചികരമായ ഭക്ഷണ പാകം

നളം1[<സം.നഡ] നാ. 1. വേഴൽപ്പുല്ല്; 2. ആമ്പൽ

നളം2 നാ. വീതി.

955

നളിന [സം.നഡിനാ] നാ. ലക്ഷ്മീദേവി

നളിനം നാ. താമരപ്പൂവ്

നളിനവിശിഖൻ നാ. താമരപ്പൂവ് അമ്പായിട്ടുള്ളവൻ, കാമദേവൻ

നളിനി നാ. താമരപ്പൊയ്ക

നളിനീരുഹം നാ. താമരവളയം

നളിനേശയൻ നാ. വിഷ്ണു

നളിനോത്ഭവൻ നാ. ബ്രഹ്മാവ്

നളോപാഖ്യാനം നാ. മഹാഭാരതത്തിലെ ഒരു ഉപാഖ്യാനം (നളകഥ വിവരിക്കുന്നത്)

നറു വി. നല്ല

നറുക്ക് നാ. 1. വല്ലതും വെട്ടിയെടുത്തതിൻെറ ബാക്കി കഷണം; 2. കുരുത്തോലക്കഷണം; 3. ചിട്ടി, കുറി

നറുക്കുക ക്രി. ചെറുതായി മുറിക്കുക

നറുങ്കുഴൽ നാ. നല്ല കാൽ

നറ്റുണ [നൽ–തുണ] നാ. നല്ല സഹായം

നാ.1 നാല് എന്നതിൻെറ ഒരു വിശേഷണരൂപം

നാ2 നാ. നായ്

നാ3 നാ. നാവ്

നാ4 അവ്യ. ഇല്ല

നാകദന്തി നാ. ഐരാവതം (സ്വർഗത്തിലെ ആന)

നാകചരൻ നാ. ദേവൻ (സ്വർഗത്തിൽ സഞ്ചരിക്കുന്നവൻ)

നാകതടിനി നാ. സ്വർഗഗങ്ഗ

നാകനദി നാ. നാകതടിനി, സ്വർഗഗങ്ഗ

നാകനാഥൻ നാ. ഇന്ദ്രൻ

നാകനായകൻ നാ. ഇന്ദ്രൻ

നാകനാരി നാ. ദേവസ്ത്രീ

നാകം1 നാ. 1. സ്വർഗം; 2. ആകാശം; 3. മേഘം; 4. ശബ്ദം
നാകം2 നാ. 1. ഒരു ലോഹം; 2. ഒരു മരം, നാഗവൃക്ഷം
നാകലോകം നാ. സ്വർഗം
നാകി നാ. ദേവൻ
നാകു1 നാ. 1. ചിതൽപ്പുറ്റ്; 2. പർവതം
നാകു2 നാ. 1. ഇളമ; 2. ഇളപ്പമുള്ള മരം; 3. എരും; 4. പെൺമീൻ
നാകുലം നാ. 1. നകുലത്തെ (കീരിയെ) സംബന്ധിച്ചത്; 2. അരത്ത
നാകൂദരം നാ. പുറ്റിൻെറ ഉൾഭാഗം
നാകേശൻ നാ. ഇന്ദ്രൻ
നാകൗകസ്സ് നാ. ദേവൻ
നാക്കടിക്കുക ക്രി. അധികം സംസാരിക്കുക, ഉച്ചത്തിൽ സംസാരിച്ചു ലഹളകൂട്ടുക
നാകില നാ. വാഴയിലയുടെ തുമ്പ് പോകാതെ മുറിച്ചെടുത്തത്, തൂശനില
നാക്ക് നാ. 1. വായ്ക്കുള്ളിലുള്ള ഒരു അവയവം, രസന; 2. നാക്കിൻെറ ആകൃതിയിലുള്ള വസ്തു; 3. പൊതിയിൽനിന്നു പുറത്തുവരാത്ത നെൽക്കതിര്; 4. വാക്ക്, ഭാഷ. (പ്ര) നാക്കിന് എല്ലില്ലാത്ത = നിയന്ത്രണമില്ലാതെ സംസാരിക്കുന്ന. നാക്കുനനയ്ക്കുക = അൽപം വല്ലതും ആഹാരം കഴിക്കുക. നാക്കുപറ്റുക = 1. കരിനാക്കുപറ്റുക; 2. പറഞ്ഞതുപോലെ സംഭവിക്കുക. നാക്കുപിഴയ്ക്കുക = 1. അറിയാതെ അബദ്ധം പറയുക; 2. രഹസ്യം വെളിവാക്കുക. നാക്കെടുക്കുക = സംസാരിക്കാൻ തുടങ്ങുക, സംസാരിക്കുക. നാക്കെടുത്തു വളയ്ക്കുക = സംസാരിക്കുക, സംസാരിക്കാൻ തുടങ്ങുക. നാക്കുപിഴച്ചാൽ പല്ലിനുകേട് (പഴ)
നാക്കുവിട്ട നാ. നാക്കിലെ അഴുക്ക്
നാക്ഷത്ര വി. നക്ഷത്രത്തെ സംബന്ധിച്ച
നാക്ഷത്രം നാ. നക്ഷത്രമാസം
നാക്ഷത്രവർഷം നാ. പന്ത്രണ്ടു നക്ഷത്രമാസം കൂടിയ കാലം. 324 സൗരദിവസങ്ങൾ ചേർന്ന ആണ്ട്
നാഗകന്യക നാ. നാഗദേവതകളുടെ കൂട്ടത്തിലെ പെൺകുട്ടി; 2. പെൺപാമ്പ്
നാഗകുണ്ഡലൻ നാ. ശിവൻ
നാഗകേതനൻ നാ. ദുര്യോധനൻ (നാഗം കൊടിയടയാളമുള്ളവൻ)
നാഗക്കല്ല് നാ. നാഗത്തിൻെറ രൂപത്തിലുണ്ടാക്കിയ കൽപ്രതിമ
നാഗചൂഡൻ നാ. നാഗങ്ങളെ ശിരസ്സിൽ ആഭരണമായി അണിയുന്നവൻ, ശിവൻ
നാഗത്താൻ നാ. നാഗം
നാഗത്താൻകോട്ടം നാ. സർപ്പക്കാവ്, നാഗദേവതകളുടെ സാന്നിധ്യമുള്ള സ്ഥലം
നാഗദന്തകം നാ. 1. ആനക്കൊമ്പ്; 2. തുണിയും മറ്റും തൂക്കുന്നതിന് ചുമരിൽ ഉറപ്പിക്കുന്ന (ആനക്കൊമ്പിൻെറ ആകൃതിയിലുള്ള) കുറ്റി

നാഗധ്വജൻ		നാ.	ദുര്യോധനൻ
നാഗധ്വനി		നാ.	ഒരു രാഗം
നാഗദ്രു		നാ.	1. നാഗമരം; 2. ചതുരക്കള്ളി
നാഗൻ		നാ.	1. ഉപപ്രാണങ്ങളിൽ ഒന്ന്; 2.
പാതാളവാസികളായ നാഗങ്ങളിൽ ഒരുവൻ; 3. സർപ്പാരാധകരായ ഒരു വർഗം; 4. നായർ; 5. ക്രൂരൻ
നാഗനക്ഷത്രം		നാ.	ആഉഇല്യം
നാഗനാഥൻ		നാ.	1. ആദിശേഷൻ; 2. നാഗരാജാവ്; 3. ശിവൻ
നാഗനിരൂഹം		നാ.	തുണിയും മറ്റും തൂക്കിയിടാൻ വേണ്ടി ചുമരിൽ
തറയ്ക്കുന്ന കുറ്റി
നാഗപഞ്ചമി		നാ.	1. ശ്രാവണമാസത്തിലെ ശുക്ലപഞ്ചമി; 2.
ആഷാഢമാസത്തിലെ കൃഷ്ണപഞ്ചമി
നാഗപടം		നാ.	1. പാമ്പിൻെറ പത്തി; 2. നാഗപടത്താലി
നാഗപടക്കുഴ		നാ.	= നാഗപടത്താലി
നാഗപടത്താലി		നാ.	പാമ്പിൻെറ പത്തിയുടെ ആകൃതിയിലുള്ള ഒരു
കണ്ഠാഭരണം
നാഗപടലം		നാ.	ഒരു നേത്രരോഗം
നാഗപതി		നാ.	1. സർപ്പങ്ങളുടെ നാഥൻ (ആദിശേഷൻ,
വാസുകി, കാർക്കോടകൻ തുടങ്ങിയവരിലാരെങ്കിലും); 2. ആനകളുടെ നാഥൻ
(ഐരാവതം, ദിഗ്ഗജങ്ങൾ തുടങ്ങിയവയിലാരെങ്കിലും)
നാഗപദം		നാ.	ഒരു രതിബന്ധം
നാഗപാശം		നാ.	വരുണൻെറ ആയുധമായ പാശം; 2. നാഗാസ്ത്രം
നാഗപാശകം		നാ.	ഒരു രതിബന്ധം
നാഗപ്പച്ച		നാ.	ഒരിനം രത്നം
നാഗബന്ധം		നാ.	1. ഒരു ചിത്രബന്ധം; 2. സർപ്പക്കളം
നാഗബലൻ		നാ.	ഭീമസേനൻ (ആനയുടെ ബലമുള്ളവൻ)
നാഗഭഗിനി		നാ.	മനസാദേവി
നാഗഭൂഷണൻ		നാ.	ശിവൻ
നാഗം		നാ.	1. പാമ്പ്; 2. നാഗലോകത്തു വസിക്കുന്നതായി
പുരാണങ്ങളിൽ പറയുന്ന ഒരു ജീവി (ഇതിനു മനുഷ്യൻെറ മുഖവും പാമ്പിൻെറ ശരീരവും എന്നു സങ്കൽപം); 3. ആന; 4. ആയില്യം നക്ഷത്രം; 5. കുരങ്ങ്; 6. കുറിയാട്; 7. വെളുത്തീയം; 8. നാകപ്പൂവ്; 9. സിന്ധൂരം; 10. പുന്നമരം; 11. മുത്തങ്ങ; 12. വെറ്റിലക്കൊടി; 13. വത്സനാഭം; 14. ഒരിനം അഭ്രം; 15. കാരീയം; 16. ഏഴ് എന്ന സങ്ഖ്യ
നാഗമണ്ഡലികൻ		നാ.	പാമ്പാട്ടി
നാഗമല്ലൻ		നാ.	ഐരാവതം
നാഗമാതാവ്		നാ.	1. കദ്രു; 2. സുരസ; 3. മനയോല; 4. തുളസി
നാഗമൗഞ്ജി		നാ.	ശിവൻ
നാഗയഷ്ടിക		നാ.	ജലനിരപ്പ് അളക്കുന്നതിനായി നാട്ടുന്ന കുറ്റി
നാഗർ		നാ.	നാഗപ്രതിഷ്ഠ, ആരാധിക്കപ്പെടുന്ന സർപ്പ
വിഗ്രഹം

നാഗര വി. നഗരത്തെ സംബന്ധിച്ച, നഗരത്തിൽ പ്രചരിക്കുന്ന, നഗരത്തിൽ ജീവിക്കുന്ന
നാഗരത്തം നാ. ഒരു രത്തം
നാഗരൻ നാ. 1. നഗരവാസി; 2. ഭർത്താവിൻെറ സഹോദരൻ; 3. പ്രഭാഷകൻ; 4. സമർഥൻ; 5. യുദ്ധത്തിൽ ഏർപ്പെട്ട രാജാവ്; 6. പരസപരം എതിർക്കുന്ന ഗ്രഹങ്ങളിൽ ഓരോന്നും
നാഗരം നാ. 1. ചുക്ക്; 2. പെരുമുത്തങ്ങ; 3. ഇഞ്ചി; 4. നാരകം; 5. അധ്വാനം; 6. മോക്ഷത്തിനുള്ള ആഗ്രഹം; 7. അറിവു നിഷേധിക്കൽ; 8. നാഗര ശിൽപരീതി
നാഗരലിപി നാ. ആര്യ എഴുത്ത്, ദേവനാഗരി
നാഗരാജൻ നാ. 1. ആദിശേഷൻ; 2. ഐരാവതം
നാഗരാഹ്വം നാ. ചുക്ക്
നാഗരി നാ. 1. ചതുരക്കള്ളി; 2. നാഗര ശിൽപസമ്പ്രദായം; 3. നഗരത്തിലുള്ളവൽ; 4. സാമർഥ്യമുള്ളവൾ
നാഗരിക വി. 1. നഗരത്തെ സംബന്ധിച്ച; 2. നഗരത്തിൽ പാർക്കുന്ന; 3. പരിഷ്കൃതമായ; 4. കൃത്രിമമായ
നാഗരികത, -ത്വം നാ. 1. നഗരവുമായി ബന്ധപ്പെട്ട അവസ്ഥ; 2. പരിഷ്കാരം; 3. കൃത്രിമത്വം; 4. പൗരത്വം
നാഗരികൻ നാ. 1. നഗരത്തിൽ ജീവിക്കുന്നവൻ; 2. നഗരത്തിലെ പ്രമാണി; 3. മര്യാദക്കാരൻ; 4. കലകളിൽ നൈപുണ്യം ഉള്ളവൻ; 5. പോലീസുകാരിൽ പ്രധാനി; 6. കള്ളൻ
നാഗരികൗഷധം നാ. 1. അങ്ങാടിമരുന്ന്; 2. പാകപ്പെടുത്തിയ ഔഷധം
നാഗരികം നാ. 1. പരിഷ്കാരം; 2. കൃത്രിമമോടി; 3. വിവേകം; 4. സാമർഥ്യം; 5. കാപട്യം; 6. ചുക്ക്; 7. നഗരവാസികളിൽനിന്നു പിരിക്കുന്ന കരം
നാഗരീടൻ നാ. 1. വിടൻ; 2. ഗൂഢാലോചനക്കാരൻ; 3. വിവാഹത്തിന് മധ്യസ്ഥതവഹിക്കുന്നവൻ
നാഗരേണു നാ. 1. സിന്ദൂരം; 2. കുരുമുളക്
നാഗര്യം നാ. 1. നഗരജീവിതം; 2. നഗരപരിഷ്കാരം; 3. മിടുക്ക്
നാഗലത നാ. 1. വെറ്റിലക്കൊടി; 2. പുരുഷൻെറ ലിങ്ഗം
നാഗലോകം നാ.. പാതാളം
നാഗവാരികൻ നാ. 1. ആനപ്പാപ്പാൻ; 2. ആനത്തലവൻ; 3. ഗരുഡൻ
നാഗവാരികം നാ. 1. ആനത്തലവൻ; 2. രാജകീയ ഗജം; 3. മയിൽ; 4. ഗരുഡൻ
നാഗശായി നാ. വിഷ്ണു
നാഗസംഭവം നാ. 1. സിന്ദൂരം; 2. നാഗരത്തം
നാഗസ്വരം നാ. ഒരു സുഷിരവാദ്യം, പന്ത്രണ്ടു ദ്വാരങ്ങളുള്ളത് (നാദസ്വരം എന്നും പേർ)
നാഗസ്വരവിദ്വാൻ നാ. നാഗസ്വരം വായിക്കുന്നതിൽ വൈദഗ്ദ്ധ്യമുള്ള സങ്ഗീതജ്ഞൻ
നാഗാങ്ഗന നാ. 1. നാഗസ്ത്രീ; 2. പിടിയാന; 3. നാഗാഞ്ചന
നാഗാഞ്ജന നാ. 1. പിടിയാന; 2. നാഗയഷ്ടി

നാഗാധിപൻ നാ. 1. ആദിശേഷൻ (പാമ്പുകൾക്കധിപൻ); 2. ഐരാവതം (ആനകൾക്കധിപൻ)
നാഗാനനൻ നാ. ഗജമുഖൻ, ഗണേശൻ
നാഗാന്തകൻ നാ. ഗരുഡൻ
നാഗാന്തകം നാ. 1. മയിൽ; 2. ഗരുഡൻ; 3. കീരി; 4. സിംഹം
നാഗാഭരണൻ നാ. ശിവൻ
നാഗാരാതി നാ. 1. ഗരുഡൻ; 2. മയിൽ; 3. കീരി; 4. സിംഹം; 5. കാട്ടുവാവൽ
നാഗാലയം നാ. പാതാളം
നാഗാശനം നാ. 1. മയിൽ; 2. സിംഹം; 3. കീരി
നാഗാസ്ത്രം നാ. സർപ്പം അധിദേവതയായുള്ള ഒരു ദിവ്യാസ്ത്രം
നാഗിനി നാ. 1. പിടിയാന; 2. നാഗസ്ത്രീ; 3. ഹസ്തിനീജാതിയിൽപ്പെട്ട സ്ത്രീ; 4. നാഗദന്തി; 5. തിരുതാളി; 6. വെറ്റിലക്കൊടി
നാഗേന്ദ്രഗാമിനി നാ. ആനയെപ്പോലെ ചന്തമുള്ള നടത്തയുള്ളവൾ, സുന്ദരി
നാഗേന്ദ്രൻ നാ. 1. സർപ്പശ്രേഷ്ഠൻ, ആദിശേഷൻ; 2. ശ്രേഷ്ഠനായ ആന, ഐരാവതം
നാഗേശൻ നാ. 1. നാഗേന്ദ്രൻ; 2. ശിവൻ; 3. പതഞ്ജലിമഹർഷി
നാഗോദരം നാ. 1. ഒരുതരം പടച്ചട്ട; 2. ഗർഭത്തെ ബാധിക്കുന്ന ഒരു രോഗം; 3. ഭ്രൂണം ഗർഭപാത്രത്തിനുള്ളിൽവച്ച് അഴുകിപ്പോകുന്നത്
നാങ്ക് നാ. നാല്
നാചികേതൻ നാ. അഗ്നിദേവൻ
നാചികേതം നാ. അഗ്നി
നാച്ചൻ നാ. നായകൻ
നാച്ചി നാ. നായിക, രാജ്ഞി, പ്രഭ്വി
നാജർ [ഹി.] നാ. 1. പരിശോധിക്കാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ; 2. കോടതിയിൽ മുമ്പു നിലവിലിരുന്ന ഒരു തസ്തിക
നാട നാ. 1. നൂലുകൊണ്ട് വീതിയിൽ നെയ്തുണ്ടാക്കുന്ന പട്ട; 2. നെയ്ത്തുതറിയിലെ ഓടം
നാടക വി. നടിക്കുന്ന, അഭിനയിക്കുന്ന, നൃത്തം ചെയ്യുന്ന
നാടകം1 നാ. 1. നടന്മാർ ചതുർവിധാഭിനയത്തിലൂടെ ഒരു ഇതിവൃത്തത്തെ രങ്ഗത്ത് ആവിഷ്കരിക്കുന്ന കലാരൂപം; 2. നാട്യപ്രസിദ്ധമായ ദശരൂപകങ്ങളിൽ ഒന്ന്; 3. മേൽപ്പറഞ്ഞ രണ്ടുതരം ദൃശ്യകലാരൂപങ്ങൾക്കും ആധാരമായ സാഹിത്യകൃതി; 4. പൊളി, യഥാർഥമല്ലാത്തത്
നാടകം2 നാ. നാടിൻെറ അകം, ഉൾനാട്
നാടകി നാ. ഇന്ദ്രസഭ
നാടകീയം നാ. 1. നാടകത്തിലെപ്പോലെയുള്ളത്; 2. കൃത്രിമമായത്; 3. അസ്വാഭാവികമായത്
നാടടക്കം നാ. 1. നാടുമുഴുവൻ; 2. നാട്ടിനെ മൊത്തത്തിൽ ബാധിക്കുന്നത്; 3. ഭരണം; 4. നാടുകീഴടക്കൽ

നാടൻ വി. 1. നാട്ടിൽ പ്രചാരത്തിലുള്ള; 2. പരിഷ്കാരമില്ലാത്ത. നാ. 1. നാട്ടിലുള്ളവൻ; 2. അപരിഷ്കൃതൻ. (പ്ര) നാടൻമട്ട് = നാടൻ രീതി. നാടൻപാട്ട് = നാടോടിപ്പാട്ട്

നാടം നാ. 1. അഭിനയം, നടനം, നൃത്തം; 2. ഒരു രാഗം; 3. കർണാടകദേശം

നാടവിര നാ. കുടലിനുള്ളിൽ ജീവിക്കുന്ന ഒരിനം വിര

നാടാൻ നാ. നാടാർ ജാതിയിൽപ്പെട്ടവൻ

നാടാർ നാ. തമിഴ്നാട്ടിൽനിന്നു കേരളത്തിൽ കുടിയേറിപ്പാർത്ത ഒരു ജാതി, ചാന്നാർ

നാടാരൻ നാ. നടിയുടെപുത്രൻ

നാടാല നാ. 1. നാട്ടുകൂട്ടം സമ്മേളിക്കുന്ന പന്തൽ; 2. ശ്രോതാക്കളുടെ മുറി

നാടിക നാ. ഉപരൂപകങ്ങളിൽ ഒന്ന്

നാടിക്കരണം നാ. കൈമാറ്റംചെയ്യപ്പെടുന്ന തുകയുടെ ഉറപ്പിനായി ഏതെങ്കിലും ഭൂസ്വത്ത് ഈടാക്കിയുള്ള പ്രമാണം

നാടിക്കാണം നാ. കുഴിക്കാണത്തിൽ മുൻകൂറ് കൊടുക്കുന്ന നിരതദ്രവ്യം

നാടിതകം നാ. 1. അഭിനയം; 2. ആങ്ഗ്യംകൊണ്ടുചെയ്യുന്ന ആശയവിനിമയം

നാട് നാ. 1. കൃഷിഭൂമിയും ആൾപ്പാർപ്പും ഉള്ള സ്ഥലം; 2. ദിക്ക്, ദേശം, രാജ്യം. (പ്ര) നാടുകടത്തുക = നാട്ടിൽനിന്നു പുറത്താക്കുക. നാടുനീങ്ങുക = മരിക്കുക (രാജാക്കന്മാർ) തീപ്പെടുക. നാടുവിട്ട രാജാവ് ഊരുവിട്ട പട്ടി (പഴ)

നാടുക ക്രി. 1. തേടുക; 2. വിശ്വസിക്കുക; 3. ആഗ്രഹിക്കുക; 4. വിചാരിക്കുക; 5. സംശയിക്കുക; 6. അളക്കുക; 7. തിളക്കുക; 8. തുള്ളിക്കളിക്കുക

നാടുവാഴി നാ. നാട്ടിന്റെ ഭരണാധികാരി

നാടേയൻ നാ. നടിയുടെ പുത്രൻ

നാടേരൻ നാ. നാടേയൻ

നാടോടി വി. 1. നാട്ടിൽ പ്രചരിക്കുന്ന (പ്ര) നാടോടിക്കഥ = നാട്ടിൽപ്രചാരമുള്ള കഥ, ഐതിഹ്യം. നാടോടിപ്പാട്ട് = നാട്ടിൻപുറങ്ങളിൽ പ്രചാരമുള്ള പാട്ട്, നാടൻപാട്ട്. നാടോടിഭാഷ = നാട്ടിൻപുറത്തെ ഭാഷ, അപരിഷ്കൃതഭാഷ, ദേശ്യഭാഷ; 2. നാട്ടിൽ നടപ്പുള്ള. നാ. നാടുതോറും അലഞ്ഞു നടക്കുന്നവൻ

നാട്ട1 നാ. (സങ്ഗീ) ഒരു രാഗം

നാട്ട2 നാ. നാട്ടിനിറുത്തിയത്, കുറ്റി, തൂണ്, കാല്. നാട്ടക്കല്ല് = 1. നാട്ടിനിറുത്തിയിട്ടുള്ള കല്ല്; 2. സ്മാരകമായി നാട്ടിയിട്ടുള്ള കല്ല്. നാട്ടക്കോൽ = വാഴയ്ക്കും മറ്റും താങ്ങായി ഊന്നി നിറുത്തുന്ന കഴ

നാട്ടകം നാ. ഉൾനാട്, നാടിന്റെ അകം

നാട്ടക്കുറിഞ്ഞി നാ. ഒരു രാഗം

നാട്ടാചാരം നാ. നാട്ടുനടപ്പ്, ഓരോനാട്ടിലും പിൻതുടർന്നുപോരുന്ന പെരുമാറ്റരീതി

നാട്ടാണ്മ നാ. നാടുവാഴാനുള്ള അധികാരം, ഭരണാധികാരം, പ്രഭുത്വം

നാട്ടാന നാ. മെരുങ്ങിയ ആന, നാട്ടിൽ ജീവിക്കുന്ന ആന
നാട്ടാർ നാ. (ബ.വ.) നാട്ടുകാർ, നാട്ടിലുള്ള ആളുകൾ
നാട്ടിൻപുറം നാ. 1. പട്ടണങ്ങൾക്കു പുറത്തുള്ള പ്രദേശം; 2. പരിഷ്കാരം കുറഞ്ഞ പ്രദേശം. നാട്ടിൻപുറത്തുകാരൻ = 1. നാട്ടിൻപുറത്തു ജീവിക്കുന്നവൻ; 2. അപരിഷ്കൃതൻ; 3. തട്ടിപ്പുവിദ്യകൾ അറിഞ്ഞുകൂടാത്തവൻ
നാട്ടിപ്പണി നാ. നാട്ടി വളർത്തൽ, പറിച്ചുനടൽ
നാട്ടുക ക്രി. 1. നടുക; 2. ഉറപ്പിച്ചു കുഴിച്ചുനിറുത്തുക; 3. സ്ഥാപിക്കുക, നിലനിറുത്തുക
നാട്ടുകാരൻ നാ. നാട്ടിലുള്ളവൻ
നാട്ടുക്കൂട്ടം നാ. 1. നാട്ടിലെ പൗരന്മാരുടെ സമ്മേളനം; 2. പൗരപ്രമാണിമാരുടെ യോഗം
നാട്ടുനടപ്പ് നാ. നാട്ടിൽ പരമ്പരയായി പിൻതുടർന്നുപോരുന്ന പെരുമാറ്റരീതി, ദേശമര്യാദ, നാട്ടാചാരം
നാട്ടുഭാഷ നാ. ദേശ്യഭാഷ, പരിനിഷ്ഠിതമല്ലാത്ത ഭാഷ
നാട്ടുമ്പുറം നാ. നാട്ടിൻപുറം
നാട്ടുവാലായ്മ നാ. രാജാവ് നാടുനീങ്ങിയാലുള്ള ദു:ഖാചരണം
നാട്ടുവെളിച്ചം നാ. നിലാവില്ലാത്തരാത്രിയിൽ നക്ഷത്രങ്ങളിൽനിന്നു കിട്ടുന്ന മങ്ങിയവെളിച്ചം
നാട്ടുവൈദ്യം നാ. പരമ്പരാഗതമായ ചികിത്സാരീതി
നാട്യകൃതി നാ. രങ്ഗാവതരണത്തിനുവേണ്ടി രചിച്ചിട്ടുള്ള കൃതി, ദശരൂപകങ്ങൾ, ഉപരൂപകങ്ങൾ
നാട്യക്കാരൻ നാ. 1. നടൻ; 2. പൊങ്ങച്ചം നടിക്കുന്നവൻ, കപടവേഷക്കാരൻ
നാട്യധർമം നാ. നാട്യകലാനിയമം
നാട്യധർമി നാ. നാട്യധർമമുള്ള
നാട്യപ്രിയൻ നാ. ശിവൻ
നാട്യം നാ. 1. അഭിനയം; 2. ആങ്ഗ്യം; 3. വ്യാജം, കാപട്യം; 4. നടൻെറ വേഷം
നാട്യരാസകം നാ. ഉപരൂപകങ്ങളിൽ ഒന്ന്
നാട്യശാല നാ. കളിയരങ്ങ്, നാടകശാല
നാട്യശാസ്ത്രം നാ. 1. നാട്യസങ്കേതങ്ങൾ വിവരിക്കുന്ന ശാസ്ത്രം; 2. ഭരതമുനി നാട്യത്തെക്കുറിച്ചു രചിച്ചിട്ടുള്ള ശാസ്ത്രഗ്രന്ഥം
നാട്യാചാര്യൻ നാ. നട്ടുവൻ, നാട്യം പഠിപ്പിക്കുന്നവൻ
നാട്യോക്തി നാ. 1. നാടകത്തിൽ ഉപയോഗിക്കുന്ന ഭാഷ; 2. നാടകത്തിൽ ഭാഷ ഉപയോഗിക്കുന്ന സാങ്കേതികരീതി (ആത്മഗതം, പ്രകാശം, ജനാന്തികം, അപവാരിതം, ആകാശഭാഷിതം എന്നിവ)
നാട്യോചിതം നാ. 1. നാടകത്തിന് യോജിച്ചത്; 2. നാടകസന്ദർഭത്തിനു ചേർന്നഗാനം
നാഡം നാ. നാളം
നാഡി നാ. 1. ജൈവകോശങ്ങൾകൊണ്ടുള്ള ചെറുകുഴൽ; 2. ഞരമ്പ്; 3. മീൻകണ്ണിക്കറുക; 4. കയ്യടക്കവിദ്യ, ചെപ്പടിവിദ്യ. (പ്ര) നാഡി അടിക്കുക,

–മിടിക്കുക = രക്തധമനികളിൽ മിടിപ്പുണ്ടായിരിക്കുക. നാഡിതളരുക = ലിങ്ഗത്തിൻെറ ഉദ്ധാരണശക്തി നഷ്ടപ്പെടുക. നാഡിനോക്കുക, –പിടിക്കുക = ഹൃദയത്തിൽനിന്നു പുറപ്പെടുന്ന രക്തധമനികളിൽ പ്രധാനപ്പെട്ട ഒന്നിനെ സ്പർശിച്ചു രക്തത്തിൻെറ മിടിപ്പു പരിശോധിക്കുക

നാഡിക നാ. 1. നാഴിക; 2. കുഴൽ; 3. സസ്യങ്ങളുടെയും മറ്റും അകം പൊള്ളയായ തണ്ട്; 4. നാഡീവ്രണം; 5. രശ്മി; 6. നാഡി

നാഡിന്ധമ വി. രക്തക്കുഴലുകൾക്കുള്ളിലെ പ്രവാഹം വർധിപ്പിക്കുന്ന, ഹൃദയസ്പന്ദനത്തിൻെറ വേഗം കൂട്ടുന്ന, പരിഭ്രമിപ്പിക്കുന്ന

നാഡിന്ധയ വി. കുഴലിൽക്കൂടി വലിച്ചുകുടിക്കുന്ന

നാഡിമിടിപ്പ് നാ. രക്തധമനികളിൽ ഹൃദയത്തുടിപ്പിനനുസരണമായി അനുഭവപ്പെടുന്ന സ്പന്ദനം

നാഡിക നാ. തൊണ്ടക്കുഴൽ

നാഡീചക്രം നാ. 1. രക്തക്കുഴലുകളുടെ സാകല്യം, സിരാപടലം; 2. ആധാരചക്രങ്ങളെയും ഗ്രന്ഥികളെയും പ്രവർത്തിപ്പിക്കുന്ന പ്രാണങ്ങളുടെ ചലനമാർഗം

നാഡീജ്യോതിഷം നാ. എല്ലാമനുഷ്യരുടെയും പൂർവജന്മങ്ങളും വർത്തമാനജീവിതവും ഭാവിജന്മങ്ങളും സൂത്രരൂപത്തിൽ സങ്ഗ്രഹിച്ചിട്ടുള്ള ഗ്രന്ഥങ്ങളെ ആധാരമാക്കിയുള്ള ഫലപ്രവചനം

നാഡീതരങ്ഗൻ നാ. 1. ജോത്സ്യൻ; 2. ജാരൻ

നാഡീത്രയം നാ. ഇഡ പിങ്ഗല സുഷുമ്ന എന്നീ നാഡികൾ

നാഡീപരീക്ഷ നാ. നാഡിമിടിപ്പ് പരിശോധിക്കൽ

നാഡീപാത്രം നാ. നാഴികവട്ട

നാഡീയന്ത്രം നാ. 1. നാഴികവട്ട; 2. ശസ്ത്രക്രിയയ്ക്കുപയോഗിക്കുന്ന കുഴലിൻെറ ആകൃതിയിലുള്ള ഉപകരണം

നാഡീസൂത്രം നാ. 1. നാഴികവട്ട; 2. രക്തക്കുഴൽ, ഞരമ്പ്

നാഡീസ്വേദം നാ. ഔഷധവീര്യമുള്ള ആവി കുഴലുകളിൽക്കൂടി ശരീരത്തിൽ ഏൽപ്പിച്ചു രോഗിയെ വിയർപ്പിക്കുന്ന ചികിത്സ

നാണകം നാ. 1. നാണയം; 2. മുദ്രപതിച്ച കടലാസ്

നാണം നാ. 1. അകൃത്യം ചെയ്തുപോയതിൽ തോന്നുന്ന ആത്മനിന്ദ, ലജ്ജ; 2. കാമുകൻെറ ദർശനം സാമീപ്യം സ്മരണ എന്നിവകൊണ്ട് സ്ത്രീക്കു രതിയുമായി ബന്ധപ്പെട്ടുണ്ടാകുന്ന അനുഭൂതി; 3. സങ്കോചം. (പ്ര) നാണവും മാനവും ഇല്ലാതെ. നാണംകുണുങ്ങി = നാണം കുണുങ്ങുന്ന ആൾ, സഭാകമ്പമുള്ള ആൾ. നാണംകുണുങ്ങുക = 1. നാണിക്കുക; 2. നാണം ഭാവിക്കുക. നാണംകെടുക = 1. ലജ്ജ ഇല്ലാതാകുക; 2. അപമാനിക്കപ്പെടുക. നാണംകെടുത്തുക = 1. അപമാനിക്കുക; 2. ലജ്ജ ഇല്ലാതാക്കുക

നാണയം1 നാ. 1. സർക്കാർ കമ്മട്ടത്തിൽ അടിച്ചു പ്രചരിപ്പിക്കുന്ന രൂപ തുടങ്ങിയ ലോഹരൂപമായ സമ്പത്ത്; 2. ധനം

നാണയം2 നാ. നാണിയം

നാണായിടം നാ. ഗുഹ്യഭാഗം, നാണിടം

നാണി1 നാ. നാണമുള്ളവൻ

നാണി2 നാ. നാരായണി

നാണിക്കുക ക്രി. 1. നാണംതോന്നുക, ലജ്ജിക്കുക; 2. അപമാനം അനുഭവപ്പെടുക
നാണിടം നാ. ഗുഹ്യപ്രദേശം, നാണായിടം
നാണിഭം1 നാ. 1. പ്രശസ്തി; 2. വിശ്വസനീയത
നാണിഭം2 നാ. നാണയം
നാണിയം1 നാ. നാണയം, നാണ്യം
നാണിയം2 നാ. 1. കീർത്തി; 2. വിശ്വസനീയത; 3. പരക്കെ അറിയപ്പെടുന്ന കാര്യം
നാണീയസ്സ് നാ. ചെറുതല്ലാത്തത്
നാണുക ക്രി. 1. ലജ്ജിക്കുക; 2. മറ്റൊന്നിനോടു തുലനം ചെയ്യുമ്പോൾ മോശമാകുക; 3. അപമാനിക്കപ്പെടുക
നാണ്യം നാ. നാണയം
നാതി വി. വളരെ അല്ലാത്ത, ഏറെ ഇല്ലാത്ത
നാത്തൂൻ നാ. 1. ഭർത്താവിൻെറ സഹോദരി; 2. സഹോദരൻെറ ഭാര്യ
നാഥ നാ. 1. രക്ഷിക്കന്നവൾ; 2. ഭാര്യ
നാഥൻ നാ. 1. രക്ഷിതാവ്; 2. രാജാവ്; 3. ഭർത്താവ്. നാഥനില്ലായ്മ = നിയന്ത്രിക്കാൻ ആളില്ലാത്തതുകൊണ്ട് താറുമാറായ സ്ഥിതി, ഓരോരുത്തരും തോന്നിയമട്ടിൽ പെരുമാറുന്നതുമൂലമുള്ള അവ്യവസ്ഥ
നാഥം നാ. കാളയുടെ മൂക്കുകയറ്
നാഥവത് വി. നാഥനെന്നപോലെ, യജമാനനെപ്പോലെ
നാഥവതി വി. 1. നാഥനുള്ളവൾ; 2. ഭാര്യ
നാഥവാൻ നാ. മറ്റൊരാളുടെ സംരക്ഷണയിൽ കഴിയുന്നവൻ, നാഥനുള്ളവൻ, ആശ്രിതൻ
നാദബിന്ദു നാ. ഒരു ഉപനിഷത്ത്
നാദബ്രഹ്മം നാ. 1. ശബ്ദബ്രഹ്മം; 2. പ്രണവം, ഓങ്കാരം
നാദം നാ. 1. ഒച്ച; 2. കൃകത്തിനുള്ളിലുള്ള ശബ്ദതന്ത്രികളുടെ പ്രകമ്പനംകൊണ്ട് ഉച്ചരിതശബ്ദങ്ങളിൽ കലരുന്ന മുഴക്കം; 3. പ്രണവത്തിൻെറ അന്ത്യത്തിലെപ്പോലുള്ള അനുനാസികധ്വനി
നാദലക്ഷ്യം നാ. നാദംകൊണ്ട് ലക്ഷിക്കപ്പെടുന്നത്, ആകാശം
നാദവിദ്യ നാ. സങ്ഗീതം
നാദസ്വരം നാ. ഒരു സുഷിരവാദ്യം, നാഗസ്വരം
നാദി നാ. 1. നദിക്കുന്നത്; 2. നാദമുള്ള ഭാഷണശബ്ദം (മൃദുക്കൾ, ഘോഷങ്ങൾ, സ്വരങ്ങൾ, മധ്യമങ്ങൾ എന്നിവ)
നാദേയ1 വി. നദിയിലുണ്ടായ, നദിയുമായി ബന്ധപ്പെട്ട
നാദേയ2 വി. ആദേയമല്ലാത്തത്
നാനാ അവ്യ. പലവിധത്തിലുള്ള, പലതായ, അനേകമുള്ള, ശിഥിലമായ, കൂട്ടം പിരിഞ്ഞ
നാനാകർമങ്ങൾ നാ. (ബ.വ.) 1. പലവിധത്തിലുള്ള പ്രവൃത്തികൾ; 2. പലതരം യാഗാദികർമങ്ങൾ
നാനാകാമങ്ങൾ നാ. പലതരത്തിലുള്ള ആഗ്രഹങ്ങൾ

നാനാകാര വി. പല രൂപങ്ങൾ ഉള്ള, പലതരത്തിലുള്ള
നാനാന്ദ്രൻ നാ. ഭർത്താവിൻെറ സഹോദരിയുടെ പുത്രൻ
നാനാപ്രകാരം അവ്യ. പലപ്രകാരത്തിൽ, പലരീതിയിൽ
നാനാർഥ വി. 1. പലതരത്തിലുള്ള; 2. പല പ്രയോജനങ്ങളുള്ള; 3. പല ലക്ഷ്യങ്ങളുള്ള; 4. പല അർഥങ്ങളുള്ള
നാനാവിധം നാ. 1. പല രീതിയിലുള്ളത്; 2. അടുക്കും മുറയും ഇല്ലായ്മ, ദുശ്ശീലം, മര്യാദയില്ലാത്ത പെരുമാറ്റം. (പ്ര) നാനാവിധക്കാരൻ. നാനാവിധമാക്കുക = താറുമാറാക്കുക
നാനാസർവനാമം നാ. നാനാർഥം കുറിക്കുന്ന സർവനാമം
നാനാഴി നാ. നാലുനാഴി
നാ(ൽ)നിലം നാ. ഭൂമിയെ പ്രകൃതിയനുസരിച്ച് നാലായി വിഭജിച്ചിട്ടുള്ളത്, നാലുമാതിരി
നാനൂറ് നാ. നൂറുചേർന്ന സങ്ഖ്യ
നാന്തകം നാ. 1. വാൾ; 2. വിഷ്ണുവിൻെറയോ കാളിയുടെയോ വാൾ; 3. വളഞ്ഞകത്തി
നാന്തല നാ. നാവിൻെറ അറ്റം
നാന്ത്രൻ നാ. 1. ശിവൻ; 2. ഒരു ഋഷി
നാന്ത്രം നാ. 1. പ്രശംസ; 2. അദ്ഭുതം, സ്തുതി, വാഴ്ത്തൽ
നാന്ദകം നാ. 1. വിഷ്ണുവിൻെറ വാൾ; 2. ഭദ്രകാളിയുടെ വാൾ
നാന്ദനം നാ. 1. ഉദ്യാനം; 2. സ്വർഗം; 3. സ്വർഗത്തിലെ ഉദ്യാനം.
959
നാന്ദി നാ. 1. നാടകത്തിൻെറ പൂർവരങ്ഗമായി അണിയറയിലവച്ചു നടത്തുന്ന ഇഷ്ടദേവതാസ്തുതി തുടങ്ങിയ ചടങ്ങുകൾക്കു പൊതുവെ പറയുന്ന പേര്; 2. നാന്ദി എന്ന ചടങ്ങിൻെറ അവസാനത്തിൽ പ്രേക്ഷകർക്കുകൂടി കേൾക്കത്തക്കവണ്ണം പാടുന്ന പാട്ട്; 3. തുടക്കം, ആരംഭം; 4. ഐശ്വര്യം; 5. സന്തോഷം; 6. നാന്ദിശ്രാദ്ധം. (പ്ര) നാന്ദികുറിക്കുക = ആരംഭിക്കുക
നാന്ദീകം നാ. 1. നാന്ദീശ്രാദ്ധം; 2. മങ്ഗലസൂചകമായി വാതിക്കൽ നാട്ടുന്ന കുറ്റി
നാന്ദീകരൻ നാ. 1. നാന്ദി ഉച്ചരിക്കുന്നവൻ; 2. തുടങ്ങുന്നവൻ
നാന്ദീപടം നാ. കിണറിൻെറ മൂടി
നാന്ദീമുഖം നാ. പ്രഭാതം
നാന്ദീവാദി നാ. 1. നാന്ദീകരൻ; 2. മങ്ഗളവാദ്യം മുഴക്കുന്നവൻ
നാന്ദീശ്രാദ്ധം നാ. പിതൃക്കളിൽ ഒരു പ്രത്യേക വിഭാഗത്തെ ഉദ്ദേശിച്ചു നടത്തുന്ന ശ്രാദ്ധം
നാന്നാങ്ക് നാ. പതിനാറ്
നാന്മ നാ. അഞ്ചിൽ നാല്
നാന്മടങ്ങ് നാ. നാലുമടങ്ങ്
നാന്മറ നാ. നാലുവേദങ്ങൾ
നാന്മുഖൻ നാ. നാലുമുഖമുള്ളവൻ

നാപിതൻ നാ. ക്ഷുരകൻ
നാപിതഭാണ്ഡം നാ. ക്ഷുരകൻെറ ഭാണ്ഡം
നാപിത്യം നാ. ക്ഷുരകൻെറ വൃത്തി
നാഭസ വി. നഭസ്സിനെ സംബന്ധിച്ച
നാഭഗം നാ. കടുക്കാ
നാഭഗൻ നാ. 1. നഭാഗൻെറ പുത്രൻ; 2. നഭാഗൻ; 3. അംബരീഷൻ
നാഭി നാ. 1. പൊക്കിൾ; 2. വണ്ടിച്ചക്രത്തിൻെറ കുടം; 3. കസ്തൂരി; 4. കേന്ദ്രം; 5. ഒരു രാജാവ്; 6. ക്ഷത്രിയൻ; 7. അടുത്ത ബന്ധു
നാഭീക നാ. 1. പൊക്കിൾക്കുഴിപോലെയുള്ളത്; 2. കറുത്ത കടഭി
നാഭീകം നാ. 1. പൊക്കിൾ; 2. വണ്ടിച്ചക്രത്തിൻെറ കുടം; 3. അടുത്തബന്ധു; 4. കേന്ദ്രം; 5. കസ്തൂരി; സ്നേഹിതൻ
നാഭീചക്രം നാ. 1. പൊക്കിൾക്കുഴി; 2. ഷഡാധാരങ്ങളിൽ ഒന്ന്
നാഭീജൻ നാ. ബ്രഹ്മാവ്
നാഭീനാളം നാ. പൊക്കിൾക്കൊടി
നാഭീഭൂവ് നാ. ബ്രഹ്മാവ്
നാഭീസൂത്രം നാ. പൊക്കിൾക്കൊടി
നാഭ്യ വി. നാഭിയെ സംബന്ധിച്ച
നാഭ്യാവർത്തം നാ. പൊക്കിൾക്കുഴി
നാം നാ. (ബ.വ.) 1. നമ്മൾ; 2. ഞാൻ
നാമക വി. പേരുള്ള (സമാസാന്തത്തിൽ)
നാമകരണം നാ. പേരിടൽ, കുഞ്ഞിന് പേരുവിളിക്കുന്ന ചടങ്ങ്
നാമകൾ നാ. സരസ്വതീദേവി
നാമകീർത്തനം നാ. ദേവീദേവന്മാരുടെ നാമങ്ങൾ ആവർത്തിച്ചുച്ചരിക്കൽ
നാമഗോത്രങ്ങൾ നാ. (ബ.വ.) നാമവും ഗോത്രവും
നാമഗ്രഹണം നാ. പേരുപറയൽ, പേരുചൊല്ലി വിളിക്കൽ
നാമജപം നാ. ഈശ്വരനാമങ്ങൾ ജപിക്കൽ
നാമധാതു നാ. നാമത്തിൽനിന്നു നിഷ്പന്നമായ ക്രിയാധാതു
നാമധാരണം നാ. വൈഷ്ണവർ നെറ്റിയിൽ മുദ്രധരിക്കൽ
നാമധാരി വി. പേരുള്ള. നാ. 1. വിഷ്ണു; 2. വൈഷ്ണവക്കുറി അണിഞ്ഞിട്ടുള്ളവൻ, വൈഷ്ണവൻ
നാമധേയം നാ. 1. പേര്; 2. പേരിടൽ നടത്തുന്ന ചടങ്ങ്
നാമനിർദേശപത്രിക നാ. സ്ഥാനാർഥിയായി ഒരു വ്യക്തിയെ നിർദേശിച്ചുകൊണ്ടു സമ്മതിദായകരിൽ ആരെങ്കിലും വരണാധികാരിക്കു സമർപ്പിക്കുന്ന രേഖ
നാമനിർദേശം നാ. 1. പേരുകൊണ്ടു നിർദേശിക്കൽ; 2. ഏതെങ്കിലും സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിനു യോഗ്യനായ വ്യക്തിയുടെ പേരുപറയൽ (എഴുതിക്കൊടുക്കൽ)
നാമനിർമായി നാ. തദ്ധിതത്തിൻെറ ഒരു വിഭാഗം

നാമപാരായണം നാ. ദേവീദേവന്മാരുടെ നാമാവലികൾ ഉൾക്കൊള്ളുന്ന സ്തോത്രങ്ങൾ പാരായണംചെയ്യൽ

നാമം നാ. 1. പേര്; 2. ഒരു പദവിഭാഗം; 3. വൈഷ്ണവന്മാർ നെറ്റിയിലണിയുന്ന ഒരുതരം കുറി

നാമമാത്ര വി. പേരിനുമാത്രമുള്ള

നാമമുദ്ര നാ. പേരുകൊത്തിയ മുദ്ര

നാമലിങ്ഗാനുശാസനം നാ. അമരകോശം

നാമവത്ത് നാ. പേരുള്ളത്

നാമവാൻ നാ. പേരുള്ളവൻ. (സ്ത്രീ) നാമവതി

നാമവിശേഷണം നാ. നാമത്തെ വിശേഷിപ്പിക്കുന്ന പദം

നാമസങ്കീർത്തനം നാ. ദേവീദേവന്മാരുടെ പേരുകൾ പാടി സ്തുതിക്കൽ, നാമപാരായണം

നാമാങ്കിതം നാ. പേരുരേഖപ്പെടുത്തിയിട്ടുള്ളത്, പേരുകൊത്തിയിട്ടുള്ളത്

നാമാങ്ഗം നാ. പേരെച്ചം

നാമാന്തരം നാ. മറ്റൊരുനാമം, വേറൊരു പേര്

നാമാവലി നാ. പേരുകളുടെ കൂട്ടം. (പ്ര) നാമാവലിചൊല്ലുക

നാമാവശേഷ വി. പേരുമാത്രം അവശേഷിച്ച, മരിച്ച, നശിച്ച

നാമി നാ. വിഷ്ണു

നാമിത വി. വളയ്ക്കപ്പെട്ട, കുലയ്ക്കപ്പെട്ട

നാമോച്ചാരണം നാ. 1. പേര് ഉച്ചരിക്കൽ; 2. ഈശ്വരനാമങ്ങൾ ജപിക്കൽ

നാമ്നാ അവ്യ. പേരുകൊണ്ട്

നാമ്യ വി. നമനം ചെയ്യിക്കത്തക്ക

നായ് നാ. 1. മാംസഭുക്കായ ഒരു വളർത്തുമൃഗം, പട്ടി; 2. ദാസ്യപ്രവൃത്തിചെയ്യുന്നവൻ, ആത്മാഭിമാനം ഇല്ലാത്തവൻ. (പ്ര) നായിൻെറ മോൻ = പട്ടി, ഹീനൻ. നായ്ക്കോലം കെട്ടിയാൽ കുരയ്ക്കണം (പഴ)

നായ്ക്കൻ നാ. 1. ഒരു ജാതി; 2. മേൽനോട്ടം വഹിക്കുന്നവൻ; 3. നേതൃത്വം കൊടുക്കുന്നവൻ

നായ്ക്കുട നാ. കുമിൾ

നായ്മ നാ. 1. നായകത്വം; 2. നായ്മത്താനം, നായ്മക്കാരൻ

നായക നാ. 1. നയിക്കുന്ന; 2. മുഖ്യമായ, പ്രധാനപ്പെട്ട; 3. വലിയ, വലിപ്പം കൂടിയ

നായകക്കല്ല് നാ. പ്രധാനപ്പെട്ട കല്ല്, രത്നങ്ങളും മറ്റും കൊണ്ടുണ്ടാക്കുന്ന മാലയിൽ നടുക്കു പതിക്കുന്ന വലിപ്പവും തിളക്കവും കൂടിയ കല്ല്

നായകൻ നാ. 1. നയിക്കുന്നവൻ, നേതാവ്; 2. സേനയെ നയിക്കുന്നവൻ; 3. നാടകം, നോവൽ തുടങ്ങിയവയിലെ മുഖ്യ പുരുഷകഥാപാത്രം. (സ്ത്രീ) നായിക

നായകം നാ. 1. നേതൃത്വം; 2. നായകക്കല്ല്; 3. മുഖ്യമായ മാതൃക; 4. ഭങ്ഗിയായ ആഭരണം

നായകസഹായി നാ. (നാട്യ) നായകനെ സഹായിക്കുന്നവൻ, തോഴൻ (പീഠമർദൻ, വിടൻ, ചേടൻ, വിദൂഷകൻ എന്നിവരിൽ ഓരോരുത്തരും)
നായൻ നാ. 1. നായർജാതിയിൽപ്പെട്ടയാൾ; 2. നായകൻ; 3. ഭടൻ; 4. രാജാവ്; 5. ശിവൻ
നായനാർ നാ. 1. തലവൻ; 2. ക്ഷേത്രത്തിൻെറ ഭരണാധികാരി; 3. ശിവഭക്തൻ; 4. നായന്മാരിൽ ചിലർക്കുള്ള സ്ഥാനപ്പേര്
നായം നാ. 1. നയിക്കൽ; 2. നീതി; 3. ഉപായം
നായർ നാ. 1. കേരളത്തിലെ ഒരു ജാതി; 2. ഭടൻ; 3. ഭർത്താവ്
നായാടി നാ. 1. ഒരു കാട്ടുജാതി; 2. നായാട്ടുകാരൻ
നായാടുക ക്രി. 1. വേട്ട ചെയ്യുക; 2. ഇരതേടുക; 3. ഹിംസിക്കുക
നായാട്ട് നാ. വേട്ട
നായിക നാ. 1. നയിക്കുന്നവൾ; 2. നാടകത്തിലെയും നോവലിലെയും മറ്റും മുഖ്യ സ്ത്രീ കഥാപാത്രം; 3. ഒരിനം കസ്തൂരി
നായിക്കൻ നാ. നായ്ക്കൻ
നായിഡു നാ. തെലുങ്കുനാട്ടിൽനിന്നു കുടിയേറിപ്പാർത്ത ഒരു ജാതി
നായിനാർ നാ. നായനാർ
നായിബ് [അറ.] നാ. പകരക്കാരൻ, പ്രതിനിധി
നാർ നാ. നാര്
നാർപ്പത്യ നാ. നൃപതിയെ സംബന്ധിച്ച
നാര1 നാ. ഒരു പക്ഷി, ഞാറ
നാര2 വി. നരനെ സംബന്ധിച്ച, നരനിൽ നിന്നുണ്ടായ
നാരക വി. നരകത്തെ സംബന്ധിച്ച
നാരകം1 നാ. 1. നരകത്തെ സംബന്ധിച്ച; 2. നരകം
നാരകം2 നാ. നാരങ്ങ ഉണ്ടാകുന്ന ചെടി
നാരകിക വി. നരകത്തെ സംബന്ധിച്ച
നാരകീടൻ നാ. ചതിയൻ, വിശ്വാസവഞ്ചകൻ
നാരകീയ വി. നരകത്തെ സംബന്ധിച്ച, ദുരിതമയമായ
നാരങ്ഗൻ നാ. വിടൻ
നാരജീവനം നാ. സ്വർണം
നാരദം നാ. 1. മേഘം; 2. നാരദൻെറ വീണ, വലിയ വീണ
നാരദൻ നാ. 1. ഒരു ദേവർഷി; 2. വിശ്വാമിത്രൻെറ ഒരു പുത്രൻ; 3. ഏഷണികൂട്ടുന്നവൻ; 4. ആളുകളെ തമ്മിൽ തല്ലിക്കുന്നവൻ
നാരദീയ വി. നാരദനെ സംബന്ധിച്ച
നാരദീയം നാ. 1. ഒരു പുരാണം; 2. ഒരു ഉപപുരാണം
നാരൻ1 ന്നാ. നാരുള്ളത്
നാരൻ2 നാ. ഒരിനം ചെമ്മീൻ
നാരം നാ. 1. നരസമൂഹം; 2. നരധർമം; 3. വെള്ളം; 4. കാളക്കുട്ടി; 5. ചുക്ക്; 6. പായൽ

നാരസിംഹൻ നാ. വിഷ്ണു, നരസിംഹം
നാരസിംഹം നാ. 1. നരസിംഹം; 2. ഒരു ഔഷധയോഗം; 3. ഒരു ഉപപുരാണം; 4. ഒരു ഉപനിഷത്ത്
നാരസിംഹി നാ. ദുർഗയുടെ ഒരു മൂർത്തി
നാരാചം നാ. 1. ഇരുമ്പുകൊണ്ട് നിർമിച്ച അമ്പ്; 2. എഴുത്തുകോൽ, നാരായം; 3. ഒരു ദ്രാവകയളവ്; 4. നീരാന
നാരാചി നാ. 1. പൊന്നുതൂക്കാൻ ഉപയോഗിക്കുന്ന ത്രാസ്സ്; 2. ത്രാസ്സിൻെറ ദണ്ഡിനു നടുവിലുള്ള കൂർത്ത ആണി; 3. എഴുത്താണി
നാരാചിക നാ. 1. നാരാചി; 2. ഒരു വൃത്തം
നാരായക്കല്ല് നാ. കെട്ടിടത്തിൻെറ അസ്ഥിവാരം പണിയുമ്പോൾ ആദ്യമായി ഉറപ്പിക്കുന്ന മൂലക്കല്ല്
നാരായക്കോൽ നാ. 1. പൊന്നുതൂക്കാനുള്ള ത്രാസ്സ്; 2. ത്രാസ്സിൻെറ ദണ്ഡിനു മുകളിൽ ലംബമായി ഉറപ്പിച്ചിട്ടുള്ള കൂർത്ത ലോഹശകലം
നാരായണൻ നാ. 1. വിഷ്ണു; 2. ഒരു ഋഷി; 3. നരനാരായണന്മാർ
നാരായണപ്പക്ഷി നാ. കൊക്കിൻെറ ജാതിയിൽപ്പെട്ട ഒരു പക്ഷി, ഇറക്കിളി
നാരായണി നാ. 1. ദുർഗാദേവി; 2. ലക്ഷ്മീദേവി; 3. ഗങ്ഗാദേവി; 4. ശതാവരി; 5. പീതചന്ദനം; 6. ഒരു രാഗം
നാരായണീയം നാ. 1. നാരായണനെ സംബന്ധിച്ചത്; 2. കേരളീയനായ മേൽപ്പത്തൂർ നാരായണ ഭട്ടതിരി രചിച്ച പ്രസിദ്ധമായ ഒരു സംസ്കൃതസ്തോത്രകാവ്യം
നാരായം നാ. 1. എഴുത്താണി; 2. നേർത്തതും മുനയുള്ളതുമായ ഉപകരണം; 3. പിടിയും മുനയും ഇരുമ്പുകൊണ്ടു നിർമിച്ച അമ്പ്; 4. തേനീച്ചയുടെയും കടന്നലിൻെറയും മറ്റും കൊമ്പ്; 5. ദ്രാവകങ്ങളും ധാന്യങ്ങളും അളക്കാനുള്ള ഒരു തോത്. (പ്ര) നാരായം വാങ്ങുക = പഠിപ്പുപൂർത്തിയാക്കി ഗുരുദക്ഷിണകൊടുത്ത് ഗുരുവിൽനിന്ന് എഴുത്താണി സ്വീകരിക്കുക
നാരായവേര് നാ. 1. തായ്ത്തടിയിൽനിന്നു നേരേതാഴോട്ടു വളരുന്ന കൂർത്ത വേര്; 2. മുഖ്യമായ, ആധാരം, നിലനിറുത്തുന്നത്
നാരി നാ. 1. സ്ത്രീ; 2. ഭാര്യ; 3. ഒരു വൃത്തം. നാരറ്റാൽ ചേരും നാരിയറ്റാൽ ചേരില്ല (പഴ)
നാരികേലം നാ. തെങ്ങ്, തേങ്ങ
നാരീതരങ്ഗകൻ നാ. വിടൻ, ജാരൻ
നാരീപരായണൻ നാ. സ്ത്രീകളിൽ അതിയായ താത്പര്യമുള്ളവൻ
നാരീമണി നാ. സ്ത്രീരത്നം, സൗന്ദര്യ സൗശീല്യാദികളിൽ ശ്രേഷ്ഠയായ സ്ത്രീ
നാര് നാ. 1. തലമുടിയിഴപോലെ നേർത്ത് നീണ്ട വസ്തു; 2. നാരുകൾ കൂട്ടിപ്പിരിച്ചുണ്ടാക്കിയ നൂല്, കയറ്. നാരുവലിച്ചാൽ പൊട്ടും നാരുചേർന്നൊരു കയറായാലോ ആനയെ കെട്ടാം (പഴ)
നാരുപട്ട് നാ. നാരുകൊണ്ട് നെയ്തുണ്ടാക്കിയ തുണി
നാൽ നാല് എന്നതിൻെറ വിശേഷണരൂപം
നാൽക്കവല നാ. നാലുവഴികൾ ചേരുന്ന സ്ഥലം

നാൽക്കാലി നാ. 1. നാലുകാലുള്ള ജീവി; 2. നാലുകാലുള്ള പീഠം; 3. ചമത്കാരമില്ലാത്ത ശ്ലോകം

നാൽക്കൊമ്പൻ നാ. ഐരാവതം (നാലുകൊമ്പുള്ളതുകൊണ്ട്)

നാൽപ്പത് നാ. നാലു പത്തുകൂടിയ സങ്ഖ്യ

നാൽപ്പാമരം നാ. പാലുള്ള നാലുമരങ്ങൾ (അത്തി, ഇത്തി, അരയാൽ, പേരാൽ എന്നിവ)

നാൽവർ നാ. നാലുപേർ

നാല നാ. 1. താമരത്തണ്ട്; 2. ചീരത്തണ്ട്

നാലകം നാ. നാലുകെട്ടായി പണികഴിച്ച കൊട്ടാരം

നാലമ്പലം നാ. ശ്രീകോവിലിനെ ചുറ്റിയുള്ള കെട്ടിടം, ചുറ്റമ്പലം.

961

നാലാങ്കുളി നാ. വിവാഹം കഴിഞ്ഞു നാലാം ദിവസത്തെ കുളി

നാലാനനൻ നാ. ബ്രഹ്മാവ്, നാന്മുഖൻ

നാലാന്നാൾ നാ. നാലാമത്തെ ദിവസം (കഴിഞ്ഞതോ വരാൻപോകുന്നതോ)

നാലാം വി. നാലാമത്തെ, മൂന്നുകഴിഞ്ഞുള്ള, അഞ്ചിനുതൊട്ടുമുമ്പുള്ള

നാലാംപാട് നാ. പ്രധാന അവകാശി കഴിഞ്ഞുള്ള പരമ്പരയിൽ നാലാമത്തെ ആൾ

നാലാമൻ നാ. നാലാമത്തെ ആൾ

നാലാമിടം നാ. 1.(ജ്യോ) നാലാം രാശി; 2. വീട്; 3. പരദേവത

നാലാമ്മുറ നാ. 1. നാലാംപാട്; 2. നാലാമത്തെ തവണ

നാലാംവേദം നാ. 1. അഥർവവേദം; 2. ഇസ്ലാംമതം, ഖുറാൻ

നാലായിരം നാ. നാല് ആയിരം കൂടിയത്

നാലാശ്രമി നാ. ബ്രാഹ്മണൻ (ബ്രഹചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്ന്യാസം എന്നീ നാല് ആശ്രമങ്ങളും മുറയ്ക്കു സ്വീകരിക്കുന്നവൻ)

നാലാൾ നാ. പലർ, നാലാൾ പറഞ്ഞാൽ നാടു വഴങ്ങണം (പഴ)

നാലികം നാ. 1. താമര; 2. പോത്ത്; 3. ഒരു സുഷിരവാദ്യം

നാല് നാ. ഒരു സങ്ഖ്യ, മൂന്നുകഴിഞ്ഞുള്ളത്. (പ്ര) നാലുകാശ് = 1. സമ്പത്ത്; 2. അൽപമായ സമ്പത്ത്; 3. നാലുക്കൊപ്പം. നാലും തുനിയുക = എന്തിനും തയ്യാറാകുക. നാലും മൂന്നും പറയുക = അസംബന്ധം പറയുക. നാലുവാക്കുപറയുക = 1. ശകാരിക്കുക; 2. കുറച്ചു സംസാരിക്കുക. നാലുപേർ കൂടിയാൽ ദേവസഭ (പഴ)

നാലുകെട്ട് നാ. കേരളീയ ശിൽപമാതൃകയിലുള്ള ഒരുതരം വീട് (നാലുവശവും പുരകളും നടുവിൽ മുറ്റവും ഉള്ളത്)

നാലുജാതി നാ. പണ്ടു നടപ്പിലിരുന്ന വർണാശ്രമങ്ങളിൽ നാലുജാതികൾ (ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ എന്നിവ)

നാലുദിക്ക് നാ. കിഴക്ക്, പടിഞ്ഞാറ്, തെക്ക്, വടക്ക് എന്നീ ദിക്കുകൾ

നാലുപാടും അവ്യ. 1. നാലുവശത്തും; 2. എല്ലായിടത്തും

നാലുഭയം നാ. തെങ്ങ്, കമുക്, പ്ലാവ്, കുരുമുളകുകൊടി എന്നിവ നാലും
നാലുമണിപ്പൂവ് നാ. ഒരു ചെടി, അന്തിമലരി
നാലുമുക്ക് നാ. നാലുവഴികൾ സന്ധിക്കുന്ന സ്ഥലം
നാലുവർണം നാ. നാലുജാതി
നാലുവേദം നാ. ഋക് യജുസ്സ് സാമം അഥർവം എന്നീ വേദങ്ങൾ
നാലൊന്ന് നാ. 1. നാലായി പകുത്തതിൽ ഒരു പങ്ക്; 2. നാല് ഒന്നു ചേർന്നത്
നാവടക്കം നാ. 1. മൗനം; 2. നാക്ക് പ്രവർത്തിക്കാതാകുന്ന ഒരു ക്ഷുദ്രപ്രയോഗം
നാവനം നാ. 1. തുമ്മലുണ്ടാക്കുന്ന വസ്തു; 2. നസ്യം ചെയ്യാനുള്ള മരുന്ന്
നാവനീത വി. 1. നവനീതത്തെ സംബന്ധിച്ച; 2. വെണ്ണപോലെ മൃദുവായ
നാവം നാ. കപ്പൽ, വള്ളം
നാവമിക വി. ഒൻപതാമത്തെ
നാവലൻ നാ. പണ്ഡിതൻ, കവി
നാവാലി നാ. = നവാലി
നാവിക വി. വള്ളം കപ്പൽ തുടങ്ങിയ ജലയാനങ്ങളെ സംബന്ധിച്ച
നാവികൻ നാ. 1. വള്ളം കപ്പൽ തുടങ്ങിയ ജലയാനങ്ങളെ നിയന്ത്രിക്കുകയോ പ്രവർത്തിപ്പിക്കുകയോ ചെയ്യുന്നവൻ; 2. ജലയാനങ്ങളിൽ യാത്രചെയ്യുന്നവൻ.
നാവികസൈന്യം നാ. നാവികസേന
നാവിതൻ നാ. = നാപിതൻ
നാവ് നാ. = നാക്ക്
നാവുക ക്രി. അരി കല്ലുകളഞ്ഞു ശുദ്ധമാക്കുക, അരിക്കുക
നാവൂരി നാ. ഒന്നര നാഴി, ഒരു നാഴിയും ഉരിയും ചേർന്ന അളവ്
നാവേറ് നാ. 1. നാവിൻ ദോഷം; 2. കൊതിയേൽക്കൽ
നാവ്യ1 വി. 1. വള്ളമോ കപ്പലോ ഉപയോഗിച്ച് എത്തിച്ചേരാവുന്ന; 2. ജലയാനങ്ങൾക്കു സഞ്ചരിക്കാവുന്ന
നാവ്യ2 നാ. വള്ളത്തിനോ കപ്പലിനോ സഞ്ചരിക്കാൻ തക്ക ആഴവും വീതിയുമുള്ള നദി
നാവ്യം1 നാ. 1. ജലയാനങ്ങൾ വഴി എത്തിച്ചേരാവുന്ന സ്ഥലം; 2. ജലയാനങ്ങൾ അടുക്കുന്ന കടവ്
നാവ്യം2 നാ. പുതുമ
നാശക വി. നശിപ്പിക്കുന്ന
നാശകാരണം നാ. നാശത്തിനു കാരണമായത് (യൗവനം, അവിവേകിത, ധനസമ്പത്ത്, പ്രഭുത്വം ഇവ)
നാശകാരി നാ. നാശമുണ്ടാക്കുന്നവൻ, നശിപ്പിക്കുന്നവൻ

നാശന വി. നശിപ്പിക്കുന്ന
നാശനം നാ. 1. നശിപ്പിക്കൽ; 2. ഓർമയിൽനിന്നു കളയുക
നാശം നാ. 1. ഇല്ലാതെയാകൽ; 2. ക്ഷയിക്കൽ; 3. മരണം; 4. വിപത്ത്; 5. ഉപേക്ഷിക്കൽ
നാശമാർഗം നാ. നാശത്തിലേക്കുള്ള വഴി. നാശമാർഗ ചതുഷ്ടയം = നാലു നാശമാർഗങ്ങൾ (സ്ത്രീകളിൽ വിശ്വാസൻ, അനുചിതമായ കർമം, സങ്ഘവിരോധം, ബലവാനെ ശത്രുവാക്കൽ)
നാസയിതാവ് നാ. നശിപ്പിക്കുന്നവൻ
നാശി വി. നശിപ്പിക്കുന്ന
നാശിത വി. നശിപ്പിക്കപ്പെട്ട
നാശ്യ വി. നശിപ്പിക്കാവുന്ന, നശിപ്പിക്കത്തക്ക
നാസ നാ. 1. മൂക്ക്; 2. ആനയുടെ തുമ്പിക്കൈ; 3. വാതിൽച്ചട്ടത്തിന്റെ മുകൾപ്പടി; 4. ശബ്ദം
നാസത്യൻ നാ. അശ്വിനിദേവന്മാരിൽ ഒരുവൻ
നാസർ [അറ] നാ. നാജർ
നാസാകുഹരം നാ. മൂക്കിന്റെ ദ്വാരം
നാസാപരിസ്രാവം നാ. 1. മൂക്കൊലിപ്പ്; 2. മൂക്കിൽനിന്നു പ്രവഹിക്കുന്ന ചലം
നാസാപുടം നാ. 1. മൂക്കിന്റെ ദ്വാരം; 2. മൂക്കിന്റെ ദ്വാരങ്ങളുടെ വശങ്ങളിലുള്ള മാംസളമായ ഭാഗം
നാസാഭരണം നാ. മൂക്കുത്തി, ഞാത്ത്, മൂക്കിൽ അണിയുന്ന ആഭരണം
നാസാവംശം നാ. മൂക്കിന്റെ പാലം
നാസാവേധം നാ. മൂക്കുതളയ്ക്കൽ (കന്നുകാലികളുടെ)
നാസി1 നാ. നാസിക
നാസി2 [ഇം.] നാ. ജർമനിയിലെ നാഷണൽ സോഷ്യലിസ്റ്റ് പാർട്ടിയിലെ അങ്ഗം
നാസിക നാ. 1. മൂക്ക്; 2. തുമ്പിക്കൈ; 3. അശ്വിനി; 4. വാതിലിന്റെ മേൽപ്പടി
നാസികാ ചൂർണം നാ. മൂക്കുപ്പൊടി
നാസിക്യ വി. നാസികയെ സംബന്ധിച്ച
നാസിക്യന്മാർ നാ. അശ്വനീദേവകൾ
നാസിക്യം നാ. 1. നാസികയുമായി ബന്ധപ്പെട്ടത്; 2. അനുനാസികവർണം; 3. നാസിക; 4. ഒരു നഗരം
നാസിസം [ഇം.] നാ. നാസികളുടെ വിശ്വാസസംഹിത
നാസീരം നാ. സേനയുടെ മുന്നണി
നാസ്തി (നി.ക്രി.) (നിഷേധക്രിയ) ഇല്ല
നാസ്തികത,-ത്വം നാ. നാസ്തികന്റെ ഭാവം
നാസ്തികൻ നാ. ഈശ്വരൻ ഉണ്ടെന്ന വിശ്വാസം ഇല്ലാത്തവൻ
നാസ്തികവാദം നാ. ഈശ്വരൻ ഇല്ലെന്ന വാദം
നാസ്തിക്യം നാ. നാസ്തികവാദം

നാസ്തിത്വം നാ. ഇല്ലായ്മ, ഇല്ലെന്ന ഭാവം
നാസ്യം നാ. മൂക്കുകയറ്
നാഹുഷൻ നാ. നഹുഷൻെറ പുത്രൻ, യയാതി
നാൾ നാ. 1. ദിവസം; 2. അശ്വതിതുടങ്ങിയ ഇരുപത്തേഴ് നക്ഷത്രങ്ങളിൽ ഓരോന്നിനും ആധിപത്യമുള്ള സമയം. (പ്ര) നാൾപോക്കുക = കാലം കഴിക്കുക
നാൾക്കട നാ. 1. ദിവസത്തിൻെറ അവസാനഭാഗം; 2. ആഴ്ചയുടെയോ മാസത്തിൻെറയോ ഒടുവിലത്തെ ദിവസം
നാൾക്കുനാൾ അവ്യ. ദിവസംതോറും
നാൾവഴി നാ. 1. ദിവസവും ഉള്ള വരവുചെലവു കണക്ക്; 2. ദിവസക്രമത്തിൽ വരവും ചെലവും രേഖപ്പെടുത്തുന്ന പുസ്തകം
നാളതാർ നാ. താമര
നാളത് നാ. ആ ദിവസം, മുൻപറഞ്ഞ ദിവസം, നടപ്പുദിവസം
നാളം നാ. 1. കുഴൽ; 2. പൊള്ളയായതോട്; 3. തണ്ടൻ ചീര; 4. താമരവളയം; 5. വേഴൽ; 6. അരിതാരം; 7. പൊക്കിൾക്കൊടി; 8. നീണ്ടുരുണ്ടകൈപ്പിടി
നാളാഗമം നാ. നാൾവഴി, ഗ്രന്ഥവരി
നാളായണി നാ. മൗൽഗല്യൻ എന്ന ഋഷിയുടെ പത്നിയായ ഇന്ദ്രസേന
നാളി നാ. 1. രക്തക്കുഴൽ; 2. ഉള്ളുപൊള്ളയായ തണ്ട്; 3. താമരത്തണ്ട്; 4. തണ്ടൻ ചീര; 5. ആനയുടെ ചെവി തുളയ്ക്കാനുള്ള ഉപകരണം
നാളിക നാ. 1. ഉള്ളുപൊള്ളയായ ശരീരാവയവം; 2. പൊള്ളയായ തണ്ട്; 3. തണ്ടൻ ചീര; 4. ചർമലന്ത; 5. നാഴിക
നാളീകബന്ധു നാ. സൂര്യൻ
നാളീകബാണൻ നാ. കാമദേവൻ
നാളീകം നാ. 1. താമര; 2. അമ്പ്; 3. ഏറുകുന്തം; 4. കമണ്ഡലു
നാളീകാസനൻ നാ. 'താമരപ്പൂവിൽ ഇരിക്കുന്നവൻ', ബ്രഹ്മാവ്
നാളീകിനി നാ. 1. താമരക്കൂട്ടം; 2. താമരപ്പൊയ്ക
നാളീകേരപാകം നാ. (കാവ്യ) അർഥഗ്രഹണത്തിനു പ്രയാസമുണ്ടെങ്കിലും ഗ്രഹിച്ചുകഴിഞ്ഞാൽ രസദായകമായ രചനാരീതി
നാളീകേരം നാ. തേങ്ങ
നാളീവ്രണം നാ. വിസ്താരം കുറഞ്ഞ് അരികുകൾ ഉയർന്ന് ഉള്ളുകുഴിഞ്ഞ പുണ്ണ്
നാളെ നാ. 1. ഇന്നിൻെറ അടുത്ത ദിവസം; 2. പിന്നീടുള്ള കാലം. നാളെനാളെ നീളെ നീളെ (പഴ)
നാളോക്കം നാ. നാളും പക്കവും നിർണയിക്കാനുള്ള ക്രിയ
നാഴി നാ. 1. ധാന്യങ്ങളും ദ്രാവകങ്ങളും അളക്കാനുള്ള തോത്; 2. നാലുതുടമോ നാലുഴക്കോ ചേർന്നത്; 3. പൂരുരുട്ടാതി നക്ഷത്രം
നാഴിക [പാ.നാളികാ] നാ. 1. സമയം അളക്കാനുള്ള ഒരു തോത്; 2. ദൂരം അളക്കാനുള്ള ഒരു തോത്

നാഴികക്കല്ല് നാ. 1. വഴിയരികിൽ യാത്രക്കാർക്ക് ദൂരമറിയാനായി നാഴിക ഇടവിട്ടു നാട്ടുന്ന കല്ല്; 2. (ആല) പ്രധാനസംഭവം

നാഴികമണി നാ. നേരം അറിയാനുള്ള ഒരു ഉപകരണം, ഘടികാരം

നാഴികവട്ടക നാ. സമയം നിർണയിക്കാൻ ഉപയോഗിച്ചിരുന്ന ഒരു ഉപകരണം

നാറാണത്തുഭ്രാന്തൻ നാ. പറച്ചിപെറ്റ പന്തിരുകുലത്തിൽപ്പെട്ട ഒരു ദിവ്യൻ

നാറാവുള്ളി നാ. 1. വെളുത്തുള്ളി; 2. മണമില്ലാത്ത ഒരുതരം ഉള്ളി

നാറുക ക്രി. 1. ദുർഗന്ധം ഉണ്ടാകുക; 2. ദുഷ്കീർത്തി ഉണ്ടാകുക

നാറ്റം നാ. ദുർഗന്ധം

നാറ്റിക്കുക ക്രി. 1. നാറ്റം ഉണ്ടാക്കുക; 2. ചീത്തപ്പേരുണ്ടാക്കുക, അഭിമാനകരമല്ലാത്ത കാര്യങ്ങൾ ചെയ്യുക

നാറ്റുക [നാറുക>പ്ര] ക്രി. = നാറ്റിക്കുക

നിക [നികക്കുക] ധാതുരൂപം

നികക്കുക ക്രി. 1. വെള്ളത്തിനടിയിൽനിന്നു പൊന്തുക, പൊങ്ങിക്കിടക്കുക; 2. വെള്ളത്തിനുമുകളിലൂടെ തുഴഞ്ഞു സഞ്ചരിക്കുക

നികടം1 നാ. സമീപം, അടുത്തുള്ള ഇടം (പ്ര) നികടഭുവി, നികടേ = സമീപത്ത്

നികടം2 അവ്യ. അടുക്കലായി

നികത്ത് [നികത്തുക] നാ. 1. നികത്തൽ; 2. വയൽ കായൽ ചതുപ്പു മുതലായവ നികത്തിയുണ്ടാക്കിയ പറമ്പ്

നികത്തുക ക്രി. 1. കുഴിയുള്ള ഭാഗം മണ്ണും മറ്റും കൊണ്ടുനിറച്ചു ചുറ്റുമുള്ള ഭാഗത്തിൻെറ മട്ടമാക്കുക, നിരപ്പാക്കുക; 2. കുറവു പരിഹരിക്കുക

നികപ്പ് [നികത്തുക] നാ. 1. നിറയ്ക്കൽ, നിരത്തൽ; 2. വരവും ചെലവും സമമാക്കി കണക്കൊപ്പിക്കൽ

നികർ1 [നികരുക] ധാതുരൂപം

നികർ2 [പ.മ.] നാ. 1. തുല്യത; 2. ശോഭ; 3. യുദ്ധം

നികർത്തനം നാ. കീറൽ, മുറിക്കൽ

നികർഷണം നാ. 1. കൃഷിക്കുപയോഗിക്കാത്ത ഭൂമി; 2. വീടു പണിയാനായി തിരിച്ചുകെട്ടിയ വളപ്പ്; 3. പട്ടണത്തിലുള്ള കളിസ്ഥലം; 4. മുറ്റം; 5. ഉഴവ്; 6. മെയ്പ്പയറ്റിൽ എതിരാളിയെ പിന്നിലേക്കുതള്ളൽ

നികർഷിക്കുക ക്രി. 1. വലിച്ചു താഴെയാക്കുക, കീഴ്പ്പോട്ടു ബലമായി വലിക്കുക; 2. നീക്കുക; 3. കുറയ്ക്കുക

നികരം നാ. 1. കൂട്ടം; 2. കൂമ്പാരം; 3. കെട്ട്; 4. സാരം; 5. തക്ക സമ്മാനം; 6. കുബേരൻെറ നിധികളിൽ ഒന്ന്

നികരുക ക്രി. 1. കുഴിതൂർന്നു നിരപ്പാക്കുക; 2. പൊങ്ങിവരിക; 3. തുല്യമാകുക

നികല്പം നാ. പത്തുലക്ഷം കോടിചേർന്ന സങ്ഖ്യ.

963

നികഷഗ്രാവം [സം.നികഷ-ഗ്രാവ] നാ. ഉരകല്ല്

നികഷണം നാ. 1. ഉരച്ചുകളയൽ; 2. ഉരകല്ല്

നികഷപാഷാണം നാ. ഉരകല്ല്

നികഷം നാ. 1. ഉരകല്ല്; 2. മാറ്റുനോക്കാനായി ഉരകല്ലിലുണ്ടാക്കുന്ന സുവർണരേഖ

നികഷോപലം നാ. 1. ഉരകല്ല്; 2. ചാണക്കല്ല്

നികൾവ് [<നികളുക] നാ. നികളൽ

നികളം,നിഗളം നാ. അഹങ്കാരം, വമ്പനെന്ന ഭാവം, ഞെളിയൽ

നികളിക്കുക ക്രി. അഹങ്കരിക്കുക, വമ്പനെന്നു ഭാവിക്കുക, ഞെളിയുക

നികളുക1 ക്രി. നികളിക്കുക

നികളുക2 ക്രി. നികഴുക

നികഴ്കാലം നാ. വർത്തമാനകാലം

നികഴ്ചി നാ. 1. സംഭവം; 2. പരിപാടി

നികഴ്ത്തുക [നികഴുക>പ്ര] ക്രി. 1. നടത്തുക, സംഭവിപ്പിക്കുക; 2. ചെലുത്തുക; 3. അറിയിക്കുക

നികഴുക ക്രി. 1. സംഭവിക്കുക, ഉണ്ടാകുക; 2. നിറവേറ്റുക, നടക്കുക, കഴിയുക; 3. ശോഭിക്കുക

നികാമനം നാ. ആഗ്രഹം, ഇഷ്ടം

നികാമം അവ്യ. ഏറ്റവും സമൃദ്ധമായി, യഥേഷ്ടം. നാ. ആഗ്രഹം, സന്തോഷം

നികായൻ നാ. ഈശ്വരൻ

നികായം നാ. 1. കൂട്ടം, സമൂഹം; 2. വാസസ്ഥാനം, ഭവനം; 3. ലക്ഷ്യം; 4. ശരീരം; 5. നഗരം

നികായ്യം നാ. വീട്

നികാരണം നാ. 1. കൊല; 2. ഉപദ്രവം

നികാരം നാ. 1. അപമാനിക്കൽ; 2. കൊല; 3. ചതി, ഉപദ്രവം; 4. കീഴടക്കൽ; 5. നെല്ലും മറ്റു ധാന്യങ്ങളും ചേറി പതിരുകളയൽ; 6. പനി

നികാശം നാ. 1. ചക്രവാളം; 2. കാഴ്ചയുടെ പരിധി; 3. തുല്യത, സാമ്യം; 4. സാമീപ്യം

നികാഷം നാ. ഉരയ്ക്കൽ, തേയ്ക്കൽ

നികാസം നാ. = നികാശം

നികുചം നാ. അയനിമരം

നികുഞ്ചനൻ നാ. 1. ചുരുങ്ങൽ; 2. കൂത്തിലെ ഒരു അങ്ഗക്രിയ

നികുഞ്ചം നാ. 1. ഉഴക്ക്; 2. ആറ്റുവഞ്ചി

നികുഞ്ചിത വി. ചുരുങ്ങിയ, ഉൾവലിഞ്ഞ, സങ്കുചിതമായ

നികുഞ്ജം നാ. 1. വള്ളിക്കുടിൽ; 2. ഗുഹ; 3. കല്ലറ; 4. നിലവറ

നികുതി [അറ.] നാ. കരം

നികുതിദായകൻ[അറ.-സം.] നാ. കരംകൊടുക്കുന്നവൻ

നികുതിവിത്ത് [അറ.-മ.] നാ. വയലിൽ വിതയ്ക്കുന്ന വിത്തിൻെറ അളവിനെ ആധാരമാക്കി ചുമത്തുന്ന നികുതി

നികുതിശിഷ്ഠ [അറ.-സം.] നാ. കുടിയാൻ ജന്മിക്കുകൊടുക്കേണ്ട ബാക്കി തുക

നികുംഭില നാ. 1. ലങ്കയുടെ പശ്ചിമഭാഗത്ത് ഇന്ദ്രജിത്തു ഹോമം കഴിച്ച സ്ഥലം; 2. ലങ്കയുടെ പടിഞ്ഞാറെ ഗോപുരത്തിൻെറ വാതിൽക്കലുള്ള ഒരു ഗുഹ, അവിടെയുള്ള കാളീവിഗ്രഹം; 3. ആഭിചാരകർമങ്ങൾക്കുപയോഗിക്കുന്ന രഹസ്യസങ്കേതം

നികുരംബം നാ. കൂട്ടം

നികൃത [സം.നി-കൃത] വി. 1. അപമാനിക്കപ്പെട്ട; 2. പുറംതള്ളപ്പെട്ട; 3. മോശപ്പെട്ട, തരം താണ; 4. ചതിയുള്ള, നീചമായ

നികൃതൻ നാ. 1. ഉപദ്രവിക്കപ്പെട്ടവൻ, അപമാനിക്കപ്പെട്ടവൻ; 2. പുറന്തള്ളപ്പെട്ടവൻ

നികൃതം നാ. 1. ഉപദ്രവം; 2. ശാഠ്യം

നികൃതി1 നാ. 1. നീചത, ദുർബുദ്ധി; 2. കള്ളത്തരം, ചതി; 3. നീചകർമം; 4. ശാഠ്യം; 5. അപരാധം; 6. ദാരിദ്ര്യം; 7. ഭൂമി; 8. അഷ്ടവസുക്കളിൽ ഒരാൾ

നികൃതി2 നാ. ദുഷ്ടൻ, നീചൻ

നികൃത്ത വി. പിളർക്കപ്പെട്ട, മുറിക്കപ്പെട്ട

നികൃന്തനൻ നാ. മുറിക്കുന്നവൻ

നികൃന്തനം നാ. 1. മുറിക്കൽ; 2. നശിപ്പിക്കൽ; 3. മുറിക്കാനുള്ള ആയുധം; 4. ഒരു നരകം

നികൃഷ്ട വി. 1. മോശപ്പെട്ട, തരം താണ; 2. തള്ളിക്കളഞ്ഞ; 3. സമീപത്തുള്ള

നികൃഷ്ടത,-ത്വം നാ. മോശമായസ്ഥിതി, ഹീനത

നികേതകം നാ. നികേതം

നികേതനം നാ. 1. പാർപ്പിടം, വീട്; 2. ക്ഷേത്രം; 3. നഗരം; 4. ചുവന്നുള്ളി

നികേതം നാ. 1. വീട്, പാർപ്പിടം; 2. അടയാളം; 3. ഒപ്പ്

നികോചനം നാ. 1. ചുരുങ്ങൽ; 2. കോച്ചൽ; 3. ഞെരുക്കം, മുറുക്കൽ

നിക്കൽ [ഇം.] നാ. ഒരു ലോഹം

നിക്ത വി. 1. കഴുകപ്പെട്ട; 2. കഴുകിയ

നിക്വണം നാ. 1. വീണ ചേങ്ങല തുടങ്ങിയ വാദ്യങ്ങളുടെ ശബ്ദം; 2. (ആഭരണങ്ങൾ കൂട്ടിത്തട്ടിയുണ്ടാകുന്ന) ശബ്ദം

നിക്വാണം നാ. = നിക്വണം

നിക്ഷ നാ. പേനിൻെറ മുട്ട, ഈര്

നിക്ഷണം നാ. ചുംബനം

നിക്ഷത്രം നാ. ക്ഷത്രിയന്മാരില്ലാത്തത്

നിക്ഷിപ്ത വി. 1. താഴെ വീഴ്ത്തപ്പെട്ട, താഴേക്കെറിയപ്പെട്ട; 2. ഭരമേൽപ്പിക്കപ്പെട്ട; 3. പണയം വച്ച; 4. അയയ്ക്കപ്പെട്ട; 5. ഉപേക്ഷിക്കപ്പെട്ട

നിക്ഷേപകൻ നാ. 1. പണമോ വിലപ്പെട്ട വസ്തുക്കളോ ബാങ്കുപോലുള്ള സ്ഥാപനങ്ങളിൽ സൂക്ഷിക്കാൻ ഏൽപിക്കുന്നവൻ; 2. സൂക്ഷിച്ചുവയ്ക്കുന്നവൻ, നിക്ഷേപിക്കുന്നവൻ; 3. താഴെ എറിയുന്നവൻ, ഉപേക്ഷിക്കുന്നവൻ

നിക്ഷേപണം നാ. നിക്ഷേപിക്കൽ

നിക്ഷേപം നാ. 1. സൂക്ഷിച്ചുവച്ചിട്ടുള്ള പണമോ വിലപ്പെട്ട വസ്തുക്കളോ; 2. സൂക്ഷിച്ചുവയ്ക്കൽ, ശേഖരിക്കൽ; 3. സൂക്ഷിച്ചുവയ്ക്കാൻവേണ്ടി ഏൽപിച്ച വിലപ്പെട്ട വസ്തു; 4. താഴെ എറിയൽ, എറിഞ്ഞുകളയൽ; 5. നിധി; 6. ബാങ്കുപോലുള്ള സ്ഥാപനങ്ങൾ പൊതുജനങ്ങളിൽനിന്നു ശേഖരിക്കുന്ന ധനം; 7. അയയ്ക്കൽ, വിക്ഷേപിക്കൽ; 8. തടയൽ

നിക്ഷേപിക്കുക ക്രി. 1. (സൂക്ഷിച്ചു)വയ്ക്കുക, കരുതിവയ്ക്കുക; 2. സൂക്ഷിക്കാൻ ഏൽപിക്കുക, പണമായിവയ്ക്കുക; 3. പണവ്യാപാരസ്ഥാപനങ്ങളിൽ പണം മുടക്കുക; 4. താഴെയെറിയുക; 5. ഉപേക്ഷിക്കുക; 6. ശേഖരിച്ചുവയ്ക്കുക

നിക്ഷേപ്യ വി. നിക്ഷേപിക്കത്തക്ക

നിഖനനം നാ. 1. കുഴിക്കൽ; 2. കുഴിച്ചെടുക്കൽ; 3. കുഴിച്ചുനാട്ടൽ, കുഴിച്ചിടൽ

നിഖർവൻ നാ. മുണ്ടൻ, തീരെ പൊക്കം കുറഞ്ഞവൻ

നിഖർവം നാ. 1. ഒരു വലിയ സങ്ഖ്യ, പത്തുപർവം ചേർന്നത്; 2. പൊക്കം കുറഞ്ഞത്; 3. പന്ത്രണ്ടാം സ്ഥാനം

നിഖാത വി. ഖനനം ചെയ്യപ്പെട്ട

നിഖില വി. മുഴുവനായ, എല്ലാംചേർന്ന, പൂർണമായ

നിഖിലം അവ്യ. 1. മുഴുവനും, എല്ലാം, പൂർണമായി; 2. ഇടമുറിയാതെ

നിഗന്ധനം നാ. ചങ്ങലയ്ക്കിടൽ, തളയ്ക്കൽ, വിലങ്ങുവയ്ക്കൽ

നിഗഡം നാ. 1. ചങ്ങല; 2. ആനയുടെ കാൽച്ചങ്ങല; 3. വിലങ്ങ്

നിഗഡിത വി. ചങ്ങലകൊണ്ടു ബന്ധിച്ച, വിലങ്ങുവച്ച, തളച്ച

നിഗണം നാ. ഹോമധൂമം

നിഗത വി. പൊയ്പ്പോയ

നിഗദപ്രഭ വി. പ്രകാശമില്ലാത്ത, ഇരുട്ടായ

നിഗദനം നാ. 1. ഓർമയിൽനിന്ന് ഉരുവിടൽ; 2. പറച്ചിൽ

നിഗദം നാ. 1. പറച്ചിൽ, വാക്ക്, സംഭാഷണം; 2. വ്യക്തമായി ഉച്ചരിക്കൽ; 3. വ്യക്തമായി ഉച്ചരിക്കപ്പെട്ട സ്തോത്രം; 4. അർഥമറിയാതെ ഉരുവിടൽ

നിഗതിക്കുക ക്രി. 1. സംസാരിക്കുക, പറയുക; 2. ഉച്ചരിക്കുക; 3. കാണാപ്പാഠമായി ചൊല്ലുക

നിഗദിത വി. പറയപ്പെട്ട

നിഗദിതം നാ. പറയപ്പെട്ടത്, വാക്ക്

നിഗമനം നാ. 1. അനുമാനം, ഊഹം; 2. വേദവാക്യം, വേദത്തിൽനിന്ന് ഉച്ചരിച്ച പദം; 3. തീരുമാനം; 4. യാത്ര

നിഗമം നാ. 1. വേദവാക്യം, വേദം; 2. ഈശ്വരൻെറയോ ഋഷിമാരുടെയോ വാക്ക്; 3. പദങ്ങളുടെ ധാതു, പ്രകൃതി; 4. ഗതാഗതം, യാത്ര; 5. പ്രതിജ്ഞ; 6. ഊഹം, അനുമാനം; 7. തർക്കശാസ്ത്രം; 8. അങ്ങാടിത്തെരുവ്; 9. രാജ്യത്തിൻെറ തലസ്ഥാനം

നിഗമി നാ. വേദജ്ഞൻ

നിഗമിത വി. നിഗമനം ചെയ്യപ്പെട്ട

നിഗരം	നാ.	1. തിന്നൽ; 2. വിഴുങ്ങൽ; 3. തൊണ്ട; 4. ഹോമധൂമം
നിഗളനം	നാ.	1. വിഴുങ്ങൽ; 2. തിന്നൽ
നിഗളം1	നാ.	= നിഗഡം
നിഗളം2	നാ.	1. വിഴുങ്ങൽ; 2. കുതിരയുടെ തൊണ്ട (കഴുത്ത്)
നഗളം3	നാ.	നികളം
നിഗളവത്ത്	നാ.	കുതിര
നിഗളിക്കുക1	ക്രി.	= നികളിക്കുക
നിഗളിക്കുക2	ക്രി.	1. ഭക്ഷിക്കുക; 2. വിഴുങ്ങുക
നിഗാദം	നാ.	= നിഗദം
നിഗാരക	വി.	1. തിന്നുന്ന; 2. വിഴുങ്ങുന്ന
നിഗാരം	നാ.	1. തിന്നൽ; 2. വിഴുങ്ങൽ
നിഗാലക	വി.	= നിഗാരക
നിഗിരണം	നാ.	1. വിഴുങ്ങൽ; 2. മറയ്ക്കൽ
നിഗീർണ	വി.	1. വിഴുങ്ങപ്പെട്ട; 2. മറയ്ക്കപ്പെട്ട
നിഗുംഫനം	നാ.	1. കോർക്കൽ; 2. ക്രമപ്പെടുത്തൽ
നിഗൂഢ	വി.	1. രഹസ്യമായ; 2. മറയ്ക്കപ്പെട്ട; 3. അജ്ഞാതമായ
നിഗൂഢകം	നാ.	മങ്കുട്ടപ്പയറ്
നിഗൂഢം	അവ്യ.	1. രഹസ്യമായി; 2. സ്വകാര്യമായി, മറ്റാരും അറിയാതെ
നിഗൂഹക	വി.	1. മറയ്ക്കുന്ന; 2. രഹസ്യമായിവയ്ക്കുന്ന; 3. ഒളിച്ചുവയ്ക്കുന്ന
നിഗൂഹനം	നാ.	1. മറയ്ക്കൽ; 2. ഒളിച്ചുവയ്ക്കൽ
നിഗൂഹനീയ	വി.	1. ഒളിച്ചുവയ്ക്കപ്പെടേണ്ട; 2. രഹസ്യമായി സംരക്ഷിക്കപ്പെടേണ്ട
നിഗൃഹീത	വി.	1. പിടിക്കപ്പെട്ട; 2. ആക്രമിക്കപ്പെട്ട; 3. തടയപ്പെട്ട; 4. തോൽപ്പിക്കപ്പെട്ട
നിഗൃഹീതി	നാ.	1. തടസ്സം, തടയൽ, തടവിലാക്കൽ; 2. തോൽപ്പിക്കൽ, കീഴടക്കൽ
നിഗൃഹ്യ	അവ്യ.	1. തടഞ്ഞിട്ട്, തടവിലാക്കിയിട്ട്; 2. തോൽപ്പിച്ചിട്ട്
നിഗ്രന്ഥനം	നാ.	കൊല, വധം
നിഗ്രഹണം	നാ.	1. കീഴടക്കൽ; 2. നിയന്ത്രണം; 3. തടവിലാക്കൽ, ശിക്ഷിക്കൽ; 4. തോൽവി
നിഗ്രഹൻ	നാ.	1. ഈശ്വരൻ; 2. വിഷ്ണു; 3. ശിവൻ
നിഗ്രഹം	നാ.	1. കൊല; 2. ശിക്ഷിക്കൽ, ശിക്ഷ; 3. തടയൽ, പിന്തിരിക്കൽ, കീഴടക്കൽ, നിയന്ത്രണം; 4. തടവിലാക്കൽ; 5. പിടിച്ചെടുക്കൽ; 6. രോഗം ഭേതപ്പെടുത്തൽ; 7. വാദത്തിനുള്ള ന്യൂനത; 8. അതിര്; 9. കൈപ്പിടി
നിഗ്രഹസ്ഥാനം	നാ.	1. വാദിതോൽക്കുന്നതിനുള്ള കാരണം; 2. നൈയായികമതപ്രകാരമുള്ള പതിനാറു പദാർഥങ്ങളിൽ ഒന്ന്

നിഗ്രഹിക്കുക ക്രി. 1. കൊല്ലുക; 2. ശിക്ഷിക്കുക; 3. കീഴടക്കുക; 4. തടയുക
നിഗ്രാഹം നാ. ശിക്ഷ
നിഘണ്ടു നാ. പദങ്ങളെ അക്ഷരക്രമത്തിൽ എഴുതി ഒരോ പദത്തിൻെറയും അർഥം രേഖപ്പെടുത്തിയിട്ടുള്ള ഗ്രന്ഥം
നിഘം നാ. 1. വട്ടം; 2. ഒരു ആയുധം; 3. പാപം
നിഘർഷണം നാ. = നിഘർഷം
നിഘർഷം നാ. 1. ഉരയ്ക്കൽ; 2. തേയ്ക്കൽ; 3. ചതയ്ക്കൽ; 4. പൊടിക്കൽ
നിഘസം നാ. 1. ഊണ്, ഭക്ഷണം; 2. ഭക്ഷണം കഴിക്കൽ, തിന്നൽ
നിഘാതം നാ. 1. അടി, ഇടി; 2. ഉറപ്പിച്ചുച്ചരിക്കപ്പെട്ട സ്വരം
നിഘാതി1 നാ. 1. ഇരുമ്പുഗദ; 2. കൂടം, വലിയ ചുറ്റിക
നിഘാതി2 നാ. 1. കൊല്ലുന്നവൻ, നശിപ്പിക്കുന്നവൻ; 2. ആഘാതമേൽപ്പിക്കുന്നവൻ
നിഘുഷ്ടം നാ. ഒച്ച, ശബ്ദം
നിഘൂർണ വി. 1. ഇളകുന്ന; 2. ആടുന്ന; 3. ചലിക്കുന്ന
നിഘൃഷ്ട വി. 1. തേയ്ക്കപ്പെട്ട; 2. ഉരയ്ക്കപ്പെട്ട; 3. പൊടിക്കപ്പെട്ട; 4. കീഴടക്കപ്പെട്ട
നിഘ്ന വി. 1. ആശ്രയിക്കുന്ന; 2. അനുസരിക്കുന്ന; 3. വിനയമുള്ള; 4. ഇണക്കമുള്ള; 5. ഗണിക്കപ്പെട്ട.
965
നിങ്ങൾ സ.നാ. നീ എന്നതിൻെറ ബഹുവചനരൂപം
നിചയം നാ. 1. കൂട്ടം, ശേഖരം; 2. കൂട്ടിവയ്ക്കൽ, ശേഖരിക്കൽ; 3. നിശ്ചയം, തീർച്ച
നിചയിക്കുക ക്രി. 1. സംഭരിക്കുക, ശേഖരിക്കുക; 2. കൂമ്പാരമാക്കുക, കൂട്ടുക
നിചായം നാ. = നിചയം
നിചിത വി. 1. കൂട്ടിവച്ച; 2. കൂമ്പാരം കൂട്ടിയ; 3. നിറയ്ക്കപ്പെട്ട; 4. മൂടപ്പെട്ട
നിചുംബണം നാ. 1. കടൽ; 2. സോമരസം
നിചുളകം നാ. 1. മാർച്ചട്ട, ശരീരത്തിൻെറ മുൻഭാഗം രക്ഷിക്കാനുള്ള കവചം; 2. മേലുടുപ്പ്, ഉത്തരീയം
നിചുളൻ നാ. കാളിദാസൻെറ സമകാലീനനായി കരുതപ്പെടുന്ന ഒരു സംസ്കൃത കവി
നിചുളം നാ. 1. മേൽമുണ്ട്; 2. ശരീരത്തിൻെറ മുൻഭാഗം മറക്കുന്ന കുപ്പായം; 3. നീർക്കടമ്പ്; 4. വഞ്ചിമരം; 5. ആറ്റുവഞ്ചി; 6. നീർപ്പരുത്തി
നിചൂളം നാ. = നിചോളം
നിചോളകം നാ. 1. സ്ത്രീകളുടെ മുലപ്പടം, റൗക്ക; 2. ഭടൻെറ മാർച്ചട്ട, അതിനോടുചേർന്ന മേലുടുപ്പ്

നിചോളം നാ. 1. മൂടുപടം; 2. പുറംകുപ്പായം, മറ്റുവസ്ത്രങ്ങളുടെമീതെ അണിയുന്ന വലിയ ഉടുപ്പ്; 3. മെത്തവിരി; 4. പല്ലക്കു മൂടുന്ന തുണി; 5. ആവരണം; 6. സ്ത്രീകളുടെ മേലുടുപ്പ്, റൗക്ക; 7. വീണയുടെയും മറ്റും ഉറ

നിചോളിത വി. നിചോളമണിഞ്ഞ, നിചോളംകൊണ്ടു മറഞ്ഞ

നിച്ചം അവ്യ. എന്നും, എല്ലാപ്പോഴും

നിച്ചലും അവ്യ. നിത്യവും, എപ്പൊഴും

നിച്ചാത്തം നാ. = നിത്യശ്രാദ്ധം

നിച്ഛിവി നാ. ജാതിഭ്രഷ്ടുഭവിച്ച ക്ഷത്രിയരിൽനിന്നുണ്ടായ ഒരു ജാതി

നിച്ഛേദം നാ. 1. മുറിച്ചുകളയൽ; 2. ഭിന്ന സങ്ഖ്യയിൽ അംശത്തിൻെറയും ഛേദത്തിൻെറയും സാമാന്യഘടകങ്ങളെ നീക്കം ചെയ്യൽ

നിജ വി. 1. തൻേറതായ, സ്വന്തമായ; 2. തന്നെ സംബന്ധിച്ച; 3. സ്വാഭാവികമായ; 4. ശാശ്വതമായ; 5. തുടർച്ചയായ

നിജം1 നാ. 1. സത്യം; 2. തന്നെ സംബന്ധിച്ചത്; 3. സ്വാഭാവികമായത്; 4. വെള്ളോട്

നിജം2 നാ. തീർച്ച, നിശ്ചയം. (പ്ര) നിജപ്പെടുത്തുക = തീർച്ചയാക്കുക

നിടലനയനൻ നാ. ശിവൻ

നിടലാക്ഷൻ നാ. ശിവൻ

നിടലം, നിടിലം നാ. നെറ്റി

നിടാലം നാ. = നിടലം

നിടിലം നാ. = നിടലം

നിടു വി. = നെടു

നിട്ടെന അവ്യ. ലംബമായി, നെട്ടനെ

നിഡീനം നാ. പക്ഷിയുടെ കീഴോട്ടുള്ള പറക്കൽ

നിണം നാ. 1. (കട്ടപിടിച്ച) ചോര; 2. മഞ്ഞളും ചുണ്ണാമ്പും ചേർത്തുണ്ടാക്കുന്ന ചെമന്ന ദ്രാവകം; 3. കഥകളിയിലെ ഒരു വേഷത്തിനു പറയുന്ന പേര്

നിണർ നാ. 1. നന്മ; 2. സ്നേഹം

നിണ്ഡിക നാ. മലങ്കടല

നിതംബബിംബം നാ. (സ്ത്രീകളുടെ) വൃത്താകാരമായ നിതംബം

നിതംഭദു നാ. നിതംബപ്രദേശം

നിതംബം നാ. (സ്ത്രീകളുടെ) അരക്കെട്ടിൻെറ പിൻഭാഗം; 2. മലഞ്ചരിവ്; 3. നദികളുടെയും മറ്റും ചരിവുള്ള കര; 4. തോൾ

നിതംബവതി നാ. നിതംബമുള്ളവൾ, മാംസളവും മനോഹരവുമായ കടിപ്രദേശമുള്ളവൾ, സുന്ദരി

നിതംബി വി. 1. ഭങ്ഗിയുള്ള അരക്കെട്ടോടുകൂടിയ; 2. മനോഹരമായ സാനുപ്രദേശങ്ങളോടുകൂടിയ

നിതംബിനി നാ. 1. സുന്ദരമായ നിതംബമുള്ളവൾ, മനോഹരി; 2. സ്ത്രീ

നിതരാം അവ്യ. 1. ഏറ്റവും; 2. പൂർണമായി; 3. തുടർച്ചയായി; 4. എല്ലാപ്പോഴും; 5. കീഴ്പ്പോട്ട്; 6. താണസ്വരത്തിൽ

നിതലം നാ. പാതാളത്തിന്റെ ഒരു ഭാഗം
നിതാന്ത വി. 1. അസാധാരണമായ; 2. അത്യധികമായ; 3. ഉറ്റ, തീവ്രമായ
നിതാന്തം അവ്യ. ഏറ്റവും, അത്യധികമായ
നിത്തം നാ. നിലനിൽപ്പ്
നിത്യ1 വി. ശാശ്വതമായ, എപ്പോഴുമുള്ള, നാശമില്ലാത്ത, നിയമേനയുള്ള
നിത്യ2 നാ. 1. ദുർഗ; 2. പ്രഥമ തുടങ്ങിയ തിഥികളുടെ ദേവതകളിലോരോരുത്തരും; 3. കൊഴു
നിത്യകർമം നാ. 1. എല്ലാദിവസവും ആചരിക്കേണ്ട അനുഷ്ഠാനങ്ങൾ; 2. ദിവസവും മുടങ്ങാതെ ചെയ്യുന്ന മലശോധന പല്ലുതേപ്പ് കുളി ഇവ
നിത്യകല്യാണൻ നാ. ഈശ്വരൻ
നിത്യകല്യാണി നാ. പൂക്കൽ ധാരാള മുണ്ടാകാറുള്ള ഒരു സസ്യം
നിത്യകാലം അവ്യ. എല്ലാക്കാലത്തും, എല്ലാപ്പോഴും
നിത്യകൃത്യം നാ. നിത്യകർമം
നിത്യഗതി നാ. വായു, വായുദേവൻ
നിത്യച്ചെലവ് നാ. ദിവസേനയുള്ള ചെലവ്
നിത്യജ്വരം നാ. വിട്ടുമാറാത്ത പനി, തുടർന്നു നിൽക്കുന്ന ശരീരതാപവർധന
നിത്യത, -ത്വം നാ. 1. നാശമില്ലായ്മ, ശാശ്വതത്വം; 2. കാലക്ഷേപം, നിത്യവൃത്തി കഴിക്കൽ; 3. തുടർച്ച, ഇടതടവില്ലായ്മ, മുടങ്ങാതെയുള്ള ആവർത്തനം; 4. ദൈവികത്വം
നിത്യത്തൊഴിൽ നാ. തുടർച്ചയായി ചെയ്യുന്ന തൊഴിൽ.
നിത്യത്തൊഴിൽ അഭ്യാസം (പഴ)
നിത്യദാ അവ്യ. എല്ലാപ്പോഴും, എന്നും, സർവദാ
നിത്യദാനം നാ. എന്നും മുടങ്ങാതെചെയ്യുന്ന ദാനം
നിത്യൻ നാ. 1. ഈശ്വരൻ; 2. വീട്ടുജോലിക്കാരൻ; 3. എന്നും വരുന്നവൻ, എന്നും വരുന്ന വിരുന്നുകാരൻ
നിത്യനർത്തൻ നാ. ശിവൻ
നിത്യനിദാനം നാ. 1. ദിവസവുമുള്ള പതിവ്; 2. നിത്യവൃത്തി; 3. നിത്യദാനം
നിത്യനിയമം നാ. മാറ്റമില്ലാത്ത നിയമം, ശാശ്വതമായ നിയമം
നിത്യനൈമിത്തികം നാ. ഏതെങ്കിലും കാര്യസിദ്ധിക്കായി നിയമേന അനുഷ്ഠിക്കുന്ന കർമം
നിത്യപൂജ്യൻ നാ. എന്നും പൂജിക്കപ്പെടേണ്ടവൻ
നിത്യപ്രളയം നാ. 1. ജീവികളുടെ തുടർച്ചയായ നാശം; 2. ഉറക്കം
നിത്യം1 അവ്യ. 1. എന്നും, എല്ലാദിവസവും; 2. എപ്പോഴും, തുടർച്ചയായി
നിത്യം2 നാ. 1. സമുദ്രം; 2. എല്ലാദിവസവും ആചരിക്കേണ്ട കർമം

നിത്യമുക്ത വി. 1. എന്നെന്നേക്കുമായി മുക്തിനേടിയ; 2. ഒരിക്കലും ബന്ധനത്തിൽപ്പെടാത്ത
നിത്യമുക്തൻ നാ. ഈശ്വരൻ
നിത്യയൗവന നാ. 1. ദുർഗ; 2. ദ്രൗപതി
നിത്യരക്ഷ്യചതുഷ്ടയം നാ. എന്നും രക്ഷിക്കപ്പെടേണ്ട നാല് (മാതാവ്, പിതാവ്, ആചാര്യൻ, അഗ്നി)
നിത്യവിധി നാ. ശാശ്വതമായ നിയമം
നിത്യവും അവ്യ. എന്നും, എല്ലാക്കാലത്തും
നിത്യവൃത്തി നാ. കാലക്ഷേപം, ജീവിക്കാനാവശ്യംവേണ്ട പ്രവൃത്തി ധനം മുതലായവ
നിത്യവ്യയം നാ. 1. നിത്യച്ചെലവ്; 2. തുടർച്ചയായ ചെലവ്
നിത്യവ്രതം നാ. എന്നും അനുഷ്ഠിക്കേണ്ട വ്രതം
നിത്യശ്രാദ്ധം നാ. എല്ലാദിവസവും നടത്തേണ്ട ശ്രാദ്ധം
നിത്യശ്രീ നാ. നശിക്കാത്ത ഐശ്വര്യം, ശാശ്വതമായ സൗന്ദര്യം
നിത്യസമാസം നാ. (വ്യാക) ഘടകങ്ങളായി വിഗ്രഹിച്ച് അർഥം പറയാനാകാത്ത സമാസം
നിത്യസാന്നിധ്യം നാ. 1. എപ്പൊഴും ഉള്ള സ്ഥിതി; 2. ക്ഷേത്രങ്ങളിലും പുണ്യസ്ഥലങ്ങളിലുമുള്ള സ്ഥിരമായ ഈശ്വരചൈതന്യം
നിത്യസ്രവന്തി നാ. എപ്പോഴും ഒഴുകുന്നത്
നിത്യസ്വരൂപ വി. നശിക്കാത്ത രൂപമുള്ള
നിത്യസ്വരൂപൻ നാ. ഈശ്വരൻ
നിത്യാചാരം നാ. 1. എല്ലാദിവസവും ആചരിക്കപ്പെടുന്നത്; 2. തുടർച്ചയായ സദാചാരം
നിത്യാനന്ദം നാ. ശാശ്വതമായ ആനന്ദം, ബ്രഹ്മാനന്ദം
നിത്യാനിത്യം നാ. ശാശ്വതവും ക്ഷണികവും, സ്ഥിരവും താത്കാലികവും
നിത്യാനുഷ്ഠാനം നാ. നിത്യകർമം
നിത്യാഭ്യാസം നാ. എന്നുമുള്ള പരിശീലനം, തുടർച്ചയായ അഭ്യാസം
നിത്യാരാധന നാ. ദിവസവുമുള്ള ആരാധന, തുടർച്ചയായ ആരാധന
നിത്യോപവാസം നാ. 1. തുടർച്ചയായി വ്രതകാലം മുഴുവൻ ഉപവസിക്കൽ; 2. കഠിനമായ ദാരിദ്ര്യം മൂലം എന്നും പട്ടിണികിടക്കൽ
നിദർശക വി. 1. കാണുന്ന; 2. കാണിച്ചുകൊടുക്കുന്ന; 3. സൂചിപ്പിക്കുന്ന
നിദർശന1 വി. 1. കാണിച്ചുകൊടുക്കുന്ന; 2. അറിയിക്കുന്ന; 3. പഠിപ്പിക്കുന്ന; 4. മാതൃക കാട്ടി തെളിയിക്കുന്ന
നിദർശന2 [സം.-ദർശനാ] നാ. ഒരു അർഥാലങ്കാരം
നിദർശനം നാ. 1. കാഴ്ച, ദർശനം; 2. ഉൾക്കാഴ്ച; 3. തെളിവ്; 4. മാതൃക, ഉഗാഹരണം; 5. (ഉദാഹരണം കാണിച്ചുള്ള) വിവരണം
നിദാഘകാരൻ നാ. സൂര്യൻ
നിദാഘകാലം നാ. വേനൽക്കാലം, ഉഷ്ണകാലം

നിദാഘം നാ. 1. ഉഷ്ണം, ചൂട്; 2. ഉഷ്ണകാലം, വേനൽ; 3. വിയർപ്പ്
നിദാനച്ചെലവ് നാ. പതിവനുസരിച്ചുള്ള ചെലവ്
നിദാനം നാ. 1. കാരണം, മൂലകാരണം; 2. കാരണത്തെക്കുറിച്ച് അന്വേഷിക്കൽ; 3. രോഗനിർണയം; 4. കയറ്, നാട; 5. തിർച്ച; 6. പതിവ്; 7. ശുദ്ധി
നിദാനവില നാ. 1. നാട്ടുനടപ്പനുസരിച്ചുള്ള വില; 2. മതിപ്പുവില
നിദാനിക്കുക ക്രി. 1. തീർച്ചയാക്കുക; 2. കാരണമാക്കുക; 3. ലക്ഷണങ്ങൾകൊണ്ട് അനുമാനിക്കുക
നിദാരുണ വി. അത്യധികം ദാരുണമായ, അതികഠിനമായ
നിദിഗ്ധ1 വി. 1. പൂശിയ, തേച്ചുപിടിപ്പിക്കപ്പെട്ട; 2. കൂട്ടിവച്ച; 3. വർധിച്ച, പുഷ്ടിപ്പെട്ട
നിദിഗ്ധ2 നാ. 1. കണ്ടകാരിച്ചുണ്ട; 2. ചിറ്റേലം
നിദിധ്യാസം നാ. നിരന്തരവും ഏകാഗ്രവുമായ ധ്യാനം; 2. വീണ്ടും മനനംചെയ്തു സ്വാനുഭൂതിയാക്കൽ
നിദിഷ്ട വി. നിദേശിതമായ
നിദേശം നാ. 1. ആജ്ഞ; 2. ഉപദേശം; 3. സംഭാഷണം; 4. വിതരണം; 5. അയൽപക്കം, സമീപത്തുള്ള സ്ഥലം; 6. സന്ദേശം; 7. പാത്രം
നിദേശി വി. ചൂണ്ടിക്കാട്ടുന്ന
നിദേശിതം നാ. 1. ആജ്ഞാപിക്കപ്പെട്ടത്; 2. അറിയിപ്പ്, സന്ദേശം; 3. വിവരിക്കപ്പെട്ടത്
നിദേശിനി നാ. 1. ദിക്ക്; 2. നാട്, പ്രദേശം; 3. ചൂണ്ടിക്കാണിക്കുന്നവൾ
നിദേഷ്ടാവ് നാ. നിർദേശിക്കുന്നവൻ
നിദ്ര നാ. 1. ഉറക്കം; 2. മടി, അലസത; 3. കൂമ്പൽ
നിദ്രാഗൃഹം നാ. ഉറക്കറ
നിദ്രാചാരം നാ. ഉറക്കത്തിൽ നടക്കൽ, സ്വപ്നാടനം
നിദ്രാടനം നാ. ഉറക്കത്തിൽ നടക്കൽ, സ്വപ്നാടനം
നിദ്രാണ വി. 1. ഉറങ്ങുന്ന; 2. ആലസ്യമുള്ള; 3. കൂമ്പിയ
നിദ്രാപര വി. 1. ഉറക്കത്തിൽ താത്പര്യമുള്ള; 2. ഉറങ്ങുന്ന
നിദ്രാഭങ്ഗം നാ. ഉറക്കത്തിനുണ്ടാകുന്നതടസ്സം, ഉറക്കത്തിൽനിന്ന് ഉണരൽ
നിദ്രാമാന്ദ്യം നാ. ഉറക്കക്ഷീണം, ഉറക്കംകൊണ്ടുള്ള മയക്കം
നിദ്രാലു വി. ഉറക്കമുള്ള, ഉറങ്ങിയ. നാ. 1. ഉറങ്ങുന്നവൻ; 2. ഉറക്കത്തിൽ താത്പര്യമുള്ളവൻ; 3. വിഷ്ണു; 4. തക്കാരിവഴുതിന; 5 കാട്ടുചെറുതുളസി
നിദ്രാവത്ത് നാ. 1. ഉറങ്ങുന്നത്, ഉറക്കമുള്ളത്; 2. ആലസ്യമുള്ളത്
നിദ്രാവാൻ നാ. അലസൻ, ഉറങ്ങുന്നവൻ
നിദ്രാശീലൻ നാ. 1. അധികം ഉറങ്ങുന്നവൻ, ഉറക്ക്ക്കത്തിൽ തത്പരൻ; 2. അലസൻ, മടിയൻ
നിദ്രാസഞ്ജനനം നാ. 'ഉറക്കം ഉണ്ടാക്കുന്നത്', കഫം
നിദ്രിത വി. 1. ഉറങ്ങിയ; 2. ആലസ്യം പൂണ്ട; 3. കൂമ്പിയ
നിധന വി. ധനമില്ലാത്ത, ദാരിദ്ര്യമുള്ള

നിധനക്രിയ നാ. 1. നശിപ്പിക്കൽ, കൊല്ലൽ; 2. മരണാനന്തരക്രിയ
നിധനത നാ. ദാരിദ്ര്യം, നിർധനത
967
നിധനൻ [സം.] നാ. 1. ബ്രഹ്മാവ്; 2. കുടുംബനാഥൻ
നിധനം നാ. 1. നാശം, നഷ്ടം, ദാരിദ്ര്യം; 2. മരണം; 3. അവസാനം, വംശം; 5. കുടുംബം; 6. ജാതി; 7. സാമഗാനത്തിൻെറ അവസാനഭാഗം; 8. (ജ്യോ) എട്ടാമിടം
നിധാനം നാ. 1. ആശ്രയം, ആധാരം; 2. സൂക്ഷിപ്പ്, കരുതിവയ്ക്കൽ, വയ്ക്കൽ; 3. നിധി, സൂക്ഷിച്ചുവച്ച ധനം; 4. സമ്പത്ത്; 5. കലവറ; 6. വിശ്രമസ്ഥാനം; 7. സൈന്യം
നിധായ അവ്യ. നിധാനം ചെയ്തിട്ട്
നിധി നാ. 1. ഭാവിയിലുപയോഗിക്കാൻവേണ്ടി സ്വർണം വെള്ളി രത്നങ്ങൾ മുതലായവയുടെ രൂപത്തിൽ ഭൂമിക്കടിയിലോ മറ്റോ സൂക്ഷിച്ചുവച്ചിരിക്കുന്ന ധനം; 2. ഏതെങ്കിലും പ്രത്യേക ആവശ്യത്തിനുവേണ്ടി ശേഖരിച്ചുവച്ച ധനം, സഞ്ചിതധനം; 3. ധനം; 4. ഖജനാവ്; 5. ഇരിപ്പിടം, ആധാരം; 6. കലവറ, വസ്തുക്കൾ വച്ചു സൂക്ഷിക്കുന്ന സ്ഥലം; 7. സമുദ്രം; 8. വിഷ്ണു; 9. നല്ല ഗുണങ്ങൾ തികഞ്ഞവൻ
നിധിനാഥൻ നാ. കുബേരൻ
നിധിപതി നാ. 1. കുബേരൻ; 2. ധനവാൻ; 3. നിക്ഷേപം കാക്കുന്നവൻ
നിധീശൻ നാ. = നിധിപതി
നിധുവനം നാ. 1. വിറയൽ, ഇളക്കം; 2. മൈഥുനം; 3. സന്തോഷം, ഉല്ലാസം; 4. വിനോദം, ക്രീഡ
നിധേയ വി. നിധാനംചെയ്യാൻ യോഗ്യമായ
നിധ്യാത വി. ധ്യാനിക്കപ്പെട്ട, മനസ്സുകൊണ്ട് അറിഞ്ഞ, മനനം ചെയ്യപ്പെട്ട
നിധ്യാനം ന്നാ. 1. കാഴ്ച, ദർശിക്കൽ; 2. ആലോചിച്ചറിയൽ
നിധ്വാനം നാ. ശബ്ദം
നിൻ സ,നാ. 1. നീ എന്ന മധ്യമപുരുഷസർവനാമം, നിർദേശികയൊഴികെയുള്ള വിഭക്തിപ്രത്യയങ്ങൾ ചേരുമ്പോൾ കൈക്കൊള്ളുന്ന രൂപം; 2. നീ എന്നതിൻെറ സംബന്ധികാ രൂപങ്ങളിൽ ഒന്ന്
നിനങ്ക്ഷു വി. 1. മരിക്കാനാഗ്രഹിക്കുന്ന; 2. രക്ഷപ്പെടാനാഗ്രഹിക്കുന്ന
നിനദം നാ. ശബ്ദം
നിനദിക്കുക ക്രി. ഒച്ചയുണ്ടാക്കുക, മുഴങ്ങുക, ശബ്ദിക്കുക
നിനദിത വി. മുഴങ്ങുന്ന, ശബ്ദമുണ്ടാക്കുന്ന
നിനദിതം നാ. ശബ്ദം, ഒച്ച
നിനയ്ക്കുക ക്രി. 1. ചിന്തിക്കുക; 2. ഓർക്കുക; 3. ആലോചിച്ചു തീർച്ചപ്പെടുത്തുക
നിനയനം നാ. 1. ഒഴിക്കൽ, ഒഴിച്ചുകളയൽ; 2. നയിക്കൽ; 3. നിർവഹിക്കൽ, നടപ്പിലാക്കൽ
നിനയുക ക്രി. വിചാരിക്കുക, കരുതുക, ചിന്തിക്കുക

നിനവ് നാ. 1. ചിന്ത, വിചാരം; 2. ഓർമ; 3. ആജ്ഞരേഖപ്പെടുത്തിയ കത്ത്
നിനാദം നാ. = നിനദം
നിനാദി നാ. ശബ്ദിക്കുന്നത്
നിനാദിക്കുക ക്രി. = നിനദിക്കുക
നിനാദിത വി. 1. ശബ്ദിക്കുന്ന; 2. ശബ്ദമുഖരിതമായ
നിനീഷ നാ. നയിക്കാനുള്ള ഇച്ഛ
നിനീഷു നാ. നയിക്കാൻ ഇച്ഛിക്കുന്നവൻ
നിന്ദ നാ. 1. ആക്ഷേപിക്കൽ, അപമാനിക്കൽ; 2. പുച്ഛം വെറുപ്പ് അഹങ്കാരം എന്നിവ പ്രകടിപ്പിക്കുന്ന വാക്കോ പ്രവൃത്തിയോ
നിന്ദകൻ നാ. നിന്ദിക്കുന്നവൻ
നിന്ദനം നാ. നിന്ദിക്കൽ
നിന്ദനീയ വി. നിന്ദിക്കപ്പെടേണ്ട, നിന്ദയർഹിക്കുന്ന
നിന്ദാവചനം നാ. ആക്ഷേപിച്ചു പറയുന്ന വാക്ക്
നിന്ദാശീല വി. അന്യരെ നിന്ദിക്കുന്ന സ്വഭാവമുള്ള
നിന്ദാസ്തുതി നാ. 1. നിന്ദാർഥം ഉൾക്കൊള്ളുന്ന സ്തുതി; 2. സ്തുതിപോലെ തോന്നുന്ന നിന്ദ
നിന്ദിക്കുക ക്രി. ആക്ഷേപിക്കുക, അപമാനിക്കുക
നിന്ദിത വി. 1. നിന്ദിക്കപ്പെട്ട; 2. നിന്ദിക്കപ്പെടേണ്ട, നിഷേധിക്കപ്പെട്ട
നിന്ദു നാ. ചാപിള്ളയെ പ്രസവിക്കുന്ന സ്ത്രീ
നിന്ദ്യ1 വി. നിന്ദിക്കപ്പെടേണ്ട
നിന്ദ്യ2 നാ. നിന്ദിക്കപ്പെടേണ്ടവൾ
നിന്ന്[നിൽക്കുക] മു.വി. എന്തിൻെറയെങ്കിലും പ്രഭവസ്ഥാനത്തെക്കുറിക്കുന്ന ഗതിയായി പ്രയോഗം ഉദാ: മലയിൽനിന്ന്
നിപഠം, -പാഠം നാ. പഠനം, വായന
നിപതനം നാ. 1. വീഴ്ച; 2. ഇറങ്ങൽ, കീഴോട്ടുവരൽ; 3. താഴോട്ടു പറക്കൽ
നിപതിക്കുക ക്രി. 1. വീഴുക; 2. ഇറങ്ങുക, കീഴോട്ടുവരിക; 3. താഴോട്ടു പറക്കുക
നിപത്യ നാ. 1. വഴുക്കലുള്ള നിലം; 2. യുദ്ധഭൂമി
നിപം നാ. 1. കുടം; 2. കദംബ വൃക്ഷം, നീപം
നിപാകം നാ. 1. പൂർണവിളവാകൽ, പഴുക്കൽ; 2. ഭക്ഷണസാധനങ്ങൾ വേണ്ടതരത്തിൽ വേകൽ
നിപാഠം നാ. നിപഠം
നിപാതകം നാ. പാപം, ദുർവൃത്തി
നിപാതജം നാ. നിപാതത്തിൽ നിന്നുണ്ടായ അവ്യയം
നിപാതനം നാ. 1. പതിപ്പിക്കൽ, താഴെവീഴ്ത്തൽ, അപമാനിക്കൽ; 3. നശിപ്പിക്കൽ, കൊല്ലൽ; 4. ഏറ്; 5. അടി
നിപാതനീയ വി. 1. പതിപ്പിക്കപ്പെടേണ്ട, വീഴ്ത്തത്തക്ക; 2. മോശപ്പെട്ട, നികൃഷ്ടമായ

നിപാതം നാ. 1. വീഴ്ച; 2. ഇറങ്ങൽ, ഇറക്കം; 3. ചാടിവീഴൽ, ആക്രമിക്കൽ; 4. എടുത്തെറിയൽ, പുറത്താക്കൽ; 5. മരണം; 6. (വ്യാക) ദ്യോതകത്തിൽ ഒരു വിഭാഗം

നിപാതി വി. നിപതിക്കുന്ന

നിപാതിത വി. വീഴ്ത്തപ്പെട്ട, നശിപ്പിക്കപ്പെട്ട

നിപാത്യ വി. നിപതിപ്പിക്കപ്പെട്ട. അവ്യ. നിപതിച്ചിട്ട്, വീഴ്ത്തിയിട്ട്

നിപാനം നാ. 1. കുടിക്കൽ; 2. കിണറ്റിനടുത്തു കന്നുകാലികൾക്കു വെള്ളം കുടിക്കാനായി വയ്ക്കുന്ന കൽത്തൊട്ടി; 3. വെള്ളം കെട്ടിനിൽക്കുന്ന കുഴി, ചെറിയ കുളം, കിണറ്; 4. പാൽപ്പാത്രം

നിപാനസരസ്സ് നാ. കന്നുകാലികൾക്കു കുളിക്കാനും കുടിക്കാനും ഉപയോഗിക്കാനുള്ള കുളം

നിപീഡനം നാ. 1. ഞെക്കൽ, ഞെരിക്കൽ; 2. ഉപദ്രവിക്കൽ; 3. ആലിങ്ഗനം; 4. ഗുസ്തി

നിപീഡിത വി. നിപീഠനം ചെയ്യപ്പെട്ട

നിപീതി നാ. കുടിക്കൽ

നിപുണ1 വി. 1. സാമർഥ്യമുള്ള, വിദഗ്ധമായ; 2. ചെയ്തു തഴക്കമുള്ള; 3. നേർത്ത; 4. പൂർണമായ; 5. സ്നേഹമുള്ള, കാരുണ്യമുള്ള

നിപുണ2 നാ. 1. സാമർഥ്യമുള്ളവൾ, വിദഗ്ധ; 2. പാണ്ഡിത്യമുള്ളവൾ, സ്നേഹമുള്ളവൾ

നിപുണത, -ത്വം നാ. 1. സാമർഥ്യം, വൈദഗ്ധ്യം; 2. ചെയ്തുള്ള തഴക്കം; 3. പൂർണത; 4. സ്നേഹം, കാരുണ്യം

നിപുണൻ നാ. 1. സമർഥൻ, വിദഗ്ധൻ; 2. പണ്ഡിതൻ; 3. ബുധൻ

നിപുണം അവ്യ. 1. സമർഥമായി; 2. പൂർണമായി; 3. ശ്രദ്ധയോടെ

നിപ്പിൾ [ഇം.] നാ. 1. മുലക്കുപ്പിയുടെ കാമ്പ്; 2. മുലഞെട്ട്

നിബദ്ധ വി. നിബന്ധനം ചെയ്യപ്പെട്ട

നിബദ്ധം നാ. 1. കെട്ട്; 2. ഗ്രന്ഥരചന, രചിക്കപ്പെട്ട പ്രബന്ധം കാവ്യം മുതലായവ; 3. (ലൗകികവിഷയങ്ങളിലുള്ള) ആസക്തി; 4. നിരോധം; 5. മൂത്രതടസ്സം; 6. മേൽവയറു വീർക്കൽ; 7. വിലങ്ങ്; 8. കാരണം; 9. ചെലവിനുവേണ്ടി വിട്ടുകൊടുക്കുന്ന കന്നുകാലികൾ; 10 സ്ഥാവരവസ്തു

നിബന്ധക വി. നിബന്ധിക്കുന്ന

നിബന്ധന നാ. ചട്ടം, കരാറ്, ഇന്നതരത്തിൽ വേണമെന്ന വ്യവസ്ഥ

നിബന്ധനം നാ. 1. കെട്ടൽ, കൂട്ടിക്കെട്ടൽ; 2. കെട്ട്, ചേർപ്പ്; 3. നിർമിക്കൽ, പണിഞ്ഞുണ്ടാക്കൽ; 4. നിരോധനം, തടങ്കൽ; 5. വിലങ്ങ്; 6. ആശ്രയം, താങ്ങ്; 7. കാവ്യാദികൾ രചിക്കൽ; 8. കാവ്യം, രചന; 9. സംബന്ധം; 10. കാരണം; 11. ഇരിപ്പിടം; 12. വീണയുടെ കമ്പികൾ ഘടിപ്പിച്ചിട്ടുള്ള ആണി; 13. സ്ഥാവരവസ്തു ദാനം ചെയ്യൽ, ഇപ്രകാരം ദാനം ചെയ്ത വസ്തു.

നിബന്ധിക്കുക ക്രി. 1. കെട്ടുക; 2. കെട്ടിയുണ്ടാക്കുക, നിർമിക്കുക; 3. രചിക്കുക

നിബന്ധിത വി. നിബന്ധനം ചെയ്യപ്പെട്ട
നിബർഹണ വി. നശിപ്പിക്കുന്ന, ശത്രുതയുള്ള
നിബർഹണം ന്നാ. 1. കൊല, വധം; 2. നാശം
നിബിഡം നാ. ഇടതൂർന്നു ഞെരുക്കമുള്ളത്, കട്ടിയായത്, തിങ്ങിയത്, ഉള്ളിൽക്കടക്കാൻ വിഷമമുള്ളത്
നിബിഡിത വി. നിബിഡമായ
നിബിഡീശം നാ. ഇടതിങ്ങിയ, നിബിഡമായ
നിബിരീസം നാ. = നിബിഡീശം
നിബോധം നാ. 1. അറിയൽ, മനസ്സിലാക്കൽ, ഗ്രഹിക്കൽ; 2. അറിയിപ്പ്, വിജ്ഞാപനം
നിബ്ബ്[ഇം.] നാ. പേനയുടെ എഴുതാനുപയോഗിക്കുന്ന മുന
നിഭ വി. തുല്യമായ, സാദൃശ്യമുള്ള
നിഭം നാ. 1. തുല്യത; 2. പ്രകാശം; 3. കാഴ്ച, പ്രത്യക്ഷത; 4. വ്യാജം, വ്യാജനാട്യം
നിഭാലനം നാ. 1. ദർശനം, കാഴ്ച; 2. മനോഭാവം; 3. ഉണർവ്; 4. ആത്മജ്ഞാനം
നിഭൂത വി. 1. കഴിഞ്ഞുപോയ; 2. ഏറെ പേടിച്ച
നിഭൃത വി. 1. താഴെവയ്ക്കപ്പെട്ട, മുകളിൽനിന്നു കീഴോട്ടുകൊണ്ടുവന്ന; 2. നിറഞ്ഞ; 3. മറഞ്ഞ, അദൃശമായ; 4. രഹസ്യമായ; 5. അനക്കമില്ലാത്ത, ശാന്തമായ; 6. വിനയമുള്ള, മര്യാദയുള്ള; 7. ഉറപ്പുള്ള; 8. ഏകാന്തമായ; 9. ശബ്ദിക്കാത്ത, മൗനം പൂണ്ട; 10 അടഞ്ഞ
നിഭൃതൻ നാ.. 1. വിനയമുള്ളവൻ; 2. വികാരങ്ങളെ നിയന്ത്രിച്ചവൻ
നിഭൃതം അവ്യ. 1. രഹസ്യമായി; 2. സാവധാനത്തിൽ, ഒച്ചയും അനക്കവും ഇല്ലാതെ. നാ. വിനയം
നിംബകം നാ. വലിയ വേപ്പ്
നിംബതരം നാ. വലിയ വേപ്പ്
നിംബം നാ. വേപ്പ്
നിമഗ്ന വി. 1. മുഴുകിയ; 2. അസ്തമിച്ച; 3. കീഴ്പ്പെടുത്തപ്പെട്ട; 4. മറഞ്ഞ
നിമജ്ജഥു നാ. 1. മുങ്ങൽ, മജ്ജനം; 2. ഉറക്കം
നിമജ്ജനം നാ. 1. മുഴുകൽ, മുങ്ങൽ; 2. കുളി
നിമജ്ജിക്കുക ക്രി. 1. മുങ്ങുക, മുഴുകുക; 2. കുളിക്കുക
നിമജ്ജിത വി. നിമജ്ജനം ചെയ്യപ്പെട്ട, മുക്കിയ
നിമഥനം നാ. 1. കലക്കൽ, കടയൽ; 2. കൊല
നിമദം നാ. സ്പഷ്ടമെങ്കിലും പതിഞ്ഞസ്ഥായിയിലുള്ള ഉച്ചാരണം
നിമന്ത്രണപത്രം നാ. 1. ക്ഷണക്കത്ത്; 2. കോടതിയിൽനിന്നും മറ്റും അയയ്ക്കുന്ന സമൻസ്
നിമന്ത്രണം നാ. 1. ക്ഷണിക്കൽ; 2. വരാൻ ആജ്ഞാപിക്കൽ; 3. വിളിക്കൽ

നിമം നാ. 1. ആണി; 2. കുറ്റി; 3. പിടലി
നിമയം നാ. 1. ഒന്നുകൊടുത്തു മറ്റൊന്നു വാങ്ങൽ, വിനിമയം; 2. മാറ്റക്കച്ചവടം
നിമാനം നാ. 1. അളവ്; 2. വില
നിമി നാ. 1. കണ്ണുചിമ്മൽ; 2. ഇക്ഷ്വാകുവംശത്തിൽപ്പിറന്ന ഒരു രാജാവ്
നിമിത്തകം നാ. 1. നിമിത്തം; 2. ചുംബനം
നിമിത്തകാരണം നാ. (തർക്ക) മൂന്നുവിധം കാരണങ്ങളിൽ ഒന്ന് (സമവായികാരണം, അസമവായികാരണം എന്നു മറ്റു രണ്ട്)
നിമിത്തകാലം നാ. ഏതെങ്കിലും സംഭവത്തിനു കാരണമായി പറയാവുന്ന കാലമോ കാലഘട്ടമോ
നിമിത്തകൃത്ത് നാ. കാക്ക
നിമിത്തജ്ഞ വി. 1. ശകുനഫലമറിയുന്ന; 2. കാരണം അറിയാവുന്ന
നിമിത്തജ്ഞൻ നാ. ലക്ഷണം നോക്കി ഭാവി പ്രവചിക്കുന്നവൻ, ജ്യോത്സ്യൻ
നിമിത്തഭൂത വി. കാരണമായിഭവിച്ച
നിമിത്തവിത്ത് നാ. = നിമിത്തജ്ഞൻ
നിമിത്തി വി. നിമിത്തത്തോടുകൂടിയ, കാരണമുള്ള. നാ. 1. കാര്യം; 2. നിമിത്തജ്ഞൻ
നിമിഷൻ നാ. വിഷ്ണു
നിമിഷം നാ. 1. കണ്ണടച്ചുതുറക്കാൻ വേണ്ട സമയം; 2. അൽപസമയം; 3. കണ്ണടയ്ക്കൽ; 4. കൂമ്പൽ. അവ്യ. അൽപസമയംകൊണ്ട്, ഉടനടി, പെട്ടെന്ന്
നിമീല നാ. 1. കണ്ണടയ്ക്കൽ, കണ്ണിറുക്കിക്കാണിക്കൽ; 2. കാണാത്തമട്ടുഭാവിക്കൽ; 3. ചതി, സൂത്രം
നിമീലനം നാ. 1. കണ്ണടയ്ക്കൽ; 2. എന്നെന്നേക്കുമായി കണ്ണടക്കൽ, മരണം; 3. (ജ്യോ) പൂർണഗ്രഹണം
നിമീലിക നാ. = നിമീല
നിമീലിത വി. 1. കണ്ണടച്ച; 2. കണ്ടില്ലെന്നു നടിച്ച; 3. കൂമ്പിയ
969
നിമൂലം [സം.-മൂല] അവ്യ. വേരോടെ, വേരുവരെ, പൂർണമായി. നിമൂലനാശം = പൂർണമായനാശം
നിമേയം നാ. കൈമാറ്റക്കച്ചവടം, ഒരു വസ്തുവിൻെറ വിലയായി മറ്റൊന്നുകൊടുക്കൽ, വിനിമയം
നിമേഷകം നാ. 1. കണ്ണടച്ചുതുറക്കൽ; 2. മിന്നാമിനുങ്ങ്
നിമേഷകൃത്ത് നാ. മിന്നൽ
നിമേഷം നാ. 1. കണ്ണടയ്ക്കൽ; 2. കണ്ണിമയ്ക്കൽ, കണ്ണടച്ചുതുറക്കൽ; 3. കണ്ണടച്ചുതുറക്കാൻ വേണ്ട സമയം, നിമിഷം; 4. (ആയുർ) ഒരു നേത്രരോഗം
നിമേഷരുക്ക നാ. മിന്നാമിനുങ്ങ്

നിമ്നˆ1 വി. 1. താണ, താഴ്ചയുള്ള; 2. താണനിലയിലുള്ള
നിമ്നˆ2 നാ. താഴ്ന്നനിലം, ചുറ്റുപാടുകളെ അപേക്ഷിച്ചു കുഴിഞ്ഞ ഭൂമി
നിമ്നഗ നാ. നദി
നിമ്നത നാ. 1. താഴ്ച; 2. സാമൂഹികമായോ സാമ്പത്തികമായോ കീഴെക്കിടയിലുള്ള സ്ഥിതി
നിമ്നം നാ. 1. താണപ്രദേശം; 2. താഴ്ച
നിമ്നോന്നത വി. താണും ഉയർന്നും ഉള്ള, നിരപ്പില്ലാത്ത
നിമ്മൾ നാ. = നിങ്ങൾ
നിമ്ലുക്തി നാ. നിമ്ലോചം, സൂര്യാസ്തമയം
നിമ്ലോചനി നാ. 1. (പുരാണ) വരുണൻെറ രാജധാനി; 2. പടിഞ്ഞാറെ ദിക്ക്
നിമ്ലോചം നാ. സൂര്യാസ്തമയം
നിയത വി. 1. സ്ഥിരമായ, നിശ്ചിതമായ; 2. ഉറപ്പിച്ച; 3. ഒഴിവാക്കാനാകാത്ത; 4. തടുക്കപ്പെട്ട; 5. കീഴടക്കപ്പെട്ട; 6. അടക്കമുള്ള; 7. ശ്രദ്ധയുള്ള; 8. അനുഷ്ഠിക്കപ്പെട്ട
നിയതം അവ്യ. 1. എപ്പോഴും, ഇടവിടാതെ, തുടർച്ചയായി; 2. നിശ്ചിതമായി, ക്ലിപ്തമായി; 3. നിർബന്ധമായി; 4. ഒഴിവാക്കാനാകാത്തതരത്തിൽ. നാ. 1. തീർച്ച; 2. അടക്കം
നിയതവാക്ക് നാ. 1. മിതവാക്ക്; 2. വാക്കുകൾ ശ്രദ്ധാപൂർവം തിരഞ്ഞെടുത്തു പ്രയോഗിക്കുന്ന ആൾ
നിയതവ്രതൻ നാ. തുടർച്ചയായി വ്രതമനുഷ്ഠിക്കുന്നവൻ, മതാചാരങ്ങളിൽ നിഷ്ഠയുള്ളവൻ
നിയതാപ്തി നാ. 1. തടസ്സത്തെ അതിജീവിച്ചു ലക്ഷ്യം നേടാമെന്ന ശുഭപ്രതീക്ഷ; 2. ഫലപ്രാപ്തി
നിയതി നാ. 1. വിധി; 2. ശുഭാശുഭകർമങ്ങളുടെ നല്ലതും ചീത്തയുമായ ഫലങ്ങൾ, ഭാഗ്യം; 3. നിയമേന അനുഷ്ഠിക്കേണ്ട കർമം, കർത്തവ്യം; 4. നിയന്ത്രണം, തടസ്സം; 5. ആത്മനിയന്ത്രണം; 6. (പുരാണ) ഒരു ദേവി, മേരുവിൻെറ മകൾ
നിയതിപ്പടി നാ. പതിവായിക്കൊടുക്കാൻ ക്ലിപ്തപ്പെടുത്തിയിട്ടുള്ള പടി
നിയതേന്ദ്രിയൻ നാ. ഇന്ദ്രിയപ്രവർത്തനങ്ങളെ നിയന്ത്രിച്ചവൻ
നിയന്താവ് നാ. 1. നയിക്കുന്നവൻ, നിയന്ത്രിക്കുന്നവൻ; 2. ഭരിക്കുന്നവൻ, രക്ഷിതാവ്; 3. തേർതെളിക്കുന്നവൻ; 4. ശിക്ഷിക്കുന്നവൻ; 5. ഈശ്വരൻ
നിയന്ത്രണ നാ. നിയന്ത്രണം
നിയന്ത്രണം നാ. 1. അടക്കൽ; 2. ഭരിക്കൽ; 3. തടയൽ, നിയമംകൊണ്ടുള്ള തടയൽ; 4. ബന്ധനം; 5. പഥ്യമിരിക്കൽ; 6. ആചാരങ്ങളുടെയോ അനുഷ്ഠാനങ്ങളുടെയോ നിയമങ്ങളുടെയോ പരിധിക്കുള്ളിലാക്കൽ
നിയന്ത്രണാതീത വി. നിയന്ത്രണത്തിനു വഴങ്ങാത്ത, നിയന്ത്രിക്കാനാകാത്ത
നിയന്ത്രണാധീന വി. നിയന്ത്രണത്തിനു വഴങ്ങുന്ന, ശാസനയനുസരിക്കുന്ന

നിയന്ത്രണീയ വി. നിയന്ത്രിക്കപ്പെടേണ്ട
നിയന്ത്രിക്കുക ക്രി. 1. അടക്കുക, അധികാരത്തിനോ ഇച്ഛയ്ക്കോ വിധേയമാക്കുക; 2. ഭരിക്കുക; 3. ക്രമപ്പെടുത്തുക
നിയന്ത്രിത വി. നിയന്ത്രിക്കപ്പെട്ട, ചട്ടംകൊണ്ടോമറ്റോ ചില പരിധികൾക്കുള്ളിൽ പ്രവർത്തിക്കാൻ നിർബന്ധിതമായ (പ്ര) നിയന്ത്രിതാവധി, നിയന്ത്രിതവില
നിയമഗതി നാ. നിയമത്തിൻെറ തടയാനാകാത്ത പോക്ക്
നിയമഗീതം നാ. പതിവായിപ്പാടുന്ന പാട്ട്
നിയമച്ചെലവ് നാ. പതിവുചെലവ്
നിയമാം നാ. 1. സർക്കാരിലോ അതുപോലുള്ള സ്ഥാപനങ്ങളിലോ ഏതെങ്കിലും ചുമതല നിർവഹിക്കുന്നതിന് ഏർപ്പെടുത്തൽ; 2. ശാസിക്കൽ, ശിക്ഷിക്കൽ; 3. നിയന്ത്രണം; 4. ഭരണം; 5. ക്രമം, ചിട്ട; 6. ബന്ധിക്കൽ
നിയമനിർമാണം നാ. നിയമങ്ങൾ നിർമിക്കൽ
നിയമനിഷ്ഠ നാ. 1. സദാചാരപരമോ മതപരമോ ആയ കർമങ്ങൾ ക്രമവും മുറയും തെറ്റാതെ ചെയ്യൽ; 2. നിലവിലുള്ള ചട്ടന്ന്ഹൾ അനുസരിക്കുന്നതിനുള്ള ഉറച്ച ബുദ്ധി; 3. ധർമനിഷ്ഠ
നിയമപര വി. 1. നിയമവുമായി ബന്ധപ്പെട്ട; 2. നിയമത്തെ സ്ഥാപിക്കുന്ന; 3. നിയമം അനുസരിക്കുന്ന
നിയമപാല(ക)ൻ നാ. ചട്ടങ്ങളെ സംരക്ഷിക്കുന്നവൻ, ചട്ടം നടപ്പിലാക്കാൻ ചുമതലപ്പെട്ട അധികാരി
നിയമപൂജ നാ. ദേവാലയങ്ങളിൽ നിത്യേന നടത്തേണ്ടപൂജ
നിയമ ഭങ്ഗം നാ. 1. ചട്ടം ലങ്ഘിക്കൽ; 2. ഉടമ്പടിയുടെ വ്യവസ്ഥകൾ അനുസരിക്കാതിരിക്കൽ
നിയമം1 നാ. 1. ചട്ടം; 2. സമൂഹത്തിൻെറ സുസ്ഥിതിക്കുവേണ്ടി കാലാകാലങ്ങളിൽ അധികാരികൾ നിർമിച്ചു നടപ്പിലാക്കിയ ചട്ടങ്ങളും അവയ്ക്കുണ്ടായ ഭേദഗതികളും ക്രോഡീകരിച്ചത്; 3. വ്യവസ്ഥ, ഉടമ്പടി; 4. ക്രമം, ക്രമീകരണം, ക്രമമായി ആവർത്തിക്കുന്നത്; 5. പതിവായി അനുഷ്ഠിക്കുന്നത്; 6. വ്രതം; 7. തപസ്സ്; 8. ഇന്ദ്രിയനിഗ്രഹം; 9. പ്രതിജ്ഞ, നിശ്ചയം; 10 അഷ്ടാങ്ഗയോഗത്തിൽ രണ്ടാമത്തേത്
നിയമം2 അവ്യ. പതിവായി, മുറപ്രകാരം
നിയമലങ്ഘനം നാ. നിയമവിരുദ്ധമായി പ്രവർത്തിക്കൽ, ചട്ടങ്ങളനുസരിക്കാതിരിക്കൽ
നിയമവകുപ്പ് നാ. (ഭരണ) നിയമസംബന്ധമായ കാര്യങ്ങൾ നോക്കുന്നതിന് സർക്കാരിലോ അതുപോലുള്ള സ്ഥാപനങ്ങളിലോ ഉണ്ടാക്കുന്ന ഭരണവിഭാഗം
നിയമവതി നാ. 1. രജസ്വല; 2. മുറതെറ്റാതെ തീണ്ടാരിയാകുന്നവൾ
നിയമവിധി നാ. 1. നിത്യകർമങ്ങൾ അനുഷ്ഠിക്കേണ്ട മുറ, നിത്യകർമം; 2. മൂന്നുവിധമുള്ള വിധികളിൽ ഒന്ന് (അപൂർവവിധി, പരിസങ്ഖ്യാവിധി എന്നു മറ്റു രണ്ട്)
നിയമവിഭാഗം നാ. നിയമവകുപ്പ്

നിയമവെടി നാ. സമയമറിയിക്കാനും മറ്റുമായി പതിവായി കൃത്യസമയത്തു വയ്ക്കുന്ന വെടി
നിയമവ്രതം നാ. 1. നിയമങ്ങൾ മുടങ്ങാതെ അനുഷ്ഠിക്കുന്നതിലുള്ള നിഷ്ഠ; 2. എഴുതിയുണ്ടാക്കിയ ഉടമ്പടി
നിയമസഭ നാ. ജനപ്രതിനിധിസഭ
നിയമസഭാങ്ഗം നാ. നിയമസഭയിലെ അങ്ഗം, നിയമസഭാസാമാജികൻ
നിയമസഭാദ്ധ്യക്ഷൻ നാ. നിയമസഭയുടെ നടപടികൾ നിയന്ത്രിക്കുന്നതിനു സഭാങ്ഗങ്ങൾ അധ്യക്ഷസ്ഥാനത്തേക്കു തിരഞ്ഞെടുക്കുന്ന നിയമസഭാങ്ഗം, സ്പീക്കർ
നിയമസഭാനടപടികൾ നാ. നിയമസഭ പ്രവർത്തിക്കുന്ന ക്രമം
നിയമാനുസാരം അവ്യ. നിയമമനുസരിച്ച്
നിയമി നാ. 1. നിയമനിഷ്ഠയുള്ളവൻ; 2. മനസ്സടക്കമുള്ളവൻ, സന്ന്യാസി
നിയമിക്കുക ക്രി. 1. ഏതെങ്കിലും ചുമതലയിൽ ഏർപ്പെടുത്തുക; 2. നിയന്ത്രിക്കുക; 3. നിശ്ചയിക്കുക; 4. ക്രമപ്പെടുത്തുക; 5. ഭരിക്കുക
നിയമിത വി. നിയമിക്കപ്പെട്ട
നിയമേന അവ്യ. പതിവായി, മുറപ്രകാരം
നിയമോപദേശം നാ. നിയമസംബന്ധമായ കാര്യങ്ങളെക്കുറിച്ചു വിദഗ്ധന്മാർ പ്രകടിപ്പിക്കുന്ന അഭിപ്രായം
നിയമോപദേഷ്ടാവ് നാ. നിയമോപദേശം നൽകുന്നവൻ
നിയമ്യ അവ്യ. നിയമനം ചെയ്തിട്ട്. വി. നിയമനം ചെയ്യത്തക്ക
നിയാമക വി. 1. ഭരിക്കുന്ന, നിയന്ത്രിക്കുന്ന, ശാസിക്കുന്ന; 2. കീഴടക്കുന്ന; 3. തടഞ്ഞുനിറുത്തുന്ന
നിയാമകൻ വി. 1. ഭരണകർത്താവ്, നിയന്ത്രിക്കുന്നവൻ; 2. വള്ളത്തിൻെറയും കപ്പലിൻെറയും ഗതി നിയന്ത്രിക്കുന്ന നാവികൻ; 3. തേരോടിക്കുന്നവൻ
നിയാമൻ നാ. നാവികൻ
നിയാമം നാ. നിയമം
നിയുക്ത വി. 1. നിയോഗിക്കപ്പെട്ട; 2. ചുമതലപ്പെടുത്തപ്പെട്ട; 3. ആജ്ഞാപിക്കപ്പെട്ട; 4. കൂട്ടിച്ചേർക്കപ്പെട്ട; 5. നിർണയിക്കപ്പെട്ട
നിയുക്തൻ നാ. 1. നിയോഗിക്കപ്പെട്ടവൻ; 2. ഏതെങ്കിലും ചുമതലയേൽക്കുന്നതിന് തിരഞ്ഞെടുക്കപ്പെട്ടെങ്കിലും ചുമതല ഏറ്റെടുത്തുകഴിയാത്തവൻ. ഉദാ: നിയുക്തപ്രധാനമന്ത്രി
നിയുക്തി നാ. 1. നിയോഗം, ആജ്ഞ; 2. നിയോഗമനുസരിച്ച് ഏറ്റെടുക്കുന്ന ചുമതല, ഉദ്യോഗം
നിയുതം നാ. വളരെ വലിയ ഒരു സങ്ഖ്യ
നിയുദ്ധം നാ. അടുത്തണഞ്ഞുള്ള യുദ്ധം
നിയോക്താ(വ്) നാ. നിയോഗിക്കുന്നവൻ
നിയോഗം നാ. 1. ആജ്ഞ; 2. ചുമതല, ചുമതലപ്പെടുത്തൽ, കടമ; 3. പ്രയോജനം; 4. വിധി, തലയിലെഴുത്ത്; 5. തന്നിൽനിന്നു ഗർഭം ധരിക്കാത്തഭാര്യയെ ഒരു ബന്ധുവിനെക്കൊണ്ടു ഗർഭിണിയാക്കി സപുത്രകനായിത്തീരുന്ന രീതി; 6. തീർച്ച; 7. പ്രയത്നം; 8. കൂട്ടിച്ചേർക്കൽ

നിയോഗി നാ. നിയോഗിക്കപ്പെട്ടവൻ, ഭൃത്യൻ, ചുമതലക്കാരൻ
നിയോഗിക്കുക നാ. ഏർപ്പെടുത്തുക
നിയോജകൻ നാ. 1. നിയോഗിക്കുന്നവൻ, ആജ്ഞാപിക്കുന്നവൻ; 2. പ്രേരിപ്പിക്കുന്നവൻ; 3. പ്രവർത്തിപ്പിക്കുന്നവൻ; 4. യോജിപ്പിക്കുന്നവൻ
നിയോജകം നാ. 1. നിയോഗിക്കുന്നത്, പ്രേരിപ്പിക്കുന്നത്; 2. നിയോഗം സൂചിപ്പിക്കുന്ന ക്രിയ
നിയോജനം നാ. 1. കൂട്ടിച്ചേർക്കൽ, യോജിപ്പിക്കൽ; 2. ആജ്ഞാപിക്കൽ; 3. ആജ്ഞ; 4. നിയോഗിക്കൽ, ചുമതലപ്പെടുത്തൽ; 5. പ്രേരിപ്പിക്കൽ
നിയോജനി നാ. രണ്ടു വസ്തുക്കളെ കൂട്ടിച്ചേർക്കുന്ന ഉപകരണം ആണി മുതലായവ
നിയോജിക നാ. (വ്യാക) സംയോജികാവിഭക്തി
നിയോജിത വി. 1. യോജിപ്പിക്കപ്പെട്ട, ചേർത്ത, ഘടിപ്പിക്കപ്പെട്ട; 2. ആജ്ഞാപിക്കപ്പെട്ട; 3. ചുമതലപ്പെടുത്തപ്പെട്ട
നിയോജ്യ വി. നിയോജിക്കാൻ തക്ക
നിയോജ്യൻ നാ. 1. ഉദ്യോഗസ്ഥൻ; 2. ഭൃത്യൻ; 3. ശിഷ്യൻ
നിയോദ്ധാ നാ. 1. മെയ്പ്പയറ്റുകാരൻ, ഗുസ്തിക്കാരൻ; 2. കോഴി
നിയോധകൻ നാ. 1. യുദ്ധം ചെയ്യുന്നവൻ, പോരാളി; 2. ഗുസ്തിക്കാരൻ
നിയ്യത്ത് [അറ.] നാ. രാജാജ്ഞ
നിർ നിസ് എന്ന ഉപസർഗത്തിനു ചില സന്ധികളിൽ (സ്വരങ്ങൾ, മൃദുക്കൾ ഇവയ്ക്കുമുമ്പ്) വരുന്ന രൂപഭേദം (സംസ്കൃതത്തിൽ നിർ എന്നു പ്രത്യേകം ഉപസർഗം ഉണ്ട്)
നിർഗത വി. 1. പുറപ്പെട്ട; 2. മുന്നിലേക്കുവന്ന; 3. അപ്രത്യക്ഷമായ. മറഞ്ഞ
നിർഗതി വി. ഗതിയില്ലാത്ത. നാ. 1. ഗതിയില്ലായ്മ; 2. ഗതിയില്ലാത്തവൻ
നിർഗന്ധ വി. മണമില്ലാത്ത
നിർഗന്ധം നാ. വെൺചന്ദനം
നിർഗന്ധകുസുമം നാ. 1. മണമില്ലാത്ത പൂവ്; 2. പ്രയോജനമില്ലാജ് വസ്തു
നിർഗന്ധപുഷ്പി നാ. ഇല്ലവുമരം
നിർഗമനം നാ. 1. പുറപ്പാട്; 2. പുറത്തേക്കുള്ള വഴി; 3. വാതിൽ; 4. അവസാനം
നിർഗമിക്കുക ക്രി. 1. പുറപ്പെടുക; 2. പുറത്തേക്കുവരിക
നിർഗർവ വി. ഗർവമില്ലാത്ത
നിർഗുണൻ നാ. ഈശ്വരൻ
നിർഗുണം വി. 1. ഗുണങ്ങളില്ലാത്ത; 2. സത്ത്വം രജസ്സ് തമസ്സ് എന്നിവയ്ക്കതീതമായ; 3. ചരടറ്റ
നിർഗുണ്ഡി നാ. 1. (വെളുത്ത) നൊച്ചി; 2. താമരക്കിഴങ്ങ്
നിർഗൃഹ വി. വീടില്ലാത്ത
നിർഗൗരവ വി. ഗൗരവമില്ലാത്ത

നിർഗൗരവം	അവ്യ. ഗൗരവം കൂടാതെ
നിർഗ്രന്ഥനം	നാ. വധം, കൊല
നിർഗ്രന്ഥ	വി. 1. കെട്ടുകളില്ലാത്ത; 2. ലൗകികബന്ധം ഇല്ലാത്ത;
3. തടസ്സമില്ലാത്ത
നിർഗ്രന്ഥക	വി. 1. സാമർഥ്യമുള്ള; 2. നഗ്നനായ; 3.
ലൗകികബന്ധമില്ലാത്ത
നിർഗ്രന്ഥ(ക)ൻ	നാ. 1. സമർഥൻ; 2. ജൈനസന്ന്യാസി; 3.
ചൂതുകളിക്കാരൻ
നിർഗ്രന്ഥനം	നാ. കൊല
നിർഗ്രാഹ്യ	വി. ഗ്രഹിക്കത്തക്ക, ഗ്രഹിക്കാൻ യോഗ്യമായ.
971
നിർഘടം	നാ. 1. ആൾക്കൂട്ടമുള്ള ഉത്സവസ്ഥലം; 2. ചന്ത; 3.
പദാവലി, നിഘണ്ടു
നിർഘർഷണകം	നാ. 1. തേയ്ക്കാനുള്ള വസ്തു; 2. പൽപ്പൊടി
നിർഘർഷണം	നാ. 1. ഉരയ്ക്കൽ; 2. ഉരയൽ, തേയ്മാനം
നിർഘാതം	നാ. 1. നാശം; 2. കൊടുങ്കാറ്റ്; 3. ഭൂകമ്പം; 4.
ഇടിമുഴക്കം
നിർഘൃണ	വി. 1. ക്രൂരതയുള്ള; 2. നാണമില്ലാത്ത
നിർഘൃണം	അവ്യ. 1. ക്രൂരമായി; 2. നാണമില്ലാതെ
നിർഘോഷം	നാ. 1. ഉച്ചത്തിലുള്ള ശബ്ദം; 2. ശബ്ദമില്ലായ്മ
നിർജന	വി. ജനങ്ങളില്ലാത്ത, മനുഷ്യവാസമില്ലാത്ത
നിർജനം	നാ. ആളൊഴിഞ്ഞ പ്രദേശം, ആൾപ്പാർപ്പില്ലാത്ത ഇടം
നിർജര	വി. 1. ജരയില്ലാത്ത; 2. ചെറുപ്പമായ; 3.
നാശമില്ലാത്ത
നിർജരതടിനി	നാ. സ്വർഗങ്ഗ
നിർജരൻ	നാ. ദേവൻ
നിർജരം	നാ. 1. അമൃത്; 2. നാശമില്ലാത്തത്
നിർജരവൈരി	നാ. ദേവന്മാരുടെ ശത്രു, അസുരൻ
നിർജരായു	നാ. പടംപൊഴിഞ്ഞ പാമ്പ്
നിർജരി	നാ. ദേവസ്ത്രീ
നിർജരേന്ദ്രൻ	നാ. ദേവേന്ദ്രൻ
നിർജല	വി. 1. വെള്ളമില്ലാത്ത, ഈർപ്പമില്ലാത്ത; 2.
വെള്ളംചേർക്കാത്ത
നിർജലം	നാ. 1. വെള്ളമില്ലാത്ത പ്രദേശം; 2. വെള്ളംപോലും
കഴിക്കാതെയുള്ള ഉപവാസം
നിർജാത	വി. പുറത്തുവന്ന, പ്രത്യക്ഷമായ
നിർജിത	വി. 1. തോൽപ്പിക്കപ്പെട്ട; 2. നേടിയ; 3.
അവകാശപ്പെട്ട
നിർജിഹ്വ	വി. നാവില്ലാത്ത, സംസാരിക്കാത്ത
നിർജിഹ്വം	നാ. തവള
നിർജീവ	വി. 1. ജീവനില്ലാത്ത; 2. മരിച്ച; 3. ചേതന നശിച്ച

നിർജ്വര വി. 1. ജ്വരമില്ലാത്ത, രോഗമില്ലാത്ത; 2. ആപത്തില്ലാത്ത
നിർജ്ഞാതി വി. ബന്ധുക്കളില്ലാത്ത
നിർഝരം നാ. 1. വെള്ളച്ചാട്ടം; 2. ഉമിത്തീ; 3. ആന
നിർഝരി1 നാ. 'അരുവികളുള്ളത്', പർവതം
നിർഝരി2 നാ. 1. നദി; 2. ജലപ്രവാഹം
നിർഝരിണി നാ. (ശക്തിയായി കുത്തിയൊഴുകുന്ന) ആറ്, അരുവി
നിർണയനം നാ. തീർച്ചപ്പെടുത്തൽ, നിർണയിക്കൽ
നിർണയപാദം നാ. (നിയ) വ്യവഹാരത്തിൻെറ നാലാമത്തെയും ഒടുവിലത്തേയും ഘട്ടം
നിർണയം1 നാ. 1. തീർച്ചപ്പെടുത്തൽ; 2. തെളിവുകൾ പരിശോധിച്ചുള്ള വിധി; 3. ചർച്ച
നിർണയം2 അവ്യ. തീർച്ചയായി, നിശ്ചയമായി
നിർണയിക്കുക ക്രി. 1. നിശ്ചയിക്കുക; 2. തെളിവുപ്രകാരം തീരുമാനിക്കുക; 3. കണക്കാക്കുക
നിർണായക വി. 1. നിർണയിക്കുന്ന; 2. നിർണയിക്കുന്നതിനു പ്രേരകമായ; 3. തീരുമാനമെടുക്കേണ്ട ഘട്ടത്തിലെത്തിയ
നിർണിക്ത വി. 1. നിർണേജനം ചെയ്യപ്പെട്ട; 2. പാപപരിഹാരം ചെയ്ത
നിർണിക്തി നാ. 1. കഴുകൽ, അലക്ക്; 2. പാപപരിഹാരം
നിർണീത വി. നിർണയിക്കപ്പെട്ട
നിർണേജകൻ നാ. 1. വൃത്തിയാക്കുന്നവൻ; 2. അലക്കുകാരൻ
നിർണേജകം,-ജനം നാ. 1. കഴുകൽ, വൃത്തിയാക്കൽ; 2. കുളി; 3. പാപപരിഹാരം
നിർണേതാവ് നാ. 1. നിർണയിക്കുന്നവൻ; 2. ന്യായാധിപൻ, ജഡ്ജി
നിർണേയ വി. നിർണയിക്കത്തക്ക
നിർണോദം നാ. ഓടിക്കൽ, പുറത്താക്കൽ
നിർദഗ്ധ വി. 1. പൂർണമായി ദഹിച്ച; 2. എരിക്കപ്പെട്ട; 3. വേവാത്ത
നിർദണ്ഡൻ നാ. 1. ദണ്ഡനീതിനടപ്പാക്കാത്ത രാജാവ്; 2. ശൂദ്രൻ
നിർദന്ത വി. പല്ലില്ലാത്ത
നിർദയ വി. 1. ദയയില്ലാത്ത; 2. ശക്തമായ; 3. ആരിൽനിന്നും കാരുണ്യം ലഭിക്കാത്ത
നിർദയത,-ത്വം നാ. ക്രൂരത, കാരുണ്യമില്ലായ്മ
നിർദയം അവ്യ. ദയയില്ലാതെ, ക്രൂരമായി
നിർദര വി. 1. ദയയില്ലാത്ത; 2. ലജ്ജയില്ലാത്ത; 3. ഗുഹയില്ലാത്ത
നിർദരം,-ദരി നാ. 1. ഗുഹ; 2. വെള്ളച്ചാട്ടം; 3. വിള്ളൽ
നിർദലനം നാ. 1. പിളർക്കൽ; 2. നശിപ്പിക്കൽ
നിർദശന വി. പല്ലില്ലാത്ത
നിർദഹനം നാ. 1. എരിയൽ; 2. ചേരുമരം

നിർദാക്ഷിണ്യം അവ്യ. ദയകൂടാതെ
നിർദാരിത വി. 1. കീറിയ; 2. കുത്തിത്തുറന്ന; 3. നശിപ്പിക്കപ്പെട്ട
നിർദിഗ്ധ വി. 1. പൂശിയ, പുരട്ടിയ; 2. കൊഴുത്ത
നിർദിഷ്ട വി. നിർദേശിക്കപ്പെട്ട
നിർദുഷ്ട വി. ദുഷിച്ചതല്ലാത്ത
നിർദേവ വി. 1. ദേവന്മാരില്ലാത്ത; 2. ദേവവിഗ്രഹങ്ങളില്ലാത്ത; 3. നിരീശ്വരവാദിയായ
നിർദേശക വി. നിർദേശിക്കുന്ന
നിർദേശകം നാ. 1. (വ്യാക) ക്രിയയുടെ പ്രകാരഭേദങ്ങളിൽ ഒന്ന്, ധാത്വർഥത്തെ തനിയെ കാണിക്കുന്നത്; 2. നിർദേശിക്കുന്നത്
നിർദേശം നാ. 1. ചൂണ്ടിക്കാട്ടൽ, സൂചന; 2. ആജ്ഞ, എങ്ങനെ വേണമെന്ന ഉപദേശമോ ശാസനയോ; 3. പ്രസ്താവന
നിർദേശിക നാ. 1. നിർദേശിക്കുന്നവൾ; 2. (വ്യാക) മലയാളത്തിലെ ഒന്നാമത്തെ വിഭക്തി, മറ്റുവിഭക്തിപ്രത്യയങ്ങൾ ചേരാതെ കേവലമായി നാമത്തെ കുറിക്കുന്നത്
നിർദേശിക്കുക ക്രി. 1. ആങ്ഗ്യംകൊണ്ടോ വാക്കുകൊണ്ടോ സൂചിപ്പിക്കുക; ആജ്ഞാപിക്കുക
നിർദേശ്യ വി. നിർദേശിക്കത്തക്ക
നിർദേഷ്ടാവ് നാ. 1. നിർദേശിക്കുന്നവൻ; 2. വഴികാട്ടി
നിർദോഷ വി. 1. കുറ്റമില്ലാത്ത; 2. തെറ്റുപറ്റാത്ത
നിർദോഷി നാ. കുറ്റമില്ലാത്തവൻ, ദോഷമില്ലാത്തവൻ
നിർധന1 വി. ധനമില്ലാത്ത, ദാരിദ്ര്യമുള്ള
നിർധന2 നാ. ധനമില്ലാത്തവൾ
നിർധനത, -ത്വം നാ. ദാരിദ്ര്യം, ധനമില്ലായ്മ
നിർധനൻ നാ. ധനമില്ലാത്തവൻ, ദരിദ്രൻ
നിർധാരണം നാ. 1. പലതിൽനിന്ന് ഒന്നിനെ വേർതിരിക്കൽ; 2. നിർവചിക്കൽ; 3. നിർണയിക്കൽ
നിർധാരണീയ വി. 1. നിർധാരണംചെയ്യപ്പെടേണ്ട; 2. ധൈര്യമുള്ള; 3. സ്ഥിരമായിപ്രവർത്തിക്കുന്ന
നിർധാരിത വി. 1. തീർച്ചപ്പെടുത്തപ്പെട്ട; 2. ഉറപ്പിക്കപ്പെട്ട; 3. വ്യക്തമായി നിർവചിക്കപ്പെട്ട
നിർധാര്യ വി. = നിർധാരണീയ
നിർധാവനം നാ. 1. കഴുകൽ; 2. ഓടിയൊളിക്കൽ
നിർധൂത വി. 1. ഇളക്കപ്പെട്ട; 2. ഉപേക്ഷിക്കപ്പെട്ട; 3. പരിഹരിക്കപ്പെട്ട
നിർധൂതൻ നാ. ബന്ധുമിത്രാദികളാൽ ഉപേക്ഷിക്കപ്പെട്ടവൻ, സമൂഹത്തിൽനിന്നു പറന്തള്ളപ്പെട്ടവൻ
നിർധൂമ വി. പുകയില്ലാത്ത
നിർധൂളി വി. 1. തീരെ പൊടിയായ; 2. നശിച്ച; 3. പൊടിയില്ലാത്ത

നിർധൗത വി. 1. കഴുകിവൃത്തിയാക്കപ്പെട്ട, അഴുക്കില്ലാത്ത; 2. പ്രകാശമുള്ള
നിർദ്രവ്യ വി. 1. ദ്രവ്യമല്ലാത്ത; 2. ദ്രവ്യമില്ലാത്ത
നിർദ്രോഹ വി. 1. ദ്രോഹിക്കാത്ത; 2. അനുകൂലമായ
നിർദ്വന്ദ്വ വി. 1. രണ്ടെന്ന ഭാവമില്ലാത്ത; 2. അന്യാശ്രയമില്ലാത്ത; 3. അസൂയയില്ലാത്ത
നിർദ്വന്ദ്വൻ നാ. 1. ഈശ്വരൻ; 2. എതിരില്ലാത്തവൻ; 3. ആശ്രയിക്കാത്തവൻ
നിർനര വി. മനുഷ്യരില്ലാത്ത, ആളൊഴിഞ്ഞ
നിർനാഥ വി. നാഥനില്ലാത്ത, അനാഥമായ
നിർനാശ1 വി. നാശമില്ലാത്ത
നിർനാശ2 നാ. നാശമില്ലാത്തവൾ, പരാശക്തി
നിർനാശൻ നാ. നാശമില്ലാത്തവൻ, ഈശ്വരൻ
നിർനിദ്ര വി. ഉറക്കമില്ലാത്ത
നിർനിമിത്ത വി. 1. നിമിത്തമില്ലാത്ത; 2. ശകുനമില്ലാത്ത
നിർനിമേഷം അവ്യ. കണ്ണടയ്ക്കാതെ, ഇമവെട്ടാതെ. നാ. മത്സ്യം
നിർനിരോധ വി. തടസ്സമില്ലാത്ത, തടസ്സപ്പെടുത്താത്ത, മുടക്കമില്ലാത്ത
നിർബദ്ധ വി. 1. ഉറപ്പായി ബന്ധിക്കപ്പെട്ട; 2. നിർബന്ധിക്കപ്പെട്ട
നിർബന്ധം നാ. 1. കൂടിയേതീരൂ എന്നു ശാഠ്യംപിടിക്കൽ; 2. ശക്തമായ പ്രേരണചെലുത്തൽ
നിർബന്ധിക്കുക ക്രി. 1. ശക്തമായ പ്രേരണചെലുത്തുക; 2. ഒഴികഴിവുകൾ സ്വീകരിക്കാതെ പ്രവർത്തിപ്പിക്കുക; 3. ചെയ്തേ ഒക്കൂ എന്നു ശാഠ്യംപിടിക്കുക
നിർബന്ധിത വി. നിർബന്ധിക്കപ്പെട്ട
നിർബന്ധു വി. ബന്ധുവില്ലാത്ത, ഒറ്റപ്പെട്ട, ഏകാകിയായ
നിർബർഹണം നാ. = നിബർഹണം (കൊല)
നിർബല വി. ബലമില്ലാത്ത, ശക്തിയില്ലാത്ത
നിർബാധ വി. ഉപദ്രവമില്ലാത്ത, തടസ്സമില്ലാത്ത
നിർബാധം അവ്യ. ഉപദ്രവമില്ലാതെ, തടസ്സമില്ലാതെ
നിർബീജ1 വി. 1. ബീജമില്ലാത്ത; 2. ഉത്പാദനശേഷിയില്ലാത്ത; 3. കാരണമില്ലാത്ത
നിർബീജ2 നാ. കുരുവില്ലാമുന്തിരി
നിർബുദ്ധി വി. ബുദ്ധിയില്ലാത്ത, മൗഢ്യമുള്ള
നിർബുഷ,-സ വി. 1. പതിരുകളഞ്ഞ; 2. ഉമികളഞ്ഞ
നിർഭക്ത വി. തിന്നാത്ത, ആഹാരം കഴിക്കാത്ത
നിർഭഗ്ന വി. ഒടിക്കപ്പെട്ട, തകർക്കപ്പെട്ട
നിർഭയ വി. 1. ഭയമില്ലാത്ത; 2. ആപത്തൊഴിഞ്ഞ
നിർഭയം അവ്യ. ഭയംകൂടാതെ, ധൈര്യമായി
നിർഭർത്സന(ം) നാ. 1. ശകാരിക്കൽ; 2. കുറ്റപ്പെടുത്തൽ; 3. കറുത്ത അരക്ക്

നിർഭർത്സിക്കുക ക്രി. 1. ശകാരിക്കുക; 2. ഭീഷണിപ്പെടുത്തുക
നിർഭര വി. 1. അധികമായ; 2. തീവ്രമായ; 3. ഗാഢമായ
നിർഭരം അവ്യ. 1. ഏറ്റവും; 2. തീവ്രമായി
നിർഭാഗ്യ വി. ഭാഗ്യമില്ലാത്ത
നിർഭാഗ്യത നാ. ഭാഗ്യമില്ലായ്മ
നിർഭാഗ്യവാൻ നാ. ഭാഗ്യമില്ലാത്തവൻ, ഭാഗ്യംകെട്ടവൻ
നിർഭാസം നാ. 1. പ്രത്യക്ഷമാകൽ; 2. ശോഭ, പ്രകാശം
നിർഭാസിക്കുക ക്രി. 1. പ്രകാശിക്കുക; 2. പ്രത്യക്ഷപ്പെടുക
നിർഭിന്ന വി. 1. പിളർക്കപ്പെട്ട; 2. വേർപെടുത്തപ്പെട്ട; 3. തുളയ്ക്കപ്പെട്ട; 4. നശിപ്പിക്കപ്പെട്ട
നിർഭീക വി. 1. ഭയമില്ലാത്ത; 2. സാഹസികത്വമുള്ള
നിർഭുഗ്ന വി. 1. വശത്തേക്കു വളയ്ക്കപ്പെട്ട; 2. വികൃതമാക്കിയ
നിർഭൂതി നാ. 1. തിരോധാനം; 2. ഇല്ലാതാകൽ
നിർഭേദം1 നാ. 1. പിളർക്കൽ; 2. കീറൽ; 3. നദിയുടെയും മറ്റും വെള്ളം ഒഴുകുന്ന ചാല്
നിർഭേദം2 അവ്യ. ഭേദമില്ലാതെ
നിർഭേദ്യ വി. 1. ഭേദിക്കാൻ കഴിയാത്ത; 2. വിടവോ പിളർപ്പോ ഇല്ലാത്ത; 3. ലക്ഷ്യം തെറ്റിയ
നിർഭോഗ വി. ഭോഗങ്ങളിൽ താത്പര്യമില്ലാത്ത, വിരക്തിയുള്ള
നിർമക്ഷിക നാ. 1. ഈച്ചയില്ലാത്ത; 2. നിസ്സാരന്മാരുടെ ശല്യമില്ലാത്ത
നിർമഗ്ന വി. മുഴുകിയ, പൂർണമായും മുങ്ങിയ
നിർമജ്ജ വി. മജ്ജയില്ലാത്ത, മാംസമില്ലാത്ത, മെലിഞ്ഞ
നിർമതി നാ. 1. മനോവ്യാപാരമില്ലായ്മ; 2. വിരക്തി
നിർമത്സര വി. 1. മത്സരബുദ്ധിയില്ലാത്ത; 2. ഉദാസീനമായ.
973
നിർമഥനം [സം.-മഥന<മഥ്] നാ. 1. കടയൽ; 2. ഉടയ്ക്കൽ; 3. തേയ്ക്കൽ
നിർമഥ്യ വി. കടയത്തക്ക, കടയേണ്ട
നിർമഥ്യം നാ. 1. മഥിക്കപ്പെടേണ്ടത്; 2. അരണി
നിർമദ വി. 1. ലഹരിയില്ലാത്ത; 2. അഹങ്കാരമില്ലാത്ത, വിനയമുള്ള
നിർമധ്യ നാ. പവിഴക്കൊടി
നിർമന്ഥദാരു നാ. 1. കടകോൽ; 2. അരണി
നിർമമ വി. 1. മമതയില്ലാത്ത; 2. സ്വാർഥതയില്ലാത്ത; 3. വിരക്തിയുള്ള
നിർമമത നാ. മമതയില്ലായ്മ
നിർമര്യാദ വി. 1. മുറയില്ലാത്ത; 2. അതിരില്ലാത്ത; 3. അടക്കമില്ലാത്ത
നിർമര്യാദം അവ്യ. മര്യാദകൂടാതെ
നിർമര്യാദി നാ. മര്യാദയില്ലാത്തവൻ

നിർമല1 വി. 1. അഴുക്കില്ലാത്ത; 2. പാപമില്ലാത്ത; 3. തെളിഞ്ഞ

നിർമല2 നാ. 1. കളങ്കമില്ലാത്തവൾ; 2. പാപമില്ലാത്തവൾ; 3. പതിവ്രത

നിർമലത, -ത്വം നാ നിർമലമായ അവസ്ഥ

നിർമലൻ നാ. 1. കളങ്കമില്ലാത്തവൻ; 2. ഈശ്വരൻ; 3. അലക്കുകാരൻ

നിർമലം നാ. 1. കളങ്കമില്ലാത്തത്; 2. ദേവനുനിവേദിച്ചതിൻെറ അവശിഷ്ടം; 3. തെളിഞ്ഞത്

നിർമലി നാ. തേറ്റാമ്പരൽ

നിർമലോപലം നാ. സ്ഫടികക്കല്ല്

നിർമാണം1 നാ. ഉണ്ടാക്കൽ; 2. രചന; 3. അളക്കൽ

നിർമാണം2 നാ. 1. നഗ്നത; 2. അഭിമാനകരമല്ലാത്ത പ്രവൃത്തി

നിർമാതാവ് നാ. നിർമിക്കുന്നവൻ, സൃഷ്ടിക്കുന്നവൻ. (സ്ത്രീ) നിർമാത്രി

നിർമാതൃക വി. നിർമിക്കുന്ന

നിർമാനം നാ. 1. അഭിമാനമില്ലായ്മ; 2. അഹങ്കാരമില്ലായ്മ; 3. ആത്മവിശ്വാസമില്ലായ്മ

നിർമാനുഷ വി. മനുഷ്യരില്ലാത്ത, ആൾപ്പാർപ്പില്ലാത്ത

നിർമായ വി. വ്യാജമില്ലാത്ത, വഞ്ചനയില്ലാത്ത

നിർമാർഗ വി. വഴിയില്ലാത്ത, കടന്നുചെല്ലാൻ വിഷമമുള്ള

നിർമാർജനം നാ. 1. തുടയ്ക്കൽ; 2. നശിപ്പിക്കൽ

നിർമാല്യ വി. 1. പരിശുദ്ധമായ; 2. തലേദിവസം ഉപയോഗിച്ച

നിർമാല്യം നാ. 1. വിഗ്രഹത്തിൽ തലേദിവസം ചാർത്തിയ മാല; 2. ഹോമാദികർമങ്ങളിൽ ശേഷിച്ച പൂവ് മുതലായവ; 3. ഉച്ഛിഷ്ടം; 4. പരിശുദ്ധി

നിർമിക്കുക ക്രി. 1. ഉണ്ടാക്കുക; 2. ഇല്ലാത്തതു പറഞ്ഞുപരത്തുക

നിർമിത വി. 1. ഉണ്ടാക്കപ്പെട്ട; 2. രചിക്കപ്പെട്ട

നിർമിതം നാ. 1. ഉണ്ടാക്കപ്പെട്ടത്; 2. രചിക്കപ്പെട്ടത്

നിർമിതി നാ. നിർമിക്കൽ, ഉണ്ടാക്കൽ

നിർമുക്ത വി. 1. മോചിപ്പിക്കപ്പെട്ട; 2. ഉപേക്ഷിക്കപ്പെട്ട

നിർമുക്തി നാ. മോചനം, സ്വാതന്ത്ര്യം

നിർമൂഢൻ നാ. തീരെ അറിവില്ലാത്തവൻ

നിർമൂല വി. 1. കാരണമില്ലാത്ത; 2. വേരില്ലാത്ത

നിർമൂലനം നാ. വേരോടെ നശിപ്പിക്കൽ

നിർമൂലനാശം നാ. ചുവടോടെനശിപ്പിക്കൽ, സമ്പൂർണനാശം

നിർമൂലം അവ്യ. 1. കാരണം കൂടാതെ; 2. നിശ്ശേഷം

നിർമൃഷ്ട വി. നല്ലതുപോലെ തുടച്ചു വൃത്തിയാക്കപ്പെട്ട

നിർമോകം നാ. 1. അഴിച്ചുവിടൽ; 2. പാമ്പിൻെറ ചട്ട; 3. ആകാശം

നിർമോക്ഷം നാ. മോചനം, ബന്ധനത്തിൽനിന്നുള്ള സ്വാതന്ത്ര്യം

നിർമോചനം നാ. നിർമോക്ഷം

നിർമോഹ വി. മോഹമില്ലാത്ത
നിർമോഹൻ നാ. 1. മോഹമില്ലാത്തവൻ; 2. ശിവൻ
നിർലക്ഷണ വി. 1. തിരിച്ചറിയത്തക്ക അടയാളങ്ങളില്ലാത്ത; 2. ലക്ഷണംകെട്ട, ഭങ്ഗിയില്ലാത്ത
നിർലജ്ജ വി. ലജ്ജയില്ലാത്ത
നിർലജ്ജം അവ്യ. നാണമില്ലാതെ, മടികൂടാതെ
നിർലിങ്ഗ വി. പ്രത്യേകിച്ച് അറിയാൻതക്ക അടയാളങ്ങളില്ലാത്ത; 2. ലിങ്ഗഭേദം കൽപിക്കാനാകാത്ത
നിർലിങ്ഗൻ നാ. ഷണ്ഡൻ
നിർലിപ്ത വി. 1. ലേപനംചെയ്യപ്പെടാത്ത; 2. കറപുരളാത്ത
നിർലിപ്തൻ നാ. സന്ന്യാസി
നിർലീന വി. 1. ലയിച്ചുചേർന്ന; 2. പൂർണമായി മുങ്ങിയസ്ഥിതി
നിർലീനത, -ത്വം നാ. നിർലീനാവസ്ഥ
നിർലുഞ്ചനം നാ. 1. ശക്തിയുപയോഗിച്ചു വേർപെടുത്തൽ; 2. ഉരിച്ചെടുക്കൽ
നിർലുണ്ഡനം നാ. കൊള്ള, പിടിച്ചുപറിക്കൽ
നിർലൂന വി. മുറിക്കപ്പെട്ട, മുറിച്ചുകളഞ്ഞ
നിർലേഖനം നാ. 1. ഉരയ്ക്കൽ; 2. തേയ്ക്കാനുള്ള ഉപകരണം
നിർലേപ വി. 1. പൂശപ്പെടാത്ത; 2. രാഗദ്വേഷാദികളായ ദോഷങ്ങളില്ലാത്ത
നിർലേപൻ നാ. 1. യോഗി; 2. ശിവൻ
നിർലോപ വി. 1. കുറവില്ലാത്ത; 2. നാശമില്ലാത്ത
നിർലോപം അവ്യ. കുറവില്ലാതെ, നാശമില്ലാതെ
നിർലോഭ വി. ലോഭമില്ലാത്ത, അത്യാഗ്രഹമില്ലാത്ത
നിർലോഭം അവ്യ. 1. ലോഭം കൂടാതെ; 2. ധാരാളമായി
നിർലോമ വി. 1. രോമമില്ലാത്ത; 2. മിനുസമുള്ള
നിർവചന വി. വാക്കില്ലാത്ത, മിണ്ടാത്ത
നിർവചനം1 നാ. 1. മിണ്ടാതിരിക്കൽ; 2. എതിരായി ഒന്നും പറയാനില്ലാത്തത്
നിർവചനം2 നാ. 1. ഉച്ചരിക്കൽ; 2. വിവരണം; 3. പഴഞ്ചൊല്ല്; 4. വ്യാഖ്യാനം
നിർവചനീയ വി. നിർവചിക്കാവുന്ന
നിർവചിക്കുക ക്രി. 1. ഉച്ചരിക്കുക; 2. കൃത്യതയോടെ ലക്ഷണവാക്യം രചിക്കുക
നിർവപണം,-നം നാ. 1. തളിക്കൽ; 2. ഒഴിക്കൽ; 3. ചിതറൽ; 4. അർപ്പിക്കൽ
നിർവപിക്കുക ക്രി. 1. തളിക്കുക; 2. വിതയ്ക്കുക; 3. ബലികർമം ചെയ്യുക
നിർവർണനം നാ. 1. നോട്ടം; 2. സൂക്ഷിച്ചുനോക്കൽ; 3. കാഴ്ച, ദർശനം

നിർവർണിത വി. 1. കാണപ്പെട്ട; 2. നോക്കപ്പെട്ട
നിർവർത്തക വി. 1. നിർവഹിക്കുന്ന; 2. സാധിക്കുന്ന
നിർവർത്തകൻ നാ. ചെയ്യുന്നവൻ, പ്രവർത്തിക്കുന്നവൻ
നിർവർത്തനം നാ. ചെയ്തുതീർക്കൽ, നിർവഹിക്കൽ
നിർവസിക്കുക ക്രി. 1. പാർക്കുക; 2. വീടുവിട്ടു താമസിക്കുക
നിർവസു വി. ധനമില്ലാത്ത, ദാരിദ്ര്യമുള്ള
നിർവസ്ത്ര വി. വസ്ത്രമില്ലാത്ത, നഗ്നതമറക്കാത്ത
നിർവഹണം നാ. 1. നിർവഹിക്കൽ; 2. സമാപ്തി; 3. നശിപ്പിക്കൽ
നിർവഹണസന്ധി നാ. (നാട്യ) പഞ്ചസന്ധികളിൽ അവസാനത്തേത് (കഥാബീജം വളർന്നു ഫലപ്രാപ്തിയിൽ എത്തുന്ന ഘട്ടം)
നിർവഹിക്കുക വി. നടപ്പിലാക്കുക, പ്രവർത്തിക്കുക
നിർവാചകൻ നാ. നിർവചിക്കുന്നവൻ
നിർവാച്യ വി. നിർവചിക്കത്തക്ക
നിർവാണ വി. 1. കെട്ടുപോയ; 2. അസ്തമിച്ച (സൂര്യനെപ്പോലെ); 3. ശാന്തമാക്കപ്പെട്ട; 4. നഷ്ടപ്പെട്ട
നിർവാണൻ നാ. 1. കെടാറായ അഗ്നി; 2. ശാന്തനായ വ്യക്തി, മുനി
നിർവാണം നാ. 1. മോക്ഷം; 2. ശാന്തി; 3. ആശ്വാസം; 4. മരണം
നിർവാത വി. കാറ്റില്ലാത്ത, കാറ്റടങ്ങിയ
നിർവാതം നാ. 1. കാറ്റില്ലായ്മ; 2. കാറ്റില്ലാത്ത ഇടം
നിർവാപക നാ. നിർവാപംചെയ്യുന്ന
നിർവാപകൻ നാ. നിർവാപംചെയ്യുന്നവൻ
നിർവാപ(ണ)ം നാ. 1. പിതൃക്കളെ ഉദ്ദേശിച്ചുചെയ്യുന്ന തർപ്പണം; 2. കെടുത്തൽ; 3. കൊല
നിർവാര്യ വി. 1. തടുക്കാനാകാത്ത; 2. പേടിയില്ലാതെ പ്രവർത്തിക്കുന്ന
നിർവാര്യൻ നാ. 1. തടുക്കാനാകാത്തവൻ; 2. ദുഃഖം അപമാനം തുടങ്ങിയവകൊണ്ട് ഇളകാത്ത മനസ്സോടെ വർത്തിക്കുന്നവൻ
നിർവാസ(ന)ം നാ. 1. വീടുവിട്ടു പുറത്തുവസിക്കൽ; 2. നാടുകടത്തൽ; 3. വധം
നിർവാസിത വി. 1. നാടുകടത്തപ്പെട്ട; 2. വീടുവിട്ടു താമസിക്കാൻ നിർബന്ധിക്കപ്പെട്ട
നിർവാഹക വി. നിർവഹിക്കുന്ന
നിർവാഹം നാ. 1. ചെയ്യൽ; 2. ചെയ്തുതീർക്കൽ; 3. സാധിക്കൽ
നിർവാഹ്യ വി. നിർവഹിക്കപ്പെട്ട
നിർവികൽപക വി. 1. പകരം മറ്റൊന്നില്ലാത്ത; 2. ഭേദമില്ലാത്ത; 3. സംശയമില്ലാത്ത
നിർവികൽപജ്ഞാനം നാ. സംശയലേശമില്ലാത്ത ജ്ഞാനം
നിർവികൽപം അവ്യ. 1. സംശയമില്ലാതെ; 2. ഭേദബുദ്ധിയില്ലാതെ
നിർവികൽപസമാധി നാ. പരമചൈതന്യവും ഉപാസകനും തമ്മിൽ ഭേദമില്ലാത്ത അവസ്ഥയിലെ സമാധി
നിർവികാര വി. 1. മാറ്റമില്ലാത്ത; 2. മനസ്സിനു ചഞ്ചലതയില്ലാത്ത

നിർവികാരൻ നാ. ഈശ്വരൻ

നിർവിഘ്ന വി. തടസ്സമില്ലാത്ത, മുടക്കം കൂടാത്ത

നിർവിഘ്നം അവ്യ. തടസ്സമില്ലാതെ

നിർവിചാര വി. വിചാരം കൂടാത്ത, ചിന്തിക്കാത്ത

നിർവിചാരം അവ്യ. ചിന്തിക്കാതെ, വിചാരിക്കാതെ, പര്യാലോചനകൂടാതെ

നിർവിണ്ണ വി. 1. നിരാശപ്പെട്ട; 2. ദു:ഖമോ ഭയമോ ഉള്ള

നിർവിതർക്ക വി. ആലോചനയില്ലാത്ത, പരിഗണനയില്ലാത്ത

നിർവിവര വി. വിടവില്ലാത്ത, ഇടയില്ലാത്ത

നിർവിവാദ വി. 1. തർക്കമറ്റ; 2. വഴക്കില്ലാത്ത

നിർവിവാദം അവ്യ. തർക്കം കൂടാതെ

നിർവിശങ്ക വി. 1. ഭയമില്ലാത്ത; 2. സംശയമില്ലാത്ത

നിർവിശങ്കം അവ്യ. 1. സംശയമില്ലാതെ; 2. ഭയമില്ലാതെ

നിർവിശേഷ വി. വിശേഷമില്ലാത്ത, വ്യത്യാസമില്ലാത്ത

നിർവിശേഷം അവ്യ. തുല്യമായി, വ്യത്യാസമില്ലാതെ

നിർവിഷ1 വി. വിഷമില്ലാത്ത

നിർവിഷ2 നാ. കസ്തൂരിമഞ്ഞൾ

നിർവിഷയ വി. 1. വാസസ്ഥലമില്ലാത്ത; 2. വീട്ടിൽനിന്നോ നാട്ടിൽ നിന്നോ പുറത്താക്കപ്പെട്ട; 3. വിഷയസുഖങ്ങളിൽ താത്പര്യമില്ലാത്ത

നിർവിഷയാനന്ദം നാ. ലൗകികസുഖങ്ങളുമായി ബന്ധമില്ലാത്ത ആനന്ദം

നിർവിഷാണ വി. കൊമ്പില്ലാത്ത

നിർവിഷ്ട വി. 1. പ്രാപിച്ച; 2. അനുഭവിച്ച

നിർവിളംബം അവ്യ. കാലതാമസം കൂടാതെ

നിർവീര1 നാ. 1. വീരന്മാരില്ലാത്ത; 2. വീര്യമില്ലാത്ത

നിർവീര2 നാ. ഭർത്താവും കുട്ടികളും മരിച്ച സ്ത്രീ

നിർവീര്യ വി. 1. വീര്യമില്ലാത്ത; 2. ഉത്പാദനശേഷിയില്ലാത്ത; 3. ക്ഷീണിച്ച

നിർവൃത വി. 1. തൃപ്തിയുള്ള; 2. സുഖമുള്ള.

975

നിർവൃതി [സം.-വൃതി] നാ. 1. പൂർണമായ സംതൃപ്തി; 2. പരമാനന്ദം

നിർവൃത്ത വി. 1. സാധിച്ച; 2. ലൗകികകാര്യങ്ങളിൽനിന്ന് ഒഴിഞ്ഞ

നിർവേതന വി. ശമ്പളമില്ലാത്ത

നിർവേദ വി. 1. വേദം പഠിക്കാത്ത; 2. വേദത്തിൽ വിശ്വാസിക്കാത്ത

നിർവേദം നാ. 1. വെറുപ്പ്; 2. വിഷയസുഖങ്ങളിൽ തോന്നുന്ന വിരക്തി; 3. ദു:ഖം; 4. (നാട്യ) സഞ്ചാരിഭാവങ്ങളിൽ ഒന്ന്

നിർവേദന വി. വേദനയില്ലാത്ത

നിർവേശം നാ. 1. നേടൽ; 2. ശമ്പളം; 3. കൂലി; 4. ഭക്ഷിക്കൽ; 5. കടം തിരിച്ചുകൊടുക്കൽ; 6. പാപമോചനം; 7. വിവാഹം

നിർവേശി നാ. നിർവിഷ, കസ്തൂരിമഞ്ഞൾ

നിർവേശിക്കുക ക്രി. 1. അനുഭവിക്കുക; 2. അലങ്കരിക്കുക; 3. വിവാഹം കഴിക്കുക
നിർവൈര വി. വൈരമില്ലാത്ത, ശത്രുതയില്ലാത്ത
നിർവൈരം അവ്യ. വൈരം കൂടാതെ, വിരോധമില്ലാതെ
നിർവ്യഗ്ര വി. 1. ശന്തതയുള്ള; 2. ദു:ഖമില്ലാത്ത
നിർവ്യഗ്രൻ നാ. വ്യഗ്രതയില്ലാത്തവൻ, സമചിത്തതയോടെ പെരുമാറുന്നവൻ
നിർവ്യഞ്ജന വി. 1. വളച്ചുകെട്ടൽ ഇല്ലാത്തത്; 2. കൃത്രിമത്വം ഇല്ലാത്ത
നിർവ്യഥ വി. 1. ദു:ഖമില്ലാത്ത; 2. ശാന്തമായ
നിർവ്യപേക്ഷ വി. ഉദാസീനമായ; 2. അവഗണിക്കുന്ന
നിർവ്യസന വി. 1. ദു:ഖമില്ലാത്ത; 2. ക്ലേശമില്ലാത്ത
നിർവ്യളീക നാ. 1. വഞ്ചിക്കാത്ത; 2. കാപട്യമില്ലാത്ത; 3. ദു:ഖമില്ലാത്ത
നിർവ്യാജ വി. 1. കാപട്യമില്ലാത്ത; 2. സത്യസന്ധതയുള്ള; 3. കളങ്കമറ്റ
നിർവ്യാജം അവ്യ. 1. സംശയമില്ലാതെ; 2. നിഷ്കളങ്കമായി
നിർവ്യാപാര വി. പ്രവൃത്തിരഹിതമായ, അലസമായ
നിർവ്യൂഹം നാ. നിര്യൂഹം
നിർവ്രീള വി. വ്രീളയില്ലാത്ത, ലജ്ജയില്ലാത്ത
നിർഹത വി. ഹനിക്കപ്പെട്ട
നിര1 നാ. വരി, ഒന്നിനോട് മറ്റൊന്ന് ചേർന്നെന്ന ക്രമത്തിൽ ഋജുരേഖയിൽ ജീവികളോ വസ്തുക്കളോ ക്രമീകരിച്ചു സ്ഥിതിചെയ്യുന്നത്
നിര2 [നിരക്കുക] ധാതുരൂപം
നിരക്കം [<നിരങ്ങുക] നാ. നിരങ്ങൽ
നിരക്ക് [പേർ] നാ. നടപ്പുവില. (പ്ര) വിലനിരക്ക്
നിരക്കുക1 ക്രി. 1. അണിയായിനിൽക്കുക; 2. ഇണങ്ങിച്ചേരുക
നിരക്കുക2 [നിരങ്ങുക>പ്ര] ക്രി. നിരങ്ങാനിടയാക്കുക, വലിച്ചിഴയ്ക്കുക
നിരക്കെ അവ്യ. നിരക്കുമ്പോൾ
നിരക്ഷദേശം നാ. ഭൂമധ്യരേഖയോടടുത്ത പ്രദേശം, പകലും രാത്രിയും ഏകദേശം തുല്യദൈർഘ്യമുള്ളതായിരിക്കുന്ന പ്രദേശം
നിരക്ഷം നാ. 1. അക്ഷമില്ലാത്തത്; 2. ഭൂമധ്യരേഖ (അക്ഷാംശം ശൂന്യമായിട്ടുള്ളതിനാൽ)
നിരക്ഷര വി. അക്ഷരാഭ്യാസമില്ലാത്ത (പ്ര) നിരക്ഷരകുക്ഷി = വിദ്യാഭ്യാസമില്ലാത്തവൻ
നിരഘ വി. പാപം ഒഴിഞ്ഞ, കുറ്റമില്ലാത്ത
നിരങ്ക വി. അടയാളമില്ലാത്ത, എഴുതിയിട്ടില്ലാത്ത
നിരങ്ഗ വി. അങ്ഗങ്ങളില്ലാത്ത, അവയവശൂന്യമായ, നിരാകാരമായ
നിരങ്ങൽ [നിരങ്ങുക] നാമരൂപം

നിരങ്ങുക ക്രി. 1. ഇരിക്കുന്നപടിതന്നെ നീങ്ങുക, ആസനം കുത്തിയിരുന്നുകൊണ്ടു മാറുക; 2. ഇഴയുക, സാവധാനമാകുക; 3. ബുദ്ധിമുട്ടുക
നിരജിന വി. തോലില്ലാത്ത
നിരഞ്ജന1 വി. 1. കളങ്കമില്ലാത്ത, തെളിവുള്ള; 2. കണ്ണിൽ മഷിയെഴുതാത്ത; 3. കാപട്യമില്ലാത്ത
നിരഞ്ജന2 നാ. 1. ദുർഗ; 2. പൂർണിമ
നിരഞ്ജനൻ നാ. ശിവൻ
നിരഞ്ജനം നാ. 1. നൈർമല്യം; 2. വെളിംപ്രദേശം; 3. നിറവ്
നിരഞ്ജനി നാ. പാർവതി
നിരത വി. 1. ഏർപ്പെട്ട; 2. താത്പര്യമുള്ള; 3. അവസാനിച്ച
നിരതദ്രവ്യം നാ. ഉറപ്പിനുവേണ്ടി കെട്ടിവയ്ക്കുന്ന പണം
നിരതിശയ വി. കൂടുതൽ മെച്ചമായി മറ്റൊന്നില്ലാത്ത, അദ്വിതീയമായ
നിരതിശയൻ നാ. ഈശ്വരൻ
നിരത്തൽ [നിരത്തുക] ധാതുരൂപം
നിരത്ത് നാ. പാത, റോഡ്
നിരത്തുക [നിരക്കുക>പ്ര] ക്രി. 1. നിരപ്പാക്കുക; 2. അനുരഞ്ജിപ്പിക്കുക
നിരത്യയ വി. 1. നാശമില്ലാത്ത; 2. കുറ്റമില്ലാത്ത
നിരനുക്രോശ വി. ദയയില്ലാത്ത; കഠിനഹൃദയമുള്ള
നിരനുഗൻ നാ. അനുയായികളില്ലാത്തവൻ
നിരനുനാസികം നാ. 1. അനുനാസികമില്ലാത്തത്; 2. അനുനാസികവർണങ്ങളില്ലാതെ മേൽപ്പത്തൂർ നാരായണഭട്ടതിരി രചിച്ച ഒരു പ്രബന്ധം
നിരന്തക വി. അന്തകനില്ലാത്ത
നിരന്തം വി. അവസാനമില്ലാത്ത
നിരന്തരൻ നാ. ഈശ്വരൻ
നിരന്തരമ്മ് നാ. 1. ഇടതൂർന്നത്; 2. എപ്പോഴുമുള്ളത്. അവ്യ. ഇടതടവില്ലാതെ
നിരന്തരായം നാ. മുടക്കമില്ലാത്തത്. അവ്യ. തടസ്സമില്ലാതെ
നിരന്തരാളം നാ. ഇടയിൽ സ്ഥലമില്ലാത്തത്, ഇടതൂർന്നത്
നിരന്വയ നാ. 1. കുടുംബമില്ലാത്ത; 2. പരിവാരമില്ലാത്ത; 3. അന്വയമില്ലാത്ത
നിരന്വയൻ നാ. ഈശ്വരൻ
നിരപത്യ നാ. സന്താനമില്ലാത്തവൾ
നിരപരാധൻ, -ധി നാ. അപരാധമില്ലാത്തവൻ (നിരപരാധൻ എന്നതു ശരി)
നിരപായ വി. അപകടമൊഴിഞ്ഞ
നിരപേക്ഷിത വി. അപേക്ഷിതമല്ലാത്ത, ആശ്രയിക്കാത്ത
നിരപ്പലക നാ. അടയ്ക്കാൻ കതകിനുപകരം പ്രത്യേകമായുണ്ടാക്കിയ പൊഴിക്കുള്ളിൽ നിരത്തിയുറപ്പിക്കുന്ന പലകകൾ
നിരപ്പ് [നിരക്കുക] നാ. നിരന്നിരിക്കുന്ന അവസ്ഥ, പൊങ്ങിയോ താണോ ഇരിക്കാത്ത അവസ്ഥ

| | | |
|---|---|---|
| നിരപ്പെ,-പ്പേ | അവ്യ. | നിരപ്പായിട്ട് |
| നിരഭിലാഷ | വി. | ആഗ്രഹങ്ങളില്ലാത്ത |
| നിരംബര | വി. | വസ്ത്രമില്ലാത്ത |
| നിരംബു | വി. | വെള്ളമില്ലാത്ത |
| നിരമിത്രൻ | നാ. | ശത്രുക്കളില്ലാത്തവൻ |
| നിരയം | നാ. | നരകം |
| നിരയശ | നാ. | (വൃത്ത) ഗുരു |
| നിരർഗളം | നാ. | തടസ്സമില്ലാത്തത് |
| നിരർഥ(ക)ം | നാ. | അർഥമില്ലാത്തത് |
| നിരവകാശ | വി. | ഇടയില്ലാത്ത |
| നിരവഗ്രഹ | വി. | 1. നിയന്ത്രണമില്ലാത്ത; 2. സുഭിക്ഷമായ; 3. |
| സ്വതന്ത്രമായ | | |
| നിരവദ്യ | വി. | കുറ്റമറ്റ, എതിരഭിപ്രായമില്ലാത്ത |
| നിരവധി | വി. | അവസാനമില്ലാത്ത, അസങ്ഖ്യമായ |
| നിരവലംബ | വി. | ആശ്രയമില്ലാത്ത |
| നിരവശേഷം | അവ്യ. | ബാക്കിവരാതെ, പൂർണമായി |
| നിരശന | വി. | അനശന, പട്ടിണികിടക്കുന്ന |
| നിരസനം | നാ. | നിരസിക്കൽ, നിരാകരിക്കൽ, |
| സ്വീകരിക്കാതിരിക്കൽ | | |
| നിരസിക്കുക | ക്രി. | സ്വീകരിക്കാതിരിക്കൽ |
| നിരാകമ്പ | വി. | ഇളക്കമില്ലാത്ത |
| നിരാകരിക്കുക | ക്രി. | സ്വീകരിക്കാതിരിക്കുക, നിരസിക്കുക |
| നിരാകാങ്ക്ഷ | വി. | ആകാങ്ക്ഷയില്ലാതെ, ഉദ്വേഗമില്ലാതെ |
| നിരാകാരം1 | നാ. | ആകാരമില്ലാത്തത്, പരബ്രഹ്മം |
| നിരാകാരം2 | നാ. | നിരാകരിക്കൽ |
| നിരാകാശം | നാ. | 1. സ്ഥലം നിറഞ്ഞ, ശൂന്യമല്ലാത്ത; 2. |
| വേണ്ടത്രസ്ഥലമില്ലാത്ത | | |
| നിരാകുല | വി. | ആകുലമല്ലാത്ത, ആകുലതയൊഴിഞ്ഞ |
| നിരാകൃത | വി. | നിരാകരിക്കപ്പെട്ട |
| നിരാകൃതി | നാ. | രൂപമില്ലാത്ത, ആകൃതിയില്ലാത്ത |
| നിരാചാര | വി. | ആചാരങ്ങളെ അനുഷ്ഠിക്കാത്തവൻ |
| നിരാഡംബര | വി. | ആഡംബരമില്ലാത്ത |
| നിരാതങ്ക | വി. | 1. ദുഃഖമില്ലാത്ത; 2. ഭയമില്ലാത്ത; 3. |
| രോഗമില്ലാത്ത | | |
| നിരാതപ1 | വി. | ചൂടില്ലാത്ത |
| നിരാതപ2 | നാ. | രാത്രി |
| നിരാദര | വി. | ആദരമില്ലാത്ത |
| നിരാദാനൻ | നാ. | 1. ശിവൻ; 2. ബുദ്ധൻ |
| നിരാദിക | വി. | ആദിയില്ലാത്ത |
| നിരാദേശം | നാ. | കടം മുഴുവനും വീട്ടൽ |
| നിരാധാര | വി. | ആശ്രയമില്ലാത്ത |

നിരാനന്ദ		വി.	ആനന്ദമില്ലാത്ത
നിരാപത്ത്		നാ.	1. ആപത്തില്ലായ്മ; 2. ഐശ്വര്യം; 3. സുരക്ഷിതത്വം
നിരാബാധ		വി.	1. ബാധയില്ലാത്ത; 2. സുരക്ഷിതമായ
നിരാഭ		വി.	പ്രകാശമില്ലാത്ത, കാന്തിയില്ലാത്ത
നിരാമം		നാ.	(ആയുർ) 1. ഒരുവക നേത്രരോഗം; 2. ദഹിച്ച ആഹാരം
നിരാമയ		വി.	1. രോഗമില്ലാത്ത; 2. ദു:ഖമില്ലാത്ത; 3. ആപത്തില്ലാത്ത
നിരാമയൻ		നാ.	ഈശ്വരൻ
നിരാമയം1		നാ.	1. ആമയമില്ലായ്മ; 2. കാട്ടാട്; 3. കാട്ടുപന്നി
നിരാമയം2		അവ്യ. ദു:ഖമില്ലാതെ, ആപത്തില്ലാതെ
നിരാമിഷ		വി.	1. മാംസമില്ലാത്ത; 2. പ്രതിഫലം പറ്റാതെ പ്രവർത്തിക്കുന്ന; 3. വിഷയാസക്തിയില്ലാത്ത
നിരായ		വി.	വരുമാനം ഇല്ലാത്ത, ലാഭമില്ലാത്ത
നിരായൻ		നാ.	വരുമാനമില്ലാത്തവൻ, അലസൻ
നിരായാസ		വി.	1. കഠിനപ്രയത്നംകൂടാതെ; 2. എളുപ്പമായ
നിരായാസം		അവ്യ. 1. എളുപ്പത്തിൽ; 2. വലിയ പ്രയത്നം കൂടാതെ
നിരായുധ		വി.	ആയുധമില്ലാത്ത
നിരാരംഭ		വി.	1. തുടങ്ങാത്ത; 2. അലസമായ, മടിപിടിച്ച
നിരാലംബ1		വി.	1. ആശ്രയമില്ലാത്ത; 2. മറ്റൊന്നിനെ ആശ്രയിക്കാത്ത; 3. സ്വതന്ത്രമായ
നിരാലംബ2		നാ.	1. ആലംബമില്ലാത്തവൾ; 2. മറ്റൊന്നിനെ ആശ്രയിക്കാത്തവൾ
നിരാലംബം		നാ.	1. മറ്റൊന്ന് ആശ്രയമായി ഇല്ലാത്തത്; 2. ബ്രഹ്മം; 3. ആകാശം
നിരാലാപ		വി.	മിണ്ടാത്ത, മൗനമായ
നിരാലോക		വി.	1. നോക്കാത്ത; 2. കാഴ്ചയില്ലാത്ത; 3. കണ്ണിൽപ്പെടാത്ത
നിരാലോകൻ		നാ.	ശിവൻ
നിരാശ1		വി.	ആശയില്ലാത്ത, ആഗ്രഹമില്ലാത്ത
നിരാശ2		നാ.	1. ആശയില്ലായ്മ; 2. ആഗ്രഹം സാധിക്കാത്തതുകൊണ്ടുള്ള മന:ക്ലേശം
നിരാശക		വി.	നിരാശയുള്ള
നിരാശങ്ക		വി.	1. ഭയമില്ലാത്ത; 2. സംശയമില്ലാത്ത
നിരാശങ്കം		അവ്യ. 1. ഭയമില്ലാതെ; 2. സംശയംകൂടാതെ
നിരാശ്രയ		വി.	1. താങ്ങില്ലാത്ത; 2. തുണയില്ലാത്ത
നിരാസം		നാ.	നിരസിക്കൽ
നിരാഹാര		വി.	1. ആഹാരമില്ലാത്ത; 2. ഭക്ഷിക്കാത്ത
നിരാഹാരവ്രതം		നാ.	1. ഉപവാസത്തോടെ അനുഷ്ഠിക്കുന്ന വ്രതം; 2. ഭക്ഷണം കഴിക്കുകയില്ല എന്ന വ്രതം

നിരിന്ദ്രിയ വി. 1. പുരുഷത്വമില്ലാത്ത; 2. ക്ഷീണിച്ച; 3.
അങ്ഗഭങ്ഗംവന്ന
നിരിന്ധന വി. 1. ഇന്ധനമില്ലാത്ത; 2. ഇന്ധനമാവശ്യമില്ലാത്ത
നിരീക്ഷ നാ. 1. നോട്ടം, നോക്കി പഠിക്കൽ; 2. സൂക്ഷ്മമായി
പര്യാലോചിക്കൽ
നിരീക്ഷക വി. 1. നോക്കുന്ന; 2. സൂക്ഷ്മമായി പരിശോധിക്കുന്ന
977
നിരീക്ഷകൻ [സം.] നാ. നിരീക്ഷണം നടത്തുന്നവൻ
നിരീക്ഷനം നാ. 1. ശ്രദ്ധാപൂർവമുള്ള നോട്ടം; 2. സൂക്ഷ്മപഠനം;
3. അന്വേഷണം
നിരീക്ഷിക്കുക ക്രി. 1. നോക്കുക; 2. സൂക്ഷ്മതയോടെ
പരിശോധിക്കുക
നിരീക്ഷിതവ്യ വി. കണ്ടറിയേണ്ട, നിരീക്ഷണംചെയ്യാൻ യോഗ്യമായ
നിരീക്ഷ്യ1 വി. കാണപ്പെടാൻ യോഗ്യമായ, കണ്ടറിയത്തക്ക
നിരീക്ഷ്യ2 അവ്യ. നിരീക്ഷണം ചെയ്തിട്ട്
നിരീതി നാ. ഈതിബാധ്യതയില്ലായ്മ
നിരീശൻ നാ. നിരീശ്വരൻ
നിരീശ്വര വി. ഈശ്വരൻ ഇല്ലാത്ത
നിരീശ്വരൻ നാ. ഈശ്വരൻ ഇല്ലെന്നു വിശ്വസിക്കുന്നവൻ
നിരീഷം നാ. 1. കലപ്പ; 2. കൊഴു
നിരീഹ1 വി. 1. ആഗ്രഹങ്ങളില്ലാത്ത; 2. നിർവികാരമായ
നിരീഹ2 നാ. 1. ആഗ്രഹമില്ലായ്മ; 2. നിർവികാരത
നിരീഹത,-ത്വം നാ. 1. ആഗ്രഹമില്ലായ്മ; 2. നിർവികാരത; 3.
ഉദാസീനഭാവം
നിരുക്ത വി. (വിസ്തരിച്ചു) പറയപ്പെട്ട
നിരുക്തകാരൻ നാ. "നിരുക്തം രചിച്ചവൻ', യാസ്കൻ
നിരുക്തജൻ നാ. പുത്രന്മാർ പന്ത്രണ്ടുതരമുള്ളതിൽ ഒന്ന്,
ക്ഷേത്രജൻ
നിരുക്തം നാ. 1. ശബ്ദങ്ങളുടെ നിഷ്പത്തിവിവരണം; 2.
വ്യക്തമാക്കൽ
നിരുക്തി നാ. 1. പദങ്ങളുടെ നിഷ്പത്തി വ്യക്തമാക്കുന്ന
വ്യാഖ്യാനം; 2. ഒരു അലങ്കാരം
നിരുച്ഛ്വാസ വി. 1. ശ്വാസമില്ലാത്ത; 2. ഇടുങ്ങിയ
നിരുജ വി. ആരോഗ്യമുള്ള (നിരുജശരീരരൂപം)
നിരുത്തര വി. 1. ഉത്തരമില്ലാത്ത; 2. മേലാളായി
മറ്റൊരാളില്ലാത്ത
നിരുത്പാത വി. ദുർനിമിത്തങ്ങളില്ലാത്ത
നിരുത്സാഹ വി. ഉത്സാഹമില്ലാത്ത, ആലസ്യമുള്ള
നിരുത്സുക വി. 1. താത്പര്യമില്ലാത്ത; 2. ശാന്തമായ
നിരുത്സുകൻ നാ. 1. ഉത്സുകത്വമില്ലാത്തവൻ; 2. വിരക്തൻ
നിരുദക വി. ജലമില്ലാത്ത, വരണ്ട

നിരുദ്ദേശ്യം അവ്യ. ലക്ഷ്യംകൂടാതെ, പ്രത്യേകിച്ചെന്തെങ്കിലും സാധിക്കുന്നതിനുവേണ്ടിയല്ലാതെ
നിരുദ്ധ വി. 1. തടയപ്പെട്ട; 2. തടവിലാക്കപ്പെട്ട
നിരുദ്ധകണ്ഠ വി. 1. തൊണ്ടയിടറിയ, ശബ്ദം നേരെപുറപ്പെടുവിക്കാനാവാത്ത; 2. ശ്വാസം മുട്ടിയ
നിരുദ്ധം നാ. മനസ്സിൻെറ അഞ്ചവസ്ഥകളിൽ ഒന്ന്
നിരുദ്ധി നാ. നിരോധം, തടസ്സം
നിരുദ്യമ വി. പരിശ്രമിക്കാത്ത, അലസമായ, ഉദാസീനമായ
നിരുദ്യോഗ വി. 1. നിരുദ്യമ; 2. തൊഴിലില്ലാത്ത
നിരുദ്വിഗ്ന വി. ശാന്തമായ, ചാഞ്ചല്യമില്ലാത്ത, ഉദ്വേഗമില്ലാത്ത
നിരുദ്വേഗ വി. = നിരുദ്വിഗ്ന
നിരുന്മേഷ വി. ഉന്മേഷമില്ലാത്ത
നിരുപക്രമ വി. ആരംഭമില്ലാത്ത; 2. ചികിത്സിച്ചു ഭേദപ്പെടുത്താനാകാത്ത
നിരുപദ്രവ വി. 1. ഉപദ്രവിക്കാത്ത; 2. ശുഭമായ
നിരുപദ്രവൻ നാ. 1. ഉപദ്രവിക്കാത്തവൻ; 2. സൂക്ഷ്മശരീരത്തിൽ സ്ഥിതിചെയ്യുന്ന ആത്മാവ്
നിരുപദ്രവി വി. ഉപദ്രവിക്കാത്ത
നിരുപധി വി. ചതിയില്ലാത്ത
നിരുപപ്ലവ വി. 1. നാശമില്ലാത്ത, ആപത്തില്ലാത്ത; 2. ഉപദ്രവിക്കാത്ത, ആപത്തുണ്ടാക്കാത്ത
നിരുപപ്ലവൻ നാ. ശിവൻ
നിരുപമ വി. 1. ഉപമയില്ലാത്ത; 2. അതുല്യമായ
നിരുപയുക്ത വി. 1. ഉപയോഗിക്കാത്ത; 2. ഉപയോഗിക്കാൻകൊള്ളാത്ത, മോശപ്പെട്ട
നിരുപയോഗ വി. ഉപയോഗമില്ലാത്ത, ഉപയോഗിക്കാൻ കൊള്ളാത്ത, മോശപ്പെട്ട
നിരുപസർഗ വി. അശുഭസൂചനകൾ ഇല്ലാത്ത, മങ്ഗളകരമായ
നിരുപഹത വി. 1. കേടില്ലാത്ത; 2. ശുഭമായ
നിരുപാഖ്യ വി. 1. പ്രത്യക്ഷമല്ലാത്ത; 2. യഥാർഥത്തിൽ ഇല്ലാത്ത; 3. നിർഗുണമായ; 4. വിവരിക്കാനോ നിർവചിക്കാനോ ആകാത്ത
നിരുപാഖ്യം നാ. ബ്രഹ്മം
നിരുപാധിക വി. ഉപാധികളില്ലാത്ത, കാലം ദേശം ഗുണം തുടങ്ങിയവകൊണ്ടു പരിച്ഛേദിക്കാനാകാത്ത
നിരുപാധികൻ നാ. ഈശ്വരൻ
നിരുപാധികം അവ്യ. ഉപാധികളില്ലാതെ, നിബന്ധനകളില്ലാതെ
നിരുപായ വി. 1. ഉപായമില്ലാത്ത; 2. വിജയിക്കാത്ത
നിരുപേക്ഷ1 വി. 1. ഉപേക്ഷയില്ലാത്ത; 2. ചതിയില്ലാത്ത
നിരുപേക്ഷ2 നാ. 1. ഉപേക്ഷയില്ലായ്മ; 2. ചതിയില്ലായ്മ
നിരൂഢ1 വി. വിവാഹം കഴിക്കാത്ത

നിരൂഢ2 വി. 1. പ്രചാരത്തിലായ; 2. അന്തർഭൂതമായ; 3. സ്വായത്തമായ
നിരൂഢം നാ. 1. സർവധാ അങ്ഗീകരിക്കപ്പെട്ട അർഥം; 2. അന്തർഭൂതമായത്
നിരൂഢലക്ഷണ നാ. വിവക്ഷിതാർഥത്തെക്കാൾ പ്രസിദ്ധാർഥം പ്രതീയമാനമാകുന്ന പ്രയോഗം
നിരൂഢി നാ. 1. പ്രസിദ്ധി; 2. പരിചയം; 3. തെളിവ്; 4. നിശ്ചയം
നിരൂപകൻ നാ. നിരൂപണംചെയ്യുന്നവൻ
നിരൂപണം നാ. 1. വിചാരം; 2. നിശ്ചയം; 3. ദർശനം
നിരൂപിക്കുക ക്രി. 1. വിചാരിക്കുക, പര്യാലോചിക്കുക; 2. വിമർശിക്കുക
നിരൂപിത വി. നിരൂപണം ചെയ്യപ്പെട്ട
നിരൂഷ്മ വി. ചൂടില്ലാത്ത, തണുത്ത
നിരൂഹണം നാ. നിരൂഹം
നിരൂഹം നാ. 1. (ആയുർ) ഒരിനം വസ്തിപ്രയോഗം; 2. തർക്കം; 3. നിർണയം
നിരൃണ വി. കടമില്ലാത്ത
നിരൃണി നാ. കടമില്ലാത്തവൻ
നിരൃത വി. 1. തളർന്ന; 2. അലിഞ്ഞ; 3. അഴുകിയ, നാശോന്മുഖമായ
നിരൃതി നാ. 1. അഷ്ടദിക്പാലകന്മാരിൽ ഒരാൾ; 2. നാശം, ആപത്ത്; 3. ജീർണത; 4. മരണം
നിരൃതികോൺ നാ. തെക്കുപടിഞ്ഞാറെ മൂല
നിരോധനത്തടങ്കൽ നാ. വ്യക്തിയുടെ സഞ്ചാര സ്വാതന്ത്ര്യത്തെയും പ്രവർത്തനത്തെയും ചില പരിധികൾക്കുള്ളിൽ മാത്രം അനുവദിച്ചുകൊണ്ടു നീതിപീഠമോ സർക്കാരോ ഏർപ്പെടുത്തുന്ന നിയന്ത്രണം
നിരോധനം നാ. നിരോധിക്കൽ, നിരോധം
നിരോധനാജ്ഞ നാ. കൂട്ടം കൂടൽ ജാഥ യോഗം തുടങ്ങിയ പ്രവർത്തനങ്ങൾ പാടില്ലെന്നു തടസ്സപ്പെടുത്തുന്ന ഉത്തരവ്
നിരോധം നാ. 1. തടവ്; 2. തടവിലാക്കൽ
നിരോധി വി. നിരോധിക്കുന്ന
നിരോധിക്കുക ക്രി. 1. തടയുക, തടുക്കുക; 2. തടങ്കിലാക്കുക
നിര്യത്ന വി. പരിശ്രമിക്കാത്ത; 2. വിരക്തിയുള്ള
നിര്യശസ്ക വി. യശസ്സില്ലാത്ത
നിര്യാണം നാ. 1. മരണം; 2. മോക്ഷം; 3. പുറപ്പാട്; 4. ആനയുടെ കടക്കണ്ണ്; 5. കാലികളെ കെട്ടുന്ന കയറ്
നിര്യാത വി. 1. മരിച്ച; 2. പുറപ്പെട്ട
നിര്യാതനം നാ. 1. കൊല; 2. പകവീട്ടൽ; 3. ദാനം; 4. മടക്കിക്കൊടുക്കൽ
നിര്യാതം നാ. കയറ്റുമതി

നിര്യാതി നാ. 1. മരണം; 2. പുറപ്പാട്; 3. മോക്ഷം
നിര്യാപണം നാ. 1. പുറത്താക്കൽ; 2. നാടുകടത്തൽ
നിര്യാമൻ നാ. നാവികൻ
നിര്യാസം നാ. 1. മരത്തിൻെറയും മറ്റും കറ, പശ; 2. കുഴമ്പ്
നിര്യുക്തി നാ. 1. യുക്തിയില്ലായ്മ; 2. ഔചിത്യമില്ലായ്മ
നിര്യുഥ വി. കൂട്ടത്തിൽനിന്നു പിരിഞ്ഞ
നിര്യൂഹം നാ. 1. കെട്ടിടങ്ങളുടെ മുകളിൽ ഗോളാകൃതിയിലും മറ്റും ചെയ്യുന്ന ശിൽപപ്പണി; 2. ശിരോഭൂഷണം
നിൽ [നിൽക്കുക] ധാതുരൂപം
നിൽക്കക്കള്ളി നാ. 1. നിൽക്കുന്നതിനുള്ള സ്ഥലം; 2. ആശ്രയം. (പ്ര) നിക്കക്കള്ളിയില്ലാതാകുക = പ്രശ്നപരിഹാരം ഇല്ലാതെ വരിക
നിൽക്കിടം നാ. 1. നിൽക്കാനാവശ്യമായ സ്ഥലം; 2. സമാധാനമായി നിൽക്കാവുന്ന സാഹചര്യം
നിൽപ്പ് [നിൽക്കുക] നാ. 1. നിൽക്കുന്ന സ്ഥിതി; 2. പാർപ്പ്; 3. അവസാനം
നില [നിൽക്കുക] നാ. 1. നിൽപ്പ്; 2. സ്ഥിതി; 3. സ്ഥിരത; 4. മര്യാദ; 5. കെട്ടിടങ്ങളുടെയും തേരിൻെറയും മറ്റും തട്ട്; 6. പദവി; 7. വെള്ളത്തിൽ ഇറങ്ങിനിന്നാൽ മുങ്ങിപ്പോകാത്ത ആഴം; 8. നിശ്ചലാവസ്ഥ; 9. ഒരാൾ കൈ ഉയർത്തിയാൽ എത്തുന്ന ഉയരം; 10. കട്ടിളക്കാൽ; 11. സ്വഭാവം; 12. താവളം
നിലത്തെഴുത്ത് നാ. 1. അക്ഷരം പഠിക്കാനായി മണ്ണിലോ മണലിലോ എഴുതിശീലിക്കൽ; 2. വെള്ളപ്പൊക്കം കഴിഞ്ഞു ജലം പിൻവാങ്ങുമ്പോൾ മണ്ണിലുണ്ടാകുന്ന രേഖ
നിലനിൽക്കുക ക്രി. 1. ഉറച്ചുനിൽക്കുക; 2. ഏറെക്കാലം നശിക്കാതെ നിൽക്കുക
നിലനിറുത്തുക ക്രി. 1. ഉറപ്പിച്ചു നിറുത്തുക; 2. നശിച്ചുപോകാതെ സംരക്ഷിച്ചുനിറുത്തുക
നിലന്തല്ലി നാ. തറയടിച്ചുറപ്പിക്കാനുള്ള ഒരുപകരണം
നിലപാട് നാ. 1. നിൽപ്പ്; 2. നിൽക്കുന്ന സ്ഥലം; 3. നിൽക്കാൻവേണ്ടി ഉയരത്തിലുണ്ടാക്കുന്ന വേദി
നിലപാടുനിൽക്കുക ക്രി. മാമാങ്കത്തിൽ (സാമൂതിരി) മറ്റു രാജാക്കന്മാർക്കു മേലെയാണെന്നുകാണിക്കുവാൻ ഉയർന്ന വേദിയിൽ നിൽക്കുക
നിലപാട്ടുതറ നാ. നിലപാടുനിൽക്കുന്ന വേദി
നിലപേറ് നാ. 1. ഉറപ്പ്; 2. മാനം; 3. മോക്ഷം
നിലപ്പട നാ. സ്ഥിരമായി നിലനിറുത്തുന്ന സൈന്യം
നിലമ നാ. നില, സ്ഥിതി, അവസ്ഥ
നിലമകൻ നാ. ഭൂമിജൻ, കുജൻ
നിലമകൾ നാ. ഭൂമീദേവി
നിലമട്ടം നാ. തലയോടു സമമായ ഉയരം, നിൽക്കുന്ന ആളിൻെറ ഉയരം
നിലമരം നാ. 1. നിൽക്കുന്ന മരം; 2. മരത്തൂൺ; 3. ചാമരം

നിലമാടം നാ. കൃഷിസ്ഥലങ്ങളിൽ കാവൽക്കാർക്കിരിക്കാനായി നിർമിക്കുന്ന കുടിൽ, ഏറുമാടം
നിലംപരിച്,-ശ് നാ. തറനിരപ്പ്. (പ്ര) നിലംപരിചാക്കുക = നശിപ്പിക്കുക
നിലയം നാ. 1. വിശ്രമിക്കാനുള്ള സ്ഥലം; 2. വാസസ്ഥാനം; 3. ലയനം; 4. അസ്തമയം
നിലയങ്കി നാ. 1. കാൽപ്പാദംവരെ എത്തുന്ന കുപ്പായം; 2. വിഗ്രഹത്തെ പൂർണമായി മറയ്ക്കുന്ന കവചം
നിലയനം നാ. = നിലയം
നിലയറ നാ. = നിലവറ
നിലയ്ക്കുക ക്രി. (പ്രവർത്തനമോ ചലനമോ) ഇല്ലാതാകുക
നിലവടി നാ. നെയ്ത്തുതറിയിൽ പാവുചുറ്റാനുള്ള കറങ്ങുന്ന തടി
നിലവയ്ക്കുക ക്രി. 1. നിലവാരം നിശ്ചയിക്കുക; 2. കാലാവധി നിശ്ചയിക്കുക
നിലവയ്പ്പ് നാ. നിയമനിർമാണം
നിലവൽ നാ. 1. പ്രകാശം; 2. പ്രകാശിക്കൽ
നിലവറ നാ. തറയ്ക്കു താഴെ ഉണ്ടാക്കുന്ന മുറി, നിലയറ
നിലവാട് നാ. 1. പല നിലകളുള്ള മാളിക; 2. തറവാട്
നിലവാട്ടുതറ നാ. ക്ഷേത്രങ്ങളിൽ ബിംബം ആനപ്പുറത്ത് എഴുന്നള്ളിച്ചുനിറുത്തുന്ന സ്ഥലം
നിലവാരം നാ. 1. നിൽക്കുന്ന സ്ഥിതി; 2. ഉറപ്പ്; 3. അന്നന്നു നിലവിലുള്ള വിലയുടെ തോത്
നിലവിതാനം നാ. തറനിരപ്പ്
നിലവിളക്ക് നാ. തറയിൽ നിറുത്തത്തക്കവണ്ണം നിർമിച്ചിട്ടുള്ള ഓട്ടുവിളക്ക്
നിലവിളി നാ. ഉച്ചത്തിലുള്ള കരച്ചിൽ
നിലവിളിക്കുക ക്രി. ഉച്ചത്തിൽ കരയുക, ഒച്ചവയ്ക്കുക
നിലവ്1 നാ. 1. നിൽപ്പ്; 2. നടപ്പുള്ളത്; 3. മിച്ചം നിൽക്കുന്നത്
നിലവ്2 നാ. നിലാവ്.
979
നിലവുക ക്രി. പ്രകാശിക്കുക
നിലവെള്ളം നാ. ഒഴുകാതെ കെട്ടിക്കിടക്കുന്ന വെള്ളം
നിലാക്കല്ല് നാ. ചന്ദ്രകാന്തക്കല്ല്
നിലാത്തിരി നാ. കരിമരുന്നുപ്രയോഗത്തിൽ ഒരിനം
നിലാം നാ. ലേലം
നിലാമണ്ഡപം നാ. നിലാവുപതിക്കത്തക്കവണ്ണം വീട്ടിനുള്ളിലോ മാളികമുകളിലോ ഉദ്യാനത്തിലോ പണിയുന്ന മണ്ഡപം
നിലാമതി നാ. പൂർണചന്ദ്രൻ
നിലാമുറ്റം നാ. നിലാവുപതിക്കത്തക്കവണ്ണം നിർമിച്ചിട്ടുള്ള തുറന്ന മുറ്റം

നിലാ(വ്) നാ. ചന്ദ്രിക
നിലാവെട്ടം നാ. നിലാവിൻെറ പ്രകാശം
നിലിമ്പൻ നാ. 1. ദേവൻ; 2. മരുത്ത്
നിലിമ്പരാജൻ നാ. ദേവരാജൻ, ഇന്ദ്രൻ
നിലുവപ്പണം നാ. ബാക്കിനിൽക്കുന്ന പണം
നില്ലാ ക്രി. നിൽക്കുകയില്ല
നില്ലാത വി. നിൽക്കാത്ത
നിവചനം നാ. 1. മൗനം; 2. സംഭാഷണം അവസാനിപ്പിക്കുക
നിവചനം നാ. 1. പിതൃതർപ്പണം; 2. ചിതറിക്കൽ; 3. വിതയ്ക്കൽ
നിവർ [നിവരുക] ധാതുരൂപം
നിവർക്കുക ക്രി. നിവരുന്നതിനു കാരണമാകുക
നിവർത്തക വി. 1. സാധിക്കുന്ന; 2. മടങ്ങിപ്പോരുന്ന; 3. തീർച്ചപ്പെടുത്തുന്ന
നിവർത്തനം നാ. 1. ചെയ്യൽ; 2. തിരിയെപ്പോരൽ; 3 സംഭവിക്കാതിരിക്കൽ
നിവർത്തിക്കുക ക്രി. 1. സാധിക്കുക; 2. തിരിച്ചുപോരുക
നിവർത്തിത വി. നിവർത്തിക്കപ്പെട്ട
നിവർത്തുക ക്രി. നിവർക്കുക
നിവർഹണം നാ. നിബർഹണം
നിവര നാ. കന്യക
നിവരുക ക്രി. 1. ഉയർന്നുവരിക; 2. വളവുമാറ്റുക
നിവസതി നാ. വാസസ്ഥാനം
നിവസഥം നാ. ഗ്രാമം, ജനവാസമുള്ള പ്രദേശം
നിവസനം നാ. ഭവനം, പാർപ്പിടം
നിവസിക്കുക ക്രി. വസിക്കുക, താമസിക്കുക
നിവസിത വി. നിവസിക്കപ്പെട്ട
നിവഹൻ നാ. സപ്തമരുത്തുക്കളിൽ ഒന്ന്
നിവഹം നാ. 1. കൂട്ടം; 2. അഗ്നിയുടെ സപ്തജിഹ്വകളിൽ ഒന്ന്
നിവറൽ നാ. 1. പൊടിയാകൽ; 2. മർദനം; 3. ഞെരുക്കം
നിവറുക ക്രി. 1. പൊടിയാക്കുക; 2. തകരുക
നിവാകം നാ. = നീവാകം
നിവാത വി. കാറ്റില്ലാത്ത
നിവാതകവചൻ നാ. അഭേദ്യമായ പടച്ചട്ട ധരിച്ചവൻ
നിവാതം നാ. ആയുധങ്ങൾകൊണ്ടും മറ്റും കേടുവരാത്ത കവചം
നിവാപകൻ നാ. 1. വിതയ്ക്കുന്നവൻ; 2. പിതൃതർപ്പണംചെയ്യുന്നവൻ
നിവാപനം നാ. 1. വിതയ്ക്കൽ; 2. പിതൃതർപ്പണം
നിവാപം നാ. 1. വിത്ത്; 2. വിത്തുവിതച്ച കണ്ടം
നിവാരണം നാ. 1. തടയൽ; 2. നിരോധിക്കൽ; 3. തടസ്സം

നിവാരം1 നാ. നിവാരണം
നിവാരം2 നാ. = നീവാരം
നിവാരിത വി. 1. തടുക്കപ്പെട്ട; 2. നിരോധിക്കപ്പെട്ട
നിവാസം1 നാ. 1. വീട്, പാർപ്പിടം; 2. പാർപ്പ്, താമസം
നിവാസം2 നാ. 1. വസ്ത്രം; 2. കലവറ
നിവാസനം നാ. 1. പാർപ്പിടം; 2. പാർക്കൽ
നിവാസി നാ. നിവസിക്കുന്നവൻ
നിവിഡ വി. നിബിഡ
നിവിത്ത് നാ. 1. ചെറിയ വൈദികമന്ത്രം; 2. ഉപദേശം
നിവിദ്ധ വി. 1. മുറിക്കപ്പെട്ട; 2. താഴത്തേക്ക് എറിയപ്പെട്ട
നിവിര അവ്യ. നിവിരത്തക്കവണ്ണം
നിവിരീസ നാ. = നിബിരീസ
നിവിശേഷ വി. ഭിന്നമല്ലാത്ത, തുല്യമായ
നിവിശേഷം നാ. തുല്യത, വ്യത്യാസമില്ലായ്മ
നിവിഷ്ട വി. 1. നിവേശിക്കപ്പെട്ട; 2. ഇരുന്ന; 3. പാളയമടിച്ച
നിവീതം നാ. 1. അലങ്കാരമായി തൂക്കിയിടത്തക്കത്; 2. ഉത്തരീയം; 3. പുതപ്പ്
നിവീതി നാ. പൂണുനൂൽ കഴുത്തിൽ ചുറ്റി മാലപോലെ അണിഞ്ഞവൻ
നിവൃത വി. മൂടിയ, ചുറ്റപ്പെട്ട
നിവൃതം നാ. 1. മൂടുപടം; 2. മറയ്ക്കപ്പെട്ടത്
നിവൃതി വി. മൂടി, പൊതി
നിവൃത്ത വി. 1. പിൻമടങ്ങിയ, നിന്തിരിക്കപ്പെട്ട; 3. വിരക്തമായ
നിവൃത്തകാരണ വി. കാരണമോ പ്രേരണയോ ഉദ്ദേശ്യമോ ഇല്ലാത്ത
നിവൃത്തകാരണൻ നാ. ലൗകികസുഖങ്ങളിൽ വിരക്തനായ ആൾ
നിവൃത്തരാഗ വി. രാഗങ്ങളെ അടക്കിയ
നിവൃത്തവൃത്തി വി. പ്രവൃത്തിയിൽനിന്നു പിന്തിരിഞ്ഞ
നിവൃത്തഹൃദയ വി. 1. അനുകമ്പയുള്ള; 2. ഉദാസീനമായ
നിവൃത്താത്മാവ് നാ. ലൗകികകാര്യങ്ങളിൽനിന്നു പിന്തിരിഞ്ഞ മനസ്സുള്ളവൻ
നിവൃത്തി നാ. 1. പിൻമാറൽ; 2. തിരിച്ചുവരവ്; 3. അവസാനിപ്പിക്കൽ; 4. വൈരാഗ്യം; 5. പരിഹാരം; 6. കഴിവ്
നിവൃത്തേന്ദ്രിയൻ നാ. ഇന്ദ്രിയവ്യാപാരങ്ങളിൽനിന്നു പിന്തിരിഞ്ഞവൻ, ഇന്ദ്രിയനിഗ്രഹം ചെയ്തവൻ, യതി
നിവേദക വി. നിവേദനം നടത്തുന്ന
നിവേദകൻ നാ. 1. അറിയിക്കുന്നവൻ; 2. സമർപ്പിക്കുന്നവൻ
നിവേദകഭൂതക്രിയ നാ. (വ്യാക) ഒരു നിർദിഷ്ടഭൂതകാലത്തിൽ പൂർത്തിയായിരുന്നതും ശ്രോതാവിന് ഉദാസീനവുമായിരുന്ന ക്രിയ
നിവേദകസങ്ഘം നാ. ഒരു വിഭാഗം ജനങ്ങളെ പ്രതിനിധീകരിച്ച് അധികാരസ്ഥാനത്തു പരാതി ബോധിപ്പിക്കുന്ന സങ്ഘം

നിവേദനം നാ. 1. അധികാരികളുടെയോ ദേവന്മാരുടെയോ മുന്നിൽ ബോധിപ്പിക്കുന്ന പരാതി; 2. അറിയിക്കൽ; 3. നിവേദ്യം
നിവേദകൻ നാ. ശിവൻ
നിവേദിക്കുക ക്രി. 1. ഭക്ഷ്യവസ്തുക്കൾ ദേവന് അർപ്പിക്കുക; 2. ഏൽപിക്കുക; 3. അറിയിക്കുക
നിവേദിത വി. നിവേദിക്കപ്പെട്ട
നിവേദ്യ വി. നിവേദനം ചെയ്യത്തക്ക
നിവേദ്യം നാ. 1. ദേവവിഗ്രഹത്തിനുമുന്നിൽ അർപ്പിക്കപ്പെടുന്ന ഭക്ഷ്യവസ്തു; 2. ദേവനു ഭക്ഷ്യവസ്തുക്കൾ അർപ്പിക്കൽ
നിവേശകം നാ. = നിവേശം
നിവേശനം നാ. 1. പ്രവേശിക്കൽ; 2. കുടിവയ്പ്പ്; 3. പാളയം; 4. വിവാഹം; 5. വീട്
നിവേശം നാ. 1. പ്രവേശിക്കൽ; 2. കുടിപാർപ്പ്; 3. വീട്; 4. വാതിൽ; 5. വിവാഹം, വിവാഹം കഴിക്കൽ; 6. വിശ്രമസ്ഥാനം; 7. പാളയമടിക്കൽ
നിവേശിക്കുക ക്രി. 1. പ്രവേശിക്കുക; 2. താവളമടിക്കുക; 3. കുടിവയ്ക്കുക
നിവേശിത വി. നിവേശിക്കപ്പെട്ട
നിവേശ്യ വി. നിവേശ്യത്തിനു യോഗ്യതയുള്ള
നിവേഷ്ടനം നാ. 1. ആവരണം; 2. ചുറ്റൽ, ചുറ്റിക്കെട്ടൽ
നിവേഷ്ടം നാ. 1. ഉറ; 2. ചുറ്റൽ, പൊതിയൽ, വസ്ത്രം ധരിക്കൽ
നിവേഷ്ടിത വി. ചുറ്റപ്പെട്ട, മൂടപ്പെട്ട
നിവേഷ്യം നാ. 1. നീർച്ചുഴി; 2. ചുഴലിക്കാറ്റ്; 3. ചുറ്റുന്നത്
നിവ്യൻ,നിബിയൻ [സുറി.] നാ. ദീർഘദർശി, പ്രവാചകൻ
നിവ്യൂഢം നാ. 1. സ്ഥിരപ്രയത്നം; 2. ഉറച്ചതീരുമാനം
നിശ നാ. 1. രാത്രി; 2. മഞ്ഞൾ; 3. മരമഞ്ഞൾ
നിശഠ വി. കള്ളമില്ലാത്ത, സത്യസന്ധതയുള്ള
നിശമനം നാ. 1. കേൾക്കൽ; 2. അറിയൽ, കാണൽ
നിശമയ ക്രി. കേട്ടാലും
നിശരണം നാ. നിശാരണം, കൊല
നിശാകരൻ നാ. 1. കർപ്പൂരം; 2. ഒന്ന് എന്ന സങ്ഖ്യ; 3. പൂവൻകോഴി
നിശാകാന്തൻ നാ. ചന്ദ്രൻ
നിശാകേതു നാ. ചന്ദ്രൻ
നിശാക്ഷയം നാ. പ്രഭാതം
നിശാഗമം നാ. രാത്രിയുടെ വരവ്
നിശാഗൃഹം നാ. ഉറക്കറ
നിശാചര വി. രാത്രിയിൽ സഞ്ചരിക്കുന്ന
നിശാചരൻ നാ. 1. രാത്രിയിൽ സഞ്ചരിക്കുന്നവൻ; 2. രാക്ഷസൻ; 3. കള്ളൻ; 4. ശിവൻ; 5. പിശാച്
നിശാചരം നാ. 1. മൂങ്ങ; 2. വവ്വാൽ
നിശാചരി നാ. 1. രാക്ഷസി; 2. പിശാചി; 3. വേശ്യ

നിശാചർമം നാ. ഇരുട്ട്
നിശാജലം നാ. മഞ്ഞുവെള്ളം
നിശാട നാ. 1. മൂങ്ങ; 2. നിശാടന
നിശാടനൻ നാ. 1. രാക്ഷസൻ; 2. പിശാച്; 3. കള്ളൻ
നിശാത വി. മൂർച്ചവരുത്തിയ
നിശാതിക്രമം നാ. 1. രാത്രികഴിയൽ; 2. രാത്രി കഴിച്ചുകൂട്ടൽ
നിശാതിമിരം നാ. ഒരു നേത്രരോഗം
നിശാത്യയം നാ. രാത്രിയുടെ അവസാനം
നിശാദർശി നാ. മൂങ്ങ
നിശാധീശൻ നാ. ചന്ദ്രൻ
നിശാനപട്ടം നാ. ചാണക്കല്ല്, ഉരകല്ല്
നിശാനം നാ. മൂർച്ചകൂട്ടൽ
നിശാനാഥൻ നാ. ചന്ദ്രൻ
നിശാനാഥം നാ. കർപ്പൂരം
നിശാനി [ഹി.] നാ. 1. അടയാളം; 2. കൊടി
നിശാനിശം അവ്യ. 1. എല്ലാരാത്രിയും; 2. എന്നും
നിശാന്തം1 നാ. 1. രാത്രിയുടെ അവസാനം; 2. രാത്രിയുടെ
അംശം
നിശാന്തം2 നാ. 1. ശന്തമായത്; 2. അന്ത:പുരം
നിശാന്ധ വി. രാത്രിയിൽ കാഴ്ചയില്ലാത്ത
നിശാപതി നാ. 1. ചന്ദ്രൻ; 2. കർപ്പൂരം
നിശാപുഷ്പം നാ. 1. വെളുത്ത ആമ്പൽ; 2. മഞ്ഞുവെള്ളം
നിശാബലരാശികൾ നാ. (ബ.വ.)(ജ്യോ) മേടം ഇടവം മിഥുനം കർക്കടകം
ധനു മകരം എന്നീരാശികൾ (ഈ രാശികളിൽ രാത്രിയിൽ ജനിക്കുന്ന ജാതകൻെറ
ലഗ്നത്തിനു ബലമുണ്ടായിരിക്കും)
നിശാമം നാ. കാഴ്ച, കാണൽ, നോട്ടം
നിശാമണി നാ. 1. ചന്ദ്രൻ; 2. കർപ്പൂരം
നിശാമനം നാ. 1. കാഴ്ച; 2. കേൾക്കൽ
നിശാമ്യ അവ്യ. കണ്ടിട്ട്, കേട്ടിട്ട്
നിശാമൃഗം നാ. കുറുക്കൻ
നിശാരണം1 നാ. കൊല
നിശാരണം2 നാ. രാത്രിയുദ്ധം
നിശാരത്നം നാ. ചന്ദ്രൻ
നിശാരാശികൾ നാ. = നിശാബലരാശികൾ
നിശാരി നാ. സൂര്യൻ
നിശാവിഹാര വി. രാത്രിസഞ്ചരിക്കുന്ന
നിശാവേദി നാ. പൂവൻകോഴി
നിശാഹസം നാ. 'രാത്രിയിൽ സന്തോഷിക്കുന്നത്', വെളുത്ത
ആമ്പൽ
നിശി നാ. രാത്രിയിൽ
നിശിചര നാ. രാത്രിയിൽ സഞ്ചരിക്കുന്ന

നിശിചരൻ നാ. രാക്ഷസൻ
നിശിത വി. 1. മൂർച്ചവരുത്തപെട്ട; 2. പ്രേരിക്കപ്പെട്ട
നിശിതം നാ. 1. മൂർച്ചയുള്ളത്; 2. ഇരുമ്പ്, ഉരുക്ക്; 3.
സൂക്ഷ്മതയുള്ളത്
നിശീഥം നാ. ഉറക്കത്തിനുള്ള സമയം
നിശീഥിനി നാ. 1. രാത്രി; 2. മഞ്ഞൾ; 3. മരമഞ്ഞൾ
നിശീഥിനീനാഥൻ നാ. ചന്ദ്രൻ
നിശീഥ്യ നാ. 1. രാത്രി; 2. മഞ്ഞൾ; 3. മരമഞ്ഞൾ
നിശുംഭൻ നാ. 1. ഒരു അസുരൻ; 2. കൊലയാളി
നിശുംഭ(ന)ം നാ. കൊല, വധം
നിശുംഭമഥനി നാ. ദുർഗാദേവി
നിശേശൻ നാ. ചന്ദ്രൻ
നിശേശം നാ. കർപ്പൂരം
നിശോത്സർഗം നാ. പ്രഭാതം.
981
നിശ്ചഞ്ചല വി. ഇളക്കമില്ലാത്ത, ചഞ്ചലം അല്ലാത്ത
നിശ്ചയതാംബൂലം നാ. വിവാഹനിശ്ചയത്തിനു പ്രാരംഭമായി താംബൂലം
കൈമാറുന്ന ചടങ്ങ്
നിശ്ചയം നാ. 1. ഉറച്ചതീരുമാനം, തീർച്ച; 2. ഒരു
അർഥാലങ്കാരം
നിശ്ചയാത്മക വി. 1. ഉറച്ചതീരുമാനമുള്ള; 2. സ്ഥിരബുദ്ധിയുള്ള; 3.
സംശയബുദ്ധിയില്ലാത്ത; 4. തീരുമാനരൂപത്തിലുള്ള
നിശ്ചയിക്കുക ക്രി. 1. തീരുമാനിക്കുക; 2. തീരുമാനത്തിൽ
ഉറച്ചുനിൽക്കുക
നിശ്ചല1 വി. സ്ഥിരമായ, മാറ്റമില്ലാത്ത
നിശ്ചല2 നാ. 1. ഭൂമി; 2. മൂവില
നിശ്ചലത,-ത്വം നാ. ചലനമില്ലായ്മ, അനക്കമില്ലായ്മ, സ്ഥിരത
നിശ്ചലതത്ത്വം നാ. മാറ്റമില്ലാത്ത ഉണ്മ, ശാശ്വത സത്യം
നിശ്ചലാങ്ഗം നാ. 1. പർവതം; 2. പാറ; 3. ഒരിനം കൊക്ക്
നിശ്ചായക വി. നിശ്ചയത്തിനു പ്രേരകമായ,
നിശ്ചയകാരണമായ
നിശ്ചാരകം നാ. 1. മലവിസർജനം; 2. കാറ്റ്; 3. മർക്കടമുഷ്ടി
നിശ്ചിത വി. 1. നിശ്ചയിക്കപ്പെട്ട; 2. വിധിക്കപ്പെട്ട; 3.
ക്ലിപ്തമായ
നിശ്ചിതം നാ. നിശ്ചയിക്കപ്പെട്ടത്, തീരുമാനം, തീർപ്പ്
നിശ്ചിത്യ അവ്യ. (വ്യാക) നിശ്ചയിച്ചിട്ട്
നിശ്ചിന്ത വി. ചിന്തയില്ലാത്ത, ഒരു ക്ലേശവും ഇല്ലാത്ത
നിശ്ചേഷ്ട വി. ചേഷ്ടയില്ലാത്ത, പ്രവർത്തിക്കാൻ കഴിയാത്ത
നിശ്ശങ്ക വി. ഭയമില്ലായ്മ, സംശയമില്ലായ്മ
നിശ്ശങ്കം അവ്യ. സംശയമില്ലാതെ, ഭയമില്ലാതെ
നിശ്ശബ്ദ വി. ശബ്ദമില്ലാത്ത

നിശ്ശബ്ദത നാ. ശബ്ദമില്ലാത്ത അവസ്ഥ
നിശ്ശബ്ദം അവ്യ. ശബ്ദമില്ലാതെ
നിശ്ശരണ വി. ശരണമില്ലാത്ത, ആശ്രയമില്ലാത്ത
നിശ്ശലാക വി. വിജനമായ
നിശ്ശല്യ വി. 1. തറച്ചുകയറിയ മുള്ളോ ശസ്ത്രമോ നീക്കം ചെയ്യപ്പെട്ട; 2. വേദന മാറിയ; 3. ഉപദ്രവം ഒഴിഞ്ഞ
നിശ്ശസ്ത്ര വി. ആയുധമില്ലാത്ത
നിശ്ശാഖ വി. ശാഖകളില്ലാത്ത
നിശ്ശൂന്യ വി. ഏറ്റവും ശൂന്യമായ, ഒന്നും ഇല്ലാത്ത
നിശ്ശേഷം അവ്യ. മിച്ചമില്ലാതെ, മുഴുവനും
നിശ്ശോക വി. ശോകമില്ലാത്ത, ക്ലേശമില്ലാത്ത
നിശ്ശോധ്യ വി. ശോധനം ചെയേണ്ടതല്ലാത്ത, അശുദ്ധിയില്ലാത്ത
നിശ്ശ്രമം നാ. അഭ്യാസം, തുടർച്ചയായ പരിശ്രമം
നിശ്ശ്രയണി നാ. കോണിപ്പടി
നിശ്ശ്രീക വി. ഭാഗ്യമില്ലാത്ത, സൗന്ദര്യമുള്ള
നിശ്ശ്രേയസം നാ. കൂടുതൽ ശ്രേയസ്കരമായി മറ്റൊന്നും ഇല്ലാത്തത്
നിശ്ശ്വസനം നാ. നിശ്വസിക്കൽ, നെടുവീർപ്പ്
നിശ്ശ്വസിക്കുക നാ. 1. നെടുവീർപ്പിടുക; 2. വായുവിനെ മൂക്കിലൂടെ ഉള്ളിലേക്കു വലിക്കുകയോ പുറത്തേക്കു വിടുകയോ ചെയ്യുക; 3. പ്രയാസപ്പെട്ട് തീവ്രമായി ശ്വസിക്കുക
നിഷക്ത വി. കെട്ടിച്ചേർക്കപ്പെട്ട, പറ്റിച്ചേർന്ന
നിഷങ്ഗഥി നാ. 1. ആലിങ്ഗനം; 2. വില്ലാളി; 3. തേരാളി; 4. തേര്; 5. മൽ; പുല്ല്
നിഷങ്ഗധി നാ. വ്വാളുറ
നിഷങ്ഗം നാ. 1. പറ്റിച്ചേരൽ; 2. ആവനാഴി; 3. വാൾ
നിഷങ്ഗി നാ. 1. ചേർന്നിരിക്കുന്നത്; 2. ആവനാഴിധരിച്ചവൻ; 3. വാൾ ധരിച്ചവൻ
നിഷണ്ണ വി. 1. ഇരുന്ന; 2. തളർന്ന, ദു:ഖിക്കുന്ന
നിഷണ്ണകം നാ. 1. ആസനം; 2. ഇരിപ്പ്
നിഷത്ത് നാ. യാഗദീക്ഷ
നിഷദനം നാ. നിഷദം, സപ്തസ്വരങ്ങളിൽ ഏഴാമത്തേത്
നിഷദം1 നാ. = നിഷാദം,സപ്തസ്വരങ്ങളിൽ ഏഴാമത്തേത്
നിഷദം2 നാ. 1. ഇരിക്കൽ; 2. ഭവനം, പാർപ്പിടം
നിഷദിക്കുക ക്രി. 1. ഇരിക്കുക; 2. വസിക്കുക
നിഷദ്യ നാ. 1. ചെറിയ കട്ടിൽ; 2. പീടിക; 3. ചന്ത
നിഷദ്വരം നാ. ചെളി, ചേറ്
നിഷധൻ നാ. 1. നളൻ; 2. കുശൻെറ ഒരു പൗത്രൻ
നിഷധം നാ. 1. പുരാണപ്രസിദ്ധമായ ഒരു രാജ്യം; 2. നിഷാദസ്വരം
നിഷാണം നാ. ഢക്ക

നിഷാദൻ നാ. 1. ഭാരതത്തിലെ ഒരു ആദിവാസി വർഗം; 2. ബ്രാഹ്മണനു ശൂദ്രസ്ത്രീയിൽ ജനിച്ചപുത്രൻ; 3. കാട്ടാളൻ
നിഷാദം നാ. സപ്തസ്വരങ്ങളിൽ ഏഴാമത്തേത്
നിഷാദി1 നാ. നിഷാദവർഗത്തിൽപ്പെട്ട സ്ത്രീ
നിഷാദി2 നാ. 1. ഇരിക്കുന്നവൻ; 2. കിടക്കുന്നവൻ; 3. ആനക്കാരൻ
നിഷാനി [ഹി.] നാ. അടയാളം, കയ്യൊപ്പ്
നിഷിക്ത വി. 1. തളിക്കപ്പെട്ട; 2. ഗർഭോത്പാദനം ചെയ്യപ്പെട്ട
നിഷിദ്ധ വി. നിഷേധിക്കപ്പെട്ട
നിഷുപ്ത നാ. നല്ലവണ്ണം ഉറങ്ങിയ
നിഷുപ്തി നാ. നല്ല ഉറക്കം, ഗാഢനിദ്ര
നിഷൂദന വി. വധിച്ച, കൊല്ലുന്ന
നിഷൂദനൻ നാ. കൊല്ലുന്നവൻ, കൊന്നവൻ
നിഷൂദനം നാ. കൊല, വധം
നിഷേകം നാ. 1. തളിക്കൽ; 2. ഇറ്റു വീഴൽ; 3. സ്രവണം; 4. അശുദ്ധി; 5. ഗർഭോത്പാദനം
നിഷേചനം നാ. നനയ്ക്കൽ, തളിക്കൽ
നിഷേധക വി. നിഷേധിക്കുന്ന
നിഷേധനം നാ. നിഷേധിക്കൽ
നിഷേധനാമാങ്ഗം നാ. ക്രിയയുടെ നിഷേധരൂപത്തിൽ നിന്നുണ്ടാകുന്ന പേരെച്ചം
നിഷേധം നാ. 1. തടയൽ; 2. അരുതെന്നു വിലക്ക്; 3. അല്ല എന്നു സ്ഥാപിക്കൽ; 4. ധിക്കാരം
നിഷേധി നാ. 1. നിഷേധിക്കുന്നവൻ; 2. ധിക്കാരി, മര്യാദകെട്ടവൻ
നിഷേധിക്കുക ക്രി. 1. അരുതെന്നു വിലക്കുക; 2. അല്ല എന്നു സ്ഥാപിക്കുക; 3. ലങ്ഘിക്കുക; 4. ധിക്കരിക്കുക
നിഷേധ്യ വി. നിഷേധിക്കത്തക്ക
നിഷേവ നാ. 1. പരിശീലനം; 2. പരിചരണം; 3. പിന്തുടരൽ; 4. സേവിക്കൽ
നിഷേവക വി. 1. അഭ്യസിക്കുന്ന; 2. പരിചരിക്കുന്ന; 3. അനുസരിക്കുന്ന; 4. അനുഭവിക്കുന്ന
നിഷേവണം നാ. നിഷേവ
നിഷേവിത വി. 1. ആരാധിക്കപ്പെട്ട; 2. അഭ്യസിക്കപ്പെട്ട; 3. ആചരിക്കപ്പെട്ട
നിഷേവ്യ വി. 1. സേവിക്കത്തക്ക; 2. ആചരിക്കേണ്ട; 3. അനുഭവയോഗ്യമായ
നിഷ്കണ്ടക വി. നുള്ളില്ലാത്ത; 2. ശത്രുവില്ലാത്ത; 3. രോമാഞ്ചമുണ്ടാകാത്ത
നിഷ്കണ്ടകൻ നാ. 1. ശത്രുക്കളില്ലാത്തവൻ; 2. മനസ്സുറപ്പുള്ളവൻ; 3. ക്രൂരൻ

നിഷ്കണ്ഠം നാ. നീർമാതളം
നിഷ്കൻ നാ. ചണ്ഡാലൻ
നിഷ്കന്ദ വി. കിഴങ്ങില്ലാത്ത
നിഷ്കപട വി. കാപട്യമില്ലാത്ത, നേരേയുള്ള
നിഷ്കം നാ. 1. സ്വർണനാണയം; 2. തൂക്കം അളക്കാനുള്ള ഒരു തോത്; 3. സ്വർണം; 4. കണ്ഠാഭരണം; 5. സ്വർണപ്പാത്രം
നിഷ്കമ്പ വി ഇളക്കമില്ലാത്ത, വിറയ്ക്കാത്ത
നിഷ്കർമാവ് നാ. 1. പ്രവൃത്തിചെയ്യാത്തവൻ; 2. മടിയൻ
നിഷ്കർമം നാ. 1. ശ്രദ്ധ; 2. വലിച്ചെടുക്കൽ; 3. സാരാംശം; 4. മുഖ്യവിഷയം; 5. നിശ്ചയം
നിഷ്കർഷണം നാ. 1. ശ്രദ്ധിക്കൽ; 2. വലിച്ചെടുക്കൽ; 3. സത്ത് ഊറ്റി എടുക്കൽ
നിഷ്കർഷിക്കുക ക്രി. 1. നല്ലവണ്ണം ശ്രദ്ധിക്കുക; 2. നിർബന്ധിക്കുക; 3. സാരാംശം എടുക്കുക; 4. വലിച്ചെടുക്കുക
നിഷ്കല വി. നിഷ്കള
നിഷ്കര വി. നികുതിയില്ലാത്ത
നിഷ്കരിക്കുക ക്രി. 1. ഇല്ലാതാകുക; 2. ഒരുക്കുക; 3. സാധിക്കുക
നിഷ്കരുണ വി. കരുണയില്ലാത്ത
നിഷ്കരുണം അവ്യ. ദയയില്ലാതെ; ക്രൂരമായി
നിഷ്കല്മഷ വി. 1. പാപമില്ലാത്ത; 2. കളങ്കമില്ലാത്ത
നിഷ്കള1 വി. 1. കലകളില്ലാത്ത; 2. ക്രമമായി എല്ലാ കലകളും നശിച്ച; 3. വീര്യം നഷ്ടപ്പെട്ട; 4. അങ്ഗഭങ്ഗംവന്ന
നിഷ്കള2 നാ. പ്രസവിക്കാൻ കഴിവില്ലാതായവൾ
നിഷ്കളങ്ക വി. 1. കളങ്കമില്ലാത്ത; 2. പാപമില്ലാത്ത
നിഷ്കളങ്കത,-ത്വം നാ. കളങ്കമില്ലായ്മ
നിഷ്കളങ്കൻ നാ. 1. കളങ്കമില്ലാത്തവൻ; 2. ശിവൻ
നിഷ്കളൻ നാ. 1. ഈശ്വരൻ; 2. വൃദ്ധൻ
നിഷ്കളം നാ. 1. പാത്രം; 2. ഉപസ്ഥം; 3. രൂപമില്ലായ്മ
നിഷ്കളി നാ. നിഷ്കള
നിഷ്കാമ വി. 1. കാമമില്ലാത്ത; 2. ഫലേച്ഛയില്ലാത്ത; 3. സ്വാർഥത ഇല്ലാത്ത
നിഷ്കാമകർമം നാ. ഫലേച്ഛകൂടാതെ ചെയ്യുന്ന കർമം
നിഷ്കാമം വി. 1. ആഗ്രഹം കൂടാതെ; 2. നിസ്വാർഥമായി
നിഷ്കാമുക വി. ലൗകികകാര്യങ്ങളിൽ ആഗ്രഹമില്ലാത്ത, വിരക്തിയുള്ള
നിഷ്കാമ്യ വി. ആഗ്രഹിക്കത്തക്കതല്ലാത്ത
നിഷ്കാരണ വി. കാരണമില്ലാത്ത; 2. ഉദ്ദേശ്യമില്ലാത്ത
നിഷ്കാരണം വി. കാരണം കൂടാതെ
നിഷ്കാരുണ്യം നാ. കാരുണ്യമില്ലായ്മ
നിഷ്കാലനം നാ. 1. കൊല; 2. തുരത്തൽ

നിഷ്കാശം,-സം	നാ.	1. വെളിയിലേക്കുള്ള പുറപ്പാട്; 2. പ്രഭാതം; 3. തിരോധാനം; 4. മുകപ്പ്
നിഷ്കാസനം	നാ.	ഓടിക്കൽ, പുറത്താക്കൽ
നിഷ്കാസനീയ	വി.	പുറത്താക്കപ്പെടേണ്ട, ഓടിച്ചുകളയാൻ യോഗ്യമായ
നിഷ്കാസിനി	നാ.	യജമാനൻെറ നിയന്ത്രണമില്ലാത്ത അടിമപ്പെണ്ണ്
നിഷ്കിഞ്ചന	വി.	ഒന്നും ഇല്ലാത്ത, ദാരിദ്ര്യമുള്ള
നിഷ്കിഞ്ചനത,-ത്വം	നാ.	ദാരിദ്ര്യം
നിഷ്കില്ബിഷ	വി.	പാപമില്ലാത്ത
നിഷ്കുടം	നാ.	1. വീട്ടുമുറ്റത്തുള്ള പൂങ്കാവ്; 2. വയൽ; 3. മരപ്പൊത്ത്; 4. വാതിൽ; 5. അന്തഃപുരം
നിഷ്കുല	വി.	കുലമില്ലാത്ത, സന്തതിയില്ലാത്ത
നിഷ്കുഷിത	വി.	1. ചീന്തി എടുക്കപ്പെട്ട; 2. ഒടിച്ച; 3. തൊലി ഉരിച്ച; 4. പറിച്ചെടുത്ത
നിഷ്കുഹം	നാ.	മരപ്പൊത്ത്
നിഷ്കൂജ	വി.	ശബ്ദമുണ്ടാക്കാത്ത
നിഷ്കൂട	വി.	കാപട്യമില്ലാത്ത
നിഷ്കൃത	വി.	1. നീക്കംചെയ്ത; 2. പ്രായശ്ചിത്തം ചെയ്ത; 3. മാപ്പുകൊടുക്കപ്പെട്ട; 4. അവഗണിക്കപ്പെട്ട
നിഷ്കൃതം	നാ.	1. പ്രായശ്ചിത്തം; 2. രോഗശമനം; 3. പൂർണവളർച്ച
നിഷ്കൃതി1	നാ.	1. മുറിക്കൽ; 2. കൊല; 3. ദുർന്നടപടി
നിഷ്കൃപ	വി.	കൃപയില്ലാത്ത, ക്രൂരമായ
നിഷ്കൃപം	അവ്യ.	ദയയില്ലാതെ, ക്രൂരമായി
നിഷ്കൃഷ്ട	വി.	1. വലിച്ചെടുക്കപ്പെട്ട; 2. സാരം ഊറ്റിഎടുക്കപ്പെട്ട; 3. നിഷ്കർഷിക്കപ്പെട്ട
നിഷ്കേശ	വി.	തലമുടിയില്ലാത്ത
നിഷ്കൈതവം	അവ്യ.	കളവില്ലാതെ, ആത്മാർഥമായി
നിഷ്കര(ണ)ം	നാ.	1. പുറത്തേക്കുള്ള പോക്ക്; 2. ജാതിയിൽനിന്നോ സമൂഹത്തിൽനിന്നോ പുറത്താകൽ; 3. ബുദ്ധി, ധാരണശക്തി
നിഷ്ക്രമിക്കുക	ക്രി.	പുറത്തുപോകുക, പുറപ്പെടുക
നിഷ്ക്രമ്യ	അവ്യ.	നിഷ്ക്രമിച്ചിട്ട്
നിഷ്ക്രയണം	നാ.	1. പ്രതിഫലം; 2. കൈമാറ്റം ചെയ്യൽ
നിഷ്ക്രയം	നാ.	1. കൂലി; 2. പണമോ വിലപ്പെട്ട വസ്തുക്കളോ കൊടുത്ത് വീണ്ടെടുക്കൽ; 3. വിലയ്ക്കു വാങ്ങൽ
നിഷ്ക്രാന്ത	വി.	1. നിഷ്ക്രമിച്ച; 2. പുറത്തു വന്ന
നിഷ്ക്രാമണം	നാ.	നിഷ്ക്രമിപ്പിക്കൽ
നിഷ്ക്രിയ	വി.	1. പ്രവർത്തിക്കാത്ത; 2. അലസതയുള്ള.
983
നിഷ്ക്രിയൻ	നാ.	1. ഈശ്വരൻ; 2. ആത്മാവ്; 3. മടിയൻ
നിഷ്ക്രീത	വി.	പ്രതിഫലം കൊടുത്തു മോചിപ്പിക്കപ്പെട്ട

നിഷ്ക്വാഥം നാ. തിളപ്പിച്ചുണ്ടാക്കിയത്
നിഷ്ടനം നാ. 1. നെടുവീർപ്പ്; 2. ഞരങ്ങൽ
നിഷ്ടപനം നാ. 1. കത്തിക്കൽ; 2. എരിച്ചോ ഉരുക്കിയോ ശുദ്ധിചെയ്യൽ
നിഷ്ടപ്തം നാ. 1. പാകം ചെയ്യത്; 2. ഉരുകിയത്
നിഷ്ടാനകം നാ. 1. അലർച്ച; 2. മുറുമുറുപ്പ്; 3. മർമരം
നിഷ്ടാപം നാ. നിഷ്ടപനം
നിഷ്ട്യ വി. 1. ബാഹ്യമായ; 2. വിദേശത്തുനിന്നു വന്ന; 3. അപരിചിതമായ
നിഷ്ട്യൻ നാ. വിദേശി, മ്ലേച്ഛരൻ
നിഷ്ഠ1 വി. 1. സ്ഥിതിചെയ്യുന്ന; 2. മുറുകെപിടിച്ചിരിക്കുന്ന; 3. പൂർണമായി വിശ്വസിക്കുന്ന
നിഷ്ഠ2 നാ. 1. സ്ഥാനം; 2. ദൃഢനിശ്ചയം; 3. ഉറച്ചവിശ്വാസം; 4. ശ്രദ്ധ; 5. മേന്മ; 6. നാശം; 7. മരണം
നിഷ്ഠൻ നാ. നിഷ്ഠയുള്ളവൻ
നിഷ്ഠാചതുഷ്ടയം നാ. ദൃഢനിശ്ചയത്തോടും ശ്രദ്ധയോടും അനുഷ്ഠിക്കേണ്ട നാലെണ്ണം (യജ്ഞം, ദാനം, അധ്യയനം, തപസ്സ്)
നിഷ്ഠാനം നാ. വ്യഞ്ജനങ്ങൾ ചേർത്തുണ്ടാക്കിയ ചാറ്, കുഴമ്പ്
നിഷ്ഠാന്തം നാ. 1. അവസാനം; 2. ഉറപ്പ്
നിഷ്ഠാവാൻ നാ. നിഷ്ഠയുള്ളവൻ
നിഷ്ഠിത വി. 1. സ്ഥിതിചെയ്യുന്ന; 2. സ്ഥിരതയുള്ള; 3. വൈദഗ്ധ്യമുള്ള; 4. തീർച്ചയായ
നിഷ്ഠീവനം നാ. 1. തുപ്പൽ; 2. ഉമിനീര്; 3. ഛർദി
നിഷ്ഠീവിതം നാ. തുപ്പൽ, തുപ്പിക്കളഞ്ഞത്
നിഷ്ഠൂര വി. 1. ക്രൂരമായ; 2. പരുക്കനായ
നിഷ്ഠൂരത,-ത്വം നാ. 1. ക്രൂരത; 2. കാഠിന്യം; 3. പാരുഷ്യം
നിഷ്ഠൂരം നാ. 1. പരുഷവാക്ക്; 2. ക്രൂരമായത്
നിഷ്ഠേവനം നാ. നിഷ്ഠീവനം, 1. തുപ്പൽ; 2. ഉമിനീര്; 3. ഛർദി
നിഷ്ഠ്യൂത വി. 1. തുപ്പിയ; 2. പുറന്തള്ളപ്പെട്ട; 3. അയയ്ക്കപ്പെട്ട
നിഷ്ഠ്യൂതം നാ. 1. തുപ്പൽ; 2. അശുദ്ധവസ്തു
നിഷ്ണ വി. 1. സാമർഥ്യമുള്ള; 2. അഭ്യാസപരിചയമുള്ള
നിഷ്ണാതൻ നാ. സമർഥൻ
നിഷ്പക്വ വി. 1. നല്ലപോലെ വെന്തു പാകമായ; 2. നല്ലവണ്ണം പഴുത്ത
നിഷ്പക്ഷ വി. 1. ഒരുവശത്തും ചേരാത്ത; 2. ചിറകില്ലാത്ത
നിഷ്പക്ഷപാത വി. പക്ഷപാതമില്ലാത്ത
നിഷ്പക്ഷപാതിത്വം നാ. പക്ഷപാതമില്ലയ്മ
നിഷ്പങ്ക വി. 1. ചെളിയില്ലാത്ത; 2. പാപമില്ലാത്ത
നിഷ്പഞ്ചകം നാ. യാത്രതിരിക്കുമ്പോൾ ഫലമറിയാനുള്ള ഒരു കർമം
നിഷ്പതനം നാ. പുറത്തേക്കു ശക്തിയായി പതിക്കൽ, പുറത്താകൽ

നിഷ്പതിസൂത നാ. ഭർത്താവും പുത്രനും ഇല്ലാത്തവൾ
നിഷ്പത്തി നാ. 1. ജനനം; 2. പരിപാകം; 3. ഒരു പദം എങ്ങനെ ഉണ്ടായി എന്നത്
നിഷ്പത്ര വി. 1. ഇലയില്ലാത്ത; 2. ചിറകില്ലാത്ത
നിഷ്പദ വി. കാലില്ലാത്ത
നിഷ്പദയാനം നാ. കാലില്ലാത്തവാഹനം
നിഷ്പദി നാ. കുടപ്പായൽ
നിഷ്പന്ദ വി. ഇളക്കമില്ലാത്ത, ചലനമില്ലാത്ത
നിഷ്പന്ന വി. 1. ഉണ്ടായ; 2. സാധിച്ച; 3. തയാറായ
നിഷ്പരിഗ്രഹ വി. 1. ഒന്നും സ്വീകരിക്കാത്ത; 2. വിരക്തിയുള്ള
നിഷ്പരിച്ഛദ വി. 1. പരിവാരങ്ങളില്ലാത്ത; 2. വസ്ത്രം തുടങ്ങിയവ അണിയാത്ത; 3. സമ്പത്തില്ലാത്ത
നിഷ്പരിഹാര വി. 1. പരിഹരിക്കാത്ത; 2. പരിഹാരമില്ലാത്ത
നിഷ്പര്യന്ത വി. അതിരില്ലാത്ത, അവസാനമില്ലാത്ത
നിഷ്പര്യായ വി. 1. ക്രമമില്ലാത്ത; 2. തുല്യതയില്ലാത്ത
നിഷ്പവനം നാ. ചേറൽ
നിഷ്പാദക വി. 1. ബാധിക്കുന്ന; 2. സമ്പാദിക്കുന്ന
നിഷ്പാദനം നാ. ഉത്പാദനം
നിഷ്പാദിക്കുക ക്രി. 1. സാധിക്കുക; 2. ഉത്പാദിപ്പിക്കുക
നിഷ്പാദിത വി. നിഷ്പാദിക്കപ്പെട്ട
നിഷ്പാദിപ്പിക്കുക ക്രി. 1. നിഷ്പാദനംചെയ്യുക; 2. പാദത്തിനു ധാതുവായുള്ള ബന്ധം വിവരിക്കുക
നിഷ്പാപ വി. പാപമില്ലാത്ത
നിഷ്പാര വി. മറുകരയില്ലാത്ത
നിഷ്പാവം നാ. 1. പാറ്റൽ; 2. പതിരുകളയാൻവേണ്ടി മുറം വീശുമ്പോഴുണ്ടാകുന്ന കാറ്റ്; 3. ചെറിയ അമരം; 4. വലിയ ഉഴുന്ന്
നിഷ്പാവിത വി. വീശി പതിരുകളഞ്ഞ ധാന്യം
നിഷ്പിഷ്ട വി. അരയ്ക്കപ്പെട്ട, പൊടിക്കപ്പെട്ട
നിഷ്പീഡനം നാ. പിഴിയൽ, ഞെരിക്കൽ
നിഷ്പുത്ര വി. 1. പുത്രനില്ലാത്ത; 2. സന്തതിയില്ലാത്ത
നിഷ്പുരുഷ വി. 1. ആൾപ്പാർപ്പില്ലാത്ത; 2. ആൺമക്കളില്ലാത്ത; 3. ആണും പെണ്ണുമല്ലാത്ത
നിഷ്പുരുഷൻ നാ. 1. ഷണ്ഡൻ; 2. ഭീരു
നിഷ്പേഷണം നാ. 1. പൊടിക്കല്ല്; 2. ഞെരിക്കൽ, പിഴിയൽ
നിഷ്പൗരുഷ വി. പൗരുഷമില്ലാത്ത, ആണത്വമില്ലാത്ത
നിഷ്പ്രകമ്പ വി ഇളക്കമില്ലാത്ത, ചലനമില്ലാത്ത
നിഷ്പ്രചാര വി. 1. ചരിക്കാത്ത; 2. ഏകാഗ്രതയോടെ ഉറച്ച മനസ്സെന്നപോലെ; 3. പ്രചാരമില്ലാത്ത
നിഷ്പ്രതാപ വി. പ്രതാപമില്ലാത്ത
നിഷ്പ്രത്യൂഹ വി. 1. വിഘ്നമില്ലാത്ത; 2. തിരുത്താനാകാത്ത

നിഷ്പ്രപഞ്ച വി. 1. പ്രപഞ്ചാതീതമായ; 2. പരപ്പില്ലാത്ത; 3. ചതിയില്ലാത്ത; 4. പരിശുദ്ധമായ; 5. ആത്മാർഥതയുള്ള

നിഷ്പ്രഭ വി. 1. ശോഭയില്ലാത്ത; 2. ശക്തിയില്ലാത്ത

നിഷ്പ്രയോജന വി. 1. പ്രയോജനമില്ലാത്ത; 2. അനാവശ്യമായ

നിഷ്പ്രാണ വി. 1. പ്രാണനില്ലാത്ത; 2. മരിച്ച; 3. ക്ഷീണിച്ച

നിഷ്ഫല1 വി. 1. കായ്ക്കാത്ത; 2. പ്രയോജനമില്ലാത്ത; 3. കാര്യസിദ്ധിയിൽ എത്തിച്ചേരാത്ത; 4. പ്രത്യുത്പാദനശക്തിയില്ലാത്ത; 5. അർഥമില്ലാത്ത

നിഷ്ഫല2 നാ. 1. വന്ധ്യ; 2. പ്രസവിക്കാനുള്ള പ്രായം കഴിഞ്ഞ സ്ത്രീ; 3. മച്ചിപ്പശു

നിഷ്യന്ദം നാ. 1. ഒലിക്കൽ; 2. സ്രവിക്കൽ; 3. കറ

നിഷ്യന്ദി നാ. ഒലിക്കുന്നത്, സ്രവിക്കുന്നത്

നിസർഗ വി. സൃഷ്ടിയിൽത്തന്നെയുള്ള

നിസർഗജ വി. സ്വാഭാവികമായ, ജന്മനായുള്ള

നിസർഗം നാ. 1. സൃഷ്ടി; 2. സ്വഭാവം; 3. ദാനം; 4. ത്യാഗം; 5. മലവിസർജനം; 6. പരസ്പരം കൈമാറൽ

നിസർജിക്കുക ക്രി. 1. മോചിപ്പിക്കുക; 2. കൊടുക്കുക

നിസ്സാം [അറ.] നാ. 1. ഭരണാധികാരി; 2. ഹൈദ്രബാദ് ഭരിച്ചിരുന്ന മുസ്ലിം രാജാക്കന്മാരുടെ ബിരുദനാമം

നിസുംഭ വി. കൊല്ലുന്ന

നിസുംഭൻ നാ. കൊലയാളി

നിസുംഭനം നാ. കൊല, വധം

നിസുദനം നാ. കൊല, വധം

നിസൃത വി. ഒഴുകിയ

നിസൃതം നാ. 1. ഒഴുകിയത്; 2. കരിമ്പ്

നിസൃതി നാ. ഒഴുക്ക്, പ്രവാഹം

നിസൃഷ്ട വി. 1. പുറന്തള്ളപ്പെട്ട; 2. താഴെ പതിപ്പിച്ച; 3. അനുവദിക്കപ്പെട്ട; 4. കത്തിച്ച

നിസൃഷ്ടാർഥ വി. ചുമതല ഏൽപ്പിക്കപ്പെട്ട

നിസൃഷ്ടാർഥദുതി നാ. നായികാനായകന്മാരുടെ ആഗ്രഹം അറിഞ്ഞു സ്വന്തം യുക്തികൊണ്ട് അവരെ തമ്മിൽ ഘടിപ്പിക്കുന്നവൾ

നിസ്കരിക്കുക ക്രി. = നമസ്കരിക്കുക

നിസ്തത്ത്വൻ നാ. ഈശ്വരൻ

നിസ്തന്ദ്ര വി. അലസതയില്ലാത്ത, മയക്കമില്ലാത്ത

നിസ്തന്ദ്രം അവ്യ. മടിയില്ലാതെ

നിസ്തർക്കം അവ്യ. സംശയമില്ലാതെ

നിസ്തല വി. 1. പരന്നതല്ലാത്ത; 2. സ്ഥിരതയില്ലാത്ത, വിറയ്ക്കുന്ന

നിസ്താരക വി. 1. കടത്തുന്ന; 2. മോടിപിടിപ്പിക്കുന്ന; 3. രക്ഷിക്കുന്ന

നിസ്താരണം നാ. 1. കടക്കൽ, കടത്തൽ; 2. മോചനം

നിസ്താരം നാ. 1. മോചനം; 2. തരണംചെയ്യൽ; 3. ഉപായം

നിസ്തിമിര	വി.	ഇരുട്ടില്ലാത്ത
നിസ്തീർണ	വി.	1. മോചിപ്പിക്കപ്പെട്ട; 2. തരണംചെയ്ത
നിസ്തുല, -തുല്യ	വി.	തുല്യതയില്ലാത്ത
നിസ്തുഷ	വി.	1. ഉമിയില്ലാത്ത; 2. പതിരില്ലാത്ത; 3. ശുദ്ധമായ
നിസ്തുഷരത്നം	നാ.	സ്ഫടികം
നിസ്തുഷിത	വി.	1. ഉമികളഞ്ഞ; 2. ത്യജിക്കപ്പെട്ട; 3. ലഘൂകരിക്കപ്പെട്ട
നിസ്തേജൻ	നാ.	തേജസ്സില്ലാത്തവൻ, ജളൻ
നിസ്തോദം	നാ.	കുത്തൽ, കുത്തിമുറിക്കൽ
നിസ്ത്രപ	വി.	ലജ്ജയില്ലാത്ത
നിസ്ത്രിംശ1	വി.	ദയയില്ലാത്ത; 2. ദുഷ്ടതയുള്ള
നിസ്ത്രിംശ2	വി.	മുപ്പതിൽ അധികമുള്ള
നിസ്ത്രിംശം	നാ.	1. വാള്; 2. ദുഷ്ടമായത്; 3. ക്രൂരമായത്
നിസ്ത്രൈഗുണ്യ	വി.	സത്ത്വം രജസ്സ് തമസ്സ് എന്നീ ത്രിഗുണങ്ങളില്ലാത്ത
നിസ്നാവം	നാ.	വിൽപനകഴിഞ്ഞു മിച്ചമുള്ള ചരക്ക്
നിസ്നേഹ	വി.	1. സ്നേഹമില്ലാത്ത; 2. എണ്ണയില്ലാത്ത
നിസ്പൃഹ	വി.	ആഗ്രഹമില്ലാത്ത
നിസ്യന്ദനം	നാ.	1. പനച്ചി; 2. ഒലിക്കൽ; 3. ഊറൽ
നിസ്യന്ദി	വി.	ഒഴുകുന്ന, ഒലിക്കുന്ന
നിസ്രവം	നാ.	1. ഒഴുക്ക്; 2. ഊറ്റ്; 3. വാർത്തകഞ്ഞി
നിസ്രവിക്കുക	ക്രി.	1. ഒഴുകുക; 2. ഊരുക
നിസ്വ	വി.	സ്വത്തില്ലാത്ത
നിസ്വത	നാ.	സ്വത്തില്ലായ്മ, ദാരിദ്ര്യം
നിസ്വൻ	നാ.	സ്വത്തില്ലാത്തവൻ
നിസ്വന	വി.	ശബ്ദമില്ലാത്ത
നിസ്വനം	അവ്യ.	ശബ്ദമില്ലാതെ
നിസ്സങ്കോചം	അവ്യ.	മടികൂടാതെ
നിസ്സങ്ഖ്യ	വി.	എണ്ണിത്തീർക്കാനാകാത്ത
നിസ്സങ്ഗ	വി.	1. ചേരാത്ത; 2. വിരക്ത
നിസ്സങ്ഗത്വം	നാ.	സങ്ഗമില്ലായ്മ
നിസ്സഞ്ചാര	വി.	1. സഞ്ചരിക്കാത്ത; 2. വീടുവിട്ടു പുറത്തുപോകാത്ത
നിസ്സത്ത്വ	വി.	1. നിസ്സാരമായ; 2. ശക്തിയില്ലാത്ത; 3. ഉത്സാഹമില്ലാത്ത; 4. പൗരുഷമില്ലാത്ത
നിസ്സന്തതി	വി.	സന്തതിയില്ലാത്ത, അന്യംനിന്ന
നിസ്സന്ദേഹ	വി.	സംശയമില്ലാത്ത
നിസ്സന്ദേഹം	അവ്യ.	സംശയമില്ലാതെ
നിസ്സപത്ന	വി.	1. ശത്രുവില്ലാത്ത; 2. മറ്റാർക്കും അവകാശമില്ലാത്ത
നിസ്സംജ്ഞ	വി.	ബോധമില്ലാത്ത

നിസ്സംബന്ധ വി. 1. സംബന്ധമില്ലാത്ത; 2. സന്ദർഭത്തിനു
ചേരാത്ത
നിസ്സംഭ്രമ വി. സംഭ്രമമില്ലാത്ത
നിസ്സംശയ വി. സംശയമില്ലാത്ത
നിസ്സംശയം അവ്യ. സംശയമില്ലാതെ
നിസ്സരണം നാ. 1. പുറത്തേയ്ക്കുള്ള ഒഴുക്ക്; 2.
പുറത്തുപോകൽ; 3. പൂമുഖം
നിസ്സരിക്കുക ക്രി. 1. ഒഴുകുക; 2. പുറത്തുപോകുക
നിസ്സഹ വി. 1. സഹിക്കാനാകാത്ത; 2. ദുർബലമായ,
ക്ഷീണിച്ച.
985
നിസ്സഹകരണം നാ. 1. സഹകരിക്കാതിരിക്കൽ; 2. സഹകരിക്കാൻ
വിസ്സമ്മതിക്കൽ
നിസ്സഹകരിക്കുക ക്രി. സഹകരിക്കാതിരിക്കുക
നിസ്സഹായ വി. 1. സഹായമില്ലാത്ത; 2. ആശ്രയമില്ലാത്ത; 3.
കെൽപ്പില്ലാത്ത
നിസ്സഹായത നാ. 1. സഹായമില്ലാത്ത സ്ഥിതി; 2. അവശത
നിസ്സാര വി. 1. ഉപയോഗമില്ലാത്ത; 2. വിലപിടിപ്പില്ലാത്ത; 3.
കാതലില്ലാത്ത; 4. ചാറില്ലാത്ത
നിസ്സാരം നാ. 1. സാരമില്ലാത്തത്; 2. ശഖോടവൃക്ഷം; 3. കൂട്ടം;
4. താളം
നിസ്സീമ വി. 1. അതിരില്ലാത്ത; 2. അളവില്ലാത്ത; 3.
ശ്രേഷ്ഠമായ
നിസ്സ്വൻ നാ. = നിസ്വൻ
നിഹത വി. 1. കൊല്ലപ്പെട്ട; 2. മുറിവേൽപ്പിക്കപ്പെട്ട; 3.
നശിപ്പിക്കപ്പെട്ട
നിഹനനം നാ. 1. കൊല; 2. അടി, ആഘാതം
നിഹനിക്കുക ക്രി. 1. അടിക്കുക; 2. കൊല്ലുക; 3. നശിപ്പിക്കുക
നിഹന്താവ് നാ. 1. അടിക്കുന്നവൻ; 2. നശിപ്പിക്കുന്നവൻ
നിഹവം നാ. വിളിച്ചുവരുത്തൽ, വിളി
നി വം നാ. 1. മറയ്ക്കൽ; 2. നിഷേധിക്കൽ; 3. കള്ളം, ചതി;
4. അവിശ്വാസം
നി വാദി നാ. കളവായോ വളച്ചുകെട്ടിയോ മൊഴികൊടുക്കുന്ന
സാക്ഷിയോ പ്രതിയോ
നി ുത വി. 1. ബോധപൂർവം മറയ്ക്കപ്പെട്ട; 2.
നിഷേധിക്കപ്പെട്ട; 3. സത്യത്തെ നിഷേധിക്കുന്ന
നി ുതി നാ. 1. രഹസ്യം; 2. സത്യം മറയ്ക്കൽ
നിഹ്രാദം നാ. ശബ്ദം, ഒച്ച
നിഹ്രാദി നാ. ശബ്ദിക്കുന്ന, ഗർജിക്കുന്ന

നിഴൽ നാ. 1. പ്രതിബിംബം; 2. തണൽ; 3. ആശ്രയം; 4. സാദൃശ്യം; 5. സംഭവിക്കുവാൻ പോകുന്നതിനെക്കുറിച്ചുള്ള സൂചന; 6. കളങ്കം. (പ്ര) നിഴലാടുക = പ്രതിബിംബിക്കുക

നിഴൽക്കൂത്ത് നാ. ഒരു മാരണകർമം

നിഴൽക്കൂട്ടം നാ. ഗ്രാമസഭ

നിഴൽഭണ്ഡാരം നാ. രാജഭണ്ഡാരം

നിഴലാട്ടം നാ. 1. മങ്ങിയ പ്രതിച്ഛായ; 2. സംഭവിക്കാൻപോകുന്നതിൻെറ സൂചന

നിഴലി നാ. 1. പ്രകാശം; 2. നീതി; 3. രോഗം

നിഴലിക്കുക ക്രി. 1. പ്രതിബിംബിക്കുക; 2. മങ്ങിക്കാണുക; 3. തണൽകൊടുക്കുക

നിഴലിടുക ക്രി. = നിഴലിക്കുക

നിഴലുണക്ക് നാ. വെയിൽ തട്ടാതെ ഉണക്കൽ

നിഴറ്റുക ക്രി. 1. നിഴലിപ്പിക്കുക; 2. കൊഞ്ചിപ്പറയുക

നിറ1 നാ. 1. നിറഞ്ഞിരിക്കുന്ന സ്ഥിതി; 2. നിറയ്ക്കൽ; 3. കൊയ്ത്തുകഴിഞ്ഞ് ആചരിക്കുന്ന ഒരു ചടങ്ങ്; 4. ഭാരം അളക്കാനുള്ള ഒരു തോത്; 5. ത്രാസ്സ്; 6. തുലാം രാശി

നിറ2 വി. നിറഞ്ഞ, തികഞ്ഞ

നിറകതിർ നാ. കൊയ്ത്തുകഴിഞ്ഞ് നിറ എന്ന ചടങ്ങിൽ വീട്ടിൻെറ മുൻവശത്തോ അമ്പലത്തിലോ കെട്ടിത്തൂക്കുന്ന നെൽക്കതിർ

നിറകുടം നാ. 1. വെള്ളം നിറച്ച കുടം; 2. വെള്ളം നിറച്ചു മന്ത്രപൂരിതമാക്കിയ കുടം; വിദ്വാൻ, ജ്ഞാനി. നിറകുടം തുളുമ്പില്ല (പഴ)

നിറകോൽ നാ. ത്രാസ്സ്

നിറക്കുക ക്രി. 1. ശോഭിക്കുക; 2. ഐശ്വര്യസമൃദ്ധമാകുക

നിറക്കൂട്ട് നാ. ചായക്കൂട്ട്

നിറക്കേട് നാ. 1. നിറത്തിനുണ്ടാകുന്ന പ്രകാശമില്ലായ്മ; 2. ദുരിതം

നിറച്ചളക്കുക ക്രി. അളവുപാത്രം നേരെവച്ച് അതിൽ ധാന്യം കൂമ്പാരം കൂട്ടി അളക്കുക

നിറതിങ്കൾ നാ. പൂർണചന്ദ്രൻ

നിറതോക്ക് നാ. ഉണ്ടയും മരുന്നും നിറച്ച തോക്ക്

നിറനാഴി നാ. നെല്ലോ അരിയോ കൂമ്പാരമായി നിറച്ച നാഴി

നിറപടി നാ. 1. ശ്രേഷ്ഠത, മികവ്; 2. പൂർണത, തികവ്

നിറപറ നാ. 1. നെല്ലോ അരിയോ കൂമ്പാരമായി നിറച്ച പറ; 2. ജന്മിക്കു കുടിയാനവൻ ആണ്ടുതോറും കൊടുത്തിരുന്ന ഒരു കാഴ്ച

നിറപ്പകിട്ട് നാ. നിറംകൊണ്ടുള്ള ശോഭ

നിറപ്പ് [<നിറയ്ക്കുക] നാ. നിറയ്ക്കൽ

നിറപ്പെടുക1 ക്രി. 1. നിറമുള്ളതാകുക; 2. ആകർഷണീയമാകുക

നിറപ്പെടുക2 ക്രി. 1. നിറയുക; 2. നിറഞ്ഞതുമൂലം തൃപ്തമാകുക

നിറപ്പൊലിമ നാ. വർണഭങ്ഗികൊണ്ടുള്ള ആകർഷകത്വം

നിറം നാ. 1. വർണം; 2. നിറം പിടിപ്പിക്കാനുപയോഗിക്കുന്ന വസ്തു; 3. ശോഭ; 4. ഗുണം, മേന്മ; 5. സ്വരഭേദം. (പ്ര) തനിനിറം = യഥാർഥസ്വഭാവം

നിറമതി നാ. 1. പൂർണചന്ദ്രൻ; 2. പൂർണമായ ജ്ഞാനം

നിറമാല നാ. ദേവീക്ഷേത്രങ്ങളിലെ ഒരു വഴിപാട്

നിറയ അവ്യ. = നിറയെ

നിറയുക ക്രി. 1. കൂടുതൽ ഉൾക്കൊള്ളാനാകാത്തവിധം പൂർണമാകുക; 2. മതിയാകുക, തൃപ്തിയാകുക

നിറയുകാരം നാ. 'ഉ' എന്ന സ്വരം

നിറയെ അവ്യ. നിറയത്തക്കവണ്ണം

നിറയൊഴിക്കുക ക്രി. തോക്കിലെ വെടിപൊട്ടിക്കുക

നിറയ്ക്കുക ക്രി. 1. നിറയത്തക്കവണ്ണം ചെയ്യുക; 2. തോക്കിന്റെ കുഴലിൽ ഉണ്ടയും മരുന്നുമിട്ടു വെടിവയ്ക്കാൻ സജ്ജമാക്കുക

നിറവയറ് നാ. 1. നിറഞ്ഞ വയറ്; 2. പൂർണ ഗർഭം

നിറവ് നാ. 1. നിറഞ്ഞിരിക്കുന്ന സ്ഥിതി; 2. പൂർണത; 3. തൃപ്തി

നിറവുക1 ക്രി. ശോഭിക്കുക

നിറവുക2 ക്രി. നിറവുണ്ടാകുക

നിറവേറുക ക്രി. സാധിക്കുക, പൂർത്തിയാകുക

നിറവേറ്റുക [നിറവേറുക>പ്ര] ക്രി. പൂർത്തിയാക്കുക

നിറുക നാ. = നെറുക

നിറുക്കുക ക്രി. 1. ഭാരം നിർണയിക്കുക; 2. തീരുമാനിക്കുക; 3. ഉണ്ടാകുക

നിറുത്തൽ [നിറുത്തുക] നാമരൂപം

നിറുത്തുക ക്രി. 1. ചലിക്കാതാക്കുക; 2. നാട്ടുക; 3. അവസാനിപ്പിക്കുക; 4. തത്കാലത്തേക്കു മുടക്കുക; 5. ഒഴുകാതാക്കുക; 6. മനസ്സ് എന്തിലെങ്കിലും ഉറപ്പിക്കുക; 7. ത്രാസ്സിൽവച്ചു തൂക്കുക

നിറുവുക ക്രി. 1. വഴിമധ്യത്തിൽ നിൽക്കുക; 2. നേർവഴി നടക്കുക

നീ മധ്യമപുരുഷ ഏകവചനസർവനാമം

നീക നാ. കൃഷിക്കു വെള്ളം കൊണ്ടുപോകാനുള്ള ചാൽ

നീകം നാ. 1. തവള; 2. മേഘം

നീകാശ വി. തുല്യമായ, സാമ്യമുള്ള

നീകാശം നാ. തുല്യത, സാമ്യം

നീക്കത്തൂക്കം നാ. മാറ്റം, വ്യത്യാസം

നീക്കം നാ. 1. ചലനം; 2. ഒരു വസ്തുവിനെ അതിരിക്കുന്നിടത്തുനിന്നു മറ്റൊരിടത്തേക്കു മാറ്റൽ; 3. സംരംഭം, തുടക്കം; 4. സമൂഹത്തിനുണ്ടാകുന്ന പരിവർത്തനം

നീക്കൽ നാ. 1. ചലിപ്പിക്കൽ; 2. പ്രവർത്തിപ്പിക്കൽ

നീക്കി [നീക്കുക] ഭൂ. രൂപം

നീക്കിബാക്കി നാ. ചെലവുകഴിച്ചതോ ചെലവുകൾക്കായി മാറ്റിവച്ചതോ കഴിഞ്ഞു മിച്ചമുള്ളത്

നീക്കിയിരിപ്പ് നാ. ചെലവുകഴിഞ്ഞു മിച്ചമുള്ളത്
നീക്ക് നാ. നീക്കൽ, മാറ്റൽ
നീക്കുക ക്രി. 1. തള്ളിയോ വലിച്ചോ മറ്റുതരത്തിൽ ശക്തി ഉപയോഗിച്ചോ ചലിപ്പിക്കുക; 2. ഒഴിവാക്കുക; 3. കിഴിക്കുക, കുറയ്ക്കുക
നീക്കുപോക്ക് നാ. 1. ഒഴികഴിവ്; 2. മര്യാദ; 3. സഹായം
നീക്ഷണം നാ. 1. അടുപ്പിൽ വേകുന്ന സാധനങ്ങൾ ഇളക്കാൻ ഉപയോഗിക്കുന്ന വടി; 2. നീണ്ടപിടിയുള്ള തവി
നീഗ്രോ [ഇം.] നാ. ഒരു ജനവർഗം
നീങ്ങൽ [<നീങ്ങുക] നാ. ചലനം, മാറ്റം, ഒരിടത്തുനിന്നു മറ്റൊരിടത്തേക്കുള്ള ഗതി
നീങ്ങുക ക്രി. 1. ഒരിടത്തുനിന്നു മറ്റൊരിടത്തേക്കു മാറുക; 2. പോകുക; 3. ഒഴിയുക; 4. അകലുക, ദൂരെയാകുക; 5. മരിക്കുക
നീച1 വി. 1. താണ; 2. ചെറിയ; 3. നിന്ദ്യമായ; 4. ഹീനമായ; 5. ഉപയോഗിക്കാൻ കൊള്ളാത്ത
നീച2 നാ. 1. നിന്ദ്യയായ സ്ത്രീ; 2. ദുഷ്ട; 3. ഉത്തമലക്ഷണങ്ങളുള്ള പശു
നീചക1 വി. 1. താണ, പൊക്കം കുറഞ്ഞ; 2. മന്ദസ്ഥായിയിലുള്ള; 3. നീചമായ; 4. മോശപ്പെട്ട
നീചക2 നാ. നല്ലഗുണങ്ങളുള്ള പശു
നീചഗ1 വി. 1. കീഴോട്ടുപോകുന്ന; 2. നിന്ദ്യമായ; 3. മോശപ്പെട്ട
നീചഗ2 നാ. നദി (താഴത്തേക്ക് ഒഴുകുന്നതിനാൽ)
നീചഗം നാ. വെള്ളം
നീചഗാമിൻ നാ. 1. താഴോട്ടുപോകുന്നവൻ; 2. അധഃപതിക്കുന്നവൻ; 3. നീചസ്ത്രീയെ പ്രാപിക്കുന്നവൻ
നീചഗ്രഹം നാ. 1. പാപഗ്രഹം; 2. നീചരാശിയിൽ നിൽക്കുന്ന ഗ്രഹം
നീചത,-ത്വം നാ. 1. താഴ്ന്നസ്ഥിതി; 2. ഹീനമായ മനോഭാവം; 3. ദുഷ്ടത
നീചൻ നാ. 1. താണവൻ; 2. ദുഷ്ടൻ; 3. അറിവുകുറഞ്ഞവൻ
നീചപഥം വി. 1. താഴോട്ടു ചരിവുള്ള വഴി; 2. നിന്ദ്യമായ പെരുമാറ്റം
നീചഭോജ്യം നാ. 1. മോശപ്പെട്ട ആഹാരസാധനം; 2. വലിയ വെള്ളുള്ളി; 3. ചെമന്നുള്ളി
നീചം നാ. 1. മോശപ്പെട്ടത്; 2. നിന്ദ്യമായത്; 3. ദുഷ്ടമായത്; 4. കുറിയത്; 5. ഗ്രഹങ്ങളുടെ നീചസ്ഥാനം. 6. അടവിക്കച്ചോലം
നീചയോനി നാ. 1. നീചകുലത്തിൽ പിറന്ന വ്യക്തി; 2. നിന്ദ്യമായ ഉത്പത്തിസ്ഥാനം ഉള്ളത്
നീചരത വി. നീചവൃത്തിയിൽ താത്പര്യമുള്ള, മോശമായ ചിന്തയും പ്രവൃത്തിയുമുള്ള

നീചരതം നാ. ചേർച്ചയില്ലാത്ത സ്ത്രീപുരുഷന്മാർതമ്മിലുള്ള സംഭോഗം
നീചരാശി നാ. ഉച്ചരാശിയുടെ ഏഴാംരാശി
നീചവാഹനം നാ. കഴുത
നീചവൃത്തി നാ. 1. മോശപ്പെട്ട പെരുമാറ്റം; 2. നിന്ദ്യമായ പ്രവർത്തനംകൊണ്ട് ഉപജീവനം നടത്തൽ; 3. ദുഷ്ടത
നീചികരിക്കുക ക്രി. 1. താഴ്ന്ന നിലയിലാക്കുക; 2. ശബ്ദം താഴ്ത്തി ഉച്ചരിക്കുക
നീടാർന്ന വി. നീളമുള്ള
നീടിയ വി. നീണ്ട
നീടുക ക്രി. നീളുക
നീടുറ്റ വി. നീളമുള്ള
നീടെഴും വി. 1. നീളമുള്ള; 2. വിസ്താരമുള്ള; 3. വലിയ
നീട്ടം നാ. 1. നീട്ടൽ; 2. നീളം; 3. ദാനം
നീട്ടൽ നാ. 1. നീളമുള്ളതാക്കൽ; 2. ചുരുളോ മടക്കോ നിവർക്കൽ; 3. തളർച്ച
നീട്ടിക്കെട്ട് നാ. 1. പുരയുടെ ഏതെങ്കിലും വശത്ത് അതിനോടുചേർത്തു മുറിയോ വരാന്തയോ പണിയുക; 3. ഏച്ചുകെട്ടൽ
നീട്ട് നാ. 1. തിരുവിതാംകൂർ രാജാവിൻെറ ഉത്തരവ്; 2. ഏണി; 3. കൈ നീട്ടി ആയുധം പ്രയോഗിക്കൽ; 4. അടി, ഇടി
നീട്ടുക [നീളുക>പ്ര] ക്രി. 1. നീളുക; 2. ഏതെങ്കിലും കൊടുക്കാനോ വാങ്ങാനോ വേണ്ടി കൈ മുന്നോട്ടാക്കുക; 3. കൈനീട്ടി അടിക്കുകയോ ഇടിക്കുകയോ ആയുധം പ്രയോഗിക്കുകയോ ചെയ്യുക. (പ്ര) നീട്ടിക്കൊടുക്കുക = കാലാവധി ദീർഘിപ്പിക്കുക. ഇരുന്നിട്ടേ കാലുനീട്ടാവു (പഴ)
നീഡകം നാ. 1. പക്ഷി; 2. പക്ഷിക്കൂട്
നീഡജം നാ. പക്ഷി
നീഡം നാ. 1. പക്ഷിക്കൂട്; 2. മൃഗങ്ങൾ കിടക്കുന്ന ഗുഹ; 3. ഇടം; 4. കിടക്ക; 5. വണ്ടിയുടെ ഉള്ളിൽ ഇരിക്കാനുള്ള സ്ഥലം
നീൺ വി. നീളമുള്ള
നീണകം നാ. നീണ്ട നഖം
നീണയന [മ.നീൾ-സം.നയനാ] നാ. നീണ്ടകണ്ണുള്ളവൾ, സുന്ദരി
നീണാൾ നാ. വളരെക്കാലം
നീണ്മുടി നാ. 1. നീണ്ടമുടി; 2. രാജാവ്
നീണ്മൊഴി നാ. 1. ശപഥം; 2. നീണ്ട മൊഴി
നീതൻ നാ. 1. നയിക്കപ്പെട്ടത്; 2. വിനയമുള്ളവൻ; 3. ന്യായനിഷ്ഠയുള്ളവൻ
നീതം നാ. 1. നയിക്കപ്പെട്ടത്; 2. ധ്യാനം; 3. സമ്പത്ത്
നീതി നാ. 1. സദാചാരമോ യുക്തിപൂർവമോ ന്യായയുക്തമോ ആയ പെരുമാറ്റം; 2. മര്യാദ, നാട്ടുനടപ്പ്; 3. രാജ്യതന്ത്രം; 4. നിയമം; 5. അന്യരെ തൻെറ വശത്താക്കി പ്രവർത്തിക്കാനുള്ള സാമർഥ്യം. നീതിയറ്റ നാട്ടിൽ നിറമഴ പെയ്യുകയില്ല (പഴ)

നീതികഥ നാ. സദാചാരപരമോ രാജതന്ത്രപരമോ ആയ ഗുണപാഠങ്ങൾ ഉൾക്കൊള്ളുന്ന കഥ
നീതികേട് നാ. നീതിക്കു നിരക്കായ്മ, മര്യാദകേട്
നീതികുശല വി. 1. നിയമം അറിയാവുന്ന; 2. ന്യായപൂർവം പെരുമാറാനറിയാവുന്ന; 3. രാജ്യതന്ത്രജ്ഞതയുള്ള; 4. നീതിബോധമുള്ള
നീതിജ്ഞ വി. = നീതികുശല
നീതിതന്ത്രം നാ. 1. രാഷ്ട്രമീമാംസ; 2. നിയമം; 3. ധർമം; 4. ആചാരക്രമം; 5. നയതന്ത്രം
നീതിനടത്തുക ക്രി. 1. നിയമവാഴ്ച സ്ഥാപിക്കുക; 2. ന്യായം നടത്തുക; 3. വ്യവഹാരങ്ങളിൽ വിധി കൽപിക്കുക
നീതിനിപുണ വി. = നീതികുശല.
987
നീതിന്യായക്കോടതി നാ. വ്യവഹാരങ്ങളിൽ നിയമപരമായ തീർപ്പുകൽപിക്കുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള സ്ഥാപനം
നീതിന്യായം നാ. 1. നീതിപൂർവമായി നിയമം നടപ്പിലാക്കൽ; 2. കോടതിപോലെയുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം
നീതിപതി നാ. ജഡ്ജി, വ്യവഹാരങ്ങളിൽ തീർപ്പ് കൽപിക്കാൻ അധികാരപ്പെടുത്തിയിട്ടുള്ള നിയമജ്ഞൻ
നീതിപാലകൻ നാ. നിയമവും നീതിയും നടപ്പിലാക്കാൻ ചുമതലപ്പെട്ട അധികാരി
നീതിപാലനം നാ. നിയമം നടപ്പിലാക്കൽ, ന്യായം നടപ്പിലാക്കൽ
നീതിപീഠം നാ. കോടതി
നീതിമാൻ നാ. 1. നീതിപൂർവം പ്രവർത്തിക്കുന്നവൻ; 2. നീതിനിഷ്ഠയുള്ളവൻ; 3. സദാചാരനിഷ്ഠയുള്ളവൻ
നീതിയുക്ത വി. 1. നീതിനടപ്പിലാക്കാൻ ബാധ്യതയുള്ള; 2. ഭരണച്ചുമതലയുള്ള; 3. നിയമപ്രകാരമുള്ള, ന്യായമായ
നീതിവാക്യം നാ. 1. ധർമനിയമങ്ങൾ സ്ഥാപിക്കുന്ന വാക്യം; 2. ഉപദേശമോ അനുനയമോ ഉൾക്കൊള്ളുന്ന വാക്യം
നീതിവാദം നാ. ന്യായവാദം, തെറ്റും ശരിയും വേർതിരിച്ചു നിയമപരമോ നീതിയുക്തമോ ആയവ ചൂണ്ടിക്കാണിക്കുന്ന വാദം
നീതിവിദ്യ നാ. 1. ധർമശാസ്ത്രം; 2. രാഷ്ട്രമീമാംസ
നീതിശാസ്ത്രം നാ. സമൂഹത്തിൻെറ ഭദ്രതയ്ക്കും വ്യ്ക്തിക്കു ന്യായം ലഭിക്കുന്നതിനും വേണ്ട പെരുമാറ്റച്ചട്ടങ്ങൾ വിവരിക്കുന്ന ശാസ്ത്രം
നീതിസാരം നാ. 1. നിയമങ്ങളുടെയും ധർമശാസ്ത്രങ്ങളുടെയും പ്രധാനമായ അംശം; 2. സൂക്തങ്ങൾ സമാഹരിച്ചിട്ടുള്ള ഒരു ഗ്രന്ഥം
നീതീകരണം നാ. 1. നീതിപൂർവമാക്കൽ; 2. പറ്റിപ്പോയതെറ്റു ശരിയാണെന്നു സ്ഥാപിക്കാൻ നിയമങ്ങളും ധർമശാസ്ത്രങ്ങളും വ്യാഖ്യാനിച്ചു വാദിക്കൽ
നീതീകരിക്കുക ക്രി. 1. നീതിപൂർവമാക്കിത്തീർക്കുക; 2. നീതിപൂർവമല്ലാത്തതിനെ നല്ല നടപടിയാണെന്നു സമർഥിക്കുക
നീത്തം നാ. 1. വെള്ളപ്പൊക്കം; 2. കടൽ; 3. ആധിക്യം
നീത്തൽ നാ. 1. ത്യജിക്കൽ; 2. വേർപാട്

നീഥൻ നാ. നയിക്കുന്നവൻ, നേതാവ്
നീഥം നാ. 1. വെള്ളം; 2. ഒരു ആലാപനരീതി; 3. പാട്ട്, കീർത്തനം
നീധ്രം നാ. 1. വണ്ടിച്ചക്രത്തിൻെറ ചുറ്റ്; 2. തൂവാനപ്പലക; 3. ഇറമ്പ്; 4. ചന്ദ്രൻ; 5. രേവതിനക്ഷത്രം
നീന്തം നാ. = നീന്തൽ
നീന്തൽ [നീന്തുക] നാ. വെള്ളത്തിൽ കൈകാലുകൾകൊണ്ടു തുഴഞ്ഞു നീങ്ങൽ
നീന്തുക ക്രി. 1. കൈകാലുകൾകൊണ്ട് തുഴഞ്ഞു വെള്ളത്തിൽ സഞ്ചരിക്കുക; 2. നിലത്ത് ഇഴഞ്ഞു നീങ്ങുക. നീന്താനറിയാമെങ്കിൽ ആഴം അറിയണ്ട (പഴ)
നീപ വി. താഴെയുള്ള, ആഴമുള്ള
നീപം നാ. 1. നീർക്കടമ്പ്; 2. കടമ്പ്; 3. ഉച്ചമലരി; 4. നീലപ്പൂവുള്ള അശോകം; 5. ഉത്രട്ടാതി നക്ഷത്രം; 6. പർവതത്തിൻെറ താഴ്വര
നീയമാന വി. നയിക്കപ്പെടുന്ന
നീർ നാ. = നീര്
നീർക്കണ്ടിശർക്കര നാ. 1. കട്ടിശർക്കര; 2. കൽക്കണ്ട്
നീർക്കയിടുക ക്രി. നീർക്കാങ്കുഴിയിടുക
നീർക്കരപ്പൻ നാ. 1. ഒരിനം മസൂരി; 2. ഒരിനം കരപ്പൻ
നീർക്കലക്കം നാ. 1. വെള്ളം കലങ്ങൽ; 2. മൂത്രമൊഴിവ് എന്ന രോഗം; 3. മൂത്രവിസർജനം
നീർക്കാങ്കുഴി നാ. വെള്ളത്തിനടിയിൽക്കൂടി നീന്തൽ, മുങ്ങാൻകുഴി, മുക്കിളി
നീർക്കാണം നാ. വസ്തു തീറുവാങ്ങുമ്പോൾ വാങ്ങുന്നയാൾ ജലപാത്രത്തിൽ ഇടുന്ന നാണയം
നീർക്കാൽ നാ. വെള്ളച്ചാൽ
നീർക്കിഴിക്കുക ക്രി. വെള്ളത്തിൽ ഇറക്കുക
നീർക്കുമിള നാ. വെള്ളത്തിലുണ്ടാകുന്ന കുമിള, നീർപ്പോള
നീർക്കുഴൽ നാ. 1. ജലം കൊണ്ടുവരാനോ പുറത്തുകളയാനോ ഉള്ള കുഴൽ; 2. പുരുഷലിങ്ഗം
നീർക്കുഴി നാ. 1. വെള്ളം കെട്ടിനിൽക്കുന്ന കുഴി; 2. നീർക്കാങ്കുഴി
നീർക്കെട്ട് നാ. ഒരു രോഗം, നെഞ്ചിനുള്ളിൽ നീരുണ്ടാകുന്നത്
നീർക്കൊള്ളുക ക്രി. 1. ശരീരഭാഗങ്ങളിൽ നീരുവന്നു വീർക്കുക; 2. പൊങ്ങൻ പനി ബാധിക്കുക; 3. ആനയ്ക്കു മദംപൊട്ടാറാകുക; 4. വസ്തു തീറുവാങ്ങുക
നീർക്കോലി നാ. 1. ജലത്തിൽ ജീവിക്കുന്ന ഒരിനം ചെറിയ പാമ്പ്; 2. നിസ്സാരൻ
നീർക്കോൾ നാ. 1. ജലനിരപ്പിനുണ്ടാകുന്ന ഉയരം; 2. ശരീരത്തിൽ നീർവീർക്കം ഉണ്ടാകൽ
നീർക്കോളി നാ. മൂത്രാശയം
നീർക്കോഴി നാ. കുളക്കോഴി

നീർച്ചാൽ നാ. വെള്ളം ഒഴുകിപ്പോകാനുള്ള ചാല്, ചെറിയ തോട്

നീർച്ചുഴി നാ. പല വശങ്ങളിലേക്കുള്ള ഒഴുക്കു പരസ്പരം മുട്ടുമ്പോൾ ആഴമുള്ള ജലാശയങ്ങളിൽ വെള്ളം നടുകുഴിഞ്ഞു കറങ്ങുന്നത്

നീർച്ചോറ് നാ. തലേദിവസത്തെ ചോറു വെള്ളത്തിലിട്ടുവച്ചത്

നീർതിരിയുക ക്രി. കിണറ്റിലും മറ്റും ഊറ്റിൽനിന്നു വെള്ളം പൊങ്ങുന്നതിനുപകരം ഉള്ളിലേക്കു വലിയൽ

നീർത്താഴ്ച നാ. 1. ജലദോഷം; 2. ശരീരത്തിൽ തടിപ്പും ചൊറിച്ചിലും ഉണ്ടാക്കുന്ന ഒരു രോഗം

നീർത്തിപ്പലി നാ. ഒരു അങ്ങാടിമരുന്ന്

നീർദോഷം നാ. ജലദോഷം

നീർധാര നാ. 1. ജലധാര; 2. മൂത്രവിസർജനം; 3. കാളയുടെ ലിങ്ഗം

നീർനക്കൽ നാ. കുളത്തിലെ വെള്ളംകൊണ്ടു നനയ്ക്കപ്പെടുന്ന സ്ഥലം

നീർനായ് നാ. ഒരു ജലജീവി, കഴുനായ്

നീർനാൾ നാ. പൂരാടം നക്ഷത്രം

നീർനില നാ. 1. ജലവിതാനം; 2. വെള്ളം കെട്ടിനിൽക്കുന്ന സ്ഥലം

നീർനിലം നാ. വെള്ളക്കെട്ടുള്ള നിലം

നീർപ്പള്ളി നാ. മറപ്പുര, ഓവറ, മൂത്രപ്പുര

നീർപ്പുക നാ. ആവി

നീർപ്പൊന്മ നാ. ഒരു പക്ഷി

നീർപ്പോള നാ. നീർക്കുമിള

നീർമുതൽ നാ. തീറുവാങ്ങിയ വസ്തു

നീർവലിവ് നാ. 1. വെള്ളത്തിലെ അടിയൊഴുക്ക്; 2. വെള്ളം മണ്ണിനുള്ളിലേക്ക് താഴുന്നതുമൂലം ജലനിരപ്പു താഴുകയോ മണ്ണിൻെറ ഈർപ്പം കുറയുകയോ ചെയ്യൽ

നീർവാർച്ച നാ. 1. വെള്ളം ഒലിച്ചുപോകൽ; 2. വെള്ളം മണ്ണിനുള്ളിലേക്കു താഴൽ; 3. ഒരു രോഗം; 4. ജലദോഷം കൊണ്ടും മറ്റും കണ്ണിലും മൂക്കിലും നിന്നു നീരൊഴുകൽ

നീർവീഴ്ച നാ. 1. നീരിളക്കം; 2. വെള്ളച്ചാട്ടം

നീരക്ത വി. 1. രക്തമില്ലാത്ത; 2. രക്തപ്രസാദമില്ലാത്ത; 3. ചെമന്ന

നീരജ1 വി. ജലത്തിലുണ്ടായ

നീരജ2 വി. 1. രജോഗുണമില്ലാത്ത; 2. പൊടിയില്ലാത്ത

നീരജം നാ. 1. താമര; 2. കഴുനായ്; 3. മുത്ത്; 4. കൊട്ടം; 5. ചെറിയ കുരുവിക്കരിമ്പ്; 6. രാമച്ചം

നീരജലോചന വി. താമരയിതൾപോലെ മനോഹരമായ കണ്ണുള്ള

നീരജസ്ക വി. 1. രജോഗുണമില്ലാത്ത; 2. പൊടിപറ്റാത്ത

നീരജാത വി. വെള്ളത്തിൽ ജനിച്ച

നീരജാതം		നാ.	താമര
നീരജാസനൻ		നാ.	ബ്രഹ്മാവ്
നീരജാസ്ത്രൻ		നാ.	കാമദേവൻ
നീരജിനി		നാ.	താമരപ്പൊയ്ക
നീരട്ടിപ്പേർ		നാ.	ജന്മാവകാശം നീർവാർത്തു വിലയെഴുതിക്കൊടുക്കുന്ന രീതി
നീരത		വി.	താത്പര്യമില്ലാത്ത, ഉദാസീനമായ
നീരദ1		വി.	പല്ലില്ലാത്ത
നീരദ2		വി.	ജലം നൽകുന്ന
നീരദം		നാ.	1. മേഘം; 2. മുത്തങ്ങ
നീരദവർണ്ണൻ		നാ.	1. മേഘനിറമുള്ളവൻ; 2. ശ്രീകൃഷ്ണൻ, വിഷ്ണു
നീരധി		നാ.	സമുദ്രം
നീരന്ധ്ര		വി.	ഇടതിങ്ങിയ, വിടവില്ലാത്ത
നീരം		നാ.	വെള്ളം
നീരവ		വി.	ശബ്ദമില്ലാത്ത
നീരസ		വി.	1. രസമില്ലാത്ത; 2. ചാറില്ലാത്ത; 3. ആകർഷകമല്ലാത്ത
നീരസപ്പെടുക		ക്രി.	പിണങ്ങുക, മുഷിയുക
നീരസം		നാ.	1. വെറുപ്പ്; 2. താളിമാതളം
നീരാജന(ം)		നാ.	1. ദീപം ഉഴിയൽ; 2. ആയുധപൂജ
നീരാട്ടുക		നാ.	കുളിക്കുക
നീരാട്ട്		നാ.	കുളി
നീരാണി		നാ.	1. കൃഷിക്കു വെള്ളം തിരിച്ചുവിടാനുള്ള ചെറിയ നീർച്ചാല്; 2. കൃഷിക്കു വെള്ളം വിട്ടുകൊടുക്കുന്നവൻ; 3. പഴയകാലത്തെ ഒരു നികുതി
നീരാൻ		നാ.	1. നീരാളി; 2. മുങ്ങുന്നവൻ
നീരാന		നാ.	തിമിങ്ഗലം
നീരാമ്പൽ		നാ.	1. ആമ്പൽച്ചെടി; 2. ശരീരത്തിൽ നീരുകെട്ടി ഉണ്ടാകുന്ന ഒരു രോഗം
നീരായം		നാ.	വെള്ളത്തിൻെറ ആഴം
നീരാരൽ		നാ.	ഒരു ചെറുസസ്യം
നീരാവി		നാ.	1. തിളച്ചുകഴിഞ്ഞു വെള്ളത്തിനുണ്ടാകുന്ന രൂപഭേദം; 2. വായുവിൽ കലരുന്ന അതി സൂക്ഷ്മമായ ജലതന്മാത്രകളുടെ കൂട്ടം
നീരാളം		നാ.	കസവുകൊണ്ടു നെയ്തുണ്ടാക്കുന്ന വസ്ത്രം
നീരാളി		നാ.	1. എട്ടുകാലുകളുള്ളതും നീരട്ടയെപ്പോലെ രക്തം വലിച്ചുകുടിക്കാൻ കഴിയുന്നതുമായ ഒരു ജലജീവി. (പ്ര) നീരാളിപ്പിടുത്തം; 2. വെള്ളത്തിൽ മുങ്ങുന്നവൻ; 3. ജലപിശാച്
നീരാളിക്കുക		ക്രി.	സ്വർണം പൂശുക, തങ്കരേക്കിടുക
നീരാഴി		നാ.	1. കുളം; 2. സമുദ്രം; 3. ഒരു ചെറുചെടി
നീരാഴിക്കെട്ട്		നാ.	1. കുളപ്പുര; 2. കുളത്തിൻെറ വശങ്ങളിൽ കല്ലുകൊണ്ട് കെട്ടിയുണ്ടാക്കുന്ന തിണ്ട്

നീരാറ്റൽ നാ. ശരീരത്തിലെ നീരുമാറ്റാൻ ചെയ്യുന്ന മന്ത്രപ്രയോഗം
നീരി(ൽ)ത്താർ നാ. താമര
നീരിളക്കം നാ. ജലദോഷം
നീരിറങ്ങുക ക്രി. 1. ജലനിരപ്പു താഴുക; 2. ജലദോഷം പിടിപെടുക; 3. ശരീരാവയവങ്ങളിൽ നീരുണ്ടാകുക; 4. ശരീരഭാഗങ്ങളിൽ ഉണ്ടായ നീരു കുറയുക
നീര് നാ. 1. വെള്ളം; 2. ചാറ്; 3. ശരീരത്തിൽ ഉണ്ടാകുന്ന വീക്കം; 4. മഹോദരം എന്ന രോഗം; 5. മൂത്രം; 6. ദ്രാവകരൂപത്തിലുള്ള വസ്തു. (പ്ര) നീരും ചോരയും = ഊർജസ്വലത. നീരും പായലും = അഭേദ്യമായ പരസ്പരബന്ധം. നീരുവറ്റുക = 1. വെള്ളം വറ്റുക; 2. ശരീരത്തിലെ നീർക്കെട്ടു മാറുക; 3. ആരോഗ്യം ക്ഷയിച്ചു മെലിയുക
നീരുക ക്രി. നിവരുക
നീരുക്ക് നാ. രോഗമില്ലാത്ത ആൾ
നീരുജ വി. 1. രോഗമില്ലാത്ത; 2. ഉപദ്രവമില്ലാത്ത
നീരുള്ളി നാ. ഈരുള്ളി, ചെമന്നുള്ളി
നീരുറവ നാ. ഊറ്റ്
നീരുക്കുക ക്രി. കൈയിൽ വെള്ളം കോരി സന്ധ്യാവന്ദനം ചെയ്യുക
നീരുപ വി. രൂപമില്ലാത്ത
നീരുപം നാ. രൂപമില്ലാത്തത്
നീരേറ്റം നാ. 1. വേലിയേറ്റം; 2. വെള്ളപ്പൊക്കം; 3. ജലദോഷം; 4. മഹോദരം
നീരൊഴുക്ക് നാ. 1. വെള്ളത്തിൻെറ ഒഴുക്ക്; 2. ചെറിയ നീർച്ചാൽ; 3. ഊറ്റ്
നീരോഗ വി. രോഗമില്ലാത്ത
നീരോട്ടം നാ. 1. നീരൊഴുക്ക്; 2. ഉറവ്; 3. ചിലരത്നങ്ങളുടെ ഉള്ളിൽ ചലിക്കുന്നതുപോലെ കാണപ്പെടുന്ന പ്രകാശം; 4. രക്തപ്രസാദം
നീരോമ വി. രോമമില്ലാത്ത
നീല വി. നീലനിറമുള്ള, നീലം
നീലകണ്ഠൻ നാ. 1. ശിവൻ; 2. ആൺമയിൽ
നീലകണ്ഠം നാ. 1. മയിൽ; 2. വണ്ടാരങ്കോഴി; 3. തത്ത; 4. കരിങ്കുയിൽ; 5. വേങ്ങ; 6. മുള്ളങ്കി; 7. കാട്ടുകാക്ക; 8. കാർവണ്ട്
നീലകണ്ഠി നാ. പെൺമയിൽ
നീലകേശി നാ. അമരി
നീലക്കണ്ണാൾ നാ. സുന്ദരി (കറുത്ത കണ്ണുള്ളവൾ)
നീലക്കല്ല് നാ. 1. ഇന്ദ്രനീലക്കല്ല്; 2. നീലനിറമുള്ള കൃത്രിമക്കല്ല്
നീലക്കാർ നാ. കാർമേഘം. (പ്ര) നീലകാർവേണി = 1. കാർമേഘംപോലെ കറുത്തതും ഇടതൂർന്നതുമായ തലമുടി; 2. സുന്ദരി
നീലക്കുറിഞ്ഞി നാ. കരിങ്കുറുഞ്ഞി

നീലക്കൊടുവേലി നാ. 1. നീലനിറമുള്ള കൊടുവേലി; 2. ഇല്ലാത്ത വസ്തു
നീലക്രൗഞ്ചം നാ. കരിഞ്ഞാറൽപ്പക്ഷി
നീലഗന്ധി നാ. ഒരിനം മാണിക്യക്കല്ല്
നീലഗ്രീവൻ നാ. നീലകണ്ഠൻ
നീലങ്ഗു നാ. 1. ഒരുജാതി പുഴു; 2. ഒരിനം ഈച്ച; 3. കാർവണ്ട്; 4. കുറുക്കൻ; 5. പുഷ്പം.
989
നീലജം നാ. 1. പഞ്ചലോഹം; 2. ഉരുക്ക്
നീലൻ നാ. 1. കരിങ്കുരങ്ങ്; 2. സുഗ്രീവസേനയിലെ ഒരു വാനര നായകൻ
നീലനിര്യാസകം നാ. 1. ഇരുട്ട്; 2. കറുത്ത ചെളി
നീലപടലം നാ. 1. കൂരിരുട്ട്; 2. കറുത്ത ആവരണം; 3. ഒരു രോഗം
നീലപിണ്ഡം നാ. ഒരിനം ഉരുക്ക്
നീലഭൻ നാ. ചന്ദ്രൻ
നീലഭം നാ. 1. ചന്ദ്രൻ; 2. മേഘം; 3. വണ്ട്
നീലം നാ. 1. ഒരു നിറം; 2. നീല അമരി എന്ന ചെടിയുടെ ഇലയിൽനിന്നുണ്ടാക്കുന്ന ഒരു ചായം; 3. കറുപ്പു നിറം; 4. താലീസപത്രം; 5. സൗവീരാഞ്ജനം; 6. തുത്ഥാഞ്ജനം; 7. ഇന്ദ്രനീലക്കല്ല്; 8. കാരുപ്പ്; 9. മരതകക്കല്ല്; 10. പേരാൽ; 11. കരിമരം; 12. കാട്ടുകാക്ക; 13. നീലാദ്രി; 14. ശരീരത്തിലുള്ള കറുത്ത മറുക്
നീലമണി നാ. നീലനിറമുള്ള രത്നം, ഇന്ദ്രനീലം
നീലമല നാ. അഞ്ജനപർവതം
നീലമിഴി നാ. കറുത്തു മനോഹരമായ കണ്ണുകൾ ഉള്ളവൾ, സുന്ദരി
നീലമീലികം നാ. മിന്നാമിനുങ്ങ്
നീലമൃത്തിക നാ. 1. ഇരുമ്പുകലർന്ന കറുത്ത മണ്ണ്; 2. ഉരുക്കുപൊടി
നീലമെഘം നാ. കാർമേഘം
നീലരാജി നാ. കൂരിരുട്ട്
നീലലോഹം നാ. 1. ഉരുക്ക്; 2. പഞ്ചലോഹം
നീലലോഹിത വി. 1. കടും നീലനിറമുള്ള; 2. ഊതനിറമുള്ള
നീലലോഹിതൻ നാ. ശിവൻ
നീലലോഹിതം നാ. 1. അകിൽ; 2. കടും നീല നിറം; 3. ഊതനിറം
നീലലൗഹ നാ. പഞ്ചലോഹം
നീലവർണൻ നാ. നീലനിറമുള്ളവൻ, ശ്രീകൃഷ്ണൻ
നീലവസ്ത്രൻ നാ. 1. ബലരാമൻ; 2. ശനി
നീലസന്ധ്യ നാ. 1. ഇരുളടഞ്ഞ സന്ധ്യ; 2. കറുത്ത മലയമുക്കി
നീലാക്ഷം നാ. പാത്ത, ഒരു പക്ഷി
നീലാങ്ഗം നാ. 1. വണ്ടാരങ്കോഴി; 2. കരിഞ്ഞാറൽപ്പക്ഷി; 3. കാട്ടുകാക്ക

നീലാഞ്ജന നാ. മിന്നൽ
നീലാഭ വി. നീലനിറമുള്ള
നീലാഭ്രം നാ. 1. നീലാകാശം; 2. കാർമേഘം; 3. കാർമേഘം മൂടി ഇരുണ്ട ആകാശം
നീലാംബരൻ നാ. 1. ബലരാമൻ; 2. ശനി ദേവൻ
നീലാംബരം നാ. 1. കറുപ്പോ നീലയോ നിറമുള്ള വസ്ത്രം; 2. താലീസപത്രം
നീലാംബരി നാ. 1. ഭദ്രകാളി; 2. ഒരു രാഗം
നീലാംബുജന്മം നാ. കരിങ്കൂവളം, നീലത്താമര
നീലാരുണം നാ. പുലർവേള
നീലാശ്മജം നാ. തുത്ഥാഞ്ജനം
നീലാശ്മം നാ. 1. ഇന്ദ്രനീലക്കല്ല്; 2. അഞ്ജനക്കല്ല്
നീലാളി നാ. കറുത്തവണ്ട്
നീലി നാ. 1. നീലനിറമുള്ളവൾ; 2. കറുത്തവൾ; 3. ശ്രീപാർവതി; 4. യക്ഷി; 5. കരിമ്പായൽ; 6. കറുത്ത ഈച്ച; 7. നാന്ദിയുടെ ഒരു ഉപവിഭാഗം
നീലിക നാ. 1. അമരി; 2. കരിനൊച്ചി; 3. ഉരുക്ക്; 4. പഞ്ചലോഹം; 5. ഒരു രോഗം
നീലിക്കുക നാ. 1. നീലനിറമാകുക; 2. രക്തപ്രവാഹം തടസ്സപ്പെടുന്നതുകൊണ്ട് ശരീരഭാഗങ്ങളോ ശരീരം മുഴുവനോ ഇരുണ്ട നിറമാകുക
നീലിനി നാ. 1. അമരി; 2. കാക്കത്തിരുതാളി; 3. രക്തം ഹൃദയത്തിലേക്കു കൊണ്ടുപോകുന്ന കുഴൽ
നീലിമ നാ. നീലനിറം
നീലോത്പലം നാ. 1. കരിങ്കൂവളം; 2. നീലത്താമര
നീലോപലം നാ. ഇന്ദ്രനീലക്കല്ല്
നീവി നാ. വസ്ത്രമഴിഞ്ഞുപോകാതിരിക്കാൻ ഒരറ്റം അകത്തോട്ടു തിരുകുമ്പോഴുണ്ടാകുന്ന മുഴ; 2. ഉടുവസ്ത്രം; 3. മൂലധനം; 4. പണയവസ്തു; 5. പന്തയം
നീവിക്കുത്ത് നാ. കണക്കുത്ത്
നീവിബന്ധം നാ. നീവിക്കുത്ത്
നീവിസ്രംസനം നാ. സ്ത്രീയുടെ വസ്ത്രം അഴിക്കൽ
നീവുക ക്രി. തിരുമ്മുക, തുടയ്ക്കുക
നീവൃത്ത് നാ. ജനപദം, ദേശം, രാജ്യം
നീശാരം നാ. 1. തണുപ്പ് തടയുന്ന ഉടുപ്പ്; 2. കൊതുകുവല; 3. കൂടാരത്തിന്റെ തുണിമറ, തിരശ്ശീല
നീഹാരകരൻ നാ. ചന്ദ്രൻ
നീഹാരം1 നാ. മഞ്ഞ് (പ്ര) നീഹാരശീകരം = മഞ്ഞുതുള്ളി. നീഹാരശൈലം = ഹിമവാൻ
നീഹാരം2 നാ. 1. മലവസർജനം; 2. മലം. താരത. ആഹാരം
നീഹാരിക നാ. കണ്ണുകൊണ്ടു കാണാനാകാത്ത നക്ഷത്രസമൂഹം
നീൾ വി. നീണ്ട, നീളമുള്ള
നീൾക്കണ്ണാൾ നാ. നീണ്ടകണ്ണുള്ളവൾ, സുന്ദരി
നീൾമിഴി നാ. 1. നീണ്ടകണ്ണ്; 2. നീണ്ടകണ്ണുള്ളവൾ

നീള അവ്യ. നീളെ
നീളം1 നാ. 1. ഒരു ബിന്ദുവിൽനിന്ന് മറ്റൊന്നിലേക്കുള്ള അകലം; 2. നെടിയവശം
നീളം2 നാ. നീഡം, കിളിക്കൂട്
നീളൽ നാ. നീളമുള്ളതാകൽ
നീളവെ വി. പരക്കെ, എല്ലായിടത്തും
നീളുക ക്രി. നീളമുള്ളതാകുക; 2. പരക്കുക; 3. കാലതാമസം ഉണ്ടാകുക
നീളെ വി. 1. നീളത്തിൽ; 2. പരക്കെ; 3. എല്ലാക്കാലത്തും; 4. നീണ്ടുനിൽക്കത്തക്കവണ്ണം; 5. ഉച്ചത്തിൽ
നീഴ് വി. നീൾ
നീഴ്ച നാ. നീളം
നീഴൽ നാ. 1. വായു; 2. വേദന; 3. നിഴൽ
നീറ നാ. നീര്, വെള്ളം
നീറൽ [നീറുക] നാ. 1. എരിയൽ; 2. മുളകുപോലെയുള്ള വസ്തുക്കൾ ചവച്ചാൽ ഉണ്ടാകുന്ന അസ്വസ്ഥത; 3. തീപ്പൊള്ളലേറ്റാലുണ്ടാകുന്ന വേദന; 4. കഠിനമായ വിശപ്പുതോന്നൽ
നീറ്1 നാ. 1. ഭസ്മം, പൊടി; 2. മരത്തിൽ ജീവിക്കുന്ന ഒരിനം വലിയ ഉറുമ്പ്
നീറ്2 നാ. വെള്ളം
നീറുക1 ക്രി. എരിയുക; 2. മുളകു തിന്നുമ്പോഴെന്നപോലെ കാന്തൽ ഉണ്ടാകുക; 3. ദു:ഖം തോന്നുക
നീറുക2 ക്രി. 1. പൊടിയാകുക; 2. പൊടി അടങ്ങുക
നീറ്റടയ്ക്ക നാ. വെള്ളത്തിലിട്ടു സൂക്ഷിച്ച അടയ്ക്ക
നീറ്റൽ നാ. 1. ജ്വാലയില്ലാത്ത തീയിൽ എരിക്കുകയോ വേവിക്കുകയോ ചെയ്യൽ; 2. രസപാകവിധിപ്രകാരം ലോഹങ്ങളും മറ്റും ശുദ്ധിചെയ്ത് ഔഷധമുണ്ടാക്കൽ; 3. നീറ്റുകക്കയിൽ വെള്ളം ചേർത്തു കുമ്മായമോ ചുണ്ണാമ്പോ ഉണ്ടാക്കൽ; 4. മനസ്സു വേദനിപ്പിക്കൽ; 5. തീവ്രമായ വിശപ്പ്
നീറ്റുക ക്രി. 1. ജ്വാലയില്ലാത്ത തീയിൽ എരിക്കുകയോ വേവിക്കുകയോ ചെയ്യുക; 2. നീറ്റുകക്കയിൽ വെള്ളം ചേർത്തു കുമ്മായമോ ചുണ്ണാമ്പോ ഉണ്ടാക്കുക; 3. മനസ്സു വേദനിപ്പിക്കുക
നീറ്റുകക്ക നാ. കക്ക ചൂളയിൽ വേവിച്ചത്
നീറ്റുഭസ്മം നാ. രസപാകവിധിപ്രകാരം ലോഹങ്ങളും മറ്റും ശുദ്ധിചെയ്തുണ്ടാക്കുന്ന ഔഷധഭസ്മം
നീറ്റുമരുന്ന് നാ. നീറ്റുഭസ്മം, നീറ്റുഭസ്മം ചേർന്ന മരുന്ന്
നീറ്റൊലി നാ. 1. വെള്ളത്തിൻെറ ശബ്ദം; 2. വെള്ളത്തിൻെറ ഒഴുക്ക്
നു [സം.] ചോദ്യം വികൽപം എന്നിവ കുറിക്കുന്ന ഒരു അവ്യയം
നുകക്കഴി നാ. നുകത്തിൽനിന്നു കാളയുടെ കഴുത്തു മാറിപ്പോകാതിരിക്കാനായി നുകത്തടിയുടെ രണ്ടറ്റത്തുമുള്ള തുളകളിൽ ഇടുന്ന നീളമുള്ള മരയാണി

നുകക്കോൽ നാ. 1. നുകത്തെ കലപ്പയുമായോ വണ്ടിയുമായോ ഘടിപ്പിക്കുന്ന നീണ്ടതടി; 2. നുകമായി ഉപയോഗിക്കുന്ന രണ്ടുവശവും തുളയുള്ള തടി
നുകപ്പാട് നാ. ഒരു നുകത്തിൻെറ നീളം
നുകം നാ. കലപ്പയോ വണ്ടിയോ വലിക്കുന്ന കാളയുടെ കഴുത്തിൽ വയ്ക്കുന്ന നീണ്ട തടി. (പ്ര) നുകം വയ്ക്കുക = നുകത്തിൽ കാളയെ പൂട്ടുക
നുകർ [നുകരുക] ധാതുരൂപം
നുകർച്ച നാ. 1. ഭക്ഷിക്കൽ; 2. ചുംബിക്കൽ
നുകരുക ക്രി. 1. ആസ്വദിക്കുക; 2. ചുംബിക്കുക
നുക്കുക ക്രി. 1. പൊടിക്കുക; 2. തളർത്തുക
നുങ്ക് നാ. നൊങ്ക്
നുങ്ങണം നാ. നൊങ്ങണം
നുങ്ങുക ക്രി. ഇളകുക, ഉലയുക
നുച്ച് നാ. പൊടിയരി
നുച്ചുപുഴു നാ. ധാന്യങ്ങളിൽ കാണുന്ന ചെറിയ പുഴു
നുൺ വി. 1. വളരെ ചെറിയ; 2. മെലിഞ്ഞ, സൂക്ഷ്മമായ
നുൺമ നാ. 1. വലിപ്പക്കുറവ്; 2. കുർമ; 3. രഹസ്യം
നുണ1 നാ. 1. കള്ളം; 2. ഏഷണി; 3. മുഖസ്തുതി; 4. കൊതികൊണ്ട് നുണയ്ക്കൽ
നുണ2 [നുണയുക] ധാതുരൂപം
നുണക്കം നാ. 1. മുടക്കം; 2. അയവ്; 3. മ്ലാനത
നുണക്കുഴി നാ. കവിളിൽ രണ്ടുവശത്തും ചിരിക്കുമ്പോൾ തെളിയുന്ന കുഴി
നുണങ്ങുക ക്രി. 1. ചെറുതാകുക; 2. മെലിയുക; 3. വാടുക; 4. മുടങ്ങുക
നുണച്ചൽ,-ച്ചിൽ നാ. നുണയൽ
നുണച്ചി നാ. 1. നുണപറയുന്നവൾ; 2. ഏഷണികൂട്ടുന്നവൾ; 3. കൊതിയുള്ളവൾ
നുണയുക ക്രി. 1. കടിക്കാതെ നാവും വായുടെ മേൽഭാഗവും കൊണ്ടു ഞെക്കിയുടച്ചു ഉമിനീരിലലിയിച്ചു ഭക്ഷിക്കുക; 2. ആർത്തിപിടിച്ചു തിന്നുക; 3. മറ്റാരെങ്കിലും തിന്നുന്നതുനോക്കി കൊതിച്ചു ശബ്ദത്തോടെ ഉമിനീരിറക്കുക
നുണയ്ക്കുക ക്രി. 1. നുണയുക; 2. നുണപറയുക
നുണൽ നാ. ചൊറി
നുണി നാ. നീണ്ടുരുണ്ട് ഒരറ്റം വണ്ണം കൂടി ക്രമമായി വണ്ണം കുറഞ്ഞുവരുന്ന ആകൃതി. ഉദാ: തുമ്പിക്കൈ
നുണുക്കം [നുണുങ്ങുക] നാ. 1. ഒരറ്റത്തിനിന്ന് ക്രമമായി വണ്ണം കുറഞ്ഞുവരുന്ന ആകൃതി; 2. ചെറിയ കഷണം
നുണുക്ക് വി. ചെറിയ. നാ. ചെറിയ കഷണം
നുണുക്കുക ക്രി. 1. ചെറുതാക്കുക; 2. നുറുക്കുക
നുത വി. സ്തുതിക്കപ്പെട്ട
നുതി നാ. സ്തുതി, പ്രശംസ, ആരാധന

നുതിക്കുക ക്രി. 1. പ്രശംസിക്കുക; 2. സ്തുതിക്കുക; 3. ആരാധിക്കുക
നുത്ത വി. അയയ്ക്കപ്പെട്ട
നുനി ന്നാ. 1. ചെറുതായിരിക്കുന്ന അവസ്ഥ; 2. കൗപീനം
നുന്ന വി. = നുത്ത
നുപ്പം നാ. വസ്ത്രത്തിൻെറ ഇഴയുടെ നേർമ
നുമ്പാണി നാ. രണ്ടറ്റത്തും മുനയുള്ള ആണി
നുര നാ. ചേർന്നിരിക്കുന്ന ചെറിയ കുമിളകൾ
നുരച്ചൽ, -ച്ചിൽ നാ. നുര ഉണ്ടാകൽ, നുരയൽ
നുരയീരൽ നാ. ശ്വാസകോശം
നുരയുക ക്രി. നുരയുണ്ടാകുക, പതയുക
നുരയുണ്ണി നാ. നായ്
നുരയ്ക്കുക ക്രി. 1. പതയുണ്ടാക്കുക; 2. കൃമിക്കുക; 3. പെരുകുക
നുരവായൻ നാ. 1. സംസാരിക്കുമ്പോൾ വായിൽ പതയുണ്ടാകുന്നവൻ; 2. ഈത്താ ഒലിപ്പിക്കുന്നവൻ
നുരി നാ. 1. മൂന്നുവിരലുകൾകൊണ്ട് എടുക്കാവുന്ന ഒരു നുള്ള് (അരി, നെല്ല് തുടങ്ങിയവ); 2. നെൽവിത്തും വളവും കൂടി കുഴച്ചതിൽ ഒരു നുള്ള്; 3. ഒരേ വരിയിൽ വളരുന്ന നെൽച്ചെടികൾക്ക് തമ്മില്ലുള്ള അകലം; 4. ഒരേ നുരിയിൽനിന്നുണ്ടാകുന്ന നെൽച്ചെടി; 5. ഒരുപിടി നെൽവിത്ത്; 6. ഒരു നുള്ളു അരിയോ അക്ഷതമോ
നുരിഇടുക ക്രി. 1. നെൽവിത്തും വളവും കൂട്ടിക്കുഴച്ചത് ഓരോ നുള്ളായി കലപ്പകൊണ്ടുണ്ടാക്കുന്ന ചാലിൽ ഒരേ അകലത്തിൽ ഇടുക; 2. ആശീർവദിക്കാനായി അരിയോ അക്ഷതമോ ശിരസ്സിൽ നുള്ളിയിട്ട് തലയിൽ കൈവയ്ക്കുക, അനുഗ്രഹിക്കുക
നുരിപ്പിക്കുക ക്രി. ഞാറു പറിച്ചു നടുക
നുരുമ്പൽ നാ. 1. ദ്രവിക്കൽ; 2. ദ്രവിച്ചുണ്ടാകുന്ന പൊടിയും മറ്റും; 3. നശിക്കൽ
നുരുമ്പിക്കുക ക്രി. 1. പഴകിപ്പൊടിയുക; 2. തുരുമ്പാകുക
നുരുമ്പ് നാ. 1. വസ്തുക്കൾ ജീർണിച്ചുണ്ടാകുന്ന പൊടി; 2. ഇരുമ്പ് ദ്രവിച്ചുണ്ടാകുന്ന തുരുമ്പ്
നുല1 നാ. 1. കണ്ണിലെ പീള; 2. ചീഞ്ഞഴുകി കൊഴുത്ത ദ്രാവകരൂപത്തിലായ വസ്തു
നുല2 [നുലയുക] ധാതുരൂപം
നുലച്ചൽ, -ച്ചിൽ നാ. 1. ചീഞ്ഞളിയൽ; 2. ശർക്കരപോലെയുള്ള വസ്തുക്കൾ അലിയൽ
നുലയുക ക്രി. 1. ചീയുക; 2. അധികം പഴുക്കുക; 3. ഉടഞ്ഞു വെടിപ്പില്ലാതാകുക
നുലയ്ക്കുക ക്രി. 1. ചീയാൻ ഇടയാക്കുക; 2. ആഹാരസാധനങ്ങളും മറ്റും അധികം വേവിച്ചോ കൂടുതൽ സമയം വച്ചിരുന്നോ ഉപയോഗമില്ലാതാക്കുക; 3. വസ്ത്രം തുടങ്ങിയവ അഴുക്കാക്കുകയോ പിന്നിപ്പോകത്തക്കവണ്ണം കൈകാര്യം ചെയ്യുകയോ ചെയ്യുക'

നുലവ് നാ. 1. ചീഞ്ഞളിഞ്ഞ സ്ഥിതി; 2. അധികം വെന്തു കുഴഞ്ഞുപോകൽ; 3. നീർ വലിച്ചെടുത്തു കുഴഞ്ഞു പോകൽ; 4. മാർദവം, സ്നിഗ്ദ്ധത.
901
നുള1 വി. 1. നനവുള്ള; 2. മാർദവമുള്ള; 3. ഹീനമായ
നുള2[നുളയുക] ധാതുരൂപം
നുളമ്പ് നാ. 1. കുറ്റീച്ച; 2. വളരെ ചെറിയ ഈച്ച; 3. കൊതുക്
നുളയുക ക്രി. നുഴയുക
നുള്ളൽ നാ. 1. രണ്ടുവിരലുകൾകൊണ്ടെടുക്കൽ; 2. കൈനഖങ്ങൾകൊണ്ട് അമർത്തി മുറിക്കൽ; 3. പൂവ് തേയിലക്കുരുമ്പ് മുതലായവ നുള്ളി ശേഖരിക്കൽ
നുള്ളി നാ. 1. ചുള്ളിക്കമ്പ്; 2. നിലം നിരപ്പാക്കാനുപയോഗിക്കുന്ന ഒരിനം ഈർച്ചമരം
നുള്ള് [നുള്ളുക] നാ. 1. രണ്ടുവിരലുകൾകൊണ്ട് എടുക്കാവുന്ന അളവ്; 2. വിരലുകളുടെ നഖങ്ങൾ ചേർത്ത് അമർത്തി വേദനിപ്പിക്കൽ
നുള്ളുക ക്രി. 1. പെരുവിരലിൻെറയും ചൂണ്ടുവിരലിൻെറയും നഖങ്ങൾ ചേർത്തമർത്തി വേദനിപ്പിക്കുക; 2. നഖംകൊണ്ടു മുറിച്ചെടുക്കുക; 3. രണ്ടോമൂന്നോ വിരൽ ചേർത്ത് എടുക്കുക. (പ്ര) നുള്ളിക്കൊടുക്കുക = അൽപാൽപമായികൊടുക്കുക. നുള്ളിയെടുക്കുക = എളുപ്പത്തിൽ ഇല്ലാതാക്കുക. നുള്ളിഎടുത്താൽ കുഴി നുള്ളിവച്ചാൽ കുന്ന് (പഴ)
നുഴ [നുഴയുക] ധാതുരൂപം
നുഴച്ചൽ,-ച്ചിൽ നാ. നുഴയൽ
നുഴയൽ [<നുഴയുക] നാമരൂപം
നുഴയുക ക്രി. 1. ഇടമില്ലാത്തിടത്തുകൂടി ഞെരുങ്ങി നീങ്ങുക; 2. ഇഴഞ്ഞു നീങ്ങുക; 3. ശത്രുക്കൾ അറിയാതെ അവരുടെ കൂട്ടത്തിൽ കലരുക. (പ്ര) നുഴഞ്ഞുകയറ്റം
നുഴവാതിൽ നാ. നുഴഞ്ഞുമാത്രം കയറാവുന്ന ചെറിയ വാതിൽ
നുറുക്ക(ല)രി നാ. പൊടിയരി
നുറുക്കൽ [<നുറുക്കുക] നാ. കഷണങ്ങളാക്കൽ
നുറുക്ക് നാ. കഷണം
നുറുക്കുക [നുറുങ്ങുക>പ്ര] ക്രി. 1. പലകഷണങ്ങളാക്കുക, അരിയുക; 2. നശിപ്പിക്കുക
നുറുങ്ങ് നാ. അൽപമാത്രമായത്, ചെറിയ കഷണം, വളരെ കുറച്ച് സമയം
നുറുങ്ങുക ക്രി. 1. ചെറിയ കഷണങ്ങളാക്കുക; 2. പൊട്ടുക; 3. നശിക്കുക
നുറുമ്പ് നാ. 1. വളരെ ചെറിയത്; 2. പ്രാണികൾ തടിയും മറ്റും തുളയ്ക്കുമ്പോഴുണ്ടാകുന്ന പൊടി
നൂക്കം നാ. നിവർന്നസ്ഥിതി, പൊക്കം, ഉയരം
നൂക്കൽ നാ. 1. നിവർക്കൽ; 2. വളവില്ലാതെ ആക്കൽ; 3. തള്ളൽ

നൂക്കുക ക്രി. നിവർക്കുക, വളവുതീർക്കുക
നൂഞ്ഞി നാ. ചതുപ്പുനിലം
നൂട്ട നാ. നൂഴത്തക്കവണ്ണം വേലിയിലും മറ്റുമുള്ള വിടവ്
നൂതന വി. പുതിയ, ഇളയ
നൂതനത,-ത്വം നാ. പുതുമ, ഇളപ്പം
നൂതനം നാ. പുതിയത്, ആധുനികം
നൂത്ത,നൂത്ത് നാ. = നൂട്ട
നൂനം അവ്യ. 1. തീർച്ചയായും; 2. ഇനി, ഇപ്പോൾത്തന്നെ
നൂ(ൽ)നാഴി നാ. നയ്ത്തുതറിയിലെ ഓടം
നൂപുരം നാ. 1. കാൽച്ചിലമ്പ്; 2. കൊലുസ്സ്; 3. കാൽവിരലിൽ അണിയുന്ന മോതിരം
നൂരുക ക്രി. വളവു തീരുക, മടക്കു നിവരുക
നൂൽ നാ. 1. ഇഴകൾ കൂട്ടിപ്പിരിച്ചുണ്ടാക്കുന്ന ചരട്; 2. ഗ്രന്ഥം; 3. വസ്ത്രം; 4. ബാധോപദ്രവം. (പ്ര) നൂലടിക്കുക = ഈർച്ചവാൾകൊണ്ട് തടിയറുക്കുമ്പോൾ വാൾ പോകേണ്ടവഴി അടയാളപ്പെടുത്തുക. നൂലറുക്കുക = 1. ഭർത്താവു മരിച്ചാൽ ശവസംസ്കാരം നടത്തുന്നതിനുമുമ്പുതന്നെ വിധവയുടെ താലിപൊട്ടിച്ചുകളയുന്ന ആചാരം; 2. വിവാഹബന്ധം വേർപെടുത്തുക. നൂലാചാരം = വിവാഹമോചനം
നൂൽക്കതിര് നാ. നെയ്ത്തു തറിയിൽ ഓടത്തിനുള്ളിലുള്ള നീണ്ട തണ്ട്
നൂൽക്കൽ നാ. പഞ്ഞിയിൽനിന്നു നൂലുണ്ടാക്കൽ
നൂൽക്കുക ക്രി. പഞ്ഞിയിൽനിന്നു തക്ലി ചർക്ക മുതലായ ഉപകരണങ്ങൾ ഉപയോഗിച്ചു നൂലുണ്ടാക്കുക
നൂൽച്ചെട്ടി നാ. നയ്ത്തുകാരൻ
നൂൽപ്പരുത്തി നാ. പരുത്തിച്ചെടി
നൂൽപ്പ് നാ. നൂൽക്കൽ
നൂലാമാല നാ. 1. അഴിക്കാൻ വയ്യാത്തവിധം കുരുങ്ങിയ നൂല്; 2. പരിഹരിക്കാൻ വയ്യാത്ത പ്രശ്നം; 3. എട്ടുകാലി വല, മാറാല
നൂലിടുക ക്രി. 1. പൂണൂലിടുക; 2. ഗുണ്ടും നൂലും ഉപയോഗിച്ച് വെള്ളത്തിൻെറ ആഴം അളക്കുക; 3. ചുമരിൻെറ ലംബം പൊക്കം എന്നിവ പരിശോധിക്കുക; 4. ശാസ്ത്രഗ്രന്ഥങ്ങൾ രചിക്കുക
നൂലിഴ നാ. നൂലിൻെറ ഒരിഴ, ചരട്, നൂല്
നൂലുകെട്ടുക ക്രി. 1. ജനിച്ച് ഇരുപത്തെട്ടാം ദിവസം ശിശുവിൻെറ അരയിൽ കറുത്ത ചരടു കെട്ടുക; 2. പ്രേതബാധ രോഗം തുടങ്ങിയവയിൽനിന്നു രക്ഷപ്പെടാനായി മന്ത്രം ജപിച്ച ചരട് കൈയിലോ മറ്റോ കെട്ടുക; 3. താലികെട്ടുക
നൂലുപിടിക്കുക ക്രി. 1. അളക്കാനും പണിയുടെ അതിർത്തി നിർണയിക്കാനും മറ്റും നൂലുപിടിച്ച് അടയാളപ്പെടുത്തുക; 2. ചട്ടങ്ങളോ പാരമ്പര്യങ്ങളോ തെറ്റാതെ അനുസരിക്കുക
നൂലേണി നാ. ബലമുള്ള ചരടുകൊണ്ട് ഉണ്ടാക്കിയ ഏണി
നൂലോടിക്കുക നാ. തുന്നുക
നൂവ് നാ. എള്ള്
നൂളുക ക്രി. നൂഴുക

നൂഴൽ നാ. നുഴയൽ
നൂഴുക ക്രി. 1. കുനിഞ്ഞു ഞെരുങ്ങി കറ്ററുക; 2. ഇഴഞ്ഞു നീങ്ങുക; 3. രഹസ്യമായി കടന്നുകയറുക
നൂഴുവഴി നാ. അന്യർക്ക് എളുപ്പത്തിൽ കടന്നുവരാനാകാത്തവിധം നിർമിച്ചിട്ടുള്ള വഴി
നൂഴുവാതിൽ നാ. നുഴവാതിൽ
നൂറാം സങ്ഖ്യാവിശേഷണം. നൂറാമത്തെ (തൊണ്ണൂറ്റി ഒൻപതു കഴിഞ്ഞുള്ള)
നൂറായിരം നാ. ആയിരം നൂറ് ചേർന്ന സങ്ഖ്യ. ഒരുലക്ഷം
നൂറീത് അവ്യ. നൂറുവീതം
നൂറ് നാ. 1. പത്തു തവണ പത്തുകൂട്ടിയ സങ്ഖ്യ, തൊണ്ണൂറ്റൊമ്പതുകഴിഞ്ഞു തൊട്ടടുത്ത സങ്ഖ്യ; 2. ധാന്യങ്ങളുടെയും കിഴങ്ങുകളുടെയും മാവ്; 3. പൊടി; 4. കുമ്മായം, ചുണ്ണാമ്പ്
നൂറ്റ [നൂൽക്കുക] വി. ഭൂ.പേരെച്ചം. നൂത്തെടുത്ത
നൂറ്റാണ്ട് നാ. നൂറു ആണ്ടുചേർന്ന കാലയളവ്, ശതവർഷം
നൂറ്റിക്കൊല്ലി നാ. ഒരു ആയുധം, ശതഘ്നി
നൂറ്റുകരണ്ടം നാ. ചുണ്ണാമ്പുകരണ്ടം (നൂറ് = ചുണ്ണാമ്പ്)
നൂറ്റുകുടം നാ. ചുണ്ണാമ്പുപാത്രം
നൂറ്റുപേർ,നൂറ്റുവർ നാ. മഹാഭാരതകഥയിലെ ദുര്യോധനനും അനുജന്മാരും
നൃ [സം.] നാ. നരൻ, മനുഷ്യൻ
നൃകേസരി നാ. നരസിംഹം
നൃക്കൾ നാ. 'നൃ' ശബ്ദത്തോട് ബഹുവചനപ്രത്യയമായ 'കൾ' ചേർന്ന രൂപം
നൃച്ചി നാ. ഏറ്റവും ഉയർന്ന ഭാഗം, ഉച്ചി
നൃജന്മം നാ. മനുഷ്യജന്മം
നൃജലം നാ. മനുഷ്യൻെറ മൂത്രം
നൃതി നാ. നർത്തനം, നൃത്തം
നൃതു നാ. 1. നർത്തകൻ; 2. ഭൂമി; 3. പുഴു
നൃത്തപ്രിയൻ നാ. ശിവൻ
നൃത്തപ്രിയം നാ. മയിൽ
നൃത്തം നാ. വാദ്യത്തിൻെറയും സംങ്ഗീതത്തിൻെറയും താളലയങ്ങൾക്കനുസൃതമായി ആങ്ഗികമായ ചലനങ്ങൾകൊണ്ടുള്ള രസാവിഷ്കരണം
നൃത്തമണ്ഡപം നാ. നൃത്തംനടത്താൻവേണ്ടി ഒരുക്കിയിട്ടുള്ള വേദി
നൃത്തവേദി1 നാ. നൃത്തമണ്ഡപം
നൃത്തവേദി2 നാ. നൃത്തശാസ്ത്രപണ്ഡിതൻ
നൃത്തശാസ്ത്രം നാ. നൃത്തസംബന്ധമായ കാര്യങ്ങൾ പ്രതിപാദിക്കുന്ന നാട്യശാസ്ത്രവിഭാഗം
നൃത്തഹസ്തം നാ. നൃത്തത്തിൽ ഉപയോഗിക്കുന്ന കൈമുദ്ര, കൈകൊണ്ടുള്ള അഭിനയം
നൃത്യം നാ. നാട്യത്തിൻെറ ഒരു വിഭാഗം

| | | |
|---|---|---|
| നൃദേവൻ | നാ. | നരദേവൻ, രാജാവ് |
| നൃധർമാവ് | നാ. | കുബേരൻ |
| നൃപതി | നാ. | രാജാവ് |
| നൃപതിലലാമം വൃത്തം | നാ. | 1. രാജാക്കന്മാർക്ക് അലങ്കാരമായവൻ; 2. ഒരു |
| നൃപൻ | നാ. | രാജാവ് |
| നൃപവല്ലഭ | നാ. | 1. രാജപത്നി; 2. മഞ്ചെട്ടി എന്ന മരുന്ന് |
| നൃപവല്ലഭൻ | നാ. | രാജാവിൻെറ തോഴൻ |
| നൃപശു | നാ. | മൂഢൻ |
| നൃപസുത | നാ. | 1. രാജാവിൻെറ മകൾ; 2. നച്ചെലി |
| നൃപാധ്വരം | നാ. | രാജസൂയയാഗം |
| നൃപാംശം | നാ. | വിളവിൽ രാജാവിന് നൽകേണ്ടവിഹിതം |
| നൃപാമയം | നാ. | ക്ഷയരോഗം |
| നൃപാലൻ | നാ. | 1. രാജാവ്; 2. ക്ഷത്രിയൻ; 3. കുബേരൻ |
| നൃപാലയം | നാ. | രാജാവിൻെറ വസതി, കൊട്ടാരം |
| നൃപാസനം സിംഹാസനം | നാ. | 1. രാജാവിന് ഇരിക്കാൻ യോഗ്യമായ ആസനം, |
| നൃപാഹ്വയം | നാ. | വലിയചെമന്നുള്ളി |
| നൃപേഷ്ടം ചെമന്നുള്ളി | നാ. | 1. രാജാവിൻെറ അഭിമതം; 2. വലിയ |
| നൃപോചിതം | നാ. | 1. രാജാവിനു യോജിച്ചത്; 2. വലിയ ഉഴുന്ന് |
| നൃമാനം | നാ. | മനുഷ്യൻെറ അളവ് |
| നൃമേധം | നാ. | നരമേധം, മനുഷ്യനെ ബലികൊടുക്കൽ |
| നൃയുഗ്മം | നാ. | മിഥുനം, രാശി |
| നൃവരൻ | നാ. | മനുഷ്യരിൽ ശ്രേഷ്ഠൻ |
| നൃവാഹനൻ | നാ. | 1. നരവാഹനൻ; 2. കുബേരൻ |
| നൃശംസ നീചമായ | വി. | 1. മനുഷ്യരെ ഹിംസിക്കുന്ന; 2. ക്രൂരതയുള്ള; 3. |
| നൃശംസത,-ത്വം | നാ. | 1. ഹിംസ; 2. ക്രൂരത; 3. പരോപദ്രവം |
| നൃശംസ്യ | വി. | നീചമായ, ക്രൂരതയുള്ള, അന്യരെ ദ്രോഹിക്കുന്ന |
| നൃശില പണിത മനുഷ്യ വിഗ്രഹം | നാ. | 1. കല്ലായിത്തീർന്ന മനുഷ്യ ശരീരം; 2. കല്ലിൽ |
| നൃഷദനം | നാ. | 1. വീട്; 2. ആൾക്കൂട്ടം; 3. യാഗശാല |
| നൃസിംഹം | നാ. | നരസിംഹം |
| നൃസോമൻ | നാ. | മനുഷ്യശ്രേഷ്ഠൻ |
| നൃഹരി | നാ. | നൃസിംഹം |
| നെകിൽ | നാ. | നിഴൽ |
| നെകിഴുക | ക്രി. | 1. ചുരുങ്ങുക; 2. മലരുക |
| നെഞ്ചകം | നാ. | നെഞ്ചിൻെറ ഉള്ള്, ഹൃദയം, മനസ്സ് |
| നെഞ്ചടപ്പ് | നാ. | ശ്വാസഗതിക്കുണ്ടാകുന്ന തടസ്സം |
| നഞ്ചം | നാ. | നെഞ്ച്, ഹൃദയം, മനസ്സ് |

നെഞ്ചരം നാ. നെഞ്ചിനുള്ളിൽ തോന്നുന്ന അസ്വസ്ഥത, നെഞ്ചുകലിക്കൽ
നെഞ്ചലിവ് നാ. കാരുണ്യം, ദയവ്
നെഞ്ചിടുക ക്രി. 1. മുന്നിട്ടിറങ്ങുക; 2. നേരിടുക; 3. എതിർക്കുക
നെഞ്ച് നാ. 1. ശരീരത്തിൻെറ മുന്നിൽ കഴുത്തിനുതാഴെ വയറിനുമുകളിലുള്ള ഭാഗം; 2. ഹൃദയം; 3. മനസ്സ്. (പ്ര) നെഞ്ചുവേവുക = 1. രോഗം ആഘാതം തുടങ്ങിയവകൊണ്ട് നഞ്ചിൽ അസ്വസ്ഥത ഉണ്ടാകുക; 2. അതികഠിനമായ ദു:ഖംകൊണ്ടു മനസ്സുവേദനിക്കുക. നെഞ്ചുകൂടുകെട്ടുക = ശരീരം മെലിഞ്ഞ് മാറെല്ലുകൾ കൂടുപോലെ കാണപ്പെടുക
നെഞ്ചുകുഴി നാ. മാറിൻെറ നടുവിൽ വയറ്റിനുമുകളിലുള്ള താണഭാഗം
നെഞ്ചുന്തുക ക്രി. ശരീരം മെലിഞ്ഞ് നെഞ്ചിലെ അസ്ഥികൾ പുറത്തേക്കു തള്ളിയിരിക്കുക
നെഞ്ചുരം നാ. 1. മനസ്സിൻെറ കടുപ്പം; 2. ധൈര്യം; 3. നെഞ്ചിൻെറ ശക്തി
നെഞ്ചുറപ്പ് നാ. 1. ധൈര്യം; 2. സാഹസ ബുദ്ധി; 3. നെഞ്ചിലെ മാംസപേശികളുടെ ദൃഢത; 4. അഹങ്കാരം
നെഞ്ചൂറ്റം നാ. നെഞ്ചുറപ്പ്
നെഞ്ഞ് നാ. = നെഞ്ച്
നെടി(യ) വി. നീളമുള്ള
നെടിയരി നാ. പൊടിയാത്ത അരി, മുറിയാത്ത അരി
നെടിയിരിപ്പ് നാ. നെടുവിരിപ്പ്
നെടിയില നാ. കുറുകെ മുറിക്കാത്ത വാഴയില, നീളമുള്ള തുമ്പില
നെടിയോൻ നാ. 1. നീളമുള്ളവൻ; 2. വിഷ്ണു
നെടിൽ നാ. 1. ദീർഘസ്വരം (>< കുറിൽ); 2. നീണ്ടവസ്തു
നെടുക ക്രി. നെടുകുക. അവ്യ. നെടുകത്തക്കവണ്ണം, നീളത്തിൽ
നെടുകുക ക്രി. നീളുക, നീളമുള്ളതാകുക, നീളംകൂടുക, പൊങ്ങുക
നെടുകെ അവ്യ. നീളത്തിൽ, നെടുകത്തക്കവണ്ണം
നെടുക്കം നാ. നീളം, ഉയരം
നെടുങ്കൺ നാ. 1. നീണ്ടകണ്ണ്; 2. ദൂരക്കാഴ്ചയുള്ള കണ്ണ്; 3. തേങ്ങയുടെ വലിയ കണ്ണ്; 4. ഭാവി കണ്ടറിയാനുള്ള കഴിവ്, ദീർഘദൃഷ്ടി
നെടുങ്കണ്ണി നാ. നീണ്ടകണ്ണുള്ളവൾ, സുന്ദരി
നെടുങ്കൻ വി. നീളമുള്ള
നെടുങ്കയം നാ. നദിയിൽ വളരെ ആഴത്തിൽ ജലം ഉള്ള ഭാഗം
നെടുങ്കാലം നാ. ദീർഘകാലം, വളരെക്കാലം
നെടുങ്കേണി നാ. വലിയ ജലാശയം
നെടുങ്ങാടി നാ. ഒരു ജാതിപ്പേര്

നെടുഞ്ചട്ടം നാ. കട്ടിള കട്ടിൽ തുടങ്ങിയവയുടെ നീണ്ട വശത്തുള്ള താങ്ങുതടി
നെടുഞ്ചുഴിക നാ. 1. നെടിയ ഉത്തരം; 2. നെല്ലു സൂക്ഷിക്കാനായി ഈറകൊണ്ടും മറ്റും നിർമിക്കുന്ന പൊക്കമുള്ള കൂട
നെടുത് നാ. നീളമുള്ളത്, പൊക്കമുള്ളത്
നെടുദൂരം നാ. വളരെ ദൂരം
നെടുനാൾ നാ. 1. വളരെക്കാലം; 2. വളരെ നീണ്ട ജീവിതകാലം
നെടുനീളം നാ. വളവുകൾ ഇല്ലാത്ത ദൈർഘ്യം, ഇടയ്ക്കു വിടവില്ലാത്ത നീളം
നെടുന്തുടി നാ. ഒരു ചർമവാദ്യം, ഒരിനം തുടി
നെടുന്തുയിൽ നാ. 1. ദീർഘനിദ്ര; 2. മരണം
നെടുന്നനെ അവ്യ. നീളത്തിൽ, വളവില്ലാതെ
നെടുപ്പം നാ. നീളം, പൊക്കം
നെടും വി. നീണ്ട, നീളമുള്ള, പൊക്കമുള്ളെൽ ഉള്ളത്; 2. നദിയുടെയും മറ്റും വളവില്ലാത്ത ഭാഗം; 3. ചുമരിൻെറയും മറ്റും
നെടുമ നാ. നെടുപ്പം
നെടുമങ്ഗലം നാ. നീണ്ടകാലത്തേക്കുള്ള സുഖം, നീണ്ടുനിൽക്കുന്ന ഐശ്വര്യം
നെടുമങ്ഗല്യം നാ. സുമങ്ഗലിയായി വളരെക്കാലം ജീവിക്കാനുള്ള ഭാഗ്യം
നെടുമാനം നാ. 1. നീളം അളക്കാനുള്ള തോത്; 2. അളന്ന നീളം; 3. നീളം, പൊക്കം
നെടുമുഴം നാ. കൈമുട്ടുമുതൽ നെടുവിരലിൻെറ അറ്റം വരെയുള്ള മുഴം
നെടുമ്പക നാ. പണ്ടേയുള്ള വൈരം
നെടുമ്പടി നാ. കട്ടളയുടെയും കട്ടിലിൻെറയും മറ്റും നീളംകൂടിയ പടി
നെടുമ്പുര നാ. അടിയന്തിരങ്ങൾക്കും മറ്റുമായി കെട്ടിയുണ്ടാക്കുന്ന നീണ്ടപുര, വലിയ പന്തൽ
നെടുവട്ടം നാ. ദീർഘവൃത്തം
നെടുവരിയൻ നാ. കടുവ
നെടുവാലി നാ. ഉടുമ്പ്
നെടുവിരിപ്പ് നാ. 1. കോഴിക്കോടു സാമൂതിരിയുടെ രാജ്യം, സാമൂതിരിപ്പാട്ടിലെ വംശം; 2. വിസ്തൃതമായ വിരിപ്പുനിലം
നെടുവീർപ്പ് നാ. ദീർഘശ്വാസം
നെട്ട വി. നീളമുള്ള, നീണ്ട, പൊക്കമുള്ള
നെട്ടൻ നാ. പൊക്കമുള്ളവൻ. വി. നെടിയ
നെട്ടനെ വി. നീളത്തിൽ, പൊക്കത്തിൽ, നെടുകെ
നെട്ടം നാ. 1. നീളം; 2. പൊക്കം; 3. അഗാധമായ ചരിവ്, ചെങ്കുത്ത്
നെട്ടാണി നാ. 1. ഉച്ചി; 2. നീണ്ട ആണി

നെട്ടായം നാ. 1. നെടുനീളത്തിൽ ഉള്ളത്; 2. നദിയുടെയും മറ്റും വളവില്ലാത്ത ഭാഗം; 3. ചുമരിൻെറയും മറ്റും നീളത്തിലുള്ള പണി

നെട്ടി വി. ഞെട്ടുള്ള

നെട്ട് വി. നെടു

നെട്ടെഴുത്ത് നാ. 1. ദീർഘസ്വരമോ ദീർഘസ്വരംചേർന്ന വ്യഞ്ജനമോ രേഖപ്പെടുത്തുന്ന ലിപി; 2. ദീർഘമായ കത്ത്

നെട്ടോട്ടം നാ. നെടുകെ ഓടൽ

നെത്തോലി നാ. വലിപ്പം കുറഞ്ഞ ഒരു കടൽ മീൻ

നെന്മലർ നാ. നെല്ലു വറുത്തുണ്ടാക്കുന്ന മലർ, നെൽപ്പൊരി

നെന്മേനിവാക നാ. അതിമൃദുലമായ പൂവിതളുകളുള്ള ഒരിനം വൃക്ഷം

നെയ് നാ. നെയ്യ്

നെയ്ക്കലമ്മ് നാ. 1. നെയ്യ് ഒഴിച്ചുവയ്ക്കാനുള്ള പാത്രം; 2. വറുക്കാൻ ഉപയോഗിക്കുന്ന പാത്രം

നെയ്ക്കുമ്പളം നാ. ചെറിയ കുമ്പളം, അതിൻെറ കായ്

നെയ്ക്കുറ്റി നാ. നയ് ഒഴിച്ചുവയ്ക്കുന്ന ഭരണി

നെയ്തൽ നാ. 1. ഓരുള്ള നിലം; 2. കടലോരം; 3. ചെങ്ങഴിനീർപ്പൂവ്; 4. ഒരു വലിയ സങ്ഖ്യ

നെയ്ത്ത് നാ. നൂലുകൊണ്ട് തുണിയുണ്ടാക്കൽ

നെയ്ത്തുകാരൻ നാ. തുണി നെയ്തുണ്ടാക്കുന്നവൻ

നെയ്ത്തുതറി നാ. തുണിനെയ്യാനുള്ള യന്ത്രം

നെയ്പ്പാട നാ. കാച്ചിയ പാലിനുമുകളിൽ ഉണ്ടാകുന്ന പാട

നെയ്വര നാ. നോക്കുകുത്തി, കണ്ണുപറ്റാതിരിക്കാൻ കെട്ടിവയ്ക്കുന്ന കോലം

നെയ്വല നാ. ശരീരത്തിനുള്ളിലുള്ള കൊഴുപ്പുപാട

നെയ്വിളക്ക് നാ. എണ്ണയ്ക്കുപകരം നെയ്യൊഴിച്ചു കത്തിക്കുന്ന വിളക്ക്

നെയ്യപ്പം നാ. ഒരു പലഹാരം

നെയ്യഭിഷേകം നാ. ദേവവിഗ്രഹത്തെ നെയ്കൊണ്ട് അഭിഷേകം ചെയ്യൽ

നെയ്യൽ നാ. നെയ്ത്ത്

നെയ്യാടുക ക്രി. 1. ദേവവിഗ്രഹത്തിൽ നെയ്കൊണ്ട് അഭിഷേകം നടത്തുക; 2. ശരീരത്തിൽ എണ്ണയോ നെയ്യോ പുരട്ടുക; 3. ഔഷധം ചേർന്ന എണ്ണ സേവിക്കുക

നെയ്യാട്ടം [നെയ്യാടുക] നാമരൂപം

നെയ്യാമ്പൽ നാ. ചെങ്ങഴിനീർ

നെയ്യ് നാ. 1. വെണ്ണയുരുക്കി ഉണ്ടാക്കുന്ന (എണ്ണപോലെ കൊഴുപ്പുള്ള) ദ്രാവകം; 2. മൃഗക്കൊഴുപ്പ്; 3. എണ്ണ; 4. നെയ്യുചേർത്തുണ്ടാക്കുന്ന ഔഷധം

നെയ്യുക ക്രി. 1. നൂലുപയോഗിച്ച് തുണി ഉണ്ടാക്കുക; 2. നിർമിക്കുക, രചിക്കുക

നെയ്യുണ്ണി നാ. 1. ഒരു വള്ളിച്ചെടി; 2. നെയ്യ് ഭക്ഷിക്കുന്നവൻ; 3. ഔഷധഘൃതം പതിവായി സേവിക്കുന്നവൻ; 4. ശരീരത്തിലുണ്ടാകുന്ന ഒരു വളർച്ച

നെയ്യുറുമ്പ് നാ. ഒരിനം ചെറിയ ഉറുമ്പ്

നെയ്യൂക്ക് നാ. ദുർമേദസ്സുകൊണ്ടുള്ള തടിപ്പ്, കൊഴുപ്പ്

നെരിക്കുക ക്രി. ഞെരിക്കുക

നെരിപ്പട നാ. നെരുപ്പട, ഒരു പലഹാരം, ഓട്ടട

നെരിപ്പ്1 നാ. ഞെരിക്കൽ

നെരിപ്പ്2 നാ. = നെരുപ്പ്, തീയ്, തീക്കനൽ

നെരിപ്പോട് നാ. = നെരുപ്പോട്, തീച്ചട്ടി

നെരുപ്പട നാ. ഒരു പലഹാരം, ഓട്ടട

നെരുപ്പ് നാ. തീയ്, തീക്കനൽ

നെരുപ്പോട് നാ. തീച്ചട്ടി

നെൽക്കച്ചി നാ. വയ്ക്കോൽ

നെൽക്കൃഷി നാ. നെല്ലു കൃഷിചെയ്യൽ

നെൽക്കൊറിയൻ നാ. ഒരു നെന്മണി താഴെവീണാൽ കളയാതെ അതെടുത്ത് കൊറിക്കുന്നവൻ, ലുബ്ധൻ

നെൽപ്പട നാ. 1. നെല്ലിൻെറ ഇല; 2. നെല്ലുചുമക്കാൻ ഉപയോഗിക്കുന്ന ഒരുതരം നാരുകൊണ്ടുള്ള കൂട

നെൽപ്പലിശ നാ. നെല്ലായികൊടുക്കുന്ന പലിശ

നെൽപ്പാടം നാ. നെല്ലു കൃഷിചെയ്യുന്ന പാടം

നെൽപ്പാട്ടം നാ. നെല്ലായികൊടുക്കുന്ന പാട്ടം

നെൽപ്പുര നാ. നെല്ലു സൂക്ഷിക്കുന്ന പുര

നെൽപ്പൊരി നാ. നെല്ലുവറുത്തുണ്ടാക്കുന്ന പൊരി

നെല്ലരി നാ. നെല്ലുകുത്തി ഉമികളഞ്ഞു കിട്ടുന്നത്, അരി

നെല്ലറ നാ. നെല്ലുണക്കി സൂക്ഷിക്കാൻ തടികൊണ്ടുണ്ടാക്കിയ അറ

നെല്ലി നാ. 1. ഒരു മരം; 2. വയലുകളിൽ കളയായി വളരുന്ന ഒരു ചെറുചെടി

നെല്ലിട നാ. 1. ഒരു നെല്ലിൻെറ വലിപ്പം; 2. ഒരു നെല്ലിൻെറ തൂക്കം; 3. അൽപം

നെല്ലിപ്പടി നാ. നെല്ലിപ്പലക

നെല്ലിപ്പലക നാ. വെള്ളം തെളിവുള്ളതും മധുരവും ആകാൻവേണ്ടി കിണറിൻെറ അടിത്തട്ടിൽ നിരത്തുന്നതും നെല്ലിമരം അറുത്തുണ്ടാക്കുന്നതുമായ പലക. (പ്ര) നെല്ലിപ്പലക കാണുക = അടിത്തട്ടിലെത്തുക

നെല്ലോക് നാ. നെന്മണിയുടെ അറ്റത്ത് നേർത്ത സൂചിപോലെ കാണുന്ന വാല്

നെസ്യത്ത് [അറ.] നാ. 1. ശിക്ഷ; 2. ഉപദേശം

നെളി നാ. 1. ഞെളിവ്; 2. കൈവിരലിൽ അണിയുന്ന മോതിരം

നെളിയുക ക്രി. ഞെളിയുക

നെളിർ നാ. ആളുകൾ സംസാരിക്കുന്ന ശബ്ദം

നെളിരുക ക്രി. ഉച്ചത്തിൽ സംസാരിക്കുക, സംഭാഷണം ചെയ്ത് ഒച്ചയുണ്ടാക്കുക
നെറി നാ. 1. ന്യായം; 2. അഭിമാനം; 3. നന്മ; 4. ഭങ്ഗി; 5. സത്യസന്ധത
നെറിവ്1 നാ. നെറി
നെറിവ്2 നാ. ഞൊറിവ്
നെറുക നാ. ഉച്ചി, തലയുടെ നടുഭാഗം
നെറുകന്തല നാ. ഉച്ചി, തലയുടെ നടുഭാഗം
നെറ്റി നാ. 1. തലയുടെ മുകൾഭഗത്തു പുരികങ്ങൾക്കു മുകളിൽ രോമാവലി തുടങ്ങുന്നതിനു കീഴിലുള്ള ഭാഗം; 2. മുൻഭാഗം (സൈന്യത്തിൻെറ നറ്റി, വീടിൻെറ നെറ്റി). (പ്ര) നെറ്റിചുളിയുക = കോപമോ അങ്ഗീകാരമില്ലായ്മയോ കാണിക്കത്തക്കവിധം നെറ്റിയിൽ ചുളിവു പ്രത്യക്ഷപ്പെടുക
നെറ്റിക്കണ്ണൻ നാ. നെറ്റിയിൽ കണ്ണുള്ളവൻ, ശിവൻ
നെറ്റിത്തടം നാ. നെറ്റിയുടെ പരന്നഭാഗം
നെറ്റിപ്പട്ടം നാ. 1. നെറ്റിയിൽ അണിയുന്ന ഒരു ആഭരണം; 2. ആനയുടെ ഒരു അലങ്കാരം, തലയുടെ നടുഭാഗവും തുമ്പിക്കൈയുടെ കുറെ ഭാഗവും മറയത്തക്കവണ്ണം മനോഹരമായി നിർമിച്ച് സ്വർണറേക്കുപിടിപ്പിച്ചത്
നെറ്റിപ്പുരം നാ. കെട്ടിടത്തിൻെറ കൂരയുടെ കുറിയ വശം
നേജകൻ നാ. അലക്കുകാരൻ
നേജനം നാ. വൃത്തിയാക്കൽ, ശുദ്ധിയാക്കൽ, അലക്ക്
നേഞ്ഞിൽ നാ. കലപ്പത്തണ്ട്
നേടുക ക്രി. 1. സമ്പാദിക്കുക; 2. ജയിക്കുക; 3. എതിരാളിയെ തോൽപ്പിക്കുക
നേട്ടം നാ. 1. സമ്പാദ്യം; 2. ലാഭം; 3. ജയം
നേതവ്യ വി. നയിക്കപ്പെടേണ്ട, നയിക്കത്തക്ക
നേത്യാരമ്മന്യൻ നാ. നേതൃമ്മന്യൻ
നേതാവ് നാ. 1. നയിക്കുന്നവൻ; 2. ഗുരു; 3. സൂത്രധാരൻ; 4. നാടകത്തിലെയും മറ്റും പ്രധാന കഥാപാത്രം; 5. വിഷ്ണു
നേതി വി. ഇതല്ല, സത്യം ഇതല്ല എന്ന്
നേതൃത്വം നാ. നേതാവായിരിക്കൽ, നയിക്കുന്നവൻെറ ഭാവം, നയിക്കാനുള്ള അധികാരം
നേതൃമ്മന്യൻ നാ. നായകത്വമില്ലെങ്കിലും നായകനെന്നു നടിക്കുന്നവൻ
നേത്യാർ നാ. കൊച്ചിരാജാവിൻെറ പത്നി, നേത്യാരമ്മ
നേത്രഗോചര വി. കണ്ണുകൊണ്ടറിയാവുന്ന, കാണാവുന്ന, കണ്ണിൽപ്പെട്ട
നേത്രച്ഛദം നാ. കൺപോള
നേത്രജ(ല)ം നാ. കണ്ണുനീർ
നേത്രദോഷം നാ. 1. കണ്ണിനു ജന്മനാ ഉള്ളതോ പിൽക്കാലത്തുണ്ടായതോ ആയ കേട്; 2. കരിങ്കണ്ണു തട്ടിയുണ്ടായ ദോഷം

നേത്രപഥം　　　　　　　നാ.　കണ്ണിൻെറ വഴി, കണ്ണെത്തുന്ന പ്രദേശം, കാഴ്ചയിൽപ്പെടുന്ന ദൂരം

നേത്രബന്ധം　　　　　　നാ.　1. കണ്ണുകെട്ടൽ; 2. കുട്ടികളുടെ ഒരു കളി; 3. വഞ്ചന, യാഥാർഥ്യം മറച്ചുവയ്ക്കൽ

നേത്രബിന്ദു　　　　　　നാ.　കണ്ണിൽ ഒഴിക്കുന്ന തുള്ളിമരുന്ന്

നേത്രം　　　　　　　　നാ.　'നയിക്കുന്നത്', 1. കണ്ണ്; 2. രണ്ട് എന്ന സങ്ഖ്യ; 3. കടകോലിൻെറ ചരട്; 4. നേർത്ത പട്ടുതുണി; 5. വൃക്ഷത്തിൻെറ വേര്; 6. മലം എടുക്കാനുള്ള കുഴൽ; 7. രഥം, വാഹനം; 8. നക്ഷത്രസമൂഹം

നേത്രമലം　　　　　　　നാ.　കണ്ണിലെ പീള

നേത്രയോനി　　　　　　നാ.　1. ഇന്ദ്രൻ; 2. ചന്ദ്രൻ

നേത്രരഞ്ജനം　　　　　നാ.　കണ്മഷി

നേത്രവസ്ത്രം　　　　　　നാ.　1. കണ്ണിൽ പ്രകാശം തട്ടാതിരിക്കാൻ ഉപയോഗിക്കുന്ന നേർത്ത തുണികൊണ്ടുള്ള മറ; 2. കൺപോള

നേത്രവിട്ട്　　　　　　　നാ.　നേത്രമലം

നേത്രസംജ്ഞ　　　　　　നാ.　കണ്ണിൻെറ ചലനംകൊണ്ടുള്ള നിർദേശം, കണ്ണുകാണിക്കൽ

നേത്രസാഫല്യം　　　　　നാ.　കണ്ണിനുള്ള തൃപ്തി, കാണാൻ ആഗ്രഹിച്ചിരുന്നത് കാണുമ്പോഴുണ്ടാകുന്ന ആനന്ദം

നേത്രസ്തംഭം　　　　　　നാ.　1. ഒരു രോഗം; 2. കാണാൻ വയ്യാതാകുന്ന ഒരു ആഭിചാരപ്രയോഗം

നേത്രാഞ്ജനം　　　　　നാ.　കണ്മഷി

നേത്രാതിഥി　　　　　　നാ.　പ്രത്യക്ഷപ്പെട്ട ആൾ, കൺവെട്ടത്ത് എത്തിച്ചേർന്ന വ്യക്തി

നേത്രാന്തം　　　　　　　നാ.　കടക്കണ്ണ്

നേത്രാന്തസംജ്ഞ　　　　നാ.　കടക്കണ്ണുകൊണ്ടുള്ള നിർദേശം

നേത്രാഭിഷ്യന്ദം　　　　　നാ.　ഒരു നേത്രരോഗം, കണ്ണിൽനിന്നു നീരും പീളയും ഒലിക്കൽ

നേത്രാംബു　　　　　　　നാ.　കണ്ണുനീർ

നേത്രി　　　　　　　　　നാ.　1. നേതാവായവൾ; 2. ലക്ഷ്മീദേവി; 3. രക്തക്കുഴൽ; 4. ഞരമ്പ്; 5. നദി; 6. മർമം

നേത്രി(ക)ം　　　　　　നാ.　1. ഔഷധദ്രാവകങ്ങൾ പീച്ചിക്കയറ്റാനുള്ള ഉപകരണം; 2. ഊതി ശബ്ദം ഉണ്ടാക്കാവുന്ന കുഴൽ; 3. ചെറിയ തവി

നേത്രേന്ദ്രിയം　　　　　നാ.　1. കണ്ണ്; 2. കണ്ണിൽനിന്നു ലഭിക്കുന്ന അറിവ് ഉൾക്കൊള്ളുന്ന മസ്തിഷ്കഭാഗം

നേത്രോത്പലം　　　　　നാ.　കണ്ണാകുന്ന കരിങ്കൂവളപ്പൂവ്

നേത്രോത്സവം　　　　　നാ.　കണ്ണിന് ഉത്സവമായ വസ്തു, കാഴ്ചയ്ക്ക് മനോഹരമായത്, ഇഷ്ടപ്പെട്ടത്

നേത്രോന്മീലനം　　　　നാ.　1. കണ്ണുമിഴിക്കൽ; 2. പ്രതിഷ്ഠിക്കുന്നതിനുമുൻപ് ദേവവിഗ്രഹത്തിൻെറ കണ്ണുതുറക്കുന്ന ചടങ്ങ്

നേത്രൗഷധം　　　　　　നാ.　1. കണ്ണിൽ എഴുതാനുള്ള മരുന്ന്; 2. പുഷ്പകാസീസം

നേദിക്കുക ക്രി. = നിവേദിക്കുക
നേദിഷ്ട വി. അടുത്തുള്ള, ഏറ്റവും അടുത്ത
നേദീയസ് വി. കൂടുതൽ അടുത്ത
നേപഥ്യം നാ. 1. അണിയറ; 2. അലങ്കാരം; 3. വസ്ത്രാഭരണാദികളായ അലങ്കാരങ്ങൾകൊണ്ടുള്ള ഭങ്ഗി, ആഹാര്യശോഭ
നേപൻ നാ. കുലഗുരു
നേപം നാ. വെള്ളം
നേപ്പാളകം നാ. ചെമ്പ്
നേപ്പാളജ നാ. മനയോല
995
നേപ്പാളം [സം.] നാ. 1. ഹിമവാൻെറ തെക്കുഭാഗത്തുള്ള ഒരു രാജ്യം; 2. നേപ്പാളകം
നേപ്പാളി നാ. 1. നേപ്പാൾ ദേശത്തുള്ള ആൾ; 2. മനയോല; 3. തൂശിമുല്ല; 4. കാട്ടീന്ത
നേമം1 നാ. 1. നിയമം; 2. പതിവ്, പതിവായുള്ളത്; 3. നേമപ്പടി
നേമം2 നാ. 1. പകുതി; 2. സമയം; 3. ഋതു; 4. ഓഹരി; 5. അതിര്; 6. ഭിത്തിയുടെ അസ്ഥിവാരം; 7. കുഴി; 8. ചതി; 9. വേര്; 10. നാട്യം; 11. മുകൾഭാഗം; 12. അന്നം
നേമസ്പൃഷ്ടം നാ. ശബ്ദോച്ചാരണത്തിൽ ഉച്ചാരണാവയവങ്ങൾ വായുപ്രവാഹത്തെ പകുതി തടയുന്ന രീതിയിലുള്ള അനുപ്രദാനം
നേമി നാ. 1. വണ്ടിയുടെയും മറ്റും ചക്രം; 2. വണ്ടിച്ചക്രത്തിൻെറ പുറത്തു ലോഹംകൊണ്ടും മറ്റും നിർമിക്കുന്ന വലയം; 3. വിളുമ്പ്; 4. കിണറ്റിൽ വെള്ളം കോരാൻ ഉപയോഗിക്കുന്ന തുടി; 5. ചുറ്റളവ്; 6. മിന്നൽ; 7. ഭൂമി; 8. ചക്രായുധം; 9. കാറ്റാടിയന്ത്രം; 10. കടൽ; 11. മുകൾഭാഗം; 12. ചക്രവാകപ്പക്ഷി; 13. വിഷ്ണു; 14. ജൈനന്മാരുടെ ഒരു ശലാകാപുരുഷൻ, നേമിനാഥൻ
നേമിഘോഷം നാ. രഥചക്രവും മറ്റും ഉരുളുമ്പോഴുണ്ടാകുന്ന ശബ്ദം
നേമിവൃത്തി നാ. 1. ഉരുളൽ; 2. വണ്ടിച്ചക്രമെന്നപോലെ ചുറ്റിത്തിരിയൽ; 3. അസ്ഥിരത
നേമ്പുക ക്രി. പാറ്റുക, ചേറുക, പതിരുകളയുക
നേയ നാ. 1. നയിക്കത്തക്ക; 2, നയിക്കപ്പെടേണ്ട; 3. ഊഹിച്ചറിയേണ്ട
നേയൻ നാ. സ്നേഹിതൻ
നേയം, നേശം നാ. 1. സ്നേഹം; 2. പ്രേമം, വാത്സല്യം; 3. നന്മ
നേയാർഥം നാ. ഊഹിച്ചെടുക്കേണ്ട അർഥം
നേർ വി. 1. തുല്യമായ; 2. എതിരെയുള്ള; 3. സത്യമായ; 4. നീണ്ടുമെലിഞ്ഞ. നാ. 1. നീണ്ടുകൃശമായ ആകൃതി; 2. ഭങ്ഗി; 3. സത്യം, കരാർ; 4. സത്യവാചകം
നേർക്കണ നാ. കൂരയുടെ കീഴറ്റത്ത് കഴുക്കോലുകളുടെ അഗ്രഭാഗങ്ങളെ തമ്മിൽ ഘടിപ്പിക്കുന്ന പട്ടിക

നേർക്ക് അവ്യ. 1. എതിരെ; 2. ശരിക്ക്; 3. മുഖത്തോടുമുഖം; 4. തീർച്ചയായി

നേർക്കുക ക്രി. 1. എതിർക്കുക; 2. എതിരെവരിക; 3. കട്ടികുറയുക; 4. സാന്ദ്രതകുറയുക; 5. നല്ലവണ്ണം പൊടിഞ്ഞ് തരിയില്ലാതാകുക; 6. ക്രമമായി വണ്ണം കുറഞ്ഞ് കൂർത്തമുനയിൽ അവസാനിക്കുക

നേർച്ച നാ. 1. നേർന്നത്; 2. കാര്യസാധ്യത്തിനുവേണ്ടി പ്രാർഥിക്കൽ; 3. നേർത്തിരിക്കുന്ന സ്ഥിതി. (പ്ര) നേർച്ചകഴിക്കുക = 1. നേർച്ച നടത്തുക; 2. ആത്മാർഥതയില്ലാതെ കാര്യങ്ങൾ നടത്തുക. നേർച്ചക്കുടം = 1. ദേവാലയത്തിൽ പാൽ നെയ്യ് ധാന്യം നാണയം തുടങ്ങിയവ പാത്രത്തിൽ നിറച്ചുവയ്ക്കുന്ന കാഴ്ച; 2. നേർച്ചക്കുടം സമർപ്പിക്കുന്ന ഉത്സവം. നേർച്ചക്കാള = അമ്പലത്തിലേക്കു നേർച്ചയായികൊടുത്ത കാള, അമ്പലക്കൂറ്റൻ. നേച്ചക്കോഴി = അമ്പലത്തിലേക്കോ പള്ളിയിലേക്കോ നേർച്ചയായി സമർപ്പിച്ച കോഴി, നേർന്നുവിട്ട കോഴി

നേർത്ത വി. (മുൻവിന) നേർമയായ, കട്ടികുറഞ്ഞ

നേർന്നിടുക ക്രി. വഴിപാടിനായി സങ്കൽപിച്ചു നീക്കിവയ്ക്കുക

നേർന്നുകെട്ടുക ക്രി. വഴിപാടിനെന്ന സങ്കൽപത്തോടെ നാണയങ്ങൾ ആഭരണങ്ങൾ തുടങ്ങിയവ രോഗിയുടെ ശരീരത്തിൽ കെട്ടുക

നേർപകർപ്പ് നാ. 1. രേഖകളുടെയും മറ്റും വ്യത്യാസമില്ലാത്ത പകർപ്പ്; 2. വസ്തുക്കളോട് ആകൃതിസാമ്യമുള്ള പ്രതിരൂപം; 3. ഏതെങ്കിലും അംശത്തിൽ മാതൃകയുടെ ഛായയുള്ള പ്രതിരൂപം

നേർപകുതി നാ. രണ്ടു സമഭാഗങ്ങളിൽ ഒന്ന്

നേർപലിശ നാ. ക്രമപലിശ, നാട്ടിൽ നടപ്പുള്ള പലിശ

നേർപാട്ടം നാ. ജന്മിനേരിട്ടു കൃഷിക്കാരനു ന്യായമായവ്യവസ്ഥകൾ അനുസരിച്ച് ഭൂമി പാട്ടത്തിനു നൽകുന്നത്, ക്രമപ്പാട്ടം

നേർപെടുക ക്രി. 1. ജന്മിയിൽനിന്നു നേരിട്ടു വസ്തു പാട്ടമ്മായി ഏൽക്കുക; 2. അഭിപ്രായവ്യത്യാസം പറഞ്ഞൊതുക്കുക

നേർപ്പിക്കുക ക്രി. 1. സാന്ദ്രതകുറഞ്ഞതാക്കുക; 2. തരിയില്ലാത്ത പൊടിയാക്കുക; 3. ചെത്തിയോ ഉരച്ചോ മറ്റോ കനം കുറയ്ക്കുക; 4. നേരിടത്തക്കവണ്ണം പ്രവർത്തിക്കുക

നേർപ്പ്1 നാ. നേരിടൽ; 2. ശകുനം; 3.. സാന്ദ്രത കുറയൽ; 4. നേരിടത്തക്കവണ്ണം പ്രവർത്തിക്കൽ

നേർമഞ്ചി നാ. മോന്തായത്തിൽ നിന്നു കൂരയുടെ ഇറമ്പുവരെ എത്തുന്ന കഴുക്കോൽ

നേർമ നാ. 1. വളവില്ലായ്മ; 2. നീണ്ടു കട്ടികുറഞ്ഞ ആകൃതി; 3. ക്രമമായി വണ്ണം കുറഞ്ഞു വരുന്ന ആകൃതി; 4. തരി തീരെ ഇല്ലാതെ പൊടിയായിരിക്കൽ; 5. സത്യസന്ധത, നീതി

നേർമിക്കുക ക്രി. നേർമയുള്ളതാക്കുക

നേർവട്ടം നാ. പത്തുമേനി വിളവ്, ഒന്നിനു പത്തെന്ന തോതിലുള്ള വിളവ്

നേർവഴി നാ. 1. നേരെയുള്ള വഴി; 2. സന്മാർഗം, സദാചാരം

നേർവാട് നാ. 1. പൊളിച്ചെഴുത്ത്; 2. നേരിടൽ

നേർവാദം നാ. 1. നേരിട്ടുള്ള വാദം; 2. വളച്ചുകെട്ടുകളില്ലാതെ നേരെ പറയൽ; 3. സത്യസന്ധമായ വാദം
നേർവിടുക ക്രി. 1. ഉടമ്പടി റദ്ദാക്കുക; 2. നീതിവിട്ടു പെരുമാറുക
നേർവില നാ. 1. നാട്ടുനടപ്പനുസരിച്ചുള്ള വില; 2. വസ്തുവിൽ ചെയ്തിട്ടുള്ള ദേഹണ്ഡത്തിനു കൊടുക്കേണ്ട പ്രതിഫലം
നേർവ് നാ. 1. നേർച്ച; 2. സമ്മതം; 3. നേരിട്ടത്, സംഭവം
നേരങ്കം നാ.. നേർക്കുനേരെയുള്ള പയറ്റ്
നേരത്ത് അവ്യ. 1. തക്കസമയത്ത്; 2. ഉച്ചയ്ക്കുമുൻപ്, പ്രഭാതത്തിൽ
നേരത്തേ അവ്യ. 1. മുൻകൂട്ടി; 2. കൃത്യസമയത്തിനു മുൻപ്; 3. പ്രഭാതത്തിൽ
നേരം നാ. 1. സൂര്യൻ; 2. പകൽ; 3. സമയം; 4. അവസരം, സന്ദർഭം. (പ്ര) നേരംകൊല്ലുക = സമയം പാഴാക്കുക. നേരം പുലരുക = പ്രഭാതമാകുക
നേരമ്പോക്ക് നാ. 1. തമാശ; 2. സമയം ചെലവാക്കാൻവേണ്ടിയുള്ള കളി; 3. ചിരിപ്പിക്കുന്നവാക്കോ ദൃശ്യമോ; 4. മൈഥുനം
നേരറ്റ വി. തുല്യതയില്ലാത്ത, എതിരില്ലാത്ത
നേരാംവണ്ണം അവ്യ. നേർക്കുനേരെ, ശരിയായി, നല്ല രീതിയിൽ
നേരിട നാ. ഇടുങ്ങിയ മധ്യം, കൃശമായ അരക്കെട്ട്
നേരിടുക ക്രി. 1. സംഭവിക്കുക; 2. എതിർക്കുക
നേരിട്ട് അവ്യ. നേരേനേരെ. (പ്ര) നേരിട്ടുകാണുക
നേരിയ വി. 1. നേർമയുള്ള; 2. അൽപമാത്രം ഇടയുള്ള. (പ്ര) നേരിയ വസ്ത്രം. നേരിയ വ്യത്യാസം = അൽപമാത്രമായ വ്യത്യാസം
നേരിയം നാ. പീലിക്കുന്തം
നേരിയത് നാ. കട്ടികുറഞ്ഞ ഒരുതരം വസ്ത്രം
നേര് നാ. നേർ. (പ്ര) നേരില്ലാത്ത = നേരറ്റ
നേരുക ക്രി. 1. സത്യം ചെയ്യുക; 2. ദേവാലയങ്ങളിലും മറ്റും വഴിപാടുകൊടുക്കാമെന്ന് നിശ്ചയിച്ചുപറയുക; 3. ദേവനുവേണ്ടിയെന്നു മുൻകൂട്ടി നിശ്ചയിച്ചു വളർത്തുക; 4. ഏതെങ്കിലും വ്രതം അനുഷ്ടിക്കാമെന്ന് തീരുമാനമെടുക്കുക. നേരെടി മോളെ പൊന്നിൻ കുഴവി, കൊടുക്കുന്നത് കാര്യം കണ്ടിട്ടല്ലേ (പഴ)
നേരുകേട് നാ. 1. അസത്യം; 2. വഞ്ചന, ചതി
നേരെ അവ്യ. 1. ശരിയായി; 2. എതിരെ; 3. വളവില്ലാതെ; 4. തൊട്ട്, ചേർന്ന്. (പ്ര) നേരെചൊവ്വേ = മര്യാദയായി, ശരിയായി. നേരെനിൽക്കുക= 1. എതിർത്തുനിൽക്കുക; 2. നിവർന്നു നിൽക്കുക; 3. ധർമനിഷ്ഠയോടുകൂടി പ്രവർത്തിക്കുക
നേരൊത്ത വി. തുല്യതയുള്ള
നേര്യത് നാ. നേരിയത്
നേശൻ നാ. സ്നേഹമുള്ളവൻ
നേശം നാ. 1. സ്നേഹം; 2. വാത്സല്യം
നേഷ്ടാവ് നാ. പതിനാറ് ഋത്വിക്കുകളിൽ ഒരാൾ
നേറ്റി നാ. 1. തഴക്കം, പഴക്കം; 2. ചൊവ്വ്; 3. സത്യം; 4. അനുഭവം, നേര്
നൈ നാ. നെയ്യ്

നൈക വി. ഒന്നല്ലാത്ത, ഒറ്റയല്ലാത്ത
നൈകചര വി. 1. ഒറ്റയ്ക്കുസഞ്ചരിക്കാത്ത; 2.
പരിവാരസമന്വിതനായ; 3. തനിച്ചു താമസിക്കാത്ത
നൈകടിക വി. 1. അടുത്തുള്ള; 2. തൊട്ടിരിക്കുന്ന
നൈകടികൻ നാ. 1. അടുത്തുള്ളവൻ, അയലത്തുകാരൻ; 2. ഭിക്ഷു
നൈകധാ അവ്യ. ഒരു രീതിയിൽ മാത്രം അല്ലാതെ, പലതരത്തിൽ
നൈകൻ നാ. 1. ഒറ്റയ്ക്കല്ലാത്തവൻ; 2. വിഷ്ണു
നൈകഭാവ വി. ഒരു ഭാഗം മാത്രമുള്ളതല്ലാത്ത, എപ്പോഴും
മാറിക്കൊണ്ടിരിക്കുന്ന ഭാവത്തോടുകൂടിയ
നൈകഭേദ വി. പലതരത്തിലുള്ള, നാനാപ്രകാരത്തിലുള്ള,
വിവിധമായ
നൈകശ: അവ്യ. 1. പലരും ചേർന്ന്, ഒറ്റയ്ക്കല്ലാതെ; 2.
പലപ്രാവശ്യം
നൈകഷേയൻ നാ. 'നികഷയിൽനിന്നു ജനിച്ചവൻ', 1. രാവണൻ; 2.
രാക്ഷസൻ
നൈകൃതിക വി. 1. കാപട്യമുള്ള; 2. ക്രൂരമായ; 3. തരം താണ,
നീചമായ, മോശപ്പെട്ട
നൈഗമ വി. നിഗമത്തെ സംബന്ധിച്ച
നൈഗമൻ നാ. 1. കച്ചവടക്കാരൻ; 2. നിഗമങ്ങളെ
വ്യാഖ്യാനിക്കുന്നവൻ
നൈഗമം നാ. 1. നിഗമത്തെ സംബന്ധിച്ചത്; 2. ഉപായം; 3.
സദാചാരം; 4. നടത്തൽ, നിർവഹിക്കൽ
നൈഗമിക വി. നിഗമസംബന്ധിയായ, വേദസമ്മതമായ
നൈഘണ്ടുകം നാ. 1. വൈദികപദങ്ങൾ വ്യാഖ്യാനിക്കുന്ന നിഘണ്ടു;
2. നിഘണ്ടുവിനെ സംബന്ധിച്ചത്
നൈചികി നാ. ഉത്തമലക്ഷണങ്ങളുള്ള പശു
നൈച്യം നാ. നീചത്വം
നൈജ വി. സ്വന്തമായ, തന്നെ സംബന്ധിച്ച
നൈട്രജൻ [ഇം.] ണ. പാക്യജനകം
നൈതൽ നാ. നെയ്തൽ
നൈത്തിയാർ നാ. നേത്യാർ
നൈത്യക വി. 1. നിത്യവുമുള്ള; 2. ശാശ്വതമായ; 3. എന്നും
മുടങ്ങാതെ ആചരിക്കേണ്ട
നൈത്യം നാ. 1. നിത്യത്വം; 2. നാശമില്ലായ്മ
നൈദാഘം നാ. നിദാഘത്തെ സംബന്ധിച്ചത്, വേനൽ,
വേനൽക്കാലം
നൈദാനികൻ നാ. രോഗനിദാനം അറിയുന്നവൻ, വൈദ്യൻ
നൈദേശികൻ നാ. 'നിദേശം അനുസരിക്കുന്നവൻ', 1. ഭൃത്യൻ; 2.
ശിഷ്യൻ; 3. സാമന്തൻ
നൈധന വി. 1. നിധനത്തെ സംബന്ധിച്ച; 2. നശ്വരമായ
നൈധനം നാ. എട്ടാംഭാവം

നൈപാതിക	വി.	1. സന്ദർഭവശാൽ പറഞ്ഞ; 2.
വിചാരിച്ചിരിക്കാതെ വന്നുകൂടിയ
നൈപാലം	നാ.	1. ചെമ്പ്; 2. ഉത്തരകിരിയാത്ത്
നൈപുണി	നാ.	നൈപുണ്യം
നൈപുണ്യം	നാ.	നിപുണത, സാമർഥ്യം
നൈഭൃത്യം	നാ.	1. നിഭൃതമായിരിക്കുന്ന അവസ്ഥ; 2. വണക്കം;
3. രഹസ്യം
നൈമന്ത്രണകം	നാ.	സദ്യ, വിരുന്ന്
നൈമിത്ത	വി.	നിമിത്തത്തെ സംബന്ധിച്ച
നൈമിത്തിക	വി.	1. ഒരു പ്രത്യേകനിമിത്തത്തിൽനിന്നുണ്ടായ; 2.
അസാധാരണമായ; 3. യദൃച്ഛയാ സംബന്ധിച്ച; 4. വിശേഷസന്ദർഭങ്ങളിൽ ആചരിക്കുന്ന
നൈമിത്തികൻ	നാ.	നിമിത്തശാസ്ത്രം അറിയാവുന്നവൻ, ജ്യോത്സ്യൻ
നൈമിശം	നാ.	1. നിമിഷനേരം മാത്രം നിലനിൽക്കുന്നത്; 2.
നൈമിശാരണ്യം
നൈമിശാരണ്യം	നാ.	ശൗനകാദിമഹർഷിമാരുടെ വാസസ്ഥാനമായ
ഒരു വനം
നൈമിഷ	വി.	നിമിഷനേരത്തേക്ക്മാത്രമുള്ള, താത്കാലികമായ
നൈമിഷിക	വി.	നൈമിഷ
നൈമ്പ്,നയമ്പ്	നാ.	തുഴ, പങ്കായം
നൈയമിക	വി.	നിയമസംബന്ധിയായ, നിയമപ്രകാരമുള്ള
നൈയമികം	നാ.	നിയമവ്യവസ്ഥ
നൈയായികൻ	നാ.	ന്യായശാസ്ത്രം പഠിച്ച പണ്ഡിതൻ
നൈയായികം	നാ.	ന്യായശാസ്ത്രം
നൈർഗുണ്യം	നാ.	1. ഗുണങ്ങൾ ഇല്ലാത്ത സ്ഥിതി; 2. നല്ല
ഗുണങ്ങൾ ഇല്ലായ്മ
നൈർഘൃണ്യം	നാ.	നിർഘൃണത, ദയയില്ലായ്മ
നൈർദേശിക	വി.	1. നിർദേശത്തെ സംബന്ധിച്ച; 2. ആജ്ഞ
അനുസരിക്കുന്ന
നൈർദേശികൻ	നാ.	ഭൃത്യൻ, ആജ്ഞാനുവർത്തി
നൈർധന്യം	നാ.	ധനമില്ലായ്മ, ദാരിദ്ര്യം
നൈർമല്യം	നാ.	ശുദ്ധി, കളങ്കമില്ലായ്മ
നൈർലജ്യ	നാ.	ലജ്ജയില്ലായ്മ
നൈർവാണിക	വി.	നിർവാണവുമായി ബന്ധപ്പെട്ട
നൈർവാഹിക	വി.	നിർവഹിക്കുന്ന
നൈരന്തര്യം	നാ.	1. അന്തരം ഇല്ലായ്മ; 2. തിങ്ങൽ, ഞെരുക്കം
997
നൈരം	[<സം.നീര]	നാ.	ജലത്തെസംബന്ധിച്ച
നൈരർഥ്യം	നാ.	അർഥമില്ലായ്മ, നിരർഥത
നൈരാശ്യം	നാ.	നിരാശപ്പെട്ട അവസ്ഥ; 2. പിടിവാശി,
ആശയില്ലായ്മ
നൈരുക്തൻ	നാ.	നിരുക്തമറിയാവുന്ന പണ്ഡിതൻ

നൈരുക്തം നാ. നിരുക്തത്തെ സംബന്ധിച്ചത്
നൈരുജ്യം നാ. രോഗമില്ലായ്മ, ആരോഗ്യം
നൈരൃത വി. 1. നിരൃതിയുമായി ബന്ധപ്പെട്ട; 2. തെക്കുപടിഞ്ഞാറെ ദിക്കിലുള്ള
നൈരൃതൻ നാ. 1. തെക്കുപടിഞ്ഞാറെദിക്കിൻെറ അധിപൻ; 2. രാക്ഷസൻ
നൈരൃതം നാ. മൂലം നക്ഷത്രം
നൈരൃതി നാ. 1. നരകദേവത; 2. ശ്രീദുർഗ
നൈര്യാണിക വി. നിര്യാണത്തെ സംബന്ധിച്ച
നൈലോൺ [ഇം.] നാ. ജൈവവസ്തുക്കൽ ഉപയോഗിച്ചു നിർമിക്കുന്ന ഒരു പദാർഥം (മുഖ്യമായും നൂലുണ്ടാക്കാൻ)
നൈല്യം നാ. ക്രുപ്പ്, കടും നീലനിറം
നൈവര നാ. കെട്ടിടം പണിയുമ്പോൾ കരിങ്കണ്ണുപറ്റാതിരിക്കാൻ ഉണ്ടാക്കിവയ്ക്കുന്ന കോലം
നൈവാര വി. നിവാരത്തെ സംബന്ധിച്ച
നൈവേദ്യം നാ. പൂജയുടെ ഭാഗമായി ദേവന്മാർക്കു സമർപ്പിക്കുന്ന ചോറ് പായസം പലഹാരങ്ങൾ തുടങ്ങിയവ
നൈവേശികം നാ. 1. ആഭരണങ്ങൾകൊണ്ട് അലങ്കരിച്ച കന്യകയെ ദാനം ചെയ്യൽ; 2. ബ്രാഹ്മണഗൃഹസ്ഥനു ചെയ്യുന്ന ദാനം; 3. വീട്ടാവശ്യത്തിനുള്ള പാത്രം
നൈശ വി. നിശയെ സംബന്ധിച്ച, രാത്രിതോറുമുള്ള
നൈശ്ചര്യം നാ. ചലനമില്ലായ്മ, സ്ഥിരത
നൈശ്ചിത്യം നാ. 1. തീർപ്പ്; 2. ഒഴിവാക്കാനാകാത്ത ചടങ്ങ്
നൈഷധൻ നാ. 1. നിഷധരാജാവ്; 2. നിഷധരാജ്യത്തുള്ളവൻ
നൈഷധം നാ. 1. നിഷധരാജ്യത്തെ സംബന്ധിച്ചത്; 2. 2. നിഷധനെ സംബന്ധിച്ചത്; 3. നിഷധരാജാവായ നളൻെറ കഥ പ്രതിപാദിക്കുന്നത്
നൈഷധീയ വി. നൈഷധനെ സംബന്ധിച്ച
നൈഷാദ വി. നഷാദനെ സംബന്ധിച്ച
നൈഷ്കർമ്യം നാ. 1. കർമം ചെയ്യാതിരിക്കൽ; 2. അലസത; 3. ധ്യാനം
നൈഷ്കിക വി. വിലയ്ക്കുവാങ്ങിയ
നൈഷ്കികൻ നാ. 1. കമ്മട്ടത്തിൻെറ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥൻ; 2. രാജഭണ്ഡാരത്തിൻെറ ചുമതലക്കാരൻ
നൈഷ്ക്രമണം നാ. ശിശുവിനെ ആദ്യമായി വീട്ടിനുപുറത്തു കൊണ്ടുവരുന്ന ചടങ്ങ്
നൈഷ്ഠിക വി. 1. നിഷ്ഠയെസംബന്ധിച്ച; 2. വ്രതം ധ്യാനം തുടങ്ങിയവ മുടങ്ങാതെ ആചരിക്കുന്ന; 3. നിശ്ചിതമായ; 4. ശ്രേഷ്ഠമായ; 5. അവസാനമുള്ള
നൈഷ്ഠികൻ നാ. 1. ഗുരുപദിഷ്ടമായ നിഷ്ഠകൾ തെറ്റാതെ അനുഷ്ഠിക്കുന്നവൻ; 2. നൈഷ്ഠികബ്രഹ്മചാരി; 3. സ്ഥൈര്യമുള്ളവൻ
നൈഷ്ഠികബ്രഹ്മചാരി നാ. ആജീവനാന്തം ബ്രഹ്മചര്യം അനുഷ്ഠിക്കുമെന്ന് വ്രതമെടുത്ത് ആധ്യാത്മികജീവിതം നയിക്കുന്നവൻ

നൈഷ്ഠുര്യം നാ. നിഷ്ഠൂരത, ക്രൂരത
നൈസർഗിക വി. സൃഷ്ടിയിൽതന്നെയുള്ള, ജന്മസിദ്ധമായ, സ്വാഭാവികമായ
നൈസ്ത്രീംശികൻ നാ. 1. നിസ്ത്രിംശം പ്രയോഗിക്കുന്നവൻ; 2. ക്രൂരൻ; 3. എന്തുംചെയ്യാൻ മടിയില്ലാത്തവൻ
നൊക്കുക ക്രി. 1. തുളച്ചുകടത്തുക; 2. ചെറിയവിടവിലൂടെ ഞെരുക്കി കടത്തുക; 3. തുളയ്ക്കുക
നൊങ്ക് നാ. പനയുടെ ഇളങ്കരിക്ക്
നൊങ്ങ് നാ. 1. നൊങ്ക്; 2. മുളച്ചുവരുന്ന തേങ്ങയ്ക്കുള്ളിലുണ്ടാകുന്ന പൊങ്ങ്
നൊങ്ങുക ക്രി. 1. ഞെരുങ്ങിക്കയറുക; 2. ഞെരുങ്ങി മറുപുറം കടക്കുക
നൊച്ച് നാ. 1. ചെറുത്; 2. മാർദവമുള്ളത്; 3. കൃശമായത്
നൊടി1 നാ. 1. കയ്യുടെ നടുവിരലും പെരുവിരലും ചേർത്തമർത്തി പെരുവിരൽ ഒരു വശത്തേക്ക് തെന്നിക്കുമ്പോൾ ഉണ്ടാകുന്ന ശബ്ദം; 2. ഒരു തവണ നൊടിക്കാൻ വേണ്ട സമയം; 3. അൽപസമയം
നൊടി2 നാ. പിറുപിറുപ്പ്, പുറത്തു നേരെകേൾക്കാത്ത വിധമുള്ള സംഭാഷണം
നൊടിക്കുക ക്രി. 1. പെരുവിരലിനോടു നടുവിരൽ ചേർത്ത് അമർത്തി പെരുവിരൽ തെന്നിക്കുക
നൊടിച്ചിൽ നാ. നൊടിച്ച് ശബ്ദമുണ്ടാക്കൽ, നൊടിപ്പ്
നൊടിപ്പ് നാ. തള്ളവിരലും നടുവിരലും ചേർത്ത് നൊടിച്ചു ശബ്ദമുണ്ടാക്കൽ; 2. പിറുപിറുക്കൽ
നൊടിയിട നാ. 1. ഒന്നു നൊടിക്കാൻവേണ്ട സമയം; 2. വളരെ കുറച്ചു സമയം
നൊടിയുക ക്രി. പിറുപിറുക്കുക, മുറുമുറുക്കുക
നൊട്ട നാ. 1. വിരലുകൾ ബലമായി അമർത്തുമ്പോൾ സന്ധികളിൽ ഉണ്ടാകുന്ന പൊട്ടുന്നതുപോലെയുള്ള ശബ്ദം; 2. കൊതി; 3. കൊതികൊണ്ട് വായിൽ നിറയുന്ന ഉമിനീർ; 4. പരദൂഷണം; 5. നിസ്സാരവസ്തു
നൊട്ടി നാ. 1. മൈഥുനം; 2. സാരമില്ലാത്തതോ നിന്ദ്യമോ ആയ പ്രവൃത്തി
നൊട്ടുക ക്രി. 1. ഞോടുക, സാരമില്ലാത്ത ദേഹോപദ്രവം ഏൽപിക്കുക; 2. പ്രവർത്തിക്കുക; 3. വിരലുകളമർത്തി നൊട്ടയിടുക; 4. നാവുകൊണ്ട് നൊട്ടയുടെ ശബ്ദം പുറപ്പെടുവിക്കുക
നൊണ്ടൻ നാ. മുടന്തൻ, നൊണ്ടുന്നവൻ
നൊണ്ടൽ നാ. മുടന്ത്
നൊണ്ടി വി. മുടന്തുള്ള. നാ. മുടന്തുള്ളവൻ, മുടന്തുള്ളവൾ, മുടന്തുള്ള ജീവി
നൊണ്ടിച്ചിന്ത് നാ. 1. ഒരു നാടോടിപ്പാട്ട്; 2. നൊണ്ടിനാടകം
നൊണ്ടിനാടകം നാ. ഒരു നാടോടിനാടകം
നൊണ്ടിവീക്കം നാ. കന്നുകാലികളെ ബാധിക്കുന്ന ഒരു രോഗം

നൊണ്ട് നാ. മുടന്ത്
നൊണ്ടുക ക്രി. 1. മുടന്തുക; 2. ഏന്തുക
നൊണ്ണൻ നാ. പല്ലില്ലാത്തവൻ
നൊണ്ണ് നാ. മോണ, ഊന്
നൊണ്ണുക ക്രി. ചവയ്ക്കാതെ തിന്നുക
നൊത്തു [നൊക്കുക] ക്രി. (ഭൂ.രൂപം) 1. തുളയിൽക്കൂടി മറുവശത്ത് കടന്നു; 2. തുളച്ചു കയറി
നൊന്തുവിളി നാ. 1. പ്രസവവേദനകൊണ്ടുള്ള കരച്ചിൽ; 2. വേദനകൊണ്ടു പുറപ്പെടുവിക്കുന്ന ശബ്ദം
നൊമ്പരം നാ. വേദന. (പ്ര) നൊമ്പരപ്പെടുക = വേദനയുണ്ടാകുക. നൊമ്പരം ഊതുക = ഊതിയും തടവിയും മന്ത്രപ്രയോഗം കൊണ്ടും വേദനമാറ്റുക
നൊമ്മൾ നമ്മൾ എന്നതിൻെറ ദേശ്യഭേദം
നൊയ് നാ. 1. വളരെ ചെറുത്; 2. പൊടി; 3. നേർമ; 4. വളരെ നേർത്തത്
നൊയമ്പ് നാ. 1. നിരാഹാരാദി വ്രതാനുഷ്ഠാനങ്ങൾ. (പ്ര) നൊയമ്പ് എടുക്കുക, -നോൽക്കുക, -പിടിക്കുക = നിരാഹാരാദിവ്രതങ്ങൾ അനുഷ്ഠിക്കുക. നൊയമ്പുതുറക്കുക = നൊയമ്പു വീടുക. നയമ്പടയ്ക്കുക = വ്രതം അവസാനിപ്പിക്കുക
നൊയ്യൻ നാ. 1. ബലഹീനൻ, മെലിഞ്ഞവൻ; 2. നിസ്സാരൻ
നൊയ്യം നാ. 1. കൃശത; 2. ബലഹീനത; 3. നിസ്സാരത
നൊയ്യരി നാ. 1. കടുപ്പമുള്ളാരി; 2. ഉമികളഞ്ഞ ധാന്യം
നൊസ്സൻ നാ. 1. സ്ഥിരബുദ്ധിയില്ലാത്തവൻ; 2. മദ്യം കറുപ്പ് കഞ്ചാവ് തുടങ്ങിയ ലഹരിസാധനങ്ങൾ ഉപയോഗിച്ച് മനസ്സിൻെറ സമനില നഷ്ടപ്പെട്ടവൻ; 3. ശല്യക്കാരൻ
നൊസ്സ് [പേർ.] നാ. 1. കിറുക്ക്; 2. ലഹരിസാധനങ്ങൾ ഉപയോഗിച്ചുണ്ടായ മത്ത്; 3. നൊസ്സൻ
നോകുക ക്രി. വേദനിക്കുക
നോക്കിക്കൊള്ളുക ക്രി. 1. കരുതിയിരിക്കുക; 2. നന്മതിന്മകൾ കണക്കാക്കി വേണ്ടതു സ്വീകരിക്കുക
നോക്കിച്ചാർത്ത് നാ. കണ്ടെഴുത്ത്, വസ്തുവിൻെറ എലുക ആദായം മുതലായവ കണക്കാക്കൽ
നോക്കിനടക്കുക ക്രി. 1. ശ്രദ്ധിച്ചു നടക്കുക; 2. തിരഞ്ഞുനടക്കുക; 3. ഭരണച്ചുമതല ഏറ്റുനടത്തുക
നോക്കിയിരിക്കുക ക്രി. പ്രതീക്ഷിക്കുക, കാത്തിരിക്കുക, അവസരം പാർക്കുക
നോക്കിവായിക്കുക ക്രി. 1. അക്ഷരം ഒന്നും വിടാതെ ശ്രദ്ധിച്ചു വായിക്കുക; 2. ഉച്ചരിക്കാതെ വായിച്ചു മനസ്സിലാക്കുക
നോക്ക്1 നാ. 1. നോട്ടം; 2. നല്ല കാഴ്ച; 3. കണ്ണ്; 4. പ്രയത്നം; 5. വിചാരം; 6. ഒരുതരം നൃത്തം
നോക്ക്2 നമുക്ക് (നോം എന്നതിൻെറ സംബന്ധികാവിഭക്തി)

നോക്കുക ക്രി. 1. ദൃഷ്ടിപതിപ്പിക്കുക; 2. അറിയാൻ ശ്രമിക്കുക; 3. പരിശ്രമിക്കുക; 4. ചിന്തിക്കുക; മേൽനോട്ടം വഹിക്കുക; 6. തെരയുക; 7. പരിശോധിക്കുക; 8. പരിചരിക്കുക; 9. ശുശ്രൂഷിക്കുക (പ്ര) നോക്കിനോക്കിക്കഴിയുക = പ്രതീക്ഷിക്കുക. നീക്കിപ്പാർക്കുക = ശ്രദ്ധിക്കുക

നോക്കുകുത്തി നാ. കണ്ണേറുപറ്റാതിരിക്കാൻവേണ്ടി കെട്ടിവയ്ക്കുന്ന വികൃതമായ കോലം

നോടുക ക്രി. = ഞോടുക

നോട്ടക്കാരൻ നാ. 1. നോക്കുന്നവൻ; 2. പരിശോധിക്കുന്നവൻ; 3. കാവൽക്കാരൻ; 4. കൈരേഖനോക്കി ഫലം പറയുന്നവൻ; 5. കുറ്റം പറയുന്നവൻ; 6. വിമർശകൻ

നോട്ടക്കുറവ് നാ. 1. അശ്രദ്ധ; 2. വിവേചനശക്തിയില്ലായ്മ; 3. മേൽനോട്ടത്തിലോ നിയന്ത്രണത്തിലോ വരുന്ന പിഴ

നോട്ടക്കൂലി നാ. 1. ചിട്ടിനടത്തുന്നയാൾ തൻെറ വിഹിതമായി ചിട്ടിപ്പണത്തിൽ നിന്ന് എടുക്കുന്ന തുക; 2. കാവൽക്കാരനു കൊടുക്കേണ്ട പ്രതിഫലം

നോട്ടം നാ. 1. നോക്കുക എന്ന പ്രവൃത്തി; 2. പരിശോധിക്കൽ; 3. മതിക്കൽ; 4. വിവേചിച്ചറിയാനും വേണ്ടതു തക്കസമയത്തു ചെയ്യാനുമുള്ള കഴിവ്; 5. ഭരണം, നിയന്ത്രണം; 6. ശുശ്രൂഷ; 7. മുൻകരുതൽ

നോട്ടറി [ഇം.] നാ. പ്രമാണങ്ങൾ രേഖകളുടെ പകർപ്പുകൾ ഉടമ്പടികൾ തുടങ്ങിയവ സാക്ഷിപ്പെടുത്താൻ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ (കേരളത്തിൽ അഭിഭാഷകരെയാണ് നോട്ടറികളായി നിയോഗിക്കാറുള്ളത്)

നോട്ടിഫിക്കേഷൻ [ഇം.] നാ. നിയമം അനുശാസിക്കുന്ന രീതിയിലുള്ള വിളംബരം, പരസ്യം

നോട്ടീസ് [ഇം.] നാ. 1. പരസ്യം; 2. മറ്റുള്ളവരുടെ ശ്രദ്ധയിൽപ്പെടാൻവേണ്ടി എഴുതിയോ അച്ചടിച്ചോ വിതരണം ചെയ്യുന്ന കുറിപ്പ്

നോട്ട് [ഇം.] നാ. 1. കുറിപ്പ്; 2. വിസ്തരിച്ചല്ലാതെയുള്ള വ്യാഖ്യാനം; 3. കടലാസു നാണയം. (പ്ര) നോട്ടെഴുതുക = ക്ലാസ്സിൽ അധ്യാപകൻ പറയുന്നത് കുറിച്ചെടുക്കുക. നോട്ടുകൊടുക്കുക = അധ്യാപകൻ പഠിപ്പിക്കുന്ന വിഷയം കുട്ടികൾക്ക് എഴുതിയെടുക്കത്തക്കവണ്ണം പറഞ്ഞുകൊടുക്കുക. നോട്ടുചെയ്യുക = 1. ശ്രദ്ധിക്കുക; 2. കുറിച്ചെടുക്കുക

നോണ്ടൽ [നോണ്ടുക] നാമരൂപം

നോണ്ടുക ക്രി. ഞോടുക, കിഴുക്കുക, തോണ്ടുക

നോദനം നാ. 1. തള്ളൽ; 2. പ്രേരണ; 3. ഓടിച്ചുകളയുക, ഒഴിവാക്കുക; 4. ഛേദിക്കൽ

നോദം നാ. 1. തള്ളിമാറ്റൽ, ഒഴിവാക്കൽ; 2. പ്രേരണ

നോധാ വി. ഒൻപതുതരത്തിൽ, ഒൻപതുഭാഗമായി

നോൻപ് നാ. = നോമ്പ്

നോബൽസമ്മാനം [ഇം.] നാ. ആൽഫ്രെഡ് ബി. നോബൽ എന്ന സ്വീഡൻകാരനായ ശാസ്ത്രജ്ഞൻ ഏർപ്പെടുത്തിയ ഒരു പ്രതിവർഷസമ്മാനം

നോം സ.നാ. ഞാൻ

നോമ്പ് നാ. നോയമ്പ്

നോയ് നാ. നോവ്

നോൽക്കുക ക്രി. 1. വ്രതം അനുഷ്ഠിക്കുക; 2. അഭീഷ്ടസിദ്ധിക്കുവേണ്ടി യത്നിക്കുക
നോൽപ്പിക്കുക ക്രി. നോക്കാൻ പ്രേരിപ്പിക്കുക, വ്രതം അനുഷ്ഠിപ്പിക്കുക
നോവൽ [ഇം.] നാ. ഒരു സാഹിത്യരൂപം, ആഖ്യായിക
നോവലിസ്റ്റ് [ഇം.] നാ. നോവൽ രചിക്കുന്ന സാഹിത്യകാരൻ
നോവാളി നാ. നോവുള്ളവൻ, രോഗി
നോവിക്കുക ക്രി. വേദനിപ്പിക്കുക (ശാരീരികമായോ മാനസികമായോ)
നോവിടുക ക്രി. പ്രസവവേദന ആരംഭിക്കുക
നോവ് നാ. 1. വേദന; 2. നൊമ്പരം; 3. രോഗം
നോവുക ക്രി. = നോകുക
നോവെടുക്കുക ക്രി. 1. നോവിക്കുക; 2. വേദന അനുഭവപ്പെടുക, നോവുക
നോള നാ. 1. ഉമിനീർ; 2. കുതിരയുടെ വായിലെ പത; 3. മീൻ ഒച്ച് തുടങ്ങിയ ജീവികളുടെ തൊലിയിലുള്ള വഴുകുന്ന ദ്രാവകം; 4. ചില പഴങ്ങളുടെ പുറത്തുള്ള പശ
നോറ് നാ. വായ്
നൗ [സം.] നാ. 1. തോണി വഞ്ചി ബോട്ട് കപ്പൽ തുടങ്ങിയ ജലയാനങ്ങളെ പൊതുവെ കുറിക്കുന്ന പദം; 2. (ജ്യോ) കന്നി രാശി; 3. അത്തം നക്ഷത്രം
നൗക നാ. 1. തോണി, വള്ളം, കപ്പൽ; 2. ചതുരങ്ഗത്തിലെ ഒരു കരുവിൻെറ പേര്; 3. കന്നിരാശി; 4. അത്തം നക്ഷത്രം
നൗകർമം നാ. നാവികവൃത്തി
നൗചരൻ നാ. നാവികൻ
നൗതാര്യ നാ. കടവ്, കടത്ത്
നൗദണ്ഡം നാ. തുഴ, പങ്കായം, വള്ളം ഊന്നാനുള്ള കഴ
നൗമി ക്രി. ഞാൻ നമസ്കരിക്കുന്നു, ഞാൻ സ്തുതിക്കുന്നു.
999
നൗയാനം നാ. കപ്പലോട്ടം, കപ്പലിൽ യാത്രചെയ്യൽ
നൗയായി നാ. കപ്പൽ യാത്രക്കാരൻ
നൗവ്വ് നാ. = നൗ
ന്യക്കരണം നാ. ന്യക്കരിക്കൽ, തരംതാഴ്ത്തൽ, ധിക്കരിക്കൽ, നിന്ദിക്കൽ
ന്യക്കരിക്കൽ നാ. ന്യക്കരണം
ന്യക്കരിക്കുക ക്രി. 1. ധിക്കരിക്കുക; 2. തരംതാഴ്ത്തുക; 3. നിന്ദിക്കുക
ന്യക്കാരം നാ. 1. ധിക്കാരം; 2. നിന്ദ, തരംതാഴ്ത്തൽ; 3. അവഗണന
ന്യക്കൃത വി. ന്യക്കരിക്കപ്പെട്ട
ന്യക്ത വി. 1. പൂശപ്പെട്ട; 2. കൂട്ടിക്കലർത്തപ്പെട്ട; 3. അലങ്കരിക്കപ്പെട്ട
ന്യക്ഷ വി. 1. തരംതാണ; 2. നീചമായ; 3. പൂർണമായ

ന്യക്ഷൻ നാ. 1. പരശുരാമൻ; 2. നികൃഷ്ടൻ, നീചൻ
ന്യക്ഷം നാ. 1. എരുമപ്പുല്ല്; 2. പോത്ത്; 3. നികൃഷ്ടമായ വസ്തു; 4. പൂർണമായത്
ന്യഗ്രോധം നാ. 1. പേരാൽ; 2. വന്നിമരം; 3. നീളം അളക്കാനുള്ള ഒരു തോത്, ഒരുമാറ്
ന്യങ്ഗം നാ. 1. സ്വാഭാവികമായ അടയാളം; 2. രൂപംകൊണ്ടോ ഗുണംകൊണ്ടോ സാമ്യമുള്ള വസ്തു, ഒരേതരത്തിൽപ്പെട്ടത്
ന്യങ്കു നാ. കടമാൻ
ന്യച്ഛം നാ. 1. ശരീരത്തിലുള്ള പാട്; 2. ശരീരത്തിൽ ഉണ്ടാകുന്ന പാട്, പുള്ളി
ന്യഞ്ച വി. 1. കീഴോട്ടുപോകുന്ന; 2. കമിഴ്ന്നുകിടക്കുന്ന; 3. തൂങ്ങിക്കിടക്കുന്ന
ന്യഞ്ചനം നാ. 1. വളവ്; 2. പൊത്ത്, ദ്വാരം; 3. ഒഴിക്കാനുള്ള സ്ഥലം
ന്യഞ്ചനി നാ. മടിത്തട്ട്
ന്യഞ്ചനൈഷി വി. 1. ഒളിക്കാൻ സ്ഥലം തേടുന്ന; 2. പൊത്തുതേടുന്ന
ന്യഞ്ചിത വി. 1. അധോമുഖമായ; 2. കിഴോട്ടുവളയ്ക്കപ്പെട്ട; 3. താഴെവീഴ്ത്തപ്പെട്ട
ന്യഞ്ജലിക നാ. കീഴോട്ടാക്കിപ്പിടിച്ച അഞ്ജലി
ന്യയനം നാ. 1. ഒത്തുകൂടാനുള്ള സ്ഥലം; 2. ശേഖരിച്ചുവയ്ക്കാനുള്ള ഇടം; 3. പ്രവേശനദ്വാരം; 4. പ്രവേശനം
ന്യയം നാ. 1. ക്ഷയം; 2. നാശം; 3. നഷ്ടം
ന്യർബുദം നാ. ഒരു വലിയ സങ്ഖ്യ, പത്തുകോടി
ന്യസനം നാ. 1. വയ്ക്കല്ല്; 2. സൂക്ഷിച്ചുവയ്ക്കൽ; 3. പണയംവയ്ക്കൽ; 4. ദൂരെക്കളയൽ
ന്യസിക്കുക ക്രി. 1. വയ്ക്കുക; 2. സ്പർശിക്കുക; 3. പൂജാവിധിയുടെഭാഗമായി ശരീരത്തിലെ ഓരോ അവയവങ്ങളിലും ദേവതകളെ മന്ത്രപൂർവം സ്ഥാപിക്കുക; 4. പണയംവയ്ക്കുക; 5. സൂക്ഷിക്കാനേൽപ്പിക്കുക; 6. എറിയുക
ന്യസ്ത വി. ന്യസിക്കപ്പെട്ട
ന്യസ്തവ്യം നാ. 1. ന്യസിക്കപ്പെടേണ്ടത്; 2. ഉറപ്പിക്കേണ്ടത്
ന്യസ്യ വി. ന്യസിക്കേണ്ട, ന്യസിക്കത്തക്ക
ന്യാക്യം നാ. അരിവറുത്തത്
ന്യാദം നാ. 1. ഭക്ഷണം; 2. തീറ്റൽ, ഊട്ടൽ
ന്യായത്തീർപ്പ് നാ. കോടതിവിധി, ന്യായാധിപൻെറ തീരുമാനം
ന്യായദർശനം നാ. 1. ഷഡ്ദർശനങ്ങളിൽ ഒന്ന്; 2. ഗൗതമപ്രോക്തമായ ന്യായശാസ്ത്രം
ന്യായൻ നാ. വിഷ്ണു
ന്യായപഥം നാ. 1. നീതിയുടെ മാർഗം; 2. മീമാംസ
ന്യായം നാ. 1. ആചാരമര്യാദകളുടെ അടിസ്ഥാനതത്ത്വം; 2. ദേശകാലാനുരൂപമായ പെരുമാറ്റരീതി; 3. മുറ; 4. ഔചിത്യം; 5. രീതി; 6.

ഷഡ്ദർശനങ്ങളിൽ ഒന്ന്; 7. ലോകഗതി ഇന്നപ്രകാരമെന്ന് സ്ഥാപിക്കുന്ന ചൊല്ല്; 8. വ്യവഹാരങ്ങളിൽ കോടതിയോ മധ്യസ്ഥനോ അധികാരപ്പെടുത്തിയ മറ്റുദ്യോഗസ്ഥരോ കൽപിക്കുന്ന തീർപ്പ്, വിധി

ന്യായവർത്തി നാ. നല്ലപെരുമാറ്റമുള്ളവൻ, ന്യായം ദീക്ഷിക്കുന്നവൻ

ന്യായവാദം നാ. 1. തെറ്റിനെയും ശരിയെയും കുറിച്ചുള്ള ചർച്ച; 2. വാഗ്വാദം

ന്യായവാദി നാ. ന്യായമ്പറയുന്നവൻ

ന്യായവാൻ നാ. ന്യായമുള്ള ആൾ, നീതിമാൻ, ധർമമാർഗത്തിൽനിന്നു വ്യതിചലിക്കാത്ത ആൾ

ന്യായവിദ്യ നാ. തർക്കം, ന്യായശാസ്ത്രം

ന്യായവിധി നാ. ന്യായത്തീർപ്പ്

ന്യായവിസ്താരം നാ. കോടതിയിലും മറ്റും നടത്തുന്ന വിസ്താരം, വാദി പ്രതി സാക്ഷികൾ എന്നിവരെ ചോദ്യംചെയ്തു തെളിവെടുക്കൽ

ന്യായശാസ്ത്രം നാ. തർക്കശാസ്ത്രം

ന്യായസൂത്രം നാ. ഗൗതമപ്രണീതമായ ന്യായശാസ്ത്രം, അതിലെ സൂത്രവാക്യങ്ങൾ

ന്യായസ്ഥൻ നാ. ന്യായത്തിൽ ഉറച്ചുനിൽക്കുന്നവൻ, നീതിമാൻ

ന്യായാഗത വി. 1. ന്യായമായി അവകാശപ്പെട്ട; 2. ന്യായയുക്തമായ മാർഗങ്ങളിലൂടെ വന്നുചേർന്നതോ സമ്പാദിച്ചതോ (ധനമെന്നപോലെ)

ന്യായാധിപതി നാ. ന്യായം കണ്ടെത്താനും നടപ്പിലാക്കാനും ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ (മജിസ്ട്രേട്, ജഡ്ജി എന്നിവരെപ്പോലെ)

ന്യായാധിപൻ നാ. ന്യായാധിപതി

ന്യായാസനം നാ. നീതിപീഠം

ന്യായീകരണം നാ. 1. ന്യായമായിത്തീർക്കൽ; 2. പറ്റിപ്പോയ തെറ്റു സമ്മതിക്കാതെ ന്യായമാണെന്ന് സ്ഥാപിക്കാനുള്ള വാദമുഖങ്ങൾ ഉന്നയിക്കൽ

ന്യായീകരിക്കുക നാ. 1. ന്യായമല്ലാത്തതു തിരുത്തി നീതിപൂർവമാക്കുക; 2. ന്യായമല്ലാത്തതിനെ ന്യായമാണെന്നു സ്ഥാപിക്കുന്ന വാദമുഖങ്ങൾ ഉന്നയിക്കുക

ന്യായ്യ വി. 1. ന്യായയുക്തമായ, ഉചിതമായ; 2. നടപ്പിലുള്ള; 3. ന്യായമായികിട്ടുന്ന

ന്യാസധാരകൻ നാ. ന്യായവസ്തു ഏറ്റവൻ, പണമായോ നിക്ഷേപമായോ സ്വീകരിച്ചവൻ

ന്യാസധാരി നാ. ന്യാസധാരകൻ

ന്യാസം നാ. 1. വയ്ക്കൽ; 2. സൂക്ഷിക്കാൻ ഏൽപിച്ച വസ്തു; 3. പണയം; 4. ഏൽപ്പിക്കൽ; 5. മുദ്ര, അച്ച്; 6. മുദ്രപതിക്കൽ; 7. പൂജ തുടങ്ങുമ്പോൾ മന്ത്രാക്ഷരങ്ങളുപയോഗിച്ച് ദേവതകളെ ശരീരത്തിൻെറ ഓരോഭാഗത്തായി സ്ഥാപിക്കുന്ന ക്രിയ; 8. എറിഞ്ഞുകളയൽ

ന്യാസഹരൻ നാ. ന്യാസവസ്തു അപഹരിക്കുന്നവൻ

ന്യാസാപ വം നാ. പണയമായോ നിക്ഷേപമായോ ഏൽപിച്ച വസ്തു തന്നെ ഏൽപ്പിച്ചിട്ടില്ലെന്നു പറയൽ

ന്യാസി നാ. ലൗകികബന്ധങ്ങളും താത്പര്യങ്ങളും ഉപേക്ഷിച്ചവൻ, സന്ന്യാസി

ന്യാസീകരിക്കുക ക്രി. 1. നിക്ഷേപിക്കുക; 2. പണയമായി ഏൽപ്പിക്കുക; 3. ഉപേക്ഷിക്കുക

ന്യൂങ്ഖ വി. 1. ഉചിതമായ; 2. ശരിയായ; 3. സന്തോഷിക്കുന്ന, മനോഹരമായ

ന്യൂബ്ജ വി. 1. താഴോട്ടുവളഞ്ഞ; 2. കമിഴ്ന്നുകിടക്കുന്ന; 3. കൂനുള്ള; 4. അധ്യഭാഗം ഉയർന്ന

ന്യൂബ്ജം നാ. 1. വൈരപ്പുളി നാരങ്ങ; 2. വളഞ്ഞ വാൾ; 3. കുശപ്പുല്ലുകൊണ്ടുള്ള തവി; 4. ന്യഗ്രോധം

ന്യൂന വി. 1. കുറവ്; 2. അങ്ഗഭങ്ഗം; 3. താണസ്ഥിതി; 4. ന്യൂനചി ം

ന്യൂനചി ം നാ. ഒരു സങ്ഖ്യയിൽനിന്നു മറ്റൊരു സങ്ഖ്യ കുറയ്ക്കേണ്ടതെന്ന് കാണിക്കാൻ രണ്ടു സങ്ഖ്യകൾക്കും ഇടയ്ക്കു ചേർക്കുന്ന നേർവര

ന്യൂനത,-ത്വം നാ. കുറവ്, താഴ്ച, പോരായ്മ

ന്യൂനപദം നാ. ഒരു കാവ്യദോഷം

ന്യൂനാതിരിക്തഭേദം നാ. വലുതെന്നും ചെറുതെന്നുമുള്ള വ്യത്യാസം

ന്യൂനാധിക വി. ഏറ്റക്കുറച്ചിലുള്ള, തുല്യതയില്ലാത്ത

ന്യൂസ് [ഇം.] നാ. വർത്തമാനം

ന്യൂസ്പേപ്പർ [ഇം.] നാ. വർത്തമാനക്കടലാസ്

ന്യൂസ്ബുള്ളറ്റിൻ [ഇം.] നാ. വാർത്താക്കുറിപ്പ് (പൊതുജനങ്ങളുടെ അറിവിനായി പത്രത്തിലൂടെയോ റേഡിയോ ടെലിവിഷൻ തുടങ്ങിയ മാധ്യമങ്ങളിലൂടെയോ പ്രസിദ്ധപ്പെടുത്തുന്നത്)

ന്രസ്ഥി [സം.നൃ-അസ്ഥി] നാ. മനുഷ്യൻെറ അസ്ഥി

ന്രസ്ഥിമാലി നാ. ശിവൻ

പ

പ1 മലയാള അക്ഷരമാലയിലെ ഇരുപത്തിയൊന്നാമത്തെ വ്യഞ്ജനാക്ഷരം. (വായുപ്രവാഹത്തെ രണ്ടുചുണ്ടുകളും കൂട്ടിത്തടഞ്ഞുവിട്ടുച്ചരിക്കുന്ന വിരാമസ്വനം. ശ്വാസിയും അൽപപ്രാണവും ആയ ഖരം)

പ2 വി. പാനംചെയ്യുന്ന, കുടിക്കുന്ന (പദാന്തത്തിൽ പ്രയോഗം. ഉദാ: ക്ഷീരപൻ, മദ്യപൻ)

പ3 വി. പാലിക്കുന്ന, രക്ഷിക്കുന്ന (പദാന്തത്തിൽ പ്രയോഗം. ഉദാ: അജപൻ, ഭൂപൻ)

പ4 നാ. (സങ്ഗീ) പഞ്ചമം, സപ്തസ്വരങ്ങളിൽ അഞ്ചാമത്തെതിനെ കുറിക്കുന്ന ചി ം

പക1 നാ. ശത്രുത, വിരോധം, ഭിന്നത. (പ്ര) പകപോക്കുക,-വീട്ടുക = പ്രതികാരം ചെയ്യുക. കുടിപ്പക = കുഡുംബാങ്ഗങ്ങൾതമ്മിൽ പരമ്പരയാ നിലനിൽക്കുന്ന ശത്രുത

പക2 [പകയ്ക്കുക] ധാതുരൂപം

പകച്ചി നാ. പകയുള്ള സ്ത്രീ (പകയൻ എന്നതിൻെറ സ്ത്രീലിങ്ഗരൂപം)

പകടം നാ. 1. പകിട്ട്, നിറം പിടിപ്പിക്കൽ; 2. മോടികാട്ടി വഞ്ചിക്കൽ

പകടി1 [പ്രാ.പഗഡി] നാ. 1. കർമം; 2. പ്രകൃതിതത്ത്വം

പകടി2 നാ. 1. പരിഹാസം; 2. (നാടോടിനാടകങ്ങളിലെ) വിദൂഷകൻ

പകട് നാ. 1. ചെറുതുണ്ട്; 2. ഉപയോഗമില്ലാത്തത്

പകപ്പ് നാ. 1. വിരോധം; 2. ഭിന്നത; 3. അകലം; 4. അദ്ഭുതം; 5. സംഭ്രമം

പകയ്ക്കുക ക്രി. 1. നടുങ്ങുക, പരിഭ്രമിക്കുക; 2. വെറുക്കുക

പകയൻ നാ. ശത്രു, പകയുള്ളവൻ

പകർ1 നാ. പ്രകാശം

പകർ2 [പകരുക] ധാതുരൂപം

പകർക്കുക [പകരുക>പ്ര] ക്രി. = പകർത്തുക

പകർച്ച നാ. 1. മാറ്റം; 2. ഭാവഭേദം; 3. (ജ്യോ) സങ്ക്രമം; 4. പകർന്ന് പ്രത്യേകമായി കൊടുത്തയക്കുന്ന ഭക്ഷണപദാർഥം. (പ്ര) പകർച്ച എടുക്കുക

പകർച്ചക്കാരൻ നാ. 1. വിളമ്പുകാരൻ (ചോറും മറ്റും പകർന്നുകൊടുക്കുന്നവൻ); 2. സദ്യയുടെ പകർച്ചയ്ക്ക് അവകാശമുള്ളവൻ

പകർച്ചവ്യാധി നാ. (ആയുർ) പകരുന്ന രോഗം, സാങ്ക്രമികരോഗം

പകർത്തൽ [പകർത്തുക] നാമരൂപം

പകർത്തിയെഴുത്ത് നാ. കോപ്പിയെഴുത്ത് (ഒരു മൂലരൂപംനോക്കി അതുപോലെ എഴുതൽ, അപ്രകാരം എഴുതിയത്)

പകർത്തുക [പകരുക>പ്ര] ക്രി. 1. പകർത്തിയെഴുതുക (കണ്ട് അതുപോലെ എഴുതുക); 2. അനുസരിക്കുക

പകർപ്പവകാശം നാ. കോപ്പിറൈറ്റ് (ഗ്രന്ഥം അച്ചടിപ്പിക്കാനും വിൽക്കാനുമുള്ള നിയമപരമായ അവകാശം)

പകർപ്പ് നാ. പകർത്തിയെഴുതിയത്. (പ്ര) നേർപ്പകർപ്പ്

പകർപ്പെഴുത്ത് നാ. രേഖകളുടെ പകർപ്പ് എഴുതൽ, അങ്ങനെ എഴുതിക്കൊടുക്കുന്ന ജോലി അഥവാ എഴുതിക്കൊടുക്കുന്നത്. (പ്ര) പകർപ്പെഴുത്തുഗുമസ്ഥൻ

പകരം1 അവ്യ. ഒന്നിൻെറ സ്ഥാനത്ത് മറ്റൊന്ന്

പകരം2 നാ. 1. പ്രതിക്രിയ; 2. പ്രതിഫലം; 3. മാറ്റം. (പ്ര) പകരം ചോദിക്കുക = പ്രതിക്രിയചെയ്യുക

പകരം3 നാ. 1. പ്രകാശം; 2. അഴക്

പകരി നാ. 1. ചുറ്റൽ; 2. ഒരുതരം വെടിക്കോപ്പ്

പകരുക ക്രി. 1. വച്ചുമാറുക; 2. ഒന്നിൽനിന്നു മറ്റൊന്നിലേക്ക് ആക്കുക; 3. ഭാവഭേദംവരുക; 4. രോഗം ഒരുവനിൽനിന്നു മറ്റൊരുവനു പിടിപെടുക

പക നാ. 1. (സൂര്യൻെറ) ഉദയം മുതൽ അസ്തമയം വരെയുള്ള സമയം, ദിവസത്തെ രണ്ടായി പകുത്തതിൽ പ്രകാശമുള്ള കാലം; 2. പ്രകാശം. (പ്ര)

പകലിരവ്, രാപ്പകൽ. പകലിനെ ഇരുട്ടാക്കുക = നന്മയെ തിന്മയാക്കുക, വസ്തുത മറച്ചുവയ്ക്കുക. പകലുപോലെ = വളരെ വ്യക്തമായി
പകൽമണി നാ. സൂര്യൻ
പകൽവിളക്ക് നാ. 1. പകൽ കൊളുത്തിയ വിളക്ക്; 2. സൂര്യൻ; 3. (ആല) ഉപയോഗമില്ലാത്തത്, അപ്രസക്തമായത്
പകൽവേഷം നാ. 1. ആഡംബരം; 2. വഞ്ചന, പറ്റിക്കൽ
പകലന്തിയോളം അവ്യ. നേരം വെളുത്താൽ വൈകുന്നതുവരെ, പ്രഭാതം മുതൽ പ്രദോഷം വരെ
പകലവൻ നാ. 1. സൂര്യൻ; 2. എരിക്ക്
പകലാമ്മാറ് അവ്യ. പകലേ
പകലേ അവ്യ. 1. പകലത്ത്; 2. നേരത്തെ (അസ്തമയത്തിനു മുൻപെ)
പകവീട്ടൽ നാ. (മുമ്പേയുള്ള) വിരോധം തീർക്കൽ, ഉപദ്രവിച്ചതിനു പകരം ഉപദ്രവിക്കൽ
പകഴി1 വി. 1. പിളർന്ന; 2. നല്ല
പകഴി2 നാ. 1. അമ്പ്; 2. അമ്പിൻെറ കൂട
പകഴിയർ നാ. ബ്രാഹ്മണരിൽ ഒരു ശാഖ. (പ്ര) പകഴിയ ചരണത്താർ
പകാപ്പദം നാ. പകുക്കാൻ (ഭാഗങ്ങളായി പിരിക്കാൻ) പാടില്ലാത്ത പദം.
1001
പകാരം നാ. 'പ' എന്ന അക്ഷരം
പകിട നാ. 1. ചൂതുകളിയിൽ ഉരുട്ടിക്കളിക്കാനുള്ള വസ്തു, കരു; 2. വൃഷണം; 3. (ആല) കൗശലം, വഞ്ചന. (പ്ര) പകിടപന്ത്രണ്ട് = വലിയഭാഗ്യം
പകിടകളി നാ. 1. പകിടകൊണ്ടുള്ള കളി, ചൂതുകളി; 2. ഭാഗ്യപരീക്ഷ
പകിടി നാ. 1. ഉപായം; 2. വഞ്ചന; 3. നേരമ്പോക്ക്; 4. താടി; 5. കൈമടക്ക്, കെട്ടിടം വാടകയ്ക്കുകൊടുക്കുമ്പോൾ ഉടമസ്ഥനു രേഖയില്ലാതെ മുൻകൂർകൊടുക്കുന്ന തുക; 6. വലിയ തലപ്പാവ്. (പ്ര) പകിടിക്കഥ = ചിരിപ്പിക്കാനുള്ള കഥ
പകിട്ട് നാ. 1. ഉപായം; 2. വഞ്ചന; 3. മിരട്ട്; 4. ആഭരണം; 5. ആഡംബരം
പകിട്ടുക ക്രി. 1. വഞ്ചിക്കുക; 2. ഇണങ്ങിയും പിണങ്ങിയും സ്വാധീനപ്പെടുത്തുക; 3. മിരട്ടുക; 4. മോടികാട്ടുക
പകിരി നാ. ചുറ്റൽ. (പ്ര) പകിരിതിരിയുക = വേഗത്തിൽ ശരീരം തിരിക്കുക, ചുറ്റുക. (പയറ്റിലെ ഒരു പ്രയോഗം, അതിവേഗത്തിൽ അടവുചവിട്ടി വട്ടം ചുറ്റുക)
പകിഴം നാ. = പവിഴം. (പ്ര) പകിഴപ്പുറ്റ്
പകുക്കുക ക്രി. ഒന്നിനെ പലഭാഗങ്ങളാക്കുക, പങ്കിടുക; 2. (ഗണിത) ഹരിക്കുക

പകുതി1,പാതി നാ. 1. രണ്ടായിപകുത്തതിൽ ഒന്ന്; 2. പങ്ക്; 3. താലൂക്കിൻെറ ഒരു ഭാഗം, അംശം, കര
പകുതി2 നാ. പ്രകൃതി
പകുതിക്കച്ചേരി നാ. പാർവത്യക്കാരുടെ കച്ചേരി
പകുപ്പദം നാ. പലഘടകങ്ങളായി പകുക്കാവുന്ന പദം >< പകാപ്പദം
പകുപ്പിക്കുക [പകുക്കുക>പ്ര] ക്രി. പകുക്കാൻ കാരണമാകുക
പകുപ്പ് നാ. 1. പകുക്കൽ, പങ്ക്; 2. വകുപ്പ്, വിഭാഗം
പക്ക1 നാ. 1. ധാന്യം അളക്കാനുള്ള ഒരു തോത് (ഒന്നേകാൽ ഇടങ്ങഴി); 2. ആ അളവുകൊള്ളുന്ന അളവുപാത്രം
പക്ക2 വി. പക്കാ
പക്കക്കാരൻ നാ. 1. ഭൃത്യൻ (പക്കത്ത് ഊണുകഴിക്കുന്നവൻ); 2. അരിവെപ്പുകാരൻ; 3. പക്ഷത്തുള്ളവൻ
പക്കച്ചൊല്ല് നാ. 1. ഉപശ്രുതി; 2. സ്വന്തക്കാരുടെ വാക്ക്, സ്വപക്ഷീയരുടെ വാക്ക്
പക്കച്ചോറ് നാ. പക്കത്തിലെ ചോറ്, രാജാവിൻെറ ഭൃത്യന്മാർക്കുള്ള ചോറ്
പക്കണം നാ. 1. കാട്ടാളപ്പുര, കാട്ടാളക്കുടിൽ; 2. ഊര്, ദേശം
പക്കത്തരി നാ. താണതരം അരി (രാജഭൃത്യന്മാർക്കുള്ളത്)
പക്കത്തൂണ്1 നാ. പക്കത്തെ ഭക്ഷണം
പക്കത്തൂണ്2 നാ. പുരയുടെ വശങ്ങളിലെ തൂണ്
പക്കനാൾ നാ. പക്കപ്പിറന്നാൾ
പക്കപ്പാട്ട് നാ. ഏറ്റുപാടൽ
പക്കപ്പിറന്നാൾ നാ. മാസംതോറുമുള്ള ജന്മനക്ഷത്രം
പക്കം നാ. 1. തിഥി, നാൾ, പ്രതിപദം മുതൽ വാവുവരെയുള്ള ദിവസം (പക്ഷം); 2. രാജസേവകന്മാർക്കു ഭക്ഷണം കൊടുക്കുന്ന സ്ഥലം; 3. വശം; 4. ചിറക്; 5. ഊര്; 6. വീട്; 7. സങ്ഘം
പക്കമേളം നാ. പാട്ടിനു സഹായകമായ വാദ്യങ്ങളുടെ മേളം
പക്കൽ അവ്യ. പക്ഷത്ത്, വശത്ത്, അടുക്കൽ, കൈക്കൽ
പക്കവട നാ. ഒരു പലഹാരം
പക്കവാക്ക് നാ. പക്കച്ചൊല്ല്
പക്കവാദ്യം നാ. പക്കമേളം
പക്കശൻ നാ. ചണ്ഡാലൻ
പക്കറ നാ. 1. തുണികൊണ്ട് ഉടുപ്പിൻെറ വശങ്ങളിൽ ഉണ്ടാക്കിയിട്ടുള്ള ഉറ, പോക്കറ്റ്; 2. തുണിസഞ്ചി; 3. (ആല) വികൃതവേഷം
പക്കാ [ഹി.പക്കാ] വി. മിടുക്കുള്ള, തികഞ്ഞ, ഉയർന്നതരത്തിലുള്ള
പക്കാളി [ഹി.പഖാലി] നാ. 1. ഒരിനം തോൽസഞ്ചി (വെള്ളം സൂക്ഷിക്കാനുള്ളത്); 2. വെള്ളം കൊടുക്കുന്നതിൻെറ ചുമതലയുള്ളവൻ; 3. കൂടെക്കൂടെ മൂത്രമൊഴിക്കുന്നവൻ
പക്കി[പ്രാ.പക്ഖീ] നാ. ചിറകുള്ള ഒരു ക്ഷുദ്രജീവി, പൂച്ചി

പക്കിട നാ. 1. പഴഞ്ചൻ, ഹീനമായ; 2. കീറിപ്പറിഞ്ഞ (തുണി)
പക്കീർ,പക്കിരി [അറ.ഫക്കീർ] നാ. മുഹമ്മദീയ ഭിക്ഷു. (പ്ര) അത്താഴപ്പക്കീര് = റംസാൻ കാലത്ത് അർധരാത്രിക്കുശേഷം വ്രതക്കാരെ അത്താഴം കഴിക്കാനായി വിളിച്ചുണർത്തുന്ന ആൾ
പക്ക് [പ്രാ.പക്ഖ] നാ. 1. പക്കം, വശം; 2. പുറം; 3. വർണം
പക്കെ [പ്രാ.പക്ഖെ] അവ്യ. പക്ഷേ. (പ്ര) പക്കെങ്കില് (പക്ഷേ എങ്കിൽ)
പക്തവ്യ വി. പചിക്കപ്പെടേണ്ടത്
പക്താ(വ്) നാ. 1. പാകം ചെയ്യുന്നവൻ. (സ്ത്രീ) പക്ത്രി; 2. ജഠരാഗ്നി, അഗ്നി.
പക്തി നാ. 1. പാകം ചെയ്യൽ, വേവിക്കൽ; 2. പാകം (ഫലം)
പക്തിശൂലം നാ. (ആയുർ) ഒരു രോഗം, വയറുവേദന (ദഹനക്കുറവുമൂലം ഉണ്ടാകുന്നത്)
പക്ത്യ വി. 1. പചിക്കുന്ന; 2. ദഹനശക്തി വർധിപ്പിക്കുന്ന
പക്ത്രം നാ. 1. ഗാർഹപത്യാഗ്നി; 2. ഗൃഹസ്ഥാശ്രമം
പക്ത്രിമ വി. നല്ലപോലെ പാകമായ, നല്ലപോലെ വെന്ത, (ഉപ്പെന്നപോലെ) കാച്ചി എടുക്കപ്പെട്ട
പക്വ വി. 1. പാകംവന്ന, പഴുത്ത; 2. നശിക്കാറായ; 3. ലോകപരിചയം സിദ്ധിച്ച
പക്വകൃത്ത് നാ. 1. പാചകൻ (പാകം വരുത്തുന്നവൻ); 2. വേപ്പ്
പക്വകേശ വി. മുടിനരച്ച
പക്വത നാ. 1. പാകംവന്ന അവസ്ഥ; 2. യോഗ്യത; 3. ജീവിതാനുഭവങ്ങൾകൊണ്ടുവന്ന ബുദ്ധി വികാസം
പക്വം നാ. 1. പാകം വന്നത്; 2. നശിക്കാറായത്; 3. കാലപ്പഴക്കത്താൽ പരിപാകം പ്രാപിച്ച ബുദ്ധിയും മറ്റും; 4. പഴം; 5. അന്നം (പാകപ്പെടുത്തിയത്); 6. ഋതുവാകൽ
പക്വരസം നാ. 1. മദ്യം (കരിമ്പിൻ നീരു തുടങ്ങിയ രസങ്ങൾ പാകപ്പെടുത്തിയുണ്ടാക്കിയത്); 2. പഴച്ചാറ്
പക്വവാരി നാ. 1. കാടി; 2. കഞ്ഞിവെള്ളം; 3. തിളപ്പിച്ച വെള്ളം; 4. ആവി തണുപ്പിച്ച ജലം
പക്വാതിസാരം നാ. (ആയുർ) അതിസാരം ആറുവിധമുള്ളതിൽ ഒന്ന് (കാലംചെന്ന അതിസാരം, ആമാതിസാരം)
പക്വാധാനം നാ. പക്വാശയം
പക്വാന്നം നാ. പക്വമായ അന്നം, പാകംചെയ്ത അന്നം
പക്വാശയ വി. പാകംവന്ന മനസ്സോടുകൂടിയ, വിവേകമുള്ള, പാകതയുള്ള
പക്വാശയം നാ. ദഹനേന്ദ്രിയങ്ങളിൽ ഒന്ന്, ദഹിച്ച ആഹാരം സ്വീകരിക്കപ്പെടുന്ന ഇടം, ചെറുകുടലും മറ്റും സ്ഥിതിചെയ്യുന്ന ശരീരഭാഗം, അടിവയർ
പക്വി നാ. 1. പക്വമായവൻ, പാകംവന്ന മനസ്സോടുകൂടിയവൻ; 2. യോഗ്യൻ

പക്വേഷ്ടക നാ. ചുടുകട്ട, ചുടുകല്ല്. (പ്ര) പക്വേഷ്ടകാചിതം = ചുടുകട്ടകൊണ്ടുകെട്ടിയ കെട്ടിടം
പക്വേഷ്ടകം നാ. ചുടുകല്ലുകൊണ്ടു നിർമിച്ചത് (വീടെന്നപോലെ)
പക്ഷകൻ നാ. പക്ഷക്കാരൻ, അനുചരൻ
പക്ഷകം നാ. 1. ഒരു വശം; 2. ഒരു വശത്തുള്ള കതക്; 3. രഹസ്യകവാടം
പക്ഷകൃത്ത് നാ. അനുയായി, സ്വപക്ഷത്തിൽ നിൽക്കുന്നവൻ
പക്ഷക്ഷയം നാ. (ജ്യോ) ഒരു ചന്ദ്രമാസത്തിൻെറ രണ്ടുപകുതികളിൽ (കൃഷ്ണപക്ഷത്തിൻെറയും ശുക്ലപക്ഷത്തിൻെറയും) ഓരോന്നിൻെറയും അവസാനം
പക്ഷഗമം നാ. 1. പറപ്പ്, പറക്കൽ; 2. ചിറകുകൊണ്ട് ഗമിക്കുന്നത്, പക്ഷി
പക്ഷഗ്രഹണം നാ. ഒരു പക്ഷക്കാരെ തെരഞ്ഞെടുക്കൽ, മത്സരിക്കുന്ന കക്ഷികളിൽ ഒന്നിനോടു ചേരൽ
പക്ഷഘാതം നാ. = പക്ഷാഘാതം, 1. (ആയുർ) ഒരു രോഗം, പക്ഷവാതം; 2. ഒരു പക്ഷത്തെ ഖണ്ഡിക്കൽ
പക്ഷഘ്നം നാ. (ശിൽപ) മൂന്നുശാലകൾ മാത്രമുള്ള ഒരിനം വീട് (കിഴക്ക് തെക്ക് വടക്ക് എന്നു മൂന്നു കെട്ടുകളുള്ളതും പടിഞ്ഞാറുവശം തുറന്നതും)
പക്ഷചതുഷ്ടയം നാ. ആരംഭം വൃദ്ധി പരിണാമം ക്ഷയം ഇവ നാലും
പക്ഷചരൻ നാ. 1. ചന്ദ്രൻ; 2. പരിചാരകൻ (പാർശ്വവർത്തി); 3. ഒറ്റയാൻ
പക്ഷചരം നാ. കൂട്ടത്തിൽനിന്നു തെറ്റിപ്പിരിഞ്ഞ ആന
പക്ഷച്ഛിത്ത് നാ. പർവതങ്ങളുടെ ചിറകുകൾ ഭേദിച്ചവൻ, ഇന്ദ്രൻ
പക്ഷജൻ നാ. 1. ചന്ദ്രൻ; 2. (പുരാണ) ഒരു മേഘം
പക്ഷത നാ. 1. ഒരു ഭാഗം ചേരൽ; 2. വാദത്തിൻെറ ഒരു വശം പിടിക്കൽ; 3. സ്നേഹം
പക്ഷതി നാ. 1. രണ്ടുപക്ഷത്തിലേയും പ്രതിപദം, ശുക്ല കൃഷ്ണപക്ഷങ്ങളുടെ പ്രാരംഭം (പക്ഷത്തിൻെറ ചുവട്); 2. ചിറകിൻെറ ദേഹത്തോടു ചേർന്ന ഭാഗം
പക്ഷദളം നാ. (പയർവർഗത്തിൽപ്പെട്ട ചെടികളിൽ ഉണ്ടാകുന്ന) പൂക്കളുടെ രണ്ടു പാർശ്വങ്ങളിൽ ഏതെങ്കിലും
പക്ഷദ്വയം നാ. 1. ഒരു മാസം (കൃഷ്ണപക്ഷവും ശുക്ലപക്ഷവും); 2. വാദത്തിൻെറ രണ്ടുവശവും; 3. ചിറകുരണ്ടും (രണ്ടു ചിറകുകൾ)
പക്ഷദ്വാരം നാ. 1. ഇരു ഭാഗങ്ങളിലുമുള്ള വാതിൽ; 2. രണ്ടു പാളിയായിട്ടുള്ള വാതിൽ (ചിറകുപോലെയായതിനാൽ)
പക്ഷധര വി. 1. ചിറകുള്ള; 2. ഒരേ കക്ഷിയിൽ ചേർന്നു നിൽക്കുന്ന
പക്ഷധരൻ നാ. 1. പക്ഷചരൻ (ചന്ദ്രൻ, ആന); 2. പക്ഷി
പക്ഷധരം നാ. പക്ഷി
പക്ഷനാഡി നാ. തൂവൽ
പക്ഷനിർണയം നാ. അനേകം സാധ്യതകളിൽ ഒന്നു തിരഞ്ഞെടുക്കൽ

പക്ഷപാതം നാ. 1. ഒരാളോട് അഥവാ ഒരു സങ്ഘത്തോട് കാണിക്കുന്ന പ്രത്യേകത, ഒരു പക്ഷത്തോടുള്ള ചായ്വ്; 2. ആഗ്രഹം, ഇഷ്ടം; 3. സ്നേഹാധിക്യം; 4. ചിറകടി

പക്ഷപാതി നാ. പക്ഷപാതമുള്ളവൻ

പക്ഷപാളി നാ. 1. ഒളിവാതിൽ; 2. ചിറക്

പക്ഷപുടം നാ. രണ്ടു ചിറകുകൾ

പക്ഷപോഷണം നാ. ഒരു കക്ഷിയെ സഹായിക്കൽ

പക്ഷപ്പയറ്റ് നാ. ഒരു ആയുധവിദ്യാ പരിശീലനം (ശുക്ലപക്ഷത്തിൽ ചന്ദ്രോദയം മുതൽ ചന്ദ്രാസ്തമയം വരെ നടക്കുന്നത്)

പക്ഷപ്രദ്യോതം നാ. നൃത്തത്തിൽ കൈകൊണ്ടുള്ള അങ്ഗവ്യാപാരങ്ങളിൽ ഒന്ന്

പക്ഷഭാഗം നാ. 1. രണ്ടു വശവും; 2. ആനയുടെ പാർശ്വഭാഗം

പക്ഷഭുക്തി നാ. (സൂര്യൻ) 15 ദിവസം (ഒരു പക്ഷം) കൊണ്ടു സഞ്ചരിക്കുന്ന ദൂരം

പക്ഷഭേദം നാ. രണ്ടു പക്ഷങ്ങളിൽ ഒന്നിനോടു (ന്യായീകരിക്കാനാകാത്തവിധം) ഉള്ള കൂടുതൽ താത്പര്യം, ഒരു പക്ഷത്തോടുള്ള സ്നേഹം, മത്സരിക്കുന്ന കക്ഷികളോടുള്ള സമീപനത്തിലെ വ്യത്യാസം

പക്ഷം നാ. 1. പ്രതിപദം മുതൽ വാവുവരെയുള്ള പതിനഞ്ചു ദിവസം (ചന്ദ്രമാസത്തിന് രണ്ടു ചിറകുകൾ എന്നു സങ്കൽപം, വെളുത്തപക്ഷവും കറുത്തപക്ഷവും); 2. പക്ഷിയുടെ ചിറക്; 3. അമ്പിൻെറ കടയ്ക്കൽ പിടിപ്പിക്കുന്ന തൂവൽ; 4. ചേർച്ച; 5. ഇഷ്ടം; 6. കൂട്ട്; 7. വീട്; 8. കൂറ്; 9. വംശം; 10. കൂട്ടം; 11. ഭുജം; 12. സേനയുടെ പാർശ്വഭാഗം; 13. എന്തിൻെറയെങ്കിലും പകുതി; 14. പക്ഷി; 15. അവയവം; 16. സൈന്യം; 17. അതിർത്തി; 18. രണ്ട് എന്ന സങ്ഖ്യ; 19. പ്രത്യുത്തരം; 20. ചുവര്; 21. വശം

പക്ഷവഞ്ചിതകം നാ. അഭിനയത്തിലെ അങ്ഗചേഷ്ടകളിൽ ഒന്ന്, കൈകൾകൊണ്ടുള്ള ഒരു ആങ്ഗ്യം

പക്ഷവാദം നാ. ഒത്താശപറച്ചിൽ (ഒരു ഭാഗത്തിനുവേണ്ടി മാത്രം പറയൽ)

പക്ഷവാദി നാ. പക്ഷം പിടിച്ചു പറയുന്നവൻ, ഒരു ഭാഗം ചേർന്നു പറയുന്നവൻ

പക്ഷവാഹനൻ (നം) നാ. പക്ഷി

പക്ഷാഘാതം നാ. 1. (ആയുർ) ഒരു രോഗം, പക്ഷവാതം; 2. ഒരു പക്ഷത്തെ ഖണ്ഡിക്കൽ

പക്ഷാന്തം നാ. 1. വാവ് (ശുക്ല-കൃഷ്ണ പക്ഷങ്ങളിൽ ഓരോന്നിൻെറയും അവസാനം); 2. സൈന്യവ്യൂഹത്തിൻെറ അറ്റം

പക്ഷാന്തരം നാ. 1. മറ്റൊരു പക്ഷം; 2. മറുവശം; 3. എതിരഭിപ്രായം

പക്ഷാഭാസം നാ. 1. പ്രത്യക്ഷത്തിൽ ശരിയെന്നു തോന്നുന്ന വാദം; 2. വ്യാജമായ പരാതി

പക്ഷാലു നാ. 'ചിറകുകൾ ഉള്ളത്', പക്ഷി

പക്ഷാഹാരൻ നാ. ഒരു പക്ഷത്തിൽ ഒരിക്കൽ മാത്രം ഭക്ഷിക്കുന്നവൻ

പക്ഷി നാ. 'ചിറകുള്ളത്', 1. പറന്നു സഞ്ചരിക്കുന്ന ജീവി; 2. അമ്പ്; 3. ശിവൻ; 4. പക്ഷം പിടിച്ചവൻ
പക്ഷികീടം നാ. പക്കി, പൂച്ചി
പക്ഷിക്കുറ്റം നാ. ശിശുക്കൾക്കുണ്ടാകുന്ന ഒരു രോഗം, ശരീരം മെലിയുന്നതു മുഖ്യ ലക്ഷണം (ചില പക്ഷികൾ മറികടക്കുന്നതുകൊണ്ട് ഉണ്ടാകുന്നതെന്നു വിശ്വാസം)
1003
പക്ഷിണി നാ. 1. പെൺപക്ഷി; 2. ഒരു നാൾ ഉദയം മുതൽ പിറ്റെന്നാൾ അസ്തമയം വരെയുള്ള സമയം, ഒരു രാവും രണ്ടു പകലും കൂടിയത് (മുമ്പും പിമ്പും ഉള്ള പകലുകളെ നടുവിലുള്ള രാത്രിയുടെ ചിറകുകളായി സങ്കൽപിക്കുന്നു); 3. അമ്പ് (കടയ്ക്കൽ തൂവലുകൾ ഉള്ളതിനാൽ)
പക്ഷിദോഷം നാ. കുട്ടികൾക്കുണ്ടാകുന്ന ഒരു അസുഖം, പക്ഷിക്കുറ്റം
പക്ഷിദ്രോഹം നാ. 1. പക്ഷിദോഷം; 2. പക്ഷികളെ ഹിംസിക്കൽ
പക്ഷിപതി നാ. പക്ഷികളുടെ രാജാവ്: 1. ഗരുഡൻ; 2. സമ്പാതി; 3. ജടായു
പക്ഷിബാധ നാ. = പക്ഷിക്കുറ്റം
പക്ഷിമല്ലം നാ. പിതാരിപ്പുള്ള്
പക്ഷിമുനി നാ. ചെമ്പോത്ത്
പക്ഷിരാജൻ നാ. ഗരുഡൻ
പക്ഷിലൻ നാ. ഒരു മുനി (വാത്സ്യായനൻ)
പക്ഷിവാഹനൻ നാ. വിഷ്ണു (ഗരുഡൻ വാഹനമാകയാൽ)
പക്ഷീകരിക്കുക ക്രി. പക്ഷമാക്കിചെയ്യുക
പക്ഷീന്ദ്രൻ നാ. പക്ഷിരാജൻ, ഗരുഡൻ
പക്ഷീയ വി. കക്ഷിയിൽപ്പെട്ട, ഒരു വശത്തുള്ള. പദാന്തത്തിൽ പ്രയോഗം. ഉദാ: ഏകപക്ഷീയം
പക്ഷേ,-ക്ഷെ അവ്യ. 'പക്ഷത്തിൽ', അങ്ങനെയാണെങ്കിലും, എന്നിട്ടും, എങ്കിലും, അല്ലെങ്കിൽ, ഒന്നുകിൽ തുടങ്ങി സംശയദ്യോതകമായ അർഥങ്ങളിൽ പ്രയോഗം. (പ്ര) പക്ഷെങ്കിൽ = അപ്രകാരമാണെങ്കിലും
പക്ഷ്ണു വി. പാകപ്പെടുത്തുന്ന, പാകമാകുന്ന
പക്ഷ്മകോപം നാ. (ആയുർ) ഒരു നേത്ര രോഗം (കൺപോളയിലെ രോമം അകത്തോട്ടു തിരിയുമ്പോൾ ഉണ്ടാകുന്ന ചൊറിച്ചിൽ, പോള ഉള്ളിലേക്കു വളയൽ)
പക്ഷ്മപാതം നാ. 1. കണ്ണടയൽ; 2. ഒരു രോഗം, കൺപോളയിലെ രോമം കൊഴിയൽ
പക്ഷ്മം നാ. 1. കൺപീലി (കണ്ണിൻെറ പോളയിന്മേലുള്ള രോമം); 2. പൂവിൻെറ അല്ലി, താമരയല്ലി; 3. നൂലിൻെറ തുമ്പ്; 4. ചിറക്
പക്ഷ്മയുക നാ. കൺപീലിയിലുണ്ടാകുന്ന പേൻ
പക്ഷ്മള വി. 1. നീളവും ഭങ്ഗിയുമുള്ള കൺപീലികളോടുകൂടിയ; 2. രോമശമായ
പക്ഷ്മളാക്ഷി നാ. നീണ്ടുമനോഹരമായ കൺപീലികളുള്ളവൾ, സുന്ദരി

പക്ഷ്യ വി. 1. ഒരു പക്ഷത്തു ചേർന്ന; 2. പിൻതുടരുന്ന; 3. ഇഷ്ടമുള്ള, സ്നേഹമുള്ള; 4. മാസത്തിലെ ഓരോ പക്ഷത്തിലും മാറുന്ന, പക്ഷം തോറുമുള്ള
പക്ഷ്യൻ നാ. 1. പക്ഷത്തുള്ളവൻ, സ്നേഹിതൻ; 2. അനുചരൻ
പക്ഷ്യമാണം വി. വശം (പക്ഷം) ചേർന്ന, കക്ഷിപിടിച്ച
പഗിഡി [ഹി.] നാ. പകിടി
പങ്ക [ഹി.പങ്ഖാ] നാ. വിശറി. (പ്ര) തൂക്കുവിശറി = മച്ചിൽനിന്നു തൂക്കിയിട്ട് പുറകിൽനിന്നു ചരടുവലിച്ചു പ്രവർത്തിപ്പിക്കുന്ന വിശറി
പങ്കകീരം നാ. ഒരു പക്ഷി, ഒരുതരം മുണ്ടി (കൊക്ക്)
പങ്കക്രീഡനകം നാ. പങ്കക്രീഡം, പന്നി
പങ്കക്രീഡം നാ. 'ചെളിയിൽ കളിക്കുന്നത്', പന്നി
പങ്കഗ്രാഹം നാ. മുതല
പങ്കച്ഛരിത്ത് നാ. തേറ്റാമ്പരൽ
പങ്കജ വി. ചെളിയിൽ (പങ്കത്തിൽ) ജനിച്ച, താമര
പങ്കജജന്മാവ് നാ. താമരയിൽ ജനിച്ചവൻ, ബ്രഹ്മാവ്
പങ്കജനയന നാ. താമരയിതൾപോലെ നീണ്ടുവിടർന്ന മനോഹരമായ കണ്ണുള്ളവൾ, സുന്ദരി
പങ്കജനാഭൻ നാ. 'പൊക്കിളിൽ താമരയുള്ളവൻ', വിഷ്ണു
പങ്കജനേത്രൻ നാ. വിഷ്ണു (അംബുജാക്ഷൻ)
പങ്കജന്മാവ് നാ. 1. താമര; 2. വണ്ടാരങ്കോഴി
പങ്കജബന്ധു നാ. 'താമരയുടെ ബന്ധു', സൂര്യൻ
പങ്കജബാണൻ നാ. കാമദേവൻ
പങ്കജഭവൻ നാ. ബ്രഹ്മാവ്
പങ്കജം നാ. 1. താമര; 2. വണ്ടാരങ്കോഴി
പങ്കജമകൾ നാ. ലക്ഷ്മീദേവി
പങ്കജവസതി നാ. 'പങ്കജം വസതിയാക്കിയിരിക്കുന്നവൻ', ബ്രഹ്മാവ്
പങ്കജസംഭവ നാ. പങ്കജമകൾ
പങ്കജസായകൻ നാ. പങ്കജബാണൻ
പങ്കജസുത നാ. പങ്കജമകൾ
പങ്കജാക്ഷ വി. താമരപ്പൂവുപോലെയുള്ള കണ്ണുകളോടുകൂടിയ
പങ്കജാക്ഷൻ നാ. വിഷ്ണു
പങ്കജാക്ഷി നാ. സുന്ദരി
പങ്കജാതം നാ. താമര
പങ്കജിനി നാ. 1. താമരപ്പൊയ്ക; 2. താമര; 3. താമരത്തണ്ട്; 4. താമരക്കൂട്ടം
പങ്കജേക്ഷണ നാ. സുന്ദരി
പങ്കജേക്ഷണൻ നാ. വിഷ്ണു (പങ്കജാക്ഷൻ)
പങ്കജോത്ഭവൻ നാ. ബ്രഹ്മാവ്
പങ്കണം നാ. പക്കണം

പങ്കപ്പാട് നാ. 1. ശരീരക്ലേശം, ദുരിതം; 2. ഉപദ്രവം; 3. അപമാനം, നാണക്കേട്
പങ്കം നാ. 1. ചെളി; 2. അഴുക്ക്; 3. പാപം; 4. അപമാനം; 5. തൈലം; 6. ശരീരം അലങ്കരിക്കാനുപയോഗിക്കുന്ന കുറിക്കൂട്ട് ഉദാ: കുങ്കുമപങ്കം, ചന്ദനപങ്കം
പങ്കമണ്ഡൂകം നാ. ഞമഞ്ഞി
പങ്കവാസം നാ. 'ചെളിയിൽ ജീവിക്കുന്നത്', ഞണ്ട്
പങ്കശുക്തി നാ. 'ചെളിയിലെ മുത്തുച്ചിപ്പി', കക്ക
പങ്കശൂരണം നാ. താമരക്കിഴങ്ങ്
പങ്കായം നാ. തുഴ
പങ്കാരം നാ. 1. കരിമ്പായൽ; 2. അണ, ചെറ; 3. കോണിപ്പടി, ഏണി
പങ്കാളൻ, -ളി നാ. പങ്കുകാരൻ
പങ്കി വി. 1. ചെളിനിറഞ്ഞ; 2. കലങ്ങിയ (ജലമെന്നപോലെ); 3. അഴുക്കുപിടിച്ച
പങ്കിടൽ നാ. പങ്കുവയ്പ്പ്
പങ്കിടുക ക്രി. പങ്കുവയ്ക്കുക, വിഭജിക്കുക, പല അംശങ്ങളാക്കുക
പങ്കില വി. 1. പങ്കത്തോടുകൂടിയ; 2. കളങ്കമുള്ള; 3. പാപമുള്ള
പങ്കിലം നാ. 1. ചെളിനിറഞ്ഞപ്രദേശം; 2. തോണി; 3. അരച്ചുതേച്ചത്
പങ്കിലീകൃത വി. പങ്കിലമാക്കപ്പെട്ട
പങ്ക് നാ. ഓഹരി, വീതം (പകുത്തത്)
പങ്കുകാരൻ നാ. പങ്കുള്ളവൻ, പങ്കുപറ്റുന്നവൻ, പങ്കിന് അവകാശി
പങ്കുകൊള്ളുക ക്രി. സഹകരിക്കുക, ചേർന്ന് പ്രവർത്തിക്കുക, ഭാഗഭാക്ക് ആകുക
പങ്കുനി നാ. മീനമാസം
പങ്കുപറ്റുക ക്രി. 1. ഓഹരി സ്വീകരിക്കുക; 2. സഹകരിക്കുക, ചേർന്നു പ്രവർത്തിക്കുക
പങ്കുവയ്ക്കുക ക്രി. പങ്കിടുക
പങ്കെടുക്കുക ക്രി. 1. സഹകരിക്കുക, ഭാഗഭാഗിത്വം വഹിക്കുക; 2. പങ്കുസ്വീകരിക്കുക
പങ്കേജം നാ. പങ്കജം (താമര)
പങ്കേരുഹം നാ. 1, താമര; 2. വണ്ടാരക്കോഴി
പങ്കേശയ വി. ചെളിയിൽ കിടക്കുന്ന
പങ്ക്തി നാ. 1. വരി, പന്തി; 2. കൂട്ടം; 3. പത്ത്; 4. അഞ്ചുവസ്തുക്കൾ ചേർന്നത്; 5. ഇടതൂർമയില്ലാത്ത മരക്കൂട്ടം; 6. ഒരു ഛന്ദസ്സ്; 7. ഒരു വൃത്തം; 8. ഭൂമി; 9. തലമുറ
പങ്ക്തിക നാ. നില, വരി

പങ്ക്തികണ്ടകൻ നാ. സമൂഹത്തെ സുഷിപ്പിക്കുന്നവൻ, സമൂഹത്തിനു ശല്യം ചെയ്യുന്നവൻ
പങ്ക്തികണ്ഠൻ നാ. രാവണൻ
പങ്ക്തികന്ദം നാ. മാലക്കിഴങ്ങ്
പങ്ക്തിഗ്രീവൻ നാ. പങ്ക്തികണ്ഠൻ
പങ്ക്തിചരം നാ. അന്നിൽപ്പക്ഷി
പങ്ക്തിദൂഷകൻ നാ. സമുദായത്തെ ദുഷിപ്പിക്കുന്നവൻ
പങ്ക്തിരഥൻ നാ. ദശരഥൻ
പങ്ഖ [ഹി.പങ്ഖാ] നാ. പങ്ക
പങ്ഗു നാ. 1. മുടന്തൻ, മുഴങ്കാലില്ലാത്തവൻ; 2. ശനി
പങ്ഗുക വി. പങ്ഗുവായ (മുടന്തുള്ള)
പങ്ഗുഗ്രാഹം നാ. 1. മുതല; 2. ചീങ്കണ്ണി; 3. മകരമത്സ്യം; 4. (ജ്യോ) മകരം രാശി
പങ്ഗുലൻ,-ലം നാ. വെള്ളക്കുതിര
പങ്ഗ്വി നാ. മുടന്തി
പങ്ങ് നാ. ഭങ്ഗി
പങ്ങുക ക്രി. പതുങ്ങുക, പതുങ്ങിയിരിക്കുക
പച1 വി. വേവിക്കുന്ന, പാകമാക്കുന്ന
പച2 നാ. പാകപ്പെടുത്തൽ
പചകൻ നാ. പാചകൻ
പചതൻ നാ. 1. സൂര്യൻ; 2. അഗ്നി; 3. ഇന്ദ്രൻ
പചന1 വി. വേവിക്കുന്ന, പാകപ്പെടുത്തുന്ന
പചന2 നാ. പാകമാകൽ
പചനൻ നാ. 'പാകം ചെയ്യുന്നവൻ', അഗ്നി
പചനം നാ. 1. പചിക്കൽ; 2. പാകംചെയ്യാനുള്ള പാത്രം; 3. കൊടുവേലി
പചനി നാ. കാട്ടുമാതളം
പചപചൻ നാ. ശിവൻ
പചം നാ. പാകപ്പെടുത്തൽ
പചമാനൻ നാ. പാചകൻ, പാകംചെയ്തുകൊണ്ടിരിക്കുന്നവൻ
പചി നാ. അഗ്നി
പചേളിമൻ നാ. 1. സൂര്യൻ; 2. അഗ്നി
പചേളിമം വി. 1. പഴുത്തുകൊണ്ടിരിക്കുന്ന; 2. പാകം വന്ന; 3. തിരളാറായ
പചേളുകൻ നാ. പാകം ചെയ്യുന്നവൻ, വയ്പ്പുകാരൻ
പച്ച1 വി. 1. ഇളതായ, പാകമാകാത്ത; 2. പച്ചനിറമുള്ള; 3. വേകാത്ത, ഉണങ്ങാത്ത; 4. കലർപ്പില്ലാത്ത, ശുദ്ധമായ
പച്ച2 നാ. 1. പച്ചനിറം; 2. പാകമാകാത്തത്; 3. മരതകക്കല്ല്; 4. തനിസ്വഭാവം; 5. കഥകളിയിലെ ഒരിനം വേഷം (അർജുനൻ തുടങ്ങിയ ധീരോദാത്തനായകന്മാരുടേത്); 6. കലർപ്പില്ലാത്തത്, ശുദ്ധമായത്. (പ്ര) പച്ചകുത്തുക =

തൊലിയിൽ ചായം കയറ്റി പച്ചനിറമുള്ള ചിത്രങ്ങൾ ഉണ്ടാക്കുക. പച്ചപിടിക്കുക = തഴയ്ക്കുക, ഐശ്വര്യം ഉണ്ടാകുക. പച്ചയായി = വ്യക്തമായി, മറയില്ലാതെ
പച്ചകെടുക ക്രി. 1, പച്ചനിറം മാറുക; 2. വാടുക; 3. ചെടികൾ നശിച്ചു തരിശാകുക
പച്ചക്കട്ട നാ. മണ്ണുകുഴച്ച് അച്ചിൽ വാർത്ത് വെയിലത്ത് ഉണക്കിയെടുക്കുന്ന കട്ട. താരത. ചുടുകട്ട
പച്ചക്കർപ്പൂരം നാ. അങ്ങാടിക്കടയിൽക്കിട്ടുന്ന ശുദ്ധിചെയ്ത കർപ്പൂരം
പച്ചക്കല്ല് നാ. പച്ചനിറമായ രത്നം, മരതകം
പച്ചക്കറി നാ. സസ്യക്കറി, മലക്കറി
പച്ചക്കാമദേവൻ നാ. താൻ ബഹു സുന്ദരനാണെന്നു വിചാരിക്കുകയും അണിഞ്ഞൊരുങ്ങി നടക്കുകയും ചെയ്യുന്നവൻ
പച്ചക്കുതിര നാ. വിട്ടിലിൻെറ വർഗത്തിൽപ്പെട്ടതും പച്ചനിറമുള്ളതുമായ ഒരു പ്രാണി
പച്ചക്കൊല്ലൻ നാ. പണിയറിയാത്ത കൊല്ലൻ
പച്ചച്ചിരി നാ. 1. ജാള്യതപറ്റുമ്പോഴുള്ള ചിരി; 2. ആത്മാർഥതയില്ലാത്ത (പൊള്ളയായ) ചിരി
പച്ചച്ചോറ് നാ. കറിയില്ലാത്ത ചോറ്. (പ്ര) പച്ചച്ചോറുവാരിത്തിന്നുക = കറികളൊന്നുമില്ലാതെ വെറുംചോറു തിന്നുക
പച്ചടി നാ. ഒരു കറി. ഉദാ: മാങ്ങാപ്പച്ചടി
പച്ചണ്ടി നാ. പാകമാകാത്ത പറങ്കിയണ്ടി (നിറം പച്ച)
പച്ചത്തെറി നാ. മറവില്ലാതെ തുറന്നടിച്ചുള്ള അസഭ്യം
പച്ചനുണ നാ. സത്യത്തിൻെറ ഒരംശം പോലുമില്ലാത്ത നുണ
പച്ചനോട്ട് നാ. 1. നൂറുരൂപനോട്ട് (ഇത് ആദ്യം പച്ചനിറത്തിലാണ് അടിച്ചിരുന്നത്); 2. ധാരാളം പണം (പ്ര) പച്ചനോട്ടിൻെറ തിളക്കം
പച്ചപിടിക്കുക ക്രി. 1. ചെടികൾ തഴച്ചുവളരുക; 2. തരിശുഭൂമിയിൽ സസ്യങ്ങൾ ഉണ്ടാകുക; 3. ഐശ്വര്യം വർധിക്കുക, നന്നാകുക
പച്ചപ്പയർ നാ. പച്ചനിറമുള്ള ഒരിനം പയർ, ചെറുപയർ
പച്ചപ്പരമാർഥി നാ. ശുദ്ധഗതിക്കാരൻ, വെറും നേരുകാരൻ, ഭോഷൻ
പച്ചപ്പരിഷ്കാരം നാ. പുറമോടികളിൽ ഒതുങ്ങുന്ന പരിഷ്കാരം
പച്ചപ്പശു നാ. ഒരിനം വിട്ടിൽ
പച്ചപ്പാമ്പ് നാ. പച്ചനിറമുള്ള ഒരിനം പാമ്പ്, പച്ചിലപ്പാമ്പ്
പച്ചപ്പാവം നാ. വളരെ സാധു, നിരുപദ്രവി
പച്ചപ്പുഴു നാ. 1. പച്ചനിറമുള്ള പുഴു; 2. സംസ്കരിക്കാത്ത വെരുകിൻ പുഴു(ക്)
1005
പച്ചപ്രാവ് നാ. പച്ചനിറമുള്ള പ്രാവ്, ചെങ്ങാലിപ്രാവ്
പച്ചമണ്ണ് നാ. നനവുള്ള മണ്ണ്, പുതുമണ്ണ്
പച്ചമത്സ്യം നാ. 1. പിടിച്ച് അധികം കഴിയാത്ത മീൻ; 2. ഉണങ്ങാത്ത മീൻ; 3. വേവിക്കാത്ത മീൻ
പച്ചയ്ക്ക് അവ്യ. വേവിക്കാതെ (പ്ര) പച്ചയ്ക്കുതിന്നുക = കൊല്ലാതെ തിന്നുക (ക്രൂരതവ്യക്തമാക്കാൻ പ്രയോഗം)

പച്ചരി നാ. നെല്ലുപുഴുങ്ങാതെ ഉണക്കിക്കുത്തിയെടുക്കുന്ന അരി

പച്ചവടം,പച്ചോടം നാ. പുതപ്പ്

പച്ചവെള്ളം നാ. തണുത്തവെള്ളം, തിളപ്പിക്കാത്ത വെള്ളം. (പ്ര) പച്ചവെള്ളം ചവച്ചുകുടിക്കുന്നവൻ = പച്ചപ്പാവം

പച്ചശരീരം നാ. ഇളം ശരീരം, പ്രസവിച്ചിട്ടു അധികമാകാത്തവളുടെ ശരീരം

പച്ചിരുമ്പ് നാ. കലർപ്പില്ലാത്ത ഇരുമ്പ്

പച്ചില നാ. 1. സമുദ്രപ്പച്ച; 2. പഴുക്കാത്തതോ ഉണങ്ങാത്തതോ ആയ ഇല. (പ്ര) പച്ചിലയും കത്രികയും പോലെ = കാര്യക്ഷമതയോടെ, ചേർച്ചയോടെ. പച്ചിലപ്പാമ്പ് = പച്ചപ്പാമ്പ്

പച്ചിലമരം നാ. തമാലം

പച്ചെറുമ്പ് നാ. പച്ചിലയിൽ ജീവിക്കുന്ന ഒരു വലിയ ഇനം എറുമ്പ് (കടിക്കുന്നത്)

പച്ചോന്ത് നാ. പച്ചനിറത്തിലുള്ള ഓന്ത് (ഓന്തിൻെറ നിറം നിറം മാറും പച്ചോന്തുതന്നെ മറ്റു നിറങ്ങൾ സ്വീകരിക്കും)

പച്ചോല നാ. പഴുക്കാത്ത ഓല

പച്യ വി. 1. പചിക്കത്തക്ക; 2. പാകമാകുന്ന

പജ്ജൻ നാ. (ബ്രഹ്മാവിൻെറ) പാദത്തിൽ നിന്നു ജനിച്ചവൻ, ശൂദ്രൻ

പഞ്ച1 നാ. അഞ്ച്

പഞ്ച2 [ഹി.പംജാ] നാ. കൈപ്പത്തി. (പ്ര) പഞ്ചായ്ക്കിടുക = രണ്ടുപേർ കൈപ്പത്തികൾ ചേർത്തുപിടിച്ചു ബലപരീക്ഷണം നടത്തുക. (മല്ലന്മാർ ഗുസ്തിക്കുമുമ്പു ചെയ്യുന്ന ഒരു ബലപരിശോധന)

പഞ്ചക വി. 1. അഞ്ചിനെ സംബന്ധിച്ച; 2. അഞ്ചുകൂടിയ

പഞ്ചകന്യകൾ നാ. പുരാണപ്രസിദ്ധരായ (അഹല്യ ദ്രൗപതി സീത താര മണ്ഡോദരി എന്നീ) അഞ്ചു സ്ത്രീ രത്നങ്ങൾ

പഞ്ചകപാത്രം നാ. = പഞ്ചപാത്രം

പഞ്ചകം നാ. 1. അഞ്ചുകൂടിയത്; 2. യുദ്ധഭൂമി; 3. (തന്ത്ര) ഒരു ശുദ്ധികലശം; 4. അഞ്ചുപേർകൂടിച്ചെയ്ത തീർപ്പ്; 5. (ജ്യോ) യാത്രാസമയത്തെ ശുഭാശുഭങ്ങൾ അറിയുന്ന സമ്പ്രദായം (നക്ഷത്രം, വാരം, തിഥി, ലഗ്നം ഇവയുടെ തുകകൂട്ടി ഒമ്പതിൽ ഹരിച്ചു കിട്ടുന്ന ശിഷ്ടത്തിൽ നിന്ന്)

പഞ്ചകർമങ്ങൾ നാ. 1. (ആയുർ) വമനം രേചനം നസ്യം അനുവാസനം നിരൂഹം എന്നീ ചികിത്സാരീതികൾ അഞ്ചും; 2. അഞ്ചുവിധ ചലനങ്ങൾ (ഉത്ക്ഷേപണം, അവക്ഷേപണം, ആകുഞ്ചനം, പ്രസാരണം, ഗമനം)

പഞ്ചകർമേന്ദ്രിയങ്ങൾ നാ. കർമേന്ദ്രിയങ്ങൾ

പഞ്ചകരണി നാ. അഞ്ച് ഇന്ദ്രിയങ്ങൾ

പഞ്ചകലകൾ നാ. നിവൃത്തി പ്രതിഷ്ഠ വിദ്യാശാന്തി ശാസ്ത്രരീതി ശാന്തി എന്നിവ

പഞ്ചകലശം നാ. (തന്ത്ര) പഞ്ചഗവ്യം അഞ്ചുകലശങ്ങളിൽ നിറച്ചത്

പഞ്ചകല്യാണകം നാ. ഒരിനം നല്ല കുതിര

പഞ്ചകല്യാണം	നാ.	സ്വർണം
പഞ്ചകല്യാണി	നാ.	റാണാ പ്രതാപസിംഹൻെറ കുതിര
പഞ്ചകാലങ്ങൾ	നാ.	(ബ.വ.) പകലിൻെറ അഞ്ചുസന്ധികൾ
(പ്രാത:കാലം സങ്ഗമകാലം മധ്യാ ം അപരാ ം സായാ ം)
പഞ്ചകീർത്യുപചാരങ്ങൾ	നാ.	(ബ.വ.)(നീരാജനം, പുഷ്പാജ്ഞലി, സർവാർപ്പണം, ക്ഷമാപണം, ഉദ്വാസനം എന്നീ) അഞ്ച് ഉപചാരങ്ങൾ
പഞ്ചകൃത്യങ്ങൾ	നാ.	(ബ.വ.) സൃഷ്ടി സ്ഥിതി സംഹാരം തിരോഭാവം അനുഗ്രഹം എന്നീ അഞ്ചു കൃത്യങ്ങൾ
പഞ്ചകൃഷ്ടികൾ	നാ.	(ബ.വ.) കൃഷിപ്പണിയിൽ ഏർപ്പെട്ടിരിക്കുന്ന അഞ്ചു ജാതിക്കാർ
പഞ്ചകൃഷ്ണം	നാ.	ശരീരത്തിൽ അഞ്ചു കറുത്ത പുള്ളികളുള്ളതും വിഷമുള്ളതുമായ ഒരിനം ശലഭം
പഞ്ചകോണം	നാ.	അഞ്ചുകോണുള്ള പരിലേഖം
പഞ്ചകോല(ക)ം	നാ.	തിപ്പലി തിപ്പലിമൂലം ചെവിയം കൊടുവേലി ചുക്ക് എന്നീ അഞ്ചും കൂടിയത്
പഞ്ചകോശങ്ങൾ	നാ.	(ബ.വ.) ആത്മാവിനെ ആവരണം ചെയ്യുന്ന അഞ്ചു കോശങ്ങൾ (1. അന്നമയകോശം, 2. പ്രാണമയകോശം, 3. മനോമയകോശം; 4. വിജ്ഞാനമയകോശം, 5. ആനന്ദമയകോശം എന്നിവ)
പഞ്ചക്ലേശങ്ങൾ	നാ.	സാങ്ഖ്യമതപ്രകാരമുള്ള അഞ്ചു ക്ലേശങ്ങൾ (1. അവിദ്യ, 2. അസ്മിത, 3. രാഗം, 4. ദ്വേഷം, 5. അഭിനിവേശം)
പഞ്ചഗണം	നാ.	അഞ്ചുപേരുടെ സങ്ഘം
പഞ്ചഗവ്യം	നാ.	പശുവിൽനിന്നുകിട്ടുന്ന അഞ്ചു വസ്തുക്കൾ (1. പാൽ, 2. തൈര്, 3. നെയ്യ്, 4. മൂത്രം, 5. ചാണകം എന്നിവ)
പഞ്ചഗീത്യങ്ഗങ്ങൾ	നാ.	(ബ.വ.) ഗീതിയുടെ അഞ്ച് അങ്ഗങ്ങൾ (കൊട്ട്, പാട്ട്, നൃത്തം, വിദൂഷകഭാഷണം, പുരാണവായന എന്നിവ)
പഞ്ചഗുണ	വി.	1. അഞ്ചിരട്ടിയായ; 2. അഞ്ചുഗുണങ്ങളോടുകൂടിയ
പഞ്ചഗുണങ്ങൾ	നാ.	രൂപം രസം ഗന്ധം സ്പർശം ശബ്ദം എന്നിവ
പഞ്ചഗുണി	നാ.	ഭൂമി
പഞ്ചഗുപ്തം	നാ.	1. നാലുകാലുകളും തലയും ഓട്ടിക്കുള്ളിൽ ഓളിച്ചുവയ്ക്കുന്നത്, ആമ; 2. ചാർവാകമതം
പഞ്ചഗുരുക്കന്മാർ	നാ.	(ബ.വ.) അഞ്ചുഗുരുക്കന്മാർ (മാതാപിതാക്കൾ, വിദ്യാഗുരു, മാതുലൻ, ജ്യേഷ്ഠൻ)
പഞ്ചഗൂഢം	നാ.	'അഞ്ച് അവയവങ്ങളെ ഒളിപ്പിക്കാനാകുന്നത്', ആമ
പഞ്ചഗോചരങ്ങൾ	നാ.	(ബ.വ.) പഞ്ചഗുണങ്ങൾ
പഞ്ചഗ്രന്ഥി	നാ.	(ക്രിസ്തു) ബൈബിളിലെ ആദ്യത്തെ അഞ്ചുഗ്രന്ഥങ്ങളായ ഉത്പത്തി, പുറപ്പാട്, ലേവ്യർ, സങ്ഖ്യ, ആവർത്തനം എന്നിവചേർന്നഭാഗം
പഞ്ചചത്വാരിംശത്	നാ.	നാൽപ്പത്തഞ്ച്
പഞ്ചചാമരം	നാ.	ഒരു വർണവൃത്തം

പഞ്ചചൂഡ നാ. ഒരു അപ്സരസ്സ്
പഞ്ചജനങ്ങൾ നാ. 1. ദേവന്മാർ ഗന്ധർവന്മാർ പിതൃക്കൾ മനുഷ്യർ നാഗങ്ങൾ എന്നീ അഞ്ച്; 2. ബ്രാഹ്മണർ ക്ഷത്രിയർ വൈശ്യർ ശൂദ്രർ നിഷാദർ എന്നിവർ അഞ്ച്; 3. മാതാപിതാക്കൾ; 4. പഞ്ചമാതാക്കൾ
പഞ്ചജനൻ നാ 1. മനുഷ്യൻ, മനുഷ്യജാതിയിലുള്ള പുരുഷൻ; 2. ആത്മാവ്; 3. (പുരാണ) ഒരു അസുരൻ (ശങ്ഖിൻെറ ആകൃതിയുണ്ടായിരുന്ന ഈ അസുരനെ കൊന്ന് അവൻെറ ശരീരംകൊണ്ടാണ് ശ്രീകൃഷ്ണൻ പാഞ്ചജന്യം ഉണ്ടാക്കിയത്)
പഞ്ചജനി നാ. 1. അഞ്ചുപേർചേർന്ന സങ്ഘം; 2. ഋഷഭപുത്രനായ ഭരതൻെറ പത്നി
പഞ്ചജനീന വി. അഞ്ചുവർഗത്തിൽപ്പെട്ട
പഞ്ചജനീനൻ നാ. 1. വിദൂഷകൻ; 2. നടൻ
പഞ്ചത, -ത്വം നാ. 1. അഞ്ചിൻെറ ഭാവം, അഞ്ചുവിധത്തിലിരിക്കുന്ന അവസ്ഥ; 2. പഞ്ചഭൂത നിർമിതമായ ശരീരം വിഘടിച്ചു ഭൂതങ്ങളിലേക്കു തിരിച്ചുപോകൽ, മരണം
പഞ്ചതത്ത്വങ്ങൾ നാ. 1. പൃഥിവി അപ്പ് തേജസ്സ് വായു ആകാശം എന്നീ അഞ്ച്; 2. താന്ത്രികവിധിപ്രകാരമുള്ള പഞ്ചമാരണങ്ങൾ
പഞ്ചതന്ത്രം നാ. വിഷ്ണുശർമൻ എന്ന പണ്ഡിതൻ മൂന്നു രാജകുമാരന്മാർക്കുവേണ്ടി രചിച്ച നീതിശാസ്ത്ര ഗ്രന്ഥം (മിത്രഭേദം, സുഹൃല്ലാഭം, സന്ധിവിഗ്രഹം, അർഥനാശം, അസമ്പ്രേക്ഷ്യകാരിത എന്നിങ്ങനെ അഞ്ചുതന്ത്രങ്ങൾ പഠിപ്പിക്കുന്നതുകൊണ്ട് ഇപ്പേർ)
പഞ്ചതന്മാത്രകൾ നാ. വസ്തുക്കളുടെ ഗുണങ്ങളായ രൂപം രസം ഗന്ധം സ്പർശം ശബ്ദം എന്നിവ
പഞ്ചതപസ്സ് നാ. ഗ്രീഷ്മകാലത്ത് പഞ്ചാഗ്നിനടുവിൽ തപസ്സ് അനുഷ്ഠിക്കുന്നവൻ
പഞ്ചതയം നാ. 1. അഞ്ചുഘടകങ്ങൾ കൂടിയത്; 2. അഞ്ച് അണുക്കൾ കൂടിയത്
പഞ്ചതരുക്കൾ നാ. (ബ.വ.) മന്ദാരം പാരിജാതം സന്താനം കൽപവൃക്ഷം ഹരിചന്ദനം എന്നീ ദേവവൃക്ഷങ്ങൾ
പഞ്ചതാളങ്ങൾ നാ. (ബ.വ.) മാത്രയെ പ്രമാണമാക്കി തരംതിരിച്ചിട്ടുള്ള അഞ്ചുതാളങ്ങൾ
പഞ്ചതിക്തം നാ. കൈക്കുന്ന അഞ്ചു ഓഷധികൾ (വേപ്പ്, പടവലം, പുത്തരിച്ചുണ്ട, അമൃത്, ആടലോടകം എന്നിവ)
പഞ്ചതീർഥം നാ. ഭാരതത്തിൻെറ ദക്ഷിണസമുദ്രതീരത്തുള്ള അഞ്ചു തീർഥങ്ങൾ (അഗസ്ത്യം, സൗഭദ്രം, പൗലോമം, കാരന്ധമം, ഭാരദ്വാജം എന്നിവ)
പഞ്ചത്രിംശ വി. മുപ്പത്തഞ്ചാമത്തെ
പഞ്ചത്രിംശതി നാ. മുപ്പത്തഞ്ച്
പഞ്ചഥം നാ. 1. കാക്ക; 2. കുയിൽ
പഞ്ചഥു നാ. 1. കുയിൽ; 2. കാലം
പഞ്ചദശ വി. പതിനഞ്ചാമത്തെ. നാ. പതിനഞ്ച്

പഞ്ചദശാക്ഷരി നാ. പതിനഞ്ചക്ഷരമുള്ള മന്ത്രം (ഉദാ: ശ്രീവിദ്യ എന്ന ദേവീമന്ത്രം)
പഞ്ചദിവാസന്ധികൾ നാ. (ബ.വ.) സൂര്യൻ ഗണപതി ദേവി രുദ്രൻ കേശവൻ എന്നീ അഞ്ചു ദേവതകൾ
പഞ്ചദ്രാവിഡഭാഷകൾ നാ. (ബ.വ.) തമിഴ് തെലുങ്ക് കന്നഡ മലയാളം തുളു എന്നീ അഞ്ചു ദ്രാവിഡഭാഷകൾ
പഞ്ചനവതി നാ. തൊണ്ണൂറ്റഞ്ച്
പഞ്ചനി നാ. ഒരുതരം ചൂതുപടം
പഞ്ചനിംബം നാ. വേപ്പിൻെറ പൂവ് കായ് ഇല തൊലി വേര് ഇവചേർന്ന ഔഷധം
പഞ്ചനീരാജനം നാ. വിളക്ക് താമരപ്പൂവ് വസ്ത്രം മാങ്ങ വെറ്റില എന്നീ അഞ്ചും കൊണ്ടുള്ള ഉഴിച്ചിൽ
പഞ്ചപ്രകാരം നാ. മദ്യത്തെ സംബന്ധിച്ചു പകാരത്തിൽ തുടങ്ങുന്ന അഞ്ചുവിലക്കുകൾ (പകലരുത്, പലരരുത്, പറയരുത്, പാലരുത്, പഴമരുത്)
പഞ്ചപക്ഷി നാ. ശകുനമായിവരാവുന്ന അഞ്ചു പക്ഷികൾ (പെരുമ്പുള്ള്, ചെമ്പോത്ത്, കാക്ക, പൂവൻകോഴി, മയിൽ)
പഞ്ചപഞ്ചാശത് നാ. അമ്പത്തഞ്ച്
പഞ്ചപദി നാ. അഞ്ചു ചുവട്
പഞ്ചപർവങ്ങൾ നാ. (ബ.വ.) അമാവാസി പൗർണമി ചതുർദശി അഷ്ടമി രവിസങ്ക്രമം എന്നീ അഞ്ചു വിശേഷദിവസങ്ങൾ
പഞ്ചപാണ്ഡവന്മാർ നാ. (ബ.വ.) പാണ്ഡവന്മാർ അഞ്ചുപേരും (യുധിഷ്ഠിരൻ, ഭീമൻ, അർജുനൻ, നകുലൻ, സഹദേവൻ)
പഞ്ചപാതകങ്ങൾ നാ. (ബ.വ.) 1. കൊല മോഷണം വ്യഭിചാരം മദ്യപാനം ഭോഷ്ക്ക് എന്നീ അഞ്ച്; 2. ബ്രഹ്മഹത്യ മദ്യപാനം സ്വർണം മോഷ്ടിക്കൽ ഗുരുവിൻെറ വാക്ക് ലങ്ഘിക്കുന്നത് പശുവിനെ കൊല്ലുന്നത് എന്നിങ്ങനെ അഞ്ച്
പഞ്ചപാത്രം നാ. 1. ശ്രാദ്ധത്തിനുള്ള പാത്രം (അർഘ്യം, പാദ്യം, ആചമനീയം, സ്നാനീയം, ശുദ്ധോദകം ഇവയ്ക്കു ജലം പകരാനുള്ള പാത്രങ്ങൾ); 2. ചെറുതരം ലോഹപ്പാത്രം; 3. അഞ്ചുപാത്രങ്ങളിൽ ഹവ്യം അർപ്പിക്കുന്ന ശ്രാദ്ധം; 4. ജലപാത്രം
പഞ്ചപാപങ്ങൾ നാ. (ബ.വ.) ബ്രഹ്മഹത്യ മദ്യപാനം മോഷണം ഗുരുപത്നീഗമനം ഇവയും ഇവചെയ്യുന്നവരോടുള്ള സംസർഗവും
പഞ്ചപാപി നാ. മഹാദുഷ്ടൻ, പഞ്ചപാപങ്ങൾ ചെയ്യുന്നവൻ
പഞ്ചപിതാക്കൾ നാ. (ബ.വ.) അഞ്ചുപിതാക്കൾ (ജനിപ്പിച്ചവൻ, ഉപനയനം നടത്തിയവൻ, വിദ്യപഠിപ്പിച്ചവൻ, ചോറുനൽകി വളർത്തിയവൻ, ആപത്തിൽനിന്നു ജീവനെ രക്ഷിച്ചവൻ എന്നിങ്ങനെ അഞ്ചുപേർ
പഞ്ചപുച്ഛം നാ. 1. കൈകൾ (രണ്ട്) വായ് മൂക്ക് ഗുഹ്യം എന്നിങ്ങനെ അഞ്ച്; 2. സോമൻ കുത്തിയുടുക്കുമ്പോൾ ശരീരത്തിൽ കുത്തുന്ന തുമ്പുകൾ. (പ്ര) പഞ്ചപുച്ഛമടക്കുക = ഇടതുകൈ നെഞ്ചിൽ ചേർത്ത്, വലതുകൈകൊണ്ടു വായ്പൊത്തി മുമ്പോട്ടൽപം വളഞ്ഞ് ഒതുങ്ങിനിൽക്കുക
പഞ്ചപ്രാണങ്ങൾ നാ. (ബ.വ.) പ്രാണൻ അപാനൻ ഉദാനൻ സമാനൻ വ്യാനൻ എന്നീ അഞ്ച് ('അന' നോക്കുക)

പഞ്ചപ്രസാദം നാ. ഒരുതരം ക്ഷേത്രനിർമിതി. ഒരു ഗോപുരവും അഞ്ചു മേൽത്തൂണുകളും ചേർന്നത്
പഞ്ചബന്ധം നാ. പിഴയീടാക്കൽ, മോഷ്ടിക്കപ്പെട്ട വസ്തുവിൻെറ അഞ്ചിൽ ഒന്ന് ഈടാക്കുക
പഞ്ചബന്ധു നാ. ശിവൻ
1007
പഞ്ചബാണങ്ങൾ നാ. (ബ.വ.) കാമദേവൻെറ അഞ്ചു ബാണങ്ങൾ (താമരപ്പൂ, അശോകപ്പൂ, മാമ്പൂ, നവമാലികപ്പൂ, നീലോത്പലപ്പൂ)
പഞ്ചബാണൻ നാ. അയ്യമ്പൻ, കാമൻ
പഞ്ചഭദ്ര വി. 1. അഞ്ചു ശുഭലക്ഷണങ്ങളോടുകൂടിയ; 2. അഞ്ചുവസ്തുക്കൾ ചേർത്തു പാകം ചെയ്ത
പഞ്ചഭദ്രൻ നാ. ഒരു ജാതി കുതിര (നഞ്ച്, മുതുക്, മുഖം, രണ്ടുപാർശ്വങ്ങൾ ഇവറ്റിൽ ശുഭലക്ഷണങ്ങളുള്ളത്)
പഞ്ചഭുജം നാ. അഞ്ചുവശങ്ങളുള്ള പരിലേഖം, പെൻറഗൺ
പഞ്ചഭൂതങ്ങൾ നാ. (ബ.വ.) പൃഥിവി അപ്പ് തേജസ്സ് വായു ആകാശം എന്നീ അഞ്ച്
പഞ്ചഭൂതാത്മകം നാ. 'പഞ്ചഭൂതങ്ങളെക്കൊണ്ട് ഉണ്ടാക്കപ്പെട്ട', ശരീരം
പഞ്ചഭൂതി നാ. 1. ജന്തു; 2. പഞ്ചഭൂതം; 3. മണ്ണാശ പെണ്ണാശ തുടങ്ങിയ ആസക്തികൾ
പഞ്ചഭൂപ്രകൃതികൾ നാ. (ബ.വ.) ഐന്തിണകൾ, പ്രാചീന തമിഴ്സാഹിത്യത്തിൽ കുറിഞ്ഞി പാല മുല്ല മരുതം നെയ്തൽ എന്നിങ്ങനെ ഭൂമിയെ അഞ്ചു തിണകളായി വിഭജിച്ചിട്ടുള്ളത്
പഞ്ചഭോഗം നാ. അഞ്ചുതരം രാജഭോഗം (കൊമ്പുചക്ക, കുലത്തേങ്ങ, കുലയടയ്ക്ക, കുലവാഴ, വെട്ടോല എന്നിവ)
പഞ്ചഭൗമം നാ. (ശിൽപ) അഞ്ചുനിലകളുള്ള പ്രാസാദം
പഞ്ചമ വി. 1. അഞ്ചാമത്തെ; 2. സാമർഥ്യമുള്ള; 3. അഴകുള്ള
പഞ്ചമകാരങ്ങൾ നാ. (ബ.വ.) മകാരത്തിൽ തുടങ്ങുന്ന അഞ്ചുകാര്യങ്ങൾ (മദ്യം, മാംസം, മദിര, മുദ്ര, മൈഥുനം)
പഞ്ചമഖങ്ങൾ നാ. (ബ.വ.) പഞ്ചമഹായജ്ഞങ്ങൾ
പഞ്ചമൻ നാ. 1. അഞ്ചാമത്തെ ആൾ; 2. അഞ്ചാമത്തെ ജാതി (ചണ്ഡാലൻ)
പഞ്ചമം നാ. 1. (സങ്ഗീ) സപ്തസ്വരങ്ങളിൽ അഞ്ചാമത്തേത്, കുയിലിൻെറ സ്വരം അനുകരിച്ചുണ്ടാക്കിയത്; 2. (വ്യാക) വർഗാക്ഷരങ്ങളിൽ അഞ്ചാമത്തേത്; 3. മൈഥുനം (പഞ്ചമകാരങ്ങളിൽ അഞ്ചാമത്തേത്)
പഞ്ചമവേദം നാ. മഹഭാരതം
പഞ്ചമഹാകവികൾ നാ. (ബ.വ.) 1. സംസ്കൃതത്തിലെ അഞ്ചു മഹാകവികൾ (കാളിദാസൻ, ഭവഭൂതി, മാഘൻ, ശ്രീഹർഷൻ, ഭട്ടി ഇവരഞ്ചും); 2. മലയാളത്തിലെ അഞ്ചുമഹാകവികൾ (അഴകത്തു പത്മനാഭക്കുറുപ്പ്, വള്ളത്തോൾ നാരായണമേനോൻ, ഉള്ളൂർ എസ്. പരമേശ്വരയ്യർ, കെ.സി. കേശവപിള്ള, പന്തളം കേരളവർമ എന്നിവർ)

പഞ്ചമഹാകാവ്യങ്ങൾ നാ. (ബ.വ.) 1. രഘുവംശം കുമാരസംഭവം നൈഷധം കിരാതാർജുനീയം മാഘം ഈ അഞ്ചും സംസ്കൃതം; 2. ചിലപ്പതികാരം മണിമേഖല ചിന്താമണി കുണ്ഡലകേശി വാളയാപതി ഇവ തമിഴ്; 3. രാമചന്ദ്രവിലാസം ചിത്രയോഗം ഉമാകേരളം കേശവീയം രുഗ്മാങ്ഗദചരിത്രം ഇവ മലയാളം

പഞ്ചമഹാപാതകങ്ങൾ നാ. പഞ്ചപാതകങ്ങൾ

പഞ്ചമഹാപാതകൻ നാ. അഞ്ചുമഹാപാതകങ്ങളും ചെയ്യുന്നവൻ

പഞ്ചമഹാപാപി നാ. പഞ്ചമഹാപാതകൻ

പഞ്ചമഹായജ്ഞങ്ങൾ നാ. 1. ഗൃഹസ്ഥാശ്രമി അനുഷ്ഠിക്കേണ്ട അഞ്ചു മഹായജ്ഞങ്ങൾ (സ്വാധ്യായം, അഗ്നിഹോത്രം, അതിഥിസത്കാരം, പിതൃതർപ്പണം, ഭൂതബലി എന്നിവ); 2. സ്ത്രീ അനുഷ്ഠിക്കേണ്ട അഞ്ചു മഹായജ്ഞങ്ങൾ (പിതൃശുശ്രൂഷ, ഭർതൃശുശ്രൂഷ, വിഷ്ണുഭക്തി, മിത്രസ്നേഹം, സമഭാവന ഇവ)

പഞ്ചമഹായോഗങ്ങൾ നാ. (ബ.വ.) (ജ്യോ) (ഉച്ചത്തിൽ നിൽക്കുന്ന) കുജൻ ബുധൻ വ്യാഴം ശുക്രൻ ശനി ഇവയെക്കൊണ്ട് (യഥാക്രമം) രുചകം ഭദ്രം ഹംസം മാലവ്യം ശശം എന്നിങ്ങനെ അഞ്ച്

പഞ്ചമാതാക്കൾ നാ. (ബ.വ.) അഞ്ച് അമ്മമാർ (പെറ്റമ്മ, ഗുരുവിൻെറ ഭാര്യ, രാജഭാര്യ, ജേഷ്ഠത്തിയമ്മ, ഭാര്യാമാതാവ് എന്നിവർ)

പഞ്ചമാസ്യ വി. അഞ്ചുമാസം കൂടുമ്പോളുള്ള

പഞ്ചമാസ്യം നാ. കുയിൽ (പഞ്ചമം ഇതിൻെറ മുഖത്തുനിന്നു പുറപ്പെടുന്നതിനാൽ)

പഞ്ചമുഖ വി. 1. അഞ്ചുമുഖങ്ങളുള്ള; 2. അഞ്ചുമുനകളുള്ള

പഞ്ചമുഖൻ നാ. 1. സിംഹം; 2. ശിവൻ (ഈശാനം, തത്പുരുഷം, അഘോരം, വാമദേവം, സദ്യോജാതം എന്നിങ്ങനെ അഞ്ചുമുഖങ്ങളുള്ളതിനാൽ)

പഞ്ചമുഖം നാ. 1. ഒരിനം അസ്ത്രം (അഞ്ചുമുനകളുള്ളത്); 2. ഒരു ശസ്ത്രക്രിയോപകരണം

പഞ്ചമുഖി നാ. ആടലോടകം

പഞ്ചമൂർത്തികൾ നാ. = പഞ്ചദേവതകൾ

പഞ്ചമൂലം നാ. 1. (ആയുർ) കുമ്പിൾ കൂവളം പാതിരി പലകപ്പയ്യാനി മൂഞ്ഞ എന്നിവയുടെ വേരുകൾ (ഇവയ്ക്കു മഹാപഞ്ചമൂലം എന്നു പേർ). മധ്യമപഞ്ചമൂലം = കുറുന്തോട്ടിവേര് തഴുതാമവേര് ആവണക്കിൻ വേര് കാട്ടുഴുന്നിൻ വേര് കാട്ടുപയറ്റിൻവേര് ഇവ അഞ്ച്. തൃണപഞ്ചമൂലം = ദർഭവേര് ആറ്റുദർഭവേര് കരിമ്പിൻവേര് അമവേര് വരിനെല്ലിൻവേര് ഇവ അഞ്ചും. ഹ്രസ്വപഞ്ചമൂലം = ഓരില മൂവില ചെറുവഴുതിന ഞെരിഞ്ഞിൽ കറുത്തചുണ്ട ഇവ അഞ്ചും. മഹാപഞ്ചമൂലവും ഹ്രസ്വപഞ്ചമൂലവും ചേരുന്നത് ദശമൂലം

പഞ്ചയജ്ഞങ്ങൾ നാ. (ബ.വ.) പഞ്ചമഹായജ്ഞങ്ങൾ

പഞ്ചയാമം നാ. 'അഞ്ചുയാമങ്ങളുള്ളത്', ദിവസം

പഞ്ചർ [ഇം.] നാ. ദ്വാരം, കീറൽ

പഞ്ചരത്നങ്ങൾ നാ. അഞ്ചുതരം രത്നങ്ങൾ (നീലം, വജ്രം, പത്മരാഗം, മുത്ത്, പവിഴം എന്നിവ)

പഞ്ചരപ്പ് നാ. ജലപാത്രം, പാത്രം

പഞ്ചരസ നാ. നെല്ലി

പഞ്ചരാത്രം നാ. 1. അഞ്ചുരാത്രികൂടിയ കാലം; 2. ആധ്യാത്മികജ്ഞാനം ഭക്തിജ്ഞാനം മുക്തിജ്ഞാനം ഭോഗജ്ഞാനം വിഷയജ്ഞാനം ഇവയെപ്പറ്റി പ്രതിപാദിക്കുന്ന ശാസ്ത്രം; 3. ഭാസൻെറ ഒരു നാടകം
പഞ്ചരാശികം നാ. ഒരു കണക്ക്, ഗണിതവിധി
പഞ്ചരിക്കുക ക്രി. 1. കെഞ്ചുക; 2. അലട്ടുക, വിഷമിപ്പിക്കുക
പഞ്ചലക്ഷണം നാ. പുരാണം (സർഗം, പ്രതിസർഗം, വംശം, മന്വന്തരം, വംശാനുചരിതം എന്നീ അഞ്ചു ലക്ഷണങ്ങളോടുകൂടിയത്)
പഞ്ചലവണങ്ങൾ നാ. അഞ്ചുതരം ഉപ്പുകൾ (കാചകം, സൈന്ധവം, സാമുദ്രം, ബിഡം, സൗവർച്ചലം എന്നീ ഉപ്പുകൾ അഞ്ചും. വിളയുപ്പ്, മരക്കലയുപ്പ്, കാരുപ്പ്, വെടിയുപ്പ്, ഇന്തുപ്പ് ഇവ അഞ്ചും എന്നു പക്ഷഭേദം)
പഞ്ചലിക്കുക ക്രി. 1. കെഞ്ചുക; 2. ക്ഷീണിക്കുക; 3. ശല്യപ്പെടുത്തി ചോദിക്കുക
പഞ്ചലോഹ(ക)ം നാ. അയ്മ്പോന്ന് (പൊന്ന്, വെള്ളി, ചെമ്പ്, ഇരുമ്പ്, ഈയം എന്നീ ലോഹങ്ങൾ അഞ്ചും. പൊന്ന്, വെള്ളി, വെള്ളീയം, ചെമ്പ്, നാകം ഇവ അഞ്ചും എന്നു പക്ഷഭേദം)
പഞ്ചവകാരം നാ. പദവി നിർണയിക്കാനുതകുന്ന അഞ്ചുകാര്യങ്ങൾ (വയസ്സ്, വചസ്സ്, വപുസ്സ്, വിഭവം, വിദ്യ ഇവ അഞ്ചും 'വ' എന്ന അക്ഷരംകൊണ്ടു തുടങ്ങുന്നവ)
പഞ്ചവക്ത്രൻ നാ. 1. ശിവൻ; 2. സിംഹം
പഞ്ചവടം നാ. പൂണൂൽ
പഞ്ചവടി നാ. 1. ദണ്ഡകവനത്തിൻെറ ഒരു ഭാഗം; 2. അശ്വത്ഥം വില്വം വടവൃക്ഷം ധാത്രി അശോകം ഇവ അഞ്ചും
പഞ്ചവർഗം നാ. അഞ്ചുകൂട്ടം ചേർന്നത് (പഞ്ചഭൂതം, പഞ്ചേന്ദ്രിയം, പഞ്ചമഹായജ്ഞങ്ങൾ എന്നിവപോലെ)
പഞ്ചവർണക്കിളി നാ. അഞ്ചുനിറമുള്ള കിളി, ശാരിക
പഞ്ചവർണം നാ. 1. വെളുപ്പ്, കറുപ്പ്, ചെമപ്പ്, മഞ്ഞ, പച്ച എന്നീ അഞ്ചു നിറങ്ങൾ; 2. അരി കരി കുങ്കുമം (ചുണ്ണാമ്പുചേർത്ത) മഞ്ഞൾ വാകയിലപ്പൊടി ഇവയുടെ ചേരുവ; 3. നമശ്ശിവായ എന്ന അഞ്ചക്ഷരമുള്ള മന്ത്രം
പഞ്ചവർഷീയ വി. അഞ്ചുവയസ്സുചെന്ന
പഞ്ചവൽക്കലം നാ. പേരാൽ അരയാൽ അത്തി ഇത്തി കല്ലാൽ ഈ അഞ്ചു വൃക്ഷങ്ങളുടെ പട്ട
പഞ്ചവല്ലഭ നാ. 1. പാഞ്ചാലി (അഞ്ചുപേർക്കു വല്ലഭ ആയതിനാൽ); 2. പലപുരുഷന്മാർക്കു വല്ലഭയായവൾ, വേശ്യ
പഞ്ചവാദ്യം നാ. അഞ്ചുതരം വാദ്യങ്ങൾ, അഞ്ചുവാദ്യങ്ങൾ ചേർന്ന മേളം (വീണ, വേണു, മൃദങ്ഗം, ശങ്ഖ്, പടഹം ഇവ. മറ്റൊരഭിപ്രായത്തിൽ ചെണ്ട, കുറുങ്കുഴൽ, കൊമ്പ്, തിമില, ഇടയ്ക്ക എന്നിവ. മദ്ദളം, തിമില, ചേങ്ങല, കൊമ്പ്, ശങ്ഖ് എന്നും)
പഞ്ചവാനരന്മാർ നാ. സുഗ്രീവൻ ഹനുമാൻ ജാംബവാൻ ജ്യോതിർമുഖൻ വേഗദർശി എന്നിവർ അഞ്ചും
പഞ്ചവായുക്കൾ നാ. 1. പ്രാണന്മാർ അഞ്ചും; 2. ഉപപ്രാണന്മാർ അഞ്ചും

പഞ്ചവാർഷിക വി. 1. അഞ്ചു സംവത്സരത്തിലൊരിക്കൽ ഭവിക്കുന്ന; 2. അഞ്ചുവർഷം പ്രായമുള്ള; 3. അഞ്ചുവർഷം നീണ്ടുനിൽക്കുന്ന
പഞ്ചവിധാനങ്ങൾ നാ. (ബ.വ.) പഞ്ചാഭ്യുദയ ഹേതുക്കൾ
പഞ്ചവിംശ വി. ഇരുപത്തഞ്ചാമത്തെ
പഞ്ചവിംശതി നാ. ഇരുപത്തഞ്ച്
പഞ്ചവിംശതിക നാ. ഇരുപത്തഞ്ച് എണ്ണം ചേർന്നത്
പഞ്ചവിഷയങ്ങൾ നാ. ശബ്ദം സ്പർശം രൂപം രസം ഗന്ധം ഈ വിഷയങ്ങൾ അഞ്ചും
പഞ്ചവീജം നാ. 1. താളിമാതളം; 2. പച്ചനിറമുള്ള കക്കരി; 3. കക്കരി
പഞ്ചവൃക്ഷങ്ങൾ നാ. (ബ.വ.) ദേവവൃക്ഷങ്ങൾ അഞ്ചും (മന്ദാരം കല്പകവൃക്ഷം പാരിജാതം സന്താനം ഹരിചന്ദനം ഇവ)
പഞ്ചശക്തികൾ നാ. (ബ.വ.) ശിവൻെറ അഞ്ചു ശക്തികൾ (പരാശക്തി, തിരോധാനശക്തി, ഇച്ഛാശക്തി, ജ്ഞാനശക്തി, ക്രിയാശക്തി എന്നിവ)
പഞ്ചശതം നാ. 1. അഞ്ഞൂറ്; 2. നൂറ്റഞ്ച്
പഞ്ചശരൻ നാ. കാമദേവൻ
പഞ്ചശരം നാ. 1. കണ്ഠാഭരണം; 2. കാമബാണങ്ങൾ അഞ്ചും (അരവിന്ദം, അശോകം, ചൂതം, നവമാലിക, നീലോത്പലം എന്നിവ)
പഞ്ചശാഖം നാ. 'അഞ്ചു ശഖകളുള്ളത്', 1. കൈ, കൈപ്പടം; 2. ആന
പഞ്ചശിഖൻ നാ. സിംഹം
പഞ്ചശീർഷ വി. 1. അഞ്ചു തലയുള്ള; 2. അഞ്ചു കതിർക്കുല ഒരേ തണ്ടിൽനിന്നുണ്ടാകുന്ന (ധാന്യം)
പഞ്ചശീലങ്ങൾ നാ. ബുദ്ധൻെറ അഞ്ചു ശസനങ്ങൾ (ഹിംസിക്കരുത്, മോഷ്ടിക്കരുത്, കള്ളം പറയരുത്, മദ്യപാനം ചെയ്യരുത്, ചാരിത്രദൂഷണം ചെയ്യരുത് എന്നിവ)
പഞ്ചശുദ്ധി നാ. 1. ഭൂതശുദ്ധി ആത്മശുദ്ധി ദ്രവ്യശുദ്ധി മന്ത്രശുദ്ധി ലിങ്ഗശുദ്ധി എന്നിവ അഞ്ചും; 2. മലാശയം മൂത്രാശയം മുഖം കൈ കാൽ ഈ അഞ്ച് അവയവങ്ങളും ശുചിയാക്കിവയ്ക്കൽ
പഞ്ചശൂന്യം നാ. അപായകരമായ അഞ്ച് ഉപകരണങ്ങൾ (കത്തി, അമ്മി, ഉരൽ, അടുപ്പ്, ജലപാത്രം എന്നിവ)
പഞ്ചഷഷ്ട വി. അറുപത്തിയഞ്ചാമത്തെ
പഞ്ചഷഷ്ടി നാ. അറുപത്തിയഞ്ച്
പഞ്ചസന്ധികൾ നാ. നാടകത്തിലെ അഞ്ചു സന്ധികൾ (മുഖസന്ധി, പ്രതിമുഖസന്ധി, ഗർഭസന്ധി, വിമർശസന്ധി, നിർവഹണസന്ധി എന്നിവ)
പഞ്ചസപ്തത വി. എഴുപത്തിയഞ്ചാമത്തെ
പഞ്ചസപ്തതി നാ. എഴുപത്തിയഞ്ച്
പഞ്ചസാക്ഷികം നാ. 1. അഞ്ച് ഇന്ദ്രിയങ്ങളാകുന്ന സാക്ഷികളോടു കൂടിയത്; 2. പഞ്ചേന്ദ്രിയങ്ങളാൽ അറിയപ്പെട്ടത്
പഞ്ചസാധനങ്ങൾ നാ. (ബ.വ.) യോഗിക്കുവേണ്ട അഞ്ചു സാധനങ്ങൾ (ആസനം, യോഗപട്ടം, ദണ്ഡ്, കമണ്ഡലു, ജപമാല)

പഞ്ചസായകൻ നാ. അയ്യമ്പൻ, കാമദേവൻ
പഞ്ചസാര നാ. ഒരു മധുരപദാർഥം, കരിമ്പിൻ നീർ വറ്റിച്ചുണ്ടാക്കുന്നത്
പഞ്ചസാരം നാ. ഒരുതരം പാനകം
പഞ്ചസിദ്ധാന്തങ്ങൾ നാ. (ബ.വ.) പൈതാമഹം സൗരം വാസിഷ്ഠം രോമകം പൗലിശം എന്നീ ജ്യൗതിഷസിദ്ധാന്തങ്ങൾ
പഞ്ചസുഗന്ധകം നാ. കരയാമ്പു ജാതിക്ക ജാതിപത്രി കർപ്പൂരം ഏലം എന്നീ സുഗന്ധവസ്തുക്കൾ അഞ്ചും ചേർന്നത്
പഞ്ചസ്നേഹം നാ. അഞ്ചുതരം എണ്ണ (നെയ്, നല്ലെണ്ണ, ആവണക്കെണ്ണ, വേപ്പെണ്ണ, പന്നിനെയ്)
പഞ്ചഹായന വി. അഞ്ചുവയസ്സുചെന്ന
പഞ്ചാ നാ. 1. മണിബന്ധം മുതൽക്കുള്ള ഭാഗം; 2. കൈപിടി
പഞ്ചാക്ഷരം,-രി നാ. അഞ്ചക്ഷരമുള്ള മന്ത്രം (ന മ ശി വാ യ)
1009
പഞ്ചാഗ്നി നാ. 1. അഞ്ച് അഗ്നികൾ, നാലുവശവും തീയും മുകളിൽ സൂര്യനും; 2. ദക്ഷിണാഗ്നി ഗാർഹപത്യാഗ്നി ആവഹനീയാഗ്നി സഭ്യാഗ്നി ആവസ്ഥ്യാഗ്നി ഇവ അഞ്ചിനേയും പരിപാലിക്കുന്നവൻ
പഞ്ചാങ്കുരങ്ങൾ നാ. (ബ.വ.) അഞ്ചുചെടികളുടെ തളിരുകൾ (വെട്ടിത്തളിർ, ഞാറത്തളിർ, പാച്ചോറ്റിത്തളിർ, ചെത്തിമൊട്ട്, കറുകനാമ്പ് എന്നിവ)
പൻഛാങ്ഗ വി. അഞ്ച് അവയവങ്ങളോടുകൂടിയ
പഞ്ചാങ്ഗകഷായം നാ. തൊലി ഇല പൂവ് കായ് വേര് ഇവ അഞ്ചും ചേർന്നുള്ള കഷായം
പഞ്ചാങ്ഗഗുപ്തം നാ. 'അഞ്ച് അങ്ഗങ്ങളേയും ഉള്ളിലേക്കു വലിക്കുന്നത്', ആമ
പഞ്ചാങ്ഗനമസ്കാരം നാ. രണ്ടുകാലും രണ്ടുകൈയും തലയും തറയിൽതൊടത്തക്കവണ്ണമുള്ള നമസ്കാരം
പഞ്ചാങ്ഗം നാ. 'അഞ്ച് അങ്ഗങ്ങളുള്ളത്', തിഥി വാരം നക്ഷത്രം യോഗം കരണം എന്നീ അഞ്ച് അങ്ഗങ്ങളോടുകൂടിയത്; 2. വൃക്ഷത്തിൻെറ തൊലി ഇല പൂവ് കായ് വേര് ഇവ അഞ്ചും ചേർന്നത്; 3. ആമ; 4. ജാതകം; 5. പുരോഹിതൻെറ പ്രവൃത്തി
പഞ്ചാങ്ഗുല വി. അഞ്ചുവിരൽ നീളമുള്ള
പഞ്ചാങ്ഗുലം നാ. 1. അഞ്ചുവിരലുകളുള്ളത്; 2. ആവണക്ക്
പഞ്ചാങ്ഗോപാസനകൾ നാ. (ബ.വ.) ഉപാസനയുടെ അഞ്ച് അങ്ഗങ്ങൾ (ജപം, ഹോമം, തർപ്പണം, അഭിഷേകം, വിപ്രഭോജനം എന്നിവ)
പഞ്ചാതപ വി. പഞ്ചാഗ്നിമധ്യേ തപസ്സുചെയ്യുന്ന
പഞ്ചാത്മകം നാ. 1. ശരീരം; 2. അഞ്ചുഘടകങ്ങൾ ചേർന്നുണ്ടായത്; 3. അഞ്ചുമടങ്ങുള്ളത്
പഞ്ചാത്മാക്കൾ നാ. അന്തരാത്മാവ് ജീവാത്മാവ് തത്ത്വാത്മാവ് ഭൂതാത്മാവ് മന്ത്രാത്മാവ് എന്നിവ അഞ്ചും
പഞ്ചാനനം നാ. 1. അഞ്ചുമുഖം; 2. ഒരിനം രുദ്രാക്ഷം
പഞ്ചാനനി നാ. ദുർഗാഭഗവതി

പഞ്ചാബ് നാ. = പഞ്ചനദം
പഞ്ചാബി നാ. 1. പഞ്ചാബുകാരൻ; 2. പഞ്ചാബിലെ ഭാഷ
പഞ്ചാഭ്യുതയഹേതുക്കൾ നാ. (ബ.വ.) ഉയർച്ചയ്ക്കു കാരണമായ അഞ്ചുകാര്യങ്ങൾ (ധൃതി, ദക്ഷത, പരാക്രമം, ദേശാനുകൂല്യം, കാലാനുകൂല്യം എന്നിവ)
പഞ്ചാമൃതം നാ. 1. പാല് തൈര് നെയ് തേൻ പഞ്ചസാര എന്നിവ അഞ്ചും ചേർന്നത്; 2. പഴം തേൻ ശർക്കര നെയ് മുന്തിരിങ്ങ ഇവ അഞ്ചും ചേർന്നത്
പഞ്ചായത്ത് [ഹി.] നാ. 1. ഗ്രാമമുഖ്യന്മാരുടെ സഭ; 2. ഒരു ദേശവിഭാഗം; 3. ഒരു തദ്ദേശസ്വയംഭരണ സംവിധാനം; 4. വെടിപറച്ചിൽ
പഞ്ചായുധങ്ങൾ നാ. വിഷ്ണുവിൻെറ അഞ്ച് ആയുധങ്ങൾ (ശങ്ഖം, ചക്രം, ഗദ, ശാർങ്ഗം, ഖഡ്ഗം എന്നിവ)
പഞ്ചായുധൻ നാ. 1. കാമദേവൻ; 2. വിഷ്ണു
പഞ്ചാര നാ. പഞ്ചസാര
പഞ്ചാരാധിതപത്രം നാ. അഞ്ചുപേർ സമ്മതം രേഖപ്പെടുത്തിയിട്ടുള്ള പ്രമാണം (കടംകൊടുക്കുന്നവൻ, വാങ്ങുന്നവൻ, രണ്ടുസാക്ഷികൾ, എഴുത്തുകാരൻ ഇങ്ങനെ അഞ്ചുപേർ)
പഞ്ചാരി നാ. 1. ചൂതുപടം; 2. ഒരു താളം
പഞ്ചാലൻ നാ. 1. പഞ്ചാലം എന്ന ദേശത്തുള്ളവൻ; 2. യോദ്ധാക്കളായ ഒരു ജാതിക്കാർ
പഞ്ചാലം നാ. ഒരു ദേശം
പഞ്ചാലി(ക) നാ. 1. പാവ; 2. ചൂതുപടം
പഞ്ചാവസ്ഥ നാ. പഞ്ചത്വം, മരണം
പഞ്ചാവികം നാ. ആടിൽനിന്നു കിട്ടുന്ന അഞ്ചുവസ്തുക്കൾ ചേർന്നത് (പാൽ, തൈര്, നെയ്, മൂത്രം, കാഷ്ഠം എന്നിവ). താരത. പഞ്ചഗവ്യം
പഞ്ചാശ വി. അൻപതാമത്തെ
പഞ്ചാശത്ത് നാ. അമ്പത്
പഞ്ചാശിക നാ. അമ്പതു പദ്യങ്ങൾചേർന്ന ഒരിനം കാവ്യം
പഞ്ചാസ്യൻ,-സ്യം നാ. 1. ശിവൻ; 2. സിംഹം
പഞ്ചാഹം നാ. അഞ്ചുദിവസം നീണ്ടുനിൽക്കുന്നത്
പഞ്ചാഹികജ്വരം നാ. ഒരിനം പനി (അഞ്ചുദിവസം നീണ്ടുനിൽക്കുന്നത്, അഞ്ചുദിവസത്തിൽ ഒരിക്കൽ ഉണ്ടാകുന്നത്)
പഞ്ചക1 നാ 1. ഐതരേയബ്രാഹ്മണത്തിൻെറ അഞ്ചുവിഭാഗങ്ങൾ; 2. ഒരു സ്വർണനാണയം
പഞ്ചിക2 നാ. 1. കണക്കുപുസ്തകം; 2. വർത്തമാനപ്പത്രം; 3. വ്യാഖ്യാനം
പഞ്ചീകരണം നാ. 1. അഞ്ചാക്കിചെയ്യൽ; 2. പഞ്ചഭൂതങ്ങളിൽ ഓരോ സൂക്ഷ്മഭൂതവും മറ്റു ഭൂതങ്ങളുടെ അംശവുമായി ചേർന്ന് സ്ഥൂലഭൂതമായിത്തീരൽ
പഞ്ചേന്ദ്രിയങ്ങൾ നാ. (ബ.വ.) നേത്രേന്ദ്രിയം ശ്രോതേന്ദ്രിയം ഘ്രാണേന്ദ്രിയം രസനേന്ദ്രിയം ത്വഗിന്ദ്രിയം എന്നിവ (ഇവ മസ്തിഷ്കത്തിൽ സ്ഥിതിചെയ്യുന്നു. യഥാക്രമം കണ്ണ്, കാത്, മൂക്ക്, നാക്ക്, ത്വക്ക് എന്നീ അവയവങ്ങൾ ഇവയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നു)
പഞ്ചേഷു നാ. കാമദേവൻ

പഞ്ചോപചാരങ്ങൾ നാ. പൂജയിൽ ദേവന് അർപ്പിക്കുന്ന അഞ്ച് ഉപചാരങ്ങൾ (ഗന്ധം, പുഷ്പം, ധൂപം, നിവേദ്യം, ദീപം എന്നിവ)
പഞ്ചോഷ്ണങ്ങൾ നാ. തിപ്പലി തിപ്പലിമൂലം ചെവിയം കൊടുവേലി ചുക്ക് എന്നിവ
പഞ്ചോഷ്മാക്കൾ നാ. ശരീരത്തിലുള്ള അഞ്ച് ഊഷ്മാക്കൾ (ഭൗമം, ആപ്യം, ആഗ്നേയം, വായവ്യം, നാഭസം എന്നിവ)
പഞ്ജര(ക)ം നാ. 1. പക്ഷിക്കൂട്; 2. അസ്ഥിക്കൂട്; 3. വാരിയെല്ല്
പഞ്ജി നാ. 1. പഞ്ഞി; 2. പഞ്ചാങ്ഗം; 3. പട്ടോല
പഞ്ജിക നാ. 1. വ്യാഖ്യാനം; 2. വരവുചെലവുകണക്കെഴുതിയ പുസ്തകം
പഞ്ജി(കാ)കാരകൻ നാ. 1. കണക്കപ്പിള്ള; 2. എഴുത്തുകാരൻ; 3. ചിത്രഗുപ്തൻ
പഞ്ഞക്കാരൻ നാ. യാചകൻ
പഞ്ഞപ്പാട്ട് നാ. 1. ഇരപ്പാളിപ്പാട്ട്; 2. സാരമില്ലാത്ത പാട്ട്
പഞ്ഞപ്പുല്ല് നാ. കൂവരക്, മുത്താറി
പഞ്ഞം നാ. ദാരിദ്ര്യം
പഞ്ഞറ നാ. വൃത്തികെട്ടത്, വകയ്ക്കുകൊള്ളാത്തത്
പഞ്ഞി നാ. നേരിയ വെളുത്ത നാരുകൾചേർന്ന വസ്തു
പഞ്ഞിക്കായ് നാ. 1. പരുത്തിയുടെ കായ്; 2. ഇലവിൻകായ്
പഞ്ഞിനൂൽ നാ. പരുത്തിപ്പഞ്ഞി നൂടുണ്ടാക്കുന്ന നൂൽ
പഞ്ഞിമരം നാ. 1. പരുത്തി; 2. ഇലവ്
പഞ്ഞിലം നാ. പശിമയുള്ള നിലം
പട1 [<പടയ്ക്കുക] നാ. പടച്ചചോറ്, നിവേദ്യച്ചോറ്
പട2 [പടയ്ക്കുക] ധാതുരൂപം
പട3 [<സം.ഭട] നാ. 1. യുദ്ധം; 2. സൈന്യം; 3. വഴക്ക്; 4. കൽത്തളം; 5. കൂട്ടം; 6. ആയുധം. (പ്ര) പടകൂടുക = യുദ്ധം ചെയ്യുക. പടപ്പുറപ്പാട് = യുദ്ധസന്നാഹം. പടപേടിച്ചു പന്തളത്തുചെന്നപ്പോൾ പന്തവും കൊളുത്തി പട (പഴ)
പടകം നാ. 1. കൂടാരം; 2. പഞ്ഞിത്തുണി; 3. തിരശ്ശീല
പടകർമം നാ. നെയ്ത്ത്
പടകാരൻ നാ. 1. നെയ്ത്തുകാരൻ; 2. ചിത്രമെഴുത്തുകാരൻ
പടക് നാ. = പടവ് (തോണി)
പടകുടീരം നാ. 1. കൂടാരം; 2. കൈനില, പടവീട്
പടകൂർപ്പം നാ. പടക്കോപ്പ്
പടക്കപ്പൽ നാ. യുദ്ധക്കപ്പൽ
പടക്കം [ഹി.പടാഖാ] നാ. (വിനോദത്തിനുവേണ്ടിയുള്ള) കരിമരുന്നു പ്രയോഗത്തിലെ ഒരിനം
പടക്കളം നാ. പടനിലം, യുദ്ധഭൂമി
പടക്കാളം നാ. യുദ്ധകാഹളം
പടക്കുതിര നാ. 1. യുദ്ധത്തിനുള്ള കുതിര; 2. (ആല) ഊർജസ്വലൻ, തന്റേടി

പടക്കുറി നാ. 1. യുദ്ധത്തിനുപോകുമ്പോൾ ഭടന്മാർ നെറ്റിയിൽ ധരിക്കുന്ന കുറി; 2. യുദ്ധം അറിയിക്കുന്ന കുറിമാനം
പടക്കൂട്ടം നാ. സൈന്യശേഖരം, സൈന്യം
പടക്കൊട്ട് നാ. 1. യുദ്ധഭേരി; 2. ബാൻറുവാദ്യം
പടക്കോപ്പ് നാ. യുദ്ധത്തിനുള്ള ഉപകരണങ്ങൾ
പടങ്ങ് നാ. 1. കൈക്കോൽ; 2. കൂടാരം; 3. പടങ്ങു തടി; 4. കൊടി; 5. മേൽക്കെട്ടി
പടച്ചട്ട നാ. ഭടന്മാർ യുദ്ധത്തിൽ ധരിക്കുന്ന ചട്ട
പടച്ചതമ്പുരാൻ നാ. സൃഷ്ടികർത്താവ്, ദൈവം
പടച്ചമയം നാ. യുദ്ധക്കോപ്പ്, ആയുധം മുതലായവ
പടച്ചരൻ നാ. = പാടച്ചരൻ, (കള്ളൻ)
പടച്ചരം നാ. പഴയ വസ്ത്രം, ജീർണവസ്ത്രം
പടച്ചവൻ,-ച്ചോൻ നാ. സ്രഷ്ടാവ്
പടച്ചാർത്ത് നാ. സൈന്യം
പടച്ചെലവ് നാ. യുദ്ധത്തിനുള്ള ചെലവ്
പടച്ചേകം,-ചേവകം നാ. സൈന്യസേവനം
പടച്ചേവകൻ നാ. അങ്കച്ചേവകൻ, പടയാളി
പടച്ചോറ്1 നാ. പടച്ച ചോറ്, വെള്ളം വറ്റിച്ചെടുത്ത നിവേദ്യച്ചോറ്
പടച്ചോറ്2 നാ. 1. പടയാളികൾ യുദ്ധത്തിനുപോകുമ്പോൾ കൈയിൽ കരുതുന്ന പൊതിച്ചോറ്; 2. യുദ്ധത്തിനു തിരിക്കുമ്പോൾ സൈനികർക്കു നൽകുന്ന സദ്യ
പടത്കൻ നാ. കള്ളൻ
പടത്തഞ്ചം നാ. യുദ്ധത്തിൽ സൈന്യങ്ങളുടെ നില
പടത്തലവൻ നാ. സേനാപതി
പടത്തായം നാ. 1. തന്ത്രം; 2. ചതിവ്; 3. കൃത്രിമം
പടത്തുക ക്രി. = പടർത്തുക
പടത്തൊപ്പി നാ. ഒരിനം തൊപ്പി, ഇരുമ്പുതൊപ്പി
പടധ്വനി നാ. 1. ഭടന്മാരുടെ സിംഹനാദം; 2. പോരിലെ മുഴക്കം
പടന നാ. ഉപ്പുവിളയുന്ന സ്ഥലം
പടനായകൻ നാ. = പടത്തലവൻ
പടനായർ നാ. 1. സേനാപതി; 2. പടയാളി
പടനിലം നാ. പടക്കളം
പടന്ന നാ. 1. പരപ്പുള്ള പ്രദേശം; 2. പടന, ഉപ്പളം
പടപട നാ. 1. പൊട്ടുന്ന ശബ്ദം; 2. വെടിയുടെ ശബ്ദം; 3. കടുന്തറയിൽ എന്തെങ്കിലും മറിഞ്ഞു വീഴുന്ന ശബ്ദം
പടപണ്ടാരം നാ. 1. സൈന്യത്തിൻെറ ഭണ്ഡാരം, പടക്കോപ്പു വയ്ക്കുന്ന സ്ഥലം; 2. അസങ്ഖ്യം വസ്തുക്കൾ
പടപറച്ചിൽ നാ. പ്രത്യേകകാര്യമൊന്നുമില്ലാത്ത സംഭാഷണം, പടവാർത്ത
പടപ്പ നാ. 1. തൊഴുത്ത്; 2. മരുതനിലം

പടപ്പറ്റ് നാ. പടകുടി, പാളയം
പടപ്പാട്ട് നാ. 1. യുദ്ധത്തെപ്പറ്റിയുള്ള പാട്ട്; 2. യുദ്ധത്തിനുപോകുന്ന ഭടന്മാർ പാടുന്ന പാട്ട്
പടപ്പ്1 [<പടരുക] നാ. പടർപ്പ്
പടപ്പ്2 നാ. 1. പടയ്പ്പ്; 2. നിവേദ്യച്ചോറ്; 3. നയ്ത്തുതറിയുടെ മുൻതടി
പടഭണ്ഡാരം നാ. = പടപണ്ടാരം
പടം1 നാ. 1. തുണി; 2. ചിത്രം വരയ്ക്കാനുപയോഗിക്കുന്ന കട്ടിത്തുണി; 3. തിരശ്ശീല; 4. ചിത്രം, ഫോട്ടോ; 5. ചൂതുപടം; 6. മേൽക്കൂര
പടം2 നാ. പാമ്പിൻെറ ഉറ
പടമണ്ഡപം നാ. കൂടാരം
പടമയ വി. വസ്ത്രംകൊണ്ടുണ്ടാക്കിയ
പടമയം നാ. കൂടാരം
പടമരം നാ. നെയ്ത്തുതറിയിലെ ഒരു ഉപകരണം, നെയ്ത്തുതുണിചുറ്റാനുള്ള തടി
പടമലനായർ നാ. ചേരമാൻപെരുമാളുടെ കാര്യസ്ഥൻ
പടമാടം നാ. പടമണ്ഡപം
പടമുഖം നാ. 1. മുൻപട; 2. യുദ്ധാരംഭം
പടയ്ക്കുക ക്രി. 1. സൃഷ്ടിക്കുക; 2. കോരികകൊണ്ട് ചോറ് അളന്നു പങ്കിടുക
പടയ്പ്പ് [പടയ്ക്കുക] നാമരൂപം
പടയണി നാ. 1. സൈന്യത്തിൻെറ നിര; 2. സൈന്യവിന്യാസം; 3. ദേവീക്ഷേത്രങ്ങളിൽ ഉത്സവകാലത്തു നടത്താറുള്ള ഒരു അനുഷ്ഠാന കല
പടയറിയിപ്പ് നാ. യുദ്ധപ്രഖ്യാപനം
പടയാളി നാ. പട്ടാളക്കാരൻ, ഭടൻ
പടയേൽപ്പ് നാ. 1. രണ്ടു സൈന്യങ്ങൽതമ്മിൽ ഏറ്റുമുട്ടൽ; 2. പടയിൽ ഏർപ്പെടൽ
പടയോട്ടം നാ. 1. ആക്രമണം; 2. തോറ്റോട്ടം
പടർ1 [പടരുക] ധാതുരൂപം
പടർ2 വി. പടർന്ന, പടരുന്ന
പടർച്ച നാ. പടരൽ
പടർച്ചുണ്ട നാ. 1. കറിച്ചുണ്ട; 2. ചുണ്ടയുടെ ആകൃതിയുള്ള ഒരു ചെറു ചെടി
പടർത്തുക [<പടരുക>പ്ര] ക്രി. പടരുമാറാക്കുക
പടർപ്പ് [പടരുക] നാ. 1. പടർച്ച; 2. പടപ്പ്
പടരുക ക്രി. 1. പരക്കുക; 2. സാക്രമികരോഗങ്ങൾ ഏറെ ആളുകളെ ബാധിക്കുക; 3. (പുഴുക്കടിയും മറ്റും) ശരീരത്തിൽ വ്യാപിക്കുക.
1011
പടൽ1 നാ. 1. പടർപ്പ്; 2. നിരപ്പില്ലാത്ത പല്ലിത്തടി; 3. പടങ്ങ്, സസ്യങ്ങൾക്കു പടരാനുള്ള പന്തൽ
പടൽ2 [<പടുക] നാമരൂപം

പടല നാ. 1. വാഴക്കുലയിലെ കായ്കളുടെ നിര; 2. വയലിൽ കട്ട നിരത്താനുള്ള പല്ലിത്തടി; 3. നിര, കൂട്ടം; 4. കിങ്ങിണികൾ കോർത്തത്; 5. ചീർപ്പ്
പടലത്തം നാ. 1. അനൗചിത്യം; 2. സ്ഖലിതം
പടലപിണങ്ങുക ക്രി. അടിയോടെ തെറ്റുക
പടലപ്രാന്തം നാ. 1. പുരയുടെ ഇറമ്പ്; 2. (ശിൽപ) വാവടയുടെ താഴെ തറയ്ക്കുന്ന തൂവാനപ്പലക
പടലം നാ. 1. പുരമേയാനുള്ള സാധനം; 2. സമൂഹം; 3. അഭ്രകം; 4. അധ്യായം (കാവ്യവിഭാഗം); 5. മൂടി; 6. മൂടുപടലം; 7. വൃക്ഷം; 8. പരിവാരം; 9. പതിനെട്ടടവുകളിൽ ഒന്ന്
പടലി നാ. 1. കൂട്ടം; 2. കുലം ;3. വൃക്ഷം
പടവർധനം നാ. എലി
പടവലം [മറാ.പടോലി]നാ. നീണ്ടകായ്കളുണ്ടാകുന്ന ഒരിനം വള്ളിച്ചെടി
പടവാക്ക് നാ. പടവാർത്ത, വായാടിത്തം
പടവാദ്യം നാ. ഘനവാദ്യങ്ങളിലൊന്ന്
പടവാപം നാ. കൂടാരം
പടവായൻ നാ. വായാടി
പടവാർക്ക്,പടാർത്ത [പ.മ.] നാ. 1. തർക്കിക്കൽ; 2. സംഭാഷണം; 3. നാട്ടുവർത്തമാനം
പടവാസകം1 നാ. വസ്ത്രത്തിനു സുഗന്ധമുണ്ടാക്കാൻ ഉപയോഗിക്കുന്ന മണമുള്ള വസ്തു
പടവാസകം2 നാ. 'തുണികൊണ്ടുണ്ടാക്കിയ വീട്', കൂടാരം
പടവാസകം3 നാ. 1. അരപ്പട്ട; 2. ഉള്ളുടുപ്പ്
പടവിളി നാ. 1. സൈന്യത്തെ വിളിച്ചുകൂട്ടൽ; 2. പോരിനുവിളി; 3. ഉച്ചത്തിലുള്ള നിലവിളി (പടോളി)
പടവീട് നാ. 1. പാളയം; 2. രാജധാനി
പടവീരൻ നാ. യുദ്ധസാമർഥ്യമുള്ളവൻ
പടവ്1 നാ. = പടക്, തോണി
പടവ്2 [<പടുക്കുക] നാ. 1. കല്ലുകൊണ്ടോ തടികൊണ്ടോ നിർമിക്കുന്ന പടി; 2. കല്ലോ തടിയോ പടുത്ത് പടിയുണ്ടാക്കൽ
പറവെട്ടുക നാ. 1. യുദ്ധം ചെയ്യുക; 2. മത്സരിക്കുക
പടവേശ്മം നാ. കൂടാരം
പടഹഘോഷകൻ നാ. പടഹം കൊട്ടി വിളംബരം ചെയ്യുന്നവൻ
പടഹധ്വനി നാ. പടഹം കൊട്ടുന്ന ശബ്ദം
പടഹം നാ. പെരുമ്പറ
പടാച്ചി നാ. 1. മുഖസ്തുതി; 2. ഭീഷണിവാക്ക്
പടാച്ചിക്കാരൻ നാ. 1. മുഖസ്തുതിചെയ്യുന്നവൻ; 2. അർഥമില്ലാതെ സംസാരിക്കുന്നവൻ; 3. വീമ്പിളക്കുന്നവൻ
പടാലു(ക) നാ. കുളയട്ട
പടാവ് നാ. 1. വലിയ എണ്ണത്തുരുത്തി; 2. അതിശയോക്തി
പടി1 നാ. 1. ചവിട്ടിക്കയറുന്നതിനും ഇറങ്ങുന്നതിനും വേണ്ടി ഒന്നിനുമുകളിൽ ഒന്നെന്നക്രമത്തിൽ തടികൊണ്ടും കല്ലുകൊണ്ടും മറ്റും നിർമിക്കുന്ന തട്ട്;

2. വാതൽ ജനൽ മുതലായവയുടെ ചട്ടത്തിൻെറ വശങ്ങളിലുള്ള തടി; 3. ഭാരമോ അളവോ നിർണയിക്കാനുള്ള തോത്

പടി2 നാ. 1. ചെറുകുമിഴ്; 2. മലം പുള്ള്

പടി3 നാ. 1. പരുക്കൻ തുണി; 2. വീതികുറഞ്ഞ തുണിച്ചീന്ത്

പടി4 അവ്യ. 1. നിശ്ചിതക്രമത്തിൽ; 2. തോതനുസരിച്ച്; 3. മാതിരി. (പ്ര) ചേരുംപടി = ചേരേണ്ടതുപോലെ

പടി5 നാ. ഭൂമി

പടി6 [പ്രാ.പഡി] നാ. 1. ഒരു ചെറിയ നാണയം; 2. പ്രതിഫലം, പ്രതിഫലത്തിൻെറ തോത്. (പ്ര) പടികെട്ടുക = സർക്കാരുദ്യോഗസ്ഥൻെറ സേവനം ലഭ്യമാകുന്നതിന് നിശ്ചിതഫീസ് കെട്ടിവയ്ക്കുക. പടിത്തരം = കഥകളിയിലെ കുറഞ്ഞ പ്രതിഫലം ലഭിക്കുന്ന കലാകാരന്മാർ

പടി7 [പടിയുക] ധാതുരൂപം

പടിക നാ. നെയ്തെടുത്ത തുണി

പടികക്കാരം നാ. ചീനക്കാരം

പടികം നാ. സ്ഫടികം

പടിക്കട്ട നാ. തൂക്കം നോക്കാൻ തോതായി ഉപയോഗിക്കുന്ന ലോഹക്കട്ട

പടിക്കം നാ. ചെറിയ കോളാമ്പി

പടിക്കൽ1 അവ്യ. പടിവാതിൽക്കൽ

പടിക്കൽ2 നാ. പടിക്കല്ല്

പടിക്കാരം നാ. പടികക്കാരം

പടിക്കെട്ട് നാ. 1. അമ്പലത്തിൻെറയും മറ്റും അതിർത്തിക്കെട്ട്; 2. കുളത്തിലും ആറ്റുകടവിലും ഇറങ്ങാനുള്ള പടവ്

പടിഞ്ഞാട്ട് അവ്യ. പടിഞ്ഞാറോട്ട്

പടിഞ്ഞാറൻ വി. പടിഞ്ഞാറുനിന്നുള്ള, പശ്ചിമദിക്കിലുള്ള

പടിഞ്ഞാറ് നാ. സൂര്യൻ അസ്തമിക്കുന്ന ദിക്ക്, പശ്ചിമദിക്ക്

പടിഞ്ഞാറെ അവ്യ. പടിഞ്ഞാറുള്ള

പടിഞ്ഞാറോട്ട് അവ്യ. പടിഞ്ഞാറെ ദിക്കിലേക്ക്

പടിഞ്ഞാറ്റ നാ. നാലുകെട്ടിൻെറ പടിഞ്ഞാറുള്ള പുര, പടിഞ്ഞാറ്റപ്പുര

പടിഞ്ഞാറ്റകം നാ. പടിഞ്ഞാറ്റയിലുള്ള നടമുറി

പടിഞ്ഞാറ്റെത് നാ. പടിഞ്ഞാറുവശത്തുള്ള അയൽവീട്

പടിത്തരം നാ. പതിവുചെലവ്, പതിവായികൊടുക്കുന്നത്

പടിപ്പുര നാ. 1. നാലുകെട്ടിനുപുറത്തായി അതിഥികൾക്കുവേണ്ടി നിർമിച്ചിരിക്കുന്ന പുര; 2. പടിക്കലുള്ള പുര

പടിപ്പുരപ്രശ്നം നാ. സൂക്ഷ്മമായി കാര്യങ്ങളറിയാൻ വേണ്ടിനടത്തുന്ന പ്രശ്നം (പാഴൂർപ്പടിപ്പുരയിൽ നടത്തുന്ന പ്രശ്നം)

പടിമ1 നാ. 1. സാമർഥ്യം; 2. പുളിപ്പ്; 3. പൗരുഷം

പടിമ2 [പ്രാ.പഡിമാ] നാ. പ്രതിമ

പടിമക്കലം നാ. കണ്ണാടി

പടിമം നാ. 1. പ്രതിമ; 2. രൂപം

പടിമേട നാ. പടിപടിയായി ഉയർത്തിക്കെട്ടിയിട്ടുള്ള ഇരിപ്പിടം
പടിയക്കാരം നാ. പടികക്കാരം
പടിയരഞ്ഞാൺ നാ. വീതിയുള്ള ഒരുതരം അരഞ്ഞാൺ
പടിയിക്കുക [പടിയുക>പ്ര] ക്രി. കിടത്തുക
പടിയുക1 ക്രി. 1. ചരിയുക; 2. ചരിഞ്ഞു വീഴുക; 3. മരിക്കുക
പടിയുക2 ക്രി. ഹൃദിസ്ഥമകുക
പടിയേറ്റം നാ. ഒരു ചടങ്ങ്, സ്ഥാനാരോഹണം
പടിയോല നാ. ചട്ടം നിശ്ചയിച്ചെഴുതിവച്ച ഓല
പടിരം നാ. പടീരം
പരിവട്ടം നാ. വീടിൻെറ മുൻവശം
പടിവം അപ.പഡിവാ]നാ. 1. പ്രതിമ; 2. വടിവ്; 3. ശരീരം; 4. ഭാവം; 5.
വ്രതം
പടിവാതിൽ നാ. പടിക്കലുള്ള വാതിൽ, വെളിവാതിൽ
പടിവ് [<പടിയുക1] നാ. 1. പതിവ്; 2. ശീലം; 3. ഉള്ളടക്കം
പടിറ് നാ. കള്ളം, ചതി
പടീകൃത വി. വസ്ത്രമാക്കപ്പെട്ട, വസ്ത്രമായി സ്വീകരിക്കപ്പെട്ട
പടീക്ഷേപം നാ. തിരശ്ശീലമാറ്റൽ
പടീഭവനം നാ. കൂടാരം
പടീയസ് വി. കൂടുതൽ സാമർഥ്യമുള്ള
പടീയാൻ വി. = പടീയസ്
പടീര വി. 1. ഭങ്ഗിയുള്ള; 2. സ്നേഹമുള്ള; 3. ചെമന്ന; 4.
ഉയർന്ന
പടീരജന്മാവ് നാ. ചന്ദനവൃക്ഷം
പടീരൻ നാ. 1. കാമദേവൻ; 2. അഴകുള്ളവൻ; 3.
സ്നേഹമുള്ളവൻ

പടീരം നാ. 1. ചന്ദനം; 2. മുള്ളങ്കി; 3. കരിങ്ങാലി; 4.
കൂവനൂറ്; 5. വയൽ; 6. മേഘം; 7. വാതരോഗം; 8. മുയൽ
പടു1 വി. 1. പട്ടുപോയ, ഉണങ്ങിയ; 2. ഏറെപഴക്കം ചെന്ന; 3.
അഴുകിയ; 4. സാധാരണമായ; 5. താണ
പടു2 വി. 1. കിടക്കുന്ന; 2. വീഴുന്ന; 3. നിരത്തപ്പെട്ട
പടു3 നാ. 1. കള്ള്; 2. കുളം; 3. വീണത്; 4. അഴുകിയത്
പടു4 വി. 1. സാമർഥ്യമുള്ള; 2. സുഖമുള്ള; 3. ദയയില്ലാത്ത. നാ.
1. സമർഥൻ; 2. ഉപ്പ്; 3. വലിയ പാവൽ; 4. ചീനക്കർപ്പൂരം; 5. കൂൺ; 6. ഭുതാങ്കുശം; 7.
അടവിക്കച്ചോലം; 8. ചങ്ങലംപരണ്ട
പടു5 [പടുക] ധാതുരൂപം
പടുക ക്രി. 1. വൃക്ഷങ്ങൾ സസ്യങ്ങൾ തുടങ്ങിയവ
ഉണങ്ങിപ്പോകുക; 2. മരിക്കുക
പടുകം നാ. കയ്പ്പൻപടവലം
പടുകലം നാ. കടപ്പത്രം
പടുകളം നാ. യുദ്ധക്കളം

പടുകള്ളൻ നാ. സമർഥനായ കള്ളൻ, മുഴുക്കള്ളൻ
പടുകാട് നാ. 1. വൃക്ഷങ്ങളെല്ലാം പട്ടുപോയ കാട്; 2. ചുടുകാട്
പടുകാൽ1 നാ. 1. പടുകാലം, (കഷ്ടകാലം); 2. രോഗം
പടുകാൽ2 നാ. ഭൂമിയിൽ മഴക്കാലത്തു മണ്ണൊലിച്ചുപോയുണ്ടാകുന്ന ആഴമുള്ള ചാൽ
പടുകാലം നാ. കഷ്ടകാലം
പടുകിണറ് നാ. പൊട്ടക്കിണറ്
പടുകിഴവൻ നാ. വളരെ വയസ്സുചെന്നവൻ
പടുകുഴി നാ. 1. ആനക്കുഴി; 2. ആഴമുള്ള കുഴി
പടുക്ക നാ. 1. കിടക്കുന്ന സ്ഥലം; 2. (അയ്യപ്പഭക്തന്മാർ നടത്തുന്ന) ഒരു വഴിപാട്
പടുക്കാളി നാ. 1. ചതിയൻ; 2. ആഭാസൻ
പടുക്കുക ക്രി. 1. കിടക്കുക; 2. നിരത്തുക; 3. നിർമിക്കുക; 4. വിചാരിക്കുക; 5. വീഴ്ത്തുക
പടുത, -ത്വം നാ. സാമർഥ്യം
പടുതാ [പേർ.പർദാ] നാ. കർട്ടൻ, തിരശ്ശീല
പടുതമൻ നാ. ഏറ്റവും സമർഥൻ
പടുതരൻ നാ. കൂടുതൽ സമർഥൻ
പടുതി [<പടുക്കുക] നാ. 1. കിടപ്പ്; 2. സ്വഭാവം; 3. അവസ്ഥ
പടുതിരി നാ. 1. പടുതുന്നൽ; 2. കെടാറായ തിരി
പടുതീ നാ. കാട്ടുതീ, യാദൃശ്ചികമായി പിടിപെടുന്ന തീ
പടുത്തിരി നാ. 1. കുട്ടികൾക്ക് ഇരിക്കാനുള്ള തടുക്ക്; 2. ചെറിയ പായ്
പടുനിലം നാ. 1. വെള്ളമില്ലാത്ത പ്രദേശം; 2. വിളയാത്ത നിലം; 3. ശ്മശാനം
പടുനീർ നാ. ഉപ്പുവെള്ളം, കുടിക്കാനും മറ്റും കൊള്ളാത്ത വെള്ളം
പടുപാഴൻ നാ. 1. കള്ളവേലക്കാരൻ; 2. വെറും ഭോഷൻ
പടുപ്പ് [<പടുക്കുക] നാ. 1. കിടക്കൽ; 2. പടുക്ക
പടുഭാഷ നാ. നീചഭാഷ, ഗ്രാമ്യഭാഷ
പടുഭൂമി നാ. പാഴ്നിലം
പടുഭോഷൻ നാ. വെറും വിഡ്ഢി
പടുമതി1 നാ. ബുദ്ധിമാൻ
പടുമതി2 നാ. കെട്ട ബുദ്ധി
പടുമൻ നാ. 1. ഭോഷൻ; 2. ജോലിക്കു സാമർഥ്യമില്ലാത്തവൻ
പടുമരം നാ. 1. കാട്ടുമരം; 2. പട്ടുപോയ മരം
പടുമുള നാ. 1. തനിയെ ഉണ്ടാകുന്ന മുള; 2. മുളയിലേ കരിഞ്ഞ ചെടി
പടുമുളക്കാരൻ നാ. 1. കുലടയുടെ പുത്രൻ; 2. കള്ളൻ

പടുമൂട് നാ. 1. തന്നെത്താൻ വളരുന്ന ചെടി; 2. പട്ടുപോയ സസ്യത്തിൻെറ ചുവട്ടിൽ നിന്നു മുളയ്ക്കുന്ന നാമ്പ്; 3. നടുതലകൾ പറിച്ചതിനുശേഷം അവയുടെ ചുവട്ടിൽ നിന്നു കിളിർക്കുന്ന മൂട്

പടുരുചി നാ. വലിയ പ്രഭ

പടുവങ്കൻ നാ. കൊള്ളരുതാത്തവനെങ്കിലും വലിയവനെന്നോ മിടുക്കനെന്നോ ഭാവിക്കുന്നവൻ

പടുവൻ നാ. മദ്യം വിൽക്കുന്നവൻ

പടുവം നാ. 1. ചേറ്റുനിലം; 2. തരിശ്

പടുവാക്ക്1 നാ. 1. വീൺവാക്ക്; 2. നീചഭാഷ

പടുവാക്ക്2 നാ. സമർഥമായ സംഭാഷണം

പടുവിത്ത് നാ. 1. തനിയെവീണു കിളിർത്ത വിത്ത്; 2. മുളയ്ക്കാത്ത വിത്ത്

പടുത്തമം നാ. ഇന്തുപ്പ്

പടേണി നാ. = പടയണി

പടോടജം നാ. 1. കൂൺ; 2. കൂടാരം

പടോദയം നാ. കമ്പിപ്പാല

പടോലകം നാ. 1. ഞമഞ്ഞി; 2. ചിപ്പി; 3. പടവലം

പടോലം നാ. 1. (കയ്പ്പൻ)പടവലം; 2. ഒരിനം തുണി

പടോലി(ക) നാ. 1. വലിയ പടവലം; 2. കയ്പ്പുകുറഞ്ഞ പടവലം; 3. ചെറുകുമ്മട്ടി; 4. പിച്ചി

പട്ട1 നാ. 1. മരത്തിൻെറ തൊലി; 2. തെങ്ങ് കവുങ്ങ് പന തുടങ്ങിയ വൃക്ഷങ്ങളുടെ ഓലമടൽ; 3. വണ്ടിച്ചക്രത്തിൻെറ ഇരുമ്പുചുറ്റ്; 4. എന്തിൻെറയെങ്കിലും ഉറപ്പിനായി അതിൽ ഘടിപ്പിക്കുന്ന ലോഹച്ചുറ്റ്; 5. പട്ടച്ചാരായം. (പ്ര) പട്ടയടിക്കുക = ചാരായം കുടിക്കുക

പട്ട2 [പ്രാ.പട്ടാ] നാ. 1. അഭിഷേകസമയത്ത് രാജാക്കന്മാർ നെറ്റിയിൽക്കൂടി തലചുറ്റിക്കെട്ടുന്ന തുണിക്കഷണം; 2. അരയിൽക്കെട്ടുന്ന കച്ച; 3. പണ്ടു ശിപായിമാർ ഉടുപ്പിനുപുറമേ പൂണുനൂലിടുമ്പോലെ ധരിച്ചിരുന്ന കിന്നരിവച്ച വസ്ത്രവിശേഷം; 4. വസ്ത്രങ്ങളുടെ വീതിയുള്ള കര

പട്ടകം നാ. 1. പട്ടം (ചെപ്പേട്, പ്രമാണം); 2. തുണി

പട്ടക്കാരൻ നാ. (ക്രിസ്തു) പട്ടം ഏറ്റവൻ, കൃസ്ത്യാനികളുടെ വൈദികൻ, ആചാര്യൻ (സ്ഥാനാദികൾ ഉള്ളവൻ)

പട്ടച്ചാരായം നാ. പലതരം പട്ടകൾ (മരത്തൊലികൾ) വാറ്റിയുണ്ടാക്കുന്ന ചാരായം

പട്ടച്ചോമാതിരി നാ. സ്ഥാനമാനമുള്ള ഒരു പ്രത്യേകവർഗത്തിൽപ്പെട്ട ബ്രാഹ്മണൻ, ബ്രാഹ്മണന്മാരിൽ ഒരു ജാതി

പട്ടട1 [<പടുക] നാ. 1. ചിത; 2. ചുടുകാട്, ശ്മശാനം (പ്ര) പട്ടടകൂട്ടുക = ചിതകൂട്ടുക

പട്ടട2 [പട്ട്-അട] നാ. പട്ടുകൊണ്ടുള്ള ആവരണം

പട്ടണപ്രവേശം നാ. 1. ആഘോഷമായി പട്ടണത്തിൽ പ്രവേശിക്കൽ; 2. പട്ടണത്തിൽകൂടിയുള്ള ഘോഷയാത്ര

പട്ടണം നാ. കച്ചവടം വ്യവസായം ഉദ്യോഗം മുതലായവയ്ക്കായി ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലം, നഗരം.
1013
പട്ടണവാസി നാ. നഗരവാസി
പട്ടതിരി നാ. ഭട്ടതിരി (പട്ടേരി)
പട്ടത്താന നാ. രാജാവിൻെറ പ്രധാനപ്പെട്ട ആന
പട്ടത്താനം1 നാ. 1. ചില കേരളീയ രാജാക്കന്മാർ കഴിച്ചിരുന്ന ഒരു പ്രായശ്ചിത്തകർമം; 2. നാടുനീങ്ങിയ രാജാക്കന്മാരുടെ ശ്രാദ്ധം, ശ്രാദ്ധദിവസം നടത്തുന്ന ദാനം
പട്ടത്താനം2 നാ. ബ്രാഹ്മണപണ്ഡിതന്മാർക്ക് അങ്ഗീകാരസൂചകമായി നൽകിയിരുന്ന പദവിചി ങ്ങൾ പണക്കിഴി തുടങ്ങിയവ
പട്ടതിരി നാ. സ്ഥാനമഹത്വമുള്ള നമ്പൂതിരി (വലിയ പഠിപ്പുള്ളവൻ, ജാതി സംബന്ധിച്ച പ്രശ്നങ്ങൾക്കു വിധി കൽപിക്കുന്നവൻ)
പട്ടദേവി നാ. = പട്ടമഹിഷി
പട്ടൻ നാ. 1. തമിഴ് ബ്രാഹ്മണൻ. (സ്ത്രീ) പട്ടത്തി; 2. സത്യവാദി
പട്ടനം, -നീ നാ. നഗരം
പട്ടപ്പേര് നാ. 1. സ്ഥാനപ്പേര്; 2. ഇരട്ടപ്പേര്, ആക്ഷേപിക്കാനായി നൽകുന്ന പേര്
പട്ടബന്ധം നാ. 1. മുടിചൂടൽ, കിരീടധാരണം; 2. (അഭ്യാസികളുടെ) അരക്കച്ചകെട്ടൽ
പട്ടം നാ. 1. വീതികുറഞ്ഞു നീളത്തിലുള്ള തുണി, പട്ടുമുതലായവയുടെ ചീന്ത് (തലപ്പാവുകെട്ടാൻ ഉപയോഗം); 2. തുണി പട്ട് മുതലായവകൊണ്ടു കെട്ടിയുണ്ടാക്കുന്ന തലപ്പാവ്; 3. കിരീടം, രാജാവിൻെറയും മറ്റും തലപ്പാവ്; 4. രാജാക്കന്മാർക്കും ക്രിസ്തീയ വൈദികർക്കും മറ്റും ഉള്ള സ്ഥാനം (തലപ്പാവോ കിരീടമോ അണിയുന്നത് സ്ഥാനാരോഹണച്ചടങ്ങുകളുടെ ഭാഗമാകയാൽ). (പ്ര) പട്ടംകെട്ടുക = പട്ടം ഏൽക്കുക; 5. രാജശാസനങ്ങളും മറ്റും രേഖപ്പെടുത്താൻ ഉപയോഗിച്ചിരുന്ന ചെമ്പുതകിട് (വീതികുറഞ്ഞ നീണ്ട തകിടുകൾ ഉപയോഗിച്ചിരുന്നതിനാൽ); 6. രാജശാസനം; 7. പ്രമാണം, രേഖ; 8. സ്ത്രീകൾ നെറ്റിയിൽ അണിയുന്ന ഒരു ആഭരണം; 9. (ആനയുടെ) നെറ്റിപ്പട്ടം; 10 അരയിൽക്കെട്ടുന്ന വീതികുറഞ്ഞ കച്ച; 11. വസ്ത്രം, പട്ടുവസ്ത്രം; 12. കാറ്റത്തു പറപ്പിക്കുന്ന ഒരു കളിക്കോപ്പ്; 13. പരന്നു ദീർഘചതുരമായ ആകൃതിയുള്ള വസ്തു; 14. ആഭരണങ്ങളുടെ പരന്ന ആകൃതിയുള്ള ഭാഗം; 15. നാൽക്കവല; 16. ദീർഘചതുരമായ ആകൃതിയുള്ള ഇരിപ്പിടം (ഒരുതരം കസേര, പീഠം മുതലായവയെ കുറിക്കുന്നു)
പട്ടം ഏൽക്കുക ക്രി. സ്ഥാനം ഏൽക്കുക
പട്ടംകെട്ടുക ക്രി. സ്ഥാനം ഏൽക്കുക, പദവി ഏറ്റെടുക്കുക (സ്ഥാനസൂചകമായ തലപ്പാവ് അണിയുന്നതിൽനിന്ന്)
പട്ടം തേക്കുക ക്രി. രത്നക്കല്ല് കടഞ്ഞെടുക്കുക
പട്ടം പറത്തുക ക്രി. 1. കടലാസും ചീളിയുംകൊണ്ടു നിർമിച്ച പട്ടം കാറ്റിനെതിരെ നൂലുകെട്ടി പിടിച്ച് ആകാശത്തുയർത്തി പറപ്പിക്കുക; 2. മനോരാജ്യത്തിൽ ഉയർന്ന പദവികൾ സങ്കൽപിച്ചു രസിക്കുക

പട്ടമഹിഷി നാ. രാജ്ഞിയെന്ന പട്ടം ലഭിച്ചിട്ടുള്ള രാജപത്നി, ദേവി (പട്ടാഭിഷേകസമയത്തു ഭർത്താവിനൊപ്പം സിംഹാസനത്തിലിരുന്ന് അഭിഷിക്തയായവൾ)

പട്ടയം1 [ഹി.പട്ടാ] നാ. ആധാരം (നിലം പുരയിടങ്ങളുടെ ഉടമസ്ഥർക്ക് ഉടമസ്ഥതയുടെ രേഖയായി സർക്കരിൽ നിന്നു കൊടുക്കുന്നത്)

പട്ടയം2 നാ. ഒരുതരം കുന്തം

പട്ടർ നാ. (പൂ.ബ്വ.വ.) പട്ടൻ, തമിഴ്ബ്രാഹ്മണൻ. (പ്ര) ഊട്ടുകേട്ട പട്ട്, പട്ടർതൊട്ട പെണ്ണ്

പട്ടരങ്ഗം നാ. രക്തചന്ദനം

പട്ടല നാ. ദേശം, സമുദായം

പട്ടവർധനം നാ. രാജാവിൻെറ ആന

പട്ടവസനം നാ. പട്ടുവസ്ത്രം, പട്ടാംബരം

പട്ടവാൾ നാ. രാജഖഡ്ഗം

പട്ടവിചാരിപ്പ് നാ. പട്ടക്കാരുടെ മേൽവിചാരം, ഭൃത്യന്മാരുടെ കാര്യങ്ങൾ നോക്കാൻ ചുമതലപ്പെട്ട ഉദ്യോഗം

പട്ടസം നാ. ഒരുതരം കുന്തം

പട്ടാ [<ഹി.പട്ടാ] നാ. = പട്ടയം

പട്ടാങ്ഗം നാ. = പട്ടാങ്ങ്

പട്ടാങ്ങ് നാ. 1. സത്യം; 2. സത്യമാണെന്നു തോന്നത്തക്കവണ്ണമുള്ള പൊളി; 3. ശാസ്ത്രം; 4. നിശ്ചയം. (പ്ര) പട്ടാങ്ങുതിരിക്കുക = പരമാർഥം കണ്ടെത്തി വെളിപ്പെടുത്തുക. പട്ടാങ്ങുചെയ്ക = വാഗ്ദാനം പാലിക്കുക. പട്ടാങ്ങായിപ്പറയുക = 1. സത്യം പറയുക; 2. വെട്ടിത്തുറന്നു പറയുക, മുഖത്തുനോക്കിപ്പറയുക

പട്ടാട നാ. പട്ടുവസ്ത്രം

പട്ടാണി [ഹി.പഠാണീ] നാ. 1. മുഹമ്മദീയരിൽ ഒരു വർഗം, അഫ്ഘാനിസ്ഥാനിൽനിന്നു കുടിയേറിപാർത്തവരുടെ പരമ്പരയിൽപ്പെട്ടവർ; 2. ഒരുതരം പയറ്, പട്ടാണിപ്പയറ്; 3. ഒരുതരം കടല, പട്ടാണിക്കടല

പട്ടാപ്പകൽ നാ. നട്ടുച്ച (പകൽ പടുന്നതിനുമുമ്പുള്ള സമയം, നല്ല വെളിച്ചമുള്ള സമയം)

പട്ടാഭിഷേകം നാ. 1. രാജാവിൻെറ കിരീടധാരണം (പദവിയേൽക്കുന്ന ചടങ്ങുകളുടെ ഭാഗമായി അഭിഷേകവും ഉള്ളതിനാൽ ഈ പ്രയോഗം); 2. ശ്രീരാമൻെറ സിംഹാസനാരോഹണം വിവരിക്കുന്ന രാമായണകഥാഭാഗം (ഈ ഭാഗം വായിക്കുന്ന സമയത്ത് അഭിഷേകച്ചടങ്ങുകളോടുകൂടിയ പൂജ പതിവുണ്ട്)

പട്ടാംബരം നാ. പട്ടുവസ്ത്രം

പട്ടാര(ക)ർ നാ. (പൂ.ബ.വ.) 1. പുരോഹിതൻ; 2. ദേവൻ

പട്ടാരം നാ. വസ്തു വിലയ്ക്കുകൊടുക്കുമ്പോൾ സർക്കാരിലേക്ക് അടയ്ക്കുന്ന പണം

പട്ടാവ് നാ. വണ്ടിച്ചക്രത്തിൻെറ പട്ട

പട്ടാസ് [ത.പട്ടാസ്] നാ. പൊട്ടാസ് (ഒരുതരം പടക്കം)

പട്ടാളക്കാരൻ നാ. ഭടൻ, പട്ടാളത്തിലുള്ള ശിപായി, ജവാൻ

പട്ടാളച്ചേവുകം നാ. സൈന്യസേവനം

പട്ടാളം നാ. 1. സൈന്യവിഭാഗം; 2. കൂട്ടം; 3. യുദ്ധത്തിനുള്ള ശിപായിമാരുടെ കൂട്ടം (500 മുതൽ 1000 വരെ കാലാൾ ചേർന്ന പട)

പട്ടാളിക്കുക ക്രി. അധികം വളം ഇടുന്നതുകൊണ്ട് നെല്ലും മറ്റും തണ്ടുകനത്തു നീണ്ടു കാഫലം കുറഞ്ഞു വളരുക, കായില്ലാതെ ഇലയോടുകൂടി മാത്രം വളരുക, ക്രമാതീതമായി തഴയ്ക്കുക

പട്ടാളശ്ശിപായി നാ. ഭടൻ, പട്ടാളക്കാരൻ

പട്ടി1 നാ. 1. ഒരു വീട്ടുമൃഗം, നായ് (തെക്കൻ കേരളത്തിൽ ആൺപട്ടി പെൺപട്ടി എന്നു ലിങ്ഗഭേദം കാണിക്കാൻ വേർതിരിച്ചു പ്രയോഗം. വടക്കൻ പ്രദേശങ്ങളിൽ 'നായ' എന്ന പദം പുല്ലിങ്ഗത്തിലും 'പട്ടി' നായ്‌വർഗത്തിൽ പെൺനിനെകുറിക്കാനും); 2. (ആല) അന്യനെ ആശ്രയിച്ചുകഴിയുന്നവൻ, പൗരുഷമില്ലാത്തവൻ, ഉപജീവനമാർഗമില്ലാത്തവൻ (ശകാരവാക്കായും പ്രയോഗം); 3. മോശപ്പെട്ടത്, തരം താണത് (ഉദാ: പട്ടിമാട്). കുരയ്ക്കും പട്ടി കടിക്കില്ല (പഴ)

പട്ടി2 നാ. 1. തൊഴുത്ത്, ആല; 2. ജോലിസ്ഥലം; 3. കൂലി; 4. ആൾപ്പാർപ്പു കുറഞ്ഞ ഗ്രാമം

പട്ടി3 നാ. 1. ചെമന്ന പാച്ചോറ്റി; 2. നെറ്റിയിലണിയുന്ന ഒരുതരം ആഭരണം, പട്ടം

പട്ടിക നാ. 1. പട്ടിയൽ (ഓടുമുതലായവ മേയുന്നതിനായി വീതിയും കനവും കുറച്ച് അറുത്ത് കഴുക്കോലിൽ തറയ്ക്കുന്ന തടിക്കഷണം); 2. ആധാരം; 3. പ്രത്യേകം തിരിച്ചിട്ടുള്ള ആളുകളുടെയോ വസ്തുക്കളുടെയോ പേരുവിവരം ക്രമമായി എഴുതിയത്, അനുക്രമണിക (ഉദാ: മരുന്നുകളുടെ പട്ടിക, വിലവിവരപ്പട്ടിക, ആദ്യകാലത്ത് ചെമ്പുതകിടിൽ എഴുതിയിരുന്നതിനാൽ); 4. വരച്ച് എഴുതിയുണ്ടാക്കിയ കണക്ക്; 5. മലങ്കവുങ്ങ്; 6. ചെമന്ന പാച്ചോറ്റി

പട്ടികജാതിക്കാർ നാ. (ബ.വ.) ചരിത്രപരമായ കാരണങ്ങളാൽ പിന്തള്ളപ്പെട്ടുപോയ ചിലജാതികളിൽപ്പെട്ടവർ. (ഈ ജാതികളെ പ്രത്യേകം പട്ടികതിരിച്ച് ഭരണഘടനയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതിനാൽ ഈ പ്രയോഗം)

പട്ടികയാണി നാ. പട്ടിയൽ തറക്കാനുള്ള നീണ്ട ആണി

പട്ടികാവായകൻ നാ. ചാലിയൻ, നെയ്ത്തുകാരൻ

പട്ടിക്കാട് നാ. 1. ഒരു സ്ഥലം (തൃശൂരിനടുത്തുള്ളത്); 2. കുഗ്രാമം. പട്ടിക്കാട്ടിലെ നായ്കടിച്ചതിനു വീട്ടിലെ നായയെ തല്ലണമോ? (പഴ)

പട്ടിക്കുതിര നാ. ഒരുതരം ചെറിയ കുതിര, ചീത്തക്കുതിര

പട്ടിണി നാ. 1. ആഹാരം കഴിക്കാതിരിക്കൽ, ഉപവാസം (പ്രാ. ഭട്ടിനി = ഉപവസിക്കുക പതിവുള്ള ജൈനസന്ന്യാസിനി); 2. കടംകൊടുത്ത പണം തിരിച്ചുകിട്ടാനും നീതിക്കും വേണ്ടി നടത്തിയിരുന്ന ഉപവാസം; 3. ദാരിദ്ര്യം; 4. ഒരു ചടങ്ങ്

പട്ടിണിക്കാരൻ നാ. ദരിദ്രൻ

പട്ടിണിനമ്പി നാ. അധർമണൻെറ വീട്ടുപടിക്കൽ നിരാഹാരവ്രതം നടത്തുന്ന ബ്രാഹ്മണൻ

പട്ടിപ്പുലി നാ. ചെറിയപുലി, വള്ളിപ്പുലി

പട്ടിപ്പൂട്ട് നാ. ഒരു ശിക്ഷ (പോലീസുകാർ കുറ്റക്കാർക്ക് നൽകാറുള്ളത്)

പട്ടിയൽ നാ. = പട്ടിക

പട്ടിൽ നാ. മുള, മുളക്കൂട്ടം

പട്ടിശം നാ. ഒരിനം കുന്തം

പട്ടീസ് [ഹി.പട്ടീ] നാ. കണങ്കാലിൽ ചുറ്റുന്നതിനുള്ള വീതികുറഞ്ഞ ഒരുതരം നാട

പട്ട് നാ. പട്ടുനൂൽ പുഴുവിൻെറ കൂടു പാകപ്പെടുത്തിയെടുക്കുന്ന നൂലുകൊണ്ടുണ്ടാക്കിയ വസ്ത്രം; 2. ചാക്കുതുണി; 3. ഇളം മണ്ണ്

പട്ടുക്കര നാ. പട്ടുനൂൽകൊണ്ട് ഇട്ട കര, പട്ടുകരയുള്ള വസ്ത്രം

പട്ടുട നാ. 1. പട്ടുടയാട; 2. പട്ടുടുക്കൽ

പട്ടുടയാട നാ. പട്ടുകൊണ്ടുള്ള ഉടുവസ്ത്രം

പട്ടുനൂൽ നാ. 1. പട്ടുവസ്ത്രം നെയ്യാൻ ഉപയോഗിക്കുന്ന നൂൽ; 2. നേർത്തതും മാർദവമുള്ളതുമായ നൂൽ

പട്ടുനൂൽക്കാരൻ നാ. 1. പട്ടുനൂലുണ്ടാക്കുന്നവൻ; 2. സൗരാഷ്ട്രക്കാരൻ

പട്ടുനൂൽപ്പുഴു നാ. ഒരിനം ശലഭത്തിൻെറ മുട്ട വിരിഞ്ഞുണ്ടാകുന്ന പുഴു (സമാധിദശയിൽ ഇതിൻെറ കൂടു പൊളിച്ചു പട്ടുനൂലുണ്ടാക്കുന്നതിനാൽ)

പട്ടുപണി നാ. പട്ടുവിത, ഉണങ്ങിയ മണ്ണിൽ വിത്തു വിതയ്ക്കൽ

പട്ടുറുമാൽ [മ.-അറ.] നാ. പട്ടുകൈലേസ്

പട്ടേരി നാ. ഭട്ടതിരി

പട്ടേൽ [മരാ.] നാ. 1. അധികാരി; 2. പാർവത്യകാർ

പട്ടോപബർഹം നാ. പട്ടുമെത്ത

പട്ടോല നാ. 1. പതിവുകണക്ക്; 2. തിരട്ട്; 3. രാജശാസനം; 4. എഴുതാനായി തയ്യാറാക്കിയ ഓല

പട്ടോലക്കാരൻ നാ. രാജശാസനങ്ങളും സർക്കാർവക കണക്കുകളും എഴുതുന്ന ജോലിക്കാരൻ

പട്ടോലപ്പഴമ നാ. കൊടകുഭാഷയിൽ എഴുതപ്പെട്ട ഒരു ഗ്രന്ഥം (കൊടകരുടെ ചരിത്രം സംസ്കാരം കലകൾ നാടോടിസാഹിത്യം ഇവയൊക്കെ ഈ കൃതിയിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. കൊടകു-കേരള ബന്ധങ്ങളെക്കുറിച്ചുള്ള ഒട്ടേറെ സൂചനകൾ ഈ കൃതിയിൽ കാണാം)

പട്ടോലമേനവൻ നാ. = പട്ടോലക്കാരൻ

പട്ടോലിക നാ. പട്ടയം

പടJി നാ. മിടുക്കി

പാഠകൻ നാ. 1. പഠിക്കുന്നവൻ; 2. വായനക്കാരൻ

പഠനം നാ. 1. വായന; 2. പ്രസ്താവം; 3. അഭ്യസനം

പഠനീയ വി. പഠിക്കത്തക്ക

പഠാണി നാ. പട്ടാണി

പഠിക്കുക ക്രി. 1. വായിക്കുക; 2. വായിച്ചോ കേട്ടോ ഹൃദിസ്ഥമാക്കുക

പഠിത വി. പഠനം ചെയ്യപ്പെട്ട

പഠിത്തം നാ. പഠിപ്പ്

പഠിപ്പിക്കുക [പഠിക്കുക>പ്ര] ക്രി. 1. വായിപ്പിക്കുക, പറയിക്കുക; 2. അഭ്യസിപ്പിക്കുക

പണ നാ. 1. വയൽ; 2. കല്ലുവെട്ടാങ്കുഴി; 3. മുരശ്

പണക്കാരൻ നാ. സ്വത്തുള്ളവൻ, ധനവാൻ
പണക്കിഴി നാ. 1. ഒന്നായി തുണിയിലോ മറ്റോ കെട്ടിവച്ചിട്ടുള്ള തുക; 2. വിദ്വത്പരീക്ഷയിൽ ജേതാവിനു നൽകുന്ന സമ്മാനത്തുക
പണക്രീത വി. വിലയ്ക്കോ വാടകയ്ക്കോ പണയമായോ വാങ്ങിയ
പണഗ്രന്ഥി നാ. കമ്പോളം, ചന്ത
പണത, -ത്വം നാ. വില, മൂല്യം
പണത്തട്ട് നാ. പണമില്ലായ്മ
പണത്തൂക്കം നാ. ഒരു (പൊൻ) പണത്തിൻെറ ഇട
പണനം നാ. 1. വിക്രയം; 2. ചരക്കിനു ചരക്കു കൈമാറൽ; 3. വ്യാപാരം
പണപരം നാ. (ജ്യോ) ലഗ്നത്തിൻെറ 2, 5, 8, 11 ഈ രാശികളിൽ ഓരോന്നും
പണപ്പലക നാ. ഒരിനം കുഴിപ്പലക
പണപ്രിയം നാ. ദ്രവ്യാഗ്രഹം
പണബന്ധം നാ. ഉടമ്പടി, കരാർ
പണം നാ. 1. ഒരു (തിരുവിതാംകൂർ) നാണയം, സാധനങ്ങൾ വിൽക്കാനും വാങ്ങാനും സമ്പത്ത് സൂക്ഷിക്കാനും ഉള്ള സൗകര്യത്തിനുവേണ്ടി ക്ലിപ്തമായ വില മുദ്രണംചെയ്തു സർക്കാർ നിർമിക്കുന്ന ലോഹശകലം; 2. വില; 3. ശമ്പളം; 4. പന്തയം; 5. പകിടകളി; 6. കരാർ; 7. കട; 8. വിൽപ്പനച്ചരക്ക്; 9. കരം; 10. ചൂതുകളിയിലും മറ്റും വയ്ക്കുന്ന കരാർ
പണമാത്രം വി. പണത്തോളം വലിപ്പമുള്ള
പണമാല നാ. ഒരുതരം മാല (പൊൻപണം കുഴവച്ചുണ്ടാക്കിയത്)
പണമിട,-വിട നാ. പണത്തൂക്കം
പണയക്കാരൻ നാ. 1. പണയം കൊടുത്തവൻ; 2. പണയം വാങ്ങിയവൻ. (പ്ര) പണയക്കൈച്ചീട്ട്. നാ. പണയച്ചീട്ട്.
1015
പണയച്ചീട്ട് നാ. വസ്തു പണയമായി എഴുതിക്കൊടുത്ത പ്രമാണം
പണയപ്പാട് നാ. 1. പണയം വച്ച വസ്തു; 2. വസ്തു പണയപ്പെടുത്തിയിരിക്കുന്ന രീതി
പണയപ്പെടുത്തുക ക്രി. 1. പണത്തിന് ഉറപ്പായി വസ്തു കൊടുക്കുക; 2. അന്യൻെറ അധീനതയിലാക്കുക
പണയം നാ. കടം വാങ്ങുന്ന മുതലിൻെറ ഉറപ്പിനായി ഉത്തമർണനു കൊടുക്കുന്ന വസ്തു, ഈടുവയ്ക്കുന്ന വസ്തു
പണയാധാരം നാ. വസ്തു ഈടുനൽകിയതിനുള്ള പ്രമാണം
പണർ നാ. വൃക്ഷത്തിൻെറ ശാഖ
പണരുക ക്രി. 1. ചേരുക; 2. പൊടികളയുക; 3. പതിരുപിടിക്കുക
പണവ [ത.പണവൈ] നാ. 1. കഴുകൻ; 2. കാവൽ മാടം; 3. പിശാച്

പണവകക്കണക്ക് നാ. 1. വരവുചെലവു കണക്ക്; 2. വരവുചെലവ് എഴുതുന്നയാൾ
പണവം നാ. ഒരു വാദ്യം
പണവി നാ. ശിവൻ
പണശം നാ. 1. പനസം, പ്ലാവ്; 2. കച്ചവടച്ചരക്ക്
പണസുന്ദരി നാ. വേശ്യ
പണസ്ത്രീ നാ. പണ്യസ്ത്രീ, വേശ്യ
പണസ്സഞ്ചി നാ. പണം സൂക്ഷിക്കാനുള്ള സഞ്ചി
പണാങ്ഗന നാ. പണസ്ത്രീ
പണായ നാ. 1. തനതു ജോലിക്കാര്യം; 2. പണയം; 3. ചന്തസ്ഥലം
പണായിത വി. 1. സ്തുതിക്കപ്പെട്ട; 2. നിർവഹിക്കപ്പെട്ട
പണായിതം നാ. 1. സ്തുതി; 2. വിലയ്ക്കു വാങ്ങിയത്
പണാർപ്പണം നാ. ഉടമ്പടി, കരാർ
പണി1 നാ. 1. ജോലി; 2. തൊഴിലിലുള്ള സാമർഥ്യം; 3. സമർഥമായി നിർമിച്ച വസ്തു; 4. വിചിത്രവും മനോഹരവുമായി വസ്തുക്കൾ നിർമിക്കൽ; 5. കൗശലം; 6. കഷ്ടപ്പാട്
പണി2 നാ. 1. കട; 2. ലുബ്ധൻ; 3. ഭക്തിശൂന്യൻ; 4. ദേവശത്രു; 5. ദുർമാർഗക്കാരൻ; 6. മൊഴി; 7. കൽപന
പണിക്കൻ നാ. കമ്മാളൻ
പണിക്കർ നാ. 1. പലജാതിയിൽപ്പെട്ടവരെയും പലതൊഴിലുകാരെയും ബഹുമാനപൂർവം കുറിക്കാൻ പ്രയോഗിക്കുന്ന പദം; 2. ആശാൻ; 3. ജ്യോതിഷക്കാരൻ
പണിക്കളരി നാ. തൊഴിൽശാല
പണിക്കാരൻ നാ. 1. തൊഴിലാളി; 2. വേലക്കാരൻ; 3. കലാകാരൻ. (സ്ത്രീ) പണിക്കാരി
പണിക്കുക ക്രി. 1. കൽപിക്കുക; 2. കൊടുക്കുക; 3. ആയുധവിദ്യ അഭ്യസിപ്പിക്കുക
പണിക്കുറ നാ. 1. പണിയിലെ കുറവ്, വേലയിൽ പൂർത്തിയാകാത്തത്; 2. പൊൻപണിയിൽ വരുന്ന തൂക്കക്കുറവ്
പണിക്കുറ്റം നാ. വേലയിൽ വരുന്ന തെറ്റ്
പണിക്കൂലി നാ. വേലക്കൂലി, നിർമാണച്ചെലവ്
പണിക്കോൽ നാ. നെയ്ത്തുകാരുടെ ഒരു ഉപകരണം
പണിക്കോപ്പ് നാ. ഓരോവേലയ്ക്കും വേണ്ട ഉപകരണം, പണിയായുധം
പണിത വി. 1. സ്തുതിക്കപ്പെട്ട; 2. പണമിടപാട് നടത്തിയ; 3. പണയം വച്ച
പണിതം നാ. 1. സ്തുതി; 2. പന്തയം
പണിതവ്യ വി. പണ്യമായ, വിൽക്കാനുള്ള, വിൽക്കത്തക്ക
പണിതാവ് നാ. കച്ചവടക്കാരൻ, വ്യാപാരി
പണിത്തരം നാ. 1. പണിചെയ്തുണ്ടാക്കിയ വസ്തു; 2. നല്ല വേല

പണിത്തല നാ. വേല ചെയ്തുവരുന്ന സ്ഥലം

പണിപ്പാട1 നാ. അരുളപ്പാട്, പറയപ്പെട്ടത്

പണിപ്പാട2 [<പണിപ്പെടുക] നാ. പണിപ്പെടൽ, കഷ്ടപ്പാട്

പണിപ്പുര നാ. വേലചെയ്യാനായി കെട്ടിയുണ്ടാക്കിയിട്ടുള്ള സ്ഥലം

പണിപ്പെടുക ക്രി. പ്രയാസപ്പെടുക, ദുഃഖിക്കുക

പണിപ്പെണ്ണ് നാ. വീട്ടുവേലക്കാരി

പണിപ്പൊന്ന് നാ. 1. ആഭരണം തീർക്കാനുള്ള പൊന്ന്; 2. ആഭരണരൂപത്തിലായ പൊന്ന്

പണിമക്കൾ നാ. (ക്ഷേത്രത്തിലെ) ജോലിക്കാർ

പണിമുടക്ക് നാ. തൊഴിൽ ശാലകളിൽ ജോലിക്കാർ പ്രതിഷേധസൂചകമായ പ്രവൃത്തിയെടുക്കാതിരിക്കൽ

പണിമൊഴി1 നാ. വിനയപൂർവമായ വാക്ക്

പണിമൊഴി2 നാ. പറയപ്പെട്ടത്, ആജ്ഞ

പണിയൻ നാ. 1. ഒരു ഗിരിവർഗം; 2. മലമ്പ്രദേശങ്ങളിലെ ഒരു ജാതി

പണിയൽ [<പണിയുക] നാ. തൊഴിൽ, തൊഴിൽ ചെയ്യൽ

പണിയാല നാ. പണിപ്പുര

പണിയിടം നാ. ജോലിസ്ഥലം

പണിയുക1 ക്രി. 1. വേലചെയ്യുക; 2. നിർമിക്കുക; 3. പ്രയോഗിക്കുക

പണിയുക2 ക്രി. 1. താഴുക; 2. വന്ദിക്കുക

പണിയോല നാ. ചെത്തുതെങ്ങിൻെറ കൂമ്പിൽ കെട്ടുന്ന ഓല

പണിവിചാരിപ്പ് നാ. വേലക്കാരുടെമേലുള്ള അധികാരം, ആ അധികാരം നടത്തുന്നവൻ

പണ്ട നാ. അറിവ്, ജ്ഞാനം

പണ്ടകം നാ. ഒരുതരം വാദ്യം

പണ്ടകശാല നാ. ചരക്കുകൾ ശേഖരിച്ചുവയ്ക്കുന്ന സ്ഥലം

പണ്ടത്തെ വി. പണ്ടേയുള്ള, മുമ്പേയുള്ള, നേരത്തേയുള്ള

പണ്ടത്തെത് നാ. പഴയത്, പണ്ടുകഴിഞ്ഞ സ്ഥിതി

പണ്ടപ്പരപ്പ് നാ. വിസ്തൃതമായുണ്ടാക്കിയത്

പണ്ടം1 നാ. 1. ഭക്ഷണവസ്തു; 2. വസ്തു; 3. വയറ്റിനകത്തുള്ള കുടലും ആമാശയവും

പണ്ടം2 നാ. 1. ആഭരണം; 2. ധനം; 3. കച്ചവടച്ചരക്ക്; 4. പണയം

പണ്ടർ1 നാ. അസുരന്മാർ

പണ്ടർ2 നാ. കീഴ്ജാതി പാട്ടുകാർ

പണ്ടാരക്കപ്പം നാ. = പണ്ടാരക്കരം

പണ്ടാരക്കരം നാ. 1. ഒരിനം കരം (കുടിയാനവന്മാർ സർക്കാരിലേക്ക് ഒടുക്കേണ്ടത്); 2. രാജകുടുംബം വക വസ്തുക്കളുടെ കരം

പണ്ടാരക്കാർ നാ. സർക്കാർ ഉദ്യോഗസ്ഥന്മാർ

പണ്ടാരക്കാര്യം നാ. സർക്കാർ കാര്യം
പണ്ടാരക്കുറ്റി നാ. പള്ളിവകയ്ക്ക് കാണിക്കയിടുവാനായി സ്ഥാപിച്ചിട്ടുള്ള കുറ്റി (കുത്തിനിറുത്തിയിട്ടുള്ളത്)
പണ്ടാരക്കോലം നാ. സന്ന്യാസിവേഷം, കപടസന്ന്യാസി
പണ്ടാരത്തിൽ നാ. പണ്ടാരത്തില്ലക്കാരായ പോറ്റിമാരുടെ പേരിനോടു ചേർക്കുന്ന സ്ഥാനപ്പേര്
പണ്ടാരത്തില്ലം നാ. പോറ്റിമാർക്കുള്ള ഒരു സ്ഥാനം
പണ്ടാരത്തെരുവ് നാ. രാജവീഥി
പണ്ടാരൻ നാ. ഒരു ജാതി, പണ്ടാരം (പപ്പടമുണ്ടാക്കുന്നവൻ), വീരശൈവൻ
പണ്ടാരപ്പടന്ന നാ. സർക്കാർ ഉപ്പളം
പണ്ടാരപ്പിള്ളർ നാ. ലഹളക്കാരെയും മറ്റും നേരിടുന്നതിന് സർക്കാർനിയോഗിച്ചിരുന്ന കൂലിപ്പട്ടാളം
പണ്ടാരപ്പൂമുഖം നാ. ആൽപോലുള്ള വൃക്ഷങ്ങളുടെ ചുറ്റും കെട്ടിയുയർത്തുന്ന തറ, ആൽത്തറ
പണ്ടാരം1 നാ. 1. ഭണ്ഡാരം, ഖജനാവ്; 2. കലവറ; 3. രാജാവിനെയോ ഭരണാധികാരിയെയോ സംബന്ധിച്ചത്
പണ്ടാരം2 നാ. 1. ഹിന്തുക്കളിൽ ഒരു ജാതി; 2. ഭിക്ഷയാചിച്ചു നടക്കുന്നവൻ; 3. ശൈവസന്ന്യാസി
പണ്ടാരവക നാ. സർക്കാർവക
പണ്ടാരവാരിയം നാ. ക്ഷേത്രഭരണസമിതി
പണ്ടാരി1 നാ. 1. ഖജാൻജി; 2. കപ്പൽകാവൽക്കാരൻ
പണ്ടാരി2 നാ. 1. (ശൂദ്രരിൽ) ഒരു താണജാതിക്കാരൻ (പാലും തൈരും വിറ്റു ഉപജീവനം നടത്തുന്നവൻ); 2. (ശൈവ)സന്ന്യാസി
പണ്ടാല നാ. 1. ഒരു സ്ഥാനപ്പേര്; 2. സാമന്തന്മാരിൽപ്പെട്ട ഒരു വർഗക്കാരൻ
പണ്ടി നാ. 1. വയറ്; 2. ആന; 3. ശരീരം
പണ്ടിക1 നാ. പണ്ടം, ചരക്ക്
പണ്ടിക2 നാ. 1. ഉത്സവം; 2. സദ്യ
പണ്ടികശാല നാ. = പണ്ടകശാല
പണ്ട്1 അവ്യ. പഴയകാലത്ത്, വളരെ മുമ്പ്
പണ്ട്2 നാ. പതിവ്, പഴമ
പണ്ടേ അവ്യ. മുമ്പിനാലേ, മുമ്പേ, മുൻകാലത്തേ
പണ്ഡ1 വി. വ്യർഥമായ, നിഷ്ഫലമായ
പണ്ഡ2 നാ. 1. ജ്ഞാനം; 2. പൂജാരി
പണ്ഡകൻ നാ. 1. ആണുംപെണ്ണും അല്ലാത്തവൻ; 2. ദുർബലൻ
പണ്ഡാവാൻ നാ. പണ്ഡിതൻ, ബുദ്ധിമാൻ
പണ്ഡിതകൻ നാ. പാണ്ഡ്യത്യമുള്ളവൻ
പണ്ഡിതൻ നാ. 1. വിദ്വാൻ; 2. വൈദ്യൻ; 3. ക്ഷുരകൻ
പണ്ഡിതം നാ. 1. സമർഥമായത്; 2. വൈദ്യം; 3. ധൂപം
പണ്ഡിതമാനി(കൻ) നാ. പണ്ഡിതമന്യൻ

പണ്ഡിതിമാവ് നാ. പാണ്ഡിത്യം
പണ്ണുക ക്രി. 1. ചെയ്യുക, പ്രവർത്തിക്കുക; 2. അലങ്കരിക്കുക; 3. ഉണ്ടാക്കുക; 4. സംഭോഗം ചെയ്യുക
പണ്യ1 വി. വിൽക്കത്തക്ക, വിൽക്കപ്പെടേണ്ട
പണ്യ2 നാ. ചെറുപുന്ന
പണ്യത്തെരുവ് നാ. അങ്ങാടിത്തെരുവ്
പണ്യദാസി നാ. ഭൃത്യ, കൂലിക്കുവേണ്ടി പണിയെടുക്കുന്നവൾ
പണ്യപതി നാ. കച്ചവടക്കാരൻ, വ്യാപാരി
പണ്യപരിണീത നാ. വിലയ്ക്കുവാങ്ങി കൂടെ താമസിപ്പിച്ചിട്ടുള്ളവൾ
പണ്യഫലത്വം നാ. കച്ചവടത്തിലെ ലാഭം
പണ്യഭൂമി നാ. വിൽക്കാനുള്ള സാധനങ്ങൾ ശേഖരിച്ചുവയ്ക്കുന്ന സ്ഥലം, പണ്ടകശാല
പണ്യം നാ. 1. വിൽക്കേണ്ടതായ സാധനം; 2. കച്ചവടം; 3. വില
പണ്യയോഷിത്ത് നാ. ശരീരം വിൽക്കുന്നവൾ, തേവിടിച്ചി
പണ്യവിലാസിനി നാ. 1. തേവിടിച്ചി; 2. നാഗുണം
പണ്യവീഥി(ക) നാ. പീടിക, അങ്ങാടിത്തെരുവ്
പണ്യശാല നാ. 1. പണ്യവീഥി; 2. പീടിക; 3. കച്ചവടച്ചരക്കു സൂക്ഷിക്കുന്ന മുറി
പണ്യാജിരം നാ. 1. പീടിക; 2. ചന്ത
പണ്യാജീവകം നാ. തെരുവ്, ചന്ത
പണ്യാജീവൻ നാ. കച്ചവടക്കാരൻ
പണ്യാധ്യക്ഷൻ നാ. വാണിജ്യവകുപ്പിൻെറ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥൻ
പത1 നാ. ദ്രാവകം ശക്തമായി ഇളക്കപ്പെടുമ്പോൾ ഉണ്ടാകുന്ന ചെറിയകുമിളകൾ, ഫേനം, നുര
പത2 വി. പാലിക്കപ്പെട്ട
പത3 [പതയുക] ധാതുരൂപം
പതക വി. പതിക്കുന്ന, വീഴുന്ന
പതകൻ നാ. പാപി, അധഃപതിച്ചവൻ
പതകം നാ. 1. നിന്ദ; 2. വിവാദം; 3. ഗണിത സംബന്ധമായ ഒരു പട്ടിക; 4. പാതകം
പതകരി നാ. ഒരുത്വഗ്രോഗം, ശരീരത്തിൽ അവിടവിടെ നിറഭേദം ഉണ്ടാകുന്നത്
പതകിക്കുക ക്രി. 1. നിന്ദിക്കുക; 2. തർക്കിക്കുക
പതക്കം [മറാ.] നാ. കല്ലുവച്ച ഒരുതരം ആഭരണം, മെഡൽ
പതക്ക് നാ. 1. അരക്കൂട്; 2. ഒരു ധാന്യ അളവ് (രണ്ടു കിറുണികൂടിയത്)
പതഗപതി നാ. ഗരുഡൻ
പതഗം നാ. 1. പക്ഷി; 2. പാറ്റ

പതങ്ഗന്‍ നാ. 1. സൂര്യന്‍; 2. ശ്രീകൃഷ്ണന്‍; 3. പിശാച്; 4. ആണ്‍പക്ഷി

പതങ്ഗം നാ. 1. പക്ഷി; 2. ഈച്ച, ഈയാമ്പാറ്റ; 3. രസം; 4. സൂര്യന്‍; 5. പന്ത്; 6. തീപ്പൊരി; 7. പട്ടം; 8. അമ്പ്; 9. വെട്ടുക്കിളി; 10. വിട്ടില്‍; 11. ഒരിനം ചന്ദനം; 12. എരിക്ക്; 13. നീരിരിപ്പ; 14. പത്തങ്ങം

പതങ്ഗമം നാ. 1. പക്ഷി; 2. ഈച്ച

പതങ്ഗവൃത്തി നാ. 1. ആപത്തില്‍ചാടുന്ന ഈയലിന്‍െറ സ്വഭാവം; 2. ആലോചിക്കാതെ ആപത്തിലകപ്പെടുന്ന സ്വഭാവം

പതങ്ഗി നാ. 1. പക്ഷി; 2. മറിക്കുന്നി

പതങ്ഗിക നാ. 1. ഒരിനം തേനീച്ച; 2. ചെറിയപക്ഷി

പതങ്ഗിനി നാ. പെണ്‍പക്ഷി

പതച്ചില്‍ [<പതയുക] നാമരൂപം

പതഞ്ചിക നാ. ഞാണ്‍

പതജ്ഞലി നാ. ഒരു മഹര്‍ഷി, വ്യാകരണമഹാഭാഷ്യത്തിന്‍െറയും യോഗസൂത്രങ്ങളുടെയും കര്‍ത്താവ്

പതടി നാ. 1. പതിര്‍; 2. ഉമ്മി; 3. ഒരുജാതി വില്ല്

പതത്ഗ്രഹം നാ. 1. കോളാമ്പി; 2. ഭിക്ഷാപാത്രം; 3. ശേഖരിച്ചു നിര്‍ത്തിയ സൈന്യം

പതത്ത് വി. 1. പറക്കുന്ന; 2. വീഴുന്ന. നാ. 1. പതിക്കുന്നത്; 2. പറക്കുന്നത്

പതത്പ്രകര്‍ഷം നാ. (കാവ്യ) വാക്യദോഷങ്ങളില്‍ ഒന്ന്

പതത്രം നാ. 'പറക്കുന്നതിനിടെ വീണുപോകാതെ രക്ഷിക്കുന്നത്', 1. ചിറക്, തൂവല്‍; 2. വാഹനം

പതത്രവാന്‍ നാ. പതത്രത്തോടുകൂടിയത്, പക്ഷി

പതത്രി1 വി. പതത്രമുള്ള, ചിറകുള്ള.

1017

പതത്രി2 നാ. 'പതിക്കുന്നത്, പറക്കുന്നത്, ചിറകുള്ളത്', 1. പക്ഷി; 2. ശരീരം; 3. കുതിര; 4. ഉലത്തുരുത്തി

പതത്രികേതനന്‍ നാ. വിഷ്ണു (ഗരുഡന്‍ കൊടിയടയാളമാകയാല്‍)

പതത്രിരാജന്‍ നാ. ഗരുഡന്‍

പതത്രിവാഹനന്‍ നാ. 'പക്ഷിയെ വാഹനമാക്കിയവന്‍' വിഷ്ണു

പതദ്ഭീരു നാ. 1. പുള്ള്; 2. കഴുകന്‍ (മറ്റുപക്ഷികള്‍ക്കു ഭയമുണ്ടാക്കുന്നത്)

പതന വി. പതിക്കുന്ന, വീഴുന്ന

പതനം നാ. 1. പറക്കല്‍, താഴോട്ടുവരല്‍; 2. മരണം; 3. ഗര്‍ഭസ്രാവം; 4. മാന്യതയുപേക്ഷിക്കല്‍; 5. ഊരക്കം; 6. അധഃപതനം, (മുല) വീണുപോകല്‍; 7. അസ്തമയം; 8. നരകത്തില്‍ വീഴല്‍; 9. നശിക്കല്‍

പതനസ്ഥലം നാ. 1. വീഴുന്ന സ്ഥലം; 2. നദി (സമുദ്രത്തില്‍) ചെന്നുചേരുന്ന സ്ഥലം

പതനി നാ. അക്കാനി തിളപ്പിച്ചു കുറുക്കിയുണ്ടാക്കുന്ന മധുരപദാർഥം
പതനീയ വി. പതി(പ്പി)ക്കത്തക്ക
പതനീയം നാ. 1. പതിപ്പിക്കുന്നത്, പതിപ്പിക്കത്തക്കത്; 2. മഹാപാപം (നരകത്തിൽ പതിപ്പിക്കുന്നത്)
പതനോന്മുഖ വി. പതിക്കാറായ
പതപത അവ്യ. 1. പതുക്കെ; 2. നുര വരുമാറ്; 3. തിളച്ച്
പതപാകം നാ. നല്ലനില (അടക്കവും ഒറ്റുക്കവുമുള്ള നില)
പതപ്പാട് നാ. 1. പാകം; 2. മൃദുത്വം; 3. ക്ഷീണം (പ്ര) ഊപ്പാടും പതപ്പാടും
പതപ്പിക്കുക [പതയുക>പ്ര] ക്രി. 1. തിളപ്പിക്കുക; 2. പതവരുമാറാക്കുക
പതപ്പ് നാ. 1. പതയ്ക്കൽ; 2. തുടിപ്പ്
പതം1 നാ. മയം, ജലമയം
പതം2 നാ. 1. കൊയ്ത്തുകാരുടെ ഓഹരി, കൂലി; 2. സാവധാനം; 3. താഴ്മ; 4. ക്രമം; 5. പാകം
പതമ നാ. മൃദുത്വം, പതുമ
പതയം നാ. 1. പക്ഷി; 2. വിട്ടിൽ, ശലഭം; 3. ചന്ദ്രൻ
പതയൽ [പതയുക] നാമരൂപം
പതയാലു വി. പതനശീലമുള്ള, വീഴുന്ന
പതയ്ക്കുക1 ക്രി. 1. തുടിക്കുക; 2. നീന്തുക; 3. വേദനപ്പെടുക; 4. നടുങ്ങുക
പതയ്ക്കുക2 [പതയുക>പ്ര] ക്രി. 1. നുര (പത) വരുത്തുക; 2. കലക്കുക; 3. ഇളക്കുക
പതയുക ക്രി. 1. ദ്രാവകം പതയുള്ളതായിത്തീരുക, നുരവരുക; 2. കുമിളയ്ക്കുക
പതപ്പ് [പതയ്ക്കുക] നാ. പതവരുത്തൽ
പതർ നാ. 1. പതിർ; 2. കുറ്റം; 3. പതർച്ച
പതർച്ച നാ. 1. പതറിച്ച, ബദ്ധപ്പാട്, ചാഞ്ചല്യം (എന്തുചെയ്യണമെന്നറിയാതെ വിഷമിക്കൽ); 2. ചേർച്ചകേട്; 3. ചിതറൽ, പറപ്പിക്കൽ
പതർമ നാ. 1. പതറുന്ന സ്ഥിതി, (ബദ്ധപ്പാട്); 2. പതിരിൻെറ സ്ഥിതി; 3. കതിർമ
പതരുക ക്രി. 1. കൊള്ളരുതാതാകുക; 2. പൊട്ടുക
പതലം [ത] നാ. 1. ശ്രദ്ധ; 2. രക്ഷ
പതവാരം നാ. 'പത്തിലൊന്ന്', 1. വസ്തുക്കൾ കൈമാറ്റംചെയ്യുമ്പോൾ കൊടുക്കപ്പെടുന്ന രാജഭോഗം; 2. വിളവിൻെറ പത്തിലൊന്ന് നികുതിയായി കൊടുക്കേണ്ടത്; 3. സ്ത്രീധനത്തുകയിൽനിന്നു പള്ളിക്കുകൊടുക്കേണ്ട വിഹിതം, ദശാംശം
പതവിക്കുക [പ.മ.] ക്രി. മത്സരിക്കുക
പതവിയ [പ.മ.] വി. (ഭൂ.പേരെച്ചം) 1. പതം വന്ന; 2. ശന്തമായ; 3. മാധുര്യമുള്ള
പതവുക ക്രി. പതമാവുക

പതസൻ നാ. 1. ചന്ദ്രൻ; 2. പക്ഷി; 3. ശലഭം
പതറൽ നാ. = പതർച്ച
പതറിക്കുക ക്രി. പതറുന്നതിനു കാരണമാകുക
പതറുക ക്രി. 1. ഭയപ്പെടുക, പരിഭ്രമിക്കുക, മനസ്സു കുഴങ്ങുക; 2. ചിതറുക, പരക്കുക, പലയിടത്തായി വീഴുക, ചിന്നുക; 3. ഇടറുക, നേരെയുള്ള ഗതി മുടങ്ങുക, വേയ്ക്കുക
പതാക നാ. 1. കൊടിക്കൂറ; 2. സൗഭാഗ്യം; 3. അടയാളം; 4. പ്രധാനകഥയുടെ അവസാനം വരെ നീണ്ടുനിൽക്കുന്ന ഉപകഥ; 5. പതാകാസ്ഥാനകം; 6. (നാട്യ) ഒരു മുദ്രക്കൈ, അഞ്ചുവിരലുകളും നിവർത്തി ചേർത്തുപിടിച്ചു കൈകൊണ്ടുള്ള ഒരു ആങ്ഗ്യം
പതാകാംശുകം നാ. കൊടിക്കൂറ
പതാകാവ്യൂഹം നാ. സേനകളെ യുദ്ധത്തിനു അണിനിരത്തുന്ന രീതികളിൽ ഒന്ന്
പതാകാസ്ഥാന(ക)ം നാ. (നാട്യ) ഒരു അർഥം ചിന്തിതമായിരിക്കവേ അതേലക്ഷണത്തോടുകൂടിയ മറ്റൊരർഥത്തിൻെറ പ്രയോഗം
പതാകി നാ. കൊടിക്കൂറയുള്ളവൻ
പതാകിക വി. പതാകയുള്ള. നാ. കൊടിക്കൂറ
പതാകിനി നാ. 'കൊടിയടയാളമുള്ളവൾ', സൈന്യം
പതാപത വി. 1. വീഴാനായി ചരിയുന്ന; 2. കൂടെക്കൂടെ വീണുപോകുന്ന
പതാരം നാ. പതവാരം
പതി1 നാ. 1. ഭർത്താവ്; 2. പ്രഭു; 3. ഉടമസ്ഥൻ, യജമാനൻ
പതി2 നാ. പതുങ്ങിയിരിപ്പ്, ഒളി. (പ്ര) പതിയിരിക്കുക = ചാടിവീഴാൻ തക്കവണ്ണം ഒളിച്ചിരിക്കുക. പതിവയ്ക്കുക = ചില സസ്യങ്ങളെ മുളപ്പിക്കുവാൻ (നിൽക്കുന്ന) ചെടിയുടെ തണ്ടുതന്നെ മണ്ണിൽ പതിച്ചുവയ്ക്കുക
പതി3 നാ. 1. മലകളിൽ പാർക്കാനുള്ള സ്ഥലം; 2. കുടിയിരിപ്പ്, ഗൃഹം; 3. നാട്, ഭൂമി; 4. നഗരം
പതി4 [പതിയുക] ധാതുരൂപം
പതികം നാ. 1. ഞാറ്; 2. തണ്ടു നട്ടുമുളപ്പിക്കുന്ന ചെടി
പതിക്കുക [പതിയുക>പ്ര] ക്രി. 1. വീഴുക; 2. കണക്കിൽ എഴുതുക, ചാർത്തുക; 3. അച്ചുകുത്തുക, മുദ്രപതിക്കുക; 4. ഉറപ്പിക്കുക; 5. നാട്ടുക; 6. വസ്തുവിനെ ഒരാളുടെപേർക്കു നിയമപ്രകാരം കൈമാറ്റംചെയ്തു കൊടുക്കുക. (പ്ര) കല്ലുപതിക്കുക, മുദ്രപതിക്കുക, നമ്പർ പതിക്കുക = കേസുകൊടുക്കുക, പ്രത്യേകിച്ചു സിവിൾ വ്യവഹാരത്തിൽ. പതിച്ചുകൊടുക്കുക = രജിസ്റ്റർചെയ്തുകൊടുക്കുക
പതിഘാതിനി,-ഘ്നി നാ. ഭർത്താവിനെ വഞ്ചിക്കുന്നവൾ (കൊല്ലുന്നവൾ)
പതിച്ചി നാ. പിള്ളയെടുക്കുന്നവൾ, വയറ്റാട്ടി
പതിഞ്ഞ [പതിയുക] വി. 1. സാവധാനആയ; 2. താഴ്മയുള്ള; 3. ഒട്ടിച്ചേർന്ന
പതിഞ്ഞാട്ടം നാ. 1. (കഥകളിയിൽ) ശരീരം താഴ്ത്തി പതിഞ്ഞു നിന്നാടൽ; 2. അയഞ്ഞതാളത്തിലുള്ള ആട്ടം

പതിത വി. 1. പതിച്ച, വീണ; 2. വീഴ്ത്തപ്പെട്ട; 3. തോൽപ്പിക്കപ്പെട്ട; 4. ഭ്രഷ്ടായ, അധഃപതിച്ച. (പ്ര) പതിതപാവന = അധഃപതിച്ചവരെ ഉദ്ധരിക്കുന്ന

പതിതത്വം നാ. 1. വീഴ്ച, അധഃപതനം; 2. പാതിത്യം, ഭ്രഷ്ട്

പതിതൻ നാ. 1. വർണാശ്രമ ധർമങ്ങൾ തെറ്റിച്ചവൻ, ധർമവിരോധി; 2. അധഃപതിച്ചവൻ

പതിതം നാ. 1. പതിപ്പിക്കപ്പെട്ടത്, വീഴ്ത്തപ്പെട്ടത്; 2. പറക്കൽ

പതിതസാവിത്രികൻ നാ. 1. ഉപനയനകർമം കഴിക്കപ്പെടാത്തവൻ; 2. ഉപനയനം വിധിക്കു വിരുദ്ധമായി നടത്തിയവൻ

പതിതോത്പന്ന വി. പതിതനിൽ (ഭ്രഷ്ടുള്ളവനിൽനിന്നു ജനിച്ച

പതിത്തം നാ. ഭ്രഷ്ട്

പതിത്വം നാ. പതിയുടെ അവസ്ഥ (ഭർത്തൃത്വം, രക്ഷാധികാരം)

പതിദേവ നാ. പതിയെ ദേവനായികരുതുന്നവൾ, പതിവ്രത

പതിദേവത നാ. പതിവ്രത (ഭർത്താവിനെ ദൈവത്തെപ്പോലെ വിചാരിക്കുന്നവൾ)

പതിൻ നാ. പത്ത് (സമസ്തപദാരംഭത്തിൽ പ്രയോഗം) ഉദാഃ പതിനെട്ട്

പതിനഞ്ച് നാ. ഒരു സങ്ഖ്യ (പത്തും അഞ്ചും കൂടിയത്)

പതിനാങ്ക് നാ. പതിനാല്

പതിനായിരം നാ. ഒരു സങ്ഖ്യ (പത്തുതവണ ആയിരം കൂടിയത്)

പതിനാറ് നാ. 1. പത്തും ആറും കൂടിയ സങ്ഖ്യ; 2. ഒരാൾ മരിച്ചാൽ പതിനാറാമ്മ് ദിവസം നടത്തുന്ന കർമം. (പ്ര) പതിനാറടിയന്തിരം = മരിച്ച് പതിനാറാം ദിവസം നടത്തുന്ന അടിയന്തിരം

പതിനെട്ടടവുകൾ നാ. കളരിയിൽ പരിശീലിപ്പിക്കുന്ന അങ്കമുറകൾ (ഓതിരം, കടക, ചടൂലം, മണ്ഡലം, വൃത്തചക്രം, സുകങ്കാളം, വിജയം, വിശ്വമോഹനം, തിര്യങ്മണ്ഡലം, ഗദയാഘേടഗഹ്വരം, ശത്രുഞ്ജയം, സൗഭദ്രം, പടലം, പുരാജയം, കായവൃദ്ധി, ശിലാഖണ്ഡം, ഗദാശാസ്ത്രം, അനുത്തമം എന്ന് പതിനെട്ട് അടവുകൾ). (പ്ര) പതിനെട്ടടവും പമ്പരം പാച്ചിലും = എല്ലാവിദ്യകളും ഒടുവിൽ തോറ്റോടലും

പതിനെട്ടരക്കവികൾ നാ. കോഴിക്കോട്ടു മാനവിക്രമൻ ശക്തന്തമ്പുരാൻെറ സദസ്സിലെ കവികൾ. (അച്ഛനും അപ്ഫന്മാരും മഹനുമുൾപ്പെടെ പയ്യൂർപ്പട്ടേരിമാർ ഒമ്പതുപേർ, തിരുവേഗപ്പുറ നമ്പൂതിരിമാർ അഞ്ചുപേർ, കാക്കശ്ശേരിപ്പട്ടേരി, ഉദ്ദണ്ഡശാസ്ത്രികൾ, അരക്കവിയായ പുനം നമ്പൂതിരി എന്നിങ്ങനെ പതിനെട്ടര. മലയാളകവി ആയിരുന്നതിനാൽ പുനത്തിനെ അരക്കവിയായിട്ടാണ് ഗണിച്ചിരുന്നത് എന്നു പറയപ്പെടുന്നു)

പതിനെട്ടാംപടി നാ. ശബരിമലക്ഷേത്രത്തിനു മുൻവശത്തുള്ള പടികളിൽ പതിനെട്ടാമത്തേത്

പതിനെട്ട് നാ. ഒരു സങ്ഖ്യ (പത്തും എട്ടും കൂടിയത്)

പതിനെട്ടുമണിയൻ നാ. ഒരിനം പയർ (ഒരുകായിൽ പതിനെട്ടു വിത്തുകൾ ഉള്ളത്)

പതിനെട്ടുവാദ്യങ്ങൾ നാ. ചെണ്ട മൃദങ്ഗം മിഴാവ് മദ്ദളം പെരുമ്പറ ഇടയ്ക്ക കുഴൽ കടുന്തുടി ഇലത്താളം കുഴിത്താളം ഉടുക്ക് തമ്പേറ് വീക്കൻചെണ്ട തിമില ചിങ്കിടിക്കുഴൽ ചല്ലരി അങ്ക്യം ഉയരെവച്ചുകൊട്ടുന്നവാദ്യം എന്നിവ പതിനെട്ടും. പതിനെട്ടുവാദ്യവും ചെണ്ടയ്ക്കുകീഴെ (പഴ)
പതിനെണ്ണായിരം നാ. ഒരു സങ്ഖ്യ (പതിനെട്ട് ആയിരം കൂടുന്നത്)
പതിനെണ്മർ നാ. പതിനെട്ടുപേർ
പതിനേഴ് നാ. ഒരു സങ്ഖ്യ (പത്തും ഏഴും കൂടിയത്)
പതിനൊന്ന് നാ. ഒരുസങ്ഖ്യ (പത്തും ഒന്നും കൂടിയത്). (പ്ര) പതിനൊന്നാമിടത്തു വ്യാഴം = ഭാഗ്യകാലം
പതിന്നാങ്ക് നാ. പതിന്നാല്
പതിന്നാല് നാ. ഒരുസങ്ഖ്യ (പത്തും നാലും കൂടിയത്). (പ്ര) പതിന്നാലു ലോകങ്ങൾ = ചതുർദശലോകങ്ങൾ. പതിന്നാലു സാക്ഷികൾ = ചതുർദശലോക സാക്ഷികൾ
പതിന്നാഴി നാ. പത്തുനാഴി കൂടിയ അളവ്, അഗ്രശാലപ്പറ. (പ്ര) പതിന്നാഴിക്കാൽ = പത്തുനാഴികൊള്ളുന്ന അളവുപാത്രം
പതിപാതിനി നാ. ഭർത്താവിനെകൊല്ലുന്നവൾ
പതിപ്പതവാരം നാ. പതിക്കു (ഗ്രാമനായകന്) ഉള്ള പതവാരം. താരത. കോപ്പതവാരം = രാജാവിനുകൊടുക്കേണ്ട വിഹിതം
പതിപ്പിക്കുക ക്രി. പതിക്കുന്നതിനിടയാക്കുക
പതിപ്പ് നാ. 1. പതിക്കൽ, വീഴ്ച; 2. മുദ്രയോമറ്റോകൊണ്ട് അടയാളമുണ്ടാക്കൽ; 3. അച്ചടി; 4. പ്രമാനവും മറ്റും രജിസ്റ്റർചെയ്യൽ (നിയമപരമായി രേഖപ്പെടുത്തുമ്പോൾ രജിസ്റ്ററിൽ എഴുതുകയും ഓഫീസ് മുദ്ര പതിപ്പിക്കുകയും ചെയ്യുന്നതിനാൽ), കോടതിയിലും അതുപോലുള്ള സ്ഥാപനങ്ങളിലും പരാതി നിവേദനം തുടങ്ങിയവ നിയമമനുസരിച്ചു സമർപ്പിച്ചു രേഖയുണ്ടാക്കുക
പതിപ്രാണ നാ. പതിവ്രത
പതിംവര നാ. 1. സ്വേച്ഛയാ ഭർത്താവിനെ വരിപ്പാൻ തുടങ്ങുന്നവൾ; 2. കരിഞ്ചീരകം
പതിമ [<ത.പതിമൈ] നാ. കുടിപ്പതിസ്ഥാനം
പതിമരം നാ. 1. വാതിലിൻെറ മുകളിലത്തെ കട്ടിളപ്പടി; 2. പല്ലിത്തടി
പതിമൂകം നാ. ഒരു വലിയ വൃക്ഷം (തടിക്കു സുഗന്ധമുണ്ട്, കായില്ല)
പതിമൂക്കൻ നാ. പതിഞ്ഞ മൂക്കുള്ളവൻ
പതിൻപറ നാ. പത്തുപറ
പതിമ്മൂന്ന് നാ. ഒരു സങ്ഖ്യ (പത്തും മൂന്നും കൂടിയത്)
പതിയൻ നാ. 1. സാവധനക്കാരൻ; 2. ഒരുതരം ശർക്കര; 3. നിന്ദ്യൻ; 4. പരവൻ (പതിയാൻ എന്നും)
പതിയം നാ. 1. ഞാറ്; 2. ഊന്നി നടുന്ന ചെടി
പതിയാൻ നാ. 1. പരവൻ; 2. എണ്ണയാട്ട് കുലത്തൊഴിലായുള്ള ഒരുജാതി; 3. ദേവീക്ഷേത്രത്തിലെ പൂജാരി; 4. അലക്കുകാരൻ

പതിയിരിക്കുക ക്രി. പതുങ്ങിയിരിക്കുക, ഒളിച്ചിരിക്കുക (തറയോടു ചേർന്ന് ആക്രമിക്കാൻ തയ്യാറായി കാട്ടുമൃഗങ്ങളും മറ്റും ഇരിക്കുന്നതിൽനിന്ന്)
പതിയുക ക്രി. 1. ചേരുക, ചേർന്ന് അമരുക, എല്ലാഭാഗം കൊണ്ടും ചേരുക; 2. ചേർന്ന് അമർന്ന് അടയാളം ഉണ്ടാകുക (കാലടി മണ്ണിൽ എന്നപോലെ); 3. കണക്കിലും രേഖകളിലും ചേർക്കപ്പെടുക; 4. വസ്തുവിൻെറ ഉടമാവകാശം നിയമം അനുശാസിക്കുന്ന രീതിയിൽ രേഖപ്പെടുത്തുക; 5. കുഴിഞ്ഞിരിക്കുക, നിരപ്പിൽനിന്നു താഴുക; 6. ഉറയ്ക്കുക, ഉറച്ചിരിക്കുക
പതിർ1 വി. 1. കൊള്ളരുതാത്ത; 2. സാരമില്ലാത്ത
പതിർ2 നാ. അകത്ത് അരിയില്ലാത്ത നെല്ല്. പഴഞ്ചൊല്ലിൽ പതിരില്ല (പഴ)
പതിരിക്കുക ക്രി. പതിരായിപ്പോകുക
പതിവട്ടം നാ. 1. പതിഞ്ഞ രീതി; 2. അലസത
പതിവതി നാ. ഭർത്താവുള്ളവൾ
പതിവിട്ടം നാ. (ശില്പ) തെണ്ടിക വയ്ക്കുന്ന കുറ്റിക്കാലുകളെ ബന്ധിപ്പിക്കുന്ന ഉത്തരം.
1019
പതിവ് നാ. 1. കീഴ്‌വഴക്കം; 2. സാധാരണസ്ഥിതി; 3. ഏർപ്പാട്, ചട്ടം; 4. വസ്തുവിൻെറ മേലുള്ള അവകാശം നിയമപ്രകാരം അനുശാസിക്കുന്ന രേഖകളിൽ ചേർക്കൽ; 5. അങ്ഗീകരിക്കപ്പെട്ട ചെലവ്; 6. ക്ഷേത്രങ്ങള്ളിലും മറ്റും എല്ലാദിവസവും വേണ്ടകാര്യങ്ങളുടെ കണക്ക്; 7. നിരപ്പിൽനിന്നും താണസ്ഥിതി, കുഴിവ്, ചളുങ്ങൽ
പതിവുകാരൻ നാ. 1. സാധാരണയായി വരാറുള്ളവൻ; 2. ആവശ്യപ്പെടുമ്പോഴൊക്കെ വേലചെയ്യുന്നവൻ; 3. വസ്തുക്കൾ പേരിൽ പതിച്ചുകിട്ടിയവൻ; 4. പറ്റുവരവുകാരൻ; 5. ജാരൻ
പതിവ്രത നാ. പതിദേവത, സതി (ഭർത്ത്ശുശ്രൂഷയാകുന്ന വ്രതത്തോടുകൂടിയവൾ)
പതിവ്രതാത്വം നാ. പാതിവ്രത്യം
പതിസേവ നാ. പതിവ്രതാത്വം, ഭർത്തൃസേവ
പതിറ്റടി നാ. 1. പത്തടിനീളം; 2. പത്തുചുവട്; 3. ഉച്ചതിരിഞ്ഞ് നിഴൽ പത്തടി നീളമാകുന്ന സമയം
പതിറ്റ് വി. പത്തു എന്നതിനു സമാസത്തിൽ ആദ്യഘടകമായിവരുമ്പോൾ ഉള്ള ഒരു രൂപഭേദം, പതിൻ
പതിറ്റുപ്പത്ത് നാ. 1. ഒരു സങ്ഖ്യ, നൂറ് (പത്തുവട്ടം പത്തുകൂടിയത്); 2. ഒരു പ്രാചീന തമിഴ്ഗ്രന്ഥം (പത്തു ചേരരാജാക്കന്മാരെപ്പറ്റി പത്തുവീതം പാട്ടുകൾ അടങ്ങിയത്)
പതു നാ. പത്ത് എന്നതിൻെറ ഒരു വികൽപരൂപം, സമാസത്തിൽ പ്രയോഗം. (പ്ര) പതുപ്പത്ത്, ഇരുപത്, മുപ്പത്
പതുക്കം [പതുങ്ങുക] നാ. 1. അമർച്ച; 2. ഒളിപ്പ്, മറയ്ക്കൽ; 3. ഞെരിപ്പ്; 4. പിതുങ്ങൽ, മർദവം; 5. വണക്കം
പതുക്കവെ അവ്യ. പതുക്കെ
പതുക്കുക1 ക്രി. ഒളിച്ചുവയ്ക്കുക, മറയ്ക്കുക

പതുക്കുക2 ക്രി. 1. പതമാക്കുക; 2. ശമിപ്പിക്കുക; 3. മെല്ലെയാക്കുക
പതുക്കെ അവ്യ. 1. പതുക്കവെ (സാവധാനമായി, മന്ദമാറ്റി); 2. ശബ്ദമില്ലാതെ, അനക്കമില്ലാതെ, നേരിയശബ്ദത്തോടുകൂടി; 3. ഒളിവായി; 4. പതിഞ്ഞ്
പതുങ് [പതുങ്ങുക] ധാതുരൂപം
പതുങ്ങൽ നാ. 1. ഒളിവ്, ചുമരിനോടോ തറയോടോ പറ്റിച്ചേർന്ന മട്ടിലുള്ള സ്ഥിതി; 2. ജാള്യം മറയ്ക്കാനോ അതിവിനയംകൊണ്ടോ ഉള്ള സങ്കോചം, ഒതുങ്ങിക്കൂടൽ
പതുങ്ങി1 നാ. 1. പതുങ്ങുന്നവൻ; 2. നാണംകുണുങ്ങി
പതുങ്ങി2 [പതുങ്ങുക] ക്രി. ഭൂ.രൂപം
പതുങ്ങുക ക്രി. 1. സങ്കോചിക്കുക; 2. ഒളിക്കുക, മറയുക; 3. അമരുക; 4. ഞെരിയുക, ചളുങ്ങുക; 5. പതിയുക; 6. വണങ്ങുക
പതുത്ത വി. മൃദുവായ, പശിമയുള്ള
പതുപതുപ്പ് നാ. മാർദവം ഉണ്ടാകുക, വിരലോമറ്റോകൊണ്ടു ഞെക്കിയാൽ വഴങ്ങത്തക്കവണ്ണമാകുക
പതുപതെ അവ്യ. മൃദുവായി, ഞെങ്ങത്തക്കവണ്ണം, കടുപ്പമില്ലാതെ
പതുപ്പത്ത് നാ. പത്തുവീതം
പതുപ്പം നാ. മൃദുത്വം, സനിഗ്ധത, കടുപ്പമില്ലായ്മ
പതുപ്പിക്കുക [പതുങ്ങുക>പ്ര] ക്രി. 1. മൃദുവാക്കുക, കടുപ്പം ഇല്ലാതാക്കുക; 2. ശാന്തമാക്കുക, വഴങ്ങാൻ പ്രേരിപ്പിക്കുക
പതുപ്പ് നാ. 1. മാർദവം; 2. വിനയം, ശാന്തത, വഴങ്ങൽ
പതുമ നാ. 1. പശിമ, മാർദവം, കടുപ്പമില്ലായ്മ; 2. വിനയം, ശാന്തത, ഒതുക്കം
പതേര വി. 1. പതിക്കുന്ന; 2. പറക്കുന്ന; 3. പോകുന്ന; 4. നീങ്ങുന്ന
പതേരം നാ. 1. പക്ഷി; 2. കുഴി; 3. ഒരുതരം അളവ്
പത്തഞ്ഞൂറ് വി. ഒട്ടുവളരെ, വളരെയധികം
പത്തനപ്പടി നാ. വീട്ടുവാതിൽ
പത്തനം നാ. 1. പട്ടണം, തലസ്ഥാനം, രാജധാനിയുള്ള നഗരം; 2. കൊട്ടാരം; 3. വീട്; 4. മൃദങ്ഗം
പത്തനാടി നാ. 1. അക്കിത്തിരിയുടെ പതി; 2. ഗൃഹിണി, ഭാര്യ
പത്തമ്പത് അവ്യ. 1. അമ്പതോളം; 2. കുറെ
പത്തരമാറ്റ് നാ. നല്ല സ്വർണം (വളരെ കുറച്ചുമാത്രം കല്ലർപ്പുള്ള സ്വർണം, ഒരു പവനിൽ പത്തരപ്പണമിട സ്വർണം ഉള്ളത്)
പത്തൽ1 നാ. 1. വേലിക്കമ്പ്, ബലമുള്ള കമ്പ്; 2. വെള്ളം ഒഴുകിപ്പോകാനായി തകിടുകൊണ്ട് നിർമിക്കുന്ന ഓവ്
പത്തൽ2 നാ. 1. ഒരുതരം ആഭരണം (മുസ്ലിം സ്ത്രീകൾ അണിയുന്നത്); 2. ഒരു പലഹാരം, പത്തിരി
പത്താക്ക് നാ. ഒരു റോമന്ന് നാണയം. (പ്ര) പൊൻപത്താക്ക്, അഞ്ചുപത്താക്ക് (മുസ്ലിം സ്ത്രീകളുടെ ഒരു കണ്ഠാഭരണം)

പത്താം വി. പത്താമത്തെ (ഒമ്പതുകഴിഞ്ഞുള്ള). (പ്ര) പത്താം നമ്പർ
പത്താംതരം വി. (വളരെ മോശമായത്) പത്താം വകുപ്പ്
പത്താമുദയം നാ. മേടമാസം പത്താംതീയതി (സൂര്യൻ ഉച്ചം പ്രാപിക്കുന്ന ദിവസം)
പത്തായക്കാരൻ നാ. നെല്ലുവേണ്ടുവോളം നേടിവച്ചിട്ടുള്ളവൻ. കടം വാങ്ങിയാൽ പത്തായക്കാരനോടു വാങ്ങണം. (പഴ)
പത്തായക്കെട്ട് നാ. പത്തായപ്പുര
പത്തായപ്പുര നാ. 1. നാലുകെട്ടിൽ ഒരു ഭാഗം, നെല്ലറയായി ഉപയോഗിക്കുന്നത്. (പത്തായങ്ങൾ വയ്ക്കുന്ന പുര); 2. നെൽപ്പുര; 2. ഇരുനിലപ്പുര.
പത്തായം നാ. 1. (മരംകൊണ്ടു നിർമിച്ച) ഒരിനം വലിയപെട്ടി; 2. വലിയ പെട്ടി; 3. ഒരുതരം സൂത്രപ്പെട്ടി (എലി, പെരുച്ചാഴി മുതലായവയെ പിടിക്കാനുള്ളത്) ഉദാ: എലിപ്പത്താഴം (പത്തായം പെറും ചക്കികുത്തും അമ്മവയ്ക്കും ഞാനുണ്ണും - പ്രഭു കുടുംബങ്ങളിലെ അനന്തരവന്മാരുടെ ഭാവം)
പത്തായിരം വി. അനവധി, അസങ്ഖ്യം. നാ. പതിനായിരം
പത്താശ നാ. പത്തു ദിക്ക്
പത്തി1 നാ. 1. വരി, നിര, വകുപ്പ്; 2. ആനയുടെ നടപ്പ്; 3. വരാന്ത; 4. അരിമാവ് ഔഷധങ്ങൾ ചേർത്ത് കുറുക്കി തുണിയിൽ പുരട്ടിയത്; 5. തൂണുകൾക്കിടയിലുള്ള സ്ഥലം. (പ്ര) ഓലപ്പത്തി
പത്തി2 നാ. സൈന്യവിഭാഗം
പത്തി3 നാ. 1. കാലാൾ; 2. വീരന്ന്, ശൂരൻ
പത്തി4 നാ. 1. ഇലപോലെയുള്ളത്; 2. പാമ്പിൻെറ ഫണം; 3. പങ്കായത്തിൻെറ പരപ്പുള്ള ഭാഗം; 4. കൈയുടെ പരന്ന അറ്റം; 5. ഒരു കർണാഭരണം, പാമ്പിൻ പത്തിപോലെ ആകൃതിയുള്ളത്
പത്തിക വി. കാൽനടയായി ഗമിക്കുന്ന
പത്തിക്കാൽ നാ. കതകിൻെറ സ്ഥാനത്തു നിരപ്പലകയുള്ള പണിയിൽ നിരകൾക്കിടയിലുള്ള തൂണ്
പത്തിക്കീറ്റ് നാ. സ്ത്രീകൾ കവിളിലും മറ്റും സുഗന്ധമുള്ള വർണ വസ്തുക്കൾകൊണ്ടുണ്ടാക്കുന്ന രേഖകളും പുള്ളികളും (ഇലയിൽ ദ്വാരങ്ങളോ രേഖകളോ വെട്ടിയുണ്ടാക്കി ശരീരഭാഗങ്ങളിൽ ചേർത്തുവച്ച് അവയുടെ പുറത്ത് ലേപനവസ്തുക്കൾ പുരട്ടുന്ന സമ്പ്രദായത്തിൽനിന്ന് ഈ പ്രയോഗം)
പത്തിപാലൻ നാ. അഞ്ചോ ആറോ കാലാളുകളുടെ നേതാവ്
പത്തിപ്പാമ്പ് നാ. 1. പത്തിയുള്ള പാമ്പ്; 2. പത്തിവിരിച്ച പാമ്പ്
പത്തിരി1 നാ. ഒരുതരം അപ്പം (പുളിക്കാത്ത മാവുകൊണ്ടുണ്ടാക്കുന്നത്)
പത്തിരി2 നാ. 1. അമ്പ്; 2. കുതിര; 3. പക്ഷി
പത്തിരി3 നാ. 1. ഇല; 2. ജാതിപത്രി
പത്തിരി4 നാ. 1. കൊത്തളം; 2. തോക്ക് തുടങ്ങിയ ആയുധങ്ങൾ യുദ്ധത്തിനുവേണ്ടി അണിനിരത്തിയിട്ടുള്ള സ്ഥലം
പത്തിരിപ്പ് നാ. ഒരുതരം കെട്ട് (ഭിത്തിയുടെ ചുവടു വെളിയിൽ തള്ളി നിൽക്കത്തക്കവണ്ണം പണിചെയ്തത്)

പത്തിരുപത് അവ്യ. ഏതാനും, കുറെ
പത്തിവാൾ നാ. അലകുവീതിയുള്ള ചെറിയ വാൾ
പത്തിസംഹതി നാ. സൈന്യം (പല പത്തികൾ ചേർന്നത്)
പത്തീത് അവ്യ. പതുപ്പത്ത് (പത്തുവീതം)
പത്തീറ [സുറി] നാ. ഒരുതരം അപ്പം
പത്ത്1 നാ. 1. ഒരു സങ്ഖ്യ (രണ്ട് അഞ്ച് കൂടിയത്), ഏതാനും (കുറെ) എന്നു കുറിക്കാൻ സമാസത്തിൽ പ്രയോഗം. ഉദാ: പത്തിരുപത്, പത്തുനൂറ്; 2. ചെലവ്; 3. ഒരു കർമം; 4. പത്തുമാസം (ഗർഭകാലം). (പ്ര) പത്തും തികയുക = ഗർഭം പൂർണമാകുക. പത്തിരട്ടിച്ച വാണിജ്യത്തെക്കാൾ വിത്തിരട്ടിച്ച കൃഷി നന്ന് (പഴ)
പത്ത്2 നാ. 1. കാല്, പാദം; 2. വയൽ (കുന്നുകളുടെ കീഴ്ഭാഗത്തുള്ളത്)
പത്തുകൽപനകൾ നാ. യഹോവ മോശവഴി മനുഷ്യർക്കു നൽകിയ കല്പനകൾ (എണ്ണം പത്ത്)
പത്തുദിക്കുകൾ നാ. കിഴക്ക് തെക്കുകിഴക്ക് തെക്ക് തെക്കുപടിഞ്ഞാറ് പടിഞ്ഞാറ് വടക്കുപടിഞ്ഞാറ് വടക്ക് വടക്കുകിഴക്ക് മുകൾഭാഗം (ആകാശവിതാനത്തിൻെറ ഭാഗം) താഴെ (ഭൂമിയുടെ പരപ്പ്) എന്നിവ
പത്തുവ [അറ.ഫത്തുവ] നാ. (മുഹമ്മദീയ ജഡ്ജിമാരുടെ) വിധി, കൽപന, പത്വാ
പത്തേമാരി [അറ.] നാ. കേവുഭാരം കൂടിയ ഒരുതരം വലിയ തോണി
പത്തേരി [പോർ.] നാ. 1. ചരക്കുകൾ ശേഖരിച്ചുവയ്ക്കുന്ന സ്ഥലം, തൊഴിൽശാല; 2. കൊത്തളം
പത്തൊമ്പത് നാ. ഒരു സങ്ഖ്യ (പത്തും ഒമ്പതും കൂടിയത്)
പത്നി നാ. ഭാര്യ
പത്നീകൻ നാ. ഭാര്യയോടുകൂടിയവൻ
പത്നീപ്രണയം നാ. 1. ഭാര്യയുടെ സ്നേഹം; 2. ഭാര്യയോടുള്ള സ്നേഹം
പത്നീസഹായൻ നാ. ഭർത്താവ്
പത്ന്യടം നാ. അന്തഃപുരം
പത്മ, പദ്മ നാ. 1. മഹാലക്ഷ്മി (താമരപ്പൂധരിച്ചവൾ); 2. ചെറുതേക്ക് (പത്മസദൃശമായ പൂവുള്ളത്); 3. ഓരിലത്താമര; 4. തിരുതാളി; 5. മഞ്ചെട്ടി; 6. ഇലവർങ്ങപ്പൂവ്; 7. ഒരുതടാകം (ഹിമാലയത്തിലുള്ളത്); 8. പതിനാറു മാതൃക്കളിൽ ഒരുവൾ. (പദ്മ എന്നതു ശരി. താഴെക്കാണുന്ന സമസ്തപദങ്ങളിലും)
പത്മകം,പദ്മകം നാ. 1. ആനയുടെ പതകരി, പുള്ളിക്കുത്ത്; 2. പതിമുകം; 3. പദ്മവ്യൂഹം; 4. കൊട്ടം; 5. ആസനവിശേഷം
പത്മകർണിക നാ. 1. താമരയുടെ ബീജകോശം; 2. പദ്മവ്യൂഹത്തിൻെറ മദ്ധ്യഭാഗം
പത്മകര നാ. മഹാലക്ഷ്മി (കൈയിൽ താമരപ്പൂവുള്ളവൾ)
പത്മകരൻ നാ. 1. താമരപ്പൂപോലെയുള്ള കൈകളോടുകൂടിയവൻ; 2. വിഷ്ണു (കൈയിൽ താമരപ്പൂവുള്ളവൻ); 3. സൂര്യൻ
പത്മകലിക നാ. താമരമൊട്ട്
പത്മകൽപം നാ. ഒടുവിൽ കഴിഞ്ഞ ബ്രഹ്മകൽപം

പത്മകാഷ്ഠം നാ. പതിമൂകം
പത്മകി നാ. 1. ആന; 2. ഭൂർജമരം
പത്മകിഞ്ജല്കം നാ. താമരയല്ലി
പത്മകേശരം,-സരം നാ. തമരയല്ലി
പത്മഖണ്ഡം നാ. താമരക്കൂട്ടം
പത്മഗന്ധ1 വി. താമരപ്പൂവിൻെറ മണമുള്ള
പത്മഗന്ധ2 നാ. 1. പതിമുകം; 2. താമരപ്പൂവിൻെറ സൗരഭ്യത്തോടുകൂടിയവൾ
പത്മഗർഭൻ നാ. 1. ബ്രഹ്മാവ്; 2. വിഷ്ണു; 3. ശിവൻ; 4. സൂര്യൻ
പത്മഗർഭം നാ. 1. താമരയുടെ അന്തർഭാഗം; 2. താമരയിൽനിന്നു ജനിച്ചത്; 3. ഒരു അടിയന്തിരം (പുണ്യലാഭത്തിനായി രാജാക്കന്മാർ കഴിക്കുന്നത്. താമരയിൽക്കൂടിയുള്ള രണ്ടാമത്തെ ജനനം എന്ന സങ്കൽപമുള്ളത്
പത്മഗുണ നാ. 1. ഓരില്ലത്താമര; 2. കരത്താമര; 3. നിലത്താമര
പത്മജൻ നാ. ബ്രഹ്മാവ്
പത്മതന്തു നാ. താമരനൂൽ, താമരവളയം
പത്മദർശനം നാ. ചെഞ്ചല്യം
പത്മൻ നാ. 1. അഷ്ടനാഗങ്ങളിൽ ഒന്ന് (ഭൂമിയുടെ വടക്കുപടിഞ്ഞാറെ ദിക്കിനെ താങ്ങുന്നത്; 2. ശ്രീരാമൻ; 3. ഒരു അസുരൻ; 4. ആന; 5. ബ്രഹ്മാവ്
പത്മനാഭൻ നാ. വിഷ്ണു (നാഭിയിൽ താമരയുള്ളവൻ)
പത്മനാഭാശുഗൻ നാ. ശിവൻ (ത്രിപുരദഹനത്തിനു വിഷ്ണു ശിവൻെറ അമ്പായിത്തീർന്നതിനാൽ)
പത്മനാള്ളം നാ. താമരത്തണ്ട്
പത്മനിധി നാ. 1. പദ്മം; 2. കുബേരൻെറ നവനിധികളിലൊന്ന്
പത്മപത്രം നാ. 1. താമരയില; 2. ഒരു മരുന്നുചെടി, പുഷ്കരമൂലം; 3. സ്ഥലപദ്മം
പത്മപർണം നാ. = പത്മപത്രം
പത്മപാണി നാ. 1. ബ്രഹ്മാവ്; 2. വിഷ്ണു; 3. സൂര്യൻ
പത്മപാദർ നാ. ശ്രീശങ്കരാചാര്യരുടെ പ്രധാനശിഷ്യൻ, സനന്ദനൻ
പത്മപീഠം നാ. താമരയുടെ ആകൃതിയിലുള്ള ആസനം
പത്മപുരാണം നാ. അഷ്ടാദശ പുരാണങ്ങളിൽ ഒന്ന്, പാദ്മം (വിഷ്ണുവിൻെറ ഗുണഗണങ്ങൾ ശിവൻ പാർവതിയെ വർണിച്ചുകേൾപ്പിക്കുന്നതാണ് ഉള്ളടക്കം. ശ്ലോകസങ്ഖ്യ 55,000)
പത്മപുഷ്പം നാ. കർണികാരം, ചെറുകൊന്ന
പത്മബന്ധം നാ. കാവ്യത്തിലെ ചിത്രാലങ്കാരങ്ങളിൽ ഒന്ന് (ലിപിവിന്യാസത്തിൻെറ വൈചിത്ര്യംമൂലം താമരയുടെ ആകൃതിവരുത്തൽ).
1021
പത്മബന്ധു നാ. 1. സൂര്യൻ; 2. എരിക്ക്; 3. തേനീച്ച
പത്മബാന്ധവൻ നാ. സൂര്യൻ (താമരയുടെ ബന്ധുവായി സങ്കൽപം)
പത്മബീജം നാ. താമരവിത്ത്

പത്മഭവൻ നാ. താമരയിൽനിന്നു ജനിച്ചവൻ, ബ്രഹ്മാവ്
പത്മഭാസൻ നാ. ശിവൻ
പത്മഭൂഷൺ [ഹി.] നാ. ഭാരതസർക്കാർ നൽകുന്ന ഒരു ബിരുദം
പത്മം നാ. 1. താമര; 2. (കുബേരൻെറ) നവനിധികളിൽ ഒന്ന്; 3. (ആനയുടെ) പതകരി; 4. ഷട്ചക്രം; 5. വെളുത്തീയം; 6. പുഷ്കരമൂലം; 7. പതിമൂകം; 8. ഒരിനം സർപ്പം; 9. ഒരു ആഭരണം; 10 ഒരു സൈന്യസമൂഹം, പദ്മവ്യൂഹം; 11. ഒരു വലിയ സങ്ഖ്യ (നൂറുനൂറായിരം മഹാവൃന്ദം ചേർന്നത്); 12. മനുഷ്യ ശരീരത്തിലുള്ള ഒരിനം മറുക്; 13. ഒരുതരം ക്ഷേത്രം; 14. ആന; 15. (കാമ) രതിബന്ധങ്ങളിൽ ഒന്ന്; 16. ചോതി നക്ഷത്രം; 17. പല നിറത്തിലുള്ള പൊടി; 18. ഒരുതരം അലങ്കാരപ്പണി (ഭിത്തിയിലും തുണികളിലും ചെയ്യുന്നത്)
പത്മമാലിനി നാ. മഹാലക്ഷ്മി
പത്മമൂലം നാ. താമരക്കിഴങ്ങ്
പത്മയോനി നാ. ബ്രഹ്മാവ് (വിഷ്ണുവിൻെറ നാഭികമലത്തിൽനിന്നു ജനിക്കയാൽ)
പത്മരാഗം നാ. നവരത്നങ്ങളിൽ ഒന്ന്, ചെമപ്പുകല്ല്, മാണിക്യം (ചെന്താമരയുടെ നിറമുള്ളത്)
പത്മരൂപ നാ. മഹാലക്ഷ്മി
പത്മരേഖ നാ. ഹസ്തരേഖകളിൽ ഒന്ന് (ഐശ്വര്യത്തെ കുറിക്കുന്നത്)
പത്മലാഞ്ഛന നാ. 1. ലക്ഷ്മി; 2. സരസ്വതി; 3. താരാദേവി
പത്മലാഞ്ഛനൻ നാ. 1. കുബേരൻ; 2. സൂര്യൻ; 3. രാജാവ്; 4. ബ്രഹ്മാവ്
പത്മലോചന നാ. താമരയിതൾപോലെ നീണ്ടുമനോഹരമായ കണ്ണുള്ളവൾ, സുന്ദരി
പത്മലോചനൻ നാ. 1. താമരയിതൾപോലെയുള്ള കണ്ണുകളോടുകൂടിയവൻ, സുന്ദരൻ; 2. വിഷ്ണു (രാമൻ, കൃഷ്ണൻ എന്നീ അവതാരങ്ങളെ കുറിക്കാനും പ്രയോഗം)
പത്മവർച്ചസ്സ് നാ. 1. താമരയുടെ നിറം; 2. താമരയുടെ നിറമുള്ളത്
പത്മവർണകം നാ. പുഷ്കരമൂലം
പത്മവർണം നാ. 1. താമരപ്പൂവിൻെറ നിറം; 2. താമരപ്പൂവിൻെറ നിറമുള്ളത്; 3. പുഷ്കരമൂലമ്മ്; 4. പതിമൂകം
പത്മവാസ നാ.. മഹാലക്ഷ്മി
പത്മവിദ്വിട്ട് നാ. താമരയുടെ ശത്രു, ചന്ദ്രൻ
പത്മവ്യൂഹം നാ. ഒരു സേനാവ്യൂഹം (താമരപ്പൂവിൻെറ ഇതളുകളുടെ ആകൃതിയിൽ അണിനിരത്തിയത്)
പത്മശ്രീ നാ. 1. താമരയുടെ ഭങ്ഗി; 2. ഏതെങ്കിലും പ്രവർത്തനമണ്ഡലത്തിൽ കാര്യമായ സംഭാവനചെയ്ത വ്യക്തികളെ ആദരിക്കാൻ ഭാരതസർക്കാർ നൽകുന്ന ഒരു ബഹുമതി
പത്മഷണ്ഡം നാ. താമരക്കൂട്ടം
പത്മസംഭവൻ നാ. ബ്രഹ്മാവ്

പത്മസരസ്സ് നാ. 1.താമരപ്പൊയ്ക; 2. ഒരു തീർഥം (ഈ പേരുള്ള പലതാടാകങ്ങളും തീർഥങ്ങളും പുരാണങ്ങളിൽ പറയപ്പെട്ടിരിക്കുന്നു)
പത്മസ്നുഷ നാ. 1. ഗങ്ഗ; 2. ലക്ഷ്മി; 3. ദുർഗ
പത്മസ്വസ്തികം നാ. 1. താമരപ്പൂക്കളുടെ ചിത്രങ്ങൾ ക്രമമായി വിന്യസിച്ചുണ്ടാക്കുന്ന സ്വസ്തികചി ം; 2. വിടർന്ന താമരപ്പൂക്കൾ നിരത്തി നിർമിക്കുന്ന സ്വസ്തികചി ം (താന്ത്രികവിധിപ്രകാരമുള്ള ചിലചടങ്ങുകളിൽ ഉപയോഗം)
പത്മഹസ്തം നാ. നീളം അളക്കാനുള്ള ഒരു തോത്
പത്മഹാസൻ നാ. വിഷ്ണു
പത്മാകരം നാ. 1. താമരപ്പൊയ്ക; 2. താമരക്കൂട്ടം
പത്മാകാര വി. താമരയുടെ ആകൃതിയുള്ള
പത്മാക്ഷൻ നാ. 1. വിഷ്ണു; 2. സുന്ദരൻ; 3. സൂര്യൻ
പത്മാക്ഷം നാ. താമരക്കുരു
പത്മാക്ഷി നാ. സുന്ദരി
പത്മാപതി നാ. വിഷ്ണു (ലക്ഷ്മീകാന്തൻ)
പത്മാലയ നാ. 1. താമരപ്പൂവിൽ ഇരിക്കുന്നവൾ, മഹാലക്ഷ്മി; 2. കരയാമ്പു
പത്മാലയൻ നാ. ബ്രഹ്മാവ്
പത്മാവതി നാ. 1. മഹാലക്ഷ്മി; 2. മനസാദേവി; 3. ഓരിലത്താമര; 4. ഒരു നദി; 5. ഗീതാഗോവിന്ദംരചിച്ച ജയദേവൻെറ പത്നി
പത്മാസന നാ. 1. ലക്ഷ്മി; 2. സരസ്വതി
പത്മാസനൻ നാ. 1. ബ്രഹ്മാവ്; 2. ശിവൻ; 3. സൂര്യൻ
പത്മാസനം നാ. 1. താമരയാകുന്ന ഇരിപ്പിടം; 2. ഒരു യോഗാസനം
പത്മാസനി നാ. മഹാലക്ഷ്മി
പത്മാഹ്വ നാ. 1. കരയാമ്പു; 2. ഓരിലത്താമര
പത്മി1 വി. 1. താമരയുള്ള; 2. പതകരിയുള്ള
പത്മി2 നാ. 1. ആന, കൊമ്പനാന; 2. വിഷ്ണു (പത്മത്തോടുകൂടിയവൻ)
പത്മിനി നാ. 1. താമരപ്പൊയ്ക; 2. താമര, താമരക്കൂട്ടം; 3. താമരവളയം; 4. പിടിയാന; 5. (കാമ.) നാലുതരം സ്ത്രീകളിൽ ആദ്യത്തേത് (ഉത്തമ)
പത്മിനീകണ്ടകം നാ. ഒരു ത്വഗ്രോഗം, ക്ഷുദ്രകുഷ്ഠങ്ങളിൽ ഒന്ന്, താമരമുള്ള്
പത്മിനീകാന്തൻ നാ. 1. സൂര്യൻ (സൂര്യോദയത്തിൽ താമരക്കുളം നിറയെ താമരപ്പൂക്കൾ വിടരുന്നതിനാൽ സൂര്യൻ പത്മിനിയുടെ കാമുകനെന്നു സങ്കൽപം); 2. എരിക്ക്
പത്മിനീഖണ്ഡം നാ. = പത്മിനീഷണ്ഡം
പത്മിനീപതി നാ. പത്മിനീകാന്തൻ
പത്മിനീപുടം നാ. താമരയിലകൊണ്ടുണ്ടാക്കിയ ഒരിനം വിശറി
പത്മിനീവല്ലഭൻ നാ. പത്മിനീകാന്തൻ
പത്മിനീശൻ നാ. താമരക്കൂട്ടം, താമരനിറഞ്ഞ പൊയ്ക
പത്മേക്ഷണൻ നാ. പത്മാക്ഷൻ

പത്മേശൻ നാ. പദ്മാപതി (വിഷ്ണു)
പത്മേശയൻ നാ. വിഷ്ണു
പത്മോത്തരം നാ. കുയുമ്പ
പത്മോദ്ഭവൻ നാ. ബ്രഹ്മാവ്
പത്രകം നാ. 1. ഇല (ഇലപോലെ കട്ടികുറഞ്ഞ പരന്ന വസ്തുക്കളെ കുറിക്കാനും പ്രയോഗം); 2. ഇലവർങ്ങത്തിൻെറ ഇല; 3. പച്ചില; 4. കാർഡ്, കടലാസ്
പത്രകാരൻ നാ. 1. പത്രം പ്രസിദ്ധപ്പെടുത്തുന്നവൻ; 2. പത്തിക്കീറ്റ് രചിക്കുന്നവൻ
പത്രകാഹളം നാ. പക്ഷികളുടെ ചിറകടികൊണ്ടോ ഇലകൾ ചലിക്കുന്നതുകൊണ്ടോ ഉണ്ടാകുന്ന ശബ്ദം
പത്രകൃച്ഛ്രം നാ. ഒരുതരം തപസ്സ് (ഇലകളുടെ നീരുമാത്രം കുടിച്ചുകൊണ്ടുള്ളത്)
പത്രച്ഛേദ്യം നാ. അറുപത്തിനാല് കലകളിലൊന്ന് (ഇലകളിൽ പലതരത്തിലുള്ള രേഖകളും പുള്ളികളും ചിത്രങ്ങളും വെട്ടിയുണ്ടാക്കൽ. പത്തിക്കീറ്റണിയാനും മറ്റും ഉപയോഗം)
പത്രണ നാ. 1. പത്തിക്കീറ്റ്; 2. അമ്പിൻെറ കടയ്ക്കൽ തൂവൽ ഘടിപ്പിക്കൽ
പത്രതരു നാ. പീനാറി
പത്രദാരകം നാ. അറപ്പുവാൾ, ക്രകചം
പത്രനാഡിക നാ. ഇലഞരമ്പ്
പത്രപരശു നാ. 1. ഒരുതരം ചെറിയ അരം; 2. ഒരിനം കത്രിക, സ്വർണവും മറ്റും മുറിക്കാനുള്ള ആയുധം
പത്രപാലം നാ. കത്തി, വാക്കത്തി
പത്രപാലി നാ. 1. കത്രിക; 2. ശരത്തിൽ തൂവൽ ബന്ധിച്ചിരിക്കുന്ന ഭാഗം; 3. ഇലച്ചിൽ, ഇലകളുടെ കൂട്ടം
പത്രപാശ്യ നാ. നെറ്റിയിൽ അണിയുന്ന ഒരു ആഭരണം (ഇലപോലെ പരന്നത്)
പത്രപിശാചിക നാ. ഇലകൾചേർത്തുണ്ടാക്കുന്ന തൊപ്പി
പത്രപുടം നാ. ഇലക്കുമ്പിൾ
പത്രപുഷ്പം,-പി നാ. 1. തുളസി; 2. കൊഴുന്ത് (ഇലതന്നെ പൂവായി ഉപയോഗിക്കാവുന്നത്)
പത്രപ്രവർത്തകൻ നാ. ജേർണലിസ്റ്റ്, പത്രം നടത്തുന്നവൻ, പത്രത്തിനുവേണ്ടിപ്രവർത്തിക്കുന്നവൻ
പത്രപ്രവർത്തനം നാ. വർത്തമാനപ്പത്രം നടത്തുന്ന ജോലി
പത്രബന്ധം നാ. പുഷ്പംകൊണ്ടുള്ള ഒരുവിധ അലങ്കരണം
പത്രബാലം നാ. തുഴ, പങ്കായം
പത്രബീജം നാ. ഒരു ചെടി, ഇലമുളച്ചി (ഇലയിൽനിന്നും പുതിയചെടികൾ മുളയ്ക്കുന്നതിനാൽ)
പത്രഭങ്ഗം,-ഗി നാ. പത്തിക്കീറ്റ്

പത്രം നാ. 1. ഇല (ഇലപോലെ കട്ടികുറഞ്ഞു പരന്ന വസ്തുക്കളെ പൊതുവെ കുറിക്കാനും പ്രയോഗം); 2. കടലാസ്; 3. വർത്തമാനക്കടലാസ്; 4. മുദ്രപ്പത്രം; 5. തൂവൽ; 6. എഴുത്ത്, കത്ത്; 7. ഇലവർങ്ങവൃക്ഷത്തിന്റെ ഇല; 8. പച്ചില; 9. വാഹനം; 10. കത്തി; 11. ചിറക്; 12. വാളിന്റെ വായ്ത്തല; 13. തകിട്; 14. പത്തിക്കീറ്റ്; 15. പ്രമാണം; 16. പട്ടം; 17. മനോഹരമായ പ്രതിമ; 18. തൊടുകുറി

പത്രമാനം നാ. 1. ഒപ്പനിരപ്പ്; 2. (കെട്ടിടത്തിന്റെ) അടിസ്ഥാനം

പത്രമ്പച നാ. മരമഞ്ഞൾ

പത്രരചന നാ. പത്തിക്കീറ്റെഴുത്ത്

പത്രരഥം നാ. 1. ചിറകുകളാകുന്ന രഥമുള്ളത്, പക്ഷി; 2. ചക്രവാകമ്മ്; 3. അമ്പ്

പത്രരഥേന്ദ്രൻ നാ. പക്ഷീന്ദ്രൻ, ഗരുഡൻ. (പ്ര) പത്രരഥേന്ദ്രകേതു = വിഷ്ണു

പത്രരേഖ,-ലേഖ നാ. 1. പത്തിക്കീറ്റ്; 2. പത്രത്തിലെ രേഖ, പ്രമാണപത്രം

പത്രലത നാ. 1. ഇലയുമ്മ് വള്ളിയും; 2. പത്തിക്കീറ്റ്; 3. ഒരു വൃത്തം

പത്രലേഖകൻ നാ. വർത്തമാനപ്പത്രത്തിലേക്കും മറ്റും ലേഖനങ്ങൾ എഴുതുന്ന ആൾ

പത്രലേഖനമ്മ് നാ. 1. വർത്തമാനപ്പത്രത്തിൽ പ്രസിദ്ധപ്പെടുത്തുന്ന ലേഖനം; 2. പത്രത്തിലും ഓലയിലും മറ്റുമുള്ള എഴുത്ത്; 3. പത്തിക്കീറ്റെഴുത്ത്

പത്രവല്ലരി നാ. പത്രവല്ലി

പത്രവല്ലി നാ. 1. പത്തിക്കീറ്റ്; 2. പലാശി; 3. തൃച്ചട

പത്രവാഹ(ക)ൻ നാ. പത്രംകൊണ്ടുപോകുന്നവൻ, എഴുത്തുകൊണ്ടുപോകുന്നവൻ

പത്രവാഹം നാ. 1. പക്ഷി; 2. അമ്പ്

പത്രവിശേഷകം നാ. പത്തിക്കീറ്റ്

പത്രവീര്യകം നാ. 1. ഒരിനം മുള; 2. ചൂരൽ

പത്രവൃന്തം നാ. പത്രപാളിയെ കാണ്ഡത്തോടു ബന്ധിപ്പിക്കുന്ന ഭാഗം

പത്രശാകം നാ. ഒരിനം കീര

പത്രശ്രേഷ്ഠം നാ. കൂവളം

പത്രസൂചി നാ. ഇലയിലുള്ള മുള്ള്

പത്രഹാരി നാ. എഴുത്തുകൊണ്ടുപോകുന്നവൻ

പത്രാഖ്യം നാ. 1. പച്ചില; 2. താലീസപത്രം

പത്രാങ്ഗം നാ. 1. രക്തചന്ദനം; 2. പത്തങ്ഗം; 3. പതിമൂകം; 4. ഭുർജമരം

പത്രാങ്ഗുലി നാ. പത്രലേഖ, പത്തിക്കീറ്റ്

പത്രാഞ്ജനം നാ. 1. മഷി; 2. കറുപ്പിക്കൽ

പത്രാഢ്യം നാ. 1. തിപ്പലിമൂലം; 2. വലിയ താലീസപത്രം; 3. മയിൽ

പത്രാധിപത്യം നാ. പത്രാധിപരുടെ ജോലി

പത്രാധിപർ		നാ.	(പൂ.ബ.വ.) എഡിറ്റർ (ദിനപ്പത്രത്തിൻെറയും മറ്റും ആധിപത്യം വഹിക്കുന്ന ആൾ)
പത്രാമ്ല		നാ.	പുളിയഞ്ചീര
പത്രാലയം		നാ.	വർത്തമാനപ്പത്രം സംബന്ധിച്ച കാര്യങ്ങൾ നടത്തുന്ന സ്ഥലം
പത്രാലു		നാ.	1. ഇക്ഷുദർഭ; 2. കണ്ണൻചേമ്പ്
പത്രാവലി		നാ.	1. ഇലകളുടെ കൂട്ടം; 2. കാവിമണ്ണ്; 3. പത്തിക്കീറ്റ്; 4. (നാട്യ) നാന്ദിയിൽ ബീജമോ കഥയോ സൂചിപ്പിക്കത്തക്കവിധം ദേവസ്തുതിചെയ്യൽ
പത്രാസ്സ്		നാ.	1.ആഡംബരം, പകിട്ട്; 2. പൊങ്ങച്ചം, അഹംഭാവം; 3. ശൃങ്ഗാരം. (പ്ര) പത്രാസുകാരൻ = ശൃങ്ഗാരി, മോടികാട്ടുന്നവൻ, വീമ്പിളക്കുന്നവൻ
പത്രാഹാരം		നാ.	ഇലകൾ തിന്നു ജീവിക്കൽ
പത്രാളി		നാ.	1. ഇലകളുടെ കൂട്ടം; 2. പത്തിക്കീറ്റ്
പത്രി1		വി.	1. ചിറകുള്ള, തൂവലുള്ള; 2. ഇലയുള്ള; 3. വാഹനമുള്ള, തേരുള്ള
പത്രി2		നാ.	1. പക്ഷി; 2. പരുന്ത്; 3. അമ്പ്; 4. ജാതിപത്രി; 5. മക്കിപ്പൂവ്; 6. പർവതം; 7. കുതിര; 8. തേര്; 9. വൃക്ഷം (കരിമ്പന); 10 എഴുത്ത്; 11. പച്ച
പത്രിക		നാ.	1. എഴുത്ത്, എഴുത്തോല, കടലാസ്; 2. വർത്തമാനപ്പത്രം (വാരിക, മാസിക തുടങ്ങിയവയെ കുറിക്കാനും പ്രയോഗം); 3. കോടതിയിൽ രേഖാമൂലമായി സമർപ്പിക്കുന്ന എതിർവാദം; 4. പരസ്യം, പരസ്യം ഉൾക്കൊള്ളുന്ന ലഘുലേഖ, നോട്ടീസ്; 5. ഇല; 6. ഇലപോലെ പരന്നു കനം കുറഞ്ഞ വസ്തു; 7. ജാതിപത്രി. (പ്ര) കുറ്റപത്രിക, മരണപത്രിക
പത്രികാലേഖനം		നാ.	1. കത്തെഴുത്ത്; 2. വർത്തമാനപ്പത്രങ്ങളിലും മറ്റും പ്രസിദ്ധപ്പെടുത്തുന്ന ഉപന്യാസം.
1023
പത്രികാവാഹ(ക)ൻ		നാ.	പത്രവാഹകൻ
പത്രിണി		നാ.	1. അങ്കുരം, മുള; 2. പെൺപക്ഷി
പത്രീന്ദ്രൻ		നാ.	പക്ഷീന്ദ്രൻ (ഗരുഡൻ)
പത്രോർണം		നാ.	1. പലകപ്പയ്യാനി (ഇലകളിൽ വരയുള്ളത്); 2. നെയ്യെടുത്ത പട്ട്
പത്രോസ്	[ഗ്രീ.=പാറ]	നാ.	(ക്രിസ്തു) യേശുക്രിസ്തുവിൻെറ 12 ശിഷ്യരിൽ മുഖ്യൻ
പത്വാ		നാ.	പത്തുവ
പത്സലം		നാ.	വഴി
പഥകൻ		നാ.	1. വഴിയറിയുന്നവൻ; 2. മാർഗദർശി
പഥകരം		നാ.	ചുങ്കം, ടോൾ
പഥത്ത്		നാ.	പന്ഥാവ്
പഥം	നാ.	വഴി (സമാസത്തിൽ പ്രയോഗം). (പ്ര) സഞ്ചാരപഥം
പഥി1		അവ്യ. വഴിയിൽ
പഥി2		നാ.	1. വഴി; 2. എത്താവുന്ന ദൂരം; 3. യാത്ര; 4. പ്രവർത്തനക്രമം

പഥിക1 വി. 1. വഴിനടക്കുന്ന; 2. വഴിയറിയുന്ന
പഥിക2 നാ. 1. വഴിയാത്രക്കാരി; 2. ചെമന്ന പഴമുള്ള വലിയ മുന്തിരി
പഥികൻ നാ. 1. വഴിപോക്കൻ; 2. വിരഹി
പഥികാവാസം നാ. പഥികന്മാർ തങ്ങുന്നിടം, സത്രം
പഥികി നാ. വഴിയാത്രക്കാരി
പഥികൃത്ത് നാ. 1. വഴിയുണ്ടാക്കുന്നവൻ; 2. വഴികാട്ടി; 3. അഗ്നി
പഥിദേയം നാ. വഴിച്ചുങ്കം
പഥിലൻ നാ. വഴിപോക്കൻ
പഥിവാഹകൻ നാ. 1. ക്രൂരൻ; 2. വേടൻ, പ്രാപ്പിടിയൻ; 3. ചുമട്ടുകാരൻ
പഥ്യ1 വി. യോജിച്ച, ഹിതകരമായ, ഇഷ്ടമുള്ള
പഥ്യ2 നാ. കടുക്ക; 2. കാട്ടുപാവൽ; 3. വെളുത്ത (ചെറിയ) വെള്ളരി; 4. വഴി; 5. പഥ്യാ വക്ത്രം എന്ന വൃത്തം
പഥ്യക്കാരൻ നാ. പഥ്യം ആചരിക്കുന്നവൻ
പഥ്യക്കേട് നാ. 1. ചികിത്സയ്ക്കും രോഗത്തിനും വിരുദ്ധമായ ആഹാരം, പ്രവൃത്തി തുടങ്ങിയവ; 2. ഇഷ്ടമില്ലായ്മ, ഇഷ്ടമില്ലാത്തത്
പഥ്യം നാ. 1. ഔഷധത്തിനും ശരീരസ്ഥിതിക്കും യോജിച്ച ഭക്ഷണവും ദിനചര്യയും; 2. ഇഷ്ടം, ഹിതം; 3. യോഗ്യത; 4. ഇന്തുപ്പ്; 5.കടുക്കാമരം; 6. മുതിര
പഥ്യാചരണം നാ. പഥ്യം ആചരിക്കൽ (ചികിത്സയ്ക്കുചേരുന്ന ഭക്ഷണവും ദിനചര്യയും സ്വീകരിക്കൽ)
പഥ്യാപഥ്യം നാ. പഥ്യവും പഥ്യമല്ലാത്തതും
പദകം നാ. 1. പതക്കം; 2. സ്ഥാനം; 3. കാലടി; 4. കാൽവയ്പ്പ്
പദകമലം നാ. താമരപ്പൂപോലെ ഭങ്ഗിയുള്ള പാദം
പദകരി നാ. 1. പതകരി; 2. ശക്തികുറഞ്ഞ ഒരുതരം കുഷ്ഠം, വെള്ളപ്പാണ്ഡ്; 3. ഉള്ളങ്കാൽ വീങ്ങൽ
പദക്രമം നാ. 1. വാക്കുകളുടെ ക്രമം; 2. വേദസൂക്തങ്ങൾ ഉച്ചരിക്കുന്ന ഒരു രീതി; 3. കാൽവയ്പ്പ്
പദഗ വി. കാൽനടയായി സഞ്ചരിക്കുന്ന
പദഗതി നാ. നടപ്പ്, നടക്കുന്ന രീതി
പദഗൻ നാ. കാലാൾപ്പടയാളി
പദഗം നാ. 1. കാലാൾപ്പട; 2. കാൽകൊണ്ട് സഞ്ചരിക്കുന്നവൻ
പദചാരക വി. കാൽനടയായി പോകുന്ന
പദച്ഛേദം നാ. പദം പിരിക്കൽ
പദച്യുത വി. സ്ഥാനത്തുനിന്നു വീണുപോയ, സ്ഥാനഭ്രംശംവന്ന
പദടിപ്പണം നാ. കീഴ്ക്കുറിപ്പ്
പദതളിർ നാ. തളിർപോലെ മൃദുവും ഭങ്ഗിയുമുള്ളതായ പാദം

പദത്രാണം നാ. ചെരിപ്പ്
പദദലിത നാ. = പദച്യുത, സ്ഥാനത്തുനിന്നു വീണുപോയ, സ്ഥാനഭ്രംശംവന്ന
പദദാഹം നാ. ഒരു രോഗം, ചുടുവാതം
പദദോഷം നാ. കാവ്യദോഷങ്ങളിൽ ഒന്ന്, പദാശ്രിതമായ ദോഷം (ദുശ്ശ്രവം, ച്യുതസംസ്കാരം, അപ്രയുക്തം, നിരർഥകം, ഗ്രാമ്യം, നേയാർഥം, അശ്ലീലം, അപ്രതീതം, അവാചകം, സന്ദിഗ്ധം, അനുചിതാർഥം എന്നിവ പദദോഷങ്ങൾ)
പദന്യാസം നാ. 1. പദപ്രയോഗം; 2. കാൽവയ്പ്പ്, നടപ്പ്; 3. കാൽപ്പാട്
പദപങ്കജം നാ. പദകമലം
പദപാഠം നാ. വേദവാക്യത്തെ പദംതിരിച്ചു പഠിക്കൽ
പദപാതം നാ. കാൽവയ്പ്പ്, ചുവടുവയ്പ്പ്
പദബന്ധം നാ. 1. പദങ്ങളുടെ ബന്ധം; 2. കാലടി
പദഭഞ്ജനം നാ. 1. വാക്യം അപഗ്രഥിക്കൽ; 2. നിരുക്തി
പദഭഞ്ജിക നാ. 1. പഞ്ചാങ്ഗം; 2. രജിസ്റ്റർ
പദഭ്രംശം നാ. 1. സ്ഥാനഭ്രംശം; 2. കാലിടറൽ
പദം നാ. 1. കാൽ, കാൽച്ചുവട്, പാദം; 2. കാലുവച്ച അടയാളം, കാൾപ്പാട്; 3. പ്രയോഗിക്കത്തക്കവണ്ണം പ്രത്യയങ്ങൾ ചേർത്തശബ്ദം, വാക്ക്; 4. ശ്ലോകത്തിൻെറ ഒരടി, ഒരു വരി; 5. പാട്ട്, പാട്ടിൻെറ ഭാഗം; 6. സ്ഥാനം, പദവി, ഉദ്യോഗം; 7. വാസസ്ഥാനം, ഗൃഹം; 8. തറ; 9. ചതുരങ്ഗപ്പലകയിലെ കള്ളി; 10. ഭാഗം; 11. വ്യവഹാരം; 12. രശ്മി, കിരണം; 13. വസ്തു; 14. ചി ം, അടയാളം, ഭാഗം; 15. വ്യാജം; 16. വർഗമൂലം; 17. തുണിയുടെയും ചുവരിൻെറയും മറ്റും കീഴറ്റം; 18. രക്ഷ, ആശ്രയം; 19. നീളം അളക്കാനുള്ള ഒരു തോത്, അടി
പദയാത്രികൻ നാ. കാൽനടക്കാരൻ
പദവാദ്യം നാ. ഒരു ചർമവാദ്യം
പദവി നാ. 1. സ്ഥാനം, ഉയർന്നസ്ഥാനം; 2. പാത, വഴി; 3. കാലടി പതിഞ്ഞു കാണുന്നിടം; 4. നല്ല നടത്ത; 5. പുണ്യലോകം
പദവിഗ്രഹം നാ. പദം പിരിക്കൽ, പദം പിരിച്ചു വിവരിക്കൽ
പദവിധി നാ. 1. ശബ്ദ രചന; 2. ഛന്ദശ്ശാസ്ത്രം
പദവിന്യാസം നാ. കാൽവയ്പ്പ്, നടപ്പ്
പദവൃത്തി നാ. സമസ്തപദത്തിൻെറ അർഥം വിവരിക്കൽ
പദസ്ഥ വി. 1. ഉയർന്ന സ്ഥാനത്തിരിക്കുന്ന; 2. ഉദ്യോഗം വഹിക്കുന്ന; 3. കാൽനടയായിപോകുന്ന
പദസ്ഥാനം നാ. കാലടി
പദഹതി നാ. ചവിട്ട്, തൊഴി
പദാങ്കം നാ. പദചി ം (കാൽപ്പാട്)
പദാങ്ഗി നാ. ചെമന്ന ചെറുപുള്ളടി
പദാങ്ഗുഷ്ഠം നാ. കാൽപ്പെരുവിരൽ
പദാജി നാ. കാലാൾപ്പട
പദാതൻ,–തി നാ. 1. കാലാൾപ്പടയാളി; 2. പാദചാരി
പദാതികൻ നാ. കാലാൾപ്പടയാളി

പദാതീയൻ നാ. പദാതികൻ
പദാദി നാ. 1. ഒരു പദത്തിൻെറയോ ശ്ലോകപാദത്തിൻെറയോ തുടക്കം; 2. പഠിക്കാൻ സാമർഥ്യമില്ലാത്ത വിദ്യാർഥി (ശ്ലോകത്തിൻെറ വരിയിലെ ആദ്യക്ഷരം മാത്രം ഓർമവരുന്നവൻ)
പദാനുഗൻ നാ. കാലടികളെ പിന്തുടരുന്നവൻ, കൂട്ടുകാരൻ
പദാനുപദം നാ. പദംപ്രതി (അവ്യ)
പദാനുരാഗൻ നാ. ഭൃത്യൻ
പദാനുശാസനം നാ. വ്യാകരണം (പദങ്ങളെക്കുറിച്ചുള്ള നിയമങ്ങൾ അനുശാസിക്കുന്നതിനാൽ)
പദാന്തം നാ. പദത്തിൻെറ അവസാനം (വാക്കിൻെറയോ ശ്ലോകത്തിൻെറയോ അവസാനം)
പദാന്തരം നാ. 1. മറ്റൊരുചുവട്; 2. മറ്റൊരുവാക്ക്; 3. ഒരടി വയ്ക്കാനുള്ള അകലം
പദാന്തസന്ധി നാ. (വ്യാക) രണ്ടു പദങ്ങൾതമ്മിൽ ചേരുമ്പോൾ വരുന്ന മാറ്റം
പദാബ്ജം നാ. പദാംബുജം
പദാഭിലാഷി നാ. പദവി അഭിലഷിക്കുന്നവൻ, സ്ഥാനം മോഹിക്കുന്നവൻ
പദാംശദോഷം നാ. കാവ്യദോഷങ്ങളിൽ ഒന്ന് (പദദോഷങ്ങളായി ചൂണ്ടിക്കാണിച്ച ദുശ്ശ്രവം തുടങ്ങിയവ പദത്തിൻെറ അംശത്തിൽ പ്രവർത്തിക്കുന്നത്)
പദാർഥത്രയം നാ. 1. (വേദം) സത്ത് അസത്ത് മിഥ്യ ഇവ മൂന്നും; 2. ചിത്ത് അചിത്ത് ഈശ്വരൻ ഇവ മൂന്നും; 3. (കാവ്യ) വാച്യം ലക്ഷ്യം വ്യങ്ഗ്യം ഇവ മൂന്നും
പദാർഥദീപിക നാ. വ്യാഖ്യാനം (പദങ്ങളുടെ അർഥം വ്യക്തമാക്കുന്നത്)
പദാർഥം നാ. 1. വസ്തു; 2. വാക്കിൻെറ (പദത്തിൻെറ) അർഥം
പദാരം നാ. 1. കാലിലെ പൊടി; 2. വള്ളം, തോണി
പദാരവിന്ദം നാ. പദാംബുജം
പദാവലി നാ. 1. പദസമൂഹം; 2. ശ്ലോകപാദങ്ങളുടെ പരമ്പര
പദാവൃത്തി നാ. കാവ്യദോഷം രണ്ടുപ്രകാരത്തിലുള്ളത്
പദാഹത വി. തൊഴിക്കപ്പെട്ട, ചവിട്ടപ്പെട്ട
പദിക വി. 1. കാൽനടയായിപ്പോകുന്ന; 2. ഒരു വിഭാഗം മാത്രമുള്ള
പദികം നാ. 1. പാദാഗ്രം; 2. കാലാൾപ്പട; 3. ഒരു വിഭാഗം
പദികി നാ. കാൽനടയായി പോകുന്നവൾ
പദീകരിക്കുക ക്രി. 1. (ധാതുവിനോട് അങ്ഗപ്രത്യയം തുടങ്ങിയവ ചേർത്ത്) പദമാക്കിത്തീർക്കുക; 2. വർഗിക്കുക, ഒരു സങ്ഖ്യയെ അതേ സങ്ഖ്യകൊണ്ടു ഗുണിക്കുക
പദേ അവ്യ. പദത്തിൽ. (പ്ര) പദേപദേ = ഓരോപദത്തിലും, ഓരോ കാൽവയ്പ്പിലും
പദേരിത വി. കാലുകൊണ്ടു ഓടിക്കപ്പെടുന്ന

പദ്ഗൻ നാ. 1. കാൽനടയായി പോകുന്നവൻ; 2. കാലാൾപ്പടയാളി
പദ്ഗം നാ. കാലാൾപ്പട
പദ്മം നാ. പത്മം
പദ്ധതി നാ. 1. കർമചക്രം; 2. വഴി; 3. വരി; 4. ആഗമക്രിയകൾ വിവരിക്കുന്ന ശാസ്ത്രം; 5. ജാതിനാമം
പദ്യ1 വി. 1. പദം സംബന്ധിച്ച; 2. പാദം സംബന്ധിച്ച; 3. പാദത്തെ മുട്ടുകയോ ഉപദ്രവിക്കുകയോചെയ്യുന്ന
പദ്യ2 നാ. 1. വഴി; 2. പഞ്ചസാര; 3. കീർത്തി
പദ്യകാരൻ നാ. പദ്യകൃത്ത്
പദ്യവാക്യം നാ. പദ്യരൂപമായ കൃതി, പദ്യഗ്രന്ഥം
പദ്യകൃത്ത് നാ. പദ്യം രചിക്കുന്നവൻ, കവി
പദ്യൻ നാ. ശൂദ്രൻ, പാദജൻ
പദ്യം നാ. 1. അക്ഷരം മാത്ര ഇവയുടെ ക്രമത്തോടുകൂടിയ പാദങ്ങൾ ഉള്ള രചന (ഛന്ദോബദ്ധമായത്. പദ്യം അല്ലാത്തത് ഗദ്യം); 2. പദത്തെ സംബന്ധിച്ചത്; 3. കീർത്തി
പദ്യരചന നാ. പദ്യമെഴുത്ത്, കവിത രച്ക്കൽ, കാവ്യനിർമിതി
പദ്യസാഹിത്യം നാ. പദ്യരൂപത്തിലുള്ള സാഹിത്യം
പദ്രഥൻ നാ. കാലാൾ
പദ്രം നാ. ഗ്രാമം, കുടികളുടെ കൂട്ടം
പദ്വം നാ. 1. ഭൂമി, ഭൂലോകം; 2. വഴി; 3. വണ്ടി
പന നാ. തെങ്ങിനെക്കാൾ ഉയരവും വണ്ണവുമുള്ള ഒരു ഒറ്റത്തടി വൃക്ഷം. പയ്യെത്തിന്നാൽ പനയും തിന്നാം (പഴ)
പനങ്കണ്ടൻ നാ. പനന്തത്ത
പനങ്കരണ്ടി നാ. പനങ്കായ്
പനങ്കരിക്ക് നാ. പനയുടെ കരിക്ക്, നൊങ്ക്
പനങ്കൽക്കണ്ടം നാ. ഒരിനം കൽക്കണ്ടം (കരിമ്പനയിൽ നിന്നെടുക്കുന്ന അക്കാനിയിൽനിന്ന് ഉണ്ടാക്കുന്നത്)
പനങ്കിളി നാ. ഒരു പക്ഷി, ചെറിയ തത്ത
പനങ്കിഴങ്ങ് നാ. പനന്തേങ്ങ മുളയ്ക്കുമ്പോൾ ആദ്യമായുണ്ടാകുന്ന വേര്. ഇത് ഭക്ഷണസാധനമായി ഉപയോഗിക്കാറുണ്ട്
പനങ്കുല നാ. 1. പനയുടെ കുല; 2. ഉലട്ടിപ്പനയുടെ കൂമ്പുവിരിഞ്ഞുണ്ടാകുന്ന പൂങ്കുല
പനങ്കൂമ്പ് നാ. പനയുടെ നാമ്പ്
പനങ്കൊട്ട1 നാ. പനയുടെ ഉണങ്ങിയ കായ്
പനങ്കൊട്ട2 നാ. പനയോലകൊണ്ടു നിർമിച്ച കുട്ട
പനങ്ങ നാ. (കരിം) പനയുടെ കായ്, പനന്തേങ്ങ
പനഞ്ചക്കര നാ. അക്കാനിയിൽ നിന്നുണ്ടാക്കുന്ന ചക്കര
പനഞ്ഞിൽ നാ. മത്സ്യത്തിൻെറ മുട്ട. (പ്ര) പനഞ്ഞിൽ വയ്ക്കുക = (മീൻ) മുട്ടയിടാറാകുക
പനട്ടൽ [<പനട്ടുക] നാമരൂപം

പനട്ടുക ക്രി. 1. അവ്യക്തമായി ശബ്ദിക്കുക; 2. മുട്ടയിടാറാകുമ്പോൾ കോഴി ശബ്ദിക്കുക
പനനൂർ നാ. പനന്തടിയുടെ ഉള്ളിലുള്ള മൃദുവായ ഭാഗം ഇടിച്ചു വെള്ളത്തിൽ കലക്കി അടിയുമ്പോൾ കിട്ടുന്ന മാവ് (ഭക്ഷണമായി ഉപയോഗം)
പനന്തത്ത നാ. ഒരിനം കിളി
പനമ്പഴം നാ. പനയുടെ പഴം. പനങ്കാ പഴുക്കുമ്പോൾ കാക്കയ്ക്കു വായ്പ്പുണ്ണ്; കാക്കവന്നു പനമ്പഴവും വീണു (യാദൃച്ഛികമായ ബന്ധം)(പഴ)
പനമ്പാത്തി നാ. പനയുടെ തടി നടുവെ പിളർന്ന് ചെത്തിയുണ്ടാക്കിയ പാത്തി
പനമ്പ് നാ. പരമ്പ്
പനമ്പൂ നാ. പനയുടെ പൂവ്
പനയ്ക്കുക ക്രി. 1. ഊറുക, ചോരുക; 2. ദ്രവിക്കുക
പനവൻ നാ. ബ്രാഹ്മണൻ.
1025
പനവാഴ നാ. കരിമ്പനയിൽ വളരുന്ന ഒരിനം ഇത്തിൾ
പനവ് നാ. ബ്രാഹ്മണ്യം
പനവെറി നാ. 1. ഒരിനം മസൂരി; 2. ഞവരി
പനസ നാ. 1. പെൺകുരങ്ങ്; 2. ഒരു രാക്ഷസി; 3. ശരീരത്തിൽ ഉണ്ടാകുന്ന മുള്ളുപോലുള്ള ഒരുതരം വളർച്ച
പനസം നാ. 1. പ്ലാവ്; 2. ചക്ക; 3. മുള്ള്
പനസി നാ. = പനസം
പനസിക നാ. ഒരു ക്ഷുദ്രരോഗം (കാതിലും കഴുത്തിലുമുണ്ടാകുന്ന ഒരുതരം ചെറിയ കുരു.
പനറ്റി നാ. 1. പല്ലിത്തടി; 2. ഞവരി
പനറ്റുക ക്രി. അവ്യക്തശബ്ദം പുറപ്പെടുവിക്കുക, പനട്ടുക
പനായിത വി. പണായിത (സ്തുതിക്കപ്പെട്ട, നിർവഹിക്കപ്പെട്ട)
പനി നാ. 1. ശരീരോഷ്മാവു ക്രമാതീതമായി വർധിക്കുന്നതുമൂലമുണ്ടാകുന്ന ഒരു രോഗം; 2. മഞ്ഞ്; 3. തണുപ്പ്; 4. പ്രിയപ്പെട്ടത്. (പ്ര) കാച്ചൽപ്പനി, തുള്ളൽപ്പനി, മലമ്പനി. പനിക്കു പട്ടിണി നന്ന്. പനിപെയ്താൽ മഴയില്ല. പനിവെള്ളംകൊണ്ടു കടൽ നിറയുമോ (പഴ)
പനിക്കതിർ നാ. ശീതകിരണൻ, ചന്ദ്രൻ
പനിക്കുക ക്രി. 1. പനിയുണ്ടാകുക; 2. വിറയ്ക്കുക; 3. ചൊരിയുക
പനിക്കൂർക്ക നാ. കർപ്പൂരവള്ളി
പനിച്ചം നാ. 1. പനച്ചി (ഒരു വൃക്ഷം); 2. പശ; 3. കൊഴുപ്പ്
പനിച്ചൂട് നാ. 1. ജ്വരതാപം, രോഗം മൂലം ശരീരത്തിൻെറ ചൂട് സാധാരണനിലയിൽനിന്നു കൂടുതലാകൽ; 2. അതിരുകടന്ന വിക്ഷുബ്ധാവസ്ഥ
പനിഞ്ഞിൽ നാ. പനഞ്ഞിൽ
പനിത വി. പനായിത (സ്തുതിക്കപ്പെട്ട)
പനിനീർ നാ. 1. ഒരു സുഗന്ധദ്രാവകം, പനിനീർപ്പൂവിൽനിന്ന് എടുക്കുന്നത്; 2. മഞ്ഞുവെള്ളം; 3. അരിച്ച ജലം, ആവി തണുപ്പിച്ചെടുത്ത ശുദ്ധജലം

പനിനീർച്ചെമ്പകം നാ. ഒരു വൃക്ഷം (പനിനീരിൻെറ മണമുള്ള വെളുത്ത പൂവുള്ളത്)
പനിനീർപ്പൂ(വ്) നാ. റോസാപുഷ്പം
പനിമതി നാ. 1. ചന്ദ്രൻ (തണുത്ത കിരണമുള്ളതിനാൽ); 2. കർപ്പൂരം
പനിമല നാ. ഹിമവാൻ
പനിമലമങ്ക നാ. ഹിമവാൻെറ പുത്രി, പാർവതി
പനിയൻ നാ. 1. പനിയുള്ളവൻ; 2. പനിയുടെ ദേവത; 3. പ്രിയപ്പെട്ടവൻ
പനിനീര്1 നാ. = പനിനീർ
പനിനീര്2 നാ. പാലിലെ ജലാംശം നീക്കിക്കളഞ്ഞു പാകംചെയ്തുണ്ടാക്കുന്ന ഒരു പലഹാരം, പാൽക്കട്ടി
പനുവൽ നാ. 1. ശാസ്ത്രം; 2. ചൊല്ല്, പാട്ട്; 3. പഞ്ഞിനൂൽ
പനുവലാട്ടി നാ. സരസ്വതി
പനുവുക ക്രി. പറയുക, ചൊല്ലുക
പന്തക്കാൽ നാ. പന്തലിൻെറ തൂൺ
പന്തക്കുഴ നാ. 1. ഒരുതരം കുഴൽ (പന്തം ഉറപ്പിക്കാനായി ഓടുകൊണ്ട് വാർത്തുണ്ടാക്കിയത്); 2. പന്തത്തിൽ എണ്ണപകരാൻ ഉപയോഗിക്കുന്ന പാത്രം
പന്തക്കുറ്റി നാ. 1. പന്തക്കുഴിയിൽ എണ്ണയൊഴിക്കാനുള്ള പാത്രം; 2. പന്തം ഉറപ്പിക്കാനായി ഓടുകൊണ്ട് നിർമിച്ച കുഴൽ
പന്തണി വി. പന്തുപോലെ അഴകുള്ള. (പ്ര) പന്തണികൊങ്കയാൾ, പന്തണിമുലയാൾ = നിറഞ്ഞു തുള്ളുന്ന വട്ടമുലകൾ ഉള്ളവൾ, സുന്ദരി
പന്തം1 നാ. 1. കോലിൽ തുണിചുറ്റി എണ്ണയൊഴിച്ച് തീകൊളുത്തിയത്; 2. ഒരു കാവിൽ നിന്നു മറ്റൊരു കാവിലേക്ക് ചൊവ്വാഴ്ച വെള്ളിയാഴ്ച എന്നീ ദിവസങ്ങളിൽ പായുന്നതായി പറയപ്പെടുന്ന തേജഃപുഞ്ജം; 3. കീൽ, പയിനിൻെറ കറ; 4. കൈവിളക്ക്. (പ്ര) പന്തം ഉഴിയൽ = രോഗം മാറ്റാനുള്ള ഒരു ചടങ്ങ്. പന്തംകണ്ട പെരുച്ചാഴി = പരിഭ്രമിച്ച ആൾ

പന്തം2 നാ. 1. അഴക്; 2. സ്നേഹം; 3. ചേർച്ച; 4. മതിൽ
പന്തമുട്ടി നാ. ഒരുതരം വിളക്ക് (വിവാഹാഘോഷങ്ങൾക്കും മറ്റും കത്തിക്കുന്നത്. ആനയുടെ ആകൃതിയുള്ളത്)
പന്തയം നാ. 1. വാത്, പണയം (മത്സരത്തിൽ ജയിക്കുന്നവർക്ക് കൊടുക്കാമെന്ന് മുൻകൂട്ടി നിശ്ചയിക്കുന്ന സമ്മാനം); 2. മത്സരം. (പ്ര) പന്തയം കൂറുക, പന്തയം കെട്ടുക. പന്തയക്കുതിര = കുതിരപ്പന്തയത്തിൽ ഓടിക്കപ്പെടുന്ന കുതിര
പന്തൽ1 നാ. 1. തത്കാലത്തേയ്ക്കു കെട്ടിയുണ്ടാക്കുന്ന പുര (ചുമരില്ലാതെ കാൽനാട്ടി നിർമിക്കുന്നത്. ചരിവില്ലാത്ത മേൽക്കൂരയുള്ളതിനെ കുറിക്കാൻ അധികം പ്രയോഗം); 2. വഴിയാത്രക്കാർക്കു വിശ്രമിക്കാനും വെള്ളം കുടിക്കാനും സൗകര്യമുള്ള ഓലക്കൂരയുള്ള താവളം, തണ്ണീർപ്പന്തൽ; 3. ധാന്യപ്പുര, പണ്ടകശാല. (പ്ര) പന്തലിടുക = പന്തലുണ്ടാക്കുക. പന്തൽ മാടുക = 1. പന്തലുണ്ടാക്കുക; 2. സദ്യകഴിഞ്ഞ്

അടുത്ത പന്തിക്കു മുമ്പായി പന്തൽ വൃത്തിയാക്കുക. പന്തലും പന്തിയും = വിവാഹാദികൾക്കുവേണ്ട ഒരുക്കം. പന്തലും പന്തിയും വിലക്കുക = ജാതിഭ്രഷ്ടു കൽപിക്കുക

പന്തൽ2 നാ. ബന്തർ

പന്തൽക്കാൽ നാ. 1. പന്തൽ ഉറപ്പിക്കുന്ന തൂണ്; 2. പന്തൽ കെട്ടുന്ന ചടങ്ങിൻെറ തുടക്കം കുറിക്കാൻ ആദ്യമായി നാട്ടുന്ന തൂണ്

പന്തൽക്കാവൽ നാ. ധാന്യപ്പുരയും മറ്റും സൂക്ഷിപ്പ്, അങ്ങനെ കാക്കുന്നതിന് കൊടുക്കുന്ന കൂലി

പന്തലിക്കുക ക്രി. 1. വൃക്ഷം പന്തൽപോലെ പടർന്നു വളരുക; 2. മേൽക്കൂര ക്രമമായി ചെരിവുവരാതെ പരന്നു നിവർന്നിരിക്കുക

പന്താട്ടം നാ. പന്തുകളി. (പ്ര) പന്താടുക = 1. പന്തുകളിക്കുക; 2. സ്വാധീനപ്പെടുത്തി ഇഷ്ടംപോലെ പെരുമാറുക

പന്താനക്കെട്ട് നാ. ബന്ധം, കുഡുംബബന്ധം

പന്താനക്കോപ്പ് നാ. 1. പന്താനക്കെട്ട്; 2. ബന്ധുക്കൾ

പന്താനം നാ. കുഡുംബം (ഭാര്യയും മക്കളും ഭവനവും മറ്റും)

പന്തായം നാ. = പന്തയം

പന്തി നാ. 1. വരി, സദ്യയിലും മറ്റും ആളുകൾ നിരന്നിരിക്കുന്ന വരി; 2. ക്രമം; 3. ചേർച്ച; 4. വഴി; 5. ആശ്രയം; 6. കുതിരയുടെയും മറ്റും അണി; 7. കെട്ടിടങ്ങളുടെ നിര; 8. കൂട്ടം; 9. ഭാഗം. (പ്ര) പന്തിയിൽ ഇലവയ്ക്കുക, പന്തിയാവുക, ആനപ്പന്തി. പന്തിപിടിക്കുക = 1. പന്തിയിൽ ഉണ്ണാനായി സ്ഥലം പിടിക്കുക; 2. ഒന്നിനുപകരമായി മറ്റൊന്ന് എടുത്തുവയ്ക്കുക. പന്തിയും പന്തലും വിരോധിക്കുക = ഭ്രഷ്ടുകൽപിക്കുക. പന്തിയിൽ പക്ഷപാതം പാടില്ല. പടകണ്ട കുതിര പന്തിയിലടങ്ങുമോ (പഴ)

പന്തികേട് നാ. 1. ക്രമമില്ലായ്മ; 2. ഭങ്ഗിയില്ലായ്മ

പന്തിക്കാർ നാ. 1. (ഒരേ) പന്തിയിലിരുന്ന് ഊണുകഴിക്കുന്നവർ; 2. ഒരേ കക്ഷിയിൽപ്പെട്ടവർ

പന്തിക്കൊട്ടിൽ നാ. ആന കുതിര എന്നിവയ്ക്കുവേണ്ടിയുള്ള ലായം

പന്തിപ്പലക നാ. സദ്യയ്ക്ക് ഇല വയ്ക്കുമ്പോൾ ആളുകൾക്കിരിക്കാനായി പന്തിയിൽ നെടുനീളെ ഇടുന്ന പലക

പന്തിപ്പായ് നാ. മങ്ഗലപ്പായ് (സദ്യയ്ക്ക് ഇല വയ്ക്കുമ്പോൾ പന്തിയിൽ ഇരിക്കാനായി വിരിക്കുന്ന നീണ്ട പായ്)

പന്തിഭേദം നാ. വിളമ്പുന്നതിൽ കാണിക്കുന്ന പക്ഷഭേദം

പന്തിഭോജനം നാ. 1. പന്തിയിലിരുന്നു ഭക്ഷിക്കൽ; 2. ഒരുമിച്ചുള്ള ഭക്ഷണം

പന്തിരണ്ട് നാ. പത്തും രണ്ടും കൂടിയ സങ്ഖ്യ, പന്ത്രണ്ട്

പന്തിരുകുലം നാ. പറച്ചിപെറ്റുണ്ടായ പന്ത്രണ്ടു വംശങ്ങൾ

പന്തീരടി നാ. 1. ഒരിനം പൂവ്, നാലുമണിപ്പൂവ്, അന്തിമലരി; 2. ക്ഷേത്രങ്ങളിൽ ഉച്ചപ്പൂജയ്ക്കുമുമ്പുള്ള പൂജ (മനുഷ്യൻെറ നിഴൽ കാലത്തു പന്ത്രണ്ടു ചുവടുള്ളപ്പോൾ നടത്തുന്നത്)

പന്തീരാണ്ട് നാ. പന്ത്രണ്ടു വത്സരം

പന്തീരായിരം നാ. ഒരു സങ്ഖ്യ, പന്ത്രണ്ട് ആയിരം കൂടിയത്

പന്ത്1 നാ. ഉരുണ്ട ആകൃതിയുള്ള ഒരു കളിക്കോപ്പ് (തോല് റബ്ബർ പ്ലാസ്റ്റിക് തുടങ്ങിയവകൊണ്ട് നിർമിക്കുന്നത്); 2. നൂലുണ്ട; 3. ചതി; 4. ഉല; 5. ചുരുൾ; 6. കെട്ട്

പന്ത്2 നാ. കളിച്ചീട്ടിൽ അക്കം രേഖപ്പെടുത്തിയിട്ടുള്ളവ (രണ്ടുമുതൽ പത്തുവരെയുള്ള അക്കങ്ങൾ ഉള്ളവ)

പന്ത്3 നാ. ചാട്ടം

പന്തുവരാടി നാ. (സങ്ഗീ) ഒരു രാഗം

പന്ത്രണ്ടാംവ്യാഴം നാ. (ജ്യോ) വലിയ ചെലവാളി (ജ്യോതിശാസ്ത്രപ്രകാരം വ്യാഴം ലഗ്നാൽ പന്ത്രണ്ടാം ഭാവത്തിൽ നിന്നാലുള്ള ഫലം)

പന്ത്രണ്ട് നാ. 1. ഒരു സങ്ഖ്യ (പത്തും രണ്ടും കൂടിയത്)

പന്ഥക വി. പന്ഥാവിനെ സംബന്ധിച്ച

പന്ഥാ(വ്) ആ. 1. വഴി; 2. സ്വഭാവം; 3. പഥം (സമാസത്തിൽ) ഉദാ: മുഖ്യപഥം

പന്ഥാനം നാ. = പന്താനം

പന്ന1 വി. 1. പിന്നിപ്പോയ, ചെറിയ നാരുകളായി വേർപെട്ട, അഴിഞ്ഞുലഞ്ഞ; 2. കീറിപ്പറിഞ്ഞ; 3. മോശപ്പെട്ട, തരം താണ, കൊള്ളരുതാത്ത

പന്ന2 നാ. പന്നൽ. 1. ഒരിനം വള്ളി; 2. മീശ (പ്ര) കീരിപ്പന്ന, തീപ്പന്ന

പന്ന3 [സം.പന്ന<പദ്] വി. 1. വീണുപോയ (പതിത); 2. പ്രാപിച്ച; 3. തറയിൽക്കൂടി ഇഴയുന്ന

പന4 നാ. തറി

പന്നകം നാ. 1. വള്ളത്തിൻെറ മൂടി; 2. പല്ലക്കിൻെറ മൂടി; 3. ഇല

പന്നഖം നാ. പാദനഖം, കാൽനഖം

പന്നഗകേസരം നാ. നാഗപ്പൂവ്

പന്നഗഭൂഷണൻ നാ. ശിവൻ

പന്നഗം നാ. 1. ഇഴഞ്ഞുപോകുന്നത്, പാമ്പ്; 2. കാരീയം

പന്നഗമാതാവ് നാ. ‘നാഗങ്ങളുടെ മാതാവ്’ (പുരാണ) കദ്രു

പന്നഗരാജൻ നാ. 1. അനന്തൻ; 2. വാസുകി

പന്നഗരിപു നാ. ഗരുഡൻ

പന്നഗലോകം നാ. പാതാളം

പനഗവിഭൂഷണൻ നാ. പന്നഗഭൂഷണൻ, ശിവൻ

പന്നഗവൈരി നാ. ഗരുഡൻ

പന്നഗശയനൻ നാ. 1. വിഷ്ണു; 2. വള്ളക്കാരൻ

പന്നഗാഭരണൻ നാ. ശിവൻ

പന്നഗാരി നാ. ഗരുഡൻ (പന്നഗരിപു)

പന്നഗാശനൻ നാ. സർപ്പത്തെ തിന്നുന്നവൻ, ഗരുഡൻ

പന്നഗാസനൻ നാ. വിഷ്ണു

പന്നഗി നാ. 1. പെൺപാമ്പ്; 2. നാഗതാളി

പന്നഗേന്ദ്രൻ നാ. അനന്തൻ

പന്നഗേന്ദ്രശയനൻ നാ. വിഷ്ണു

പന്നഗേശൻ നാ. പന്നഗേന്ദ്രൻ
പന്നഗേശ്വരപുരി നാ. തിരുവനന്തപുരം
പന്ന(ൽ)ത്തുണി നാ. കീറത്തുണി
പന്നം1 വി. 1. വീണത്, വീഴ്ച; 2. അധോഗതി
പന്നം2 നാ. പർണം
പന്നൽ1 നാ. പന്നവള്ളി
പന്നൽ2 നാ. ചീത്തയായത്, പന്നാസ്. ഉദാ: പന്നൽത്തുണി
പന്നൽ3 നാ. 1. ചൊല്ല്, പനുവൽ; 2. അന്വേഷണം
പന്നവള്ളി നാ. 1. ഒരു പടർപ്പുചെടി (അലങ്കാരത്തിനും മറ്റും ഉപയോഗിക്കുന്നത്); 2. വെറ്റിലക്കൊടി
പന്നാട നാ. 1. നൂലടുപ്പമില്ലാത്ത ആട; 2. ഒരിനം ചുക്കിലി; 3. അടിച്ചിപ്പാര, കോഞ്ഞാട്ട
പന്നായം നാ. പന്നകം
പന്നാസ് നാ. = പന്നൽ
പന്നി നാ. 1. ഒരു മൃഗം; 2. കൊള്ളരുതാത്തവൻ, തടിമാടൻ. (പ്ര) പന്നിമൂക്കിൽ കൂന്താണിയിടുക = നിഷ്പ്രയോജനമായ കാര്യം ചെയ്യുക. പന്നി മൂത്താൽ കുന്നണയും. (പഴ)
പന്നിക്കരടി നാ. ഒരിനം കരടി (തവിട്ടുനിറമുള്ളത്)
പന്നിക്കരണം നാ. (ജ്യോ) കരണം പതിനൊന്നുള്ളതിൽ മൂന്നാമത്തേത്
പന്നിക്കല്ല് നാ. 1. മതിലിന്മേൽ പതിപ്പിക്കുന്ന അലങ്കാരക്കല്ല്; 2. കിണറ്റിൻെറ ചുറ്റുമുള്ള കൈവരിയുടെ അസ്തിവാരക്കല്ല്
പന്നിക്കിള നാ. ചാലിൻെറ ഇരുവശമുള്ള മൺതിട്ട
പന്നിക്കുഞ്ചം നാ. 1. പന്നിയുടെ രോമം; 2. പന്നിരോമംകൊണ്ടുണ്ടാക്കിയ ബ്രഷ്
പന്നിക്കുഴി നാ. 1. കാട്ടുപന്നിയെ പിടിക്കാനുള്ള കുഴി; 2. പന്നികിളച്ചുണ്ടായ ചാല്; 3. പന്നിയെ വളർത്തുന്ന കുഴി
പന്നിക്കൊറുക് നാ. ഒരുതരം അപസ്മാരം
പന്നിമുഖി നാ. വാരാഹീദേവി
പന്നിമുള്ള് നാ. മുള്ളൻപന്നിയുടെ ശരീരത്തിലുള്ള നീണ്ടമുള്ള്
പന്നിയമ്പുറം നാ. പരിയമ്പുറം, വീടിൻെറ പിൻഭാഗം (ഇവിടെ ചിലർ പന്നിയെ വളർത്തുന്നതിനാൽ)
പന്നിയെലി നാ. പെരുച്ചാഴി
പന്നിവാൽ നാ. 1. പന്നിയുടെ വാൽ; 2. ചീനന്മാർ പന്നിയുടെ വാലിൻെറ ആകൃതിയിൽ തലയുടെ പിന്നിൽ വളർത്തുന്ന മുടി
പപി നാ. 1. ചന്ദ്രൻ; 2. സൂര്യൻ
പപീഹം നാ. വേഴാമ്പൽപ്പക്ഷി
പപു1 വി. വളർത്തുന്ന
പപു2 നാ. വളർത്തമ്മ
പപ്പടകം നാ. 1. ഒരിനം പുല്ല്; 2. പർപ്പടകം

പപ്പടക്കല്ല് നാ. വലിയ തിരിക്കല്ല് (പപ്പടത്തിനുവേണ്ടി ഉഴുന്നു പൊടിക്കാൻ ഉപയോഗിക്കുന്നത്)
പപ്പടച്ചെട്ടി നാ. ഒരു ജാതി (പപ്പടം ഉണ്ടാക്കുന്ന കൊങ്ങിണി)
പപ്പടം [മറാ.പപ്പഡ്] നാ. ഊണിനും കഞ്ഞിക്കും ഉപദംശമായി ഉപയോഗിക്കുന്ന ഒരു ഭക്ഷ്യ വസ്തു. (പ്ര) പപ്പടം കാച്ചുക,-ചുടുക; പപ്പടംപോലെ പൊടിയുക; പപ്പടവട്ടി. നെട്ടില്ലാവട്ടയില (കടം) = പപ്പടം
പപ്പയ്ക്ക നാ. പപ്പയാമരത്തിൻെറ കായ്, കപ്പളങ്ങ, കർമൂസ്, ഓമയ്ക്കാ.
1027
പപ്പര നാ. ഒരു വൃക്ഷം, പപ്പായമരം
പപ്പാതി അവ്യ. പകുതിവീതം
പപ്പായ [പോർ] നാ. ഒരു മരം (ഇത് കപ്പളം, പപ്പരം പപ്പ, പപ്പായ എന്നു പലപേരുകളിൽ അറിയപ്പെടുന്നു,)
പപ്പ് നാ. 1. തൂവൽ (പക്ഷികളുടെ വലിയ തൂവലുകൾക്കിടയിൽ ഉടലിനോട് ചേർന്നുള്ള ചെറിയ മൃദുവായ തൂവൽ); 2. സാദൃശ്യം. (പ്ര) പപ്പും ചിറകും. പപ്പുപറിക്കുക = കഷ്ടപ്പെടുത്തുക
പപ്രത്തല നാ. ചപ്രത്തല, ഒതുങ്ങാതെ എഴുന്നു നിൽക്കുന്ന മുടിയുള്ള തല
പബ്ലിക്ക് [ഇം.] വി. പൊതുവായ. (പ്ര) പബ്ലിക്ക്റോഡ് (പൊതുനിരത്ത്)
പമ്പ1 നാ. 1. കേരളത്തിലെ ഒരു നദി; 2. (പുരാണ) ഒരു നദി (രാമായണപ്രസിദ്ധമായത്. ഇതു കേരളത്തിലെ പമ്പാനദിതന്നെയാണെന്ന് ചിലർക്കു പക്ഷമുണ്ട്); 3. ഒരു തടാകം (ദണ്ഡകവനത്തിലുള്ളത്). (പ്ര) പമ്പകടക്കുക = ഓടിക്കളയുക, വേഗത്തിൽ ദൂര ദേശം പ്രാപിക്കുക. പമ്പകടത്തുക = ദൂരത്താകുക, തുരത്തുക
പമ്പ2 നാ. 1. ഒരിനം വാദ്യം; 2. ഒരു കളി
പമ്പരക്കളി നാ. 1. പമ്പരം ചുറ്റിക്കുന്ന വിനോദം; 2. കുട്ടികൾ കൈകോർത്തുപിടിച്ച് അതിവേഗത്തിൽ വട്ടം ചുറ്റുന്ന ഒരു കളി
പമ്പരം നാ. ഒരു കളിപ്പാട്ടം (ചുഴറ്റിക്കളിക്കാനായി തടികൊണ്ടോ മറ്റോ ഉണ്ടാക്കുന്നത്) ഉദാ: ഏറുപമ്പരം, വട്ടപ്പമ്പരം. (പ്ര) പമ്പരം ചുറ്റുക. പമ്പരം ചുറ്റിക്കുക = പരിഭ്രമിപ്പിച്ച് കഷ്ടപ്പെടുത്തുക
പമ്പരവിഡ്ഢി നാ. ബുദ്ധി തീരെ ഇല്ലാത്തവൻ , ശുദ്ധമടയൻ, സ്വതന്ത്രമായി തീരുമാനമെടുക്കുവാനും പ്രവർത്തിക്കാനും കഴിവില്ലാത്തവൻ
പമ്പൽ നാ. 1. പരപ്പ്; 2. ഞെരുക്കം
പമ്പിരി1 നാ. ലഹരി, ചൊരുക്ക്. (പ്ര) പമ്പിരികൊള്ളുക = നന്നായി ലഹരിപിടിക്കുക
പമ്പിരി2 നാ. ആധിക്യം
പമ്പിളിനാരകം നാ. ഒരിനം മധുരനാരകം
പമ്പിളിമാസ് നാ. പമ്പിളിനാരങ്ങ
പമ്പ്1 നാ. സത്യക്കുറി (തിളച്ച നെയ്യിൽ കൈമുക്കി സത്യം ചെയ്യാൻ നൽകുന്ന രാജാജ്ഞ)

പമ്പ്2 നാ. കളി, വിനോദം

പമ്പ്3 [ഇം.] നാ. ഒരു യന്ത്രം (ദ്രാവകങ്ങൾ വാതകങ്ങൾ തുടങ്ങിയവ ഒരിടത്തുനിന്നു മറ്റൊരിടത്തേക്കു ശക്തിയോടെ പായിക്കുന്നതിനുള്ളത്)

പമ്പുക ക്രി. കവിഞ്ഞുനിൽക്കുക, പരക്കുക

പമ്മാട്ട് നാ. വഞ്ചന, ചതിവേഷം, നാട്യം

പമ്മുക ക്രി. (അന്യരുടെ ശ്രദ്ധയിൽപ്പെടാതിരിക്കാനേ്വണ്ടി) പതുങ്ങുക, താഴുക

പയണം നാ. യാത്ര

പയ(ൻ) നാ. പശ, കറ

പയ്യൽ നാ. = പൈതൽ

പയ്മ്പുല്ല് നാ. പൈമ്പുല്ല്

പയൻ1 നാ. ഒരു വൃക്ഷം, പയിൻ

പയൻ2 [പ.മ.] നാ. ഫലം പ്രയോജനം

പയൻകറ നാ. കുന്തുരുക്കം, പയൻ മരത്തിൻെറ കറ

പയൻകൊപ്പര നാ. പൈങ്കൊപ്പര

പയം [പ്രാ.പയ.സം.] നാ. 1. ജലം; 2. പാൽ

പയൽ1 നാ. 1. ആൾ; 2. ഹീനജാതിക്കാരൻ; 3. കുട്ടി

പയൽ2 നാ. കരിക്കിൻ ചിരട്ട

പയൽ3 വി. 1. ബലമുള്ള; 2. തടിച്ച, ഭാരമേറിയ (വീട്ടുസാമാനങ്ങൾ എന്നപോലെ)

പയൽ4 നാ. 1. പകുതി; 2. ഓഹരി; 3. പള്ളം

പയൽമാൻ നാ. = ഫയൽവാൻ

പയല നാ. 1. മൂപ്പെത്താത്ത നാളികേരത്തിൻെറ ഉള്ളിലുള്ള കഴമ്പ്; 2. പശ; 3. പശിമയുള്ള വസ്തു

പയശ്ചയം നാ. ജലാശയം (തടാകം തുടങ്ങിയവ)

പയസ്യ1 വി. പയസ്സിൽ നിന്നുണ്ടായ, പാലുള്ള, പാലുപോലുള്ള

പയസ്യ2 നാ. 1. അടപതിയൻ; 2. ക്ഷീരകാകോളി; 3. ഒരിനം മലയെരുമ; 4. കിണികിണിപ്പാല; 5. തൈര്; 6. ഒരു ചെടി

പയസ്യം നാ. 1. പാല്; 2. പായസം; 3. പൂച്ച

പയസ്വല വി. (വളരെ) പയസ്സുള്ള (പാലുള്ള)

പയസ്വി വി. പയസ്സുള്ള

പയസ്വിനി നാ. 1. കറവപ്പശു; 2. പെണ്ണാട്; 3. രാത്രി; 4. നദി; 5. അടപതിയൻ; 6. മുതക്ക്; 7. ക്ഷീരകാകോളി; 8. പാൽച്ചുര; 9. ഒരു നാഡി

പയസ്സ് നാ. 1. പാൽ; 2. വെള്ളം; 3. ആഹാരം; 4. ശുക്ലം; 5. ശക്തി; 6. രാത്രി; 7. അമൃത്; 8. പൂരാടം നക്ഷത്രം

പയറ് നാ. 1. നീണ്ടതോടിനുള്ളിൽ വിത്തുണ്ടാകുന്ന ഇനത്തിൽപ്പെട്ട പല വസ്തുക്കളുടെ പൊതുവായ പേര് (ചെറുപയർ, പെരുമ്പയർ); 2. ചെറുപയർ; 3. കൃഷിചെയ്തുണ്ടാക്കുന്നത്, വിളവ്

പയറ്റ്1 [പയറ്റുക] നാ. 1. ആയുധാഭ്യാസം. ഉദാഃ കുന്തപ്പയറ്റ്, വടിപ്പയറ്റ്; 2. സൂത്രം, കൗശലം, വഞ്ചന

പയറ്റ്2 നാ. പണത്തിനു ഞെരുക്കം അനുഭവപ്പെടുമ്പോൾ ബന്ധുക്കളെയും സ്നേഹിതരെയും വിളിച്ചുവരുത്തി സത്കരിക്കുന്ന സമ്പ്രദായം (അതിഥികൾ സംഭാവനയായികൊടുക്കുന്ന തുകകൊണ്ടു വിഷമഘട്ടം തരണംചെയ്യുന്നത് ലക്ഷ്യം)

പയറ്റു1 [<പയറ്] വി. പയറുകൊണ്ടുള്ള

പയറ്റു2 [പയറ്റുക] ധാതുരൂപം

പയറ്റുക ക്രി. 1. (ആയുധവിദ്യ) പഠിക്കുക, (യുദ്ധമുറ) വശമാക്കുക; 2. കഠിനമായി പ്രയത്നിക്കുക; 3. ചെയ്യുക; 4. അടിക്കുക

പയറ്റുപാട് നാ. ഇടങ്ങഴിപ്പയറു വിതയ്ക്കുന്നതിനുവേണ്ട നിലത്തിൻെറ വിസ്തീർണം

പയറ്റോല നാ. പയറ്റിന് ക്ഷണിക്കപ്പെടുന്ന അതിഥികൾ കൊടുത്ത സംഭാവനയുടെ കണക്ക് (ഈ കണക്ക് സൂക്ഷിക്കുകയും അതിഥികളിലൊരാൾ പയറ്റിനുക്ഷണിക്കുമ്പോൾ ഇങ്ങോട്ടുകിട്ടിയതിനേക്കാൾ കുറയാത്ത തുക സംഭാവന ചെയ്യുകയും പതിവാണ്)

പയി നാ. പശി (വിശപ്പ്)

പയിക്കം1 [പ്രാ] നാ. 1. ഭിക്ഷ; 2. വിശപ്പ്; 3. ഹീനത

പയിക്കം2 നാ. ഒന്നായിച്ചേർക്കൽ

പയിക്കുക ക്രി. പശിക്കുക, വിശക്കുക

പയിങ്ങ നാ. ഉറയ്ക്കാത്ത ഇളം പാക്ക്

പയിൻ നാ. ഒരിനം വൃക്ഷം (ഇതിൻെറ കറയാണ് കുന്തുരുക്കം)

പയിനെണ്ണ നാ. പയിൻ ജാതിയിൽപ്പെട്ട മരങ്ങളുടെ കറയിൽനിന്നു നിർമിക്കുന്ന ഒരിനം തൈലം, ടർപ്പൻെറയിൻ

പയിപ്പ് നാ. പയിക്കം, പശി (വിശപ്പ്)

പയിമ്പ നാ. 1. ഭാണ്ഡം (നടുക്കു കെട്ടുള്ളതും ഒരു ഭാഗം തലയിലും മറുഭാഗം മുതുകിലും വഹിക്കാവുന്നതുമായ സഞ്ചി; 2. ഗർഭപാത്രം; 3. വയറ്

പയിലുക ക്രി. 1. പഠിക്കുക, അഭ്യസിക്കുക; 2. സംസാരിക്കുക

പയിർ നാ. = പയർ

പയിറ്റുക ക്രി. = പയിലുക

പയോ– [സം.പയോ] നാദികളായ വ്യഞ്ജനങ്ങൾക്കുമുമ്പിൽ പയസ് എന്ന ശബ്ദം കൈക്കൊള്ളുന്ന രൂപം

പയോഗുളം നാ. ആലിപ്പഴം

പയോഘനം നാ. ആലിപ്പഴം, മഞ്ഞുകട്ട

പയോജജന്മാ(വ്) നാ. ബ്രഹ്മാവ്

പയോജന്മ നാ. മുത്തങ്ങ

പയോജഭവൻ നാ. പയോജജന്മാവ്

പയോജം നാ. അംഭോജം, താമര

പയോദം നാ. 'ജലം തരുന്നത്', 1. മേഘം; 2. മുത്തങ്ങ (മേഘപര്യായങ്ങളെല്ലാം മുത്തങ്ങയെയും കുറിക്കുന്നു)

പയോദസുഹൃത്ത് നാ. മയിൽ (മേഘങ്ങൾ കണ്ടാൽ മയിൽ ആഹ്ലാദനൃത്തം ചെയ്യുമെന്ന് കവിസങ്കേതം)

പയോധരം നാ. 1. മേഘം; 2. മുല; 3. നാളികേരം; 4. മുത്തങ്ങ; 5. കടൽ; 6. കരിമ്പ്
പയോധി നാ. കടൽ
പയോധികന്യ നാ. മഹാലക്ഷ്മി
പയോധികം നാ. കടൽനുര
പയോധിനി നാ. കടൽ, സമുദ്രം
പയോമുക്ക് നാ. 1. മേഘം; 2. മുത്തങ്ങ
പയോരം നാ. കരിങ്ങാലിവൃക്ഷം
പയോരാശി നാ. അംബുരാശി, കടൽ
പയോവാഹം നാ. അംബുവാഹം (മേഘം)
പയോവ്രതം നാ. ഒരു കഠിനവ്രതം (പാലുമാത്രം ആഹാരമാക്കി അനുഷ്ഠിക്കേണ്ടത്)
പയോഷ്ണി നാ. ഒരു നദി (ഇത് വിന്ധ്യനിൽനിന്നു പുറപ്പെടുന്നു)
പയോഷ്ണിജാത നാ. സരസ്വതിനദി
പയോറിയ [ഇം.] നാ. മോണപഴുപ്പ്
പയ്യ അവ്യ. പയ്യെ
പയ്യൻ നാ. ആൺകുട്ടി, ബാലൻ
പയ്യവൻ1 നാ. 1. വിശപ്പുള്ളവൻ; 2. അഗ്നി (എല്ലാത്തിനേയും ഭക്ഷിക്കുന്ന വിശപ്പുള്ളവൻ)
പയ്യവൻ2 നാ. 1. ബ്രഹ്മാവ്; 2. കർത്താവ്; 3. ചെയ്യുന്നവൻ
പയ്യവെ അവ്യ. പയ്യെ
പയ്യാഞ്ഞലി നാ. ഒരു വൃക്ഷം, അറന്തൽ
പയ്യാന,-നി നാ. പയ്യാഞ്ഞലി
പയ്യാമം നാ. 1. ദഹിക്കാത്ത ആഹാരം; 2. അജീർണം എന്ന രോഗം
പയ്യായ്ക നാ. 1. വിശപ്പില്ലായ്മ; 2. രുചിയില്ലായ്മ
പയ്യ്1 നാ. പശു
പയ്യ്2 നാ. വിശപ്പ്
പയ്യെ അവ്യ. പതുക്കെ, സ്വകാര്യത്തിൽ. പയ്യെത്തിന്നാൽ പനയും തിന്നാം (പഴ)
പർക്കടം നാ. 1. ഞാറപ്പക്ഷി; 2. ആകുലം
പർക്കടി നാ. 1. ഇത്തിയാൽ, ചിറ്റാൽ; 2. അടയ്ക്ക
പർക്കത്ത് നാ. അവസരം
പർജന്യൻ നാ. 1. ഇന്ദ്രൻ (മലയുടെ ദേവൻ); 2. വിഷ്ണു; 3. ദ്വാദശാദിത്യന്മാരിൽ ഒരാൾ
പർജന്യം നാ. 1. ഇടിവെട്ടുന്ന മേഘം, മഴമേഘം; 2. മഴ; 3. മുത്തങ്ങ; 4. മേരു
പർണകുടിക നാ. പർണശാല
പർണധാമം നാ. ആശ്രമം, പർണശാല
പർണഭോജനം നാ. ആട്

പർണം നാ. 1. ഇല; 2. ചിറക്; 3. അസ്ത്രത്തിനുകെട്ടുന്ന തൂവൽ; 4. പ്ലാശ്; 5. പച്ചില
പർണമണി നാ. മരതകം
പർണലത നാ. വെറ്റിലക്കൊടി
പർണശാല നാ. ഇലകൾകൊണ്ടു നിർമിച്ച കുടിൽ, ആശ്രമം
പർണാലയം നാ. പർണശാല
പർണാശനം നാ. 1. ഇലമാത്രം ഭക്ഷിച്ചുകഴിയൽ; 2. മേഘം
പർണാസനം നാ. പുൽപ്പായ്
പർണാസം നാ. 1. ചെറുതുളസി; 2. വെള്ളത്തിൽനിൽക്കുന്ന വീട്; 3. താമര; 4. അലങ്കരണം
പർണി നാ. 1. വൃക്ഷം; 2. ചീട്ട്
പർണില വി. ധാരാളം ഇലകളുള്ള
പർദ [പേർ] നാ. മൂടുപടം
പർപ്പടകം1 [മാരാ] നാ. പർപ്പടം, അപ്പളം
പർപ്പടകം2 നാ. 1. ഒരുതരം പുല്ല്; 2. ഒരുതരം സുഗന്ധം
പർപ്പടി നാ. 1. കരിങ്കച്ചോലം; 2. പർപടം; 3. സുഗന്ധമുള്ള ഒരുതരം മണ്ണ്
പർപ്പം നാ. 1. ഇളമ്പുല്ല്; 2. വീട്; 3. പരപ്പനാട്
പർപ്പരി നാ. പിന്നിക്കെട്ടിയ തലമുടി
പർപ്പരീകൻ നാ. 1. സൂര്യൻ; 2. അഗ്നി
പർപ്പരീകം നാ. 1. കുളം; 2. തൊട്ടി; 3. എരിക്ക്
പർവകം നാ. ചെറുതേക്ക്
പർവകാലം നാ. അഷ്ടമി ചതുർദശി കറുത്തവാവ് വെളുത്തവാവ് എന്നീ നാളുകൾ
പർവതകന്യക നാ. പാർവതി
പർവതം നാ. 1. വലിയ മല; 2. പാറ, കുന്ന്; 3. കൂമ്പാരം; 4. ഏഴ് എന്ന സങ്ഖ്യ (കുലപർവതങ്ങൾ ഏഴാകയാൽ); 5. വൃക്ഷം
പർവതാരി നാ. ഇന്ദ്രൻ
പർവതാശ്രയം നാ. മേഘം
പർവതീകരിക്കുക ക്രി. പെരുപ്പിച്ചുകാണിക്കുക, വലുതാക്കിപറയുക
പർവധി നാ. ചന്ദ്രൻ
പർവം നാ. 1. മുട്ട്, സന്ധി; 2. ഉത്സവകാലം; 3. ഗ്രന്ഥവിഭാഗം; 4. വിഷുവം, സൂര്യസങ്ക്രമണം; 5. അയനസന്ധി; 6. ഏണിപ്പടി; 7. ക്ലിപ്തകാലം
പർവയോനി നാ. വേഴൽക്കരിമ്പ്
പർവസന്ധി നാ. വാവും പ്രതിപദവും കൂടുന്ന സന്ധി
പർവേന്ദു നാ. പാർവണേന്ദു, പൂർണചന്ദ്രൻ
പർശു നാ. ഒരുതരം മഴു, പരശു
പർശുകാ നാ. വാരിയെല്ല്
പര1 [പരകുക] ധാതുരൂപം
പര2 വി. 1. അന്യമായ; 2. പിന്നീടുള്ള; 3. അകലെയുള്ള; 4. അധികമായ; 5. ശ്രേഷ്ഠമായ; 6. (പദാന്തത്തിൽ) താത്പര്യമുള്ള. നാ. 1. ഉത്കൃഷ്ട; 2.

നാലുവിധം ശബ്ദങ്ങളിൽ ഒന്നാമത്തേത് (ഇതു മൂലാധാരത്തിൽ ബ്രഹ്മസ്വരൂപേണ സ്ഥിതിചെയ്യുന്നു); 3. പരാശക്തി; 4. ജീവാത്മാവു കർമവിമുക്തി നേടി വാഴുന്ന അവസ്ഥ; 5. വേദവേദാങ്ഗങ്ങൾ ഒഴിച്ചുള്ള വിദ്യ. താരത. അപര; 6. മായ

പരകായം നാ. അന്യൻെറ ദേഹം. പരകായപ്രവേശം = സ്വന്തം ശരീരത്തെവിട്ട് ആത്മാവിനെ അന്യൻെറ ശരീരത്തിൽ പ്രവേശിപ്പിക്കൽ; കൂടുവിട്ടുകൂടുമാറൽ.

1029

പരകാര്യനിരതൻ നാ. അന്യൻെറകാര്യത്തിൽ ഏർപ്പെട്ടിരിക്കുന്നവൻ

പരക്രീയ1 വി. അന്യനെ സംബന്ധിച്ച, മറ്റൊരുത്തൻെറതായ >< സ്വക്രീയ

പരക്രീയ2 നാ. 1. (നാട്യ) മൂന്നുതരം നായികമാരിലൊന്ന് (സ്വക്രീയ കന്യക എന്നു മറ്റുരണ്ട്); 2. അന്യൻെറ ഭാര്യ

പരക്രീയപദം നാ. അന്യഭാഷയിൽനിന്ന് ഒരു ഭാഷയിലേക്കു സ്വീകരിച്ച പദം

പരകേസരി നാ. 1. ശത്രുക്കൾക്ക് സിംഹം പോലെയുള്ളവൻ; 2. ചോഴരാജൻ (സ്ഥാനപ്പേര്)

പരകോടി നാ. പരമകാഷ്ഠ, അന്ത്യാവസ്ഥ

പരക്കം നാ. പരപ്പ്, പരുങ്ങൽ. (പ്ര) പരക്കമ്പാച്ചിൽ = (സഹായാർഥം) പരിഭ്രമത്തോടെയുള്ള ഓട്ടം

പരക്കൽ നാ. പരപ്പ്

പരക്കവെ അവ്യ. പരക്കെ

പരക്കഴി നാ. 1. കൂട്ടത്തിൽനിന്നു തള്ളപ്പെട്ടവൻ; 2. ദരിദ്രൻ, നശിച്ചവൻ

പരക്കുക ക്രി. വ്യാപിക്കുക, വലുതാവുക, നിരക്കുക, പ്രസിദ്ധമാവുക, ചിന്നുക

പരക്കെ അവ്യ. എല്ലാവരും അറിയത്തക്കവിധം, പൊതുവെ, സവിസ്തരം, എല്ലായിടത്തും

പരക്ഷേത്രം നാ. 1. അന്യൻെറ ഭാര്യ; 2. അന്യൻെറ ശരീരം; 3. അന്യൻെറ വയൽ

പരഗതി നാ. 1. സംസാരമോചനം; 2. സ്വർഗപ്രാപ്തി. പരഗതിവരുത്തുവാൻ പെരുവഴി (പഴ)

പരചക്രം നാ. ഈതിബാധകളിലൊന്ന്, ശത്രുസൈന്യം, ശത്രുരാജാവ്

പരചിത്പദം നാ. പരബ്രഹ്മം

പരചുക ക്രി. സ്തുതിക്കുക

പരച്ഛന്ദ വി. അന്യന്അധീനമായ >< സ്വച്ഛന്ദ

പരച്ഛന്ദം നാ. 1. അന്യൻെറ ഇഷ്ടം; 2. പരാശ്രയം >< സ്വച്ഛന്ദം

പരജ വി. 1. അന്യനിൽനിന്നുണ്ടായ; 2. ശത്രുവിൽനിന്നുണ്ടായ; 3. അന്യൻെറ പിന്നിലായ

പരജനം നാ. 1. അന്യർ; 2. ശത്രുക്കൾ

പരജന്മം നാ. അന്യജന്മം
പരജാതൻ നാ. 1. മറ്റൊരുത്തനുജനിച്ചവൻ; 2. അന്യനാൽ വളർത്തപ്പെട്ടവൻ; 3. ഭൃത്യൻ
പരജാതി നാ. 1. അന്യജാതി; 2. അന്യജാതിക്കാരൻ
പരജിതം നാ. 1. കുയിൽ; 2. അന്യനാൽ കീഴ്പ്പെടുത്തപ്പെട്ടത്, വളർത്തപ്പെട്ടത്
പരജീവി നാ. 1. അന്യനെക്കൊണ്ടു ജീവിക്കുന്നവൻ; 2. മറ്റൊന്നിനെ ആശ്രയിച്ചുവളരുന്നത്
പരജ്ഞാനം നാ. പരത്തെക്കുറിച്ചുള്ള ജ്ഞാനം
പരഞ്ജനൻ നാ. വരുണൻ
പരഞ്ജം നാ. 1. ഇന്ദ്രൻെറ വാൾ; 2. വാൾത്തല; 3. തൈലയന്ത്രം
പരഞ്ജയൻ നാ. വരുണൻ
പരഞ്ജ്യോതിസ്സ് നാ. സർവശ്രേഷ്ഠമായ പ്രകാശം
പരടൈ [പ.മ.] നാ. സഭ. പരടൈയാർ = കമ്മിറ്റിയങ്ഗങ്ങൾ
പരൺ നാ. 1. ഉയരത്തിൽ കെട്ടിയുണ്ടാക്കുന്ന തട്ട്; 2. മരങ്ങളുടെ മുകളിലും മറ്റും ഉയരത്തിൽ കെട്ടിയുണ്ടാക്കുന്ന കാവൽമാടം
പരണ നാ. പരൺ
പരണം നാ. കവർച്ച
പരണ്ട1 വി. 1. ചെറിയ; 2. താണ
പരണ്ട2 നാ. ഒരു ചെറിയ ചെടി, പറണ്ട (ചങ്ങലമ്പരണ്ട)
പരണ്ടക്കോഴി നാ. കാട്ടുകോഴി
പരണ്ടൽ [<പരണ്ടുക] നാമരൂപം
പരണ്ടുക ക്രി. 1. മാന്തുക; 2. കരളുക; 3. ചിക്കുക; 4. അവ്യക്തമായി എഴുതുക
പരതത്ത്വം നാ. പരമമായ തത്ത്വം
പരതന്ത്ര1 വി. മറ്റൊരുത്തന് അധീനമായ
പരതന്ത്ര2 നാ. സ്വതന്ത്രയല്ലാത്തവൾ
പരതമ വി. ഏറ്റവും കൂടുതലായ
പരഥര വി. അത്യധികമായ
പരതരുണി നാ. 1. അന്യസ്ത്രീ; 2. ശത്രുവിൻെറ പത്നി
പരതീരം നാ. അക്കര, മറുകര
പരതുക ക്രി. 1. തപ്പുക; 2. കൈകൊണ്ടു തടഞ്ഞെടുക്കുക; 3. കണ്ണിൽ വളരുന്ന മാംസം ഉരച്ചുകളയുക
പരത്തൽ [<പരത്തുക] നാമരൂപം
പരത്തി നാ. പരവൻെറ സ്ത്രീ, അലക്കുകാരി. ഒരുത്തിയറിഞ്ഞാൽ പരത്തിയറിയും, പരത്തിയറിഞ്ഞാൽ പരക്കെയറിയും (പഴ)
പരത്ത് നാ. പരത്തൽ
പരത്തുക ക്രി. 1. വിസ്താരം വരുത്തുക; 2. നിരത്തുക
പരത്ര അവ്യ. 1. അന്യലോകത്ത്; 2. അന്യത്ര

പരത്വം നാ. 1. മറ്റൊന്ന് എന്ന സ്ഥിതി; 2. ഉത്കർഷം; 3. ഈശ്വരത്വം
പരദളം നാ. ശത്രുസൈന്യം
പരദാരം നാ. 1. അന്യന്റെ ഭാര്യ; 2. ശത്രുവിന്റെ ഭാര്യ
പരദാസ്യം നാ. അന്യന്റെ ഭൃത്യനായിത്തീരൽ
പരദുഃഖം നാ. അന്യന്റെ ദുഃഖം
പരദൂഷണം നാ. അന്യനെ ദുഷിക്കൽ, ഏഷണി, അപവാദം
പരദേവത നാ. 1. കുടുംബദൈവം; 2. പരാശക്തി
പരദേശം നാ. 1. അന്യദേശം; 2. ശത്രുദേശം >< സ്വദേശം
പരദേശി നാ. 1. പരദേശത്തുള്ളവൻ; 2. ഭിക്ഷു
പരദേഹം നാ. 1. അന്യന്റെ ദേഹം; 2. സൂക്ഷ്മശരീരം
പരദൈവം നാ. പരദേവത, കുടുംബദൈവം
പരദോഷം നാ. അന്യന്റെ കുറ്റം
പരദ്രവ്യം നാ. അന്യന്റെ മുതൽ
പരദ്രോഹം നാ. പരോപദ്രവം
പരദ്രോഹി നാ. അന്യനുപദ്രവം ചെയ്യുന്നവൻ, ഘാതകൻ
പരദ്വേഷി നാ. അന്യനെ ദ്വേഷിക്കുന്നവൻ
പരധനം നാ. അന്യന്റെ ധനം
പരധർമം നാ. അന്യജാതിമതക്കാരുടെ ധർമം
പരൻ നാ. 1. അന്യദേശത്തുള്ളവൻ; 2. ശത്രു; 3. ദൂരത്തുള്ളവൻ; 4. ഈശ്വരൻ, പരമാത്മാവ്; 5. ശ്രേഷ്ഠൻ
പരനാരി നാ. 1. അന്യന്റെ സ്ത്രീ; 2. ശത്രുവിന്റെ സ്ത്രീ
പരന്തപൻ നാ. ശത്രുക്കളെ തപിപ്പിക്കുന്നവൻ
പരന്തിരിയസ്സ് നാ. ഫ്രഞ്ചുഭാഷ
പരന്തു അവ്യ. പിന്നെയോ, എന്നാൽ
പരന്ധാമം നാ. 1. സ്വർഗം; 2. പരമചൈതന്യം
പരന്നത് നാ. 1. നിരപ്പുള്ളത്; 2. പരപ്പുള്ളത്, വിസ്താരമുള്ളത്
പരന്നനെ അവ്യ. പരക്കെ, എല്ലായിടത്തും
പരപക്ഷം നാ. 1. മറുകക്ഷി; 2. അന്യന്റെ അഭിപ്രായം
പരപത്നി നാ. അന്യന്റെ ഭാര്യ
പരപദം നാ. മോക്ഷം
പരപരാ അവ്യ. പരന്നുപരന്ന, ക്രമമായി വ്യാപിച്ച. (പ്ര) പരപരാവെളുക്കുക = എല്ലായിടവും വെളിച്ചം പരക്കുക
പരപരിഗ്രഹം നാ. 1. അന്യന്റെ വക; 2. അന്യന്റെ ഭാര്യ
പരപിണ്ഡം നാ. മറ്റൊരാൾകൊടുക്കുന്ന ആഹാരം
പരപിണ്ഡാദൻ നാ. ഭൃത്യൻ
പരപീഡ നാ. അന്യന്റെ ദുഃഖം
പരപീഡനം നാ. അന്യരെ പീഡിപ്പിക്കൽ
പരപുരഞ്ജയൻ നാ. വീരൻ
പരപുരുഷൻ നാ. 1. മറ്റൊരുവൻ; 2. അന്യസ്ത്രീയുടെ ഭർത്താവ്
പരപുഷ്ട1 വി. അന്യനാൽ പോഷിപ്പിക്കപ്പെട്ട

പരപുഷ്ട2 നാ. 1. കുയിൽപ്പേട; 2. വേശ്യ; 3. ഇത്തിൾ
പരപുഷ്ടം നാ. കുയിൽ
പരപൂർവ നാ. പുനർവിവഹംചെയ്തവൾ
പരപൂർവപതി നാ. പരപൂർവയെ വിവാഹം കഴിച്ചവൻ
പരപ്പൻ1 വി. പരന്ന
പരപ്പൻ2 നാ. അവിൽ
പരപ്പനാട് നാ. കോലത്തുനാട്
പരപ്പ് നാ. 1. വിസ്താരം; 2. കടൽ; 3. പ്രചാരം
പരപ്പുവർ നാ. പരസ്യക്കാർ
പരപ്പേർ നാ. പരൽപ്പേര്
പരപ്രത്യയം നാ. മറ്റൊരുവൻെറ അഭിപ്രായത്തിലുള്ള വിശ്വാസം.
പരപ്രത്യയനേയഭ്ദ്ധി = അന്യൻ പറയുന്നതുപോലെ പ്രവർത്തിക്കുന്നവൻ, മൂഢൻ
പരബലം നാ. 1. അന്യൻെറ ബലം; 2. ശത്രുസൈന്യം
പരബോധം നാ. 1. അന്യരുടെബോധം; 2. കുപ്രസിദ്ധി
പരബ്രഹ്മം നാ. 1. സർവപ്രപഞ്ചത്തിനും കാരണമായും സർവജീവികൾക്കും ജീവനായും ദേശകാലാദിഗണനകൾക്ക് അതീതമായും നിർഗുണമായും നിർവ്യാപാരമായും സ്വയംപ്രകാശമായും ഉള്ള സത്ത; 2. യാതൊന്നും അറിഞ്ഞുകൂടാത്തവൻ
പരഭാഗം നാ. 1. മറ്റൊന്നിൻെറ പങ്ക്; 2. അന്യൻെറ ഓഹരി; 3. കൂടുതലായ യോഗ്യത; 3. ഒന്നിനു വിപരീതഗുണമായ മറ്റൊന്നിനോടുള്ള സമ്പർക്കത്തിലുണ്ടാകുന്ന ഗുണോത്കർഷം; 4. പലവർണങ്ങൾ കലർന്നുള്ള ശോഭ; 5. ഭാഗ്യം; 6. ശിഷ്ടം
പരഭൃത1 വി. അന്യനാൽ വളർത്തപ്പെട്ട, അന്യനാൽ ഭരിക്കപ്പെട്ട
പരഭൃത2 നാ. കുയിൽപ്പേട
പരഭൃതം നാ. കുയിൽ (അന്യപുഷ്ടം)
പരഭൃതിക നാ. കുയിൽപ്പേട
പരഭൃത്ത് നാ. 1. അന്യനെ പോഷിപ്പിക്കുന്നത്; 2. കാക്ക (കുയിലിൻെറ കുഞ്ഞിനെ വളർത്തുന്നതുകൊണ്ട്)
പരം1 വി. 1. അന്യമായത്; 2. ശ്രേഷ്ഠമായത്; 3. പിന്നീടുള്ളത്
പരം2 നാ. 1. സ്വർഗം; 2. പരലോകം; 3. മോക്ഷം; 4. പരമകാഷ്ഠ
പരം3 അവ്യ. 1. ഏറ്റവും അകലെ; 2. തീരെ; 3. പിന്നീട്
പരം4[പ.മ.] നാ. പരിച
പരമ വി. 1. ശ്രേഷ്ഠമായ, പ്രധാനമായ; 2. അങ്ങേയറ്റത്തേതായ; 3. ആത്യന്തികമായ; 4. മതിയായ
പരമകല നാ. 1. ശ്രേഷ്ഠകല; 2. ശ്രീപാർവതി
പരമകാര്യം നാ. 1. മുഖ്യകാര്യം; 2. ദേവകാര്യം
പരമകാഷ്ഠ നാ. 1. അങ്ങെയറ്റത്തെ അവസ്ഥ; 2. അതിശക്തി
പരമഗതി നാ. 1. ഈശ്വരൻ; 2. മോക്ഷം
പരമഗുരു നാ. 1. പ്രധാനഗുരു; 2. ഈശ്വരൻ

പരമണ്ഡലം നാ. 1. അന്യദേശം; 2. ശത്രുരാജ്യം; 3. സ്വർഗം; 4. ശ്രേഷ്ഠമായ ദേശം

പരമദഹരൻ നാ. ശത്രുക്കളുടെ അഹങ്കാരം ശമിപ്പിക്കുന്നവൻ

പരമൻ നാ. 1. സർവോത്കൃഷ്ടൻ; 2. ഈശ്വരൻ

പരമപദം നാ. 1. ഏറ്റവും ഉയർന്ന സ്ഥാനം; 2. മോക്ഷം

പരമപുരുഷൻ നാ. 1. മഹാവിഷ്ണു; 2. പരമാത്മാവ്

പരമം നാ. 1. ഏറ്റവും ശ്രേഷ്ഠം; 2. ചിദാകാശം, ബ്രഹ്മപദം; 3. ശ്രേഷ്ഠം

പരമരസം നാ. 1. മുഖ്യരസം; 2. വളരെയധികം രസിപ്പിക്കുന്നത്; 3. വെള്ളംചേർത്തമോര്

പരമരഹസ്യം നാ. 1. ഏറ്റവും ഗൂഢമായത്; 2. ഏറ്റവും ശുദ്ധമായത്

പരമശാന്തി നാ. സമാധിനില

പരമശിവൻ നാ. ശ്രീപരമേശ്വരൻ

പരമസിദ്ധി നാ. പരമഗതി

പരമഹംസൻ നാ. സന്ന്യാസിമാർ ആറുവിധമുള്ളതിൽ ഒന്ന്, അത്യുത്തമനായ സന്ന്യാസി, ശിഷ്യന്മാരെ ഉപദേശിക്കുവാനർഹൻ

പരമാണു നാ. 1. ത്രസരേണുവിൻെറ മുപ്പതിലൊരുപങ്ക്; 2. ഏറ്റവും ചെറുതും അവിഭാജ്യവുമായ അണു

പരമാണുവാദം നാ. പ്രപഞ്ചഘടന പരമാണുക്കളെക്കൊണ്ടാണെന്ന വാദം

പരമാത്മാവ് നാ. പരമമായ-ഉത്കൃഷ്ടമായ- ആത്മചൈതന്യം ആർക്കുണ്ടോ അവൻ‘, 1. ശുദ്ധാത്മാവ്; 2. സർവചരാചരങ്ങൾക്കും ജീവനായിരിക്കുന്ന ചൈതന്യം

പരമാദ്വൈതം നാ. ശുദ്ധാദ്വൈതം

പരമാനന്ദം നാ. 1. അങ്ങെയറ്റത്തെ ആനന്ദം; 2. ഭാഗ്യം; 3. പരമാത്മാവ്

പരമാന്നം നാ. ക്ഷീരാന്നം, പാച്ചോറ്

പരമായുഷം നാ. വേങ്ങമരം

പരമായുസ്സ് നാ. ജീവിച്ചിരിക്കാവുന്ന ഏറ്റവും കൂടിയ കാലം

പരമാർഥം നാ. 1. ഏറ്റവും ശ്രേഷ്ഠമായ അർഥം; 2. പരമമായ സത്യം. പരമാർഥജ്ഞാനം = സത്യത്തെക്കുറിച്ചുള്ള അറിവ്

പരമാർഥി നാ. 1. പരമാർഥമുള്ളവൻ; 2. ഭോഷൻ.

1031

പരമാവധി നാ. അങ്ങേയറ്റം, ആവുന്നത്ര

പരമേശ്വരൻ നാ. 1. ശിവൻ; 2. വിഷ്ണു; 3. ഇന്ദ്രൻ

പരമേശ്വരി നാ. 1. ശ്രീപാർവതി; 2. ഭദ്രകാളി

പരമേഷ്ഠി നാ. 1. ബ്രഹ്മാവ്; 2. വിഷ്ണു; 3. ശിവൻ; 4. ഗരുഡൻ; 5. അഗ്നി; 6. അധ്യാത്മഗുരു; 7. പ്രജാപതി

പരമോപകാരം നാ. ഏറ്റവും വലിയ സഹായം

പരമ്പദം നാ.. 1. എല്ലാറ്റിലും ശ്രേഷ്ഠമായ സ്ഥാനം; 2. വൈകുണ്ഠം; 3. നിർവാണപദം

പരമ്പര വി. 1. തുടർന്നുതുടർന്നുള്ള; 2. തലമുറതലമുറയായുള്ള. നാ. 1. പാരമ്പര്യം; 2. തുടർച്ച; 3. സന്തതി; 4. ക്രമം; 5. തലമുറ; 6. നിര

പരമ്പരൻ നാ. 1. വംശത്തിലുള്ളവൻ; 2. ഒരുതരം മാൻ; 3. പരമാത്മാവ്

പരമ്പരാർജിതം നാ. പരമ്പരയാ സമ്പാദിച്ചത്

പരമ്പരിത വി. തുടർച്ചയായ

പരമ്പരിതം നാ. രൂപകാലങ്കാരത്തിൻെറ ഒരു പിരിവ്

പരമ്പരീണ വി. പാരമ്പര്യക്രമത്തിലുള്ള

പരമ്പരോപദേശം നാ. പരമ്പരയാ കിട്ടുന്ന ഉപദേശം, കുടുംബരഹസ്യ

പരമ്പ് നാ. 1. പരപ്പ്; 2. പരന്നത്; 3. മുളംപൊളികൊണ്ട് നിർമിക്കുന്ന ചിക്കുപായ്; 4. വരിക്കണക്ക്

പരമ്പുമാൻ നാ. ഈശ്വരൻ

പരമ്പുരാൻ നാ. ഈശ്വരൻ

പരമ്പൊരുൾ നാ. 1. ശ്രേഷ്ഠമായ അർഥം; 2. പരബ്രഹ്മം

പരയുവതി നാ. മറ്റൊരുവൻെറ ഭാര്യ

പരൽ നാ. 1. ചെറുതും ഏകദേശം ഒരേവലിപ്പമുള്ളതുമായ കല്ല്; 2. കവടി; 3. ചെറിയ ഒരുതരം മീൻ; 4. ക്രിസ്റ്റൽ

പരൽപ്പേര് നാ. അക്ഷരങ്ങൾകൊണ്ടു സങ്ഖ്യകുറിക്കുന്ന വാക്യം. 'കടപയാദി' നോക്കുക

പരലോകം നാ. 1. അന്യലോകം; 2. സ്വർഗം

പരലോകവിധി നാ. ശേഷക്രിയ

പരവ നാ. 1. കടൽ; 2. ഒരിനം മത്സ്യം; 3. പടരുന്ന ഒരു ചെടി; 4. പരപ്പ്; 5. മഹാലക്ഷ്മി; 6. നൃത്തം

പരവതാനി നാ. ഒരിനം രത്നകംബളം

പരവതി നാ. നാഥനുള്ളവൾ

പരവത്ത് വി. മറ്റൊരുത്തന് അധീനമായ

പരവധു നാ. അന്യസ്ത്രീ

പരവൻ നാ. 1. അരയൻ; 2. കക്കാനീറ്റി ചുണ്ണാമ്പുണ്ടാക്കുന്ന ഒരു ജാതി; 3. കല്ലാശാരി

പരവരി നാ. രക്ഷാകർത്തൃത്വം

പരവൽ [പരവുക] നാമരൂപം

പരവശ വി. 1. മറ്റൊരാളിനോ ശക്തിക്കോ അധീനമായ; 2. ക്ഷീണിച്ച

പരവശത നാ. 1. പരതന്ത്രത; 2. ക്ഷീണം; 3. ദാരിദ്ര്യം

പരവശപ്പെടുക ക്രി. 1. ഞെരുങ്ങുക; 2. ക്ഷീണിക്കുക; 3. അന്യാധീനമാവുക

പരവാച്യം നാ. അന്യൻെറ കുറ്റവും കുറവും

പരവാണി നാ. 1. സുബ്രഹ്മണ്യൻെറ മയിൽ; 2. ന്യായാധിപതി

പരവാദം നാ. 1. അന്യൻെറ അഭിപ്രായം; 2. എതിർവാദം; 3. കേൾവി

പരവാൻ നാ. അന്യൻെറ ചൊൽപ്പടിക്കു നടക്കുന്നവൻ
പരവുക1 ക്രി. 1. വ്യാപിക്കുക; 2. ചിതറിവീഴുക; 3. പ്രചരിക്കുക; 4. പാടുക
പരവുക2 ക്രി. പരതുക
പരവേശം1 നാ. പരവശത, പരക്കം, വെപ്രാളം
പരവേശം2 നാ. പരവേഷം
പരവ്രതൻ നാ. ധൃതരാഷ്ട്രർ
പരശം നാ. സ്പർശമണി
പരശു നാ. 1. വെൺമഴു; 2. കോടാലി
പരശുധരൻ നാ. 1. പരശുരാമൻ; 2. ഗണപതി; 3. ശിവൻ
പരശുപലാശം നാ. മഴുവിൻെറ അലക്
പരശുഭദ്വേഷി നാ. അസൂയാലു
പരശുരാമകുണ്ഡം നാ. സമന്ത (സ്യമന്ത) പഞ്ചകം എന്ന പേരിൽ ക്ഷത്രിയരക്തംകൊണ്ടു പരശുരാമൻ നിർമിച്ച അഞ്ചു തീർഥങ്ങളിൽ ഓരോന്നും
പരശുരാമക്ഷേത്രം നാ. കേരളം
പരശുരാമൻ നാ. വിഷ്ണുവിൻെറ അവതാരം
പരശുരാമൻപണം നാ. കേരളത്തിൽ പ്രചാരത്തിലുണ്ടായിരുന്ന ഒരു നാണയം
പരശുരാമായണം നാ. ഭാർഗവപുരാണം
പരശുവനം നാ. ഒരുനരകം
പരശ്രീ നാ. അന്യൻെറ ഐശ്വര്യം
പരശ്വധം നാ. വെൺമഴു
പരശഃ അവ്യ. മറ്റന്നാൾ
പരശ്ശതം അവ്യ. നൂറിലധികം
പരസാത്കൃത നാ. വിവാഹിത
പരസുഖം നാ. 1. അന്യൻെറ ഭാര്യ; 2. നിത്യാനന്ദം
പരസ്താൽ അവ്യ. 1. മറുവശത്ത്; 2. അപ്പുറത്ത്; 3. അതിനുശേഷം
പരസ്ത്രീ നാ. 1. അന്യൻെറ ഭാര്യ; 2. വേശ്യ
പരസ്പര വി. തമ്മിൽത്തമ്മിലുള്ള
പരസ്പരം അവ്യ. അന്യോന്യം
പരസ്മൈപദി നാ. സംസ്കൃതവ്യാകരണമനുസരിച്ച് ക്രിയകൾ രണ്ടുവിധമുള്ളതിൽ ഒന്ന്
പരസ്യം നാ. പൊതുവെ അറിയാവുന്നത്, പൊതുവായ അറിയിപ്പ്, വിളംബരം (രഹസ്യം എന്നതിനു സമാനമായ ഒരു സൃഷ്ടി. രഹസ് – രഹസ്യം പോലെ പരസ് – പരസ്യം നിഷ്പാദിപ്പിക്കുവാൻ സാധ്യമല്ല)
പരസ്വം നാ. മറ്റൊരുവൻെറ മുതൽ
പരസഹസ്രം നാ. ആയിരത്തിലധികം
പരഹിതം നാ. 1. അന്യനു ഹിതമായത്; 2. മറ്റൊരുവൻെറ ഇഷ്ടം; 3. (ജ്യോ) ഒരു ഗണിതസമ്പ്രദായം
പരഹിംസ നാ. അന്യരെ ദ്രോഹിക്കൽ
പരള നാ. ചാണകം വൃത്താകൃതിയിൽ പരത്തി ഉണക്കിയെടുത്തത്

പരാക		വി.	ചെറിയ
പരാകം		നാ.	1. യാഗകർമം; 2. രണ്ടുദിവസം രാപ്പകൽ ഉപവാസം അനുഷ്ഠിക്കൽ; 3. യാഗത്തിനുപയോഗിക്കുന്ന ഒരിനം വാൾ; 4. (ആയുർ) ഒരു രോഗം
പരാകരണം		നാ.	പരാകരിക്കൽ
പരാകരിക്കുക		ക്രി.	1. ഉപേക്ഷിക്കുക; 2. അനാദരിക്കുക
പരാകൃത		വി.	പരാകരണം ചെയ്യപ്പെട്ട
പരാക്പുഷ്പി		നാ.	വലിയ കടലാടി
പരാക്രമൻ		നാ.	വിഷ്ണു
പരാക്രമം		നാ.	1. ശക്തി, വീര്യം; 2. ആക്രമിക്കൽ; 3. പ്രയത്നം; 4. (ആല) ബഹളം ഉണ്ടാക്കൽ
പരാക്രമി		നാ.	പരാക്രമമുള്ളവൻ
പരാക്രാന്ത		വി.	1. പരാക്രമം ഉള്ള; 2. ആക്രമിക്കപ്പെട്ട, പിന്തിരിഞ്ഞ
പരാഗത		വി.	1. മരിച്ച; 2. പോയ; 3. വന്നെത്തിയ; 4. വ്യാപിച്ച; 5. മൂടിയ
പരാഗപുഷ്പം		നാ.	പൊടിക്കടമ്പ്
പരാഗം		നാ.	1. പൂമ്പൊടി; 2. പൊടി; 3. കുളികഴിഞ്ഞാൽ ശരീരത്തിൽപുരട്ടുന്ന സുഗന്ധപ്പൊടി; 4. ചന്ദനം
പരാഗമം		നാ.	1. വന്നെത്തൽ, വരവ്; 2. എതിർപ്പ്, ശത്രുവിൻെറ ആക്രമണം
പരാഗമിക്കുക		ക്രി.	1. മരിക്കുക; 2. വ്യാപിക്കുക; 3. തിരിച്ചുവരുക; 4. ചുറ്റുക
പരാങ്കുശൻ		നാ.	ശത്രുക്കൾക്ക് അങ്കുശം (തോട്ടി) പോലെയുള്ളവൻ
പരാങ്ഗവം		നാ.	കടൽ, സമുദ്രം
പരാങ്മുഖ		വി.	1. മുഖം തിരിച്ചുകളഞ്ഞ, പിന്തിരിഞ്ഞ; 2. അനുകൂലമല്ലാത്ത
പരാചിത		വി.	അന്യനാൽ വളർത്തപ്പെട്ട
പരാചിതൻ		നാ.	അടിമ
പരാചീന		വി.	1. പിന്തിരിഞ്ഞ, എതിർവശത്തേക്കുതിരിഞ്ഞ; 2. അവഗണിച്ച; 3. പിന്നീടുണ്ടാകുന്ന; 4. ചേരാത്ത
പരാചീനം		നാ.	അപ്പുറം
പരാജയം		നാ.	തോൽവി
പരാജിത		വി.	തോൽപ്പിക്കപ്പെട്ട
പരാജിഷ്ണു		നാ.	1. ജയശാലി; 2. കീഴടക്കപ്പെട്ടവൻ
പരാഞ്ജം		നാ.	1. ചക്ക്; 2. വാൾമുന; 3. നുര
പരാണസ		നാ.	= പരാനസ
പരാതി	[പേർ.ഫിര്യാദീ]	നാ.	സങ്കടം, സങ്കടനിവേദനം
പരാതീതൻ		നാ.	1. പരമാത്മാവ്; 2. സർവോത്കൃഷ്ഠൻ
പരാത്മാവ്		നാ.	പരമാത്മാവ്

പരാദം നാ. മറ്റൊന്നിനെ ആശ്രയിച്ച് ആഹാരം സ്വീകരിക്കുന്നത്
പരാദാനം നാ. കൈമാറ്റം
പരാധാരം നാ. കാക്ക (കുയിലിന് ആധാരമായതിനാൽ)
പരാധി നാ. നായാട്ട്
പരാധീന വി. മറ്റൊരുവനെ സേവിക്കുന്ന, അന്യൻെറ ചൊൽപ്പടിക്കുനടക്കുന്ന
പരാധീനപ്പെടുക ക്രി. 1. അന്യാധീനപ്പെടുക; 2. പ്രയാസപ്പെടുക
പരാധീനം നാ. 1. അന്യനു കീഴ്പ്പെട്ടത്; 2. പാരവശ്യം; 3. ദാരിദ്ര്യം
പരാനന്ദം നാ. 1. അധികമായ ആനന്ദം; 2. സർവശ്രേഷ്ഠമായ ആനന്ദം, നിർവൃതി, മോക്ഷം
പരാനസ നാ. വൈദ്യം, ചികിത്സ
പരാനുഭൂതി നാ. 1. അന്യൻെറ അനുഭവം; 2. സർവശ്രേഷ്ഠമായ ആനന്ദാനുഭൂതി, ഈശ്വരസാക്ഷാത്കാരം, മോക്ഷം
പരാന്തകൻ നാ. 1. ശത്രുക്കൾക്കു കാലനായവൻ; 2. ശിവൻ
പരാന്നൻ നാ. 1. മറ്റൊരുവൻെറ ചോറുകൊണ്ട് ഉപജീവിക്കുന്നവൻ; 2. ഭൃത്യൻ
പരാന്നഭുക്ക് നാ. അന്യൻെറ അന്നം ഭുജിക്കുന്നവൻ, പരാന്നൻ
പരാന്നം നാ. 1. മറ്റൊരുവൻ കൊടുക്കുന്ന ചോറ്; 2. അന്യനെ ആശ്രയിച്ചുള്ള ജീവിതം, ദാസ്യം
പരാപര1 വി. 1. നല്ലതും ചീത്തയുമായ; 2. ഉയർന്നതും താണതുമായ; 3. ആദിയും അന്തവുമായ; 4. മുമ്പും പിമ്പുമുള്ള; 5. അടുത്തും അകലെയുമായ
പരാപര2 നാ. പരാശക്തി (എല്ലാശക്തിക്കും അതീതമാകയാൽ)
പരാപരൻ നാ. ഈശ്വരൻ, പരമാത്മാവ്
പരാപഹാസം നാ. പരനിന്ദ
പരാപേക്ഷ നാ. പരാശ്രയം
പരാഭവം നാ. 1. തോൽവി, മടക്കം; 2. അപമാനം; 3. നാശം; 4. വേർപാട്
പരാഭൂത വി. തോൽപ്പിക്കപ്പെട്ട, അപമാനിക്കപ്പെട്ട, തിരസ്കരിക്കപ്പെട്ട
പരാഭൂതി1 നാ. പരാഭവം, തോൽവി, അപമാനം
പരാഭൂതി2 നാ. ഉത്കൃഷ്ഠമായ ഐശ്വര്യം
പരാമർശനം നാ. 1. വിചാരം; 2. സൂചന; 3. തീർപ്പ്; 4. സ്പർശനം; 5. ഗ്രഹണം
പരാമർശി വി. പരാമർശിക്കുന്ന
പരാമർശിക്കുക ക്രി. 1. പ്രധാനസങ്ഗതികളെപ്പറ്റി പ്രസ്താവിച്ചു മൊത്തത്തിൽചിന്തിക്കുക; 2. ഒന്നിനെസംബന്ധിച്ചു പറയുക; 3. സ്പർശിക്കുക; 4. തലോടുക; 5. കാത്തുസൂക്ഷിക്കുക
പരാമർഷം നാ. വലിയകോപം

പരാമൃത വി. മൃത്യുവിനെ ജയിച്ച
പരാമൃതൻ നാ. ശിവൻ
പരാമൃഷ്ട വി. പരാമർശിക്കപ്പെട്ട
പരായണ വി. 1. ആസക്തിയുള്ള, നിരതമായ; 2. ആശ്രയിച്ചിരിക്കുന്ന
പരായണം നാ. 1. മതസംബന്ധമായുള്ള ക്രമം; 2. മോക്ഷം; 3. ആസക്തിസ്ഥാനം; 4. ഏകാഗ്രഭക്തി
പരായുത വി. പതിനായിരത്തിലധികമുള്ള
പരാർഥം1 അവ്യ. അന്യനുവേണ്ടി
പരാർഥം2 നാ. 1. മറ്റൊരർഥം; 2. മൈഥുനം
പരാർധം നാ. 1. മറ്റേപ്പകുതി; 2. ഒരുവലിയ തുക; 3. പതിനെട്ടാമത്തെ സ്ഥാനം; 4. ബ്രഹ്മകൽപത്തിൽ പകുതി; 5. ആയുഷ്ക്കാലത്തിൻെറ പകുതി
പരാർധ്യം നാ. 1. ശ്രേഷ്ഠം; 2. ഒരു വലിയ സങ്ഖ്യ
പരാരി1 അവ്യ. മുൻകൊല്ലം, രണ്ടാമാണ്ട്
പരാരി2 നാ. പരമശത്രു
പരാരി3 [പേർ.പരാരി] നാ. ഭൂമിഉപേക്ഷിച്ച് ഓടിപ്പോകുന്ന കർഷകൻ, കരക്കുടിശ്ശിക വരുത്തിയവൻ
പരാരിപ്പിള്ള നാ. അനാഥശിശു, പടുമുളക്കാരൻ
പരാരുകം നാ. 1. കല്ല്; 2. പാറ
പരാലയം നാ. അന്യഗൃഹം
പരാവർത്തനം നാ. 1. ഒരേസങ്ഗതിതന്നെ മറ്റൊരുതരത്തിൽ പ്രസ്താവിക്കൽ; 2. പദ്യത്തിൻെറ അർഥം ഒട്ടും ചോർന്നുപോകാതെ ഗദ്യരൂപത്തിലാക്കൽ; 3. തിരിച്ചുവരവ്
പരാവർത്തം നാ. 1. തിരിച്ചുവരവ്; 2. കൈമാറ്റം; 3. വിധി അസ്ഥിരപ്പെടുത്തൽ
പരാവര വി. 1. മുമ്പും പിമ്പുമുള്ള; 2. മുകളിലും താഴെയുമുള്ള; 3. അടുത്തും ദൂരെയുമുള്ള
1033
പരാവരം നാ. 1. പ്രപഞ്ചം; 2. കാര്യകാരണങ്ങൾ; 3. ചിറ്റീന്തൽ
പരാവഹൻ നാ. സപ്തമരുത്തുക്കളിൽ ഒന്ന്
പരാവഹം നാ. പരാവഹൻ
പരാവിദ്ധൻ നാ. 1. കുബേരൻ; 2. വിഷ്ണു
പരാവിദ്യ നാ. ബ്രഹ്മജ്ഞാനം
പരാവൃത്ത വി. 1. പരാവർത്തനം ചെയ്ത; 2. ഓടിപ്പോയ; 3. തിരിച്ചുവന്ന; 4. അസ്ഥിരപ്പെടുത്തിയ
പരാവൃത്തി നാ. = പരാവർത്തനം
പരാശക്തി നാ. ശിവശക്തി, ആദ്യശക്തി
പരാശരൻ നാ. 1. വേദവ്യാസൻെറ പിതാവ്; 2. അഷ്ടാദശസ്മൃതികാരന്മാരിൽ ഒരാൾ (വസിഷ്ഠപുത്രനായ ശക്തിക്ക് അദൃശ്യന്തിയിലുണ്ടായവൻ)

പരാശരം		നാ.	1. ഒരു പുരാണം; 2. ഒരു ധർമശാസ്ത്രം
പരാശരസ്മൃതി		നാ.	പരാചരൻ എന്ന ആചാര്യൻ രചിച്ച ധർമശാസ്ത്രം
പരാശരി		നാ.	യാചകൻ, ഭിക്ഷു
പരാശ്രയ1		വി.	അന്യനെ ആശ്രയിക്കുന്ന
പരാശ്രയ2		നാ.	ഇത്തിൾക്കണ്ണി
പരാസങ്ഗം		നാ.	പരാശ്രയം
പരാസനൻ		നാ.	കൊലയാളി
പരാസനം		നാ.	1. വധം; 2. ക്ഷേപിക്കൽ, എറിയൽ
പരാസം		നാ.	1. എറിഞ്ഞാൽപോകുന്ന ദൂരം; 2. വെളുത്തീയം
പരാസു		നാ.	മരിച്ചവർ, പരേതർ
പരാസ്കന്ദി		നാ.	കള്ളൻ
പരാസ്ത		വി.	1. പരാസനംചെയ്യപ്പെട്ട; 2. ഓടിക്കപ്പെട്ട, തള്ളപ്പെട്ട, എറിയപ്പെട്ട
പരാഹത		വി.	ആക്രമിക്കപ്പെട്ട, അടിച്ചുവീഴ്ത്തിയ
പരാഹതി		നാ.	പ്രഹരം
പരാഹം		നാ.	അടുത്തനാൾ
പരാഹ്ണം		നാ.	ഉച്ചകഴിഞ്ഞുള്ള സമയം
പരാ ം		നാ.	= പരാഹ്ണം
പരി1 [സം.പരി]		ഒരു ഉപസർഗം (ചുറ്റും, ഒടുവിൽ, നേർക്ക്, കൂടാതെ, പുറമെ, കൂടുതലായി തുടങ്ങിയ അർഥങ്ങൾ കുറിക്കാൻ) സംസ്കൃതപദങ്ങളുടെ മുമ്പിൽ ചേർക്കുന്നു
പരി2		വി.	1. അഴകുള്ള; 2. തീവ്രമായ
പരി3		നാ.	1. ഭങ്ഗി; 2. മായം; 3. ഗതി; 4. കുതിര; 5. ആന; 6. ഉയരം; 7. വഴി; 8. പരുത്തി; 9. വലിപ്പം
പരികഥ		നാ.	ഒരു സങ്കൽപ പാത്രത്തിൻെറ അദ്ഭുതകൃത്യങ്ങൾ വിവരിക്കുന്ന കഥ
പരികമ്പം		നാ.	1. ഭയം; 2. വിറയൽ
പരികമ്പിത		വി.	ചുറ്റും ഇളക്കപ്പെട്ട
പരികർത്തനം		നാ.	1. ഛേദനം; 2. ഉളച്ചിൽ, സൂചികുത്തുന്നതുപോലെയുള്ള വേദന
പരികർമം		നാ.	1. ശുശ്രൂഷ; 2. ഒരു ഗണിതക്രിയ; 3. ഒരുക്കം; 4. ആഭരണങ്ങൾകൊണ്ടും സുഗന്ധലേപനാദികൊണ്ടും മറ്റും ശരീരം അലങ്കരിക്കൽ
പരികർമാവ്		നാ.	പരികർമി
പരികർമി1		വി.	അലങ്കരിക്കുന്ന
പരികർമി2		നാ.	1. ഭൃത്യൻ; 2. പൂജാകാര്യങ്ങളിൽ പ്രധാനപൂജാരിയെ സഹായിക്കുന്ന ആൾ
പരികർഷണം		നാ.	1. വലിച്ചെടുക്കൽ; 2. പീഡനം
പരികർഷിത		വി.	പീഡിപ്പിക്കപ്പെട്ട
പരികര		വി.	സഹായിക്കുന്ന, സഹകരിക്കുന്ന
പരികരബന്ധനം		നാ.	തയാറെടുക്കൽ, അരയും തലയും മുറുക്കൽ

പരികരം നാ. 1. കട്ടിൽ; 2. കാപ്പ്; 3. ആരംഭം; 4. പരിവാരം; 5. അരയും തലയും മുറുക്കിക്കെട്ടൽ; 6. സമൂഹം; 7. വിധി; 8. ഉപകരണം; 9. ഒരു അലങ്കാരം
പരികല്കനം നാ. ചതി, വഞ്ചന
പരികല്പ(നം) നാ. 1. സ്ഥിരപ്പെടുത്തൽ; 2. ഒരുക്കം; 3. വീതിച്ചുകൊടുക്കൽ; 4. നിർമിക്കൽ; 5. ഭാവനയിൽ ആവിഷ്ക്കരിക്കൽ
പരികല്പിക്കുക ക്രി. സ്ഥിരപ്പെടുത്തുക
പരികല്പിത വി. 1. നിശ്ചയിക്കപ്പെട്ട; 2. തയാറാക്കപ്പെട്ട
പരികാങ്ക്ഷിതൻ നാ. 1. സന്ന്യാസി; 2. ഭക്തൻ
പരികാൽ നാ. അശുഭസമയം
പരികീർണ വി. 1. പരന്ന; 2. ചിതറിയ; 3. ചുറ്റുമുള്ള; 4. നിറഞ്ഞ, ഇടതിങ്ങിയ
പരികീർത്തനം നാ. പരികീർത്തിക്കൽ
പരികീർത്തിക്കുക ക്രി. 1. പ്രസിദ്ധപ്പെടുത്തുക, അറിയിക്കുക, വിവരിച്ചുപറയുക; 2. വമ്പുപറയുക; 3. വിളിക്കുക; 4. സ്തുതിക്കുക
പരികുപിത വി. വളരെ കോപിച്ച
പരികുടം നാ. 1. കിടങ്ങ്; 2. കോട്ട; 3. തടസ്സം
പരികൃശ വി. വളരെ മെലിഞ്ഞ
പരികോപം നാ. വലിയ കോപം
പരിക്ക നാ. 1. ശപഥം; 2. പ്രതിജ്ഞ; 3. ഇന്നപ്പോൾ പണംകൊടുത്തുകൊള്ളാമെന്നു സർക്കാരുദ്യോഗസ്ഥന്റെ മുമ്പാകെ ഉടമ്പടിചെയ്യൽ
പരിക്കാരൻ നാ. 1. കുതിരക്കാരൻ; 2. ആനക്കാരൻ
പരിക്ക് നാ. 1. ശരീരത്തിനുണ്ടാകുന്ന മുറിവ് ചതവ് മുതലായവ; 2. തഴമ്പ്; 3. ബുദ്ധിമുട്ട്; 4. പ്രതിക്രിയ; 5. തെങ്ങിൽക്കയറി തേങ്ങയിടുമ്പോൾ കുറവ് കാണുന്ന തേങ്ങ (പറിച്ചതേങ്ങയുടെ എണ്ണം അറിയത്തക്കവണ്ണം കുലയിൽകാണുന്നപാട്)
പരിക്കുക ക്രി. മുറിക്കുക
പരിക്കോൽ നാ. 1. അങ്കുശം, തോട്ടി; 2. ചാട്ട; 3. (ആനയെയും കുതിരയെയും) അടിക്കാനുള്ള കമ്പ്
പരിക്രമ(ണ)ം നാ. 1. ചുറ്റിനടക്കൽ; 2. പാദസഞ്ചാരം; 3. പിന്തുടർച്ച
പരിക്രമസഹം നാ. ആട്, മുട്ടാട്
പരിക്രമിക്കുക ക്രി. ചുറ്റും നടക്കുക, ചുറ്റിനടക്കുക, നടക്കുക, സഞ്ചരിക്കുക
പരിക്രയ(ണ)ം നാ. 1. വിലയ്ക്കുവാങ്ങൽ, കൂലികൊടുക്കൽ; 2. പണംകൊടുത്തുണ്ടാക്കുന്ന സന്ധി
പരിക്രാന്ത വി. 1. ചുറ്റും നടന്ന; 2. ചവിട്ടപ്പെട്ട
പരിക്രാന്തം നാ. 1. കാൽപ്പാട്; 2. ചുറ്റിനടന്ന സ്ഥലം
പരിക്രാന്തി നാ. 1. ചുറ്റിനടപ്പ്; 2. കറക്കം
പരിക്രിയ നാ. 1. പരികരണം (പരിജനങ്ങൾ വന്നു ചുറ്റും കൂടൽ); 2. വീണ്ടെടുപ്പ്; 3. വേലി കിടങ്ങ് മതിൽ തുടങ്ങിയവകൊണ്ട് അടയ്ക്കൽ
പരിക്ലിഷ്ട വി. 1. വളരെക്ലേശിച്ച, തളർന്ന; 2. ഉപദ്രവിക്കപ്പെട്ട, അലട്ടപ്പെട്ട

പരിക്ലേശം നാ. കടുത്തക്ലേശം, വലിയവേദന
പരിക്ലേശിക്കുക ക്രി. വളരെക്ലേശിക്കുക
പരിക്ഷ നാ. ചെളി, തൊളി, കളിമണ്ണ്
പരിക്ഷത വി. 1. മുറിക്കപ്പെട്ട, ചതയ്ക്കപ്പെട്ട; 2. കേടുപറ്റിയ
പരിക്ഷതി നാ. മുറിവ്, കേട്
പരിക്ഷയം നാ. 1. ക്ഷീണം, നാശം; 2. നഷ്ടം; 3. (കുതിരയ്ക്കുണ്ടാകുന്ന) ഒരു രോഗം
പരിക്ഷിപ്ത വി. 1. കിടങ്ങ് മതിൽ മുതലായവയാൽ ചുറ്റപ്പെട്ട; 2. മറയ്ക്കപ്പെട്ട; 3. ക്ഷേപണംചെയ്യപ്പെട്ട, എറിഞ്ഞ, കളഞ്ഞ; 4. ധൂർത്തടിച്ചു നശിപ്പിച്ച (ധനമെന്നപോലെ)
പരിക്ഷീണ വി. 1. നന്നേക്ഷീണിച്ച, മെലിഞ്ഞ; 2. കുറഞ്ഞ; 3. പാപ്പരായ
പരിക്ഷീബ വി. നല്ലവണ്ണം ലഹരിപിടിച്ച
പരിക്ഷേപം നാ. 1. ചുട്; 2. ചുറ്റിനടപ്പ്; 3. പരിത്യാഗം; 4. എറിയൽ; 5. ജ്ഞാനേന്ദ്രിയം; 6. ചുറ്റും നിന്ന് രക്ഷിക്കുന്നത് (മതിൽ വേലി കിടങ്ങ് എന്നിവപോലെ)
പരിഖ നാ. കിടങ്ങ്, കുഴി (കോട്ടയുടെ ചുറ്റും ഉണ്ടാക്കുന്നത്)
പരിഖാതം നാ. കുഴിക്കപ്പെട്ടത്, പരിഖ
പരിഖിന്ന വി. വളരെ ദുഃഖിച്ച
പരിഖേദം നാ. അധികമായ ദുഃഖം
പരിഖ്യാതി നാ. വലിയ കീർത്തി
പരിഗണന നാ. പരിഗണിക്കൽ
പരിഗണനം നാ. പരിഗണന
പരിഗണനീയ വി. പരിഗണിക്കത്തക്ക, പരിഗണിക്കപ്പെടേണ്ട
പരിഗണിക്കുക ക്രി. 1. പൂർണമായി തിട്ടപ്പെടുത്തുക, എണ്ണുക, കണക്കാക്കുക; 2. ബഹുമാനിക്കുക; 3. വിചാരിക്കുക; 4. അളക്കുക; 5. ചേർക്കുക
പരിഗണിത വി. പരിഗണിക്കപ്പെട്ട, കണക്കാക്കിയ
പരിഗണ്യ വി. പരിഗണിക്കത്തക്ക
പരിഗത വി. 1. വ്യാപിച്ച, ചുറ്റപ്പെട്ട; 2. അറിയപ്പെട്ട, അഭ്യസിക്കപ്പെട്ട; 3. ലഭിക്കപ്പെട്ട; 4. സ്മരിക്കപ്പെട്ട; 5. ബാധിക്കപ്പെട്ട; 6. മരിച്ച
പരിഗമ(ന)ം നാ. 1. ചുറ്റും നടക്കൽ; 2. അന്വേഷിച്ചുനടക്കൽ; 3. നിർണയിക്കൽ; 4. ലഭിക്കൽ
പരിഗർജനം നാ. 1. ഉച്ചത്തിലുള്ള അലർച്ച; 2. ശകാരം
പരിഗർജിക്കുക ക്രി. 1. ഉച്ചത്തിൽ അലറുക; 2. ശകാരിക്കുക; 3. മുഴക്കുക
പരിഗൃഹീത വി. പരിഗ്രഹിക്കപ്പെട്ട
പരിഗൃഹ്യ1 വി. കൈക്കൊള്ളപ്പെടുവാൻതക്ക
പരിഗൃഹ്യ2 നാ. വിവാഹംചെയ്യപ്പെടുവാൻ യോഗ്യയായവൾ
പരിഗ്രഹണം നാ. പരിഗ്രഹിക്കൽ
പരിഗ്രഹൻ നാ. 1. ഭർത്താവ്; 2. വിഷ്ണു

പരിഗ്രഹം നാ. 1. കൈക്കൊള്ളൽ, വിവാഹം; 2. കുടുംബം, വസ്തുവക; 3. ഭാര്യ, വെപ്പാട്ടി; 4. ആണ, ശപഥം, ശാപം; 5. പരിചാരകജനം; 6. പേര്; 7. ആലിങ്ഗനം; 8. ചുറ്റൽ; 9. അന്തഃപുരം; 10. സമ്മതം; 11. സമ്മാനം; 12. സഭ; 13. സേനയുടെ പിൻഭാഗം

പരിഗ്രഹിക്കുക ക്രി. 1. കൈക്കൊള്ളുക; 2. വിവാഹം കഴിക്കുക; 3. ആലിങ്ഗനംചെയ്യുക; 4. ചുറ്റുക; 5. അനുകൂലിക്കുക; 6. പിന്തുടരുക

പരിഗ്രഹിതാ(വ്) നാ. 1. ഭർത്താവ്; 2. സഹായി

പരിഗ്രാഹക വി. പരിഗ്രഹിക്കുന്ന

പരിഗ്രാഹം നാ. 1. പരിഗ്രഹണം; 2. യാഗവേദിക്കുചുറ്റും മൂന്നുവരകളോ ചാലുകളോകൊണ്ടുണ്ടാക്കുന്ന അതിർത്തി

പരിഘം നാ. 1. ഇരുമ്പുലക്ക, ഇരുമ്പുഗദ; 2. കൊല; 3. സാക്ഷ; 4. കുറ്റി; 5. കുടം, പാത്രം; 6. (ജ്യോ) നിത്യയോഗങ്ങളിൽ പത്തൊൻപതാമത്തേത്; 7. പ്രസവസമയത്തു ശിശു വിലങ്ങനെ കീഴ്പ്പോട്ടുവന്നു കുടുങ്ങിപ്പോകുന്നത്; 8. (കൊട്ടാര) വാതിൽ; 9. പാർപ്പിടം

പരിഘങ്ങൾ നാ. (ബ.വ.) ഇരുവശത്തും വരിയായിപറക്കുന്ന പക്ഷികൾ (യാത്രാസമയത്തുള്ള ഒരു ശുഭശകുനം)

പരിഘാത(ന)ം നാ. 1. ഇരുമ്പുലക്ക; 2. കൊല; 3. ത്യജിക്കൽ

പരിഘാതി വി. 1. നശിപ്പിക്കുന്ന; 2. (ആജ്ഞ നിയമം എന്നിവയെ) ലങ്ഘിക്കുന്ന; 3. അവഗണിക്കുന്ന

പരിഘോഷം നാ. 1. (ഇടി)മുഴക്കം, ഉച്ചത്തിലുള്ള ശബ്ദം; 2. ഗർജനം; 3. നിന്ദാവാക്ക്

പരിങ്ങൽ1 നാ. 1. പരിക്കുപറ്റിയ തോൽ, കേടുവന്ന തൊലി; 2. പരിഞ്ഞിൽ

പരിങ്ങൽ2 നാ. പരുങ്ങൽ

പരിങ്ങ് നാ. വാൾപ്പിടി

പരിച നാ. 1. എതിരാളിയുടെ ആയുധങ്ങൾ ശരീരത്തിൽ ഏൽക്കാതെ തടയുന്നതിനുള്ള ഉപകരണം; 2. വിരുതുകുട

പരിചക്കൊല്ലൻ നാ. ആയുധങ്ങൾ ഉണ്ടാക്കുന്ന കൊല്ലൻ (പരിച വാൾ തുടങ്ങിയവ നിർമിക്കുന്നവൻ)

പരിചയക്കാരൻ നാ. പരിചയമുള്ളവൻ (അടുപ്പമുള്ളവൻ)

പരിചയം1 നാ. 1. ഇടപഴകൽകൊണ്ടുണ്ടാകുന്ന (അധികമായ) അറിവ്; 2. ശീലം (ആവർത്തിച്ചുചെയ്യുന്നതുകൊണ്ടു ചര്യയുടെ ഭാഗമായിത്തീരുന്നത്); 3. പഴക്കം; 4. അറിവ്; 5. അഭ്യാസം; 6. അടയാളം

പരിചയം2 നാ. 1. കൂട്ടിവയ്ക്കൽ, ശേഖരിക്കൽ; 2. കൂട്ടിവച്ചത്, ശേഖരം

പരിചയിക്കുക ക്രി. 1. ശീലിക്കുക, അഭ്യസിക്കുക; 2. അടുത്തുപെരുമാറുക

പരിചര വി. 1. ചുറ്റിനടക്കുന്ന; 2. അടുത്തുപെരുമാറുന്ന; 3. സേവിക്കുന്ന, ശുശ്രൂഷിക്കുന്ന

പരിചരണൻ നാ. ഭൃത്യൻ

പരിചരണം നാ. പരിചരിക്കൽ, ശുശ്രൂഷ; 2. ചുറ്റിനടപ്പ്

പരിചരൻ നാ. 1. അകമ്പടിക്കാരൻ; 2. ഭൃത്യൻ, ശുശ്രൂഷക്കാരൻ; 3. സേനയുടെ മേൽനോട്ടം നടത്തുന്നവൻ; 4. യുദ്ധസമയത്തു സാമന്തന്മാരെ കൊണ്ടുനടക്കുന്നവൻ

പരിചരിക്കുക ക്രി. 1. ശുശ്രൂഷിക്കുക; 2. ഇഷ്ടം അനുസരിച്ചു പ്രവർത്തിക്കുക

പരിചര്യ നാ. 'സമീപത്തു ചരിക്കൽ', 1. പരിചരിക്കൽ, ശുശ്രൂഷ; 2. സേവനം

പരിചാര(ക)ൻ നാ. 1. ശുശ്രൂഷക്കാരൻ; 2. ഭൃത്യൻ

പരിചാരകം നാ. 1. ശുശ്രൂഷ; 2. പാചകവൃത്തി

പരിചാരം നാ. പരിചരണം

പരിചാരി നാ. പരിചാരകൻ. (സ്ത്രീ) പരിചാരിണി

പരിചാരിക നാ. ശുശ്രൂഷിക്കുന്നവൾ

പരിചാരിണി നാ. പരിചാരിക

പരിചാര്യ വി. 1. പരിചരിക്കത്തക്ക; 2. വന്ദിക്കപ്പെടേണ്ട

പരിചിത വി. 1. പരിചയിക്കപ്പെട്ട; 2. അറിയപ്പെട്ട; 3. ശീലിച്ച; 4. കൂട്ടിവയ്ക്കപ്പെട്ട

1035

പരിചിതി നാ. പരിചയം, അഭ്യാസം, ജ്ഞാനം

പരിചിനൊട് അവ്യ. പരിചൊട്

പരിചിൽ1 അവ്യ. 1. ഭങ്ഗിയായി; 2. ഏറ്റവും

പരിചിൽ2 നാ. ദാനം, സമ്മാനം

പരിചീർണ വി. പരിചരിക്കപ്പെട്ട

പരിച്1 അവ്യ. 1. യുക്തമായി; 2. തുല്യമായി; 3. പ്രകാരത്തിൽ

പരിച്2 നാ. 1.പ്രകാരം, രീതി, ഏർപ്പാട്; 2. തുല്യത, നിരപ്പ്; 3. യോഗ്യത; 4. ഭങ്ഗി; 5. ഗുണം; 6. ആസ്ഥ, പെരുമ; 7. തവണ; 8. ദാനം, സമ്മാനം; 9. സ്വഭാവം; 10. ചെറിയ ഓടം. (പ്ര) നിലമ്പരിചാക്കുക = തറയ്ക്കുസമമാക്കുക, തോൽപ്പിക്കുക

പരിചൊട് അവ്യ. ഭങ്ഗിയായി, വേണ്ടതുപോലെ

പരിച്യുതി നാ. 1. വീഴ്ച, വ്യതിചലനം; 2. ധർമഭ്രംശം

പരിച്ഛത്ത് നാ. പരിവാരം

പരിച്ഛദം നാ. 1. പരിജനം (അകമ്പടിക്കാരും മറ്റും); 2. രാജചി ങ്ങളായ കുടതഴചാമരാദികൾ; 3. കുടുംബം; 4. ഗൃഹോപകരണം; 5. (വ്യാക) കർത്തൃകർമക്രിയകളോടു ചേർന്നു നിൽക്കുന്ന പദം; 6. വസ്ത്രം

പരിച്ഛന്ദം നാ. പരിവാരം

പരിച്ഛന്ന വി. 1. മൂടപ്പെട്ട, വസ്ത്രംധരിച്ച; 2. പരിവാരത്തോടുകൂടിയ; 3. ഒളിക്കപ്പെട്ട, വേഷം മാറിയ; 4. പടർന്ന

പരിച്ഛിത്തി നാ. 1. പരിച്ഛേദിക്കൽ; 2. മറ, തട്ടി (വേർതിരിക്കുന്നത്); 3. വ്യക്തമായ നിർവചനം

പരിച്ഛിന്ന വി. 1. (അതിർത്തി)നിശ്ചയിക്കപ്പെട്ട; 2. മുറിക്കപ്പെട്ട; 3. ഖണ്ഡിതമായ; 4. പരിഹരിക്കപ്പെട്ട

പരിച്ഛേദക വി. പരിച്ഛേദിക്കുന്ന

പരിച്ഛേദം1 അവ്യ. നിശ്ശേഷം, പൂർണമായി (ഈയർഥം സംസ്കൃതത്തിലില്ല)
പരിച്ഛേദം2 നാ. 1. തീർച്ചപ്പെടുത്തൽ, വേർതിരിച്ചറിയൽ (ശരിയായനിർവചനം); 2. പരിച്ഛേദനം (ഖണ്ഡനം); 3. അധ്യായം, വിഭാഗം, (പുസ്തകത്തിലെ) വകുപ്പ്; 4. അതിർത്തി
പരിച്ഛേദിക്കുക ക്രി. 1. വിഭജിക്കുക, മുറിക്കുക; 2. ഖണ്ഡിച്ചുപറയുക; 3. നിശ്ചയിക്കുക; 4. ക്ലിപ്തപ്പെടുത്തുക
പരിച്ഛേദ്യ വി. പരിച്ഛേദിക്കപ്പെടത്തക്ക
പരിച്യുതി നാ. വ്യതിചലനം, വീഴ്ച
പരിജനം നാ. ഭൃത്യർ, ഭൃത്യസങ്ഘം (സാധാരണയായി ബഹുവചനത്തിൽ പ്രയോഗം)
പരിജന്മാ(വ്) നാ. 1. അഗ്നി; 2. ചന്ദ്രൻ
പരിജ്ഞ നാ. പരിജ്ഞാനം
പരിജ്ഞപ്തി നാ. 1. സംഭാഷണം; 2. പ്രത്യഭിജ്ഞ
പരിജ്ഞാത വി. 1. പരിജ്ഞാനംനേടിയ; 2. അറിയപ്പെട്ട
പരിജ്ഞാനം നാ. 1. പൂർണമായ അറിവ്; 2. പരിചയംകൊണ്ടുള്ള ജ്ഞാനം
പരിജ്ഞേയ വി. തിരിച്ചറിയേണ്ട, അറിയാൻതക്ക
പരിജ്വാ(വ്) നാ. 1. പരിചാരകൻ; 2. അഗ്നി; 3. ചന്ദ്രൻ
പരിഞ്ഞിൽ നാ. പനിഞ്ഞിൽ (മീൻമുട്ട)
പരിഞ്ഞ് നാ. വാൾപ്പിടി
പരിണത വി. 1. പഴുത്ത, പാകംവന്ന; 2. പഴകിയ, വയസ്സായ; 3. അവസാനിച്ച; 4. വളർന്ന; 5. പൂർണമായ
പരിണതൻ നാ. 1. പരിപൂർണൻ; 2. പ്രായംചെന്നവൻ; 3. പഠിച്ചവൻ; 4. താഴാൻപോകുന്നവൻ; 5. കുത്താനായി കുനിയുന്ന ആന
പരിണതം നാ. 1. പാകം വന്നത് (കാലപ്പഴക്കത്താൽ പരിപാകംപ്രാപിച്ച ബുദ്ധിയും മറ്റും); 2. കുത്താനായി കുനിയുന്ന ആന; 3. മൂലധനം
പരിണതരവി നാ. സന്ധ്യാസമയത്തെ സൂര്യൻ
പരിണതവിധു നാ. പൂർണചന്ദ്രൻ
പരിണതി നാ. 1. പരിണാമം, രൂപാന്തരപ്രാപ്തി; 2. വളവ്; 3. വിളവ്; 4. വാർധക്യം; 5. ദഹനം; 6. അവസാനം
പരിണദ്ധ വി. 1. കൂട്ടിക്കെട്ടിയ; 2. വിസ്താരമുള
പരിണാത്ത് വി. അസ്തോന്മുഖമായ
പരിണമനം നാ. പരിണാമം
പരിണമിക്കുക ക്രി. 1. രൂപാന്തരംപ്രാപിക്കുക, ക്രമമായി മാറുക; 2. കുനിയുക; 3. ആയിത്തീരുക; 4. വയസ്സാവുക
പരിണയ(ന)ം നാ. വിവാഹം
പരിണയിക്കുക ക്രി. വിവാഹംകഴിക്കുക (വിവാഹച്ചടങ്ങുകളിൽ അഗ്നിയുടെചുറ്റും വധുവിനെനയിക്കുന്ന പതിവിൽനിന്ന്)
പരിണഹനം നാ. 1. ചുറ്റിക്കെട്ടൽ; 2. പൊതിയൽ; 3. ആവരണംചെയ്യൽ, മറയ്ക്കൽ; 4. മൂടുപടം ധരിക്കൽ

പരിണാമക വി. വ്യത്യാസം (പരിണാമം) വരുത്തുന്ന, ക്രമമായിമാറ്റുന്ന
പരിണാമഗുപ്തി നാ. 1. അവസാനംവരെ ഗോപനംചെയ്യൽ; 2. അവസാനംവരെ ജിജ്ഞാസതീർക്കാതെ കഥാമർമം മറച്ചുവയ്ക്കുന്ന രചനാരീതി
പരിണാമം നാ. 1. ഒരു അവസ്ഥയിൽനിന്നു ക്രമമായി മറ്റൊരവസ്ഥയെ പ്രാപിക്കൽ; 2. പക്വത; 3. ദഹനം; 4. അവസാനം; 5. ഫലം; 6. വൃത്താന്തം; 7. ഒരു അലങ്കാരം; 8. ഒരു വൃത്തം; 9. പൂർണവികാസം
പരിണാമവാദം നാ. ജീവജാലങ്ങൾക്കു ഭൗതികസാഹചര്യങ്ങൾ അനുസരിച്ചു ക്രമമായി രൂപപരിവർത്തനമുണ്ടാകുമെന്ന ഡാർവിൻെറ സിദ്ധാന്തം
പരിണാമി വി. പരിണാമത്തോടുകൂടിയ
പരിണായകൻ നാ. 1. നയിക്കുന്നവൻ, നേതാവ്; 2. ഭർത്താവ്
പരിണായം നാ. 1. നയിക്കൽ, ചുറ്റും നടത്തിക്കൽ; 2. ചൂതുപോർ (എണ്ണംനോക്കി ചൂതുവയ്ക്കൽ)
പരിണാഹം നാ. അളവ് (വീതി, വിസ്താരം, ചുറ്റളവ്)
പരിണാഹി വി. പരിണാഹമുള്ള (വളരെ വലിയ)
പരിണിനീഷ നാ. വിവാഹംചെയ്യാനുള്ള ആഗ്രഹം
പരിണിനീഷിത നാ. വിവാഹംചെയ്യാനായി ഇച്ഛരിക്കപ്പെട്ടവൾ
പരിണീത1 വി. വിവാഹംചെയ്യപ്പെട്ട
പരിണീത2 നാ. വിവാഹിത
പരിണേതവ്യ വി. പരിണയിക്കക്ക
പരിണേതാ(വ്) നാ. ഭർത്താവ്
പരിണേയ വി. പരിണയിക്കത്തക്ക
പരിതപിക്കുക ക്രി. 1. ദുഃഖിക്കുക; 2. നന്നായി ചൂടുപിടിക്കുക
പരിതപ്ത വി. 1. ദുഃഖിച്ച; 2. ചൂടുപിടിച്ച
പരിതപ്തി നാ. പരിതാപം
പരിതർപ്പണം നാ. തൃപ്തിപ്പെടുത്തൽ
പരിതഃ അവ്യ. ചുറ്റും, ചുറ്റുപാടും
പരിതഃസ്ഥിതി നാ. ചുറ്റുപാട്
പരിതാപം നാ. 1. വലിയ ദുഃഖം; 2. പശ്ചാത്താപം; 3. അത്യധികമായ ദാഹം
പരിതുഷ്ട വി. അധികം സന്തോഷിച്ച
പരിതുഷ്ടി നാ. സന്തുഷ്ടി, സംതൃപ്തി
പരിതോ അവ്യ്. = പരിതഃ
പർറ്റിതോഷണം നാ. തൃപ്തിപ്പെടുത്തൽ, സന്തോഷിപ്പിക്കൽ
പരിതോഷം നാ. അകമെയുള്ള സന്തോഷം, സംതൃപ്തി
പരിതോഷിക്കുക ക്രി. സതോഷിക്കുക, തൃപ്തിയടയുക
പരിത്യക്ത വി. പരിത്യജിക്കപ്പെട്ട
പരിത്യജിക്കുക ക്രി. പാടെഉപേക്ഷിക്കുക, വിടുക
പരിത്യജ്യ അവ്യ. പരിത്യജിച്ചിട്ട്
പരിത്യാഗം നാ. പാടെ ഉപേക്ഷിക്കൽ
പരിത്യാഗി നാ. 1.എല്ലാം ഉപേക്ഷിച്ചവൻ; 2. സന്ന്യാസി

പരിത്യാജ്യ1 വി. പരിത്യജിക്കത്തക്ക (തികച്ചും ഉപേക്ഷിക്കത്തക്ക)
പരിത്യാജ്യ2 നാ. ഉപേക്ഷിക്കപ്പെടേണ്ടവൾ
പരിത്രസ്ത വി. 1. അധികം ഭയപ്പെട്ട; 2. വിറയ്ക്കുന്ന
പരിത്രാണം നാ. രക്ഷിക്കൽ, ആത്മരക്ഷ
പരിത്രാതാ(വ്) നാ. രക്ഷിക്കുന്നവൻ
പരിദരം നാ. ഒരു ദന്തരോഗം (പല്ലുകളുടെ മാംസം ചീഞ്ഞുപോകുന്നതു ലക്ഷണം)
പരിദാനം നാ. 1. കൈമാറ്റം (ഒന്നുകൊടുത്തു മറ്റൊന്നു വാങ്ങൽ); 2. നിക്ഷേപം തിരികെ കൊടുക്കൽ; 3. കൈക്കൂലി; 4. ഭക്തി
പരിദാഹം നാ. കഠിനവേദന, എരിച്ചിൽ
പരിദേവക വി. പരിദേവിക്കുന്ന
പരിദേവ(ന)ം നാ. വിലാപം, കരച്ചിൽ, നിലവിളി
പരിദേവി വി. കരയുന്ന, നിലവിളിക്കുന്ന
പരിദേവിതം നാ. കരച്ചിൽ, നിലവിളി
പരിധർഷണം നാ. 1. ആക്രമണം; 2. അവമാനിക്കൽ
പരിധാനം നാ. 1. ഉടുക്കുന്ന വസ്ത്രം, ഉള്ളുടുപ്പ്; 2. വസ്ത്രധാരണം; 3. (വായന) അവസാനിപ്പിക്കൽ
പരിധാനീയം നാ. ഉള്ളുടുപ്പ്
പരിധായകം നാ. 1. വേലി; 2.അതിര്
പരിധായം നാ. 1. പാത്രം; 2. പരിവാരം; 3. പിൻഭാഗം
പരിധാവനം നാ. ചുറ്റുമുള്ള ഓട്ടം
പരിധി നാ. 1. ചുറ്റളവ്, വട്ടം; 2. വേലി, അതിര്; 3. ചക്രവാളം; 4. ചക്രവാകം; 5. ചക്രായുധം; 6. (സൂര്യചന്ദ്രന്മാരുടെ) പരിവേഷം; 7. ഹോമാഗ്നിയുടെചുറ്റും വയ്ക്കുന്ന ചമത; 8. സമുദ്രം (ഭൂമിയുടെ അതിര് എന്നു സങ്കൽപം); 9. തേരുരുൾ; 10. ആവരണം
പരിധിസ്ഥൻ നാ. 1. അകമ്പടിക്കാരൻ, കാവൽക്കാരൻ; 2. ചുറ്റും നടന്നു സേനയുടെ പോരായ്മകൾ കണ്ടറിയുന്നവൻ; 3. യുദ്ധത്തിൽ സാമന്തന്മാരെ കൊണ്ടുനടക്കുന്നവൻ
പരിധൂപിത വി. 1. സുഗന്ധധൂപംകൊണ്ടു വാസനയുള്ളതാക്കിയ; 2. പുക ഏൽപ്പിച്ച
പരിധൂസരം നാ. 1. തികച്ചും ചാമ്പൽനിറമായത്; 2. മലിനമായത്
പരിധൃത വി. 1. ധരിക്കപ്പെട്ട; 2. സഹിച്ച
പരിധേയ നാ. ഉള്ളുടുപ്പ്
പരിനാമം നാ. 1. കീർത്തി; 2. സഹിച്ച
പരിനിർവാണം നാ. മോക്ഷം
പരിനിഷ്ഠിത വി. 1. നല്ല ഉറപ്പുള്ള (അഭ്യാസംകൊണ്ട് ഉറച്ച പാണ്ഡിത്യം എന്നപോലെ); 2. എല്ലാവരും അങ്ഗീകരിക്കുന്ന, നിലവാരമുള്ള
പരിപക്വ വി. നല്ലപോലെ പാകംവന്ന (പഴുത്ത, ദഹിച്ച)
പരിപണനം നാ. വാഗ്ദാനം, വാക്കുകൊടുക്കൽ
പരിപണം നാ. മൂലധനം, കൈവശമുള്ള പണം (മുതൽ വർധിപ്പിക്കാൻവേണ്ടി ഉപയോഗിക്കുന്നത്)

പരിപണിത	വി.	പരിപണനംചെയ്യപ്പെട്ട
പരിപതനം	നാ.	പരിപതിക്കൽ
പരിപതിക്കുക	ക്രി.	1. ചുറ്റിപ്പറക്കുക; 2. ചെന്നുവീഴുക, ചാടിവീഴുക; 3. എല്ലാദിക്കിലേക്കും ഓടുക
പരിപന്ഥി	നാ.	1. ശത്രു; 2. കവർച്ചക്കാരൻ
പരിപവനം	നാ.	1. പാറ്റൽ; 2. മുറം
പരിപാകം	നാ.	1. പക്വത; 2. അടക്കം, സമചിത്താവസ്ഥ; 3. പൂർണത; 4. സാമർഥ്യം
പരിപാകി	നാ.	തക്കവ, വിവരമുള്ളവൻ
പരിപാകിനി	നാ.	1. വിവരമുള്ളവൾ; 2. ത്രികോൽപ്പക്കൊന
പരിപാടി	നാ.	1. നടക്കേണ്ടകാര്യങ്ങൾ മുൻഗണനാക്രമത്തിൽ എഴുതിതയ്യാറാക്കുന്ന പട്ടിക. ഉദാഃ സമ്മേളനത്തിൻെറ പരിപാടി, കാര്യപരിപാടി; 2. സ്വാധ്യായക്രമം; 3. അങ്കഗണിതം (ക്രമമായി സങ്ഖ്യകളെയും അവകൊണ്ടുള ക്രിയകളെയും പരിചയപ്പെടുത്തുന്നത്)
പരിപാണ്ഡു(ര)	വി.	1. നല്ലപോലെ വെളുത്ത; 2. വിളറിയ
പരിപാതം	നാ.	പരിപതനം
പരിപാലക	വി.	രക്ഷിക്കുന്ന, ഭരിക്കുന്ന, സൂക്ഷിക്കുന്ന
പരിപാല(ക)ൻ	നാ.	പരിപാലിക്കുന്നവൻ; 2. വിഷ്ണു
പരിപാലനം	നാ.	രക്ഷണം, ഭരണം
പരിപാലിക്കുക	ക്രി.	രക്ഷിക്കുക, പോറ്റുക, കാക്കുക, കാത്തുസൂക്ഷിക്കുക
പരിപാവന	വി.	പരിശുദ്ധമായ
പരിപിഷ്ടകം	നാ.	കാരീയം
പരിപീഡ	നാ.	ഉപദ്രവിക്കൽ, മർദിക്കൽ, കഷ്ടപ്പെടുത്തൽ
പരിപീഡനം	നാ.	1. പരിപീഡ; 2. ഒരു നരകം; 3. ഞെക്കിക്കളയൽ ( ചലവും മറ്റും)
പരിപീഡിത	വി.	ഉപദ്രവിക്കപ്പെട്ട
പരിപീത	വി.	1. കുടിക്കപ്പെട്ട; 2. അധികം മഞ്ഞനിറമുള
പരിപീതകം	നാ.	കുങ്കുമം
1037
പരിപൂത	വി.	1. നല്ലപോലെ ശുദ്ധിയാക്കപ്പെട്ട, പരിശുദ്ധമായ; 2. പതിർകളഞ്ഞ, പാറ്റിയെടുത്ത
പരിപൂർണ	വി.	നല്ലപോലെ നിറഞ്ഞ, തികഞ്ഞ, കുറവുകളൊന്നു ഇല്ല്ത്ത
പരിപൂർണത	നാ.	സമ്പൂർണത
പരിപൂർണദശ	നാ.	1. മോക്ഷം; 2. മരണം
പരിപൂർണൻ	നാ.	വിഷ്ണു
പരിപൂർത്തി	നാ.	1. നിറവ്; 2. സംതൃപ്തി
പരിപൂരിത	വി.	നല്ലപോലെ നിറയ്ക്കപ്പെട്ട, തികഞ്ഞ
പരിപേല(വ)ം	നാ.	1. ഏറ്റവും മൃദുവായത്; 2. കുഴിമുത്തങ്ങ

പരിപോട(ക)ം നാ. ഒരു കർണരോഗ (കർണപാളിയിൽ വേദനയോടും പൊള്ളലോടും കൂടിയ നീരുണ്ടാകുന്നതു ലക്ഷണം)
പരിപ്പ് നാ. 1. തൊലികളഞ്ഞപയറ്, അതുകൊണ്ടുണ്ടാക്കുന്ന ഒരു കറി; 2. ധാന്യത്തിൻെറയും വിത്തുകളുടെയും അകത്തുള്ള ഭക്ഷ്യയോഗ്യമായ വസ്തു (ഉദാഃ തേങ്ങാപ്പരിപ്പ്, അണ്ടിപ്പരിപ്പ്, ഉഴുന്നുപരിപ്പ് ഇത്യാദി)
പരിപ്രേക്ഷണം നാ. 1. ചുറ്റുമുള്ള നോട്ടം; 2. ചുഴിഞ്ഞുനോക്കൽ
പരിപ്രേക്ഷ്യം നാ. 1. ദൃശ്യം; 2. കാഴ്ചപ്പാട്
പരിപ്രേഷണം നാ. 1. അയയ്ക്കൽ; 2. നാടുകടത്തൽ
പരിപ്ലവം നാ. 1. കുളി; 2. വെള്ളപ്പൊക്കം; 3. വള്ളം; 4. നീന്തൽ; 5. ഞെരുക്കം; 6. സുഖഹീനത; 7. ക്രൂരത; 8. ഇളക്കം; 9. ഉയർന്നുനിൽക്കൽ
പരിപ്ലുത1 വീ. ഇളക്കപ്പെട്ട; 2. നനവുതട്ടിയ; 3. മുങ്ങിയ
പരിപ്ലുത2 നാ. മദ്യം
പരിപ്ലുതം നാ. 1. ഇളക്കം; 2. കുതിക്കൽ
പരിപ്ലുഷ്ട വി. ചുടപ്പെട്ട, വെന്ത, പൊള്ളിയ
പരിബന്ധനം നാ. 1. ചുറ്റിക്കെട്ടൽ; 2. തടയൽ; 3. വളഞ്ഞുവയ്ക്കൽ
പരിബദ്ധ വി. 1. കെട്ടപ്പെട്ട; 2. തടയപ്പെട്ട
പരിബർഹം നാ. 1. പരിവാരം; 2. ധനം; 3. രാജചി ം (വെൺകൊറ്റക്കുട, ചാമരം തുടങ്ങിയവയിലൊന്ന്); 4. വീട്ടുസാമാനം; 5. ജീവിതാവശ്യങ്ങൾ
പരിബർഹണം നാ. 1. പരിവാരം; 2. വസ്ത്രം; 3. പൂജ; 4. വികാസം, വളർച്ച
പരിബൃഢ വി. 1. ഉറപ്പുള്ള, ബലമുള്ള; 2. കട്ടിയായ
പരിഭക്ഷണം നാ. 1. ഭക്ഷിക്കൽ; 2. നശിപ്പിക്കൽ, തീർക്കൽ
പരിഭഗ്ന വി. 1. മുറിക്കപ്പെട്ട; 2. ഒടിക്കപ്പെട്ട
പരിഭങ്ഗം നാ. ഉടയ്ക്കൽ, ഉടവ്
പരിഭവം നാ. 1. നിന്ദ; 2. ഇടിവ്; 3. അവമാനം; 4. സങ്കടം; 5. തോൽവി; 6. മുഷിച്ചിൽ
പരിഭവിക്കുക ക്രി. 1. മുഷിഞ്ഞിരിക്കുക; 2. നിന്ദിക്കുക; 3. തോൽപ്പിക്കുക
പരിഭാവം നാ. 1. നിന്ദ; 2. അവമാനം
പരിഭാവന നാ. 1. ചിന്ത, ആലോചന; 2. (നാട്യ) ജിജ്ഞാസയോ കൗതുകമോ ഉണ്ടാക്കുന്ന വാക്ക്
പരിഭാവനം നാ. 1. സമ്യോഗം, ചേർച്ച; 2. ചിന്ത
പരിഭാവിത വി. 1. ചേർന്ന; 2. വ്യാപിച്ച; 3. ഉള്ളിലടങ്ങിയ, അകത്തുള്ള
പരിഭാവുക വി. 1. നിന്ദിക്കുന്ന; 2. അപമാനിക്കുന്ന
പരിഭാഷ നാ. 1. സംഭാഷണം; 2. ശകാരം; 3. വ്യാഖ്യാനം, നിർവചനം, സാങ്കേതികപദങ്ങളുടെ വിവരണം; 4. തർജുമ
പരിഭാഷകൻ നാ. 1. തർജുമചെയ്യുന്ന ആൾ; 2. വ്യാഖ്യാതാവ്
പരിഭാഷണം നാ. 1. സംഭാഷണം; 2. ധിക്കാരം; 3. ഉടമ്പടി, നിയമം; 4. ചട്ടം, മുറ; 5. തർജുമചെയ്യൽ; 6. നിന്ദയോടുകൂടിയ കുറ്റപ്പെടുത്തൽ

പരിഭാഷിത	വി.	പരിഭാഷണംചെയ്യപ്പെട്ട
പരിഭാഷ്യ	വി.	1. പരിഭാഷണംചെയ്യത്തക്ക, പ്രസ്താവിക്കത്തക്ക; 2. പഠിപ്പിക്കാൻ യോഗ്യമായ
പരിഭുക്ത	വി.	1. ഭുജിക്കപ്പെട്ട, അനുഭവിക്കപ്പെട്ട; 2. പഴയ; 3. ഉപയോഗിച്ച; 4. കൈവശപ്പെടുത്തിയ
പരിഭുഗ്ന	വി.	വളയ്ക്കപ്പെട്ട
പരിഭൂത	വി.	1. നിന്ദിക്കപ്പെട്ട, അവമാനിക്കപ്പെട്ട; 2. ഉപദ്രവിക്കപ്പെട്ട
പരിഭൂതി	നാ.	പരിഭവം
പരിഭൂഷണം	നാ.	1. ചുറ്റുമുള്ള അലങ്കാരം; 2. ഒരുതരം സന്ധി, രാജ്യത്തെ നികുതിമുഴുവനും വിട്ടുകൊടുത്തുകൊണ്ടുണ്ടാക്കുന്ന സന്ധി
പരിഭൂഷിത	വി.	പരിഭൂഷണംചെയ്യപ്പെട്ട, അലങ്കരിക്കപ്പെട്ട
പരിഭോക്താ(വ്)	നാ.	അന്യൻെറ വസ്തു ന്യായരഹിതമായി കൈവശപ്പെടുത്തി അനുഭവിക്കുന്നവൻ
പരിഭോഗം	നാ.	1. അനുഭവം; 2. സംഭോഗം
പരിഭ്രംശ(ന)ം	നാ.	1. വീഴ്ച; 2. രക്ഷപെടൽ
പരിഭ്രമണം	നാ.	1. ചുറ്റിനടപ്പ്, കറക്കം; 2. പരിധി
പരിഭ്രമം	നാ.	1. ഉഴൽച്ച, കുഴപ്പം, വെപ്രാളം; 2. തിടുക്കം; 3. പരിഭ്രമണം; 4. തെറ്റ്; 5. വളച്ചുകെട്ടിപ്പറയൽ
പരിഭ്രമിക്കുക	ക്രി.	1. ആകുലപ്പെടുക, അന്ധാളിക്കുക; 2. ഉഴലുക, തിടുക്കപ്പെടുക; 3. ഭയപ്പെടുക; 4. ചുറ്റിസഞ്ചരിക്കുക
പരിഭ്രഷ്ട	വി.	1. വീണുപോയ; 2. ജാതിയിൽനിന്നു പുറന്തള്ളപ്പെട്ട; 3. തള്ളപ്പെട്ട; 4. രക്ഷപ്പെട്ട
പരിഭ്രാജത്ത്	വി.	നല്ലവണ്ണം ശോഭിക്കുന്ന
പരിഭ്രോജിത	വി.	ശോഭിതമായ, പ്രകാശിപ്പിക്കപ്പെട്ട
പരിഭ്രാന്ത	വി.	പരിഭ്രമിച്ച
പരിഭ്രാന്തി	നാ.	1. അറിവില്ലായ്മ; 2. പരിഭ്രമം; 3. ഒന്നിനെ മറ്റൊന്നായി വിചാരിക്കൽ
പരിഭ്രാമണം	നാ.	പരിഭ്രമിപ്പിക്കൽ
പരിമ	നാ.	1. അളവ്; 2. വ്യാപ്തം
പരിമഗ്ന	വി.	മുങ്ങിയ, മുഴുകിയ
പരിമണം	നാ.	= പരിമളം
പരിമണ്ഡലം	നാ.	വൃത്തം, ബിംബം
പരിമന്ദ	വി.	1. തീരെപ്പതുക്കെയായ; 2. ചെറിയ; 3. അല്പം മാത്രമായ
പരിമർദ(ന)ം	നാ.	1. തിരുമ്മൽ, പൊടിക്കൽ; 2. ഞെരുക്കൽ; 3. ആലിങ്ഗനം
പരിമളഗന്ധി	നാ.	സത്യവതി, ശന്തനുവിൻെറ ഭാര്യ (ആദ്യം മത്സ്യഗന്ധിയായിരുന്നവൾ പരാശനുമായുള്ള സമ്പർക്കത്തിനുശേഷം പരിമളഗന്ധംഉള്ളവളായി)

പരിമളം നാ. 1. സുഗന്ധം (ചന്ദനം, കുങ്കുമം, കസ്തൂരി തുടങ്ങിയവയുടെ മണം); 2. മൈഥുനം; 3. വിലാസം; 4. പണ്ഡിതസഭ; 5. ഒരു വൃത്തം
പരിമളിക്കുക ക്രി. 1. സൗരഭ്യമുണ്ടാക്കുക; 2. സ്തുതിക്കുക
പരിമാണ(ക)ം നാ. 1. അളവ്; 2. വലിപ്പം; 3. പരിമിതി
പരിമാർഗ(ണ)ം നാ. 1. അന്വേഷണം; 2. തുടയ്ക്കൽ
പരിമാർജനം നാ. ശുദ്ധിയാക്കൽ, തുടയ്ക്കൽ
പരിമാറുക ക്രി. = പെരുമാറുക
പരിമാറ്റം നാ. = പെരുമാറ്റം
പരിമി നാ. വലിയ കുട്ട
പരിമിത വി. 1. അളക്കപ്പെട്ട, അളവുള്ള, ഇത്രയുണ്ടെന്നു തീർച്ചയാക്കിയ; 2. വളരെ മിതമായ; 3. കുറവായ; 4. ചേർക്കപ്പെട്ട; 5. സങ്ക്ഷേപിക്കപ്പെട്ട. (പ്ര) പരിമിതായുസ്സ് = അല്പായുസ്സ്. പരിമിതാഹാരം = അല്പാഹാരം
പരിമിതി നാ. 1. പരിച്ഛേദം; 2. പരിമാണം; 3. കുറവ്
പരിമിളിത വി. നല്ലവണ്ണം ചേർന്ന
പരിമുക്തി നാ. മോക്ഷം
പരിമുഖം അവ്യ. മുഖത്തിനുചുറ്റും
പരിമൃജ്യ വി. 1. വെടിപ്പാക്കപ്പെടേണ്ട, തുടയ്ക്കത്തക്ക; 2. തൊടുവാൻതക്ക
പരിമൃഷ്ട വി. 1. ശുദ്ധീകരിക്കപ്പെട്ട; 2. ഉരയ്ക്കപ്പെട്ട; 3. ആലിങ്ഗനംചെയ്യപ്പെട്ട
പരിമേയ വി. അളക്കത്തക്ക
പരിമ്ലാന വി. 1. വാടിയ; 2. ക്ഷീണിച്ച, ചൈതന്യംകുറഞ്ഞ; 3. നിറമ്പകർന്ന
പരിമ്ലായി നാ. 1. തൊലിയിൽ നിറഭേദമുള്ള പാടുകളോപുള്ളികളോ ഉണ്ടാകൽ; 2. ഒരു നേത്രരോഗം, ഒരിനം തിമിരം
പരിയട്ടം നാ. = പരിവട്ടം
പരിയപ്പാട് നാ. ദാസ്യവൃത്തി
പരിയപ്പെടുക ക്രി. അടിമപ്പെടുക, ദാസ്യപ്പെടുക
പരിയം നാ. 1. വീടിൻെറ പിൻഭാഗം, പാർശ്വം; 2. ദാസ്യം; 3. വധുവിനുവേണ്ടികൊടുക്കുന്ന തുക; 4. വേശ്യയുടെ കൂലി. (പ്ര) പരിയാംപുറം = മുറ്റം
പരിയുക ക്രി. 1. ആഗ്രഹിക്കുക; 2. സ്നേഹിക്കുക; 3. മുറിക്കുക
പരിയോല [പേർ.] നാ. വരിയോല, തീട്ടൂരം, ആജ്ഞ
പരിരക്ഷ നാ. സമ്രക്ഷണം, ആപത്തിൽപ്പെടാതെ കാക്കൽ, നഷ്ടപ്പെടാതെ സൂക്ഷിക്കൽ
പരിരക്ഷണം നാ. 1. സമ്രക്ഷണം; 2. മോചനം
പരിരക്ഷി നാ. 1. കാവൽക്കാരൻ; 2. രക്ഷകൻ; 3. ഈശ്വരൻ
പരിരക്ഷിക്കുക ക്രി. 1. സമ്രക്ഷിക്കുക, കാത്തുസൂക്ഷിക്കുക, പാലിക്കുക; 2. നേർവഴിക്കുനയിക്കുക
പരിരക്ഷിത വി. 1. സുരക്ഷിതമായ; 2. മതിൽ കോട്ട തുടങ്ങിയവകൊണ്ട് അന്യർക്കു കടക്കാനാകാതെ ഭദ്രമാക്കിയ; 3. നല്ല കാവലുള്ള

പരിരംഭ(ണ)ം നാ. (മുറുകെയുള്ള) ആലിങ്ഗനം
പരിരംഭിക്കുക ക്രി. കെട്ടിപ്പിടിക്കുക, ആലിങ്ഗനംചെയ്യുക
പരിരശ്മി നാ. 1. ചുറ്റുമുള്ള രശ്മി; 2. ഭങ്ഗിയുള്ള കിരണം; 3. വശങ്ങളിൽ കെട്ടിയിട്ടുള്ള ചരട്
പരിലസിക്കുക ക്രി. 1. ശോഭിക്കുക; 2. വിലസുക
പരിലസിത വി. 1. പരിലസിച്ച; 2. ചുറ്റപ്പെട്ട
പരിലാളനം നാ. പരിലാളിക്കൽ
പരിലാളിക്കുക ക്രി. വാത്സല്യത്തോടെ വളർത്തുക, ഓമനിക്കുക
പരിലേഖം നാ. 1. വര, ചതുരങ്ഗക്കളം വരച്ചത്; 2. ചിത്രം; 3. പ്ലാൻ
പരിലേഹി നാ. ഒരു കർണരോഗം
പരിവട്ടം നാ. 1. രാജാക്കന്മാർ അണിയുന്ന വസ്ത്രം, വസ്ത്രം (തലപ്പാവായി ഉപയോഗിക്കുന്ന വസ്ത്രം, സമ്മാനമായി രാജാക്ക്ന്മാരും മറ്റും കൊടുക്കുന്ന വസ്ത്രം, ജയസൂചകമായി അണിയുന്ന വസ്ത്രം, വിഗ്രഹത്തിൽ ചാർത്തുന്ന വസ്ത്രം, ദുഃഖസൂചകമായി തലയിലിടുന്ന തുണി എന്നിവയെ എല്ലാം കുറിക്കാൻ പ്രയോഗം); 2. നൂലുചുറ്റുന്ന റാട്ട്; 3. നെയ്ത്തുതറിയിൽ പാവുചുറ്റുന്ന തടി
പരിവദനം നാ. കുറ്റപ്പെടുത്തൽ, നിന്ദിക്കൽ
പരിവദിക്കുക ക്രി. 1. അവാസ്തവമായി ദോഷംപറയുക, നിന്ദിക്കുക, ആക്ഷേപിക്കുക; 2. ശകാരിക്കുക
പരിവർജനം നാ. 1. ഉപേക്ഷിക്കൽ; 2. കൊല
പരിവർജിത വി. ഉപേക്ഷിക്കപ്പെട്ട
പരിവർജ്യചതുഷ്ടയം നാ. ഒഴിവാക്കേണ്ട നാലെണ്ണം (കുളിച്ചുവരുന്ന കുതിര, മദിച്ചുവരുന്ന ആന, കാമിച്ചുനടക്കുന്ന കാള, ദുഷ്ടനായ പണ്ഡിതൻ എന്നിവ)
പരിവർജ്യം നാ. ഉപേക്ഷിക്കത്തക്കത്
പരിവർത്തക വി. 1. ചുറ്റിത്തിരിയുന്ന, കറങ്ങുന്ന; 2. മാറുന്ന, ക്രമമായി ഭാവരൂപങ്ങൾക്കു വ്യത്യാസമുണ്ടാകുന്ന
പരിവർത്തനം നാ. 1. തമ്മിലുള്ള മാറ്റം; 2. ചുറ്റിത്തിരിയൽ; 3. പിൻതിരിയൽ, തിരിച്ചുവരവ്; 4. കാലഗതി; 5. പ്രതിഫലം
പരിവർത്തം നാ. 1. ചുറ്റൽ, ചുറ്റിത്തിരിയൽ; 2. പിൻതിരിയൽ; 3. ലോകനാശം; 4. സംവത്സരം; 5. വസ്ത്രം
പരിവർത്തി വി. പരിവർത്തിക്കുന്ന, മാറുന്ന
പരിവർത്തിക നാ. ഒരു ലൈങ്ഗികരോഗം
പരിവർത്തിക്കുക ക്രി. 1. തമ്മിൽ മാറുക; 2. തോറ്റോടുക; 3. ചുറ്റിനടക്കുക
പരിവസഥം നാ. ഗ്രാമം
പരിവഹൻ,-ഹം നാ. 1. സപ്തമരുത്തുക്കളിൽ ഒന്ന് (സപ്തർഷിചക്രത്തെ വഹിക്കുന്നത്); 2. അഗ്നിയുടെ ജ്വാലകളിൽ ഒന്ന്
പരിവാദകൻ നാ. 1. വാദി, ആവലാതിക്കാരൻ; 2. അപവാദം പറയുന്നവൻ; 3. വാദ്യം പ്രയോഗിക്കുന്നവൻ
പരിവാദം നാ. 1. നിന്ദ; 2. അപവാദം; 3. വീണയുടെ കമ്പി; 4. ഫിഡിലവായിക്കാനുള്ള ബോ (വില്ല്)

പരിവാദി വി. പരിവദിക്കുന്ന
പരിവാദിനി നാ. ഏഴുകമ്പിയുള്ള വീണ
പരിവാപം1 നാ. 1. വറുത്തധാന്യം; 2. നിൽക്കുന്ന സ്ഥലം; 3. നിലപാട്; 4. കുളം; 5. തടാകം; 6. പരിജനം; 7. വീട്ടുസാമാനം; 8. ഉറകൂടിയ പാൽ; 9. ചിതറൽ, വിതറൽ; 10. വിതയ്ക്കൽ
പരിവാപം2 നാ. 1. ക്ഷൗരം; 2. കൊയ്ത്ത്
പരിവാരം നാ. 1. അകമ്പടിക്കാരൻ, (സേവകൻ മുതലായ അനുചരവർഗം); 2. സൈന്യം; 3. ഗ്രാമത്തിൻെറ അതിർത്തി (രേഖപ്പെടുത്തുന്ന മതിലോ വേലിയോ); 4. വാളുറ; 5. ഉപകരണം; 6. മൂടി
പരിവാരിത വി. 1. പരിവാരങ്ങളോടുകൂടിയ; 2. ചുറ്റപ്പെട്ട; 3. മൂടപ്പെട്ട
പരിവാസം1 നാ. 1. പാർപ്പിടം; 2. താമസം
പരിവാസം2 നാ. സുഗന്ധം
പരിവാഹം നാ. 1. ഒഴുക്ക്; 2. (വെള്ളം) കവിഞ്ഞൊഴുകൽ; 3. ചാൽ (വെള്ളംകൊണ്ടുപോകാനുള്ള കൈവഴി)
പരിവാഹി നാ. 1. കരകവിഞ്ഞൊഴുകുന്നത്; 2. ആവശ്യത്തിലധികം പദങ്ങൾ ഉപയോഗിച്ചിട്ടുള്ള വാക്യം
പരിവിണ്ണൻ നാ. പരിവിത്തി
പരിവിത്തി നാ. അനുജൻ വേട്ടിട്ടും വേൾക്കാതിരിക്കുന്നവൻ
പരിവിദ്ധൻ നാ. കുബേരൻ
പരിവിന്ദ(ക)ൻ നാ. ജ്യേഷ്ഠൻ വിവാഹിതനാകുന്നതിനുമുമ്പു വിവാഹിതനായവൻ
പരിവീത വി. 1. ചുറ്റപ്പെട്ട; 2. വ്യാപിച്ച
പരിവീതം നാ. 1. ചുടപ്പെട്ടത്; 2. ബ്രഹ്മാവിൻെറ വില്ല്
പരിവ് നാ. 1. സ്നേഹം, താത്പര്യം; 2. ചരിവ്; 3. ദുഃഖം
പരിവൃഢ വി. 1. ഞെരുങ്ങിയ, തിങ്ങിയ; 2. വർധിച്ചുകൊണ്ടിരിക്കുന്ന; 3. ശ്രേഷ്ഠതയുള്ള
പരിവൃഢൻ നാ. പ്രഭുത്വമുള്ളവൻ, ശ്രേഷ്ഠൻ, അധിപൻ
പരിവൃത വി. 1. ചുറ്റപ്പെട്ട; 2. പരിവർത്തനംചെയ്ത; 3. മുഴുവനായും ലഭിച്ച
പരിവൃതി നാ. പരിവർത്തനം
പരിവൃത്തം നാ. 1. പരസ്പരം കൈമാറ്റംചെയ്യപ്പെട്ടത്; 2. ആലിങ്ഗനം
പരിവൃത്തി നാ. 1. വച്ചുമാറ്റം; 2. ചുറ്റിത്തിരിയൽ; 3. പരിവർത്തിക്കൽ; 4. അവസാനം; 5. തിരിച്ചുവരവ്; 6. തവണ, പ്രാവശ്യം; 7. (ജ്യോ) ഗ്രഹങ്ങളുടെ ചുറ്റൽ; 8. ഒരു അലങ്കാരം
പരിവൃദ്ധി നാ. അഭിവൃദ്ധി
പരിവേദന നാ. 1. മുൻകരുതൽ; 2. പരാതി

പരിവേദനം നാ. 1. വിലാപം; 2. അതിവേദന; 3. വിവാഹം; 4. വിവാദം; 5. പൂർണമായജ്ഞാനം; 6. (നമ്പൂതിരിമാരുടെയിടയിൽ)ജ്യേഷ്ഠനുമുമ്പ് അനുജൻ വിവാഹംകഴിക്കുന്നത്
പരിവേദം നാ. 1. അതിവേദന; 2. പൂർണജ്ഞാനം
പരിവേദി നാ. 1. നൊമ്പരം സഹിക്കുന്നവൻ; 2. അറിയുന്നവൻ
പരിവേഷണം നാ. 1. പരിവേഷം; 2. വിളമ്പിക്കൊടുക്കൽ; 3. പരിധി
പരിവേഷം നാ. 1. സൂര്യചന്ദ്രന്മാരുടെചുറ്റും ചിലപ്പോൾകാണുന്ന (പ്രഭാ)വലയം; 2. വൃത്തത്തെചുറ്റൽ; 3. ചോറുംമറ്റും വിളമ്പിക്കൊടുക്കൽ; 4. വൃത്തം, വൃത്തപരിധി
പരിവേഷ്ടനം നാ. 1. ചുറ്റൽ; 2. പരിധി; 3. മുടി; 4. ചുറ്റളവ്
പരിവേഷ്ടിക്കുക ക്രി. ചുറ്റുക
പരിവേഷ്ടിത വി. ചുറ്റപ്പെട്ട, ചുറ്റും കെട്ടപ്പെട്ട
പരിവ്രജ്യ നാ. 1. അലഞ്ഞുനടക്കൽ, സ്ഥിരമായി ഒരിടത്തു താമസിക്കാതെ ചുറ്റിത്തിരിയൽ; 2. സർവസങ്ഗപരിത്യാഗം, സന്ന്യാസം
പരിവ്രജ്യായോഗം നാ. (ജ്യോ) സന്ന്യാസിയാകും എന്നു സൂചിപ്പിക്കുന്ന ഒരു ഗ്രഹയോഗം
പരിവ്രാജ(ക)ൻ നാ. 1. അലഞ്ഞുനടക്കുന്ന സന്ന്യാസി, ലൗകികബന്ധങ്ങൾ ഉപേക്ഷിച്ചവൻ; 2. വാനപ്രസ്ഥം സ്വീകരിച്ച ബ്രാഹ്മണൻ
പരിവ്രാട്ട് നാ. പരിവ്രാജകൻ
പരിശ നാ. പരിച
പരിശങ്ക നാ. 1. സംശയം, അവിശ്വാസം; 2. ആശ, പ്രതീക്ഷ
പരിശങ്കി വി. 1. ശങ്കിക്കുന്ന; 2. ഭയപ്പെടുന
പരിശപ്ത വി. 1. ശപിക്കപ്പെട്ട; 2. നിന്ദിക്കപ്പെട്ട
പരിശബ്ദിക്കുക ക്രി. (വിളിച്ച്) അറിയിക്കുക
പരിശമിക്കുക ക്രി. 1. കുറയുക, അവസാനിക്കുക; 2. ശാന്തമാകുക
പരിശാന്തി നാ. 1. ശാന്തമാകൽ; 2. പരിഹാരം
പരിശിഞ്ജിതം നാ. ചുറ്റിലും നിന്നു മുഴങ്ങുന്ന കിലുക്കം (കാൽത്തള, ചെറുമണികൾ തുടങ്ങിയവയിൽനിന്നുണ്ടാകുന്ന കർണാനന്ദകരമായ ശബ്ദം)
പരിശിഷ്ട വി. 1. മിച്ചമുള്ള, മിച്ചംവന്ന; 2. തീർക്കപ്പെട്ട
പരിശിഷ്ടം നാ. 1. അനുബന്ധം, ഒടുക്കംചേർത്തത് (ഗ്രന്ഥങ്ങളിലും മറ്റും വിവരിച്ചതിനു സഹായകമായ അധികവിവരം); 2. ബാക്കി
പരിശീലനം നാ. 1. പരിശീലിക്കൽ (തുടരെയുള്ള അഭ്യാസം); 2. നിരന്തരമായ ഇടപാട്; 3. സ്പർശം
പരിശുദ്ധ വി. 1. പൂർണമായി ശുദ്ധീകരിക്കപ്പെട്ട, കുറ്റമില്ലാത്ത, കളങ്കമില്ലാത്ത; 2. പാപമില്ലാത്ത; 3. കടംകൊടുത്തു തീർത്ത
പരിശുദ്ധാത്മാവ് നാ. (ക്രിസ്തു) ത്രിത്വത്തിലൊന്ന്, റൂഹാദക്കുദിശാ, വിശുദ്ധാത്മാവ്
പരിശുദ്ധി നാ. 1. പൂർണമായ ശുദ്ധി; 2. പുണ്യം, പാപമില്ലായ്മ; 3. നിരപരാധിയെന്നുകണ്ടു മോചിപ്പിക്കൽ
പരിശുശ്രൂഷ നാ. 1. പൂർണമായ ശുശ്രൂഷ; 2. പൂർണമായ വിധേയത്വം

പരിശുഷ്ക വി. 1. നല്ലവണം ഉണങ്ങിയ, ഉണങ്ങിച്ചുളിഞ്ഞുപോയ; 2. (വറുത്തതുമൂലം) ജലാംശം ഇല്ലാതായ (ആഹാരസാധനമെന്നപോലെ); 3. മെലിഞ്ഞ (ആഹാരമില്ലായ്മ, രോഗം എന്നിവകൊണ്ടു ശരീരമെന്നപോലെ)
പരിശുഷ്കം നാ. 1. നല്ലതുപോലെ ഉണങ്ങിയത്; 2. നെയ്യിൽവറുത്ത മാംസം
പരിശേഷം നാ. പരിശിഷ്ടം
പരിശോധം, -നം നാ. 1. ശുദ്ധമാക്കൽ; 2. ഒത്തുനോക്കൽ, പിഴതീർക്കൽ (ഗ്രന്ഥങ്ങൾ, ലേഖനങ്ങൾ എന്നിവയുടെ); 3. ഗുണവും ദോഷവും കണ്ടെത്തി വിലയിരുത്തൽ, മൂല്യനിർണയം (പ്രവർത്തനം, ഗ്രന്ഥങ്ങളുടെ ഉള്ളടക്കം, ഉത്തരക്കടലാസ് എന്നിവയുടെ വിലയിരുത്തൽപോലെ)
പരിശോധിക്കുക ക്രി. 1. ശുദ്ധമാക്കുക, അഴുക്കുകളഞ്ഞു വൃത്തിയാക്കുക; 2. ഒത്തുനോക്കിയും ചർച്ചചെയ്തും പിഴതീർക്കുക, ഗുണദോഷനിർണയംചെയ്തു വിലയിരുത്തുക. 'പരിശോധം' നോക്കുക
പരിശോഭ നാ. ബാഹ്യപ്രഭ, ചുറ്റുമുള്ള പ്രഭ, പുറംപകിട്ട്
പരിശോഷിത വി. നല്ലപോലെ ഉണക്കിയ
പരിശ്രമം നാ. 1. അധ്വാനം, തുടർച്ചയായ പരിശീലനം; 2. ക്ഷീണം
പരിശ്രമിക്കുക ക്രി. 1. അധ്വാനിക്കുക; 2. തുടർച്ചയായി അഭ്യസിക്കുക
പരിശ്രയം നാ. 1. ആശ്രയം, അഭയസ്ഥാനം; 2. വേലികെട്ടിയോമറ്റോ സംരക്ഷിച്ചിട്ടുള്ള സ്ഥലം; 3. കൂട്ടം, യോഗം, സഭ
പരിശ്രാന്ത വി. ക്ഷീണിച്ച, തളർന്ന
പരിശ്രാന്തി നാ. 1. അധ്വാനം; 2. തളർച്ച
പരിശ്രാവ്യ വി. കേൾക്കപ്പെടുവാൻതക്ക, കേൾക്കാവുന്ന
പരിശ്രുത വി. 1. നല്ലതുപോലെ കേൾക്കപ്പെട്ട; 2. കീർത്തിയുള്ള, എല്ലാവരും അറിയുന്ന
പരിശ്ലിഷ്ട നാ. ആലിങ്ഗനംചെയ്യപ്പെട്ട, ആശ്ലേഷിക്കപ്പെട്ട, മുറുകെ കെട്ടിപ്പുണർന്ന
പരിശ്ലേഷം നാ. ആലിങ്ഗനം, ഗാഢാശ്ലേഷം
പരിഷ നാ. 1. ജനസമൂഹം, കൂട്ടം, സഭ; 2. (ആക്ഷേപാർഥത്തിൽ) ആളുകൾ (കൂട്ടർ). (പ്ര) പരിഷക്കാർ == ഒരേകക്ഷിയിൽപ്പെട്ടവർ
പരിഷത്ത് നാ. 1. സഭ, പണ്ഡിതസഭ; 2. കൂട്ടം
പരിഷദ്യൻ നാ. പരിഷത്തിലുള്ളവൻ
പരിഷപ്പണം നാ. കുറിപ്പണം, നാട്ടുകൂട്ടത്തിൽകൊടുക്കേണ്ട വരിപ്പണം
പരിഷേചനം നാ. 1. നനയ്ക്കൽ; 2. ഭക്ഷണത്തിനുമുമ്പു മന്ത്രപൂർവം ഇലയ്ക്കുചുറ്റും വെള്ളം തളിക്കൽ
പരിഷ്കരണം നാ. പരിഷ്കരിക്കൽ
പരിഷ്കരിക്കുക ക്രി. 1. അലങ്കരിക്കുക, ഭങ്ഗിപ്പെടുത്തുക, മോടികൂട്ടുക; 2. അഭിവൃദ്ധിവരുത്തുക, മെച്ചപ്പെടുത്തുക

പരിഷ്കാരം നാ. 1. അലങ്കാരം, മോടി; 2. ശുദ്ധി, വെടിപ്പ്; 3. വീട്ടുസാമാനം; 4. നാഗരീകത
പരിഷ്കൃത വി. പരിഷ്കരിക്കപ്പെട്ട
പരിഷ്ടോമം നാ. = പരിസ്തോമം
പരിഷ്ഠലം നാ. ചുറ്റുപാട്
പരിഷ്യന്ദം നാ. = പരിസ്യന്ദം
പരിഷ്വക്ത വി. 1. ആശ്ലേഷിക്കപ്പെട്ട, കെട്ടിപ്പുണരപ്പെട്ട; 2. ചുറ്റപ്പെട്ട, ആവരണംചെയ്യപ്പെട്ട
പരിഷ്വങ്ഗം നാ. 1. ആലിങ്ഗനം; 2. സ്പർശം
പരിഷ്വജിക്കുക ക്രി. 1. ആലിങ്ഗനംചെയ്യുക, ചുറ്റിപ്പിടിക്കുക; 2. ചുറ്റുക, ചുറ്റിമറയ്ക്കുക
പരിസങ്ഖ്യ നാ. 1. എണ്ണിപ്പറയൽ, കണക്കുകൂട്ടൽ; 2. ഒരു അലങ്കാരം
പരിസമാപനം നാ. 1. പൂർത്തിയാകൽ; 2. അവസാനിക്കൽ
പരിസർപ്പ(ണ)ം നാ. 1. ചുറ്റിനടക്കൽ, തേടിനടപ്പ്; 2. ഗമനം; 3. ഒഴുകൽ; 4. പിന്നാലെപോകൽ; 5. പരിജനംവന്നു ചുറ്റും നിൽക്കൽ
പരിസരണം നാ. 1. ചുറ്റിനടപ്പ്; 2. അടുത്തുവരൽ
പരിസരൻ നാ. ദേവൻ
പരിസരം നാ. 1. ചുറ്റുമുള്ള സ്ഥലം, ചുറ്റുപാട്; 2. ആറുകൾക്കും മലകൾക്കും അടുത്തുള്ള സ്ഥലം; 3. വക്ക്, അതിര്; 4. മരണം; 5. ഭാഗം; 6. വീഥി; 7. നിയമവിധി
പരിസര്യ നാ. = പരിസരണം
പരിസാരം നാ. പരിസര്യ
പരിസ്കന്ദം നാ. ചുറ്റിനടപ്പ്
പരിസ്തര(ണ)ം നാ. 1. വിരിക്കൽ; 2. ചിതറൽ
പരിസ്തോമം നാ. ചെമ്പാലിപ്പടം, രത്തക്കമ്പിളി, മേൽവിരിപ്പ്
പരിസ്ഥിതി നാ. മനുഷ്യജീവിതത്തെ സ്വാധീനിക്കുന്ന ചുറ്റുപാടുകൾ (വൃക്ഷലതാദികളും ജീവജാലങ്ങളും ഉൾപ്പെടെ)
പരിസ്പന്ദം നാ. 1. വസ്ത്രാഭരണാദികളെക്കൊണ്ടുള്ള ചമയം; 2. കൂലി; 3. പൂചൂടൽ; 4. തുടിപ്പ്
പരിസ്യന്ദം നാ. 1. ഒലിപ്പ്, ഒഴുക്ക്; 2. നദി
പരിസ്രവം നാ. 1. ഒഴുക്ക്; 2. നദി; 3. പ്രസവം
പരിസ്രാവം നാ. 1. ഒഴുക്ക്; 2. ഒരുരോഗം, ശരീരത്തിലെ ജലാംശം വാർന്നുപോകൽ
പരിസ്രുത1 വി. 1 ഇറ്റിറ്റുവീഴുന്ന; 2. ഒഴുകുന്ന
പരിസ്രുത2 നാ. വാറ്റിയെടുത്തമദ്യം
പരിസ്രുത്ത് നാ. 1. ഒരിനം മദ്യം; 2. ഇറ്റിറ്റുവീഴ്ച
പരിഹർത്തവ്യ വി. പരിഹരിക്കപ്പെടേണ്ട
പരിഹരണം നാ. പരിഹരിക്കൽ, പ്രതിക്രിയ
പരിഹരണീയ വി. പരിഹരിക്കത്തക്ക

പരിഹരിക്കുക ക്രി. 1. നീക്കിക്കളയുക; 2. സൗഖ്യമാക്കുക; 3. നിഷേധിക്കുക; 4. ശമിപ്പിക്കുക; 5. നിവൃത്തിവരുത്തുക; 6. കാണാതെപൊയ്ക്കളയുക
പരിഹസനം നാ. പരിഹാസം, പരിഹസിക്കൽ
പരിഹസിക്കുക ക്രി. 1. നിന്ദിക്കുക; 2. കളിയാക്കി ചിരിക്കുക
പരിഹസിത വി. പരിഹസിക്കപ്പെട്ട
പരിഹസ്തം നാ. 1. മോതിരം; 2. കൈവള
പരിഹാരം നാ. 1. പ്രായശ്ചിത്തം; 2. നീക്കുപോക്ക്; 3. തള്ളിക്കളയൽ; 4. മാറ്റാനുള്ള ഉപായം; 5. പിടിച്ചുപറി; 6. മുമ്പിൽ ചെല്ലാതിരിക്കൽ; 7. ഗ്രാമത്തിനുചുറ്റുമുള്ള പൊതുപ്രദേശം
പരിഹാരി നാ. പരിഹരിക്കുന്നവൻ
പരിഹാര്യം നാ. 1. പരിഹരിക്കത്തക്കത്, ഉപേക്ഷിക്കാവുന്നത്; 2. കൈവള
പരിഹാസകൻ നാ. 1. പരിഹസിക്കുന്നവൻ; 2. വിദൂഷകൻ
പരിഹാസം നാ. 1. നിന്ദ, കളിയാക്കൽ; 2. നേരമ്പോക്ക്
പരിഹാസ്യ വി. പരിഹസിക്കപ്പെടേണ്ട
1041
പരിഹീണ വി. ക്ഷയിച്ച, കുറവുള്ള
പരിഹൃത വി. പരിഹരിക്കപ്പെട്ട
പരിഹൃതി നാ. പരിഹാരം
പരിഹൃത്യ അവ്യ. പരിഹരിച്ചിട്ട്
പരീക്ഷ നാ. 1. പഠിത്തവും മറ്റും പരിശോധിക്കൽ; 2. അഭ്യാസം എത്രയ്ക്കു പുരോഗമിച്ചു എന്നു ശോധനചെയ്യുക
പരീക്ഷക വി. പരീക്ഷിക്കുന്ന, ഗുണദോഷമറിയുന്ന
പരീക്ഷണം നാ. പരീക്ഷിക്കൽ
പരീക്ഷണീയ വി. പരീക്ഷയ്ക്കുവിധേയമാക്കേണ്ട
പരീക്ഷാർഥി നാ. പരീക്ഷയ്ക്കിരിക്കുന്നവൻ
പരീക്ഷിക്കുക ക്രി. ശോധനചെയ്യുക, ഗുണദോഷമറിയുക
പരീക്ഷിതൻ നാ. 1. പരീക്ഷിക്കപ്പെട്ടവൻ; 2. പരീക്ഷിത്ത്
പരീക്ഷിതവ്യ വി. പരീക്ഷിക്കത്തക്ക
പരീക്ഷിത്ത് നാ. 1. യുധിഷ്ഠിരനുശേഷം ഹസ്തിനാപുരത്തു വാണിരുന്ന രാജാവ്; 2. അർജുനൻെറ പൗത്രൻ
പരീക്ഷ്യ വി. പരീക്ഷിക്കേണ്ട
പരീത വി. 1. ചുറ്റപ്പെട്ട; 2. സ്ഥാപിക്കപ്പെട്ട
പരീപ്സ നാ. കിട്ടാനുള്ള ആഗ്രഹം
പരീരണം നാ. 1. ആമ; 2. ഉടുപ്പ്; 3. വടി
പരീരം നാ. കായ്, ഫലം
പരീഷ്ടി നാ. = പര്യേഷണ
പരു1 വി. വലിയ, തടിച്ച, ആസകലമായ, പരുഷമായ. നാ. ശരീരത്തിലുണ്ടാകുന്ന കുരു
പരു2 നാ. 1. കരിമ്പ് ചൂരൽ മുതലായവയുടെ മുട്ട്; 2. മുളയുടെ കമ്പ്; 3. നെല്ലിൻെറ മുള; 4. സമുദ്രം; 5. സ്വർഗം; 6. അവയവം; 7. ചിറ്റീന്തൽ

പരുകൽ നാ. കുടിക്കൽ
പരുകുക ക്രി. 1. കുടിക്കുക; 2. ഉണ്ണുക; 3. ആസ്വദിക്കുക; 4. ഉമ്മവയ്ക്കുക, തടവുക
പരുക്കൻ വി. പരുപരുത്ത ഉദാഃ പരുക്കൻമുണ്ട്
പരുക്ക് നാ. 1. മുറിവ്, ചതവ്; 2. തഴമ്പ്
പരുക്കുക ക്രി. തടിക്കുക, വർധിക്കുക
പരുങ് [പരുങ്ങുക] ധാതുരൂപം
പരുങ്ങുക ക്രി. 1. പരിഭ്രമിക്കുക; 2. എന്തുചെയ്യണമെന്നറിയാതെ കുഴങ്ങുക; 3. ഭയപ്പെടുക; 4. വിഷമിക്കുക; 5. ഒളിച്ചിരിക്കുക
പരുത്ത വി. 1. തടിച്ച 2. വലിയ; 3. മാർദവമില്ലാത്ത
പരുത്തി നാ. 1. പഞ്ഞിയുണ്ടാകുന്ന ചെടി; 2. പഞ്ഞി (പാറുന്നത്)
പരുത്ത് നാ. കീഴാണ്ട്, കഴിഞ്ഞസംവത്സരം
പരുദ്വാരം നാ. കുതിര
പരുന്താലുക ക്രി. ചുറ്റും കൂടിനിന്ന് അന്വേഷിക്കുക
പരുന്തിൻചുവട് നാ. കളരിയഭ്യാസത്തിലെ ഒരടവ്
പരുന്തിൻവാൽ നാ. (ശില്പം) പലകകൾ ഒരു പ്രത്യേകതരത്തിൽ അഗ്രം വെട്ടിച്ചേർക്കൽ
പരുന്ത് [പാർറ്റ്] നാ. മാംസഭുക്കായ ഒരു പക്ഷി
പരുന്ന വി. കഴിഞ്ഞവത്സരത്തിലുണ്ടായ
പരുപരുക്കുക ക്രി. 1. മിനുസമില്ലാതാകുക; 2. തടിക്കുക. നാ. പരുപരുപ്പ്
പരുമൻ നാ. വലിയ കോട്ട
പരുമ നാ. 1. നിതംബം; 2. കവചം; 3. സ്ത്രീകളുടെ അരപ്പട്ട; 4. ജീനി
പരുമാറുക ക്രി. പെരുമാറുക
പരുവം ന. 1. പാകം; 2. പഴുപ്പ്; 3. അവസരം; 4. യൗവനം; 5. വയസ്സ്; 6. വാവ്; 7. സന്ധി; 8. സൂര്യസങ്ക്രമം; 9. ഋതു; 10. മാസം. (പ്ര) പരുവംനോക്കുക = 1. തക്കകാലം നോക്കുക; 2. പാകമായോഎന്നു നോക്കുക
പരുഷ വി. 1. കഠിനമായ, മയമില്ലാത്ത; 2. പലനിറമുള്ള; 3. പരുപരുത്ത
പരുഷൻ നാ. പരുക്കൻ സ്വഭാവക്കാരൻ
പരുഷം നാ. കഠിനവാക്ക്
പരുസ് നാ. 1. കഴിഞ്ഞവർഷം; 2. മുള; 3. ചേർപ്പ്; 4. അങ്കം
പരേങ്ഗിതജ്ഞാനം നാ. അന്യന്റെ മനസ്സിലിരിപ്പറിയൽ
പരേങ്ഗിതം നാ. അന്യന്റെ അഭിപ്രായം. (പ്ര) പരേങ്ഗിതജ്ഞൻ = പരഹിതമറിയുന്നവൻ
പരേത വി. മരിച്ച, പരലോകത്തെ പ്രാപിച്ച
പരേതഭർത്താവ് നാ. യമൻ
പരേതഭൂമി നാ. ശ്മശാനം
പരേതം നാ. മരിച്ചവന്റെ ആത്മാവ്

പരേതര നാ. സ്വന്തമായ, സ്നേഹമുള്ള
പരേതി നാ. 1. മരണം; 2. പോക്ക്
പരേതേശൻ നാ. = പരേതഭർത്താവ്
പരേദ്യുഃ അവ്യ. പിറ്റേന്നാൾ
പരേശൻ നാ. 1. ബ്രഹ്മാവ്; 2. വിഷ്ണു
പരേഷ്ട നാ. അനേകംതവണ പ്രസവിച്ച പശു
പരേഷ്ടി നാ. ബ്രഹ്മാവ് (പരമേഷ്ടി)
പരോക്ഷ വി. പ്രത്യക്ഷമല്ലാത്ത
പരോക്ഷജ്ഞാനം നാ. പഞ്ചേന്ദ്രിയങ്ങൾക്കു ഗോചരമല്ലാത്ത ജ്ഞാനം, ആത്മജ്ഞാനം
പരോക്ഷൻ നാ. 1. സന്ന്യാസി; 2. മറഞ്ഞിരിക്കുന്നവൻ
പരോക്ഷം നാ. 1. മറവ്; 2. പരോക്ഷജ്ഞാനം; 3. പ്രത്യക്ഷമല്ലാത്തത്
പരോക്ഷവൃത്തി നാ. അന്യരുടെ ശ്രദ്ധയിൽപ്പെടാതെയുള്ള ജീവിതം
പരോക്ഷാർഥം നാ. ഗൂഢാർഥം
പരോഢ നാ. 1. അന്യന്റെ ഭാര്യ; 2. (നാട്യ) ഒരു നായികാഭേദം
പരോത്കർഷം നാ. അന്യന്റെ അഭിവൃദ്ധി
പരോത്കർഷാസഹിഷ്ണുത നാ. അന്യന്റെ അഭിവൃദ്ധിയിലുള്ള അസൂയ
പരോപകാരം നാ. അന്യനുചെയ്യുന്ന ഉപകാരം
പരോപകാരി നാ. പരോപകാരംചെയ്യുന്ന ശീലമുള്ളവൻ (സ്ത്രീ) പരോപകാരിണി
പരോപദ്രവം നാ. അന്യനെ ഉപദ്രവിക്കൽ
പരോഷ്ടി നാ. നരിച്ചീർ, വാവൽ
പര്യകം നാ. ചെറിയ കിങ്ങിണികളോടുകൂടിയ കാൽത്തള
പര്യങ്കം നാ. 1. കട്ടിൽ; 2. ഉറങ്ങുന്ന സ്ഥലം; 3. പല; 4. വീരാസനം; 5. പുറമേചുറ്റുന്ന തുണി
പര്യങ്കാസനം നാ. വീരാസനം
പര്യടനം നാ. സഞ്ചാരം
പര്യനുയോഗം നാ. 1. നിന്ദനം; 2. (നിയ)ക്രോസ്സുവിസ്താരം
പര്യന്തം നാ. 1. അതിർത്തി; 2. അവസാനം; 3. ചുറ്റൽ, ചുറ്റുപാട്; 4. വശം; 5. ദൂരം
പര്യം നാ. ആചാരലങ്ഘനം
പര്യയണം നാ. ചുറ്റിനടപ്പ്
പര്യയം നാ. 1. ചുറ്റൽ, പരിവൃത്തം; 2. കുഴപ്പം; 3. എതിർപ്പ്; 4. ജോലിയിലുള്ള ഉപേക്ഷ, ഉപേക്ഷ; 5. വണ്ടിച്ചക്രം; 6. പര്യായം
പര്യവദാത നാ. വളരെവെളുത്ത, ശുദ്ധമായ
പര്യവരോധം നാ. 1. തടവ്; 2. വിരോധം; 3. മുടക്കം, തടസ്സം
പര്യവസാനം നാ. പൂർണമായ അവസാനം, സമാപനം
പര്യവസാനിക്കുക നാ. 1. സമാപിക്കുക, കലാശിക്കുക; 2. നിർണയിക്കുക

പര്യവസിത വി. പര്യവസാനിച്ച
പര്യവസ്ഥ നാ. 1. വിരോധം; 2. എതിർപ്പ്
പര്യവസ്ഥാതാവ് നാ. എതിരാളി
പര്യവേക്ഷണം നാ. പരിശോധന
പര്യശ്രു വി. കണ്ണീരിൽ മുഴുകിയ
പര്യസനം നാ. 1. ഏറ്; 2. നീട്ടൽ
പര്യസ്ത നാ. 1. ചുറ്റപ്പെട്ട; 2. ചിതറിയ; 3. നശിച്ച
പര്യസ്തി നാ. ചമ്രംപടിഞ്ഞിരിപ്പ്
പര്യസ്തിക നാ. കിടക്ക, തല്പം
പര്യാകുല വി. 1. കലങ്ങിയ, ഭയപ്പെട്ട; 2. നിറഞ്ഞ
പര്യാഗത വി. 1. ഇഹലോകജീവിതം അവസാനിച്ച; 2. അടുത്തുവന്ന
പര്യാഗമന നാ. 1. സമീപിക്കൽ; 2. പൂർത്തിയാക്കൽ; 3. ചുറ്റൽ; 4. ജീവിക്കൽ
പര്യാണം നാ. 1. ഓട്ടം; 2. ജീനി
പര്യാദി [പേർ] നാ. പരാതി
പര്യാപ്ത വി. 1. പ്രാപിച്ച; 2. കഴിവുള്ള; 3. തികഞ്ഞ; 4. വലിയ
പര്യാപ്തം അവ്യ. മതിയായവിധം, ശക്തിയായി, വേണ്ടതുപോലെ
പര്യാപ്തി നാ. 1. മതിയായിരിക്കുന്ന അവസ്ഥ; 2. അവസാനം; 3. ലബ്ധി; 4. സമ്പാദ്യം; 5. അലംഭാവം
പര്യായം നാ. 1. ശരിയായ ക്രമം; 2. ഒരു വാക്കിൻെറ അതേയർഥമുള്ളതും അതിനുപകരം ഉപയോഗിക്കാവുന്നതുമായ വാക്ക്; 3. ഒരു അലങ്കാരം; 4. ഗുണം; 5. ഉണ്ടാക്കൽ; 6. അതിക്രമം; 7. അവസരം
പര്യായശയനം നാ. തവണവച്ചു മാറിമാറി ഉറങ്ങൽ
പര്യോക്തം നാ. ഒരു അർഥാലങ്കാരം
പര്യാലോചന(ം) നാ. നല്ലവണ്ണം ആലോചിക്കൽ
പര്യാലോചിക്കുക ക്രി. നല്ലവണ്ണം ആലോചിക്കുക
പര്യാവർത്തം നാ. 1. തിരിച്ചുവരവ്; 2. ഒരു നരകം
പര്യാവില വി. വളരെ ആവിലമായ (കലങ്ങിയ)
പര്യാസ(ന)ം നാ. 1. അവസാനം; 2. ചുറ്റൽ, കറക്കം; 3. വിധം; 4. വീഴ്ച
പര്യാഹാരം നാ. 1. കാവടി; 2. ചുമട്; 3. പാത്രം; 4. ധാന്യം ശേഖരിക്കൽ
പര്യുത്ഥാനം നാ. എഴുന്നുനിൽപ്പ്
പര്യുത്സുക വി. 1. ഏറെ താത്പര്യമുള്ള; 2. മനസ്സിളകിയ, ദുഃഖമുള്ള
പര്യുദഞ്ചനം നാ. 1. കടം(കൊടുത്തയാളിനു തിരിച്ചുകിട്ടുന്നതിനാൽ); 2. ഉദ്ധാരണം
പര്യുദാസം നാ. 1. താത്പര്യമില്ലാതിരിക്കൽ, ഉപേക്ഷിക്കൽ; 2. നിഷേധം; 3. അപവാദം
പര്യുപസ്ഥാനം നാ. സേവനം, ശുശ്രൂഷ

പര്യുപാസകൻ നാ. ആരാധകൻ, നന്നായി ഉപാസിക്കുന്നവൻ
പര്യുപ്ത നാ. 1. വിതയ്ക്കപ്പെട്ട; 2. രത്നംപതിച്ച
പര്യുഷിത വി. 1. സഹവസിച്ച, പഴകിയ; 2. രുചിയില്ലാത്ത
പര്യേഷണ നാ. 1. (ക്രിയകൾ നടത്തുവാൻ പറ്റിയവരെ അന്വേഷിച്ചു) ചുറ്റിനടക്കൽ; 2. ബഹുമാനം; 3. ആരാധന
പൽച്ചക്രം നാ. ഗിയർ, പല്ലിൻെറ ആകൃതിയിൽ പഴുതുകളുള്ള (ലോഹനിർമിതമായ) ചക്രം (മറ്റൊരുചക്രത്തെ പിടിച്ചുകറക്കുന്നതിനു യന്ത്രങ്ങളിൽ ഉപയോഗം)
പൽത്തടിമരം നാ. പല്ലിത്തടി
പൽപ്പ് നാ. 1. വാളിൻെറയും മറ്റും പല്ല്; 2. അരം; 3. താക്കോലിൻെറ പരന്ന ഭാഗം
പല വി. അനേകമായ, അധികമായ
പലക നാ. 1. വീതിയിൽ കനം കുറച്ച് അറുത്തെടുത്ത തടി; 2. ഇരിക്കാനുപയോഗിക്കുന്ന മരക്കഷണം; 3. പരിച; 4. ഇരുപത്തഞ്ചുകെട്ടുകൂടിയ ഒരു അളവ്. ഉദാഃ പ്രു പലക വെറ്റില. പലകക്കള്ളി = ഒരുതരം കള്ളിച്ചെടി. പലകനാക്ക് = പങ്കായത്തിൻെറ തലയ്ക്കൽ വച്ചുപിടിപ്പിക്കുന്ന ഇലയുടെ ആകൃതിയിലുള്ള പലകക്കഷണം
പലക്ഷാരം നാ. രക്തം
പലഗണ്ഡൻ നാ. കൊത്തൻ, നിലം ചുമര് മുതലായവ ചെത്തിത്തേക്കുന്നവൻ, കല്ലാശാരി
പലങ്കരം നാ. പിത്തരസം
പലങ്കഷ നാ. 1. ഞെരിഞ്ഞിൽ; 2. കുമ്പിൾ മരം; 3. പ്ലാശ്; 4. അരത്ത; 5. അരക്ക്; 6. ചെറിയ അമര
പലങ്കഷൻ നാ. രാക്ഷസൻ (മാംസം ഭക്ഷിക്കുന്നവൻ)
പലങ്കഷം നാ. 1. ഗുഗ്ഗുലു; 2. സിംഹം; 3. കിംശുകം
പലചരക്ക് നാ. പല ഇനത്തിൽപ്പെടുന്ന സാധനങ്ങളുടെ സമൂഹം. പലചരക്കുകട = പലസാധനങ്ങൾ വിൽക്കുന്ന കട
പലണ്ഡു നാ. = പലാണ്ഡു (ചെമന്നുള്ളി)
പലത് നാ. അനേകം
പലപല സ.നാ. 1. ഒട്ടുവളരെ; 2. വിവിധമായ
പലപ്പൊഴും അവ്യ. കൂടെക്കൂടെ, പലകുറി
പലപ്രിയൻ നാ. 'ഇറച്ചി ഇഷ്ടപ്പെടുന്നവൻ', രാക്ഷസൻ
പലപ്രിയം നാ. കാക്ക
പലം നാ. 1. ഇരുപത്തൊന്നു കഴഞ്ചുകൂടിയ തൂക്കം; 2. മാംസം; 3. വൈക്കോൽ; 4. ഉമി
പലർ നാ. അനേകംപേർ. പലരുകൂടിയാൽ പാമ്പു ചാകാ (പഴ)
പലലൻ നാ. 1. രാക്ഷസൻ; 2. പിശാച്
പലലം നാ. 1. മാംസം; 2. എള്ളുണ്ട; 3. ചെളി, ചേറ്; 4. പിണ്ണാക്ക്
പലലാശയം നാ. ഒരു രോഗം (തൊണ്ട വീക്കം)
1043
പലലാശി നാ. മാംസം ഭക്ഷിക്കുന്നവൻ, രാക്ഷസൻ

പലവ നാ. പലത്
പലവക നാ. 1. പല ഇനം, പലമാതിരി; 2. കണക്കെഴുതുമ്പോൾ ഇന്നതെന്നു വ്യക്തമാക്കാനാകാത്ത ചില്ലറച്ചെലവുകൾ
പലവം നാ. 1. മീൻവല, മീൻകൂട; 2. മീൻപിടിക്കാനുള്ള ചൂണ്ട; 3. പഴം, കായ്; 4. ഉമി, തോട്
പലവർ നാ. പലർ
പലവായ് അവ്യ. പലവഴിക്കും
പലവ്യഞ്ജനം നാ. മുളക് കടുക് ജീരകം മുതലായവ (കറികൾക്കു രുചിയുണ്ടാക്കാൻ ചേർക്കുന്ന പലവസ്തുക്കൾക്കു പൊതുവേ പറയുന്ന പേര്)
പലസം നാ. പനസം (ചക്ക)
പലഹാരം നാ. 1. അട ദോശ ഇഡ്ഡലി റൊട്ടി മുതലായ ഏതെനിലും ഭക്ഷണവസ്തു (ചോറല്ലാതെയുള്ളത്); 2. കായ്കനികൾ
പലാഗ്നി നാ. പിത്തരസം
പലാങ്ഗം നാ. 1. ചീങ്കണ്ണി; 2. ആമ; 3. ഒരു മത്സ്യം
പലാണ്ഡു നാ. 1. ചെമന്നുള്ളി; 2. വലിയ വെള്ളുള്ളി
പലാത്തൽ നാ. ചിട്ടിമുമ്പൻ ചിട്ടിപ്പണത്തിൽനിന്ന് എടുക്കുന്ന വിഹിതം, വടപ്പണം
പലാദൻ നാ. മാംസം ഭക്ഷിക്കുന്നവൻ, രാക്ഷസൻ
പലാപം നാ. 1. കയറ്; 2. ആനയുടെ ചെന്നി
പലായക വി. 1. പലായനംചെയ്യുന്ന; 2. പറക്കുന്ന
പലായനം നാ. 1. ഓടിപ്പോക്ക്, ഓട്ടം; 2. ജീനി
പആയമാന വി. പലായനം ചെയ്തുകൊണ്ടിരിക്കുന്ന
പആയി നാ. ഓടിപ്പോയവൻ
പലായിത വി. പലായനംചെയ്ത
പലാലദോഹദം നാ. മാവ് (ചൂതവൃക്ഷ,ം)
പലാലം നാ. വയ്ക്കോൽ, ഉമി (പറക്കുന്നത്, കനമില്ലാത്തത്)
പലാലി, -ളി നാ. മാംസക്കൂട്ടം
പആവം നാ. = പലവം
പലാശ വി. 1. പച്ചനിറമുള്ള; 2. ക്രൂരമായ
പലാശക നാ. മുരുക്ക്
പലാശകം നാ. 1. പ്ലാശ്; 2. ചെറുകച്ചോലം
പലാശനൻ നാ. = പലാദൻ
പലാശം നാ. 1. ഇല; 2. പലം; 3. മാംസം; 4. ചെറുകച്ചോലം; 5. പച്ചനിറം; 6. പച്ചില; 7. മഗധരാജ്യം
പലാശാഖ്യ(ം) നാ. പെരുങ്കായം
പലാശാന്താ നാ. നറുമഞ്ഞൾ
പലാശി നാ. 1. വൃക്ഷം (ഇലയുള്ളത്); 2. രാക്ഷസൻ; 3. ചെറുകച്ചോലം; 4. അരക്ക്; 5. ഒരു വള്ളി (പ്ലാശുവള്ളി); 6. ഒരു നഗരം
പലാശ് നാ. പ്ലാശ്
പലിക്നി നാ. 1. നരച്ചവൾ, വൃദ്ധ; 2. കടിഞ്ഞൂൽഗർഭമുള്ള പശു

പലിഘം നാ. 1. (സ്ഫടിക)ജലപാത്രം; 2. പടിവാതിൽ; 3. ഭിത്തി; 4. തൊഴുത്ത്; 5. പരിഘം

പലിത വി. വയസ്സായ, നരച്ച

പലിതങ്കര വി. നരയുണ്ടാക്കുന്ന, നരയ്ക്കു കാരണമായ

പലിതം നാ. 1. നര; 2. വാർധക്യം; 3. ചീകി അലങ്കരിച്ച മുടി; 4. ചേറ്; 5. ചൂട്; 6. അറബിക്കുന്തുരുക്കം; 7. ചേലേയം

പലിതി വി. നരയുള്ള

പലിശ1 നാ. 1. പൊലിക്കുന്നത് (കടംവാങ്ങിയ മുതലിനു പ്രതിഫലമായി കൊടുക്കേണ്ട ആദായം, ബാങ്കിലോ മറ്റോ പണം നിക്ഷേപിക്കുമ്പോൾ ആദായമായികിട്ടുന്ന തുക, ധാന്യങ്ങൾ കടംകൊടുക്കുമ്പോൾ കൊടുത്ത അളവിനുപുറമേ ആദായമായികിട്ടുന്ന ധാന്യം); 2. പ്രവൃത്തികൾക്കു കാലംകൊണ്ടുണ്ടാകുന്ന ഫലം

പലിശ2 നാ. പരിച. പലിശക്കാർ = യോദ്ധാക്കൾ, അങ്ഗരക്ഷകർ. പലിശത്തട്ടുകളി = ഒരു നാടോടിക്കളി (യുദ്ധത്തെ അനുസ്മരിപ്പിക്കുന്നത്)

പലേടം നാ. പല ഇടം. (പ്ര) പലേടത്ത് = പലസ്ഥലത്ത്

പല്യങ്കം നാ. = പര്യങ്കം

പല്യയനം നാ. പര്യയനം (ജീനി)

പല്ലക്ക് നാ. പണ്ട് ഉയർന്നവരുടെ ഉപയോഗത്തിൽ ഇരുന്ന ഒരു വാഹനം, ആളുകൾ ചുമന്നുകൊണ്ടുപോകുന്നത്

പല്ലങ്കി,പല്യങ്കം നാ. = പല്ലക്ക്

പല്ലണം നാ. ജീനി

പല നാ. 1. വലിയ (നീണ്ട) പല്ലുള്ളവൻ, പൊങ്ങിയപല്ലുള്ളവൻ

പല്ലം നാ. 1. നെൽപ്പുര; 2. വലിയ പത്തായം

പല്ലരണ നാ. ഒരു ദന്തരോഗം, മോണയിൽ ഉണ്ടാകുന്ന നീര്

പല്ലവ(ക)ൻ നാ. വിടൻ, നീചൻ

പല്ലവകം നാ. 1. അശോകം; 2. നാമ്പ്; 3. ഒരിനം മത്സ്യം

പല്ലവഗ്രാഹി നാ. 1. മൊട്ടിടുന്നത്, തളിർക്കുന്നത്; 2. തുച്ഛമായ അറിവോടുകൂടിയവൻ, (കാവ്യ) കാവ്യാർഥത്തിൻെറ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലാതെ ഉപരിപ്ലവമായ ആസ്വാദനം നടത്തുന്നവൻ; 3. നിസ്സാരകാര്യങ്ങളിൽ ഏർപ്പെടുന്നവൻ

പല്ലവദ്രു(മ)ം നാ. അശോകം

പല്ലവം നാ 1. തളിര്, നാമ്പ്; 2. മൊട്ട്; 3. കൈവള; 4. ചാപല്യം; 5. വസ്ത്രാഗ്രം; 6. ഒരു ദേശം; 7. പുൽക്കൊടി; 8. ചെഞ്ചായം; 9. അനുരാഗം

പല്ലവാസ്ത്രൻ നാ. കാമദേവൻ

പല്ലവി നാ. പാട്ടുകളുടെ ആരംഭത്തിൽ ഉള്ളതും ഓരോചരണം കഴിഞ്ഞ് എടുത്തുപാടുന്നതുമായ ഭാഗം. (പ്ര) പല്ലവിപാടുക = ഒരു വിഷയം തന്നെ ആവർത്തിച്ചാവർത്തിച്ചു പറയുക

പല്ലവിത വി. 1. മൊട്ടിട്ട, തളിർത്ത; 2. വികസിച്ച; 3. ചിഞ്ചായം തേച്ച

പല്ലവിതം നാ. 1. മൊട്ടിട്ടത്; 2. കോലരക്ക്

പല്ലവിനി നാ. ഒരു ഭാഷാവൃത്തം

പല്ലാങ്കുഴി നാ. 1. ഒരിനം കളിപ്പലക (ചെറിയമുത്തുകളോ കായ്കളോ നിരത്തി കളിക്കാനുള്ളത്, ഇതിൽ ചുറ്റുമായി 14 ചെറിയ കുഴികളും നടുവിൽ വലിയ കുഴിയും കാണും); 2. പല്ലാങ്കുഴിയിൽ കളിക്കുന്ന കളി

പല്ലി1 നാ. 1. നീണ്ടതും പൊങ്ങിയതുമായ പല്ലുള്ളവൾ; 2. ആഹാരസാധനങ്ങൾ കുത്തിയെടുക്കാനുള്ള ഫോർക്ക്; 3. പല്ലിത്തടി

പല്ലി2 നാ. 1. ഗൗളി; 2. ഗൃഹം; 3. ജനവാസമുള്ള പ്രദേശം, നഗരം; 4. പഞ്ചസാര

പല്ലിക നാ. 1. ഗൗളി; 2. ചെറിയ ഗ്രാമം

പല്ലിട നാ. പല്ലുകൾക്കിടയിലുള്ള വിടവ്. (പ്ര) പല്ലിടകുത്തുക = പല്ലുകളുടെ ഇടയിൽ പറ്റിയിരിക്കുന്ന ഭക്ഷണശകലങ്ങളും അഴുക്കും കൂർത്ത സാധനങ്ങൾകൊണ്ടു നീക്കംചെയ്യുക. പല്ലിടകുത്തി മണപ്പിക്കുക = സ്വന്തം ദൂഷ്യം വിളിച്ചുപറയുക

പല്ലിടകുത്തി നാ. പല്ലിടകുത്തി അഴുക്കെടുക്കാനുള്ള കോൽ, പല്ലുകുത്തി

പല്ലിടുക ക്രി. 1. ഭിത്തിയിൽ അവിടവിടെ കല്ലുതള്ളിനിൽക്കത്തക്കവണ്ണം പണിചെയ്യുക; 2. കടിക്കുക

പല്ലിത്തടി നാ. 1. ഊർച്ചമരം; 2. നിലം നിരപ്പാക്കാനുള്ള തടി, നീണ്ടുവളഞ്ഞ ആണികൾ അധോമുഖമായി ഘടിപ്പിച്ചിട്ടുള്ളത്

പല്ലിളി(പ്പ്) നാ. 1. പല്ലുകൾ പുറത്തുകാണത്തക്കവണ്ണം ചുണ്ടുകൾ ചുരുക്കൽ. (പ്ര) പല്ലിളിക്കുക = വിഡ്ഢിച്ചിരിചിരിക്കുക. പല്ലുകാട്ടുക = ചിരിക്കുന്നതുപോലെ അഭിനയിക്കുക

പല്ലിറുമ്മൽ നാ. പല്ലുകൾതമ്മിൽ കൂട്ടിക്കടിക്കൽ

പല്ലിറുമ്മുക ക്രി. 1. കോപം കാണിക്കുക; 2. കോപം അടക്കുക

പല്ല് നാ. 1. മേൽവായിലും അടിവായിലും വരിയായിനിൽക്കുന്നതും കടിക്കാനും ചവയ്ക്കാനുമായി ഉപയോഗിക്കുന്നതുമായ അവയവം; 2. അറപ്പുവാൾ ചിരവ എന്നിവയിലും മറ്റും പല്ലുപോലെ കൂർത്തുകാണുന്ന ഭാഗം; 3. താക്കോൽപുച്ഛം; 4. നങ്കൂരത്തിൻെറ നാക്ക്. എല്ലുമുടിയെ വേലചെയ്താൽ പല്ലുമുറിയെത്തിന്നാം (പഴ)

പല്ലുകടി നാ. പല്ലുകൂട്ടിക്കടിക്കൽ, പല്ലിറുമ്മൽ

പല്ലുകുത്തി നാ. പല്ലിടകുത്തി

പല്ലുകുത്ത് നാ. 1. ഒരു രോഗം, പല്ലുവേദന; 2. പലെടുക്കൽ

പല്ലുളകാലം നാ. പല്ലുമുളയ്ക്കുന്ന പ്രായം

പല്ലുളി നാ. 1. പല്ലുകുത്തി; 2. ചിരവനാക്കുപോലെ ചെറിയ പല്ലുകളുള്ള ഒരിനം ഉളി (കൊത്തുപണിക്കാർ ഉപയോഗിക്കുന്നത്)

പല്ലേരി നാ. ഊന്, മോണ

പല്വലം നാ. ചെറിയ കുളം, ചിറക്കുഴി

പല്വാലവാസം നാ. ആമ

പവൻ1 നാ. 1. ഒരു സ്വർണനാണയം (എട്ടുഗ്രാം തൂക്കമുള്ളത്); 2. ഈ നാണയത്തിൻെറ മൂല്യമുള്ള കറൻസിനോട്ട് (ഇങ്ഗ്ലണ്ടിൽ പ്രചരിക്കുന്നത്. പവൻെറ സ്വർണവിലയും ഈ നോട്ടിൻെറ വിലയുമായി ഇപ്പോൾ ബന്ധമില്ല)

പവൻ2 നാ. പവനൻ, കാറ്റ്, വായു
പവന വി. സ്വച്ഛതയുള്ള, വെടിപ്പുള്ള, ശുദ്ധമായ
പവനചക്രം നാ. ചുഴലിക്കാറ്റ്
പവനജ വി. വായുവിൽനിന്നുണ്ടായ
പവനജൻ നാ. കാറ്റിൻമകൻ, ഭീമസേനൻ
പവനജവം നാ. കാറ്റിൻെറ വേഗം
പവനൻ നാ. 1, വായു (ശുദ്ധീകരിക്കുന്നതിനാൽ); 2. വിഷ്ണു; 3. ഗാർഹപത്യാഗ്നി
പവനഭുക്ക് നാ. പാമ്പ് (വായുവാണു ഭക്ഷിക്കുന്നതെന സങ്കൽപത്തിൽനിന്ന്)
പവനം നാ. 1. ശുദ്ധിയാക്കൽ; 2. പാറ്റൽ; 3. കുശവൻെറ ആല, ചൂള; 4. ജലം; 5. അരിപ്പ; 6. പവിത്രം (ചില കർമങ്ങൾചെയ്യുമ്പോൾ ദർഭപ്പുല്ലുകൊണ്ടുണ്ടാക്കി വിരലിൽ അണിയുന്ന മോതിരം); 7. വായു
പവനവാഹനൻ നാ. അഗ്നി
പവനവ്യാധി നാ. 1. വാതരോഗം; 2. (ശ്രീകൃഷ്ണൻെറ ഇഷ്ടനും മന്ത്രിയുമായ) ഉദ്ധവരുടെ ഒരു പര്യായം
പവനാശ(ന)ം നാ. പാമ്പ്
പവനി നാ. തുറപ്പ, ചൂൽ (ശുദ്ധമാക്കുനത്)
പവം നാ. 1. ശുദ്ധി, ശുചീകരണം; 2. ചാണകം; 3. പതിർപിടിക്കുക, നെല്ലുചേറുക; 4. മുറം; 5. ചതുപ്പുനിലം
പവമാനൻ നാ. വായു, ശുദ്ധീകരിക്കുന്നവൻ
പവമാനപഥം നാ. അന്തരീക്ഷം
പവർഗം നാ. 1. (വ്യാക) പ ഫ ബ ഭ മ എന്നീ അക്ഷരങ്ങൾ; 2. (പുരാണ) ഒരു നരകം
പവൾ നാ. പവിഴം
പവഴ[പകഴി] നാ. ബാണം
പവാക നാ. ചുഴലിക്കാറ്റ്
പവി നാ. 1. വജ്രം, ഇന്ദ്രൻെറ ആയുധം; 2. കരിമ്പ്; 3. കുന്തമുന; 4. അമ്പ്; 5. അഗ്നി
പവിതം നാ. 1. ശുദ്ധീകരിക്കപ്പെട്ടത്; 2. കുരുമുളക്
പവിത്ര1 വി. 1. ശുദ്ധിയുള്ള; 2. പാപമില്ലാതാക്കുന്ന
പവിത്ര2 നാ. 1. തുളസി; 2. ചിറ്റരയാൽ; 3. മഞ്ഞൾ; 4. വെളുത്തമാക്കീരക്കല്ല്; 5. വന്നി
പവിത്രകം നാ. 1. ചണത്തിൻെറയും മറ്റും ചരടുകൊണ്ട് ഉണ്ടാക്കുന്ന വല; 2. വയ്ക്കോൽകൊണ്ടോ തുണികൊണ്ടോ നിർമിക്കുന്ന അരിപ്പ; 3. മീൻകൂട്; 4. മക്കിപ്പൂവ്; 5. പച്ചനിറമുള്ള ദർഭ; 6. അരയാൽ; 7. അത്തിയാൽ
പവിത്രക്കെട്ട് നാ. 1. ഒരു ചരടിൻെറ രണ്ടറ്റംചേർത്തുകെട്ടുന്ന രീതികളിൽ ഒന്ന് (കെട്ടിൻെറ രണ്ടുവശങ്ങളും ഒരുപോലെ തോന്നിക്കുന്നത്); 2. ബലി പൂജ തുടങ്ങി കർമങ്ങൾചെയ്യുമ്പോൾ ദർഭയോ കുശയോ ഒന്നാം അർഥത്തിൽ പറഞ്ഞരീതിയിൽ കെട്ടി വിരലിൽ അണിയൽ; 3. നാഗങ്ങളുടെ കളം എഴുതുമ്പോൾ ഒന്നാം അർഥത്തിൽ പറഞ്ഞതുപോലെ പാമ്പുകൾ പിണഞ്ഞു കിടക്കുന്നതായി എഴുതൽ

പവിത്രധാന്യം നാ. യവം
പവിത്രം നാ. 1. കുശ, ദർഭ; 2. പുത്തിലഞ്ഞി; 3. എള്ള്; 4. ചെമ്പ്; 5. പൂണുനൂൽ; 6. വെള്ളം; 7. മഴ; 8. തേൻ; 9. നെയ്; 10. തൈര്; 11. ചാണകം; 12. അസ്ത്രം; 13. അർഘ്യപാത്രം; 14. മുറം; 15. അരിപ്പ; 16. ഒരുതരം മോതിരം (കുശകൊണ്ടും മറ്റുമുള്ളത്)
പവിത്രമോതിരം നാ. 1. ഒരിനം മോതിരം (വൈദികകർമങ്ങൾക്കു കുശ കറുകപ്പുല്ല് ഇവയിലേതെങ്കിലുംകൊണ്ടു പവിത്രക്കെട്ടുകെട്ടി കർമശുദ്ധിക്കായി കയ്യിൽ ഇടുന്നത്); 2. പവിത്രക്കെട്ടുപോലെ പണിഞ്ഞ സ്വർണമോതിരം
പവിത്രവിരൽ നാ. അണിവിരൽ (പവിത്രമോതിരം ധരിക്കുന്ന വിരൽ)
പവിത്രാങ്ഗുലീയ(ക)ം നാ. പവിത്രമോതിരം
പവിത്രീകരിക്കുക ക്രി. ശുദ്ധീകരിക്കുക
പവിഴക്കുന്നി നാ. ചെമന്നകുന്നി
പവിഴക്കൊമ്പ് നാ. നീളത്തിലുള്ള പവിഴം, കടലിനടിയിൽനിന്നുകിട്ടുന്ന രീതിയിൽ ഉള്ളത്, മുറിച്ചു ഭങ്ഗിപ്പെടുത്താത്ത പവിഴം
പവിഴനീർ നാ. രക്തം
പവിഴപ്പുറ്റ് നാ. 1. പവിഴമായിത്തീരുന്ന ജലജീവികളുടെ അസ്ഥികൾ പാളികളായി കടലിനടിയിൽ വളരുന്നത് (ഇതിൽനിന്നു പവിഴം ശേഖരിക്കുന്നു); 2. ഒരു അങ്ങാടിമരുന്ന്
പവിഴം നാ. നവരത്നങ്ങളിൽ ഒന്ന്, വിദ്രുമം (ചില സമുദ്രജീവികളുടെ അസ്ഥിയിൽനിന്നുണ്ടാകുന്നത്, ചെമപ്പുനിറമുള്ളതു മുഖ്യം)
പവിഴമണി നാ. പവിഴക്കല്ല് (ശോധന ചെയ്തെടുത്ത പവിഴം)
പവിഴമല നാ. കിഴക്കൻ പർവത നിര
പവിഴമല്ലി(ക) നാ. 1. ഒരിനം മുല്ല, പാരിജാതകം; 2. ഒരു ചെറു മരം (ഇതിൻെറ വെളുത്ത പൂവിൻെറ ഞെട്ടു പവിഴംപോലെ ചെമന്നു തിളക്കമുള്ളതാണ്)
1045
പവിഴമാല നാ. പവിഴംകൊണ്ടുള്ള മാല
പവിഴാധരം നാ. പവിഴംപോലെയുള്ള ചുണ്ട്
പവ്വം [പ.മ.] നാ. സമുദ്രം
പശ നാ. 1. രണ്ടുവസ്തുക്കളെ കൂട്ടിയൊട്ടിക്കാൻ ഉപയോഗിക്കുന്നത്; 2. എണ്ണപോലെ വഴുതുന്ന സ്വഭാവമുള്ള വസ്തു. ഉദാഃ പശമണ്ണ്; 3. ആർദ്രത, ദയ; 4. ശക്തി; 5. ലാഭം
പശമണ്ണ് നാ. പശയുള്ള മണ്ണ്, ചെളി, കണങ്ങൾ പരസ്പരം ഒട്ടി നിൽക്കുന്ന സ്വഭാവമുള്ള മണ്ണ്
പശി നാ. വിശപ്പ്. ക്രി. പശിക്കുക
പശിമ നാ. മാർദവം; 2. പുതുമ; 3. അഴക്; 4. പച്ച, ഉണങ്ങാത്തത്; 5. നനവ്; 6. മണ്ണിൻെറ പുഷ്ടി
പശിമമണ്ണ് നാ. കളിമണ്ണ്
പശു നാ. 1. ഒരു നാൽക്കാലി മൃഗം, ഗോവ്, ഗോജാതിയിലെ പെണ്ണ്; 2. മൃഗം; 3. ജീവൻ; 4. യാഗത്തിൽ ഹനിക്കപ്പെടുന്ന ജീവി; 5. അധമൻ, മൃഗതുല്യൻ; 6. ഭോഷൻ; 7. ഭയന്നവൻ, ഭീരു; 8. അഗ്നി; 9. പരമാത്മാവ്

പശുക		നാ.	ചെറിയ ജന്തു
പശുക്കൂട്		നാ.	പശുത്തൊഴുത്ത്
പശുക്രിയ		നാ.	1. പശുമേധം; 2. സംഭോഗം
പശുഗായത്രി		നാ.	ഒരു മന്ത്രം (ബലികഴിക്കാൻപോകുന്ന മൃഗത്തിൻെറ ചെവിയിൽ ഓതുന്നത്)
പശുചര്യ		നാ.	1. ക്രീഡ; 2. സംഭോഗം
പശുത		നാ.	1. മൃഗസ്വഭാവം, ക്രൂരത; 2. മൃഗബലി
പശുനാഥൻ		നാ.	പശുപതി, ശിവൻ
പശുപതി		നാ.	1. പശുക്കളുടെ ഉടമ; 2. ഇടയൻ; 3. ശിവൻ; 4. പശുപതസിദ്ധാന്തത്തിൻെറ കർത്താവ്
പശുപൻ		നാ.	ഇടയൻ, ഗോപൻ
പശുപാല(ക)ൻ		നാ.	ഇടയൻ
പശുപാശം		നാ.	1. (യാഗത്തിൽ) പശുവിനെകെട്ടുന്ന കയറ്; 2. മൃഗബലി; 3. സംസാരബന്ധം, പശുക്കളെ (ജീവികളെ) പരസ്പരം ബന്ധിപ്പിക്കുന്നത്
പശുപ്രായം		വി.	മൃഗസ്വഭാവമുള്ള
പശുപ്രേരണം		നാ.	കന്നുകാലിതെളിക്കൽ
പശുബന്ധം		നാ.	1. പശുവിനെ കെട്ടൽ; 2. മൃഗബലി
പശുമാൻ		നാ.	പശുക്കളുള്ളവൻ, ധനികൻ
പശുയോനി		നാ.	മൃഗങ്ങളുടെ യോനി (ജാതി)
പശുരജ്ജു		നാ.	പശുവിനെകെട്ടാനുള്ള കയറ്
പശ്ചാത്		അവ്യ.	1. പിന്നിൽനിന്ന്; 2. പിൻപുറത്തേക്ക്; 3. പിന്നെ; 4. പടിഞ്ഞാറോട്ട്; 5. ഒടുവിൽ
പശ്ചാത്കരിക്കുക		ക്രി.	പിന്നിലാക്കുക, ജയിക്കുക
പശ്ചാത്തപിക്കുക		ക്രി.	പറ്റിപ്പോയ തെറ്റിനെക്കുറിച്ചു പിന്നീടു ദുഃഖിക്കുക
പശ്ചാത്തലം		നാ.	1. പിൻഭാഗം, പിന്നിലുള്ള പ്രദേശം; 2. ഒരു ദൃശ്യത്തിൻെറ പിന്നിൽ അത്രതന്നെ വ്യക്തമലാതെ കാണപ്പെടുന്ന ഭാഗം; 3. പിന്നണി. പശ്ചാത്തലസങ്ഗീതം = (വായ്പ്പാട്ടിൻെറ) പിന്നണിയായി പ്രവർത്തിക്കുന്ന ഉപകരണസങ്ഗീതം
പശ്ചാത്താപം		നാ.	ചെയ്തുപോയ പാപത്തെയോ കുറ്റത്തെയോ ഓർത്തുള്ള ദുഃഖം
പശ്ചാത്താപി		വി.	പശ്ചാത്തപിക്കുന്ന
പശ്ചാദ്വാതം		നാ.	പടിഞ്ഞാറൻകാറ്റ്
പശ്ചാർധം		നാ.	1. പടിഞ്ഞാറുവശം; 2. മറഞ്ഞഭാഗം; 3. പിന്നത്തെപ്പകുതി
പശ്ചിമ1		വി.	1. പടിഞ്ഞാറുള്ള; 2. ഏറ്റവും പിറകിലുള്ള
പശ്ചിമ2		നാ.	1. പടിഞ്ഞാറെ ദിക്ക്; 2. പശ്ചിമപർവതനിര
പശ്ചിമാവസ്ഥ		നാ.	ഒടുവിലത്തെ അവസ്ഥ
പശ്ചിമാശ		നാ.	1. പടിഞ്ഞാറെദിക്ക്; 2. ചരമാവസ്ഥ
പശ്ചിമോത്തര		വി.	വടക്കുപടിഞ്ഞാറുള്ള
പശ്യ		ക്രി.	കാണുക, കണ്ടാലും

പശ്യത് വി. നോക്കുന്ന, കാണുന്ന
പശ്യതോഹരൻ നാ. നോക്കിയിരിക്കെ അപഹരിക്കുന്നവൻ, പിടിച്ചുപറിക്കാരൻ, കള്ളൻ
പശ്യന്തി നാ. 1. നാലുവിധം ശബ്ദങ്ങളിൽ ഒന്ന്; 2. വേശ്യ
പഷ്ണി നാ. പട്ടിണി
പസ്കി [പോർ] നാ. (ചിത്രത്തിൻെറ) ചട്ടക്കൂട് (ഫ്രെയിം)
പസ്ത്യ നാ. ഗൃഹദേവത
പസ്ത്യൻ നാ. 1. മനുഷ്യൻ (വേദം); 2. ഗുരു
പസ്ത്യം നാ. 1. ഭവനം; 2. കുടുംബം
പസ്പശം നാ. 1. ഗ്രന്ഥത്തിൻെറ ആമുഖം (ഗ്രന്ഥത്തിൻെറ ഉള്ളടക്കത്തെ കുറിക്കുന്നത്); 2. പതഞ്ജലിയുടെ മഹാഭാഷ്യത്തിലെ ഒന്നാം അധ്യായത്തിലെ ഒന്നാമത്തെ ആ ികം
പഹയൻ നാ. (വാത്സല്യത്തോടെയോ വെറുപ്പോടെയോ പ്രത്യേകാർഥമില്ലാതെയോ പ്രയോഗം)
പഹ്ലവർ നാ. ഒരു ജനവർഗം, പേർഷ്യക്കാർ (കാമധേനുവിൻെറ വാലിൽനിന്നുണ്ടായവരെന്നും ശ്വാസത്തിൽനിന്നുണ്ടായവരെന്നും പുരാണങ്ങൾ)
പളക് [പ.മ.] നാ. 1. വെള്ളം; 2. ഭോഷ്ക്ക്; 3. കുറ്റം
പളക്ക് നാ. കുമിള
പളപള അവ്യ. പ്രകാശിക്കുമാറ്, വെട്ടിത്തിളങ്ങത്തക്കവണ്ണം
പളപളപ്പ് നാ. 1. പ്രകാശം, തിളക്കം, ഭങ്ഗി; 2. ഭാഹ്യമോടി
പളു നാ. 1. അടയാളം; 2. ലക്ഷ്യം; 3. കനം; 4. സമയം; 5. അവസരം
പളുങ്ക് നാ. 1. കണ്ണാടി, സ്ഫടികതുല്യമായ വസ്തു; 2. കർപ്പൂരം. (പ്ര) പളുങ്കുമുദ്രികയിടുക = പളുങ്കു കടുക്കൻ ധരിച്ചു യോഗിയാവുക
പളുങ്ങുക1 ക്രി. 1. ചുളുങ്ങുക; 2. കുനിയുക; 3. താഴുക; 4. (ആഭരണവും മറ്റും) ചതയുക; 5. പതുങ്ങുക
പളുങ്ങുക2 നാ. പ്രകാശിക്കുക
പളുപളെ അവ്യ. പ്രകാശത്തോടുകൂടി തിളങ്ങുമാറ്
പള്ള1 വി. 1. വലിയ; 2. നീളംകുറഞ്ഞു തടിച്ച
പള്ള2 നാ. 1. വയറ് (പണ്ടം); 2. വാരിപ്പുറം; 3. വലിയ ദ്വാരം, പൊത്ത്; 4. ഘോരമായ കാട്, ചെറിയ കുറ്റിക്കാട് (പള്ളക്കാട്); 5. വയറുചാടിയ ജന്തു; 6. ചെറിയ ഉൾക്കടൽ; 7. പടല (പ്ര) പള്ളയ്ക്കാക്കുക = ആഹാരം കഴിക്കുക. പള്ളയിലാകുക = ഗർഭം ഉണ്ടാകുക. പള്ളയിൽ കളയുക = വീട്ടിനടുത്തു വളർന്നു നിൽക്കുന്ന കുറ്റിക്കാട്ടിൽ എറിയുക. പള്ളവട്ടി = വലിയകുട്ട (വശങ്ങൾ വയറുപോലെ ഉന്തിനിൽക്കുന്നത്)
പള്ളൻ നാ. ഒരു ജാതി, ആ ജാതിയിൽപ്പെട്ടവൻ. (സ്ത്രീ) പള്ളത്തി
പള്ളം നാ. 1. കുഴി, താഴ്ച, താണഭൂമി; 2. തോട്ടം, ആറ്റിൻകരെയുള്ള തോപ്പ്; 3. നടുതല; 4. നഷ്ടം
പള്ളയം നാ. 1. കുഴിക്കിണ്ണം, കയ്യും മുഖവും കഴുകാനുള്ള പാത്രം; 2. ക്ഷുദ്രദേവതയ്ക്കുള്ള നിവേദ്യം (കുഴിക്കിണ്ണത്തിൽവച്ചു നിവേദിക്കുന്നത്)

പള്ളാട് നാ. പൊക്കം കുറഞ്ഞആട്
പള്ളി1 വി. 1. പ്രശസ്തമായ; 2. (ആ.ഭാ.) രാജാവിനെയോ ദേവനെയോ ബ്രാഹ്മണനെയോ സംബന്ധിച്ച (പദാദിയിൽ പ്രയോഗം) ഉദാഃ പള്ളിക്കുട, പള്ളിക്കെട്ട്
പള്ളി2 നാ. 1. ക്രിസ്ത്യാനികളുടെയും മുഹമ്മദിയരുടെയും ദേവാലയം; 2. ബുദ്ധവിഹാരം; 3. എഴുത്തുകളരി (പള്ളിക്കൂടം); 4. ഗ്രാമം; 5. ജന്തുക്കളുടെ ശയനസ്ഥാനം; 6. കുടിൽ, കാട്ടുജാതിക്കാരുടെ കോളനി
പള്ളികൊണ്ടാൻ നാ. വിഷ്ണു (അനന്തനാഗമാകുന്ന ശയ്യയിൽ കുടികൊള്ളുന്നവൻ)
പള്ളികൊള്ളുക ക്രി. ഉറങ്ങുക (രാജാക്കന്മാർ ദേവന്മാർ)
പള്ളിക്കട്ടിൽ നാ. രാജാവിൻെറയോ ദേവൻെറയോ കട്ടിൽ
പള്ളിക്കള്ളൻ നാ. പള്ളിക്കൂടത്തിൽ നിന്ന് ഒളിച്ചുനടക്കുന്നവൻ, പഠിക്കാൻ മടിയുള്ളവൻ
പള്ളിക്കുട നാ. രാജാവിൻെറയും മറ്റും കുട
പള്ളിക്കുന്ന് നാ. കൈലാസം (ശിവൻെറ വാസസ്ഥലമാകയാൽ)
പള്ളിക്കുറുപ്പ് നാ. രാജാക്കന്മാരെടെയും മറ്റും ഉറക്കം
പള്ളിക്കൂടം നാ. പാഠശാല
പള്ളിക്കെട്ട് നാ. 1. രാജകന്യകയുടെ വിവാഹം; 2. ശബരിമല തീർഥാടകന്മാരായ അയ്യപ്പന്മാർ സന്നിധാനത്തിൽ കൊണ്ടുപോകുന്ന ഇരുമുടിക്കെട്ട്
പള്ളിച്ചാൻ നാ. രാജാവിൻെറ പല്ലക്കു ചുമക്കുന്ന നായർ, പോണ്ടൻ
പള്ളിച്ചിത്രകൂടം നാ. കോലത്തിരിയുടെ കൊട്ടാരം
പള്ളിതിരിയുക ക്രി. രാജകന്യക ഋതുവാകുക
പള്ളിത്തണ്ട് നാ. രാജാവിൻെറ പല്ലക്ക്
പള്ളിത്താമം നാ. ദേവവിഗ്രഹത്തെ അണിയിക്കാനുള്ള പുഷ്പമാല്യം (തിരുപ്പള്ളിത്താമം)
പള്ളിത്തേവാരം നാ. രാജാക്കന്മാരെടെയും മറ്റും നിത്യകർമം
പള്ളിപ്പലക്ക് നാ. രാജാവിൻെറ പല്ലക്ക്
പള്ളിപ്പീഠം നാ. 1. പുതിയ സിംഹാസനം; 2. ദേവനെ എഴുന്നള്ളിച്ചിരുത്തുന്ന പീഠം
പള്ളിപ്പേർപ്പ് നാ. ക്ഷുദ്രപ്രയോഗത്തിൽനിന്നു രക്ഷനേടാനായി ക്ഷേത്രത്തിൽ ചെയ്യുന്ന ഒരു കർമം
പള്ളിപ്രതിഷ്ഠ നാ. പുതിയ പള്ളി ദൈവത്തിനു സമർപ്പിക്കുന്ന ചടങ്ങ്
പള്ളിബാണപ്പെരുമാൾ നാ. അവസാനത്തെ പെരുമാൾ (ഇദ്ദേഹം ഇസ്ലാം മതം സ്വീകരിച്ചു മക്കത്തുപോയി എന്നും അങ്ങനെയല്ല് ബുദ്ധമതം സ്വീകരിച്ചു എന്നും ഐതിഹ്യങ്ങൾ)
പള്ളിമാടമ്പ് നാ. രാജാക്കന്മാരുടെ പൂണുനൂൽക്കല്യാണം
പള്ളിമാളിക നാ. പള്ളിയുടെ മുകൾത്തട്ട്

പള്ളിമാറാടി നാ. 1. സാമൂതിരിപ്പാട്ടിലെ രാജചി ങ്ങളിൽ ഒന്ന് (സാമൂതിരിക്കു ഒരു കതകിൻെറ പലകയിൽ ദേവിദർശനം ഉണ്ടായി. ആ പലക); 2. കോഴിക്കോടിനടുത്തുള്ള ഒരു ഭഗവതീക്ഷേത്രം

പള്ളിമാറാട്ടം നാ. രാജാക്കന്മാരെ അടക്കുന്ന സ്ഥലം, ശ്മശാനം

പള്ളിമെത്ത നാ. രാജാവിൻെറയും മറ്റും മെത്ത

പള്ളിയടക്കം നാ. രാജാക്കന്മാരുടെ ശവസംസ്കാരം

പള്ളിയമ്പ് നാ. 1. രാജാവിൻെറ അസ്ത്രം; 2. കൈത

പള്ളിയവണ നാ. അവണപ്പലക

പള്ളിയറ നാ. 1. ദേവൻെറയും രാജാവിൻെറയും മറ്റും ഉറക്കറ; 2. ചെറിയ കോവിൽ, കാവ്. (പ്ര) പള്ളിയറക്കാരൻ പാറ്റിത്തുപ്പിയാൽ പള്ളിയറയിലും തുപ്പാം (പഴ)

പള്ളിയാർ നാ. 1. ബൗദ്ധഭിക്ഷുക്കൾ; 2. ക്രിസ്ത്യാനികൾ

പള്ളിയുറക്കം നാ. ദേവൻെറയോ രാജാവിൻെറയോ ഉറക്കം

പള്ളിയെന്തോളം നാ. ദേവൻെറയോ രാജാവിൻെറയോ പല്ലക്ക്

പള്ളിയോടം നാ. ദേവവിഗ്രഹം എഴുനള്ളിക്കുന്നതിനോ രാജാവിൻെറ യാത്രയ്ക്കോ ഉപയോഗിക്കുന്ന വള്ളം

പള്ളിവായന നാ. രാജാന്മാരുടെ വിദ്യാഭ്യാസം

പള്ളിവാൾ നാ. (ആ.ഭാ.) ദേവഖഡ്ഗം, രാജഖഡ്ഗം

പള്ളിവേട്ട നാ. 1. രാജാക്കമാരെടെയും മറ്റും നായാട്ട്; 2. ക്ഷേത്രങ്ങളിൽ ഉത്സവകാലത്ത് നടത്തുന്ന ഒരു ചടങ്ങ് (ദേവൻെറ പ്രതിനിധി വേട്ടയാടുന്നതായി സങ്കൽപം)

പള്ള് നാ. 1. ചീത്തവാക്ക്; 2. അഹങ്കാരം. (പ്ര) പള്ളുപറയുക = ചീത്തപറയുക

പഴ വി. 1. പഴയ; 2. കൊള്ളരുതാത്ത

പഴകുക ക്രി. 1. കാലംകൊണ്ട് ഉപയോഗശൂന്യമായിത്തീരുക, ജീർണിക്കുക; 2. ഇണങ്ങുക, പരിചയിക്കുക, വൈകുക

പഴക്കം നാ. 1. പഴകിയ അവസ്ഥ; 2. പരിചയം; 3. കാലതാമസം; 4. പയറ്റ്, ആവർത്തിച്ചുചെയ്യുന്നതുകൊണ്ട് ഉണ്ടാകുന്ന സ്വാധീനം

പഴക്കായ് നാ. 1. പഴുപ്പിക്കാനുള്ള വാഴക്കായ്; 2. പഴുത്തകായ്

പഴക്കുക ക്രി. 1. പരിശീലിപ്പിക്കുക; 2. പഴയതാക്കുക; 3. ഇണക്കുക

പഴങ്കഞ്ഞി നാ. തലേദിവസത്തെ കഞ്ഞി

പഴങ്കഥ നാ. പഴയകത

പഴഞ്ചൻ1 വി. പഴയതായ

പഴഞ്ചൻ2 നാ. 1. പ്രായംചെന്നവൻ; 2. പഴയ ആചാരങ്ങളിലും നടപടികളിലും നിന്നു മാറാത്തവൻ, യാഥാസ്ഥികൻ

പഴഞ്ചൊല്ല് നാ. പഴമൊഴി (പറഞ്ഞുപഴകിയ ചൊല്ല്. കാര്യഗർഭവും ഹൃദയസ്പൃക്കും ഉച്ചാരണസൗകുമാര്യമുള്ളതും പരമ്പരയാ സംഭാഷണത്തിൽ ഉപയോഗിച്ചുപോരുന്നതുമായ ചെറിയ വാക്യം). പഴഞ്ചൊല്ലിൽ പതിരില്ല (പഴ)

പഴഞ്ചോറ് നാ. തലേദിവസത്തെ ചോറ് വെള്ളത്തിൽ ഇട്ടു സൂക്ഷിച്ചത് (പഴകിയ ചോറ്)

പഴനി(മല) നാ. തമിഴ്നാട്ടിലുള്ള പ്രസിദ്ധമായ സുബ്രഹ്മണ്യക്ഷേത്രം. (പ്ര) പഴനിയാണ്ടി, പഴനിയാണ്ടവൻ, പഴനിവേലൻ = ദണ്ഡായുധപാണി, ശ്രീസുബ്രഹ്മണ്യൻ, പഴനിയിലെ പ്രതിഷ്ഠാമൂർത്തി.

1047

പഴനിലം നാ. തരിശിട്ടിരിക്കുന്ന നിലം

പഴപ്രഥമൻ നാ. ഒരു മധുരക്കറി (ഏത്തപ്പഴം വരട്ടിയെടുത്ത് അതുകൊണ്ടുണ്ടാക്കുന്നത്)

പഴം1 നാ. പഴുത്തകായ് (വാഴപ്പഴം, ചക്കപ്പഴം തുടങ്ങിയവ)

പഴം2 വി. പഴകിയ, പഴയ

പഴമ നാ. 1. കാലപ്പഴക്കം; 2. പഴയ ആചാരം

പഴമക്കാരൻ നാ. 1. വൃദ്ധൻ, അനുഭവസ്ഥൻ (പണ്ടത്തെ പലകാര്യങ്ങളും നേരിട്ടോ അല്ലാതെയോ അറിഞ്ഞിട്ടുള്ളവൻ); 2. യാഥാസ്ഥിതികൻ

പഴമനസ്സ് നാ. (ആ.ഭാ.) (ദാസൻെറ) മനസ്സ്

പഴമാനം നാ. അഭ്രകം

പഴമുൺപാല നാ. ഒരു പാൽവൃക്ഷം

പഴമൂട് നാ. 1. പറിക്കാതെകിടന്നു പിറ്റെക്കൊല്ലം കിളിർത്ത ചേമ്പ് കാച്ചിൽ മുതലായവ; 2. കൊയ്ത്തുശേഷിച്ച കുറ്റിയിൽനിന്നു കിളിർത്തുവരുന്ന നെല്ല്

പഴമൊഴി നാ. പഴഞ്ചൊല്ല്

പഴമ്പക നാ. പഴയവിരോധം (ജാതിവൈരം കുടിപ്പക തുടങ്ങിയവ)

പഴമ്പാച്ചി നാ. ആവർത്തിച്ചുള്ള പ്രസവംകൊണ്ടു വയറും മുലയും ഒട്ടിയവൾ

പഴമ്പാട്ട് നാ. പഴയപാട്ട്

പഴമ്പുളി നാ. ഒരു വർഷമോ അതിൽകൂടുതലോ പഴക്കമുള്ള പുളി

പഴയ വി. പണ്ടേയുള്ള, പുരാതനമായ, മുമ്പുപ്രയോഗിച്ച. (പ്ര) പഴയപല്ലവി = മുമ്പു പലതവണ ആവർത്തിച്ചു പറഞ്ഞത്. പഴമണ്ണ് = പുതിയ ആശയങ്ങൾ സ്വീകരിക്കാത്ത യാഥാസ്ഥിതികത്വം

പഴയത് നാ. പഴക്കം ചെന്നത്, പണ്ടേയുള്ളത് (വസ്തു ആശയം ആചാരം ഇത്യാദി)

പഴയരി നാ. 1. പഴയനെല്ലിൻെറ അരി (പുത്തരിയെക്കാൾ രുചിയും മേന്മയും ഇതിനു കൂടുതലുള്ളതായി കരുതപ്പെടുന്നു); 2. (ആ.ഭാ.) ആഹാരം, ഭക്ഷണം (രാജാക്കന്മാരോടും തുല്യസ്ഥാനീയരോടും സംസാരിക്കുമ്പോൾ പ്രയോഗിച്ചിരുന്നു). ഇല്ലത്തു പഴയരിയുണ്ടെങ്കിൽ ചെന്നേടത്തും പഴയരി (പഴ)

പഴയരിക്കണ്ടം നാ. പഴയരിക്കുവേണ്ടി മെച്ചപ്പെട്ട വിത്തുവിതയ്ക്കുന്ന കണ്ടം

പഴവൻ നാ. 1. കാരണവൻ; 2. വൃദ്ധൻ

പഴശി നാ. ഒരു കോട്ട (വടാൻ കോട്ടയം, കോട്ടയം കേരളവർമയുടെ ആസ്ഥാനമെന്ന നിലയിൽ പ്രസിദ്ധം)

പഴാരർ നാ. 1. ക്ഷേത്രത്തിലെ പ്രധാനദേവത; 2. ബ്രാഹ്മണരിൽ ഒരു വർഗം

പഴി നാ. 1. കുറ്റാരോപണം, ദൂഷ്യം, അപവാദം, നിന്ദ; 2. പൊളി; 3. പാപം; 4. പക, പ്രതികാരം. (പ്ര) പഴിവാങ്ങുക = പ്രതികാരം ചെയ്യുക. പഴിപറയുക = കുറ്റം പറയുക. പഴിചാരുക = കുറ്റം ചുമത്തുക. പഴിതീർക്കുക = പ്രതികാരം ചെയ്യുക, കുറ്റമില്ലെന്നു തെളിയിക്കുക. പഴിപോക്കുക = കുറ്റം പറയാനിടനൽകാത്തവണ്ണം (ആത്മാർഥതയില്ലാതെ) എന്തെങ്കിലും ചെയ്യുക

പഴിക്കുക ക്രി. 1. ശകാരിക്കുക, കുറ്റപ്പെടുത്തുക; 2. നിന്ദിക്കുക

പഴിദോഷം നാ. 1. അപവാദം; 2. കുറ്റപ്പെടുത്തൽ

പഴിവാക്ക് നാ. 1. അസത്യവാക്ക്, ഇല്ലാത്ത ദോഷംപറയൽ; 2. നിന്ദാവാക്ക്

പഴു1 നാ. 1. വാരിയെല്ല്; 2. പിശാച്; 3. ചട്ടം

പഴു2 [പഴുക്കുക] ധാതുരൂപം

പഴുക്ക നാ. 1. പഴുത്ത അടയ്ക്ക; 2. പഴുക്കാൻ വച്ച കായ്; 3. ഒരു നിറം (പഴുത്തഅടയ്ക്കയുടെ നിറം, മഞ്ഞയും ചെമപ്പും കലർന്നത്); 4. ചായനൂല്

പഴുക്കാപ്പുലി നാ. ഒരു കാട്ടുമൃഗം (ചെമന്ന പുള്ളിപ്പുലി)

പഴുക്കുക ക്രി. 1. പഴമായിത്തീരുക, പാകമാകുക (കായ്കൾ); 2. ഇലകൾ വളർച്ചമുറ്റി നിറം മാറുക, പൊഴിയാറാകുക; 3. പരുവും മറ്റും ഉള്ളിൽ ചലം നിറഞ്ഞു പൊട്ടാറാവുക; 4. വ്രണങ്ങൾ ചലമുള്ള താവുക (കണ്ണിൽ പീളയുണ്ടാവുക, മൂക്കിലും തൊണ്ടയിലും കഫം ഉണ്ടാവുക തുടങ്ങിയവയെ കുറിക്കാൻ പ്രയോഗം); 5. ഇരുമ്പുതുടങ്ങിയ ലോഹങ്ങൾ ചൂടായി കനൽ പോലെ ചെമക്കുക; 6. നല്ലവണ്ണം ചൂടാവുക (പാത്രങ്ങൾ ശരീരം എന്നിവപോലെ); 7. ശരീര,ം രോഗബാധകൊണ്ടും മറ്റും മഞ്ഞളിക്കുക; 8. വയസ്സാവുക, മരണമടുക്കുക

പഴുതാര നാ. വിഷമുള്ളതും നിരവധി കാലുകളുള്ളതുമായ ഒരുതരം ഇഴജന്തു

പഴുതിൽ അവ്യ. വെറുതെ, പാഴെ, പ്രയോജനമില്ലാതെ

പഴുത് നാ. 1. ദ്വാരം, വിടവ്, ഇട; 2. സമയം, തക്കം, അവസരം; 3. ഒഴികഴിവ്; 4. പാഴായുള്ള അവസ്ഥ, ദാരിദ്ര്യം; 5. നഷ്ടം; 6. കുറ്റം; 7. കള്ളം; 8. തെറ്റ്. (പ്ര) പഴുതാകുക = നിഷ്ഫലമാകുക. പഴുതില്ല = പാടില്ല. പഴുതുപെടുക = നശിക്കുക. പഴുതുകാണുക = പരിഹാരമാർഗം കണ്ടുപിടിക്കുക

പഴുതേ അവ്യ. വെറുതെ, നിഷ്പ്രയോജനമായി, കാര്യമില്ലാതെ

പഴുത്ത [<പഴുക്കുക] വി. (ഭൂ.പേരെച്ചം) പാകമായ

പഴുത്തില നാ. 1. ഉണങ്ങാറായ ഇല; 2. വെറ്റില (മുറ്റി നിറം മാറിയ വെറ്റില)

പഴുപ്പൻ നാ. 1. ഒന്നിനും കൊള്ളാത്തവൻ; 2. പിത്തംപിടിച്ചവൻ

പഴുപ്പിക്കുക ക്രി. 1. പഴുക്കുമാറാക്കുക; 2. പഴുത്തനിറമാക്കുക

പഴുപ്പ് നാ. 1. പഴുത്തിരിക്കുന്ന സ്ഥിതി, പാകം; 2. ചലം; 3. മൃദുവാകൽ; 4. തീയുടെ നിറമാകൽ; 5. വിളറിയനിറം

പഴുവം നാ. 1. പടുവം, കാട്; 2. കൂട്ട്; 3. സമൂഹം

പഴേ അവ്യ. = പഴയ

പറ1 നാ. 1. ധാന്യങ്ങളും ദ്രാവകങ്ങളും അളക്കാനുള്ള ഒരു തോത് (പത്ത് ഇടങ്ങഴി); 2. പത്തിടങ്ങഴികൊള്ളുന്ന ഒരു അളവുപാത്രം; 3. ഒരു വാദ്യം,

പറയുടെ ആകൃതിയിലുള്ള ചർമവാദ്യം; 4. നെൽവയലുകളുടെ അളവു നിർണയിക്കുന്ന ഒരു തോത് (ഒരുപറ വിത്തു വിതയ്ക്കാവുന്ന വിസ്താരം. ഉദാഃ പത്തുപറക്കണ്ടം); 5. വട്ടം; 6. ചന്ദ്രബിംബം; 7. ഉത്സവം; 8. ചൂണ്ടക്കോൽ. (പ്ര) പറകൊട്ടിഅറിയിക്കുക, പറതട്ടി ഓതുക = ബാധ ഒഴിയാനുള്ള ഒരു പ്രയോഗം. പറ ഇടങ്ങഴിയിൽ പോകുമോ? (പഴ)

പറ2 വി. 1. പറയജാതിയെ സംബന്ധിച്ച; 2. മോശപ്പെട്ട, താഴ്ന്ന തരത്തിലുള്ള

പറ3 [പറയുക] ധാതുരൂപം

പറ4 [പറക്കുക] ധാതുരൂപം

പറക്കൽ നാ. പറക്കുന്ന പ്രവൃത്തി

പറക്കള്ളി നാ. പറയൻെറ സ്ത്രീ

പറക്കാക്ക നാ. കാവതിക്കാക്ക

പറക്കുക ക്രി. 1. ചിറകുവീശി വായുവിനെ പിൻതള്ളി ആകാശത്തുകൂടി സഞ്ചരിക്കുക (പക്ഷി, ശലഭം എന്നിവയെപ്പോലെ); 2. കനം കുറഞ്ഞവസ്തുക്കൾ വായുവിൽ പൊന്തി കാറ്റിൻെറ ഗതിക്കൊത്തു നീങ്ങുക (പഞ്ഞി പൊടി എന്നിവപോലെ); 3. യന്ത്രശക്തികൊണ്ടു ആകാശത്തു സഞ്ചരിക്കുക (വിമാനമെന്നപോലെ); 4. അതിവേഗത്തിൽ സഞ്ചരിക്കുക; 5. ഓടിക്കളയുക; 6. ചിതറുക; 7. (ആല) ഇല്ലാതാവുക, മാറുക, മറയുക. പറക്കുന്ന കുതിരയ്ക്കു ചിറകുമുളച്ചാലോ (പഴ)

പറക്കുടി നാ. പറയൻെറ വീട് (പറമാടം)

പരക്കുംകൂത്ത് നാ. ഒരു കളി (ഗരുഡൻെറ വേഷംകെട്ടി പറക്കുന്നതുപോലെ അഭിനയിക്കുന്ന രങ്ഗമുള്ളത്)

പറക്കൊട്ട നാ. ഒരുതരം അളവുകുട്ട (ഒരു പറകൊള്ളുന്നത്)

പറങ്കി1 [<പേർ.ഫിരങ്ഗി] വി. പാശ്ചാത്യരെ സംബന്ധിച്ച

പറങ്കി2 [<പേർ.ഫിരങ്ഗി] നാ. പോർത്തുഗൽ ദേശക്കാരൻ, പാശ്ചാത്യൻ, ചട്ടക്കാരൻ (വിദേശികൾകൊണ്ടുവന്നു പ്രചരിപ്പിച്ച പലവസ്തുക്കളെയും കുറിക്കാൻ വിശേഷണമായും പ്രയോഗം)

പറങ്കിക്കായ് നാ. മത്തങ്ങ

പറങ്കിച്ചക്ക നാ. കൈതച്ചക്ക (പിറുത്തിച്ചക്ക)

പറങ്കിത്താഴ് നാ. ഒരിനം പൂട്ട് (പറങ്കിപ്പൂട്ട്)

പറങ്കിപ്പണി നാ. യൂറോപ്പിൽ നിർമിച്ചത്, യൂറോപ്പിൽനിന്നു കൊണ്ടുവന്ന പണിത്തരം

പറങ്കിപ്പുൺ നാ. ഒരു ഗുഹ്യരോഗം, അകപ്പറങ്കി, സിഫിലിസ്

പറങ്കിമാവ് നാ. കശുമാവ്, കപ്പൽമാവ് (പോർത്തുഗീസുകാർ കേരളത്തിൽ കൊണ്ടുവന്നതിനാൽ)

പറങ്കിമുളക് നാ. കപ്പൽമുളക്, വറ്റൽമുളക്

പറങ്കിയണ്ടി നാ. പറങ്കിമാങ്ങയുടെ അണ്ടി

പറങ്കിസാമ്പ്രാണി നാ. ഒരു വൃക്ഷം (കുന്തുരുക്കം) അതിൻെറ കറ

പറച്ചി നാ. പറയസ്ത്രീ

പറച്ചിപെറ്റപന്തിരുകുലം നാ. വരരുചിയുടെ ഭാര്യയായിരുന്ന പറയിക്കുണ്ടായ പന്ത്രണ്ടു മക്കളിൽ ഓരോരുത്തരിൽനിന്നും ഉരുത്തിരിഞ്ഞ ഗോത്രങ്ങൾ (അഗ്നിഹോത്രി), രജകൻ, ചെമ്മാൻ തിരുമേനി, ഉളിയന്നൂർ പെരുന്തച്ചൻ, തിരുവരങ്കത്തുപാണനാർ, ഉപ്പുകൂറ്റൻ, നാറാണത്തു ഭ്രാന്തൻ, വടുതലനായർ, കാരയ്ക്കലമ്മ,

അകവൂർ ചാത്തൻ, പാക്കനാർ, വായില്ലാക്കുന്നിലപ്പൻ എന്നീ 12 പേർ. വരരുചി എന്ന ബ്രാഹ്മണന് ഒരു പറച്ചിയിൽ ഉണ്ടായ ഇവരിൽ ഓരോരുത്തരെ ബ്രാഹ്മണൻ തുടങ്ങി 12 ജാതിയിലുള്ള ഓരോരുത്തർ എടുത്തുവളർത്തി. ഇവരെല്ലാം ദിവ്യന്മാരാണ്)

പറച്ചിൽ നാ. 1. സംഭാഷണം, വാക്ക്; 2. പറയൽ

പറച്ചേരി നാ. പറക്കുടികൾ ഉള്ള സ്ഥലം

പറഞ്ഞ വി. (ഭൂ.പേരെച്ചം) പറയുന്ന പ്രവൃത്തിചെയ്ത

പറട്ട വി. കൊള്ളരുതാത്ത, തരം താണ

പറട്ട് നാ. 1. അസഭ്യം, തെറി; 2. മോശപ്പെട്ടത്, തരം താണത്. (പ്ര) പറട്ടുപറയുക = തെറിപറയുക. പറട്ടുചീര = കാട്ടു ചീര

പറൺ നാ. പരണ്, തട്ട്. (പ്ര) പറണേറ്റവും കാളിയൂട്ടും

പറണ്ട നാ. 1. പരണ്ട; 2. അരണ്ടപ്പക്ഷി; 3. കൈമുട്ട്; 4. ഒരു വാദ്യം

പറണ്ടുക ക്രി. 1. മാന്തുക; 2. കണ്ടമാനം എഴുതുക; 3. പല്ലിത്തടി വലിച്ചു നിലം നിരപ്പാക്കുക

പറത്തുക ക്രി. പറക്കത്തക്കവണ്ണംചെയ്യുക

പറന്തല നാ. 1. ചീകിഒതുക്കാതെ ക്രമക്കേടായി ഇട്ടിട്ടുള്ള മുടി; 2. ചുടുകാട്; 3. പാഴ്ഭൂമി; 4. പോർക്കളം

പറപ്പൻ നാ. 1. പറൗന്നവൻ; 2. ദ്രുതഗതിക്കാരൻ; 3. തേൾ

പറപ്പിക്കുക ക്രി. പറക്കാൻ കാരണമാകുക

പറപ്പ് നാ. 1. പറക്കൽ; 2. (ആല) അമ്പരപ്പ്, പരിഭ്രമം

പറപ്പുനായർ നാ. പള്ളിച്ചാൻ ജാതിയിൽപ്പെട്ടവൻ

പറപ്പേടി നാ. പറയരെക്കുറിച്ചുള്ള ഭയം, പറപ്പേടിയുള്ള കാലം (കേരളത്തിൽ പണ്ടുണ്ടായിരുന്ന ഒരു അനാചാരം. ചില പ്രത്യേക കാലങ്ങളിൽ രാത്രി പുറത്തുകാണുന്ന ഉയർന്ന ജാതിയിൽപ്പെട്ട സ്ത്രീകളെ പിടിച്ചുകൊണ്ടുപോകാൻ പറയർക്കുണ്ടായിരുന്ന അവകാശം = പുലപ്പേടി)

പറം നാ. 1. പല്ലിത്തടി; 2. ചുമരുകെട്ടുന്നതിനോ ഉയരത്തിൽ നിന്നു ജോലിചെയ്യുന്നതിനോവേണ്ടി കെട്ടിയുണ്ടാക്കുന്ന ചാര്; 3. തടിയും മുളയും മറ്റുംകൊണ്ടു കെട്ടിയുണ്ടാക്കുന്ന തട്ട്, പറണ്; 4. ഞവരി; 5. ശവം എടുത്തുകൊണ്ടുപോകാനായി ഓലമടലും മുളയും മറ്റും കൊണ്ടു നിർമിക്കുന്ന മഞ്ചം. (പ്ര) പറംകെട്ടുക = ചാരുമാനമോ തട്ടോ ഉണ്ടാക്കുക. പറംവലിക്കുക = നിലം നിരത്താനായി പല്ലിത്തടി വലിക്കുക

പറമുറി നാ. പഴയകാലത്തെ ഒരു ശിക്ഷാസമ്പ്രദായം (കുറ്റക്കാരെ കൊന്നു രണ്ടായി വെട്ടിക്കീറി പ്രദർശിപ്പിക്കൽ)

പറമ്പ നാ. = പറമ്പ്

പറമ്പർ നാ. ഒരു ജാതി, തോൽവേലക്കാർ

പറമ്പി നാ. ചതിക്കുന്നവൾ

പറമ്പ് നാ. 1. പുരവയ്ക്കുന്നതിനുവേണ്ടി വെട്ടിത്തെളിച്ച സ്ഥലം, വരണ്ടതോ ഉയർന്നതോ ആയ ഭൂമി, തോട്ടം, പുരയിടം; 2. (സ്ത്രീകളുടെ) മുല; 3. ധനം. (പ്ര) പറമ്പത്തെ ചരക്ക് = വൃക്ഷങ്ങളുടെ ഫലങ്ങൾ. പറമ്പത്തുപോക = മലവിസർജനം ചെയ്യുക. പറമ്പും കണ്ടിയും = വസ്തുവക, ഭൂസ്വത്ത്

പറമ്പുക ക്രി. അടിക്കുക, അടിച്ചുനിരത്തുക

പറമ്പുവാരം നാ. ഒറ്റികൊടുത്തപറമ്പിൻെറ ഉത്പന്നത്തിൽ ഉടമസ്ഥനുള്ള ഓഹരി
പറയൻ നാ. 1. പന്ത്രണ്ടു കുടിമക്കളിൽ ഒരു ജാതി, പഞ്ചമൻ (പറകൊട്ടുന്നവൻ); 2. തുള്ളൽപ്പാട്ടിലെ ഒരു വിഭാഗം
പറയൻകിഴങ്ങ് നാ. ഉള്ളാടൻ കാച്ചിൽ, കിഴങ്ങുള്ള ഒരിനം കാട്ടുവള്ളി, അതിൻെറ കിഴങ്ങ്
പറയി നാ. പറച്ചി (പറയൻെറ സ്ത്രീ)
പറയുക ക്രി.സംസാരിക്കുക, വാക്കുമൂലം അറിയിക്കുക, ശബ്ദിക്കുക. (പ്ര) പറഞ്ഞപടി = നിർദേശാനുസരിച്ച്. പറഞ്ഞയയ്ക്കുക = 1. പോകാൻ പറയുക; 2. സന്ദേശം എത്തിച്ചുകൊടുക്കാൻ മറ്റൊരാളെ ചുമതലപ്പെടുത്തുക. പറഞ്ഞാൽകേൾക്കുക = അനുസരിക്കുക. പറഞ്ഞാൽപറഞ്ഞതുതന്നെ = വാക്കിനു വ്യത്യാസമില്ല. പറഞ്ഞിളക്കുക = പ്രേരിപ്പിക്കുക. പറഞ്ഞുകളിപ്പിക്കുക = ഏറ്റതുപോലെ പ്രവർത്തിക്കാതിരിക്കുക. പറഞ്ഞുണ്ടാക്കുക, -പരത്തുക = അപവാദം പ്രചരിപ്പിക്കുക. പറഞ്ഞുതീർക്കുക = തമ്മിൽ സംസാരിച്ചു അഭിപ്രായവ്യത്യാസം തീർക്കുക. പറഞ്ഞുനിൽക്കുക = എതിർകക്ഷിയെ വാദംകൊണ്ടു തത്കാലത്തേക്ക് എങ്കിലും സമാധാനിപ്പിക്കുക. പറഞ്ഞുപറ്റിക്കുക = പറഞ്ഞു കബളിപ്പിക്കുക. പറഞ്ഞുപിടിപ്പിക്കുക = നുണപറഞ്ഞു വിശ്വസിപ്പിക്കുക. പറഞ്ഞുവയ്ക്കുക = ഏർപ്പാടാക്കുക, തീരുമാനപ്പെടുത്തുക. പറഞ്ഞൊതുക്കുക = 1. സംസാരിച്ചു സമ്മതിപ്പിക്കുക; 2. മധ്യസ്ഥനായി സംസാരിച്ചു യോജിപ്പിക്കുക. പറയുമ്പോൾ അറിഞ്ഞില്ലെ ങ്കിൽ ചൊറിയുമ്പോൾ അറിയും. (പഴ)
പറയോന്ത് നാ. മരത്തിൽനിന്നു മരത്തിലേക്കു ചാടിനടക്കാൻ കഴിവുള്ള ഒരിനം ഓന്ത്
പറവ1 നാ. പക്ഷി, ചെറിയ പക്ഷി
പറവ2 [പേർ.പർവാഹ്] നാ. 1. ചിന്ത; 2. ഉത്കണ്ഠ
പറവാശി നാ. ഒത്തപറകൊണ്ടളന്നാൽ വരുന്ന ഏറ്റക്കുറച്ചിൽ
പറി1 [പറിയുക] ധാതുരൂപം
1049
പറി2 നാ. 1. കീറൽ, പിടുങ്ങൽ (പറിച്ചെടുപ്പ്); 2. അപഹരണം; ബലപ്രയോഗം; 3. പിടുക്ക്, വൃഷണം; 4. ശരീരം; 5. സ്വർണം
പറിക്കുക ക്രി. 1. ഞെട്ടിൽനിന്നു പൊട്ടിച്ചെടുക്കുക; 2. മൂടോടെ വലിച്ചെടുക്കുക, ഇളക്കുക; 3. തോക്കുകൊത്തി പിറകോട്ടുവലിക്കുക; 4. പൊരിക്കുക; 5. അപഹരിക്കുക
പറിപ്പ് നാ. 1. പറിക്കൽ, ശേഖരിക്കൽ (കായും മറ്റും); 2. കൊള്ള
പറിമരുന്ന് നാ. പറിച്ചെടുക്കുന്ന മരുന്ന് (പച്ചമരുന്ന്)
പറിയുക ക്രി. 1. പിഴുതുപോകുക; 2. (ഫലങ്ങളും മറ്റും) വൃക്ഷത്തിലോ മറ്റോ നിന്നു വേർപെടുക; 3. കൂടിച്ചേർനിരുന്നത് വേർപെടുക; 4. കയറോമറ്റോ പൊട്ടുക; 5. തൂങ്ങിക്കിടക്കുക; 6. ഒഴുകുക
പറിയെ [<പറിയുക] ക്രി. പറിയത്തക്കവണ്ണം
പറിവ് നാ. 1. ഒഴുക്ക്; 2. കഴിവ്; 3. നിലയഴിവ്
പറു വി. 1. പരുക്കനായ, മാർദവമില്ലാത്ത; 2. കുറിയ

പറുകൻ നാ. മുണ്ടൻ (കുറിയവൻ)
പറുക്കൻ നാ. ചതിയൻ, കൃത്രിമക്കാരൻ
പറുക്ക നാ. ചതി, കൃത്രിമം
പറുക്കുക [<അറ.ഫർക്] ക്രി. 1. കണക്കിൽ വ്യസ്യാസംവരുത്തുക, കള്ളക്കണക്കെഴുതുക; 2. കുറയ്ക്കുക
പറുങ്ങി നാ. 1. ഒതുക്കാതെയും ചീകാതെയും ഇളകിക്കിടക്കുന്ന മുടി, പറന്തല; 2. പ്രാകൃതയായ സ്ത്രീ
പറുദീസ നാ. ഏദൻതോട്ടം, സ്വർഗം
പറുപറുക്കുക ക്രി. 1. (മൂത്രം)പ്രയാസപ്പെട്ടു വെളിയിൽ വരിക; 2. കട്ടപിടിക്കുക; 3. പരുഷമാകുക; 4. തരിയുള്ളതാകുക
പറുപറെ അവ്യ. 1. തുണിവലിച്ചുകീറുമ്പോഴത്തെ ശബ്ദമ്പോലെയുള്ള ശബ്ദത്തോടെ; 2. മയമില്ലാതെ
പറ്റ അവ്യ. 1. പൂർണമായി; 2. എല്ലാംചേർത്ത്; 3. ചേർന്നിരിക്കത്തക്കവണ്ണം
പറ്റപ്പറ്റെ അവ്യ. കഷ്ടിച്ച്
പറ്റം നാ. 1. കൂട്ടം, സമൂഹം (ഉദാഃ ആട്ടിൻപറ്റം, താറാവിൻപറ്റം); 2. കറ്റ; 3. കനം; 4. വീക്കം; 5. നന്ദി
പറ്റൽ [<പറ്റുക] നാ. തേമൽ
പറ്റലർ നാ. ശത്രുക്കൾ, പറ്റില്ലാത്തവർ, സ്നേഹമില്ലാത്തവർ
പറ്റ്റെ അവ്യ. 1. തീർച്ചയായി, തീരെ; 2. ഖണ്ഡിതമായി, ബന്ധംവിടുമാറ്, സ്നേഹം ഇല്ലാതാകത്തക്കവണ്ണം
പറ്റാണി നാ. ഒരിനം ആണി, നുമ്പാണി (രണ്ടറ്റത്തും മൂർച്ചയുള്ളത്, പലകകൾ തമ്മിൽ ചേർക്കാനും മറ്റും ഉപയോഗം)
പറ്റാർ നാ. പറ്റില്ലാത്തവർ, സ്നേഹമില്ലാത്തവർ, ശത്രുക്കൾ
പറ്റി1 [പറ്റുക] ഭൂ. കാലം
പറ്റി2 [പറ്റുക] മു.വി. ഗതി, കുറിച്ച്, സംബന്ധിച്ച് എന്നർഥം. ഉദാഃ അതിനെപ്പറ്റി, ആ വിഷയത്തെപ്പറ്റി)
പറ്റിക്കുക ക്രി. 1. ചതിക്കുക; 2. ഒട്ടിക്കുക; 3. കൂടിച്ചേർക്കുക; 4. മതിയാക്കുക; 5. മനസ്സിലാക്കുക; 6. സാധിക്കുക, ചെയ്തുതീർക്കുക; 7. (തീ)പിടിപ്പിക്കുക
പറ്റിരിമ്പ് നാ. കൊടിൽ, പറ്റുകൊടിൽ
പറ്റ് നാ. 1. ഒട്ടൽ, ചേർച്ച, ചേർന്നിരിപ്പ്; 2. സ്നേഹം; 3. ആഗ്രഹം; 4. കൊള്ളൽ, വാങ്ങൽ, വാങ്ങിയ സാധനങ്ങളുടെ വിലയായി കണക്കിൽകൊള്ളിച്ച തുക; 5. കാര്യം; 6. ബന്ധു; 7. മൂർച്ച; 8. മുഖപരിചയം; 9. ലഹരിപിടുത്തം; 10. വർധന; 11. വയൽ; 12. കൂട്ടം; 13. വറ്റ് (ചോറ്); 14. കൂട്ടിച്ചേർക്കാനുള്ള ഉപകരണം (ബട്ടൺ, കൊടിൽ); 15. സഹായം; 16. ബന്ധു
പറ്റുക ക്രി. 1. ഒട്ടുക; 2. ചേരുക, പുരളുക; 3. താത്പര്യപ്പെടുക; 4. തൊടുക; 5. പിടിക്കുക; 6. ഏശുക; 7. കൊള്ളുക, വിലയ്ക്കു വാങ്ങിക്കുക; 8. ലഭിക്കുക; 9. കാര്യം സാധിക്കുക; 10. വർധിക്കുക; 11. ലഹരിപിടിക്കുക; 12. തീ പിടിക്കുക; 13. തികയുക; 14. മൂർച്ച കൂടുക; 15. ചെന്നെത്തുക; 16. അറിയുക; 17. (അബദ്ധം) പിണയുക

പറ്റുകഴുക്കോൽ നാ. (ശില്പ) ഉത്തരവും മോന്തായവുമായി ഘടിപ്പിക്കുന്ന കഴുക്കോൽ
പറ്റുകാരൻ നാ. 1. സാമാനങ്ങൾ പതിവായി വാങ്ങുന്നവൻ (പറ്റുവരവുകാരൻ); 2. ശെവുകക്കാരൻ; 3. സ്നേഹബന്ധമുള്ളവൻ; 4. ജാരൻ
പറ്റുകൊടിൽ നാ. ഒരുതരം കൊടിൽ (തട്ടാന്മാർ ലോഹക്കഷണങ്ങൾ വിളക്കാനായി ചേർത്തുപിടിക്കാൻ ഉപയോഗിക്കുന്നതിനാൽ ആ പേര്)
പറ്റുകൊരട് നാ. അടകൊരട്, കൊല്ലന്മാർ ഉപയോഗിക്കുന്ന കൊടിൽ
പറ്റുചീട്ട് നാ. പണംപറ്റിയതിനു കൊടുക്കുന്ന രസീത്
പറ്റുതല നാ. വായ്ത്തല, ആയുധങ്ങളുടെ മൂർച്ചയുള്ള ഭാഗം
പറ്റുതാഴ് നാ. ആമത്താഴ് (കതകിൻെറ പാളിയിലോ ചട്ടത്തിലോ ചേർന്നിരിക്കുന്നത്)
പറ്റുപടി നാ. വാങ്ങിച്ചതിനുള്ള കണക്ക്
പറ്റുമാനം നാ, 1. പറ്റുപടി; 2. സ്നേഹം
പറ്റുമുറി നാ. കൊടുക്കൽ വാങ്ങൽ
പറ്റുവിന നാ. (വ്യാക) വാക്യം മുഴുമിപ്പിക്കാതെ മറ്റൊന്നിനോടു പറ്റിനിൽക്കുന കൃതി, കുർവതകൃതി
പറ്റുവേര് നാ. പറ്റിപ്പിടിക്കുന്ന വേര് (വേരുപയോഗിച്ച് താങ്ങുവൃക്ഷങ്ങളിൽ പടരുന്ന വള്ളികളുടെ മുട്ടിൽ നിന്നുണ്ടാകുന്ന വേര്. കുരുമുളക്, വെറ്റിലാളി തുടങ്ങിയവ ഉദാഹരണം)
പറ്റുശീട്ടി നാ. = പറ്റുചീട്ട്
പറ്റെ അവ്യ. 1. പൂർണമായി, മുഴുവനും; 2. ചേർന്നിരിക്കത്തക്കവണ്ണം
പറ്റെണ്ണി നാ. ‘ഓരോചോറും എണ്ണിനോക്കുന്നവൻ’, വലിയ പിശുക്കൻ
പാ(യ്) നാ. കിടക്കാനും മറ്റുമായി തഴ പുല്ല് മുതലായവകൊണ്ടു നെയ്യെടുക്കുന്ന ദീർഘചതുരാകൃതിയായ ഒരുപകരണം
പാക1 വി. തക്കതായ, യോജിച്ച
പാക2 നാ. പെൺകുട്ടി
പാകകൃഷ്ണം നാ. പെരുംക്ലാവ്
പാകക്കേട് നാ. പാകമല്ലാതിരിക്കൽ
പാകജം നാ. 1. കാരുപ്പ്; 2. ചൂടുകൊണ്ടുണ്ടായത്; 3. വയർപെരുക്കം
പാകത നാ. പാകമായിരിക്കുന്ന അവസ്ഥ
പാകത്രയം നാ. (കാവ്യ) മൂന്നു പാകങ്ങൾ (ക്ഷീരനീരപാകം, ദ്രാക്ഷാപാകം, നാളികേരപാകം എന്നീ മൂന്നും)
പാകദോഷം നാ. പാകക്കേട്, പാകത്തിൻെറ കുറ്റം (കുറവ്)
പാകദ്വിട്ട് നാ. പാകാസുരൻെറ ശത്രുവായ ഇന്ദ്രൻ
പാകൻ നാ. വൃത്രാസുരൻെറ അനുജനായ ഒരു അസുരൻ
പാകപുടി നാ. (കുശവൻെറ) ചൂള
പാകപ്പിഴ നാ. പാകത്തിലെ തെറ്റ്, ആഅദോഷം

പാകം നാ. 1. ശരിക്കു യോജിച്ചത്; 2. പതം ഉദാഃ മണൽപ്പാകം; 3. ക്രമം; 4. അടക്കം; 5. പഥ്യം; 6. ഇഷ്ടം; 7. വേവ്; 8. പക്വത; 9. ധാന്യം; 10. തുല്യത. (പ്ര) പാകമാകുക = വിളയുക. പാകംചെയ്യുക = അരിവയ്ക്കുക, വേവിക്കുക. പാകംനോക്കുക = പതം നോക്കുക
പാകയജ്ഞം നാ. ഗൃഹയജ്ഞം
പാകരസത്രയം നാ. കടു അമ്ലം മധുരം എന്നീ മൂന്നു രസങ്ങൾ
പാകൽ [<പാകുക] നാ. പാകുന്ന പ്രവൃത്തി
പാകല വി. പാകം വരുത്തുന്ന
പാകലം,-ളം നാ. 1. കൊട്ടാരം; 2. ആനയ്ക്കുണ്ടാകുന്ന ഒരുതരം ജ്വരം; 3. വായു; 4. കുതിര; 5. അഗ്നി
പാകശാസനൻ നാ. പാകാസുരനെ ഒതുക്കിയവൻ, ഇന്ദ്രൻ
പാകശാസനി നാ. പാകശാസനന്റെ പുത്രൻ (ബാലി അർജുനൻ ജയന്തൻ എന്നീ മൂവരും പാകശാസനികളാകുന്നു)
പാകശീലൻ നാ. 1. അടുക്കളക്കാരൻ; 2. അടക്കമൊതുക്കം ഉള്ളവൻ
പാകസ്ഥാനം നാ. മടപ്പള്ളി, അടുക്കള
പാകാരി നാ. = പാകദ്വിട്ട്
പാകി1 [പാകുക] ക്രി. (ഭൂ.രൂപം)
പാകി2 നാ. 1. പാചകൻ; 2. ശക്തൻ (സ്ത്രീ) പാകിനി
പാകിസ്ഥാൻ നാ. ഇന്ത്യൻ ഭൂഖണ്ഡത്തിൽ 1947 ആഗസ്റ്റ് 15 -ം തീയതി നിലവിൽ വന്ന ഒരു സ്വതന്ത്ര റിപ്പബ്ലിക്ക്
പാകു നാ. പാചകൻ
പാകുക ക്രി. 1. പറിച്ചുനടാനായി വിത്ത് അടുപ്പിച്ചു വിതയ്ക്കുക, ഞാറ്റടിയുണ്ടാക്കുക, ചെറിയ തൈകൾ നിരയായി നടുക; 2. നെയ്ത്തിൽ നീളത്തിൽ നൂലിടുക; 3. വ്യാപിക്കുക, പടരുക; 4. നിരക്കുക; 5. ഉറയ്ക്കുക
പാകുടം നാ. 1. ആഴ്ച, കപ്പം; 2. ചുങ്കം; 3. രാജഭോഗം
പാക്കച്ചൊല്ല് നാ. പാക്കനാരുടെ വാക്കുകൾ
പാക്കനാർ നാ. 1. പറച്ചിപെറ്റ പന്ത്രണ്ടു മഹാന്മാരിൽ ഒരാൾ; 2. വലിയ വാഗ്മി
പാക്കലം [പാൽ-കലം] നാ. പാൽവയ്ക്കുന്നതിനുള്ള കലം
പാക്കാൽ നാ. കഞ്ഞിപ്പശയിൽ മുക്കിയ നൂൽ നെയ്ത്തുതറിയിലിട്ടശേഷം അച്ചിൽ ബാക്കിവന്ന നൂൾ
പാക്കിയം നാ. = ഭാഗ്യം
പാക്ക്1 വി. പാകിയ. ഉദാഃ പാക്കുതേങ്ങ
പാക്ക്2 നാ. 1. അടയ്ക്ക; 2. പാകിയത്; 3. കളിയടയ്ക്ക
പാക്ക്3 [<പാകുക] നാ. പാകൽ
പാക്കുക ക്രി. ഒളിക്കുക
പാക്കുവെട്ടി നാ. അടയ്ക്കാക്കത്തി
പാക്യ വി. 1. പാകംചെയ്യേണ്ടത്; 2. പാകമാകേണ്ടത്
പാക്യജനക നാ. നൈട്രജൻ

പാക്യം നാ. 1. വിളയുപ്പ്, വെടിയുപ്പ്; 2.
പാകംചെയ്തുണ്ടാക്കുന്നത്, കഷായം
പാക്ഷ വി. പക്ഷത്തിൽ ചേർന
പാക്ഷപാതിക വി. പക്ഷപാതിയായ
പാക്ഷിക വി. 1. പക്ഷം സംബന്ധിച്ച; 2. കക്ഷിയിലുള്ള; 3.
ഇഷ്ടംപോലെ തിരഞ്ഞെടുക്കാവുന്ന
പാക്ഷികൻ1 നാ. പക്ഷത്തിലുള്ളവൻ
പാക്ഷികൻ2 നാ. പക്ഷിയെപ്പിടിക്കുന്നവൻ
പാക്ഷികവിനയെച്ചം നാ. (വ്യാക) ഒന്ന് ഒരു പ്രകാരം വരുന്നപക്ഷം എന്ന
അർഥം കുറിക്കുന്ന വിനയെച്ചം. ഉദാഃ വന്നാൽ കാണാം
പാഖണ്ഡ വി. = പാസണ്ഡ
പാങ്കിണർ നാ. പൊട്ടക്കിണർ
പാങ്ക് വി. പ്രയോജനരഹിതമായ. നാ. 1. സ്ഥിതി; 2. അവസരം;
3. മണ്ഡപം
പാങ്കുഴി നാ. 1. പാഴായകുഴി, പൊട്ടക്കുഴി; 2. പാമ്പുകിടക്കുന്ന
കുഴി
പാങ്ഗുല്യം നാ. മുടന്ത്
പാങ്ങൻ നാ. 1. സ്നേഹിതൻ; 2. ഭർത്താവ്. പാങ്ങൻ
നന്നെങ്കിൽ പടിക്കലിരുന്നാലും മതി (പഴ)
പാങ്ങ് നാ. 1. കഴിവ്, വഴി; 2. നിർവാഹം, പോംവഴി; 3.
അവസരം; 4. കൂട്ട്, സഹായം; 5. സ്നേഹം, പക്ഷം; 6. അഴക്; 7. ഒഴികഴിവ്. (പ്ര)
പാങ്ങുപറയുക = അനുകൂലമായി സംസാരിക്കുക
പാചക വി. പചിക്കുന്ന, ദഹിക്കുന്ന, ദഹനസഹായിയായ
പാചകൻ നാ. 1. വെപ്പുകാരൻ; 2. അഗ്നി
പാചകം നാ. 1. അരിവയ്പ്പ്; 2. അഗ്നി; 3. ഉദരത്തിൽ
ദഹനമുണ്ടാക്കുന്ന ദ്രാവകം; 4. പിത്തം
പാചന(ക)ം നാ. 1. അഗ്നി; 2. ദഹനം, പചിപ്പിക്കൽ; 3. പുളിരസം;
4. കഷായം; 5. ചെമന്ന ആവണക്ക്; 6. തപസ്സ്; പ്രായശ്ചിത്തം; 8. പൊൻകാരം
പാചനൻ നാ. 'ദഹിപ്പിക്കുന്നവൻ', അഗ്നി
പാചനി നാ. കടുക്കാ
പാചയിതാ(വ്) നാ. 1. പചിപ്പിക്കുന്നവൻ; 2. ആഹാരം
പാകംചെയ്യിക്കുന്നവൻ
പാചലം നാ. 1. വായു; 2. അഗ്നി; 3. പക്വതപ്രാപിക്കൽ
പാചി നാ. പാചകം (പാകംചെയ്യൽ)
പാച്ച നാ. മടിശ്ശീല (പണം താംബൂലം തുടങ്ങിയവ
വയ്ക്കാനുള്ളത്)
പാച്ചം നാ. 1. ഉപയോഗിക്കുന്നത്; 2. ഉപയോഗരഹിതമായ
വസ്തു
പാച്ചൽ നാ. 1. ചാട്ടം; 2. ഓട്ടം; 3. ഒഴുക്ക്; 4. കൈയ്യേറ്റം; 5.
അനുസരണക്കേട്
പാച്ചൽക്കാരൻ നാ. ദൂതൻ (സന്ദേശം എത്തിക്കാനായി പായുന്നവൻ)

പാച്ചി1 നാ. മുലപ്പാൽ (ശിശുഭാഷ). (പ്ര) പാച്ചിവരുക = ഋതുവാകുക
പാച്ചി2 നാ. പാപിച്ചി, ഉമ്മാക്കി
പാച്ചി3 നാ. പാചി (പാശി), പായൽ
പാച്ചു നാ. പരമേശ്വരൻ എന്നതിൻെറ തദ്ഭവം
പാച്ചുക ക്രി. 1. പായിക്കുക; 2. തിക്കുക; 3. തള്ളിക്കയറ്റുക, കുത്തിയിറക്കുക
പാച്ചോറ് നാ. പാൽചേർത്തു വേവിച്ച ചോറ്
പാച്ചോറ്റി നാ. ഒരു വൃക്ഷം, ലോധ്രം
പാച്യ വി. പചിപ്പിക്കത്തക്ക
പാജി നാ. വഞ്ചകൻ, കള്ളൻ
പാഞ്ച വി. അഞ്ചിനെ സംബന്ധിച്ച, അഞ്ചുള്ള, അഞ്ചുവിധമായ
പാഞ്ചകാർമിക വി. അഞ്ചുതരത്തിലുള്ള കർമങ്ങളുമായി ബന്ധപ്പെട്ട
പാഞ്ചജന്യ വി. അഞ്ചുജനവർഗങ്ങളുള്ള, അഞ്ചുവർഗങ്ങളുമായി ബന്ധമുള്ള
പാഞ്ചജന്യം നാ. ശ്രീകൃഷ്ണൻെറ ശങ്ഖ് (പഞ്ചജനൻ എന്ന ശങ്ഖുരൂപനായ അസുരനെ കൊന്നു ശ്രീകൃഷ്ണനുണ്ടാക്കിയത്)
പാഞ്ചനഖ വി. അഞ്ചുനഖങ്ങളുള്ള മൃഗത്തിൻെറ തോലുകൊണ്ടുനിർമിച്ച



പാഞ്ചനഖമാംസം നാ. അഞ്ചുനഖങ്ങളുള്ള മൃഗങ്ങളിൽ ഏതിൻെറയെങ്കിലും മാംസം
പാഞ്ചനദ വി. പഞ്ചനദത്തെ സംബന്ധിച്ച
പാഞ്ചഭൗതിക വി. പഞ്ചഭൂതങ്ങളുമായി ബന്ധപ്പെട്ട, പഞ്ചഭൂതജന്യമായ
പാഞ്ചമൂലിക വി. അഞ്ച് ഔഷധച്ചെടികളുടെ വേരുകൾ ചേർന്ന (യോഗം)
പാഞ്ചരാത്രന്മാർ നാ. വൈഷ്ണവരിൽ ഒരു വിഭാഗം (പഞ്ചരാത്രം എന്ന ഗ്രന്ഥത്തിലെ വിധികൾ അനുസരിക്കുന്നവർ)
പാഞ്ചാഅൻ നാ. 1. പാഞ്ചാലരാജ്യത്തെ രാജാവ്; 2. പാഞ്ചാലരാജ്യത്തുള്ളവൻ; 3. ഹസ്തിനിജാതിയിൽപ്പെട്ട സ്ത്രീക്ക് യോജിച്ചപുരുഷൻ
പാഞ്ചാലന്മാർ നാ. (ബ.വ.) 1. പാഞ്ചാലദേശക്കാർ; 2. ആശാരി അലക്കുകാരൻ ക്ഷുരകൻ നെയ്ത്തുകാരൻ ചെമ്മാൻ എന്നിവരെ മൊത്തത്തിൽ കുറിക്കുന്ന പദം
പാഞ്ചാലം നാ. 1. ഒരു ദേശം; 2. പാഞ്ചാലന്മാരുടെ സങ്ഘം

പാഞ്ചാലി നാ. 1. പാണ്ഡവന്മാരുടെ പത്നിയായ ദ്രൗപതി (പാഞ്ചാലരാജാവിൻെറ പുത്രിയാകയാൽ ഇപ്പേർ); 2. പാവ; 3. കാവ്യരചനാരീതികളിൽ ഒന്ന്; 4. വളരെ സാമർത്ഥ്യവും തൻേറടവും ഉള്ള സ്ത്രീ

പാഞ്ചാലിക നാ. പാവ

പാഞ്ചാലികം നാ. പാവകളി

പാഞ്ചി നാ. 1. ഒരുതരം കുറ്റിച്ചെടി, പാണൽ; 2. ഒരു നാണയം

പാട1 നാ. 1. ഊഷ്മാവുകുറയുമ്പോൾ ദ്രാവകങ്ങളുടെ മുകളിൽ നേർത്തതൊലിപോലെ പ്രത്യക്ഷപ്പെടുന്ന ആവരണം. (ഉദാഃ പാലുകാച്ചിയതു തണുക്കുമ്പോൾ ഉണ്ടാകുന്നത്); 2. നേർത്തതൊലി (ഉദാഃ ചക്കക്കുരുവിൻെറ തൊലി); 3. മുളയുടെ ഉള്ളിൽ പൊള്ളയായഭാഗത്തുള്ള നേർത്തതൊലി, മുളമ്പാട; 4. ജന്തുക്കളുടെ കുടലിനേയും മറ്റും പൊതിഞ്ഞിരിക്കുന്ന കൊഴുപ്പിൻെറ പാളി, നെയ്പ്പാട; 5. ശവമഞ്ച. (പ്ര) പാടചൂടുക,-കൂടുക = ദ്രാവകങ്ങളുടെ (പ്രത്യേകിച്ചു കാച്ചിയ പാലിൻെറ) ഉപരിതലത്തിൽ പാടയുണ്ടാകുക

പാട2 നാ. ഒരു വള്ളിച്ചെടി, പാടവള്ളി

പാടക വി. 1. പൊട്ടിക്കുന്ന, പിളർക്കുന്ന; 2. വിഭജിക്കുന്ന

പാടകം1 നാ. 1. ഗ്രാമത്തിൻെറ പകുതി; 2. ഒരു വാദ്യം; 3. തീരം; 4. വെള്ളത്തിലിറങ്ങാനുള്ള പടവ്; 5. കച്ചവടത്തിലുള്ള നഷ്ടം; 6. മുഴുച്ചാൺ; 7. ചൂതെറിയൽ

പാടകം2 നാ. കാൽച്ചിലമ്പ്

പാടച്ചരൻ നാ. കള്ളൻ

പാടനം നാ. 1. പിളർക്കൽ, ഭേദിക്കൽ, മുറിക്കൽ; 2. നശിപ്പിക്കൽ

പാടം നാ. 1. കണ്ടം, വയൽ; 2. വിസ്താരം

പാടല1 വി. ഇളംചെമപ്പുനിറമുള്ള

പാടല2 നാ. 1. പശു; 2. പാതിരിമരം; 3. ചെമന്നപാച്ചോറ്റി; 4. ദുർഗാദേവി; 5. ചെമന്ന കല്ലുപതിച്ച ഒരിനം വള

പാടലദ്രുമം നാ. പുന്ന

പാടലം നാ. 1. ഇളംചെമപ്പുനിറം; 2. കുങ്കുമം; 3. കുതിര

പാടലാധരി നാ. ചെമന്ന ചുണ്ടുള്ളവൾ, സുന്ദരി

പാടലാവതി നാ. ദുർഗാദേവി

പാടലി നാ. 1. പാതിരിമരം; 2. മുഷ്കവൃക്ഷം; 3. കറുത്തകടഭി; 4. ഒരിനം ചെന്നെല്ല്; 5. കള്ള്

പാടലിക വി. അന്യൻെറ രഹസ്യങ്ങളറിയുന്ന, കാലദേശജ്ഞാനമുള്ള

പാടലിമം നാ. ഇളംചെമപ്പുനിറം

പാടവം നാ. 1. സാമർഥ്യം, വാക്സാമർഥ്യം; 2. ആരോഗ്യം

പാടവികൻ നാ സാമർഥ്യമുള്ളവൻ (സ്ത്രീ) പാടവികി

പാടി1 നാ. 1. ഗണിതം; 2. കുറുന്തോട്ടി

പാടി2 നാ. പാടുന്നത് (സമാസത്തിൽ) ഉദാഃ രാപ്പാടി, വാനമ്പാടി

പാടി3 നാ. ഒരു രാഗം
പാടി4 നാ. 1. നഗരം, നഗരത്തിൻെറ ഒരു ഭാഗം; 2. ചേരി. ഉദാഃ ആയ്പ്പാടി; 3. തെരുവ്; 4. സേന; 5. കവചം
പാടിക്കുക1 ക്രി. 1. പിളർത്തുക; 2. പരത്തുക; 3. നിരപ്പാക്കുക
പാടിക്കുക2 ക്രി. പാടാൻപ്രേരിപ്പിക്കുക
പാടിത വി. പിളർക്കപ്പെട്ട
പാടീരം നാ. 1. ചന്ദനം, ചന്ദനംചേർന്ന കളഭം; 2. വെളുത്തീയം; 3. മുള്ളങ്കി; 4. കൂവനൂറ്; 5. വിളനിലം; 6. മേഘം; 7. ജലദോഷം; 8. അരിപ്പ; 9. ചല്ലടം
പാട്1 നാ. 1. ദുഃഖം, വിഷമം. ഉദാഃ പാടുപെടുക, പാടും ദുരിതവും; 2. സ്വാധീനം; 3. വശം, സ്ഥലം, ഭാഗം; 4. അവസ്ഥ, നില; 5. അടയാളം; 6. കേട്; 7. ജോലി, അധ്വാനം; 8. സാധ്യത; 9. അവസരം, തവണ; 10. പ്രാപ്തി, കഴിവ്; 11. മര്യാദ, ആചാരം; 12. വാസസ്ഥലം; 13. (ജ്യോ) ഗ്രഹമൗഢ്യം; 14. സംഭവം; 15. ചൊവ്വ്; 16. കടമ; 17. പങ്ക്; 18. അസ്തമയം; 19. തഴമ്പ്; 20. സാധിക്കാവുന്നത്
പാട്2 നാ. ഒരു സ്ഥാനപ്പേര്. ഉദാഃ തിരുമുൽപ്പാട്
പാടുക ക്രി. 1. രാഗവിസ്താരത്തോടെ ആലപിക്കുക, ചൊല്ലുക; 2. കവിത രചിക്കുക, എന്തിനെയെങ്കിലുംകുറിച്ചു ഗാനാത്മകമായി പറയുക, ഉരുവിടുക; 3. ശബ്ദിക്കുക
പാടേ അവ്യ. 1. പൂർണമായി, മുഴുവനെ; 2. സംശയമില്ലാതെ
പാട്ട1 നാ. കന്നുകാലികൾ ഒരുതവണ വിസർജിക്കുന്ന ചാണകം
പാട്ട2 നാ. തകരപ്പാത്രം. ഉദാഃ മണ്ണെണ്ണപ്പാട്ട
പാട്ടക്കാണം നാ. കൃഷിക്കാരൻ മുതലാളനുകൊടുക്കുന്ന കരം
പാട്ടക്കാരൻ നാ. പാട്ടത്തിനേറ്റവൻ, കുടിയാൻ
പാട്ടക്കുടിശിക നാ. കൊടുത്തുതീർക്കാനുള്ള പാട്ടത്തിൻെറ ബാക്കി
പാട്ടച്ചീട്ട് നാ. പാട്ടത്തുക നിശ്ചയിച്ച് എഴുതിക്കൊടുക്കുന്ന പ്രമാണം
പാട്ടൻ നാ. മുത്തച്ഛൻ, ബന്ധുവായ വൃദ്ധൻ (സ്ത്രീ) പാട്ടി
പാട്ടപ്രവൃത്തി നാ. (ക്ഷേത്രംവകയ്ക്കു) കരംപിരിക്കുന്ന ജോലി
പാട്ടം നാ. 1. ഒരു വസ്തു അനുഭോഗരീതി, ജന്മിക്കു നിശ്ചിത പ്രതിഫലം പണമായോ ധാന്യമായോ കൊടുക്കാമെന്ന കരാറിൽ വസ്തു ഏറ്റെടുത്തു കൃഷിചെയ്യുന്ന രീതി; 2. വസ്തു അനുഭവിക്കുന്നതിനു പ്രതിഫലമായി കൃഷിക്കാരൻ ജന്മിക്കുകൊടുക്കേണ്ട പണമോ ധാന്യമോ; 3. കുത്തക; 4. കരാർ; 5. വാടക; 6. കൂലി; 7. മേഘം
പാട്ടമാളർ നാ. ഭൂമി പാട്ടത്തിനെടുത്തു കൃഷിചെയ്യുന്നവർ
പാട്ടരങ്ഗം നാ. നാടകശാല
പാട്ടാളി നാ. തൊഴിലാളി, പാട്ടക്കാരൻ
പാട്ടി നാ. മുത്തശ്ശി; 2. പാണനെ സ്ത്രീ; 3. പതിച്ചി; 4. ബ്രാഹ്മണവിധവ
പാട്ട് നാ. 1. പാടാനായി ഉണ്ടാക്കിയ കവിത; 2. സങ്ഗീതം; 3. ഒരു അടിയന്തിരം. (പ്ര) പാട്ടിലാക്കുക = സ്വാധീനിക്കുക
പാട്ടുകാരൻ നാ. പാടുന്നവൻ, സങ്ഗീതജ്ഞൻ

പാട്ടുവിരുത്തി നാ. ക്ഷേത്രങ്ങളിൽ ഭജനപ്പാട്ടു പാടുന്നവർക്കു കരമൊഴിവായി വിട്ടുകൊടുത്തിട്ടുള സ്ഥലം
പാഠ നാ. പാടക്കിഴങ്ങ്
പാഠകൻ നാ. 1. വായിക്കുന്നവൻ; 2. പഠിപ്പിക്കുന്നവൻ
പാഠകം നാ. 1. കഥ; 2. ക്ഷേത്രങ്ങളിൽ (ഭഗവത്) കഥ പറയുന്നത്; 3. കേരളത്തിലെ ഒരു കലാപ്രസ്ഥാനം; 4. പാഠം
പാഠ(ന)ം നാ. 1. പറപ്പിക്കൽ; 2. ഗാനം ചെയ്യൽ; 3. പ്രസങ്ഗം
പാഠപുസ്തകം നാ. പഠിക്കാനുള്ള പുസ്തകം
പാഠഭേദം നാ. ഒരേ ഗ്രന്ഥത്തിന് ഒന്നിലധികം പതിപ്പുകളോ കൈയെഴുത്തുപ്രതികളോ ഉണ്ടായിരിക്കുമ്പോൾ പദാവലിയുടെ കാര്യത്തിൽ അവ തമ്മിലുള്ള വ്യത്യാസം
പാഠം നാ. 1. പഠിക്കൽ, പഠിപ്പിക്കൽ; 2. പഠിക്കാനുള്ളതോ പഠിപ്പിക്കാനുള്ളതോ ആയ ഗ്രന്ഥഭാഗം; 3. വായന; 4. ബ്രഹ്മയജ്ഞം
പാഠമഞ്ജരി നാ. 1. പഞ്ചവർണക്കിളി; 2. പലഗ്രന്ഥങ്ങളിൽനിന്ന് ഉദ്ധൃതങ്ങളായ ഭാഗങ്ങളടങ്ങുന്ന കൃതി
പാഠശാല നാ. പള്ളിക്കൂടം, വിദ്യാലയം
പാഠശാലിനി നാ. പഞ്ചവർണക്കിളി
പാഠി നാ. 1. ബ്രാഹ്മണൻ, പഠിച്ചിട്ടുള്ളവൻ; 2. കൊടുവേലി; 3. പാടക്കിഴങ്ങ്; 4. പൃഷ്ടം
പാഠിത വി. പഠിപ്പിക്കപ്പെട്ട
പാഠീനൻ നാ. പാഠകൻ
പാഠീനം നാ. 1. ഗുഗ്ഗുലു; 2. കൊടുവേലി; 3. വാളമീൻ
പാഠ്യ വി. പഠിപ്പിക്കത്തക്ക, വായിക്കാവുന്ന
പാഡിനി നാ. മൺപാത്രം, കുടം
പാൺ1 നാ. പൊട്ടക്കുഴി
പാൺ2 നാ. സ്തുതി, പാട്ട്
പാണക്കുരുവി നാ. അടയ്ക്കാക്കുരുവി
പാണത്തി,പാട്ടി നാ. പാണൻെറ സ്ത്രീ
പാണൻ നാ. 1. ഹിന്തുക്കളിൽ ഒരു ജാതി, തയ്യൽ ഓലക്കുടയുണ്ടാക്കൽ എന്നിവ തൊഴിലായിട്ടുള്ളവൻ; 2. പാട്ടുകാരൻ; 3. അമിതവിനയം കാണിക്കുന്നവൻ; 4. കൊള്ളരുതാത്തവൻ, ഹീനൻ
പാണനാർ നാ. (പൂ.ബ.വ.) പാണജാതിയിൽപ്പെട്ട ഒരു ജ്ഞാനി, തിരുവരങ്ങത്തുപാണനാർ
പാണപ്പഴം നാ. പാണലിൻെറ പഴം
പാണം നാ. 1. കച്ചവടം; 2. കച്ചവടക്കാരൻ; 3. നേട്ടം; 4. പന്തയം; 5. കരാർ; 6. സ്തുതി
പാണം2 നാ. കൈ
പാണൽ നാ. ഒരുതരം കുറ്റിച്ചെടി, പാഞ്ചി
പാണി1 നാ. 1. കൈ, കൈപ്പടം; 2. ചന്ത; 3. കുളമ്പ്. (പ്ര) പാണിഗ്രഹണം = വിവാഹം
പാണി2 നാ. 1. പാട്ട്; 2. കൂത്ത്; 3. ഒരുതരം വാദ്യം; 4. അഴക്

| | | |
|---|---|---|
| പാണി3 | നാ. | കാലം, താമസം |
| പാണിക1 | വി. | ചൂതുകളിച്ചുകിട്ടിയ |
| പാണിക2 | നാ. | 1. തവി; 2. തുഴ |
| പാണികൻ | നാ. | കച്ചവടക്കാരൻ |
| പാണിഗൃഹീതാവ് | നാ. | വരൻ, വിവാഹം ചെയ്യുന്നവൻ |
| പാണിഗൃഹീതി | നാ. | പാണിഗ്രഹണംചെയ്യപ്പെട്ടവൾ, ഭാര്യ |
| പാണിഗ്രഹണം | നാ. | വിവാഹം |
| പാണിഗ്രഹണീയ | നാ. | വിവാഹസമ്മാനം |
| പാണിഘൻ | നാ. | കൈത്താളക്കാരൻ |
| പാണിഘാതം | നാ. | മുഷ്ടിചുരുട്ടിയുള്ള ഇടി |
| പാണിജം | നാ. | കൈനഖം |
| പാണിനി | നാ. | സംസ്കൃതത്തിലെ അഷ്ടാധ്യായി എന്ന വ്യാകരണഗ്രന്ഥത്തിൻെറ പ്രണേതാവായ മുനി |
| പാണിനീയൻ | നാ. | പാണിനിയുടെ വ്യാകരണസിദ്ധാന്തങ്ങളെ പിന്തുടരുന്ന വൈയാകരണൻ |
| പാണിനീയം | നാ. | പാണിനിയുടെ ഗ്രന്ഥം, അഷ്ടാധ്യായി |
| പാണിപത്രകം | നാ. | വെളുത്തആവണക്ക് |
| പാണീപാത്രൻ | നാ. | 'പാണി പാത്രമായിട്ടുള്ളവൻ', യോഗി |
| പാണിപീഡനം | നാ. | വിവാഹം |
| പാണിപ്രണയിനി | നാ. | ഭാര്യ |
| പാണിരുഹം | നാ. | കൈവിരൽ |
| പാണിലാഘവം | നാ. | കൈമിടുക്ക് |
| പാണിവാദൻ | നാ. | കൈത്താളക്കാരൻ, നമ്പ്യാർ (മിഴാവുകൊട്ടുന്നവൻ) |
| പാണിസര്യ | നാ. | കയർ |
| പാണ്ടൻ | നാ. | പാണ്ടുള്ളവൻ |
| പാണ്ടം | നാ. | 1. ചകിരി; 2. അഴുക്കായത്; 3. പാന്തം |
| പാണ്ടി1 | നാ. | 1. ഒരു ദേശം, പാണ്ഡ്യം; 2. ആ ദേശത്തുള്ളവൻ |
| പാണ്ടി2 | നാ. | 1. പാണ്ടുള്ളവൾ; 2. പലനിറമുള്ള പശു |
| പാണ്ടി3 | നാ. | 1. കൂടാരവണ്ടി; 2. ചങ്ങാടം, പൊങ്ങുതടി; 3. കപ്പലിൻെറ അടിമരം. (പ്ര) പാണ്ടികുത്തുക = വാഴപ്പോള വട്ടത്തിലോ ചതുരത്തിലോ മുറിച്ചെടുത്ത് അതിന്മേൽ കോൽത്തിരികുത്തി വിളക്കുണ്ടാക്കുക. പാണ്ടിക്കുഴി, പാണ്ടുകുഴി = 1. പഴയകാലത്തെ ശവക്കുഴി; 2. കപ്പലിൻെറ പായ്മരം ഊന്നുന്ന കുഴി |
| പാണ്ടികശാല | നാ. | = പണ്ടകശാല |
| പാണ്ടിപ്പെരുമാൾ | നാ. | പാണ്ഡ്യരാജാവ് |
| പാണ്ടിയാൻ | നാ. | പാണ്ഡ്യരാജാവ്, പാണ്ടി |
| പാണ്ടിൽ | നാ. | 1. വിളക്കിൻെറ തട്ട്; 2. വണ്ടി; 3. കട്ടിൽ |
| പാണ്ടിവാദ്യം | നാ. | നാഗസ്വരം ശ്രുതി തകിൽ കൈമണി കിടുപിടി ഈ അഞ്ചും കൂടിയത് |
| പാണ്ട് | നാ. | ദേഹത്തുണ്ടാകുന്ന വെളുത്ത പുള്ളിയടയാളങ്ങളോടുകൂടിയ ഒരു രോഗം |

പാണ്ടുകുഴി നാ. പാണ്ടിക്കുഴി, പഴയശവക്കുഴി
പാണ്ഡര വി. വെളുത്ത നിറമുള്ള, വിളറിയ
പാണ്ഡരം നാ. 1. വെണ്മ; 2. കാവിമണ്ണ്; 3. കുരുക്കുത്തിമുല്ല; 4. കർപ്പൂരത്തുളസി; 5. വിളർച്ച; 6. പാണ്ട്
പാണ്ഡരിത വി. വെളുപ്പിച്ച
പാണ്ഡവൻ നാ. പാണ്ഡുവിൻെറ പുത്രൻ (ധർമപുത്രൻ, ഭീമൻ, അർജുനൻ, നകുലൻ, സഹദേവൻ എന്നിവരെലാരെങ്കിലും)
പാണ്ഡവാഭീലൻ നാ. ശ്രീകൃഷ്ണൻ
പാണ്ഡവീയ വി. പാണ്ഡവരെ സംബന്ധിച്ച
പാണ്ഡവേയൻ നാ. പാണ്ഡുവിൻെറ വംശത്തിൽപ്പെട്ടവൻ
പാണ്ഡിത്യം നാ. പണ്ഡിതൻെറ അവസ്ഥ, പഠിപ്പിൻെറ തികവ്
1053
പാണ്ഡു വി. വെളുത്ത, വിളർച്ചയുള്ള, പാണ്ടുപിടിച്ച. നാ. 1. (പുരാണ) പാണ്ഡവരുടെ പിതാവ്, കുന്തിയുടെ ഭർത്താവ്; 2. മങ്ങിയ വെളുപ്പ്
പാണ്ഡുകം നാ. മങ്ങിയവെളുപ്പ്, പാണ്ട്
പാണ്ഡുകംബളം നാ. 1. വെള്ളക്കമ്പിളി; 2. രാജകീയഗജത്തിൻെറ കൂടാരം
പാണ്ഡുമൃത്ത് നാ. 1. വെള്ളാണ്ണ്; 2. ചോക്ക്; 3. ഒരു രത്നം
പാണ്ഡുര1 വി. മഞ്ഞയും വെളുപ്പും സമം കലർന്ന നിറത്തോടുകൂടിയ, വിളറിയ
പാണ്ഡുരം2 നാ. കാട്ടുഴുന്ന്
പാണ്ഡുരം നാ. 1. മഞ്ഞയും വെളുപ്പും കലർന്ന നിറം, വെളുപ്പ്; 2. ഞമ; 3. കർപ്പൂരത്തുളസി; 4. വെൺകുഷ്ഠം
പാണ്ഡുരിമ നാ. പാണ്ഡുരവർണം
പാണ്ഡ്യദേശം നാ. പാണ്ടി
പാണ്ഡ്യൻ നാ. പാണ്ഡ്യദേശത്തെ രാജാവ്
പാണ്യ വി. സ്തുത്യർഹമായ
പാത1 നാ. വഴി
പാത2 വി. പാലനം ചെയ്യപ്പെട്ട
പാതകൻ നാ. 1. പാപി; 2. നാശകൻ; 3. കുറ്റവാളി
പാതകം1 നാ. പാപം
പാതകം2 നാ. ചെറുതിണ്ണ
പാതകി നാ. പാപമുള്ളവൾ, കുറ്റവാളി (സ്ത്രീ) പാതകിനി
പാതങ്ഗി നാ. 'സൂര്യപുത്ര', 1. ശനി; 2. കർണൻ; 3. യമൻ; 4. സുഗ്രീവൻ; 5. ബാലി; 6. വൈവസ്വതമനു
പാതഞ്ജലം നാ. യോഗശാസ്ത്രം
പാതന വി. പതിപ്പിക്കുന്ന
പാതനൻ നാ. വീഴ്ത്തിയവൻ
പാതനം നാ. വീഴ്ത്തൽ, പതിപ്പിക്കൽ
പാതം നാ. 1. വീഴ്ച; 2. നാശം; 3. അടി; 4. ആക്രമണം; 5. സംഭവം; 6. തോൽവി; 7. ഏറ്; 8. രാഹു; 9. കേതു
പാതയിത്വാ അവ്യ. പതിപ്പിച്ചിട്ട്, വീഴ്ത്തിയിട്ട്

പാതാണി വി. വളരെ മോശമായ, പഴയ
പാതാമ്പുറം നാ. പാത്രംവയ്ക്കുവാനും മറ്റും അടുപ്പിനടുത്തുണ്ടാക്കിയിരിക്കുന്ന സ്ഥലം
പാതാരം നാ. പാലത്തിൻെറ കീഴെയുള്ള തൂണ്
പാതാവ് നാ. പാലനംചെയ്യുന്നവൻ (സ്ത്രീ) പാത്രി
പാതാളക്കരണ്ടി നാ. കിണറ്റിൽവീണുപോയ വസ്തുക്കൾ എടുക്കുന്നതിനു ധാരാളം കൊളുത്തുകളോടുകൂടി നിർമിച്ചിരിക്കുന്ന ഉപകരണം
പാതാളഗരുഡ നാ. അമൽപ്പൊരി
പാതാളഗ്രഹണം നാ. ചക്രവാളത്തിനുകീഴിലായി കാണപ്പെടുന്ന ഗ്രഹണം
പാതാളനിലയൻ നാ. പാതാളത്തിൽ വസിക്കുന്നവൻ
പാതാളം നാ. 1. ഭൂമിക്കുകീഴിലുള്ള ഏഴുലോകങ്ങളിൽ ആദ്യത്തേത്; 2. വലിയ ഗുഹ
പാതാളരാവണൻ നാ. മാല്യവാൻെറ സഹോദരീപുത്രൻ (രാമലക്ഷ്മണന്മാരെ പാതാളത്തിൽകൊണ്ടുപോയി കാളിക്കു ബലികൊടുക്കാൻ ശ്രമിച്ചതിനാൽ ഈ പേര്)
പാതാളവാഹിനി നാ. പാതാളഗങ്ഗ
പാതാളവിദ്യ നാ. ഇന്ദ്രജാലം
പാതാളാഞ്ജനം നാ. നിധികണ്ടുപിടിക്കാനും മറ്റും മഷിനോക്കുന്നതിനുള്ള അഞ്ജനം
പാതി1 നാ. രണ്ടു സമഭാഗങ്ങളായി പകുത്തതിൽ ഒന്ന്
പാതി2 വി. പതിക്കുന്ന, വിഴിക്കുന്ന
പാതിക നാ. ഭൂസ്വത്തിൽ ഒരു ഭാഗം
പാതികം നാ. ചീങ്കണ്ണി
പാതിക്കാരൻ നാ. വസ്തുവിൻെറയോ വിളവിൻെറയോ പകുതിക്ക് അവകാശമുള്ളവൻ
പാതിച്ചോര് നാ. പട്ടച്ചോമാതിരി (സ്മാർത്തവിചാരംചെയ്തു പതിതരുടെമേൽ വിധിപ്രസ്താവിക്കാൻ അധികാരമുള്ള ആൾ)
പാതിത നാ. 1. പതിപ്പിക്കപ്പെട്ട; 2. താഴ്ത്തപ്പെട്ട; 3. തോൽപ്പിക്കപ്പെട്ട
പാതിത്യം നാ. വീഴ്ച, ഭ്രഷ്ട്
പാതിപ്പാട് അവ്യ. പകുതിവീതം
പാതിപ്പുടവ നാ. ഇരട്ടമുണ്ട്, അരമുറിക്കച്ച (ഒരു കച്ചയിൽ നാലുമുണ്ടിനുള്ള തുണിയുണ്ടായിരിക്കും)
പാതിരാത്രി നാ. അർധരാത്രി
പാതിരാപ്പൂവ് നാ. തിരുവാതിരയുടെ ഒരു ചടങ്ങ് (പാതിരയ്ക്കു ദുർഗാപൂജകഴിഞ്ഞു നെടുമങ്ഗല്യത്തിനായി സ്ത്രീകൾ പുഷ്പം ചൂടുന്നത്)
പാതിരാ(വ്) നാ. അർധരാത്രി
പാതിരി1 നാ. ഒരു മരം (പഞ്ചമൂലത്തിൽ ഒന്ന്)
പാതിരി2 [പോർ.] ന> ക്രിസ്തീയ പുരോഹിതൻ
പാതിലി നാ. 1. വല; 2. കുരുക്ക്; 3. മൺപാത്രം
പാതിവാരം നാ. കാണുന്ന വിളവിൽ പകുതി ഉടമസ്ഥനു വാരമായി കൊടുക്കുന്ന രീതി

പാതിവ്രത്യം നാ. പതിവ്രതയുടെ ഭാവം, ഭർത്താവിനെയല്ലാതെ മറ്റൊരുപുരുഷനെ കാങ്ക്ഷിക്കുകയില്ല എന്ന വ്രതം
പാത്1 നാ. പങ്ക്, ഓഹരി
പാത്2 നാ. രക്ഷ, കാവൽ
പാത്3 നാ. സൂര്യൻ
പാതുകൻ നാ. പതിക്കുന്നവൻ (സ്ത്രീ) പാതുകി
പാതുകം നാ. 1. കിഴുക്കാംതൂക്കായ സ്ഥലം; 2. നീരാന; 3. മലയുടെ ചരിവ്
പാത്ത നാ. ഒരു പക്ഷി
പാത്തി നാ. 1. വെള്ളച്ചാൽ; 2. തോണി, മരത്തൊട്ടി; 3. ഓക് (ഓവ്); 4. തോക്കിൻെറ പിടി; 5. ഓളത്തിൻെറ മധ്യെയുള്ള കുഴി. (പ്ര) ഓളപ്പാത്തി, പാത്തികോരുക
പാത്തിക്കോരിക നാ. വലിയ മരത്തവി
പാത്തിമരവി നാ. വലിയ മരത്തോണി
പാത്തിയോട് നാ. പാത്തിയുള്ള ഓട്
പാത്തിരിക്കുക ക്രി. പതിയിരിക്കുക, ഒളിച്ചിരിക്കുക
പാത്തിവില്ല് നാ. ചൂണ്ടവില്ല്
പാത്ത് നാ. പാലനംചെയ്യുനവൻ (സമാസാന്തത്തിൽ പ്രയോഗം). ഉദാഃ തനുനപാദ് = അഗ്നി
പാത്തുക ക്രി. 1. കവച്ചുനടൗക; 2. വീഴ്ത്തുക (മൂത്രംപോലെ)
പാത്തുത്തം നാ. = പാൽത്തുത്ഥം, വെളുത്ത തുത്ഥം
പാത്തുമ്മ [അറ.ഫാത്തിമ] നാ. മുഹമ്മദീയ സ്ത്രീകൾക്കിടുന്ന ഒരു പേര്
പാത്തുത നാ. പാൽപ്പാത്രം
പാത്രകം നാ. ചെറിയ പാത്രം
പാത്രടം നാ. 1. ഈറിയ മുണ്ട്; 2. കുടം
പാത്രടീരം നാ. 1. കാക്ക; 2. കങ്കപ്പക്ഷി; 3. ലോഹപ്പാത്രം; 4. അഗ്നി; 5. മൂക്കള
പാത്രത,-ത്വം നാ. യോഗ്യത
പാത്രപാകം നാ. (ആയുർ) അരിക്കുന്നതിനു തൊട്ടുമുമ്പായി അടുപ്പിൽകിടക്കുന്ന എണ്ണയിൽ ചെയ്യുന്ന സംസ്കാരം
പാത്രപ്രവേശം നാ. (നാട്യ) അരങ്ങിലേക്കു വേഷക്കാരുടെ വരവ്
പാത്രം നാ. 1. സാധനങ്ങൾ വയ്ക്കുന്നതിനുള്ള തളിക മുതലായവ; 2. യോഗ്യം; 3. ആർജിക്കുന്നവൻ; 4. രണ്ടുകരകളുടെയും നടുവ്, നദീതടം; 5. ശരീരം
പാത്രവാൻ നാ. പാത്രത്തോടുകൂടിയവൻ (യോഗ്യനായ എന്നയർഥം ഇതിനില്ല)
പാത്രശുദ്ധി നാ. 1. പാത്രത്തിൻെറ ശുദ്ധി; 2. അമ്മയുടെ ചാരിത്രശുദ്ധി
പാത്രി നാ. 1. പാത്രത്തോടുകൂടിയവൻ; 2. യോഗ്യതയുള്ളവൻ; 3. നെരിപ്പോട്; 4. ഉല
പാത്രിയാർക്കീസ് നാ. (ക്രിസ്തു) പൗരസ്ത്യസഭകളിൽ മെത്രാന്മാർക്കുമീതെ അധികാരമുള്ള മെത്രാൻ
പാത്രീകരിക്കുക ക്രി. പാത്രമാക്കുക, ബഹുമാനിക്കുക

| | | |
|---|---|---|
| പാത്രീണ | നാ. | പാത്രത്തിൽ പാകംചെയ്തത് |
| പാത്രീഭവിക്കുക | നാ. | പാത്രമായിത്തീരുക |
| പാത്രീയം | നാ. | യജ്ഞത്തിലുപയോഗിക്കുന്ന ഒരിനം പാത്രം |
| പാത്രീരം | നാ. | നിവേദ്യം |
| പാഥ | നാ. | 1. സൂര്യൻ; 2. അഗ്നി |
| പാഥം,പാഥസ്സ് | നാ. | വെള്ളം |
| പാഥാരം | നാ. | 1. കടൽ; 2. രണ്ടുതീരങ്ങൾക്കുമിടയിലുള്ള സ്ഥാനം; 3. ആപത്ത് |
| പാഥിസ്സ് | നാ. | 1. കടൽ; 2. കണ്ണ്; 3. ചൊറി |
| പാഥേയം | നാ. | വഴിച്ചോറ്, വഴിച്ചെലവിനുള്ള വക |
| പാഥേയവത്ത് | വി. | പാഥേയത്തോടുകൂടിയ |
| പാഥോജം | നാ. | 'വെള്ളത്തിലുണ്ടായത്', 1. താമര; 2. ശങ്ഖ് |
| പാഥോദം | നാ. | 1. മേഘം; 2. മുത്തങ്ങ |
| പാഥോധി | നാ. | ജലനിധി, സമുദ്രം |
| പാഥോനാഥൻ | നാ. | സമുദ്രം |
| പാഥോരുഹം | നാ. | താമര |
| പാദകടകം | നാ. | = പാടകം |
| പാദകം | നാ. | അടിസ്ഥാനം |
| പാദകമലം | നാ. | 'കാലടികളാകുന്ന താമരപ്പൂ', ഭങ്ഗിയുള്ള കാലടികൾ |
| പാദകാണിക്ക | നാ. | പാദങ്ങളിൽ അർപ്പിക്കുന്ന കാണിക്ക |
| പാദകൂടം | നാ. | തൂണിൻെറ ചുവട് |
| പാദചതുരം | നാ. | 1. ആട്; 2. അരയാൽ; 3. മണൽത്തിട്ട; 4. ആലിപ്പഴം |
| പാദചതുരൻ | നാ. | വിദൂഷകൻ |
| പാദചാരം | നാ. | 1. കാൽനട; 2. ഗ്രഹങ്ങളുടെ ദിവസേനയുള്ള സ്ഥിതി |
| പാദചാരികൻ | നാ. | കാൽനടക്കാരൻ (സ്ത്രീ) പാദചാരിണി |
| പാദജൻ,-ജന്മാവ് | നാ. | വിരാടപുരുഷൻെറ പാദത്തിൽനിന്നു ജനിച്ചവൻ, ശൂദ്രൻ |
| പാദതീർഥം | നാ. | കാൽകഴുകിയ വെള്ളം |
| പാദത്രം,-ത്രാണം | നാ. | ചെരിപ്പ് |
| പാദദാരിക | നാ. | (ആയുർ) കാൽ വിണ്ടുകീറൽ |
| പാദനതൻ | നാ. | കാൽക്കൽവീണവൻ |
| പാദനാളിക | നാ. | കാൽച്ചിലമ്പ് |
| പാദനിപീഡനം | നാ. | കാൽതിരുമ്മൽ |
| പാദനോദന | നാ. | കാലുകൊണ്ടുള്ള പ്രേരണ |
| പാദന്യാസം | നാ. | കാൽവയ്പ്പ് |
| പാദപ | വി. | കാലിനെ രക്ഷിക്കുന്ന |
| പാദപതനം | നാ. | കാലൊച്ച |
| പാദപതിത | വി. | കാൽക്കൽവീണ |
| പാദപദ്മം | നാ. | = പാദകമലം |
| പാദപദ്ധതി | നാ. | നടക്കാവ് |
| പാദപം | നാ. | 'വേരിലൂടെ കുടിക്കുന്നത്', വൃക്ഷം |
| പാദപരൂഹ | നാ. | 1. വള്ളി; 2. ഇത്തിൾക്കണ്ണി |

പാദപാതം		നാ.	ചവിട്ട്, കാൽവയ്പ്പ്
പാദപാംസു		നാ.	കാലിലെ പൊടി
പാദപാശം		നാ.	1. നാൽക്കാലികളുടെ കാലിൽ കെട്ടുന്ന കയറ്; 2. കാൽച്ചിലമ്പ്
പാദപാശി		നാ.	1. വള്ളി; 2. വിലങ്ങ്; 3. പായ്
പാദപീഠം		നാ.	ചെറിയപീഠം (ഉയർന്ന പീഠത്തിലിരിക്കുമ്പോൾ കാലടികളെടുത്തു വയ്ക്കുന്നതിന്)
പാദപൂരണം		നാ.	ശ്ലോകത്തിന്റെ വരി തികയ്ക്കൽ, പോരാത്ത അക്ഷരമോ പദമോ ചേർക്കൽ
പാദപ്രപാതം		നാ.	1. തൊഴി; 2. തൊഴികൊണ്ടുള്ള വീഴ്ച; 3. കാൽച്ചുവട്ടിൽ ചെന്നുള്ള വീഴ്ച
പാദബന്ധനം		നാ.	ആട് എരുമ പശു മുതലായവ
പാദഭൂവ്		നാ.	താഴ്വരപ്രദേശം
പാദമുദ്ര		നാ.	കാൽപ്പാട്
പാദമൂലം		നാ.	1. ഉപ്പൂറ്റി; 2. കാൽ; 3. മലയുടെ ചുവട്; 4. വിനയപൂർവകമായ സംഭാഷണം
പാദർ		നാ.	(പൂ.ബ.വ.) പാദങ്ങൾ, ആദരണീയവ്യക്തി. ഉദാഃ പൂജ്യപാദർ
പാദരക്ഷ		നാ.	ചെരിപ്പ്
പാദരോഹണം		നാ.	പേരാൽ
പാദലഗ്നൻ		വി.	കാലിൽ ചുറ്റിപ്പിടിച്ച. നാ. ആശ്രയിക്കുന്നവൻ, പാദദാസൻ
പാദവികൻ		നാ.	1. പാന്ഥൻ; 2. കാലാൾ
പാദവിന്യാസം		നാ.	പാദന്യാസം, കാലടിവയ്ക്കൽ
പാദവൃക്ഷം		നാ.	അരയാൽ
പാദശരം		നാ.	പാദസരം
പാദശാഖ		നാ.	കാൽവിരൽ
പാദശുശ്രൂഷ		നാ.	പാദസേവ
പാദസരം		നാ.	ഒരു ആഭരണം, കൊലുസ്സ്
പാദസേവ		നാ.	1. കാലുപിടിക്കൽ; 2. പാദശുശ്രൂഷ; 3. പാദസരം
പാദസ്ഫോടം		നാ.	ഒരു രോഗം, കാൽവിള്ളൽ
പാദഹർഷം		നാ.	ഒരു രോഗം, കാൽതരിപ്പ്, കാൽമരവിക്കൽ
1055
പാദാങ്ഗദം		നാ.	കാൽച്ചിലമ്പ്
പാദാങ്ഗുലീയ		നാ.	കാൽവിരലിൽ അണിയുന്ന മോതിരം
പാദാങ്ഗുഷ്ഠം		നാ.	പാദത്തിന്റെ പെരുവിരൽ
പാദാഗ്രം		നാ.	പാദത്തിന്റെ അറ്റം
പാദാഘാതം		നാ.	ചവിട്ട്, തൊഴി
പാദാങ്കം		നാ.	കാൽപ്പാട്
പാദാതൻ		നാ.	പാദാതികൻ
പാദാദികേശം		അവ്യ.	അടിമുതൽ മുടിവരെ

പാദാനത വി. കാൽക്കൽവീണ
പാദാനുചരം നാ. പിന്തുടരുന്നവൻ, ഭൃത്യൻ, സേവകൻ
പാദാന്തികം നാ. 1. കാൽച്ചുവടിനടുക്കലുള്ള സ്ഥലം; 2. സാമീപ്യം
പാദാംബുജം നാ. കാൽത്താമര
പാദാംഭസ്സ് നാ. പാദോദകം
പാദാരവിന്ദം നാ. പാദകമലം
പാദാസനം നാ. 1. ചവിട്ടുപലക; 2. മെതിയടി
പാദാളിന്ദി നാ. വള്ളം
പാദി വി. 1. പാദമുള്ള; 2. നാലിലൊന്നിനവകാശമുള്ള
പാദു നാ. ചെരിപ്പ്, മെതിയടി
പാദുക1 വി. കാൽനടയായിപോകുന്ന
പാദുക2 നാ. ചെരിപ്പ്, മെതിയടി
പാദുകക്കല്ല് നാ. ഗൃഹത്തിൻെറ അസ്ഥിവാരത്തിനുമീതെ കാണുന്ന ഭാഗം, ചെരിപ്പുകല്ല്
പാദുകം നാ. = പാദുക2
പാദുകാകാരൻ നാ. ചെരിപ്പുകുത്തി, തോൽക്കൊല്ലൻ
പാദുകാപട്ടാഭിഷേകം നാ. ശ്രീരാമൻെറ മെതിയടി സിംഹാസനത്തിൽ പ്രതിഷ്ഠിച്ചു ഭരതൻ നടത്തിയ അഭിഷേകം
പാദുഷ [പേർ] നാ. ചക്രവർത്തി, രാജാവ്
പാദോദകം നാ. പാദം കഴുകുന്നതിനുള്ള വെള്ളം
പാദ്യ വി. പാദത്തെ സംബന്ധിച്ച
പാദ്മകൽപം നാ. ബ്രഹ്മാവിൻെറ ജീവിതകാലത്തിൽ ആദ്യത്തെ ഭാഗം
പാദ്മം നാ. അഷ്ടാദശപുരാണങ്ങളിൽ ഒന്ന്, പദ്മപുരാണം
പാൻ[ഹി] നാ. മുറുക്കാൻ, വെറ്റില
പാൻസുപാരി [ഹി] നാ. താംബൂലക്കൂട്ട്
പാന നാ. 1. ഒരുതരം വലിയ മൺപാത്രം; 2. (സങ്ഗീ) ഒരു രാഗം; 3. ഒരുതരം പാട്ട്; 4. ഒരു അളവ്
പാനപ്പാട്ട് നാ. പാനകൊട്ടിപ്പാടുന്നപാട്ട്
പാനകം നാ. പാനീയം
പാനകളി നാ. ശാസ്ത്രക്കളി
പാനക്കാരൻ നാ. 1. പാനകൊട്ടിപ്പാടുന്നവൻ, കവി; 2. പാനയിൽ ചാരായം വാറ്റുന്നവൻ
പാനഗോഷ്ഠി(ക) നാ. ആളുകൾ കൂടിയിരുന്നു നടത്തുന്ന മദ്യപാനം, അപ്രകാരം മദ്യപാനം നടത്തുന്നതിനുള്ള സ്ഥലം
പാനചഷകം നാ. പാനപാത്രം
പാനൻ നാ. വാറ്റുകാരൻ
പാനപാത്രം നാ. 1. എന്തെങ്കിലും ഒഴിച്ചുകൊടുക്കുവാനുള്ള പാത്രം; 2. മദ്യം കുടിക്കാനുള്ള പാത്രം
പാനം നാ. 1. കുടിക്കൽ. ഉദാഃ മദ്യപാനം, അധരപാനം; 2. പരിരക്ഷണം; 3. പാനീയം; 4. ശ്വാസം
പാനമണ്ഡലം നാ. കുടിയന്മാരുടെ സമൂഹം

| | | | |
|---|---|---|---|
| പാനൽ1 | | നാ. | 1. വയൽ; 2. വെറ്റില; 3. കള്ള്; 4. കുതിര |
| പാനൽ2 | [ഇം.] | നാ. | പട്ടിക |
| പാനശൗണ്ഡൻ | | നാ. | മദ്യാസക്തൻ, ധാരാളം കുടിക്കുന്നവൻ |
| പാനസക്തൻ | | നാ. | പാനശീലമുള്ളവൻ |
| പാനസം | | നാ. | 1. പ്ലാവിനെ സംബന്ധിച്ച; 2. ഒരുതരം മാല |
| പാനി1 | | നാ. | കുടിയൻ |
| പാനി2 | [ഹി] | നാ. | വെള്ളം |
| പാനി3 | | നാ. | 1. നീർശർക്കര; 2. കള്ളുകാച്ചിക്കുറുക്കിയുണ്ടാക്കുന്ന വസ്തു |
| പാനികൻ | | നാ. | കള്ളുവിൽക്കുന്നവൻ |
| പാനീയം | | നാ. | കുടിക്കാൻ യോഗ്യമായത്, വെള്ളം മുതലായവ |
| പാനിയാലു | | നാ. | നീർച്ചേമ്പ് |
| പാനീസ് | | നാ. | റാന്തൽ വിളക്ക് |
| പാന്തകം | | നാ. | കരിമ്പനയുടെയോ തെങ്ങിൻെറയോ കോഞ്ഞാട്ട |
| പാന്തൽ | | നാ. | 1. പതുങ്ങൽ; 2. ചെളിയുള്ള സ്ഥലം; 3. ദുഃഖം |
| പാന്തുക | | ക്രി. | 1. പതുങ്ങുക, ഒളിക്കുക; 2. മാന്തുക |
| പാന്ഥൻ | | നാ. | 1. വഴിപോക്കൻ; 2. സൂര്യൻ |
| പാപ | വി. | | 1. ദുഷ്ടതയുള്ള, ദോഷകാരിയായ; 2. അശുഭമായ |
| പാപകാരി | | നാ. | പാപംചെയ്യുന്നവൻ (സ്ത്രീ) പാപകാരിണി |
| പാപഗ്രഹം | | നാ. | (ജ്യോ) അനിഷ്ടഗ്രഹം (ക്ഷീണിച്ച സൂര്യൻ, ക്ഷീണചന്ദ്രൻ, ശനി, ചൊവ്വാ, പാപഗ്രഹത്തോടു സംബന്ധമുള്ള ബുധൻ, രാഹു, കേതു) |
| പാപഘ്ന | | വി. | പാപമില്ലാതാക്കുന്ന |
| പാപഡം | | നാ. | പപ്പടം |
| പാപധി | | നാ. | 'പാപത്തിനിരിപ്പിടമായവൻ', ദുഷ്ടൻ |
| പാപൻ | | നാ. | 1. ദുഷ്ടൻ, പരദ്രോഹം ചെയ്യുന്നവൻ (സ്ത്രീ) പാപ; 2. (ജ്യോ) പാപഗ്രഹം |
| പാപനാശനൻ | | നാ. | 1. പാപത്തെ നശിപ്പിക്കുന്നവൻ; 2. ശിവൻ; 3. വിഷ്ണു |
| പാപനിവൃത്തി | | നാ. | പാപത്തിൽനിന്നുള്ള മോചനം |
| പാപപതി | | നാ. | വിടൻ, ജാരൻ |
| പാപപരിഹാരം | | നാ. | 1. പാപത്തിനുള്ള നിവൃത്തി; 2. മുളംപ്ലാശ് |
| പാപപുരുഷൻ | | നാ. | 1. എല്ലാത്തരം പാപങ്ങളും ചെയ്യുന്നവൻ; 2. വേടൻ |
| പാപഭയം | | നാ. | പാപംചെയ്യുന്നതിനുള്ള പേടി, അധർമഭീരുത്വം |
| പാപഭാക് | | നാ. | പാപം ഉള്ളവൻ |
| പാപഭീരു | | നാ. | പാപംചെയ്യുന്നതിൽ ഭയമുള്ളവൻ |
| പാപം | | വ്യാക്ഷേ | കഷ്ടം. നാ. ദോഷം, ദൈവവിരോധം വരത്തക്കപ്രവൃത്തി, ഹിംസ മുതലായവ |
| പാപരോഗം | | നാ. | 1. അർശസ്സ്; 2. കുഷ്ഠം; 3. വസൂരി; 4. ജനനേന്ദ്രിയരോഗം |
| പാപലം | | നാ. | 1. പാപംചെയ്യുന്നത്; 2. ഒരുതരം അളവ് |
| പാപശമനി | | നാ. | വന്നിമരം |

പാപശേഷം നാ. 1. അനുഭവിക്കാനുള്ള കർമഫലം; 2. രോഗം; 3. ദാരിദ്ര്യം
പാപസങ്കീർത്തനം നാ. പാപം ഏറ്റുപറയൽ, കുമ്പസാരം
പാപഹരം നാ. പാപത്തെ നശിപ്പിക്കുന്നത്
പാപാത്മാവ് നാ. 1. പാപി, ദുഷ്ടൻ; 2. കാട്ടാളൻ
പാപി നാ. 1. പാപംചെയ്യുന്നവൻ (സ്ത്രീ) പാപിനി; 2. കാട്ടാളൻ
പാപിഷ്ഠൻ നാ. വലിയ പാപി
പാപീയസ്സ് നാ. അധികം പാപിയായവൻ (സ്ത്രീ) പാപിയസി
പാപോദയം നാ. 1. പാപത്തിൻെറ ആരംഭം; 2. പാപഗ്രഹത്തിൻെറ ഉദയം
പാപ്പം നാ. അപ്പം, ചോറ്, ഭക്ഷണം (ശിശുഭാഷ)
പാപ്പർ [ഇം.] നാ. 1. നിർധനൻ; 2. (നിയ) വ്യവഹാരത്തിൽ കോടതിഫീസ് കെട്ടുന്നതിൽനിന്ന് ഒഴിവാക്കപ്പെട്ടവൻ, ദരിദ്രനായി പ്രഖ്യാപിക്കപ്പെട്ടവൻ (പ്ര) പാപ്പരാകുക = ദരിദ്രനാകുക
പാപ്പാ [ഇത്താലിയൻ] നാ. കത്തോലിക്കാസഭയുടെ തലവൻ, മാർപ്പാപ്പാ
പാപ്പാൻ [ത.] നാ. 1. ബ്രാഹ്മണൻ (സ്ത്രീ) പാപ്പാത്തി; 2. ആനക്കാരൻ
പാപ്പാസ് [പേർ; സം,] നാ. ചെരുപ്പ്
പാപ്പാനി നാ. ബ്രാഹ്മണൻ, ഒരു ബ്രാഹ്മണവർഗം
പാപ്പൂർ നാ. തൃപ്പാപ്പൂർ
പാപ്മാവ് നാ. 1. പാപം; 2. ദുരവസ്ഥ
പാംശനൻ,-സനൻ വി. 1. ദോഷമുള്ള, ദുഷിപ്പിക്കുന്ന; 2. പാപമുള്ള
പാംശവ നാ. തീണ്ടാരിയായവൾ
പാംശവം,-സവം നാ. 1. പൊടി, അഴുക്ക്; 2. വളം, ചാണകം; 3. പാപം; 4. ഒരിനം കർപ്പൂരം; 5. കരയ്ക്കിറക്കിയ വസ്തു; 6. ഭുസ്വത്ത്; 7. പൊടിയുപ്പ്; 8. പർപ്പടകപ്പുല്ല്
പാംസുക നാ. = പാംസവ
പാംസുകാസീസം നാ. = ധാതുകാസീസം
പാംസുകുലി നാ. പെരുവഴി, രാജമാർഗം
പാംസുക്രീഡാസഖി നാ. മണ്ണുവാരിക്കളിക്കുന്ന പ്രായം മുതൽ കൂട്ടുകാരനായിരിക്കുന്നവൻ
പാംസുക്ഷാരം നാ. പൊടിയുപ്പ്
പാംസുചന്ദനൻ നാ. പൊടി (ഭസ്മം) ചന്ദനമായി അണിയുന്നവൻ
പാംസുജാലികൻ നാ. വിഷ്ണു
പാംസുല1 വി. മാലിന്യമുള്ള
പാംസുല2 നാ. 1. പാതിവ്രത്യമില്ലാത്തവൾ, തന്നിഷ്ടക്കാരി, വ്യഭിചാരിണി; 2. ഋതുവായ സ്ത്രീ; 3. ഭൂമി; 4. പൂക്കൈത
പാംസുത്കരം നാ. പൊടിപടലം
പാമകൻ നാ. ചിരങ്ങുള്ളവൻ
പാമഘ്നം നാ. ചൊറിയെ നശിപ്പിക്കുന്നത്, ഗന്ധകം
പാമം നാ. ചിരങ്ങ്
പാമര വി. 1. ഹീനമായ; 2. മൂഢതയുള്ള; 3. ചിരങ്ങുള്ള

പാമരൻ നാ. 1. നീചൻ; 2. അറിവില്ലാത്തവൻ >< പണ്ഡിതൻ; 3. രാജാവിനു തുണയായവൻ; 4. നിസ്സഹായൻ

പാമരം നാ. കപ്പൽപ്പായ് കെട്ടുന്നതിനായി കപ്പലിൽ നാട്ടിനിറുത്തുന്ന തൂണ്

പാമാഗ്നി നാ. കടുകുരോഹിണി

പാമാരി നാ. ഗന്ധകം

പാമ്പണ നാ. വിഷ്ണുവിൻെറ ശയ്യ, അനന്തൻ

പാമ്പാട്ടം നാ. 1. പാമ്പിൻെറ കളി; 2. വളഞ്ഞുപുളഞ്ഞുള്ള ഗതി

പാമ്പാട്ടി നാ. പാമ്പിനെ പിടിക്കുകയും കളിപ്പിക്കുകയും ചെയ്ത് ഉപജീവനം കഴിക്കുന്നവൻ

പാമ്പ് നാ. 1. പടം പൊഴിക്കുന്ന ഒരു ഇഴജന്തു (വഷമുള്ളതും ഇല്ലാത്തതും രണ്ടിനം). (പ്ര) പാമ്പിനുപാലുകൊടുക്കുക = ദുഷ്ടനെ സഹായിക്കുക. പാമ്പും പഴകിയതാണു നല്ലത് (പഴ); 2. രാഹു; 3. ആയില്യം നക്ഷത്രം

പാമ്പുവരി നാ. കിണറ്റിൻെറ അരഞ്ഞാൺ

പാമ്പൂട്ട് നാ. സർപ്പപ്രീതിക്കുവേണ്ടി നടത്തുന്ന ഒരു ചടങ്ങ്

പായ നാ. = പാ(യ്)

പായക നാ. കുടിക്കുന്ന

പായന നാ. കുടിപ്പിക്കൽ

പായം നാ. ജലം

പായൽ നാ. വെള്ളത്തിലുണ്ടാകുന്ന ഒരുവക ചണ്ടി, ഒരുതരം ഏകപത്രിക, ശൈവലം

പായസും നാ. 'പയസ്സിൽ പാകംചെയ്യെടുക്കുന്നത്', 1. പാച്ചോറ്; 2. സദ്യയ്ക്കുണ്ടാക്കുന്ന ഒരുതരം മധുരഭക്ഷ്യം; 3. അമൃത്; 4. തിരുവട്ടപ്പശ

പായി നാ. ഒരു സ്ത്രീ നാമം

പായികൻ നാ. കാലാൾപ്പടയാളി

പായിക്കുക നാ. ഓടിക്കുക

പായു നാ. ഗുദം, മലദ്വാരം

പായുക ക്രി. 1. ഓടുക; 2. ഒലിക്കുക; 3. മൃഗങ്ങൾ കുത്തുക, എതിർക്കുക

പാർ [പരക്കുക] നാ. ഭൂമി (പരന്നുകിടക്കുന്നത്). പാർത്തലം = ഭൂതലം

പാർക്ക് [ഇം.] നാ. ഉദ്യാനം, പൂന്തോട്ടം

പാർക്കുക ക്രി. 1. വസിക്കുക, താമസിക്കുക; 2. ഒഴിക്കുക, തടവിലാകുക; 3. കാണുക, നോക്കുക; 4. ഗ്രഹിക്കുക

പാർഘടം നാ. 1. പൊടി; 2. ചാമ്പൽ

പാർജന്യ വി. പാർജന്യനെ സംബന്ധിച്ച

പാർട്ടി [ഇം.] നാ. കക്ഷി, സങ്ഘം

പാർട്ട് [ഇം.] നാ. 1. ഭാഗം, പങ്ക്; 2. (അഭിനയിക്കാനുള്ള) വേഷം

പാർഥക്യം നാ. വേറിട്ടുനിൽക്കുന്ന അവസ്ഥ, പൃഥഗ്ഭാവം

പാർഥൻ നാ. അർജുനൻ. പാർഥസാരഥി = കൃഷ്ണൻ

പാർഥവം നാ. വലുപ്പം

പാർഥിവ വി. 1. ഭൂമിയെ സംബന്ധിച്ച; 2. രാജാവിനെ സംബന്ധിച്ച

പാർഥിവൻ നാ. 1. രാജാവ്; 2. ഭൂമിയിൽ വസിക്കുന്നവൻ
പാർഥിവം നാ. 1. മൺപാത്രം; 2. ശരീരം; 3. ഭൂമി; 4. ഘനപദാർഥം
പാർഥിവി നാ. 1. സീത; 2. ലക്ഷ്മീദേവി
പാർപ്പനൻ നാ. = പാപ്പാൻ
പാർപ്പരം നാ. 1. ക്ഷയരോഗം; 2. ഒരുപിടി അരി
പാർപ്പവർ നാ. ബ്രാഹ്മണർ
പാർപ്പിക്കുക ക്രി. പാർക്കാൻ ഇടയാക്കുക
പാർപ്പിടം നാ. താമസസ്ഥലം, വീട്
1057
പാർമകൾ നാ. ലക്ഷ്മീദേവി
പാർമന്നൻ നാ. ലോകനാഥൻ
പാർലമെൻറ് [ഇം.] നാ. ജനപ്രതിനിധിസഭ
പാർവണ വി. 1. പർവത്തിലുള്ള, വെളുത്തവാവിലുള്ള; 2. (പർവത്തിലെ ചന്ദ്രനെപ്പോലെ) വർധിച്ചുകൊണ്ടിരിക്കുന്ന
പാർവത നാ. പർവതത്തെ സംബന്ധിച്ച
പാർവതി നാ. ശിവൻെറ പത്നി, ഉമ. പാർവതീശൻ = ശിവൻ
പാർവത്യകാർ നാ. പ്രവൃത്തിയിലെ (വില്ലേജിലെ) ഭരണാധികാരി, വില്ലേജാഫീസർ
പാർശവൻ നാ. മഴു ധരിച്ച ഭടൻ
പാർശ്വ വി. അടുത്ത
പാർശ്വകൻ നാ. ചതിയൻ, കള്ളൻ
പാർശ്വഗ വി. കൂടെ നടക്കുന്ന
പാർശ്വതഃ അവ്യ. അടുക്കൽ
പാർശ്വതീയ വി. വശത്തു സ്ഥിതിചെയ്യുന്ന
പാർശ്വം നാ. 1. വശം; 2. സമീപം; 3. വഞ്ചന; 4. ഭാഗം
പാർശ്വവക്ത്രൻ നാ. ശിവൻ. പാർശ്വവർത്തി = അടുത്തുനിൽക്കുന്നവൻ, സഹായി
പാർശ്വാസ്ഥി നാ. വാരിയെല്ല്
പാർശ്വികൻ നാ. ക്ഷുദ്രക്കാരൻ, ചെപ്പടിവിദ്യക്കാരൻ
പാർഷദൻ നാ. ദ്രുപദൻ
പാർഷതി നാ. ദ്രൗപദി (പാഞ്ചാലി)
പാർഷ്ണി നാ. 1. പിൻപട; 2. കുതികാൽ; 3. പുറം; 4. വേശ്യ; 5. കുന്തി
പാർഷ്ണിഗ്രാഹ(ക)ൻ നാ. 1. പിന്നണിപ്പടയെ നയിക്കുന്നവൻ; 2. പിന്നിലുള്ള ശത്രു; 3. പിൻവശത്തുള്ളവൻ
പാർസൽ [ഇം.] നാ. പൊതിക്കെട്ട്, ബങ്കി
പാർസി [ഹി.] നാ. 1. പേർസ്യയിലുള്ളത്; 2. പേർസ്യൻ ഭാഷ; 3.(പേർസ്യയിലുണ്ടായ) ഒരു മതം
പാര1 നാ. 1. അറ്റംകൂർത്ത ഒരു ആയുധം (തേങ്ങപൊതിക്കാനും മറ്റും ഉപയോഗം); 2. കോഞ്ഞാട്ട; 3. ഒരുതരം മത്സ്യം; 4. ഉപദ്രവം; 5. വഞ്ചന, വഞ്ചകൻ. (പ്ര) പാരക്കോൽ

പാര2,പാരാ [ഇം.] നാ. ഖണ്ഡിക
പാരക വി. 1. അക്കരയ്ക്കു കടത്തുന്ന; 2. സന്തോഷിപ്പിക്കുന്ന
പാരകുലം നാ. മറുകര
പാരക്ക് നാ. സ്വർണം
പാരക്യ വി. 1. അന്യൻെറതായ; 2. പരലോകഹിതമായ; 3. ശത്രുവായ
പാരക്യം നാ. പരലോകത്തിൽ സന്തോഷംകിട്ടത്തക്കവിധം വല്ലതും ചെയ്യുക, പുണ്യപ്രവൃത്തി
പാരഗ വി. 1. മറുകരകടക്കുന്ന (സമാസാന്തത്തിൽ); 2. അഗാധമായ പാണ്ഡിത്യമുള്ള
പാരഗം നാ. അക്കരയ്ക്കു കടത്തുന്നത്, തോണി
പാരാങ്ഗതൻ നാ. 1. = പാരഗൻ, മറുകരയെത്തിയവൻ; 2. ഒരു പ്രത്യേക വിഷയത്തിൽ അഗാധമായ അറിവുനേടിയവൻ. ഉദാഃ ശസ്ത്രപാരങ്ഗതൻ = ശാസ്ത്രത്തിൽ അഗാധമായ അറിവുള്ളവൻ
പാരജായികൻ നാ. അന്യൻെറ ഭാര്യയുമായി സങ്ഗംചെയ്യുന്നവൻ
പാരടീടം നാ. പാറ, കല്ല്
പാരച്യൂട്ട് [ഇം.] നാ. വിമാനത്തിൽനിന്നു ചാടുമ്പോൾ നിവർന്നു വായുവിൽ തങ്ങിത്തങ്ങി താഴെ ഇറങ്ങാൻ സഹായിക്കുന്ന ഒരിനം കുട
പാരണ നാ. ഉപവാസസമാപനം. (പ്ര) പാരണവീട്ടുക = എന്തെങ്കിലും കുടിച്ച് ഉപവാസമവസാനിപ്പിക്കുക
പാരണം നാ. 1. = പാരണ; 2. മേഘം; 3. തൃപ്തി; 4. ഒരു ഗ്രന്ഥത്തിൻെറ പൂർണരൂപമടങ്ങുന്ന മൂലപാഠം
പാരണീയ വി. പൂർത്തിയാക്കാവുന്ന
പാരതന്ത്രിക നാ. 1. സ്വതന്ത്രനല്ലാത്ത, അന്യൻെറ ആജ്ഞയെ അനുസരിക്കാൻ ബാധ്യസ്ഥനായ; 2. അന്യതന്ത്രങ്ങളിൽ വിധിച്ചിരിക്കുന്ന
പാരതന്ത്ര്യം നാ. പരതന്ത്രമായിരിക്കുന്ന അവസ്ഥ, ദാസ്യം
പാരത്രിക വി. സ്വർഗത്തെ സംബന്ധിച്ച
പാരത്രം നാ. പരലോകത്തിൽ ലഭിക്കുന്ന ഭാഗ്യം
പാരദം നാ. 'മറുകരകൊടുക്കുന്നത്, രോഗത്തിൽനിന്നു മോചിപ്പിക്കുന്നത്', ഒരു ധാതു, രസം
പാരദർശ വി. മറുകരകാണുന്ന
പാരദാരികൻ നാ. പരദാരസംസർഗംചെയ്യുന്നവൻ, വ്യഭിചാരി
പാരദൃക്ക് നാ. മറുകരകാണുന്ന, ദീർഘദർശിത്വം ഉള്ള
പാരദേശികൻ നാ. പരദേശി, നാടോടി
പാരപക്ഷ്യം നാ. പക്ഷപാതംകാണിക്കുന്ന സ്വഭാവം
പാരം അവ്യ. വളരെ, ഏറ്റവും. നാ. 1. അക്കര; 2. അങ്ങേയറ്റം, അവസാനം
പാരമാത്മിക വി. പരമാത്മാവിനെ സംബന്ധിച്ച
പാരമാർഥിക വി. 1. സത്യമുള്ള; 2. ആത്മജ്ഞാനം സംബന്ധിച്ച. പരമാർഥികൻ = 1. സത്യം പറയുന്നവൻ; 2. തത്ത്വജ്ഞാനി
പാരമിക വി. മുഖ്യമായ, മെച്ചപ്പെട്ട
പാരമിത വി. 1. മറുതീരത്തെത്തിയ; 2. കഴിഞ്ഞുപോയ

പാരമേഷ്ട്യം നാ. 1. ബ്രഹ്മത്വം; 2. ഏറ്റവും ഉന്നതമായ അവസ്ഥ; 3. രാജകീയചി ം

പാരമ്പരീണ വി. പരമ്പരയായികിട്ടിയിട്ടുള്ള

പാരമ്പര്യം നാ. പിതാമഹൻ പിതാവ് ഗുരുക്കൾ തുടങ്ങിയവരിൽനിന്നു ലഭിച്ച് അടുത്തതലമുറയ്ക്കു കൈമാറിവരുന്നത്, പരമ്പരയാ സിദ്ധിക്കുന്നത്, അവകാശമുറ, കീഴ്മര്യാദ

പാരമ്പര്യോപദേശം നാ. 1. കീഴ്മര്യാദകൾ പഠിപ്പ്ക്കൽ; 2. ഐതിഹ്യം

പാരമ്യം നാ. 1. ഏറ്റവും മെച്ചമായിരിക്കുന്ന അവസ്ഥ; 2. ആധിക്യം

പാരയിഷ്ണു വി. 1. അക്കരകടക്കാൻ ആഗ്രഹമുള്ള; 2. പ്രീതിപ്പെടുത്തുന്ന

പാരലോക്യം നാ. പരലോക സംബന്ധമായ

പാരശവ വി. 1. മഴുകൊണ്ടുള്ള; 2. ഇരുമ്പുകൊണ്ടുള്ള

പാരശവൻ നാ. 1. ബ്രാഹ്മണനു ശൂദ്രസ്ത്രീയിൽ ഉണ്ടായവൻ; 2. കുലടയുടെ മകൻ. (സ്ത്രീ) പാരശവി

പാരശവം നാ. 1. വെണ്മഴു; 2. ഉരുക്ക്; 3. മുത്ത്

പാരശ്വധക്ഷിതി നാ. പരശുരാമൻ മഴുവെറിഞ്ഞുണ്ടാക്കിയ നാട്, കേരളം

പാരശ്വധം നാ. വെണ്മഴു

പാരസി നാ. 1. പേർസ്യൻ ഭാഷ; 2. അഗ്നിയെ ആരാധിക്കുന്ന ഒരു ജനവർഗം

പാരസികൻ നാ. പേർസ്യാക്കാരൻ

പാരസികം നാ. പേർസ്യാരാജ്യം, 56 രാജ്യങ്ങളിൽ ഒന്ന്

പാരസ്ത്രീകം നാ. പരസ്ത്രീയെ സംബന്ധിച്ച. (പ്ര) പാരസ്ത്രീകസൗഖ്യം = പരസ്ത്രീയിൽനിന്നു ലഭിക്കുന്ന സൗഖ്യം

പാരസ്ത്രൈണേയൻ നാ. 1. ഒരുവൻെറ ഭാര്യയിൽ മറ്റൊരുവനു ജനിച്ചവൻ, പരസ്ത്രീപുത്രൻ; 2. പരസ്ത്രീയുമായി രമിക്കുന്നവൻ

പാരസ്പര്യം നാ. പരസ്പരമുള്ള അവസ്ഥ

പാരാട്ട് നാ. പാരാട്ടൽ, പുകഴ്ത്തൽ

പാരാട്ടുക ക്രി. 1. പുകഴ്ത്തുക; 2. ലാളിക്കുക; 3. വിസ്തരിക്കുക

പാരാതീതം വി. അതിർകടന്ന

പാരാതെ അവ്യ. വേഗത്തിൽ, മടികൂടാതെ

പാരാന്ധത നാ. പ്രകാശം കടന്നുവരാതിരിക്കുന്ന അവസ്ഥ

പാരാപതം നാ. 1. മാടപ്രാവ്; 2. ചെറുനാരകം

പാരാപരീണൻ നാ. സുശിക്ഷിതൻ, നല്ലപോലെ പഠിച്ചവൻ

പാരായ് <പാർ] ക്രി. നീ കാണുക

പാരായണൻ നാ. പതിവായി വേദം ചൊല്ലുന്നവൻ, ബ്രാഹ്മണൻ

പാരായണം നാ. 1. പാഠം, വായന; 2. വേദാഭ്യാസം

പാരായണി നാ. സരസ്വതി

പാരായണികൻ നാ. 1. ശിഷ്യൻ; 2. പ്രസങ്ഗകർത്താവ്

പാരാർ നാ. ജനങ്ങൾ

പാരാവതകം നാ. ഒരിനം നെല്ല്

പാരാവതഘ്നി നാ. സരസ്വതീനദി

പാരാവതം	നാ.	1. ഒരു പക്ഷി, പ്രാവ്; 2. ദ്വീപാന്തരത്തിലുള്ള ഈന്തപ്പഴം; 3. പർവതം; 4. കുരങ്ങ്
പാരാവാരം	നാ.	1. കടൽ; 2. പുഴയുടെയും മറ്റും ഇരുകരകളും
പാരാവാരീണ	വി.	ഇരുകരകളെയും സ്പർശിക്കുന്ന, നല്ലവണ്ണം അഭ്യസിച്ച
പാരാശരി	നാ.	പാരാശരൻ പഠിപ്പിച്ച ഭിക്ഷുസൂത്രം അറിയാവുന്നവൻ, സന്ന്യാസി
പാരാശര്യൻ	നാ.	പരാശരപുത്രനായ വ്യാസൻ
പാരാളുക	ക്രി.	നാടുവാഴുക
പാരി1	നാ.	1. നേർത്തതുണി; 2. കട്ടിൽ
പാരി2	നാ.	1. തൈരുകടയുന്ന തൂതപ്പാത്രം; 2. പാൽക്കുഴ; 3. (കൈക്കുമ്പിൾനിറയെ) ജലം; 4. ആനയുടെ കാൽകെട്ടുന്ന കയറ്, ചങ്ങല; 5. പൂമ്പൊടി; 6. കൂജ
പാരികാങ്ക്ഷികൻ	നാ.	ബ്രഹ്മചര്യാദി വിഹിതതപസ്സുള്ളവൻ, സന്ന്യാസി
പാരിക്കുക	ക്രി.	1. വ്യാപിക്കുക; 2. തടിക്കുക, വളരുക; 3. പാരം (മറുകര) പ്രാപിക്കുക
പാരിഗ്രാമിക	വി.	ഗ്രാമത്തിനുചുറ്റുമുള്ള
പാരിച്ച	വി.	(ഭൂ.പേരെച്ചം) വർജിച്ച
പാരിജാതം	നാ.	1. ഇന്ദ്രൻെറ നന്ദനോദ്യാനത്തിലെ ഒരു ദിവ്യവൃക്ഷം; 2. മുരുക്ക്; 3. സുഗന്ധം; 4. പവിഴമല്ലിക
പാരിടം	നാ.	ഭൂതലം
പാരിണാമിക	വി.	പരിണാമസംബന്ധിയായ
പാരിണേയം	നാ.	വിവാഹസമയത്തു വധുവിനു നൽകപ്പെടുന്ന സമ്മാനം
പാരിതോഷികം	നാ.	സന്തോഷിച്ചുകൊടുക്കുന്നത്, സമ്മാനം
പാരിന്ദ്രൻ	നാ.	സിംഹം
പാരിപന്ഥികൻ	നാ.	1. ശത്രു; 2. കള്ളൻ
പാരിപാർശ്വികൻ	നാ.	1. കൂടെക്കൊണ്ടുനടക്കുന്നവൻ; 2. (നാട്യ) സൂത്രധാരകൻെറ സഹായി
പാരിപ്പിക്കുക	ക്രി.	പാരിക്കുവാൻ ഇടയാക്കുക
പാരിപ്ലവം	നാ.	1. ഇളകുന്നത്; 2. വളം; 3. അസുഖകരമായ അവസ്ഥ
പാരിഭദ്രകം	നാ.	1. ദേവദാരു; 2. മുരിക്ക്; 3. സരളമരം; 4. കൊട്ടം; 5. വേപ്പ്
പാരിഭാഷികം	നാ.	1. പരിഭാഷയെ സംബന്ധിച്ചത്, വ്യാഖ്യാനരൂപത്തിലുള്ളത്; 2. സാങ്കേതികമായത്
പാരിമാണികം	നാ.	പരിമാണത്തെ (അളവിനെ) കുറിക്കുന്ന ഒരിനം ഭേദകം. ഉദാഃ ഇത്ര
പാരിമിത്യം	നാ.	പരിമിതിയെ (അതിർത്തിയെ) സംബന്ധിച്ചത്
പാരിമുഖ്യം	നാ.	സാന്നിധ്യം
പാരിയാത്രകം	നാ.	കുലപർവതങ്ങളിൽ ഒന്ന്
പാരിയാനികം	നാ.	യാത്രയ്ക്കുള്ള ഉപാധി, വണ്ടി
പാരിവാരിക	വി.	പരിവാരത്തെ സംബന്ധിച്ച
പാരിവ്രാജ്യം	നാ.	പരിവ്രാജൻെറ അവസ്ഥ

പാരിഷദൻ നാ. പരിജനം, ഭൃത്യൻ
പാരിസ്കന്ദൻ നാ. വാതിൽ കാവൽക്കാരൻ
പാരിഹാരിക വി. 1. പരിഹരിക്കുന്ന; 2. പിടിക്കുന്ന; 3. ചുറ്റുന്ന
പാരിഹാരികൻ ണ. 1. പിടിച്ചെടുക്കുന്നവൻ; 2. പൂമാലകെട്ടുന്നവൻ; 3. വളയുണ്ടാഉന്നവൻ
പാരിഹാരികി നാ. 1. പാരിഹാരികൻെറ സ്ത്രീ; 2. കടങ്കഥ
പാരിഹാര്യം നാ. 1. പിടിച്ചെടുക്കൽ; 2. ഗ്രഹണം; 3. വള
പാരിഹാസികം നാ. പരിഹാസമുള്ള, പരിഹാസത്തോടുകൂടിയ
പാരിഹാസ്യം നാ. വിനോദം, തമാശ
പാരീചരം നാ. ജലജന്തു
പാരീണ വി. 1. മറുകരകടന്ന, മറുകരയ്ക്കുള്ള; 2. പാണ്ഡിത്യമുള്ള
പാരീരണം നാ. 1. പട്ട്; 2. ആമ; 3. ഉപ്പ്; 4. വടി
പാര് നാ. 1. പരന്നുകിടക്കുന്നത്, ലോകം; 2. കൽപ്രദേശം; 3. വലിപ്പം; 4. ബ്രാഹ്മണൻ
പാരു നാ. 1. സൂര്യൻ; 2. എരിക്ക്; 3. അഗ്നി; 4. നന്ദനോദ്യാനം; 5. അകിൽ; 6.കറ്റാർവാഴ
പാരുഷ്യം നാ. പരുക്കൻമട്ട്, പരുഷഭാവം
പരേരകം നാ. വാൾ
പരേവാഗ്വർത്തി നാ. പറയാൻ കഴിയാത്ത, വാക്കിനപ്പുറമായ
1059
പാരോക്ഷ്യം നാ. പരോക്ഷമായിരിക്കുന്ന അവസ്ഥ, മറവ്
പാരോവര്യം നാ. പാരമ്പര്യം
പാൽ1 നാ. പാല്
പാൽ2 [പ.മ.] നാ. 1. വശം ("അപ്പാലെന്തേ വിചരതു ഭവാൻ")(കോ.സ.); 2. പകുതി; 3. കാലം; 4. ദേശം, ഇടം; 5. അവസ്ഥ, സ്ഥാനം
പാൽക്കതിർ നാ. നിലാവ്
പാൽക്കാരൻ നാ. 1. പാൽകറക്കുന്നവൻ; 2. പാൽ വിൽക്കുന്നവൻ
പാൽപ്പല്ല് നാ. ശിശുക്കളുടെ വായിൽ ആദ്യം മുളച്ചുവരുന്ന പല്ലുകൾ (ഇവ പറിഞ്ഞശേഷം വേറെ പല്ലുകൾ മുളയ്ക്കുന്നു)
പാൽപ്പായസം നാ. ഒരുതരം വിശേഷപ്പെട്ട പായസം
പാൽമുതക്ക് നാ. ഒരു ഔഷധച്ചെടി
പാല1 നാ. 1. ഒരു വൃക്ഷം, പാലുള്ളത്; 2. അഞ്ചുതിണകളിൽ ഒന്ന്, പാഴ്നിലം; 3. പാലത്തിണകേന്ദ്രമാക്കി രചിക്കപ്പെടുന്ന കാവ്യം, തത്കാലവിരഹം; 4. തേങ്ങാ ചുരണ്ടിയത്; 5. കടൽ; 6. മകയിരം നക്ഷത്രം; 7. പുണർതം
പാല2 വി. രക്ഷിക്കുന്ന
പാലകൻ നാ. പാലിക്കുന്നവൻ
പാലകം നാ. 1. രക്ഷിക്കുന്നത്; 2. കൊടുവേലി; 3. കുതിര
പാലകാപ്യം നാ. ഗജശാസ്ത്രം (പലകാപ്യമഹർഷി രചിച്ചതിനാൽ)
പാലകി നാ. കുന്തുരുക്കം
പാലക്കാമോതിരം നാ. ഒരു ആഭരണം
പാലക്യ നാ. കുന്തുരുക്കം

പാലങ്കം	നാ.	ഈന്ത്
പാഅട	നാ.	ഒരുതരം വിശിഷ്ടഭോജ്യം
പാലൻ	നാ.	രക്ഷിക്കുന്നവൻ (സമാസത്തിൽ പ്രയോഗം) ഉദാഃ ലോകപാലൻ, പശുപാലൻ
പാലനം	നാ.	രക്ഷിക്കൽ
പാലനിലം	നാ.	ഐന്തിണകളിൽ ഒന്ന്
പാലനീയ	വി.	പാലിക്കത്തക്ക
പാലം	നാ.	1. ആറ്റിലോ തോട്ടിലോ ഒഴുക്കിനുമീതെ ഇരുകരകളെയും യോജിപ്പിച്ചുകൊണ്ടു മറുകരകടക്കുന്നതിനുവേണ്ടി ഇട്ടിരിക്കുന്ന തടി, വാഹനങ്ങൾപോകുന്നതിനുവേണ്ടി കോൺക്രീറ്റുചെയ്തും മറ്റും അപ്രകാരം ഉണ്ടാക്കുന്നത്; 2. കിണറ്റുതടി; 3. മൂക്കിൻെറ ദ്വാരങ്ങൾക്കു നടുവെയുള്ള വീതികുറഞ്ഞഭാഗം; 4. ഭൂമി. പാലംകുലുങ്ങിയാലും കേളൻ കുലുങ്ങുകയില്ല (പഴ)
പാലയ	ക്രി.	പാലിച്ചാലും
പാലയിതാവ്	നാ.	പാലിക്കുന്നവൻ
പാലറ	നാ.	1. പാൽപ്പുര; 2. അകിട്ടിൽ പാൽ നിറഞ്ഞുനിൽക്കുന്നഭാഗം
പാലാശ	വി.	1. പ്ലാശിനെ സംബന്ധിച്ച; 2. പച്ചനിറമുള്ള
പാലാശം	നാ.	പച്ചിലമരം
പാലാഴി	നാ.	പാൽക്കടൽ. പാലാഴിമഥനം = അമൃതിനായി പാൽക്കടൽ കടയൽ. പാലാഴിമാത് = പാൽക്കടലിൻെറ പുത്രിയായ ലക്ഷ്മീദേവി
പാലി1	നാ.	= പാളി
പാലി2	നാ.	ബുദ്ധമതക്കാരുടെ മതഭാഷ (മധ്യകാല ഭാരതീയാര്യഭാഷകളിൽ ഒന്ന്)
പാലി3	വി.	പാലുള
പാലിക	നാ.	1. തട്ടം. ഉദാഃ പൂപ്പാലിക; 2. ആയുധത്തിൻെറ വായ്ത്തല; 3. ഒരുതരം തവി; 4. മേൽക്കട്ടി; 5. ചെവിയുടെ വക്ക്; 6. (കാമ) സംഭോഗവീര്യമുണ്ടാക്കുന്ന ഒരുതരം പലഹാരം (ഔഷധം ചേർന്നത്)
പാലികം	നാ.	1. ചെവിയുടെ മേലരിക്; 2. വാളിൻെറ വായ്ത്തല
പാലിക്കുക	ക്രി.	1. കാക്കുക, 2. നിറവേറ്റുക
പാലിത	വി.	പാലിക്കപ്പെട്ട
പാലിത്യം	നാ.	നര
പാലിന്ദം	നാ.	കുന്തുരുക്കം
പാലിയം	[ല.]	നാ.	(ക്രിസ്തു) പുരോഹിതശ്രേണിയിലെ ഉയർന്നവർ ധരിക്കുന്ന ഒരു സ്ഥാനവസ്ത്രം
പാലീയം	നാ.	ഒരിനം അങ്ങാടി മരുന്ന്, തകരം
പാല്,പാൽ	നാ.	1. പ്രസവിച്ച സ്തനജീവികളുടെ മുലയിൽ ഊറിവരുന്ന (പോഷകാംശമുള്ള) വെളുത്തദ്രാവകം; 2. ചിലയിനം മരങ്ങളുടെ കറ. ഉദാഃ റബ്ബർപ്പാൽ; 3. പാലുപോലെ തോന്നിക്കുന്ന ദ്രാവകം ഉദാഃ തേങ്ങാപ്പാൽ; 4. ഐശ്വര്യം; 5. ശുക്ലം. (പ്ര) പാലും പഴവും = ഐശ്വര്യം
പാലുണ്ണി	നാ.	തൊലിപ്പുറത്തുണ്ടാകുന്ന ഒരിനം വെളുത്ത കുരുപ്പ് (വേദനയില്ലാത്തത്)

പാലൂരി നാ. ഒരിനം വസൂരി
പാലൊളി നാ. പാൽപോലെയുള്ള ശോഭ, വെണ്മ, അഴക്
പാലോട് നാ. 1. വെള്ളോട്; 2. തിരുവനന്തപുരം ജില്ലയിലെ ഒരു സ്ഥലം
പാല്യ വി. പാലിക്കത്തക്ക
പാല്യമാന വി. പാലിക്കപ്പെടുന്ന
പാല്വല നാ. ചെറുപൊയ്കയെ സംബന്ധിച്ച
പാവ നാ. 1. ഒരു കളിക്കോപ്പ്, പാഞ്ചാലിക; 2. അഴകുള്ള സ്ത്രീ രൂപം; 3. സ്ത്രീ. (പ്ര) പാവകളിപ്പിക്കുക = സ്വന്തം ഇഷ്ടത്തിനൊത്തു മറ്റൊരാളിനെക്കൊണ്ടു പ്രവർത്തിപ്പിക്കുക
പാവക1 വി. ശുദ്ധമാക്കുന്ന
പാവക2 നാ. പരിശുദ്ധ
പാവകൻ നാ. 1. ശുദ്ധമാക്കുന്നവൻ, അഗ്നി; 2. സന്ന്യാസി; 3. വിഷഹാരി; 4. വരുണൻ
പാവകം നാ. 1. കൊടുവേലി; 2. വിഴാൽ; 3. ചേര്; 4. കുയുമ്പ; 5. മൂഞ്ഞ; 6. മൂന്ന് എന്ന സങ്ഖ്യ; 7. കുരങ്ങ്
പാവകളി നാ. = പാവക്കൂത്ത്
പാവകി1 നാ. 1. അഗ്നിയുടെ ഭാര്യ; 2. സരസ്വതി
പാവകി2 നാ. 1. സുബ്രഹ്മണ്യൻ; 2. സുദർശനൻ എന്ന മുനി
പാവക്കൂത്ത് നാ. പാവകളെ ഉപയോഗിച്ചു നടത്തുന്ന ഒരിനം നാടകം
പാവന വി. 1. വിശുദ്ധീകരിക്കുന്ന; ശുദ്ധിയുള്ള; 2. പവനനെ സംബന്ധിച്ച
പാവനധ്വനി നാ. 'പരിശുദ്ധിയുള്ള ശബ്ദത്തോടുകൂടിയത്', ശങ്ഖ്
പാവനൻ നാ. 1. പരിശുദ്ധൻ; 2. വേദവ്യാസൻ; 3. അഗ്നി; 4. വിഷ്ണു; 5. സിദ്ധൻ; 6. ഹനുമാൻ; 7. രണ്ടു ശക്തികളിൽ ഒന്ന് (മറ്റേത് അപാവനൻ)
പാവനം നാ. 1. ശുദ്ധീകരിക്കൽ; 2. അഗ്നി; 3. ജലം; 4. പശുവിൻ ചാണകം; 5. രുദ്രാക്ഷം; 6. കൊട്ടം; 7. കൊടുവേലി; 8. മഞ്ഞക്കയ്യോന്നി; 9. അറബിക്കുന്തുരുക്കം; 10. പ്രായശ്ചിത്തം; 11. തപസ്സ്
പാവനി1 നാ. 1. പരിശുദ്ധം; 2. തുളസി; 3. പശു; 4. ഗങ്ഗ; 5. കടുക്ക
പാവനി2 നാ. ഹനുമാൻ
പാവം1 നാ. 1. ദരിദ്രൻ; 2. സാധു
പാവം2 നാ. തിന്മ, ദുഷ്കൃത്യം
പാവരം നാ. ചൂതുകരുവിൽ രണ്ടു ബിന്ദുക്കളുള്ള വശം
പാവൽ നാ. കയ്പ്പുള്ള കായുണ്ടാകുന്ന ഒരിനം വള്ളിച്ചെടി
പാവാട1 നാ. പെൺകുട്ടികളുടെ ഒരുതരം വസ്ത്രം (അരയിൽ കെട്ടിവയ്ക്കുന്നതും പാദംവരെ എത്തുന്നതും)
പാവാട2 നാ. 1. ആദരണീയ വ്യക്തികൾ നടന്നുപോകുമ്പോൾ വഴിയിൽ വിരിക്കുന്ന കച്ച; 2. മേശവിരി
പാവാണി നാ. പട്ടികയാണി
പാവാൻ നാ. പാപ്പാൻ

പാവാറ്റി നാ. നയ്ത്തുകാർ പാവുനൂൽ നിരത്തുന്ന ഉപകരണം, നിരപ്പൻ
പാവാറ്റുക നാ. തറിയിൽ നൂൽ നിരത്തുക
പാവിടുക ക്രി. മുണ്ടു നെയ്യുന്നതിനായി തറിയിൽ വേണ്ടപോലെ നൂൽ നിരത്തുക
പാവിത വി. ശുദ്ധീകരിക്കപ്പെട്ട
പാവ്1 നാ. അങ്ങാടി മരുന്ന്, ചീനപ്പാവ്. (പ്ര) പാവിൽ പിഴച്ചാൽ മാവിൽ = പാവ് എന്ന ഔഷധം തെറ്റായി ഉപയോഗിച്ചാൽ മാവിൻ വിറകുകൊണ്ടു ചിതകൂട്ടി ദഹിപ്പിക്കാം (മരണം നിശ്ചയം)
പാവ്2 നാ. 1. നേർത്തവസ്ത്രം, പാവുമുണ്ട്; 2. വസ്ത്രത്തിൽ നീളത്തിൽ പാകിയിരിക്കുന്ന നൂല് (താരത ഊട്); 3. രണ്ടു പലം കൂടിയ തൂക്കം; 4. നൂലുചുറ്റുന്ന റാട്ട്
പാവുക ക്രി. = പാകുക
പാവേട [പ്രാ.ത.] നാ. ഒരു വൈദ്യഗ്രന്ഥം (പൂജ്യപാദൻ എന്ന ജൈനസന്ന്യാസി രചിച്ചത്)
പാവോട്ടുക ക്രി. = പാവിടുക
പാശകം നാ. 'ബന്ധിക്കുന്നത്', ചുക്കിണി
പാശകരൻ നാ. യമൻ
പാശനം നാ. 1. കുരുക്ക്, കയറ്; 2. കുരുക്കിലകപ്പെടുത്തൽ
പാശബന്ധകൻ നാ. പക്ഷികളെപിടിക്കുന്നവൻ
പാശം നാ. 1. കയറ്; 2. കെണി; 3. അളവ്; 4. സങ്ഖ്യ; 5. അഴക്; 6. ചൂതുകരു; 7. ഭക്തി
പാശഹസ്തൻ നാ. വരുണൻ
പാശാങ്കുശധരൻ നാ. ഗണപതി
പാശി1 നാ. 1. കുട്ടികളുടെ കഴുത്തിൽ കെട്ടുന്ന ഒരുതരം ആഭരണം; 2. ചൂതുകരു
പാശി2 നാ. വരുണൻ
പാശി3 നാ. പായൽ
പാശികൻ നാ. പക്ഷികളെപിടിക്കുന്നവൻ
പാശിത നാ. ബന്ധിക്കേട്ട, വലയിൽകുരുങ്ങിയ
പാശുപതൻ നാ. ശിവഭക്തൻ
പാശുപതം നാ. 'പശുപതിയെ സംബന്ധിച്ചത്', 1. ശിവൻെറ ഒരു അസ്ത്രം (അർജുനനു സമ്മാനിച്ചത്); 2. വെള്ളെരിക്ക്; 3. താർതാവൽ; 4. കൊക്കുമന്താരം; 5. പാശുപതസിദ്ധാന്തം; 6. ഒരു ഉപനിഷത്ത്
പാശുപാല്യം നാ. കാലിമേയ്ക്കൽ
പാശുബന്ധകം നാ. യാഗം
പാശ്ചാത്യ വി. 1. പിന്നീടുള്ള; 2. പടിഞ്ഞാറുള്ള; 3. ഒടുവിലുണ്ടായ
പാശ്യ നാ. 1. കയറിൻെറ കൂടം; 2. വല
പാഷാ [പേർ] നാ. പ്രഭു, രാജാവ്
പാഷണ്ഡ(ക)ൻ നാ. വൈദികധരത്തിനു വിരുദ്ധനായിരിക്കുന്നവൻ, നാസ്തികൻ, മതവിരോധി

പാഷണ്ഡം നാ. മതവിശ്വാസമില്ലായ്മ
പാഷാണം നാ. 1. കല്ല്, പാറ. (പ്ര) പാഷാണഹൃദയൻ = കഠിനഹൃദയൻ; 2. ഒരു വിഷദ്രവ്യം
പാഹാണി1 നാ. 1. തൂക്കാനുപയോഗിക്കുന്ന കല്ല് (ഇടക്കല്ല്); 2. ഉടക്കുളി; 3. വേൽ; 4. കുന്തം
പാഷാണി2 നാ. അഹല്യ
പാസ്സ് [ഇം.] നാ. 1. ജയം; 2. പാത; 3. കടത്തുചീട്ട്; 4. അനുവാദം
പാസ്സ്പോർട്ട് [ഇം.] നാ. വിദേശരാജ്യത്തു സഞ്ചരിക്കുന്നതിനുള്ള അധികാരപത്രം
പാഹി ക്രി. രക്ഷിച്ചാലും
പാള നാ. കമുകിൻെറയും മറ്റും പൂങ്കുലയെ മൂടിയിരിക്കുന്നത് (പോള). (പ്ര) കുത്തുപാള, തൊപ്പിപ്പാള, വീച്ചുപാള. വി. വീതിയുള്ള. ഉദാഃ പാളക്കര
പാളക്കത്തി നാ. വീതിയുള്ള കത്തി, ചെത്തുകത്തി
പാളത്താറ് നാ. പുരുഷന്മാരുടെ താറുടുപ്പ്, സോമൻകെട്ട്
പാളം നാ. 1. ഇരുമ്പു തല്ലി നീട്ടിയത്; 2. കട്ടിയുള്ള ലോഹത്തകിട്
പാളയം നാ. 1. പട്ടാളക്കാരുടെ സമൂഹം; 2. സൈന്യം; 3. നഗരം; 4. കൂടാരം; 5. പടവീട്, പട്ടാളം കിടക്കുന്നെടം. പാളയക്കാരൻ = പട്ടാളശിപായി
പാളൽ നാ. തെന്നൽ, തെറിപ്പ്
പാളി1 നാ. 1. വസ്ത്രം മുതലായവയുടെ അംശം; 2. ചീന്ത്; 3. പഞ്ഞിനിറച്ച തലയിണ; 4. കുടം; 5. തൊട്ടി; 6. വരി; 7. മൂർച്ച, വാളിൻെറയും മറ്റും മുന; 8. വാക്ക്; 9. അതിര്; 10. ചുറ്റളവ്; 11. അടയാളം; 12. പേൻ; 13. മേൽക്കാത്; 14. പാലം, ചിറ; 15. കൂട്ടം
പാളി2 [<പാളുക ക്രി. (ഭൂ.രൂപം)
പാളിക്കുക ക്രി. 1. തെന്നിക്കുക; 2. പ്രകാശിപ്പിക്കുക
പാളിച്ച നാ. 1. പാളിക്കൽ; 2. വീഴ്ച, തെറ്റ്
പാള് [പാളുക] ധാതുരൂപം
പാളുക ക്രി. 1. ജ്വലിക്കുക; 2. തെന്നുക; 3. തെറിക്കുക; 4. ചരിഞ്ഞുപോകുക
പാഴൻ വി. 1. പ്രയോജനമില്ലാത്ത; 2. കൃഷിചെയ്യാത്ത. നാ. ദുർബുദ്ധി, ദുഷ്ടൻ, വകയ്ക്കുകൊള്ളാത്തവൻ
പാഴമ നാ. കൊള്ളരുതായ്ക, മോശത്തരം
പാഴാപ്പാടൻ നാ. ദുഃഖിതനും അനാഥനുമായവൻ
പാഴായ്മ നാ. പാഴായസ്ഥിതി, കുസൃതി
പാഴി1 നാ. 1. ശൂന്യത, തരിശ്; 2. പരപ്പ്; 3. ആഴി
പാഴി2 നാ. മൊഴി, ചൊല്ല്
പാഴി3 നാ. 1. എലിമാളം; 2. കൃഷിസ്ഥലം; 3. ശത്രുരാജ്യം; 4. കുളം
പാഴി4 നാ. സന്ന്യാസാശ്രമം, ക്ഷേത്രം
പാഴി5 നാ. 1. വേനൽക്കാലത്തെ ഇടി; 2. വീൺവാക്ക്
പാഴിയാരം നാ. പിച്ചക്കാരൻെറ പാട്ട്, അസംബന്ധം
പാഴിൽ അവ്യ. വെറുതെ

പാഴ് [പഴുത്] വി. 1. വെറുതെയായ, ഉപകാരമില്ലാത്ത; 2. തരിശായ. നാ. 1. പഴുത്, തരിശ്; 2. കേട്; 3. കുറ്റം; 4. നഷ്ടം; 5. വ്യർഥത; 6. ഇട
പാഴ്ചെലവ് നാ. പ്രയോജനമില്ലാത്ത ചെലവ്
പാഴ്നിലം നാ. തരിശുനിലം
പാഴ്പണി നാ. പ്രയോജനമില്ലാത്ത പണി
പാഴ്പറമ്പ് നാ. തരിശുപറമ്പ്
പാഴ്മരം നാ. ഫലമുണ്ടാകാത്ത മരം, കേടുപിടിച്ച വൃക്ഷം
കാട്ടുമരം
1061
പാഴ്വാക്ക് നാ. ഉപകാരമില്ലാത്ത വാക്ക്, വ്യർഥമായ ഭാഷണം
പാഴ്വേല നാ. പ്രയോജനമില്ലാത്ത വേല
പാഴ്സൽ [ഇം.] നാ. കെട്ട്, ബങ്കി
പാഴുറ്റ നാ. കഥയില്ലാത്ത, വ്യർഥമായ
പാഴൂർപ്പടിപ്പുര നാ. പ്രസിദ്ധരായ പാഴൂർ ഗണകന്മാരുടെ സങ്കേതം
പാഴേ അവ്യ. വെറുതെ
പാറ നാ. 1. ഉറപ്പുള്ള കല്ല്, വലിയ കല്ല്; 2. ചെറിയ തിട്ട; 3. വെളാരങ്കല്ല്
പാറങ്കി നാ. വാസനയുള്ള ഒരുതരം പശ, മൂര്
പാറനമ്പി നാ. സാമൂതിരിയുടെ നാലാം കാര്യസ്ഥൻ, പള്ളിയറവിചാരിപ്പുകാരൻ
പാറയാൻ നാ. = പറയോന്ത്
പാറയുപ്പ് നാ. പാരയ്ക്കുള്ളിൽനിന്നു പൊട്ടിച്ചെടുക്കുന്ന ഉപ്പ്, കല്ലുപ്പ്
പാറൽ നാ. 1. പറക്കൽ; 2. ചാറ്റൽ; 3. ചാറ്റൽ മഴ; 4. ചങ്ങാടം; 5. പൊടിയരി
പാറാവ് [ഹി.പഹറാ] നാ. 1. കാവൽ; 2. പാറാക്കാരൻ, കാവൽക്കാരൻ
പാറാപ്പുള്ളി നാ. ജയിൽപ്പുള്ളി
പാറാവളയം നാ. അഭ്യാസികൾക്ക് അകത്തുകൂടി ചാടുന്നതിനുവേണ്ടി ചൂരലോ കമ്പിയോ കൊണ്ടു കെട്ടിയുണ്ടാക്കുന്ന വളയം, വലിയ വളയം
പാറിക്കുക ക്രി. പറപ്പിക്കുക
പാറ്1 [പാറുക] ധാതുരൂപം
പാറ്2 നാ. 1. ചെറിയ തോണി, ഓടിവളം; 2. പറക്കൽ, 3. പരുന്ത്
പാറുക ക്രി. 1. നീന്തുക; 2. പറക്കുക; 3. ചാറുക; 4. വിടരുക; 5. ചിതറുക; 6. നശിക്കുക
പാറുകാലി നാ. പഴുതാര
പാറുവലി നാ. കൂർക്കംവലി
പാറ്റ1 നാ. പറക്കുന്ന ഒരു പ്രാണി, കൂറ
പാറ്റ2 നാ. കൊന്നമരം, തൊത്ത്
പാറ്റൽ [പാറ്റുക] നാമരൂപം
പാറ്റുക ക്രി. 1. അരിയും മറ്റും മുറത്തിലിട്ടു കുടയുക; 2. മഴപൊഴിയുക
പിക നാ. പെൺകുയിൽ, കുയിൽപ്പേട

പികച്ചൽ നാ. പിരിയൽ, ചുറ്റഴിയത്തക്കവണ്ണം തിരിയൽ
പികബന്ധു നാ. മാവ്
പികബാന്ധവം നാ. 1. വസന്തം; 2. മാവ്
പികം നാ. കുയിൽ
പികമൊഴി നാ കുയിൽശബ്ദംപോലെ മധുരശബ്ദത്തോടുകൂടിയവൾ, സുന്ദരി
പികയുക ക്രി. 1. വട്ടം തിരിയുക, ചുരുളഴിയത്തക്കവണ്ണം എതിർവശത്തേക്കു കറങ്ങുക; 2. (ആല) പിരിയുക, പിണങ്ങിപ്പിരിയുക
പികവധു,വധൂടി നാ. കുയിൽപ്പേട
പികവലഭം നാ. ആവ്
പികവാണി നാ. = പികമൊഴി
പികാങ്ഗം നാ. കുയിലിനോട് ആകൃതിസാമ്യമുള്ള ഒരു പക്ഷി
പികാനന്ദം നാ. വസന്തം
പികി നാ. കുയിൽപ്പേട
പികിയുക ക്രി. ഇറുകുക, ഞെരിയുക, മുറുകുക
പികേക്ഷണ നാ. വയൽച്ചുള്ളി
പിക്ക നാ. പതിമ്മൂന്നു മുത്തുകൾ കോർത്ത മാല
പിക്കം1 നാ. ആനക്കുട്ടി (ഇരുപതുവയസ്സുള്ള ആന)
പിക്കം2 നാ. ഇരുവേലി
പിക്കറ്റിങ്ങ് [ഇം.] നാ. ഓഫീസ്സിൻെറയും മറ്റും അകത്ത് ആളുകടക്കാതെ തടയുന്ന സമരമുറ, മറിപ്പുകിടക്കൽ
പിക്കാശ്,-സ് [ഇം.] നാ. ഒരിനം കൂന്താലി
പിക്കു നാ. 1. പിശക്, തടസ്സം, കുഴപ്പം; 2. പൊരുത്തമില്ലായ്മ
പിക്കുക ക്രി. 1. പിച്ചുക; 2. പല കഷണങ്ങളാക്കുക, പൊട്ടിക്കുക
പിങ്ഗ1 വി. ചെമപ്പും മഞ്ഞയും കലർന്ന, ഗോരോചനയുടെ നിറമുള്ള
പിങ്ഗ2 നാ. 1. ഗോരോചന; 2. കായം; 3. മഞ്ഞൾ; 4. കൂവനൂറ്; 5. കുങ്കുമം; 6. ഞാൺ; 7. നാഡി; 8. ദുർഗ
പിങ്ഗകപിശ നാ. 1. നരിച്ചീർ; 2. ഒരുതരം പാറ്റ
പിങ്ഗകപിശം നാ. ചെമപ്പുകലർന്ന തവിട്ടുനിറം, ആ നിറമുള്ളത്
പിങ്ഗചക്ഷു(സ്സ്) നാ. 1. മഞ്ഞനിറമുള്ള കണ്ണ് (ഉള്ളത്); 2. ഞണ്ട്; 3. കുരങ്ങ്
പിങ്ഗജടൻ നാ. ശിവൻ
പിങ്ഗദൃക്ക്,-ദൃഷ്ടി നാ. പിങ്ഗളാക്ഷൻ, ശിവൻ
പിങ്ഗം നാ. 1. ഒരു നിറം (മഞ്ഞയും ചെമപ്പും കൂടിയത്); 2. എലി; 3. പോത്ത്; 4. അരിതാരം; 5. പെരുങ്കായം; 6. ഇരുവേലി
പിങ്ഗല1 വി. ഗോരോചനയുടെ നിറമുള്ള
പിങ്ഗല2 നാ. 1. പൊൻനിറമുള്ളവൾ; 2. തെക്കെദിക്കിലെ ആനയുടെ പിടി; 3. വലത്തെ നാസാരന്ധ്രത്തിൽക്കൂടിയുള്ള ശ്വാസം; 4. ഒരു നാഡി (സുഷുമ്നയുടെ വലതുവശത്തുള്ളത്); 5. നല്ല പിച്ചള; 6. നത്ത്; 7. ഗോരോചന; 8. മഞ്ഞൾ; 9. ഇരുവുള്മരം; 10. ചെറുപുന്ന; 11. (പുരാണ) പ്രസിദ്ധമായ ഒരു വേശ്യ (യാമാർധംകൊണ്ടു വിഷ്ണുവിനെ പ്രസാദിപ്പിച്ചു)

പിങ്ഗലൻ നാ. 1. ഒരു ദേവൻ (സൂര്യൻെറ പാർശ്വവർത്തി); 2. ശിവൻ; 3. കുബേരൻ; 4. കുരങ്ങ്; 5. ഒരു നാഗരാജാവ്; 6. അഗ്നി

പിങ്ഗലം നാ. 1. ഗോരോചനയുടെ നിറം; 2. (പുരാണ) വൈശ്രവണൻെറ നിധികളിൽ ഒന്ന്; 3. പിച്ചള; 4. നത്ത് (ചെറിയ മൂങ്ങ); 5. അരിതാരം; 6. ഇരുവേലി; 7. കുരങ്ങ്; 8. കീരി; 9. ഒരുജാതി പാമ്പ്; 10. മനയോല; 11. സ്വർണം; 12. അഗ്നി

പിങ്ഗലാക്ഷൻ നാ. ശിവൻ

പിങ്ഗലിക നാ. 1. ഒരിനം കൊക്ക്; 2. മൂങ്ങാ

പൊങ്ഗലിത വി. പിങ്ഗലവർണമാക്കിയ

പിങ്ഗള വി. പിങ്ഗല

പിങ്ഗാക്ഷൻ നാ. 'പിങ്ഗനിറമായ കണ്ണുകളോടുകൂടിയവൻ', 1. ശിവൻ; 2. അഗ്നി; 3. കുരങ്ങൻ; 4. (പുരാണ) ഒരു അസുരൻ

പിങ്ഗാക്ഷം നാ. 1. പൂച്ച; 2. കുരങ്ങ്

പിങ്ഗാശൻ നാ. ഗ്രാമാധിപതി

പിങ്ഗേക്ഷണൻ നാ. ശിവൻ

പിങ്ഗേശൻ നാ. അഗ്നി

പിചണ്ഡം നാ. 1. വയറ്; 2. പശുവിൻെറ മുതുക്; 3. പശുവിൻെറ കാൽ

പിചണ്ഡിക1 വി. 1. കുടവയറുള്ള; 2. തടിച്ച

പിചണ്ഡിക2 നാ. ഉള്ളങ്കാൽ

പിചണ്ഡിലൻ നാ. 1. കുടവയറൻ; 2. തടിയൻ

പിചണ്ഡിലം നാ. പെരുവയറ്, കുടവയറ്

പിചവ്യം നാ. കുരുപ്പരുത്തി

പിചിണ്ഡം നാ. = പിചണ്ഡം

പിചിണ്ഡിലം നാ. = പിചണ്ഡിലം

പിചു നാ. 1. കുരുപ്പരുത്തി; 2. പഞ്ഞി; 3. തുണി; 4. മൂന്നു കഴഞ്ചുകൂടിയത്; 5 (ആയുർ) ഒരിനം കുഷ്ഠം; 6. ഭൈരവൻെറ എട്ടുമുഖങ്ങളിൽ ഒന്ന്

പിചുലം നാ. 1. കാഞ്ചിമരം; 2. പഞ്ഞി; 3. നീർക്കടമ്പ്; 4. നീർക്കാക്ക

പിച്ച1 നാ. ഭിക്ഷ. (പ്ര) പിച്ചയെടുക്കുക = തെണ്ടുക

പിച്ച2 നാ. 1. കാലുറയ്ക്കാത്ത കുഞ്ഞുങ്ങളുടെ നടപ്പ്; 2. ആശ്ചര്യം, വിച്ച. (പ്ര) പിച്ചവയ്ക്കുക = കുഞ്ഞുങ്ങൾ ഓരോ ചുവടായി നടക്കുക, പരിശീലനത്തിൻെറ ആദ്യഘട്ടങ്ങൾ തരണം ചെയ്യുക

പിച്ച3 നാ. 1. ഒരുതരം മാല; 2. പച്ചക്കല്ല്

പിച്ചകം നാ. ഒരു വള്ളി, പിച്ചിച്ചെടി (സുഗന്ധമുള്ള വെളുത്ത പുഷ്പങ്ങളുണ്ടാകുന്നത്)

പിച്ചക്കാരൻ നാ. ഭിക്ഷു, തെണ്ടി

പിച്ചക്കാശ് നാ. 1. ഭിക്ഷകൊടുക്കുന്ന നിസ്സാര തുക; 2. ഭിക്ഷയെടുത്തുകിട്ടിയ ധനം. (പ്ര) പിച്ചക്കാശു പിടിച്ചു പറിക്കുക, പിച്ചക്കാശിനു പണിയെടുക്കുക

പിച്ചച്ചട്ടി നാ. യാചകൻെറ പാത്രം (പ്ര) പിച്ചച്ചട്ടിയിൽ കൈയിട്ടുവാരുക

പിച്ചച്ചോറ് നാ. 1. ഇരന്നു വാങ്ങുന്ന ചോറ്; 2. തെണ്ടിയുള്ള ഉപജീവനം, പരാശ്രയം
പിച്ചടം നാ. 1. വെളുത്തീയം; 2. കാരീയം
പിച്ചത്തരം,-നം നാ. അല്പത്തം
പിച്ചൻ നാ. പിച്ചുപിടിച്ചവൻ, ഭ്രാന്തൻ
പിച്ചൽ നാ. നുള്ളൽ
പിച്ചള നാ. ഒരു ലോഹം, നവധാതുക്കളിൽ ഒന്ന് (ചെമ്പും നാഗവും കൂട്ടിയുണ്ടാക്കിയത്. (പ്ര) പിച്ചളയാകുക = ലജ്ജിച്ചുപോകുക
പിച്ചാങ്കത്തി,-ത്തി നാ. ചെറിയ കത്തി, നാരായക്കത്തി, ചാൺപിടിയുള്ള കത്തി
പിച്ചി1 നാ. പിച്ചകം
പിച്ചി2 നാ. 1. പിച്ചുള്ളവൾ, ഭ്രാന്തി; 2. ഒരു പിശാചിക
പിച്ചി3 [പിച്ചുക] ഭൂ.രൂപം
പിച്ചിൽ നാ. മദ്യം വാറ്റിയെടുക്കുമ്പോൾ അടിയിൽകിടക്കുന്ന ചണ്ടി
പിച്ചിലാട്ടം നാ. ഒരുതരം ഉന്മാദം, പിച്ചിൽ കഴിച്ചാലുണ്ടാകുന്നത്
പിച്ചിലി നാ. ഒരു പക്ഷി, ഒരുതരം കാട
പിച്ച്1 നാ. അല്പമായ ഭ്രാന്ത്, ബുദ്ധിക്കു തെളിവില്ലായ്മ. (പ്ര) പിച്ചും പേയും പറയുക, പിച്ചും ഭ്രാന്തും
പിച്ച്2 നാ. നുള്ള്, രണ്ടുവിരലുകളിലെ നഖംചേർത്തു ഞെരടൽ
പിച്ചുക ക്രി. നുള്ളുക, നുള്ളിയെടുക്കുക
പിച്ചുവാ നാ ഒരു ആയുധം, ചെറിയ കഠാര
പിച്ഛ നാ. 1. കാലിൻെറ വണ്ണ; 2. പാമ്പിൻെറ വിഷമയമായ ഉമിനീർ; 3. കഞ്ഞിവെള്ളം; 4. വാഴപ്പഴം, വാഴ; 5. വരി, നിര; 6. ഇരുവുൾമരം (കറുത്തത്); 7. കുയിൽപ്പേട; 8. ആവരണം, കവചം; 9. കൂട്ടം; 10. പാക്ക്; 11. ഇലവിൻപശ
പിച്ഛരക നാ. ബ്രഷുപോലെ കൂട്ടിക്കെട്ടിയ മയിൽപ്പീലികൾ
പിച്ഛര(ക)ബാണൻ നാ. പ്രാപ്പിടിയൻ പക്ഷി
പിച്ഛരം നാ. 1. മയിൽപ്പീലി; 2. ചൂഡ; 3. പുച്ഛരം
പിച്ഛരില1 വി. 1. പശയുള്ള; 2. പാലുള്ള; 3. വഴുതുന്ന
പിച്ഛരില2 നാ. 1. ഇലവുമരം; 2. ഇരുവുള്മരം (കറുത്തത്); 3. വയൽച്ചുള്ളി; 4. അഗശി; 5. വലിയ വശളച്ചീര; 6. ഉറച്ച തൈര്; 7. വാർത്ത കഞ്ഞിവെള്ളം; 8. സൂപ്പ്; 9. എരുമ
പിച്ഛരിലം നാ. 1. പശയുള്ളത്; 2. വഴുതുന്നത്; 3. അയഞ്ഞ ചോറ് (കഞ്ഞി) കറി മുതലായവ; 4. നറുവരി; 5. ഇലവുമരം
പിഞ്ച1 വി. ചീഞ്ഞ, ചീത്തയായ
പിഞ്ച2 നാ. പഞ്ഞി
പിഞ്ചരം നാ. 1. പിങ്ഗളം; 2. അരിതാരം
പിഞ്ചറ നാ. ഒരുതരം ആഭരണം (അരയിൽക്കെട്ടുന്നത്)
പിഞ്ചിക്കുട്ടി നാ. കൈക്കുഞ്ഞ്
പിഞ്ച്1 വി. മൂക്കാത്ത, ഇളയതായ
പിഞ്ച്2 നാ. 1. മൂക്കാത്തഫലം (ഇളംകായ്); 2. ഇളമ്പ്രായം. (പ്ര) പിഞ്ചിലേ പഴുക്കുക = അകാലത്തിൽ ചീത്തയാകുക. പിഞ്ചിലേ പറിച്ചാൽ നഞ്ച് (പഴ)
പിഞ്ചുക ക്രി. പഴക്കത്താൽ കീറുക

പിഞ്ഛ നാ. മയിൽപ്പീലി
പിഞ്ഛകം നാ. ഒരു കണ്ഠാഭരണം
പിഞ്ഛം നാ. 1. മയിൽപ്പീലി; 2. ചിറക്, തൂവൽ; 3. കുടുമ്മ; 4. ഒരുതരം വള്ളിച്ചെടി
പിഞ്ഛിക നാ. മയിൽപ്പീലി
പിഞ്ഛികാചൂഡൻ നാ. 'മുടിക്കെട്ടിൽ മയിൽപ്പീലി ചൂടുന്നവൻ', ശ്രീകൃഷ്ണൻ
പിഞ്ജ1 വി. 1. വ്യസനമുള്ള; 2. കുഴങ്ങിയ
പിഞ്ജ2 നാ. 1. ഉപദ്രവം; 2. വധം; 3. മഞ്ഞൾ; 4. പഞ്ഞി; 5. അരിതാരം; 6. കോൽ
പിഞ്ജകൻ നാ. 1. ശിവൻ; 2. നാശകൻ
പിഞ്ജടം നാ. കൺപീള
പിഞ്ജൻ നാ. ചന്ദ്രൻ
പിഞ്ജനം നാ. 1. കൊല; 2. ചായം പൂശൽ; 3. ഒരിനം വില്ല് (പഞ്ഞികടയാനുള്ളത്)
പിഞ്ജം നാ. 1. കൊല, നാശം; 2. ശക്തി; 3. ഭീമസേനകർപ്പൂരം; 4. കൂട്ടം
പിഞ്ജരം നാ. 1. അരിതാരം (നിറപ്പറ്റുള്ളത്); 2. സ്വർണം; 3. ഗോരോചനനിറം (പിങ്ഗലം); 4. അസ്ഥിക്കൂട്; 5. പക്ഷിക്കൂട്; 6. നാകപ്പൂവ്
പിഞ്ജരിത വി. പിഞ്ജരവർണമാക്കപ്പെട്ട
പിഞ്ജല1 വി. ആകുലമായ, ദുഃഖിതമായ
പിഞ്ജല2 നാ. 1. ഭയപ്പെട്ട; 2. ഒരുതരം പുല്ല് (കുശപ്പുല്ല്)
പിഞ്ജലം നാ. 1. അത്യന്തം ആകുലമായ (സൈന്യവും മറ്റും); 2. ദർഭയുടെ ഇല; 3. അരിതാരം
പിഞ്ജാലം നാ. സ്വർണം
പിഞ്ജിക നാ. പഞ്ഞിച്ചുരുൾ
പിഞ്ജുഷം നാ. ചെവിക്കായം
പിഞ്ഞാൺ,-ണം [അറ.ഫിൻജാൻ] നാ. കളിമൺപാത്രം, തളിക
പിഞ്ഞുക ക്രി. കീറിപ്പോകുക
പിട1 നാ. 1. പെൺപക്ഷി; 2. പെണ്മാൻ
പിട2 നാ. കോലുകൊണ്ടുള്ള അടി
പിട3 [പിടയ്ക്കുക] ധാതുരൂപം
പിടക നാ. 1. ഉരുണ്ടുകൂടുന്നത് (കുരു, പരു, മുഖക്കുരു); 2. പൂത്തട്ടം
പിടകൻ നാ. 1. വൈദ്യൻ; 2. ബുദ്ധൻ
1063
പിടകം നാ. 1. പിടക (മുഖക്കുരു, കുരു, പരു); 2. കുട്ട, വല്ലം; 3. പാത്തട്ടം; 4. ധാന്യപ്പുര; 5. പിച്ച; 6. ഇന്ദ്രന്റെ കൊടിക്കൂറയിലെ അലങ്കാരം; 7. ലേഖനസമൂഹം
പിടങ്ങ് നാ. 1. കത്തിയുടെ പിൻഭാഗം; 2. തോക്കിന്റെ അടിവശം
പിടച്ചൽ,-ച്ചിൽ [പിടയുക] നാമരൂപം
പിടപ്പ് നാ. പിടച്ചിൽ

പിടയുക ക്രി. 1. കഠിനമായവേദനകൊണ്ടു ശരീരമോ അവയവമോ തീവ്രമായി ചലിക്കുക; 2. വെപ്രാളപ്പെടുക; 3. തുടിക്കുക

പിടയ്ക്കുക ക്രി. വേദനകൊണ്ടു പുളയുക, അതിദ്രുതമായി ശരീരമോ അവയവമോ ചലിക്കുക

പിടർ1 നാ. പിരടി, പിടലി (കഴുത്തിൻെറ പിൻഭാഗം)

പിടർ2 [പിടരുക] ധാതുരൂപം

പിടരി നാ. പിരടി, പിടലി, കഴുത്തിൻെറ പിൻ ഭാഗം

പിടരുക ക്രി. 1. വേരോടെ പിഴുതു വീഴുക; 2. പൊട്ടുക; 3. വിടരുക

പിടൽ നാ. വാതിൽ

പിടലി നാ. കഴുത്തിൻെറ പിൻഭാഗം, തോളിൻെറ പിൻഭാഗം തൊട്ടു കഴുത്തിൻെറ പിൻവശംവരെയുള്ള ശരീരഭാഗം

പിടലിതട്ടൻ നാ. ഒരു രോഗം, വിഷൂചിക

പിടാക നാ. 1. കര, ദേശം, ഗ്രാമസമൂഹം; 2. സ്നേഹം. (പ്ര) പിടാകക്കാർ = കരക്കാർ

പിടാകം നാ. പിടകം

പിടാരൻ നാ. 1. പാമ്പുപിടിത്തക്കാരൻ; 2. തോൽക്കൊല്ലൻ; 3. ബ്രാഹ്മണർറ്റിൽ ഒരു വിഭാഗം (ശാക്തേയൻ); 4. ആചാര്യൻ; 5. പാട്ടുകാരൻ; 6. കുറവൻ

പിടാരം നാ. വിഷവൈദ്യം

പിടാരി നാ. ഒരു ഗ്രാമദേവത, കാളി

പിടാരിച്ചി നാ. പിടാരൻെറ സ്ത്രീ

പിടാവ് നാ. ഒരുതരം വലിയ പാത്രം, പ്ടാവ്

പിടി നാ. 1. മുഷ്ടി; 2. കയ്യിലാക്കൽ, കയ്യിലൊതുക്കൽ; 3. കയ്യിലടങ്ങിയ വസ്തു; 4. (ആയുധങ്ങളിലും മറ്റും) പിടിക്കാനുള്ള സ്ഥലം; 5. ചീട്ടുകളിയിൽ ഒരു പ്രാവശ്യം എടുക്കപ്പെടുന്ന ചീട്ട്; 6. (വലിയ) മൃഗങ്ങളിലെ പെണ്ണ് (പെണ്ണാന, പെണ്ണൊട്ടകം, പെൺപന്നി). (പ്ര) പിടിപെടുക = പിടിത്തത്തിൽ അകപ്പെടുക, രോഗം ബാധിക്കുക. പിടിപിടീന്ന് (അവ്യ) = വളരെ വേഗത്തിൽ. പിടിയും വലിയും = മത്സരം. പിടികൂടുക = പിടിയിലാക്കുക

പിടിക്കച്ച നാ. ഒരിനം കച്ച, പിടിക്കാനുള്ള കച്ച (വാൾപ്പിടിയിലും കയ്യിലും കൂടി കെട്ടുന്നത്)

പിടിക്കുക ക്രി. 1. കൈക്കുള്ളിലാക്കുക, ഗ്രഹിക്കുക, കൈനിവർത്തി അതിനുള്ളിലാഇ ശരീരത്തോടണയ്ക്കുക; 2. സ്വീകരിക്കുക (നീട്ടിയ വസ്തു എന്നപോലെ); 3. വശത്താക്കുക, സ്വന്തമാക്കുക (ഉദാഃ കൂട്ടുപിടിക്കുക); 4. പൊരുത്തപ്പെടുക, ഇഷ്ടപ്പെടുക (ഉദാഃ കാലാവസ്ഥ പിടിച്ചു, വേലക്കാരനെ പിടിച്ചു ഇത്യാദി); 5. പറ്റിനിൽക്കുക, ബാധിക്കുക (ഉദാഃ തീ പിടിക്കുക, ചൂടുപിടിക്കുക, ദീനം പിടിക്കുക, പൂപ്പുപിടിക്കുക); 6. നിയന്ത്രിക്കുക, തടയുക (ഉദാഃ പിടിച്ചുചെലവാക്കുക, പിടിച്ചുനിറുത്തുക, ശമ്പളം പിടിക്കുക); 7. ഉറയ്ക്കുക, കട്ടിപിടിക്കുക (ഉദാഃ കട്ടപിടിക്കുക, മലം പിടിക്കുക); 8. സ്വന്തമാക്കുക, ചുമതലയേൽക്കുക, കീഴടക്കുക (ഉദാഃ ലേലത്തിൽ പിടിക്കുക, പാട്ടം പിടിക്കുക); 9. ആക്രമണത്തിനു വിധേയമാക്കുക, നശിപ്പിക്കുക, ഹിംസിക്കുക (ഉദാഃ പാമ്പുപിടിക്കുക); 10. എത്തിച്ചേരുക, ആശ്രയസ്ഥാനം കണ്ടെത്തുക (ഉദാഃ കൈപിടിക്കുക); 11. പുരളുക, ചേർന്നു ഭാഗമാകുക, പെട്ടെന്നു വേർപെടാത്തരീതിയിൽ ചേരുക (ഉദാഃ കരിപിടിക്കുക, നിറംപിടിക്കുക); 12. ആശ്രയിക്കുക

(ഉദാഃ കാലുപിടിക്കുക); 13. (ചെടികൾ) തഴച്ചുവളരുക. (പ്ര) പിടിച്ചപിടിയാലെ = നിർബന്ധപൂർവം, ബലാത്കാരമായി. പിടിച്ചുപറിക്കുക = അപഹരിക്കുക. പിടിച്ചതുമില്ല കടിച്ചതുമില്ല = അശ്രദ്ധമൂലം എല്ലാം കൈവിട്ടുപോയി

പിടിക്കോൽ നാ. ഒരുപകരണം (കിണറ്റിൽനിന്നു വെള്ളം കോരാനുള്ളത്)

പിടിച്ചടക്കുക ക്രി. അധീനതയിലാക്കുക

പിടിച്ചുപറി നാ. അപഹരിക്കൽ

പിടിത്തം നാ. 1. പിടിക്കൽ, മൽപ്പിടുത്തം; 2. ശമ്പളവും മറ്റും പിടിച്ചുവയ്ക്കൽ; 3. വാതം സംബന്ധിച്ച കോച്ചൽ, വലി; 4. ഇഷ്ടം; 5. വാശി; 6. അറിവ്; 7. പരിചയം

പിടിപാട് നാ. 1. അധികാരപത്രം, നിയമനം നടത്തുമ്പോൾ സർക്കാരിൽനിന്നു കൊടുക്കുന്ന എഴുത്ത്; 2. പിടിക്കപ്പെട്ടത്; 3. സ്നേഹം; 4. പ്രമാണം; 5. ഗ്രഹണം; 6. അറിവ്; 7. സ്വാധീനശക്തി

പിടിപ്പതം നാ. കൊയ്ത്തുകാർക്കുകൊടുക്കുന്ന ഒരവകാശം

പിടിപ്പത് അവ്യ. മതിയാവോളം, ധാരാളം

പിടിപ്പിക്കുക ക്രി. പിടിക്കത്തക്കവണ്ണം പ്രവർത്തിക്കുക, പിടിക്കാൻ പ്രേരിപ്പിക്കുക

പിടിപ്പ് നാ. 1. പിടിത്തം; 2. കൂട്ടിവച്ചിരിക്കുന്ന ധനം; 3. ഉറപ്പ്; 4. പ്രാപ്തി, തികവ്, സാമർഥ്യം. (പ്ര) പിടിപ്പുകേട് = കഴിവില്ലായ്മ

പിടിമണ്ണ് നാ. 1. കൈക്കകത്തുകൊള്ളുന്ന മണ്ണ്; 2. ശപഥംചെയ്യുമ്പോൾ വാരുന്ന ഒരുകൈമണ്ണ്

പിടിമാനം നാ. 1. അധികാരം, ശക്തി, രക്ഷണം; 2. പിടിത്തം, കൈപിടി

പിടിമുഴം നാ. ഒരളവ്, കൈചുരുട്ടിപ്പിടിച്ചുകൊണ്ടുള്ള മുഴം (മുട്ടുമതൽ മുഷ്ടിയുടെ അറ്റം വരെ)

പിടിമൊന്ത നാ. ഒരുതരം ജലപാത്രം, കൂജ, മാറ്റമ്പിമാരുടെയും ആചാര്യന്മാരുടെയും സ്ഥാനചി ങ്ങളിൽ ഒന്ന്

പിടിയരി നാ. 1. ഒരുകൈ നിറയെയുള്ള അരി; 2. പതിവുചെലവിൽനിന്നു കുറച്ചെടുത്തു സൂക്ഷിക്കുന്ന അരി

പിടിയാത വി. പിടിപ്പില്ലാത്ത, കഴിവില്ലാത്ത

പിടിയാന നാ. പെണ്ണാന

പിടിയാൾ നാ. പകരക്കാരൻ

പിടിവാദം നാ. പിടിവാശി, മർക്കടമുഷ്ടി

പിടുക്ക് നാ. വൃഷണം

പിടുങ്ങൽ നാ. പിടുങ്ങുന്ന പ്രവൃത്തി

പിടുങ്ങുക ക്രി. 1. വലിച്ചുപറിക്കുക, വേരോടെ പറിക്കുക, പിഴുതെടുക്കുക; 2. ബലമായി കൈക്കലാക്കുക

പിട്ടകം നാ. 1. പിഷ്ടകം; 2. പല്ലിൽ പറ്റുന്ന അഴുക്ക്

പിട്ടം നാ. കുറുകൈവയ്ക്കുന്ന ഉത്തരം, വിട്ടം

പിട്ടൽ നാ. 1. പുട്ടിൽ; 2. (തടികൊണ്ടുള്ള) ഉറ, കൂട്

പിട്ടവിയൽ നാ. ആവിയിൽവെന്ത പലഹാരമോ മരുന്നോ

പിട്ടിലം നാ. ഏലം

പിട്ട്1, പുട്ട് നാ. 1. ഒരു പലഹാരം; 2. അരിമാവും മറ്റും കുഴച്ചത്

പിട്ട്2 നാ. 1. കള്ളം പറഞ്ഞു ഭയപ്പെടുത്തൽ. (പ്ര) പിട്ടും പിരട്ടും; 2. അഹംഭാവത്തോടുകൂടിയുള്ള സംസാരം

പിട്ടുകാരൻ നാ. 1. പിട്ടുവിൽക്കുന്നവൻ; 2. ചതിയൻ

പിഠം നാ. 1. വേഴൽ; 2. ദുഃഖം

പിഠരകപാലം നാ. കലം പൊട്ടിയ ഓട്

പിഠര(ക)ം നാ. 1. കലം; 2. കലവറമുറി; 3. കടകോൽ; 4. മുത്തങ്ങ

പിണ1 [പിണയുക] ധാതുരൂപം

പിണ2 നാ. 1. നുകത്തിൽ ചേർത്തുകെട്ടിയ കാള; 2. രണ്ടു വസ്തുക്കൾ ഒരുമിച്ചുവയ്ക്കൽ, ഇണ; 3. കുറ്റം, തെറ്റ്; 4. കൃഷിക്കുള്ള കരുത്തരങ്ങൾ സമാഹരിക്കൽ; 5. പൊരുത്തം; 6. ഇച്ഛാഭങ്ഗം; 7. ജാമ്യം; 8. ഉടമ്പടി, ഏർപ്പാട്; 9. പൂമാല; 10. മാൻപേട, പെൺമൃഗം; 11. നായുടെയും മറ്റും കുട്ടി. (പ്ര) പിണകെട്ടുക = നുകത്തിൽ ഇണയ്ക്കുക

പിണക്കം നാ. 1. യോജിപ്പില്ലായ്മ, വിരോധം; 2. മത്സരം; 3. തർക്കം; 4. തെറ്റ്

പിണക്കാട് നാ. ശ്മശാനം

പിണക്ക് നാ. തെറ്റ്, തെറ്റിക്കൽ

പിണക്കുക ക്രി. പിണങ്ങത്തക്കവിധം പ്രവർത്തിക്കുക, പിണങ്ങാൻ പ്രേരിപ്പിക്കുക

പിണങ്ങുക ക്രി. 1. വിരോധമാകുക, വഴക്കുകൂടുക, കെറുവിക്കുക; ഒരുമയില്ലാതാകുക; 2. മത്സരിക്കുക; 3. തെറ്റുക; 4. തർക്കിക്കുക; 5. എഴുത്തിലോ മറ്റോ പിഴവരിക; 6. കുരുക്കുണ്ടാക്കുക; 7. കുഴപ്പത്തിലാക്കുക

പിണച്ചൽ നാ. 1. നുകത്തിൽ കാളയെ ചേർത്തുകെട്ടൽ; 3. (നായും മറ്റും) ഇണചേരൽ; 3. പുണർച്ച; 4. കുരുക്ക്, കുരുക്കിലാകൽ; 5. പിണയുക

പിണം നാ. ശവം, (മൃഗങ്ങളുടെ) ജഡം. (പ്ര) പിണമിടും കാട് = ശ്മശാനം. പണമെന്നുകേട്ടാൽ പിണവും വായ്പിളർക്കും (പഴ)

പിണമ്പുളി നാ. പിണർപ്പുളി

പിണയാൾ, -ളൻ നാ. 1. പകരക്കാരൻ; 2. ജാമ്യക്കാരൻ

പിണയുക ക്രി. 1. ഇണചേരുക; 2. കൂടിച്ചേരുക; 3. പറ്റുക, സംഭവിക്കുക; 4. വന്നുചേരുക, ഏർപ്പെടുക; 5. കൂടിക്കുരുങ്ങുക (ചരടെന്നപോലെ); 6. കുരുക്കിലാകുക; 7. വണങ്ങുക

പിണയ്ക്കുക ക്രി. 1. ഇണചേർക്കുക; 2. കൂട്ടിക്കെട്ടുക; 3. പറ്റിക്കുക; 4. കുരുക്കിലാക്കുക, കുരുക്കുക; 5. പിരിമുറുക്കുക; 6. ഒരുകാൽ നേരെയും മറ്റെക്കാൽ അതിനുമീതെ കുറുകെയും വയ്ക്കുക

പിണർ നാ. 1. മിന്നൽക്കൊടി; 2. ബന്ധിപ്പിക്കൽ, കൂട്ടിക്കെട്ട്; 3. നുകം; 4. മുഴുപ്പ്; 5. പരുപരുപ്പ്; 6. ഞാറ്റുപിടി; 7. കൊങ്ങിലവ്; 8. പിണർപ്പുളിമരം; 9. ചതവ്; 10. കട്ടയാകൽ. (പ്ര) മിന്നൽപ്പിണർ

പിണർക്കുക ക്രി. 1. കട്ടയാകുക; 2. വലുതാകുക; 3. തിണർക്കുക

പിണർപ്പ് നാ. 1. കൊഴുപ്പ്; 2. പരു; 3. പൊട്ടിത്തെറി

പിണർപ്പുളി നാ. കുടമ്പുളി, പിണമ്പുളി

പിണരുക ക്രി. കട്ടയാകുക

പിണവ് നാ. 1. (മൃഗത്തിൽ)പെണ്ണ്; 2. പെൺപന്നി

പിണാ നാ. 1. പെണ്ണ്; 2. അടിമവേല (സമാസത്തിൽ പ്രയോഗം) ഉദാഃ പിണാത്തി, പിണാപ്പെണ്ണ്
പിണാത്തി നാ. അടിമപ്പെണ്ണ്
പിണാരം നാ. 1. മുഴുത്തവസ്തു; 2. മൃഗങ്ങളുടെ മുഴുപ്പ് (ശരീരത്തിൻെറ വലിപ്പം)
പിണാവ് നാ. 1. പിണാത്തി; 2. അടിമവേല
പിണി നാ. 1. പിശച്, പിശാചുബാധ; 2. പാപം; 3. ആപത്ത്; 4. പീഡ, ദുഃഖം; 5. സ്നേഹം; 6. കെട്ട്, ബന്ധം; 7. തറിയിലെ നൂൽപ്പണി; 8. ഗർഭം. (പ്ര) പിണിയൊഴിക്കൽ, പിണിയാൾ
പിണിക്കുറ നാ. ശിശുക്കൾക്കുണ്ടാകുന്നതായി കരുതപ്പെടുന്ന പിശാചുബാധ
പിണിപ്പാട് നാ. രോഗബാധ; 2. കഷ്ടത
പിണിപ്പേയ് നാ. പിണിക്കുകാരണമായ പിശാച്
പിണിയാൾ നാ. 1. പിശാചുബാധയുള്ള ആൾ; 2. പിശാചുബാധിച്ചവനെ തുള്ളിക്കാനും മറ്റുമായി സഹായിക്കാൻ നിൽക്കുന്നവൻ, ആൾപ്പേർ; 3. ഗർഭിണി
പിണുപിണുക്കുക ക്രി. 1. കൊഴുത്തു കട്ടയാകുക; 2. വണ്ണം വയ്ക്കുക
പിണുപിണെ അവ്യ. 1. കൊഴുത്ത്; 2. തിങ്ങി
പിണ്ടം നാ. 1. ഉരുള; 2. പിതൃക്രിയയ്ക്കുള്ള ചോറ്റുരുള; 3. ആനയുടെ മലം; 4. ഗർഭക്കരു; 5. കൂമ്പാരം; 6. ശരീരം; 7. ദോഷം
പിണ്ടാട്ടി നാ. പൊണ്ടാട്ടി (ഭാര്യ, ദാസി)
പിണ്ടാള നാ. ഒരുതരം ചേമ്പ്
പിണ്ടി1 നാ. 1. വാഴയുടെ തടിപോലെയുള്ള ഭാഗം; 2. ചണ്ടി (ചാറെടുത്ത വസ്തു)
പിണ്ടി2 നാ. 1. ആനപ്പിണ്ടം; 2. മുള; 3. ബലമില്ലാത്ത വസ്തു; 4. അശോകം; 5. മാവ്; 6. (ജ്യോ) പുണർതം നക്ഷത്രം
പിണ്ടിയത്തി നാ. പിണ്ടാട്ടി (സാമൂതിരികോവിലകത്തെ ദാസി)
പിണ്ടിവീക്കം നാ. (ആയുർ) ഒരു രോഗം, പിണ്ടിനീര്
പിണ്ഡ നാ. 1. കറിക്കായം; 2. പേരീത്ത
പിണ്ഡക നാ. ഒരിനം കസ്തൂരി
പിണ്ഡകൻ നാ. പിശാച്
പിണ്ഡകം നാ. 'കട്ടപിടിച്ചിരിക്കുന്നത്', 1. കുന്തുരുക്കം; 2. കട്ട. ഉരുള, ഗോളം; 3. കാൽവണ്ണ; 4. മുള്ളങ്കി; 5. പിശാച്
പിണ്ഡകർത്താ(വ്) നാ. പിണ്ഡകർമംചെയ്യാൻ അധികാരിയായുള്ളവൻ (മക്കത്തായത്തിൽ മകൻ, മരുമക്കത്തായത്തിൽ മരുമകൻ)
പിണ്ഡകർമം നാ. പിണ്ഡംവയ്ക്കൽ
പിണ്ഡക്കാരൻ നാ. 1. സപിണ്ഡൻ; 2. തടിച്ചവൻ
പിണ്ഡഗോസം നാ. നറുംപശ, മീറ
പിണ്ഡതൈല(ക)ം നാ. 1. അറബിക്കുന്തുരുക്കം; 2. (ആയുർ) ഒരു തൈലയോഗം, ശരീരത്തിൽ പുരട്ടാനുള്ള ഒരു കുഴമ്പ്
പിണ്ഡദൻ നാ. 1. രക്ഷിതാവ്, അന്നദാനം ചെയ്യുന്നവൻ, ദായാദി, ഉപകാരി; 2. പിണ്ഡംവയ്ക്കാൻ ചുമതലപ്പെട്ടവൻ (മകൻ, അനന്തിരവൻ എന്നിവരെപ്പോലെ)

പിണ്ഡദാനം നാ. പിതൃക്രിയയിൽചെയ്യുന്ന ദാനം (പിതൃക്കൾക്കായി ചോറുരുള ദാനംചെയ്യൽ)
പിണ്ഡപാതം നാ. ദാനം, ഭിക്ഷകൊടുക്കൽ
പിണ്ഡപാതികൻ നാ. ഭിക്ഷകൊടുക്കുന്നവൻ
പിണ്ഡപാദം നാ. 'തടിച്ചകാലുകളുള്ളത്', ആന
പിണ്ഡപുഷ്പകം നാ. ചീര
പിണ്ഡപുഷ്പം നാ. 1. ചെമ്പരത്തിപ്പൂവ്; 2. താമരപ്പൂവ്; 3. അശോകം, അശോകപ്പൂവ്
പിണ്ഡഭാഗം നാ. ഭിക്ഷ
പിണ്ഡഭൃതി നാ. 'ചോറുരുളനേടൽ', കാലയാപനമാർഗം
പിണ്ഡം നാ. 1. ഉരുള, ഉണ്ട; 2. പിതൃക്രിയയ്ക്ക് ഉരുട്ടിവയ്ക്കുന്ന ചോറ്, ചോറ്റുരുള; 3. ശരീരം; 4. ആനയുടെ തലയിലെ മുഴ; 5. കൂട്ടം, കട്ട; 6. മാംസം; 7. ഭക്ഷണം; 8. ഉപജീവനം; 9. ശമ്പളം; 10. മലങ്കാര; 11. സാമ്പ്രാണി; 12. നറുമ്പശ; 13. വെണ്ണ; 14. ഗർഭത്തിലെ കരു; 15. കുന്തുരുക്കം; 16. വല്ലം; 17. ഇരുമ്പ്; 18. എള്ളിൻപിണ്ണാക്ക്; 19. കുരു. (പ്ര) പിണ്ഡംവയ്ക്കുക, ഗർഭപിണ്ഡം
പിണ്ഡമൂല(ക)ം നാ. (വട്ട)മുള്ളങ്കി
പിണ്ഡവർ നാ. ഉറ്റ ബന്ധുക്കൾ, അവകാശികൾ
പിണ്ഡസൻ നാ. ഭിക്ഷു, യാചകൻ
1065
പിണ്ഡാകാര വി. ഉരുണ്ട
പിണ്ഡാതം നാ. കുന്തുരുക്കം
പിണ്ഡാഭം നാ. അറബിക്കുന്തുരുക്കം
പിണ്ഡായസം നാ. ഉരുക്ക്
പിണ്ഡാരൻ നാ. 1. ഭിക്ഷു; 2. ഇടയൻ
പിണ്ഡാരി നാ. കൊള്ളക്കാരൻ
പിണ്ഡാശ(ക)ൻ നാ. യാചകൻ
പിണ്ഡാശി നാ. = പിണ്ഡാശകൻ
പിണ്ഡി1 നാ. 1. പിണ്ഡംവയ്ക്കുന്നവൻ; 2. ഭിക്ഷുകൻ
പിണ്ഡി2 നാ. 1. ഉരുണ്ടവസ്തു; 2. ചോറുരുള; 3. ചുരയ്ക്ക; 4. കാൽവണ്ണ; 5. ഇരിപ്പിടം; 6. വീട്; 7. അശോകം
പിണ്ഡിക നാ. 1. ഉള്ളങ്കാൽ; 2. കാൽവണ്ണ; 3. മാംസഗോളം, മുഴ; 4. വണ്ടിച്ചക്രത്തിൻെറ കുടം; 5. കടിഞ്ഞാണിൻെറ ഒരു ഭാഗം; 6. ആസനം
പിണ്ഡിത വി. 1. പിണ്ഡരൂപമാക്കിയ, കൂട്ടിവച്ച, ഉറുട്ടിയ; 2. ബലമുള്ള; 3. ഗുണിക്കപ്പെട്ട; 4. മുഴക്കിയ; 5. എണ്ണപ്പെട്ട
പിണ്ഡിലൻ നാ. ഗണിതജ്ഞൻ
പിണ്ഡീകരണം നാ. ഉരുളയാക്കൽ
പിണ്ഡീകൃത വി. പിണ്ഡമാക്കപ്പെട്ട
പിണ്ഡീതകം നാ. 1. മലങ്കാര; 2. കാട്ടുചീര; 3. കർപ്പൂരത്തുളസി
പിണ്ഡീര വി. നീരില്ലാത്ത, ഉണങ്ങിയ, വരണ്ട
പിണ്ഡീരം നാ. 1. താളിമാതളം; 2. കടൽ നുര
പിണ്ഡോദകം നാ. (പിതൃക്കളുള്ള) പിണ്ഡകർമത്തിലർപ്പിക്കുന്ന തിലോദകം

പിണ്ണാക്ക് നാ. എള്ള് നാളികേരം മുതലായവ ആട്ടിയെടുത്തശേഷമുള്ള പിശട്. (പ്ര) പിണ്ണാക്കുമാടൻ = വകയ്ക്കുകൊള്ളാത്തവൻ

പിണ്യാകം നാ. 1. പിണ്ണാക്ക്; 2. കായം; 3. കുന്തുരുക്കം; 4. കുങ്കുമം

പിതർ1 നാ. മഴ

പിതർ2 [പിതരുക] ധാതുരൂപം

പിതർക്കുക ക്രി. പിതിർക്കുക

പിതരുക ക്രി. 1. വിടരുക; 2. പൊട്ടുക; 3. ചെയ്യുക

പിതറ്റുക ക്രി. 1. പിതുക്കുക; 2. പിച്ചുപറയുക

പിതാക്കന്മാർ നാ. അച്ഛനമ്മമാർ

പിതാക്കൾ നാ. പിതാക്കന്മാർ

പിതാമഹൻ നാ. അച്ഛൻെറ അച്ഛൻ, മുത്തച്ഛൻ

പിതാമഹി നാ. അച്ഛൻെറ അമ്മ, മുത്തശ്ശി

പിതാവ് നാ. അച്ഛൻ, ജനയിതാവ്

പിതിട് നാ. 1. പിശിട്; 2. ചൂർണം

പിതിർ1 നാ. 1. ചാറ്റൽ; 2. പൂമ്പൊടി; 3. തീപ്പൊരി; 4. ഞൊടി, നിമിഷം

പിതിർ2 [പിതിരുക] ധാതുരൂപം

പിതിരുക ക്രി. 1. ചിതറുക; 2. ഉതിരുക; 3. മനം കലങ്ങുക

പിതുക്കം നാ. 1. പിതുങ്ങൽ; 2. അണ്ഡവാതം

പിതുരാർജിതം നാ. പിതാവിൻെറ സമ്പാദ്യം

പിതുഃ (പിതൃശബ്ദത്തിൻെറ ഷഷ്ഠി ഏകവചനരൂപം) പിതാവിൻെറ

പിതൃകർമം നാ. പിതൃക്കളെ ഉദ്ദേശിച്ചുചെയ്യുന്ന ശ്രാദ്ധം മുതലായവ

പിതൃകാലം നാ. പകൽ 18 നാഴികയ്ക്കുമേൽ 24 നാഴികയ്ക്കകമുള്ള സമയം, പിതൃക്കളെ പ്രസാദിപ്പിക്കാവുന്ന സമയം

പിതൃക്കൾ നാ. (ബ.വ.) 1. മരിച്ചുപോയ പൂർവികർ; 2. അര്യമാവ് തുടങ്ങിയ ദേവന്മാർ; 3. പ്രജാപതിതുടങ്ങിയവർ

പിതൃഗൃഹം നാ. അച്ഛൻെറ വീട്

പിതൃതർപ്പണം നാ. 1. ചാത്തം; 2. എള്ള്

പിതൃതിഥി നാ. കറുത്തവാവ്

പിതൃതീർഥം നാ. 1. പിതാക്കളെ ഉദ്ദേശിച്ചു തർപ്പണംചെയ്യുന്ന തീർഥജലം; 2. ഗയാതീർഥം; 3. തള്ളവിരലിനും ചൂണ്ടുവിരലിനും മധ്യേയുള്ള ഭാഗം

പിതൃത്വം നാ. പിതാവെന്നുള്ള അവസ്ഥ, ജനകത്വം

പിതൃദായം നാ. പിതാവിൻെറ സ്വത്തിനു മക്കൾ അവകാശികളാകുന്ന സമ്പ്രദായം, മക്കത്തായം

പിതൃപതി നാ. കാലൻ, യമധർമൻ

പിതൃപ്രിയം നാ. 1. കയ്യോന്നി; 2. അകത്തി; 3. വേപ്പ്

പിതൃഭക്തി നാ. പിതാവിനോടുള്ള ഭക്തി

പിതൃയാനം നാ. 1. പിതാവിൻെറ വാഹനം; 2. പിതൃക്കൾക്കു ദേവലോകത്തിലേക്കു പോകുന്നതിനുള്ള വാഹനം

പിതൃവനം നാ. ശ്മശാനം

പിതൃവ്യൻ		നാ.	പിതാവിൻെറ സഹോദരൻ
പിതൃസ്ഥാനീയൻ		നാ.	(പിതാവലാതിരിക്കെ) പിതാവിൻെറ സ്ഥാനമുള്ളവൻ
പിതൃഹത്യ		നാ.	അച്ഛനെ നിഹനിക്കൽ
പിത്തക്കാമല		നാ.	ഒരു രോഗം, മഞ്ഞപ്പിത്തം
പിത്തക്കൂറ്		നാ.	ജന്മനാപിത്തമുള്ള ശരീരപ്രകൃതി
പിത്തം		നാ.	ത്രിദോഷങ്ങളിൽ ഒന്ന് (വാതം, കഫം എന്നു മറ്റു രണ്ട്)
പിത്തല		വി.	പിത്തത്തെ വർധിപ്പിക്കുന്ന
പിത്തലാട്ടം		നാ.	1. മിരട്ട്; 2. പിച്ച്
പിത്തശോഫം		നാ.	പിത്തനീർ
പിത്തള		നാ.	ഒരു ലോഹക്കൂട്ട്, പിച്ചള
പിത്താൻ	[പോർ]	നാ.	ഉടുപ്പിൻെറ ബട്ടൺ
പിത്രാർജിത		വി.	പിതാവിനാൽ സമ്പാദിക്കപ്പെട്ട, പിതൃസ്വത്തായിക്കിട്ടിയ
പിത്ര്യം		നാ.	പിതാവിനെ സംബന്ധിച്ചത്
പിധാന(ക)ം		നാ.	മറയ്ക്കുന്നത്, മൂടി
പിധായക		വി.	മറയ്ക്കുന്ന, മൂടുന്ന
പിൻ1	[പിന്നുക]		ധാതുരൂപം
പിൻ2		നാ.	പിൻപ്, പുറക്
പിൻകൂറ്		നാ.	അർധിച്ചാൽ രണ്ടാമത്തെ കൂറ്. താരത മുൻകൂറ്
പിൻഗാമി		നാ.	1. അനുഗമിക്കുന്നവൻ; 2. പിൻവാഴ്ചക്കാരൻ
പിൻമാറുക		ക്രി.	1. പുറകോട്ടുപോകുക; 2. വിട്ടുകളയുക
പിൻവിനയെച്ചം		നാ.	പ്രധാനക്രിയയ്ക്കു മുമ്പുനടക്കുന്ന അങ്ഗക്രിയയെ
കാണിക്കുന്ന വിനയെച്ചം. പോയിക്കണ്ടു. 'പോയി' മുൻവിനയെച്ചം
പിന [പിനയുക]		ധാതുരൂപം
പിനച്ചൽ,-ച്ചിൽ		നാ.	പിനയുക എന്ന പ്രവൃത്തി
പിനദ്ധ		വി.	1. പടച്ചട്ടയണിഞ്ഞ; 2. ബന്ധിക്കപ്പെട്ട
പിനയുക		ക്രി.	തമ്മിൽ ചുറ്റിപ്പിണയുക
പിനാകപാണി		നാ.	പിനാകം എന വില്ല് കയ്യിലെടുത്തവൻ, ശിവൻ
പിനാകം		നാ.	1. ശിവൻെറ വില്ല്; 2. അഭ്രകം; 3. ത്രിശൂലം; 4.
മണിമാല; 5. വടി
പിനാകി		നാ.	ശിവൻ
പിന്താങ്ങുക		ക്രി.	1. പിൻബലംകൊടുക്കുക; 2. ഒരാളിൻെറ
അഭിപ്രായത്തോടു യോജിക്കുക
പിന്താരം		നാ.	1. ചിത്രം; 2. അലങ്കാരപ്പണി
പിന്തിരിയുക		ക്രി.	1. മടങ്ങുക; 2. പരിശ്രമം ഉപേക്ഷിക്കുക
പിന്തുടർച്ച		നാ.	പിന്തുടരൽ
പിന്തുടരുക		ക്രി.	1. അനുഗമിക്കുക; 2. ശിഷ്യനാകുക
പിന്നണി		നാ.	(സൈന്യത്തിൻെറ) പിന്നിലുള്ള നിര
പിന്നത്തെ		അവ്യ.	ഇനിയുള്ള, അടുത്ത
പിന്നൽ		നാ.	പിന്നുകയെന്ന പ്രവൃത്തി, മെടച്ചിൽ
പിന്നാക്കം		അവ്യ.	= പിന്നോക്കം
പിന്നാംപുറം		നാ.	പിൻഭാഗം

പിന്നിടുക ക്രി. പിന്നിലാക്കുക, കടന്നുപോകുക
പിന്നെ അവ്യ. അതിനുശേഷം, അനന്തരം
പിന്നെയും അവ്യ. അതിനുശേഷവും, പിന്നീടും. പിന്നെയും ശങ്കരൻ തെങ്ങേൽത്തന്നെ. (പഴ)
പിന്നെയോ അവ്യ. എന്നിട്ട്, അതിനുശേഷമോ (ഘടക പദമായും പ്രയോഗം ഉദാഃ വന്നുകണ്ടില്ല, പിന്നെയോ എഴുത്തയച്ചു)
പിന്നോക്കം അവ്യ. പുറകോട്ട്, പിൻഭാഗത്തേക്ക്
പിപഠിഷു നാ. പഠിക്കാൻ ആഗ്രഹമുള്ളവൻ
പിപാസ നാ. (വെള്ളം) കുടിക്കാനുള്ള ആഗ്രഹം
പിപാസു വി. കുടിക്കാൻ ആഗ്രഹമുള്ള
പിപീലിക നാ. കറുത്ത ഒരിനം വലിയ എറുമ്പ്
പിപ്പലം നാ. 1. അരയാൽ; 2. ഇത്തിയാൽ; 3. ജലം; 4. മുലക്കണ്ണ്; 5. മൈഥുനം; 6. ആലിൻപഴം
പിപ്പലായനൻ നാ. നവയോഗികളിലൊരാൾ
പിപ്പലി നാ. തിപ്പലി
പിപ്ലു നാ. കറുപ്പുനിറം
പിയക്കുക ക്രി. പ്രകാശിക്കുക
പിയതി നാ. ഒരുതരം വാദ്യം
പിയാനോ [ഇത്താല്യൻ] നാ. ഒരുതരം വാദ്യം
പിരക്കുക ക്രി. 1. കൂട്ടിച്ചേർക്കുക; 2. തിരിക്കുക
പിരഞ്ഞ [പിരയുക] ഭൂ.പേരെച്ചം
പിരട നാ. വീണയുടെ മുറുക്കാണി, പെഗ്
പിരടി നാ. പിടലി
പിരട്ട നാ. ചതി, കള്ളം. മിരട്ടും പിരട്ടും
പിരട്ടുക ക്രി. 1. ചതിക്കുക; 2. അഴുക്കാക്കുക; 3. എണ്ണമുതലായവ തേക്കുക; 4. മനംപുരട്ടുക
പിരന്നുക ക്രി. 1. പെരുക്കുക; 2. പിരിക്കുക; 3. ഉറകൂടുക (പാലെന്നപോലെ)
പിരമ്പ് നാ. ചൂരൽ, ചൂരൽവടി, വേത്രം
പിരമ്പുകാരൻ നാ. 1.പിരമ്പു വിൽപനക്കാരൻ; 2. ജോലിചെയ്യിക്കുന്നവൻ, കങ്കാണി, മേൽനോട്ടക്കാരൻ
പിരയൻ നാ. പിരയുന്നവൻ, വലയുണ്ടാക്കുന്നവൻ
പിരയുക ക്രി. വല തയ്ക്കുക
പിരൾച്ച [പിരളുക] നാമരൂപം
പിരളി നാ. 1. കുഴപ്പം; 2. സംഭ്രമം; 3. സംഭ്രമമുളവൻ
പിരളുക 1. പറ്റുക (ലേപനദ്രവ്യങ്ങളെന്ന പോലെ); 2. തീണ്ടുക; 3. ഉരുളുക; 4. മറിയുക; 5. നിറയുക
പിരാകുക [പോർ] നാ. 1. ശപിക്കുക; 2. വെറുക്കുക
പിരാക്ക് നാ. ശാപം
പിരാട്ടി നാ. യജമാനത്തി
പിരാൻ നാ. 1. അരചൻ; 2. പ്രഭു; 3. യജമാനൻ; 4. ശിവൻ

പിരാന്ത് നാ. ഭ്രാന്ത്
പിരി [പിരിക്കുക] നാ. 1. ചുരുള്‍; 2. കയറും മറ്റും മുറുക്കല്‍, ചുറ്റിച്ചു മുറുക്കം വരുത്തല്‍; 3. കിറുക്കന്‍, കിറുക്ക്. (പ്ര) ഇടമ്പിരി, മുപ്പിരി. പിരി അയയുക = 1. മുറുക്കം കുറയുക (ചരട് പിരിയാണി തുടങ്ങിയവയുടെ); 2. ബുദ്ധിയുടെ സ്ഥിരത നഷ്ടപ്പെടുക
പിരികം നാ. = പുരികം
പിരിക്കുക ക്രി. 1. വേറെയാക്കുക (പിരിയുമാറാക്കുക); 2. വേര്‍തിരിക്കുക; 3. ഇഴകള്‍ മുറുക്കിച്ചേര്‍ത്തു കയറും മറ്റും ഉണ്ടാക്കുക; 4. മുറുക്കം വരുത്തുക; 5. തീ കെടുത്തുക. (പ്ര) തീ പിരിക്കുക; 6. പറിക്കുക; 7. കൊത്തിയാട്ടുക; 8. ശേഖരിക്കുക; 9. വസൂലാക്കുക, ഈടാക്കുക
പിരിച്ചല്‍ നാ. വേര്‍തിരിവ്, പിരിയല്‍
പിരിപ്പിക്കുക ക്രി. പിരിക്കാന്‍ പ്രേരിപ്പിക്കുക
പിരിപ്പ് നാ. ശേഖരിക്കല്‍. ഉദാഃ പണംപിരിപ്പ്; 2. ഇഴകള്‍ മുറുക്കി കയറോ ചരടോ നിര്‍മ്മിക്കല്‍; 3. മുറുക്കല്‍, മുറുക്കിക്കയറ്റല്‍ (പിരിയാണിമുതലായവ)
പിരിമുറുക്കം നാ. തിടുക്കം കൂട്ടല്‍; 2. മുറുക്കം കൂട്ടല്‍; 3. മന്ദഗതിയില്‍ നടന്നുവരുന്ന സങ്ഗതി ദ്രുതഗതിയിലാക്കല്‍
പിരിയന്‍ വി. 1. പിരിയുള്ള; 2. വികടസ്വഭാവമുള്ള
പിരിയം നാ. = പുരികം
പിരിയാണി1 നാ. പിരിച്ചുകയറ്റാവുന്ന ആണി, മുറുക്കാണി
പിരിയാണി2 നാ. = ബിരിയാണി
പിരിയുക ക്രി. 1. വേര്‍പെടുക, ഘടകങ്ങളായി തിരിയുക; 2. വിട്ടുപോകുക; 3. കെട്ടഴിയുക, വസൂലാകുക, തീരുക; 4. പരസ്പരം ചുറ്റി മുറുകുക (കയറിന്‍റെ ഇഴകളെന്നപോലെ)
പിരിവള നാ. 1. പിരിഞ്ഞ വള; 2. കഴുക്കോലുകളെ ഘടിപ്പിക്കുന്ന ഒരു പണിത്തരം
പിരിവ് നാ. 1. വേര്‍തിരിവ്; 2. പിരിഞ്ഞ തുക; 3. ശാഖ; 4. വളവ്; 5. ഞെളിവ്. പിരിവുകാരന്‍ = പണം പിരിക്കുന്നവന്‍
പിരിശങ്ഖ് നാ. ശങ്ഖിനോടു സാമ്യമുള്ള പല ജലജീവികളുടെയും തോട്, ക്ഷുദ്രശങ്ഖം
പിരുപിരുക്കുക ക്രി. 1. കൃമികള്‍ നുഴയുന്നതുപോലെ അനങ്ങുക; 3. ചെറിയ അംശങ്ങളായി വിഘടിക്കുക (പാലുപിരിയുന്നതുപോലെ); 4. തരിക്കുക (അവയവങ്ങളെന്നപോലെ)
പിരുപിരെ അവ്യ. 1. പിശിടും വെള്ളവുമായി; 2. വളരെ കൊച്ചുകൊച്ചായി
പില്‍ പിന്‍ എന്ന ശബ്ദത്തിനു ചില സന്ധികളില്‍ വരുന്ന രൂപാന്തരം
പില്‍ക്കാലം നാ. പിന്നീടുള്ള കാലം, പില്‍പ്പാട്
പില്‍പ്പണയം നാ. വീണ്ടും പണയപ്പെടുത്തല്‍
പില്‍പ്പാട് നാ. 1. പിന്‍വശം; 2. പിന്നീടുള്ള സംഭവം
പില നാ = പുല
പിലാത്തോസ് നാ. (ക്രിസ്തു) യേശുക്രിസ്തുവിനെ കുരിശിലേറ്റാന്‍ വിധിച്ച ഭരണാധികാരി. (പ്ര) പീലാത്തോസ്സിനെപ്പോലെ കൈ കഴുകുക = ഒരു തെറ്റില്‍ തനിക്കു പങ്കില്ലെന്നു പറയുക

പിലാപ്പള്ളി നാ. അമ്പലവാസികളിൽ ഒരു വർഗം
പിലാമ്പഴം നാ. ചക്കപ്പഴം
പിലാവില നാ. പ്ലാവിൻെറ ഇല. പഴുത്ത പ്ലാവില വീഴുമ്പോൾ പച്ചപ്ലാവില ചിരിക്കും (പഴ)

1067

പിലാവ് നാ. പ്ലാവ്
പിലാശ് നാ. പ്ലാശ്
പിലിറ്റുക ക്രി. 1. തൂകുക; 2. ചുരത്തുക; 3. കുലുക്കുഴിക്കുക
പിലുനി നാ. പെരുങ്കുരുമ്പ
പില്ലം നാ. ചീമ്പക്കണ്ണ്
പില്ലാണി നാ. ഒരുതരം മോതിരം (കാൽവിരലിൽ ധരിക്കുന്നത്)
പില്ല നാ. മറുക്, അടയാളം, കറുത്തപുള്ളി
പില്ലുക നാ. പിടിയാന
പിശക് നാ. തെറ്റ്
പിശകുക ക്രി. 1. പിണങ്ങുക, തെറ്റുക, ഇടറുക; 2. കൂടുതൽ വേണമെന്നു നിർബന്ധിക്കുക, ശാഠ്യംപിടിക്കുക; 3. (വില) തർക്കിക്കുക; 4. മത്സരിക്കുക
പിശക്കം നാ. 1. പിണക്കം, തർക്കം; 2. കുറെക്കൂടി വേണമെന്നു നിർബന്ധിക്കൽ; 3. പിശകൽ
പിശക്ക് നാ. പിശക്കം
പിശങ്ഗ(ക)ൻ നാ. 1. വിഷ്ണു; 2. വിഷ്ണുവിൻെറ ഒരു പരിചാരകൻ
പിശങ്ഗം നാ. 1. ഗോരോചനനിറം; 2. മഞ്ഞയോടുകൂടിയ ചെമപ്പ് (ചിന്നിച്ചിതറുന്നത് എന്നു വാച്യാർഥം)
പിശങ്ഗി നാ. പിശങ്ഗനിറമുള്ളത്
പിശങ്ഗിലം നാ. നല്ല പിച്ചള
പിശവ്യം നാ. കുരുപ്പരുത്തി
പിശർ,-റ് നാ. 1. വിശറ്; 2. ക്ഷോഭം; 3. കാറ്റും പിശറും
പിശാചകി നാ. കുബേരൻ
പിശാചൻ നാ. 1. ദേവയോനികളിൽ ഒന്ന്; 2. ഒരു ദുർദേവത. പിശാചധർമപഞ്ചകം = അവിവേകം അജ്ഞാനം അസത്യം അശൗചം മാംസപ്രിയത്വം ഇവ
പിശാചം നാ. പൂച്ച
പിശാചി നാ. 1. പിശാചസ്ത്രീ; 2. നറുമ്പശ
പിശാചിക നാ. 1. പെൺപിശാച്; 2. പൈശാചികമായ താത്പര്യം
പിശാച് നാ. ദുർദേവത
പിശി നാ. 1. കള്ളം; 2. ചോറ്; 3. കടങ്കഥ
പിശിട് നാ. 1. തോട്; 2. തോൽ; 3. (തേങ്ങയുടെയും മറ്റും) കൊത്ത്, പാൽപിഴിഞ്ഞതിനുശേഷം ബാക്കിവരുന്ന ചണ്ടി; 4. പിണ്ണാക്ക്
പിശിതഭുക്ക് നാ. 1. രാക്ഷസൻ; 2. മാംസംഭക്ഷിക്കുന്നവൻ
പിശിതം നാ. 1. മാംസം; 2. ചെറിയ കഷണം
പിശിതാശി നാ. 1. രാക്ഷസൻ; 2. മാംസം ഭക്ഷിക്കുന്നവൻ. (സ്ത്രീ) പിശിതാശിനി

പിശുക്കൻ നാ. പിശുക്കുള്ളവൻ, ലുബ്ധൻ. പിശുക്കൻെറ മകൻ ദീവാളി, അവൻെറ മകൻ ഇരപ്പാളി (പഴ)
പിശുക്ക് നാ. ലുബ്ധ്
പിശുനത നാ. 1. പിശുനൻെറ അവസ്ഥ, പൈശുന്യം; 2. ക്രൂരത
പിശുനൻ നാ. 1. ഏഷണിക്കാരൻ (കാര്യങ്ങൽ തകരാറാക്കുന്നവൻ, ദുർവാക്കുപറയുന്നവൻ); 2. നാരദൻ; 3. ഒറ്റുകാരൻ; 4. ക്രൂരൻ, ദുഷ്ടൻ; 5. കാക്ക
പിഷാരകൻ നാ. = പിഷാരൻ
പിഷാരടി നാ. ഒരു അമ്പലവാസി വർഗം, പിഷാരൻ
പിഷാരൻ നാ. ഒരു അമ്പലവാസിവർഗം (സ്ത്രീ) പിഷാരസ്യാർ
പിഷാരം നാ. പിഷാരൻെറ ഭവനം
പിഷ്ട വി. അരച്ച
പിഷ്ടകം നാ. അപ്പം
പിഷ്ടപചനം നാ. 1.അരിമാവുകൊണ്ടു പലഹാരമുണ്ടാക്കുന്നതിനുള്ള ഒരു പാത്രം; 2. ദോശക്കല്ല്
പിഷ്ടപേഷണം നാ. അരച്ചതിനെ വീണ്ടും അരയ്ക്കൽ, പൊടിച്ചതിനെ വീണ്ടും പൊടിക്കൽ, പറഞ്ഞതുതന്നെ വീണ്ടും വീണ്ടും പറയൽ
പിഷ്ടം നാ. 1. അരിമാവ്; 2. അരച്ചുരുട്ടിയത്; 3. പിട്ട്; 4. കാരീയം; 5. ചൂർണം
പിഷ്ടാതം നാ. വസ്ത്രത്തിനു സുഗന്ധംവെരുത്താനുള്ള ഒരു പൊടി, പടവാസകം
പിഷ്ടി നാ. പേഷണം, പൊടിക്കൽ
പിഷ്ടികം നാ. മാവുകൊണ്ടുണ്ടാക്കിയ അപ്പം
പിസ്കാരി നാ. പീച്ചാങ്കുഴൽ. താരത. ത. പിക്കാരി
പിസ്റ്റോൾ [പോർ] നാ. കൈത്തോക്ക്
പിഹിത വി. പിധാനംചെയ്യപ്പെട്ട, മറയ്ക്കപ്പെട്ട
പിളർ [പിളരുക] ധാതുരൂപം
പിളർക്കുക ക്രി. 1. കീറുക, ചീന്തുക; 2. പിളർന്നെടുക്കുക; 3. പൊളിക്കുക
പിളർത്തുക ക്രി. പിളർക്കുക
പിളർപ്പ് നാ. 1. പിളർക്കൽ, പൊട്ടൽ; 2. കീറൽ; 3. കായുടെ പൊളിഞ്ഞഭാഗം
പിളരുക ക്രി. തനിയെ കീറിപ്പോകുക
പിളിറ്റുക ക്രി. പിലിറ്റുക
പിളു [പിളുക്കുക] ധാതുരൂപം
പിളുക്കുക ക്രി. പിളർത്തുക
പിള്ള നാ. 1. കൊച്ചുകുട്ടി; 2. കണക്കെഴുത്തുകാരൻ; 3. നായന്മാരുടെ ഒരു സ്ഥാനപ്പേർ; 4. അമ്മിക്കുട്ടി, കുഴവി; 5. (ജ്യോ) ത്രൈരാശികത്തിൽ രണ്ടാമത്തെ രാശി
പിള്ളക്കട്ടിൽ നാ. തൊട്ടിൽ
പിള്ളക്കല്ല് നാ. അമ്മികുഴവി

പിള്ളക്കോൽ നാ. നെയ്ത്തുതറിയുടെ പാലത്തിൽനിന്നു തൂങ്ങിക്കിടക്കുന്ന കോൽ
പിള്ളത്തൊട്ടി(ൽ) നാ. ശിശുക്കളെ കിടത്തുന്ന തൊട്ടിൽ
പിള്ളയാർ നാ. 1. ഗണപതി; 2. മകൻ; 3. പെരുവയറൻ
പിള്ളവാതം നാ. കുട്ടികളെ ബാധിക്കുന്ന ഒരിനം (തളർ) വാതരോഗം
പിള്ളർ,പിള്ളേർ നാ. (ബ.വ.) കുട്ടികൾ
പിഴ(വ്) നാ. 1. തെറ്റ്, കുറ്റം; 2. അനീതി; 3. പണംകെട്ടിവയ്ക്കണമെന്ന ശിക്ഷ; 4. വ്യഭിചാരം. (പ്ര) പഴമൂളുക = തെറ്റു സമ്മതിക്കുക. പിഴപോക്കുക = വന്നുപോയ കുറവു പരിഹരിക്കുക
പിഴക്കൂട്ടം നാ. അപരാധംചെയ്ത ആളിൻെറ വീട്ടിൽ കുറ്റവിചാരണയ്ക്കായി കൂടുന്ന ഗ്രാമപ്പഞ്ചായത്ത്
പിഴപ്പിക്കുക ക്രി. 1. പിഴയ്ക്കാനിടയാക്കുക; 2. വ്യഭിചാരദോഷത്തിൽ വീഴ്ത്തുക
പിഴപ്പ് നാ. 1. ജാവസന്ധാരണം; 2. പിഴപെടൽ
പിഴം നാ. 1. വിരുന്നൂട്ട്; 2. ഉത്സവം, വിഴാ
പിഴയ്ക്കുക ക്രി. 1. തെറ്റുപറ്റുക; 2. കുറ്റത്തിൽ വീഴുക; 3. (നടപടിദോഷം കാരണമായി) ജാതിയിൽനിന്നു തള്ളപ്പെടുക
പിഴയാളി നാ. പിഴചെയ്യുന്നവൻ, കുറ്റവാളി
പിഴി1 നാ. 1. ഞെക്കൽ; 2. മദ്യം
പിഴി2 [പിഴിയുക] ധാതുരൂപം
പിഴിച്ചിൽ നാ. എണ്ണയോ നെയ്യോ ശരീരത്തിൽ തേച്ചുപിടിപ്പിച്ചും കിഴിയൂന്നിയും ചെയ്യുന്ന ഒരു ചികിത്സാരീതി, ഉഴിച്ചിൽ
പിഴിയർ നാ. മദ്യവിൽപ്പനക്കാർ
പിഴിയുക ക്രി. 1. നനഞ്ഞവസ്ത്രങ്ങളും മരുന്നുകളും മറ്റും ഞെക്കിയും പിരിച്ചും ജലം വേർതിരിക്കുക; 2. ഞെക്കി ചാറെടുക്കുക; 3. പണം പിടുങ്ങുക; 4. കഷ്ടപ്പെടുത്തുക; 5. മൂക്കിൻെറ വശങ്ങളിൽ ഞെക്കി നാസാജലം പുറത്തുകളയുക
പിഴു [പിഴുക] ധാതുരൂപം
പിഴുക ക്രി. 1. വേരോടുകൂടി പറിക്കുക; 2. (മുകളിലേക്കു വലിച്ചു) വേർപെടുത്തിയെടുക്കുക
പിഴുകൽ നാ. 1. ഭ്രംശം; 2. ഭ്രഷ്ട്; 3. മുടക്കം; 4. പിഴുകുക
പിഴുകുക ക്രി. 1. കൈവിട്ടുപോകുക; 2. സ്ഥാനത്തുനിന്നു തെറ്റുക; 3. മടങ്ങുക; 4. മുടങ്ങുക; 5. ഭ്രഷ്ടാകുക; 6. വേരോടുകൂടി പറിയുക; 7. തുലയുക
പിഴുക്ക നാ. 1. നിസ്സാരവസ്തു; 2. എലിയുടെയും ആടിൻെറയു മറ്റും മലം
പിഴുക്കൻ നാ. 1. സ്ഥാനഭ്രഷ്ടൻ; 2. ജാതിഭ്രഷ്ടൻ
പിഴുക്കം നാ. 1. പതനം; 2. താഴ്ച
പിഴുക്കൽ [<പിഴുക്കുക] നാമരൂപം
പിഴുക്ക് നാ. 1. പിഴുക്ക; 2. പിട്ടു; 3. അഴുക്ക്; 4. ദുഷ്കീർത്തി; 5. കൊള്ളരുതാത്തവൻ; 6. വേലക്കാരൻ. (പ്ര) പിഴുക്കുതുണി = വിഴുപ്പ്
പിഴുക്കുക ക്രി. 1. സ്ഥാനത്തുനിന്നു തെറ്റിക്കുക; 2. മടക്കുക; 3. മുടക്കുക; 4. വഞ്ചിക്കുക; 5. നിസ്സാരമാക്കുക

പിറ നാ. 1. പിറന്നത്, പിറപ്പ്; 2. ബാലചന്ദ്രൻ, അമ്പിളിത്തെല്ല്; 3. ഒരു ആഭരണം (സ്ത്രീകൾ തലയിൽ അണിയുന്നത്). (പ്ര) പിറകാണുക = കറുത്തവാവുകഴിഞ്ഞ് ആദ്യമായി ചന്ദ്രനെ കാണുക. പിറചൂടുന്നവൻ = ശിവൻ

പിറക്1 അവ്യ. പിമ്പ്, പിന്നീട്

പിറക്2 നാ. 1. പിമ്പുറം; 2. മുതുക്

പിറകിടുക ക്രി. തോൽക്കുക. ഓടുക

പിറക്കം നാ. 1. ഒളി, പ്രകാശം; 2. ഉയർച്ച; 3. മരക്കൊമ്പ്

പിറക്കാത്തമ്മ നാ. വളർത്തമ്മ

പിറക്കുക ക്രി. 1. ജനിക്കുക; 2. ഉദ്ഭവിക്കുക; 3. പുറപ്പെടുക

പിറങ്ങുക ക്രി. 1. തിങ്ങുക; 2. തിളങ്ങുക; 3. ഉയരുക; 4. വർധിക്കുക; 5. പൂർണമാകുക; 6. ശബ്ദിക്കുക

പിറചൂടി നാ. ശിവൻ

പിറത്തുക ക്രി. 1. ഉണ്ടാക്കുക, പിറക്കാൻ കാരണമാകുക, ജനിപ്പിക്കുക; 2. പ്രവചിക്കുക

പിറനുതലാൾ നാ. ബാലചന്ദ്രനെപ്പോലെയുള്ള നെറ്റിയോടുകൂടിയവൾ, സിന്ദരി

പിറന്നാൾ നാ. ജന്മദിനം

പിറപ്പിടം നാ. ജനിച്ചസ്ഥലം

പിറപ്പ് നാ. 1. ജനനം; 2. ജീവിതം. (പ്ര) ഉടപ്പിറപ്പ്, കൂടെപ്പിറപ്പ്

പിറവിത്തറ നാ. സ്വദേശം

പിറർ നാ. 1. അന്യർ; 2. ശത്രുക്കൾ

പിറാവ് നാ. പ്രാവ്

പിറുക്ക് നാ. 1. തവള; 2. കൊതുക്; 3. ശബ്ദത്തോടുകൂടി നിർഗമിക്കുന്ന കീഴ്ശ്വാസം

പിറുത്തിച്ചക്ക നാ. കൈതച്ചക്ക

പിറുപിറുക്കുക ക്രി. 1. പതുക്കെ പറയുക; 2. മഴചാറുക; 3. നീരസം പ്രകടിപ്പിക്കുക

പിറ്റെ അവ്യ. അടുത്ത, പിന്നത്തെ

പിറ്റെന്നാൾ നാ. പിറ്റെ ദിവസം

പീ നാ. 1. മലം, കർണമലം; 2. ചാണകം; 3. പെരുമരം

പീക്കം നാ. കാഞ്ഞിരം

പീക്കലാട്ടം നാ. 1. ഉപദ്രവം, തൊന്തരവ്; 2. തടസ്സം

പീക്രി വി. പോക്കുകെട്ട, നിസ്സാരമായ, ചെറിയ

പീക്ക് നാ. 1. എച്ചിൽ; 2. പിഴുക്ക്. (പ്ര) പീക്കുതിന്നുക = പരാശ്രയത്തിൽ കഴിയുക

പീക്കൈ നാ. ഇടതുകൈ

പീപം നാ. പുരുഷലിങ്ഗം

പീച്ച വി. ചെറിയ, കുറിയ, കുരുടായ

പീച്ചകം നാ. 1. പിച്ചകം (പിച്ചിവള്ളി); 2. പീച്ചിക്കാ

പീച്ചങ്ങാ നാ. കുലയിലുള്ള അവസാനത്തെ ചെറിയ കായ്

പീച്ചൻ വി. പിഞ്ച്, മൂക്കാത്ത

പീച്ചൽ നാ. 1. വയറിളക്കം; 2. (ദ്രാവകങ്ങൾ) ചീറ്റുക, തെറിപ്പിക്കുക
പീച്ചാങ്കുഴൽ നാ. ദ്രാവകങ്ങൾ വലിച്ചുകയറ്റി പീച്ചാനുള്ള കുഴൽ, വസ്തിപിടിക്കാനുള്ള കുഴൽ, പിസ്കാരി
പീച്ചി(ൽ) നാ. ഒരിനം വള്ളിച്ചെടി
പീച്ചിക്കാ, -ങ്ങാ നാ. പീച്ചിലിൻെറ കായ്
പീച്ചുക ക്രി. 1. എനിമവയ്ക്കുക, വസ്തിപിടിക്കുക; 2. കുഴലിൽ വെള്ളവും മറ്റും കയറ്റി അച്ചുകൊണ്ട് ഞെക്കിപ്പുറപ്പെടുവിക്കുക; 3. വയറിളക്കുക; 4. പാലുകറക്കുക; 5. വലിച്ചുകീറുക
പീഞ്ഞ [പോർ] നാ. ഒരിനം സാന്ദ്രതകുറഞ്ഞ തടി, വീഞ്ഞ, പൈൻമരത്തിൻെറ തടി. (പ്ര) പീഞ്ഞപ്പെട്ടി
പീടിക നാ. 1. മുഖവുര; 2. പീഠം (ആസനം); 3. കച്ചവടപ്പുര, കട
പീടികയരി നാ. ചാക്കരി, ഇറക്കുമതിചെയ്ത അരി. (കടയിൽ കിട്ടുന്നത് എന്നു പദാർഥം)
പീടികവാണിയം നാ. പീടികയിലെ കച്ചവടം, പലചരക്കു വ്യാപാരം
പീട് നാ. 1. ക്ഷാമം; 2. കുറവ്, താഴ്ച; 3. കൃഷിചെയ്യാത്തനിലം
പീഠകം നാ. 1. ഇരിപ്പിടം; 2. ഉദ്യോഗം
പീഠഗ വി. നടക്കാൻവയ്യാത്ത, പീഠത്തിലിരുത്തി എടുത്തുകൊണ്ടുപോകേണ്ട
പീഠചക്രം നാ. വണ്ടി
പീഠഭൂമി നാ. പൊക്കംകൂടിയതും വിസ്തൃതവുമായ ഭൂപ്രദേശം
പീഠം നാ. 1. ഇരിക്കാനുള്ള ഉപകരണം, നാലുകാലുള്ള ഇരിപ്പിടം, സിംഹാസനവും മറ്റും; 2. ഗുദം; 3. ബലിപീഠം
പീഠമർദൻ നാ. 'പീഠത്തിൽ ഒപ്പമിരുന്ന് അതിനെ മർദിക്കുന്നവൻ', 1. (നാട്യ) നായകനെ സഹായിക്കുന്ന തോഴൻ; 2. നടനവിദ്യ പഠിപ്പിക്കുന്ന ഗുരു, നട്ടുവൻ
പീഠമർദിക നാ. (നാട്യ) നായികയെ സഹായിക്കുന്ന തോഴി
പീഠിക നാ. 1. മുഖവുര (ഗ്രന്ഥങ്ങളുടെ ആദിയിൽ പറഞ്ഞുവയ്ക്കുന്ന കാര്യം, ഒരു വിഷയം അവതരിപ്പിക്കുന്ന വാചകങ്ങൾ); 2. ഇരിപ്പിടം; 3. വിഗ്രഹത്തിൻെറ പീഠം
പീഡ നാ. 1. ഉപദ്രവം; 2. ദുഃഖം; 3. ചരളം; 4. കുട്ട, കൂട
പീഡകൻ നാ. പീഡിപ്പിക്കുന്നവൻ
പീഡനം നാ. 1. പീഡിപ്പിക്കൽ; 2. ദേശഗ്രാമാദികൾക്ക് ഉപദ്രവം (ഏൽപ്പിക്കൽ); 3. നശിപ്പിക്കൽ; 4. ഞെരിക്കൽ; 5. മെതിക്കൽ; 6. നൊമ്പരപ്പെടുത്തൽ
പീഡനീയ വി. പീഡിപ്പിക്കത്തക്ക
പീഡയിതവ്യ വി. = പീഡനീയ
പീഡർക്ഷം നാ. (ജ്യോ) അപചയം
1069
പീഡാകര വി. പീഡയെചെയ്യുന്ന
പീഡാസ്ഥാനം നാ. (ജ്യോ) (ഗ്രഹണം) ദോഷംചെയ്യുന്ന സ്ഥാനം
പീഡിത വി. പീഡിപ്പിക്കപ്പെട്ട
പീഡിതം നാ. 1. പീഡനം, മർദനം; 2. (കാമ) ഒരു രതിബന്ധം
പീഡിപ്പിക്കുക ക്രി. ഉപദ്രവിക്കുക

പീഡ്യമാന വി. പീഡിപ്പിക്കപ്പെടുന്ന
പീണി നാ. ഒരു ചെറിയ പക്ഷി, കരിയിലക്കിളി
പീത1 വി. 1. പാനംചെയ്യപ്പെട്ട, കുടിച്ച; 2. മുഴുകിയ
പീത2 നാ. 1. മഞ്ഞൾ നിറം; 2. മഞ്ഞൾ; 3. വലിയ വാലുഴവം; 4. സ്വർണവാഴ; 5. ഒരിനം പിച്ചകം (മഞ്ഞപ്പൂവുള്ളത്); 6. മരമഞ്ഞൾ; 7. ഗോരോചന; 8. വെങ്കുറുമുഴി
പീതകദ്രുമം നാ. മഞ്ഞക്കടമ്പ്
പീതകൻ നാ. വ്യാഴൻ, ബൃഹസ്പതി
പീതകാവേരം നാ. 1. കുങ്കുമം; 2. പിച്ചള
പീതകാഷ്ഠം നാ. 1. പീതചന്ദനം; 2. കാഷ്ഠാഗരു; 3. മഞ്ഞക്കടമ്പ്
പീതചന്ദനം നാ. 1. നല്ല മഞ്ഞനിറമുള്ള ഒരിനം ചന്ദനം; 2. മരമഞ്ഞൾ
പീതത,-ത്വം നാ. 1. പീതനിറം (മഞ്ഞനിറം); 2. മഞ്ഞളിപ്പ്
പീതതണ്ഡുല നാ. ചെറുവഴുതിനയിൽ ഒരിനം
പീതതണ്ഡുലിക നാ. തിന
പീതതുണ്ഡം നാ. ഒരു പക്ഷി, കാരണ്ഡവം
പീതദാരു നാ. 1. ദേവതാരം; 2. ചരളം; 3. മരമഞ്ഞൾ; 4. മഞ്ഞക്കടമ്പ്
പീതൻ നാ. ശ്രീകൃഷ്ണന്റെ ഗോപുരം കാവൽക്കാരിൽ ഒരാൾ
പീതനം നാ. അമ്പഴം; 2. കുങ്കുമം; 3. അരിതാരം; 4. മരമഞ്ഞൾ; 5. കല്ലാൽ, ഇത്തിയാൽ
പീതനി നാ. മൂവില
പീതപാദ നാ. 'മഞ്ഞനിറമുള്ള പാദത്തോടുകൂടിയത്', മൈന
പീതപാദം നാ. കുളക്കോഴി
പീതപുഷ്പ നാ. 1. മഞ്ഞക്കുറുന്തോട്ടി; 2. മഞ്ഞപ്പൂവുള്ള പിച്ചകം; 3. ചെറിയ കാട്ടുവെള്ളരി; 4. കുരുട്ടുപാവൽ; 5. തുവരപ്പയർ; 6. വരിപ്പീച്ചിൽ; 7. വയൽ വെള്ളരി
പീതപുഷ്പം നാ. 1. മഞ്ഞപ്പൂവുള്ള മുൾക്കുറുഞ്ഞി; 2. കുക്കുര വൃക്ഷം; 3. വലിയ കുമ്പളം; 4. ചെമ്പകം
പീതപ്രസവം നാ. മഞ്ഞപ്പൂവുള്ള അരളി
പീതഫലകം നാ. ശോഖോടവൃക്ഷം
പീതഫേനം നാ. ഉറുഞ്ചിമരം
പീതബാലുക നാ. മഞ്ഞൾ
പീതബീജ നാ. ഉലുവ
പീതഭദ്രകം നാ. മഞ്ഞക്കുറുഞ്ചി
പീതഭൃങ്ഗരാജം നാ. 1. മഞ്ഞക്കയ്യോന്നി; 2. പുഷ്പകർണികാരം; 3. ചെമ്പകം; 4. വലിയ കുമ്പളം
പീതം1 നാ. 1. മഞ്ഞനിറം; 2. മഞ്ഞൾ; 3. കുങ്കുമം; 4. പുഷ്യരാഗം; 5. താമരയല്ലി; 6. അഴിഞ്ഞിൽ; 7. അരിതാരം; 8. പീതചന്ദനം; 9. കസ്തൂരി; 10. ഒരിനം ചാന്ത്; 11. സ്വർണം
പീതം2 നാ. കുടിക്കപ്പെട്ടത്
പീതമാക്ഷികം നാ. പൊൻനിറമുള്ള മാക്കീരക്കല്ല്
പീതർമണി നാ. ഒരു അങ്ങാടി മരുന്ന്, പീതരോഹിണി

പീതരക്തം നാ. 1. പുഷ്പരാഗം; 2. മഞ്ഞകലർന്ന ചെമപ്പുനിറം
പീതരത്നം നാ. ഗോമേദകം
പീതരസം നാ. അരിതാരം
പീതരാഗം നാ. 1. മഞ്ഞനിറം; 2. താമരയല്ലി; 3. മെഴുക്
പീതരോഹിണി നാ. 1. പീതർമണി; 2. കുമിഴ്
പീതലം നാ. പിച്ചള
പീതലോഹം നാ. പീതലം
പീതവർണം നാ. 1. മഞ്ഞനിറം; 2. മഞ്ഞക്കടമ്പ്; 3. പീതചന്ദനം; 4. മെഴുക്
പീതവാസസ്സ് നാ. 'മഞ്ഞപ്പട്ടുടുത്തവൻ', ശ്രീകൃഷ്ണൻ
പീതസാരകം നാ. 1. മഞ്ഞക്കാതലുള്ളത്, വേങ്ങമരം; 2. മഞ്ഞച്ചന്ദനം; 3. ഒരു രത്നം; 4. വേപ്പ്
പീതസാരം നാ. 1. പുഷ്പരാഗം; 2. (ഹരി) ചന്ദനം; 3. അഴിഞ്ഞിൽ; 4. ഗോമേദകം; 5. അറബിക്കുന്തുരുക്കം
പീതസ്ഫടികം നാ. പുഷ്പരാഗം
പീതസ്ഥാനങ്ങൾ നാ. (ബ.വ.) (പുരാണ) ശിവൻ സതിയുടെ ശരീരം കഷണങ്ങളാക്കിക്കൊണ്ടു നടന്നപ്പോൾ അവ വീണസ്ഥലങ്ങൾ (ഇവ ആകെ 51 വരും)
പീതളം നാ. 1. മഞ്ഞനിറം; 2. പിച്ചള
പീതാബ്ധി നാ. കടലിനെ കുടിച്ചുവറ്റിച്ചവൻ, അഗസ്ത്യൻ
പീതാംബരൻ നാ. 1. മഞ്ഞപ്പട്ടുടുത്തവൻ; 2. വിഷ്ണു, ശ്രീകൃഷ്ണൻ; 3. സന്ന്യാസി; 4. നടൻ
പീതാംബരം നാ. 1. മഞ്ഞപ്പട്ട്; 2. (സന്ധ്യയ്ക്ക്) മഞ്ഞനിറമായ ആകാശം
പീതാരുണം നാ. 1. മഞ്ഞചേർന്ന ചെമപ്പ്; 2. ഉഷസ്സിൻെറ മധ്യകാലം
പീതി നാ. 1. കുടിക്കൽ; 2. കുതിര; 3. കള്ളുഷാപ്പ്; 4. തുമ്പിക്കൈ; 5. പാലനം; 6. ഗതി
പീതിക നാ. 1. മഞ്ഞൾ; 2. ചെങ്കുറുമുഴി; 3. കുങ്കുമം
പീതു നാ. 1. സൂര്യൻ; 2. അഗ്നി; 3. ആനത്തലവൻ
പീത്ത [പോർ] നാ. നാട
പീത്തൽ1 നാ. പീറ്റ, കീറൽ
പീത്തൽ2 [പീത്തുക] നാ. ആത്മപ്രശംസ
പീത്തുക ക്രി. 1. പൊങ്ങച്ചം പറയുക; 2. മൂത്രമൊഴിക്കുക
പീത്വാ അവ്യ. കുടിച്ചിട്ട്
പീഥൻ നാ. സൂര്യൻ
പീഥം നാ. 1. കാലം; 2. വെള്ളം; 3. തീ; 4. നെയ്
പീഥി നാ. കുതിര
പീന വി. തടിച്ച, മുഴുപ്പുള്ള
പീനൽക്കോഡ് [ഇം.] നാ. ശിക്ഷാനിയമം
പീനസം നാ. ഒരു നാസാരോഗം, സൈനോസിറ്റിസ്
പീനസ്കന്ധം നാ. 1. തടിച്ച ചുമലുകളുള്ളത്; 2. പോത്ത്
പീനസ്തനി നാ. 'തടിച്ച മുലകളുള്ളവൾ', സുന്ദരി
പീനാംസൻ നാ. തടിയൻ, തടിച്ച തോളോടുകൂടിയവൻ

പീനാറി നാ. ദുർഗന്ധമുള്ള ഒരു മരം
പീനോധ്നി നാ. 'തടിച്ച അകിടുള്ളവൾ', അകിടുവീർത്ത പശു
പീപ്പ [പോർ.] നാ. 1. ഒരു വലിയ പാത്രം, വീപ്പക്കുറ്റി (തടി തകരം മുതലായവകൊണ്ട് ഉണ്ടാക്കുന്നത്); 2. പൈപ്പ്
പീപ്പന്നി നാ. നാടൻ പന്നി. (പ്ര) = തടിയൻ
പീപ്പി നാ. 'പീ പീ എന്നു ശബ്ദമുണ്ടാക്കുന്നത്, ഊത്തുകുഴൽ
പീയു നാ. 1. കാക്ക; 2. കാലം; 3. സൂര്യൻ; 4. അഗ്നി; 5. മൂങ്ങ; 6. സ്വർണം
പീയുഷകിരണൻ നാ. ചന്ദ്രൻ
പീയൂഷം നാ. 1. അമൃതം, അമൃത്; 2. പുതിയ പാൽ (കറക്കാൻ തുടങ്ങിയാൽ ഏഴുദിവസം വരെയുള്ളത്); 3. കടിഞ്ഞൂൽപെറ്റ പശുവിൻെറ പാൽ; 4. ദേവന്മാരുടെ മദ്യം
പീർ1 നാ. 1. ഭയം; 2. (കാമപീഡയാലുള്ള) വിളർച്ച; 3. മുലപ്പാൽ; 4. പീരം, പീച്ചിൽ; 5. വലുപ്പം
പീർ2 നാ. (ഇസ്ലാം) മുഹമ്മദീയ സന്ന്യാസി
പീർ3 നാ. വലുപ്പം
പീര നാ. 1. തേങ്ങാ ചുരകിപ്പിഴിഞ്ഞതിൻെറ പിശിട്; 2. ചണ്ടി; 3. പിണ്ടി; 4. പീച്ചിൽ; 5. ഒരിനം ചുര
പീരം1 നാ. 1. മുലപ്പാൽ; 2. വീര്യം; 3. വളർച്ച; 4. പൂവരശ്
പീരം2 നാ. പൊന്നാരവീരം
പീലകം നാ. വലിയ കറുത്ത എറുമ്പ്
പീലാസ [സുറി]നാ. വിശുദ്ധകുർബാനയർപ്പിക്കുമ്പോൾ കുർബാന വയ്ക്കുന്ന പരന്ന പാത്രം
പീലി നാ. 1. മയിലിൻെറ വാലറ്റത്തെ കണ്ണുകളുള്ള ഭാഗം, അവയിലെരോമം. (പ്ര) പീലിക്കുട, പീലിക്കണ്ണ്; 2. വെൺകൊറ്റക്കുട; 3. സ്ത്രീകൾ കാൽവിരലിലണിയുന്ന മോതിരം
പീലു1 [പേർ] നാ. ആന
പീലു2 നാ. 1. ഉകമരം; 2. പൂവ്; 3. അമ്പ്; 4. അണു; 5. ഒരുതരം കൃമി; 6. പനങ്കൂട്ടം
പിലുകൻ നാ. 1. ഭീരു; 2. എറുമ്പ്
പീവര1 വി. തടിച്ച (പ്ര) പീവരസ്തനി = തടിച്ച മുലകളുള്ളവൾ, സുന്ദരി. പീവരതനു = തടിച്ച ശരീരമുള്ള
പീവര നാ. 1. തടിച്ചവൾ; 2. അമുക്കുരം
പീള നാ. കണ്ണിലെ മലം, പഴുപ്പ് (നേത്രദുഷികാ). (പ്ര) പീളകെട്ടുക = കണ്ണിൽ പഴുപ്പുണ്ടാകുക
പീറ വി. 1. ഗുണം കുറഞ്ഞ; 2. കീറിയ
പീറ്റ വി. 1. കീറിയത്; 2. ഉപയോഗമില്ലാത്തത്. (പ്ര) പീറ്റത്തെങ്ങ് = കായ്ക്കാത്ത കൊന്നത്തെങ്ങ്
പുക നാ. 1. തീ കത്തുമ്പോൾ ജ്വാലയ്ക്കുമുകളിൽ ഉയരുന്ന കരിയുടെ ചെറിയ കണങ്ങൾ കലർന്ന ഉഷ്ണവായു; 2. ദുഃഖം

പുകക്കുഴൽ നാ. 1. പുക പുറത്തേയ്ക്കു കളയാനായി ഫാക്റ്ററികളിലും മറ്റും മുകളിലേക്കുവച്ചിരിക്കുന്ന നീണ്ട കുഴൽ, ചിമ്മിണി; 2. പുകയിലകത്തിച്ചു വലിക്കാനുള്ള ഒരു ഉപകരണം, പൈപ്പ്

പുകച്ചൽ നാ. 1. നീറ്റൽ; 2. തെളിച്ചമില്ലായ്മ; 3. മൂടൽ; 4. നിറം മങ്ങൽ

പുകട് നാ. അടുപ്പിൻെറ അടുത്തുള്ള തിട്ട, പാദകം

പുകടുക ക്രി. വീശിയെറിയുക

പുകയറ നാ. ഇല്ലറക്കരി

പുകയില നാ. ഒരു ഏകവാർഷികസസ്യം, അതിൻെറ ഇല (ഇതിൽ നിക്കോട്ടിൻ എന്ന വിഷം അടങ്ങിയിരിക്കുന്നു)

പുകയുക ക്രി. 1. പുകയുണ്ടാകുക; 2. തീ ആളിക്കത്താതെ പുക അധികമായി പുറപ്പെടുക; 3. അധികമായി ഉഷ്ണിക്കുക; 4. കോപം വർധിക്കുക; 5. ഭക്ഷണം പാകംചെയ്യുമ്പോൾ പാത്രത്തിൽ പുകകടന്ന് അരുചിയുണ്ടാകുക; 6. ഇല്ലാതാകുക. പുകഞ്ഞകൊള്ളി പുറത്ത് (പഴ)

പുകയ്ക്കുക ക്രി. 1. പുകപുറപ്പെടുവിക്കുക; 2. (പുകയിട്ട്) നശിപ്പിക്കുക; 3. കായ്പഴുക്കാനായി പുക ഏൽപ്പിക്കുക; 4. പുകയേൽപ്പിച്ച് ഉണക്കുക (പ്ര) പുകച്ചു പുറത്തു ചാടിക്കുക = 1. ശ്വാസം മുട്ടിച്ചു പുറത്തുവരുത്തുക (പൊത്തിനകത്തുനിന്ന് എലിയെ എന്നപോലെ); 2. ഗത്യന്തരമില്ലാത്തവിധം വിഷമിപ്പിച്ച് ഓടിക്കുക. പുകച്ചുകളയുക = നശിപ്പിക്കുക, ആർക്കും പ്രയോജനമില്ലാതാക്കുക

പുകര് നാ. 1. ആനയുടെ പതകരി; 2. ജീവൻ; 3. പ്രകാശം; 4. ശുക്രൻ; 5. കാർമേഘം; 6. മേഘവർണം; 7. ചോറ്; 8. കപിലനിറം

പുകൽ1 നാ. 1. വാക്ക്; 2. ആഗ്രഹം; 3. ആനന്ദം; 4. കേൾവി; 5. ജയം; 6. കൊയ്ത്ത് (പുകിൽ)

പുകൽ2 നാ. 1. പ്രവേശം; 2. ഇരിപ്പിടം; 3. തുണ; 4. ഉപായം

പുകലുക ക്രി. 1. ശബ്ദിക്കുക, സംസാരിക്കുക, ചൊല്ലുക; 2. ആഗ്രഹിക്കുക; 3. ആനന്ദിക്കുക

പുകവണ്ടി നാ. ആവിവണ്ടി, തീവണ്ടി

പുകവലി നാ. കഞ്ചാവ് പുകയില മുതലായവ കത്തിച്ചു പുക ഉൾക്കൊള്ളൽ

പുകൾ നാ. 1. പുകഴ്ച, കീർത്തി, സ്തുതി; 2. ധീരകൃത്യം

പുകഴ് [പുകഴുക] ധാതുരൂപം

പുകഴ്ച നാ. സ്തുതി, പ്രശംസ

പുകഴ്ത്തുക ക്രി. 1. സ്തുതിക്കുക; 2. കൊണ്ടാടുക

പുകഴ്മകൾ നാ. കീർത്തിദേവത, ലക്ഷ്മി

പുകഴുക ക്രി. 1. സ്തുതിക്കുക; 2. സ്തുതിക്കപ്പെടുക

പുകാർ നാ. 1. കാർമേഘം; 2. മൂടൽമഞ്ഞ്; 3. കപിലവർണം

പുകിൽ നാ. 1. ഘോഷം; 2. ആഡംബരം; 3. കലഹം; 4. കൊയ്ത്ത്; 5. മരക്കണ്ടം; 6. (മണ്ണിൻെറ) ഈർപ്പം; 7. ഒരു വൃക്ഷം

പുകുക ക്രി. 1. പ്രാപിക്കുക; 2. തുടങ്ങുക; 3. സംഭവിക്കുക; 4. സ്വീകരിക്കപ്പെടുക

പുക്കശൻ നാ. ചണ്ഡാളൻ (പുണ്യമില്ലാത്തവൻ, താണവൻ)

പുക്കാർ നാ. 1. ശണ്ഠ; 2. പരാതി; 3. ശബ്ദം
പുക്കുപാച്ചൽ നാ. 1. വ്യത്യാസം; 2. തൂക്കത്തിലെ ഏറ്റക്കുറച്ചിൽ; 3. ഇടപാട്
പുങ്കൻ നാ. 1. ഭോഷൻ, മിഥ്യാഭിമാനി; 2. ഭീരു
പുങ്ഖം നാ. 1. അമ്പിൻെറ കട, തൂവൽ ബന്ധിച്ചഭാഗം; 2. അമ്പ്; 3. കഴുകൻ
പുങ്ഖാനുപുങ്ഖം നാ. 1 ഒന്നോടൊന്നു തുടർന്നു തൊടുക്കുന്ന അമ്പിൻകൂട്ടം; 2. വാക്പ്രവാഹം
പുങ്ഗം നാ. 1. കൂട്ടം; 2. പുംസവനം
പുങ്ഗലം നാ. ആത്മാവ്
പുങ്ഗവകേതു നാ. ശിവൻ
പുങ്ഗവൻ നാ. 1. ശിവൻെറ കാള; 2. (സമാസത്തിൽ) ശ്രേഷ്ഠൻ (ഉദാഃ രാജപുങ്ഗവൻ); 3. ദേവൻ; 4. ഗുരു
1071
പുങ്ഗവം നാ. 1. കാള; 2. ശ്രേഷ്ഠമായത്
പുങ്ഗവി നാ. 1. ദേവസ്ത്രീ; 2. ശ്രീപാർവതി
പുങ്ങം നാ. പുംസവനം
പുങ്ങ് നാ. 1. ഒരു വൃക്ഷം (പുങ്ക്); 2. പനഞ്ചക്കര
പുച്ഛകണ്ടകം നാ. തേൾ
പുച്ഛതലം നാ. 1. ഗുദം; 2. പിൻഭാഗം; 3. വാൽ
പുച്ഛം1 നാ. 1. വാൽ; 2. എന്തിൻെറയെങ്കിലും അറ്റം, പിൻഭാഗം; 3. പിഞ്ഛം; 4. തേൾ; 5. വാൽനക്ഷത്രം; 6. നിസ്സാരം
പുച്ഛം2 നാ. നിന്ദ, വെറുപ്പ്
പുച്ഛി നാ. 1. എരിക്ക്; 2. (പൂവൻ)കോഴി
പുച്ഛിക്കുക ക്രി. 1. നിന്ദിക്കുക; 2. നിസ്സാരമായി കണക്കാക്കുക
പുഞ്ച(നിലം) നാ. 1. മഴക്കാലത്ത് വെള്ളം കയറിക്കിടക്കുകയും വർഷത്തിൽ ഒരുതവണമാത്രം കൃഷിചെയ്യുകയും ചെയ്യുന്ന നിലം, ഒരുപ്പൂനിലം. പുഞ്ചക്കൃഷി = മേടമാസത്തിലെ കൃഷി. താരത. നഞ്ച = ഇരുപ്പൂ (നിലം)
പുഞ്ചിരി നാ. ചെറുചിരി, സന്തോഷം മൂലം മുഖത്തിനുണ്ടാകുന്ന വികാസം, പല്ലുകാണിക്കാതെയും ഒച്ചകേൾപ്പിക്കാതെയുമുള്ള ചിരി
പഞ്ജം നാ. കുട്ടം, കൂമ്പാരം
പുഞ്ജിക നാ. ഏതെങ്കിലും വസ്തുവിൻെറ ഏറ്റവും ചെറിയ അംശം, മോളിക്കൂൾ
പുഞ്ജികം നാ. ആലിപ്പഴം
പുഞ്ജിത വി. കൂമ്പാരമാക്കിയ
പുഞ്ജിഷ്ഠൻ നാ. 1. പക്ഷിയെപിടിക്കുന്നവൻ; 2. മുക്കുവൻ
പുഞ്ജീകരണം നാ. പുഞ്ജീകരിക്കൽ, കൂമ്പാരമാക്കൽ
പുട1 നാ. 1. ദിക്ക്, സ്ഥലം; 2. ഭൂമി; 3. പുനം, മാളം; 4. വശം, ഭാഗം. (പ്ര) പുടപുഴങ്ങുക = മാറ്റൊലിക്കൊള്ളുക
പുട2 നാ. പേരേലം
പുട3 നാ. പുടവ, ഉടുതുണി. (പ്ര) പുടകൊട = വിവാഹം

പുട4 നാ. 1. അടി; 2. യുദ്ധം
പുടകം നാ. 1. താമര; 2. കുത്തില; 3. ഒരിനം പാത്രം; 4. ജാതിക്കാ; 5. മടക്ക്
പുടകിനി നാ. താമരപ്പൊയ്ക, താമര
പുടക്കുക ക്രി. 1. പാറ്റുക; 2. ഉടയ്ക്കുക; 3. കുത്തുക; 4. ഇടിക്കുക
പുടഗ്രീവം നാ. 1. കുടം; 2. വലിയ ഭരണി
പുടപാകം നാ. നീറ്റുമരുന്നുകൾ പാകംചെയ്യൽ, ലോഹാദികൾ നീറ്റിയെടുക്കൽ
പുടപുഴുക്കം നാ. പ്രതിധ്വനി, മാറ്റൊലി
പുടഭേദം നാ. 1. ഭവനം; 2 നഗരം; 3 നീർച്ചുഴി; 4. ആറ്റിലെ വളവ്; 5. നദീമുഖം; 6. ഒരു വാദ്യം
പുടം നാ. 1. ലോഹാദികൾ ഭസ്മമാക്കുന്നതിനും മറ്റുമുള്ള പ്രവൃത്തി. (പ്ര) പുടംവയ്ക്കുക = പുടപാകംചെയ്യുക; 2. വെയിലത്തും മറ്റും വച്ചു പാകപ്പെടുത്തൽ; 3. മൂടി; 4. കിണ്ണം; 5. കുഴിമുത്തങ്ങ; 6. ഗുഹ; 7. കോണകം; 8. കൺപോള; 9. ഒരിനം മൂടി, കുത്തില; 10. ജാതിക്ക; 11. മടക്ക്; 12. കുതിരക്കുളമ്പ്; 13. നീറ്റുയന്ത്രം
പുടയുക ക്രി. 1. നീന്തുക; 2. ഒഴുകുക; 3. വീങ്ങുക; 4. ഒച്ചവയ്ക്കുക
പുടവ നാ. 1. സ്ത്രീകൾ ഉടുക്കുന്ന വസ്ത്രം, തുണി, ഇണമുണ്ട്; 2. വെയിൽ ഏൽക്കാതിരിക്കാനുള്ള ആവരണം
പുടവകൊട നാ. വിവാഹസമയത്തു വരൻ വധുവിനു മുണ്ടുകൊടുക്കുന്ന ചടങ്ങ്, പുടകൊട
പുടവമുറി നാ. വിവാഹം
പുടാഞ്ജലി നാ. (വള്ളമോമറ്റോ കോരാനെന്നപോലെ) കൈപ്പത്തി കുഴിയത്തക്കവണ്ണം രണ്ടുകൈകളും ചേർത്തുപിടിച്ചത്
പുടി നാ. 1. ആച്ഛാദനം; 2. കോണകം; 3. കടല
പുടിക നാ. 1. ഏലത്തരി; 2. പേരേലം; 3. കക്ക
പുടിത വി. 1. പുടംവയ്ക്കപ്പെട്ട; 2. കൂട്ടിത്തയ്ച്ച; 3. കൂമ്പിയ; 4. അരച്ച
പുടിതം നാ. 1. ഉള്ളങ്കൈ; 2. രണ്ടുകൈയും മലർത്തി കുഴികൂട്ടൽ; 3. കൈമുട്ട്
പുടോദകം നാ. 1. തെങ്ങ്; 2. തേങ്ങാ
പുട്ടൽ നാ. പുട്ടിൽ
പുട്ടിൽ നാ. 1. ധാന്യങ്ങളുടെ പുറമേയുള്ള തോട്; 2. ഒരിനം മൂടി (മഴയത്തുചൂടുന്നതിന് തഴകൊണ്ടുണ്ടാക്കുന്നത്), പാത്രമായും ഉപയോഗം; 3. കുട; 4. ആവനാഴി; 5. പൊട്ടിപ്പുറപ്പെടുന്നതിനു മുമ്പുള്ള ധാന്യക്കതിർ; 6. തക്കോലപ്പുട്ടിൽ
പുട്ട് നാ. ഒരു പലഹാരം, പിട്ട്
പുൺ നാ. = പുണ്ണ്
പുൺപാട് നാ. 1. മുറിവ്; 2. മുറിവു പൊറുത്ത തഴമ്പ്
പുൺപെടുക ക്രി. 1. മുറിപ്പെടുക; 2. മുറിയുക
പുണർ1 വി. ചേർന്ന
പുണർ2 നാ. ചേർച്ച, ആലിങ്ഗനം, സംഭോഗം
പുണർ3 നാ. പുനർവസു, പുണർതം നക്ഷത്രം

പുണർ4 നാ. = പിണർ
പുണർച്ച നാ. 1. ആലിങ്ഗനം; 2. കൂട്ടിപ്പിണച്ചിൽ; 3. സംയോഗം
പുണർതം നാ. ഏഴാമത്തെ നക്ഷത്രം, പുനർവസു
പുണർത്തുക ക്രി. 1. ഉന്മേഷം നൽകുക; 2. വർധിപ്പിക്കുക; 3. കലർത്തുക; 4. പീഡിപ്പിക്കുക; 5. ഉണ്ടാക്കുക
പുണർപ്പാമ്പ് നാ. ഇണചേരുന്ന പാമ്പ്
പുണരി നാ. 1. കടൽ; 2. തിരമാല; 3. ശബ്ദം
പുണരുക ക്രി. 1. കെട്ടിപ്പിടിക്കുക (ആലിങ്ഗനംചെയ്യുക); 2. പറ്റിപ്പിടിക്കുക; 3. സ്ത്രീ സങ്ഗം ചെയ്യുക; 4. കൈയേൽക്കുക
പുണൽ നാ. 1. പുനൽ, ജലം; 2. നദി
പുണലി നാ. കക്കയുടെ ഇനത്തിൽപ്പെട്ട ഒരു ജീവി; ഇളമ്പക്ക
പുണ്ട നാ. സ്ത്രീയുടെ ഗുഹ്യപ്രദേശം (അശ്ലീലം)
പുണ്ഡരി നാ. വീരപുണ്ഡരി, വരൾത്താമര
പുണ്ഡരീകൻ നാ. 1. അഗ്നികോണിലെ ആന; 2. സിംഹം; 3. അഗ്നി; 4. വിഷ്ണു
പുണ്ഡരീകം നാ. 1. വെൺതാമരപ്പൂവ്; 2. നെറ്റിക്കുറി; 3. ഒരിനം കരിമ്പ്, പുണ്ഡരിക്കരിമ്പ്; 4. വെൺകൊറ്റക്കുട; 5. പുലി; 6. കടുവ; 7. പട്ടുനൂൽപ്പുഴു; 8. കഴുകൻ; 9. ഒരു പച്ചമരുന്ന്; 10. വണ്ട്; 11. സിംഹം; 12. മക്കിപ്പൂവ്; 13. മാവ്; 14. ജലം; 15. വെളുത്ത നിറം; 16. ഒരു ജാതി സർപ്പം; 17. ഒരിനം നെല്ല്; 18. ജലപാത്രം; 19. അഗ്നി; 20. അഗ്നികോണിലെ ആന; 21. (ആയുർ) ഒരിനം കുഷ്ഠം; 22. ആനയ്ക്കുണ്ടാകുന്ന ജ്വരം
പുണ്ഡരീകാക്ഷൻ നാ. താമരയിതൾ പോലെ മനോഹരമായ കണ്ണുള്ളവൻ, വിഷ്ണു
പുണ്ഡരീകേക്ഷണൻ നാ. പുണ്ഡരീകാക്ഷൻ
പുണ്ഡരീകോദ്ഭവൻ നാ. ബ്രഹ്മാവ്
പുണ്ഡരീയകം നാ. വരൾത്താമര, വീരപുണ്ഡരി
പുണ്ഡര്യം നാ. പുണ്ഡരീയകം
പുണ്ഡ്രകം നാ. 1. കുരുക്കുത്തിമുല്ല; 2. ഒരിനം കരിമ്പ്; 3. മയിലെള്ള്; 4. ജാതിക്കുറി
പുണ്ഡ്രകേളി നാ. ആന
പുണ്ഡ്രം നാ. 1. കുറി, നെറ്റിക്കുറി; 2. (വെൺ)താമര; 3. നീലക്കരിമ്പ്; 4. ഇത്തിയാൽ; 5. കൊടുവേലി; 6. കുരുക്കുത്തിമുല്ല; 7. പുഴു; 8. ഒരു ദേശം; 9. മയിലെള്ള്
പുണ്ണാക്ക് നാ. = പിണ്ണാക്ക്
പുണ്ണില നാ. 1. ഇലമുളച്ചി, പുണ്ണിലച്ചെടി; 2. ചെറിയ കിലുകിലുപ്പ
പുണ്ണ് നാ. 1. വ്രണം, ചിരങ്ങ്; 2. ചത; 3. വടു; 4. ഹൃദയവേദന
പുണ്യ1 വി. 1. പരിശുദ്ധമായ; 2. നല്ല; 3. ഭാഗ്യമുള്ള; 4. നീതിയുള്ള
പുണ്യ2 നാ. 1. തുളസി; 2. വാലുഴവം; 3. ഗങ്ഗ
പുണ്യകം നാ. കൃച്ഛ്രചാന്ദ്രായണാദിവ്രതം
പുണ്യകാലം നാ. ശുഭകാലം, ശുദ്ധിയുള്ള സമയം
പുണ്യകൃത്ത് നാ. പുണ്യം ചെയ്യുന്നവൻ
പുണ്യക്ഷേത്രം നാ. 1. ആര്യാവർത്തം; 2. (ഗോകർണം മുതലായ) പുണ്യസ്ഥലങ്ങൾ

പുണ്യഗന്ധ നാ. കുറുമൊഴി
പുണ്യഗന്ധം നാ. ചമ്പകം
പുണ്യഗൃഹം നാ. 1. ധർമം (ഭിക്ഷ) കൊടുക്കുന്നിടം; 2. ക്ഷേത്രം
പുണ്യജനം നാ. 1. നല്ലവർ, സുകൃതം ചെയ്തവർ; 2. യക്ഷന്മാർ.
പുണ്യജനേന്ദ്രപുരം = ലങ്ക. പുണ്യജനേശ്വരൻ = കുബേരൻ
പുണ്യതീർഥം നാ. ഋഷിമാരുടെയോ ദേവന്മാരെടെയോ വാസംകൊണ്ടും അനുഗ്രഹംകൊണ്ടും മേന്മയുള്ള സ്ഥലം, പാപങ്ങളെ നശിപ്പിക്കാനും ഭൗതികവും ആധ്യാത്മികവുമായ ഉന്നമനം ഉണ്ടാകാനും തക്ക മാഹാത്മ്യമുള്ള സ്ഥലം, സ്നാനഘട്ടം തുടങ്ങിയവ
പുണ്യതൃണം നാ. വെളുത്ത ദർഭ
പുണ്യദർശനം നാ. 1. കാട്ടുകക്ക; 2. പുണ്യക്ഷേത്രദർശനം
പുണ്യദിശ നാ. വടക്കേദിക്ക്
പുണ്യനഗരികൾ നാ. (ബ.വ.) അയോധ്യ മധുര ഹരിദ്വാരം കാശി കാഞ്ചി അവന്തി ദ്വാരക എന്നീ മോക്ഷപ്രദങ്ങളായ നഗരങ്ങൾ ഏഴും
പുണ്യനദികൾ നാ. ഗങ്ഗ യമുന സിന്ധു ഗോദാവരി കാവേരി സരസ്വതി നർമദ എന്നീ നദികൾ ഏഴും
പുണ്യപുരുഷൻ നാ. 1. സുകൃതമുള്ള പുരുഷൻ; 2. പുണ്യംകൊണ്ടു പ്രാപിക്കത്തക്ക പുരുഷൻ, വിഷ്ണു; 3. പുണ്യരൂപനായ പുരുഷൻ
പുണ്യഫലം നാ. 1. സത്കർമഫലം; 2. ലക്ഷ്മീദേവിയുടെ ഉദ്യാനത്തിൻെറ പേര്
പുണ്യഭൂ(മി) നാ. പുണ്യസ്ഥലം, ആര്യാവർത്തം
പുണ്യം നാ. 1. സുകൃതം; 2. ശുഭകർമം; 3. പരിശുദ്ധി; 4. മനോഹരമായ വസ്തു; 5. മുൻജന്മത്തിലെ സത്കർമത്തിൻെറ ഫലം; 6. പശുത്തൊട്ടി; 7. ഭർത്താവിൻെറ നന്മയ്ക്കും പുത്രലബ്ധിക്കുംവേണ്ടി സ്ത്രീകൾ ആചരിക്കുന്ന ഒരു വ്രതം; 8. വെള്ളം
പുണ്യമാസങ്ങൾ നാ. മാഘം വൈശാഖം കാർത്തിക എന്നീ മൂന്നുമാസങ്ങൾ
പുണ്യലോകം നാ. സ്വർഗം
പുണ്യവാൻ നാ. പുണ്യം ഉള്ളവൻ, സുകൃതം ഉള്ളവൻ
പുണ്യവാളൻ നാ. (ക്രിസ്തു) പുണ്യാത്മാവ്, പുണ്യാളൻ
പുണ്യശാലി നാ. പുണ്യവാൻ
പുണ്യശ്രവണൻ നാ. വിഷ്ണു
പുണ്യശ്ലോകൻ നാ. സത്കീർത്തിയുള്ളവൻ
പുണ്യസ്ഥലം നാ. തീർഥം
പുണ്യാത്മാവ് നാ. ധർമിഷ്ഠൻ, ശുദ്ധാത്മാവ്
പുണ്യാഹം നാ. 1. പുണ്യദിവസം; 2. പുണ്യാഹംതളിക്കുക = ശുദ്ധികർമം നടത്തുക
പുണ്യാളൻ നാ. പുണ്യവാളൻ
പുത നാ. 1. ആവരണം; 2. ശരീരത്തെ ആവരണംചെയ്യുന്ന വസ്ത്രം; 3. ചെടികളുടെ തടത്തിലും മറ്റും നിരത്തുന്ന ചപ്പുചവറുകൾ
പുതപ്പ് നാ. പുതയ്ക്കാനുള്ള വസ്ത്രം

പുതയ്ക്കുക ക്രി. 1. പുതയാൻകാരണമാകുക; 2. തുണികൊണ്ട് ശരീരം പൊതിയുക; 3. ചെടികളുടെ തടത്തിൽ ചപ്പുചവറുകളുടെ ആവരണം ഇടുക
പുതയുക ക്രി. (ചെളിയിലോ മറ്റോ) താണുപോകുക
പുതൽവൻ [പ.മ.] നാ. പുത്രൻ
പുതിയ വി. പുതുതായ, പുതുക്കം വന്ന
പുതു വി. പുതിയ. (പ്ര) പുതുമഴ, പുതുമണവാളൻ,പുതുവൽ (പുതിയതായി കൃഷിചെയ്തഭൂമി, പുതുപ്പണം ഇത്യാദി
പുതുകുക ക്രി. പുത്തനായിത്തീരുക (പുതു, പുതിയ, പുത്തൻ എന്നിങ്ങനെ ചിലരൂപങ്ങളേ പ്രയോഗത്തിലുള്ളു)
പുതുക്കം നാ. പുതുതാക്കൽ
പുതുക്കുക ക്രി. പുതുതാകുന്നതിനു കാരണമാകുക, പുത്തനാക്കുക, അലങ്കരിക്കുക
പുതുമ നാ. പുതുതാകൽ
പുതുശ്ശേരി നാ. പുതിയതായി ആൾതാമസം ഉണ്ടായ ഇടം, ഒരു സ്ഥലനാമം
പുത്തൻ വി. പുതിയതായ
പുത്തരി നാ. പുനെല്ലുകുത്തിയെടുത്ത അരി. (പ്ര) പുത്തരിയൂൺ = പുന്നെല്ലിൻെറ അരി കുത്തിവച്ച് ഉണ്ണൽ
പുത്തലിക നാ. പാവ
പുത്തി നാ. ബുദ്ധി
പുത്തിക നാ. ഒരിനം തേനീച്ച
പുത്തിലഞ്ഞി നാ. ഒരിനം ഇലഞ്ഞി, പുത്രജീവം
പുത്തില്ലം നാ. പുതിയവീട്
പുത്ത് നാ. പുത്രന്മാരില്ലാത്തവർ പോകുന്ന നരകം
പുത്തേണാട് നാ. പുത്തേൾ മാരുടെ നാട്, ദേവലോകം
പുത്തേൾ നാ. ദേവൻ
പുത്തോല നാ. പുതിയ ഓല
പുത്രകൻ നാ. 1. കുഞ്ഞുമകൻ; 2. കള്ളൻ, ചതിയൻ
പുത്രകം നാ. 1. എട്ടടിമാൻ; 2. വിട്ടിൽ; 3. പാവ; 4. രോമം
പുത്രകാമന നാ. പുത്രനുണ്ടായിക്കാണാനുള്ള ആഗ്രഹം
പുത്രകാമേഷ്ടി നാ. പുത്രലബ്ധിക്കായി ചെയ്തിരുന്ന ഒരു യാഗം
പുത്രകൃതകൻ നാ. കൃത്രിമമായി പുത്രൻ നൽകപ്പെട്ടവൻ, ദത്തുപുത്രൻ
1073
പുത്രജീവം നാ. പുത്തിലഞ്ഞി
പുത്രൻ നാ. പുന്നാമനരകത്തിൽനിന്നു രക്ഷിക്കുന്നവൻ, മകൻ
പുത്രവാൻ നാ. മകനുള്ളവൻ
പുത്രാദിനി നാ. മക്കളെത്തിന്നുന്നവൾ, പെൺപുലി
പുത്രാന്നാദൻ നാ. പുത്രൻെറ ചോറുണ്ടു ജീവിക്കുന്നവൻ
പുത്രാർഥി നാ. പുത്രൻ ജനിക്കണമെന്നു പ്രാർഥിക്കുന്നവൻ
പുത്രി1 നാ. മകൾ
പുത്രി2 നാ. പുത്രനുള്ളവൻ

പുത്രിക നാ. 1. മകൾ; 2. തുണി ആനക്കൊമ്പു മുതലായവകൊണ്ടുണ്ടാക്കിയ പാവ; 3. പകർപ്പ്; 4. ദുർഗാഭഗവതി
പുത്രികാരാജ്യം നാ. (കോമൺവെൽത്തിലെ) ഒരു അങ്ഗരാജ്യം
പുത്രിണി നാ. മകനുള്ളവൾ
പുത്രീകരിക്കുക നാ. പുത്രനാക്കിച്ചെയ്യുക
പുത്രീയ1 വി. പുത്രനെ സംബന്ധിച്ച
പുത്രീയ2 നാ. പുത്രനുണ്ടാകണമെന്ന ആഗ്രഹം
പുത്രേഷണ നാ. 1. പുത്രസ്നേഹം; 2. പുത്രബന്ധം
പുത്രേഷ്ടിക നാ. = പുത്രകാമേഷ്ടി
പുത്ര്യ വി. പുത്രനെ സംബന്ധിച്ച
പുദ്ഗല വി. ഭങ്ഗിയുള്ള
പുദ്ഗലൻ നാ. ശിവൻ
പുദ്ഗലം നാ. 1. ശരീരം; 2. പരമാണു; 3. ആത്മാവ്
പുൻ വി. 1. പുതിയ; 2. ചെറിയ; 3. കുറഞ്ഞ; 4. മന്ദമായ
പുന1 നാ. 1. അഴക്; 2. ചമയം; 3. പുതുമ; 4. വസ്ത്രം
പുന2 നാ. 1. ചേർച്ച; 2. സംഭോഗം; 3. കാൽവിലങ്ങ്
പുന3 നാ. 1. ജലം; 2. നദി
പുനകം നാ. ആഹാരം, ചോറ്
പുനച്ചൽ നാ. 1. പിണച്ചിൽ; 2. പാമ്പുകൾ ഇണചേരൽ
പുനഞ്ഞ വി. (മുൻവിന) 1. അലങ്കരിച്ച; 2. ഉടുത്ത (പുനയുക)
പുനങ്കുളി നാ. ഉത്തമനായ ഭർത്താവിനെ ലഭിക്കാൻ കന്യകമാർ അനുഷ്ഠിക്കുന്ന ഒരു വ്രതം
പുനം1 നാ. 1. പോത്, പൊത്ത്; 2. കാടുപിടിച്ചുകിടക്കുന്ന ഉയർന്ന ഭൂമി. (പ്ര) പുനക്കൃഷി = കാടുവെട്ടിത്തെളിച്ചു ചുട്ടു നടത്തുന്ന കൃഷി
പുനം2 നാ. പതിനെട്ടരക്കവികളിലൊരാൾ (പുനം നമ്പൂതിരി, രാമായണം ചമ്പു രചിച്ചയാൾ)
പുനമ്പ് നാ. പുരമ്പ്, പിരമ്പ്
പുനയൽ നാ. 1. പുനയുന്ന പ്രവൃത്തി; 2. അലങ്കരണം
പുനയിക്കുക ക്രി. 1. വർധിപ്പിക്കുക; 2. അണിയിക്കുക, അലങ്കരിക്കുക
പുനയുക ക്രി. 1. അണിയുക, ഒരുങ്ങുക, വസ്ത്രം ധരിക്കുക; 2. സ്തുതിക്കുക; 3. വിജയം നേടുക; 4. ബന്ധിക്കുക; 5. പാമ്പു തുടങ്ങിയവ സംഭോഗംചെയ്യുക
പുനർജന്മം നാ. വീണ്ടുമുണ്ടാകുന്ന ജന്മം, അടുത്തജന്മം
പുനർദർശനം നാ. പിന്നീടുകാണൽ, വീണ്ടും കാണൽ
പുനർന്നവ നാ. ഒരു പച്ചമരുന്ന്, തവിഴാമ (തഴുതാമ)
പുനർന്നവം നാ. നഖം (വീണ്ടും വളരുന്നത്)
പുനർഭവം നാ. 1. വീണ്ടുമുള്ള ജനനം, പുതിയജന്മം; 2. നഖം
പുനർഭൂവ് വി. വീണ്ടും ജനിച്ച
പുനർവസു നാ. 1. (ജ്യോ) പുണർതം നക്ഷത്രം; 2. വിഷ്ണു; 3. ശിവൻ; 4. (പുരാണ) അഭിജിത്ത് എന്ന രാജാവിൻെറ പുത്രൻ (ആഹുകൻെറ പിതാവ്)
പുനർവിചാരണ നാ. (നിയമ) മറുവിചാരണ
പുനർവിചാരം നാ. വീണ്ടുവിചാരം, പിന്നീടുള്ള വിചാരം

പുനർവിവാഹം നാ. വീണ്ടുമുള്ള വിവാഹം
പുനരപി അവ്യ. വീണ്ടും
പുനരവലോകനം നാ. വീണ്ടുമുള്ള പരിശോധന
പുനരാഗത വി. തിരിച്ചുവന്ന
പുനരാഗമനം നാ. തിരിച്ചുവരവ്, വീണ്ടും വരൽ
പുനരാവർത്തം നാ. 1. തിരിച്ചുവരവ്; 2. വീണ്ടുംവീണ്ടുമുള്ള ജനനം; 3. പലപ്രാവശ്യം ആവർത്തിക്കൽ
പുനരാവർത്തി വി. 1. തിരിച്ചുവരുന്ന; 2. വീണ്ടും ജനിക്കുന്ന
പുനരാവൃത്തി നാ. 1. വീണ്ടുംവീണ്ടുമുള്ള ആവർത്തനം; 2. പുനർജന്മം; 3. പുതിയപതിപ്പ്
പുനരുക്തം നാ. 1. വീണ്ടും പറയപ്പെട്ടത്; 2. അനാവശ്യകത; 3. കാവ്യദോഷങ്ങളിൽ ഒന്ന് (ഇത് പദാർഥനിഷ്ഠമായോ വക്യാർഥനിഷ്ഠമായോ വരാം)
പുനരുക്തവദാഭാസം നാ. ശബ്ദാലങ്കാരങ്ങളിൽ ഒന്ന് പ്രഥമശ്രവണത്തിൽ അർഥത്തിന് പൗനരുക്ത്യം തോന്നുന്നപ്രയോഗം
പുനരുക്തി നാ. വീണ്ടുമുള്ള പറച്ചിൽ
പുനരുത്ഥാനം നാ. 1. ഉയിർത്തെഴുന്നേൽപ്പ്; 2. വീണ്ടും ഉയരൽ
പുനരുദ്ധരിക്കുക ക്രി. താണുപോയ ഒന്നിനെ പൊക്കിക്കൊണ്ടുവരിക
പുനർത്പാദനം നാ. വീണ്ടും ഉത്പാദിപ്പിക്കൽ
പുനരൂഢ വി. പുനർവിവാഹംചെയ്യപ്പെട്ടവൾ
പുനൽ1 നാ. 1. വെള്ളം; 2. ഒഴുക്ക്; 3. ഇരുവേലി; 4. (ജ്യോ) പൂരാടം നക്ഷത്രം; 5. നദി. (പ്ര) പുനലാടുക = കുളിക്കുക
പുനൽ2 [ഇം.] നാ. വച്ചൂറ്റി, ചോർപ്പ്
പുനലവൻ നാ. വരുണൻ
പുനശ്ച അവ്യ. വീണ്ടും, പിന്നെയും
പുനസ്സംസ്കാരം നാ. 1. വീണ്ടുമുള്ള സംസ്കാരം; 2. ശവത്തിനുപകരം പ്ലാശിലകൊണ്ടു രൂപംകെട്ടിയുണ്ടാക്കി ദഹിപ്പിക്കൽ
പുനസ്സൃഷ്ടി നാ. 1. വീണ്ടുമുള്ള സൃഷ്ടി (പിന്നെയും ഉണ്ടാക്കൽ); 2. (ഭാ.ശാ.) പ്രയോഗത്തിൽ ഇപ്പോഴില്ലെങ്കിലും പണ്ടുണ്ടായിരുന്ന ഒരു ശബ്ദരൂപത്തെ ചിലനിയമങ്ങൾക്കുവിധേയമായി വീണ്ടും നിർമിച്ചെടുക്കൽ
പുനഃ അവ്യ. 1. പിന്നെ, വീണ്ടും; 2. എന്നാൽ; 3. നിശ്ചയം
പുനഃപുനഃ അവ്യ. വീണ്ടുംവീണ്ടും, പിന്നെയും പിന്നെയും
പുനിതൻ നാ. 1. പരിശുദ്ധൻ, ഈശ്വരൻ; 2. ബുദ്ധൻ; 3. ജിനൻ
പുനിതം നാ. പരിശുദ്ധമായത്
പുനുവൽ നാ. ശസ്ത്രം, വിദ്യ
പുന്ന നാ. ഒരു വൃക്ഷം, പുന്നാഗം. പുന്നയ്ക്ക = പുന്നമരത്തിൻെറ കായ്. പുന്നക്കായെണ്ണ = പുന്നയ്ക്കായുടെ പരിപ്പുണക്കി ആട്ടി എടുക്കുന്ന എണ്ണ
പുന്നക്ഷത്രം നാ. പുരുഷനക്ഷത്രം
പുന്നരകം നാ. (പുരാണ) ഒരു നരകം (പുത്രന്മാരില്ലാത്തവർ ഈ നരകത്തിൽ വീഴുമെന്നു സങ്കൽപം)
പുന്നാഗൻ നാ. പുരുഷശ്രേഷ്ഠൻ

പുന്നാഗം നാ. 1. പുന്നമരം; 2. ജാതിക്ക; 3. വെളുത്ത ആന; 4. വെളുത്ത ആമ്പൽ
പുന്നാഗവരാളി നാ. (സങ്ഗീ) ഒരു രാഗം
പുന്നാടം നാ. ഒരു വൃക്ഷം, തകര
പുന്നാട് നാ. ചോഴമണ്ഡലം
പുന്നാമനരകം നാ. പുന്നരകം
പുന്നാരം നാ. 1. കൊഞ്ചൽ; 2. സ്തുതി
പുന്നാരക്കാരൻ നാ. 1. പുന്നാരിക്കുന്നവൻ; 2. സ്തുതിക്കുന്നവൻ
പുന്നാരിക്കുക ക്രി. കൊഞ്ചിക്കുക, ഓമനിക്കുക
പുന്നിലം നാ. ഉപയോഗമറ്റനിലം
പുന്നെല്ല് നാ. പുതുനെല്ല്
പുന്മ നാ. 1. പുതുമ; 2. ക്ഷുദ്രത; 3. നീചത്വം; 4. അശുദ്ധി; 5. കുറ്റം; 6. മങ്ങൽ; 7. ദുഃഖം; 8. ദാരിദ്ര്യം; 9. മറവി
പുന്മുട നാ. 1. വയ്ക്കോലൊ പുല്ലോകൊണ്ടു നിർമിച്ചപാത്രം; 2. പുല്ലോ വയ്ക്കോലോകൊണ്ടു പൊതിഞ്ഞുകെട്ടിയ സാധനം; 3. വയ്ക്കോലിൽ പൊതിഞ്ഞ അരി
പുപ്ഫുടം നാ. (ആയുർ) ഒരു മോണരോഗം
പുപ്ഫുലം നാ. വയറുപെരുപ്പം
പുപ്ഫുസതാപനം നാ. ഒരു രോഗം, നീർക്കെട്ട്
പുപ്ഫുസം നാ. 1. ശ്വാസകോശം; 2. താമരയുടെ ബീജകോശം
പും നാ. ആൺ, പൂമാൻ
പുംധ്വജം നാ. 1. ആൺ (മൃഗത്തിൽ); 2. എലി
പുംഭാവം നാ. ആണത്തം
പുംമൈഥുനം നാ. (കാമ) (പുരുഷൻ പുരുഷനുമായി നടത്തുന്ന) ഒരു മൈഥുനം
പുംയോഗം നാ. (കാമ) പുരുഷനുമായുള്ള സംയോഗം, പുംമൈഥുനം
പുംവൃഷം നാ. നച്ചെലി
പുംശ്ചലി നാ. പരപുരുഷന്മാരെ സ്വീകരിക്കുന്നവൾ, വ്യഭിചാരിണി
പുംസവനം നാ. 1. ഷോഡശസംസ്കാരങ്ങളിലൊന്ന്, പുളികുടി; 2. ഗർഭത്തിലെ പ്രജ; 3. പാൽ
പുംസ്കേസരം നാ. ഒരു പൂവിൽ ബീജകോശങ്ങളോടുകൂടിയ ചുരുണ്ടുകാണപ്പെടുന്ന നീണ്ടനാരുപോലുള്ള ഭാഗം
പുംസ്കോകിലം നാ. ആൺകുയിൽ
പുംസ്ത്വം നാ. ആണ്മ, പുരുഷഭാവം
പുംസ്ത്വാപഹരണം നാ. വരിയുടയ്ക്കൽ, പുരുഷശക്തി നശിപ്പിക്കൽ
പുമനുജ നാ. ആൺകുട്ടിക്കുശേഷം പിറന്നവൾ
പുമപത്യം നാ. ആൺകുട്ടി
പുമർഥം നാ. പുരുഷാർഥം (മനുഷ്യൻെറ ജീവിതോദ്ദേശ്യം)
പുമാൻ നാ. 1. ആൺ, പുരുഷൻ; 2. പരിശുദ്ധമാക്കുന്നവൻ; 3. രക്ഷിക്കുന്നവൻ
പുയർക്കുക ക്രി. 1. പുതുമപോവുക, മങ്ങുക; 2. വിട്ടുപോകുക

പുര1 നാ. മേഞ്ഞകെട്ടിടം, അറ, വീട്. (പ്ര) പുരയ്ക്കു തീ പിടിക്കുമ്പോൾ വാഴവെട്ടുക = ആപത്തുകാലത്തു ചതിക്കുക
പുര2 നാ. 1. മുരാമാഞ്ചി; 2. കിഴക്ക്; 3. ഗങ്ഗ; 4. കോട്ട
പുരക്കൂട്ട് നാ. പുരപണിയാൻ മരംകൊണ്ട് ഉണ്ടാക്കിയ കട്ടള ഉത്തരം മുതലായവ
പുരച്ഛദം നാ. മുലക്കണ്ണ്
പുരജിത്ത് നാ. ശിവൻ (ത്രിപുരദഹനൻ)
പുരജ്യോതിസ്സ് നാ. അഗ്നി, അഗ്നിലോകം
പുരഞ്ജനൻ നാ. 1. ആത്മാവ്; 2. രാജാവ്
പുരഞ്ജനോപാഖ്യാനം നാ. ഭാഗവതത്തിലെ ഒരു കഥ, ജീവാത്മപരമാത്മബന്ധത്തെ സൂചിപ്പിക്കുന്നത്
പുരഞ്ജനി നാ. 1. ബുദ്ധി; 2. അറിവ്
പുരഞ്ജയൻ നാ. 1. (പുരാണ) ഒരു സൂര്യവംശരാജാവ്; 2. ശിവൻ (പുരജിത്ത്)
പുരഞ്ജരം നാ. കക്ഷം
പുരടം നാ. സ്വർണം
പുട്ടൻ നാ. ജാലവിദ്യക്കാരൻ
പുരട്ടാതി നാ. (ജ്യോ) പുരുരുട്ടാതി
പുരട്ടുക ക്രി. 1. തേക്കുക. (പ്ര) എണ്ണ പുരട്ടുക; 2. തിരിയുക, മറിയുക. (പ്ര) മനം പുരട്ടുക = വെറുപ്പുതോന്നുക, ഓക്കാനമുണ്ടാക്കുക
പുരണം നാ. കടൽ, സമുദ്രം
പുരത്വ അവ്യ. മുൻപിൽ, സന്നിധിയിൽ
പുരതോരണം നാ. നഗരകവാടം, കോട്ടവാതിൽ
പുരത്രയം നാ. ത്രിപുരം
പുരദഹനൻ നാ. ശിവൻ (ത്രിപുരദഹനൻ)
പുരദ്വാരം നാ. കോട്ടവാതിൽ ഗോപുരം (രാജധാനിയുടെയും മറ്റും ചുറ്റുമതിലിൻെറ അകത്തേക്കു കടക്കാനുള്ള വാതിൽ)
പുരദ്വിട്ട് നാ. ശിവൻ (ത്രിപുരദഹനൻ)
പുരന്ദര നാ. ഗങ്ഗാ നദി
പുരന്ദരൻ നാ. 1. ഇന്ദ്രൻ (ശത്രുക്കളുടെ പുരങ്ങളെ തകർക്കുന്നവൻ); 2. ശിവൻ; 3. അഗ്നി; 4. വിഷ്ണു; 5. കള്ളൻ (ഭവനഭേദി)
പുരന്ദരം നാ. 1. ചെറിയ; 2. (ജ്യോ) കേട്ടനക്ഷത്രം
പുരന്ദരസനോപതി നാ. സുബ്രഹ്മണ്യൻ
പുരന്ധ്രി നാ. 1. വീട്ടമ്മ (ഭർത്തൃപുത്രാദികളോടുകൂടിയവൾ, ഭർത്തൃപുത്രസംരക്ഷണത്തിൽ വ്യാപൃതയായവൾ, ഗൃഹത്തെ ധരിക്കുന്നവൾ, തറവാടു കൊണ്ടുനടക്കുന്നവൾ); 2. വിവാഹിതയും പ്രായം ചെന്നവളുമായ സ്ത്രീ, മാന്യസ്ത്രീ; 3. പതിവ്രത

പുരന്മാർ നാ. ത്രിപുരന്മാർ
പുരപാലകൻ നാ. പുരപാലൻ

പുരപാലൻ നാ. 1. ഭവനരക്ഷയ്ക്കായി വതിൽക്കൽ കാത്തുനിൽക്കുന്നവൻ, ഗോപുരകാവൽക്കരൻ; 2. നഗരാധിപതി
പുരഭിത്ത് നാ. ശിവൻ
പുരം നാ. 1. ഭവനം; 2. കൊട്ടാരം; 3. നഗരം; 4. ശരീരം; 5. ഗുഗ്ഗുലുമരം; 6. കോട്ട; 7. അന്തഃപുരം; 8. പാടലീപുത്രം; 9. തൊലി; 10. കലവറ; 11. പെരുമുത്തങ്ങ; 12. പുഷ്പപുടം; 13. എണ്ണയകിൽ; 14. (പുരാണ) ത്രിപുരന്മാരുടെ ആസ്ഥാനങ്ങളിൽ ഒന്ന്
പുരമഥനൻ നാ. ശിവൻ
പുരമ്പൻ നാ. പുനമ്പൻ, പുരമ്പുകാരൻ, കൂലിക്കാരിൽപ്രമാണി
പുരമ്പ് നാ. പുനമ്പ് (ചൂരൽ), പിരമ്പ്
പുരയിടം നാ. 1. പറമ്പ്, തോട്ടം, വീടിരിക്കുന്ന പറമ്പ്; 2. പുരവയ്ക്കാനായി അതിരുതിരിച്ചെടുത്ത സ്ഥലം
പുരരക്ഷി നാ. പുരരക്ഷകൻ
പുരരിപു നാ. ശിവൻ
പുരല നാ. ദുർഗാഭഗവതി
പുരവാസി നാ. പൗരൻ (നഗരത്തിൽപാർക്കുന്നവൻ)
പുരവാസ്തുബലി നാ. പുരപണിതീർന്നു കയറിതാമസിക്കുന്നതിനുമുമ്പ് വാസ്തു എന്ന ദേവതയെ ഉദ്ദേശിച്ചുചെയ്യുന്ന പൂജ
പുരവാസ്തോലി നാ. പുരവാസ്തുബലി
പുരവി നാ. 1. കുതിര; 2. (ജ്യോ) അശ്വതി; 3. വയൽ; 4. രക്ഷണം; 5. ആനയെയും മറ്റും കെട്ടുന്നിടം; 6. ദാനം
പുരവ് നാ. കുളം മുതലായവയിൽനിന്നു വെള്ളം പായിച്ചു കൃഷിചെയ്യുന്ന വയൽ. (പ്ര) കുളപ്പുരവ്
പുരവൈരി നാ. ശിവൻ (പുരദ്വിട്ട്)
പുരശാസനൻ നാ. 1. ശിവൻ; 2. വിഷ്ണു
പുരശ്ചരണം നാ. 1. ആദ്യത്തെ ചടങ്ങ്, പ്രാരംഭക്രിയ; 2. ജപം, ഹോമം തുടങ്ങിയവ
പുരസ്കർത്തൃത്വം നാ. നായകത്വം, മേൽനോട്ടം
പുരസ്കരണം നാ. 1. മുന്നിൽവയ്ക്കൽ; 2. ബഹുമാനിക്കൽ, ആരാധിക്കൽ; 3. പൂർത്തിയാക്കൽ; 4. ഒരുക്കൽ; 5. പ്രത്യാശിക്കൽ; 6. അതിർക്കൽ
പുരസ്കരിക്കുക ക്രി. 1. മുമ്പിലാക്കുക, നേതൃസ്ഥാനത്താക്കുക; 2. പരിചയപ്പെടുത്തുക; 3. സത്കാരപൂർവം സ്വീകരിക്കുക, അങ്ഗീകരിക്കുക, വന്ദിക്കുക; 4. തളിക്കുക; 5. അഭിഷേകംചെയ്യുക; 6. ഒരുങ്ങുക; 7. പൂർത്തിയാക്കുക; 8. കുറ്റപ്പെടുത്തുക
പുരസ്കാരം നാ. പുരസ്കരണം
പുരസ്കൃത വി. പുരസ്കരിക്കപ്പെട്ട
പുരസ്കൃതി നാ. പുരസ്കരിക്കൽ
പുരസ്ക്രിയ നാ. പുരസ്കൃതി
പുരസ്താത് അവ്യ. 1. ആദ്യമേ; 2. പണ്ട്; 3. മുന്നിൽ; 4. കിഴക്ക്
പുരസ്സര വി. 1. മുമ്പിൽനടക്കുന്ന; 2. ശ്രേഷ്ഠതയുള്ള
പുരസ്സരൻ നാ. 1. പുരോഗാമി; 2. നേതാവ്
പുരസ്സരം അവ്യ. 1. മുന്നിട്ട്; 2. കൂടി. ഉദാഃ ഭക്തിപുരസ്സരം (ഭക്തിപൂർവം)
പുരസ്സരിക്കുക ക്രി. (സ്ഥാനത്തിലോ സമയത്തിലോ) മുമ്പിലാവുക

പുരസ്സ് അവ്യ. 1. മുമ്പിൽ, കിഴക്കുവശമായി; 2. കിഴക്കുനിന്ന്
പുരഃ അവ്യ. മുമ്പിൽ
പുരഃസ്ഥ വി. 1. മുമ്പിൽനിൽക്കുന്ന; 2. കിഴക്കുള്ള; 3. വീട്ടിലിരിക്കുന്ന; 4. നഗരവാസിയായ
പുരഃസ്ഥിത വി. പുരഃസ്ഥ
പുരഹരൻ നാ. ശിവൻ (ത്രിപുരന്മാരെ ഹനിച്ചവൻ)
പുരള നാ. ദുർഗാഭഗവതി
പുരളി1 നാ. 1. ഒരു മല; 2. കോട്ട; 3. വടക്കൻ കോട്ടയം; 4. കളരി. (പ്ര) പുരളിമല, പുരളീശൻ
പുരളി2 നാ. 1. വഴക്ക്; 2. ചതി; 3. പൊയ്, കള്ളം
പുരളീശൻ നാ. (വടക്കൻ) കോട്ടയത്തെ രാജാവ്
പുരളുക ക്രി. പിരളുക, കുഴമ്പുപോലുള്ള ദ്രാവകം പറ്റുക
പുരാ1 അവ്യ. പണ്ട്, കഴിഞ്ഞകാലത്ത്
പുരാ2 നാ. 1. മൂരാമാഞ്ചി; 2. കോട്ട; 3. കിഴക്കുദിക്ക്; 4. ഗങ്ഗ
പുരാകഥ നാ. 1. പഴങ്കഥ; 2. കെട്ടുകഥ
പുരാകല്പം നാ. 1. കഴിഞ്ഞകാലത്തെ കഥ; 2. കഴിഞ്ഞകാലം; 3. പൂർവസൃഷ്ടി
പുരാകൃത വി. മുമ്പുചെയ്തിട്ടുള്ള (മുൻ ജന്മത്തിൽചെയ്തിട്ടുള്ള)
പുരാജയം നാ. കളരിപ്പയറ്റിലെ പതിനെട്ടടവുകളിൽ ഒന്ന്
പുരാജിരം നാ. 1. സഭ; 2. അന്തഃപുരത്തിൻെറ അങ്കണം
പുരാണ1 വി. 1. വളരെ പഴയ; 2. വയസ്സായ
പുരാണ2 നാ. ശ്രീപാർവതി
പുരാണകർത്താവ് നാ. വ്യാസൻ
പുരാണകിട്ടം,-കീടം നാ. പഴയ ഇരുമ്പുകീടം
പുരാണൻ നാ. 1. ഈശ്വരൻ; 2. പണ്ടേയുള്ളവൻ; 3. വൃദ്ധൻ
പുരാണപുരുഷൻ നാ. 1. വിഷ്ണു; 2. വൃദ്ധൻ
പുരാണം നാ. 1. സർഗം പ്രതിസർഗം വംശം മന്വന്തരം വംശാനുചരിതം എന്നിവയഞ്ചും ഉൾപ്പെടുന്ന ഗ്രന്ഥം (ബ്രഹ്മാവിഷ്ണുമഹേശന്മാരുടെ അവതാരാദിലീലകൾ ഉൾപ്പെടുന്നതും വേദങ്ങളിലും ഉപനിഷത്തുകളിലും തന്ത്രങ്ങളിലുമുള്ള തത്ത്വങ്ങൾ വ്യാഖ്യാനിക്കുന്ന കഥകളോ കഥാഭാഗങ്ങളോ ഉള്ളവയും പ്രപഞ്ചരഹസ്യങ്ങളെയും ധർമനീതിയെയും സോദാഹരണം വിവരിക്കുന്നവയുമായ ഗ്രന്ഥങ്ങൾക്ക് പൊതുവെ പറയുന്ന പേര്. പുരാണങ്ങൾ അനേകം ഉള്ളവയിൽ പ്രധാനപ്പെട്ടവ പതിനെട്ട്); 2. ഒരു നാണയം 80 കവടി മൂല്യമുള്ളത്; 3. പണ്ടത്തേത്, വളരെ പഴയത്; 4. പുരാവൃത്തം, പഴങ്കഥ
പുരാണവൈരാഗ്യം നാ. ഒരുതരം വൈരാഗ്യം, ലൗകിക സുഖങ്ങളുടെ കാര്യത്തിൽ തോന്നുന്ന ചെടിപ്പ് (പുരാണം വായിക്കുകയോ കേൾക്കുകയോ ചെയ്യുമ്പോൾ മാത്രമുണ്ടാകുന്നത്)
പുരാതന1 വി. 1. പഴയ, പണ്ടേയുള്ള; 2. നശിക്കാറായ
പുരാതന2 നാ. പുരാതനകഥ
പുരാധ്യക്ഷൻ നാ. പുരാധിപൻ
പുരാധിപൻ നാ. നഗരാധിപതി
പുരാൻ നാ. = പിരാൻ

പുരാന്തകൻ നാ. ശിവൻ
പുരായോനി നാ. ശിവൻ
പുരാരാതി നാ. ശിവൻ
പുരാരാത്രി നാ. തലേന്നു രാത്രി
പുരാരി നാ. പുരാരാതി
പുരാവശേഷം നാ. പ്രാചീനാവശിഷ്ടം
പുരാവസു നാ. ഭീഷ്മർ
പുരാവിത്ത് വി. മുൻകാലത്തെപ്പറ്റി അറിവുള്ള
പുരാവൃത്തം നാ. 1. പണ്ടുകഴിഞ്ഞത്; 2. പണ്ടുനടന്ന കഥകൾ പറയുന്ന ഗ്രന്ഥം
പുരി1 നാ. 1. രാജധാനി; 2. നഗരം; 3. കോട്ട; 4. ഭവനം; 5. ശരീരം; 6. രാജാവ്; 7. നദി
പുരി2 വി. ചുരുണ്ട. നാ. ചുരുൾ
പുരികം നാ. കൺപോളകൾക്ക് മുകളിൽ നെറ്റിയുടെ താഴെയുള്ള രോമസമൂഹം. (പ്ര) പുരികം ഉയർത്തുക = വിദ്വേഷം കാട്ടുക. കണ്ണിൽകൊള്ളേണ്ടതു പുരികത്തായി (പഴ)
പുരികക്കൊടി നാ. ഭങ്ഗിയുള്ള പുരികം
പുരികുഴൽ നാ. 1. അറ്റംചുരുണ്ട തലമുടി; 2. ഇരുവേലി
പുരികുഴലാൾ നാ. സുന്ദരി
പുരികുഴലി നാ. പുരികുഴലാൾ
പുരികൂന്തൽ നാ. ചുരുണ്ടതലമുടി
പുരിചങ്ക് നാ. പിരിശങ്ഖ്
പുരീമുഖം നാ. ഗോപുരം
പുരീഷണം നാ. 1. മലശോധന; 2. മലം
പുരീഷം നാ. 1. വയറ്റിൽനിന്നൊഴിയുന്ന മലം; 2. അഴുക്ക്
പുരീഷാധാനം നാ. ഗുദം
പുരീഷിത വി. മലവിസർജനം ചെയ്ത
പുരീഷോത്സർഗം നാ. മലശോധന
പുരു1 വി. 1. വളരെയുള്ള, പെരുകിയ; 2. പഴയ
പുരു2 നാ. 1. (പുരാണ) ഒരു സോമവംശരാജാവ്; 2. സ്വർഗം; 3. പൂമ്പൊടി; 4. (പുരാണ) ഒരു രാക്ഷസൻ (ഇന്ദ്രനാൽ നിഗ്രഹിക്കപ്പെട്ടു); 5. (പുരാണ) മനുവിൻെറ ഒരു പുത്രൻ
പുരുജിത്ത് നാ. 1. വിഷ്ണു; 2. കുന്തിഭോജൻ; 3. കുന്തിഭോജൻെറ സഹോദരൻ
പുരുട്ടാശി നാ. കന്നിമാസം
പുരുരാഗം നാ. 1. നല്ല ചെമപ്പുനിറം; 2. ദൃഢാനുരാഗം
പുരുവം നാ. = പുരികം
പുരുഷകാരം നാ. 1. പൗരുഷം; 2. മനുഷ്യപ്രയത്നം
പുരുഷകേസരി നാ. 1. (നരസിംഹാവതാരത്തിൽ) വിഷ്ണു; 2. പുരുഷശ്രേഷ്ഠൻ
പുരുഷത നാ. ആണത്തം, പൗരുഷം

പുരുഷത്വം നാ. = പുരുഷത
പുരുഷദഘ്ന വി. ഒരാൾ ഉയരമുള്ള
പുരുഷദ്വയസ്സ് വി. ഒരാൾ ഉയരമുള്ള
പുരുഷദ്വേഷം നാ. 1. പ്രത്യേക പുരുഷനോടുള്ള വെറുപ്പ്; 2. സ്ത്രീക്ക് പുരുഷനോടുള്ള പൊതുവേയുള്ള വെറുപ്പ്
പുരുഷദ്വേഷിണി നാ. 1. ഭർത്താവിനെ വെറുക്കുന്നവൾ; 2. പുരുഷന്മാരെ വെറുക്കുന്നവൾ
പുരുഷൻ നാ. 1. ആണ്; 2. മനുഷ്യൻ, പ്രായപൂർത്തിവന്നവൻ, ആണത്തമുള്ളവൻ; 3. വിഷ്ണു; 4. ആത്മാവ്; 5. ബ്രഹ്മാവ്; 6. സ്നേഹിതൻ; 7. സാങ്ഖ്യമതക്കാരൻ; 8. ഭർത്താവ്; 9. പഞ്ചാബിൻെറ ഒരുഭാഗം ഭരിച്ചിരുന്ന ധീരനായ ഒരു രാജാവ്; 10. (വ്യാക) ഉത്തമപുരുഷൻ മധ്യമപുരുഷൻ പ്രഥമപുരുഷൻ (ഞാൻ, നീ, അവൻ ഇവയെകുറിക്കുന്നു). സർവനാമങ്ങളെ പൊതുവെ കുറിക്കുന്ന സാങ്കേതിക പദം
പുരുഷപ്രമാണം നാ. ഒരാളിൻെറ നീളം വരുന്ന അളവ്, നാലുമുഴം നീളം
പുരുഷം നാ. 1. മഹാമേരു; 2. പാൽക്കുരുമ്പ; 3. പുന്ന; 4. ഒരാൾപൊക്കം; 5. കണ്മണി; 6. ശിവൻെറ ഒരു മുഖം
പുരുഷമേധം നാ. നരമേധം
പുരുഷമൈഥുനം നാ. പ്രകൃതിവിരുദ്ധമായ മൈഥുനം
പുരുഷർഷഭൻ നാ. ശ്രേഷ്ഠപുരുഷൻ
പുരുഷവാക്ക് നാ. 1. തത്ത; 2. മൈന
പുരുഷവാഹനൻ നാ. 1. ഗരുഡൻ; 2. കുബേരൻ
പുരുഷവാഹനം നാ. പല്ലക്ക്, മനോവ്
പുരുഷവ്യാഘ്രൻ നാ. പുരുഷശ്രേഷ്ഠൻ
പുരുഷശാർദൂലൻ നാ. പുരുഷവ്യാഘ്രൻ
പുരുഷസുക്തം നാ. ഋഗ്വേദത്തിലെ പത്താം മണ്ഡലത്തിലെ തൊണ്ണൂറാം സൂക്തം പ്രപഞ്ചനിയാമകമായ പരമചൈതന്യത്തെ വാഴ്ത്തുന്നത്
പുരുഷാകാരം നാ. ആണിൻെറ ആകൃതി, മനുഷ്യൻെറ രൂപം
പുരുഷാങ്ഗം നാ. പുരുഷലിങ്ഗം
പുരുഷാദൻ നാ. മനുഷ്യമാംസം തിന്നുന്നവൻ (രാക്ഷസൻ)
പുരുഷാദ്യൻ നാ. 1. വിഷ്ണു; 2. അസുരൻ
പുരുഷാന്തരം നാ. 1. നൂറുവർഷം (മനുഷ്യൻെറ ജീവിതകാലം); 2. ഒരു തലമുറ, അടുത്തതലമുറ
പുരുഷായിതം നാ. 1. പുരുഷനെപ്പോലെ പ്രവർത്തിക്കൽ; 2. (കാമ) രതിവിശേഷം
പുരുഷായുസ്സ് നാ. 120 സംവത്സരം (മനുഷ്യൻെറ ജീവിതകാലം 100 സംവത്സരം എന്ന് മതഭേദം)
പുരുഷാർഥം നാ. 1. ജീവിതോദ്ദേശ്യം (ധർമം, അർഥം, കാമം, മോക്ഷം എന്നിവ നാലും); 2. പൗരുഷം
പുരുഷാർഥസാധനങ്ങൾ നാ. (ബ.വ.) കർമം ഭക്തി ജ്ഞാനം എന്നീ മൂന്നുകാര്യങ്ങൾ
പുരുഷാരം നാ. ആൾക്കൂട്ടം
പുരുഷോത്തമൻ നാ. 1. പുരുഷന്മാരിൽ ശ്രേഷ്ഠൻ; 2. വിഷ്ണു

പുരുഹുതൻ നാ. ഇന്ദ്രൻ
പുരൂരവസ്സ് നാ. (പുരാണ) സോമവംശരാജാക്കന്മാരിൽ ഒന്നാമൻ (ബുധന് ഇളയിൽ ജനിച്ച പുത്രൻ)
പുരൂരവാവ് നാ. = പുരൂരവസ്സ്
പുരൈവ അവ്യ. പണ്ടേതന്നെ
പുരോഗ വി. 1. മുമ്പേപോകുന്ന; 2. ശ്രേഷ്ഠതയുള്ള; 3. പ്രധാനമായ
പുരോഗത അവ്യ. 1. മുമ്പേപോയ; 2. മുമ്പിൽ നിൽക്കുന്ന
പുരോഗതി നാ. 1. അഭിവൃദ്ധി (മുന്നോട്ടുള്ള യാത്ര); 2. നായകത്വം
പുരോഗന്താവ് നാ. 1. നേതാവ്; 2. നായ്
പുരോഗം നാ. നായ് (മുമ്പേ ഗമിക്കുന്നത്)
പുരോഗമനസാഹിത്യം നാ. മനുഷ്യൻെറ പുരോഗതിക്ക് സഹായകമാകണമെന്ന ഉദ്ദേശ്യത്തോടെ രചിക്കപ്പെടുന്ന സാഹിത്യം (ഇടക്കാലത്ത് ഈ പേരിൽ ഒരു സാഹിത്യപ്രസ്ഥാനം കേരളത്തിൽ ഉണ്ടായി. മുൻതലമുറയിലെ പ്രസിദ്ധരായ പല എഴുത്തുകാരും അതിൻെറ വക്താക്കളായിരുന്നു)
1077
പുരോഗാമി നാ. 1. നേതാവ് (മുമ്പെസഞ്ചരിക്കുന്നവൻ); 2. നായ്
പുരോചനൻ നാ. (പുരാണ) ദുര്യോധനൻെറ ഒരു രഹസ്യ ദൂതൻ
പുരോജന്മാവ് നാ. മുമ്പേജനിച്ചവൻ
പുരോടി നാ. 1. നദിയിലെ ഒഴുക്ക്; 2. ഇലകളുടെ കിലകില ശബ്ദം
പുരോഡാശം നാ. 1. ഹോമദ്രവ്യം, ഹവിർവിശേഷം, ആദിയിൽ ദാനം ചെയ്യപ്പെടുന്നത് (അരി, എള്ള് ഉഴുന്ന്, പഞ്ചസാര, മധു, നെയ് ഇത്രയും ചേർന്നത്); 2. ഹോമശേഷം; 3. ജുഹു; 4. മന്ത്രവിശേഷം
പുരോദ്യാനം നാ. നഗരത്തിലെ ഉദ്യാനം
പുരോധസ്സ് നാ. പുരോഹിതൻ (മുമ്പിൽ നടന്നു പ്രവർത്തിക്കുന്നവൻ, കർമങ്ങൾ ചെയ്യിക്കുന്ന ആചാര്യൻ)
പുരോധാനം നാ. മുമ്പിൽവയ്ക്കൽ
പുരോധിക നാ. ഇഷ്ടപത്നി
പുരോഭാഗം നാ. 1. മുൻഭാഗം; 2. കുറ്റം കണ്ടുപിടിക്കൽ; 3. അസൂയ
പുരോഭാഗി നാ. 1. ദോഷം മാത്രം കാണുന്നവൻ; 2. താന്തോന്നി; 3. അസൂയക്കാരൻ. (സ്ത്രീ) പുരോഭാഗിനി
പുരോഭുവി അവ്യ. മുമ്പാകെ
പുരോവർത്തി നാ. മുന്നണിയിൽ നിൽക്കുന്നവൻ (സ്ത്രീ) പുരോവർത്തിനി
പുരോവാദം നാ. ഒരു കാര്യം ആദ്യമായി പറയുക എന്നത്
പുരോഹിത വി. 1. മുന്നിൽ വയ്ക്കപ്പെട്ട; 2. നിയോഗിക്കപ്പെട്ട
പുരോഹിതൻ നാ. മുമ്പിൽനിന്നു പ്രവർത്തിക്കുന്നവൻ, യാഗാദികർമങ്ങൾക്കു നേതൃത്വം നൽകുന്നവൻ
പുൽകുക ക്രി. 1. ആലിങ്ഗനം ചെയ്യുക (കെട്ടിപ്പിടിക്കുക); 2. സങ്ഗംചെയ്യുക
പുൽക്കുങ്കുമം നാ. ഒരു വൃക്ഷം, തൃണകുങ്കുമം
പുൽക്കൂട് നാ. തൊഴുത്ത്, പുല്ലുവട്ടി
പുൽക്കെട്ട് നാ. കെട്ടിയ പുല്ല്

പുൽക്കൊടി നാ. ഒറ്റപ്പുല്ല്
പുൽച്ചെറ്റ നാ. പർണശാല
പുൽത്തകിടി നാ. പുല്ല് ഇടതൂർന്നു നിൽക്കുന്ന സ്ഥലം
പുൽത്തൈലം നാ. ഒരുതരം തൈലം (ഇഞ്ചിപ്പുല്ലിൽ നിന്നെടുക്കുന്നത്)
പുൽപ്പണ്ടം നാ. 1. പശുവിൻെറയും മറ്റും ആമാശയം; 2. കന്നുകാലി
പുൽപ്പായ നാ. പുല്ലുകൊണ്ടു നിർമിച്ച പായ്
പുൽപ്പിഞ്ഞ നാ. കുറ്റക്കാരെ നാടുകടത്തുന്നിടം
പുൽപ്പ് നാ. 1. പുളിനം; 2. ആറ്റിലെ തുരുത്ത്
പുൽപ്പുറം നാ. 1. പുൽത്തകിടി; 2. മേച്ചിൽസ്ഥലം
പുൽപ്പോത്ത് നാ. 1. ഒരു ജാതി പക്ഷി; 2. ഒരു ചെറിയ പ്രാണി, പച്ചപ്പശു, ഒരിനം വിട്ടിൽ
പുല1 നാ. വിസ്താരമുള്ള, വലിയ
പുല2 നാ. ഒരാൾ മരിക്കുന്നതുമൂലം ബന്ധുജനങ്ങൾക്കു കുറെ ദിവസത്തേക്കു കാണുമെന്നു കരുതപ്പെടുന്ന അശുദ്ധി. (പ്ര) പുലബന്ധം = (മരിച്ചാൽ) പുലയാചരിക്കാൻ കടപ്പാടുള്ള ബന്ധം
പുല3 വി. പുലയജാതിയെ സംബന്ധിച്ച. പുലപ്പേടി = ചില പ്രത്യേകദിവസങ്ങളിൽ വീടിനുപുറത്തിറങ്ങി നടക്കുമ്പോൾ പുലയർ ചെറിയ കല്ലെറിഞ്ഞു കൊള്ളിച്ചാൽ ഉയർന്നജാതി സ്ത്രീകൾക്കു ഭ്രഷ്ടുണ്ടാകുന്ന പഴയ ആചാരം
പുലക നാ. ചെറിയ എറുമ്പ്
പുലകം നാ. പുളകം
പുലകാങ്ഗം നാ. വരുണപാശം
പുലകാലയൻ നാ. കുബേരൻ
പുലക്കുഴിയൻ നാ. പുലക്കിടാത്തൻ
പുലച്ചി നാ. പുലയസ്ത്രീ
പുലപ്പതി നാ. പുലയരുടെ ശ്മശാനം
പുലഭ്യം നാ. വഷളത്തം, ചീത്ത
പുലം നാ. 1. കന്നുകാലികളെ തീറ്റുന്ന സ്ഥലം; 2. വയൽ; 3. ഇന്ദ്രിയം; 4. ഇന്ദ്രിയജ്ഞാനം
പുലമുറ നാ. യജമാനൻ മരിച്ചാൽ അടിമപ്പുലയർ നടത്തുന്ന ഒപ്പാര്
പുലമ്പൽ [<പുലമ്പുക] നാമരൂപം
പുലമ്പുക ക്രി. 1. വിഷാദത്തോടെ കരയുകയും പറയുകയും ചെയ്യുക, വിലപിക്കുക, അർഥമില്ലാതെ വല്ലതും പറയുക, വേഗത്തിൽ സംസാരിക്കുക, ശബ്ദിക്കുക; 2. വാടുക; 3. തനിച്ചാവുക; 4. വെറുക്കുക; 5. കൊള്ളുക; 6. വഹിക്കുക; 7. പറ്റുക; 8. വിളങ്ങുക
പുലയടിയാൻ നാ. പുലയൻ
പുലയൻ നാ. ഒരു ജാതി, കേരളത്തിലെ ആദിവാസികളിൽ ഒരു വർഗം (പാടത്തു (പുലത്തിൽ) പണിയെടുക്കുന്നവൻ)
പുലയാടി നാ. വ്യഭിചാരിണി
പുലയാടുക ക്രി. വ്യഭിചരിക്കുക
പുലയാട്ട് നാ. 1. വ്യഭിചാരം, വിഷയലമ്പടത്വം; 2. (അസഭ്യവാക്കുകൾ ഉപയോഗിച്ചുള്ള) ശകാരം

പുലർച്ച നാ. 1. പ്രഭാതം, നേരംവെളുക്കൽ; 2. ഉപജീവനം; 3. അഭിവൃദ്ധി
പുലർച്ചക്കോഴി നാ. രാവിലെ കൂകുന്ന കോഴി
പുലർത്തൽ നാ. 1. സമ്രക്ഷിക്കൽ, പോറ്റൽ; 2. വളർത്തൽ
പുലർത്തുക ക്രി. 1. പോറ്റുക (ഭക്ഷണവും മറ്റും കൊടുത്തു സരക്ഷിക്കുക); 2. വർധിപ്പിക്കുക
പുലര് [പുലരുക] ധാതുരൂപം
പുലരി നാ. 1. പ്രഭാതം; 2. സൂര്യൻ (പ്ര) പുലരി പുകഴുക = പ്രഭാതകീർത്തനം ചെയ്യുക. പുലരിവനിത = ഉഷസ്സ്
പുലരുക ക്രി. 1. നേരംവെളുക്കുക, പ്രഭാതമാകുക, തെളിയുക; 2. ഉപജീവിക്കുക; 3. അഭിവൃദ്ധിപ്രാപിക്കുക
പുലരെ അവ്യ. 1. പുലരുന്നതുവരെ; 2. കാലത്തേ, പ്രഭാതത്തിൽ
പുലവൻ നാ. 1. വിദ്വാൻ; 2. കവി; 3. സന്ന്യാസി
പുലവ് നാ. 1. വെറുപ്പ്; 2. ദുഃഖം; 3. പ്രണയകോപം; 4. നാറ്റം
പുലവുക ക്രി. 1. വെറുക്കുക; 2. ദുഃഖിക്കുക
പുലസ്തി നാ. പുലസ്ത്യൻ
പുലസ്ത്യൻ നാ. (പുരാണ) ഒരു മഹർഷി (രാക്ഷസന്മാരുടെ പൂർവികൻ, വിശ്രവസ്സിൻെറ പിതാവ്)
പുലഹൻ നാ. 1. ഒരു മഹർഷി (ബ്രഹ്മാവിൻെറ മാനസപുത്രന്മാരിൽപ്പെട്ട ആൾ); 2. കട്ടച്ചോറ്, ചോറ്റിൻമണി (വറ്റ്); 3. കഞ്ഞിത്തെളി; 4. ചുരുങ്ങൽ, കാർശ്യം; 5. ചുറുക്ക്
പുലാകി നാ. വൃക്ഷം
പുലായിതം നാ. കുതിരച്ചാട്ടം, പ്ലൂതം
പുലാവ് നാ. അരിയും പച്ചക്കറികളും മാംസവും മസാലയും മറ്റും ചേർത്തു പാകപ്പെടുത്തുന്ന ഒരു ഭക്ഷ്യവസ്തു
പുലി നാ. 1. പൂച്ചയുടെ വർഗത്തിൽപ്പെട്ട ഒരു വന്യ മൃഗം. (കടുവായെ കുറിക്കാനും പുലി എന്ന പദം പ്രാദേശികമായി ഉപയോഗിക്കാറുണ്ട്); 2. ധീരൻ. (പ്ര) പുലിവാലുപിടുക്കുക = ചെയ്യുന്ന കാര്യത്തിനു അനിയന്ത്രിതമായ അപകടസാധ്യത വന്നുചേരുക.
പുലിക്കളി നാ. പുലിയുടെയോ കടുവയുടെയോ വേഷംകെട്ടി നടത്തുന്ന ഒരു കളി, കടുവാ കളി
പുലിച്ചുവടി നാ. ഒരു പച്ചമരുന്ന് (സുഗന്ധമുള്ളത്)
പുലിപ്പാൽ നാ. 1. പുലിയുടെ പാല്; 2. വൈഷമ്യമുള്ള കാര്യം (സാധിക്കാൻ ബുദ്ധിമുട്ടുള്ള കാര്യം)
പുലിമുഖം നാ. 1. ഒരുതരം മുട്ട് (ആറ്റുവക്കും മറ്റും ഇടിഞ്ഞു പോകാതിരിക്കാനായി കെട്ടുന്നത്); 2. കോട്ടയുടെ പ്രവേശനദ്വാരം, പുലിമുഖത്തിൻെറ ആകൃതിയുള്ള പണിത്തരത്തോടുകൂടിയത്
പുലിയങ്കം നാ. 1. അഭ്യാസികൾ പുലിയുമായി നടത്തുന്ന യുദ്ധം; 2. ഒരു യുദ്ധമുറ (പുലിയുടെ ചലനങ്ങളെ അനുകരിക്കുന്നത്)
പുലിയന്മോതിരം നാ. ഒരു കണ്ഠാഭരണം, പുലിനഖത്തിൻെറ ആകൃതിയിലുള്ള നടുക്കണ്ണിയുള്ളത്

പുലിരികം നാ. പാമ്പ്
പുലോമജ നാ. ഇന്ദ്രാണി, ശചി
പുലോമജിത്ത് നാ. ഇന്ദ്രൻ
പുലോമൻ നാ. ഇന്ദ്രാണിയുടെ പിതാവ്
പുലോമഭിത്ത് നാ. ഇന്ദ്രൻ
പുല്ല നാ. 1. കന്നുകാലിക്കുള്ള ഒരു തരം മഞ്ഞനിറം, മങ്ങിയ നിറം, ആനിറമുള്ള കാലി. ഉദാഃ ചന്ദനപ്പുല്ല, താമരപ്പുല്ല; 2. വെളുപ്പ്
പുല്ലങ്കടി നാ. ഒരിനം നേത്രരോഗം
പുല്ലച്ചൻ നാ. 1. നീചൻ, നിസ്സാരൻ; 2. ഒരു താണജാതി
പുല്ലട നാ. ഒരു പലഹാരം (പഞ്ഞപ്പുല്ലുകൊണ്ടുണ്ടാക്കിയ അട)
പുല്ലട്ടം നാ. മേൽപ്പുരയ്ക്കുതാഴെ ഉണക്കപ്പുല്ലു ശേഖരിക്കുന്ന സ്ഥലം
പുല്ലൻ നാ. 1. തുച്ഛൻ, ചപ്പൻ, നിസ്സാരൻ, കൊള്ളരുതാത്തവൻ; 2. ഒരിനം മത്സ്യം; 3. പുല്ലങ്കടി; 4. ഒരുതരം വിഷപ്പാമ്പ്
പുല്ലം1 നാ. ശകാരം; 2. കാള; 3. (ജ്യോ) ഇടവം രാശി
പുല്ലം2 നാ. പുഷ്പം
പുല്ലാക്ക് നാ. ഒരു ആഭരണം (മൂക്കിൽ രണ്ടുദ്വാരത്തിനും മധ്യേ തൊടുത്തിടുന്നത്)
പുല്ലാങ്കുഴൽ നാ. ഒരു വാദ്യം, ഓടക്കുഴൽ
പുല്ലാഞ്ഞി നാ. ഒരു കാട്ടുവള്ളിച്ചെടി
പുല്ലാഞ്ഞിമൂർഖൻ നാ. ഒരിനം വിഷപ്പാമ്പ് (പുല്ലാഞ്ഞിക്കാടുകളിൽ കാണുന്നത്)
പുല്ലിങ്ഗം നാ. 1. പുരുഷൻെറ അടയാളം; 2. ലിങ്ഗങ്ങൾ മൂന്നുള്ളതിൽ ഒന്ന് (വിശേഷബുദ്ധിയുള്ളവരിൽ പുരുഷജാതിയെ കുറിക്കുന്ന ശബ്ദം) ഉദാഃ സമർഥൻ, ബുദ്ധിമാൻ
പുല്ല് നാ. 1. അരി ഗോതമ്പ് എന്നിവപോലെ ധാന്യവർഗത്തിൽപ്പെട്ട സസ്യങ്ങളെ പൊതുവെ കുറിക്കുന്ന പദം; 2. നിസ്സാരവസ്തു; 3. നാദസ്വരം കുറുങ്കുഴൽ മുതലായവയുടെ അറ്റത്തു ഊതാനായി ഘടിപ്പിക്കുന്ന ഉപകരണം
പുവ്വൽ നാ. പിഞ്ച് (വളരെ ചെറിയ കായ്)
പുഷിത വി. പോഷിത (പോഷിപ്പിക്കപ്പെട്ട)
പുഷ്കം നാ. പുഷ്ടി, പോഷിപ്പിക്കുന്നത്
പുഷ്കരകാന്തൻ നാ. സൂര്യൻ
പുഷ്കരദ്വീപ് നാ. (പുരാണ) സപ്തദ്വീപങ്ങളിലൊന്ന് (ശുദ്ധജലത്താൽ ചുറ്റപ്പെട്ടത്)
പുഷ്കരൻ നാ. 1. സൂര്യൻ; 2. (പുരാണ) വരുണൻെറ പുത്രൻ; 3. കൃഷ്ണൻ, വിഷ്ണു; 4. ശിവൻ; 5. (പുരാണ) ഒരു ഗാന്ധാരരാജാവ് (ഭരതൻെറ പുത്രൻ); 6. (പുരാണ) നളൻെറ ഒരു സഹോദരൻ
പുഷ്കരപുത്രി നാ. ലക്ഷ്മി
പുഷ്കരം നാ. 1. താമര (നീലത്താമര); 2. ആകാശം; 3. വെള്ളം; 4. ഒരു പ്രളയമേഘം (ക്ഷാമസൂചകം); 5. സപ്തദ്വീപങ്ങളിൽ ഒന്ന്; 6. പുഷ്കരമൂലം; 7. തുമ്പിക്കൈയുടെ പുച്ഛം; 8. (വാദ്യത്തിൽ) കൊട്ടുന്ന ഭാഗം; 9. വാളിൻെറ പരന്ന ഭാഗം;

10. അമ്പ്; 11. കൂട്; 12. വാളുറ; 13. വണ്ടാരക്കോഴി; 14. (പുരാണ) ഒരു തീർഥം; 15. പൊയ്ക; 16. കൊട്ടം; 17. ഒരുജാതിപാമ്പ്; 18. യുദ്ധം; 19. ഭേരി; 20. (ജ്യോ) ഗ്രഹങ്ങളുടെ ഒരു അശുഭയോഗം; 21. മദ്യലഹരി; 22. നൃത്തകല; 23. കരണ്ടി; 24. സമൃദ്ധി (പ്ര) പുഷ്കരകാലം = പ്രതാപകാലം, സമൃദ്ധിയുടെകാലം

പുഷ്കരമൂലം നാ. ഒരു പച്ചമരുന്ന് (ഒരുതരം കൊട്ടം)

പുഷ്കരവ്യാഘ്രം നാ. മുതല

പുഷ്കരസ്ഥപതി നാ. ശിവൻ

പുഷ്കരാഖ്യം നാ. വണ്ടാരക്കോഴി (താമരപ്പൂവിൻെറ പേരുള്ളത്)

പുഷ്കരാവർത്തകം നാ. സപ്തമേഘങ്ങളിലൊന്ന് (ഇതു ക്ഷാമകാലത്തെ സൂചിപ്പിക്കുന്നു)

പുഷ്കരി നാ. ആന

പുഷ്കരിണി നാ. 1. താമരപ്പൊയ്ക; 2. തീർഥക്കുളം; 3. ഓരിലത്താമര; 4. പിടിയാന

പുഷ്കരോദ്ഭവൻ നാ. ബ്രഹ്മാവ്

പുഷ്കല നാ. 1. പ്രധാനമായ; 2. പൂർണമായ; 3. വളരെയുള്ള; 4. മനോഹരമായ; 5. ഏറ്റവും ശോഭനമായിട്ടുള്ള; 6. ഐശ്വര്യമുള്ള; 7. മുഴങ്ങുന്ന; 8. ഉത്തമമായ; 9. തടിച്ച

പുഷ്കലകൻ നാ. ബുദ്ധസന്ന്യാസി

പുഷ്കലകം നാ. 1. ആപ്പ്; 2. താഴ്; 3. കസ്തൂരിമൃഗം

പുഷ്കലൻ നാ. 1. ശിവൻ; 2. (പുരാണ) ഭരതൻെറ ഒരു പുത്രൻ (ശ്രീരാമൻെറ യാഗാശ്വത്തെ രക്ഷിക്കാൻ ശത്രുഘ്നനെ അനുഗമിച്ചിരുന്നു); 3. മേരുപർവതം

പുഷ്കലം നാ. 1. നവമേഘങ്ങളിലൊന്ന്, പുഷ്കരം (പ്രളയകാലത്തെ ഒരു മേഘം); 2. ഒരു വാദ്യം; 3. മഹാമേരു; 4. ഒരു അളവ് (64 പിടി)

പുഷ്കലാവർത്തകം നാ. ഒരു പ്രളയമേഘം, പുഷ്കരാവർത്തകം

പുഷ്കലോഡു നാ. പൂർണനക്ഷത്രം

പുഷ്ട വി. പോഷിപ്പിക്കപ്പെട്ട

പുഷ്ടൻ നാ. 1. പുഷ്ടിയെ പ്രാപിച്ചവൻ; 2. വിഷ്ണു

പുഷ്ടം നാ. പോഷിപ്പിക്കപ്പെട്ടത്, വളർത്തപ്പെട്ടത്

പുഷ്ടമോദം അവ്യ. ഏറെ മോദത്തോടുകൂടി

പുഷ്ടി നാ. 1. പോഷണം, കരേറ്റം, വൃദ്ധി; 2. വണ്ണം; 3ശക്തി; 4. സമ്പത്ത്; 5. അമുക്കുരം; 6. പതിനാറു മാതൃക്കളിൽ ഒരുവൾ

പുഷ്ടിക നാ. 1. കാക്ക; 2. ഞമഞ്ഞി

പുഷ്ടികര വി. പുഷ്ടിയുണ്ടാക്കുന്ന

പുഷ്ടികാന്തൻ നാ. ഗണപതി

പുഷ്ടിദ വി. പുഷ്ടി നൽക്കുന്ന, ക്ഷേമം നൽക്കുന്ന

പുഷ്ടിവർധനം നാ. 1. പുഷ്ടിയെ വർധിപ്പിക്കുന്നത്; 2. പൂവൻകോഴി

പുഷ്ടീകരിക്കുക ക്രി. പുഷ്ടിപ്പെടുത്തുക

1079

പുഷ്പ നാ. ചമ്പാനഗരം

പുഷ്പകൻ നാ. അമ്പലവാസികളിൽ ഒരു വർഗം (പൂമാലകെട്ടുന്നവൻ)

പുഷ്പകം നാ. 1. (പുരാണ) വൈശ്രവണൻെറ വിമാനം; 2. പുഷ്പം; 3. രത്നവലയം, വള; 4. പച്ചളക്ലാവ്; 5. ഒരു നേത്രരോഗം; 6. കുസുമാഞ്ജനം; 7. രസാഞ്ജനം; 8. പുഷ്പകാസിസം; 9. വെള്ളോട്; 10. ഇരുമ്പുകിണ്ണം; 11. കാരീയം; 12. പുഷ്പകൻെറ ഭവനം (പുഷ്പകത്ത്)

പുഷ്പകലിക നാ. പൂമൊട്ട്

പുഷ്പകാലം നാ. 1. വസന്തം; 2. തീണ്ടാരി

പുഷ്പകാസീസം നാ. ഒരു ഉപരസദ്രവ്യം, ഇരുമ്പും ഗന്ധകവും ചേർന്ന ഒരു രാസയോഗം

പുഷ്പകീടം നാ. വണ്ട്

പുഷ്പകേതനൻ നാ. കാമദേവൻ (പുഷ്പകേതു)

പുഷ്പകേതു നാ. 1. കാമദേവൻ; 2. കുസുമാഞ്ജനം (പിളച്ച ഉലയിൽവച്ചൂതുമ്പോൾ ലഭിക്കുന്ന കിട്ടം)

പുഷ്പഘാതകം നാ. മുള

പുഷ്പചയം നാ. 1. പൂവിറുക്കൽ; 2. പൂക്കൂട്ടം

പുഷ്പപാചൻ നാ. കാമദേവൻ

പുഷ്പജം നാ. പനിനീർ (പുഷ്പരസം)

പുഷ്പദണ്ഡം നാ. കാളാമുണ്ടം, വാഴക്കൂമ്പിൻ തടി

പുഷ്പദന്തൻ നാ. 1. വായുകോണിലെ ആന (ഭങ്ഗിയുള്ള കൊമ്പുകളുള്ളത്); 2. സൂര്യൻ; 3. ചന്ദ്രൻ; 4. ശിവൻെറ ഒരു പാർഷദൻ

പുഷ്പദ്രവം നാ. പനിനീർ

പുഷ്പധനുസ്സ് നാ. കാമദേവൻ

പുഷ്പധ്വജൻ നാ. കാമദേവൻ

പുഷ്പനിര്യാസകം നാ. പൂന്തേൻ

പുഷ്പന്ധയൻ നാ. വണ്ടത്താൻ

പുഷ്പപഥം നാ. ഉപസ്ഥം (യോനി)

പുഷ്പപുടം നാ. 1. പുഷ്പകോശം; 2. ഒരു കൈമുദ്ര

പുഷ്പപുരം നാ. പാടലീപുത്രം

പുഷ്പഫല നാ. വിളാർമരം

പുഷ്പഫലം നാ. 1. പ്ലാവ്; 2. വലിയ കുമ്പളങ്ങ; 3. വിളാർമരം

പുഷ്പബാണൻ നാ. കാമദേവൻ

പുഷ്പഭവം നാ. പൂന്തേൻ

പുഷ്പം നാ. 1. പൂവ്; 2. ആർത്തവരക്തം, രജസ്സ്; 3. വിടർച്ച; 4. തൂണിയാങ്കം; 5. ഒരു നേത്രരോഗം (കണ്ണിൽപ്പൂവ്); 6. പുഷ്യരാഗം; 7. പുഷ്പകവിമാനം; 8. അനുരാഗം; 9. ശ്വാസകോശം; 10. ഒരു വലിയ സങ്ഖ്യ (10,00,000 ലക്ഷം)

പുഷ്പമഞ്ജരിക നാ. നീലത്താമര

പുഷ്പമഞ്ജൂഷ നാ. പുഷ്പം വയ്ക്കുന്ന പാത്രം, പൂപ്പാലിക

പുഷ്പമാല്യം നാ. പൂമാല

പുഷ്പമാസം നാ. ചൈത്രമാസം, വസന്തം

പുഷ്പരജസ്സ് നാ. 1. കുങ്കുമം; 2. പൂമ്പൊടി

പുഷ്പരഥം നാ. ഒരുതരം ക്രീഡാരഥം, തേർ (പുഷ്പംപോലെ സുകുമാരമായ രഥമെന്നും പൂക്കൾകൊണ്ട് അലങ്കരിച്ച രഥമെന്നും)

| | | |
|---|---|---|
| പുഷ്പരസം | നാ. | 1. പൂന്തേൻ; 2. പനിനീർ |
| പുഷ്പരാഗം | നാ. | പുഷ്യരാഗം |
| പുഷ്പരേണു | നാ. | പൂമ്പൊടി |
| പുഷ്പലകം | നാ. | 1. പുഷ്യലകം; 2. ആപ്പ്; 3. കുറ്റി; 4. മൊട്ടുസൂചി, സൂചി |
| പുഷ്പലാവൻ | നാ. | പൂ പറിക്കുകയും മാലകെട്ടുകയു ചെയ്യുന്നവൻ |
| പുഷ്പലിക്ഷം | നാ. | വണ്ട്, തേനീച്ച (പുഷ്പരസത്തെ ലേപനം ചെയ്യുന്നത്) |
| പുഷ്പലോചനം | നാ. | നാഗപ്പൂവ് |
| പുഷ്പവതി | നാ. | ഋതുമതി, തീണ്ടാരിയായ സ്ത്രീ |
| പുഷ്പവത്ത് | വി. | 1. വിടരുന്ന; 2. പുഷ്പിച്ച; 3. പുഷ്പംപോലെയുള്ള |
| പുഷ്പവർഷം | നാ. | പൂമഴ (പൂ വാരിച്ചൊരിയൽ) |
| പുഷ്പവാക്ക് | നാ. | കേൾക്കുവാൻ ഇമ്പമുള്ളതും അർഥശൂന്യവുമായ വാക്ക് |
| പുഷ്പവാടി | നാ. | പൂന്തോട്ടം, പൂങ്കാവ് |
| പുഷ്പവാടിക | നാ. | പുഷ്പവാടി |
| പുഷ്പവൃഷ്ടി | നാ. | പൂമഴ |
| പുഷ്പശയനം | നാ. | പൂമെത്ത |
| പുഷ്പശയ്യ | നാ. | പുഷ്പശയനം |
| പുഷ്പശരൻ | നാ. | കാമദേവൻ (പൂവമ്പൻ) |
| പുഷ്പശരാസനൻ | നാ. | പുഷ്പശരൻ |
| പുഷ്പശൂന്യം | നാ. | അത്തിയാൽ |
| പുഷ്പസമയം | നാ. | പൂക്കാലം |
| പുഷ്പഹാസം | നാ. | പൂക്കളുടെ വിടരൽ, വിടർന്ന പൂവിൻെറ കാന്തി |
| പുഷ്പഹാസൻ | നാ. | വിഷ്ണു |
| പുഷ്പഹീന | നാ. | 1. പൂക്കാത്ത ചെടിയോ മരമോ; 2. പേറൊഴിഞ്ഞവൾ (തീണ്ടാരി മാറിയവൾ) |
| പുഷ്പാഗമം | നാ. | പൂക്കാലം, വസന്തം |
| പുഷ്പാജീവൻ | നാ. | 1. പൂകൊണ്ട് ജീവിക്കുന്നവൻ; 2. മാലകെട്ടുന്നവൻ; 3. പൂക്കച്ചവടക്കാരൻ |
| പുഷ്പാഞ്ജനം | നാ. | 1. കുസുമാഞ്ജനം; 2. പിച്ചളയുടെ ക്ലാവ്, പുഷ്പകേതു |
| പുഷ്പാഞ്ജലി | നാ. | 1. പഞ്ചകീർത്ത്യുപചാരങ്ങളിൽ ഒന്ന് (പുഷ്പാർച്ചന); 2. കൈനിറയെക്കൊണ്ട പുഷ്പം; 3. ഒരു കൈമുദ്ര |
| പുഷ്പാഭിഷേകം | നാ. | ഒരു വഴിപാട്, പൂമൂടൽ (വിഗ്രഹത്തെ പൂകൊണ്ട് മൂടുന്നത്) |
| പുഷ്പാസനൻ | നാ. | ബ്രഹ്മാവ് |
| പുഷ്പാസവം | നാ. | തേൻ (പുഷ്പരസം) |
| പുഷ്പാസ്തരണം | നാ. | കുസുമാസ്തരണം, 64 കലകളിലൊന്ന്, പൂ വിരിക്കൽ |
| പുഷ്പാസ്ത്രൻ | നാ. | പൂവമ്പൻ, കാമദേവൻ |
| പുഷ്പി | വി. | പുഷ്പിക്കുന്ന (സ്ത്രീ) പുഷ്പിണി |
| പുഷ്പിക | നാ. | 1. പല്ലിലെ അഴുക്ക്; 2. ഇത്തിൾ; 3. ശുക്ലം; 4. അധ്യായത്തിൻെറ അവസാനവാക്യം |
| പുഷ്പിക്കുക | ക്രി. | 1. പൂക്കുക; 2. ഋതുവാകുക |

പുഷ്പിത1 വി. 1. പുഷ്പിച്ച, പൂത്ത; 2. ഋതുവായ
പുഷ്പിത2 നാ. ഋതുമതി
പുഷ്പിതാഗ്ര നാ. ഒരു വൃത്തം
പുഷ്പേഷു നാ. കാമദേവൻ
പുഷ്പോത്ത് നാ. പുഷ്പകൻെറ ഭവനം
പുഷ്പോൻ നാ. പുഷ്പകൻ
പുഷ്യം നാ. 1. പൂയം നക്ഷത്രം; 2. കലിയുഗം; 3. പൗഷമാസം
പുഷ്യരഥം നാ. ഒരുതരം തേര്, ഉല്ലാസയാത്രയ്ക്കുള്ള രഥം, ക്രീഡാരഥം
പുഷ്യരാഗം നാ. ചെമപ്പുകല്ല്, പുഷ്പരാഗം
പുഷ്യലകം നാ. കസ്തൂരിമൃഗം
പുസ്ത വി. 1. നിറയ്ക്കപ്പെട്ട; 2. മൂടപ്പെട്ട; 3. തയ്ക്കപ്പെട്ട
പുസ്തം നാ. 1. പുരട്ടൽ, തേക്കൽ; 2. പുസ്തകം, കൈയെഴുത്തുപ്രതി; 3. ലോഹമോ മരമോ മണ്ണോകൊണ്ടുണ്ടാക്കിയ വസ്തു; 4. പൂച്ചുവേല
പുള [പുളയുക] ധാതുരൂപം
പുളകം നാ. 1. രോമാഞ്ചം, കോൾമയിർ; 2. കമ്പിളിപ്പുഴു; 3. രത്നവിശേഷം; 4. ആനയ്ക്കുതിന്നാങ്കൊടുക്കുന്ന കബളം
പുളകിതം നാ. ആനന്ദം, രോമാഞ്ചം
പുളകോദ്ഗമം നാ. രോമാഞ്ചം ഉണ്ടാകൽ
പുളച്ചൽ,-ച്ചിൽ നാ. 1. പുളയൽ; 2. അഹങ്കാരം
പുളപ്പ് നാ. പുളയൽ
പുളയുക ക്രി. വേദനകൊണ്ടോ മറ്റോ ശരീരം വളയുകയും തിരിയുകയും ചെയ്യുക
പുളയ്ക്കുക ക്രി. അഹങ്കരിക്കുക
പുളവ നാ. ഒരുതരം രോഗം ശരീരത്തു നീരുവന്നു പഴുത്തുപൊട്ടുക ലക്ഷണം
പുളവൻ നാ. വെള്ളത്തിൽ അധികമായി പുളഞ്ഞു സഞ്ചരിക്കുന്ന ഒരിനം പാമ്പ്
പുളി നാ. പ്രധാനപ്പെട്ട ആറു രസങ്ങളിൽ ഒന്ന് (അമ്ലം)
പുളികുടി നാ. = പുംസവനം
പുളിക്കുക ക്രി. പുളിരസം ഉണ്ടാകുക, വെറുപ്പുതോന്നുക
പുളിങ്കറി നാ. പുളിചേർത്തു പാകംചെയ്യുന്ന ഒഴിച്ചുകറി
പുളിങ്കൊമ്പ് നാ. (വാളൻ) പുളിമരത്തിൻെറ കൊമ്പ് (ബലമുക്ക്കത്). (പ്ര) പുളിങ്കോമ്പിൽ പിടിക്കുക = ഉയർന്നവരുമായി ബന്ധപ്പെടുക
പുളിങ്ങ1 നാ. പുളിയുടെ കായ്, വാളൻ പുളി
പുളിങ്ങ2 നാ. 1. കൃത്രിമമായി സ്വർണനിറം ആക്കിയിരിക്കുന്ന ഗോളാകൃതിയായ അലങ്കാരസാധനം; 2. ഒരു കണ്ഠാഭരണം
പുളിച്ച വി. പുളിരസത്തെ പ്രാപിച്ച
പുളിഞ്ചി നാ. ഒരു വൃക്ഷം (ഇതിൽ പുളിയുള്ള ഒരിനം കായ്കൾ ഉണ്ടാകുന്നു)
പുളിനം നാ. 1. മണൽത്തിട്ട; 2. നദിയുടെ കര
പുളിന്ദൻ നാ. കാട്ടാളൻ, വേടൻ (സ്ത്രീ) പുളിന്ദി

പുളിപ്പൻ വി. പുളിക്കുന്ന, പുളിയുള്ള
പുളിപ്പിക്കുക ക്രി. പുളിക്കുന്നതിനു കാരണമാകുക
പുളിപ്പ് നാ. പുളിക്കൽ
പുളിയൻ വി. പുളിപ്പൻ, പുളിയുള്ള
പുളിയാരൽ നാ. ഒരു പച്ചമരുന്ന്, ദാഹശമനി
പുളിശ്ശേരി നാ. തൈരുചേർക്കുന്നതുകാരണം പുളിരസമുള്ള ഒരു കറി. (പ്ര) പുളിശ്ശേരികുടിക്കുക = ധൂർത്തടിക്കുക
പുളു,പുളുമാസ് നാ. (പ്രത്യേകിച്ചു ലാഭമൊന്നുമുദ്ദേശിക്കാതെ പറയുന്ന) കള്ളം, പൊളി. പുളുവടിക്കുക = അതിശയോക്തിപരമായി കള്ളം പറയുക. ലണ്ടൻപുളിമാസ് = വലിയ പുളു
പുൾ നാ. = പുള്ള്
പുള്ളം നാ. പിളർക്കുന്നത്, അരിവാൾ
പുള്ളി നാ. 1. അടയാളം; 2. തടവുകാരൻ (ശരീരത്തിൽ നെറ്റിയിലോ മറ്റോ അടയാളമിട്ടിരുന്നതിനാൽ); 3. 'ഒ' കാരത്തിൻെറ ചി ം (അതിൻെറ ദീർഘം 'കെട്ടുപുള്ളി')(പ്ര) പുള്ളിക്കാരൻ = 1. പുള്ളിയുള്ളവൻ (അടയാളമുള്ളവൻ), ജയിൽപ്പുള്ളി; 2. ശ്രദ്ധേയനായ വ്യക്തി. വി. പുള്ളിയുള്ളത്. ഉദാഃ പുള്ളിപ്പശു, പുള്ളിപ്പുലി, പുള്ളിമാൻ
പുള്ളിക്കുത്ത് നാ. തുണി പഴത്തൊലി ഇവയിലൊക്കെവീഴുന്ന കുത്ത്
പുള്ളിനം നാ. പക്ഷിക്കൂട്ടം
പുള്ള് നാ. 1. പക്ഷി; 2. തളിർവാതമുണ്ടാക്കുമെന്നു വിശ്വസിക്കപ്പെട്ടിരുന്ന ഒരിനം പക്ഷി
പുള്ളുവൻ നാ. ഒരു ജാതി, കാവിൽ പുള്ളുവൻ പാട്ടുപാടുന്നവൻ
പുഴ1 നാ. 1. ആറ്; 2. വേലിപൊളിഞ്ഞുണ്ടാകുന്ന വിടവ്; 3. ഊടുവഴി; 4. ജന്നൽ; 5. കുഴൽ; 5. കയ്യാല ഇടിഞ്ഞുണ്ടാകുന്ന വിടവ്
പുഴ2 [പുഴയുക] ധാതുരൂപം
പുഴ3 [പുഴകുക] ധാതുരൂപം
പുഴകുക ക്രി. പിഴുതുപോരുക. ഉദാഃ കടപുഴകുക
പുഴക്കുക ക്രി. വേരോടെ പിഴുതുപോരുന്നതിനു കാരണമാകുക
പുഴയുക ക്രി. തുളവീഴുക
പുഴു നാ. കൃമി, കീടം
പുഴുകൽ ക്രി. ഉഷ്ണം, വേവ്
പുഴുക്കടി നാ. ഒരു ത്വഗ്രോഗം (പുഴുകടിച്ചുണ്ടാകുന്നതെന്നു പണ്ടു വിശ്വസിച്ചിരുന്നു)
പുഴുക്കം നാ. പുഴുകൽ, വലിയ ചൂട്
പുഴുക്കരണം നാ. (ജ്യോ) ഒരു കരണം
പുഴുക്കലരി നാ. നെല്ലു പുഴുങ്ങിയുണക്കിക്കുത്തിയെടുക്കുന്ന അരി
പുഴുക്കുക ക്രി. പുഴുപിടിക്കുക. ഉദാഃ വ്രണം പുഴുക്കുക, പുഴുത്തപട്ടി
പുഴുക്കുത്ത് ക്രി. പുഴുകുത്തിയോ തുളച്ചോ ഉണ്ടാകുന്ന ദ്വാരം (പ്ര) പുഴുക്കുത്തുപിടിച്ച
പുഴുങ്ങുക ക്രി. വെള്ളത്തിലിട്ടോ ആവികൊള്ളിച്ചോ വേവിക്കുക
പുഴുത്ത വി. പുഴുപിടിച്ച

പുഴുപ്പല്ല് നാ. കേടായി (നിറവ്യത്യാസം വന്ന) പല്ല് (ഇതിനുകാരണം പുഴുപിടിക്കുന്നതാണെന്നു വിശ്വസിച്ചിരുന്നു)
പുറ1 വി. പുറഏയുള്ള
പുറ2 നാ. = പിറ
പുറ3 നാ. 1. പിൻഭാഗം; 2. ചുമട്
പുറകിടുക ക്രി. 1. ഓടുക; 2. പിന്നിലാക്കുക
പുറക്1 അവ്യ. ശേഷം
പുറക്2 നാ. പിൻപ്, പിൻഭാഗം
പുറകെ അവ്യ. പിന്നാലെ
പുറകോട്ട് അവ്യ. 1. പിൻഭാഗത്തേക്ക്; 2. അറുത്തതടിയുടെ പുറമ്പാട്
പുറക്കടം നാ. വസ്തുക്കൾ സംബന്ധിച്ച് ഒരു കടത്തിനു പുറമേയുള്ള കടം. ആധാരത്തിൽ കാണിക്കാതെ വാങ്ങിയ കടം, മേൽക്കാണം
1081
പുറക്കളം നാ. കളത്തിലുള്ള നെല്ലുമുഴുവൻ വാരിയെടുത്തശേഷം അവിടെ അവശേഷിക്കുന്ന നെല്ല്
പുറക്കെട്ട് നാ. പ്രധാനകെട്ടിടത്തോടുചേർന്നു പുറമേ കെട്ടിയിരിക്കുന്ന എടുപ്പ്
പുറങ്കടൽ നാ. കരയിൽനിന്ന് അകലെയായുള്ള കടൽ, ആഴക്കടൽ
പുറങ്കാൽ നാ. കാലിൻെറ പുറംഭാഗം
പുറങ്കോൾ നാ. 1. വൃഥാ പറഞ്ഞ വാക്ക്; 2. സാന്ത്വനവാക്ക്
പുറങ്ങാലിക്കുക ക്രി. പതുങ്ങുക, ഉയർന്നുവരാതിരിക്കുക
പുറചാരി നാ. തിരശ്ശീലയ്ക്കുപുറത്തു ചെയ്യുന്ന നൃത്തം. താരത. അകചാരി
പുറച്ചിറ നാ. വയലിനു പുറഭാഗത്തുള്ള വരമ്പ്, വലിയ വരമ്പ്
പുറച്ചെലവ് നാ. അനാമത്തുചെലവ്, പ്രധാനചെലവുകൾക്കു പുറമേയുള്ളചെലവ്
പുറതാര നാ. കളരിപ്പയറ്റിലെ ഒരടവ്
പുറത്തലമണ്ണ് നാ. പാറപൊടിഞ്ഞുണ്ടായ ഫലഭൂയിഷ്ഠമായ മണ്ണ്
പുറത്തളം നാ. പുറമേയുള്ള തളം. താരത. അകത്തളം
പുറത്തൂട്ട് അവ്യ. പിൻവശത്തേക്ക്. (പ്ര) പുറത്തൂട്ടുപോകുക = മലവിസർജനത്തിനു പോകുക
പുറത്തേക്ക് അവ്യ. = പുറത്തൂട്ട്
പുറനാട് നാ. 1. പുറത്തെ ദേശം; 2. ഒരു നാട്
പുറനാനൂറ് നാ. നാനൂറു പുറങ്കവിതകളുടെ സമാഹാരം. താരത. അകനാനൂറ്
പുറന്നാൾ നാ. = പിറന്നാൾ
പുറപ്പറ്റ് നാ. വീട് ധനം തുടങ്ങിയവയോടുള്ള ബന്ധം
പുറപ്പാട് നാ. 1. (കഥകളി)വേഷം അണിയറയിൽനിന്ന് അരങ്ങിലേക്കു പ്രവേശിക്കൽ; 2. പുറത്തുപോകൽ; 3. ശ്രമിക്കൽ. ഉദാഃ എന്തിനാണു പുറപ്പാട്?; 4. ബൈബിളിലെ രണ്ടാമത്തെ ഗ്രന്ഥം

പുറപ്പൊതുവാൾ നാ. ഒരു ജാതി, പൂണൂലില്ലാത്ത അമ്പലവാസി. താരത. അകപ്പൊതുവാൾ
പുറം1 നാ. 1. മുതുക്; 2. ദേഹത്തിൻെറ പിൻഭാഗം; 3. പുസ്തകത്തിലെ താളിൻെറ ഒരു വശം. (പ്ര) എഴുതാപ്പുറം = അപ്രസക്തമായത്; 4. ഭാഗം; 5. കക്ഷി; 6. മറുവശം; 7. വീടിൻെറ ചുവര്; 8. കരമൊഴിവുനിലം; 9. കൂടുതലായുള്ളത്. ഉദാഃ പുറം വരുമാനം
പുറം2 നാ. പ്രാചീനതമിഴ് സാഹിത്യത്തിൽ യുദ്ധം തുടങ്ങിയ വിഷയങ്ങളെ ആസ്പദിച്ചു രചിക്കപ്പെട്ട കവിതകൾ
പുറമേ അവ്യ. 1. കൂടുതലായി; 2. പുറത്തുകൂടി; 3. വെളിയിൽ; 4. വ്യാജമായി
പുറമേനി നാ. പുറമേകാണിക്കുന്ന പകിട്ട്
പുറമ്പട നാ. 1. സൈന്യത്തിൻെറ പിൻഭാഗം; 2. (ആയുർ) പുറമേ പുരട്ടുന്ന മരുന്ന്
പുറംപൂച്ച് നാ. 1. ചെമ്പിൽ പണിത ആഭരണത്തിനും മറ്റും പുറമേ പൂശുന്ന പൂച്ചുവേല (ഇതുമൂലം സ്വർണത്തിൻെറ പ്രതീതിയുണ്ടാകുന്നു). (പ്ര) കപടനാട്യം
പുറമ്പൊളി നാ. 1. മുളയുടെയും മറ്റും പുറംഭാഗം ചേർന്ന ചീന്ത്; 2. അടിച്ചിപ്പാര
പുറമ്പോക്ക് നാ. 1. സർക്കാർവക ഭൂമി, പതിവുഭൂമിക്കു പുറത്തായുള്ളത്; 2. പുറത്തേയ്ക്കുള്ള പോക്ക്
പുറമ്പോള നാ. പുറമേയുള്ള ആവരണം
പുറയില്ലി നാ. കിളിവാതിൽ
പുറവക നാ. 1. പുറച്ചെലവ്; 2. പ്രത്യേക വക
പുറവട നാ. വരവും ചെലവും വിശദമായിട്ടെഴുതിയ കണക്ക്
പുറവടി നാ. 1. ഉപ്പൂറ്റി; 2. പാദത്തിൻെറ പുറം
പുറവരമ്പ് നാ. കണ്ടത്തിനു പുറമേയുള്ള വരമ്പ്
പുറവരവ് നാ. 1. പുറമേനിന്നുള്ള വരവ്; 2. വിശേഷമായുള്ള ആദായം
പുറവരി നാ. ഒരു പഴയ നികുതി
പുറവായ് നാ. 1. വരാന്ത; 2. പുറം വെളി; 3. പടിഞ്ഞാറ്
പുറവായ്പ്പ നാ. പുറക്കടം, മേൽക്കാണം
പുറവാരം നാ. 1. അറയ്ക്കുചുറ്റുമുള്ള പുരമുറി; 2. അടച്ചുകെട്ടിയ വരാന്ത
പുറവാശി നാ. വിശേഷാലുള്ള ലാഭനഷ്ടം (കച്ചവടത്തിൻെറ) സാധാരണയായുള്ള ക്രമത്തിലല്ലാതെ ഉണ്ടാകുന്നത്
പുറവെട്ട് നാ. ഉരുളുതടിയുടെ നാലുഭാഗവും അറുത്തെടുത്ത തുണ്ട് (തടിയിൽ ഉരുപ്പടിക്ക് പ്രയോജനമില്ലാത്ത ഭാഗം)
പുറവേലി നാ. 1. പുറമേ കെട്ടിയ വേലി; 2. പുറവരമ്പ്
പുറാട്ട് നാ. 1. വിനോദം, മാച്ചാൻ കളി, കോമാളിത്തം; 2. നാടോടിനാടകങ്ങളിൽ വിദൂഷകൻെറ അഭിനയം
പുറാട്ടുകാരൻ നാ. വിദൂഷകൻ
പുറേ അവ്യ. മറുപുറേ, മറുപുറത്ത്, മറുവശത്ത്
പുറോട്ട് നാ. പുറവെട്ട്

പുറ്റൻ നാ. പുറ്റുപിടിച്ച
പൂ നാ. പൂവ്
പുകൽ നാ. 1. പ്റ്റാപിക്കൽ; 2. പോകൽ; 3. ചെയ്യൽ
പുകിക്കുക ക്രി. 1. പ്രവേശിപ്പിക്കുക; 2. എത്തിക്കുക, പ്രാപിക്കുക; 3. പുറപ്പെടുവിക്കുക
പൂകുക ക്രി. 1. (അകത്തു) പ്രവേശിക്കുക; 2. പ്രാപിക്കുക; 3. പുറപ്പെടുക
പൂക്കണ്ണൻ നാ. കണ്ണിൽ പൂവ് (പുള്ളി) ഉള്ളവൻ
പൂക്കണ്ണി നാ. 1. കണ്ണിൽ പൂവ് (പുള്ളി) ഉള്ളവൾ; 2. പൂക്കുന്ന തണ്ട്. (പ്ര) പൂക്കണ്ണികുത്തുക (പുഷ്പിക്കുക)
പൂക്കൽ നാ. 1. പുഷ്പിക്കൽ; 2. പൂപ്പുണ്ടാകൽ
പൂക്കുക ക്രി. 1. പൂവുണ്ടാകുക; 2. വിടരുക, മലർക്കുക; 3. പൂപ്പുപിടിക്കുക; 4. തോന്നുക; 5. ഋതുവാകുക
പൂക്കുത്തി നാ. ഒരു കർണാഭരണം
പൂക്കുരൽ നാ. പൂക്കുന്ന തണ്ട്, പൂങ്കുലയുടെ തണ്ട്
പൂക്കുഴ നാ. ഒരിനം കരിമരുന്നു പ്രയോഗം
പൂക്കുറ്റി നാ. പൂക്കുഴ
പൂക്കൈത നാ. തഴ, കേതകി
പൂക്കൊട്ട നാ. 1. പൂ ഇടാനുള്ള കുട്ട, പൂക്കൂട; 2. മനോഹരമായി നെയ്ത്ത് നിറമ്പിടിപ്പിച്ച അലങ്കാരക്കൂട
പൂഗകൃത വി. കൂട്ടിവയ്ക്കപ്പെട്ട, കൂമ്പാരമാക്കിയ
പൂഗതാലം നാ. കവുങ്ങ്
പൂഗപാത്രം നാ. വെറ്റിലച്ചെല്ലം
പൂഗപുഷ്പിക നാ. താംബൂലവും പൂക്കളും (ബഹുമാന്യരായ അതിഥികളെ സ്വീകരിക്കുമ്പോൾ കൊടുക്കുന്നത്)
പൂഗഫലം നാ. അടയ്ക്ക (പാക്ക്)
പൂഗം നാ. 1. കമുക്; 2. അടയ്ക്ക, പാക്ക്; 3. കാട്ടരയാൽ; 4. (ഒരേ ജാതിയിൽപ്പെട്ടവരുടെ) കൂട്ടം; 5. യോജിപ്പ്; 6. സ്വഭാവം, ഗുണം
പൂഗവൈരം നാ. അനേകം പേരോടുള്ള വിരോധം, സമുദായവൈരം, ജാതിവൈരം
പൂഗി നാ. കവുങ്ങ്
പൂങ്കതിർ നാ. വെളുത്ത രശ്മി, പ്രഭ
പൂങ്കനി വി. ഓമനയായ, വാത്സല്യഭാജനമായ (പ്ര) പൂങ്കനിപ്പൈതൽ
പൂങ്കാവ് നാ. പൂങ്കാവനം
പൂങ്കാവനം നാ. ഉദ്യാനം, പൂന്തോട്ടം
പൂങ്കുയിൽ നാ. (മനോഹരമായി ശബ്ദിക്കുന്ന) കുയിൽ
പൂങ്കുരൽ നാ. 1. പൂക്കുലയുടെ തണ്ട്; 2. പൂക്കുല
പൂങ്കുല നാ. ഒരേതണ്ടിൽ അനേകം പൂക്കൾ വിടർന്നു നിൽക്കുന്നത്, പൂക്കുല
പൂങ്കുഴൽ നാ. നല്ല മുടി
പൂങ്കുഴലാൾ നാ. നല്ല മുടിയുള്ളവൾ, സുന്ദരി

പൂങ്കുഴലി നാ. പൂങ്കുഴലാൾ
പൂങ്കൊടി നാ. 1. മനോഹരമായ കൊടി; 2. പൂവുള്ള വള്ളി; 3. പെൺകൊടി
പൂങ്കോഴി നാ. പൂവൻകോഴി
പൂചിപ്പെട്ടി നാ. ചായപ്പണിയും മറ്റും ചെയ്യപെട്ടി
പൂചുക [പ.മ.] ക്രി. 1. പൂശുക, ചായമിടുക, കുമ്മായമിടുക, പിരട്ടുക; 2. ചാർത്തുക, അണിയുക (ആധുനിക മലയാളത്തിൽ പൂശുക എന്നു രൂപം)
പൂച്ച നാ. ഒരു വളർത്തു മൃഗം (സിംഹം പുലി എന്നിവയുടെ വർഗത്തിൽപ്പെട്ടത്) (പ്ര) പൂച്ച പാൽകുടിക്കും വണ്ണം = ആരും അറിയുകയില്ലെന്നുള്ള ഭാവത്തിൽ. പൂച്ചയ്ക്കു പൊന്നുരുക്കുന്നിടത്തെന്തുകാര്യം? പൂച്ചയ്ക്കു വിളയാട്ട് എലിക്കു പ്രാണ വേദന; മിണ്ടാപ്പൂച്ച കലമുടയ്ക്കും (പഴ)
പൂച്ചക്കണ്ണൻ നാ. പൂച്ചയുടെ കണ്ണുപോലെയുള്ള കണ്ണുള്ളവൻ
പൂച്ചക്കരണം നാ. കളരിയഭ്യാസത്തിൽ ഒരിനം, പൂച്ചയെപ്പോലെയുള്ള ചലനം
പൂച്ചട്ടി നാ. പൂച്ചെടി നട്ടുവളർത്തുന്നതിനുള്ള (മൺ) പാത്രം
പൂച്ചപ്പല്ല് നാ. എൺപതുവയസ്സിനുമേൽ മുളയ്ക്കുന്ന പല്ല്
പൂച്ചസന്ന്യാസി നാ. കപടഭിക്ഷു (പഞ്ചതന്ത്രത്തിലെ ഒരു കഥയെ ആസ്പദമാക്കി)
പൂച്ചാണ്ടി നാ. ഒരു പിശാച് (സങ്കൽപത്തിലുള്ളത്. കുഞ്ഞുങ്ങളെ ഭയപ്പെടുത്താൻവേണ്ടി ഈ പദം പ്രാദേശികമായി ഉപയോഗം) ഉമ്മാക്കി
പൂച്ചി നാ. തീരെ ചെറിയ ജീവി, ശലഭം, പുഴു
പൂച്ച് നാ. 1. തേപ്പ്, പുരട്ടൽ; 2. പൊന്നും മറ്റും പൂശിയ വസ്തു; 3. ചതി, പൂച്ചുമരുന്ന് = ദേഹത്തു പുരട്ടാനുള്ള മരുന്ന്. (പ്ര) പൂച്ചു തെളിയുക = 1. സൂത്രത്തിൽ മറച്ചുവച്ചിരുന്ന ദോഷം വെളിവാകുക; 2. പൂച്ചിളകി ഉള്ളിലുള്ളത് പുറത്താകുക
പൂച്ചെടി നാ. പൂക്കളെപ്പോലെ ഭങ്ഗിയുള്ള ഇലകളോടു കൂടിയ ചെടി
പൂച്ചെണ്ട് നാ. പൂകൊണ്ടുണ്ടാക്കുന്ന ചെണ്ട്
പൂച്ചൊല്ല് നാ. 1. പരിശുദ്ധമായ വാക്ക്; 2. പഴഞ്ചൊല്ല്; 3. പ്രശ്നം (പ്രശ്നം ചോദിക്കാൻ വരുന്ന ആൾ പറയുന്ന പൂവിൻെറ പേരുകൊണ്ടു ഫലം പറയുന്ന രീതി)
പൂജ നാ. ദേവാരാധന (ബാഹ്യപൂജ, മാനസ പൂജ എന്നു രണ്ടു പ്രധാനവിഭാഗങ്ങൾ ഓരോന്നിലും പല രീതികൾ ഉണ്ട്) പൂവ് തുടങ്ങിയവകൊണ്ടുള്ള തർപ്പണം
പൂജക വി. പൂജിക്കുന്ന
പൂജകൻ നാ. 1. പൂജിക്കുന്നവൻ; 2. പുരോഹിതൻ, ശാന്തിക്കാരൻ
പൂജകബഹുവചനം നാ. യഥാർഥമായി ബഹുത്വമില്ലാത്തിടത്ത് ബഹുമാനത്തിനായി പ്രയോഗിക്കുന്ന ബഹുവചനം ഉദാഃ കുരുക്കൾ, സ്വാമിയാർ
പൂജകാണിക്ക നാ. പഴയകാലത്തെ ഒരു നികുതി
പൂജനം നാ. പൂജിക്കൽ
പൂജനി നാ. പെൺകുരുവി
പൂജനീയ നാ. പൂജിക്കത്തക്ക
പൂജയിതവ്യ വി. പൂജനീയ

പൂജയിതാവ് നാ. പൂജിക്കുന്നവൻ
പൂജയെടുപ്പ് നാ. നവരാത്രി പൂജയുടെ ഒടുവിലത്തെ ചടങ്ങ്. വിജയദശമി ദിവസം പൂജിക്കാൻ വച്ച പുസ്തകങ്ങളും ആയുധങ്ങളും മറ്റും പുറത്തെടുക്കൽ
പൂജവെപ്പ്,-വയ്പ്പ് നാ. നവരാത്രി ആരംഭ ദിവസമോ ദുർഗാഷ്ടമിദിവസമോ പൂജയ്ക്കായി ഗ്രന്ഥങ്ങളും പടങ്ങളും ആയുധങ്ങളും മറ്റും വയ്ക്കൽ
പൂജാകാരി നാ. പൂജനടത്തുന്ന പുരോഹിതൻ, പിടാരകൻ
പൂജാപാത്രം നാ. 1. പൂജയ്ക്കുള്ള പാത്രം; 2. ബഹുമാനത്തിനർഹനായ വ്യക്തി, ആരാധ്യൻ
പൂജാരി നാ. പൂജനടത്തുന്ന പുരോഹിതൻ, പിടാരകൻ
പൂജാർഹ വി. പൂജിക്കത്തക്ക
പൂജിക്കുക ക്രി. 1. ആരാധിക്കുക, വന്ദിക്കുക; 2. ബഹുമാനിക്കുക; 3. അടിക്കുക (പൂജിച്ചുവിടുക)
പൂജിത വി. പൂജിക്കപ്പെട്ട
പൂജിതൻ നാ. പൂജിക്കപ്പെട്ടവൻ, ബഹുമാനിക്കപ്പെട്ടവൻ
പൂജിലൻ നാ. 1. പൂജനീയൻ; 2. ദേവൻ
പൂജ്യ വി. പൂജിക്കപ്പെടത്തക്ക
പൂജ്യത നാ. പൂജ്യൻെറ അവസ്ഥ, ആദരണീയത, ആരാധന അർഹിക്കുന്ന സ്ഥിതി
പൂജ്യത്വം നാ. പൂജ്യത
പൂജ്യൻ നാ. 1. പൂജിക്കപ്പെടുവാൻ യോഗ്യൻ; 2. ഗുരു; 3. ബ്രുഹസ്പതി; 4. ശ്വശുരൻ
പൂജ്യം നാ. '0' എന്ന അടയാളം, ആ അടയാളം കുറിക്കുന്ന ശൂന്യസങ്ഖ്യ (ഒറ്റയ്ക്കോ ഒരു അക്കത്തിൻെറ ഇടതുവശത്തോ നിൽക്കുമ്പോൾ ശൂന്യത്തെയും ഒരു അക്കത്തിൻെറ വലതുവശത്തു ചേർത്താൽ അക്കത്തിൻെറ പത്തിരട്ടിയെയും കുറിക്കുന്നു. പൂജ്യങ്ങളുടെ എണ്ണം കൂടുമ്പോൾ ഓരോതവണയും പത്തുകൊണ്ട് ഗുണിച്ചതായി കണക്കാക്കുന്നു); 2.പൂജിക്കത്തക്കത്; 3. വൃഥാ പറയുന്ന ബഹുമാനവാക്ക്. പൂജ്യമാവുക = നിഷ്ഫലമാവുക
പൂഞ്ചായം നാ. ചെമപ്പുനിറം
പൂഞ്ചായൽ നാ. ഭങ്ഗിയുള്ള തലമുടി (സ്ത്രീയുടേത്)
പൂഞ്ചിറക് നാ. (ചെറിയ പക്ഷികളുടെ) മാർദവമുള്ള ചിറക്, പക്ഷിക്കുഞ്ഞിൻെറ ചിറക്
പൂഞ്ച് നാ. 1. ചക്കയുടെ ഉള്ളിലുള്ള മൃദുവായ കാമ്പ് (ഞെട്ടിൻെറ തുടർച്ച, ചുളയും ചകിണിയും ഇതിനെ പൊതിഞ്ഞിരിക്കുന്നു); 2. ചക്കയ്ക്കകത്ത് ചുളയെ പൊതിഞ്ഞിരിക്കുന്ന നാരുപോലുള്ള പദാർഥം
പൂഞ്ചുരിക നാ. നല്ല കത്തി
പൂഞ്ചേല നാ. 1. നല്ല മനോഹരമായ വസ്ത്രം; 2. പട്ടുവസ്ത്രം
1083
പൂഞ്ചോല നാ. പൂങ്കാവ്, പൂന്തോട്ടം
പൂഞ്ഞ നാ. പൂഞ്ഞ്
പൂഞ്ഞാൻ നാ. 1. സുഗന്ധക്കൂട്ട്; 2. ഒരിനം പുല്ല്; 3. ഒരുതരം ചെറിയ മത്സ്യം (മാനത്തുകണ്ണി); 4. നിലംപൂച്ചി

പൂഞ്ഞി നാ. 1. പൂഞ്ഞ്; 2. കുടൽസഞ്ചി
പൂഞ്ഞ് നാ. 1. കാളയുടെ ഉപ്പുചുമൽ, ചുമലിൽ കഴുത്തിനടുത്തു പിൻഭാഗത്ത് ഉയർന്നുനിൽക്കുന്ന മാംസപേശി
പൂട നാ. 1. പക്ഷിയുടെ ചെറുതൂവൽ; 2. രോമം. ആടുകിടന്നിടത്ത് പൂടകാണും. (പഴ)
പൂട് നാ. ചെറിയ ചെടി
പൂട്ടകം നാ. 1. ചതി; 2. നാട്യം; 3. കള്ളപ്പണി, രഹസ്യം
പൂട്ട്1 നാ. 1. താഴ് (വാതിലും മറ്റും പൂട്ടാനും തുറക്കാനും ഉള്ള ഉപകരണം); 2. ഉഴവ്; 3. ബന്ധനം; 4. ആലിങ്ഗനം; 5. ഗുസ്തിയിൽ കയ്യോ കാലോകൊണ്ടു കെട്ടി എതിരാളിയുടെ ചലനം തടയൽ; 6. വിലങ്ങ്; 7. കൊളുത്ത്; 8. അടപ്പ്; 9. രണ്ടു ഓലകൾ കൂടിയത്; 10. ആപത്ത്; 11. ആമ; 12. ഞാൺ
പൂട്ട്2 നാ. ഒരു പലഹാരം, പുട്ട്
പൂട്ടുക ക്രി. 1. ഉറപ്പായി അടയ്ക്കുക; 2. എഴുത്തിടുന്ന ലക്കോട്ട് പശകൊണ്ട് ഒട്ടിക്കുക; 3. നിലം ഉഴുക; 4. ആലിങ്ഗനംചെയ്യുക; 5. ഗുസ്തിയിൽ കയ്യോ കാലോകൊണ്ടുകെട്ടി എതിരാളിയ്ക്കു ചലിക്കാനാകാതാക്കുക; 6. യോജിപ്പിക്കുക; 7. കത്തിക്കുക; 8. വില്ലുവളച്ചു ഞാൺ ഘടിപ്പിക്കുക
പൂട്ടേറ് നാ. നുകത്തിൽ കെട്ടാനുള്ള ജോഡിക്കാള
പൂൺ1 വി. പൂണ്
പൂൺ2 നാ. പൂണ്
പൂൺപ് നാ. 1. ആഭരണം; 2. അലങ്കാരം; 3. ചുറ്റ്, കെട്ട്; 4. കാഞ്ചി; 5. നൂൽ
പൂണ നാ. ഒരിനം പ്രാവ്
പൂണാൻ നാ. നുകത്തിനു വഴങ്ങാത്ത കാള
പൂണാർ വി. പൂർണവൃത്തമായ, വട്ടം ഒത്ത
പൂണാരം നാ. 1. മാല; 2. അലങ്കാരം; 3. വംശത്തിനോ സമൂഹത്തിനോ അലങ്കാരമായ വ്യക്തി
പൂണി1 നാ. 1. ഉഴവുകൂലി; 2. എരുത്; 3. വയറ്; 4. ഇടവം രാശി
പൂണി2 നാ. ആവനാഴി, തൂണി
പൂണിക്കുക ക്രി. 1. ഉണ്ടാക്കുക; 2. ശപഥം ചെയ്യുക
പൂണിപ്പ് [പൂണിക്കുക] നാമരൂപം
പൂണ്1 വി. മനോഹരമായ
പൂണ്2 നാ. 1. ഉലക്കയുടെ അറ്റത്തിടുന്ന ഇരുമ്പുചുറ്റ്; 2. വൃത്തം, വട്ടം; 3. ആഭരണം; 4. കവചം; 5. ചൂരൽവടി
പൂണുക1 ക്രി. 1. പുൽകുക, ആലിങ്ഗനംചെയ്യുക; 2. അനുഭവിക്കുക; 3. കൈക്കൊള്ളുക; 4. അലങ്കരിക്കുക; 5. ഉണ്ടായിരിക്കുക; 6. നിനയ്ക്കുക; 7. പ്രാപിക്കുക
പൂണുക2 ക്രി. പൂഴുക
പൂണുനൂൽ നാ. പൂണുന്ന (ശരീരം ചുറ്റി ധരിക്കുന്ന) നൂൽ, ഉപവീതം (ബ്രാഹ്മണരും മറ്റും ധരിക്കുന്നത്). പൂണൂൽക്കല്യാണം = ഉപനയനം
പൂണെല്ല് നാ. കഴുത്തിലെ എല്ല് (ചുമലിൻെറയും കൈകളുടെയും സന്ധി, ജത്രു) പൂണെല്ലുനുറുങ്ങുക = കഠിനമായി പ്രയത്നിക്കുക
പൂണ്മ നാ. 1. പൂശൽ; 2. ആശ്ലേഷം; 3. ഭങ്ഗി

പൂത1 വി. ശുദ്ധിയുള്ള
പൂത2 നാ. ദുർഗ
പൂത3 വി. ദുർഗന്ധമുള്ള, ചീഞ്ഞുനാറിയ
പൂതം1 നാ. 1. വെളുത്ത ദർഭ; 2. വയ്യങ്കത; 3. ശങ്ഖ്; 4. സത്യം; 5. ശുദ്ധിയുള്ളത്
പൂതം2 നാ. പിശാച്, ഭൂതം
പൂതക്രതായി നാ. ശചി, ഇന്ദ്രാണി, പൂതക്രതുവിൻെറ (ഇന്ദ്രൻെറ) പത്നി
പൂതക്രതു നാ. ഇന്ദ്രൻ
പൂതച്ചെട(യൻ) നാ. ഒരു ഔഷധസസ്യം
പൂതണക്കപ്പുല്ല് നാ. പടർപ്പപ്പുല്ല്, കുറുക്കൻ പുല്ല്
പൂതദ്രു നാ. പ്ലാശ്
പൂതധാന്യം നാ. എള്ള്
പൂതൻ നാ. ഭൂതത്തിൻെറ വേഷംകെട്ടിയവൻ (പൂരത്തിനും മറ്റും ദേവിയുടെ അനുചരനായ ഭൂതത്തിൻെറ കോലം കെട്ടുന്നവൻ)
പൂതന നാ. 1. ശിശുവായിരുന്നപ്പോൾ ശ്രീകൃഷ്ണനെ കൊല്ലാൻ കംസൻ അയച്ച ഒരു രാക്ഷസി; 2. സ്കന്ദസേനയിലെ ഒരു മാതാവ്; 3. ഒരു യോഗിനി; 4. പിശാചി, ദുർദേവത; 5. ഒരു രോഗം; 6. കടുക്ക, കടുക്കാമരം; 7. നറുമാഞ്ചി
പൂതനച്ചകരി നാ. കഞ്ഞിപ്പശയിടാൻ നെയ്ത്തുകാർ ഉപയോഗിക്കുന്ന ബ്രഷ്
പൂതനം നാ. ചുടലയിലെ ശവം, പിശാച്
പൂതനാരി നാ. ശ്രീകൃഷ്ണൻ
പൂതപത്രി നാ. തുളസി
പൂതൽ നാ. 1. ചില വസ്തുക്കൾ ഇരുന്നു പഴകിയ നാറ്റം അഥവാ നിറഭേദം; 2. വീർപ്പ്; 3. ചക്കയുടെ തിരി; 4. അകം ദ്രവിച്ചുപോകൽ
പൂതലിക്കുക ക്രി. 1. ഊതളിക്കുക; 2. വീർക്കുക; 3. ദ്രവിക്കുക, ചീയുക
പൂതലിപ്പ് നാ. 1. വീർക്കൽ; 2. അഴുകൽ, ദ്രവിക്കൽ; 3. മഹോദരം എന്ന രോഗം
പൂതവൃക്ഷം നാ. പീനാറി
പൂതാത്മാവ് നാ. 1. പരിശുദ്ധഹൃദയൻ; 2. സംസാരബന്ധത്തിൽനിന്നു മുക്തനായവൻ
പൂതി1 നാ. ദുർഗന്ധമുള്ള. ഈ ശബ്ദംചേർന്ന് ഒട്ടേറെ മരങ്ങളുടെ പേരുകാണാം
പൂതി2 നാ. 1. ദുർഗന്ധം; 2. ശരീരസംസ്കാരം (കുളിയും മറ്റും) ഇല്ലാത്തവൻ; 3. ശുദ്ധി; 4. നാന്മുകപ്പുല്ല്; 5. ചേറ്; 6. ഒരു നരകം
പൂതി3 നാ. 1. ഭൂതി; 2. ആഗ്രഹം, കൊതി
പൂതികം നാ. 1. ആവിമരം, ഞെട്ടാവൽ (ദുർഗന്ധമുള്ളതിനാൽ); 2. വെരുക്
പൂതികച നാ. പച്ചപ്പുഴു(ക്)
പൂതികരജം നാ. ആവിമരം
പൂതികർണകം നാ. 1. ഓടമരം; 2. ആവിമരം
പൂതികാഷ്ഠം നാ. ചരളം, ദേവതാരം

| | | |
|---|---|---|
| പൂതിഗന്ധ1 | വി. | ദുർഗന്ധമുള്ള |
| പൂതിഗന്ധ2 | നാ. | കാർകോകിൽ |
| പൂതിഗന്ധം | നാ. | 1. ദുർഗന്ധം; 2. ഗന്ധകം; 3. കറുത്തകാട്ടുതുളസി; 4. ഓടൽ; 5. വെളുത്തീയം |
| പൂതിഗന്ധി | നാ. | ദുർഗന്ധമുള്ള വസ്തു |
| പൂതിഘാസം | നാ. | വെരുക് |
| പൂത്കാരി | നാ. | 1. സരസ്വതി; 2. തലസ്ഥാന നഗരി |
| പൂത്ത | വി. | 1. പൂവുണ്ടായ; 2. പൂതലിച്ച; 3. പൂപ്പുപിടിച്ച |
| പൂത്തറ | നാ. | ഓണക്കാലത്ത് മുറ്റത്ത് ഒരുക്കുന്ന പൂത്തിട്ട |
| പൂത്താലി | നാ. | ഒരു ആഭരണം |
| പൂത്തിരുവാതിര | നാ. | വിവാഹത്തിനുശേഷം ധനുമാസത്തിൽ വരുന്ന ആദ്യത്തെ തിരുവാതിര |
| പൂത്തിലഞ്ഞി | നാ. | = പുത്തിലഞ്ഞി |
| പൂത്ത്1 | നാ. | പൂഴ്ത്തുന്ന സ്ഥലം, ചുടുകാട് |
| പൂത്ത്2 | മു.വി. | പൂത്തശേഷം |
| പൂതൃന്ധം | നാ. | കസ്തൂരിമൃഗം |
| പൂനമ്പി | നാ. | ക്ഷേത്രത്തിൽ പൂക്കളുടെ ചുമതല വഹിക്കുന്ന ആൾ |
| പൂനിലാവ് | നാ. | മനോഹരമായ നിലാവ് |
| പൂന്തി | നാ. | ഒരു പലഹാരം, കാരാപ്പൂന്തി |
| പൂന്തുകിൽ | നാ. | മനോഹരമായ വസ്ത്രം |
| പൂന്തെളി | നാ. | പൂന്തേൻ |
| പൂന്തൊത്ത് | നാ. | പൂക്കുല |
| പൂന്തോട്ടം | നാ. | ഉദ്യാനം |
| പൂപം | നാ. | അപ്പം |
| പൂപ്പട | നാ. | കൂമ്പാരം കൂട്ടിയ പൂക്കൾ |
| പൂപ്പന്തൽ | നാ. | അലങ്കരിച്ച പന്തൽ |
| പൂപ്പൽ | നാ. | പൂത്തുപോകൽ, ഒരുതരം കുമിൾ പിടിക്കൽ |
| പൂപ്പള്ളി | നാ. | അമ്പലവാസികളിൽ ഒരു വർഗം |
| പൂപ്പാലിക | നാ. | പൂത്തട്ടം |
| പൂപ്പ്1 | നാ. | 1. പൂപ്പൽ, നനവുള്ള സാധനങ്ങളിൽ വരുന്ന വെളുത്തനിറം. ചില വസ്തുക്കൾ ഇരുന്നു പഴകുമ്പോൾ ഉണ്ടാകുന്ന നിറഭേദം; 2. ആർത്തവം |
| പൂപ്പ്2 | നാ. | വിളവ്. ഉദാ: കുറുമ്പുപ്പൂകൃഷി |
| പൂപ്പൊലി | നാ. | ആർപ്പുവിളി |
| പൂം | വി. | മനോഹരമായ, പൂപോലുള്ള, മൃദുവായ, ലോലമായ, വാത്സല്യം തോന്നുന്ന |
| പൂമഠം | നാ. | പുനമ്പിയുടെ താമസസ്ഥലം |
| പൂമരം | നാ. | പൂവുണ്ടാകുന്ന മരം |
| പൂമാത്1 | നാ. | ലക്ഷ്മീദേവി |
| പൂമാത്2 | നാ. | ഭൂമിദേവി |

പൂമുഖം		നാ.	1. വീടിൻെറ മുൻഭാഗത്ത് അഥിതികൾക്കും വീട്ടിലെ മുതിർന്നവർക്കും ഇരിക്കുവാൻവേണ്ടി നിർമിക്കപ്പെട്ടിരിക്കുന്ന ആർഭാടപൂർവമായ ഭാഗം; 2. മനോഹരമായ മുഖം
പൂമെത്ത		നാ.	1. പൂക്കൾ വിരിച്ച മെത്ത; 2. (പ്ര) സുഖകരമായ അനുഭവം തരുന്നത്
പൂമ്പാറ്റ		നാ.	ചിത്രശലഭം
പൂയനം		നാ.	ചലം, പഴുപ്പ്
പൂയം1		നാ.	1. നക്ഷത്രങ്ങളിൽ എട്ടാമത്തേത്; 2. വണ്ട്
പൂയം2		നാ.	= പൂയനം
പൂയാരി		നാ.	'ചലത്തെ നശിപ്പിക്കുന്നത്', വേപ്പ്
പൂയാലസം		നാ.	കണ്ണിലെ പീള
പൂർ1	നാ.	പുരം, നഗരം
പൂർ2	നാ.	സ്ത്രീയുടെ ഗുഹ്യാവയവം (അശ്ലീലം)
പൂർണ		വി.	നിറയ്ക്കപ്പെട്ട, പൂരിതമായ
പൂർണകം		നാ.	1. കാട്ടുകാക്ക; 2. പൂവൻകോഴി; 3. നിറഞ്ഞകലശം
പൂർണകലശം		നാ.	1. നിറകുടം, മങ്ഗലാർഥമായിവയ്ക്കുന്ന അലങ്കരിച്ച കുടം; 2. ഭിത്തിയിൽ കുടത്തിൻെറ ആകൃതിയിലുണ്ടാക്കുന്ന ദ്വാരം
പൂർണകാമൻ		നാ.	ആഗ്രഹങ്ങൾ സാധിച്ചവൻ
പൂർണത		നാ.	പൂർത്തി, നിറവ്
പൂർണപാത്രം		നാ.	നിറഞ്ഞ പാത്രം, ദ്രാവകത്തിൻെറ ഒരളവ്
പൂർണം		നാ.	1. നിറഞ്ഞത്; 2. ചന്ദ്രൻെറ പതിനഞ്ചാമത്തെ കല
പൂർണമാസൻ		നാ.	ചന്ദ്രൻ
പൂർണമാസി		നാ.	പൗർണമി, വെളുത്തവാവ്
പൂർണവിരാമം		നാ.	വാചകം അവസാനിക്കുന്നതായി കാണിക്കുന്ന ചി ം (.)
പൂർണായുസ്സ്		നാ.	മുഴുവൻ ആയുസ്സ്; 20 കൊല്ലം
പൂർണിമ		നാ.	വെളുത്തവാവ്
പൂർത്തം		നാ.	കിണർ കുളം നടക്കാവ് മുതലായവ ഉണ്ടാക്കുക എന്ന സത്കർമം
പൂർത്തി		നാ.	1. പൂർണത, നിറവ്; 2. നിറവേറ്റൽ; 3. ഗുണനം
പൂര്യ	നാ.	പൂരിപ്പിക്കത്തക്ക
പൂർവ		വി.	1. ആദ്യമുള്ള, പണ്ടുള്ള; 2. കിഴക്കുള്ള; 3. മുമ്പിലുള്ള
പൂർവക		വി.	1. മുമ്പുള്ള; 2. കൂടിയ
പൂർവകൻ		നാ.	മുമ്പുള്ളവൻ
പൂർവകഥ		നാ.	1. പഴയ കഥ; 2. കഥയുടെ പ്രാരംഭം
പൂർവകം		അവ്യ. മുന്നിട്ട്, ഒന്നിച്ച്. ഉദാഃ ഭക്തിപൂർവകം
പൂർവകർമം		നാ.	1. മുൻജന്മത്തിൽചെയ്ത കർമം; 2. പ്രാരംഭനടപടി, ഒരുക്കം
പൂർവകായം		നാ.	1. ശരീരത്തിൻെറ മുൻപകുതി; 2. ശരീരത്തിൻെറ മേൽഭാഗം (അരക്കെട്ടിനു മുകളിലുള്ള ഭാഗം)
പൂർവകാലിക		വി.	പണ്ടുകാലത്തുള്ള, നേരത്തേയുള്ള

പൂർവകാഷ്ഠ നാ. കിഴക്കുദിക്ക്
പൂർവകോടി നാ. പൂർവപക്ഷം, വാദമുഖം
പൂർവങ്ഗമ വി. മുമ്പേപോകുന്ന
പൂർവജ1 വി. 1. മുമ്പേ ജനിച്ച; 2. കിഴക്കുള്ള
പൂർവജ2 നാ. 1. മൂത്തചേച്ചി; 2. മൂത്തമകൾ
പൂർവജൻ നാ. 1. ജ്യേഷ്ഠൻ; 2. പൂർവികൻ; 3. മൂത്തമകൻ
പൂർവജ്ഞാനം നാ. 1. മുന്നറിവ്; 2. മുൻജന്മത്തെപ്പറ്റിയുള്ള ജ്ഞാനം
പൂർവത നാ. പ്രാഥമ്യം, പ്രാധാന്യം
പൂർവതന വി. മുമ്പുള്ള
പൂർവത്ര അവ്യ. 1. മുമ്പൊരിടത്ത്; 2. മുമ്പെ, കഴിഞ്ഞഭാഗത്ത്
പൂർവദക്ഷിണ അവ്യ. തെക്കുകിഴക്ക്
പൂർവധനം നാ. മുമ്പിനാലെയുള്ള സ്വത്ത്, പൂർവാർജിത ധനം
പൂർവൻ നാ. പൂർവികൻ, കാരണവൻ
പൂർവപക്ഷം നാ. 1. വെളുത്തപക്ഷം; 2. വാദത്തിൻെറ ആദ്യഭാഗം; 3. വാദിയുടെ അന്യായം
പൂർവപദം നാ. 1. പണ്ടത്തെ സ്ഥലം; 2. ആദ്യത്തെ സ്ഥാനം; 3. സമസ്തപദത്തിൽ മുമ്പെയുള്ള പദം
പൂർവപർവതം നാ. കിഴക്കുള്ള പർവതം, ഉദയപർവതം
പൂർവപിതാക്കന്മാർ നാ. (ബ.വ.) ആദ്യപിതാക്കന്മാർ
പൂർവപുണ്യം നാ. മുമ്പുചെയ്ത പുണ്യം
പൂർവപുരുഷൻ നാ. 1. ബ്രഹ്മാവ്; 2. പിതാവ്; 3. പൂർവികൻ
പൂർവഫാല്ഗുനി നാ. (ജ്യോ) പൂരം നക്ഷത്രം
പൂർവഭാഗം നാ. 1. മുൻഭാഗം; 2. കിഴക്കേഭാഗം
1085
പൂർവഭാദ്രപദ നാ. പൂരുട്ടാതിനക്ഷത്രം
പൂർവം അവ്യ. 1. പണ്ട്, പണ്ടുകാലത്ത്; 2. ഒന്നാമതായ; 3. കൂടെ, ഒന്നിച്ച് ഉദാഃ സ്നേഹപൂർവം. നാ. 1. പണ്ടത്തെ പാരമ്പര്യം; 2. മുൻഭാഗം; 3. കിഴക്കുദിക്കിൽ ഭവിച്ചത്; 4. ആദിയിൽ ഭവിച്ചത്; 5. കിഴക്കുദിക്ക്
പൂർവമീമാംസ നാ. ഷഡ്ദർശനങ്ങളിൽ ഒന്ന് (വേദത്തിൽ വിധിക്കപ്പെട്ട കർമകാണ്ഡത്തെപ്പറ്റിയുള്ളത്) >< ഉത്തരമീമാംസ
പൂർവരങ്ഗം നാ. 1. (നാട്യ) അങ്കാരംഭത്തിൽ അപ്രധാനകഥാഭാഗങ്ങൾ പറയാനുപയോഗിക്കുന്ന ഒരു സങ്കേതം; 2. തോടയം
പൂർവവത്,-വൽ അവ്യ. മുമ്പത്തെപ്പോലെ
പൂർവവൃത്തം നാ. മുൻചരിത്രം, കഴിഞ്ഞകാര്യം
പൂർവശിഖ നാ. മുൻകുടുമ
പൂർവസക്ഥം നാ. തുടയുടെ മേൽഭാഗം
പൂർവസന്ധ്യ നാ. ഉദയം, പുലർകാലസന്ധ്യ
പൂർവസര നാ. മുമ്പെനടക്കുന്ന
പൂർവാങ്ഗം നാ. മുഖം, മുൻഭാഗം
പൂർവാചലം നാ. ഉദയപർവതം
പൂർവാചാരം നാ. പണ്ടത്തെ ആചാരം

പൂർവാധികം അവ്യ. മുമ്പത്തെതിലും കൂടുതലായി
പൂർവാപര വി. 1. മുമ്പും പിമ്പും ഉള്ള; 2. ആദ്യവും ഒടുക്കവും ഉള്ള; 3. കിഴക്കും പടിഞ്ഞാറുമുള്ള
പൂർവാപരം നാ. 1. മുമ്പത്തേതും പിന്നാലെവരുന്നതും; 2. സാക്ഷിയും സാക്ഷിബോധം വരുത്താനുള്ള കാര്യവും
പൂർവാർജിത വി. പൂർവികന്മാരാൽ സമ്പാദിക്കപ്പെട്ട, മുൻജന്മത്തിലെ കർമങ്ങൾ മൂലം സിദ്ധിച്ചിട്ടുള്ള, മുമ്പുലഭിച്ച
പൂർവാർധം നാ. 1. മുമ്പിലത്തെ പകുതി; 2. കിഴക്കേ പകുതി; 3. പദ്യത്തിൻെറ ആദ്യത്തെ രണ്ടു പാദങ്ങൾ; 4. പൂർവകായം
പൂർവാഷാഢം നാ. പൂരാടം നക്ഷത്രം
പൂർവാ ം നാ. പകലിൻെറ ആദ്യപകുതി >< അപരാ ം
പൂർവിക വി. പണ്ടുള്ള, പുരാതനമായ
പൂർവികം നാ. നേരത്തെയുള്ളത്
പൂർവേണ അവ്യ. ഒന്നിച്ച്, അനുസരിച്ച്
പൂർവേതര വി. പടിഞ്ഞാറെ, കിഴക്കല്ലാത്ത
പൂർവേദ്യുഃ അവ്യ. മുമ്പത്തെ ദിവസം, ഇന്നലെ
പൂർവോക്ത വി. നേരത്തെ പറയപ്പെട്ട
പൂർവോത്തര നാ. വറക്കുകിഴക്ക്
പൂർവോത്തരം നാ. 1. മുമ്പിലത്തെതും പിന്നീടുള്ളതും; 2. കിഴക്കും പടിഞ്ഞാറും; 3. വൃത്താന്തം
പൂർവ്യം നാ. പണ്ടുള്ളത്, പഴങ്കഥ
പൂരക വി. നിറയ്ക്കുന്ന, നിറവേറ്റുന്ന
പൂരകം നാ. 1. പ്രാണായാമത്തിൻെറ ഒരു ഘട്ടം, വായുവിനെ ഉള്ളിലേക്കു വലിച്ചെടുക്കുന്നത് (താരത. രേചകം); 2. മാതളനാരകം; 3. ശ്രാദ്ധപിണ്ഡം; 4. മരപ്പുളി
പൂരണ വി. പൂരിപ്പിക്കുന്ന
പൂരണം നാ. 1. നിറയ്ക്കൽ; 2. പാലം; 3. കുഴിമുത്തങ്ങ; 4. തിരിപ്പൻ; 5. മഴ; 6. ഇഴ; 7. വില്ലുകുലയ്ക്കൽ; 8. ഗുണനം
പൂരാനുപ്രയോഗം നാ. (വ്യാക) അനുപ്രയോഗങ്ങളിൽ ഒന്ന്, ഖിലങ്ങളെ പൂരിപ്പിക്കുന്നത്
പൂരണി വി. 1. ഇലവുമരം; 2. കാട്; 3. ഭൂമി; 4. ദുർഗം; 5. ഊടുനൂല്
പൂരണിതദ്ധിതം നാ. (വ്യാക) ഒന്നാം രണ്ടാം ഇത്യാദി സങ്ഖ്യാനാമങ്ങളിൽ പൂരകമായികാണപ്പെടുന്ന 'ആം'
പൂരണീയ വി. പൂരിക്കപ്പെടേണ്ട
പൂരത്രയം നാ. പൂരം പൂരാടം പൂരുരുട്ടാതി എന്നീ മൂന്നു നക്ഷത്രങ്ങൾ
പൂരപ്പാട്ട് നാ. 1. പൂരത്തിനു പാടുന്ന പാട്ട്; 2. തെറിപ്പാട്ട്
പൂരം1 നാ. 1. പതിനൊന്നാമത്തെ നക്ഷത്രം; 2. ഒരു ഉത്സവം
പൂരം2 നാ. 1. പൂരണം, നിറപ്പ്; 2. കർപ്പൂരം; 3. ഒഴുക്ക്; 4. കയം; 5. മാതളം
പൂരയിതവ്യ നാ. പൂരിപ്പിക്കേണ്ട
പൂരയിതാ(വ്) നാ. പൂരിപ്പിക്കുന്നവൻ. (സ്ത്രീ) പൂരയിത്രി

പൂരവേല		നാ.	പൂരം എന്ന ഉത്സവം
പൂരാ[ഹി]	നാ.	മുഴുവൻ
പൂരാടം		നാ.	1. ഇരുപതാമത്തെ നക്ഷത്രം; 2. ഉപസ്ഥം
പൂരാണി		നാ.	നെയ്ത്തിലുപയോഗിക്കുന്ന അഴിപ്പലക
പൂരായം		നാ.	1. താത്പര്യം; 2. വെടിപറച്ചിൽ
പൂരി	നാ.	ഒരുതരം പലഹാരം
പൂരിക്കുക		നാ.	നിറയുക
പൂരിതം		വി.	നിറയ്ക്കപ്പെട്ട
പൂര്	നാ.	= പൂരം
പൂരു	നാ.	(പുരാണ) ദേവയാനിയുടെ മകൻ. പുരുവംശം = ചന്ദ്രവംശം
പൂരുരുട്ടാതി		നാ.	ഇരുപത്തഞ്ചാമത്തെ നക്ഷത്രം
പൂരുഷൻ		നാ.	പുരുഷൻ
പൂലം		നാ.	കൂട്ടം, കെട്ട്
പൂലസ്യം	[വ.മ.] നാ.	അരപ്പട്ട, അരപ്പട്ടയുടെ ആകൃതിയിലുള്ള ഒരാഭരണം
പൂലി	നാ.	ഒരു നാണയം, പൂലിവരാഹൻ
പൂലിക		നാ.	ഒരുതരം അപ്പം
പൂലിക്കുക		ക്രി.	വിങ്ങുക
പൂലുവൻ		നാ.	= പുള്ളുവൻ
പൂല്യം		നാ.	പതിര്
പൂവട്ട(ക)		നാ.	1. പൂപ്പാത്രം; 2. പൂജാപാത്രം; 3. കഷണ്ടി
പൂവണം		നാ.	പൂമെത്ത (അണ = മെത്ത)
പൂവണ്ണ്		നാ.	ഒരു മരം
പൂവത്തെണ്ണ		നാ.	പൂവത്തിൻകായ് ആട്ടിയെടുക്കുന്ന എണ്ണ
പൂവൻ		നാ.	1. പക്ഷിവർഗങ്ങളിൽ ആൺ (തലയിൽ
പൂവുള്ളതിനാൽ പൂവൻ എന്നു പേര്); 2. മുന്തിയ ഒരിനം വാഴ
പൂവം		നാ.	ഒരിനം മരം
പൂവമ്പൻ		നാ.	കാമദേവൻ
പൂവരശ്		നാ.	ശീലാന്തിമരം
പൂവൽ		വി.	പൂപോലെയുള്ള
പൂവനങ്ഗം		നാ.	മാർദവമുള്ള മേനി
പൂവല്ലി		നാ.	പൂത്ത (പൂക്കളുണ്ടാകുന്ന) വള്ളി
പൂവാങ്കുറുന്തൽ		നാ.	ഒരു ഔഷധച്ചെടി (ഇതിൻെറ പൂവ് ദശപുഷ്പങ്ങളിൽ
ഒന്ന്)
പൂവാട		നാ.	മനോഹരമായ വസ്ത്രം
പൂവാൽ		നാ.	അറ്റത്തു പുള്ളിയുള്ള വാൽ
പൂവാലൻ		നാ	1. പൂവാലുള്ളവൻ; 2. പെൺകുട്ടികളെ ശല്യം ചെയ്യാൻ
അണിഞ്ഞൊരുങ്ങി നടക്കുന്നവൻ
പൂവാർ1		വി.	പൂക്കളുള്ള, പൂക്കൾപോലെ മനോഹരമായ.
പൂവാർകുഴലി = മനോഹരമായ മുടിയുള്ളവൾ
പൂവാർ2		നാ.	മനോഹരമാര ആറ്; 2. തെക്കൻ തിരുവിതാങ്കൂറിലെ
ഒരു സ്ഥലം

പൂവിൽമാത് നാ. പൂവിത്സ്ഥിതിചെയ്യുന്ന ദേവി, ലക്ഷ്മീദേവി
പൂവില്ല(വ)ൻ നാ. പൂക്കൾ വില്ലിൽതൊടുത്തു ബാണങ്ങളായി അയയ്ക്കുന്നവൻ, കാമദേവൻ
പൂവില്ല് നാ. കാമദേവൻെറ വില്ല്
പൂവ് നാ. പനിനീർച്ചെടി തുടങ്ങിയവയിൽ വർണഭങ്ഗിയോടും സൗന്ദര്യത്തോടും കൂടി വിരിയുന്നത്, പുഷ്പം
പൂവേണി നാ. 1. മനോഹരമായ തലമുടി; 2. അപ്രകാരമുള്ള തലമുടിയുള്ളവൾ, സുന്ദരി
പൂശകൻ നാ. പൂച്ചയെകുറിക്കുവാൻ കുഞ്ചൻനമ്പ്യാർ ഉണ്ടാക്കിയ പദം
പൂശുക ക്രി. 1. തേക്കുക, തേച്ചുപിടിപ്പിക്കുക. ഉദാഃ കുമ്മായം പൂശുക; 2. (പ്ര) അടിക്കുക
പൂഷാത്മജൻ നാ. പുഷാവിൻെറ മകൻ, ഇന്ദ്രൻ
പുഷാവ് നാ. 1. സൂര്യൻ; 2. എരിക്ക്; 3. രാത്രിയിലുള്ള പതിനഞ്ചു മുഹൂർത്തങ്ങളിൽ നാലാമത്തേത്
പൂൾ1 നാ. നീണ്ട കഷണങ്ങളാക്കിയത്. ഉദാഃ തേങ്ങാപ്പൂൾ
പൂൾ2 [പൂളുക] ധാതുരൂപം
പൂള നാ. 1. ഇലവ്; 2. പുരുഷലിങ്ഗം; 3. മരച്ചീനി
പൂള് നാ. പൂൾ1
പൂളുക ക്രി. തേങ്ങയും മറ്റും നീളത്തിൽ കഷണമാക്കിയെടുക്കുക
പൂഴി നാ. 1. മൺപൊടി; 2. ഭസ്മം; 3. തുരുമ്പ്; 4. പൂമ്പൊടി
പൂഴിക്കടകൻ നാ. കളരിപ്പയറ്റിലെ ഒരടവ് (ചുവടുവച്ച് പൂഴിയുയർത്തി എതിരാളിക്കു കണ്ണുകാണാതാക്കി തോൽപ്പിക്കുക)
പൂഴിക്കല്ല് നാ. ഉപ്പ്
പൂഴിത്തച്ചൻ നാ. കല്ലാശാരി
പൂഴിനാഗം നാ. മണ്ണിര
പൂഴിനാട് നാ. പന്ത്രണ്ടു മൊഴിപെയർ ദേശങ്ങളിൽ ഒന്ന്
പൂഴുക ക്രി. ആഴ്ന്നുപോകുക
പൂഴ്ത്തുക ക്രി. ചെളിയിലോ മറ്റോ താഴ്ത്തുക, ഒളിക്കുക. (പ്ര) പൂഴ്ത്തിവയ്പ്പ് = വിലക്കയറ്റം സൃഷ്ടിക്കാൻ സാധനങ്ങൾ മനഃപൂർവമായി മാറ്റിവയ്ക്കൽ
പൃക്ത നാ. 1. സപർശിക്കപ്പെട്ട; 2. ചേർക്കപ്പെട്ട; 3. പൂശിയ; 4. സംബന്ധിപ്പിക്കപ്പെട്ട; 5. നിറഞ്ഞ
പൃക്തി നാ. സ്പർശനം
പൃച്ഛ നാ. ചോദ്യം, അന്വേഷണം
പൃച്ഛകൻ നാ. അന്വാഷകൻ, വിചാരണക്കാരൻ, ചോദിക്കുന്നവൻ
പൃച്ഛനം നാ. ചോദിക്കൽ
പൃച്ഛിക്കുക ക്രി. ചോദിക്കുക, അന്വേഷിക്കുക
പൃതന നാ. 1. സേന; 2. സേനയിൽ ഒരു ഭാഗം; 3. യുദ്ധം
പൃതന്യ നാ. പൃതന, സൈന്യം
പൃത്തിച്ചക്ക നാ. പിറുത്തിച്ചക്ക, കൈതച്ചക്ക
പൃഥ നാ. കുന്തി
പൃഥക്1 അവ്യ. 1. പ്രത്യേകമായി; 2. ഒഴികെ, കൂടാതെ

പൃഥക്2 വി. മോശപ്പെട്ട
പൃഥക്കരണം നാ. വേർതിരിക്കൽ
പൃഥക്ത്വം നാ. പൃഥഗ്ഭാവം
പൃഥക്ത്വച നാ. പെരുങ്കുരുമ്പ
പൃഥക്പിണ്ഡൻ നാ. 'പ്രത്യേകം പിണ്ഡംവയ്ക്കുന്നവൻ', അകന്നചാർച്ചക്കാരൻ
പൃഥഗാത്മത നാ. പ്രത്യേകമുള്ള ആത്മാവിൻെറ ഭാവം, വെവ്വേറെ കാണപ്പെടുന്നതിൻെറ ഭാവം, ചിത്തും ജഡവും തിരിച്ചറിയൽ
പൃഥഗ്വിധ വി. പലവിധത്തിലുള്ള
പൃഥം നാ. 1. ഉള്ളങ്കൈ; 2. ഒരുപിടി
പൃഥാപതി നാ. പാണ്ഡു
പൃഥിക നാ. 1. പഴുതാര; 2. ഒരിനം മത്സ്യം
പൃഥിവി നാ. 1. ഭൂമി; 2. പഞ്ചഭൂതങ്ങളിൽ ഒന്ന് (പൃഥിവി ശബ്ദത്തോട് ഇന്ദ്രൻ, ഈശ്വരൻ, പതി, പാലൻ ഇത്യാദി ശബ്ദങ്ങൾചേർത്തു രാജപര്യായങ്ങൾ ഉണ്ടാക്കാം)
പൃഥിവീധരം നാ. പർവതം, ഭൂധരം
പൃഥിവീന്ദ്രൻ നാ. 1. രാജാവ്; 2. യമൻ
പൃഥിവീരുഹം നാ. വൃക്ഷം, ചെടി, സസ്യം
പൃഥു1 വി. 1. വലിയ; 2. വിസ്താരമുള്ള; 3. ധാരാളമായ; 4. തടിച്ച; 5. മിടുക്കുള്ള
പൃഥു2 നാ. 1. അവീൻ, കറുപ്പ്; 2. കരിഞ്ചീരകം; 3. കായമുണ്ടാകുന്ന ചെടി, ആ ചെടിയുടെ ഇല; 4. അഗ്നി; 5. വിഷ്ണു; 6. ആട്; 7. സൂര്യവംശത്തിലെ ഒരു രാജാവ്, വേനൻെറ പുത്രൻ
പൃഥുക നാ. കരിക്കായം
പൃഥുകൻ നാ. ആൺകുട്ടി
പൃഥുകം നാ. 1. അവൽ; 2. ശിശു; 3. പാളി
പൃഥുജഘന നാ. 'തടിച്ചനിതംബമുള്ളവൾ', സുന്ദരി
പൃഥുനിതംബ നാ. = പൃഥുജഘന
പൃഥുപ്രഥ വി. വളരെ കീർത്തിയുള്ള, എല്ലാവരും അറിയുന്ന, സദ്ഗുണങ്ങളുള്ള
പൃഥുബീജകം നാ. കറുത്ത ചണംപയറ്
പൃഥുരോമാവ് നാ. മത്സ്യം (വിസ്താരമുള്ള രോമങ്ങൾ-ചെതമ്പലുകൾ-ഉള്ളതിനാൽ)
പൃഥുല1 വി. തടിച്ച, വലിയ, വിസ്താരമേറിയ
പൃഥുല2 നാ. 1. തടിച്ചവൾ; 2. പെരുങ്കായം, അറിക്കായം
പൃഥുശേഖരം നാ. പർവതം
പൃഥുസ്കന്ധം നാ. പന്നി
പൃഥ്വി നാ. 1. ഭൂമി, പൃഥിവി (പൃഥു ഭരിച്ചു വ്യവസ്ഥപ്പെടുത്തിയത്, വിസ്താരമുള്ളത്); 2. കരിഞ്ചീരകം; 3. പെരുങ്കായം; 4. പേരേലം; 5. വെളുത്ത തഴുതാമ; 6. ആദിതി; 7. ആദ്യശക്തി; 8. ഒരു വൃത്തം
പൃഥ്വീജം

പൃഥ്വീജം നാ. 1. ഭൂരുഹം, വൃക്ഷം; 2. മേരുപ്പ്
പൃഥ്വീധരം നാ. ഭൂധരം
പൃഥ്വീപതി നാ. രാജാവ്
പൃദാകു നാ. 1. പാമ്പ്; 2. തേൾ; 3. കടുവാ; 4. ചെറിയപുലി; 5. ആന; 6. ഒരു വൃക്ഷം
പൃശ്നി1 വി. 1. ചെറിയ ശരീരമുള്ള; 2. പുള്ളികളുള്ള ശരീരത്തോടുകൂടിയ (പശു, പാമ്പ്, തവള തുടങ്ങിയവ); 3. കോമളമായ
പൃശ്നി2 നാ. 1. രശ്മി; 2. പാൽ; 3. മുണ്ടൻ; 4. കുടപ്പായൽ; 5. (പുരാണ) ദേവകി; 6. പശു; 7. ഭൂമി; 8. ഓരില; 9. മേഘം; 10. ഒരു മത്സ്യം
1087
പൃശ്നിശൃങ്ഗൻ നാ. 1. ശ്രീകൃഷ്ണൻ; 2. ഗണപതി
പൃഷത് വി. 1. തളിക്കുന്ന; 2. പുള്ളിയുള്ള (മാൻ)
പൃഷത വി. 1. (വെളുത്ത)പുള്ളിയുള്ള; 2. പലനിറമുള്ള
പൃഷതം നാ. 1. വെള്ളത്തുള്ളി; 2. പുള്ളി; 3. പുള്ളിമാൻ (വായുവിൻെറ വാഹനമായ ഏണം)
പൃഷത്കം നാ. അമ്പ്, ശരം
പൃഷത്ത് നാ. 1. വെള്ളത്തുള്ളി, ഒരു തുള്ളി (ദ്രവം); 2. പുള്ളി; 3. പുള്ളിമാൻ
പൃഷദ്ബലൻ നാ. വായുവിൻെറ വാഹനമായ കുതിര
പൃഷന്തി നാ. ഒരുതുള്ളി വെള്ളം
പൃഷാകര നാ. ചെറിയ കല്ല് (തൂക്കം നിർണയിക്കാൻ തോതായി ഉപയോഗിക്കുന്നത്)
പൃഷോദരം നാ. 1. വയറ്റിൽ പുള്ളികളുള്ളത്; 2. വായു
പൃഷ്ട വി. 1. പുച്ഛരിക്കപ്പെട്ട; 2. (ജലം) തളിക്കപ്പെട്ട
പൃഷ്ടഹായനം നാ. ആന (വാങ്ങുകയോ വിൽക്കുകയോ ചെയ്യുമ്പോൾ വയസ്സ് എത്രയെന്നു ചോദിക്കപ്പെടുന്നതിനാൽ)
പൃഷ്ടി നാ. 1. പൃച്ഛ, അന്വേഷണം; 2. സ്പർശം
പൃഷ്ഠകം നാ. പൃഷ്ഠം, പുറം
പൃഷ്ഠഗാമി വി. പിന്നാലെപോകുന്ന
പൃഷ്ഠഗ്രന്ഥി വി. മുതുകിൽ കൂനുള്ള
പൃഷ്ഠചക്ഷു(സ്സ്) നാ. 1. കരടി; 2. ഞണ്ട്
പൃഷ്ഠജ വി. പിന്നീടുജനിച്ച, ഇളയ
പൃഷ്ഠതഃ അവ്യ. 1. പിന്നിൽ, പിറകിൽനിന്ന്, പിറകെ, പുറത്ത്; 2. ഗൂഢമായി. പൃഷ്ഠതോഭവിക്കുക = പിൻഭാഗത്തുനിൽക്കുക
പൃഷ്ഠപാതി നാ. 1. പിന്തുടരുന്നവൻ; 2. പിന്നിൽനിന്നു നോക്കിനിയന്ത്രിക്കുന്നവൻ
പൃഷ്ഠഭങ്ഗം നാ. മൽപ്പിടുത്തത്തിലെ ഒരടവ് (എതിരാളിയുടെ നടുവൊടിക്കുന്നത് എന്നു പദാർഥം)
പൃഷ്ഠഭാഗം നാ. പിൻഭാഗം
പൃഷ്ഠഭൂമി നാ. 1. പിൻഭാഗം; 2. വീറ്റിൻെറ മുകളിലത്തെ നില, മട്ടുപ്പാവ്

പൃഷ്ഠം നാ. 1. പുറം, ശരീരത്തിൻെറ പിൻഭാഗം; 2. ചന്തി; 3. മലമുകൾ; 4. പുസ്തകത്തിൻെറ പുറംപേജ്. പൃഷ്ഠം നന്നെങ്കിൽ മുഖമാകാ (പഴ)

പൃഷ്ഠമാംസം നാ. ശരീരത്തിൻെറ പിൻഭാഗത്തുള്ള മാംസം

പൃഷ്ഠമാംസാദ(ന)ം നാ. അപവാദം പറച്ചിൽ, നുണപറയൽ (പിന്നിൽനിന്നു മാംസം തിന്നൽ എന്നു പദാർഥം)

പൃഷ്ഠയാനം നാ. (കുതിരയുടെയും മറ്റും) പുറത്തുകയറി യാത്രചെയ്യൽ

പൃഷ്ഠരക്ഷ(ണ)ം നാ. പുറകുവശം രക്ഷിക്കൽ (സേന, രഥം, യോദ്ധാവ് തുടങ്ങിയവയുടെ)

പൃഷ്ഠവംശം നാ. തണ്ടെല്ല്

പൃഷ്ഠവംശാധരം നാ. തണ്ടെല്ലിൻെറ താഴെയും ആസനത്തിൻെറ മേലെയുമായി തുടയെല്ലുകളും തണ്ടെല്ലും കൂടിച്ചേരുന്ന ഭാഗം

പൃഷ്ഠവാഹം നാ. പൊതിക്കാള

പൃഷ്ഠശൃങ്ഗം നാ. കാട്ടാട്

പൃഷ്ഠശൃങ്ഗി നാ. 1. ഭീമസേനൻ; 2. പോത്ത്; 3. കാട്ടാട്; 4. നപുംസകം

പൃഷ്ഠാസ്ഥി നാ. തണ്ടെല്ല്, നട്ടെല്ല്

പൃഷ്ഠേജാത വി. പിന്നീടുജനിച്ച, ഇളയ

പൃഷ്ഠോദയം നാ. (ജ്യോ) പിൻവശംകൊണ്ടുദിക്കൽ (മേടം, ഇടവം, കർക്കടകം, ധനു, മകരം എന്നിവ പൃഷ്ഠോദയരാശികൾ

പൃഷ്ഠ്യൻ നാ. ചുമട്ടുകുതിര

പൃഷ്ണി നാ. 1. കാലിൻെറ പുറവടി; 2. രശ്മി; 3. അതൃല്പശരീരം

പെഗ്[ഇം.] നാ. 1. ഒരുപകരണം (ഉടുപ്പും മറ്റും തൂക്കാനുള്ളത്); 2. കെട്ടുകുറ്റി; 3. മദ്യത്തിൻെറ ഒരളവ്

പെങ്ങൾ നാ. ഉടപ്പിറന്നവൾ (പുരുഷൻ സഹോദരിയെക്കുറിച്ചു പറയുമ്പോൾ അധികം പ്രയോഗം)

പെഞ്ചാതി നാ. 1. സ്ത്രീ; 2. ഭാര്യ

പെഞ്ചൊൽ നാ. 1. പെണ്ണിൻെറ വാക്ക്, ഭാര്യയുടെ ഉപദേശം; 2. മധുരമായ വാക്ക്

പെട1 നാ. = പിട

പെട2 നാ. 1. ഒരിനം പുല്ല്; 2. തല്ല്, പ്രഹരം

പെടരി നാ. = പിടരി

പെടുക, പടുക [പ.മ.] ക്രി. 1. ചേരുക, ഉൾപ്പെടുക; 2. വീഴുക; 3. ചാകുക (പടുക); 4. ഭവിക്കുക; 5. (വ്യാക) അനുപ്രയോഗമായി ഉപയോഗിക്കുന്നു. ഉദാഃ അടിപെടുക, ഗുണപ്പെടുക, നഷ്ടപ്പെടുക, വിലപ്പെടുക ഇത്യാദി

പെടുക്കുക ക്രി. 1. മൂത്രം വീഴ്ത്തുക; 2. ഭയപ്പെടുക; 3. ചേർക്കുക; 4. പ്രവേശിക്കുക; 5. സംഭവിപ്പിക്കുക; 6. തോൽപ്പിക്കുക

പെട്ട1 [പെടുക] വി. (ഭൂ.പേരെച്ചം) 1. രണ്ടുചേർന്ന, ഇരട്ടയായ; 2. സ്നേഹിച്ച; 3. സംഭവിച്ച

പെട്ട2 നാ. 1. ഇരട്ട; 2. ഇണ

പെട്ട3 നാ. കഷണ്ടി (പ്ര) പെട്ടത്തലയൻ = കഷണ്ടിത്തലയൻ

പെട്ടകം നാ. പെട്ടി (പ്ര) പെട്ടകത്തിലാക്കുക = വെളിയിലെടുക്കാതിരിക്കുക, ഒളിച്ചുവയ്ക്കുക, മറയ്ക്കുക

പെട്ടക്കുതിര നാ. 1. പെൺകുതിര; 2. രണ്ടുകുതിര. പെട്ടക്കുതിരയ്ക്ക് ഇരട്ടക്കൊമ്പ് (പഴ) = അസംഭാവ്യമായ കാര്യം
പെട്ടനെ ക്രി. പെട്ടെന്ന്
പെടൽ നാ. 1. സ്നേഹം; 2. കാമം; 3. ആഗ്രഹം
പെട്ടാർ നാ. 1. സ്നേഹിതർ; 2. കാമുകന്മാർ
പെട്ടി നാ. 1. ദ്രവ്യവും മറ്റും വച്ച് അടച്ചുപൂട്ടത്തക്കവണ്ണം മരവും തകരവും ഇരുമ്പും മറ്റും കൊണ്ടുണ്ടാക്കുന്നത്; 2. അറ; 3. കൂട, വട്ടി; 4. ഒരിനം നെല്ല്.
പെട്ടിവച്ചുകളി
പെട്ടിക്കട്ട നാ. ഒരുതരം ഇഷ്ടിക (വെയിലത്തുണങ്ങിയത്)
പെട്ടിക്കാരൻ നാ. 1. അറസൂക്ഷിപ്പുകാരൻ; 2. ധനവാൻ
പെട്ടിപ്രമാണം നാ. നിലംപുരയിടങ്ങൾ സംബന്ധിച്ച് എഴുതിയിട്ടുള്ള ആധാരവും മറ്റും (പെട്ടിയിൽ സൂക്ഷിക്കുന്ന പ്രമാണം)
പെട്ടിവണ്ടി നാ. 1. അടച്ചുപൂട്ടത്തക്കവണ്ണം നിർമിച്ചിട്ടുള്ള വണ്ടി; 2. വണ്ടിക്കാരൻ ഇരിക്കുന്നിടത്തു താഴെ പെട്ടി സജ്ജമാക്കിയിട്ടുള്ള വണ്ടി
പെട്ട് നാ. കള്ളം
പെട്ടെന്ന് അവ്യ. വേഗത്തിൽ, പെട്ടനെ
പെട്രോമാക്സ് [ഇം.] നാ. ഗ്യാസ്വിളക്ക് (വായു സമ്മർദംകൊണ്ട് മണ്ണെണ്ണയെ ബാഷ്പീകരുച്ചു കത്തിക്കുന്നത്)
പെട്രോൾ1 [ഇം.] നാ. മണ്ണിൽനിന്നു കുഴിച്ചെടുക്കുന്ന ശിലാതൈലം ശുദ്ധീകരിച്ചത് (കാർ വിമാനം തുടങ്ങിയവയിൽ ഇന്ധനമായി ഉപയോഗം)
പെട്രോൾ2 [ഇം.] നാ. റോന്തുചുറ്റൽ (പ്ര) പെട്രോൾ പാർട്ടി = റോന്തുചുറ്റുന്ന പോലീസുകാരും മറ്റും
പെട്രോളിയം [ഇം.] നാ. മണ്ണെണ്ണയുമായി ബന്ധപ്പെട്ട ഉത്പന്നങ്ങൾക്ക് പൊതുവെ പറയുന്ന പേര്
പെൺ നാ. പെണ്ണ്
പെൺകാണം നാ. വിവാഹബന്ധം ഒഴിയേണ്ടിവന്നാൽ തിരിച്ചുകൊടുക്കണമെന്ന കരാറിന്മേൽ വരൻ വധുവിൻെറ പിതാവിനെ ഏൽപ്പിക്കുന്ന പണം (ചില ജാതിക്കാരുടെ ആചാരം)
പെൺകിടാവ് നാ. 1. പെൺകുഞ്ഞ്; 2. കന്യക
പെൺകുട്ടി നാ. പെൺകിടാവ്
പെൺകൂട്ടക്കാർ നാ. പെണ്ണിൻെറ ബന്ധുക്കൾ, വധുവിനെ ആദ്യമായി ഭർത്തൃഗൃഹത്തിൽ കൊണ്ടുചെന്നു വിടുന്ന ബന്ധുക്കൾ
പെൺകൂട്ടുകാർ നാ. പെൺകൂട്ടക്കാർ
പെൺകൂറ്റുകാർ നാ. വധുവിൻെറ ബന്ധുക്കൾ
പെൺകെട്ട് നാ. 1. വിവാഹം (പെൺകൊട); 2. കെട്ടുകല്യാണം; 3. ചരടുകൾ കൂട്ടിക്കെട്ടുന്ന രീതികളിൽ ഒന്ന്, ഒരു വശം പിടിച്ചുവലിച്ചാൽ അഴിയുന്ന കെട്ട്
പെൺകൊട നാ. വിവാഹം
പെൺകൊടി നാ. യുവതി, സുന്ദരി, വള്ളിപോലെയുള്ള ശരീരത്തോടുകൂടിയവൾ
പെൺകോലം നാ. വെറും സ്ത്രീരൂപം
പെൺഗ്രഹം നാ. (ജ്യോ) 1. ചന്ദ്രൻ; 2. ശുക്രൻ; 3. രാഹു

പെൺചൊല്ല് നാ. 1. സ്ത്രീയുടെ വാക്ക്; 2. മധുരമായ വാക്ക്
പെൺജാതി നാ. 1. സ്ത്രീ; 2. സ്ത്രീവർഗം; 3. ഭാര്യ
പെൺനാൾ നാ. (ജ്യോ) സ്ത്രീനക്ഷത്രം (കാർത്തികമുതൽ അഞ്ചും പൂരം അത്തം ചിത്തിര അനിഴം അവിട്ടം ചതയം ഉത്രട്ടാതി രേവതി എന്നിവയും)
പെൺപട നാ. 1. സ്ത്രീകളുടെ കൂട്ടം; 2. സ്ത്രീ സൈന്യം; 3. സ്ത്രീകൾ തമ്മിലുള്ള കലഹം. പെൺപട പടയല്ല മൺചിറ ചിറയല്ല (പഴ)
പെൺപെറുക്കി നാ. കാമാതുരൻ, വിടൻ
പെണ്മ നാ. സ്ത്രീത്വം
പെൺമണി നാ. സ്ത്രീരത്നം
പെൺമുറി നാ. തേങ്ങായുടെ കണ്ണുള്ള മുറി
പൺമൂപ്പ് നാ. 1. രാജസ്ത്രീകളിൽ അധികം വയസ്സുള്ളവരുടെ അവസ്ഥ; 2. പെൺവഴിത്തമ്പുരാക്കന്മാരിൽ മൂത്തയാൾ; 3. രാജാവില്ലാത്തപ്പോൾ രാജസ്ത്രീ രാജ്യം ഭരിക്കൽ; 4. പെണ്ണരശ് (മുപ്പുള്ള പുരുഷന്മാരിരിക്കെ സ്ത്രീ അധികാരം വഹിക്കൽ)
പെൺവഴി നാ. മരുമക്കത്തായം, പരമ്പരയായി സ്ത്രീകൾക്കുമാത്രമായുള്ള അവകാശക്രമം
പെൺവാഴ്ച നാ. 1. പെൺമൂപ്പ്, സ്ത്രീകളുടെ ഭരണം; 2. വിവാഹം
പെണ്ട(ക)ൻ നാ. നപുംസകൻ
പെണ്ടാട്ടി നാ. 1. ഭാര്യ; 2. ഭൃത്യ, ദാസി
പെണ്ടി നാ. 1. പെൺകുട്ടി; 2. ഭാര്യ; 3. സ്ത്രീ. ഭിക്ഷയ്ക്കുവന്നവൻ പെണ്ടിക്കു മാപ്പിള (പഴ)
പെണ്ട് നാ. പെണ്ടി
പെണ്ണൻ നാ. പെൺശീലമുള്ളവൻ, പെണ്ണാലി
പെണ്ണപ്പൻ നാ. ശ്വശുരൻ
പെണ്ണരശ് നാ. 1. രാജ്ഞി; 2. സ്ത്രീനായകത്വം, പെൺമൂപ്പ് (പ്ര) പെണ്ണരശുനാട് = സ്ത്രീകൾ ഭരിക്കുന്ന നാട്
പെണ്ണാലി നാ. സ്ത്രീസ്വഭാവമുള്ളവൻ
പെണ്ണാശ നാ. സ്ത്രീകളിലുള്ള ആശ
പെണ്ണാൾ1 നാ. 1. വേലക്കാരി; 2. പുലക്കള്ളി
പെണ്ണാൾ2 നാ. പെൺനക്ഷത്രം
പെണ്ണാളൻ നാ. ഭാര്യയുടെ വരുതി കേട്ടുനടക്കുന്നവൻ
പെണ്ണില്ലം നാ. വധൂഗൃഹം
പെണ്ണ് നാ. 1. പ്രസവിച്ചോ മുട്ടയിട്ടോ വംശവർധന നടത്തുന്ന ജീവി; 2. സ്ത്രീ; 3. കന്യക; 4. ഭാര്യ; 5. സഹോദരി; 6. ഭൃത്യ; 7. കറ്റാർവാഴ. പെണ്ണൊരുമ്പെട്ടാൽ ബ്രഹ്മനും തടുത്തുകൂടാ (പഴ)
പെണ്ണുക [പ.മ.] ക്രി. ചെയ്യുക, പ്രവർത്തിക്കുക
പെണ്ണുകാണുക ക്രി. വിവാഹം കഴിക്കാനുദ്ദേശിക്കുന്ന ചെറുക്കനും ബന്ധുക്കളും കെട്ടാൻപോകുന്ന പെണ്ണിനെ വീട്ടിൽചെന്നുകാണുക (വിവാഹസംബന്ധമായ ഒരു ചടങ്ങ്)
പെണ്ണുകെട്ടുക ക്രി. വിവാഹം കഴിക്കുക
പെണ്ണുമ്പിള്ള നാ. 1. സ്ത്രീ; 2. ഭാര്യ
പെതുമ്പ നാ. 15 വയസ്സുള്ള പെൺകുട്ടി

പെൻ [ഇം.] നാ. പേന
പെൻഡുലം [ഇം.] നാ. നാഴിക മണിയുടെ നാക്ക്
പെൻസിൽ [ഇം.] നാ. എഴുത്തുകോൽ (ഒരുതരം ലേഖനി)
പെനയുക ക്രി. = പിനയുക
പെന്തിക്കോസ്തു നാ. 1. (ക്രിസ്തു) ഒരു ക്രിസ്തീയപെരുന്നാൾ, അമ്പതാം തിരുനാൾ; 2. ഒരു ക്രിസ്തീയസഭാ വിഭാഗം
പെയ്ത്ത് നാ. 1. മഴപൊഴിയൽ; 2. മഴപോലെ പൊഴിയൽ. മഴപെയ്ത്തു കഴിഞ്ഞാൽ മരം പെയ്ത്തു തുടങ്ങും (പഴ)
പെയർ നാ. 1. പേര്; 2. അർഥം; 3. ഖ്യാതി; 4. വലിപ്പം; 5. ശപഥം
പെയർക്കുക ക്രി. 1. വേർപെടുത്തുക; 2. ഉടയ്ക്കുക; 3. തിരിച്ചുവരുക; 4. ചലിക്കുക
പെയ്യൽ [പൊഴിയുക] നാ. 1. മഴപൊഴിയൽ; 2. മഴപോലെ പൊഴിയൽ
പെയ്യാപ്പുര നാ. 1. ചോരാപ്പുര; 2. വള്ളത്തിൻെറ കൂര
പെയ്യുക ക്രി. 1. മേഘങ്ങളിൽനിന്നു വെള്ളം തുള്ളിയായോ ധാരയായോ വീഴുക; 2. വീണുചിതറുക; 3. പങ്കിടുക; 4. തുളിക്കുക; 5. കെട്ടുക; 6. ഉപയോഗിക്കുക
പെര നാ. = പുര
പെരമ്പ് നാ. = പിരമ്പ്
പെരളി നാ. = പിരളി
പെരി(കെ) അവ്യ. പെരുത്ത്, വളരെ, ഏറ്റവും
പെരു,പെരിയ വി. വലിയ. പെരിയസ്വാമി = അനേകംതവണ ശബരിമല ചവിട്ടിയവൻ
പെരിയപുരാണം നാ. ഒരു ചെന്തമിഴ് കാവ്യം
പെരിയവർ നാ. 1. മഹാന്മാർ; 2. പൂർവികന്മാർ.
പെരിയാറ് നാ. ആലുവാപ്പുഴ
പരു1 വി. 1. വലിയ; 2. മുഖ്യമായ
പെരു2 നാ. ഒരു ചെടി (പെരുക്)
പെരുക് നാ. ഒരു ചെടി
പെരുകുക ക്രി. 1. പെരുതാകുക, വർധിക്കുക, വളരെയുണ്ടാകുക; 2. വീർക്കുക; 3. കൂടുക
പെരുക്കം നാ. 1. വർധന; 2. പെരുപ്പം; 3. മടങ്ങ്
പെരുക്കൽ നാ. 1. ഗുണനം; 2. വർധിപ്പിക്കൽ, കൂടുതലാക്കൽ
പെരുക്കാൽ നാ. 1. വലിയകാൽ; 2. മന്തുകാൽ
പെരുക്കാലട്ട നാ. ഒരിനം വലിയ അട്ട, വളരെ കാലുകളുള്ളത്
പെരുക്ക് നാ. 1. വൃദ്ധി; 2. (നദി) കവിഞ്ഞൊഴുകൽ
1089
പെരുക്കുക1 ക്രി. 1. അധികമാക്കുക; 2. തണുപ്പുകൊണ്ട് അവയവം മരവിക്കുക; 3. നെയ്യും മറ്റും ഉറച്ചു കട്ടയാവുക
പെരുക്കുക2 ക്രി. 1. ഗുണിക്കുക (ഒരു സങ്ഖ്യയെ മറ്റൊരു സങ്ഖ്യകൊണ്ട്); 2. തൂത്തുവാരുക; 3. ഓടിക്കളയുക
പെരുങ്കൊല്ലൻ നാ. കൊല്ലന്മാരിൽ പ്രമാണി

പെരുങ്കോൺ നാ. അധികകോണം, സമക്കോണത്തെക്കാൾ വലിയ കോൺ (90 ഡിഗ്രിയിൽ അധികമുള്ളത്)
പെരുങ്ഗ്രാമം നാ. അഞ്ഞൂറിലധികം വീടുകളുള്ള ഗ്രാമം
പെരുച്ചാഴി നാ. ഒരു ജന്തു, തുരപ്പൻ, പന്നിയെലി, ഒരിനം വലിയ എലി
പെരുഞ്ചവരിമാൻ നാ. ഒരു ജാതി ചവരിമാൻ
പെരുഞ്ചീരകം നാ. ഒരു അങ്ങാടിമരുന്ന്, വലിയ ഒരിനം ജീരകം
പെരുഞ്ചെല്ലൂർ നാ. 1. ഒരു കഴകം; 2. ഒരു പ്രസിദ്ധ ക്ഷേത്രം
പെരുതളം നാ. മയിൽ
പെരുത് നാ. പെരിയത്, വലുത്
പെരുതേരി നാ. കല്ലാശാരി, പൂഴിത്തച്ചൻ
പെരുത്ത് വി. വളരെ, ധാരാളം
പെരുനാൾ നാ. പെരുന്നാൾ
പെരുനാഴി നാ. വലിയ നാഴി, ഇടങ്ങഴി
പെരുനീർ നാ. 1. മനുഷ്യൻെറ മൂത്രം; 2. കടൽ
പെരുന്തച്ചൻ നാ. മൂത്താശാരി
പെരുന്തട്ടാൻ നാ. തട്ടാന്മാരിൽ പ്രധാനി, വിദഗ്ധനായ തട്ടാൻ
പെരുന്തിരു നാ. മഹാലക്ഷ്മി
പെരുന്തുളസി നാ. ഒരു ഔഷധച്ചെടി; 2. രാമതുളസി
പെരുന്തുക്കോവിലപ്പൻ നാ. ശിവൻ (വൈക്കത്തപ്പൻ)
പെരുന്തേൻ നാ. വൻതേൻ (വലിയ തേനീച്ച ശേഖരിക്കുന്നത്)
പെരുന്തേരട്ട നാ. ഒരിനം വലിയ അട്ട (വളരെക്കാലുകളുള്ള പെരിക്കാലട്ട)
പെരുന്നാൾ നാ. 1. (ക്രിസ്തു, ഇസ്ലാം) ഒരു വിശേഷ ദിവസം, നോമ്പുവീടുന്ന ദിവസം; 2. വളരെ നാൾ
പെരുപ്പം നാ. 1. വർധന, ബഹുത്വം; 2. കനം, ഗർവം; 3. ശ്രേഷ്ഠത; 4. മേന്മ; 5. വലിപ്പം, വലിയ അവസ്ഥ
പെരുപ്പിക്കുക ക്രി. അധികമാക്കുക, വർധിപ്പിക്കുക
പെരും വി. വലിയ, മുഖ്യമായ
പെരുമ നാ. 1. മഹത്ത്വം, ശ്രേഷ്ഠത; 2. ബഹുത്വം; 3. വമ്പ്, വലിപ്പം; 4. കായബലം
പെരുമക്കൾ നാ. 1. മൂത്തവർ; 2. ഗ്രാമസഭാങ്ഗങ്ങൾ; 3. ബഹുജനങ്ങൾ
പെരുമടയൻ നാ. 1. മുഖ്യപാചകൻ; 2. ശുദ്ധവിഡ്ഢി
പെരുമൻ നാ. 1. കിഴവൻ; 2. വലിയവൻ, മഹത്ത്വമുള്ളവൻ
പെരുമനം നാ. പ്രാചീനകേരളത്തിലെ 64 ഗ്രാമങ്ങളിൽ ഒന്ന്
പെരുമരുന്ന് നാ. 1. കടലിവേഗം; 2. അണലിവേഗം
പെരുമഴ നാ. വലിയ മഴ (ശക്തിയായ മഴ, ഇടതടവില്ലാതെ പെയ്യുന്ന മഴ)
പെരുമാട്ടി നാ. 1. ഒരു പക്ഷി; 2. പൂങ്കുറിഞ്ഞി
പെരുമാൻ നാ. 1. വലിയമാൻ, വാതമൃഗം; 2. കൊല്ലൻ; 3. ദൈവം; 4. നാഥൻ
പെരുമാൾ നാ. 1. ചേരരാജാവ്, തിരുവിതാങ്കൂർ രാജാവിൻെറ ഒരു ബിരുദം; 2. വിഷ്ണു; 3. അധീശൻ (രാജാവ്); 4. പ്രധാനി, പ്രഭു

പെരുമാളട്ട നാ. പെരുക്കാലട്ട
പെരുമാറുക ക്രി. 1. കൈയാളിക്കുക, വ്യാപരിക്കുക, പ്രവർത്തിക്കുക; 2. ഉപയോഗിക്കുക
പെരുമാറ്റം നാ. 1. പരിമാറ്റം (വസ്തുക്കൾ) കൊടുത്തു വാങ്ങൽ; 2. പ്രവർത്തിക്കുന്ന വിധം; 3. പരക്കൽ; 4. ചുറ്റൽ; 5. തിരിയൽ; 6. വ്യാപരിക്കൽ; 7. പ്രയോഗം
പെരുമീൻ നാ. 1. ഒരു നക്ഷത്രം, പുലർകാലനക്ഷത്രം; 2. ഒരു മത്സ്യം
പെരുമുട്ടു നാ ഒരു രോഗം (കാൽമുട്ടിൽ നീരുണ്ടാകുന്നതു ലക്ഷണം)
പെരുമുതിയൻ നാ. ക്ഷേത്രത്തിലെ അധികാരി
പെരുമ്പട നാ. 1. വലിയ യുദ്ധം; 2. വലിയ സൈന്യം
പെരുമ്പടപ്പ് നാ. 1. കൊച്ചിരാജവംശം, പെരുമ്പടപ്പുസ്വരൂപം; 2. ആർത്തവം
പെരുമ്പറ നാ. വീരവാദ്യം, ഭേരി
പെരുമ്പറ്റുപാട്ടം നാ. ഒരുതരം പണ്ടാരപ്പാട്ടം
പെരുമ്പാട് നാ. 1. വലിയ പ്രയാസം; 2. ക്രമത്തിലധികമായ രക്തച്ചൊരിച്ചിൽ
പെരുമ്പാമ്പ് നാ. ഒരുതരം വലിയ പാമ്പ്, മലമ്പാമ്പ്
പെരുമ്പിടി നാ. 1. കഠിനമായ ചട്ടം; 2. പിടിച്ചുപറി
പെരുമ്പൂകൾ നാ. അധികമായ കീർത്തി
പെരുമ്പൊതി നാ. വയറ്
പെരുവണ്ണാൻ നാ. മന്ത്രവാദം ചെയ്യുന്ന ഒരു ജാതിക്കാരൻ, പരവൻ
പെരുവഴി നാ. വലിയ വഴി. ഇരുവഴികണ്ടാൽ പെരുവഴി പോണം (പഴ)
പെരുവായൻ നാ. 1. വളരെ സംസാരിക്കുന്നവൻ; 2. കഴുത
പെരുവിരൽ നാ. തള്ളവിരൽ (കൈയിലേയോ കാലിലെയോ വണ്ണം അധികമുള്ള വിരൽ)
പെരുവെള്ളം നാ. വെള്ളപ്പൊക്കം. പലതുള്ളി പെരുവെള്ളം (പഴ)
പെസഹ [ഹീ.] നാ. 'കടന്നുപോകൽ', 1. യഹൂദരുടെ ഒരു പെരുന്നാൾ; 2. (ക്രിസ്തു) ഈശോയുടെ മരണത്തെയും പുനരുത്ഥാനത്തെയും അനുസ്മരിക്കുന്ന പെരുന്നാൾ
പെസഹാഭക്ഷണം നാ. (ക്രിസ്തു) പെസഹാനാൾ ക്രിസ്തു തൻെറ ശിഷ്യന്മാരോടുകൂടി കഴിച്ച അന്ത്യഭക്ഷണം. (പ്ര) പെസഹാവ്യാഴാഴ്ച
പെറുക ക്രി. 1. പ്രസവിക്കുക; 2. പിറക്കുക; 3. ലഭിക്കുക
പെറുക്കി നാ. പെറുക്കുന്നവൻ (തെണ്ടി, ഇരപ്പാളി)
പെറുക്ക് നാ. നുള്ളിയെടുക്കൽ
പെറുക്കുക ക്രി. 1. ഓരോന്നായി നുള്ളിയെടുക്കുക; 2. തിരഞ്ഞെടുക്കുക; 3. തെണ്ടുക
പെറുതി നാ. 1. ലാഭം; 2. എത്തേണ്ട സ്ഥലം
പെറുവാൾ നാ. 1. (ജ്യോ) ത്രൈരാശികത്തിൽ മൂന്നാം രാശി; 2. ഹരണഫലം
പെറ്റക്കന്ന് നാ. കാട്ടുപോത്ത്
പെറ്റൻ വി. ശക്തിയുള്ളവൻ
പെറ്റം നാ. കാട്

പെറ്റമ്മ നാ. 1. പ്രസവിച്ച അമ്മ. പത്തമ്മചമഞ്ഞാലും പെറ്റമ്മയാകില്ല (പഴ)
പെറ്റവൾ നാ. പെറ്റമ്മ. പെറ്റവൾക്കറിയാം പേറ്റുവേദന (പഴ)
പേ നാ. 1. പിശാച്, അപമൃത്യുവരിച്ചയാളിൻെറ ആത്മാവ്; 2. ഭ്രാന്ത്, ദുർവൃത്തി. വി. ചീത്തയായ, ഭയങ്കരമായ, വന്യമായ
പേകണിക്കുക ക്രി. കഷ്ടപ്പെടുക, നിറഭേദം വരിക
പേക്കത്തവള നാ. വലിയ തവള
പേക്കാളം നാ. വലിയ ശബ്ദമുണ്ടാക്കുന്ന ഒരിനം കാഹളം
പേക്കുതിര നാ. 1. ചീത്തക്കുതിര; 2. നിയന്ത്രിക്കാൻ പ്രയാസമുള്ള കുതിര.
പേക്കുല നാ. തെങ്ങിൻെറയും മറ്റും കായില്ലാത്ത കുല
പേക്കുറുക്കൻ നാ. 1. വിഷനരി; 2. പേനരി
പേക്കൂത്ത് നാ. 1. ക്രമക്കേട്; 2. കുഴപ്പം; 3. നാനാവിധം; 4. ചീത്തക്കളി; 5. പിശാചനൃത്തം; 6. വികൃതിത്തം
പേക്കോലം നാ. 1. പിശാചിൻെറ വേഷം; 2. ചീത്തക്കാഴ്ച; 3. മുറത്തിലും മറ്റും എഴുതിവയ്ക്കുന്ന രൂപം; 4. ചീത്തയായ രൂപം
പേക്രാന്തം നാ. 1. ഭ്രാന്ത്; 2. ക്രമക്കേട്; 3. ഭങ്ഗിയില്ലായ്മ
പേചകൻ നാ. ആൺമൂങ്ങ
പേചകം1 നാ. 1. മൂങ്ങ; 2. ആനയുടെ വാലിൻെറ അറ്റം; 3. വാൽക്കുറ്റിയിലുള്ളതും ഗുദത്തെ മറയ്ക്കുന്നതുമായ ചർമവിശേഷം; 4. മേഘം; 5. ഇരിക്കക്കട്ടിൽ; 6. മെത്ത; 7. പേൻ
പേചകം2 നാ. വാതിൽ
പേചകി നാ. ആന
പേചക്കാരൻ നാ. വേട്ടാവളിയൻ
പേചുക നാ. 1. പേശുക; 2. പുലമ്പുക
പേയുക നാ. = പികയുക
പേട1 നാ. മൃഗങ്ങളിലെ പെണ്ണ്. ഉദാഃ പേടമാൻ = പെൺമാൻ
പേട2 നാ. 1. പെട്ടി; 2. പെട്ടകം; 3. വിരിച്ച കൈപ്പടം
പേടി1 നാ. അപകടം, ആശങ്കിക്കൽ, ഭയം; 2. നടുവിരൽ (പ്ര) പേടിത്തൊണ്ടൻ,-ക്കൊടലൻ = അമിതമായ ഭയം ഉള്ളവൻ
പേടി2 നാ. = പേട2
പേടി3 [പേടിക്കുക] ധാതുരൂപം
പേടിക്കുക ക്രി. ഭയപ്പെടുക
പേട് നാ. ഉള്ളിൽ കഴമ്പില്ലാത്ത. ഉദാഃ പേട്ടുതേങ്ങ
പേട്ട നാ. 1. പ്രത്യേകമായ കച്ചവടസ്ഥലം; 2. മുസ്ലീങ്ങൾ കച്ചവടംചെയ്തു താമസിക്കുന്ന സ്ഥലം
പേഡ1 നാ. വലിയ സഞ്ചി
പേഡ2 [ഹി] നാ. ഒരുതരം മധുരപലഹാരം
പേൺ നാ. മതിപ്പ്
പേണലർ നാ. മതിപ്പുകൊടുക്കാത്തവർ, ശത്രുക്കൾ
പേണൽ നാ. ആഗ്രഹം, പോഷണം

പേണാത്തുള നാ. വക്കകെട്ടിവലിക്കുന്നതിനായി അറ്റത്തുണ്ടാക്കുന്ന തുള, വക്കത്തുള
പേണി1 [പേണുക] ഭു. രൂപം
പേണി2 നാ. കന്നുകാലികളുടെ കുളമ്പിനുമീതെയുള്ള ഭാഗം
പേണി3 നാ. ഒരുതരം മധുരപലഹാരം
പേണിക്കുക ക്രി. തെങ്ങിലും മറ്റും കയറാനായി കൊതവെട്ടുക
പേണിടുക ക്രി. പേണിക്കുക
പേണുക ക്രി. 1. സൂക്ഷിക്കുക, പോറ്റുക; 2. ചായ്വുകാണിക്കുക
പേണ് നാ. 1.ആപ്പ്, രക്ഷ; 2. പൂട്ട്
പേത്തണ്ണീർ നാ. ചാരായം
പേത്തൽ നാ. അർഥശൂന്യമായ സംസാരം
പേത്തേൻ നാ. ഭൂമിയിൽ മാളങ്ങളിൽ കഴിയുന്ന തേനീച്ചകളുടെ തേൻ, ഔദ്ദാലകം
പേൻ നാ. തലമുടിയ്ക്കിടയിൽ ജീവിക്കുന്ന ഒരു പ്രാണി, യുക
പേന നാ. = പെൻ
പേനരി നാ. പേപിടിച്ച കുറുക്കൻ
പേനാ(യ്) നാ. പേപ്പട്ടി
പേപ്പട്ടി നാ. പേയ്പിടിച്ച പട്ടി
പേപ്പർ [ഇം.] നാ. കടലാസ്സ്
പേപ്പിടി നാ. ഭയപ്പെടുത്തൽ, ഭീഷണി
പേപ്പെടുക ക്രി. 1. വഷളാകുക; 2. ഭ്രാന്തുപിടിക്കുക; 3. ഭയപ്പെടുക
പേമ്പിണി നാ. വലിയ പീഡ
പേയ വി. കുടിക്കത്തക്ക
പേയൻ നാ. 1. നിസ്സാരൻ; 2. കുലയിൽ വളരെ കുറച്ചു കായുണ്ടാകുന്ന ഒരിനം വാഴ
പേയം നാ. കുടിക്കാവുന്നത്, പാനീയം
പേയു നാ. 1. കടൽ; 2. അഗ്നി; 3. സൂര്യൻ
പേയുക ക്രി. 1. മെലിയുക; 2. ചീത്തയാകുക; 3. അലട്ടുക
പേർ1 [പേർക്കുക] ധാതുരൂപം
പേർ2 [പേര്] നാ. 1. നാമം; 2. ആൾ; 3. വെറും നാട്യം; 4. പ്രസിദ്ധി, കീർത്തി; 5. ഊരക്കുടൽ
പേർക്ക് അവ്യ. 1. വേണ്ടി; 2. പകരം. നാ. ആളുകൾക്ക്
പേർക്കുക1 ക്രി. 1. വേർപെടുത്തുക; 2. ഉടയ്ക്കുക; 3. വിഭജിക്കുക; 4. ചിന്തിക്കുക; 5. ആരായുക; 6. കുഴിച്ചെടുക്കുക
പേർക്കുക2 നാ. 1. പകർത്തുക; 2. തർജുമചെയ്യുക
പേർച്ച നാ. 1. ഒഴികഴിവ്; 2. പിരിവ്; 3. ഈടാക്കൽ
പേർത്തുക ക്രി. പേർപ്പിക്കുക
പേർത്തും അവ്യ. 1. പിന്നെയും; 2. അധികമായി; 3. നല്ലപോലെ
പേർപ്പ് നാ. 1. പകർപ്പ്; 2. ബാധയൊഴിക്കൽ
പേർവിളി നാ. പേരിടൽ (നാമകരണം)
പേരക്കിടാവ് നാ. മകൻെറ മകൻ, – മകൾ

പേരൻ നാ. പൗത്രൻ
പേരപ്പൻ നാ. 1. അച്ഛൻെറ ജ്യേഷ്ഠൻ; 2. അച്ഛൻെറയോ അമ്മയുടെയോ അച്ഛൻ; 3. അമ്മയുടെ ജ്യേഷ്ഠത്തിയുടെ ഭർത്താവ്
പേരം1 നാ. വില്പന, വിലപേശൽ
പേരം2 നാ. 1. ദേഹം; 2. രൂപം; 3. വിഗ്രഹം
പേരമ്മ നാ. 1. അമ്മയുടെ ജ്യേഷ്ഠത്തി; 2. അമ്മയുടെയോ അച്ഛൻെറയോ അമ്മ; 3. അച്ഛൻെറ ജ്യേഷ്ഠൻെറ ഭാര്യ; 4. വലിയമ്മ
പേരാണ്ട് നാ. അറുപതാണ്ട്
പേരായിരം നാ. സഹസ്രനാമം.
പേരാൾ,-ളി നാ. 1. പ്രതിനിധി; 2. പകരം പ്രവർത്തിക്കുന്നവൻ
പേരിമ്പം നാ. 1. വലിയ സന്തോഷം; 2. മോക്ഷം
പേരു നാ. 1. സൂര്യൻ; 2. അഗ്നി; 3. കടൽ; 4. മേരു
പേരുക ക്രി. 1. വേരോടുകൂടി പറിയുക; 2. തിരിയുക; 3. പിരിയുക; 4. ഈടാക്കുക; 5. അഴിക്കുക; 6. അകലുക; 7. പകരുക. നാ. പേർച്ച
പേരുമാറാട്ടം നാ. അറിഞ്ഞും അറിയാതെയും ഒരുവൻെറ പേരിനുപകരം മറ്റൊരുവൻെറ പേർവച്ച് എഴുതുകയും മറ്റും ചെയ്യൽ
പേരുവഴി നാ. 1. നഗരം; 2. പട്ടണം; 3. തൃശ്ശിവപേരൂർ
പേരെച്ചം നാ. (വ്യാക) നാമാങ്ഗം, പിന്തുടരുന്ന നാമത്താൽ അർഥം പൂർണമായി വരുന്ന അപൂർണക്രിയ
പേരൊലി നാ. 1. വിളിക്കുന്ന ശബ്ദം; 2. വലിയ ഒച്ച
പേലം നാ. 1. കഷണം; 2. ഗതി; 3. ചെറിയഭാഗം; 4. വൃഷണം
പേലവ വി. 1. മൃദുവായ; 2. നേർമയുള്ള; 3. കോമളമായ; 4. മെലിഞ്ഞ
1091
പേലി നാ. കുതിര
പേവഴി നാ. 1. ചീത്തവഴി; 2. ദുർമാർഗം
പേവാക്ക് നാ. ചീത്തവാക്ക്
പേശം നാ. 1. രൂപം; 2. ആകൃതി
പേശല വി. 1. മൃദുവായ; 2. മിടുക്കുള്ള; 3. സൗന്ദര്യമുള്ള
പേശലം നാ. 1. ത്രാണിയുള്ളത്; 2. അഴക്
പേശലാങ്ഗി നാ. സുന്ദരി
പേശവല്ലുമവരൾ [പ.മ.] നാ. വാഗ്മികൾ
പേശി1 നാ. 1. മുട്ട്; 2. മേഘനാദം; 3. മാംസപിണ്ഡം; 4. ഓടക്കുഴൽ; 5. മാഞ്ചി; 6. ഇന്ദ്രൻെറ വജ്രായുധം; 7. ചെരിപ്പ്; 8. ആയുധങ്ങളുടെ ഉറ; 9. തൊണ്ട്; 10. തുഷം
പേശി2 നാ. 1. തുണി; 2. പുടവ
പേശീകോശം നാ. മുട്ട്
പേശുക നാ. 1. സംസാരിക്കുക; 2. പറയുക; 3. തർക്കിക്കുക
പേശ്വാ [പേർ, മറാ] നാ. നേതാവ്, പ്രധാനമന്ത്രി
പേഷക വി. പേഷണംചെയ്യുന്ന, പൊടിക്കുന്ന
പേഷകം നാ. അരകല്ല്, തിരികല്ല്

പേഷണം നാ. 1. അരയ്ക്കൽ; 2. പൊടിക്കൽ; 3. ഹനനം; 4. മർദനം; 5. അമ്മിപ്പിള്ള; 6. അരകല്ല്; 7. തിരികല്ല്
പേഷി നാ. 1. ഇടിവാൾ; 2. വൈരം
പേഷിക്കുക ക്രി. 1. പേഷണംചെയ്യുക; 2. പൊടിക്കുക; 3. അരയ്ക്കുക
പേഷ്കാർ [പേർ] നാ. റവന്യൂവകുപ്പിൻെറ അധ്യക്ഷൻ, നായകൻ
പേസ്റ്റ് [ഇം.] നാ. ലേപനദ്രവ്യം, കുഴമ്പ്
പേറ്1 നാ. 1. പ്രസവം; 2. ഫലം; 3. ലാഭം; 4. ഭാഗ്യം. ക്രി. പെറുക. പേരുവലിക്കുന്നവൾ = വയറ്റാട്ടി, പേറെടുക്കുക = പ്രസവം രക്ഷിക്കുക
പേറ്2 നാ. 1. ഭാരം; 2. ചുമട്.
പേറുക ക്രി. 1. എടുക്കുക; 2. ചുമക്കുക; 3. ഉണ്ടാക്കുക
പേറുമാട് നാ. പൊതിമാട്
പേറ്റിച്ചി നാ. വയറ്റാട്ടി, വേറ്റി
പേറ്റുക നാ. = പാറ്റുക
പേറ്റുതിങ്കൾ നാ. പെറുന്ന മാസം
പേറ്റുനോവ് നാ. പ്രസവവേദന
പേറ്റുപുര നാ. 1. ഈറ്റപ്പുര; 2. ഈറ്റില്ലം
പേറ്റുപുല നാ. പ്രസവം മൂലമുള്ള വാലായ്മ
പൈ1 വി. 1. പച്ചയായ; 2. ചെറിയ; 3. പുതിയ; 4. ഓമനയായ
പൈ2 നാ. 1. പച്ച; 2. പുതുമ; 3. അഴക്; 4. യൗവനം; 5. ശക്തി; 6. വിശപ്പ്
പൈ3 നാ. 1. പശു; 2. പയിമ്പ; 3. സഞ്ചി; 4. പാമ്പിൻെറ പത്തി
പൈ4 [മറാ.] നാ. പിൻവലിച്ച ഒരു ഇന്ത്യൻ നാണയം
പൈകാമ്പർ [പേർ] നാ. 1. സന്ദേശവാഹകൻ; 2. ദീർഘദർശി
പൈക്ക [ഇം.] നാ. 1. അച്ചടിക്കരു; 2. പോയിൻറിലുള്ള അച്ചെഴുത്ത്
പൈക്കം1 നാ. 1. ക്ഷാമം; 2. പഞ്ഞം; 3. ധർമം; 4. പിച്ച; 5. ഹീനത
പൈക്കം2 നാ. വിശപ്പ്
പൈക്കിടാവ് നാ. 1. പശുക്കുട്ടി; 2. അഴിച്ചുവിടേണ്ട പ്രായമായ കാളക്കുട്ടി
പൈക്കുക ക്രി. പശിക്കുക, വിശക്കുക
പൈക്കൂറ നാ. വലിയ സഞ്ചി
പൈങ്കൺ നാ. ഇളം (ഓമന) കണ്ണ്
പൈങ്കണ്ണി നാ. അഴകുള്ളവൾ
പൈങ്കിളി നാ. പച്ചക്കിളി, തത്ത
പൈങ്കുനി നാ. 1. മീനമാസം; 2. ഉത്രാടം നക്ഷത്രം
പൈങ്ങ നാ. = പയിങ്ങ, വിളയാത്തപാക്ക്
പൈജാമ [പേർ] നാ. ഒരുതരം കാലുറ
പൈഞ്ജൂഷം നാ. ചെവി, കാത്
പൈഠര നാ. പീഠരത്തിൽ (കലത്തിൽ) പാകംചെയ്ത
പൈഠരം നാ. ചെമ്പ് ഉരുളി കൽച്ചട്ടി ഇവയിൽ പാകംചെയ്ത ഭക്ഷണസാധനം
പൈത [ഹി.പഹിയാ] നാ. വണ്ടിച്ചക്രം

പൈതൽ നാ. 1. കുഞ്ഞ്; 2. അധികം പ്രായമാകാത്ത ബാലൻ അല്ലെങ്കിൽ ബാലിക
പൈതലാൻ നാ. 1. ആൺകുട്ടി; 2. യുവാവ്
പൈതാമഹ നാ. പിതാമഹനെ (മുത്തച്ഛനെ) സംബന്ധിച്ച
പൈതൃക നാ. പിതാവിനെ സംബന്ധിച്ച
പൈതൃഷ്വസാവ് നാ. പിതാവിൻെറ പെങ്ങൾ
പൈതൃഷ്വസേയി നാ. പിതാവിൻെറ മരുമകൾ
പൈത്യക്കാരൻ നാ. 1. പൈത്യം പിടിച്ചവൻ; 2. ഭ്രാന്തൻ
പൈത്യം നാ. 1. പിച്ച്; 2. കിറുക്ക്; 3. പിത്തം; 4. ഭോഷത്തം
പൈത്ര നാ. 1. പിതാവിനെസംബന്ധിച്ച; 2. പിതൃസ്വത്ത്
പൈദാഹം നാ. വിശപ്പും ദാഹവും
പൈദ്വം നാ. കുതിര
പൈന്തൻ നാ. 1. നല്ലവൻ; 2. ഓമന; 3. പോക്കിരി (ബ.വ.) പൈന്തർ
പൈന്തന നാ. സുന്ദരി
പൈപ്പ്1 [ഇം.] നാ. 1. കുഴൽ; 2. പീപ്പ
പൈപ്പ്2 [പൈ] നാ. വിശപ്പ്
പൈമാലി [ഹി.] നാ. 1. പട്ടാളക്കാരാൽ നശിപ്പിക്കപ്പെട്ട നിലം; 2. നശിച്ചുപോയ വിളവ് സംബന്ധിച്ച കരമിളവ്
പൈമാശി [പേർ] നാ. 1. ബ്രിട്ടീഷ്ഇന്ത്യയിൽ നിലവിലിരുന്ന സർവേ അളവ്; 2. കണ്ടെഴുത്ത്
പൈമ്പ നാ. 1. ആമാശയം; 2. വലിയ സഞ്ചി
പൈമ്പാൽ നാ. 1. പുതിയ പാൽ; 2. നറുമ്പാൽ; 3. പശുവിൻെറ പാൽ
പൈയൻ നാ. = പയ്യൻ
പൈലറ്റ് [ഇം.] നാ. 1. വിമാനം പറത്തുന്നവൻ; 2. മുമ്പെപോകുന്നത്
പൈശല്യം നാ. = പേശലത
പൈശാച വി. 1. പിശാചിനെ സംബന്ധിച്ച; 2. നാരകീയമായ; 3. പിശാചിനു സമമായ
പൈശാപം നാ. 1. അഷ്ടവിവാഹങ്ങളിൽ ഒന്ന്; 2. സ്ത്രീക്കുബോധമില്ലാതിരിക്കുമ്പോൾ അവളെ ബലാത്കാരേണ ഭാര്യയാക്കൽ
പൈശാചി നാ. 1. ഒരു പ്രാകൃതഭാഷ; 2. പിശാചസ്ത്രീ; 3. മതപരമായ ദാനം
പൈശിക നാ. പേശിസംബന്ധിച്ച
പൈശുനം നാ, 1. പിശുനൻെറ ഭാവം; 2. ഏഷണി; 3. തീരാപ്പക; 4. ദുഷ്ടത
പൈഷ്ടി1 വി. 1. അരിമാവ്കൊണ്ടുണ്ടാക്കിയ; 2. പലഹാരമാക്കിയ
പൈഷ്ടി2 നാ. ഒരുതരം ചാരായം
പൈഷ്ടിക നാ. കാടി
പൈസ [ഹി.] നാ. 1. ഒരു നാണയം; 2. കാശ്. പൈസാക്കാരൻ = ധനവാൻ, പണക്കാരൻ
പൊകിട് നാ. 1. പൊക്കിൾ; 2. താമരയല്ലി; 3. തെങ്ങിൻപൂവിൻെറ അല്ലി; 4. വെള്ളത്തിലുണ്ടാകുന്ന കുമിള; 5. മാല

പൊകിൽ നാ. അരിമ്പ് (പൂമൊട്ട്)
പൊകുവൽ നാ. പക്ഷി
പൊക്ക നാ. 1. ദ്വാരം; 2. ന്യൂനത
പൊക്കട്ട നാ. ചീത്തത്തം, നികൃഷ്ടത്വം, പക്കിട
പൊക്കണം നാ. 1. തോൾമാറാപ്പ്, ഭാണ്ഡം, സഞ്ചി; 2. പെരുമരുന്ന്.
പൊക്കണംതൂക്കി = ഭാണ്ഡക്കാരൻ, തെണ്ടി
പൊക്കണി നാ. 1. വിരിഞ്ഞപൊക്കിൾ; 2. ഉരൽ; 3. പാനപാത്രം
പൊക്കൻ നാ. 1. ഒരു രോഗം, ചിക്കൻപോക്സ്; 2. അഴകുള്ളവൻ; 3. ഒരിനം ഈച്ച; 4. ഒരുതരം വെള്ളരിക്ക
പൊക്കം നാ. 1. ഉയരം, ഉന്നതി; 2. സമൃദ്ധി; 3. ആവിയായിപ്പോകൽ
പൊക്കൽ നാ. 1. ശരീരത്തിലുണ്ടാകുന്ന കുരു, കരപ്പൻ; 2. ഉയർത്തൽ; 3. പ്രശംസിക്കൽ, മുഖസ്തുതിപറയൽ
പൊക്കർ നാ. താണജാതിക്കാർ
പൊക്കി നാ. 'പൊങ്ങുന്നസ്വഭാവത്തോടുകൂടിയവൻ', പൊക്കൻ
പൊക്കിണൻ നാ. തീയൻ
പൊക്കിൾ നാ. നാഭിച്ചുഴി, വയറിൻെറ മദ്യഭാഗത്തുള്ള ചുഴി, പൊക്കിൾക്കൊടി മുറിച്ചു മാറ്റിയശേഷം കരിഞ്ഞതിൻെറ പാട്. പൊക്കിൾക്കൊടി = മാശുവള്ളി. ഗർഭാശയത്തിൽ കിടക്കുന്ന ശിശുവിനെ അമ്മയുമായി ബന്ധിക്കുന്ന നാളി (ശിശുവിന് ആവശ്യമായ പോഷകവസ്തുക്കൾ ഇതിൽക്കൂടിയാണു ലഭിക്കുന്നത്)
പൊക്കിള നാ. 1. കുമിള; 2. പരു; 3. പൊക്കിൾ
പൊക്കുക ക്രി. 1. ഉയർത്തുക, കിളർത്തുക; 2. താങ്ങുക; 3. തള്ളിക്കളയുക; 4. ഓടിക്കുക
പൊക്കുൾ നാ. പൊക്കിൾ
പൊക്കുളം നാ. 1. കുമിള; 2. പാത
പൊക്കുളി നാ. പൊക്കുളം
പൊക്കുളിക്കുക ക്രി. 1. പതവരുത്തുക; 2. കുമിളകുത്തുക; 3. തിളയ്ക്കുക; 4. കൊപ്പുളിക്കുക
പൊങ്കൽ നാ. = പൊങ്കാല
പൊങ്കാല നാ. കലത്തിൽ അരിവച്ച് ദേവനു നിവേദിക്കൽ
പൊങ്ങ നാ. 1. ഒരുജാതി വൃക്ഷം; 2. ഉയരൽ; 3. പുതുതായി നട്ട തെങ്ങിൻ തൈ; 4. പൊങ്ങ്
പൊങ്ങച്ചം നാ. 1. ആത്മപ്രശംസ; 2. ഔദ്ധത്യം
പൊങ്ങത്തി നാ. വലയോടുചേർത്തുകെട്ടിയിട്ടുള്ളത്, പൊങ്ങുതടിത്തുണ്ട്
പൊങ്ങൻ നാ. 1. കരിമ്പിൻ നീരു കുറുക്കുമ്പോൾ തിളച്ചുപൊങ്ങുന്നത്; 2. പൊങ്ങച്ചം നടിക്കുന്നവൻ; 3. പൊങ്ങൻ പനി
പൊങ്ങൻപനി നാ. അഞ്ചാംപനി
പൊങ്ങൽ നാ. 1. പൊങ്കാല; 2. മഞ്ഞച്ചോറ്; 3. വേകൽ, വെന്തുപെരുകൽ, തിളയ്ക്കൽ; 4. മുളയ്ക്കൽ, ഉയരൽ; 5. പൊങ്ങിക്കിടപ്പ്; 6. അടുക്കള; 7. പൊലിവ്, സമൃദ്ധി; 8. പൊങ്ങച്ചം
പൊങ്ങല്യം നാ. ഒരിനം വൃക്ഷം, പെരുമരം

പൊങ്ങ് നാ. 1. തേങ്ങാമുളയ്ക്കുമ്പോൾ അതിനകത്തുണ്ടാകുന്ന മൃദുവും മധുരവമായ വസ്തു; 2. പൊങ്ങുതടി; 3. പുങ്ങ്
പൊങ്ങുക ക്രി. 1. ഉയരുക; 2. തിളച്ചുയരുക; 3. വർധിക്കുക; 4. പ്രസിദ്ധമാകുക; 5. അഹങ്കരിക്കുക; 6. സ്ഥാനത്തുനിന്നു നീങ്ങുക; 7. ഇല്ലാതാവുക
പൊങ്ങുതടി നാ. 1. സമുദ്രത്തിൽ സഞ്ചരിക്കാനുള്ള തടി (വള്ളത്തിൽ പൊങ്ങിക്കിടക്കുന്ന തടി); 2. ചൂണ്ടക്കയറ് വല തുടങ്ങിയവയിൽ ഘടിപ്പിക്കുന്നതും വെള്ളത്തിൽ പൊങ്ങിക്കിടക്കുന്നതുമായ തടിത്തുണ്ട് റബർക്കട്ട തുടങ്ങിയവ; 3. പൊങ്ങത്തി; 4. തടിയൻ
പൊച്ച1 നാ. 1. കാട്; 2. ഗുദം; 3. ഉപസ്ഥം; 4. യോനിപ്രദേശത്തുള്ള രോമം; 5. പുഴുക്കൂട്
പൊച്ച2 നാ. കുടവയറ്
പൊച്ചം നാ. 1. ഇഴക്കയറ്, ചൂടി; 2. കുറവ്; 3. കള്ളം
പൊച്ചി നാ. സ്ത്രീയോനി
പൊച്ച് നാ. പൊച്ചി
പൊടന്ന നാ. രണ്ടു കൈപ്പടവും കൂട്ടിപ്പിടിച്ചാൽ അകത്തുകൊള്ളുന്ന അളവ്; കുടന്ന
പൊടരിക്കുക ക്രി. 1. ഉപദ്രവിക്കുക; 2. തുളയ്ക്കുക. നാ. 1. പൊടിയായവസ്തു, വളരെ ചെറുതായ സാധനം, തരി; 2. പൊടിച്ച മരുന്ന്; 3. രത്നം; 4. നാസാചൂർണം; 5. ചെറിയകുട്ടി (പ്ര) പൊടിയിട്ടുവിളക്കുക = നന്നായി കൂട്ടിയോജിപ്പിക്കുക
പൊടിക്കടമ്പ് നാ. ഒരുജാതി കടമ്പ് (ധൂളികദംബം)
പൊടിക്കുക ക്രി 1. മുളയ്ക്കുക, എഴുന്നുവരുക, കിളിർക്കുക (വിത്തിൽനിന്നും ചെടിയെന്നപോലെ); 2. പ്രകാശിക്കുക; 3. പൊടിയാക്കുക; 4. കണ്ടമാനം ചെലവാക്കുക; 5. നനയ്ക്കുക; 6. നശിപ്പിക്കുക
പൊടിക്കൈ നാ. 1. കൗശലം, കുറുക്കുവഴി; 2. വിരലുകൊണ്ടുള്ള മദ്ദളംകൊട്ട്; 3. നിസ്സാരമെങ്കിലും ഫലസിദ്ധിയുള്ള ഔഷധപ്രയോഗം
പൊടിച്ചൽ,-ച്ചിൽ നാ. 1. പൊടിയൽ, പൂർണമാകൽ; 2. പൊടിക്കൽ, മുളയ്ക്കൽ
പൊടിപൂരം നാ. വലിയ ഘോഷം, കോലാഹലം
പൊടിപെടുക ക്രി. 1. പൊടിയുക, തകരുക; 2. പൊടിപറ്റി മലിനമാകുക
പൊടിപ്പ് നാ. 1. ആഭരണത്തിൽ ചരടിൻെറ അറ്റത്തും മറ്റും നൂലുകൊണ്ട് കെട്ടിയുണ്ടാക്കുന്ന സാധനം, തൊങ്ങൽ; 2. സ്വർണപ്പണിയിൽ മുളച്ചുവരുന്ന നാമ്പുപോലെ അല്പമായി പൊന്തിനിൽക്കുന്ന ഭാഗം; 3. രോമാഞ്ചം; 4. സന്താനം
പൊട്ടിക്കുക ക്രി. 1. പൊട്ടുമാറാക്കുക; 2. പുറപ്പെടുവിക്കുക; 3. കെട്ടുവിടുവിക്കുക; 4. നശിപ്പിക്കുക; 5. അണിമുറിക്കുക
പൊട്ട്1 നാ. 1. നെറ്റിക്കുറി; 2. ബഹുമാനം; 3. വിരിച്ചിൽ; 4. അടയാളംകുത്ത്, പുള്ളി; 5. അലങ്കാരം, ആഭരണം
പൊട്ട്2 നാ. 1. പൊട്ടൽ, വിടവ്, കേട്; 2. നിരുപയോഗമായ ധാന്യക്കതിര്; 3. മൂക്കാത്ത കായ്; 4. തീരെ ചെറുത്
പൊട്ടുക ക്രി. 1. ഉടയുക, പിളരുക, തകരുക; 2. മുളയ്ക്കുക; 3. വലിയ ശബ്ദം ഉണ്ടാകുക, പൊട്ടിക്കരയുക = ഉറക്കെ കരയുക, ഏങ്ങിക്കരയുക. പൊട്ടിച്ചിരി = ഉറക്കെയുള്ള ചിരി, വീണ്ടും വീണ്ടും ഉച്ചത്തിൽ മുഴങ്ങുന്ന ചിരി.

പൊട്ടിത്തെറിക്കുക = 1. പൊട്ടി പല കഷണങ്ങളായി ചുറ്റുപാടും ചിതറി വീഴുക; 2. കോപം പെട്ടെന്ന് ശക്തിയായി വാക്കുകളിലൂടെ പ്രകടിപ്പിക്കുക
പൊട്ടുകായ് നാ. മൂക്കാത്ത കായ്
പൊട്ടുബുദ്ധി നാ. 1. വികാസമില്ലാത്ത ബുദ്ധി; 2. ബുദ്ധിവികാസമില്ലാത്തവൻ, മണ്ടൻ
പൊട്ടുവിദ്യ നാ. 1. പൊടിവിദ്യ; 2. ഭോഷത്തം
പൊട്ടോടുക ക്രി. 1. വാടിപ്പോകുക; 2. പൊട്ടായിരിക്കുക
പൊണ്ണ വി. 1. വലിയ, തടിച്ച; 2. ഭോഷനായ
പൊണ്ണത്തം നാ. പൊണ്ണത്തനം
പൊണ്ണത്തടിയൻ നാ. ഒന്നിനും കൊള്ളരുതാത്ത തടിയൻ
പൊണ്ണൻ നാ. 1. തടിയൻ; 2. ഭോഷൻ; 3. ഭീരു; 4. കുടവയറൻ; 5. ഒരുജാതി വാഴ
1093
പൊത1 നാ. കുറ്റിക്കാട്
പൊത2 നാ. = പുത
പൊതപ്പ് നാ. = പുതപ്പ്
പൊതി1 [പൊതിയുക] നാ. 1. മൂടിക്കെട്ടിയ വസ്തു, കെട്ട്; 2. നിധി; 3. ചുമട്; 4. വഴിയിൽവച്ച് ഉപയോഗിക്കാനായി കെട്ടിവച്ച ചോറ്; 5. ഒരു അളവ്; 6. ആവരണം
പൊതി2 നാ. 1. പൊതിയൽ; 2. അമ്പലം; 3. പൊതുശാല; 4. ഓലക്കുട
പൊതികം നാ. 1. അഗസ്ത്യകൂടം; 2. തൂണിൻെറ ചുവട്
പൊതിക്കാരൻ നാ. 1. പൊതിക്കാളയുടെ ഉടമസ്ഥൻ; 2. ചുമട്ടുകാരൻ
പൊതിക്കാള നാ. ചുമട്ടുകാള
പൊതിക്കുക ക്രി. 1. പൊതിമാറ്റുക, (തേങ്ങയുടെ) തൊണ്ടു മാറ്റുക; 2. പുതയ്ക്കുക; 3. കൈചുരുട്ടി കുത്തുക
പൊതിക്കെട്ട് നാ. പൊതി, പൊതിഞ്ഞുകെട്ടിയ സാധനം
പൊതിച്ചൽ [പൊതിയുക] നാമരൂപം
പൊതിച്ചോറ് നാ. പൊതിഞ്ഞുകെട്ടിയ ചോറ്, ചോറ്റുപൊതി
പൊതിപ്പത്ത് നാ. മുമ്പ് ക്ഷേത്രത്തിലേക്കു കൊടുത്തിരുന്ന വിഹിതം (വിളവിൻെറ പത്തിലൊന്ന്)
പൊതിപ്പാട് നാ. നിലത്തിൻെറ ഒരളവ്
പൊതിമാട് നാ. ഭാരം ചുമക്കാൻ ഉപയോഗിക്കുന്ന മാട് (പൊതിക്കാളയും മറ്റും)
പൊതിയം നാ. പൊതികം
പൊതിയമ്പഴം നാ. അടി, തല്ല്
പൊതിയൽ1 നാ. 1. പൊതുവായ സ്ഥലം; 2. ക്ഷേത്രം
പൊതിയൽ2 നാ. പൊതിയാക്കൽ, കടലാസ് ഇല തുടങ്ങിയവകൊണ്ട് പൊതിഞ്ഞുകെട്ടൽ
പൊതിയാത്തേങ്ങ നാ. 1. പൊതിക്കാത്ത തേങ്ങ; 2. നിരുപയോഗമായ വസ്തു; 3. ആഗ്രഹവും ആവശ്യവുമുള്ളതാണെങ്കിലും കയ്യിൽ കിട്ടിയിട്ടും അനുഭവിക്കാത്ത വസ്തു. നായ്ക്ക് പൊതിയാത്തേങ്ങ കിട്ടിയതുപോലെ (പഴ)

പൊതിയുക ക്രി. 1. ചുറ്റും വന്നുകൂടുക; 2. പൊതിക്കുള്ളിലാക്കുക, പൊതിയായി കെട്ടുക; 3. മൂടുക, മൂടിവയ്ക്കുക; 4. ഉള്ളടക്കുക
പൊതിർക്കുക ക്രി. നനയ്ക്കുക, കുതിർക്കുക; 2. ഊറയ്ക്കിടുക; 3. തുളയ്ക്കുക
പൊതിര അവ്യ. പൊതിരെ
പൊതിരുക ക്രി. 1. വീങ്ങുക; 2. അധികമാകുക; 3. കുതിരുക; 4. മൃദുവാകുക; 5. ഭയപ്പെടുക
പൊതിരെ അവ്യ. 1. അധികമായി; 2. മൃദുവാകത്തക്കവണ്ണം; 3. ചതയത്തക്കവണ്ണം
പൊതിര് നാ. 1. പതിർ; 2. ചീച്ചൽ; 3. നൂലച്ചൽ; 4. കുതിർക്കൽ; 5. അഴുകൽ
പൊതു വി. 1. സാമാന്യമായ; 2. അനേകംപേർക്ക് അവകാശപ്പെട്ട
പൊതുക്കുക1 ക്രി. 1. ചിറയും മറ്റും കുത്തിയുറപ്പിക്കുക, വരമ്പുകോരുക; 2. കുത്തിച്ചതയ്ക്കുക, മർദിക്കുക; 3. പഴുപ്പിക്കുക
പൊതുക്കുക ക്രി. 1. മറയ്ക്കുക; 2. ശൂന്യമാക്കുക; 3. തുളയ്ക്കുക; 4. വിലക്കുക
പൊതുപിരിക്കുക ക്രി. തനിച്ചാവുക, കൂട്ടത്തിൽ നിന്നു പിരിഞ്ഞ് ഒറ്റയ്ക്കാകുക
പൊതുപൊത അവ്യ. 1. വർധിച്ചു വർധിച്ച്; 2. ചതഞ്ഞു പെരുകിയ മട്ടിൽ
പൊതുമ നാ. 1. നന്മ; 2. സാമാന്യത (എല്ലാവർക്കും തുല്യമായി അവകാശപ്പെട്ട അവസ്ഥ)
പൊതുമ്പ് നാ. 1. പൊത്ത്; 2. പൂന്തോട്ടം; 3. കുറുങ്കാട്; 4. ചോല
പൊതുവൻ നാ. തളിക്കുന്നവൻ
പൊതുവാൻ നാ. പരവന്മാരുടെയും കമ്മാളന്മാരുടെയും മറ്റും ക്ഷുരകൻ
പൊതുവാൾ നാ. 1. അമ്പലവാസികളിൽപ്പെട്ട ഒരു ജാതിക്കാരൻ; 2. കാര്യസ്ഥൻ
പൊതുവിൽ അവ്യ. 1. മുഴുവനെ; 2. സാമാന്യമായി
പൊതുവെ അവ്യ. പൊതുവിൽ
പൊത്ത1 വി. 1. പൊള്ളയായ; 2. ദ്വാരം വീണ, തുളഞ്ഞ; 3. തടിച്ച; 4. വലിയ (ഇതൊരു പേരച്ച രൂപമാണെങ്കിലും പൊത്തു, പൊത്ത എന്നീരൂപങ്ങളല്ലാതെ പൂർണക്രിയ പ്രയോഗത്തിലില്ല)
പൊത്ത2 നാ. 1. പൊറ്റ; 2. വയ്ക്കോൽ; 3. വിറകുചുള്ളി; 4. ഒരു ചെറു മത്സ്യം; 5. ദ്വാരം, തുള
പൊത്തനെ അവ്യ 1. പൊതുപൊത എന്ന ശബ്ദത്തോടുകൂടി; 2. തനിച്ച്; 3. മുഴുവനെ
പൊത്തൽ1 നാ. 1. മൂടിവയ്പ്പ്; 2. പൊത്ത്
പൊത്തൽ2 നാ. 1. വിടവ്, കീറൽ, ദ്വാരം; 2. കടം; 3. ന്യൂനത
പൊത്താൻ നാ. പൊത്തുന്നതിനുള്ള വസ്തു (വിറക്)
പൊത്ത്1 നാ. 1. ഒരുകൈകൊണ്ടു പൊത്താവുന്നത്ര അളവ്; 2. തെങ്ങിൽ കള്ളന്മാർ കയറാതിരിക്കാനായി തടിയെ പൊതിഞ്ഞു വച്ചുകെട്ടുന്ന മുള്ളും മറ്റും; 3. കൈകൊണ്ട് കാണിക്കുന്ന ഗോഷ്ഠി, ചെമ്പോത്ത്; 4. മൂട്

പൊത്ത്2 നാ. 1. മരത്തിൻെറ ദ്വാരം (മരപ്പൊത്ത്), പോട്; 2. നിലത്തുള്ള ദ്വാരം, വങ്ക്; 3. വയറ്
പൊത്തുക ക്രി. 1. കൈകൊണ്ട് പതുക്കെ അടയ്ക്കുക, മറയ്ക്കുക; 2. കൈകൊണ്ട് പതുക്കെ അടിക്കുക; 3. കള്ളന്മാർ കയറാതിരിക്കാൻ തെങ്ങിൽ മുള്ളും മറ്റും വച്ചുകെട്ടുക; 4. കൈകൊണ്ട് ഗോഷ്ഠികാട്ടുക; 5. കൂട്ടിച്ചേർക്കുക
പൊത്തുവരുത്തം നാ. 1. ഏതാണ്ടൊരു പരിഹാരമാർഗം; 2. സമാധാനം; 3. കഷ്ടിച്ചു ചെയ്തുതീർക്കൽ
പൊൻ1 വി. 1. ഭങ്ഗിയുള്ള; 2. സ്വർണനിർമിതമായ; 3. പ്രിയപ്പെട്ട
പൊൻ2 നാ. സ്വർണം
പൊൻകാരം നാ. ഒരു അങ്ങാടിമരുന്ന്, പൊരികാരം
പൊൻകാവി നാ. ഒരു അങ്ങാടിമരുന്ന് (പൂങ്കാവി)
പൊൻകിണ്ടി നാ. സ്വർണനിർമിതമായ കിണ്ടി, ഭൃങ്ഗാരം
പൊൻകുരണ്ടി നാ. ഒരു അങ്ങാടിമരുന്ന്
പൊൻകോലം നാ. പുത്തിലഞ്ഞി
പൊൻപണി നാ. സ്വർണവേല
പൊൻപണ്ടം നാ. സ്വർണാഭരണങ്ങൾ
പൊൻപിള്ള നാ. ഓമനയായ കുട്ടി
പൊൻപൂ നാ. സുവർണപുഷ്പം, പൊൽപ്പൂവ്
പൊൻമ നാ. ഒരു പക്ഷി, പൊന്മാൻ
പൊൻമണി നാ. പൊന്നുകൊണ്ടുള്ള മണി, പൊൻമുത്ത്
പൊൻമയ വി. പൊന്നുകൊണ്ടുള്ള
പൊൻമല നാ. ഹേമകൂടം, മഹാമേരു
പൊൻമാൻ നാ. = പൊൻമ
പൊൻമുടി നാ. 1. പൊന്നുകൊണ്ടുണ്ടാക്കിയ കിരീടം; 2. ഒരു സുഖവാസകേന്ദ്രം
പൊൻവാളം നാ. പൊൻശലാക, തല്ലിനീട്ടിയ കട്ടിസ്വർണം
പൊൻവില്ലൻ നാ. പൊൻമലയെ വില്ലാക്കിയവൻ, ശിവൻ
പൊന്ത1 നാ. 1. പുല്ലുപിടിച്ച സ്ഥലം, പടർപ്പ്, കുറ്റിക്കാട്; 2. ജട, പറ്റിച്ചേർന്ന മുടി; 3. ദേഹം
പൊന്ത2 വി. പൊണ്ണ, കനത്ത, തടിച്ച
പൊന്തകിട് നാ. പൊന്നുകൊണ്ടുള്ള തകിട്, പൊന്നോല
പൊന്തണ്ട നാ. ഒരുതരം സ്വർണ വള
പൊന്തൻ നാ. 1. ഒരിനം വാഴ; 2. ഒന്നിനും കൊള്ളാത്ത തടിയൻ
പൊന്തൽ നാ. ഉയർന്നു നിൽക്കൽ, ഉയരൽ
പൊന്തി1 നാ. 1. പൊന്തൻ തടി; 2. കുറുവടി; 3. ഗദ; 4. ഒരിനം വാൾ; 5. വലിപ്പം; 6. ശരീരം
പൊന്തി2 നാ. തലപ്പന്തുകളിയിലെ മധ്യസ്ഥൻ
പൊന്തിക്കുക ക്രി. ഉയർത്തുക, ഉയർത്തി നിറുത്തുക
പൊന്തിപ്പയറ്റ് നാ. ഒരുതരം അഭ്യാസം (മരവാൾകൊണ്ടുള്ളത്)
പൊന്തിഫിക്കൽ [<ല] നാ. പുരോഹിതനെ സംബന്ധിച്ചത്
പൊന്തിവാൾ നാ. 1. മരംകൊണ്ടുള്ള വാൾ; 2. ഒരുതരം കുന്തം

പൊന്ത് നാ. 1. പന്ത്; 2. പൊങ്ങ്
പൊന്തുക ക്രി. ഉയർന്നു നിൽക്കുക
പൊന്നച്ഛൻ നാ. പ്രിയപ്പെട്ട അച്ഛൻ
പൊന്നമ്പർ നാ. വിശേഷപ്പെട്ട ഒരുതരം കുന്തുരുക്കം
പൊന്നമ്പലം നാ. 1. പൊന്നുകൊണ്ടുള്ള ക്ഷേത്രം; 2. ഒരു പുണ്യസ്ഥലം, പൊന്നമ്പലമേട്
പൊന്നരിപ്പ് നാ. മണലിൽനിന്നു പൊൻതരികൾ അരിച്ചു വേർതിരിച്ചെടുക്കൽ
പൊന്നാങ്ങള നാ. പ്രിയപ്പെട്ട സഹോദരൻ
പൊന്നാങ്ങാണി നാ. ഒരിനം കൊഴുപ്പ
പൊന്നാട നാ. 1. പൊന്നു നൂൽകൊണ്ടുള്ള വസ്ത്രം; 2. കസവു വസ്ത്രം; 3. ബഹുമതിചി ം (പ്ര) പൊന്നാടയണിയിക്കുക = ബഹുമാനത്തെയും അങ്ഗീകാരത്തെയും കാണിക്കുവാൻ സദസ്സിൽവച്ച് കസവു വസ്ത്രം ധരിപ്പിക്കുക
പൊന്നാണി നാ. പൊന്നിൻെറ മാറ്റുനോക്കാനുള്ള ആണി
പൊന്നാണിഭം നാ. സ്വർണനാണയം
പൊന്നാനി നാ. 1. (കഥകളി) പാട്ടുകാരിൽ പ്രധാനി. (പ്ര) പൊന്നാനിയും ശിങ്കിടിയും; 2. ചമ്രവട്ടത്തിനടുത്തുള്ള ഒരു സ്ഥലം
പൊന്നാന്തകര നാ. പൊന്നാരവീരം
പൊന്നാന്തുമ്പി നാ. ഭങ്ഗിയുള്ള ഒരിനം തുമ്പി
പൊന്നാര വി. അഴകുള്ള
പൊന്നാരം നാ. 1. പൊന്നുകൊണ്ടുള്ള മാല; 2. മുഖസ്തുതി; 3. കൊഞ്ചൽ; 4. സൗന്ദര്യം; 5. വാത്സല്യം
പൊന്നാരപ്പൈതൽ നാ. അഴകുള്ള കുഞ്ഞ്
പൊന്നാരവീരൻ നാ. സ്വർണവർണത്തിലുള്ള പൂക്കളുണ്ടാകുന്ന ഒരുതരം കുറ്റിച്ചെടി, പൊന്നാവീരം
പൊന്നാരിയൻ നാ. ഒരിനം നെല്ല്
പൊന്നാവീരം നാ. പൊന്നാരവീരം
പൊന്നിടുകാരായ്മ നാ. ഒരിനം വസ്തു ഉടമ (താൻതന്നെ തേടിയവസ്തു)
പൊന്നിറ നാ. സ്വർണരൂപത്തിൽ കൊടുക്കുന്ന വില, നികുതി
പൊന്നിറത്താൾ നാ. 1. സുന്ദരി; 2. സീത. പൊന്നിറത്താൾകഥ = ഒരു തെക്കൻപാട്ട്
പൊന്നീരാളം നാ. പൊന്നിഴകളുള്ള നീരാളപ്പട്ട്
പൊന്നുടമ്പ് നാ. 1. ദേവൻെറ ശരീരം; 2. ഉപസ്ഥം
പൊന്നുംവില നാ. വസ്തുവിൽ നിൽക്കുന്ന വൃക്ഷാദികളുടെ വിലകൂടിചേർത്തു വസ്തുവിനു നൽകുന്ന മൂല്യം. പൊന്നുംവിലയ്ക്കെടുക്കൽ = പൊതുവായ ആവശ്യത്തിനുവേണ്ടി സർക്കാരിടപെട്ടു ഭൂമി വിലയ്ക്കെടുക്കൽ
പൊന്നുലകം നാ. സ്വർഗലോകം
പൊന്നൂയൽ നാ. സ്വർണംകൊണ്ടുള്ള ഊഞ്ഞാൽ, മനോഹരമായ ഊഞ്ഞാൽ
പൊന്നേമി നാ. സ്വർണനിർമിതമായ രഥചക്രം

പൊന്നോല നാ. കാതിലിടാൻ സ്വർണംകൊണ്ടുണ്ടാക്കുന്ന ഒരുതരം ആഭരണം
പൊമ്മൽ നാ. 1. നിറവ്; 2. വർധന; 3. ചോറ്
പൊയ് നാ. 1. മായ; 2. കുരള; 3. വ്യാജം
പൊയ്ക നാ. 1. വലിയ കുളം; 2. താനേയുണ്ടായ കുളം (പ്ര) താമരപ്പൊയ്ക
പൊയ്ക്കാരൻ നാ. അസത്യം പറയുന്നവൻ
പൊയ്ക്കാൽ നാ. 1. കൃത്രിമക്കാൽ; 2. ചില അഭ്യാസികൾ മുളകൊണ്ടുണ്ടാക്കുന്ന ഒരിനം കാൽ; 3. മരക്കാൽ
പൊയ്ക്കുതിര നാ. കൃത്രിമക്കുതിര
പൊയ്ക്കൂട് നാ. ശരീരം, ഉടൽ
പൊയ്റ്റൽ നാ. ബാലിക. പൊയ്റ്റുക = പൊയ്യുക
പൊയ്ത്ത് [പൊയ്യുക] നാമരൂപം
പൊയ്മുഖം നാ. 1. മുഖം മൂടി; 2. ഒറ്റനോട്ടത്തിൽ മുഖമാണെന്നു തോന്നുന്ന കൃത്രിമ മുഖം, മാസ്ക്
പൊയിൽ നാ. 1. പൊഴിൽ, താണഭൂമി; 2. ഉദ്യാനം
പൊയുങ്ങുക ക്രി. 1. സാരമില്ലാതാകുക, കൊള്ളരുതാതാകുക; 2. നശിക്കുക
പൊയ്യാൽ നാ. കൂലി
പൊയ്യ് നാ. = പൊയ്
പൊയ്യുക ക്രി. 1. യുദ്ധംചെയ്യുക; 2. തടുക്കുക; 3. നേരിടുക; 4. മത്സരിക്കുക; 5. ചൂതാടുക; 6. തുളയ്ക്കപ്പെടുക
പൊർത്തുഗാൽ നാ. = പുർത്തുഗാൽ, പോർട്ടുഗൽ
പൊരി1 നാ. 1. അഗ്നികണം; 2. നെല്ല് തുടങ്ങി ഏതെങ്കിലും ധാന്യം വറുത്തത്
പൊരി2 [പൊരിയുക] ധാതുരൂപം
പൊരികണ്ണി,-യുണ്ണി നാ. ഒരു ത്വഗ്രോഗം
പൊരിക്കുക ക്രി. 1. വറുക്കുക; 2. (വേരോടെ) പറിക്കുക, നശിപ്പിക്കുക
പൊരിച്ചൽ,-ച്ചിൽ നാ. 1. ദാഹം; 2. ദ്രവ്യത്തിലുള്ള അമിതമായ ആഗ്രഹം; 3. അത്യുഷ്ണം
പൊരിപ്പ് നാ. 1. വറുപ്പ്; 2. അടർന്നുപോകൽ
പൊരിയണ്ണി നാ. = പൊരികണ്ണി
പൊരിയുക ക്രി. 1. ജലാംശം നഷ്ടമാകുക, വറളുക; 2. ശരീരത്തിൽ ചുണങ്ങുണ്ടായി നിറഭേദം കാണിക്കുക; 3. പൊട്ടുക; 4. ഒഴിയുക; 5. പറിയുക
പൊരുകളം നാ. പൊരുതുന്ന ഇടം, യുദ്ധക്കളം
പൊരുതിക്കുക നാ. പൊരുതുവാൻ പ്രേരിപ്പിക്കുക
പൊരുതുക ക്രി. 1. യുദ്ധം ചെയ്യുക; 2. മത്സരിക്കുക; 3. തുല്യമാകുക
പൊരുത്തം [<പൊരുന്തുക] നാ. 1. ചേർച്ച, സന്ധി; 2. രണ്ടു ജാതകങ്ങൾതമ്മിൽ യോജിക്കുക; 3. ആശീർവാദം
പൊരുത്ത് നാ. 1. കൂട്ടിയോജിപ്പിക്കൽ; 2. സന്ധി; 3. കഴുത്തിൻെറ പിൻഭാഗം; 4. അനുരൂപമായ വസ്തു

പൊരുത്തുക നാ. 1. പൊരുത്തം വരുത്തുക; 2. മധ്യസ്ഥത പറഞ്ഞ് രണ്ടാളുകളെ തമ്മിൽ അനുരഞ്ജിപ്പിക്കുക; 3. സമ്മതിപ്പിക്കുക; 4. സമാധാനപ്പെടുത്തുക; 5. പൊരിടുവിക്കുക

1095

പൊരുത്തുകാരൻ നാ. മധ്യസ്ഥൻ

പൊരുന്തുക ക്രി. = പൊരുന്നുക

പൊരുന്തിക്കുക ക്രി. = പൊരുത്തുക

പൊരുന്നൽ നാ. 1. പൊരുത്തം വരൽ; 2. ഒരുമിച്ചിരിപ്പ്; 3. സമ്മതം; 4. സന്തോഷം; 5. കോഴി മുട്ടയ്ക്കുമേൽ അടയിരിപ്പ്

പൊരുന്നുക ക്രി. 1. യോജിക്കുക; 2. (പാമ്പ്) ഇണചേരുക; 3. മുട്ടയ്ക്കുമേൽ അടയിരുന്നു അതുവിരിയിക്കുക

പൊരുൾ നാ. 1. അർഥം; 2. സത്യം; 3. ധനം; 4. കാര്യം, വിഷയം; 5. ഐശ്വര്യം; 6. സൂചന; 7. സാരം; 8. ദൈവം (പരംപൊരുൾ); 9. മോക്ഷം; 10. ഇതൾ; 11. കാരണം; 12. വസ്തു. (പ്ര) പൊരുൾതിരിക്കുക = വ്യാഖ്യാനിക്കുക

പൊരുളിക്കുക ക്രി. 1. വിചാരിക്കുക; 2. ധനം സമ്പാദിക്കുക

പൊൽ വി. 'പൊൻ' എന്നതിൻെറ ഒരു വിശേഷണരൂപം

പൊൽത്താർ നാ. പൊൻപൂവ്, പൊൽത്താമര

പൊൽത്താർമകൾ നാ. ലക്ഷ്മീദേവി

പൊൽത്താവടം നാ. ഒരു ആഭരണം. കഴുത്തില

പൊലം നാ. 1. ആഭരണം; 2. അഴക്; 3. സ്വർണം

പൊലി1 [പൊലിയുക] ധാതുരൂപം

പൊലി2 [<പൊലിക്കുക] നാ. 1. മെതിച്ചുകൂട്ടിയ നെല്ല്; 2. സമ്മാനം; 3. പലിശ. പൊലിക്കടം = പലിശയ്ക്കുകൊടുത്ത മുതൽ. പൊലിക്കല്യാണം = കല്യാണ സദ്യയിൽ പങ്കെടുക്കുന്നവർ വിവാഹത്തിൻെറ ചെലവിലേക്കു യഥാശക്തി സംഭാവനനൽകുമെന്ന പ്രതീക്ഷയോടെ നടത്തുന്ന കല്യാണം

പൊലിക്കാണം നാ. 1. പലിശയ്ക്കുകൊടുത്തിരിക്കുന്ന മുതൽ; 2. സ്ത്രീധനം

പൊലിക്കുക ക്രി. 1. വർധിപ്പിക്കുക; 2. (വിവാഹസദ്യയിൽ പങ്കെടുക്കുന്നവർ) സാമ്പത്തിക ശേഷിയില്ലാത്ത വധുപിതാവിന് പണംകൊടുത്തു സഹായിക്കുക

പൊലിപ്പണം നാ. 1. വിവാഹസമയം പള്ളിക്കുകൊടുക്കുന്ന പണം; 2. പൊതുക്കാര്യത്തിനു സംഭാവന ചെയ്യുന്ന പണം

പൊലിപ്പ് നാ. പൊലിക്കൽ

പൊലിപ്പൊൻ നാ. പലിശയ്ക്കായി നിക്ഷേപിച്ചിരിക്കുന്ന പൊന്ന്

പൊലിമ നാ. 1. പൊലിക്കൽ, വർധന; 2. ഭങ്ഗി; 3. സമൃദ്ധി

പൊലിയുക ക്രി. 1. നശിക്കുക, അസ്തമിക്കുക, അണയുക; 2. വർധിക്കുക

പൊലിവ് നാ. 1. പൊലിമ; 2. പലിശ; 3. നാശം. പൊലിശ = പലിശ

പൊല്ലാത വി. 1. ചീത്തയായ, കൊള്ളരുതാത്ത; 2. ശോഭിക്കാത്ത; 3. കടുപ്പമുള്ള

പൊല്ലാൻ നാ. കുറ്റംചെയ്തവൻ

പൊല്ലാപ്പ് നാ. 1. തകരാറ്; 2. ദോഷം; 3. ചീത്തത്തം; 4. പിണക്കം

പൊല്ലായ്മ നാ. = പൊല്ലാപ്പ്

പൊല്ലിക്കുക ക്രി. കീറിയ പായ് പരമ്പ് മുതലായവ പൊളിപാകി ശരിയാക്കുക
പൊല്ലുക ക്രി. 1. പൊല്ലിക്കുക; 2. ഇഴയിടുക
പൊൾ,പൊള്ള് നാ. അസത്യം
പൊളയ്ക്കുക ക്രി. 1. പൊളവുണ്ടാകുക; 2. കുമിളയുണ്ടാകുക
പൊളവ നാ. പൊളയ്ക്കുന്നത് (ഒരുതരം പ്രമേഹക്കുരു)
പൊളവൻ നാ. ജലജീവിയായ ഒരുതരം പാമ്പ്
പൊളി നാ. 1. കള്ളം (പ്ര) പൊളിപറയുക = കള്ളമ്പറയുക; 2. പൊളിച്ചെടുത്ത കീറ്റ്, ചീന്ത്. വി. കുറ്റമുള്ള, തകരാറായ
പൊളിക്കുക നാ. 1. ഘടകങ്ങളായി പിരിക്കുക, ഇളക്കി വേർപെടുത്തുക; 2. (പ്ര) ശിഥിലമാക്കുക, നശിപ്പിക്കുക
പൊളിച്ചൽ,-ച്ചിൽ നാ. പൊളിയുക എന്ന പ്രവൃത്തി
പൊളിച്ചുകെട്ടുക ക്രി. 1. വീട് മുതലായവ കെട്ടിയിരിക്കുന്നത് അഴിച്ചു വീണ്ടും കെട്ടിമേയുക; 2. (പ്ര) നിലവിലുള്ളതിനെ പരിഷ്കരിക്കുക
പൊളിച്ചെഴുതുക ക്രി. 1. പാട്ടയാധാരം പുതുക്കി എഴുതുക; 2. ആകമാനം പരിഷ്കരിക്കുക. നാ. പൊളിച്ചെഴുത്ത്
പൊളിപ്പ് നാ. പൊളിക്കൽ
പൊളിയുക ക്രി. 1. പിളരുക, പൊട്ടി വേറാകുക; 2. തൊലി വേറിട്ടാകുക; 3. നശിക്കുക, അധഃപതിക്കുക
പൊളുകുക ക്രി. 1. പൊള്ളുക; 2. രണ്ടാമതും ഉഴുക; 3. പൊളവലുണ്ടാകുക
പൊളുക്ക നാ. 1. കീറ്, പൊളി; 2. കല്ലും തടിയും മറ്റും ചെത്തിയ തുണ്ട്
പൊളുക്കവിൽ നാ. കട്ടിപിടിച്ച അവിൽ
പൊള്ള വി. 1. ദ്വാരമുള്ള. ഉദാഃ ഓട്ടക്കലം; 2. ഉള്ളിൽ ഒന്നുമില്ലാത്ത
പൊള്ളച്ചിരി നാ. പൊള്ളയായ (അർഥമില്ലാത്ത) ചിരി
പൊള്ളം നാ. പൊള്ളൽ
പൊള്ളയ്ക്കുക ക്രി. കുമിളയുണ്ടാകുക
പൊള്ളിക്കുക നാ. പൊള്ളാനിടയാക്കുക
പൊള്ള്1 നാ. 1. പൊളി; 2. കുമിള
പൊള്ള്2 വി. പൊള്ളിയ, കുമിളച്ച
പൊള്ളുക ക്രി. 1. അധികമായ ചൂട് അനുഭവപ്പെടുക; 2. അഗ്നിയോഗംകൊണ്ടോ മരുന്നിൻെറ ശക്തികൊണ്ടോ മറ്റോ ശരീരത്തു തൊലി കുമിളയ്ക്കുക
പൊഴി നാ. 1. കായലിൻെറയും കടലിൻെറയും ഇടയിലുള്ള മണൽത്തിട്ട; 2. വയൽവരമ്പ്; 3. ഉഴവുചാൽ
പൊഴിക്കുക ക്രി. 1. കുഴിക്കുക, ദ്വാരം ഉണ്ടാക്കുക; 2. വർഷിക്കുക, ഉതിർക്കുക; 3. പതിപ്പിക്കുക
പൊഴിച്ചൽ നാ. പൊഴിയുക എന്ന പ്രവൃത്തി
പൊഴിയുക ക്രി. 1. പെയ്യുക, ഉതിരുക; 2. ഒഴുകുക
പൊഴിൽ നാ. 1. താണഭൂമി, പൊയിൽ; 2. ഉദ്യാനം, ചോല

പൊഴിവ് ക്രി. പൊഴിച്ചൽ
പൊഴുതി നാ. പ്രവൃത്തി
പൊഴുതിക്കാരൻ നാ. 1. പാർവത്യകാർ; 2. കാര്യസ്ഥൻ
പൊഴുത് നാ. 1. സമയം; 2. സൂര്യൻ; 3. ദിവസം, മുഹൂർത്തം; 4. ഇട; 5. അമാവാസി (പ്ര) അപ്പൊഴുത് = അപ്പോൾ
പൊഴുതുമൂടി നാ. (കൃഷി) മുഹൂർത്തം നോക്കി മൂന്നുകൈ നിറയെ വിത്ത് നിലത്തിൻെറ മൂലയ്ക്കിടൽ
പൊറ നാ. 1. മല; 2. ഭൂമി; 3. ഭാരം
പൊറയൻ നാ. ചേരരാജാവ്
പൊറാ (നിഷേധക്രിയ) പൊറുക്കുകയില്ല
പൊറാട്ട് നാ. 1. നേരമ്പോക്ക്; 2. (ഭാവം) നടിക്കൽ; 3. വിദൂഷകൻെറ അനുകരണം; 4. ഒരിനം നാടോടിക്കളി
പൊറായ്മ നാ. പൊറുക്കാൻ കഴിയാത്ത അവസ്ഥ
പൊറായി നാ. പിൻവാതിൽ
പൊറി നാ. 1. കുടുക്ക്, സൂത്രം; 2. ഇന്ദ്രിയം; 3. അടയാളം; 4. എഴുത്ത്; 5. തേമൽ; 6. ഐശ്വര്യം; 7. ലക്ഷ്മി
പൊറിക്കുക ക്രി. 1. കെണിവയ്ക്കുക; 2. തോലുരിക്കുക; 3. വസ്ത്രം ഊരുക
പൊറുക്കുക നാ. 1. ക്ഷമിക്കുക; 2. (രോഗം) ശമിക്കുക; 3. ഒരു പുരുഷനോടൊപ്പം അവൻെറ ഭാര്യയായി ജീവിക്കുക
പൊറുതി നാ. 1. സഹനശീലം; 2. പാർപ്പ്; 3. ഉപജീവനമാർഗം
പൊറുതികേട് നാ. 1. പൊറുതിയില്ലായ്മ; 2. ക്ഷമകേട്; 3. ശല്യം
പൊറുതിവീട് നാ. തത്കാലം ആഹാരംവച്ചു താമസിക്കുന്ന സ്ഥലം
പൊറുപൊറുക്കുക ക്രി. പിറുപിറുക്കുക (പ്രതിഷേധം കാരണം സ്വരം താഴ്ത്തി അവ്യക്തമായി പറയുക)
പൊറുപ്പ് നാ. 1. പൊറുതി; 2. രോഗശമനം; 3. രക്ഷ; 4. ചുമതല; 5. ക്ഷമ; 6. ആശ്വാസം
പൊറുപ്പിക്കുക നാ. 1. സ്ത്രീയെ (ഭാര്യയെയോ വെപ്പാട്ടിയെയോ) കൂടെ താമസിപ്പിക്കുക; 2. രോഗശമനം വരുത്തുക; 3. രക്ഷിക്കുക
പൊറ്റ1 വി. 1. പ്രയോജനമില്ലാത്ത, ആകാത്ത; 2. കല്ലുകളുള്ള
പൊറ്റ2 നാ. 1. വ്രണത്തിൽ ചോരയും മറ്റും ഉണങ്ങിയുണ്ടാകുന്ന കട്ട; 2. കരക്കണ്ടം; 3. പുല്ലിൻെറയും മറ്റും ചെടവേര്
പൊറ്റൻ വി. പൊറ്റയായ
പൊറ്റുടി നാ. ഒരു വാദ്യം
പോ [പോകുക] ധാതുരൂപം
പോകൽ നാ. കുടിപോകൽ
പോകി [പ.മ.] നാ. 1. ഭോഗി; 2. സർപ്പം; 3. ഇന്ദ്രൻ
പോകിൽ1 പോകുന്നെങ്കിൽ
പോകിൽ2 [ത] നാ. പൂമൊട്ട്
പോകുക ക്രി. 1. ഒരു സ്ഥലത്തുനിന്നു മറ്റൊരു സ്ഥലത്തേക്കു ചെല്ലുക; 2. ഇല്ലാതാകുക; 3. കഴിയുക; 4. സംഭവിക്കുക; 5. ഭേദമാവുക

പോകെ അവ്യ. 1. ഒഴികെ; 2. കഴിച്ച്; 3. നീക്കി
പോക്കണം നാ. 1. മാനം; 2. ലജ്ജ; 3. വിനയം; 4. കുട്ടിച്ചോറ്
പോക്കൻ നാ. ചുറ്റിനടക്കുന്നവൻ
പോക്കർ [ഇം.] നാ. ഒരുതരം ചീട്ടുകളി
പോക്കൽ [പോകുക] നാമരൂപം
പോക്കറ്റ നാ. ഗതികെട്ട
പോക്കറ്റ് [ഇം.] നാ. കീശ, ചേപ്പ്
പോക്കാച്ചി നാ. കുട്ടത്തിത്തവള, വിഷത്തവള
പോക്കിരി നാ. 1. തെമ്മാടി; 2. മുട്ടാളൻ; 3. മുടിയൻ; 4. അഗതി
പോക്ക് നാ. 1. പോകൽ (ആല) മരണം; 2. ഗതി; 3. നടപ്പ്; 4. യാത്ര; 5. നിർവാഹം; 6. ഒഴികഴിവ്; 7. പോകാനുള്ള മാർഗം; 8. ഉപജീവന മാർഗം; 9. ദ്രവ്യം; 10. നാശം; 11. അതിസാരം; 12. വിചാരം; 13. അവസാനം
പോക്കുക ക്രി. 1. കളയുക; 2. പോകാനിടയാക്കുക; 3. നേരംപോക്കുക; 4. ഇല്ലാതാക്കുക; 5. നീക്കുക; 6. കുറയ്ക്കുക
പോക്കുവരത്ത് നാ. 1. പോകുകയും വുരികയും ചെയ്യൽ (ഗതാഗതം); 2. ചെലവും വരവും; 3. വസ്തുവിനെ സർക്കാർ ഒരുവൻെറ പേരിൽനിന്നും മറ്റൊരുവൻെറ പേരിലാക്കൽ; 4. പേരിൽ പതിച്ചുകൊടുക്കൽ
പോക്രി നാ. പോക്കിരി
പോഗണ്ഡ വി. അങ്ഗഹീനതയുള്ള
പോഗണ്ഡൻ നാ. 1. അഞ്ചുവയസ്സുമുതൽ പതിനാറുവയസ്സുവരെ പ്രായമുള്ളവൻ; 2. ജന്മനാ അങ്ഗവൈകല്യമുള്ളവൻ
പോങ്ങ നാ. 1. ഒരുകൈനിറച്ച്; 2. ഒരുപിടി
പോച്ച നാ. 1. പുല്ല്; 2. അർഥമില്ലാത്ത വാക്ക്; 3. നേരംപോക്കിനുള്ള സംഭാഷണം. പോച്ചയടിക്കുക = വെടിപറയുക
പോച്ചപ്പ് നാ. പുകയ്ക്കാനുള്ള ചപ്പ്, പുകയില
പോഞ്ച് [ഹി.] നാ. 1. ഒരുതരം പാനീയം (ചെറുനാരങ്ങ പിഴിഞ്ഞെടുത്തനീര്); 2. പാളത്തൊപ്പി; 3. അരയിൽക്കെട്ടുന്ന പാളസഞ്ചി; 4. തേയിലപ്പാത്രം
പോട നാ. 1. പുരുഷചി ങ്ങളോടുകൂടിയവൾ; 2. ദാസി; 3. കൊക്ക് (പക്ഷി)
പോടകൻ നാ. ഭൃത്യൻ, വേലക്കാരൻ
പോടം നാ. 1. ഭവനത്തിൻെറ അടിസ്ഥാനവും മറ്റും; 2. കൂട്ടിയോജിപ്പിക്കൽ
പോടി നാ. 1. വലിയ മുതല; 2. ഗുദം
പോടികം നാ. പരു, കുരു
പോട് നാ. 1. ദ്വാരം (പൊത്ത്); 2. പൊക്കിൾ; 3. നിസ്സാരത
പോടുക ക്രി. 1. അടിക്കുക (ആണിയും മറ്റും); 2. തല്ലുക; 3. ഇടുക; 4. ധരിക്കുക; 5. കളയുക
പോട്ടരശ് നാ. ആനയെക്കൊണ്ടുള്ള അരശു പറച്ചിൽ (ചതുരങ്ഗം)
പോണ്ടൻ നാ. 1. പല്ലക്കുചുമക്കുന്നവൻ; 2. അമാലൻ; 3. ആമപ്പലക; 4. അമേധ്യം (തീട്ടം)
പോണ്ടിക്കുക ക്രി. മലശോധനയ്ക്കു പോവുക

പോത [ത.പോതൈ] നാ. മയക്കം
പോതകൻ നാ. ബാലകൻ
പോതകം നാ. 1. പോതം; 2. ചെറുചെടി; 3. മൃഗശാബം
പോതാധാരി നാ. കപ്പിത്താൻ
പോതൻ നാ. = പോതകൻ; 2. ബ്രഹ്മാവ്
പോതന വി. 1. പരിശുദ്ധമായ; 2. ശുദ്ധീകരിക്കുന്ന
പോതപ്ലാവൻ നാ. കപ്പലോട്ടക്കാരൻ
പോതഭാണ്ഡം നാ. കപ്പൽച്ചരക്ക്
പോതം നാ. 1. മൃഗങ്ങളുടെ കുട്ടി; 2. കപ്പൽ; 3. മരക്കലം (കാലക്രമേണ നശിച്ചുപോകുന്നത്); 4. തോണി; 5. ചങ്ങാടം; 6. പത്തുവയസ്സുള്ള ആന; 7. ഉടുപ്പ്; 8. നാമ്പ്; 9. ഗൃഹത്തിൻെറ അടിസ്ഥാനം
പോതവണിക്ക് നാ. തോണിയിലും മറ്റും യാത്രചെയ്തു കച്ചവടം ചെയ്യുന്നവർ
പോതവാഹൻ നാ. തോണിക്കാരൻ, കപ്പൽക്കാരൻ
പോതച്ഛാദനം നാ. കൂടാരം, പടകുടി
പോതാശ്രയം നാ. തുറമുഖം
പോതിക നാ. 1. (ശിൽപ) തൂണിൻെറ മുകളിൽ മരംകൊണ്ടു ചെയ്തു വയ്ക്കുന്ന പണി; 2. രണ്ടു തൂണിന്മേൽ ചേർത്തുവയ്ക്കുന്ന തണ്ട്
പോത്1 നാ. 1. പൊഴുത് (നേരം); 2. പൂവ്
പോത്2 നാ. 1. പൊത്ത്; 2. മണ്ണിലോ മരത്തിലോ എലിയോ മറ്റോ ഉണ്ടാക്കുന്ന തുള; 3. പ്ലാവിന്തടിയിലും മറ്റും തനിയെ ഉണ്ടാകുന്ന കേട്
പോത്ത് നാ. 1. ആൺകന്ന് (മഹിഷം); 2. ഒരു പക്ഷി; 3. (ആല) ഭോഷൻ
പോത്തുക ക്രി. 1. ധരിക്കുക; 2. ചുമക്കുക
പോത്രം നാ. 1. പന്നിയുടെ മോന്ത; 2. തേറ്റ; 3. കൊഴുമുന; 4. വജ്രായുധം; 5. തോണി; 6. വസ്ത്രം
പോത്രായുധം നാ. പന്നി
പോത്രി നാ. പന്നി (പോത്രങ്ങൾ - തേറ്റകൾ - ഉള്ളത്)
പോന്ത1 നാ. 1. ഒരുതരം വലിയ ഈച്ച; 2. ഇളമ്പന
പോന്ത2 [പ.മ.] വി. പിരിഞ്ഞുപോകുന്ന
1097
പോന്ന വി. 1. പ്രാപ്തിയുള്ള, മതിയായ; 2. വന്ന
പോപ്പ് [ഇം.] നാ. റോമിലെ ബിഷപ്പ്, മാർപ്പാപ്പാ
പോം[പോകുക] വി. പോകുന്ന
പോംവഴി നാ. 'പോകാനുള്ള വഴി', നിവൃത്തിമാർഗം, ഒഴികഴിവ്
പോർ നാ. = പോര്
പോർകൊങ്ക നാ. തമ്മിൽ പൊരുതുന്നമാതിരി ഇടതിങ്ങിയ മുലകൾ
പോർക്ക് [പോർ] നാ. 1. വളർത്തുന്ന പന്നി; 2. (ആല) ബുദ്ധിയില്ലാത്തവൻ
പോർട്ടിക്കോ [പോർ] നാ. മുഖമണ്ഡപം, മുഖപ്പ്
പോർട്ട് [ഇം.] നാ. തുറമുഖം
പോരാ അവ്യ. മതിയാകുകയില്ല, അപര്യാപ്തം

പോരാട്ടം നാ. യുദ്ധം
പോരാത്ത വി. മതിയാകാത്ത
പോരായ്ക 'പോരുക' എന്നതിനോടു നിഷേധം ചേർന്നരൂപം. പോരാതിരിക്കുന്ന സ്ഥിതി
പോരാളി നാ. യുദ്ധവീരൻ
പോരിടുക ക്രി. കലഹിക്കുക
പോരിമ നാ. മതിയാകുന്ന അവസ്ഥ, കഴിവ്. (പ്ര) താൻപോരിമ
പോർ നാ. യുദ്ധം, കലഹം, മത്സരം. (പ്ര) പോരാന = പോരിൽ ഉപയോഗിക്കുന്ന ആന. പോരാളി, പോർവിളി, പോർമുരശ്, പോർക്കളം, പോർക്കലി ഇത്യാദി
പോരുക,-രിക ക്രി. 1. കൂടെ വരിക; 2. മതിയാകുക, കഴിയുക
പോരും ക്രി. പോരികയെന്ന പ്രവൃത്തി ചെയ്യും. വി. പോരുന്ന, മതിയാകുന്ന
പോൽ = പോലെ
പോലിന്ദം നാ. പായ്മരം
പോലീസ്[ഇം.] നാ. 1. രക്ഷാഭടൻ; 2. സമാധാനപാലകൻ, നിയമപാലകൻ
പോലുക ക്രി. തുല്യമായിരിക്കുക, ഒക്കുക (പോലെ പോലും എന്നീ രൂപകങ്ങൾ മാത്രമേ ഇന്നു പ്രയോഗത്തിലുള്ളു)
പോലും അവ്യ. അത്രെ, എങ്കിലും, എങ്കിൽത്തന്നെയും
പോഷക വി. പോഷിപ്പിക്കുന്ന. പോഷകനദി = ഉപനദി
പോഷണം നാ. പോഷിപ്പിക്കൽ, രക്ഷണം
പോഷയിതാവ് നാ. പോഷിപ്പിക്കുന്നവൻ
പോഷിക്കുക ക്രി. വളരുക, പുഷ്ടിപ്പെടുക
പോഷിപ്പിക്കുക ക്രി. പോഷിക്കുന്നതിനു കാരണമാകുക, വളർത്തുക
പോഷിത വി. പോഷിപ്പിക്കപ്പെട്ട
പോഷ്യ വി. പോഷിപ്പിക്കുവാൻതക്ക
പോസ്റ്റ് [ഇം.] നാ. 1. തപാൽ; 2. തൂൺ; 3. ഉദ്യോഗതസ്തിക
പോൾ1 അവ്യ. സമയത്ത്. ഉദാഃ ചെയ്യുമ്പോൾ = ചെയ്യുന്ന സമയത്ത്
പോൾ2 [ഇം.] നാ. വോട്ടെടുപ്പ്
പോള നാ. 1. പൊളിച്ചെടുക്കാവുന്ന ആവരണം. ഉദാഃ വാഴപ്പോള; 2. മൂടിയിരിക്കുന്ന തൊലി. ഉദാഃ കൺപോള; 3. ഒരുതരം ജല സസ്യം
പോളം നാ. 1. തീപ്പൊള്ളൽ; 2. ഒരുതരം ചെവിക്കുരു; 3. നറുമ്പശ; 4. നീലക്കടമ്പ്
പോളിക്കുക ക്രി. തഴച്ചുവരിക
പോഴത്തം നാ. ഭോഷൻെറ സ്ഥിതി, മണ്ടത്തരം
പോഴുക ക്രി. വേർപെടുക, പിളരുക
പോറൽ ക്രി. ചെറിയ കീറൽ, മുറിവ്, ശരീരത്തിലും മറ്റും നഖംകൊണ്ടെന്നപോലെ ഉണ്ടാകുന്ന വര
പോറ്റമ്മ നാ. പോറ്റിയ അമ്മ, വളർത്തമ്മ
പോറ്റൽ നാ. സമ്രക്ഷിക്കൽ.
പോറ്റലർ നാ. പോറ്റാത്തവർ, ശത്രുക്കൾ

| | | | |
|---|---|---|---|
| പോറ്റി | | നാ. | 1. പോറ്റുന്നവൻ, രക്ഷിതാവ്; 2. തുളുബ്രാഹ്മണൻ |
| പോറ്റുക | | ക്രി. | 1. സമ്രക്ഷിക്കുക, വളർത്തുക; 2. കിടത്തുക |
| പോറ്റുമകൻ | | നാ. | വളർത്തുമകൻ |
| പൗഡർ | [ഇം.] | നാ. | മിനുക്കുപൊടി, സുഗന്ധചൂർണം |
| പൗണ്ട് | [ഇം.] | നാ. | ഇംഗ്ലണ്ടിലെ നാണയം |
| പൗണ്ട്2 | [ഇം.] | നാ. | ഉടമസ്ഥരില്ലാതെ അലഞ്ഞുനടക്കുന്ന കന്നുകാലികളെ പിടിച്ചുകെട്ടിയിടുന്ന സ്ഥലം |
| പൗണ്ഡരീകം | | നാ. | 1. താമരയെ സംബന്ധിച്ചത്; 2. ഒരുതരം കുഷ്ഠം, വെള്ളപ്പാണ്ട് |
| പൗണ്ഡ്രകം | | നാ. | 1. ഒരുദേശം; 2. ഭീമസേനൻെറ ശങ്ഖ്; 3. നെറ്റിക്കുറി |
| പൗണ്യ | | നാ. | പുണ്യം സംബന്ധിച്ച |
| പൗതവം | | നാ. | അളവുകളും തൂക്കങ്ങളും |
| പൗത്തലികൻ | | നാ. | പുത്തലികയെ (പ്രതിമയെ) ആരാധിക്കുന്നവൻ |
| പൗത്തികം | | നാ. | ഒരുതരം കറുത്ത തേൻ |
| പൗത്ര | | വി. | പുത്രസംബന്ധിയായ, പുത്രനിൽനിന്നു ലഭിച്ച |
| പൗത്രൻ | | നാ. | പുത്രൻെറ പുത്രൻ (സ്ത്രീ) പൗത്രി |
| പൗത്രം | | നാ. | പോതാവിൻെറ പ്രവൃത്തി |
| പൗത്രി | | നാ. | പുത്രൻെറ പുത്രി, പുത്രിയുടെ പുത്രി, ദൗഹിത്രി |
| പൗത്രിക | | വി. | പുത്രനെ സംബന്ധിച്ച |
| പൗനർഭവ | | വി. | പുനർഭവത്തെ സംബന്ധിച്ച |
| പൗനർഭവൻ | | നാ. | പുനർഭൂവിൻെറ പുത്രൻ, പുനർവിവാഹം കഴിച്ച വിധവയുടെ പുത്രൻ |
| പൗനരുക്ത | | വി. | ആവർത്തനം, പിന്നെയും പിന്നെയുമുള്ള പറച്ചിൽ, ഉപയോഗശൂന്യത |
| പൗനഃപുനിക | | വി. | (പുനഃപുനഃ) സംഭവിക്കുന്ന |
| പയ്ംശ്ചലേയൻ | | നാ. | കുലടാപുത്രൻ |
| പൗംശ്ചല്യം | | നാ. | പുംശ്ചലിയുടെ ഭാവം |
| പൗർണമാസി | | നാ. | വെളുത്തവാവ് (പൂർണചന്ദ്രൻ ഉദിക്കുന്ന തീയതി) |
| പൗർണിമൻ | | നാ. | സന്ന്യാസി |
| പൗർണിമാവ് | | നാ. | പൂർണിമ, വെളുത്തവാവ് |
| പൗർവ | | വി. | പൂർവകാലത്തെ സംബന്ധിച്ച |
| പൗർവാ ിക | | വി. | പൂർവാ ം സംബന്ധിച്ച |
| പൗർവിക | | വി. | പൂർവികമായ, പണ്ടുകഴിഞ്ഞ |
| പൗര | | വി. | പുരത്തെ സംബന്ധിച്ച |
| പൗരകം | | നാ. | പുരത്തിനടുത്തുള്ള തോട്ടം |
| പൗരന്ദരം | | നാ. | പുരന്ദരനെ സംബന്ധിച്ചത്, കേട്ടനക്ഷത്രം |
| പൗരവൻ | | നാ. | 1. പുരുവംശജൻ, പൗരൻ; 2. മലബാറിൽ കുടിയേറിയ ഒരു ജാതി |
| പൗരസ്ത്യ | | വി. | 1. മുമ്പിലത്തെ; 2. പ്രമാണിയായ |
| പൗരാണികൻ | | വി. | 1. പുരാണം ശരിക്കു പഠിച്ചിട്ടുള്ളവൻ; 2. പുരാണത്തെ വിശ്വസിക്കുന്നവൻ |

പൗരി	നാ.	പുരവാസിനി
പൗരുഷ	വി.	പുരുഷനെ സംബന്ധിച്ച (പ്ര) പൗരുഷശാലി = ആണത്തം ഉള്ളവൻ
പൗരുഷേയൻ	നാ.	കൂലിവേലക്കാരൻ
പൗരുഷേയം	നാ.	പുരുഷനിൽ നിന്നുണ്ടായത്
പൗരേയ	വി.	പൗരന്മാരെ സംബന്ധിച്ച
പൗരോഗവൻ	നാ.	രാജകീയ പാചകശാലയിലെ പാചകക്കാരൻ
പൗരോഹിത്യം	നാ.	1. പുരോഹിതന്റെ സ്ഥാനം; 2. പുരോഹിതന്റെ കർമം
പൗലസ്തി	നാ.	പുലസ്ത്യന്റെ മകൾ, ശൂർപ്പണഖ
പൗലസ്ത്യൻ	നാ.	1. കുബേരൻ; 2. രാവണൻ
പൗലോമൻ	നാ.	1. ഇന്ദ്രൻ; 2. പുലോമയിൽ കുശനുണ്ടായ പുത്രൻ (ഈ അസുരനെ അർജുനൻ വധിച്ചു)
പൗലോമം	നാ.	1. മഹാഭാരതത്തിലെ ഒരു പർവം; 2. ഒരു തീർഥം
പൗലോമി	നാ.	പുലോമന്റെ പുത്രി, ഇന്ദ്രാണി
പൗഷം	നാ.	പൗഷമാസം
പൗഷി	നാ.	പുഷ്യമാസത്തിലെ വെളുത്തവാവ്
പൗഷ്കല്യം	നാ.	വർധന, സമൃദ്ധി
പ്യാന	നാ.	തടിച്ച
പ്ര	ഉപ.	നല്ലവണ്ണം, ഏറ്റവും
പ്രകട	വി.	വ്യക്തമായ, പരസ്യമായ
പ്രകടനപത്രിക	നാ.	രാഷ്ട്രീയകക്ഷികളും മറ്റും നടപ്പിലാക്കുവാനുദ്ദേശിക്കുന്ന കർമപരിപാടികൾ ക്രോഡീകരിച്ചത്
പ്രകടനം	നാ.	പരസ്യമാക്കൽ, മറനീക്കിക്കാണിക്കൽ
പ്രകടം	അവ്യ.	വ്യക്തമായി, പരസ്യമായി
പ്രകടിത	വി.	പ്രകടമാക്കിച്ചെയ്യപ്പെട്ട
പ്രകടിപ്പിക്കുക	ക്രി.	പ്രത്യക്ഷമാക്കുക, കാണിക്കുക
പ്രകടീകരിക്കുക	ക്രി.	വ്യക്തമാക്കുക
പ്രകഥനം	നാ.	1. വിളംബരം; 2. ആഖ്യാനം
പ്രകമ്പനൻ	നാ.	കാറ്റ് (ഇളകുന്നത്, പിടിച്ചുകുലുക്കുന്നത്)
പ്രകമ്പനം	നാ.	1. വിറയൽ, ഇളക്കം; 2. ശക്തമായ ഇളക്കം
പ്രകർഷണം	നാ.	1. ആകർഷണം; 2. മേന്മ; 3. കാലതാമസം; 4. മല്ലയുദ്ധത്തിൽ ഒരടവ്
പ്രകർഷം	നാ.	1. സമൃദ്ധി, ശ്രേഷ്ഠത; 2. ദൈർഘ്യം; 3. സാർവത്രികത
പ്രകർഷിതം	നാ.	1. വലിച്ചെടുക്കപ്പെട്ടത്; 2. ലാഭം
പ്രകര	വി.	അധികം ചെയ്യുന്ന
പ്രകരണം	നാ.	1. സന്ദർഭം; 2. അധ്യായം; 3. ദശരൂപകങ്ങളിൽ ഒന്ന്; 4. അധികമായ പ്രവൃത്തി
പ്രകരണിക	നാ.	പ്രകരണത്തിനു തുല്യമായ ഉപരൂപകം
പ്രകരം	നാ.	1. കൂട്ടം; 2. സഹായം; 3. ചെണ്ട്; 4. വശീകരണം; 5. അഭ്യാസം; 6. ബഹുമാനം

പ്രകരി	നാ.	1. പ്രകരിക; 2. നാൽക്കവല; 3. തുറന്ന സ്ഥലം; 4. നടൻെറ വേഷം; 5. ഗീതവിശേഷം
പ്രകരിക	നാ.	നാടകത്തിലെ അർഥോപക്ഷേപകങ്ങളിൽ ഒന്ന്
പ്രകല	നാ.	വളരെ ചെറിയ പങ്ക്
പ്രകല്പിത	വി.	1. തിട്ടപ്പെടുത്തിയ; 2. കൽപിക്കപ്പെട്ട
പ്രകാണ്ഡം	നാ.	1. തായ്ത്തടി; 2. (സമാസത്തിൽ അന്ത്യപദമായി) പ്രശസ്തമായത്; 3. ഭുജത്തിൻെറ മുകൾവശം
പ്രകാമ	വി.	വളരെ സ്നേഹമുള്ള
പ്രകാമം	അവ്യ. 1. ഏറ്റവും; 2. മനസ്സോടെ; 3. സന്തോഷപൂർവം
പ്രകാരം	അവ്യ. 1. ശരിയായി; 2. അനുസരിച്ച്. നാ. 1. സാദൃശ്യം; 2. രീതി; 3. പ്രകൃതി; 4. നിരക്ക്; 5. (വ്യാക) ക്രിയയുടെ ഒരു ധർമം
പ്രകാരിക	നാ.	കഥയുടെ സ്ഥൂലത വർധിപ്പിക്കുന്ന വർണന
പ്രകാലനം	നാ.	1. ഹിംസ; 2. പിന്തുടർച്ച
പ്രകാശ	വി.	1. തെളിഞ്ഞ, ശോഭയുള്ള; 2. കീർത്തിയുള്ള; 3. തുല്യമായ
പ്രകാശകൻ	നാ.	1. കണ്ടുപിടിക്കുന്നവൻ; 2. ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നവൻ
പ്രകാശകം	നാ.	വെള്ളോട് (പ്രകാശിപ്പിക്കുന്നത്)
പ്രകാശം	നാ.	1. വെളിച്ചം; 2. (നാട്യ) എല്ലാവർക്കും കേൾക്കാനുള്ള സംഭാഷണം; 3. വിശദീകരണം. അവ്യ. വ്യക്തമായി
പ്രകാശവർഷം	നാ.	പ്രകാശം ഒരുവർഷംകൊണ്ടു സൻഹരിക്കുന്ന ദൂരം, ദീപ്തിവർഷം
പ്രകാശിക്കുക	ക്രി.	1. ശോഭിക്കുക; 2. വെളിപ്പെടുക, സ്പഷ്ടമാകുക
പ്രകാശിതം	നാ.	1. പ്രകാശിപ്പിക്കപ്പെട്ടത്; 2. ജലപാഷാണം
പ്രകാശ്യ	വി.	പ്രകാശിപ്പിക്കത്തക്ക
പ്രകിരണം	നാ.	ചിതറൽ
പ്രകീർണകം	നാ.	'പലതും ചേർന്നത്', 1. വെഞ്ചാമരം; 2. കവടി; 3. അദ്ധ്യായം; 4. കുതിര; 5. (വ്യാക) തദ്ധിതപ്രത്യയങ്ങളുടെ ഒരു പിരിവ്
പ്രകീർണം	നാ.	1. അനുബന്ധം; 2. വ്യാപ്തി
പ്രകീർത്തി	നാ.	1. സത്കീർത്തി; 2. പുകഴ്ത്തൽ; 3. മാഹാത്മ്യം
പ്രകീർത്തിക്കുക	ക്രി.	1. പ്രശംസിക്കുക, പുകഴ്ത്തുക; 2. വിസ്തരിച്ചുപറയുക
പ്രകീർത്തിത	വി.	പ്രകീർത്തിക്കപ്പെട്ട
പ്രകീര്യ	നാ.	1. പ്രകീർണനം ചെയ്യേണ്ട; 2. പ്രസിദ്ധമാക്കത്തക്ക
പ്രകുഞ്ചകം	നാ.	1. ഒരു പലം തൂക്കം; 2. ഒരു അളവ്, ഉഴക്ക്
പ്രകൃത	വി.	1. ചെയ്യപ്പെട്ട; 2. ആരംഭിച്ച; 3. വർണ്യമായ
പ്രകൃതം	നാ.	1. സ്വഭാവം; 2. വർണ്യവിഷയം; 3. സന്ദർഭം
പ്രകൃതി	നാ.	1. സ്വഭാവം; 2. ദൈവശക്തി, ഈശ്വരനെന്ന കാരണംകൊണ്ടുണ്ടായ കാര്യം; 3. (വ്യാക) പ്രത്യയം ചേർത്തു പ്രയോഗസജ്ജമാക്കിയിട്ടില്ലാത്ത രൂപം, പ്രാതിപദകം; 4. കാരണം; 5. പഞ്ചഭൂതങ്ങൾ; 6. രാജ്യത്തിൻെറ എട്ട് അങ്ഗങ്ങളിൽ ഒന്ന്; 7. ഗുഹ്യപ്രദേശം; 8. ഒരു ഛന്ദസ്സ്; 9. ആകൃതി;

10. നമുക്കുചുറ്റും കാണുന്ന മൃഗസസ്യാദിജീവജാലങ്ങൾ

പ്രകൃതിഗുണങ്ങൾ നാ. 1. (ബ.വ.) സത്ത്വം രജസ്സ് തമസ്സ് എന്നീ ഗുണങ്ങൾ; 2. സഹജമായ ഗുണങ്ങൾ
1099
പ്രകൃതിവിരുദ്ധം നാ. 1. പ്രകൃതിക്കു ചേരാത്തത്; 2. സ്വാഭാവികമല്ലാത്ത കാമകേളികൾ
പ്രകൃതിവിജ്ഞാനീയം നാ. പ്രകൃതിശക്തികളെക്കുറിച്ച് പഠിക്കുന്ന ശാസ്ത്രം
പ്രകൃത്യവസ്ഥ നാ. പ്രകൃതിയുടെ അവസ്ഥകളായ ഭൂമി ജലം പ്രകാശം വായു ആകാശം മനസ്സ് ബുദ്ധി അഹങ്കാരം ഇവ
പ്രകൃഷ്ട വി. 1. മേന്മയുള്ള; 2. വലിച്ചൂരിയ; 3. പ്രധാനമായ; 4. നീണ്ട
പ്രകോഥം നാ. ചിഞ്ഞുപോകൽ
പ്രകോപനം നാ. കോപം ഉണ്ടാക്കൽ, കോപിപ്പിക്കൽ
പ്രകോപം നാ. വർധിച്ച കോപം
പ്രകോഷ്ഠകം നാ. കാവൽപ്പുരയിലെ മുറി, രാജകൊട്ടാരത്തിനു മുമ്പിലുള്ള പ്രവേശനദ്വാരത്തിനടുത്തുള്ള അറ
പ്രകോഷ്ഠം നാ. 1. കൈത്തണ്ട്; 2. കൈയുടെ മുട്ടിനു കീഴോട്ടുള്ള ഭാഗം; 3. അറ; 4. നടുമുറ്റം
പ്രക്രന്താവ് നാ. 1. ആക്രമിക്കുന്നവൻ; 2. പ്രക്രമിക്കുന്നവൻ
പ്രക്രമണം നാ. 1. പുറപ്പാട്; 2. ആരംഭം
പ്രക്രമഭങ്ഗം നാ. (കാവ്യ) ഒരു കാവ്യദോഷം
പ്രക്രമം നാ. 1. ആരംഭം; 2. അവസരം; 3. ക്രമപാഠം; 4. സഞ്ചാരം; 5. ചുവട്; 6. വാദവിഷയം
പ്രക്രമിക്കുക ക്രി. ആരംഭിക്കുക, മുന്നോട്ടുപോകുക
പ്രക്രാന്ത വി. ആരംഭിച്ച, പോയ, കടന്ന
പ്രക്രിയ നാ. 1. (വ്യാക) പ്രകൃതിയോടു പ്രത്യയം ചേർക്കുമ്പോൾ ചെയ്യുന്ന സംസ്കാരം; 2. രാജാവിൽനിന്നു അധികാരമുദ്ര ഏറ്റുവാങ്ങൽ; 3. സ്വഭാവം; 4. ഉന്നതി; 5. ആചാരം; 6. ക്രമം, വിധം; 7. അധ്യായം
പ്രക്രിയാസർവസ്വം നാ. മേൽപ്പത്തൂർ നാരായണഭട്ടതിരി രചിച്ച അഷ്ടാധ്യായീവ്യാഖ്യാനം
പ്രക്ലിന്ന വി. 1. ആർദ്രമായ; 2. തൃപ്തമായ
പ്രക്ലിപ്ത വി. തയാറാക്കപ്പെട്ട
പ്രക്ഷാമ വി. തീരെ മെലിഞ്ഞ
പ്രക്ഷാളനം നാ. നല്ലവണ്ണം കഴുകൽ, കുളി, വൃത്തിയാക്കൽ
പ്രക്ഷിപ്ത വി. 1. ഇടയ്ക്കു കൂട്ടിച്ചേർത്ത; 2. പ്രക്ഷേപണംചെയ്ത
പ്രക്ഷിപ്തം നാ. 1. ഇടയ്ക്കു കൂട്ടിച്ചേർത്തത്; 2. ഗ്രന്ഥത്തിൽ അതിന്റെ കർത്താവല്ലാത്ത ഒരാൾ എഴുതിച്ചേർത്ത ഭാഗം
പ്രക്ഷീണ വി. 1. ആകെ നശിച്ച, ഇല്ലാതായ; 2. തീരെ തളർന്ന
പ്രക്ഷുണ്ണ വി. 1. ഞെരുക്കിയ; 2. ചവിട്ടിത്തേച്ച; 3. പ്രേരിതമായ; 4. തുളയ്ക്കപ്പെട്ട
പ്രക്ഷുബ്ധ വി. വളരെ ക്ഷോഭിച്ച, ഇളകിമറിയുന്ന

പ്രക്ഷേപണം നാ. 1. ഏറ്; 2. ശബ്ദതരങ്ഗങ്ങളോ പ്രകാശവീചികളോ യന്ത്രസഹായത്താല്‍ ദൂരെദിക്കിലേക്ക് എത്തിക്കല്‍; 3. വില നിശ്ചയിക്കല്‍

പ്രക്ഷേപം നാ. 1. ഏറ്; 2. എടുത്തുചേര്‍ത്തത്; 3. കല്കം

പ്രക്ഷേപിക്കുക ക്രി. പ്രക്ഷേപണം ചെയ്യുക

പ്രക്ഷേപിണി നാ. പ്രക്ഷേപണോപകരണം, റേഡിയോ മുതലായവ

പ്രക്ഷോഭണം നാ. 1. ക്ഷോഭിപ്പിക്കല്‍, ബഹളം വയ്ക്കല്‍; 2. സമരംചെയ്യല്‍

പ്രക്ഷ്വേഡനം നാ. 1. ഇരുമ്പുശരം; 2. ബഹളം

പ്രഖര വി. അധികം ചൂടുള്ള, എരിവുള്ള

പ്രഖ്യ വി. (സമാസത്തില്‍ പദാന്തമായിരിക്കുമ്പോള്‍) സദൃശമായ, തുല്യമായ

പ്രഖ്യം നാ. 1. സാദൃശ്യം; 2. തെളിവ്; 3. പ്രസിദ്ധി; 4. ഭാവം

പ്രഖ്യാതം വി. 1. നല്ലതുപോലെ അറിയപ്പെടുന്നത്, പ്രസിദ്ധമായത്; 2. രൂപകത്തിലെ വസ്തു മൂന്നായി വിഭജിച്ചതില്‍ ഒന്ന് (പ്രസിദ്ധമായ ഇതിവൃത്തം); 3. സന്തുഷ്ടമായത്; 4. അങ്ഗീകൃതമായത്

പ്രഖ്യാതി നാ. പ്രസിദ്ധി, കീര്‍ത്തി

പ്രഖ്യാപനം നാ. പ്രസിദ്ധപ്പെടുത്തല്‍, അറിയിക്കല്‍

പ്രഗണ്ഡം നാ. കൈമുട്ടിന്‍െറ മേല്‍ഭാഗം

പ്രഗത വി. ഗമിച്ച, വേര്‍പിരിഞ്ഞ, പുറപ്പെട്ട

പ്രഗദ്ഭ1 വി. സാമര്‍ഥ്യമുള്ള, ബുദ്ധിക്കു തെളിച്ചമുള്ള, പ്രഗത്ഭ, പ്രഗല്ഭ

പ്രഗദ്ഭ2 നാ. 1. (നാട്യ) നായികാവിഭാഗങ്ങളില്‍ ഒന്ന്, ധീര; 2. ദുര്‍ഗ

പ്രഗദ്ഭത നാ. പ്രഗല്ഭസ്വഭാവം, പ്രാഗല്ഭ്യം, പ്രഗത്ഭത, പ്രഗല്ഭത

പ്രഗാഢം അവ്യ. അധികമായി. നാ. നല്ല മുറുക്കമുള്ളത്

പ്രഗുണ വി. 1. നേരെയുള്ള; 2. ഋജുവായ; 3. ത്രാണിയുള്ള

പ്രഗുണിത വി. വര്‍ധിതമായ, ചൊവ്വാക്കപ്പെട്ട

പ്രഗുണീകരിക്കുക ക്രി. ക്രമപ്പെടുത്തുക, വളര്‍ത്തുക

പ്രഗൃഹീത വി. സ്വീകരിക്കപ്പെട്ട

പ്രഗൃഹ്യം നാ. 9വ്യാക) സന്ധിനിയമം അനുസരിക്കാത്ത സ്വരം (സംസ്കൃതവ്യാകരണത്തില്‍)

പ്രഗ്രഹം നാ. 1. പിടികൂടല്‍; 2. തടവില്‍ പാര്‍പ്പിക്കല്‍; 3. തുലാസൂത്രം; 4. കനിവ്; 5. രശ്മി; 6. കടിഞ്ഞാണ്‍; 7. ഗ്രഹണാരംഭം; 8. തടസ്സം; 9. ഇണക്കിയെടുക്കല്‍

പ്രഗ്രാഹം നാ. 1. തുലാസൂത്രം; 2. കടിഞ്ഞാണ്‍

പ്രഗ്രീവം നാ. 1. ജന്നല്‍; 2. ചൗക്ക; 3. കുതിരലായം; 4. വൃക്ഷാഗ്രം; 5. വീടിന്‍െറ മുകള്‍ഭാഗത്തെ പൂമുഖം (ബാല്‍ക്കണി); 6. വീടിനുചുറ്റുമുള്ള വേലി

പ്രഘട്ടകം നാ. നിയമം, ചട്ടം

പ്രഘസന്‍ നാ. 1. രാക്ഷസന്‍; 2. അധികം ഭക്ഷിക്കുന്നവന്‍

പ്രഘാതം നാ. യുദ്ധം

പ്രഘോഷം നാ. കോലാഹലം

പ്രചക്രം നാ. പടയിളക്കം

പ്രചണ്ഡ വി. 1. അധികം കോപമുള്ള; 2. അതിശക്തിയുള്ള; 3. അധികം ചൂടുള്ള; 4. ക്ഷോഭിച്ച; 5. ദുസ്സഹമായ

പ്രചണ്ഡം നാ. പ്രചണ്ഡമായത്

പ്രചയനം നാ. ശേഖരിക്കൽ

പ്രചയം നാ. കൂമ്പാരം

പ്രചരണം നാ. നടപ്പ്, നടപ്പിലാക്കൽ, ചുമതലയേൽക്കൽ (പ്രചരിപ്പിക്കൽ എന്ന അർഥത്തിൽ പ്രയോഗിക്കുന്നതു ശരിയല്ല)

പ്രചരണി നാ. മരത്തവി

പ്രചരിക്കുക ക്രി. പരക്കുക, നടപ്പിലാകുക

പ്രചരിത വി. നടപ്പിലായ

പ്രചലാകം നാ. 1. മയിലിൻെറ വാൽ; 2. ധനുർവിദ്യ; 3. പാമ്പ്

പ്രചലിത വി. 1. ഇളക്കപ്പെട്ട; 2. പ്രചാരത്തിലിരിക്കുന്ന

പ്രചാരകൻ നാ. പ്രചരിപ്പിക്കുന്നവൻ

പ്രചാരണം നാ. പ്രചരിപ്പിക്കൽ

പ്രചാരം നാ. പ്രസിദ്ധി, നടപ്പ്

പ്രചാലനം നാ. ഇളക്കൽ, ക്ഷോഭം

പ്രചിത വി. ശേഖരിക്കപ്പെട്ട

പ്രചുര വി. നിറഞ്ഞ, വളരെയുള്ള. നാ. പ്രചുരത, പ്രചുരത്വം

പ്രചുരൻ നാ. കള്ളൻ

പ്രചുരിമ നാ. ആധിക്യം, ധാരാളത

പ്രചുരീകൃത വി. പ്രചുരമാക്കിയ, വർധിക്കപ്പെട്ട

പ്രചേതസ്സ് നാ. 1. വരുണൻ; 2. ഒരു പ്രജാപതി; 3. ഒരു ഋഷി

പ്രചേതാവ് നാ. വണ്ടിയോടിക്കുന്നവൻ, സാരഥി

പ്രചേയ വി. ശേഖരിക്കത്തക്ക

പ്രചേലകം നാ. കുതിര

പ്രചോദകൻ നാ. പ്രചോദിപ്പിക്കുന്നവൻ

പ്രചോദനം നാ. 1. പ്രചോദിപ്പിക്കൽ, (കലാസൃഷ്ടിക്കുള്ള) പ്രേരണ; 2. ആജ്ഞ

പ്രചോദിപ്പിക്കുക ക്രി. 1. പ്രേരിപ്പിക്കുക, ഉത്സാഹിപ്പിക്കുക; 2. പറഞ്ഞയയ്ക്കുക

പ്രച്ഛദപടം നാ. പുതപ്പ്, വിരിപ്പ്

പ്രച്ഛദം നാ. മൂടി, ആവരണം

പ്രച്ഛന്ന വി. ഒളിച്ച, മറഞ്ഞ, ഗൂഢമായ

പ്രച്ഛന്നം അവ്യ. ഗൂഢമായി. നാ. 1. ഒളിവായിട്ടുള്ളത്; 2. ഗൂഢവാതിൽ

പ്രച്ഛാദനം നാ. ഉത്തരീയം

പ്രച്ഛില വി. ഉണങ്ങിയ, വരണ്ട

പ്രച്യുത വി. വീണ, തള്ളിക്കളയപ്പെട്ട

പ്രജ നാ. 1. സന്തതി; 2. ജനം; 3. ശുക്ലം; 4. ഗർഭപിണ്ഡം

പ്രജനനൻ നാ. ജനിപ്പിക്കുന്നവൻ, പിതാവ് (സ്ത്രീ) പ്രജനനി

പ്രജനനം നാ. ജനിപ്പിക്കൽ

പ്രജല്പനം നാ. പുലമ്പൽ, അർഥശൂന്യമായ പ്രഭാഷണം

പ്രജനി	വി.	നല്ല വേഗമുള്ള. നാ. ഓട്ടക്കാരൻ, ദൂതൻ
പ്രജാഗരൻ	നാ.	രക്ഷകൻ, കൃഷ്ണൻ
പ്രജാഗരം	നാ.	ഉണർന്നിരിക്കൽ, ശ്രദ്ധ
പ്രജാത	വി.	ഉത്പാദിപ്പിക്കപ്പെട്ട
പ്രജാതന്തു	നാ.	വംശം, കുലം
പ്രജാധ്യക്ഷൻ	നാ.	1. സൂര്യൻ; 2. ദക്ഷൻ
പ്രജാധിപത്യം	നാ.	ജനകീയഭരണം
പ്രജാനാഥൻ	നാ.	1. രാജാവ്; 2. ബ്രഹ്മാവ്
പ്രജാപതി	നാ.	1. ബ്രഹ്മാവ്; 2. ആദ്യം ഉണ്ടായ പത്ത് ഋഷിമാർ (മരീചി, അത്രി, അങ്ഗിരസ്, പുലസ്ത്യൻ, പുലഹൻ, ക്രതു, വസിഷ്ഠൻ, ദക്ഷൻ, ഭൃഗു, നാരദൻ); 3. സൂര്യൻ; 4. സ്വായംഭൂവമനു; 5. വിശ്വകർമാവ്; 6. രാജാവ്; 7. പുരുഷലിങ്ഗം; 8. ജാമാതാവ്; 9. വിഷ്ണു; 10. യാഗം
പ്രജാവതി	നാ.	1. മക്കളുള്ളവൾ, അമ്മ; 2. സഹോദരഭാര്യ
പ്രജാവാൻ	നാ.	മക്കളുള്ളവൻ
പ്രജിനം	നാ.	കാറ്റ്, വായു
പ്രജ്ഞ1	വി.	പഠിപ്പുള്ള
പ്രജ്ഞ2	നാ.	ബുദ്ധി, ത്രികാലജ്ഞാനം
പ്രജ്ഞാനം	നാ.	1. വിശേഷജ്ഞാനം, ബ്രഹ്മം; 2. അറിവ്; 3. അടയാളം
പ്രജ്ഞാവാൻ	നാ.	പ്രജ്ഞയുള്ളവൻ. (സ്ത്രീ) പ്രജ്ഞാവതി
പ്രണഖം	നാ.	നഖത്തിൻെറ അറ്റം
പ്രണത	വി.	നമസ്കരിക്കുന്ന, വിനയമുള്ള
പ്രണദനം	നാ.	ശബ്ദിക്കൽ, മൂളൽ
പ്രണദിത	നാ.	ശബ്ദിക്കുന്ന, മൂളുന്ന
പ്രണമനം	നാ.	പ്രണതി, നമസ്കരിക്കൽ
പ്രണമിക്കുക	ക്രി.	നമസ്കരിക്കുക
പ്രണമിത	നാ.	പ്രണമനംചെയ്ത
പ്രണയകലഹം	നാ.	സ്നേഹപൂർവകമായ കലഹം, സൗന്ദര്യപ്പിണക്കം
പ്രണയനം	നാ.	1. പ്രണയിക്കൽ; 2. സ്നേഹം; 3. രചന
പ്രണയനീയ	നാ.	പ്രണയം ചെയ്യത്തക്ക
പ്രണയം	നാ.	1. നയിക്കൽ; 2. നമിക്കൽ; 3. പഴക്കം; 4. അനുരാഗം; 5. വിവാഹം; 6. വിശ്വാസം; 7. ഭക്തി; 8. യാചന; 9. മോക്ഷം
പ്രണയി	വി.	പ്രണയത്തോടുകൂടിയ. നാ. 1. ഭർത്താവ്; 2. സ്നേഹിതൻ; 3. ഭക്തൻ; 4. അപേക്ഷകൻ (സ്ത്രീ) പ്രണയിനി
പ്രണയിക്കുക	ക്രി.	1. സ്നേഹിക്കുക; 2. കൊണ്ടുവരിക; 3. നിർവഹിക്കുക; 4. രചിക്കുക
പ്രണയിതാ(വ്)	നാ.	പ്രണയിക്കുന്നവൻ
പ്രണവം	നാ.	1. ഉച്ചരിക്കൽ; 2. സ്തുതിനൽകുക; 3. എല്ലാ മന്ത്രങ്ങളുടെയും ആദിയിൽ ഉച്ചരിക്കുന്ന 'ഓം' എന്ന ശബ്ദം. പ്രണവാത്മകൻ = പ്രണവസ്വരൂപൻ, ബ്രഹ്മം
പ്രണഷ്ട	വി.	മുഴുവനും ഇല്ലാതായ, നശിച്ച
പ്രണസ	നാ.	വലിയ മൂക്കുള്ള

പ്രണാദം നാ. 1. ഉറച്ച ശബ്ദം, അലർച്ച; 2. ഒരു കർണരോഗം; 3. അനുരാഗം നിമിത്തമുണ്ടാകുന്ന സീത്കാരാദി ശബ്ദം, ആനന്ദധ്വനി
പ്രണാമം നാ. നമസ്കാരം, പ്രണതി
പ്രണായകൻ നാ. തലവൻ, വഴികാട്ടി
പ്രണായ്യ വി. 1. ഇഷ്ടമില്ലാത്ത; 2. നേരില്ലാത്ത; 3. വിരക്തനായ
പ്രണാശം നാ. 1. നഷ്ടം; 2. അവസാനം
പ്രണാളം നാ. 1. ജലമാർഗം (ഓവ്, കല്ല് മുതലായവകൊണ്ടു കെട്ടിയത്), കുഴൽ; 2. തുടർച്ച; 3. പദ്ധതി
1101
പ്രണിധാനം നാ. 1. അതിപ്രയത്നം; 2. വയ്ക്കൽ; 3. പ്രയോഗം; 4. പ്രവേശം; 5. സമർപ്പണം; 6. ശക്തിയോടുകൂടിയ ധ്യാനം; 7. കർമഫലത്യാഗം
പ്രണിധി നാ. 1. ഒറ്റുകാരൻ, ചാരൻ (അറിയപ്പെടേണ്ട കാര്യം ഇവങ്കൽ പ്രകർഷേണ നിധാനം ചെയ്യപ്പെടുന്നതിനാൽ); 2. പകരം നിയമിക്കപ്പെട്ടവൻ, പ്രതിനിധി; 3. പ്രതിജ്ഞ; 4. യാചന; 5. ഉറ്റുനോക്കൽ; ശ്രദ്ധ
പ്രണിനാദം നാ. വലിയ ശബ്ദം
പ്രണിപതിക്കുക ക്രി. 1. വീഴുക; 2. നമസ്കരിക്കുക
പ്രണിപാതം നാ. നമസ്കാരം. പ്രണിപാതി = പ്രണിപതിക്കുന്ന. പ്രണിപത്യ = പ്രണിപതിച്ചിട്ട്
പ്രണിവേശിക്കുക ക്രി. വിവാഹം കഴിക്കുക
പ്രണിഹിത വി. 1. ഏൽപ്പിക്കപ്പെട്ട; 2. വയ്ക്കപ്പെട്ട; 3. ചെയ്യപ്പെട്ട; 4. ലഭിച്ച
പ്രണീത വി. 1. പ്രവേശിക്കപ്പെട്ട; 2. പാകംചെയ്യപ്പെട്ട; 3. എറിഞ്ഞുകളഞ്ഞ; 4. അയയ്ക്കപ്പെട്ട; 5. പഠിപ്പിക്കപ്പെട്ട; 6. സമ്മാനിക്കപ്പെട്ട; 7. ഹൃദ്യമായ
പ്രണീതപാത്രം നാ. ഹോമത്തിനും മറ്റും ഉപയോഗിക്കുന്ന ഒരുതരം പാത്രം
പ്രനീതം നാ. മന്ത്രത്താൽ സംസ്കരിക്കപ്പെട്ട അഗ്നി; 2. പാകംചെയ്തു നന്നാക്കിയ കറി; 3. രചിക്കപ്പെട്ടത്, പ്രണയനംചെയ്യപ്പെട്ടത്
പ്രണുത നാ. സ്തുതിക്കപ്പെട്ട
പ്രണുത്ത,-ന്ന വി. ഓടിക്കപ്പെട്ട
പ്രണേജനം നാ. 1. സ്നാനം, കഴുകൽ, തുടയ്ക്കൽ; 2. കഴുകാനുള്ള ജലം
പ്രണേതാവ് നാ. 1. കർത്താവ്; 2. നായകൻ; 3. ഗുരു; 4. ഗ്രന്ഥകാരൻ
പ്രണേയ നാ. 1. നയിക്കത്തക്ക; 2. സ്വാധീനമുള്ള; 3. നിർവഹിക്കത്തക്ക
പ്രണോദം നാ. നടത്തൽ, പ്രേരണം
പ്രണോദിത വി. പ്രേരിതമായ
പ്രതക്ഷണം നാ. ഖണ്ഡനം, മുറിക്കൽ
പ്രതത വി. 1. വർധിച്ച; 2. പരന്ന; 3. മൂടിയ
പ്രതതം അവ്യ. തുടർച്ചയായി
പ്രതതി നാ. 1. പരപ്പ്, വ്യാപ്തി; 2. വള്ളി
പ്രതന വി. പണ്ടുള്ള, പുരാതനമായ

പ്രതനു	വി.	1. വളരെ നേരിയ, നന്നേചെറിയ; 2. ക്ഷീണിച്ച, സാരമില്ലാത്ത, മെലിഞ്ഞ
പ്രതപനം	നാ.	ചൂടാക്കൽ
പ്രതപ്ത	വി.	അധികം ചൂടുപിടിപ്പിക്കപ്പെട്ട, തീയിലിട്ടു പഴുപ്പിക്കപ്പെട്ട, വളരെ ദുഃഖിച്ച. (പ്ര) പ്രതപ്തമാനസൻ
പ്രതമകൻ	നാ.	ഒരു കാസശ്വാസം
പ്രതർക്കണം	നാ.	1. ഊഹിക്കൽ; 2. സംശയം; 3. തർക്കശാസ്ത്രം
പ്രതർക്കിത	വി.	തർക്കിക്കപ്പെട്ട
പ്രതർക്കം	നാ.	1. സംശയം; 2. ഊഹം
പ്രതരം	നാ.	മറുകരകടക്കൽ
പ്രതലം	നാ.	1. വിരലെല്ലാം നിവർത്തിപ്പരത്തിയ കൈപ്പടം; 2. തമ്മിൽ കൂട്ടിച്ചേർത്ത കരതലം; 3. സപ്തലോകങ്ങളിൽ ഒന്ന് , കീഴ്ലോകം, പാതാളം
പ്രതാനം	നാ.	1. ഇളംകമ്പ്; 2. വള്ളി; 3. നാമ്പ്; 4. പരപ്പ്; 5. പക്ഷവാതം
പ്രതാനി	നാ.	പ്രതാനത്തോടുകൂടിയ
പ്രതാപനം	നാ.	1. തപിപ്പിക്കൽ; 2. ഒരു നരകം
പ്രതാപം	നാ.	സമ്പത്തുകൊണ്ടും ശക്തികൊണ്ടും മറ്റുമുള്ള മഹത്ത്വം, പ്രഭുശക്തികൊണ്ടും ദണ്ഡശക്തികൊണ്ടും ഉണ്ടാകുന്ന അധൃഷ്യത
പ്രതാപരുദ്രീയം	നാ.	ഒരു സാഹിത്യശാസ്ത്രഗ്രന്ഥം (കർത്താവ് വിദ്യാനാഥപണ്ഡിതൻ)
പ്രതാപവാൻ	നാ.	പ്രതാപമുള്ളവൻ. (സ്ത്രീ) പ്രതാപവതി
പ്രതാപി	വി.	പ്രതാപം ഉള്ള
പ്രതാരകൻ	നാ.	ചതിയൻ
പ്രതാരണം	നാ.	1. ചതി; 2. കടത്തൽ
പ്രതാരിത	വി.	പ്രതാരണംചെയ്യപ്പെട്ട
പ്രതി1	ഉപ	1. പകരം; 2. മാറ്റം; 3. തോറും; 4. നേർക്ക്; 5. പല; 6. അല്പവൃത്തി; 7. സംബന്ധം; 8. കുറിച്ച്; 9. സാദൃശ്യം
പ്രതി2	നാ.	1. പകർപ്പ്; 2. പുസ്തകത്തിൻെറ അച്ചടിപ്പകർപ്പുകളിൽ ഓരോന്നും
പ്രതി3	നാ.	1. ഒരുവൻ സങ്കടംബോധിപ്പിച്ചാൽ അതിന് ഉത്തരം പറയുന്നവൻ, പ്രതിവാദി; 2. മറുപടി; 3. പരിഹാരം; 4. നിയമം
പ്രതികടം	നാ.	ചോദ്യത്തിന് ശരിയല്ലാതെ ഒഴിഞ്ഞുപറയുന്ന ഉത്തരം
പ്രതികണ്ഠം	അവ്യ.	1. ഓരോരുത്തനായി; 2. ഓരോന്നായി; 3. കണ്ഠത്തിനു സമീപം
പ്രതികരം	നാ.	പരിഹാരം
പ്രതികരണം	നാ.	1. പ്രതികാരം; 2. പ്രതിഘാതം
പ്രതികരിക്കുക	ക്രി.	പകരം ചെയ്യുക
പ്രതികർമ	നാ.	1. വസ്ത്രമാല്യാദികളെക്കൊണ്ടുള്ള അലങ്കാരം; 2. അതുനിമിത്തം ഉണ്ടായ ശോഭ; 3. മാലിന്യം കളഞ്ഞ് ശരീരം വെടിപ്പുവരുത്തൽ; 4. പരിഹാരം; 5. പ്രതികാരം
പ്രതികർഷം	നാ.	കൂട്ടിവെപ്പ്

പ്രതികായൻ നാ. എതിരാളി
പ്രതികാരം നാ. 1. പ്രതിക്രിയ; 2. ഉപശാന്തി; 3. തടസ്സം
പ്രതികാര്യം വി. പ്രതിവിധിചെയ്യേണ്ടത്
പ്രതികാശം നാ. പ്രതിബിംബം; 2. ആകൃതി
പ്രതികൂപം നാ. കിടങ്ങ്
പ്രതികൂല വി. 1. എതിരായ; 2. വിരുദ്ധമായ; 3. അശുദ്ധമായ
പ്രതികൂലി നാ. പ്രതികൂലഭാവമുള്ളവൻ; ശത്രു
പ്രതികൃത വി. തിരിച്ചുകൊടുക്കപ്പെട്ട
പ്രതികൃതി നാ. 1. പകരമായുണ്ടാക്കിയ ശരീരം; 2. പൂജാർഥം ശിലാലോഹാദികൊണ്ടുണ്ടാക്കുന്ന പ്രതിമ; 3. പ്രതിബിംബം; 4. ചിത്രം; 5. പ്രതികാരം; 6. നിരോധം
പ്രതികൃഷ്ട വി. 1. നിന്ദിക്കപ്പെട്ട; 2. തള്ളപ്പെട്ട; 3. മറയ്ക്കപ്പെട്ട
പ്രതിക്രമം നാ. വിപരീതക്രമം
പ്രതിക്രിയ നാ. 1. പകരത്തിനു പകരം ചെയ്യൽ; 2. പകവീട്ടൽ
പ്രതിക്ഷണം അവ്യ. ഓരോനിമിഷവും
പ്രതിക്ഷയൻ നാ. 1. കാവൽക്കാരൻ; 2. പരിചാരകൻ
പ്രതിക്ഷിപ്ത വി. പ്രതിക്ഷേപിക്കപ്പെട്ട
പ്രതിക്ഷേപം നാ. പ്രതിക്ഷേപിക്കൽ
പ്രതിക്ഷേപിക്കുക ക്രി. 1. അയയ്ക്കുക; 2. നിരസിക്കുക; 3. നിന്ദിക്കുക; 4. ഉപദ്രവിക്കുക; 5. മത്സരിക്കുക; 6. പ്രതിക്ഷേപിക്കുക; 7. തടുക്കുക
പ്രതിഖ്യാതി നാ. 1. പ്രതിനവമായ ഖ്യാതി; 2. അതിപ്രസിദ്ധി
പ്രതിഗജം നാ. മദിച്ച ആന
പ്രതിഗത വി. 1. മുമ്പോട്ടും പിമ്പോട്ടും പറന്നുകൊണ്ടിരിക്കുന്ന; 2. ചുറ്റി സഞ്ചരിക്കുന്ന
പ്രതിഗമനം നാ. 1. മടങ്ങിവരൽ; 2. തിരിച്ചുവരൽ
പ്രതിഗമിക്കുക ക്രി. മടങ്ങിപ്പോകുക
പ്രതിഗാനം നാ. ഏറ്റുപാടൽ
പ്രതിഗൃഹം അവ്യ. വീടുതോറും
പ്രതിഗൃഹീത വി. സമ്മതിക്കപ്പെട്ട; 2. വിവാഹംചെയ്യപ്പെട്ട; 3. സ്വീകരിക്കപ്പെട്ട
പ്രതിഗ്രഹണം നാ. പ്രതിഗ്രഹം, ഒരുപാത്രം
പ്രതിഗ്രഹൻ നാ. ദാനംവാങ്ങാൻ അർഹനായ ബ്രാഹ്മണൻ
പ്രതിഗ്രഹം നാ. 1. സ്വീകാരം; 2. ദാനം വാങ്ങൽ; 3. സംഭാവന; 4. ദാനം വാങ്ങാനുള്ള അവകാശം; 5. കോളാമ്പി; 6. സൈന്യത്തിന്റെ പിന്നണി; 7. വിവാഹം; 8. ഇഷ്ടത്തോടുകൂടിയുള്ള സത്കാരം; 9. ആനുകൂല്യം; 10. കേൾക്കൽ
പ്രതിഗ്രഹിക്കുക ക്രി. ദാനമായി സ്വീകരിക്കുക
പ്രതിഗ്രാഹക വി. ദാനം വാങ്ങുന്ന
പ്രതിഗ്രാഹം നാ. 1. സമ്മാനം വാങ്ങൽ; 2. കോളാമ്പി
പ്രതിഗ്രാഹിക നാ. (വ്യാക) ദ്വിതീയാ വിഭക്തി
പ്രതിഗ്രാഹ്യ വി. പ്രതിഗ്രഹിക്കത്തക്ക, സഹകരിക്കത്തക്ക
പ്രതിഘം ന< 1. കോപം; 2. തളർച്ച; 3. യുദ്ധം; 4. എതിർപ്പ്

പ്രതിഘാതനം നാ. 1. തടവ്; 2. വധം
പ്രതിഘാതം നാ. 1. പ്രതിഘാതനം; 2. തിരിച്ചടി
പ്രതിചരിത വി. പ്രഖ്യാപിക്കപ്പെട്ട
പ്രതിചിന്തനം നാ. ധ്യാനം
പ്രതിച്ഛദം നാ. 1. ചിത്രപടം; 2. മൂടി
പ്രതിച്ഛന്ദം നാ. പ്രതിബിംബം, ചിത്രം
പ്രതിച്ഛായ നാ. 1. പ്രതിരൂപം; 2. പ്രതികൃതി; 3. പ്രതിമ; 4. നിഴൽ
പ്രതിച്ഛേദം നാ. 1. തടസ്സം; 2. എതിർപ്പ്
പ്രതിജല്പം നാ. മറുപടി, ഉത്തരം
പ്രതിജാഗരം നാ. 1. ദൃഷ്ടി ഉറപ്പിച്ചുകൊണ്ടുള്ള നോട്ടം; 2. അമാന്തമില്ലാത്ത നോട്ടം; 3. ഉണർന്നിരിപ്പ്
പ്രതിജിഹ്വ നാ. അണ്ണാക്ക്
പതിജീവനം നാ. മരിച്ചശേഷം ജീവിക്കൽ, പുനരുദ്ധാരണം
പ്രതിജ്ഞ നാ. 1. ശപഥം; 2. നിശ്ചയം; 3. ആജ്ഞ; 4. വാഗ്ദാനം
പ്രതിജ്ഞാത വി. 1. പ്രതിജ്ഞചെയ്യപ്പെട്ട; 2. അങ്ഗീകൃതമായ; 3. ഇഷ്ടപ്പെട്ട; 4. അറിയപ്പെട
പ്രതിജ്ഞാനം നാ. 1. വാഗ്ദാനം; 2. ഉടമ്പടി; 3. സമ്മതം
പ്രതിജ്ഞാപത്രം നാ. 1. ഉടമ്പടിച്ചീട്ട്, കരാർച്ചീട്ട്; 2. തിരഞ്ഞെടുപ്പിനുമുമ്പു സ്ഥാനാർഥി നൽകുന്ന പത്രിക
പ്രതിജ്ഞേയ വി. പ്രതിജ്ഞചെയ്യപ്പെടുവാന്തക്ക
പ്രതിജ്ഞേയൻ നാ. മങ്ഗലസ്തുതിപാടുന്നവൻ
പ്രതിതരൻ നാ. തണ്ടുവലിക്കുന്നവൻ, കപ്പൽക്കാരൻ
പ്രതിദത്ത വി. തിരിയെക്കൊടുത്ത
പ്രതിദാനം നാ. 1. വാങ്ങിയതു തിരിയെക്കൊടുക്കൽ; 2. കൊടുത്തിട്ടു മറ്റൊന്നു വാങ്ങൽ
പ്രതിദാരണം നാ. 1. യുദ്ധം; 2. പിളർക്കൽ
പ്രതിദിനം അവ്യ. 1. ദിവസംതോറും; 2. ദിനംപ്രതി
പ്രതിദിശ അവ്യ. ദിക്കുതോറും
പ്രതിദേയം നാ. 1. പണയം; 2. തിരിച്ചുകൊടുക്കത്തക്കത്; 3. തിരിച്ചുകൊടുക്കേണ്ടത്
പ്രതിദ്രവ്യം നാ. പകരംകിട്ടിയ മുതൽ
പ്രതിദ്വന്ദ്വൻ നാ. ശത്രു, എതിരാളി
പ്രതിധാനം നാ. നിയോഗിക്കൽ
പ്രതിധാവനം നാ. ആക്രമണം, എതിർപ്പ്
പ്രതിധ്വനി നാ. മാറ്റൊലി
പ്രതിനന്ദിക്കുക ക്രി. 1. നന്ദിപറയുക; 2. സ്വാഗതം പറയുക; 3. അഭിനന്ദിക്കുക; 4. പിന്നെയും പിന്നെയും സന്തോഷിക്കുക
പ്രതിനവ വി. 1. വളരെ പുതുതായ; 2. വിടർന്നിട്ട് അധികം സമയമാകാത്ത
പ്രതിനാദം നാ. = പ്രതിധ്വനി
പ്രതിനായകൻ നാ. നായകൻെറ എതിരാളി

പ്രതിനാഹം നാ. കൊടിക്കൂറ
പ്രതിനിധാനം നാ. ഒന്നിനുപകരം മറ്റൊന്നു വയ്ക്കൽ
പ്രതിനിധി നാ. 1. പകരം നിൽക്കുന്നവൻ; 2. പകരക്കാരൻ; 3. ജാമ്യക്കാരൻ; 4. പ്രതിബിംബം; 5. പണയം
പ്രതിനിയമം നാ. പൊതുനിയമം
പ്രതിനിവർത്തിക്കുക നാ. 1. തിരിച്ചുവരുക; 2. വീണ്ടും പ്രവർത്തിക്കുക
പ്രതിനിവൃത്ത വി. മടങ്ങിപ്പോന്ന
പ്രതിന്യാസം നാ. പകരത്തിനുപകരം, പരസ്പരം ഒരുപണയത്തിനുപകരം സൂക്ഷിച്ചുവച്ചിട്ടുള്ള പണയം
പ്രതിപക്ഷൻ നാ. 1. ശത്രുപക്ഷത്തു നിൽക്കുന്നവൻ; 2. ശത്രു; 3. എതിരാളി; 4. പ്രതി
പ്രതിപക്ഷം നാ. ശത്രുപക്ഷം, എതിർപക്ഷം
പ്രതിപച്ചന്ദ്രൻ നാ. കറുത്തവാവുകഴിഞ്ഞ് അടുത്തദിവസം ഉദിക്കുന്ന ചന്ദ്രൻ
പ്രതിപത്തി നാ. 1. തടവ്; 2. മരത്തിൻെറ കൊമ്പ്; 3. മുള
പ്രതിപത്ത് നാ. (ജ്യോ) 1. രണ്ടുപക്ഷത്തിലേയും പ്രഥമാതിഥി; 2. ബുദ്ധി; 3. ആരംഭം; 4. പ്രവേശം; 5. ഭേരി; 6. വഴി
പ്രതിപഥം അവ്യ. വഴിയിൽ, ഓരോ വഴിയിലും
പ്രതിപദം അവ്യ. 1. ഓരോ അടിയായി, പദമോരോന്നിലും; 2. കൂടെക്കൂടെ
1103
പ്രതിപദം2 നാ. വെളുത്തപക്ഷത്തിലെയോ കറുത്തപക്ഷത്തിലെയോ ആദ്യത്തെ തിഥി
പ്രതിപദിക്കുക ക്രി. പ്രതിപാദിക്കുക
പ്രതിപന്ന വി. 1. ചെയ്യപ്പെട്ട; 2. ജയിക്കപ്പെട്ട; 3. അറിയപ്പെട്ട; 4. സ്വീകരിച്ച, നേടിയ
പ്രതിപാത്രം അവ്യ. ഓരോപാത്രത്തേയും സംബന്ധിച്ച
പ്രതിപാദകൻ നാ. പ്രതിപാദിക്കുന്നവൻ, വിസ്തരിക്കുന്നവൻ
പ്രതിപാദനം നാ. 1. വിവരിക്കൽ; 2. ദാനംകൊടുക്കൽ; 3. അറിയിപ്പ്; 4. ഉപദേശം; 5. ന്യായങ്ങൾപറഞ്ഞ് അന്യപക്ഷം ഖണ്ഡിച്ചു സ്വപക്ഷം സ്ഥാപിക്കൽ
പ്രതിപാദനീയ വി. പ്രതിപാദിക്കപ്പെടേണ്ട
പ്രതിപാദയിതാവ് നാ. പ്രതിപാദിക്കുന്നവൻ
പ്രതിപാദിക്കുക ക്രി. 1. വിവരിക്കുക; 2. നിശ്ചയിക്കുക; 3. സ്വീകരിക്കുക; 4. പരാമർശിക്കുക
പ്രതിപാദിത വി. പ്രതിപാദിക്കപ്പെട്ട
പ്രതിപാദ്യം നാ. 1. വിസ്തരിക്കേണ്ടത്; 2. പ്രതിപാദിക്കപ്പെടേണ്ടത്; 3. പ്രതിപാദിച്ചിട്ടുള്ളത്, വിഷയം
പ്രതിപാലനം നാ. 1. സൂക്ഷിപ്പ്; 2. അനുഷ്ഠാനം; 3. പ്രതീക്ഷ
പ്രതിപാലിത വി. 1. രക്ഷിക്കപ്പെട്ട; 2. അനുഷ്ഠിക്കപ്പെട്ട; 3. പ്രതീക്ഷിതമായ; 4. അനുസരിച്ച
പ്രതിപുരുഷൻ നാ. 1. പ്രതിനിധി; 2. പ്രതിമ
പ്രതിപൂജ നാ. പൂജിക്കൽ, ആദരിക്കൽ
പ്രതിപൂജനം നാ. പ്രതിപൂജ

പ്രതിപൂജിത വി. പൂജിക്കപ്പെട്ട
പ്രതിപാദനം നാ. 1. പകരംകൊടുക്കല്‍; 2. വിവാഹം കഴിച്ചുകൊടുക്കല്‍
പ്രതിപ്രസ്ഥാതാവ് നാ. പത്ത് ഋത്വിക്കുകളില്‍ ഒരാള്‍
പ്രതിപ്രസ്ഥാനം നാ. മറുപക്ഷത്തേക്കുപോകല്‍, ശത്രുപക്ഷം ചേരല്‍
പ്രതിപ്രാപ്യ വി. തിരിച്ചുകിട്ടാവുന്ന
പ്രതിഫലനം നാ. 1. നിഴല്‍, പ്രതിബിംബം; 2. പകരമായ അനുഭവം; 3. കൂലി; 4. ദക്ഷിണ, സമ്മാനം
പ്രതിഫലിക്കുക ക്രി. നിഴലിക്കുക
പ്രതിഫലിത വി. പ്രതിഭലിച്ച, നിഴലിച്ച
പ്രതിബദ്ധ വി. 1. വിരോധിക്കപ്പെട്ട; 2. തന്‍െറ ആഗ്രഹത്തിനു അന്യനില്‍നിന്നു തടസ്സം ഉണ്ടായ; 3. കെട്ടപ്പെട്ട, കൂറുള്ള; 4. ഖചിതമായ
പ്രതിബദ്ധത നാ. (ഒരു ആശയത്തോടോ പ്രസ്ഥാനത്തോടോ മറ്റോ) പ്രത്യേകിച്ചു കൂറുള്ള അവസ്ഥ, കെട്ടപ്പെട്ടസ്ഥിതി
പ്രതിബന്ധം നാ. 1. തടസ്സം; 2. നിരോധം; 3. അണ; 4. കെട്ടല്‍; 5. നിര്‍ബന്ധം; 6. സംബന്ധം
പ്രതിബന്ധി വി. പ്രതിബന്ധമുള്ള
പ്രതിബല വി. തുല്യബലമുള്ള
പ്രതിബലം നാ. ശത്രുസൈന്യം
പ്രതിബിംബനം നാ. പ്രതിബിംബിപ്പിക്കല്‍
പ്രതിബിംബം നാ. 1. ഛായ; 2. നിഴല്‍; 3. പ്രതിമ
പ്രതിബിംബിത വി. പ്രതിബിംബിക്കപ്പെട്ട
പ്രതിബുദ്ധ വി. 1. ഉണര്‍ത്തിയ; 2.വികസിച്ച; 3. മഹത്തായ; 4. പ്രസിദ്ധമായ
പ്രതിബോധം നാ. 1. ഉണര്‍ത്തല്‍; 2. പഠിപ്പിക്കല്‍; 3. ചിത്തസംസ്കാരം
പ്രതിബോധം നാ. 1. ഉണര്‍ച്ച; 2. തിരിച്ചറിവ്; 3. ബുദ്ധി; 4. ഓര്‍മ; 5. പഠിപ്പിക്കല്‍
പ്രതിഭ നാ. 1. ബുദ്ധിവിശേഷം; 2. ശോഭ; 3. ധീരത; 4. പ്രതിബിംബം; 5. അഞ്ചാമത്തെ രാശി
പ്രതിഭട വി. 1. എതിര്‍ക്കുന്ന; 2. തുല്യമായ
പ്രതിഭടന്‍ നാ. എതിരാളി, ശത്രു
പ്രതിഭയം നാ. 1. ഭയാനകരസം; 2. ആപത്ത്
പ്രതിഭാഗം നാ. 1. പ്രതിയുടെ ഭാഗം; 2. വിഭാഗം
പ്രതിഭാനം നാ. 1. വെളിച്ചം; 2. പ്രകാശം; 3. ഉണര്‍വ്; 4. ബുദ്ധിശക്തി; 5. വിശ്വാസം; 6. പ്രത്യുത്പന്നമതിത്വം
പ്രതിഭാനവാന്‍ നാ. ധീരന്‍
പ്രതിഭാന്വിത വി. പ്രതിഭയോടുകൂടിയ
പ്രതിഭാഷം നാ. ഉത്തരം, മറുപടി
പ്രതിഭാഷിക്കുക ക്രി. 1. ഉത്തരം പറയുക; 2. കേട്ടിട്ട് സംസാരിക്കുക; 3. പേര്‍വിളിക്കുക
പ്രതിഭാസം നാ. 1. തോന്നല്‍; 2. ബാഹ്യാകൃതി; 3. സംഭവം; 4. മിഥ്യാഭാവം

പ്രതിഭോഗം നാ. 1. സുഖാനുഭവം; 2. എതിരനുഭവം
പ്രതിമ1 വി. തുല്യമായ
പ്രതിമ2 നാ. 1. പ്രതിശരീരം; 2. ലോഹാദികളെക്കൊണ്ട് ഉണ്ടാക്കി വയ്ക്കുന്നത്
പ്രതിമത നാ. തുല്യത
പ്രതിമർശം നാ. (ആയുർ) ഒരുതരം നസ്യപ്രയോഗം, പൊടിയുപയോഗിച്ചു തുമ്മിക്കൽ
പ്രതിമല്ലൻ നാ. എതിരാളി
പ്രതിമാനം നാ. 1. പ്രതിമ; 2. സാദൃശ്യം; 3. ചിത്രം; 4. നിഴൽ; 5. ആനയുടെ മുഖത്തു കൊമ്പുകൾക്കിടയിലുള്ള ഭാഗം; 6. മാതൃക; 7. തൂക്കം
പ്രതിമാസം അവ്യ. മാസംതോറും
പ്രതിമിത വി. തുല്യമാക്കിയ, ഒത്തുനോക്കിയ
പ്രതിമിത്രം നാ. ശത്രു
പ്രതിമുക്ത വി. 1. ബന്ധിക്കപ്പെട്ട; 2. കുപ്പായം ധരിച്ച; 3. കവചമിട്ട; 4. മോചിക്കപ്പെട്ട; 5. തിരിച്ചുകൊടുത്ത; 6. എറിയപ്പെട്ട
പ്രതിമുഖം നാ. (നാട്യ) നാടകത്തിലെ പഞ്ചസന്ധികളിൽ രണ്ടാമത്തെത്
പ്രതിമുഖം അവ്യ. മുഖത്തിനുനേരെ
പ്രതിമൂർത്തി നാ. സാദൃശ്യം
പ്രതിയത്ത വി. 1. ചൊടിയുള്ള; 2. ധൈര്യമുള്ള; 3. വളരെ പരിശ്രമിക്കുന്ന
പ്രതിയത്നം നാ. 1. ആഗ്രഹം; 2. അടിമയാക്കൽ; 3. അറിവ്; 4. പ്രതികാരം; 5. പൂർത്തീകരിക്കൽ; 6. തമ്മിൽ യോജിപ്പിക്കൽ
പ്രതിയാത വി. നിരോധിക്കപ്പെട്ട
പ്രതിയാതന നാ. പ്രതിമ
പ്രതിയാതനം നാ. പകരംവീട്ടൽ
പ്രതിയാനം നാ. മടക്കം, തിരിച്ചുപോക്ക്
പ്രതിയോഗം നാ. 1. വൈരം; 2. പ്രതിവിധി, മറുമരുന്ന്; 3. സംയോഗം
പ്രതിയോഗി1 വി. വിരോധിക്കുന്ന
പ്രതിയോഗി2 നാ. ശത്രു, എതിരാളി
പ്രതിയോഗിത നാ. പ്രതിയോഗിയുടെ അവസ്ഥ
പ്രതിയോധൻ നാ. എതിർത്തു യുദ്ധം ചെയ്യുന്നവൻ, എതിരാളി
പ്രതിയോധി നാ. പ്രതിയോധൻ
പ്രതിരഥൻ നാ. 1. രഥത്തിലിരുന്ന് എതിർക്കുന്ന ശത്രു; 2. തുല്യശക്തിയായ ശത്രു
പ്രതിരംഭം നാ. കടുത്ത കോപം
പ്രതിരവം നാ. എതിരൊലി, പ്രതിധ്വനി
പ്രതിരുദ്ധ നാ. പ്രതിരോധിക്കപ്പെട്ട
പ്രതിരൂപണം നാ. പകർത്തൽ
പ്രതിരോധകൻ നാ. എതിരാളി, ശത്രു
പ്രതിരോധി വി. പ്രതിരോധിക്കുന്ന, എതിർക്കുന്ന
പ്രതിരോധിക്കുക ക്രി. 1. എതിർക്കുക, തടുക്കുക; 2. കുറ്റപ്പെടുത്തുക

പ്രതിലംഭം നാ. കുറ്റപ്പെടുത്തൽ
പ്രതിലിപി നാ. പകർത്തിയെഴുത്ത്
പ്രതിലിപികൻ നാ. പകർത്തിയെഴുത്തുകാരൻ
പ്രതിലേഖ നാ. പകർപ്പ്
പ്രതിലോമ നാ. 1. മുറയ്ക്കുള്ള (ക്രമത്തിനു വിപരീതമായ); 2. ഇടത്തൂടായ; 3. ഹീനമായ
പ്രതിലോമകം നാ. വിപരീതക്രമം
പ്രതിവക്താവ് നാ. പ്രതിവചിക്കുന്നവൻ
പ്രതിവചനം നാ. ഉത്തരം, മാറ്റൊലി
പ്രതിവചിക്കുക നാ. ഉത്തരം പറയുക
പ്രതിവത്സരം അവ്യ. ആണ്ടുതോറും
പ്രതിവദിക്കുക ക്രി. 1. മറുപടി പറയുക; 2. ആവർത്തിച്ചു പറയുക
പ്രതിവധു നാ. സപത്നി
പ്രതിവന്ദനം നാ. പ്രത്യഭിവാദനം
പ്രതിവർത്തനം നാ. തിരിച്ചുവരവ്
പ്രതിവർഷം അവ്യ. വർഷംതോറും
പ്രതിവസ്ഥം നാ. ഗ്രാമം, കര
പ്രതിവസ്തൂപമ നാ. ഒരു അലങ്കാരം
പ്രതിവാക്ക് നാ. ഉത്തരം, മാറ്റൊലി
പ്രതിവാക്യം നാ. ഉത്തരം, മറുപടി (ചോദ്യത്തിനു പകരം പറയുന്ന വാക്ക് എന്നർഥം)
പ്രതിവാദം നാ. 1. ഉത്തരം പറച്ചിൽ; 2. വിവാദം, എതിർവാദം, വാദപ്രതിവാദം
പ്രതിവാദി നാ. ഉത്തരം പറയുന്നവൻ, പ്രതി, എതിർവാദി
പ്രതിവാദിക്കുക ക്രി. തർക്കിക്കുക, മറുപടിപറയുക
പ്രതിവാരണം1 നാ. 1. തടഞ്ഞു നിറുത്തൽ; 2. എതിർക്കൽ
പ്രതിവാരണം2 നാ. പിണങ്ങിയ ആന
പ്രതിവാരം അവ്യ. ആഴ്ചതോറും. നാ. പ്രതിവാരണം1
പ്രതിവാരിക നാ. ആഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്ന പത്രം
പ്രതിവാസരം അവ്യ. ദിവസന്തോറും
പ്രതിവാസി നാ. അയൽക്കാരൻ, പ്രതിവേശൻ
പ്രതിവിധാനം നാ. 1. വിരോധം; 2. പ്രരിഹാരപ്രവൃത്തി
പ്രതിവിധി നാ. പ്രായശ്ചിത്തം, എന്തിനെങ്കിലും പകരം പിന്നീടുചെയ്യുന്ന കർമം
പ്രതിവിഷം നാ. വിഷത്തിൻെറ മറുമരുന്ന്
പ്രതിവീരൻ നാ. എതിരാളി
പ്രതിവീര്യൻ നാ. (വീര്യത്തിൽ) ഒപ്പം നിൽക്കുന്നവൻ
പ്രതിവേലം അവ്യ. ഓരോരിക്കലും
പ്രതിവേശ നാ. അയൽക്കാരൻ
പ്രതിവേശം നാ. അയൽപക്കം, അടുത്തവീട്
പ്രതിവേശി നാ. അയൽപക്കത്തുള്ളവൻ (സ്ത്രീ) പ്രതിവേശിനി

പ്രതിവേഷ്ടനം നാ. 1. തിരിച്ചുവയ്ക്കൽ; 2. തിരിച്ചു ചുറ്റൽ
പ്രതിവേഷ്ടിത വി. 1. തിരിച്ചു ചുറ്റപ്പെട്ട; 2. തിരിച്ചയയ്ക്കപ്പെട്ട
പ്രതിവ്യൂഹം നാ. അണി, കൂട്ടം
പ്രതിശബ്ദം നാ. മാറ്റൊലി, ഗർജനം
പ്രതിശമം നാ. 1. ഉപശന്തി, നിവൃത്തി; 2. വിരാമം, പൂർത്തി
പ്രതിശാന്തി നാ. പ്രായശ്ചിത്തം, ഉപശന്തി, ഒഴികഴിവ്
പ്രതിശാസനം നാ. നിയോഗം, ഭൃത്യന്മാർക്കും മറ്റും നിർദേശം നൽകി
അയയ്ക്കൽ
പ്രതിശിഷ്ട വി. 1. കീർത്തിക്കപ്പെട്ട; 2. അയയ്ക്കപ്പെട്ട
പ്രതിശീർഷ വി. ആളൊന്നിനുള്ള (പ്ര) പ്രതിശീർഷവരുമാനം
പ്രതിശ്യ,-ശ്യാനം നാ. മൂക്കൊലിപ്പ്, ജലദോഷം, പീനസം
പ്രതിശ്രയം നാ. 1. സഭ (ഇതിൽ ആശ്രയിക്കുന്നതിനാൽ); 2. യാഗശാല
(അതതു തരക്കാർക്കു വെവ്വേറെ ഇരിക്കാൻ ഇടങ്ങൾ ഉള്ളത്); 3. ആശ്രയസ്ഥാനം, ഭവനം;
4. സഹായം; 5. വാഗ്ദാനം
പ്രതിശ്രവണം നാ. സമ്മതം, വാഗ്ദാനം
പ്രതിശ്രവം നാ. 1. പ്രതിജ്ഞ, അങ്ഗീകാരം; 2. മാറ്റൊലി
പ്രതിശ്രവിക്കുക ക്രി. 1. മാറ്റൊലിയുണ്ടാകുക; 2. പ്രതിജ്ഞചെയ്യുക
പ്രതിശ്രുത വി. 1. പ്രതിജ്ഞ ചെയ്യപ്പെട്ട ഉദാ: പ്രതിശ്രുതവരൻ =
കന്യകയെ വിവാഹംചെയ്യുകൊള്ളാമെന്നു സമ്മതിച്ചിട്ടുള്ളവൻ
പ്രതിശ്രുതി നാ. വാഗ്ദാനം, മാറ്റൊലി
പ്രതിശ്രുത് നാ. വാഗ്ദാനം, മാറ്റൊലി
പ്രതിഷിദ്ധ നാ. പ്രതിഷേധിക്കുന്നവൻ
പ്രതിഷേദ്ധാവ് നാ. പ്രതിഷേധിക്കുന്നവൻ
പ്രതിഷേധ(ന)ം നാ. 1. വിലക്ക്; 2. വിരോധം, എതിർപ്പ്; 3. അപവാദം
പ്രതിഷേധിക്കുക ക്രി. തടയുക, വിരോധിക്കുക, പാടില്ലെന്നു പറയുക
പ്രതിഷ്കശം നാ. ചാട്ട
പ്രതിഷ്ടബ്ധ വി. തടയപ്പെട്ട
പ്രതിഷ്ടംഭം നാ. 1. തടവ്; 2. വിരോധം; 3. മരവിപ്പ്
പ്രതിഷ്ഠ നാ. 1. കീർത്തി; 2. ദേവവിഗ്രഹത്തെ മന്ത്രപൂർവം
സ്ഥാപിക്കൽ; 3. ഇരിപ്പ്; 4. താമസിക്കൽ; 5. ഉറപ്പ്, ഉറച്ചസ്ഥിതി; 6. ബലമുള്ള സ്ഥാനം;
7. സ്ഥലം; 8. ഭൂമി; 9. (വൃത്ത) ഒരു ഛന്ദസ്സ്
1105
പ്രതിഷ്ഠാനം നാ. 1. അടിസ്ഥാനം; 2. ഇരിപ്പിടം; 3. പാദം
പ്രതിഷ്ഠാപകൻ നാ. പ്രതിഷ്ഠിക്കുന്നവൻ
പ്രതിഷ്ഠാപനം നാ. ഉറപ്പിക്കൽ, ബിംബവും മറ്റും ശുദ്ധിചെയ്യിരുത്തൽ
പ്രതിഷ്ഠാപയിതാവ് നാ. സ്ഥാപിക്കുന്നവൻ
പ്രതിഷ്ഠിക്കുക ക്രി. 1. ദേവവിഗ്രഹപ്രതിഷ്ഠനടത്തുക; 2. ആവാഹിക്കുക; 3.
സ്ഥാപിക്കുക; 4. ഉറപ്പിക്കുക
പ്രതിഷ്ഠിത വി. പ്രതിഷ്ഠിക്കപ്പെട്ട ഉദാഃ പ്രതിഷ്ഠിതകൃതി
പ്രതിസന്ധാനം നാ. 1. പരിഹാരം; 2. ആത്മനിയന്ത്രണം; 3. കൂട്ടിച്ചേർപ്പ്

പ്രതിസന്ധി നാ. 1. ദശാസന്ധി, ദുരിതപൂർണമായ കാലം; 2. വീണ്ടുമുള്ള ഘടന
പ്രതിസംഹരണം നാ. പ്രതിസംഹരിക്കൽ
പ്രതിസംഹരിക്കുക നാ. തിരിച്ചെടുക്കുക, പിൻവലിക്കുക
പ്രതിസംഹൃത വി. പിൻവലിക്കപ്പെട്ട
പ്രതിസമ വി. തുല്യമായ, സദൃശമായ
പ്രതിസർഗം നാ. 1. ലോകത്തിൻെറ സൃഷ്ടിനാശം എന്നിവയെക്കുറിച്ചു പറയുന്ന പുരാണഭാഗം; 2. നാശം മരണം; 3. മൂലഭൂതങ്ങളെക്കൊണ്ടുള്ള നിരന്തര സൃഷ്ടി
പ്രതിസര1 വി. ആശ്രയിച്ച
പ്രതിസര2 നാ. ഭൃത്യ
പ്രതിസരം നാ. 1. സൈന്യത്തിൽ ഒരുഭാഗം, പിൻപട; 2. കൈവള, വിവാഹത്തിനും മറ്റും മന്ത്രപുരസരം കെട്ടുന്ന ചരട്, കാപ്പ്; 3. അരയിൽകെട്ടുന്ന രക്ഷാസൂത്രം; 4. അലങ്കാരം; 5. കാവൽ; 6. പ്രഭാതം; 7. മേൽക്കോയ്മയ്ക്കു നൽകുന്ന ഉപഹാരം
പ്രതിസവ്യ വി. ഇടത്തൂടായ, വിപരീതമായ
പ്രതിസാക്ഷി നാ. പ്രതി ഹാജരാക്കുന്ന സാക്ഷി
പ്രതിസാരണം നാ. 1. (ആയുർ) വ്രണത്തിൻെറ അരികു ചീകിക്കളയൽ; 2. അതിനുപയോഗിക്കുന്ന ആയുധം
പ്രതിസൂര്യകം നാ. 1. ഗൗളി; 2. ഓന്ത്
പ്രതിസൃഷ്ട നാ. 1. തള്ളപ്പെട്ട; 2. അയയ്ക്കപ്പെട്ട; 3. പ്രസിദ്ധമായ; 4. മത്തുപിടിച്ച
പ്രതിസ്പർധ നാ. അസൂയ, മത്സരം
പ്രതിസ്പർധി നാ. എതിരാളി
പ്രതിസ്വനം നാ. പ്രതിധ്വനി
പ്രതിഹത വി. പ്രതിഹനിക്കപ്പെട്ട
പ്രതിഹതി നാ. 1. തിരിച്ചടി; 2. ഭങ്ഗം; 3. പ്രതിബന്ധം
പ്രതിഹനിക്കുക ക്രി. 1. കൊല്ലുക; 2. തിരിച്ചടിക്കുക; 3. കളയുക; 4. വീഴ്ചവരുത്തുക; 5. എതിർക്കുക; 6. വെറുക്കുക; 7. തോൽപ്പിക്കുക
പ്രതിഹർത്താവ് നാ. ഓടിക്കുന്നവൻ
പ്രതിഹരിക്കുക ക്രി. 1. ഉച്ചാടനം ചെയ്യുക; 2. എതിരേറ്റു കൈക്കൊള്ളുക
പ്രതിഹസ്ത(ക)ൻ നാ. പ്രതിനിധി
പ്രതിഹാരകൻ നാ. മന്ത്രവാദി, ചെപ്പടി വിദ്യക്കാരൻ
പ്രതിഹാരം നാ. 1. വാതിൽ, ദ്വാരം; 2. ഓടിക്കൽ (ഉച്ചാടനം); 3. പരിഹാരം
പ്രതിഹാരി നാ. ദ്വാരപാലകൻ, ദ്വാരപാലിക "പ്രതിഹാരി' നോക്കുക
പ്രതിഹാര്യം നാ. ചെപ്പടിവിദ്യ
പ്രതിഹാസം നാ. 1. പകരമുള്ള ചിരി; 2. കണവീരം; 3. അരളി
പ്രതീക വി. വിരുദ്ധമായ, വേർതിരിഞ്ഞ
പ്രതീകം നാ. 1. ശരീരാവയവം (തിരിച്ചറിയപ്പെടുന്നതിനാൽ); 2. ഓഹരി; 3. മുൻഭാഗം; 4. പ്രാതികൂല്യം; 5. പ്രതിബിംബം; 6. വിരുദ്ധമായത്
പ്രതീകാരം നാ. = പതികാരം

പ്രതീക്ഷ നാ. 1. കാത്തിരിപ്പ്; 2. (സംഭവിക്കുന്നതിലുള്ള) ആശ; 3. പര്യാലോചന

പ്രതീക്ഷണം നാ. 1. നോക്കൽ; 2. പരിഗണിക്കൽ, ശ്രദ്ധിക്കൽ; 3. ചെയ്തുതീർക്കൽ; 4. കാത്തിരിക്കൽ

പ്രതീക്ഷിക്കുക ക്രി. കാത്തിരിക്കുക, പ്രത്യാശിക്കുക

പ്രതീക്ഷിത വി. പ്രതീക്ഷിച്ച

പ്രതീക്ഷ്യ വി. പ്രതീക്ഷിക്കപ്പെടേണ്ട

ഒരതീചി നാ. പടിഞ്ഞാറ്

പ്രതീചീന നാ. 1. പടിഞ്ഞാറെ; 2. പിന്നീടുള്ള; 3. പിന്തിരിയുന്ന

പ്രതീച്ഛകൻ നാ. സ്വീകരിക്കുന്നവൻ

പ്രതീച്യ നാ. പ്രതീചിയെസംബന്ധിച്ച

പ്രതീത വി. 1. പ്രസിദ്ധമായ; 2. സന്തോഷിച്ച; 3. പോയ

പ്രതീതി നാ. 1. തോന്നൽ, അറിവ്; 2. കീർത്തി; 3. സന്തോഷം

പ്രതീനാഹം നാ. കൊടി

പ്രതീപ(ക) നാ. 1. പിന്തിരിഞ്ഞ; 2. പ്രതികൂലമായ

പ്രതീപദർശിനി നാ. 1. സ്ത്രീ; 2. സുന്ദരി (ചെരിഞ്ഞ നോട്ടമുള്ളവൾ)

പ്രതീപൻ നാ. 1. ശത്രു; 2. (പുരാണ) ഒരു രാജാവ് (ശന്തനുവിൻെറ അച്ഛൻ, ഭീഷ്മരുടെ പിതാമഹൻ)

പ്രതീപം അവ്യ. വിപരീതമായി. നാ. ഒരു അലങ്കാരം

പ്രതീവേശം നാ. പ്രതിവേശം

പ്രതീഷ്ട നാ. സ്വീകരിക്കപ്പെട്ട

പ്രതീഹാരി നാ. പ്രതിഹാരി (കാവൽക്കാരി, കാവൽക്കാരൻ)

പ്രതോദം നാ. 1. വടി; 2. ചാട്ട; 3. ചവണ; 4. ഒരു നരകം

പ്രതോലി,-ളി നാ. തെരുവ്, പെരുവഴി

പ്രത്ത നാ. പ്രദത്ത (നല്കപ്പെട്ട)

പ്രത്ന വി. പണ്ടേയുള്ള, പഴയ, മുമ്പത്തെ

പ്രത്യക് നാ. 1. പിന്നത്തെ; 2. പടിഞ്ഞാറെ; 3. പിന്നാലെയുള്ള; 4. കൂടിക്കലരാത്ത

പ്രത്യക്ഷ നാ. 1. കൺമുമ്പാകെയുള്ള, കാണാവുന്ന; 2. വിശദമായ

പ്രത്യക്ഷത നാ. കാഴ്ച, കാണാവുന്ന സ്ഥിതി

പ്രത്യക്ഷദർശി നാ. ദൃക്സാക്ഷി

പ്രത്യക്ഷം നാ. കാണാനോ കേൾക്കാനോ കഴിയുന്നത് (ഇന്ദ്രിയത്തെ പ്രതിഗമിച്ചത്). അവ്യ. മുമ്പിൽ, പരസ്യമായി

പ്രത്യക്ഷീഭവിക്കുക വി. പ്രത്യക്ഷപ്പെടുക

പ്രത്യഗക്ഷം നാ. അന്തർനേത്രം, അന്തരിന്ദ്രിയം

പ്രത്യഗ്ഭവം നാ. പടിഞ്ഞാറുണ്ടായത്

പ്രത്യഗ്ര വി. പുതിയ

പ്രത്യുങ്ഗം അവ്യ. അങ്ഗംതോറും

പ്രത്യങ്മുഖ വി. പടിഞ്ഞാറോട്ടുനോക്കുന്ന

പ്രത്യഞ്ചിത വി. പൂജിക്കപ്പെട്ട

പ്രത്യനന്തര നാ. തൊട്ടടുത്ത

പ്രത്യനീകൻ നാ. ശത്രു
പ്രത്യനീകം നാ. 1. ഒരു അലങ്കാരം; 2. ശത്രുസൈന്യം; 3. ശത്രുത്വം
പ്രത്യന്ത വി. തൊട്ടിരിക്കുന്ന, അടുത്ത
പ്രത്യന്തം നാ. മ്ലേച്ഛരാജ്യം, അതിർത്തി(പ്രദേശം)
പ്രത്യപകാരം നാ. പകവീട്ടൽ
പ്രത്യബ്ദം അവ്യ. വർഷംതോറും
പ്രത്യഭിജ്ഞ നാ. തിരിച്ചറിവ്, തിരിച്ചറിയാനുള്ള അടയാളം
പ്രത്യഭിജ്ഞാത വി. കണ്ടിട്ടുതിരിച്ചറിയപ്പെട്ട
പ്രത്യഭിഭൂത വി. കീഴടക്കപ്പെട്ട
പ്രത്യഭിയുക്ത വി. പകരം കുറ്റപ്പെടുത്തപ്പെട്ട
പ്രത്യഭിയോഗം നാ. വാദിയുടെ പേരിൽ ബോധിപ്പിക്കുന്ന സങ്കടഹർജി
പ്രത്യഭിവാദ(ന)ം നാ. പ്രതിവന്ദനം (ഗുരുഭൂതന്മാരെ അഭിവന്ദനം ചെയ്യുമ്പോൾ അവർ അതു സ്വീകരിച്ചുകൊണ്ട് തിരിച്ചുചെയ്യുന്ന വന്ദനം)
പ്രത്യയം നാ. 1. ശബ്ദവിശേഷം, അർഥത്തിൽ അല്പമായി വെവ്വേറെ ഭേദങ്ങൾ വരുത്തിയതു കാണിക്കാനായി പദത്തിൻെറ അന്ത്യത്തിൽ ചേർക്കുന്ന അക്ഷരം അല്ലെങ്കിൽ അക്ഷരങ്ങൾ (പ്രതിഗമിക്കുന്ന എന്നർഥം പ്രകൃതിയും പ്രത്യയവും ചേർന്നാണ് പദമുണ്ടാകുന്നത്); 2. സ്വാധീനമായിട്ടുള്ളത്; 3. ശ്രുതി; 4. കാരണം; 5. വിശ്വാസം; 6. പൊഴുത്; 7. ജ്ഞാനം; 8. ശപഥം
പ്രത്യയിക്കുക ക്രി. തോന്നുക, ഓർമിക്കുക
പ്രത്യർഥം അവ്യ. ഓരോസങ്ഗതിയിലും പ്രത്യേകം
പ്രത്യർഥി നാ. 1. ശത്രു; 2. പ്രതിവാദി; 3. എതിരാളി (സ്ത്രീ)
പ്രത്യർഥിനി. പ്രത്യർഥിഭൂത = എതിരായിത്തീർന്ന. പ്രത്യർഥിബലം = ശത്രുസൈന്യം
പ്രത്യർപ്പണം നാ. തിരിച്ചുകൊടുക്കൽ, പ്രത്യർപ്പിക്കുക
പ്രത്യർപ്പിത വി. പ്രത്യർപ്പണം ചെയ്യപ്പെട്ട
പ്രത്യവയവം അവ്യ. അവയവംതോറും
പ്രത്യവസാനം നാ. ഭക്ഷണം, പാനം
പ്രത്യവസ്ഥാനം നാ. 1. നിക്കൽ; 2. ശത്രുത
പ്രത്യവഹാരം നാ. 1. പിൻവലിക്കൽ; 2. പ്രളയം
പ്രത്യവായം നാ. 1. വേർപാട്; 2. കുറ്റം; 3. പാപം; 4. ഇച്ഛാഭങ്ഗം
പ്രത്യവേഷ(ണം) നാ. പരിപാലനം
പ്രത്യസ്ത്രം നാ. പകരം അയയ്ക്കുന്ന അമ്പ്
പ്രത്യഹം അവ്യ. ദിവസംതോറും
പ്രത്യാഖ്യാത നാ. പ്രത്യാഖ്യാനിക്കപ്പെട്ട, ശകാരിക്കപ്പെട്ട
പ്രത്യാഖ്യാനം നാ. 1. നിഷേധം; 2. ശകാരം
പ്രത്യാഖ്യായി നാ. പ്രത്യാഖ്യാനം ചെയ്യുന്നവൻ
പ്രത്യാഗത വി. തിരിച്ചുവന്ന
പ്രത്യാഗമ(ന)ം നാ. തിരിച്ചുവരവ്
പ്രത്യാഘാതം നാ. തിരിച്ചടി, ആഘാതത്തിനുതുല്യമായി ഉണ്ടായ ഘാതം
പ്രത്യാചാരം നാ. പകരംചെയ്യുന്ന ആചാരം
പ്രത്യാത്മം നാ. ഓരോരുത്തനായി, വെവ്വേറെ
പ്രത്യാദാനം നാ. തിരിച്ചെടുക്കൽ

പ്രത്യാദിഷ്ട വി. നിരാകരിക്കപ്പെട്ട
പ്രത്യാദേശം നാ. 1. നിഷേധം, നിരാകരണം; 2. കൽപന; 3. മുന്നറിവുകൊടുപ്പ്; 4. മറയ്ക്കൽ; 5. ശകാരം
പ്രത്യാദേശിക്കുക ക്രി. പ്രത്യാദേശം ചെയ്യുക
പ്രത്യാദിഷ്ട വി. നിരാകരിക്കപ്പെട്ട
പ്രത്യാനയനം നാ. പ്രത്യാനയിക്കൽ, തിരിച്ചുകൊണ്ടുവരൽ
പ്രത്യാനയിക്കുക ക്രി. വീണ്ടും സ്വസ്ഥാനത്തേക്കു കൊണ്ടുവരിക
പ്രത്യായന(ം) നാ. 1. വിശ്വാസം ജനിപ്പിക്കൽ; 2. അസ്തമയം; 3. ധ്വനിപ്പിക്കൽ; 4. സ്ഥാപിക്കൽ
പ്രത്യായം നാ. കരം, നികുതി, ചുങ്കം
പ്രത്യാശ നാ. വിശ്വാസം, ആശ
പ്രത്യാസത്തി നാ. തൊട്ടിരിക്കുന്ന അവസ്ഥ, സാമീപ്യം
പ്രത്യാസന്ന വി. സമീപമുള്ള, അടുത്തിരിക്കുന്ന
പ്രത്യാഹതം നാ. 1. പിന്നോക്കംതള്ളപ്പെട്ടത്; 2. ഒരുതരം ഗമകം
പ്രത്യാഹരണം നാ. പ്രത്യാഹരിക്കൽ
പ്രത്യാഹരിക്കുക വി. 1. തിരിച്ചെടുക്കുക, പിൻവലിക്കുക; 2. കൊണ്ടുവരിക
പ്രത്യാഹാരം നാ. 1. ചുരുക്കൽ; 2. (യോഗ) അഷ്ടാങ്ഗയോഗത്തിൽ അഞ്ചാമത്തേത്, ഉപാദാനം; 3. (സം. വ്യാക) ചുരുക്കിപ്പറഞ്ഞിടത്തു പിന്നീട് അക്ഷരങ്ങൾ കൂട്ടിച്ചേർക്കൽ, ഒന്നിലധികം വർണങ്ങളെ ഉൾക്കൊള്ളുന്ന അക് (അ, ഇ, ഉ) ഏച് (ഏ, ഓ)(മുതലായ ചുരുക്കപ്പേരുകൾ)
പ്രത്യുക്ത വി. ഉത്തരം പറയപ്പെട്ട
പ്രത്യുക്തി നാ. ഉത്തരം, മറുപടി
പ്രത്യുച്ചാര(ണ)ം നാ. ആവർത്തിച്ചുള്ള പറച്ചിൽ
പ്രത്യുജ്ജീവനം നാ. പുനർജീവനം
പ്രത്യുത അവ്യ. നേരെമറിച്ച്
പ്രത്യുത്തരം നാ. ഉത്തരത്തിനുത്തരം
പ്രത്യുത്പന്ന നാ. 1. പ്രത്യുത്പാദിക്കപ്പെട്ട, ഒരുങ്ങിയിരിക്കുന്ന; 2. മറുജന്മം ജനിച്ച
പ്രത്യുത്പന്നമതി നാ. 1. അവസരംപോലെ ഉടനുടൻ വേണ്ടതു ചിന്തിച്ച് പ്രവർത്തിപ്പാനുള്ള ബുദ്ധി; 2. ധൈര്യമുള്ളവൻ
പ്രത്യുദാഹരണം നാ. ഒരു ഉദാഹരണത്തിനു വിപരീതമായ മറ്റൊരുദാഹരണം.

1107

പ്രത്യുദിത വി. 1. പൊങ്ങിവന്ന; 2. പ്രതിവദിക്കപ്പെട്ട
പ്രത്യുദ്ഗമനം നാ. എതിരേറ്റുചൊല്ലൽ
പ്രത്യുദ്ഗമനീയ വി. എഴുന്നേറ്റു ബഹുമാനിക്കാൻ തക്ക
പ്രത്യുദ്ഗമിക്കുക ക്രി. സത്കരിപ്പാനായി എഴുന്നേറ്റുചെല്ലുക, എതിരേൽക്കുക
പ്രത്യുപകാരം നാ. പകരം ചെയ്യുന്ന ഉപകാരം
പ്രത്യുപകാരി നാ. പ്രത്യുപകാരം ചെയ്യുന്നവൻ
പ്രത്യുപാഖ്യാനം നാ. 1. ഉപന്യാസം; 2. മർപടിയായിപ്പറയുന്ന വാക്ക്; 3. പ്രസങ്ഗം
പ്രത്യുപായം നാ. പരിഹാരമാർഗം

പ്രത്യുഷൻ നാ. 1. സൂര്യൻ; 2. അഷ്ടവസ്ക്കളിൽ ഒരാൾ
പ്രത്യുഷം നാ. പ്രഭാതകാലം (ഇരുട്ടിനെ നിർമൂലനംചെയ്യുന്നത്)
പ്രത്യൂഹം നാ. 1. തടസ്സം; 2. വിതർക്കം
പ്രത്യേകം അവ്യ. വെവ്വേറെ, ഓരോന്നായി
പ്രത്യേകിച്ച് അവ്യ. വിശേഷിച്ച്
പ്രത്യേതവ്യ വി. പ്രത്യയിപ്പിക്കത്തക്ക
പ്രത്യൗഷധം നാ. മറുമരുന്ന്, മറുകൈ
പ്രഥ നാ. 1. കീർത്തി, കേൾവി; 2. കീഴ്വഴക്കം
പ്രഥനം നാ. 1. യുദ്ധം, ചിതറൽ, പ്രസിദ്ധപ്പെടുത്തൽ; 2. വ്യാപ്തി
പ്രഥമ1 വി. മുമ്പുള്ള, ആദ്യമുള്ള, ആദിയിൽ ഭവിച്ച, പ്രധാനമായ
പ്രഥമ2 നാ. 1. ആദ്യത്തെ വിഭക്തി, നിർദേശിക; 2. പ്രതിപദം; 3. ഒന്നാമത്തേവൾ
പ്രഥമകല്പം നാ. മുഖ്യവിധി
പ്രഥമതഃ അവ്യ. ആദ്യമായി
പ്രഥമൻ നാ. 1. ഒരു മധുരക്കറി; 2. ഒന്നാമൻ
പ്രഥമപുരുഷൻ നാ. അന്യപുരുഷൻ, ഉത്തമപുരുഷനും മധ്യമപുരുഷനും അല്ലാത്തവൻ. "പുരുഷൻ' നോക്കുക
പ്രഥമം അവ്യ. ആദ്യമായി, പണ്ട്
പ്രഥമവയസ്സ് നാ. യൗവനം
പ്രഥമാശ്രമം നാ. ബ്രഹ്മചര്യം
പ്രഥിത വി. 1. പുകഴ്ത്തപ്പെട്ട, അറിയപ്പെട്ട; 2. പ്രസിദ്ധീകൃതമായ; 4. വ്യാപിച്ച
പ്രഥിമ നാ. 1. മഹത്ത്വം; 2. വിസ്താരം
പ്രഥിഷ്ഠ നാ. ഏറ്റവും പൃഥുവായ (തടിച്ച)
പ്രദ നാ. കൊടുക്കുന്ന (പദാന്ത്യ) ഉദാഃ ആനന്ദപ്രദം
പ്രദക്ഷിണ വി. വലത്തോട്ടുള്ള, ശുഭമായ
പ്രദക്ഷിണം നാ. വലംവയ്ക്കൽ. അവ്യ. വലത്തോട്ട്
പ്രദത്ത വി. കൊടുക്കപ്പെട്ട
പ്രദർപ്പം നാ. അഹങ്കാരം, ഗർവം
പ്രദർശക വി. പ്രദർശിപ്പിക്കുന്ന
പ്രദർശനം നാ. 1. കാഴ്ച; 2. ബോധനം; 3. ഉദാഹരണം; 4. ലോകത്തുള്ള പല വിശിഷ്ടവസ്തുക്കളെയും ഒരുസ്ഥലത്ത് ശേഖരിച്ച് ജനങ്ങളെ കാണിക്കൽ; 5. ദീർഘദർശനം; 6. വിവരണം
പ്രദർശം നാ. നോട്ടം
പ്രദർശിക്കുക ക്രി. നല്ലപോലെ കാണുക, പ്രദർശിപ്പിക്കുക
പ്രദർശിത വി. കാണിക്കപ്പെട്ട
പ്രദർശിപ്പിക്കുക ക്രി. 1. കാണിക്കുക; 2. പഠിപ്പിക്കൂക; 3. വ്യക്തമാക്കുക; 4. മുൻകൂട്ടിപ്പറയുക; 5. വിളംബരം ചെയ്യുക
പ്രദരം നാ. 1. പിളർപ്പ്; 2. ഉടവ്; 3. വിടവ്; 4. സ്ത്രീകൾക്കുണ്ടാകുന്ന ഒരു രോഗം; 5. ശരം
പ്രദലം നാ. അസ്ത്രം, അമ്പ്

പ്രദാതാവ് നാ. കൊടുക്കുന്നവൻ (സ്ത്രീ) പ്രദാത്രി
പ്രദാനം നാ. കൊടുക്കൽ, കാഴ്ചവയ്പ്പ്
പ്രദായം നാ. ദാനം
പ്രദായി നാ. പ്രദാനം ചെയ്യുന്നവൻ, കൊടുക്കുന്നവൻ (സ്ത്രീ) പ്രദായിനി. ഉദാഃ വരപ്രദായിനി
പ്രദിഷ്ട വി. 1. നിർദിഷ്ടമായ; 2. കാണിക്കപ്പെട്ട; 3. വിധിക്കപ്പെട്ട
പ്രദീപക വി. പ്രകാശിക്കുന്ന, തെളിച്ചുകാട്ടുന്ന
പ്രദീപനം നാ. 1. ജ്വലിപ്പിക്കൽ; 2. പ്രേരിപ്പിക്കൽ; 3. ഒരു ഉപവിഷം
പ്രദീപം നാ. വിളക്ക്, തൂക്കുവിളക്ക്, പ്രകാശിപ്പിക്കുന്ന വസ്തു
പ്രദീപ്ത വി. 1. ശോഭിക്കപ്പെട്ട; 2. ജ്വലിച്ച; 3. വർധിതമായ
പ്രദീപ്തി നാ. ശോഭ, പ്രകാശം
പ്രദീപ്യ വി. പ്രദീപനം ചെയ്യത്തക്ക
പ്രദുഷ്ട വി. തീരെ ദുഷിച്ച, പാപിയായ
പ്രദേയം നാ. ദാനംകൊടുക്കത്തക്ക
പ്രദേശനം നാ. 1. സമ്മാനം, കാഴ്ച, വഴിപാട്; 2. ചൂണ്ടിക്കാണിക്കൽ; 3. ഉപദേശം
പ്രദേശനി,-ശിനി നാ. ചൂണ്ടാണിവിരൽ, തർജനി
പ്രദേശം നാ. ദിക്ക്, സ്ഥലം
പ്രദേഹം നാ. ലേപനം, പൂച്ചുമരുന്ന്
പ്രദോഷം നാ. 1. അസ്തമയസന്ധ്യ (ദോഷയുടെ - രാത്രിയുടെ - പ്രാരംഭകാലം, അസ്തമയത്തിനുമുമ്പ് മൂന്നേമുക്കാൽ നാഴികവരെയുള്ള ഒരു യാമം), ഒരു പുണ്യദിവസം, ത്രയോദശി; 2. കുറ്റം; 3. ലഹള; 4. പ്രകൃതിക്ഷോഭം
പ്രദോഹം നാ. പാലുകറക്കൽ
പ്രദ്യുമ്നൻ നാ. ശ്രീകൃഷ്ണനു രുക്മിണിയിൽ ജനിച്ച പുത്രൻ (വിശേഷശക്തിയുള്ളവൻ എന്നർഥം)
പ്രദ്യോതനൻ നാ. സൂര്യൻ (പ്രകർഷേണ ശോഭിക്കുന്നവൻ)
പ്രദ്യോതനം നാ. പ്രകാശിപ്പിക്കൽ
പ്രദ്യോതം നാ. പ്രകാശം, രശ്മി
പ്രദ്വേഷ(ണ)ം നാ. വിരോധം, വെറുപ്പ്
പ്രധനം നാ. 1. യുദ്ധം (മരിപ്പിക്കുന്നത്); 2. കീറിപ്പറിക്കൽ, നാശം
പ്രധമനം നാ. 1. ഊതിപ്പെരുപ്പിക്കൽ; 2. നസ്യം മൂന്നുവിധമുള്ളതിൽ ഒന്ന്
പ്രധർഷ(ണ)ം നാ. ആക്രമണം
പ്രധർഷിക്കുക നാ. ആക്രമിക്കുക
പ്രധ്വംസം നാ. വിനാശം, നഷ്ടം
പ്രധാനത,-ത്വം നാ. പ്രാധാന്യം, മുഖ്യത്വം
പ്രധാനൻ,-നി നാ. 1. മന്ത്രി; 2. നായകൻ
പ്രധാനം നാ. 1. ശ്രേഷ്ഠം, പ്രധാനപ്പെട്ടത്; 2. മൂലപ്രകൃതി (സർവവും ഇതിനാൽ വ്യക്തമാക്കപ്പെടുന്നതിനാൽ); 3. പരമാത്മാവ്; 4. ജ്ഞാനം; 5. ബുദ്ധി; 6. നപുംസകം
പ്രധാനി നാ. പ്രധാനൻ

പ്രധാരണം നാ. 1. രക്ഷിക്കുന്നത്; 2. ഫലേച്ഛയോടുകൂടിചെയ്യുന്ന ദാനം, തുലാപുരുഷാദി
പ്രധി നാ. തേർവണ്ടിയുടെ വിളുമ്പ്, ചക്രം ഉരുളുമ്പോൾ ഭൂമിയിൽ തട്ടുന്നതായ അതിൻെറ അവസാനഭാഗം (ഭൂമിയിൽ നിധാനം ചെയ്യുന്നത് എന്നർഥം)
പ്രധീ നാ. വലിയ ബുദ്ധിശക്തി
പ്രധൃഷ്യ വി. പ്രധർഷണീയ
പ്രനപ്താവ് നാ. പൗത്രൻെറ പുത്രൻ
പ്രനർത്തിത നാ. ഇളക്കപ്പെട്ട, ചലിപ്പിക്കപ്പെട്ട
പ്രപ നാ. 1. തണ്ണീർപ്പന്തൽ, പാനീയശാല; 2. കിണറ്
പ്രപഞ്ചക വി. പ്രപഞ്ചനം ചെയ്യുന്ന
പ്രപഞ്ചനം നാ. വിശദീകരണം, വിസ്തൃതമായ വ്യാഖാനം
പ്രപഞ്ചനിവൃത്തൻ നാ. പ്രാപഞ്ചിക വിഷയങ്ങളിൽനിന്നു പിന്തിരിഞ്ഞവൻ
പ്രപഞ്ചം നാ. 1. ലോകം, സംസാരം; 2. പരപ്പ്; 3. വിസ്താരം; 4. ഉപായം, വഞ്ചന; 5. കൂമ്പാരം, സമൃദ്ധി; 6. വിപരീതഭാവം; 7. ഘോഷം; 8. അപഗ്രഥനം
പ്രപഞ്ചിക്കുക ക്രി. 1. വിസ്തരിച്ചു പറയുക, പൂർണമായി വ്യാഖ്യാനിക്കുക; 2. പരത്തുക; 3. ചതിക്കുക
പ്രപത്തി നാ. പ്രപദനം
പ്രപഥം നാ. 1. ദീർഘയാത്ര; 2. വിസ്തൃതമായ തെരുവ്
പ്രപദനം നാ. പ്രവേശം
പ്രപദം നാ. 1. കാലിൻെറ അറ്റം; 2. കാൽച്ചുവടിൻെറ പുറം, പുറവടി
പ്രപദിക്കുക നാ. 1. (അഭയം)പ്രാപിക്കുക; 2. പ്രവേശിക്കുക; 3. സമ്മതിക്കുക
പ്രപദിന നാ. കാലിൻെറ മുൻവശത്തുള്ള
പ്രപന്ന നാ. 1. (അഭയം)പ്രാപിച്ച, എത്തിയ; 2. പാവപ്പെട്ട
പ്രപർണ നാ. ഇലകൊഴിഞ്ഞ
പ്രപാടനം നാ. 1. പിളർപ്പ്; 2. കീറൽ
പ്രപാതനം നാ. വീഴ്ത്തൽ
പ്രപാതം നാ. 1. മലഞ്ചെരിവ്; 2. തീരം; 3. അരുവിയാറ്, വെള്ളച്ചാട്ടം; 4. വീഴ്ച; 5. പുറപ്പാട്
പ്രപിതാമഹൻ നാ. 1. മുത്തച്ഛൻെറ അച്ഛൻ (അച്ഛൻെറ പിതാമഹൻ) (സ്ത്രീ) പിതാമഹി; 2. ശ്രീകൃഷ്ണൻ; 3. ബ്രഹ്മാവ്; 4. പരമാത്മാവ്
പ്രപീഡനം നാ. ചതയ്ക്കൽ, തിരുമ്മൽ
പ്രപീത വി. കുടിച്ചുവീർത്ത, വലുതായ
പ്രപുത്രൻ നാ. പുത്രൻെറ പുത്രൻ
പ്രപൂരണം നാ. നിറയ്ക്കൽ, നിറവേറ്റൽ
പ്രപൗത്രൻ നാ. പൗത്രൻെറ പുത്രൻ
പ്രഫുല്ല വി. 1. വികസിച്ച, വിടർന്ന; 2. ഉല്ലാസത്തോടുകൂടിയ
പ്രഫുല്ലം നാ. 1. വിരിഞ്ഞത്; 2. വിടർന്നു പൂത്തുനിൽക്കുന്ന മരം
പ്രബദ്ധ വി. ബന്ധിക്കപ്പെട്ട, തടയപ്പെട്ട
പ്രബന്ധനം നാ. കെട്ട്

പ്രബന്ധം വി. 1. ഉണ്ടാക്കപ്പെട്ട കഥ, ഗദ്യവും പദ്യവും ഇടകലർന്നുണ്ടാക്കിയ കഥ; 2. വാക്യരചന; 3. ഉപന്യാസം; 4. കെട്ട്

പ്രബല വി. വളരെ ശക്തിയുള്ള, മുന്തിനിൽക്കുന്ന, കീർത്തിയുള്ള, തീവ്രമായ. നാ. പ്രബലത

പ്രബലം നാ. ശക്തിയുള്ളത്

പ്രബാധനം നാ. 1. പീഡനം; 2. തടഞ്ഞു നിറുത്തൽ

പ്രബുദ്ധ നാ. 1. നല്ലപോലെ ഉണർന്ന, ബോധമുള്ള; 2. വിടർന്ന; 3. പണ്ഡിതനായ

പ്രബോധകൻ നാ. 1. പാട്ടുപാടി രാജാക്കന്മാരെ ഉണർത്തുന്നവൻ; 2. ഉപദേശിക്കുന്നവൻ

പ്രബോധചന്ദ്രോദയം നാ. കൃഷ്ണമിശ്രനിർമിതമായ ഒരു സംസ്കൃതനാടകം

പ്രബോധനം നാ. 1. ഉണർച്ച, ഉണർത്തൽ; 2. ഉപദേശിക്കൽ; 3. അറിവ്; 3. ബുദ്ധി; 4. കസ്തൂരിയുടെയും മറ്റും മങ്ങിപ്പോയ സുഗന്ധത്തെ പനിനീരും മറ്റും കൊണ്ടുണർത്തൽ

പ്രബോധം നാ. 1. ഉണർച്ച; 2. അന്തർജ്ഞാനം; 3. വികാസം

പ്രബോധിത വി. 1. പ്രബോധനംചെയ്ത, ഉണർത്തപ്പെട്ട; 2. ഉപദേശിക്കപ്പെട്ട

പ്രബോധനി,-ധിനി നാ. വിഷ്ണു തൻെറ നാലുമാസത്തെ ഉറക്കത്തിൽനിന്ന് ഉണരുന്ന ദിവസം (കാർത്തികമാസം ശുക്ലപക്ഷത്തെ ഏകാദശി)

പ്രബോധിപ്പിക്കുക ക്രി. നന്നായി പഠിപ്പിക്കുക, ഉപദേശിക്കുക

പ്രഭ നാ. 1. ശോഭ; 2. രശ്മി; 3. ഛായാദേവി; 4. ദുർഗ; 5. കുബേരൻെറ നഗരം, അളക; 6. ഒരു അപ്സരസ്ത്രീ

പ്രഭഗ്ന വി. തകർക്കപ്പെട്ട

പ്രഭഞ്ജനൻ നാ. 1. വായു (വൃക്ഷങ്ങളുടെ കൊമ്പുകളെയും മറ്റും ഒടിക്കുന്നവൻ); 2. നശിപ്പിക്കുന്നവൻ

പ്രഭഞ്ജനം നാ. 1. നശിപ്പിക്കൽ; 2. കൊടുങ്കാട്

പ്രഭദ്രം നാ. 1. വേപ്പുമരം; 2. നല്ലപോലെ ഭദ്രമായത്

പ്രഭവ നാ. 1. ജനിച്ച; 2. ശ്രേഷ്ഠമായ

പ്രഭവനം നാ. ഉത്പത്തി, ഉത്പാദനം

പ്രഭവൻ നാ. വിഷ്ണു

പ്രഭവം നാ. 1. ഉത്ഭവം, ജനനം; 2. ജന്മകാരണം; 3. ശക്തി; 4. മഹത്വം; 5. ഉത്ഭവസ്ഥലം; 6. ജ്ഞാനത്തിൻെറ ഉറവിടം; 7. സംവത്സരചക്രത്തിൽ (പ്രഭവാദിവർഷങ്ങളിൽ) ആദ്യത്തേത്

പ്രഭവിഷ്ണു വി. 1. പ്രഭുവായിഭവിക്കുന്ന; 2. ഉദ്ഭവിക്കുന്ന. നാ. യജമാനൻ

പ്രഭാകരൻ നാ. 1. സൂര്യൻ (പ്രഭയെ ഉണ്ടാക്കുന്നവൻ); 2. അഗ്നി; 3. ചന്ദ്രൻ; 4. സമുദ്രം; 5. ശിവൻ; 6. ശിവഭക്തനായ ഒരു മുനി; 7. ഒരു ആചാര്യൻ, പ്രഭാകരമതത്തിൻെറ സ്ഥാപകൻ

പ്രഭാകീടം നാ. മിന്നാമിനുങ്ങ്

പ്രഭാഗം നാ. വിഭാഗം, ഭിന്നസങ്ഖ്യയുടെ ഭിന്നം

പ്രഭാതജ്ഞൻ,-ജ്ഞം നാ. പൂവൻകോഴി
പ്രഭാതം നാ. 1. സൂര്യൻ ഉദിക്കാറായ സമയം, ഉഷസ്സ്; 2. വെളിച്ചം, ശോഭ
പ്രഭാമണ്ഡലം നാ. 1. (സൂര്യൻെറയോ ചന്ദ്രൻെറയോ ചുറ്റുമുള്ള) പ്രഭാപൂരമായ വൃത്തം, പരിവേഷം; 2. ഗ്രഹണവേളയിലെ വികീർണദീപ്തി
പ്രഭാവതി നാ. 1. പ്രഭയുള്ളവൾ; 2. (പുരാണ) സൂര്യപത്നി; 3. (പുരാണ) പ്രദ്യുമ്നൻെറ പത്നി
പ്രഭാവം നാ. 1. ധനം അധികാരം തുടങ്ങിയവയുടെ ആധിക്യംനിമിത്തം ഉള്ള മഹത്ത്വം; 2. ശോഭ
പ്രഭാവാൻ നാ. പ്രഭയോടുകൂടിയവൻ (സ്ത്രീ) പ്രഭാവതി
പ്രഭാഷണം നാ. 1. പ്രസംഗം; 2. വ്യാഖ്യാനം
പ്രഭാസനം നാ. പ്രകാശിപ്പിക്കൽ
പ്രഭാസം നാ. 1. ഒരു പുണ്യതീർഥം (ദ്വാരകയ്ക്കു സമീപമുള്ളത്); 2. ശോഭ
പ്രഭിന്ന വി. 1. നല്ലവണ്ണം മുറിക്കപ്പെട്ട; 2. വേർതിരിക്കപ്പെട്ട; 3. മുളപൊട്ടിയ; 4. മാറ്റംവന്ന
പ്രഭിന്നൻ,-ന്നം നാ. മദയാന
പ്രഭു നാ. 1. മേലധികാരമുള്ളവൻ, ശക്തിയുള്ളവൻ; 2. സർവോത്കൃഷ്ടൻ, ശ്രേഷ്ഠൻ (പ്രഭവിക്കുന്നവൻ); 3. ധനികൻ (സ്ത്രീ) പ്രഭ്വി; 3. വിഷ്ണു; 4. ശിവൻ; 5. ബ്രഹ്മാവ്; 6. ഇന്ദ്രൻ; 7. രാജാവ്; 8. ഭർത്താവ്; 9. സ്വാമി; 10. രസം
പ്രഭുത, -ത്വം നാ. പ്രഭുവിൻെറ അവസ്ഥ, നാശകാരണചതുഷ്ടയത്തിലൊന്ന്
പ്രഭൂത വി. 1. സമൃദ്ധമായ, വർധിച്ച; 2. വളഞ്ഞ; 3. ഉദ്ഭവിച്ച
പ്രഭൂതി നാ. സമൃദ്ധി
പ്രഭൃതി അവ്യ. തുടങ്ങി, മുതൽക്ക്
പ്രഭേദം നാ. 1. പിളർപ്പ്; 2. വ്യത്യാസം; 3. വിഭാഗം; 4. വിധം
പ്രഭേദി നാ. പിളർക്കുന്നവൻ
പ്രഭ്രഷ്ട വി. 1. നശിച്ച; 2. നിഷ്ഫലമായ; 3. പതിച്ച
പ്രമ നാ. പരമാർഥജ്ഞാനം (യഥാർഥമായി അളക്കുക, കൃത്യപ്പെടുത്തുക)
പ്രമഗ്ന വി. 1. മുഴുകിയ; 2. മങ്ങിയ
പ്രമത വി. അറിവുള്ള, തീർച്ചയാക്കപ്പെട്ട
പ്രമത്ത വി. 1. പ്രമാദം പറ്റിയ; 2. മദിച്ച
പ്രമഥ വി. മഥിക്കുന്ന
പ്രമഥൻ നാ. 1. ശിവൻെറ പാർഷദൻ; 2. കുതിര
പ്രമഥ(ന)ം നാ. 1. വധം; 2. പീഡനം; 3. കടച്ചിൽ
പ്രമഥാലയം നാ. നരകം
പ്രമഥിതം നാ. 1. ശുദ്ധമായ മോര്; 2. പീഡിപ്പിക്കപ്പെട്ടത്; 3. കൊല്ലപ്പെട്ടത്
പ്രമദ1 വി. 1. മദമുള്ള, ഭ്രാന്തുള്ള; 2. ശ്രദ്ധയില്ലാത്ത

പ്രമദ2 നാ. സ്ത്രീ, യുവതി (പ്രബലമായ കാമാവേഗത്തോടുകൂടിയവൾ)

പ്രമദനം നാ. കാമം, ഭോഗാസക്തി

പ്രമദം നാ. 1. സന്തോഷം (സുഖം); 2. ഉമ്മത്ത്

പ്രമദാവനം നാ. അന്തഃപുരത്തോടുചേർന്ന ഉദ്യാനം

പ്രമനസ്സ് വി. സന്തോഷമുള്ള

പ്രമർദനം നാ. നശിപ്പിക്കൽ, പീഡനം

പ്രമാണചതുഷ്ടയം നാ. പ്രത്യക്ഷം അനുമാനം ഉപമാനം ശ്രുതി (ശബ്ദം) ഈ നാലും

പ്രമാണം നാ. 1. ആധാരം; 2. വിശ്വാസം; 3. വേദം; 4. ഹേതു; 5. ദൃഷ്ടാന്തം; 6. നിശ്ചയം; 7. സത്യം; 8. സാക്ഷി; 9. അതിർത്തി; 10. ബഹുമാനം; 11. അളവ്; 12. ആചാരം; 13. നിർണയിക്കുന്ന ആൾ; 14. ശാസ്ത്രം

പ്രമാണി നാ. 1. പ്രധാനി, തലവൻ, കാര്യസ്ഥൻ, ജനസ്വാധീനമുള്ളവൻ; 2. പ്രമാണപ്പെട്ടവൻ

പ്രമാണിക വി. പ്രമാണസംബന്ധമായ

പ്രമാണിക്കുക ക്രി. 1. പ്രമാണമായി വിചാരിക്കുക; 2. വിലമതിക്കുക; 3. അളവുകുറിക്കുക; 4. മാനിക്കുക; 4. വിശ്വസിക്കുക; 5. ഹേതുവാക്കുക

പ്രമാണിത്തം നാ. പ്രമാണിയുടെ അവസ്ഥ

പ്രമാണീകരിക്കുക നാ. പ്രമാണമാക്കിച്ചെയ്യുക, പ്രമാണിക്കുക

പ്രമാതാമഹൻ നാ. അമ്മയുടെ മുത്തച്ഛൻ. (സ്ത്രീ) പ്രമാതാമഹി

പ്രമാതാവ് നാ. 1. സൂക്ഷ്മമായി അറിയുന്നവൻ; 2. അധികാരി (നിർണയിപ്പാൻ അധികാരമുള്ളവൻ)

പ്രമാഥി നാ. കൊല്ലുന്ന

പ്രമാദം നാ. 1. ഓർമകേട്; 2. ചെയ്യേണ്ടതു ചെയ്യാതിരിക്കൽ; 3. മൂഢത, തെറ്റായ അഭിപ്രായം; 4. അനവധാനം

പ്രമാദി വി. പ്രമാദത്തോടുകൂടിയ. നാ. പ്രഭവാദി സംവത്സരങ്ങളിൽ പതിമൂന്നാമത്തേത്

പ്രമാദിക നാ. 1. ശ്രദ്ധയില്ലാത്തവൾ; 2. ക്ഷതയോനി

പ്രമാപകൻ നാ. തെളിവുനൽകുന്നവൻ

പ്രമാപണം നാ. വധം

പ്രമാപയിതാവ് നാ. പ്രമാപണംചെയ്യുന്നവൻ, കൊലയാളി (സ്ത്രീ) പ്രമാപയിത്രി

പ്രമിതം നാ. 1. അളക്കപ്പെട്ടത്; 2. അല്പം

പ്രമിതി നാ. 1. യഥാർഥജ്ഞാനം, പ്രമാണംകൊണ്ട് ഉപലബ്ധമായ ജ്ഞാനം; 2. അളവ്

പ്രമീഢ വി. 1. തടിച്ച; 2. തിങ്ങിയ; 3. മൂത്രമൊഴിച്ച

പ്രമീത നാ. മരിച്ച, കൊല്ലപ്പെട്ട

പ്രമീതം നാ. യാഗത്തിൽ വധിക്കപ്പെട്ട പശു

പ്രമീതി നാ. 1. വ്യാധി; 2. നാശം; 3. മരണം

പ്രമീലിതം നാ. നിമീലിതം, അടഞ്ഞത്, കൂമ്പിയത്

പ്രമീള നാ. 1. മടി, ആലസ്യം (ഇന്ദ്രിയങ്ങൾ ഒന്നും പ്രവർത്തിക്കാതിരിക്കുന്ന സമയം); 2. മയക്കം
പ്രമീളനം നാ. നിമീലനം, മരണം, പ്രമീലനം
പ്രമുക്ത വി. ത്യജിക്കപ്പെട്ട, മോചിക്കപ്പെട്ട
പ്രമുഖ വി. 1. പ്രധാനമായ; 2. ഒന്നാമത്തേതായ; 3. (പദാന്ത്യ) നയിക്കപ്പെട്ട; 4. കൂടിയ, ആദിയായ
പ്രമുഖം നാ. 1. (ആ)മുഖം; 2. പുന്നാഗവൃക്ഷം; 3. പ്രധാനമായത്
പ്രമുത്ത് നാ. വലിയ സന്തോഷം
പ്രമുദിത വി. പ്രമോദിച്ച (സന്തോഷിച്ച)
പ്രമുഷിത വി. 1. മോഹിക്കപ്പെട്ട; 2. മോഷ്ടിക്കപ്പെട്ട
പ്രമൃഗ്യ വി. അന്വേഷിക്കത്തക്ക
പ്രമൃത വി. 1. മറയ്ക്കപ്പെട്ട; 2. മരിച്ച
പ്രമൃഷ്ട വി. തുടയ്ക്കപ്പെട്ട, മിനുക്കിയ
പ്രമേയം നാ. 1. പ്രമാവിഷയം, പ്രമാണിക്കാനുള്ള കാര്യം, തെളിയിക്കേണ്ട വസ്തു; 2. (വാദ) വിഷയം
പ്രമേഹം നാ. ഒരു രോഗം, മൂത്രമൊഴിവ്
പ്രമോദ(ന)ം നാ. 1. സന്തോഷം, സുഖം
പ്രമോദിക്കുക ക്രി. സന്തോഷിക്കുക
പ്രമ്ലാന വി. വാടിയ, മുഷിഞ്ഞ
പ്രയത നാ. 1. ശുദ്ധിയുള്ള; 2. വിനയമുള്ള; 3. ഭക്തിയുള്ള; 4. പ്രയത്നിക്കുന്ന
പ്രയതനം നാ. പ്രയത്നം
പ്രയതിത വി. പ്രയത്നിക്കപ്പെട്ട
പ്രയത്നം നാ. 1. അധ്വാനം, വേല; 2. സ്ഥിരപരിശ്രമം; 3. പ്രയാസം; 4. ഉപായചിന്തനം
പ്രയത്നവാൻ നാ. പ്രയത്നിക്കുന്നവൻ. (സ്ത്രീ) പ്രയത്നവതി
പ്രയത്നിക്കുക നാ. 1. ശ്രമിക്കുക, വേലചെയ്യുക; 2. ഉപായം ചിന്തിക്കുക
പ്രയമം നാ. നിയമം
പ്രയസ്ത വി. നല്ലവണ്ണം ചമയ്ക്കപ്പെട്ട (മസാലയും മറ്റും ചേർത്ത് പാകംചെയ്ത)
പ്രയാഗ നാ. ഗങ്ഗ യമുന സരസ്വതി എന്നീ നദികൾ ചേരുന്ന സ്ഥലം
പ്രയാഗം നാ. 1. യാഗം; 2. കുതിര; 3. പ്രയാഗ
പ്രയാണം നാ. 1. യാത്ര; 2. മരണം; 3. ആക്രമണം
പ്രയാണി നാ. പ്രയാണം ചെയ്യുന്നവൻ, യാത്രക്കാരൻ
പ്രയാതം നാ. 1. പൊയ്പ്പോയത്; 2. ആക്രമണം
പ്രയാപണം നാ. ഓടിക്കൽ, അയപ്പ്
പ്രയാസം നാ. 1. ഞെരുക്കം; 2. പ്രയത്നം, പണി; 3. തിടുക്കം; 4. കഴിയായ്മ (പ്ര) പ്രയാസപ്പെടുക
പ്രയുക്തം നാ. 1. പ്രയോഗിക്കപ്പെട്ടത്; 2. ഹേതു
പ്രയുക്തി നാ. 1. പ്രയോഗം; 2. ഉപയോഗം; 3. നിയോഗം; 4. ഫലം

പ്രയുത വി. 1. ചേർക്കപ്പെട്ട, ചേർന്ന; 2. വേർപെട്ട
പ്രയുതം നാ. പത്തുലക്ഷം
പ്രയുത്സു നാ. 1. യോദ്ധാവ്; 2. കാറ്റ്; 3. സന്ന്യാസി; 4. ഇന്ദ്രൻ; 5. മുട്ടാട്
പ്രയോക്താവ് നാ. 1. കടംകൊടുക്കുന്നവൻ; 2. ഏർപ്പെടുത്തുന്നവൻ (സ്ത്രീ) പ്രയോക്ത്രി
പ്രയോഗം നാ. 1. പ്രവൃത്തി ഉദാഃ ബലപ്രയോഗം; 2. വിനിയോഗം; 3. ക്ഷുദ്രംചെയ്യൽ; 4. ഫലം; 5. ദൃഷ്ടാന്തം; 6. വചനപ്രമാണം; 7. ചികിത്സ; 8. ഏറ്, എയ്ത്ത്; 9. കടംകൊടുക്കൽ; 10. ഉപായം; 11. രങ്ഗപ്രയോഗം
പ്രയോഗാതിശയം നാ. (നാട്യ) പ്രസ്താവനാഭേദം
പ്രയോഗിക്കുക ക്രി. 1. ഉപകരിക്കുക, ഉപയോഗിക്കുക; 2. ഏർപ്പെടുത്തുക; 3. കൈകാര്യംചെയ്യുക; 4. പലിശയ്ക്കുകൊടുക്കുക; 5. നുകത്തിൽ കെട്ടുക
പ്രയോജകകർത്താവ് നാ. ക്രിയചെയ്യാൻ പ്രേരിപ്പിക്കുന്നവൻ
പ്രയോജകക്രിയ നാ. കർത്താവിനെക്കൊണ്ട് മറ്റൊരാൾ ചെയ്യിക്കുന്ന ക്രിയ. ഉദാഃ ഊട്ടുക, ഓടിക്കുക
പ്രയോജകൻ നാ. 1. പ്രയോഗിക്കുന്നവൻ; 2. ഏതു കർമത്തിൻെറയും ആദ്യകാരണൻ; 3. നിയമിക്കുന്നവൻ; 4. ഗ്രന്ഥകർത്താവ്; 5. കടംകൊടുക്കുന്നവൻ
പ്രയോജകപ്രകൃതി നാ. കൃതികളെ പ്രകൃതി പ്രമാണിച്ച് വിഭജിച്ചതിൽ ഒന്ന്
പ്രയോജനം നാ. 1. ഉപകാരം, ഫലം; 2. ഹേതു, പ്രവൃത്തി; 3. പ്രയോജനപ്പെടുക
പ്രയോജിക നാ. അഞ്ചാമത്തെ വിഭക്തി (ആൽ എന്നു പ്രത്യയം)
പ്രയോജ്യ വി. പ്രയോഗിക്കത്തക്ക
പ്രയോജ്യൻ നാ. ഭൃത്യൻ, ശിഷ്യൻ
പ്രയോജ്യം നാ. മുതൽ, മൂലദ്രവ്യം
പ്രരൂഢ വി. 1. നീണ്ടുവളർന്ന; 2. വികസിച്ച; 3. ജനിച്ച; 4. വേരുറച്ച
പ്രരോചനം നാ. 1. പ്രേരണം; 2. വിവരണം; 3. വശീകരണം
പ്രരോദനം നാ. 1. കരച്ചിൽ, വിലാപം; 2. കുമാരനാശാൻെറ ഒരു വിലാപ കാവ്യം
പ്രരോഹം നാ. മുള, കൂമ്പ്, തളിർ
പ്രലപനം നാ. അർഥമില്ലാത്ത വാക്ക്, സംസാരം
പ്രലപിക്കുക ക്രി. 1. കരയുക; 2. അർഥമില്ലാതെ പലതും പറയുക
പ്രലംബ വി. 1. തൂങ്ങിക്കിടക്കുന്ന; 2. മന്ദഗതിയായ
പ്രലംബനം നാ. തൂങ്ങൽ, ആശ്രയം
പ്രലംബൻ നാ. കംസൻെറ ആശ്രിതനായ ഒരു അസുരൻ
പ്രലംബം നാ. 1. തൂങ്ങൽ, തൂങ്ങിക്കിടക്കുന്ന വസ്തു; 2. സ്ത്രീയുടെ മുല; 3. പൂമാല; 4. വെളുത്തീയം; 5. കുമ്പളങ്ങ; 6. ഗാഥ; 7. ശാഖ
പ്രലംബമഥനൻ നാ. ബലരാമൻ (പ്രലംബാസുരനെ കൊന്നവൻ)
പ്രലംഭനം നാ. ചതിപ്രയോഗം
പ്രലയം നാ. പ്രളയം
പ്രലവം നാ. കഷണം, ഖണ്ഡം

പ്രലാപ(ന)ം നാ. 1. നിരർഥക വാക്ക്, സംസാരം; 2. ശൃങ്ഗാരരസം സംബന്ധിച്ച പൂർവരാഗാവസ്ഥയിലുണ്ടാകുന്ന കാമാവസ്ഥകളിലൊന്ന്, മനസ്സുകിടന്നു വട്ടംതിരിയുന്നതു നിമിത്തം ആളെക്കാണാതെ സംസാരിക്കൽ

പ്രലാപി വി. പ്രലപിക്കുന്ന

പ്രലീന വി. തീരെ മുഴുകിയ, ലയിച്ച

പ്രലേപം നാ. പൂച്ച്, കുഴമ്പ്

പ്രലോഭക വി. പ്രലോഭിപ്പിക്കുന്ന

പ്രലോഭ(ന)ം നാ. 1. അത്യാഗ്രഹം; 2. വശീകരണം; 3. ഉദ്യമിപ്പിക്കൽ; 4. ആകർഷിക്കുന്ന വസ്തു

പ്രലോഭനീയ വി. പ്രലോഭിപ്പിക്കത്തക്ക

പ്രലോഭയിതാവ് നാ. പ്രലോഭിപ്പിക്കുന്നവൻ

പ്രലോഭിത വി. പ്രലോഭിപ്പിക്കപ്പെട്ട

1111

പ്രലോഭിപ്പിക്കുക നാ. മോഹിപ്പിക്കുക, അതിയായ ആഗ്രഹം ജനിപ്പിക്കുക

പ്രലോഭ്യ അവ്യ. പ്രലോഭിപ്പിച്ചിട്ട്

പ്രലോല വി. ഇളകിക്കൊണ്ടിരിക്കുന്ന

പ്രവക്താവ് നാ. 1. പ്രവചിക്കുന്ന ആൾ; 2. ആചാര്യൻ

പ്രവചനം നാ. 1. ദീർഘദർശനം; 2. നല്ല വാക്ക്; 3. വേദം; 4. വാഗ്മിത്വം

പ്രവചിക്കുക ക്രി. 1. നല്ലവണ്ണം പറയുക, വിവരിക്കുക; 2. ദിവ്യദൃഷ്ടികൊണ്ട് അറിഞ്ഞു പറയുക

പ്രവണത നാ. 1. ചരിവ്, കുനിവ്; 2. താഴ്മ; 3. മനസ്സിൻെറ ചായ്വ്, വാസന

പ്രവണം നാ. 1. ക്രമേണ താഴ്ചയോടുകൂടിയ ഭൂമി; 2. ചരിവ്

പ്രവത്സല വി. കൂറുള്ള, പ്രിയമുള്ള

പ്രവദനം നാ. പറച്ചിൽ

പ്രവപ വി. വളരെ തടിച്ച

പ്രവയസ്സ് നാ. വൃദ്ധൻ (പ്രഗതമായ വയസ്സോടുകൂടിയവൻ, യൗവനം പൊയ്പ്പോയവൻ)

പ്രവർത്തക നാ. പ്രവർത്തിക്കുന്ന

പ്രവർത്തകൻ വി. പ്രവർത്തിപ്പിക്കുന്നവൻ, നടത്തിക്കുന്നവൻ, സ്ഥാപകൻ

പ്രവർത്തകം നാ. (നാട്യ) പ്രസ്താവനയുടെ ഒരു വകഭേദം

പ്രവർത്തന നാ. കല്പന, അനുവാദം

പ്രവർത്ത(ന)ം നാ. 1. പ്രവർത്തിക്കൽ; 2. ആരംഭം; 3. തൊഴിൽ

പ്രവർത്തയിതാവ് നാ. പ്രവർത്തിക്കുന്നവൻ

പ്രവർത്തിക്കുക ക്രി. 1. ചെയ്യുക; 2. നടത്തുക

പ്രവർത്തിത നാ. പ്രവർത്തിക്കപ്പെട്ട

പ്രവർധനം നാ. വർധിപ്പിക്കൽ, വർധന

പ്രവർധിത നാ. വർധിപ്പിക്കപ്പെട്ട, പോഷിപ്പിക്കപ്പെട്ട

പ്രവർഹം നാ. ശ്രേഷ്ഠം, പ്രധാനം

പ്രവര വി. ശ്രേഷ്ഠതയുള്ള, ഉത്തമമായ

പ്രവരം നാ. 1. സന്തതി; 2. വംശം; 3. കാരകിൽ
പ്രവലാകി നാ. 1. മയിൽ; 2. പാമ്പ്
പ്രവല്ഹിക നാ. നേരമ്പോക്കിനായിട്ടുണ്ടാക്കുന്ന ഒരുതരം കഥ, പ്രഹേളിക
പ്രവസനം നാ. യാത്രപുറപ്പെടൽ
പ്രവസിക്കുക ക്രി. 1. യാത്രപോവുക; 2. അകലെ താമസിക്കുക
പ്രവഹണം നാ. 1. മഞ്ചൽ; 2. കർണീരഥം
പ്രവഹൻ നാ. സപ്തമരുത്തുക്കളിൽ ഒന്ന്, ഗ്രഹനക്ഷത്രാദികളെ തിരിക്കുന്ന വായു
പ്രവഹം നാ. 1. ഒഴുക്ക്; 2. പ്രവാഹം; 3. വായു; 4. വെള്ളം കൊണ്ടുപോകുന്ന പാത്രം
പ്രവഹിക്കുക ക്രി. 1. ഒഴുകുക; 2. താങ്ങുക; 3. വലിച്ചുകൊണ്ടുപോവുക; 4. ശ്വസിക്കുക
പ്രവാക് വി. വാഗ്വൈഭവമുള്ള
പ്രവാകൻ നാ. പരസ്യം ചെയ്യുന്നവൻ, പ്രഖ്യാപകൻ
പ്രവാചകൻ നാ. 1. ദീർഘദർശി; 2. വിസ്തരിച്ചുപറയുന്നവൻ, വാഗ്മി
പ്രവാചനം നാ. 1. പ്രഖ്യാപനം; 2. ദീർഘദർശനം
പ്രവാച്യം നാ. പ്രബന്ധം
പ്രവാണം നാ. വസ്ത്രത്തിൻെറ വക്ക്
പ്രവാണി നാ. നെയ്ത്തുകാരൻ
പ്രവാതം നാ. 1. കാറ്റുവീശുന്നിടം; 2. വലിയ കാറ്റ്
പ്രവാദം നാ. 1. നാട്ടുവർത്തമാനം, കേട്ടുകേൾവി; 2. കെട്ടുകഥ
പ്രവാരണം നാ. 1. ഫലേച്ഛയോടുകൂടി ചെയ്യുന്ന ദാനം, തുലാപുരുഷദാനം; 2. വിരോധം, എതിർപ്പ്; 3. തൃപ്തിപ്പെടുത്തൽ
പ്രവാര(ക)ം നാ. മറ, തട്ടി
പ്രവാലം നാ. പ്രവാളം
പ്രവാസനം നാ. 1. അന്യസ്ഥലത്തുള്ള പാർപ്പ്; 2. നാടുകടത്തൽ
പ്രവാസം നാ. 1. വീടുവിട്ടുള്ള പാർപ്പ്; 2. തത്കാലവിരഹം; 3. സ്വയമേവ വിദേശത്തുപോയി പാർക്കൽ
പ്രവാസി നാ. പ്രവാസം അനുഭവിക്കുന്നവൻ
പ്രവാസിത വി. നാടുകടത്തപ്പെട്ട
പ്രവാഹക വി. നല്ലവണ്ണം വഹിക്കുന്ന
പ്രവാഹകൻ നാ. രാക്ഷസൻ, പിശാച്
പ്രവാഹം നാ. 1. വെള്ളത്തിൻെറയും മറ്റും ഇടവിടാതെയുള്ള ഒഴുക്ക്, നിരന്തര ഗതി; 2. വ്യാപാരം; 3. വേഗമുള്ള കുതിര; 4. തുടർച്ച
പ്രവാളൻ നാ. ശിഷ്യൻ
പ്രവാളം നാ. 1. പവിഴം; 2. വീണയുടെ തണ്ട്; 3. തളിര്; 4. നാമ്പ്; 5. ഒരു മൃഗം
പ്രവിചയം നാ. 1. പരീക്ഷ; 2. അന്വേഷണം
പ്രവിചലിത വി. 1. ഇളക്കപ്പെട്ട; 2. വഴിതെറ്റിയ
പ്രവിതത വി. 1. പരന്ന; 2. വികസിച്ച

പ്രവിദാര(ണ)ം നാ. 1. പിളർക്കൽ; 2. യുദ്ധം; 3. കലഹം; 4. തുമുലം; 5. കൂട്ടം
പ്രവിദ്ധ വി. 1. തുളയ്ക്കപ്പെട്ട; 2. എറിയപ്പെട്ട
പ്രവിധാനം നാ. 1. ചിന്തിക്കൽ; 2. ചെയ്യൽ
പ്രവിശ്യ നാ. പ്രത്യേകം വേർതിരിക്കപ്പെട്ട ദേശവിഭാഗം
പ്രവിശ്ലേഷം നാ. വേർപാട്, അത്യന്തമായ വിരഹം
പ്രവിഷ്ട വി. പ്രവേശിച്ച, ഏർപ്പെട്ടിരിക്കുന്ന
പ്രവീണൻ നാ. സമർഥൻ
പ്രവീരൻ നാ. 1. ശൂരൻ; 2. പ്രധാനി; 3. പ്രമാണി
പ്രവൃത വി. തിരഞ്ഞെടുക്കപ്പെട്ട
പ്രവൃത്ത വി. പ്രവർത്തിക്കപ്പെട്ട; 2. തുടങ്ങിയ; 3. സ്ഥാപിക്കപ്പെട്ട; 4. ഉരുണ്ട
പ്രവൃത്തി നാ. 1. വേല, തൊഴിൽ; 2. നടപ്പ്; 3. പ്രയോഗം; 4. ജലത്തിൻെറയും മറ്റും ഇടവിടാതെയുള്ള ഒഴുക്ക്; 5. ഒരു പാർവത്യകാരുടെ അധികാരത്തിൽ ഉൾപ്പെട്ട സ്ഥലം, പകുതി, അംശം (വില്ലേജ്)
പ്രവൃദ്ധ വി. 1. എറ്റവും വർധിച്ച; 2. മുതിർന്ന
പ്രവേണി നാ. 1. മിടഞ്ഞുകെട്ടിയ തലമുടി; 2. ഭർത്തൃവിരഹത്താൽ അലങ്കരിക്കാതെ കെട്ടിവച്ച തലമുടി; 3. ആനപ്പുറത്തുവിരിക്കുന്ന വസ്ത്രം; 4. ആനലായം; 5. നദീപ്രവാഹം
പ്രവേദനം നാ. അറിയിപ്പ്
പ്രവേപ(ന)ം നാ. വിറയൽ, കമ്പനം
പ്രവേശകൻ നാ. 1. (നാട്യ) പ്രധാനവേഷം വരുന്നതിനുമുമ്പിൽ അതിനുകാരണമായിട്ടുവരുന്ന ചെറിയ വേഷം; 2. ദൂതൻ
പ്രവേശകം നാ. (നാട്യ) അർഥോപക്ഷേപങ്ങളിൽ ഒന്ന്
പ്രവേശനം നാ. 1. അകത്തുപോകൽ; 2. ഉമ്മരം; 3. പടിവാതിൽ; 4. രതിക്രീഡ
പ്രവേശനീയ വി. പ്രവേശിപ്പിക്കത്തക്ക
പ്രവേശം നാ. 1. അകത്തുകടക്കൽ; 2. വാതിൽ
പ്രവേശിക്കുക ക്രി. 1.അകംപൂകുക; 2. (കഥാപാത്രം) രങ്ഗത്തുവരിക
പ്രവ്യക്ത വി. അത്യന്തം സ്പഷ്ടമായ
പ്രവ്രജനം നാ. 1. നാടുവിട്ടുപോകൽ; 2. സന്ന്യാസിയായിത്തീരൽ
പ്രവ്രജിത വി. 1. കുടുംബത്തിൽനിന്നു പുറത്തുപോയ; 2. ഭിക്ഷുവായിത്തീർന്ന (പ്രവ്രജനംപ്രാപിച്ച)
പ്രവ്രജ്യ നാ. 1. ചുറ്റിസഞ്ചാരം; 2. വാനപ്രസ്ഥം, സന്ന്യാസയോഗം
പ്രവ്രാജകൻ നാ. (സന്ന്യാസിയായ) ഭിക്ഷുകൻ, പരിവ്രാജകൻ (സ്ത്രീ) പ്രവ്രാജിക
പ്രവ്രാജനം നാ. നാടുകടത്തൽ
പ്രശംസകൻ നാ. സ്തുതിപാഠകൻ, പുകഴ്ത്തുന്നവൻ
പ്രശംസനം നാ. സ്തുതി, പുകഴ്ത്തൽ
പ്രശംസനീയ വി. പ്രശംസിക്കത്തക്ക
പ്രശംസിക്കുക ക്രി. 1. സ്തുതിക്കുക; 2. പുകഴ്ത്തുക, (വിളിച്ചു)പറയുക

പ്രശംസ്യ വി. പ്രശംസിക്കത്തക്ക
പ്രശമ(ന)ം നാ. 1. അടക്കൽ, സമാധാനിപ്പിക്കൽ; 2. നശിപ്പിക്കൽ, വധം
പ്രശമിത നാ. 1. ശമിപ്പിക്കപ്പെട്ട; 2. നശിപ്പിക്കപ്പെട്ട
പ്രശസ്ത നാ. 1. ശ്രേഷ്ഠമായ, നല്ല; 2. സ്തുതിക്കപ്പെട്ട
പ്രശസ്തി നാ. 1. സ്തുതി; 2. ശ്രേഷ്ഠത, മേന്മ; 3. വിവരണം; 4. സ്തുതിരൂപമായ കവിത
പ്രശസ്യ വി. പ്രശംസിക്കത്തക്ക
പ്രശാന്ത വി. ശമിച്ച, അടക്കമുള്ള; 2. ഇണക്കമുള്ള; 3. മരിച്ച
പ്രശാന്തി നാ. 1. അടക്കം, സമാധാനം; 2. അജ്ഞാനദുരീകരണം; 3. വിശ്രമം; 4. വിരാമം
പ്രശാമം നാ. പ്രശമനം, സമാധാനം
പ്രശാസകൻ നാ. ഭരിക്കുന്നവൻ
പ്രശാസനം നാ. രക്ഷണം
പ്രശാസ്താവ് നാ. 1. പതിനാറു ഋത്വിക്കുകളിൽ ഒരാൾ; 2. രാജാവ്; 3. ഗുരു
പ്രശിഷ്യൻ നാ. ശിഷ്യന്റെ ശിഷ്യൻ
പ്രശ്നദുതി നാ. കടങ്കഥ
പ്രശ്നം നാ. 1. ചോദ്യം; 2. പ്രശ്നംവയ്ക്കൽ; 3. ശകുനം; 4. വാദവിഷയം
പ്രശയ(ണ)ം നാ. 1. വിനയം, നല്ല ശീലം; 2. സ്നേഹം; 3. മര്യാദ; 4. ഉപചാരം
പ്രശ്രിത വി. 1. വിനയമുള്ള; 2. ഗുണങ്ങളാൽ ആദ്യമെ സേവിക്കപ്പെട്ട
പ്രശ്രുത വി. 1. വിശ്രുത (കീർത്തികേട്ട); 2. പ്രസ്രുത (ഒഴുകിയ)
പ്രശ്ലിഷ്ട വി. 1. കൂട്ടിപ്പിണയ്ക്കപ്പെട്ട; 2. യുക്തിയുക്തമായ
പ്രശ്ലേഷം നാ. 1. ചി ങ്ങളിൽ ഒന്ന്, എ ഒ മുതലായവ അധികം നീട്ടണമെന്നു കാണിക്കുന്നത്; 2. കൂടിച്ചേർന്നിരിപ്പ്
പ്രഷ്ടാവ് നാ. പൃച്ഛരി, (ജ്യോത്സ്യനോടു)ചോദിക്കുന്നവൻ
പ്രസക്ത വി. 1. അധികം താത്പര്യമുള്ള; 2. കൂടിച്ചേർന്നിരിക്കുന്ന; 3. നിത്യമായ; 4. വിടർന്ന; 5. ലഭിച്ച
പ്രസക്തം നാ. തുടർന്നു ബന്ധപ്പെട്ടത്
പ്രസക്തി നാ. 1. താത്പര്യം; 2. സ്നേഹം; 3. ചേർച്ച; 4. സംബന്ധം; 5. കാര്യം; 6. വ്യാപ്തി; 7. നേട്ടം; 8. ലാഭം
പ്രസങ്ഗകൻ നാ. പ്രസങ്ഗകർത്താവ്
പ്രസങ്ഗതഃ അവ്യ. ഒരു കാര്യം പറയുന്നതിനിടയ്ക്ക്
പ്രസങ്ഗം നാ. 1. ഒരു സങ്ഗതിയെപ്പറ്റി പറയുമ്പോൾ അതുസംബന്ധിച്ചു വല്ല കഥയോ ഉപകഥയോ വർത്തമാനമോ ഉണ്ടായിത്തീരൽ, അതിനെപ്പറ്റി ചേർത്തു പറയുന്ന വാക്ക് അല്ലെങ്കിൽ യുക്തി; 2. വിസ്തരിച്ചു പറയൽ; 3. ഏതെങ്കിലും വിഷയത്തെപ്പറ്റി സദസ്സിൽവച്ചു പറയുന്ന പ്രഭാഷണം; 4. താത്പര്യം; 5. വിഷയം; 6. സംബന്ധം, മൈഥുനം; 7. ഗൂഢരതി; 8. അവസരം; 9. ഉപന്യാസം
പ്രസങ്ഗവശാൽ അവ്യ. പറഞ്ഞുവന്നപ്പോൾ, പ്രസങ്ഗതഃ

പ്രസങ്ഗാനുപ്രസങ്ഗം നാ. ഒരു പ്രസങ്ഗത്തെ തുടർന്നുള്ള മറ്റൊരു പ്രസങ്ഗം

പ്രസങ്ഗി വി. 1. താത്പര്യമുള്ള; 2. അപ്രധാനമായ. നാ. പ്രസങ്ഗിക്കുന്നവൻ

പ്രസങ്ഗിക്കുക നാ. 1. പ്രഭാഷണം നടത്തുക; 2. ഒരു പ്രധാന സങ്ഗതിയെക്കുറിച്ച് മറ്റു പല കഥകളോ യുക്തികളോ പറയുക; 3. വിസ്തരിച്ചു പറയുക, ഒരു വിഷയത്തെ പുരസ്കരിച്ച് ഉപദേശിക്കുക

പ്രസജ്യ വി. പ്രസക്തിയുള്ള, പ്രയോഗിക്കാവുന്ന

പ്രസഞ്ജനം നാ. കൂട്ടിച്ചേർക്കൽ

പ്രസത്തി നാ. 1. ആനുകൂല്യം; 2. ശുദ്ധി

പ്രസന്ന വി. തെളിവുള്ള, ദയയുള്ള

പ്രസന്നത നാ. 1. പ്രസാദം (തെളിവ്, ദയ); 2. പ്രസന്ന ഭാവം

പ്രസന്നം നാ. 1. തെളിഞ്ഞത്; 2. ഒരുതരം മദ്യം

പ്രസഭം അവ്യ. ശക്തിയോടെ, നിർബന്ധമായി, അത്യാവശ്യമായി

പ്രസർപ്പണം നാ. ചുറ്റിസഞ്ചാരം

പ്രസർപ്പിക്കുക ക്രി. 1. വ്യാപിക്കുക, പ്രചരിക്കുക; 2. ഇഴഞ്ഞുപോവുക

പ്രസർപ്പിത നാ. പ്രസർപ്പിക്കപ്പെട്ട

പ്രസരം നാ. 1. വ്യാപ്തി, പരക്കൽ; 2. ദ്രുതഗതി; 3. ഒഴുക്ക് (മുന്നോട്ടുള്ള ഗതി); 4. യുദ്ധം; 5. ഇരുമ്പുശരം; 6. പ്രശരം; 7. സമയം; 8. സാമർഥ്യം; 9. വരിനെല്ല്; 10. പ്രീതിപൂർവകമായ അപേക്ഷ; 11. പ്രേമം; 12. ഏലാവാലുകം

1113

പ്രസരിക്കുക ക്രി. 1. പരക്കുക; 2. ഉത്സാഹിക്കുക; 3. പ്രവേശിക്കുക

പ്രസരിപ്പ് നാ. 1. പരപ്പ്; 2. ഉത്സാഹം; 3. ചൊടി

പ്രസവനം നാ. പ്രസവിക്കൽ

പ്രസവം നാ. 1. പേറ്, ഗർഭമോചനം; 2. പൂവ്; 3. തളിർ; 4. ഫലം, കായ്; 5. ഉത്പാദനം; 6. സന്തതി; 7. ഉത്പത്തിസ്ഥാനം

പ്രസവിക്കുക ക്രി. പെറുക

പ്രസവിതാവ് നാ. പിതാവ് (സ്ത്രീ) പ്രസവിത്രി

പ്രസഹിക്കുക ക്രി. 1. ഏറെസഹിക്കുക; 2. അനുഭവിക്കുക; 3. ക്ഷമിക്കുക; 4. വലയുക

പ്രസഹിഷ്ണു നാ. പ്രസഹിക്കുന്ന ശീലമുള്ളവൻ

പ്രസഹ്യ അവ്യ. ബലാത്കാരേണ, പ്രകർഷേണ സഹിച്ചിട്ട്

പ്രസാദനം നാ. 1. ചോറ്; 2. ശുദ്ധീകരണം; 3. സേവനം; 4. ദൃഷ്ടിക്കു തെളിവുണ്ടാക്കുന്നത്

പ്രസാദനി നാ. പ്രസാദത്തെ ചെയ്യുന്നത്

പ്രസാദം നാ. 1. തെളിവ്, പ്രസന്നത; 2. ദേവോച്ഛിഷ്ടം (പുഷ്പവും മറ്റും); 3. ദയ; 4. ആനുകൂല്യം; 5. അനുഗ്രഹം; 6. (കാവ്യ) കാവ്യഗുണങ്ങളിൽ ഒന്ന്, പെട്ടെന്നു മനസ്സിൽ വ്യാപിച്ചു മനോവികാസം ഉണ്ടാക്കുന്ന ഗുണം; 7. അനുസരണം

പ്രസാദിക്കുക ക്രി. സന്തോഷീകുക, തെളിയുക

പ്രസാദ്യ വി. പ്രസാദനം ചെയ്യത്തക്ക. അവ്യ. പ്രസാദിപ്പിച്ചിട്ട്

പ്രസാധക വി. 1. നിവർത്തിക്കുന്ന, സാധിക്കുന്ന; 2. വെടിപ്പാക്കുന്ന, അലങ്കരിക്കുന്ന; 3. തികയ്ക്കുന്ന; 4. പ്രസിദ്ധീകരിക്കുന്ന. നാ. പ്രസാധകൻ (സ്ത്രീ) പ്രസാധിക

പ്രസാധനം നാ. 1. വസ്ത്രം മുതലായതുകൊണ്ട് ഉണ്ടാക്കുന്ന അലങ്കാരം; 2. നിർവഹണം; 3. ചീപ്പ്

പ്രസാധനി നാ. ചീപ്പ്

പ്രസാരണം നാ. 1. പ്രസരിപ്പിക്കൽ; 2. സഞ്ചാരം; 3. നീട്ടൽ

പ്രസാരണി നാ. 1. ഒരു ഔഷധം, തലനീളി; 2. നാലുപാടുമുള്ള പടപ്പുറപ്പാട്

പ്രസാരം നാ. 1. വ്യാപ്തി; 2. വായ്തുറക്കൽ; 3. പുല്ലും മറ്റും ഉണ്ടാകുന്ന സ്ഥലം

പ്രസാരിത വി. 1. നീട്ടപ്പെട്ട; 2. പരത്തപ്പെട്ട

പ്രസാര്യ വി. പ്രസാരണം ചെയ്യേണ്ട

പ്രസിക്ത വി. നനച്ച, തർപ്പിക്കപ്പെട്ട

പ്രസിത വി. 1. താത്പര്യമുള്ള; 2. ബന്ധിക്കപ്പെട്ട; 3. ഏർപ്പെട്ടിരിക്കുന്ന; 4. തെളിവുള്ള

പ്രസിദ്ധ വി. 1. കേൾവിപ്പെട്ട; 2. അലങ്കരിക്കപ്പെട്ട

പ്രസിദ്ധപ്പെടുക ക്രി. കേൾവിപ്പെടുക

പ്രസിദ്ധപ്പെടുത്തുക ക്രി. പ്രസിദ്ധീകരിക്കുക, പ്രസിദ്ധമാക്കുക

പ്രസിദ്ധി നാ. 1. കേൾവി, നല്ലപോലെ അറിയപ്പെട്ട നില, പ്രചാരം; 2. ചമയം

പ്രസിദ്ധിപത്രം നാ. വിളംബരം

പ്രസിദ്ധിഹതം നാ. (കാവ്യ) ഒരു കാവ്യദോഷം, പ്രസിദ്ധിക്കു വിരുദ്ധമായത്

പ്രസിദ്ധീകരിക്കുക ക്രി. പ്രസിദ്ധമാക്കുക

പ്രസീദ ക്രി. പ്രസാദിച്ചാലും

പ്രസീദിക നാ. ചെറിയ തോട്ടം

പ്രസു നാ. 1. അമ്മ (പ്രസവിച്ചവൾ); 2. പെൺകുതിര; 3. വാഴ; 4. പടരുന്ന വള്ളി; 5. നാമ്പ്

പ്രസുപ്ത നാ. നന്നായി ഉറങ്ങുന്ന

പ്രസൂക നാ. പെൺകുതിര, പ്രസു

പ്രസൂത1 നാ. 1. ജനിച്ച; 2. പ്രസവിക്കപ്പെട്ട

പ്രസൂത2 നാ. പ്രസവിച്ചവൾ, പ്രസവിച്ചിട്ട് അധികം നാളാകാത്തവൾ

പ്രസൂതം നാ. 1. പൂവ്, പ്രസൂനം; 2. ഉത്പത്തിസ്ഥാനം

പ്രസൂതി നാ. 1. പിറവി, പ്രസവം; 2. സന്തതി; 3. മനുവിൻെറ ഒരു പുത്രി, ദക്ഷപത്നി; 4. ഫലം; 5. മാതാവ്

പ്രസൂതിക നാ. = പ്രസൂത2

പ്രസൂന(ക)ം നാ. 1. പുഷ്പം; 2. മൊട്ട്; 3. കായ്

പ്രസൂനബാണൻ നാ. കാമദേവൻ

പ്രസൃത നാ. 1. പ്രസരിച്ച, നീണ്ട; 2. വിനയമുള്ള

പ്രസൃതം നാ. 1. കൈക്കുമ്പിൾ; 2. രണ്ടുപലം തൂക്കം; 3. (വാൾപ്പയറ്റിൽ) വാൾമുനകൊണ്ടു കുത്തൽ

പ്രസൃതി നാ. 1. അഭിവൃദ്ധി; 2. പ്രസൃതം
പ്രസൃത്വര വി. പ്രസരിക്കുന്ന ശീലമുള്ള
പ്രസൃപ്ത വി. പ്രസർപ്പണം ചെയ്യപ്പെട്ട
പ്രസൃമര വി. പരന്നിരിക്കുന്ന, വ്യാപിക്കുന്ന
പ്രസൃമരം അവ്യ. ഏറ്റവും
പ്രസൃഷ്ട വി. 1. ത്യജിക്കപ്പെട്ട; 2. ഉപദ്രവിക്കപ്പെട്ട
പ്രസേകം നാ. 1. തളിക്കൽ; 2. ഊറൽ; 3. (ഇന്ദ്രിയ)സ്ഖലനം; 4. ഛർദി; 5. തവിയുടെയും മറ്റും കുഴിഞ്ഞ ഭാഗം
പ്രസേവകം നാ. 1. വീണയുടെ ചുര(ങ്ങ); 2. കൊട്ട; 3. ചാക്ക്; 4. വട്ടി
പ്രസ്കന്ദനം നാ. 1. ചാടിക്കടക്കൽ; 2. വയറിളക്കം
പ്രസ്കന്ന നാ. 1. അപരാധിയായ; 2. തോൽപ്പിക്കപ്പെട്ട
പ്രസ്തരണ(ം) നാ. 1. മെത്ത; 2. വിരിപ്പ്
പ്രസ്തരം നാ. 1. കല്ല്, പാറ; 2. രത്നം; 3. പർണതല്പം; 4. പൂമെത്ത; 5. നിരപ്പുള്ള തറ; 6. ഖണ്ഡിക; 7. ഒരുപിടി ദർപ്പപ്പുല്ല്
പ്രസ്തവം നാ. 1. മുഹൂർത്തം; 2. സ്തോത്രം
പ്രസ്താരം നാ. 1. കുറ്റിക്കാട്; 2. ചവറ്; 3. പർണതല്പം; 4. വിരിക്കൽ; 5. പട്ടിക
പ്രസ്താവന നാ. 1. നാട്യാരംഭം; 2. ആരംഭം; 3. മുഖവുര; 4. പറച്ചിൽ
പ്രസ്താവം നാ. 1. പ്രസ്താവന; 2. പറച്ചിൽ; 3. ആരംഭം; 4. അഭിപ്രായം
പ്രസ്താവിക്കുക ക്രി. 1. പറയുക; 2. ആരംഭിക്കുക
പ്രസ്താവിത നാ. പ്രസ്താവിക്കപ്പെട്ട
പ്രസ്താവ്യ നാ. പ്രസ്താവിക്കത്തക
പ്രസ്തുത നാ. 1. സ്തുതിക്കപ്പെട്ട; 2. ആലോചിക്കപ്പെട്ട; 3. പറയപ്പെട്ട
പ്രസ്തുതം നാ. 1. ആലോചിക്കപ്പെട്ട കാര്യം; 2. വർണ്യവിഷയം; 3. ഉപമേയം
പ്രസ്തോതാവ് നാ. പ്രസ്താവിക്കുന്നവൻ
പ്രസ്ഥ നാ. 1. പരക്കുന്ന; 2. ഉറപ്പായിട്ടിരിക്കുന്ന; 3. പോകുന്ന
പ്രസ്ഥം നാ. 1. ഒരു അളവ്; 2. പലം; 3. ഇടങ്ങഴി; 4. കണക്കാക്കപ്പെട്ട വസ്തു; 5. മലയുടെ മധ്യേയുള്ള പരപ്പ്; 6. തടം
പ്രസ്ഥമാനം നാ. നാഴി ഇടങ്ങഴി മുതലായവകൊണ്ട് അളന്ന് കൃത്യപ്പെടുത്തുന്നത്
പ്രസ്ഥാനം നാ. 1. യാത്ര, (സൈന്യത്തിൻെറ) പുറപ്പാട്; 2. രീതി; 3. പദ്ധതി; 3. ഒരുതരം നൃത്യകൃതി, പ്രസ്ഥാനരാസകം; 4. അയപ്പ്
പ്രസ്ഥാനത്രയം നാ. മൂന്നുപ്രസ്ഥാനങ്ങൾ (1. ദ്വൈതം, 2. വിശിഷ്ടാദ്വൈതം, 3. അദ്വൈതം)
പ്രസ്ഥാപന നാ. അയപ്പ്
പ്രസ്ഥാപനം നാ. 1. അയപ്പ്; 2. നീക്കൽ; 3. സംഭാഷണം; 4. ശരിയായി വയ്ക്കൽ; 5. തെളിയിക്കൽ; 6. പ്രയോഗം; 7. പ്രസ്ഥാപിക്കുക
പ്രസ്ഥാപിത നാ. പ്രസ്ഥാപിക്കപ്പെട്ട (പ്രകർഷേണ സ്ഥാപിതമായ)
പ്രസ്ഥിത നാ. പുറപ്പെട്ട
പ്രസ്നം നാ. സ്നാനത്തിനുള്ള തൊട്ടി

പ്രസ്നവം നാ. ചുരന്ന പാൽ
പ്രസ്നുത വി. ഊറുന്ന, ചുരന്ന
പ്രസ്നുഷ നാ. പൗത്രൻെറ ഭാര്യ
പ്രസ്ഫുരണം നാ. 1. വിറയൽ; 2. തിളക്കം
പ്രസ്ഫുരിത നാ. പ്രസ്ഫുരണം ചെയ്യപ്പെട്ട
പ്രസ്ഫോടനം നാ. 1. അരിപ്പുകൊട്ട, മുറം; 2. അടിക്കൽ; 3. മെതി; 4. വികസിപ്പിക്കൽ; 5. പിളർക്കൽ; 6. പ്രകാശനം; 7. വിശദീകരണം
പ്രസ്മൃതി നാ. മറവി, ഓർമകേട്
പ്രസ്രവണം നാ. 1. മൂത്രമൊഴിപ്പ്; 2. പ്രസവിക്കൽ; 3. വെള്ളച്ചാട്ടം; 4. മാല്യവാൻ (പർവതം); 5. പാൽ; 6. ഊറ്റുകുഴി; 7. തുമ്പ്; 8. വിയർപ്പ്
പ്രസ്രവം നാ. 1. ഒഴുക്ക്, ചുരത്തൽ; 2. മൂത്രം; 3. തിളച്ചുതൂകുന്ന കഞ്ഞിപ്പത; 4. പാൽ
പ്രസവിക്കുക ക്രി. 1. ഒഴുകുക; 2. വാർന്നുവീഴുക; 3. ഊറുക; 4. ചുരത്തുക
പ്രസ്രാവം നാ. 1. ഒഴുക്ക്; 2. മൂത്രം; 3. ഊറൽ
പ്രസ്രുത വി. 1. ഒഴുകിയ; 2. ഊറിയ
പ്രസ്രുതി നാ. ഒഴുക്ക്
പ്രസ്വാനം വി. വലിയ ഒച്ച
പ്രസ്വാപക വി. ഉറക്കം വരുത്തുന്ന
പ്രസ്വാപം നാ. 1. ഉറക്കം; 2. സ്വപ്നം
പ്രഹണനം നാ. 1. കൊല; 2. ഹനിക്കൽ; 3. താഡനം
പ്രഹത1 വി. 1. അടിക്കപ്പെട്ട, കൊല്ലപ്പെട്ട, തോൽപ്പിക്കപ്പെട്ട; 2. പഠിപ്പുള്ള; 3. വിരിക്കപ്പെട്ട
പ്രഹത2 നാ. ഉഴുത ഭൂമി
പ്രഹർത്തവ്യ വി. പ്രഹരിക്കത്തക്ക
പ്രഹർത്താവ് നാ. പ്രഹരിക്കുന്നവൻ (സ്ത്രീ) പ്രഹർത്രി
പ്രഹർഷം നാ. 1. സന്തോഷം; 2. രോമാഞ്ചം; 3. ലിങ്ഗത്തിൻെറ ഉത്ഥാനം
പ്രഹർഷണം നാ. 1. ആനന്ദിപ്പിക്കൽ; 2. (അലം) സമാധി എന്ന അലങ്കാരത്തിൻെറ വകഭേദം
പ്രഹർഷണി നാ. 1. മഞ്ഞൾ; 2. നായ്ക്കുരുണ; 3. ഒരു വൃത്തം; 4. പ്രഹർഷിണി
പ്രഹരകം നാ. 1. ഒരു യാമം; 2. മണിയടിക്കൽ
പ്രഹരണം നാ. 1. ആയുധം; 2. ആക്രമണം; 3. അടി; 4. യുദ്ധം; 5. മൂടിയ വണ്ടി; 6. വണ്ടിപ്പേട്ട
പ്രഹരണീയം വി. ആയുധം
പ്രഹരം നാ. 1. അടി (ശരിയായരൂപം പ്രഹാരം); 2. ഒരു യാമം; 3. മണിക്കൂർ (ഢക്കാദി വാദ്യങ്ങൾ അടിക്കപ്പെടുന്ന സമയം); 4. അസ്ത്രപ്രയോഗം
പ്രഹരി നാ. കാവൽക്കാരൻ (മണിയടിക്കുന്നവൻ) (സ്ത്രീ) പ്രഹരിണി
പ്രഹരിക്കുക ക്രി. 1. അടിക്കുക; 2. ഇടിക്കുക; 3. ആയുധം അന്യൻെറമേൽ പ്രയോഗിക്കുക

പ്രഹസനം നാ. 1. ഉറക്കെയുള്ള ചിരി; 2. പരിഹാസം (കളിയാക്കൽ); 3. ദശരൂപങ്ങളിൽ ഒന്ന്, ഹാസ്യനാടകം
പ്രഹസിതം നാ. പൊട്ടിച്ചിരി
പ്രഹസ്തം നാ. വിരലെല്ലാം നിവർത്ത കൈപ്പടം
പ്രഹാണം നാ. ത്യാഗം, ഉപേക്ഷിക്കൽ
പ്രഹാരം നാ. 1. അടി; 2. വധം; 3. ഇടി; 4. ചവിട്ട്
പ്രഹാരി വി. പ്രഹരിക്കുന്ന
പ്രഹാസകൻ നാ. വിസൂഷകൻ
പ്രഹാസൻ നാ. 1. നടൻ; 2. ശിവൻ
പ്രഹാസം നാ. 1. ഉറക്കെയുള്ള ചിരി; 2. ഗോഷ്ടി; 3. നിന്ദ
പ്രഹാസി നാ. വിദൂഷകൻ
പ്രഹി നാ. കിണർ
പ്രഹിത വി. 1. ഹിതമായ; 2. നിശ്ചയിക്കപ്പെട്ട; 3. അയയ്ക്കപ്പെട്ട; 4. വയ്ക്കപ്പെട്ട
പ്രഹിതം നാ. 1. ചാറ്; 2. കറിക്കൂട്ട്
പ്രഹീണം നാ. 1. നഷ്ടം; 2. ത്യജിക്കപ്പെട്ടത്
പ്രഹൃത നാ. പ്രഹരിക്കപ്പെട്ട (അടിയേറ്റ)
പ്രഹൃതി നാ. പ്രഹരം
പ്രഹൃഷ്ട നാ. അധികം സന്തോഷിച്ച
പ്രഹേള നാ. ശ്രുങ്ഗാരാഭിനയം, അഴിഞ്ഞ നടത്ത
പ്രഹേളി(ക) നാ. 1. കടങ്കഥ; 2. സ്വരൂപാർഥത്തെ മറച്ചുവച്ചു പറയുക; 3. അർഥം മനസ്സിലാകുവാൻ പ്രയാസമുള്ള ചോദ്യം
പ്രഹ്ലാദൻ നാ. (പുരാണ) ഒരു വിഷ്ണുഭക്തൻ, ഹിരണ്യകശിപുവിന് കയാധുവിൽ ജനിച്ച പുത്രൻ
പ്രഹ്വ വി. 1. കനിഞ്ഞ; 2. താത്പര്യമുള്ള; 3. വിനീതമായ
പ്രളയം നാ. 1. ഓരോ കല്പാവസാനത്തുമുള്ള ലോകനാശം; 2. പ്രളയം; 3. നിത്യം; 4. നൈമിത്തികം; 5. പ്രാകൃതികം; 6. ആത്യന്തികം
പ്രളയാഗ്നി നാ. കല്പാന്തത്തിൽ ലോകം മുഴുവൻ നശിപ്പിക്കുന്ന അഗ്നി
1115
പ്രാക് അവ്യ. 1. മുമ്പായ, മുമ്പാകെയുള്ള; 2. കിഴക്കുള്ള; 3. കഴിഞ്ഞ; 4. കിഴക്കെ ദിക്ക്; 5. കിഴക്കുള്ള ദേശം; 6. കഴിഞ്ഞകാലം; 7. പ്രഭാതം
പ്രാകർഷിക വി. പ്രകർഷണത്തിന് അവകാശമുള്ള
പ്രാകൽ നാ. പിരാക്ക്
പ്രാകാമ്യം നാ. 1. അഷ്ടൈശ്വര്യങ്ങളിൽ ഒന്ന്; 2. ശിവൻെറ ഒരു സിദ്ധി; 3. തൻെറ ഇഷ്ടംപോലെ പ്രവർത്തിക്കൽ
പ്രാകാരം നാ. 1. മതിൽ; 2. കോട്ട
പ്രാകാശ്യം നാ. 1. അഷ്ടൈശ്വര്യങ്ങളിൽ ഒന്ന്; 2. പരസ്യം; 3. പ്രസിദ്ധി
പ്രാകുക നാ. പിരാകുക, ശപിക്കുക
പ്രാകൃത വി. 1. പ്രകൃതം സംബന്ധിച്ച; 2. നീചത്വമുള്ള; 3. താണ; 4. പരിഷ്കാരമില്ലാത്ത; 5. തത്ത്വജ്ഞാനമില്ലാത്ത
പ്രാകൃതപ്രളയം നാ. മൂലപ്രകൃതിയിൽ സർവതും ലയിക്കൽ

പ്രാകൃതം നാ. 1. പ്രാകൃതശാസ്ത്രം; 2. പ്രാകൃതഭാഷ; 3. ക്ഷീണം
പ്രാക്ര്6തിക വി. 1. പ്രകൃതം സംബന്ധിച്ച; 2. സ്വാഭാവികമായ, പ്രകൃതിയിലുള്ള
പ്രാക്കർമം നാ. പൂർവകർമം, പ്രാരംഭകർമം
പ്രാക്കൃത നാ. പൂർവജന്മത്തിൽചെയ്ത, മുമ്പുചെയ്ത
പ്രാക്തന വി. 1. ഏറ്റവും പുരാതനമായ; 2. പഴക്കമുള്ള; 3. പൂർവജന്മത്തിലുള്ള
പ്രാക്തനം നാ. 1. പൂർവകർമഫലം; 2. പുരാതനം
പ്രാക്പ്രയോഗം നാ. ഏതുധാതുവിനെ സഹായിപ്പാനായി അനുപ്രയോഗം ചെയ്യുന്നുവോ ആ ധാതു
പ്രാഖര്യം നാ. 1. എതിര്; 2. മൂർച്ച; 3. ദുഷ്ടത; 4. ഉത്സാഹം
പ്രാഗ് നാ. = പ്രാക് (സ്വരങ്ങൾക്കും മൃദുക്കൾക്കും മറ്റും മുമ്പിൽ വരുമ്പോൾ അനുനാസികങ്ങൾക്കു മുന്നിൽ ആയാൽ പ്രാങ് എന്നു രൂപം)
പ്രാഗഭാവം നാ. മുമ്പ് ഇല്ലാത്തസ്ഥിതി
പ്രാഗല്ഭ്യം നാ. = പ്രഗല്ഭത
പ്രാഗാരം നാ. 1. ഭവനം; 2. കെട്ടിടം
പ്രാഗുദീചി നാ. വടക്കുകിഴക്ക്
പ്രാഗ്ജന്മം നാ. പൂർവജന്മം
പ്രാഗ്ജ്യോതിഷം നാ. പ്രാചീനഭാരതത്തിൻെറ വടക്കുകിഴക്കെ മൂലയിൽ ഉണ്ടായിരുന്ന ഒരു രാജ്യം, കാമരൂപം
പ്രാഗ്ദക്ഷിണം നാ. തെക്കുകിഴക്ക്
പ്രാഗ്ഭവ വി. 1. കിഴക്കുണ്ടായ; 2. മുമ്പുണ്ടായ
പ്രാഗ്ഭാവം നാ. 1. പ്രാധാന്യം; 2. മുമ്പുണ്ടായിരിക്കൽ
പ്രാഗ്രം നാ. അങ്ങേയറ്റം, പരമകാഷ്ഠ
പ്രാഗ്രൂപം നാ. മുൻപുണ്ടായിരുന്ന ആകൃതി
പ്രാഗ്ര്യ വി. പ്രധാനമായ, ശ്രേഷ്ഠമായ
പ്രാഘാതം നാ. യുദ്ധം, ശണ്ഠ
പ്രാഘാരം നാ. ഇറ്റിറ്റുവീഴ്ച, ഊറൽ
പ്രാഘുണ(ക)ൻ നാ. അഭ്യാഗതൻ, വിരുന്നുകാരൻ, പ്രാഘുണികൻ
പ്രാങ്ഗണം നാ. 1. ന്യായസ്ഥലം; 2. മുറ്റം; 3. പ്രാങ്ഗനം
പ്രാങ്ഗം നാ. പണവം എന്ന വാദ്യം
പ്രാങ്ന്യായം നാ. മുമ്പു തീർച്ചചെയ്തുപോയകാര്യം
പ്രാചാര്യൻ നാ. 1. ഗുരുവിൻെറ ഗുരു; 2. ജോലിയിൽനിന്നു വിരമിച്ച ഗുരു
പ്രാചി നാ. 1. കിഴക്കു ദിക്ക്; 2. മുമ്പുള്ളത്
പ്രാചിക നാ. 1. കാട്ടീച്ച; 2. പെൺപരുന്ത്; 3. കൊതുക്
പ്രാചീന വി. 1. കിഴക്കുള്ള; 2. പണ്ടുള്ള; 3. പാടവള്ളി
പ്രാചീനം നാ. 1. കിഴക്കുള്ളത്; 2. മുമ്പുള്ളത്
പ്രാചീപതി നാ. ഇന്ദ്രൻ
പ്രാചീരം നാ. 1. വേലി, മതിൽ; 2. ഉരസ്സിനെയും വയറിനെയും വേർതിരിച്ചുകൊണ്ട് ഉള്ളിൽ സ്ഥിതിചെയ്യുന്ന സ്തരം

പ്രാചുരി നാ. പ്രചുരത, സമൃദ്ധി, കൂട്ടം, പ്രാചുര്യം
പ്രാചേതസൻ നാ. 1. വാല്മീകി; 2. ദനു; 3. ദക്ഷൻ
പ്രാച്യ(ക) വി. 1. പ്രാചിയെ സംബന്ധിച്ച; 2. കിഴക്കുള്ള; 3. പഴയ; 4. ആദിയിലുള്ള; 5. മുൻഭാഗത്തുള്ള
പ്രാച്യം നാ. 1. ആദി; 2. ആദിയിലുള്ളത്; 3. ശരാവതീനദിയുടെ തെക്കുകിഴക്കുള്ള ദേശം
പ്രാജകൻ നാ. 1. മേയിക്കുന്നവൻ; 2. തേരുതെളിക്കുന്നവൻ; 3. വണ്ടിക്കാരൻ
പ്രാജനം നാ. 1. കന്നുകാലികളെ തെളിക്കാനുള്ള വടി; 2. മുടിങ്കോൽ; 3. ചാട്ട; 4. ്വ്രാജനം
പ്രാജാപത്യ വി. പ്രജാപതിയെ സംബന്ധിച്ച
പ്രാജാപത്യൻ നാ. വിഷ്ണു
പ്രാജാപത്യം നാ. 1. അഷ്ടവിവാഹങ്ങളിൽ ഒന്ന്; 2. പ്രജാപതീതീർഥം; 3. സന്തതിലാഭാർഥം ചെയ്യുന്ന തപസ്സ്
പ്രാജി(കം) നാ. പരുന്ത്, പ്രാപ്പിടിയൻ
പ്രാജ്ഞ1 വി. 1. പ്രജ്ഞയോടുകൂടിയ; 2. അറിവുള്ള; 3. അടക്കമുള്ള
പ്രാജ്ഞ2 നാ. 1. ബുദ്ധിയുള്ളവൾ; 2. ഗ്രഹണശക്തി
പ്രാജ്ഞൻ നാ. 1. ബുദ്ധിമാൻ; 2. സുഷുപ്ത്യഭിമാനിയായ ആത്മാവ്, സുഷുപ്ത്യവസ്ഥയുടെ ആത്മാവ്
പ്രാജ്ഞമ്മന്യൻ നാ. പ്രാജ്ഞനെന്ന് അഭിമാനിക്കുന്നവൻ, വിദ്വാനെന്നു നടിക്കുന്നവൻ
പ്രാജ്യ വി. 1. സമൃദ്ധമായ; 2. പെരുകിയ; 3. വലിയ
പ്രാഞ്ചുക ക്രി. തളർന്നു പതുക്കെ നടക്കുക
പ്രാഞ്ജല വി. കാപട്യമില്ലാത്ത, ചൊവ്വായ
പ്രാഞ്ജലി നാ. കൂപ്പുകൈ
പ്രാഡ്വിവാകൻ നാ. 1. ജഡ്ജി; 2. ന്യായാധിപതി
പ്രാണകം നാ. 1. ജീവനുള്ള വസ്തു; 2. നറുമ്പശ
പ്രാണഘ്ന വി. 1. പ്രാണനെ ഹനിക്കുന്ന; 2. ജീവനാശകരമായ
പ്രാണച്ഛേദം നാ. വധം, മരണം
പ്രാണത്യാഗം നാ. 1. ആത്മഹത്യ; 2. മരണം
പ്രാണദണ്ഡം നാ. വധശിക്ഷ
പ്രാണദൻ നാ. 1. വിഷ്ണു; 2. വായു; 3. പ്രാണനെ പ്രദാനംചെയ്യുന്നവൻ
പ്രാണദം നാ. 1. ജലം; 2. രക്തം
പ്രാണദാതാവ് നാ. 1. പ്രാണൻ നൽകുന്നവൻ; 2. രക്ഷകൻ
പ്രാണധാരകം നാ. 1. പഥ്യഭക്ഷണം; 2. ജീവന് ആധാരമായുള്ളത്
പ്രാണധാരണം നാ. 1. ജീവിതം; 2. കാലക്ഷേപം
പ്രാണൻ നാ. 1. പഞ്ചവായുക്കളിൽ ഒന്ന്; 2. ശ്വാസം; 3. ശക്തി; 4. ഏറ്റവും പ്രിയപ്പെട്ടവൻ
പ്രാണനം നാ. 1. ശ്വസനം, ജീവധാരണം; 2. തൊണ്ട; 3. ജലം
പ്രാണനാഥ നാ. ഭാര്യ, പ്രാണനായിക

പ്രാണനാഥൻ നാ. 1. ഭർത്താവ്; 2. പ്രാണനായകൻ; 3. യമൻ
പ്രാണനാശം നാ. മരണം
പ്രാണപരിഗ്രഹം നാ. ജീവിതം
പ്രാണപ്രതിഷ്ഠ നാ. 1. വിഗ്രഹത്തിൽ ഈശ്വരചൈതന്യം ഉണ്ടാക്കൽ; 2. മരിക്കാറായവനെ രക്ഷപ്പെടുത്തൽ
പ്രാണപ്രയാണം നാ. മരണം
പ്രാണപ്രിയൻ നാ. ബർത്താവ്, പ്രാണപ്രേഷ്ഠൻ
പ്രാണപ്രിയ നാ. ഭാര്യ, പ്രാണപ്രേഷ്ഠ
പ്രാണഭയം നാ. 1. മരണഭയം; 2. ജീവാപായം
പ്രാണഭൃത്ത് വി. ജീവനുള്ള. നാ. സചേതനവസ്തു
പ്രാണകോശം നാ. പ്രാണരൂപമായ കോശം
പ്രാണയോനി നാ. 1. ബ്രഹ്മം; 2. വായു
പ്രാണരന്ധ്രം നാ. 1. വായ്; 2. മൂക്ക്
പ്രാണരോധം നാ. 1. ശ്വാസമടക്കൽ; 2. ഒരു നരകം
പ്രാണവല്ലഭൻ നാ. പ്രാണനാഥൻ
പ്രാണവാൻ നാ. 1. ചൈതന്യമുള്ളവൻ; 2. ബലവാൻ
പ്രാണവായു നാ. ജീവവായു, അമ്ലജനകം
പ്രാണവേദന നാ. 1. മരണവേദന; 2. വലിയ സങ്കടം
പ്രാണസങ്കടം നാ. 1. വലിയ ആപത്ത്; 2. ജീവാപായം
പ്രാണസ്നേഹിതൻ നാ. ഉറ്റചങ്ങാതി, ആത്മസുഹൃത്ത്
പ്രാണഹര നാ. പ്രാണനെ ഹരിക്കുന്ന, മരണമുണ്ടാക്കുന്ന
പ്രാണഹാനി നാ. ജീവനാശം, മരണം
പ്രാണാത്യയം നാ. മരണം
പ്രാണാന്തം അവ്യ. മരണം വരെ. നാ. മരണം (അന്ത്യകാലം)
പ്രാണാന്തിക നാ. ജീവനെ നശിപ്പിക്കുന്ന
പ്രാണാന്തികം നാ. കൊല. പ്രാണാന്തികദണ്ഡം = മരണശിക്ഷ
പ്രാണാപായം നാ. ജീവനാശം
പ്രാണായാമം നാ. അഷ്ടാങ്ഗയോഗങ്ങളിൽ ഒന്ന്
പ്രാണി നാ. 1. ജീവി; 2. മനുഷ്യൻ; 3. കീടം (സ്ത്രീ) പ്രാണിനി
പ്രാണിജാതം നാ. ജീവജാലം
പ്രാണിത നാ. പ്രാണൻ നൽകിയ, ജീവിപ്പിക്കപ്പെട്ട
പ്രാണിദ്യൂതം നാ. 1. മേഷകുക്കൂടാദികളുടെ യുദ്ധം, പന്തയം പറഞ്ഞു കോഴിയെക്കൊണ്ടും മറ്റും പോരടിപ്പിക്കൽ; 2. വിളിച്ചുവരുത്തി ചൂതുകളിക്കൽ
പ്രാണിപീഡ നാ. ജീവികളെകൊല്ലൽ അല്ലെങ്കിൽ പീഡിപ്പിക്കൽ, പ്രാണഹിംസ
പ്രാണേശ നാ. ഭാര്യ, പ്രാണേശ്വരി
പ്രാണേശൻ നാ. ഭർത്താവ്, പ്രാണേശ്വരൻ
പ്രാണോപകാരി നാ. 1. വലിയ ഉപകാരം ചെയ്യുന്നവൻ; 2. ക്ഷുരകൻ
പ്രാതഃ അവ്യ. പ്രഭാതത്തിൽ
പ്രാതഃകാലം നാ. പ്രഭാതം
പ്രാതര ം നാ. പ്രാ ം, പൂർവാ ം

പ്രാതരശനം നാ. പ്രാതൽ, പ്രഭാതഭക്ഷണം, പ്രാതരാശം
പ്രാതൽ നാ. രാവിലത്തെ ഭക്ഷണം, മുത്താഴം
പ്രാതസ്തരാം അവ്യ. അതിരാവിലെ
പ്രാതസ്സന്ധ്യ നാ. പ്രഭാതം
പ്രാതികൂല്യം നാ. പ്രതികൂലത
പ്രാതിനിധ്യം നാ. പ്രതിനിധി എന്ന നില
പ്രാതിപദികം നാ. നാമപ്രകൃതി
പ്രാതിഭ നാ. പ്രതിഭാശക്തി. പ്രാതിഭശരീരം = കാരണശരീരം
പ്രാതിഭാസിക നാ. യഥാർഥമല്ലാത്ത. പ്രാതിഭാസികൻ = അക്ഷരപുരുഷൻ
പ്രാതിലോമ്യം നാ. വൈപരീത്യം
പ്രാതിശാഖ്യം നാ. വേദത്തിലെ ഓരോ ശാഖയിലെയും ശ്ലോകങ്ങളുടെയും പദങ്ങളുടെയും ഉച്ചാരണനിയമങ്ങൾ ക്രോഡീകരിച്ചിരിക്കുന്ന ഗ്രന്ഥം
പ്രാതിഹാര്യം നാ. ഇന്ദ്രജാലം
പ്രാത്യന്തികൻ നാ. അതിർത്തി ദേശാധിപൻ
പ്രാത്യയിക വി. വിശ്വാസം ഉള്ള, ജാമ്യം നിൽക്കുന്ന
പ്രാത്യഹിക നാ. ദിവസേനയുള്ള
പ്രാഥമിക നാ. ആദ്യമായ, മുമ്പുള്ള
പ്രാഥമ്യം നാ. ഒന്നാമതെന്നുള്ള നില
പ്രാദുർഭവിക്കുക നാ. പ്രത്യക്ഷമാകുക
പ്രാദുർഭാവം നാ. പ്രത്യക്ഷത, ഉത്പത്തി
പ്രാദുർഭൂത നാ. പ്രാദുർഭവിച്ച (പ്രത്യക്ഷമായ)
പ്രാദുഷ്കരണം നാ. പ്രത്യക്ഷമാക്കൽ
പ്രാദുഷ്യം നാ. പ്രത്യക്ഷത
പ്രാദുസ്സ് നാ. മുമ്പിൽ
പ്രാദേശനം നാ. ദാനം, കൊടുക്കൽ
പ്രാദേശിക നാ. 1. പ്രദേശം സംബന്ധിച്ച, സ്ഥലത്തുള്ള; 2. പരിമിതമായ; 3. അർഥവത്തായ
പ്രാദേശിനി നാ. ചൂണ്ടുവിരൽ
പ്രാദോഷം നാ. പ്രദോഷത്തെ (സന്ധ്യയെ) സംബന്ധിച്ച, പ്രാദോഷിക
പ്രാധ്വ വി. 1. ദൂരമുള്ള; 2. കുനിഞ്ഞ; 3. ബന്ധിക്കപ്പെട്ട
പ്രാധ്വം അവ്യ. അനുകൂലമായി. നാ. വണ്ടി
പ്രാധനികം നാ. ഒരു യുദ്ധോപകരണം
പ്രാധാന്യം നാ. പ്രധാനത ('പ്രാധാന്യത' തെറ്റായ രൂപം)

1117

പ്രാധീത നാ. 1. നല്ലവണ്ണം പഠിച്ച; 2. വേദാധ്യയനം കഴിച്ച
പ്രാധ്യയനം നാ. 1. വായന; 2. പഠിക്കൽ
പ്രാന്തദുർഗം നാ. 1. അതിരിലുള്ള കോട്ട; 2. ഉപഗ്രാമം; 3. പേട്ട
പ്രാന്തം നാ. 1. വക്ക്; 2. വിളുമ്പ്; 3. അറ്റം; 4. മൂക്ക്; 5. മൂല; 6. അതിർത്തി
പ്രാപ ക്രി. (പ്ര ഉപസർഗംചേർന്ന ആപ് ധാതുവിൻെറ ലിട് ഭൂതകാലം) പ്രാപിച്ച

പ്രാപകം നാ. 1. പ്രാപിക്കുന്നത്; 2. ലഭിക്കുവാനുള്ള വഴി
പ്രാപഞ്ചിക നാ. പ്രപഞ്ചവിഷയങ്ങളിൽ ഏർപ്പെട്ട
പ്രാപണം നാ. 1. പ്രാപി(പ്പി)ക്കൽ; 2. പ്രവേശിപ്പിക്കൽ; 3. ലാഭം; 4. അനുഭവം
പ്രാപണീയ വി. പ്രാപിക്കത്തക്ക
പ്രാപിക്കുക ക്രി. 1. ചെല്ലുക; 2. പ്രവേശിക്കുക; 3. ലഭിക്കുക; 4. സമീപിക്കുക; 5. എത്തുക; 6. അനുഭവിക്കുക; 7. സംയോഗംചെയ്യുക; 8. പ്രാപിക്കുക
പ്രാപ്ത വി. 1. പ്രാപിച്ച; 2. ലഭിച്ച; 3. ഉചിതമായ; 4. ശേഷിയുള്ള
പ്രാപ്തൻ നാ. 1. പ്രാപിക്കപ്പെട്ടവൻ; 2. പ്രാപ്തിയുള്ളവൻ, ശേഷിയുള്ളവൻ
പ്രാപ്തപ്രസവ നാ. പ്രസവിക്കാറായ
പ്രാപ്തയൗവന നാ. യൗവനം പ്രാപിച്ച
പ്രാപ്തവ്യവഹാര നാ. പ്രായപൂർത്തിവന്ന
പ്രാപ്തരൂപൻ നാ. സുന്ദരൻ, മൊഹിപ്പിക്കുന്നവൻ
പ്രാപ്തവ്യ വി. പ്രാപിക്കത്തക്ക
പ്രാപ്തി നാ. 1. പ്രാപിക്കൽ; 2. കഴിവ്; 3. പ്രവേശം; 4. അഷ്ടൈശ്വര്യങ്ങളിൽ ഒന്ന്
പ്രാപ്ത്യാശ നാ. (നാട്യ) പ്രാപ്തിയെ (ഫലത്തെ) കുറിച്ചുള്ള പ്രത്യാശ
പ്രാപ്പിടിയൻ നാ. ഒരു പക്ഷി
പ്രാപ്യ അവ്യ. പ്രാപിച്ചിട്ട്. വി. പ്രാപിക്കത്തക്ക
പ്രാപ്യസ്ഥാനം നാ. ചെന്നെത്തേണ്ടിടം
പ്രാബല്യം നാ. പ്രബലത
പ്രാഭഞ്ജനി നാ. 1. ഹനുമാൻ; 2. ഭീമസേനൻ
പ്രാഭവം നാ. 1. പ്രഭുത്വം; 2. ശ്രേഷ്ഠത, മേന്മ
പ്രാഭാകരമതം നാ. പ്രഭാകരൻ എന്ന ആചാര്യൻെറ മീമാംസകമതം
പ്രാഭൃതക(ം) നാ. 1. കാഴ്ചദ്രവ്യം; 2. ദാനം; 3. കൈക്കൂലി
പ്രാംണി നാ. വിവാഹത്തിനും മറ്റും പാട്ടുപാടുന്ന ജാതിയിൽപ്പെട്ട സ്ത്രീ, പുഷ്പകസ്ത്രീ, പ്രാമ്മണി
പ്രാംശു നാ. 1. പൊക്കമുള്ള; 2. നെടിയ, നീണ്ട
പ്രാമാണികം നാ. 1. പ്രമാണം സംബന്ധിച്ചത്, വിശ്വാസ്യമായത്; 2. മുഖ്യമായത്
പ്രാമാണ്യം നാ. പ്രമാണിയുടെ അവസ്ഥ, മുഖ്യത (പ്രമാണത)
പ്രാമാദിക നാ. പ്രമാദംകൊണ്ടുണ്ടായ, തെറ്റായ
പ്രാമിസറി [ഇം.] നാ. വാഗ്ദാനരൂപമായ. ഉദാഃ പ്രാമിസ്സറിനോട്ട്
പ്രായ വി. 1. തുല്യമായ; 2. അധികമുള്ള
പ്രായം അവ്യ. 1. പ്രായേണ; 2. തുല്യമായി, പോലെ . ഉദാഃ മൃതപ്രായൻ = മരിച്ചതിനു തുല്യൻ; 3. വയസ്സ്
പ്രായശഃ അവ്യ. മിക്കവാറും, പ്രായേണ
പ്രായശ്ചിത്തം നാ. തൻെറ പേരിലുള്ള കുറ്റമോ പാപമോ തീരുന്നതിനായി ചെയ്യുന്ന പ്രവൃത്തി, പ്രതിവിധി, പിഴ
പ്രായസ്സ് നാ. പ്രായേണ

പ്രായേണ	അവ്യ. 1. മിക്കവാറും; 2. പക്ഷെ
പ്രായോഗിക	വി.	പ്രയോഗത്തിൽ വരുത്താവുന്ന
പ്രായോപഗമനം	നാ.	ആഹാരം ഉപേക്ഷിച്ച് മരിക്കാൻ തയ്യാറായി ദർഭപ്പുല്ലിന്മേലിരിക്കൽ, മരണപര്യന്തമുള്ള നിരാഹാരം, പ്രായോപവേശ(ന)ം
പ്രാർഥകൻ	നാ.	1. പ്രാർഥിക്കുന്നവൻ, അപേക്ഷകൻ (സ്ത്രീ) പ്രാർഥിക
പ്രാർഥന(ം)	നാ.	1. അപേക്ഷ, യാചന; 2. നേർച്ച; 3. സ്തുതി; 4. ഹർജി
പ്രാർഥനീയം	നാ.	1. പ്രാർഥിക്കപ്പെടേണ്ടത്, ആഗ്രഹിക്കത്തക്കത്; 2. ദ്വാപരയുഗം
പ്രാർഥയിതാവ്	നാ.	പ്രാർഥിക്കുന്നവൻ
പ്രാർഥി	നാ.	പ്രാർഥിക്കുന്നവൻ (സ്ത്രീ) പ്രാർഥിനി
പ്രാർഥിക്കുക	നാ.	യാചിക്കുക, ആഗ്രഹിച്ചു ചോദിക്കുക
പ്രാർഥിത	നാ.	പ്രാർഥിക്കപ്പെട്ട
പ്രാർഥ്യ	വി.	പ്രാർഥിക്കത്തക്ക
പ്രാരബ്ധകർമം	നാ.	1. തുടങ്ങിയ പ്രവൃത്തി; 2. പൂർവജന്മ കർമം
പ്രാരബ്ധം	നാ.	1. ആരംഭിച്ചത്; 2. വൈഷമ്യം, ബുദ്ധിമുട്ട്. ഉദാഃ കുടുംബപ്രാരബ്ധം
പ്രാലേയകരൻ	നാ.	ചന്ദ്രൻ, പ്രാലേയഭാനു
പ്രാലേയകരം	നാ.	കർപ്പൂരം
പ്രാലേയം	നാ.	മഞ്ഞ് (പ്ര) പ്രാലേയരശ്മി = 1. ചന്ദ്രൻ; 2. കർപ്പൂരം. പ്രാലേയശൈലൻ = ഹിമവാൻ
പ്രാവരണം	നാ.	പുതപ്പ്, മേൽപ്പുടവ
പ്രാവർത്തികം	നാ.	പ്രവൃത്തിയെ സംബന്ധിച്ചത്, പ്രവർത്തിക്കാവുന്നത്
പ്രാവശ്യം	നാ.	തവണ, ഗഡു, മുറ
പ്രാവാര(ക)ം	നാ.	മേൽമുണ്ട്, ഉത്തരീയം
പ്രാവാരികൻ	നാ.	പ്രാവാരം ഉണ്ടാക്കുന്നവൻ
പ്രാവാലികൻ	നാ.	പവിഴവ്യാപാരി
പ്രാവാസ	നാ.	പ്രവാസം സംബന്ധിച്ച, പ്രാവാസിക
പ്രാവീണ്യം	നാ.	പ്രവീണത
പ്രാവ്	നാ.	ഒരു പക്ഷി, പിറാവ് (മാടപ്രാവ്, ചൂളപ്രാവ് ഇത്യാദി)
പ്രാവൃട്ട്	നാ.	വർഷകാലം
പ്രാവൃത	നാ.	മറയ്ക്കപ്പെട്ട, ചുറ്റപ്പെട്ട, മൂടപ്പെട്ട
പ്രാവൃതം	നാ.	ഉടുത്ത വസ്ത്രം, പുതപ്പ്
പ്രാവൃതി	നാ.	1. വേലി, മറ; 2. ആത്മീയമായ അന്ധകാരം
പ്രാവൃത്തിക	വി.	1. അപ്രധാനമായ; 2. കാര്യബോധമുള്ള
പ്രാവ്ര്6ഷ(ം)	നാ.	മഴക്കാലം
പ്രാവൃഷേണ്യം	നാ.	വർഷകാലത്തുണ്ടായത്, കടമ്പ്
പ്രാശനം	നാ.	ഭക്ഷണം, ഊട്ട് (പ്ര) അന്നപ്രാശനം
പ്രാശം	നാ.	1. ആഹാരം (പ്രാശനം) ഉദാഃ ച്യവനപ്രാശം; 2. കുന്തം (പ്രാസം)
പ്രാശസ്ത്യം	നാ.	ശ്രേഷ്ഠത, മേന്മ
പ്രാശിതം	നാ.	ചാത്തം, പിതൃതർപ്പണം

പ്രാശ്നികൻ നാ. 1. ചോദിക്കുന്നവൻ; 2. പ്രശ്നക്കാരൻ; 3. പരിശോധകൻ
പ്രാസകം നാ. 1. കുന്തം; 2. പകിട
പ്രാസങ്ഗിക വി. പ്രസങ്ഗവശാലുള്ള, ഇടയിൽ സംഭവിക്കുന്ന
പ്രാസങ്ഗികൻ നാ. പ്രസങ്ഗകർത്താവ്
പ്രാസങ്ഗികം നാ. കഥാശരീരം രണ്ടായി വിഭജിച്ചതിൽ ഒന്ന്, ഉപകഥ, ഇടയ്ക്കുപറയേണ്ടിവരുന്ന അന്യമായ ഇതിവൃത്തം
പ്രാസനം നാ. ഏറ്, താഴോട്ടിറക്കൽ
പ്രാസം നാ. 1. ശബ്ദാലങ്കാരങ്ങളിൽ ഒന്ന്, കവിതയുടെ ഒരുതരം അക്ഷരച്ചേർച്ച, അക്ഷരങ്ങളുടെ ആവർത്തനം, അനുപ്രാസം, ദ്വിതീയാക്ഷരപ്രാസം മുതലായവ; 2. കുന്തം; 3. ഏറ്
പ്രാസാദചന്ദ്രിക നാ. 1. മാളികയിൽ തട്ടുന്ന നിലാവ്; 2. യോഗ്യമായ സ്ഥാനത്തെപ്രാപിച്ച യോഗ്യമായ വസ്തു
പ്രാസാദം നാ. 1. മാളിക, രാജഗൃഹം; 2. ദേവാലയം; 3. ഒരു മന്ത്രം
പ്രാസികൻ നാ. കുന്തക്കാരൻ (പ്രാസം ആയുധമായിട്ടുള്ളവൻ)
പ്രാസിക്യൂഷൻ [ഇം.] നാ. 1. ശിക്ഷാനടപടി; 2. വാദിഭാഗം
പ്രാസൂതിക വി. പ്രസൂതി സംബന്ധിച്ച
പ്രാസ്ത നാ. പ്രാസനം ചെയ്യപ്പെട്ട
പ്രാസ്ഥാനിക നാ. പ്രസ്ഥാനം സംബന്ധിച്ച, യാത്രയ്ക്ക് അനുകൂലമായ
പ്രാഹ നാ. പറഞ്ഞു
പ്രാഹ്ണം നാ. പൂർവാഹ്ണം, പ്രഭാതം, പ്രാ ം
പ്രിയ1 വി. 1. ഇഷ്ടമുള്ള; 2. താത്പര്യമുള്ള
പ്രിയ2 നാ. പ്രിയമുള്ളവൾ, ഭാര്യ; 2. ഉപപതി, സ്ത്രീ; 3. ചിറ്റേലം; 4. വള്ളിമുല്ല; 5. ഞാഴൽ; 6. മദ്യം
പ്രിയകളത്രൻ നാ. ഭാര്യയുടെ പേരിൽ അധികം പ്രേമമുള്ളവൻ
പ്രിയകാരി നാ. 1. സ്നേഹിതൻ; 2. നന്മചെയ്യുന്നവൻ
പ്രിയകൃത്ത് നാ. വിഷ്ണു
പ്രിയങ്ഗു നാ. 1. തിന; 2. ഞാഴൽ; 3. ചെങ്കടുക്; 4. കുങ്കുമം; 5. തിപ്പലി
പ്രിയജാനി നാ. ജായയെ (ഭാര്യയെ) ഹാർദമായി സ്നേഹിക്കുന്നവൻ
പ്രിയതമ1 വി. ഏറ്റവും പ്രിയമുള്ള
പ്രിയതമ2 നാ. ഏറ്റവും പ്രിയപ്പെട്ടവൾ
പ്രിയതമൻ നാ. ഏറ്റവും പ്രിയമുള്ളവൻ (ഭർത്താവ്)
പ്രിയതമം നാ. ഏറ്റവും ഇഷ്ടമായത്
പ്രിയദർശ(ന) നാ. കാണാൻകൊള്ളാവുന്ന
പ്രിയൻ നാ. 1. ഭർത്താവ്; 2. സന്തോഷിപ്പിക്കുന്നവൻ
പ്രിയഭാവം നാ. പ്രിയൻെറ ഭാവം, പ്രേമം
പ്രിയം നാ. 1. ഇഷ്ടം, ഇഷ്ടമായത് (തൃപ്തിചെയ്യുന്നത്); 2. മുള്ളുചേമന്തി; 3. പ്രേമം; 4. ഹിതമായ വാർത്ത; 5. ദയ; 6. വസ്തുക്കളുടെ ദൗർബല്യം
പ്രിയംവദ നാ. 1. നല്ലവാക്കു (ഇഷ്ടം) പറയുന്നവൾ; 2. ശകുന്തളയുടെ ഒരു സഖി

പ്രിയമാനസൻ നാ. 1. മനസ്സിണിണങ്ങിയവൻ; 2. മാനസസരസ്സിൽ പ്രിയമുള്ളവൻ, അരയന്നം
പ്രിയാമിഷൻ നാ. മാംസഭക്ഷണത്തിൽ പ്രിയമുള്ളവൻ
പ്രിയാസു വി. ജീവനിൽ കൊതിയുള്ള
പ്രിയേതര വി. അപ്രിയമുള്ള
പ്രീണനം നാ. സന്തോഷിപ്പിക്കൽ, താലോലിക്കൽ
പ്രീണിക്കുക ക്രി. സന്തോഷിക്കുക
പ്രീ(ണി)ത വി. പ്രീണിപ്പിക്കപ്പെട്ട
പ്രീതി നാ. 1. സന്തോഷം, തൃപ്തി; 2. സ്നേഹം; 3. സുഖം; 4. കാമദേവൻെറ ഒരു പത്നി (രതിയുടെ സപത്നി); 5. (ജ്യോ) ഒരു ഗ്രഹയോഗം; 6. കനിവ്
പ്രീതികര വി. പ്രീതിജനിപ്പിക്കുന്ന, പ്രീതികാരിയായ
പ്രീതിദത്തം നാ. 1. സന്തോഷപൂർവം നൽകപ്പെട്ടത്; 2. വിവാഹസമയത്തു വധുവിനു ബന്ധുക്കൾ കൊടുക്കുന്ന സമ്മാനം
പ്രീതിദൻ നാ. വിദൂഷകൻ, സന്തോഷിപ്പിക്കുന്നവൻ
പ്രീതിമാൻ നാ. സന്തോഷമുള്ളവൻ, സന്തൃപ്തൻ (സ്ത്രീ) പ്രീതിമതി
പ്രേക്ഷ നാ. 1. കാഴ്ച; 2. ആട്ടം, കൂത്ത്; 3. ബുദ്ധി; 4. പര്യാലോചന
പ്രേക്ഷകൻ നാ. 1. കാഴ്ചക്കാരൻ; 2. ദീർഘദർശി
പ്രേക്ഷണം നാ. 1. കാഴ്ച; 2. കണ്ണ്
പ്രേക്ഷണീയ വി. 1. പ്രേക്ഷണംചെയ്യത്തക്ക; 2. നോക്കത്തക്ക, കാണാൻ കൊള്ളാവുന്ന; 3. പര്യാലോചിക്കാവുന്ന
പ്രേക്ഷാകാരി നാ. ആലോചിച്ചു പ്രവർത്തിക്കുന്നവൻ
പ്രേക്ഷാശീലൻ നാ. പതിവായി നാടകവും മറ്റും കാണാൻ പോകുന്നവൻ
പ്രേക്ഷി നാ. നോക്കുന്നവൻ (സ്ത്രീ) പ്രേക്ഷിണി
പ്രേക്ഷിക്കുക നാ. കാണുക, നോക്കുക
പ്രേക്ഷിതൻ നാ. കാണപ്പെട്ടവൻ
പ്രേക്ഷിതം നാ. നോട്ടം, നോക്കപ്പെട്ടത്
പ്രേക്ഷ്യ വി. പ്രേക്ഷണീയ, കാണേണ്ടതായ
പ്രേങ്ഖണം നാ. 1. ഉപരൂപങ്ങളിലൊന്ന്, നായകനും സൂത്രധാരകനും മറ്റുമില്ലാത്ത ഏകാങ്കനാടകം; 2. ഊഞ്ഞാലാട്ടം, ഊഞ്ഞാൽ
പ്രേങ്ഖിത വി. പ്രേങ്ഖണം ചെയ്യപ്പെട്ട, ഇളക്കപ്പെട്ട, ആടിക്കപ്പെട്ട
പ്രേത നാ. മരിച്ച
പ്രേതകർമം നാ. ശേഷക്രിയ, പ്രേതകൃത്യം
1119
പ്രേതപടഹം നാ. ശവസംസ്കാരത്തിനു കൊട്ടുന്ന പറ
പ്രേതപുരം നാ. യമപുരം
പ്രേതബാധ നാ. പിശാചുപീഡ
പ്രേതം നാ. 1. മരിച്ചവരുടെ ജീവൻ, പരേതാത്മാവ് (ശവസംസ്കാരത്തിനുമുമ്പുള്ള ആത്മാവ്); 2. പിണം; 3. ശവം; 4. ദുർദേവത
പ്രേതമഞ്ചം നാ. ശവക്കട്ടിൽ
പ്രേതമേധം നാ. ശവസംസ്കാരകർമം

പ്രേതരാക്ഷസി നാ. അപേതരാക്ഷസി, തുളസി
പ്രേതലോകം നാ. മരിച്ചവരുടെ ആത്മാക്കൾ പിതൃക്കളാകുന്നതിനുമുമ്പു സ്ഥിതിചെയ്യുന്നിടം
പ്രേതശരീരം നാ. അധിഷ്ഠാനശരീരം, പിതൃലോകവാസത്തിനായി പരേതാത്മാവു സ്വീകരിക്കുന്ന ശരീരം
പ്രേതശുദ്ധി നാ. പുലകുളി, പിണം കഴുകൽ, പ്രേതശൗചം
പ്രേതസംസ്കാരം നാ. ശവദാഹം
പ്രേതികൻ നാ. 1. ദുർദേവത; 2. പിശാച്
പ്രേത്യ അവ്യ. മരിച്ചിട്ട്, ജന്മാന്തരത്തിങ്കൽ
പ്രേത്യഭാവം നാ. മരണാനന്തരം ആത്മാവിൻെറ അവസ്ഥ
പ്രേത്വാവ് നാ. 1. വായു; 2. ഇന്ദ്രൻ
പ്രേപ്സ നാ. പ്രാപിക്കുവാനുള്ള ആഗ്രഹം
പ്രേപ്സു വി. പ്രാപിക്കാനിച്ഛരിക്കുന്ന, ഉദ്ദേശിക്കുന്ന
പ്രേമ നാ. പ്രേമം (പ്രേമാവ്)
പ്രേമകലഹം നാ. പ്രേമം (സ്നേഹം)കൊണ്ടുള്ള ശണ്ഠ, സൗന്ദര്യപ്പിണക്കം
പ്രേമപാത്രം നാ. പ്രേമത്തിന് ഇരിപ്പിടം, പ്രേമഭാജനം
പ്രേമം നാ. 1. സ്നേഹം; 2. ആനുകൂല്യം; 3. വിനോദം; 4. ആനന്ദം (പ്ര) പ്രേമിക്കുക, പ്രേമലഹരി, പ്രേമലേഖനം
പ്രേമവതി നാ. 1. ഭാര്യ; 2. കാമുകി
പ്രേമി വി. പ്രേമമുള്ള (സ്ത്രീ) പ്രേമിണി
പ്രേമിക്കുക നാ. അനുരാഗം അർപ്പിക്കുക
പ്രേയസി നാ. 1. ഭാര്യ; 2. ഉപപതി; 3. കാമുകി

പ്രേയസ് വി. അധികം പ്രിയമുള്ള
പ്രേയാൻ നാ. അധികം പ്രിയപ്പെട്ടവൻ, കാമി
പ്രേരക വി. പ്രേരിപ്പിക്കുന്ന, അയയ്ക്കുന്ന
പ്രേരണ(ം) നാ. 1. പറഞ്ഞയയ്ക്കൽ; 2. ഓടിക്കൽ; 3. തള്ളിവിടൽ, ഉത്സാഹിപ്പിക്കൽ
പ്രേരണീയ വി. പ്രേരിപ്പിക്കത്തക്ക
പ്രേരയിതാവ് നാ. പ്രേരിപ്പിക്കുന്നവൻ
പ്രേരിതൻ നാ. പ്രേരിപ്പിക്കപ്പെട്ടവൻ, ദൂതൻ
പ്രേരിപ്പിക്കുക നാ. 1. ഉത്സാഹിപ്പിക്കുക, ഉദ്യോഗിപ്പിക്കുക; 2. ഓടിക്കുക; 3. പ്രവർത്തിക്കുവാനായി പറഞ്ഞുവിടുക
പ്രേഷകൻ നാ. പറഞ്ഞയച്ചവൻ
പ്രേഷണ(ം) നാ. പറഞ്ഞയയ്ക്കൽ
പ്രേഷിത വി. 1. പ്രേഷണം ചെയ്യപ്പെട്ട, അയയ്ക്കപ്പെട്ട; 2. ആജ്ഞാപിക്കപ്പെട്ട; 3. നാടുകടത്തപ്പെട്ട
പ്രേഷ്ട1 വി. ഏറ്റവും പ്രിയപ്പെട്ട
പ്രേഷ്ട2 നാ. 'ഏറ്റവുമ്പ്രിയപ്പെട്ട', 1. ഭാര്യ; 2. കാമുകി
പ്രേഷ്യ വി. പ്രേഷണം ചെയ്യപ്പെടേണ്ട
പ്രൈഷം നാ. 1. പ്രേരണം; 2. മർദനം; 3. വിധി; 4. ആജ്ഞ; 5. ഭ്രാന്ത്

പ്രോക്ത നാ. 1. പറയപ്പെട്ട; 2. പ്രവചിച്ച
പ്രോക്ഷണം നാ. 1. യാഗത്തിനായിചെയ്യുന്ന പശുഹിംസ; 2. (പുണ്യാഹം) തളിക്കൽ; 3. വധം
പ്രോക്ഷിക്കുക നാ. 1. തളിക്കുക; 2. നനയ്ക്കുക
പ്രോക്ഷിതം നാ. 1. പ്രോക്ഷിക്കപ്പെട്ടത്; 2. യാഗാർഥം വധിക്കപ്പെട്ട പശു
പ്രോക്ഷിതവ്യ നാ. പ്രോക്ഷണംചെയ്യത്തക്ക
പ്രോഗ്രാം [ഇം.] നാ. കാര്യപരിപാടി
പ്രോച്ചണ്ഡ വി. അതിഭയങ്കരമായ
പ്രോച്ഛ്രിത വി. 1. ഉയർന്ന സ്ഥിതിയിലിരിക്കുന്ന; 2. ഉയർത്തപ്പെട്ട
പ്രോച്യമാന നാ. പറയപ്പെടുന്ന
പ്രോജ്വലം വി. ഏറെ ഉജ്ജ്വലമായത്, നന്നായി പ്രകാശിക്കുന്നത്, പ്രോജ്ജ്വലം
പ്രോജ്ഝിത വി. ഉപേക്ഷിക്കപ്പെട്ട
പ്രോഡ്ഢീന വി. പറക്കുന്ന, പറന്നുകളഞ്ഞ
പ്രോണ്ഠം നാ. കോളാമ്പി
പ്രോത വി. 1. ഉറപ്പിച്ച; 2. നെയ്ത; 3. കെട്ടിയ; 4. നീളെനിരത്തിയ (പ്ര) ഓതപ്രോതം = ഊടുമ്പാവും
പ്രോതം നാ. നെയ്ത തുണി
പ്രോത്സാഹകൻ നാ. പ്രോത്സാഹിപ്പിക്കുന്നവൻ
പ്രോത്സാഹ(ന)ം നാ. 1. പ്രോത്സാഹിപ്പിക്കൽ; 2. കലകളിൽ ഒന്ന്
പ്രോത്സാഹിത നാ. പ്രോത്സാഹിപ്പിക്കപ്പെട്ട
പ്രോത്സാഹിപ്പിക്കുക നാ. ഒരുകാര്യത്തിലേക്ക് സഹായംചെയ്ത് ഉത്സാഹിപ്പിക്കുക, പ്രേരിപ്പിക്കുക
പ്രോഥം നാ. 1. കടിപ്രദേശം (പുരുഷൻെറ ആസനം); 2. അശ്വഭ്രമണം; 3. പന്നിയുടെ മൂക്കും വായും; 4. കുതിരയുടെ മൂക്ക്; 5. ഭയം; 6. പഴന്തുണി; 7. കുഴി; 8. ഗർഭത്തിലെ പ്രജ
പ്രോദ്വാഹം നാ. വിവാഹം
പ്രോന്നത നാ. 1. വളരെ ഉയർന്ന; 2. മുന്നോട്ടുതള്ളിയ; 3. മേന്മയേറിയ; 4. ശക്തികൂടിയ
പ്രോഷിത വി. (പാർപ്പിടം) വിട്ടുപോയ
പ്രോഷിതപതിക നാ. അഷ്ടനായികമാരിൽ ഒരുവൾ, ഭർത്താവു ദൂരദേശത്തുപോയിരിക്കുന്നതിനാൽ (വിരഹിണിയായി) അയാളെത്തന്നെ പ്രതീക്ഷിച്ചിരിക്കുന്നവൾ, പ്രോഷിതഭർതൃക
പ്രോഷ്ഠപദം നാ. ഭാദ്രപദമാസം. പ്രോഷ്ഠപദങ്ങൾ = പൂരുരുട്ടാതി ഉത്രട്ടാതി എന്നീ നക്ഷത്രങ്ങൾ
പ്രൗഢ1 വി. 1. വളർന്ന (പൂർണവളർച്ചവന്ന); 2. വികസിച്ച; 3. ധൈര്യമുള്ള; 4. അഹമ്മതിയുള്ള; 5. വിവാഹം കഴിക്കപ്പെട്ട; 6. കനത്ത; 7. കഠിനമായ; 8. ശ്രേഷ്ഠമായ
പ്രൗഢ2 നാ. മുപ്പതുവയസ്സിനുമേൽ അമ്പതുവയസ്സിനുതാഴെ പ്രായമുള്ളവൾ, മധ്യവയസ്ക (കാമകേളികളിൽ ലജ്ജയോ ഭീരുത്വമോ ഇല്ലാത്തവൾ)

പ്രൗഢി നാ. 1. പൂർണവളർച്ച; 2. മോടി; 3. ധീരത; 4. സാമർഥ്യം; 5. അഹമ്മതി; 6. തർക്കം; 7. ഗാംഭീര്യം; 8. ഉയർന്ന അവസ്ഥ

പ്ലക്ഷം നാ. 1. ഇത്തിവൃക്ഷം (ഇളകിക്കൊണ്ടിരിക്കുന്ന എന്നർഥം); 2. അരയാൽ; 3. പേരാൽ; 4. സപ്തദ്വീപുകളിൽ ഒന്ന്; 5. ഒളിവാതിൽ

പ്ലവ നാ. 1. ചാടുന്ന; 2. പൊന്തിക്കിടക്കുന്ന; 3. നീന്തുന്ന; 4. പ്രഭവാദിസംവത്സരങ്ങളിൽ അഞ്ചാമത്തേത്

പ്ലവകൻ നാ. 1. ഞാണിന്മേൽ കളിക്കാരൻ; 2. ഭ്രഷ്ഠൻ; 3. ചണ്ഡാലൻ

പ്ലവഗ വി. പ്ലവത്തിൽ ഗമിക്കുന്ന. നാ. കന്നിരാശി

പ്ലവഗം നാ. 1. കുരങ്ങ് (പ്ലവംചെയ്തു ഗമിക്കുന്നത്, ചാടിയോടുന്നത്); 2. തവള

പ്ലവങ്ഗം നാ. 1. കുരങ്ങ്; 2. തവള; 3. മാൻ; 4. കല്ലാൽ; 5. പ്ലവങ്ഗമം

പ്ലവനം നാ. 1. ചാട്ടം; 2. നീന്തൽ; 3. പൊന്തിക്കിടപ്പ്; 4. പൊങ്ങുതടി; 5. കപ്പൽ; 6. കാക്കപ്പനച്ചി; 7. കുഴിമുത്തങ്ങ; 8. ഇത്തിമരം (പ്ലക്ഷം); 9. മരക്കലനാവ് (ഒരു പക്ഷി); 10. കാരന്നം; 11. തവള; 12. കുരങ്ങ്; 13. കുറിയാട്; 14. മീൻ; 15. നീർകാക്ക; 16. കൈപ്പൻപടവലം; 17. കുളക്കോഴി; 18. മീൻ പിടിക്കാനുള്ള വല; 19. പ്രേരിപ്പിക്കൽ

പ്ലവിക്കുക നാ. 1. ചാടുക; 2. നീന്തുക; 3. ഇളകുക

പ്ലാൻ [ഇം.] നാ. 1. ആസൂത്രണം; 2. പദ്ധതി; 3. കെട്ടിടത്തിൻെറയും മറ്റും മാതൃകാരേഖ

പ്ലാവം നാ. 1. പ്ലവനം (ചാട്ടം); 2. പ്രവാഹം; 3. ജലം അരിക്കൽ

പ്ലാവിത നാ. 1. പ്ലാവനം ചെയ്യപ്പെട്ട; 2. പൂശപ്പെട്ട

പ്ലാശ് നാ. ഒരു വൃക്ഷം, ചമത

പ്ലാറ്റിനം [ഇം.] നാ. വിലകൂടിയ ഒരു ലോഹം. പ്ലാറ്റിനം ജൂബിലി = എഴുപത്തഞ്ചാം വാർഷികം

പ്ലീഹ നാ. 1. വയറ്റിനകത്ത് ഇടത്തുഭാഗത്തുള്ള ഒരു മാംസപിണ്ഡം (ഇടത്തു പ്ലീഹ, വലത്തു യകൃത്ത്); 2. ആ ഭാഗത്തുണ്ടാകുന്ന ഒരു രോഗം

പ്ലുക്ഷി നാ. 1. തീയ്; 2. വീടിനു തീപിടിക്കൽ; 3. എണ്ണ

പ്ലുതം നാ. 1. മൂന്നുമാത്ര; 2. കുതി; 3. ധാരാ പഞ്ചകത്തിലൊന്ന്; 4. കുതിരയുടെ ഒരു ഗതി; 5. മുയൽ

പ്ലുതി നാ. 1. പ്ലവനം; 2. ചാട്ടം; 3. സ്വരം നീട്ടൽ; 4. നീരൊഴുക്ക്

പ്ലുഷം നാ. ദഹനം, കത്തൽ

പ്ലുഷ്ട വി. ചുട്ട, കത്തിയ, എരിഞ്ഞ

പ്ലേഗ് [ഇം.] നാ. ഒരു പകർച്ചവ്യാധി

പ്ലേറ്റോ നാ. അരിസ്റ്റോട്ടിലിൻെറ ഗുരുവായിരുന്ന ഒരു ഗ്രീക്കുതത്ത്വജ്ഞാനി

പ്ലോതം നാ. നാട, തുണി

പ്ലോഷ(ണ)ം നാ. ദഹനം, പൊള്ളൽ

ഫ

ഫ [ഫ്–അ] മലയാള അക്ഷരമാലയിലെ ഇരുപത്തിരണ്ടാമത്തെ വ്യഞ്ജനം. പവർഗത്തിലെ അതിഖരം.
ഫക്കൻ നാ. മുടന്തൻ
ഫക്കിക നാ. 1. കൗശലം, വഞ്ചന; 2. തെറ്റായ ധാരണ; 3. തെളിയിക്കപ്പെടേണ്ട വാക്യം; 4. ഉപദാനം
ഫക്കീർ [അറ] നാ. പക്കീർ, ഭിക്ഷു, സന്ന്യാസി
ഫട് നാ. മന്ത്രോച്ചാരണത്തിൽ ഉപയോഗിക്കുന്ന ഒരു ശബ്ദം
ഫട നാ. ഫണം
ഫടൻ നാ. ശഠൻ, വഞ്ചകൻ
ഫടം നാ. 1. ഫണം; 2. പുല്ല്
ഫഡിങ്ഗ നാ. 1. ചീവീട്; 2. വിട്ടിൽ
ഫണഭൃത്ത് നാ. 1. പാമ്പ്; 2. ഒമ്പത് എന്ന സങ്ഖ്യ
ഫണം നാ. പാമ്പിൻെറ പത്തി
ഫണമണി നാ. പാമ്പിൻെറ പത്തിയിൽ ഉള്ളതായി കരുതപ്പെറുന്ന രത്നം
ഫണമണ്ഡലം നാ. പാമ്പിൻെറ വിടർത്തിപ്പിടിച്ച പത്തി
ഫണവാൻ നാ. 1. പാമ്പ്; 2. ആദിശേഷൻ
ഫണാടോപം നാ. വിടർത്തിയ പത്തിയുടെ ആഡംബരം
ഫണി നാ. 1. സർപ്പം; 2. നാഗതാളി; 3. കർപ്പൂരത്തുളസി; 4. രാഹു; 5. പതഞ്ജലി
ഫണിഖേലം നാ. കാടപ്പക്ഷി, മീവൽപ്പക്ഷി
ഫണിതല്പകൻ നാ. വിഷ്ണു (അനന്തനാകുന്ന കിടക്കയിൽ ശയിക്കുന്നതിനാൽ)
ഫണിധരൻ നാ. ശിവൻ
ഫണിനി നാ. നാഗസ്ത്രീ
ഫണിപതി നാ. (പുരാണ) 1. ആദിശേഷൻ; 2. പതഞ്ജലി; 3. വാസുകി
ഫണിപ്രിയം നാ. വായു
ഫണിഫേനം നാ. കറുപ്പ് (അവീൻ)
ഫണിഭുക്ക് നാ. 1. മയിൽ; 2. ഗരുഡൻ
ഫണീന്ദ്രൻ നാ. 1. (പുരാണ) സർപ്പങ്ങളുടെ രാജാവ്; 2. അനന്തൻ; 3. പതഞ്ജലി
ഫയൽ [ഇം.] നാ. ഒരു വിഷയത്തെക്കുറിച്ചുള്ള രേഖകൾ ഒന്നായി കെട്ടിവച്ചത് (പ്ര) ഫയലാക്കുക = 1. നമ്പരു പതിക്കുക, കോടതിയിൽ ഹാജരാക്കുക; 2. ബോധിപ്പിക്കുക; 3. ക്രമപ്പെടുത്തി അടുക്കിവയ്ക്കുക
ഫയൽമാൻ [പേർ] നാ. ഗുസ്തിക്കാരൻ
ഫയസൽ [അറ] നാ. തീർപ്പ്, തീർപ്പുണ്ടാകൽ
ഫയിൻ [ഇം.] നാ. പിഴ
ഫർക്ക [അറ] നാ. ജില്ലയുടെയോ താലൂക്കിൻെറയോ വിഭാഗം
ഫർഫരീക നാ. ചെരിപ്പ്
ഫർഫരീകം നാ. 1. കൈപ്പടം; 2. മാർദവം; 3. ഇളംകമ്പ്
ഫരം നാ. പരിച
ഫരിയാദി [പേർ] നാ. പരാതി, അന്യായം

ഫലകണ്ടകം നാ. പ്ലാവ് (കായിൽ മുള്ളുള്ളതിനാൽ)
ഫലകം നാ. 1. പരിച; 2. പലക; 3. കടലാസ്സ്; 4. ഉള്ളങ്കൈ; 5. നെറ്റിയുടെ അസ്ഥി; 6. ആസനം; 7. നാഗപ്പൂവ്; 8. ഫലം, ലാഭം; 9. തീണ്ടാരി; 10. താമരയല്ലി.
1121
ഫലകാങ്ക്ഷി നാ. ഫലം ആഗ്രഹിക്കുന്നവൻ
ഫലകേസരം നാ. 'നാരുള്ള (ചകിരിയുള്ള) കായുണ്ടാകുന്നത്', തെങ്ങ്
ഫലകോശകം നാ. വൃഷണം
ഫലഗ്രാഹി നാ. യഥാകാലം കായ്ക്കുന്ന മരം
ഫലതഃ അവ്യ. ഫലമായി
ഫലത്രയം നാ. ത്രിഫല, ഫലത്രികം
ഫലദ വി. ഫലം നൽകുന്ന
ഫലദ്രുമം നാ. 1. പ്ലാവ്; 2. കായ്ക്കുന്ന മരം
ഫലനം നാ. ഫലിക്കൽ
ഫലപരിണതി നാ. ഫലപാകം (ഫലപൂർത്തി)
ഫലപാകം നാ. 1. ഫലങ്ങൾ പാകമാകൽ; 2. നീർനെല്ലി; 3. പെരുംക്ലാവ്
ഫലപാകാന്തം നാ. കായ്മൂക്കുമ്പോൾ നശിക്കുന്ന സസ്യം (നെല്ല്, ചാമ മുതലായവപോലെ)
ഫലപ്രദം നാ. ഫലം നൽകുന്നത്
ഫലപ്രദാനം നാ. 1. ഫലം നൽകൽ; 2. വിവാഹസംബന്ധമായ ഒരു ചടങ്ങ്
ഫലപ്രാപ്തി നാ. കാര്യലാഭം
ഫലപ്രിയ നാ. ഞാഴൽ
ഫലപ്രിയം നാ. കാവതിക്കാക്ക
ഫലഭാക്ക് നാ. ഫലം അനുഭവിക്കുന്നവൻ
ഫലഭാഗം നാ. 1. ആദായത്തിലുള്ള ഓഹരി; 2. (ജ്യോ) ഗ്രഹസ്ഥിതിയനുസരിച്ചുള്ള ഫലം പറയുന്ന ഭാഗം
ഫലഭുക്ക് നാ. 1. ഭലഭോക്താവ്; 2. കിളി
ഫലഭൂമി നാ. 1. സ്വർഗം; 2. നരകം; 3. വിളഭൂമി
ഫലഭോഗം നാ. ഫലം അനുഭവിക്കൽ
ഫലഭോഗി നാ. ഫലം അനുഭവിക്കുന്നവൻ
ഫലം നാ. 1. കായ്, പഴം; 2. സാധ്യം; 3. പുണ്യം; 4. ലാഭം; 5. പ്രയോജനം; 6. ഉത്പന്നം; 7. ഫലകം (പരിച); 8. വാളിൻെറ മൂർച്ച, മുന; 9. ഒരു മരുന്ന്; 10. ജാതിക്ക; 11. ത്രിഫല; 12. കൊഴുവ്; 13. തക്കോലം; 14. കുടകപ്പാല; 15. മലങ്കാര; 16. സന്താനം; 17. പലക; 18. വൃഷണം; 19. ഋതുരക്തം; 20. ഫലവൃക്ഷം
ഫലമുഖ്യ നാ. അയമോദകം
ഫലമൂലാദി നാ. (ബ.വ.) കായ് കിഴങ്ങ് മുതലായവ
ഫലമൂലാശി നാ. കായ്കിഴങ്ങുകൾ ഭക്ഷിക്കുന്നവൻ
ഫലയോഗം നാ. 1. കൂലി, പ്രതിഫലം; 2. കാര്യസിദ്ധി
ഫലവത്ത് വി. 1. ഫലമുള്ള, കായുള്ള; 2. പ്രയോജനമുള്ള
ഫലവർത്തുളം നാ. തണ്ണിമത്തൻ

ഫലവാൻ നാ. കായ്ച്ചുനിൽക്കുന്ന മരം
ഫലവൃക്ഷം നാ. കായ്ക്കുന്ന മരം
ഫലശം നാ. ഫലസം (പ്ലാവ്)
ഫലശാലി വി. ധാരാളം കായുള്ള
ഫലശ്രുതി നാ. ഗ്രന്ഥം സ്തോത്രം മുതലായവ വായിക്കുകയോ കേൾക്കുകയോ ചെയ്യുന്നതുകൊണ്ടുള്ള പ്രയോജനത്തെപ്പറ്റി അവയുടെ അവസാനത്തിൽ കൊടുത്തിട്ടുള്ള ഭാഗം
ഫലശ്രേഷ്ഠം നാ. മാവ്
ഫലഷാഡവം നാ. താളിമാതളം
ഫലസം നാ. പനസം (പ്ലാവ്)
ഫലസമ്പത്ത് നാ. 1. ഫലങ്ങളുടെ ആധിക്യം 2. വിജയം
ഫലസിദ്ധി നാ. ഫലപ്രാപ്തി
ഫലഹാനി നാ. 1. കായ്കൾക്കുണ്ടാകുന്ന നാശം; 2. പ്രയോജനമില്ലായ്മ; 3. നഷ്ടം
ഫലഹാരി1 നാ. 1. കായ്ശേഖരിക്കുന്നവൻ; 2. ഫലങ്ങൾ അപഹരിക്കുന്നവൻ
ഫലഹാരി2 നാ. ദുർഗ, ഭദ്രകാളി
ഫലഹീന വി. ഫലമില്ലാത്ത, പ്രയോജനമില്ലാത്ത
ഫലാഗമം നാ. ഫലപ്രാപ്തി
ഫലാഢ്യ വി. ധാരാളം കായുള്ള
ഫലാദനം നാ. 1. പഴം ഭക്ഷിക്കൽ; 2. കിളി
ഫലാനുമേയ വി. ഫലംകൊണ്ട് ഊഹിക്കാൻ തക്ക
ഫലാന്തം നാ. 1. കായുണ്ടാകുന്നതോടെ നശിക്കുന്ന സസ്യം; 2. ഇല്ലി, മുള
ഫലാപേക്ഷ നാ. ഫലത്തെ കാത്തിരിക്കൽ
ഫലാപേത വി. നിഷ്ഫലമായ
ഫലാഫലം നാ. ജയാപജയം
ഫലാശനം നാ. 1. പഴം ഭക്ഷിക്കൽ; 2. കിളി
ഫലാശി വി. ഫലം മാത്രം ആശിക്കുന്ന
ഫലാസ്ഥി നാ. തേങ്ങ
ഫലാഹാരം നാ. കായ്കൾ ഭക്ഷിക്കൽ
ഫലി വി. 1. കായോടുകൂടിയ; 2. ഗുണകരമായ മരം; 3. ഞാഴൽ
ഫലിക്കുക ക്രി. 1. ഫലം കിട്ടുക, കായ്ക്കുക; 2. കാര്യം സാധിക്കുക, വിജയിക്കുക, നടപ്പാവുക
ഫലിത1 വി. 1. ഫലമുള്ള, കായ്ച്ച; 2. ഫലിച്ച, ലബ്ധമായ
ഫലിത2 നാ. തീണ്ടാർന്ന സ്ത്രീ
ഫലിതക്കാരൻ നാ. തമാശപറയുന്നവൻ
ഫലിതം നാ. 1. ഫലിക്കുന്ന വാക്ക്; 2. കളിവാക്ക്, നേരമ്പോക്ക്; 3. കായ്ച്ച മരം (ഫലമുള്ളത്); 4. ഫലം; 5. പൊളിഞ്ഞത്
ഫലിതാർഥം നാ. 1. ഫലിതമായ അർഥം, വന്നുകൂടുന്ന അർഥം; 2. പദത്തിൻെറ ഘടന

ഫലിതാശൻ നാ. ആശ ഫലിച്ചവൻ
ഫലീകരണം നാ. 1. ഫലമുണ്ടാക്കൽ; 2. ചേറൽ
ഫലീകരിക്കുക ക്രി. 1. ഫലമുണ്ടാക്കുക; 2. ചേറുക, പതിരുപിടിക്കുക
ഫലീകൃത വി. 1. ഫലീകരിക്കപ്പെട്ട; 2. പാറ്റിയ, പതിരു കളഞ്ഞ
ഫലോത്തമ നാ. മുന്തിരി
ഫലോത്പ്രേക്ഷ നാ. ഉത്പ്രേക്ഷാലങ്കാരത്തിൽ ഒരു പിരിവ് (ഫലമില്ലാത്തതിനെ ഫലമാക്കി പറയുക)
ഫലോദയം നാ. 1. ഫലിക്കൽ; 2. ലാഭം; 3. സ്വർഗം; 4. ആനന്ദം; 5. ശിക്ഷ
ഫലോദ്യാനം നാ. പഴത്തോട്ടം
ഫലോനൻ നാ. നിരാശൻ
ഫല്ഗു1 വി. 1. ചാറില്ലാത്ത, കഴമ്പില്ലാത്ത; 2. അന്തസ്സാരമില്ലാത്ത, നിസ്സാരമായ, നിരുപയോഗമായ, നിരർഥകമായ; 3. ചെറിയ; 4. മനോഹരമായ
ഫല്ഗു2 നാ. 1. കാട്ടത്തി, പേയത്തി; 2. അസത്യവാക്ക്; 3. വസന്തം; 4. ഗയയിലെ ഒരു നദി; 5. ഒരുതരം ചെമന്ന പൊടി (ഹോളി ആഘോഷത്തിനു ഉപയോഗം)
ഫല്ഗുത,-ത്വം നാ. 1. ഉപയോഗശൂന്യത; 2. താഴ്ച; 3. ഭങ്ഗി
ഫല്ഗുന വി. പാടലവർണമായ (ചെമന്ന)
ഫല്ഗുനം നാ. ഫാല്ഗുനമാസം
ഫല്ഗുനൻ നാ. (പുരാണ) 1. അർജുനൻ (ഫാല്ഗുനമാസത്തിൽ ഫല്ഗുനി (ഉത്രം) നക്ഷത്രത്തിൽ ജനിച്ചവൻ); 2. ഇന്ദ്രൻ
ഫല്ഗുനി നാ. 1. ഉത്രം നക്ഷത്രം (ഉത്തരഫാല്ഗുനി); 2. പൂരം നക്ഷത്രം (പൂർവഫാല്ഗുനി)
ഫല്ഗുനീഭവൻ നാ. ബൃഹസ്പതി
ഫല്യം നാ. പുഷ്പം, പൂവ്
ഫസൽ നാ. 1. ഔദാര്യം, ദാനശീലം; 2. വിളവ്
ഫസലി [പേർ] നാ. 1. കാലം, കൊയ്ത്ത്; 2. പേർഷ്യൻ വർഷം (ജൂലായ് ഒന്നിന് ആരംഭം)
ഫറവോൻ നാ. (ക്രിസ്തു) മിസ്രയീമിലെ (ഈജിപ്തിലെ) രാജാവ്
ഫാക്ടറി നാ. തൊഴിൽശാല
ഫാടകി നാ. ചീനക്കാരം
ഫാണി നാ. 1. ചക്കരപ്പാവ്, ഉണ്ടശ്ശർക്കര, കരംഭം; 2. തൈരിൽ മാവുകുഴച്ചത്
ഫാണിതം നാ. മുറിയൻ ശർക്കര, നീർക്കണ്ടിശ്ശർക്കര
ഫാണ്ടകം നാ. 1. അന്നുവച്ച കഷായം (ദ്രവരൂപമാകയാൽ ഒലിച്ചുപോകുന്നത്); 2. തൈരുകടയുമ്പോൾ ആദ്യമായി പ്രത്യക്ഷമാകുന്ന വെണ്ണയുടെ അംശം
ഫാണ്ഡം നാ. ഫണ്ഡം (വയറ്)
ഫാത്തിമ നാ. (ഇസ്ലാം) നബിയുടെ മകൾ
ഫാലകൃഷ്ടം നാ. കിളച്ചത്, കൃഷിചെയ്തുണ്ടാക്കിയത്, ഉഴുതനിലം
ഫാലഖേല നാ. കാടപ്പക്ഷി

ഫാലഗുപ്തൻ നാ. (പുരാണ) ബലരാമൻ
ഫാലദേശം നാ. നെറ്റിത്തടം
ഫാലൻ നാ. (പുരാണ) 1. ബലരാമൻ; 2. ശിവൻ
ഫാലനേത്രൻ നാ. ഫാലനയനൻ
ഫാലം നാ. 1. നെറ്റി; 2. കൊഴുവ്; 3. ഉഴുതവയൽ; 4. മാതള നാരകം; 5. തുണി (വസ്ത്രം നാലിനമുള്ളതിൽ ഒന്ന്); 6. കൂട്ടം; 7. കത്തിയുടെയോ വാളിൻെറയോ അലക്, അമ്പിൻെറ മുന; 8. തലമുടി നടുവിലെച്ച് ഇരുവശത്തേക്കും പകുക്കൽ; 9. ഒരിനം തൂമ്പ; 10. പരിച
ഫാലവിലോചനൻ നാ. ശിവൻ
ഫാലാഹത വി. 1. ഉഴുത; 2. കിളച്ച
ഫാല്ഗുനൻ നാ. ഫല്ഗുനൻ
ഫാല്ഗുനം നാ. 1. മീനമാസം; 2. നീർമരുത്
ഫാല്ഗുനാനുജൻ നാ. ഫല്ഗുനൻെറ അനുജൻ (നകുലൻ, സഹദേവൻ)
ഫാല്ഗുനാനുജം നാ. ചൈത്രം, വസന്തം
ഫാല്ഗുനി നാ. 1. ഫാല്ഗുനമാസത്തിലെ വെളുത്തവാവ്; 2. മീനമാസം
ഫാല്ഗുനികം നാ. മീനമാസം
ഫാല്ഗുനീഭവൻ നാ. 1. വ്യാഴം; 2. ബൃഹസ്പതി
ഫിഡിൽ [ഇം.] നാ. ഒരു തന്ത്രിവാദ്യം
ഫിരങ്ഗി [പേർ] നാ. യൂറോപ്യൻ (പറങ്കി)
ഫിലിപ്പോസ് [ഗ്രീ] നാ. (ക്രിസ്തു) യേശുവിൻെറ 12 ശിഷ്യന്മാരിൽ ഒരാൾ
ഫുകം നാ. പക്ഷി
ഫുടം നാ. വിരിഞ്ഞപത്തി
ഫുട്ബാൾ [ഇം.] നാ. 1. കാൽകൊണ്ട് അടിച്ചുകളിക്കാനുള്ള ഒരിനം പന്ത്; 2. ആ പന്തുകൊണ്ടുള്ള ഒരു കളി
ഫുത്കരം നാ. അഗ്നി
ഫുത്കാരം നാ. ചീറ്റൽ, ചുണ്ടുകൾക്കിടയിലൂടെ വായു ശക്തിയായി പുറത്തുവിടുമ്പോഴുണ്ടാകുന്ന ശബ്ദം
ഫുപ്ഫുസം നാ. ശ്വാസകോശം
ഫുല്ല വി. 1. വികസിച്ച, വിടർന്ന (പൂവെന്നപോലെ); 2. പുഞ്ചിരി തൂകുന്ന
ഫുല്ലനയനം നാ. 1. വിടർന്ന കണ്ണ്; 2. ഒരുജാതിമാൻ
ഫുല്ലം നാ. 1. വിരിഞ്ഞത്; 2. വിടർന്ന പൂവ്; 3. വിടർന്ന പൂക്കൾ നിറഞ്ഞുനിൽക്കുന്ന മരം
ഫുല്ലരീകം നാ. 1. സർപ്പം; 2. പ്രദേശം
ഫുല്ലലോചനം നാ. 1. വിടർന്ന് മനോഹരമായ കണ്ണ്; 2. ചെമപ്പുനിറമുള്ള മാൻ
ഫൂ നാ. ആട്ടിയോടിക്കാൻ പ്രയോഗിക്കുന്ന ശബ്ദം
ഫൂൽക്കാരം നാ. 1. ഊത്ത്, ചീറ്റൽ; 2. 'ഫു' എന്ന ശബ്ദം; 3. നെടുവീർപ്പ്; 4. നിലവിളി
ഫെബ്രുവരി [ഇം.] നാ. ക്രിസ്തുവർഷത്തിലെ രണ്ടാമത്തെ മാസം

ഫേനപിണ്ഡം നാ. 1. കുമിളക്കൂട്ടം, പത; 2. ശൂന്യം; 3. വ്യർഥമായ അവലംബം
ഫേനം നാ. 1. നുര, കടൽനുര, പത; 2. ഉമിനീർ; 3. കടൽനാക്ക്
ഫേനാശനി നാ. ഇന്ദ്രൻ
ഫേനില വി. പതയുന്ന, പതയുള്ള
ഫേനിലം നാ. 1. നുരയുള്ളത്; 2. ഉറുഞ്ചിമരം, പുളിഞ്ചി; 3. ലന്തക്കായ്; 4. മലങ്കാരയുടെ കായ്
ഫേരണ്ഡം നാ. കുറുക്കൻ
ഫേരവ വി. ഉപായമുള്ള
ഫേരവം നാ. 1. ഊളൻ, കുറുക്കൻ; 2. കള്ളം
ഫേല നാ. ഉച്ഛിഷ്ടം, എച്ചിൽ
ഫോട്ടോ [ഇം.] നാ. ഛായാപടം

ബ

ബ [ബ്-അ] മലയാള അക്ഷരമാലയിലെ ഇരുപത്തിമൂന്നാമത്തെ അക്ഷരം
ബക നാ. (പുരാണ) സുമാലിക്കു കേതുമതിയിലുണ്ടായ പുത്രി (രാവണൻെറ പേരമ്മ, ഖരൻെറ മാതാവ്)
ബകചരൻ നാ. കപടഭക്തൻ (ബകത്തെ പോലെ ആചരിക്കുന്നവൻ)

1123
ബകതാപസൻ നാ. യോഗ്യനെന്ന നാട്യത്തിൽ ലോകരെ കബളിപ്പിക്കുന്നവൻ
ബകധ്യാനം നാ. കപടധ്യാനം
ബകൻ നാ. (പുരാണ) 1. ഒരു രാക്ഷസൻ; 2. കുബേരൻ; 3. കള്ളൻ, ചതിയൻ; 4. (പ്ര) അധികം തിന്നുന്നവൻ
ബകനിഷൂദനൻ നാ. (പുരാണ) 1. ഭീമസേനൻ; 2. ശ്രീകൃഷ്ണൻ
ബകപഞ്ചകം നാ. കാർത്തികമാസം ശുക്ലപക്ഷത്തിലെ ഒടുവിലത്തെ അഞ്ചുദിവസം
ബകം നാ. 1. ഒരു പക്ഷി (കൊക്ക്); 2. കൊക്കുമന്താരം
ബകവ്രതം നാ. 1. ബകത്തെപ്പോലെ കപടനയം പ്രവർത്തിക്കൽ; 2. കപടഭക്തി
ബകവ്രതചരൻ നാ. കപടനാട്യക്കാരൻ
ബകി നാ. 1. പൂതന; 2. വന്ധ്യകളിലൊരുവിഭാഗം
ബകുര വി. ഭയങ്കരമായ
ബകുരം നാ. 1. ഇടിവാൾ; 2. കാഹളം, യുദ്ധസമയത്തും മറ്റും ശബ്ദിപ്പിക്കുന്ന സുഷിരവാദ്യം
ബകുലം നാ. ഒരു മരം, ഇലഞ്ഞി, അതിൻെറ പൂവ്
ബക്രീദ് നാ. (ഇസ്ലാം) ഒരു നൊയമ്പ്
ബങ്കളാവ് നാ. മണിമന്ദിരം, പാശ്ചാത്യരീതിയിൽ പണിചെയ്ത വീട്
ബങ്കാളി നാ. 1. വങ്ഗഭാഷ; 2. വങ്ഗദേശീയൻ; 3. ബങ്ഗാളി

ബങ്കി നാ. തപാൽ ഉരുപ്പടി, പാഴ്സൽ
ബങ്ഗ്ലാവ് [ഇം.] നാ. ബങ്കളാവ്
ബജാർ നാ. കമ്പോളം
ബജ്ജി നാ. ഒരു പലഹാരം (കിഴങ്ങുകളോ കായ്കളോ നേരിയ പാളികളായി ചീകി എടുത്ത് മാവും മസാലയും ചേർത്ത കുഴമ്പിൽ മുക്കി എണ്ണയിലോ നെയ്യിലോ മൂപ്പിച്ചത്)
ബടു നാ. വടു
ബടുകരണം നാ. ബടുവാക്കൽ (ഉപനയം)
ബട്ടൺ നാ. കുടുക്ക്, പിത്താൻ (ഉടുപ്പിൻെറയും മറ്റും രണ്ടുപാളികളെ ബന്ധിപ്പിക്കാൻ ഉപയോഗിക്കുന്നത്)
ബട്ളർ [ഇം.] നാ. (യൂറോപ്യൻെറ) പാചകക്കാരൻ
ബഡവ നാ. 1. പെൺകുതിര; 2. അശ്വിനി; 3. ബ്രാഹ്മണി
ബഡവം നാ. കുതിര
ബഡവാഗ്നി നാ. (പുരാണ) സമുദ്രത്തിനുള്ളിൽ പെൺകുതിരയുടെ മുഖത്തിൻെറ ആകൃതിയിൽ സദാ ജ്വലിക്കുന്നതായി സങ്കല്പിക്കപ്പെടുന്ന അഗ്നി
ബഡവാനലൻ നാ. ബഡവാഗ്നി
ബഡവാമുഖം നാ. ബഡവാഗ്നി
ബഡവാസുതർ നാ. (ബ.വ.) (പുരാണ) അശ്വിനീദേവന്മാർ
ബഡാ [ഹി.] വി. വലിയ
ബഡായി [ഹി.] നാ. 1. ആത്മപ്രശംസ; 2. അതിശയോക്തി; 3. ഇല്ലാത്തകാര്യം കെട്ടിച്ചമച്ചു പറയൽ
ബഡിശം നാ. ബളിശം, ചൂണ്ടൽ (വലിയ മത്സ്യങ്ങളെ പിടിക്കുന്നത്)
ബഡു നാ. അമ്പലങ്ങളിൽ അടിച്ചുതളി നടത്തുന്ന ബ്രാഹ്മണൻ
ബഡുവാ(സ്) നാ. 1. കള്ളൻ; 2. ചതിയൻ
ബൺ [ഇം.] നാ. മധുരമുള്ള ഒരുതരം റൊട്ടി
ബത വ്യാക്ഷേ കഷ്ടം, ഹാ (സന്തോഷം, ഖേദം വിസ്മയം എന്നിവ സൂചിപ്പിക്കാനും വാക്യാലങ്കാരമായും പ്രയോഗം)
ബത്ത നാ. അലവൻസ്, പടി, ക്ഷാമബത്ത, ദിവസബത്ത
ബത്തി നാ. 1. വർത്തി, തിരി; 2. വള. ഉദാഃ അഗർബത്തി
ബദര നാ. 1. കുരുപ്പരുത്തി; 2. പന്നിക്കിഴങ്ങ്; 3. അരത്ത; 4. പാൽമുതക്ക്; 5. വിഷ്ണുക്രാന്തി
ബദരം നാ. 1. ലന്തമരം; 2. ലന്തക്കായ്, ലന്തക്കുരു; 3. ദേവസർഷപകം; 4. പഞ്ഞിക്കുരു; 5. ഒരു തൂക്കം (ലന്തക്കുരുവിൻെറ തൂക്കം)
ബദരി നാ. 1. ഇലന്ത; 2. പഞ്ഞി; 3. ബ്രഹ്മി; 4. തുടരി; 5. ഒരു പുണ്യസ്ഥലം (ബദരീനാഥം)
ബദൽ നാ. 1. പകരം ചെയ്യത്, പകരമായുള്ളത്; 2. മറുപടി
ബദാം നാ. ഒരു വൃക്ഷം
ബദ്ധ വി. 1. ബന്ധിക്കപ്പെട്ട, തടവിലാക്കപ്പെട്ട; 2. അമർത്തപ്പെട്ട, ചേർക്കപ്പെട്ട; 3. രചിക്കപ്പെട്ട; 4. വേരുറച്ച; 5. കട്ടപിടിച്ച
ബദ്ധകങ്കണൻ നാ. കാപ്പുകെട്ടിയവൻ, തയാറായവൻ
ബദ്ധചിത്ത വി. മനസ്സുറപ്പിച്ചിട്ടുള്ള

ബദ്ധജിഹ്വ വി. താത്പര്യമുള്ള
ബദ്ധദൃഷ്ടി വി. ദൃഷ്ടിയുറപ്പിച്ചിരിക്കുന്ന
ബദ്ധപരികരൻ നാ. അരമുറുക്കിയവൻ, തയാറായവൻ
ബദ്ധപ്പാട് നാ. 1. തിടുക്കം; 2. ജോലിത്തിരക്ക്
ബദ്ധപ്പെടുക ക്രി. 1. തിടുക്കപ്പെടുക; 2. ബുദ്ധിമുട്ടുക; 3. ബന്ധനത്തിലാവുക
ബദ്ധപ്രതിജ്ഞൻ നാ. പ്രതിജ്ഞചെയ്തവൻ
ബദ്ധഭാവൻ നാ. മനസ്സു ചാഞ്ഞവൻ, പ്രേമത്തോടുകൂടിയവൻ
ബദ്ധഭൂവ് നാ. താണതറ, കെട്ടിടത്തിൻെറ അസ്ഥിവാരത്തിനായി ഒരുക്കിയ തറ
ബദ്ധമതി നാ. തീർച്ചപ്പെടുത്തിയവൻ
ബദ്ധമുഷ്ടി നാ. 1. കൈചുരുട്ടിപ്പിടിച്ചവൻ; 2. പിശുക്കൻ
ബദ്ധമൂല വി. 1. അടിയുറച്ച; 2. വേരുറച്ച
ബദ്ധമോദം അവ്യ. സന്തോഷത്തോടുകൂടി
ബദ്ധരാഗ വി. അനുരാഗത്തോടുകൂടിയ
ബദ്ധൽ നാ. 1. ബദ്ധപ്പാട്; 2. തൊഴിൽ
ബദ്ധവിരോധി നാ. വലിയ വിരോധി
ബദ്ധവൈരം1 നാ. വലിയ നീരസം
ബദ്ധവൈരം2 അവ്യ. വൈരത്തോടുകൂടി
ബദ്ധശ്രദ്ധ വി. ശ്രദ്ധയോടുകൂടി
ബദ്ധാഞ്ജലി വി. കൂപ്പുകൈയോടുകൂടിയ
ബദ്ധാദരം അവ്യ. ആദരവോടു കൂടുംവണ്ണം
ബദ്ധാനുരാഗം അവ്യ. ഉറപ്പിക്കപ്പെട്ട, അനുരാഗത്തോടുകൂടി
ബധിര വി. ശ്രവണശക്തിയില്ലാത്ത, കേൾക്കാൻ പാടില്ലാത്ത
ബധിരത നാ. കേൾവിശക്തി ഇല്ലായ്മ
ബധിരിത വി. ബധിരമാക്കപ്പെട്ട, യാതൊന്നും കേൾക്കാൻ വയ്യാതായ
ബധ്രം നാ. കാരീയം
ബധ്വാ അവ്യ ബന്ധിച്ചിട്ട്, കെട്ടിയിട്ട്
ബന്തർ നാ 1. തുറമുഖം; 2. കപ്പലിൽനിന്നും സാധനങ്ങൾ ഇറക്കാനായി കരയിൽ ചേർത്തു നീട്ടിക്കെട്ടിയ കടവ്
ബന്തവസ്സ് നാ. 1. ഏർപ്പാട്, ക്രമീകരണം; 2. സുരക്ഷിതത്വം
ബന്ത്,ബന്ദ് [ഹി.] നാ. അടയ്ക്കൽ (രാഷ്ട്രീയകക്ഷികളുടെ ആഹ്വാനമനുസരിച്ച് സ്വമനസ്സാലെയോ അവരുടെ കൂട്ടത്തിലുള്ള അക്രമികളെ ഭയന്നോ കടകമ്പോളങ്ങൾ അടയ്ക്കൽ)
ബന്ദി1 നാ. രാജാക്കന്മാരെയും മറ്റും സ്തുതിച്ചു പാടുന്നവൻ, വന്ദി
ബന്ദി2 [ഹി.] നാ. 1. തടവുകാരൻ; 2. അടിമ
ബന്ധകൻ നാ. അടിമ
ബന്ധകം നാ. 1. കൈമാറ്റം; 2. കെട്ട്; 3. തടവ്; 4. ഏർപ്പാട്; 5. ജാമ്യം, പണയപ്പാട്; 6. കെട്ടുകുറ്റി; 7. വ്യസനം; 8. അണക്കെട്ട്
ബന്ധകരണം നാ. 1. വിലങ്ങുവയ്പ്പ്; 2. തടവിലാക്കൽ
ബന്ധകി നാ. 1. വേശ്യ; 2. അടിമപ്പെണ്ണ്; 3. മച്ചി; 4. പിടിയാന

ബന്ധനഗ്രന്ഥി നാ. 1. കന്നുകാലികളെ കെട്ടാനുള്ള കയറ്; 2. കെണി
ബന്ധനപാലകൻ നാ. ജയിലർ, തടവറയുടെ ചുമതലയുള്ള ഉദ്യോഗസ്ഥൻ
ബന്ധനം നാ. 1. കെട്ട്, പിടിത്തം; 2. തടവിലിടൽ; 3. പശുക്കയറ്, ചങ്ങല; 4. വധം; 5. തണ്ട്; 6. ചെറ; 7. ജയിൽ; 8. സ്നായു; 9. പാലം
ബന്ധനസ്ഥൻ നാ. തടവുകാരൻ
ബന്ധനസ്ഥാനം നാ. തൊഴുത്ത്
ബന്ധനാലയം നാ. കാരാഗൃഹം
ബന്ധനീയ വി. ബന്ധിക്കത്തക്ക
ബന്ധപാരുഷ്യം നാ. വാക്യരചനയിലെ കാഠിന്യം
ബന്ധം നാ. 1. കെട്ട്; 2. സങ്ഗം; 3. സ്പർശം; 4. കാരണം; 5. തടവ്; 6. വിലങ്ങ്; 7. സ്നായു; 8. അരിക്; 9. പന്തയം; 10. ചിറ; 11. ഭവനത്തിൻെറ മേൽപ്പുരയിലുള്ള ഒരുപണി; 17 ശരീരം
ബന്ധമോക്ഷം നാ. 1. കെട്ടുകളിൽനിന്നുള്ള വിമുക്തി; 2. സംസാരബന്ധത്തിൽ നിന്നുള്ള വേർപാട്
ബന്ധശ്ലോകങ്ങൾ നാ. (ബ.വ.) കഥാസൂചകമായ ശ്ലോകങ്ങൾ
ബന്ധസ്തംഭം നാ. ആനയെകെട്ടുന്ന കുറ്റി
ബന്ധിക്കുക ക്രി. 1. കെട്ടുക, തടവിലാക്കുക, പിടിക്കുക; 2. അനുസരിക്കുക
ബന്ധിത വി. ബന്ധിക്കപ്പെട്ട
ബന്ധു നാ. 1. ചാർച്ചയുള്ള വ്യക്തി, ബന്ധപ്പെട്ട ആൾ; 2. ആപത്തുകാലത്തു രക്ഷിക്കുന്നവൻ; 3. സ്നേഹിതൻ; 4. ഭർത്താവ്; 5. രക്ഷകൻ; 6. ഗുരു; 7. സഹോദരൻ; 8. സ്വജാതിക്കാരൻ; 9. മാതാവ്; 10. ഉച്ചമലരി; 11. ശത്രു രാജ്യത്തിന് അപ്പുറമുള്ള രാജാവ്
ബന്ധുക നാ. കുലട
ബന്ധുകൻ നാ. ബന്ധുലൻ
ബന്ധുകം നാ. ഉച്ചമലരി
ബന്ധുകി നാ. ബന്ധുക
ബന്ധുകൃത്യം നാ. 1. ബന്ധുക്കളുടെ കടമ, ബന്ധുചെയ്യേണ്ടത്; 2. സ്നേഹപൂർവകമായ പ്രവൃത്തി
ബന്ധുചതുഷ്ടയം നാ. നാലു ബന്ധുക്കൾ (സഞ്ചാരത്തിൽ വിദ്യ, ഗൃഹത്തിൽ ഭാര്യ, രോഗാവസ്ഥയിൽ ഔഷധം, മരിച്ചവനു സുകൃതം എന്നിവ)
ബന്ധുജീവകം നാ. ഉച്ചമലരി (ജലമാകുന്ന ബന്ധുവോടുകൂടിയത്)
ബന്ധുത നാ. ബന്ധുവിൻെറ അവസ്ഥ, ചാർച്ച
ബന്ധുത്വം നാ. ബന്ധുവിൻെറ അവസ്ഥ
ബന്ധുദ നാ. കുലട, വ്യഭിചാരിണി
ബന്ധുദത്തം നാ. ഒരുതരം സ്ത്രീധനം
ബന്ധുമാൻ നാ. ബന്ധുക്കളുള്ളവൻ
ബന്ധുര വി. 1. മനോഹരമായ; 2. തരങ്ഗാകൃതിയായ, താണും ഉയർന്നുമുള്ള; 3. വളഞ്ഞ, ചരിവുള്ള; 4. ചെവികേൾക്കാത്ത; 5. ഉപദ്രവകാരിയായ

ബന്ധുരം,-ലം നാ. 1. മനോഹരം; 2. ഉച്ചമലരി; 3. ഒരുതരം കിരീടം; 4. കൊക്ക്; 5. അരയന്നം; 6. (എള്ളിൻ)പിണ്ണാക്ക്; 7. ഉപസ്ഥം; 8. വേങ്ങ; 9. വിഴാൽ; 10. ഇടവകം; 11. വളഞ്ഞത്; 12. ഉയർന്നു കുറഞ്ഞൊന്ന് താണത്
ബന്ധുരാങ്ഗൻ നാ. സുന്ദരൻ
ബന്ധുലൻ നാ. 1. വ്യഭിചാരിണിയുടെ പുത്രൻ; 2. കുലടയുടെ ഗൃഹത്തിൽ ജോലിചെയ്യുന്നവൻ
ബന്ധുകം നാ. 1. ഉച്ചമലരിപ്പൂവ്; 2. വേങ്ങ; 3. അമ്പരത്തി
ബന്ധ്യ1 വി. 1. ബന്ധിക്കത്തക്ക; 2. ഒരിക്കലും കായ്ക്കാത്ത മരം
ബന്ധ്യ2 നാ. 1. വന്ധ്യ; 2. കാട്ടുപാവൽ
ബന്ധ്രം നാ. ബന്ധം, കെട്ട്
ബഭ്രവി നാ. ദുർഗ
ബഭ്രു1 വി. 1. കുരാൽനിറമായ; 2. കഷണ്ടിയായ; 3. വലിയ; 4. തടിച്ച
ബഭ്രു2 നാ. 1. വിഷ്ണു; 2. ശിവൻ; 3. അക്രൂരൻ; 4. നല്ലകുലത്തിൽ ജനിച്ചവൻ; 5. അഗ്നി; 6. കീരി; 7. ഒട്ടകം; 8. ചെമ്പിച്ചതലമുടിയുള്ളവൻ; 9. തൂപ്പുകാരൻ; 10. കുരാൽ നിറം; 11. വേഴാമ്പൽ; 12. ഒരു രാജ്യം
ബഭ്രുധാതു നാ. 1. സ്വർണം; 2. കാവി
ബഭ്രുവാഹനൻ നാ. (പുരാണ) അർജുനനു ചിത്രാങ്ഗതയിൽ ജനിച്ച പുത്രൻ
ബംഭരം നാ. 1. ഈച്ച; 2. വണ്ട്
ബംഭരാളി നാ. ഒരിനം ഈച്ച
ബംഹിഷ്ഠ വി. 1. ഏറ്റവും ബഹുലമായ; 2. പെരുകിയ
ബർക്കരം നാ. 1. ആട്, ആട്ടിൻകുട്ടി; ഏതെങ്കിലും മൃഗത്തിൻെറ കുട്ടി; 3. നേരമ്പോക്ക്
ബർബടം നാ. വലിയ ഉഴുന്ന്
ബർബടി നാ. 1. വലിയ ഉഴുന്ന്; 2. കുലട
ബർബര വി. അനാര്യനായ, നീചനായ, ബർവര
ബർബരന്മാർ നാ. (ബ.വ.) 1. ബർബരദേശവാസികൾ; 2. മ്ലേച്ഛർ
ബർബരം നാ. 1. ചെറുതേക്ക്; 2. നായർ വെണ്ണ; 3. ഒരിനം തുളസി; 4. ഒരുദേശം; 5. ഒരു വാദ്യം
ബർഹം നാ. 1. മയിൽപ്പീലി (വളരുന്നത്); 2. തൂണിയാങ്കം; 3. ഇല; 4. ഇതൾ; 5. ചിറക്; 6. തൂവൽ; 7. പരിവാരം
ബർഹപുഷ്പം നാ. 1. തൂണിയാങ്കം; 2. നെന്മേനിവാക
ബർഹി നാ. 1. മയിൽ; 2. കുശ, വെളുത്തദർഭ; 3. അഗ്നി; 4. കൊടുവേലി; 5. തൂണിയാങ്കം
1125
ബർഹിണം നാ. 1. മയിൽ; 2. കോതമ്പ്; 3. തകരം
ബർഹിധ്വജ നാ. ശ്രീപാർവതി
ബർഹിർമുഖൻ നാ. 1. ദേവൻ; 2. അഗ്നി
ബർഹിവാഹൻ നാ. സുബ്രഹ്മണ്യൻ
ബർഹിശ്ശുഷ്മാവ് നാ. അഗ്നി (ദർഭപ്പുല്ലുകളാകുന്ന ബലത്തോടുകൂടിയവൻ)

ബർഹിഷ്ക	വി.	ദർഭകൊണ്ടുണ്ടാക്കിയ
ബർഹിഷ്കേശൻ	നാ.	അഗ്നി
ബർഹിസ്സ്	നാ.	1. അഗ്നി; 2. ശോഭ; 3. കുശ; 4. ആകാശം; 5. ജലം; 6. യാഗം
ബരല	നാ.	അന്നപ്പേട
ബരീവർദം	നാ.	ബലീവർദം, കാള
ബല1	വി.	ശക്തിയുള്ള
ബല2	നാ.	1. കുറുന്തോട്ടി; 2. പുഴമുഞ്ഞ; 3. വിഴാൽ; 4. കരിങ്കുറിഞ്ഞി; 5. ഒരു മന്ത്രം
ബലകര	വി.	ശക്തിയുണ്ടാക്കുന്ന
ബലക്കുക	ക്രി.	ബലപ്പെടുക
ബലക്രിയ	നാ.	(വ്യാക) അകാരിതക്രിയ
ബലക്ഷ	വി.	വെളുത്തനിറമുള്ള
ബലക്ഷയം	നാ.	ബലക്കുറവ്
ബലചതുഷ്ടയം	നാ.	(ബ.വ.) നാലുബലങ്ങൾ (ദുർബലനു രാജാവ്, ശിശുക്കൾക്കു കരച്ചിൽ, മൂഢനു മൂകത്വം, മോഷ്ടാവിന് അസത്യം എന്നിവ)
ബലജ1	വി.	ശക്തികൊണ്ടുണ്ടായ
ബലജ2	നാ.	1. സുന്ദരി; 2. ഭൂമി; 3. അറബിമുല്ല
ബലജം	നാ.	1. നഗരവാതിൽ; 2. വയൽ; 3. മജ്ജ; 4. ധാന്യം; 5. യുദ്ധം; 6. സൗന്ദര്യം
ബലത്ത	വി.	ബലമുള്ള
ബലദ	വി.	ബലം നൽകുന്ന
ബലദം	നാ.	1. ബലത്തെകൊടുക്കുന്നത്; 2. കാള; 3. ജീരകം
ബലദേവൻ	നാ.	1. (പുരാണ) ബലരാമൻ; 2. വായു
ബലൻ	നാ.	1. (പുരാണ) ബലരാമൻ; 2. (പുരാണ) ഒരു അസുരൻ, വലൻ; 3. കാക്ക
ബലനം	നാ.	ബലപ്പെടുത്തൽ
ബലനിഷൂദനൻ	നാ.	ബലദ്വിട്ട്
ബലപതി	നാ.	1. ഇന്ദ്രൻ; 2. സേനാപതി
ബലപ്പെടുക	ക്രി.	1. ശക്തിയുണ്ടാകുക; 2. ഉറയ്ക്കുക, സ്ഥിരമാകുക
ബലഭദ്ര1	വി.	ബലംകൊണ്ടു ശ്രേഷ്ഠനായ
ബലഭദ്ര2	നാ.	1. കന്യക; 2. ബ്രഹ്മി; 3. കറ്റാർവാഴ
ബലഭദ്രൻ	നാ.	1. (പുരാണ) ബലരാമൻ; 2. (പുരാണ) അനന്തൻ; 3. ശകാതൻ
ബലഭിത്ത്	നാ.	ഇന്ദ്രൻ
ബലം	നാ.	1. ശക്തി; 2. പുഷ്ടി; 3. ഉറപ്പ്; 4. സൈന്യം; 5. സമർഥം; 6. ശുക്ലം; 7. രക്തം; 8. കാക്ക; 9. ശരീരം; 10. മുള; 11. തളിര്; 12. നറുമ്പശ; 13. നീർമാതളം; 14. ചേരുമരം
ബലരാമൻ	നാ.	(പുരാണ) വിഷ്ണുവിന്റെ എട്ടാമത്തെ അവതാരം
ബലലൻ	നാ.	(പുരാണ) 1. ഇന്ദ്രൻ; 2. വലലൻ (ഭീമൻ അജ്ഞാതവാസകാലത്തു സ്വീകരിച്ചനാമം)

ബലവതി നാ. 1. ബലമുള്ളവൾ; 2. ചിറ്റേലം
ബലവത്ത നാ. 1. ശക്തി; 2. മേന്മ
ബലവത്ത് വി. ശക്തിയുള്ള
ബലവാൻ നാ. 1. ശക്തൻ; 2. സേനയോടുകൂടിയവൻ
ബലവിന്യാസം നാ. സൈന്യത്തെ അണിനിരത്തൽ
ബലശാലി നാ. ബലവാൻ
ബലസ്ഥൻ നാ. 1. ഭടൻ; 2. ബലവാൻ
ബലസ്ഥിതി നാ. 1. പാളയം, പടവീട്; 2. രാജഭവനം, രാജാവിൻെറ കൂടാരം
ബലസ്സ് നാ. വലസ്സ്, ബലം
ബലഹാവ് നാ. 1. ഇന്ദ്രൻ; 2. ബലദേവൻ; 3. കഫം
ബലഹാനി നാ. ബലക്ഷയം
ബലഹീനൻ നാ. ശക്തിയില്ലാത്തവൻ, ദുർബലൻ
ബലാക നാ. 1. നായിക; 2. വെള്ളിൽപ്പക്ഷി, വലാക
ബലാചരണം നാ. ബലപ്രയോഗം
ബലാത്ത് അവ്യ. 1. ബലത്തോടെ; 2. പെട്ടെന്ന്; 3. സമ്മതം കൂടാതെ
ബലാനുജൻ നാ. ശ്രീകൃഷ്ണൻ
ബലാബലം നാ. 1. ബലവും ബലമില്ലായ്മയും; 2. ബലപരീക്ഷ
ബലാത്കരണം നാ. ബലാത്കാരം
ബലാത്കാരം നാ. 1. ശക്തിപ്രയോഗിച്ച് ആരോടെങ്കിലും മുറകേടായി ചെയ്യുന്ന പ്രവൃത്തി, പിടിച്ചുപറി; 2. ബലാത്സങ്ഗം
ബലാത്സങ്ഗം നാ. സ്ത്രീയുടെ സമ്മതംകൂടാതെ (ബലാത്കാരേണ) ചെയ്യുന്ന സമ്യോഗം (ശിക്ഷാനിയമപ്രകാരമുള്ള ഒരു കുറ്റം)
ബലാഹകൻ നാ. 1. (പുരാണ) വിഷ്ണുവിൻെറ ഒരു കുതിര; 2. (പുരാണ) ജയദ്രഥൻെറ ഒരു സഹോദരൻ; 3. (പുരാണ) ഒരു ദൈത്യൻ
ബലി1 വി. 1. ബലമുള്ള; 2. തടിച്ച
ബലി2 നാ. 1. പാമ്പ്; 2. കാള; 3. കുറിയാട്; 4. പന്നി; 5. പോത്ത്; 6. ഒട്ടകം; 7. (പുരാണ) ബലരാമൻ; 8. സിംഹം; 9. ഉഴുന്ന്; 10. കുന്തുരുക്കം; 11. ഗന്ധകം; 12. ഭടൻ; 13. കഫം; 14. ബലവാൻ
ബലി3 നാ. 1. (പുരാണ) ഒരു അസുരരാജാവ്, മഹാബലി; 2. കരം, കപ്പം; 3. പഞ്ചമഹായത്തങ്ങളിൽ ഒന്ന്; 4. ചാമരത്തിൻെറ പിടി; 5. അന്നദാനം; 6. ദേവന്മാരെയും പിതൃക്കളെയും ഉദ്ദേശിച്ചു യാഗസമയത്തു ചെയ്യുന്ന ഉപഹാരം; 7. (യാഗത്തിൽ) ഹിംസിക്കാനുള്ള മൃഗം; 8. ദേവന്മാർക്കോ മറ്റോ കുരുതിനൽകൽ, ഭൂതബലി; 9. ചാത്തം; 10. (പുരാണ) ഒരു രാജാവ്; 11. ഞൊറി
ബലിക നാ. ഒരു ചെടി, ഊരകം
ബലികർമം നാ. 1. ബലികഴിക്കൽ; 2. ചാത്തം; 3. ഭൂതബലി
ബലിക്കല്ല് നാ. തൂകുന്നതിനുള്ള കല്ല്
ബലിക്കളം നാ. ബലികഴിക്കുന്നതിനുള്ള സ്ഥലം
ബലിക്കാക്ക നാ. കാവതിക്കാക്ക
ബലിചന്ദനം നാ. രക്തചന്ദനം
ബലിച്ഛാഗം നാ. കുരുതികഴിക്കാൻ ഉഴിഞ്ഞുവിട്ട ആട്, ബലിയാട്

ബലിജിത്ത് നാ. വിഷ്ണു (മഹാബലിയെ ജയിച്ചവൻ)
ബലിദാനം നാ. 1. ബലിയായി അർപ്പിക്കൽ (ക്രിസ്തു), കുർബാന
ബലിപീഠം നാ. ബലികഴിക്കുന്ന പീഠം (ബലിക്കല്ല്)
ബലിപുത്രൻ നാ. (പുരാണ) ബാണാസുരൻ
ബലിപുഷ്ടം നാ. 1. കാക്ക; 2. കൊക്ക്
ബലിഭുക്ക് നാ. 1. കാക്ക; 2. കൊക്ക്
ബലിഭൂവ് നാ. 1. ബലവാന്മാരുടെ രാജ്യം; 2. മഹാബലിയുടെ രാജ്യം; 3. ബാണാസുരൻ
ബലിഭോക്താവ് നാ. കാക്ക (ബലിക്കാക്ക)
ബലിഭോജനം നാ. കാക്ക (ബലികാക്ക)
ബലിമന്ദിരം നാ. പാതാളം (വാമനമൂർത്തിയുടെ അനുഗ്രഹത്തോടെ ബലി പോയിതാമസിക്കുന്ന ഇടം)
ബലിമാവ് നാ. ശക്തി
ബലിമുഖം നാ. കുരങ്ങ്, വലിമുഖം
ബലിമൃഗം നാ. കുരുതിക്കുള്ള മൃഗം
ബലിയാട് നാ. കുരുതിയാട് (പ്ര) ബലിയാടാകുക = മറ്റൊരാൾ ചെയ്തകുറ്റം ഏൽക്കേണ്ടിവരിക
ബലിവർദം നാ. കാള
ബലിശിഷ്ടം നാ. ബലികഴിഞ്ഞു ശേഷിച്ച ചോറ്
ബലിഷ്ഠ വി. അത്യധികം ശക്തിയുള്ള
ബലിഷ്ഠം നാ. 1. ഒട്ടകം; 2. അത്യധികം ശക്തിയുള്ളത്
ബലിഷ്ണു നാ. അപമാനിക്കപ്പെട്ടവൻ
ബലിഹാവ് നാ. വിഷ്ണു
ബലീനം നാ. തേൾ
ബലിമുഖം നാ. വലിമുഖം, കുരങ്ങ്
ബലീയസ്സ് വി. 1. അതിശക്തിയുള്ള; 2. കൂടുതൽ ഫലിക്കുന്ന
ബലിയാൻ വി. ബലിയസ്
ബലീവർദം നാ. കാള (കണ്ഠത്തിൽ വലികളുള്ളത്), ബലം അധികമുള്ളവൻ, ഉടയവന് ഐശ്വര്യവും പശുക്കൾക്ക് ഇഷ്ടവും ദാനം ചെയ്യുന്നവൻ
ബലേ [ഹി.] വ്യാക്ഷേ വളരെ കേമം, കൊള്ളാം
ബല്യം നാ. 1. കോതമ്പ്; 2. ശുക്ലം; 3. ബലവർധനൗഷധം
ബല്ലവൻ നാ. വല്ലവൻ, വലലൻ
ബവം നാ. കരണങ്ങളിൽ ഒന്ന്
ബഷ്കയം നാ. ഒരു വയസ്സുള്ള പശുക്കന്ന്
ബസ്കി നാ. വ്യായാമമാർഗങ്ങളിൽ ഒന്ന്
ബസ്പകം നാ. പട നയിപ്പ്
ബസ്തം നാ. 1. വെള്ളോട്; 2. കോലാട്; 3. (കൃഷ്യാദിയെ) പീഡിപ്പിക്കുന്നത്; 4. വനം
ബസ്സാദ് [അറ] നാ. 1. ഏഷണി; 2. വെറും വാക്ക് (പ്ര) ബസ്സാദുകാരൻ = ഏഷണിക്കാരൻ

ബഹദൂർ [പേർ] നാ. 1. നായകൻ , പ്രഭു; 2. ധീരൻ, വീരൻ; 3. ഒരു സ്ഥാനപ്പേർ
ബഹല,-ള വി. 1. പെരുകിയ; 2. തിങ്ങിയ; 3. കനമുള്ള; 4. പരുഷമായ
ബഹലഗന്ധം നാ. ഒരുതരം ചന്ദനം
ബഹലം, -ളം നാ. 1. ബഹുത്വം; 2. അരിക്കാടി; 3. ലഹള; 4. വലിയ ശബ്ദം; 5. കരിമ്പ്
ബഹാദൂർ നാ. = ബഹദൂർ
ബഹിർഗമനം നാ. പുറത്തുപോകൽ
ബഹിർദ്വാരം നാ. പുറത്തെ വാതിൽ
ബഹിർഭൂത നാ. ബഹിഷ്കരിച്ച, പുറന്തള്ളപ്പെട്ടു കഴിഞ്ഞ
ബഹിർമുഖ വി. 1. മുഖം തിരിച്ചുകളയുന്ന, ഉദാസീനമായ; 2. ബാഹ്യവസ്തുക്കളിൽ താത്പര്യമുള്ള
ബഹിർലംബ നാ. സമകോണത്തെക്കാൾ വലിയ
ബഹിർവ്യസനം നാ. വിടവൃത്തി
ബഹിരങ്ഗങ്ങൾ നാ. (ബ.വ.) യമം നിയമം ആസനം പ്രാണായാമം പ്രത്യാഹാരം ഇവ
ബഹിരങ്ഗം നാ. 1. ബാഹ്യാവയവം; 2. പരസ്യമായിരിക്കുന്ന അവസ്ഥ
ബഹിരിന്ദ്രിയം നാ. പുറമെയുള്ള ഇന്ദ്രിയം (അഞ്ചു ജ്ഞാനേന്ദ്രിയങ്ങളും അഞ്ചു കർമേന്ദ്രിയങ്ങളും) >< അന്തരീന്ദ്രിയം = മനസ്സ്
ബഹിരുപാധി നാ. ബാഹ്യസ്തുതി
ബഹിശ്ചരം നാ. വെളിയിൽ സഞ്ചരിക്കുന്നത്
ബഹിഷ്ക നാ. ബാഹ്യമായ
ബഹിഷ്കരണം നാ. ബഹിഷ്കരിക്കൽ
ബഹിഷ്കരിക്കുക ക്രി. പുറത്താക്കുക, നാടുകടത്തുക
ബഹിഷ്കാരം നാ. ബഹിഷ്കരണം (പുറത്താക്കൽ)
ബഹിഷ്കൃത നാ. ബഹിഷ്കരിക്കപ്പെട്ട
ബഹിസ്സ് അവ്യ. 1. വെളിയിലോട്ട്; 2. പുറത്ത്; 3. കൂടാതെ
ബഹിഃ അവ്യ. പുറമെ
ബഹിഃപ്രാണൻ നാ. പുറമെയുള്ള പ്രാണൻ, അങ്ങനെകരുതി സ്നേഹിക്കപ്പെടുന്നവൻ
ബഹിരൂപം നാ. പുറമെയുള്ള രൂപം
ബഹു അവ്യ. 1. വളരെ; 2. വലിയ; 3. പെരുകിയ
ബഹുകൻ നാ. 1. സൂര്യൻ; 2. കുളം കുഴിക്കുന്നവൻ
ബഹുകം നാ. 1. ഞണ്ട്; 2. നീർക്കാക്ക; 3. എരിക്ക്; 4. നത്ത്
ബഹുകര വി. 1. പരിശ്രമിയായ, അധികം പ്രവർത്തിക്കുന്ന; 2. അടിച്ചുവാരുന്ന
ബഹുകരി നാ. ചൂൽ, തുറപ്പ
ബഹുഗന്ധ നാ. 1. കുറുമൊഴി; 2. കരിഞ്ജീരകം; 3. ചമ്പകമൊട്ട്; 4. അമുക്കിരം
ബഹുജ്ഞൻ നാ. വളരെ അറിവുള്ളവൻ
ബഹുത,-ത്വം നാ. 1. പെരുപ്പം; 2. സമൃദ്ധി; 3. ബഹുവചനം

ബഹുതമ വി. ഏറ്റവും അധികമായ
ബഹുതര വി. വളരെ അധികമായ
ബഹുതഃ അവ്യ. 1. പലവഴിക്കും; 2. പലവിധത്തിലും
ബഹുദൃശ്വാവ് നാ. വളരെ ലോകപരിചയം ഉള്ളവൻ
ബഹുധാ അവ്യ. 1. പലവിധത്തിൽ; 2. പലസ്ഥലത്ത്; 3. കൂടെക്കൂടെ
ബഹുധാരം നാ. വജ്രം
ബഹുനാദം നാ. ശങ്ഖ്
ബഹുനായകത്വം നാ. പലർകൂടി നടത്തുന്ന അധികാരം, അനേകം നായകന്മാർ ഉണ്ടായിരിക്കൽ
ബഹുപത്നീക വി. അനേകം ഭാര്യമാരുള്ള
ബഹുപുത്ര വി. അനേകം പുത്രന്മാരുള്ള
ബഹുപ്രജം നാ. 'ധാരാളം മക്കളുണ്ടാകുന്നത്', 1. പന്നി; 2. എലി
ബഹുബലൻ,-ലം നാ. സിംഹം
1127
ബഹുഭാര്യൻ നാ. അനേകം ഭാര്യമാരുള്ളവൻ
ബഹുഭാഷി വി. അധികം സംസാരിക്കുന്ന. ബഹുഭാഷിത്വം = രാജഗുണങ്ങളിൽ ഒന്ന്
ബഹുഭുജ നാ. ദുർഗ
ബഹുമത വി. 1. ബഹുമാനിക്കപ്പെട്ട; 2. പല അഭിപ്രായങ്ങളുള്ള
ബഹുമതി നാ. ബഹുമാനം (പ്ര) ബഹുമതിമുദ്ര
ബഹുമാനം നാ. ഗുരുജനങ്ങളെയും മറ്റും കാണുമ്പോൾ തോന്നുന്ന വികാരം അഥവാ ചെയ്യുന്ന ആചാരം, ആദരം
ബഹുമാനിക്കുക ക്രി. 1. ആദരിക്കുക; 2. സന്തോഷിപ്പിക്കുക
ബഹുമാന്യം നാ. ബഹുമാനിക്കത്തക്കത്, അന്തസ്സ്, ബഹുമാന്യത
ബഹുമാർഗ നാ. 'പലരാൽ അന്വേഷിക്കപ്പെടുന്നവൾ', 1. ഗങ്ഗ; 2. വേശ്യ
ബഹുമുഖ വി. 1. പലവഴിക്കുമുള്ള; 2. ധാരാളമായ; 3. പെരുകിയ
ബഹുമൂലം വി. വളരെ വിലപിടിച്ച വസ്തു
ബഹുരൂപൻ നാ. 1. ബ്രഹ്മാവ്; 2. വിഷ്ണു; 3. ശിവൻ; 4. സൂര്യൻ; 5. കാമദേവൻ
ബഹുല വി. 1. വളരെയുള്ള; 2. നിറഞ്ഞ; 3. കറുത്ത; 4. വ്യാപകമായ
ബഹുലഗ്രീവം നാ. മയിൽ
ബഹുലത നാ. 1. പരിപൂർണത; 2. സമൃദ്ധി; 3. ബഹുലത്വം
ബഹുലൻ നാ. അഗ്നി
ബഹുലം നാ. 1. കറുത്തപക്ഷം; 2. ആകാശം; 3. വെളുത്തകുരുമുളക്; 4. നിബിഡമായത്; 5. ധാരാളമുള്ളത്; 6. ബഹുളം
ബഹുലീകരിക്കുക വി. 1. വർധിപ്പിക്കുക; 2. പതിരുകളയുക; 3. പരസ്യം ചെയ്യുക. നാ. ബഹുലീകരണം
ബഹുവചനം നാ. (വ്യാക) ബഹുത്വത്തെ കാണിക്കുന്ന (സംസ്കൃതത്തിൽ മൂന്നാമത്തെ) വചനം

ബഹുവിധ വി. പലവിധത്തിലുള്ള
ബഹുവിഷാണം നാ. 'പല കൊമ്പുകളുള്ളത്', കടമാൻ
ബഹുവ്രീഹി നാ. 1. (സംസ്കൃത)സമാസങ്ങളിൽ ഒന്ന്, അന്യപദാർഥപ്രധാനം; 2. ധാരാളം നെല്ലുള്ള സ്ഥലം
ബഹുശത്രു നാ. 'ധാരാളം ശത്രുക്കളുള്ളത്', കുരികിൽ, കുരുവി
ബഹുശഃ അവ്യ. 1. വളരെ, ധാരാളമായി; 2. കൂടെക്കൂടെ
ബഹുശ്രുതൻ നാ. 1. വളരെ പഠിപ്പുള്ളവൻ, വിദ്വാൻ; 2. വേദജ്ഞൻ
ബഹുസന്തതി വി. അനേകം സന്താനങ്ങളുള്ള. നാ. ഒരുതരം മുള
ബഹുസമ്മതം നാ. അനേകം പേർ സമ്മതിച്ചത്
ബഹുസാര വി. വളരെ അന്തസ്സാരമുള്ള
ബഹുസൂ നാ. 1. അധികം പ്രസവിച്ചവൾ, ബഹുസൂതി; 2. പെൺപന്നി
ബഹുധാരം നാ. അനേകം വായ്ത്തലകളുള്ളത്. നാ. വജ്രായുധം
ബഹ്വപത്യ വി. അനേകം സന്താനങ്ങളുള്ള
ബഹ്വർഥ നാ. 1. അനേകാർഥങ്ങളോടുകൂടിയ; 2. അനേകം ഉദ്ദേശ്യങ്ങളുള്ള; 3. പ്രാധാന്യമില്ലാത്ത
ബാക വി. ബകത്തെ സംബന്ധിച്ച. ബാകം = കൊക്കിൻകൂട്ടം
ബാക്കി [അറ] നാ. ശേഷിപ്പ്, മിച്ചം (പ്ര) ബാക്കിപത്രം = വരവുചെലവ് നീക്കിയിരിപ്പ് ഇവ കാണിക്കുന്ന കണക്ക്, ബാലസ് ഷീറ്റ്
ബാങ്ക് [ഇം.] നാ. പണംകൊടുക്കൽ വാങ്ങൽ നടത്തുന്ന സ്ഥലം
ബാഡവം നാ. 1. സമുദ്രാഗ്നി; 2. കുതിരകളുടെ കൂട്ടം
ബാഡവേയൻ,-യം നാ. കാള
ബാഡവേയന്മാർ നാ. (ബ.വ.) അശ്വിനികൾ
ബാഡീരൻ നാ. ഭൃത്യൻ, കൂലിക്കാരൻ
ബാഢം അവ്യ. 1. പെരികെ, ഏറ്റവും; 2. നിശ്ചയമായി
ബാണകൂടം നാ. 1. ബാണം പ്രയോഗിച്ചുണ്ടാക്കിയ കൂടാരം; 2. ആവനാഴി
ബാണതൂണം നാ. ആവനാഴി, ബാണതൂധി
ബാണൻ നാ. 1. (പുരാണ) മഹാബലിയുടെ പുത്രൻ; 2. ബാണഭട്ടൻ; 3. കാര്യത്തിൻെറ സാരമറിയാതെ ഓടുന്ന ദൂതൻ; 4. അസ്ത്രത്തോടുകൂടിയവൻ; 5. കുസുമബാണൻ
ബാണഭട്ടൻ നാ. സംസ്കൃതമഹാകവി, കാദംബരിയെന്ന ഗദ്യകാവ്യത്തിൻെറ കർത്താവ്
ബാണം നാ. 1. അമ്പ്, ശരം; 2. നീലക്കുറിഞ്ഞി; 3. കൊഴിഞ്ഞിൽ; 4. മൂഞ്ഞപ്പുള്ള്; 5. അമ്പൊട്ടൽ; 6. ലാക്ക്; 7. അഞ്ച് എന്ന സംഖ്യ; 8. ശബ്ദം; 9. അഗ്നി; 10. മിന്നൽ; 11. അമ്പിൽ തൂവൽ ബന്ധിച്ചിരിക്കുന്ന ഭാഗം; 12. അകിട്
ബാണരേഖ നാ. അമ്പുകൊണ്ടുള്ള മുറിവ് (അടയാളം)
ബാണവാരം നാ. ശരീരത്തിൽ അമ്പുകൊള്ളാതെ രക്ഷിക്കുന്നത്, ചട്ട
ബാണസന്ധാനം നാ. അമ്പുതൊടുക്കൽ
ബാണസുത നാ. ഉഷ (അനിരുദ്ധൻെറ പത്നി)
ബാണാരി നാ. ബാണാസുരൻെറ ശത്രു, ശ്രീകൃഷ്ണൻ
ബാണാശ്രയം നാ. ആവനാഴി
ബാണാസനം നാ. വില്ല്

ബാണാസുരൻ നാ. = ബാണൻ
ബാണാളി നാ. ബാണങ്ങളുടെ കൂട്ടം
ബാണിജൻ നാ. വണിക്ക്
ബാണിജ്യ നാ. വാണിജ്യം
ബാത്ത് നാ. ഒരുതരം കോഴി, പാത്ത
ബാദര വി. പഞ്ഞികൊണ്ടുണ്ടാക്കിയ. നാ. കുരുപ്പരുത്തിച്ചെടി
ബാദരം നാ. 1. കുരുപ്പരുത്തി; 2. പട്ട്; 3. പഞ്ഞികൊണ്ടുള്ള തുണി; 4. ജലം; 5. വലംപിരിശങ്ഖ്; 6. ഇലന്ത
ബാദരായണൻ നാ. വേദവ്യാസൻ
ബാദരായണി നാ. ബാദരായണൻെറ പുത്രൻ, ശുകൻ
ബാദഷാ(വ്) [പേർ] നാ. മുഹമ്മദീയ ചക്രവർത്തി
ബാദാം [പേർ] നാ. ഒരു മരം (ഇതിൻെറ പരിപ്പ് പോഷകമൂല്യമുള്ളതാണ്)
ബാധ നാ. 1. രോഗം; 2. ദുഃഖം; 3. തടവ്; 4. റദ്ദാക്കൽ; 5. വിരോധം; 6. ഉപദ്രവം; 7. ദുർദേവത; 8. ആപത്ത്; 9. കേട്
ബാധക വി. ബാധിക്കുന്ന
ബാധകൻ നാ. ബാധിക്കുന്നവൻ (സ്ത്രീ) ബാധിക
ബാധകം നാ. 1. എതിർക്കുന്നത്; 2. കേടുവരുത്തുന്നത് (മലയാളത്തിൽ തെറ്റിച്ചു പ്രയോഗിക്കുന്നു)
ബാധകാധിപൻ നാ. ബാധകസ്ഥാനത്തിൻെറ നാഥൻ, ഉപദ്രവകാരണമായ മൂർത്തികളിൽ പ്രധാനി
ബാധന വി. ബാധിക്കുന്ന
ബാധനം നാ. ബാധിക്കൽ
ബാധനീയ വി. ബാധിക്കത്തക്ക
ബാധിക്കുക ക്രി. 1. ഉപദ്രവിക്കുക; 2. വിരോധിക്കുക; 3. പ്രവേശിക്കുക; 4. തടയുക; 5. റദ്ദാക്കുക
ബാധിത വി. ബാധിക്കപ്പെട്ട
ബാധിര്യം നാ. ചെവികേൾക്കാൻ പാടില്ലായ്ക, ബധിരത
ബാധ്യ വി. ബാധിക്കത്തക്ക
ബാധ്യത നാ. 1. കടമ, കടപ്പാട്, ചുമതല; 2. (വസ്തുവിന്മേലുള്ള) കടം
ബാധ്യസ്ഥ നാ. ബാധ്യതയുള്ളവൻ
ബാധ്യസ്ഥത നാ. ബാധ്യതയുള്ള അവസ്ഥ
ബാൻഡ് [ഇം.] നാ. 1. സൈന്യസംബന്ധമായ പെരുമ്പറയും മറ്റും; 2. അതു വായിക്കുന്ന സങ്ഘം
ബാന്ധവൻ നാ. 1. ഗോത്രം ഒന്നായിട്ടുള്ളവൻ; 2. ചാർച്ചക്കാരൻ; 3. സംബന്ധക്കാരൻ; 4. സ്നേഹിതൻ, ഉപകാരി
ബാന്ധവം നാ. 1. ബന്ധുഭാവം, വിവാഹം; 2. സ്നേഹം; 3. ചാർച്ച
ബാന്ധവക്കാരൻ നാ. = ഭർത്താവ്
ബാന്ധവിക്കുക ക്രി. സംബന്ധം കഴിക്കുക, ഭാര്യയാക്കുക
ബാപ്പാ,ബാപ്പു [അറ.ഹി] നാ. അച്ഛൻ
ബാപ്പുജി നാ. ബഹുമാനപ്പെട്ട അച്ഛൻ, ഗാന്ധിജി
ബാഭ്രുക വി. ബഭ്രുനിറം (തവിട്ടുനിറം) ഉള്ള

ബായി നാ. ഉത്തമസ്ത്രീ, മാന്യ
ബാർഹ വി. പീലികൊണ്ടുണ്ടാക്കിയ
ബാർഹദ്രഥൻ നാ. ജരാസന്ധൻ
ബാർഹസ്പത്യ വി. ബൃഹസ്പതിയെ സംബന്ധിച്ച
ബാർഹസ്പത്യൻ നാ. 1. ബൃഹസ്പതിയുടെ ശിഷ്യൻ; 2. അഗ്നി; 3. ഭൗതികവാദി
ബാർഹസ്പത്യം നാ. 1. പൂയം നക്ഷത്രം; 2. ധർമം
ബാർളി നാ. ഒരു ധാന്യം, വാൽക്കോതമ്പ്
ബാല1 വി. 1. അധികം പ്രായമാകാത്ത; 2. അറിവില്ലാത്ത
ബാല2 നാ. 1. പതിനാറുവയസ്സിനുതാഴെ പ്രായമുള്ളവൾ; 2. വൈശ്രവണൻെറ പുത്രി; 3. ചിറ്റേലം; 4. കറ്റാർവാഴ; 5. കുറുഞ്ഞി
ബാലകൻ നാ. 1. ബാലൻ, ബാലിശൻ; 2. മൂഢൻ (സ്ത്രീ) ബാലിക
ബാലകപ്രിയ നാ. വാഴ
ബാലകം നാ. 1. മോതിരം; 2. വള; 3. കുതിരവാൽ; 4. ആനവാൽ; 5. രോമം; 6. വെളുത്തമുളക്; 7. ഇരുവേലി
ബാലകാണ്ഡം നാ. രാമായണത്തിലെ ആദ്യഭാഗം
ബാലകൃഷ്ണൻ നാ. ഉണ്ണിക്കൃഷ്ണൻ
ബാലക്രീഡ നാ. കുട്ടിക്കളി
ബാലക്രീഡനകം നാ. കളിപ്പാട്ടം, പന്ത്
ബാലഖില്യന്മാർ നാ. (ബ.വ.) ഒരുകൂട്ടം തപസികൾ
ബാലഗർഭിണി നാ. കടിഞ്ഞൂൽ ഗർഭമുള്ളവൾ, ബാല്യത്തിങ്കൽ ചനച്ച പശു
ബാലഗൃഹം നാ. 1. ദേവാലയത്തിൽ ജീർണോദ്ധാരണം നടത്തുമ്പോൾ ബിംബം മാറ്റിവയ്ക്കാനുള്ള സ്ഥാനം; 2. ബാലമന്ദിരം
ബാലചന്ദ്രൻ നാ. 1. കറുത്തവാവുകഴിഞ്ഞ് പ്രതിപദം മുതൽ പഞ്ചമിവരെ ഉദിക്കുന്ന ചന്ദ്രൻ; 2. ഉദിച്ചിട്ട് അധികം നേരമാകാത്ത പൂർണചന്ദ്രൻ
ബാലചര്യൻ നാ. സുബ്രഹ്മണ്യൻ
ബാലത നാ. ബാലഭാവം, ബാലിശത്വം
ബാലതന്ത്രം നാ. ബാലശുശ്രൂഷാവിധി
ബാലതാരം നാ. വാൽനക്ഷത്രം
ബാലതൃണം നാ. ഇളംപുല്ല്
ബാലധി നാ. 1. വാൽ; 2. വാലറ്റത്തുള്ള രോമസമൂഹം; 3. വളരെ രോമമുള്ളവൻ
ബാലധിപ്രിയം നാ. ചമരിമാൻ
ബാലൻ നാ. 1. ആൺകുട്ടി, പതിനാറുവയസ്സിനുതാഴെ പ്രായമുള്ളവൻ; 2. അഞ്ചുവയസ്സുള്ള ആന; 3. മൂഢൻ; 4. വാലൻ; 5. വളർച്ച അധികമാകാത്തത്; 6. അഞ്ചു വർഷമായ തെങ്ങ്
ബാലപത്ര(ക)ം നാ. 1. കരിങ്ങാലി; 2. വെൺകൊടിത്തൂവ
ബാലപാഠം നാ. 1. ബാലനായിരിക്കുമ്പോൾ പഠിക്കേണ്ട പാഠം; 2. ആദ്യപാഠം, ആദ്യപാഠങ്ങളടങ്ങിയിരിക്കുന്ന ഗ്രന്ഥം
ബാലപാശം നാ. കേശസമൂഹം

ബാലപാശ്യം നാ. 1. സീമന്തരേഖയിൽക്കൂടെ കെട്ടുന്ന പട്ടം; 2. തലമുടിക്കെട്ടിൽ ചൊരുകുന്ന മുത്തുമാല
ബാലപുഷ്ടി(ക) നാ. 1. കുറുമൊഴി; 2. ബാലപുഷ്പി
ബാലപ്രിയം നാ. 'വാലിനെക്കുറിച്ചഭിമാനമുള്ള', ചമരിമാൻ, ബാലധിപ്രിയം
ബാലബുദ്ധി നാ. പക്വമല്ലാത്ത ബുദ്ധി
ബാലം നാ. 1. ഇരുവേലി; 2. തലമുടി, രോമം; 3. വാല്, വാലറ്റത്തുള്ള രോമസമൂഹം; 4. ഒരു മത്സ്യം, വാള; 5. ആനവാൽ; 6. അഞ്ചുവയസ്സുള്ള ആന; 7. ചെറിയ കുതിര
ബാലമതി നാ. 1. ബാലൻെറ ബുദ്ധി; 2. ബാലചന്ദ്രൻ
ബാലരാജം നാ. വൈദൂര്യം
ബാലവത്സം നാ. 'കുഞ്ഞുങ്ങളോടു വാത്സല്യമുള്ളത്', പ്രാവ്
ബാലവാടി നാ. കുട്ടികളാകുന്ന പൂന്തോട്ടം, കിൻറർഗാർട്ടൻ, ശിശുപരിചരണത്തിനുള്ള സ്ഥലം
ബാലവാതം നാ. 1. ഇളങ്കാറ്റ്; 2. കുഞ്ഞുങ്ങൾക്കുണ്ടാകുന്ന ഒരുതരം വാതം
ബാലവിധവ നാ. ചെറുപ്പത്തിലേ വൈധവ്യം സംഭവിച്ചവൾ
ബാലവ്യജനം നാ. 'വാലിലെ രോമംകൊണ്ടുണ്ടാക്കിയ വിശറി', ചാമരം
ബാലസൂര്യകം നാ. വൈദൂര്യം
ബാലഹത്യ നാ. കുട്ടികളെ കൊല്ലൽ, കൊന്നാലുള്ള പാപം
ബാലാഗ്നി നാ. 1. കത്തിയ ഉടനെയുള്ള തീ; 2. വാലിൽ പിടിച്ച തീ
ബാലാതപം നാ. ഇളംവെയിൽ
1129
ബാലാപുരി നാ. കൊച്ചി, പെരുമ്പടപ്പ്
ബാലാർക്കൻ നാ. ഉദിച്ചയുടനെ കാണപ്പെടുന്ന സൂര്യൻ
ബാലാരിഷ്ടം നാ. 1. ബാലന്മാർക്കുണ്ടാകുന്ന ഗ്രഹപീഡ, ആയുർനഷ്ടം; 2. വേപ്പിൻതൈ
ബാലാവബോധനം നാ. ബാലന്മാരെ പഠിപ്പിക്കൽ
ബാലാവസ്ഥ നാ. 1. ബാല്യം; 2. ബാലഭാവം
ബാലാശനം നാ. കുട്ടിക്ക് ആദ്യമായി ചോറൂണുനടത്തൽ
ബാലി നാ. (പുരാണ) ഒരു വാനര രാജാവ്
ബാലിക നാ. പെൺകുട്ടി
ബാലിനി നാ. അശ്വിനീനക്ഷത്രസമൂഹം
ബാലിപക്കാർ നാ. വാല്യക്കാർ
ബാലിശ വി. 1. അധികം പ്രായമാകാത്ത; 2. അറിവില്ലാത്ത; 3. ശ്രദ്ധയില്ലാത്ത, കുട്ടിത്തം നിറഞ്ഞ. നാ. ബാലിശത, ബാലിശത്വം
ബാലിശം നാ. 1. തലയിണ; 2. ഒരു രചനാഭേദം
ബാലിശ്യം നാ. ബാലിശത, അറിവില്ലായ്മ
ബാലിഹന്താ(വ്) നാ. ബാലിയെ കൊന്നവൻ, ശ്രീരാമൻ
ബാലുക നാ. 1. മണൽ, ചരൽ; 2. വയൽ; 3. വെള്ളരി; 4. കർപ്പൂരം; 5. വാലുക
ബാലുകം നാ. ഒരു വിഷദ്രവ്യം

ബാലേന്ദു നാ. ബാലചന്ദ്രൻ
ബാലേയ വി. 1. ബാലിയെസംബന്ധിച്ച, ബാലിക്കുചേരുന്ന; 2. ബാലനുപറ്റിയ
ബാലോപവീതം നാ. 1. ബാലന്മാരുടെ കൗപീനം (കൂമ്പാള); 2. യാഗക്കയർ
ബാൽക്കണി [ഇം.] നാ. മാളികയുടെ മുകളിൽ പുറത്തോട്ടു തള്ളിനിൽക്കത്തക്കവണ്ണം ഉണ്ടാക്കിയിരിക്കുന്ന പ്ലാറ്റ്ഫാം, പ്രഗ്രീവം
ബാല്യ നാ. ബാലനെ സംബന്ധിച്ച
ബാല്യം നാ. 1. വയസ്സുകുറഞ്ഞിരിക്കുന്ന അവസ്ഥ, ബാലഭാവം; 2. ധാരണാശക്തിക്കുറവ്
ബാല്ഹികൻ നാ. 1. ശന്തനുവിൻെറ സഹോദരൻ; 2. ധൈര്യമുള്ളവൻ
ബാല്ഹികം നാ. 1. കാശ്മീരദേശം; 2. കുങ്കുമം; 3. കായം; 4. കുതിര
ബാവാ [സുറി]നാ. പൂജ്യനായ പിതാവ്
ബാഷ്പനൗക നാ. ആവിക്കപ്പൽ
ബാഷ്പപൂരം നാ. കണ്ണീർപ്രവാഹം
ബാഷ്പം നാ. 1. കണ്ണീർ; 2. നീരാവി; 3. മൂടൽ മഞ്ഞ്
ബാഷ്പാംബു നാ. കണ്ണീർ
ബാഷ്പീകരണം നാ. ബാഷ്പമാക്കൽ
ബാഷ്പീഭവിക്കുക ക്രി. ബാഷ്പം(ആവി)ആയിത്തീരുക
ബാഹ നാ. ബാഹു, കൈ
ബാഹം നാ. 1. ബാഹു; 2. വാഹം
ബാഹാബലം നാ. കൈയൂക്ക്, ബാഹുബലം
ബാഹിനി നാ. വാഹിനി
ബാഹിക വി. 1. ബാഹ്യമായ, പുറത്തുള്ള; 2. പഞ്ചാബിലുള്ള
ബാഹീകൻ നാ. 1. കാള; 2. പഞ്ചാബുകാരൻ
ബാഹു നാ. കൈ (കൈയുടെ മേൽഭാഗം ബാഹു കീഴ്ഭാഗം ഹസ്തം)
ബാഹുകൻ നാ. 1. കുരങ്ങ്; 2. നളനു കാർക്കോടകൻ നൽകിയ പേര്; 3. പൊക്കംകുറഞ്ഞ വേലക്കാരൻ
ബാഹുകം നാ. കുരങ്ങ്
ബാഹുഗുണ്യം നാ. 1. അനേകം ഗുണങ്ങളുണ്ടായിരിക്കൽ; 2. സമൃദ്ധി
ബാഹുചാപം നാ. ഒരു മാറു നീളം
ബാഹുജൻ നാ. 'ബ്രഹ്മാവിൻെറ ബാഹുവിൽനിന്നു ജനിച്ചവൻ', ക്ഷത്രിയൻ
ബാഹുത്രം നാ. ബാഹുത്രാണം, ഭുജകവചം, കൈയുറ
ബാഹുദ നാ. നർമദാനദി
ബാഹുദണ്ഡം നാ. 1. ഒന്ന് വലിയ കൈ; 2. കൈത്തണ്ട്; 3. കൈകൊണ്ടുള്ള ശിക്ഷ
ബാഹുദൻ നാ. 1. കാർത്തവീര്യാർജുനൻ; 2. ദാനശീലൻ; 3. സുബ്രഹ്മണ്യൻ
ബാഹുദന്തി നാ. ബാഹുദന്തേയൻ, ഇന്ദ്രൻ
ബാഹുപാശം നാ. 1. ഒരു യുദ്ധമുറ; 2. ആലിങ്ഗനം
ബാഹുപ്രഹരണം നാ. മല്ലയുദ്ധം

ബാഹുബലം		നാ.	ബാഹുവീര്യം, കൈയൂക്ക്
ബാഹുഭൂഷ		നാ.	കൈവള
ബാഹുഭേദി		നാ.	വിഷ്ണു
ബാഹുമാൻ		നാ.	ഇന്ദ്രൻ
ബാഹുമൂലം		നാ.	1. കക്ഷം; 2. അംസഫലകം
ബാഹുയുദ്ധം		നാ.	കൈകൊണ്ടുള്ള യുദ്ധം, ആയുധംകൂടാതെയുള്ള യുദ്ധം
ബാഹുയോധൻ		നാ.	ബാഹുയോധി, ഗുസ്തിക്കാരൻ
ബാഹുരൂപ്യം		നാ.	ബഹുരൂപത, വൈവിധ്യം
ബാഹുലഗ്രീവം		നാ.	മയിൽ
ബാഹുലത		നാ.	വള്ളികൾപോലെ മനോഹരമായ കൈ.
ബാഹുലതാന്തരം = മാറിടം
ബാഹുലം		നാ.	1. കാർത്തിക മാസം; 2. കരത്രാണം; 3. അഗ്നി; 4. ബഹുലത
ബാഹുലി		നാ.	കാർത്തികമാസത്തിലെ പൗർണമി
ബാഹുലേയൻ		നാ.	1. സുബ്രഹ്മണ്യൻ; 2. കാള
ബാഹുല്യം		നാ.	1. ബഹുലത, സമൃദ്ധി; 2. സാധാരണക്രമം
ബാഹുവലയം		നാ.	തോൾവള
ബാഹുവീര്യം		നാ.	കരബലം, കൈയൂക്ക്
ബാഹുശാലി		നാ.	1. ശിവൻ; 2. ഭീമൻ
ബാഹുശിഖരം		നാ.	തോൾ, ചുമൽ
ബാഹുശ്രുത്യം		നാ.	വലിയ പഠിപ്പ്, പാണ്ഡിത്യം
ബാഹുസംഭവൻ		നാ.	ക്ഷത്രിയൻ
ബാഹുസഹസ്രഭൃത്ത്		നാ.	കാർത്തവീര്യൻ
ബാഹ്യ		വി.	1. പുറമെയുള്ള; 2. ഐഹികമായ
ബാഹ്യം		നാ.	ബഹിർഭാഗത്തുള്ളത്
ബാഹ്യേന്ദ്രിയം		നാ.	പുറമെയുള്ള ഇന്ദ്രിയം, കർമേന്ദ്രിയവും ജ്ഞാനേന്ദ്രിയവും.
ബാഹ്വാസന്ദി		നാ.	കൈയുള്ള കസേര
ബിച്ചാണ	[ഹി]	നാ.	1. വിരിപ്പ്; 2. (കുതിരയ്ക്കുള്ള) വൈക്കോൽമെത്ത
ബിടക		നാ.	പിടക, പരു, കുരു
ബിഠകം		നാ.	ആകാശം
ബിഡം		നാ.	ഒരുതരം ഉപ്പ്
ബിഡാലകം		നാ.	1. പൂച്ച; 2. അരിതാരം; 3. നേത്ര ഗോളം; 4. കണ്ണിൽ കുഴമ്പുപുരട്ടൽ
ബിഡാലം		നാ.	1. പൂച്ച; 2. കണ്ണിന്റെ കൃഷ്ണമണി
ബിനാമി	[മറാ]	നാ.	1. അന്യന്റെ പേരിലുള്ള പ്രമാണം, ഇല്ലാത്ത ആളിന്റെ പേരിൽ ചമയ്ക്കുന്ന രേഖ; 2. ചാര്
ബിന്ദു		നാ.	1. നീർത്തുള്ളി (ചൂണ്ടാണി വിരലിന്റെ രണ്ടുസന്ധിവരെ വെള്ളത്തിൽ മുക്കിയെടുത്താൽ അതിൽനിന്ന് ആദ്യം ഇറ്റുവീഴുന്ന തുള്ളി); 2. പൂർണവിരാമം; 3. പല്ലുകൊണ്ടുണ്ടായ പാട്; 4. ഇരുപുരികത്തിന്റെയും നടുവ്;

5. ആനയുടെ പതസരി; 6. (നാട്യ) അർഥപ്രകൃതികളിൽ ഒന്ന്; 7. ശുക്ലം; 8. പൂജ്യം, അനുസ്വാരം; 9. നിർണായകഘട്ടം

ബിന്ദുകം	നാ.	ഓടമരം

ബിന്ദുചിത്രകം	നാ.	പുള്ളിമാൻ

ബിന്ദുജാലകം	നാ.	1. ആനയുടെ പുള്ളിക്കുത്ത്; 2. തുള്ളികളുടെ കൂട്ടം

ബിന്ദുതന്ത്രം	നാ.	പകിട, ചൂത്

ബിന്ദുദേവൻ	നാ.	ശിവൻ

ബിന്ദുപത്രം	നാ.	ഭുർജമരം

ബിന്ദുഫലം	നാ.	മുത്ത്

ബിന്ദുബില്വം	നാ.	ജയദേവരുടെ കുലഗ്രാമം

ബിന്ദുരേഖ	നാ.	ബിന്ദുക്കൾകൊണ്ടുള്ള രേഖ

ബിന്ദുരേഖകം	നാ.	1. അനുസ്വാരം (ബിന്ദുകൊണ്ടു രേഖപ്പെടുത്തുന്നത്); 2. ഒരു പക്ഷി

ബിന്ദുവാസരം	നാ.	ഗർഭോത്പാദനദിനം

ബിന്ദുസാരൻ	നാ.	ഒരു രാജാവ് (ചന്ദ്രഗുപ്തന്റെ പുത്രൻ, അശോകചക്രവർത്തിയുടെ പിതാവ്)

ബിബ്ബോകം	നാ.	1. നായികാശ്രിതങ്ങളായ 28 അലങ്കാരങ്ങളിൽ ഒന്ന്, താത്പര്യമില്ലായ്മ ഭാവിക്കൽ; 2. പ്രണയകലഹം; 3. ഗർവാധിക്യം നിമിത്തം ഇഷ്ടവസ്തുവിൽപ്പോലുമുള്ള അനാദരം (പുരികം ഇളക്കി പുഞ്ചിരിയിടുകയും മറ്റും സഞ്ചാരിഭാവങ്ങൾ)

ബിഭിത്സ	നാ.	ഭേദിക്കുന്നതിനുള്ള ഇച്ഛ

ബിഭിത്സു	നാ.	ഭേദിക്കൽ ആഗ്രഹിക്കുന്നവൻ

ബിഭീഷക	വി.	ഭീഷണിപ്പെടുത്തുന്ന

ബിഭീഷണ	വി.	ബിഭീഷക

ബിഭീഷണൻ	നാ.	(പുരാണ) വിഭീഷണൻ

ബിഭീഷിക	നാ.	1. ഭയപ്പെടുത്തൽ; 2. ഭവനവും മറ്റും പണിതീർക്കുമ്പോൾ അതിന്റെ ശിൽപകൗശലത്തിന് ദൃഷ്ടിദോഷം പറ്റാതിരിക്കാനായി ഉണ്ടാക്കിവയ്ക്കുന്ന കോലം; 3. ഭയപ്പെടുത്തുന്ന വസ്തു

ബിഭ്രാണ	വി.	വഹിക്കുന്ന

ബിംബ	നാ.	കോവൽ

ബിംബകം	നാ.	1. സൂര്യബിംബം; 2. ചന്ദ്രബിംബം; 3. തൊണ്ടിപ്പഴം

ബിംബപ്രതിഷ്ഠ	നാ.	ദേവവിഗ്രഹത്തിൽ തന്ത്രശാസ്ത്രവിധിപ്രകാരം ചൈതന്യം ആവാഹിച്ച് പീഠത്തിൽ ഉറപ്പിക്കൽ

ബിംബഫലം	നാ.	തൊണ്ടിപ്പഴം

ബിംബം	നാ.	1. സൂര്യന്റെയും മറ്റും മണ്ഡലം; 2. പ്രതിശരീരം (കല്ലും മറ്റും കൊണ്ടുണ്ടാക്കിയ രൂപം); 3. ഛായ, പ്രതിബിംബം; 4. കോവൽപ്പഴം; 5. ഉരുണ്ടവസ്തു; 6. കുടം; 7. പല്ലി; 8. മുകുരം ; 9. ഉപമേയം

ബിംബലി	നാ.	വെൺപലനാട് (സംസ്കൃതീകൃതരൂപം)

ബിംബാധരം	നാ.	തൊണ്ടിപ്പഴംപോലെയുള്ള ചുണ്ട്

ബിംബാധരി	നാ.	സുന്ദരി

ബിംബി നാ. കോവൽവള്ളി (ഓഷ്ഠത്തിൻെറ ആകൃതിയിലുള്ള ഫലങ്ങൾ ഉള്ളത്)

ബിംബിക നാ. ബിംബി

ബിംബിക്കുക ക്രി. നിഴലിക്കുക, പ്രതിഫലിക്കുക

ബിംബിത വി. 1. ബിംബിക്കപ്പെട്ട, നിഴലിച്ച; 2. ചിത്രീകരിക്കപ്പെട്ട; 3. പ്രകാശിച്ച

ബിംബിളിമാസ് നാ. ഒരുതരം മധുര നാരങ്ങ

ബിംബോകം നാ. ബിബ്ബോകം

ബിംബോഷ്ഠം നാ. ബിംബാധരം

ബിയർ [ഇം.] നാ. ലഹരികുറഞ്ഞ ഒരു മദ്യം

ബിരിയാണി [പേർ] നാ. ഒരുതരം ഭക്ഷണപദാർഥം, മാംസവും മസാലയും ചേർത്തു നെയ്യിൽ വറട്ടിയുണ്ടാക്കിയ ചോറ്

ബിരുദം നാ. 1. സർവകലാശാലകൾ പോലുള്ള സ്ഥാപനങ്ങൾ നടത്തുന്ന പരീക്ഷകളിൽ ജയിച്ചവർക്കു നൽകുന്ന പ്രമാണപത്രം; 2. വിരുത്, ബഹുമതി, പദവി

ബിൽ [ഇം.] നാ. 1. നിയമത്തിൻെറ കരട്; 2. ന്യായമായി ലഭിക്കേണ്ട പണം ആവശ്യപ്പെട്ടുകൊണ്ട് എഴുതിക്കൊടുക്കുന്ന ചീട്ട് (ഉദാഃ ശമ്പളബിൽ); 3. സാധനങ്ങൾ വിൽക്കുമ്പോൾ വിലപറ്റിയെന്നു കാണിക്കാൻ കൊടുക്കുന്ന രസീത്

ബിലം നാ. 1. പൊത്ത്; 2. ഗുഹ; 3. വിടവ്, വിള്ളൽ; 4. പുറത്തേക്കുള്ള വഴി; 5. പാതാളം; 6. വഞ്ചി; 7. യോനിക്കുഴി

ബിലകാരി നാ. എലി, പെരുച്ചാഴി (ബിലമുണ്ടാക്കുന്നത്)

ബിലവാസം നാ. 1. കീരി; 2. എലി, പെരുച്ചാഴി

ബിലശായി നാ. ബിലത്തിൽ വസിക്കുന്ന ജന്തു

ബിലാത്തി [ഹി.] നാ. വിലാത്തി, പാശ്ചാത്യദേശം, ഇങ്ഗ്ലണ്ട്

ബിലേവാസി നാ. പാമ്പ്

ബിലേശയം നാ. 1. പാമ്പ്; 2. തവള; 3. എലി; 4. പെരുച്ചാഴി

ബിലൗകസ്സ് നാ. ബിലേശയം

ബില്ല നാ. വില്ല

ബില്ലം നാ. 1. ബിലം (കുഴി); 2. ആലവാലം; 3. പെരുങ്കായമരം

ബില്ലവർ നാ. = വില്ലവർ

ബില്വ നാ. കറിക്കായം

ബില്വദണ്ഡൻ നാ. ശിവൻ

ബില്വം നാ. 1. കൂവളം; 2. ഒരുപലം തൂക്കം

ബില്ഹണൻ നാ. ഒരു സംസ്കൃതകവി

ബിവ്വോകം നാ. ബിബ്ബോകം

ബിശം നാ. = ബിസം

ബിസകണ്ഠി(ക) നാ. വെള്ളിൽപ്പക്ഷി

ബിസനാഭി നാ. താമരപ്പൊയ്ക

1131

ബിസനാളിക നാ. താമരവളയം

ബിസ്പ്രസൂനം നാ. ബിസകുസുമം

ബിസം നാ. താമരവളയം
ബിസലം നാ. 1. മുള; 2. മൊട്ട്
ബിസവതി നാ. ബിസം ധാരാളമുള്ള കുളം
ബിസാങ്ഗി നാ. സുന്ദരി
ബി.സി. [ഇം.] നാ. ക്രിസ്തുവിനു മുമ്പ്
ബിസിനി നാ. 1. താമരപ്പൊയ്ക; 2. താമര; 3. ബിസതന്തു (താമരവളയത്തിലെ നൂല്)
ബിസ്തം നാ. ഒരു കർഷം, 36 പണത്തൂക്കം പൊന്ന്
ബിസ്മില്ലാ [അറ] നാ. (ഇസ്ലാം) അള്ളാഹുവിൻെറ നാമത്തിൽ (പ്ര) ബിസ്മി ചൊല്ലുക (ബിസ്മില്ലാഹിർ റഹിമാനിർ റഹീം എന്ന ഖുറാൻ വാക്യം ഉരുവിടുക)
ബിറേത്ത [ല] നാ. (ക്രിസ്തു) ഒരിനം തൊപ്പി (മതകർമാനുഷ്ഠാനത്തിൽ കത്തോലിക്കരായ വൈദികർ ധരിക്കുന്നത്)
ബീഗം [പേർ] നാ. (മുഹമ്മദീയ) പ്രഭ്വി
ബീച്ച് [ഇം.] നാ. കടൽക്കര
ബീജകം നാ. 1. വിത്ത്; 2. വള്ളിമാതളം; 3. പ്രസവകാലത്ത് ശിശുവിൻെറ കൈകളുടെ സ്ഥിതി
ബീജകോശം നാ. 1. കർണിക (താമരപ്പൂവിൻെറയും മറ്റും അകത്ത് വിത്തിന് ആസ്പദമായ അവയവവിശേഷം); 2. വൃഷണം
ബീജഗണിതം നാ. ഗണിതശാസ്ത്രത്തിൻെറ ഒരു വിഭാഗം, ആൾജിബ്രാ
ബീജചതുഷ്ടയം നാ. (ബ.വ.) ആശാളി ഉലുവ കുറാശാണി പെരുഞ്ചീരകം ഇവ നാലും
ബീജജാഗ്രം നാ. അവിദ്യാരൂപമായ ബോധത്തിൻെറ ഏഴവസ്ഥകളിൽ ഒന്ന്
ബീജദർശകൻ നാ. സൂത്രധാരൻ
ബീജധാന്യം നാ. 1. കുറാശാണി; 2. ഉണങ്ങിയ കൊത്തമ്പാലരി
ബീജന്യാസം നാ. (കഥാ)ബീജം വെളിപ്പെടുത്തൽ
ബീജപാദപം നാ. ചേരുമരം
ബീജപുരുഷൻ നാ. കുലസ്ഥാപകൻ
ബീജപേശിക നാ. വൃഷണം
ബീജപ്രദൻ നാ. ജനയിതാവ്
ബീജഫലം നാ. മാതളനാരകം
ബീജം നാ. 1. കാരണം (മുളപ്പിക്കുന്നത്, കാര്യരൂപത്തിൽ ജനിക്കുന്നത്); 2. വിത്ത്; 3. ശുക്ലം; 4. സത്യം; 5. ബീജാക്ഷരം; 6. പാത്രം; 7. കലവറ; 8. വള്ളിമാതളം; 9. (നാട്യ) അർഥപ്രകൃതികളിൽ ഒന്ന്; 10. ബീജഗണിതം
ബീജരുഹം നാ. ധാന്യം
ബീജല വി. വിത്തുകളുള്ള
ബീജവപനം നാ. 1. വയൽ; 2. വിതയ്ക്കൽ
ബീജവരം നാ. ഉഴുന്ന്
ബീജവാപൻ നാ. വിതയ്ക്കുന്നവൻ
ബീജവാപം നാ. വിത, വിത്തുവിതയ്ക്കൽ
ബീജവാഹനൻ നാ. ശിവൻ

ബീജസത്ത്വ	നാ.	വർധനയ്ക്കു ഹേതുവായ ജന്തു, വർധിപ്പിക്കുന്ന ജീവി
ബീജസൂ	നാ.	ഭൂമി
ബീജസേക്താവ്	നാ.	ജനയിതാവ് (പിതാവ്)
ബീജാകൃതം	നാ.	വിത്തുവിതച്ച വീണ്ടും ഉഴുതനിലം, വിതച്ചടിച്ചത്
ബീജാക്ഷരം	നാ.	1. ആദ്യത്തെ അക്ഷരം; 2. മന്ത്രത്തിലെ മുഖ്യമായ അക്ഷരം
ബീജാങ്കുരം	നാ.	വിത്തിൻ മുള
ബീജാധികം	നാ.	ഒട്ടകം
ബീജാമ്ലം	നാ.	മരപ്പുളി
ബീജാവാപം	നാ.	വിത്തുവിതയ്ക്കൽ
ബീജി1	വി.	വിത്തുള്ള
ബീജി2	നാ.	1. ഉത്പാദകൻ; 2. പിതാവ്; 3. വിതയ്ക്കുന്നവൻ; 4. സൂര്യൻ; 5. ബീജകോശം
ബീജോർവി	നാ.	ഞാറ്റുകണ്ടം, വിളനിലം
ബീജ്യ	വി.	1. ബീജത്തിൽ നിന്നുണ്ടായ; 2. (നല്ല) വംശത്തിൽ ജനിച്ച
ബീടി	നാ.	പുകവലിയ്ക്കാൻവേണ്ടി പുകയിലപ്പൊടി ഒരിനം ഉണങ്ങിയ ഇലയിൽ തെറുത്തത്
ബീബി	[ഹി.] നാ.	മാന്യയായ (മഹമ്മദീയ) സ്ത്രീ
ബീഭത്സ	വി.	1. അറപ്പുണ്ടാക്കുന്നവിധം ക്രൂരതയുള്ള; 2. വെറുപ്പുള്ള, ഈർഷ്യയുള്ള; 3. പാപമുള്ള
ബീഭത്സൻ	നാ.	1. ഹിംസാശീലൻ; 2. അർജുനൻ
ബീഭത്സം	നാ.	1. നവരസങ്ങളിൽ ഒന്ന്, അറപ്പുതോന്നുന്ന സ്ഥിതി; 2. ഒരു നരകം
ബീഭത്സു1	വി.	1. ബീഭത്സത തോന്നിക്കുന്ന; 2. വെറുപ്പുണ്ടാക്കുന്ന
ബീഭത്സു2	നാ.	(പുരാണ) അർജുനൻ (അർജുനന്റെ ഭീതികരങ്ങളായ പത്തു പേരുകളിൽ ഒന്ന്)
ബീർ [ഇം.]	നാ.	ബിയർ
ബീറ്റ് [ഇം.]	നാ.	റോന്തുചുറ്റൽ
ബുകം	നാ.	കൊക്കുമന്താരം
ബുക്കനം	നാ.	1. മൃഗങ്ങളുടെ കരച്ചിൽ; 2. കുര
ബുക്കം	നാ.	1. ആട്; 2. ഹൃദയം, ഹൃദയപേശികളിലെ മാംസം; 3. സമയം; 4. രക്തം
ബുക്കസൻ	നാ.	ചണ്ഡാലൻ
ബുക്കാരം	നാ.	ബുക്കനം (സിംഹഗർജനം)
ബുദ്ധ	നാ.	ജ്ഞാനം, അറിയപ്പെട്ടത്
ബുദ്ധഗയ	നാ.	ഒരു തീർഥസ്ഥലം
ബുദ്ധചരിതം	നാ.	1. ബുദ്ധന്റെ ചരിത്രം; 2. ഒരു മഹാകാവ്യം (ബുദ്ധനെക്കുറിച്ച് അശ്വഘോഷൻ രചിച്ചത്)
ബുദ്ധൻ	നാ.	ബുദ്ധമതസ്ഥാപകനായ സിദ്ധാർഥൻ
ബുദ്ധമതം	നാ.	ഒരു മതം (ശ്രീബുദ്ധൻ സ്ഥാപിച്ചത്)

ബുദ്ധി നാ. 1. തിരിച്ചറിയാനുള്ള ഇന്ദ്രിയം; 2. അറിയേണ്ട വിഷയങ്ങളിലുള്ള അറിവ്; 3. മനസ്സാന്നിധ്യം; 4. നിശ്ചയാത്മകത്വം; 5. ആശയം; 6. ഉപദേശം (പ്ര) ബുദ്ധിചൊല്ലിക്കൊടുക്കുക = ബുദ്ധിയുപദേശിക്കുക. വിനാശകാലേ വിപരീത ബുദ്ധി
ബുദ്ധിദ നാ. വയമ്പ്
ബുദ്ധിപാകം നാ. വിനയം, ബുദ്ധിക്കുണ്ടാകുന്ന ഫലാവസ്ഥ
ബുദ്ധിപൂർവം അവ്യ. 1. ബുദ്ധിയോടുകൂടി; 2. കരുതലോടുകൂടി
ബുദ്ധിഭ്രമം നാ. ബുദ്ധിമാന്ദ്യം, ഭ്രാന്ത്
ബുദ്ധിമാൻ നാ. ബുദ്ധിയുള്ളവൻ
ബുദ്ധിമുട്ടിക്കുക ക്രി. ക്ലേശിപ്പിക്കുക, ദുരിതപ്പെടുത്തുക
ബുദ്ധിമുട്ടുക ക്രി. ക്ലേശിക്കുക, ദുരിതമനുഭവിക്കുക (ബുദ്ധിയുടെ പ്രവർത്തനം ക്ലേശംകൊണ്ടു തടയപ്പെടുക)
ബുദ്ധിമുട്ട് നാ. 1. ഞെരുക്കം, പ്രയാസം (ക്ലേശംകൊണ്ട് ബുദ്ധി പ്രവർത്തിക്കാതാകൽ); 2. ഉപായം തോന്നാതിരിക്കൽ
ബുദ്ധിമോശം നാ. ബുദ്ധിക്ഷയം, ബുദ്ധിപ്രവർത്തനത്തിൽ തെറ്റു പറ്റൽ
ബുദ്ധിശാലി നാ. ബുദ്ധിയുള്ളവൻ
ബുദ്ധിസചിവൻ നാ. 1. പ്രധാനമന്ത്രി; 2. നല്ല ഉപദേശം നൽകുന്ന ബുദ്ധിമാനായ സഹായി
ബുദ്ധിഹീന വി. ബുദ്ധിയില്ലാത്ത
ബുദ്ബുദം നാ. 1. നീർക്കുമിള (ബുദ് എന്ന അവ്യക്തശബ്ദത്തെ ഉണ്ടാക്കുന്നത്); 2. ക്ഷണികവസ്തു
ബുധ വി. 1. ബുദ്ധിയുള്ള; 2. ഉണർവുള്ള; 3. പഠിപ്പുള്ള; 4. സാമർഥ്യമുള്ള
ബുധം നാ. നായ് (ബോധമുള്ളത്)
ബുധജനം നാ. അറിവുള്ളവൻ
ബുധൻ നാ. 1. അറിവുള്ളവൻ, അറിയുന്നവൻ, വിദ്വാൻ; 2. ദേവൻ; 3. (ജ്യോ) ഒരു ഗ്രഹം; 4. ഒരു ദേവൻ; 5. ബുധനാഴ്ച; 6. (പുരാണ) ഒരു സൂര്യവംശരാജാവ്
ബുധനാഴ്ച നാ. ആഴ്ചയിലെ നാലാമത്തെ ദിവസം (ബുധൻ അധിഷ്ഠാനഗ്രഹമാകയാൽ)
ബുധഭാരതി നാ. 1. വിദ്വാന്മാരുടെ വാക്ക്; 2. സംസ്കൃതഭാഷ
ബുധമതം നാ. അറിവുള്ളവരുടെ അഭിപ്രായം
ബുധരത്നം നാ. മരതകം
ബുധവാരം നാ. ബുധനാഴ്ച
ബുധസുതൻ നാ. (പുരാണ) പുരുരവസ്സ്
ബുധാനൻ നാ. 1. വിദ്വാൻ; 2. ആചാര്യൻ
ബുധിത വി. 1. ബോധമുള്ള; 2. അറിയപ്പെട്ട
ബുധില വി. പാണ്ഡിത്യമുള്ള
ബുധ്നൻ നാ. ശിവൻ
ബുധ്നം നാ. 1. അടിത്തട്ട്, കീഴ്ഭാഗം; 2. വേര്; 3. ശരീരം

ബുധ്യ വി. 1. ബോധം വരുത്തത്തക്ക, ഉണർത്തത്തക്ക; 2. അറിയേണ്ടതായ
ബുഭുക്ഷ നാ. 1. വിശപ്പ്; 2. എന്തെങ്കിലും അനുഭവിക്കാനുള്ള ഇച്ഛ
ബുഭുക്ഷിത വി. ബുഭുക്ഷയുള്ള, വിശപ്പുള്ള
ബുഭുക്ഷു വി. 1. ബുഭുക്ഷയുള്ള; 2. ലൗകിക സുഖാനുഭവങ്ങളിൽ ഇച്ഛയുള്ള
ബുഭുത്സ നാ. അറിയാനുള്ള ഇച്ഛ
ബുർമ നാ. വിറുമ, തമര്
ബുലി നാ. പേടി, ഭയം
ബുഷം നാ. 1. പതിര്, ഉമി, ചണ്ടി; 2. തൈർക്കട്ട; 3. ജലം; 4. ഉണക്കച്ചാണകം
ബുസം നാ. ബുഷം
ബുസ്തം നാ. 1. വറുത്ത മാംസഖണ്ഡം; 2. ചകിണി; 3. ഞെട്ട്
ബുർച്ച് നാ. കിടേശ്, കോർക്ക്
ബുള നാ. മാർപ്പാപ്പാ ഔദ്യോഗികമായി അയയ്ക്കുന്ന കത്ത്
ബൃന്ദം നാ. വൃന്ദം
ബൃംഹണം നാ. 1. ഒരു പലഹാരം; 2. പോഷണം; 3. ബൃംഹിതം
ബൃംഹിതം നാ. 1. അലർച്ച; 2. ഗർജനം
ബൃശി നാ. പർണശാല
ബൃഹച്ചരണം നാ. ബ്രാഹ്മണരിൽ ഒരു വർഗം
ബൃഹതാംപതി നാ. (പുരാണ) ബൃഹസ്പതി
ബൃഹതി നാ. 1. ചെറുവഴുതിന; 2. കണ്ടകാരിച്ചുണ്ട; 3. പുത്തരിച്ചുണ്ട; 4. ഒരിനം വീണ; 5. ഒരു ഛന്ദസ്സ്; 6. മഹത്വമുള്ളവൾ; 7. തടിച്ചവൾ; 8. ഒരുതരം പുതപ്പ്
ബൃഹതിക നാ. 1. മേൽപ്പുടവ; 2. ചിറക്കുഴി; 3. തടിച്ചവൾ; 4. നാരദൻെറ വീണ
ബൃഹത്കഥ നാ. ഒരു കഥാഗ്രന്ഥം
ബൃഹത്കന്ദം നാ. 1. വിഷ്ണുകന്ദം; 2. ചുവന്നുള്ളി
ബൃഹത്കരിക്കുക ക്രി. വലുതാക്കുക
ബൃഹത്കേതു നാ. അഗ്നി
ബൃഹത്കോൺ നാ. പെരുങ്കോൺ, 90 ഡിഗ്രിയിൽ കൂടുതലുള്ള കോൺ
ബൃഹത്ത് നാ. 1. വലിയ; 2. വിപുലമായ; 3. പൂർണമായി വളർന്ന; 4. തടിച്ച
ബൃഹത്തൃണം നാ,. മുള
ബൃഹത്പത്ര നാ. ചുവന്ന പാച്ചോറ്റി; 2. മാറാൻ ചേമ്പ്
ബൃഹത്ഫല നാ. 1. വലിയകുമ്പളം; 2. പെരുഞ്ഞാവൽ; 3. വലിയ കാട്ടുവെള്ളരി; 4. വലിയ പടവലം; 6. പേച്ചുര
ബൃഹത്സംഹിത നാ. (ജ്യോ) ഒരു ശാസ്ത്രഗ്രന്ഥം
ബൃഹദ്ഭട്ടാരിക നാ. ദുർഗാഭഗവതി
ബൃഹദ്ഭാനു നാ. അഗ്നി
ബൃഹദങ്ഗം നാ. ആന
ബൃഹദങ്ഗൻ നാ. 1. വലിയ ശരീരമുള്ളവൻ; 2.ആന

ബൃഹദമ്ലം നാ. വൈരപ്പുളി
ബൃഹദശ്വൻ നാ. (പുരാണ) ഒരു മുനി
ബൃഹദാരണ്യം നാ. ഒരുപനിഷത്ത്, ശതപഥ ബ്രാഹ്മണത്തിൻെറ അന്ത്യഭാഗം
ബൃഹദ്ദലം നാ. 1. ഈന്തപ്പന; 2. ചുവന്ന പാച്ചോറ്റി
ബൃഹദ്ബീജം നാ. അണ്ഡവൃദ്ധി, ഒരു രോഗം
ബൃഹദ്ഭാനു നാ. കൊടുവേലി
ബൃഹദ്രഥൻ നാ. 1. ഇന്ദ്രൻ; 2. ഒരു മൗര്യവംശരാജാവ്; 3. (പുരാണ) ഒരു മഗധരാജാവ് (ജരാസന്ധൻെറ പിതാവ്); 4. ജ്യദ്രഥൻെറ പുത്രൻ
ബൃഹദ്വീജം നാ. 1. അമ്പഴം;2. തെങ്ങ്
ബൃഹന്നദി നാ. 1. വലിയ നദി; 2. പേരാറ്
ബൃഹന്നള നാ. 1. (പുരാണ) അർജുനൻ (അജ്ഞാതവാസകാലത്ത് സ്വീകരിച്ചിരുന്ന പേര്); 2. നപുംസകൻ; 3. ബൃഹന്നട, ബൃഹന്നളൻ
ബൃഹന്നളം നാ. 1. ഭുജം; 2. വലിയ വേഴൽ
ബൃഹന്നിംബം നാ. വലിയവേപ്പ്
ബൃഹന്നേത്രൻ നാ. 1.ദീർഘദർശി
ബൃഹസ്പതി നാ. 1. വ്യാഴഗ്രഹം; 2. ദേവന്മാരുടെ ഗുരു; 3. ഗണപതി; 4. അഷ്ടാദശസ്മൃതികാരന്മാരിൽ ഒരാൾ
ബൃഹസ്പതിവാരം നാ. വ്യാഴാഴ്ച
ബെഞ്ച് [ഇം.] നാ. 1. ഒരുതരം പീഠം (നീളവും പരപ്പും ഉള്ള പ്രതലവും കാലുകളും ഉള്ളത്); 2. ന്യായാസനം, ന്യായാധിപ സഭ
ബെൽ [ഇം.] നാ. മണി
ബെൽട്ട് [ഇം.] നാ. അരപ്പട്ട
1133
ബെസ്പൃക്കാന [സുറി]നാ. നരകവിശേഷം
ബേക്കറി [ഇം.] നാ. റൊട്ടിക്കിടങ്ങ് (റൊട്ടിയും മറ്റു മധുര പലഹാരങ്ങളും വിൽക്കുന്ന സ്ഥലം)
ബേജാറ് [അറ] നാ. അങ്കലാപ്പ്, കുഴപ്പം
ബേഡ നാ. 1. ബോട്ട്; 2. വള്ളം
ബേത്ലഹേം [ഹീബ്] നാ. ക്രിസ്തുദേവൻ ജനിച്ചസ്ഥലം
ബേബി [ഇം.] നാ. 1. കുഞ്ഞ്; 2. ഒരു സംജ്ഞാനാമം
ബൈക്ക് [ഇം.] നാ. 1. ചവിട്ടുവണ്ടി, സൈക്കിൾ; 2. മോട്ടോർ സൈക്കിൾ
ബൈജികം നാ. 1. ബീജസംബന്ധമായത്; 2. ഉത്പത്തികാരണം; 3. ആത്മാവ്; 4. തളിര്; 5. ഒരിനം എണ്ണ (മുരിങ്ങയിൽനിന്നെടുക്കുന്നത്)
ബൈഡാല വി. പൂച്ചയെ (ബിഡാലത്തെ) സംബന്ധിച്ച
ബൈഡാലവ്രതികൻ നാ. കപടഭക്തൻ (സന്ദർഭം ലഭിക്കാത്തതുകൊണ്ടുമാത്രം പരസ്ത്രീയെ പ്രാപിക്കാതിരിക്കുന്നവൻ)
ബൈനാക്കുലർ [ഇം.] നാ. ദൂരദർശിനി, ഇരട്ടക്കുഴൽക്കണ്ണാടി (അകലെയുള്ള വസ്തുക്കളെ അടുത്തുകാണാൻ ഉപയോഗം)
ബൈബിൾ [ഇം.] നാ. ക്രിസ്ത്യാനികളുടെ വിശുദ്ധ വേദപുസ്തകം
ബൈല്വം നാ. വില്വത്തെ സംബന്ധിച്ചത്, കൂവളക്കായ്

ബൊമ്മ നാ. 1. പാവ; 2. കോലം
ബോട്ട് [ഇം.] നാ. 1. വള്ളം; 2. ചെറിയ കപ്പൽ
ബോണസ്സ് [ഇം.] നാ. കൂലിക്കോ ശമ്പളത്തിനോ പുറമേ നൽകപ്പെടുന്ന തുക
ബോണ്ട് [ഇം.] നാ. ഇടപാടാധാരം, കടപ്പത്രം
ബോധകൻ നാ. 1. ബോധിപ്പിക്കുന്നവൻ; 2. പഠിപ്പിക്കുന്നവൻ; 3. ഗൂഢവർത്തമാനം അറിയുന്നവൻ; 4. വൈതാളികൻ
ബോധകരൻ നാ. 1. ബോധകൻ; 2. (രാജാക്കന്മാരെ) പാടിയുണർത്തുന്നവൻ, പള്ളിയുണർത്തുന്നവൻ; 3. അറിവുപകരുന്നവൻ; 4. നിർദേശിക്കുന്നവൻ
ബോധക്കേട് നാ. 1. മോഹാലസ്യം; 2. അറിവില്ലായ്മ
ബോധനൻ നാ. 1. ബോധനം ചെയ്യുന്നവൻ; 2. ബുദ്ധിമാൻ; 3. ബുദ്ധൻ
ബോധനം നാ. 1. ബോധിപ്പിക്കൽ; 2. ഉണർത്തൽ; 3. പഠിപ്പിക്കൽ; 4. അറിവ്; 5. ധൂപനം
ബോധനീയ വി. ബോധിപ്പിക്കത്തക്ക
ബോധം നാ. 1. അറിവ്; 2. ഗ്രഹണം; 3. ഉണർച്ച; 4. വികാസം; 5. നാമം; 6. വിചാരം
ബോധയിതാവ് നാ. ഗുരു (ബോധിപ്പിക്കുന്നവൻ)
ബോധവാസരം നാ. വിഷ്ണു നാലുമാസത്തെ ഉറക്കം കഴിഞ്ഞുണരുന്ന ദിവസം, കാർത്തിക മാസം വെളുത്തപക്ഷത്തിലെ ഏകാദശി
ബോധി നാ. 1. അരയാൽ; 2. പൂവൻകോഴി; 3. ഗൗതമബുദ്ധൻ; 4. പരിപൂർണജ്ഞാനം
ബോധിക്കുക ക്രി. 1. അറിയുക, മനസ്സിലാക്കുക; 2. സമ്മതിക്കുക; 3. ഉണരുക; 4. ഇഷ്ടമാകുക
ബോധിത വി. ബോധിപ്പിക്കപ്പെട്ട, അറിയിക്കപ്പെട്ട, പഠിപ്പിക്കപ്പെട്ട, ഓർമിക്കപ്പെട്ട
ബോധിപ്പിക്കുക ക്രി. 1. പഠിപ്പിക്കുക; 2. ഉണർത്തുക; 3. ഏൽപ്പിക്കുക
ബോധിസത്ത്വൻ നാ. ബോധോദയം ഉണ്ടായവൻ, ബുദ്ധ സന്ന്യാസി
ബോധ്യ വി. ബോധിപ്പിക്കത്തക്ക
ബോധ്യപ്പെടുക ക്രി. ബോധിക്കുക
ബോദ്ധവ്യ വി. ബോധിക്കത്തക്ക
ബോധ്യം നാ. 1. അറിയേണ്ടത്; 2. സമ്മതം; 3. തൃപ്തി
ബോംബ് [ഇം.] നാ. സ്ഫോടാവസ്തുക്കൾകൊണ്ടു നിർമിച്ച ഒരു ആയുധം. പൊട്ടിത്തെറിച്ച് ശത്രുക്കളെ നശിപ്പിക്കുന്നത്
ബോയി [ഇം.] നാ. . ആൺകുട്ടി; 2. വേലക്കാരൻ, ഹോട്ടൽ ജോലിക്കാരൻ; 3. പല്ലക്കുചുമക്കുന്നവൻ
ബോർ [ഇം.] നാ. 1. മുഷിവ്, മുഷിപ്പിക്കുന്ന കാര്യമോ വസ്തുവോ; 2. മുഷിപ്പിക്കുന്ന രീതിയിൽ പെരുമാറുന്നവൻ
ബോർമ [പോർ] നാ. 1. (ഗോതമ്പ്) റൊട്ടിയുണ്ടാക്കുന്ന സ്ഥലം; 2. അപ്പക്കാരൻെറ കല്ല്
ബോൾ1 [പോർ] നാ. ഒരുതരം അപ്പം, അരിമാവുകൊണ്ടുണ്ടാക്കുന്ന ഗോളാകൃതിയായ മധുരപലഹാരം

ബോൾ2 [ഇം.] നാ. പന്ത്
ബോളി നാ. ഒരു പലഹാരം, പോളി
ബോറടിക്കുക ക്രി. 1. മുഷിയുക, മടുപ്പുതോന്നുക; 2. മുഷിയത്തക്കവണ്ണം പെരുമാറുക, മടുപ്പുതോന്നത്തക്കവണ്ണം സംസാരിക്കുക
ബൗദ്ധ വി. ബൗദ്ധിക (ബുദ്ധിയെ സംബന്ധിച്ച); 2. ബുദ്ധമതം സംബന്ധിച്ച
ബൗദ്ധൻ നാ. 1. ബുദ്ധമതക്കാരൻ; 2. മാപ്പിള; 3. നിരീശ്വരൻ
ബൗദ്ധായനന്മാർ നാ. ബ്രാഹ്മണരിൽ ഒരുവിഭാഗം
ബ്യൂറോ [ഇം.] നാ. 1. വലിപ്പുക്കളുള്ള എഴുത്തുമേശ; 2. കാര്യാലയം
ബ്രഷ് [ഇം.] നാ ഒരു ഉപകരണം (തുടയ്ക്കാനും ചായം തേയ്ക്കാനും ഉപയോഗം)
ബ്രഹ്മ നാ. 1. പരമാത്മാവ്; 2. വേദം
ബ്രഹ്മകന്യക നാ. 1. സരസ്വതി; 2. ബ്രഹ്മി
ബ്രഹ്മപാലം നാ. ശിവൻകൊണ്ടുനടക്കുന്ന തലയോട്, ബ്രഹ്മാവിൻെറ അഞ്ചാമത്തെ തലയുടെ ഓട്)
ബ്രഹ്മകൽപം നാ. ബ്രഹ്മാവിൻെറ ഒരു പകൽ
ബ്രഹ്മാൽപിതം നാ. (ദൈവ)വിധി
ബ്രഹ്മകുണ്ഡം നാ. ബ്രഹ്മാവ്നിർമിച്ച ഒരു സരസ്സ്, ഗങ്ഗാദ്വാരം
ബ്രഹ്മകൃത്ത് നാ. 1. പ്രാർഥിക്കുന്നവൻ; 2. വിഷ്ണു
ബ്രഹ്മഗ്രഹൻ നാ. ബ്രഹ്മരക്ഷസ്സ്
ബ്രഹ്മഘാതകൻ നാ. ബ്രാഹ്മണനെ കൊന്നവൻ
ബ്രഹ്മഘാതി നാ. ബ്രഹ്മഘാതകൻ
ബ്രഹ്മഘാതിനി നാ. തീണ്ടാരി രണ്ടാം ദിവസം ആയവൾ
ബ്രഹ്മഘ്നൻ നാ. ബ്രഹ്മഘാതകൻ
ബ്രഹ്മചര്യൻ നാ. ബ്രഹ്മചാരി
ബ്രമചര്യം നാ. 1. ആദ്യത്തെ ആശ്രമം (ബ്രാഹ്മണൻെറ ജീവിതകാലത്തിൽ ആദ്യത്തേത്); 2. വിവാഹം ചെയ്യാത്ത അവസ്ഥ (ബ്രഹ്മചാരിയുടെ സ്ഥിതി), വേദാധ്യയനകാലം (ഉപനയനം കഴിഞ്ഞ് ഗൃഹസ്ഥാശ്രമം സ്വീകരിക്കുന്നതുവരെയുള്ള കാലം); 3. ചാരിത്രശുദ്ധി (വിഷയാദികളിൽ മനസ്സുവയ്ക്കാതെ മനസ്സിനെ ബ്രഹ്മത്തിൽ നിലനിർത്തൽ)
ബ്രഹ്മചാരി നാ. 1. ബ്രഹ്മത്തെ (വേദത്തെ) ചരിക്കുന്നവൻ (ജ്ഞാനം സമ്പാദിക്കുന്നവൻ); 2. പൂണൂലിട്ട് വേദം അഭ്യസിക്കുന്ന ബ്രാഹ്മണകുമാരൻ; 3. വിവാഹം ചെയ്യാത്തവൻ; 4. ശിവൻ; 5. സുബ്രഹ്മണ്യൻ; 6. കാട്ടരയാല്
ബ്രഹ്മചാരിണി നാ. 1. പാതിവ്രത്യമുള്ളവൾ; 2. ദുർഗ; 3. അവിവാഹിത; 4. ബ്രഹ്മി
ബ്രഹ്മചിന്ത നാ. ബ്രഹ്മാവിനെയും വേദത്തെയും കുറിച്ചുള്ള ചിന്ത
ബ്രഹ്മജൻ നാ. 1 ബഹ്മാവിൻെറ പുത്രൻ; 2. സുബ്രഹ്മണ്യൻ
ബ്രഹ്മജാരൻ നാ. ബ്രാഹ്മണപത്നിയുടെ ജാരൻ
ബ്രഹ്മജീവി നാ. ആധ്യാത്മികജ്ഞാനംകൊണ്ട് ഉപജീവനം കഴിക്കുന്നവൻ
ബ്രഹ്മജ്ഞൻ നാ. 1.ബ്രഹ്മത്തെ അറിയുന്നവൻ, യോഗി; 2. വിഹ്ണു; 3 സ്കന്ദൻ

ബ്രഹ്മജ്ഞാനം നാ. ബ്രഹ്മത്തെ സംബന്ധിച്ച അറിവ്
ബ്രഹ്മജ്ഞാനി നാ. ബ്രഹ്മത്തെ അറിയുന്നവൻ, യോഗി
ബ്രഹ്മണസ്പതി നാ. ബൃഹസ്പതി (പ്രാർഥനകളുടെ അധിപൻ)
ബ്രഹ്മണ്യ1 വി. 1. ബ്രഹ്മനെ (ബ്രഹ്മത്തെ) സംബന്ധിച്ച; 2. ബ്രാഹ്മണനെ സംബന്ധിച്ച; 3. വിശുദ്ധമായ; 4. ശക്തിയുള്ള; 5. ബ്രാഹ്മണോചിതമായ
ബ്രഹ്മണ്യ2 നാ. ഗുർഗ
ബ്രഹ്മണ്യൻ നാ. 1. വേദജ്ഞൻ; 2. സുബ്രഹ്മണ്യൻ; 3. വിഷ്ണു; 4. ശനി
ബ്രഹ്മണ്യം നാ. 1. കാട്ടരയാൽ; 2. മുഞ്ജപ്പുല്ല്; 3. വിശുദ്ധി
ബ്രഹ്മത,-ത്വം നാ ബ്രഹ്മഭാവ, ബ്രാഹ്മണ്യം
ബ്രഹ്മതത്ത്വം നാ. പരമാത്മാവിനെപ്പറ്റിയുള്ള യഥാർഥജ്ഞാനം
ബ്രഹ്മദണ്ഡം നാ. 1. ബ്രാഹ്മണശാപം; 2. ചെറുതേക്ക്; 3. ഒരുതരം യോഗദണ്ഡം; 4. ഒരു മാന്ത്രികായുധം (ബ്രഹ്മാവിൻെറയും ബ്രഹ്മാണിയുടെയും ആയുധം); 5. ബ്രാഹ്മണനുകൊടുക്കുന്ന കപ്പം
ബ്രഹ്മദായം നാ. 1. ബ്രാഹ്മണർക്ക് ദാനം ചെയ്ത വസ്തു; 2. വേദാധ്യാപനം; 3. ബ്രാഹ്മണൻെറ ലൗകിക സ്വത്ത്
ബ്രഹ്മൻ നാ. 1. ബ്രഹ്മാവ്; 2. ബ്രാഹ്മണൻ; 3. സൂര്യൻ; 4. ഭക്തൻ; 5. ഋത്വിക്കുകളിൽ ഒരാൾ; 6. വേദജ്ഞൻ; 7. ബൃഹസ്പതി; 8. ശിവൻ
ബ്രഹ്മനാഡി നാ. (ശരീരത്തിലെ) പ്രധാനപ്പെട്ട ഒരു നാഡി
ബ്രഹ്മനാദം നാ. 1. ഓങ്കാരധ്വനി; 2. വേദഘോഷം
ബ്രഹ്മനാദൻ നാ. വിഷ്ണു
ബ്രഹ്മപാദപം നാ. 1. പ്ലാശ്; 2. വയ്യങ്കതക്
ബ്രഹ്മപിശാചൻ നാ. ബ്രഹ്മരക്ഷസ്സ്
ബ്രഹ്മപുത്ര നാ. ഒരു പുണ്യനദി (ഉത്തരേന്ത്യയിൽ ഉള്ളത്)
ബ്രഹ്മപുത്രചതുഷ്ടയം നാ. സനകൻ സനന്ദൻ സനാതനൻ സനല്കുമാരൻ ഇവർ നാലുപേരും
ബ്രഹ്മപുത്രർ നാ. നാരദൻ ജാംബവാൻ മരീചി വസിഷ്ഠൻ തുടങ്ങിയവർ
ബ്രഹ്മപുത്രി നാ. 1. സരസ്വതീദേവി; 2. സരസ്വതീനദി; 3. പന്നിക്കിഴങ്ങ്; 4. ചെറുതേക്ക്; 5. സന്ധ്യാദേവി
ബ്രഹ്മപുരം നാ. 1. ബ്രഹ്മനഗരം; 2. കാശി
ബ്രഹ്മപുരാണം നാ. അഷ്ടാദശയ (18) പുരാണങ്ങളിൽ ഒന്ന്, ഒന്നാമത്തെ പുരാണം (ബ്രഹ്മാവ് മരീചിക്ക് ഉപദേശിച്ചത്)
ബ്രഹ്മപുരി നാ. ബ്രഹ്മപുരം
ബ്രഹ്മപുരുഷൻ നാ. ബ്രഹ്മരക്ഷസ്സ്
ബ്രഹ്മപ്രളയം നാ. 100 ബ്രഹ്മവർഷം (ഒരു ബ്രഹ്മാവിൻെറ കാലം) കഴിയുമ്പോഴുണ്ടാകുന്ന പ്രളയം (അപ്പോൾ ആകാശം അഞ്ജനത്തിൽ (ഇരുട്ടിൽ) ലയിക്കും, അഞ്ജനം ബ്രഹ്മത്തിൽ ലയിക്കും, ബ്രഹ്മം മാത്രം ശേഷിക്കും)
ബ്രഹ്മപ്രാപ്തി നാ. ബ്രഹ്മത്തിലുള്ള ലയം (മോക്ഷപ്രാപ്തി)
ബ്രഹ്മബന്ധു നാ. പേരിനുമാത്രം ബ്രാഹ്മണനായവൻ (കുലാചാരത്തിൽ നിഷ്ഠയില്ലാത്ത ബ്രാഹ്മണജാതിക്കാരൻ)

ബ്രഹ്മബിന്ദു നാ. 1. വേദംചൊല്ലുമ്പോൾ തെറിക്കുന്ന ഉമിനീര്; 2. ഒരു ഉപനിഷത്ത്; 3. ബ്രാഹ്മണനു ജനിച്ചവൻ
ബ്രഹ്മബീജം നാ. ഓങ്കാരം, പ്രണവം
ബ്രഹ്മഭാവം നാ. ബ്രാഹ്മണ്യം (ബ്രഹ്മത്തിൻെറ അവസ്ഥ, സായൂജ്യാവസ്ഥ)
ബ്രഹ്മഭൂയം നാ. ബ്രഹ്മഭാവം
ബ്രഹ്മം നാ. 1. പരമാത്മാവ്, സകലതിനും കാരണമായ വസ്തു; 2. തപസ്സ്; 3. വേദം, വേദപാഠം; 4. പരമാർഥജ്ഞാനം; 5. (ജ്യോ) ഒരു യോഗം; 6. ഓങ്കാരം; 7. ബ്രാഹ്മണവർഗം, ബ്രാഹ്മണശക്തി; 8. മോക്ഷം; 9. സത്യം; 10. സ്തോത്രം; 11. ധനം; 12. ആഹാരം
ബ്രഹ്മമണ്ഡുകി നാ. ചെറിയ ബ്രഹ്മി
ബ്രഹ്മമയം നാ. 1. ബ്രഹ്മസ്വരൂപമായത്, ദിവ്യമായത്; 2. ബ്രഹ്മാസ്ത്രം
ബ്രഹ്മമീമാംസ നാ. ഉത്തരമീമാംസ
ബ്രഹ്മമേഖല നാ. മുഞ്ജപ്പുല്ല്
ബ്രഹ്മയജ്ഞം നാ. പഞ്ചമഹായജ്ഞങ്ങളിൽ ഒന്ന്
ബ്രഹ്മയഷ്ടി നാ. ചെറുതേക്ക്
ബ്രഹ്മയുഗം നാ. കൃതയുഗം, സത്യയുഗം (നാലുയുഗങ്ങളിൽ ആദ്യത്തേത്)
ബ്രഹ്മയോഗം നാ. ബ്രഹ്മജ്ഞാനലബ്ധി
ബ്രഹ്മയോനി നാ. ബ്രാഹ്മണജന്മം
ബ്രഹ്മർഷി നാ. 1. ബ്രാഹ്മണനായ ഋഷി; 2. ബ്രഹ്മസാക്ഷാത്കാരം സിദ്ധിച്ച ഋഷി
ബ്രഹ്മർഷിദേശം നാ. കുരുക്ഷേത്രം
ബ്രഹ്മരക്ഷസ്സ് നാ. 1. മഹാപാതകങ്ങൾ ചെയ്തിട്ടുള്ള ബ്രാഹ്മണൻെറ മരണശേഷമുള്ള ആത്മാവ്; 2. അപമൃത്യുപ്രാപിച്ച ബ്രാഹ്മണൻെറ പ്രേതം
ബ്രഹ്മരന്ധ്രം നാ. സുഷുമ്ന (നാഡി) ശിരസ്സിൽ ചെന്നവസാനിക്കുന്ന ഭാഗം (യോഗി മരിക്കുമ്പോൾ ഇതു ഭേദിച്ചാണ് പ്രാണവായു വെളിയിൽ പോകുന്നത്)
ബ്രഹ്മരഹസ്യം നാ. വലിയ രഹസ്യം
ബ്രഹ്മരാക്ഷസൻ നാ. ബ്രഹ്മരക്ഷസ്സ്
ബ്രഹ്മരാതൻ നാ. ശുകൻ
ബ്രഹ്മരേഖ നാ. തലയിലെഴുത്ത്, വിധി
ബ്രഹ്മലോകം നാ. സത്യലോകം
ബ്രഹ്മവർച്ചസം നാ. വേദം പഠിച്ച് അതിനെ പ്രമാണിക്കുന്നതിലുണ്ടാകുന്ന ശുദ്ധത (ആചാരംകൊണ്ടും വേദാഭ്യാസംകൊണ്ടുമുള്ള തേജസ്സ്)
1135
ബ്രഹ്മവർധനം നാ. ചെമ്പ്
ബ്രഹ്മവാദം നാ. 1. വേദപാഠം (വേദംചൊല്ലൽ); 2. വേദത്തെക്കുറിച്ചുള്ള ചർച്ച
ബ്രഹ്മവാദി നാ. 1. വേദാന്തി, വേദം പഠിപ്പിക്കുന്നവൻ; 2. ബ്രഹ്മചാരി
ബ്രഹ്മവാദിനി നാ. ഗായത്രി
ബ്രഹ്മവിത്തമൻ നാ. ബ്രഹ്മവിത്തുക്കളിൽ ഉത്തമൻ

ബ്രഹ്മവിത്ത് നാ. ബ്രഹ്മവിദ്വരൻ, യോഗി (ബ്രഹ്മത്തെ അറിഞ്ഞവൻ)
ബ്രഹ്മവിദ്യ നാ. ആധ്യാത്മവിദ്യ (ശുദ്ധചൈതന്യാത്മകമായ ബ്രഹ്മത്തെ ആത്മാഭിന്നമായി അറിയൽ)
ബ്രഹ്മവീണ നാ. ഒരിനം വീണ
ബ്രഹ്മവൃക്ഷകം നാ. 1. പ്ലാശ്, ഉദുംബരം; 2. അത്തിയാല്
ബ്രഹ്മവേദം നാ. 1. അഥർവണവേദം; 2. വേദജ്ഞാനം, ബ്രഹ്മത്തെ അറിയൽ
ബ്രഹ്മവേദി നാ. 1. ബ്രാഹ്മണൻ; 2. വേദജ്ഞൻ
ബ്രഹ്മവൈവർത്തപുരാണം നാ. അഷ്ടാദശപുരാണങ്ങളിൽ ഒന്ന്
ബ്രഹ്മവ്രതം നാ. ബ്രഹ്മചര്യം
ബ്രഹ്മശല്യം നാ. വെൾവേലം
ബ്രഹ്മശാസനം നാ. 1. ബ്രഹ്മാവിൻെറ ആജ്ഞ; 2. ബ്രാഹ്മണൻെറ ആജ്ഞ; 3. ബ്രാഹ്മണനുള്ള കൽപന
ബ്രഹ്മശിരസ്സ് നാ. ഒരു ദിവ്യാസ്ത്രം
ബ്രഹ്മശീർഷം നാ. ബ്രഹ്മശിരസ്സ്
ബ്രഹ്മസത്രം നാ. 1. ബ്രഹ്മപ്രാപ്തി; 2. വേദാധ്യയനവും വേദാധ്യാപനവും
ബ്രഹ്മസംഭവൻ നാ. ബ്രഹ്മപുത്രൻ
ബ്രഹ്മസായൂജ്യം നാ. ബ്രഹ്മത്വം (ബ്രഹ്മത്തോടുകൂടിച്ചേരൽ)
ബ്രഹ്മസാവർണി നാ. പത്താമത്തെ മനു
ബ്രഹ്മസുതൻ നാ. ബ്രഹ്മപുത്രൻ
ബ്രഹ്മസൂത്രം നാ. 1. ഒരു വേദാന്തഗ്രന്ഥം (ബാദരായണൻ രചിച്ചത്); 2. പൂണൂൽ
ബ്രഹ്മസൂവ് നാ. 1. (പുരാണ) കാമദേവൻ; 2. (പുരാണ) അനിരുദ്ധൻ
ബ്രഹ്മസ്ഥാനം നാ. ക്ഷേത്രത്തിലെ ഗർഭഗൃഹം
ബ്രഹ്മസ്വം നാ. ബ്രാഹ്മണൻെറ സ്വത്ത് (ബ്രാഹ്മണരുടെ ഊട്ടിനുള്ള വക)
ബ്രഹ്മഹത്യ നാ. 1. ബ്രാഹ്മണവധം; 2. ബ്രാഹ്മണവധരൂപമായ പാപം, ആ പാപത്തിൻെറ മൂർത്തരൂപം
ബ്രഹ്മഹന്താവ് നാ. ബ്രഹ്മഹത്യ ചെയ്തവൻ
ബ്രഹ്മഹാവ് നാ. 1. ബ്രാഹ്മണനെ കൊന്നവൻ; 2. മഹാപാപി
ബ്രഹ്മാക്ഷരം നാ. ഓങ്കാരം, പ്രണവം
ബ്രഹ്മാജ്ഞലി നാ. അട്ടകം പിടിക്കൽ, വേദമോതുമ്പോൾ കൈപ്പടങ്ങൾ കൂട്ടിച്ചേർത്തു പിടിക്കൽ ( വേദത്തിനായിക്കൊണ്ടുള്ള കൂപ്പുകൈ)
ബ്രഹ്മാണി നാ. 1. സരസ്വതി; 2. ബ്രാഹ്മി (ഒരുദേവി); 3. ബ്രാഹ്മണി; 4. ദുർഗ; 5. അരേണുകം; 6. ഒരുതരം പിച്ചള
ബ്രഹ്മാണ്ഡകടാഹം നാ. എല്ലാലോകങ്ങളും കൂടിയത്
ബ്രഹ്മാണ്ഡപുരാണം നാ. അഷ്ടാദശപുരാണങ്ങളിൽ ഒന്ന്
ബ്രഹ്മാണ്ഡം നാ. 1. സൂര്യൻെറ വെളിച്ചത്തിൽ ഉൾപ്പെട്ടിരിക്കുന്ന ലോകങ്ങൾ സമസ്തവും കൂടിയ ഗോളം; 2. അഷ്ടദശപുരാണങ്ങളിൽ ഒന്ന്; 3. ഈശ്വരസൃഷ്ടങ്ങളായി ദൃശ്യാദൃശ്യങ്ങളായുള്ള സമസ്ത പദാർഥങ്ങളുടെയും സമൂഹം; 4. (പ്ര) വളരെ വലിയ വസ്തു.

ബ്രഹ്മാത്മകൻ നാ. ബ്രഹ്മസ്വരൂപൻ
ബ്രഹ്മാനന്ദം നാ. 1. പരബ്രഹ്മവുമായി ഐക്യം പ്രാപിച്ചാലുണ്ടാകുന്ന ആനന്ദം; 2. വലിയ ആനന്ദം; 3. ആത്മനിർവൃതി
ബ്രഹ്മാംഭസ്സ് നാ. ഗോമൂത്രം
ബ്രഹ്മായണൻ നാ. നാരായണൻ
ബ്രഹ്മാലയം നാ. 1. ബ്രഹ്മാവിൻെറ ലോകം, സത്യലോകം; 2. ബ്രാഹ്മണഭവനം
ബ്രഹ്മാവർത്തം നാ. ഭാരതഖണ്ഡത്തിൻെറ മധ്യഭാഗത്തുണ്ടായിരുന്ന ഒരു ജനപദം (ദിവ്യനദികളായ സരസ്വതിക്കും ദൃഷദ്വതിക്കും മധ്യേയുള്ള പുണ്യസ്ഥലം)
ബ്രഹ്മാവ് നാ. ത്രിമൂർത്തികളിൽ ഒരാൾ, സൃഷ്ടിചെയ്യുന്നവൻ; 2. ചതുർദശമനുക്കളിൽ ഒരാൾ; 3. ബ്രാഹ്മണൻ; 4. ഋത്വിക്കുകളിൽ ഒരാൾ
ബ്രഹ്മാസനം നാ. 1. യോഗാസനം; 2. പ്രധാനപുരോഹിതൻെറയോ ആചാര്യൻെറയോ ഇരിപ്പിടം
ബ്രഹ്മാസ്ത്രം നാ. 1. ബ്രഹ്മാവു ദേവതയായുള്ള ഒരു ദിവ്യാസ്ത്രം; 2. എതിരില്ലാത്ത വസ്തു
ബ്രഹ്മി നാ. 1. ബ്രഹ്മത്തെ സംബന്ധിച്ചത്; 2. വിഷ്ണു; 3. ഒരു ഔഷധച്ചെടി; 4. ചെറുതേക്ക്
ബ്രഹ്മിഷ്ഠ1 വി. വേദം പഠിച്ച
ബ്രഹ്മിഷ്ഠ2 നാ. ദുർഗ
ബ്രഹ്മിഷ്ഠൻ നാ. ബ്രഹ്മജ്ഞാനമുള്ളവൻ, തികഞ്ഞബ്രാഹ്മണൻ
ബ്രഹ്മേശയൻ നാ. 1. വിഷ്ണു; 2. സ്കന്ദൻ
ബ്രഹ്മൈക്യം നാ. ബ്രഹ്മസായൂജ്യം, മോക്ഷം
ബ്രാണ്ടി [ഇം.] നാ. ഒരിനം ശീമ മദ്യം, വിദേശമദ്യം
ബ്രാഹ്മ വി. 1. ബ്രഹ്മത്തെ സംബന്ധിച്ച; 2. ബ്രഹ്മാവിനെ സംബന്ധിച്ച; 3. ബ്രാഹ്മണനെ സംബന്ധിച്ച; 4. ദിവ്യമായ
ബ്രാഹ്മകൽപം നാ. ബ്രഹ്മാവിൻെറ ഒരു ദിവസം
ബ്രാഹ്മണകൻ നാ. നാമമാത്ര ബ്രാഹ്മണൻ
ബ്രാഹ്മണചണ്ഡാലൻ നാ. 1. ഭ്രഷ്ടബ്രാഹ്മണൻ; 2. ബ്രാഹ്മണിയിൽ ശൂദ്രനു ജനിച്ചവൻ
ബ്രാഹ്മണജീവിക നാ. ബ്രാഹ്മണർക്ക് ഉപജീവനത്തിന് വിധിച്ചിട്ടുള്ള തൊഴിൽ (അധ്യയനം, അധ്യാപനം, യജനം, യാജനം, ദാനം, പ്രതിഗ്രഹം എന്നിവ)
ബ്രാഹ്മണത,-ത്വം നാ. ബ്രാഹ്മണഭാവം
ബ്രാഹ്മണൻ നാ. ചാതുർവർണ്യപ്രകാരം നാലാമത്തെ ജാതി
ബ്രാഹ്മണം നാ. 1. ബ്രാഹ്മണരുടെ സംഘം; 2. യാഗസൂക്തങ്ങൾ സംബന്ധിച്ചുള്ള പ്രമാണങ്ങളെപ്പറ്റി പറയുന്ന ഭാഗം (വേദത്തിൻെറ കർമപരമായ വ്യാഖ്യാനം ഉദാഃ ഐതരേയം)
ബ്രാഹ്മണാച്ഛംസി നാ. പതിനാറു ഋത്വിക്കുകളിൽ ഒരാൾ
ബ്രാഹ്മണി നാ. 1. ബ്രാഹ്മണസ്ത്രീ, ബ്രാഹ്മണൻെറ പത്നി; 2. വേട്ടാവളിയൻ; 3. ഒരുജാതി പല്ലി; 4. ചെറുതേക്ക്; 5. ചോനകപ്പുല്ല്; 6. പിച്ചള; 7. ബ്രഹ്മി; 8. ബുദ്ധി; 9. അരണ; 10. പുഷ്പകൻെറ സ്ത്രീ; 11. ഒരുതരം ഉറുമ്പ്

ബ്രാഹ്മണിപ്പാട്ട് നാ. നായന്മാരുടെ കല്യാണത്തിന് പുഷ്പകജാതിയിൽപ്പെട്ട സ്ത്രീകൾ പാടിയിരുന്ന പാട്ട്

ബ്രാഹ്മണ്യൻ നാ. ശനി

ബ്രാഹ്മണ്യം നാ. = ബ്രഹ്മണ്യം

ബ്രാഹ്മതീർഥം നാ. പെരുവിരലിൻെറ മുരട്

ബ്രാഹ്മദേയ നാ. ബ്രാഹ്മവിധിപ്രകാരം വിവാഹം ചെയ്യപ്പെടേണ്ടവൾ

ബ്രാഹ്മൻ നാ. നാരദൻ (ബ്രഹ്മപുത്രൻ)

ബ്രാഹ്മപുരാണം നാ. ബ്രാഹ്മം

ബ്രാഹ്മം നാ. 1. ബ്രാഹ്മതീർഥം (പെരുവിരൽ മുരട്); 2. രസം; 3. അഷ്ടവിവാഹങ്ങളിൽ ഒന്ന്; 4. അഷ്ടാദശ (18) പുരാണങ്ങളിൽ ഒന്ന്, ആദിപുരാണം (ബ്രഹ്മാവ് മരീചിക്ക് പറഞ്ഞുകൊടുത്തത്); 5. വേദാധ്യയനം; 6. രോഹിണിനക്ഷത്രം; 7. ബ്രാഹ്മ മുഹൂർത്തം; 8. രാജധർമം; 9. ബ്രഹ്മാവിൻെറ ഒരു സംവത്സരം

ബ്രാഹ്മമുഹൂർത്തം നാ. രാത്രിയുടെ അന്ത്യയാമം

ബ്രാഹ്മി നാ. 1. വാക്കിൻെറ അധിഷ്ഠാനദേവത, സരസ്വതി (അക്ഷരാത്മികയായി ബ്രഹ്മാവിൽനിന്നു ഉണ്ടായവൾ, ബ്രഹ്മാവിനെ സംബന്ധിച്ചവൾ); 2. ബ്രഹ്മാവിൻെറ ശക്തി; 3. ദുർഗ; 4. സപ്തമാതാക്കളിൽ ഒരുവൾ; 5. ബ്രാഹ്മണവിവാഹം നടത്തപ്പെട്ടവൾ; 6. ബ്രാഹ്മണൻെറ ഭാര്യ; 7. രോഹിണിനക്ഷത്രം; 8. വാക്ക്; 9. ആചാരം; 10. കഥ; 11. ഒരുതരം ചീര; 12. പന്നിക്കിഴങ്ങ്; 13. വലിയ വാലുഴവം; 14. നല്ല പിച്ചള; 15. ചെറുതേക്ക്; 16. മീനങ്ങാണി; 17. ആട്ടുനാറിവേള

ബ്രാഹ്മ്യ വി. ബ്രഹ്മത്തെ (ബ്രഹ്മാവിനെ, ബ്രാഹ്മണനെ) സംബന്ധിച്ച

ബ്രാഹ്മ്യം നാ. 1. ബ്രഹ്മലോകം; 2. ബ്രഹ്മമുഹൂർത്തം; 3. ബ്രാഹ്മണപൂജ; 4. ആശ്ചര്യം

ബ്രുവ വി. (പദാന്ത്യത്തിൽ) 1. പറയുന്ന; 2. ഭാവിക്കുന്ന (ഉദാഃ ബ്രാഹ്മണബ്രുവൻ)

ബ്രുവാണ വി. ബ്രുവ

ബ്രൂഹി നാ. (സംസ്കൃതവ്യാകരണരൂപം) പറഞ്ഞാലും

ബ്രോക്കർ [ഇം.] നാ. ദല്ലാൾ, തരകൻ, ഇടനിലക്കാരൻ

ബ്രോച്ച് [ഇം.] നാ. ഒരുതരം സൂചി, ഒരാഭരണം (സ്ത്രീകൾ അലങ്കാരമായി വസ്ത്രങ്ങളിൽ കുത്തുന്നത്)

ബ്ലീച്ച് [ഇം.] ക്രി. 1. വെള്ളയാക്കുക; 2. വിളറുക, ബ്ലീച്ചാകുക, ബ്ലീച്ചടിക്കുക (ഇളിഭ്യനാകുക, നാണിക്കുക)

ബ്ലൗസ് [ഇം.] നാ. മാറുമറയ്ക്കുന്ന ഒരുതരം ഉടുപ്പ് (സ്ത്രീകൾ ധരിക്കുന്നത്)

ഭ

ഭ [ഭ്-അ] വ്യഞ്ജനങ്ങളിൽ ഇരുപത്തിനാലാമത്തേത്. പവർഗത്തിലെ ഘോഷം. നാദിയും മഹാപ്രാണവുമായ ഓഷ്ഠ്യവിരാമം

ഭക്കിക നാ. ചീവീട്

ഭക്ത വി. 1. ഭക്തിയുള്ള; 2. ഭാഗിക്കപ്പെട്ട; 3. സേവിക്കപ്പെട്ട; 4. പചിക്കപ്പെട്ട

ഭക്തകാരൻ നാ. ഭക്ഷണം പാകംചെയ്യുന്ന ആൾ

ഭക്തചതുഷ്ടയം നാ. (ബ.വ.) നാലുതരം ഭക്തന്മാർ (ആർത്തൻ, ജിജ്ഞാസു, അർഥാർഥി, ജ്ഞാനി എന്നിവർ)

ഭക്തച്ഛന്ദം നാ. (ആയുർ) ആഹാരത്തിൻെറ നേർക്കുള്ള ആഗ്രഹം, വിശപ്പ്

ഭക്തദൻ നാ. ഭക്തദാതാവ്, ആഹാരംകൊടുക്കുന്നവൻ, രക്ഷിതാവ്

ഭക്തദാസൻ നാ. 1. ഈശ്വരൻ; 2. അന്നദാസൻ, ഭൃത്യൻ

ഭക്തദ്വേഷം നാ. 1. (ആയുർ) വിശപ്പില്ലായ്മ; 2. ഈശ്വരഭക്തന്മാരായ ആളുകളോടു തോന്നുന്ന വെറുപ്പ്

ഭക്തൻ നാ. 1. ഭജിക്കുന്നവൻ, സേവിക്കുന്നവൻ; 2. വിശ്വസ്തഭൃത്യൻ

ഭക്തപരായണ വി. ഭക്തവത്സല

ഭക്തം നാ. 1. ചോറ് (ഭജിക്കപ്പെടുന്നത്, ആശ്രയിക്കപ്പെടുന്നത്); 2. പങ്ക്; 3. പൂജ

ഭക്തരോധം നാ. (ആയുർ) ഒരു രോഗം (ചോറുചെല്ലുന്നതിനു തടസ്സമുണ്ടാകൽ, ചോറുവേണ്ടായ്ക)

ഭക്തവത്സല വി. ഭക്തന്മാരിൽ സ്നേഹമുള്ള (വത്സലഭാവമുള്ള)

ഭക്താഭിലാഷം നാ. 1. ഭക്തത്തിലുള്ള (ചോറിലുള്ള) ആശ; 2. ഭക്തൻെറ ആഗ്രഹം

ഭക്താവനം നാ. ഭക്തജനപാലനം

ഭക്തി നാ. 1. ഈശ്വരൻ ഗുരുക്കന്മാർ ദേവന്മാർ മുതലായവരോട് തോന്നുന്ന ബഹുമാനാദരപൂർവമായ സ്നേഹം, ഈശ്വരനോടുതോന്നുന്ന അനുരാഗം; 2. സ്നേഹത്തോടുകൂടിയ വണക്കം; 3. സേവ; 4. പങ്കിടൽ; 5. വേർപാട്; 6. അടുക്ക്, ക്രമം; 7. ശ്രദ്ധ (ശ്രവണം, കീർത്തനം, സേവനം, സ്മരണം, അർച്ചനം, വന്ദനം, ദാസ്യം, സഖ്യം, ആത്മനിവേദനം എന്നു ഭക്തി 8 വിധം); 8. അലങ്കാരം

1137

ഭക്തിചതുഷ്ടയം നാ. (ബ.വ.) നാലുവിധത്തിലുള്ള ഭക്തി (താമസി, രാജസി, സാത്വികി, ഗുണാതീത എന്നിവ)

ഭക്തിമാൻ നാ. ഭക്തിയുള്ളവൻ

ഭക്തിയോഗം നാ. ഭക്തിയിലൂടെ ഈശ്വരസാക്ഷാത്കാരം നേടൽ

ഭക്തിവൈരാഗ്യം നാ. ഭക്തിമൂലം ലൗകികകാര്യങ്ങളിലുണ്ടാകുന്ന അനാസക്തി

ഭക്ത്യാ അവ്യ. ഭക്തിയോടുകൂടി

ഭക്ഷക വി. അധികം ഭക്ഷിക്കുന്ന

ഭക്ഷകം നാ. ആഹാരം

ഭക്ഷകാരൻ നാ. 1. ഭക്ഷണം പാകംചെയ്യുന്നവൻ; 2. പലഹാരക്കച്ചവടക്കാരൻ

ഭക്ഷണചതുഷ്ടയം നാ. (ബ.വ.) നാലുപ്രകാരത്തിലുള്ള ഭക്ഷണം (ഖാദ്യം, ചൂഷ്യം, പേയം, ലേഹ്യം എന്നിവ)

ഭക്ഷണം നാ. തിന്നാനുള്ളത്, തീൻ, ഊട്ട്

ഭക്ഷണശാല നാ. 1. ഭക്ഷണമുറി; 2. ആഹാരം പാകംചെയ്തു വിൽക്കുന്ന സ്ഥലം; 3. ഊട്ടുപുര

ഭക്ഷണീയ വി. ഭക്ഷിക്കത്തക്ക

ഭക്ഷം നാ. 1. ഭക്ഷിക്കൽ; 2. ആഹാരം, പലഹാരം
ഭക്ഷയിതാ(വ്) നാ. ഭക്ഷിക്കുന്നവൻ
ഭക്ഷി വി. ഭക്ഷിക്കുന്ന
ഭക്ഷിക്കുക ക്രി. 1. തിന്നുക, ഉണ്ണുക; 2. വിഴുങ്ങുക; 3. അപഹരിക്കുക; 4. (പ്ര) തൻേറതാക്കുക, ഉപയോഗിക്കുക
ഭക്ഷിതം നാ. 1. ഭക്ഷിക്കപ്പെട്ടത്; 2. ആഹാരം
ഭക്ഷ്യ വി. ഭക്ഷിക്കത്തക്ക (പ്ര) ഭക്ഷ്യപദാർഥം (ആഹാരസാധനം)
ഭക്ഷ്യകാരൻ നാ. ഭക്ഷണം പാകംചെയ്യുന്നവൻ
ഭക്ഷ്യം നാ. 1. ഭക്ഷിക്കത്തക്കത്, ഭക്ഷണവസ്തു; 2. ജലം
ഭഗകർണിക നാ. (കാമ) യോനിദ്വാരത്തിൻെറ മുകൾഭാഗത്തുള്ളതും കാമവികാരത്തെ ഉണർത്തുന്നതുമായ ഒരു അവയവം, കൃസരി
ഭഗഘ്നൻ നാ. ശിവൻ
ഭഗണൻ നാ. ജ്യോത്സ്യൻ
ഭഗണം നാ. 1. നക്ഷത്രസമൂഹം; 2. രാശിചക്രം; 3. രാശിചക്രത്തെ ചുറ്റിയുല്ല ഗ്രഹസഞ്ചാരം, ചക്രം; 4. (വൃത്ത) ആദിഗുരുവായ ഗണം
ഭഗദേവത നാ. വൈവാഹിക കർമങ്ങളുടെ അധിഷ്ഠാനദേവത
ഭഗദേവൻ നാ. ദുർവൃത്തൻ, വിടൻ
ഭഗദൈവതം നാ. ഉത്രം നക്ഷത്രം
ഭഗൻ നാ. 1. ആദിത്യൻ; 2. ചന്ദ്രൻ; 3. ശിവൻ; 4. ധനം ദാനംചെയ്യുകയും വിവാഹങ്ങളെ ക്രമപ്പെടുത്തുകയും ചെയ്യുന്ന ദേവത
ഭഗനന്ദനൻ നാ. വിഷ്ണു
ഭഗനീയ വി. 1. മനോഹരമായ; 2. ഭാഗ്യമുള്ള; 3. കീർത്തിക്കത്തക്ക
ഭഗന്ദരം നാ. ‘ ഭഗത്തെ പിളർക്കുന്നത് ’, ഒരു രോഗം
ഭഗം നാ. 1. സ്ത്രീയുടെ ഗുഹ്യം, യോനി; 2. ഐശ്വര്യം, ഭാഗ്യം; 3. ശോഭ, സൗന്ദര്യം; 4. കാമം; 5. ശ്രേഷ്ഠത; 6. പ്രയത്നം; 7. സർവശക്തി; 8. സമ്പൂർണമായ മാഹാത്മ്യം, ധൈര്യം, കീർത്തി സമ്പത്ത്, ജ്ഞാനം വൈരാഗ്യം ഇവ ആറും കൂടിയത്; 9. ഉത്രം നക്ഷത്രം; 10. വീര്യം
ഭഗവത് വി. ‘ഭഗമുള്ള’, ഐശ്വര്യമുള്ള, ദിവ്യമായ
ഭഗവതി നാ. 1. ദേവി (ലക്ഷ്മി, ദുർഗ, സരസ്വതി); 2. ദുർഗാക്ഷേത്രം; 3. ബഹുമാന്യയായവൾ; 4. വസൂരി
ഭഗവദീയ വി. 1. ഭഗവാനെ സംബന്ധിച്ച; 2. ഭക്തിയുള്ള
ഭഗവതീയൻ നാ. വിഷ്ണുഭക്തൻ, ഈശ്വരഭക്തൻ
ഭഗവദ്ഗീത നാ. മഹാഭാരതയുദ്ധം തുടങ്ങുന്നതിനുമുമ്പു കുരുക്ഷേത്രഭൂമിയിൽവച്ചു ഭഗവാൻ ശ്രീകൃഷ്ണൻ അർജുനനു നൽകിയ ഉപദേശം (എല്ലാ ഉപനിഷത്തുകളുടെയും സാരം ഉൾക്കൊള്ളുന്നത്)
ഭഗവാൻ നാ. 1. ഈശ്വരൻ, ഐശ്വര്യപൂർണൻ, ഷഡ്ഗുണങ്ങളോടുകൂടിയവൻ, ഭൂതങ്ങളുടെ ഉത്പത്തി വിപത്തി ആഗതി ഗതി വിദ്യ അവിദ്യ ഇവ ആറും അറിയുന്നവൻ; 2. വിഷ്ണു; 3. ശിവൻ; 4. ജിനമഹർഷി, ബുദ്ധൻ; 5. ദേവൻ; 6. സൂര്യൻ
ഭഗാങ്കുരം നാ. കൃസരി (ഭഗകർണിക)
ഭഗാധാനം നാ. ദാമ്പത്യസുഖം നൽകൽ

ഭഗാലം നാ. തലയോട്
ഭഗാലി നാ. ശിവൻ (ഭഗാലം ധരിച്ചവൻ)
ഭഗി വി. 1. ഐശ്വര്യമുള്ള; 2. ശോഭയുള്ള
ഭഗിനി(ക) നാ. 1. സഹോദരി; 2. (ബന്ധുത്വമില്ലാത്ത)സ്ത്രീ; 3. ഭാഗ്യവതി
ഭഗിനീപതി നാ. സഹോദരിയുടെ ഭർത്താവ്
ഭഗിനീയൻ നാ. ഭാഗിനേയൻ
ഭഗീരഥൻ നാ. കഠിനതപസ്സനുഷ്ടിച്ചു ഗങ്ഗാനദിയെ ഭൂമിയിലൂടെ പാതാളത്തിലേക്ക് ഒഴുക്കിയ സൂര്യവംശരാജാവ് (പ്ര) ഭഗീരഥപ്രയത്നം = കഠിനപ്രയത്നം
ഭഗീരഥസുത നാ. ഗങ്ഗ
ഭഗോളം നാ. ആകാശഗോളം. നക്ഷത്രഗോളം
ഭഗ്ന വി. ഭഞ്ജിക്കപ്പെട്ട
ഭഗ്നകാമ വി. ആശതകർന്ന
ഭഗ്നപ്രക്രമം നാ. 1. കാവ്യദോഷങ്ങളിൽ ഒന്ന്, പ്രക്രമഭങ്ഗം; 2. കുഴപ്പം
ഭഗ്നപ്രതിജ്ഞ വി. പ്രതിജ്ഞ ലങ്ഘിച്ച
ഭഗ്നം നാ. 1. നഷ്ടം; 2. (ആയുർ) ഒരു രോഗം (കാലിൻെറ അസ്ഥിപൊട്ടൽ)
ഭഗ്നാത്മാ(വ്) നാ. ഇച്ഛാഭങ്ഗത്തോടുകൂടിയവൻ
ഭഗ്നാശയ വി. നിരാശയോടുകൂടിയ
ഭഗ്നോത്സാഹ വി. ഉത്സാഹം നശിച്ച
ഭഗ്നോത്സാഹൻ നാ. ഉത്സാഹം നശിച്ചവൻ
ഭഗ്നോദ്യമ വി. ഉദ്യമത്തിൽ തോറ്റ
ഭങ്ക്തി നാ. ഉടവ്, പൊട്ടൽ
ഭങ്ഗ നാ. 1. ചണം, ചണവിത്ത്; 2. കഞ്ചാവ്
ഭങ്ഗം നാ. 1. തിര, ഓളം; 2. വിള്ളൽ; 3. തൂണ്; 4. മടക്കം; 5. തോൽവി; 6. നിരാശ; 7. നാശം; 8. ഭയം; 9. ചതി; 10. കേട്; 11. ഉടവ്, ഒടിവ്; 12. പൊട്ടിക്കൽ, വേർപെടുത്തൽ; 13. ചാൽ; 14. പരമ്പര; 15. ദ്വാരം; 16. വളവ്; 17. തടവ്; 18. ചുളിക്കൽ (ഉദാഃ ഭ്രൂഭങ്ഗം); 19. വക്രോക്തി
ഭങ്ഗസാർഥ വി. സൂത്രശാലിയായ, കൗശലമുള്ള
ഭങ്ഗാരി നാ. കാട്ടീച്ച
ഭങ്ഗി നാ. 1. അഴക്, മനോഹാരിത; 2. മോടി (വസ്ത്രധാരണരീതിയിൽ); 3. ക്രമം, ചേർച്ച; 4. മുഖസ്തുതി; 5. വിഭാഗം; 6. ചതി, വേഷം മാറ്റം; 7. തിരമാല; 8. പരമ്പര; 9. ഉടവ്, ചതവ്; 10. പൊങ്ങിയും താണുമിരിക്കൽ; 11. വളവ്; 12. വിനയം; 13. തൂപ്പുകാരൻ
ഭങ്ഗിമാ(വ്) നാ. 1. ഭങ്ഗി; 2. ചതവ്; 3. ചതി; 4. മുള്ളുവാക്ക്; 5. പൊങ്ങിയും താണുമിരിക്കൽ
ഭങ്ഗിലം നാ. ജ്ഞാനേന്ദ്രിയത്തിനുള്ള കേട്
ഭങ്ഗുര1 വി. 1. വളഞ്ഞ; 2. ചതിയനായ; 3. ക്ഷണികമായ; 4. നാശമുള്ള
ഭങ്ഗുര2 നാ. 1. ചണവിത്ത്; 2. അതിവിടയം; 3. നദിയുടെ വളവ്; 4. ചെറുതേക്ക്; 5. ഞാഴൽ
ഭങ്ഗുരത നാ. ഭങ്ഗുരമായിരിക്കുന്ന അവസ്ഥ

ഭങ്ഗ്യാ അവ്യ. ഭങ്ഗിയായി
ഭചക്രം നാ. (ജ്യോ) രാശിചക്രം
ഭജക വി. ഭജിക്കുന്ന
ഭജനപ്പുര നാ. 1. ഭജനമഠം (ക്ഷേത്രത്തിൽ ഭജനക്കാർക്ക് പാർക്കാനുള്ള സ്ഥലം); 2. (തിരുവിതാംകൂറിൽ) ഇളയരാജാവിൻെറ ഇരിപ്പിടം
ഭജനം നാ. 1. സേവ, പരിചരണം; 2. പങ്കുവയ്പ്പ്
ഭജനീയ വി. ഭജിക്കത്തക്ക
ഭജമാന വി. 1. ഭജിക്കുന്ന, സേവിക്കുന്ന; 2. തക്ക; 3. ന്യായമായിക്കിട്ടുന്ന
ഭജിക്കുക ക്രി. 1. ആരാധിക്കുക, സേവിക്കുക; 2. അനുഭവിക്കുക; 3. സ്വീകരിക്കുക, ഏൽക്കുക; 4. പ്രാപിക്കുക; 5. പങ്കുവയ്ക്കുക
ഭജേ ക്രി. (ഭജ് ധാതു, ലട് പരസ്മൈപദി, ഉ.പു.,ഏ.വ.), ഞാൻ ഭജിക്കുന്നു
ഭഞ്ജകൻ നാ. ഭഞ്ജിക്കുന്നവൻ, തകർക്കുന്നവൻ
ഭഞ്ജനകം നാ. ഒരു ദന്തരോഗം (പല്ലു ദ്രവിക്കൽ)
ഭഞ്ജനം നാ. 1. ഭഞ്ജിക്കൽ, നശിപ്പിക്കൽ; 2. ഒരു ദന്തഓഗം, ഭഞ്ജനകം
ഭഞ്ജി നാ. ദുർഗാഭഗവതി
ഭഞ്ജിക്കുക ക്രി. 1. ഭങ്ഗംവരുത്തുക; 2. നശിപ്പിക്കുക; 3. മുറിക്കുക; 4. മടക്കുക; 5. മുടക്കുക
ഭടജനം നാ. ഭടന്മാരുടെ കൂട്ടം
ഭടത,-ത്വം നാ. 1. ഭടൻെറ അവസ്ഥ; 2. അക്ഷരാഭ്യാസമില്ലാത്തവൻെറ വാക്ക്
ഭടൻ നാ. 1. പടയാളി, യുദ്ധംചെയ്യുന്നവൻ (കാലാൾപ്പടയിലുള്ളവൻ); 2. ഭ്രഷ്ടൻ; 3. ഭൃത്യൻ; 4. അക്ഷരവിദ്യ പഠിക്കാത്തവൻ (പ്ര) ഭടവാക്ക് = അർഥമില്ലാത്ത സംസാരം
ഭടാചാരം നാ. 1. ഭടന്മാരുടെ മര്യാദ; 2. ചീത്തപ്രവൃത്തി
ഭടിത്രം നാ. ഇരുമ്പുകോലിൽ കോർത്തു ചുട്ടെടുത്ത മാംസം
ഭട്ടകൾ നാ. (ബ.വ.) പട്ടർ, ബ്രാഹ്മണർ
ഭട്ടതിരി നാ. 1. മലയാള ബ്രാഹ്മണരിൽ ഒരു വർഗം, ഒരു സ്ഥാനം; 2. പണ്ഡിതനായ ബ്രാഹ്മണൻ
ഭട്ടൻ നാ. 1. ഭട്ടതിരി; 2. ബ്രാഹ്മണൻ; 3. ശത്രുക്കളെ ഉപാലംഭനം ചെയ്യുന്നവൻ, ഭടാധിപൻ (രാജാവ്); 4. സ്തുതിപാഠകൻ; 5. സ്വാമി (ഭർത്താവ്)
ഭട്ടം നാ. സ്വാമിത്വം
ഭട്ടവൃത്തി നാ. ഭട്ടൻെറ (ഭട്ടതിരിയുടെ) മുറ
ഭട്ടാചാര്യൻ നാ. പണ്ഡിതനായ ബ്രാഹ്മണൻ
ഭട്ടാര(ക) വി. 1. ബഹുമാന്യനായ; 2. ശ്രേഷ്ഠതയുള്ള
ഭട്ടാരകൻ നാ. 1. (നാട്യ) രാജാവ്; 2. മുനി; 3. ദേവൻ; 4. (പദാന്ത്യ) അഭിവന്ദ്യൻ; 5. സൂര്യൻ; 6. മീമാംസകൻ
ഭട്ടാരണർ നാ. (ബ.വ.) ഭട്ടസ്ഥാനമുള്ള ബ്രാഹ്മണർ

ഭട്ടിനി നാ. 1. രാജസ്ത്രീ (പട്ടമഹിഷിയല്ലാത്തവൾ); 2.
ബ്രാഹ്മണപത്നി; 3. സ്ഥാനമുള്ളവൾ; 4. വെപ്പാട്ടി
1139
ഭഡിലൻ നാ. 1. ഭൃത്യൻ; 2. ശൂരൻ
ഭണനം നാ. പറച്ചിൽ, വാക്ക്
ഭണിത വി. ഭണനംചെയ്യപ്പെട്ട
ഭണിതം നാ. ഭാഷണം, വാക്ക്
ഭണിതി നാ. ഭാഷണം, വാക്ക്
ഭണ്ഡതപസ്വി നാ. സന്ന്യാസിവേഷക്കാരൻ
ഭണ്ഡൻ നാ. 1. ഫലിതക്കാരൻ; 2. പൊറാട്ടുകാരൻ; 3. ഒരു
സങ്കരജാതിക്കാരൻ; 4. പ്രാകൃതൻ; 5. ഒരു അസുരൻ (ശിവൻെറ നേത്രാഗ്നിയിൽ ദഹിച്ച
കാമദേവൻെറ ചാരത്തിൽനിന്നുണ്ടായവൻ)
ഭണ്ഡനം നാ. 1. കവചം; 2. യുദ്ധം; 3. ദുഷ്ടത, ദോഷം
ഭണ്ഡഹാസിനി നാ. വേശ്യ
ഭണ്ഡാഗാരം നാ. ഭണ്ഡാരം
ഭണ്ഡാരക്കുറ്റി നാ. രാജാവിൻെറയും മറ്റും നിധി
ഭണ്ഡാരപ്പുര നാ. ഖജനാവ് (ഭണ്ഡാരം സൂക്ഷിക്കുന്ന മുറി)
ഭണ്ഡാരം നാ. 1. രാജാക്കന്മാരുടെയോ ക്ഷേത്രത്തിൻെറയോ വകയായ
സ്വർണാഭരണങ്ങളും മറ്റും; 2. അവ സൂക്ഷിക്കുന്ന പുര
ഭണ്ഡാരി നാ. പണ്ടാരി, ഭണ്ഡാരം സൂക്ഷിപ്പുകാരൻ
ഭണ്ഡി നാ. 1. മഞ്ചെട്ടി; 2. നെന്മേനിവാക; 3. തിര; 4. ശിൽപം
ഭണ്ഡില വി. 1. ദൂതുപറയുന്ന; 2. ഐശ്വര്യമുള്ള
ഭണ്ഡിലൻ നാ. 1. ദൂതൻ; 2. ശിൽപി
ഭണ്ഡിലം നാ. 1. നെന്മേനിവാക; 2. ഭാഗ്യം
ഭത്ത [ഹി.] നാ. ബത്ത (ശമ്പളത്തിനുപുറമേ കിട്ടുന്ന പടിയും മറ്റും)
ഭദന്തൻ നാ. 'തിളങ്ങുന്ന പല്ലുകളുള്ളവൻ', ബൗദ്ധസന്ന്യാസി
ഭദാകം നാ. 1. ക്ഷേമം; 2. ഭാഗ്യം
ഭദ്ര1 വി. 1. ഭാഗ്യമുള്ള; 2. ശുദ്ധമായ; 3. നന്മയുള്ള; 4. അനുകൂലമായ;
5. മനോഹരമായ; 6. പ്രിയപ്പെട്ട; 7. അനുഗ്രഹീതമായ; 8. സുരക്ഷിതമായ
ഭദ്ര2 നാ. 1. സുഭദ്ര; 2. ശ്രീകൃഷ്ണൻെറ ഒരു പത്നി; 3. ഉതഥ്യൻെറ ഒരു
ഭാര്യ; 4. പശു; 5. ദ്വിതീയ സപ്തമി ദ്വാദശി എന്നീ തിഥികളിലോരോന്നും; 6. ഭദ്രകാളി
(ഒട്ടേറെ സസ്യങ്ങൾക്കു ഭദ്രയെന്നു പേരുണ്ട്)
ഭദ്രകൻ നാ. 1. സൗന്ദര്യമുള്ളവൻ; 2. ശുഭൻ
ഭദ്രകപിലൻ നാ. ശിവൻ
ഭദ്രകം നാ. 1. പെരുമുത്തങ്ങ; 2. ദേവതാരം; 3. ഒരിനം പയറ്; 4.
(വൃത്ത) ഒരു വൃത്തം
ഭദ്രകർമം നാ. സത്കർമം
ഭദ്രകാരക വി. മങ്ഗളകരമായ
ഭദ്രകാഷ്ഠം നാ. ദേവതാരം
ഭദ്രകാളി നാ. ദുർഗയുടെ ഒരു രൂപം, ഘോരരൂപിണിയായ ദുർഗ
ഭദ്രകുംഭം നാ. ശുദ്ധജലം നിറച്ച കുടം, പൂർണകലശം

ഭദ്രഘടം നാ. ഭാഗ്യക്കുറിച്ചിട്ട് കുലുക്കിയെടുക്കുന്ന പാത്രം
ഭദ്രങ്കര വി. ഐശ്വര്യം വരുത്തുന്ന
ഭദ്രചതുഷ്ടയം നാ. (ബ.വ.) നാലു പുരുഷാർഥങ്ങൾ
ഭദ്രദീപം നാ. ദീപംകൊളുത്തിവച്ചുള്ള ഒരു മങ്ഗള കർമം
ഭദ്രൻ നാ. 1. കാള; 2. ശിവൻ; 3. മങ്ഗലൻ; 4. (കാമ) ചിത്രിണി എന്ന വിഭാഗത്തിൽപ്പെട്ട സ്ത്രീക്കു ചേർന്നവൻ; 5. കപടശാലി
ഭദ്രനാമാ(വ്) നാ. 1. മരംകൊത്തിപ്പക്ഷി; 2. വാലാട്ടിപ്പക്ഷി
ഭദ്രപദം നാ. 1. പൂരുരുട്ടാതി; 2. ഉത്രട്ടാതി
ഭദ്രപീഠം നാ. 1. ഭദ്രാസനം, സിംഹാസനം, ശ്രേഷ്ഠമായ ആസനം; 2. ഒരു ജാതി ഈച്ച
ഭദ്രം നാ. 1. സുഖം, തൃപ്തി, ആനന്ദം; 2. ഭാഗ്യം; 3. ഒരു സുഗന്ധപ്പുല്ല്; 4. പൊന്ന്; 5. ഇരുമ്പ്, ഉരുക്ക്; 6. ഒരിനം കക്ക; 7. കരുതൽ, സുരക്ഷിതത്വം; 8. നല്ലത്; 9. വിസ്താരം; 10. ഉറപ്പ്; 11. മങ്ഗളം; 12. മേരുപർവതം; 13. സൂക്ഷ്മമായത്; 14. മുത്തങ്ങ; 15. കറുത്തആമ്പൽ; 16. കാള; 17. ആന; 18. കടമ്പ; 19. കരിങ്കുരികിൽ; 20. ചതുരക്കള്ളി; 21. (ജ്യോ) ഏഴാമത്തെ കരണം; 22. ദേവതാരം; 23. ശൂന്യം (കവടിവയ്പ്പിൽ) (പ്ര) ഭദ്രമാക്കുക = സുരക്ഷിതമാക്കുക
ഭദ്രമുഖൻ നാ. കുലീനൻ, തറവാടി (ബഹുമാനാദരങ്ങൾ കുറിക്കുന്ന സംബോധനാപദമായി സംസ്കൃതനാടകങ്ങളിലും മറ്റും പ്രയോഗം)
ഭദ്രരേണു നാ. ഇന്ദ്രന്റെ ഒരു ആന
ഭദ്രവത്ത് നാ. ദേവതാരം
ഭദ്രശാഖൻ നാ. സുബ്രഹ്മണ്യൻ
ഭദ്രശീലൻ നാ. സത്സ്വഭാവമുള്ളവൻ
ഭദ്രശ്രീ നാ. ചന്ദനമരം
ഭദ്രസോമ നാ. ഗങ്ഗാനദി
ഭദ്രാകരണം നാ. ക്ഷൗരം
ഭദ്രാങ്ഗൻ നാ. (പുരാണ) ബലരാമൻ
ഭദ്രാകാര വി. ശുഭലക്ഷണങ്ങളുള്ള
ഭദ്രാചലം നാ. (പുരാണ) ഒരു പുണ്യക്ഷേത്രം
ഭദ്രാചാരം നാ. ശ്രേഷ്ഠമായ നടപടി
ഭദ്രാസനം നാ. 1. ശ്രേഷ്ഠമായ ആസനം; 2. സിംഹാസനം; 3. ഒരു യോഗാസനം
ഭദ്രിക നാ. 1. ഒരു വൃത്തം; 2. ദ്വിതീയ സപ്തമി ദ്വാദശി ഈ തിഥികളിലൊന്ന്; 3. രക്ഷാമോതിരം; 4. ശോഭയുള്ളവൾ
ഭദ്രേശൻ നാ. ശിവൻ
ഭൻ നാ. ശുക്രൻ
ഭന്ദിലൻ നാ. ദൂതൻ
ഭന്ദിലം നാ. 1. ചന്ദനം; 2. ഐശ്വര്യം
ഭപഞ്ജരം നാ. ഭചക്രം
ഭപതി നാ. ചന്ദ്രൻ
ഭപൻ നാ. രാശ്യധിപൻ

ഭം നാ. 1. പ്രകാശിക്കുന്നത്; 2. നക്ഷത്രം; 3. ഗ്രഹം; 4. രാശി; 5. ഇരുപത്തേഴ് എന്ന സങ്ഖ്യ (നക്ഷത്ര സങ്ഖ്യ ഇരുപത്തേഴാകയാൽ); 6. വീട്; 7. തെറ്റ്, പ്രമാദം; 8. തോന്നൽ
ഭംഭം നാ. 1. പുക; 2. ഈച്ച
ഭംഭരം നാ. ബംഭരം, വണ്ട്
ഭംഭരാളി നാ. കാട്ടീച്ച, മശകം
ഭമണ്ഡലം നാ. ഭചക്രം
ഭയ നാ. കാലന്റെ സഹോദരി (ഹേതിയുടെ പത്നി)
ഭയകൃത്ത് നാ. 1. ഭയത്തെ ഉണ്ടാക്കുന്നവൻ; 2. വിഷ്ണു
ഭയക്കുക ക്രി. ഭയപ്പെടുക
ഭയങ്കര വി. ഭയം ഉണ്ടാക്കുന്ന. നാ. ഭയങ്കരം
ഭയദ്രുത വി. പേടിച്ചോടിയ
ഭയനാശകൻ നാ. 1. ഭയമില്ലാതാക്കുന്നവൻ; 2. വിഷ്ണു
ഭയപ്പെടുക ക്രി. 1. പേടിക്കുക; 2. ശങ്കിക്കുക
ഭയം നാ. 1. പേടി; 2. ആപത്ത് (ഉദാഃ അഗ്നിഭയം); 3. രോഗം; 4. മുള്ളുചേമന്തി, അതിന്റെ പൂവ്
ഭയാനക വി. ഭയമുണ്ടാക്കുന്ന, ഭയങ്കരമായ
ഭയാനകൻ നാ. 1. ഭയങ്കരൻ; 2. കടുവ; 3. രാഹു
ഭയാനകം നാ. 1. ഭയം; 2. (നാട്യ) നവരസങ്ങളിൽ ഒന്ന്; 3. ഭയപ്പെട്ടവന്റെ അവസ്ഥ; 4. കടുവ
ഭയാപഹ വി. 1. ഭയത്തെ ഇല്ലാതാക്കുന്ന; 2. ആശ്രയമായ, രക്ഷിക്കുന്ന
ഭയാപഹൻ നാ. 1. ഭയത്തെ ഇല്ലാതാക്കുന്നവൻ, ഈശ്വരൻ; 2. വിഷ്ണു; 3. രാജാവ്
ഭയാർത്ത വി. ഭയംകൊണ്ടു വിഷമിക്കുന്ന
ഭയാവഹ വി. 1. ഭയമുണ്ടാക്കുന്ന; 2. ആപത്കരമായ
ഭർഗൻ നാ. 1. ശിവൻ; 2. ബ്രഹ്മാവ്; 3. ശോഭയുള്ളവൻ; 4. ഉപായി, വഞ്ചകൻ
ഭർഗം നാ. 1. ശോഭ; 2. പൊരിക്കൽ; 3. ഉപായം; 4. വഞ്ചന, വ്യാജം
ഭർജനം നാ. 1. വറുക്കൽ; 2. വറുക്കുന്നതിനുള്ള പാത്രം
ഭർജിക്കുക ക്രി. പൊരിക്കുക
ഭർജിത വി. ഭർജനം ചെയ്യപ്പെട്ട, പൊരിച്ച
ഭർത്തവ്യ1 വി. ഭരിക്കത്തക്ക, ഭരിക്കപ്പെടേണ്ട
ഭർത്തവ്യ2 നാ. ഭാര്യ
ഭർത്താവ് നാ. 1. വിവാഹം ചെയ്തപുരുഷൻ; 2. (ഭരണ) കർത്താവ്, യജമാനൻ; 3. രക്ഷകൻ; 4. വിഷ്ണു
ഭർത്തൃ വി. 1. ഭരിക്കുന്ന; 2. ഭർത്താവിനെ സംബന്ധിച്ച
ഭർത്തൃഘ്നി നാ. ഭർത്താവിനെ കൊന്നവൾ
ഭർത്തൃത്വം നാ. ഭർത്തൃഭാവം

ഭർത്തൃപിണ്ഡം	നാ.	(പ്ര) അന്യർ തരുന്ന ആഹാരം (യജമാനൻെറ ചോറുരുള)
ഭർത്തൃമതി	നാ.	ഭർത്താവുള്ളവൾ
ഭർത്തൃവ്രതം	നാ.	പാതിവ്രത്യം
ഭർത്തൃശുശ്രൂഷ	നാ.	ഭർത്താവിനെ പരിചരിക്കൽ
ഭർത്തൃസാത്കൃത	നാ.	വിവാഹം ചെയ്യപ്പെട്ടവൾ
ഭർത്തൃഹരി	നാ.	ഒരു സംസ്കൃതകവി
ഭർത്തൃഹീന	നാ.	ഭർത്താവില്ലാത്തവൾ
ഭർത്ത്രി	നാ.	അമ്മ, ഭരിക്കുന്നവൾ, രക്ഷിക്കുന്നവൾ
ഭർത്സകൻ	നാ.	ഭർത്സിക്കുന്നവൻ
ഭർത്സന	നാ.	1. ഭീഷണിവാക്ക്; 2. നിന്ദാവാക്ക്; 3. ശകാരം; 4. ശപം; 5. അപകാരാർഥകമായ വാക്ക്
ഭർത്സനം	നാ.	ഭർത്സന
ഭർത്സിക്കുക	ക്രി.	1. നിന്ദിക്കുക; 2. ശകാരിക്കുക, ശാസിക്കുക; 3. ഭയപ്പെടുത്തുക
ഭർത്സിതം	നാ.	1. ശകാരം; 2. ആക്ഷേപം
ഭർമം	നാ.	1. പൊന്ന്; 2. കൂലി, ശമ്പളം; 3. പൊക്കിൾ; 4. ഒരു നാണയം (പ്ര) ഭർമവർമം = സ്വർണച്ചട്ട
ഭർമാ(വ്)	നാ.	1. ഭർമം; 2. രക്ഷണം; 3. ചുമട്; 4. വീട്
ഭര1	വി.	(പദാന്ത്യത്തിൽ) 1. ഭരിക്കുന്ന; 2. രക്ഷിക്കുന്ന; 3. താങ്ങുന്ന
ഭര2	നാ.	ഭൂമി
ഭരടൻ	നാ.	1. കുശവൻ; 2. ഭൃത്യൻ
ഭരണൻ	നാ.	1. കുശവൻ; 2. ഭൃത്യൻ
ഭരണം	നാ.	1. ഭരിക്കൽ, രക്ഷണം; 2. കൂലി, ശമ്പളം; 3. പോഷണം, പോഷണദ്രവ്യം; 4. ഭരണി നക്ഷത്രം; 5. (കപ്പലിലും മറ്റും) ഭാരം കേറ്റൽ; 6. ധരിക്കൽ; 7. ചുമക്കൽ
ഭരണഘടന	നാ.	രാജ്യത്തിൻെറ ഭരണ സംവിധാനത്തെ സംബന്ധിച്ച നിയമം
ഭരണി	നാ.	1. (ജ്യോ) രണ്ടാമത്തെ നക്ഷത്രം; 2. ഉറപ്പുള്ള ഒരുതരം മൺപാത്രം; 3. കാട്ടുപീച്ചിൽ; 4. ഒരു ഉത്സവം
ഭരണിപ്പാട്ട്	നാ.	1. ദേവാലയ സംബന്ധമായ ഒരു പഴയ പാട്ട്; 2. അസഭ്യം പറച്ചിൽ (കൊടുങ്ങല്ലൂർ ഭരണിക്കു പാടുന്ന ചില പാട്ടുകളിൽ അസഭ്യപദങ്ങളും പ്രയോഗങ്ങളും ഉള്ളതിനാൽ)

1141

ഭരണീയ	വി.	ഭരിക്കപ്പെടേണ്ട
ഭരണ്ഡൻ	നാ.	1. യജമാനൻ, നാഥൻ; 2. ഭരിക്കുന്നവൻ, രാജാവ്; 3. കാള
ഭരണ്ഡം	നാ.	1. കാള; 2. പുഴു
ഭരണ്യ	വി.	ഭരണീയ, ഭരിക്കപ്പെടുവാൻ തക്ക
ഭരണ്യഭുക്ക്	നാ.	കൂലിവേലക്കാരൻ, ശമ്പളക്കാരൻ
ഭരണ്യം	നാ.	1. കൂലി, ശമ്പളം; 2. രക്ഷണം; 3. ഭരണി നക്ഷത്രം

ഭരതഖണ്ഡം നാ. ഭാരതഭൂമി
ഭരതജ്ഞൻ നാ. നാട്യകല പഠിച്ചവൻ
ഭരതൻ നാ. (ഈ പേരുള്ള നിരവധി ആളുകളെക്കുറിച്ച് പുരാണങ്ങളിൽ പ്രസ്താവമുണ്ട്. പ്രധാനപ്പെട്ടവരെ മാത്രം സൂചിപ്പിക്കുന്നു) 1. ശ്രീരാമൻെറ അനുജന്മാരിൽ ഒരാൾ; 2. ദുഷ്യന്തനു ശകുന്തളയിൽ പിറന്ന പുത്രൻ
ഭരതനാട്യം നാ. ദക്ഷിണേന്ത്യയിലെ ഒരുതരം ശാസ്ത്രീയനൃത്തം
ഭരതവർഷം നാ. ഇന്ത്യ, ഭാരതം
ഭരതവാക്യം നാ. 1. (നാട്യ) നാടകത്തിൻെറ ഒടുവിൽ ആശീർവാദപരമായി ചേർത്തിരിക്കുന്ന പദ്യം; 2. അവസാനച്ചടങ്ങ് (പ്ര) ഭരതവാക്യം ചൊല്ലുക = അവസാനിപ്പിക്കുക
ഭരതശാസ്ത്രം നാ. നാട്യശാസ്ത്രം
ഭരതാവനി നാ. ഭാരതഭൂമി
ഭരഥൻ നാ. 1. ലോകപാലകൻ; 2. രാജാവ്; 3. അഗ്നി
ഭരദേവത നാ. കുടുംബത്തിൻെറയോ ദേശത്തിൻെറയോ രക്ഷയുടെ ചുമതല (ഭരം) ഉള്ളതായി സങ്കൽപിക്കപ്പെടുന്ന ദേവത, പരദേവത
ഭരം1 വി. വളരെ
ഭരം2 നാ. 1. ഒരു ഭാരം, ഇരുപതു തുലാം ഭാരം; 2. ചുമതല; 3. അതിശയം; 4. ആധിക്യം
ഭരാഭരം നാ. ഭൂമിയുടെ ഭാരം
ഭരി വി. (പദാന്ത്യ) 1. ഭരിക്കുന്ന; 2. പോറ്റുന്ന
ഭരിക്കുക ക്രി. 1. രക്ഷിക്കുക, പോറ്റുക, നിയന്ത്രിക്കുക; 2. നാടുവാഴുക; 3. നടത്തുക; 4. ചുമക്കുക; 5. (ചുമതല) വഹിക്കുക; 6. വിവാഹം ചെയ്യുക
ഭരിത വി. 1. ഭരിക്കപ്പെട്ട; 2. നിറഞ്ഞ; 3. പച്ചനിറമുള്ള
ഭരിതം നാ. പച്ചനിറം
ഭരിപ്പ് നാ. 1. ഭരണം; 2. ഊട്ടുപുരയിലെ അധികാരം
ഭരിമാ(വ്) നാ. 1. ഭരണം; 2. കുടുംബം; 3. വിഷ്ണു
ഭരു നാ. 1. ശിവൻ; 2. വിഷ്ണു; 3. സ്വർണം; 4. ഭർത്താവ്; 5. യജമാനൻ; 6. സമുദ്രം
ഭരുജൻ,-ജം നാ. കുറുക്കൻ
ഭരുടകം നാ. പൊരിച്ച മാംസം
ഭല്ലകം നാ. 1. ഭല്ലുകം, കരടി; 2. വലിയ പലകപ്പയ്യാനി; 3. ഓടമരം
ഭല്ലൻ നാ. ശിവൻ
ഭല്ലം നാ. 1. കരടി; 2. കരിങ്കുരങ്ങ്, ആൾക്കുരങ്ങ്; 3. മഴുവമ്പ്, അസ്ത്രം; 4. ചേരുമരം, ചേർക്കുരു
ഭല്ലുകം നാ. 1. കരടി; 2. പലകപ്പയ്യാനി
ഭല്ലൂകം നാ. 1. കരടി (ഹിംസിക്കുന്നത്); 2. വലിയ പലകപ്പയ്യാനി; 3. നായ്
ഭവ വി. ഉണ്ടാകുന്ന, ജനിക്കുന്ന
ഭവക വി. 1. ഭവിച്ചിരിക്കുന്ന; 2. ജീവിച്ചിരിക്കുന്ന
ഭവകസ്മരം നാ. കാട്ടുതീ
ഭവച്ഛരിത്ത് വി. സംസാരബന്ധം നശിപ്പിക്കുന്ന

ഭവത് വി. 1. ഭവിക്കുന്ന, ഉള്ള; 2. വർത്തമാനമായ (പദാരംഭത്തിൽ)
ഭവതി നാ. 1. 'ഭവാൻ' എന്നതിൻെറ സ്ത്രീലിങ്ഗം; 2. വിഷം തേച്ച അമ്പ്
ഭവതി ക്രി. (ഭൂ ധാതു, ലട് പരസ്മൈപദി പ്ര പു. ഏ. വ. ) ബവിക്കുന്നു
ഭവതു ക്രി. (ഭൂ ധാതു, ലോട് പരസ്മൈപദി പ്ര. പു. ഏ. വ.) ഭവിക്കട്ടെ
ഭവദ് വി. (സമാസത്തിൽ) അങ്ങയുടെ ഉദാഃ ഭവദ്യാത്ര = അങ്ങയുടെ യാത്ര
ഭവദാരു നാ. ദേവദാരു
ഭവദീയ വി. 1. ഭവാനെ സംബന്ധിച്ച; 2. അങ്ങയുടെ
ഭവൻ നാ. മങ്ഗളസ്വരൂപൻ, ശിവൻ
ഭവനകാന്തം നാ. (ശിൽപ) ഒരുതരം പ്രാസാദം (പത്തുനിലയുള്ളത്)
ഭവനന്ദി നാ. 'നന്നൂൽ' എന്ന തമിഴ് വ്യാകരണഗ്രന്ഥത്തിൻെറ കർത്താവ്
ഭവനപതി നാ. ഗൃഹനായകൻ, കാരണവൻ
ഭവനം നാ. 1. വീട് (ജനിക്കുന്നിടം); 2. ജനനം (ഭവിക്കൽ); 3. പ്രകൃതി; 4. വയൽ
ഭവനാശിനി നാ. 1. ജഗദംബിക; 2. സരയുനദി
ഭവനീയ വി. ഭവിക്കാറായ, വരുവാനുള്ള
ഭവന്തം നാ. വർത്തമാനകാലം
ബവന്തി1 നാ. 1. ഭവിക്കുന്നവൾ; 2. ഗുണവതിയായ ഭാര്യ
ഭവന്തി2 ക്രി. 'ഭവത്' എന്നതിൻെറ ബ.വ.
ഭവഭൂതി നാ. 1. ഒരു സംസ്കൃതകവി (ഏഴാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നു); 2. സംസാരസമ്പത്ത്
ഭവം നാ. 1. ഭവിക്കുന്നത്, സംസാരം; 2. ഉത്പാദനം; 3. ഉത്പത്തികാരണം; 4. നോട്ടം; 5. ലോകം; 6. ശ്രേഷ്ഠത; 7. ശുഭം, ഐശ്വര്യംൻ; 8. സുഖം; 9. പ്രാപ്തി; 10. അവസ്ഥ; 11. സത്യം; 12. നിലനിൽപ്പ്; 13. ഫലം; 14. )ജ്യോ) പതിനൊന്നാമിടം
ഭവർഗം നാ. ഭഗണം
ഭവസാഗരം നാ. ഭവാബ്ധി, തുടരെത്തുടരെയുള്ള ജന്മമാകുന്ന കഷ്ടപ്പാട്
ഭവസിന്ധു നാ. ഭവസാഗരം
ഭവാദൃശ വി. അങ്ങയെപ്പോലെയുള്ള
ഭവാൻ നാ. അങ്ങ്, നീ
ഭവാനി നാ. 1. ശ്രീപാർവതി (ഭവൻെറ പത്നി); 2. കാവേരിയുടെ ഒരു പോഷകനദി
ഭവാനിഗുരു നാ. 1. ഹിമവാൻ (പാർവതിയുടെ പിതാവ്); 2. ശിവൻ
ഭവാനീപതി നാ. ശിവൻ
ഭവാന്തരം നാ. മറ്റൊരു ജീവിതം
ഭവാബ്ധി നാ. സംസാരസമുദ്രം

ഭവാഭവങ്ങൾ നാ. (ബ.വ.) സമ്പത്തും വിപത്തും
ഭവായന, –നി നാ. ഗങ്ഗ
ഭവാർണവം നാ. ഭവാബ്ധി
ഭവി1 വി. ഭവിക്കുന്ന
ഭവി2 നാ. ജന്തു, മനുഷ്യൻ
ഭവിക വി. 1. ശുഭമായ; 2. ഭാഗ്യമുള്ള
ഭവികം നാ. 1. നന്മ; 2. ഭാഗ്യമുള്ളത്; 3. ക്ഷേമം; 4. മങ്ഗളം
ഭവിക്കുക ക്രി. ഉണ്ടാകുക, ആയിത്തീരുക, സംഭവിക്കുക
ഭവിത വി. ഭവിച്ച, ഉണ്ടായ
ഭവിതവ്യ വി. ഭവിക്കാനുള്ള, സംഭവിക്കേണ്ട
ഭവിതവ്യത നാ. 1. ഉണ്ടാകുവാനിരിക്കുന്ന അവസ്ഥ; 2. ദൈവഗതി, നിയതി, വിധി
ഭവിതവ്യം നാ. ഭവിക്കാനുള്ളത്
ഭവിതാവ് നാ. ഭവിക്കുക ശീലമായിട്ടുള്ളവൻ
ഭവിനൻ നാ. കവി
ഭവില വി. 1. ഉള്ള; 2. ജീവിക്കുന്ന
ഭവിലൻ നാ. 1. ജാരൻ, വിഷയാസക്തൻ
ഭവിഷ്ണു1 വി. 1. ഭവിക്കാനുള്ള, ഭവിക്കുന്ന, ഉണ്ടാകുന്ന; 2. ഭാവിയിലുള്ള
ഭവിഷ്ണു2 നാ. ഭവിക്കുക ശീലമായിട്ടുള്ളവൻ
ഭവിഷ്യ വി. ഭവിക്കാനിരിക്കുന്ന (പ്ര) ഭവിഷ്യകാലം = ഭാവികാലം
ഭവിഷ്യത്ത് നാ. 1. ഭാവി; 2. ഫലം
ഭവിഷ്യത്ഫലം ന> വരുംഫലം
ഭവിഷ്യപുരാണം നാ. അഷ്ടാദശപുരാണങ്ങളിൽ ഒന്ന്
ഭവിഷ്യം നാ. ഭാവി
ഭവോച്ഛേദം നാ. 1. സംസാരനാശം; 2. പുനർജന്മനിവൃത്തി
ഭവ്യ1 വി. 1. ഭവിക്കത്തക്ക, സംഭവിച്ചേക്കാവുന്ന; 2.ഭാഗ്യമുള്ള; 3. ശുഭമായ; 4. നല്ല; 5. സത്യമുള്ള; 6. പൂജ്യതയുള്ള, ശ്രേഷ്ഠമായ; 7. സുന്ദരമായ; 8. ശാന്തമായ
ഭവ്യ2 നാ. 1. ശ്രീപാർവതി; 2. അത്തിത്തിപ്പലി
ഭവ്യത നാ. വിനയം
ഭവ്യം നാ. 1. സാധ്യം, ഫലം; 2. ഭാവി; 3. ശുഭം; 4. അസ്ഥി; 5. ഉണ്മ; 6. വൈരപ്പുളി; 7. വർത്തമാനകാലം; 8. വിനയം
ഭവ്യരാശി നാ. ഭാഗ്യനിധി
ഭഷകൻ നാ. നായ്
ഭഷണ(ം) നാ. 1. നായ്; 2. നായുടെ കുര
ഭസത്ത് നാ. 1. മാംസം; 2. കുളക്കോഴി; 3. പ്ലവം; 4. ചങ്ങാടം; 5. ഉപസ്ഥം; 6. പൃഷ്ഠം; 7. സൂര്യൻ; 8. കാലം
ഭസനം നാ. 1. തേനീച്ച; 2. ഈച്ച; 3. വണ്ട്
ഭസന്തം നാ. കാലം
ഭസിതം നാ. 'ചാമ്പലാക്കപ്പെട്ടത്', ചാരം, ഭസ്മം

ഭസുചകൻ നാ. ജ്യോത്സ്യൻ
ഭസ്ത്ര നാ. 1. (ഉലയിൽ) ഊതുന്നതിനുള്ള തുകൽ ഉല; 2. ഒരിനം തുകൽ സഞ്ചി
ഭസ്ത്രികൻ നാ. ഉലയിൽ തോൽകൊണ്ട് ഊതുന്നവൻ
ഭസ്ത്രികം നാ. ചെറിയ തോൽത്തുരുത്തി
ഭസ്മകം നാ. 1. സ്വർണം; 2. വെള്ളി; 3. വിഴാൽ; 4. ഒരു നേത്രരോഗം; 5. ദഹനക്കുറവ്
ഭസ്മകാരൻ നാ. 1. ഭസ്മം ഉണ്ടാക്കുന്നവൻ; 2. അലക്കുകാരൻ
ഭസ്മക്കഞ്ഞി നാ. ഒരുതരം മരുന്നു കഞ്ഞി
ഭസ്മക്കുറി നാ. ഭസ്മംകൊണ്ടു നെറ്റിയിലും മറ്റും ഇടുന്ന വര
ഭസ്മതൂലം നാ. 1. മഞ്ഞ്; 2. പൊടിപറക്കൽ; 3. ഗ്രാമസമൂഹം
ഭസ്മപ്രിയൻ നാ. ശിവൻ
ഭസ്മഭൂത വി. മരിച്ച, ചാമ്പലായ
ഭസ്മം നാ. 1. ചാരം, വിഭൂതി; 2. (ലോഹം) നീറ്റിയെടുത്ത മരുന്നുപൊടി; 3. നാശം. (പ്ര) ഭസ്മമാക്കുക = നിശ്ശേഷം നശിപ്പിക്കുക
ഭസ്മരാശി നാ. ഭസ്മക്കൂമ്പാരം
ഭസ്മരോഗം നാ. അഗ്നിമാന്ദ്യം
ഭസ്മലേപനം നാ. ഭസ്മം പൂശൽ
ഭസ്മവേദകം നാ. കർപ്പൂരം
ഭസ്മശായി നാ. 1. ശിവൻ; 2. നായ്
ഭസ്മശേഷൻ നാ. ഭസ്മം മാത്രമായവൻ, മരിച്ചുകഴിഞ്ഞവൻ
ഭസ്മസാത്കരിക്കുക ക്രി. ഭസ്മമാക്കുക
ഭസ്മസ്നാനം നാ. ഭസ്മംകൊണ്ടുള്ള ശുദ്ധികർമം, ഭസ്മം പൂശൽ
ഭസ്മാങ്ഗം നാ. 1. ചാരനിറമുള്ളത്; 2. ചാരനിറം കലർന്ന ഒരിനം പച്ചക്കല്ല്
1143
ഭസ്മാസുരൻ നാ. ഒരു അസുരൻ
ഭസ്മാഹ്വയം നാ. കർപ്പൂരം
ഭസ്മീകരിക്കുക ക്രി. 1. ഭസ്മമാക്കുക, ചാമ്പലാക്കുക; 2. നിശ്ശേഷം നശിപ്പിക്കുക
ഭസ്മീകൃത വി. ഭസ്മമാക്കപ്പെട്ട
ഭസ്മീഭവിക്കുക വി. ഭസ്മമായ, ചാമ്പലായ; 2. നശിച്ച
ഭള്ള് നാ. 1. അഹംഭാവം, ധിക്കാരം; 2. അസത്യം; 3. അതിസ്തുതി
ഭാ നാ. 1. അഴക്, ശോഭ; 2. നിഴൽ, ഛായ
ഭാക് വി. (സമാസാന്തത്തിൽ) പങ്കുകൂടുന്ന, അനുഭവിക്കുന്ന (പ്ര) ഗുണഭാക് = ഗുണത്തിൽ പങ്കുള്ള
ഭാകോശൻ നാ. സൂര്യൻ
ഭാക്ത വി. 1. അന്യനാൽ പോറ്റപ്പെട്ടുന്ന; 2. ആശ്രയിക്കുന്ന; 3. ഭക്ഷ്യമായ; 4. മുഖ്യമല്ലാത്ത
ഭാക്തൻ നാ. 1. ചോറുപാകംചെയ്യുന്നവൻ; 2. ആശ്രിതൻ, പിന്നാലെ നടക്കുന്നവൻ

ഭാക്തം നാ. ചോറ്, ആഹാരസാധനം
ഭാക്തികൻ നാ. 1. ആശ്രിതൻ; 2. വേലക്കാരൻ
ഭാക്ഷ വി. അതിഭക്ഷകനായ, ഭോജനപ്രിയനായ
ഭാഗകൻ നാ. പങ്കിടുന്നവൻ
ഭാഗകം നാ. ഹാരകം, ഭാഗം
ഭാഗകർ നാ. ഭാഗത്തുള്ളവർ, വശത്തുള്ളവർ, പക്ഷം പിടിക്കുന്നവർ
ഭാഗണ നാ. 1. ഭഗണം; 2. രാശിചക്രം
ഭാഗധേയൻ നാ. അവകാശി
ഭാഗധേയം നാ. 1. ഭാഗ്യം; 2. ഭാഗം; 3. കരം; 4. ജന്മാന്തര കർമം
ഭാഗനം നാ. 1. കാലക്രമം; 2. സൗരമാസം
ഭാഗപത്രം നാ. കൂട്ടുടമയിലുള്ള വസ്തുക്കൾ ഭാഗിക്കുമ്പോഴുണ്ടാക്കുന്ന കരണം, ഭാഗവ്യവസ്ഥകൾ ഉൾക്കൊള്ളുന്ന പ്രമാണം, ഭാഗ ഉടമ്പടി
ഭാഗഭാക്ക് നാ. പങ്കുകൊള്ളുന്നവൻ, പങ്കുകാരൻ
ഭാഗം നാ. 1. അംശം, ഓഹരി, പങ്ക്; 2. വശം; 3. വിഭജനം; 4. സ്ഥലം; 5. ഹരണഫലം; 6. ഭാഗ്യം, വിധി; 7. നാലിലൊന്ന്; 8. ഡിഗ്രി; 9. ഒരുമാറുനീളം
ഭാഗവത വി. 1. ഭഗവാനെ (വിഷ്ണുവിനെ) സംബന്ധിച്ച; 2. ഭഗവാനോടു ഭക്തിയുള്ള; 3. പരിശുദ്ധമായ
ഭാഗവതർ നാ. 1. വിഷ്ണുഭക്തൻ, ഈശ്വരചിന്തയിൽ കഴിയുന്നവൻ; 2. ഭാഗവതർ (സങ്ഗീതജ്ഞൻ)
ഭാഗവതം നാ. അഷ്ടാദശപുരാണങ്ങളിൽ ഒന്ന്
ഭാഗവതർ നാ. 1. (പൂ.ബ.വ.) സങ്ഗീതകലയിൽ സമർഥനായവൻ (പാട്ടു പഠിപ്പിക്കുന്നവൻ); 2. എല്ലാപ്പോഴും ഈശ്വരഭജനം ചെയ്യുന്ന ആൾ; 3. വിഷ്ണു ഭക്തൻ
ഭാഗാർഥി നാ. പങ്കിനു (ഭാഗത്തിന്) അപേക്ഷിക്കുന്നവൻ
ഭാഗി നാ. 1. ഭാഗ്യവാൻ; 2. ഉടമ; 3. പങ്കുള്ളവൻ, കൂറുകാരൻ
ഭാഗിക വി. 1. ഭാഗം സംബന്ധിച്ച; 2. പലിശയുള്ള
ഭാഗിക്കുക ക്രി. വിഭജിക്കുക, പങ്കുവയ്ക്കുക
ഭാഗിനി നാ. 1. പങ്കുള്ളവൾ, കൂറിന് അവകാശമുള്ളവൾ; 2. ഉടമസ്ഥ; 3. ഭാഗ്യവതി
ഭാഗിനേയൻ നാ. മരുമകൻ, സഹോദരിയുടെ മകൻ (സ്ത്രീ) ഭാഗിനേയി
ഭാഗീരഥി നാ. 1. ഗങ്ഗാനദി; 2. ഗങ്ഗയുടെ ഒരു ശാഖ
ഭാഗ്യ വി. 1. ഭാഗം ചെയ്യപ്പെടത്തക്ക; 2. നന്മയുള്ള
ഭാഗ്യക്കുറി നാ. ഭാഗ്യം പരീക്ഷിക്കാനായി നടത്തുന്ന കുറി
ഭാഗ്യപതി നാ. ഭാഗ്യമുള്ളവൻ
ഭാഗ്യം നാ. 1. ഈശ്വരാനുകൂല്യം, ദൈവത്തിൽനിന്നു ലഭിക്കുന്ന നന്മ; 2. പൂർവജന്മകൃതമായ പുണ്യം; 3. ഐശ്വര്യവർധന; 4. നല്ല കാലം; 5. വിധി
ഭാഗ്യവതാംവരൻ നാ. ഭാഗ്യവാന്മാരിൽ ശ്രേഷ്ഠൻ
ഭാഗ്യവാൻ നാ. ഭാഗ്യമുള്ളവൻ, ധന്യൻ
ഭാഗ്യശാലി നാ. ഭാഗ്യവാൻ
ഭാഗ്യസ്ഥാനം നാ. (ജ്യോ) ഒമ്പതാമിടം
ഭാഗ്യായത്ത വി. ഭാഗ്യത്തെ ആശ്രയിച്ചിരിക്കുന്ന, ഭാഗ്യംകൊണ്ടു സിദ്ധിച്ച

ഭാഗ്യോദയം നാ. ഭാഗ്യമുണ്ടാകൽ
ഭാങ്ഗ വി. കഞ്ചാവുകൊണ്ടുണ്ടാക്കിയ
ഭാങ്ഗകം നാ. കീറിപ്പറിഞ്ഞ മുണ്ട്
ഭാജക വി. ഭാഗിക്കുന്ന
ഭാജകം നാ. (ഗണിത) ഹാരകം (രണ്ടുരാശികളിൽ കീഴേത്, ഏതുസങ്ഖ്യകൊണ്ടു ഭാഗിക്കുന്നുവോ അത് ഭിന്നസങ്ഖ്യയിലെ ഛേദം)
ഭാജനം നാ. 1. പാത്രം; 2. ഹരണക്രിയ, വിഭജിക്കൽ; 3. പങ്ക് അനുഭവിക്കൽ; 4. ഇരിപ്പിടം; 5. അറുപത്തിനാലു പലം വരുന്ന തൂക്കം
ഭാജി1 നാ. ഭൃത്യൻ
ഭാജി2 നാ. കഞ്ഞി, ചോറ്
ഭാജിത വി. വിഭജിക്കപ്പെട്ട, ഭാഗിക്കപ്പെട്ട, പങ്കിട്ട
ഭാജിതം നാ. ഭാഗിക്കപ്പെട്ടത്, പങ്ക്
ഭാജ്യം നാ. 1. (ഗണിത) ഹരിക്കപ്പെടുന്ന തുക (രണ്ടുരാശികളിൽ മേലേത്); 2. പങ്ക് (ഭാഗിക്കത്തക്കത്)
ഭാടകം നാ. 1. കൂലി; 2. വില; 3. വാടക
ഭാടി നാ. 1. വാടക; 2. കൂലി; 3. കുലടയുടെ സമ്പാദ്യം
ഭാട്ടൻ നാ. (കുമാരില) ഭട്ടൻെറ അനുയായി
ഭാട്ടം നാ. 1. പാട്ടം; 2. പ്രാചീനകേരളബ്രാഹ്മണരുടെ ഒരു വിഭാഗം
ഭാണകൻ നാ. പരസ്യം ചെയ്യുന്നവൻ, വിളിച്ചുപറയുന്നവൻ
ഭാണം നാ. (നാട്യ) ദശരൂപകങ്ങളിൽ ഒന്ന്, വിടൻെറ ഒരുദിവസത്തെ കഥ വിവരിക്കുന്നത്
ഭാണികം നാ. (നാട്യ) ഉപരൂപകങ്ങളിൽ ഒന്ന്
ഭാണ്ഡാകം നാ. 1. ഭാണ്ഡം; 2. കിണ്ണം, ചെറുപാത്രം; 3. കച്ചവടച്ചരക്ക്
ഭാണ്ഡക്കെട്ട് നാ. 1. മാറാപ്പ്; 2. ചരക്കുകെട്ട്
ഭാണ്ഡപതി നാ. കച്ചവടക്കാരൻ
ഭാണ്ഡപുടൻ നാ. ക്ഷുരകൻ
ഭാണ്ഡം നാ. 1. പാത്രം (തൊട്ടി, പെട്ടി, സഞ്ചി); 2. മൂലധനം; 3. ബൃക്ഷം; 4. കുതിരയുടെ ചമയക്കോപ്പ്; 5. ചരക്ക് (വ്യാപാരസാധനം); 6. മാറാപ്പ്; 7. വിലയേറിയ വസ്തു; 8. വിദൂഷകത്വം; 9. ആയുധം, ഉപകരണം; 10. ആഭരണം; 11. നദീതടം (പ്ര) ഭാണ്ഡം കെട്ടുക, ഭാണ്ഡം മുറുക്കുക = സ്ഥലംവിട്ടുപോകുക
ഭാണ്ഡാഗാരം നാ. ഭണ്ഡാരം, ഖജനാവ്, കലവറ (പണ്ടങ്ങൾ സൂക്ഷിക്കുന്നിടം)
ഭാണ്ഡാഗാരികൻ നാ. മുതൽപിടിക്കാരൻ, കലവറക്കാരൻ
ഭാണ്ഡി നാ. 1. മഞ്ചെട്ടി; 2. കത്തിക്കൂട്
ഭാണ്ഡിക നാ. 1. പണിക്കോപ്പ്, ആയുധം; 2. പാത്രം
ഭാണ്ഡികൻ നാ. ക്ഷുരകൻ
ഭാണ്ഡിനി നാ. 1. പെട്ടി; 2. വട്ടി, കുട്ട
ഭാണ്ഡിവാഹൻ നാ. ക്ഷുരകൻ
ഭാണ്ഡിരി നാ. മഞ്ചെട്ടി
ഭാതം നാ. പ്രഭാതം, വെളുപ്പാൻകാലം
ഭാതി നാ. 1. ജ്ഞാനം; 2. പ്രകാശം; 3. പ്രതീതി

ഭാതൃ നാ. സൂര്യൻ
ഭാദ്രപദങ്ങൾ നാ. (ബ.വ.) പൂരുട്ടാതിയും ഉത്രട്ടാതിയും
ഭാദ്രപദി നാ. ഭാദ്രപദമാസത്തിലെ വെളുത്ത വാവ്
ഭാദ്രം നാ. പ്രോഷ്ഠപദമാസം, കന്നി-തുലാം
ഭാദ്രമാതുരൻ നാ. ഗുണവതിയായ അമ്മയുടെ പുത്രൻ
ഭാനം നാ. 1. പ്രകാശം; 2. കാഴ്ച; 3. തോറ്റം, തോന്നൽ
ഭാനികരം നാ. രശ്മിസമൂഹം
ഭാനു നാ. 1. സൂര്യൻ; 2. പ്രകാശം; 3. രശ്മി; 4. ശിവൻ; 5. സുന്ദരി; 6. ദിവസം; 7. എരിക്ക്; 8. രാജാവ്
ഭാനുകേസരൻ നാ. സൂര്യൻ
ഭാനുമതി നാ. 1. പ്രകാശമുള്ളവൾ, സുന്ദരി; 2. (പുരാണ) ദുര്യോധനൻെറ ഭാര്യ
ഭാനുമാൻ നാ. 1. പ്രകാശമുള്ളവൻ; 2. സൂര്യൻ; 3. എരിക്ക്
ഭാനുമാലി നാ. അംശുമാലി, സൂര്യൻ
ഭാനുവാസരം നാ. ഞായറാഴ്ച
ഭാനേമി നാ. സൂര്യൻ
ഭാമ നാ. 1. സത്യഭാമ (ശ്രീകൃഷ്ണൻെറ ഭാര്യമാരിൽ ഒരുവൾ); 2. കോപമുള്ളവൾ
ഭാമൻ നാ. 1. സൂര്യൻ; 2. സഹോദരിയുടെ ഭർത്താവ്
ഭാമം നാ. 1. ശോഭ; 2. എരിക്ക്; 3. കോപം
ഭാമി നാ. 1. ശോഭയുള്ളവൻ, പ്രകാശിക്കുന്നവൻ; 2. കോപമുള്ളവൻ
ഭാമിനി നാ. 1. സുന്ദരിയായ യുവതി; 2. ഭാര്യ, കാമമുള്ളവൾ
ഭായി1 നാ. 1. ബായി; 2. അമ്മ; 3. ബഹുമാന്യയായ സ്ത്രീ
ഭായി2 [ഹി.] നാ. സഹോദരൻ
ഭാർഗവകം നാ. വജ്രം, വൈരം
ഭാർഗവക്ഷേത്രം നാ. പരശുരാമക്ഷേത്രം, കേരളം
ഭാർഗവൻ നാ. 1. പരശുരാമൻ; 2. ശുക്രൻ; 3. മാർക്കണ്ഡേയൻ; 4. ജമദഗ്നിമഹർഷി; 5. ആന; 6. വില്ലാളി
ഭാർഗവപ്രിയം നാ. വൈരക്കല്ല്
ഭാർഗവം നാ. 1. ഒരു രാജ്യം; 2. ആന; 3. ഉപപുരാണങ്ങളിൽ ഒന്ന് (ഭാർഗവപുരാണം, പരശുരാമായണം)
ഭാർഗവി നാ. 1. മഹാലക്ഷ്മി; 2. ശ്രീപാർവതി; 3. ദേവയാനി; 4. കറുക
ഭാർഗി നാ. ചെറുതേക്ക്
ഭാർശ്യം നാ. 1. ബലാത്കാരം, അതിക്രമം; 2. ആധിക്യം
ഭാരകം നാ. ഭാരം, ചുമട്
ഭാരകേന്ദ്രം നാ. ഗരിമാകേന്ദ്രം
ഭാരക്കട്ടി നാ. 1. ഇടക്കട്ടി (ഇരുപതു തുലാം തൂക്കുന്നതിനുള്ള കട്ടി); 2. ഏറ്റവും കനമുള്ളത്
ഭാരക്കല്ല് നാ. തുലായന്ത്രത്തിൻെറ അടിയിലെ കല്ല്

ഭാരത വി. 1. ഭരതനെ സംബന്ധിച്ച; 2. ഭാസിൽ (പ്രകാശത്തിൽ) രതനായ (തത്പരനായ)
ഭാരതഖണ്ഡം നാ. ഭൂമിയുടെ നവഖണ്ഡങ്ങളിൽ ഒന്ന്, ഇന്ത്യ (ഹിമവാനു തെക്ക് സേതുവിനു വടക്കുള്ള ഭൂമി)
ഭാരതൻ നാ. 1. ഭരതൻെറ സന്തതി; 2. ഭാരതീയൻ; 3. അഗ്നി; 4. അർജുനൻ; 5. നടൻ; 6. ഭാരതശാസ്ത്രജ്ഞൻ
ഭാരതപ്പുഴ നാ. പൊന്നാനിയാറ്
ഭാരതം നാ. ഇതിഹാസങ്ങളിൽ ഒന്ന് (മഹാഭാരതം); 2. നാട്യശാസ്ത്രം (ഭരതമുനിയുണ്ടാക്കിയത്); 3. നവഖണ്ഡങ്ങളിൽ ഒന്ന്, ഭാരതഖണ്ഡം, ഇന്ത്യ; 4. (പ്ര) ദീർഘമായ കഥ
ഭാരതവർഷം നാ. ഭാരതഖണ്ഡം (ഇന്ത്യ)
ഭാരതി നാ. 1. സരസ്വതി (വാഗ്ദേവി); 2. വാക്ക്; 3. ഒരു വൃത്തി; 4. ബ്രഹ്മി; 5. കാടപ്പക്ഷി; 6. നാട്യവിദ്യ; 7. (സങ്ഗീ) ഗാനവൃത്തിചതുഷ്ടയങ്ങളിൽ ഒന്ന്
ഭാരതീയൻ നാ. ഭാരതനിവാസി
1145
ഭാരത്തുലാം നാ. (ശിൽപ) പുരയുടെ കട്ടിയുള്ള തുലാം
ഭാരദ്വാജൻ നാ. 1. ദ്രോണർ; 2. സപ്തർഷികളിൽ ഒരാൾ; 3. അഗസ്ത്യൻ; 4. ഒരു വൈയാകരണൻ; 5. കുജൻ
ഭാരദ്വാജം നാ. 1. ചെമ്പോത്ത്; 2. വാനമ്പാടി; 3. അസ്ഥി
ഭാരദ്വാജി നാ. 1. കാട്ടുപരുത്തി; 2. ഊരകം
ഭാരൻ നാ. 1. വിഷ്ണു; 2. (പുരാണ) ഒരു രാജാവ്
ഭാരം നാ. 1. കനം; 2. ചുമട്; 3. ഇരുപതു തുലാം തൂക്കം; 4. ചുമതല ഉദാഃ രാജ്യഭാരം; 5. ആധിക്യം; 6. കഠിന പ്രയത്നം
ഭാരയം നാ. 1. ചെമ്പോത്ത്; 2. വാനമ്പാടി
ഭാരയഷ്ടി നാ. കാവുതണ്ട്, ഭാരം വഹിക്കാനുള്ള വടി, തോളിൽ എടുക്കത്തക്കവണ്ണം രണ്ടറ്റത്തും ഭാരം തൂക്കാവുന്ന ദണ്ഡ്
ഭാരവം നാ. ഞാൺ
ഭാരവാഹകൻ നാ. ചുമട്ടുകാരൻ
ഭാരവാഹം നാ. 1. ചക്കടാവണ്ടി; 2. ഭാരം വഹിക്കുന്ന മൃഗം
ഭാരവാഹി നാ. 1. ചുമതലക്കാരൻ; 2. അമരി
ഭാരവാഹിനി നാ. 1. ചുമതലക്കാരി; 2. ഭാരം വഹിക്കുന്നവൾ, ചുമട്ടുകാരി; 3. അമരി
ഭാരവി1 നാ. ഒരു സംസ്കൃതകവി
ഭാരവി2 നാ. തുളസി
ഭാരഹാരൻ നാ. ഭാരവാഹകൻ
ഭാരി1 വി. 1. ഭാരമുള്ള; 2. വലിയ; 3. നീളമുള്ള; 4. തടിച്ച. നാ. ചുമട്ടുകാരൻ
ഭാരി2 നാ. സിംഹം
ഭാരികം നാ. 1. ഭാരിച്ചത്; 2. ഒരു രോഗം, ഒരിനം മന്ത്
ഭാരിച്ച വി. കനത്ത, ഭാരമുള്ള
ഭാരിത വി. ഭാരം കയറ്റിയ

ഭാരൂപൻ നാ. 1. ബ്രഹ്മം; 2. ആത്മാവ്
ഭാരോപജീവി നാ. ചുമടെടുത്തു ജീവിക്കുന്നവൻ
ഭാര്യ1 വി. ഭരിക്കപ്പെടേണ്ട
ഭാര്യ2 നാ. നിയമപ്രകാരം വിവാഹം ചെയ്യപ്പെട്ട സ്ത്രീ
ഭാര്യൻ നാ. ആശ്രിതൻ, ഭൃത്യൻ
ഭാര്യാഗൃഹം നാ. ഭാര്യയുടെ വീട്
ഭാര്യാജിതൻ നാ. സ്ത്രീജിതൻ, ഭാര്യയുടെ ചൊൽപ്പടിക്കു നടക്കുന്നവൻ
ഭാര്യാപതികൾ നാ. (ദ്വി.വ.) ഭാര്യയും ഭർത്താവും
ഭാര്യാരു നാ. 1. ഒരു ജാതി മാൻ; 2. അന്യൻെറ ഭാര്യയിൽ പുത്രനുള്ളവൻ
ഭാര്യാവാൻ നാ. ഭാര്യയുള്ളവൻ
ഭാലുകം നാ. സൂര്യൻ
ഭാലൂകം നാ. കരടി
ഭാവക വി. 1. ഭവിപ്പിക്കുന്ന; 2. ഹേതുവാകുന്ന; 3. ക്ഷേമമുണ്ടാകുന്ന; 4. കലാവാസനയുള്ള
ഭാവകം നാ. ഭവിക്കുന്നത്, ഭാവം, വികാരം
ഭാവജൻ നാ. കാമദേവൻ
ഭാവത്ക വി. 1. ഭവാനെ സംബന്ധിച്ച; 2. അവിടുത്തെ, അങ്ങയുടെ
ഭാവദർശി നാ. 1. ഭാവത്തെ നോക്കുന്നവൻ; 2. യജമാനൻെറ ആഗ്രഹം അറിയുവാൻ കാത്തിരിക്കുന്നവൻ
ഭാവൻ നാ. 1. (നാട്യ) വിദ്വാൻ; 2. അഭിവന്ദ്യൻ, മാന്യൻ
ഭാവന നാ. 1. ഓർമ (മനസ്സിൽ അനുഭവസ്മൃതിയിൽനിന്നോ ധ്യാനമനനാദികളിൽ നിന്നോ ഉളവാകുന്ന ബോധം. കലാകാരൻ ഇതിനെ യുക്തമായ മാധ്യമത്തിലൂടെ ആവിഷ്കരിക്കുന്നു); 2. ധാന്യം; 3. ബഹുമാനം; 4. സങ്കൽപം; 5. സൃഷ്ടി; 6. അന്വേഷണം; 7. നിർണയനം; 8. പ്രത്യക്ഷജ്ഞാനം; 9. പൂകൊണ്ട് അലങ്കരിക്കൽ
ഭാവനൻ നാ. 1. ബ്രഹ്മാവ്; 2. വിഷ്ണു; 3. ശിവൻ
ഭാവനം നാ. ഭാവന
ഭാവനാത്രയം നാ. (ബ.വ.) മൂന്നു ഭാവനകൾ (അസംഭാവൻ, സംശയഭാവന, വിപരീതഭാവന)
ഭാവനാശക്തി നാ. കൽപനാശക്തി
ഭാവബന്ധനം നാ. ഹൃദയബന്ധനം
ഭാവബോധക വി. ഭാവം (മനോഗതം) അറിയിക്കുന്ന
ഭാവഭേദം നാ. ഭാവപ്പകർച്ച (ഭാവത്തിൻെറ വ്യത്യാസം)
ഭാവം നാ. 1. അവസ്ഥ; 2. മനസ്സ്, അന്തർഗതം, ആശയം; 3. താത്പര്യം; 4. സ്വഭാവം; 5. (നാട്യ) ഈസത്തെ ഭവിപ്പിക്കുന്നത് (സ്ഥായി, സാത്വികം, വ്യഭിചാരി ഇവ മൂന്നും); 6. നാട്യം, ആങ്ഗ്യംകൊണ്ട് അറിയിക്കൽ; 7. (ജ്യോ) ഉദയം (ലഗ്നം) മുതലുള്ള ഓരോ രാശി; 8. ജന്മം, ഉദ്ഭവം; 9. ഉണ്മ (ഉണ്ടെന്നുള്ള അവസ്ഥ); 10. രത്യാദിയായ മനോവികാരം; 11. ശരിയായ അർഥം; 12. അഹംഭാവം; 13. ഉത്പന്നവസ്തു; 14. രീതി; 15. ഗർഭപാത്രം; 16. ജ്ഞാനേന്ദ്രിയം; 17. ഭക്തി; 18. ചലനം; 19. നിശ്ചയബുദ്ധി
ഭാവരൂപം നാ. (വ്യാക) കൃതികൃത്ത്
ഭാവവാചകം നാ. (വ്യാക) ഗുണനാമം

ഭാവശുദ്ധി നാ. ഹൃദയശുദ്ധി (സ്വഭാവനൈർമല്യം)
ഭാവസന്ധി നാ. 1. ഒരു അലങ്കാരം (രണ്ടു വിരുദ്ധഭാവങ്ങൾ കൂടിച്ചേരുന്നതായി വർണിക്കുന്നത്); 2. (ജ്യോ) ഒരു ഭാവം അവസാനിക്കുകയും അടുത്തഭാവം ആരംഭിക്കുകയും ചെയ്യുന്നിടം
ഭാവഹം നാ. പ്രകാശം, ഫോസ്ഫറസ്
ഭാവാടൻ നാ. 1. ഭക്തൻ; 2. നടൻ; 3. വിടൻ
ഭവാനുഗ1 വി. സ്വാഭാവികമായ
ഭവാനുഗ2 നാ. ഛായ, നിഴൽ
ഭാവാനുബന്ധം നാ. ഏതെങ്കിലും ഒന്നിനോടുള്ള സ്വാഭാവികപ്രതിപത്തി
ഭാവാന്തരം നാ. മറ്റൊരവസ്ഥ (ഒന്നിൽനിന്നു മറ്റൊരവസ്ഥയിലേക്കുള്ള മാറ്റം)
ഭാവാർഥം നാ. 1. ഒരു പദമോ പ്രയോഗമോ കേട്ടാലുടൻ തോന്നുന്ന അർഥം; 2. സാരം (ംയ്ലഗ്രന്ഥത്തിൻെറ ഭാവം മാത്രം വെളിപ്പെടുത്തുന്ന അർഥം)
ഭാവാവസ്ഥ നാ. 1. ഉദയം; 2. ശാന്തി; 3. സന്ധി; 4. ശബളത്വം
ഭാവി1 വി. 1. ഭവിക്കാനുള്ള, തീർച്ചയായും വന്നുകൂടുന്ന, പിൽക്കാലത്തു സംഭവിക്കുന്ന; 2. അഴകുള്ള
ഭാവി2 നാ. 1. വരാനുള്ള കാലം, ഭാവികാലം; 2. ഭാവം (പ്ര) ഭാവിശ്രേയഃപിശുനശകുനം = വരാൻപോകുന്ന ശ്രേയസ്സിനെ സൂചിപ്പിക്കുന്ന ലക്ഷണം
ഭാവിക വി. 1. ഭാവിയിൽ ഉള്ള, വരുവാനുള്ള; 2. സ്വഭാവേനയുള്ള
ഭാവികൻ നാ. അറിയുന്നവൻ, മർമജ്ഞൻ
ഭാവികം നാ. 1. ഒരു അലങ്കാരം; 2. പ്രേമരസാർദ്രവാക്യം
ഭാവിക്കുക ക്രി. 1. നിശ്ചയിക്കുക, നിരൂപിക്കുക; 2. തുടങ്ങുക; 3. നടിക്കുക; 4. കാണിക്കുക; 5. ചേർക്കുക; 6. ധ്യാനിക്കുക. മിടുക്കുഭാവിച്ചാൽ മിടുക്കനാകുമോ? (പഴ)
ഭാവിത1 വി. 1. ഭാവനംചെയ്യപ്പെട്ട; 2. പ്രകാശിക്കപ്പെട്ട; 3. പ്രാപിക്കപ്പെട്ട; 4. വിചാരിക്കപ്പെട്ട, നിശ്ചയിക്കപ്പെട്ട; 5. വീര്യഭേദംവരുത്താനായി മറ്റുമരുന്നുകൾചേർത്തും മറ്റും പാകപ്പെടുത്തിയ; 6. സുഗന്ധിതമായ
ഭാവിത2 നാ. 1. ഭാവി; 2. ഭാവിക്കൽ; 3. പിന്നീടു സംഭവിക്കേണ്ടത്; 4. വിധിക്കപ്പെട്ടത്
ഭാവിതകം നാ. (ഗണിത) ഗുണഫലം
ഭാവിതം നാ. 1. മണം പിടിച്ചത് (വസ്ത്രം മുതലായവ); 2. കൊത്തമല്ലി കായം തുടങ്ങിയവകൊണ്ടു സുഗന്ധിതമായ രസം; 3. മുല്ലപ്പൂകൊണ്ടും മറ്റും സുഗന്ധംവരുത്തിയ തൈലം; 4. പ്രാപിക്കപ്പെട്ടത്; 5. സങ്കൽപിതം; 6. ഗുണനഫലം
ഭാവിതാത്മാവ് നാ. 1. ധ്യാനശീലൻ, ഭക്തൻ; 2. ഹൃദയശുദ്ധി കൈവന്നവൻ
ഭാവിത്രം നാ. ത്രിലോകം
ഭാവിത്വം നാ. ഭാവിച്ചേ തീരൂ എന്ന അവസ്ഥ
ഭാവിനി നാ. 1. ഗുണവതി, സുന്ദരി; 2. വേശ്യ
ഭാവിപ്പിക്കുക ക്രി. ഭാവിക്കാൻ പ്രേരിപ്പിക്കുക
ഭാവുക വി. 1. ഭാവിക്കാൻ പോകുന്ന; 2. ഭാഗ്യമുള്ള, സുഖമുള്ള; 3. കവിതാവാസനയുള്ള, കലാവാസനയുള്ള

ഭാവുകൻ നാ. 1. (നാട്യ) സഹോദരിയുടെ ഭർത്താവിനെ കുറിക്കുന്ന പദം; 2. സഹൃദയൻ (ഭാവനചെയ്യുന്നവൻ)

ഭാവുകം നാ. 1. ശുഭം, മങ്ഗളം; 2. ശ്രേയസ്സ്; 3. ശൃങ്ഗാരരസം തുളുമ്പുന്ന ഭാഷ

ഭാവ്യം നാ. 1. ബാവി, ബവിക്കാനുള്ളത്, അവശ്യം ഭവിക്കേണ്ടത്; 2. തീർച്ചചെയ്യാനുള്ളത്; 3. നിർവഹിക്കേണ്ടത്

ഭാഷ നാ. 1. ആശയവിനിമയത്തിനുള്ള ഒരു ഉപാധി; 2. സരസ്വതി, വാക്കിൻെറ അധിഷ്ഠാനദേവത; 3. യോജിപ്പ്, വെടിപ്പ്; 4. രൂപം, മാതിരി; 5. നിവൃത്തി; 6. സമ്പ്രദായം; 7. നാട്ടുഭാഷ (മലയാളം); 8. അന്യായം, ഹർജി; 9. നിർവചനം; 10. ആകൃതി, രൂപം, അഴക് (പ്ര) ഭാഷയാക്കുക = അതാതുദേശത്തെ ഭാഷയിലാക്കുക, തർജുമചെയ്യുക

ഭാഷകൻ നാ. സംസാരിക്കുന്നവൻ

ഭാഷക്കാരൻ നാ. 1. ഭാഷാശാസ്ത്രജ്ഞൻ; 2. പരിഭാഷകൻ, ദ്വിഭാഷി (ഒരു ഭാഷയിലുള്ളത് മറ്റൊരു ഭാഷയിലാക്കുന്നവൻ)

ഭാഷണം നാ. 1. വാക്ക്; 2. സംസാരം

ഭാഷപ്പെടുത്തുക ക്രി. 1. പൊരുൾതിരിച്ചെഴുതുക; 2. രൂപപ്പെടുത്തുക

ഭാഷാജനകൻ നാ. ബ്രഹ്മാവ്

ഭാഷാന്തരം നാ. 1. തർജുമ, പൊരുൾതിരിപ്പ് (ആശയംചോർന്നുപോകാതെയുള്ള പരിവർത്തനപ്പെടുത്തൽ); 2. അന്യഭാഷ. (പ്ര) ഭാഷാന്തരം ചെയ്യുക = തർജുമചെയ്യുക

ഭാഷി1 വി. (കൂടുതൽ) സംസാരിക്കുന്ന

ഭാഷി2 നാ. (പദാന്ത്യ) ഭാഷണംചെയ്യുന്നവൻ ഉദാഃ മിതഭാഷി

ഭാഷിക്കുക ക്രി. 1. പറയുക; 2. പരിഹസിക്കുക

ഭാഷിതം നാ. ഭാഷിക്കപ്പെട്ടത് (വാക്ക്, സംസാരം)

ഭാഷ്യകാരൻ നാ. ഭാഷ്യം ഉണ്ടാക്കിയ ആൾ (പതഞ്ജലി)

ഭാഷ്യം നാ. 1. പാണിനീയസൂത്രങ്ങളുടെയും മറ്റും വ്യാഖ്യാനം; 2. വിശദമായ വ്യാഖ്യാനം; 3. ഭാഷണം

ഭാസ നാ. 1. അയുതായുസ്സിൻെറ പത്നി; 2. തിളക്കം

ഭാസക വി. ഭാസനം ചെയ്യുന്ന, പ്രകാശി(പ്പി)ക്കുന്ന

ഭാസകൻ നാ. അലക്കുകാരൻ

ഭാസത നാ. പിടിച്ചുപറിക്കുന്ന സ്വഭാവം

ഭാസത്വം നാ. ഭാസത

ഭാസൻ നാ. 1. ഒരു കവി; 2. കഴുകൻ; 3. നായ്

ഭാസനം നാ. 1. പ്രകാശിപ്പിക്കൽ; 2. വിശദീകരണം

1147

ഭാസന്തൻ നാ. 1. സൂര്യൻ; 2. ചന്ദ്രൻ

ഭാസന്തം നാ. 1. നക്ഷത്രം; 2. ചെമന്ന പൂവുള്ള എരിക്ക്; 3. ഒരിനം കഴുകൻ

ഭാസന്തി നാ. നക്ഷത്രം

ഭാസം നാ. 1. ശോഭ; 2. രശ്മി; 3. കഴുകൻ; 4. പൂവൻകോഴി; 5. സങ്കൽപം; 6. പശുത്തൊഴുത്ത്; 7. നായ്

ഭാസമാന വി. ശോഭിക്കുന്ന

ഭാസാ		അവ്യ. ശോഭകൊണ്ട്
ഭാസു		നാ.	സൂര്യൻ
ഭാസുര		വി.	1. ശോഭയുള്ള; 2. പരാക്രമമുള്ള; 3. ഭയങ്കരമായ
ഭാസുരം		നാ.	1. സ്ഫടികം; 2. കൊട്ടം
ഭാസുരാങ്ഗി		നാ.	കോമളശരീരിണി, സുന്ദരി
ഭാസ്കരദ്യുതി		നാ.	1. സൂര്യപ്രകാശം; 2. വിഷ്ണു
ഭാസ്കരൻ		നാ.	1. സൂര്യൻ; 2. അഗ്നി; 3. ശിവൻ; 4. വീരൻ
ഭാസ്കരപ്രിയം		നാ.	1. രക്തചന്ദനം; 2. മാണിക്യം
ഭാസ്കരം		നാ.	1. സ്വർണം; 2. എരിക്ക്
ഭാസ്കരരവിവർമൻ		നാ.	ഒരു ചേരരാജാവ് (എ.ഡി.എണ്ണൂറാമാണ്ടടുപ്പിച്ച് കേരളം വാണിരുന്നു)
ഭാസ്കരാചാര്യൻ		നാ.	ഒരു പ്രസിദ്ധജ്യോതിശാസ്ത്രജ്ഞൻ (എ.ഡി.1114-ൽ ജനിച്ചു)
ഭാസ്കരി		നാ.	സൂര്യൻെറ പുത്രൻ
ഭാസ്വതി		നാ.	1. ശോഭിക്കുന്നവൾ; 2. സൂര്യനഗരി
ഭാസ്വത്ത്		വി.	ശോഭിക്കുന്ന
ഭാസ്വര		വി.	ഭാസ്വത്ത്
ഭാസ്വരൻ		നാ.	1. സൂര്യൻ; 2. അഗ്നി
ഭാസ്വരം		നാ.	1. പകൽ; 2. ദിവസം; 3. ചുവന്ന എരിക്ക്
ഭാസ്വാൻ		നാ.	1. പ്രകാശിക്കുന്നവൻ; 2. സൂര്യൻ; 3. വീരൻ
ഭാസ്സ്		നാ.	1. ശോഭ; 2. ധാവള്യം; 3. പ്രതിബിംബം; 4. മഹത്വം; 5. ആഗ്രഹം
ഭിക്ഷ		നാ.	1. യാചന; 2. യാചിക്കുന്നവനു കൊടുക്കുന്നത്, ഇരന്നുകിട്ടിയ വസ്തു; 3. കൂലി; 4. സന്ന്യാസിയുടെ ഭക്ഷണം
ഭിക്ഷക്കാരൻ		നാ.	യാചകൻ
ഭിക്ഷണം		നാ.	അപേക്ഷ, യാചിക്കൽ
ഭിക്ഷാകൻ		നാ.	1. യാചിക്കുന്നവൻ; 2. ഇരപ്പാളി; 3. സന്ന്യാസി
ഭിക്ഷാടനൻ		നാ.	സന്ന്യാസി, ഭിക്ഷു
ഭിക്ഷാടനം		നാ.	1. ഇരക്കാനായിട്ടുള്ള നടപ്പ്; 2. തെണ്ടിത്തിരിയൽ (ഭിക്ഷയ്ക്കായി സഞ്ചരിക്കൽ)
ഭിക്ഷാന്നം		നാ.	ഇരന്നുവാങ്ങിയ ചോറ്
ഭിക്ഷാംദേഹി		നാ.	ഭിക്ഷാന്ദേഹി, ഇരന്നു നടക്കുന്നവൻ, ഭിക്ഷക്കാരൻ ("ഭിക്ഷതന്നാലും" എന്നു പദാർഥം). (പ്ര) ഭിക്ഷാംദേഹിയാകുക = സന്ന്യസിയാകുക, പിച്ചക്കാരനാകുക
ഭിക്ഷായനം		നാ.	1. ഭിക്ഷയ്ക്കായി സഞ്ചരിക്കൽ; 2. ഇരന്നു നടക്കൽ
ഭിക്ഷാർഥി		നാ.	1. യാചകൻ; 2. ഭിക്ഷു
ഭിക്ഷാശനം		നാ.	ഭിക്ഷവാങ്ങിയ ഭക്ഷണം
ഭിക്ഷാശി		നാ.	ഇരന്നുണ്ണുന്നവൻ
ഭിക്ഷാശിത്വം		നാ.	ഇരന്നൂണ്
ഭിക്ഷിത		വി.	1. യാചിക്കപ്പെട്ട; 2. പ്രാർഥിക്കപ്പെട്ട

ഭിക്ഷു നാ. 1. സന്ന്യാസി; 2. ഭിക്ഷക്കാരൻ; 3. ശ്രാവണി; 4. വയൽച്ചുള്ളി (സ്ത്രീ) ഭിക്ഷുണി
ഭിക്ഷുകൻ നാ. 1. ഭിക്ഷു, സന്ന്യാസി; 2. യാചകൻ
ഭിണ്ഡിപാലം നാ. ഭിന്ദിപാലം
ഭിത്തം നാ. 1. അംശം, ഖണ്ഡം; 2. ഭിത്തി
ഭിത്തി നാ. 1. ചുവർ; 2. തട്ടി; 3. തുണ്ട്; 4. വിഭജനം, ഭേദനം; 5. വിടവ്; 6. ചിത്രമെഴുതാനുള്ള പദാർഥം; 7. പായ്; 8. കുറ്റം; 9. അവസരം
ഭിത്തിക നാ. 1. ഭിത്തി, ചുവര്; 2. ചി ങ്ങളിൽ ഒന്ന് (ഃ); 3. ശതാവരി; 4. ഗൗളി
ഭിത്തിഖാതനം നാ. ഭിത്തിപാതനം, 'ഭിത്തി തുരക്കുന്നത്', എലി, പെരുച്ചാഴി
ഭിത്ത് വി. (പദാന്ത്യ) പിളർക്കുന്ന, നശിപ്പിക്കുന്ന ഉദാഃ അശ്മഭിത്ത് = കല്ലുവെട്ടുകാരൻ
ഭിത്ത്വാ അവ്യ. ഭേദിച്ചിട്ട്
ഭിദ നാ. 1. ഭേദം, പിളർപ്പ്; 2. വ്യത്യാസം, ഭേദം; 3. കൊത്തമല്ലി
ഭിദകം നാ. 1. ഇന്ദ്രൻെറ വജ്രായുധം; 2. വാൾ; 3. ഇടിവാൾ
ഭിദി(രം) നാ. 1. വജ്രായുധം; 2. വജ്രം, വൈരം
ഭിദുര വി. 1. ഭേദിക്കുന്ന; 2. ഉടയുന്ന; 3. പലനിറമുള്ള
ഭിദുരം നാ. 1. വജ്രം, വൈരം; 2. വജ്രായുധം; 3. ഇത്തിയാൽ
ഭിദ്യം നാ. 1. ഭേദിക്കത്തക്കത്; 2. പാഞ്ഞൊഴുകുന്ന പുഴ
ഭിദ്യമാന വി. ഭേദിക്കുന്ന
ഭിന്ദിചാലം നാ. 1. കവണ, പിന്നേറ്റുതടി; 2. വെടിയുണ്ട; 3ഏറുകുന്തം
ഭിന്ദു1 വി. നശിപ്പിക്കുന്ന
ഭിന്ദു2 നാ. 1. തുള്ളി; 2. ചാപിള്ള പ്രസവിക്കുന്നവൾ
ഭിന്ന വി. 1. ഭേദിക്കപ്പെട്ട, വേർപെട്ട; 2. വ്യത്യസ്തമായ; 3. അയഞ്ഞ; 4. കൂടിക്കലർന്ന
ഭിന്നകടം നാ. മദയാന
ഭിന്നകൻ നാ. ബുദ്ധമതക്കാരൻ
ഭിന്നത,-ത്വം നാ. ഭിന്നമായ അവസ്ഥ
ഭിന്നദർശി വി. പക്ഷപാതിയായ
ഭിന്നം നാ. 1. ഭേദത്തെ പ്രാപിച്ചത്; 2. രത്നങ്ങളിലും മറ്റുമുള്ള കേട് (പൊട്ടൽ); 3. അംശം, ഭാഗം; 4. (ആയുർ) മുനയുള്ള ആയുധംകൊണ്ടുണ്ടായ മുറിവ്; 5. പുഷ്പം; 6. സങ്ഖ്യയുടെ അംശം, ഭിന്നസങ്ഖ്യ; 7. പരാജയം; 8. ഹർജി
ഭിന്നമതി നാ. ഭിന്നാഭിപ്രായമുള്ള ആൾ
ഭിന്നരുചി വി. പല അഭിരുചികളോടുകൂടിയ
ഭിന്നവർണ വി. പലനിറത്തിലുള്ള; 2. പലജാതിയിലുള്ള
ഭിന്നവൃത്ത വി. 1. വെത്തഭങ്ഗമുള്ള, വേറെ വൃത്തത്തിലുള്ള; 2. ദുർവൃത്തിയുള്ള; 3. ഭിന്നരുചിയായ; 4. പലതൊഴിലുകളുള്ള
ഭിന്നസങ്ഖ്യ നാ. സങ്ഖ്യയുടെ അംശം, ഭിന്നം
ഭിന്നഹൃദയ വി. ഹൃദയം പിളർക്കപ്പെട്ട
ഭിന്നിക്കുക ക്രി. 1. പിളരുക, വേർപെടുക, ശകലമായിത്തീരുക; 2. വ്യത്യാസപ്പെടുക; 3. പിണങ്ങുക

ഭിന്നിതം നാ. (ഗണിത) ഭിന്നസങ്ഖ്യ
ഭിന്നിപ്പ് നാ. അകൽച്ച, വിരോധം
ഭിന്നോദരൻ നാ. ചിറ്റമ്മയിലോ പേരമ്മയിലോ ജനിച്ച ഭ്രാതാവ്
ഭിയാ അവ്യ. ഭയത്താൽ
ഭിഷക്ക്,-ജ് നാ. 1. രോഗങ്ങളെ ജയിക്കുന്നവൻ, വൈദ്യൻ; 2. വിഷ്ണു; 3. മരുന്ന്; 4. ആടലോടകം
ഭിഷക്പാശൻ നാ. മുറിവൈദ്യൻ
ഭിഷഗ്വരൻ നാ. ഉത്തമനായ വൈദ്യൻ
ഭിഷജ്യം നാ. 1. ചികിത്സ; 2. പരിഹാരം
ഭിഷ്മ നാ. വറുത്തധാന്യം
ഭിഷ്മിക നാ. ഭിഷ്മ
ഭിസ്സട നാ. 1. ചോറ്, കരിഞ്ഞചോറ്; 2. വറുത്തധാന്യം
ഭീ നാ. പേടി, ഭയം
ഭീകര വി. ഭയം ഉണ്ടാക്കുന്ന
ഭീത1 വി. 1. ഭയപ്പെട്ട, ഭയശാലിയായ; 2. ആപത്തിൽപ്പെട്ട
ഭീത2 നാ. ഭയന്നവൾ
ഭീതി നാ. 1. ഭയം; 2. ആപത്ത്; 3. വിറയൽ
ഭീതിദ നാ. ഭയമുണ്ടാക്കുന്ന
ഭീതിദലോകം നാ. നരകം
ഭീതിനാടിതകം നാ. ഭയം നടിക്കൽ
ഭീമ1 വി. 1. ഭയങ്കരമായ, ഭയംതോന്നിക്കുന്ന; 2. വളരെ വലിയ
ഭീമ2 നാ. 1. ദുർഗ; 2. ഗോരോചന; 3. ഒരു നദി; 4. ചാട്ട
ഭീമ3 നാ. ജീവരക്ഷാഭോഗം, ഇൻഷുറൻസ്
ഭീമൻ നാ. 1. ഭീമസേനൻ; 2. ശിവൻ; 3. ഭയങ്കരൻ; 4. പരമാത്മാവ്; 5. വിദർഭരാജ്യത്തെ രാജാവ്, ദമയന്തിയുടെ പിതാവ്; 6. വലിയ ശരീരമുള്ളവൻ, തടിയൻ
ഭീമനാദം നാ. 1. ഭയങ്കരശബ്ദം; 2. പ്രളയകാലത്തെ ഒരു മേഘം; 3. സിംഹം

ഭീമം നാ. 1. ഭയാനകരസം; 2. ഭയം; 3. ഞെരിഞ്ഞാമ്പുളി
ഭീമരം നാ. യുദ്ധം, പോര്
ഭീമരഥി നാ. 1. ഒരുവൻെറ എഴുപത്തിയേഴാംവയസ്സിൽ ഏഴാം മാസം ഏഴാംദിവസം വരുന്ന രാത്രി (ആയുസ്സിലെ അതിദുഷ്കരമായ ഘട്ടം, ആപത്കരമായ സമയം); 2. ഒരു നദി
ഭീമസേനൻ നാ. കുന്തിയുടെ രണ്ടാമത്തെ മകൻ
ഭീമസേനം നാ. ഒരുതരം കർപ്പൂരം, ഭീമസേനകർപ്പൂരം
ഭീമഹർജി നാ. ധാരാളം ആളുകൾ കൂടിച്ചേർന്ന് ഒപ്പിട്ടയയ്ക്കുന്ന ഹർജി
ഭീമാകാര വി. വളരെ വലിയ
ഭീരു1 വി. 1. ഭയശീലമുള്ള; 2. പേടിച്ച
ഭീരു2 നാ. 1. പേടിക്കുന്ന സ്വഭാവമുള്ള വ്യക്തി; ഭയപ്പെടേണ്ടസാഹചര്യങ്ങളില്ലാതെ പേടിക്കുന്ന ആൾ; 3. വെള്ളി; 4. ആട്ടിൻകിട; 5.

ശതാവരി; 6. കണ്ടകാരിച്ചുണ്ട; 7. കുറുക്കൻ; 8. കടുവാ; 9. പുലി; 10. നിഴൽ; 11. പഴുതാര; 12 വ്ളാങ്ക്; 13. ആറ്റുവഞ്ചി
ഭീരുകൻ നാ. 1. ഭയന്നവൻ; 2. കടുവാ; 3. കുറുക്കൻ
ഭീരുകം നാ. 1. കടുവാ; 2. പുലി; 3. കരടി; 4. കുറുക്കൻ; 5. മൂങ്ങ; 6. കാട്; 7. മരക്കൂട്ടം; 8. നീലക്കരിമ്പ്; 9. വെള്ളി
ഭീരുത,-ത്വം നാ. ഭീരുവിൻെറ ഭാവം
ഭീഷ നാ. ഭയം, ഭയപ്പെടുത്തൽ
ഭീഷണ വി. 1. ഭയങ്കരമായ, ഉഗ്രമായ; 2. ദുഷ്ടമായ
ഭീഷണം നാ. 1. ഭയം, ഭയാനകരസം; 2. ഭയങ്കരമായ വസ്തു; 3. ഭയങ്കരൻ, ശിവൻ; 4. ഈന്തപ്പന; 5. കുന്തുരുക്കം; 6. പ്രാവ്
ഭീഷണി നാ. 1. ഭയം, ഭയപ്പെടുത്തൽ; 2. കാളിയുടെ ഒരു രൂപം
ഭീഷിത വി. ഭീഷണിപ്പെടുത്തിയ, പേടിപ്പിക്കപ്പെട്ട
ഭീഷ്മ വി. ഭയങ്കരമായ, ഭയജനകമായ
ഭീഷ്മകൻ നാ. 1. ഭയങ്കരൻ; 2. ശിവൻ; 3. ഭീഷ്മൻ; 4. വിദർഭരാജ്യത്തെ രാജാവ്, രുഗ്മിണിയുടെ പിതാവ്
ഭീഷ്മൻ നാ. (പുരാണ) 1. ശിവൻ; 2. ഭീഷ്മർ; 3. രാക്ഷസൻ; 4. പിശാച്; 5. ഭയങ്കരൻ
ഭീഷ്മപർവം നാ. മഹാഭാരതത്തിലെ ഒരു പർവം
ഭീഷ്മം വി. 1. ഭയം, ഭയാനകരസം; 2. ഭീഷ്മപർവം
ഭീഷ്മർ നാ. (പുരാണ) ശന്തനുവിനു ഗങ്ഗയിലുണ്ടായ മകൻ
ഭീഷ്മസൂ(വ്) നാ. 'ഭീഷ്മനെ പ്രസവിച്ചവൾ', ഗങ്ഗ
1149
ഭീഷ്മാഷ്ടമി നാ. മാഘമാസത്തിലെ ശുക്ലാഷ്ടമി (ഭീഷ്മർ മരിച്ച നാൾ)
ഭുക്ക് വി. (പദാന്ത്യ) 1. അനുഭവിക്കുന്ന; 2. തിന്നുന്ന; 3. ഉപയോഗപ്പെടുത്തുന്ന ഉദാഃ ക്രതുഭുക്ക്
ഭുക്തം നാ. 1. ചോറ് (ഭുജിക്കപ്പെടത്); 2. അനുഭവിക്കപ്പെട്ടത്, സഹിക്കപ്പെട്ടത്
ഭുക്തസമുജ്ഝിത നാ. ഉച്ഛിഷ്ടം, എച്ചിൽ
ഭുക്തി നാ. 1. ഭക്ഷണം; 2. ഭോഗം, കൈവശനുഭവം; 3. അതിര്; 4. (ജ്യോ) ഗ്രഹത്തിൻെറ ദിനചലനം; 5. അപഹാരം
ഭുക്തിപ്രദം നാ. 1. ഭൗതികമായ ഐശ്വര്യം പ്രദാനം ചെയ്യുന്നത്; 2. ചെറുപയറ്
ഭുക്തിശാല നാ. ഭോജനശാല, ഭക്ഷണമുറി
ഭുക്ത്വാ അവ്യ. ഭുജിച്ചിട്ട്
ഭുഗ്ന വി. 1. വളയ്ക്കപ്പെട്ട, വളഞ്ഞ, കൂനുള്ള; 2. ഉടഞ്ഞ
ഭുജ നാ. 1. കൈ; 2. പാമ്പിൻ ചുരുൾ; 3. ത്രികോണത്തിൻെറയും മറ്റും വശം
ഭുജകോടരം നാ. കക്ഷം
ഭുജകഭുക്ക് നാ. 1. മയിൽ; 2. ഗരുഡൻ; 3. കീരി
ഭുജഗം നാ. പാമ്പ്
ഭുജഗി നാ. 1. പെൺപാമ്പ്; 2. ആയില്യം നക്ഷത്രം; 3. നാഗതാളി

ഭുജങ്ഗത,-ത്വം നാ. വേശ്യാഭർത്ത്യത്വം, വിടവൃത്തി
ഭുജങ്ഗൻ നാ. 1. വിടൻ, ജാരൻ; 2. ഭർത്താവ്; 3. (രാജാവിൻെറ) വിടനായ തോഴൻ; 4. സർപ്പം
ഭുജങ്ഗപ്രയാതം നാ. ഒരു വൃത്തം
ഭുജങ്ഗം നാ. 1. പാമ്പ്; 2. ആയില്യം നക്ഷത്രം; 3. എട്ട് എന്ന അക്കം
ഭുജങ്ഗമം നാ. 1. ഭുജഗം; 2. കാരീയം; 3. ആയില്യം
ഭുജങ്ഗഹാവ് നാ. 1. ഗരുഡൻ; 2. മയിൽ; 3. കീരി
ഭുജങ്ഗാന്തകൻ നാ. 1. ഗരുഡൻ; 2. കഴുകൻ; 3. മയിൽ; 4. കീരി
ഭുജങ്ഗേന്ദ്രൻ നാ. ആദിശേഷൻ
ഭുജങ്ഗേശൻ നാ. 1. ആദിശേഷൻ; 2. വാസുകി; 3. പതഞ്ജലി; 4. പിങ്ഗളമഹർഷി
ഭുജബലം നാ. കൈക്കരുത്ത്, കൈയൂക്ക്
ഭുജഭവൻ നാ. വിരാടപുരുഷൻെറ ഭുജത്തിൽനിന്നു ജനിച്ചവൻ, ക്ഷത്രിയൻ
ഭുജം നാ. 1. കൈ; 2. ത്രികോണത്തിൻെറയും ചതുരത്തിൻെറയും മറ്റും വശം; 3. തീരം; 4. മരക്കൊമ്പ്; 5. ഭുർജം; 6. തുമ്പിക്കൈ; 7. വളവ്
ഭുജവീര്യം നാ. കൈയുടെ ശക്തി
ഭുജശാലി വി. കൈക്കരുത്തുള്ള
ഭുജശിഖരം നാ. തോൾ, ചുമൽ
ഭുജശിരസ്സ് നാ. ഭുജശിഖരം
ഭുജാന്തരം നാ. വക്ഷസ്സ്, മാറിടം
ഭുജാപീഡം നാ. കെട്ടിപ്പിടിക്കൽ
ഭുജി നാ. 1. അഗ്നി; 2. അശ്വിനീദേവന്മാർ
ഭുജിക്കുക ക്രി. 1. അനുഭവിക്കുക, ഭക്ഷിക്കുക; 2. കാലം കഴിക്കുക
ഭുജിഷ്യ നാ. 1. ദാസി; 2. തോഴി; 3. വേശ്യ
ഭുജിഷ്യൻ നാ. 1. ദാസൻ, ഭൃത്യൻ (സ്വാമിയുടെ ഉച്ഛിഷ്ടം ഭക്ഷിക്കുന്നവൻ); 2. കൂട്ടുകാരൻ
ഭുജിഷ്യം നാ. 1. മണിബന്ധത്തിൽ കെട്ടുന്ന ചരട്; 2. ഒരു രോഗം
ഭുജ്യം നാ. 1. ആഹാരം; 2. യാഗം; 3. അഗ്നി; 4. പാത്രം
ഭുഞ്ജാന വി. അനുഭവിക്കുന്ന, ഭക്ഷിക്കുന്ന; 2. സഹിക്കുന്ന
ഭുരണ്യു നാ. 1. സൂര്യൻ; 2. വിഷ്ണു
ഭുരണ്യുക്കൾ നാ. (ബ.വ.) അശ്വിനീദേവന്മാർ
ഭുവനത്രയം നാ. ഭൂമി സ്വർഗം പാതാളം എന്നിവ മൂന്നും
ഭുവനപതി നാ. 1. ലോകനാഥൻ, ഈശ്വരൻ; 2. രാജാവ് (ഭുവനപര്യായങ്ങളോട് അധീശൻ എന്നതിൻെറ പര്യായങ്ങൾ ചേർത്താൽ രാജാവ് എന്ന് അർഥം കിട്ടും)
ഭുവനം നാ. 1. (മനുഷ്യ) ലോകം (എല്ലാം ഇതിൽ ഭവിക്കുന്നതിനാൽ); 2. വെള്ളം; 3. കൊടുവേലി; 4. സ്വർഗം; 5. പതിനാല് എന്ന സങ്ഖ്യ; 6. വാസസ്ഥാനം; 7. ക്ഷേമം; 8. ജീവനുള്ളത്, ജീവി
ഭുവനേശൻ നാ. 1. ലോകേശൻ (വിഷ്ണു, ശിവൻ); 2. രാജാവ്

ഭുവർലോകം നാ. 1. ചതുർദശ (പതിന്നാല്) ലോകങ്ങളിൽ ഒന്ന് (ഭൂമിക്കുമീതെയുള്ള ഒരു ലോകം); 2. ഭൂമിക്കും സൂര്യനും മധ്യേയുള്ള ഇടം, അന്തരീക്ഷം

ഭുവി അവ്യ. (ഭുശബ്ദത്തിൻെറ ആധാരികാ ഏ.വ.) ലോകത്ത് (ഭൂമിയെന്ന അർഥത്തിൽ ചിലകവിതകളിൽ പ്രയോഗം കാണാം)

ഭുവിസ്സ് നാ. സമുദ്രം

ഭു(വ്) നാ. 1. ഭൂമി, പഞ്ചഭൂതങ്ങളിൽ ഒന്ന്; 2. ലോകം; 3. സ്ഥലം, തറ; 4. വസ്തു; 5. യാഗാഗ്നി; 6. (പദാത്യ) ഭവിച്ചവൻ ഉദാഃ ചിത്തഭൂവ് = മനസിജൻ

ഭൂകദംബം നാ. മഹാശ്രാവണി

ഭൂകം നാ. 1. ഗുഹ; 2. ദ്വാരം; 3. ഇരുട്ട്; 4. വസന്തം; 5. കാലം

ഭൂകമ്പം നാ. ഭൂഗോളത്തിൻെറ താപവ്യതിയാനംകൊണ്ടും മറ്റുമുണ്ടാകുന്ന സങ്കോചവികാസങ്ങളുടെ ഫലമായി ഭൂതലത്തിൽ ചിലയിടത്ത് ചിലപ്പോൾ അനുഭവപ്പെടുന്ന ചലനം, ഭൂമികുലുക്കം

ഭൂകർണം നാ. ഭൂമിയുടെ വ്യാസം

ഭൂകാകം നാ. 1. ചെറുകാക്ക; 2. കരിഞ്ഞാറൽപ്പക്ഷി

ഭൂകാണ്ഡം നാ. സസ്യങ്ങളിലൊരുവിഭാഗം (തണ്ട് മണ്ണിനടിയിൽ വളരുന്നത്)

ഭൂകാന്തം നാ. (ശിൽപ) ഒരുതരം പ്രാസാദം (പത്തുനിലയുള്ളത്)

ഭൂകേശം നാ. 1. അരയാൽ; 2. പേരാൽ; 3. കരിമ്പായൽ

ഭൂക്ഷിത്ത് നാ. 1. രാജാവ്; 2. പന്നി

ഭൂഖണ്ഡം നാ. സമുദ്രംകൊണ്ടു വേർപെടാതെ തുടർച്ചയായിക്കിടക്കുന്ന ഭൂഭാഗം

ഭുഗത വി. 1. ഭൂമിയിലുള്ള; 2. ഭൂമിയിൽ എത്തിയ

ഭൂഗർഭൻ നാ. 1. വിഷ്ണു; 2. ഭവഭൂതി

ഭൂഗർഭം നാ. ഭൂമിയുടെ ഉൾഭാഗം

ഭൂഗർഭശാസ്ത്രം നാ. ഭൂമിക്കുള്ളിലുള്ള വസ്തുക്കളെപ്പറ്റി പ്രതിപാദിക്കുന്ന ശസ്ത്രം

ഭൂഗോളം നാ. ഭൂമി

ഭൂചക്രം നാ. 1. ഭൂഗോളം; 2. ഭൂമധ്യരേഖ

ഭൂചരൻ നാ. ശിവൻ

ഭൂചരം നാ. 1. ഭൂമിയിൽ സഞ്ചരിക്കുന്ന പ്രാണി; 2. (തന്ത്ര) ഒരു സിദ്ധി (ഇഷ്ടംപോലെ ഭൂമിയിൽ സഞ്ചരിക്കാനുള്ള കഴിവു നൽകുന്നത്)

ഭൂചലനം നാ. ഭൂമികുലുക്കം, ഭൂകമ്പം

ഭൂച്ഛത്രം നാ. കൂൺ

ഭൂച്ഛായ നാ. 1. ഭൂമിയുടെ നിഴൽ; 2. രാഹു; 3. ഇരുട്ട്

ഭുജ വി. ഭൂമിയിൽ ജനിച്ച

ഭൂജന്തു നാ. 1. ആന; 2. മണ്ണെര; 3. ഒരിനം ഒച്ച്

ഭൂജം നാ. വൃക്ഷം

ഭൂജാത വി. ഭൂമിയിൽ ജനിച്ച

ഭൂജാനി നാ. 'ഭൂമി ജായയായിട്ടുള്ളവൻ', രാജാവ്

ഭൂജിഷ്ണു നാ. ഭൂമീന്ദ്രൻ

ഭൂത വി. 1. ഭവിച്ച, ഉണ്ടായ, കഴിഞ്ഞ; 2. ലഭിച്ച; 3. സത്യമായ; 4. കലർന്ന; 5. തുല്യമായ
ഭൂതകം നാ. 1. കർപ്പൂരം; 2. ചന്ദനത്തടി
ഭൂതകാലം നാ. (വ്യാക) ത്രികാലത്തിൽ ഒന്ന് (കഴിഞ്ഞകാലം)
ഭൂതക്കണ്ണാടി നാ. 1. വസ്തുക്കളെ വലുതാക്കി കാണിക്കുന്ന കണ്ണാടി, മാഗ്നിഫൈയിങ് ഗ്ലാസ്; 2. അണുദർശിനി (അതിസൂഷ്മങ്ങളായ കണികകളെ കാണാൻ സഹായിക്കുന്ന ഉപകരണം, മൈക്രോസ്കോപ്പ്)
ഭൂതക്കാൽ നാ. വീങ്ങിയകാൽ, മന്ത്
ഭൂതഗ്രസ്തൻ നാ. പിശാചുബാധിച്ചവൻ, പിശാചിൻെറ പിടിയിൽപ്പെട്ടവൻ
ഭൂതഗ്രാമം നാ. 1. ഭൂതസങ്ഘം, ജീവജാലം; 2. ശരീരം
ഭൂതഗ്രാഹി നാ. മന്ത്രവാദി
ഭൂതഘ്നം നാ. 1. ഒട്ടകം; 2. ഭൂർജമരം; 3. വെളുത്തുള്ളി
ഭൂതഘ്നി നാ. 1. തുളസി; 2. വിഴാൽ
ഭൂതചാരി നാ. ശിവൻ
ഭൂതത്താൻ നാ. 1. പിശാച്; 2. ശിവപാർഷദരിൽ ഒരുവൻ
ഭൂതദയ നാ. എല്ലാജീവികളോടും തോന്നുന്ന അനുകമ്പ
ഭൂതധാത്രി നാ. ഭൂമി
ഭൂതൻ നാ. 1. പുത്രൻ; 2. ശിവൻ; 3. ഭക്തൻ
ഭൂതനാഥൻ നാ. 1. ശിവൻ; 2. ശാസ്താവ്
ഭൂതനായകൻ നാ. ഭൂതനാഥൻ
ഭൂതനായിക നാ. ദുർഗാഭഗവതി (ഉണ്ടായ എല്ലാത്തിനും നായികയാകയാൽ)
ഭൂതന്ത്രം നാ. ഭൂഗർഭശാസ്ത്രം
ഭൂതപക്ഷം നാ. കറുത്തപക്ഷം
ഭൂതപതി നാ. 1. ശിവൻ; 2. അഗ്നി; 3. തുളസി
ഭൂതപൂർവ വി. മുമ്പുസംഭവിച്ച
ഭൂതബലി നാ. ഭൂതങ്ങൾക്കായുള്ള ബലി, ഭൂതയജ്ഞം
ഭൂതബാധ നാ. ഭൂതത്തെക്കൊണ്ടുള്ള ഉപദ്രവം
ഭൂതം നാ. 1. ഭവിച്ചത്, കഴിഞ്ഞത്; 2. (വ്യാക) ത്രികാലത്തിലൊന്ന്, കഴിഞ്ഞകാലം; 3. പ്രപഞ്ചഘടകങ്ങളായ പൃഥി തുടങ്ങിയവയിൽ ഒന്ന്; 4. യുക്തമായിട്ടുള്ളത്; 5. മരിച്ച ജീവിയുടെ ആത്മാവ്; 6. പിശാച്; 7. പിശാചിൻെറ വേഷവിധാനം; 8. ദേവത; 9. ബാധ; 10. ജനം; 11. വസ്തു; 12. സത്യം; 13. ജന്തു; 14. പ്രാണി; 15. ലോകം; 16. കൃഷ്ണപക്ഷം; 17. കൃഷ്ണപക്ഷചതുർദശി; 18. ശിവൻെറയോ ശസ്താവിൻെറയോ ഭൃത്യൻ
ഭൂതമാതാവ് നാ. ശ്രീപാർവതി
ഭൂതരക്ഷ നാ. ജീവജാലങ്ങളെ രക്ഷിക്കൽ
ഭൂതരാട്ട് നാ. ശിവൻ
ഭൂതലം നാ. 1. ഭൂമി; 2. ഭൂമിയുടെ ഉപരിതലം
ഭൂതവാസം നാ. താന്നിമരം

ഭൂതാത്മാ(വ്) നാ. 1. ശരീരം; 2. ജീവാത്മാവ്; 3. ആത്മശുദ്ധിവന്നവൻ; 4. വിഷയലോലുപമായ മനസ്സ്; 5. വിഷ്ണു; 6. ശിവൻ; 7. ബ്രഹ്മാവ്; 8. പഞ്ചഭൂതം; 9. യുദ്ധം
ഭൂതാർഥം നാ. സത്യം, വസ്തുസ്ഥിതി
ഭൂതാലി നാ. 1. നിലംപാതിരി; 2. നിലപ്പന
ഭൂതാവാസം നാ. 1. താന്നിമരം; 2. ശാഖോടവൃക്ഷം; 3. ശരീരം
ഭൂതാവാസൻ നാ. 1. ശിവൻ; 2. വിഷ്ണു
1151
ഭൂതാവേശം നാ. ഭൂതബാധ
ഭൂതി നാ. 1. ഐശ്വര്യം; 2. ഭാഗ്യം; 3. ഭസ്മം; 4. ധനം; 5. ഭങ്ഗി; 6. വളർച്ച; 7. പിച്ചകം; 8. ജനനം; 9. ശിവൻ; 10. വിഷ്ണു; 11. ആനപ്പുറം അലങ്കരിക്കൽ; 12. വറുത്തമാംസം; 13. കൊതി; 14. വൈശ്യൻ
ഭൂതികർമം നാ. ഉത്സവം
ഭൂതികാമൻ നാ. 1.ബൃഹസ്പതി; 2. മന്ത്രി; 3. ഐശ്വര്യമിച്ഛിക്കുന്നവൻ
ഭൂതിദൻ നാ. ശിവൻ
ഭൂതിഭൂഷണൻ നാ. ഭസ്മം ഭൂഷണമായിട്ടുള്ളവൻ, ശിവൻ
ഭൂതേശൻ നാ. 1. ശിവൻ; 2. ബ്രഹ്മാവ്; 3. വിഷ്ണു; 4. ശാസ്താവ്; 5. ഗ്ഗണപതി; 6. ഭൂതേശ്വരൻ
ഭൂതോദയം നാ. പെട്ടെന്നുള്ള തോന്നൽ, കാരണംകൂടാതെയുണ്ടാകുന്ന തോന്നൽ
ഭൂത്തമം നാ. സ്വർണം
ഭൂദാനം നാ. 1. ഭൂമിദാനംചെയ്യൽ; 2. സന്ന്യാസിയുടെ ശവസംസ്കാരം
ഭൂദാരം നാ. ഭൂമിയെ പിളർക്കുന്നത്, പന്നി
ഭൂദേവൻ നാ. ബ്രാഹ്മണൻ
ഭൂധരൻ നാ. 1. ശിവൻ; 2. ശ്രീകൃഷ്ണൻ; 3. രാജാവ്
ഭൂധരം നാ. 1. പർവതം; 2. ഏഴ് എന്ന സങ്ഖ്യ (കുലപർവതങ്ങൾ ഏഴാകയാൽ)
ഭൂനികുതി നാ. ഭൂമിയിൽ ചുമത്തുന്ന കരം
ഭൂപടം നാ. ഭൂമിയുടെ പടം
ഭൂപതി നാ. 1. ശിവൻ; 2. ഇന്ദ്രൻ; 3. രാജാവ്; 4. ജന്മി
ഭൂപദം നാ. വൃക്ഷം
ഭൂപൻ നാ. രാജാവ്
ഭൂപാലൻ നാ. 1. രാജാവ്; 2. ഭോജൻ
ഭൂപാളം നാ. (സങ്ഗീ) ഒരു രാഗം
ഭൂപുത്രൻ നാ. 1. കുജൻ; 2. നരകാസുരൻ
ഭൂപുത്രി നാ. സീത
ഭൂപൃഷ്ടം നാ. ഭൂതലം
ഭൂപ്രദക്ഷിണം നാ. ഭൂമിയെ ചുറ്റിസഞ്ചരിക്കൽ
ഭൂഭർത്താവ് നാ. 1. വിഷ്ണു; 2. രാജാവ്

ഭൂഭൃത്ത് നാ. 1. രാജാവ്; 2. പർവതം; 3. വിഷ്ണു; 4. ആദികൂർമം; 5. ആദിശേഷൻ
ഭൂമണ്ഡലം നാ. ഭൂഗോളം
ഭൂമധ്യരേഖ നാ. ഭൂമിയുടെ ഉത്തരഭാഗവും ദക്ഷിണഭാഗവും വേർതിരിച്ചുകൊണ്ട് ഭൂമധ്യത്തുകൂടി പോകുന്ന സാങ്കൽപികരേഖ
ഭൂമയ വി. മണ്ണുകൊണ്ടുണ്ടാക്കിയ
ഭൂമഹേശ്വരൻ നാ. ശിവൻ
ഭൂമാൻ നാ. 1. ലോകനാഥൻ; 2. രാജാവ്; 3. ശ്രേഷ്ഠൻ
ഭൂമാവ് നാ. 1. ആധിക്യം, ബാഹുല്യം; 2. നേരമ്പോക്ക്; 3. പ്രഭാവം, മഹിമ, വലിപ്പം; 4. ശക്തി; 5. ഐശ്വര്യം; 6. ഭൂമി; 7. ജീവി
ഭൂമി നാ. 1. സൗരയൂഥത്തിൽപ്പെട്ട ഭൂഗോളം; 2. ദേശം, രാജ്യം; 3. പുരയിടം, നിലം തുടങ്ങിയവ; 4. കെട്ടിടത്തിൻെറ നില; 5. പഞ്ചഭൂതങ്ങളിൽ ഒന്ന്; 6. നാടകത്തിലെ കഥാപാത്രം; 7. ഇരിപ്പിടം; 8. വിഷയം; 9. മനോഭാവം; 10. ത്രികോണത്തിൻെറ പാദം; 11. നാക്ക്
ഭൂമിക നാ. 1. നടൻെറ വേഷം; 2. അലങ്കാരം (ദേവവിഗ്രഹത്തിലും മറ്റും അണിയുന്നത്); 3. പീഠിക; 4. ഭൂമി, തറ, പ്രദേശം; 5. (കെട്ടിടത്തിൻെറ) നില; 6. എഴുത്തുപലക (ബോർഡ്)
ഭൂമിജ1 വി. ഭൂമിയിൽനിന്നുണ്ടായ
ഭൂമിജ2 നാ. സീത
ഭൂമിജൻ നാ. 1. ഭൂപുത്രൻ; 2. കുജൻ; 3. നരകാസുരൻ; 4. മനുഷ്യൻ
ഭൂമിദേവൻ നാ. ഭൂസുരൻ (ബ്രാഹ്മണൻ)
ഭൂമിദേവി നാ. 1. ഭൂമിയാകുന്ന ദേവി; 2. വിഷ്ണുവിൻെറ ഒരു ഭാര്യ
ഭൂമിപൻ നാ. ഭൂപൻ
ഭൂമിപതി നാ. ഭൂമിപൻ, ഭൂമീപതി
ഭൂമിഭൃത്ത് നാ. 1. പർവതം; 2. രാജാവ്
ഭൂമിശാസ്ത്രം നാ. ഭൂഗോളം സംബന്ധിച്ച ശാസ്ത്രം
ഭൂമിസ്പൃക്ക് നാ. 1. വൈശ്യൻ; 2. മനുഷ്യൻ; 3. അന്ധൻ; 4. കള്ളൻ; 5. മുടന്തൻ
ഭൂമീന്ദ്രൻ നാ. രാജാവ്
ഭൂമീപതി നാ. ഭൂമിപതി
ഭൂമുഖം നാ. ഭൂതലം (ഭൂമിയുടെ മുകൾവശം, ഉപരിതലം)
ഭൂയം നാ. ഭാവം, ഭവിക്കൽ
ഭൂയശഃ നാ. 1. അത്യധികം; 2. കുറെക്കൂടി; 3. പ്രായേണ
ഭൂയസ്ത്വം നാ. 1. ആധിക്യം; 2. സമൃദ്ധി
ഭൂയസ്സ്1 വി. 1. വളരെയുള്ള, പെരുകിയ, വലിയ; 2. സമൃദ്ധമായ
ഭൂയസ്സ്2 അവ്യ. 1. കൂടെക്കൂടെ, പിന്നെയും പിന്നെയും; 2. അധികമായി; 3. സാധാരണയായി
ഭൂയഃ അവ്യ. 1. കൂടുതൽ; 2. വീണ്ടും
ഭൂയാൻ വി. അധികതരമായ
ഭൂയിഷ്ഠം അവ്യ. ഏറ്റവും അധികമായി
ഭൂയോപി അവ്യ. വീണ്ടും വീണ്ടും

ഭൂയോവിദ്യ വി. കൂടുതൽ പഠിപ്പുള്ള
ഭൂർജം നാ. ഒരു വൃക്ഷം, പൂതണക്ക്
ഭൂർജത്വക്ക് നാ. ഭൂർജമരത്തിൻെറ തൊലി (പണ്ട് എഴുതാനുപയോഗിച്ചിരുന്നു)
ഭൂർണി നാ. 1. മണൽക്കാട്; 2. ഭൂമി
ഭൂരി1 വി. വളരെയുള്ള, പെരുകിയ, വലിയ
ഭൂരി2 അവ്യ. 1. അധികമായി; 2. കൂടെക്കൂടെ
ഭൂരി3 നാ. 1. ബ്രഹ്മാവ്; 2. വിഷ്ണു; 3. ശിവൻ; 4. ഇന്ദ്രൻ; 5. സോമദത്തൻെറ പുത്രൻ; 6. ബ്രാഹ്മണൻ; 7. പൊന്ന്
ഭൂരിഗം നാ. കഴുത
ഭൂരിതേജസ്സ് നാ. അഗ്നി
ഭൂരിദ വി. വളരെകൊടുക്കുന്ന, ദാനംചെയ്യുന്ന
ഭൂരിപക്ഷം നാ. 1. അധികംപേർ ചേർന്ന പക്ഷം; 2. തരതമ്യേന കൂടുതലായ സങ്ഖ്യ
ഭൂരിപ്രേമം നാ. 1. അധികം സ്നേഹം; 2. ചക്രവാകം
ഭൂരിമായൻ നാ. 1. അധികമായി ചതിക്കുന്നവൻ; 2. കുറുക്കൻ
ഭൂരിമായു നാ. ഭൂരിമായൻ
ഭൂരിരസം നാ. 1. അധികം രസം; 2. കരിമ്പ്
ഭൂരിസ്നേഹം നാ. 1. വർധിച്ച സ്നേഹം; 2. ചേരുമരം
ഭൂരൂഹം നാ. വൃക്ഷം
ഭൂലത നാ. ഞാഞ്ഞൂൽ
ഭൂലോകം നാ. പതിന്നാലുലോകങ്ങളിൽ ഒന്ന്
ഭൂവലയം നാ. ഭൂലോകം, ഭൂമണ്ഡലം
ഭൂവല്ലഭൻ നാ. ഭൂപതി, രാജാവ്
ഭൂവല്ലരി നാ. മണ്ണെര
ഭൂവാസി നാ. 1. മനുഷ്യൻ; 2. അമ്പലവാസി
ഭൂവുടമ നാ. 1. ഭൂമിയുടെ ഉടമയവകാശം; 2. ഭൂമിയുടെ ഉടമസ്ഥൻ
ഭൂശയം നാ. 1. ഭൂമിയിൽ കിടക്കുന്നത്; 2. ഉടുമ്പ്; 3. മുയൽ; 4. പാമ്പ്
ഭൂശായി വി. 1. ഭൂമിയിൽ ശയിക്കുന്ന; 2. മരിച്ച
ഭൂശ്രവസ്സ് നാ. ചിതൽപ്പുറ്റ്
ഭൂഷ നാ. 1. അലങ്കാരം; 2. ആഭരണം, രത്നം
ഭൂഷണൻ നാ. 1. വിഷ്ണു; 2. (പദാന്ത്യ) ഭൂഷണമായവൻ, ശ്രേഷ്ഠൻ
ഭൂഷണത്രയം നാ. മൂന്നു ഭൂഷണങ്ങൾ (കൈക്കു ദാനം, കർണത്തിനു ശാസ്ത്രം, കണ്ഠത്തിനു സത്യം)
ഭൂഷണം നാ. 1. അലങ്കാരം; 2. അറുപത്തിനാലു കലകളിൽ ഒന്ന്)
ഭൂഷിതം നാ. 1. അലങ്കരിക്കപ്പെട്ടത്; 2. അഴിഞ്ഞിൽ
ഭൂഷ്ണു വി. 1. ഭവിക്കുന്ന; 2. ഐശ്വര്യം ആഗ്രഹിക്കുന്ന
ഭൂഷ്യ വി. അലങ്കരിക്കത്തക്ക, അലങ്കരിക്കേണ്ട
ഭൂസുത നാ. സീത
ഭൂസുതൻ നാ. 1. കുജൻ; 2. നരകാസുരൻ

ഭൂസുരൻ		നാ.	ബ്രഹ്മണൻ
ഭൂസ്വർഗം		നാ.	1. ഭൂമിയും സ്വർഗവും; 2. മഹാമേരു; 3. (ആല) ഭൂമിയിലെ സ്വർഗം, സൗന്ദര്യവും ശാന്തിയുമുള്ള പ്രദേശം
ഭൂസ്വാമി		നാ.	ജന്മി, ഭൂവുടമ
ഭൃങ്ഗകം		നാ.	1. കുടുമച്ചാത്തൻ; 2. വണ്ട്
ഭൃങ്ഗജം		നാ.	1. അഭ്രം; 2. കറ്റാർവാഴ; 3. ഇലവർങ്ഗം; 4. അകിൽ; 5. ചെറുതേക്ക്
ഭൃങ്ഗം		നാ.	1. വണ്ട്; 2. ഇലവർങ്ഗം; 3. കയ്യോന്നി; 4. ചെറുകുരികിൽ; 5. വേട്ടാവളിയൻ; 6. പൊൻകിണ്ടി; 7. കുടുമച്ചാത്തൻ; 8. അഭ്രം; 9. ധൂർത്തൻ, വിടൻ
ഭൃങ്ഗരാജം		നാ.	ഭൃങ്ഗരാട്ട്
ഭൃങ്ഗരാട്ട്		നാ.	1. കയ്യോന്നി; 2. കാർവണ്ട്; 3. ഒരു പ്രധാനബലി; 4. ഒരു പക്ഷി
ഭൃങ്ഗരിടി		നാ.	ഒരു ശിവപാർഷദൻ, ഭൃങ്ഗിരിടി
ഭൃങ്ഗാരം		നാ.	1. സ്വർണം, സ്വർണപ്പാത്രം; 2. ഇലവർങ്ഗപ്പൂവ്; 3. കയ്യോന്നി; 4. പൊൻമൊന്ത
ഭൃങ്ഗാരകം		നാ.	പൊൻകിണ്ടി, പൊൻകൂജ
ഭൃങ്ഗാരി		നാ.	ചീവീട്
ഭൃങ്ഗാവലി		നാ.	വണ്ടിൻകൂട്ടം
ഭൃങ്ഗാളി		നാ.	ഭൃങ്ഗാവലി, വണ്ടിൻകൂട്ടം
ഭൃങ്ഗി		നാ.	1. പെൺവണ്ട്; 2. അതിവിടയം
ഭൃങ്ഗീഫലം		നാ.	അമ്പഴം
ഭൃങ്ഗീശൻ		നാ.	ശിവൻ
ഭൃങ്ഗേഷ്ട		നാ.	1. കറ്റാർവാഴ; 2. ചെറുതേക്ക്; 3. വെളുത്തപൂവുള്ള കുറിഞ്ഞി; 4. ആറ്റുണ്ടാവൽ
ഭൃഗു		നാ.	1. ബ്രഹ്മാവിൻെറ ഹൃദയത്തിൽനിന്നു ജനിച്ച ഒരു ഋഷി; ഒരു പ്രജാപതി, ഭാർഗവകുലസ്ഥാപകൻ; 2. ശിവൻ; 3. ശുക്രൻ, ശുക്രവാരം; 4. ജമദഗ്നി; 5. പരശുരാമൻ; 6. മലഞ്ചെരിവ്; 7. പീഠഭൂമി; 8. ശ്രീകൃഷ്ണൻ
ഭൃഗുജൻ		നാ.	(പുരാണ)1. ഭർഗവരാമൻ; 2. ശുക്രൻ (ഭാർഗവൻ)
ഭൃഗുപതി		നാ.	പരശുരാമൻ, ഭാർഗവൻ
ഭൃഗുരാമൻ		നാ.	ഭാർഗവരാമൻ, പരശുരാമൻ
ഭൃഗുരേഖ		നാ.	ശ്രീവത്സരേഖ (ഭൃഗു ചവിട്ടിയ അടയാളത്തെ വിഷ്ണു ആഭരണമായി ധരിക്കുന്നു എന്നു പദ്മപുരാണം)
ഭൃഗുവാസരം		നാ.	വെള്ളിയാഴ്ച
ഭൃത		വി.	1. ഭരിക്കപ്പെട്ട; 2. വഹിക്കപ്പെട്ട; 3. നിറയ്ക്കപ്പെട്ട; 4. കൂലിക്കുനിറുത്തിയ; 5. പോഷിപ്പിക്കപ്പെട്ട
ഭൃതകൻ		നാ.	ഭരിക്കപ്പെടുന്നവൻ, കൂലിവേലക്കാരൻ, ശമ്പളം വാങ്ങി പണിയെടുത്ത് ഉപജീവിക്കുന്നവൻ (അർഥഭൃതകൻ ഭാഗഭൃതകൻ എന്നു ഭൃതകർ രണ്ടുവിധം)

ഭൃതൻ		നാ.	1. ഭൃത്യൻ; 2. കൂലിവേലക്കാരൻ

ഭൃതി നാ. 1. ഭരണം; 2. രക്ഷണം; 3. അടിമത്തം; 4. കൂലി; 5. വാടക; 6. ശമ്പളം; 7. ആഹാരം; 8. മുതൽ, ദ്രവ്യം
ഭൃതിജീവി നാ. കൂലിവേലക്കാരൻ
ഭൃതിഭുക്ക് നാ. ഭൃതിജീവി
ഭൃത്യ1 വി. ഭരിക്കപ്പെടുവാൻ തക്ക
ഭൃത്യ2 നാ. 1. വളർത്തൽ; 2. പോഷണം; 3. കൂലി, ശമ്പളം; 4. വേലക്കാരി
ഭൃത്യത,-ത്വം നാ. ഭൃത്യൻെറ ഭാവം, ദാസ്യം, ആശ്രയം
ഭൃത്യൻ നാ. 1. വേലക്കാരൻ, ആശ്രിതൻ; 2. പാലിക്കപ്പെടേണ്ടയാൾ; 3. പ്രജ
ഭൃമി നാ. 1. ചുഴലിക്കാറ്റ്; 2. നീർച്ചുഴി
ഭൃശ വി. 1. അധികമായ; 2. വളരെ ശക്തിയുള്ള; 3. കൂടെക്കൂടെയുള്ള
ഭൃശം അവ്യ. ഏറ്റവും
ഭൃഷ്ട വി. വറുക്കപ്പെട്ട, പൊരിക്കപ്പെട്ട
ഭൃഷ്ടകാരൻ നാ. ഇറച്ചിവറുക്കുന്ന പാചകൻ
ഭൃഷ്ടം നാ. വറുത്തമാംസം
ഭേകം നാ. 1. തവള; 2. കുറിയാട്; 3. മുത്തങ്ങ; 4. മേഘം
ഭേകൻ നാ. ഭീരു
ഭേകഭുക്ക് നാ. 'തവളയെ തിന്നുന്നത്', പാമ്പ്
ഭേകി നാ. 1. പെൺതവള; 2. തവളക്കുഞ്ഞ്; 3. ചെറിയ ബ്രഹ്മി
ഭേഡം നാ. 1. മുട്ടാട്; 2. ചങ്ങാടം
ഭേഡി നാ. പെണ്ണാട്
ഭേത്തവ്യ വി. ഭേദനം ചെയ്യത്തക്ക
ഭേത്താവ് നാ. ഭേദനംചെയ്യുന്നവൻ, കലഹമുണ്ടാക്കുന്നവൻ, ഒറ്റുകാരൻ
ഭേദക വി. ഭേദിപ്പിക്കുന്ന
ഭേദകം നാ. (വ്യാക) വിശേഷണം
ഭേദകാനുപ്രയോഗം നാ. (വ്യാക) അനുപ്രയോഗങ്ങളിൽ ഒന്ന് (ധാതുവിൻെറ സ്വാന്താർഥത്തിൽ ചില വിശേഷാർഥങ്ങളെ ചേർക്കുന്നത്)
ഭേദഗതി നാ. 1. വുത്യാസം (വരുത്തൽ); 2. തുല്യമല്ലാതെയുള്ള അവസ്ഥ; 3. ഒരു തീരുമാനത്തിനോ നിയമത്തിനോ പ്രമേയത്തിനോ വരുത്തണമെന്നു നിർദേശിക്കുന്ന മാറ്റം
ഭേദനം നാ. 1. ഭേദിപ്പിക്കുന്നത്, ഭേദിപ്പിക്കൽ; 2. കലഹമുണ്ടാക്കൽ; 3. പെരുങ്കായം; 4. ഞെരിഞ്ഞാമ്പുളി; 5. പന്നി
ഭേദപ്പെടുക ക്രി. 1. വ്യത്യാസം വരുക ; 2. രോഗം ശമിക്കുക; 3. മെച്ചപ്പെടുക
ഭേദം നാ. 1. വ്യത്യാസം; 2. വിടവ്; 3. വിഭജനം; 4. അകൽച്ച; 5. പിണക്കം; 6. കുറവ്, ശമനം; 7. ചതുരുപായങ്ങളിൽ മൂന്നാമത്തേത്, ഭേദോപായം; 8. ഉത്തമം, വിശേഷം, മെച്ചം; 9. സ്ഥിതി; 10. വെളിപ്പെടുത്തൽ (സഹസ്യമെന്നതു പോലെ); 11. ഇനം, വർഗം
ഭേദാഭേദം നാ. ഭേദവും അഭേദവും (വ്യത്യാസവും സാമ്യവും)

ഭേദി1 വി. 1. ഇളക്കുന്ന, കലക്കുന്ന; 2. ലായകശക്തിയുള്ള; 3. പിളർക്കുന്ന; 4. വിശേഷിപ്പിക്കുന്ന
ഭേദി2 നാ. 1. ഞെരിഞ്ഞാമ്പുളി; 2. മലശോധന, മലം. (പ്ര) ഭേദിയിളക്കുക, ഭേദിക്കുള്ള മരുന്ന്
ഭേദിക നാ. നാശം
ഭേദിക്കുക ക്രി. 1. വേർപിരിയുക, പിളരുക; 2. വ്യത്യാസം വരുക; 3. ശമിക്കുക; 4. അകലുക, പിണങ്ങുക; 5. സന്ദേഹിക്കുക
ഭേദിത വി. ഭേദിക്കപ്പെട്ട, ഭിന്നിപ്പിക്കപ്പെട്ട, അകറ്റിയ
ഭേദിനി നാ. കരിഞ്ജീരകം
ഭേദിരം,ഭേദുരം നാ. ഇടിവാൾ
ഭേദോപായം നാ. ചതുരുപായങ്ങളിൽ മൂന്നാമത്തേത്
ഭേദ്യ വി. ഭേദി(പ്പി)ക്കപ്പെടുവാൻ തക്ക
ഭേദ്യം നാ. 1. രോഗം; 2. (മുറിച്ചുകളഞ്ഞു) ശമിപ്പിക്കാവുന്ന രോഗം, ഭേദ്യരോഗം; 3. ദണ്ഡപ്രയോഗം; 4. നാമം, വിശേഷ്യം. (പ്ര) ഭേദ്യംചെയ്യുക = പീഡിപ്പിക്കുക
ഭേരം നാ. ഭേരി
ഭേരി നാ. ഒരു വലിയ വാദ്യം, പെരുമ്പറ
ഭേരുണ്ഡ വി. ഭയങ്കരമായ
ഭേരുണ്ഡകം നാ. കുറുനരി
ഭേരുണ്ഡൻ നാ. ശിവൻ, ശിവൻെറ ഒരു രൂപം
ഭേരുണ്ഡംൻ നാ. 1. ഉത്പാദനം, ഗർഭധാരണം; 2. ഒരു പക്ഷി; 3. ഭയങ്കരം
ഭേല വി. 1. ഭീരുവായ; 2. ചാപല്യമുള്ള; 3. മൂഢനായ; 4. പൊക്കമുള്ള; 5. ചുറുചുറുക്കുള്ള
ഭേലം നാ. ചങ്ങാടം, വള്ളം
ഭേഷ് [<ഹി] വ്യാക്ഷേ നന്ന്, കൊള്ളാം
ഭേഷജം1 നാ. 1. ഔഷധം; 2. പരിഹാരം; 3. ജലം
ഭേഷജം2 നാ. 1. രോഗനിവാരണത്തിനും മറ്റും ഉപയോഗിക്കുന്ന ഒരു അഥർവവേദമന്ത്രം; 2. ചതി; 3. പിശാചുബാധ, പേപ്പിടി
ഭേഷജാങ്ഗം നാ. മരുന്നുകലക്കി സേവിക്കാനുള്ള (അഥവാ മരുന്നു കഴിച്ചതിനുശേഷം സേവിക്കുന്ന) തേൻ പാൽ മുതലായവ
ഭേഷം നാ. 1. ഭയപ്പെടുത്തുന്നത്; 2. രോഗം
ഭേസുക ക്രി. പേറുക, വഹിക്കുക
ഭൈക്ഷം നാ. പിച്ചയിരന്നുകിട്ടിയ സാധനം
ഭൈമി നാ. 1. ദമയന്തി; 2. ഒരു ചെടി, പൂതച്ചെടയൻ
ഭൈരവ വി. 1. ഭൈരവനെ സംബന്ധിച്ച; 2. ഭയങ്കരമായ; 3. ദയനീയമായ
ഭൈരവൻ നാ. 1. ശിവൻ, ശിവൻെറ എട്ടു രൂപങ്ങളിൽ ഒന്ന്; 2. ഭയങ്കരൻ
ഭൈരവം നാ. 1. ഭയം; 2. ഭയാനകരസം; 3. (സങ്ഗീ) ഒരു രാഗം
ഭൈരവി നാ. 1. ഭദ്രകാളി; 2. (സങ്ഗി) ഒരു രാഗം; 3. ഭയങ്കരി
ഭൈഷജം നാ. 1. ഔഷധം; 2. കാടപ്പക്ഷി
ഭൈഷജികൻ നാ. വൈദ്യൻ

ഭൈഷജ്യം	നാ.	1. ചികിത്സ; 2. ഔഷധം
ഭോ	അവ്യ. സംബോധനാവാചിയായ പദം. 1. എടോ; 2. ഹേ; 3. അല്ലയോ
ഭോക്തവ്യ	വി.	ഭുജിക്കത്തക്ക, അനുഭവിക്കാനുള്ള
ഭോക്താവ്	നാ.	1. ഭുജിക്കുന്നവൻ; 2. കൈവശക്കാരൻ; 3. ഭർത്താവ്; 4. രാജാവ്; 5. വിഷ്ണു
ഭോക്തും	അവ്യ	ഭുജിക്കുന്നതിന്
ഭോക്തുകാമൻ	നാ.	1. ഭുജിക്കാനാഗ്രഹമുള്ളവൻ; 2. മൂന്നുതരം ബാധകളിൽ ഒന്ന്
ഭോക്തൃ	വി.	ഭുജിക്കുന്ന, അനുഭവിക്കുന്ന
ഭോക്തൃത്വം	നാ.	അനുഭവം, ഭോക്താവിൻെറ സ്ഥിതി
ഭോഗതൃഷ്ണ	നാ.	വിഷയസുഖേച്ഛ
ഭോഗദേഹം	നാ.	സൂക്ഷ്മശരീരം
ഭോഗധരം	നാ.	സർപ്പം
ഭോഗപാത്രം	നാ.	ജനനേന്ദ്രിയം
ഭോഗപാലൻ	നാ.	1. കുതിരക്കാരൻ; 2. യുവാവ്; 3. മണവാളൻ
ഭോഗഭൂമി	നാ.	1. സ്വർഗം; 2. സുഖമുള്ള ദേശം
ഭോഗം	നാ.	1. സന്തോഷം; 2. (വിഷയ) സുഖാനുഭവം, സംഭോഗം; 3. സമ്പത്ത്, സുഖോപകരണം; 4. ആദായം, കൂലി; 5. പാമ്പിൻെറ പത്തി; 6. ശരീരം; 7. അണിയിട്ടുനിൽക്കുന്ന സൈന്യം; 8. വേശ്യമാർക്കും മറ്റും കൊടുക്കുന്ന ധനം മുതലായവ; 9. സ്ത്രീകളേയോ ആന പട്ടി തുടങ്ങിയ മൃഗങ്ങളെയോ ഭരിക്കുക; 10. കൈവശാവകാശം; 11. സദ്യവട്ടം
ഭോഗലാഭം	നാ.	1. പലിശ; 2. ക്ഷേമം
ഭോഗലോല	വി.	ഭോഗത്തിൽ (വിഷയത്തിൽ) താത്പര്യമുള്ള, ഭോഗലോലുപ
ഭോഗവതി	നാ.	1. നാഗങ്ങളുടെ നഗരം (പാതാളത്തിലുള്ളത്); 2. പാതാള ഗങ്ഗ; 3. നാഗകന്യക; 4. ഐശ്വര്യവതി; 5. പുഴമുഞ്ഞ
ഭോഗവത്ത്1	വി.	1. സുഖം നൽകുന്ന; 2. ഐശ്വര്യമുള്ള; 3. ചുരുളുകളുള്ള
ഭോഗവത്ത്2	നാ.	1. പാമ്പ്; 2. പർവതം; 3. അഭിനയം നൃത്തം ഗാനം ഇവ മൂന്നും കൂടിയത്
ഭോഗവസ്തു	നാ.	1. അനുഭവത്തിലുള്ള വസ്തു; 2. സുഖാനുഭവത്തിനുള്ള സാമഗ്രി
ഭോഗവാൻ	നാ.	ഭോഗവത്ത്
ഭോഗശീല	നാ.	കാമിനി
ഭോഗാവാസം	നാ.	അന്തഃപുരം
ഭോഗി1	വി.	1. ഭോഗമുള്ള, അനുഭവിക്കുന്ന; 2. സഹിക്കുന്ന; 3. വിഷയസുഖത്തിൽ മുഴുകിയ; 4. ഐശ്വര്യമുള്ള
ഭോഗി2	നാ.	1. ഫണമുള്ളത്, സർപ്പം; 2. രാജാവ്; 3. വിടൻ; 4. സുഖി; 5. നാഗതാളി; 6. ക്ഷുരകൻ; 7. ഗ്രാമത്തിൽ പ്രധാനി; 8. പോണ്ടൻ; 9. ആയില്യം നക്ഷത്രം
ഭോഗികൻ	നാ.	കുതിരക്കാരൻ

ഭോഗിക്കുക ക്രി. 1. (സുഖം) അനുഭവിക്കുക; 2. സ്ത്രീ സംഭോഗംചെയ്യുക
ഭോഗിനി നാ. 1. മഹിഷിയല്ലാത്ത രാജസ്ത്രീ; 2. (രാജാവിൻെറ) വെപ്പാട്ടി; 3. നാഗങ്ങളുടെ തലസ്ഥാനം
ഭോഗിഭുക്ക് നാ. 'പാമ്പിനെതിന്നുന്നത്', 1. മയിൽ; 2. കീരി
ഭോഗീന്ദ്രൻ നാ. 1. സർപ്പരാജൻ; 2. അനന്തൻ; 3. വാസുകി
ഭോഗേച്ഛ നാ. ഭോഗത്തിലുള്ള ആഗ്രഹം, (വിഷയ) സുഖതത്പരത
ഭോഗ്യ1 വി. 1 അനുഭവിക്കത്തക്ക; 2. ലാഭകരമായ
ഭോഗ്യ2 നാ. വ്യഭിചാരിണി, സംഭോഗയോഗ്യ
ഭോജകൻ നാ. ഭുജിപ്പിക്കുന്നവൻ
ഭോജൻ നാ. 1. ഒരു (ഉജ്ജയിനീ) രാജാവ്; 2. ഒരു വിദർഭരാജാവ്; 3. മഹാമനസ്കൻ; 4. കൃതവർമാവ്; 5. യാദവൻ
ഭോജനൻ നാ. 1. ശിവൻ; 2. വിഷ്ണു
ഭോജനപ്രിയൻ നാ. ഭക്ഷണപദാർഥങ്ങളിൽ അധികം താത്പര്യമുള്ളവൻ, തീറ്റിപ്രിയൻ
ഭോജനം നാ. 1. ഭക്ഷണം, കൊറ്റ്, ഭക്ഷണപദാർഥം; 2. വസ്തുവക, ധനം; 3. അനുഭവം
ഭോജനീയം നാ. 1. തിന്നാൻകൊള്ളവുന്നത്; 2. അനുഭവയോഗ്യമായത്
ഭോജപതി നാ. 1. ഭോജരാജാവ്; 2. കംസൻ; 3. കർണൻ
ഭോജം നാ. ഒരു രാജ്യം (ഭാരതത്തിലെ അമ്പത്താറു രാജ്യങ്ങളിൽ ഒന്ന്)
ഭോജയിതാവ് നാ. ഊട്ടുന്നവൻ
ഭോജി നാ. ഭുജിക്കുന്നവൻ
ഭോജ്യ1 വി. ഭുജിക്കത്തക
ഭോജ്യ2 നാ. ഭോജരാജ്യത്തിലെ രാജകുമാരി
ഭോജ്യം നാ. 1. ഭക്ഷണസാധനം; 2. കലവറ; 3. അനുഭോഗം; 4. ലാഭം
ഭോടം നാ. ഒരു രാജ്യം, ടിബറ്റ്
ഭോടീയ വി. ടിബറ്റിലുള്ള
ഭോലാനാഥൻ നാ. ശിവൻ
1155
ഭോഷത്തം നാ. ഭോഷൻെറ സ്ഥിതി (സംസ്കൃതീകൃതരൂപം)
ഭോഷത്തരം,-നം നാ. ഭോഷത്തം
ഭോഷൻ നാ. ബുദ്ധിയില്ലാത്തവൻ
ഭോഷ്കാരം നാ. 1. കീഴ്ശ്വാസം, കുശു; 2. മോശപ്പെട്ടത്, നിസ്സാരമായത്, വെറുപ്പുണ്ടാക്കുന്നത്
ഭോഷ്ക് നാ. അസത്യം, നുണ
ഭൗത വി. 1. പഞ്ചഭൂതങ്ങളെ സംബന്ധിച്ച; 2. ജീവികളെ സംബന്ധിച്ച; 3. ഭൂതപിശാചുക്കളെ സംബന്ധിച്ച; 4. ഭ്രാന്തുള്ള
ഭൗതിക വി. 1. ഭൂതസംബന്ധമ്മയ; 2. പഞ്ചഭൂതനിർമിതമായ; 3. ലോകസംബന്ധിയായ
ഭൗതികൻ നാ. ശിവൻ

ഭൗതികപിണ്ഡം നാ. ശരീരം (പഞ്ചഭൂതനിർമിതമായ പിണ്ഡം)
ഭൗതികം നാ. ഭൂതവസ്തുക്കളെക്കുറിച്ചു പഠിക്കുന്ന ശാസ്ത്രം (ഫിസിക്സ്); 2. ചേരുമരം; 3. മുത്ത്; 4. നീണ്ടകാഹളം
ഭൗതികവാദം നാ. അനാത്മവാദം, ചാർവാകമതം, ദൃശ്യപ്രപഞ്ചമാണ് ഉണ്മ എന്ന വാദം
ഭൗതികവിദ്യ നാ. 1. മന്ത്രവാദം; 2. ആധ്യാത്മികശസ്ത്രങ്ങളൊഴികെയുള്ള വിജ്ഞാനം, പ്രായോഗിക ശാസ്ത്രവിദ്യ
ഭൗമ1 വി. 1. ഭൂമിയിലുണ്ടായ, ഭൂമി സംബന്ധിച്ച; 2. കുജനെ സംബന്ധിച്ച
ഭൗമ2 നാ. മൂവില
ഭൗമകം നാ. ഭൂമിയിൽ ജീവിക്കുന്ന ജന്തു
ഭൗമദിനം നാ. 1. കുജവാരം; 2. ഭൂമിയിലെ ഒരു ദിവസം
ഭൗമൻ നാ. 'ഭൂമിയിൽനിന്നു പുത്രനായി ജനിച്ചവൻ', 1. ചൊവ്വാ; 2. (പുരാണ) നരകാസുരൻ; 3. അത്രി
ഭൗമം നാ. 1. ഉവരുപ്പ്; 2. ജലം; 3. ആകാശം; 4. പ്രകാശം
ഭൗമി നാ. ഭൂമിയുടെ മകൾ, സീത
ഭൗമിക വി. ഭൂമിയെ സംബന്ധിച്ച, ഭൂമിയിലുള്ള
ഭൗമ്യ വി. ഭൂമിയിലുള്ള, ഭൂമിയിൽ ജീവിക്കുന്ന, ഭൂമിയെ സംബന്ധിച്ച
ഭൗവനൻ നാ. വിശ്വകർമാവ്
ഭ്രംശം നാ. 1. വീഴ്ച, പതനം, മാറ്റം; 2. അഭാവം; 3. നാശം, ക്ഷയം; 4. ഓട്ടം
ഭ്രംശനം നാ. 1. പതനം, വീഴ്ച; 2. (സ്ഥാന) ച്യുതി
ഭ്രംശിക്കുക ക്രി. സ്ഥാനത്തുനിന്നും മാറ്റം വരിക, വീഴുക
ഭ്രംശിത വി. 1. ഭ്രംശിക്കപ്പെട്ട; 2. ഭ്രഷ്ടനായ
ഭ്രമ നാ. ചുഴൽച്ച
ഭ്രമണം നാ. 1. ചുറ്റൽ, ചുഴൽച്ച, കറക്കം; 2. വ്യതിചലനം; 3. യാത്ര; 4. ഗ്രഹകക്ഷ്യ; 5. ഒരുതരം കളി; 6. തലചുറ്റൽ
ഭ്രമണി നാ. 1. കുളയട്ട; 2. ഒരുതരം കളി
ഭ്രമത്ത് വി. ഭ്രമിക്കുന്ന, കറങ്ങിക്കൊണ്ടിരിക്കുന്ന
ഭ്രമഭൂത വി. 1. തെറ്റിൽനിന്നുണ്ടയ; 2. അയഥാർഥമായ
ഭ്രമം നാ. 1. കറക്കം, ചുറ്റിത്തിരിയൽ; 2. ഭ്രാന്തി, തെറ്റിദ്ധാരണ, കുഴപ്പം; 3. ബോധക്കേട്; 4. നീർച്ചുഴി; 5. ഉറവ്; 6. കുശവൻെറ ചക്രം; 7. (ചവിട്ടിക്കറക്കുന്ന) ചാണ; 8. വിസ്മയം
ഭ്രമര വി. ചുറ്റുന്ന, ചുറ്റിക്കറങ്ങുന്ന
ഭ്രമരകം നാ. 1. നെറ്റിയിൽ തൂങ്ങിക്കിടക്കുന്ന കുറുനിര; 2. വണ്ട്; 3. പമ്പരം; 4. നീർച്ചുഴി; 5. ജലം; 6. കാവിമണ്ണ്; 7. കളിപ്പന്ത്; 8. തേനീച്ച; 9. കുശവൻെറ ചക്രം
ഭ്രമരകീടം നാ. 1. വേട്ടാവളിയൻ; 2. വണ്ട്
ഭ്രമരൻ നാ. 1. സ്ത്രീലോലൻ; 2. കാമുകൻ; 3. യുവാവ്; 4. ആൺവണ്ട്

ഭ്രമരം നാ. 1. വണ്ട് (എപ്പോഴും ചുറ്റുയലയുന്നത്); 2. ഒരു രോഗം, തലതിരിച്ചിൽ; 3. ഒരുതരം തേൻ; 4. തേനീച്ച; 5. കുശവൻെറ ചക്രം; 6. അരക്ക്; 7. ഹസ്തമുദ്ര

ഭ്രമരി നാ. 1. പെൺവണ്ട്; 2. കരിങ്കച്ചോലം; 3. പുത്രദായി, ഒരു വള്ളിച്ചെടി

ഭ്രമരികാ നാ. അലഞ്ഞുനടപ്പ്; ചുറ്റിത്തിരിയൽ

ഭ്രമി1 വി. ഭ്രമമുള്ള, ചുറ്റിത്തിരിയുന്ന

ഭ്രമി2 നാ. 1. ഭ്രമണം; 2. തെറ്റ്; 3. തലതിരിച്ചിൽ; 4. ചക്രം തിരിച്ചിൽ; 5. കുശച്ചക്രം; 6. വൃത്താകാരമായ സൈന്യവ്യൂഹം; 7. നീർച്ചുഴി

ഭ്രമിക്കുക ക്രി. 1. ചുറ്റുത്തിരിയുക, കറങ്ങുക; 2. തെറ്റുക; 3. മനസ്സിളകുക, ഭ്രാന്തുപിടിക്കുക; 4. വിസ്മയിക്കുക; 5. മോഹിക്കുക

ഭ്രമണി നാ. ഭ്രമിക്കുന്നവൾ, ചുറ്റിത്തിരിയുന്നവൾ

ഭ്രമിത വി. ഭ്രമിച്ച, വട്ടം തിരിഞ്ഞ

ഭ്രശിമാവ് നാ. 1. അതിക്രമം; 2. ആധിക്യം

ഭ്രഷ്ട1 വി. 1. ഭ്രംശിച്ച, വീണുപോയ; 2. സ്ഥാനത്തുനിന്നു മാറിയ; 3. നശിച്ച, ദൂഷിതമായ

ഭ്രഷ്ട2 നാ. 1. കുലട; 2. പുറത്താക്കപ്പെട്ടവൾ

ഭ്രഷ്ട് നാ. 1. ഭ്രഷ്ടത, പാതിത്യം; 2. കുലത്തിനോ വംശത്തിനോ ചേരാത്ത പ്രവൃത്തിമൂലം പുറന്തള്ളപ്പെട്ട സ്ഥിതി

ഭ്രാജകം നാ. 1. പ്രകാശിപ്പിക്കുന്നത്; 2. പിത്തനീര്

ഭ്രാജനം നാ. പ്രകാശിപ്പിക്കൽ, വിളക്കൽ

ഭ്രാജിഷ്ണു1 വി. ഭ്രാജിക്കുന്ന, ശോഭിക്കുന്ന

ഭ്രാജിഷ്ണു2 നാ. 1. ശിവൻ; 2. വിഷ്ണു

ഭ്രാതാവ് നാ. 1. സഹോദരൻ; 2. ഉറ്റമിത്രം

ഭ്രാതൃക വി. ഭ്രാതാവിനെ സംബന്ധിച്ച

ഭ്രാതൃജ വി. ഭ്രാതാവിൽനിന്നു ജനിച്ച

ഭ്രാതൃത്വം നാ. സഹോദരനായിരിക്കുന്ന അവസ്ഥ

ഭ്രാതൃവ്യൻ നാ. 1. സഹോദരൻെറ പുത്രൻ; 2. ശത്രു

ഭ്രാത്ര്യം നാ. സഹോദരത്വം

ഭ്രാന്ത1 വി. ഭ്രമിക്കുന്ന, ചുറ്റിത്തിരിയുന്ന, സ്ഥിരതയില്ലാത്ത

ഭ്രാന്ത2 നാ. ഭ്രാന്തുള്ളവൾ

ഭ്രാന്തൻ നാ. 1. ഭ്രാന്തുള്ളവൻ; ഭ്രമിച്ചവൻ; 2. മദഗജം; 3. ഭോഷൻ

ഭ്രാന്തി1 നാ. 1. ഭ്രമണം; 2. തെറ്റിദ്ധരിക്കൽ; 3. സാദൃശ്യംകൊണ്ട് ഒന്ന് മറ്റൊന്നാണെന്നു തോന്നൽ; 4. ബുദ്ധിഭ്രമം; 5. മിഥ്യയെ യാഥാർഥ്യമെന്നു ധരിക്കൽ

ഭ്രാന്തി2 നാ. ഭ്രാന്തുള്ളവൾ (ഭ്രാന്തൻ എന്നതിൻെറ സ്ത്രീലിങ്ഗരൂപം)

ഭ്രാന്തിമാൻ നാ. 1. ഭ്രാന്തിയുള്ളത്; 2. (അലം) ഒരു അർഥാലങ്കാരം

ഭ്രാമക വി. 1. ഭ്രമിപ്പിക്കുന്ന; 2. ചതിക്കുന്ന; 3. മിഥ്യയായ

ഭ്രാമകം നാ. 1. അയസ്കാന്തം; 2. കുറുനരി; 3. സൂര്യകാന്തിപ്പൂവ്

ഭ്രാമണം നാ. ഭ്രമിപ്പിക്കൽ, ചുറ്റിക്കൽ

ഭ്രാമര വി. ഭ്രമരത്തെ സംബന്ധിച്ച

ഭ്രാമരം		നാ.	1. ഒരുതരം (വെളുത്ത) തേൻ; 2. ഒരിനം കളി; 3. അയസ്കാന്തവിശേഷം; 4. ഭ്രമണം, ചുറ്റൽ; 5. ചുഴലി; 6. ഒരുതരം രതിബന്ധം; 7. ഒരു ഗ്രാമം
ഭ്രാമരി1		വി.	1. ഭ്രമിക്കുന്ന, ചുറ്റുന്ന; 2. ഭ്രമരത്തിൽനിന്നുണ്ടായ; 3. തലക്കറക്കമുള്ള
ഭ്രാമരി2		നാ.	1. ദുർഗ; 2. പ്രദക്ഷിണംവയ്പ്പ്
ഭ്രാമിത		വി.	ഭ്രമിക്കപ്പെട്ട
ഭ്രാഷ്ട്ര		വി.	വറുത്ത, പൊരിച്ച
ഭ്രാഷ്ട്രകം		നാ.	വറകലം
ഭ്രാഷ്ട്രം		നാ.	1. വറകലം; 2. വറുക്കുന്നതിനുള്ള കരണ്ടിയും മറ്റും; 3. പ്രകാശം
ഭ്രുകുടി		നാ.	1. അസൂയ കോപം തുടങ്ങിയവകൊണ്ട് പുരികത്തിനുണ്ടാകുന്ന വളവ്; 2. ചുളുക്കിയ പുരികം
ഭ്രൂ	നാ.	പുരികം
ഭ്രൂകുടി		നാ.	ഭ്രുകുടി
ഭ്രൂക്ഷേപണം		നാ.	ഭ്രൂക്ഷേപം
ഭ്രൂക്ഷേപം		നാ.	കോപം, പുരികം ചുളിക്കൽ
ഭ്രൂചലനം		നാ.	ഭ്രൂക്ഷേപം
ഭ്രൂണഘ്ന		വി.	1. ഗർഭമലസിപ്പിക്കുന്ന; 2. ശിശുഹത്യചെയ്യുന്ന
ഭ്രൂണം		നാ.	1. ഗർഭസ്ഥിതമായ പ്രജ; 2. ശിശു
ഭ്രൂണഹതി,-ഹത്യ		നാ.	1. ഗർഭമലസിപ്പിക്കൽ; 2. ഗർഭത്തിലുള്ള ശിശുവിൻെറ വധം
ഭ്രൂണഹന്താ(വ്)		നാ.	ഭ്രൂണഹരൻ
ഭ്രൂഭങ്ഗം		നാ.	പുരികത്തിൻെറ ഇളക്കം, പുരികം ചുളിക്കൽ, കോപം
ഭ്രൂഭേദം		നാ.	ഭ്രൂഭങ്ഗം
ഭ്രൂമധ്യം		നാ.	പുരികത്തിൻെറ നടുഭാഗം
ഭ്രൂലത,-വല്ലി		നാ.	പുരികക്കൊടി
ഭ്രൂവിക്ഷേപം		നാ.	പുരികം ഇളക്കൽ
ഭ്രൂവിഭ്രമം		നാ.	പുരികംവെട്ടൽ (ശൃങ്ഗാരചേഷ്ടകളിലൊന്ന്)
ഭ്രൂസംജ്ഞ		നാ.	പുരികംകൊണ്ടുള്ള അറിയിപ്പ്
ഭ്രേഷണം		നാ.	1. (സ്ഥാനത്തുനിന്നുള്ള) വീഴ്ച; 2. 2. ചലനം, നടക്കൽ; 3. ചേതം

മ

മ	[മ്-അ]		മലയാള അക്ഷരമാലയിലെ ഇരുപത്തഞ്ചാമത്തെ വ്യഞ്ജനം. പവർഗത്തിലെ അനുനാസികം
മകം	നാ.	(ജ്യോ) അശ്വതിതൊട്ടു പത്താമത്തെ നക്ഷത്രം
മകയിരം		നാ.	(ജ്യോ) അഞ്ചാമത്തെ നക്ഷത്രം
മകരകേതനൻ		നാ.	മകരധ്വജൻ, കാമദേവൻ
മകരധ്വജം		നാ.	1. ഒരു ഔഷധം; 2. ഒരുതരം സൈന്യവ്യൂഹം

മകാന്ദം നാ. 1. പൂന്തേൻ; 2. താമരയല്ലി; 3. കുരുക്കുത്തിമുല്ല; 4. തേനീച്ച; 5. കുയിൽ
മകരം നാ. 1. (ജ്യോ) മേടം മുതൽ പത്താമ്രാശി (ആകൃതി മകരമത്സ്യത്തെപ്പോലെയാകയാൽ); 2. ആറാമത്തെ മലയാളമാസം; 3. നവനിധികളിലൊന്ന്; 4. വരുണൻെറ വാഹനം; 5. കാമദേവൻെറ കൊടിയടയാളം; 6. ഒരുതരം കർണാഭരണം; 7. ഒരു പർവതം; 8. താന്നിമരം; 9. ഇലഞ്ഞി
മകരലോചന നാ. സുന്ദരി
മകരവാഹനൻ നാ. വരുണൻ
മകരവിളക്ക് നാ. ഒരു മഹോത്സവം
മകരവ്യൂഹം നാ. മകരമത്സ്യത്തിൻെറ ആകൃതിയിലുള്ള സൈന്യവിന്യാസം
മകരസക്രമ(ണ)ം നാ. സൂര്യൻ ധനുരാശിയിൽനിന്നു മകരം രാശിയിലേക്കു കടക്കുന്ന സമയം അഥവാ ദിവസം
മകരാങ്കം നാ. കടൽ, സമുദ്രം
മകരാലയം നാ. 1. സമുദ്രം; 2. നാല് എന്ന സങ്ഖ്യ
മകരാശ്വൻ നാ. വരുണൻ
1157
മകരി നാ. 1. സമുദ്രം; 2. പെൺമുതല; 3. ഒരു രാക്ഷസി; 4. പാമ്പിൻെറ രണ്ടാമത്തെ വിഷപ്പല്ല്; 5. ഒരു ശിരോലങ്കാരം
മകരിക നാ. തോരണം
മകരേശൻ നാ. വരുണൻ
മകൾ നാ. പുത്രി
മകളി നാ. വിഭ്രമം, വിലാസം
മകാ [അറ] നാ. ശവസംസ്കാരസ്ഥലം; 2. (പുണ്യ) സ്ഥലം
മകാരം നാ. 'മ' എന്ന അക്ഷരം
മകാരങ്ങൾ നാ. (ബ.വ.) 1. 'മ' എന്ന അക്ഷരത്തിൽ തുടങ്ങുന്ന മൂന്നുകാര്യങ്ങൾ (മത്സ്യം, മാംസം, മദ്യം എന്നിവ); 2. 'മ' എന്ന അക്ഷരത്തിൽ തുടങ്ങുന്ന അഞ്ചുകാര്യങ്ങൾ (മദ്യം, മാംസം, മത്സ്യം, മുദ്രാ, മൈഥുനം എന്നിവ)
മകിടിക്കുക ക്രി. 1. മറിയുക; 2. ഇളക്കുക
മകിഴുക ക്രി. 1. സന്തോഷിക്കുക; 2. ക്രീഡിക്കുക. മാമ്പൂകണ്ടും മക്കളെക്കണ്ടും മകിഴരുത് (പഴ)
മകുടം നാ. 1. ശിരോഭൂഷണം (ശിരസ്സിനെ അലങ്കരിക്കുന്നത്); 2. തൂണിൻെറയും മറ്റും മുകളിലുള്ള ചിത്രപ്പണി; 3. മുകൾ ഭാഗം (പ്ര) മകുടം വയ്ക്കുക = പ്രധാനസ്ഥാനം നൽകുക
മകുടമണി നാ. 1. കിരീടത്തിലെയും മറ്റും പ്രധാന രത്നം; 2. ഏറ്റവും ശ്രേഷ്ഠമായ സ്ഥാനം
മകുടി നാ. 1. പാമ്പാട്ടികളുപയോഗിക്കുന്ന ഒരിനം ഊത്തു കുഴൽ; 2. ഒരു കൗശലവിദ്യ
മക്ക1,മക്കം [അറ] നാ. മുഹമ്മദീയരുടെ ഒരു പുണ്യസ്ഥലം
മക്ക2 നാ. നെയ്ത്തു തറി
മക്കത്തായം നാ. അച്ഛൻെറ സമ്പത്തു മക്കൾക്കുകിട്ടുന്ന അവകാശക്രമം

മക്കന [അറ] നാ. മൂടുപടം
മക്കളിക്കുക ക്രി. 1. നീക്കുക; 2. ചറുക്കുക; 3. പുരളുക; 4. വിട്ടുവിട്ടു വേദനവരിക
മക്കാർ [അറ] നാ. പരിഹാസം, തൊന്തരവ് (പ്ര) മക്കാറാക്കുക = 1. ഊശിയാക്കുക; 2. ഉപദ്രവിക്കുക; 3. കുഴപ്പമാക്കുക
മക്ക് നാ. 1. ഒരുതരം പശ, ആശാരിപ്പണിയിൽ തടികൾതമ്മിൽ കൂട്ടിച്ചേർക്കുമ്പോൾ ഉപയോഗിക്കുന്നത്; 2. മങ്ക്, പതിര്, വളർച്ചയെത്താത്ത കായ്; 3. മാന്ദ്യം; 4. കട്ട്; 5. ഭോഷൻ, നിസ്സാരൻ
മക്കൂണം നാ. മൂട്ട
മക്കോലം നാ. ചുണ്ണാമ്പുകല്ല്, എഴുത്തുകല്ല്
മക്തബ് [അറ] നാ. പ്രാഥമികവിദ്യാലയം
മക്ഷണം നാ. വെണ്ണ
മക്ഷം നാ. 1. കൂട്ടം; 2. കോപം; 3. കപടഭാവം
മക്ഷി(ക) നാ. ഈച്ച, തേനീച്ച
മക്ഷികാമലം നാ. തേൻമെഴുക്
മക്ഷികാസനം നാ. തേൻമെഴുക്
മഖദ്വേഷി നാ. 1. ശിവൻ; 2. അസുരൻ
മഖം നാ. യാഗം
മഗണം നാ. (വൃത്ത) മൂന്നുഗുരുക്കൾ ചേർന്ന ഗണം
മഗധ നാ. 1. ഒറു രാജ്യം; 2. തിപ്പലി
മഗധൻ നാ. 1. സ്തുതിപാടുന്നവൻ (വംശപരമ്പരയെ പാടിസ്തുതിക്കുന്ന കവി); 2. മഗധദേശത്തുള്ളവൻ
മഗധേശൻ നാ. (പുരാണ) ജരാസന്ധൻ (മഗധരാജ്യത്തിൻെറ അധിപൻ)
മഗ്ന വി. 1. മജ്ജനം ചെയ്ത, മുഴുകിയ; 2. ലയിച്ച
മഘ നാ. പത്താമത്തെ നക്ഷത്രം, മകം
മഘം നാ. 1. മകം നക്ഷത്രം; 2. ഒരു ദ്വീപ് (ലോകവിഭാഗങ്ങളിൽ ഒന്ന്); 3. ഒരു അങ്ങാടിമരുന്ന്; 4. ഭാഗ്യം, സുഖം; 5. ഒരു പുഷ്പം; 6. ഒരു ഉത്സവം; 7. ദാനം
മഘവാൻ നാ. ഇന്ദ്രൻ, മഘവാവ്
മഘാത്രയോദശി നാ. ഭാദ്രപദമാസത്തിലെ കൃഷ്ണപക്ഷത്രയോദശി
മഘാഭവൻ നാ. ശുക്രൻ
മങ്ക നാ. 1. സ്ത്രീ (15–16 വയസ്സുള്ളവൾ); 2. കളിക്കാരി
മങ്കലി നാ. ക്ഷുരകൻ
മങ്കിതം നാ. 1. ചലം; 2. ചോല, തണൽ; 3. മങ്ങൽ
മങ്കിലം നാ. കാട്ടുതീയ്
മങ്ക് നാ. പതിര്, കേടുപറ്റിയ (മുറ്റാത്ത) ധാന്യം
മങ്കുരം നാ. കണ്ണാടി
മങ്കുഴിമാൻ നാ. ഉടുമ്പ്
മങ്ഗല1 വി. ശുഭമായ, ശ്രേയസ്കരമായ; 2. ധീരമായ

മങ്ഗല2 നാ. 1. ലക്ഷ്മി; 2. പാർവതി; 3. ദുർഗ; 4. വിവാഹിത; 5. പതിവ്രത; 6. കറുക; 7. മഞ്ഞൾ; 8. ഒരു വാദ്യം
മങ്ഗലകർമം നാ. 1. ശുഭകർമം; 2. വിവാഹം; 3. മങ്ഗളകർമം
മങ്ഗലകലശം നാ. ജലം നിറച്ചു പൂജിച്ച കുടം, പൂർണകുംഭം (ഐശ്വര്യത്തിൻെറ പ്രതീകം), മങ്ഗളകലശം
മങ്ഗലകാരക വി. ഐശ്വര്യമുണ്ടാക്കുന്ന, നന്മ നൽകുന്ന, മങ്ഗളകാരക
മങ്ഗലകാരി വി. നന്മവരുത്തുന്ന, ശുഭപ്രദമായ, മങ്ഗളകാരി
മങ്ഗലക്ഷൗമം നാ. മങ്ഗളാവസരങ്ങളിൽ ധരിക്കുന്ന പട്ടുവസ്ത്രം
മങ്ഗലഗൃഹം നാ. 1. ഐശ്വര്യമുള്ള ഭവനം, ഐശ്വര്യപ്രദമായ വീട്; 2. അമ്പലം, ക്ഷേത്രം
മങ്ഗലഗ്രഹം നാ. 1. (ജ്യോ) ചൊവ്വാഗ്രഹം; 2. (ജ്യോ) ജാതകനു ശ്രേയസ്കരമായ സ്ഥാനത്തു നിൽക്കുന്ന ഗ്രഹം
മങ്ഗലതൂര്യം നാ. 1. ഒരു വാദ്യോപകരണം; 2. മങ്ഗലസൂചകമായ വാദ്യഘോഷം
മങ്ഗലദേവതാ നാ. 1. ലക്ഷ്മി; 2. ഒരു വാദ്യോപകരണം
മങ്ഗലധ്വനി നാ. ശുഭസൂചകമായ ശബ്ദം (ആർപ്പ്, കുരവ, ശങ്ഖ് തുടങ്ങിയ വാദ്യങ്ങൾ ഏതെങ്കിലും പോലെ), മങ്ഗളധ്വനി
മങ്ഗലൻ നാ. 1. കുജൻ; 2. അഗ്നി; 3. മങ്ഗളൻ
മങ്ഗലപത്രം നാ. മങ്ഗളാശംസ രേഖപ്പെടുത്തിയിട്ടുള്ള കടലാസ്സ്, മങ്ഗളപത്രം
മങ്ഗലപാത്രം നാ. അഷ്ടമങ്ഗല്യം പോലെയുള്ള മങ്ഗലവസ്തുക്കൾ വച്ചിട്ടുള്ള പാത്രം, ശുഭസൂചകമായി മങ്ഗളാവസരങ്ങളിൽ വയ്ക്കുന്നത്
മങ്ഗലപ്രദ നാ. 1. മങ്ഗലം വയ്ക്കുന്നവൾ (ദുർഗ, മഹാലക്ഷ്മി); 2. മഞ്ഞൾ; 3. മങ്ഗളപ്രഭ
മങ്ഗലപ്രദം നാ. 1. മങ്ഗളകരമായത്; 2. ശങ്ഖ്; 3. മങ്ഗളപ്രദം
മങ്ഗലം,-ളം നാ. 1. ഭാഗ്യം; 2. ശുഭശകുനം; 3. ശുഭകർമം, വിവാഹം; 4. അനുഗ്രഹം; 5. കാർത്തിക നക്ഷത്രം; 6. മഞ്ഞൾ; 7. പുരാതനാചാരം; 8. ക്ഷേമം
മങ്ഗലമാത്ര നാ. മംഗല്യസൂത്രം കുങ്കുമം എന്നിവ മാത്രം അണിഞ്ഞവൾ (മറ്റ് ആഭരണങ്ങൾ ഇല്ലാത്തവൾ), മങ്ഗളമാത്ര
മങ്ഗലവചനം നാ. ആശംസ അനുഗ്രഹം അഭിനന്ദനം എന്നിവ പ്രകടിപ്പിക്കുന്ന വാക്ക്, മങ്ഗളവചനം
മങ്ഗലവാദ്യം നാ. നല്ല വാദ്യം, മങ്ഗളസൂചകമായ വാദ്യഘോഷം
മങ്ഗലവാരം നാ. ചൊവ്വാഴ്ച, മങ്ഗളവാരം
മങ്ഗലസൂത്രം നാ. 1. മങ്ഗല്യസൂത്രം, താലി; 2. ദേവതാപ്രീതിക്കുവേണ്ടി കഴുത്തിൽകെട്ടുന്ന ചരട്; 3. മങ്ഗളസൂത്രം
മങ്ഗലസ്ത്രീ നാ. വിവാഹിതയായവൾ, മങ്ഗളസ്ത്രീ
മങ്ഗലാങ്ഗ വി. 1. സൗന്ദര്യമുള്ള; 2. നല്ല ശരീരമുള്ള
മങ്ഗലാചരണം നാ. ഇഷ്ടദേവതാസ്തുതി, മങ്ഗളാചരണം

മങ്ഗലി നാ. 1. മങ്ങലി (വലിയ മൺകലം); 2. ഒരുതരം വാദ്യം
മങ്ഗല്യ വി. 1. ഭങ്ഗിയുള്ള; 2. സൗഭാഗ്യമുള്ള; 3. ശുഭമായ, വിശുദ്ധമായ
മങ്ഗല്യധാരണം നാ. വിവാഹം, മങ്ഗല്യംധരിക്കൽ, താലികെട്ട്
മങ്ഗല്യം നാ. 1. താലി; 2. സ്വർണം; 3. സൗഖ്യം; 4. സിന്ദൂരം; 5. ചന്ദനം
മങ്ഗല്യവതി നാ. 1. ഭാഗ്യമുള്ളവൾ; 2. ഭർത്താവിനോടുകൂടിയവൾ
മങ്ഗല്യവാൻ നാ. ഭാഗ്യവാൻ
മങ്ഗല്യസൂത്രം നാ. താലിച്ചരട്
മങ്ഗള നാ. മങ്ഗല
മങ്ഗളപത്രം നാ. 1. വിവാഹാവസരങ്ങളിലും മറ്റും മങ്ഗളം ആശംസിച്ചുകൊണ്ടു സദസ്സിൽ വായിക്കുന്ന പത്രം; 2. ബാധകളൊഴിവാകാനും മങ്ഗളം ഉണ്ടാകാനുംവേണ്ടി മന്ത്രമോ യന്ത്രമോ എഴുതി പൂജിച്ച തകിട്
മങ്ഗളം നാ. ശുഭം (പ്ര) മങ്ഗളം പാടുക = 1. ശുഭമായി സമാപിക്കുക; 2. നാടകവും മറ്റും പാട്ടുപാടി അവസാനിപ്പിക്കുക
മങ്ങൽ നാ. 1. ഇരുൾ, ഇരുണ്ട ആകാശം; 2. വാട്ടം
മങ്ങലി നാ. ഒരുതരം വലിയ മൺപാത്രം (ഭരണി)
മങ്ങിതം നാ. 1. മങ്ങൽ; 2. മേഘാവൃതമായ ആകാശം; 3. ചലം
മങ്ങുക ക്രി. 1. ഇരുളുക, പ്രകാശംകുറയുക; 2. വാടുക; 3. തളരുക; 4. മയങ്ങുക; 5. വ്യസനിക്കുക
മചകം നാ. 1. മങ്ങൽ; 2. മയക്കം
മചക് നാ. 1. (വണ്ടി)മഷി; 2. കറുപ്പ്; 3. ഇരുൾ; 4. മയക്കം; 5. കടലിൽ ദിക്കറിയാതെ വരുന്ന ഇടം
മചകുക [പ.മ.] ക്രി. 1. മയങ്ങുക; 2. സംശയിക്കുക
മചർച്ചിക നാ. (പദാന്ത്യ) ശ്രേഷ്ഠമായത് (പ്ര) ഗോമചർച്ചിക = നല്ല പശു
മച്ചകം നാ. മേൽത്തട്ടുള്ള മുറി, തട്ടിട്ട മുറി
മച്ചം നാ. 1. സ്വർണത്തിൻെറ മാറ്റുനോക്കാനുള്ള ആണി; 2. മുന; 3. മറുക്; 4. മീനമ്പർ (പ്ര) മച്ചംപിടിക്കുക = മാത്രുക തയാറാക്കുക. മച്ചം വാങ്ങുക = മാറ്റ് എടുക്കുക
മച്ചമ്പി നാ. മച്ചിനൻ, മച്ചുനൻ, അളിയൻ
മച്ചി നാ. വന്ധ്യ, പ്രസവിക്കാത്തവൾ
മച്ചിങ്ങാ നാ. 1. വാടിവീണഫലം; 2. അച്ചിങ്ങ, വെള്ളരിക്ക
മച്ച് നാ. 1. പലക പാകിയ തട്ട്; 2. മേൽനില; 3. അറ
മച്ചുനൻ നാ. 1. പെങ്ങളെ കെട്ടിയവൻ, അളിയൻ; 2. അമ്മാവൻെറ മകൻ (പ്ര) മച്ചുനൻ പണം = വധുവിൻെറ മച്ചുനന് വരൻ കൊടുക്കേണ്ട തുക
മച്ഛം നാ. മീൻ
മജാ [പേർ] നാ. 1. വിനോദം, നേരമ്പോക്ക്; 2. സുഖം

മജിസ്ട്രേട്ട് [ഇം.] നാ. കീഴ്ക്കോടതിയിലെ ന്യായാധിപതി, ക്രിമിനൽ കേസുകൾ കേട്ടു തീരുമാനമെടുക്കുന്ന ആൾ
മജ്ജ നാ. ശരീരത്തിലെ ഒരു കല, എല്ലിനുള്ളിലുള്ള കൊഴുത്തു മൃദുവായവസ്തു
മജ്ജക വി. മജ്ജനംചെയ്യുന്ന
മജ്ജനം നാ. 1. മുങ്ങൽ, മുഴുകൽ; 2. കുളി
മജ്ജയിതാ(വ്) നാ. മജ്ജനംചെയ്യുന്നവൻ
മജ്ജാജം നാ. 1. ശുക്ലം; 2. ഭൂമിജഗുഗ്ഗുലു
മജ്ജാരസം നാ. 'മജ്ജയിൽനിന്നുണ്ടാകുന്നത്', ശുക്ലം, മജ്ജാസാരം
മജ്ജിക നാ. പെൺകൊക്ക്
മജ്ജിക്കുക ക്രി. 1. മുങ്ങുക; 2. കുളിക്കുക
മജ്‌ലിസ് [അറ] നാ. സഭ, സമാജം
മജ്ഹബ് [അറ] നാ. 1. ധർമം; 2. മതം; 3. സമ്പ്രദായം
മഞ്ച നാ. 1. വലിയ എണ്ണത്തൊട്ടി; 2. ശവപ്പെട്ടി; 3. വൃക്ഷത്തിലുള്ള പൊത്ത്; 4. കുടുക്ക്, കെണി
മഞ്ചകം നാ. കട്ടിൽ, സോഫ
മഞ്ചട്ടി നാ. ഒരു മരുന്നു ചെടി, മഞ്ചെട്ടി
മഞ്ചണ,-ന നാ. മഞ്ഞളരച്ച് എണ്ണചേർത്തുണ്ടാക്കുന്ന ഒരുതരം കുറിക്കൂട്ട്
മഞ്ചം നാ. 1. കട്ടിൽ; 2. മേട; 3. (ഏറു)മാടം; 4. തട്ട്; 5. മെത്ത; 6. പ്രസങ്ഗപീഠം
മഞ്ചമണ്ഡപം നാ. 1. ഏറുമാടം (താത്കാലികമായ) മാടം; 2. കലാപരിപാടികൾക്കും മറ്റുംവേണ്ടി തത്കാലത്തേക്കുണ്ടാക്കുന്ന വേദി
മഞ്ചൽ നാ. 1. ഒരുതരം വാഹനം (ആളുകളാൽ വഹിക്കപ്പെടുന്നത്); 2. ഒരു ദിവസത്തെ യാത്ര
മഞ്ചാടി നാ. 1. ഒരു വൃക്ഷം, അതിൻെറ കായ്ക്കകത്തുള്ള കുരു; 2. ഒരു തൂക്കം
മഞ്ചി[<പോർ] നാ. ഒറ്റപ്പായ് കെട്ടുന്ന ഒരുതരം വലിയ വള്ളം
മഞ്ചിക നാ. 1. വലിയ കുട്ട; 2. കസേര; 3. മരത്തൊട്ടി; 4. കെണി; 5. ധാന്യം സൂക്ഷിക്കുന്ന അറ
മഞ്ചിക്കുക ക്രി. കണ്ണഞ്ചത്തക്കവിധം പ്രകാശം പരത്തുക
മഞ്ച് നാ. 1. അഴക്; 2. രത്നം; 3. മഞ്ഞ്; 4. മേഘം; 5. ഇളമ; 6. കട്ടിൽ; 7. ആനയുടെ മൂക്ക്
മഞ്ചുക ക്രി. 1. അതിയായപ്രകാശം നിമിത്തം കാണാൻ വയ്യാതാകുക, കണ്ണുചെറുതാകുക; 2. കാഴ്ച മങ്ങുക
മഞ്ജ നാ. 1. പെണ്ണാട്; 2. പൂങ്കുല; 3. വെള്ളി; 4. നുര
മഞ്ജരം നാ. 1. മുത്ത്; 2. മഞ്ജരി; 3. മയിലെള്ള്
മഞ്ജരി നാ. 1. പൂങ്കുല, പൂന്തൊത്ത്, തളിർക്കുല (ഭങ്ഗിയുള്ളത്); 2. തളിര്; 3. തുളസി; 4. മയിലെള്ള്; 5. മുത്ത്; 6. ഒരു ഭാഷാവൃത്തം; 7. നില; 8. വള്ളി

മഞ്ജരിത വി. 1. പൂങ്കുലയോടുകൂടിയ; 2. മൊട്ടിട്ട
മഞ്ചിക നാ. വേശ്യ, വ്യഭിചാരിണി
മഞ്ജിഷ്ഠ1 വി. കടുംചെമപ്പുനിറമുള്ള
മഞ്ജിഷ്ഠ2 നാ. മഞ്ചെട്ടി
മഞ്ജിഷ്ഠരാഗം നാ. 1. മഞ്ചെട്ടിയുടെ നിറം; 2. (പ്ര) ഉറച്ചസ്നേഹം
മഞ്ജീരം നാ. കാൽച്ചിലമ്പ് (ശബ്ദിക്കുന്നത്); 2. കടകോലിൽ നൂലുചുറ്റുന്ന ഭാഗം; 3. ഘനവാദ്യങ്ങളിൽ ഒന്ന് (പ്ര) മഞ്ജീരശിഞ്ജിതം = കാൽച്ചിലമ്പൊലി
മഞ്ജു വി. 1. മനോഹരമായ; 2. മധുരമായ; 3. നല്ല; 4. ദൂരത്തു വ്യാപിക്കുന്ന
മഞ്ജുകേശി നാ. ശ്രീകൃഷ്ണൻ
മഞ്ജുഘോഷം നാ. 1. നല്ല ശബ്ദം; 2. മാടപ്രാവ്
മഞ്ജുത,-ത്വം നാ. മനോഹരത്വം
മഞ്ജുനാശി നാ. 1. ദുർഗ; 2. ശചി; 3. സുന്ദരി
മഞ്ജുപ്രാണൻ നാ. ബ്രഹ്മാവ്
മഞ്ജുഭാഷിണി നാ. 1. മധുരമായി സംസാരിക്കുന്നവൾ; 2. (വൃത്ത) ഒരു സമവൃത്തം
മഞ്ജുളം നാ. 1. കരിമ്പായൽ; 2. നീർക്കാക്ക; 3. വള്ളിക്കുടിൽ; 4. ഊറ്റ്, കിണർ
മഞ്ജുഷ നാ. 1. വലിയ കൂട; 2. പൂക്കൂട; 3. വസ്ത്രം ആഭരണം മുതലായവ വയ്ക്കുന്ന പെട്ടി, പാത്രം; 4. കല്ല്; 5. മഞ്ചെട്ടി
മഞ്ജുഷിക നാ. ചെറിയ മഞ്ജുഷ (ചെപ്പ്)
മഞ്ജുള1 വി. 1. മനോഹരമായ; 2. മധുരമായ (വാക്ക് എന്നപോലെ)
മഞ്ജുള2 നാ. 1. ഒരു വൃത്തം; 2. മഞ്ചെട്ടി; 3. മനോഹരി
മഞ്ഞ1 വി. മഞ്ഞ(ൾ)നിറമുള്ള
മഞ്ഞ2 നാ. 1. മഞ്ഞൾ; 2. മഞ്ഞളിൻെറ നിറം
മഞ്ഞക്കരു നാ. മുട്ടയുടെ അകത്തു മഞ്ഞനിറത്തിൽ കാണപ്പെടുന്ന ഭാഗം
മഞ്ഞക്കാമില നാ. (ആയുർ) ഒരു രോഗം, മഞ്ഞപ്പിത്തം
മഞ്ഞച്ചീല നാ. 1. മഞ്ഞൾകലക്കി അതിൽ മുക്കിയെടുത്ത വസ്ത്രം; 2. മഞ്ഞനിറമുള്ള വസ്ത്രം
മഞ്ഞനീർ നാ. 1. മഞ്ഞൾകലക്കിയ വെള്ളം; 2. ഛർദിച്ച പിത്തരസം കലർന്ന വെള്ളം; 3. ജന്മവസ്തു തീറുകൊടുക്കുമ്പോൾ നൽകുന്ന ജലം (പൂവും നീരും) (പ്ര) മഞ്ഞനീരാട്ടം = മഞ്ഞക്കുളി. മഞ്ഞനീർകുടിപ്പിക്കുക = ദത്തെടുക്കുക. മഞ്ഞനീർച്ചീട്ട് = ദത്തുരേഖ
മഞ്ഞപ്പാൽ നാ. 1. മഞ്ഞ ചേർത്ത തേങ്ങാപ്പാൽ (ജനിച്ചയുടനെ ശിശുക്കൾക്കു കൊടുക്കുന്നത്); 2. പിത്തരസം കലർന്ന ഛർദി
മഞ്ഞപ്പിത്തം നാ. (ആയുർ) ഒരു രോഗം (കണ്ണും മറ്റും മഞ്ഞനിറമായി തീരുന്നത്) മഞ്ഞപ്പിത്തം പിടിച്ചവനു ദിക്കെല്ലാം മഞ്ഞനിറമായിത്തോന്നും (പഴ)
മഞ്ഞൾ നാ. കൂവയുടെ വർഗത്തിൽപ്പെട്ടതും മഞ്ഞക്കിഴങ്ങുകളോടുകൂടിയതുമായ ഒരു ചെടി
മഞ്ഞളിക്കുക ക്രി. 1. മഞ്ഞനിറമാകുക, വിളറുക; 2. നാണിച്ചുപോകുക

മഞ്ഞ് നാ. തണുത്തജലത്തിൻെറയോ ജലശീകരത്തിൻെറയോ ഒരു രൂപാന്തരം (മഞ്ഞുകട്ടി, പൊടിമഞ്ഞ്, മൂടൽമഞ്ഞ് ഇങ്ങനെ പലരൂപത്തിൽ കാണപ്പെടുന്നു) (പ്ര) മഞ്ഞുകൊള്ളുക = കഷ്ടപ്പെടുക. മഞ്ഞുമാമല = ഹിമവാൻ

മട1 നാ. 1. ഓവ്; 2. വെള്ളച്ചാൽ; 3. ചെറുമുറി; 4. ദ്വാരം, പൊത്ത്; 5. ഒരു ധാന്യ അളവ്; 6. ആഭരണങ്ങളുടെ കുഴ; 7. കന്നുകാലിയുടെ തീറ്റസ്ഥലം; 8. കാട്ടുമൃഗങ്ങളോ ഇഴജന്തുക്കളോ വസിക്കുന്ന ഗുഹയോ മാളമോ; 9. ചോറ്; 10. അരിവയ്പ്പ് (മടമ) (പ്ര) മടവീഴുക

മട2 വി. 1. സാരമില്ലാത്ത, പൊള്ളയായ; 2. മുനയില്ലാത്ത; 3. ഭോഷനായ

മടക്കം നാ. 1. തിരിച്ചുപോക്ക്; 2. തോൽവി; 3. അസുഖം; 4. വളവ്; 5. ഒരു സ്വർണാഭരണം

മടക്ക് നാ. 1. മടക്കൽ; 2. മടക്കിയിട്ടുണ്ടായ അടയാളം; 3. മടക്കിവച്ചിരിക്കുന്നതിൻെറ ഓരോ ഭാഗം, പാളി; 4. കൈയുടെ മണിബന്ധം, ചേർപ്പ്; 5. ശരീരത്തിലെ ഞൊറി

മടക്കുക ക്രി. 1. കടലാസ്സ് വസ്ത്രം മുതലായവ ഒന്നിനുമേൽ മറ്റൊന്നു വരത്തക്കവിധം പാളികളാക്കുക, കീറാത്തവിധം ഒടിക്കുക (ഉദാഃ കടലാസ്സു മടക്കുക); 2. നിവർന്നിരിക്കുന്ന കൈയും മറ്റും അതിൻെറ സന്ധിയിലവച്ചു ചുരുക്കുക; 3. വളയ്ക്കുക

മടക്കോല നാ. 1. രാജാവു കൊടുത്തയയ്ക്കുന്ന എഴുത്ത്, ദൂതൻെറ പക്കൽ കൊടുത്തയയ്ക്കുന്ന എഴുത്തോല; 2. മടക്കിവച്ചിരിക്കുന്ന എഴുത്തോല, മടക്കിക്കെട്ടിയ ഓല

മടങ്ങ് നാ. 1. മടക്ക്; 2. പ്രാവശ്യം, ഇരട്ടി; 3. സമയം; 4. ഗുണം; 5. ഉഴവ്; 6. രോഗം

മടങ്ങുക ക്രി. 1. അവയവങ്ങൾ സന്ധിയിൽവച്ചു വളയുക; 2. തിരികെ വരുക, വന്നവഴി തിരിച്ചുപോകുക; 3. ഇരട്ടിയാകുക; 4. വാളിൻെറയും മറ്റും വായ്ത്തലയുടെ മൂർച്ച കുറയുക; 5. തോൽക്കുക, തോറ്റുപിന്മാറുക

മടത്തനം,-തരം നാ. ഭോഷത്തം

മടന്ത നാ. 1. യുവതി (പത്തൊമ്പതു വയസ്സുള്ളവൾ); 2. ഒരുതരം കാട്ടുചേമ്പ്

മടപ്പള്ളി നാ. അറ്റുക്കള

മറപ്പാട് നാ. 1. രാജാവിൻെറ നൽപ്പുര; 2. കണ്ടുകൃഷി വസ്തു

മടം നാ. 1. ഊട്ടുപുര; 2. അഴക്, മുഗ്ധത, ഇളമ

മടമ നാ. 1. മടത്തനം, അന്തസ്സാരവിഹീനത; 2. മുഗ്ധത (സ്ത്രീ ഗുണങ്ങളിൽ ഒന്ന്); 3. അരിവയ്പ്പ്

മടമ്പ് നാ. 1. കുതികാൽ, കാലിൻെറ പിൻഭാഗം; 2. കത്തിയുടെയും മറ്റും മാട്; 3. മൂർച്ചയില്ലായ്മ

മടയൻ1 നാ. 1. ഭോഷൻ; 2. മടയ്ക്കുന്നവൻ, ഭക്ഷണം പാകംചെയ്യുന്നവൻ

മടയൻ2 നാ. മുത്തപ്പൻ തുടങ്ങിയ ദേവന്മാരെ ആരാധിക്കുന്ന അമ്പലത്തിൻെറ ഉടമ

മടയ്ക്കുക ക്രി. 1. ഭക്ഷണം പാകംചെയ്യുക; 2. (പ്ര) കഠിനമായി വേലചെയ്യുക

മടൽ നാ. 1. തെങ്ങ് പന മുതലായവയുടെ ഓലത്തണ്ട്, തെങ്ങോലയുടെ കാലുകൾ ഒഴികെയുള്ള ഭാഗം; 2. (തേങ്ങയുടെ) തൊണ്ട്; 3. ചക്കയുടെ തോട്

(ചക്കമടൽ) (പ്ര) മടലോല = മടലോടുകൂടിയ ഓല. മടലടി = 1. ആൺകുഞ്ഞിനെ പ്രസവിക്കുംപ്പോഴുള്ള ഒരു ചടങ്ങ്. സന്തോഷം പ്രകടിപ്പിക്കാനും മറ്റുള്ളവരെ അറിയിക്കനുമായി തെങ്ങിൻ മടൽ തറയിലടിച്ചു ശബ്ദമുണ്ടാക്കൽ; 2. ഗ്രഹണസമയത്തു സൂര്യനെയോ ചന്ദ്രനെയോ മോചിപ്പിക്കാനെന്ന സങ്കൽപത്തിൽ മടൽ തറയിലടിച്ചു ശബ്ദമുണ്ടാക്കുക

മടവാർ നാ. 25 വയസ്സുള്ളവൾ; 2. ഒരിനം മത്സ്യം; 3. കടമ്പു മരം

മടവാ(യ്) നാ. വെള്ളം ഒഴുകിപ്പോകാൻ പാടത്തിൻെറ വരമ്പിലുള്ള ഓവ്

മടവാർ നാ. (ബ.വ.) സ്ത്രീകൾ

മടവാൾ നാ. 1. ചെറിയ മഴു; 2. ഒരുതരം വാൾ; 3. വെട്ടുകത്തി

മടവി നാ. 1. ജോലിക്കാരി, ദാസി; 2. സ്ത്രീ

മടവ് നാ. സൗന്ദര്യം

മടാക്കത്തി നാ. 1. കൈക്കോടാലി; 2. വെട്ടുകത്തി

മടി നാ. 1. മനസ്സുകേട്, വേലചെയ്യാൻ കഴിയുകയില്ലെന്നുള്ള ഭാവം, അലസത; 2. ഉത്സങ്ഗം (രണ്ടുതുടയുടേയും മുൻഭാഗം); 3. സംശയം; 4. ലജ്ജ; 5. വസ്ത്രം ധരിക്കുമ്പോൾ ഇളിയിൽനിന്നും വെളിയിലേക്കിടുന്ന തുമ്പ്; 6. മടക്ക്, മടങ്ങ്; 7. അകിട്. മടി കുടികെടുക്കും (പഴ)

മടിക്കുക ക്രി. 1. സംശയിക്കുക; 2. മനസ്സില്ലാതെയാകുക; 3. പിറകെ നിൽക്കുക; 4. ലജ്ജിക്കുക; 5. ഭയപ്പെടുക

മടിക്കുത്ത് നാ. (പുടവയുടെ) കണക്കുത്ത്, നീവി

മടിപ്പിക്കുക ക്രി. മടിയുണ്ടാക്കുക

മടിപ്പ് നാ. 1. പിന്നൽ, പിണച്ചുകെട്ടൽ, പിണച്ചുനെയ്യൽ; 2. മടക്ക്

മടിയൻ നാ. മടിയുള്ളവൻ

മടിയുക ക്രി. 1. വളയുക, ചുളുങ്ങുക, ചുരുളുക, മടക്കുണ്ടാകുക; 2. മടികാണിക്കുക; 3. വെറുപ്പുകാണിക്കുക

മടിശീല നാ. 1. ഉടുവസ്ത്രത്തിൻെറ മുകളറ്റം; 2. ചെറിയ പണസഞ്ചി (മടിയിൽ വയ്ക്കാവുന്നത്); 3. മൂലധനം, ഇരിപ്പുമുതൽ (പ്ര) മടിശീലക്കാരൻ = ഭണ്ഡാരവിചാരിപ്പ്, സമ്പന്നൻ. പുത്തൻ മടിശീലക്കാരൻ = പുത്തൻ പണക്കാരൻ. മടിശീലവീർപ്പിക്കൂക = ധനം സമ്പാദിക്കുക

മടു(വ്) നാ. 1. പൂന്തേൻ; 2. മാധുര്യം; 3. നീർമട, കുളം, ആഴമുള്ള സ്ഥലം

മടുക്കുക ക്രി. 1. തോൽക്കുക; 2. മടിച്ചു പിൻമാറുക; 3. വെറുക്കുക; 4. ക്ഷീണിക്കുക, മന്ദിക്കുക; 5. വിലതാഴുക; 6. ചേർക്കുക; 7. കെട്ടുക

മടുപ്പിക്കുക ക്രി. നീരസം വരുത്തുക, വേണ്ട എന്നു തോന്നിക്കുക

മടുപ്പ് നാ. 1. തോൽവി; 2. വിലതാഴ്ച; 3. വെറുപ്പ്

മടുമലർ നാ. വിടർന്നതും തേനുള്ളതുമായ പുഷ്പം

മടുമൊഴി നാ. തേൻമൊഴി, സുന്ദരി

മട്ട1 വി. 1. അകത്തോട്ടുവളഞ്ഞ; 2. ചെവികേൾക്കാത്ത

മട്ട2 നാ. 1. (വൃക്ഷത്തിൻെറ) വളവില്ലാത്ത ശാഖ; 2. ഒരുതരം അളവ് (ദൈർഘ്യമാനം); 3. പൊക്കമില്ലായ്മ; 4. ബുദ്ധിയില്ലായ്മ; 5. ഓലമടൽ; 6. മുട്ടാളൻ; 7. ഒരിനം പാമ്പ്

മട്ടപ്പണം നാ. മാറ്റുകുറഞ്ഞ പൊൻപണം

മട്ടം നാ. 1. ആശാരിമാർ വച്ചുവരച്ചു കോണടയാളപ്പെടുത്തുന്ന ഉപകരണം; 2. മാറ്റ് (സ്വർണത്തിൽ ചേർക്കുന്ന ഒരു ചേരുവ); 3. ഒരുജാതി കുതിര; 4. അളവുകോൽ; 5. നിരപ്പ് (ചരിവില്ലായ്മ)

മട്ടയ്ക്കുക ക്രി. 1. ലജ്ജിക്കുക; 2. മടിക്കുക

മട്ടൽ നാ. = മട്ട

മട്ടലർ നാ. മടുമലർ (തേനൂറുന്ന പൂവ്) (പ്ര) മട്ടലർബാണൻ = കാമദേവൻ

മട്ടി നാ. 1. മണ്ടി, അടിയിൽ ഉറഞ്ഞത്, കട്ടിയായത്, കല്കം; 2. ഭങ്ഗിയില്ലായ്മ; 3. വശക്കേട്; 4. ഭോഷൻ; 5. ഒരുമരം, അതിൻെറ കറ

മട്ടിപ്പശ നാ. ഒരുതരം സാമ്പ്രാണി

മട്ടിപ്പാൽ നാ. മട്ടിവൃക്ഷത്തിൻെറ കറ (പുകയ്ക്കാനുള്ള ഒരുതരം സുഗന്ധവസ്തു)

മട്ടിപ്പുകാരൻ നാ. ചതിയൻ

മട്ടിയക്കാരൻ നാ. മിരട്ടുകാരൻ, തക്കിടിക്കാരൻ

മട്ടിയം നാ. 1. മുഖസ്തുതി, പ്രശംസ; 2. ഉരുട്ട്

മട്ട്1 നാ. 1. നടപ്പ്, രീതി; 2. അതിര്; 3. ക്രമം; 4. പ്രകൃതി (പ്ര) മട്ടിനു താളമ്പിടിക്കുക = പാട്ടിൻെറ രീതിക്കൊത്തു താളമിടുക, ഇഷ്ടത്തിനൊത്തു പെരുമാറുക. മട്ടും മാതിരിയും = രീതി, സമ്പ്രദായം, പ്രവർത്തനക്രമം. മട്ടുമാറുക = സ്വഭാവത്തിനു വ്യത്യാസം വരിക

മട്ട്2 നാ. 1. തേൻ; 2. കള്ള്; 3. ഊറൽ, മണ്ടി

മട്ടുപ്പാവ് നാ. വെണ്മാടം, വെണ്മാടത്തിൻെറ മുകൾത്തട്ട്

മഠം നാ. 1. ബ്രാഹ്മണർ വേദം പഠിക്കുന്ന സ്ഥലം, ബ്രഹ്മചാരികൾ പാർക്കുന്ന ഇടം; 2. കന്യാസ്ത്രീകൾ പാർക്കുന്ന സ്ഥലം; 3. ബ്രാഹ്മണഭവനം; 4. ആശ്രമം (പ്ര) സ്വാമിയാർ മഠം = സന്ന്യാസിമാരുടെ പാർപ്പിടം; 5. ക്ഷേത്രം; 6. കാളവണ്ടി; 7. അറ, മുറി

മഠാധിപതി നാ. ഒരു മഠത്തിൻെറ അധിപതി (സന്ന്യാസിമഠം, വേദപാഠശാല, വിദ്യാപീഠം എന്നിവയുടെ അധിപതികളെ കുറിക്കാൻ പ്രയോഗം)

മഠാധ്യക്ഷൻ നാ. മഠാധിപതി

മഠായതനം നാ. 1. സന്ന്യാസിമഠം; 2. വേദപാഠശാല; 3. വിദ്യാപീഠം

മഠി നാ. 1. അറ, മുറി; 2. ആശ്രമം

മഠിക നാ. 1. ചെറിയ മഠം; 2. ചെറിയ അറ

മൺ നാ. മണ്ണ്

മൺകൂറ് നാ. കല്ലും മറ്റും ഇല്ലാത്ത മണ്ണ്

മൺകോരി,-വെട്ടി നാ. തൂമ്പാ

മൺവാശി നാ. മണ്ണിൻെറ സ്ഥിതി, നിലത്തിൻെറ സ്വഭാവം

മണക്കുക ക്രി. 1. വാസന പുറപ്പെടുക, ഗന്ധം വരുക; 2. വല്ല വസ്തുവിലും മൂക്കടുപ്പിച്ച് ശ്വാസം ഉൾക്കൊണ്ട് അതിൻെറ ഗന്ധം അറിയുക; 3. ചുംബിക്കുക; 4. വിവാഹം കഴിക്കുക

മണക്കൂറ് നാ. മണലധികമുള്ള മണ്ണ്

മണപ്പുര നാ. നവവധൂവരന്മാർക്ക് തത്കാലത്തേക്കു നൽകപ്പെടുന്ന അറ, മണവറ

മണം നാ. 1. ഗന്ധം (പഞ്ചഭൂതങ്ങളിൽ ഭൂമിക്കു പ്രത്യേകമായുള്ള ഗുണം, ഗന്ധവത്ത്വം); 2. സുഗന്ധം; 3. ദുർഗന്ധം; 4. വിവാഹം; 5. പ്രസിദ്ധി; 6. മെന്മ

മണൽ നാ. 1. ചെറിയ കൽത്തരി, തരിമണ്ണ്, ചൊരിമണ്ണ്; 2. ഒരു രോഗം (അഞ്ചാംപനി)

മണവറ നാ. വധൂവരന്മാർക്കുവേണ്ടി അലങ്കരിച്ചിരിക്കുന്ന മുറി

മണവാട്ടി നാ. പുതുപ്പെണ്ണ്, കല്യാണപ്പെണ്ണ്, പുതുതായി വേൾക്കപ്പെട്ടവൾ (മണവാളൻ എന്നതിൻെറ സ്ത്രീലിങ്ഗം), മണാട്ടി

മണവാളൻ നാ. കല്യാണച്ചെറുക്കൻ, വരൻ, മണാളൻ

മണി1 വി. 1. അഴകുള്ള, നല്ല; 2. ശ്രേഷ്ഠമായ

മണി2 നാ. 1. രത്നം, മുത്ത്; 2. മണിക്കെട്ട്, കൈയുടെ കുഴ; 3. (ആട്ടിൻെറ കഴുത്തിൽ) മുലയുടെ ആകൃതിയിൽ തൂങ്ങിക്കിടക്കുന്ന അവയവം; 4. വിശിഷ്ടവസ്തു, ഭങ്ഗിയുള്ളവസ്തു; 5. ആഭരണം; 6. അയസ്കാന്തം; 7. കൃസരി; 8. ആൺകുട്ടികളുടെ ലിങ്ഗം; 9. വൃഷണം; 10. കിലുക്കാനുള്ള ഉപകരണം (പ്ര) മണിയടിക്കുക = 1. കളിയാക്കുക; 2. സേവപിടിക്കുക; 11. ദിവസത്തിൻെറ ഇരുപത്തിനാലിൽ ഒരു ഭാഗം; 12. സമയം അറിയിക്കുന്ന യന്ത്രം, നാഴികമണി; 13. കൃഷ്ണമണി (കണ്ണിലെ ഉണ്ണി); 14. വിത്ത്, കുരു (അരിമണി); 15. സുബ്രഹ്മണ്യൻ എന്നതിൻെറ ചുരുക്കരൂപം; 16. കുരുവിൻെറ ആകൃതിയുള്ളത്

1161

മണികണ്ഠൻ നാ. 'കഴുത്തിൽ രത്നാഭരണം അണിഞ്ഞിരിക്കുന്നവൻ', ശബരിമല അയ്യപ്പൻ

മണികം നാ. 1. കുടം തുടങ്ങിയ ഏതെങ്കിലും വലിയ ലോഹപാത്രം; 2. രത്നം; 3. മണിമേട, ചില്ലുകൊട്ടാരം; 4. അജാഗളസ്തനം; 5. ഉപസ്ഥത്തിൻെറ അഗ്രഭാഗം; 6. കൃസരി; 7. കാളയുടെ പൂഞ്ഞുകുറ്റി

മണികലശം നാ. 1. നല്ല കുടം; 2. രത്നകുംഭം

മണികാഞ്ചി നാ. 1. രത്നം പതിച്ച അരഞ്ഞാൺ; 2. ഒരു കിളിപ്പാട്ടു വൃത്തം

മണികാരൻ നാ. 1. രത്നവ്യാപാരി; 2. രത്നങ്ങൾ കടയുന്നവൻ

മണികുഴൽ നാ. ഭങ്ഗിയുള്ള തലമുടി, മണിക്കുഴൽ

മണിക്കട്ടിൽ നാ. 1. രത്നങ്ങൾ പതിച്ചിട്ടുള്ള കട്ടിൽ; 2. മനോഹരമായി പണിതിട്ടുള്ള കട്ടിൽ; 3. രാജാവിൻെറ മഞ്ചം

മണിക്കുക ക്രി. 1. താരാട്ടുക; 2. മണിയടിക്കുക; 3. സന്തോഷിക്കുക, സന്തോഷശബ്ദം പുറപ്പെടുവിക്കുക; 4. നാണയവും മറ്റും താഴെയിട്ടു ശബ്ദമുണ്ടാക്കി പരിശോധിക്കുക, മണിച്ചുനോക്കുക; 5. വീണവായിക്കുക

മണിക്കുഴൽ നാ. ഭങ്ഗിയുള്ള തലമുടി

മണിക്കൂർ നാ. സമയത്തിൻെറ ഒരളവ് (രണ്ടര നാഴിക, അറുപതുമിനിറ്റ്)

മണിഗ്രാമം നാ. 1. മനോഹരമായ ഗ്രാമം; 2. പണ്ട് കേരളത്തിലുണ്ടായിരുന്ന ഒരു വർത്തക സങ്ഘം

മണിതം നാ. (കാമ) രതിക്രീഡയിൽ ആനന്ദാധിക്യം നിമിത്തം കണ്ഠത്തിൽനിന്നു പുറപ്പെടുന്നതും പ്രാവിൻെറ കുറുകൽ പോലുള്ളതുമായ ഒരു ശബ്ദവിശേഷം

മണിത്തയ്യലാൾ നാ. സ്ത്രീരത്നം

മണിത്തറ നാ. 1. രത്നം പതിച്ച തറ; 2. മിനുസമാക്കിയിട്ടുള്ള തറ; 3. നാടകശാല
മണിത്തേര് നാ. അലങ്കരിച്ച തേര്
മണിദീപം നാ. രത്നം പതിച്ച വിളക്ക്; 2. ഉജ്ജ്വലമായ രത്നം (ദീപം പോലെ ജ്വലിക്കുന്നത്); 3. ഒരു വൃത്തം
മണിധരം നാ. സർപ്പം
മണിനാക്ക് നാ. മണിയുടെ ഉള്ളിൽ തൂക്കിയിടുന്ന ലോഹദണ്ഡം
മണിപീഠം നാ. രത്നപീഠം
മണിപുഷ്പകം നാ. സഹദേവൻെറ ശങ്ഖ്
മണിപൂരകം നാ. 1. ഷഡാധാരങ്ങളിൽ ഒന്ന്; 2. നാഭി, പുക്കിൾ
മണിപുരം നാ. 1. മണിപൂരകം; 2. കുടലിൻെറ ഒരു ഭാഗം; 3. (പുരാണ) ബഭ്രുവാഹനൻെറ നഗരം; 4. രത്നം പതിച്ച ചിറ്റുടുപ്പ്
മണിപ്പൂൺപ് നാ. 1. രത്നാഭരണം; 2. രാജാവിൻെറ ഇളിപ്പൂട്ട്
മണിപ്രവാളം നാ. മലയാള കവിതയിൽ ഉപയോഗിച്ചിരുന്ന ഒരു ഭാഷാരീതി (പരസ്പരം വേർതിരിച്ചറിയാൻ പാടില്ലാത്തവിധം പവിഴവും ചുവന്ന രത്നക്കല്ലും പോലെ മലയാളവും സംസ്കൃതവും കൂട്ടിച്ചേർത്തു ചമച്ചത്)
മണിപ്രവേഗം നാ. ഉത്തമമായ രത്നം
മണിബന്ധം നാ. 1. രത്നം പതിക്കൽ; 2. മുത്തുമാല; 3. മണിക്കെട്ട്; 4. കേവണം
മണിബന്ധം നാ. 1. മണിക്കെട്ട്, കൈക്കുഴ; 2. രത്നങ്ങൾ ബന്ധിക്കൽ; 3. ഗണനയന്ത്രം; 4. വിരൽ മുട്ട്
മണിഭൂഷണം നാ. രത്നാഭരണം
മണിമഞ്ചം നാ. രത്നക്കട്ടിൽ, മനോഹരമായ കട്ടിൽ
മണിമണ്ഡപം നാ. രത്നം പതിച്ച മണ്ഡപം, മനോഹരമായ മണ്ഡപം; 2. ആദിശേഷൻെറ ഗൃഹം 3. നിരൃതിയുടെ കൊട്ടാരം
മണിമന്ഥം നാ. ഇന്തുപ്പ്
മണിമന്ദിരം നാ. അഴകുള്ള വീട്
മണിമയ വി. രത്നംകൊണ്ടുള്ള, രത്നംപതിച്ച
മണിമല നാ. മേരുപർവതം
മണിമാല നാ. 1. രത്നമാല; 2. ഒരു വൃത്തം; 3. പ്രകാശം; 4. സൗന്ദര്യം; 5. സംഭോഗ ചി ങ്ങളിൽ ഒന്ന്; 6. ലക്ഷ്മി
മണിമാളിക നാ. രത്നമയമായ മാളിക, മണിമേട
മണിമുറ്റം നാ. മനോഹരമായ മുറ്റം
മണിമേഖല നാ. 1. രത്നം പതിച്ച ഉടഞ്ഞാൺ; 2. ഒരു പ്രസിദ്ധ തമിഴ്കാവ്യം (തമിഴിലെ പഞ്ചമഹാ കാവ്യങ്ങളിൽ ഒന്ന്)
മണിമേട നാ. 1. രത്നാലങ്കൃതമായ മാളിക; 2. ഭങ്ഗിയുള്ള മേട
മണിയടി നാ. 1. മണിയിൽനിന്നു ശബ്ദം പുറപ്പെടൽ; 3. അമ്പലങ്ങളിൽനിന്നും മറ്റും പുറപ്പെടുന്ന മണിനാദം; 4. (പ്ര) സേവപിടിക്കൽ
മണിയൻ നാ. 1. ഒരുതരം കറുത്ത വലിയ ഈച്ച; 2. ഒരിനം നെല്ല്; 3. ഒരുതരം വസൂരി; 4. ഒരിനം ചെറിയ ഈച്ച; 5. ശ്രേഷ്ഠൻ; 6. ഒരു പുരുഷനാമം
മണിയം നാ. 1. പാർവത്യക്കാരൻെറ അധികാരം; 2. (ക്ഷേത്രം കൊട്ടാരം മുതലായവയുടെ) വിചാരിപ്പ്

മണിയഷ്ടി നാ. 1. രത്നഖചിതമായ വടി; 2. രത്നമാല
മണിയറ നാ. അലങ്കരിച്ച മുറി, അഴകുള്ള മുറി; 2. മണവറ
മണിരാജം,-വരം നാ. വജ്രം
മണിവർണൻ നാ. ഇന്ദ്രനീലക്കല്ലിൻെറ നിറമുള്ളവൻ, ശ്രീകൃഷ്ണൻ
മണിവാ(യ്) നാ. മനോഹരമായ വായ്, മാണിക്യം പോലെ ചെമന്ന അധരം
മണിവിളക്ക് നാ. രത്നദീപം
മണിശില നാ. 1. രത്നം പതിച്ച കല്ല്; 2. മാർബിൾ; 3. മനോഹരമായ ശില, ശ്രേഷ്ഠമായ ശില
മണിസൂത്രം നാ. രത്നമാല
മണിസ്ഥലി നാ. 1. രത്നം പതിച്ച തറ; 2. നല്ല ഭങ്ഗിയും മിനുപ്പുമുള്ള തറ
മണീചം നാ. 1. കൈ; 2. പൂവ്; 3. മുത്ത്
മണുമണുക്കുക ക്രി. 1. ഓരു ചുവയ്ക്കുക; 2. സ്വാദുകേടു വരിക (പ്ര)
മണുമണുത്തവൻ = അരസികൻ
മണ്ട നാ. 1. തലയോട്, തല; 2. മൺപാത്രം; 3. തെങ്ങിൻെറയും മറ്റും അഗ്രഭാഗം; 4. ഉടച്ച ധാന്യം; 5. കുഴച്ച അരിമാവ്
മണ്ടത്തനം നാ. മണ്ടൻെറ പ്രവൃത്തി, മൂഢത, വിഡ്ഢിത്തം
മണ്ടൻ നാ. ഭോഷൻ, ബുദ്ധികുറഞ്ഞവൻ
മണ്ടപത്തുംവാതിൽ നാ. താലൂക്ക് (കരംപിരിവിനും ഭരണകാര്യങ്ങൾക്കുമായി പണ്ടു തിരുവിതാങ്കൂർ രാജ്യത്തെ പല മണ്ടപത്തുംവാതിലുകളയി തിരിച്ചിരുന്നു)
മണ്ടി1 നാ. മണ്ടൻ എന്നതിൻെറ സ്ത്രീലിങ്ഗരൂപം
മണ്ടി2 നാ. 1. കുതികാൽ; 2. ഊറൽ, മട്ട്
മണ്ടിക്കുക ക്രി. 1. ഓടിക്കുക; 2. തറയ്ക്കുക
മണ്ട്1 വി. മൂർച്ചയില്ലാത്ത (പ്ര) മണ്ടുകത്തി
മണ്ട്2 നാ. 1. മൂർച്ചയില്ലാത്ത ഭാഗം; 2. ബുദ്ധിഹീനത
മണ്ടുക ക്രി. വേഗത്തിൽ ഓടുക
മണ്ടുഗണേശൻ നാ. വലിയ വിഡ്ഢി
മണ്ഡകം നാ. 1. ഒരു പക്ഷി, ചടകം; 2. ഒരുതരം പലഹാരം, റൊട്ടി; 3. മാധവീലത
മണ്ഡന വി. അലങ്കരിക്കുന്ന ശീലമുള്ള, അലങ്കാരഭ്രമമുള്ള
മണ്ഡനൻ നാ. മണ്ഡനമിശ്രൻ, ശങ്കരാചാര്യർ വാദത്തിൽ തോൽപ്പിച്ച ഒരു തത്ത്വദർശി
മണ്ഡനം നാ. 1. ആഭരണം; 2. അലങ്കരണം; 3. ഗ്രന്ഥകാരനെ പിന്താങ്ങി അനുകൂലമായിചെയ്യുന്ന വിമർശം >< ഖണ്ഡനം
മണ്ഡപം നാ. 1. ഉയർത്തിക്കെട്ടിയ വേദി; 2. ഉത്സവത്തിനും മറ്റും ആളുകൾക്കു സമ്മേളിക്കാനുള്ള തുറന്ന ശാല; 3. കൂടാരം; 4. വള്ളിക്കുടിൽ
മണ്ഡം നാ. 1. തവള; 2. വെളുത്ത ആവണക്ക്; 3. പുളിപ്പ്, വിനാഗരി; 4. കൊഴുപ്പ്; 5. നുര, പത
മണ്ഡയന്ത്രം നാ. 1. അലങ്കാരം; 2. വനിതാസങ്ഘം; 3. ആഭരണം; 4. ആഹാരം
മണ്ഡരി നാ. ചീവീട്
മണ്ഡലകം നാ. 1. പരിവേഷം; 2. സൂര്യാദികളുടെ ബിംബം; 3. ദിഗ്വലയം; 4. വൃത്തം, ചക്രം; 5. നാൽപ്പതുയോജന സമചതുരമുള്ള സ്ഥലം; 6. ഒരു ദേശവിഭാഗം; 7.

പലഹാരം; 8. നാൽപ്പത്തൊന്നു ദിവസക്കാലം (പ്ര) മണ്ഡലവ്രതം; 9. നിലഭേദം; 10. ഒരു സൈന്യ വിന്യാസക്രമം; 11. വണ്ടി; 12. തവള; 13. നായ്; 14. (ആയുർ) ഒരിനം കുഷ്ഠം; 15. കുതിരയുടെ ഗതിഭേദങ്ങളിൽ ഒന്ന്; 16. ചുറ്റളവ്; 17. ഒരുജാതി പാമ്പ്; 18. ശർക്കരയുണ്ട; 19. ക്ഷിത്രിജം; 20. പതിനെട്ടടവുകളിൽ ഒന്ന്; 21. കൂട്ടം

മണ്ഡലത്രയം നാ. (ബ.വ.) അഗ്നിമണ്ഡലം സൂര്യമണ്ഡലം ചന്ദ്രമണ്ഡലം എന്നിവ മൂന്നും

മണ്ഡലവ്യൂഹം നാ. ഒരു സൈന്യവ്യൂഹം, വൃത്താകാരമായ സൈന്യവിന്യാസം

മണ്ഡലാകാര വി. മണ്ഡലത്തിൻെറ ആകൃതിയിലുള്ള (വട്ടത്തിലുള്ള)

മണ്ഡലാഗ്രം നാ. വളഞ്ഞ അഗ്രത്തോടുകൂടിയ വാൾ

മണ്ഡലാധിപൻ നാ. രാജാവ്, ചക്രവർത്തി

മണ്ഡലായിതം നാ. 'മണ്ഡലംപോലെയാക്കപ്പെട്ടത്', 1. ഉരുള; 2. പന്ത്

മണ്ഡലി1 വി. മണ്ഡലമുള്ള, വൃത്താകാരമായ

മണ്ഡലി2 നാ. 1. പത്തിയില്ലാത്ത ഒരുതരം വിഷപ്പാമ്പ്; 2. പെരുമ്പാമ്പ്; 3. പൂച്ച; 4. നായ്; 5. മരപ്പട്ടി; 6. സൂര്യൻ; 7. ചിറ്റമൃത്; 8. പേരാൽ; 9. കറുക; 10. ഭൂമി; 11. വൃത്തം; 12. കൂട്ടം; 13. സംസ്ഥാനാധിപതി

മണ്ഡലീകരിക്കുക ക്രി. 1. മണ്ഡലമാക്കുക; 2. ചുരുക്കുക

മണ്ഡലേശൻ നാ. 1. ചക്രവർത്തി; 2. സംസ്ഥാനത്തിൻെറ നാഥൻ

മണ്ഡഹാരകൻ നാ. മദ്യം കാച്ചുന്നവൻ

മണ്ഡിത വി. മണ്ഡനം ചെയ്യപ്പെട്ട, അലങ്കരിക്കപ്പെട്ട

മണ്ഡിതൻ നാ. മണ്ഡനം ചെയ്യപ്പെട്ടവൻ, അലങ്കൃതൻ

മണ്ഡൂകപ്ലുതി നാ. 1. തവളച്ചാട്ടം; 2. (ആല) ഇടയ്ക്കു വല്ല ഭാഗവും വിട്ടിട്ട് അടുത്തതിലേക്കു പ്രവേശിക്കൽ

മണ്ഡൂകം നാ. 1. തവള; 2. പലകപ്പയ്യാനി; 3. (കാമ) ഒരു രതിബന്ധം

മണ്ഡൂരം നാ. ഇരിമ്പിൻ കിട്ടം

മണ്ഡോദകം നാ. 1. ഭിത്തികളും മറ്റും അലങ്കരിക്കൽ; 2. സംഭ്രമം; 3. ശബളത; 4. വിനാഗിരി

മണ്ഡോദരി നാ. (പുരാണ) രാവണൻെറ പത്നി

മണ്ണട്ട നാ. 1. മണ്ണിൽ ജീവിക്കുന്ന ഒരുതരം പ്രാണി, ചെറിയ പുഴു; 2. ഞാഞ്ഞൂൽ; 3. ചീവീട്

മണ്ണൻ നാ. 1. ഒരു രോഗം (അഞ്ചാം പനി); 2. ദുർബുദ്ധി; 3. പടുവാഴ; 4. ചെറിയ മുതല

മണ്ണാത്തി, വ– നാ. 1. അലക്കുകാരി; 2. ഒരു പക്ഷി, മണ്ണാത്തിപ്പുള്ള്

മണ്ണാൻ നാ. 1. വണ്ണാൻ (അലക്കു തൊഴിലായുള്ള ഒരു ജാതി, ചിലദിക്കുകളിൽ തെങ്ങുകയറ്റക്കാരുടെ ഒരു ജാതിയെ കുറിക്കാനും പ്രയോഗം); 2. ചിലന്തി

മണ്ണാന്തുറ നാ. അലക്കുകടവ്

മണ്ണാശ നാ. ഭൂസ്വത്തിലുള്ള ആഗ്രഹം

മണ്ണ് നാ. 1. പഞ്ചഭൂതങ്ങളിൽ ഒന്ന് (മണക്കുന്നത്); 2. നിലം; 3. ചെളി; 4. തുരുമ്പ്; 5. കയ്യാല, ചുമര്; 6. ഭൂമി. (പ്ര) മണ്ണടിയുക, മൺമറയുക = മരിക്കുക. കണ്ണിൽ മണ്ണിടുക = വഞ്ചിക്കുക. മണ്ണുകപ്പുക = തോൽക്കുക

മണ്ണുണ്ണി നാ. 'മണ്ണുതിന്നുന്നവൻ', വകയ്ക്കു കൊള്ളാത്തവൻ

മണ്ണെണ്ണ നാ. (മണ്ണിൽനിന്നെടുക്കുന്ന) പെട്രോളിയം സംസ്കരിച്ചുണ്ടാക്കുന്ന ഒരിനം എണ്ണ, ഇന്ധനമായി ഉപയോഗം
മണ്ണെര നാ. ഞാഞ്ഞൂൽ
മത്, മൽ സ.നാ. 1. (അസ്മത് ശബ്ദത്തിൻെറ പഞ്ചമി ഏകവചനം) എന്നിൽനിന്ന്; 2. (സമാസത്തിൽ) എൻെറ, എന്നെ സംബന്ധിച്ച
മത വി. 1. അറിയപ്പെട്ട; 2. സ്വീകരിക്കപ്പെട്ട; 3. ബഹുമാനിക്കപ്പെട്ട; 4. അഭിപ്രായപ്പെട്ട; 5. നിശ്ചയിക്കപ്പെട്ട (മനനം ചെയ്യപ്പെട്ട)
മതകർമങ്ങൾ നാ. (ബ.വ.) മതവുമായി ബന്ധപ്പെട്ട കർമങ്ങൾ (ആരാധനാക്രമങ്ങളും മറ്റും)
മതങ്ഗജം നാ. ആന
മതങ്ഗം നാ. 1. ആന; 2. മേഘം; 3. ഒരു പർവതം
മതത്യാഗം നാ. 1. (മുമ്പേ അനുസരിച്ചുവന്ന) മതം ഉപേക്ഷിക്കൽ; 2. സ്വാഭിപ്രായം കൈവിടൽ
മതഭേദം നാ. 1. മതത്തിൻെറ വ്യത്യാസം; 2. പക്ഷഭേദം; 3. അഭിപ്രയവ്യത്യാസം
മതഭ്രാന്തൻ നാ. മതത്തിൻെറ പേരിൽ എന്തു സാഹസവും പ്രവർത്തിക്കുന്നവൻ
മതം നാ. 1. ധർമം (ഒരു തത്ത്വസംഹിതയിലോ ഒരു ആചാര്യൻെറ പഠനങ്ങളിഓ പ്രവാചകൻെറ വചനങ്ങളിലോ വിശ്വസിക്കുന്ന ആളുകൾ പിന്തുടരുന്ന ആചാരങ്ങൾ ജീവിതക്രമങ്ങൾ ആരാധനാ രീതികൾ എന്നിവയെ പൊതുവേ കുറിക്കുന്ന പദം – ഹിന്തുമതം ക്രിസ്തുമതം ഇസ്ലാംമതം തുടങ്ങിയവ); 2. അഭിപ്രായം; 3. ഇഷ്ടം; 4. അറിവ്; 5. വിശ്വാസം; 6. സമ്മതം; 7. സിദ്ധാന്തം
1163
മതമൗലികവാദം നാ. മതത്തിൻെറ കാലാനുകൂലമായ പരിഷ്കാരത്തെ എതിർക്കുന്ന യാഥാസ്ഥിതികത്വം, സ്വമതശാഠ്യം
മതർക്കുക ക്രി. 1. ആഗ്രഹിക്കുക; 2. സ്നേഹിക്കുക; 3. നിറയുക
മതല്ലി നാ. (പദാന്ത്യ) ശ്രേഷ്ഠമായത്
മതല്ലിക നാ. (പദാന്ത്യ) ശ്രേഷ്ഠമായത്
മതസ്ഥൻ നാ. മതത്തിൽപ്പെട്ടവൻ
മതാചാരം നാ. അതതുമതക്കാരുടെ മര്യാദ, അനുഷ്ഠാനക്രമം
മതാനുയായി നാ. മതത്തെ അനുസരിക്കുന്നവൻ
മതാന്തരം നാ. 1. മറ്റൊരു മതം; 2. അഭിപ്രായവ്യത്യാസം; 3. മറ്റൊരു അഭിപ്രായം
മതി1 അ.ദ്യോ (അലംഭാവദ്യോതകം) വേണ്ട, തികഞ്ഞു (പ്ര) മതിയാകുക, മതിവരുക = തൃപ്തിയാകുക, തികയുക. മതിയാംവണ്ണം = മതിയാവോളം
മതി2 നാ. 1. ബുദ്ധി, മനസ്സ്; 2. ഇച്ഛ; 3. അഭിപ്രായം; 4. ഭാവം; 5. ആദരം, മാനം; 6. ഓർമ; 7. വിലമതിപ്പ്; 8. ഉപദേശം (പ്ര) മതികെട്ട = ബുദ്ധിയില്ലാത്ത. മതിമറക്കുക = തൻെറ നില മറന്നുപോകുക, ബുദ്ധിഭ്രംശം സംഭവിക്കുക
മതി2 നാ. 1. ചന്ദ്രൻ; 2. മാസം (പ്ര) മുഴുമതി = പൂർണചന്ദ്രൻ
മതികല നാ. ചന്ദ്രക്കല
മതികേട് നാ. മണ്ടത്തരം

മതിക്കുക ക്രി. 1. വില നിശ്ചയിക്കുക (വിലമതിക്കുക); 2. ഏകദേശമായി നിശ്ചയിക്കുക; 3. വിചാരിക്കുക; 4. മാനിക്കുക
മതിഗുണം നാ. ബുദ്ധിവൈഭവം
മതിത്തെല്ല് നാ. ചന്ദ്രക്കല
മതിനേർ വി. ചന്ദ്രനെപ്പോലെയുള്ള (പ്ര) മതിനേർമുഖി = സുന്ദരി
മതിപ്പ് നാ. വിലനിശ്ചയിക്കൽ, വിലവയ്ക്കൽ
മതിഭ്രമം നാ. 1. ഭ്രാന്ത് (ബുദ്ധിഭ്രമം) ; 2. പ്രമാദം; 3. തെറ്റിദ്ധാരണ
മതിമത്ത് വി. ബുദ്ധിയുള്ള
മതിമാൻ നാ. ബുദ്ധിമാൻ
മതിയൻ നാ. 1. ചുഴുക്കുറ്റി, കതകിൻെറ കുടുമ; 2. കണിശം; 3. ചന്ദ്രൻ; 4. മാസം; 5. മതിയം
മതിലകം നാ. 1. ക്ഷേത്രത്തിൻെറയോ കൊട്ടാരത്തിൻെറയോ മതിൽക്കെട്ടിനകം; 2. തിരുവനന്തപുരത്തെ പദ്മനാഭസ്വാമിക്ഷേത്രം
മതിഹരം നാ. മനോഹരം
മതീശ്വരൻ നാ. വിശ്വകർമാവ്
മതേതര വി. മതബന്ധമല്ലാത്ത, ഒരു മതവുമായും ബന്ധപ്പെടാത്ത, സക്യുലറായ
മത്കം നാ. എൻേറത്
മത്കുണൻ നാ. മീശയില്ലാത്തവൻ
മത്കുണം നാ. മക്കുണം, മൂട്ട
മത്ത1 വി. 1. മദിച്ച, ലഹരിപിടിച്ച; 2. അഹങ്കരിച്ച; 3. വിലാസത്തോടുകൂടിയ; 4. സന്തോഷിച്ച
മത്ത2 നാ. 1. മദിച്ചവൾ; 2. ഒരുതരം മദ്യം; 3. കുയിൽപ്പേട; 4. ഒരു വൃത്തം
മത്ത3 നാ. 1. മത്തൻ; 2. പെൺപൈതലിൻെറ ഗുഹ്യപ്രദേശം
മത്തകാശിനി നാ. 1. ഉത്തമസ്ത്രീ (സൗന്ദര്യവും വശീകരണ ശക്തിയുമുള്ളവൾ); 2. ഒരു വൃത്തം
മത്തഗജം നാ. മദയാന
മത്തകാമിനി നാ. 1. സുന്ദരി (ലക്ഷണമൊത്ത നടയോടുകൂടിയവൾ); 2. വേശ്യ
മത്തങ്ങാ നാ. മത്തവള്ളിയിലുണ്ടാകുന്ന കായ്
മത്തത നാ. 1. മദം; 2. സന്തോഷം; 3. മയക്കം
മത്തൻ1 നാ. മത്തവള്ളി
മത്തൻ2 നാ. 1. മദിച്ചവൻ (മദ്യം മുതലായവകൊണ്ടു മദാവസ്ഥയെ പ്രാപിച്ചവൻ); 2. മദിച്ച ആന; 3. ഭ്രാന്തൻ; 4. പോത്ത് (പുരാണ); 5. മാല്യവാൻെറ ഒരു പുത്രൻ
മത്തനാഗം നാ. മദയാന
മത്തം നാ. 1. ഉമ്മത്ത്; 2. പോത്ത്; 3. കുയിൽ
മത്തവാരണം നാ. 1. മദയാന; 2. (ശിൽപ) വരാന്ത, മെത്താണം; 3. വലിയ കെട്ടിടത്തിൻെറ ചുറ്റുമുള്ള മതിൽ അഥവാ വേലി; 4. മേൽമാളിക; 5. കൂടാരം; 6. പാക്കിൻെറ പൊടി; 7. നിര്യൂഹം

മത്തവിലാസം		നാ.	1. മഹേന്ദ്രവർമൻെറ ഒരു സംസ്കൃതപ്രഹസനം, അതിനെ ആസ്പദമാക്കിയുള്ള ഒരുതരം കൂത്ത്; 2. രതിക്രീഡ
മത്താപ്പ്		നാ.	1. കരിമരുന്നു പ്രയോഗത്തിൽ ഒരിനം, നിലാത്തിരി (നിലാവുപോലെ പ്രകാശം പരത്തുന്നത്); 2. ചന്ദ്രിക
മത്താലംബം		നാ.	1. വേലി; 2. നടക്കാവ്
മത്ത്1		നാ.	1. തൈരുകടയാനുള്ള ഉപകരണം, കടകോൽ, കടകോലിൻെറ ചുവട്ടിലെ ഭാഗം; 2. കുമ്മായം കൂട്ടുന്നതിനുള്ള ഇടിതടി
മത്ത്2		നാ.	1. ലഹരി; 2. പിച്ച്; 3. ഉമ്മത്ത്
മത്തേഭൻ		നാ.	കൊമ്പനാന
മത്തേഭം		നാ.	1. മദിച്ച ആന; 2. ഒരു വൃത്തം
മത്യം1		നാ.	1. പല്ലിത്തടി; 2. നിലം നിരപ്പാക്കൽ; 3. ഇരുമ്പാണികൾ ഘടിപ്പിച്ചിട്ടുള്ള ഗദ
മത്യം2		നാ.	അറിവുനേർടാനുള്ള വഴി
മത്യാ		അവ്യ. 1. അറിഞ്ഞുകൊണ്ട്; 2. മനഃപൂർവം
മത്സരം		നാ.	1. ജയിക്കാനുള്ള ഇച്ഛ; 2. അസൂയ; 3. ദ്രോഹം; 4. സ്വാച്ഛന്ദ്യം; 5. അത്യാഗ്രഹം; 6. സ്വാർഥം; 7. ദൗഷ്ട്യം; 8. കലഹം; 9. കൊതുക്; 10. സോമരസം
മത്സരി		നാ.	മത്സരമുള്ളവൻ
മത്സരിക്കുക		ക്രി.	1. തോൽപ്പിക്കണമെന്ന വിചാരത്തോടെ വല്ലതും ചെയ്യുക; 2. അസൂയാപൂർവമായി പ്രവർത്തിക്കുക; 3. തർക്കിക്കുക; 4. എതിർക്കുക
മത്സ്യഗന്ധ		നാ.	1. സത്യവതി; 2. ഒരു ചെടി (മത്സ്യത്തിൻെറ ഗന്ധമുള്ളത്; 3. നീർത്തിപ്പലി; 4. മീനങ്ങാണി; 5. ചെറിയ അടയ്ക്കാമണിയൻ; 6. മീൻകണ്ണിക്കറുക
മത്സ്യഗന്ധിനി		നാ.	1. അടയ്ക്കാമണിയൻ; 2. മത്സ്യഗന്ധമുള്ളവൾ
മത്സ്യജാലം		നാ.	1. മീൻകൂട്ടം; 2. മീൻവല
മത്സ്യണ്ഡിക		നാ.	1. മീൻകണ്ടിശർക്കര (ശുദ്ധിചെയ്യാത്ത ശർക്കര); 2. പഞ്ചസാര; 3. കൽക്കണ്ട്; 4. മീൻകണ്ണിക്കറുക
മത്സ്യധ്വജൻ		നാ.	'മീൻ അടയാളമുള്ളവൻ', കാമദേവൻ
മത്സ്യൻ		നാ.	1. മത്സ്യരാജ്യാധിപൻ; 2. മത്സ്യദേശീയൻ; 3. ഒരു രാജാവ് (അദ്രികയുടെ പുത്രൻ, കാളിയുടെ സഹോദരൻ)
മത്സ്യനാരി		നാ.	1. സത്യവതി; 2. പകുതി മത്സ്യത്തിൻെറയും പകുതി മനുഷ്യസ്ത്രീയുടെയും രൂപമുള്ളവൾ, മത്സ്യകന്യക
മത്സ്യപുരാണം		നാ.	മാത്സ്യം, അഷ്ടദശപുരാണങ്ങളിൽ ഒന്ന്
മത്സ്യബന്ധനം		നാ.	1. മീൻപിടിത്തം; 2. ചൂണ്ടൽ
മത്സ്യം		നാ.	1. ഒരു ജലജീവി, മീൻ; 2. വിഷ്ണുവിൻെറ ഒന്നാമത്തെ അവതാരം; 3. ഒരു രാജ്യം; 4. ഒരു പുരാണം (മത്സ്യപുരാണം); 5. (ജ്യോ) ഒരു രാശി, മാസം (മീനം)
മത്സ്യരേഖ		നാ.	(ഹസ്തരേഖ) മത്സ്യരൂപത്തിൽ ഉള്ളകൈയിൽ കാണപ്പെടുന്ന രേഖ
മത്സ്യവിഗ്രഹൻ		നാ.	വിഷ്ണു
മത്സ്യവേധനം		നാ.	'മത്സ്യത്തെ വേധിക്കുന്നത്', 1. ചൂണ്ടൽ; 2. നീർക്കാക്ക
മത്സ്യാദനി		നാ.	മീൻ തിന്നുന്നവൾ

മത്സ്യാവതാരം നാ. വിഷ്ണുവിൻെറ ആദ്യത്തെ അവതാരം (വേദങ്ങളെ അപഹരിച്ചുകൊണ്ടു കടലിൽ ഒളിച്ച ഹയഗ്രീവനെ കൊല്ലുന്നതിനു മത്സ്യമായി അവതരിച്ചു)
മത്സ്യാശനൻ നാ. മത്സ്യം ഭക്ഷിക്കുന്നവൻ
മത്സ്യാശനം നാ. 1. നീർക്കാക്ക; 2. പൊന്മാൻ; 3. മത്സ്യം ഭക്ഷിക്കൽ
മത്സ്യോദരീയൻ നാ. വേദവ്യാസൻ (സത്യവതിയുടെ പുത്രൻ)
മത്സ്യോപജീവി നാ. മത്സ്യംപിടിച്ച് ഉപജീവനം കഴിക്കുന്നവൻ
മഥന വി. 1. മഥിക്കുന്ന; 2. നശിപ്പിക്കുന്ന
മഥനം നാ. 1. മഥിക്കൽ, കലക്കൽ; 2. വധം; 3. അരപ്പ്; 4. പഞ്ഞി; 5. മുഞ്ഞ; 6. അരളി
മഥി നാ. 1. കടകോൽ; 2. ഇടിവാൾ; 3. ശിശ്നം; 4. വായു
മഥിക്കുക ക്രി. 1. കലക്കുക, കടയുക; 2. പീഡിപ്പിക്കുക; 3. തകർക്കുക; 4.കൊല്ലുക; 5. അരയ്ക്കുക
മഥിത വി. മഥനം ചെയ്യപ്പെട്ട
മഥിതം നാ. 1. മഥനംചെയ്യപ്പെട്ടത്; 2. (വെള്ളം ചേർക്കാതെ കടഞ്ഞെടുത്ത) മോര്
മഥുര നാ. യമുനയുടെ തീരത്തുള്ള ഒരു നഗരം, ശ്രീകൃഷ്ണൻെറ ജനനസ്ഥലം
മഥുരാപതി നാ. ശ്രീകൃഷ്ണൻ
മഥ്യ വി. മഥിക്കത്തക്ക
മഥ്യമാന വി. മഥിക്കപ്പെടുന്ന
മദകടൻ നാ. വൃഷണം ഉടയ്ക്കപ്പെട്ടവൻ, നപുംസകൻ
മദകര വി. മദത്തെ ഉണ്ടാക്കുന്ന
മദകരി നാ. മദയാന
മദകള വി. മദത്തോടുകൂടി അവ്യക്തമധുരമായി ശബ്ദിക്കുന്ന
മദകളം നാ. മദം ഹേതുവായിട്ടു ശബ്ദിക്കുന്നത്, മദയാന
മദഗന്ധ നാ. 1. മദ്യം; 2. അഗസി; 3. ഏഴിലംപാല
മദഗന്ധം നാ. 1. മദജലത്തിൻെറ ഗന്ധം; 2. (കാമ) ഋതുകാലങ്ങളിൽ സ്ത്രീയുടെ ശരീരത്തിലുണ്ടാകുന്ന ഗന്ധം; 3. ഏഴിലംപാല
മദച്യുത്ത്1 വി. മദജലം ഒലിക്കുന്ന; 2. കാമഭ്രാന്തുള്ള; 3. മത്തുപിടിച്ച
മദച്യുത്ത്2 നാ. 1. ഇന്ദ്രൻ; 2. മത്തുപിടിച്ചവൻ; 3. കാമഭ്രാന്തുപിടിച്ചവൻ
മദജലം നാ. ആനയുടെ കവിൾപൊട്ടിയൊഴുകുന്ന വെള്ളം
മദന1 വി. മദിപ്പിക്കുന്ന
മദന2 നാ. മദ്യം
മദനകണ്ടകം നാ. 1. ഒരു വൃക്ഷം; 2. പ്രേമാധിക്യം മൂലമുണ്ടാകുന്ന രോമാഞ്ചം
മദനകം നാ. 1. മെഴുക്; 2. ഒരു ചെടി, ദമനകം
മദനൻ നാ. കാമദേവൻ
മദനനാശനൻ നാ. ശിവൻ
മദനം നാ. 1. മദിപ്പിക്കൽ; 2. വസന്തം; 3. കാമക്രീഡ; 4. തേനീച്ച; 5. വണ്ട്; 6. മെഴുക്; 7. മലങ്കാര; 8. ചരളം; 9. അഴിഞ്ഞിൽ; 10. ഉഴുന്ന്; 11. മക്കിപ്പൂവ്; 12. കരിങ്ങാലി; 13. കുരുട്ടുമാവ്; 14. ഉമ്മത്ത്; 15. ഇലഞ്ഞി; 16. കാക്ക

മദനമോഹനൻ	നാ.	ശ്രീകൃഷ്ണൻ
മദനരിപു	നാ.	ശിവൻ, കാമരിപു
മദനശലാക	നാ.	1. പഞ്ചവർണക്കിളി; 2. കുയിൽപ്പേട; 3. വാജീകരണൗഷധം
മദനാങ്കുശം	നാ.	1. നഖം, നഖക്ഷതം; 2. പുരുഷൻെറ ലിങ്ഗം
മദനായുധം	നാ.	1. പുരുഷൻെറ ലിങ്ഗം; 2. സുന്ദരി; 3. സുന്ദരിയുടെ ഉപസ്ഥം
മദനാർത്ത	നാ.	1. കാമാർത്തിയോടുകൂടിയവൾ, കാമപീഡ അനുഭവിക്കുന്നവൾ; 2. ഒരു വൃത്തം
മദനാരി	നാ.	കാമരിപു, ശിവൻ
മദനാലയം	നാ.	1. താമരപ്പൂവ്; 2. ഉപസ്ഥം
മദനാവസ്ഥകൾ	നാ.	(ബ.വ.) കാമദശകൾ (ചക്ഷുഃപ്രീതി, മനസ്സങ്ഗം, സങ്കൽപം, നിദ്രാച്ഛേദം, ശരീരകാർശ്യം, വിഷയനിവൃത്തി, ലജ്ജാനാശം, ഉന്മാദം, മൂർച്ഛ, മരണം എന്നിവ)
മദനി	നാ.	1. മദ്യം; 2. കസ്തൂരി; 3. അതിമുക്തം; 4. താതിരി; 5. അരേണുകം; 6. വെരുക്
മദനീയ	വി.	മദിപ്പിക്കത്തക്ക
മദനോത്സവം	നാ.	1. കാമക്രീഡ; 2. ഒരു ഉത്സവം (കാമദേവനെ ഉദ്ദേശിച്ചു നടത്തപ്പെടുന്നത്, ചൈത്രമാസത്തിലെ ശുക്ലദ്വാദശിമുതൽ ചതുർദശിവരെ)
മദം	നാ.	1. ഐശ്വര്യംകൊണ്ടുണ്ടാകുന്ന അഹങ്കാരം; 2. സന്തോഷാധിക്യം; 3. മദജലം; 4. (ലഹരിയുള്ള) മദ്യം; 5. മത്തത, ലഹരി; 6. ഭ്രാന്ത്; 7. കസ്തൂരി; 8. നായികാസംബന്ധിയായ ഇരുപത്തെട്ട് അലങ്കാരങ്ങളിൽ ഒന്ന്; 9. കാമാധിക്യം; 10. ശുക്ലം; 11. സുന്ദരവസ്തു; 12. കോപം; 13. അഷ്ടരാഗങ്ങളിൽ ഒന്ന് (പ്ര) മദംപൊട്ടുക = ആനയുടെ ചെന്നിയിൽ നീരുവന്നു പൊട്ടുക
മദമത്തൻ	നാ.	അഹങ്കാരംകൊണ്ടു മദിച്ചവൻ
മദമത്തം	നാ.	1. മദംകൊണ്ടു ബോധം നശിച്ച ആന; 2. വലിയ ഉങ്ങ്
മദമ്പാട്	നാ.	മദം പൊട്ടിയ ആനയുടെ അവസ്ഥ
മദയാന	നാ.	മദിച്ച ആന (മദം പൊട്ടിയ ആന)
മദയിതു	വി.	മദിപ്പിക്കുന്ന. നാ. 1. കാമദേവൻ (മദിപ്പിക്കുന്നവൻ); 2. ഉന്മത്തൻ; 3. മേഘം; 4. മദ്യം; 5. മദ്യം കാച്ചുന്നവൻ
1165
മദർഥം	അവ്യ. എനിക്കുവേണ്ടി
മദരാഗൻ	നാ.	1. കാമദേവൻ; 2. കുടിയൻ; 3. പൂവൻകോഴി
മദവാരി	നാ.	മദജലം
മദാഖ്യം	നാ.	കസ്തൂരി
മദാഢ്യ	വി.	കുടിച്ചുമദിച്ച
മദാധിക	വി.	അധികം മദമുള്ള
മദാന്ധ	വി.	1. മദംകൊണ്ടു കണ്ണുകാണാതായ; 2. കുടിച്ചുമദിച്ച
മദാംബരൻ	നാ.	1. മദയാന; 2. ഐരാവതം
മദാംബു	നാ.	മദജലം
മദാമ്മ	[<ഇം.]	നാ.	1. യൂറോപ്യൻ സ്ത്രീ; 2. മാന്യ. (പ്ര) സായിപ്പും മദാമ്മയും

മദാലസ നാ. 1. സുന്ദരി, വിലാസവതി, (യൗവന) മദംകൊണ്ടു ക്ഷീണിച്ചവൾ; 2. വിശ്വാവസുവിൻെറ പുത്രി
മദാലാപി നാ. ആൺകുയിൽ
മദി നാ. കലപ്പ
മദിക്കുക ക്രി. 1. മദമുണ്ടാകുക, ലഹരിപിടിക്കുക; 2. അഹങ്കരിക്കുക; 3. സന്തോഷിക്കുക
മദിര1 വി. മദിപ്പിക്കുന്ന
മദിര2 നാ. 1. മദ്യം (ലഹരിയുള്ളത്); 2. ദുർഗ; 3. വരുണപത്നി; 4. വാസുദേവൻെറ ഒരു പത്നി; 5. വാലാട്ടിപ്പക്ഷി; 6. ഒരു വൃത്തം
മദിരനയന നാ. മദിരപോലെ മയക്കുന്ന കണ്ണുകൾ ഉള്ളവൾ, മദകരങ്ങളായ മിഴികളുള്ളവൾ, മനോഹരങ്ങളായ കണ്ണുകളുള്ളവൾ, സുന്ദരി
മദിരാക്ഷി നാ. മദിര നയന
മദിരേക്ഷണ നാ. മദിരനയന
മദീയ വി. 1. എൻേറതായ; 2. എനിക്കുള്ള; 3. എന്നെസംബന്ധിച്ച
മദോത്കട1 വി. 1. മദം വർധിച്ച; 2. കുടിച്ചുമദിച്ച
മദോത്കട2 നാ. 1. മദ്യം; 2. അഗശി; 3. ദാക്ഷായണീദേവിയുടെ ഒരു പേര്
മദോത്കടൻ നാ. മദയാന
മദോദ്ധത വി. 1. മദം വർധിച്ച; 2. അഹങ്കരിച്ച
മദോന്മത്ത വി. 1. മദംകൊണ്ട് ഉന്മത്തനായ
മദ്ഗു നാ. 1. നീർക്കാക്ക; 2. ഒരിനം മീൻ, പെരുങ്കയൽമീൻ; 3. ഒരിനം സർപ്പം; 4. ഒരു കാട്ടുജന്തു, മരപ്പട്ടി; 5. യുദ്ധക്കപ്പൽ; 6. ജാതിഭ്രഷ്ടൻ; 7. ഒരു സങ്കരജീവി
മദ്ഗുരൻ നാ. 1. കടലിൽ മുങ്ങി മുത്തെടുക്കുന്നവൻ; 2. ഒരു സങ്കരജാതിക്കാരൻ; 3. പെരുത്തലമീൻ
മദ്ദളം നാ. ഒരു വാദ്യം
മദ്ബഹാ [സുറി] നാ. 1. ദേവാലയത്തിലെ ബലിപീഠം; 2. പൂജാമണ്ഡപം
മദ്യ വി. മദിപ്പിക്കുന്ന
മദ്യകാര(ക)ൻ നാ. മദ്യം കാച്ചിയെടുക്കുകയോ വിൽക്കുകയോ ചെയ്യുന്നവൻ
മദ്യകുംഭം നാ. 1. മദ്യം വച്ചിരിക്കുന്ന കുടം; 2. (പ്ര) സദാ മദ്യം സേവിക്കുന്നവൻ
മദ്യഗന്ധം നാ. 1. മദ്യത്തിൻെറ മണം; 2. ഇലഞ്ഞി
മദ്യപ വി. മദ്യം സേവിക്കുന്ന
മദ്യപൻ നാ. കള്ളുകുടിയൻ (ലഹരിപാനീയങ്ങൾ ഉപയോഗിക്കുന്നവൻ)
മദ്യപാനം നാ. സപ്തവ്യസനങ്ങളിൽ ഒന്ന് (ലഹരിപാനീയങ്ങൾ സേവിക്കൽ)
മദ്യപിക്കുക ക്രി. ലഹരിപാനീയം ഉപയോഗിക്കുക, മദ്യം സേവിക്കുക
മദ്യം നാ. മദിപ്പിക്കുന്നത്, ലഹരിപാനീയം
മദ്യഹാരകൻ നാ. കള്ളുചെത്തുന്നവൻ, ചാരായം വാറ്റുന്നവൻ
മദ്രകാര വി. 1. സന്തോഷിപ്പിക്കുന്ന; 2. ക്ഷൗരം ചെയ്യുന്ന
മദ്രം നാ. 1. സന്തോഷം; 2. മങ്ഗളം; 3. ഒരു രാജ്യം (പ്ര) മദ്രംകാര = മദ്രകാര
മദ്രസ [അറ] നാ. (ഇസ്ലാം) ഉപരിവിദ്യാലയം, ഓത്തുപള്ളി, ഖുറാൻ പഠിപ്പിക്കുന്നസ്ഥലം

മധു1 വി. ഹൃദ്യമായ
മധു2 നാ. 1. മദ്യം; 2. തേൻ (പൂന്തേൻ); 3. വെള്ളം; 4. പാൽ; 5. ശർക്കര, പഞ്ചസാര (മാധുര്യം, മധുരവസ്തു); 6. ഇരട്ടിമധുരം; 7. അശോകം; 8. അടപതിയൻ; 9. ഇരിപ്പ്; 10. ചൈത്രമാസം; 11. വസന്തമെന്ന ഋതു; 12. ഒരു അസുരൻ (വിഷ്ണുവിനാൽ കൊല്ലപ്പെട്ടു); 13. കാർത്തവീര്യൻ
മധുക വി. മധുരമായ
മധുകണ്ഠം നാ. കുയിൽ
മധുകം നാ. 1. ഇരട്ടിമധുരം; 2. തകരം; 3. വെളുത്തീയം; 4. ഇരിപ്പ; 5. ഒരു പക്ഷി
മധുകരൻ നാ. 1. വണ്ടത്താൻ; 2. വിടൻ. മധുകരപ്രിയം = മാവ്
മധുകരം നാ. 1. തേനീച്ച; 2. വണ്ട്; 3. കയ്യോന്നി; 4. തിരുനാമപ്പാല; 5. മധുരനാരങ്ങ
മധുകാരി നാ. 1. വണ്ട്; 2. തേനീച്ച
മധുകൃത്ത് നാ. = മധുകാരി
മധുകൈടഭന്മാർ നാ. (ദ്വി.വ.)(പുരാണ) വിഷ്ണുവിൻെറ കർണമലത്തിൽനിന്നുണ്ടായ രണ്ട് അസുരന്മാർ
മധുജ നാ. 1. തേകൊണ്ടുണ്ടാക്കുന്നത്, തേൻചേർത്തുണ്ടാക്കുന്നത്; 2. കൽക്കണ്ടം; 3. ഭൂമി
മധുജം നാ. തേൻമെഴുക്
മധുതൃണം നാ. കരിമ്പ്
മധുത്രയം നാ. (ബ.വ.) തേൻ പഞ്ചസാര നെയ് എന്നിവ
മധുദൂതം നാ. മാവ്, ചൂതവൃക്ഷം
മധുദ്രൻ നാ. 1. ആൺവണ്ട്; 2. വിടൻ
മധുദ്വിട് നാ. വിഷ്ണു, മധുദ്വേഷി
മധുനിഷ്യന്ദി വി. തേനൊലിക്കുന്ന
മധുപൻ നാ. 1. ആൺവണ്ട്; 2. (ആൺ)തേനീച്ച; 3. മദ്യപൻ (കള്ളുകുടിയൻ); 4. വിടൻ
മധുപർക്കം നാ. ദശോപചാരങ്ങളിൽ ഒന്ന്, അതിഥിസത്കാരത്തിലും പൂജയിലും ഉപയോഗിക്കുന്ന ഒരു പാനീയം (തൈരും നെയ്യും വെള്ളവും തേനും പഞ്ചസാരയും ചേർത്തുണ്ടാക്കുന്ന മധുരപാനീയം)
മധുപുഷ്പം നാ. 1. അശോകം; 2. ശിരീഷം; 3. ഇലഞ്ഞി; 4. നാഗദന്തി; 5. നീരിരിപ്പ
മധുപ്രാശനം നാ. ഷോഡശസംസ്കാരങ്ങളിൽ ഒന്ന് (കുഞ്ഞിനു തേൻ കൊടുക്കൽ)
മധുപ്രിയൻ നാ. 1. മദ്യപിക്കുന്ന പതിവുള്ളവൻ; 2. ബലരാമൻ
മധുഫല നാ. 1. തേനീത്ത; 2. വലിയ മുന്തിരി; 3. വരിയൻ കക്കരി
മധുഭാഷിണി നാ. തേൻമൊഴി, മധുരമായി സംസാരിക്കുന്നവൾ
മധുമക്ഷ(ം) നാ. മധുമക്ഷിക, തേനീച്ച
മധുമാസം നാ. വസന്തം, ചൈത്രം
മധുഹേമം നാ. ഒരുതരം പ്രമേഹരോഗം
മധുമൊഴി നാ. തേൻപോലെ മധുരമായ വാക്കുള്ളവൾ, സുന്ദരി

മധുയഷ്ടി നാ. 1. കരിമ്പ്; 2. ഇരട്ടിമധുരം
മധുര1 വി. 1. ഇനിപ്പുള്ള, മധുരമുള്ള; 2. സ്വാദുള്ള; 3. മനോഹരമായ
മധുര2 നാ. 1. ചതകുപ്പ; 2. കണ്ടിവെണ്ണ; 3. തകരം; 4. ഇരട്ടിമധുരം; 5. പുളിച്ച കഞ്ഞിവെള്ളം; 6. കാകോളി; 7. ശതാവരി; 8. മേദ; 9. തേനീത്ത; 10. ചെഞ്ചീര; 11. ദക്ഷിണേന്ത്യയിലെ ഒരു നഗരം
മധുരക്കള്ള് നാ. അക്കാനി, നീര
മധുരക്കിഴങ്ങ് നാ. ശർക്കരവള്ളിക്കിഴങ്ങ്
മധുരത നാ. ഇനിപ്പ്, അഴക്, ഹൃദ്യത
മധുരനാരകം നാ. ഒരിനം നാരകം ഓറഞ്ച്
മധുരം1 അവ്യ. പ്രിയമായി
മധുരം2 നാ. 1. ഷഡ്രസങ്ങളിൽ ഒന്ന്, ഇനിപ്പ് (കരിമ്പുനീര്, തേൻ തുടങ്ങിയവയുടെ രുചി); 2. മനോഹരം; 3. സാഹിത്യരചനാരീതികളിൽ ഒന്ന്; 4. വെളുത്തീയം
മധുരമൊഴി നാ. മധുരമായി സംസാരിക്കുന്നവൾ
മധുരസം നാ. 1. മധുരരസം; 2. കരിമ്പന; 3. ഇരിപ്പ; 4. കരിമ്പ്
മധുരാധരി നാ. സുന്ദരി
മധുരാലാപ1 വി. മധുരമായ ശബ്ദത്തോടുകൂടിയ
മധുരാലാപ2 നാ. 1. കുയിൽപ്പേട; 2. പഞ്ചവർണക്കിളി
മധുരിക്കുക ക്രി. 1. മധുരരസം അനുഭവപ്പെടുക; 2. ഇഷ്ടമാകുക
മധുരിപു നാ. 'മധുവെന്ന അസുരൻെറ ശത്രു', വിഷ്ണു
മധുരിമ നാ. മാധുര്യം, മധുരരസം
മധുലക്ഷ്മി നാ. വസന്തശോഭ
മധുലം നാ. 1. മധുരം; 2. മദ്യം
മധുലോലുപം നാ. തേനീച്ച
മധുവല്ലി നാ. 1. ഇരട്ടിമധുരം; 2. മധുര മാതളനാരകം; 3. വലിയ മുന്തിരി
മധുവിട്ട് നാ. തേൻമെഴുക്
മധുവിധു നാ. വിവാഹാനന്തരം വധൂവരന്മാർ ആഹ്ലാദപൂർവം കുറെക്കാലം കഴിയൽ (ഹണിമൂൺ എന്നതിൻെറ തർജുമ)
മധുവൈരി നാ. വിഷ്ണു
മധുവ്രതം നാ. 'മുട്ടാതെ മധുവുണ്ണുന്നത്', 1. തേനീച്ച; 2. വണ്ട്
മധുശിഷ്ടം നാ. മെഴുക്
മധുസഖൻ നാ. വസന്തം സഖാവായവൻ, കാമദേവൻ
മധുസാരഥി നാ. 'വസന്തകാലം തേരാളിയായുള്ളവൻ', കാമദേവൻ
മധുസൂദനൻ നാ. വിഷ്ണു
മധുസൂദനം നാ. 1. തേനീച്ച; 2. വണ്ട്
മധുസ്നുഹി നാ. 1. പ്രാവ്; 2. ഒരു ആയുർവേദ ലേഹ്യം
മധുസ്വരം നാ. 1. മധുരസ്വരം; 2. കുയിൽ
മധുഹാ(വ്) നാ. 1. മധുസൂദനൻ; 2. തേനെടുക്കുന്നവൻ; 3. ഭാഗ്യം പറയുന്നവൻ; 4. ഒരുജാതി പക്ഷി
മധുച്ഛിഷ്ടം നാ. മധുജ്ഝിതം, മെഴുക്
മധൂത്ഥം നാ. മെഴുക്

മധുന്മദ	നാ.	കുയിൽപ്പേട
മധ്യ1	വി.	1. ഇടത്തരമായ, ശരാശരിയായ; 2. നടുവിലുള്ള, ഇടയ്ക്കുള്ള; 3. നിഷ്പക്ഷമായ
മധ്യ2	നാ.	1. നടുവിരൽ; 2. നടുവ്; 3. ഋതുവായിട്ട് അധികം നാളാകാത്തവൾ, മധ്യമ; 4. (നാട്യ) ഒരു നായികാവിഭാഗം
മധ്യകർണം	നാ.	1. വ്യാസാർധം; 2. കാതിൻെറ ഉൾഭാഗം
മധ്യക്ഷാമ	നാ.	1. ഒതുങ്ങിയ അരക്കെട്ടോടുകൂടിയവൾ, സുന്ദരി; 2. ഒരു വൃത്തം
മധ്യഗ(ത)	വി.	നടുവിലുള്ള
മധ്യത1	അവ്യ. ഇടയ്ക്ക് (മധ്യത്തുനിന്ന്)
മധ്യദിനം	നാ.	1. ഉച്ച; 2. ഉച്ചയ്ക്കുനടത്തേണ്ട കർമം
മധ്യദേശം	നാ.	മധ്യപ്രദേശം; 1. നടുപ്രദേശം; 2. അരക്കെട്ട്; 3. ആര്യാവർത്തം; 4. വയറ്
മധ്യധരണ്യാഴി	നാ.	ഒരു കടൽ (മെഡിറ്ററേനിയൻ എന്ന ആങ്ഗലപദത്തിൻെറ തർജുമ)
മധ്യം	നാ.	1. നടു(വ്); 2. അരക്കെട്ട്; 3. ഉദരം, ഉള്ള്; 4. ഇട, ഇടത്തരം; 5. താളത്തിൻെറ മാത്രാനിയമങ്ങളിലൊന്ന്; 6. ഒരു വലിയ തുക (പതിനായിരം ബില്യൻ); 7. (കുതിരയുടെ) പാർശ്വഭാഗം; 8. വിരാമം
മധ്യമ1	വി.	1. നടുവിലുള്ള, ഇടത്തരമായ; 2. നിഷ്പക്ഷമായ; 3. ഉദാസീനമായ; 4. ശരാശരിയായ
മധ്യമ2	നാ.	1. തിരണ്ടവൾ (ബാല്യയൗവനാവസ്ഥകളുടെ മധ്യത്തുള്ളവൾ); 2. അരക്കെട്ടിൽ ശോഭയുള്ളവൾ; 3. നടുവിരൽ; 4. താമരയല്ലി; 5. പൂങ്കുലയുടെ നടുവിലുള്ള പൂവ്; 6. ശബ്ദത്തിൻെറ ഒരവസ്ഥ (പരാ, പശ്യന്തി എന്നീ അചസ്ഥകൾ കഴിഞ്ഞു ഹൃദയസ്ഥാനത്തെത്തിയത്); 7. സുരതസാമർഥ്യവും യൗവനദാർഢ്യവും കാമാവേശവും അൽപം നാണവുമുള്ള നായിക; 8. (സങ്ഗീ) ഒരു രാഗം, മധ്യമാവതി
മധ്യമക	വി.	1. നടുവിലത്തെ; 2. പൊതുവായ
മധ്യമങ്ങൾ	(ബ.വ.)	(വ്യാക) യ ര ല വ എന്നീ വർണങ്ങൾ
മധ്യമൻ	നാ.	1. സാമാന്യപുരുഷൻ; 2. നടുവിലുള്ളവൻ; 3. ഉദാസീനൻ (നിഷ്പക്ഷനില കൈക്കൊണ്ടവൻ); 4. സംസ്ഥാനാധിപതി; 5. മധ്യമപുരുഷൻ
മധ്യമപദലോപി	നാ.	(വ്യാക) തത്പുരുഷസമാസത്തിൽ ഒരു വിഭാഗം (പ്രസിദ്ധിനിമിത്തം പറയാതെ തന്നെ അർഥത്തിനു പ്രതീതിയുള്ളതായ മധ്യപദം ലോപിക്കൽ. ഉദാഃ തീവണ്ടി = തീയാൽ ഓടിക്കപ്പെടുന്ന വണ്ടി)
മധ്യമപാണ്ഡവൻ	നാ.	അർജുനൻ
മധ്യമപുരുഷൻ	നാ.	(വ്യാക) വക്താവ് ആരെ സംബോധന ചെയ്യുന്നുവോ അയാൾ ഉദാഃ നീ, നിങ്ങൾ
മധ്യമം	നാ.	1. (സങ്ഗീ) സപ്തസ്വരങ്ങളിൽ അഞ്ചാമത്തെത് 'പ'; 2. മധ്യപ്രദേശം, പുണ്യഭൂമി; 3. നടുവിലത്തെ സ്ഥിതി (ഉത്തമമോ അധമമോ അല്ലാത്ത അവസ്ഥ, ഇടനില); 4. ശരീരമധ്യം
മധ്യമലോകം	നാ.	ഭൂമി (സ്വർഗപാതാളങ്ങൾക്കു മധ്യേയുള്ളത്)

മധ്യമസാഹസം നാ. 1. (നിയ) ഇടത്തരം കുറ്റം; 2. ഇടത്തരം കുറ്റങ്ങൾക്കുള്ള ശിക്ഷ
മധ്യമിക നാ. തിരണ്ടവൾ
മധ്യരാത്രം നാ. അർധരാത്രി, പാതിരാവ്
മധ്യരേഖ നാ. 1. നടുവിലുള്ള വര; 2. ഭൂമിയുടെ നടുവിലുള്ള സാങ്കൽപിക രേഖ, ഭൂമധ്യരേഖ
മധ്യലോകം നാ. മനുഷ്യലോകം
മധ്യവയസ്കൻ നാ. മധ്യവയസ്സുള്ളവൻ (മുപ്പതിനും അമ്പതിനും മധ്യേ പ്രായമുള്ളവൻ)
മധ്യവർത്തി വി. ഇടയ്ക്കുനിൽക്കുന്ന, പക്ഷം പിടിക്കാതെ ന്യായം മാത്രം പറയുന്ന
മധ്യസ്ഥ വി. നടുവിൽ നിൽക്കുന്ന, ഉദാസീനമായ, ബന്ധുശത്രുഭാവംകൂടാതെ വർത്തിക്കുന്ന
മധ്യസ്ഥത നാ. മാധ്യസ്ഥം, ഇടനില നിൽക്കൽ
മധ്യസ്ഥൻ നാ. 1. നടുവൻ, മൂന്നാമൻ; 2. ഇടയ്ക്കുനിന്ന് വഴക്കൊതുക്കുന്നവൻ; 3. ശിവൻ
മധ്യാ ം നാ. ഉച്ച. മധ്യാ ഭോജനം = ഉച്ചഭക്ഷണം
മധ്യേ അവ്യ. നടുവെ, ഉള്ളിൽ
മധ്വകം നാ. തേനീച്ച
മധ്വൻ നാ. വൈഷ്ണവാചാര്യൻ (ദ്വൈതമതസ്ഥാപകൻ)
മധ്വാസവം നാ. 1. തേൻ ചേർത്തുണ്ടാക്കിയ മദ്യം; 2. ഇരിപ്പൂപ്പുകൊണ്ടുണ്ടാക്കിയ മദ്യം
മൻ നാ. 1. ബ്രഹ്മാവ്; 2. രാജാവ്; 3. ശിവൻ; 4. വിഷ്ണു; 5. യമൻ
മന നാ. 1. (നമ്പൂരിമാരുടെ) ഭവനം, ഇല്ലം; 2. ഭാര്യ
മനക്കരുത്ത് നാ. ഉള്ളുറപ്പ്, ധൈര്യം
മനക്കാമ്പ് നാ. മൃദുവായ മനസ്സ്
മനക്കുട നാ. ബ്രാഹ്മണസ്ത്രീയുടെ കുട, മറക്കുട
മനക്കുരുന്ന് നാ. മനക്കാമ്പ്
മനച്ചൽ നാ. 1. മനകെട്ടൽ; 2. മൺപാത്രം (മനഞ്ഞ്) ഉണ്ടാക്കൽ
മനതാർ നാ. മനസ്സാകുന്ന പൂവ്
മനന നാ. 1. യുക്തിപൂർവമായ പദാർഥ ചിന്തനം; 2. ധ്യാനം; 3. ധാരണ; 4. ബുദ്ധി; 5. വിചാരം; 6. ഓർമ
മനപ്പൊരുത്തം നാ. മനസ്സിന്റെ ചേർച്ച, മനസ്സുകൾതമ്മിലുള്ള ഐക്യം, അഭിപ്രായ സാദൃശ്യം
മനം1 നാ. മനസ്സ്, ആശയം, ഹിതം (പ്ര) മനമഴിയുക = ഉള്ളുരുകുക, ദയതോന്നുക, പ്രേമിക്കുക. മനംപിരട്ടൽ = ഛർദി, മനം മറിക്കൽ, വൈമനസ്യം, വെറുപ്പ്. മനം മയങ്ങുക = വഴങ്ങുക, വശീകരിക്കപ്പെടുക. മനം മറിപ്പ്, മനം മറിച്ചിൽ = ഓർക്കാനം, വെറുപ്പ്
മനം2 നാ. 1. മാഞ്ചി; 2. പനയോല
മനയമ്മ നാ. 1. ഗൃഹനായിക; 2. മൂത്തതിന്റെ സ്ത്രീ (ഭാര്യ)
മനയില നാ. മനയോല

മനയുക ക്രി. 1. കലവും മറ്റും ഉണ്ടാക്കുക; 2. നിർമിക്കുക
മനയോല നാ. മഞ്ഞനിറമുള്ള ഒരു ധാതു
മനയ്ക്കൽ നാ. 1. വീട്; 2. ഇല്ലം
മനവി നാ. ഭാര്യ
മനശ്ചാഞ്ചല്യം നാ. മനസ്സിൻെറ ഇളക്കം, ചാപല്യം
മനശ്ശല്യം നാ. മനസ്സിന് ഉപദ്രവകരമായത്
മനശ്ശുദ്ധി നാ. മനസ്സിൻെറ നിഷ്കളങ്കത, ആത്മാർഥത
മനസി അവ്യ. മനസ്സിൽ
മനസിജ വി. മനസ്സിലുണ്ടായ, മാനസികമായ
മനസിജൻ നാ. 1. കാമദേവൻ; 2. ചന്ദ്രൻ
മനസിജം നാ. മനസ്സിലുണ്ടായത് (അനുരാഗം, കാമം)
മനസ്കൻ നാ. (പദാന്ത്യ) മനസ്സോടുകൂടിയവൻ ഉദാഃ ശുദ്ധമനസ്കൻ
മനസ്താപം നാ. 'മനസ്സിൻെറ ചൂട്', ദുഃഖം
മനസ്വി നാ. 1. ബുദ്ധിമാൻ; 2. ധീരചിത്തൻ; 3. നിർമലമനസ്കൻ; 4. ശരഭം
മനസ്വിത നാ. മനസ്വിയുടെ ഭാവം
മനസ്വിനി നാ. 1. ഗുണവതി, സതി; 2. പ്രൗഢ; 3. ദുർഗ; 4. ചന്ദ്രൻെറ മാതാവ്; 5. കുരുട്ടുപാവൽ
മനസ്സങ്ഗം നാ. 1. കാമാവസ്ഥകളിലൊന്ന്; 2. മനസ്സുകൊണ്ടുള്ള ചേർച്ച, മനപ്പറ്റ്
മനസ്സന്നിധാനം നാ. മനസ്സുറപ്പ്
മനസ്സമുത്ഥൻ നാ. കാമദേവൻ, മനസ്സിൽനിന്നുണ്ടായവൻ
മനസ്സലിവ് നാ. ആർദ്രത (മനസ്സിനു കടുപ്പമില്ലായ്മ)
മനസ്സാക്ഷി നാ. മനുഷ്യൻെറ ഉള്ളിലുള്ള ഈശ്വരചൈതന്യം
മനസ്സാദം നാ. ഉൾവാട്ടം, മനസ്സിലുണ്ടാകുന്ന ക്ഷീണം
മനസ്സാന്നിധ്യം നാ. മനസ്സന്നിധാനം
മനസ്സിലാക്കുക ക്രി. അറിയുക, ബോധിക്കുക, ഉള്ളിൽ പതിയുക
മനസ്സ് നാ. 1. അന്തരിന്ദ്രിയങ്ങളിൽ ഒന്ന്; 2. ഹൃദയം, ഉൾ; 3. ബുദ്ധി, ധാരണാശക്തി; 4. സങ്കൽപം; 5. ആഗ്രഹം; 6. അറിവ്; 7. ഇഷ്ടം; 8. അഭിപ്രായം; 9. മാനസസരസ്സ്; 10. പ്രാണൻ (പ്ര) മനസ്സലിയുക = ദയയുണ്ടാകുക. മനസ്സിടിയുക = നിരാശനാകുക. മനസ്സില്ലാമനസ്സോടെ = തൃപ്തിയില്ലാതെ. മനസ്സുമടുക്കുക = നിരാശതോന്നുക. മനസ്സുമുട്ടുക = വിഷാദിക്കുക, ഞെരുങ്ങുക. മനസ്സുരുകുക = മനസ്സലിയുക, അധികം ദുഃഖമുണ്ടാകുക. മനസ്സുവയ്ക്കുക = ശ്രദ്ധിക്കുക
മനസ്സുകേട് നാ. മനസ്സില്ലായ്ക, ഇഷ്ടക്കേട്, താത്പര്യക്കുറവ്
മനസ്സുഖം നാ. മനസ്സിലുണ്ടാകുന്ന സുഖം, മനസ്സിനു സ്വസ്ഥതയുണ്ടാകൽ
മനഃപാഠം നാ. ഹൃദിസ്ഥമായത്, കാണാതെചൊല്ലത്തക്കവണ്ണം പഠിച്ച ഭാഗം
മനഃപീഡ നാ. മനോദുഃഖം
മനഃപൂർവം അവ്യ. വിചാരിച്ചുകൊണ്ട്, കരുതിക്കൂട്ടി
മനാക നാ. പിടിയാന
മനാക്കര വി. അല്പമാത്രം പ്രവർത്തിക്കുന്ന
മനാക്ക് അവ്യ. അല്പം, കുറഞ്ഞൊന്ന്, പതുക്കെ, മാത്രം
മനിച്ചം നാ. 1. അടിമ; 2. ആൾപ്പേർ; 3. പ്രാതിനിധ്യം; 4. വേലക്കാരൻ

| | | |
|---|---|---|
| മനിത | വി. | 1. അറിയപ്പെട്ട; 2. മതിക്കപ്പെട്ട |
| മനിതൻ | നാ. | മനുഷ്യൻ |
| മനീഷ | നാ. | 1. ബുദ്ധി; 2. ഇച്ഛ; 3. ആശയം |
| മനീഷി | നാ. | ബുദ്ധിമാൻ, വിദ്വാൻ, ജ്ഞാനി |
| മനീഷിക | നാ. | 1. ബുദ്ധി; 2. ധാരണ |
| മനീഷിത1 | വി. | ആഗ്രഹിക്കപ്പെട്ട |
| മനീഷിത2 | നാ. | 1. ബുദ്ധിമതി; 2. ആഗ്രഹിക്കപ്പെട്ടവൾ |
| മനീഷിതം | നാ. | 1. അഭിലാഷം; 2. ആഗ്രഹിക്കപ്പെട്ട വസ്തു |

മനു നാ. 1. മനുഷ്യവർഗത്തിൻെറ ആദിപിതാക്കളായ പതിന്നാലുപേരെ പൊതുവായി കുറിക്കുന്ന പദം (ഓരോ കൽപത്തിലും ഇവർ വീണ്ടും ജനിക്കുകയും പ്രജകളെ സൃഷ്ടിക്കുകയും ധർമവ്യവസ്ഥകൾ നടപ്പിലാക്കുകയും ചെയ്യുന്നു); 2. പതിന്നാല് എന്ന സങ്ഖ്യ; 3. ഒരു സ്മൃതികാരൻ, മനുസ്മൃതിയുടെ കർത്താവ്; 4. മനുവിൻെറ പത്നി; 5. മന്ത്രം; 6. മനസ്സ്; 7. മനുഷ്യൻ (മനുഗോത്രജാതൻ)

| | | |
|---|---|---|
| മനുകാലം | നാ. | മന്വന്തരം |
| മനുകുലം | നാ. | മാനവജാതി |
| മനുജൻ | നാ. | മനുഷ്യൻ (മനുവിൽനിന്നു ജനിച്ചവൻ) |
| മനുജപതി | നാ. | രാജാവ് |
| മനുജലോകം | നാ. | ഭൂമി, ഭൂലോകം |
| മനുജാതൻ | നാ. | മനുഷ്യൻ |
| മനുജാധിപൻ | നാ. | മനുജപതി |
| മനുനീതി | നാ. | മനുവിനാൽ നിശ്ചയിക്കപ്പെട്ട നീതിശാസ്ത്രം |
| മനുരാട്ട് | നാ. | കുബേരൻ |
| മനുവർ | നാ. | 1. മനുഷ്യർ; 2. കൊല്ലന്മാർ |
| മനുഷി | നാ. | മനുഷ്യസ്ത്രീ |
| മനുഷ്യകാരം | നാ. | പുരുഷപ്രയത്നം |
| മനുഷ്യത, -ത്വം | നാ. | 1. മനുഷ്യഭാവം; 2. ശിഷ്ടത |
| മനുഷ്യദേവൻ | നാ. | 1. ബ്രാഹ്മണൻ; 2. രാജാവ് |
| മനുഷ്യധർമം | നാ. | മനുഷ്യനെന്ന നിലയ്ക്ക് അനുഷ്ടിക്കേണ്ട കടമകൾ, മനുഷ്യത്വം |
| മനുഷ്യധർമാവ് | നാ. | കുബേരൻ |
| മനുഷ്യൻ | നാ. | മനുവിൻെറ പുത്രൻ, പുരുഷൻ |
| മനുഷ്യപ്പറ്റ് | നാ. | മനുഷ്യഭാവം, ജനരഞ്ജന, ദയ, ഇണക്കം |
| മനുഷ്യയജ്ഞം | നാ. | അതിഥിസത്കാരം (പഞ്ചമഹായജ്ഞങ്ങളിൽ ഒന്ന്). |
| മനുഷ്യാകൃതി | നാ. | മനുഷ്യരൂപം |
| മനുഷ്യോചിത | വി. | മനുഷ്യത്വമുള്ള, ദയാലുവായ |
| മനുസംഹിത | നാ. | മനുസ്മൃതി |
| മനുസ്മൃതി | നാ. | മനുനീതി, ഹൈന്ദവന്യായശാസ്ത്രങ്ങളുടെ മൂലഗ്രന്ഥം |
| മനോഗതം | നാ. | ഉള്ളിലിരിപ്പ്, ആശയം |
| മനോഗതി | നാ. | ഇച്ഛ, ചിത്തവൃത്തി |
| മനോഗുണം | നാ. | 1. അനുകമ്പ, മനസ്സിൻെറ നന്മ; 2. മനസ്സിൻെറ സ്വഭാവം |
| മനോഗുപ്ത1 | വി. | (രഹസ്യമായി) മനസ്സിൽ വച്ചിരുന്ന |

മനോഗുപ്ത2 നാ. മനയോല
മനോഗോചരം നാ. മനസ്സിനു വിഷയമായവൻ
മനോഗ്രാഹി വി. ഹൃദയാകർഷകമായ
മനോജ വി. മനസ്സിൽ ജനിച്ച
മനോജൻ നാ. മനസിജൻ, കാമദേവൻ
മനോജന്മാവ് നാ. മനോജൻ
മനോജവ നാ. മനോവേഗമുള്ള, അതിവേഗമുള്ള
മനോജവം നാ. മനോവേഗ
മനോജ്ഞ1 വി. 1. സൗന്ദര്യമുള്ള; 2. മനസ്സിൽ എല്ലാവരെക്കുറിച്ചും ദയയുള്ള; 3. അന്യൻെറ മനോഗതി അറിയുന്ന
മനോജ്ഞ2 നാ. 1. രാജപുത്രി; 2. സുന്ദരി; 3. മനയോല; 4. വെളുത്തജീരകം; 5. മദ്യം; 6. പിച്ചകം; 7. കാട്ടുപാവൽ; 8. ചടച്ചി; 9. കറുത്തകടഭി; 10. കരിഞ്ചീരകം
മനോജ്ഞം നാ. 1. മനോഹരമായത്; 2. ചരളം; 3. വെളുത്തജീരകം; 4. മാവ്; 5. കുരുക്കുത്തിമുല്ല
മനോദണ്ഡം നാ. മനസ്സും വിചാരവും നിയന്ത്രിക്കൽ
മനോദൗർബല്യം നാ. മാനസികമായ ക്ഷീണം, മനശ്ശക്തിയില്ലായ്മ
മനോധർമം നാ. ആലോചനാശക്തി
മനോനിഗ്രഹം നാ. മനസ്സിനെ അടക്കൽ
മനോനിരോധം നാ. മനോനിഗ്രഹം
മനോനീത വി. മനസ്സിന് അനുകൂലമായ, മനസ്സുകൊണ്ടു തിരഞ്ഞെടുക്കപ്പെട്ട, സ്വീകരിച്ച
മനോനുഗത വി. മനസ്സിനിണങ്ങിയ
മനോബലം നാ. ഉൾക്കട്ടി, ധൈര്യം
മനോഭവൻ നാ. മനസ്സിജൻ, കാമദേവൻ
മനോഭാവം നാ. മനസ്സിൻെറ ഭാവം (വിചാരം)
മനോഭുതൻ നാ. മനസിജൻ (കാമദേവൻ)
മനോഭൂവ് നാ. 1. മനസിജൻ, കാമദേവൻ; 2. കാമം, അനുരാഗം
മനോമഥനൻ നാ. കാമദേവൻ
മനോമയം നാ. മനോമയകാശം, പഞ്ചകോശങ്ങളിൽ ഒന്ന്, പഞ്ചഭൂതങ്ങളുടെ സത്വഗുണംകൊണ്ടുണ്ടായിട്ടുള്ളതും ശ്രോത്രാദി ജ്ഞാനേന്ദ്രിയങ്ങളോടുകൂടിയതും
മനോമാലിന്യം നാ. മനസ്സിലെ അഴുക്ക്, മനസ്സിലെ തിന്മയുടെ ഭാവം
മനോയോഗം നാ. മനസ്സിനെ ഏകാഗ്രമാക്കി ഏതെങ്കിലും വസ്തുവിൽ ചേർക്കുക
മനോയോനി നാ. മനോഭൂവ് (കാമദേവൻ)
മനോരഞ്ജനം നാ. 1. മനസ്സുകൾ തമ്മിലുള്ള ചേർച്ച; 2. മനസ്സിനെ പ്രീണിപ്പിക്കൽ, സന്തോഷിപ്പിക്കൽ
മനോരഥം നാ. 1. യാഥാർഥ്യബോധമില്ലാത്ത ആഗ്രഹം; 2. ഇച്ഛിക്കുന്ന വിഷയം; 3. (നാട്യ) മനോഭാവസൂചന
മനോരമ1 വി. 'മനസ്സിനെ സന്തോഷിപ്പിക്കുന്ന', ഭങ്ഗിയുള്ള, ഹൃദ്യമായ
മനോരമ2 നാ. 1. ഒരു ദേവി; 2. സുന്ദരി; 3. സ്ത്രീ; 4. ഗോരോചന; 5. സിദ്ധാന്തകൗമുദിയുടെ ഒരു സംസ്കൃതവ്യാഖ്യാനം; 6. ഒരു വൃത്തം

മനോരാജ്യം നാ. വിചാരം, ഇച്ഛ, ആകാശക്കോട്ട, മനസ്സുകൊണ്ടു സ്വന്തമാക്കുന്ന രാജ്യം
മനോലൗല്യം നാ. ഹൃദയ ചാപല്യം
മനോവതി നാ. ബ്രഹ്മാവിൻെറ നഗരം, മേരുപർവതത്തിലുള്ള ഒരു നഗരം
മനോവിജ്ഞാനം നാ. മനോവൃത്തികളെ വിവരിക്കുന്ന ശാസ്ത്രം, മനശ്ശാസ്ത്രം
1169
മനോവൃത്തി നാ. മനോഭാവം, മനസ്സിൻെറ അവസ്ഥ
മനോവേഗ വി. ഏറ്റവും വേഗമുള്ള
മനോവേഗം നാ. 1. മനസ്സിൻെറ വേഗം, അതിവേഗം; 2. ക്ഷിപ്രധാരണാശക്തി
മനോവൈകല്യം നാ. ബുദ്ധിഭ്രമം
മനോവ്യഥ നാ. മനോവേദന
മനോവ്യാപാരം നാ. മനസ്സിൻെറ പ്രവൃത്തി (വിചാരം)
മനോഹത വി. ഇച്ഛാഭങ്ഗമുള്ള, അഭിലാഷത്തിനു ഭങ്ഗംനേരിട്ട, മനസ്സിടിഞ്ഞ
മനോഹര1 വി. സുന്ദരമായ, ഇച്ഛതോന്നിക്കുന്ന, മനസ്സിനെ ഹരിക്കുന്ന
മനോഹര2 നാ. 1. സുന്ദരി; 2. പിച്ചകം; 3. മഞ്ഞക്കുറുമുഴി
മനോഹരം നാ. 1. മനസ്സിനെ ഹരിക്കുന്നത് (ഏറെഅഴകുള്ളത്); 2. കുരുക്കുത്തിമുല്ല; 3. സ്വർണം
മനോഹാരി1 വി. മനസ്സിനെ അപഹരിക്കുന്ന, സുന്ദരമായ
മനോഹാരി2 നാ. കുലട
മനോഹ്വ നാ. മനയോല
മന്തൻ1 നാ. മന്തുള്ളവൻ, പെരുക്കാലൻ
മന്തൻ2 നാ. മടിയൻ
മന്തവ്യ വി. മനനം ചെയ്യത്തക്ക, വിചാരിക്കത്തക്ക
മന്തവ്യം നാ. 1. വിചാരം; 2. മതം
മന്താര നാ. മൺചുവർ, കയ്യാല
മന്താവ് നാ. 1. ഉപദേഷ്ടാവ്; 2. ചിന്തകൻ
മന്തി നാ. 1. മന്തുള്ളവൾ; 2. (പെൺ) കരിങ്കുരങ്ങ്, കരിമന്ത്; 3. വണ്ട്
മന്ത്1 നാ. മത്ത്, കടകോൽ
മന്ത്2 നാ. 1. ഒരു രോഗം, പെരുക്കാൽ; 2. ഇടുതടി
മന്തു നാ. 1. കുറ്റം, അപരാധം; 2. മനുഷ്യജാതി; 3. പ്രജാപതി; 4. കാര്യസ്ഥൻ; 5. ഉപദേശം
മന്തുകാൽ നാ. ഒരു രോഗം, പെരുക്കാൽ
മന്തുകോൽ നാ. കടകോൽ
മന്ത്രകാരൻ നാ. 1. വേദമന്ത്രങ്ങളുടെ കർത്താവ്; 2. ആലോചനക്കാരൻ; 3. ഉപദേഷ്ടാവ്; 4. മന്ത്രവാദി
മന്ത്രകൃത്ത് നാ. മന്ത്രകാരൻ
മന്ത്രകോടി നാ. 1. ഒരുതരം മഞ്ഞമുണ്ട്; 2. വിവാഹസമയത്തു വധു ധരിക്കുന്ന കോടിവസ്ത്രം
മന്ത്രഗൂഢൻ നാ. ചാരൻ (രഹസ്യദൂതൻ)
മന്ത്രജ വി. മന്ത്രത്തിൽ നിന്നു ജനിച്ച

മന്ത്രജപം നാ. മന്ത്രംചൊല്ലൽ
മന്ത്രജ്ഞൻ നാ. 1. മന്ത്രം അറിയുന്നവൻ; 2. പുരോഹിതൻ; 3. വിദ്വാനായ ബ്രാഹ്മണൻ; 4. ഗൂഢപുരുഷൻ; 5. മന്ത്രി
മന്ത്രണം നാ. 1. ഉപദേശം, രഹസ്യമായികൊടുക്കുന്ന ആലോചന; 2. കൂടിയാലോചന (കൂടിയാലോചിച്ച് ഉണ്ടാക്കുന്ന തീരുമാനം)
മന്ത്രതന്ത്രങ്ങൾ നാ. (ദ്വി.വ.) മന്ത്രവും തന്ത്രവും
മന്ത്രധരൻ നാ. മന്ത്രധാരി; 1. ഉപദേഷ്ടാവ്; 2. മന്ത്രി
മന്ത്രപൂത വി. മന്ത്രംകൊണ്ടു ശുദ്ധമാക്കപ്പെട്ട
മന്ത്രബീജം നാ. മന്ത്രത്തിൻെറ ആദ്യാക്ഷരം, മന്ത്രത്തിലെ മുഖ്യവർണം
മന്ത്രം നാ. 1. അതിമാനുഷശക്തികളെ സ്വാധീനിക്കാൻ കഴിവുള്ള അക്ഷരസമൂഹം; 2. വേദം, വേദസൂക്തം, വേദപാഠം; 3. രഹസ്യം; 4. ഗൂഢമായ ഉപായം; 5. കാര്യലോചന; 6. വശീകരണം; 7. ഉപദേശം; 8. രാജ്യതന്ത്രം
മന്ത്രമണ്ഡപം നാ. കൂടിയാലോചനയ്ക്കുള്ള ശാല
മന്ത്രവാദ നാ. ആഭിചാരകർമം, അതിനെപ്പറ്റിപ്രതിപാദിക്കുന്ന ശാസ്ത്രം (മന്ത്രംകൊണ്ടു പിശാചിനെയും മറ്റും ഉച്ചാടനം ചെയ്യൽ)
മന്ത്രവാദി നാ. 1. മന്ത്രങ്ങൾ ഉച്ചരിക്കുന്നവൻ; 2. മന്ത്രവാദംചെയ്യുന്നവൻ
മന്ത്രവിത്ത് നാ. മന്ത്രജ്ഞൻ
മന്ത്രവിദ്യ നാ. മന്ത്രവാദം
മന്ത്രശക്തി നാ. 1. മന്ത്രത്തിൻെറ ശക്തി; 2. രാജ്യഭരണകാര്യങ്ങളിൽ ഉപയോഗിക്കേണ്ട ശക്തിത്രയങ്ങളിൽ ഒന്ന്
മന്ത്രശാല നാ. കാര്യാലോചനമന്ദിരം
മന്ത്രശാസ്ത്രം നാ. മന്ത്രങ്ങളെപ്പറ്റി അറിവുനൽകുന്ന ശാസ്ത്രം
മന്ത്രസിദ്ധി നാ. മന്ത്രോച്ചാരണം മൂലം സിദ്ധിക്കുന്ന ശക്തി
മന്ത്രസ്നാനം നാ. പൂജാതികർമങ്ങൾക്കുമുമ്പ് മന്ത്രംകൊണ്ടു ശരീരവും പരിസരങ്ങളും ശുദ്ധിവരുത്തൽ
മന്ത്രാലയം നാ. 1. മന്ത്രകാര്യാലയം; 2. കൂടിയാലോചനയ്ക്കുള്ള സ്ഥലം, മന്ത്രശാല
മന്ത്രാലോചന നാ. രഹസ്യമായ കൂടിയാലോചന
മന്ത്രി നാ. 1. (രാജഭരണം നിലവിലിരുന്ന കാലത്ത്)രാജ്യകാര്യസംബന്ധമായി രാജാവിനെ ഗുണദോഷിക്കുന്ന ആൾ; 2. രാജ്യഭരണം നടത്തുന്ന ആൾ; 3. ചതുരങ്ഗത്തിലെ ഒരു കരു; 4. ആലോചനക്കാരൻ; 5. മന്ത്രവാദി; 6. വശീകരിക്കുന്നവൻ
മന്ത്രിക്കുക ക്രി. 1. കൂടിയാലോചിക്കുക; 2. പതുക്കെപ്പറയുക; 3. മന്ത്രം ചൊല്ലുക
മന്ത്രിത വി. മന്ത്രിക്കപ്പെട്ട
മന്ത്രിതം നാ. 1. മന്ത്രിക്കപ്പെട്ടത്; 2. ഉപദേശം; 3. മന്ത്രം
മന്ത്രീന്ദ്രൻ നാ. മന്ത്രിമാരിൽ പ്രധാനി
മന്ത്രോദകം നാ. ജപിച്ച ജലം
മന്ഥഗിരി നാ. മന്ഥരപർവതം
മന്ഥജം നാ. ‘കടഞ്ഞെടുക്കുന്നത്’, വെണ്ണ
മന്ഥനദണ്ഡകം നാ. കടകോൽ

മന്ഥന നാ. 1. കലക്കൽ; 2. കുലുക്കൽ; 3. കടകോൽ

മന്ഥം നാ. 1. മത്ത്, കടകോൽ; 2. മന്ഥനംചെയ്യുന്നത്; 2. കടച്ചിൽ, കലക്കൽ; 3. കൊല, നാശം; 4. സൂര്യരശ്മി; 5. ഒരുജാതിമാൻ; 6. തീയുരച്ചെടുക്കാനുള്ള ഉപകരണം, അരണി; 7. കണ്ണിലെ പീള

മന്ഥര1 വി. 1. അലസമായ; 2. മന്ദമായി ചലിക്കുന്ന, മൃദുവായി ശബ്ദിക്കുന്ന; 3. ആഴമുള്ള; 4. തടിച്ച; 5. വളഞ്ഞ; 6. മൂഢതയുള്ള, കൂനുള്ള

മന്ഥര2 നാ. 1. കൈകേയിയുടെ ദാസി, വിരൂപയായ ഒരു സ്ത്രീ (ത്രിവക്ര); 2. ഏഷണിക്കാരി

മന്ഥരൻ നാ. 1. പതുക്കെപ്പതുക്കെ നടക്കുന്നവൻ, അലസൻ; 2. ഒറ്റുകാരൻ

മന്ഥരം നാ. 1. മന്ഥരപർവതം; 2. ശേഖരിച്ചുവയ്ക്കുന്നിടം; 3. നിധി; 4. തലമുടി; 5. കോപം; 6. പുതുവെണ്ണ; 7. വൈശാഖമാസം; 8. കോട്ട; 9. തടസ്സം; 10. കടകോൽ; 11. മാൻ; 12. കായ്; 13. ഒച്ച്

മന്ഥാനം നാ. 1. കടകോൽ; 2. വൻകൊന്ന

മന്ഥി നാ. 1. ശുക്ലം; 2. സോമരസം

മന്ഥിതാവ് നാ. മഥിക്കുന്നവൻ

മന്ഥിനി നാ. തൈരുകടയാനുള്ള കലം

മന്ഥോദകം നാ. പാൽക്കടൽ

മന്ഥ്യ വി. മഥിക്കത്തക്ക

മന്ദ വി. 1. സാവധാനമായ, മന്ദിച്ച; 2. പ്രകാശം കുറഞ്ഞ; 3. ഭോഷത്വമുള്ള; 4. ഹീനമായ; 5. ഭാഗ്യമില്ലാത്ത; 6. രോഗംപിടിപെട്ട; 7. മടിയുള്ള; 8. മദ്യപാനം ചെയ്ത; 9. ക്ഷീണിച്ച; 10. മറവിയുള്ള; 11. ദുഷ്ടനായ

മന്ദകർണ വി. കർണത്തിനു ശക്തികുറഞ്ഞ, കേൾവിക്കുറവുള്ള

മന്ദകാന്തി വി. കാന്തികുറഞ്ഞ. നാ. ചന്ദ്രൻ

മന്ദഗ വി. പതുക്കെ പോകുന്ന

മന്ദഗതി നാ. 1. പതിഞ്ഞനടപ്പ്; 2. മന്ദബുദ്ധി

മന്ദഗൻ നാ. 1. പതുക്കെ സഞ്ചരിക്കുന്നവൻ, അലസൻ; 2. ശനിഗ്രഹം (ശനൈശ്ചരൻ)

മന്ദഗമന1 വി. പതുക്കെ പോകുന്ന

മന്ദഗമന2 നാ. 1. അന്നപ്പേട; 2. സുന്ദരി; 3. എരുമ

മന്ദഗാമി വി. പതുക്കെ നടക്കുന്ന

മന്ദഗാമിനി നാ. 1. (സ്തനജഘനങ്ങളുടെ ഭാരം മൂലം) പതുക്കെ നടക്കുന്നവൾ, സുന്ദരി

മന്ദത,-ത്വം നാ. 1. മാന്ദ്യം; 2. മൂഢത; 3. ക്ഷീണം; 4. കുറവ്

മന്ദധി നാ. ബുദ്ധികുറഞ്ഞവൻ, ജളൻ

മന്ദൻ നാ. 1. മടിയൻ; 2. മൂഢൻ, അല്പബുദ്ധി; 3. ശനിഗ്രഹം; 4. സാമർഥ്യമില്ലാത്തവൻ; 5. ഭാഗ്യമില്ലാത്തവൻ; 6. യമൻ; 7. ഉത്സാഹമില്ലാത്ത ആന

മന്ദനം നാ. സ്തുതി

മന്ദപവനൻ നാ. ഇളങ്കാറ്റ്

മന്ദപ്രജ്ഞൻ നാ. മന്ദബുദ്ധി, ബുദ്ധികുറഞ്ഞവൻ

മന്ദഭാഗി വി. ഭാഗ്യംകെട്ട

മന്ദഭാഗ്യ വി. മന്ദഭാഗി

മന്ദം1 അവ്യ. പതുക്കെ, സാവധാനത്തിൽ, ശാന്തമായി
മന്ദം2 നാ. 1. ഉത്സാഹമില്ലാത്ത ആന; 2. ലോകനാശം
മന്ദമന്ദം അവ്യ. പതുക്കെപ്പതുക്കെ
മന്ദമാരുതൻ നാ. തൈത്തെന്നൽ, ഇളങ്കാറ്റ്
മന്ദയന്തി നാ. 1. മന്ദനം ചെയ്യപ്പെടുന്നവൾ, ആരാധിക്കപ്പെടുന്നവൾ; 2. ദുർഗ
മന്ദര വി. 1. വലുപ്പമുള്ള; 2. മന്ദമായ
മന്ദരം നാ. 1. ഒരു പർവതം (പാലാഴിമഥനത്തിൽ മത്തായി ഉപയോഗിച്ചത്); 2. മുത്തുമാല; 3. സ്വർഗം; 4. ഒരു വൃക്ഷം (മന്ദാരം); 5. മുരുക്ക്; 6. കണ്ണാടി
മന്ദരാഗം നാ. 1. മങ്ങിയ നിറം; 2. താത്പര്യക്കുറവ്
മന്ദവാരം നാ. ശനിയാഴ്ച, മന്ദവാസരം
മന്ദവീര്യൻ നാ. ക്ഷീണിച്ചവൻ
മന്ദവേഗ വി. വേഗം കുറഞ്ഞ
മന്ദവൈരാഗ്യം നാ. മൂന്നുതരത്തിലുള്ള വൈരാഗ്യത്തിലൊന്ന്
മന്ദസമീരണൻ നാ. മന്ദമാരുതൻ
മന്ദസ്മിതം നാ. പുഞ്ചിരി
മന്ദഹസിക്കുക ക്രി. പുഞ്ചിരിക്കുക
മന്ദഹാസി വി. മന്ദഹസിക്കുന്ന
മന്ദാകിനി നാ. 1. ആകാശഗങ്ഗ; 2. നവനദികളിൽ ഒന്ന്
മന്ദാക്രാന്ത നാ. 1. പതുക്കെ കരയുന്നവൾ; 2. പതുക്കെ മുന്നോട്ടുവരുന്നവൾ; 3. ഒരു സംസ്കൃതവൃത്തം
മന്ദാക്ഷം നാ. മന്ദങ്ങളായ വാഗാദി ഇന്ദ്രിയങ്ങളോടുകൂടിയത്, ലജ്ജ
മന്ദാഗ്നി നാ. 1. ചൂടുകുറഞ്ഞ തീ; 2. (ആയുർ) അജീർണരോഗം
മന്ദാനിലൻ നാ. ഇളങ്കാറ്റ്
മന്ദാരകം നാ. 1. കൽപകവൃക്ഷങ്ങളിൽ ഒന്ന്, സ്വർഗത്തിലെ ഒരു വൃക്ഷം; 2. എരിക്ക്, മന്താരം
മന്ദിക്കുക ക്രി. 1. അമാന്തിക്കുക, സാവധാനമാകുക; 2. ക്ഷീണിക്കുക; 3. മങ്ങിക്കത്തുക; 4. ഭോഷത്തം പറ്റുക; 5. മടിക്കുക; 6. കുളിരുക; 7. വീര്യം കുറയുക; 8. ദഹനക്കേടുവരിക
മന്ദിമ നാ. മാന്ദ്യം
മന്ദിരദക്ഷ നാ. നല്ല ഗൃഹിണി
മന്ദിരം നാ. 1. ഭവനം; 2. ദേവാലയം; 3. നഗരം; 4. കടൽ; 5. കാൽമുട്ടിൻെറ കുഴി; 6. പാളയം
മന്ദീകരിക്കുക ക്രി. മന്ദമാക്കുക, ക്ഷീണിപ്പിക്കുക
മന്ദീഭവിക്കുക ക്രി. പതുക്കെയാകുക, വേഗംകുറയുക, അലസമാകുക
മന്ദുര നാ. 1. കുതിരപ്പന്തി, ലായം; 2. മെത്ത
മന്ദേതരം അവ്യ. 1. വേഗത്തിൽ; 2. ഉറക്കെ
മന്ദേഹ നാ. മന്ദമായ ചേഷ്ട
മന്ദോച്ചം നാ. (ജ്യോ) ഗ്രഹകക്ഷ്യയിൽനിന്ന് ഏറ്റവും അകന്ന ബിന്ദു
മന്ദോദരി നാ. മണ്ഡോദരി
മന്ദോദ്യമ വി. ഉത്സാഹക്കുറവുള്ള

മന്ദോഷ്ണ വി. ചൂടുകുറഞ്ഞ

മന്ദ്ര വി. 1. പതിഞ്ഞസ്വരത്തിലുള്ള; 2. സ്തുത്യർഹമായ

മന്ദ്രം നാ. 1. മേഘപടഹാദികളുടെ ഗംഭീരശബ്ദം; 2. താണസ്വരം, മുറുമുറുപ്പ്; 3. ഒരു വാദ്യം; 4. ഒരിനം ആന

മന്ഥര വി. കൊഴുത്ത

മന്നങ്ങാ നാ. അധികം വിളയാത്ത നാളികേരം

മന്നത്തം നാ. 1. മന്നന്റെ ഭാവം; 2. വഞ്ചന; 3. മൂഢത; 4. പരിഹാരം; 5. ഉപായം; 6. ദുശ്ശീലം; 7. മോഷണം

മന്നൻ1 നാ. 1. രാജാവ്; 2. പരിഹാസക്കാരൻ; 3. വഞ്ചകൻ; 4. സമർഥൻ

മന്നൻ2 നാ. മടയൻ, മണ്ടൻ

മന്നൽ നാ. 1. വാസന; 2. നെടുത്തെരുവ്; 3. ചന്ത; 4. വിവാഹം

മന്നവൻ നാ. രാജാവ്

മന്നാ[ഹീ] നാ. ഒരു ഭക്ഷണപദാർഥം, മധുരാന്നം

മന്നാടി നാ. 1. മന്നാടിയാർ; 2. ഇടയൻ

മന്നാടിയാർ നാ. നായർവർഗത്തിൽപ്പെട്ട ഒരു ജാതി, ഒരു സ്ഥാനി

മന്നാടുക ക്രി. അപേക്ഷിക്കുക, സങ്കടം ബോധിപ്പിക്കൂക

മന്നാട്ടപ്പൻ നാ. 1. മുത്താൻ; 2. തരകൻ

മന്നിടം നാ. 1. ഭൂമി; 2. സഭാമണ്ഡപം

മന്നില നാ. 1. കൊള്ളരുതാതെ തള്ളിക്കളഞ്ഞ ധാന്യം; 2. പകുതി പതിരായ നെൽക്കതിർ

മന്ന്1 നാ. 1. ഭൂമി; 2. വിധി പ്രസ്താവിക്കുന്ന സ്ഥലം; 3. സഭ, സങ്ഘം; 4. കാളീക്ഷേത്രം

1171

മന്ന്2[പേർ] നാ. മുപ്പത്താറു റാത്തൽ തൂക്കം

മന്നുക1 ക്രി. 1. ഉറച്ചുനിൽക്കുക, സ്ഥിരം പരിശ്രമം ചെയ്യുക; 2. വെളിപ്പെടുത്തുക; 3. ചേരുക

മന്നുക2 ക്രി. മന്നാടുക, അപേക്ഷിക്കുക

മന്നേറ്റുക ക്രി. കുഞ്ഞിനെ ആദ്യമായി ക്ഷേത്രത്തിൽ കൊണ്ടുപോകുക

മന്നോർ നാ. മന്നവർ, രാജാക്കന്മാർ (പ്ര) മന്നോർപുരാൻ

മന്നൻ നാ. രാജശ്രേഷ്ഠൻ, വിഷ്ണു

മന്മഥ നാ. ദാക്ഷായണി

മന്മഥൻ നാ. കാമദേവൻ (മനസ്സിനെ മഥിക്കുന്നവൻ)

മന്മഥപ്രിയ നാ. രതീദേവി

മന്മഥാനന്ദം നാ. തേൻമാവ്

മന്മഥായോധനം നാ. (കാമ) രതിക്രീഡ

മന്മഥാലയം നാ. 1. മാവുവൃക്ഷം; 2. ഉപസ്ഥം

മന്മഥാവാസം നാ. വലിയഞെട്ടിക്കുഴിയൻ മാവ്

മന്മനം നാ. 1. എന്റെ മനസ്സ്; 2. ദമ്പതികളുടെ രഹസ്യ സംഭാഷണം

മന്യ1 നാ. 1. പിൻകഴുത്തിലെ ഞരമ്പ്; 2. പിടലി; 3. ജ്ഞാനം

മന്യ2 വി. (പദാന്ത്യ) ഭാവിക്കുന്ന, നടിക്കുന്ന ഉദാഃ പണ്ഡിതമ്മന്യൻ

മന്യു നാ. 1. ദുഃഖം; 2. കോപം; 3. അനർഥം; 4. രോഗസ്വഭാവം, കഷ്ടാവസ്ഥ; 5. യാഗം; 6. അഹങ്കാരം; 7. ശിവൻ; 8. അഗ്നി

മന്യുമാൻ നാ. 1. കോപത്തോടുകൂടിയവൻ; 2. ദുഃഖിതൻ; 3. ശിവൻ

മന്വന്തരം നാ. എഴുപത്തൊന്നു ചതുര്യുഗം ചേർന്ന കാലം (ബ്രഹ്മാവിൻെറ ദിവസത്തിൽ പതിന്നാലിൽ ഒരുഭാഗം) ഒരു മനുവിൻെറ വാഴ്ചക്കാലം

മന്വബ്ദം നാ. പതിനാലുവർഷം

മപ്പടിക്കൽ നാ. ഗുസ്തിക്കാർ തയ്യാറെടുക്കുമ്പോൾ കൈകൊണ്ടു ഭുജത്തിലും തുടയിലും അടിച്ചു ശബ്ദമുണ്ടാക്കൽ

മപ്പ് നാ. 1. മൽപ്പിടുത്തം; 2. മുഷ്ക്

മമ സ.നാ. (അസ്മത് ശബ്ദം ഷഷ്ഠീ ഏ വ) എൻെറ എനിക്ക്

മമത, -ത്വം നാ. 1. എൻെറത് എന്നുള്ള വിചാരം, സ്നേഹം; 2. ഡംഭ്, സ്വാർഥം; 3. വ്യക്തിത്വം

മമ്മടഭട്ടൻ നാ. ഒരു സാഹിത്യ ശാസ്ത്രജ്ഞൻ (കാവ്യപ്രകാശത്തിൻെറ കർത്താവ്, പതിനൊന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നു)

മമ്മ [സം.] വ്യാക്ഷേ അദ്ഭുതം കുറിക്കുന്ന ഒരു വ്യാക്ഷേപകം

മമ്മി1[ഇം.] നാ. കേടുവരാതെ സൂക്ഷിച്ചിരുന്ന ശവം, ചിരശവം

മമ്മി2[ഇം.] നാ. അമ്മ

മയ്ത്തോണ്ടി നാ. അഞ്ജനം എഴുതാനുള്ള ശലാക, മഷിയെഴുതാനുള്ള കമ്പി

മയ വി. (പദാന്ത്യ) 1. നിറഞ്ഞ; 2. ഉണ്ടാക്കപ്പെട്ട; 3. രൂപമുള്ള (ഉദാഃ കനകമയം, അഗ്നിമയം, കരുണാമയൻ ഇത്യാദി)

മയക്കം നാ. 1. അല്പമായ ഉറക്കം; 2. ലഹരിമൂലമുണ്ടാകുന്ന ബുദ്ധിക്ഷയം; 3. ബുദ്ധിഭ്രമം; 4. തളർച്ച; 5. ബോധക്ഷയം; 6. വശീകരണം; 7. വഞ്ചന; 8. സന്ധ്യ

മയക്കുക1 ക്രി. 1. മോഹിപ്പിക്കുക; 2. കുഴയ്ക്കുക; 3. ഉടയ്ക്കുക; 4. മൃദുത്വം (മയം) വരുത്തുക; 5. പഴ(കി)ക്കുക; 6. പുതിയ കലവും മറ്റും ഉപയോഗയോഗ്യമാക്കുക; 7. മടിക്കുക; 8. മായ്ക്കുക; 9 അഴുക്കാക്കുക

മയങ്ങുക ക്രി. 1. ഉറക്കം തൂങ്ങുക; 2. ബുദ്ധിഭ്രമം ഉണ്ടാകുക; 3. തളരുക; 4. സന്ധ്യയാകുക; 5. മോഹിക്കുക; 6. വശീകരണത്തിൽ അകപ്പെടുക; 7. പഴകുക

മയടം നാ. പർണശാല, പുൽക്കട്ടിൽ

മയതനൂജ നാ. മയൻെറ പുത്രി, മണ്ഡോദരി

മയൻ നാ. 1. അസുരശിൽപി; 2. കുതിര; 3. മായൻ

മയം1 നാ. 1. പതം, മാർദവം; 2. സമൃദ്ധി; 3. അഴക്; 4. ലാഭം

മയം2 നാ. 1. ഒട്ടകം; 2. കോവർകഴുത; 3. കുതിര; 4. ആന

മയലുക ക്രി. മയങ്ങുക

മയറ്റൽ [<മയറ്റുക] നാമരൂപം

മയറ്റ് നാ. മയറ്റൽ, വശീകരണം, മോഹിപ്പിക്കൽ

മയറ്റുക ക്രി. വശീകരിക്കുക, വ്യാമോഹിപ്പിക്കുക, മഴറ്റുക

മയാ സ.നാ. (അസ്മത് ശബ്ദം തൃതീയാ ഏ.വ.) എന്നാൽ, എന്നെക്കൊണ്ട്

മയി1 [സം.] സ.നാ. (അസ്മത് ശബ്ദം സപ്തമി ഏ.വ.) എന്നിൽ, എങ്കൽ

മയി2 വി. (പദാന്ത്യ) മയൻ എന്നതിൻെറ സ്ത്രീലിങ്ഗരൂപം ഉദാഃ കരുണാമയി, സ്നേഹമയി ഇത്യാദി

മയി3 നാ. 1. പെൺകുതിര; 2. ഒട്ടകപ്പെണ്ണ്
മയിന,-നാ നാ. ഒരിനം കിളി
മയിർ നാ. 1. (ഗുഹ്യപ്രദേശത്തെ) രോമം; 2. ശുക്ലം; 3. നിസ്സാരവസ്തു
മയിർപ്പടം നാ. കമ്പിളിവസ്ത്രം
മയിർവാൾ നാ. ക്ഷുരകൻെറ കത്തി (പ്ര) മയിർവാളമ്പ് = മയിർവാളുപോലെ മൂർച്ചയുള്ള അമ്പ്
മയിൽ നാ. പഞ്ചപക്ഷികളിൽ ഒന്ന്
മയിൽതുഥം നാ. തുരിശ് (നീലനിറമുള്ളത്)
മയിൽപ്പീലി നാ. മയിലിൻെറ വാലിലെ തൂവൽ
മയിൽപ്പേട നാ. പെണ്മയിൽ
മയില നാ. 1. ഒരു മരം; 2. വെളുപ്പും കറുപ്പും കൂടിയ നിറം; 3. ഇരുവാച്ചി; 4. അഴുക്ക്; 5. മീനമാസം
മയിലാഞ്ചി നാ. 1. ഒരു ഔഷധി, മരുതോന്നി; 2. മിരട്ട്
മറ്റിലാരം നാ. ഒരുതരം ആഭരണം
മയിലെണ്ണ നാ. 1. മയിലെള്ളിൽനിന്നെടുക്കുന്ന എണ്ണ; 2. മയിലിൻെറ കൊഴുപ്പ് ഉരുക്കിയെടുക്കുന്ന നെയ്
മയിലെള്ള് നാ. ഒരു വൃക്ഷം, തിലകം (ഇതു സ്ത്രീകളുടെ വീക്ഷണത്താൽ പുഷ്പിക്കുമെന്നു കവികൾ)
മയു നാ. കിംപുരുഷൻ, ഉപദേവന്മാരിൽപ്പെട്ട ഒരു വർഗക്കാരൻ; 2. ഒരു ജാതി മാൻ
മയൂകം നാ. മയിൽ
മയൂഖം നാ. 1. സൂര്യരശ്മി; 2. പ്രകാശം, പ്രകാശരശ്മി; 3. തീനാളം; 4. ഭങ്ഗി; 5. നിഴൽകൊണ്ടു സമയമളക്കുന്ന ഘടീയന്ത്രത്തിൻെറ സൂചി
മയൂഖി വി. 1. മയൂഖത്തോടുകൂടിയ; 2. ശോഭയുള്ള
മയൂരകം നാ. 1. മയിൽ; 2. കോഴിപ്പൂവ്; 3. വലിയകടലാടി; 4. തുത്ഥാഞ്ജനം
മയൂരകേതു നാ. സുബ്രഹ്മണ്യൻ
മയൂരചൂഡ നാ. 1. മയിലിൻെറ തലയിലെ പൂവ്; 2. തുണിയാങ്കം; 3. മയിലോശിക
മയൂരതുത്ഥം നാ. തുരിശ്
മയൂരം നാ. 1. മയിൽ; 2. ജീവജ്ജീവം; 3. മയിലോശിക; 4. ഒരിനം പുഷ്പം; 5. ഒരു യന്ത്രം (നിഴലുകൊണ്ടു സമയം കണക്കാക്കാനുള്ളത്)
മയൂരശിഖ നാ. 1. മയിലിൻെറ തലയിലെ പൂവ്; 2. കോഴിപ്പൂവ്; 3. മയിലോശിക
മയൂരി നാ. 1. മയിൽപ്പേട; 2. ചെഞ്ചീര; 3. ഉടുമ്പ്; 4. പല്ലി
മയ്യത്ത് [അറ] നാ. മൃതശരീരം (പ്ര) മയ്യത്തുകാട്, -കട്ടിൽ
മയ്യപ്പെട്ടി നാ. ശവപ്പെട്ടി
മയ്യം [അറ] നാ. 1. മൃതശരീരം; 2. ഒത്തനടുവ്
മയ്യൽ നാ. 1. ദുഃഖം; 2. കറുപ്പ്; 3. കേട്; 4. മഷി; 5. സന്ധ്യ; 6. ഇരുട്ട്; 7. മയക്കം; 8. മോഹം; 9. ക്ഷീണം; 10. വശീകരണം
മയ്യാർ വി. മഷിപുരണ്ട

മർക്കടകം നാ. 1. കുരങ്ങ്; 2. ചിലന്തി; 3. ഒരു മത്സ്യം; 4. ഒരു ധാന്യം; 5. ഒരിനം കായ്
മർക്കടത്താൻ നാ. 1. കുരങ്ങൻ; 2. (ആല) ചപലൻ
മർക്കടം നാ. 1. കുരങ്ങ്; 2. ചിലന്തി; 3. ഒരു പക്ഷി, കൊക്ക്; 4. ഒരു വിഷം; 5. (കാമ) ഒരു രതിബന്ധം
മർക്കടമുഷ്ടി നാ. ശാഠ്യം, കഠിനമായ നിർബന്ധം
മർക്കടാസ്യ വി. കുരങ്ങിൻെറ മുഖമുള്ള
മർകടി നാ. 1. പൊൻകുരണ്ടി (ഒരു ഓഷധി); 2. നായ്ക്കൊരുണ; 3. അയമോദകം
മർക്കൻ നാ. ആൾക്കുരങ്ങ്, കുരങ്ങ്
മർക്കര നാ. 1. പാത്രം; 2. ഗുഹ; 3. പൊള്ള; 4. മച്ചി
മർജു നാ. 1. ശുദ്ധീകരണം; 2. അലക്ക്; 3. അലക്കുകാരൻ; 4. പ്രകൃതിവിരുദ്ധത്തിനായി നിറുത്തിയിരിക്കുന്ന ബാലൻ
മർത്യ1 വി. മരണമുള്ള
മർത്യ2 നാ. സ്ത്രീ, മനുഷ്യസ്ത്രീ
മർത്യൻ നാ. മനുഷ്യൻ, മൃതിയടയുന്നവൻ
മർത്യഭോജി വി. മനുഷ്യനെ ഭക്ഷിക്കുന്ന
മർത്യം നാ. 1. ശരീരം (മൃതിയടയുന്നത്); 2. ഭൂമി (മർത്യലോകം)
മർദക വി. മർദിക്കുന്ന
മർദകൻ നാ. മർദിക്കുന്നവൻ
മർദന വി. മർദിക്കുന്ന
മർദനം നാ. 1. അടി; 2. ധ്വംസനം; 3. പീഡനം; 4. തിരുമ്മൽ; 5. ഞെരടൽ; 6. അരപ്പ്; 7. പൊടിക്കൽ; 8. കലക്കൽ; 9. ചതയ്ക്കൽ
മർദനീയ വി. മർദിക്കത്തക്ക
മർദം നാ. 1. മർദനം; 2. ഭാരംകൊണ്ട് അമരൽ
മർദമാപിനി നാ. മർദം അളക്കുന്നതിനുള്ള ഉപകരണം (ബാരോമീറ്റർ)
മർദല നാ. ഒരു വാദ്യം, മദ്ദളം
മർദിക്കുക ക്രി. 1. തിരുമ്മുക; 2. ചതയ്ക്കുക; 3. ഇടിക്കുക; 4. പൊടിക്കുക; 5. ഉടയ്ക്കുക; 6. കലക്കുക; 7. അമർത്തുക; 8. നശിപ്പിക്കുക
മർദിത വി. മർദിക്കപ്പെട്ട
മർമഘ്ന വി. 1. മർമം പിളർക്കുന്ന; 2. വളരെ വേദനയുണ്ടാക്കുന്ന
മർമച്ഛിത്ത് നാ. മർമങ്ങളെ മുറിക്കുന്നത്, മർമഭേദിയായ
മർമജ്ഞൻ നാ. 1. മർമം അറിയാവുന്നവൻ; 2. പരമാർഥം അറിഞ്ഞവൻ, ഉള്ളറിഞ്ഞവൻ
മർമത്രം നാ. കവചം
മർമഭിത്ത് നാ. മർമച്ഛിത്ത്
മർമഭേദക,-ദി വി. മർമത്തെ മുറിക്കുന്ന, ഹൃദയത്തെ ഭേദിക്കുന്ന, അത്യന്തം വേദനിക്കുന്ന
മർമം നാ. 1. ശരീരത്തിലെ അതിപ്രധാനവും ചെറിയ ആഘാതമേറ്റാൽപ്പോലും വേദനയോ മരണമോ ഉണ്ടാക്കുന്നതുമായ ഭാഗം, ഏപ്പ്,

ശരീരസന്ധി; 2. ഗൂഢാർഥം; 3. സാരമായ ഭാഗം അഥവാ കാര്യം; 4. രഹസ്യം. മർമം അറിഞ്ഞവൻ അടിക്കുകയില്ല (പഴ)

മർമരം നാ. 1. (ശബ്ദാനു) കിരുകിരുപ്പ്, വസ്ത്രങ്ങളും ഉണങ്ങിയ ഇലകളും അനങ്ങുമ്പോഴുണ്ടാകുന്ന ശബ്ദം; 2. പിറുപിറുപ്പ്, മുറുമുറുപ്പ്

മർമരി നാ. 1. മഞ്ഞൾ; 2. മരമഞ്ഞൾ

മർമരീകൻ നാ. 1. ഇരപ്പാളി; 2. ദുഷ്ടൻ

മർമവിത്ത് നാ. മർമം അറിയുന്നവൻ

മർമവേധം നാ. 1. മർമത്തിൻെറ മുറിവ്; 2. മർമം വേധിക്കൽ

മർമവൈദ്യൻ നാ. മർമാഘാതത്തിനു ചികിത്സിക്കുന്നവൻ

മർമവൈദ്യം നാ. മർമാഘാതംകൊണ്ടുണ്ടാകുന്ന രോഗങ്ങൾക്കുള്ള ചികിത്സ

മർമസ്പൃക്ക് വി. 1. മർമത്തെ സ്പർശിക്കുന്ന; 2. അത്യുപദ്രവകരമായ; 3. ദുഖിപ്പിക്കുന്ന

മർമാഘാത നാ. മർമത്തിൽ അടി ഇടി മുറിവു മുതലായവ ഏൽക്കൽ

മർമാണി നാ. 1. മർമങ്ങളുടെ ലക്ഷണം പറയുന്ന ഗ്രന്ഥം; 2. മർമവിദ്യ പഠിച്ചവൻ, മർമാഘാതത്തിനു പ്രതിവിധിചെയ്യുന്നവൻ, മർമചികിത്സകൻ

മർമി വി. 1. മർമത്തോടുകൂടിയ; 2. രഹസ്യം മറച്ചുവയ്ക്കുന്ന

മർമിക്കുക ക്രി. 1. ദ്വേഷിക്കുക; 2. ഉപദ്രവിക്കുക; 3. മത്സരിക്കുക

മർമോപഘാതനം നാ. മർമഭേദനം

മർശന നാ. 1. സ്പർശനം; 2. പ്രതിപാദനം; 3. പര്യാലോചന; 4. ഉപദേശം

മർഷണം നാ. ക്ഷമ, സഹനശക്തി

മർഷി വി. മർഷിക്കുന്ന

മർഷിക്കുക ക്രി. ക്ഷമിക്കുക, സഹിക്കുക

മർഷിത വി. മർഷിക്കപ്പെട്ട, ക്ഷമിച്ച

മരകതം, മരതകം നാ. ഒരുതരം രത്നം, പച്ചക്കല്ല്

മരകം നാ. (ആയുർ) പകർച്ച വ്യാധി

മരക്കയാൻ നാ. മരയ്ക്കാൻ

മരക്കലം നാ. 1. കപ്പൽ; 2. തോണി; 3. ഉരു; 4. ഒരുതരം മരപ്പാത്രം (തൈരുകലക്കുന്നത്). മരക്കലത്തിനു അടിച്ചരക്ക് മണൽ, ശരീരത്തിന് അടിച്ചരക്ക് മലം (പഴ)

മരക്കറി നാ. 1. ഒരുതരം കറി; 2. സസ്യാദികൾ

മരക്കാൻ നാ. 1. ഒരു ജാതിക്കാരൻ (മീൻ പിടിത്തക്കാരൻ); 2. ചുക്കാൻ പിടിക്കുന്നവൻ; 3. ഒരു സ്ഥാനം (മുക്കുവർക്കും മാപ്പിളമാർക്കും ഉള്ളത്); 4. തോണിക്കാരൻ

മരക്കാൽ നാ. 1. മരത്തൂൺ; 2. മുടന്തൻെറ വടി; 3. ഒരു അളവ്; 4. ഉപ്പളം; 5. (ജ്യോ) ചോതിനക്ഷത്രം

മരക്കാവ് നാ. കാട്

മരക്കൂട് നാ. 1. മരംകൊണ്ടു തീർത്ത കൂട്; 2. പുരയുടെ ഉത്തരം കഴുക്കോൽ മുതലായവ കൂട്ടിച്ചേർത്തത്

മരക്കൊട്ട നാ. മരവി, മരംകൊണ്ടുള്ള തൊട്ടി



മരക്കൊത്തൻ ന. ഒരു പക്ഷി, മരംകൊത്തി

മരംകൊത്തി നാ. മരക്കൊത്തൻ
മരച്ചീനി നാ. കപ്പ, മരക്കിഴങ്ങ്, കൊള്ളിക്കിഴങ്ങ്
മരഞ്ചാടി നാ. കുരങ്ങ് (മരത്തിൽ ചാടിനടക്കുന്നത്)
മരണഗോഷ്ടി നാ. മരണസമയത്തുണ്ടാകുന്ന ഭാവഭേദങ്ങൾ
മരണപത്രം നാ. മരണപത്രിക; 1. വിൽപ്പത്രം; 2. മരിച്ചതിനെക്കുറിച്ച് എഴുതുന്ന എഴുത്ത്
മരണപ്പാച്ചിൽ നാ. 1. മരണം അടുക്കുമ്പോഴുള്ള പരിഭ്രമത്തോടെയുള്ള ഓട്ടം; 2. ബന്ധുക്കളുടെയോമറ്റോ മരണവൃത്താന്തം അറിയിക്കാനുള്ള ഓട്ടം; 3. (ആല) അതിവേഗത്തിലുള്ള ഓട്ടം
മരണം നാ. 1. ജീവനാശം, ചാവ്, ജീവാത്മാവ് ശരീരത്തെ വെടിയുന്ന അവസ്ഥ; 2. ഒരിനം വിഷം
മരണവായു നാ. അന്ത്യവായു
മരണശാസനം നാ. ഉയിൽ, (വിൽ), മരണപത്രം
മരണശിക്ഷ നാ. കൊലപാതകം പോലെയുള്ള കുറ്റങ്ങൾക്കു കോടതിനൽകുന്ന വധശിക്ഷ
മരണാന്ത വി. മരണത്തിൽ അവസാനിക്കുന്ന
മരണീയ വി. മരിക്കത്തക്ക, മരിക്കേണ്ടതായ
മരതകം നാ. നവരത്നങ്ങളിൽ ഒന്ന്, പച്ചക്കല്ല്
മരത്തവള നാ. ഒരുതരം തവള
മരത്തോണി നാ. 1. വെള്ളം ഒഴുകാനായി മരംകൊണ്ടു നിർമിക്കുന്ന പാത്തി; 2. വെള്ളം തേകിക്കളയാനായി തടികൊണ്ടു നിർമിച്ച ഉപകരണം
മരനീർ നാ. മരത്തിൻെറ നീർ, കള്ള്
മരന്ദകം നാ. പൂന്തേൻ
മരനൗകസ്സ് നാ. മരന്ദത്തിൻെറ ഇരിപ്പിടം
മരപ്പട്ടി നാ. ഒരു ജന്തു (വെരുകുവർഗത്തിൽപ്പെട്ടത്, ഇതു മരത്തിൽ കയറും, ദുർഗന്ധമുള്ളതാണ്)
മരപ്പണി നാ. തടിവേല, ആശാരിപ്പണി
മരപ്പാത്തി നാ. വെള്ളം ഒലിച്ചുപോകത്തക്കവണ്ണം തടികൊണ്ടു നിർമിക്കുന്ന ഓവ്
മരപ്പാത്രം നാ. മരംകൊണ്ടു നിർമിച്ച പാത്രം
മരപ്പ് നാ. മരവിപ്പ്
മരം നാ. വൃക്ഷം
മരമരിക നാ. മരംകൊണ്ടുണ്ടാക്കുന്ന ഒരിനം പാത്രം
മരയ്ക്കാൻ നാ. മരക്കാൻ
മരയ്ക്കുക ക്രി. മരവിക്കുക, മരംപോലെയാകുക, സ്പർശനശക്തിയില്ലാതാകുക
മരവി നാ. മരംകൊണ്ടുള്ള ഒരിനം പരന്ന പാത്രം
മരവിക്കുക ക്രി. 1. ശരീരവും മറ്റും മരംപോലെയാകുക; 2. സ്തംഭിക്കുക
മരവിപ്പിക്കുക ക്രി. 1. തണുപ്പിക്കുക; 2. സ്തംഭിപ്പിക്കുക, പ്രവർത്തനം നിറുത്തുക; 3. സൂക്ഷിച്ചുവയ്ക്കുക
മരവിരി നാ. 1. വല്കലം; 2. മരത്തിൻെറ തോല്

മരാമത്ത് [അറ] നാ. 1. അറ്റകുറ്റപ്പണി; 2. കെട്ടിടം റോഡ് മുതലായവയുടെ നിർമാണം
മരാമരം നാ. 1. വലിയ വൃക്ഷം; 2. സാലവൃക്ഷം
മരാള വി. 1. മാർദവമുള്ള; 2. കൊഴുപ്പുള്ള
മരാളൻ നാ. 1. കള്ളൻ; 2. ചതിയൻ
മരാളം നാ. 1. അരയന്നം; 2. വിളക്കുമഷി; 3. കുതിര; 4. മേഘം; 5. കുളക്കോഴി; 6. വണ്ട്; 7. ആന; 8. മാതളത്തോപ്പ്
മരാളി നാ. 1. അരയന്നപ്പിട, അന്നപ്പേട; 2. വഞ്ചകി; 3. കൊഴുത്തവൾ; 4. മൃദുലാങ്ഗി
മരാളിക നാ. അരയന്നപ്പിട
മരിക നാ. 1. മരവി; 2. മരത്തവി
മരിക്കുക ക്രി. 1. ജീവൻപോകുക, ചാകുക, പ്രാണത്യാഗം ചെയ്യുക; 2. (ആല) പാടുപെടുക (പ്ര) മരിച്ചുകളയുക = ആത്മഹത്യചെയ്യുക
മരിചം നാ. കുരുമുളക്
മരിപ്പ്[മരിക്കുക] നാമരൂപം
മരിളുക ക്രി. വിരളുക, പരിഭ്രമിക്കുക, ഭയപ്പെടുക
മരീചം നാ. കുരുമുളക്; 2. തക്കോലം; 3. കർപ്പൂരത്തുളസി
മരീചി നാ. 1. സപ്തർഷികളിൽ ഒരാൾ; 2. ഒരു സ്മൃതികാരൻ; 3. കൃഷ്ണൻ; 4. രശ്മി; 5. ശോഭ; 6. കാനൽജലം; 7. സൂര്യൻ; 8. പ്രകാശരേണു; 9. ലുബ്ധൻ
മരീചിക നാ. 1. കാനൽജലം, മൃഗതൃഷ്ണ; 2. രശ്മി
മരീചിമാലി നാ. സൂര്യൻ
മരു നാ. 1. മരുഭൂമി, മണൽക്കാട്, നിർജലപ്രദേശം, ശൂന്യസ്ഥലം, വിതച്ചാൽ വിളയാത്ത ഭൂമി; 2. മല; 3. പാറ; 4. കർപ്പൂരത്തുളസി
മരുകം നാ. 1. മയിൽ; 2. മാൻ
മരുക്കം നാ. 1. ഇണക്കം; 2. പഴക്കം; 3. ചായ്വ്
മരുക്കുക ക്രി. ഇണക്കുക
മരുങ്ങ് നാ. 1. ഇണക്കം; 2. സ്നേഹം; 3. (ഒരു) വശം; 4. കക്ഷി; 5. ഇട; 6. ഭങ്ഗി; 7. പുലയസ്ത്രീ
മരുങ്ങുക ക്രി. 1. ഇണങ്ങുക; 2. ഇരുവശത്തേക്കും ചായുക; 3. പാടുപെട്ടു നേടുക
മരുട നാ. ഉയർന്ന നെറ്റിയുള്ളവൾ
മരുണ്ഡ നാ. മരുട
മരുതൻ നാ. 1. വായു, മാരുതൻ; 2. ദേവൻ
മരുതനിലം നാ. ഉഴുത നിലം, വിളഭൂമി
മരുതം നാ. നാലുമാതിരി നിലങ്ങളിൽ ഒന്ന് (പാടവും പാടത്തിനടുത്തുള്ള പുരയിടവും)
മരുത്കർമം നാ. വയറുപെരുപ്പം, വായുകോപം
മരുത്കോണം നാ. വടക്കുപടിഞ്ഞാറെ ദിക്ക്
മരുത്ക്രിയ നാ. മരുത്കർമം
മരുത്തൻ നാ. 1. വൈദ്യൻ; 2. പുലയപ്രധാനി

മരുത്തിൻമകൻ നാ. 1. ഭീമൻ; 2. ഹനുമാൻ
മരുത്ത് നാ. 1. വായു; 2. ദേവൻ; 3. ചോനകപ്പുല്ല്; 4. പ്രാണൻ; 5. ചോതി
മരുത്തുക്കൾ നാ. (ബ.വ.) ഒരു ദേവഗണം
മരുത്തോൻ നാ. 1. വൈദ്യൻ; 2. പുലയപ്രമാണി
മരുത്പതി നാ. ഇന്ദ്രൻ
മരുത്പഥം നാ. ആകാശം
മരുത്പുത്രൻ നാ. 1. ഹനുമാൻ; 2. ഭീമൻ
മരുത്പുരം നാ. സ്വർഗം
മരുത്വാൻ നാ. 1. ഇന്ദ്രൻ; 2. ഹനുമാൻ; 3. മേഘം
മരുത്വാമല നാ. കന്യാകുമാരി ജില്ലയിലുള്ള ഒരു മല. മരുന്നു ചെടികൾ ധാരാളമുള്ളത്
മരുത്സഖൻ നാ. 1. അഗ്നി; 2. ഇന്ദ്രൻ
മരുത്സുതൻ നാ. മരുത്പുത്രൻ
മലടി നാ. മച്ചി, വന്ധ്യ. മലടിയറിയുമോ പേറ്റുനോവ് (പഴ)
മലദൂഷിത വി. മുഷിഞ്ഞ, ചളിപറ്റിയ
മലദൈവം നാ. 1. മലയിലെ ദേവത; 2. മലയന്മാരെടെ പരദൈവം, മലയുടയാൻ
മലദ്വാരം നാ. ശരീരത്തിലെ നവദ്വാരങ്ങളിൽ ഒന്ന് (മലവിസർജനദ്വാരം)
മലനാട് നാ. മലമ്പ്രദേശം, കേരളം (പാണ്ഡ്യദേശത്തിനു പടിഞ്ഞാറുള്ള ദേശം)
മലപ്പുറം നാ. 1. മലയുടെ മുകൾഭാഗം; 2. സുരക്ഷിതമായ സ്ഥാനം; 3. കേരളത്തിലെ ഒരു ജില്ല
മലപ്പെണ്ണ് നാ. ശ്രീപാർവതി
മലബന്ധം നാ. മലം പിടിത്തം, മലശോധനയില്ലാതിരിക്കൽ
മലഭുക്ക് നാ. കാക്ക
മലം നാ. 1. അമേധ്യം; 2. അഴുക്ക്; 3. പാപം; 4. മട്ട്; 5. കർപ്പൂരം; 6. കടൽ നാക്ക്; 7. ഊറയ്ക്കിട്ട തോൽ; 8. വാതം, പിത്തം കഫം
മലമാസം നാ. മതപരമായ കർമങ്ങൾക്കു നിഷിദ്ധമായ മാസം
മലമുഴക്കി നാ. ഒരിനം വലിയ പക്ഷി (പരുഷമായ ശബ്ദം പുറപ്പെടുവിക്കുന്നത്)
മലമ്പനി നാ. ഒരുതരം പനി
മലമ്പള്ളം നാ. 1. മലയുടെ പാർശ്വം; 2. മലയുടെ അടിവാരത്തിന് അടുത്തുള്ള സ്ഥലം
മലമ്പാത നാ. 1. മലയിൽക്കൂടിയുള്ള വഴി; 2. ഇടുക്കുവഴി
മലമ്പാമ്പ് നാ. ഒരുതരം വലിയ പാമ്പ്, പെരുമ്പാമ്പ് (മലയിലുള്ളത്)
മലയ്ക്കുക ക്രി. 1. വ്യാകുലപ്പെടുക; 2. പ്രയാസമെന്നു കരുതുക; 3. സംഭ്രമിക്കുക; 4. വിഷമിക്കുക; 5. മയങ്ങുക; 6. ചളിപുരളുക; 7. മലർന്നുപോകുക (ഉദാഃ തോറ്റുമലച്ചു)
മലയക്ഷത്രിയർ നാ. നായന്മാർ
മലയജം നാ. ചന്ദനം, ചന്ദനമരം (മലയപർവതത്തിൽ ഉണ്ടാകുന്നത്)
മലയദ്രുമം നാ. ചന്ദനമരം

മലയൻ		നാ.	1. മലയിൽ പാർക്കുന്നവൻ; 2. അപരിഷ്കൃതൻ; 3. കടുവാ
മലയനുഭവം		നാ.	മലയിൽനിന്നു കിട്ടുന്ന ഉത്പന്നം (ഏലം, ചന്ദനം, അരക്ക്, മെഴുക് തുടങ്ങിയവ)
മലയം		നാ.	1. ഒരു പർവതം, മലയപർവതം (ചന്ദനമരങ്ങൾ അധികമുള്ള സ്ഥലം); 2. മല നാട്; 3. കടുവാ; 4. (ഇന്ദ്രൻെറ) ഉദ്യാനം; 5. പർവതപാർശ്വം
മലയമനാട്		നാ.	മലനാട്, കേരളം
മലയമാരുതൻ		നാ.	മലയസമീരൻ; മലയപർവതത്തിൽനിന്നു വരുന്ന (സുഖകരമായ) കാറ്റ്
മലയർ		നാ.	കേരളത്തിലെ ആദിവാസികളിൽ ഒരു വർഗം
മലയവാസിനി		നാ.	ദുർഗാഭഗവതി
മലയാംകൊല്ലം		നാ.	1. കൊല്ലവർഷം; 2. ഒരു കൃതി (കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ രചിച്ചത്)
മലയായ്മ		നാ.	1. മലയാളഭാഷ; 2. വാക്ക്; 3. പഴയ മലയാള ലിപി; 4. മലയാളദേശത്തുള്ള ആചാരം
മലയാളം		നാ.	1. ദ്രാവിഡഭാഷകളിൽ ഒന്ന്, കൈരളി (കേരളീയരുടെ മാതൃഭാഷ); 2. കേരളം (മലയോടുതൊട്ടുകിടക്കുന്ന ദേശം, മലയ്ക്കും ആഴിക്കും മധ്യേയുള്ള ദേശം)
മലയാളക്കറികൾ		നാ.	(ബ.വ.) എരിശ്ശേരി പുളിശ്ശേരി അവിയൽ തുടങ്ങിയവ
മലയാളൻ		നാ.	1. മലയൻ; 2. മലയാളി
മലയാളി		നാ.	1. കേരളീയൻ (മലയാള ദേശക്കാരൻ); 2. മലയിൽ പാർക്കുന്നവൻ
മലയുക		ക്രി.	1. അണിയുക; 2. വർധിക്കുക; 3. പോരാടുക; 4. മയങ്ങുക
മലർ1		വി.	1. മലർന്ന, വിരിഞ്ഞ, വികസിച്ച; 2. വലുതായ; 3. പൊരിഞ്ഞ
മലർ2		നാ.	പൂവ്
മലർക്കുക		ക്രി.	1. മലർന്നു കിടക്കുമാറാക്കുക; 2. വിടർത്തുക; 3. കൈപ്പത്തി മേൽപ്പോട്ടാക്കിപ്പിടിക്കുക; 4. നെല്ലും മറ്റും മലരാക്കുക; 5. പൊരിക്കുക; 6. ചതിക്കുക
മലർച്ച		നാ.	1. മലർന്നുകിടപ്പ്, മലരൽ; 2. പൊരിച്ചിൽ; 3. വികാസം, വിടർച്ച
മലർത്തയ്യൽ		നാ.	പൂമങ്ക (ലക്ഷ്മീദേവി)
മലർത്തുക		ക്രി.	1. വിടർത്തുക; 2. പൊരിക്കുക (പ്ര) കൈ മലർത്തുക = ഒഴിഞ്ഞുമാറുക
മലർപ്പ്		നാ.	മലർച്ച
മലർപ്പൊടി		നാ.	മലരുപൊടിച്ചപൊടി
മലർമകൾ		നാ.	ലക്ഷ്മീദേവി, മലർമങ്ക
മലർമാത്		നാ.	മലർമകൾ
മലർവാടി		നാ.	ഉദ്യാനം
മലർവില്ലൻ		നാ.	കാമദേവൻ
മലർശരൻ		നാ.	കാമദേവൻ
മലരമ്പൻ		നാ.	കാമദേവൻ
മലരി		നാ.	1. മലരുന്ന പൂവ്; 2. ഊറ്റുവെള്ളം; 3. വെള്ളത്തിനടിയിൽനിന്നു മുകളിലേക്കു തള്ളിപ്പരക്കുന്ന ചുഴി

മലര് നാ. 1. (വികസിച്ച) പുഷ്പം; 2. നെല്ലോ ചോളമോ മറ്റോ പൊരിച്ച് ഉമികളഞ്ഞെടുത്ത ഭക്ഷണസാധനം; 3. ആണിത്തല; 4. ആണിഉറപ്പിക്കാൻവേണ്ടി അടിച്ചുപരത്തിയ ഭാഗം

മലരുക ക്രി. 1. മുഖവും ശരീരത്തിൻെറ മുൻഭാഗവും മേൽപ്പോട്ടാക്കി കിടക്കുക; 2. വിടരുക; 3. പൊരിയുക

മലവാരം നാ. 1. മലഞ്ചരിവ്; 2. മലയിൽ വിതച്ചതിന്മേലുള്ള അവകാശം; 3. മലയിൽനിന്നുള്ള അനുഭവം; 4. തടിവെട്ടുന്നതിനുള്ള കരം

മലവാസസ്സ് നാ. 'മലിനവസ്ത്രമുള്ളവൾ', തീണ്ടാരിയായിരിക്കുന്നവൾ

മലവിസർഗം നാ. മലശോധന

മലവെള്ളം നാ. 1. മലയിൽനിന്നുവരുന്ന വെള്ളം; 2. ദൈവികമായ വിപത്ത്

മലശോധന നാ. മലംപോകൽ

മലഹരി നാ. (സങ്ഗീ) ഒരു രാഗം

മലാക നാ. 1. പിടിയാന; 2. ദൂതി; 3. കാമം അധികമുള്ളവൾ

മലാരി നാ. 1. പാപം നശിപ്പിക്കുന്നവൻ; 2. ഒരു ലോഹക്ഷാരം

മലികൻ നാ. രാജാവ്

മലിഞ്ഞ വി. വ്യാപിച്ച

മലിന1 വി. 1. മുഷിഞ്ഞ; 2. കറുത്ത; 3. മങ്ങിയ; 4. ഹീനമായ; 5. അഴുക്കുള്ള; 6. പാപമുള്ള

മലിന2 നാ. 1. മാലിന്യമുള്ളവൾ, കളങ്കിത; 2. തീണ്ടാരിയായിരിക്കുന്നവൾ

മലിനത നാ. മാലിന്യം

മലിനം നാ. 1. കുറ്റം; 2. പാതകം; 3. കറുപ്പ്; 4. അഴുക്ക്; 5. മോര്; 6. വെൺകാരം; 7.മുളക്; 8. താമര

1175

മലിനമുഖം നാ. 1. മലിനമായ മുഖം; 2. കരിങ്കുരങ്ങ്; 3. പിശാച്

മലിനാംബരം നാ. 1. തെളിവില്ലാത്ത ആകാശം; 2. മുഷിഞ്ഞ വസ്ത്രം

മലിനി നാ. 1. കളങ്കിതയായവൾ; 2. തീണ്ടാരിയായിരിക്കുന്നവൾ (ശരീരം മലിനപ്പെട്ടിരിക്കുന്നവൾ); 3. കറുത്തവൾ

മലിനീകരണം നാ. 1. മലിനമാക്കൽ; 2. ദൂഷണം

മലിനീകൃത വി. മലിനീകരിക്കപ്പെട്ട (മലിനമാക്കപ്പെട്ട)

മലിമ്ലുചൻ നാ. 1. കള്ളൻ; 2. രാക്ഷസൻ; 3. അഗ്നി; 4. വായു; 5. പഞ്ചയജ്ഞങ്ങൾ ഉപേക്ഷിച്ച ബ്രാഹ്മണൻ

മലിമ്ലുചം നാ. 1. മഞ്ഞ്; 2. കൊതുക്; 3. അഗ്നി; 4. കാറ്റ്; 5. കൊടുവേലി; 6. പുക; 7. മലമാസം

മലിയുക ക്രി. 1. വർധിക്കുക; 2. കമ്പോളത്തിൽ ചരക്കു ധാരാളമായി വന്നെത്തുക, തന്മൂലം വിലക്കുറവുണ്ടാകുക; 3. തടിക്കുക; 4. ബലപ്പെടുക; 5. നിറയുക

മലിഷ്ഠ നാ. 1. മലിനയായവൾ; 2. തീണ്ടാർന്നവൾ

മലീമസ വി. 1. അശുദ്ധമായ; 2. ഇരുണ്ട; 3. പാപകരമായ; 4. മലിനമായുള്ള; 5. ദുഷിച്ചുനാറിയ

മലീമസം നാ. 1. മലിനമായിട്ടുള്ളത്; 2. ഇരുമ്പ്; 3. പുഷ്പകാസീസം

മല്പാൻ <സുറി] നാ. (ക്രിസ്തു) 1. അധ്യാപകൻ, ആചാര്യൻ; 2. പണ്ഡിതരായ വൈദികർക്കുനൽകുന്ന ഒരു സ്ഥാനപ്പേര്

മല്ല1 വി. 1. ഭങ്ഗിയുള്ള, സൗന്ദര്യമേറിയ; 2. തഴച്ച; 3. ബലംവ്വിയ; 4. കായികാഭ്യാസിയായ; 5 ഉത്തമമായ
മല്ല2 നാ. 1. സ്ത്രീ; 2. അറബിമുല്ല; 3. ഒരുതരം കുഴികിണ്ണം (മണ്ണുകൊണ്ടുള്ളത്)
മല്ലകം നാ. 1. എണ്ണക്കുടുക്ക; 2. ഒരിനം വിളക്ക് (ഇടിഞ്ഞിൽ); 3. വിളക്കിൻെറ കാൽ, വിളക്കുമരം; 4. ചിരട്ടപ്പാത്രം; 5. ഒരു പൂച്ചെടി (മല്ലിക); 6. പല്ല്; 7. (ആയുർ) ഒരിനം വിസർപ്പം, ആനവാർപ്പൻ
മല്ലക്കരം നാ. ശക്തിയേറിയ കൈ
മല്ലക്കുഴലി നാ. ഇടതൂർന്ന തലമുടിയോടുകൂടിയവൾ
മല്ലതുര്യം നാ. മല്ലന്മാരുടെ വാദ്യം, പെരുമ്പറ
മല്ലൻ നാ. 1. ഗുസ്തിക്കാരൻ, ബാഹുയുദ്ധത്തിൽ സമർഥൻ; 2. തടിയും ബലവുമുള്ളവൻ; 3. ഒരു ഗ്രാമദേവത; 4. ഒരുതരം മലമ്പനി. മല്ലൻ പിടിച്ചേടം മർമം (പഴ)
മല്ലനയന നാ. സുന്ദരി
മല്ലനാഗൻ നാ. 1. ഇന്ദ്രൻെറ ആന; 2. എഴുത്തുകൊണ്ടുപോകുന്നവൻ; 3. കാമസുത്രകർത്താവായ വാത്സ്യായനൻെറ ഒരു പേര്
മല്ലം നാ. 1. മനോഹരം (പ്ര) മല്ലറ്റ്ടുങ്കണ്ണാൾ = മല്ലനയന; 2. താമരപ്പൂവ്; 3. മഷി; 4. അഞ്ജനം; 5. ചിരട്ടപ്പാത്രം; 6. കപ്പ്; 7. തട്ടം; 8. കവിൾത്തടം; 9. തലയോട്ടി; 10. ഒരിനം മത്സ്യം; 11. (പുരാണ) ഒരു രാജ്യം (വിരാടത്തിനു സമീപം ഉണ്ടായിരുന്നത്); 12. ബലം, ബലമുള്ളത്; 13. അടിമരത്തിൽ കൊള്ളിച്ചിട്ടുള്ള കപ്പൽമണിക്കാലുകൾ
മല്ലമിഴി നാ. മല്ലനയന, സുന്ദരി
മല്ലയുദ്ധം നാ. മുഷ്ടിയുദ്ധം, ഗുസ്തി
മല്ലാക്ഷി നാ. സുന്ദരി
മല്ലാരി നാ. 1. ചാണുരാദിമല്ലന്മാരെകൊന്നവൻ, ശ്രീകൃഷ്ണൻ; 2. ശിവൻ; 3. മേളം; 4. (സങ്ഗീ) ഒരു രാഗം
മല്ലി നാ. 1. മുല്ല; 2. കൊത്തമല്ലി; 3. പഞ്ഞിമരത്തിൻെറ പശ; 4. വെളുത്ത നായ്
മല്ലിക നാ. 1. വള്ളിമുല്ല; 2. മല്ലികാക്ഷം; 3. മല്ല (മൺപാത്രം); 4. മല്ല്; 5. മാഘമാസം; 6. ഒരിനം മത്സ്യം; 7. ഒരു വൃത്തം
മല്ലികാക്ഷം നാ. 1. വെളുത്തഉടലും വെളുപ്പുകുറഞ്ഞ കൊക്കും കാലുകളുമുള്ള ഒരുതരം ഹംസം; 2. കണ്ണിൽ വെള്ളപ്പുള്ളികളുള്ള ഒരു ജാതി കുതിര
മല്ലികാർജുനൻ നാ. ശിവൻ (ശ്രീശൈലത്തിലെ ശിവലിങ്ഗം)
മല്ലിടുക ക്രി. 1. യുദ്ധംചെയ്യുക; 2. കലഹിക്കുക; 3. മത്സരിക്കുക; 4. ബലപരീക്ഷനടത്തുക
മല്ലീശരൻ നാ. കാമദേവൻ
മല്ല് നാ. 1. പോരാട്ടം; 2. ഗുസ്തി; 3. ബലം; 4. വട്ടത്തിൽ വച്ചിട്ടുള്ള ചരിഞ്ഞ തുലാക്കോൽ; 5. മോന്തായം പിടിപ്പിക്കുന്നതിനുള്ള തടി; 6. കപ്പലിൻെറ അടിമരത്തിൽ കൊള്ളിച്ചിട്ടുള്ള മണിക്കാലുകൾ
മല്ലു നാ കരടി
മശ(ക)ം നാ. കൊതുക്
മശീഹാ [ഹീ] നാ. അഭിഷിക്തൻ, യേശുക്രീസ്തു

മഷി നാ. 1. (പേനയിൽ അടച്ചോ പേനയുടെ മുന മുക്കിയോ) എഴുതാൻ ഉപയോഗിക്കുന്ന നിറമുള്ള ദ്രാവകം; 2. വിളക്കു മഷി (ദീപത്തിൽനിന്നുണ്ടാകുന്ന കറുത്ത ചായം); 3. അഞ്ജനം (കണ്മഷി); 4. ഇല്ലറക്കരി (പുകയറ); 5. മാഞ്ചി
മഷിക്കാരൻ നാ. 1. മഷിയുണ്ടാക്കുന്നവൻ; 2. മഷിനോട്ടക്കാരൻ
മഷിനോട്ടം നാ. ഒരു മാന്ത്രിക വിദ്യ (വെറ്റിലയിലോ മറ്റോ മഷിപുരട്ടി ആ മഷിയിൽ നോക്കി നഷ്ടപ്പെട്ട വസ്തുക്കളും മറ്റും കണ്ടുപിടിക്കൽ)
മഷിയിടുക ക്രി. 1. (കണ്ണിൽ) മഷിതേയ്ക്കുക; 2. അഞ്ജനമിട്ടു നോക്കുക
മസനം നാ. 1. അളക്കൽ; 2. തൂക്കൽ; 3. പൊടിക്കൽ; 4. പീഡനം
മസം നാ. പരിമാണം, തൂക്കം
മസാര(ക)ം നാ. ഇന്ദ്രനീലക്കല്ല്
മസാല്ജി നാ. മസാൽച്ചി; 1. വിളക്കുകത്തിക്കുന്നവൻ; 2. പന്തം വഹിക്കുന്നവൻ; 3. ഭൃത്യൻ
മസി നാ. മഷി
മസുര നാ. 1. വ്യഭിചാരിണി; 2. ചണം പയർ
മസൂനം നാ. പോത്ത്
മസൂരി,വസൂരി നാ. (ആയുർ) ഒരു രോഗം
മസൃണം നാ. 1. മൃദുത്വമുള്ളത്; 2. മനോഹരമായത്; 3. സാഹിത്യത്തിലെ രചനാ രീതികളിൽ ഒന്ന്; 4. നെയ്യ് മുതലായവ ചേർത്ത് സ്നിഗ്ദ്ധത വരുത്തിയ അന്നവും മറ്റും
മസ്കരം നാ. 1. മുള, നെല്ലിമുള; 2. ജ്ഞാനം; 3. ഗതി
മസ്കരി നാ. 1. സന്ന്യാസി (മുളകൊണ്ടുള്ള ദണ്ഡുള്ളവൻ); 2. ചന്ദ്രൻ; 3. ജ്ഞാനി
മസ്കിയാമ [<സുറി] നാ. 'വാഗ്ദാനത്തിൻെറ പുത്രി', (ക്രിസ്തു) പുരോഹിതൻെറ ഭാര്യ
മസ്ജിദ് [<അറ] നാ. (ഇസ്ലാം) മുസ്ലിം ദേവാലയം
മസ്തകം നാ. 1. തല, തലമണ്ട; 2. അഗ്രഭാഗം, മുകൾഭാഗം. മസ്തകപിണ്ഡകം = ആനയുടെ ചെന്നിയിലുള്ള മുഴ
മസ്തിഷ്കം നാ. തലച്ചോറ്
മസ്തു നാ. തൈരിൻവെള്ളം, മോര്, ഇരട്ടിവെള്ളം ചേർത്ത മോര്
മസ്നദ് [<അറ] നാ. സിംഹാസനം
മഹകൻ നാ. 1. ശ്രേഷ്ഠൻ; 2. മഹാൻ; 3. വിഷ്ണു
മഹജർ നാ. മഹസ്സർ
മഹത്ത് വി. 1. വലിയ; 2. ശ്രേഷ്ഠമായ; 3. സമൃദ്ധമായ; 4. ശക്തിയേറിയ; 5. കനമുള്ള; 6. മഹാന്മാരെ സംബന്ധിച്ച
മഹതി നാ. 1. ശ്രേഷ്ഠയായ സ്ത്രീ (മഹത്വമുള്ളവൾ); 2. നാരദൻെറ വീണ (പൂജിക്കപ്പെടുന്നത്); 3. ചെറുവഴുതിന; 4. തക്കാരിവഴുതിന; 5. വലിയ ശതാവരി; 6. വലിപ്പം; 7. (ആയുർ) ഒരു രോഗം, ഒരുതരം ഇക്കിൾ
മഹത്തത്ത്വം നാ. ജീവാത്മാവ്, അഹങ്കാരത്തിനു കാരണമായ ബുദ്ധി
മഹത്തമ വി. ഏറ്റവും മഹത്തായ
മഹത്തര വി. വളരെ വലിയ

മഹത്തരൻ നാ. 1. പ്രധാനി; 2. വലിയവൻ; 3. പള്ളിയറവിചാരിപ്പുകാരൻ; 4. ഗ്രാമപ്രമാണി
മഹത്ത് നാ. 1. (സാങ്ഖ്യ) 25 തത്ത്വങ്ങളിൽ ഒന്ന്, മഹത്തത്ത്വം; 2. വിസ്താരമുള്ളത്, വലിപ്പം; 3. രാജ്യം; 4. ഉത്കർഷം; 5. പ്രാധാന്യം; 6. മഹിമ
മഹനീയ നാ. ഉത്തമമായ; 2. വന്ദിക്കപ്പെടുവാൻതക്ക
മഹന്തൻ [ഹി.] നാ. മഠാധിപതി
മഹം നാ. 1. ആഘോഷം, ഉത്സവം; 2. കാന്തി, ശോഭ; 3. പോത്ത്; 4. യാഗം; 5. നേർച്ച
മഹമ്മദീയൻ നാ. ഹസ്രത് മുഹമ്മദിൻെറ അനുയായി, മുസ്ലിം
മഹർ നാ. ഭൂമിയിൽനിന്നു മേൽപ്പോട്ടുള്ള ഏഴുലോകങ്ങളിൽ നാലാമത്തേത്
മഹർഷി നാ. 1. വലിയ ഋഷി; 2. പ്രജാപതി; 3. ശിവൻ; 4. ബുദ്ധൻ
മഹൽ [<അറ] നാ. 1. വലിയകെട്ടിടം; 2. കൊട്ടാരം
മഹൽദ്വീപ് നാ. മാലദ്വീപുകൾ
മഹസുൽ [അറ] നാ. കരം, ചുങ്കം
മഹസ്വി വി. 1. മഹത്തായ; 2. അധികം ശോഭയുള്ള
മഹസ്സർ [അറ] നാ. യാദാസ്ത്, കുറ്റവിചാരണയ്ക്കു ഹാജരുള്ളവരുടെ മൊഴി
മഹസ്സ് നാ. 1. തേജസ്സ്, ശോഭ; 2. ഉത്സവം; 3. യാഗം; 4. വലിപ്പം; 5. സന്തോഷം; 6. ശക്തി; 7. ജലം; 8. മഹർലോകം
മഹറോൻ [സുറി] നാ. മുടക്ക്, (പള്ളി) വിലക്കു കൽപിക്കൽ, പുറത്താക്കൽ
മഹാ വി. (സമാസത്തിൽ പൂർവപദമായി വരുമ്പോൾ) 1. വലിയ; 2. ശ്രേഷ്ഠമായ
മഹാങ്ഗ വി. വലിയ ശരീരമുള്ള
മഹാങ്ഗൻ നാ. ശിവൻ
മഹാങ്ഗം നാ. 1. ഒട്ടകം; 2. പെരുച്ചാഴി (പന്നിയെലി); 3. ചെമന്ന കൊടുവേലി; 4. വലിയ ഞെരിഞ്ഞിൽ
മഹാകച്ഛരൻ നാ. വരുണൻ
മഹാകച്ഛരം നാ. 1. കടൽ; 2. പർവതം
മഹാകന്ദം നാ. 1. വെള്ളുള്ളി; 2. ചെമന്ന ഉളി; 3. വെട്ടുചേമ്പ്; 4. വലിയ മുള്ളങ്കി
മഹാകംബു നാ. ശിവൻ (തികച്ചും നഗ്നനായവൻ)
മഹാകർമം നാ. മഹത്തായ പ്രവൃത്തി
മഹാകർമാവ് നാ. 1. വലിയകാര്യങ്ങൾ ചെയ്യുന്നവൻ; 2. ശിവൻ
മഹാകര വി. 1. വലിയ കൈയുള്ള; 2. അധികം വരുമാനം (കരം) ഉള്ള
മഹാകല നാ. അമാവാസി
മഹാകൽപം നാ. ബ്രഹ്മപ്രളയം
മഹാകവി നാ. 1. വലിയ കവി, ശ്രേഷ്ഠനായ കവി (മഹാകാവ്യം രചിക്കുന്നയാൾ); 2. ശുക്രൻ
മഹാകാന്ത നാ. ഭൂമി
മഹാകാന്തൻ നാ. ശിവൻ

മഹാകായൻ	നാ.	1. ശിവഭക്തനായ ഒരു മുനി; 2. ശിവൻ; 3. വലിയ ശരീരമുള്ളവൻ; 4. കൊമ്പനാന; 5. കൈലാസത്തിൻെറ തെക്കേ ഗോപുരം കാക്കുന്നവൻ; 6. വിഷ്ണു

മഹാകായം	നാ.	1. ആന; 2. ഒട്ടകം; 3. പെരുങ്കായം; 4. വലിയ ശരീരം

മഹാകാര	വി.	വളരെ വലിയ

മഹാകാലൻ	നാ.	മഹാകാളൻ; 1. ശിവൻ (സംഹാരരുദ്രൻ); 2. നന്ദി (ശിവപാർഷദൻ); 3. വിഷ്ണു

മഹാകാലം	നാ.	1. വളരെക്കാലം; 2. ഒരിനം ചുര; 3. കാഞ്ഞിരം

മഹാകാവ്യം	നാ.	1. കാവ്യങ്ങളിൽ ഒരു വിഭാഗം, വലിയകാവ്യം; 2. അതിശ്രേഷ്ഠമായ കാവ്യം

മഹാകാളപുരം	നാ.	ഉജ്ജയിനി

മഹാകാളി	നാ.	ഭദ്രകാളി (മഹാകാളൻെറ പത്നി)

മഹാകുല	വി.	നല്ലകുലത്തിൽ പിറന്ന

മഹാകേതു	നാ.	ശിവൻ

മഹാക്രോധൻ	നാ.	ശിവൻ

മഹാക്ഷീര	നാ.	എരുമ

മഹാഖർവം	നാ.	ഒരു വലിയ സങ്ഖ്യ

മഹാഗളം	നാ.	ഒട്ടകം

മഹാഗുരു	നാ.	1. വലിയ ഗുരു, ശ്രേഷ്ഠഗുരു (അച്ഛൻ, അമ്മ, ആചാര്യൻ); 2. ദക്ഷിണാമൂർത്തി; 3. ശിവൻ; 4. സുബ്രഹ്മണ്യൻ

മഹാഗ്രീവം	നാ.	മഹാഗളം; ഒട്ടകം

മഹാഘോരം	നാ.	1. ശബ്ദകോലാഹലം; 2. ചന്ത

മഹാചക്രം	നാ.	1. വലിയ ചക്രം; 2. സുദർശനചക്രം, വിഷ്ണുവിൻെറ ആയുധം; 3. ശ്രീചക്രം

മഹാചണ്ഡ	നാ.	ദുർഗാദേവി (അധികം കോപമുള്ളവൾ)

മഹാചണ്ഡം	നാ.	ഒരു നരകം

മഹാജങ്ഘം	നാ.	ഒട്ടകം

മഹാജട	നാ.	1. ശിവൻെറ ജട; 2. തൃച്ചട (ഒരു വള്ളിച്ചെടി)

മഹാജനം	നാ.	1. പൊതുജനം, ജനക്കൂട്ടം; 2. സജ്ജനം; 3. വലിയവൻ; 4. വലിയ കച്ചവടക്കാരൻ

മഹാജനീയ	വി.	1. ഉത്തമമായ; 2. വളരെ വലിയ

മഹാജവം	നാ.	1. വലിയ വേഗം; 2. മ്ലാവ്

മഹാജ്വാല	നാ.	ആളിക്കത്തുന്ന തീയുടെ ചൂടും പ്രകാശവും , കത്തി ഉയരുന്ന തീനാവ്

മഹാജ്വാലം	നാ.	ഒരു നരകം

മഹാതത്ത്വം	നാ.	1. മഹത്തായ തത്ത്വം; 2. മഹത്തത്ത്വം

മഹാതപസ്സ്	നാ.	1. വലിയ തപസ്സ്; 2. വളരെ തപസ്സുചെയ്ത ആൾ; 3. വിഷ്ണു

1177

മഹാതമസ്സ്	നാ.	1. കൂരിരുട്ട്; 2. അവിദ്യയുടെ അഞ്ചുരൂപങ്ങളിൽ ഒന്ന്

മഹാതലം	നാ.	1. പാതാളം (കീഴ്ലോകങ്ങളിൽ ഒന്ന്); 2. പ്രധാനസ്ഥലം

മഹാതിക്തകം	നാ.	ഒരു ഔഷധയോഗം

മഹാതേജസ്സ് നാ. 1. വളരെ തേജസ്സുള്ളവൻ; 2. സുബ്രഹ്മണ്യൻ; 3. രസം
മഹാത്മജി നാ. മഹാത്മഗാന്ധി
മഹാത്മാ(വ്) നാ. 1. പരമാത്മാവ്; 2. ഏറ്റവും ശ്രേഷ്ഠതയുള്ളവൻ; 3. വലിയ ശരീരമുള്ളവൻ
മഹാത്രിപുരസുന്ദരി നാ. ലളിതാദേവി, പരാശക്തി
മഹാദണ്ഡം നാ. 1. വലിയ വടി; 2. കടുത്ത ശിക്ഷ
മഹാദേവൻ നാ. 1. ശിവൻ (സർവോത്കൃഷ്ടനായ ദേവൻ); 2. വിഷ്ണു; 3. വരുണൻ
മഹാദേവി നാ. 1. പാർവതി; 2. പട്ടമഹിഷി; 3. വെളുത്തചെറിയ വെള്ളരി
മഹാധനം നാ. 1. അധികം വിലയുള്ള വസ്തു; 2. വളരെ വിലകൂടിയ വസ്ത്രം; 3. പൊന്ന്; 4. കൃഷി; 5. വലിയ കവർച്ച മുതൽ; 6. അറബിക്കുന്തുരുക്കം
മഹാധനുസ്സ് നാ. 1. വലിയ വില്ല്; 2. വലിയ വില്ലുള്ളവൻ, ശിവൻ
മഹാധാതു നാ. 1. ശിവൻ; 2. മേരു; 3. സ്വർണം; 4. രസം
മഹാധ്വഗം നാ. ഒട്ടകം
മഹാൻ നാ. 1. പൂജ്യൻ, ശ്രേഷ്ഠൻ; 2. മരണവായുക്കളിൽ ഒന്ന്, ഊർധ്വനു മുമ്പുള്ളത്
മഹാനടൻ നാ. ശിവൻ, നടരാജൻ
മഹാനന്ദ നാ. 1. മദ്യം; 2. നദി
മഹാനന്ദം നാ. 1. പരമാനന്ദം (മോക്ഷം); 2. സുഖം; 3. ഉത്സവം
മഹാനവമി നാ. നവരാത്രി ഒമ്പതാം നാൾ
മഹാനസം നാ. 1. അടുക്കള; 2. മടപ്പള്ളി; 3. വലിയ ഭാരമുള്ള വണ്ടി
മഹാനസി നാ. അടുക്കളജോലിചെയ്യുന്നവൾ
മഹാനാടകം നാ. 1. വിശിഷ്ടമായ നാടകം; 2. സംസ്കൃതത്തിലെ ഹനുമന്നാടകം
മഹാനാദം നാ. 1. വലിയ ശബ്ദം; 2. ഒട്ടകം; 3. ആന; 4. സിംഹം; 5. പെരുമ്പറ; 6. ശങ്ഖം; 7. മേഘം; 8. ചെവി
മഹാനിരയം നാ. ഒരു നരകം
മഹാനീചൻ നാ. 1. വലിയ ദുഷ്ടൻ; 2. അലക്കുകാരൻ
മഹാനുഭാവൻ നാ. 1. മഹാത്മാവ് (ശക്തിയും സമ്പത്തും ഭാഗ്യവും മറ്റുമുള്ളവൻ); 2. ശ്രേഷ്ഠൻ
മഹാനൃത്യൻ നാ. ശിവൻ
മഹാപക്ഷൻ നാ. 1. ഗരുഡൻ; 2. ഒരുജാതി താറാവ്
മഹാപഞ്ചവിഷം നാ. (ബ.വ.) അഞ്ച് ഉഗ്രവിഷങ്ങൾ (കാളകൂടം, ശൃങ്ഗി, മുസ്തകം, വത്സനാഭം, ശങ്ഖകർണി എന്നിവ)
മഹാപത്മൻ നാ. മഹാപദ്മൻ; 1. ദക്ഷിണദിക്കിലെ ദിഗ്ഗജം; 2. അഷ്ടനാഗങ്ങളിൽ ഒന്ന്; 3. കുബേരൻെറ ആശ്രിതനായ ഒരു കിന്നരൻ; 4. നാരദൻ; 5. നന്ദൻ
മഹാപഥം നാ. 1. പ്രധാനപ്പെട്ട തെരുവ്, രാജപാത; 2. ശിവതത്ത്വബോധം; 3. സ്വർഗത്തേക്കുള്ള വഴി; 4. കേദാരത്തിലേയ്ക്കുള്ള തീർഥയാത്ര; 5. മരണം
മഹാപദ്മം നാ. 1. വെളുത്തതാമര; 2. കരയിലുണ്ടാകുന്ന ഒരിനം വലിയ താമര (സാങ്കൽപികം); 3. ശരീരസ്ഥമായ കുണ്ഡലിനീപഥത്തിൻെറ മുകളറ്റത്ത് അധോമുഖമായി സ്ഥിതിചെയ്യുന്ന സഹസ്രാരപദ്മം; 4. കുബേരൻെറ നവനിധികളിൽ ഒന്ന്; 5.

ദക്ഷിണദിക്കിലെ ദിഗ്ഗജം; 6. ഒരു വലിയ സങ്ഖ്യ; 7. നന്ദനഗരം; 8. കുബേരൻെറ നിധികാക്കുന്ന നാഗം
മഹാപാതകം നാ. വലിയപാപം (ബ്രഹ്മഹത്യ, സുരാപാനം, ഗുരുതൽപഗമനം, മോഷണം എന്നിവയും ഈ പാപങ്ങളിൽ ഏതെങ്കിലും ചെയ്തവരോടുള്ള സംസർഗവും)
മഹാപാതകി നാ. മഹാപാപങ്ങളിൽ ഏതെങ്കിലും ചെയ്തവൻ
മഹാപുരാണം നാ. 1. വലിയപുരാണം; 2. ഭാഗവതം; 3. വിഷ്ണുപുരാണം; 4. ജൈനരുടെ പുരാണം
മഹാപുരുഷൻ നാ. 1. മഹാൻ; 2. പരമാത്മാവ്; 3. വിഷ്ണു
മഹാപ്രഭു നാ. 1. വലിയപ്രഭു; 2. വിഷ്ണു; 3. ശിവൻ; 4. ഇന്ദ്രൻ; 5. മഹർഷി; 6. രാജാവ്
മഹാപ്രസ്ഥാനം നാ. 1. മഹാഭാരതത്തിലെ ഒരു പർവം; 2. വലിയ യാത്ര, ദീർഘയാത്ര (ജീവിതം അവസാനിക്കുന്നതുവരെയുള്ള യാത്ര); 3. മരണം
മഹാപ്രളയം നാ. മനുഷ്യരും ദേവന്മാരും ബ്രഹ്മാവും നശിക്കുന്ന കാലം, ബ്രഹ്മപ്രളയം
മഹാപ്രാണം നാ. 1. (വ്യാക) ശ്വാസകോശങ്ങളിൽനിന്നു വായിൽ എത്തുന്ന വായുപ്രവാഹത്തെ ഉച്ചാരണ സ്ഥാനങ്ങളിലേതിൽ എങ്കിലും തടഞ്ഞു ശക്തിയായിപുറത്തുവിട്ട് ഉച്ചരിക്കുന്ന വിരാമസ്വനം (ഖ, ഘ, ഛ, ഝ, ഠ, ഢ, ഥ, ധ, ഫ, ഭ, ശ, ഷ, സ, ഹ); 2. മലങ്കാക്ക
മഹാബലം നാ. 1. ഏറെബലമുള്ളത്; 2. അധികമായ ബലം; 3. ഈയം; 4. കല്ലാൽ; 5. കൊടുങ്കാറ്റ്; 6. പച്ചിലമരം; 7. കരിമ്പന; 8. മുള; 9. മുതല
മഹാബലൻ നാ. 1. അധികം ബലമുള്ളവൻ; 2. വായു; 3. ബുദ്ധൻ
മഹാബലി1 നാ. ബലശാലി
മഹാബലി2 നാ. (പുരാണ) സപ്തചിരഞ്ജീവികളിൽ ഒരാൾ, ഒരു അസുര ചക്രവർത്തി
മഹാബാഹു വി. 1. നീണ്ടകൈകളുള്ള; 2. കരബലമുള്ള. നാ. 1. വിഷ്ണു; 2. ശക്തൻ
മഹാബിന്ദു നാ. അഭ്രം
മഹാബിലം നാ. 1. ആകാശം; 2. വലിയപൊത്ത്; 3. ഹൃദയം; 4. കുടം
മഹാഭാഗ വി. മഹത്ത്വവും ഭാഗ്യവും ഉള്ള
മഹാഭാഗവതം നാ. ഭാഗവതം
മഹാഭാരതം നാ. 1. പാണ്ഡവരും കൗരവരും തമ്മിലുള്ള മത്സരം വിവരിക്കുന്ന ഒരു ഇതിഹാസം
മഹാഭാഷ്യം നാ. പാണിനീയസൂത്രങ്ങൾക്കു പതഞ്ജലി രചിച്ച വ്യാഖ്യാനം
മഹാഭിഷക്ക് നാ. 1. (പുരാണ) ഇക്ഷ്വാകു വംശത്തിലെ ഒരു രാജാവ്; 2. വലിയ വൈദ്യൻ; 3. ബുദ്ധൻ
മഹാഭോഗം നാ. 1. വലിയ സുഖാനുഭവം; 2. സർപ്പം, വലിയ സർപ്പച്ചുരുൾ; 3. പാമ്പിൻെറ പത്തി
മഹാമണി നാ. 1. അമൂല്യരത്നം; 2. ശിവൻ
മഹാമണ്ഡപം നാ. ക്ഷേത്രങ്ങളിൽ അർധമണ്ഡപത്തിനു മുമ്പിലുള്ള വലിയ മണ്ഡപം
മഹാമതി1 വി. അധികം ബുദ്ധിയുള്ള

മഹാമതി2 നാ. 1. മഹാമനസ്കൻ; 2. ബൃഹസ്പതി
മഹാമനസ്കത നാ. മഹാമനസ്കൻെറ ഭാവം
മഹാമനസ്കൻ നാ. ഉദാരബുദ്ധി, മഹാമതി
മഹാമന്ത്രി നാ. മന്ത്രിമാരിൽ പ്രധാനി, മുഖ്യമന്ത്രി
മഹാമാത്രൻ നാ. 1. (ഭരണത്തിൽ) രാജാവിൻെറ സഹായികളിൽ പ്രധാനി, വലിയ ഉദ്യോഗസ്ഥൻ, മന്ത്രി; 2. ധനവാൻ; 3. ആനക്കാരൻ
മഹാമാത്രി നാ. 1. ധനവതി; 2. ഗുരു പത്നി
മഹാമായ നാ. 1. ദുർഗ; 2. ശ്രീപാർവതി; 3. മഹാലക്ഷ്മി; 4. ലോകമായ; 5. പ്രകൃതി; 6. ഗങ്ഗ
മഹാമായൻ നാ. 1. ശിവൻ; 2. വിഷ്ണു
മഹാമാരി നാ. 1. പകർച്ചവ്യാധി; 2. നീർക്കൊമ്പ്; 3. ദുർഗ
മഹാമുനി നാ. 1. മഹർഷി; 2. വ്യാസൻ; 3. അഗസ്ത്യൻ; 4. ബുദ്ധൻ; 5. ഉണങ്ങിയകൊത്തമ്പാലരി; 6. അകത്തി; 7. തുമ്പൂണി; 8. രുദ്രാക്ഷം
മഹാമൂല്യം നാ. 1. വിലയേറിയ വസ്തു; 2. മാണിക്യ രത്നം
മഹാമേധ നാ. ദുർഗാദേവി
മഹാമേധൻ നാ. ശിവൻ
മഹാമേരു നാ. പുരാണപ്രസിദ്ധമായ ഒരു വലിയ പർവതം, ലോകമധ്യത്തുള്ള പർവതം
മഹായജ്ഞം നാ. 1. വലിയ യാഗം; 2. (ആല) ശ്രേഷ്ഠമായ ലക്ഷ്യത്തിനുവേണ്ടിയുള്ള പ്രവർത്തനം
മഹായാത്ര നാ. 1. ദീർഘയാത്ര; 2. മരണം
മഹായാനം നാ. ബുദ്ധമതത്തിലെ ഒരു വിഭാഗം, ബുദ്ധനെ ഈശ്വരനായി കണക്കാക്കുന്നത്
മഹായുഗം നാ. നാലുയുഗങ്ങൾ ചേർന്നത്
മഹായോഗി നാ. 1. യോഗശാസ്ത്രം പരിശീലിച്ചവൻ; 2. ഒരു മുനി (ശിവഭക്തൻ); 3. ശിവൻ; 4. പൂവൻകോഴി; 5. വിഷ്ണു
മഹായോഗേശ്വരി നാ. 1. ലളിതാദേവി, ദുർഗ; 2. നാഗദമനി
മഹാർണവം നാ. മഹാസമുദ്രം
മഹാർഹ വി. വളരെ വിലമതിക്കത്തക്ക
മഹാർഹം നാ. 1. വിലയേറിയത്; 2. വെൺചന്ദനം
മഹാരഥൻ നാ. 1. നാലുവിധം ധീരന്മാരിൽ ഒരുവൻ (അസ്ത്രശാസ്ത്രപ്രവീണനായി പതിനായിരം വില്ലാളികളോട് ഏകനായിനിന്നു പൊരുതുന്നവൻ, തന്നെയും സാരഥിയെയും കുതിരകളെയും രക്ഷിച്ചുകൊണ്ടു യുദ്ധം ചെയ്യുന്നവൻ); 2. വലിയ യുദ്ധവീരൻ
മഹാരാജൻ നാ. രാജരാജൻ (വലിയ രാജാവ്)
മഹാരാജ്ഞി നാ. 1. പട്ടമഹിഷി; 2. ദേവി; 3. ദുർഗ
മഹാരാഷ്ട്രപ്രാസം നാ. അന്ത്യപ്രാസം
മഹാരാഷ്ട്രം നാ. ഭാരതത്തിലെ ഒരു ദേശം, അവിടത്തെ ഭാഷ (മറാത്തി)
മഹാരുദ്രൻ നാ. ശിവൻെറ ഒരു മൂർത്തി
മഹാരോഗം നാ. (ആയുർ) വലിയ രോഗം, ഭേദപ്പെടുത്താൻ വിഷമമുള്ള രോഗം (ഉന്മാദം, രാജയക്ഷ്മാവ്, ശ്വാസം, കുഷ്ഠം, മധുമേഹം, അശ്മരി, മഹോദരം, ഭഗന്ദരം ഇങ്ങനെ എട്ടു മഹാ രോഗങ്ങൾ)

മഹാരൗദ്രി നാ. ദുർഗാദേവി
മഹാരൗരവം നാ. ഒരു നരകം (ഇതിൽപതിക്കുന്നവരെ രുരുക്കൾ ദംശിക്കും)
മഹാലക്ഷ്മി നാ. 1. മഹാവിഷ്ണുവിൻെറ പത്നി, ശ്രീനാരായണൻെറ ശക്തി; 2. പതിമൂന്നുവയസ്സു പ്രായമുള്ള ഋതുവാകാത്ത പെൺകുട്ടി (ദുർഗയായി സങ്കൽപിച്ചു പൂജിക്കാറുണ്ട്)
മഹാലയം നാ. 1. ബ്രഹ്മലോകം; 2. ക്ഷേത്രം; 3. ഭാദ്രപദമാസത്തിലെ കൃഷ്ണപക്ഷം; 4. തീർഥസ്ഥലം; 5. വലിയ ഭവനം; 6. ആശ്രയം. മഹാലയാമാവാസി = മഹാലയപക്ഷത്തിൽ വരുന്ന അമാവാസി. ഈ ദിവസം ശ്രാദ്ധം നടത്തുന്നത് പിതൃക്കൾക്കു പ്രീതികരം എന്നു വിശ്വാസം. മഹാലയപക്ഷം = കന്നിമാസത്തിലെ കൃഷ്ണപക്ഷപ്രഥമമുതൽ ശുക്ലപക്ഷപ്രഥമവരെയുള്ള പതിനാറു ദിവസം
മഹാലിങ്ഗൻ നാ. ശിവൻ
മഹാലോകം നാ. അയസ്കാന്തം
മഹാലോകർ നാ. (ബ.വ.) മഹാജനം, മാലോകർ, മഹത്വമുള്ളവർ
മഹാവനം നാ. 1. വലിയ കാട്; 2. വൃന്ദാവനം
മഹാവപുസ്സ് നാ. ഒട്ടകം
മഹാവാക്യം നാ. 1. 'അഹം ബ്രഹ്മാസ്മി','തത്ത്വമസി' തുടങ്ങിയ പരമമായ സത്യമുൾക്കൊള്ളുന്ന ഉപനിഷദ്വാക്യങ്ങളെ പൊതുവെ കുറിക്കുന്ന പദം (മഹത്തായവാക്യം എന്നു പദാർഥം); 2. (വ്യാക) ചൂർണികകളോ സങ്കീർണവാക്യങ്ങളോ ആയി പിരിക്കാവുന്ന പലഘടകങ്ങൾ ചേർന്നുണ്ടാകുന്ന വാക്യം
മഹാവാതം നാ. കൊടുങ്കാറ്റ്
മഹാവിഷ്ണു നാ. ത്രിമൂർത്തികളിൽ സ്ഥിതിക്കുകാരണഭൂതൻ, സത്ത്വഗുണപ്രധാനൻ
മഹാവീചി നാ. ഒരു നരകം
മഹാവീരൻ നാ. 1. ഒരു വലിയ വീരൻ; 2. വിഷ്ണു; 3. ഹനുമാൻ; 4. അർജുനൻ; 5. ജൈനമതത്തിലെ ഇരുപത്തിനാലാമത്തെ തീർഥങ്കരൻ
മഹാവൃന്ദം നാ. ഒരു വലിയ സങ്ഖ്യ
മഹാവേഗൻ നാ. 1. ഗരുഡൻ; 2. ആൾക്കുരങ്ങ്
മഹാവ്യാഹൃതി നാ. ഭൂഃ ഭുവഃ സ്വഃ ഇവമൂന്നും
മഹാവ്രതി നാ. 1. ശിവൻ; 2. ശിവഭക്തനായ ഒരു മുനി
മഹാശക്തി നാ. 1. ശിവൻ; 2. സ്കന്ദൻ
മഹാശങ്ഖം നാ. 1. ഒരു വലിയ സങ്ഖ്യ; 2. വലിയ ശങ്ഖ്; 3. നവനിധികളിൽ ഒന്ന്; 4. ഒരു മഹാ സർപ്പം; 5. നെറ്റിയിലെ അസ്ഥി
മഹാശയ വി. ഉത്കൃഷ്ടചിന്തയുള്ള, മഹത്തായ ആശയമുള്ള
മഹാശയൻ നാ. 1. ഉന്നതങ്ങളായ ആഗ്രഹമുള്ളവൻ, മഹത്തായ അഭിപ്രായമുള്ളവൻ, മാന്യൻ, യോഗ്യൻ, ശ്രേഷ്ഠൻ; 3. അതിബുദ്ധിമാൻ
മഹാശയം നാ. കടൽ
മഹാശല്കം നാ. ചെമ്മീൻ, കൊഞ്ച്
മഹാശാഖി നാ. വലിയ വൃക്ഷം
മഹാശാലൻ നാ. വലിയ ഗൃഹസ്ഥൻ
മഹാശീത നാ. 1. വളരെ തണുപ്പുള്ളത്; 2. ശതാവരി

മഹാശുക്ല നാ. സരസ്വതി
മഹാശുഭ്രം നാ. വെള്ളി
മഹാശൃങ്ഗം നാ. 'വലിയകൊമ്പുള്ളത്', കടമാൻ
മഹാശ്മം നാ. മാണിക്യം
മഹാശ്വാസം നാ. ഒരു രോഗം, ഹിക്കാ, എക്കിൾ
മഹാശ്വേത നാ. 1. സരസ്വതി; 2. ദുർഗ; 3. വെള്ളപ്പഞ്ചസാര; 4. പാൽമുതക്ക്; 5. വെളുത്തകടഭി
മഹാഷ്ടമി നാ. ദുർഗാഷ്ടമി, ആശ്വിനമാസത്തിലെ ശുക്ലാഷ്ടമി
മഹാസത്ത്വൻ നാ. 1. ശാക്യമുനി; 2. കുബേരൻ; 3. ബലശാലി
മഹാസത്യൻ നാ. യമൻ
മഹാസാരഥി നാ. അരുണൻ
മഹാസിദ്ധൻ നാ. 1. വലിയ സിദ്ധൻ; 2. കൈലാസത്തിൻെറ കിഴക്കെ ഗോപുരം കാക്കുന്നവൻ
മഹാസിംഹം നാ. എട്ടടിമാൻ, ശരഭം
മഹാസേനൻ നാ. 1. വലിയ സൈന്യത്തിനു നായകനായവൻ; 2. സുബ്രഹ്മണ്യൻ
മഹാസ്കന്ധം നാ. ഒട്ടകം
മഹാസ്ത്രത നാ. അസ്ത്രവിദ്യാനൈപുണ്യം
മഹാസ്ഥലി നാ. ഭൂമി
മഹാഹംസൻ നാ. വിഷ്ണു
മഹാഹസ്തൻ നാ. ശിവൻ
മഹി നാ. 1. ഭൂമി; 2. നിലം, മണ്ണ്, ഭൂസ്വത്ത്; 3. ഒരു നദി (കാംബേ ഉൾക്കടലിൽ വീഴുന്നത്); 4. ബുദ്ധി; 5. രാജ്യം; 6. വലിയ സൈന്യം; 7. പശു; 8. വലിപ്പം; 9. ഒരു പരിലേഖം (ക്ഷേത്രത്തിൻെറ പാദം)
മഹിക നാ. മൂടൽമഞ്ഞ്
മഹിത വി. 1. യോഗ്യതയുള്ള; 2. വന്ദിക്കപ്പെട്ട; 3. ശ്രേഷ്ഠമായ
മഹിതം നാ. 1. പൂജിക്കപ്പെട്ടത്; 2. ശിവൻെറ ശൂലം
മഹിന്ധകം നാ. 1. എലി; 2. കീരി; 3. ഭാരത്തണ്ടിൽകെട്ടുന്ന കയറ്
മഹിമാ(വ്) നാ. 1. വലിപ്പം, മഹത്ത്വം, മാഹാത്മ്യം; 2. അഷ്ടൈശ്വര്യങ്ങളിൽ ഒന്ന്
മഹിരാവണൻ നാ. ഒരു രാക്ഷസൻ (രാവണൻെറ പുത്രൻ)
മഹിരിബ് [അറ] നാ. സായങ്കാലം, സന്ധ്യാവന്ദനം
മഹിഷഘ്നി നാ. ദുർഗാഭഗവതി, മഹിഷാസുരനെ കൊന്നവൾ
മഹിഷൻ നാ. 1. ഒരു അസുരൻ, മഹിഷാസുരൻ (ദുർഗയാൽ വധിക്കപ്പെട്ടു); 2. (പുരാണ) ഒരു അസുരൻ (സുബ്രഹ്മണ്യനാൽ വധിക്കപ്പെട്ടു)
മഹിഷം നാ. പോത്ത്
മഹിഷമർദിനി നാ. ദുർഗാഭഗവതി
മഹിഷവാഹനൻ നാ. യമൻ
മഹിഷാസുരമർദിനി നാ. ദുർഗ
മഹിഷി നാ. 1. പട്ടംകെട്ടിയ രാജഭാര്യ, പട്ടമഹിഷി; 2. എരുമ; 3. സൈരന്ധ്രി; 4. ഭാര്യയുടെ വ്യഭിചാരംവഴിക്കു ന്ന്ടിയ പണം

മഹിഷേശൻ	നാ.	1. മഹിഷൻ; 2. മഹിഷവാഹനൻ
മഹിഷ്ഠ	വി.	ഏറ്റവും മഹത്തായ
മഹിഷ്മാൻ	നാ.	ധനവാൻ (വളരെയധികം എരുമകളുള്ളവൻ)
മഹിള	നാ.	1. സ്ത്രീ (ആദരിക്കപ്പെടുന്നവൾ); 2. കാമുകി; 3. ഞാഴൽ
മഹീക്ഷിത്ത്	നാ.	രാജാവ്
മഹീജ	നാ.	സീത, മഹീപുത്രി
മഹീജൻ	നാ.	'ഭൂപുത്രൻ', 1. കുജൻ; 2. നരകാസുരൻ
മഹീജം	നാ.	1. ഇഞ്ചി; 2. വൃക്ഷം
മഹീതലം	നാ.	ഭൂമി, ഭൂതലം
മഹീധരൻ	നാ.	1. അനന്തൻ; 2. വിഷ്ണു
മഹീധരം	നാ.	1. പർവതം (ഭൂമിയെ വഹിക്കുന്നത്); 2. ഏഴ് എന്ന സങ്ഖ്യ (കുലപർവതങ്ങൾ ഏഴായതിനാൽ)
മഹീധ്രം	നാ.	മഹീധരം
മഹീനൻ	നാ.	മഹീശൻ
മഹീനന്ദനൻ	നാ.	മഹീപുത്രൻ
മഹീനാഥൻ	നാ.	മഹീപതി, രാജാവ്
മഹീപൻ	നാ.	മഹീപാലൻ, മഹീനാഥൻ
മഹീപ്രാചീരം	നാ.	സമുദ്രം
മഹീഭുക്ക്	നാ.	രാജാവ്
മഹീഭൃത്ത്വ	നാ.	1. രാജാവ്; 2. പർവതം
മഹീമയ	വി.	മണ്ണുകൊണ്ടുള്ള
മഹീയസ്സ്	വി.	1. വളരെ മഹത്ത്വമുള്ള; 2. വലിപ്പമുള്ള; 3. ബലമുള്ള
മഹീയാൻ	വി.	മഹീയസ്സ്
മഹീരുഹം	നാ.	1. വൃക്ഷം; 2. തേക്കുമരം; 3. മരപ്പുളി
മഹീലത	നാ.	ഞാഞ്ഞൂൽ
മഹീശൻ	നാ.	മഹീശ്വരൻ, രാജാവ്
മഹീസുത	നാ.	ഭൂമീദേവിയുടെ മകൾ, സീത
മഹീസുരൻ	നാ.	ബ്രാഹ്മണൻ, ഭൂസുരൻ
മഹീള	നാ.	സ്ത്രീ, മഹിള
മഹേച്ഛൻ	നാ.	മഹാമനസ്കൻ
മഹേന്ദ്രചാപം	നാ.	മഴവില്ല്
മഹേന്ദ്രജാലം	നാ.	ഒരുതരം കൺകെട്ടുവിദ്യ
മഹേന്ദ്രൻ	നാ.	1. ദേവേന്ദ്രൻ; 2. പ്രമാണി; 3. ഒരു പർവതം; 4. വിഷ്ണു
മഹേന്ദ്രനഗരി	നാ.	അമരാവതി
മഹേന്ദ്രമന്ത്രി	നാ.	ദേവേന്ദ്രന്റെ ഉപദേഷ്ടാവ്, ബൃഹസ്പതി
മഹേഭം	നാ.	1. ഐരാവതം; 2. വലിയ ആന
മഹേശൻ	നാ.	മഹേശാനൻ, ശിവൻ
മഹേശി	നാ.	1. മഹേശന്റെ സ്ത്രീ; 2. പ്രകൃതീശ്വരി
മഹേശ്വരൻ	നാ.	1. ശിവൻ; 2. വിഷ്ണു; 3. ചക്രവർത്തി
മഹേശ്വരി	നാ.	1. ദുർഗ; 2. ശ്രീപാർവതി; 3. വെള്ളോട്, നല്ല പിച്ചള
മഹേഷു	നാ.	വലിയ വില്ലാളി

മഹോക്ഷം നാ. 1. വലിയ കരിങ്കൂവളം; 2. താമരപ്പൂവ്; 3. വണ്ടാരങ്കോഴി
മഹോത്സവം നാ. വലിയ ഉത്സവം
മഹോത്സാഹൻ നാ. ശൗര്യം ശീഘ്രത അമർഷം ദാക്ഷ്യം എന്നിങ്ങനെയുള്ള ഉത്സാഹഗുണങ്ങൾ തികഞ്ഞവൻ
മഹോദധി നാ. 1. വലിയ കടൽ; 2. ഒരു സമുദ്രം
മഹോദയൻ നാ. 1. നാഥൻ; 2. മഹാൻ. മഹോദയർപട്ടണം = കൊടുങ്ങല്ലൂർ (മഹാദേവർപട്ടണം)
മഹോദയം നാ. 1. ഒരു നഗരം (കന്യാകുബ്ജം); 2. വലിയ ഉയർച്ച; 3. ഐശ്വര്യം; 4. മോക്ഷം; 5. തേൻ ചേർത്ത മോര്; 6. കുബേരനഗരി
മഹോദരം നാ. 1. വലിയ വയറ്; 2. (ആയുർ) ഒരു രോഗം, വയറുവീർപ്പ്
മഹോദ്യമ വി. വലിയ ഉത്സാഹമുള്ള
മഹോന്നതം നാ. 1. ഉയർന്ന നില, വലിയ ഔന്നത്യം; 2. കവുങ്ങ്; 3. പന
മഹോപചാരിക നാ. ഉപചാരികമാരിൽ മുഖ്യ
മഹോപാധ്യായൻ നാ. 1. ഒരു സ്ഥാനം; 2. വലിയ ഉപാധ്യായൻ
മഹോരസ്കൻ നാ. വലിയ ഉരസ്സുള്ളവൻ
മഹൗജസ്സ് നാ. 1. മഹത്തായ ഓജസ്സുള്ളവൻ; 2. ചുക്ക്; 3. അതിവിടയം; 4. വെള്ളുള്ളി; 5. വത്സനാഭം; 6. ഇഞ്ചി; 7. തിപ്പലി; 8. പന്നിക്കിഴങ്ങ്; 9. കടുകുരോഹിണി
മഹൗഷ്ഠൻ നാ. 1. തടിച്ച ചുണ്ടുള്ളവൻ; 2. ശിവൻ
മഴ നാ. 1. മേഘങ്ങളിൽനിന്ന് ധാരയായി വീഴുന്ന വെള്ളം; 2. മേഘം (പ്ര) മഴപെയ്യുക, മഴചാറുക. മഴക്കടമ്പ് = വലിയ കടമ്പ്, ധാരാകദംബം
മഴക്കൽ,മെ- നാ. പാത്രങ്ങൾ കഴുകി വൃത്തിയാക്കൽ
മഴക്കുക,മെ- ക്രി. 1. പാത്രം കഴുകുക; 2. മഴയുള്ള കാലം
മഴക്കോട നാ. മഴക്കാറ്റ്, മഴക്കാലത്തുള്ള കാറ്റ്
മഴക്കോൾ നാ. 1. മഴക്കാർ ഉരുണ്ടുകൂടൽ; 2. മഴയുള്ള കാലം
മഴങ്കരു നാ. ചെറിയ പുഴ, തോട് (മഴവെള്ളം ഒലിച്ചുവരുന്നത്)
മഴനാഴി നാ. മഴ അളക്കാനുള്ള ഒരു ഉപകരണം, നാഴിയുടെ ആകൃതിയിലുള്ള ഒരു പാത്രം
മഴനിലാവ് നാ. 1. മഴക്കാലത്തെ നിലാവ്; 2. (ആല) അസ്ഥിരമായ അവസ്ഥ
മഴമ നാ. 1. പുതുമ; 2. ചെറുപ്പം; 3. ഇളപ്പം; 4. കുട്ടി
മഴമങ്ഗലം നാ. മഴമങ്ഗലത്ത് ഇല്ലം, അവിടെ ജനിച്ച നാരായണൻ നമ്പൂതിരി (ഭാഷാനൈഷധചമ്പുവിൻെറ കർത്താവ്)
മഴൽ1 നാ. 1. മയങ്ങൽ, മയക്കം; 2. വ്യാമോഹം; 3. സംഭ്രമം
മഴൽ2 നാ. 1. ഇളയത്; 2. ഇളമ
മഴലം നാ. ഭങ്ഗി
മഴലമിഴി നാ. സുന്ദരി
മഴലുക ക്രി. 1. മയങ്ങുക; 2. കലങ്ങുക; 3. സംഭ്രമിക്കുക
മഴവില്ല് നാ. ഇന്ദ്രധനുസ്സ് (മഴപെയ്യുമ്പോൾ സൂര്യൻ നിൽക്കുന്നതിൻെറ എതിർദിശയിൽ ആകാശത്തു വില്ലിൻെറ ആകൃതിയിൽ സപ്തവർണങ്ങളോടുകൂടി കാണുന്നത്)
മഴറുക ക്രി. 1. മയങ്ങുക; 2. വ്യാമോഹിക്കുക; 3. സംഭ്രമിക്കുക, ഭ്രമിക്കുക

മഴറ്റുക ക്രി. 1. മയക്കുക; 2. വ്യാമോഹിപ്പിക്കുക; 3. ഭ്രമിപ്പിക്കുക; 4. ചുഴറ്റുക

മഴു1 നാ. 1. ഒരിനം കോടാലി, കൈക്കോടാലി; 2. ഒരുതരം ആയുധം (കല്ലുവെട്ടാനുള്ളത്)

മഴു2 വി. 1. മങ്ങിയ; 2. മേച്ചയില്ലാത്ത

മഴുക്കുക ക്രി. കുറയ്ക്കുക

മഴുക്കുറ നാ. (വെട്ടിയെടുത്ത കല്ല് ഒരുക്കുമ്പോൾ) മഴുകൊണ്ടു ചെത്തിക്കളയുന്നത്

മഴുങ്ങുക ക്രി. 1. മൂർച്ചകുറയുക; 2. വർധനയില്ലാതാവുക

മഴുവമ്പ് നാ. മഴുവിൻെറ ആകൃതിയിൽ വായ്ത്തലയുള്ള ഒരുതരം അമ്പ്

മഴുവാളി നാ. 1. മഴുധരിച്ചവൻ; 2. ശിവൻ; 3. പരശുരാമൻ

മറ നാ. 1. വേദം; 2.മൂടി, തിര; 3. രഹസ്യം; 4. കക്കൂസ് (മറപ്പുര); 5. നിഴൽ; 6. അടയാളം, പുള്ളി; 7. മങ്ങിയ നിറം (പ്ര) മറ നീക്കുക, മറയ്ക്കിരിക്കുക

മറക്കൽ നാ. മറവി

മറക്കാതൽ നാ. 1. ഈശ്വരൻ (വേദാത്മരൂപി); 2. വേദസാരം

മറക്കാർ നാ. (ബ.വ.) ചുറ്റുംനിന്ന് ആപത്തുകളിൽനിന്നു മറയ്ക്കുന്നവർ, രാജാവിൻെറ അങ്ഗരക്ഷകർ

മറക്കുക ക്രി. 1. ഓർമയില്ലാതാവുക, വിസ്മരിക്കുക; 2. മനസ്സിൽനിന്നു വിട്ടുകളയുക; 3. ക്ഷമിക്കുക

മറക്കുട നാ. അന്തർജനങ്ങൾ ശരീരം മറയ്ക്കാനായി ഉപയോഗിക്കുന്ന ഓലക്കുട (ബ്രാഹ്മണസ്ത്രീകളുടെ കുട)

മറതി നാ. 1. മറവി; 2. രഹസ്യം (പ്ര) മറതിക്കാരൻ

മറപൊരുൾ നാ. 1. ഗൂഢാർഥം; 2. രഹസ്യകാര്യം; 3. തിരിച്ചറിയാൻ പ്രയാസമുള്ള കാര്യം; 4. വേദാർഥം; 5. ഈശ്വരൻ

മറപ്പള്ളി നാ. (ആ.ഭാ.)(രാജാവിൻെറ) കക്കൂസ്

മറപ്പിക്കുക ക്രി. മറ ഉണ്ടാക്കിക്കുക, മറയത്തക്കവണ്ണം പ്രവർത്തിക്കുക, മറയ്ക്കാൻ പ്രേരിപ്പിക്കുക

മറപ്പ് നാ. 1. രക്ഷണം; 2. വിരിപ്പ്; 3. ഒളിപ്പിക്കൽ

മറപ്പുര നാ. 1. (ഓലകൊണ്ടോ മറ്റോ അരികു) മറച്ചിട്ടുള്ള പുര; 2. കക്കൂസ്

മറം നാ. 1. സമ്മതമില്ലായ്മ; 2. ക്രൂരത; 3. വീര്യം; 4. യുദ്ധം; 5. കൊല; 6. പാപം; 7. യമൻ

മറമൊഴി നാ. 1. വേദവാക്യം; 2. മന്ത്രം

മറയത്ത് അവ്യ. കാണാങ്കഴിയാത്ത സ്ഥലത്ത് (പ്ര) മറയത്താക്കുക = തള്ളിക്കളയുക

മറയവർ നാ. ബ്രാഹ്മണർ (മറയോർ)

മറയിൽച്ചാരി നാ. അരങ്ങത്തുവരുന്നതിനുമുമ്പ് തിരശ്ശീലയ്ക്കുള്ളിൽ ചെയ്യുന്ന നൃത്തം, അകചാരി

മറയുക ക്രി. 1. കാണാതെയാകുക; 2. ഒളിച്ചിരിക്കുക; 3. അപ്രത്യക്ഷമാവുക; 4. ചാകുക, മരിക്കുക

മറയോൻ നാ. 1. ബ്രഹ്മാവ്; 2. ബ്രാഹ്മണൻ

മറയോർ നാ. ബ്രാഹ്മണർ
മറയ്ക്കൽ നാ. 1. ഒളിക്കൽ, ഒളിപ്പിക്കൽ; 2. കാണാതെയാക്കൽ
മറയ്ക്കുക ക്രി. 1. കാണാതെയാക്കുക, ഒളിക്കുക; 2. മൂടുക; 3. (ശവവും മറ്റും) കുഴിച്ചിടുക; 4. മറ ഉണ്ടാക്കുക
മറൽ നാ. 1. മറം; 2. മറവി; 3. മയക്കം; 4. മരണം; 5. യമൻ; 6. പക; 7. പോര്; 8. കുറ്റം
മറവൻ നാ. 1. ഒരു ജാതിക്കാരൻ (ദക്ഷിണേന്ത്യയിലെ പൂർവനിവാസികളിൽപ്പെട്ടവൻ); 2. യുദ്ധവീരൻ; 3. ക്രൂരൻ
മറവർ നാ. (ബ.വ.) ബ്രാഹ്മണർ ( മറയോർ)
മറവി നാ. വിസ്മൃതി, ഓർമകേട്
മറവ് നാ. 1. മറഞ്ഞിരിക്കുന്ന അവസ്ഥ; 2. മറ; 3. മൂടി; 4. ഒളിപ്പ്; 5. നിഴൽ
മറാട്ടി,-ഠി നാ. 1. മഹാരാഷ്ട്രക്കാരൻ; 2. മഹാരാഷ്ട്രഭാഷ
മറി1 നാ. 1. സന്തതി; 2. ഒരിനം ആട്; 3. ഇളമാൻ; 4. കല; 5. ചെറിയ ജന്തു; 6. വഞ്ചന (മുറിവ്); 7. തവണ; 8. തിര; 9. തിരിവ്; 10. ശരത്കാലം; 11. ഉരുളൽ, ഉരുണ്ടുനീങ്ങൽ; 12. അപ്പുറത്തെ വശം, മറുവശം (പ്ര) മറികടക്കുക = ഇടപായുക, മീതെകൂടെ കവച്ചുകടക്കുക. മറിതീർക്കുക = കെട്ടിടത്തിൻെറ അളവ് (പരിമിതി) രേഖപ്പെടുത്തുക, ചൊവ്വാക്കുക
1181
മറി2 [മറിയുക] ധാതുരൂപം
മറിക നാ. 1. കാളയുടെ ചുമട്, പൊതിക്കാളയുടെ പുറത്തേറ്റുന്ന ഭാരം; 2. ഒരു കാളയ്ക്കു ചുമക്കാവുന്ന ഭാരം
മറിക്കണ്ണ് നാ. കോങ്കണ്ണ്
മറിക്കുക ക്രി. 1. കീഴ്മേലാക്കുക; 2. തിരിക്കുക; 3. മാറ്റുക; 4. (പണം) വകമാറ്റിയുപയോഗിക്കുക; 5. മറവിലാക്കുക; 6. തടയുക; 7. ആക്രമിക്കുക; 8. തള്ളിയിടുക, വീഴ്ത്തുക
മറിച്ചൽ നാ. 1. മാറ്റം; 2. രഹസ്യം; 3. കുഴപ്പം; 4. വഞ്ചന; 5. വീഴ്ച; 6. കീഴ്മേലാകൽ; 7. അഭിപ്രായം
മറിച്ചുഴിവ് നാ. 1. നീർച്ചുഴി; 2. തലയിലെ ചുഴി; 3. (തലമുടിയുടെ)സ്വാഭാവികമായ ചുരുൾച്ച; 4. വട്ടം ചുറ്റൽ
മറിപ്പ് നാ. 1. ഒന്നിച്ചുവച്ചിരിക്കുന്നത് മറ്റൊന്നിനായി ഉപയോഗിക്കൽ; 2. ഉപദ്രവം; 3. തടവ്; 4. കടം വാങ്ങൽ (പ്ര) മറിപ്പും തിരിപ്പും
മറിമാൻ നാ. 1. ഒരുജാതിമാൻ; 2. വേഗമുള്ള മാൻ. മറിമാൻകണ്ണാൾ = സുന്ദരി
മറിമായ(ം) നാ. 1. വലിയ മായം; 2. കബളിപ്പിക്കൽ; 3. ഇന്ദ്രജാലം
മറിമായൻ നാ. 1. മറിമായം ഉള്ളവൻ; 2. കൃഷ്ണൻ; 3. നാരദൻ
മറിയൻ നാ. മറിപ്പുകാരൻ, ചതിയൻ
മറിയം [ഹീ] നാ. ശ്രീയേശുവിൻെറ അമ്മ
മറിയുക ക്രി. 1. ഉരുളുക; 2. (വശം) തിരിയുക; 3. മടങ്ങുക; 4. കീഴ്മേലാവുക; 5. വീഴുക; 6. (അഭിപ്രായം) മാറുക; 7. വിപരീതമാവുക. മറിവാതിൽ = ഇടുകുഴിവാതിൽ, ഒളിവാതിൽ, നിലവറവാതിൽ

മറിവ് നാ. 1. മറിയൽ; 2. മാറ്റം; 3. വ്യാജം; 4. വീഴ്ച; 5. കുഴപ്പം
മറു1 വി. 1. മറ്റൊരു; 2. അടുത്ത; 3. പിന്നത്തെ; 4. എതിർക്കുന്ന
മറു2 നാ. 1. മറുക; 2. തഴമ്പ്; 3. കറ; 4. കളങ്കം; 5. കുറ്റം; 5. വ്യാജം; 7. മറുപിള്ള
മറുകടം നാ. ഒരു കടം തീർക്കാനായി മറ്റൊരാളോടുവാങ്ങുന്ന കടം
മറുകര നാ. 1. ആറിൻെറയും തോടിൻെറയും മറ്റും എതിർ കര; 2. അടുത്തദേശം. (പ്ര) മറുകരപിടിക്കുക, മറുകര കടക്കുക = രക്ഷപ്പെടുക. മറുകരകണ്ട = പാരഗനായ, അവസാനത്തെത്തിയ. മറുകരകാണാത്ത = എത്തും പിടിയുമില്ലാത്ത
മറുകൽ നാ. ഉത്കണ്ഠ, പരിഭ്രമം, വിഷമം
മറുകാൽ നാ. 1. ഊന്ന്; 2. കൈത്തോട്
മറുക് നാ. മറു (ശരീരത്തിൽ ജന്മനാ ഉള്ള അടയാളം)
മറുകുക ക്രി. 1. പീഡയേൽക്കുക; 2. അതിർക്കുക; 3. വേദനപ്പെടുക; 4. വെന്തുനീറുക; 5. വ്യസനിക്കുക; 6. പരിഭ്രമിക്കുക; 7. പേടിക്കുക; 8. അലയുക
മറുകുടി നാ. വിവാഹാനന്തരം വധൂവരന്മാർക്കായി നൽകപ്പെടുന്ന വീട്
മറുകുരു(വ്) നാ. വസൂരിരോഗം ബാധിച്ചു കുളിക്കാറാകുന്നതിനുമുമ്പ് കുളിച്ചാൽ വീണ്ടുമുണ്ടാകുന്ന കുരു
മറുകുഴിക്കാണം നാ. കുഴിക്കാണ ഒറ്റിക്കാരൻ തൻെറ അവകാശം മറ്റൊരാൾക്ക് എഴുതിക്കൊടുക്കുന്നത്
മറുകുറി നാ. 1. മറുപടിക്കത്ത്; 2. മറ്റൊരുപ്രാവശ്യം
മറുകൂട്ടം നാ. 1. മറ്റൊരുകൂട്ടം; 2. കൂട്ടുവേലക്കാരൻ; 3. എതിരാളികൾ
മറുകുറ്റാർ നാ. (ബ.വ.) ശത്രുക്കൾ (മറ്റേഭാഗത്തുള്ളവർ)
മറുകൈ നാ. 1. പയറ്റിൽ ഒരടവിൽനിന്നും രക്ഷപ്പെടാനുള്ള മറ്റൊരടവ്, പ്രതിക്രിയ; 2. പ്രത്യൗഷധം
മറുക്കൽ നാ. എതിർപ്പ്, നിഷേധം
മറുക്കുക ക്രി. 1. വിരോധിക്കുക; 2. തടയുക; 3. നിഷേധിക്കുക; 4. വെറുക്കുക; 5. പന്തയം വയ്ക്കുക (പ്ര) മറുത്തുപറയുക = മാറിപ്പറയുക. എതിർത്തു സംസാരിക്കുക. മറുത്തു പോകുക = ലങ്ഘിക്കുക
മറുചെവി നാ. 1. മറ്റേചെവി; 2. മറ്റൊരുത്തൻെറ ചെവി (പ്ര) മറുചെവി അറിയാതെ = വളരെ രഹസ്യമായി
മറുജന്മം നാ. മറ്റൊരുജന്മം
മറുതല നാ. 1. മറുവശം; 2. മറ്റേത്തല; 3. ശത്രു; 4. പക
മറുതലിക്കുക ക്രി. 1. എതിർക്കുക, 2. നിന്ദിക്കുക
മറുതല(ക്കാ)ർ നാ. എതിരുകാർ, ശത്രുക്കൾ
മറുതാ നാ. ഒരു പിശാച്, മറുതായ്, മറുതായി, ചൂട്ടക്കുളി മോചനം കിട്ടാത്ത പ്രേതാത്മാവ്
മറുതാക്കോൽ നാ. കള്ളത്താക്കോൽ, മറ്റൊരുതാക്കോൽ
മറുനാൾ അവ്യ. 1. അടുത്തദിവസം; 2. കഴിഞ്ഞദിവസം
മറുപക്ഷം നാ. 1. മറ്റൊരുപക്ഷം; 2. ശത്രുപക്ഷം
മറുപടി നാ. 1. ചോദ്യത്തിനുള്ള സമാധാനം, ഉത്തരം; 2. പ്രതിവചനം
മറുപണയം നാ. പണയവസ്തു വേറൊരാൾക്കു പണയംവയ്ക്കൽ

മറുപഥ്യം നാ. മരുന്നു സേവിച്ചാൽ ഫലം സിദ്ധിക്കാനായി അതിനുശേഷം ആചരിക്കുന്ന പഥ്യം
മറുപാട്ടം നാ. പാട്ടക്കാരൻ എഴുതിക്കൊടുക്കുന്ന പാട്ടം
മറുപിള്ള നാ. പ്രസവിച്ചുവീണ പൈതലിൻെറ പൊക്കിൽക്കൊടിയുടെ അറ്റത്തുള്ള മാംസപിണ്ഡം
മറുപിറപ്പ് നാ. 1. പുനർജന്മം; 2. മറ്റൊരുജന്മം
മറുപുറം നാ. 1. എതിർഭാഗം; 2. മറ്റേവശം. (പ്ര) മറുപുറം വായിക്കുക = ആവശ്യമില്ലാത്തതു ചെയ്യുക. മറുപുറത്തുപോകുക = എതിർകക്ഷിയിൽ ചേരുക, മറുവശത്താവുക
മറുപേരെച്ചം നാ. (വ്യാക) നിഷേധനാമാങ്ഗം ഉദാ: പോകാത്ത, നിറയാത്ത
മറുപൊരുൾ നാ. മറ്റൊരർഥം
മറുപോര് നാ. വിപരീതമായ പ്രവർത്തനത്തിന്(മുൻകൂട്ടി)ചെയ്യുന്ന പ്രതിവിധി, പ്രതിക്രിയ
മറുപ്പ് നാ. 1. വിരോധം; 2. എതിർപ്പ്; 3. നിഷേധം
മറുഭാഗം നാ. 1. മറുവശം; 2. ശത്രുപക്ഷം
മറുഭാഷ നാ. 1. അന്യഭാഷ; 2. മറ്റൊരുരൂപം; 3. മനസ്സിലാകാത്ത സംസാരം
മറുമരുന്ന് നാ. 1. ഒരുമരുന്നുകൊണ്ട് ഉണ്ടായ ദോഷംതീരാൻ പിന്നെകൊടുക്കുന്ന മരുന്ന്, പ്രത്യൗഷധം; 2. പ്രതിവിധി
മറുമുഖം നാ. 1. മറ്റൊരുവൻെറ മുഖം; 2. ശത്രു; 3. (ആല) പുറമെകാണിക്കുന്നതല്ലാത്തസ്വഭാവം, തനിനിറം (പ്ര) മറുമുഖംനോക്കുക = വ്യഭിചരിക്കുക
മറുമെയ്,-മൈ നാ. അടുത്ത ജന്മം, പിന്നെ സ്വീകരിക്കുന്ന മറ്റൊരുശരീരം
മറുരൂപം നാ. 1. മറ്റൊരു രൂപം; 2. വേഷം മാറ്റം
മറുവടി നാ. മറുപടി
മറുവൽ നാ. 1. വീര്യം; 2. കസ്തൂരിമൃഗം
മറുവാർത്ത നാ. വാക്കാലുള്ള ഉത്തരം, മറുപടി
മറുവിളി നാ. 1. മാറ്റൊലി; 2. വിളികേട്ടുവെന്നറിയിക്കാൻ പകരം പുറപ്പെടുവിക്കുന്ന വിളിശബ്ദം
മറുവ് നാ. 1. മറു, മറുക് (അടയാളം); 2. കളങ്കം
മറുസങ്ഘം നാ. 1. വേറൊരുസങ്ഘം; 2. അന്തശ്ഛിദ്രം
മറ്റത് നാ. മറ്റേ അത്, അന്യം, വേറൊന്ന്
മറ്റന്നാൾ നാ. നാളെകഴിഞ്ഞുവരുന്ന ദിനം, മറ്റേന്നാൾ
മറ്റം നാ. 1. മേച്ചിൽസ്ഥലം; 2. ആറ്ററികെയും മറ്റുമുള്ളകണ്ടം; 3. താണഭൂമി
മറ്റവൻ നാ. 1. മറ്റെ അവൻ, വേറെ ഒരാൾ; 2. അന്യൻ
മറ്റ് വി. 1. വേറെ; 2. അന്യമായ; 3. പുറമെ; 4. ഇനിയും
മറ്റും അവ്യ. 1. വേറെയും, വേറെകാരണങ്ങളാൽ; 2. തുടങ്ങിയ
മറ്റേ വി. 1. വേറെ; 2. അന്യമായ
മറ്റേത് നാ. ഇതല്ലാത്തത്, വേറൊന്ന്
മറ്റൊരു വി. 1. വേറ്റൊരു; 2. അന്യമായ
മാ1 [സം.മഹാ] വി. വലിയ. ഉദാഃ മാപാപം, മാമരം

മാ2 [സം.മാ.] നാ. 1. ലക്ഷ്മി; 2. സമ്പത്ത്; 3. മാതാവ്; 4. അഴക്; 5. ജ്ഞാനം; 6. അളവ്
മാ3 നാ. 1. മാവ്; 2. മറുപിള്ള; 3. ഇരുൾ; 4. മൃഗം; 5. കുതിര; 6. വയലിൻെറ വിസ്താരം പറയാനുള്ള ഒരു ഏകകം
മാ4 അവ്യ. അരുത്. ഉദാഃ മാ ഗമ = പോകരുത്
മാകന്ദം നാ. തേന്മാവ്, മാവ്
മാകരി നാ. പെണ്ണാന, പിടിയാന
മാകലി നാ. 1. മാതലി; 2. ചന്ദ്രൻ
മാകാണം [ത.മാകാണം] നാ. സംസ്ഥാനം
മാകാണി നാ. പതിനാറിലൊന്ന് (1/16)
മാകുലവൻ നാ. വേടൻ
മാക്കത്തിറ നാ. ഒരു അടിയന്തിരം, മാക്കത്തെ പ്രസാദിപ്പിക്കുന്നതിനുവേണ്ടി ആചരിക്കുന്നത്
മാക്കം നാ. 1. ഒരു ദേവത, മാക്കപ്പോതി (സന്താനലബ്ധിക്ക് ആരാധിക്കപ്പെടുന്നവൾ); 2. ഒരു സ്ത്രീ നാമം
മാക്കല്ല് നാ. 1. കൽപ്പലക, സോപ്പുകല്ല്; 2. ഒരുതരം കടുപ്പംകുറഞ്ഞ കല്ല് (കൽച്ചട്ടിയുണ്ടാക്കുന്ന കല്ല്)
മാക്കാച്ചി നാ. 1. പെൺകാട്ടുപൂച്ച; 2. തവള
മാക്കാൻ നാ. 1. കാട്ടുപൂച്ച, കണ്ടൻ; 2. തവള
മാക്കിറി നാ. മാക്രി, ഒരു ചെറിയ ജന്തു, കുളത്തവള
മാക്കീരക്കല്ല് നാ. ഒരു ഔഷധം, രസഗർഭം, സ്വർണത്തിൻെറ ഉപധാതു
മാക്ഷികം നാ. 1. തേൻ; 2. മാക്കീരക്കല്ല്
മാക്ഷികജം നാ. തേൻമെഴുക്
മാക്ഷീകം നാ. മാക്ഷികം
മാക്ഷീകശർക്കര നാ. തേനിൽനിന്നുണ്ടാക്കുന്ന പഞ്ചസാര
മാഖ വി. യാഗസംബന്ധിയായ
മാഗധ1 വി. മഗധരാജ്യത്തെ സംബന്ധിച്ച
മാഗധ2 നാ. മഗതരാജപുത്രി; 2. തിപ്പലി
മാഗധൻ നാ. 1. മഗധരാജാവ്, ജരാസന്ധൻ; 2. രാജാക്കന്മാരുടെ വംശപരമ്പര പാടിസ്തുതിക്കുന്നവൻ, ഉണർത്തുപാട്ടു പാടുന്നവൻ, വൈതാളികൻ; 3. വൈശ്യനു ക്ഷത്രിയസ്ത്രീയിൽ ജനിച്ചവൻ
മാഗധം നാ. 1. മഗധരാജ്യത്തെ സംബന്ധിച്ചത്; 2. തിപ്പലി; 3. കാരുപ്പ്; 4. ജീരകം
മാഗധി നാ. 1. ഒരു പ്രാകൃതഭാഷ; 2. മഗധരാജപുത്രി; 3. കുറുമുഴിമുല്ല; 4. തിപ്പലി; 5. ഒരു നദി, ശോണ; 6. പന്നിക്കിഴങ്ങ്; 7. ശുദ്ധിചെയ്ത പഞ്ചസാര; 8. ചിറ്റേലം; 9. വൈശ്യനു ക്ഷത്രിയസ്ത്രീയിൽ ജനിച്ചവൾ
മാഘൻ നാ. ഒരു പ്രസിദ്ധസംസ്കൃതകവി. 'കാഘം' അഥവാ 'ശിശുപാലവധം' എന്ന കാവ്യത്തിൻെറ കർത്താവ്
മാഘം നാ. 1. മകരം – കുംഭമാസ; 2. മാഘകവിരചിച്ച കാവ്യം, ശിശുപാലവധം
മാഘമാസം നാ. മകരം – കുംഭമാസം

മാഘവതി നാ. കിഴക്കുദിക്ക്
മാഘി നാ. മാഘമാസത്തെ വെളുത്തവാവ്
മാങ്ഗലിക വി. മങ്ഗലകരമായ
മാങ്ഗല്യകം നാ. 1. മാങ്ഗല്യം; 2. ഒരിനം പയർ
മാങ്ഗല്യം നാ. 1. മങ്ഗലസൂത്രം (താലി); 2. ശുഭം; 3. ഭാഗ്യം; 4. ഭവ്യത; 5. അനുഗ്രഹം; 6. ഒരുതരം പയർ
മാങ്ങ നാ. 1. മാവിൻെറ കായ്; 2. ജന്തുക്കളുടെ മൂത്രാശയം അഥവാ ഹൃദയം (മാങ്ങയോട് ആകൃതിസാമ്യമുള്ളതിനാൽ), മാങ്ങാ
മാചലൻ നാ. കള്ളൻ, കൊള്ളക്കാരൻ
മാചം നാ. റോഡ്, വഴി, നിരത്ത്
മാചലം നാ. 1. ചീങ്കണ്ണി; 2. (ആയുർ) ഒരു രോഗം
മാച് നാ. 1. മാച്ച്; 2. കളങ്കം, അഴുക്ക്; 3. ഉണക്കമത്സ്യം; 4. പാപം
മാച്ചൽ നാ. 1. മറവി; 2. ഒളിപ്പ്
മാച്ചാങ്കളി നാ. ഒരുതരം കളി, ഒരു വിനോദം (മാച്ചാൻെറ വേഷംകെട്ടിനടക്കുന്നത്)
മാച്ചാൻ നാ. 1. വിദൂഷകൻ; 2. പ്രാകൃതൻ; 3. കോമാളി; 4. ഒരുതരം മത്സ്യം
മാച്ചിത്തം നാ. വ്യഭിചാരം
മാച്ചിൽ നാ. ചൂൽ (തുറപ്പ), തുടപ്പ
മാച്ച് നാ. 1. അഴുക്ക്; 2. ജനിച്ച ഉടനെയുള്ള കുഞ്ഞുങ്ങളുടെ ദേഹത്ത് അരിമാവുപോലെപറ്റിയിരിക്കുന്ന വസ്തു, കറ; 3. മറുപിള്ള; 4. കുറ്റം; 5. പാപം; 6. വഞ്ചന
മാച്ചുക്ഴി നാ. പാലുള്ളമരത്തിൽ കെട്ടിത്തൂക്കുന്ന പശുവിൻെറ മാച്ച്
മാച്ചുവള്ളി നാ. മാവുവള്ളി (മറുപിള്ളയെ ഗർഭാശയവുമായി ബന്ധിക്കുന്ന സിരാപടലം)
മാജിക്ക് [ഇം.] നാ. ഇന്ദ്രജാലം
മാജൂൻ [അറ] നാ. കഞ്ചാവുലേഹ്യം, കഞ്ചാവപ്പം
മാഞ്ജിഷ്ഠം നാ. ചെമപ്പുനിറം
മാട നാ. 1. ഒരുജാതി പശു; 2. ഒരു സ്വർണ നാണയം; 3. പോത്ത്
മാടക്കട നാ. ചെറിയ കട
മാടകം നാ. വീണയുടെ മുറുക്കാണി, പെഗ്
മാടക്കൊമ്പൻ നാ. ഒരുജാതി കാള
മാടണി വി. കുന്നുപോലെ ഉയരമുള്ളതും ഭങ്ഗിയുള്ളതും (പ്ര) മാടണിമുലയാൾ = സുന്ദരി
മാടത്ത നാ. ഒരിനം പക്ഷി, മൈന, കുങ്ങണത്തി
മാടധാത്രി നാ. കൊച്ചി (മാടഭൂമി)
മാടൻ നാ. 1. ഭയങ്കരരൂപിയായ ഒരു ദേവൻ (ദേവീകിങ്കരൻ); 2. ഒരു ഗ്രാമദേവത; 3. ഭോഷൻ
മാടനമ്പി നാ. മാടമ്പി
മാടപ്പുര നാ. 1. കുടിൽ; 2. ചെറിയ കച്ചവടപ്പുര
മാടപ്രാവ് നാ. ഒരുജാതിപ്രാവ് (മാളികകളിൽ വളർത്തുന്നത്)
മാടഭൂപതി നാ. മാടഭൂമിയുടെ അധിപതി (കൊച്ചിരാജാവ്)
മാടഭൂമി നാ. കൊച്ചിരാജ്യം

മാടം	നാ.	1. മാളിക; 2. ഒരുതരം മഞ്ചം (രാജാക്കന്മാർക്ക് എഴുന്നള്ളിയിരിക്കാനുള്ളത്); 3. ചെറിയ വീട്, കുടിൽ; 4. പുലക്കുടി; 5. കാവൽപ്പുര; 6. തട്ട്; 7. (പിച്ചാങ്കത്തിയുടെയും മറ്റും) മൂർച്ചയില്ലാത്ത വശം, മാട് (പ്ര) മാടവും കുടയും = രാജകീയമായ ആഡംബരം

മാടമ്പി	നാ.	1. ഇടപ്രഭു; 2. കരയിൽ പ്രധാനി; 3. മാടനമ്പി (സ്ഥാനമാനമുള്ള നായർ); 4. (ഈഴവരിൽപ്പെട്ട) ഒരു താണജാതി; 5. മാടമ്പിയുടെ സ്ഥാനചി   മായി കൊണ്ടുപോകുന്ന വിളക്ക്, മാടമ്പിവിളക്ക്

മാടമ്പ്	നാ.	1. രാജത്വം; 2. മേലധികാരം; 3. മാടമ്പിയുടെ അതിർത്തിയിൽപ്പെട്ട സ്ഥലം

1183

മാടരാജാവ്	നാ.	മാടഭൂപതി

മാടൽ	നാ.	1. ചെയ്യൽ; 2. പ്രവൃത്തി

മാടായി	നാ.	കോലത്തിരിയുടെ രാജധാനി

മാടി	നാ.	ഈടി, ചെറുകയ്യാല

മാട്1	നാ.	1. മാടമ്പ്; 2. വെട്ടുകത്തിയുടെയും മറ്റും മൂർച്ചയില്ലാത്ത വശം; 3. കാള പശു മുതലായവ; 4. കുന്ന്, പൊങ്ങിയ സ്ഥലം; 5. ഈടി, കയ്യാല; 6. ഭോഷൻ

മാട്2	നാ.	1. അഴക്, സൗന്ദര്യം; 2. സ്വർണം

മാടുക	ക്രി.	1. കൈ കമഴ്ത്തി ഉന്തുക; 2. അതിരിടുക; 3. കയ്യാലകോരുക; 4. അടച്ചുകെട്ടുക; 5. ചാലുകോരുക; 6. പണിയുക; 7. ആട്ടുക; 8. അടിച്ചുതളിക്കുക; 9. അടിച്ചുനിറുത്തുക. (പ്ര) ചെണ്ടമാടുക = ചെണ്ടക്കുറ്റി തോലുപൊതിയുക. മാടിവിളിക്കുക = കൈകാട്ടിവിളിക്കുക

മാടോട്	നാ.	1. ഓട് (പുരമേയാനായി മണ്ണുകൊണ്ട് പലകപോലെ ഉണ്ടാക്കി ചുട്ടെടുത്തത്); 2. മൺപാത്രം ഉടഞ്ഞുണ്ടായ ഓട്; 3. വിലയില്ലാത്ത വസ്തു

മാട്ടം	നാ.	1. വരമ്പിടൽ; 2. വേലികെട്ടൽ; 3. മൺചിറ; 4. മാട്ടുപാനി (കള്ളുകുടം); 5. ചിറയിടൽ; 6. കൈകൊണ്ട് അടിക്കൽ; 7. ക്ഷുദ്രപ്രയോഗം

മാട്ടാൻ	നാ.	കാളയെ തെളിക്കുന്നവൻ

മാട്ടിടയൻ	നാ.	മാടുമേയിക്കുന്നവൻ

മാട്ട്	നാ.	1. മാട്ടൽ; 2. ക്ഷുദ്രപ്രയോഗം

മാട്ടുക	ക്രി.	1. ക്ഷുദ്രംചെയ്യുക, ഒടിവയ്ക്കുക; 2. ആമത്തിലിടുക; 3. കള്ളെടുക്കാനായി കുടം തൂക്കുക; 4. തെങ്ങുകെട്ടുക; 5. തെങ്ങിൻ കൂമ്പുചെത്തി അതിൽ കൊട്ടിച്ചതയ്ക്കുക; 6. വല്ലവിധത്തിലും ചെയ്തുവെന്നാക്കുക; 7. അടിക്കുക; 8. മാട്ടംവയ്ക്കുക; 9. വിരട്ടുക; 10 ധാരാളമായി കുടിക്കുക

മാട്ടുകിഴായി	നാ.	മുളകൊണ്ടുനിർമിച്ച ഒരുതരം പാത്രം

മാട്ടുപാനി	നാ.	1. മാട്ടം; 2. ഒരിനം പാനി; കുടം

മാട്ടുപ്പൊങ്കൽ	നാ.	മാടുകളെ ഉദ്ദേശിച്ചു മകരമാസം രണ്ടാംതീയതി നടത്തുന്ന പൊങ്കാല

മാഠം	നാ.	റോഡ്, വഴി

മാഠരൻ	നാ.	1. സൂര്യന്റെ പാർശ്വവർത്തിയായ ഒരു ദേവൻ, യമൻ; 2. വ്യാസൻ; 3. ബ്രാഹ്മണൻ; 4. ശൗണ്ഡികൻ (കള്ളുചെത്തുന്നവൻ)

മാഠി	നാ.	ഇരിമ്പുചട്ട, കവചം

മാഡം1 നാ. 1. ചൂണ്ടപ്പന; 2. ഒരു തൂക്കം
മാഡം2 [ഇം.] നാ. മാന്യസ്ത്രീ
മാഡ്ഡൂകൻ നാ. ചെണ്ടക്കാരൻ
മാഢി നാ. 1. ഇളന്തളിര്; 2. ഇലയിലുള്ള ഞരമ്പ്; 3. ഞെരുക്കം; 4. ദുഃഖം; 5. ദാരിദ്ര്യം; 6. കോപം; 7. ഇരട്ടപ്പല്ല്; 8. വസ്ത്രത്തിൻെറ കര
മാൺപ് നാ. 1. അഴക്; 2. മാമ്പ്; 3. മയങ്ങൽ; 4. കീർത്തി; 5. മഹിമ
മാണം നാ. 1. വാഴ ചേമ്പ് തുടങ്ങിയവയുടെ കിഴങ്ങ്; 2. പൂർണത; 3. കീർത്തി; 4. നിതംബം
മാണവകൻ നാ. 1. ബാലകൻ, 8 മുതൽ 16 വരെ വയസ്സുള്ളവൻ; 2. മൂഢൻ; 3. മുണ്ടൻ; 4. ബ്രഹ്മചാരി, മാണി (വേദവിദ്യാർഥി)
മാണവൻ നാ. മാണവകൻ
മാണവം നാ. 1. ഒരുതരം മുത്തുമാല (16 ഇഴയുള്ളത്)
മാണവിന വി. മാണവനെ സംബന്ധിച്ച, ബാലിശമായ
മാണവ്യം നാ. 1. മാണവസമൂഹം; 2. ബാലത്വം
മാണി നാ. 1. ബ്രാഹ്മണബാലൻ; 2. ബ്രഹ്മചാരി; 3. വാഴക്കുലയുടെ അവസാനത്തുള്ള പുഷ്പസമൂഹം, വാഴക്കൂമ്പ്; 4. ശിശ്നം; 5. ഒരു പുരുഷനാമം
മാണിക നാ. ഒരു തൂക്കം, എട്ടുപലം
മാണിക്കം നാ. 1. ചെമപ്പുകല്ല്; 2. ചെമന്ന പഴം; 3. ആമ്പലിൻെറ അല്ലി; 4. പാമ്പിൻപത്തി; 5. വിശിഷ്ടവസ്തു
മാണിക്കവാചകർ നാ. ഒരു പ്രസിദ്ധ ശൈവമതാചാര്യൻ
മാണിക്യം നാ. 1. നവരത്നങ്ങളിൽ ഒന്ന്, ചെമപ്പുകല്ല് (ഇത് സർപ്പങ്ങളുടെ ഫണത്തിലുണ്ടെന്നു പറയപ്പെടുന്നു. പത്മരാഗം, കുരുവിന്ദജം, സൗഗന്ധികം, നീലഗന്ധി എന്നിങ്ങനെ നാലുതരമുണ്ട്); 2. വിശിഷ്ടവസ്തു
മാണിഭദ്രം നാ. വയറിളക്കുന്നതിനുള്ള ഒരുതരം ലേഹ്യം (പ്ര) മാണിഭദ്രക്കാരൻ = മലബന്ധമുള്ളവൻ, മുൻകോപമുള്ളവൻ
മാണിമന്ഥം നാ. ഇന്തുപ്പ് (സിന്ധുദേശത്തുള്ള മണിമന്ഥപർവതത്തിൽനിന്നെടുക്കുന്നതിനാൽ)
മാണുക ക്രി. 1. വർധിക്കുക; 2. മരിക്കുക
മാണ്ട വി. (ഭൂ.പേരെച്ചം.) മരിച്ച
മാണ്ഡലിക വി. മണ്ഡലം സംബന്ധിച്ച
മാണ്ഡലികൻ നാ. 1. സംസ്ഥാനത്തെ ഭരണാധികാരി; 2. സാമന്തരാജാവ്
മാണ്ഡവി നാ. 1. കുശധ്വജൻെറ പുത്രി; 2. ദാക്ഷായണീദേവി
മാണ്ഡവ്യൻ നാ. ഒരു ഋഷി, അണിമാണ്ഡവ്യൻ
മാണ്ഡുക്യം നാ. അഥർവവേദത്തിൽപ്പെട്ട ഒരു മുഖ്യോപനിഷത്ത്
മാതങ്ഗകന്യ നാ. 1. മാതങ്ഗി (ശ്രീപാർവതി); 2. ചണ്ഡാലകന്യക
മാതങ്ഗൻ നാ. 1. ചണ്ഡാളൻ, കാട്ടാളൻ; 2. അർജുനികയുടെ ഭർത്താവ്; 3. ഒരു ഋഷി, മതങ്ഗൻെറ പുത്രൻ
മാതങ്ഗം നാ. 1. ആന; 2. അശ്വത്ഥം; 3. (പദാന്ത്യ) ശ്രേഷ്ഠമായത്
മാതങ്ഗലീല നാ. ഒരു ശാസ്ത്രഗ്രന്ഥം (ആനപ്പാവ് പഠിക്കാനുള്ള ശാസ്ത്രം)
മാതങ്ഗി നാ. 1. ശ്രീപാർവതി; 2. പിടിയാന; 3. ചണ്ഡാലസ്ത്രീ
മാതർ1 നാ. 1. 'മാത്' എന്നതിൻെറ ബ.വ. (പൂജകബഹുവചനരൂപവും)

മാതർ2 നാ. 1. അഴക്; 2. കാമം
മാതരി നാ. 1. ദേവി; 2. കാളി
മാതരിപുരുഷൻ നാ. 1. ഭീരു (മാതാവിൻെറ അടുക്കൽമാത്രം പൗരുഷം കാട്ടുന്നവൻ); 2. പൊങ്ങച്ചക്കാരൻ
മാതരിശ്വാ(വ്) നാ. 1. വായു; 2. അഗ്നി; 3. ഒരു ഋഷി
മാതരീശ്വൻ നാ. ഭൃഗുക്കൾക്കുവേണ്ടി ആകാശത്തുനിന്നും അഗ്നികൊണ്ടുവന്നവൻ
മാതലി നാ. ഇന്ദ്രൻെറ തേരാളി
മാതലിസാരഥി നാ. 'മാതലി സാരഥിയായിട്ടുള്ളവൻ', ഇന്ദ്രൻ
മാതളം നാ. 1. മാതളനാരകം; 2. മാതളങ്ങ, മാതളമ്പഴം
മാതാപിതാക്കന്മാർ നാ. (ബ.വ.) മാതാപിതാക്കൾ
മാതാപിതാക്കൾ നാ. (ബ.വ. സം.ദ്വി.വ.) അമ്മയും അച്ഛനും
മാതാമഹൻ നാ. അമ്മയുടെ അച്ഛൻ
മാതാ(വ്) നാ. 1. അമ്മ (പൂജിക്കപ്പെടുന്നവൾ); 2. ശ്രീപാർവതി; 3. മഹാലക്ഷ്മി; 4. ദുർഗ; 5. രേവതി; 6. ആകാശം; 7. പശു; 8. താരതമ്യവിവേചനം (മനനം) ചെയ്യുന്ന ആൾ; 9. ഭൂമി; 10. എലിച്ചെവി; 11. മാഞ്ചി; 12. ചെറിയ കാട്ടുവെള്ളരി; 13. കറ്റാർവാഴ; 14. വസൂരി (ദേവി)
മാതി നാ. 1. അളവ്; 2. ആശയം; 3. തിട്ടപ്പെടുത്തൽ
മാതിരം നാ. 1. ആകാശം; 2. ആന; 3. ദിക്ക്; 4. ഭൂമി; 5. മല
മാതിരി നാ. 1. വിധം; 2. തരം; 3. വക; 4. മച്ചം; 5. മുറ; 6. പിഴച്ച മട്ട്
മാത് നാ. 1. സ്ത്രീ, പെണ്ണ്; 2. മാതാവ്; 3. ലാവണ്യം; 5. ദേവി
മാതുല(ക)ൻ നാ. അമ്മാവൻ (അമ്മയുടെ സഹോദരൻ)
മാതുലാനി നാ. 1. അമ്മായി; 2. കഞ്ചാവ്; 3. ചെറുകമ്പുനെല്ല്; 4. ചണവിത്ത്
മാതുലി നാ. മാതുലാനി
മാതുലേയൻ നാ. മാതുലൻെറ പുത്രൻ
മാതുഃസ്വസാ(വ്) നാ. മാതൃഷ്വസാവ്
മാതൃ നാ. മാതാവ് (സമാസാദിയിൽ) ഉദാഃ മാതൃസന്നിധി, മാതൃഗർഭം
മാതൃക1 വി. മാതാവിനെ സംബന്ധിച്ച
മാതൃക2 നാ. 1. അമ്മ; 2. അമ്മുമ്മ; 3. വളർത്തമ്മ; 4. അകാരാദ്യക്ഷരം; 5. ദൃഷ്ടാന്തം, കണ്ടുപഠിക്കേണ്ടത്; 6. ദേവി; 7. മൂലപ്രകൃതി; 8. മുറ; 9. തരം; 10 അസ്സൽ
മാതൃക്കൾ നാ. സുബ്രഹ്മണ്യൻെറ വളർത്തമ്മമാർ
മാതൃഗാമി നാ. മാതാവിനെ (സംഭോഗേച്ഛയോടുകൂടി)പ്രാപിക്കുന്നവൻ
മാതൃഗ്രാമം നാ. സ്ത്രീസമൂഹം
മാതൃഘാതകൻ നാ. 1. മാതാവിനെ കൊ(ല്ലു)ന്നവൻ; 2. ഇന്ദ്രൻ
മാതൃഘാതി നാ. മാതൃഘാതകൻ
മാതൃത,-ത്വം നാ. മാതാവിൻെറ ഭാവം
മാതൃദായം നാ. മരുമക്കത്തായം
മാതൃദേവ(ൻ) വി. അമ്മയെ ദേവതയായി കരുതി പൂജിക്കുന്ന(വൻ)
മാതൃനന്ദനൻ നാ. മാതൃപുത്രൻ, സുബ്രഹ്മണ്യൻ
മാതൃപാരമ്പര്യം നാ. മരുമക്കത്തായം

മാതൃഭാഷ നാ. സ്വന്തം ഭാഷ (കുട്ടികൾ അമ്മയുടെ മടിയിലിരുന്നു പഠിക്കുന്നത്, അമ്മയിൽനിന്നു കേട്ടുപഠിക്കുന്നത്)
മാതൃഭൂമി നാ. സ്വന്തം നാട്, ജന്മനാട്
മാതൃമാതാ(വ്) നാ. 1. അമ്മയുടെ അമ്മ; 2. ശ്രീപാർവതി
മാതൃഷ്വസാ(വ്) നാ. 1. ചിറ്റമ്മ; 2. പേരമ്മ
മാതൃഹത്യ നാ. അമ്മയെകൊല്ലൽ, മാതാവിനെ കൊന്ന പാപം
മാതേവൻ നാ. ശിവൻ
മാതോയം നാ. കടൽ
മാതോർത്തറ നാ. (ഓണക്കാലത്തെ) പൂത്തറ
മാത്തൂർപ്പണിക്കർ നാ. ചെമ്പകശ്ശേരി രാജാവിൻെറ മന്ത്രി
മാത്തൂരംബിക നാ. അമ്പലപ്പുഴ മാത്തൂർപ്പണിക്കരുടെ കുലദേവത (ഭഗവതി)
മാത്ര നാ. 1. അ ഇ ഉ എന്നിങ്ങനെയുള്ള ഒരു ലഘ്വക്ഷരം ഉച്ചരിക്കാൻ വേണ്ടിവരുന്ന സമയം; 2. കൈ ഞൊടിക്കുന്നതിനുള്ള സമയം; 2. ക്ഷണം; 4. അണു; 5. അൽപം; 6. അളവ്; 7. അളവുതോത്; 8. ഉപകരണം; 9. ക്രമം; 10. ഗുളിക; 11. ഒരുപ്രാവശ്യം കഴിക്കാനുള്ള മരുന്ന്
മാത്രം1 അവ്യ. 1. അത്രത്തോളം; 2. തന്നെ; 3. തനിച്ച്; 4. മുഴുവൻ
മാത്രം2 നാ. 1. അളവ്; 2. ദൈർഘ്യം; 3. ഘനം; 4. ഇടം
മാത്രാധികം നാ. അളവറ്റത്
മാത്രാവൃത്തം നാ. ഒരു പാദത്തിന് ഇത്രമാത്രയെന്നു നൃമമുള്ള വൃത്തം ഉദാഃ ആര്യ
മാത്രാശനം നാ. ഭക്ഷണവസ്തുവിൻെറയും സമയത്തിൻെറയും അവസ്ഥപോലെയുള്ള ഭക്ഷണം, കൃത്യമായ അളവിൽ കൃത്യസമയത്തുള്ള ഭക്ഷണം
മാത്സരൻ നാ. മത്സരമുള്ളവൻ
മാത്സരികൻ നാ. മാത്സരൻ
മാത്സര്യം നാ. 1. അഷ്ടരാഗങ്ങളിൽ ഒന്ന്; 2. അന്യനോടുള്ള എതിർപ്പ് (മറ്റൊരുത്തൻ നന്നാകുന്നത് കാണുമ്പോഴുള്ള അസഹ്യത, അസൂയ)
മാത്സ്യ വി. മത്സ്യത്തെ സംബന്ധിച്ച
മാത്സ്യൻ നാ. മാത്സ്യംപിടിക്കുന്നവൻ
മാത്സ്യം നാ. അഷ്ടദശ (18) പുരാണങ്ങളിൽ ഒന്ന്
മാഥം നാ. 1. കൊല; 2. കടച്ചിൽ; 3. വഴി
മാഥി വി. മഥിക്കുന്ന (സമാസത്തിൽ പ്രയോഗം)
മാഥുര വി. മഥുരയിലുള്ള, മഥുരയുമായി ബന്ധപ്പെട്ട
മാദക വി. 1. മദിപ്പിക്കുന്ന; 2. സന്തോഷിപ്പിക്കുന്ന
മാദകത,-ത്വം നാ. മദിപ്പിക്കാനുള്ള ശക്തി
മാദകം നാ. 1. മദമുണ്ടാക്കുന്നത്; 2. നത്ത്
മാദന വി. 1. മദമുള്ള, അഹങ്കാരമുള്ള; 2. മദിപ്പിക്കുന്ന; 3. ലഹരിയുള്ള
മാദനൻ നാ. 1. മദിപ്പിക്കുന്നവൻ; 2. കാമദേവൻ
മാദനം നാ. 1. ലഹരിപിടിപ്പിക്കൽ; 2. അഹങ്കരിക്കൽ; 3. സന്തോഷിക്കൽ; 4. കരയാമ്പു; 5. മലങ്കാര
മാദനി നാ. 1. മദിപ്പിക്കുന്നവൾ; 2. കഞ്ചാവ്
മാദനീയം നാ. 1. മദിപ്പിക്കത്തക്കത്; 2. മദ്യം

മാദം നാ. 1. സന്തോഷിക്കൽ; 2. ലഹരി; 3. ഗർവ്
മാദൃക്ക് വി. എന്നെപ്പോലെയുള്ള
മാദൃശ വി. മാദൃക്ക്
മാദൃത്ത് നാ. മദിച്ചത്
മാദ്രുകൻ നാ. മാദ്രരാജകുമാരൻ
മാധവൻ നാ. 'രമയുടെ ഭർത്താവ്', വിഷ്ണു
മാധവീയ വി. മാധവനെ സംബന്ധിച്ച
മാധവീലത നാ. മുല്ല
മാധുകര വി. മധുകരത്തെ സംബന്ധിച്ച
മാധുകരി നാ. മധുകരവൃത്തി (അഞ്ചുസ്ഥലത്തുനിന്നു വാങ്ങിയ ഭിക്ഷ)
മാധുകരീവൃത്തി നാ. വീടുതോറും നടന്നു ഭിക്ഷവാങ്ങി ജീവിക്കൽ
മാധുരം നാ. 1. മധുരമായത്; 2. ഒരുജാതി മുല്ല
മാധുരി നാ. 1. മാധുര്യം; 2. ശോഭ; 3. തേൻ; 4. മദ്യം; 5. ഒരുതരം കുഴൽവാദ്യം
മാധുര്യദേവത നാ. കാമദേവൻ
മാധുര്യം നാ. 1. മധുരത, തേനിൻെറയും പഞ്ചസാരയുടെയും മറ്റും രുചി; 2. നായികാശ്രിതങ്ങളായ 28 അലങ്കാരങ്ങെൽ ഒന്ന്; 3. കാവ്യഗുണങ്ങളിൽ ഒന്ന് (മനസ്സിനെ ആനന്ദത്തിൽ ലയിപ്പിക്കുന്നത്); 4. നായകൻെറ സാത്ത്വിക ഗുണങ്ങളിൽ ഒന്ന് (അലങ്കാരങ്ങൾ കൂടാതെയുള്ള രമ്യത്വം)
1185
മാധുകരം നാ. യാചിതധനം
മാധ്യ നാ. 1. മധ്യം സംബന്ധിച്ച; 2. മധ്യത്തുള്ള
മാധ്യന്ദിനം നാ. 1. ഉച്ചസമയത്തുള്ളത്; 2. ഉച്ചമലരി
മാധ്യമ നാ. 1. ശരാശരി; 2. വിനിമയമാർഗം
മാധ്യസ്ഥ്യം നാ. മധ്യസ്ഥത, ഇടനില
മാധ്യാ ിക വി. ഉച്ചയ്ക്കുവേണ്ട, ഉച്ചയ്ക്കുള്ള
മാധ്വ വി. 1. മധുരമായ; 2. മധു സംബന്ധിച്ച
മാധ്വൻ നാ. 1. മാധ്വാചാര്യരുടെ അനുയായി; 2. വിഷ്ണുമതക്കാരിൽ പ്രധാനി; 3. ദ്വൈതവാദി
മാധ്വം നാ. മാധ്വൻെറ മതം, ദൈതസിദ്ധാന്തം
മാധ്വി നാ. 1. ഒരിനം മദ്യം, മധു (തേൻ)കൊണ്ടുണ്ടാക്കിയത്; 2. മാധവീലത; 3. തേനീച്ച
മാധ്വീകൻ നാ. മധു (തേൻ) ശേഖരിക്കുന്നവൻ
മാധ്വികം നാ. 1. മധൂകത്തിൽ (ഇരിപ്പപ്പൂവിൽ)നിന്നുണ്ടാക്കിയ മദ്യം; 2. മുന്തിരിങ്ങച്ചാരായം
മാൻ1 നാ. ഭങ്ഗിയുള്ള ഒരു മൃഗം, സസ്യഭുക്ക് (കലമാൻ, മലമാൻ, ചെങ്കവരിമാൻ, കമ്പിളിമാൻ എന്നിങ്ങനെ പലതരം)
മാൻ2 നാ. 1. മേന്മ; 2. ജയം; 3. (സമാസത്തിൽ) രാജാവ് (ഉദാഃ ചേരമാൻ); 4. മയക്കം
മാൻകണ്ണി നാ. സുന്ദരി
മാൻപേട നാ. പേടമാൻ, പെൺമാൻ

മാന [അറ] നാ. വിവരണം, വിവരിച്ചുപറയൽ, അലങ്കാരപ്രയോഗം
മാനകലഹം നാ. ഈർഷ്യാകോപം
മാനകവചൻ നാ. മാനമാകുന്ന കവചത്തോടുകൂടിയവൻ
മാനക്കേട് നാ. 1. അപമാനം; 2. കുറച്ചിൽ
മാനഗ്രന്ഥി നാ. 1. അപമാനം; 2. തെറ്റ്
മാനത്രയം നാ. (ബ.വ.) മൂന്നുമാനങ്ങൾ (നീളം, പൊക്കം വണ്ണം എന്നിവ)
മാനദ വി. 1. ബഹുമാനം കാണിക്കുന്ന; 2. അഹങ്കാരമുള്ള; 3. അഭിമാനകരമായ; 4. അഹങ്കാരം നശിപ്പിക്കുന്ന
മാനദണ്ഡം നാ. അളവുകോൽ
മാനദേയം നാ. ഒരിനം വേതനം (സേവനത്തിന് ബഹുമാനസൂചകമായി നൽകുന്നത്)
മാനധനൻ നാ. മാനമാകുന്ന ധനത്തോടുകൂടിയവൻ
മാനന(ം) നാ. 1. മാനിക്കൽ; 2. മതിക്കൽ; 3. വധം
മാനനഷ്ടം നാ. 1. അഭിമാനം നഷ്ടപ്പെടൽ, അപമാനം; 2. അപമാനം വരുത്തിയതിനുള്ള പരിഹാരം (പ്ര) മാനനഷ്ടക്കേസ് = അപമാനം വരുത്തിയതിനു പരിഹാരംതേടി കോടതിയിൽ കൊടുക്കുന്ന പരാതി
മാനനീയ വി. മാനിക്കത്തക്ക
മാനഭങ്ഗപ്പെടുത്തുക ക്രി. 1. അപമാനിക്കുക; 2. സ്ത്രീയെ ബലാത്കാരമായി പ്രാപിക്കുക
മാനഭങ്ഗം നാ. അപമാനം, മാനഹാനി
മാനം1 നാ. വാനം (ആകാശം) (പ്ര) മാനംചാടി = ഒരുതരം മത്സ്യം. മാനംനോക്കുക = കുഴങ്ങിനിൽക്കുക
മാനം2 നാ. 1. കീർത്തി; 2. ബഹുമാനം; 3. തന്നത്താൻ പൂജിക്കൽ, അഹങ്കാരം, ആത്മവിശ്വാസം; 4. ഗൗരവം; 5. അഭിമാനം; 6. അളക്കൽ, അളക്കാനുള്ള തോത്, ഉപകരണം; 7. ഈർഷ്യാകോപം, പ്രണയകലഹം; 8. തെളിവ്, പ്രമാണം; 9. സാദൃശ്യം; 10. (ജ്യോ) പത്താമിടം (പ്ര) മാനം മുട്ടിക്കുക = അഭിമാനം ഇല്ലാതാക്കുക. മാനംകെട്ടും പണം നേടിക്കൊണ്ടാൽ മാനക്കേടാപ്പണം പോക്കിക്കൊള്ളും (പഴ)
മാനമദം നാ. അഹങ്കാരം, ഡംഭം
മാനമന്ദിരം നാ. 1. ക്രോധാലയം (ഭർത്താവിനോടുപിണങ്ങിയ രാജ്ഞിക്ക് ഇരിക്കാനുള്ള മന്ദിരം)
മാനയിതാ(വ്) നാ. മാനിക്കുന്നവൻ
മാനൽ നാ. 1. ജയം; 2. ചേർച്ച; 3. മയക്കം
മാനവ വി. 1. മനുഷ്യസംബന്ധിയായ; 2. മനുവിനെ സംബന്ധിച്ച
മാനവതി നാ. മാനത്തോടുകൂടിയവൾ, ഈർഷ്യാകോപമുള്ളവൾ
മാനവധർമശാസ്ത്രം നാ. 1. മനുഷ്യൻ സമൂഹത്തിലെ അങ്ഗമെന്ന നിലയ്ക്കും വ്യക്തിയെന്ന നിലയ്ക്കും അനുഷ്ഠിക്കേണ്ട കർത്തവ്യങ്ങൾ വിവരിക്കുന്ന ശാസ്ത്രം; 2. മനു രചിച്ച ധർമശാസ്ത്രം, മനുസ്മൃതി
മാനവൻ നാ. 1. മനുഷ്യൻ (മനുവിൽനിന്നു ജനിച്ചവൻ); 2. രാജാവ്; 3. മഹാൻ; 4. ബാലൻ; 5. മാനമുള്ളവൻ
മാനവപതി നാ. രാജാവ്
മാനവർജിത വി. 1. മാനമില്ലാത്ത; 2. ദുരഭിമാനമിലാത്ത; 3. അഹങ്കാരമില്ലാത്ത

മാനവാൻ നാ. മാനമുളവൻ
മാനവി നാ. 1. മനുഷ്യസ്ത്രീ; 2. മനുവിൻെറ ഭാര്യ
മാനവിക്രമൻ നാ. കോഴിക്കോട്ടുരാജാവ് (സ്ഥാനപ്പേർ)
മാനവീയ വി. മാനവനിൽ (മനുഷ്യനിൽ)നിന്നുണ്ടായ
മാനവേദൻ നാ. കോഴിക്കോട്ട് ഇളയരാജാവ്
മാനവേന്ദ്രൻ നാ. രാജാവ്
മാനവോചിതം നാ. മനുഷ്യോചിതം
മാനവ്യം നാ. മാനവന്മാരുടെകൂട്ടം
മാനശാലി നാ. മാനമുള്ളവൻ
മാനശീലൻ നാ. 1. ബഹുമാന്യൻ; 2. അഹങ്കാരി
മാനസ1 വി. 1. മനസ്സു സംബന്ധിച്ച, മനസ്സുകൊണ്ടു സൃഷ്ടിച്ച; 2. മാനസസരസ്സിലുള്ള
മാനസ2 നാ. 1. 1. മനുവിൻെറ പുത്രി; 2. ഒരു വിദ്യാദേവി
മാനസജന്മാ(വ്) നാ. 1. അരയന്നം; 2. കാമൻ
മാനസൻ നാ. 1. പരമാത്മാവ്, വിഷ്ണു; 2. (സമാസാന്തത്തിൽ) കൂടിയവൻ. ഉദാഃ ഖിന്നമാനസൻ
മാനസനാഥ നാ. പ്രാണനാഥ
മാനസപുത്രർ നാ. പ്രജാപതികൾ, സനകാദികൾ (ബ്രഹ്മാവിൻെറ ഇച്ഛാശക്തിയാൽ ജാതരായവർ)
മാനസപൂജ നാ. ഒരുതരം പൂജ (മനസ്സുകൊണ്ടുള്ളത്)
മാനസം നാ. 1. മനസ്സ് (മനനം ചെയ്യുന്നത്, ചിന്തിക്കുന്നത്); 2. മനസ്സുസംബന്ധിച്ചത്; 3. മാനസസരസ്സ്; 4. ദേവനദി; 5. വലിയ പന്തൽ; 6. മൗനാനുവാദം; 7. ഒരിനം ഉപ്പ്
മാനസമന്ദിരം നാ. 1. മനസ്സാകുന്ന മന്ദിരം; 2. അരയന്നം (മാനസത്തിൽ വസിക്കുന്നത്)
മാനസസരസ്സ് നാ. ഹിമവാനിൽ കൈലാസത്തിലുള്ള തടാകം
മാനസാന്തരം നാ. 1. പശ്ചാത്താപിച്ചു ദൈവത്തോടു ക്ഷമായാചനം ചെയ്യുന്ന മനഃസ്ഥിതി; 2. മതംമാറ്റം; 3. ഒന്നാമത്തെ മനുവിൻെറ പുത്രി; 4. ഉമാദേവി; 5. 64 കലകളിൽ ഒന്ന് (ദൃശ്യാദൃശ്യഭേദവിഷയകമായ ചിന്ത)
മാനസിക വി. മനസ്സുസംബന്ധിച്ച
മാനസൂത്രം നാ. 1. അളക്കാനുള്ള ചരട്; 2. സ്വർണച്ചങ്ങല
മാനസോല്ലാസം നാ. 1. സുരേശ്വരൻ എഴുതിയ ഒരു ഗ്രന്ഥം; 2. മനസ്സിനുണ്ടാകുന്ന ഉന്മേഷം
മാനസൗകസ്സ് നാ. മാനസസരസ്സിൽ താമസിക്കുന്നത്, അരയന്നം
മാനഹാനി നാ. മാനക്കേട്, അപമാനം
മാനഹീന നാ. മാനമില്ലാത്ത
മാനാഥൻ നാ. 'ലക്ഷ്മിയുടെ ഭർത്താവ്', വിഷ്ണു
മാനി1 നാ. 1. മാനമുള്ള, ഗർവമുള്ള; 2. (പദാന്ത്യ) അഭിമാനിക്കുന്ന
മാനി2 നാ. 1. അഭിമാനി; 2. കോപശീലമുള്ളവൻ; 3. സിംഹം
മാനിക്കുക ക്രി. 1. ആദരിക്കുക; 2. അഹങ്കരിക്കുക; 3. കോപിക്കുക; 4. തൂക്കുക, അളക്കുക

മാനിത1 വി. മാനിക്കപ്പെട്ട
മാനിത2 നാ. 1. ആദരം; 2. ഗർവം; 3. അഭിമാനിയുടെ അവസ്ഥ, മാനിത്വം
മാനിതം നാ. 1. മാനിക്കപ്പെട്ടത്; 2. വിദേശകാര്യാലയം
മാനിതവ്യ വി. മാനിക്കുവാൻതക്ക
മാനിനി നാ. 'മാനമുള്ളവൾ', 1. സ്ത്രീ; 2. പ്രണയകോപമുള്ളവൾ
മാനിഫെസ്റ്റോ [ഇം.] നാ. പ്രകടനപത്രിക
മാനിഭം നാ. 1. ബഹുമതി; 2. മാന്യമായ പെരുമാറ്റം; 3. അഭിമാനം; 4. രാജ്യസേവയ്ക്കോ രാജ്യസേവനത്തിനോ പ്രതിഫലമായി നൽകപ്പെടുന്ന ഭൂമി
മാനിയം നാ. 1. ബഹുമതി; 2. കരമൊഴിവായികിട്ടിയ ഭൂമി; 3. ദൗർബല്യം
മാനിറം നാ. ഇരുനിറം, വെളുപ്പും കറുപ്പുമല്ലാത്ത നിറം
മാനുഷത,-ത്വം നാ. 1. മനുഷ്യസ്വഭാവം; 2. പുരുഷത്വം; 3. ആൾക്കൂട്ടം
മാനുഷൻ നാ. മനുഷ്യൻ
മാനുഷം നാ. 1. മനുഷ്യപ്രയത്നം; 2. മനുഷ്യവർഗം; 3. അമ്മയുടെ മുലപ്പാൽ; 4. കുടിയാൻ ജന്മിക്കുകൊടുക്കേണ്ടിയിരുന്ന ഒരിനം നികുതി
മാനുഷർണം നാ. മനുഷ്യവർഗത്തിൽപ്പെട്ടവർക്കു കൊടുത്തുതീർക്കാനുള്ള കടം. താരത. ദേവർണം = ദേവന്മാർക്കു കൊടുത്തുതീർക്കനുള്ള കടം
മാനുഷി നാ. 1. മനുഷ്യസ്ത്രീ; 2. മൂന്നുതരം ചികിത്സകളിൽ ഒന്ന്, മനുഷ്യചികിത്സ (ദൈവീ, ആസുരി എന്നു മറ്റുരണ്ടിനം)
മാനുഷിദധി നാ. മുലപ്പാലിൽനിന്നുണ്ടാക്കുന്ന തൈര്
മാനുഷ്യകം നാ. 1. മനുഷ്യസംബന്ധിയായ; 2. മനുഷ്യരുടെ സമൂഹം; 3. മനുഷ്യസ്വഭാവം
മാനുഷ്യം നാ. 1. മനുഷ്യത്വം; 2. (രാജ)പ്രാതിനിധ്യം; 3. മാനുഷ്യകം
മാനേജർ [ഇം.] നാ. കാര്യനിർവാഹകൻ, കാര്യങ്ങളുടെ നടത്തിപ്പിനു മേൽനോട്ടം വഹിക്കുന്നവൻ
മാനേൽക്കരൻ നാ. മാനിനെ ധരിക്കുന്ന കരത്തോടുകൂടിയവൻ, ശിവൻ
മാനേലുംകണ്ണി നാ. മാൻകണ്ണി, സുന്ദരി
മാന്തം നാ. ഒരു രോഗം, കുട്ടികൾക്കുണ്ടാകുന്ന വയറിളക്കവും ഛർദിയും
മാന്തർ നാ. 1. മനുഷ്യർ; 2. ആണ്മക്കൾ
മാന്തൽ നാ. നഖംകൊണ്ട് അള്ളിക്കീറൽ
മാന്തല നാ. 1. മാനിൻെറ തല; 2. മകയിരം നക്ഷത്രം
മാന്തളിർപ്പട്ട് നാ. ഒരിനം പട്ട് (ഊതനിറത്തിലുള്ളത്)
മാന്താർശരൻ നാ. മാമ്പൂ അമ്പായുള്ളവൻ, കാമദേവൻ
മാന്ത് നാ. 1. മാന്തൽ, കീറൽ; 2. ഒരുതരം ചൊറി
മാന്തുക ക്രി. 1. നഖംകൊണ്ട് കീറുക; 2. അള്ളുക; 3. തോണ്ടുക (മൺവെട്ടിപോലുള്ള ആയുധംകൊണ്ട് വെട്ടാതെ ചുരണ്ടുക); 4. തിന്നുക; 5. കുടിക്കുക
മാന്തോപ്പ്1 നാ. മാവിൻതോപ്പ്
മാന്തോപ്പ്2 നാ. മാനുകൾ വളരുന്ന തോപ്പ്
മാന്ത്രികൻ നാ. മന്ത്രവാദി
മാന്ഥര്യം നാ. 1. മന്ദത, അലസത; 2. ക്ഷീണം
മാന്ദി നാ. (ജ്യോ) ഗുളികൻ (മന്ദൻെറ പുത്രൻ)

മാന്ദ്യം നാ. 1. മന്ദത, സാവധാനശീലം; 2. ജളത്വം; 3. ഉണർച്ചയില്ലായ്മ; 4. ദുഃഖം; 5. രോഗം
മാന്നി നാ. വാഴക്കുലയിലുണ്ടാകുന്ന അല്ലി (വാഴക്കുലയുടെ ഏറ്റവും ഒടുവിലത്തെ പടലയിലെ വളരാത്തകായ്) മാന്നിക്കായ് = പൊട്ടക്കായ് (കുലയുടെ അറ്റത്തുള്ള ചെറിയകായ്), മകണി
മാന്മഥ വി. മന്മഥനെ (കാമദേവനെ) സംബന്ധിച്ച
മാന്യ1 വി. മാനിക്കത്തക്ക
മാന്യ2 നാ. 1. ബഹുമാനം അർഹിക്കുന്നവൾ, ശ്രേഷ്ഠ; 2. ചോനകപ്പുല്ല്
മാന്യത,-ത്വം നാ. മാന്യൻെറ അവസ്ഥ, ബഹുമാനം അർഹിക്കുന്ന സ്വഭാവം പദവി തുടങ്ങിയവ
മാന്യം നാ. 1. മാനിക്കത്തക്കത്; 2. ചെയ്ത സേവനത്തെ ബഹുമാനിച്ച് രാജാവോ ഭരണാധികാരികളോ കൊടുത്തതും നികുതിയിൽനിന്നു പ്രായേണ മുക്തമായതുമായ വസ്തു.
മാന്യമാനിത നാ. 1. മാന്യനെന്നു നടിക്കൽ; 2. മാനിക്കേണ്ടവരെ മാനിക്കുന്ന സ്വഭാവം
മാപക വി. മാനംചെയ്യുന്ന, അളക്കുന്ന. ഉദാഃ ഭൂമാപകൻ = സർവേയർ
മാപതി നാ. വിഷ്ണു
മാപത്യൻ നാ. കാമദേവൻ
മാപൻ നാ. വിഷ്ണു (മാപതി)
മാപന നാ. മാപനം
മാപനം നാ. 1. അളവ്; 2. അളക്കൽ; 3. ത്രാസ്
മാപനി നാ. അളവുകോൽ, അളക്കാനുള്ള ഉപകരണം (പ്ര) ഉഷ്ണമാപനി, മർദമാപനി
മാപം നാ. മാപനം
മാപാപം നാ. മഹാപാപം (വലിയ പാപം)
മാപിത വി. മാപനംചെയ്ത, അളന്ന
മാപ്പാക്കുക ക്രി. 1. പൊറുക്കുക, ക്ഷമിക്കുക; 2. ഒഴിവാക്കുക
1187
മാപ്പിള നാ. 1. മണവാളൻ; 2. ജാമാതാവ് (മരുമകൻ); 3. ക്രിസ്ത്യാനി (തെ.മ.); 4. മുഹമ്മദീയൻ (വ.മ.)
മാപ്പിളപ്പാട്ട് നാ. മലബാർ മുസ്ലിംകളുടെ ഒരുതരം പാട്ട്
മാപ്പ്1 [അറ] നാ. 1. ക്ഷമ, അപരാധം സഹിക്കൽ, പൊറുക്കാനുള്ള അപേക്ഷ; 2. ഒഴികഴിവ് (പ്ര) മാപ്പുസാക്ഷി = കൂട്ടുകുറ്റക്കാർക്ക് വിരോധമായി സ്വരക്ഷയ്ക്കുവേണ്ടി തെളിവുകൊടുക്കൽ, അപ്രകാരം തെളിവുകൊടുക്കുന്നവൻ
മാപ്പ്2 [ഇം.] നാ. ഭൂപടം
മാബലി നാ. മഹാബലി (മാവേലി)
മാം [സം.] (അസ്മച്ഛബ്ദം ദ്വിതീയ ഏ.വ.) എന്നെ
മാംസദാഹം നാ. വിഷയേച്ഛ
മാംസപൻ നാ. പിശാച്
മാംസപിണ്ഡം നാ. മാംസഗോളം (മാംസത്തിൻെറ ഉരുള)
മാംസപുഷ്ടി നാ. 1. മാംസളത, ശരീരത്തിൻെറ വണ്ണം; 2. നല്ല ബലം

മാംസപേശി നാ. 1. മാംസളത, ശരീരത്തിനുള്ളിലെ മാംസപിണ്ഡം; 2. ഗർഭാശയത്തിൽ പ്രജയുടെ എട്ടാം ദിവസം മുതൽ പതിന്നാലാം ദിവസം വരെയുള്ള അവസ്ഥയുടെ പേര്
മാംസഭോജി വി. മാംസം ഭക്ഷിക്കുന്ന
മാംസം നാ. 1. ഇറച്ചി, ചത, മാംസപേശി; 2. പുഴു; 3. കാലം
മാംസവിക്രയം നാ. 1. മാംസവിൽപ്പന; 2. ഒരുപാപം (മകളെ വിൽക്കൽ); 3. വേശ്യാവൃത്തി
മാംസള വി. 1. മാംസപുഷ്ടിയുള്ള (വണ്ണമുള്ള ചതയുള്ള, തടിച്ചുകൊഴുത്ത); 2. നല്ല ബലമുള്ള
മാംസളം നാ. 1. മാംസപുഷ്ടിയുള്ളത്, ചതയുള്ളത്; 2. ഉഴുന്ന്; 3. തണ്ണിമത്തൻ
മാംസാദൻ നാ. മാംസം ഭക്ഷിക്കുന്നവൻ
മാംസാദനം നാ. മാംസം ഭക്ഷിക്കൽ
മാംസാശനം നാ. മാംസാദനം
മാംസാശി നാ. മാംസാദൻ
മാംസികൻ നാ. 1. കശാപ്പുകാരൻ ( മാംസം വിറ്റ് ഉപജീവനം കഴിക്കുന്നവൻ); 2. കെണിവച്ചു പക്ഷികളെ പിടിക്കുന്നവൻ
മാംസേക്ഷണം നാ. ശരീരാവയവമായ കണ്ണ്, പുറംകണ്ണ്
മാംസോദനം നാ. 1. മാംസാഹാരം; 2. ഇറച്ചിചേർത്ത ചോറ്
മാംസോപജീവി നാ. 1. മാംസംകൊണ്ട് ഉപജീവിക്കുന്നവൻ; 2. ഇറച്ചിക്കച്ചവടക്കാരൻ
മാമക വി. 1. എൻേറതായ, എനിക്കുള്ള; 2. എൻെറ പക്ഷത്തുള്ള; 3. സ്വാർഥനായ
മാമകൻ നാ. 1. ലുബ്ധൻ; 2. മാതുലൻ
മാമകീന വി. 1. എൻെറതായ; 2. എന്നെ സംബന്ധിച്ച
മാമഘം നാ. 1. കുംഭമാസത്തിൽ വെളുത്തവാവും വ്യാഴവും കൂടുന്ന ദിവസം; 2. മാമാങ്കം
മാമൻ നാ. 1. അമ്മാവൻ; 2. ശ്വശുരൻ; 3. പ്രായംചെന്ന ആൾ; 4. സ്ത്രീകളെ കൂട്ടിക്കൊടുക്കുന്നവൻ
മാമയൻ നാ. ഈശ്വരൻ (ഐശ്വര്യമൂർത്തി)
മാമയപ്പൈതൽ നാ. ശ്രീകൃഷ്ണൻ
മാമരം നാ. 1. വലിയ മരം; 2. മാവുമരം
മാമല നാ. 1. വലിയ മല; 2. ഹിമവാൻ (പ്ര) മാമലത്തയ്യൽ,-മകൾ,-മങ്ക = ശ്രീപാർവതി
മാമലർമങ്ക നാ. മഹാലക്ഷ്മി
മാമഹം നാ. വലിയ ഉത്സവം
മാമറ നാ. വേദം
മാമറയോൻ നാ. 1. ശ്രേഷ്ഠബ്രാഹ്മണൻ; 2. ചന്ദ്രൻ
മാമാങ്കം നാ. കേരളത്തിൽ പഴയകാലത്തു കൊണ്ടാടിയിരുന്ന ഒരു മഹോത്സവം (പുഷ്യമാസത്തിലെ പൂയം നക്ഷത്രത്തിലാരംഭിച്ചു മാഘ (കുംഭ) മാസത്തിലെ വെളുത്തപക്ഷത്തിൽ വരുന്ന മകം നക്ഷത്രത്തിൽ അവസാനിക്കുന്ന ഉത്സവം)
മാമി നാ. അമ്മായി

മാമുതൽ നാ. വളരെ ധനം, വലിയ സ്വത്ത്
മാമുനി നാ. മഹർഷി
മാമൂൽ [അറ] നാ. 1. പരമ്പരയായുള്ള ആചാരം, കീഴ്വഴക്കം; 2. പഴക്കം; 3. രീതി
മാമ്പഴത്തിര നാ. മാമ്പഴച്ചാറ് തേച്ച് ഉണക്കിയത്, മാന്തിര
മാമ്പ് നാ. 1. വാഴക്കൂമ്പ് (കുലയുടെ അറ്റത്തുള്ള പുഷ്പം, വാഴമാണി); 2. അലങ്കാരത്തൊങ്ങൽ; 3. കുഞ്ചത്തിൻെറ ആകൃതിയിലുള്ള ഒരുതരം പുഷ്പമഞ്ജരി
മാമൻ,മാമ്മൻ നാ. അമ്മാവൻ
മാമ്മോദീസാ [സുറി] നാ. (ക്രിസ്റ്റു) ജ്ഞാനസ്നാനം
മായ്ക്കൽ നാ. 1. ക്രമമായി കാണാതാക്കൽ; 2. തുടച്ചുകളയൽ; 3. നശിപ്പിക്കൽ
മായ്ക്കുക ക്രി. 1. ക്രമമായികാണാതാക്കുക; 2. തുടച്ചുകളയുക; 3. നശിപ്പിക്കുക, ഇല്ലാതാക്കുക
മായ്പ്പ് നാ. മായിക്കുക എന്ന പ്രവൃത്തി
മായ്വ് നാ. 1. മരണം; 2. മറവ്; 3. ഇല്ലാതാകൽ
മായ നാ. 1. മിഥ്യയായുള്ളത്, യാതൊന്ന് ഇല്ലാത്തതോ അത്, മൂലപ്രകൃതി; 2. മഹാലക്ഷ്മി; 3. മനുഷ്യ ബുദ്ധി; 4. ചതി; 5. കൺകെട്ടുവിദ്യ; 6. ദുഷ്ടത; 7. ദോഷം; 8. ക്ഷുദ്രക്കാരി; 9. മായാദേവി (ബുദ്ധൻെറ മാതാവ്); 10. സൃഷ്ടി; 11. ഒരുനഗരം (ഗയ); 12. അവിദ്യ; 13. (പുരാണ) മായാസുരൻെറ പുത്രി (ഖരൻെറയും ദൂഷണൻെറയും അമ്മ)
മായകൻ നാ. വിഷ്ണു, മായവൻ, മായോൻ
മായക്ക നാ. ഒരു അങ്ങാടിമരുന്ന്, മായാക്ക്
മായൻ നാ. 1. വിഷ്ണു (മായവൻ); 2. ചെപ്പടിവിദ്യക്കാരൻ; 3. അസുരൻ
മായം നാ. 1. മായത്തരം; 2. വഞ്ചന; 3. കൺകെട്ടുവിദ്യ; 4. കളവ്; 5. മങ്ങൽ; 6. വേഷപ്പകർച്ച; 7. കൗശലം. (പ്ര) മായം ചേർക്കുക = കൂട്ടുചേർക്കുക
മായൽ നാ. കാണാൻ വയ്യാതാകൽ, മറയൽ
മായവൻ നാ. വിഷ്ണു, മായൻ
മായാകാരൻ നാ. 1. വിഷ്ണു; 2. മായയെ പ്രവർത്തിപ്പിക്കുന്നവൻ, ഇന്ദ്രജാലക്കാരൻ
മായാകൃതം നാ. 1. മായയാൽ ചെയ്യപ്പെട്ടത്; 2. 64 കലകളിൽ ഒന്ന്
മായാതീത വി. മായയെ കടന്നിട്ടുള്ള; 2. ഈശ്വരത്വം ലഭിച്ച
മായാദീപം നാ. 1. ചെറിയ പടങ്ങൾ തിരശ്ശീലയിൽ വലുതാക്കി കാണിക്കുന്നത്; 2. സിനിമ
മായാദേവി നാ. 1. ഗൗതമ ബുദ്ധൻെറ മാതാവ്; 2. മായാവതി (ശംബരാസുരൻെറ പത്നി); 3. പ്രകൃതീശ്വരി
മായാപുരി നാ. 1. സപ്തപുരികളിൽ ഒന്ന്, ഹരിദ്വാരം; 2. ശരീരം; 3. പിച്ചള
മായാപുരുഷൻ നാ. വിഷ്ണു
മായാപ്രപഞ്ചം നാ. മായാലോകം, ഉണ്ടെന്നു തോന്നുന്ന ലോകം
മായാമനുഷ്യൻ നാ. വിഷ്ണുവിൻെറ മനുഷ്യരൂപത്തിലുള്ള അവതാരം, ശ്രീരാമൻ, ശ്രീകൃഷ്ണൻ ഇത്യാദി
മായാമയ വി. 1. മായാരൂപം ഉള്ള; 2. മായകൊണ്ടു നിറഞ്ഞ

മായാമയൻ നാ. വിഷ്ണു
മായാമോഹം നാ. മായമൂലം ഭൗതികസുഖങ്ങളിലുണ്ടാകുന്ന മോഹം
മായാവതി നാ. 1. ശംബുരാസുരൻെറ പത്നി; 2. രതി (പ്രത്യുമ്നൻെറ പത്നി); 3. ഒരു മന്ത്രദേവത
മായാവാദം നാ. 1. സകലതും മായയാണെന്നുള്ള സിദ്ധാന്തം; 2. ബുദ്ധമതം
മായാവാൻ വി. മായയുള്ള
മായാവി1 വി. മായയുള്ള
മായാവി2 നാ. 1. (പുരാണ) ഒരു അസുരൻ (മയൻെറ പ്രഥമപുത്രൻ, ദുന്ദുഭയുടെ ജ്യേഷ്ഠൻ); 2. സ്വന്തം തനിമ വെളിപ്പെടുത്തിയിട്ടില്ലാത്തവൻ, ചതിയൻ; 3. കൺകെട്ടുകാരൻ; 4. പൂച്ച
മായാസുതൻ നാ. ബുദ്ധദേവൻ
മായി1 നാ. 1. മായയുള്ളവൻ; 2. വിഷ്ണു; 3. കൺകെട്ടുകാരൻ; 4. ബ്രഹ്മം; 5. കാമദേവൻ
മായി2 നാ. ദുർഗ
മായിക1 വി. 1. മായയുള; 2. അവാസ്തവമായ, ഉണ്ടെന്നു തോന്നുന്ന
മായിക2 നാ. ദുർഗ
മായികൻ നാ. 1. മായയോടുകൂടിയവൻ; 2. സൂത്രശാലി; 3. കൺകെട്ടുവിദ്യക്കാരൻ; 4. കള്ളൻ
മായു നാ. 1. പിത്തം; 2. സൂര്യൻ
മായുക ക്രി. 1. (ക്രമത്തിൽ) ഇല്ലാതാകുക; 2. മറയുക; 3. നശിക്കുക
മായൂര വി. 1. മയൂരസംബന്ധമായ; 2. മയിൽപ്പീലികൊണ്ടുള്ള
മായൂരകൻ നാ. മയിലിനെ പിടിക്കുന്നവൻ
മായൂരം നാ. 1. മയിലിൻെറ കൂട്ടം; 2. വലിയ കടലാടി; 3. ഒരു നഗരം
മായോൻ നാ. വിഷ്ണു (മായവൻ)
മായോപജീവി നാ. 1. മായകൊണ്ടുപജീവിക്കുന്നവൻ (ചതികൊണ്ട് ജീവിതം കഴിക്കുന്നവൻ); 2. ഇന്ദ്രജാലക്കാരൻ
മാർ1 നാ. മാറ്, നെഞ്ച്
മാർ2 ഒരു ബഹുവചനപ്രത്യയം. 'അർ' എന്നതിൻെറ സ്ഥാനത്തു പ്രയോഗം. ഉദാഃ ഗുരുക്കന്മാർ, പെണ്ണുങ്ങന്മാർ, ഏട്ടന്മാർ ഇത്യാദി
മാർ3 [സുറി] വി. ബഹുമാനപ്പെട്ട, നാഥനായ. ഉദാഃ മാർപ്പാപ്പാ, മാർഇവാനിയോസ്
മാർകഴി നാ. 1. മകയിരം; 2. ധനുമാസം
മാർക്കണ്ഡൻ നാ. മാർക്കണ്ഡേയൻ
മാർക്കണ്ഡേയൻ നാ. 1. (പുരാണ) ഒരു മഹർഷി, മുകണ്ഡുവിൻെറ പുത്രൻ; ദീർഘായുഷ്മാൻ
മാർക്കണ്ഡേയം നാ. അഷ്ടാദശപുരാണങ്ങളിൽ ഒന്ന്, മാർക്കണ്ഡേയൻ രചിച്ചത്
മാർക്കം നാ. 1. മാർഗം; 2. ധർമമാർഗം; 3. വിധി. (പ്ര) മാർക്കംകൂടുക = മതം മാറുക, ക്രിസ്തുമതത്തിലോ ഇസ്ലാം മതത്തിലോ ചേരുക
മാർഗകം നാ. മാർകഴിമാസം
മാർഗക്കല്യാണം നാ. (ഇസ്ലാം) ചേലാകർമം

മാർഗക്കാരൻ നാ. 1. മാർഗമനുസരിച്ചു നടക്കുന്നവൻ; 2. ക്രിസ്ത്യാനികളിൽ ഒരു വർഗം, പുതുതായി ക്രിസ്തുമതത്തിൽ ചേർന്നവർ; 3. പറങ്കി; 4. ചട്ടക്കാരൻ
മാർഗണ1 വി. 1. (ഭിക്ഷ) യാചിക്കുന്ന; 2. അന്വേഷിക്കുന്ന
മാർഗണ2 നാ. 1. യാചന; 2. അന്വേഷണം
മാർഗണ(ക)ൻ നാ. ഭിക്ഷു, പിച്ചതെണ്ടുന്നവൻ
മാർഗണം നാ. 1. അമ്പ്; 2. അന്വേഷണം; 3. സ്നേഹം; 4. യാചന
മാർഗണീയ വി. മാർഗണം ചെയ്യത്തക്ക
മാർഗദർശകൻ നാ. മാർഗം കാണിച്ചുകൊടുക്കുന്നവൻ, വഴികാട്ടി
മാർഗഭ്രംശം നാ. വഴിതെറ്റൽ
മാർഗം നാ. 1. വഴി; 2. (ഗ്രഹ) ഗതി; 3. അന്വേഷണം; 4. ഉപായം; 5. രീതി, വഴക്കം; 6. മര്യാദ; 7. മുറിവിൻെറ പാട്; 8. തോട്; 9. മാർഗശീർഷം (മാർകഴിമാസം); 10. ഗുദം; 11. കസ്തൂരി; 12. മതം (പ്ര) മാർഗം കൂടുക = മാർക്കംകൂടുക. മാർഗംകളി = സുറിയാനിക്കാരുടെയിടയിൽ കല്യാണത്തിനും മറ്റും നടത്തിയിരുന്ന ഒരു ചടങ്ങ്. മാർഗംചെയ്യുക = സുന്നത്തുചെയ്യുക
മാർഗരോധം നാ. മാർഗതടസ്സം
മാർഗവതി നാ. സുചരിത (നല്ലമാർഗത്തിലൂടെ സഞ്ചരിക്കുന്നവൾ)
മാർഗവാസി നാ. മതം മാറിയവൻ
മാർഗവിധി നാ. (ഇസ്ലാം) ഖുറാനിലെ നിർദേശം
മാർഗവിരോധം നാ. 1. വഴിതടസ്സം, വഴിയടയ്ക്കൽ; 2. മതവിരോധം, മതത്തിൽ നിന്നു പുറത്താക്കൽ
മാർഗശാല നാ. വഴിയമ്പലം
മാർഗശിരം,-ശിരസ് നാ. മാർഗശീർഷം, മാർകഴി
മാർഗശീർഷം നാ. 1. (ജ്യോ) മകയിരം നക്ഷത്രം
മാർഗസ്ഥ വി. 1. മാർഗത്തിലുള്ള; 2. സഞ്ചരിക്കുന്ന
മാർഗി നാ. അന്വേഷിക്കുന്നവൻ
മാർഗികൻ നാ. 1. വഴിപോക്കൻ; 2. വേടൻ (മൃഗങ്ങളെ തേടുന്നവൻ)
മാർഗിക്കുക ക്രി. അന്വേഷിക്കുക
മാർഗിത വി. മാർഗണം ചെയ്യപ്പെട്ട (അന്വേഷിക്കപ്പെട്ട)
മാർഗോപദേശകൻ നാ. 'വഴിപറഞ്ഞുകൊടുക്കുന്നവൻ', 1. മതാചാര്യൻ; 2. നേതാവ്
മാർച്ച് [ഇം.] നാ. 1. ഇങ്ഗ്ലീഷ് വർഷത്തിലെ മൂന്നാമത്തെ മാസം; 2. പടനീക്കം, പ്രയാണം (കവാത്തു മുറയനുസരിച്ചുള്ള നടത്ത)
മാർജക വി. 1. തുടയ്ക്കുന്ന; 2. ശുദ്ധീകരിക്കുന്ന; 3. അലക്കുന്ന
മാർജകൻ നാ. 1. വെളുത്തേടൻ; 2. വിഷ്ണു (സ്ത്രീ) മാർജിക

മാർജന1 വി. ശുദ്ധിയാക്കുന്ന
മാർജന2 നാ. 1. ശുദ്ധിയാക്കൽ; 2. ചെണ്ടയുടെ തോൽവാറ്; 3. ചെണ്ടയുടെ ശബ്ദം
മാർജനം നാ. 1. തുടപ്പ്; 2. തേച്ചും മറ്റും ശുദ്ധിയാക്കൽ; 3. പുണ്യാഹം തളിക്കൽ; 4. ചെമന്ന പാച്ചോറ്റി
മാർജനി നാ. 1. ചൂൽ; 2. ബ്രഷ്; 3. അഷ്ടയോഗിനികളിൽ ഒരുവൾ
മാർജം നാ. മാർജനം, ശുദ്ധീകരണം

മാർജാരകണ്ഠം നാ. മയിൽ
മാർജാരകരണം നാ. (കാമ) ഒരു രതിബന്ധം
മാർജാരൻ നാ. ആൺപൂച്ച
മാർജാരം നാ. 1. പൂച്ച; 2. മരപ്പട്ടി; 3. വെരുക്; 4. ഓടമരം; 5. ചെമന്ന കൊടുവേലി
മാർജാരി നാ. 1. പെൺപൂച്ച; 2. കസ്തൂരി; 3. പച്ചപുഴുക്
മാർജാരീയൻ നാ. 1. ശരീരം ശുദ്ധിചെയ്യുവൻ; 2. പൂച്ച; 3. ശൂദ്രൻ; 4. ശുക്രൻ
മാർജാരീയം നാ. 1. ഹവിസ്സിൻെറ ഉച്ഛിഷ്ടം മുതലായവ നിക്ഷേപിക്കുന്ന സ്ഥലം; 2. പൂച്ച
മാർജിക്കുക ക്രി. മാർജനം ചെയ്യുക
മാർജിത1 വി. മാർജനംചെയ്യപ്പെട്ട
,ആർജിത2 നാ. ഒരു കറി (തൈരും തേനും മറ്റും കൂടിയത്), രസാളം
മാർത്തടം നാ. മാറിടം , നെഞ്ച്
മാർത്താണ്ഡം നാ. 1. ഒരു പുരാണം; 2. പന്നി; 3. എരിക്ക്; 4. മാർത്തണ്ഡം
മാർത്തിക1 വി. മൃത്തുകൊണ്ടുള്ള, മണ്ണുസംബന്ധിച്ച
മാർത്തിക2 നാ. കലത്തിൻെറ ഒരുതരം അടപ്പ്
മാർത്തികം നാ. 1. ഒരിനം കലം; 2. മൺകട്ട
മാർത്തോമ്മാ നാ. വിശുദ്ധ തോമസ് അപ്പസ്തോലൻ. മാർത്തോമാക്രിസ്ത്യാനികൾ = സിറിയൻ ക്രിസ്ത്യാനികളിൽ ഒരു വിഭാഗം
മാർത്ത്യം നാ. മരണമുള്ള അവസ്ഥ
മാർദങ്ഗ വി. മൃദങ്ഗം സംബന്ധിച്ച
മാർദങ്ഗികൻ നാ. മൃദങ്ഗം വായിക്കുന്നവൻ
മാർദവം നാ. മൃദുലത, മയം
മാർദ്വികം നാ. മുന്തിരിങ്ങായിൽനിന്നെടുക്കുന്ന ഒരിനം ചാരായം
മാർപ്പാപ്പാ നാ. (ക്രിസ്തു) റോമാക്രിസ്ത്യാനികളുടെ പരമാധികാരി
മാർഫത്ത് [അറ] നാ. 1. വെളിപാട്; 2. ഐശ്വര്യജ്ഞാനം
മാർബിൾ [ഇം.] നാ. മണിശില, വെണ്ണക്കല്ല്
മാർമികൻ നാ. 1. മർമവിദ്യ പഠിച്ചവൻ; 2. മർമജ്ഞൻ, സാരം അറിഞ്ഞവൻ
മാർവ് നാ. മാറ്, മാറിടം
മാർഷ്ടവ്യ വി. മാർജനം ചെയ്യാവുന്ന, ശുദ്ധീകരിക്കപ്പെടേണ്ട
മാർഷ്ടി നാ. 1. മാർജനം; 2. ശുദ്ധീകരണം; 3. ദേഹം വെടിപ്പാക്കൽ
മാര വി. മരിപ്പിക്കുന്ന
മാരക വി. മരിപ്പിക്കുന്ന
മാരകൻ നാ. 1. കൊല്ലുന്നവൻ; 2. പുള്ള്; 3. കാമദേവൻ
മാരകം നാ. 1. മരണത്തിനുകാരണമാകുന്നത്, കൊല്ലുന്നത്; 2. പകർച്ചവ്യാധി; 3. പരുന്ത്; 4. ചായില്യം; 5. വലിയ തടസ്സം; 6. (ജ്യോ) മാരകസ്ഥാനം
മാരകസ്ഥാനം നാ. (ജ്യോ) 1. രണ്ടാമിടം; 2. ഏഴാമിടം
മാരകായുധം നാ. കൊല്ലാനുള്ള ആയുധം (വെട്ടുകത്തി, വാൾ, തോക്ക് മുതലായവ)
മാരകാഹളം നാ. കുയിൽ

മാരചതുഷ്ടയം നാ. (ബുദ്ധ) സ്കന്ധമാരൻ ക്ലേശമാരൻ മൃത്യുമാരൻ ദേവപുത്രമാരൻ എന്നീ നാലു കാമന്മാർ
മാരച്ഛത്രം നാ. ഗോപനീയാങ്ഗം, ഉപസ്ഥം
മാരജിത്ത് നാ. 'കാമദേവനെ ജയിച്ചവൻ', 1. ശിവൻ; 2. ബുദ്ധദേവൻ
മാരടിക്കുക ക്രി. ബന്ധുക്കളുടെ മരണത്തിന് ദുഃഖം പ്രകടിപ്പിക്കാനായി സ്ത്രീകൾ വട്ടമിട്ടുനിന്നു പാടിമാറിലടിക്കുക
മാരണകർമം നാ. ആഭിചാരം
മാരണക്രിയ നാ. മാരണകർമം
മാരണം നാ. 1. കൊല; 2. വിഷനാശനം; 3. ഒരിനം ആഭിചാരക്രീയ (ശത്രുസംഹാരത്തിനുള്ളത്); 4. ഒരുതരം വിഷം; 5. ലോഹങ്ങൾ നീറ്റൽ; 6. വലിയ ഉപദ്രവം
മാരധനാശി നാ. (സങ്ഗീ) ഒരു രാഗം
മാരൻ നാ. 1. കാമദേവൻ; 2. ഒരു ദേവൻ (സൂര്യൻെറ പാർശ്വവർത്തി); 3. ഭർത്താവ്
മാരബാണം നാ. കാമദേവൻെറ അസ്ത്രം, കാമം, ആരുടെയെങ്കിലും നേർക്കുതോന്നുന്ന അത്യാകർഷണം
മാരം നാ. 1. ഉമ്മത്ത്; 2. കാള; 3. അനുരാഗം; 4. തടസ്സം; 5. വിഷം
മാരമാൽ നാ. മാരപീഡ (കാമപീഡ, കാമവികാരം)
മാരരിപു നാ. മാരവൈരി
മാരവ വി. മരുഭൂമിയായ
മാരവൈരി നാ. ശിവൻ (കാമദേവൻെറ ശത്രു)
മാരാൻ,-യൻ നാ. ഒരു (സവർണ) ജാതി (സ്ത്രീ) മാരാത്തി (പ്ര) മാരാൻ വച്ചു മാക്കാൻ എടുക്കുക = വേനലവസാനിച്ച് മഴവരുക. ക്ഷേത്രത്തിൽ മാരാൻെറ കൊട്ടുകേൾക്കാതാവുക, പകരം തവള ശബ്ദിക്കുക. തല്ലുകൊള്ളാൻ ചെണ്ട, പണം വാങ്ങാൻ മാരാൻ (പഴ)
മാരായൻ നാ. മാരാൻ
മാരായം നാ. 1. നന്മ; 2. സുഖം; 3. വന്ദനം
മാരാർത്തി നാ. കാമപീഡ, മാരമാൽ
മാരാരി നാ. ശിവൻ (മാരരിപു)
മാരി1 വി. മരിപ്പിക്കുന്ന
മാരി2 നാ. 1. പകർച്ചവ്യാധി; 2. വസൂരിരോഗം; 3. ദുർഗ (മാരിയമ്മ); 4. നാശം; 5. ബാധ; 6. ആപത്ത്; 7. ശല്യം
മാരി3 നാ. 1. മഴ; 2. മേഘം; 3. നീർ; 4. കള്ള്, മദ്യം
മാരിക നാ. പകർച്ചവ്യാധി
മാരിക്കാലം നാ. 1. മഴക്കാലം; 2. പകർച്ചവ്യാധി പടർന്നു പിടിക്കുന്ന കാലം
മാരിച വി. മരിചം (കുരുമുളക്) സംബന്ധിച്ച
മാരിത വി. മാരണം ചെയ്യപ്പെട്ട (കൊല്ലപ്പെട്ട)
മാരിനാൾ നാ. (ജ്യോ) ഉത്രം നക്ഷത്രം
മാരിയമ്മ നാ. വസൂരിയുടെ ദേവത, കാളി
മാരിഷൻ നാ. 1. അഭിവന്ദ്യൻ (ആര്യൻ, മാന്യൻ); 2. (നാട്യ) രണ്ടാമത്തെ പ്രധാന നടൻ
മാരീച വി. മരീചിയെ സംബന്ധിച്ച

മാരീചൻ നാ. (പുരാണ) ഒരു രാക്ഷസൻ, രാവണൻെറ മാതുലൻ
മാരീചം നാ. 1. വഞ്ചന; 2. ഒരു ചെടി, തക്കോലം; 3. മരീചങ്ങളുടെ (മുളകുകൊടികളുടെ) കൂട്ടം; 4. കടല; 5. മോഹാലസ്യം
മാരുണ്ഡം നാ. 1. പാമ്പിൻെറ മുട്ട; 2. ചാണകം; 3. ചാണകം നിറഞ്ഞ സ്ഥലം; 4. റോഡ്, വഴി
മാരുതതനയൻ നാ. മാരുതി (ഹനുമാൻ, ഭീമൻ)
മാരുതൻ നാ. വായു
മാരുതം നാ. 1. (പ്രാണ)വായു; 2. മരുത്തുക്കളുടെ ലോകം; 3. തുമ്പിക്കൈ; 4. (ജ്യോ) ചോതി നക്ഷത്രം; 5. കർപ്പൂരത്തുളസി
മാരുതാശനം നാ. 1. പാമ്പ്; 2. വായുഭക്ഷണം
മാരുതി നാ. 1. മാരുതനന്ദനൻ (ഹനുമാൻ, ഭീമൻ); 2. വായുകോണ്
മാരോത്സവം നാ. മാരക്രീഡ (കാമദേവനെ സംബന്ധിച്ച ഉത്സവം)
മാൽ നാ. 1. ദുഃഖം; 2. തളർച്ച; 3. ഇരുട്ട്; 4. രാത്രി; 5. കറുപ്പ്; 6. കുഴപ്പം; 7. മയക്കം; 8. മേഘം; 9. കയറ്റുവല (വാണിയന്മാർ തേങ്ങ പൊതിച്ചിടുന്ന വലപോലെയുള്ള കൂട); 10. ഉറി; 11. വിഷ്ണു; 12. ഒരുതരം കരു. (പ്ര) മാൽപ്പെടുത്തുക = പീഡിപ്പിക്കുക (പ്ര) താണുമാലയൻ (താണു-മാൽ-അയൻ) = ശിവൻ, വിഷ്ണു, ബ്രഹ്മാവ്
മാല1 നാ. 1. പുഷ്പങ്ങൾ നാരിൽ കോർത്തുണ്ടാക്കിയത് (പൂമാല); 2. ഒരു ആഭരണം; 3. പങ്ക്തി, കൂട്ടം; 4. ഒരു വൃത്തം; 5. ചോനകപ്പുല്ല് (പ്ര) മാലയിടുക = വിവാഹം കഴിക്കുക
മാല2 [த.மாலை] നാ. 1. ഇരുട്ട്; 2. സന്ധ്യ; 3. രാത്രി; 4. ഭങ്ഗി; 5. കൊട്ടാരം
മാലകം നാ. 1. പൂമാല; 2. വേപ്പുവൃക്ഷം; 3. ഗ്രാമത്തിനടുത്തുള്ള കാട്; 4. ചിരട്ട; 5. ഓരിലത്താമര
മാലകൂടം നാ. ഒരു രാജ്യം, തിരുവിതാംകൂർ
മാലക്കണ്ണ് നാ. (ആയുർ) ഒരു നേത്രരോഗം (രാത്രിസമയത്തു കണ്ണിനു കാഴ്ചയില്ലായ്മ)
മാലക്കാലം നാ. 1. വസന്തം; 2. സന്ധ്യ
മാലക്കിഴങ്ങ് നാ. ഒരിനം വള്ളിച്ചെടിയുടെ കിഴങ്ങ്
മാലക്കുഴൽ നാ. ഇരുട്ടുപോലെ കറുത്ത തലമുടി
മാലക്കുഴലി നാ. 1. പൂമാലകൊണ്ടലങ്കരിച്ച തലമുടിയോടുകൂടിയവൾ; 2. ഇരുട്ടുപോലെ കറുത്ത തലമുടിയുള്ളവൾ
മാലചക്രകം നാ. അരക്കെട്ട് (എളി)
മാലതി നാ. 1. പിച്ചകം; 2. മണിത്തക്കാളി; 3. പെൺകുട്ടി, കന്യക; 4. ചന്ദ്രിക; 5. രാത്രി; 6. ഒരു നദി; 7. പൂമൊട്ട്
മാലതീമാധവം നാ. ഭവഭൂതിയുടെ ഒരു സംസ്കൃതനാടകം
മാലൻ നാ. 1. മലയൻ; 2. മനുഷ്യൻ; 3. വിഷ്ണു
മാലപ്പൊഴുത് നാ. 1. വസന്തകാലം; 2. സന്ധ്യ
മാലം നാ. 1. വയൽ; 2. പർവതം, മല; 3. ഉയർന്ന തറ; 4. ഒരു ദേശം
മാലമയക്ക് നാ. സന്ധ്യാമയക്കം
മാലയ വി. മലയപർവതത്തിൽനിന്നു വരുന്ന

മാലയം,മാലേയം നാ. ചന്ദനം
മാലർ നാ. 1. വേടർ; 2. ബ്രാഹ്മണസ്ത്രീയിൽ ശൂദ്രനുജനിച്ചവൻ
മാലവം നാ. ഒരു ദേശം, മാളവം
മാലവാർകുഴൽ നാ. നീളമുള്ളതും മാലചൂടുന്നതും ആയ തലമുടി
മാലവാർകുഴലി നാ. സുന്ദരി
മാലവിളക്ക് നാ. ഒരുതരം തുടൽ വിളക്ക് (ഒരുതുടലിന്മേൽ മാലപോലെയുണ്ടാക്കിയത്)
മാലാകാരൻ നാ. 1. പുഷ്പകൻ; 2. മാലകെട്ടിവിറ്റ് ഉപജീവനം കഴിക്കുന്നവൻ
മാലാകാരവൃത്തി നാ. 1. പൂകെട്ടുകാരൻെറ തൊഴിൽ; 2. (പ്ര) മറ്റൊരാൾക്ക് ഉപദ്രവം വരാതെ സ്വന്തംകാര്യം നേടൽ
മാലാഖ [സുറി] ദൈവദൂതൻ
മാലാദീപകം നാ. ഒരു അലങ്കാരം
മാലാമതല്ലി നാ. നല്ല മാല
മാലായോഗം നാ. വിവാഹകാലം സൂചിപ്പിക്കുന്ന യോഗം
മാലാർപ്പണം നാ. 1. മാലയിടൽ; 2. വിവാഹം കഴിക്കൽ; 3. സത്കരിക്കൽ
മാലി1 നാ. 1. മാലകെട്ടുന്നവൻ; 2. മാലധരിക്കുന്നവൻ; 3. ഒരു രാക്ഷസൻ, വിഭീഷണൻെറ മന്ത്രി; 4. തോട്ടക്കാരൻ; 5. ആറ്റിനടുത്തുള്ള ഭൂമി; 6. ഒരു ദ്വീപ്
മാലി2 നാ. കയറ്റുവല, കയറ്റുവലകൊണ്ടുള്ള കൂട
മാലി3 നാ. തോട്ടക്കാരൻ
മാലിക്ക് [അറ] നാ. മുതലാളി, യജമാനൻ
മാലിക1 വി. മാലയെ സംബന്ധിച്ച
മാലിക2 നാ. 1. ഒരിനം മുല്ല; 2. ഒരു ആഭരണം (കഴുത്തിലണിയുന്നത്); 3. (പുഷ്പ)മാല; 4. മദ്യം; 5. വരി; 6. നിര; 7. എള്ള്; 8. പുത്രി; 9. രാജധാനി
മാലികൻ നാ. 1. മാലാകാരൻ; 2. ചിത്രകാരൻ; 3. തോട്ടക്കാരൻ
മാലിഖാൻ,-കാന [പേർ] നാ. 1. കുടുംബപ്പെൻഷൻ; 2. ഭൂമിവിട്ടുകൊടുത്ത ജന്മികൾക്ക് ഉപജീവനാർഥം വർഷംതോറും നൽകുന്ന ആദായം
മാലിനി നാ. 1. പൂക്കാരൻെറ പത്നി; 2. തോട്ടക്കാരൻെറ പത്നി; 3. പാഞ്ചാലി (അജ്ഞാതവാസകാലത്തെ പേര്); 4. ദുർഗ; 5. വിഭീഷണൻെറ മാതാവ്; 6. ആകാശഗങ്ഗ; 7. ഒരു നഗരം; 8. ഗങ്ഗ; 9. ഒരു വൃത്തം
മാലിന്യം നാ. 1. അഴുക്ക്, മലിനത; 2. കറ; 3. കളങ്കം; 4. കറുപ്പ്; 5. പാപം; 6. ഉപദ്രവം
മാലിമി നാ. മാലുമി
മാലിസ് [പേർ] നാ. 1. കുതിരയെ തിരുമ്മൽ; 2. ഉഴിച്ചിൽ, ശരീരം എണ്ണയിട്ടു തിരുമ്മൽ
മാലുധാനൻ നാ. 1. നീചൻ; 2. ഒരുജാതി പാമ്പ്
മാലുധാനം നാ. മദനമണ്ഡലി, പച്ചളിപ്പാമ്പ്, ചിത്രസർപ്പം, കൺകൊത്തിപ്പാമ്പ്
മാലുമി [അറ] നാ. 1. കപ്പലിൻെറ അമരം; 2. അമരക്കാരൻ; 3. കപ്പിത്താൻ; 4. അധ്യാപകൻ
മാലുമിക്കണക്ക് നാ. നാവികവിദ്യ, മാലുമിശാസ്ത്രം
മാലേയ വി. 1. മലയപർവതത്തെ സംബന്ധിച്ച; 2. ചന്ദനംകൊണ്ടുള്ള; 3. മാലസംബന്ധിച്ച

മാലേയൻ		നാ.	മാലകെട്ടുന്നവൻ
മാലേയപങ്കം		നാ.	ചന്ദനക്കൂട്ട്
മാലേയം		നാ.	1. ചന്ദനം; 2. ഏലത്തരി
മാലോകർ		നാ.	മഹാജനങ്ങൾ
1191
മാലോൻ		നാ.	1. വിഷ്ണു; 2. ബുദ്ധൻ
മാലോപമ		നാ.	ഒരു അലങ്കാരം
മാല്യ		വി.	1. മാലയ്ക്കുകൊള്ളാവുന്ന; 2. മാലയെസംബന്ധിച്ച
മാല്യജീവകൻ		നാ.	പൂക്കാരൻ
മാലേയം		നാ.	1. ചന്ദനം; 2. ഏലത്തരി
മാല്യവതി		നാ.	മാല അണിഞ്ഞവൾ
മാല്യവാൻ		നാ.	1. മാലധരിച്ചവൻ; 2. പ്രസ്രവണം (കിഷ്കിന്ധയ്ക്കു സമീപമുള്ള ഒരു പർവതം)
; 3. ഒരു രാക്ഷസൻ, സുകേശൻെറ പുത്രൻ, രാവണാദികളുടെ പിതാമഹൻ
മാല്യവിധി		നാ.	64 കലകളിൽ ഒന്ന്
മാല്യവൃത്തി		നാ.	1. പൂക്കച്ചവടം; 2. പൂക്കച്ചവടക്കാരൻ
മാവി		നാ.	കെട്ടിനിൽക്കുന്ന ജലത്തിനുമീതെ പച്ചനിറത്തിൽ കാണുന്ന ചമ്മി
മാവ്1		നാ.	1. പൊടി ഉദാഃ അരിമാവ്; 2. മാശ് (മാച്ച്) (പ്ര) മാവുവീഴുക = കന്നുകാലികൾ പ്രസവിച്ചുകഴിഞ്ഞ് മറുപിള്ള പുറത്തുവരുക
മാവ്2		നാ.	ഒരു അളവ്, 1/4 ഭാഗത്തിൻെറ അഞ്ചിലൊന്ന്
മാവുത്തൻ		നാ.	ആനക്കാരൻ
മാവുരം		നാ.	മഹത്തായ ശക്തി
മാവേലി		നാ.	മഹാബലി (പ്ര) മാവേലിസ്റ്റോർ = നിത്യോപയോഗസാധനങ്ങൾ ന്യായവിലയ്ക്കു ജനങ്ങൾക്കു ലഭ്യമാക്കണമെന്ന ലക്ഷ്യത്തോടെ കേരളസർക്കാർ നടത്തുന്ന ചില്ലറവിൽപനക്കട
മാശി		നാ.	1. (ജ്യോ) മാഘം, മകം; 2. (ജ്യോ) കുംഭമാസം; 3. മാശ്; 4. പുതുവരമ്പ്; 5. മേഘം
മാശ്		നാ.	1. മറുപിള്ള; 2. പൊക്കിൾക്കൊടി (പ്ര) മാശുവള്ളി = നാഭീനാളം
മാഷകം		നാ.	1. ഉഴുന്ന്; 2. (സ്വർണത്തിൻെറ) ഒരു തൂക്കം (പത്തരകുന്നി കൂടിയത്); 3. ഒരു രോഗം
മാഷം		നാ.	മാഷകം
മാഷവർധകൻ		നാ.	തട്ടാൻ
മാഷാദം		നാ.	ആമ
മാഷാശം		നാ.	കുതിര
മാഷാശി		നാ.	കുതിര
മാഷീണം		നാ.	മാഷ്യം, ഉഴുന്നു വിളയുന്ന സ്ഥലം
മാസകാലിക		വി.	(ഒരു)മാസം നീണ്ടുനിൽക്കുന്ന
മാസക്കുളി		നാ.	തീണ്ടാരിക്കുളി

മാസപ്പടി നാ. (മാസംതോറുമുള്ള) ശമ്പളം; 2. സ്ക്കൂൾഫീസ്; 3. ഒരു ഉദ്യോഗം
മാസപ്പടിക്കാരൻ നാ. 1. പ്രതിമാസം ശമ്പളം പറ്റുന്നവൻ; 2. ശിപായി; 3. കരംപിരിക്കുന്നവൻ
മാസം നാ. 1. സംവത്സരത്തിൻെറ പന്ത്രണ്ടിൽ ഒരുഭാഗം (ചിങ്ങം, കന്നി, തുലാം, വൃശ്ചികം, ധനു, മകരം, കുംഭം, മീനം, മേടം, ഇടവം, കർക്കടകം എന്നിങ്ങനെ മലയാള മാസങ്ങൾ പന്ത്രണ്ട്); 2. മരിച്ചവർക്കുവേണ്ടി മാസംതോറും കഴിക്കുന്ന ചാത്തം (പ്ര) മാസംതികയുക = പ്രസവിക്കാറാകുക
മാസരം നാ. 1. വാർത്തകഞ്ഞി; 2. ഒരു ഭക്ഷ്യസാധനം
മാസലം നാ. സംവത്സരം, വർഷം
മാസവിശേഷം നാ. ക്ഷേത്രങ്ങളിലും മറ്റും മാസംതോറും നടത്തുന്ന ഉത്സവം
മാസാനുമാസം അവ്യ. മാസംതോറും
മാസാനുമാസിക വി. മാസംതോറുമുള്ള
മാസാന്തം നാ. 1. മാസത്തിൻെറ അവസാനം; 2. സംക്രാന്തി; 3. കറുത്തവാവ്
മാസാന്ത്യപ്പട്ടോല നാ. പ്രതിമാസക്കണക്കിൻെറ വിവരമടങ്ങിയ സ്റ്റേറ്റ്മെൻറ്
മാസാർധം നാ. പക്ഷം, പതിനഞ്ചുനാൾ
മാസിക1 വി. 1. മാസം സംബന്ധിച്ച; 2. മാസംതോറുമുള്ള
മാസിക2 നാ. 1. മാസംതോറും പ്രസിദ്ധപ്പെടുത്തുന്ന പത്രം (ആനുകാലികപ്രസിദ്ധീകരണം എന്ന അർഥത്തിലും പ്രയോഗം); 2. മാസത്തേക്കുള്ള
മാസികം നാ. 1. മാസംതോറുമുള്ളത്; 2. കറുത്തവാവുതോറും നടത്തുന്ന ശ്രാദ്ധം; 3. ഒരു അടിയന്തിരം (ബന്ധുമരിച്ചാൽ 30 ദിവസം കഴിഞ്ഞു നടത്തുന്നത്)
മാസുൽ [<അറ] നാ. 1. ധാന്യം; 2. വിളവ്; 3. ഭൂനികുതി
മാസ്മരവിദ്യ നാ. ഒരു വിദ്യ, മനശ്ശക്തിയുപയോഗിച്ചു പലതും ചെയ്യുന്നത് (മെസ്മർ എന്ന ജർമൻ ഭിഷക്കിൻെറ പേരിൽനിന്നുണ്ടായ പദം)
മാസ്യ വി. 1. ഒരുമാസം പ്രായമുള്ള; 2. മാസസംബന്ധമായുള്ള
മാസ്റ്റർ [ഇം.] നാ. 1. അധ്യാപകൻ; 2. വിദഗ്ധൻ; 3. യജമാനൻ
മാഹാകുല വി. വലിയ കുലത്തിൽ ജനിച്ച
മാഹാകുലം നാ. പശുക്കൂട്ടം
മാഹാജനിക വി. 1. മഹാജനത്തിനു യോജിച്ച; 2. കച്ചവടക്കാർക്കു തക്കതായ
മാഹാണി നാ. ഒരുതരം തൂക്കം, മാകാണി
മാഹാത്മിക വി. 1. മഹാമനസ്കതയുള്ള; 2. മഹത്ത്വമുള്ള
മാഹാത്മ്യം നാ. 1. മഹാത്മാവിൻെറ അവസ്ഥ, മഹിമ; 2. ശ്രേഷ്ഠത, മേന്മ
മാഹിഷൻ നാ. 1. മഹിഷത്തെ സൂക്ഷിക്കുന്നവൻ
മാഹിഷപഞ്ചകം നാ. എരുമയിൽനിന്നുകിട്ടുന്ന അഞ്ചുവസ്തുക്കൾ (പാൽ, തൈർ, വെണ്ണ, ചാണകം, മൂത്രം)
മാഹിഷം നാ. 1. മഹിഷത്തെ സംബന്ധിച്ചത്; 2. രക്തചന്ദനം
മാഹിഷികൻ നാ. 1. മാഹിഷൻ (എരുമയെ പോറ്റുന്നവൻ); 2. വ്യഭിചാരിണിയായ ഭാര്യയെക്കൊണ്ട് ഉപജീവിക്കുന്നവൻ
മാഹിഷ്മതി നാ. 1. ഹൈഹയ രാജാക്കന്മാരുടെ പ്രധാനനഗരം; 2. നർമദാ തീരത്തുള്ള ഒരു പട്ടണം
മാഹിഷ്യൻ നാ. വൈശ്യസ്ത്രീയിൽ ക്ഷത്രിയനു ജനിച്ചവൻ

മാഹേന്ദ്ര വി. 1. മഹേന്ദ്രനെ സംബന്ധിച്ച; 2. കിഴക്കു ദിക്കിലുള്ള
മാഹേന്ദ്രപ്പൊരുത്തം നാ. 9ജ്യോ) പുരുഷനക്ഷത്രം സ്ത്രീയുടെ ജന്മനക്ഷത്രത്തിൻെറയോ അനുജന്മനക്ഷത്രത്തിൻെറയോ 4, 7, 8 ഈ നക്ഷത്രങ്ങളിലൊന്നായിരിക്കൽ
മാഹേന്ദ്രം നാ. 1. ഒരു അസ്ത്രം (മഹേന്ദ്രസംബന്ധിയായത്); 2. മഴവില്ല്; 3. കിഴക്കുള്ളത്; 4. കിഴക്കോട്ടൊഴുകുന്നത്
മാഹേയ വി. 1. മഹിയെ സംബന്ധിച്ച (ഭൂമിയെ സംബന്ധിച്ച); 2. മണ്ണുകൊണ്ടുണ്ടാക്കിയ
മാഹേയൻ നാ. ഭൂപുത്രൻ (കുജൻ, നരകാസുരൻ)
മാഹേയം നാ. 1. പവിഴം; 2. ഒരു നരകം
മാഹേയി നാ. മാഹയുടെ അപത്യം, പശു
മാഹേശ്വരൻ നാ. ശിവഭക്തൻ
മാഹേശ്വരി നാ. 1. സപ്തമാതാക്കളിൽ ഒരുവൾ; 2. ശ്രീപാർവതി; 3. ദുർഗ; 4. കീരിവള്ളി
മാളം നാ. പാമ്പും മറ്റും ഇരിക്കുന്ന മട, പുനം, വങ്ക്
മാളവം നാ. ഒരു ദേശം (56 ദേശങ്ങളിൽ ഒന്ന്)
മാളവി നാ. 1. (സങ്ഗീ) ഒരു രാഗം; 2. മാളവ്യം
മാളവിക നാ. 1. അഗ്നിമിത്രൻെറ പത്നി; 2. ത്രികോൽപ്പക്കൊന്ന; 3. നാൽക്കോൽപ്പക്കൊന്ന
മാളവികാഗ്നിമിത്രം നാ. കാളിദാസൻെറ ഒരു നാടകം
മാളവ്യം നാ. (ജ്യോ) പഞ്ചമഹായോഗങ്ങളിൽ ഒന്ന് (ശുക്രൻ ഉച്ചനായി ലഗ്നാൽ കേന്ദ്രസ്ഥാനത്തു നിൽക്കൽ)
മാളി നാ. 1. മാളം; 2. ഗൂഢസ്ഥലം; 3. കള്ളമുറി; 4. മുള്ളൻ പന്നിയും മറ്റും ഇരിക്കുന്ന ഗുഹ; 5. വിടവ്
മാളിക നാ. 1. ഒന്നിലധികം നിലയുള്ള കെട്ടിടം; 2. ധനികരുടെ ഗൃഹം; 3. രാജധാനി; 4. ഭവനത്തിൻെറ മേൽമുറി, മേട
മാളുക ക്രി. 1. മരിക്കുക; 2. വാടുക; 3. ഒഴിയുക
മാഴ [ത.മാഴൈ] നാ. 1. അഴക്, സൗന്ദര്യം; 2. ഐശ്വര്യം; 3. ഭോഷ്ക്ക്; 4. മാമരം; 5. സ്വർണം
മാഴക്കണ്ണാൾ നാ. സുന്ദരി
മാഴൻ നാ. 1. സുന്ദരൻ; 2. മൂഢൻ (ഭോഷൻ)
മാഴുക ക്രി. വാടുക (മാഴകുക)
മാഴ് വി. അഴകുള്ള, സൗന്ദര്യമുള്ള
മാഴ്കൽ നാ. 1. മടി; 2. ക്ഷീണം
മാഴ്കുക ക്രി. 1. ദുഃഖിക്കുക; 2. കരയുക; 3. മടിക്കുക; 4. ക്ഷീണിക്കുക; 5. മങ്ങുക; 6. മയങ്ങുക
മാഴ്ച നാ. മാഴ്കൽ
മാറ്,മാർ [സുറി] നാ. നാഥൻ. ഉദാഃ മാർപ്പാപ്പാ, മാർഇവാനിയോസ്
മാറടിക്കുക ക്രി. 1. മാറിലടിക്കുക; 2. മാരടിക്കുക; 3. വഴക്കടിക്കുക
മാറടിപ്പ് നാ. 1. വഴക്ക്; 2. മാരടിപ്പ് (മാറത്തടിപ്പ്)
മാറൽ [മാറുക] നാമരൂപം
മാറാ [മാറ്-ആ] വി. മാറാത്ത. ഉദാഃ മാറാപ്പേര്

മാറാടുക ക്രി. 1. ക്രമക്കേടാവുക; 2. (മൃഗങ്ങൾ) ഇണചേരുക; 3. ചതിക്കുക; 4. എതിരിടുക; 5. വേഷംമാറുക; 6. ഒരാൾക്കുപകരം മറ്റൊരാൾ പ്രവർത്തിക്കുക
മാറാട്ടം നാ. 1. ചതി; 2. ക്രമക്കേട്, ഒന്നിനുപകരം മറ്റൊന്നു വയ്ക്കൽ, വച്ചുമാറ്റം
മാറാൻ1 നാ. 1. ഒരിനം ചേമ്പ്; 2. ചിലന്തി
മാറാൻ2 [<സുറി] നാ. എൻെറ പ്രഭു, നാഥൻ
മാറാപ്പ് നാ. 1. വസ്ത്രംകൊണ്ടുള്ള ഒരുതരം ഭാണ്ഡക്കെട്ട്; 2. കുറുങ്കഴുക്കോൽ (പ്ര) മാറാപ്പുകെട്ടുക = യാത്രപുറപ്പെടുക
മാറാല നാ. ചിലന്തിവല (ചുക്കിലിവല)
മാറിടം നാ. നെഞ്ച്
മാറിടുക ക്രി. 1. ഇടയുക, എതിർക്കുക; 2. ചുമതലപ്പെടുക
മാറ് നാ. 1. നെഞ്ച്; 2. മാറളവ്, രണ്ടുകൈയും മാറും ചേർന്നുള്ള അളവ് (രണ്ടു കൈയും വിലങ്ങനെ നീട്ടിപ്പിടിച്ച് അളന്നാൽ അതിലൊതുങ്ങുന്ന നീളം); 3. എതിര്, തുല്യം; 4. (കൈ) മാറ്റം; 5. ഭാര്യയ്ക്കുള്ള ദാനം
മാറുക1 ക്രി. 1. അകന്നുപോവുക, നീങ്ങുക, ഒഴിയുക; 2. ഒന്നുകൊടുത്തു മറ്റൊന്നു വാങ്ങുക. ഉദാഃ ചില്ലറമാറുക; 3. ഇല്ലാതാവുക; 4. ഒളിച്ചുപോവുക; 5. മറുരൂപമാവുക; 6. മാഞ്ഞുപോവുക; 7. പൊറുക്കുക (രോഗം മാറുക); 8. വേറെ വസ്ത്രം ധരിക്കുക (വസ്ത്രം മാറുക); 9. ഭാഷാഭേദംവരുത്തുക; 10. വേർതിരിക്കുക; 11. (നടപ്പിനു) വ്യത്യാസം വരുത്തുക (സ്വഭാവം മാറുക); 12. പോരാടുക
മാറുകണ്ണ് നാ. കോങ്കണ്ണ്
മാറുപാട് നാ. 1. പ്രാതികൂല്യം, കലക്കം; 2. മാറ്റം (നേർവഴിയിൽനിന്നുള്ള വ്യതിചലനം)
മാറ്റക്കാരൻ നാ. 1. അസ്ഥിരൻ, മാറിക്കളയുന്നവൻ; 2. ചെറിയ കച്ചവടക്കാരൻ; 3. ചതിയൻ; 4. ശത്രു
മാറ്റപ്പീടിക നാ. 1. സാധനത്തിനുപകരം സാധനം നൽകുന്ന കട; 2. കള്ളുഷാപ്പ്
മാറ്റം [<മാറുക] നാ. 1. വ്യത്യാസം; 2. കൈമാറ്റം (വിനിമയം); 3. എതിര്; 4. പക; 5. ആൾമാറാട്ടം (വേറാകൽ); 6. സ്ഥലം മാറ്റം; 7. മറുപടി; 8. വാക്ക്
മാറ്റർ[ഇം.] നാ. 1. പദാർഥം; 2. സങ്ഗതി; 3. അച്ചടിക്കാൻ പ്രസ്സിൽക്കൊടുക്കുന്ന നക്കൽ
മാറ്റൽ നാ. 1. പകരം വയ്ക്കൽ, പകരം പ്രവർത്തിക്കൽ; 2. സ്ഥാനഭ്രംശം വരുത്തൽ, നീക്കൽ, നീക്കിവയ്ക്കൽ; 3. ഭേദമാക്കൽ
മാറ്റലർ നാ. ശത്രുക്കൾ
മാറ്റാണ്മ നാ. ശത്രുത
മാറ്റാർ നാ. (ബ.വ.) ശത്രുക്കൾ
മാറ്റാൾ നാ. സപത്നി
മാറ്റി1 നാ. 1. ചതിയൻ; 2. നിർഭാഗ്യവാൻ; 3. ശത്രു; 4. വീഴ്ചക്കാരൻ
മാറ്റി2 [മാറ്റുക] ഭൂ.രൂപം
മാറ്റിത്ത(ന)ം നാ. 1. ആപത്ത്; 2. ചതി; 3. തോൽവി
മാറ്റ് നാ. 1. സ്വർണത്തിൻെറയും മറ്റും ശുദ്ധി (ചേർന്നിട്ടുള്ള കലർപ്പിൻെറ അളവ്); 2. അലക്കിയ വസ്ത്രം (മാറ്റാനുള്ളത്); 3. വെളുത്തേടനോട് ഇരവൽ

വാങ്ങുന്ന വസ്തു; 4. വാക്ക്; 5. എതിര്; 6. അരയിൽ പിൻഭാഗത്തു വസ്ത്രം മടക്കി കനത്തിൽ കെട്ടിയ പൃഷ്ഠം; 7. മാറ്റം, മറുപടി; 8. വാക്ക്
മാറ്റുക ക്രി. 1. ഒരു സ്ഥലത്തുനിന്നു നീക്കി മറ്റുസ്ഥലത്താക്കുക; 2. ഒളിപ്പിക്കുക; 3. പകരം വയ്ക്കുക; 4. വ്യത്യാസം വരുത്തുക; 5. തഴുതിടുക; 6. നീക്കുക; 7. കൊല്ലുക; 8. വേർതിരിക്കുക; 9. വിടുക; 10. ശമിപ്പിക്കുക; 11. നുകം വച്ചുകെട്ടുക; 12. മാറ്റാണിവെക്കുക; 13. ചില്ലറവാങ്ങുക; 14. മാറ്റിപ്പറയുക
മാറ്റുവസ്ത്രം നാ. 1. മാറിയ വസ്ത്രം; 2. മാറ്റായി വാങ്ങിയ വസ്ത്രം
മാറ്റുവാണിഭം നാ. വിനിമയം (മാറ്റക്കച്ചവടം)
മാറ്റൊലി നാ. പ്രതിധ്വനി, മുഴക്കം (പ്ര) മാറ്റൊലിക്കൊള്ളുക = പ്രതിധ്വനിക്കുക
മിക1 വി. മിക്കവാറും
മിക2 നാ. 1. ദുഃഖം; 2. കേട്
മികച്ച വി. 1. വർധിച്ച; 2. കവിഞ്ഞ; 3. ശ്രേഷ്ഠമായ
മികപ്പ് നാ. 1. മിതവ്യയം; 2. അഭിവൃദ്ധി
മികയ്ക്കുക ക്രി. 1. പരിപൂർണമാകുക; 2. വർദ്ധിക്കുക; 3. ഒന്നിനെ കവിഞ്ഞ് മുമ്പോട്ടുനിൽക്കുക; 4. അഭിവൃദ്ധിപ്രാപിക്കുക
മികയുക ക്രി. പെരുകുക, അധികപ്പെടുക
മികവ് നാ. 1. പൂർണത; 2. കവിയൽ
മികുക ക്രി. കവിയുക, പെരുകുക
1193
മികുതി നാ. 1. പൂർണത; 2. ആധിക്യം; 3. ബാക്കി; 4. ശ്രേഷ്ഠത; 5. വർധന; 6. കൂട്ടം; 7. ലാഭം
മികുത്ത വി. 1. മികച്ച; 2. കവിഞ്ഞുനിൽക്കുന്ന; 3. അഹന്തയുള്ള
മിക്ക വി. 1. അധികമായ; 2. സമ്പൂർണമായ; 3. പ്രാബല്യമുള്ള; 4. മനോജ്ഞമായ; 5. മികച്ച
മിക്കതും അവ്യ. 1. അധികവും; 2. മിക്കവാറും
മിക്കവൻ നാ. 1. മികച്ചവൻ; 2. ജ്ഞാനി
മിക്കവാറും അവ്യ. 1. മിക്കതും, അധികവും; 2. ഏകദേശം; 3. പ്രായേണ
മിക്കൊളി നാ. അധികമായ പ്രകാശം
മിക്കോർ നാ. (ബ.വ.) 1. ജ്ഞാനികൾ (മികച്ചവർ); 2. ബാക്കിയുള്ളവർ
മിച നാ. 1. ഉയർച്ച; 2. മേട്; 3. ചോറ്; 4. ദാരിദ്ര്യം
മിചയുക ക്രി. 1. അനുഭവിക്കുക; 2. ഉണ്ണുക
മിച്ചം നാ. 1. ആവശ്യത്തിലും അധികമുള്ളത്; 2. ശേഷിപ്പ്, ബാക്കി; 3. ലാഭം
മിച്ചവാരം നാ. കുടിയാൻ ദ്രവ്യംകൊടുത്ത് എഴുതിവാങ്ങിച്ച വസ്തുവിന് അപ്രകാരം കൊടുത്ത ദ്രവ്യത്തിൻെറ പലിശനീക്കി ജന്മിക്കുചെല്ലേണ്ട പാട്ടം
മിഞ്ചൽ നാ. 1. എച്ചിൽ; 2. ബാക്കിവരൽ; 3. വർധന
മിഞ്ചിക്കുക ക്രി. 1. ബാക്കിവയ്ക്കുക, ശേഷിപ്പിക്കുക; 2. കബളിപ്പിക്കുക
മിഞ്ചിപ്പ് നാ. 1. മിച്ചം; 2. എച്ചിൽ
മിഞ്ചുക1 ക്രി. 1. മികുക്കുക; 2. അതിക്രമിക്കുക; 3. വർധിക്കുക; 4. ഐശ്വര്യം വരുക. മിഞ്ചിക്കൊടുക്കാഞ്ഞാൽ മീശവരികയില്ല (പഴ)

മിഞ്ചുക2 ക്രി. 1. മിചയുക; 2. ഭക്ഷിക്കുക; 3. ശേഷിക്കുക; 4. എച്ചിലാക്കുക
മിഞ്ചുക3 ക്രി. ശോഭാധികൃത്താൽ കണ്ണടയുക, അഞ്ചുക
മിട നാ. 1. മുടിച്ചിൽ; 2. കെട്ട്; 3. ഞെരുക്കൽ; 4. പക്ഷികളുടെ തീൻസഞ്ചി
മിടകാട്ടൽ നാ. 1. കോപഭാവം; 2. ദുർമുഖം കാട്ടൽ
മിടച്ചൽ [<മിടയുക] നാമരൂപം
മിടത്തുക ക്രി. 1. തള്ളിക്കയറ്റുക; 2. വലിക്കുക; 3. തുറക്കുക (കമ്പിയോ ഉളിയോ മറ്റോകൊണ്ട് തെന്നിത്തുറക്കുക)
മിടന്തുക ക്രി. 1. വലിച്ചെടുക്കുക; 2. വല്ലതും നീക്കാനായി ഉറക്കെ അടിക്കുക; 3. തള്ളിമാറ്റുക
മിടപ്പ് നാ. കൊണ്ട (കെട്ടിവച്ച കുടുമ)
മിടമ നാ. 1. മിടുമ (സാമർഥ്യം); 2. മേന്മ; 3. വീര്യം
മിടയുക ക്രി. 1. പിന്നുക, പിണയ്ക്കുക; 2. പൊതിയുക; 3. കെട്ടുക, പിണച്ചുകെട്ടുക; 4. ചുരുട്ടുക; 5. ഞെരുക്കുക; 6. മടക്കുക; 7. ഓലക്കാലും മറ്റും ഞെരുക്കിപ്പിന്നുക; 8. പുരമേയുവാൻ തക്കവണ്ണം തെങ്ങോല പിണച്ചുചേർക്കുക
മിടൽ നാ. 1. മിടുക്ക്; 2. ശക്തി
മിടല നാ. മിടഞ്ഞ ഓലകൊണ്ടുള്ള മറ, തട്ടി
മിടറ് നാ. 1. തൊണ്ട; 2. കഴുത്ത്; 3. കീഴ്‌വായ്; 4. വിഴുങ്ങൽ; 5. തുള്ളി
മിടാ(വ്) നാ. 1. മങ്ങലി; 2. പാന
മിടി(ൽ) നാ. 1. തട്ട്; 2. വലി; 3. അടി; 4. ചെറിയ കായ്; 5. പയറ്; 6. അൽപമാത്രമുള്ളത്; 7. ദാരിദ്ര്യം; 8. മിടിപ്പ്
മിടിക്കുക ക്രി. 1. നാഡി ഇളകുക; 2. തുടിക്കുക, സ്പന്ദിക്കുക; 3. ഞൊടിക്കുക; 4. മീട്ടുക, വായിക്കുക (വിരൽകൊണ്ട് വീണക്കമ്പിയും മറ്റും തട്ടുക)
മിടില നാ. 1. തൊണ്ട; 2. പാനം
മിടുക്കൻ നാ. സമർതൻ, ചൊടിയുള്ളവൻ, മിടമൻ
മിടുക്ക് നാ. സാമർഥ്യം, ചൊടി, പ്രാപ്തി, മിടമ
മിടുക്കുക ക്രി. 1. നിർബന്ധിക്കുക; 2. വലിയുക
മിടുമിടുക്കൻ നാ. അതിസമർഥൻ
മിട്ടാൽ നാ. 1. തീരം; 2. തിട്ട; 3. ചിറ
മിട്ടിൽ നാ. 1. തവളക്കുഞ്ഞ്; 2. പുഴു; 3. ഉപ്പുമാങ്ങ; 4. നീറ്റടയ്ക്ക
മിണുങ്ങുക ക്രി. നാണിക്കുക
മിണ്ടാട്ടം നാ. 1. സംസാരം, പറച്ചിൽ; 2. സംസാരിക്കാനായി വായ് തുറക്കൽ
മിണ്ടാതെ അവ്യ. 1. സംസാരിക്കാതെ; 2. ശബ്ദിക്കാതെ; 3. വെറുതെ അലസമായി, ഒന്നും ചെയ്യാതെ
മിണ്ടാപ്പൂച്ച നാ. (പ്ര) 1. സംസാരിക്കാൻ ശേഷിയില്ലാത്ത ജീവി; 2. നിരുപദ്രവിയെന്നു ഭാവിക്കുന്ന ആൾ. മിണ്ടാപ്പൂച്ച കലമുടയ്ക്കും. (പഴ)
മിണ്ടാപ്രാണി നാ. 1. സംസാരിക്കാൻ ശേഷിയില്ലാത്ത ജീവി; 2. (പ്ര) പാവം, നിരുപദ്രവി
മിണ്ടി1 നാ. ഒരു ആയുധം, തെന്നി ഉയർത്താനുപയോഗിക്കുന്ന കമ്പി
മിണ്ടി2 നാ. ക്ഷേത്രങ്ങളിൽ അനുഷ്ഠിക്കുന്ന പ്രായശ്ചിത്തം. (പ്ര) മിണ്ടി ഉരുളുക = ക്ഷേത്രത്തിനുചുറ്റും ഉരുളുക

മിണ്ടുക ക്രി. 1. സംസാരിക്കുക, പതുക്കെ പറയുക; 2. തള്ളുക; 3. ഞെരുങ്ങുക
മിത വി. 1. മാനംചെയ്യപ്പെട്ട, അളക്കപ്പെട്ട, അളന്നുകൊടുക്കപ്പെട്ട; 2. പരിശോധിക്കപ്പെട്ട; 3. അറിയപ്പെട്ട; 4. മതിയായ; 5. ചുരുങ്ങിയ
മിതക്കുക ക്രി. മീതെയാകുക, ദ്രാവകത്തിൽ പൊങ്ങിക്കിടക്കുക
മിതദ്രു നാ. കടൽ
മിതപ്പെടുത്തുക ക്രി. ക്രമപ്പെടുത്തുക, നിയന്ത്രിക്കുക, അധികമാകാതെ നോക്കുക
മിതഭാഷി നാ. അധികം സംസാരിക്കാത്തവൻ, ആവശ്യത്തിനുമാത്രം സംസാരിക്കുന്നവൻ
മിതം നാ. 1. അളക്കപ്പെട്ടത്; 2. ആവശ്യത്തിനുമാത്രമുള്ളത് (കവിയാതെയോ കുറയാതെയോ ഉള്ളത്)
മിതംപച വി. ലുബ്ധുള്ള (മിതമായി പാകംചെയ്യുന്ന)
മിതവാക്ക് നാ. മിതഭാഷി
മിതവ്യയം നാ. മിതമായ ചെലവ് (പ്ര) മിതവ്യയശീലം = ചുരുക്കിചെലവാക്കി മിച്ചം വയ്ക്കുന്ന ശീലം
മിതാർഥ വി. ചുരുങ്ങിയ അർഥമുള്ള
മിതാശനം നാ. മിതാഹാരം (മിതമായ ഭക്ഷണം)
മിതി നാ. 1. അളവ്; 2. തൂക്കം; 3. തെളിവ്; 4. നിർണയനം; 5. (നിഷ്കൃഷ്ടമായ ജ്ഞാനം)
മിത്ര നാ. 1. മൈത്രേയ മുനിയുടെ മാതാവ്; 2. തോഴി
മിത്രത നാ. ബന്ധുത, സ്നേഹം (മിത്രത്തിൻെറ ഭാവം)
മിത്രതനയൻ നാ. അർക്കപുത്രൻ
മിത്രൻ നാ. 1. സൂര്യൻ, ദ്വാദശാദിത്യന്മാരിൽ ഒന്ന്; 2. വരുണൻ
മിത്രപുത്രൻ നാ. അർക്കപുത്രൻ
മിത്രഭാവം നാ. മൈത്രി, സ്നേഹം
മിത്രഭേദം നാ. 1. പക്ഷഭേദം; 2. മിത്രങ്ങളെ തമ്മിൽ അകറ്റുന്ന ഉപായം; 3. പഞ്ചതന്ത്രത്തിൽ ആദ്യത്തെഭാഗം
മിത്രം നാ. ബന്ധു, ഇഷ്ടൻ (പ്രതിഫലേച്ഛ കൂടാതെ സ്നേഹിക്കുന്നവൻ)
മിത്രലാഭം നാ. മിത്രപ്രാപ്തി
മിത്രവാൻ നാ. മിത്രങ്ങളുള്ളവൻ, ബന്ധുക്കളുള്ളവൻ
മിത്രസുതാലയം നാ. യമപുരി
മിത്രാപായം നാ. 1. സൂര്യാസ്തമയം; 2. ബന്ധുനാശം
മിത്രാവരുണന്മാർ നാ. (ബ.വ.) മിത്രനും വരുണനും
മിത്രീകരണം നാ. മിത്രമാക്കിത്തീർക്കൽ (ഇഷ്ടമാക്കൽ)
മിത്രീഭാവം നാ. സ്നേഹഭാവം
മിത്രോദയം നാ. 1. സൂര്യോദയം; 2. ബന്ധുക്കളുടെ ശ്രേയസ്സ്
മിഥസ് അവ്യ. 1. അന്യോന്യം; 2. രഹസ്യമായി; 3. മുറമുറയായി
മിഥസ്സന്ദർശനം നാ. കൂടിക്കാഴ്ച
മിഥില നാ. ജനകൻെറ രാജ്യം, വിദേഹരാജ്യത്തിൻെറ തലസ്ഥാനം
മിഥു അവ്യ. തെറ്റായി, കളവായി

മിഥുനം		നാ.	1. ഇണ, ദ്വന്ദം (ദമ്പതിമാർ, സ്ത്രീയും പുരുഷനും കൂടിയത്); 2. മേടം മുതൽ മൂന്നാമത്തെ മാസം, മൂന്നാം രാശി (സ്വരൂപം സ്ത്രീപുരുഷദ്വന്ദം പോലാകയാൽ); 3. സമ്യോഗം; 4. സന്ധി

മിഥുനമൂല	നാ.	തെക്കുകിഴക്ക്

മിഥുനീകരിക്കുക	ക്രി.	1. ഭാര്യാഭർത്താക്കളാക്കുക; 2. ഇണചേർക്കുക

മിഥുനീഭാവം	നാ.	സംയോഗം, ഇണചേരൽ

മിഥുനേചരം	നാ.	ചക്രവാകം

മിഥ്യ1	വി.	അസത്യമായ, തെറ്റായ

മിഥ്യ2	നാ.	മായ, യഥാർഥമല്ലാത്തത്, ഇല്ലാത്തത്, വ്യാജം

മിഥ്യാകോപം	നാ.	കോപം നടിക്കൽ

മിഥ്യാജ്ഞാനം	നാ.	തെറ്റായ അറിവ്

മിഥ്യാദർശനം	നാ.	1.നാസ്തികത്വം (ഇല്ലാത്തത് ഉണ്ടെന്നുള്ള ബുദ്ധിദർശനം); 2. പാഷണ്ഡമതം

മിഥ്യാദൃഷ്ടി	നാ.	മിഥ്യാദർശനം

മിഥ്യാപവാദം	നാ.	അസത്യമായ ദോഷാരോപണം

മിഥ്യാപ്രഗല്ഭൻ	നാ.	വെറുതെ പൊങ്ങച്ചം പറയുന്നവൻ

മിഥ്യാഭിധ	നാ.	കള്ളപ്പേര്

മിഥ്യാഭിയോഗം	നാ.	അടിസ്ഥാനരഹിതമായ ദോഷാരോപണം

മിഥ്യാഭിശംസനം	നാ.	അപവാദം (ഇല്ലാത്ത ദോഷം ആരോപിക്കൽ)

മിഥ്യാഭിശംസി	നാ.	അപവാദം പറയുന്നവൻ

മിഥ്യാഭൂതം	നാ.	മായാസംബന്ധം

മിഥ്യാമതി	നാ.	ഭ്രമം, ഭ്രാന്തി, തെറ്റായധാരണ (അസത്യമായ ബുദ്ധി)

മിഥ്യാവസ്തു	നാ.	യാഥാർഥ്യരാഹിത്യം (ഇല്ലാത്തത്)

മിഥ്യാവാദം	നാ.	അപവാദം

മിഥ്യാവാദി	നാ.	1. അപവാദം പറയുന്നവൻ; 2. കള്ളൻ

മിഥ്യാവികത്ഥനം	നാ.	വെറുതെ പറയൽ

മിഥ്യാസാക്ഷി	നാ.	കള്ളസാക്ഷി

മിഥ്യോപചാരം	നാ.	നാട്യപ്രധാനമായ സൗഹാർദം, വ്യാജമായ ഉപചാരം, സ്നേഹവും ആദരവും ഭാവിക്കൽ

മിദ്ധം	നാ.	1. അജാഗ്രത; 2. മടി; 3. മയക്കം

മിൻ	വി.	മിന്നുന്ന, പ്രകാശിക്കുന്ന. നാ. മിന്ന്

മിന	നാ.	1. വേല; 2. (ദുഷ്)പ്രവൃത്തി

മിനക്കെടുക	ക്രി.	1. വേലകൂടാതിരിക്കുക; 2. നിഷ്ഫലമായ കാര്യത്തിൽ യത്നിക്കുക; 3. തടയപ്പെടുക

മിനക്കെട്ട	വി.	1. വെറുതെയുള്ള; 2. കാര്യമില്ലാത്ത; 3. മടിയുള്ള

മിനവുക	ക്രി.	ഉപചരിക്കുക

മിനിഞ്ഞാന്ന്	അവ്യ.	ഇന്നലെയ്ക്കുമുമ്പുള്ള ദിവസം

മിനിട്ട്	[ഇം.]	നാ.	ഒരു കാലയളവ്, 60 സെക്കൻറ്

മിനിമം	[ഇം.]	നാ.	ഏറ്റവും കുറഞ്ഞ അളവ് (പ്ര) മിനിമം കൂലി

മിനുക്കം	[<മിനുങ്ങുക]	നാ.	1. തിളക്കം; 2. ശോഭ; 3. മാർദവം

മിനുക്കൽ	[<മിനുക്കുക]	നാമരൂപം

മിനുക്കി നാ. പകിട്ടുകാരി
മിനുക്ക് [<മിനുക്കുക] നാ. 1. ശോഭയുണ്ടാക്കൽ, തെളിക്കൽ; 2. കഥകളി വേഷങ്ങളിൽ ഒരു വിഭാഗം (സ്ത്രീവേഷം)
മിനുക്കുക ക്രി. മിനുസമാക്കുക, ശോഭവരുത്തുക
മിനുക്കുചാണ നാ. ഒരുതരം ചാണ (രത്നവും മറ്റും മിനുക്കാനുള്ളത്)
മിനുക്കുളി നാ. മിനുക്കാനുള്ള ഉളി
മിനുങ്ങൽ നാ. മിന്നൽ, ശോഭവർധിക്കൽ, തെളിയൽ
മിനുങ്ങുക ക്രി. 1. മിന്നുക; 2. ശോഭിക്കുക, തിളങ്ങുക; 3. മിനുതം വരുക
മിനുതം നാ. മിനുക്കം (മിനുസം)
മിനുപ്പ് [<മിനുങ്ങുക] നാ. മിനുക്കം
മിനുമിനുപ്പ് നാ. 1. പ്രകാശം, ശോഭ; 2. തൊട്ടാൽ നല്ല മിനുസം തോന്നുന്ന അവസ്ഥ
മിനുമിനെ അവ്യ. മിനുങ്ങുമാറ്, മിനുസമായി, വെട്ടിത്തിളങ്ങത്തക്കവണ്ണം
മിനുസം നാ. 1. ശോഭ, തിളക്കം; 2. പിരട്ട്; 3. കാപട്യം
മിന്ന വി. 1. പുഷ്ടിയുള്ള (മേദസ്സുള്ള); 2. എണ്ണമയമുള്ള
മിന്നൽ [<മിന്നുക] നാ. 1. ഇടിവാൾ (മിന്നുന്നത്); 2. പ്രകാശം; 3. ഉളുക്ക് (കോച്ചിപ്പിടിത്തം)
മിന്നൽക്കൊടി നാ. ഇടിവാൾ
മിന്നൽപ്പിണർ നാ. മിന്നൽക്കൊടി
മിന്നാടം നാ. വിളക്കുമാടം
മിന്നാമിനുങ്ങ് നാ. സ്വയം പ്രകാശമുള്ള ഒരിനം ചെറിയ കീടം
മിന്നാരം1 [<അറ മീനാർ] നാ. 1. ദീപസ്തംഭം; 2. ചെറിയ ഗോപുരം
മിന്നാരം2 നാ. മുൻവശം
മിന്നി1 വി. പ്രകാശിക്കുന്ന (ഉദാ മിന്നിക്കടുക്കൻ)
മിന്നി2 നാ. 1. കടുക്കൻ; 2. അതിലെ രത്നം
മിന്നിക്കുക [മിന്നുക>പ്ര] ക്രി. 1. പ്രകാശിപ്പിക്കുക; 2. മിന്നുമാറാക്കുക (കൊള്ളിയും മറ്റും വീശി ജ്വലിപ്പിക്കുക); 3. ആനയെ നടത്തുക
1195
മിന്നിച്ച നാ. 1. ഓലക്കം; 2. പ്രകാശം
മിന്നിടക്കൊടി നാ. സുന്ദരി (കൃശമധ്യ)
മിന്ന് നാ. 1. ഒരു ആഭരണം, കെട്ടുതാലി, മങ്ഗല്യസൂത്രം; 2. മിന്നൽ (പ്ര) മിന്നുപറിയുക = വൈധവ്യം നേരിടുക
മിന്നുക ക്രി. 1. പ്രകാശിക്കുക; 2. ഉളുക്കുക. മിന്നുന്നതെല്ലാം പൊന്നല്ല (പഴ)
മിന്നേരിട നാ. സുന്ദരി (കൃശമധ്യ)
മിരട്ടൽ നാ. 1. ഭയപ്പെടുത്തൽ; 2. കബളിപ്പിക്കൽ, പറഞ്ഞുപറ്റിക്കൽ
മിരട്ട് നാ. മിരട്ടൽ
മിരട്ടുക ക്രി. 1. വിരട്ടുക; 2. ഭയപ്പെടുത്തുക; 3.മയക്കുക; 4. വശപ്പെടുത്തുക
മിരളുക ക്രി. വിരളുക്, ഭയപ്പെടുക
മിരിയം1 നാ. മൃഗം
മിരിയം2 നാ. കുരുമുളക്

മിരുതം നാ. 1. മരണം; 2. ശവം; 3. അമൃതുവള്ളി

മിലനം നാ. 1. ചേരൽ; 2. കൂടൽ

മിലിതം നാ. മിളിതം

മിലിന്ദ(ക)ം നാ. മിളിന്ദ(ക)ം

മിലിറ്ററി [ഇം.] വി. സൈനികമായ

മില്ലിഗ്രാം [ഇം.] നാ. ഒരു ഗ്രാമിൻെറ ആയിരത്തിലൊന്ന്

മിശിഹാ [ഹീ] നാ. (ക്രിസ്തു) അഭിഷിക്തൻ, യേശുക്രിസ്തു

മിശ്ര വി. കൂടിക്കലർന്ന, സംയോജിപ്പിച്ച

മിശ്രണം നാ. ഒന്നിലധികം പദാർഥങ്ങൾ കൂട്ടിക്കലർത്തൽ

മിശ്രത നാ. 1. മിശ്രമായ അവസ്ഥ; 2. കുഴപ്പം

മിശ്രൻ നാ. വന്ദ്യൻ, മാന്യൻ (പദാന്ത്യ) ഉദാഃ ആര്യമിശ്രൻ

മിശ്രപുഷ്പ നാ. ഉലുവ

മിശ്രം നാ. 1. ഇടകലർന്നത്, കലർപ്പ്; 2. സാഹിത്യകൃതികൾക്കുള്ള മൂന്നു വിഭാഗങ്ങളിൽ ഒന്ന് (ഗദ്യപദ്യങ്ങൾ കൂടിച്ചേർന്നത്); 3. ഇടത്തരമായത്; 4. ക്രമക്കേട്; 5. വലിയ മുള്ളങ്കി; 6. ആന; 7. ഒരു കാവ്യദോഷം (ഉത്കൃഷ്ടവും അപകൃഷ്ടവും ആയവ കൂട്ടിക്കലർത്തിയത്)

മിശ്രിത വി. 1. മിശ്രമാക്കപ്പെട്ട; 2. ബഹുമാനിക്കപ്പെട്ട

മിഷം നാ. കളം

മിഷേണ അവ്യ. വ്യാജേന

മിഷ്ട വി. 1. തളിക്കപ്പെട്ട; 2. നനഞ്ഞ; 3. മാധുര്യമുള്ള

മിഷ്ടം നാ. 1. ഒരു പലഹാരം (മധുരമുള്ളത്); 2. മധുരരസം

മിഷ്ടഭാഷി വി. മധുരമായി സംസാരിക്കുന്ന

മിഷ്ടാന്നം നാ. 1. തൃപ്തിയായ ഭോജനം; 2. പായസം; 3. മധുരരസം; 4. മിഠായി

മിസ്സി [ഇം.] നാ. കൊച്ചമ്മ, യജമാനത്തി

മിസ്കിൻ [<അറ] നാ. ദരിദ്രൻ

മിസ്റ്റർ [ഇം.] നാ. ബഹുമാനസൂചകമായ ഒരു പദം (പേരിനുമുമ്പു ചേർക്കുന്നത്)

മിസ്റ്റിക് [<ഇം.] വി. ഗൂഢാർഥകമായ

മിഹിക നാ. മഞ്ഞ്; 2. കർപ്പൂരം; 3. വദാമ; 4. അഞ്ജീർ

മിഹിരൻ നാ. 1. സൂര്യൻ; 2. ചന്ദ്രൻ; 3. വൃദ്ധൻ; 4. വായു

മിഹിരം നാ. 1. വായു; 2. മേഘം; 3. എരിക്ക്

മിഹിരാണൻ നാ. ശിവൻ

മിളത്ത് വി. ചേരുന്ന

മിളനം നാ. സങ്ഗമം (കൂടിച്ചേരൽ)

മിളി നാ. വയൽ

മിളിത വി. മിളനം ചെയ്യപ്പെട്ട, ചേർക്കപ്പെട്ട

മിളിന്ദകം നാ. ഒരുജാതി പാമ്പ്

മിളിന്ദം നാ. 1. തേനീച്ച; 2. വണ്ട്

മിളിയം നാ. ഒരു അളവ് (വിസ്തീർണം അളക്കാനുള്ള തോത്)

മിളിർ നാ. 1. പ്രകാശം; 2. കീർത്തി

മിളിരുക1 ക്രി. മറിയുക

മിളിരുക2 ക്രി. ശവം ചീയുക
മിളീറ് നാ. കരടി
മിഴക് നാ. ഒരു വാദ്യം (മിഴാവ്)
മിഴറ്റൽ നാ. അവ്യക്തമധുരമായ സംഭാഷണം
മിഴറ്റുക ക്രി. കൊഞ്ചിപ്പറയുക
മിഴാക്കൊട്ടി നാ. മിഴാവച്ചൻ
മിഴാവച്ചൻ നാ. നമ്പിയാർ (മിഴാവുകൊട്ടുന്നവൻ)
മിഴാവ് നാ. 1. കേരളത്തിലെ മങ്ഗളവാദ്യങ്ങളിൽ ഒന്ന്; 2. മിടാവ് (വലിയ പാത്രം); 3. സദ്യ
മിഴി നാ. 1. കണ്ണ്; 2. കണ്ണിലെ കൃഷ്ണമണി
മിഴിക്കുക ക്രി. 1. കണ്ണുതുറക്കുക, കണ്ണുതുറിക്കുക; 2. വ്യാകുലപ്പെടുക
മിഴിക്കോൺ നാ. കടാക്ഷം
മിഴിപ്പെടുക ക്രി. നോക്കുക, കാണുക
മിഴിവ് നാ. 1. അഴക്; 2. തുറിച്ചുനോട്ടം; 3. പരിഭ്രമം; 4. വ്യക്തത
മിഴുകുക ക്രി. മെഴുകുക
മിഴുങ്ങുക ക്രി. വിഴുങ്ങുക
മിറുകുക ക്രി. 1. വേദനപ്പെടുക; 2. ഉരുകിക്കൊണ്ടിരിക്കുക; 3. കഷ്ടപ്പെടുക
മിറുക്കം നാ. 1. ദുഃഖം; 2. പരിഭ്രമം; 3. ഭയപ്പാട്
മിറുക്കൽ നാ. 1. ഭാഷ; 2. സംസാരം
മിറുക്ക് നാ. 1. മിറുക്കൽ; 2. പാനം (കുടിക്കൽ); 3. ഒരു കവിൾ (നിറയത്തക്കവണ്ണമുള്ള പാനീയത്തിൻെറ അളവ്)
മിറുക്കുക ക്രി. 1. പരിഭ്രമിക്കുക; 2. കുടിക്കുക; 3. താണനിലയിൽ സംസാരിക്കുക
മീ നാ. 1. മേൽഭാഗം; 2. ഉയരം; 3. ആകാശം; 4. മഹിമ
മീച്ചം നാ. ശേഷി, കഴിവ്, പ്രാപ്തി
മീട്ടൽ നാ. വിരൽകൊണ്ടുതട്ടി ശബ്ദിപ്പിക്കൽ (വീണക്കമ്പിയെന്നപോലെ)
മീട്ടിടുക ക്രി. 1. കുഴയ്ക്കുക; 2. ചേർക്കുക
മീട്ടുക ക്രി. 1. വീണക്കമ്പിയും മറ്റും വിരലുകൊണ്ടുതട്ടി ശബ്ദിപ്പിക്കുക; 2. ഞാണേറ്റി വലിച്ചുവിട്ട് ശബ്ദമുണ്ടാക്കുക
മീഢ വി. 1. മൂത്രം മുട്ടിയ; 2. മൂത്രമൊഴിച്ച; 3. നനയ്ക്കപ്പെട്ട
മീഢം നാ. 1. മൂത്രം; 2. യുദ്ധം
മീണ്ട[<മീളുക] വി. 1. തിരികെക്കിട്ടിയ; 2. വീണ്ടെടുത്ത; 3. രക്ഷിക്കപ്പെട്ട
മീണ്ട്(മുൻവി) തിരിയെ കിട്ടിയിട്ട്, വീണ്ട്
മീണ്ടുക ക്രി. 1. ചൂർന്നെടുക്കുക; 2. ചുള ഇരിയുക
മീണ്ടുകേൾക്കുക [<മീളുക] ക്രി. 1. പറഞ്ഞതിനു മറുപടി പറയുക, ശ്രദ്ധിക്കുക; 2. പറഞ്ഞത് അനുസരിക്കുക (പ്ര) മീണ്ടുകേൾക്കാതിരിക്കുക
മീതൽ അവ്യ. മീതേ, മേൽ
മീതവേ അവ്യ. മീതേ
മീതിൽ അവ്യ. മീതൽ, മുകളിൽ
മീത് നാ. 1. മുകൾഭാഗം; 2. തുല്യത; 3. ആദ്യഫലം; 4. ആഹാരത്തിനുമുമ്പ് പൂച്ചയ്ക്കും മറ്റും കൊടുക്കുന്ന ആദ്യഭാഗം

മീതെ അവ്യ. മ്‌ലെ. തലയ്ക്കുമീതേ വെള്ളം വന്നാൽ അതുക്കുമീതേ തോണി (പഴ)
മീത്തൽ അവ്യ. 1. മുകളിൽ; 2. മുകളറ്റത്ത്. നാ. അക്ഷരങ്ങളുടെ മുകളറ്റത്ത് ഇടുന്ന ചന്ദ്രക്കലയടയാളം
മീത്ത് നാ. മീത്
മീത്തേ അവ്യ. മീതേ
മീൻകണ്ണി നാ. സുന്ദരി
മീൻകള്ളി നാ. ചെതുമ്പൽ
മീൻകുത്തി നാ. 1. ഒരിനം കുന്തം; 2. പൊന്മാൻ
മീൻകൊടിയോൻ നാ. കാമദേവൻ
മീൻകൊത്തി നാ. മീൻകുത്തി
മീനകേതനൻ നാ. കാമദേവൻ
മീനകേതു നാ. മീനകേതൻ
മീനഗന്ധിക നാ. 1. കുളം; 2. തടാകം
മീനഘാതി നാ. കൊക്ക്
മീനങ്ങാടി നാ. 1. മീൻ ചന്ത, മീൻകട; 2. ഒരു സ്ഥലനാമം
മീനങ്ങാണി നാ. ഒരു ഔഷധച്ചെടി, പത്തൂരം, മത്സ്യാക്ഷി
മീനധ്വജൻ നാ. കാമദേവൻ, (മീനകേതൻ)
മീനം നാ. 1. മത്സ്യം; 2. (ജ്യോ) മേടം മുതൽ പന്ത്രണ്ടാമത്തെ മാസം, പന്ത്രണ്ടാം രാശി; 3. വടക്കുകിഴക്കെ കോണ്; 4. നക്ഷത്രം; 5. മത്സ്യാവതാരം
മീനമൂല നാ. വടക്കുകിഴക്ക്
മീനലോചന നാ. സുന്ദരി (മീനാക്ഷി)
മീനവർ നാ. 1. പാണ്ഡ്യരാജാക്കന്മാർ; 2. മുക്കുവർ
മീനാക്ഷി നാ. 1. സുന്ദരി; 2. ശ്രീപാർവതി (മധുരമീനാക്ഷി); 3. മീനങ്ങാണി; 4. മീൻകണ്ണിക്കറുക; 5. കുബേരന്റെ പുത്രി
മീനാങ്കൻ നാ. കാമദേവൻ (മീനകേതനൻ)
മീനാണ്ഡം നാ. മീൻമുട്ട
മീനാണ്ഡി നാ. പഞ്ചസാര
മീനാംബരം നാ. ഒരു സുഗന്ധവസ്തു, മീനമ്പർ
മീനാർ [<അറ] നാ. സ്തംഭം
മീനാലയം നാ. സമുദ്രം
മീനാശി വി. മത്സ്യത്തെ തിന്നുന്ന
മീനെണ്ണ നാ. ഒരുതരം മത്സ്യത്തിൽ നിന്നെടുക്കുന്ന നെയ്യ്
മീന്നാറി നാ. 1. പുതിയുണർത്തി; 2. മീൻ നാറ്റമുള്ള ആൾ
മീമാംസ നാ. 1. ഷഡ്ദർശനങ്ങളിൽ ഒന്ന്; 2. വിചിന്തനം, വിചാരണം
മീമാംസകൻ നാ. 1. മീമാംസ പഠിച്ചിട്ടുള്ളവൻ; 2. (തത്ത്വ)ചിന്തകൻ
മീമാംസനം നാ. വിചിന്തനം
മീമാംസാകാരൻ നാ. ജൈമിനി മഹർഷി
മീമാംസാകൃത്ത് നാ. മീമാംസാകാരൻ
മീർച്ച [<മീറുക] നാ. ധൈര്യം, തുനിവ്
മീരം നാ. 1. കടൽ; 2. അതിർത്തി; 3. പർവതവിഭാഗം; 4. പാനീയം

മീലനം നാ. 1. കൂമ്പൽ; 2. കണ്ണടയ്ക്കൽ
മീലിത വി. 1. മീലനം ചെയ്യപ്പെട്ട; 2. അടഞ്ഞ; 3. പകുതിതുറന്ന; 4. മറഞ്ഞ; 5. കൂടിച്ചേർന്ന
മീലിതം നാ. അർഥാലങ്കാരങ്ങളിൽ ഒന്ന്
മീവ നാ. 1. വായു; 2. നാടവിര
മീവരൻ നാ. സേനാപതി
മീവൽ നാ. ഒരു പക്ഷി, നാരായണപ്പക്ഷി
മീശ നാ. 1. പുരുഷൻെറ മുഖത്തുള്ള രോമം; 2. ഈച്ചയുടെയും മറ്റും കൊമ്പുപോലുള്ള അവയവം (പ്ര) മേൽമീശ, താടിമീശ. (പ്ര) മീശകരിയുക = അവമാനിക്കുക; മീശമുറുക്കുക = വീര്യം പ്രകടിപ്പിക്കുക; മീശമുളയ്ക്കാത്തവൻ = അനാഗതശ്മശ്രു. മീശനരച്ചാലും ആശനശിക്കില്ല (പഴ)
മീശക്കൊമ്പ് നാ. കൊമ്പുപോലെ നീണ്ട മീശ
മീശക്കൊമ്പൻ നാ. 1. പൗരുഷമുള്ളവൻ; 2. കേമനെന്നു ഭാവിക്കുന്നവൻ
മീൾ [<മീളുക] നാ. മീൾച്ച
മീൾച്ച [<മീളുക] നാ. 1. വീണ്ടെടുക്കൽ; 2. തിരിച്ചെടുക്കൽ; 3. കടക്കൽ; 4. ഉദ്ധരിക്കൽ
മീളി [<ത] നാ. 1. രാജാവ്; 2. പിശാച്; 3. കാലൻ; 4. യുവാവ്
മീളുക ക്രി. 1. തിരികെ എടുക്കുക, വീണ്ടെടുക്കുക; 2. തിരിയെ വരുക, മടങ്ങുക; 3. കടക്കുക; 4. ഉദ്ധരിക്കുക
മീറ [<അറ] നാ. നറുമ്പശ, അറേബ്യയിലുള്ള ഒരു വൃക്ഷത്തിൻെറ കറ. ഔഷധമായി ഉപയോഗം
മീറ്റർ [ഇം.] നാ. 1. നീളം അളക്കാനുള്ള ഒരു തോത്; 2. അളക്കാനുള്ള ഉപകരണം (പ്ര) വാഹനങ്ങളുടെ വേഗം അളക്കുന്ന മീറ്റർ ഇത്യാദി
മീറ്റിങ്ങ് [ഇം.] നാ. യോഗം, സമ്മേളനം, കൂട്ടം
മു വി. (പദാദിയിൽ) മൂന്ന് ഉദാഃ മുക്കണ്ണൻ
മുകക്കയറ് നാ. കടിഞ്ഞാൺ (നാൽക്കാലികളുടെ മോന്തയ്ക്കിടുന്ന കയറ്)
മുകക്കുക ക്രി. 1. ചുംബിക്കുക; 2. മണക്കുക
മുകട് നാ. 1. വസ്ത്രത്തിൻെറയും മറ്റും മുഖവട്ടം; 2. വീടിൻെറ മുകൾഭാഗം; 3. പർവതാഗ്രം; 4. ഉച്ചി, തല
മുകടുവള നാ. മോന്തായം
മുകത്തരം നാ. മെച്ചപ്പെട്ടത്, മേന്മയുള്ളത്
മുകത്തൽ നാ. 1. ചുംബിക്കൽ; 2. മണപ്പിക്കൽ, മൊള്ളൽ; 3. വാവ്
മുകത്തല നാ. 1. മുണ്ടിൻെറ വലത്തുവശം; 2. കുറുക്കുവഴി
മുകന നാ. 1. മുഖഭാഗം; 2. മുൻഭാഗം
മുകന്ദകം നാ. ചെമന്നുള്ളി
മുകപ്പ് നാ. 1. മുൻവശം, ഭവനത്തിൻെറ മുൻഭാഗം, പോർട്ടിക്കോ, മുൻനില; 2. മുഖചിത്രം; 3. (രോഗത്തിൻെറ) കടുപ്പം; 4. (കുരുവിൻെറയും മറ്റും) മുകൾഭാഗം
മുകയ്ക്കുക ക്രി. 1. മുകരുക, ചുംബിക്കുക; 2. മണക്കുക; 3. വെള്ളം വാ കൊണ്ടു വലിച്ചു കുടിക്കുക, മൊത്തിക്കുടിക്കുക
മുകർ നാ. 1. മുഖം (മുകരുന്നത്); 2. മൂക്കറ
മുകരി നാ. 1. മുല്ല; 2. മുല്ലപ്പൂവ്; 3. പൂക്കൈത

മുകരുക ക്രി. 1. ഉമ്മവെക്കുക; 2. ഘ്രാണിക്കുക, മണപ്പിക്കുക
മുകൾ നാ. 1. മേൽഭാഗം; 2. അഗ്രം; 3. ഉച്ചി; 4. കുര
മുകൾപ്പരപ്പ് നാ. 1. പീഠഭൂമി, കുന്നിൻെറയും മറ്റും മേലറ്റത്തുള്ള പരന്ന ഭാഗം;
2. മട്ടുപ്പാവ്
മുകൾപ്പാട് നാ. മുകൾവശം
മുകളിക്കുക ക്രി. 1. മേൽപ്പോട്ടാവുക; 2. വികസിക്കുക; 3. നിറയുക
മുകളിടുക ക്രി. ഭവനത്തിൻെറ മുകൾഭാഗം ഓലയും മറ്റും കൊണ്ട്
അടയ്ക്കുക, ഓലമേഞ്ഞിട്ട് പൂത്തോലകൊണ്ടു പൊതിയുക
1197
മുകളെടുപ്പ് നാ. മേൽപ്പുരയുടെ രണ്ടറ്റത്തും ഭങ്ഗിക്കായി മരംകൊണ്ടുചെയ്യുന്ന
പണി, മോടടപ്പ്
മുകളോട് നാ. കമിഴ്ത്തോട്, മുകളിലെ ഓട്
മുകഴുക ക്രി. 1. ചുംബിക്കുക; 2. മണപ്പിക്കുക
മുകഴ്ച നാ. 1. ചുംബനം; 2. മണക്കൽ
മുകറ് [മോറ്] നാ. 1. മുഖം, മുകരുന്നത്; 2. മുൻഭാഗം
മുകറുക ക്രി. മുൻപോട്ടുപോവുക
മുകാം [<അറ] നാ. 1. വാസസ്ഥാനം; 2. ഇരിപ്പിടം; 3. സാമ്പ്രി
മുകിക്കുക ക്രി. 1. പൂർത്തിയാക്കുക, ചെയ്തുതീർക്കുക; 2. പണിക്കുറ തീർക്കുക
മുകിയുക ക്രി. 1. നിറയുക; 2. പൂർണമാവുക; 3. പൂർത്തിയാവുക
മുകിൽ നാ. മേഘം
മുകിലൻ നാ. 1. മുഗൾപ്രഭു; 2. പ്രധാനി
മുകിലൊലി നാ. ഇടിനാദം
മുകിലൊളി നാ. മേഘവർണം
മുകിലൊളിവർണൻ നാ. ശ്രീകൃഷ്ണൻ
മുകു നാ. മോക്ഷം
മുകുടം നാ. 1. കിരീടം; 2. അഗ്രം; 3. പർവതശിഖരം
മുകുടി നാ. വിരൽ ഞൊടിപ്പ്
മുകുന്ദകം നാ. 1. ഒരു ധാന്യം; 2. ചെമന്നുള്ളി; 3. വലിയ വെള്ളുള്ളി
മുകുന്ദൻ നാ. വിഷ്ണു, ശ്രീകൃഷ്ണൻ
മുകുന്ദം നാ. 1. കുബേരൻെറ നവനിധികളിൽ ഒന്ന്; 2. കുന്തുരുക്കം; 3.
രസം; 4. ഒരു രത്നം; 5. ഒരുതരം ഭേരിവാദ്യം
മുകുന്ദാനുജ നാ. കാർത്യായനി ദേവി
മുകുരം നാ. 1. മുഖക്കണ്ണാടി; 2. കുശവൻ കലം മനയുന്ന യന്ത്രത്തിൻെറ
പിടി; 3. പൂമൊട്ട്; 4. വള്ളിമുല്ല; 5. ഇലഞ്ഞി; 6. ലന്തമരം; 7. താന്നിമരം
മുകുലം നാ. മുകുളം
മുകുളനം നാ. 1. കൂമ്പൽ, കൂമ്പിക്കൽ; 2. മൊട്ടിടൽ
മുകുളം നാ. 1. വിടർന്നുതുടങ്ങിയ മൊട്ട്; 2. മൊട്ടിൻെറ ആകൃതിയിലുള്ള
വസ്തു; 3. ഒരു കരമുദ്ര; 4. ശരീരം; 5. ആത്മാവ്
മുകുളിക്കുക ക്രി. മൊട്ടിടുക, മൊട്ടുപോലെയാകുക
മുകുളിത വി. 1. മുകുളങ്ങളുള്ള; 2. ഒട്ടുവിടർന്ന; 3. കൂമ്പിയ,
മൊട്ടുപോലെയായ

മുകുളീകൃത		വി.	1. മുകുളാകൃതിയാക്കിയ; 2. കൂപ്പിയ
മുകുൾമുല		നാ.	മുകുളാകാരമായ മുല, മുലമൊട്ട്
മുക്കടു(ക്)		നാ.	എരിവുള്ള മൂന്നു വസ്തുക്കൾ, ത്രികടു (ചുക്ക്, കുരുമുളക്, തിപ്പലി എന്നിവ)
മുക്കണ്ണൻ		നാ.	1. ശിവൻ (ത്രിനേത്രൻ); 2. നാളികേരം
മുക്കണ്ണൻതിരി		നാ.	മുക്കോൽത്തിരി
മുക്കണ്ണി		നാ.	1. ശ്രീപാർവതി (മുക്കണ്ണൻെറ സ്ത്രീ); 2. നാളികേരം; 3. ത്രികോണ് (മൂന്നു കണ്ണുള്ളത്) (പ്ര) മുക്കണ്ണിക്കുക = മൂന്നു കമ്പുവച്ചു ത്രികോണമാക്കുക
മുക്കരണം1		നാ.	ഒരു കുതിപ്പിൽ മൂന്നു തവണ കരണം മറിയൽ
മുക്കരണം2		നാ.	(ബ.വ.) ത്രികരണങ്ങൾ
മുക്കരിക്കുക		ക്രി.	വഴക്കടിക്കുക
മുക്കൽ		നാ.	1. ദ്രാവകത്തിൽ മുങ്ങത്തക്കവണ്ണം ആഴ്ത്തൽ; 2. ഉദരവായുവിനെ കീഴ്പ്പോട്ടു അമർത്തൽ
മുക്കവല		നാ.	മൂന്നുവഴി കൂടിച്ചേരുന്ന സ്ഥലം
മുക്കഴഞ്ച്		നാ.	മൂന്നു കഴഞ്ച്
മുക്കാട്		നാ.	1. മൂടുപടം; 2. തിരശ്ശീല; 3. മുക്കവല
മുക്കാണി		നാ.	1. കീഴ്കണക്ക്, 3/80 (മൂന്നു കാണി കൂടിയത്); 2. നടുക്കു തുളയുള്ള നീണ്ട പലക
മുക്കാണിയൻ		നാ.	മുൻകുടുമയുള്ള പരദേശബ്രാഹ്മണൻ
മുക്കാൽ		നാ.	1. ഒന്നിനെ നാലായി ഭാഗിച്ചതിൽ മൂന്നു ഭാഗം (മൂന്നുകാൽ, 3/4); 2. മുക്കാലി (മൂന്നു കാലുള്ളത്). മുക്കാൽ പണത്തിൻെറ കുതിര മൂന്നു പണത്തിൻെറ പുല്ലു തിന്നുക (പഴ)
മുക്കാൽവട്ടം		നാ.	1. (ഭഗവതീ)ക്ഷേത്രം; 2. (ക്ഷേത്രം വകയായിട്ടുള്ള) ചെറിയ ദേശം, ക്ഷേത്രവളപ്പ്, വെളിച്ചപ്പാടിൻെറ അധികാരാതിർത്തി
മുക്കാൽവണ്ടി		നാ.	ഒരുതരം വണ്ടി
മുക്കാലം		നാ.	1. മൂന്നു നേരം; 2. പ്രഭാതം, മധ്യാ ം, സായാ ം എന്നിവ മൂന്നും; 3. ഭൂതം, വർത്തമാനം, ഭാവി എന്നിവ മൂന്നും
മുക്കാലി		നാ.	1. മൂന്നു കമ്പുകളുള്ള പീഠം; 2. ഒരു ഉപകരണം (മൂന്നു കമ്പുകളുള്ളതും കുറ്റക്കാരെ കെട്ടി അടിക്കുന്നതിനുള്ളതും); 3. അഗ്നി (പ്ര) മുക്കാലിയിൽ കെട്ടി അടിക്കുക = പഴയകാലത്തെ ഒരു ശിക്ഷാരീതി
മുക്കാലും		അവ്യ.	മിക്കവാറും
മുക്കിളിക്കുക		ക്രി.	1. നീർക്കാങ്കുഴിയിടുക (ജലത്തിൽ മുങ്ങി നീന്തുക); 2. കുമളയ്ക്കുക; 3. പുളിക്കുക
മുക്കിറ		നാ.	മുക്ര, മുക്കുറ (കാളയുടെ ശബ്ദം)
മുക്ക്1		നാ.	1. കോണ്, മൂല; 2. മുടുക്ക്; 3. മൊക്കളം, വള്ളത്തിൻെറ വശത്തു പങ്കായം പിടിപ്പിക്കുന്ന കുറ്റി; 4. അഗ്രം
മുക്ക്2		നാ.	1. പ്രയാസം; 2. ഭാരമുയർത്തുമ്പോഴും മറ്റും മാംസപേശികൾ ഉറപ്പിക്കുമ്പോൾ പുറപ്പെടുന്ന ശബ്ദം; 3. ചായവും മറ്റും മുക്കൽ; 4. കൈമുക്ക്; 5. സുഷിരവാദ്യങ്ങളിൽ ഒന്ന്
മുക്കുക		ക്രി.	1. വെള്ളത്തിലോ മറ്റേതെങ്കിലും ദ്രാവകത്തിലോ താഴ്ത്തുക; 2. പ്രയാസമുള്ള കാര്യങ്ങൾ ചെയ്യുമ്പോൾ ഒരുതരം ശബ്ദം പുറപ്പെടുവിക്കുക; 3. വായു

കീഴ്പ്പോട്ട് അമർത്തിവിടുക; 4. കിണറ്റിൽ നിന്നും മറ്റും വെള്ളം കോരുക; 5. സ്വർണവും മറ്റും പൂശുക; 6. ചായം തേക്കുക; 7. തിളച്ച നെയ്യിലും മറ്റും വിരൽ മുക്കി സത്യം ചെയ്യുക. (പ്ര) മുക്കിമൂളി, മുക്കിയും മൂളിയും = വളരെ ക്ലേശിച്ച്. മുക്കിത്തെളിക്കുക = തിളച്ച എണ്ണയിൽ കൈ മുക്കി കള്ളം തെളിയിക്കുക. മുക്കിത്തിന്നുക = ചോറോ മറ്റോ കറിയുടെ ചാറിൽ തൊട്ട് തിന്നുക. മുക്കിച്ചുമന്നാൽ നക്കിത്തിന്നാം (പഴ)

മുക്കുടം നാ. മൂന്നുകുടം. ചത്തപശുവിനു മുക്കുടം പാൽ (പഴ)

മുക്കുടി നാ. ഒരു ഔഷധയോഗം (മൂന്നു മുഖ്യ ഔഷധങ്ങൾ ചേർന്നത്)

മുക്കുടിയൻ നാ. മുഴുക്കുടിയൻ (മദ്യപാനി)

മുക്കുടുമ നാ. 1. മുമ്പിലും പിറകിലും നടുവിലും ഉള്ള കുടുമ (മൂന്നു ദ്വാരങ്ങളിൽ ഘടിപ്പിക്കുന്ന മൂന്നു കുറ്റികളോ കുടുമകളോ ഉള്ള പണിത്തരം); 2. മൂന്നു മുനയുള്ള ശൂലം

മുക്കുവൻ നാ. ഒരു ജാതി, മീൻപിടിത്തക്കാരൻ, മുങ്ങുക ശീലമുള്ളവൻ

മുക്കുറ നാ. കാളയുടെ ശബ്ദം

മുക്കുറ്റി നാ. 1. ദശപുഷ്പങ്ങളിൽ ഒന്ന്, തീണ്ടാനാഴി; 2. തൊട്ടാവാടി

മുക്കൂട്ട് നാ. 1. ആവണക്കെണ്ണ എള്ളെണ്ണ നെയ്യ് ഇവ കൂട്ടിയത്; 2. മൂന്ന് എണ്ണകളും മറ്റൗഷധങ്ങളും ചേർത്തുണ്ടാക്കുന്ന പലയോഗങ്ങൾക്കു പൊതുവെ പറയുന്ന പേര്

മുക്കൂറ് നാ. മൂന്നു പങ്ക്

മുക്കോൺ നാ. ത്രികോണം (മൂന്നുകോണുള്ളത്)

മുക്കോണിക്കുക ക്രി. മൂന്നുകോണാക്കുക, മൂന്നുകോണാകുക

മുക്കോലപ്പെരുവഴി നാ. മൂന്നുറോഡുകൾ ഒന്നിക്കുന്ന സ്ഥലം

മുക്ത1 വി. 1. മോചിക്കപ്പെട്ട; 2. വിടപ്പെട്ട; 3. എറിയപ്പെട്ട; 4. അടയ്ക്കപ്പെട്ട; 5. ഉപേക്ഷിക്കപ്പെട്ട; 6. നൽകപ്പെട്ട; 7. മോക്ഷം ലഭിച്ച

മുക്ത2 നാ. 1. മുത്ത്; 2. അരത്ത; 3. ഗണിക

മുക്തകഞ്ചുകം നാ പടംകഴിച്ച പാമ്പ്

മുക്തകണ്ഠ വി. തൊണ്ടതുറന്നു പറയുന്ന

മുക്തകൺതം അവ്യ. 1. ഉറക്കെ; 2. വാവിട്ട്

മുക്തകം നാ. 1. ഒറ്റശ്ലോകം (ഒരേവാക്യംകൊണ്ട് ആശയം പൂർണമാകുന്നത്); 2. കേവലഗദ്യം; 3. അമ്പ്; 4. ഒരായുധം (കൈകൊണ്ടെറിയുന്നത്)

മുക്തകേശ വി. തലമുടി അഴിച്ചിട്ട

മുക്തചക്ഷുസ്സ് നാ. സിംഹം

മുക്തൻ നാ. 1. മോക്ഷമ്പ്രാപിച്ചവൻ; 2. വിഷ്ണു

മുക്തം ആ. 1. മുക്തമായത്; 2. മോചിക്കപ്പെട്ട ആത്മാവ്

മുക്തശങ്കം അവ്യ. സംശയം കൂടാതെ

മുക്തസങ്ഗൻ നാ. 1. ലോകബന്ധം വിട്ടവൻ; 2. പരിവ്രാജകൻ

മുക്തഹസ്ത വി. ധാരാളം കൊടുക്കുന്ന (കൈതുറന്നു ദാനംചെയ്യുന്ന)

മുക്താകരം നാ. മുത്തുച്ചിപ്പി

മുക്താകലാപം നാ. മുത്തുമാല

മുക്താകാര വി. മുത്തുപോലിരിക്കുന്ന

മുക്താഗാരം നാ. മുത്തുച്ചിപ്പി

മുക്താഗുണം നാ. മുത്തുമാല

മുക്താദാമം നാ. മുക്താഗുണം
മുക്താത്മാ(വ്) നാ. 1. മുക്തിനേടിയ ആത്മാവ്; 2. മുക്തൻ
മുക്താപ്രസു നാ. മുത്തുച്ചിപ്പി
മുക്താഫലം നാ. 1. മുത്തുമണി; 2. കർപ്പൂരം
മുക്താമണി നാ. മുത്തുമണി
മുക്താരസം നാ. മുക്താമണി
മുക്താലത നാ. മുത്തുമാല
മുക്താവലി1 നാ. മുത്തുമാല (മുത്തുമണിക്കൂട്ടം)
മുക്താവലി2 നാ. 1. മുക്തന്മാരുടെ സമൂഹം (മോക്ഷംകിട്ടിയവരുടെ സമൂഹം); 2. ഗ്രന്ഥവിശേഷം
മുക്താശുക്തി നാ. മുത്തുച്ചിപ്പി
മുക്താഹാരം നാ. മുത്തുമാല
മുക്തി നാ. 1. മോചനം, മോക്ഷം; 2. വിടൽ, വീട്ടൽ, എറിയൽ
മുക്തിക നാ. മുത്ത്
മുക്തിപദം നാ. മോക്ഷപദവി
മുക്തിമാർഗം നാ. 1. മോക്ഷംകിട്ടുന്നതിനുള്ള വഴി; 2. ജ്ഞാനം
മുക്തിയാർ [<അറ] നാ. 1. കോടതിക്കാര്യങ്ങളിൽ പ്രതിനിധിയായി നിന്നുകൊള്ളുവാൻ കിട്ടുന്ന അധികാരം; 2. പൂർണമായ അധികാരം സിദ്ധിച്ച ചുമതലക്കാരൻ
മുക്തിസാധനം നാ. 1. ഭക്തി; 2. തീർഥസ്നാനാദികർമം
മുക്ത്യാർ നാ. മുക്തിയാർ
മുക്ത്വാ അവ്യ മോചിപ്പിച്ചിട്ട്
മുക്ര നാ. മുക്കിറ (കാളയുടെ ശബ്ദം)
മുക്രി[<അറ] നാ. (ഇസ്ലാം) മുഹമ്മദീയരുടെ പള്ളിയിൽ കിതാബ് ഓതുന്ന ഇമാം
മുഖ വി. തുടങ്ങിയ (സമാസത്തിൽ ഉദാ: നാരദമുഖ = നാരദൻ തുടങ്ങിയവ)
മുഖകമലം നാ. താമരപ്പൂപോലെയുള്ള മുഖം
മുഖക്കണ്ണാടി നാ. മുഖം നോക്കാനുള്ള കണ്ണാടി, ദർപ്പണം
മുഖക്കയറ് നാ. കന്നുകാലികളുടെ മോറയിൽ കെട്ടുന്ന കയറ്
മുഖക്കളി നാ. മുഖകാന്തി
മുഖക്കുരു നാ. മുഖത്തുണ്ടാകുന്ന ചെറിയ കുരു, കാമക്കുരു
മുഖക്ഷാളനം നാ. മുഖം കഴുകൽ
മുഖഖുരം നാ. പല്ല്
മുഖഗന്ധകം നാ. 1. വലിയ വെള്ളുള്ളി; 2. ചെമന്നുള്ളി
മുഖചന്ദ്രൻ നാ. ചന്ദ്രനെപ്പോലെ ആകർഷകമായ മുഖം, സുന്ദരമായ മുഖം
മുഖചപല വി. വായാടിത്തമുള്ള, അധികം സംസാരിക്കുന്ന, അനാവശ്യമായി ശബ്ദിക്കുന്ന
മുഖചാപല്യം നാ. വായാടിത്തം
മുഖചീരി നാ. നാക്ക്
മുഖച്ചായം നാ. (നടന്മാർ) മുഖത്തുതേയ്ക്കുന്ന ചായം
മുഖച്ചായമിടൽ നാ. ചുട്ടികുത്തൽ

മുഖച്ഛവി നാ. മുഖകാന്തി
മുഖച്ഛായ നാ. 1. മുഖത്തിൻെറ ആകൃതി; 2. മറ്റൊരാളിൻെറ മുഖത്തോട് ആകൃതിസാമ്യമുണ്ടായിരിക്കുക
മുഖജൻ നാ. ബ്രാഹ്മണൻ (വിരാട്പുരുഷൻെറ മുഖത്തുനിന്നു ജനിച്ചവൻ)
മുഖജം നാ. പല്ല് (വായിൽ ഉണ്ടാകുന്നത്)
മുഖജാഹം നാ. കുരവള, വായും തൊണ്ടയുമായി ചേരുന്ന ഭാഗം
മുഖതാവിൽ അവ്യ. 1. മുഖത്തോടു മുഖമായി; 2. മുമ്പാകെ
മുഖദർശനം നാ. 1. മുഖം കാണൽ; 2. അനുകൂലത; 3. ഉപചാരം
മുഖദാക്ഷിണ്യം നാ. മുഖത്തുനോക്കുമ്പോൾ മാത്രം കാണിക്കുന്ന അനുകൂലഭാവം
മുഖദുഷിക നാ. മുഖക്കുരു
മുഖനിരീക്ഷകൻ നാ. 1. അനുസരണയുള്ള ഭൃത്യൻ; 2. മടിയൻ (വാനോക്കി)
മുഖനിവാസിനി നാ. സരസ്വതി
മുഖപടം നാ. 1. മൂടുപടം; 2. (ആനയുടെ) നെറ്റിപ്പട്ടം
1199
മുഖപത്രം നാ. 1. ഗ്രന്ഥത്തിൻെറയും മറ്റും ആദ്യത്തെ പുറം; 2. ഏതെങ്കിലും കക്ഷിയുടെ ആദർശങ്ങൾ പ്രചരിപ്പിക്കാനായി ആ കക്ഷിക്കാർ നടത്തുന്ന വർത്തമാനപ്പത്രം
മുഖപൈചയം നാ. 1. കണ്ടറിവ്; 2. കണ്ടാൽ തിരിച്ചറിയാവുന്നത്ര പരിചയം, മുമ്പുകണ്ട ഓർമ
മുഖപാകം നാ. 1. മുഖം പഴുപ്പ്; 2. വായ്പ്പുണ്ണ്
മുഖപാഠം നാ. 1. കാണാപ്പാഠം (വായ്പ്പാഠം); 2. ആദ്യത്തെ പാഠം
മുഖപ്പണി നാ. മുഖത്തെ ക്ഷൗരകർമം
മുഖപ്പ് നാ ഭവനത്തിൻെറ ചെറിയ തളം (മുഖം, പൂമുഖം); 2. ആഭരണങ്ങളുടെയും മറ്റും തിളക്കവും ഭങ്ഗിയും കൂടുതലുള്ള വശം
മുഖപ്രസങ്ഗം നാ. (പത്രത്തിലെ) എഡിറ്റോറിയൽ, ഏതെങ്കിലും വിഷയത്തെകുറിച്ചു പത്രത്തിനുള്ള അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ടു പത്രാധിപർ എഴുതുന്ന ലേഖനം (ആദ്യകാലത്ത് ഇത് ഒന്നാംപേജിൽ കൊടുത്തിരുന്നതുകൊണ്ട് ഇപ്പേര്)
മുഖപ്രസാദം നാ. മുഖപ്രസന്നത (പ്രസന്നമായ മുഖഭാവം)
മുഖപ്രീതി നാ. മുഖപ്രസാദം
മുഖബന്ധനം നാ. 1. കിണറിൻെറ വായ്ക്കല്ല്; 2. സമചതുരമായ കുളം; 3. വായ്ക്കൂട (കന്നുകാലികളുടെ)
മുഖഭങ്ഗം നാ. 1. തോൽവി; 2. നാണക്കേട്; 3. മുഖത്തുകിട്ടുന്ന അടി
മുഖഭാഗ നാ. തൻെറ വായ് യോനിക്കുപകരം ഉപയോഗിക്കുന്ന സ്ത്രീ, വദനസുരതം ചെയ്യുന്നവൾ
മുഖഭൂഷണം നാ. 1. താംബൂലം; 2. താംബൂലചർവണം; 3. വെളുത്തീയം
മുഖം നാ. 1. തലയുടെ മുൻഭാഗം, വായ്; 2. ആരംഭം; 3. (ഭവനത്തിൻെറ) മുൻവശം, പൂമുഖം; 4. (പ്രവേശന)ദ്വാരം; 5. പക്ഷിയുടെ ചുണ്ട്; 6. രാജ്യത്തിൻെറ ഭാഗം; 7. അറ്റം, മുന്നറ്റം; 8. അയിനി; 9. മേൽഭാഗം; 10. മുലക്കണ്ണ്; 11. ദിക്ക്; 12. ഉപായം, വഴി; 13. വേദം; 14. (നാട്യ) പഞ്ചസന്ധികളിലൊന്ന്. മുഖംകാണിക്കുക = രാജാക്കന്മാരെ കാണുക; മുഖം കുരുക്കുക = മീശമുളയ്ക്കുക; മുഖത്തു കരിതേക്കുക = നേരിട്ട് ആക്ഷേപിക്കുക, അപമാനിക്കുക; മുഖം മുറിച്ചുപറയുക = വിപരീതമായ അഭിപ്രായം

മുഖത്തുനോക്കിത്തന്നെ പറയുക; മുഖത്തടിച്ചതുപോലെ = നേരേ തുറന്ന്; മുഖം വീർപ്പിക്കുക = അഹിതം പ്രകാശിപ്പിക്കുക; മുഖംകൊടുക്കുക = കേൾക്കുക, ലാളിക്കുക; മുഖം കറുക്കുക = വെറുപ്പോ അസഹ്യതയോ മുഖത്തു പ്രകടമാക്കുക

മുഖംപചൻ നാ. 1. ഭിക്ഷു; 2. ഭിക്ഷക്കാരൻ

മുഖംമൂടി നാ. 1. പൊയ്മുഖം; 2. (പ്ര) നല്ലവനെന്ന അഭിനയം

മുഖമണ്ഡന(ക)ം നാ. 1. മയിലെള്ള്; 2. മുഖത്തെ അലങ്കരിക്കുന്നത് (തിലകം എന്നപോലെ)

മുഖമണ്ഡപം നാ. ശ്രീകൊവിലിൻെറ മുമ്പിലുള്ള മണ്ഡപം

മുഖമധു നാ. 1. അധരാമൃതം; 2. മധുരമായ വാക്ക്

മുഖയോനി നാ. ആസേക്യൻ, നപുംസകൻ

മുഖര വി. 1. ശബ്ദിക്കുന്ന; 2. വളരെ സംസാരിക്കുന്ന; 3. സൂചിപ്പിക്കുന്ന; 4. ശകാരിക്കുന്ന; 5. പരിഹസിച്ചുപറയുന്ന

മുഖരത നാ. 1. മുഖരൻെറ അവസ്ഥ, പുലമ്പൽ; 2. ശബ്ദം, ശബ്ദകോലാഹലം

മുഖരൻ നാ. 1. നായകൻ, പ്രമാണി; 2. അപ്രിയം പറയുന്നവൻ (നിന്ദിതമായ മുഖത്തോടുകൂടിയവൻ); 3. അധികം സംസാരിക്കുന്നവൻ

മുഖരം നാ. 1. വലിയ ശബ്ദം; 2. കാക്ക; 3. ശങ്ഖ്

മുഖരാഗം നാ. മുഖത്തിൻെറ നിറം

മുഖരി നാ. കടിഞ്ഞാണിൻെറ കടി

മുഖരിത വി. 1. ശബ്ദിക്കപ്പെട്ട; 2. മുഴങ്ങുന്ന

മുഖരീകരിക്കുക ക്രി. 1. ശബ്ദായമാനമാക്കുക; 2. സംസാരിപ്പിക്കുക

മുഖരീകൃത വി. മുഖരീകരിക്കപ്പെട്ട

മുഖരോമം നാ. മുഖത്തുള്ള രോമം, മീശ

മുഖലാങ്ഗലം നാ. പന്നി

മുഖവർണം നാ. മുഖത്തിൻെറ നിറം, മുഖശോഭ

മുഖവശ്യം നാ. മുഖംകൊണ്ടുള്ള വശീകരണം

മുഖവാദ്യം നാ. പുല്ലാങ്കുഴൽപോലെ മുഖംകൊണ്ടു ശബ്ദിപ്പിക്കുന്ന വാദ്യം

മുഖവാരം നാ. ഭവനത്തിൻെറ മുൻവശത്തുള്ള സ്ഥലം, മുൻവശത്തെ വരാന്ത

മുഖവാസ(ന)ം നാ. കർപ്പൂരം താംബൂലം തുടങ്ങിയവ (മുഖസൗരഭ്യം ഉണ്ടാക്കുന്നത്)

മുഖവികാരം നാ. മുഖത്തെ ഭാവഭേദം

മുഖവിഷ്ഠ നാ. 1. നരിച്ചീറ്; 2. പാറ്റ, കൂറ

മുഖവുര നാ. (ഗ്രന്ഥത്തിൻെറ) മുമ്പിൽ പറയപ്പെടുന്നത്, ആമുഖം

മുഖശുദ്ധി നാ. മുഖം കഴുകൽ

മുഖശൃങ്ഗം നാ. വാൾമാൻ

മുഖശോധന(ം) നാ. 1. വായ്ശുദ്ധി; 2. എരിവ്; 3. കറുവ

മുഖശ്രീ നാ. 1. മുഖശോഭ; 2. പ്രസന്നമായ നോട്ടം

മുഖസന്ധി നാ. (നാട്യ) നാടകത്തിലെ പഞ്ചസന്ധികളിൽ ഒന്ന്. കഥാബീജത്തിൻെറ ഉത്പത്തി അവതരിപ്പിക്കുന്ന ഭാഗം

മുഖസംഭവൻ നാ. മുഖജൻ (ബ്രാഹ്മണൻ)

മുഖസംസ്കാരം നാ. 1. മുഖം നന്നാക്കൽ; 2. താംബൂലം തുടങ്ങിയ സുഗന്ധവസ്തു ചവയ്ക്കൽ; 3. ശിരസ്സിലെ ആഭരണം
മുഖസ്തുതി നാ. മുഖത്തുനോക്കിയുള്ള സ്തുതി (നേരേ നിന്നുകൊണ്ടുള്ള പുകഴ്ത്തൽ)
മുഖസ്ഥ വി. 1. മുഖത്തിരിക്കുന്ന; 2. കാണാപ്പാഠം പഠിച്ച (പ്ര) മുഖസ്ഥമാക്കുക = വായ്പ്പാഠമാക്കുക
മുഖസ്രാവം നാ. ഈത്ത, തുപ്പൽ
മുഖാഗ്നി നാ. 1. ശവദാഹകർമത്തിന് ആദ്യം വയ്ക്കുന്ന തീ; 2. ഹോമാഗ്നി; 3. കാട്ടുതീ; 4. ഒരിനം പിശാച്, ഈനാംപൂച്ചി (മുഖത്തു തീയുള്ളത്); 5. ബ്രാഹ്മണൻ
മുഖാനിലൻ നാ. ശ്വാസവായു
മുഖാന്തരം1 അവ്യ. 1. മുഖേന, വഴിയായി; സഹായത്തോടെ
മുഖാന്തരം2 നാ. മറ്റൊരുമുഖം
മുഖാംബുജം നാ. മുഖമാകുന്ന താമരപ്പൂവ്
മുഖാമുഖം1 അവ്യ. മുഖത്തോടുമുഖമായി, നേരിട്ട്
മുഖാമുഖം2 നാ. നേരിട്ടുള്ള സംഭാഷണം (മുഖത്തോടുമുഖമായി സംസാരിക്കൽ)
മുഖാമൃതം നാ. 1. മധുരമായ വാക്ക്; 2. പാമ്പ്
മുഖാരി നാ. (സങ്ഗീ) ഒരു രാഗം
മുഖാവരണം നാ. 1. മുഖം മൂടി; 2. മൂടുപടം
മുഖാവലോകനം നാ. 1. മുഖം കാണൽ; 2. സന്ദർശനം
മുഖാസവം നാ. അധരമധു
മുഖാസ്ത്രം നാ. ഞണ്ട്
മുഖാസ്രവം നാ. ഉമിനീർ, തുപ്പൽ
മുഖിയാക്കുക ക്രി. പൂർത്തിയാക്കുക
മുഖീയ വി. മുഖ്യമായ (പ്രധാനമായ)
മുഖേന അവ്യ. 1. മുഖംകൊണ്ട്; 2. വഴിയായി; 3. ഒത്താശയോടെ (മുഖാന്തരമായി)
മുഖേന്ദു നാ. മുഖമാകുന്ന ചന്ദ്രൻ
മുഖോൽക നാ. കാട്ടുതീ
മുഖ്യ വി. 1. മുഖം സംബന്ധിച്ച; 2. പ്രധാനമായ; 3. ശ്രേഷ്ഠമായ; 4. ഒന്നാമത്തേതായ
മുഖ്യചതുഷ്ടയം നാ. പ്രധാനപ്പെട്ട നാലുകാര്യങ്ങൾ (അലങ്കാരത്തിനു വസ്ത്രം, ഭക്ഷണത്തിനു നെയ്യ്, സ്ത്രീകൾക്കു ഗുണം, വിദ്വാന്മാർക്കു ആത്മജ്ഞാനം എന്നിവ നാലും)
മുഖ്യത, ത്വം നാ. 1. പ്രാധാന്യം; 2. ശ്രേഷ്ഠത
മുഖ്യതമ വി. ഏറ്റവും മുഖ്യമായുള്ള
മുഖ്യൻ നാ. പ്രമാണി, നായകൻ
മുഖ്യം നാ. 1. പ്രധാനം; 2. പ്രധാനകർമം; 3. സാരമായ കർമം (നിയമ കർമം); 4. വേദപാരായണം (കർമങ്ങളിൽ പ്രധാനമാകയാൽ)
മുഖ്യമന്ത്രി നാ. മന്ത്രിമാരിൽ പ്രധാനി (ഭാരതത്തിൽ നിലവിലുള്ള വഴക്കമനുസരിച്ച് സംസ്ഥാനമന്ത്രിമാരിൽ പ്രധാനിയെ കുറിക്കുന്ന സാങ്കേതിക പദം. കേന്ദ്രമന്ത്രിമാരിൽ പ്രധാനിയെ 'പ്രധാനമന്ത്രി' എന്നും സംസ്ഥാനത്തിലെ മന്ത്രിമാരിൽ പ്രധാനിയെ 'മുഖ്യമന്ത്രി' എന്നും പറയുന്നു)

മുഖ്യസ്ഥൻ നാ. 1. പ്രമാണി; 2. തലവൻ; 3. അധികാരിയുടെ സഹായി
മുഗ്ധ1 വി. 1. ഭങ്ഗിയുള്ള; 2. ശുദ്ധിയുള്ള; 3. മൂഢതയുള്ള; 4. മോഹാലസ്യം പൂണ്ട; 5. കുഴങ്ങിയ
മുഗ്ധ2 നാ. 1. സുന്ദരിയായ യുവതി; 2. ബുദ്ധിസാമർഥ്യം സിദ്ധിക്കാത്തവൾ; 3. അപ്രൗഢയായ നായിക
മുഗ്ധത,-ത്വം നാ. 1. ഭങ്ഗി; 2. മൗഢ്യം
മുഗ്ധലോചനൻ നാ. 1. സുന്ദരൻ; 2. ശ്രീകൃഷ്ണൻ
മുഗ്ധഹാസം നാ. ഓമനച്ചിരി, പുഞ്ചിരി
മുഗ്ധാക്ഷി നാ. സുന്ദരി
മുഗ്ധാനന നാ. സുന്ദരി
മുഗ്ധേന്ദു നാ. മനോഹരനായ ചന്ദ്രൻ
മുങ്ങൽ നാ. ജലത്തിലോ മറ്റു ദ്രാവകത്തിലോ താഴുക
മുങ്ങിക്കപ്പൽ നാ. അന്തർവാഹിനി (വെള്ളത്തിനടിയിൽക്കൂടി സഞ്ചരിക്കുന്ന കപ്പൽ)
മുങ്ങുക ക്രി. 1. (വെള്ളത്തിൽ) താഴുക, നിമഗ്നമാകുക; 2. നശിക്കുക. മുങ്ങിത്തപ്പിയാൽ മുത്ത് കരയ്ക്കടിഞ്ഞാൽ കക്ക (പഴ)
മുചുകുന്ദൻ നാ. (പുരാണ) ഒരു രാജാവ്, മാന്ധാതാവിൻെറ പുത്രൻ
മുചൂടി നാ. 1. മുഷ്ടി; 2. ഞൊടി; 3. കൊടിൽ
മുച്ചതുരം നാ. 1. ത്രികോണം; 2. ചതുരക്കള്ളി
മുച്ചാൺ നാ. മൂന്നുചാൺ (പ്ര) മുച്ചാൺവടി (പയറ്റുകാരുടെ വടി)
മുച്ചി നാ. 1. മുഖം; 2. ഉച്ചി; 3. ഉച്ചിയിലെ മുടി
മുച്ചിലിക നാ. കുറ്റം സമ്മതിച്ച് എഴുഹുന്ന പത്രം
മുച്ചിറി നാ. ചിറിയുടെ വൈരൂപ്യം (മേൽച്ചുണ്ട് രണ്ടായി മുറിഞ്ഞിരിക്കൽ)
മുച്ചീട്ടുകളി നാ. മൂന്നു ചീട്ടുകൊണ്ടുള്ള കളി (പണം പന്തയം വച്ചുകളിക്കുന്നത്)
മുച്ചുണ്ട് നാ. മുച്ചിറി
മുച്ചൂടും അവ്യ. മുഴുവനെ, ഒട്ടുക്ക്
മുച്ചൊൽ നാ. കീർത്തി, പ്രസിദ്ധി
മുജ്ജന്മം നാ. മുൻജന്മം, പൂർവജന്മം
മുജ്ജന്മവാസന നാ. പൂർവജന്മപ്രവൃത്തികളുടെ ഫലമായുണ്ടാകുന്ന വാസന
മുഞ്ച മോചിപ്പിച്ചാലും (സംസ്കൃത വ്യാകരണ രൂപം. കവിതയിൽ പ്രയോഗം)
മുഞ്ചുക ക്രി. 1. ചാവുക; 2. മുറ്റുക; 3. പ്രധാനമായിത്തീരുക
മുഞ്ജകേശൻ നാ. 1. ശിവൻ; 2. വിഷ്ണു
മുഞ്ജനകം നാ. മുഞ്ജപ്പുല്ല്
മുഞ്ജം നാ. ഒരുതരം പുല്ല്, മേഖലപ്പുല്ല് (വ്രതികൾ ഇതുപയോഗിച്ച് അരഞ്ഞാൺ ഉണ്ടാക്കുന്നു)
മുഞ്ജവാസസ്സ് നാ. ശിവൻ
മുഞ്ഞ നാ. 1. ഒരു വൃക്ഷം; 2. ഒരുതരം പൂപ്പ് (സസ്യങ്ങളെ ബാധിക്കുന്നത്); 3. സസ്യങ്ങളെ തിന്നു നശിപ്പിക്കുന്ന ഒരു ജീവി
മുഞ്ഞി നാ. മുഖം

മുട1 നാ. 1. അഴുക്ക്; 2. നാറ്റം (പ്ര) പൊടിയും മുടയും
മുട2 നാ. 1. കെട്ട്, മുടിച്ചിൽ; 2. മുട
മുടകാലൻ നാ. കാലിനു മുടന്തുള്ളവൻ
ംടക്കൻ നാ. 1. മുടക്കുന്നത്; 2. കിടുമ്മൻ, വാതിലിലും മറ്റും തറയ്ക്കുന്ന കുറ്റിയും കൊളുത്തും
മുടക്കം നാ. 1. വിരോധം; 2. വിലങ്ങ്, തടസ്സം; 3. ഉപേക്ഷ; 4. മുടന്ത്; 5. ഒഴിവുദിവസം; 6. ചെലവ്
മുടക്കുക ക്രി. 1. തടസ്സപ്പെടുത്തുക, നിരോധിക്കുക, വിലക്കുക; 2. ചെലവാക്കുക (വ്യാപാരം, വ്യവസായം, കൃഷി തുടങ്ങിയവയിൽ ആദായമുണ്ടാക്കണമെന്ന ലക്ഷ്യത്തോടെ പണമിറക്കുക); 3. ചെലവാക്കാതെ കുറെക്കാലം വച്ചുസൂക്ഷിക്കുക
മുടക്കുമുതൽ നാ. മുടക്കിയ മുതൽ (വ്യാപാരത്തിലും മറ്റും മൂലധനമായി നിക്ഷേപിച്ച മുതൽ)
മുടങ്ങൽ1 നാ. 1. മുള; 2. ഓല; 3. നോവ്
മുടങ്ങൽ2 നാ. 1. തടസ്സപ്പെടൽ, പ്രവർത്തഅനം നിലയ്ക്കൽ; 2. ശരീരത്തിൽ ഉളുക്കോ മറ്റോ ഉണ്ടായി നേരെ പ്ര്വർത്തിക്കാൻ കഴിയാതാകൽ
മുടങ്ങ് നാ. മുടക്കം, തടസ്സം
മുടങ്ങുക ക്രി. വിഘ്നം വരുക, തടസ്സം നേരിടുക, നിന്നുപോകുക, മുടന്തൻ. നാ. 1. മുടന്തുള്ളവൻ; 2. അരുണൻ; 3. ശനി
201
മുടന്തൻ ന്യായം നാ. സ്വീകാര്യമല്ലാത്ത വാദം
മുടന്തൽ നാ. ഏന്ത് (കാലിൻെറ അസ്വാധീനം)
മുടന്ത് [<മുടന്തുക] നാ. മുടന്തൽ
മുടന്തുക ക്രി. 1. ഏന്തുക, ഞൊങ്ങുക (ഒരുകാലിനു നീളക്കുറവോ രോഗമോ ഉള്ളപ്പോഴെന്ന പോലെ); 2. ഭങ്ഗികേടായി നടക്കുക
മുടമ്പല്ലൻ നാ. മുടമ്പല്ലുള്ളവൻ
മുടമ്പല്ല് നാ. ചൊവ്വില്ലാത്ത പല്ല്
മുടയുക1 [<മിടയുക] ക്രി. ഓലയും മറ്റും പിണച്ചു നെയ്യുക
മുടയുക2 ക്രി. അഴുക്കാക്കുക
മുടല നാ. 1. ഉണ്ട; 2. നാറ്റം; 3. ശക്തി
മുടവൻ നാ. മുടന്തൻ
മുടവ് നാ. മുടന്ത്
മുടി1 നാ. 1. തലമുടി (തലയിലുള്ള രോമം); 2. തല; 3. കുടുമ്മ; 4. കിരീടം; 5. താക്കെട്ട്, ശിരോഭൂഷണം; 6. ഏറ്റവും ഉയർന്ന ഭാഗം, മുകളറ്റം, അറ്റം; 7. ഞാറ്റുകെട്ട്; 8. തുളസിച്ചെടി; 9. കയർ കൃത്യമായ നീളത്തിൽ മുറിച്ചുകെട്ടി വിൽപ്പനയ്ക്കു വച്ചത്; മുടിചൂടുക = കിരീടം ധരിക്കുക; മുടിയറുക്കുക = 1. വ്രതസംബന്ധമായും മറ്റും തലമുടിമുഴുവനും കളയുക; 2. നാണംകെടുത്തുക; മുടിയേറ്റുക = കിരീടധാരണം ചെയ്യുക; മുടിവെട്ടുക = ക്രാപ്പുചെയ്യുക
മുടി2 [മുടിയുക] ധാതുരൂപം
മുടികാലൻ നാ. നശിപ്പിക്കുന്നവൻ, ചെലവാളി
മുടിക്കുക ക്രി. 1. നശിപ്പിക്കുക; 2. അവസാനിപ്പിക്കുക; 3. കെട്ടിവയ്ക്കുക; 4. ചതിക്കുക

മുടിങ്കോൽ നാ. 1. ഉഴക്കോൽ; 2. ഒരിനം വടി (കന്നുകാലിയെ തെളിക്കാൻ ഉപയോഗിക്കുന്നത്); 3. ഒരു കൂർത്ത ആയുധം
മുടിച്ചൽ നാ. 1. നാശം; 2. കെട്ട്; 3. സഞ്ചികെട്ടൽ
മുടിച്ചി(ൽ) നാ. കെട്ട്, ചരടിൻെറ ഏപ്പ്
മുടിഞ്ഞരുളുക ക്രി. (ആ.ഭാ.) മരിക്കുക
മുടിപ്പ് നാ. 1. നശിപ്പിക്കൽ, നാശം; 2. തീരുമാനം; 3. സഞ്ചിയിൽക്കെട്ടിയ പണം; 4. കെട്ട്, മുടിച്ചിൽ (പ്ര) മുടിപ്പുകെട്ടുക = കരം പിരിക്കുക
മുടിമണി നാ. 1. കിരീടത്തിലോ തലയിലോ അണിയുന്ന രത്നം; 2. ഏറ്റവും ശ്രേഷ്ഠമായ വസ്തു
മുടിമാല നാ. 1. തലയിൽ അണിയുന്ന മാല; 2. ശ്രേഷ്ഠമായ വസ്തു; 3. മേലറ്റം
മുടിയക്കിത്ത നാ. അക്കിത്തയിലെ അവസാന ഭാഗം
മുടിയൻ1 വി. 1. നശിപ്പിക്കുന്ന; 2. രോമമുള്ള
മുടിയൻ2 നാ. 1. നശിപ്പിക്കുന്നവൻ; 2. രോമമുള്ളവൻ (രോമശമായ ശരീരമുള്ളവൻ)
മുടിയന്തിരം നാ. 1. നാശം; 2. മുടിക്കുന്ന പ്രകൃതി
മുടിയിഴ നാ. തലനാര്
മുടിയുക ക്രി. 1. നശിക്കുക; 2. അവസാനിക്കുക; 3. തെങ്ങിനുപൊത്തുകെട്ടുക
മുടിയേറ്റ് നാ. 1. കിരീടധാരണം; 2. ഒരു കളി (തുള്ളൽ); 3. ഭദ്രകാളിക്ഷേത്രങ്ങളിലെ ഒരു ഉത്സവം, കാളിയുടെയും ദാരികൻെറയും മുടികൾ എഴുന്നള്ളിച്ച് പരസ്പരം യുദ്ധം നടത്തുന്ന ചടങ്ങുള്ളത്
മുടിൽ നാ. 1. പുൽപ്പടർപ്പ്; 2. പാർപ്പ്; 3. മത്സ്യത്തിൻെറ കുഞ്ഞ്; 4. തവളക്കുഞ്ഞ് (മിട്ടിൽ)
മുടിവിനാശം നാ. എല്ലാം നശിക്കൽ, പൂർണമായി നശിപ്പിക്കൽ
മുടിവ് നാ. 1. നാശം; 2. പൂർത്തി; 3. അവസാനം; 4. ധൂർത്ത്
മുടുക് നാ. 1. ഒരുതരം പൊൻവള; 2. കരിമ്പും മറ്റും കെട്ടുന്നതിനുള്ള വള്ളി; 3. മുറപ്പെണ്ണ്
മുടുകുക ക്രി. 1. ഞെരുങ്ങുക; 2. അടുക്കുക; 3. എതിർക്കുക; 4. മുറുകുക, കുറുകുക; 5. തിടുക്കപ്പെടുക
മുടുക്കം നാ. 1. ഞെരുക്കം; 2. നിർബന്ധം
മുടുക്ക് നാ. 1. വീതികുറഞ്ഞ വഴി (ഇടവഴി); 2. കോൺ; 3. മുടുക്കം (നിർബന്ധിക്കൽ, ഞെരുക്കൽ)
മുടുക്കുക ക്രി. 1. ഞെരിക്കുക; 2. ഓടിക്കുക; 3. മുറുക്കുക (ആണിയും മറ്റും); 4. ധിറുതിപ്പെടുത്തുക, വേഗം കൂട്ടാൻ നിർബന്ധിക്കുക
മുടുമ്പ് നാ. അറ്റത്തുള്ള പുരയിടം
മുടുവൽ നാ. 1. നായ്; 2. ചെന്നായ്
മുട്ട നാ. 1. അണ്ഡം; 2. വൃക്ഷണം
മുട്ടക്കരു നാ. മുട്ടയ്ക്കകത്തുള്ള പോഷകവസ്തു
മുട്ടക്കോസ് നാ ഭക്ഷ്യമായ ഒരു സസ്യം, കാബേജ് (ഗോളാകൃതിയായതിനാൽ ഈ പേര്)

മുട്ടൻ നാ. 1. ആരോഗ്യവും ശരീരപുഷ്ടിയും ഉള്ളവൻ; 2. വളരെ വലിപ്പമുള്ളത്, ഉദാഃ മുട്ടൻ മരം; 3. മുട്ടാപ്പോക്കുകാരൻ, ശഠൻ; 4. മുട്ടാട്; 5. മുട്ടുള്ള തടി, മുട്ടം. അടുക്കുപറയുന്നവന് അഞ്ഞാഴി, മുട്ടൻ വെട്ടുന്നവനു മൂന്നാഴി (പഴ)

മുട്ടപ്പായൽ നാ. കുടപ്പായൽ

മുട്ടം നാ. 1. കീറാൻ പ്രയാസമുള്ള വിറക്; 2. ചരിവ്; 3. കടലിലോ കായലിലോ ജലത്തിലേക്കു തള്ളിനിൽക്കുന്ന കുന്ന്; 4. ഗ്രാമം

മുട്ടൽ നാ. തടസ്സം, തടയപ്പെടൽ, ശ്വാസത്തിൻെറ തടവ്

മുട്ടാക്ക് നാ. 1. മുടി; 2. മൂടുപടം; 3. തലയിൽ തുണിയിട്ടു മറയ്ക്കൽ. പട്ടണം ചുട്ടു പകലിറങ്ങി ഇനി എന്തിനാ മകളേ മുട്ടാക്ക് (പഴ)

മുട്ടാട് നാ. ആണാട്, ആട്ടുകൊറ്റൻ

മുട്ടാത്തർക്കം നാ. പിടിവാദം

മുട്ടാ(ൾ)പ്പോക്ക് നാ. മുട്ടാളത്തരം

മുട്ടാൾ നാ. മുട്ടാളൻ

മുട്ടാളത്തം നാ. വഷളത്തം

മുട്ടാളത്തരം നാ. മുട്ടാളത്തം

മുട്ടാളൻ നാ. 1. വഷളൻ, ദുർബുദ്ധി; 2. സാഹസികൻ, വഴക്കാളി

മുട്ടാറ് നാ. ചിറ്റാറ് (നീളം കുറഞ്ഞ ആറ്)

മുട്ടി1 നാ. 1. കീറാൻ പ്രയാസമുള്ള വിറകുതടി; 2. തട്ട; 3. കരുവാൻെറ ചുറ്റിക; 4. കള്ളെടുക്കുന്ന പാത്രം; 5. ഉണ്ടക്കല്ല്; 6. എല്ല്

മുട്ടി2 നാ 1. ചുരുട്ടിയ കൈ; 2. ആയുധപ്പിടി

മുട്ടിക നാ. 1. ചുറ്റിക; 2. തടിക്കഷണം

മുട്ടിക്കാൽ നാ. വളഞ്ഞകാൽ

മുട്ടിക്കാലൻ നാ. വളകാലൻ, മുട്ടുകൾതമ്മിൽ കൂട്ടിയിടിക്കുംവണ്ണം വളഞ്ഞകാലുള്ളവൻ

മുട്ടിക്കുക ക്രി 1. മുട്ടുമാറാക്കുക; 2. പ്രയാസപ്പെടുത്തുക; 3. തികയാതാക്കുക; 4. മുട്ടാക്കുക; 5. എത്തിക്കുക, ചേർക്കുക

മുട്ടിക്കുരണ്ടി നാ. വളരെതാണപീഠം

മുട്ടിക്കൊമ്പൻ നാ. ചെറുതും കട്ടിയുള്ളതുമായ കൊമ്പുകളോടുകൂടിയ മാട്

മുട്ടിത്തിരിയുക ക്രി. 1. വഴിയറിയാതെ ചുറ്റുക; 2. നിർവാഹമില്ലാതെ വ്യാകുലപ്പെടുക

മുട്ടിരട്ടി നാ. മുടക്കിയതിൻെറ ഇരട്ടി വസൂലാക്കൽ

മുട്ട് നാ. 1. കൈയുടെയും കാലിൻെറയും നടുവിൽ മുഴച്ചിരിക്കുന്ന അസ്ഥി (കൈമുട്ട്, കാൽമുട്ട്); 2. കരിമ്പിൻെറയും മുളയുടെയും മറ്റും തണ്ടിലുള്ള സന്ധി; 3. തടവ്; 4. ചെറ; 5. നാശം; 6. കുറവ്; 7. ബുദ്ധിമുട്ട്, ഇല്ലായ്മ; 8. തലയോമറ്റോ വല്ലതിന്മേലും ഇടിക്കൽ; 9 ആടുമാടുകൾതമ്മിൽ മുഖംകൊണ്ടുള്ള ഇടി; 10. മുട്ടുപാട്; 11. ഊന്നുകാൽ; 12. കൊട്ടുതടികൊണ്ടുള്ള അടി; 13. ശബ്ദം (പ്ര) മുട്ടുകുത്തുക = മുട്ടുമടക്കിയിരിക്കുക, കീഴടങ്ങുക

മുട്ടുക ക്രി. 1. കൂട്ടിയിടിക്കുക, ഒന്നു മറ്റൊന്നിൽ തട്ടുക; 2. തടസ്സപ്പെടുക, ഗതിമുടങ്ങുക, പ്രവർത്തിക്കാതാകുക. ഉദാഃ ശ്വാസം മുട്ടുക, ഉത്തരം മുട്ടുക, മൂത്രം മുട്ടുക; 3. വിഷമമോ ദാരിദ്ര്യമോ അനുഭവപ്പെടുക. ഉദാഃ പണത്തിനു മുട്ടുക, ആഹാരം മുട്ടുക; 4.

പ്രയാസപ്പെടുക; 5. മടങ്ങുക; 6. എത്തിത്തൊടുക; 7. തൊട്ടിരിക്കുക; 8. ഒന്ന് മറ്റൊന്നിൽ തട്ടുക; 9. മണിയടിക്കുക (മണിമുട്ടുക). മുട്ടിയപക്ഷം വൈക്കോൽ (പഴ)
മുട്ടുകാരൻ നാ. 1. കൊട്ടുകാരൻ, ചെണ്ടക്കാരൻ; 2. പാട്ടുകാരൻ; 3. പണത്തിനു ഞെരുക്കമുള്ളവൻ
മുട്ടുവായ്പ്പ നാ. കൈവായ്പ്പ (തത്കാലത്തേക്കു വാങ്ങിയ കടം)
മുട്ടുശാന്തി നാ. 1. പൂജമുടങ്ങാതിരിക്കാൻ പകരം നിയമിക്കുന്ന പൂജാരി, അപ്രകാരം നടത്തുന്ന പൂജ; 2. അത്യാവശ്യം നിറവേറ്റാനുള്ള താത്കാലികോപായം
മുട്ടെ അവ്യ. 1. മുട്ടുമാറ് (ആകാശം മുട്ടെ); 2. നിറയെ, മുഴുവനും
മുണങ്ങുക ക്രി. 1. പതുക്കെപ്പറയുക; 2. അടങ്ങുക; 3. ശമിക്കുക; 4. ശാന്തമാകുക
മുണുമുണുപ്പ് നാ. 1. മുറുമുറുപ്പ്; 2. മിണുമിണുപ്പ്
മുണ്ട നാ. 1. തോൾ; 2. കൈയിലെ മാംസപേശി; 3. മുണ്ടവള്ളി
മുണ്ടകൻ നാ. 1. ഒരുതരം നെല്ല്; 2. കന്നിമാസത്തിൽ വിതയ്ക്കപ്പെടുന്ന നിലം
മുണ്ടകം നാ. 1. താമര; 2. ഒരിനം നെല്ല്; 3. കള്ള്; 4. മുൾച്ചെടി; 5. പൂക്കൈത; 6. നെറ്റി
മുണ്ടച്ചക്ക നാ. ഒരുതരം ചെറിയ ചക്ക (ഉരുണ്ട ആകൃതിയുള്ളത്)
മുണ്ടച്ചി നാ. വിധവ (മൊട്ടച്ചി)
മുണ്ടത്തി നാ. മുണ്ടി (പൊക്കം കുറഞ്ഞവൾ)
മുണ്ടൻ1 നാ. 1. കുറിയവൻ (പൊക്കം കുറഞ്ഞവൻ); 2. കള്ളെടുക്കുന്ന തെങ്ങിൻചൊട്ട
മുണ്ടൻ2 നാ. ക്ഷുരകൻ
മുണ്ടൻ3 നാ. തല മുണ്ഡനം ചെയ്തവൻ
മുണ്ടപ്പള്ളി നാ. ഒരിനം നെല്ല്
മുണ്ടം നാ. 1. വെട്ടിക്കീറിയ മരം; 2. കട്ടിപിടിച്ച മലം
മുണ്ടാണി നാ. മൂന്നു മാകാണി കൂടിയത് (3/16)
മുണ്ടി നാ. 1. കുറിയവൾ, മുണ്ടത്തി; 2. ഒരിനം കൊക്ക്
മുണ്ടിക്കുക1 ക്രി. 1. ചെറുതാക്കുക; 2. പൊക്കം കുറയ്ക്കുക
മുണ്ടിക്കുക2 ക്രി. മൊട്ടയടിക്കുക
മുണ്ടിനീര് നാ. ഒരുതരം നീര്, കഴുത്തിലുള്ള ചില ഗ്രന്ഥികൾ രോഗബാധമൂലം വീർക്കുന്നത്
മുണ്ട് നാ. 1. ഉടുക്കാനുള്ള വസ്ത്രം. (പ്ര) മുണ്ടുകൊടുക്കുക = വിവാഹം കഴിക്കുക
മുണ്ടുമുറി നാ. വീട്ടുസാമാനം
മുണ്ഡ1 വി. 1. ക്ഷൗരം ചെയ്യിച്ച; 2. അഗ്രം ഛേദിക്കപ്പെട്ട; 3. മുനയില്ലാത്ത; 4. കഷണ്ടിയായ; 5. മൊട്ടത്തലയായ; 6. താണ
മുണ്ഡ2 നാ. 1. മൊട്ടയടിച്ചവൾ; 2. വിധവ; 3. ഭിക്ഷുകി; 4. മഞ്ചെട്ടി; 5. മഹാശ്രാവണി; 6. ശ്രാവണി
മുണ്ഡകൻ നാ. ക്ഷുരകൻ

മുണ്ഡകം നാ. 1. അഥർവ വേദത്തിൻെറ ഒരു ഉപനിഷത്ത് (മുണ്ഡകോപനിഷത്ത്); 2. ഇലയും കൊമ്പും കോതി നിർത്തിയിട്ടുള്ള മരം; 3. തല; 4. നെറ്റി
മുണ്ഡചണകം നാ. ഒരു ധാന്യം, ചണപ്പയറ്
മുണ്ഡജം നാ. ഉരുക്ക്
മുണ്ഡൻ നാ. 1. തലമൊട്ടയടിച്ചവൾ; 2. കഷണ്ടിക്കാരൻ; 3. ക്ഷുരകൻ; 4. ഒരു അസുരൻ (ദുർഗയാൽ വധിക്കപ്പെട്ടു); 5. രാഹു
മുണ്ഡനം നാ. മൊട്ടയടിക്കൽ, തലമുടി വെട്ടൽ
മുണ്ഡഫലം നാ. 1. തെങ്ങ്; 2. തേങ്ങ
മുണ്ഡം നാ. 1. മൊട്ടയടിച്ച തല (മുണ്ഡനം ചെയ്യപ്പെട്ടത്); 2. തല; 3. നെറ്റി; 4. തായ്മരം (അഗ്രത്തിലെ കൊമ്പും ഇലകളും കോതിയ മരം); 5. ഇരിമ്പ്; 6. നറുമ്പശ; 7. കപാലം
മുണ്ഡമാല നാ. കപാലമാല
മുണ്ഡലോഹം നാ. ഇരുമ്പ്
മുണ്ഡായസം നാ. ഇരുമ്പ്
മുണ്ഡി നാ. 1. മൊട്ടയടിച്ചവൻ; 2. ബൗദ്ധസന്ന്യാസി; 3. ക്ഷുരകൻ (മുണ്ഡനം ചെയ്യുന്നവൻ); 4. ശിവൻ; 5. അടയ്ക്കാമണിയൻ; 6. മാന്താമാൻ; 7. കഷണ്ടിക്കാരൻ
മുണ്ഡിത1 വി. മുണ്ഡനംചെയ്യപ്പെട്ട, മുടിവടിച്ച
മുണ്ഡിത2 നാ. മുണ്ഡിയുടെ ഭാവം
മുണ്ഡിതം നാ. 1. ക്ഷൗരംചെയ്ത ശിരസ്സും മറ്റും; 2. കൊമ്പുവെട്ടിക്കളഞ്ഞ തടി; 3. ഇരുമ്പ്
മുണ്ഡിതശീർഷൻ നാ. തല മൊട്ടയടിച്ചവൻ
മുണ്ഡിനി നാ. വിധവ (തല മൊട്ടയടിച്ചവൾ)
മുത നാ. 1. വെട്ടിത്തെളിച്ച് ആദ്യമായി കൃഷിചെയ്ത സ്ഥലം; 2. പ്രസ്തുതസ്ഥലത്ത് ചവറും മറ്റും ഇടൽ
മുതക്ക് നാ. 1. ഒരു ഔഷധവള്ളി; 2. ചത്തമൃഗം
മുതക്കുക ക്രി. (ജലത്തിലെന്നപോലെ) പൊന്തിക്കിടക്കുക
മുതന്മ നാ. 1. പ്രാമാണ്യം; 2. വലിപ്പം
മുതപ്പ് നാ. 1. പ്ലവം, അടയാളപ്പൊങ്ങുതടി; 2. പൊന്തിക്കിടക്കൽ
മുതപ്പുനം നാ. വളരെക്കാലമായി ചുടാത്ത കാട്
മുതൽ1 അവ്യ. തുടങ്ങി (പ്ര) മുതലായ = തുടങ്ങിയുള്ള, ആദിയായ
മുതൽ2 നാ. 1. ആകെയുള്ള തുക (മൂല)ധനം; 2. ആരംഭം; 3. ചരക്ക്; 4. കോൾവില; 5. ഈശ്വരൻ. (പ്ര) മുതലാവുക = വിലയാകുക, കൊടുത്തവില തിരികെ കിട്ടുക
മുതൽക്കരണം നാ. ആദ്യത്തെ പ്രമാണം (ഏതെങ്കിലും ഭൂസ്വത്തിനെക്കുറിച്ചുള്ളത്)
മുതൽക്ക് അവ്യ. തുടങ്ങി
മുതൽക്കുടി നാ. ആദ്യത്തെ ഭാര്യ
മുതൽക്കുമുതൽ നാ. പലിശകൂടാത്ത മൂലധനം
മുതൽക്കുറി നാ. (ചിട്ടിയിൽ) ആദ്യത്തെ കുറിയെടുപ്പ്

മുതൽക്കൂട്ട് നാ. 1. വരവിന്റെ കണക്ക്; 2. മൂലധനത്തോടു ചേർക്കൽ; 3. ഈടുവയ്പ്പ്; 4. സമ്പാദ്യം
മുതൽച്ചെലവ് നാ. 1. ആദ്യത്തെ ചെലവ്; 2. വരവു ചെലവ്; 3. ദ്രവ്യം ചെലവിടൽ, മൂലധനത്തിൽനിന്നു ചെലവാക്കൽ
1203
മുതൽദ്രവ്യം നാ. മൂലധനം (പലിശയ്ക്കും ലാഭത്തിനും കാരണമായുള്ള നെല്ല് മുതലായവ)
മുതൽപ്പട്ടിക നാ. മുതൽ സംബന്ധിച്ചെഴുതുന്ന കണക്ക്, വസ്തുവകകളുടെ ലിസ്റ്റ്
മുതൽപലിശ നാ. 1. മുതലും പലിശയും; 2. മുതലിന്മേലുള്ള പലിശ
മുതൽപറ്റ് നാ. ചേകവരുടെ തലയാൾ, അയാളുടെ അധികാരം
മുതൽപിടി നാ. 1. ദ്രവ്യം ഏറ്റുവാങ്ങി സൂക്ഷിക്കുന്ന ചുമതല; 2. ആ ചുമതല വഹിക്കുന്നവൻ (മുതൽപിടിക്കാരൻ, ഖജാൻജി)
മുതൽപേർ നാ. 1. തുടങ്ങിയുള്ളവർ; 2. (ഠാണാ)ശിപായിമാരിൽ പ്രധാനി
മുതല നാ. പല്ലിവർഗത്തിൽപ്പെട്ട വലിപ്പമുള്ള ഒരു ജീവി
മുതലവകാശം നാ. ഉടമ, സ്വത്തിനുള്ള അവകാശം
മുതലാവുക ക്രി. വിലയാവുക, കൊടുത്തവില തിരിയെ കിട്ടുക
മുതലായ്മ നാ. ഉടമ, മുതലവകാശം
മുതലായ അവ്യ. തുടങ്ങിയുള്ള, ആദിയായ
മുതലാളൻ നാ. 1. ജന്മി; 2. ചിട്ടിമുമ്പൻ; 3. തൊഴിൽശാലയുടെ ഉടമ; 4. ധനവാൻ
മുതലാളി നാ. 1. മുതലാളൻ; 2. ഉടമ; 3. വലിയ കച്ചവടക്കാരൻ; 4. മൂലധനം ഉള്ളവൻ; 5. ധനവാൻ
മുതലി നാ. 1. പ്രധാനി; 2. മുതലിയാർ; 3. എല്ലാറ്റിനും മുതലായിട്ടുള്ളവൻ, ആദികാരണം; 4. മൂത്തവൻ
മുതലിക്കുക ക്രി. 1. മുതൽ ശേഖരിക്കുക; 2. ആരംഭിക്കുക (ചിട്ടിയെന്നപോലെ); 3. മുതലാവുക
മുതലിയാർ നാ. 1. ഒരു ജാതി; 2. മുതലിയുടെ പൂജകബഹുവചനരൂപം
മുതലെടുപ്പ് നാ. 1. ആണ്ടടക്കമുള്ള വരുമാനം ശേഖരിക്കൽ; 2. റവന്യൂ; 3. കരംപിരിവ്; 4. ആദായം; 5. (പ്ര) അന്യന്റെ ദൗർബല്യം തനിക്കു പ്രയോജനപ്പെടത്തക്കവണ്ണം ചൂഷണം ചെയ്യൽ
മുതിർക്കുക ക്രി. 1. ഉത്സാഹിപ്പിക്കുക; 2. പരിചയിപ്പിക്കുക; 3. വലുതാക്കുക; 4. ഏർപ്പെടുത്തുക; 5. ഉറപ്പിക്കുക; 6. ചൂടുപിടിപ്പിക്കുക
മുതിർച്ച നാ. 1. ഒരുക്കം, ഉത്സാഹം; 2. വലുതാകൽ
മുതിർന്ന വി. വളർന്ന (പ്രായംകൂടിയ) (പ്ര) മുതിർന്നവർ
മുതിര നാ. നവധാന്യങ്ങളിൽ ഒന്ന്
മുതിരുക ക്രി. 1. ഉദ്യമിക്കുക, തുനിയുക; 2. മുമ്പോട്ടുപോകുക; 3. വട്ടം കൂട്ടുക; 4. തീർച്ചയാവുക; 5. വളരുക, പ്രായംകൂടുക
മുതു1 വി. 1. വയസ്സുചെന്ന; 2. മൂത്ത, വിളഞ്ഞ. മൂത്തവർചൊല്ലും മുതുനെല്ലിക്ക ആദ്യം കൈക്കും പിന്നെ മധുരിക്കും (പഴ)
മുതു2 നാ. മുതുക്

മുതുക് നാ. 1. ദേഹത്തിൻെറ പിൻഭാഗം; 2. (മീനിൻെറ) നട്ടെല്ല്; 3. പിന്തിരിച്ചിൽ. (പ്ര) മുതുകുകാട്ടുക = പുറം കാണിക്കുക, ചുമതല ഏറ്റെടുക്കുക; മുതുകിൽക്കേറുക = വകവയ്ക്കാതിരിക്കുക
മുതുകെല്ല് നാ. നട്ടെല്ല്
മുതുക്കൻ നാ. 1. വൃദ്ധൻ; 2. പഴക്കംചെന്ന വസ്തു; 3. മുഖക്കുരു
മുതുക്കി നാ. 'മുതുക്കൻ' എന്നതിൻെറ സ്ത്രീലിങ്ഗരൂപം, വൃദ്ധ
മുതുചൊൽ നാ. 1. പഴഞ്ചൊല്ല്; 2. പ്രായമേറിയവരുടെ വാക്ക്
മുതുതരിശ് നാ. പത്തുപതിനഞ്ചു വർഷമായി തരിശുകിടക്കുന്ന സ്ഥലം
മുതുമ നാ. 1. പഴമ; 2. മൂപ്പ്; 3. പഴമൊഴി
മുതുമകൻ നാ. ശനി
മുതുമുത്തച്ഛൻ നാ. അച്ഛൻെറ മുത്തച്ഛൻ
മുതുമുത്തി നാ. അമ്മയുടെ മുത്തശ്ശി
മുതുവൻ നാ. 1. പഴവന്മാർ; 2. ജ്ഞാനികൾ
മുതുവാൻ നാ. കേരളത്തിലെ ആദിമനിവാസികളിൽപ്പെട്ട ഒരു ജാതി
മുത്തങ്ങാ നാ. ഒരിനം സുഗന്ധപ്പുല്ല്
മുത്തച്ഛൻ നാ. അച്ഛൻെറയോ അമ്മയുടെയോ അച്ഛൻ
മുത്തം നാ. 1. ചുംബനം; 2. പ്രിയം; 3. കൊഞ്ചൽ
മുത്തമി1 വി. മുത്തുകൾ അണിഞ്ഞ
മുത്തമി2 നാ. മുത്തുമാല
മുത്തൻ നാ. 1. വൃദ്ധൻ; 2. മുക്തൻ; 3. ശിവൻ; 4. ബുദ്ധൻ
മുത്തന്ത നാ. മുത്തച്ഛൻ
മുത്തപ്പൻ നാ. 1. മുത്തച്ഛൻെറ അനുജൻ; 2. ഒരു ആരാധനാമൂർത്തി
മുത്തമിഴ് നാ. 1. ഇയൽ ഇശൈ നാടകം എന്നിവ മൂന്നും അടങ്ങിയ തമിഴ് സാഹിത്യം; 2. തമിഴ് മലയാളം സംസ്കൃതം എന്നിവ മൂന്നും ചേർന്ന ഭാഷ
മൂത്തമ്മ നാ. 1. അമ്മുമ്മ; 2. അമ്മയുടെ മൂത്തസഹോദരി; 3. അച്ഛൻെറ ജ്യേഷ്ഠൻെറ ഭാര്യ
മുത്തയ്യൻ നാ. സുബ്രഹ്മണ്യൻ
മുത്തരി നാ. 1. മുത്തുപോലുള്ള അരി; 2. മുത്തുപോലുള്ള ചെറിയ പല്ല്
മുത്തല നാ. ത്രിശൂലം
മുത്തശ്ശൻ നാ. മുത്തച്ഛൻ
മുത്താച്ചി നാ. 1. മുത്തശ്ശി; 2. കായയുടെ ഉണങ്ങിയ തോട്; 3. നട്ടവിത്ത്; 4. (ആയുർ) ഒരുതരം പൊക്കൻ (കുട്ടികൾക്കു ഉണ്ടാകുന്നത്
മുത്തായിപ്പ് [ഹി.] നാ. (സങ്ഗീ) രാഗം അവസാനിപ്പിക്കൽ
മുത്താരം നാ. മുത്തുമാല
മുത്താരമ്മ(ൻ) നാ. ഭഗവതി
മുത്താഴം നാ. പ്രാതൽ, ഉച്ചയ്ക്കുള്ള ഭക്ഷണം (അത്താഴത്തിനു മുമ്പുള്ളത്) മുത്താഴം കഴിഞ്ഞാൽ മുള്ളിന്മേലെങ്കിലും കിടക്കണം (പഴ)
മുത്തി1 നാ. 1. വൃദ്ധ; 2. അമ്മുമ്മ; 3. ഒരു ദേവത
മുത്തി2 മുൻവിന ഭൂ.രൂപം
മുത്ത്1 നാ. 1. നവരത്നങ്ങളിൽ ഒന്ന്; 2. വസൂരിക്കുരു; 3. വിത്തുമണി, അകത്തെ കുരു; 4. ശ്രേഷ്ഠമായ വസ്തു, പ്രിയപ്പെട്ട വസ്തു

മുത്ത്2 നാ. 1. സന്തോഷം; 2. സുഖം
മുത്തുക ക്രി. 1. ചുംബിക്കുക, ഉമ്മവയ്ക്കുക; 2. മണക്കുക; 3. ലാളിക്കുക. മുക്കോൻ വളർത്തുന്ന പട്ടിയും മുത്തിവളർത്തുന്ന കുട്ടിയും നന്നാകില്ല (പഴ)
മുത്തുകുളി നാ. മുങ്ങിയെടുക്കൽ
മുത്തുക്കുട നാ. അരികിൽ മുത്തുകൾ കോർത്തുകെട്ടിയ കുട (രാജകീയ കുട)
മുത്തുച്ചിപ്പി നാ. ഒരിനം ചിപ്പി (അകത്തു മുത്തുവിളയുന്നത്)
മുത്തുമാല നാ. മുത്തുകൾ കോർത്തുണ്ടാക്കിയ മാല
മുദം നാ. സന്തോഷം
മുദശ്രു നാ. സന്തോഷാശ്രു
മുദാ അവ്യ. മുദത്തോടെ (സന്തോഷത്തോടുകൂടി)
മുദി നാ. ചന്ദ്രിക
മുദിത1 വി. മോദിച്ച, സന്തോഷിച്ച
മുദിത2 നാ. 1. സന്തോഷം; 2. പരകീയയായ ഒരു നായിക
മുദിതം നാ. 1. സന്തോഷം; 2. (കാമ) ഏഴുവിധം ആലിങ്ഗനങ്ങളിൽ ഒന്ന്
മുദിരൻ നാ. 1. പ്രിയൻ; 2. വിടൻ (സ്ത്രീലോലൻ)
മുദിരം നാ. 1. മേഘം; 2. തവള; 3. മുത്തങ്ങ; 4. ഒരുതരം മുല്ല
മുദ്ഗം നാ. 1. ചെറുപയറ്; 2. മുടി; 3. നീർക്കാക്ക
മുദ്ഗരകം നാ. ചുറ്റിക
മുദ്ഗരം നാ. 1. മുൾത്തടി; 2. ഇരിമ്പുലക്ക; 3. ചുറ്റിക, കട്ടതല്ലി; 4. ഒരുജാതി മുല്ല; 5. മൊട്ട്; 6. വൈരപ്പുളി
മുദ്ഗലൻ നാ. (പുരാണ) ഒരു സന്ന്യാസി (ദാനശീലംകൊണ്ടു പ്രസിദ്ധൻ)
മുദ്ഗലം നാ. നാമ്മുകപ്പുല്ല്
മുദ്ര നാ. 1. അടയാളം; 2. അടയാളമോ നാമമോ കൊത്തിയിട്ടുള്ള മോതിരം (മുദ്രമോതിരം); 3. അച്ച്; 4. അച്ചടി; 5. (തപാൽ) സ്റ്റാമ്പ്; 6.പതക്കം, രൂപംകൊത്തിയ തകിട്; 7. (തന്ത്ര) അങ്ഗുലീവിന്യാസം (മുദ്രക്കൈ); 8. യോഗികളുടെയും മറ്റും കടുക്കൻ; 9. അളവ്; 10. രഹസ്യം (പ്ര) മുദ്രകുത്തുക = സ്റ്റാമ്പു പതിക്കുക, ചീത്തയഭിപ്രായം പ്രകടിപ്പിക്കുക. മുദ്രകൊത്തുക = സ്റ്റാമ്പുണ്ടാക്കുക
മുദ്രക്കടലാസ് നാ. 1. മുദ്രകുത്തിയ പത്രം; 2. സ്റ്റാമ്പുപേപ്പർ
മുദ്രക്കൈ നാ. കഥകളിയിലെയും മറ്റും ഹസ്തമുദ്ര
മുദ്രണം നാ. 1. അച്ചടി; 2. മുദ്രവയ്പ്പ്
മുദ്രണാലയം നാ. അച്ചുക്കൂടം
മുദ്രത്താപ്പ് നാ. സർക്കാരിൽനിന്നും ഏർപ്പെടുത്തിയിട്ടുള്ള താപ്പ് (അളവുപാത്രങ്ങൾ തൂക്കക്കട്ടികൾ തുടങ്ങിയവയിൽ സർക്കാരിൻെറ മുദ്രപതിപ്പിക്കുന്നതിനാൽ)
മുദ്രത്തിരി നാ. അരക്കുകോൽ (മുദ്രവയ്ക്കാനുള്ളത്)
മുദ്രപ്പടി നാ. സർക്കാരിൽനിന്ന് അടയാളപ്പെടുത്തിയിട്ടുള്ള തൂക്കുകട്ടി
മുദ്രപ്പറ നാ. പത്തിടങ്ങഴികൊള്ളുന്ന പറ (തോതു കണക്കാക്കി സർക്കാർ മുദ്ര അടയാളപ്പെടുത്തിയിട്ടുള്ളത്)
മുദ്രമോതിരം നാ. മുദ്രവയ്ക്കാനുള്ള മോതിരം, അടയാള മൊതിരം
മുദ്രയരക്ക് നാ. മുദ്രവയ്ക്കാൻ ഉപയോഗിക്കുന്ന അരക്ക്
മുദ്രശാല നാ. അച്ചുകൂടം; 2. കമ്മട്ടം

മുദ്രാങ്കിത വി. മുദ്രവച്ച (മുദ്രയടിച്ച)
മുദ്രാമാർഗം നാ. ബ്രഹ്മരന്ധ്രം (പ്രാണൻ നിർഗമിക്കുന്നേടം)
മുദ്രായന്ത്രം നാ. അച്ചടിയന്ത്രം
മുദ്രാലങ്കാരം നാ. ഒരു അലങ്കാരം
മുദ്രാലയം നാ. അച്ചുകൂടം
മുദ്രാവാക്യം നാ. അടയാളമോ പ്രമാണമോ ആയി സ്വീകരിച്ചിട്ടുള്ള വാക്യം
മുദ്രാസാധനം നാ. 1. മുദ്രക്കടലാസിലെ പ്രമാണം; 2. മുദ്രപതിപ്പിച്ച ഉത്തരവ്, രാജാവിൻെറയോ സർക്കാരിൻെറയോ ആജ്ഞ
മുദ്രാഹീന വി. അളവില്ലാത്ത, അതിരില്ലാത്ത
മുദ്രിക നാ. 1. ചെറിയ മുദ്ര; 2. (മുദ്ര) മോതിരം; 3. പവിത്രം; 4. മുദ്രപ്പത്രം (മുദ്രയോ അടയാളമോ വച്ച പത്രം); 5. കൈകൊണ്ടുള്ള അഭിനയം; 6. ഒരിനം ആയുധം; 7. മുദ്രയുള്ള നാണയം
മുദ്രിണി നാ. അരക്ക്
മുദ്രിത വി. 1. മുദ്രണംചെയ്യപ്പെട്ട, അടയ്ക്കപ്പെട്ട; 2. വിടരാത്ത
മുധാ അവ്യ. 1. വൃഥാ, വെറുതെ; 2. തെറ്റായി
മുൻ1 അവ്യ. 1. മുമ്പ്, പണ്ട്; 2. ആദ്യം
മുൻ2 വി. 1. മുമ്പുള്ള; 2. ആദ്യത്തെ (പ്ര) മുൻനിറുത്തുക = മുമ്പിൽ നിറുത്തുക, ആധാരമാക്കുക
മുൻകാഴ്ച നാ. 1. മുമ്പുണ്ടായിരുന്ന കാഴ്ച; 2. മുമ്പിൽവയ്ക്കുന്ന കാഴ്ചദ്രവ്യം
മുൻകുടുമ നാ. പൂർവശിഖ (മുൻവശത്തുകെട്ടിവയ്ക്കുന്ന തലമുടി)
മുൻകൂറ് നാ. 1. അർധിച്ചതിൽ ആദ്യത്തെ പങ്ക്; 2. നേരത്തെ (മുൻകൂട്ടി) കൊടുത്ത തുക
മുൻകൈ നാ. 1. കൈമുട്ടിന് കീഴ്വശം; 2. നായകത്വം
മുൻകോപം നാ. പെട്ടെന്നുണ്ടാകുന്നതും അപ്പോൾത്തന്നെ ശമിക്കുന്നതുമായ കോപം
മുൻഗാമി നാ. 1. പൂർവികൻ; 2. മുമ്പിൽ പോകുന്നവൻ, മുമ്പിലുള്ളവൻ
മുൻചൊല്ല് നാ. 1. പഴഞ്ചൊല്ല്; 2. മുമ്പിലത്തെ വാക്ക് (മുമ്പു പറഞ്ഞത്)
മുൻപട നാ. മുന്നണിയിലെ പട
മുൻപണം നാ. അച്ചാരം, മുൻകൂറായി കൊടുക്കുന്ന പണം
മുൻഭാഗം നാ. മുൻവശം
മുൻവിചാരം നാ. 1. മുൻകരുതൽ; 2. പ്രധാനവിചാരം
മുൻവിധി നാ. മുൻകൂട്ടി എടുക്കുന്ന തീരുമാനം
മുൻവിനയെച്ചം നാ. (വ്യാക) ഭൂതകാലത്തിലെ വിനയെച്ചം
മുൻസിപ്പലിറ്റി [ഇം.] നാ. ചെറിയ പട്ടണം, അതിൻെറ ഭരണച്ചുമതലയുള്ള തദ്ദേശസ്വയംഭരണസ്ഥാപനം
മുൻസിഫ് [<അറ] നാ. സിവിൾ വ്യവഹാരങ്ങൾ കേട്ടു തീർപ്പുകൽപിക്കുന്ന താഴത്തെ നീതിന്യായക്കോടതിയിലെ പ്രധാനപ്പെട്ട ന്യായാധിപൻ
മുൻഷി [<അറ] നാ. 1. ഭാഷാധ്യാപകൻ; 2. എഴുത്തുകാരൻ; 3. ദ്വിഭാഷി
മുന നാ. 1. കൂർത്ത അറ്റം; 2. കടലിലേക്കു തള്ളിനിൽക്കുന്ന കര; 3. മൂർച്ച; 4. പക; 5. മുനക്കരുവ്, കൊത്തുപണിക്കുള്ള ചെറിയ ഉളി
മുനക്കം നാ. 1. പതുക്കെപ്പറച്ചിൽ; 2. വിലാപം

മുനക്കരു(വ്) നാ. മുനയുള്ള ചെറിയ ഉളിയും മറ്റും (കൊത്തുപണിക്കാരുടെ ഉപകരണം)
മുനങ്ങുക ക്രി. പിറുപിറുക്കുക (പതുക്കെപ്പറയുക)
മുനപ്പിക്കുക ക്രി. മുനവരുത്തുക
മുനമ്പ് നാ. 1. കോന്തുരുത്ത്, കോടി (കടലിലേക്ക് ഉന്തിനിൽക്കുന്ന കര); 2. (കുലയുടെ) അറ്റം
മുനയുക ക്രി. 1. മുഴങ്ങുക; 2. മുരളുക; 3. കലക്കമുണ്ടാക്കുക; 4. കോപിക്കുക
മുനി1 [മുനിയുക] ധാതുരൂപം
മുനി2 നാ. 1. സന്ന്യാസി, മൗനവ്രതമുള്ള തപസി; 2. ബുദ്ധൻ; 3. കശ്യപൻെറ ഒരു ഭാര്യ (ചിത്രരഥൻെറ മാതാവ്); 4. ഭരതമുനി (നാട്യശാസ്ത്രകർത്താവ്); 5. ഗുളികൻ; 6. മക്കിപ്പൂവ്; 7. മുരൾ മരം; 8. അകത്തി; 9. ഒരു വൃക്ഷം (മാവ്); 10. ഏഴ് എന്ന സങ്ഖ്യ
1205
മുനിചതുഷ്ടയം നാ. അഗസ്ത്യൻ പാണിനി ബുദ്ധൻ വ്യാസൻ ഇവർ നാലുപേരും
മുനിച്ചൽ നാ. കോപിക്കൽ, കോപം
മുനിത്രയം നാ. കാത്യായനൻ പതഞ്ജലി പാണിനി ഇവർ മൂന്നുപേരും
മുനിധാന്യം നാ. വരിനെല്ല്
മുനിപ്പെരുമാൾ നാ. പരശുരാമൻ
മുനിപ്രിയം നാ. 1. വരിനെല്ല്; 2. മുരൾ മരം
മുനിയറ നാ. മുനിമാരുടെ വാസത്തിനുള്ള ഗുഹ
മുനിയുക ക്രി. 1. കോപിക്കുക, കോപിച്ചു മിണ്ടാതെയിരിക്കുക; 2. വെറുക്കുക
മുനിവല്ലഭം നാ. മുരൾമരം
മുനിവ് നാ. കോപം, മുഷിച്ചിൽ
മുനിവൃത്തി നാ. 1. തപസ്സ്; 2. മൗനവ്രതം
മുനിവ്രീഹി നാ. വരിനെല്ല്
മുനീന്ദ്രൻ നാ. 1. മുനിശ്രേഷ്ഠൻ; 2. ബുദ്ധമുനി; 3. ഭരതൻ; 4. ശിവൻ
മുനീശ്വരൻ നാ. 1. മഹാമുനി; 2. വിഷ്ണു; 3. ബുദ്ധൻ
മുന്തല നാ. 1. മുൻവശം; 2. വംശത്തിൻെറ പ്രധാനശാഖ; 3. തടിയുടെ ചുവട്ടിലെ കഷണം
മുന്തി നാ. ഉടുത്തിരിക്കുന്ന മുണ്ടിൻെറ മടിക്കുത്ത് (മുന്തി നിൽക്കുന്നത്), മടി, കോന്തല (പ്ര) മുന്തിയറുക്കുക = അപഹരിക്കുക
മുന്തിയ വി. 1. മുമ്പുള്ള; 2. മേത്തരമായ (മുന്തിനിൽക്കുന്ന)
മുന്തിയറുപ്പൻ നാ. കള്ളൻ
മുന്തിരി നാ. 1. ഒരു വള്ളിച്ചെടി, ദ്രാക്ഷാ; 2. ഒരു കീഴ് കണക്ക്, 1/320 ഉദാഃ കീഴ്മുന്തിരി, മേൽമുന്തിരി
മുന്തിരിക നാ. ഒരു കീഴ്കണക്ക് 1/320
മുന്തിരിങ്ങാ നാ. മുന്തിരിയുടെ കായ്
മുന്തുക ക്രി. 1. മുന്നിട്ടുനിൽക്കുക, മുമ്പാകുക; 2. പൊന്തുക
മുന്തൂക്കം നാ. 1. തൂക്കം ശരിയാക്കുന്നതിനിടുന്ന കൂടുതൽ വസ്തു; 2. തൂക്കം ശരിയായിക്കഴിഞ്ഞ് അധികമായി ഇടുന്നത്; 3. (പ്ര) മുങ്ങണന

മുന്നം1 അവ്യ. 1. പണ്ട്; 2. ആദ്യം, മുൻപ്
മുന്നം2 നാ. 1. വിചാരം; 2. ഹൃദയം; 3. കുറിപ്പ്
മുന്നം3 നാ. 1. സിംഹം; 2. ഒരു വൃക്ഷം
മുന്നട നാ. മുമ്പിൽനടപ്പ്, മുമ്പേ പോക്ക്
മുന്നണി നാ. 1. മുൻപട; 2. മുന്നിലുള്ള അണി, ആദ്യത്തെ നിര
മുന്നമേ അവ്യ. പണ്ടേ, മുമ്പേതന്നെ
മുന്നരങ്ങ് നാ. 1. അരങ്ങിൻെറ മുൻഭാഗം; 2. ആട്ടത്തിൻെറയും മറ്റും തുടക്കം, പൂർവരങ്ഗം; 3. പ്രാരംഭ കർമം, ആദ്യത്തെ ചടങ്ങ്
മുന്നൽ1 നാ. വിചാരം
മുന്നൽ2 അവ്യ. മുൻഭാഗത്ത്
മുന്നവിചാരം നാ. പ്രധാനവിചാരം. അന്നവിചാരം മുന്നവിചാരം (പഴ)
മുന്നറിയിപ്പ് നാ. 1. മുൻകൂട്ടികൊടുക്കുന്ന വിവരം; 2. മുൻകൂട്ടിനൽകുന്ന താക്കീത്
മുന്നറിവ് നാ. മുമ്പേയുള്ള അറിവ്
മുന്നാണി നാ. ആട്ടത്തിലെ മുൻപാട്ടുകാരൻ, പൊന്നാനി
മുന്നായ്മക്കാർ നാ. കൂലിക്കാർ
മുന്നാഴി നാ. മൂന്നു നാഴി
മുന്നാൾ1 നാ. 1. മൂന്നുദിവസം; 2. മൂന്നാം ദിവസം (ജനിച്ചനാൾതൊട്ടു മൂന്നാമത്തേത്, വിപത്സുചകം); 3. ശത്രു (മൂന്നാംനാളുകാരൻ)
മുന്നാൾ2 നാ. പ്രധാനി, ചിട്ടിമുതലിക്കുന്നവൻ
മുന്നാൾ3 നാ. 1. മുമ്പൊരുദിവസം; 2. കഴിഞ്ഞകാലം; 3. തലേദിവസം
മുന്നാളിൽ അവ്യ. മുമ്പൊരുദിവസം, പണ്ട്
മുന്നി നാ. കടലിലേക്കു തള്ളിനിൽക്കുന്ന കര
മുന്നിക്കുക ക്രി. 1. മുമ്പിലാക്കുക; 2. നയിക്കുക; 3. ആനയെയും മറ്റും നടത്തിക്കുക
മുന്നിടുക ക്രി. 1. മുമ്പിലാക്കുക; 2. നയിക്കുക; 3. മുമ്പേചെല്ലുക
മുന്നിരിപ്പ് നാ. 1. മുമ്പുള്ള നില; 2. ഇരിപ്പുതുക, മുൻബാക്കി
മുന്നിൽ അവ്യ. 1. മുൻഭാഗത്ത്; 2. മുമ്പാകെ
മുന്നില നാ. 1. മുമ്പിലത്തെ അവസ്ഥ; 2. ദേശത്തുള്ള അധികാരം, പദവി; 3. പ്രാമാണ്യം; 4. (ഗൃഹത്തിൻെറ) മുൻവശത്തുള്ള എടുപ്പ്
മുന്നിലക്കാരൻ നാ. 1. ഗ്രാമത്തിലെ അധികാരി; 2. ചെറിയ ജീവനക്കാരൻ; 3. മുന്നണിയിലുള്ള പടയാളി
മുന്നിലാവ് നാ. പുതുനിലാവ്, രാത്രിയുടെ തുടക്കത്തിലുള്ള നിലാവ്
മുന്നുക ക്രി. വിചാരിക്കുക
മുന്നുംപിന്നും അവ്യ. മുമ്പിലും പുറകിലും
മുന്നൂറൻ നാ. മുന്നൂറ്റവൻ
മുന്നൂറ് നാ. മൂന്നു നൂറ് കൂടിയത്
മുന്നൂറ്റവൻ നാ. 1. 300 നായർ ഭടന്മാരുടെ നേതാവ്; 2. വേലൻ; 3. പാണൻ
മുന്നൂറ്റർ നാ. (മലബാറിൽ) തെയ്യംകെട്ടിയാടുന്ന വർഗക്കാർ
മുന്നൂറ്റുകാർ നാ. അടിമവർഗത്തിൽനിന്നുണ്ടായ ചില ക്രിസ്ത്യാനികൾ
മുന്നേ അവ്യ. 1. മുമ്പേ, പണ്ടേ; 2. മുൻഭാഗത്തെ

മുന്നേത് നാ. മുമ്പിലത്തേത്
മുന്നേറ്റം നാ. മുമ്പോട്ടുള്ള ഗതി
മുന്നോക്കം നാ. മുൻഭാഗം. വി. മുമ്പോട്ട്
മുന്നോടി നാ. മുമ്പേ വരുന്നത് (പിന്തുടരുന്നതിനെ സൂചിപ്പിക്കുന്നത്)
മുന്നോർ നാ. പൂർവികർ (മുമ്പുള്ളവർ)
മുപ്പട്ട് അവ്യ. മുന്നിൽ കടന്ന്, ആദ്യമായി
മുപ്പത് നാ. മൂന്നു പത്തുകൂടിയത് (3×10)
മുപ്പത്തൈവർ നാ. 1. മുപ്പത്തഞ്ചുപേർ; 2. (മലബാറിലെ) 35 പരദേവതകൾ
മുപ്പരപ്പൻ നാ. ഒരിനം പുല്ല്, മുപ്പാടൻ
മുപ്പല്ലി നാ. 1. മണ്ണിളക്കാനുപയോഗിക്കുന്ന ഒരു കാർഷികോപകരണം, മൂന്നു മുനയുള്ളത്; 2. ഒരിനം മുള്ള് (മൂന്നു പല്ലുള്ള ഫോർക്ക്, ആഹാര സാധനങ്ങൾ കുത്തി എടുക്കാൻ ഉപയോഗം); 3. ഒരുജാതി പല്ലി
മുപ്പറ നാ. 1. മൂന്നു പറ; 2. സർക്കാരിലേക്കുള്ള ഒരു കരം (10-ന് 3 എന്ന കണക്ക്)
മുപ്പാർ നാ. ഭൂമി സ്വർഗം പാതാളം എന്നിവ മൂന്നും
മുപ്പാരുമയക്കി നാ. 1. കാമദേവൻ; 2. കാമദേവൻെറ ഒരു മോഹനാസ്ത്രം
മുപ്പിരി നാ. മൂന്നു പിരി, മുമ്മടങ്ങ്, മൂന്നിഴ കൂട്ടിപ്പിരിച്ച കയറ്
മുപ്പിറച്ചുമ നാ. വില്ലൻ-ചുമ (മൂന്നുപിറകണ്ടാലേ കുറയുകയുള്ളു എന്നതിനാൽ)
മുപ്പുരം നാ. 1. ത്രിപുരന്മാരുടെ മൂന്നു പുരം; 2. തോപ്പ്; 3. അടിമകളുടെ ശ്മശാനം
മുപ്പുരവൈരി നാ. ത്രിപുരാരി, ശിവൻ
മുപ്പുല നാ. മൂന്നുദിവസത്തെ പുല
മുപ്പൂ നാ. ആണ്ടിൽ മൂന്നു തവണ വിളവെടുക്കൽ (മൂന്നുവിളവുകിട്ടുന്ന നിലം)
മുപ്പൂരം നാ. (ജ്യോ) പൂരം പൂരാടം പൂരുട്ടാതി എന്നീ നക്ഷത്രങ്ങൾ മൂന്നും
മുമുക്ഷ നാ. 1. മോക്ഷത്തിനുള്ള ആഗ്രഹം; 2. മോചനംകിട്ടാനുള്ള ആഗ്രഹം
മുമുക്ഷുത(-ത്വം) നാ. മുമുക്ഷുവിൻെറ ഭാവം
മുമൂർഷ നാ. മരിക്കാനുള്ള ആഗ്രഹം
മുമൂർഷു വി. മുമൂർഷയോടുകൂടിയ, മരിക്കാറായ, മരിക്കാൻ ആഗ്രഹിക്കുന്ന
മുമ്പൻ നാ. 1. തലവൻ, ഒന്നാമൻ; 2. ചിട്ടി നടത്തുന്നവൻ
മുമ്പാകെ അവ്യ. 1. മുമ്പിൽ, മുൻഭാഗത്ത്; 2. അടുക്കൽ. ഉദാഃ കോടതി മുമ്പാകെ
മുമ്പായ വി. 1. പ്രധാനമായ; 2. തുടങ്ങിയ. ഉദാഃ വസിഷ്ഠൻ മുമ്പായ ബ്രഹ്മർഷികൾ
മുമ്പായി അവ്യ. 1. പ്രധാനമായി; 2. ആദിയായി; 3. മുതലായി; 4. താമസിയാതെ
മുമ്പിടുക ക്രി. 1. മുമ്പിലാകുക; 2. മുമ്പിൽ പോകുക
മുമ്പിനാലേ അവ്യ. പണ്ടേതന്നെ
മുമ്പിന്യം നാ. അച്ചാരം

മുമ്പിൽ വി. 1. മുമ്പ്, പണ്ട്, ആദ്യം; 2. നേർഭാഗത്ത്, മുൻവശത്ത്; 3. സന്നിധിയിൽ
മുമ്പിലത്തെ അവ്യ. 1. പണ്ടത്തെ; 2. ആദ്യത്തെ
മുമ്പ് അവ്യ. 1. പണ്ട്; 2. മുൻകാലത്ത്; 3. ആദ്യം; 4. മുമ്പാകെ; 5. മുൻഭാഗം; 6. നിശ്ചയം; 7. പെരുമ; 8. ഒരുതരം കരണം മറിച്ചിൽ. (പ്ര) മുമ്പും കൈയും = പ്രാധാന്യം
മുമ്പുറം നാ. മുൻവശം
മുമ്പെടുക ക്രി. 1. മുമ്പേയാവുക, മുന്നിലാവുക; 2. പ്രമാണിയാവുക
മുമ്പേ അവ്യ. 1. മുന്നിലായി; 2. ആദ്യമായി; 3. പണ്ടേ
മുമ്പേറ് നാ. മുൻപേറ് (മുൻകൂറായികൊടുക്കുന്ന തുക)
മുമ്പോട്ട് വി. മുമ്പിലേക്ക്
മുമ്മടങ്ങ് നാ. മൂന്നുമടങ്ങ്
മുമ്മൂലം നാ. മലം മൂത്രം ശുക്ലം എന്നിവ മൂന്നും
മുമ്മാ നാ. ഒരു കീഴ്ക്കണക്ക് (3/20)
മുമ്മാൽ നാ. മുമ്മാല
മുമ്മാസം നാ. 1. മൂന്നു മാസം; 2. മുൻമാസം
മുമ്മി നാ. ഒരു കീഴ്ക്കണക്ക് (മൂന്ന് ഇമ്മി കൂടിയത്)
മുമ്മുടി നാ. 1. മൂന്നു കിരീടം (മൂന്നു മുടി); 2. മൂന്നു ശിഖരങ്ങളുള്ള കിരീടം
മുമ്മൂടിമന്നൻ നാ. (ബ.വ.) ചേരചോളപാണ്ഡ്യരാജാക്കന്മാർ
മുമ്മുന നാ. 1. മൂന്നു മുന; 2. മൂന്നു മുനയുള്ളത് (മുപ്പല്ലി, ത്രിശൂലം എന്നിവപോലെ)
മുമ്മുല നാ. 1. മൂന്നു മുലകൾ; 2. മൂന്നു മുലയുള്ള പശു (ഇതു രാജാവിനു ചെല്ലേണ്ടതാണ്)
മുമ്മൂന്ന് നാ. 1. മൂന്നുവീതം; 2. ഒമ്പത് (മൂന്നു മൂന്ന്)
മുമ്മൂർത്തികൾ നാ. (ബ.വ.) ബ്രഹ്മാവ് വിഷ്ണു ശിവൻ എന്നിവർ മൂന്നുപേരും
മുയക്കം [<മുയങ്ങുക] നാ. (കാമ) 1. ആലിങ്ഗനംചെയ്യൽ; 2. മൈഥുനം ചെയ്യൽ
മുയക്ക് [മുയങ്ങുക] നാ. മുയക്കം
മുയങ്ങൽ [<മുയങ്ങുക] നാ. മുയക്കം
മുയങ്ങുക ക്രി. 1. ചെയ്യുക; 2. ആലിങ്ഗനംചെയ്യുക; 3. ഇണചേരുക
മുയൽ1 നാ. ഒരു ചെറിയ കാട്ടു ജന്തു, ചെവിയൻ. മുയൽക്കൊമ്പ് = ഇല്ലാത്തവസ്തു
മുയൽ2 നാ. പോര്, പയറ്റ്
മുയൽച്ച [മുയലുക] നാമരൂപം
മുയൽച്ചെവിയൻ നാ. ദശപുഷ്പങ്ങളിൽ ഒന്ന്, ഒരു പച്ചമരുന്ന്
മുയലുക ക്രി. 1. ആരംഭിക്കുക; 2. ഉയരുക; 3. അഭ്യസിക്കുക
മൂർചങ്ങ് നാ. ഒരുതരം വാദ്യം, മോർസിങ്ങ്
മുർമുരം നാ. 1. ഉമിത്തീയ്; 2. ഗോമൂത്രത്തിന്റെ ഗന്ധം, ഗോമൂത്രത്തിന്റെ ഗന്ധമുള്ള വസ്തു
മുര1 വി. വളരെ വലിയ

മുര2 നാ. 1. മുരാമാഞ്ചി; 2. ഒരു ക്ഷുരകസ്ത്രീ (ചന്ദ്രഗുപ്തൻെറ മാതാവ്)
മുര3 നാ. മുരക്ക്, നറുമ്പശ
മുരം നാ. 1. പരുപരുപ്പ്; 2. വളർച്ച, പൂർണവളർച്ച; 3. ശബ്ദം
മുരങ്കല്ല് നാ. നല്ല ഉറപ്പുള്ള തറ
മുരങ്കള്ളൻ നാ. പെരുങ്കള്ളൻ (പ്ര) മുരങ്കളവ് = വലിയ കളവ്
മുരച് [ത.മുരചു] നാ. 1. ഒരു വാദ്യം; 2. പല്ലിൻെറ മോണ; 3. ഉത്രട്ടാതി നക്ഷത്രം
മുരച്ചൽ നാ. 1. ക്ഷീണം; 2. മുഷിച്ചിൽ; 3. പ്രയാസം
മുരജ നാ. 1. ഒരുതരം വാദ്യം; 2. കുബേരൻെറ ഭാര്യ
മുരജം നാ. 1. മുരജബന്ധം; 2. മിഴാവ്; 3. മൃദങ്ഗം; 4. യുദ്ധഭേരി
മുരജഫലം നാ. 1. പിലാവ്; 2. ചക്ക
മുരജബന്ധം നാ. ഒരുതരം ചിത്രകാവ്യം (മുരശിൻെറ ആകൃതിയിൽ ശ്ലോകത്തിലെ അക്ഷരങ്ങൾ വിന്യസിക്കുന്നത്)
മുരജിത്ത് നാ. മുരൻ എന്ന അസുരനെ ജയിച്ചവൻ,(വിഷ്ണു, ശ്രീകൃഷ്ണൻ)
മുരടത്തം നാ. മുരടൻെറ സ്വഭാവം
മുരടൻ നാ. മനുഷ്യപ്പറ്റില്ലാത്തവൻ, കർക്കശമായും അന്യരെ വെറുപ്പിക്കത്തക്കതരത്തിലും പെരുമാറുന്നവൻ
മുരടിക്കുക ക്രി. 1. മുരടാകുക (കുറുകുക, കുരുടിക്കുക, മുരണ്ടുപോവുക); മരവിക്കുക
മുരട് നാ. 1. (മരത്തിൽ) ചുവട്; 2. കാഠിന്യം
മുരടുക ക്രി. 1. മുരളുക (ഉണങ്ങിച്ചുരുങ്ങുക); 2. കഠിനമാക്കുക
മുരട്ടുതടി നാ. 1. മുട്ടും മുഴയും പിരിവുമുള്ള തടി; 2. വണ്ണമുള്ള തടി
മുരട്ടുശീലം നാ. ശാഠ്യമുള്ള സ്വഭാവം
മുരൺ നാ. 1. ശക്തി; 2. മഹത്ത്വം; 3. ശാഠ്യം; 4. കാഠിന്യം; 5. എതിർപ്പ്
മുരണ വി. 1. ഉറപ്പുള്ള (മുരൺ ഉള്ള); 2. വെട്ടിയാൽ മുറിയാത്ത
മുരണൻ നാ. മുരടൻ (വഴങ്ങാത്തവൻ)
മുരണമുട്ടി നാ. വെട്ടിക്കീറാൻ വിഷമമുള്ള തടി, മുഴയും പിരിവും ഉള്ളത്, കീറാമുട്ടി)
1207
മുരണ്ട വി. 1. ഉണങ്ങിച്ചുറുണ്ട; 2. കേടുപറ്റിച്ചുരുണ്ട
മുരത്ത വി. മുരച്ച, വലിയ
മുരദം നാ. വിഷ്ണുവിൻെറ ചക്രം
മുരദ്വിട്ട് നാ. മുരജിത്ത് (ശ്രീകൃഷ്ണൻ)
മുരൻ നാ. ഒരു അസുരൻ
മുരഭിത്ത് നാ. മുരദ്വിട്ട്
മുരമന്മഥൻ നാ. വിഷ്ണു, ശ്രീകൃഷ്ണൻ
മുരമ്പൻ നാ. മുറ്റിയ അടയ്ക്ക
മുരമ്പ് നാ. 1. പാറ, പാറക്കെട്ടുള്ളിടം; 2. ഉപ്പളം
മുരയൽ നാ. 1. ദുഃഖം; 2. കഷ്ടപ്പാട്; 3. ക്ഷീണം
മുരയുക ക്രി. 1. കഷ്ടപ്പെടുക; 2. ദുഃഖിക്കുക; 3. ക്ഷീണിക്കുക; 4. കാലപ്പഴക്കംകൊണ്ടോ കൂടുതൽ വിളഞ്ഞതുകൊണ്ടോ ഉപയോഗശൂന്യമാകുക

മുരയ്ക്കുക ക്രി. 1. കഷ്ടപ്പെടുത്തുക; 2. ദുഃഖിപ്പിക്കുക; 3. ക്ഷീണിപ്പിക്കുക
മുരരിപു നാ. മുരാരി (വിഷ്ണു, ശ്രീകൃഷ്ണൻ)
മുരവ് നാ. അതിര്
മുരശ് നാ. 1. ഒരിനം മത്സ്യം; 2. ഒരു വാദ്യം, മുരജം
മുരൾ നാ. 1. ഒരിനം വൃക്ഷം; 2. മുറൾ; 3. ഒരു മത്സ്യം
മുരൾച്ച നാ. 1. മൂളൽ; 2. ചുരുളൽ; 3. ചുരുങ്ങൽ
മുരളം നാ. മുരലം
മുരളി നാ. ഓടക്കുഴൽ, സുഷിരവാദ്യങ്ങളിൽ ഒന്ന്
മുരളിക നാ. മുരളി
മുരളീധരൻ നാ. ശ്രീകൃഷ്ണൻ
മുരളുക ക്രി. 1. മുഴങ്ങുക; 2. അടക്കിയ ശബ്ദത്തിൽ ഗർജിക്കുക; 3. മുരളുക; 4. ഉണങ്ങിച്ചുരുങ്ങുക; 5. വളർച്ച നശിക്കുക
മുരാന്തകൻ നാ. മുരമന്മഥൻ (ശ്രീകൃഷ്ണൻ)
മുരാമാഞ്ചി നാ. സുഗന്ധിയായ ഒരു ചെടി
മുരാരി നാ. ശ്രീകൃഷ്ണൻ
മുരി നാ. 1. മരവുരിയുടെ പരുപരുത്ത പുറംഭാഗം, മുരുപ്പ്; 2. കരിമ്പായൽ; 3. മുരു; 4. വ്രണം കരിയുമ്പോൾ മീതെയുണ്ടാകുന്ന പരുപരുപ്പുള്ള ആവരണം, മൊരി
മുരിക്ക് നാ. മുള്ളുള്ള ഒരു വൃക്ഷം
മുരിങ്ങ നാ. ഒരു വൃക്ഷം
മുരിയുള്ളവൻ നാ. പൊരിയൻ
മുരു നാ. 1. മുരി, മുരുപ്പ്; 2. മുരിങ്ങ
മുരുകൻ നാ. സുബ്രഹ്മണ്യൻ
മുരുക് നാ. 1. ഞമഞ്ഞി; 2. ഇളമ; 3. വാസന; 4. അഴക്; 5. ഒരു ആഭരണം (കാതിലിടുന്നത്); 6. എഴുന്നിരിപ്പ്; 7. അകിൽ; 8. കള്ള്; 9. തിരുവിഴാ
മുരുക്ക് നാ. മുരിക്ക്
മുരുക്കുക ക്രി. 1. നശിപ്പിക്കുക; 2. കേടുവരുത്തുക
മുരുങ്ങുക ക്രി. 1. നശിക്കുക; 2. എളുപ്പം കേടുണ്ടാവുക
മുരുചി നാ. പിത്തസഞ്ചി
മുരുടൻ നാ. വേടൻ
മുരുടുക ക്രി. ചുരുളുക
മുരുണ്ടുക ക്രി. 1. ചുരുട്ടിപ്പറിച്ചെടുക്കുക; 2. നുള്ളിപ്പറിക്കുക
മുരുതോട് നാ. കക്കയുടെ തോട്, കക്ക
മുരുത്ത് നാ. 1. നട്ടെല്ല്; 2. മരപ്പട്ട
മുരുന്ത് നാ. 1. വെണ്മ; 2. വെണ്മയുള്ള കുരുന്നു പൂട
മുരൂന്നാ നാ. കടൽനാക്ക്
മുരുപ്പ് നാ. 1. പരുപരുപ്പ്, മിനുപ്പില്ലായ്മ; 2. തോലിൻെറ പരുപരുപ്പുള്ള പുറം; 3. കരിമ്പായൽ; 4. വരമ്പ്
മുരോൻ നാ. ,മുരുവൻ, എന്നതിൻെറ സമാനരൂപം
മുൽക്കഥ നാ. മുമ്പിലത്തെ കഥ
മുൽക്കരം നാ. 1. മുൻകൈ; 2. തുമ്പിക്കൈ

മുൽക്കാലം നാ. മുൻകാലം
മുൽക്കാഴ്ച നാ. തിരുമുൽക്കാഴ്ച
മുൽക്ക് [അറ.] നാ. പ്രദേശം, രാജ്യം
മുൽച്ചൊല്ല് നാ. അറിവ്, മുന്നറിവ്
മുൽപ്പാട് വി. 1. ആദ്യമായിത്തന്നെ, മുൻകൂറായിത്തന്നെ; 2. മുൻഭാഗത്ത്; 3. മുമ്പ്
മുൽപ്പൂകുക ക്രി. 1. മുമ്പോട്ടുപോകുക; 2. മുമ്പായി പ്രവേശിക്കുക
മുൽപ്പെടുക ക്രി. മുമ്പിലാകുക; 2, പ്രമാണിയാകുക
മുൽപ്പെട്ട വി. മുഖ്യമായ
മുൽപ്പെട്ട് അവ്യ. മുമ്പിട്ട്
മുൽപ്പൊഴുത് നാ. മുമ്പ്
മുല നാ. 1. മാറത്തുള്ള ഒരു അവയവം, കൊങ്ക, സ്തനം; 2. അകിട് (പശുവിൻ മുല). മുലചുരത്തുക = മുലപ്പാൽ ഊറുക
മുലക്കച്ച നാ. സ്ത്രീകൾ മുല മൂടത്തക്കവണ്ണം ചുറ്റുന്ന വസ്ത്രം
മുലക്കണ്ണ് നാ. മുലയിൽനിന്നു പാലുവരുന്ന ഭാഗം, ചുചുകം
മുലക്കാമ്പ് നാ. മുലയുടെ ഞെട്ട്, മുലക്കണ്ണ്
മുലക്കുട്ടി നാ. മുലകുടിക്കുന്ന കുട്ടി
മുലക്കുന്ന് നാ. ഉയർന്നതും തടിച്ചതുമായ മുല
മുലക്കോരകം നാ. മുലകൊട്ട് (യുവതിയുടെ സ്തനം)
മുലച്ചി നാ. മുലയുള്ളവൾ
മുലത്തടം നാ. മാറിടം
മുലപ്പടം നാ. മുലക്കച്ച
മുലപ്പണം നാ. പഴയകാലത്തു സ്ത്രീകൾ ഓരോരുത്തരും സർക്കാരിലേക്കു കൊടുത്തുവന്നിരുന്ന കരം
മുലാജി നാ. 1. സേവനം; 2. വേലക്കാരൻ
മുലുക്ക് നാ. മുൽക്ക്
മുല്ല1 നാ. 1. ഒരു വള്ളിച്ചെടി, മല്ലിക; 2. (നാരായത്തിൻെറയും മറ്റും) മുനയില്ലാത്ത ഭാഗം. മുറ്റത്തെ മുല്ലയ്ക്കു മണമില്ല (പഴ)
മുല്ല2 നാ. മുല്ലൈ
മുല്ലാ,മുള്ള [അറ] നാ. 1. ഗുരു; 2. വിദ്വാൻ, പണ്ഡിതൻ; 3. സത്യം ചെയ്യിക്കുന്നവൻ
മുല്ലനിലം നാ. വനഭൂമി, = മുല്ലൈ
മുല്ലപ്പൂനാറി നാ. ഒരിനം അകിൽ
മുല്ലപ്പൂബാണൻ നാ. കാമദേവൻ
മുല്ലബാണാരി നാ. ശിവൻ (കാമദേവൻെറ ശത്രു)
മുല്ലമലർ നാ. മുല്ലപ്പൂവ്
മുല്ലൈ [ത.മുല്ലൈ] നാ. 1. ഐന്തിണകളിൽ ഒന്ന് (മേച്ചിത്സ്ഥലം, കാട്ടിനകത്തുള്ള സ്ഥലം); 2. മന്മഥൻ; 3. ജയം; 4. ഐശ്വര്യം
മുല്ലൈനിലക്കാരൻ നാ. ഇടയൻ
മുവരുക ക്രി. 1. മോറുക; 2. കഴുകുക

മുവ്വന്തി	നാ.	1. ത്രിസന്ധ്യ (പ്രഭാതം, മധ്യാ ം, സായാ ം എന്നിവ); 2. സായാ സന്ധ്യ
മുവ്വേഴ്	നാ.	ഇരുപത്തി ഒന്ന് (3<7)
മുശിട്	നാ.	1. മുശു (ശരീരത്തിലെ ദുർഗന്ധം); 2. ഗന്ധം സാമാന്യാർഥത്തിലും പ്രയോഗം)
മുശിര്	നാ.	മുശിർ
മുഷകം	നാ.	എലി (മൂഷികൻ)
മുഷി	നാ.	1. മോഷണം; 2. മൂശ
മുഷിക്കുക	ക്രി.	1. ഉപദ്രവിക്കുക; 2. അഴുക്കാക്കുക, ചീത്തയാക്കുക; 3. മങ്ങിക്കുക
മുഷിച്ചിൽ	നാ.	1. അഴുക്കാക്കൽ; 2. നീരസം
മുഷിത	വി.	മോഷ്ടിക്കപ്പെട്ട
മുഷിത(ക)ം	നാ.	മോഷ്ടിക്കപ്പെട്ടത്, തൊണ്ടി
മുഷിപ്പിക്കുക	ക്രി.	1. അഴുക്കാക്കുക; 2. പിണക്കുക, വെറുപ്പുണ്ടാക്കുക; 3. അധ്വാനത്തിൽ മടുപ്പുണ്ടാക്കുക
മുഷിയുക	ക്രി.	1. പിണങ്ങുക, നീരസമാകുക; 2. അഴുക്കാകുക, മങ്ങുക; 3. വലയുക
മുഷിവാക്ക്	നാ.	നീരസവാക്ക്
മുഷിവ്	നാ.	മുഷിച്ചിൽ
മുഷ്കം	നാ.	1. വെൺപാതിരിവൃക്ഷം; 2. വൃഷണം, മണിത്തരി; 3. കൂട്ടം, കൂമ്പാരം
മുഷ്കകം	നാ.	വെൺപാതിരിവൃക്ഷം
മുഷ്കൻ	നാ.	1. മുഷ്കുള്ളവൻ, ഗർവിഷ്ഠൻ; 2. കള്ളൻ; 3. തടിയൻ; 4. ശാഠ്യക്കാരൻ; 5. അതിക്രമക്കാരൻ
മുഷ്കരം	നാ.	ബലം, ശക്തി
മുഷ്കരത	നാ.	മുഷ്കരൻെറ ഭാവം
മുഷ്കരത്വം	നാ.	മുഷ്കരത
മുഷ്കരൻ	നാ.	1. ബലവാൻ; 2. മുട്ടാളൻ, വഞ്ചകൻ; 3. ഗർവിഷ്ഠൻ
മുഷ്കശൂന്യൻ	നാ.	1. മുഷ്ക്ക് ഇല്ലാത്തവൻ; 2. വരി ഉടയ്ക്കപ്പെട്ടവൻ, പുരുഷത്വം ഇല്ലാത്തവൻ
മുഷ്ക്ക്	നാ.	1. ഗർവ്; 2. അതിക്രമം; 3. ശക്തി; 4. സാമർഥ്യം
മുഷ്ട	വി.	മോഷ്ടിക്കപ്പെട്ട
മുഷ്ടി	നാ.	1. ചുരുട്ടിപ്പിടിച്ച കൈപ്പടം; 2. ചുരുട്ടിപ്പിടിച്ച കൈകൊണ്ടുള്ള ഇടി; 3. (വാളിൻെറയും മറ്റും) പിടി; 4. മുഴം; 5. പിടിനെല്ല്; 6. ഒരു കൈപ്പിടിയിൽകൊള്ളുന്ന അളവ്; 7. മോഷണം; 8. മുട്ടം; 9. തട്ടാൻെറ ചെറിയ ചുറ്റിക; 10. പുതിയ എഴുത്തോല; 11. പുരുഷലിങ്ഗം; 12. സംക്ഷേപം; 14. മുഷ്കകവൃക്ഷം
മുഷ്ടിക	നാ.	1. ചുരുട്ടിപ്പിടിച്ച കൈ; 2. പുതിയ എഴുത്തോല
മുഷ്ടികൻ	നാ.	ഒരു മല്ലൻ, കംസൻെറ ആശ്രിതൻ (ബലരാമനാൽ വധിക്കപ്പെട്ടു)
മുഷ്ടികം	നാ.	മുഷ്ടിയുദ്ധം
മുഷ്ടികാന്തൻ	നാ.	മുഷ്ടികനെ കൊന്നവൻ, ബലരാമൻ

മുഷ്ടിന്ധയൻ നാ. ശിശു (വിരൽ ഉറുഞ്ചുന്നതിനാൽ)
മുഷ്ടിബന്ധം നാ. 1. മുഷ്ടിചുരുട്ടൽ; 2. ഒരു പിടി, മുഷ്ടിക്കുള്ളിൽകൊള്ളാവുന്ന അളവ്
മുഷ്ടിമധ്യം നാ. ഒരുതരം വാദ്യം
മുഷ്ടിമൈഥുനം നാ. (കാമ) ഹസ്തമൈഥുനം
മുഷ്ടിയുദ്ധം നാ. ചുരുട്ടിപ്പിടിച്ച കൈകൊണ്ടു നടത്തുന്ന യുദ്ധം
മുഷ്ടിസങ്ഗ്രഹം നാ. മുഷ്ടിബന്ധം
മുസലം നാ. 1. ഇരുമ്പുലക്ക; 2. ബലരാമൻെറ ഗദ
മുസലായുധൻ നാ. ബലരാമൻ
മുസലി1 നാ. 1. ബലരാമൻ (ഉലക്ക ആയുധമായുള്ളവൻ); 2. ശിവൻ; 3. ഗൗളി; 4. എലിച്ചെവി; 5. നിലപ്പന; 6. കുഴിയമ്മി
മുസലി2 നാ. മുസലിയാർ, മുതലിയാർ
മുസലി3 നാ. മുസ്ലിം പുരോഹിതൻ, മൗലവി
മുസലിക നാ. 1. ഓന്ത്; 2. ഉടുമ്പ്; 3. പല്ലി
മുസലിയാർ നാ. മുഹമ്മദീയഗുരു
മുസൽമാൻ [<അറ] നാ. മഹമ്മദീയൻ (ഇസ്ലാം മതക്കാരൻ)
മുസല്യ വി. മുസലംകൊണ്ടടിച്ചു കൊല്ലത്തക്ക, മുസലാഘാതം ഏൽക്കത്തക്ക
മുസാവരി നാ. മുസ്സാവരി
മുസുക്കാല [പോർത്തു] നാ. ഒരു സ്വർണനാണയം
മുസൃണ്ഠി നാ. ഒരു ആയുധം
മുസ്ത നാ. മുത്തങ്ങ
മുസ്തം നാ. മുത്തങ്ങ
മുസ്തകം1 നാ. മുസ്തം
മുസ്തകം2 നാ. മഹാപഞ്ചവിഷയങ്ങളിൽ ഒന്ന്, ഒരു സസ്യവിഷം
മുസ്താദം നാ. പന്നി (മുത്തങ്ങതിന്നുന്നത്)
മുസ്തി [അറ.] നാ. പണ്ഡിതൻ
മുസ്ലിം [<അറ.] നാ. മഹമ്മദീയൻ (സർവശക്തനായ അള്ളാവിന് സ്വയം അർപ്പിച്ചവൻ എന്നു പദാർഥം)
മുസ്സാവരി [<അറ.] നാ. യാത്രക്കാർക്കു വിശ്രമിക്കാനായി സജ്ജമാക്കിയിട്ടുള്ള കെട്ടിടം
മുസ്സാവ് [അറ.] നാ. (ഇസ്ലാം) ഖുരാൻ (വേദപുസ്തകം)
മുസ്സീവത്ത് [അറ.] നാ. ആപത്ത്, കഷ്ടപ്പാട്
മുഹമ്മദ്നബി [<അറ.] നാ. (ഇസ്ലാം) ഒരു പ്രവാചകൻ
മുഹറം [<അറ.] നാ. 1. ഹിജറാവർഷത്തിലെ ഒരു മാസത്തിൻെറ പേര്; 2. പത്തുനോയമ്പ്, ഒരു മുഹമ്മദീയാഘോഷം (ഹിജറാ 61 മുഹറം പത്താംതീയതി ഇറാക്കിലെ കർബല മൈതാനത്തിൽ വച്ചുണ്ടായ യുദ്ധത്തിൽ വധിക്കപ്പെട്ട ഹുസൈൻ റസൂലിനെ അനുസ്മരിക്കുന്നത്)
മുഹിരത നാ. ഭോഷത്തം
മുഹിരൻ നാ. 1. ഭോഷൻ; 2. കാമദേവൻ
മുഹിരം നാ. കാമം, സ്നേഹം

മുഹുരപി അവ്യ. വീണ്ടും വീണ്ടും

മുഹൂർത്തകം നാ. ക്ഷണനേരം

മുഹൂർത്തകാലം നാ. 1. രണ്ടുനാഴികനേരം; 2. അൽപസമയം; 3. ശുഭകാലം

മുഹൂർത്തകാരൻ നാ. 1. ജ്യോത്സ്യൻ, ഗണിതജ്ഞൻ; 2. ആഘോഷം നടത്തിക്കുന്നവൻ, ഉത്സവങ്ങളുടെ ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥൻ

മുഹൂർത്തം നാ. 1. നല്ലനേരം (മനുഷ്യർക്കു സത്കർമങ്ങൾ ചെയ്യാനുള്ള ശുഭകാലം); 2. രണ്ടുനാഴിക (48 മിനിട്ട്); 3. കുറച്ചുനേരം

മുഹൂർത്തമോതിരം നാ. ഒരു ആഭരണം (ആറാം മാസത്തിൽ കുഞ്ഞിൻെറ കഴുത്തിൽ കെട്ടുന്നത്)

മുഹ്യമാന വി. 1. മോഹിച്ച; 2. കുഴങ്ങിയ

മുൾ നാ. മുള്ള്

മുൾത്തടി നാ. ഒരു ആയുധം, മുദ്ഗരം

1209

മുൾപ്പടർപ്പ് നാ. മുള്ളും വള്ളിയുംകൂടിപ്പടർന്നത്

മുൾമുടി നാ. മുള്ളുകൊണ്ടുള്ള കിരീടം

മുള നാ. 1. ഇല്ലി; 2. കൂമ്പ്, നാമ്പ്; 3. (ആയുർ) ഒരു രോഗം, കദരം; 4. കീലം (പരുവിൻെറ) ആണി; 5. ദണ്ഡായുധം; 6. മേൽപ്പുര. മുളയിലേ അറിയാം മുളക്കരുത്ത് (പഴ)

മുളകുപോറ്റി നാ. കുയിൽ

മുളകുമടിശ്ശീല നാ. തിരുവിതാങ്കൂർ സംസ്ഥാനത്തുണ്ടായിരുന്ന ഒരു ഭരണവകുപ്പ് (കുരുമുളകു ശേഖരിക്കൽ, വിൽപന തുടങ്ങിയ കാര്യങ്ങളുടെ മേൽനോട്ടം ഈ വകുപ്പിനായിരുന്നു)

മുളകുമടിശ്ശീലക്കാര്യക്കാർ നാ. കുരുമുളകിൻെറ ശേഖരണം, വിൽപ്പന തുടങ്ങിയ കാര്യങ്ങളുടെ ചുമതലയുള്ള ഉദ്യോഗസ്ഥൻ

മുളകുവറ്റൽ നാ. 1. കൊല്ലമുളക്, വറ്റൽമുളക്; 2. മോരുചേർത്തുണക്കിയ പച്ചമുളക്

മുളങ്കായൽ നാ. 1. മുളങ്കാട്; 2. ചൂരൽ

മുളഞ്ഞി(ൽ) നാ. ചക്കയരക്ക്

മുളനാഴി നാ. മുളകൊണ്ടുണ്ടാക്കിയ നാഴി, ധാന്യം അളക്കാനുള്ള തോത്

മുളനെല്ല് നാ. 1. മുളയുടെ കായ്, മുളയരി; 2. മുളച്ച വിത്ത്

മുളപ്പിക്കുക ക്രി. മുളയ്ക്കുന്നതിനു കാരണമാകുക

മുളമ്പാട നാ. മുളയ്ക്കകത്തുള്ള നേർത്ത തൊലി

മുളയൻ നാ. 1. പുലയൻ; 2. മുക്കുവൻ

മുളയുക ക്രി. 1. ഇഴഞ്ഞുകയറുക; 2. ഉഴവു നിറുത്തുക

മുളയ്ക്കുക ക്രി. 1. കിളിർക്കുക, വരുക, നാമ്പിടുക; 2. ശേഖരിക്കുക; 3. കന്നുകാലിയെ രാത്രി സൂക്ഷിക്കുക, തൊഴുത്ത് കയറ്റുക, കെട്ടുക

മുളയ്പ്പ് [മുളയ്ക്കുക] നാമരൂപം

മുളരി നാ. 1. മുൾച്ചെടി; 2. കാട്; 3. നെരിപ്പോട്; 4. വിറക്; 5. താമര

മുളവിത്ത് നാ. മുളച്ചവിത്ത്

മുളവ് നാ. 1. മുളയ്പ്പ്; 2. മുള്ളൻ പന്നി

മുളി വി. 1. കരിഞ്ഞ; 2. പൊള്ളിയ; 3. വാടിയ
മുളിക്കണ്ടം നാ. ഉഴാത്തനെൽപ്പാടം, വരണ്ട പുല്ലുനിറഞ്ഞ സ്ഥലം
മുളിക്കുക ക്രി. 1. വറുക്കുക; 2. കടയുക
മുളിത്തൊലി നാ. ശമി, ചമത
മുളിയില നാ. കരിയില
മുളിയുക ക്രി. 1. കീറുക; 2. മാന്തുക; 3. കരിയുക; 4. മുടിയുക; 5. പൊരിഞ്ഞു തൊലിപൊട്ടുക
മുള്ളങ്കി നാ. ഒരിനം കിഴങ്ങ്, ഒരു ഔഷധി, നേപാളമൂലകം
മുള്ളങ്കോൽ നാ. മുള്ളൻ പന്നിയുടെ വലിയ മുള്ള്
മുള്ളൻ വി. മുള്ളുള്ള. നാ. 1. ശരീരം മുഴുവൻ മുള്ളുകൊണ്ടു നിറഞ്ഞ ഒരു ജീവി; 2. ആഭാസൻ
മുള്ളാണി നാ. ചെറിയ ഇരുമ്പാണി
മുള്ളി നാ. 1. ഒരിനം ചൂണ്ട; 2. മുൾച്ചെടി; 3. ഒരുജാതി മത്സ്യം; 4. താമര(പ്പൂ)
മുള്ളിലവ് നാ. മുള്ളുള്ള ഒരുതരം ഇലവ്, കണ്ടിലവ്
മുള്ള് നാ. 1. ചില മരങ്ങളിലും ചെടികളിലും കാണുന്ന കൂർത്ത അവയവം; 2. ഭക്ഷണം കുത്തിയെടുത്തു കഴിക്കുന്നതിനുള്ള ഉപകരണം; 3. (ത്രാസിൻെറ) സൂചി; 4. മത്സ്യത്തിൻെറ അസ്ഥി; 5. വസ്ത്രങ്ങളുടെ ചുളുക്കുതീർക്കാൻ അലക്കുകാർ ഉപയോഗിച്ചിരുന്ന ഒരിനം ബ്രഷ്; 6. കുത്തുവാക്ക്; 7. ശിശുക്കളുടെ തൊണ്ടയിലുണ്ടാകുന്ന ഒരു രോഗം; 8. റബ്ബർച്ചെടികളുടെ ഇട കുത്തിയിളക്കുന്നതിനുള്ള ഒരു ഉപകരണം. (പ്ര) മുള്ളുവാക്ക് = കുത്തുവാക്ക്, കൊള്ളിവാക്ക്. മുള്ളിൽപ്പിടിച്ചാലും മുറുകെപ്പിടിക്കണം (പഴ)
മുള്ളുക ക്രി. മൂത്രവിസർജനം ചെയ്യുക
മുള്ളുവേലി നാ. 1. മുള്ളുകെട്ടിയ വേലി; 2. ഇരുമ്പുമുള്ളുകൾ പിടിപ്പിച്ച നീണ്ട കമ്പികൽകൊണ്ടുള്ള വേലി
മുള്ളെല്ല് നാ. തണ്ടെല്ല്
മുഴ നാ. 1. നിരപ്പിൽനിന്നുയർന്ന് ഉരുണ്ടിരിക്കുന്ന ഭാഗം; 2. ശരീരത്തിലുണ്ടാകുന്ന വീക്കം, പരു
മുഴങ്ങ് [പ.മ.] നാ. വളവ്
മുഴക്കം നാ. 1. കുറച്ചുനേരം നീണ്ടുനിൽക്കുന്ന പ്രകമ്പനം ഉണ്ടാക്കുന്ന ശബ്ദം; 2. മാറ്റൊലി; 3. ഇടി (മുഴക്കം); 4. പെരുമ്പറമുതലായവയുടെ ശബ്ദം; 5. ആരവം
മുഴക്കുക ക്രി. 1. ശബ്ദമുണ്ടാക്കുക; 2. വാദ്യങ്ങൾ ശബ്ദിപ്പിക്കുക
മുഴക്കോൽ നാ. 1. ഒരുതരം അളവുകോൽ (ആശാരിക്കോൽ); 2. ഒരു നക്ഷത്രസമൂഹം
മുഴങ്കാൽ നാ. കാലിൻെറ മുട്ടിനു കീഴ്ഭാഗം
മുഴങ്കൈ നാ. കൈമുട്ടിനുകീഴ്ഭാഗം
മുഴങ്ങുക ക്രി. 1. ശബ്ദിക്കുക; 2. പ്രതിശബ്ദമുണ്ടാവുക; 3. പ്രസിദ്ധപ്പെടുക
മുഴത്ത്, മുഴന്ത് നാ. 1. (വൃക്ഷത്തിൻെറ) മുഴ; 2. മുഴങ്കാൽ
മുഴപ്പാട് നാ. ഒരു അളവ്, ഒരുമുഴം നീളം
മുഴം നാ. 1. ഒരു ദൈർഘ്യമാനം (കൈയുടെ മുട്ടുമുതൽ വിരലിൻെറ അറ്റം വരെയുള്ള നീളം, രണ്ടു നെട്ടച്ചാൺ, ഗജത്തിൻെറ പാതി); 2. തള്ളിനിൽക്കുന്ന സന്ധി

മുഴമരം നാ. 1. (കടച്ചിൽപ്പണിക്കാരൻെറ) കടച്ചിൽച്ചക്രം; 2. തറയിലെ ഒരു ഭാഗം

മുഴയ്ക്കുക ക്രി. 1. മുഴയുണ്ടാകുക; 2. തള്ളിനിൽക്കുക, നിരപ്പില്ലാതാവുക

മുഴയൻ വി. മുഴയുള്ള. നാ. 1. മുഴയുള്ളവൻ; 2. മുഴയുള്ളത്

മുഴവം നാ. മിഴാവ് (മുഴങ്ങുന്നത്)

മുഴവടി നാ. കോടിക്കഴുക്കോൽ

മുഴി നാ. 1. ഏപ്പ്; 2. സന്ധിബന്ധം; 3. മുഷിപ്പിക്കൽ

മുഴിപ്പ് നാ. 1. മുഷിപ്പ്; 2. ദുഃഖം; 3. കോപം; 4. തോൾ

മുഴു1 വി. 1. വലുതായ; 2. പൂർണമായ (പ്ര) മുഴുതിങ്കൾ = മുഴുഭ്രാന്തൻ

മുഴു2 നാ. 1. മുഴ്യ് (മത്സ്യം); 2. അടപ്പ്

മുഴുകൽ നാ. 1. മുങ്ങൽ, ജലത്തിലോ മറ്റു ദ്രാവകത്തിലോ താഴൽ; 2. കുളിക്കൽ

മുഴുകുക ക്രി. 1. ജലത്തിൽ താഴുക; 2. മുങ്ങിക്കുളിക്കുക; 3. ലയിക്കുക; 4. മുഴുവൻ ശ്രദ്ധയും ഒരുകാര്യത്തിൽ അർപ്പിക്കുക

മുഴുക്കുക ക്രി. 1. വലുതാകുക; 2. പാകമാവുക; 3. മതിയാവുക, തികയുക; 4. ശേഷിക്കുക; 5. തീരുക; 6. കട്ടിയാവുക

മുഴുക്കുപ്പായം നാ. ശരീരം മുഴുവൻ മറയ്ക്കുന്ന ഉടുപ്പ്, നിലയങ്കി

മുഴുക്കെ അവ്യ. 1. ആകെമാനം, മൊത്തം; 2. വളരെ; 3. കനക്കെ

മുഴുത്ത വി. 1. വലിയ; 2. തീർന്ന; 3. തടിച്ച; 4. തികഞ്ഞ

മുഴുപ്പിക്കുക ക്രി. 1. മുഴുവനാക്കുക, പൂർത്തീകരിക്കുക, മുഴുമിക്കുക; 2. അങ്ങേയറ്റമാക്കുക; 3. കട്ടിയാക്കുക

മുഴുപ്പ് നാ. 1. വലിപ്പം; 2. വണ്ണം; 3. പൂർത്തി; 4. തീർച്ച; 5. നിബിഡത

മുഴുമ നാ. നിറവ്

മുഴുമതി നാ. പൂർണചന്ദ്രൻ

മുഴുമിക്കുക ക്രി. മുഴുവനാക്കുക

മുഴുവൻ നാ. ആസകലം, എല്ലാം. മുഴുവനാക്കുക = പൂർത്തിയാക്കുക

മുഴുവനും അവ്യ. അശേഷം, ഒക്കെയും, എല്ലാം

മുഴുവർ നാ. ഗുണംതികഞ്ഞവർ

മുഴുവാൾ നാ. തികഞ്ഞവർ

മുറ നാ. 1. ചട്ടം; 2. ക്രമം, അടുക്ക്, വ്യവസ്ഥ; 3. കർത്തവ്യം; 4. ഭങ്ഗി; 5. ആചാരം, നടപ്പ്; 6. പ്രമാണം, മര്യാദ; 7. പ്രാവശ്യം; 8. തവണവച്ചു വേലചെയ്യുന്ന ഏർപ്പാട്; 9. വിലാപം, നിലവിളി (പ്ര) അലമുറയിടുക; 10. എട്ടു ദിവസം, അഷ്ടകം. ഉദാഃ മുറജപം

മുറകേട് നാ. 1. ക്രമക്കേട്; 2. അനൗചിത്യം; 3. കുഴപ്പം

മുറക്കാരൻ നാ. 1. തവണക്കാരൻ; 2. എല്ലാകാര്യങ്ങൾക്കും ക്രമം പാലിക്കുന്നവൻ; 3. ബന്ധു

മുറച്ചെവിയൻ നാ. ആന

മുറച്ചെറുക്കൻ നാ. നാട്ടുവഴക്കമനുസരിച്ച് ഒരു പെണ്ണിനെ വിവാഹംകഴിക്കാൻ അർഹതയുള്ള ബന്ധു (അമ്മാവൻെറ മകൻ എന്നപോലെ)

മുറജപം നാ. തിരുവിതാങ്കൂർ രാജാക്കന്മാർ രാജ്യത്തിൻെറ ഐശ്വര്യത്തിനായി 56 ദിവസത്തേയ്ക്ക് നടത്തിയിരുന്ന ഒരു സത്രം (മുറതോറും 8

ദിവസംതോറുമുള്ള ജപം. ഇത് തിരുവിതാങ്കൂറിൽ 1750-ൽ ആരംഭിച്ച് 6 കൊല്ലത്തിൽ ഒരിക്കൽ നടത്തിവന്നിരുന്നു)

മുറടൻ നാ. മുട്ടാളൻ

മുറട് നാ. മുരട്

മുറട്ടുത്തനം നാ. മുറടൻെറ ശീലം

മുറപ്പാട് നാ. 1. കരച്ചിൽ, വിലാപം; 2. ക്രമം

മുറപ്പെണ്ണ് നാ. അമ്മാവൻെറ മകൾ (മുറപ്രകാരം വിവാഹം കഴിക്കാവുന്ന സ്ത്രീ)

മുറം നാ. 1. ധാന്യങ്ങളും മറ്റും ചേറാനും കൊഴിക്കാനും ഉള്ള ഒരു ഉപകരണം. ഈറ ചൂരൽ പനയോല തുടങ്ങിയവയുടെ പൊളികൊണ്ടുണ്ടാക്കുന്ന വലിപ്പമുള്ള പരന്ന തട്ട്; 2. ഒരു അളവ് (ഒരു മുറത്തിൽ കൊള്ളുന്നത്ര); 3. ക്ഷുദ്രകർമത്തിന് എതിരായ ഒരു ഉപായം; 4. (ജ്യോ) വിശാഖം നക്ഷത്രം

മുറമ നാ. 1. കീഴ്നടപ്പ്; 2. പതിവുനികുതി

മുറവിളി നാ. നിലവിളി

മുറി1 [മുറിക്കുക] ധാതുരൂപം

മുറി2 നാ. 1. വീടിൻെറ അടച്ചുകെട്ടി വേർതിരിച്ചിട്ടുള്ള ഓരോഭാഗം, അറ; 2. കഷണം, നുറുക്ക്; 3. കുത്തുമുറി (സ്ത്രീകൾ ഉടുക്കുന്ന വസ്ത്രം); 4. ചിട്ടി, ചീട്ട്, രസീത്; 5. വില്ലേജിൻെറ ഒരു ഭാഗം, കര; 6. മുറിവ്, വ്രണം

മുറിക്കുക ക്രി. 1. ഛേദിക്കുക (വേർപെടുത്തുക, ഒടിക്കുക); 2. തീർച്ചയാക്കുക; 3. ഇടയ്ക്കു തടയുക. (പ്ര) മുറിച്ചുപറയുക = തീർത്തുപറയുക

മുറിക്കുപ്പായം നാ. അരക്കുപ്പായം, അടിക്കുപ്പായം

മുറിച്ചോപ്പ് നാ. ഒരിനം ചെമന്ന ശീല (കളംപാട്ടിലും മറ്റും പീഠത്തിന്മേൽ വയ്ക്കുന്നത്)

മുറിത്തോണി നാ. വള്ളത്തിൻെറ പാതി, വള്ളത്തിൻെറ പകുതിയുടെ ആകൃതിയിലുള്ള തോണി, ഒരുവശം കൂർത്തും മറുവശം പരന്നുമുള്ളത്

മുറിപാട് നാ. 1. മുറിവുകൊണ്ടുണ്ടായ അടയാളം, മുറിഞ്ഞഭാഗം; 2. മുറിവ്, വ്രണം; 3. ഒരു അളവ്

മുറിപ്പാട് നാ. 1. മുറിവ്, മുറിപാട്; 2. നാലുകോലളവ്; 3. ഇടപാടിൻെറ അവസാനം

മുറിപ്പാട്ട് നാ. പാട്ടിൻെറ അൽപഭാഗം

മുറിമരുന്ന് നാ. 1. മുറിവിനുള്ള മരുന്ന്; 2. അൽപസ്വൽപം മരുന്നുകൾ

മുറിമാടമ്പി നാ. ധനം നശിപ്പിച്ചിട്ടും പ്രൗഢികാണിക്കുന്നവൻ

മുറിമൂക്കൻ നാ. കുറുകിയ മൂക്കുള്ളവൻ. മൂക്കില്ലാരാജ്യത്ത് മുറിമൂക്കൻ രാജാവ് (പഴ)

മുറിയടന്ത നാ. (സങ്ഗീ) ഒരു താളം

മുറിയുക ക്രി. 1. മുറിവുണ്ടാകുക; 2. വേർപെടുക, ഒടിയുക; 3. തീർപ്പാവുക

മുറിയെ അവ്യ. മുറിയത്തക്കവണ്ണം. എല്ലുമുറിയെ പണിചെയ്താൽ പല്ലുമുറിയെ തിന്നാം (പഴ)

മുറിവാ നാ. കോൾവാ, മുറിഞ്ഞഭാഗം

മുറിവ് നാ. ആയുധംകൊണ്ടും മറ്റും ശരീരത്തിലുണ്ടാകുന്ന പിളർപ്പ്, ക്ഷതം, ഭങ്ഗം

മുറിവൈദ്യൻ നാ. ശാസ്ത്രം പഠിച്ചിട്ടില്ലാത്ത ചികിത്സകൻ

മുറുകൽ നാ. 1. തിടുക്കം; 2. ദാർഢ്യം; 3. കട്ടയാകൽ

മുറുകുക ക്രി. 1. തിടുക്കപ്പെടുക; 2. നിർബന്ധംകാട്ടുക; 3. ദൃഢമാവുക (കെട്ടെന്നപോലെ); 4. ദ്രവരൂപമായവസ്തു കട്ടയാവുക (കുറുകുക, കൊഴുക്കുക); 5. തിങ്ങിവിങ്ങുക; 6. കുടിക്കുക

മുറുകെ അവ്യ. 1. മുറുക്കമായിട്ട്, അയവില്ലാതെ, മുറുകത്തക്കവണ്ണം; 2. വേഗത്തിൽ. മുള്ളിൽപിടിച്ചാലും മുറുകെപ്പിടിക്കണം (പഴ)

മുറുക്കം നാ. 1. ഇറുക്കം (കെട്ടിനും മറ്റും ഉണ്ടാകുന്ന ഉറപ്പ്); 2. അത്യാവശ്യം; 3. അമർത്തൽ; 4. നിർബന്ധം

മുറുക്കൽ നാ. 1. കെട്ടു ദൃഢമാക്കൽ; 2. തിടുക്കപ്പെടുത്തൽ; 3. ഉറപ്പിക്കൽ

മുറുക്കാണി നാ. 1. വീണയുടെ കമ്പി മുറുക്കുന്ന ആണി; 2. പിരിയാണി

മുറുക്കാൻ നാ. മുറുക്കുന്നതിനുള്ള വസ്തുക്കൾ, വെറ്റില പാക്ക് ചുണ്ണാമ്പ് പുകയില ഇവ നാലും. മുറുക്കാൻകട = മുറുക്കാൻ വിൽക്കുന്ന ചെറിയ കട

മുറുക്ക് നാ. 1. മുറുക്കുന്നതിനുള്ള വസ്തുക്കൾ ഉപയോഗിക്കൽ; 2. ഒരു പലഹാരം; 3. അരപ്പട്ട; 4. കെട്ട്; 5. ബലപ്പെടുത്തൽ; 6. ബലമായ പിടിത്തം

മുറുക്കുക ക്രി. 1. ഞെരുക്കുക; 2. ബലമായിപിടിക്കുക; 3. കൊഴുപ്പിക്കുക; 4. നിർബന്ധിക്കുക; 5. താംബൂലചർവണം ചെയ്യുക. (പ്ര) വെറ്റിലമുറുക്കുക

മുറുമുറുക്കുക ക്രി. പ്രതിഷേധത്തോടെ പിറുപിറുക്കുക

മുറുവൽ നാ. 1. പല്ല്; 2. പുഞ്ചിരി; 3. ആഭരണം. മുറുവലൊളി = പല്ലിൻെറ ശോഭ, ചിരിയുടെ ഭങ്ഗി

മുറ്റ1 അവ്യ. 1. മുമ്പിൽ; 2. മുഴുവനേ

മുറ്റ2 വി. പൂർത്തിയായ

മുറ്റം നാ. ഭവനത്തിൻെറ മുൻഭാഗത്തുള്ള സ്ഥലം, അങ്കണം, അടുത്തു ചുറ്റുമുള്ള സ്ഥലം. മുറ്റത്തെ മുല്ലയ്ക്കു മണമില്ല. (പഴ)

മുറ്റി [മുറ്റുക] ഭൂ.രൂപം

മുറ്റിയ വി. 1. പരിപൂർണമായ (മുഴുത്ത); 2. പാകമായ; 3. പ്രധാനപ്പെട്ട; 4. വർധിച്ച

മുറ്റ്1 അവ്യ. മുഴുവനും (മുറ്റും)

മുറ്റ്2 വി. 1. തിങ്ങിയ; 2. വളർച്ചയെത്തിയ; 3. പൂർണമായ

മുറ്റ്3 നാ. 1. ഞെരുക്കം; 2. കനം; 3. സമൃദ്ധി; 4. മുകളറ്റം

മുറ്റുക ക്രി. 1. തികയുക; 2. തീരുക; 3. നല്ല പാകമാകുക; 4. വർധിക്കുക; 5. നിറയുക

മുറ്റുകാരം നാ. (വ്യാക) നിറയുകാരം

മുറ്റും അവ്യ. 1. അശേഷം; 2. ആക്കെ; 3. മാത്രം; 4. വീണ്ടും; 5. അത്യധികം

1211

മുറ്റുവിന നാ. (വ്യാക) പൂർണക്രിയ

മൂ1 [മൂക്കുക] ധാതുരൂപം

മൂ2 [സം.മൂകാ] നാ. 1. സംസാരിക്കാൻവയ്യാത്തവൾ, ശബ്ദിക്കാത്തവൾ; 2. ദുരിതം അനുഭവിക്കുന്നവൾ; 3. (ആല) ദുരിതങ്ങൾ നിശ്ശബ്ദമായി സഹിക്കുന്നവൾ

മൂകത,-ത്വം നാ. മൂകഭാവം

മൂകൻ നാ. 1. സംസാരിക്കാൻ വയ്യാത്തവൻ, ഊമ; 2. നിശ്ശബ്ദൻ; 3. കൂമൻ; 4. മൂകപഞ്ചശതിയുടെ കർത്താവ്; 5. ഒരു ദേവൻ; 6. ദരിദ്രൻ; 7. ഒരു അസുരൻ

മൂകാംബ നാ. മൂകാംബിക

മൂകാംബിക നാ. ദുർഗ, കർണാടകസംസ്ഥാനത്തിലുള്ള കൊല്ലൂർ ക്ഷേത്രത്തിലെ പ്രതിഷ്ഠാമൂർത്തി, കേരളത്തിൻെറ വിദ്യാദേവത എന്നു സങ്കൽപം

മൂക്കണാങ്കയർ നാ. കാളയുടെയും മറ്റും മൂക്കുതുളച്ചു ആതുളയിലൂടെ കോർത്തിടുന്ന കയറ്, മൂക്കുചരട്

മൂക്കണാഞ്ചൻ നാ. സംസാരിക്കുമ്പോൾ വായു അധികവും മൂക്കിലൂടെ പുറത്തുവിടുന്നവൻ, ശബ്ദങ്ങൾ അനുനാസികമായി ഉച്ചരിക്കുന്നവൻ

മൂക്കൻ നാ. 1. (നീണ്ട) മൂക്കുള്ളവൻ; 2. ഒരിനം പാമ്പ് (മൂർഖൻ); 3. മീൻകൊത്തി

മൂക്കറ നാ. 1. മൂക്കുമുറിഞ്ഞുപോയവൻ; 2. മൂക്കറയൻ

മൂക്കറയൻ നാ. 1. മൂക്കില്ലാത്തവൻ, മുറിമൂക്കൻ; 2. മൂക്കിൽക്കൂടി സംസാരിക്കുന്നവൻ

മൂക്കറ്റം അവ്യ. മൂക്കോളം

മൂക്കിള നാ. നാസാമലം

മൂക്ക് നാ. 1. നാസിക, പഞ്ചേന്ദ്രിയങ്ങളിൽ ഒന്ന്, ശ്വസിക്കാനും ഗന്ധം അറിയാനുമുള്ള അവയവം; 2. മൂകുപോലെയുള്ള വസ്തു (വെറ്റിലയുടെ മൂക്ക്); 3. ചൂളയുടെ ദ്വാരം; 4. പക്ഷിയുടെ ചുണ്ട്. മൂക്കറുക്കുക = 1. മൂക്കുമുറിക്കുക; 2. അപമാനിക്കുക. മൂക്കുകുത്തുക = 1. ആഭരണമിടാനായി മൂക്കുതുളയ്ക്കുക; 2. കമിഴ്ന്നു വീഴുക. മൂക്കുപിടിച്ചിരിക്കുക = ജപിക്കുക. മൂക്കില്ലാരാജ്യത്ത് മുറിമൂക്കൻ രാജാവ് (പഴ)

മൂക്കുക ക്രി. 1. വിളയുക (പാകമാകുക); 2. വളരുക; 3. ഉലരുക; 4. പുളിച്ചുപൊങ്ങുക; 5. കടുക്കുക; 6. അഹംഭാവം നടിക്കുക

മൂക്കു(കു)ത്തി നാ. ഒരു ആഭരണം, നാസാമണി (സ്ത്രീകൾ മൂക്കിലിടുന്നത്)

മൂക്കുപാലം നാ. മൂക്കിൻെറ രണ്ടു ദ്വാരങ്ങളുടെയും നടുവിൽ പാലംപോലെയുള്ള ഭാഗം

മൂചേട്ട നാ. മൂതേവി, ജ്യേഷ്ഠ

മൂച്ച് നാ. 1. ശ്വാസം; 2. പൗരുഷം, അഹങ്കാരം (പ്ര) മൂച്ചുപിടിക്കുക = 1. ശ്വാസം അടക്കുക; 2. ബലപ്പിക്കുക

മൂഞ്ചുക ക്രി. 1. വലിച്ചുകുടിക്കുക, ഈമ്പുക; 2. നക്കുക

മൂട നാ. 1. ധാന്യക്കൂമ്പാരം; 2. ചിപ്പം; 3. അരിച്ചാക്ക്

മൂടകുത്തി നാ. ഒരുതരം ചാലുള്ള ഇരുമ്പു സൂചി, ചാക്കുകുത്തി

മൂടം നാ. മങ്ങിയ ദിവസം

മൂടൽ നാ. 1. മഴക്കാറ്; 2. മങ്ങൽ; 3. മറ; 4. മൂടി; 5. മാന്ദ്യം; 6. വിഡ്ഢിത്തം

മൂടൽമഞ്ഞ് നാ. വളരെ നേർത്ത കണികകളായി പൊഴിയുന്ന മഞ്ഞ്

മൂടവാതം നാ. ഗർഭവാതം

മൂടാപ്പ് നാ. 1. മുട്ടാക്ക്; 2. തിര; 3. മറ; 4. കൂരാപ്പ്; 5. മന്താരം

മൂടായി നാ. മൂടകുത്തി

മൂടി1 നാ. 1. മൂടുന്നതിനുള്ള വസ്തു, അടപ്പ്; 2. മറ; 3. കൊത്തമല്ലിച്ചെടി

മൂടി2 [മൂടുക] ഭൂ.രൂ. മൂടിക്കെട്ടുക = മൂടൽ ഉണ്ടാകുക. കാടികുടിച്ചാലും മൂടിക്കുടിക്കണം (പഴ)
മൂട് നാ. 1. വൃക്ഷത്തിൻെറയും മറ്റും ചുവട്, വേര്; 2. ഉത്പത്തിസ്ഥാനം (കാരണം); 3. ആസനം (മൂലം), പിൻഭാഗം; 4. ചൂള (ശവം ദഹിപ്പിക്കാനുള്ളത്); 5. ചക്കിനുമേൽകെട്ടുന്ന പുര; 6. മൂടി; 7. (ഉലക്കയിലും മറ്റും) ഇരുമ്പുകെട്ടിയ അഗ്രം
മൂടുക ക്രി. 1. അടയ്ക്കുക; 2. മറയ്ക്കുക; 3. പുതയ്ക്കുക; 4. വളയുക; 5. അടക്കുക, കുഴിച്ചുമൂടുക
മൂടുപടം നാ. മൂടുന്ന വസ്ത്രം (പുതപ്പ്, പർദ)
മൂടുപടലം നാ. (ആയുർ) ഒരു നേത്രരോഗം (കാഴ്ചയെ മറയ്ക്കുന്ന പാടപോലുള്ള വളർച്ച)
മൂട്ട നാ. 1. ഉലയുടെ മുൻവശം; 2. വിറക് (മൂട്ട്); 3. മൂട്ടയെ (കൊതുകിനെ) ഓടിക്കാനായി പുകയ്ക്കൽ; 4. രക്തം കുടിക്കുന്ന ഒരു ക്ഷുദ്രജീവി
മൂട്ടൽ നാ. തുന്നൽ, കൂട്ടിത്തയ്പ്പ്
മൂട്ടുക ക്രി. 1. തയ്ക്കുക, തുന്നുക; 2. ഊതിവീർപ്പിക്കുക; 3. ഏഷണിപറഞ്ഞു വഴക്കുകൂട്ടുക
മൂട്ടുമുറി നാ. 1. വൃക്ഷത്തിൻെറയും മറ്റും ചുവട്ടുമുറി; 2. വലിയ കഷണം; 3. വലിയ പങ്ക്
മൂഢ വി. 1. മോഹിച്ച; 2. മൗഢ്യംഭാവിച്ച; 3. അറിവില്ലാത്ത; 4. ഭോഷത്തമുള്ള; 5. വഴിപിഴച്ച
മൂഢഗർഭം നാ. 1. ചാപിള്ള; 2. പ്രയാസപ്പെട്ട പ്രസവം
മൂഢത,-ത്വം നാ. മൗഢ്യം (മൂഢൻെറഭാവം)
മൂഢധീ നാ. 1. ഭോഷൻ; 2. ഭോഷത്തം; 3. മൂഢബുദ്ധി
മൂഢൻ നാ. ഭോഷൻ (മോഹിച്ചവൻ, തിരിച്ചറിവില്ലാത്തവൻ)
മൂഢബുദ്ധി നാ. 1. ബുദ്ധിഹീനൻ, ഭോഷൻ; 2. ഭോഷത്തം
മൂഢഭക്തി നാ. അന്ധമായ ഭക്തി (കാരണമറിയാതെയുള്ള ഭക്തി)
മൂഢവിശ്വാസം നാ. അന്ധവിശ്വാസം
മൂഢശിരോമണി നാ. തിരുമണ്ടൻ (മൂഢന്മാരിൽ മുഖ്യൻ)
മൂഢസൂത്രം നാ. പുസ്തകങ്ങളിൽ വയ്ക്കുന്ന അടയാളം
മൂഢാത്മാ(വ്) നാ. മൂഢബുദ്ധി, യാഥാർഥ്യം അറിയാത്തവൻ (അറിയാത്തവൾ)
മൂത1 വി. ബന്ധിക്കപ്പെട്ട, കെട്ടിയ
മൂത2 നാ. ചുട്ടെരിച്ച കാട്
മൂതം നാ. 1. വിത്തുകൊട്ട (നാരുകൾ പിണച്ചുണ്ടാക്കിയ കൂട); 2. കൂട്ടം
മൂതേവി നാ. മൂദേവി, ചേട്ട
മൂത്ത വി. 1. പ്രായംചെന്ന, വയസ്സേറിയ; 2. വിളഞ്ഞ
മൂത്തത് നാ. 1. മൂത്തആൾ; 2. ഒരു ജാതി (അമ്പലവാസികളിൽപ്പെട്ടത്); 3. മൂപ്പെത്തിയത്
മൂത്തമ്മ നാ. 1. വൃദ്ധ (മൂത്തഅമ്മ); 2. പേരമ്മ; 3. അമ്മുമ്മ; 4. അച്ഛൻെറ ജ്യേഷ്ഠൻെറ ഭാര്യ
മൂത്തോൻ നാ. മൂത്തവൻ, പ്രായക്കൂടുതലുള്ളവൻ
മൂത്രകൃച്ഛ്രം നാ. (ആയുർ) ഒരുരോഗം (തടഞ്ഞു തുള്ളിതുള്ളിയായി വേദനയോടെ മൂത്രം പോകൽ)

മൂത്രകൃച്ഛ്രി നാ. മൂത്രകൃച്ഛ്രമുള്ളവൻ
മൂത്രകോശം നാ. മൂത്രം സ്ഥിതിചെയ്യുന്ന അവയവം, മൂത്രസഞ്ചി
മൂത്രക്കല്ല് നാ. (ആയുർ) ഒരു രോഗം, മൂത്രാശയത്തിൽ കല്ലുണ്ടാകുന്നത്, അശ്മരി
മൂത്രമൊഴിവ് നാ. (ആയുർ) മൂത്രവാർച്ച, ഒരു രോഗം, പ്രമേഹം, നീരൊഴിവ്
മൂത്രാഘാതം നാ. മൂത്രമടപ്പ്
മൂത്രാതിസാരം നാ. (ആയുർ)ഒരു രോഗം, പ്രമേഹം
മൂത്രാശയം നാ. നാഭിക്കുതാഴെയുള്ള ഒരു അവയവം
മൂത്രിക്കുക ക്രി. മൂത്രം വിഴ്ത്തുക
മൂദേവി നാ. 1. ദൗർഭാഗ്യത്തിൻെറ അധിഷ്ഠാനദേവത, മൂത്തദേവി (ലക്ഷ്മീദേവിയുടെ ജ്യേഷ്ഠത്തി); 2. ഒരു ശകാരവാക്ക് (വൃത്തികെട്ടവൾ, ശല്യക്കാരി)
മൂന്നാം വി. മൂന്നാമത്തെ
മൂന്നാംകാൽ നാ. (ജ്യോ) നക്ഷത്രത്തിന് ആകെയുള്ള നാഴികയെ നാലായിഭാഗിച്ചതിൽ മൂന്നാമത്തേത്
മൂന്നാംകൂറ്റുകാരൻ നാ. രണ്ടുകക്ഷിയിലും ചേരാത്തവൻ
മൂന്നാംവേദം നാ. ക്രിസ്തുമതം, ബൈബിൾ
മൂന്നാംസ്ഥാനം നാ. മാധ്യസ്ഥം
മൂന്നാ(വ)ൻ നാ. 1. മൂന്നാമത്തവൻ; 2. മധ്യസ്ഥൻ; 3. ജാമ്യക്കാരൻ
മൂന്ന് നാ. ഒരു സങ്ഖ്യ (ഒന്നും രണ്ടും കൂടിയത്) (പ്ര) മൂന്നുതരം = ഉറപ്പ്, തീർച്ച
മൂപ്പത്തി നാ. 'മൂപ്പൻെറ' സ്ത്രീ
മൂപ്പൻ നാ. 1. വയസ്സുചെന്നവൻ, കാരണവൻ; 2. കന്നാൻ, തട്ടാൻ, വാണിയൻ ഇവരുടെ വർഗത്തിലെ തലവൻ
മൂപ്പർ, മൂപ്പര് നാ. മൂപ്പൻ (ആദരസൂചകമായി ബഹുവചനപ്രത്യയം)
മൂപ്പിക്കുക ക്രി. 1. പഴുക്കാറാക്കുക, വിളയിക്കുക; 2. വളർത്തുക; 3. നെയ്യും മറ്റും തിളപ്പിച്ച് ജലാംശം കളയുക; 4. അധികാരം കാട്ടുക; 5. അഹംഭാവം കാട്ടുക
മൂപ്പിറക്കുക ക്രി. (പാട്ടക്കാരൻ) പുരയിടം ഒഴിയുമ്പോൾ തേങ്ങമുതലായി വിളഞ്ഞ ഫലങ്ങൾ എടുക്കുക
മൂപ്പീന്ന് നാ. 1. വയസ്സൻ; 2. കാരണവൻ, തലവൻ
മൂപ്പ് നാ. 1. മൂപ്പൻെറ സ്ഥാനം; 2. കാരണവസ്ഥാനം; 3. വാർധക്യം; 4. വിളവ്
മൂർക്കൻ നാ. 1. ഒരിനം വിഷപ്പാമ്പ് (മൂർഖൻ, മൂക്കൻ); 2. (ആല) ദുഷ്ടൻ, ക്രൂരൻ
മൂർക്കുക ക്രി. 1. മൂർച്ചവരുത്തുക; 2. മൂർച്ചയുള്ളതാകുക
മൂർഖ വി. മൂഢതയുള്ള
മൂർഖത1,-ത്വം നാ. മൂർഖൻെറ അവസ്ഥ
മൂർഖൻ1 നാ. 1. കടുത്തവിഷമുള്ള ഒരിനം പാമ്പ്; 2. ക്രൂരൻ, ദുഷ്ടൻ
മൂർഖൻ2 നാ. അറിവില്ലാത്തവൻ
മൂർച്ച നാ. 1. മുറിയുമാറുള്ള സ്ഥിതി; 2. വായ്ത്തല; 3. നിശിതബുദ്ധി; 4. കൊയ്ത്തുകാലം
മൂർച്ഛ നാ. ബോധക്കേട്, മോഹാലസ്യം

മൂർച്ഛരന1 വി. മൂർച്ഛരയുണ്ടാക്കുന്ന
മൂർച്ഛരന2 നാ. മൂർച്ഛരനം
മൂർച്ഛരനം നാ. 1. ബോധക്കേട്; 2. കാമദേവൻെറ ഒരു അസ്ത്രം (ബോധംകെടുത്തുന്നത്); 3. വളർച്ച; 4. രസവും ഗന്ധകവും ചേർത്ത് നീറ്റി ഭസ്മമുണ്ടാക്കൽ; 5. (സങ്ഗീ) രാഗസ്വരൂപത്തെ തെളിവായി പ്രകടിപ്പിക്കൽ
മൂർച്ഛരാല വി. മൂർച്ഛരയുണ്ടായ, മോഹാലസ്യപ്പെട്ട
മൂർച്ഛരിക്കുക ക്രി. 1. ബോധംകെടുക; 2. വർധിക്കുക; 3. തീവ്രമാവുക
മൂർച്ഛരിത വി. മൂർച്ഛരിക്കപ്പെട്ട
മൂർണ വി. 1. ബന്ധിക്കപ്പെട്ട; 2. വർധിച്ച
മൂർത്ത വി. 1. ബോധക്കേടുള്ള; 2. കഠിനമായ; 3. കാണത്തക്ക; 4. മൂർത്തിയോടുകൂടിയ
മൂർത്തം നാ. 1. കാണത്തക്ക രൂപമുള്ള വസ്തു; 2. മണ്ണ്, വെള്ളം ഇത്യാദി
മൂർത്തി നാ. 1. ശരീരം; 2. വസ്തു; 3. ആളുടെ രൂപം; 4. പ്രതിമ, വിഗ്രഹം; 5. ശിവൻ; 6. സൗന്ദര്യം; 7. കാഠിന്യം; 8. മൂർധാവ്; 9. പിശാച് (പ്ര) മൂർത്തിതുള്ളുക = പിശാചുബാധിച്ചുതുള്ളുക
മൂർത്തികർമം നാ. വിഗ്രഹങ്ങളും മറ്റും കൊത്തിയെടുക്കൽ
മൂർത്തിത്രയം നാ. ബ്രഹ്മാവ് വിഷ്ണു ശിവൻ എന്നീമൂന്നുപേരും
മൂർത്തിത്വം നാ. 1. മൂർത്തിയെന്നുള്ള ഭാവം; 2. അവതാരം; 3. ശരീരധാരണം (വസ്തുവായിഭവിക്കൽ)
മൂർത്തിപൻ നാ. വിഗ്രഹാരാധകൻ
മൂർത്തിപൂജ നാ. വിഗ്രഹാരാധന
മൂർത്തിപൂജകൻ നാ. വിഗ്രഹാരാധന ചെയ്യുന്നവൻ
മൂർത്തിമത്ത് വി. 1. ആകൃതിയുള്ള; 2. ദേഹമുള്ള; 3. കാഠിന്യമുള്ള (പ്ര) മൂർത്തിമദ്ഭാവം = ആകാരമ്പൂണ്ട അവസ്ഥ
മൂർത്തീകരിക്കുക ക്രി. ആകൃതിപ്പെടുത്തുക
മൂർത്തീഭവിക്കുക ക്രി. ആകൃതിപ്പെടുക
മൂർധജം നാ. തലമുടി (മൂർധാവിൽ ജനിച്ചത്)
മൂർധന്യങ്ങൾ നാ. (ബ.വ.)(വ്യാക) മൂർധാവിൽനിന്നു ജനിക്കുന്ന വർണങ്ങൾ (ട, ഠ, ഡ, ഢ, ണ, ഋ, ഷ, ഴ, ള, ര, റ ഇവ പതിനൊന്നും)
മൂർധന്യം നാ. 1. മൂർധാവിനെ സംബന്ധിച്ചത്; 2. മുഖ്യമായത്, ശ്രേഷ്ഠമായത്
മൂർധവേഷ്ടനം നാ. 1. തലപ്പാവ്; 2. കിരീടം
മൂർധാഭിഷിക്തൻ നാ. 1. രാജാവ് (കിരീടധാരണസമയത്ത് മൂർധാവിൽ അഭിഷേകം ചെയ്യപ്പെട്ടവൻ); 2. ക്ഷത്രിയൻ; 3. മന്ത്രി
മൂർധാഭിഷേകം നാ. പട്ടാഭിഷേകം
മൂർധാവ് നാ. 1. തല; 2. നെറ്റി; 3. അഗ്രഭാഗം (ഏറ്റവും ഉയർന്ന സ്ഥാനം); 4. പ്രമാണി; 5. മുന്നണി
മൂർപ്പിക്കുക ക്രി. 1. മൂർച്ചയുണ്ടാക്കുക; 2. കൂർപ്പിക്കുക
മൂർപ്പ് നാ. മൂർച്ച
മൂരൽ നാ. 1. കൊയ്ത്ത്; 2. പല്ല്; 3. ചിരി; 4. ചോറ്
മൂരാച്ചി നാ. ബൂർഷ്വാ, യാഥാസ്ഥിതികൻ

മൂരി നാ. 1. കാളക്കുട്ടി; 2. എരുത്; 3. വലിയ തിരമാല; 4. പഴമ; 5. പെരുമ (പ്ര) മൂരി നിവരുക = കൈകൾ മേൽപ്പോട്ടാക്കി നരമ്പുകൾ ആകെ നിവരത്തക്കവിധം ശരീരം നിവർത്തുക
മൂരിക്കുക ക്രി. 1. ചോറുതണുത്ത് മയമില്ലാതാകുക; 2. വഴങ്ങാതാകുക; 3. നിവരുക; 4. കാളയ്ക്കു മദം മൂത്ത് ലിങ്ഗം പൊങ്ങുക
മൂരുക ക്രി. 1. മുറിക്കുക; 2. കീറുക; 3. കൊയ്യുക; 4. (തെങ്ങ്) ചെത്തുക; 5. വിരിക്കുക; 6. മൂരിനിവരുക; 7. നീട്ടുക; 8. വിസ്താരമാവുക; 9. മൂർച്ചവരുക
1213
മൂല1 നാ. 1. കോണ്; 2. ഗൂഢസ്ഥലം; 3. വീട്
മൂല2 നാ. 1. (ജ്യോ) മൂലം നക്ഷത്രം; 2. മുള്ളങ്കി; 3. ശതാവരി
മൂലക വി. (പദാന്ത്യ) 1. കാരണമായ; 2. ഉണ്ടാകുന്ന
മൂലകം നാ. 1. മൂലസ്വരൂപം; 2. (രസ) മറ്റൊന്നിൻെറ കലർപ്പില്ലാത്ത വസ്തു (എലിമെൻറ് എന്ന ആങ്ഗലപദത്തിൻെറ തർജുമ); 3. ഒരുതരം വിഷം; 4. മുള്ളങ്കി
മൂലകർമം നാ. ഒരുതരം മന്ത്രവാദം
മൂലകാരണം നാ. 1. ആദികാരണം; 2. മുഖ്യകാരണം
മൂലകാരൻ നാ. ഗ്രന്ഥം ആദ്യം രചിച്ചവൻ
മൂലക്കല്ല് നാ. കോൺകല്ല്, കോടിക്കല്ല്
മൂലക്കഴുക്കോൽ നാ. കോടിക്കഴുക്കോൽ
മൂലഗ്രന്ഥം നാ. അടിസ്ഥാനഗ്രന്ഥം, ഗ്രന്ഥത്തിൻെറ മൂലം (തർജുമചെയ്യപ്പെട്ട ഗ്രന്ഥം)
മൂലഘാതി വി. ചുവടുവെട്ടുന്ന, വേരോടെ നശിപ്പിക്കുന്ന
മൂലച്ഛേദം നാ. വേരുവെട്ടൽ, ചുവടോടെ പറിക്കൽ, പൂർണമായി നശിപ്പിക്കൽ
മൂലജം നാ. 1. മൂലം നക്ഷത്രത്തിൽ ജനിച്ചത്; 2. കിഴങ്ങുള്ള ചെടി, കിഴങ്ങ്; 3. പച്ച ഇഞ്ചി
മൂലതായ് നാ. 1. വംശത്തിൻെറ ആദിമാതാവ്, പരദേവത; 2. ലക്ഷ്മീദേവി
മൂലദേവൻ നാ. കംസൻ
മൂലദ്രവ്യം നാ. 1. മൂലധനം, മുടക്കുമുതൽ; 2. പൂർവധനം
മൂലധനം നാ. മുടക്കുമുതൽ
മൂലധാതു നാ. 1. ശുദ്ധജലം; 2. രസധാതു (രക്തത്തിന് ആധാരഭൂതമായ ദ്രവം)
മൂലപഞ്ചാക്ഷരം നാ. ‘നമഃശിവായ’ എന്ന മന്ത്രം
മൂലപദം നാ. 1. ധാതു (അർഥവത്തായ ഏതു വർണസങ്ഘാതത്തിൽനിന്നു പദം നിഷ്പന്നമായോ അത്); 2. പ്രാതിപദികം
മൂലപദാർഥം നാ. 1. തത്ത്വവസ്തു; 2. പഞ്ചഭൂതം
മൂലപ്രകൃതി നാ. ലോകസൃഷ്ടിക്ക് നിദാനമായ ശക്തി
മൂലഫലദം നാ. 1. പ്ലാവ്; 2. ശീമപ്ലാവ്
മൂലബലം നാ. 1. പ്രധാനസൈന്യം; 2. മുഖ്യശക്തി
മൂലബിംബം നാ. 1. പ്രധാന ബിംബം, ക്ഷേത്രത്തിൻെറ മുഖ്യമായ ശ്രീകോവിലിൽ പ്രതിഷ്ഠിതമായ ബിംബം; 2. ആദ്യമായി ക്ഷേത്രത്തിൽ പ്രതിഷ്ഠിച്ച ബിംബം
മൂലഭദ്രൻ നാ. കംസൻ

മൂലഭാഷ നാ. 1. ആദിമൊഴി; 2. മുഖ്യഭാഷ; 3. പലഭാഷകളിലേക്കു തർജുമചെയ്യപ്പെട്ട ഗ്രന്ഥം ആദ്യം ഏതുഭാഷയിൽ രചിക്കപ്പെട്ടോ അത്; 4. പദം കടമെടുക്കുമ്പോൾ ദാതൃഭാഷയായിരിക്കുന്നത്

മൂലം നാ. 1. ആദികാരണം, ബീജം; 2. അടിസ്ഥാനം; 3. അടിസ്ഥാനഗ്രന്ഥം; 4. (ജ്യോ) പത്തൊൻപതാമത്തെ നക്ഷത്രം; 5. മുരട്, മൂട്, വേര്; 6. കിഴങ്ങ്; 7. ആസനം, ഗുദം; 8. ആദിസാക്ഷി; 9. ഇന്ദ്രജാലം; 10. സാമീപ്യം; 11. പുഷ്കരമൂലം; 12. (ഗണിത) വർഗമൂലം; 13. പ്രധാന നഗരം; 14. ആരംഭം; 15. ചേന; 16. മുതൽ ദ്രവ്യം

മൂലമന്ത്രം നാ. 1. ഓം, പ്രണവമന്ത്രം; 2. ഏതെങ്കിലും ദേവതയെ ആരാധിക്കാനുള്ള മുഖ്യ മന്ത്രം

മൂലരോഗം നാ. മൂലക്കുരു, അർശസ്സ്

മൂലസങ്ഖ്യ നാ. പൂർണമായ വർഗമൂലം കാണാൻ കഴിയുന്ന സങ്ഖ്യ

മൂലസ്ഥാനം നാ. 1. അടിസ്ഥാനം (ആദ്യമേയുള്ള സ്ഥലം, പ്രത്യേകസ്ഥലം); 2. രാജധാനി; 3. ശ്രീകോവിൽ; 4. ദൈവം; 5. വായു; 6. ആകാശം; 7. മുൾട്ടാൻ എന്ന ദേശം

മൂലസ്ഥാനി നാ. ഗൗരി

മൂലാക്ഷരങ്ങൾ നാ. (വ്യാക) അ ഇ ഉ എന്നീ അക്ഷരങ്ങൾ

മൂലാഗ്നി നാ. 1. വയറ്റിലുള്ള തീ; 2. അന്തർഭാഗത്തുള്ള അഗ്നി

മൂലാധാരം നാ. 1. ഷഡാധാരങ്ങളിൽ ഒന്ന് (കുണ്ഡലിനീശക്തി ഇരിക്കുന്ന സ്ഥാനം, ഇത് നട്ടെല്ലിൻെറ കീഴറ്റത്തുള്ള കോണാകാരമായ അസ്ഥിക്കുള്ളിൽ സ്ഥിതിചെയ്യുന്നു; 2. അടിസ്ഥാനകാരണം

മൂലാശനം നാ. വേരുകൾ, കിഴങ്ങുകൾ ഇവമാത്രം അടങ്ങിയ ഭക്ഷണം

മൂലാശി നാ. കിഴങ്ങുകൾ (മാത്രം) ഭക്ഷിക്കുന്നവൻ

മൂലി1 നാ. 1. ചെടി, വൃക്ഷം; 2. കാരണഭൂതൻ

മൂലി2 നാ. പല്ലി

മൂലിക1 വി. 1. പ്രധാനമായ; 2. മൂലം സംബന്ധിച്ച

മൂലിക2 നാ. 1. വേര് (മരുന്നിനുള്ളത്); 2. കഞ്ചാവ്

മൂലികൻ നാ. 1. സന്ന്യാസി; 2. കിഴങ്ങുഭക്ഷിച്ചു ജീവിക്കുന്നവൻ

മൂലിക്കുക ക്രി. വർഗമൂലം കണ്ടുപിടിക്കുക

മൂലീകരണം നാ. (ഗണിത) മൂലിക്കൽ, വർഗമൂലം കാണൽ

മൂലോപദേശം നാ. 1. ആദിയിലുള്ള ഉപദേശം; 2. മുഖ്യോപദേശം; 3. മൂലമന്ത്രം ഉപദേശിക്കൽ

മൂല്യ വി. 1. വേരോടെ പറിക്കേണ്ട; 2. മൂട്ടിലുള്ള; 3. വിലയ്ക്കുവാങ്ങാവുന്ന

മൂല്യം നാ. 1. വില (അസ്സൽവിലയിൽ കവിയാത്തത്; 2. കൂലി, ശമ്പളം; 3. വിലയ്ക്കുവാങ്ങിയ വസ്തു; 4. മൂലധനം

മൂല്യവത്ത് വി. അധികം വിലയുള്ള

മൂവഞ്ച് നാ. പതിനഞ്ച് (3×5)

മൂവന്തി നാ. 1. പ്രഭാതം ഉച്ച അസ്തമയം ഇവ മൂന്നും; 2. ത്രിസന്ധ്യ (മൂന്നാമത്തെ അന്തി, സായാ സന്ധ്യ)

മൂവരശർ നാ. ചേരചോളപാണ്ഡ്യ രാജാക്കന്മാർ

മൂവാണ്ടൻ നാ. 1. ഒരിനം മാവ് (മൂന്നാംകൊല്ലത്തിൽ കായ്ച്ചുതുടങ്ങുന്നത്); 2. മൂന്നാംകൊല്ലം കായ്ക്കുന്ന തെങ്ങ്; 3. മൂന്നുകൊല്ലത്തിലൊരിക്കൽ മാത്രം കായ്ക്കുന്ന പ്ലാവ്
മൂവാത വി. മൂക്കാത്ത, മരിക്കാത്ത
മൂവീണ നാ. മൂന്നുജോഡി (കാള)
മൂവിരൽ നാ. 1. മൂന്നുവിരൽ; 2. മൂന്നുവിരൽ നീളം
മൂവുക ക്രി. 1. മൂടുക; 2. മരിക്കുക; 3. തീരുക
മൂവുലകം,-ഉലക് നാ. മൂന്നുലോകങ്ങൾ, പാതാളം ഭൂമി സ്വർഗം ഇവ മൂന്നും
മൂശ നാ. ലോഹം ഉരുക്കുന്ന കരു
മൂശാരി നാ. ഓടുരുക്കി പാത്രമുണ്ടാക്കുന്നവൻ (വാർപ്പുപണിക്കാരൻ, കന്നാൻ)
മൂശേട്ട നാ. 1. മൂചേട്ട (മൂത്ത ജ്യേഷ്ഠ); 2. വൃത്തികേട്
മൂഷ നാ. 1. മൂശ; 2. എലി, പെരുച്ചാഴി; 3. പുല്ല്
മൂഷകൻ നാ. 1. മൂഷികൻ; 2. മോഷകൻ (കള്ളൻ)
മൂഷകം നാ. എലി
മൂഷകവാഹനൻ നാ. ഗണപതി
മൂഷകാന്തകം നാ. പൂച്ച
മൂഷണം നാ. മോഷണം, മുന്തിയറുപ്പ്
മൂഷപഞ്ജരം നാ. എലിക്കൂട്, എലിക്കെണി
മൂഷം നാ. 1. എലി (മൂഷകം); 2. മൂശ; 3. ജനൽ
മൂഷി നാ. എലി, പെരുച്ചാഴി
മൂഷിക നാ. 1. മൂഷ (എലി, പെരുച്ചാഴി); 2. കോലത്തുനാട്
മൂഷികക്ഷത്രിയർ നാ. (ബ.വ.) 1. പരശുരാമനെ എതിർത്തു കീഴടക്കിയ ക്ഷത്രിയന്മാർ; 2. താണതരം ക്ഷത്രിയന്മാർ
മൂഷികൻ നാ. 1. എലി; 2. കള്ളൻ
മൂഷികപർണി നാ. മൂഷിക കർണി (എലിച്ചെവിയൻ)
മൂഷികം നാ. 1. എലി; 2. നെന്മേനിവാക; 3. കേരളത്തിൻെറ ഒരു വിഭാഗം, മൂഷിക രാജ്യം
മൂഷികരഥൻ നാ. ഗണപതി
മൂഷികരാജ്യം നാ. പ്രാചീനകേരളത്തിൻെറ ഒരു വിഭാഗം
മൂഷികവാഹനൻ നാ. ഗണപതി (ചുണ്ടെലി വാഹനമായിട്ടുള്ളവൻ)
മൂഷികവിഷാണം നാ. (പ്ര) എലിക്കൊമ്പ്, ഇല്ലാത്ത വസ്തു
മൂഷികസ്ത്രീ നാ. പെണ്ണെലി (പ്ര) മൂഷികസ്ത്രീ പിന്നെയും മൂഷികസ്ത്രീയായിവന്നു = ഉയർന്ന നിലയിലെത്തിയിട്ടു വീണ്ടും താണനിലയിലായി
മൂഷികാദം നാ. പൂച്ച
മൂഷികാരാതി [സം.-അരാതി] നാ. പൂച്ച
മൂഷിതം നാ. മോഷ്ടിക്കപ്പെട്ടത്
മൂഷീകരണം നാ. ഉരുക്കൽ, മൂശയിൽവച്ചു പാകംചെയ്യൽ
മൂസ്സത്, മൂസ്സ് നാ. 1. ഒരു ജാതി, ശിവദ്വിജൻ (ബ്രാഹ്മണൻ); 2. മൂത്ത ആൾ (ബ്രാഹ്മണർ വയസ്സ് മൂപ്പുള്ളവരെ വിളിക്കാൻ ഉപയോഗിക്കുന്നു)
മൂള നാ. 1. തലച്ചോറ്; 2. ബുദ്ധി

മൂളക്കം നാ. 1. മൂളിച്ച; 2. അമ്പ്, വെടിയുണ്ട തുടങ്ങിയവ പാഞ്ഞുപോകുമ്പോഴുണ്ടാകുന്ന ശബ്ദം; 3. ഞരക്കം; 4. അനുസരണശബ്ദം (ശരി, കേട്ടു, സമ്മതമാണ് എന്നറിയിക്കുന്ന മൂളൽ); 5. പോണ്ടന്മാർ പല്ലക്കുകൊണ്ടുപോകുമ്പോൾ പുറപ്പെടുവിക്കുന്ന ശബ്ദം

മൂളൽ നാ. മൂളക്കം

മൂളി1 [മൂളുക] ഭൂ.രൂപം

മൂളി2 നാ. 1. ഏതെങ്കിലും അവയവം ഇല്ലാത്ത ആൾ (പ്രത്യേകിച്ച് കാതില്ലാത്ത ആൾ); 2. (സ്ത്രീയുടെ) ആഭരണമില്ലാത്ത കാതോ കഴുത്തോ; 3. അഴകില്ലാത്തവൾ; 4. കഴുത്തുപോയ കുപ്പിയും മറ്റും (പ്ര) മൂളിക്കുരങ്ങ്, മൂളിപ്പെണ്ണ്, മൂളിക്കാത്, മൂളിക്കഴുത്ത് ഇത്യാദി

മൂളിച്ച [<മൂളുക] നാ. മൂളൽ

മൂളിയൻ നാ. ആൺകുരങ്ങ്

മൂളുക ക്രി. 1. ഞരങ്ങുക; 2. പറഞ്ഞതുകേട്ടു എന്നോ സമ്മതമാണെന്നോ അറിയിക്കാൻ 'മ്' എന്ന ശബ്ദം പുറപ്പെടുവിക്കുക; 3. രാഗം പതുക്കെ ആലപിക്കുക; 4. (പോണ്ടന്മാർ പല്ലക്കു ചുമക്കുമ്പോൾ) ശബ്ദിക്കുക; 5. അനുവദിക്കുക

മുഴക്ക് നാ. മൂന്ന് ഉഴക്കു കൂടിയത്

മൂഴി നാ. 1. രണ്ടു ഭൂമികൾക്കിടയിലുള്ള താണഭൂമിയുടെ കോണ്; 2. വയലിലെ വെള്ളപ്പാത്തി; 3. തവി; 4. മത്ത്

മൃഗണ്ഡു നാ. ഒരു മുനി (മാർക്കണ്ഡേയൻെറ പിതാവ്)

മൃഗകാനനം നാ. മാൻ മുതലായ മൃഗങ്ങളെ വളർത്താനുണ്ടാക്കിയ തോട്ടം

മൃഗഗാമിനി നാ. മാനിനെപ്പോലെ തുള്ളിച്ചാടി നടക്കുന്ന പെൺകുട്ടി

മൃഗചർമം നാ. മാന്തോൽ, മൃഗത്തോൽ

മൃഗചർമജം നാ. പച്ചപുഴുക്

മൃഗചാരി വി. 1. മാനിനെപ്പോലെ ജീവിക്കുന്ന; 2. ഭക്തനായ

മൃഗജലം നാ. കാനൽജലം

മൃഗജലസ്നാനം നാ. (പ്ര) സാധിക്കാത്ത കാര്യം

മൃഗജീവനൻ നാ. വേടൻ

മൃഗണ നാ. അന്വേഷണം, മാർഗണം

മൃഗതൃട്ട് നാ. മൃഗതൃഷ്ണ

മൃഗതൃഷ നാ. മൃഗതൃട്ട്

മൃഗതൃഷ്ണ നാ. ജലാംശമില്ലാത്ത പ്രദേശങ്ങളിൽ സൂര്യകിരണങ്ങൾ പതിക്കുമ്പോൾ ദൂരെനിന്നു നോക്കുന്നവർക്ക് ജലമുണ്ടെന്നു തോന്നുന്ന പ്രതിഭാസം

മൃഗത്വം നാ. മൃഗത്തിൻെറ ഭാവം

മൃഗദംശ(ക)ം നാ. നായ്

മൃഗദൃക്ക് നാ. സുന്ദരി (മാൻമിഴി)

മൃഗദ്വിട്ട് നാ. സിംഹം

മൃഗധരൻ നാ. ചന്ദ്രൻ, ഏണാങ്കൻ

മൃഗധൂർത്ത(ക)ൻ നാ. കുറുക്കൻ

മൃഗനയന നാ. സുന്ദരി (മൃഗദൃക്ക്)

മൃഗനാഥൻ നാ. സിംഹം

മൃഗനാഭി നാ. 1. കസ്തൂരി (മൃഗത്തിൻെറ നാഭിയിൽനിന്നുണ്ടായത്); 2. കസ്തൂരിമൃഗത്തിൻെറ സഞ്ചി; 3. കസ്തൂരിമാൻ
മൃഗനാഭിജ നാ. കസ്തൂരി
മൃഗപതി നാ. 1. സിംഹം; 2. വ്യാഘ്രം
മൃഗപാലിക നാ. കസ്തൂരിമാൻ
മൃഗപ്രായ വി. മൃഗത്തോടുതുല്യമായ, ക്രൂരമായ
മൃഗം നാ. 'മൃത്തിൽക്കൂടി ഗമിക്കുന്നത്' 1. മാൻ; 2. സിംഹം മാൻ പശു കാള നായ് കഴുത ഇത്യാദി; 3. കസ്തൂരി; 4. (ജ്യോ) മകയിരം; 5. മകരം; 6. ചന്ദ്രമണ്ഡലത്തിലുള്ള കറുപ്പ്; 7. മാർഗശീർഷം; 8. ഒരുതരം ആന
മൃഗമദം നാ. കസ്തൂരി
മൃഗമാതൃകം നാ. കൊമ്പില്ലാത്ത ഒരിനം മാൻ
മൃഗമാസം നാ. മാർഗശീർഷമാസം (മകരമാസം)
മൃഗയാ നാ. 1. നായാട്ട്; 2. അന്വേഷണം
മൃഗയു നാ. 1. നായാടി; 2. കുറുക്കൻ; 3. കടുവാ; 4. ബ്രഹ്മാവ്; 5. ബ്രഹ്മം
മൃഗരാജൻ നാ. 1. സിംഹം; 2. കടുവ; 3. ചന്ദ്രൻ
മൃഗരിപു നാ. സിംഹം
മൃഗരോമജ വി. മൃഗരോമംകൊണ്ടുണ്ടാക്കിയ
1215
മൃഗലക്ഷ്മാ(വ്) നാ. ചന്ദ്രൻ
മൃഗലാഞ്ഛനൻ നാ. ചന്ദ്രൻ
മൃഗവധാജീവൻ നാ. നായാടി
മൃഗവാഹനൻ നാ. വായു (മാൻ വാഹനമായിട്ടുള്ളവൻ)
മൃഗവ്യം നാ. 1. നായാട്ട്; 2. ലക്ഷ്യം
മൃഗശാബം നാ. മാൻകുട്ടി, മൃഗത്തിൻെറ കുട്ടി
മൃഗശാല നാ. മൃഗങ്ങളെ സംരക്ഷിക്കുന്ന സ്ഥലം
മൃഗശിര(സ്സ്) നാ. (ജ്യോ) മകയിരം നക്ഷത്രം (മാനിൻെറ തലപോലെയുള്ളത്)
മൃഗശീർഷം നാ. 1. മകയിരം നക്ഷത്രം (മൃഗശിരസ്സ്); 2. മാർഗശീർഷം
മൃഗഹാ(വ്) നാ. 1. കടുവ; 2. വേടൻ
മൃഗാക്ഷി നാ. സുന്ദരി (മാൻകണ്ണി)
മൃഗാങ്കൻ നാ. 1. ചന്ദ്രൻ; 2. വായു; 3. ശിവൻ
മൃഗാങ്കം നാ. കർപ്പൂരം
മൃഗാങ്ഗന നാ. മാൻപേട
മൃഗാജിനം നാ. മാന്തോൽ
മൃഗാജീവൻ നാ. 1. നായാട്ടുകാരൻ; 2. ചെന്നായ്
മൃഗാണ്ഡിക നാ. കസ്തൂരി
മൃഗാദനൻ നാ. 1. കഴുതപ്പുലി; 2. ചെന്നായ്; 3. സിംഹം
മൃഗാധിപൻ നാ. സിംഹം
മൃഗാരി നാ. 1. നായ്; 2. സിംഹം; 3.കടുവ; 4. ചെമ്മുരിങ്ങ
മൃഗാശനൻ നാ. സിംഹം.
മൃഗാസ്യം നാ. 1. മൃഗത്തിൻെറ മുഖം; 2.(ജ്യോ) മകരം രാശി.

മൃഗി നാ. 1.മാൻപേട; 2. കശ്യപൻെറ 10 പുത്രിമാരിൽ ഒരുവൾ (മൃഗങ്ങളുടെ ജനിയിത്രി); 3. പക്ഷവാതം; 4. അപസ്മാരം; 5. (കാമ) മൃഗജാതിയിൽപ്പെട്ടവളും മന്ദവേഗയുമായ സ്ത്രീ. മൃഗീദൃക്ക് = സുന്ദരി.

മൃഗിത വി മാർഗണം ചെയ്യപ്പെട്ട, വേട്ടയാടപ്പെട്ട.

മൃഗീയ വി മൃഗത്തെ സംബന്ധിച്ച, മൃഗസ്വഭാവമുള്ള, മനുഷ്യത്വം വികസിച്ചിട്ടില്ലാത്ത.

മൃഗേന്ദ്രചടകം നാ മൃഗരാജൻ (സിംഹം, കടുവ)

മൃഗ്യ വി 1. മാർഗണം ചെയ്യത്തക്ക (തിരയേണ്ട); 2. ക്രൂരമായ

മൃച്ചയം നാ. മണ്ണിൻ കൂമ്പാരം

മൃച്ഛകടികം നാ. 1. മണ്ണുകൊണ്ടുള്ള കളിവണ്ടി; 2. ഒരു സംസ്കൃതനാടകം (ശൂദ്രകൻ രചിച്ചത്)

മൃജ നാ. 1. തേച്ചും കഴുകിയും മറ്റും ശരീരശുദ്ധി വരുത്തൽ, വെടിപ്പാക്കൽ; 2. ശുദ്ധി (മാർജനം); 3. പ്രലോഭനം ജനിപ്പിക്കുന്ന വാക്ക്

മൃജം നാ. ഒരുതരം വാദ്യം

മൃജിത വി. മാർജനംചെയ്ത

മൃഡ നാ. ശ്രീപാർവതി

മൃഡൻ നാ. ശിവൻ (സുഖത്തെ ചെയ്യുന്നവൻ)

മൃഡനം നാ. 1. വരം; 2. അനുഗ്രഹിക്കൽ

മൃഡാനി നാ. മൃഡൻെറ പത്നി, ശ്രീപാർവതി

മൃഡി നാ. മൃഡാനി

മൃഡീകം നാ. 1. മൃഗം (മാൻ); 2. മത്സ്യം

മൃണാളതന്തു നാ. താമരനൂൽ

മൃണാളം നാ. 1. താമരവളയം; 2. രാമച്ചം

മൃണാളിനി നാ. 1. താമരക്കൂട്ടം; 2. താമരപ്പൊയ്ക

മൃണ്മയ വി. മൃത്തു (മണ്ണു)കൊണ്ടുണ്ടാക്കിയ

മൃത(ക) വി. 1. മരിച്ച; 2. നിരുപയോഗമായ

മൃതകകർമം നാ. അന്ത്യേഷ്ടി

മൃതകം നാ. 1. മരണം; 2. ശവം; 3. പുല

മൃതകാന്തകൻ നാ. കുറുക്കൻ

മൃതജീവനി നാ. മരിച്ചവരെ ജീവിപ്പിക്കുന്ന വിദ്യ

മൃതണ്ഡൻ നാ. 1. സൂര്യൻെറ പിതാവ്; 2. സൂര്യൻ (മാർത്താണ്ഡൻ)

മൃതപ്രായ വി. മരിച്ചതിനു തുല്യമായ

മൃതഭാഷ നാ. നിത്യവ്യവഹാരത്തിനായി ജനങ്ങൾ പ്രയോഗിക്കാത്ത ഭാഷ, സംഭാഷണത്തിനു ഉപയോഗിക്കാത്ത ഭാഷ. ഉദാഃ സംസ്കൃതം

മൃതം നാ. 1. മരണം; 2. മരിച്ചത്; 3. ഇരന്നുവാങ്ങി ഉപജീവിക്കൽ; 4. ഇരന്നു വാങ്ങിയ ആഹാരം; 5. വിഷം; 6. ശവം

മൃതസഞ്ജീവിനി നാ. 1. മരിച്ചവരെ ജീവിപ്പിക്കുന്ന മന്ത്രമോ ഔഷധമോ; 2. കിണികിണിപ്പാല

മൃതസ്നാത വി. പുലകുളിച്ച

മൃതാങ്ഗം നാ. പ്രേതം, ശവം

മൃതാണ്ഡൻ നാ. മാർത്താണ്ഡൻ, സൂര്യൻ

മൃതാലകം,-ളകം നാ. 1. ഒരുതരം മണ്ണ്, ഉവർമണ്ണ് (സുഗന്ധമുള്ളത്); 2. തുവര; 3. പടിക്കാരം
മൃതി നാ. മരണം
മൃതോത്ഥാനം നാ. ഉയിർത്തെഴുന്നേൽപ്പ്
മൃത്തിക നാ. 1. (കളി) മണ്ണ്; 2. സുഗന്ധമണ്ണ്
മൃത്കരൻ നാ. കുശവൻ
മൃത്ത് നാ. 1. മണ്ണ്; 2. തുവര
മൃത്പിണ്ഡബുദ്ധി നാ. മണ്ടൻ, മൺതലയൻ
മൃത്പിണ്ഡം നാ. മണ്ണുരുള, ചെളിക്കട്ട
മൃത്യു നാ. 1. മരണം; 2. കാലൻ; 3. ബ്രഹ്മാവ്; 4. വിഷ്ണു; 5. മായം; 6. കാളി; 7. കാമദേവൻ; 8. ശനി; 9. യമൻെറ നാലു അമാത്യരിലൊരാൾ (പ്ര) ആസന്നമൃത്യു = മരണം അടുത്തവൻ
മൃത്യുകരചതുഷ്ടയം നാ. മരണകാരകങ്ങളായ നാലെണ്ണം (ദുഷ്ടനായ ബന്ധു, കഠിനയായ ഭാര്യ, എതിർത്തുപറയുന്ന ഭൃത്യൻ, സർപ്പം ഉള്ള വീട്)
മൃത്യുകരൻ നാ. മരിപ്പിക്കുന്നവൻ
മൃത്യുഞ്ജയൻ നാ. മൃത്യുവിനെ (കാലനെ) ജയിച്ചവൻ, ശിവൻ
മൃത്യുഞ്ജയം നാ. ഒരു ഹോമകർമം
മൃത്യുദ വി. 1. മരിപ്പിക്കുന്ന; 2. മരണകരമായ
മൃത്യുദണ്ഡം നാ. മരണശിക്ഷ
മൃത്യുപഞ്ചകം നാ. (ജ്യോ) യാത്രപുറപ്പെടുന്ന സമയത്തെ നക്ഷത്രം വാരം തിഥി ലഗ്നം ഇവയുടെ സങ്ഖ്യകൾ കൂട്ടി ഒമ്പതുകൊണ്ടു ഹരിച്ചാൽ ശിഷ്ടം ഒന്നുവരുന്നത്, അശുഭസൂചകം
മൃത്യുയോഗം നാ. (ജ്യോ) അശുഭസൂചകമായ തിഥിനക്ഷത്രയോഗം (പ്രതിപദവും ഉത്രാടവും നവമിയും കാർത്തികയും അഷ്ടമിയും പൂരവും ഏകാദശിയും ദ്വാദശിയും ആയില്യവും രോഹിണിയും)
മൃത്യുലോകം നാ. 1. മർത്യലോകം; 2. യമലോകം; 3. തെക്കുദിക്ക്
മൃത്യുശാസനൻ നാ. ശിവൻ
മൃത്യുസൂതി നാ. പെൺഞണ്ട്
മൃത്യുസ്ഥാനം നാ. (ജ്യോ) എട്ടാമിടം
മൃത്സന നാ. 1. നല്ലമണ്ണ് (സുഗന്ധമുള്ള മണ്ണ്); 2. തുവര
മൃത്സനം നാ. പൊടി, ധൂളി
മൃദ നാ. മൃത്ത്, മണ്ണ്
മൃദങ്ഗം നാ. 1. ഒരു ആഹതവാദ്യം; 2. ശബ്ദം; 3. മുളവടി
മൃദിത വി. 1. മർദിക്കപ്പെട്ട; 2. ഞെക്കിയ; 3. ചതച്ച; 4. കൊല്ലപ്പെട്ട; 5. മാറ്റപ്പെട്ട; 6. തൂത്തുകളഞ്ഞ
മൃദിഷ്ഠ നാ. ഏറ്റവും മൃദുവായ
മൃദീയസ്സ് വി. അധികം മൃദുവായ
മൃദു1 വി. 1. മാർദവമുള്ള; 2. പശിമയുള്ള; 3. കോമളമായ; 4. അപ്രിയമല്ലാത്ത; 5. സാവധാനമായ; 6. മൂർച്ചയില്ലാത്ത; 7. തീക്ഷ്ണമല്ലാത്ത

മൃദു2 നാ. 1. മൂന്നുതരം ഇരുമ്പിൽ ഒന്ന്; 2. (വ്യാക) വർഗാക്ഷരങ്ങളിൽ മൂന്നാമത്തേത് (ഗ ജ ഡ ദ ബ ഇവയിലോരോന്നും നാദയുക്തവും അല്പപ്രാണവുമായ വിരാമസ്വനം)
മൃദുക വി. മൃദുവായ
മൃദുകിരണൻ നാ. ചന്ദ്രൻ
മൃദുക്കൾ നാ. (ബ.വ.) (വ്യാക) ഗ ജ ഡ ദ ബ ഇവയഞ്ചും
മൃദുഗാമിനി നാ. 1. അരയന്നപ്പിട; 2. അരയന്നപ്പിടയെപ്പോലെ ആകർഷകമായ നടത്തയുള്ളവൾ, സുന്ദരി
മൃദുച്ഛദം നാ. 1. ഭൂർജമരം; 2. കുടപ്പന; 3. വേഴൽ; 4. മലയുകമരം; 5. കുക്കുരവൃക്ഷം; 6. ചെറിയ ഈത്ത
മൃദുത,-ത്വം നാ. മൃദുവായിരിക്കുന്ന അവസ്ഥ
മൃദുതമ വി. ഏറ്റവും മൃദുവായ
മൃദുതര വി. കൂടുതൽ മൃദുവായ
മൃദുപർവകം നാ. ചൂരൽ
മൃദുഭാഷി നാ. മൃദുവായി സംസാരിക്കുന്നവൻ (മധുരമായി സംസാരിക്കുന്നവൻ)
മൃദുരോമ(ക)ം നാ. മുയൽ
മൃദുല1 വി. 1. മൃദുവായ; 2. കോമളമായ; 3. ദുർബലമായ
മൃദുല2 നാ. മാർദവമുള്ള അവയവമുള്ളവൾ, സുന്ദരി
മൃദുലം നാ. 1. വെള്ളം; 2. കറുത്തചണം പയർ; 3. കോമളമായത്; 4. മാർദവമുള്ളത്
മൃദുലാസ്ഥി നാ. തരുണാസ്ഥി
മൃദുലീകൃത വി. മൃദുലമാക്കപ്പെട്ട
മൃദുവേഗ വി. 1. മന്ദഗതിയായ; 2. ശാന്തശീലമുള്ള
മൃദുഹാസം നാ. പുഞ്ചിരി
മൃദൂകരണം നാ. മൃദുവാക്കൽ
മൃദൂകരിക്കുക ക്രി. മാർദവമുള്ളതാക്കുക, പതുപ്പിക്കുക
മൃദുത്പലം നാ. 1. കറുത്ത ആമ്പൽ; 2. നീലത്താമര
മൃദ്വി നാ. 1. മൃദുവായ അങ്ഗങ്ങൾ ഉള്ളവൾ; 2. ശാന്തശീല; 3. മുന്തിരി
മൃദ്വീക നാ. മുന്തിരി
മൃധം നാ. 1. യുദ്ധം; 2. അലക്ഷ്യം; 3. അനാദരം; 4. ശത്രു
മൃൻമയ വി. മണ്ണുകൊണ്ടുള്ള
മൃഷാ അവ്യ. 1. അസത്യമായി, തെറ്റായി; 2. വെറുതെ
മൃഷാധ്യായി നാ. കൊക്ക്
മൃഷാഭാഷി നാ. അസത്യവാദി
മൃഷാർഥകം നാ. 1. ഒട്ടും ചേർച്ചയില്ലാത്ത അർഥത്തോടുകൂടിയ വാക്ക്; 2. അസംബന്ധം
മൃഷാവാദം നാ. 1. നിന്ദാസ്തുതി; 2. അസത്യവാക്ക്
മൃഷാവാദി നാ. അസത്യം പറയുന്നവൻ
മൃഷ്ട വി. 1. മാർജനംചെയ്യപ്പെട്ട; 2. ശുദ്ധീകരിച്ച; 3. സ്പർശിക്കപ്പെട്ട
മൃഷ്ടഭോജനം നാ. 1. വെടിപ്പായ ഭക്ഷണം; 2. വയറുനിറയെയുള്ള ഭക്ഷണം

മൃഷ്ടം നാ. 1. (കുരു)മുളക്; 2. ലേപം; 3. മാർജനം ചെയ്യപ്പെട്ടത്; 4. മൃഷ്ടാന്നം
മൃഷ്ടാന്നം നാ. മൃഷ്ടഭോജനം
മൃഷ്ടി നാ. 1. വെടിപ്പ്; 2. ശുദ്ധീകരണം; 3. ഭക്ഷണം ഒരുക്കൽ; 4. സ്പർശനം
മെക്ക [അറ] നാ. മഹമ്മദീയരുടെ പുണ്യസ്ഥലം (പ്രവാചകനായ മുഹമ്മദിൻെറ ജന്മസ്ഥലം)
മെക്കാനിക്ക് [ഇം.] നാ. യന്ത്രവേലക്കാരൻ
മെച്ചം നാ. 1. മേത്തരം; 2. മേന്മ; 3. അത്ഭുതം; 4. തീർച്ച
മെച്ചൽ നാ. 1. സ്തുതിക്കൽ, ബഹുമാനിക്കൽ; 2. ഇഷ്ടപ്പെടൽ
മെടയുക ക്രി. 1. നെയ്യുക; 2. മിടയുക
മെഡൽ [ഇം.] നാ. വിജയമുദ്ര, പതക്കം
മെഡിക്കൽ [ഇം.] വി. വൈദ്യസംബന്ധമായ
മെതി നാ. 1. ധാന്യങ്ങൾ ചവിട്ടിയുതിർക്കൽ; 2. ചവിട്ടൽ; 3. ഒരുപലം തൂക്കം; 4. നെയ്ത്തുകാരൻെറ ചവിട്ടുതടി; 5. കിണറിൻെറ അരികിലിടുന്ന പലക
മെതിക്കുക ക്രി. 1. ചവിട്ടുക; 2. ധാന്യങ്ങൾ ചവിട്ടി കറ്റയിൽനിന്ന് ഉതിർക്കുക; 3. വേർതിരിക്കുക; 4. മൃദുവാക്കുക
മെതിയടി നാ. മരച്ചെരിപ്പ്, തടികൊണ്ടുള്ള പാദരക്ഷ
മെതിയം നാ. 1. മതിയം; 2. വാതിൽപ്പടി; 3. തുഴ; 4. അഴിയും മറ്റും ഉറപ്പിച്ചു നിറുത്തുന്ന തടിക്കഷണം
മെതിയുക ക്രി. 1. മൃദുവാകുക; 2. ശാന്തമാവുക; 3. ചതയുക
മെതു വി. മയമുള്ള
മെതുക്കുക ക്രി. 1. മൃദുവാക്കുക; 2. മെതിക്കുക
മെതുമെതുപ്പ് നാ. മൃദുത്വം, പതുമ
മെത്ത1 [ഹി] നാ. 1. തുണികൊണ്ടു തയ്ച്ച് അകത്തു പഞ്ഞിയും മറ്റും നിറച്ച ശയ്യ; 2. കയറ്റുപായ്
മെത്ത2 [<മെത്തുക] നാ. 1. വെണ്മാടം; 2. ഏത്തം
മെത്തപ്പായ് നാ. മൃദുവായ ഒരുതരം പായ്, തഴകൊണ്ടുണ്ടാക്കിയ ഇരട്ടപ്പൊളിപ്പായ്
മെത്തുക ക്രി. 1. വർധിക്കുക; 2. ഉയരുക; 3. നിറയുക; 4. മെതിക്കുക; 5. ചാടുക; 6. ചേരുക
മെത്രാൻ [അറ] നാ. (ക്രിസ്തു) സഭാമേലദ്ധ്യക്ഷൻ, ബിഷപ്പ്
മെത്രാപ്പോലീത്ത [<ഗ്രീ] നാ. (ക്രിസ്തു) ആർച്ചുബിഷപ്പ് (ക്രിസ്തീയസഭാമേലദ്ധ്യക്ഷന്മാരിൽ പ്രധാനി)
1217
മെന നാ. വേല, മിന
മെന്മ നാ. കൃശത (മെലിവ്)
മെമ്പർ [ഇം.] നാ. അങ്ഗം
മെയ്1 നാ. 1. സത്യം; 2. ശരീരം; 3. (വ്യാക) വ്യഞ്ജനം
മെയ്2 [ഇം.] നാ. ഇങ്ഗ്ലീഷ്കലണ്ടറിലെ അഞ്ചാമത്തെ മാസം
മെയ്ക്കടം നാ. ഈടിന്മേലോ പണയത്തിന്മേലോ അല്ലാതെ വാങ്ങുന്ന കടം

മെയ്ക്കാട് നാ. 1. ദിവസക്കൂലിക്കുള്ള അധ്വാനം; 2. ജോലിക്കു ഹാജരാകൽ (മെയ്കാട്ടുക)
മെയ്ക്കാവൽ നാ. 1. ശരീരം കാത്തുസൂക്ഷിപ്പ്; 2. അങ്ഗരക്ഷകർ; 3. ബോഡിഗാർഡ്
മെയ്നില നാ. 1. സത്യാവസ്ഥ; 2. ഒരു നില (നൃത്തങ്ങളിലും മറ്റും)
മെയ്പൊന്ന് നാ. ശരീരത്തിലണിയുന്ന സ്വർണം
മെയ്പൊരുൾ നാ. 1. സത്യം; 2. യഥാർഥമായ അർഥം; 3. ന്യായമായ മാർഗങ്ങളിൽ നേടിയ ധനം
മെയ്മ നാ. 1. സത്യം; 2. ഉണ്മ; 3. വിചാരം
മെയ്മറക്കുക ക്രി. 1. ശരീരത്തെ അവഗണിക്കുക; 2. സത്യം മറക്കുക; 3. ബോധംകെടുക; 4. ലഹരിപിടിക്കുക; 5. നിരാശനാവുക
മെയ്വഴി നാ. സത്യമതം, വാസ്തവമായ മതം
മെയിൽ [ഇം.] നാ. തപാൽ (പ്ര) മെയില്വണ്ടി (തപാലുരുപ്പടികൾ കൊണ്ടുപോകുന്ന വണ്ടി)
മെയ്യട്ടി നാ. സംവാഹകൻ, തിരുമ്മുകാരൻ
മെയ്യൻ നാ. 1. സത്യവാൻ; 2. മകൻ
മെയ്യഴക് നാ. 1. യഥാർഥ സൗന്ദര്യം; 2. ദേഹസൗന്ദര്യം
മെയ്യറുതി നാ. മരണം
മെയ്യൊക്കം നാ. ദേഹത്തിനുള്ള ബലവും വഴക്കവും
മെയ്യായം നാ. ശരീരലാഘവം
മെയ്യാരം നാ. ദേഹത്തണിയുന്ന ആഭരണം
മെയ്യ് നാ. മെയ്
മെയ്യുണർവ് നാ. തത്ത്വജ്ഞാനം, പരമാർഥജ്ഞാനം
മെയ്യുര നാ. സത്യം, ആണ
മെയ്യുറ നാ. കവചം, ചട്ട
മെയ്യെഴുത്ത് നാ. (വ്യാക) വ്യഞ്ജനം
മെയ്യൊതുക്ക് നാ. 1. ശരീരത്തിനുള്ള വഴക്കം; 2. ശക്തി
മെരിക്കം,മെരുക്കം നാ. ഇണക്കം
മെരിങ്ങുക ക്രി. ഇണങ്ങുക
മെരു(ക്) നാ. 1. ഒരു മൃഗം, വെരു(ക്), ഗന്ധമാർജാരം; 2. പുഴുക്
മെരുകുക ക്രി. 1. മെഴുകുക; 2. മിനുങ്ങുക; 3. ഇണങ്ങുക
മെരുക്കുക ക്രി. മരുക്കുക, ഇണങ്ങുക
മെരുൾ നാ. ഭയം, സംഭ്രമം
മെൽ വി. 1. മൃദുവായ; 2. മെലിഞ്ഞ; 3. ചെറിയ; 4. അഴകുള്ള
മെലിച്ചിൽ നാ. 1. വണ്ണം കുറയുക, നേർത്തതാകുക; 2. ആരോഗ്യം ക്ഷയിക്കുക
മെലിയുക ക്രി. ശരീരം ശോഷിക്കുക, വണ്ണം കുറയുക, ചടയ്ക്കുക, ആരോഗ്യം ക്ഷയിക്കുക
മെല്ലനെ അവ്യ മെല്ലെ, പതുക്കെ
മെല്ലിക്കുക ക്രി. 1. മെലിയുമാറാക്കുക; 2. മെലിയുക
മെല്ലില നാ. വെറ്റില

മെല്ലിശ നാ. മോഹനമായ ജയഗീതം
മെല്ലുളി നാ. ഒരിനം ഉളി (ചുറ്റുളിയെക്കാൾ അൽപം വലിയത്)
മെല്ലെ അവ്യ. പതുക്കെ, പയ്യെ
മെസ്മരിസം [ഇം.] നാ. മാസ്മരവിദ്യ
മെഴു(ക്) നാ. 1. തേനിന്റെ കീടം, അരക്ക്; 2. മിനുസം വരുത്തിയത്
മെഴുകുക ക്രി. 1. ചാണകം ജലത്തിൽ കലക്കി നിലത്തു തേയ്ക്കുക; 2. മെഴുകോ ചുണ്ണാമ്പോ മറ്റോ പൂശി മിനുസപ്പെടുത്തുക
മെഴുകുതിരി നാ. മെഴുകുകൊണ്ട് ഉണ്ടാക്കുന്ന തിരി
മെഴുകുശീല നാ. മെഴുകുപൂശിയ തുണി
മെഴുക്കൽ നാ. 1. മെഴുകി ഇട്ടിരിക്കുന്ന സ്ഥലം; 2. മെഴുകൽ; 3. വഴുക്കൽ
മെഴുക്ക് നാ. 1. എണ്ണമയം, എണ്ണ; 2. സ്നിഗ്ധതവരുത്തൽ (പ്ര) മെഴുക്കുപുരട്ടുക = എണ്ണ പുരട്ടുക
മെഴുക്കുക1 ക്രി. തടിക്കുക, മിനുങ്ങുക, എണ്ണമയമുള്ളതാകുക, കൊഴുക്കുക
മെഴുക്കുക2 ക്രി. കനപ്പിക്കുക, തടിപ്പിക്കുക, മിനുക്കുക
മെഴുക്കുപിരട്ടി നാ. മെഴുക്കുപുരട്ടി, ഒരു കറി (പച്ചക്കറി എണ്ണയിൽ ഉലർത്തിയെടുക്കുന്നത്)
മെഴുക്കെ അവ്യ. കനക്കെ
മെഴുക്കെണ്ണ നാ. എള്ളെണ്ണ
മെഴുക്കോൽ നാ. തിരി എണ്ണയൊഴിച്ചു കത്തിക്കാനുള്ള കൽത്തൂൺ
മെഴുത്ത വി. തടിച്ച, മിനുങ്ങുന്ന, എണ്ണമയമുള്ള, കൊഴുപ്പുള്ള
മെഴുപ്പിക്കുക ക്രി. 1. തടിപ്പിക്കുക, കൊഴുപ്പിക്കുക; 2. തേച്ചുമിനുസമാക്കുക
മെഴുപ്പ് നാ. 1. തടിപ്പ്; 2. പ്രകാശം; 3. മൃദുത്വം
മെഴുമെഴുപ്പ് നാ. സ്നിഗ്ധത
മെഴുമെഴെ അവ്യ. 1. തെന്നിത്തെന്നി; 2. സംശയിച്ച്
മേ1 സ.നാ. (അസ്മച്ഛബ്ദം ചതുർഥി, ഷഷ്ഠി ഏ.വ) എനിക്ക്, എന്റെ
മേ2 [ഇം.] നാ. മെയ്
മേകലകന്യ നാ. നർമദാനദി
മേകലം നാ. 1. ആട്; 2. ഒരു പഴയ രാജ്യം (അടവീപുരി); 3. ഒരു പർവതം (വിന്ധ്യപർവതത്തിന്റെ ഒരു ഭാഗം)
മേകലാദ്രിജ നാ. ഒരു നദി, നർമദ
മേക്കലം നാ. 1. മീതേ വയ്ക്കുന്ന കലം; 2. വാറ്റുയന്ത്രത്തിന്റെ മൂടി
മേക്കാതില നാ. ഒരു ആഭരണം (മേൽക്കാതിൽ അണിയുന്നത്)
മേക്കാമോതിരം നാ. മേക്കാതില, കുണുക്ക്
മേക്ക് നാ. 1. പടിഞ്ഞാറ് (മേൽക്ക്); 2. മേൽഭാഗം
മേഖല നാ. 1. ശീതോഷ്ണാദികൾ അസ്പദമാക്കിയുള്ള ഭൂവിഭാഗം; 2. പർവതത്തിന്റെ ചുറ്റുമുള്ള ഭൂമി; 3. സ്ത്രീകളുടെ അരഞ്ഞാണം (കാഞ്ചി); 4. മലഞ്ചരിവ്; 5. വാൽക്കച്ച; 6. ബ്രാഹ്മണരും മറ്റും അരയിൽകെട്ടുന്ന പുല്ലുകൊണ്ടുള്ള അരഞ്ഞാൺ; 7. പൂണൂൽ; 8. അരവാൾ
മേഖലാപദം നാ. അരക്കെട്ട്, നിതംബം (മേഖല അണിയുന്ന ശരീരഭാഗം)
മേഖലാലൻ നാ. ശിവൻ
മേഖലി നാ. 1. മേഖലധരിച്ചവൻ, ബ്രഹ്മചാരി; 2. ശിവൻ

| | | |
|---|---|---|
| മേഘകഫം | നാ. | ആലിപ്പഴം |
| മേഘകാന്തം | നാ. | ഒരുതരം പ്രാസാദം (പത്തുനിലയുള്ളത്) |
| മേഘകാലം | നാ. | വർഷകാലം |
| മേഘകുസുമം | നാ. | 1. മിന്നൽ; 2. തകര |
| മേഘഗർജനം | നാ. | ഇടിമുഴക്കം |
| മേഘച്ഛന്ന | വി. | മേഘത്താൽ മറയ്ക്കപ്പെട്ട |
| മേഘജം | നാ. | വലിയ മുത്ത് |
| മേഘജീവകം | നാ. | മേഘജീവനം, വേഴാമ്പൽ |
| മേഘജ്യോതിസ്സ് | നാ. | ഇടിത്തീ, മിന്നൽ |
| മേഘതിമിരം | നാ. | മഴക്കാറ്, മഴക്കാറുമൂടിയുണ്ടാകുന്ന ഇരുട്ട് |
| മേഘദീപം | നാ. | മിന്നൽ |
| മേഘദൂതം | നാ. | ഒരു സന്ദേശകാവ്യം (കാളിദാസൻ രചിച്ചത്) |
| മേഘധനുസ്സ് | നാ. | മഴവില്ല് |
| മേഘനാദൻ | നാ. | 1. ഇന്ദ്രജിത്ത്; 2. വരുണൻ |
| മേഘനാദം | നാ. | 1. ഇടിമുഴക്കം; 2. ചെറുചീര; 3. പ്ലാശ് |
| മേഘനാദാനുലാസി | | നാ. മയിൽ |
| മേഘനിർഘോഷം | നാ. | ഇടിമുഴക്കം |
| മേഘപഥം | നാ. | ആകാശം |
| മേഘപ്രസവം | നാ. | ജലം, മഴവെള്ളം |
| മേഘഭവ | വി. | മേഘത്തിൽ നിന്നുണ്ടായ |
| മേഘം | നാ. | 1. കൊണ്ടൽ, കാറ്; 2. മുത്തങ്ങ; 3. കൂട്ടം; 4. അഭ്രം |
| മേഘമാല | നാ. | കാദംബിനി (മേഘസമൂഹം) |
| മേഘയോനി | നാ. | മൂടൽമഞ്ഞ് |
| മേഘരാവി | നാ. | മയിൽ |
| മേഘവർണം | നാ. | 1. നീലക്കറുപ്പ് (മുകിൽ വർണം); 2. പലവിധത്തിൽ മാറിക്കൊണ്ടിരിക്കുന്ന നിറം |
| മേഘവർണൻ | നാ. | വിഷ്ണു |
| മേഘവാഹനൻ | നാ. | 1. ഇന്ദ്രൻ; 2. ശിവൻ |
| മേഘസ്കന്ദം | നാ. | എട്ടടിമാൻ |
| മേഘാഗ്നി | നാ. | മിന്നൽ |
| മേഘാനന്ദ | നാ. | വെള്ളിൽപ്പക്ഷി |
| മേഘാനന്ദം | നാ. | മയിൽ |
| മേഘാരി | നാ. | കാറ്റ് |
| മേഘാസ്ഥി | നാ. | ആലിപ്പഴം |
| മേചക | വി. | 1. കറുത്ത; 2. ഇരുണ്ട; 3. നീലനിറമുള്ള |
| മേചകം | നാ. | 1. കറുത്തനിറം; 2. പീലിക്കണ്ണ്; 3. മുലക്കണ്ണ്; 4. കുതിരയുടെ കുഞ്ചിരോമം; 5. കാരുപ്പ്; 6. സൗവീരാഞ്ജനം; 7. കരിമുരിങ്ങ; 8. മേഘം; 9. പുക; 10. ഇരുട്ട്; 11. കുന്തുരുക്കം |
| മേച്ചിൽ | നാ. | 1. കെട്ടിമേച്ചിൽ; 2. മൃഗങ്ങളെ തീറ്റൽ; 3. തീൻതേടി നടക്കൽ |
| മേച്ചിൽപ്പുറം | നാ. | പുല്ലുള്ള സ്ഥലം (പ്ര) ജീവിതസൗകര്യമുള്ളിടം |
| മേജർ | [ഇം.] | വി. പ്രായപൂർത്തിയായ |

മേഞ്ചൊല്ലാൾ നാ. ഭങ്ഗിയായി സംസാരിക്കുന്നവൾ
മേട നാ. 1. ഒരുതരം മാളിക; 2. വേദി; 3. മുകൾത്തട്ട്; 4. കന്നുകാലിയുടെ കഴുത്തിൽകെട്ടുന്ന മണി
മേടപ്പത്ത് നാ. 1. ഒരു വിശേഷദിവസം, മേടമാസം പത്താം തീയതി (സൂര്യൻ അത്യുച്ചനാകുന്ന ദിനം)
മേടം നാ. മാസങ്ങളിൽ (രാശികളിൽ) ആദ്യത്തേത് (സ്വരൂപം മേഷത്തെ (ആടിനെ)പ്പോലാകയാൽ
മേടവിഷു നാ. ഒരു ഉത്സവം, വിഷുസങ്ക്രാന്തി (മേടമാസം ഒന്നാം തീയതി)
മേടി നാ. 1. കൊട്ടുകമ്പ്, ശബ്ദം പുറപ്പെടുവിക്കാനുള്ള ഉപകരണം; 2. വാളം
മേടിക്കുക ക്രി. 1. വാങ്ങിക്കുക; 2. കൊള്ളുക, സ്വീകരിക്കുക
മേട് നാ. 1. മലമുകൾ, ഉയർന്ന സ്ഥലം; 2. ഉപദ്രവം
മേടുക ക്രി. 1. കൊട്ടുവടികൊണ്ടടിക്കുക; 2. കിഴുക്കുക; 3. കൊട്ടുക; 4. ഞോടുക; 5. വിരൽകൊണ്ടു തട്ടുക; 6. തിക്കിക്കയറ്റുക
മേഠൻ നാ. ആനക്കാരൻ
മേഠം നാ. മുട്ടാട്
മേഠി നാ. 1. തൂൺ; 2. കുറ്റി; 3. താങ്ങ്
മേഡോർ [ഇം.] നാ. പ്രമാണത്തിൻെറ കൈമാറ്റം, ഒരാൾക്കുവേണ്ടി പ്രമാണത്തിൽ ഒപ്പിടുന്നതിനും മറ്റുമുള്ള അധികാരപത്രം
മേഢകം നാ. കുറിയാട്
മേഢ്ര(ക)ം നാ. 1. കുറിയാട്; 2. പുരുഷൻെറ ലിങ്ഗം
മേണ്ഡൻ നാ. ആനക്കാരൻ
മേത നാ. 1. ഇറച്ചി; 2. തോൽ; 3. ഞരമ്പ്
മേതാരം നാ. മല
മേതി നാ. നെൽക്കളം
മേത്തൻ [<പേർ.മെഹ്ത്തർ] നാ. (ഇസ്ലാം) തുലുക്കരിൽ ഒരു വർഗം
മേത്തരം നാ. മേൽതരം
മേഥി നാ. 1. തൂണ്; 2. ഉലുവ; 3. ആണി
മേഥിക നാ. ഉലുവ
മേഥിനി നാ. ഉലുവ
മേദകം നാ. 1. കൊഴുത്തമദ്യം, വാറ്റുജലം; 2. മദ്യത്തിൻെറ അടിയിൽ കാണുന്ന കല്കം
മേദസ്കൃത്ത് നാ. മാംസം
മേദസ്വി വി. 1. തടിച്ച; 2. ബലവാനായ
മേദസ്സ് നാ. 1. ശരീരത്തിലെ സപ്തധാതുക്കളിൽ ഒന്ന്, മാംസത്തിൻെറ അകത്തിരിക്കുന്ന നെയ്യ്, കൊഴുപ്പ്; 2. തടിപ്പ്
മേദിനി നാ. 1. ഭൂമി; 2. മേദ; 3. ഒരു നിഘണ്ടു
മേദുര വി. 1. വലിയ; 2. തടിച്ച; 3. വർധിച്ച; 4. മദിച്ച; 5. സ്നിഗ്ധമായ; 6. കനത്തും മിനുത്തുമിരിക്കുന്ന
മേദുരിത വി. മേദുരമാക്കപ്പെട്ട

മേദോഗ്രന്ഥി നാ. അരിമ്പാറപോലെ ശരീരത്തിലുണ്ടാകുന്ന സ്നിഗ്ധതയുള്ള വളർച്ച

മേദോജം നാ. അസ്ഥി

മേദ്യ വി. മേദസ്സുള്ള, കൊഴുത്ത

മേധ നാ. 1. ധാരണാശക്തി, ധരിച്ചതിനെ മറക്കാത്ത ബുദ്ധി; 2. സരസ്വതി; 3. മേന്മ; 4. അളവ്

മേധം നാ. 1. യാഗം; 2. യാഗമൃഗം

മേധാവാൻ നാ. ധാരണാശക്തിയുള്ളവൻ, ബുദ്ധിയുള്ളവൻ

മേധാവി1 വി. ബുദ്ധിയുള്ള

മേധാവി2 നാ. 1. ബുദ്ധിയുള്ളവൻ; 2. നായകൻ; 3. മേലധികാരി (മലയാളത്തിൽ മാത്രം); 4. തത്ത; 5. സമർഥൻ; 6. മദ്യം

മേധാവിനി നാ. 1. ബുദ്ധിമതി; 2. പെൺതത്ത

1219

മേധ്യ വി. യാഗത്തിനുപയോഗിക്കാൻ യോഗ്യമായ, ശുദ്ധമായ

മേധ്യം നാ. 1. ആട്; 2. കരിങ്ങാലി; 3. യവം

മേധ്യാജിനം നാ. യാഗത്തിനുവേണ്ട മാൻതോൽ

മേൻ നാ. 1. മേനവൻ; 2. ശ്രേഷ്ഠത; 3. മേൽ

മേന നാ. 1. ഹിമവാൻെറ ഭാര്യ; 2. ഒരു നദി

മേനക നാ. 1. ഒരു അപ്സരസ്ത്രീ (ശകുന്തളയുടെ മാതാവ്); 2. ഹിമവാൻെറ പത്നി (മേന)

മേനവൻ നാ. 1. നായന്മാരിൽ ഒരു വിഭാഗം; 2. കണക്കെഴുത്തുകാരൻ (മേനോൻ)

മേനാവ് [പേർ] നാ. ഒരു വാഹനം (പല്ലക്കുപോലുള്ളത്)

മേനി നാ. 1. ദേഹം; 2. രൂപം; 3. ഭങ്ഗി; 4. മാർദവം; 5. ശ്രേഷ്ഠത; 6. നന്മ; 7. വിതയ്ക്കുന്ന വിത്തിനു കൂടുതലായി കിട്ടുന്ന വിളവ്; 8. തൊഴുത്ത്; 9. ഉയർനില; 10. നിറം; 11. മാതിരി; 12. നിരക്ക്; 13. ശരാശരി വസ്തു; 14. മുഖസ്തുതി; 15. വമ്പുപറച്ചിൽ (പ്ര) മേനിപറയുക = മുഖസ്തുതി പറയുക

മേനിക്കണ്ടപ്പൻ നാ. (പ്ര) ഇല്ലാത്തയോഗ്യതകൾ തനിക്ക് ഉണ്ടെന്നു ഭാവിക്കുന്നവൻ, മേനിമിനുക്കം മാത്രമുള്ളവൻ, വകയ്ക്കുകൊള്ളാത്തവൻ

മേനിപ്പഴയരി നാ. നല്ലതരം അരി

മേനിപ്പൊന്ന് നാ. ആൾവരി

മേനിപ്പൊറുതി നാ. ഐശ്വര്യം

മേനോക്കി നാ. (മേൽനോക്കി), നായർ, മേനവൻ

മേനോക്ക് നാ. 1. മേൽനോട്ടം; 2. ആധ്യക്ഷ്യം

മേന്മ നാ. 1. ഉത്കർഷം; 2. വലുപ്പം, ശ്രേഷ്ഠത; 3. സ്ഥാനം, പദവി

മേപ്പാ(വ്) നാ. 1. വലിയ കെട്ടിടം; 2. ഉയർന്ന തട്ട്

മേപ്പടി നാ. മേൽപ്പടി, 'ടി' (മുൻപുപറഞ്ഞത്)

മേപ്പുലം നാ. മേച്ചിൽസ്ഥലം

മേമ്പാട് നാ. 1. കീർത്തി; 2. മേന്മ

മേമ്പെടുക ക്രി. 1. മേൽവീഴുക; 2. ശരീരക്ലേശം അനുഭവിക്കുക

മേമ്പൊടി നാ. 1. കഷായത്തിൽ വിതറാനുള്ള പൊടി; 2. അല്പമായിചേർക്കേണ്ട നല്ല സാധനം, അനുപാനം
മേയ വി. മാനം ചെയ്യത്തക്ക, അളക്കത്തക്ക
മേയത നാ. 1. അറിവ്; 2. അറിയപ്പെടുന്നത്, അളക്കപ്പെടാവുന്ന അവസ്ഥ
മേയനാമം നാ. (വ്യാക) ജാതി-വ്യക്തിവിവേകം ഇല്ലാത്ത വസ്തുവിനെകുറിക്കുന്ന പദം. ഉദാഃ മഴ, കല്ല്
മേയർ [ഇം.] നാ. നഗരസഭയുടെ മേലധ്യക്ഷൻ
മേയൽ [മേയുക] നാ. 1. പുല്ലും മറ്റും കാർന്നു തിന്നൽ (കന്നുകാലികളുടെ തീറ്റിയെ കുറിക്കാൻ പ്രയോഗം); 2. വീടിൻെറയും മറ്റും കൂര പുല്ലോ ഓലയോ ഓടോ മറ്റോകൊണ്ട് പൊതിയൽ
മേയുക1 ക്രി. 1. പുല്ലും മറ്റും കാർന്നു തിന്നുക, തീൻതേടി നടക്കുക, (കന്നുകാലികൾ) നടന്നുതിന്നുക; 2. (ആല) പലയിടത്തും ഉപജീവനത്തിനായി അലയുക
മേയുക2 ക്രി. ഓലകൊണ്ടോ പുല്ലുകൊണ്ടോ മറ്റോ പുരയുടെ മേൽപ്പുറം മൂടുക (പുരകെട്ടുക) (പ്ര) ഓലമേയുക, ഓടുമേയുക, പുല്ലുമേയുക
മേയ്ക്കൽ നാ. 1. കന്നുകാലികെളെക്കൊണ്ടുനടന്നു തീറ്റൽ; 2. (ആല) നിയന്ത്രിക്കൽ
മേയ്ക്കുക ക്രി. 1. കന്നുകാലികളെ മേയാൻ പുല്ലുള്ളപ്രദേശങ്ങളിൽ വിട്ട് അവയെ നിയന്ത്രിക്കുക; 2. (ആല) നിയന്ത്രിക്കുക, നിയന്ത്രിച്ചുവളർത്തുക
മേയ്പ്പുകാരൻ നാ. 1. കാലിമേയ്ക്കുന്നവൻ; 2. (ആല) നിയന്ത്രിക്കുന്നവൻ
മേയ്പ്പുലം നാ. മേച്ചിൽസ്ഥലം
മേരു നാ. 1. ഒരു പർവതം (മഹാമേരു); 2. ഉത്തരധ്രുവം; 3. ജപമാലയുടെ നടുനായകമണി; 4. ഋഷഭനെ മാതാവ്; 5. ത്രിമാനരൂപത്തിലുള്ള ശ്രീചക്രം, ഓരോചക്രവും ക്രമമായി ഉയർത്തി പണിഞ്ഞിട്ടുള്ളത്
മേരുകദണ്ഡം നാ. 1. ഭൂമിയുടെ രണ്ടു ധ്രുവങ്ങളിൽക്കൂടി പോകുന്ന കല്പിതരേഖ; 2. നട്ടെല്ല്
മേരുകം നാ. കുന്തുരുക്കം
മേരുധന്വാ(വ്) നാ. ശിവൻ (മഹാമേരു ധനുസ്സായിട്ടുള്ളവൻ)
മേരുപൃഷ്ഠം നാ. ആകാശം, സ്വർഗം (മേരുപർവതത്തിൻെറ മുകൾഭാഗം)
മേരുസഖൻ നാ. ഹിമവാൻ
മേൽ അവ്യ. മീതേ, മുകളിൽ. നാ. 1. പടിഞ്ഞാറ്; 2. ശരീരം (മെയ്യ്); 3. ആകാശം; 4. മുകൾഭാഗം; 5. അധികാരം, മേന്മ
മേൽക്കീഴ് നാ. 1. മേലും കീഴും; 2. മേലുള്ളവരെ ബഹുമാനിക്കുന്ന സ്വഭാവം, ഗുരുത്വം
മേൽക്ക്1 നാ. പടിഞ്ഞാറ്, മേക്ക്
മേൽക്ക്2 അവ്യ. 1. മെയ്യിൽ; 2. മേലിൽ
മേൽക്കുമേൽ അവ്യ. 1. മേന്മേൽ (മീതേമീതേ); 2. തുടരെത്തുടരെ
മേൽക്കൂട് നാ. കൂര
മേൽക്കെട്ടി നാ. 1. കിടക്കുന്നിടത്തു മേൽഭാഗത്തായി ശീലകൊണ്ടുണ്ടാക്കുന്ന വിതാനം; 2. കൊതുകുവല
മേൽക്കോയ്മ നാ. 1. മേലധികാരം, മേലായ്മ; 2. ചക്രവർത്തിത്വം
മേൽഗതി നാ. 1. ഉയർന്ന നില; 2. മോക്ഷം

മേൽച്ചീട്ട് നാ. 1. മേൽവിലാസം; 2. മുകളിൽ എഴുതിവയ്ക്കുന്ന കുറിപ്പ്
മേൽച്ചുങ്കം നാ. 1. പ്രധാനപ്പെട്ട ചുങ്കസ്ഥലം; 2. ഒരിക്കൽ ചുങ്കംകൊടുത്ത ചരക്കിന്മേൽ വീണ്ടും ചുമത്തുന്ന ചുങ്കം
മേൽത്തട്ട് നാ. 1. മുറിക്കകത്ത് മുകളിൽ തുലാത്തിന്മേലിടുന്ന പലക; 2. മച്ച്; 3. മാളിക; 4. കപ്പലിൻെറയും മറ്റും മേൽഭാഗം, സംവരണജാതിയിൽ സാമ്പത്തികമായി ഉന്നതിപ്രാപിച്ചവർ
മേൽപ്പഞ്ചായം നാ. 1. കാര്യങ്ങൾകേട്ടു തീർച്ചവരുത്തുന്ന ആലോചനക്കാരുടെ കൂട്ടം; 2. മാധ്യസ്ഥം
മേൽപ്പട നാ. 1. മേലിൽ വരുവാനുള്ള സൈന്യം (മുൻപട, സഹായസൈന്യം); 2. കൽപ്പടയുടെ മേൽഭാഗത്തുള്ള പടി
മേൽപ്പടി1 അവ്യ. മുമ്പറഞ്ഞവിധത്തിൽ (നേരത്തെ പറഞ്ഞതരത്തിൽ)
മേൽപ്പടി2 വി. മുമ്പത്തെ
മേൽപ്പടി3 നാ. 1. മുമ്പറഞ്ഞ ആൾ; 2. കൽപ്പടയുടെ മുകളിലത്തെ പടി; 3. വാതിലിൻെറ മുകളിലത്തെ കുറുകിയ പടി
മേൽപ്പട്ടക്കാരൻ നാ. മേലധികാരമുള്ള പട്ടക്കാരൻ, ബിഷപ്പ്
മേൽപ്പറഞ്ഞ വി. മേൽച്ചൊല്ലിയ, പ്രസ്തുത, മുൻപുപറഞ്ഞ
മേൽപ്പാടം നാ. 1. ഉയർന്നിടത്തെ കണ്ടം; 2. കൃഷിചെയ്യാവുന്ന ഭൂമി; 3. ആദ്യപാഠം, അസ്സൽ
മേൽപ്പാട് നാ. 1. മുകൾവശം, ഉപരിഭാഗം; 2. മേത്തരത്തിലുള്ളത്
മേൽപ്പുടവ നാ. ഉത്തരീയം (രണ്ടാംമുണ്ട്)
മേൽപ്പുത്തൂർഭട്ടതിരി നാ. മേൽപ്പുത്തൂർ നാരായണഭട്ടതിരി (നാരായണീയത്തിൻെറ കർത്താവ്. കാലം ഏ.ഡി.1560–1648)
മേൽപ്പുര നാ. 1. കൂര; 2. മുകളിലത്തെ തട്ടിലുള്ള മുറി
മേൽപ്പോട്ട് അവ്യ. 1. മുകളിലോട്ട്; 2. ഇതുമുതൽ, ഇനിമേൽ
മേൽപ്രകാരം അവ്യ. മുൻചൊന്നപ്രകാരം
മേൽമുന്തിരി നാ. ഒരു അളവ് (കാൽകാണി)
മേൽമുണ്ട് നാ. രണ്ടാം മുണ്ട്
മേൽവയ്പ്പ് നാ. 1. മേലൊറ്റി; 2. കൂടുതൽ പാട്ടത്തിന്മേൽ കൈവശം വയ്ക്കൽ
മേൽവരവ് നാ. 1. കൂടുതൽ വരവ് (ക്രമപ്രകാരമുള്ളതുകൂടാതെ അധികമായുണ്ടാകുന്ന ലാഭം); 2. വർധന; 3. ഫലം, പരിണാമം
മേൽവാ(യ്) നാ. അണ്ണാക്ക്
മേൽവാചകം നാ. 1. മേൽവിലാസം; 2. തലവാചകം
മേൽവായ്പ്പ നാ. പുറവായ്പ്പ
മേൽവാരം നാ. 1. മലങ്കൃഷിക്കും മറ്റും കൊടുക്കുന്ന കരം; 2. പാട്ടം വകയിൽ വിളവിൽനിന്നു ജന്മിക്കുകൊടുക്കേണ്ട ഭാഗം
മേൽവാഴി നാ. 1. മേൽക്കോയ്മകാരൻ; 2. മേലവൻ
മേൽവിചാരം നാ. മേൽനോട്ടം
മേൽവിരിപ്പ് നാ. 1. മേൽക്കട്ടി; 2. മെത്തയുടെയും മറ്റും പുറത്തുവിരിക്കുന്ന തുണി

മേൽവിലാസം നാ. കൊടുത്തയക്കുന്ന (അയക്കുന്ന) എഴുത്ത് ആർക്കാണെന്നും അയാൾ താമസിക്കുന്നത് എവിടെയാണെന്നുമുള്ള വിവരം വ്യക്തമായികാണിച്ചു പുറത്തു എഴുതുന്ന എഴുത്ത്

മേൽശാന്തി നാ. 1. ക്ഷേത്രത്തിലെ പ്രധാന പൂജാരി; 2. മേൽശാന്തിക്കാരൻെറ പ്രവൃത്തി. താരത. കീഴ്ശാന്തി

മേല നാ. 1. മേള (ഉത്സവം); 2. സങ്ഗം; 3. സങ്ഘം; 4. അമരി; 5. മഷി

മേലാ നാ. ഒല്ലാ, വയ്യാ, കഴിയുകയില്ല

മേലകം നാ. 1. കൂടിച്ചേരൽ (മേളകം); 2. മോക്ഷം

മേലങ്കി നാ. മേലുടുപ്പ് (മേൽക്കുപ്പായം)

മേലധികാരം നാ. മേൽവിചാരം, മേൽനോട്ടം

മേലധികാരി നാ. മേൽവിചാരിപ്പുകാരൻ

മേലനം നാ. മേളനം (കൂടിച്ചേരൽ, സങ്ഗം)

മേലവൻ, മേലാൻ നാ. 1. മേലധികാരി; 2. ജന്മി

മേലാക്കം നാ. 1. കരേറ്റം, വൃദ്ധി; 2. പ്രമോഷൻ

മേലാട നാ. മേൽമുണ്ട് (സ്ത്രീകളുടെ നേർത്ത ഉത്തരീയം)

മേലാപ്പ് നാ. 1. മേൽക്കട്ടി; 2. വിതാനം; 3. കൊതുകുവല

മേലായ്ക നാ. 1. വഹിയായ്ക; 2. ക്ഷീണം

മേലായ്മ നാ. 1. മേലധികാരം; 2. മേലാൾ സ്ഥാനം; 3. മേലായ്ക

മേലാര് നാ. ഉയർന്ന ജാതിക്കാരൻ

മേലാൽ, മേലിൽ അവ്യ. വരും കാലത്ത്, ഇനിമേൽ

മേലാവ് നാ. 1. മേലധികാരി; 2. ഓവർസീയർ; 3. ജോലിനടത്തിക്കുന്നവൻ; 4. പ്രമാണി

മേലുഭയം നാ. മരത്തിലെ ഫലങ്ങൾ, മേൽഫലം (കൃഷിചെയ്യാതെ കിട്ടുന്ന ആദായം)

മേലും അവ്യ. 1. വിശേഷിച്ചും; 2. കൂടാതെയും; 3. വരുംകാലത്തും; 4. ഇതിനുശേഷവും

മേലുര നാ. 1. ഉരകല്ലിൽ പൊന്ന് ഉരച്ചതിൻെറ മേലത്തെ പാട്; 2. കൂടുതൽ മാറ്റ്; 3. കൂടുതൽ മേന്മ; 4. അനുബന്ധമായി പറയുന്നത്

മേലുലക് നാ. ആകാശം, സ്വർഗം

മേലെരിചാടൽ നാ. (തീയാട്ടത്തിൽ) തീകുണ്ഡത്തിൽ ചാടൽ

മേലെഴുത്ത് നാ. 1. മേലധികാരി അയയ്ക്കുന്ന കുറിപ്പ്; 2. സാക്ഷിക്കൈയെഴുത്ത്; 3. അഴുതിയതിൻെറ മുകളിലുള്ള എഴുത്ത്, തലക്കെട്ട്; 4. മേലെഴുത്തുകാരൻെറ ഉദ്യോഗം

മേലെഴുത്തുപിള്ള നാ. 1. മേലെഴുത്തുകച്ചേരിയിലെ പ്രധാനിയായ ഉദ്യോഗസ്ഥൻ; 2. പണ്ടാരപ്പിള്ളമാരുടെ തലവൻ

മേലെ അവ്യ. മീതേ, മുകളിൽ, മുകളിലേക്ക്

മേലേടം നാ. 1. മുകൾഭാഗം; 2. ഭാവി (പിന്നീടുള്ളത്)

മേലേത് നാ. മീതെയുള്ളത്; 2. അടുത്തായുള്ളത്

മേലൊറ്റി നാ. ഒറ്റിക്കു മീതെയുള്ള ഒറ്റി (ഒറ്റിക്കാരൻ തൻെറ അവകാശം മറ്റൊരാൾക്കു കൈമാറ്റം ചെയ്യുന്നത്)

മേവൽ നാ. 1. ആഗ്രഹം; 2. സ്നേഹം; 3. യോജിപ്പ്; 4. പാർപ്പ്; 5. സ്ഥിരപ്പെടുത്തൽ

മേവുക ക്രി. 1. പാർക്കുക, വസിക്കുക; 2. യോജിക്കുക; 3. സ്നേഹിക്കുക; 4. പരിചയിക്കുക; 5. ഭരിക്കുക; 6. സ്ഥിരപ്പെടുത്തുക

മേശ [<പോർ] നാ. 1. പരന്നപ്രതലമുള്ളതും കസേരയിൽ ഇരിക്കുന്ന ആളിന് സാധനങ്ങൾ വച്ച് പെരുമാറാൻ സൗകര്യമുള്ളതുമായ ഉപകരണം; 2. (ചീട്ടുകളിയിൽ) പന്തയപ്പണം. (പ്ര) മേശ കഴിക്കുക = ഭക്ഷണം കഴിക്കുക, ഉപജീവിക്കുക. മേശപ്പുറത്തു വയ്ക്കുക = നിയമസഭയിലെ ഏതങ്ങത്തിനും പരിശോധിക്കാൻ തക്കവണ്ണം രേഖകൾ അധ്യക്ഷപീഠത്തിനടുത്തുള്ള മേശപ്പുറത്തു വയ്ക്കുക

മേശപിരിക്കുക ക്രി. പന്തയം വച്ചു ചീട്ടുകളിക്കുന്ന സ്ഥലത്ത് സ്ഥലമുടമ കളിക്കാരോട് വിഹിതം ഈടാക്കുക

മേഷം നാ. 1. മുട്ടാട്, കുറിയാട്; 2. മേടമാസം; 3. തകര

മേഷവൃഷണൻ നാ. മേഷാണ്ഡൻ, ഇന്ദ്രൻ

മേഷിക നാ. പെണ്ണാട്

മേഷീഘൃതം നാ. ആട്ടിൻപാലിൽ നിന്നുണ്ടാക്കുന്ന നെയ്യ്

മേസ്തിരി [പോർ] നാ. പണിനടത്തുവാൻ ഏറ്റിരിക്കുന്ന ആൾ, ജോലിപരിശോധിക്കുന്നവൻ, പ്രധാനപ്പെട്ട പണിക്കാരൻ

മേഹനം നാ. 1. മൂത്രമൊഴിക്കൽ; 2. മൂത്രം; 3. മൂത്രദ്വാരം; 4. മൂത്രമൊഴിവ് (പ്രമേഹം); 5. പുരുഷൻെറ ലിങ്ഗം

മേഹനാശിനി നാ. മലയമുക്കി

മേഹപടലം നാ. പടർന്നുപിടിക്കുന്ന പറങ്കിപ്പുണ്ണ്

മേഹം നാ. 1. (ആയുർ) ഒരു രോഗം, മേഹരോഗം, പ്രമേഹം (മൂത്രമൊഴിവ്); 2. മൂത്രം; 3. ആട്

മേള നാ. 1. ഒരുമിപ്പ്; 2. ഉത്സവം, ആഘോഷം; 3. സങ്ഘം, കൂട്ടം; 4. മഷി; 5. അമരി

മേളകം നാ. 1. കൂടിച്ചേരൽ; 2. കവചം; 3. ആട്ടിൻ കുട്ടി

1221

മേളനം നാ. 1. കൂട്ടം; 2. ഒരുമിപ്പ്; 3. ചേർച്ച

മേളപ്പണം നാ. വാദ്യക്കാർക്കുകൊടുക്കുന്ന കൂലി

മേളം നാ. 1. സങ്ഗീതോപകരണങ്ങളുടെ ശബ്ദം താളാനുസാരിയായി ഒത്തുചേരൽ, അതുമൂലമുണ്ടാകുന്ന ശ്രവണസുഖം; 2. ഉത്സവം, ആഘോഷം; 3. ചന്ത; 4. സന്തോഷം, സല്ലാപം; 5. കൂടിച്ചേരൽ

മേളാങ്കം നാ. 1. ഉല്ലാസം; 2. സന്തോഷം; 3. കോലാഹലം

മേളാപകം നാ. 1. കൂടിച്ചേരൽ, സങ്ഘം; 2. അനുപല്ലവി

മേളിക്കുക ക്രി. 1. യോജിക്കുക; 2. സന്തോഷിക്കുക; 3. സുഖമായി ജീവിക്കുക

മേളിപ്പ് നാ. 1. മേളനം, യോജിപ്പ്; 2. സന്തോഷം

മേഴ നാ. 1. കാടി; 2. കഞ്ഞി

മേഴത്തോളഗ്നിഹോത്രി നാ. പറച്ചിപെറ്റ മഹാന്മാരായ 12 മക്കളിലൊരാൾ, മേഴത്തോൾ മനയ്ക്കലെ അഗ്നിഹോത്രി

മേഴി നാ. 1. കലപ്പ; 2. കലപ്പയുടെ കൈപ്പിടി

മേറ്റിശ നാ. പടിഞ്ഞാറെ ദിക്ക്

മൈ1 വി. 1. തരിശായ; 2. വന്ധ്യമായ
മൈ2 നാ. 1. മഷി; 2. അഞ്ജനം; 3. കറുത്തനിറം; 4. കുറ്റം; 5. മേഘം; 6. ജലം
മൈ3 നാ. മെയ്, ശരീരം
മൈക്ക [ഇം.] നാ. അഭ്രം
മൈക്കണ്ണി നാ. സുന്ദരി, സ്ത്രീ (മഷിയെഴുതിയ കണ്ണോടുകൂടിയവൾ)
മൈതാനം [അറ] നാ. സമനിരപ്പുള്ള തുറസ്സായപ്രദേശം
മൈതുക ക്രി. ലഭിക്കുക, നേടുക
മൈത്തൽ നാ. 1. വേല, അധ്വാനം; 2. മിടുക്ക്; 3. ജാഗ്രത
മൈത്തുക ക്രി. അധ്വാനിക്കുക, ചെയ്യുക
മൈത്ര വി. 1. മിത്രനെ സംബന്ധിച്ച; 2. മിത്രത്തെ സംബന്ധിച്ച
മൈത്രകം നാ. സ്നേഹം
മൈത്രൻ നാ. 1. ശുദ്ധബ്രാഹ്മണൻ (പരമാർഥ ബ്രാഹ്മണൻ); 2. സ്നേഹിതൻ; 3. കരുണയുള്ളവൻ
മൈത്രഭം നാ. (ജ്യോ) അനിഴം നക്ഷത്രം
മൈത്രം നാ. 1. (ജ്യോ) അനിഴം നക്ഷത്രം; 2. ജന്മനക്ഷത്രംതൊട്ട് എട്ടാമത്തെ നക്ഷത്രം; 3. ബന്ധുത്വം, സ്നേഹം; 4. ഗുദം; 5. പകലുള്ള 15 മുഹൂർത്തങ്ങളിൽ മൂന്നാമത്തേത് (ഉദയമുഹൂർത്തത്തിൽനിന്നു മൂന്നാമത്തേത്), മിത്രൻ ദേവതയായിരിക്കുന്നത്
മൈത്രാവരുണൻ,-ണി നാ. 1. അഗസ്ത്യൻ (മിത്രൻെറയും വരുണൻെറയും രേതസ്സിനെ ഉർവശി കലശത്തിൽ സൂക്ഷിച്ചെന്നും അതിൽനിന്ന് ഇദ്ദേഹം ജനിച്ചെന്നും കഥ); 2. വാല്മീകി; 3. വസിഷ്ഠൻ
മൈത്രി നാ. മിത്രഭാവം, സ്നേഹം
മൈത്രേയ വി. 1. മിത്രനെ സംബന്ധിച്ച; 2. സ്നേഹമുള്ള
മൈത്രേയൻ നാ. 1. മിത്രൻ (സൂര്യൻ); 2. ഒരു ബോധിസത്ത്വൻ; 3. (പുരാണ) ഒരു ഋഷി
മൈത്രേയി നാ. (പുരാണ) യാജ്ഞവല്ക്യൻെറ പത്നി
മൈഥിലൻ നാ. 1. മിഥിലാവാസി; 2. ജനകൻ
മൈഥിലി നാ. സീത
മൈഥുന വി. 1. ഇരട്ടയായ; 2. ഇണചേർന്ന; 3. വിവാഹംകൊണ്ടു യോജിച്ച
മൈഥുനപരൻ നാ. വിഷയലമ്പടൻ
മൈഥുനം നാ. 1. സ്ത്രീസങ്ഗം, സ്ത്രീയും പുരുഷനും കൂടിയുള്ള ചേർച്ച; 2. ഭാര്യാദിസംബന്ധം (വിവാഹം); 3. മിഥുനമാസം
മൈഥുനാക്ഷമ വി. മൈഥുനശേഷിയില്ലാത്ത, സംഭോഗശേഷിയില്ലാത്ത
മൈഥുനി നാ. 1. മൈഥുനം ചെയ്യവൻ; 2. വണ്ടാരങ്കോഴി
മൈഥുനിക നാ. വിവാഹബന്ധം
മൈനാകം നാ. 1. ഒരു പക്ഷി (മൈന); 2. ഒരു പർവതം, ഹിമവാൻെറ പുത്രൻ
മൈനാലൻ,-ളൻ നാ. മുക്കുവൻ
മൈന്തൻ നാ. 1. മകൻ; 2. ബാലൻ; 3. ശിഷ്യൻ; 4. ബലവാൻ
മൈമ്മ നാ. 1. മലടി; 2. വന്ധ്യയായ എരുമ

മൈയക്കള്ളൻ	നാ.	1. ഇണങ്ങിനിന്നു ചതിക്കുന്നവൻ; 2. രാത്രി മോഷണം നടത്തുന്നവൻ
മൈയൻ	നാ.	കള്ളൻ
മൈയം	നാ.	മയ്യം (മധ്യം); 2. തഞ്ചം
മൈയൽ	നാ.	മയ്യൽ (മയക്കം, മോഹം)
മൈരവ	വി.	മേരുവിനെ സംബന്ധിച്ച
മൈരേയം	നാ.	ഒരുതരം മദ്യം
മൈൽ	[ഇം.]	നാ.	ദൂരം അളക്കാനുള്ള ഒരു തോത് (1760 ഗജം ദൂരം, 8 ഫർലോങ്ഗ്)
മൈൽക്കുറ്റി	നാ.	ദൂരം അളക്കാനായി നാട്ടിയിട്ടുള്ള കുറ്റി
മൈല	നാ.	1. ഒരു ജാതി വൃക്ഷം; 2. (കന്നുകാലികളുടെ) ഒരു നിറം, മയില (വെളുപ്പും കറുപ്പും കൂടിയത്)
മൈലിന്ദം	നാ.	1. തേനീച്ച; 2. വണ്ട്
മൈസൂർ	നാ.	മയിസൂർ (ഇപ്പോഴത്തെ കർണാടക സംസ്ഥാനത്തിൻെറ ഭാഗമായിത്തീർന്ന ഒരു നാട്ടുരാജ്യം)
മൊക്കളം	നാ.	വള്ളത്തിൻെറ പാർശ്വങ്ങളിൽ പങ്കായം ഉറപ്പിക്കാനുള്ള കുറ്റിയോ ദ്വാരമോ
മൊങ്കാൻ	നാ.	വലിയ കൊട്ടുവടി
മൊങ്ങ	നാ.	കുരങ്ങ്
മൊച്ച	നാ.	1. മൊച്ചക്കുരങ്ങൻ (കരിങ്കുരങ്ങ്); 2. ഒരു സസ്യം
മൊച്ചൻ	നാ.	1. വൃദ്ധൻ; 2. വലിയവൻ; 3. നച്ചെലി; 4. ആടിൻെറ മുശു
മൊഞ്ചൻ	നാ.	1. വേഗത്തിൽ കോപിക്കുന്നവൻ; 2. മിടുക്കൻ; 3. രസികൻ; 4. ബലവാൻ
മൊഞ്ച്	നാ.	1. അഴക്; 2. കോപം. (പ്ര) മൊഞ്ചുകാട്ടുക = പരുഷഭാവത്തിൽ പെരുമാറുക
മൊട്ട	നാ.	1. മുടിവടിച്ച തല; 2. ബ്രാഹ്മണവിധവ; 3. മാപ്പിള (പ്ര) മൊട്ടയടിക്കുക
മൊട്ടക്കുന്ന്	നാ.	സസ്യാദികൾ ഉണ്ടാകാത്ത കുന്ന്
മൊട്ടക്കൊമ്പൻ	നാ.	കൊമ്പ് അടർന്നുപോയ നാൽക്കാലി
മൊട്ടച്ചി	നാ.	1. മൊട്ടയടിച്ചവൾ; 2. വിധവ
മൊട്ടത്തല	നാ.	കഷണ്ടിത്തല, മുടിവടിച്ചുകളഞ്ഞ തല. (പ്ര) മൊട്ടത്തലയൻ
മൊട്ടൻ	നാ.	മോഴയാന, കൊമ്പില്ലാത്ത ആണാന
മൊട്ടമ്പ്	നാ.	മുനയില്ലാത്ത അമ്പ്
മൊട്ട്	നാ.	1. അരിമ്പ് (വിടരാത്ത പൂവ്); 2. മുലമൊട്ട്; 3. മൂർച്ചയില്ലാത്ത അറ്റം
മൊണ്ടി	നാ.	മുടന്തൻ
മൊണ്ടുക	ക്രി.	മുടന്തുക
മൊണ്ണ	വി.	1. കാശിനുകൊള്ളാത്ത; 2. മൂർച്ചയില്ലാത്ത
മൊണ്ണയൻ	നാ.	ഭോഷൻ
മൊത്തം	നാ.	ആകെത്തുക, മുഴുവൻ, ആകെക്കൂടി
മൊത്തി1	നാ.	1. പുഷ്പകോശം; 2. തെങ്ങിൻ ചൊട്ട

മൊത്തി2 [മൊത്തുക] ഭൂ.രൂ. (പ്ര) മൊത്തിക്കുടിക്കുക = പാത്രത്തിൽ വായ് ചേർത്തുവച്ചു കുടിക്കുക
മൊത്തുക1 ക്രി. 1. പാത്രം ചൊടിയിൽ (ചുണ്ടിൽ) വച്ചു വലിച്ചുകുടിക്കുക; 2. ചുംബിക്കുക (മുത്തുക)
മൊത്തുക2 ക്രി. അടിക്കുക, തൂത്തുവാരുക
മൊന്ത നാ. 1. ഒരുതരം പാത്രം; 2. കാട്ടുപന്നിയും മറ്റും ഒളിച്ചിരിക്കുന്ന സ്ഥലം, കുറ്റിക്കാട്; 3. ശാപം
മൊന്തൻ നാ. 1. ഒരിനം വാഴ; 2. (പ്ര) കാര്യശേഷിയില്ലാത്തവൻ (ഒന്നിനും കൊള്ളാത്തവൻ)
മൊരി നാ. 1. വൃക്ഷത്തിൻെറ ഉണങ്ങിയ തൊലി; 2. ചുണങ്ങ്, ദേഹത്ത് തൊലിക്കുമീതെയുണ്ടാകുന്ന ഒരുതരം ഉണക്ക്
മൊരിച്ചൽ നാ. 1. ഉണങ്ങിയ തൊലി; 2. തൊലി ഉണങ്ങി പാളികളായി ഇളകിപ്പൊളിയൽ
മൊരിച്ചുണക്ക് നാ. മൊരിച്ചുണങ്ങ്, ഒരുതരം ചുണങ്ങ്
മൊരിയൻ നാ. (ശരീരത്തിൽ) മൊരിയുള്ളവൻ
മൊരിയുക ക്രി. 1. മുളിയുക; 2. തൊലിയിൽ ഉണക്കുണ്ടാവുക; 3. നല്ലവണ്ണം വറളുക, പൊരിയുക
മൊരിക്കുക ക്രി. പൊരിക്കുക (പ്ര) മൊരിച്ചറൊട്ടി, മൊരിച്ചകോഴി
മൊളി നാ. 1. മൊരി; 2. വൃക്ഷത്തിൻെറ കരിന്തൊലി; 3. പൊളി, ചീള്
മൊളിയില നാ. മുളിയില, കരിയില
മൊഴി നാ. 1. വാക്ക്; 2. ഭാഷ; 3. ചൊല്ല്; 4. തെളിവ്; 4. ന്യായാധിപൻെറ മുമ്പിൽവച്ചു നൽകുന്ന മറുപടി; 6. അവകാശം; 7. വിവാഹമോചനം. (പ്ര) മൊഴിചൊല്ലുക = (മുസ്ലിങ്ങൾ) വിവാഹബന്ധം വേർപെടുത്തുക
മൊഴിമ നാ. പഴഞ്ചൊല്ല്
മൊഴിമാത് നാ. സരസ്വതി
മൊഴിമാറ്റം നാ. 1. വാക്കുമാറ്റം, വാഗ്ദാനലങ്ഘനം; 2. തർജുമ
മൊഴിയുക ക്രി. പറയുക, സംസാരിക്കുക
മോകൻ നാ. കാമദേവൻ
മോകം നാ. 1. പാമ്പിൻെറ പടം; 2. മൃഗത്തിൻെറ തോൽ; 3. മോചനം
മോക്താ(വ്) നാ. 1. മോചിപ്പിക്കുന്നവൻ; 2. മോക്ഷം നൽകുന്നവൻ
മോക്ഷക വി. 1. മോചിപ്പിക്കുന്ന; 2. മോക്ഷം നൽകുന്ന
മോക്ഷചതുഷ്ടയം നാ. മോക്ഷത്തിൻെറ നാലു ഘട്ടങ്ങൾ (സാലോക്യം, സാമീപ്യം, സാരൂപ്യം, സായൂജ്യം എന്നിവ നാലും)
മോക്ഷണം നാ. മോചിപ്പിക്കൽ (വിടുതൽ)
മോക്ഷദ വി. മോക്ഷം പ്രദാനം ചെയ്യുന്ന
മോക്ഷം നാ. 1. ചതുർവർഗത്തിൽ നാലാമത്തേത്, മുക്തി; 2. മോചനം (ബന്ധനത്തിൽ നിന്ന് ഒഴിവാക്കൽ); 3. സ്വർഗീയ സുഖം; 4. പാടലീവൃക്ഷം
മോക്ഷമാർഗചതുഷ്ടയം നാ. മോക്ഷം നേടാനുള്ള നാലുവഴികൾ (കർമയോഗം, ജ്ഞാനയോഗം, ഭക്തിയോഗം, രാജയോഗം എന്നീ നാലും)
മോക്ഷവാസി നാ. (ക്രിസ്തു) സ്വർഗസ്ഥൻ

മോക്ഷവിളക്ക് നാ. ഒരു മരണാനന്തരകർമം (മരിച്ചുകഴിഞ്ഞാൽ മൂന്നാംനാൾ നടത്തുന്നത്, പരേതാത്മാവിനു മോക്ഷം കിട്ടാൻവേണ്ടിയുള്ളത്)

മോക്ഷാർത്ഥി നാ. മോക്ഷേച്ഛു

മോഘ വി. 1. വ്യർഥമായ; 2. ഉപേക്ഷിക്കപ്പെട്ട; 3. മടിയുള്ള

മോഘത, -ത്വം നാ. 1. വ്യർഥമായ പരിശ്രമം; 2. മടി; 3. ത്യജിക്കൽ

മോഘപുഷ്പ നാ. മലടി, മച്ചി

മോഘം നാ. 1. നിഷ്ഫലമായിട്ടുള്ളത്; 2. വേലി

മോഘീകരണം നാ. വ്യർഥമാക്കൽ

മോഘീകരിക്കുക ക്രി. വ്യർഥമാക്കുക

മോങ്ങൽ നാ. (നായയുടെ) കരയുമ്പോലെയുള്ള കുര

മോങ്ങ് [മോങ്ങുക] ധാതുരൂപം

മോങ്ങുക ക്രി. 1. കുരയ്ക്കുക (നായ് ശബ്ദിക്കുക); 2. നിലവിളിക്കുക. മോങ്ങാനിരുന്ന നായുടെ തലയിൽ തേങ്ങാ വീണതുപോലെ (പഴ)

മോചക1 വി. മോചിപ്പിക്കുന്ന

മോചക2 നാ. വാഴ

മോചകൻ നാ. 1. മോചിപ്പിക്കുന്നവൻ; 2. സന്ന്യാസി

മോചകം നാ. 1. മുരിങ്ങ; 2. വാഴ; 3. ഇലവിൻ പശ; 4. മുഷ്കവൃക്ഷം; 5. മോക്ഷം; 6. സന്ന്യാസം

മോചനം നാ. മോചിപ്പിക്കൽ

മോചയിതാ(വ്) നാ. മോചിപ്പിക്കുന്നവൻ

മോചാടം നാ. 1. വാഴപ്പഴം; 2. ചന്ദനം; 3. കരിഞ്ചീരകം

മോചിക്കുക ക്രി. 1. (ബന്ധനത്തിൽനിന്ന്) വിടുക; 2. പിരിച്ചുവിടുക; 3. ഉപേക്ഷിക്കുക

മോചിത വി. 1. മോചിക്കപ്പെട്ട; 2. മോചിപ്പിക്കപ്പെട്ട

മോച്യ വി. മോചിപ്പിക്കപ്പെടുവാൻ അർഹമായ

മോഞ്ച നാ. 1. മോണ; 2. ഒരു രോഗം (മോണയിലുണ്ടാകുന്നത്)

മോടകം നാ. 1. ഒരിനം വള്ളി; 2. ഗുളിക

മോടനൻ നാ. വായു

മോടനം നാ. 1. മർദനം; 2. പൊടിക്കൽ

മോടം നാ. മോട്, മുകൾഭാഗം

മോടി1 നാ. 1. വെടിപ്പ്; 2. ഭങ്ഗി; 3. ആഡംബരം; 4. ഉല്ലാസം; 5. നേരമ്പോക്ക്; 6. കൺകെട്ടുവിദ്യ

മോടി2 നാ. ദുർഗ

മോടിക്കാരൻ നാ. 1. ആഡംബരക്കാരൻ; 2. മോടിവിദ്യക്കാരൻ; 3. ദേവസ്വത്തിലെ ജോലിക്കാരൻ

മോടിവിദ്യ നാ. ചെപ്പടിവിദ്യ (കൺകെട്ടുവിദ്യ)

മോട് നാ. 1. മുകൾഭാഗം; 2. വലുപ്പം; 3. ശാഠ്യം

മോടുക ക്രി. മണപ്പിക്കുക

മോട്ടം നാ. അഹങ്കാരം

മോട്ടായിതം നാ. നായികയുടെ ശൃങ്ഗാരചേഷ്ടകളിൽ ഒന്ന് (നായകൻെറ രൂപം ശീലം മുതലായവയെക്കുറിച്ചു കേൾക്കുമ്പോഴുണ്ടാകുന്ന ഭാവവ്യത്യാസം)

മോട്ട് നാ. 1. മുകൾഭാഗം; 2. ശാഠ്യം
മോട്ടോട് നാ. ഒരുതരം വളഞ്ഞ ഓട് (വീടിൻെറ കൂരയുടെ മുകളറ്റത്തും മൂലകളിലുമിടുന്നത്)
മോട്ടോർ [<ഇം.] നാ. ചലനയന്ത്രം
മോണ നാ. 1. ഊന് (പല്ലിൻെറ ചുവട്ടിലെ മാംസം); 2. (പന്നിയുടെയും മറ്റും) മോന്ത
മോണച്ചരൻ നാ. നിസ്സാരൻ
മോണം നാ. 1. ഒരുതരം കുട്ട (പാമ്പിനെ സൂക്ഷിക്കുന്നത്); 2. പഴംകൊണ്ടുള്ള വറ്റൽ; 3. ചീങ്കണ്ണി
മോത നാ. 1. തിരപൊങ്ങൽ; 2. ചെറിയ തിര; 3. ഒരിനം മീൻ
1223
മോതൽ നാ. 1. കൂട്ടിമുട്ടൽ, ഉരസൽ; 2. എതിർക്കൽ
മോതിരക്കൈ നാ. 1. മോതിരമണിഞ്ഞ കൈ; 2. ധനികൻ
മോതിരം നാ. 1. ഒരു ആഭരണം (വിരലിൽ അണിയുന്നത്); 2. ആഭരം. ഉദാഃ പാലക്കാമോതിരം, പുലിയൻ മോതിരം. (പ്ര) മോതിരം മാറുക, മോതിരമിടുക = വിവാഹം നിശ്ചയിക്കുക
മോതിരവിരൽ നാ. അണിവിരൽ
മോതുക ക്രി. 1. മുട്ടുക; 2. തട്ടുക, ഉരസുക; 3. (തിര) അടിക്കുക; 4. ശക്തിയോടുകൂടി തള്ളുക
മോദകം നാ. മോദിപ്പിക്കൽ
മോദം നാ. 1. സന്തോഷം; 2. പരിമളം; 3. അമ്പഴം; 4. ലഹരി
മോദാൽ അവ്യ. മോദത്തോടെ, സന്തോഷത്തോടെ
മോദിക്കുക ക്രി. സന്തോഷിക്കുക
മോദിത വി. മോദിച്ച, സന്തോഷിക്കപ്പെട്ട
മോദിനി നാ. 1. മോദിപ്പിക്കുന്നവൾ; 2. മദ്യം; 3. കസ്തൂരി; 4. കാട്ടുമുല്ല; 5. അയമോദകം
മോൻ നാ. മകൻ
മോന നാ. 1. മൂലാനുപ്രാസം (ഒരു പാദത്തിൻെറ പ്രഥമാക്ഷരവും ആ പാദത്തിലെ ദ്വിതീയ ഭാഗത്തിൻെറ പ്രഥമാക്ഷരവും തുല്യമായിരിക്കൽ); 2. മുൻഭാഗം
മോന്ത നാ. 1. മുഖം; 2. നീണ്ടമൂക്ക്; 3. മൊന്ത
മോന്തൽ നാ. കുടിക്കൽ
മോന്തായം,-ഴം നാ. മുകുന്തായം (പുരയുടെ കഴുക്കോൽ പിടിപ്പിക്കുന്ന നീളമുള്ള തടി, കൂരയുടെ മുകളറ്റത്തു നെടുകെയുള്ളത്)
മോന്തി നാ. 1. മൂവന്തി (സന്ധ്യ); 2. മോന്തുക എന്നതിൻെറ ഭൂതകാല ക്രീയ
മോന്തുക ക്രി. പാത്രം മുഖത്തുചേർത്തു (വായിൽ തൊടുവിച്ച്) വലിച്ചുകുടിക്കുക
മോർ1, മോര് നാ. വെണ്ണയെടുത്ത തൈര്, വെള്ളംചേർത്തെടുത്ത തൈര്
മോർ2 നാ. മുകർ (മുഖം), മോറ്
മോര1 [<പേർ] നാ. ഒരു നാണയം

മോര2 [<മുകര്‍] നാ. കന്നുകാലികളുടെ മുഖത്തു ബന്ധിക്കുന്ന (കയറുകൊണ്ടുള്ള) ഉപകരണം
മോര3 [ഹി.] നാ. മയില്‍
മോരകം നാ. 1. പ്രസവിച്ചു ഏഴു ദിവസമായ പശുവിന്‍െറ പാല്‍; 2. ഒരിനം ഉരുക്ക്
മോരക്കയര്‍ നാ. മോരയില്‍ കെട്ടുന്ന കയര്‍
മോരടം നാ. 1. കരിമ്പിന്‍ വേര്; 2. പുതിയ പശുവിന്‍പാല്‍; 3. മോര്; 4. പെരുങ്കുരുമ്പ; 5. ചണം
മോശ [ഹീ] നാ. മോസസ്സ്
മോശം നാ. 1. കുറവ്; 2. കുറ്റം; 3. തെറ്റ്; 4. മൂഢത; 5. ചേതം; 6. ദാരിദ്ര്യം; 7. അപകടം; 8. ചതി
മോഷ നാ. കള്ളം, കവര്‍ച്ച
മോഷകന്‍ നാ. 1. കള്ളന്‍; 2. തട്ടാന്‍
മോഷകൃത്ത് നാ. മോഷ്ടുക
മോഷണം നാ. അപഹരണം, കളവ്, ഉടമസ്ഥന്‍ അറിയാതെ കൈക്കലാക്കല്‍
മോഷ്ടാവ് നാ. കള്ളന്‍, മോഷ്ടിക്കുന്നവന്‍
മോഷ്ടിക്കുക ക്രി. കക്കുക, അപഹരിക്കുക
മോസസ്സ് നാ. (ക്രിസ്തു) യഹോവയുടെ വിശിഷ്ടഭക്തന്‍, പ്രവാചകന്‍, ജൂതനിയമത്തിന്‍െറ കര്‍ത്താവ്
മോഹകാരി നാ. 1. മോഹിപ്പിക്കുന്നത്; 2. ചൂണ്ടപ്പന
മോഹന1 വി. 1. മോഹിപ്പിക്കുന്ന; 2. വശീകരിക്കുന്ന; 3. ഭങ്ഗിയുള്ള
മോഹന2 നാ. 1. ഒരുതരം മുല്ല; 2. ചോനകപ്പുല്ല്
മോഹനകം നാ. ചൈത്രമാസം
മോഹനഗേഹം നാ. വേശ്യാലയം
മോഹനജ്വരം നാ. ഉത്ക്കടമായ സുരതേച്ഛ
മോഹനന്‍ നാ. 1. മോഹിപ്പിക്കുന്നവന്‍; 2. കൃഷ്ണന്‍; 3. ശിവന്‍
മോഹനം നാ. 1. വശീകരണം; 2. കാമദേവന്‍െറ അസ്ത്രങ്ങളില്‍ ഒന്ന്; 3. ഉമ്മത്ത്; 4. സംയോഗം; 5. മുഷ്കകവൃക്ഷം; 6. (സങ്ഗീ) ഒരു രാഗം
മോഹനാസ്ത്രം നാ. കാമദേവന്‍െറ ഒരു അസ്ത്രം (മോഹിപ്പിക്കുന്നത്)
മോഹനീയ വി. മോഹിപ്പിക്കത്തക്ക
മോഹം നാ. 1. അഷ്ടരാഗങ്ങളില്‍ ഒന്ന്, വലിയ ആഗ്രഹം; 2. ബോധക്കേട്; 3. തെന്‍േറടമില്ലായ്മ; 4. അറിവില്ലായ്മ; 5. വ്യാകുലത; 6. ദുഃഖം, നൊമ്പരം; 7. പിഴ, തെറ്റ്; 8. മായ
മോഹര്‍ [<പേര്‍] നാ. ഒരു സ്വര്‍ണ നാണയം
മോഹരാത്രി നാ. (പുരാണ) ബ്രഹ്മാവിന് 50 വയസ്സു തികയുമ്പോഴുണ്ടാകുന്ന പ്രളയം
മോഹവില നാ. പ്രിയം മൂലം അധികംകൊടുക്കുന്ന വില
മോഹാലസ്യം നാ. ബോധക്കേട്
മോഹി1 വി. മോഹിപ്പിക്കുന്ന
മോഹി2 നാ. 1. അത്യാഗ്രഹമുള്ളവന്‍; 2. വിടന്‍

മോഹിക്കുക ക്രി. 1. ബോധംകെടുക; 2. മനസ്സിന് അന്ധത നേരിടുക; 3. കുഴങ്ങുക; 4. ആഗ്രഹിക്കുക; 5. കാമിക്കുക
മോഹിത വി. മോഹിക്കപ്പെട്ടത്, ആഗ്രഹിച്ചത്
മോഹിനി നാ. 1. പാലാഴിമഥനത്തിനുശേഷം അസുരന്മാരുടെ കയ്യിലായ അമൃതു വീണ്ടെടുക്കാൻ വിഷ്ണു അവലംബിച്ച സ്ത്രീരൂപം; 2. ശ്രീ അയ്യപ്പൻെറ ജനനത്തിനു കാരണമായ വിഷ്ണുവിൻെറ സ്ത്രീരൂപം; 3. ഒരു അപ്സരസ്ത്രീ; 4. അതിസുന്ദരി; 5. തേവിടിശ്ശി; 6. കഞ്ചാവ്; 7. ഒരു ജാതി മുല്ല
മോഹിനിയാട്ടം നാ. ലാസ്യപ്രധാനമായ ഒരുതരം നൃത്തം
മോഹിപ്പിക്കുക ക്രി. മോഹം ഉണ്ടാക്കുക, മോഹത്തിനു കാരണമാകുക
മോൾ നാ. മകൾ
മോഴ നാ. കൊമ്പില്ലാത്ത മൃഗം
മോഴൽ നാ. പന്നി
മോറ നാ. 1. മുഖക്കയറ്; 2. താടി; 3. മോഹർ
മോറൽ നാ. കഴുകൽ
മോറായി,-ഴി നാ. 1. കത്തിയുടെയോ വടിയുടെയോ പിടി; 2. അഗ്രത്തിലുള്ള ഉരുണ്ടഭാഗം
മോറ് നാ. മുഖം
മോറുക ക്രി. 1. കഴുകുക; 2. ചാമ്പലും മറ്റുമിട്ടു തേച്ചു വെടിപ്പാക്കുക
മൗക്തിക വി. മുത്തുകൊണ്ടുണ്ടാക്കിയ
മൗക്തികം നാ. മുത്ത്
മൗക്തികദാമം നാ. 1. മുത്തുമാല; 2. ഒരു വൃത്തം
മൗക്തികപ്രസവ നാ. 1. മുത്തുച്ചിപ്പി; 2. മുത്തുച്ചിപ്പിക്കകത്തുള്ള മാംസം
മൗക്തികശുക്തി നാ. മുത്തുച്ചിപ്പി
മൗഖ വി. 1. മുഖം സംബന്ധിച്ച; 2. വാഗ്രൂപമായ
മൗഖര്യം നാ. 1. മുഖരത; 2. നിന്ദ; 3. ശകാരം
മൗഖിക വി. മൗഖ
മൗഖികപരിക്ഷ നാ. വാചാപരീക്ഷ
മൗഗ്ധ്യം നാ. 1. മുഗ്ധത; 2. നായികാശ്രിതങ്ങളായ 28 അലങ്കാരങ്ങളിൽ ഒന്ന്
മൗഘ്യം നാ. മോഘത, പ്രയോജനമില്ലായ്മ
മൗഞ്ജ വി. മുഞ്ജപ്പുല്ലുകൊണ്ടുണ്ടാക്കിയ
മൗഞ്ജി നാ. ബ്രഹ്മചാരിയുടെ അരയിൽ കെട്ടുന്ന ചരട്, മുഞ്ജപ്പുല്ലു പിരിച്ചുണ്ടാക്കിയ അരഞ്ഞാൺ
മൗഞ്ജീബന്ധം നാ. ഉപനയനം
മൗഢ്യം നാ. 1. മൂഢത; 2. (ജ്യോ) മറ്റുഗ്രഹങ്ങൾക്ക് സൂര്യനോട് അടുക്കുമ്പോഴുള്ള ശക്തിക്കുറവ്
മൗത നാ. കപടനാട്യം, ചതി, വഞ്ചന
മൗത്ത് [അറ] നാ. മരണം
മൗദ്ഗലി നാ. പശു
മൗദ്രിക വി. മുദ്രസംബന്ധിച്ച
മൗനം നാ. 1. മുനിയുടെ ഭാവം; 2. മിണ്ടാതെയിരിക്കൽ, മൗനം ഭജിക്കൽ

മൗനഭാക്ക് നാ. മിണ്ടാതിരിക്കുന്നവൻ, മുനി
മൗനമുദ്ര നാ. മൗനഭാവം
മൗനവ്രതം നാ. മൗനം ഭാവിച്ചുകൊണ്ടിരിക്കൽ
മൗനാനുവാദം നാ. മൗനരൂപത്തിലുള്ള അനുവാദം (എതിരു പറയാതിരിക്കുന്നത് അനുവാദമായി വിചാരിക്കൽ)
മൗനി നാ. 1. മുനി (മൗനവ്രതം പൂണ്ടവൻ); 2. മിണ്ടാതിരിക്കുന്നവൻ
മൗനീഭവിക്കുക ക്രി. മൗനം പ്രാപിക്കുക
മൗനേയൻ നാ. (ബ.വ.) കാശ്യപൻെറ പുത്രന്മാരായ ഒരുകൂട്ടം ഗന്ധർവന്മാർ
മൗർവി നാ. വില്ലിൻെറ ഞാൺ
മൗരജകൻ നാ. മൃദങ്ഗക്കാരൻ (മുരജം ശില്പമായിട്ടുള്ളവൻ, മിഴാവടിക്കുന്നവൻ)
മൗര്യൻ നാ. ചന്ദ്രഗുപ്തൻ സ്ഥാപിച്ച വംശത്തിൽ ജനിച്ചവൻ (മുരയിൽനിന്നുണ്ടായവൻ)
മൗല വി. 1. മൂലത്തെ സംബന്ധിച്ച, വേരിൽനിന്നുണ്ടായ; 2. പുരാതനമായ; 3. ശ്രേഷ്ഠമായ
മൗലൻ നാ. 1. കുലീനൻ; 2. പിതൃപിതാമഹക്രമത്തിൽ അവകാശവഴിക്കു സചിവനായവൻ
മൗലവി [<അറ] നാ. (ഇസ്ലാം) ധർമാചാര്യൻ
മൗലി നാ. 1. ശിരസ്സ്; 2. കിരീടം; 3. കെട്ടിയ തലമുടി; 4. ഭൂമി; 5. അശോകം; 6. മദ്യം; 7. ശ്രേഷ്ഠമായ വസ്തു
മൗലിക വി. 1. മൂലത്തെ സംബന്ധിച്ച; 2. പ്രധാനമായ
മൗലികൻ നാ. വേരുകൾ (മൂലങ്ങൾ) പറിച്ചുവിറ്റ് ഉപജീവിക്കുന്നവൻ
മൗലിമാല നാ. മൗലിയിൽ അണിയുന്ന മാല
മൗഷ്ടികൻ നാ. മോഷ്ടാവ്
മൗസല വി. മുസലം സംബന്ധിച്ച
മൗസലപർവം നാ. ഭാരതത്തിലെ ഒരു പർവം (ശ്രീകൃഷ്ണൻെറ സ്വർഗാരോഹണം വിവരിക്കുന്നത്)
മൗസലം നാ. 1. മുസലംകൊണ്ടുള്ള യുദ്ധം; 2. മധുപർക്കം
മൗഹൂർത്തൻ നാ. മൗഹൂർത്തികൻ, മുഹൂർത്തത്തെ അറിയുന്നവൻ, ജ്യോതിഷക്കാരൻ
മ്നാത വി. 1. ഉരുവിട്ട; 2. പഠിക്കപ്പെട്ട
മ്യൂസിയം [<ഇം.] നാ. കാഴ്ചബങ്ഗ്ലാവ്
മ്രക്ഷ നാ. വഞ്ചന, ചതിപ്രയോഗം
മ്രദിമ നാ. മൃദുത്വം
മ്രിയമാണ വി. 1. മരിക്കാറായ; 2. സന്തപിച്ച
മ്ലാത വി. മ്ലാനമായ, മങ്ങിയ
മ്ലാന വി. 1. ക്ഷീണിച്ച, വാടിയ; 2. മലിനമായ; 3. കറുത്ത
മ്ലാനം നാ. ക്ഷീണം, വാട്ടം
മ്ലാനത നാ. ക്ഷീണം, വാട്ടം, മങ്ങൽ
മ്ലാനാങ്ഗി നാ. തീണ്ടായിരിക്കുന്നവൾ
മ്ലാനി നാ. 1. ക്ഷീണം, വാട്ടം, ഉണക്കം; 2. മലിനത

മ്ലായത്ത് വി. 1. മ്ലാനിയോടുകൂടിയ; 2. വാടുന്ന
മ്ലിഷ്ട വി. 1. വ്യക്തമല്ലാത്ത; 2. ആലസ്യമുള്ള; 3. വാടിയ; 4. ഗ്രാമ്യമായ
മ്ലിഷ്ടം നാ. 1. വ്യക്തമല്ലാത്ത വാക്ക്; 2. കൊഞ്ഞ; 3. ഗ്രാമ്യഭാഷ
മ്ലേച്ഛ വി. 1. അപരിഷ്കൃതമായ, അനാര്യമായ; 2. ഭ്രഷ്ടമായ
മ്ലേച്ഛത, –ത്വം നാ. 1. മ്ലേച്ഛൻെറ അവസ്ഥ (ഹീനത); 2. വെറുപ്പ്
മ്ലേച്ഛദേശം നാ. 1. അപരിഷ്കൃതരാജ്യം; 2. അനാര്യ ദേശം
മ്ലേച്ഛൻ നാ. അനാര്യൻ
മ്ലേച്ഛഭാഷണം നാ. 1. മ്ലേച്ഛഭാഷ സംസാരിക്കൽ; 2. കൊഞ്ഞപറച്ചിൽ
മ്ലേച്ഛഭോജനം നാ. ഗോതമ്പ്, യവം
മ്ലേച്ഛം നാ. 1. സംസ്കൃതം ഒഴികെയുള്ള ഭാഷ, വിദേശഭാഷ (ഹീനമായത്); 2. ചായില്യം; 3. ചെമ്പ്
മ്ലേച്ഛമുഖം നാ. ചെമ്പ് (മ്ലേച്ഛദേശത്തുണ്ടായത്, മ്ലേച്ഛന്മാരുടെ മുഖം പോലുള്ളത്)
മ്ലേച്ഛാന(ക)ം നാ. 1. അപരിഷ്കൃതഭാഷ; 2. വിദേശഭാഷ

## യ

യ [യ്–അ] മലയാളത്തിലെ ഇരുപത്താറാമത്തെ വ്യഞ്ജനം
യകൃത്ത് നാ. ശരീരത്തിലെ ഒരു ആന്തരാവയവം, കരൾ, ദഹനത്തിന് ആവശ്യമായ പിത്തരസം ഉത്പാദിപ്പിക്കുന്ന ഗ്രന്ഥി, ഉദരത്തിനുള്ളിൽ വലതുഭാഗത്തായി സ്ഥിതിചെയ്യുന്നത്
യകൃദൂദരം നാ. കരൾവീക്കം എന്ന രോഗം
യക്ഷകൻ നാ. യക്ഷൻ
യക്ഷകർദമം നാ. ഒരു സുഗന്ധലേപനവസ്തു, കുറിക്കൂട്ട്
യക്ഷഗ്രഹം നാ. യക്ഷബാധ
1225
യക്ഷതരു നാ. പേരാൽ
യക്ഷധൂപം നാ. ചെഞ്ചല്യം
യക്ഷൻ നാ. 1. (പുരാണ) അമാനുഷവ്യക്തികളുടെ ഒരു വർഗം, അതിൽപ്പെട്ട പുരുഷൻ; 2. ആകാശചാരിയായ ഒരു അദൃശ്യദേവത; 3. (പുരാണ) കുബേരൻ
യക്ഷപതി നാ. യക്ഷന്മാരുടെ രാജാവ്; കുബേരൻ
യക്ഷബാധ നാ. യക്ഷൻെറ ബാധ, ഒരു അദൃശ്യശക്തിയാൽ ബാധിക്കപ്പെട്ട അവസ്ഥ, യക്ഷഗ്രഹം
യക്ഷം നാ. 1. ഇന്ദ്രൻെറ കൊട്ടാരം; 2. നായ്; 3. യാഗം; 4. പൂജ; 5. പിശാച്; 6. മന്ത്രം
യക്ഷരസം നാ. ഒരുതരം ലഹരി പാനീയം
യക്ഷരാജൻ നാ. യക്ഷപതി, കുബേരൻ
യക്ഷരാത്രി നാ. 1. ദീപാവലി; 2. കാർത്തിക മാസത്തിലെ പൗർണമി
യക്ഷവാസം നാ. പേരാൽ
യക്ഷി നാ. 1. (പുരാണ) യക്ഷവർഗത്തിലെ സ്ത്രീ; 2. (പുരാണ) യക്ഷൻെറ പത്നി; 3. അന്തരീക്ഷത്തിൽ വിഹരിക്കുന്ന ഒരു അദൃശ്യശക്തി, ഒരു ദുർദേവത

യക്ഷികഥ നാ. യക്ഷിക്കഥ; 1. യക്ഷിയെക്കുറിച്ചുള്ള കഥ; 2. അമാനുഷജീവികളെയും അദ്ഭുതസംഭവങ്ങളെയും ചിത്രീകരിക്കുന്ന ഒരുതരം കുട്ടിക്കഥ
യക്ഷിണി നാ. 1. യക്ഷിവർഗത്തിലെ സ്ത്രീ; 2. ഒരു ദുർദേവത; 3. ദുർഗയുടെ ഒരു ദാസി
യക്ഷേശൻ നാ. യക്ഷരാജൻ, കുബേരൻ
യക്ഷ്മം നാ. യക്ഷ്മാവ്, ഒരു രോഗം
യക്ഷ്മാവ് നാ. 1. രോഗം, അസുഖം; 2. രോഗങ്ങളിൽ ഒരു വിഭാഗം; 3. ശ്വാസകോശസംബന്ധമായ ഒരു രോഗം, ക്ഷയം
യക്ഷ്മി വി. ക്ഷയരോഗം ബാധിച്ച. നാ. ക്ഷയരോഗി
യക്ഷ്യ വി. 1. കർമനിരതമായ; 2. അസ്വസ്ഥമായ
യജത്രൻ നാ. 1. അഗ്നി; 2. യാഗം; 3. അഗ്നിഹോത്രൻ
യജഥ നാ. 1. ആരാധന, പൂജ; 2. യാഗം
യജനം നാ. 1. യാഗമനുഷ്ഠിക്കൽ, ആരാധിക്കൽ, പൂജിക്കൽ;; 2. യാഗസ്ഥലം
യജനീയ വി. യജിക്കത്തക്ക, പൂജിക്കത്തക്ക
യജന്തൻ നാ. യാഗംചെയ്യുന്നവൻ, പൂജിക്കുന്നവൻ
യജമാന വി. യാഗംചെയ്യുന്ന, പൂജിക്കുന്ന
യജമാന(ക)ൻ നാ. 1. യാഗംചെയ്യിക്കുന്നവൻ, യാഗത്തിൽ ചെലവുവഹിക്കുകയും പുരോഹിതരെ നിയമിക്കുകയും ചെയ്യുന്ന ആൾ; 2. രക്ഷാധികാരി; 3. സമ്പന്നൻ; 4. ഒരു കുടുംബത്തിൻെറ നാഥൻ, ഗോത്രത്തലവൻ
യജസ്സ് നാ. 1. ആരാധന; 2. യാഗം
യജാക വി. യജിക്കുന്ന
യജി വി. യാഗം നടത്തുന്ന, ആരാധന നടത്തുന്ന. നാ. 1. യാഗം, ആരാധന; 2. ആരാധകൻ, യാഗം നടത്തുന്നവൻ
യജിക്കുക ക്രി. യാഗം നടത്തുക, പൂജിക്കുക, ആരാധിക്കുക
യജിഷ്ണു വി. ദേവന്മാരെ പൂജിക്കുന്ന, യാഗം നടത്തുന്ന
യജൂർ നാ. യജുസ്
യജുർവിത്ത് വി. യജുസ് അറിയുന്ന, യാഗവിധികൾ അറിയുന്ന
യജുർവേദം നാ. നാലു ഹൈന്ദവവേദങ്ങളിൽ ഒന്ന്
യജുർവേദി നാ. യജുർവേദം പ്രധാനമായി കരുതുന്ന
യജുർവേദീയ വി. യജുർവേദത്തോടു ബന്ധപ്പെട്ട
യജുഷ്ക്രിയ നാ. യജുസ്സിനോടു ബന്ധപ്പെട്ട ചടങ്ങ്
യദുഷ്പതി നാ. വിഷ്ണു
യജുഷ്പ്രീയൻ നാ. കൃഷ്ണൻ
യജുസ്സ് നാ. 1. മതപരമായ ഭക്തി, ആരാധനാഭാവം, പൂജ; 2. യാഗം; 3. യാഗത്തിൽ ഉച്ചരിക്കാനുള്ള സ്തോത്രം, യാഗത്തിൻെറ അനുഷ്ഠാനവിധികളെ സംബന്ധിച്ച മന്ത്രം; 4. യദുർവേദം
യജ്ഞകൃത്ത് നാ. യാഗംചെയ്യുന്ന ആൾ
യജ്ഞത്രാതാവ് നാ. വിഷ്ണു
യജ്ഞൻ നാ. 1. ആരാധകൻ, യാഗം നടത്തുന്നവൻ; 2. ആത്മാവ്; 3. വിഷ്ണുവിൻെറ ഒരു ഭാവം; 4. ഇന്ദ്രൻ; 5. അഗ്നി

യജ്ഞനിധനൻ നാ. വിഷ്ണു
യജ്ഞനേമി നാ. കൃഷ്ണൻ
യജ്ഞപതി നാ. 1. യജമാനൻ; 2. വിഷ്ണു
യജ്ഞപശു നാ. 1. യാഗത്തിനുള്ള മൃഗം; 2. കുതിര
യജ്ഞബാഹു നാ. അഗ്നി
യജ്ഞഭാഗൻ നാ. 1. യജ്ഞത്തിൻെറ ഭാഗം ലഭിക്കുന്നവൻ, ദേവൻ; 2. ഇന്ദ്രൻ
യജ്ഞഭുക്ക് നാ. ദേവൻ
യജ്ഞം നാ. 1. ആരാധന, പ്രാർത്ഥന, സ്േതാത്രം; 2. ആരാധനാച്ചടങ്ങ്, അർച്ചന, ഹോമം; 3. യാഗം; 4. അഗ്നി
യജ്ഞമൂർത്തി നാ. വിഷ്ണു
യജ്ഞരസം നാ. സോമം
യജ്ഞരൂപൻ നാ. വിഷ്ണു
യജ്ഞരേതസ്സ് നാ. സോമം
യജ്ഞലിങ്ഗൻ നാ. വിഷ്ണു
യജ്ഞവല്ലി നാ. സോമലത
യജ്ഞവഹന്മാർ നാ. അശ്വിനീദേവന്മാർ
യജ്ഞവാഹനൻ നാ. 1. വിഷ്ണു; 2. ശിവൻ
യജ്ഞവാഹി നാ. യജ്ഞത്തെ ദേവന്മാർക്കു എത്തിച്ചുകൊടുക്കുന്ന ശക്തി
യജ്ഞശ്രേഷ്ഠ നാ. സോമലത
യജ്ഞസാരൻ നാ. വിഷ്ണു
യജ്ഞസൂത്രം നാ. പൂണുനൂൽ
യജ്ഞസേനൻ നാ. 1. വിഷ്ണു; 2. പാഞ്ചാലരാജാവ്, ദ്രുപദൻ
യജ്ഞസ്തംഭം നാ. യജ്ഞശാലയിൽ നാട്ടുന്ന തൂണ്
യജ്ഞഹർത്താവ് നാ. വിഷ്ണു
യജ്ഞഹോതാവ് നാ. യജ്ഞത്തിൻെറ ഹവ്യം അർപ്പിക്കുന്നവൻ
യജ്ഞാങ്ഗം നാ. 1. യജ്ഞത്തിൻെറ ഭാഗം; 2. കറുത്ത പുള്ളിയുള്ള മാൻ; 3. വിഷ്ണു, കൃഷ്ണൻ; 4. അത്തിമരം; 5. കരിങ്ങാലി; 6. വെളുത്ത ദർഭ
യജ്ഞാപേതൻ നാ. 'യാഗമില്ലാത്തവൻ', രാക്ഷസൻ
യജ്ഞാരി നാ. ശിവൻ
യജ്ഞാർഹന്മാർ നാ. അശ്വനീദേവന്മാർ
യജ്ഞാശനൻ നാ. ദേവൻ
യജ്ഞീയ വി. 1. പൂജിക്കത്തക്ക, യജ്ഞം അർഹിക്കുന്ന, പാവനമായ; 2. യാഗത്തിലും പൂജയിലും അതീവതത്പര്യമുള്ള, ഭക്തിയുള്ള, വിശുദ്ധിയുള്ള; 3. യാഗത്തോടോ പൂജയോടോ ബന്ധപ്പെട്ട, പാവനമായ
യജ്ഞീയം നാ. 1. ദ്വാപരയുഗം; 2. കരിങ്ങാലി
യജ്ഞീയ വി. യജ്ഞത്തിനു യോജിച്ചതായ, യാഗസംബന്ധിയായ
യജ്ഞീയൻ നാ. ദേവൻ
യജ്ഞേശൻ നാ. വിഷ്ണു
യജ്ഞോപവീതം നാ. 1. ഉപനയനം; 2. പൂണുനൂൽ
യജ്യ വി. യജിക്കത്തക്ക, യജിക്കേണ്ടതായ
യജ്വാവ് നാ. യജ്ഞം നടത്തുന്നവൻ, പൂജിക്കുന്നവൻ, പ്രദാനം ചെയ്യുന്നവൻ

യജ്വി നാ. പൂജിക്കുന്ന, ആരാധിക്കുന്ന. നാ. യജ്ഞം നടത്തുന്നവൻ, പൂജിക്കുന്നവൻ
യത് അവ്യ. യാതൊന്ന്, യാതൊന്നു ഹേതുവായിട്ട്
യത വി. സംയമനം ചെയ്യപ്പെട്ട
യതനം നാ. യത്നം, അധ്വാനം, ഉത്സാഹം
യതമ അവ്യ. പലതിൽ ഏതൊന്ന്
യതര അവ്യ. രണ്ടിൽ ഏത്
യതസ് അവ്യ. യാതൊന്നിനാൽ, എവിടെനിന്ന്, ഏതൊരുസമയം മുതൽ, യാതൊന്നിൽനിന്ന്
യതാത്മാവ് നാ. മനസ്സിനെ സംയമനം ചെയ്യവൻ, ആത്മസംയമനം ചെയ്യവൻ
യതാഹാര വി. മിതമായി ആഹാരം കഴിക്കുന്നവൻ
യതി1 അവ്യ. എത്ര, എത്രതവണ
യതി2 നാ. ഹിമമനുഷ്യൻ
യതി3 നാ. 1. വിരാമം; 2. (പദ്യത്തിൽ) ഒരു പാദത്തിലെ വാക്കുകൾക്ക് ഇടയിലുള്ള വിരാമം; 3. ആലാപത്തിനിടയ്ക്കുള്ള വിരാമം
യതിത വി. പ്രയത്നിക്കപ്പെട്ട, പരിശ്രമിക്കപ്പെട്ട
യതിതവ്യ വി. യത്നിക്കത്തക്ക, പരിശ്രമയോഗ്യമായ, പരിശ്രമിക്കാവുന്ന
യതിനി നാ. വിധവ
യതിഭങ്ഗം നാ. പദ്യത്തിൽ വേണ്ടസ്ഥാനത്ത് യതി ഇല്ലാതിരിക്കൽ, ഒരു കാവ്യദോഷം
യതിധർമം നാ. സന്ന്യാസിധർമം, സന്ന്യാസിയുടെ കർത്തവ്യം
യതുന വി. ചലിക്കുന്ന, കർമനിരതമായ, അസ്വസ്ഥമായ
യതേന്ദ്രിയ വി. ഇന്ദ്രിയങ്ങളെ സംയമനം ചെയ്ത
യത്ത വി. 1. യത്നിക്കപ്പെട്ട, പരിശ്രമിക്കപ്പെട്ട; 2. വ്യാപൃതമായ, ദത്തചിത്തമായ, സന്നദ്ധമായ; 3. കരുതലോടുകൂടിയുള്ള, ശ്രദ്ധാപൂർവമായ; 4. ശ്രദ്ധാപാത്രമായ, നയിക്കപ്പെട്ട
യത്തീം [അറ] നാ. പിതാവിനെ നഷ്ടപ്പെട്ട് അനാഥമായ ശിശു
യത്നം നാ. 1. ഇച്ഛാനുസാരമുള്ള പ്രവർത്തനം, ഏതെങ്കിലും നേടുന്നതിനുവേണ്ടിയുള്ള പ്രവൃത്തി; 2. ഉദ്യമം, പരിശ്രമം, അധ്വാനം; 3. കൃത്യനിർവഹണം, പണിയെടുക്കൽ; 4. ഉത്സാഹം; 5. പ്രയാസം, ക്ലേശം
യത്നിക്കുക ക്രി. ഉദ്യമിക്കുക, പരിശ്രമിക്കുക, ഉത്സാഹിക്കുക
യത്ര അവ്യ. എവിടെ, യാതൊരിടത്ത്, എപ്പോൾ, യാതൊരുസമയത്ത്, യത്രതത്ര, അവിടവിടെ
യത്രത്യ അവ്യ. യാതൊരിടത്തെ, യാതൊരുസ്ഥലത്തുള്ള
യഥാ അവ്യ. 1. എപ്രകാരം, യാതൊരുപ്രകാരം, യഥാതഥാ; 2. അനുസരിച്ച്, എന്നപോലെ. ഉദാ:യഥാക്രമം, യഥാവിധി
യഥാകാമം അവ്യ. ഇഷ്ടപ്രകാരം, ഇഷ്ടംപോലെ
യഥാകാലം അവ്യ. 1. കാലത്തിനൊത്തവണ്ണം; 2. വേണ്ടകാലത്ത്, നിശ്ചിതകാലത്ത്; 3. ഉചിതമായകാലത്ത്
യഥാകൃത വി. വിധിപ്രകാരം ചെയ്ത അല്ലെങ്കിൽ നിർമിച്ച

യഥാകൃതം		അവ്യ. 1. പതിവനുസരിച്ച്, പതിവായി ചെയ്യാറുള്ളതുപോലെ; 2. സംഭവിച്ചതുപോലെ; 3. സമ്മതിച്ചതുപോലെ
യഥാക്രമം		അവ്യ. ക്രമം അനുസരിച്ച്, ഉചിതമായ ക്രമത്തിൽ
യഥാചാരം		അവ്യ. ആചാരം അനുസരിച്ച്, പതിവനുസരിച്ച്, കീഴ്വഴക്കം അനുസരിച്ച്
യദാജാത		വി.	ജനിച്ചപ്പോഴത്തെ അവസ്ഥയിൽത്തന്നെ സ്ഥിതിചെയ്യുന്ന, വിഢിയായ
യഥാതത്ത്വം		അവ്യ. യഥാർഥവസ്തുത അനുസരിച്ച്, സൂക്ഷ്മമായി
യഥാതഥ		വി.	1. യഥാർഥസ്ഥിതിക്കൊത്തവണ്ണമുള്ള, യാഥാർഥ്യത്തോടു പൊരുത്തമുള്ള; 2. യഥാർഥസ്ഥിതി പ്രതിഫലിപ്പിക്കുന്ന; 3. സത്യമായ, ശരിയായ, സൂക്ഷ്മമായ
യഥാതഥകല		നാ.	പ്രത്യക്ഷ യാഥാർഥ്യങ്ങളെ വസ്തുനിഷ്ഠമായി ചിത്രീകരിക്കുന്ന കല
യഥാതഥപ്രസ്ഥാനം		നാ.	സാഹിത്യത്തിലും മറ്റു കലകളിലുമുള്ള ഒരു പ്രസ്ഥാനം
യഥാതഥം		അവ്യ. 1. യാഥാർഥ്യത്തിനൊത്തവണ്ണം, യഥാർഥസ്ഥിതിക്കൊത്തവിധത്തിൽ; 2. സത്യനിഷ്ഠമായി, ശരിയായി, സൂക്ഷ്മമായി; 3. ഉചിതമായി
യഥാതഥശൈലി		നാ.	സാഹിത്യത്തിലും മറ്റു കലകളിലുമുള്ള ഒരു ആവിഷ്കരണശൈലി
യഥാതഥസാഹിത്യം		നാ.	പ്രത്യക്ഷ യാഥാർഥ്യങ്ങളെ അതേപടി വർണിക്കുന്ന സാഹിത്യം
യഥാപൂർവ		വി.	മുമ്പത്തെപ്പോലെയുള്ള
യഥാപൂർവം		അവ്യ. 1. മുമ്പെന്നപോലെ, മുമ്പത്തെപ്പോലെ; 2. ഒന്നിനുപിറകെ ഒന്നായി
യഥാബലം		അവ്യ. 1. ശക്തിക്കൊത്തവണ്ണം, യഥാശക്തി; 2. സർവശക്തിയുംപ്രയോഗിച്ച്
യഥാഭിമതം		അവ്യ. ആഗ്രഹം അനുസരിച്ച്, ഇച്ഛാനുസൃതമായി, ഇഷ്ടപ്രകാരം, ഇഷ്ടംപോലെ
യഥാമതി		അവ്യ. അഭിപ്രായപ്രകാരം, ഉചിതമെന്നു തോന്നുന്നതുപോലെ
യഥാമുഖീന		വി.	നേരേ മുന്നോട്ടുനോക്കുന്ന
യഥായോഗ്യം		അവ്യ. ഉചിതമായവിധം, വേണ്ടവണ്ണം
യഥാർഥ		വി.	1. വാസ്തവികമായ, സത്യത്തിനു നിരക്കുന്ന, ശരിയായ അർഥത്തിലുള്ള, സത്യമായ; 2. ശരിയായ
1227
യഥാർഥം		അവ്യ. 1. സത്യത്തിന് അനുസൃതമായി, വസ്തുതയ്ക്ക് ഒത്തവിധത്തിൽ; 2. ഉദ്ദേശ്യത്തിന് പറ്റിയവിധത്തിൽ
യഥാർഹ		വി.	1. അർഹിക്കുന്ന വിധത്തിലുള്ള, അനുരൂപമാംവിധം അന്തസ്സുള്ള; 2. യോഗ്യതയ്ക്കൊത്ത, ഉചിതമായ, യോജിച്ച, ശരിയായ
യഥാർഹം		അവ്യ. യോഗ്യതയ്ക്കോ ഗുണത്തിനോ അന്തസ്സിനോ അനുസൃതമായി, ഉചിതമായവിധത്തിൽ, യോജിച്ചവിധത്തിൽ, ന്യായമായി
യഥാവകാശം		അവ്യ. 1. ഇടമുള്ളതുപോലെ, ഉചിതമായിടത്ത്; 2. സൗകര്യമുള്ളതുപോലെ, ആദ്യംകിട്ടുന്ന അവസരത്തിൽ

യഥാവസരം അവ്യ. 1. അവസരത്തിനൊത്തവണ്ണം; 2. ഓരോ അവസരത്തിലും
യഥാവിധി അവ്യ. വേണ്ടവിധത്തിൽ, ഉചിതമായരീതിയിൽ, വിധിപോലെ
യഥാവകാശം അവ്യ. 1. ഇടമുള്ളതുപോലെ, ഉചിതമായിടത്ത്; 2. സൗകര്യമുള്ളതുപോലെ, ആദ്യം കിട്ടുന്ന അവസരത്തിൽ
യഥാവസരം അവ്യ. 1. അവസരത്തിനൊത്തവണ്ണം; 2. ഓരോ അവസരത്തിലും
യഥാവിധി അവ്യ. വേണ്ടവിധത്തിൽ, ഉചിതമായരീതിയിൽ, വിധിപോലെ
യഥാശക്തി അവ്യ. ശക്തിക്കൊത്തവണ്ണം, കഴിവിനനുസരിച്ച്
യഥാശ്രുത വി. കേട്ടവിധത്തിലുള്ള
യഥാസമയം അവ്യ. നിശ്ചിതസമയത്ത്, വേണ്ടസമയത്ത്
യഥാസ്ഥാനം അവ്യ. വേണ്ടസ്ഥാനത്തുസ്ഥിതിചെയ്യുന്ന, വേണ്ടപോലെ സ്ഥിതിചെയ്യുന്ന
യഥേച്ഛം, അവ്യ. ആഗ്രഹമനുസരിച്ച്, ആഗ്രഹപ്രകാരം
യഥേപ്സിതം അവ്യ. ആഗ്രഹത്തിനൊത്ത്
യഥേഷ്ടം അവ്യ. ഇഷ്ടംപോലെ
യഥോക്ത വി. മുമ്പുപറഞ്ഞതുപോലെയുള്ള
യഥോക്തം അവ്യ. പറഞ്ഞതുപോലെ, മുമ്പു പറഞ്ഞതുപോലെ, മുകളിൽ പരാമർശിച്ചവണ്ണം
യഥോചിതം അവ്യ. ഉചിതമാംവണ്ണം, വേണ്ടവണ്ണം
യദ് അവ്യ. യാതൊന്ന്, യാതൊന്നുകൊണ്ട്
യദപി അവ്യ. എങ്കിലും, യാതൊന്നിനുവേണ്ടി
യദാ അവ്യ. 1. എപ്പോൾ, ഏതുസമയത്ത്; 2. യാതൊരിക്കൽ
യദി അവ്യ. എങ്കിൽ, അപ്രകാരമെങ്കിൽ
യദീയ വി. 1. യാതൊരുവനെ സംബന്ധിച്ച, യാതൊരുവളെ സംബന്ധിച്ച; 2. യാതൊരുവൻെറ, യാതൊരുവളുടെ, യാതൊന്നിൻെറ
യദു നാ. (പുരാണ) ചന്ദ്രവംശത്തിലെ ഒരു രാജാവ്
യദുകുലകാംബോജി നാ. (സങ്ഗീ) ഒരു രാഗം, 28-)ം മേളകർത്താവായ ഹരികാംബോജിയുടെ ജന്യം
യദുകുലം നാ. യദുവിൻെറ വംശം, യാദവവംശം
യദുനാഥൻ നാ. യദുപതി
യദുപതി നാ. യദുക്കളുടെ രാജാവ്, ശ്രീകൃഷ്ണൻ
യദുവംശം നാ. യദുവിനാൽ സ്ഥാപിക്കപ്പെട്ട വംശം, യാദവവംശം, യദുവിൻെറ കുടുംബം
യദുദ്വഹൻ നാ. യദുപതി, ശ്രീകൃഷ്ണൻ
യദൃച്ഛ1 വി. നൈസർഗികമായ, അവിചാരിതമായ
യദൃച്ഛ2 നാ. സ്വാച്ഛ, നൈസർഗികത്വം, യാദൃച്ഛികത്വം, അവിചാരിതത്വം, അവിചാരിതസംഭവം
യദൃച്ഛയാ അവ്യ. വിചാരിച്ചിരിക്കാതെ, അവിചാരിതമായി
യദ്വാ അവ്യ. യാതൊരുപ്രകാരം
യദ്വൃത്തം നാ. നടന്ന സംഭവം
യൻ നാ. യമൻ, ഗമിക്കുന്നവൻ

യന്താവ്		നാ.	1. നിയന്ത്രിക്കുന്നവൻ; 2. സ്ഥാപിക്കുന്നവൻ; 3. പ്രദാനംചെയ്യുന്നവൻ; 4. നടത്തിക്കുന്നവൻ, നയിക്കുന്നവൻ (ആനയെ)
യന്തു		വി.	നിരോധിക്കുന്ന, നിയന്ത്രിക്കുന്ന, അടക്കുന്ന
യന്ത്രക		നാ.	ഭാര്യയുടെ അനുജത്തി
യന്ത്രകൻ		നാ.	1. യന്ത്രപ്പണിക്കാരൻ; 2. യന്ത്രാവ്
യന്ത്രകം		നാ.	1. തിരികല്ല്; 2. കുശവൻെറ ചക്രം; 3. ചാട്
യന്ത്രണം		നാ.	1. നിയന്ത്രണം; 2. തടുക്കൽ; 3. ബലപ്രയോഗം; 4. ബന്ധം
യന്ത്രണി		നാ.	ഭാര്യയുടെ അനുജത്തി
യന്ത്രത്തറി		നാ.	യന്ത്രശക്തിയാൽ പ്രവർത്തിക്കുന്ന തറി
യന്ത്രപുത്രകം		നാ.	സൂത്രപ്പാവ, യന്ത്രപ്പാവ
യന്ത്രപുത്രിക		നാ.	യന്ത്രപുത്രകം
യന്ത്രപേഷണി		നാ.	തിരികല്ല്
യന്ത്രപ്പണി		നാ.	1. യന്ത്രസഹായത്താൽ ചെയ്യുന്ന പണി; 2. സൂത്രപ്പണി, കൗശലം
യന്ത്രപ്പാവ		നാ.	യന്ത്രശക്തികൊണ്ട് സ്വയം ചലിക്കുന്ന പാവ
യന്ത്രം		നാ.	1. ഏതെങ്കിലും തരത്തിലുള്ള ഊർജത്തെ പ്രവർത്തനക്ഷമമായി ഉപയോഗിക്കാനുള്ള ഉപകരണ സംവിധാനം; 2. ഏതെങ്കിലും ഉപകരണം; 3. സൂത്രപ്പണി; 4. മന്ത്രമോ മറ്റോ രേഖപ്പെടുത്തിയ തകിട്; 5. ഒരുതരം കണ്ഠാഭരണം; 6. ഉപായം, താങ്ങ്, പിന്തുണ; 7. ബാഹ്യപ്രേരണ അനുസരിച്ചുമാത്രം പ്രവർത്തിക്കാൻ കഴിവുള്ള ആൾ
യന്ത്രവത്കരണം	നാ.	1. യന്ത്രരൂപത്തിലാക്കൽ; 2. യന്ത്രംകൊണ്ടു സജ്ജീകരിക്കൽ; 3. യന്ത്രത്താൽ പ്രവർത്തിപ്പിക്കൽ
യന്ത്രവത്കരിക്കുക	ക്രി.	1. യന്ത്രരൂപത്തിലാക്കുക; 2. യന്ത്രംകൊണ്ട് സജ്ജീകരിക്കുക; 3. യന്ത്രശക്തിയാൽ പ്രവർത്തിക്കുന്നതാക്കുക
യന്ത്രവത്കൃത		വി.	1. യന്ത്രരൂപത്തിലാക്കപ്പെട്ട; 2. യന്ത്രംകൊണ്ടു സജ്ജീകരിച്ച; 3. യന്ത്രശക്തിയാൽ പ്രവർത്തിക്കുന്നതാക്കിത്തീർത്ത
യന്ത്രവീണ		നാ.	മൂന്നുതരം വീണകളിൽ ഒന്ന്
യന്ത്രസജ്ജീകരണം	നാ.	1. യന്ത്രങ്ങൾകൊണ്ടുള്ള സജ്ജീകരണം, ആവശ്യമായ യന്ത്രങ്ങൾ ഒരുക്കിവയ്ക്കൽ; 2. യന്ത്രങ്ങളെ പ്രവർത്തനക്ഷമമായവിധത്തിൽ ഒരുക്കിവയ്ക്കൽ; 3. യന്ത്രങ്ങൾ അടങ്ങുന്ന പ്രവർത്തനസംവിധാനം
യന്ത്രി		നാ.	1. യന്ത്രമുള്ളവൻ; 2. യന്ത്രം ഉപയോഗിക്കുന്നവൻ, സൂത്രപ്പണിക്കാരൻ; 3. ഉപായശാലി, തന്ത്രശാലി, സൂത്രശാലി; 4. ഏഷണിക്കാരൻ; 5. ഉപദ്രവകാരി
യന്ത്രികൻ		നാ.	1. യന്ത്രി; 2. യന്ത്രം പ്രവർത്തിപ്പിക്കുന്നവൻ
യന്ത്രിക്കുക		ക്രി.	1. ഉപായം ആലോചിച്ചുകണ്ടെത്തുക; 2. യന്ത്രം ആവിഷ്കരിക്കുക; 3. കാര്യസാധ്യത്തിനായി പ്രയത്നിക്കുക; 4. അടക്കുക, ബന്ധിക്കുക; 5. പീഡിപ്പിക്കുക
യന്ത്രിത		വി.	1. അടക്കപ്പെട്ട; 2. ബന്ധിക്കപ്പെട്ട
യന്ത്രോപലം		നാ.	തിരികല്ല്
യഭനം		നാ.	മൈഥുനം
യഭുക്ക്		നാ.	പാമ്പ്

യം നാ. 1. വണ്ടി; 2. വായു; 3. കീർത്തി; 4. യവം; 5. യജിക്കൽ; 6. സംഭോഗം; 7. യഗണം
യമ വി. 1. ഇരട്ടയായ; 2. ഇരട്ടപിറന്ന; 3. ഇണചേർന്ന
യമക വി. 1. ഇരട്ടയായ; 2. ഇരട്ടപിറന്ന
യമകണ്ടകം നാ. 1. (ജ്യോ)ഒരു ഉപഗ്രഹം; 2. ഓരോ ദിവസവുമുള്ള ഒരു അശുഭസമയം
യമകം നാ. 1. ഒരു കാവ്യാലങ്കാരം, ശബ്ദാലങ്കാരങ്ങളിൽ ഒന്ന്; 2. തടവ്
യമകിങ്കരൻ നാ. കാലൻെറ കിങ്കരൻ
യമകീടം നാ. തടിയിൽ ജീവിച്ച് അതിനെ നശിപ്പിക്കുന്ന ഒരുതരം കീടം
യമജ വി. ഇരട്ടപിറന്ന
യമജർ നാ. അശ്വനീദേവന്മാർ
യമദണ്ഡം നാ. 1. യമൻെറ ആയുധം; 2. പ്രാണവേദന
യമദിക്ക് നാ. തെക്കെ ദിക്ക്
യമദൂതൻ നാ. യമകിങ്കരൻ
യമദൂതകം നാ. കാക്ക
യമദൂതി നാ. പാമ്പിൻെറ വിഷപ്പല്ലുകളിൽ ഒന്ന്
യമദൂതിക നാ. വാളൻപുളി
യമദേവത നാ. (ജ്യോ) ഭരണി നക്ഷത്രം
യമദ്രുമം നാ. ഇലവുമരം
യമധാനി നാ. യമപുരി
യമൻ നാ. 1. മരണദേവൻ, കാലൻ; 2. യമനം ചെയ്യുന്നവൻ; 3. ഇരട്ടപിറന്നവൻ; 4. കൂട്ടുകാരൻ; 5. സാരഥി; 6. ശനി
യമന വി. അടക്കുന്ന, നിയന്ത്രിക്കുന്ന, പാലിക്കുന്ന
യമനൻ നാ. യമൻ
യമനം നാ. 1. അടക്കൽ, നിയന്ത്രിക്കൽ, സംയമനം; 2. ബന്ധിക്കൽ, കൂട്ടിച്ചേർക്കൽ; 3. വിരാമം, അവസാനം; 4. ആഭരണം
യമനി നാ. കാലപുരി, സംയമനി
യമനിക നാ. യവനിക
യമപഞ്ചകം നാ. അഹിംസ സത്യം അസ്തേയം ബ്രഹ്മചര്യം അപരിഗ്രഹം ഈയഞ്ചും
യമപാശം നാ. കാലപാശം, യമൻെറ കയറ്
യമപുരി നാ. കാലപുരി, യമൻെറ ആസ്ഥാനമായ നഗരം
യമപ്രിയം നാ. അത്തിയാൽ
യമഭഗിനി നാ. യമൻെറ സഹോദരി, യമുനാ നദി
യമം നാ. 1. ആത്മനിയന്ത്രണം; 2. ഉപരതി; 3. രണ്ട് എന്ന സങ്ഖ്യ, ജോഡി; 4. കാക്ക; 5. കടിഞ്ഞാൺ
യമരഥം നാ. യമൻെറ വാഹനം, പോത്ത്
യമരിപു നാ. 1. ശിവൻ; 2. വിഷ്ണു
യമല വി. യമള
യമലകൻ നാ. യുഗ്മഗാനത്തിലെ ഗായകൻ
യമലോകം നാ. 1. കാലപുരി; 2. നരകം

യമവാൻ നാ. ഇന്ദ്രിയങ്ങളും മനസ്സും നിയന്ത്രിക്കുന്നവൻ
യമവാഹനം നാ. പോത്ത്
യമശാലി നാ. 1. യമം ശീലിച്ചവൻ; 2. സന്ന്യാസി
യമസ്മൃതി നാ. സ്മൃതികളിൽ ഒന്ന്
യരള വി. 1. ഇരട്ടപെറ്റ; 2. ജോഡിയായ; 3. ഇരട്ടിയായ; 4. ഒരുതരം ഇക്കിൾ
യമളൻ നാ. 1. യുഗ്മഗാനത്തിലെ ഗായകൻ; 2. ഇരട്ടപിറന്നവൻ
യമളം നാ. 1. ഒരുതരം ഇക്കിൾ; 2. ജോഡി; 3. ദമ്പതിമാർ
യരളി നാ. ഒരുതരം ഉടയാട, ഇരട്ടമുണ്ട്
യമാന്തകൻ നാ. ശിവൻ (കാലകാലൻ)
യമാരി നാ. യമൻെറ ശത്രു, ശിവൻ, വിഷ്ണു
യമി1 വി. 1. യമംചെയ്യുന്ന, അടക്കുന്ന; 2. ആത്മസംയമനംചെയ്യുന്ന, ഇന്ദ്രിയങ്ങളെ കീഴടക്കിയിട്ടുള്ള നാ. സന്ന്യാസി, യതി
യമി2 നാ. യമൻെറ സഹോദരി, യമുനാ നദി
യമിക്കുക ക്രി. 1. അടക്കുക, നിയന്ത്രിക്കുക, സംയമനംചെയ്യുക; 2. മന്ത്രിക്കുക; 3. കൂട്ടിച്ചേർക്കുക
യമിത വി. 1. അടക്കപ്പെട്ട, നിയന്ത്രിക്കപ്പെട്ട; 2. ബന്ധിക്കപ്പെട്ട; 3. കൂട്ടിച്ചേർക്കപ്പെട്ട
യമിനി നാ. സന്ന്യാസിനി
യമുന നാ. 1. യമുനാ നദി, കാളിന്ദി, ഗങ്ഗയുടെ പോഷകനദി
യമുനാകല്യാണി നാ. (സങ്ഗീ) ഒരു രാഗം, 65-)ം മേളകർത്താവായ മേചകല്യാണിയുടെ ജന്യം
യമുനാപതി നാ. വിഷ്ണു
യമുനാഭിത്ത് നാ. (പുരാണ) ബലഭദ്രൻ, യമുനയെ കലപ്പകൊണ്ടു രണ്ടായി ഭേദിച്ചവൻ
യമേശം നാ. ഭരണി നക്ഷത്രം, യമൻ അധിപനായിട്ടുള്ളത്
യമ്യ വി. അടക്കാവുന്ന, നിയന്തിക്കാവുന്ന
യയാതി നാ. (പുരാണ) ഒരു സോമവംശരാജാവ്
യയാവരൻ നാ. യായാവരൻ
യയി1 വി. പോകുന്ന, ധൃതഗതിയായ
യയി2 നാ. 1. കുതിര, യാഗാശ്വം; 2. ശിവൻ; 3. മേഘം
യയു നാ. കുതിര, അശ്വമേധയാഗത്തിനു യോജിച്ചത്
യർഹി അവ്യ. എപ്പോൾ, എപ്പോഴെങ്കിലും, ഏതുകാരണത്താൽ
യവകം നാ, 1. യവം; 2. പടുതോര; 3. നൈട്രജൻ വാതകം
യവക്രീതൻ നാ. (പുരാണ) ഭരദ്വാജൻെറ പുത്രൻ
യവക്ഷാരം നാ. ചവർക്കാരം
യവചൂർണം നാ. ബാർലിപ്പൊടി
യവജം നാ. യവക്ഷാരം
യവദീപം നാ. ജാവാദ്വീപ്
യവന1 വി. 1. ഗ്രീസിനെ സംബന്ധിച്ച, ഗ്രീക്കുജനതയോടു ബന്ധപ്പെട്ട; 2. ഗ്രീസിലുള്ള; 3. ഗ്രീക്കുകാരനായ; 4. വിദേശിയനായ, മ്ലേച്ഛനായ

യവന2 വി. ഒഴിഞ്ഞുമാറുന്ന, ഒഴിവാക്കുന്ന. ഉദാഃ ദ്വേഷ–യവന = ദോഷം വർജിക്കുന്ന
യവന3 വി. കൂടിക്കലരുന്ന
യവന4 വി. വേഗമുള്ള, ഗതിവേഗമുള്ള
യവനൻ നാ. 1. ഒരു അസുരൻ, ശ്രീകൃഷ്ണൻെറ ഒരു ശത്രു, മുചുകുന്ദൻ; 2. യവനദേശത്തുള്ളവൻ; 3. ജോനകൻ, മുഹമ്മദീയൻ; 4. കിരാതൻ
യവനപ്രിയം നാ. കുരുമുളക്
യവനം നാ. 1. ഗ്രീക്കുദേശം; 2. ഗോതമ്പ്; 3. അറബിക്കുതിര; 4. അറബിക്കുന്തുരുക്കം
1229
യവനാനി നാ. യവനഭാഷയുടെ ലിപി
യവനാരി നാ. യവനൻെറ ശത്രു, ശ്രീകൃഷ്ണൻ
യവനി നാ. 1. ഗ്രീക്കുകാരി, യവനസ്ത്രീ; 2. രാജാവിൻെറ ആയുധം സൂക്ഷിപ്പുകാരി; 3. വിദേശിയസ്ത്രീ
യവനിക1 നാ. യവനി, യവനസ്ത്രീ
യവനിക2 നാ. 1. തിരശ്ശീല, നാടകവേദിയിലെ കർട്ടൻ; 2. തുണികൊണ്ടുള്ള മറ, വാതിലിലെയും മറ്റും കർട്ടൻ
യവനേഷ്ടം നാ. 1. കുരുമുളക്; 2. കാരീയം; 3. ചണ്ണമുള്ളങ്കി; 4. ഒരിനം ചെമന്നുള്ളി; 5. ഒരിനം വെളുത്തുള്ളി; 6. വേപ്പ്
യവപിഷ്ടം നാ. ബാർലിമാവ്
യവഫലം നാ. 1. മുള; 2. കുടകപ്പാല; 3. ജടാമാഞ്ചി; 4. കല്ലാൽ; 5. ചെമന്നുള്ളി
യവം നാ. 1. ഒരിനം ധാന്യം, വാൽക്കോതമ്പ്, അക്ഷതധാന്യം, ബാർലി; 2. തോര, തോരൻപയറ്; 3. തൂക്കത്തിൻെറ ഒരു അളവ്; 4. ഒരു ദൈർഘ്യ അളവ്; 5. ഭാഗ്യസൂചകമായ ഒരു ഹസ്തരേഖ
യവമധ്യ നാ. ദൈർഘ്യത്തിൻെറ ഒരു അളവ്
യവമധ്യം നാ. ഒരുതരം വാദ്യം
യവലാസം നാ. വെടിയുപ്പ്
യവശുകം നാ. യവക്ഷാരം
യവസം നാ. 1. പുല്ല്, കന്നുകാലികൾക്ക് തിന്നാനുള്ള പുല്ല്; 2. മേച്ചിൽസ്ഥലം
യവസൂരം നാ. യവത്തിൽ നിന്നുണ്ടാക്കുന്ന ഒരിനം മദ്യം
യവസോദകം നാ. പുല്ലും വെള്ളവും
യവാഗു നാ. 1. കഞ്ഞി; 2. നെല്ലരിയല്ലാതെ മറ്റേതെങ്കിലും ധാന്യംകൊണ്ടുള്ള കഞ്ഞി
യവാഗ്രജം നാ. 1. യവക്ഷാരം; 2. കുറാശാണി
യവാന വി. വേഗമുള്ള, ഗതിവേഗമുള്ള
യവാനി നാ. 1. ചീത്തയായ യവം; 2. അയമോദകം; 3. കുറാശാണി; 4. ജീരകം
യവാന്നം നാ. വേവിച്ച ബാർലികൊണ്ടുള്ള ആഹാരം
യവാസം നാ. കൊടിത്തൂവ

യവാസശർക്കര നാ. കൊടിത്തൂവചേർത്തുണ്ടാക്കുന്ന ഒരുതരം ശർക്കര
യവി വി. യവത്തെ സംബന്ധിച്ച
യവിക വി. യവത്തെ സംബന്ധിച്ച
യവിര നാ. ഒരു മദ്യം
യവിഷ്ഠ വി. ഏറ്റവും ചെറിയ, ഏറ്റവും പ്രായംകുറഞ്ഞ, ഏറ്റവും ഇളയ
യവിഷ്ഠൻ നാ. 1. ഏറ്റവും ഇളയവൻ; 2. അഗ്നി
യവീയസ്സ് വി. താരതമ്യേന പ്രായംകുറഞ്ഞ, ഇളയ
യവീയാൻ നാ. 1. ഇളയസഹോദരൻ, അനുജൻ; 2. ശൂദ്രൻ (താണവൻ)
യവ്യ വി. 1. ബാർലിക്കുയോജിച്ച; 2. ബാർലി കൃഷിചെയ്യപ്പെടുന്ന
യവ്യം നാ. 1. യവം കൃഷിചെയ്യുന്ന പാടം; 2. യവത്തിൻെറയോ ഫലങ്ങളുടെയോ ശേഖരം
യശശ്ശരീര വി. കീർത്തിയാകുന്ന ശരീരത്തോടുകൂടിയ, കീർത്തിമാത്രം അവശേഷിപ്പിച്ചിട്ടുള്ള, മരണമടഞ്ഞ; 2. മരിച്ചിട്ടും കീർത്തിക്കപ്പെടുന്ന
യശശ്ശരീരൻ നാ. 1. മരിച്ചുപോയ (മാന്യനായ) പുരുഷൻ; 2. (പരേതനായ) കീർത്തിമാൻ
യശശ്ശേഷ നാ. കീർത്തിമാത്രം ശേഷിക്കുന്ന, മരണമടഞ്ഞ
യശസ്കൻ നാ. യശസ്സുള്ളവൻ, കീർത്തിമാൻ
യശസ്കര വി. യശസ്സുണ്ടാക്കുന്ന, കീർത്തിവളർത്തുന്ന
യശസ്കാമ വി. കീർത്തി ആഗ്രഹിക്കുന്ന
യശസ്കായം നാ. യശശ്ശരീരം
യശസ്യ വി. 1. യശസ്സുണ്ടാക്കുന്ന; 2. പ്രശസ്തിയുള്ള; 3. ആദരിക്കപ്പെടുന്ന, മാന്യതയുള്ള. നാ. ജീവന്തി
യശസ്വതി നാ. കീർത്തിയുള്ളവൾ
യശസ്വാൻ നാ. കീർത്തിമാൻ
യശസ്വി വി. കീർത്തിയുള്ള നാ. കീർത്തിമാൻ
യശസ്വിനി നാ. 1. കീർത്തിയുള്ളവൾ; 2. മറിക്കുന്നി; 3. കീരിവള്ളി; 4. വലിയ വാലുഴവം; 5. കാട്ടുപരുത്തി; 6. ഋദ്ധി
യശസ്സ് നാ. 1. കീർത്തി, പ്രശസ്തി, മഹിമ; 2. ശോഭ, ഐശ്വര്യം, അഴക്
യശഃ നാ. യശസ്സ്. ഉദാഃ യശഃകായം
യശഃകായം നാ. യശസ്സാകുന്ന ശരീരം; 2. കീർത്തിയുടെ സമ്പൂർണത
യശഃഖണ്ഡി വി. യശസ്സിനെ നശിപ്പിക്കുന്ന
യശഃപടഹം നാ. കീർത്തിയുടെ പ്രഖ്യാപനം, കീർത്തിയുടെ മുഴക്കം; 2. ഒരു താള വാദ്യം, ഇരുതലയുള്ള പടഹം
യശഃപതാക നാ. കീർത്തിക്കൊടി
യശോദ1 നാ. (പുരാണ) കൃഷ്ണൻെറ വളർത്തമ്മ, നന്ദഗോപൻെറ പത്നി
യശോദ2 വി. യശസ്സ് കൈവരുത്തുന്നത്, കീർത്തി പ്രദാനംചെയ്യുന്നത്
യശോദം നാ. രസം, പാരദം
യശോധന വി. യശസ്സ് ധനമായിട്ടുള്ള, വലിയ യശസ്സുള്ള
യശോധനൻ നാ. യശസ്സ് ധനമായിട്ടുള്ളവൻ, കീർത്തിമാൻ
യശോധര1 വി. യശസ്സിനെ പരിരക്ഷിക്കുന്ന
യശോധര2 നാ. (പുരാണ) സിദ്ധാർഥൻെറ പത്നി

യശോധാമം നാ. കീർത്തിയുടെ ഇരിപ്പിടം
യശോനിധി വി. യശോധന
യശോഭാഗി വി. കീർത്തിസമ്പത്തുള്ള
യശോവതി നാ. ശിവൻെറ നഗരി
യശോഹര വി. യശസ്സിനെ അപഹരിക്കുന്ന, യശസ്സ് നശിപ്പിക്കുന്ന
യശോഹാനി നാ. യശസ്സിൻെറ നാശം, ദുഷ്കീർത്തി
യശോഹീന വി. കീർത്തിയില്ലാത്ത, ഒട്ടും യശസ്സില്ലാത്ത
യഷ്ടാവ് നാ. യാഗംചെയ്യുന്നവൻ
യഷ്ടി നാ. 1. വടി, കമ്പ്; 2. തൂണ്, താങ്ങ്, കഴ; 3. ഗദ; 4. കൊടിക്കാൽ; 5. തണ്ട്, വൃക്ഷത്തിൻെറയോ ചെടിയുടെയോ ശാഖ; 6. ഉലക്ക; 7. വള്ളി; 8. ഇഴ, ചരട്; 9. കനംകുറഞ്ഞു നീണ്ട ഏതെങ്കിലും വസ്തു; 10. കരിമ്പിൻ തണ്ട്; 11. ഇരട്ടിമധുരം; 12. ഭുജം; 13. (പ്ര) ഭോഷൻ
യഷ്ടിക നാ. 1. ചെറിയ കമ്പ്, വടി; 2. ഗദ; 3. മുത്തുമാല; 4. ദീർഘവൃത്താകൃതിയിലുള്ള കുളമോ പൊയ്കയോ; 5. ഇരട്ടിമധുരം
യഷ്ടികം നാ. ഒരു പക്ഷി, കുളക്കോഴി
യഷ്ടിഗ്രഹൻ നാ. ഗദ ധരിച്ചിട്ടുള്ളവൻ
യഷ്ടിത നാ. യഷ്ടിയുടെ ഭാവം, വഷളത്തം
യഷ്ടിമധുകം നാ. ഇരട്ടിമധുരം., നാ. യഷ്ടിമധു, ഇരട്ടിമധുരം
യഷ്ടീകം നാ. 1. യഷ്ടികം; 2. ഇരട്ടിമധുരം
യസ്ത വി. ഏൽപ്പിക്കപ്പെട്ട, നിക്ഷേപിക്കപ്പെട്ട
യസ്മാത് അവ്യ. എന്തിൽനിന്ന്, ഏത് കാരണത്താൽ, എന്തുകൊണ്ടെന്നാൽ
യഹൂ നാ. സന്താനം, ശിശു
യഹൂദൻ നാ. ജൂതൻ
യഹൂദമതം നാ. ജൂതന്മാരുടെ മതം
യഹോവ നാ. സർവശക്തനായ ദൈവം, സർവേശ്വരൻ
യാ1 നാ. 1. ഗതി, ഗമനം, പോക്ക്; 2. വണ്ടി; 3. ധാന്യം; 4. നിരോധം; 5. ലാഭം; 6. ലക്ഷ്മി; 7. ഉപസ്ഥം
യാ2 സ.നാ. (യച്ഛബ്ദം സ്ത്രീലിങ്ഗം പ്ര.പു.ഏ.വ.) യാതൊരുവൾ
യാകൃത വി. യകൃത്തു സംബന്ധിച്ച
യാക്ക നാ. 1. ദേഹം; 2. ബന്ധം
യാക്ക് നാ. വ്യാക്ക്
യാക്കുക ക്രി. കെട്ടുക, ബന്ധിക്കുക
യാക്കൂൺ നാ. വ്യാക്കൂൺ
യാഗകർമം നാ. യാഗത്തിലെ ചടങ്ങ്, അനുഷ്ഠാനം
യാഗം നാ. ദേവപ്രീതിക്കായിനടത്തുന്ന അർപ്പണകർമം, ദേവന്മാർക്കായി ദ്രവ്യങ്ങൾ അർപ്പിച്ചുകൊണ്ടുള്ള യജ്ഞം
യാഗമണ്ഡപം നാ. യാഗം നടത്താനുള്ള മണ്ഡപം, ആരാധനാലയം
യാഗശാല നാ. യാഗം നടത്താനായി ഒരുക്കിയസ്ഥലം, യാഗപ്പുര
യാഗസൂത്രം നാ. യജ്ഞസൂത്രം, യജ്ഞോപവീതം
യാചക വി. 1. താഴ്മയോടെ ചോദിക്കുന്ന, അഭ്യർഥിക്കുന്ന, ഇരക്കുന്ന; 2. യാചകനെ സംബന്ധിച്ച

യാചകൻ നാ. 1. സന്ന്യാസി, ഭിക്ഷു; 2. താഴ്മയായി ആവശ്യപ്പെടുന്നവൻ, അപേക്ഷിക്കുന്നവൻ; 3. ഇരന്നു നടക്കുന്നവൻ, ഇരന്ന് ഉപജീവനം നടത്തുന്നവൻ
യാചനകൻ നാ. യാചകൻ
യാചനം നാ. 1. താഴ്മയായി ചോദിക്കൽ, അപേക്ഷിക്കൽ; 2. ഇരക്കൽ, ഭിക്ഷചോദിക്കൽ; 3. അപേക്ഷ
യാചനീയ വി. യാചിക്കത്തക്ക
യാചി വി. യാചിക്കുന്ന
യാചിക്കുക ക്രി. 1. വിനീതമായി ചോദിക്കുക, താഴ്മയായി ആവശ്യപ്പെടുക, അപേക്ഷിക്കുക; 2. ഇരക്കുക, ഭിക്ഷതെണ്ടുക
യാചിത വി. യാചിച്ചുകിട്ടിയ ഭിക്ഷ
യാചിതകം നാ. ഇരവൽ
യാചിതാവ് നാ. യാചിക്കുന്നവൻ, അപേക്ഷകൻ
യാചിഷ്ണു നാ. യാചിക്കുക ശീലമുള്ളവൻ, പതിവായി യാചിക്കുന്നവൻ
യാചിഷ്ണുത നാ. യാചനാശീലം
യാച്ഞ നാ. 1. അപേക്ഷിക്കൽ; 2. അപേക്ഷ, പ്രാർഥന; 3. ഇരക്കൽ
യാജകൻ നാ. യജിക്കുന്നവൻ, യാഗം നടത്തുന്നവൻ
യാജകം നാ. 1. മദയാന; 2. രാജാവിൻെറ ആന
യാജനം നാ. യാഗംചെയ്യൽ, യാഗം ചെയ്യിക്കൽ
യാജം നാ. 1. ചോറ്; 2. ആഹാരം; 3. ബലി
യാജമാനം നാ. യാഗത്തിൽ യജമാനൻ അനുഷ്ഠിക്കുന്ന ചടങ്ങ്
യാജയിതാവ് നാ. യാഗകർമം അനുഷ്ഠിക്കുന്ന പുരോഹിതൻ
യാജി വി. യജിക്കുന്ന, യാഗം നടത്തുന്ന. നാ. ജയിക്കുന്നവൻ, യാഗം നടത്തുന്നവൻ
യാജിതാവ് നാ. യാഗം ചെയ്യിക്കുന്നവൻ
യാജുഷ വി. യജുർവേദസംബന്ധിയായ
യാജുഷൻ നാ. യജുർവേദി
യാജുഷം നാ. തിത്തിരിപ്പുള്ള്
യാജ്ഞവല്ക്യൻ നാ. (പുരാണ) ഒരു മഹർഷി
യാജ്ഞസേനി നാ. യജ്ഞസേനൻെറ പുത്രി, ദ്രൗപദി
യാജ്ഞിക വി. യജ്ഞത്തെ സംബന്ധിച്ച
യാജ്ഞികൻ നാ. യജ്ഞം (യാഗം) ചെയ്യുന്നവൻ, യജ്ഞത്തിലെ പുരോഹിതൻ
യാജ്ഞികം നാ. 1. അരയാൽ; 2. ചെങ്കരിങ്ങാലി; 3. പ്ലാശ്
യാജ്ഞിക്യം നാ. യജ്ഞവിധികൾ
യാജ്ഞീയ വി. 1. യജ്ഞത്തെ സംബന്ധിച്ച; 2. യജ്ഞത്തിനു യോജിച്ച
യാജ്ഞികൻ നാ. യജ്ഞകർമത്തിൽ പാടവമുള്ളവൻ
യാജ്യ വി. 1. യാഗം നടത്താൻ അനുവദിക്കത്തക്ക; 2. യാഗത്തിൽ അർപ്പിക്കപ്പെടേണ്ടതായ
യാജ്യൻ നാ. ആർക്കുവേണ്ടിയാണോ യാഗം നടത്തുന്നത് അയാൾ, യജമാനൻ
യാജ്യം നാ. യാഗത്തിൽ പുരോഹിതനുകിട്ടുന്ന ദാനം
യാണ് നാ. ഭങ്ഗി

യാണർ നാ. 1. അഴകുള്ളവർ; 2. തച്ചന്മാർ

യാത വി. പോയ, കഴിഞ്ഞ, ലഭിച്ച

യാതന നാ. 1. കഠിനമായ വേദന, തീക്ഷ്ണമായ ദുഃഖം; 2. നരകശിക്ഷ, നരകത്തിലെ പീഡനം; 3. പകവീട്ടൽ

യാതനം നാ. പ്രതികാരം, പ്രതിക്രിയ

യാതനാശരീരം നാ. മരണശേഷം ആത്മാവ് പ്രാപിക്കുന്ന ശരീരം

യാതം നാ. ചലനം, പോക്ക്, പുരോഗതി, നടത്ത, ഗതി

യാതയാമ വി. 1. ഉപയോഗിക്കപ്പെട്ട; 2. ഉപയോഗിച്ചു ചീത്തയായ; 3. ഉപയോഗശൂന്യമായ; 4. ഉപേക്ഷിക്കപ്പെട്ട; 5. പരിക്ഷീണമായ; 6. പഴകിയ, വാർധക്യം ബാധിച്ച; 7. പാകംവരാത്ത, പാതിവിളഞ്ഞ

യാതവ്യ വി. 1. പോകേണ്ടതായ; 2. ആക്രമിക്കേണ്ടതായ

യാതവ്യത നാ. യാത്രപുറപ്പെടേണ്ടതിൻെറ ആവശ്യകത

യാതാപയാതം നാ. പോക്കുവരവ്

യാതായാതം നാ. പോക്കുവരവ്

യാതാവ്1 നാ. 1. പൊയ്ക്കൊണ്ടിരിക്കുന്നവൻ, യാത്രക്കാരൻ; 2. വണ്ടിയോടിക്കുന്നവൻ; 3. പകരം വീട്ടുന്നവൻ

1231

യാതാവ്2 നാ. ഭർത്തൃസഹോദരൻെറ ഭാര്യ

യാതി ക്രി. പോകുന്നു

യാതികൻ നാ. യാത്രക്കാരൻ, സഞ്ചാരി

യാതു നാ. 1. പോകുന്നവൻ, യാത്രക്കാരൻ; 2. ആഭിചാരം, ദുർമന്ത്രവാദം; 3. രക്ഷസ്സ്, രാക്ഷസൻ; 4. കാറ്റ്; 5. സമയം

യാതുഘ്നം നാ. ഗുൽഗുലു

യാതുധാനൻ നാ. 1. രാക്ഷസൻ; 2. രക്ഷസ്സ്, പിശാച്; 3. മായാവി

യാതും അവ്യ. പോകാൻ, യാത്രചെയ്യാൻ

യാതൃ വി. 1. പോകുന്ന, യാത്രചെയ്യുന്ന; 2. തേടിപ്പോകുന്ന; 3. ചെല്ലുന്ന; 4. സവാരിചെയ്യുന്ന

യാതൃകൻ നാ. യാത്രചെയ്യുന്നവൻ

യാതൊന്ന് സ.നാ. ഏതൊന്ന്

യാതൊരു വി. ഏതൊരു, ഏത്

യാതൊരിക്കൽ അവ്യ. എപ്പോൾ, ഏതുസമയത്ത്

യാത്ര നാ. 1. പോകൽ, ഒരിടത്തുനിന്ന് മറ്റൊരിടത്തേക്കു മാറിപ്പോകൽ, സഞ്ചാരം; 2. പുറപ്പെടൽ, പുറപ്പാട്; 3. ദേശാടനം, തീർഥയാത്ര; 4. ഘോഷയാത്ര; 5. സൈന്യങ്ങളുടെ സങ്ഘടിതമായ നീക്കം; 6. അന്വേഷണാർഥമുള്ള സഞ്ചാരം; 7. കാലക്ഷേപം; 8. സഞ്ചാരമാർഗം; 9. ഉത്സവാഘോഷം; 10. ബങ്ഗാളിലെ ഒരു നാടോടിക്കലാരൂപം, ജാത്ര; 11. കേരളത്തിലെ ഒരു കലാരൂപം, യാത്രക്കളി; 12. ദേശാചാരം

യാത്രക്കളി നാ. കേരളത്തിലെ പരമ്പരാഗതമായ ഒരു നാടകീയ കലാരൂപം

യാത്രക്കാരൻ നാ. യാത്രചെയ്യുകൊണ്ടിരിക്കുന്നവൻ, സഞ്ചാരി, വഴിപോക്കൻ

യാത്രാഗൃഹം നാ. യാത്രക്കാർക്കു തങ്ങാനുള്ള സത്രം, വിശ്രമമന്ദിരം

യാത്രായോഗം നാ. യാത്രപുറപ്പെടാൻ ഉചിതമായ സമയം

യാത്രാശൂലം നാ. യാത്രപുറപ്പെടാൻ യോജിച്ചതല്ലാത്ത സമയം, യാത്രയ്ക്ക് അശുദ്ധമായ സമയം
യാത്രി നാ. യാത്രക്കാരൻ
യാത്രിക വി. 1. യാത്രയെ സംബന്ധിച്ച; 2. ഉപജീവനത്തോടു ബന്ധപ്പെട്ട; 3. പതിവിൻപടിയുള്ള, ദേശാചാരപ്രകാരമുള്ള
യാത്രികൻ നാ. ദേശാടനംചെയ്യുന്നവൻ
യാത്രികം നാ. യാത്ര, യാത്രയ്ക്കുള്ള തുടക്കം
യഥാകാമ്യം നാ. സ്വേച്ഛാനുസൃതമായി പ്രവർത്തിക്കൽ
യാഥാതഥ്യം നാ. 1. വാസ്തവം, വാസ്തവത്തിലുള്ളത്; 2. ഔചിത്യം; 3. യഥാതഥമായരീതി, ഉള്ളതുപോലെ പറയുകയോ ചിത്രീകരിക്കുകയോ ചെയ്യുന്ന സമ്പ്രദായം
യാഥാർഥിക വി. യഥാർഥമായ, വാസ്തവികമായ
യാഥാർഥ്യം നാ. 1. യഥാർഥമായ അവസ്ഥ, വാസ്തവത്തിലുള്ള സ്ഥിതി, സത്യാവസ്ഥ; 2. യഥാർഥ വസ്തുത, സത്യം, പരമാർഥം; 3. വാസ്തവത്തിലുള്ളത്, നിലവിലുള്ളത്
യാഥാസ്ഥിതിക വി. 1. നിലവിലിരിക്കുന്ന അവസ്ഥയിലുള്ള, സ്ഥിതിചെയ്യുന്ന നിലയിലുള്ള; 2. നിലവിലുള്ള സ്ഥിതിയെ അതേപടി നിലനിർത്തുന്ന; 3. നിലവിലുള്ള സ്ഥിതിഗതികളെ പരിരക്ഷിക്കണമെന്ന അഭിപ്രായമുള്ള. (പ്ര) യാഥാസ്ഥിതികകക്ഷി = നിലവിലുള്ളസ്ഥിതി അതേപടി തുടരണമെന്നു വാദിക്കുന്ന രാഷ്ട്രീയ കക്ഷി, ബ്രിട്ടനിലെ പ്രധാനപ്പെട്ട രാഷ്ട്രീയകക്ഷികളിൽ ഒന്ന്
യാഥാസ്ഥിതികത്വം നാ. യാഥാസ്ഥിതികൻെറ ഭാവം, മാമൂൽപ്രിയൻെറ ചിന്താഗതി, നിലവിലുള്ള അവസ്ഥയെ അതേപടി പരിരക്ഷിക്കണമെന്ന വാദം
യാഥാസ്ഥിതികൻ നാ. 1. നിലവിലുള്ള സ്ഥിതിഗതികളെ അതേമട്ടിൽ നിലനിർത്തണമെന്ന് ആഗ്രഹിക്കുന്നവൻ; 2. നിലവിലുള്ള ആചാരങ്ങളേയും സമൂഹഘടനയെയും മറ്റും പരിരക്ഷിക്കണമെന്നു ചിന്തിക്കുന്നവൻ
യാദവ വി. 1. യദുവിനോടു ബന്ധപ്പെട്ട, യദുവിൽനിന്ന് ഉണ്ടായ; 2. യദുവിൻെറ വംശപരമ്പരയിൽപ്പെട്ട
യാദവൻ നാ. 1. യദുവിൻെറ വംശത്തിൽ ജനിച്ചവൻ; 2. യാദവർ എന്നറിയപ്പെടുന്ന ജനവിഭാഗത്തിൽപ്പെട്ടവൻ; 3. ശ്രീകൃഷ്ണൻ
യാദവം നാ. കന്നുകാലിക്കൂട്ടം
യാദവി നാ. 1. (പുരാണ) യാദവവംശത്തിലോ യാദവജാതിയിലോപെട്ട സ്ത്രീ; 2. ദുർഗ; 3. ഉമ; 4. കുന്തി; 5. സഗരൻെറ മാതാവ്
യാദസാംപതി നാ. സമുദ്രം, വരുണൻ (യാദസ്സുകളുടെ നാഥൻ)
യാദസ്സ് നാ. 1. വലിപ്പമേറിയ ജലജന്തു; 2. ജലം; 3. നദി; 4. ശുക്ലം
യാദസ്പതി നാ. യാദസാംപതി
യാദാസ്ത് [പേർ] നാ. വിവരക്കുറിപ്പ്, ഓർമ്മക്കുറിപ്പ്, മഹസ്സർ
യാദഃപതി നാ. യാദസ്പതി, സമുദ്രം
യാദു നാ. ജലം, ദ്രവം
യാദൃച്ഛിക വി. യദൃച്ഛയായുള്ള, അവിചാരിതമായ
യാദൃശ വി. യാതൊരുവിധത്തിലുള്ള
യാദോനാഥൻ നാ. യാദഃപതി, സമുദ്രം

യാദോനിധി നാ. യാദോനാഥൻ
യാനകം നാ. വാഹനം നിർമിക്കുന്നവൻ, ആശാരി
യാനഖേദം നാ. യാത്രാക്ലേശം, യാത്രാക്ഷീണം
യാനപാത്രം നാ. ജലത്തിൽ സഞ്ചരിക്കാനുള്ള വാഹനം, കപ്പൽ ബോട്ട് വഞ്ചി തുടങ്ങിയവയിൽ ഒന്ന്
യാനം നാ. 1. യാത്ര, സഞ്ചാരം; 2. ആന, തേര്, കപ്പൽ മുതലായ ഏതെങ്കിലും വാഹനം; 3. വഴി, മാർഗം; 4. സൈനികോപായങ്ങളിൽ ഒന്ന്, ശത്രുവിൻെറ പിന്നാലെചെന്ന് ആക്രമിക്കാനുള്ള പുറപ്പാട്
യാനമുഖം നാ. വാഹനത്തിൻെറ മുൻഭാഗം
യാന്ത്രിക വി. 1. യന്ത്രത്തെ സംബന്ധിച്ച, യന്ത്രം ഉപയോഗിച്ചുള്ള; 2. യന്ത്രതുല്യമായ, കൃത്രിമമായ
യാപക വി. പോക്കുന്ന, വരുത്തുന്ന, ആനയിക്കുന്ന, പ്രദാനംചെയ്യുന്ന
യാപന വി. 1. പോക്കുന്ന, പോകാൻ ഇടയാക്കുന്ന; 2. അവസാനിപ്പിക്കുന്ന; 3. ശമിപ്പിക്കുന്ന (രോഗം) മാറ്റുന്ന; 3. ജീവിതം നീട്ടിക്കൊണ്ടുപോകുന്ന, ജീവിതത്തെ നിലനിർത്തുന്ന
യാപനം നാ. 1. പോക്കൽ, പോകാൻ ഇടയാക്കൽ; 2. കാലം പോക്കൽ, കാലവിളംബം; 3. ചികിത്സിച്ചു മാറ്റൽ, ശമിപ്പിക്കൽ
യാപിക്കുക ക്രി. സമയംപോക്കുക, കാലക്ഷേപം ചെയ്യുക
യാപിത വി. യാപനം ചെയ്യപ്പെട്ട
യാപ്പ് നാ. 1. കെട്ട്, ഏപ്പ്, ബന്ധിക്കൽ; 2. നിബന്ധനം (കാവ്യ) രചന
യാപ്യം നാ. 1. നീക്കംചെയ്യാവുന്നത്, ശമിപ്പിക്കാവുന്നത്; 2. നിസ്സാരം; 3. നേരമ്പോക്ക്
യാമ1 വി. യമനെ സംബന്ധിച്ച
യാമ2 നാ. രാത്രി
യമകം നാ. പുണർതം നക്ഷത്രം
യാമക്കോഴി നാ. ഏഴരനാഴിക വെളുപ്പിനു കണിശമായി കൂവുന്ന കോഴി
യാമഘോഷം നാ. 1. പൂവൻകോഴി; 2. യാമംതോറുമുള്ള മണിയടി
യാമതുര്യം നാ. കോഴി
റ്റാമപതി നാ. ചന്ദ്രൻ
യാമം നാ. 1. ഏഴരനാഴികകൂടിയ സമയം, മൂന്നുമണിക്കൂർ; 2. അടക്കം, സംയമം ചെയ്യൽ; 3. അർധരാത്രി
യാമല നാ. പാർവതി, ദുർഗ
യാമലം നാ. ഇരട്ട, ജോഡി
യാമവതി നാ. 1. യാമങ്ങളോടുകൂടിയത്, രാത്രി; 2. മഞ്ഞൾ
യാമവൃത്തി നാ. രാത്രിയിലെ കാവൽ ജോലി
യാമാർധം നാ. യാമത്തിൻെറ പകുതി, മൂന്നേമുക്കാൽ നാഴിക
യാമി1 നാ. 1. കുലസ്ത്രീ; 2. സഹോദരി; 3. രാത്രി (യാമവതി); 4. പുത്രി; 5. പുത്രൻെറ ഭാര്യ; 6. തെക്കുദിക്ക്
യാമി2 ക്രി. (യാ ധാതു ലട് പരസ്മൈപദി ഉ.പൂ.ഏ.വ.) ഞാൻ പോകുന്നു
യാമിക നാ. 1. യാമവതി, രാത്രി; 2. മഞ്ഞൾ

യാമികൻ നാ. 1. തവണ അനുസരിച്ച് രാത്രി കാവൽ നിൽക്കുന്നവൻ; 2. യാമം അറിയുന്നവൻ
യാമികാപതി നാ. രാത്രിയുടെ പതി, ചന്ദ്രൻ
യാമിനി നാ. 1. യാമങ്ങളോടുകൂടിയത്, രാത്രി; 2. മഞ്ഞൾ
യാമിനീവിരഹം നാ. രാത്രിയിൽ വിരഹം അനുഭവിക്കുന്നത്, ചക്രവാകം
യാമുന വി. യമുനയെ സംബന്ധിച്ച, യമുനയിലുള്ള, യമുനയിൽ ഉണ്ടായ
യാമേയൻ നാ. യാമിയുടെ പുത്രൻ, സഹോദരീപുത്രൻ
യാമ്യ വി. 1. യമനെ സംബന്ധിച്ച; 2. തെക്കുദിക്കിലുള്ളത്
യാമ്യൻ നാ. 1. ശിവൻ; 2. വിഷ്ണു; 3. യമൻെറ കിങ്കരൻ
യാമ്യായനം നാ. ദക്ഷിണായനം
യായജുകൻ നാ. പതിവായി യാഗംചെയ്യുന്നവൻ
യായാവര വി. അലഞ്ഞുതിരിയുന്ന, തെണ്ടി നടക്കുന്ന, നിരന്തരം യാത്രചെയ്യുന്ന ശീലമുള്ള
യായാവരൻ നാ. 1. യോഗി; 2. ഭിക്ഷു; 3. (പുരാണ) ജരത്കാരു മഹർഷി
യായാവരം നാ. അശ്വമേധയാഗത്തിനുള്ള കുതിര
യായി വി. പോകുന്ന. നാ. പോകുന്നവൻ
യായിനി നാ. പോകുന്നവൾ
യാവ വി. യവത്തെ സംബന്ധിച്ച
യാവൻ സ.നാ. യാതൊരുവൻ, ഏതൊരുവൻ
യാവകം നാ. 1. പകുതി വിളഞ്ഞ യവം; 2. മുതിര; 3. പടുതോര; 4. ചെമ്പഞ്ഞിച്ചാറ്; 5. അരക്ക്
യാവച്ഛക്യം അവ്യ. കഴിവുള്ളിടത്തോളം
യാവജ്ജീവം അവ്യ. ജീവിച്ചിരിക്കുന്നിടത്തോളം
യാവത് അവ്യ. യാതൊരിക്കൽ, എത്ര, എപ്പോൾ
യാവദന്തം അവ്യ. അവസാനംവരെ
യാവൻ നാ. യാതൊരുവൻ, ഏതൊരുവൻ
യാവന നാ. ജീവിതം കഴിച്ചുകൂട്ടൽ
യാവനം നാ. 1. അറബിക്കുന്തുരുക്കം (യവനദേശത്തു തയ്യാറാക്കിയത്); 2. ധൂപം; 3. കൂട്ടിച്ചേർക്കൽ
യാവം നാ. 1. അരക്ക്; 2. കോലരക്ക്; 3. യവകൊണ്ട് ഉണ്ടാക്കിയ അപ്പം
യാവർ സ.നാ. ഏതൊരുത്തർ
യാവശുകം നാ. 1. ചവർക്കാരം; 2. വെടിയുപ്പ്
യാവാ നാ. 1. കുതിരസ്സവാരിക്കാരൻ; 2. ആക്രമണകാരി
യാവ്യ വി. കൂട്ടിച്ചേർക്കത്തക്ക, കലർത്തത്തക്ക
യാഷ്ടിക വി. യഷ്ടിധരിച്ച, വടി (ആയുധം) കൈയിലുള്ള
യാസന നാ. നിഷ്ഠ
യാസം നാ. ആയാസം, പ്രയത്നം
യാസ്കൻ നാ. പ്രാചീനഭരതത്തിലെ നിരുക്തകാരന്മാരിൽ ഒരാൾ
യാൾ, യാഴ് നാ. ദ്രാവിഡരുടെ വീണ
യാൾപ്പാണം നാ. ജാപ്പാണം
യാളി, യാഴി നാ. സിംഹം

യിയക്ഷമാണ വി. യാഗംചെയ്യാൺ ഇച്ഛിക്കുന്ന
യിയാനൻ നാ. യാനംചെയ്യാൺ ആഗ്രഹിക്കുന്നവൻ
യിയാസ നാ. യാനംചെയ്യാനുള്ള ഇച്ഛ, യാത്രചെയ്യാനുള്ള ആഗ്രഹം
യിയാസു നാ. പോകാൻ ആഗ്രഹിക്കുന്നവൻ, യാത്രചെയ്യാൻ ആശിക്കുന്നവൻ
യുക്ക് വി. യോജിച്ച, കൂടിയ. നാ. 1. യോജിപ്പിക്കുന്നവൻ; 2. ഇരട്ട
യുക്ത വി. 1. യോജിപ്പിച്ച, ചേർത്ത, ഘടിപ്പിച്ച; 2. യോജിച്ച, ശരിയായ; 3. ബന്ധിച്ച, സജ്ജമാക്കിയ; 4. ഉപയുക്തമാക്കിയ, പ്രയോജനപ്പെടുത്തിയ; 5. പ്രവർത്തനനിരതമാക്കിയ, നിമഗ്നമായ
യുക്തം നാ. 1. യോജിച്ചത്, ഉചിതമായത്, തക്കത്; 2. ന്യായമായിട്ടുള്ളത്; 3. ശരിയായിട്ടുള്ളത്; 4. ഔചിത്യം, ചേർച്ച; 5. ചേർപ്പ്, ബന്ധം; 6. നുകം
യുക്തി നാ. 1. യോജിപ്പ്, യോജിക്കൽ; 2. കാര്യകാരണബന്ധം കണ്ടെത്തുകയും ആവിഷ്കരിക്കുകയും ചെയ്യുന്ന പ്രക്രിയ; 4. സജ്ജമാക്കൽ, സമീപനം; 5. കാര്യകാരണബന്ധത്തോടുകൂടിയുള്ള ചിന്ത
യുക്തിഭങ്ഗം നാ. 1. കാര്യകാരണബന്ധമില്ലായ്മ, ബന്ധം നഷ്ടപ്പെടൽ; 2. ചേർച്ചക്കേട്, അസാങ്ഗത്യം
യുക്തിമത്ത് വി. യുക്തിയുള്ള, യുക്തിയോടുകൂടിയ, കാര്യകാരണബന്ധമുള്ള
യുക്തിവാദം നാ. 1. കാര്യകാരണബന്ധത്തോടുകൂടിയുള്ള വാദം; 2. കാര്യകാരണബന്ധത്തെ പ്രമാണമാക്കിക്കൊണ്ടുള്ള ചിന്താപദ്ധതി, തർക്കശാസ്ത്രപദ്ധതി; 3. മീമാംസ
യുക്തിവാദി നാ. 1. കാര്യകാരണബന്ധത്തെ പ്രമാണമാക്കിക്കൊണ്ടു ചിന്തിക്കുകയും വാദിക്കുകയും ചെയ്യുന്നവൻ; 2. യുക്തിയെമാത്രം പ്രമാണമായി അങ്ഗീകരിക്കുന്നവൻ; 3. മീമാംസകൻ
യുക്തിസഹ വി. യുക്തിക്കുനിരക്കുന്ന
യുഗകീലകം നാ. നുകക്കുഴി, നുകക്കൈ
1233
യുഗക്ഷയം നാ. യുഗാവസാനം, ലോകനാശം
യുഗധർമം നാ. ഓരോ യുഗത്തിലും അനുഷ്ഠിക്കേണ്ട ധർമം
യുഗന്ധരം നാ. 1. നുകംവച്ചുകെട്ടാനുള്ള തണ്ട്; 2. (പുരാണ) ഒരു പർവതം
യുഗപത് അവ്യ. ഒരുമിച്ച്, ഒരേ സമയത്ത്
യുഗപത്കർമം നാ. ഒരുമിച്ച് നടക്കുന്ന കർമം, ഒരേ സമയത്തുചെയ്യുന്ന പ്രവൃത്തി
യുഗപ്രളയം നാ. യുഗാവസാനത്തിലുള്ള പ്രളയം
യുഗം നാ. 1. ജോഡി, യുഗ്മം, യുഗളം; 2. കാലഘട്ടം; 3. ചതുർ യുഗങ്ങളിൽ ഒന്ന്; 4. മനുഷ്യചരിത്രത്തിൻെറ ഒരു ദശ. ഉദാഃ ശിലായുഗം, താമ്രയുഗം; 5. തലമുറ; 6. നുകം; 7. ഋദ്ധി; 8. ഒരളവ്, നാലുമുഴം
യുഗളം നാ. ഇരട്ട, ജോഡി. ഉദാഃ പദയുഗളം
യുഗാധ്യക്ഷൻ നാ. 1. ശിവൻ; 2. (പുരാണ) പ്രജാപതി
യുഗാന്തം നാ. 1. മറ്റൊരു യുഗം; 2. മറ്റൊരു തലമുറ, അടുത്ത തലമുറ; 3. സവിശേഷമായ ഒരുതരം നുകം
യുഗ്മകം നാ. 1. ഇരട്ട; 2. (ജ്യോ) മിഥുനം രാശി; 3. ഒരുമിച്ച് അന്വയിക്കേണ്ട രണ്ടു ശ്ലോകങ്ങൾ; 4. നദീസങ്ഗമം
യുഗ്മജ വി. ഇരട്ടപെറ്റ

യുഗ്മനം നാ. 1. യുഗ്മമാകൽ, ഇരട്ടയാകൽ; 2. ഇരട്ടയാക്കൽ; 3. ഇരട്ടിക്കൽ
യുഗ്മം നാ. 1. ഇരട്ട, ജോഡി; 2. ചേർച്ച; 3. ശ്ലോകത്തിലെ രണ്ടും നാലും വരികൾ
യുഗ്മരാശി നാ. ഇടവം കർക്കടകം കന്നി വൃശ്ചികം മകരം മീനം എന്നീ രാശികളിൽ ഒന്ന്
യുഗ്മാദ്രി നാ. ഒരു നരകം
യുഗ്മിത നാ. 1. യുഗ്മനം ചെയ്ത, ഇരട്ടയാക്കിയ; 2. ഇരട്ടിച്ച
യുഗ്യ വി. 1. നുകത്തിൽ ഒരുമിച്ച് കെട്ടത്തക്ക; 2. വലിക്കപ്പെട്ട
യുഗ്യം നാ. 1. തേര്, വണ്ടി, വാഹനം; 2. നുകത്തിൽ കെട്ടുന്ന മൃഗം, വണ്ടിവലിക്കുന്ന മൃഗം
യുഗ്യവാഹൻ നാ. 1. വണ്ടിക്കാരൻ; 2. തേരോടിക്കുന്നവൻ
യുജ്യ വി. 1. ബന്ധപ്പെട്ട; 2. പൊരുത്തമുള്ള, ഐകരൂപ്യമുള്ള; 3. യോജിച്ച, ചേർച്ചയുള്ള; 4. ഉചിതമായ, പറ്റിയ; 5. ശേഷിയുള്ള
യുജ്യം നാ. 1. യോജിപ്പ്, ചേർച്ച; 2. ബന്ധം
യുഞ്ജാന വി. 1. യോജിക്കുന്ന, യോജിപ്പിക്കുന്ന; 2. ക്രമീകരിക്കുന്ന; 3. ഉചിതമായ, തക്കതായ; 4. ഐശ്വര്യമുള്ള
യുഞ്ജാനൻ നാ. 1. തേർ തെളിക്കുന്നവൻ, വണ്ടിക്കാരൻ; 2. യോഗാഭ്യാസം ചെയ്യുന്നവൻ, ബ്രാഹ്മണൻ
യുത നാ. (പദാന്ത്യ) ചേർന്ന, ചേർന്നിരിക്കുന്ന, സംയുക്തമായ
യുതക വി. ഒരുമിച്ചുകൂട്ടിയ, സംയുക്തമായ
യുതകം നാ. 1. ജോഡി; 2. ഒരുതരം തുണി, ഒരിനം ഉടയാട; 3. വസ്ത്രത്തിൻെറ വക്ക്; 4. മുറത്തിൻെറ വക്ക്; 5. സൗഹൃദം
യുതം നാ. നീളത്തിൻെറ ഒരളവ്, നാലുമുഴം കൂടിയത്
യുതാനം നാ. 1. ജാമ്യം; 2. മുൻകരുതൽ
യുതി നാ. 1. യോജിപ്പ്, ചേർച്ച, യോഗം; 2. ചേർപ്പ്; 3. ഊഹയോഗം; 4. ആകെത്തുക, കൂട്ടിച്ചേർക്കേണ്ട എണ്ണം; 5. കൈവശമായ
യുദ്ധക്കളം നാ. യുദ്ധരങ്ഗം
യുദ്ധഭേരി നാ. യുദ്ധസമയത്തു മുഴക്കുന്ന പെരുമ്പറ
യുദ്ധം നാ. 1. സമരം, പോര്, സൈന്യങ്ങളും ആയുധങ്ങളും ഉപയോഗിച്ചുള്ള ഏറ്റുമുട്ടൽ; 2. വ്യക്തികൾതമ്മിലുള്ള അങ്കം, മല്ലയുദ്ധം, ദ്വന്ദ്വയുദ്ധം; 3. (ജ്യോ) ഗ്രഹയുദ്ധം, ഗ്രഹങ്ങൾതമ്മിലുള്ള ഏറ്റുമുട്ടൽ; 4. ബലപരീക്ഷ, മത്സരം; 5. സങ്ഘർഷം
യുദ്ധരങ്ഗം നാ. യുദ്ധം നടക്കുന്ന സ്ഥലം, യുദ്ധക്കളം
യുദ്ധവീരൻ നാ. വീരനായ യോദ്ധാവ്
യുധാ നാ. യുദ്ധം
യുധാനൻ നാ. 1. യോദ്ധാവ്; 2. ക്ഷത്രിയൻ; 3. എതിരാളി, ശത്രു
യുധിഷ്ഠിരൻ നാ. ധർമപുത്രർ, പാണ്ഡവന്മാരിൽ മൂത്തയാൾ, ഭീമൻെറയും അർജുനൻെറയും ജ്യേഷ്ഠൻ
യുധ്യമാന നാ. യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്ന
യുയു നാ. കുതിര
യുയുത്സ നാ. യുദ്ധംചെയ്യാനുള്ള ആഗ്രഹം

യുയുത്സു വി. 1. യുദ്ധംചെയ്യാൻ ആഗ്രഹിക്കുന്ന. നാ. 1. പോരാടാൻ കൊതിക്കുന്നവൻ, പോരാളി; 2. (പുരാണ) തന്നെ ശുശ്രൂഷിച്ചുപോന്ന ഒരു വൈശ്യസ്ത്രീയിൽ ധൃതരാഷ്ട്രർക്ക് ജനിച്ച പുത്രൻ

യുയുധാനൻ നാ. 1. ഇന്ദ്രൻ; 2. സാത്യകി (പാണ്ഡവന്മാരുടെ ഒരു സഹായി); 3. യോദ്ധാവ്; 4. ക്ഷത്രിയൻ

യുവ വി. 1. യൗവനം സംബന്ധിച്ച, യൗവനപ്രായമായ, യുവത്വമുള്ള; 2. ചെറുപ്പമായ, പ്രായംകുറഞ്ഞ; 3. ഇളമക്കാരനായ, ഇളയ. ഉദാ: യുവരാജാവ്; 4. ഇളപ്പമുള്ള, പൂർണവളർച്ച പ്രാപിച്ചിട്ടില്ലാത്ത

യുവകൻ നാ. യുവാവ്

യുവത നാ. യൗവനം, യുവത്വം

യുവതി നാ. 1. യൗവനവതിയായ സ്ത്രീ, പ്രായപൂർത്തിയാകാത്ത പെൺകുട്ടി; 2. മഞ്ഞൾ

യുവത്വം നാ. യുവാവിൻെറ അവസ്ഥ, യൗവനം

യുവന്യു വി. യൗവനയുക്തനായ, യുവത്വമുള്ള

യുവരാജൻ നാ. കിരീടാവകാശിയായ രാജകുടുംബാങ്ഗം

യുവരാജാവ് നാ. യുവരാജൻ

യുവാനക വി. യുവത്വമുള്ള, ചെറുപ്പമായ

യുവാവ് നാ. യൗവനത്തിൽ കഴിയുന്ന പുരുഷൻ, കൗമാരം കഴിഞ്ഞവനും മധ്യവയസ്സിൽ എത്തിയിട്ടില്ലാത്തവനുമായ പുരുഷൻ, പ്രായപൂർത്തിയായ ചെറുപ്പക്കാരൻ

യുഷ്മക വി. നിങ്ങളുടെ, നിങ്ങളുടെതായ

യുഷ്മത് സ.നാ. നിങ്ങളെ സംബന്ധിച്ച, നിങ്ങളുടെ

യുഷ്മദീയ സ.നാ. നിന്നെ സംബന്ധിച്ച, നിങ്ങളുടേതായ

യുഷ്മാദൃശന്മാർ നാ. നിങ്ങളെപ്പോലെയുള്ളവർ

യൂകം നാ. പേൻ

യൂക്കാലി(പ്റ്റസ്) [ഇം.] നാ. 1. ഒരിനം വൃക്ഷം, പശമരം; 2. ആ മരത്തിൽനിന്നെടുക്കുന്ന തൈലം

യൂണിഫോറം [ഇം.] നാ. 1. ഐകരൂപ്യമുള്ള വേഷം, ഒരു നിശ്ചിതവിഭാഗത്തിൽപ്പെട്ടവരെല്ലാം ധരിക്കേണ്ട വേഷം. ഉദാ: സ്കൂൾ യൂണിഫോറം, പോലീസ് കോൺസ്റ്റബിൾ മാരുടെ യൂണിഫോറം; 2. ഔദ്യോഗികമായി നിശ്ചയിച്ചിട്ടുള്ള വേഷം

യൂണിയൻ [ഇം.] നാ. 1. ഐക്യം; 2. സംയുക്തമായത്; 3. സങ്ഘം, സങ്ഘടന; 4. തൊഴിലാളി സങ്ഘടന

യൂണിവേർസിറ്റി [ഇം.] നാ. സർവകലാശാല

യൂണിറ്റ് [ഇം.] നാ. 1. അടിസ്ഥാനഘടകം, ഏറ്റവും ചെറിയ ഘടകം; 2. അളവ് തൂക്കം തുടങ്ങിയവയുടെ അടിസ്ഥാനഘടകം, ഏകകം. ഉദാ: രേഷൻ യൂണിറ്റ്

യൂതകം നാ. 1. യോനിസംബന്ധം; 2. സ്ത്രീധനം (യൗതകം); 3. ജോഡി; 4. സഖ്യം; 5. വസ്ത്രത്തിൻെറയും മറ്റും അരിക്; 6. സംശയം

യൂതി നാ. യോജിപ്പിക്കൽ, കൂട്ടിച്ചേർക്കൽ, ഏകീകരിക്കൽ

യൂഥനാഥൻ നാ. 1. സങ്ഘത്തലവൻ; 2. ആനപ്പറ്റത്തിൻെറ തലവൻ; 3. സേനാനായകൻ

യൂഥപതി നാ. യൂഥനാഥൻ

യൂഥം നാ. 1. കൂട്ടം (പക്ഷികളുടെയും മൃഗങ്ങളുടെയും) പറ്റം; 2. ആൾക്കൂട്ടം; 3. സൈന്യം; 4. വമ്പിച്ച സമൂഹം, രാശി; 5. എണ്ണം
യൂദൻ നാ. ജൂതൻ
യൂദാ[ഹീ] നാ. (ക്രിസ്തു) യേശുവിൻെറ പ്രഥമ ശിഷ്യന്മാരിൽ ഒരുവൻ, ഗുരുവിനെ ഒറ്റിക്കൊടുത്ത ശിഷ്യൻ
യൂപകടകം നാ. യജ്ഞസ്തംഭത്തിൻെറ മുകളറ്റത്തു ഘടിപ്പിക്കുന്ന മരവളയം
യൂപദാരു നാ. യജ്ഞസ്തംഭത്തിന് ഉപയോഗിക്കുന്ന തടി
യൂപം നാ. 1. കുറ്റി, തൂണ്, സ്തംഭം; 2. യജ്ഞം നടത്തുമ്പോൾ ബലിമൃഗത്തെ കെട്ടിനിർത്താനുള്ള കുറ്റി; 3. ഇത്തിയാൽ
യൂയം സ.നാ. (യുഷ്മച്ഛബ്ദം പ്ര.പു.ബ.വ.) നിങ്ങൾ
യൂഷം നാ. 1. ഒഴിച്ചുകൂട്ടാനുള്ള ഒരുതരം കറി, പരിപ്പ് തുടങ്ങിയവ വേവിച്ചൂറ്റിയെടുത്ത വെള്ളംകൊണ്ടു തയ്യാറാക്കുന്നത്; 2. പരിപ്പുകറി; 3. ഒരിനം മൾബറി മരം
യൂറേഷ്യ [ഇം.] നാ. യൂറോപ്പും ഏഷ്യയും ചേർന്ന ഭൂപ്രദേശം
യൂറോപ്പ് [ഇം.] നാ. ഏഷ്യയ്ക്ക് പടിഞ്ഞാറും ആഫ്രിക്കയ്ക്കു വടക്കും അറ്റ്ലാൻറിക് സമുദ്രത്തിനു കിഴക്കുമായി സ്ഥിതിചെയ്യുന്ന ഭൂഖണ്ഡം
യൂറോപ്യന്മാർ [ഇം.] നാ. 1. യൂറോപ്പിൽ വസിക്കുന്നവർ; 2. യൂറോപ്പിലെ പരമ്പരാഗതവർഗങ്ങളിൽപ്പെട്ട ജനങ്ങൾ
യെൻ [ജാപ്] നാ. ജപ്പാനിലെ അടിസ്ഥാന നാണയം
യേ സ.നാ. (യച്ഛബ്ദം പ്ര.പു.ബ.വ.) യാവർ
യേന സ.നാ. (യച്ഛബ്ദം ചതുർഥി ഏ.വ.) ആരാൽ, ഏതിനാൽ, എന്തിനാൽ. ക്രി. എന്തുകൊണ്ട്, എങ്ങനെ
യേശു [സുറി] നാ. യേശുക്രിസ്തു. ക്രിസ്തുമതസ്ഥാപകൻ
യോക്താവ് നാ. 1. യോജിപ്പിക്കുന്നവൻ; 2. പ്രേരകൻ; 3. വണ്ടിക്കാരൻ
യോക്ത്രം നാ. 1. യോജിപ്പിക്കുന്നത്, ബന്ധിപ്പിക്കുന്നത്; 2. കയർ; 3. അമിക്കയറ്
യോഗകക്ഷ നാ. യോഗപട്ടം
യോഗകന്യ നാ. (പുരാണ) യശോദപ്രസവിച്ച ശിശുവായ പെൺകുട്ടി
യോഗകരണം നാ. കൂട്ടിച്ചേർക്കൽ
യോഗക്കാർ നാ. സഭയിലെ അങ്ഗങ്ങൾ
യോഗക്ഷേമം നാ. 1. ശരീരസൗഖ്യം; 2. വസ്തുവകകളുടെ രക്ഷ; 3. സമൂഹത്തിൻെറ പൊതുവായ ക്ഷേമം
യോഗചക്ഷുസ്സ് നാ. ധ്യാനത്തിൽ ചക്ഷുസ്സ് കേന്ദ്രീകരിച്ചവൻ, ബ്രാഹ്മണൻ
യോഗചരൻ നാ. ഹനുമാൻ
യോഗചര്യ നാ. യോഗസംബന്ധികളായ കർമങ്ങളുടെ അനുഷ്ഠാനം
യോഗചി ം നാ. (ഗണിത) സങ്കലനചി ം, കൂട്ടലിനെ കാണിക്കുന്ന അടയാളം
യോഗജ്ഞൻ നാ. യോഗവിദ്യ ഗ്രഹിച്ചവൻ
യോഗതാരം നാ. (ജ്യോ) നക്ഷത്ര സമൂഹത്തിലെ പ്രധാന നക്ഷത്രം, ചന്ദ്രൻ അതതുദിവസം ഏതു നക്ഷത്രത്തിൽ നിൽക്കുന്നുവോ അത്
യോഗദണ്ഡ് നാ. 1. യോഗാഭ്യാസം ശീലിക്കുവാൻ ഉപയോഗിക്കുന്ന വടി; 2. മാന്ത്രിക ശക്തിയുള്ള വടി

യോഗദ്വയം നാ. കർമയോഗവും ജ്ഞാനയോഗവും

യോഗനിദ്ര നാ. 1. യുഗാവസാനത്തിലുള്ള വിഷ്ണുവിൻെറ നിദ്ര; 2. പകുതി ധ്യാനവും പകുതി നിദ്രയുമായുള്ള അവസ്ഥ

യോഗപട്ടം നാ. യോഗാഭ്യാസം അനുഷ്ഠിക്കുന്ന ആളിൻെറ മുതുകും മുഴങ്കാലുകളും ചേർത്തു ബന്ധിക്കുന്ന വസ്ത്രം

യോഗപതി നാ. വിഷ്ണു

യോഗബലം നാ. 1. യോഗശക്തി; 2. മായാബലം; 3. സൗഭാഗ്യം

യോഗം നാ. 1. ചേരൽ, കൂടിച്ചേരൽ; 2. സമ്മേളനം; 3. ചേർപ്പ്; 4. കൂടിച്ചേർന്ന അവസ്ഥ; 5. രാസപ്രക്രീയയിൽക്കൂടിയുള്ള കൂടിച്ചേരൽ; 6. കലർപ്പ്; 7. ഒന്നിലധികം വസ്തുക്കൾ ചേർന്നുണ്ടാകുന്ന വസ്തു; 8. ഔഷധങ്ങളുടെ ചേർച്ച; 9. യോഗവിദ്യ, മോക്ഷമാർഗം; 10. യോഗദർശനം; 11. ഭാഗ്യം, വിധി (ഗ്രഹയോഗം മൂലം ഇവ ഉണ്ടാകുന്നു എന്ന വിശ്വാസത്തിൽ നിന്ന്); 12. സംഭോഗം

യോഗമായ നാ. 1. ഈശ്വരൻെറ സൃഷ്ടിശക്തി; 2. യോഗകന്യ, ദുർഗ; 3. യോഗത്തിൻെറ അദ്ഭുതശക്തി

യോഗരങ്ഗം നാ. നാരകം

യോഗവാസിഷ്ഠം നാ. സംസ്കൃതത്തിലുള്ള ഒരു വേദാന്തഗ്രന്ഥം

യോഗവിത്ത് നാ. 1. യോഗവിദ്യഗ്രഹിച്ചവൻ; 2. യോഗാഭ്യാസം ശീലിച്ചവൻ; 3. ഔഷധയോഗം നിർവഹിക്കുന്നവൻ; 4. ശിവൻ; 5. മാന്ത്രികൻ

യോഗശക്തി നാ. യോഗബലം

യോഗശായി നാ. യോഗനിദ്രയിൽ ലയിച്ചവൻ

യോഗശാസ്ത്രം നാ. 1. യോഗാഭ്യാസത്തിൻെറ മുറകൾ അടങ്ങിയിരിക്കുന്ന ഗ്രന്ഥം; 2. വേദാന്തം

യോഗസാരം നാ. നാരകം (എല്ലാരോഗങ്ങളെയും ശമിപ്പിക്കുന്ന ഔഷധം)

യോഗാങ്ഗങ്ങൾ നാ. അഷ്ടാങ്ഗയോഗങ്ങൾ

യോഗാചാര്യൻ നാ. യോഗം അഭ്യസിപ്പിക്കുന്നവൻ

യോഗാഭ്യാസം നാ. 1. യോഗങ്ങളുടെ പഠനം; 2. യോഗവിദ്യയുടെ പ്രായോഗിക പരിശീലനം; 3. യോഗാഭ്യാസങ്ങളുടെ പരിശീലനവും പ്രയോഗവും

യോഗാഭ്യാസി നാ. 1. യോഗവിദ്യ അഭ്യസിച്ചവൻ; 2. യോഗമുറകൾ അനുഷ്ഠിക്കുന്നവൻ; 3. യോഗാഭ്യാസം ചെയ്യുന്നവൻ

1235

യോഗാർഥം നാ. (വ്യാക) ധാത്വർഥം >< അവയവാർഥം

യോഗി നാ. 1. യോഗദർശനം അങ്ഗീകരിച്ചിട്ടുള്ളവൻ; 2. യോഗവിദ്യ അഭ്യസിച്ചിട്ടുള്ളവൻ; 3. യോഗതത്ത്വങ്ങൾ ജീവിതത്തിൽ പാലിക്കുന്നവൻ, യോഗാനുഷ്ഠാന നിരതൻ; 4. ധ്യാനനിരതനായ സന്ന്യാസി, ധ്യാനത്തിൽ മുഴുകിയിരിക്കുന്ന ഭക്തൻ; 5. ശിവൻ; 6. വിഷ്ണു; 7. അർജുനൻ; 8. യാജ്ഞവല്ക്യൻ; 9. ബുദ്ധൻ

യോഗിത വി. 1. വശീകരിക്കപ്പെട്ട; 2. ഭ്രാന്തുപിടിച്ച; 3. ഉന്മത്തരായി പെരുമാറുന്ന

യോഗിനി നാ. 1. യോഗവിദ്യ അഭ്യസിച്ചവൾ; 2. സന്ന്യാസിനി; 3. ദുർഗ; 4. മാന്ത്രികശക്തിയുള്ളവൾ; 5. പിശാചി; 6. ദുർമന്ത്രവാദിനി

യോഗിയാതിരി നാ. അവരോധിക്കപ്പെട്ട മലയാള ബ്രാഹ്മണൻ

യോഗീന്ദ്രൻ നാ. ശ്രേഷ്ഠനായ യോഗി

യോഗീശ്വരൻ	നാ.	യോഗീന്ദ്രൻ
യോഗേശ്വരൻ	നാ.	1. ശ്രീകൃഷ്ണൻ; 2. ശിവൻ; 3. സിദ്ധൻ
യോഗ്യ	വി.	1. യോജിപ്പിക്കത്തക്ക, യോജിപ്പിക്കാവുന്ന; 2. യോജിപ്പിക്കുവാൻ കൊള്ളാവുന്ന; 3. ചേർച്ചയുള്ള; 4. വേണ്ട ഗുണങ്ങളുള്ള; 5. ഉപയോഗിക്കത്തക്ക; 6. പാടവമുള്ള, ശേഷിയുള്ള; 7. യോഗാഭ്യാസത്തിന് അർഹതയുള്ള; 8. സദാചാരതത്ത്വങ്ങൾ പാലിക്കുന്ന
യോഗ്യത	നാ.	1. അർഹത, വേണ്ടതെല്ലാമുള്ള അവസ്ഥ; 2. സാമർഥ്യം, കഴിവ്; 3. ചേർച്ച, അനുരൂപത; 4. ആവശ്യമായ വിദ്യാഭ്യാസം, പ്രായോഗിക പരിചയം. ഉദാഃ ഉദ്യോഗ നിയമനത്തിനുള്ള യോഗ്യത; 5. മാന്യത, സദാചാരം
യോഗ്യം	നാ.	1. ചേർച്ചയുള്ളത്; 2. ഋദ്ധി; 3. വാഹനം; 4. ഒരു യോഗം; 5. ചന്ദനം; 6. പാൽ; 7. കാട്ടുമുതിര; 8. ഒരു പലഹാരം
യോജക	വി.	1. യോജിപ്പിക്കുന്ന, കൂട്ടിച്ചേർക്കുന്ന; 2. സംഭരിച്ചുകൊടുക്കുന്ന
യോജകൻ	നാ.	1. യോജിപ്പിക്കുന്നവൻ, കൂട്ടിച്ചേർക്കുന്നവൻ; 2. സംഭരിക്കുന്നവൻ
യോജന1	നാ.	ദൂരത്തിൻെറ ഒരളവ്, നാലുക്രോശം കൂടിയത്
യോജന2	നാ.	യോജനം
യോജനഗന്ധ	നാ.	1. കസ്തൂരി; 2. സീത; 3. സത്യവതി
യോജനം	നാ.	1. യോജിപ്പിക്കൽ, കൂട്ടിച്ചേർക്കൽ; 2. നുകത്തിൽ പൂട്ടൽ; 3. സജ്ജീകരിക്കൽ, സംഭരിക്കൽ; 4. അന്വയിക്കൽ; 5. നിർമാണം; 6. മാർഗം
യോജനീയ	വി.	1. യോജിപ്പിക്കത്തക്ക; 2. പ്രയോജനമുള്ള
യോജയിതാവ്	നാ.	യോജിപ്പിക്കുന്നവൻ (സ്ത്രീ) യോജയിത്രി
യോജിക്കുക	ക്രി.	1. കൂടിച്ചേരുക; 2. കലരുക; 3. പൊരുത്തപ്പെടുക; 3. ഉചിതമാവുക
യോജിത	നാ.	യോജിപ്പിക്കപ്പെട്ട, യോജിച്ച
യോജിപ്പ്	നാ.	1. ചേർച്ച, പൊരുത്തം; 2. ഐക്യം, യോജിക്കൽ; 3. അഭിപ്രായത്തിലുള്ള ഐക്യം
യോജ്യ	വി.	1. യോജിപ്പിക്കത്തക്ക; 2. യോജിപ്പിക്കാവുന്ന; 3. ഉചിതമായ; 4. ഇണങ്ങുന്ന, ചേർച്ചയുള്ള
യോജ്യത	നാ.	യോജ്യമായ അവസ്ഥ
യോടകം	നാ.	നക്ഷത്രവ്യൂഹം
യോതു	നാ.	1. അളവ്; 2. വൃത്തിയാക്കൽ, ശുദ്ധീകരണം
യോത്രം	നാ.	1. കയറ്; 2. കെട്ട്; 3. കാളയെ നുകത്തിൽ കെട്ടാനുള്ള കയറ്
യോദ്ധാവ്	നാ.	1. പോരാളി, യുദ്ധം ചെയ്യുന്നവൻ; 2. ഭടൻ, സൈനികൻ
യോധകൻ	നാ.	യോദ്ധാവ്
യോധൻ	നാ.	യോദ്ധാവ്
യോധനം	നാ.	1. യുദ്ധം ചെയ്യൽ; 2. യുദ്ധം
യോധം	നാ.	യുദ്ധം
യോധാഗാരം	നാ.	സൈനികപ്പാളയം
യോധി	നാ.	യോദ്ധാവ്
യോനകൻ	നാ.	ജോനകൻ, മറ്റുനാട്ടുകാരൻ

യോനി നാ. 1. ഗർഭപാത്രം, ഗർഭാശയം; 2. ഉദ്ഭവം; 3. സ്രോതസ്സ്, ഉറവ്; 4. വിശ്രമസ്ഥലം; 5. സൂക്ഷിപ്പുസ്ഥലം; 6. പാത്രം; 7. ഇരിപ്പിടം; 8. വാസസ്ഥലം; 9. പക്ഷിക്കൂട്, തൊഴുത്ത്; 10. കുടുംബം; 11. വർഗം, വംശം, ജാതി; 12. ജന്മനാളുള്ള ജീവിതസ്ഥിതിയോ പദവിയോ (മനുഷ്യൻ, ക്ഷത്രിയൻ, മൃഗം, പക്ഷി എന്നിങ്ങനെ); 13. വിത്ത്, ധാന്യം; 14. ഖനി; 15. ചെമ്പ്; 16. ജലം

യോനിജ വി. പ്രസവിച്ചുണ്ടാകുന്ന

യോനിപ്പൊരുത്തം നാ. (ജ്യോ) വിവാഹപ്പൊരുത്തങ്ങളിൽ ഒന്ന്

യോനിസ്രാവം നാ. ഒരു രോഗം

യോന്യാവരണം നാ. കന്യകയുടെ യോനിയെ ആവരണംചെയ്യുന്ന ചർമം, കന്യാചർമം

യോപനം നാ. 1. കുഴക്കൽ; 2. നശിപ്പിക്കൽ; 3. മായ്ക്കൽ

യോഷ നാ. സ്ത്രീ

യോഷണ നാ. യുവതി, പെൺകുട്ടി

യോഷിജ്ജനം നാ. സ്ത്രീജനം, സ്ത്രീകൾ

യോഷിത നാ. 1. സ്ത്രീ, 2. ഭാര്യ

യോഹന്നാൻ [ഹീ] നാ. (ക്രിസ്തു) സ്നാപകയോഹന്നാൻ

യൗക്തിക വി. 1. യുക്തമായ, യോജിച്ച, ഉചിതമായ; 2. യുക്തിക്കുചേരുന്ന; 3. യോജിപ്പിക്കുന്ന; 4. ബന്ധിക്കുന്ന

യൗക്തികൻ നാ. രാജാവിൻെറ തോഴൻ

യൗഗന്ധരം നാ. ഒരു ദിവ്യാസ്ത്രം

യൗഗപദ്യം നാ. ഒരുമിച്ചിരിക്കുന്ന സ്ഥിതി

യൗഗിക വി. 1. യോഗ്യമായ; 2. തക്കതായ; 3. ഉപയോഗമുള്ള, പ്രയോഗിക്കത്തക്ക; 4. (വ്യാക) യോഗത്തിൽ നിന്നുണ്ടാകുന്ന, രൂഢിയല്ലാത്ത

യൗഗികം നാ. 1. (വ്യാക) പ്രകൃതിപ്രത്യയങ്ങൾ കൂടിച്ചേർന്ന ശബ്ദം; 2. രണ്ടോ അതിലധികമോ മൂലകപദാർഥങ്ങൾ രാസപ്രക്രിയയിലൂടെ ചേർന്നുണ്ടാകുന്ന സംയുക്തപദാർഥം

യൗതകം നാ. സ്ത്രീധനം, സ്വത്ത്

യൗതവം നാ. മാനം, അളവ്

യൗഥികൻ നാ. ചങ്ങാതി, കൂട്ടുകാരൻ

യൗധേയൻ നാ. യോദ്ധാവിൻെറ പുത്രൻ, യോദ്ധാവ്

യൗന വി. 1. യോനിയെ സംബന്ധിച്ച; 2. ജനനസ്ഥലത്തെ സംബന്ധിച്ച; 3. വിവാഹത്തോടു ബന്ധപ്പെട്ട; 4. വിവാഹത്തിൽ നിന്നുണ്ടായ; 5. വിവാഹം വഴി ബന്ധപ്പെട്ട

യൗനം നാ. വിവാഹം

യൗവതം നാ. 1. യുവതികളുടെ സമൂഹം; 2. യുവതികളെ സംബന്ധിച്ചത്; 3. യുവതിയായിരിക്കുന്ന അവസ്ഥ

യൗവന വി. യുവദശയിലുള്ള, യൗവനത്തെ സംബന്ധിച്ച

യൗവനകണ്ടകം നാ. മുഖക്കുരു

യൗവനയുക്ത വി. യൗവനം പ്രാപിച്ച

യൗവനം	നാ.	1. യുവാവിൻെറയോ യുവതിയുടെയോ ജീവിതദശ, പ്രായപൂർത്തിയായ വ്യക്തിയുടെ അവസ്ഥ, ശാരീരികമായി പൂർണവളർച്ച പ്രാപിച്ച അവസ്ഥ; 2. ചെറുപ്പം
യൗവനിക	നാ.	യുവതി
യൗവരാജ്യം	നാ.	യുവരാജാവിൻെറ പദവി
യൗഷിണ്യം	നാ.	യോഷിത്തിൻെറ ഭാവം, സ്ത്രീത്വം

ര

ര [ര്-അ]	വ്യഞ്ജനങ്ങളിൽ ഇരുപത്തേഴാമത്തേത്, മധ്യമങ്ങളിൽ രണ്ടാമത്തേത്, നാക്ക് കഠിനതാലുവിൽ ചേർത്തു വിറപ്പിച്ചുകൊണ്ട് ഉച്ചരിക്കുന്ന കമ്പിതസ്വനം. കേരളപാണിനി വർത്സ്യമായി പറഞ്ഞിരിക്കുന്നു.
രകം	നാ.	1. സൂര്യകാന്തം; 2. സ്ഫടികം; 3. വരാന്ത; 4. പെരുമഴ
രക്കച്ചുമർ	നാ.	താങ്ങുന്ന ഭിത്തി
രക്ത1	വി.	1. രക്തത്തെ സംബന്ധിച്ച, രാഗമുള്ള, സ്നേഹമുള്ള; 2. ചെമപ്പുനിറമുള്ള, ചെമന്ന ചായം തേച്ച
രക്ത2	നാ.	1. ചെമന്നകുന്നി; 2. അരക്ക്; 3. മഞ്ചെട്ടി; 4. ഒട്ടകച്ചെടി; 5. രാഗമുള്ളവൾ, അനുരാഗമുള്ളവൾ
രക്തകണകം	നാ.	രക്തത്തിലെ സൂക്ഷ്മകണം (ചുവന്നതും വെളുത്തതും)
രക്തകണ്ഠ	നാ.	കുയിൽ
രക്തകന്ദം	നാ.	പവിഴം
രക്തകം	നാ.	1. ചോര; 2. ചെമന്ന വസ്ത്രം
രക്തകേസരം	നാ.	മുരിക്ക്, ചെമ്മുരിക്ക്
രക്തകൈരവം	നാ.	ചെന്താമര
രക്തകോകനദം	നാ.	1. ചെന്താമര; 2. ചെമന്ന ആമ്പൽ
രക്തകോഠം	നാ.	രക്തകുഷ്ഠം
രക്തഗന്ധകം	നാ.	നറുംപശ
രക്തഗുന്മം	നാ.	ഒരു രോഗം, സ്ത്രീകൾക്കുണ്ടാകുന്നത്
രക്തഗ്രീവം	നാ.	ഒരിനം പ്രാവ്
രക്തചന്ദനം	നാ.	1. ചെമന്ന ചന്ദനം; 2. കുങ്കുമം; 3. പത്തങ്ഗം; 4. പതുമുകം
രക്തചൂർണം	നാ.	ചായില്യം
രക്തജിഹ്വം	നാ.	സിംഹം
രക്തതുണ്ഡം	നാ.	'ചെമന്ന ചുണ്ടുള്ളത്', 1. തത്ത; 2. കിളി
രക്തതേജസ്സ്	നാ.	മാംസം
രക്തത്തുടുപ്പ്	നാ.	അധികമായ ചോരയോട്ടംകൊണ്ടു ശരീരത്തിനുണ്ടാകുന്ന ചെമപ്പ്, രക്തപ്രസാദം
രക്തദന്തി	നാ.	ദുർഗ
രക്തദാഹി	നാ.	1. ചോരകുടിക്കാൻ ആഗ്രഹിക്കുന്നവൻ; 2. കൊലയാളി
രക്തദൃക്ക്	' നാ.	'ചുവന്ന കണ്ണുള്ളത്', പ്രാവ്
രക്തധാതു	നാ.	1. കാവിമണ്ണ്; 2. ചെമ്പ്

രക്തൻ നാ. 1. ശിവൻ; 2. അനുരക്തൻ; 3. (പുരാണ) ശ്രീക്രൂഷ്ണൻെറ ഗോപുരം സൂക്ഷിപ്പുകാരിൽ ഒരാൾ
രക്തനാസിക നാ. മൂങ്ങ
രക്തനാളം നാ. തണ്ടൻ ചീര
രക്തപ1 വി. രക്തം കുടിക്കുന്ന
രക്തപ2 നാ. 1. കുളയട്ട; 2. രാക്ഷസി
രക്തപക്ഷൻ നാ. 'ചുവന്ന ചിറകുകളുള്ള', ഗരുഡൻ
രക്തപൻ നാ. 1. രാക്ഷസൻ; 2. പിശാച്
രക്തപാദം നാ. 1. തത്ത; 2. ആന; 3. യുദ്ധരങ്ഗത്തുപയോഗിക്കുന്ന തേര്
രക്തപായി നാ. 1. ചോരകുടിയൻ; 2. മൂട്ട
രക്തപാരദം നാ. ചായില്യം
രക്തപാഷാണം നാ. കാവിമണ്ണ്
രക്തപിണ്ഡം നാ. 1. രക്തക്കട്ട; 2. ചെമന്ന മുഖക്കുരു; 3. ഒരു രോഗം, മൂക്കിൽനിന്നുള്ള രക്തംപോക്ക്
രക്തപിത്തം നാ. ഒരുതരം പിത്തരോഗം
രക്തപീതം നാ. ചെമപ്പുകലർന്ന മഞ്ഞനിറം, ഓറഞ്ചുനിറം
രക്തപുച്ഛിക നാ. 'ചുവന്ന വാലുള്ളത്', അരണ
രക്തപുഷ്പ നാ. 1. ഇലവുമരം; 2. ചെമന്ന തഴുതാമ
രക്തപുഷ്പം നാ. 1. കടും ചെമപ്പുനിറമുള്ള പൂവ്; 2. എരിക്ക്; 3. ചെമന്ന അരളി; 4. മുരിക്ക്; 5. ഉച്ചമലരി; 6. കൊക്കുമന്താരം; 7. അകത്തി; 8. പുന്ന
രക്തപ്പക നാ. 1. രക്തംചിന്തിയ ആളിനോടോ ആളുകളോടോ ഉള്ള വിദ്വേഷം; 2. രക്തബന്ധമുള്ളയാൾ വധിക്കപ്പെട്ടതിലോ മുറിവേറ്റതിലോ നിന്നുണ്ടാകുന്ന പക
രക്തപ്രസാദം നാ. 1. പ്രസരിപ്പ്, ഉന്മേഷം; 2. ആരോഗ്യസൂചകമായ ശരീരഭാവം; 3. ചോരക്കൊഴുപ്പ്
രക്തപ്രിയൻ നാ. രക്തദാഹി
രക്തഫല നാ. 1. നല്ലകോവ; 2. തക്കാരിവഴുതിന; 3. സ്വർണൂലി
രക്തഫലം നാ. 1. പേരാൽ; 2. ചെമന്ന ഫലമുള്ളത്
രക്തബന്ധം നാ. ജനനംകൊണ്ട് ഉണ്ടായ ബന്ധം
രക്തബീജം നാ. മാതളനാരങ്ങ
രക്തഭവം നാ. മാംസം
രക്തഭാവം നാ. 1. ചെമപ്പ്; 2. അനുരക്തമായ അവസ്ഥ
രക്തം നാ. 1. ചോര; 2. രാഗമുള്ളത്, ചെമന്ന നിറമുള്ളത്; 3. ചെമന്ന നിറം, കടുംചെമപ്പ്; 4. കുങ്കുമം; 5. സിന്ദൂരം
രക്തമഞ്ജരം നാ. നീർക്കടമ്പ്
രക്തമണ്ഡലം നാ. ചെന്താമര
രക്തമന്താരം നാ. ചെമന്ന മന്താരം
രക്തമർദം നാ. രക്തസമ്മർദം
1237
രക്തമാലം നാ. ഉങ്ങ് (നക്തമാലം)
രക്തമാല്യം നാ. ചെമപ്പ് നിറത്തിലുള്ള മാല
രക്തമുഖം നാ. തത്ത

രക്തരാജി നാ. ഒരു നേത്രരോഗം
രക്തരേണു നാ. 1. ചായില്യം; 2. പുന്ന; 3. പ്ലാശിൻപൂവ്; 4. കോപിഷ്ഠൻ
രക്തലോചനം നാ. 'ചുവന്ന കണ്ണുള്ള', 1. മാടപ്രാവ്; 2. ചകോരം
രക്തവർണകം നാ. പവിഴം
രക്തശാസ്നം നാ. ചായില്യം
രക്തശീർഷകം നാ. വണ്ടാരക്കോഴി
രക്തസങ്കോചം നാ. 1. കുങ്കുമം; 2. കുയുമ്പപ്പൂവ്; 3. ചെന്താമരപ്പൂവ്; 4. ചെമന്ന കല്ഹാരം
രക്തസംബന്ധം നാ. രക്തബന്ധം
രക്തസാക്ഷി നാ. സ്വന്തം ആദർശമോ ധർമമോ സംരക്ഷിക്കാൻവേണ്ടി പീഡനങ്ങൾ ഏൽക്കേണ്ടിവന്നയാൾ, അങ്ങനെ മരണം വരിച്ചയാൾ
രക്താകാരം നാ. പവിഴം
രക്താക്ഷ വി. ചെമന്ന കണ്ണുകളുള്ള
രക്താങ്ഗൻ നാ. കുജൻ
രക്താങ്ഗം നാ. 1. പവിഴം; 2. കുങ്കുമം; 3. രക്തചന്ദനം; 4. മൂട്ട
രക്താണു നാ. രക്തത്തിൽ അടങ്ങിയിരിക്കുന്ന ചെമന്ന സൂക്ഷ്മകണിക
രക്താതിസാരം നാ. ചോരപോക്കോടുകൂടിയ വയറുകടി
രക്താധരി നാ. ചെമന്ന അധരത്തോടുകൂടിയവൾ, സുന്ദരി
രക്താധാരം നാ. ത്വക്ക്
രക്താംബരം നാ. 1. ചെമന്ന വസ്ത്രം; 2. ചുവന്ന ആകാശം
രക്താർബുദം നാ. ഒരുതരം അർബുദരോഗം, രക്താണുക്കളെ ബാധിക്കുന്നത്
രക്തി നാ. 1. രാഗം, സ്നേഹം, രതി; 2. ഭക്തി; 3. ചേർച്ച; 4. മനോഹാരിത
രക്തോത്പലം നാ. 1. ചെന്താമര; 2. ഇലവ്
രക്ഷ നാ. 1. കാത്തുസൂക്ഷിക്കൽ; 2. തുണ; 3. മോചനം; 4. ഭദ്രത; 5. ദുർബാധ ഒഴിവാക്കാനായി ജപിച്ചുകെട്ടുന്ന തകിട്; 6. രക്ഷാ കവചം
രക്ഷക വി. രക്ഷിക്കുന്ന
രക്ഷകൻ നാ. 1. രക്ഷിക്കുന്നവൻ; 2. (ക്രിസ്തു) യേശുക്രീസ്തു
രക്ഷണം നാ. 1. രക്ഷ, രക്ഷിക്കൽ; 2. പാലനം; 3. സംരക്ഷണം
രക്ഷണി നാ. കടിഞ്ഞാൺ
രക്ഷസ്സ് നാ. 1. രാക്ഷസൻ; 2. പിശാച്, ഭൂതം, പ്രേതം
രക്ഷാകർത്താവ് നാ. രക്ഷിക്കുന്നവൻ, പരിപാലിക്കുന്നവൻ
രക്ഷാകർത്തൃത്വം നാ. രക്ഷാകർത്താവായിരിക്കുന്ന അവസ്ഥ
രക്ഷാടനം നാ. രക്ഷയ്ക്കുവേണ്ടിയുള്ള സഞ്ചാരം
രക്ഷാധികാരം നാ. രക്ഷാധികാരിയുടെ അവസ്ഥ
രക്ഷാധികാരി നാ. 1. രക്ഷിക്കാൻ ചുമതലപ്പെട്ടവൻ; 2. കാര്യങ്ങൾ നോക്കിനടത്താൻ കടമപ്പെട്ടവൻ; 3. ഭരണാധികാരി
രക്ഷാപര വി. രക്ഷിക്കുന്നതിൽ താത്പര്യമുള്ള
രക്ഷാപുരുഷൻ നാ. 1. അങ്ഗരക്ഷകൻ; 2. കാവൽക്കാരൻ; 3. രാജഭടൻ (പോലീസുകാരൻ)
രക്ഷാഭോഗം നാ. സംരക്ഷണത്തിനായി കൊടുക്കേണ്ട ദ്രവ്യം
രക്ഷിക്കുക ക്രി. 1. രക്ഷപ്പെടുത്തുക; 2. കാത്തു സൂക്ഷിക്കുക

രക്ഷിത വി. രക്ഷിക്കപ്പെട്ട
രക്ഷിഭടൻ നാ. കാവൽഭടൻ
രക്ഷോഗണം നാ. രാക്ഷസന്മാരുടെ സമൂഹം
രക്ഷോജനനി നാ. രാത്രി
രക്ഷോനാഥൻ നാ. 1. രാക്ഷസന്മാരുടെ നായകൻ; 2. രാവണൻ
രക്ഷ്യ വി. രക്ഷിക്കത്തക്ക
രഗണം നാ. (വൃത്ത) മധ്യലഘുവായ ഗണം
രഘു വി. 1. വേഗമുള്ള; 2. ചൊടിയുള്ള; 3. ചപലമായ. നാ. സൂര്യവംശത്തിലെ ഒരു രാജാവ്
രഘുനന്ദനൻ നാ. 1. രഘുവിൻെറ പുത്രൻ, അജൻ; 2. രഘുവംശത്തിൽ ജനിച്ചവൻ, ശ്രീരാമൻ
രഘുനാഥൻ നാ. രഘുവംശത്തിലെ പ്രമുഖൻ, ശ്രീരാമൻ
രഘുവംശതിലകം വി. രഘുവംശത്തിനു ഭൂഷണമായിട്ടുള്ളവൻ, ശ്രീരാമൻ
രഘുവരൻ നാ. രഘുവംശശ്രേഷ്ഠൻ, ശ്രീരാമൻ
രഘുവംശം നാ. (പുരാണ) 1. രഘുവിൻെറ വംശം; 2. കാളിദാസൻെറ ഒരു മഹാകാവ്യം
രങ്കൻ1 നാ. 1. ദരിദ്രൻ; 2. തെണ്ടി
രങ്കൻ2 നാ. രങ്ഗനാഥൻ
രങ്ക് നാ. 1. ചായം; 2. നിറം
രങ്കിടുക ക്രി. 1. ചായമിടുക; 2. നിറംപൂശുക
രങ്കു നാ. 1. മുതുകിൽ ചാരനിറവും മറ്റു ഭാഗങ്ങളിൽ വെള്ളനിറവുമുള്ള ഒരിനം വലിയ മാൻ; 2. കൃഷ്ണമൃഗം
രങ്ഗചരൻ നാ. 1. നടൻ; 2. മല്ലൻ
രങ്ഗജീവൻ നാ. 1. ചായപ്പണിക്കാരൻ; 2. നടൻ
രങ്ഗണം നാ. 1. ആട്ടം; 2. നൃത്തം
രങ്ഗനാഥൻ നാ. 1. വിഷ്ണു; 2. ശ്രീരങ്ഗത്തെ പ്രതിഷ്ഠാമൂർത്തി
രങ്ഗപീഠം നാ. രങ്ഗവേദി, അരങ്ങ്
രങ്ഗപ്രവേശം നാ. 1. അരങ്ങിൽ പ്രവേശിക്കൽ; 2. അരങ്ങേറ്റം
രങ്ഗബീജം നാ. വെള്ളി
രങ്ഗഭൂതി നാ. ആശ്വിനിമാസത്തിലെ വെളുത്തവാവുരാത്രി
രങ്ഗഭൂമി നാ. 1. നാടകവേദി, അരങ്ങ്; 2. നാട്യഗൃഹം; 3. പ്രവർത്തനരങ്ഗം; 4. യുദ്ധക്കളം, ഗോദ
രങ്ഗം നാ. 1. നിറം, ചായം; 2. അരങ്ങ്, നാടകവേദി; 3. നാട്യഗൃഹം; 4. സമ്മേളനസ്ഥലം, സഭാമന്ദിരം; 5. പ്രവർത്തനസ്ഥലം; 6. പടക്കളം; 7. സദസ്സ്; 8. തട്ട്; 9. രാഗം, പ്രണയം
രങ്ഗമഞ്ചം നാ. അഭിനയവേദി, അരങ്ങ്
രങ്ഗമണ്ഡപം നാ. രങ്ഗമഞ്ചം, അരങ്ങ്, രങ്ഗപീഠം
രങ്ഗലേപകൻ നാ. 1. ചിത്രമെഴുത്തുകാരൻ; 2. ചായപ്പണിക്കാരൻ
രങ്ഗവസ്തു നാ. ചായം
രങ്ഗവിദ്യ നാ. രങ്ഗകല, നൃത്തകല, അഭിനയവിദ്യ

രങ്ഗവേദി നാ. 1. അരങ്ങ്; 2. ഉല്ലാസപ്രകടനത്തിനോ സമ്മേളനത്തിനോ വേണ്ടി ഉയർത്തിക്കെട്ടിയസ്ഥലം; 3. പ്രവർത്തന രങ്ഗം

രങ്ഗശാല നാ. നാട്യഗൃഹം, തിയേറ്റർ

രങ്ഗാജീവൻ നാ. 'അരങ്ങുകൊണ്ട് ഉപജീവിക്കുന്നവൻ', 1. ചിത്രമെഴുതുന്നവൻ, ചായവേലക്കാരൻ; 2. നടൻ

രങ്ഗി നാ. 1. നിറംപകരുന്ന, ചായമടിക്കുന്ന; 2. വികാരാവേശമുള്ള

രങ്ഗിത നാ. 1. നിറംപിടിപ്പിച്ച; 2. ആകർഷകമായ

രങ്ഘണം നാ. 1. വേഗത്തിലുള്ള ഗമനം; 2. മരണം

രങ്ഘസ് നാ. 1. വേഗം; 2. തിടുക്കം; 3. വേഗത

രചകൻ നാ. 1. രചയിതാവ്; 2. നിർമാതാവ്

രചന നാ. 1. നിർമിതി, ചമയ്ക്കൽ; 2. വാക്യം, സാഹിത്യരൂപം തുടങ്ങിയവ സൃഷ്ടിക്കൽ; 3. ചിത്രം ഗാനം തുടങ്ങിയ കലാരൂപങ്ങൾ ചമയ്ക്കൽ; 4. തലമുടി വിടർത്തിക്കെട്ടി അലങ്കരിക്കൽ; 5. വസ്ത്രാഭരണങ്ങൾകൊണ്ടുള്ള ചമയം; 6. സൈനികവിന്യാസം; 7. പുരകെട്ടൽ

രചനാത്മക വി. 1. നിർമാണാത്മക; 2. സൃഷ്ടിപരമായ

രചയിതാവ് നാ. രചിക്കുന്നവൻ (സ്ത്രീ) രചയിത്രി

രചിക്കുക ക്രി. 1. ഉണ്ടാക്കുക; 2. സാഹിത്യരൂപം സൃഷ്ടിക്കുക; 3. ഒരുക്കുക; 4. നിർവഹിക്കുക; 5. തലമുടി ചീകിക്കെട്ടുക

രചിത വി. രചിക്കപ്പെട്ട

രചിതി നാ. രചന

രജക നാ. വെളുത്തേടത്തി, രജകസ്ത്രീ

രജകൻ നാ. 1. അലക്കുകാരൻ; 2. ഒരുജാതി വെളുത്തേടൻ

രജകം നാ. തത്ത

രജകി നാ. രജകൻെറ പത്നി

രജത വി. 1. വെള്ളികൊണ്ടുണ്ടാക്കിയ; 2. വെളുത്ത

രജതം നാ. 1. വെള്ളി; 2. നിറപ്പകർച്ചഉണ്ടാക്കുന്നത്; 3. വെളുപ്പ്; 4. സ്വർണം; 5. രക്തം; 6. ദന്തം; 7. രജതാദ്രി, കൈലാസം; 8. നക്ഷത്രവ്യൂഹം; 9. മുത്തുമാല

രജതഗിരി നാ. കൈലാസം

രജതടങ്കം നാ. വെള്ളിനാണയം

രജതജൂബിലി നാ. ഇരുപത്തഞ്ചാം വാർഷികം

രജനം നാ. 1. നിറംപിടിപ്പിക്കൽ; 2. രഞ്ജനം

രജനി നാ. 1. രാത്രി; 2. മഞ്ഞൾ; 3. മരമഞ്ഞൾ; 4. കരിങ്കച്ചോലം; 5. അമരി; 6. അരക്ക്; 7. ദുർഗ

രജനീകരൻ നാ. ചന്ദ്രൻ

രജനീകരം നാ. കർപ്പൂരം

രജനീകാന്തൻ നാ. ചന്ദ്രൻ

രജനീഗന്ധം നാ. കർപ്പൂരം

രജനീചരൻ നാ. 1. രാക്ഷസൻ, രാത്രിഞ്ചരൻ; 2. കള്ളൻ; 3. രാത്രിയിലെ കാവൽക്കാരൻ

രജനീനാഥൻ,-പതി നാ. ചന്ദ്രൻ

രജനീപുഷ്പം നാ. 'രാത്രിയിൽ വിരിയുന്ന പൂവ്', പിച്ചകം

രജനീമുഖം നാ. 1. സായങ്കാലം, സന്ധ്യ; 2. രാത്രിയുടെ ആരംഭം
രജപുത്രൻ നാ. വടക്കെ ഇന്ത്യയിലെ ഒരു ജനവർഗം
രജം നാ. രജസ്സ്
രജസ്വല1 വി. 1. രജസ്സുള്ള; 2. പൊടിയുള്ള
രജസ്വല2 നാ. ഋതുവായവൾ
രജസ്വലം നാ. പോത്ത്
രജസ്സ് നാ. 1. പൊടി; 2. രജോഗണം; 3. കുറ്റം, പാപം
രജിസ്റ്റർ [ഇം.] നാ. 1. എന്തെങ്കിലും വിവരങ്ങൾ ക്രമാനുഗതമായി രേഖപ്പെടുത്തി സൂക്ഷിക്കുന്ന പുസ്തകം (ഉദാഃ ഹാജർപുസ്തകം)
രജിസ്ട്രാർ [ഇം.] നാ. 1. രജിസ്റ്ററിൽ വിവരങ്ങൾ ഉൾക്കൊള്ളിക്കുകയും അതു സൂക്ഷിക്കുകയും ചെയ്യാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ; 2. കോടതി സർവകലാശാല ചില സർക്കാർ വകുപ്പുകൾ തുടങ്ങിയവയിലെ രേഖകൾ കൈകാര്യംചെയ്യുന്ന പ്രധാന ഉദ്യോഗസ്ഥൻ
രജിസ്ട്രേഷൻ [ഇം.] നാ. രജിസ്റ്ററിൽചേർത്ത് അങ്ഗീകാരം നൽകൽ
രജീകരിക്കുക ക്രി. പൊടിയാക്കിത്തീർക്കുക
രജോഗുണം നാ. 1. ത്രിഗുണങ്ങളിൽ രണ്ടാമത്തേത് (സത്വഗുണം, തമോഗുണം എന്ന് മറ്റു രണ്ടും)
രജോമൂർത്തി നാ. ബ്രഹ്മാവ്
രജോഹരൻ നാ. രജകൻ
രജ്ജു നാ. 1. കയറ് (വലച്ചരട്); 2. താലി; 3. പിന്നിയ തലമുടി
രജ്ജുദോഷം നാ. (ജ്യോ) വിവാഹപ്പൊരുത്തങ്ങളിൽ വർജ്യമായ ഒന്ന്
രഞ്ജക വി. 1. നിറംപിടിപ്പിക്കുന്ന, ചായംപിടിപ്പിക്കുന്ന; 2. വികാരം ഉദ്ദീപിപ്പിക്കുന്ന, സ്നേഹം ജനിപ്പിക്കുന്ന, പ്രീതിതോന്നിപ്പിക്കുന്ന, ആകർഷിക്കുന്ന
രഞ്ജകൻ നാ. 1. രഞ്ജിപ്പിക്കുന്നവൻ; 2. ചേർക്കുന്നവൻ; 3. കൂട്ടിയിണക്കുന്നവൻ; 4. പ്രേരകൻ
രഞ്ജകം നാ. 1. രക്തചന്ദനം; 2. ചായില്യം
രഞ്ജന വി. 1. നിറം പിടിപ്പിക്കുന്ന, ചായമിടുന്ന; 2. പ്രീതിപ്പെടുത്തുന്ന, സന്തോഷിപ്പിക്കുന്ന; 3. അനുനയിക്കുന്ന
രഞ്ജനം നാ. 1. പൊരുത്തപ്പെടൽ, മാനസികമായ പൊരുത്തം; 2. ആഹ്ലാദിക്കൽ, പ്രീതിപ്പെടുത്തൽ; 3. അനുനയിക്കൽ; 4. നിറം പിടിപ്പിക്കൽ; 5. ചായമിടൽ; 6. രക്തചന്ദനം; 7. ചായം
രഞ്ജിക്കുക ക്രി. 1. ചേരുക, പൊരുത്തപ്പെടുക; 2. നിറമുള്ളതാകുക; 3. സന്തോഷിക്കുക
രഞ്ജിത വി. രഞ്ജിപ്പിക്കപ്പെട്ട
രഞ്ജിപ്പിക്കുക ക്രി. 1. കൂട്ടിയിണക്കുക, പൊരുത്തപ്പെടുത്തുക; 2. സന്തോഷിപ്പിക്കുക
രഞ്ജിപ്പ് നാ. 1. ഇണക്കം, പൊരുത്തം; 2. ഐകമത്യം
രടനം നാ. 1. ഉച്ചത്തിൽ ശബ്ദിക്കൽ; 2. നിലവിളി, കൂക്കിവിളി; 3. കൈയടിശബ്ദം
രടം നാ. ടിട്ടിഭപ്പക്ഷി
രടിതം നാ. 1. ഉച്ചത്തിലുള്ള ശബ്ദം, നിലവിളി; 2. ഘോഷം, ഗർജനം

രട്ട് നാ. ഒരുതരം കട്ടിത്തുണി (ഊടും പാവും ഇരട്ട നൂലുകളായത്)
രണഗീതപ്പക്ഷി നാ. ഒരുതരം കങ്കപ്പക്ഷി
1239
രണത്ത് വി. 1. മുഴങ്ങുന്ന; 2. പുറപ്പെടുന്ന; 3. ശബ്ദിക്കുന്ന
രണനിപുണൻ നാ. യുദ്ധത്തിൽ സമർഥൻ
രണഭേരി നാ. പെരുമ്പറ
രണം നാ. 1. യുദ്ധം, സങ്ഘട്ടനം, ഏറ്റുമുട്ടൽ; 2. ശബ്ദം ഉണ്ടാക്കൽ
രണരണകൻ നാ. കാമദേവൻ
രണരണിക നാ. 1. ഉത്കണ്ഠ; 2. അനുരാഗം
രണാങ്കണം നാ. യുദ്ധക്കളം
രണിക്കുക ക്രി. 1. ശബ്ദിക്കുക; 2. മുഴങ്ങുക; 3. പുറപ്പെടുക
രണിത വി. ശബ്ദിക്കപ്പെട്ട, മുഴക്കപ്പെട്ട
രണിതം നാ. ശബ്ദം, മുഴക്കം
രണേച്ഛം നാ. പൂവൻകോഴി
രണ്ടാനമ്മ നാ. അച്ഛൻ തൻെറ അമ്മയ്ക്കുശേഷം വിവാഹം കഴിച്ച സ്ത്രീ
രണ്ടാം വി. 1. രണ്ടാമത്തെ; 2. ഒന്നുകഴിഞ്ഞുവരുന്ന
രണ്ടാംമുണ്ട് നാ. 1. മേൽമുണ്ട്; 2. ഉത്തരീയം
രണ്ടാമൻ നാ. 1. രണ്ടാമത്തെയാൾ; 2. രണ്ടാംസ്ഥാനക്കാരൻ; 3. സഹായി
രണ്ടായിരം നാ. ഒരു സങ്ഖ്യ, രണ്ട് ആയിരം കൂടിയത്
രണ്ടിക്കുക ക്രി. 1. രണ്ടായിത്തീരുക; 2. വേർപെടുക; 3. ഇരട്ടിക്കുക
രണ്ട് നാ. 1. ഒന്നും ഒന്നും കൂടിയ സങ്ഖ്യ. (പ്ര) രണ്ടും കല്പിക്കുക = എന്തും വരട്ടേയെന്ന് നിശ്ചയിക്കുക. രണ്ടുനേരം = 1. രണ്ടുപ്രാവശ്യം; 2. ഇടവും വലവും; 3. രണ്ടഭിപ്രായം; 4. രണ്ട് വിഭിന്ന കക്ഷികൾ; 5. കറുത്തപക്ഷവും വെളുത്തപക്ഷവും; 6. ശത്രുപക്ഷവും ബന്ധുപക്ഷവും; 7. സംശയം, അനിശ്ചിതത്വം
രണ്ഡ1 വി. അങ്ഗവൈകല്യമുള്ള
രണ്ഡ2 നാ. 1. വിധവ; 2. ദുർഗ; 3. എലിച്ചെവിയൻ
രണ്ഡൻ നാ. 1. പുത്രനില്ലാത്തവൻ; 2. പുത്രനുണ്ടാകാതെ മരിച്ചവൻ
രത വി. 1. താത്പര്യമുള്ള; 2. സന്തോഷിച്ച; 3. രമിക്കുന്ന
രതം നാ. 1. ആഹ്ലാദം, സന്തോഷം; 2. സുഖാസ്വാദനം
രതാർഥി വി. 1. വിഷയാസക്തിയുള്ള; 2. സുര്രിച്ഛയുള്ള
രതി നാ. 1. ആനന്ദം; 2. ആസ്വാദനം, രമിക്കൽ; 3. വിഷയാസക്തി; 4. രതിഭാവം; 5. ഗാഢമായ താത്പര്യം; 6. സംതൃപ്തി; 7. രതിക്രീഡ; 8. ചന്ദ്രൻെറ ആറാമത്തെ കല
രതികർമം നാ. രതിക്രീഡ
രതികര നാ. 1. രതി ജനിപ്പിക്കുന്ന; 2. ആനന്ദം നൽകുന്ന
രതോദ്വഹം നാ. കുയിൽ
രത്നഖചിത വി. രത്നം പതിച്ച
രത്നഗർഭ വി. രത്നം ഉൾക്കൊള്ളുന്ന. നാ. ഭൂമി
രത്നഗർഭം നാ. സമുദ്രം
രത്നഘർഷകൻ നാ. 1. രത്നം ഉരച്ചുമിനുക്കുന്നവൻ; 2. രത്നപ്പണിക്കാരൻ
രത്നച്ചുരുക്കം നാ. വളരെ സംക്ഷിപ്തമായ രൂപം

രത്നദീപം		നാ.	1. ഉത്കൃഷ്ടവസ്തു; 2. പ്രകാശംചൊരിയുന്ന രത്നം വിളക്കായി ഉപയോഗിക്കുന്നത്
രത്നനായകം	നാ.	മാണിക്യം
രത്നനിധി		നാ.	1. സമുദ്രം; 2. മഹാമേരു; 3. വിഷ്ണു; 4. വാലാട്ടിപ്പക്ഷി
രത്നപ്രഭ		നാ.	ഭൂമി
രത്നപ്രസ്ഥം		നാ.	കൈലാസത്തിന്റെ താഴ്വര
രത്നം		നാ.	1. വിലപിടിപ്പുള്ള കല്ല് അഥവാ മുത്ത്; 2. അതിവിശിഷ്ടവും അമൂല്യവുമായ വസ്തു
രത്നമുഖ്യം		നാ.	വജ്രം
രത്നരാട്ട്		നാ.	മാണിക്യം
രത്നവതി		നാ.	ഭൂമി
രത്നസാനു		നാ.	മഹാമേരു പർവതം
രത്നാകരം		നാ.	1. രത്നങ്ങൾ വിളയുന്നിടം; 2. ഖനി; 2. സമുദ്രം
രത്നാങ്കം		നാ.	വിഷ്ണുവിന്റെ രഥം
രത്നാങ്ഗുലീയം	നാ.	രത്നംപതിച്ച മോതിരം
രത്നാവലി		നാ.	1. രത്നസമൂഹം; 2. രത്നമാല; 3. ഒരു വൃത്തം; 4. ഒരു അലങ്കാരം; 5. ഒരു സംസ്കൃതനാടകം
രത്നാശ്മം		നാ.	1. രത്നക്കല്ല്; 2. അമൂല്യരത്നം
രത്നി		നാ.	1. കൈമുട്ട്; 2. മുഴങ്കൈ; 3. മുഷ്ടി; 4. ഒരളവ്, മുഴം
രഥകാരൻ		നാ.	1. രഥമുണ്ടാക്കുന്നവൻ, രഥശില്പി; 2. തച്ചൻ
രഥകുടുംബി		നാ.	1. തേര്; 2. വണ്ടിക്കാരൻ
രഥഗർഭകം		നാ.	1. പല്ലക്ക്; 2. മഞ്ചൽ
രഥഗുപ്തി		നാ.	1. രഥത്തിൽ പണിതിട്ടുള്ള രക്ഷാവലയം, ചുറ്റും തടിയോ കമ്പിയോ തുണിയോകൊണ്ട് പണിതിട്ടുള്ളത്, വരുഥം
രഥഘോഷം		നാ.	രഥം നീങ്ങുമ്പോഴുള്ള മുഴക്കം
രഥചരണം		നാ.	1. ചക്രവാകപ്പക്ഷി; 2. തേർച്ചക്രം
രഥധൂര്		നാ.	വണ്ടിക്കാരൻ
രഥൻ		നാ.	1. വീരൻ; 2. ശൂരൻ; 3. നായകൻ, പ്രമാണി
രഥനാഭി		നാ.	വണ്ടിച്ചക്രത്തിന്റെ കേന്ദ്രഭാഗം
രഥനീഡം		നാ.	രഥത്തിനുള്ളിൽ ഇരിക്കുവാനുള്ള സ്ഥലം
രഥപാദം		നാ.	രഥചരണം
രഥബന്ധം		നാ.	പദ്യത്തിലെ ചിത്രബന്ധങ്ങളിൽ ഒരിനം, ലിപിവിന്യാസംകൊണ്ടുള്ള രഥാകൃതി
രഥം		നാ.	1. തേര്; 2. ക്ഷേത്രവളപ്പിനുപുറത്തു എഴുന്നള്ളിക്കാൻ ആളുകൾ കെട്ടിവലിക്കാറുള്ള അലങ്കൃതവാഹനം; 3. വണ്ടി; 4. വഞ്ചി; 5. തൊടുകാര; 6. ശരീരം; 7. വേഴൽ; 8. അവയവം; 9. പാദം; 10. ചതുരങ്ഗക്കളിയിലെ ഒരു കരു
രഥവർത്മാവ്	നാ.	1. രാജപാത; 2. തേരോട്ടത്തിനുള്ള വീഥി
രഥവാഹം		നാ.	1. വണ്ടിക്കുതിര; 2. തേർക്കുതിര
രഥവാഹൻ		നാ.	1. വണ്ടിക്കാരൻ; 2. തേരാളി
രഥവീഥി		നാ.	രഥ്യ, പ്രധാനപാത, രാജപാത
രഥസപ്തമി		നാ.	മാഘമാസം ശുക്ലപക്ഷത്തിലെ സപ്തമി

രഥാക്ഷം നാ. വണ്ടിയുടെ ആരക്കാൽ
രഥാങ്ഗപാണി നാ. ചക്രധാരി, വിഷ്ണു
രഥാങ്ഗം നാ. 1. വണ്ടിയുടെ ഭാഗം; 2. വണ്ടിച്ചക്രം; 3. ചക്രവാകപ്പക്ഷി
രഥാശ്വം നാ. വണ്ടിക്കുതിര
രഥി നാ. 1. തേരാളി; 2. തേരിൽസ്ഥിതിചെയ്യുന്നവൻ; 3. തേരിൻെറ ഉടമസ്ഥൻ
രഥോത്സവം നാ. തേരോട്ടം
രഥോദ്ധത നാ. ഒരു വൃത്തം
രഥ്യ നാ. 1. രഥങ്ങളുടെ സമൂഹം; 2. രാജവീഥി; 3. തെരുവീഥി
രഥ്യം നാ. തേർക്കുതിര
രദനം നാ. 1. മുറിക്കൽ; 2. പല്ല്; 3. ചൊടി
രദനാങ്കം നാ. ദന്തക്ഷതം, പല്ലിൻെറ അടയാളം
രദപടം നാ. ചുണ്ട്, അധരം
രദം നാ. 1. പല്ല്; 2. തേറ്റ; 3. മുറിക്കൽ; 4. ആനയുടെ കൊമ്പ്; 5. ഈർച്ചവാളിൻെറ വായ്ത്തലയിലും ചിലതരം ചക്രങ്ങളുടെ അരികുകളിലും എഴുന്നു നിൽക്കുന്ന കൂർത്തഭാഗം; 6. മുപ്പത്തിരണ്ട് എന്ന സങ്ഖ്യ
രദി നാ. ദന്തി, ആന
രദ്ധ വി. 1. ഛേദിക്കപ്പെട്ട; 2. കീഴടക്കപ്പെട്ട
രദ്ധാവ് നാ. 1. കീഴടക്കുന്നവൻ; 2. പീഡകൾ; 3. പിളർക്കുന്നവൻ
രദ്ധ്ര വി. 1. പീഡിപ്പിക്കുന്ന; 2. ആരാധിക്കുന്ന; 3. സുഖിക്കുന്ന
രന്തവ്യ വി. രമിക്കത്തക്ക
രന്തിദേവൻ നാ. 1. (പുരാണ) ഒരു ചന്ദ്രവംശരാജാവ്, ഔദാര്യത്തിനു പ്രസിദ്ധൻ; 2. വിഷ്ണു
രന്തിദേവം നാ. നായ്
രന്തു നാ. 1. നദി; 2. വഴി; 3. പാത
രന്തുകാമ വി. രമിക്കാൻ ആഗ്രഹമുള്ള
രന്തും അവ്യ. രമിക്കുന്നതിന്, ക്രീഡിക്കുന്നതിന്
രന്ധം നാ. 1. പീഡനം; 2. പാചകം
രന്ധിത വി. 1. പീഡിപ്പിക്കപ്പെട്ട; 2. പാകം ചെയ്യപ്പെട്ട; 3. നശിപ്പിക്കപ്പെട്ട
രന്ധ്രം നാ. 1. വിടവ്, ദ്വാരം; 2. (ജ്യോ) എട്ടാംഭാവം; 3. ഗുഹ; 4. കുറ്റം; 5. സമയം; 6. അവസരം; 7. ന്യൂനത; 8. ദുർബലമായ ഭാഗം, ദൗർബല്യം; 9. ഒൻപത് എന്ന സങ്ഖ്യ. രന്ധ്രനാഥൻ = (ജ്യോ) എട്ടാംഭാവാധിപതി
രന്ധ്രാന്വേഷി നാ. 1. പഴുതുനോക്കുന്നവൻ; 2. അന്യൻെറ കുറ്റവും കുറവും കണ്ടുപിടിക്കാൻ ശ്രമിക്കുന്നവൻ
രപസ് നാ. 1. കുറ്റം; 2. പാപം; 3. കേട്
രഭസ വി. 1. ശക്തിയോടുകൂടിയ, ഊക്കോടുകൂടിയ; 2. സാഹസികമായ; 3. തീവ്രമായ; 4. വേഗത്തിലുള്ള
രഭസം നാ. 1. ശക്തി; 2. സാഹസികത; 3. വേഗം, തിടുക്കം; 4. കോപാധിക്യം; 5. ആനന്ദം; 6. തിവ്രമായ അഭിലാഷം
രഭസാ അവ്യ. 1. ശക്തിപൂർവം; 2. വേഗത്തിൽ
രഭസ്സ് നാ. 1. ശക്തി; 2. വേഗം; 3. സാഹസം; 4. തള്ളിച്ച

രം നാ. 1. അഗ്നി, ചൂട്; 2. സ്നേഹം; 3. ശോഭ; 4. രഗണം
രംഭ1 നാ. 1. (പുരാണ) ഒരു അപ്സരസ്ത്രീ; 2. ഒരിനം അരി; 3. അലർച്ച; 4. പശുവിൻെറ കരച്ചിൽ
രംഭ2 നാ. വാഴ
രംഭം നാ. 1. അലർച്ച; 2. താങ്ങ്; 3. വടി; 4. മുള; 5. പൊടി
രംഭോരു നാ. ‘ വാഴത്തടിപോലെ രൂപഭങ്ഗിയുള്ള തുടകളോടുകൂടിയവൾ’ , സുന്ദരി
രമ1 വി. 1. രമിപ്പിക്കുന്ന; 2. ആനന്ദിപ്പിക്കുന്ന; 3. പ്രിയങ്കരമായ
രമ2 നാ. രമിപ്പിക്കുന്നവൾ, ലക്ഷ്മീദേവി
രമക വി. രമിപ്പിക്കുന്ന
രമകൻ നാ. 1. രമിപ്പിക്കുന്നവൻ; 2. സ്നേഹിതൻ; 3. നർമ സുഹൃത്ത്
രമഠം നാ. പെരുങ്കായം
രമണ വി. 1. രമിപ്പിക്കുന്ന; 2. സന്തോഷിപ്പിക്കുന്ന
രമണൻ നാ. 1. രമിപ്പിക്കുന്നവൻ; 2. ഭർത്താവ്; 3. നർമസുഹൃത്ത്; 4. അരുണൻ; 5. കാമദേവൻ
രമണം നാ. 1. കളി, ക്രീഡ; 2. രമിക്കൽ, രതിക്രീഡ; 3. ആനന്ദം; 4. കഴുത; 5. കറിവേപ്പ്; 6. ഒരു വൃത്തം
രമണി നാ. 1. രമിപ്പിക്കുന്നവൾ; 2. വെപ്പാട്ടി; 3. കറ്റാർവാഴ; 4. ഒരു വൃത്തം
രമണീയ വി. 1. രമിപ്പിക്കത്തക്ക; 2. സൗന്ദര്യമുള്ള
രമണീയത വി. മനോഹാരിത, രമണീയകം
രമണീയം നാ. 1. ഭങ്ഗിയുള്ളത്; 2. ഒരു വൃത്തം
രമണ്യം നാ. 1. വിനോദം; 2. ക്രീഡ
രമതി നാ. 1. പ്രീയൻ; 2. കാമദേവൻ; 3. സ്വർഗം; 4. സമയം
രമൻ നാ. 1. രമിപ്പിക്കുന്നവൻ; 2. കാമദേവൻ
രമം നാ. 1. സന്തോഷം; 2. ആനന്ദം; 3. അശോകവൃക്ഷം
രമാകാന്തൻ നാ. മഹാലക്ഷ്മിയുടെ ഭർത്താവ്, മഹാവിഷ്ണു
രമാപ്രിയം നാ. താമര
രമിക്കുക ക്രി. 1. കളിക്കുക; 2. വിശ്രമിക്കുക; 3. സന്തോഷിക്കുക
രമിപ്പിക്കുക ക്രി. ആനന്ദിപ്പിക്കുക
രമേശൻ നാ. രമാകാന്തൻ, വിഷ്ണു
രമ്യ വി. ആസ്വദിക്കേണ്ടുന്ന, രമിക്കത്തക്ക, പ്രീതിജനകമായ, ആഹ്ലാദകാരിയായ, അഴകുള്ള
രമ്യത നാ. 1. രമ്യമായ അവസ്ഥ; 2. അഴക്; 3. യോജിപ്പ്
രമ്യം നാ. 1. മനോഹരമായത്, മനോഹരം; 2. ചെമ്പകം; 3. കൊക്കുമന്താരം; 4. ഒരുജാതി വെള്ളരി
രയം നാ. 1. നദീജലപ്രവാഹം; 2. ദ്രുതഗതി; 3. വേഗം; 4. പ്രവാഹമാർഗം; 5. തീക്ഷ്ണത; 6. അത്യുത്സാഹം, സാഹസികത
രയി നാ. 1. വെള്ളം; 2. സമ്പത്ത്, നിധി; 3. വസ്തുവകകൾ; 4. സാമഗ്രികൾ
രയിത്വാരി [ക,രയിത്ത,പേർ] നാ. ഒരു ഭൂവുടമസമ്പ്രദായം, സർക്കാർവകയായഭൂമി കുടിയാന്മാർ കുത്തകപ്പാട്ടമായി അനുഭവിക്കൽ

രയിഷ്ഠൻ നാ. 1. സമ്പന്നൻ, ധനവാൻ; 2. അഗ്നി; 3. ബ്രാഹ്മണൻ
രല്ലകം നാ. 1. ഒരിനം മാൻ, രോമാവൃതമായ ശരീരത്തോടുകൂടിയത്; 2. കരിമ്പടം, കമ്പിളിപ്പുതപ്പ്; 3. ഇമ
രവ1 നാ. ചുങ്കസ്ഥലം
1241
രവ2 [ഹി.രവാ] നാ. 1. സ്വർണപ്പൊടി; 2. തരിമണൽപ്പൊടി
രവണ വി. 1. ഉറക്കെശബ്ദിക്കുന്ന; 2. നിലവിളിക്കുന്ന; 3. പാടുന്ന; 4. മൂർച്ചയുള്ള; 5. തീക്ഷ്ണതയുള്ള; 6. ചപലമായ

രവണൻ നാ. 1. അക്ഷരസ്ഫുടതയില്ലാതെ അതുമിതും പുലമ്പുന്നവൻ; 2. ഒച്ചപ്പാടുണ്ടാക്കുന്നവൻ
രവണം നാ. 1. ഒട്ടകം; 2. കുയിൽ; 3. വെള്ളോട്; 4. വാലാട്ടിപ്പക്ഷി; 5. തേനീച്ച
രവം നാ. 1. ശബ്ദം, നാദം; 2. കൂക്കിവിളി, ഓരിയിടൽ; 3. അലർച്ച; 4. മൂളൽ; 5. നിലവിളി
രവി നാ. 1. സൂര്യൻ; 2. സൂര്യദേവൻ; 3. പന്ത്രണ്ട് എന്ന സങ്ഖ്യ; 4. പർവതം; 5. അഗ്നി; 6. നായകൻ
രവികാന്തം നാ. സൂര്യകാന്തം
രവിതനയൻ നാ. 'സൂര്യൻെറ പുത്രൻ', 1. സുഗ്രീവൻ; 2. കർണൻ; 3. യമൻ; 4. വൈവസ്വതമനു; 5. ശനി
രവിദിനം നാ. ഞായറാഴ്ച
രവിനാഥം നാ. 1. താമര; 2. ഉച്ചമലരി
രവിനാമകം നാ. 1. ചെമ്പ്; 2. എരിക്ക് (അർക്കം)
രവിനേത്രൻ നാ. വിഷ്ണു
രവിപ്രിയം നാ. 1. ചെന്താമരപ്പൂവ്; 2. ചെമന്ന അരളി; 3. ചെമ്പ്
രവിരത്നം നാ. 1. സൂര്യകാന്തം; 2. മാണിക്യം
രവിലോചനൻ നാ. 1. വിഷ്ണു; 2. ശിവൻ
രവിസങ്ക്രാന്തി നാ. സൂര്യസങ്ക്രാന്തി
രശന നാ. 1. അരഞ്ഞാൺ; 2. രസന, നാവ്; 3. മേഖല
രശനോപമ നാ. ഒരു ഉപമയിലെ ഉപമേയത്തെ അടുത്തതിലെ ഉപമാനമാക്കിയും രണ്ടാമത്തെ ഉപമേയത്തെ മൂന്നാമത്തെ ഉപമാനമാക്കിയും ഇങ്ങനെ അനേകം ഉപമകൾ കോർത്തുണ്ടാക്കുന്ന അർഥാലങ്കാരം
രശീതി,-സീതി [ഇം.] നാ. രസീത്, കൈച്ചീട്ട്
രശ്മി നാ. 1. കിരണം, പ്രകാശകിരണം; 2. കടിഞ്ഞാൺ; 3. കയറ്; 4. ഇമ; 5. മരീചിക; 6. ചാട്ട; 7. അളവുകോൽ
രശ്മീരുചൻ നാ. സൂര്യൻ
രസകർപ്പൂരം നാ. 1. ഒരു സിന്ദൂരം; 2. പുടംവച്ചെടുത്ത ഒരുതരം ഭസ്മം
രസകഷായം നാ. 1. അഞ്ചുതരം കഷായങ്ങളിൽ ഒന്ന്; 2. ഇടിച്ചുപിഴിഞ്ഞ നീരുകൊണ്ടുള്ളത്
രസക്കുടുക്ക നാ. 1. ഒരു അലങ്കാരവസ്തു, അകമേ രസം തേച്ചുപിടിപ്പിച്ച സ്ഫടികഗോളം; 2. (പ്ര) രസികൻ

രസക്കേട് നാ. 1. നീരസം, ഇഷ്ടമില്ലായ്മ; 2. അരുചി; 3. വെറുപ്പ്; 4. വിരസത
രസക്ഷയം നാ. രസക്കേട്
രസഗന്ധകം നാ. 1. കർപ്പൂരം; 2. ഗന്ധകം
രസഗർഭം നാ. 1. ചായില്യം; 2. രസാഞ്ജനം; 3. മാക്കീരക്കല്ല്
രസഗ്രഹം നാ. രസത്തെ ഗ്രഹിക്കുന്നത്, നാക്ക്
രസച്ചരട് നാ. 1. രസമാകുന്ന ചരട്; 2. രസത്തിൻെറ ക്രമാനുസാരിയായ ശൃങ്ഖല (പ്ര) രസച്ചരടുപൊട്ടിക്കുക = എന്തെങ്കിലും വിഷയത്തിൽ രസിച്ചിരിക്കവെ ഇടയ്ക്കുകയറി മറ്റെന്തെങ്കിലും പറഞ്ഞ് രസഭങ്ഗം വരുത്തുക
രസജം നാ. 1. ശർക്കര; 2. പഞ്ചസാര; 3. രക്തം
രസജ്ഞ വി. 1. രസത്തെ അറിയുന്ന; 2. രസാസ്വാദനശേഷിയുള്ള
രസജ്ഞൻ നാ. 1. രസത്തെ അറിയുന്നവൻ; 2. രസത്തെ മനസ്സിലാക്കി രചന നിർവഹിക്കുന്നവൻ; 3. നല്ല ഗുണദോഷ വിവേചനശേഷിയുള്ളവൻ; 4. രസവാദി; 5. വൈദ്യൻ
രസതന്ത്രം നാ. ഭൗതികവസ്തുക്കളുടെ രസഗുണങ്ങൾ ഘടന ഉത്പാദനരീതികൾ രാസപരിവർത്തനങ്ങൾ മുതലായവയെപ്പറ്റി പ്രതിപാദിക്കുന്ന ശാസ്ത്രശാഖ
രസതേജസ്സ് നാ. രക്തം
രസദൻ നാ. വൈദ്യൻ
രസധാതു നാ. 1. സപ്തധാതുക്കളിൽ ആദ്യത്തേത്; 2. ശരീരത്തിലെ ഒരു ധാതുവിശേഷം; 3. രസം, പരാദം
രസന നാ. 1. നാവ്; 2. അരത്ത; 3. രശന
രസനം നാ. 1. രുചി, രുചിനോക്കൽ; 2. നാവ്; 3. അരത്ത; 4. നിലവിളി; 5. ഇടിമുഴക്കം; 6. കിലുകിലുക്കം; 7. കഫം; 8. സ്വർണം; 9. വെള്ളി
രസനായകൻ നാ. ശിവൻ
രസനേത്രിക നാ. 1. മനയോല; 2. തൊട്ടിപ്പാഷാണം
രസനേന്ദ്രിയം നാ. നാവ്
രസപതി നാ. 1. ശൃങ്ഗാരരസം; 2. രാജാവ്; 3. ചന്ദ്രൻ
രസപാകജം നാ. 1. ശർക്കര; 2. പഞ്ചസാര
രസപാചകൻ നാ. അരിവയ്പ്പുകാരൻ, പാചകക്കാരൻ
രസഫലം നാ. തെങ്ങ്, തേങ്ങ
രസഭങ്ഗം നാ. 1. രസവിച്ഛിത്തി, ഇടയ്ക്കുവച്ച് രസത്തിനുവരുന്ന മുറിയൽ; 2. ഇഷ്ടക്കേട്; 3. രസക്കേട്; 4. സ്വാദില്ലായ്മ; 5. നീരില്ലായ്മ
രസഭസ്മം നാ. രസം പുടംവച്ചുനീറ്റിയെടുത്ത ഭസ്മം
രസം നാ. 1. രുചി, സ്വാദ്; 2. പ്രതിപത്തി; 3. എന്തിലെങ്കിലും മനസ്സു രമിക്കുമ്പോൾ ഉണ്ടാകുന്ന അനുഭവം; 4. ഒരു മൂലകം, മെർക്കുറി, ഒരു ധാതു ദ്രവ്യം; 5. ഒരു കലാരൂപം ആസ്വദിക്കുമ്പോൾ ആസ്വാദകനുണ്ടാകുന്ന അനുഭൂതി; 6. ഒരു ഒഴിച്ചുകറി; 7. വിഷം, വിഷമുള്ള ഒരു മരുന്ന്; 8. നീര്, ചാറ്; 9. ജലം; 10. നറുംപശ; 11. പഞ്ചഭൂതങ്ങളുടെ ഒരു ഗുണം; 12. കാവ്യത്തിൻെറ ജീവൻ
രസമാതൃകം നാ. നാക്ക്
രസരാജം നാ. 1. രസം; 2. രസാഞ്ജനം

രസവതി		നാ.	അടുക്കള
രസവത്ത		നാ.	1. ഹൃദ്യത; 2. സ്വാദ്
രസവത്ത്		വി.	1. രസമുള്ള; 2. രുചിയുള്ള; 3. നനവുള്ള; 4. മനോഹരമായ; 5. സ്നേഹപൂർവകമായ
രസവാദം		നാ.	1. രസതന്ത്രം; 2. താണലോഹങ്ങളെ രസം ഗന്ധകം മുതലായവ ചേർത്തു സ്വർണമോ വെള്ളിയോ ആക്കാനുള്ള വിദ്യ; 3. നർമസല്ലാപം
രസവാദി		നാ.	1. രസതന്ത്രജ്ഞൻ; 2. രസവാദം അറിഞ്ഞവൻ
രസശാസ്ത്രം		നാ.	രസതന്ത്രം
രസശോധനം		നാ.	1. പൊൻകാരം; 2. രസം ശുദ്ധീകരിക്കൽ
രസസാമ്രാട്ട്		നാ.	ശൃങ്ഗാരരസം
രസസിദ്ധി		നാ.	1. രസവാദശാസ്ത്രജ്ഞാനം; 2. രസപ്രയോഗത്തിലുള്ള നൈപുണ്യം
രസസിന്ദൂരം		നാ.	രസം പുടംവച്ചെടുത്ത ഒരുതരം സിന്ദൂരം
രസസ്ഥാനം		നാ.	1. ചായില്യം; 2. ശയനമുറി
രസാഞ്ജനം		നാ.	ഒരു അഞ്ജനവിശേഷം, കണ്ണിലെഴുതാനുള്ള ഒരുതരം മഷി
രസാതലം		നാ.	1. ഭൂമിക്കു കീഴെയുള്ള ലോകങ്ങളിൽ ഒന്ന്; 2. പാതാളം
രസാത്മക		വി.	1. രസം ഉൾക്കൊള്ളുന്ന; 2. രസം നിറഞ്ഞ
രസാദാനം		നാ.	1. രസം വലിച്ചെടുക്കൽ; 2. സ്തനുപാനം
രസാധാരൻ		നാ.	സൂര്യൻ
രസാന്തരം		നാ.	മറ്റൊരു രസം
രസാഭാസം		നാ.	1. അനുചിതമായ രസപ്രകടനം, അസ്ഥാനത്തുള്ള രസപ്രകടനം; 2. രസത്തിനുവേണ്ടികാണിക്കുന്ന അനുചിതചേഷ്ട
രസാമ്ലം		നാ.	രസാളം, പുളിച്ചാറ്
രസായനൻ		നാ.	1. രസവാദി; 2. ഗരുഡൻ
രസായനം		നാ.	1. ആയുസ്സിനെ വർധിപ്പിക്കുന്ന ഒരു ഔഷധം; 2. രസവും ഔഷധവും കൂട്ടിയുള്ള പ്രയോഗം; 3. രസത്തിൻെറ ഇരിപ്പിടം; 4. മോര്; 5. വിഷം; 6. തിപ്പലി
രസായനവാദം		നാ.	കീമാശാസ്ത്രം, രസതന്ത്രം
രസായനശ്രേഷ്ഠം		നാ.	രസം
രസാല1		നാ.	1. നാങ്ക്; 2. കറുക; 3. മുന്തിരി; 4. രസാള
രസാല2	[അറ]	നാ.	അയപ്പ്, (പണം) അയച്ചുകൊടുക്കൽ
രസാലം		നാ.	1. തേന്മാവ്; 2. പ്ലാശ്, ശീമപ്ലാവ്; 3. കരിമ്പ്; 4. ഗോതമ്പ്; 5. അറബിക്കുന്തുരുക്കം; 6. നറുമ്പശ; 7. ചാണപ്പുളി; 8. വിഴാൽ
രസാവഹ		വി.	1. രസമുള്ള; 2. രുചിയുള്ള
രസാസ്വാദം		നാ.	1. രസത്തിൻെറ ആസ്വാദനം; 2. കാവ്യരസാസ്വാദനം
രസാസ്വാദി		നാ.	തേനീച്ച
രസാള		നാ.	1. ഒരു കറി; 2. മുന്തിരിവള്ളി
രസാളം		നാ.	1. തേന്മാവ്; 2. മാവ്; 3. രസാലം; 4. ഒരിനം കരിമ്പ്; 5. പുളിങ്കുഴമ്പ്
രസിക		വി.	1. കരിമ്പിൻ നീര്; 2. രസാള; 3. പഞ്ചവർണക്കിളി; 4. പ്രീതികരമായി സംസാരിക്കുന്നവൾ

രസികൻ നാ. 1. രസിപ്പിക്കുന്നവൻ; 2. രസിക്കുന്നവൻ, ആസ്വാദകൻ; 3. നന്മതിന്മകൾ തിരിച്ചറിയുന്നവൻ; 5. താന്തോന്നി, വിടൻ
രസികം നാ. 1. വണ്ടാരക്കോഴി; 2. കുതിര; 3. ആന
രസിക്കുക ക്രി. 1. ഇഷ്ടപ്പെടുക; 2. സന്തോഷിക്കുക; 3. രുചിക്കുക; 4. അനുഭവിക്കുക, ആസ്വദിക്കുക; 5. ശബ്ദിക്കുക
രസിത വി. 1. രസിക്കപ്പെട്ട; 2. സ്വർണം പൂശിയ; 3. ആസ്വദിച്ച
രസിതം നാ. 1. ശബ്ദം; 2. ഇടിമുഴക്കം; 3. വീഞ്ഞ്
രസിപ്പിക്കുക ക്രി. രസിക്കാൻ പ്രേരിപ്പിക്കുക
രസോത്തമം നാ. 1. പാൽ; 2. രസം; 3. ചെറുപയർ
രസോനം നാ. രസുനം, വെളുത്തുള്ളി
രസ്നം നാ. 1. വസ്തു; 2. വിഷം
രസ്യം നാ. 1. രസിക്കത്തക്കത്, ആസ്വാദ്യമായത്, രുചിയുള്ളത്; 2. ചാറുള്ളത്; 3. രക്തം
രഹണം നാ. 1. വേർപാട്; 2. പരിത്യാഗം, കൈവെടിയൽ
രഹദാരി [പേർ] നാ. അനുമതിച്ചീട്ട്
രഹശ്ചരൻ നാ. 1. രാക്ഷസൻ; 2. ഒളിച്ചുപോകുന്നവൻ
രഹസി അവ്യ. രഹസ്യമായി
രഹസ്യ വി. 1. ഗൂഢമായ; 2. സ്വകാര്യമായ; 3. മറച്ചുവച്ചുള്ള; 4. ദുർജ്ഞേയമായ
രഹസ്യക്കാരൻ നാ. 1. ജാരൻ; 2. ഒളിപുരുഷൻ
രഹസ്യം നാ. 1. ഗൂഢമായ കാര്യം; 2. സ്വകാര്യം; 3. മന്ത്രം
രഹസ്സംവാദം നാ. സ്വകാര്യംപറച്ചിൽ
രഹസ്സ് നാ. 1. ഏകാന്തസ്ഥലം, വിജനസ്ഥലം; 2. ഏകാന്തത; 3. രഹസ്യാത്മകത; 4. സ്വകാര്യസ്ഥലം, രഹസ്യസങ്കേതം അവ്യ. രഹസ്യമായി, സ്വകാര്യമായി
രഹിത വി. 1. കൈവെടിഞ്ഞ, ഉപേക്ഷിച്ച; 2. ഇല്ലാതായ, ഇല്ലാത്ത, കൂടാതെയുള്ള
രാ1 നാ. 1. സ്വർണം; 2. ദാനം
രാ2 നാ. രാത്രി
രാക നാ. 1. പൗർണമി, പൗർണമിരാത്രി; 2. പൗർണമിരാത്രിയുടെ അധിദേവത; 3. ചൊറി
രാകാപതി നാ. പൂർണചന്ദ്രൻ
രാകാശശാങ്കൻ നാ. പൂർണചന്ദ്രൻ
രാകുക ക്രി. 1. ഒരു അരമോ മറ്റോകൊണ്ട് ഉരച്ച് തേയ്മാനം വരുത്തുകയോ മിനുസപ്പെടുത്തുകയോ ചെയ്യുക
രാകേന്ദുമുഖി നാ. സുന്ദരി
രാകേശൻ നാ. പൂർണചന്ദ്രൻ
രാക്കണ്ണ് നാ. ഒരു നേത്രരോഗം, മാലക്കണ്ണ്
രാക്കതിർ നാ. 'രാത്രിയിൽ വെളിച്ചമുള്ളത്', ചന്ദ്രൻ
രാക്ക്<രാകുക] നാ. രാകുക എന്ന പ്രവൃത്തി. വി. രാകിയ (പ്ര) രാക്കുപൊടി
രാക്കൂറ് നാ. രാത്രി
രാക്ഷസ വി. രക്ഷസിനെ സംബന്ധിച്ച, രക്ഷസ്സംബന്ധിയായ

രാക്ഷസൻ നാ. പുരാണേതിഹാസങ്ങളിൽ പരാമർശിക്കുന്ന ഒരു മനുഷ്യേതരവർഗം, അതിൽപ്പെട്ട വ്യക്തി, രാത്രിഞ്ചരൻ; 2. നന്ദരാജാവിൻെറ മന്ത്രി; 3. (ആല) ദുഷ്ടൻ, ഭീകരൻ, നരഭോജി. (സ്ത്രീ) രാക്ഷസി

രാക്ഷസം നാ. എട്ടുതരം വിവാഹങ്ങളിൽ ഒന്ന്, രാക്ഷസോദ്വാഹം

രാക്ഷസോദ്വാഹം നാ. ഒരുതരം വിവാഹം (സ്ത്രീയെ ബലാത്കാരേണ പിടിച്ചുകൊണ്ടുപോകുന്നത്)

രാഗൻ നാ. 1. രാജാവ്; 2. സൂര്യൻ

രാഗം നാ. 1. പ്രേമം, സ്നേഹം; 2. ചെമപ്പ് നിറം, തുടുപ്പ്; 3. നിറം; 4. ഭാരതീയമായ ഒരു അടിസ്ഥാന സങ്ഗീതശില്പം; 5. മനോവികാരം; 6. ചെമ്പഞ്ഞിച്ചാറ്; 7. അനുകമ്പ; 8. രാജോഗുണം

രാഗമാലിക നാ. വ്യത്യസ്തരാഗങ്ങളിലുള്ള ഖണ്ഡങ്ങൾ കൂടിച്ചേർന്ന ഗാനം

1243

രാഗലത നാ. രതി

രാഗവാൻ നാ. സ്നേഹമുള്ളവൻ, അനുരാഗമുള്ളവൻ

രാഗവൃന്തൻ നാ. കാമദേവൻ

രാഗഹീനൻ നാ. 1. രാഗമില്ലാത്തവൻ; 2. ശുദ്ധഹൃദയൻ

രാഗാദിഷട്കം നാ. രാഗം ദ്വേഷം മദം മാത്സര്യം ലോഭം മോഹം എന്നീ ആറും

രാഗാലു നാ. തക്കാളിപ്പഴം

രാഗി വി. 1. നിറംപിടിപ്പിച്ച; 2. ചെമന്ന; 3. അനുരാഗമുള്ള; 4. വളരെ താത്പര്യമുള്ള; 5. ആനന്ദിപ്പിക്കുന്ന. നാ. 1. ചായപ്പണിക്കാരൻ; 2. സ്നേഹമുള്ളവൻ; 3. വിഷയലമ്പടൻ

രാഗിണി നാ. 1. അനുരാഗമുള്ളവൾ; 2. രാഗത്തിൻെറ ഒരു രൂപഭേദം; 3. ഒരുതരം ധാന്യം

രാഘവൻ നാ. 1. രഘുവിൻെറ സന്തതി; 2. ശ്രീരാമൻ

രാങ്കവം വി. രങ്കു എന്ന ഇനം മാനിനോടു ബന്ധപ്പെട്ടത്, അതിൻെറ രോമംകൊണ്ടുണ്ടാക്കിയത്. നാ. രങ്കുവിൻെറ രോമംകൊണ്ടുണ്ടാക്കിയ കമ്പിളിപ്പുതപ്പ്

രാജക വി. 1. രാജിക്കുന്ന, പ്രകാശം പരത്തുന്ന, പ്രകാശിപ്പിക്കുന്ന; 2. രാജാവുള്ള, ഭരിക്കപ്പെടുന്ന

രാജകൻ നാ. ചെറിയരാജാവ്, രാജകുമാരൻ

രാജകം നാ. 1. രാജസമൂഹം; 2. രാജാവിനോടുകൂടിയത്

രാജകല നാ. 1. രാജത്വചി ം, ഐശ്വര്യചി ം; 2. ചന്ദ്രക്കല

രാജകീയ വി. രാജാവിനെ സംബന്ധിച്ച

രാജകുമാരൻ നാ. രാജാവിൻെറ പുത്രൻ, രാജവംശത്തിൽ പിറന്നവൻ

രാജകുലം നാ. രാജവംശം

രാജഗൃഹം നാ. 1. രാജാവിൻെറ കൊട്ടാരം; 2. മഗധരാജ്യത്തിൻെറ തലസ്ഥാനം

രാജചി ം നാ. രാജത്വത്തിൻെറചി ം, ചെങ്കോൽതുടങ്ങിയവ

രാജത നാ. വെള്ളികൊണ്ടുള്ള

രാജതരങ്ഗിണി നാ. ഒരു സംസ്കൃതകൃതി

രാജത്വം നാ. രാജാവായിരിക്കുന്ന അവസ്ഥ, രാജപദവി

രാജദ്രോഹം നാ. രാജാവിനെതിരായ കുറ്റകൃത്യം

രാജധർമം നാ. രാജാവ് അനുഷ്ഠിക്കേണ്ട ധർമം

രാജധാനി നാ. 1. രാജാവിൻെറ ആസ്ഥാനം; 2. രാജഭവനം
രാജധാന്യം നാ. ചാമ
രാജൻ നാ. 1. രാജാവ്; 2. മുഖ്യൻ; 3. ശ്രേഷ്ഠൻ
രാജനം നാ. രാജിക്കൽ, ശോഭിക്കൽ
രാജനയം,-നീതി നാ. രാജ്യഭരണതന്ത്രം
രാജനീതിപഞ്ചകം നാ. സഹായം സാധനോപായം ദേശകാലവിഭാഗം ആപത്പരിഹാരം സിദ്ധി ഇവ അഞ്ചും
രാജന്യ വി. രാജാവിനെ സംബന്ധിച്ച, രാജകുടുംബത്തിലുള്ള
രാജന്യൻ നാ. 1. ക്ഷത്രിയൻ; 2. രാജാവ്; 3. പുരുഷശ്രേഷ്ഠൻ; 4. അഗ്നി
രാജപഥം നാ. രാജപാത
രാജപദം നാ. രാജാവിൻെറ സ്ഥിതി
രാജപാത നാ. ഒരു രാജ്യത്തിലെ പ്രധാനപ്പെട്ട പാത
രാജപുങ്ഗവൻ നാ. രാജശ്രേഷ്ഠൻ
രാജപുത്രൻ നാ. 1. രാജാവിൻെറ പുത്രൻ, രാജകുമാരൻ; 2. ക്ഷത്രിയൻ; 3. ബുധൻ; 4. രജപുത്രൻ
രാജപുത്രി നാ. 1. രാജാവിൻെറ മകൾ; 2. നച്ചെലി; 3. പേച്ചുര; 4. അരേണുകം; 5. പിച്ചകം
രാജപുരുഷൻ നാ. 1. രാജഭൃത്യൻ, ഉദ്യോഗസ്ഥൻ; 2. മഹാപുരുഷൻ
രാജബീജി വി. രാജവംശത്തിൽ പിറന്ന
രാജഭക്തി നാ. രാജാവിനോടുള്ള ഭക്തി
രാജഭണ്ഡാരം നാ. 1. രാജകീയ ഖജാന; 2. രാജദ്രവ്യം
രാജഭാഷ നാ. ഔദ്യോഗികഭാഷ
രാജഭോഗം നാ. 1. രാജാവിനുകൊടുക്കുന്ന കരം; 2. സർക്കാർ നികുതി; 3. രാജചി ം; 4. രാജാവിൻെറ ഓഹരി; 5. ഉന്നത സുഖാനുഭവം
രാജമഹിഷി നാ. രാജാവിൻെറ പട്ടമഹിഷി
രാജമാന വി. രാജിച്ചുകൊണ്ടിരിക്കുന്ന
രാജമാന്യ വി. 1. രാജാവിനെപ്പോലെ മാനിക്കത്തക്ക; 2. ശ്രീമാനായ; 3. പേരിനോടുചേർക്കുന്ന ബഹുമാനസൂചകമായ ഒരുപദം
രാജമാർഗം നാ. രാജപാത
രാജമാഷം നാ. 1. പെരുമ്പയർ; 2. വലിയ ഉഴുന്ന്
രാജമുദ്ര നാ. രാജചി ം
രാജയക്ഷ്മാവ് നാ. കടുത്ത ഒരുതരം ക്ഷയരോഗം
രാജയോഗം നാ. 1. നാലുതരം യോഗവിദ്യകളിൽ ഒന്ന്; 2. (ജ്യോ) ഒരു പ്രത്യേകതരം ഗ്രഹയോഗം, രാജാവിൻെറ ജനനത്തിന് ഹേതുകമായ ഗ്രഹയോഗം; 3. വലിയ ഭാഗ്യം, ജനനസമയത്തെ ഗ്രഹയോഗത്തിൽനിന്ന് ഉണ്ടാകുന്നത്; 4. രാജസഭ
രാജർഷഭൻ നാ. രാജശ്രേഷ്ഠൻ
രാജർഷി നാ. 1. ഏഴുതരം ഋഷിമാരിൽ ഒരു വിഭാഗത്തിൽപ്പെട്ടയാൾ; 2. ഭക്തിയും തപസ്സുംകൊണ്ട് ഋഷിക്കുതുല്യനായ രാജാവ്; 3. തപസ്സുചെയ്ത് ഋഷിയായ ക്ഷത്രിയൻ
രാജരങ്ഗം നാ. വെള്ളി
രാജരത്നം നാ. രാജശ്രേഷ്ഠൻ

രാജരാജൻ നാ. 1. വൈശ്രവണൻ; 2. ചക്രവർത്തി; 3. ഈശ്വരൻ
രാജരാജേശ്വരി നാ. ദുർഗാദേവി
രാജവംശം നാ. രാജാവിൻെറ കുടുംബം, ഒരു കുടുംബത്തിലെ രാജാക്കന്മാരുടെ പരമ്പര
രാജവംശ്യൻ നാ. രാജവംശത്തിൽ പിറന്നവൻ
രാജവ്യസനങ്ങൾ നാ. നായാട്ട് ചൂത് മദ്യപാനം സ്ത്രീസേവ വാക്പാരുഷ്യം ദണ്ഡപാരുഷ്യം അർഥദൂഷണം ഇവ ഏഴും
രാജശാസനം നാ. രാജകല്പന, രാജഭരണം
രാജശൂകം നാ. പെരുന്തത്ത
രാജശേഖരൻ നാ. 'ശിഖയിൽ ചന്ദ്രനെ അണിഞ്ഞവൻ', 1. ശിവൻ; 2. ഒരു പ്രസിദ്ധ കവി, കർപ്പൂരമഞ്ജരിയുടെ കർത്താവ്
രാജശ്രീ നാ. 1. രാജത്വം; 2. രാജാവിൻെറ ശോഭ; 3. വലിയ ഐശ്വര്യം; 4. പേരിനോടുചേർക്കുന്ന ബഹുമാനസൂചകമായ പദം
രാജസ വി. രജസ്സുസംബന്ധിച്ച
രാജസം നാ. 1. രജോഗുണം; 2. ഉജ്വലത
രാജസദനം നാ. 1. അരമന; 2. കൊട്ടാരം
രാജസഭ നാ. രാജാവിൻെറ സഭ
രാജസിംഹം നാ. രാജശ്രേഷ്ഠൻ
രാജസൂയം നാ. 1. ഒരു യാഗം, ചക്രവർത്തിക്കു പട്ടാഭിഷേകം നടത്തുമ്പോൾ സാമന്തരാജാക്കന്മാരുടെ സാന്നിധ്യത്തിൽ ചെയ്യപ്പെടുന്നതും പതിനേഴരമാസം നീണ്ടുനിൽക്കുന്നതുമായ യാഗം
രാജസേവ നാ. 1. രാജാവിനെ സേവിക്കൽ; 2. രാജാവുമായുള്ള അടുപ്പം
രാജസ്ഥാനം നാ. 1. രാജത്വം; 2. കൊട്ടാരം; 3. ഉത്തരേന്ത്യയിലെ ഒരു പ്രദേശം
രാജസ്വം നാ. 1. പണ്ടാരവക; 2. നികുതി
രാജഹത്യ നാ. രാജാവിനെ കൊല്ലൽ
രാജഹംസം നാ. ഉത്തമവർഗത്തിൽപ്പെട്ട ഒരിനം അരയന്നം
രാജാ നാ. 1. രാജാവ്; 2. ചന്ദ്രൻ; 3. കർപ്പൂരം
രാജാജ്ഞ നാ. 1. രാജാവിൻെറ കല്പന; 2. രാജകീയാധികാരം
രാജാധിരാജൻ നാ. ചക്രവർത്തി
രാജാന്നം നാ. 1. സർക്കാർശമ്പളം; 2. രാജാവ് നൽകുന്ന ചോറ്
രാജാഭിഷേകം നാ. പട്ടാഭിഷേകം
രാജാംശം നാ. 1. രാജാവിൻെറ ഓഹരി അഥവാ അവകാശം; 2. രാജകീയ കീർത്തിയും പ്രതാപവും
രാജാർഹം നാ. 'രാജാവിന് അർഹമായത്', 1. അകിൽ; 2. ചെന്നിനായകം
രാജാവർത്തം നാ. പഞ്ചരത്നങ്ങളിൽ ഒന്ന്, താണതരം വജ്രം, വിരാടജം
രാജാവ് നാ. 1. രാജ്യഭരണം നിർവഹിക്കുന്ന ആൾ, നാടുവാഴി; 2. ചന്ദ്രൻ; 3. ക്ഷത്രിയൻ; 4. ഇന്ദ്രൻ; 5. യുധിഷ്ഠിരൻ; 6. യക്ഷൻ; 7. കർപ്പൂരം
രാജാശ്മം നാ. മാർബിൾ, വെണ്ണക്കല്ല്
രാജി1 നാ. 1. ഇടതൂർന്നത്; 2. പങ്ക്തി; 3. മുറിയാതുള്ളവര; 4. കുടം; 5. കരിങ്കടുക്; 6. ശരീരത്തിനകത്തു പാത്രം പോലിരിക്കുന്ന ഒരു വസ്തു

രാജി2 [അറ] നാ. 1. 1. പരസ്പര സമ്മതം; 2. ഒത്തുതീർപ്പ്കരാർ, പദവിയോ സ്ഥാനമോ സ്വമേധയാ ഔപചാരികമായി ഉപേക്ഷിക്കൽ (പ്ര) രാജിക്കത്ത് = രാജി അറിയിക്കുന്ന രേഖ. രാജിവയ്ക്കുക, -സ്വീകരിക്കുക ഇത്യാദി

രാജിക നാ. 1. കരിങ്കടുക്; 2. ഒരു ധാന്യം; 3. നിര, വരി; 4. വയൽ

രാജിക്കുക ക്രി. ശോഭിക്കുക

രാജിത വി. രാജിക്കപ്പെട്ട

രാജിലം നാ. 1. ഒരുതരം പാമ്പ്; 2. ചേര; 3. രാഖാങ്കിതമായത്

രാജീവനേത്രൻ നാ. വിഷ്ണു

രാജേന്ദു നാ. രാജശ്രേഷ്ഠൻ

രാജ്ഞി നാ. 1. രാജകുടുംബത്തിലെ സ്ത്രീ; 2. സൂര്യൻെറ പത്നി (സംജ്ഞ); 3. അമരി; 4. വെള്ളോട്; 5. പിച്ചള; 6. പിച്ചകം; 7. കരിങ്കടുക്

രാജ്യതന്ത്രം നാ. രാജ്യഭരണസിദ്ധാന്തം, രാഷ്ട്രതന്ത്രം

രാജ്യഭരണം നാ. രാജ്യം ഭരിക്കൽ, രാജ്യപരിപാലനം

രാജ്യം നാ. 1. ഒരു രാജാവിൻെറ ഭരണത്തിൻ കീഴിലുള്ള പ്രദേശം, നാട്; 2. ചരിത്രപരമായോ സാംസ്കാരികമായോ ഐക്യമുള്ള ഒരു ജനത അധിവസിക്കുന്ന പ്രദേശം; 3. രാജഭരണം; 4. രാജത്വം

രാജ്യമീമാംസ നാ. 1. രാഷ്ട്രമീമാംസ; 2. അർഥശാസ്ത്രം

രാജ്യസഭ നാ. 1. ഇന്ത്യൻ പാർലിമെൻറിൻെറ ഉപരിമണ്ഡലം; 2. രാജ്യഭരണത്തിൽ മുഖ്യ ഭരണാധികാരികളെ ഉപദേശിക്കാൻ രൂപീകരിക്കപ്പെട്ട സഭ

രാടി നാ. 1. പക്ഷി; 2. യുദ്ധം

രാട്ട് നാ. രാജാവ്

രാഢ നാ. 1. പ്രകാശം; 2. ബങ്ഗാളിലെ ഒരു ദേശം

രാണം നാ. 1. ഇല; 2. മയിലിൻെറ വാൽ, മയിൽപ്പീലി

രാണിക നാ. കടിഞ്ഞാൺ

രാണുവം [ത] നാ. സൈന്യം, കാലാൾപ്പട

രാത്രകം നാ. അഞ്ചുരാത്രികൂടിയ കാലം

രാത്രം നാ. 1. ജ്ഞാനം; 2. അറിവ്; 3. രാത്രി

രാത്രി(ക) നാ. സൂര്യൻ അസ്തമിച്ചു വീണ്ടും ഉദിക്കുന്നതുവരെയുള്ള സമയം, സായംസന്ധ്യ മുതൽ പ്രാതഃസന്ധ്യവരെയുള്ള പന്ത്രണ്ടു മണിക്കൂർ സമയം

രാത്രികരൻ നാ. നിശകരൻ, ചന്ദ്രൻ

രാത്രികാശിക നാ. താമരപ്പൊയ്ക

രാത്രിചരൻ നാ. 1. രാത്രിയിൽ ചരിക്കുന്നവൻ; 2. രാക്ഷസൻ; 3. കള്ളൻ

രാത്രിന്ദിവം അവ്യ. 1. രാപ്പകൽ, രാത്രിയിലും പകലും; 2. ഇടവിടാതെ

രാത്രിവേദം നാ. 'രാത്രിയെ അറിയുന്നവൻ', പൂവൻകോഴി

രാത്രിഹാസം നാ. 'രാത്രിയിൽ ചിരിക്കുന്നത്', വെള്ളാമ്പൽ

രാത്ര്യന്ധത നാ. 1. ഒരു നേത്രരോഗം, മാലക്കണ്ണ്; 2. രാത്രി കാഴ്ചയില്ലാതിരിക്കൽ

രാദ്ധ വി. 1. സന്തോഷിപ്പിക്കപ്പെട്ട; 2. തൃപ്തിവരുത്തിയ; 3. നിർവഹിക്കപ്പെട്ട, അവികലമാക്കപ്പെട്ട; 4. വിജയിയായ; 5. ഭാഗ്യമുള്ള

രാദ്ധാന്തം നാ. 1. സ്ഥാപിക്കപ്പെട്ട തീരുമാനം; 2. സിദ്ധാന്തം

രാധ നാ. 1. (പുരാണ) ഒരു ഗോപിക; 2. വിശാഖനക്ഷത്രം; 3. വൈശാഖമാസത്തിലെ പൂർണിമ; 4. വൈശാഖ മാസം; 5. കർണൻെറ വളർത്തമ്മ; 6. മിന്നൽ; 7. നെല്ലി; 8. വിഷ്ണുകാന്തി; 9. വിജയം; 10. ഐശ്വര്യം

രാധനം നാ. 1. പ്രീതിപ്പെടുത്തൽ, പ്രസാദിപ്പിക്കൽ, അനുനയിക്കൽ; 2. രഞ്ജന; 3. കാര്യസാധ്യത്തിനുള്ള ഉപാധി; 4. സമ്പാദനം

രാധം നാ. 1. വൈശാഖമാസം; 2. ദയ, സ്നേഹം; 3. ഐശ്വര്യം

രാധസ്സ് നാ. 1. അന്നം; 2. കാരുണ്യം; 3. ദാനം; 4. ധനം; 5. അധികാരം

രാധാരമണൻ നാ. ശ്രീകൃഷ്ണൻ

രാപ്പകൽ നാ. 1. രാവും പകലും, അഹോരാത്രം; 2. എപ്പോഴും

രാപ്പെരുമാറ്റം നാ. 1. രാത്രിസഞ്ചാരം; 2. രാത്രി പ്രവർത്തനനിരതമാകൽ

രാഭസികൻ നാ. രൂക്ഷഭാവത്തിൽ പെരുമാറുന്ന ശീലമുള്ളവൻ

രാഭസ്യം നാ. 1. രൂക്ഷഭാവം; 2. വേഗത; 3. ആനന്ദം

രാംഭം നാ. 1. സന്യാസിമാരും മറ്റും കൊണ്ടുനടക്കുന്ന ദണ്ഡ്; 2. മുളങ്കമ്പ്

1245

രാമ വി. 1. രമിപ്പിക്കുന്ന; 2. ഭങ്ഗിയുള്ള

രാമക വി. രമിപ്പിക്കുന്ന

രാമകഥപ്പാട്ട് നാ. അയ്യപ്പിള്ള ആശാൻ രചിച്ച മലയാള കാവ്യം

രാമചന്ദ്രൻ നാ. 1. ശ്രീരാമചന്ദ്രൻ; 2. ഒരു സംസ്കൃതകവി

രാമചരിതം നാ. 1. ശ്രീരാമൻെറ കഥ; 2. മലയാളത്തിലെ ഒരു പ്രാചീനകാവ്യം

രാമച്ചം നാ. വെട്ടിവേര്, ഒരു ഔഷധം

രാമഠം നാ. കറിക്കായം

രാമണീയകം നാ. മനോഹാരിത

രാമദൂതൻ നാ. 1. ഹനുമാൻ; 2. വാനരൻ

രാമൻ നാ. 1. (പുരാണ) രാമായണത്തിലെ കഥാനായകനും ദശരഥൻെറ മൂത്തപുത്രനുമായ ശ്രീരാമൻ; 2. പരശുരാമൻ; 3. ബലരാമൻ; 4. വരുണൻ; 5. സുന്ദരൻ

രാമനാട്ടം നാ. കൊട്ടാരക്കര രാജാവ് ആവിഷ്കരിച്ച ഒരു കേരളീയ നൃത്തകല

രാമബാണം നാ. 1. (പ്ര) രാമൻെറ ശരം; 2. കടലാസ്സും മറ്റും വെട്ടുന്ന ഒരു ക്ഷുദ്രജീവി

രാമം നാ. 1. അഭിരാമമായത്, രമിപ്പിക്കുന്നത്; 2. കറുത്തവർണമുള്ളത്; 3. പല്ലില; 4. ചീര; 5. കൊട്ടാരം; 6. കുതിര; 7. ഒരുതരം കലമാൻ; 8. ഇരുട്ട്; 9. കുഷ്ഠം; 10. യോഗികൾക്ക് രമിക്കാനുള്ള സ്ഥാനം

രാമരാജ്യം നാ. 1. ശ്രീരാമൻ വാണിരുന്ന നാട്; 2. ധർമരാജ്യം

രാമലക്ഷ്മണന്മാർ നാ. 1. (പുരാണ) ദശരഥപുത്രന്മാരായ രാമനും ലക്ഷ്മണനും; 2. അതിസ്നേഹത്തോടുകൂടിയ ജ്യേഷ്ഠാനുജന്മാർ

രാമസഖൻ നാ. സുഗ്രീവൻ

രാമസേതു നാ. സീതാന്വേഷണാർഥം ശ്രീരാമനുവേണ്ടി വിശ്വകർമാവിൻെറ പുത്രനായ നളൻ കെട്ടിയത്

രാമാനുജൻ നാ. 1. ഒരു വൈഷ്ണവാചാര്യൻ, വിശിഷ്ടാദ്വൈതമതസ്ഥാപകൻ; 2. തുഞ്ചത്തെഴുത്തച്ഛൻ; 3. ലക്ഷ്മണൻ

രാമായണം നാ. 1. ഭാരതീയേതിഹാസങ്ങളിൽ ഒന്ന്, വാല്മീകിയാൽ രചിക്കപ്പെട്ടത്; 2. ശ്രീരാമൻെറ അയനം അഥവാ യാത്ര

രാമിലൻ നാ. 1. ഭർത്താവ്; 2. പ്രിയൻ; 3. കാമദേവൻ
രാമേശ്വരം നാ. ഇന്ത്യയുടെ തെക്കേ അറ്റത്ത് ധനുഷ്കോടിക്കടുത്തുള്ള ഒരു പുണ്യസ്ഥലം (പ്ര) രാമേശ്വരത്തെ ക്ഷൗരം = മുഴുവനാക്കാത്ത പ്രവൃത്തി
രാമോപാഖ്യാനം നാ. 1. രാമൻെറ കഥ; 2. രാമചരിതം; 3. മഹാഭാരതം വനപർവം
രായണം നാ. 1. ശബ്ദമുണ്ടാക്കൽ; 2. വേദന
രായൻ നാ. 1. രാജൻ; 2. ബ്രാഹ്മണരുടെ ഇടയിൽ പ്രചാരമുള്ള ഒരു ജാതിനാമം
രായൻപണം നാ. 1. രാശി; 2. ഒരു സ്വർണ നാണയം
രായം നാ. സ്വർണം, ധനം
രായസം നാ. 1. കോടതിയിലും കൊട്ടാരത്തിലും മറ്റുമുള്ള എഴുത്തുജോലി; 2. ഗുമസ്തപ്പണി
രായസക്കാരൻ നാ. 1. കച്ചേരിയിലെ എഴുത്തുകാരൻ; 2. (പ്ര) ധൃതിവച്ച് വിലക്ഷണമായി എഴുതുന്നവൻ
രായ്ക്കുരാമാനം അവ്യ. രാത്രികൊണ്ടുതന്നെ, രാത്രിയിൽത്തന്നെ
രാവണ വി. 1. അലറുന്ന; 2. ഗർജിക്കുന്ന; 3. വിലപിക്കുന്ന
രാവണക്കൈ നാ. 1. ഒരു വാദ്യോപകരണം; 2. വീരാണം
രാവണൻ നാ. 1. (പുരാണ) ലങ്കാധിപനായിരുന്ന ഒരു രാക്ഷസ രാജാവ്
രാവണാന്തകൻ നാ. ശ്രീരാമൻ
രാവണി നാ. രാവണൻെറ പുത്രൻ, ഇന്ദ്രജിത്ത്
രാവം നാ. 1. ശബ്ദം; 2. അലർച്ച
രാവിലെ അവ്യ. 1. സൂര്യോദയത്തിൽ; 2. നേരത്തെ
രാവ് നാ. രാത്രി
രാവുക ക്രി. രാകുക
രാശി നാ. 1. കൂട്ടം, സമൂഹം; 2. കൂമ്പാരം; 3. ഗണിത ചി ങ്ങളാൽ സൂചിപ്പിക്കപ്പെടുന്ന സങ്ഖ്യ; 4. (ജ്യോ) രാശിചക്രത്തിൻെറ വിഭാഗങ്ങളിൽ ഒന്ന്; 5. ദിവസത്തിൻെറ വിഭാഗം; 6. ഒരു പഴയ നാണയം, പത്തുചക്രം മൂല്യമുള്ളത്; 7. രാശിചക്രം
രാശിചക്രം നാ. 1. (ജ്യോ) മേടം മുതലായ പന്ത്രണ്ടു രാശികളും അടങ്ങിയ ചക്രം; 2. സൂര്യൻ, ചന്ദ്രൻ ഗ്രഹങ്ങൾ ഇവയുടെ പ്രത്യക്ഷസഞ്ചാര പഥങ്ങൾ ഉൾക്കൊള്ളുന്ന സാങ്കല്പിക രേഖ (12 തുല്യഭാഗങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു)
രാശിപ്പണം നാ. രായപ്പണം, പഴയ ഒരു സ്വർണനാണയം
രാശിപ്പൊരുത്തം നാ. (ജ്യോ) വധൂവരന്മാരുടെ ജനനസമയത്തെ ഗ്രഹനിലകൾതമ്മിലുള്ള ചേർച്ച പരിശോധിക്കുമ്പോൾ നിർണയിക്കേണ്ട പൊരുത്തങ്ങളിൽ ഒന്ന്, ജന്മരാശികൾ തമ്മിലുള്ള പൊരുത്തം
രാശ്യധിപൻ നാ. (ജ്യോ) രാശിയുടെ നാഥൻ
രാശ്യാധിപ്പൊരുത്തം നാ. 1. (ജ്യോ) വിവാഹപ്പൊരുത്തങ്ങളിൽ ഒന്ന്; 2. സ്ത്രീയും പുരുഷനും ജനിച്ച കൂറിൻെറ (ചന്ദ്രലഗ്നത്തിൻെറ) അധിപന്മാർക്ക് ബന്ധമുണ്ടായിരിക്കൽ
രാഷ്ട്രം നാ. 1. രാജ്യം; 2. ഒരു ഭരണ സംവിധാനത്തിനു കീഴിലുള്ള ജനത; 3. ഭരണസംവിധാനം
രാഷ്ട്രതന്ത്രം നാ. 1. രാജ്യഭരണ സംബന്ധമായ നയം; 2. ഭരണകൂടത്തിൻെറ ഘടനയെയും പ്രവർത്തനങ്ങളെയും പഠനവിഷയമാക്കുന്ന ശാസ്ത്രം; 3. രാഷ്ട്രഭരണത്തെക്കുറിച്ചുള്ള തത്വസംഹിത; 4. രാഷ്ട്രമീമാംസ

രാഷ്ട്രപതി നാ. 1. ഭാരതത്തിൽ രാഷ്ട്രത്തിൻെറ തലവനായി തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തി
രാഷ്ട്രപിതാവ് നാ. 1. മഹാത്മഗാന്ധിക്ക് ഇന്ത്യൻ ജനത നൽകിയിട്ടുള്ള ബഹുമതിപ്പേര്; 2. സ്വതന്ത്രമായ രാഷ്ട്രത്തിൻെറ സൃഷ്ടിക്കു നേതൃത്വം വഹിച്ച ആൾ; 3. രാഷ്ട്രം പിതൃതുല്യനായി കരുതി ആരാധിക്കുന്ന വ്യക്തി
രാഷ്ട്രസാത്കരണം നാ. രാഷ്ട്രത്തിൻെറ പൊതുനിയന്ത്രണത്തിൻ കീഴിലാക്കൽ, ദേശസാത്കരണം
രാഷ്ട്രികൻ നാ. 1. രാജാവ്; 2. രാജ്യത്തിലുള്ളവൻ, പ്രജ
രാഷ്ട്രീയൻ നാ. രാജാവ്
രാഷ്ട്രീയ വി. രാഷ്ട്രത്തെ സംബന്ധിച്ച, രാഷ്ട്രഭരണത്തോടു ബന്ധപ്പെട്ട (പ്ര) രാഷ്ട്രീയകക്ഷി = രാഷ്ട്രഭരണത്തെ നിയന്ത്രിക്കാനും ഭരണം ഏറ്റെടുക്കാനും രാഷ്ട്രത്തെ നയിക്കാനും വേണ്ടി പ്രവർത്തിക്കുന്ന സങ്ഘടന
രാഷ്ട്രീയം നാ. 1. രാഷ്ട്രതന്ത്രം; 2. രാഷ്ട്രഭരണത്തോടനുബന്ധിച്ചു രാജ്യത്തു നടക്കുന്ന സങ്ഘടിതപ്രവർത്തനം
രാസ വി. 1. രസ സംബന്ധിയായ, രസമെന്ന ധാതുദ്രവ്യത്തെ സംബന്ധിച്ച; 2. ശ്രീകൃഷ്ണൻെറ രാസലീലയെ സംബന്ധിച്ച; 3. രസതന്ത്രപരമായ പ്രക്രീയകളോടു ബന്ധപ്പെട്ട
രാസകം നാ. (നാട്യ) ഉപരൂപങ്ങളിൽ ഒന്ന്
രാസകേളി നാ. രാസക്രീഡ, രാസലീല
രാസക്രീഡ നാ. 1. കൃഷ്ണൻ ഗോപികമാരോടൊന്നിച്ച് വൃന്ദാവനത്തിൽ നടത്തിയ നൃത്തം; 2. ഗോപന്മാരുടെ ആനന്ദനൃത്തം; 3. കൃഷ്ണൻെറ വൃന്ദാവന നൃത്തത്തെ അനുസ്മരിച്ചുകൊണ്ട് ഗ്രാമീണർ നടത്തിപ്പോരുന്ന ഒരു സങ്ഘനൃത്തം, രാസനൃത്തം; 4. രതിക്രീഡ
രാസബന്ധം നാ. രസതന്മാത്രകൾതമ്മിലോ പരമാണുക്കൾതമ്മിലോ തന്മാത്രയും പരമാണുവും തമ്മിലോ ഉള്ള ബന്ധം
രാസഭം നാ. കഴുത
രാസം നാ. 1. ശബ്ദം, മുഴക്കം; 2. കൃഷ്ണൻെറ രാസക്രീഡാനൃത്തം; 3. ഗോപന്മാരുടെ ഒരുതരം സങ്ഘനൃത്തം
രാസയോഗം നാ. (രസ) രസതന്ത്രപ്രകാരമുള്ള സംയോഗം, രണ്ടു പദാർഥങ്ങളുടെ രസതന്ത്രപരമായ ഘടനയ്ക്ക് മാറ്റം വരത്തക്കവണ്ണം അവ കൂടിച്ചേർന്ന് മൂന്നാമതൊരുതരം സംയുക്തപദാർഥമായിത്തീരുന്ന പ്രക്രിയ
രാസവളം നാ. രാസപ്രക്രിയയിലൂടെ ഒന്നിലധികം പദാർഥങ്ങളെ സംയോജിപ്പിച്ച് അവയ്ക്ക് രാസപരിണാമം വരുത്തിയും മിശ്രണം ചെയ്തും നിർമിക്കുന്ന (കൃത്രിമ) വളം
രാസിക്യം നാ. രസാനുഭവം
രാസേശ്വരി നാ. രാധ
രാസ്ന നാ. 1. അരത്ത; 2. ചിറ്ററത്ത; 3. നൊച്ചി
രാഹിത്യം നാ. 1. രഹിതഭാവം, ഇല്ലായ്മ; 2. ദാരിദ്ര്യം
രാഹു നാ. 1. ഒരു ഗ്രഹം; 2. (ജ്യോ) നവഗ്രഹങ്ങളിൽ ഒന്ന്, ഒരു തമോഗ്രഹം; 3. (പുരാണ) ഒരു ദൈത്യൻ

രാഹുകാലം നാ. ഓരോ ദിവസത്തിലുംവരുന്ന അശുഭകരമായ ഒരു നിശ്ചിതസമയം
രാഹുഗ്രസനം നാ. ഗ്രഹണം (സൂര്യന്റെയോ ചന്ദ്രന്റെയോ)
രാഹുഭേദി നാ. വിഷ്ണു
രാഹുരത്നം നാ. ഗോമേദകം
രാഹുവേള നാ. രാഹുകാലം, ഗ്രഹണസമയം
രാഹുസൂതകം നാ. ഗ്രഹണം
രിക്ത വി. 1. ശൂന്യമായ, ഒന്നുമില്ലാത്ത; 2. ഒഴിഞ്ഞ; 3. ദരിദ്രനായ; 4. പ്രയോജനമില്ലാത്ത
രിക്തക വി. 1. ഒഴിഞ്ഞ, ശൂന്യമായ; 2. പാവപ്പെട്ട; 3. ഭാരമില്ലാത്ത; 4. വയറിളക്കിയ
രിക്തത നാ. ശൂന്യത
രിക്തം നാ. 1. നടക്കാവ്; 2. മണൽക്കാട്; 3. ആകാശം; 4. ഒഴിവ്; 5. ശൂന്യം; 6. ഒന്നുമില്ലാത്തത്
രിക്തി നാ. ഒഴിവ്
രിക്ഥം നാ. 1. സമ്പത്ത്, ധനം; 2. സ്വർണം; 3. പിന്തുടർച്ചാവകാശം
രിക്ഥി നാ. 1. സ്വത്തോടുകൂടിയവൻ; 2. അവകാശിയായവൻ; 3. സമ്പന്നൻ
രിക്ഷ നാ. 1. ഈര്; 2. പേന്മൂട്ട; 3. ഇഴച്ചിൽ; 4. ആട്ടം, നർത്തനം; 5. കുതിരക്കുളമ്പ്
രിങ്ഖണം നാ. 1. കുട്ടികളുടെ പിച്ചനടപ്പ്; 2. ഇഴഞ്ഞുനടപ്പ്; 3. ഇഴച്ചിൽ; 4. മിന്നാമിനുങ്ങ്
രിങ്ഗണം നാ. 1. രിങ്ഖണം; 2. ഒരു വാദ്യം
രിങ്ഗിതം നാ. 1. ചലനം; 2. ഗതി; 3. അലയടി
രിടി നാ. 1. എരിയുമ്പോൾ ഉണ്ടാകുന്ന ശബ്ദം; 2. കാരുപ്പ്; 3. ഒരു വാദ്യവിശേഷം; 4. ഒരു ശിവഭൂതം
രിദ്ധം നാ. ഋദ്ധം, മെതിച്ചു വയ്ക്കോൽ നീക്കിയ നെല്ല്
രിധരം നാ. 1. ഊറ്റ്; 2. അനുരാഗം
രിപു നാ. 1. ശത്രു; 2. അടവിക്കച്ചോലം; 3. (ജ്യോ) ആറാംഭാവം, ശത്രുഗ്രഹം
രിപുകർശനൻ നാ. ശാത്രുക്കളെ അമർച്ചചെയ്യുന്നവൻ
രിപുത നാ. ശത്രുത
രിപ്ഫം നാ. (ജ്യോ) മീനം രാശി, പന്ത്രണ്ടാമിടം
രിപ്രം നാ. 1. പാപം; 2. അഴുക്ക്
രിഫിത വി. 1. കൊല്ലപ്പെട്ട; 2. നിന്ദിക്കപ്പെട്ട; 3. കുറ്റപ്പെടുത്തപ്പെട്ട
രിംഫ നാ. (ജ്യോ) രാശിചക്രം
രിരംസ നാ. രമിക്കാനുള്ള ഇച്ഛ
രിരംസു നാ. 1. രിരംസയോടുകൂടിയവൻ; 2. വിടൻ; 3. ഭോഗലോലുപൻ
രിരി നാ. പിച്ചള
രിശൻ നാ. ശത്രു
രിശാൽദാർ [അറ] നാ. അശ്വസൈന്യത്തിന്റെ നായകൻ
രിഷ വി. 1. ഉപദ്രവിക്കുന്ന, പീഡിപ്പിക്കുന്ന; 2. നശിപ്പിക്കുന്ന

രിഷ്ട വി. 1. ഉപദ്രവിക്കപ്പെട്ട; 2. ഭാഗ്യഹീനമായ
രിഷ്ടം നാ. 1. വാൾ; 2. പുളിഞ്ചി; 3. ദൗർഭാഗ്യം; 4. വിപത്ത്; 5. ഭാഗ്യം
രിഷ്ടി നാ. 1. ഭാഗ്യം; 2. പരാജയം; 3. ദൗർഭാഗ്യം; 4. മുറിവ്, കേട്
രിഷ്യം നാ. ഒരുതരം മാൻ
രീജ്യ നാ. 1. ശകാരം; 2. നിന്ദ; 3. ലജ്ജ
രീഢകം നാ. നട്ടെല്ല്
രീണ വി. 1. ഒഴുകിയ; 2. ക്ഷീണിച്ച; 3. ഉരുകിയ; 4. മറഞ്ഞുപോയ
രീതി നാ. 1. സമ്പ്രദായം, സാമാന്യഗതി; 2. ഭാഷണത്തിലെയോ രചനയിലെയോ പ്രത്യേക സമ്പ്രദായം, പദങ്ങൾ, വാക്യങ്ങൾ; 3. ശൈലി; 4. ഭാരതീയ സാഹിത്യമീമാംസപ്രകാരം കാവ്യരചനയുടെ അടിസ്ഥാനതത്വം; 5. പിച്ചള; 6. ഓട്; 7. ഇരുമ്പിലെ തുരുമ്പ്; 8. പുഴ, ഒഴുക്ക്; 9. നിര; 10. രേഖ; 11. പരിധി, അതിര്
രീതിക നാ. പിച്ചള, ഓട്
രീതികം നാ. ക്ളാവ്
രീതിത്രയം നാ. വൈദർഭി ഗൗഡി പാഞ്ചാലി ഈ മൂന്നുരീതികൾ
രീതിപുഷ്പം നാ. 1. പിച്ചള; 2. ഭസ്മം; 3. പുഷ്പാഞ്ജനം; 4. ക്ലാവ്
രീതിപ്പെടുക ക്രി. ക്രമപ്പെടുക
രീത്യനുസാരം അവ്യ. രീതിയനുസരിച്ച്
രു നാ. 1. ശബ്ദം; 2. ഭയം, ഭീതി; 3. യുദ്ധം
രുക വി. ദാനശീലമുള്ള
രുക്ക് നാ. 1. വേദന; 2. കുഷ്ഠരോഗം; 3. കൊട്ട
രുക്പ്രതിക്രിയ നാ. ചികിത്സ
രുക്മകാരൻ നാ. 1. തട്ടാൻ; 2. പൊൻപണിക്കാരൻ
1247
രുക്മം നാ. 1. സ്വർണം; 2. ഇരുമ്പ്; 3. ഉമ്മത്ത്; 4. നാകപ്പൂവ്
രുക്മരഥൻ നാ. ദ്രോണർ
രുക്മവതി നാ. പങ്ക്തിഛന്ദസ്സിൽപ്പെട്ട ഒരു വൃത്തം
രുക്മാങ്ഗദൻ നാ. 1. (പുരാണ) ഏകാദശീവ്രതം നോറ്റ് സദ്ഗതിനേടിയ ഒരു രാജാവ്; 2. പൊന്നുകൊണ്ടുള്ള തോൾവള ധരിച്ചവൻ
രുക്മി നാ. ഒരു വിദർഭരാജാവ്
രുക്മിണി നാ. ശ്രീകൃഷ്ണൻെറ പ്രധാന പത്നിമാരിൽ ഒരുവൾ; 2. മഞ്ഞപ്പാലുള്ള മലയെരുമ
രുഗ്ണ വി. 1. വളഞ്ഞ; 2. വളച്ച; 3. ഒടിച്ച; 4. മുറിവേറ്റ; 5. പൊട്ടിയ; 6. രോഗബാധിതനായ
രുചക വി. 1. രുചിയുള്ള; 2. ഇഷ്ടമുള്ള, പ്രീതികരമായ; 3. മൂർച്ചയുള്ള; 4. എരിവുള്ള
രുചകം നാ. 1. മാതളനാരകം; 2. തുവർച്ചിലയുപ്പ്; 3. വെളുത്താവണക്ക്; 4. വയറ്; 5. ഒരു കണ്ഠാഭരണം, പൊന്മാല; 6. വിഴാൽ; 7. പ്രാവ്; 8. ഭാരം; 9. പല്ല്; 10. ദീപനൗഷധം; 11. (ജ്യോ) പഞ്ചമഹായോഗങ്ങളിൽ ഒന്ന്, കുജൻ ഉച്ചനായോ മറ്റോ കേന്ദ്രസ്ഥാനത്തു നിൽക്കൽ
രുചി നാ. 1. സ്വാദ്; 2. നിറം; 3. ശോഭ; 4. രശ്മി; 5. ഭങ്ഗി; 6. ഗോരോചന; 7. അത്യാസക്തി; 8. ഒരു പ്രജാപതി; 9. ഒരു അപ്സര സ്ത്രീ

രുചികര വി. 1. രുചിയുണ്ടാക്കുന്ന; 2. സ്വാദിഷ്ഠമായ; 3. ദീപനശക്തി വർധിപ്പിക്കുന്ന
രുചിക്കുക ക്രി. 1. സ്വാദുതോന്നുക, സ്വാദനുഭവിക്കുക; 2. ആഗ്രഹിക്കുക; 3. ഇഷ്ടപ്പെടുക
രുചിത വി. 1. രുചിക്കപ്പെട്ട; 2. മാധുര്യമുള്ള; 3. ആഗ്രഹമുള്ള
രുചിര വി. 1. ഭങ്ഗിയുള്ള; 2. മാധുര്യമുള്ള; 3. ദഹനത്തിനുകൊള്ളാവുന്ന. നാ. ഗോരോചന
രുചിരം നാ. 1. വെള്ളി; 2. മുള്ളങ്കി; 3. കുങ്കുമം; 4. ഇലവർങ്ങപ്പൂവ്; 5. ഭങ്ഗിയുള്ളത്; 6. സ്വാദുള്ളത്
രുച്യ നാ. 1. ഭങ്ഗിയുള്ള; 2. മനോഹരമായ; 3. രുചിയുണ്ടാക്കുന്ന
രുച്യകന്ദം നാ. ചേന
രുച്യൻ നാ. 1. പ്രിയൻ; 2. ഭർത്താവ്
രുജ നാ. 1. രോഗം; 2. നാശം; 3. ദുഃഖം, മനോരുജ; 4. കുഷ്ഠം; 5. കൊട്ടം; 6. പെണ്ണാട്
രുട്ട് നാ. 1. കോപം; 2. രുഷ
രുണ്ഡം നാ. 1. കബന്ധം; 2. തലയില്ലാത്ത ഉടൽ
രുണ്ഡനം നാ. 1. നിരോധം; 2. മുടന്ത്; 3. ഗതി; 4. മോഷണം
രുണ്ഡിക നാ. 1. രണാങ്കണം; 2. പോർക്കളം; 3. ദൂതി
രുത വി. ശബ്ദിപ്പിച്ച, മുഴങ്ങിച്ച, രോദനംചെയ്യുന്ന
രുതം നാ. 1. പക്ഷിയുടെ കൂജനം; 2. കരച്ചിൽ; 3. ശബ്ദം; 4. ഗർജനം; 5. ഉറക്കെയുള്ള വിളി; 6. പാട്ട്, മൂളൽ
രുദഥൻ നാ. 1. കുട്ടി; 2. രോദനംചെയ്യുന്നവൻ
രുദഥം നാ. 1. കുട്ടി; 2. നായ; 3. കോഴി
രുദനം നാ. രുദിതം, (കരച്ചിൽ)
രുദിത വി. കരഞ്ഞ, കരയുന്ന, കരയിച്ച
രുദിതം നാ. 1. കരച്ചിൽ; 2. രോദനം; 3. പുലമ്പിക്കരയൽ
രുദിക്കുക ക്രി. കരയുക
രുദ്ധ വി. 1. തടയപ്പെട്ട, തടുക്കപ്പെട്ട, നിരോധിക്കപ്പെട്ട; 2. അമർത്തപ്പെട്ട, തടഞ്ഞുവയ്ക്കപ്പെട്ട; 3. അടയ്ക്കപ്പെട്ട, മൂടപ്പെട്ട; 4. ആക്രമിക്കപ്പെട്ട
രുദ്ധകണ്ഠ വി. തൊണ്ടയിടറിയ
രുദ്ധം നാ. 1. ജലത്താൽ ചുറ്റപ്പെട്ട ദ്വീപ്, അതുപോലുള്ള മറ്റേതെങ്കിലും സ്ഥലം; 2. തടയപ്പെട്ടത്
രുദ്ര വി. 1. ഭയങ്കരമായ, കഠോരഭാവമുള്ള; 2. വലിപ്പമുള്ള, വമ്പിച്ച; 3. പാപം നശിപ്പിക്കുന്ന; 4. പ്രശംസിക്കത്തക്ക. നാ. തിരുവാതിര നക്ഷത്രം
രുദ്രതേജസ്സ് നാ. സുബ്രഹ്മണ്യൻ
രുദ്രൻ നാ. 1. ശിവൻ; 2. ശിവൻെറ അംശംകൊണ്ടുജനിച്ച ദേവന്മാരിൽ ഒരാൾ; 3. അഗ്നി; 4. പതിനാലു മനുക്കളിൽ ഒരാൾ
രുദ്രപതി നാ. ശിവൻ
രുദ്രപത്നി നാ. 1. ദുർഗ; 2. പാർവതി; 3. കടുക്ക; 4. ചെറുചണത്തിൻെറ വിത്ത്
രുദ്രപുഷ്പം നാ. ചെമ്പരത്തിപ്പൂവ്

രുദ്രപ്രിയ	നാ.	1. പാർവതി; 2. കടുക്ക
രുദ്രഭൂവ്	നാ.	ശ്മശാനം
രുദ്രവീണ	നാ.	ഒരുതരം തന്ത്രിവാദ്യം
രുദ്രസാവർണൻ	നാ.	പന്ത്രണ്ടാമത്തെ മനു
രുദ്രസാവർണി	വി.	രുദ്രസാവർണനെ സംബന്ധിച്ച (പ്ര) രുദ്രസാവർണിമന്വന്തരം
രുദ്രാക്ഷം	നാ.	1. ഒരിനം വൃക്ഷം; 2. ആ വൃക്ഷത്തിൻെറ കായ്, രുദ്രാക്ഷമണി; 3. രുദ്രാക്ഷമണികൾ കോർത്തുണ്ടാക്കിയ മാല, ജപമാല
രുദ്രാക്ഷമാല	നാ.	രുദ്രാക്ഷമോ അതുപോലുള്ള മറ്റേതെങ്കിലും മണിയോ കോർത്ത് ഉണ്ടാക്കിയ ജപമാല
രുദ്രാണി	നാ.	1. രുദ്രൻെറ പത്നി, പാർവതി; 2. ബാലിക
രുദ്രാരി	നാ.	രുദ്രൻെറ ശത്രു, കാമദേവൻ
രുദ്രാവാസം	നാ.	1. കൈലാസം; 2. കാശി; 3. ചുടലക്കളം
രുദ്രിക	നാ.	ഒരുതരം വീണ
രുധിരൻ	നാ.	1. രക്തവർണൻ; 2. കുജൻ
രുധിരം	നാ.	1. ചോര; 2. ചുവപ്പുനിറം, രക്തവർണം; 3. കുങ്കുമം; 4. രത്നം, രുധിരാഖ്യം
രുധിരാഖ്യം	നാ.	ഒരിനം രത്നം
രുമ	നാ.	1. ഉപ്പുപടന; 2. സുഗ്രീവൻെറ പത്നി
രുമാൽ	[അറ]	നാ.	തൂവാല
രുമ്ര	വി.	1. കാന്തിയുള്ള, സൗന്ദര്യമുള്ള; 2. തവിട്ടുനിറമുള്ള, ഇളം ചുവപ്പു (അരുണ) വർണമുള്ള
രുമ്രൻ	നാ.	അരുണൻ
രുരു	നാ.	1. ഒരിനം മാൻ; 2. നായ്; 3. ഒരു ഫലവൃക്ഷം; 4. ഭൈരവൻെറ ഒരു രൂപം; 5. വിശ്വദേവന്മാരിൽ ഒരാൾ; 6. ദുർഗയാൽ വധിക്കപ്പെട്ട ഒരു ദൈത്യൻ
രുശ	നാ.	രുഷ, കോപം
രുശതി	നാ.	1. ദുർവാക്ക്, അസുഖകരമായ വാക്ക്; 2. വ്രണപ്പെടുത്തുന്ന വാക്ക്, പീഡിപ്പിക്കുന്ന വാക്ക്
രുശത്ത്	വി.	1. അപ്രീതികരമായ; 2. പീഡിപ്പിക്കുന്ന, വ്രണപ്പെടുത്തുന്ന
രുഷ	നാ.	കോപം
രുഷത്ത്	വി.	1. അപ്രീതിയുണ്ടാക്കുന്ന, കോപം ജനിപ്പിക്കുന്ന; 2. വ്രണപ്പെടുത്തുന്ന
രുഷാ	അവ്യ.	കോപത്തോടെ
രുഷി	നാ.	ഋഷി
രുഷിത	വി.	1. കോപിച്ച, കോപാകുലമായ; 2. വ്രണിതമായ, പരിഭവിച്ച
രുഷ്ട1	വി.	കോപിച്ച, കോപാകുലമായ
രുഷ്ട2	നാ.	കോപാകുലയായവൾ
രുഷ്ടൻ	നാ.	കുപിതൻ
രുഷ്ടി	നാ.	1. കോപം; 2. പരിഭവം; 3. ആവണക്ക്
രുഷ്യ	വി.	രോഷിക്കത്തക്ക
രുഹ	വി.	മുളയ്ക്കുന്ന, ഉണ്ടാകുന്ന
രൂക്ഷ	വി.	1. കടുത്ത, കഠിനമായ; 2. പരുഷമായ; 3. വരണ്ട

രൂക്ഷണം നാ. 1. രൂക്ഷമാക്കൽ; 2. തടികുറയ്ക്കാനുള്ള ഒരു ഔഷധം
രൂക്ഷത നാ. രൂക്ഷഭാവം (കടുപ്പം)
രൂക്ഷം നാ. 1. തീക്ഷ്ണം, കഠിനമായത്; 2. പരുഷമായത്; 3. ചവർപ്പുള്ളത്; 4. വക്ഷം; 5. ചേരുമരം; 6. മുളക്
രൂക്ഷിത വി. 1. തീക്ഷ്ണമാക്കപ്പെട്ട, കഠിനമാക്കപ്പെട്ട; 2. അഴുക്കാക്കപ്പെട്ട
രൂഢ വി. 1. മുളച്ചുണ്ടായ; 2. ഉറച്ച, അടിയുറപ്പുള്ള; 3. തീർച്ചയായ; 4. പരമ്പരാഗതമായ, പൊതുവെ അങ്ഗീകരിച്ച; 5. നിയതമായ
രൂഢമൂല വി. 1. വേരുറച്ച; 2. ദൃഢമായ
രൂഢയൗവന വി. യൗവനംപ്രാപിച്ച
രൂഢി1 വി. 1. ഉറപ്പുനേടിയ, അങ്ഗീകൃതമായ; 2. (വ്യാക) സന്ദർഭത്തെ ആശ്രയിക്കാതെ സ്വതേയുള്ള, പരക്കെ അങ്ഗീകാരംനേടിയ (അർഥം)
രൂഢി2 നാ. 1. പ്രസിദ്ധി, അങ്ഗീകാരം, പ്രചാരം; 2. ഉറപ്പ്; 3. മുളപൊട്ടൽ; 4. വളർച്ച, ഉയർച്ച; 5. ഉത്പത്തി; 6. വർധന, വികാസം
രൂപ1 വി. 1. രൂപമുള്ള; 2. തുല്യതയുള്ള
രൂപ2 നാ. 1. ഒരു നാണയം, ഉറുപ്പിക; 2. പണം, ധനം
രൂപക വി. 1. രൂപത്തെ സംബന്ധിച്ച; 2. ശരീരത്തെ സംബന്ധിച്ച
രൂപകം നാ. (നാട്യ) നാടകരൂപത്തിലുള്ള കലാസൃഷ്ടികൾക്കും സാഹിത്യകൃതികൾക്കും സംസ്കൃതത്തിൽ പൊതുവെ നല്കിയിരുന്ന പേര്, ദശരൂപങ്ങളിൽ ഏതെങ്കിലുമൊന്ന്; 2. (അലം) കാവ്യങ്ങളിലെ ഒരു അർഥാലങ്കാരം ഉദാഃ മുഖചന്ദ്രൻ = മുഖമാകുന്ന ചന്ദ്രൻ
രൂപകസമാസം നാ. (വ്യാക) രൂപകാലങ്കാരം ഉൾക്കൊള്ളുന്ന സമാസം
രൂപകാതിശയോക്തി നാ. കാവ്യങ്ങളിലെ ഒരു അർഥാലങ്കാരം
രൂപഗുണം നാ. 1. രൂപഭങ്ഗി, സൗന്ദര്യം; 2. ആകാരസൗഷ്ഠവം
രൂപണം നാ. 1. രൂപകാലങ്കാരപ്രയോഗം; 2. അന്വേഷണം
രൂപത നാ. (ക്രിസ്തു) മെത്രാൻെറ അധികാരപരിധി
രൂപധാരി വി. രൂപം ധരിച്ച, രൂപം സ്വീകരിച്ച
രൂപം നാ. 1. ആകൃതി, വടിവ്; 2. മൂർത്തഭാവം, ഇന്ദ്രിയങ്ങൾകൊണ്ടറിയാവുന്ന അവസ്ഥ, പ്രതിഭാസം; 3. ലക്ഷണം, ചി ം; 4. സാദൃശ്യം; 5. ദൃശ്യം, പ്രത്യക്ഷഭാവം; 6. മാതൃക
രൂപലാവണ്യം നാ. ആകൃതിയുടെ ഭങ്ഗി, സൗന്ദര്യം
രൂപവതി നാ. 1. രൂപമുള്ളവൾ; 2. സുന്ദരി
രൂപവത്കരിക്കുക ക്രി. 1. രൂപമുള്ളതാക്കുക; 2. രൂപം നൽകുക, ആകൃതിനൽകുക; 3. ആവിഷ്കരിക്കുക, സംവിധാനംചെയ്യുക, ഉണ്ടാക്കുക
രൂപവത്ത് വി. 1. രൂപമുള്ള; 2. സൗന്ദര്യമുള്ള
രൂപവിപര്യയം നാ. രൂപത്തിൽ മാറ്റംസംഭവിക്കൽ, രൂപപരിണാമം
രൂപശാലി വി. 1. സൗന്ദര്യമുള്ള; 2. ഒത്തവടിവുള്ള
രൂപസമ്പത്ത് നാ. രൂപഭങ്ഗി, സൗന്ദര്യം
രൂപസാദൃശ്യം നാ. ആകൃതിയിലുള്ള സാമ്യം
രൂപാന്തരണം നാ. 1. മറ്റൊരു രൂപം കൈക്കൊള്ളൽ; 2. രൂപാന്തരപ്പെടുത്തൽ
രൂപാന്തരപ്പെടുക ക്രി. 1. മറ്റൊരുരൂപം സ്വീകരിക്കുക; 2. രൂപം മാറുക
രൂപാന്തരം നാ. 1. മറ്റൊരുരൂപം; 2. രൂപപരിണാമം, രൂപത്തിലുള്ള മാറ്റം

രൂപാന്തരീകരണം നാ. മറ്റൊരു രൂപം നൽകൽ

രൂപി വി. 1. രൂപമുള്ള; 2. സദൃശ രൂപമുള്ള

രൂപിണി നാ. 1. രൂപമുള്ളവൾ; 2. സൗന്ദര്യവതി

രൂപിമം നാ. (ഭാ.ശാ.) അർഥമുള്ള ഏറ്റവും ചെറിയ ഭാഷണശബ്ദം ഉദാഃ 'മടിയൻ' എന്നതിലെ 'അൻ'

രൂപീകരിക്കുക ക്രി. രൂപവത്കരിക്കുക

രൂപ്യ വി. 1. വെള്ളികൊണ്ടുള്ള; 2. ഭങ്ഗിയുള്ള

രൂപ്യം നാ. 1. വെള്ളി; 2. പണിചെയ്ത വെള്ളി അല്ലെങ്കിൽ പൊന്ന്; 3. നല്ലരൂപത്തോടുകൂടിയത്; 4. ഉറുപ്പിക

രൂപ്യാചലം നാ. 1. കൈലാസം; 2. വെള്ളിമല

രൂബുകം നാ. ആവണക്ക്

രൂഷകം നാ. ആടലോടകം

രൂഷണം നാ. 1. പൊടിക്കൽ; 2. മൂടൽ; 3. അലങ്കരണം; 4. പൂശൽ; 5. വ്യാപ്തി

രൂഷിത വി. 1. പൊടിക്കപ്പെട്ട; 2. പൂശപ്പെട്ട; 3. സുഗന്ധം പൂശിയ; 4. അലങ്കരിക്കപ്പെട്ട

രൂഷിതം നാ. പൂശപ്പെട്ടത്, പുരണ്ടത് (പ്ര) രക്തരൂഷിതം

രെഞ്ചിടുക ക്രി. 1. കുമ്മായം പൂശുക; 2. നിറംകൊടുക്കുക, ചായംകൊടുക്കുക

രേ വ്യാക ഒരു സംബോധനാ പദം

രേകണം നാ. സ്വർണം

രേകൻ നാ. 1. ഹീനൻ; 2. നീചൻ

രേകായോഗം നാ. (ജ്യോ) ഒരു ഗ്രഹയോഗം, അശുഭകരമായത്

രേക്ക് നാ. 1. കനംകുറഞ്ഞ സ്വർണത്തകിട്; 2. പൂച്ച്; 3. രേഖ; 4. പൂവിതൾ

രേഖ നാ. 1. വര; 2. എഴുത്ത്; 3. എന്തെങ്കിലും രേഖപ്പെടുത്തിയിട്ടുള്ളത്, പ്രമാണം; 4. പരമ്പര; 5. ന്യൂനചി ം; 6. അതിര്; 7. രേഖാംശം

രേഖാഗണിതം നാ. ക്ഷേത്രഗണിതം, ജ്യാമിട്രി

രേഖാമാത്രം അവ്യ. അല്പമാത്രമായ

രേഖാമൂലം ക്രി. എഴുത്തുമുഖേന

രേചക വി. 1. വിരേചനം ഉണ്ടാക്കുന്ന; 2. വിസർജനത്തെ സഹായിക്കുന്ന

രേചകം നാ. 1. വിരേചനത്തെ സഹായിക്കുന്ന ഔഷധം; 2. നേർവാളം; 3. ഒരിനം ഉപ്പ്; 4. ചവർക്കാരം; 5. മൂക്കിൽക്കൂടി ശ്വാസംവിടൽ; 6. അഴിഞ്ഞിൽ; 7. കമ്പിപ്പാല

1249

രേചകി നാ. കടുക്ക

രേചനം നാ. 1. വയറിളക്കൽ, വിരേചനം; 2. ഒഴിക്കൽ; 3. ഭാരം ഇറക്കൽ; 4. കങ്കുട്ടം; 5. ശർക്കര

രേചനി നാ. 1. ത്രികോൽപക്കൊന്ന; 2. കരിമ്പാല; 3. ഗോരോചന

രേചിത വി. രേചനംചെയ്യപ്പെട്ട (ശുദ്ധിയാക്കപ്പെട്ട)

രേചിതം നാ. 1. ഒരു നാട്യരൂപം; 2. ഒരുതരം അശ്വഗതി

രേണു നാ. 1. പൊടി; 2. പൂമ്പൊടി

രേണുക നാ. 1. (പുരാണ) പരശുരാമൻെറ അമ്മ

രേണുസാരം നാ. കർപ്പൂരം
രേതജം നാ. 1. ശിശു; 2. സന്താനം
രേതം നാ. 1. ജലം; 2. നെയ്യ്; 3. രസം
രേതസ്സ് നാ. 1. ബീജം; 2. പ്രവാഹം, ഒഴുക്ക്; 3. പാപം; 4. സന്താനം; 5. രസം
രേത്യം നാ. വെള്ളാട്
രേത്രം നാ. 1. രസം; 2. സുഗന്ധപ്പൊടി; 3. അമൃതം
രേപ വി. 1. നിന്ദ്യനായ; 2. ക്രൂരതയുള്ള; 3. അപശ്രുതിയുള്ള
രേഫം നാ. 1. ര് എന്ന വർണം; 2. രാഗം, ആഗ്രഹം; 3. നിന്ദ്യത
രേഭ വി. 1. പൊട്ടുന്ന ശബ്ദമുള്ള; 2. മുഴങ്ങുന്ന
രേഭൻ നാ. 1. സ്തുതിപാഠകൻ; 2. വായാടി
രേരിഹാണൻ നാ. 1. ശിവൻ; 2. രാക്ഷസൻ; 3. കള്ളൻ
രേരേ സം ഒരു സംബോധനാശബ്ദം
രേവ നാ. 1. ഒരു നദി; 2. രതി; 3. ദുർഗ; 4. അമരി
രേവഗുപ്തി നാ. പതിനഞ്ചാം മേളകർത്താവായ മായാമാളവഗൗളയുടെ ജന്യം
രേവടം നാ. 1. ചുഴലിക്കാറ്റ്; 2. കാട്ടുപന്നി; 3. മുളവടി; 4. പിരിയൻ ശങ്ഖ്; 5. വാഴയ്ക്കാ
രേവണം നാ. 1. ഗതി; 2. ചാട്ടം
രേവതൻ നാ. 1. (പുരാണ) ആനർത്തൻെറ പുത്രൻ; 2. കുശസ്ഥലിയുടെ അധിപൻ; 3. ശിവൻ
രേവതി നാ. 1. (ജ്യോ) ഇരുപത്തേഴാമത്തെ നക്ഷത്രം; 2. പശു
രേവതീഭവൻ നാ. ശനി
രേവന്തൻ നാ. 1. സൂര്യൻെറയും സംജ്ഞയുടെയും പുത്രൻ; 2. ഗുഹ്യകരുടെ പ്രധാനി, ഹയവാഹനൻ
രേഷ നാ. 1. അലർച്ച; 2. ഓരിയിടൽ; 3. മൃഗത്തിൻെറ കരച്ചിൽ
രേഷണം നാ. രേഷ
രൈ നാ. 1. സ്വർണം; 2. ധനം
രൈത്യ വി. 1. പിച്ചളയെ സംബന്ധിച്ച; 2. പിച്ചളകൊണ്ടുണ്ടാക്കിയ
രൈവത(ക)ം നാ. 1. ദ്വാരകയ്ക്ക് സമീപമുള്ള ഒരു പർവതം (കൃഷ്ണാചലം); 2. വിദേശത്തുനിന്നുള്ള ഈത്തപ്പഴം
രൈവതൻ നാ. 1. ശിവൻ; 2. ഒരു അസുരൻ; 3. ഒരു രാജാവ്; 4. ചതുർദശനമനുക്കളിൽ ഒരാൾ; 5. ശനി
രോക്കം [അറ] നാ. 1. ഉടൻതന്നെ കൊടുക്കുന്നത്; 2. തയാർ പണം
രൊക്കവില നാ. ഉടനെ കൊടുക്കുന്ന വില
രോകം നാ. 1. ദ്വാരം; 2. ഗുഹ; 3. വെള്ളം; 4. കപ്പൽ; 5. പ്രകാശം, ശോഭ
രോഗഗ്രസ്തൻ നാ. രോഗംപിടിപെട്ടവൻ
രോഗഘ്നം നാ. 1. മരുന്ന്; 2. വൈദ്യം
രോഗനിദാനം നാ. രോഗം നിർണയിക്കൽ
രോഗം നാ. 1. സുഖക്കേട്, വ്യാധി; 2. ശാരീരികമോ മാനസീകമോ ആയ ആസ്വാസ്ഥ്യം; 3. ശാരീരികമായ അവശത
രോഗരാട്ട് നാ. 1. ക്ഷയം; 2. സന്നിപാതജ്വരം

രോഗശാന്തി നാ. രോഗം ശമിക്കൽ
രോഗാണു നാ. രോഗത്തിനുകാരണമാകുന്ന അണു
രോഗാർത്തൻ നാ. രോഗംകൊണ്ടവശനായ ആൾ
രോഗി നാ. 1. രോഗംബാധിച്ചവൻ
രോഗിത വി. 1. രോഗംപിടിപെട്ട; 2. ഭ്രാന്ത് പിടിപെട്ട
രോഗേതര വി. 1. രോഗമില്ലാത്ത; 2. ആരോഗ്യമുള്ള; 3. സുഖമുള്ള
രോചക വി. 1. രുചിയുണ്ടാക്കുന്ന; 2. വിശപ്പു വർധിപ്പിക്കുന്ന; 3. ഹിതകരമായ; 4. തിളക്കമുണ്ടാക്കുന്ന
രോചകൻ നാ. 1. കണ്ണാടിവേലക്കാരൻ; 2. ആഭരണപ്പണിക്കാരൻ
രോചകം നാ. 1. വിശപ്പ്, രുചി (പ്രിയം); 2. വാഴപ്പഴം; 3. ഒരുതരം ഉള്ളി; 4. ദീപനൗഷധം
രോചന1 വി. 1. ശോഭയുള്ള; 2. പ്രീതിജനിപ്പിക്കുന്ന; 3. സുഖകരമായ, തൃപ്തികരമായ; 3. ആകർഷകമായ; 4. വിശപ്പുണ്ടാക്കുന്ന
രോചന2 നാ. 1. ചെങ്ങഴിനീർ; 2. ഗോരോചന; 3. സുന്ദരി
രോചനകൻ നാ. സ്വാരോചിഷമന്വന്തരത്തിലെ ഇന്ദ്രൻ
രാചനം നാ. 1. രുചിയുണ്ടാക്കുന്നത്; 2. രുചികരം (പ്രിയങ്കരം); 3. പഞ്ഞിമരം; 4. വൻകൊന്ന; 5. തെങ്ങ്; 6. ജോനകനാരകം; 7. വടുകപ്പുളി നാരകം; 8. ഉങ്ങ്; 9. അഴിഞ്ഞിൽ; 10. താളി മാതളം; 11. കണ്ടിലവ്; 12. കാമദേവൻെറ ഒരു ശരം; 13. ഉജ്വലമായത്
രോചനി നാ. 1. ഗോരോചന; 2. മുളയുടെ അരി; 3. ശ്രേഷ്ഠയായ സ്ത്രീ; 4. ചെന്താമര; 5. നെല്ലി; 6. മനയോല; 7. കമ്പിപ്പാല; 8. ത്രികോൽപക്കൊന്ന
രോചമാന വി. 1. പ്രീതിജനിപ്പിക്കുന്ന; 2. ശോഭയുള്ള; 3. രുചിയുണ്ടാക്കുന്ന
രോചമാനം നാ. കുതിരയുടെ കുഞ്ചിരോമം
രോചസ്സ് നാ. പ്രകാശം, ശോഭ
രോചിത വി. രുചികരമാക്കപ്പെട്ട
രോചിഷ്ണു വി. 1. ശോഭയുള്ള; 2. ആകർഷകമായി വസ്ത്രധാരണംചെയ്ത, അലങ്കാരമണിഞ്ഞ; 3. അലങ്കരിച്ച; 4. വിശപ്പുജനിപ്പിക്കുന്ന
രോചിസ്സ് നാ. 1. പ്രകാശം, ശോഭ, തിളക്കം; 2. അഴക്
രോജ്നാമാ [പേർ] നാ. നാൾവഴിക്കുറിപ്പ്
രോഡ വി. തൃപ്തിപ്പെട്ട
രോഡം നാ. പൊടിയാക്കൽ, പൊടിക്കൽ
രോഡിക നാ. 1. അപ്പം; 2. പിട്ട്
രോദനം നാ. 1. കരച്ചിൽ, വിലാപം; 2. കണ്ണുനീർ
രോദസി നാ. രോദസ്സ്
രോദസ്സ് നാ. ആകാശവും ഭൂമിയും
രോദിക്കുക ക്രി. വിലപിക്കുക
രോദിത വി. കരഞ്ഞ
രോദിതം നാ. രോദനം, കരച്ചിൽ
രോധക വി. 1. തടയുന്ന; 2. നിരോധിക്കുന്ന; 3. ഉപരോധിക്കുന്ന, എല്ലാവശവും അടയ്ക്കുന്ന

രോധനം നാ. 1. അടച്ചുപൂട്ടൽ; 2. തടഞ്ഞുവയ്ക്കൽ; 3. തടഞ്ഞു നിർത്തൽ, നിരോധിക്കൽ
രോധം നാ. 1. തീരം, ചിറ; 2. തട; 3. അണ; 4. ഉപരോധം; 5. അമ്പ്
രോധസ്സ് നാ. 1. തീരം; 2. ചിറ; 3. അണ; 4. കുത്തനെയുള്ള ഭിത്തി
രോധി നാ. 1. തടയുന്ന; 2. കീഴടങ്ങുന്ന; 3. മൂടുന്ന
രോധിക്കുക ക്രി. 1. തടുക്കുക; 2. തടയുക; 3. അടയ്ക്കുക; 4. വളയുക, ഉപരോധിക്കുക
രോധിനി നാ. 1. തടുക്കുന്നവൾ; 2. ഒരു ലേഖനചി ം
രോധോവക്ര നാ. നദി
രോധ്യ വി. രോധനം ചെയ്യത്തക്ക, രോധിക്കേണ്ടുന്ന
രോധ്രം നാ. 1. പാച്ചോറ്റി; 2. പാപം
രോപകൻ നാ. നടുന്നവൻ
രോപണം നാ. 1. സ്ഥാപിക്കൽ, നാട്ടൽ; 2. വിതയ്ക്കൽ; 3. നടീൽ, പറിച്ചുനടീൽ; 4. ഉയർത്തൽ; 5. ശമിപ്പിക്കൽ (വ്രണം) കരിയിക്കൽ; 6. ലേപനംചെയ്യൽ
രോപണി നാ. ഞാറ്റുകണ്ടം
രോപം നാ. 1. സ്ഥാപിക്കൽ; 2. നടീൽ; 3. ഉറപ്പിക്കൽ; 4. ഉയർത്തൽ; 5. അമ്പ്
രോപിക്കുക ക്രി. 1. ഉണക്കുക; 2. ചുമത്തുക
രോപിത വി. രോപണംചെയ്യപ്പെട്ട
രോമകം1 നാ. മുടി
രോമകം2 നാ. 1. പൊടിയുപ്പ്; 2. അയസ്കാന്തം
രോമകർണകം നാ. മുയൽ
രോമകൂപം നാ. രോമത്തിൻെറ ചുവട്ടിലെ കുഴി, രോമദ്വാരം
രോമകൂർച്ചം നാ. 1. കൂർത്തരോമം; 2. രോമത്തിൻെറ മുന
രോമകേശരം നാ. രോമഗുച്ചം, ചാമരം
രോമന്ഥം നാ. 1. അയവിറക്കൽ; 2. ചവയ്ക്കൽ; 3. കൂടെക്കൂടെയുള്ള ആവർത്തനം
രോമം നാ. 1. മുടി, തലയിലും ശരീരത്തിൻെറ മറ്റുഭാഗങ്ങളിലും തൊലിപ്പുറത്തു വളരുന്ന നാരുപോലെയുള്ള വസ്തു; 2. ജലം; 3. ദ്വാരം; 4. ചിറക്, കുറ്റിച്ചിറക്; 5. നിസ്സാരവസ്തു
രോമരാജി നാ. രോമസഞ്ചയം
രോമശ വി. ധാരാളം രോമമുള്ള
രോമശൻ നാ. ധാരാളം രോമമുള്ളവൻ
രോമശം നാ. 1. ആട്; 2. പന്നി; 3. പപ്പടവൃക്ഷം; 4. മാഞ്ചി; 5. പച്ചില
രോമഹർഷം നാ. രോമാഞ്ചം
രോമാഞ്ചം നാ. പുളകം, വികാരാധിക്യത്താൽ രോമം എഴുന്നു നിൽക്കൽ
രോമാഞ്ചിത വി. രോമാഞ്ചമുള്ള
രോമാവലി നാ. രോമസഞ്ചയം
രോമാളി നാ. രോമാവലി
രോമോദ്ഗമം നാ. രോമാഞ്ചം
രോരുദ നാ. (ഉച്ചത്തിലുള്ള) നിലവിളി

രോലംബം		നാ.	1. വണ്ട്; 2. തേനീച്ച
രോഷം		നാ.	1. കോപം; 2. അമർഷം
രോഷണം		നാ.	1. രസം; 2. ഉരകല്ല്; 3. ഉവർമണ്ണ്
രോഷാഗ്നി		നാ.	കോപാഗ്നി
രോഷാന്ധൻ		നാ.	കോപത്താൽ അന്ധനായവൻ
രോഷി		നാ.	രോഷമുള്ളവൻ
രോഷിത		വി.	കോപിച്ച
രോഷ്ടാവ്		നാ.	കോപിച്ചവൻ
രോഹം		നാ.	1. മൊട്ട്, തളിർ; 2. ആരോഹണം; 3. ഉയർച്ച
രോഹക		വി.	1. കയറുന്ന; 2. കരകയറുക
രോഹകൻ1		നാ.	പിശാച്
രോഹകൻ2		നാ.	(കുതിരയുടെയും മറ്റും) പുറത്തിരുന്നു സവാരിചെയ്യുന്നവൻ
രോഹണം		നാ.	1. ആരോഹണം; 2. കയറാനുള്ള ഉപായം; 3. പുറത്തിരുന്ന് സവാരിചെയ്യൽ; 4. ധരിക്കൽ; 5. ബീജം
രോഹി		വി.	1. മുകളിലേക്കു കയറുന്ന, ആരോഹണം ചെയ്യുന്ന; 2. വളർന്ന, പൊട്ടിപ്പുറപ്പെട്ട; 3. നീണ്ട, പൊക്കമുള്ള; 4. വളരുന്ന, വർധിക്കുന്ന
രോഹിക്കുക		ക്രി.	1. മുളയ്ക്കുക; 2. കയറുക
രോഹിണം		നാ.	വടവൃക്ഷം
രോഹിണി		നാ.	1. നാലാമത്തെ നക്ഷത്രം; 2. കടുക്ക; 3. കുമിഴ്; 4. മഞ്ചട്ടി; 5. മാസംരോഹിണി; 6. പ്രസാരണി; 7. പേച്ചൂര; 8. ചെറുകുമിഴ്; 9. മരമഞ്ഞൾ; 10. നല്ല പശു; 11. ചെമന്ന നിറമുള്ളവൾ; 12. മിന്നൽ; 13. ധമനി; 14. ഒരു രോഗം
രോഹിണിക		നാ.	1. തുടുത്ത മുഖമുള്ളവൾ; 2. തൊണ്ടവീക്കം
രോഹിണീകാന്തൻ	നാ.	1. വസുദേവൻ; 2. കാള; 3. ചന്ദ്രൻ
രോഹിണീതനയൻ	നാ.	1. ബലരാമൻ; 2. ബുധൻ
രോഹിത		വി.	ചെമപ്പുനിറമുള്ള
രോഹിതകം		നാ.	ചെമ്മരം
രോഹിതം		നാ.	1. കുങ്കുമം; 2. കടും ചുവപ്പുനിറം
രോഹിതാശ്വൻ		നാ.	അഗ്നി
രോഹിതാശ്വം		നാ.	1. അഗ്നി; 2. കൊടുവേലി
രോഹിഷം		നാ.	ചെങ്കവരിമാൻ
രൗക്മ		വി.	രുക്മംകൊണ്ടുണ്ടാക്കിയ, സ്വർണനിർമിതമായ
രൗക്ഷ്യം		നാ.	രൂക്ഷത
രൗച്യം		നാ.	കൂവളത്തടികൊണ്ടുള്ള ദണ്ഡ്
രൗദ്ര		വി.	1. രുദ്രനെ സംബന്ധിച്ച; 2. ഭയങ്കരമായ; 3. ക്രൂരതയുള്ള; 4. തീക്ഷ്ണമായ
രൗദ്രത		നാ.	1. രൗദ്രഭാവം; 2. രൗദ്രമുള്ള അവസ്ഥ; 3. ക്രൂരത; 4. ഉഷ്ണം
രൗദ്രൻ		നാ.	1. യമൻ; 2. കർത്തികേയൻ; 3. ഭയങ്കരൻ; 4. രുദ്രനെ ആരാധിക്കുന്നവൻ
രൗദ്രം		നാ.	1. (നാട്യ) നാടകാദികളിലൂടെ ആവിഷ്കരിക്കപ്പെടുന്ന രസങ്ങളിൽ ഒന്ന്; 2. ഉഗ്രം; 3. ക്രോധത്തിൻെറ തീക്ഷ്ണത; 4. സൂര്യൻെറ ചൂട്; 5.

തിരുവാതിര നക്ഷത്രം; 6. തണുപ്പുകാലം; 7. ഒരു മുഹൂർത്തം, അരുണോദയത്തിനുമുമ്പുള്ളത്
രൗദ്രി	നാ.	രുദ്രപത്നി, പാർവതി
രൗധിര	വി.	1. രക്തമയമായ; 2. രക്തം മൂലമുണ്ടായ; 3. രക്തരൂഷിതമായ
രൗപ്യം	നാ.	വെള്ളി
രൗമകം	നാ.	ഉവരുപ്പ്
രൗഷ്യം	നാ.	1. രുഷ്ടന്റെ ഭാവം; 2. കോപം

1251

രൗഹിണം	നാ.	1. ചന്ദനമരം; 2. അരയാൽ
രൗഹിണേയൻ	നാ.	1. ബലരാശ്മൻ; 2. ബുധൻ; 3. ശനി
രൗഹിണേയം	നാ.	മരതകം
രൗഹിത്യം	നാ.	1. രോഹിതഭാവം; 2. ചെമപ്പ്
രൗഹിഷം	നാ.	ചെങ്കവരിമാൻ
രൗഹിഷി	നാ.	ചെങ്കവരിമാൻപേട

ല

ല1 [ല്-അ]	ഇരുപത്തെട്ടാമത്തെ വ്യഞ്ജനം, അർധസ്വരങ്ങളിൽ മൂന്നാമത്തേത്. താലവ്യം
ല2	നാ.	(വൃത്ത) ലഘു, ഒറ്റമാത്രകൊണ്ട് ഉച്ചരിക്കാവുന്ന അക്ഷരത്തെ കുറിക്കുന്ന ചി ം
ലകം	നാ.	1. നെറ്റി; 2. വരിനെല്ലിന്റെ കതിര്
ലകാരം	നാ.	ല എന്ന അക്ഷരം, ല് എന്ന വർണം
ലകുടം	നാ.	1. കുറുവടി, ഗദ; 2. ചെമന്ന അരളി
ലക്കടി	[ഹി]	നാ.	വടി, ഉണങ്ങിയ തടി
ലക്കം	നാ.	1. അക്കം, അടയാളം; 2. വൃത്താന്തപത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ തുടങ്ങിയവയുടെ ഒരു തവണത്തെ പതിപ്പ്; 3. ലക്ഷം
ലക്ക്	നാ.	1. ലാക്ക്, ഉന്നം; 2. ബോധം, ബോധമുള്ള അവസ്ഥ (പ്ര) ലക്കും ലഗാനും ഇല്ലാത്ത
ലക്കോട്	[ഹി.]	നാ.	1. മടക്കിയ എഴുത്ത്, കത്ത്; 2. കത്ത് അടക്കംചെയ്യാനുള്ള കൂട്, കവർ
ലക്ചറർ	[ഇം.]	നാ.	1. പ്രഭാഷകൻ; 2. സർവകലാശാലയിലെയോ കോളേജിലേയോ അധ്യാപകരുടെ പദവികളിൽ ഒന്ന്
ലക്ത	വി.	രക്തവർണമായ, ചെമന്ന
ലക്തകം	നാ.	1. മുഷിഞ്ഞ കീറത്തുണി; 2. കോലരക്ക്
ലക്തിക	നാ.	പല്ലി
ലക്ഷക	വി.	1. സൂചിപ്പിക്കുന്ന, കുറിക്കുന്ന; 2. പരോക്ഷമായി വെളിപ്പെടുത്തുന്ന
ലക്ഷകം	നാ.	1. സൂചിപ്പിക്കുന്നത്, പരോക്ഷമായി വെളിപ്പെടുത്തുന്നത്; 2. ശബ്ദത്തിന്റെ ഒരു വിഭാഗം, ലക്ഷണാവൃത്തിയോടുകൂടിയത്; 3. ലക്ഷം

ലക്ഷണ നാ. 1. സൂചന; 2. മൂന്നു ശബ്ദവ്യാപാരങ്ങളിൽ ഒന്ന്; 3. ലാക്ഷണികാർഥം, പരോക്ഷമായ അർഥം; 4. ലക്ഷണയുക്തയായ സ്ത്രീ; 5. പാത്ത

ലക്ഷണൻ നാ. ഒരു പുരാണ പുരുഷൻ

ലക്ഷണം നാ. 1. അടയാളം; 2. തിരിച്ചറിയാനുള്ള ഉപാധി, പ്രത്യേകത; 3. രൂപവിശേഷം, എപ്രകാരം കാണപ്പെടുന്നു എന്നത്; 4. പ്രത്യേകഗുണം; 5. ഇനം, തരം; 6. നിർവചനം, സൂക്ഷ്മവിവരണം; 7. പേര് പദവി തുടങ്ങിയവ; 8. പ്രമാണം; 9. ഭവിഷ്യത്തിനെക്കുറിച്ചുള്ള സൂചന, ശകുനം; 10. രോഗസൂചന; 11. പ്രഭാവം; 12. വണ്ടാരംകോഴി. (പ്ര) ലക്ഷണംപറയുക = മുഖവും മറ്റും നോക്കി ഫലം പറയുക, സൂചനകൾ കണ്ടു വരാനിരിക്കുന്നതു മുൻകൂട്ടിപറയുക

ലക്ഷനയുക്ത വി. 1. ലക്ഷണങ്ങൾ ഉള്ള; 2. ലക്ഷണങ്ങൾ എല്ലാം തികഞ്ഞ

ലക്ഷണി വി. അടയാളങ്ങളുള്ള, ലക്ഷണമുള്ള

ലക്ഷണീയ വി. 1. നിരീക്ഷിക്കേണ്ടതായ; 2. കാണത്തക്കതായ

ലക്ഷണ്യ വി. 1. അടയാളമായി വർത്തിക്കുന്ന; 2. ശുഭലക്ഷണങ്ങളോടുകൂടിയ

ലക്ഷദീപം നാ. ക്ഷേത്രത്തിൽ ഒരു ലക്ഷം ദീപങ്ങൾ ഒരുമിച്ചു കത്തിച്ചു വയ്ക്കുന്ന ചടങ്ങ്

ലക്ഷം നാ. 1. ഒരു സങ്ഖ്യ, നൂറ് ആയിരം കൂടിയത്; 2. അടയാളം; 3. ലാക്ക്, ഉന്നം; 4. ഇര; 5. പ്രത്യക്ഷഭാവം, പ്രകടനം, കപടനാട്യം; 6. ഒരിനം ചെറുനാരങ്ങ

ലക്ഷാധിപതി നാ. അനേകലക്ഷം രൂപ വിലപിടിക്കുന്ന സമ്പത്തുള്ളവൻ

ലക്ഷി വി. 1. നല്ല ലക്ഷണങ്ങൾ ഉള്ള, ശുഭലക്ഷണങ്ങളോടുകൂടിയ; 2. ലക്ഷിക്കുന്ന, നോക്കുന്ന

ലക്ഷിക്കുക ക്രി. 1. നോക്കുക; 2. ലാക്കാക്കുക, ലക്ഷ്യമാക്കുക; 3. നിർവചിക്കുക, സവിശേഷത വെളിപ്പെടുത്തുക; 4. സൂചിപ്പിക്കുക, പരോക്ഷമായി നിർദേശിക്കുക; 5. അടയാളപ്പെടുത്തുക; 6. ഒപ്പുവയ്ക്കുക

ലക്ഷിത1 വി. 1. അടയാളപ്പെടുത്തിയ; 2. സൂചിതമായ; 3. കാണപ്പെട്ട, നിരീക്ഷിക്കപ്പെട്ട; 4. വേർതിരിച്ചറിഞ്ഞ; 5. നിർവചിക്കപ്പെട്ട; 6. പരോക്ഷമായി നിർണയിക്കപ്പെട്ട; 7. അവ്യക്തമായി വെളിപ്പെടുത്തപ്പെട്ട; 8. പരിഗണിച്ച, പരിശോധിച്ച; 9. അറിഞ്ഞ, പ്രത്യക്ഷമായ

ലക്ഷിത2 നാ. (നാട്യ) ഒരു പരകീയ നായിക

ലക്ഷിതവ്യ നാ. 1. അടയാളപ്പെടുത്തേണ്ട; 2. ലക്ഷ്യമാക്കേണ്ടതായ; 3. നിരീക്ഷിക്കേണ്ട; 4. സൂചിപ്പിക്കേണ്ട; 5. നിർവചിക്കേണ്ട

ലക്ഷിതോപമ നാ. ഒരുതരം ഉപമാലങ്കാരം

ലക്ഷീകരിക്കുക ക്രി. 1. ലക്ഷ്യമാക്കിത്തീർക്കുക; 2. ലാക്കാക്കുക; 3. വിഷയമാക്കുക

ലക്ഷീഭവിക്കുക ക്രി. ലക്ഷ്യമായിത്തീരുക

ലക്ഷോപലക്ഷം വി. അനവധി ലക്ഷം

ലക്ഷ്മണ വി. 1. ലക്ഷണമുള്ള, അടയാളങ്ങളുള്ള; 2. ശുഭലക്ഷണങ്ങളുള്ള; 3. ഭാഗ്യമുള്ള

ലക്ഷ്മണൻ നാ. 1. (പുരാണ) ശ്രീരാമൻെറ അനുജൻ
ലക്ഷ്മണം നാ. 1. അടയാളം, ലക്ഷണം; 2. പേര്; 3. വണ്ടാരക്കോഴി, പാത്ത
ലക്ഷ്മവാൻ നാ. ലക്ഷ്മാവുള്ളവൻ, മറുകുള്ളവൻ
ലക്ഷ്മാവ് നാ. 1. അടയാളം, ലക്ഷണം; 2. പ്രധാനപ്പെട്ടത്; 3. നിർവചനം
ലക്ഷ്മി നാ. 1. ലക്ഷ്മീദേവി; 2. ഐശ്വര്യദേവത; 3. ഐശ്വര്യം, സമ്പത്ത്; 4. ശോഭ; 5. തിരുതാളി; 6. മഞ്ഞൾ; 7. ഋദ്ധി (ഔഷധം); 8. വൃദ്ധി; 9. ഞാഴൽ (ഒരു ഔഷധി); 10. വെളുത്ത തുളസി; 11. മുത്ത്; 12. ഓരിലത്താമര; 13. അഴക്; 14. ചന്ദ്രൻെറ പതിനൊന്നാമത്തെ കല
ലക്ഷ്മീക നാ. 1. ലക്ഷ്മിയോടുകൂടിയ, ഐശ്വര്യമുള്ള
ലക്ഷ്മീകടാക്ഷം നാ. സമ്പത്ത്, ഐശ്വര്യം
ലക്ഷ്മീകാന്തൻ നാ. വിഷ്ണു
ലക്ഷ്മീപതി നാ. 1. വിഷ്ണു; 2. രാജാവ്, പ്രഭു.
ലക്ഷ്മീപുത്രൻ നാ. 1. കുതിര; 2. കുശൻ; 3. ലവൻ; 4. കാമദേവൻ
ലക്ഷ്മീപുഷ്പം നാ. മാണിക്യം
ലക്ഷ്മീഫലം നാ. കൂവളം
ലക്ഷ്മീരമണൻ നാ. വിഷ്ണു
ലക്ഷ്മീവത്ത് വി. ശ്രീയുള്ള, ശോഭയോടുകൂടിയ, ഐശ്വര്യമുള്ള
ലക്ഷ്മീവാൻ നാ. 1. ശ്രീയുള്ളവൻ, ശോഭയുള്ളവൻ; 2. ഐശ്വര്യമുള്ളവൻ
ലക്ഷ്യ വി. 1. കാണത്തക്ക, അറിയത്തക്ക; 2. ലക്ഷ്യമാക്കത്തക്ക
ലക്ഷ്യജ്ഞ വി. ലക്ഷ്യത്തെപ്പറ്റി വ്യക്തമായ അറിവുള്ള, അസ്ത്രപ്രയോഗത്തിൽ സാമർഥ്യമുള്ള
ലക്ഷ്യഭേദം നാ. ലാക്കിൽചെന്നു തറയ്ക്കൽ
ലക്ഷ്യം നാ. 1. അറിയത്തക്കത്; 2. അടയാളം; 3. ലാക്ക്; 4. നൂറായിരം (ലക്ഷം); 5. വഞ്ചന; 6. തെളിവ്; 7. ആയുധപൂജാമന്ത്രം; 8. ലാക്ഷികാർഥം
ലക്ഷ്യവേദി വി. ലക്ഷ്യത്തെ അറിയുന്ന, ലക്ഷ്യബോധമുള്ള
ലക്ഷ്യവേധം നാ. ലക്ഷ്യത്തിൽ തറയ്ക്കൽ
ലഗഡ വി. അഴകുള്ള, പ്രിയമുള്ള
ലഗാൻ,ലഗാം [പേർ] നാ. 1. കടിഞ്ഞാൺ; 2. നിയന്ത്രണം (പ്ര) ലക്കും ലഗാനും. ലഗാൻപിടിക്കുക = നിയന്ത്രിക്കുക
ലഗിത നാ. ലഭിച്ച, ബന്ധപ്പെട്ട, പറ്റിപ്പിടിച്ചിരിക്കുന്ന
ലഗൂഡം നാ. 1. കുറുവടി; 2. ചെമന്ന അരളി
ലഗുഡാങ്ഗാരം നാ. കൽക്കരി
ലഗ്ന വി. 1. പറ്റിച്ചേർന്നിരിക്കുന്ന, തൊട്ടിരിക്കുന്ന; 2. പരസ്പരം ഛേദിക്കുന്ന; 3. വ്യാപൃതമായ; 4. ലജ്ജിക്കുന്ന; 5. ശുഭമായ
ലഗ്നകം നാ. ജാമ്യം
ലഗ്നകമുക്തൻ നാ. ജാമ്യംകൊടുത്ത് മോചനം നേടിയവൻ

ലഗ്നം		നാ.	1. (ജ്യോ) ഗ്രഹം ഉദിക്കുന്ന രാശി; 2. സൂര്യൻ ഒരു രാശിയിൽ പ്രവേശിക്കുന്ന വേള; 3. ശുഭമുഹൂർത്തം; 4. ക്ഷിതിജവും ക്രാന്തിമണ്ഡലവും തമ്മിൽ ഛേദിക്കുന്ന പൂർവബിന്ദു; 5. മദയാന (പ്ര) ലഗ്നാലും ചന്ദ്രാലും = രണ്ടുതരത്തിലും, രണ്ടുതരത്തിൽ നോക്കിയാലും

ലഗ്നവാസരം		നാ.	ശുഭദിനം

ലഗ്നാധിപൻ		നാ.	(ജ്യോ) ലഗ്നത്തിൻെറ അധിപതിയായ ഗ്രഹം

ലഗ്നിക		നാ.	പത്തുവയസ്സിനുതാഴെ പ്രായമുള്ള പെൺകുട്ടി

ലഘിമാവ്		നാ.	1. ലാഘവം; 2. കനക്കുറവ്; 3. ചാപല്യം

ലഘിഷ്ഠ		വി.	ഏറ്റവും ലഘുവായ

ലഘു1		വി.	1. ലഘവമുള്ള, ഗുരുവല്ലാത്ത; 2. ഗൗരവം കുറഞ്ഞ; 3. പ്രാധാന്യം കുറഞ്ഞ, നിസ്സാരമായ; 4. എളുപ്പമായ; 5. ഭാരം കുറഞ്ഞ; 6. വലിപ്പം കുറഞ്ഞ, ചെറുതായ; 7. ഒരു മാത്രയുള്ള (അക്ഷരത്തെ സംബന്ധിച്ച്); 8. സങ്ക്ഷിപ്തമായ; 9. അനായാസമായ; 10. വെടിപ്പുള്ള; 11. പരിക്ഷീണമായ; 12. കട്ടികുറഞ്ഞ, നേർത്ത; 13. ഹ്രസ്വമായ

ലഘു2		നാ.	1. രാമച്ചം; 2. കാരകിൽ (ഒരു സുഗന്ധവൃക്ഷം); 3. ചെറുപയറ്; 4. തകരം; 5. ഒരു മാത്രകൊണ്ടുച്ചരിക്കുന്ന അക്ഷരം; 6. താളത്തിൻെറ അങ്ഗങ്ങളിൽ ഒന്ന്

ലഘുകായം		നാ.	1. കോലാട്; 2. ലാഘവമുള്ള ദേഹം

ലഘുകിന്നരി		നാ.	ഒരുതരം വാദ്യം

ലഘുത		നാ.	1. ലഘുവായസ്ഥിതി; 2. കനക്കുറവ്; 3. നിസ്സാരത; 4. എളിമ; 5. ചാപല്യം; 6. ഗൗരവമില്ലായ്മ

ലഘുതമ		വി.	ഏറ്റവും ലഘുവായ

ലഘുനക്ഷത്രം		നാ.	അശ്വതി പൂയം അത്തം എന്നിവയിൽ ഒന്ന്

ലഘുഭക്ഷണം		നാ.	അല്പവിഭവങ്ങൾ മാത്രമുള്ള ഭക്ഷണം, എളുപ്പം ദഹിക്കുന്നത്

ലഘുഹസ്തൻ		നാ.	കരവിരുതുള്ളവൻ, വേഗം കാര്യങ്ങൾ ചെയ്യുന്നവൻ

ലഘൂകരിക്കുക		ക്രി.	ലഘുവാക്കുക

ലഘുകൃത		വി.	ലഘൂകരിക്കപ്പെട്ട

ലഘ്വി		നാ.	1. സാരമില്ലാത്തവൾ; 2. കൃശാങ്ഗി; 3. കനമില്ലാത്ത ഒരുതരം വണ്ടി

ലങ്ക		നാ.	1. രാവണൻെറ നഗരം, സിലോൺ; 2. പാതിവ്രത്യമില്ലാത്തവൾ; 3. മൂന്ന് ഇതളുള്ള കടല; 4. വെളുത്ത നറുനീണ്ടി; 5. ലങ്കാലക്ഷ്മി; 6. ശാഖ

ലങ്കട		വി.	മുടന്തുള്ള, നൊണ്ടുന്ന

ലങ്കർ[പേർ]		നാ.	1. നങ്കൂരം; 2. ലങ്കോട്ടി; 3. കയറ്; 4. പെൻഡുലം

ലങ്കാധിപതി		നാ.	1. രാവണൻ; 2. വിഭീഷണൻ

ലങ്കാലക്ഷ്മി		നാ.	ലങ്കാഗോപുരത്തിൻെറ വാതിൽ കാക്കുന്നവൾ

ലങ്കിണി		നാ.	ലങ്കാലക്ഷ്മി

ലങ്കേശൻ		നാ.	ലങ്കാധിപൻ (രാവണൻ)

ലങ്കോട്ടി [ഹി] നാ. 1. അരയിൽ ധരിക്കുന്ന ഒരുതരം അടിവസ്ത്രം; 2. ഗുസ്തിക്കാർ അരയിൽ ധരിക്കുന്ന വസ്ത്രം

ലങ്ഖനി നാ. കടിഞ്ഞാണിൻെറ കടി

ലങ്ഗൻ നാ. ജാരൻ

ലങ്ഗം നാ. 1. മുടന്ത്; 2. സങ്ഗമം; 3. ചേർച്ച

ലങ്ഗലം നാ. കലപ്പ, ലാങ്ഗലം

ലങ്ഗൂലം നാ. 1. (കുതിരയുടെയും മറ്റും) വാൽ; 2. നെൽപ്പുര

ലങ്ഘക വി. ലങ്ഘിക്കുന്ന

ലങ്ഘനം നാ. 1. ലങ്ഘിക്കൽ; 2. തരണം ചെയ്യൽ, മറികടക്കൽ; 3. വിശുദ്ധമായ പ്രവൃത്തി; 4. അതിക്രമം; 5. കുതിരയുടെ ഗമനവിശേഷം; 6. കയറ്റം; 7. അനാദരിക്കൽ; 8. ഉപവാസം

ലങ്ഘനീയ വി. ലങ്ഘിക്കത്തക്ക

ലങ്ഘിക്കുക ക്രി. 1. അതിക്രമിക്കുക; 2. ചാടിക്കടക്കുക; 3. മറുത്തുചെയ്യുക; 4. നിഷേധിക്കുക; 5. ഉപവസിക്കുക

ലങ്ഘിത വി. ലങ്ഘിക്കപ്പെട്ട

ലങ്ഘിതവ്യ വി. ലങ്ഘിക്കത്തക്ക, ലങ്ഘിക്കാവുന്ന

ലങ്ഘ്യ വി. ലങ്ഘിതവ്യ, ലങ്ഘിക്കാവുന്ന

ലജ്ജ നാ. 1. നാണം; 2. മുക്കുറ്റി

ലജ്ജക നാ. കാട്ടുപരുത്തി

ലജ്ജരി നാ. 1. ഒരുതരം തൊട്ടാവാടി; 2. മുക്കുറ്റി

ലജ്ജാകര വി. ലജ്ജ ജനിപ്പിക്കുന്ന

ലജ്ജാലു വി. 1. ലജ്ജാശീലമുള്ള. നാ. 1. തൊട്ടാവാടി; 2. മുക്കുറ്റി



ലജ്ജാവതി നാ. ലജ്ജാശീല, ലജ്ജയുള്ളവൾ

ലജ്ജാവഹ വി. ലജ്ജ ജനിപ്പിക്കുന്ന

ലജ്ജാവാൻ നാ. ലജ്ജാശീലൻ, ലജ്ജയുള്ളവൻ

ലജ്ജിക്കുക ക്രി. 1. നാണിക്കുക; 2. സങ്കോചം ഭാവിക്കുക

ലജ്ജിത വി. ലജ്ജിച്ച, നാണിച്ച

ലജ്ജിപ്പിക്കുക ക്രി. നാണിപ്പിക്കുക

ലജ്ജം നാ. 1. പാദം, അടിവശം; 2. വാൽ; 3. അരക്കെട്ടിൽ തിരുകുന്ന ചേലാഞ്ചലം

ലജ്യ നാ. ലജ്ജ

ലഞ്ച നാ. 1. സൈ്വരിണി; 2. ലക്ഷ്മി; 3. പ്രവാഹം; 4. ഉറക്കം

ലടൻ നാ. 1. കവർച്ചക്കാരൻ; 2. ബാലിശമായി സംസാരിക്കുന്നവൻ, വിഢിയെപ്പോലെ സംസാരിക്കുന്നവൻ

ലടഭ വി. സൗന്ദര്യമുള്ള, ഭങ്ഗിയുള്ള

ലടൂഷകം നാ. ഒരുതരം പക്ഷി, കലപിങ്ഗം

ലട്ടൻ നാ. ലടൻ, ചതിയൻ

ലട്ട് [ഹി.] നാ. പമ്പരം

ലട്വ നാ. 1. ഊർക്കുരികിൽ (ഒരുതരം ചെറിയ പക്ഷി), മീവൽ; 2. പാതിവ്രത്യമില്ലാത്തവൾ; 3. കഴഞ്ചി; 4. കുയുമ്പമരം; 5. കുതിര; 6. നെറ്റിച്ചുഴി

ലട്വം നാ. 1. കുതിര; 2. പമ്പരം

ലഡായി [ഹി] നാ. 1. ശണ്ഠ; 2. ലഹള

ലഡ്ഡു [മരാ] നാ. ഒരു മധുരപലഹാരം

ലണ്ഡം നാ. 1. അമേധ്യം, മലം; 2. ആനപ്പിണ്ടം

ലത നാ. 1. വള്ളിച്ചെടി; 2. ഞാഴൽ; 3. കുരുക്കുത്തിമുല്ല; 4. വെളുത്ത നറുനീണ്ടി; 5. ലതാ കസ്തൂരിക; 6. വെളുത്ത വലിയ പിച്ചകം; 7. ചെറുപുന്ന; 8. വെങ്കറുക; 9. മുത്തുമാല

ലതാഗൃഹം നാ. വള്ളിക്കുടിൽ

ലതാങ്ഗി നാ. 1. സുന്ദരി; 2. കർക്കടകശൃങ്ഗി

ലതാജിഹ്വം നാ. പാമ്പ്

ലതാതരു നാ. 1. തെങ്ങ്; 2. മരുത്; 3. കരിമ്പന; 4. മധുരനാരകം

ലതാന്തം നാ. പുഷ്പം

ലതാമണി നാ. പവിഴം

ലതാമണ്ഡപം നാ. വള്ളിക്കുടിൽ

ലതായഷ്ടി നാ. മഞ്ചെട്ടി

ലതായാവകം നാ. 1. പവിഴം; 2. നാമ്പ്

ലതാർക്ക വി. പച്ചനിറമുള്ള

ലതിക നാ. 1. ചെറിയ വള്ളി; 2. മുത്തുമാല

ലത്തി [ഹി] നാ. കുതിരച്ചാണകം

ലത്തീൻ നാ. പ്രാചീന റോമിലെ ഭാഷ, ലാറ്റിൻ

ലൻ നാ. ദേവരാജാവ്

ലന്ത1 നാ. ഒരുതരം വൃക്ഷം, ഇലന്ത, കോലി, ബദരം, ഒരു മുൾമരം

ലന്ത2 [പോർ,ഒലന്ദ] നാ. 1. ഒരു രാജ്യം, ഹോളണ്ട്; 2. ഡച്ചുഭാഷ

ലപനം നാ. 1. മുഖം, വായ്; 2. പറച്ചിൽ, വർത്തമാനം, ചിലപ്പ്

ലപിത വി. ലപനം ചെയ്യപ്പെട്ട, പറയപ്പെട്ട

ലപിതം നാ. ലപനം ചെയ്യപ്പെട്ടത്, വചനം

ലപ്പം,-ബ്ബം [പ്രാ] നാ. ലബ്ബം

ലബ്ധ വി. 1. ലഭിച്ച; 2. ധരിച്ച

ലബ്ധകാമ വി. ആഗ്രഹം സാധിച്ച

ലബ്ധവർണ വി. 1. വിദ്യയുള്ള; 2. എല്ലാവരാലും സ്തുതിക്കപ്പെടുന്ന

ലബ്ധവിദ്യൻ നാ. വിദ്യ അഭ്യസിച്ചിട്ടുള്ളവൻ

ലബ്ധഹാനി നാ. ലഭിച്ച വസ്തുവിൻെറ നാശം

ലബ്ധാരോഗ്യ വി. ആരോഗ്യം വീണ്ടെടുത്ത

ലബ്ധി നാ. 1. ലഭിക്കൽ; 2. നേട്ടം; 3. ഹരണഫലം

ലബ്ബ [അറ] നാ. മുഹമ്മദീയ നെയ്ത്തുകാരിൽ ഒരു വർഗക്കാരൻ

ലഭസം നാ. 1. സമ്പത്ത്, ധനം; 2. കുതിരയെ കെട്ടുന്ന കയറ്

ലഭസൻ നാ. അപേക്ഷകൻ

ലഭിക്കുക ക്രി. 1. കിട്ടുക; 2. നേടുക

ലഭ്യ വി. 1. ലഭിക്കത്തക്ക; 2. ഉചിതമായ; 3. ഗ്രാഹ്യമായ; 4.
സംഭവിക്കത്തക്ക

ലംഫനം നാ. ലംഫം

ലംഫം നാ. 1. ചാട്ടം; 2. കുതി

ലംബ വി. 1. നീളമുള്ള; 2. തൂങ്ങിക്കിടക്കുന്ന

ലംബകം നാ. 1. പണിതുകൊണ്ടിരിക്കുന്ന ചുവരിൻെറയും മറ്റും തൂക്ക് ശരിയാണോ എന്ന് പരിശോധിക്കാനുള്ള ഉപകരണം; 2. കുത്തനെയുള്ള രേഖ; 3. അധ്യായം

ലംബകർണം നാ. 1. രണഗീതപ്പക്ഷി, ഒരുതരം കങ്കപക്ഷി; 2. കഴുത; 3. പരുന്ത്; 4. ആട്; 5. ആന; 6. അഴിഞ്ഞിൽ

ലംബഗ്രീവം നാ. ഒട്ടകം

ലംബനം നാ. 1. ഞാന്നുകിടക്കൽ; 2. ആശ്രയിക്കൽ; 3. ഒരുതരം നീണ്ട മാല, ലന്തി; 4. ഒരു ആധാരരേഖയിലെ രണ്ടുസ്ഥാനങ്ങളിൽ നിന്നു നോക്കുമ്പോൾ ഒരു വസ്തുവിൻെറ സ്ഥാനത്തിൽ ഉണ്ടാകുന്നതായി തോന്നുന്ന മാറ്റം

ലംബം നാ. 1. കൈക്കൂലി; 2. ഞാന്നുകിടക്കൽ; 3. വണ്ടാരങ്കോഴി; 4. ഒരു ആധാരരേഖയിന്മേൽ മട്ടമായിവരയ്ക്കുന്ന രേഖ; 5. തൂങ്ങിക്കിടക്കുന്ന വസ്തു (മാല)

ലംബമാന വി. തൂങ്ങിക്കിടക്കുന്ന, ആശ്രയിക്കുന്ന

ലംബരേഖ നാ. കുത്തനെയുള്ള വര

ലംബി വി. തൂങ്ങിക്കിടക്കുന്ന

ലംബിക നാ. അണ്ണാക്ക്

ലംബിക്കുക ക്രി. ആശ്രയിക്കുക

ലംബിത വി. തൂങ്ങിക്കിടക്കുന്ന

ലംബുഷ നാ. ഏഴിഴയുള്ള മുത്തുമാല

ലംബോദരൻ നാ. 1. ഗണപതി; 2. കുടവയറൻ; 3. അധികം ഭക്ഷിക്കുന്നവൻ

ലംബോഷ്ഠം നാ. 'തൂങ്ങിക്കിടക്കുന്ന ചൊടിയുള്ളത്', ഒട്ടകം

ലംഭനം നാ. ലംഭം

ലംഭം നാ. 1. ലാഭം; 2. കണ്ടുമുട്ടൽ; 3. ശകാരം; 4. നിന്ദ

ലംഭിത വി. 1. ലഭിക്കപ്പെട്ട; 2. കൊടുക്കപ്പെട്ട; 3. പരിഷ്കരിക്കപ്പെട്ട; 4. നിയുക്തമായ; 5. പോഷിതമായ; 6. അഭിസംബോധിതമായ

ലമ്പട വി. 1. അത്യാഗ്രഹമുള്ള; 2. കാമാധിക്യമുള്ള; 3. സാമർഥ്യമുള്ള

ലമ്പടൻ നാ. 1. അമിതമായ സുഖാസക്തിയുള്ളവൻ; 2. അധികം ആഗ്രഹമുള്ളവൻ (പ്ര) സ്ത്രീലമ്പടൻ, വിഷയലമ്പടൻ

ലമ്പാകൻ നാ. ലമ്പടൻ, വിടൻ

ലമ്പാടി നാ. 1. കാളയെക്കൊണ്ടു ഭാരം ചുമപ്പിക്കുന്നവൻ; 2. ആന്ധ്രയിലെ ഒരു കാട്ടുജാതി

ലമ്മാണി നാ. അലഞ്ഞുനടന്ന് കച്ചവടം നടത്തുന്ന ധാന്യവ്യാപാരി

ലമ്മി വി. അഴിമതിയുള്ള

ലയനം നാ. 1. ലയിക്കൽ; 2. സങ്ഗമം; 3. ലയം

ലയം നാ. 1. ഇഴുകിച്ചേരൽ; 2. ഉരുകൽ; 3. അലിഞ്ഞുചേരൽ; 4. അപ്രത്യക്ഷമാകൽ; 5. സ്വാംശീകരിക്കപ്പെടൽ; 6. നിമഗ്നമാകൽ; 7. താളത്തിൻെറയോ സ്വരാലാപത്തിൻെറയോ അനായാസമായ ഗതി; 8. സ്വരതാളങ്ങളുടെ പൊരുത്തപ്പെടൽ; 9. താളവും ഗീതവും നൃത്തവും അഭേദ്യമായി സംയോജിക്കൽ; 10. ആത്മാവ് ഈശ്വരചൈതന്യത്തോട് അഥവാ പരമാത്മാവിനോട് ഐക്യം പ്രാപിക്കൽ; 11. വിശ്രമം; 12. വാസസ്ഥലം; 13. ആഹ്ലാദം; 14. മൂർച്ഛ; 15. വിരാമം; 16. ധ്യാന്യത്തിൽ മുഴുകൽ; 17. മനസ്സ് പ്രവർത്തനരഹിതമാകൽ; 18. രാമച്ചം

ലയിക്കുക ക്രി. 1. ഇഴുകിച്ചേരുക, അഭേദ്യമായി പൊരുത്തപ്പെടുക, ഉല്ലസിക്കുക; 2. ഏകാഗ്രമാവുക

ലലജ്ജിഹ്വം നാ. 1. ഒട്ടകം; 2. നായ

ലലന നാ. 1. സ്ത്രീ; 2. നാക്ക്; 3. ഒരു വൃത്തം

ലലനൻ നാ. 1. പ്രിയപ്പെട്ടവൻ; 2. കുട്ടി

ലലനം നാ. 1. ഉല്ലാസം, ലീല; 2. കൊംചൽ; 3. നാവുനീട്ടൽ; 4. ചെഞ്ചല്യം; 5. പയിൻ മരം; 6. മുരൾ മരം

ലലനിക നാ. 1. പെൺകുട്ടി; 2. ദയനീയയായ സ്ത്രീ

ലലന്തി നാ. 1. കഴുത്തിൽ നീണ്ടുകിടക്കുന്ന മാല; 2. ഗൗളി; 3. ഓന്ത്

ലലാടകം		നാ.	ലലാടം, ഭങ്ഗിയുള്ള നെറ്റിത്തടം

ലലാടനേത്രൻ		നാ.	ശിവൻ

ലലാടപട്ടം		നാ.	നെറ്റിത്തടത്തിൽ അണിയുന്ന ആഭരണം, നെറ്റിപ്പട്ടം

ലലാടം		നാ.	നെറ്റി

ലലാടംതപം		നാ.	'നെറ്റിപൊള്ളിക്കുന്നത്', നട്ടുച്ച

ലലാടിക		നാ.	1. നെറ്റിയിലെ ആഭരണം, നെറ്റിപ്പട്ടം; 2. തൊടുകുറി

ലലാമ		വി.	1. ഭങ്ഗിയുള്ള, കൗതുകം തോന്നിക്കുന്ന; 2. നെറ്റിയിൽ കുറിയുള്ള

ലലാമകം		നാ.	നിറുകയിൽ അണിയുന്ന പൂമാല

ലലാമം		നാ.	1. തൊടുകുറി; 2. ശിരോലങ്കാരം, നെറ്റിപ്പട്ടം; 3. കുതിര, കുതിരയുടെ ആഭരണം; 4. അടയാളം; 5. കൊടിമരം; 6. വാക്ക്; 7. പ്രമാണം; 8. പ്രാധാന്യം; 9. വാൽ; 10. നിര; 11. പങ്ക്തി

ലലാമാവ്		നാ.	1. ആഭരണം; 2. തൊടുകുറി; 3. കൊടിക്കൂറ

ലലിത		വി.	1. ആഗ്രഹിക്കപ്പെട്ട; 2. സൗന്ദര്യമുള്ള; 3. കാഠിന്യമില്ലാത്ത; 4. മസൃണമായ. നാ. 1. കസ്തൂരി; 2. സ്ത്രീ; 3. ചപല; 4. സുന്ദരി; 5. ഒരു അലങ്കാരം

ലലിതം		നാ.	1. മനോഹരം; 2. ഒരു വൃത്തം; 3. ഒരു നാട്യാലങ്കാരം

ലലിതാപഞ്ചമി		നാ.	ആശ്വിനമാസത്തിലെ പഞ്ചമി

ലലിതാസപ്തമി നാ. ഭാദ്രമാസത്തിലെ സപ്തമി

ലവകൻ നാ. 1. ലവനം ചെയ്യുന്നവൻ; 2. കൊയ്ത്തു നടത്തുന്നവൻ

ലവങ്കം നാ. ഇലവർങം

ലവങ്ഗൻ നാ. ജാരൻ

ലവങ്ഗം നാ. 1. കരയാമ്പു; 2. കറുവ

ലവണ വി. 1. ഉപ്പുരസമുള്ള; 2. സൗന്ദര്യമുള്ള. നാ. 1. ശോഭ; 2. ഒരു ആറ്; 3. വലിയ വാലുഴവം; 4. ചെറുപുന്ന

ലവണത നാ. 1. അഴക്; 2. ഉപ്പുരസം

ലവണം നാ. 1. ഉപ്പ്, ഉപ്പുരസം; 2. ഇന്തുപ്പ്; 3. ഉപ്പുകാരം; 4. ഉപ്പുകടൽ, കടൽ; 5. ഒരു നരകം; 6. ഭങ്ഗിയുള്ളത്

ലവണസമുദ്രം നാ. 1. ഉപ്പുകടൽ; 2. (പുരാണ) സപ്തസമുദ്രങ്ങളിൽ ഒന്ന്

ലവണാകരം നാ. ഉപ്പളം, കടൽ

ലവണാന്തകൻ നാ. 'ലവണാസുരനെ കൊന്നവൻ', ശത്രുഘ്നൻ

ലവണാബ്ധി നാ. 1. ലവണസമുദ്രം; 2. കടൽ

ലവണാലയം നാ. കടൽ

ലവണിത വി. ഉപ്പുചേർത്ത

ലവണിമാവ് നാ. ലാവണ്യം, സൗന്ദര്യം

ലവണോത്തമം നാ. ഇന്തുപ്പ്

ലവണോദം നാ. 1. ലവണസമുദ്രം; 2. ഉപ്പുവെള്ളം

ലവനം നാ. 1. കൊയ്ത്ത്; 2. അരിവാൾ

ലവം നാ. 1. അല്പം; 2. വളരെ ചെറിയ അംശം, സൂക്ഷ്മാംശം; 3. അതിസൂക്ഷ്മമായ ഒരു കാലയളവ്; 4. (ജ്യോ) ഒരു ഡിഗ്രി; 5. നഷ്ടം, നാശം; 6. വിനോദം; 7. കൊയ്ത്ത്; 8. കരയാമ്പു; 9. മീവൽപ്പക്ഷി; 10. ലാമജ്ജകം; 11. ഇലവർങപ്പൂവ്; 12. ജാതിക്ക; 13. രോമം

ലവലേശം അവ്യ. ലേശംപോലും, ഒട്ടും

ലവാകം നാ. 1. അരിവാൾ; 2. കൊയ്ത്ത്

ലവി വി. മൂർച്ചയുള്ള. നാ. അരിവാൾ

ലശുനം നാ. വെള്ളുള്ളി, വെളുത്തുള്ളി

ലഷ്വൻ നാ. 1. നടൻ; 2. നർത്തകൻ

ലഷിത വി. 1. ആഗ്രഹിച്ച; 2. കൊതിച്ച

ലസ നാ. മഞ്ഞൾ, കുങ്കുമം

ലസക വി. ലസിക്കുന്ന

ലസത്ത് വി. ലസിക്കുന്ന, ശോഭിക്കുന്ന

ലസനം നാ. ശോഭ, ലസിക്കൽ

ലസിക നാ. 1. ഉമിനീര്; 2. ചലം; 3. കരിമ്പിൻ നീര്

ലസിക്കുക ക്രി. 1. ശോഭിക്കുക; 2. വിലസുക

ലസിത വി. ലസിച്ച, കാണപ്പെട്ട

ലസുനം നാ. വെളുത്തുള്ളി, വെള്ളുള്ളി

ലസ്ത വി. 1. കൈപിടിച്ച; 2. പാടവമുള്ള

ലസ്തകം നാ. വില്ലിൻെറ മധ്യഭാഗം

ലസ്തകി നാ. വില്ല്

ലഹരി നാ. 1. (മദ്യം മുതലായവകൊണ്ടുണ്ടാകുന്ന) മയക്കം, മദിപ്പിക്കുന്ന ദ്രവ്യം (മയക്കമുണ്ടാക്കുന്ന വസ്തു); 2. വലിയ തിര; 3. ഒഴുക്ക്

ലഹള നാ. 1. കൂട്ടംകൂടിയുള്ള കലഹം; 2. വലിയ വഴക്ക്, കലാപം

ലളനം നാ. 1. ലലനം; 2. ഉല്ലാസം; 3. കൊഞ്ചൽ; 4. നാവുനീട്ടൽ

ലളിത വി. 1. ലലിത; 2. പതിനേഴാം മേളകർത്താവായ സൂര്യകാന്തത്തിൻെറ ജന്യം. ലളിതകലകൾ = സുകുമാരകലകൾ

ലളിതം നാ. ലലിതം

ലളിതോക്തി നാ. ലളിതമായ വാക്ക്

1255

ലാ,ലോ [ഇം.] നാ. നിയമം

ലാകുടികൻ നാ. വടിധരിച്ചവൻ

ലാക്കരി നാ. 1. താക്കരി; 2. പോക്കിരി, തസ്കരൻ

ലാക്ക് നാ. 1. അടയാളം; 2. ഉന്നം; 3. താക്ക്

ലാക്ഷ നാ. 1. കോലരക്ക്; 2. ചെമ്പഞ്ഞിച്ചാറ്

ലാക്ഷകി നാ. സീത

ലാക്ഷണിക വി. 1. ലക്ഷണത്തെ സംബന്ധിച്ച; 2. ലക്ഷണാവ്യാപാരത്തിൽനിന്ന് ഉദ്ഭവിച്ച

ലാക്ഷാങ്കം നാ. ചെമ്പഞ്ഞിച്ചാറുകൊണ്ടുള്ള കുറി

ലാക്ഷാരസം നാ. 1. കോലരക്കിൻ ചാറ്; 2. ചെമ്പഞ്ഞിച്ചാറ്

ലാഗുഡികൻ നാ. വടിയേന്തുന്ന അനുചരൻ

ലാഘവം നാ. 'ലഘു' എന്നതിൻെറ നാമരൂപം. 1. സാമർഥ്യം; 2. ഉന്മേഷം; 3. വേഗം; 4. അനായാസത; 5. ആശ്വാസം; 6. ഭാരക്കുറവ്; 7. അശ്രദ്ധ; 8. നിസ്സാരത, പ്രാധാന്യമില്ലായ്മ; 9. അന്തസ്സില്ലായ്മ; 10. അനാദരം

ലാങ്ഗലഗ്രഹൻ നാ. കർഷകൻ, ഉഴവുകാരൻ

ലാങ്ഗലദണ്ഡം നാ. കരിക്കോൽ

ലാങ്ഗലധ്വജൻ നാ. ബലരാമൻ

ലാങ്ഗലപദ്ധതി നാ. ഉഴവുചാൽ

ലാങ്ഗലം നാ. 1. കലപ്പ; 2. തോട്ട

ലാങ്ഗലിക വി. കലപ്പയെ സംബന്ധിച്ച

ലാങ്ഗൂലം നാ. 1. രോമം നിറഞ്ഞ വാൽ; 2. നെൽപ്പുര

ലാങ്ഗൂലി നാ. 1. കുരങ്ങ്, വാൽക്കുരങ്ങ്; 2. ഇടവകം (ഒരു മരുന്നു ചെടി); 3. നായ്ക്കൊരുണ; 4. ഓരില

ലാജം നാ. 1. മലര്, നെൽപ്പൊരി; 2. രാമച്ചം

ലാഞ്ഛനം നാ. 1. അടയാളം; 2. കളങ്കം

ലാഞ്ഛിത വി. 1. അടയാളമുള്ള; 2. അലങ്കരിച്ച; 3. സവിശേഷമാക്കപ്പെട്ട

ലാട വി. 1. പഴകിയ; 2. വികൃതമായ; 3. ബാലിശമായ

ലാടൻ നാ. 1. ഒരു ജനസമൂഹം; 2. ലാടന്മാരുടെ രാജാവ്

ലാടം1 നാ. കുതിരയുടെ കാലിൽ വച്ചുതറയ്ക്കുന്ന ഇരുമ്പു തകിട്

ലാടം2 നാ. 1. ലാടദേശം; 2. വസ്ത്രം; 3. ബാലിശമായ ഭാഷ

ലാടി നാ. 1. ഒരു ഭാഷണരീതി; 2. (കാവ്യ) ഒരു രചനാശൈലി

ലാണ്ഠനി നാ. കുലട

ലാത വി. എടുത്ത, സ്വീകരിച്ച, ലഭിച്ച

ലാതി വി. കൈക്കൊള്ളൽ, സ്വീകാര്യം

ലാതുക ക്രി. ചാടുക

ലാത്തൽ [ലാത്തുക] നാമരൂപം

ലാത്തി [ഹി ലാഠീ] നാ. കുറുവടി, പോലീസുകാരുടെ മുളവടി (പ്ര) ലാത്തിയടിക്കുക = വിരസമായി എന്തെങ്കിലും പറഞ്ഞുകൊണ്ടിരിക്കുക

ലാത്തുക ക്രി. ഉലാത്തുക

ലാന്തർ [ഇം.] നാ. റാന്തൽ

ലാപം നാ. 1. സംസാരം; 2. പ്രലപനം

ലാപിക നാ. ഒരുതരം കടങ്കഥ

ലാബു നാ. ഒരുതരം ചുര

ലാബുകി നാ. ഒരുതരം വീണ

ലാഭം നാ. 1. (കച്ചവടത്തിലോ വ്യവസായത്തിലോ) മുടക്കുന്നതിനെക്കാൾ കൂടുതലായി കിട്ടുന്ന തുക; 2. ഏതെങ്കിലുമൊരു പ്രവർത്തനത്തിൽനിന്നു ഉണ്ടാകുന്ന നേട്ടം, പ്രയോജനം; 3. വരവ്; 4. ചെലവു കുറഞ്ഞുവരൽ

ലാഭസ്ഥാനം നാ. (ജ്യോ) പതിനൊന്നാമിടം

ലാമച്ചം നാ. രാമച്ചം

ലാമജ്ജം നാ. ഒരിനം രാമച്ചം (മഞ്ഞനിറമുള്ളത്)

ലായക വി. ലയിപ്പിക്കുന്ന

ലായനി നാ. 1. ഒരു പദാർഥത്തെ അലിയിക്കുന്ന ദ്രവം; 2. ഒരു പദാർഥം അലിഞ്ഞുചേർന്ന ദ്രവം

ലായം [പോർ] നാ. കുതിരപ്പന്തി

ലായർ,ലോ- [ഇം.] നാ. നിയമജ്ഞൻ, അഭിഭാഷകൻ, വക്കീൽ

ലാലസ1 വി. 1. അതിയായ ആഗ്രഹമുള്ള, കൊതിക്കുന്ന; 2. (എന്തിലെങ്കിലും) മനസ്സു ലയിച്ച, ആഹ്ലാദം കണ്ടെത്തുന്ന, പൂർണമായും മനസ്സർപ്പിച്ച

ലാലസ2 നാ. 1. തീവ്രമായ അഭിലാഷം, അതിയായ ആഗ്രഹം; 2. ആസ്ഥ; 3. ഖേദം; 4. അഭ്യർഥന; 5. രസിച്ചുനടക്കൽ

ലാലസി നാ. ലാലസയോടുകൂടിയവൻ

ലാലസികം നാ. 1. ചാറ്; 2. ദ്രവരൂപമായ ഭക്ഷ്യവസ്തു

ലാലസിക്കുക ക്രി. ഉല്ലസിക്കുക, വിലസുക

ലാലാ നാ. വായിൽ ഊറുന്ന ദ്രാവകം, ഉമിനീര്

ലാലാടിക1 വി. വിധിയോടുബന്ധപ്പെട്ട

ലാലാടിക2 വി. 1. അധമമായ; 2. ദുഷ്ടതയുള്ള; 3. വകയ്ക്കുകൊള്ളാത്ത; 4. അലസതയുള്ള

ലാലാടികൻ നാ. 1. ശ്രദ്ധാപൂർവം സേവിക്കുന്ന പരിചാരികൻ; 2. അലസൻ

ലാലാമേഹം നാ. ഒരു മൂത്രാശയരോഗം

ലാലായിത വി. ആഗ്രഹത്തോടുകൂടിയ

ലാലി1 നാ. പിശാചുബാധിച്ച ആൾ

ലാലി2 വി. 1. ഓമനിക്കുന്ന; 2. പ്രീണിപ്പിക്കുന്ന. നാ. വിടൻ

ലാലിക നാ. ഫലിതമയമായ മറുപടി

ലാലികം നാ. പോത്ത്

ലാലിനി നാ. സ്വൈരിണി

ലാവ1 വി. കൊയ്യുന്ന, മുറിക്കുന്ന

ലാവ2 നാ. കാടപ്പക്ഷിപ്പിട

ലാവ3 [ഇം.] നാ. അഗ്നിപർവതം പൊട്ടി പുറത്തേക്ക് പ്രവഹിക്കുന്ന ദ്രവരൂപമായ പദാർഥം

ലാവകൻ നാ. കൊയ്ത്തുകാരൻ

ലാവകം നാ. കാടപ്പക്ഷി

ലാവണ വി. ഉപ്പുരസമുള്ള, ഉപ്പുചേർത്ത

ലാവണം1 നാ. 1. ഉപ്പ്; 2. ഉപ്പുരസം

ലാവണം2 [ഹി.] നാ. 1. പട്ടാളക്കാരുടെ പേരുവിവരപ്പട്ടിക; 2. സ്ഥിരമായ ഔദ്യോഗികസ്ഥാനം

ലാവണിക വി. 1. ലവണത്തെ സംബന്ധിച്ച; 2. ലാവണ്യമുള്ള; 3. ഉപ്പിലിട്ട

ലാവണികം നാ. ഉപ്പുപാത്രം

ലാവണ്യം നാ. 1. സൗന്ദര്യം; 2. ഉപ്പുരസം

ലാവികം നാ. പോത്ത്

ലാവുക ക്രി. ഉലാത്തുക

ലാഷുക വി. 1. അഭിലാഷമുള്ള; 2. അത്യാഗ്രഹമുള്ള

ലാസകൻ നാ. 1. നർത്തകൻ; 2. നടൻ; 3. ശിവൻ

ലാസകം നാ. 1. മയിൽ; 2. മുകളിലത്തെ നിലയിലുള്ള മുറി

ലാസനം നാ. 1. ലസിക്കൽ; 2. അങ്ങുമിങ്ങും ചുറ്റിനടക്കൽ

ലാസം നാ. 1. വിലസൽ; 2. തിളക്കം; 3. ഉദയം, പ്രത്യക്ഷപ്പെടൽ; 4. വിനോദം, ക്രീഡ; 5. നൃത്തം

ലാസി നാ. നർത്തകൻ, നടൻ

ലാസിക നാ. 1. നർത്തകി; 2. ഗണിക; 3. ഒരുതരം നാട്യപ്രയോഗം, വിലാസിക്കുക; 4. ഗോപുരം, കെട്ടിടത്തിൻെറ മുകളറ്റത്തുള്ള മുറി

ലാസ്യം നാ. 1. നൃത്തംചെയ്യൽ; 2. സുകുമാര ചലനങ്ങളോടുകൂടിയ നൃത്തം

ലാഹരി നാ. വലിയ തിര

ലാളനം നാ. ലാളിക്കൽ

ലാളനീയ വി. ലാളിക്കത്തക്ക

ലാളിക്കുക ക്രി. വാത്സല്യത്തോടു പെരുമാറുക, ഓമനിക്കുക

ലാളിത വി. ലാളിക്കപ്പെട്ട

ലാളിത്യം നാ. 1. ലളിതമായിരിക്കുന്ന അവസ്ഥ; 2. അകൃത്രിമത്വം; 3. പ്രീതിജനകമായ ഭാവം; 4. സങ്കീർണതയില്ലായ്മ; 5. എളുപ്പത്തിൽ ഗ്രഹിക്കാവുന്ന അവസ്ഥ

ലാറ്റിൻ [ഇം.] നാ. ലത്തീൻ ഭാഷ, പ്രാചീന റോമിലെ ഭാഷ. ലാറ്റിൻ അമേരിക്ക = തെക്കേ അമേരിക്കയും അതിനുതൊട്ടുവടക്കുള്ള പ്രദേശങ്ങളും (കുറെക്കാലം മുമ്പുവരെ സ്പെയിനിൻെറയോ പോർത്തുഗലിൻെറയോ അധീനതയിലായിരുന്ന രാജ്യങ്ങൾ)

ലിക്ഷ നാ. 1. ഈര്, ചെറിയ പേൻ; 2. പേനിൻെറ മുട്ട

ലിക്ഷിക നാ. ലിക്ഷ, ഈര്

ലിഖ നാ. 1. വരയ്ക്കൽ, കോറൽ; 2. ലേഖനം ചെയ്യൽ; 3. രേഖ

ലിഖിത വി. 1. എഴുതപ്പെട്ട; 2. വരയ്ക്കപ്പെട്ട

ലിഖിതം നാ. 1. എഴുതിയത്; 2. എഴുത്ത്, രേഖപ്പെടുത്തിയിട്ടുള്ള ചി ം; 3. കത്ത്; 4. രേഖ, പ്രമാണം; 5. പ്രബന്ധം

ലിഖിതാവ് നാ. ചിത്രകാരൻ

ലിഖ്യ വി. എഴുതപ്പെടേണ്ട

ലിഗു നാ. 1. മൂഢൻ, മണ്ടൻ; 2. മാൻ

ലിങ്ഗപുരാണം നാ. പ്രസിദ്ധങ്ങളായ ൨ പുരാണങ്ങളിൽ ഒന്ന്, ശിവമാഹാത്മ്യം പ്രതിപാദിക്കുന്നത്

ലിങ്ഗം നാ. 1. അടയാളം; 2. ശിവലിങ്ഗം; 3. സൂക്ഷ്മശരീരം; 4. കപടവേഷം; 5. രോഗലക്ഷണം; 6. ഉപസ്ഥം

ലിങ്ഗയോനി നാ. ഒരു രോഗം

ലിങ്ഗവൃത്തി നാ. 1. കപടസന്യാസം; 2. കപടസന്യാസിനി

ലിങ്ഗശരീരം നാ. സൂക്ഷ്മശരീരം

ലിങ്ഗസ്ഥന്‍ നാ. ബ്രഹ്മചാരി

ലിങ്ഗഹീനന്‍ നാ. നപുംസകന്‍

ലിങ്ഗാരാധകന്‍ നാ. 1. ശിവഭക്തന്‍; 2. ശിവലിങ്ഗത്തെ ആരാധിക്കുന്നവന്‍

ലിങ്ഗി വി. 1. അടയാളമുള്ള, ചി മുള്ള; 2. തിരിച്ചറിയാനുള്ള അടയാളത്തോടുകൂടിയ. നാ. 1. എന്തിന്‍റെയെങ്കിലും ബാഹ്യചി ം മാത്രമുള്ളവന്‍, കപടവേഷധാരി; 2. സൂക്ഷ്മശരീരമുള്ളവന്‍; 3. ഒരു ബ്രാഹ്മണവര്‍ഗം; 4. ബ്രഹ്മചാരി; 5. ബ്രാഹ്മണസന്യാസി; 6. ലിങ്ഗാരാധകന്‍; 7. കാരണപുരുഷന്‍, ഈശ്വരന്‍; 8. ആന

ലിനന്‍ [ഇം.] നാ. 1. ഒരുതരം പരുക്കന്‍ തുണി, ഇഴയടുപ്പം ഇല്ലാത്തത്; 2. കൃത്രിമനാരുകൊണ്ടുണ്ടാക്കിയ ഒരിനം തുണി; 3. അടിയുടുപ്പ് കിടക്കവിരിപ്പ് തുടങ്ങിയവ

ലിനോടൈപ്പ് [ഇം.] നാ. അച്ചടിയിലെ ഒരു പ്രത്യേക സാങ്കേതിക രീതി. ഓരോ വരിയും ഒന്നിച്ച് പ്രത്യേകമായി വാര്‍ത്തെടുത്ത് ഉപയോഗിച്ചുകൊണ്ടു നടത്തുന്ന അച്ചടി

ലിന്‍റല്‍ [ഇം.] നാ. വാതിലിന്‍റെയും ജനലിന്‍റെയും മുകളില്‍ പണിത് ഉറപ്പിക്കുന്ന തടിക്കഷണമോ ലോഹദണ്ഡോ കോണ്‍ക്രീറ്റ് ഉത്തരമോ

ലിപം നാ. 1. പൂശൽ, പുരട്ടൽ; 2. (ചുണ്ണാമ്പ്, സിമൻറ് തുടങ്ങിയവ) പൂശൽ

ലിപി നാ. 1. എഴുത്ത്, അക്ഷരചി ം, വർണത്തിൻെറ ചി ം; 2.അക്ഷരമാല; 3. ലിഖിതം, രേഖ; 4. ലേപനം

ലിപികാരൻ നാ. എഴുത്തുകാരൻ

ലിപിജ്ഞാനം നാ. ലിപിയെക്കുറിച്ചുള്ള അറിവ്, അറുപത്തിനാലു കലകളിൽ ഒന്ന്

ലിപിന്യാസം നാ. 1. ലേഖനവിദ്യ; 2. എഴുത്ത്

ലിപ്ത വി. 1. പൂശപ്പെട്ട, പുരണ്ട; 2. പറ്റിയിരിക്കുന്ന; 3. വിഷലിപ്തമായ

ലിപ്തകം നാ. വിഷം പുരട്ടിയ അമ്പ്

ലിപ്സ നാ. 1. അഭിലാഷം; 2. കൊതി

ലിമ്പടൻ നാ. 1. ലമ്പടൻ; 2. വിടൻ

ലിമ്പം നാ. 1. ലേപനം; 2. പൂശൽ, പുരട്ടൽ

ലിവർ [ഇം.] നാ. 1. തുലായന്ത്രം, ഉത്തോലകം; 2. കരൾ, യകൃത്ത്

ലിഷ്ട വി. 1. ചെറുതാക്കപ്പെട്ട; 2. കുറച്ച

ലിഷ്വൻ നാ. 1. നടൻ; 2. നർത്തകൻ

ലിസ്റ്റ് [ഇം.] നാ. പട്ടിക

ലിറിക് [ഇം.] നാ. ഭാവഗീതം

ലീ നാ. ചേർന്നിരിക്കൽ

ലീക നാ. ഒരു പിശാച്

ലീക്ക് [ഇം.] നാ. ചോർച്ച

ലീഗ് [ഇം.] നാ. 1. മൂന്നു നാഴിക ദൂരം; 2. സങ്ഘം

ലീഡർ [ഇം.] നാ. നായകൻ, നേതാവ്

ലീന വി. 1. ലയിച്ച; 2. പറ്റിച്ചേർന്ന

ലീപ്ഇയർ [ഇം.] നാ. അധിവർഷം (ഫെബ്രുവരിയിൽ 29 ദിവസമുള്ള വർഷം)

ലീല നാ, 1. കളി; 2. ക്രീഡ; 3. വിനോദം; 4. ഉല്ലാസം; 5. ഒരു

നാട്യാലങ്കാരം

ലീലയാ അവ്യ. 1. കളിയായി; 2. അനായാസേന

ലീലാകലഹം നാ. പ്രണയകലഹം

ലീലാഗാരം നാ. നർമസല്ലാപത്തിനുള്ള സ്ഥലം

ലീലാതിലകം നാ. ഒരു മണിപ്രവാള ലക്ഷണഗ്രന്ഥം

ലീലാനൗക നാ. കളിവള്ളം

ലീലായമാന വി. ലീലയോടുകൂടിയ

ലീലായിതം നാ. ആഹ്ലാദിക്കൽ, ആനന്ദിച്ച, മദിച്ചുനടക്കൽ

ലീലാവതി നാ. 1. വിലാസിനിയായ സ്ത്രീ; 2. സംസ്കൃതത്തിലെ ഒരു ഗണിത ഗ്രന്ഥം

ലീലാവിലാസം നാ. ഉല്ലാസം

ലീവ് [ഇം.] നാ. 1. അവധി (ജോലിക്കും മറ്റും) ഹാജരാകുന്നതിൽനിന്നുള്ള ഒഴിവ് അഥവാ അതിനുള്ള അനുവാദം

ലുങ്കി[പോർ] നാ. 1. കൈലി; 2. നിറംപിടിപ്പിച്ചതോ പൂക്കളും കളങ്ങളും ഉള്ളതോ ആയ ഉടുവസ്ത്രം

ലുഞ്ചനം നാ. 1. പറിക്കൽ; 2. ഉരിക്കൽ

ലുഞ്ചിത വി. ലുഞ്ചനം ചെയ്യപ്പെട്ട

ലുഠനം നാ. ഉരുളൽ, നിലത്തുകിടന്നുരുളൽ

ലുഠിത വി. 1. ഉരുട്ടിയ; 2. താഴേയ്ക്കു ഉരുട്ടിവിട്ട; 2. നിലത്തു കിടന്നുരുളുന്ന

1257

ലുണ്ട നാ. 1. മോഷണം; 2. കവർച്ച

ലുണ്ടകൻ നാ. 1. മോഷ്ടിക്കുന്നവൻ; 2. കള്ളൻ; 3. കാക്ക

ലുണ്ഠ നാ. 1. മോഷണം; 2. കവർച്ച

ലുണ്ഠക വി. മോഷ്ടിക്കുന്ന

ലുണ്ഠകൻ നാ. കള്ളൻ, കവർച്ചക്കാരൻ

ലുണ്ഠനം    നാ.    1. കൊള്ളയടിക്കൽ; 2. നശിപ്പിക്കൽ

ലുണ്ഠാകം    നാ.    കാക്ക

ലുണ്ഡി    നാ.    1. ഉചിതമായ പെരുമാറ്റം; 2. ശരിയായ പ്രവർത്തനം, ഉചിതമായ തീരുമാനം

ലുണ്ഡിക    നാ.    1. ഉണ്ട; 2. ഉരുള; 3. ശരിയായ നടത്ത

ലുപ്ത    വി.    1. നഷ്ടമായ, കാണാതായ; 2. കവർച്ചചെയ്യപ്പെട്ട; 3. ഭേദിക്കപ്പെട്ട; 4. അതിക്രമിക്കപ്പെട്ട; 5. വ്രണപ്പെട്ട; 6. നശിപ്പിക്കപ്പെട്ട; 7. അമർത്തിവയ്ക്കപ്പെട്ട; 8. (വ്യാക) ഉപേക്ഷിക്കപ്പെട്ട, ലോപിച്ച

ലുപ്തത    നാ    1. അകറ്റപ്പെട്ട അവസ്ഥ; 2. വിഭജിക്കപ്പെട്ട സ്ഥിതി; 3. അപ്രത്യക്ഷമാകൽ; 4. അഭാവം

ലുപ്തപദ    വി.    1. പദങ്ങൾ ലോപിച്ചിട്ടുള്ള; 2. പദങ്ങളുടെ അഭാവമുള്ള

ലുപ്തം    നാ.    1. അപ്രത്യക്ഷമായത്; 2. കൊള്ള

ലുപ്തി    നാ.    1. ലോപം, ലോപിക്കൽ; 2. കുറഞ്ഞുപോകൽ

ലുപ്തോപമ    നാ.    ഒരു അലങ്കാരം. ഉപമാനം ഉപമേയം തുടങ്ങിയവയിൽ ഏതെങ്കിലും ഒന്നു ലോപിച്ച ഉപമ

ലുബ്ധ    വി.    ലോഭമുള്ള, പിശുക്കുള്ള

ലുബ്ധകം    നാ.    1. പിൻവശം; 2. പിൻഭാഗം

ലുബ്ധത    നാ.    1. പിശുക്ക്; 2. ലോഭം

ലുബ്ധൻ നാ. 1. പിശുക്കൻ; 2. ലോഭമുള്ളവൻ; 3. വേടൻ

ലുഭിത നാ. 1. കുഴങ്ങിയ; 2. സംഭ്രമിച്ച; 3. ആകർഷിക്കപ്പെട്ട

ലുംബിക നാ. ഒരുതരം വാദ്യം

ലുലാപം നാ. കാട്ടുപോത്ത്

ലുഷഭം നാ. മദയാന

ലുളിത വി. 1. ഇളക്കപ്പെട്ട; 2. തളർന്ന; 3. വിറപൂണ്ട; 4. മർദിതമായ; 5. ചിന്നിച്ചിതറപ്പെട്ട; 6. മനോഹരമായ

ലൂട്ട് [ഹി] നാ. 1. കവർച്ച; 2. കൊള്ള

ലൂത നാ. 1. ചിലന്തി; 2. ഉറുമ്പ്

ലൂതാതന്തു നാ. ചിലന്തിവല

ലൂതാമർക്കടം നാ. ആൾക്കുരങ്ങ്

ലൂതിക നാ. ചിലന്തി

ലൂന വി. 1. ഛേദിക്കപ്പെട്ട; 2. തുളയ്ക്കപ്പെട്ട; 3. നശിപ്പിക്കപ്പെട്ട

ലൂനകം നാ. 1. വ്രണം; 2. മുറിവ്; 3. വർഗം; 4. മൃഗം

ലൂനം നാ. 1. വാൽ; 2. ഛേദിക്കപ്പെട്ടത്

ലൂമം നാ. വാൽ, രോമാവൃതമായ വാൽ

ലൂമവിഷം നാ. വാലിൽ വിഷമുള്ള ജന്തു

ലൂലകം നാ. തവള

ലൂഷണം നാ. 1. വധം; 2. കൊള്ള

ലൂഷിത വി. ലൂഷണം ചെയ്യപ്പെട്ട

ലെക്ചർ [ഇം.] നാ. 1. പ്രഭാഷണം; 2. പ്രസങ്ഗം

ലെക്ചറർ [ഇം.] നാ. 1. പ്രഭാഷകൻ; 2. സർവകലാശാലാധ്യാപകൻ, കോളേജ് അധ്യാപകൻ

ലെയിസോൺകമ്മറ്റി [ഇം.] നാ. ഏകോപിപ്പിക്കുന്ന സമിതി

ലവൽ [ഇം.] നാ. 1. നിരപ്പ്; 2. നിലവാരം

ലെറ്റർ [ഇം.] നാ. 1. ലിപി; 2. അക്ഷരം; 3. കത്ത്

ലേഖ നാ. 1. രേഖ, വര; 2. ചന്ദ്രലേഖ; 3. ലിപി; 4. ചി ം, മുദ്ര; 5. എഴുതി തയ്യാറാക്കിയത്; 6. പടം, ചിത്രം വരച്ചത്; 7. ശിഖ; 8. അരിക്; 9. ഇടതൂർന്ന വൃക്ഷക്കൂട്ടം

ലേഖകൻ നാ. 1. എഴുതിയ ആൾ, എഴുത്തുകാരൻ; 2. പത്രത്തിൽ അച്ചടിക്കാൻ വേണ്ടി വർത്തകളോ ലേഖനങ്ങളോ എഴുതി തയ്യാറാക്കുന്നവൻ; 3. ചിത്രമെഴുതുന്നവൻ

ലേഖകം നാ. 1. എഴുത്ത്; 2. പകർത്തിയെഴുത്ത്

ലേഖൻ നാ. 1. ദേവൻ; 2. അഴുത്തുകാരൻ

ലേഖനം നാ. 1. എഴുത്തു എന്ന പ്രവൃത്തി, രേഖപ്പെടുത്തൽ; 2. എഴുതപ്പെട്ടത്; 3. ലഘുപ്രബന്ധം, പത്രങ്ങളിലും മറ്റും പ്രസിദ്ധപ്പെടുത്താൻ തയാറാക്കിയത്; 4. ചിത്രമെഴുത്ത്; 5. ഭൂർജമരം; 6. കുരുവിക്കരിമ്പ്

ലേഖനാഥൻ നാ. ദേവേന്ദ്രൻ

ലേഖനി നാ. 1. എഴുത്തുപകരണം; 2. പേന; 3. എഴുത്താണി; 4. കരണ്ടി

ലേഖനികൻ നാ. 1. എഴുത്തുകാരൻ; 2. എഴുത്തുകൊണ്ടുപോകുന്നവൻ; 3. മറ്റൊരാളെക്കൊണ്ട് എഴുതിക്കുന്നവൻ

ലേഖം നാ. 1. എഴുത്ത്, ലിപി; 2. എഴുതുക എന്ന പ്രവൃത്തി; 3. എഴുതിതയ്യാറാക്കിയത്, രേഖ; 4. ലേഖനം, ലഘുപ്രബന്ധം; 5. ചിത്രമെഴുത്ത്, വരപ്പ്; 6. ചിത്രം

ലേഖർഷഭൻ നാ. 1. ലേഖന്മാരിൽ പ്രധാനി, ദേവപ്രമുഖൻ; 2. ദേവേന്ദ്രൻ

ലേഖിക നാ. 1. എഴുതുന്നവൾ, എഴുത്തുകാരി

ലേഖിനി നാ. എഴുത്തുകോൽ, പെൻസിൽ, പേന

ലേഖ്യ വി. 1. എഴുതത്തക്കത്; 2. വരയ്ക്കത്തക്കത്

ലേഖ്യപത്രം നാ. 1. എഴുത്തുകടലാസ്; 2. പ്രമാണം; 3. എഴുത്തോല

ലേഖ്യം നാ. 1. രേഖ, കത്ത്, ലേഖനം; 2. ആലേഖ്യം, ചിത്രം; 3. ലേഖം, ലിപി; 4. കൈയെഴുത്ത്; 5. പ്രമാണം; 6. ശിലാരേഖ

ലേഞ്ചി [പോർ] നാ. തലയിൽകെട്ടാനുള്ള ഒരുതരം വസ്ത്രഖണ്ഡം, തൂവാല

ലേഡം നാ. മലം

ലേഡി [ഇം.] നാ. 1. പ്രഭ്വി; 2. മാന്യ സ്ത്രീ

ലേണ്ഡനം നാ. അമേധ്യം, മലം

ലേതം നാ. കണ്ണുനീര്‍

ലേപകന്‍ നാ. 1. പൂശുന്നവന്‍, തേക്കുന്നവന്‍; 2. കുമ്മായപ്പണിക്കാരന്‍

ലേപന വി. 1. പൂശുന്ന, പുരട്ടുന്ന; 2. പൂശാനുള്ള

ലേപനം നാ. 1. പൂശല്‍, പുരട്ടല്‍; 2. പൂശിയ പദാര്‍ഥം, പൂച്ച്

ലേപനി നാ. 1. പൂശാനുള്ള പദാര്‍ഥം; 2. പൂശാനുള്ള ഉപകരണം

ലേപം നാ. 1. പൂശല്‍, പുരട്ടല്‍; 2. (കുമ്മായവും മറ്റും) തേച്ച് പിടിപ്പിക്കല്‍, പൂച്ച്; 3. തേക്കാനുള്ള പദാര്‍ഥം; 4. തേച്ചുപിടിപ്പിച്ച പദാര്‍ഥം; 5. കൈയില്‍പ്പറ്റിയ അന്നം

ലേപി നാ. പൂശുന്നവന്‍

ലേപ്യ വി. 1. ലേപനംചെയ്യത്തക്ക; 2. ലേപനം ചെയ്യേണ്ട

ലേപ്യം നാ. 1. പൂശാനുള്ള പദാര്‍ഥം; 2. പൂശിയത്; 3. ലേപനം; 4. കരുപ്പിടിക്കല്‍

ലേബര്‍ [ഇം.] നാ. 1. അധ്വാനം; 2. ശാരീരികമായ പണി; 3. കൂലിപ്പണി; 4. തൊഴിലാളിസമൂഹം; 5. പ്രസവവേദന; 6. പ്രസവം. ലേബര്‍കോടതി = തൊഴില്‍തര്‍ക്കങ്ങള്‍ പരിശോധിച്ചു തീര്‍പ്പുകല്‍പിക്കാനുള്ള കോടതി

ലേബൽ [ഇം.] നാ. തിരിച്ചറിയാനുള്ള ഉപാധി, അതിനായി കെട്ടിത്തൂക്കുകയോ ഒട്ടിച്ചുവയ്ക്കുകയോ ചെയ്യുന്ന കുറിമാനം (വസ്തുവിൻെറ സ്വഭാവം ഉടമസ്ഥത തുടങ്ങിയവ രേഖപ്പെടുത്തിയിട്ടുള്ളത്)

ലേയ വി. 1. ലയിപ്പിക്കാവുന്ന, ലയിപ്പിക്കേണ്ടുന്ന; 2. ലയിക്കത്തക്ക, ലയിക്കുന്ന

ലേയം നാ. 1. ലയിപ്പിക്കത്തക്കത്; 2. ലയിപ്പിക്കാവുന്നത്; 3. ലയിക്കുന്നത്; 4. (ജ്യോ) ചിങ്ങം രാശി

ലേലം [പോർ] നാ. എന്തെങ്കിലും സ്വന്തമാക്കാൻ ആഗ്രഹിച്ച് ഒന്നിച്ചുകൂടിയ ഒരു സമൂഹത്തിൽ ഓരോരുത്തനും കൂട്ടുന്ന തുക ഒരാൾ വിളിച്ചുപറഞ്ഞ് ഒടുവിൽ ഏറ്റവും കൂടുതൽ പറഞ്ഞതുകയ്ക്കു ഇടപാടു ഉറപ്പിക്കുന്ന സമ്പ്രദായം

ലേലംവിളി നാ. ലേലം നടക്കുമ്പോൾ ഓരോരുത്തനും മുമ്പുള്ള ആൾ പറഞ്ഞതിൽനിന്നു അധികമായി നൽകാൻ തയ്യാറുള്ള തുക വിളിച്ചുപറയൽ

ലേലായ വി. അങ്ങോട്ടുമിങ്ങോട്ടും ആടുന്ന, ചാഞ്ചാടുന്ന

ലേലായമാന നാ. അഗ്നിയുടെ സപ്ത ജിഹ്വകളിലൊന്ന്

ലേലിഹം നാ. പാമ്പ്

ലേലിഹാനൻ നാ. 1. ശിവൻ; 2. പാമ്പ്

ലേശം നാ. 1. അല്പം; 2. ചെറിയ അംശം, ചെറിയ ഭാഗം; 3. അണു; 4. ഒരു അലങ്കാരം; 5. രണ്ടു കല കൂടുന്ന കാലവിഭാഗം

ലേശ്യ നാ. പ്രകാശം

ലേഷ്ട വി. ചെറുതാക്കിയ

ലേഷ്ടു നാ. മൺകട്ട

ലേസ് [ഇം.] നാ. 1. ഉറുമാൽ, കൈലേസ്; 2. ഷൂസും മറ്റും കെട്ടാനുള്ള ചരട്

ലേഹകൻ നാ. 1. നക്കുന്നവൻ; 2. രുചിച്ചുനോക്കുന്നവൻ

ലേഹനം നാ. 1. നക്കൽ; 2. രുചിനോക്കൽ

ലേഹി നാ. 1. നക്കുന്ന; 2. രുചിനോക്കുന്ന

ലേഹ്യ വി. 1. നക്കത്തക്ക; 2. നക്കിത്തിന്നേണ്ട; 3. ആസ്വാദ്യമായ

ലേഹ്യം നാ. 1. നക്കിത്തിന്നാനുള്ള വസ്തു; 2. ഒരുതരം ആയുർവേദ ഔഷധം; 3. ക്ഷഭ്യം; 4. അമൃത്

ലൈങ്ഗം നാ. ലിങ്ഗപുരാണം, പ്രധാനപ്പെട്ട പതിനെട്ടു പുരാണങ്ങളിൽ ഒന്ന്

ലൈങ്ഗിക വി. 1. ലിങ്ഗത്തെ സംബന്ധിച്ച; 2. ഉത്പാദനാവയവങ്ങളെ ആശ്രയിച്ചുള്ള; 3. വിഷയസുഖത്തെ സംബന്ധിച്ച; 4. ചി ം സംബന്ധിച്ച; 5. അനുമാനിക്കപ്പെട്ട. ലൈങ്ഗികരോഗം = ലൈങ്ഗികാവയവങ്ങളെ ബാധിക്കുന്ന രോഗം

ലൈങ്ഗികൻ നാ. വിഗ്രഹമുണ്ടാക്കുന്നവൻ

ലൈൻ [ഇം.] നാ. 1. രേഖ; 2. നിര; 3. സൈന്യത്തിൻെറ നിര

ലൈനോടൈപ്പ് [ഇം.] നാ. ലിനോടൈപ്പ്

ലൈബ്രറി [ഇം.] നാ. ഗ്രന്ഥശാല

ലൈസൻസ് [ഇം.] നാ. അനുവാദപത്രം

ലൈറ്റ് [ഇം.] നാ. 1. വെളിച്ചം; 2. വിളക്ക്

ലൊട്ടുലൊടുക്കുകൾ നാ. നിസ്സാരവസ്തുക്കൾ

ലോകം നാ. 1. പ്രപഞ്ചം, സകല ചരാചരങ്ങളുടെയും വിഹാരരങ്ഗം; 2. പുരാണാദികളിൽ പരാമർശിച്ചിട്ടുള്ള പതിനാലുലോകങ്ങളിൽ ഏതെങ്കിലും ഒന്ന്; 3. ഭൂമിയും അതിനുചുറ്റുമുള്ള ദൃശ്യപ്രപഞ്ചവും; 4. ഭൂമിയും അതിലെ ചരാചരങ്ങളും, ഭൂലോകം; 5. മനുഷ്യരാശി; 6. അവനവൻെറ ചുറ്റുമുള്ള മനുഷസമൂഹം, ജനങ്ങൾ; 7. സമുദായം; 8. നാട്ടുകാർ

ലോകകണ്ടകൻ നാ. ലോകോപദ്രവി

ലോകഗതി നാ. 1. ലോകത്തിൻെറ അവസ്ഥയിൽ വന്നുകൊണ്ടിരിക്കുന്ന പരിണാമം; 2. മനുഷ്യരുടെ അവസ്ഥയിലോ സാഹചര്യങ്ങളിലോ പ്രവർത്തനങ്ങളിലോ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ

ലോകചക്ഷുസ്സ് നാ. സൂര്യൻ

ലോകചരിത്രം നാ. ലോകത്തിൻെറ എല്ലാഭാഗങ്ങളിലുമുള്ള ജനസമൂഹങ്ങൾ, രാജ്യങ്ങൾ രാഷ്ട്രങ്ങൾ എന്നിവയുടെ ചരിത്രം

ലോകജ്ഞൻ നാ. ലോകത്തെ മനസ്സിലാക്കിയിട്ടുള്ളവൻ

ലോകത നാ. ലോകമര്യാദ

ലോകതത്ത്വം നാ. 1. ലോകത്തിൻെറ സത്യാവസ്ഥ, അതിനെക്കുറിച്ചുള്ള അറിവ്; 2. ലോകത്തിൻെറ സ്ഥിതിഗതികൾക്ക് കാരണഭൂതമായ യാഥാർഥ്യം; 3. ലോകത്തുനടക്കുന്ന കാര്യങ്ങളിൽ പ്രതിഫലിച്ച്കാണുന്ന തത്വം

ലോകത്രയം നാ. മൂന്നുലോകങ്ങളും (ഭൂമി, സ്വർഗം പാതാളം എന്നിവ)

ലോകനം നാ. നോട്ടം, നിരീക്ഷണം

ലോകപിതാമഹൻ നാ. ബ്രഹ്മാവ്

ലോകപ്രകൃതി നാ. 1. ലോകത്തിൻെറ സാമാന്യ സ്വഭാവം; 2. മനുഷ്യസാധാരണമായ സ്വഭാവം; 3. സാമാന്യമായ മനുഷ്യാവസ്ഥ

ലോകപ്രവാദം നാ. കിംവദന്തി

ലോകപ്രസിദ്ധം നാ. 1. ലോകത്തിൻെറ എല്ലാഭാഗങ്ങളിലും അറിയപ്പെടുന്നത്; 2. അനേകം ആളുകൾ അറിഞ്ഞത്

ലോകബന്ധു നാ. സൂര്യൻ

ലോകമര്യാദ നാ. നാട്ടുനടപ്പ്

ലോകമാതാവ് നാ. ലോകത്തിനാകെ മാതാവായിട്ടുള്ള ദേവത

ലോകർ നാ. 1. ജനങ്ങൾ (പൊതുവെ); 2. ചുറ്റുമുള്ള ആളുകൾ

ലോകവാർത്ത നാ. 1. ലോകത്തിൻെറ പല ഭാഗങ്ങളെ സംബന്ധിച്ച വാർത്ത; 2. ചുറ്റുമുള്ള ആളുകളെ സംബന്ധിച്ച വാർത്ത, നാട്ടുവർത്തമാനം

ലോകശില്പി നാ. ഈശ്വരൻ

ലോകസഭ നാ. 1. ജനപ്രതിനിധിസഭ; 2. ഇന്ത്യയിലെ പാർലിമെൻറിൻെറ അധോമണ്ഡലം

ലോകസാക്ഷി നാ. 1. ഈശ്വരൻ; 2. സൂര്യൻ

ലോകസാധാരണം വി. 1. ലോകത്തൊട്ടാകെ സാധാരണയായി കാണപ്പെടുന്ന; 2. ലോകർക്കിടയിൽ സാധാരണമായുള്ള

ലോകഹിതം നാ. ലോകർക്കു ഹിതമായിട്ടുള്ളത്

1259

ലോകാചാരം നാ. നാട്ടുനടപ്പ്, ദേശാചാരം

ലോകാതീത വി. ഭൗതികലോകത്തിൻെറ പരിധികൾക്ക് അപ്പുറത്തുള്ള, ദിവ്യമായ

ലോകാന്തം നാ. ലോകത്തിൻെറ അവസാനം, ലോകനാശം

ലോകാന്തരം നാ. 1. മറ്റൊരുലോകം; 2. ഭാവി ജീവിതം

ലോകാപവാദം നാ. ലോകർക്കിടയിലെ അപവാദം, ദുഷ്കീർത്തി

ലോകായതൻ നാ. 1. ഭൗതികലോകത്തെ മാത്രം യഥാർഥമായി കരുതുന്നവൻ; 2. നിരീശ്വരൻ; 3. ചാർവാകൻ. ലോകായദർശനം = 1. ഭൗതികവാദം; 2. നാസ്തികവാദം

ലോകാലോകം നാ. 1. ലോകവും അലോകവും; 2. (പുരാണ) ലോകത്തെ ശൂന്യമായ അലോകത്തിൽനിന്നു വേർതിരിച്ചുകൊണ്ടു സപ്തസമുദ്രങ്ങളെ ചുറ്റിക്കിടക്കുന്നതായി സങ്കൽപിക്കപ്പെടുന്ന പർവതപങ്ക്തി

ലോകിത വി. 1. നിരീക്ഷിക്കപ്പെട്ട; 2. കാണപ്പെട്ട

ലോകേശൻ നാ. ഈശ്വരൻ

ലോകൈകനാഥൻ നാ. 1. ലോകത്തിൻെറ ഏകനാഥൻ; 2. ലോകത്തിനുമുഴുവൻ നാഥനായിട്ടുള്ളവൻ; 3. എല്ലാ ലോകങ്ങൾക്കും നാഥനായിട്ടുള്ളവൻ

ലോകൈകസാക്ഷി നാ. ലോകത്തിനൊട്ടാകെ (ഏക) സാക്ഷിയായിട്ടുള്ളവൻ, സൂര്യൻ

ലോകോക്തി നാ. 1. പഴഞ്ചൊല്ല്; 2. ലോകർ പറയുന്ന വാക്കുകൾ; 3. പൊതുജനാഭിപ്രായം

ലോകോത്തര വി. ലോകത്തുള്ളതിൽവച്ചു ശ്രേഷ്ഠമായ

ലോക്യം, ലോഹ്യം നാ. 1. മര്യാദ, ലോഹ്യം; 2. സൗജന്യം (പ്ര) ലോക്യംപറയുക = 1. ലോകമര്യാദയെക്കരുതി എന്തെങ്കിലും സംസാരിക്കുക; 2. ആശ്വസിപ്പിക്കാനായി മാത്രം എന്തെങ്കിലും പറയുക

ലോചകം നാ. 1. കണ്മിഴി; 2. പുരികം; 3. കണ്ണിലെ ഉണ്ണി; 4. കൺമഷി; 5. നെറ്റിപ്പട്ടം; 6. നീലവസ്ത്രം; 7. വാഴ; 8. വില്ലിൻെറ ഞാൺ; 9. ഒരു ആഭരണം (സ്ത്രീകൾ നെറ്റിയിൽ അണിയുന്നത്); 10. പാമ്പിൻ ചട്ട; 11. ചുളുങ്ങിയ തൊലി

ലോചന വി. 1. പ്രകാശിക്കുന്ന; 2. പ്രകാശിപ്പിക്കുന്ന; 3. കാണത്തക്ക

ലോചനൻ നാ. കണ്ണോടുകൂടിയവൻ (സമാസാന്തമായി പ്രയോഗം. ഉദാഃ പദ്മലോചനൻ = താമരക്കണ്ണൻ)

ലോചനം നാ. 1. കണ്ണ്; 2. കാഴ്ച

ലോചം നാ. കണ്ണുനീർ

ലോടനം നാ. തറയിൽക്കിടന്ന് ഉരുളൽ

ലോട്ട [ഹി.] നാ. ഒരുതരം ചെറിയ പാത്രം, വെള്ളവും മറ്റും കുടിക്കാൻ ഉപയോഗിക്കുന്നത്, ടംബ്ലർ

ലോഠരം നാ. ഒരുതരം പാണ്ഡുരോഗം

ലോഡനം നാ. 1. ശല്യപ്പെടുത്തൽ; 2. കുലുക്കൽ

ലോഡ് [ഇം.] നാ. ഭാരം

ലോൺ [ഇം.] നാ. വായ്പ്പ

ലോണാരം നാ. ഒരിനം ഉപ്പ്

ലോതം നാ. 1. കവർച്ച; 2. കണ്ണീർ; 3. അടയാളം, ചി ം; 4. ഉപ്പ്

ലോത്രം നാ. കവർച്ച

ലോധ്രം നാ. പാച്ചോറ്റി

ലോപ നാ. (പുരാണ) ലോപാമുദ്ര, അഗസ്ത്യമുനിയുടെ ഭാര്യ

ലോപക വി. ലോപിക്കുന്ന

ലോപനം നാ. 1. ലോപിക്കൽ; 2. ലങ്ഘിക്കൽ, ലങ്ഘനം

ലോപം നാ. 1. ഉപേക്ഷ; 2. ലങ്ഘനം; 3. അതിക്രമം; 4. കുറവ്; 5. അഭാവം; 6. തിരോധാനം; 7. വിട്ടുപോകൽ; 8. വിട്ടുകളയൽ; 9. ഭേദിക്കൽ; 10. വ്രണപ്പെടുത്തൽ; 11. നശിപ്പിക്കൽ; 12. കവർച്ച; 13. ലോപസന്ധി

ലോപാജ്ഞനം നാ. ഒരിനം അഞ്ജനം (പുരട്ടുന്നയാൾക്ക് അദൃശ്യത കൈവരുത്തുന്നത്)

ലോപാശം നാ. കുറുനരി

ലോപി വി. 1. ലോപിപ്പിക്കുന്ന, വിട്ടുപോകുന്ന; 2. കുറയുന്ന; 3. ഇല്ലാതാകുന്ന

ലോപിക്കുക ക്രി. 1. തിരോഭവിക്കുക, വിട്ടുപോവുക; 2. കുറയുക; 3. നശിക്കുക, ഇല്ലാതാകുക

ലോപ്ത്രം നാ. കൊള്ളമുതൽ

ലോപ്യ നാ. ലോപിപ്പിക്കാവുന്ന

ലോഭനം നാ. 1. മോഹിപ്പിക്കൽ, പ്രലോഭിപ്പിക്കൽ; 2. സ്വർണം

ലോഭനീയ വി. 1. കൊതിക്കത്തക്ക, കാമ്യമായ; 2. പ്രലോഭിപ്പിക്കുന്ന

ലോഭം നാ. 1. അത്യാഗ്രഹം, കൊതി; 2. പണക്കൊതി; 3. പിശുക്ക്

ലോഭി വി. 1. ലോഭമുള്ള, അത്യാഗ്രഹമുള്ള; 2. മോഹിപ്പിക്കുന്ന

ലോഭിക്കുക ക്രി. 1. കൊതിക്കുക, അമിതമായി ആഗ്രഹിക്കുക; 2. ലുബ്ധിക്കുക

ലോഭിത വി. പ്രലോഭിപ്പിക്കപ്പെട്ട, വശീകരിക്കപ്പെട്ട

ലോഭ്യ വി. ലോഭനീയമായ, കാമ്യമായ

ലോമകി നാ. പക്ഷി

ലോമം		നാ.	1. രോമം; 2. വാൽ

ലോമശ		വി.	ധാരാളം രോമമുള്ള, രോമത്താൽ മൂടപ്പെട്ട

ലോമശൻ		നാ.	1. ശരീരത്തിൽ ധാരാളം രോമമുള്ളവൻ; 2. മുട്ടാട്

ലോമശം		നാ.	1. മുട്ടാട്; 2. കുറുനരി

ലോമശമാർജാരം	നാ.	വെരുക്

ലോമശ്യം		നാ.	1. രോമമയമായ അവസ്ഥ; 2. പരുപരുപ്പ്

ലോമഹർഷം		നാ.	രോമഹർഷം, രോമാഞ്ചം

ലോല		വി.	1. ഇളകുന്ന, ചലിച്ചുകൊണ്ടിരിക്കുന്ന, ചാഞ്ചാടുന്ന, ചുറ്റിക്കറങ്ങുന്ന; 2. ചപലമായ, അസ്ഥിരമായ, മാറിക്കൊണ്ടിരിക്കുന്ന; 3. അഭിലാഷമുള്ള; 4. ആകാംക്ഷയോടുകൂടിയ, പ്രത്യാശിച്ചുകൊണ്ടിരിക്കുന്ന

ലോലകണ്ഠം		അവ്യ. തൊണ്ടയിടറിക്കൊണ്ട്

ലോലക്കം		നാ.	ഇളക്കം, ചാഞ്ചാട്ടം

ലോലജിഹ്വ		വി.	1. കൊതിയുള്ള; 2. അത്യാഗ്രഹമുള്ള

ലോലത		നാ.	ലോലമായ അവസ്ഥ

ലോലത്ത്		വി.	ചാഞ്ചാടുന്ന

ലോലംബം		നാ.	1. വണ്ട് (പ്ര) ലോലംബമാല = 1. വണ്ടിൻ കൂട്ടം; 2. വലിയ തേനീച്ച

ലോലാക്ഷി നാ. ഇളകിക്കൊണ്ടിരിക്കുന്ന കണ്ണുകളോടുകൂടിയവൾ, സുന്ദരി

ലോലാപാങ്ഗ വി. ഇളകുന്ന കടക്കണ്ണുകളോടുകൂടിയ

ലോലായമാന വി. ഡോളായമാന, ഇളകിക്കൊണ്ടിരിക്കുന്ന

ലോലാലോല വി. നിരന്തരം ഇളകിക്കൊണ്ടിരിക്കുന്ന

ലോലിത വി. 1. അങ്ങോട്ടുമിങ്ങോട്ടും ചലിക്കുന്ന; 2. ഇളകുന്ന, ഇളക്കപ്പെട്ട; 3. അസ്വസ്ഥമായ; 4. വിറയ്ക്കുന്ന

ലോലുപ വി. തീവ്രമായ ആഗ്രഹമുള്ള, കൊതിക്കുന്ന, അഭിനിവേശമുള്ള

ലോലുഭ വി. അനല്പമായ ലോഭമുള്ള

ലോലേക്ഷണ നാ. ചഞ്ചലനയന, സുന്ദരി

ലോഷൻ [ഇം.] നാ. കഴുകാൻ ഉപയോഗിക്കുന്ന തൈലം

ലോഷ്ടകം നാ. അടയാളമായി വർത്തിക്കുന്ന വസ്തു

ലോഷ്ടം നാ. 1. മൺകട്ട; 2. അടയാളമായി വർത്തിക്കുന്ന വസ്തു; 3. ഇരുമ്പിലെ തുരുമ്പ്

ലോഷ്ടു നാ. മൺകട്ട

ലോഹ വി. 1. ചെമന്ന; 2. ലോഹനിർമിതമായ

ലോഹകാരൻ നാ. 1. കൊല്ലൻ; 2. കരുവാൻ

ലോഹകിട്ടം നാ. ഇരുമ്പിൻെറ കിട്ടം, തുരുമ്പ്

ലോഹചൂർണം നാ. ഇരുമ്പിലെ തുരുമ്പ്

ലോഹദ്രാവി നാ. ലോഹത്തെ ദ്രവിപ്പിക്കുന്നത്, പൊൻകാരം

ലോഹപ്രതിമ നാ. 1. ലോഹത്തിൽ നിർമിച്ച പ്രതിമ; 2. കല്ല്

ലോഹം നാ. 1. മൂലകങ്ങളിൽ ഒരുവിഭാഗം, മൂലകപദാർഥങ്ങളെ ഗുണത്തെ ആസ്പദമാക്കി രണ്ടായി വിഭജിച്ചിട്ടുള്ളതിൽ ഒരു വിഭാഗം (മറ്റത് അലോഹം); 2. ചെമന്ന പദാർഥം, ചെമ്പ്; 3. ഇരുമ്പ്; 4. സ്വർണം; 5. ആയുധം; 6. ചൂണ്ട; 7. രക്തം; 8. ചെമന്ന നിറമുള്ള ആട്; 9. ഒരിനം പക്ഷി; 10. ഇരുമ്പുകൊണ്ടു നിർമിച്ച വസ്തു; 11. ഒരു ജനത

ലോഹമയ വി. ലോഹത്താൽ നിറഞ്ഞ, ലോഹംകൊണ്ടുള്ള

ലോഹല വി. 1. ലോഹംകൊണ്ടുണ്ടാക്കിയ; 2. അസ്പഷ്ടമായി പറയുന്ന, കൊത്തയുള്ള

ലോഹിക നാ. ഇരുമ്പുപാത്രം

ലോഹിത1 വി. 1. ചെമന്ന, രക്തവർണമായ; 2. ചെമ്പുകൊണ്ടുണ്ടാക്കിയ

ലോഹിത2 നാ. 1. അഗ്നിയുടെ ഏഴു ജിഹ്വകളിൽ (ഏഴുതരം നാളങ്ങളിൽ) ഒന്ന്; 2. ചെമന്ന തഴുതാമ; 3. പന്നിക്കിഴങ്ങ്

ലോഹിതകൻ നാ. കുജഗ്രഹം

ലോഹിതകം നാ. 1. ചെമപ്പുനിറം; 2. പത്മരാഗം; 3. മാണിക്യം; 4. പിച്ചള; 5. ചെന്നെല്ല്; 6. ചൊവ്വാഗ്രഹം

ലോഹിതകൃഷ്ണ വി. ചെമപ്പ് കലർന്ന കറുത്ത നിറമുള്ള

ലോഹിതക്ഷയം നാ. രക്തക്കുറവ്

ലോഹിതചന്ദനം നാ. രക്തചന്ദനം

ലോഹിതൻ നാ. കുജൻ, ചൊവ്വ

ലോഹിതം നാ. 1. ചെമപ്പുനിറം, കടും ചെമപ്പ്, രക്തവർണം; 2. ചോര; 3. രക്തചന്ദനം; 4. ചെമ്പ്; 5. ഹരിചന്ദനം; 6. ഒരിനം കുങ്കുമം; 7. ചെന്നെല്ല്; 8. ചെമന്ന പയർ; 9. ചെങ്കവരിമാൻ; 10. ചെമന്ന കരിമ്പ്; 11. കമ്പിപ്പാല; 12. പത്തങ്ങം; 13. കറുത്തചണം; 14. ചൊവ്വാഗ്രഹം; 15. ബ്രഹ്മപുത്രാ നദി; 16. (പുരാണ) ഒരു നാഗം

ലോഹിതാങ്ഗൻ നാ. 1. ചെമന്ന ശരീരമുള്ളവൻ; 2. കുജൻ

ലോഹിതാശ്വൻ നാ. 1. അഗ്നി; 2. ശിവൻ

ലോഹിതിക നാ. 1. രക്തധമനി; 2. ബ്രഹ്മപുത്രാനദി

ലോഹിത്യം നാ. 1. ചെമപ്പ്; 2. ചെന്നെല്ല്

ലോഹിനി നാ. 1. ഇരുമ്പുപാത്രം; 2. ഇരുമ്പിൽ നിർമിച്ച വസ്തു; 3. കലം, പാത്രം; 4. ഒരു രക്തധമനി, ലോഹിതിക

ലോഹ്യം നാ. ലോക്യം

ലോളിത വി. 1. അങ്ങോട്ടുമിങ്ങോട്ടും ആട്ടിയ, ചാഞ്ചാടിച്ച; 2. ചലിപ്പിച്ച; 3. ചഞ്ചലമായ; 4. അസ്വസ്ഥമായ; 5. വിറയ്ക്കുന്ന

ലോറി [ഇം.] നാ. ഭാരം കയറ്റിക്കൊണ്ടുപോകാനുള്ള മോട്ടോർ വണ്ടി

ലൗകായതികൻ നാ. 1. ഭൗതികവാദി; 2. ചർവാകൻ; 3. നിരീശ്വരവാദി

ലൗകിക വി. 1. ലോകത്തെ സംബന്ധിച്ച; 2. ഇഹലോകസംബന്ധമായ, ഭൗതികമായ; 3. സർവസാധാരണമായ

ലൗകികന്യായം നാ. 1. സാമാന്യതത്ത്വം; 2. ചൊല്ല്

ലൗകികം നാ. 1. ലോകമര്യാദ; 2. ഔപചാരികമായി പറയുന്നത്; 3. നേരംപോക്കിനായി പറയുന്നത്, നർമസംഭാഷണം

ലൗല്യം നാ. ലോലത, ലോലമായ അവസ്ഥ

ലൗഹ വി. 1. ലോഹത്തെ സംബന്ധിച്ച; 2. ലോഹനിർമിതമായ; 3. ചെമന്ന

ലൗഹജം നാ. ഇരുമ്പിലെ തുരുമ്പ്

ലൗഹം നാ. 1. ലോഹം; 2. ഇരുമ്പ്

ലൗഹശാസ്ത്രം നാ. ലോഹങ്ങളെ പഠനവിഷയമാക്കുന്ന ശാസ്ത്രം

ലൗഹസാരം നാ. ഇരുമ്പിന്റെ ലവണം, ഇരുമ്പടങ്ങിയ ലവണം

ലൗഹായസ വി. 1. ലോഹംകൊണ്ടു നിർമിച്ച; 2. ചെമ്പിൽനിർമിച്ച

ലൗഹിതം നാ. ശിവന്റെ ത്രിശൂലം

ലൗഹിതിക വി. 1. ചെമപ്പുകലർന്ന നിറമുള്ള; 2. രക്തച്ഛവിയുള്ള

ലൗഹിതികം നാ. ശിലയുടെ തരി, പരൽ രൂപത്തിലുള്ള ശില

ലൗഹിത്യം നാ. ചെമപ്പുനിറം

ലൗഹേയി നാ. (പുരാണ) ഒരു അപ്സരസ്സ്

1261

വ

വ [വ്-അ] വ്യഞ്ജനങ്ങളിൽ ഇരുപത്തൊമ്പതാമത്തേത്. മധ്യമങ്ങളിൽ ഒന്ന്

വക1 നാ. 1. (ഒരു വ്യക്തിക്കോ വസ്തുവിനോ സ്ഥാപനത്തിനോ) ഉടമപ്പെട്ടത്, സ്വന്തമായുള്ളത്; 2. ബന്ധപ്പെട്ടത്, ബന്ധപ്പെട്ടയാൾ, വർഗത്തിലോ വംശത്തിലോപെട്ടയാൾ; 3. വസ്തു, സമ്പത്ത്; 4. ജാതി, വിഭാഗം (പ്ര) വകകൊള്ളിക്കുക = 1. ഒരു ഇനത്തിൽ ചേർക്കുക, ഉൾക്കൊള്ളിക്കുക; 2. കണക്കിൽകൊള്ളിക്കുക, കണക്കിൽ ചേർക്കുക; 3. തുക മാറ്റിവയ്ക്കുക. വകവരുത്തുക = കൊല്ലുക. വകയിരുത്തുക = ധനമോ മറ്റുവിഭവങ്ങളോ വേറേ വേറേ ആവശ്യങ്ങൾക്കായി വിഭജിക്കുക. വകവയ്ക്കുക = 1. വകകൊള്ളിക്കുക; 2. ശ്രദ്ധിക്കുക, പരിഗണിക്കുക; 3. ആദരിക്കുക. വകയാക്കുക = 1. സമ്പാദിക്കുക; 2. ഈടാക്കുക. വകതിരിക്കുക = പലഇനങ്ങളായോ വിഭാഗങ്ങളായോ വേർതിരിക്കുക

വക2 [വകയുക] ധാതുരൂപം

വകക്കാരൻ നാ. 1. ബന്ധു, കുടുംബത്തിൽപ്പെട്ടവൻ; 2. ജാതിയിലോ വംശത്തിലോ വർഗത്തിലോപെട്ടവൻ; 3. സമ്പത്തുള്ളവൻ; 4. പങ്കാളി

വകച്ചൽ നാ. വകയുക

വകതിരിവ് നാ. 1. വിവേചിച്ച് അറിയാനുള്ള ശേഷി, വിവേകം; 2. മര്യാദ; 3. തരംതിരിക്കൽ

വകപ്പടി അവ്യ. ഇനവും തരവും അനുസരിച്ച്

വകഭേദം നാ. 1. ഒരു ജാതിയിലോ വർഗത്തിലോപെട്ട വസ്തുക്കൾക്കിടയിൽ സ്വഭാവത്തിലോ ഇനത്തിലോ ഉള്ള വ്യത്യാസം; 2. ഒരു സമൂഹത്തിലെ അവാന്തര വിഭാഗം

വകമാറ്റം നാ. 1. ഒരിനത്തിൽനിന്നു മറ്റൊന്നിലേക്കുള്ള മാറ്റം; 2. ഒന്നിലധികം വസ്തുക്കൾക്കിടയിൽ അങ്ങോട്ടുമിങ്ങോട്ടും മാറ്റിവയ്ക്കൽ

വകയിക്കുക ക്രി. വകയുക എന്ന ജോലിചെയ്യിക്കുക

വകയുക ക്രി. 1. നിരയായി വേർതിരിക്കുക; 2. തലമുടി ഇരുവശത്തേക്കും ഒറ്റുക്കിച്ചീകുക; 3. മണ്ണിളക്കി വൃക്ഷങ്ങൾക്കു തടമുണ്ടാക്കുക; 4. പങ്കിടുക

വകയോല നാ. ഭൂമിയുടെ കൈവശക്കാർക്കുകൊടുക്കുന്ന പ്രമാണം

വകിരുക ക്രി. 1. തലമുടി വകഞ്ഞൊതുക്കുക; 2. തലമുടിയുടെ ചിക്കൽ മാറ്റുക; 3. പങ്കിടുക

വകിർക്കുക ക്രി. വകിരുക

വകു [വകുക്കുക] ധാതുരൂപം

വകുക്കുക ക്രി. 1. പകുക്കുക; 2. തരം തിരിക്കുക; 3. പങ്കിടുക

വകുപ്പ് നാ. 1. പകുക്കൽ; 2. വിഭാഗം; 3. ഒരു സ്ഥാപനത്തിൻെറ പ്രവർത്തനമേഖലയിൽ ഒന്ന്, ഡിപ്പാർട്ടുമെൻറ്; 4. ഒരു നിയമത്തിലെ ഓരോ പ്രത്യേകവ്യവസ്ഥയും ഉൾക്കൊള്ളുന്ന വിഭാഗം; 5. പിരിവ്; 6. ഖണ്ഡിക്കുക, ഖണ്ഡം; 7. പങ്ക്

വകേരുക നാ. വെള്ളിൽപ്പക്ഷി

വക്ക നാ. ആനയ്യെക്കൊണ്ട് തടിപിടിപ്പിക്കുന്നതിന് ഉപയോഗിക്കുന്ന കയർ, വടം. വക്കത്തുള = വക്കകെട്ടാനായി തടിയിൽ ഉണ്ടാക്കുന്ന് അ തുള. വക്കയിടുക = തടിയിൽ വക്കകോർത്തുകെട്ടുക

വക്കകെട്ടുക ക്രി. ചൂതുകളിയിലും മറ്റും പന്തയത്തുക മധ്യസ്ഥനെ മുൻകൂർ ഏൽപ്പിക്കുക

വക്കണം നാ. 1. പരിഷ്കാരം; 2. അനാദരം; 3. വങ്കണം

വക്കൽ നാ. തീയിൽ വാട്ടൽ, ഉണക്കൽ

വക്കാണം നാ. 1. വഴക്ക്, ശണ്ഠ, വാഗ്വാദം; 2. വ്യവഹാരം

വക്കാണി നാ. കന്നുകാലികളെകെട്ടുന്ന കയറിൻെറ അറ്റത്തിടുന്ന മരയാണി

വക്കാണിക്കുക ക്രി. 1. വ്യാഖ്യാനിക്കുക; 2. കലഹിക്കുക

വക്കാലത്ത് [അറ] നാ. 1. മറ്റൊരാളുടെ പ്രതിനിധിയായി വ്യവഹാരം നടത്താനുള്ള അധികാരം, അതിനായി ചുമതലപ്പെടുത്തൽ; 2. മറ്റൊരാൾക്കുവേണ്ടി വാദിക്കൽ, മറ്റൊരാളുടെ പക്ഷം പിടിക്കൽ

വക്കീൽ [അറ] നാ. 1. കോടതിയിൽ മറ്റുള്ളവരുടെ പ്രതിനിധിഎന്ന നിലയിൽ ഹാജരാകുകയും വ്യവഹാരം നടത്തുകയും ചെയ്യുന്ന ആൾ; 2. അതിന് ഔദ്യോഗികമായി നിശ്ചയിച്ചിട്ടുള്ള യോഗ്യതയും ആങ്ഗീകാരവും ഉള്ള ആൾ

വക്കീൽനാമ [അറ] നാ. വക്കാലത്ത്, മുക്ത്യാർ

വക്കീൽമര്യാദ നാ. വക്കീലിനു നൽകുന്ന പ്രതിഫലം

വക്ക് നാ. 1. അരിക്, വിളുമ്പ്; 2. ചണം

വക്കുക ക്രി. 1. തീയിൽ വാട്ടുക; 2. ഉണക്കുക

വക്തവ്യ നാ. 1. പറയത്തക്ക, പറയേണ്ടതായ; 2. ശാസിക്കാവുന്ന, നിന്ദിക്കാവുന്ന; 3. വിധേയത്വമുള്ള

വക്തവ്യത നാ. 1. പറയത്തക്കതായ അവസ്ഥ; 2. പറയപ്പെടാവുന്ന സ്ഥിതി; 3. ശാസിക്കാവുന്ന അവസ്ഥ; 4. നിന്ദിക്കത്തക്കസ്ഥിതി; 5. അധീനത

വക്തവ്യം നാ. 1. പറയത്തക്കത്; 2. പറച്ചിൽ; 3. വചനം, വാക്ക്; 4. കുറ്റപ്പെടുത്തൽ; 5. പ്രമാണം

വക്താവ് നാ. 1. പറയുന്നവൻ; 2. പ്രസങ്ഗംചെയ്യുന്നവൻ, പ്രഭാഷകൻ; 3. മറ്റൊരാൾക്കുവേണ്ടി വാദിക്കുകയോ സംസാരിക്കുകയോ ചെയ്യുന്നവൻ; 4. പ്രഭാഷണ ചതുരൻ

വക്ത്രചക്ഷു നാ. തത്ത, കിളി

വക്ത്രജൻ നാ. ബ്രഹ്മാവിൻെറ മുഖത്തുനിന്നു ജനിച്ചവൻ, ബ്രാഹ്മണൻ

വക്ത്രപടം നാ. മൂടുപടം

വക്ത്രം നാ. 1. വായ്; 2. മുഖം; 3. ആരംഭം; 4. ഒരു വൃത്തം; 4. അമ്പിൻെറ മുന

വക്ര വി. 1. വളഞ്ഞ, വളവുള്ള; 2. ചുരുണ്ട; 3. കാപട്യമുള്ള

വക്രഗതി വി. 1. വളഞ്ഞുപുളഞ്ഞുപോകുന്ന; 2. കാപട്യമുള്ള. നാ. 1. വളഞ്ഞുപുളഞ്ഞുള്ള പോക്ക്; 2. വളവ്; 3. സത്യസന്ധമല്ലാത്ത പെരുമാറ്റം; 4. ദുർനടത്ത; 5. ഗ്രഹങ്ങളുടെ ചുറ്റിക്കറങ്ങിയുള്ള ഗമനം

വക്രഗം നാ. പാമ്പ്

വക്രഗ്രീവം നാ. ഒട്ടകം

വക്രത നാ. 1. വളഞ്ഞ അവസ്ഥ, വളവ്; 2. കുടിലത, നേരില്ലായ്മ

വക്രതുണ്ഡൻ നാ. ഗണപതി

വക്രദന്തൻ നാ. യമൻ

വക്രദംഷ്ട്രം നാ. പന്നി

വക്രദൃഷ്ടി വി. 1. കോങ്കണ്ണുള്ള; 2. ചരിഞ്ഞു നോക്കുന്ന; 3. സംശയത്തോടെ നോക്കുന്ന. നാ. 1. കോങ്കണ്ണുള്ളവൻ; 2. സംശയാലു; 3. അസൂയാലു; 4. കള്ളനോട്ടം

വക്രനാസികം നാ. മൂങ്ങ

വക്രപുച്ഛം നാ. നായ്

വക്രപുഷ്പം നാ. പ്ലാശ്

വക്രം നാ. 1. വളവ്; 2. വളഞ്ഞത്; 3. വളഞ്ഞരേഖ; 4. നദിയുടെ വളവ്; 5. (ജ്യോ) ഗ്രഹത്തിൻെറ വക്രഗതി

വക്രവാലധി നാ. നായ്

വക്രാഗ്രം നാ. 1. വാൾ; 2. നഖം

വക്രാങ്ഗം നാ. 1. ഒരിനം അരയന്നം; 2. ഒരിനം സർപ്പം; 3. ചക്രവാകം

വക്രാപാങ്ഗി നാ. വളഞ്ഞ കടക്കണ്ണുള്ളവൾ, കടക്കണ്ണുകൊണ്ടു നോക്കുന്നവൾ, സുന്ദരി

വക്രാസി നാ. വളഞ്ഞവാൾ, കൃപാണം

വക്രിക്കുക ക്രി. 1. വളയുക; 2. വക്രഗതിയാവുക; 3. നേരായ മാർഗം വെടിഞ്ഞു യാത്രചെയ്യുക; 4. പിന്തിരിയുക

വക്രിത വി. വക്രമാക്കപ്പെട്ട, വളയ്ക്കപ്പെട്ട, വളഞ്ഞ

വക്രിമാവ് നാ. 1. വളവ്; 2. കാപട്യം; 3. കപടഭാഷണം

വക്രീഭാവം നാ. വക്രമായിത്തീരൽ, വളയൽ

വക്രോക്തി നാ. 1. വളച്ചുകെട്ടിപ്പറയൽ; 2. ഒരു അർഥാലങ്കാരം

വക്ഷസ്ഥലം നാ. മാറിടം

വക്ഷോജം നാ. മുല, വക്ഷോരുഹം

വക്ഷ്യമാണ വി. 1. പറയപ്പെടാനിരിക്കുന്ന; 2. അന്യത പറയാൻ പോകുന്ന

വഗ്നു നാ. 1. വാചാലൻ; 2. ശബ്ദം; 3. മൃഗങ്ങളുടെ നിലവിളി

വങ്കത്തം നാ. 1. വങ്കൻെറ ഭാവം, വിഢിയുടെ അവസ്ഥ; 2. വിഢിയുടെ പ്രവൃത്തി

വങ്കം നാ. നദിയുടെ വളവ്

വങ്കി1 നാ. 1. കഠാര; 2. കൈവള

വങ്കി2 നാ. ബാങ്ക്

വങ്കിലം നാ. മുള്ള്

വങ്ക് നാ. 1. മാളം; 2. പുനം; 3. തടികൊണ്ടുണ്ടാക്കിയ ഒരുതരം ഇരിപ്പിടം; 4. കഴുതപ്പുലി

വങ്കുറ്റി നാ. 1. വലിയ കുറ്റി; 2. കൊടുത്തു തീർക്കാത്ത വലിയ കടം

വങ്ഗ വി. വങ്ഗദേശത്തുള്ള, വങ്ഗത്തെ സംബന്ധിച്ച (പൂർവ ഭാരതീയരുടെ ഉച്ചാരണത്തിൽ ബങ്ഗ)

വങ്ഗജീവനം നാ. വെള്ളി

വങ്ഗം1 നാ. ബങ്ഗാൾ

വങ്ഗം2 നാ. 1. ഈയം (കറുത്തീയമോ വെളുത്തീയമോ); 2. കുരുപ്പരുത്തി; 3. തക്കാരി വഴുതിന; 4. കുയിൽ

വങ്ങുക ക്രി. കുറ്റിക്കാടുതെളിക്കുക

വച നാ. 1. വയമ്പ്; 2. തത്ത

വചൻ നാ. സൂര്യൻ

വചനകരൻ നാ. പറയുന്നപോലെ ചെയ്യുന്നവൻ, അനുസരിക്കുന്നവൻ

വചനകൗശലം നാ. വാക്സാമർഥ്യം, വാഗ്വിലാസം

വചനനാഥ നാ. വാഗ്ദേവി, സരസ്വതി

വചനം നാ. 1. വാക്ക്; 2. വാക്യം, ഉപവാക്യം; 3. (വ്യാക) നാമം കുറിക്കുന്നത് ഒന്നിനെയോ ഒന്നിലധികമെണ്ണത്തെയോ എന്നത്; 4. വചിക്കൽ, പറച്ചിൽ; 5. ആവർത്തിച്ചു ചൊല്ലൽ; 6. പാഠം; 7. ഉച്ചാരണം; 8. ചുക്ക്

വചനിക്കുക ക്രി. 1. പറയുക; 2. ഉപദേശിക്കുക

വചനീയ വി. 1. പറയത്തക്ക; 2. പറയേണ്ട; 3. കുറ്റപ്പെടുത്താവുന്ന

വചനീയം നാ. 1. കുറ്റം; 2. ശകാരം

വചം നാ. 1. വചനം; 2. സംഭാഷണം; 3. വയമ്പ്

വചരൻ നാ. താണനിലയിലുള്ളവൻ

വചരം നാ. പൂവൻകോഴി

വചസാംപതി നാ. വ്യാഴൻ, ബൃഹസ്പതി

വചസ്സ് നാ. 1. വാക്ക്; 2. സംസാരം, ഭാഷണം; 3. ആജ്ഞ; 4. ഉപദേശവാക്യം; 5. സ്തോത്രം; 6. വയമ്പ്

വചിക്കുക ക്രി. സംസാരിക്കുക

വചോഗുണം നാ. വാക്കിന്‍െറ ഗുണം (മാധുര്യം, അക്ഷരവ്യക്തത, പദസ്ഫുടത, സുസ്വരം, സ്ഥൈര്യം, ലഘുത എന്നിവ)

വചോഗുപ്തി നാ. വാക്കുകളെ മറയ്ക്കല്‍

വചോഗ്രഹം നാ. ചെവി (ഭാഷണം ഗ്രഹിക്കുന്നത്)

വചോമാധുര്യം നാ. വാക്കിന്‍െറ മാധുര്യം

വച്ചരശ് നാ. ചതുരങ്ഗം കളിയിലെ ഒരുതരം അരശ് (തേരുകൊണ്ടുള്ളത്)

വച്ചുപൂട്ടുകാരന്‍ നാ. സൂക്ഷിപ്പുകാരന്‍

വച്ചൂറ്റി നാ. കുപ്പികളിലേക്കും മറ്റും ദ്രാവകം ഒഴിക്കാനുള്ള ഒരു ഉപകരണം, ചോര്‍പ്പ്

വജ്ര വി. 1. കടുപ്പമുള്ള, ഉറപ്പുള്ള; 2. മുള്ളുള്ള; 3. പൗരുഷമുള്ള

വജ്രകണ്ടകം നാ. 1. ചതുരക്കള്ളി; 2. വയല്‍ച്ചുള്ളി; 3. ഒരു നരകം

വജ്രകന്ദം നാ. വലിയ ചേന

വജ്രകരന്‍ നാ. 'വജ്രായുധമെടുത്തവന്‍', ഇന്ദ്രന്‍

വജ്രകീലം നാ. ഇടിവാള്‍

| | | |
|---|---|---|
| വജ്രാക്ഷരം | നാ. | നവസാരം |
| വജ്രഗോപം | നാ. | ഇന്ദ്രഗോപം |
| വജ്രചഞ്ചു | നാ. | കഴുകൻ |
| വജ്രചർമം | നാ. | വാൾമാൻ, കാണ്ടാമൃഗം |
| വജ്രജിത്ത് | നാ. | ഗരുഡൻ |
| വജ്രജൂബിലി | നാ. | അറുപതുവർഷം തികയുമ്പോൾ നടത്തുന്ന ആഘോഷം |
| വജ്രജ്വലനം | നാ. | മിന്നൽ |
| വജ്രജ്വാല | നാ. | മിന്നൽ |
| വജ്രതുണ്ഡൻ | നാ. | 1. ഗരുഡൻ, കഴുകൻ; 2. ഗണപതി |
| വജ്രതുണ്ഡം | നാ. | ചതുരക്കള്ളി, കഴുകൻ |
| വജ്രതുല്യം | നാ. | ഒരു രത്നം |
| വജ്രദക്ഷിണൻ | നാ. | (പുരാണ) ഇന്ദ്രൻ |
| വജ്രദന്തം | നാ. | 1. പന്നി; 2. എലി |
| വജ്രദന്തി | നാ. | ചേമുള്ളി (മുൾക്കുറുഞ്ഞി) |
| വജ്രദംഷ്ട്രം | നാ. | ഒരു നരകം, ഒരു കീടം |
| വജ്രധരം | നാ. | മൂങ്ങ |
| വജ്രനാഭം | നാ. | (പുരാണ) ശ്രീകൃഷ്ണൻെറ ചക്രം |

വജ്രനിർഘോഷം	നാ.	ഇടിനാദം

വജ്രപാണി	നാ.	1. ഇന്ദ്രൻ; 2. മൂങ്ങ

1263

വജ്രപാതം	നാ.	ഇടിവീഴ്ച

വജ്രപുഷ്പ	നാ.	ശതകുപ്പ, ഒരു അങ്ങാടി മരുന്ന്

വജ്രപ്പശ	നാ.	ഒരുതരം പശ

വജ്രഭൃത്ത്	നാ.	(പുരാണ) ഇന്ദ്രൻ

വജ്രം	നാ.	1. അമൂല്യവും അസാമാന്യമായ തിളക്കവുമുള്ളതായ ഒരുതരം കല്ല്, വൈരം; 2. ഇന്ദ്രൻെറ ആയുധം; 3. ഇടിവാൾ; 4. വാൾ; 5. (ജ്യോ) ഒരു യോഗം; 6. നെല്ലിക്ക; 7. എള്ളിൻപൂവ്; 8. ഇരുവേലി; 9. വെളുത്തദർഭ; 10. വയൽച്ചുള്ളി; 11. ചതുരക്കള്ളി; 12. ഉരുക്ക്; 13. ഒരുതരം അഭ്രം; 14. ഒരുതരം തൂണ്; 15. കാടി

വജ്രമണി	നാ.	1. വൈരം; 2. വജ്രം

വജ്രമയ	വി.	1. അതികഠിനമായ; 2. കഠിനഹൃദയനായ

വജ്രമുഷ്ടി	നാ.	വജ്രംകൊണ്ട് ഉണ്ടാക്കിയ പിടി

വജ്രലോഹകം	നാ.	കാന്തം

വജ്രവ്യൂഹം	നാ.	ഒരു സൈന്യവ്യൂഹം

വജ്രശല്യം	നാ.	മുള്ളൻപന്നി

വജ്രസാര	നാ.	വജ്രത്തെപ്പോലെ കടുപ്പമുള്ള, ഇടിവാൾപോലെ

ശക്തിയുള്ള

വജ്രസൂചി	നാ.	വൈരം അഗ്രത്തിൽ ഘടിപ്പിച്ച സൂചി

വജ്രഹാരം	നാ.	വജ്രം പതിപ്പിച്ച മാല

വജ്രഹൃദയം	നാ.	കഠിനഹൃദയം

വജ്രാകരം	നാ.	വജ്രഖനി

വജ്രാഘാതം	നാ.	1. മിന്നൽ, ഇടിവീഴ്ച; 2. പെട്ടെന്നുള്ള ആപത്ത്

വജ്രാങ്ഗം	നാ.	1. പാമ്പ്; 2. ചതുരക്കള്ളി

വജ്രായസം	നാ.	ഉരുക്ക്

വജ്രാവർത്തം	നാ.	1. ശ്രീരാമൻെറ വില്ല്; 2. ഒരു മേഘം

വജ്രി	നാ.	1. ഇന്ദ്രൻ (വജ്രായുധം ധരിച്ചവൻ); 2. ഊമൻ; 3.

ബുദ്ധസന്ന്യാസി

വഞ്ചക	വി.	1. വഞ്ചിക്കുന്ന; 2. കാപട്യമുള്ള

വഞ്ചകൻ	നാ.	1. ചതിയൻ; 2. കുറുക്കൻ; 3. വീട്ടിൽ വളർത്തുന്ന

കീരി

വഞ്ചകം	നാ.	1. കുറുക്കൻ; 2. കീരി; 3. വെരുക്; 4. ചതി

വഞ്ചതി	നാ.	അഗ്നി

വഞ്ചഥൻ	നാ.	1. ചതിയൻ; 2. കുയിൽ

വഞ്ചഥം നാ. 1. ചതി; 2. കുയിൽ

വഞ്ചനം നാ. 1. ചതി, ചതിക്കൽ; 2. കബളിപ്പിക്കൽ; 3. വിശ്വാസം ലങ്ഘിക്കൽ; 4. ചതിച്ചു തട്ടിയെടുക്കൽ; 5. മിഥ്യാധാരണ; 6. നഷ്ടം

വഞ്ചനി നാ. 1. സ്ത്രീ; 2. മായ

വഞ്ചി നാ. 1. വലിയ വള്ളം; 2. പഴയ തിരുവിതാങ്കൂർ രാജ്യം; 3. പ്രാചീന ചേരരാജാക്കന്മാരുടെ രാജധാനി, തിരുവഞ്ചിക്കുളം, കൊടുങ്ങല്ലൂർ; 4. ഒരു കാട്ടുമരം; 5. വഞ്ചിപ്പെട്ടി, പണം കരുതിവയ്ക്കാനുള്ള പെട്ടി; 6. മുള; 7. വംശി

വഞ്ചിക1 നാ. ദ്രവ്യം ശേഖരിച്ചുവയ്ക്കാനുള്ള വലിയപാത്രം, പെട്ടി, ഖജനാപ്പെട്ടി

വഞ്ചിക2 നാ. വഞ്ചകി

വഞ്ചിക്കുക ക്രി. 1. ചതിക്കുക, വിശ്വാസവഞ്ചന ചെയ്യുക; 2. കപടമാർഗത്തിലൂടെ കരസ്ഥമാക്കുക

വഞ്ചിത വി. വഞ്ചിക്കപ്പെട്ട

വഞ്ചിനാഗം നാ. ഒരുതരം പച്ചപ്പാമ്പ്

വഞ്ചിനാട് നാ. പഴയ തിരുവിതാങ്കൂർ, വഞ്ചിരാജ്യം

വഞ്ചിപ്പാട്ട് നാ. 1. വള്ളപ്പാട്ട്, വള്ളം തുഴയുന്നവർ പാടുന്നത്; 2. വഞ്ചിപ്പാട്ടിൻെറ ഈണം; 3. വഞ്ചിപ്പാട്ടിൻെറ വൃത്തം

വഞ്ചിഭൂപൻ നാ. തിരുവിതാങ്കൂർ രാജാവ്

വഞ്ചിഭൂമി നാ. തിരുവിതാങ്കൂർ, വഞ്ചിരാജ്യം

വഞ്ചീശൻ നാ. തിരുവിതാങ്കൂർ രാജാവ്

വഞ്ചുക വി. കബളിപ്പിക്കുന്ന, കപടതയുള്ള

വഞ്ചുകൻ നാ. 1. കുറുനരി; 2. വഞ്ചകൻ

വഞ്ചുല, -ള നാ. ധാരാളം പാൽ തരുന്ന പശു

വഞ്ചുളദ്വാദശി നാ. ഒരു വിശേഷദിനം (ബുധനാഴ്ച തിരുവോണവും ദ്വാദശിയും കൂടി വരുന്നത്)

വഞ്ച്യ വി. വഞ്ചിക്കത്തക്ക

വഞ്ഞി നാ. കോരമ്പുല്ല്, ആറ്റുവഞ്ഞി

വട1 വി. വടക്കുള്ള

വട2 നാ. ഒരു പലഹാരം

വടകം നാ. 1. ഒരു പലഹാരം, വട; 2. പാകപ്പെടുത്തിയ മാവ് ഉരുട്ടിപ്പരത്തി വെയിലത്തുവച്ചുണക്കി തയ്യാറാക്കിയ ഭക്ഷ്യവസ്തു; 3. എട്ടുമാഷംകൂടിയ തൂക്കം; 4. ആറ്റുപേരാൽ; 5. ഗുളിക

വടകിഴക്ക് നാ. വടക്കുകിഴക്ക്

വടക്കത് നാ. 1. വടക്കിനി, നാലുകെട്ടിൻെറ വടക്കേ കെട്ട്; 2. വടക്കുഭാഗത്തുള്ള വീട്; 3. വടക്കുവശം

വടക്കൻ നാ. വടക്കുദിക്കിലുള്ളവൻ, വടക്കുനിന്നു വരുന്നവൻ

വടക്കൻപാട്ട് നാ. വടക്കൻ കേരളത്തിൽ ഉണ്ടായ വീരഗാഥ (തച്ചോളിപ്പാട്ടും പുത്തൂരം പാട്ടും മറ്റും)

വടക്കൻപെരുമാൾ നാ. കോലത്തിരി രാജാവ്

വടക്കയറ് നാ. 1. മാട്ടിൻ തോലുകൊണ്ടുള്ള കയർ; 2. തടി വലിക്കാനുള്ള വലിയ കയർ

വടക്കിനി നാ. വടക്കിനം, നാലുകെട്ടിൻെറ വടക്കെകെട്ട്

വടക്ക് നാ. വടക്കെ ദിക്ക്, ഉത്തരദിക്ക്

വടക്കുങ്കൂർ നാ. ഏറ്റുമാനൂർ വൈക്കം പ്രദേശങ്ങൾ ഉൾപ്പെട്ട പഴയരാജ്യം

വടക്കുനോക്കി നാ. എപ്പൊഴും വടക്കോട്ടുതന്നെ സൂചിമുന തിരിഞ്ഞുനിൽക്കുന്ന ഒരു യന്ത്രം, കോമ്പസ്

വടക്കുന്നാഥൻ നാ. ശിവൻ

വടക്കെ വി. വടക്കുദിക്കിലുള്ള

വടക്കേത് നാ. 1. വടക്കുവശത്തുള്ളത്; 2. വടക്കിനി

വടക്ഷീരം നാ. വടവൃക്ഷത്തിൻെറ പാൽ

വടപത്ര നാ. കുടമുല്ല

വടപത്രം നാ. പേരാലില

വടപത്രശായി നാ. വിഷ്ണു

വടം1 നാ. വണ്ണമേറിയ കയർ

വട൦2 നാ. 1. ഉരുണ്ടവസ്തു; 2. പേരാൽ; 3. കവടി; 4. ഗന്ധകം; 5. വടകം; 6. മാല; 7. പൂജ്യം. വടംവലി = 1. സങ്ഘംചേർന്നു നടത്തുന്ന ഒരു മത്സരക്കളി; 2. (പ്ര) മത്സരം

വടമകൾ നാ. ശ്രീപാർവതി

വടമർ നാ. ഒരു ജാതിക്കാർ, വടക്കന്മാർ

വടമീൻ നാ. അരുന്ധതി നക്ഷത്രം

വടമൂലം നാ. പേരാൽച്ചുവട്

വടമേൽമൂല നാ. വടക്കുപടിഞ്ഞാറ്

വടമൊഴി നാ. വടക്കുള്ള മൊഴി, സംസ്കൃതഭാഷ

വടമ വി. 1. ദുർബുദ്ധിയുള്ള; 2. കള്ളനായ

വടമം നാ. 1. കോഴി; 2. പായ്; 3. തലപ്പാവ്; 4. പാമ്പ്; 5. കടകോൽ

വടവ നാ. 1. പെൺകുതിര; 2. എരുമ; 3. പെണ്ണാന

വടവാസി നാ. 'ആലിന്മേൽ വസിക്കുന്നവൻ', യക്ഷൻ

വടവൃക്ഷം നാ. പേരാൽ

വടാരകം നാ. വടാകരം, വരാടകം, കയറ്

വടി1 നാ. 1. വണ്ണം കുറഞ്ഞ ചെറിയ കമ്പ്; 2. കുറുവടി; 3. ഊന്നുവടി; 4. പ്രഹരം (പ്ര) കുത്തും വടിയും ഏൽക്കുക; 5. വടിക്കൽ; 6. അരിപ്പ

വടി2 നാ. 1. ആറ്റുപേരാൽ, വടവൃക്ഷം; 2. കയറ്; 3. വലച്ചരട്; 4. ഗുളിക

വടി3 നാ. 1. വടിവ് (രൂപം); 2. ചീപ്പ്

വടി4 [വടിക്കുക] ധാതുരൂപം

വടിക നാ. 1. ഗുളിക; 2. ഒരുതരം പലഹാരം

വടികം നാ. (ചൂതുകളിയിൽ) പന്തയം

വടിക്കുക ക്രി. 1. പറ ഇടങ്ങഴി മുതലായവയിൽ നെല്ലും മറ്റും ഇട്ടു നിറച്ചതിനുശേഷം മേൽഭാഗം കോൽകൊണ്ടു നിരത്തുക; 2. നിരപ്പാക്കുക; 3. വെള്ളം ഊറ്റുക; 4. കോതുക; 5. കത്തികൊണ്ടു രോമം നീക്കുക; 6. തുടച്ചു നീക്കുക

വടിക്കുറുപ്പ് നാ. ഒരു ഉപജാതി, കോൽക്കുറുപ്പ്

വടിപ്പൻ നാ. 1. വടിപ്പറ (വടിച്ചളക്കുന്ന പറ); 2. വടിക്കുന്ന കോൽ

വടിപ്പ് നാ. വടിക്കുക എന്ന പ്രവൃത്തി

വടിയുക ക്രി. 1. കവിയുക, കവിഞ്ഞൊഴുകുക; 2. വാർന്ന് ഒലിക്കുക; 3. (വെള്ളം) വറ്റുക

വടിവം നാ. വടിവ്, ആകൃതി, രൂപം

വടിവാൾ നാ. വടിയായും വാളായും ഉപയോഗിക്കാവുന്ന ഉപകരണം

വടിവ് നാ. 1. ആകൃതി, രൂപം; 2. ഭങ്ഗി, അഴക്, ശോഭ; 3. ഒലിപ്പ്, ഒഴുക്ക്; 4. കൈയക്ഷരത്തിന്റെ സ്വഭാവം, ഭങ്ഗി

വടിവൊട് അവ്യ. ഭങ്ഗിയായി, വഴിപോലെ

വടു1 നാ. 1. തഴമ്പ്, ആഘാതമോ വ്രണമോ മൂലം ശരീരത്തിലുണ്ടാകുന്ന പാട്; 2. അരിമ്പാറ; 3. കാൽച്ചുവട്; 4. വണ്ട്; 5. ഇളംകായ്

വടു2 നാ. ബ്രഹ്മചാരി, ബ്രാഹ്മണകുമാരൻ

വടുകൻ1 നാ. 1. തെലുങ്കൻ; 2. വടുകദേശക്കാരൻ; 3. മാർഗത്തിൽ ചേർന്നവൻ, ജോനകൻ; 3. ഭോഷൻ; 4. ദാസൻ, അടിമ

വടുകൻ2 നാ. 1. പയ്യൻ; 2. ഉയരം കുറഞ്ഞവൻ; 3. ബ്രഹ്മചാരി

വടുകൻ3 നാ. 1. തഴമ്പുള്ളവൻ; 2. മസൂരിക്കുത്തുള്ളവൻ

വടുകപ്പറ നാ. മാടമ്പികളുടെ പെരുമ്പറ

വടുകപ്പുളിനാരകം നാ. കടുകപ്പുളി നാരകം, നിംബുകം

വടുകിടുക ക്രി. പച്ചകുത്തുക

വടുക് നാ. 1. വടു (തഴമ്പ്); 2. ഉപനയനം

വടുകുക ക്രി. വണ്ടുക, ചുഴറ്റുക

വടുപ്പം നാ. രണ്ടുതേങ്ങ ഒന്നായി കൂട്ടിക്കെട്ടിയത്

വടുരൂപി നാ. ബ്രാഹ്മണൻ

വടുവത്തി നാ. വടുകത്തി, വടുകൻെറ സ്ത്രീ

വടുവൻ നാ. വടുകൻ

വടുവരി നാ. വണ്ട്

വടുവാലി നാ. അധികാരം പൊയ്പ്പോയവൻ, ശൗര്യം നഷ്ടപ്പെട്ടവൻ

വടുകരണം　　നാ.　വടുവാക്കൽ (ഉപനയനം)

വട്ട　　നാ.　1. ഒരു വൃക്ഷം, പശമരം; 2. കിണ്ണം, പാത്രം; 3. പന്ത്; 4. വഴി; 5. കൈവിളക്ക്

വട്ടക　　നാ.　വട്ടത്തിലുള്ള ഒരുതരം പാത്രം

വട്ടകം　　നാ.　തൂക്കം, അളവുമാനം

വട്ടക്കണ്ണി　　നാ.　1. വളയം; 2. ഒരു വൃക്ഷം; 3. ഒരുതരം കളി, കണ്ണടച്ചുപിടിച്ചുകൊണ്ട് ചുറ്റിനടക്കുന്നത്

വട്ടക്കയറ്　　നാ.　വലിക്കുന്നതിനുള്ള കയറ്, വടം

വട്ടക്കളി　　നാ.　സ്ത്രീകൾ വിളക്കിനുചുറ്റും നിന്ന് നടത്താറുള്ള ഒരു കളി

വട്ടക്കാടൻ　　നാ.　കച്ചേരിനായർ, വാണിയൻ

വട്ടക്കാരൻ　　നാ.　വട്ടിക്കാരൻ, പണം പലിശയ്ക്കുകൊടുക്കുന്നവൻ

വട്ടക്കുളക്കാർ　　നാ.　തുണിക്കച്ചവടക്കാർ

വട്ടക്കൂറ　　നാ.　ഒരിനം പാമ്പ്, രുധിരമണ്ഡലി, പയ്യാനമണ്ഡലി

വട്ടക്കൊട്ട　　നാ.　വൃത്താകൃതിയിൽ നിർമിച്ച കോട്ട. (പ്ര) വട്ടക്കുട്ടയിൽ വെള്ളംകോരിക്കുക = കഷ്ടപ്പെടുത്തുക

വട്ടക്ഷരം　　നാ.　ഓങ്കാരം, പ്രണവം

വട്ടച്ചട്ടം　　നാ.　ആചാരം

വട്ടച്ചാവൽ　　നാ.　ഒരിനം പക്ഷി, ജീവംജീവകം

വട്ടണ നാ. ചേങ്ങില

വട്ടണം നാ. പരിച

വട്ടണിക്കുക ക്രി. കുഴപ്പത്തിലാവുക, കുഴങ്ങുക, വട്ടത്തിലാവുക

വട്ടത്തിലാക്കുക ക്രി. അപകടത്തിലാക്കുക, കുഴക്കുക

വട്ടത്തിലാവുക ക്രി. കുഴപ്പത്തിലാവുക

വട്ടത്തൊപ്പിക്കാർ നാ. പാശ്ചാത്യർ

വട്ടൻ നാ. 1. ഒരു പ്രാണി, കന്നുകാലികളുടെ ദേഹത്തുവന്നു പറ്റിയിരിക്കുന്നത്; 2. നുറുക്കിയവാഴയ്ക്ക ഉപ്പേരി

വട്ടനം അവ്യ. വട്ടനെ, വട്ടന, വട്ടത്തിൽ, ചുറ്റും

വട്ടപ്പണം നാ. കച്ചവടക്കാർതമ്മിൽ കൈമാറുന്ന ചരക്കുകൾക്ക് പലിശയെന്നപോലെ ഈടാക്കുന്ന അധികത്തുക

വട്ടപ്പരമ്പ് നാ. നെല്ല് ചിക്കിയിടുന്ന പായ്

വട്ടപ്പാലം നാ. കുട്ടികളുടെ ഒരു വിനോദം, വട്ടത്തിൽ ചുറ്റിനടത്തുന്ന കളി

വട്ടപ്പുണ്ണ് നാ. ഒരുതരം വെളുത്ത കുഷ്ഠം, കോഷ്ഠം

വട്ടം നാ. 1. വൃത്തം; 2. വളയം; 3. ചുറ്റ്; 4. തവണ; 5. മട്ട്, ഭാവം; 6. ആരംഭം; 7. വട്ടപ്പലിശ, മുൻകൂറായിഎടുക്കുന്ന പലിശ; 8. വാദ്യങ്ങളിൽ തോൽ വലിച്ചിടാനുള്ള വളയം; 9. താളവട്ടം; 10. കൈമണി; 11. വട്ട് കളിക്കാനായി

വട്ടത്തിലുണ്ടാക്കുന്ന കരു; 12. ദല്ലാൾപ്പണം; 13. പൊൻവില. (പ്ര) വട്ടം കറക്കുക = ബുദ്ധിമുട്ടിക്കുക. വട്ടം കറങ്ങുക = 1. പോംവഴികാണാതെ വിഷമിക്കുക; 2. കഷ്ടപ്പെടുക. വട്ടംകൂട്ടുക = ഒരുക്കുട്ടുക. വട്ടമിടുക = 1. ചുറ്റിവരിക; 2. വലയം ചെയ്യുക; 3. തന്ത്രപൂർവം പാട്ടിലാക്കാൻ ശ്രമിക്കുക; 4. ഒരുങ്ങുക

വട്ടമലക്കം നാ. ഒരു കായികാഭ്യാസം

വട്ടമോതിരം നാ. 1. മുദ്രമോതിരം; 2. ഇരുമ്പുവളയം

വട്ടയില നാ. 1. വട്ടമരത്തിൻെറ ഇല; 2. ഒരുതരം വൃക്ഷം, പൊരികണ്ണി

വട്ടൽ നാ. വരൾച്ച

വട്ടവാശി നാ. നാണയമൂല്യത്തിലുള്ള ഏറ്റക്കുറച്ചിൽ

വട്ടളം നാ. വട്ടിളം, അരിവയ്പ്പിനുള്ള വലിയ പാത്രം

വട്ടാണി നാ. മിടുക്ക്, സാമർഥ്യം

വട്ടാനം നാ. വട്ടക്കയറ്

1265

വട്ടാരം നാ. 1. വൃത്തം; 2. വലയം; 3. ചുറ്റുമുള്ള സ്ഥലം, മേഖല; 4. നെല്ലിൻ കൂമ്പാരം

വട്ടി1 നാ. ഓലപ്പൊളിയോ തഴയോ കൊണ്ട് ഉണ്ടാക്കുന്ന ഒരുതരം പാത്രം

വട്ടി2 നാ. 1. പലിശ; 2. ലാഭം; 3. കിഴിവ്. വട്ടിപ്പണം = പലിശയ്ക്കുകൊടുക്കുന്ന പണം

വട്ടിക നാ. ശീല, തുണി

വട്ടിക്കാർ നാ. കൊച്ചിപ്രദേശത്തെ ഒരിനം നായന്മാർ

വട്ടിച്ച വി. വട്ടത്തിലുള്ള

വട്ടിച്ചി നാ. കുടവയറുള്ളവൾ

വട്ടിയൻ നാ. വട്ടിവയറുള്ളവൻ

വട്ടിൽ നാ. 1. കൂട, വട്ടി; 2. വഴി

വട്ടിവയറ് നാ. വലിയ വയറ്, കീഴോട്ടുതൂങ്ങുന്ന വയറ്, കുടവയറ്

വട്ടിളം നാ. വട്ടളം, ഒരുതരം വലിയ ഓട്ടുപാത്രം, വാർപ്പ്

വട്ട് നാ. 1. ഉരുണ്ട ചെറിയ വസ്തു; 2. പരന്ന് വട്ടത്തിലുള്ള ഔഷധ ഗുളിക; 3. വട്ടുകളിക്കുപയോഗിക്കുന്ന കരു; 4. ഗോലി; 5. വട്ടുകളി; 6. ഒരിനം വലിയ പന്ത്; 7. കുടയിൽ കമ്പികൾ കൂടിച്ചേരുന്ന സ്ഥലം; 8. ഭ്രാന്തൻ; 9.ഭ്രാന്ത്

വട്ടുകളി നാ. 1. വട്ട് ഉപയോഗിച്ചിട്ടുള്ള ഒരുതരം കളി; 2. ഒരിനം പന്തുകളി

വട്ടുവം നാ. വെറ്റിലസഞ്ചി

വട്ടെഴുത്ത് നാ. കുറെക്കാലം മുമ്പ് മലയാളം തമിഴ് തുടങ്ങിയ ഭാഷകൾ എഴുതാൻ ഉപയോഗിച്ചിരുന്ന ഉരുണ്ട ഒരുതരം ലിപി

വഠര വി. 1. മന്ദബുദ്ധിയായ; 2. ദുർബുദ്ധിയായ

വഠരൻ നാ. 1. മന്ദഭ്ദ്ധി, ജളൻ; 2. ദുർബുദ്ധി; 3. കള്ളൻ

വഠരം നാ. 1. കുടം; 2. ജലപാത്രം

വഡഭി നാ. 1. മുഖപ്പലക; 2. വളമരം, വലഭി

വഡവ നാ. 1. പെൺകുതിര; 2. അശ്വിനി; 3. ദാസി; 4. ബ്രാഹ്മണസ്ത്രീ

വഡിലം നാ. വഡിശം, ചൂണ്ട

വഡ്ര വി. വിശാലമായ, വലിയ

വണ്മ നാ. 1. ഭങ്ഗി, അഴക്; 2. ഗുണം; 3. പുകൾ

വണക്കം നാ. വന്ദനം, വിനയം, അടക്കം, താഴ്മ

വണക്കുക ക്രി. വളയ്ക്കുക

വണങ്ങുക ക്രി. 1. വന്ദിക്കുക, തൊഴുക; 2. വളയുക, കുനിയുക

വണം നാ. ശബ്ദം, ധ്വനി

വണർ നാ. വളവ്

വണിക്ക് നാ. 1. കച്ചവടക്കാരൻ; 2. വൈശ്യൻ; 3. (ജ്യോ) തുലാം രാശി

വണിഗ്ഭവം നാ. കച്ചവടം

വണിജകം നാ. കച്ചവടത്തെരുവ്, കമ്പോളം

വണിജൻ നാ. കച്ചവടക്കാരൻ

വണിജം നാ. വാണിജ്യം. (ജ്യോ) തുലാം രാശി

വണിജ്യം നാ. വണിക്കിൻെറ തൊഴിൽ, കച്ചവടം

വണ്ടകൻ നാ. വണ്ടനം ചെയ്യുന്നവൻ, ഓഹരിവയ്ക്കുന്നവൻ

വണ്ടകം നാ. 1. അംശം; 2. പങ്ക്, ഓഹരി

വണ്ടത്താൻ നാ. 1. ആൺവണ്ട്; 2. വിടൻ

വണ്ടൻ1 നാ. അവിവാഹിതൻ

വണ്ടൻ2 നാ. 1. ദുഷ്ടൻ; 2. പൊക്കംകുറഞ്ഞവൻ, മുണ്ടൻ; 3.

ബലവാൻ

വണ്ടനം നാ. ഓഹരിവയ്ക്കൽ, വിഭജനം

വണ്ടം നാ. 1. ഭാഗം; 2. ഓഹരി; 3. കത്തിപ്പിടി

വണ്ടൽ നാ. ജലത്തിൽനിന്ന് അടിഞ്ഞുകൂടുന്നതും

ജൈവപദാർഥങ്ങളും മറ്റും അടങ്ങിയതുമായ പശിമയുള്ള മണ്ണ്

വണ്ടാനം നാ. കൊക്ക്, താമരക്കോഴി

വണ്ടാർ വി. വണ്ടിനെപ്പോലെ കറുത്ത

വണ്ടാരക്കോഴി നാ. 1. താമരക്കോഴി; 2. സാരസം

വണ്ടാലം നാ. 1. മത്സരം; 2. തൂമ്പ; 3. വഞ്ചി

വണ്ടി1 നാ. ചക്രത്തിന്മേൽ ചലിക്കുന്ന വാഹനം. വണ്ടികയറുക = 1. യാത്രയ്ക്കായി വണ്ടിയിൽ കയറുക; 2. ഓടുന്ന വണ്ടിയുടെ അടിയിൽപ്പെടുക; 3. സ്ഥലംവിട്ടുപോകുക. വണ്ടിച്ചാൽ = വണ്ടിച്ചക്രത്തിൻെറ പാട്, വണ്ടി ഉരുണ്ടുപോയ അടയാളം. വണ്ടിപ്പേട്ട = വണ്ടികൾ വാടകയ്ക്കും മറ്റും കൊടുക്കുന്ന സ്ഥലം, വണ്ടിത്താവളം

വണ്ടി2 നാ. വീർത്തവയറ്

വണ്ടി3 നാ. മണ്ടി (മട്ട്)

വണ്ടിക്കോൽ നാ. 1. ഒരുതരം അളവുകോൽ; 2. വണ്ടിയുടെ കോൽ

വണ്ടിണ്ട നാ. വണ്ടിൻ കൂട്ടം

വണ്ടിനം നാ. വണ്ടിൻകൂട്ടം

വണ്ട് നാ. 1. കട്ടിയുള്ള ചിറകുകളോടുകൂടിയ ഒരുതരം പ്രാണി; 2. പൂക്കളിൽനിന്നു തേൻ കുടിക്കാൻ പറന്നു നടക്കുന്ന ഒരിനം ഷട്പദം; 3. ഔഷധങ്ങളും മറ്റും കിഴികെട്ടുന്നതിനുള്ള തുണി; 4. അരിക്കാനായി പാത്രത്തിൻെറ മുഖത്തു കെട്ടുന്ന വട്ടത്തുണി; 5. അമ്പ്; 6. കുറ്റം; 7. കൈവള; 8. ശങ്ഖം

വണ്ടുക ക്രി. 1. ഉരുളുക; 2. കളിക്കുക

വണ്ടുകെട്ടുക ക്രി. തുണികൊണ്ട് പാത്രങ്ങളുടെ വായ കെട്ടുക, വടികെട്ടുക

വണ്ടോട് നാ. വണ്ടിൻെറ പുറന്തോട്

വണ്ഠൻ വി. അവിവാഹിതൻ

വണ്ഠരൻ നാ. 1. ലുബ്ധൻ; 2. ഷണ്ഡൻ

വണ്ഠരം നാ. 1. മുളംകൂമ്പുറ; 2. കയറ്; 3. നായ്; 4. മേഘം

വണ്ഡാലം നാ. 1. മത്സരം; 2. വള്ളം; 3. തൂമ്പ

വണ്ണ നാ. 1. മുഴങ്കാലിൻെറ പിൻഭാഗം; 2. പ്രസവിച്ചിട്ട് അധികം നാളാകാത്തവൾ

വണ്ണത്താൻ നാ. പ്രഭുക്കന്മാരുടെയും മറ്റും അലക്കുകാരൻ

വണ്ണൻ നാ. 1. ഒരിനം വാഴ; 2. മണ്ണൻ; 3. വണ്ണത്തോടുകൂടിയവൻ

വണ്ണം1 അവ്യ. പ്രകാരം (പദാന്ത്യ)

വണ്ണം2 നാ. 1. തടി; 2. പുഷ്ടി; 3. വടിവ്

വണ്ണം3 നാ. 1. നിറം, രാഗം; 2. അഴക്; 3. നന്മ

വണ്ണാച്ചൻ നാ. ചെറിയ ചിലന്തി

വണ്ണാത്തി നാ. 1. വണ്ണാൻെറ സ്ത്രീ; 2. ഒരു പക്ഷി (വണ്ണാത്തിപ്പുള്ള്)

വണ്ണാൻ നാ. 1. അലക്കുകാരൻ; 2. നെയ്ത്തുകാരിൽപ്പെട്ട ഒരു ജാതി; 3. ചെറിയ ചിലന്തി

വണ്ണാൻതുറ നാ. വണാൻ അലക്കുന്ന സ്ഥലം

വണാമ്പില നാ. ചിലന്തിവല

വണ്ണിക്കുക ക്രി. വർധിക്കുക, തടിക്കുക, സ്ഥൂലിക്കുക

വത് പ്ര. ‘പോലെ’ എന്നർഥമായ ഒരു പ്രത്യയം

വതക്കം നാ. 1. വാട്ടം; 2. കോട്ടം; 3. മ്ലാനത

വതങ്ങുക ക്രി. വാടുക, പൊരിയുക

വതണ്ഡ നാ. പഞ്ചവർണക്കിളി

വതംസം നാ. 1. കർണാഭരണം; 2. ആഭരണമായിട്ടുള്ളത്, അവതംസം

വതവൽ നാ. 1. വാടിയത്; 2. കൊള്ളരുതാത്തത്

വതി നാ. 1. വഴി; 2. ചോറ്

വതു നാ. 1. സ്വർഗത്തിലെ നദി; 2. മാർഗം; 3. ഒരു നേത്ര രോഗം

വതുവ നാ. 1. വിവാഹം; 2. വാസന

വതോക നാ. മലടി, മലടിപ്പശു

വത്തക്കാ നാ. തണ്ണിമത്തങ്ങാ

വത്തിക്കാൻ നാ. മാർപ്പാപ്പായുടെ അരമന, പോപ്പിൻെറ ആസ്ഥാനം, പോപ്പിൻെറ അധികാരത്തിലുള്ള രാജ്യം

വത്തേരി [പോർ] നാ. ബത്തേരി. 1. കൊത്തളം; 2. പീരങ്കി നിരത്തിയിരിക്കുന്ന സ്ഥലം

വത്തേൽ [പോർ] നാ. വത്തേല, വത്തോല, ചെറിയ കപ്പൽ

വത്സ1 വി. പ്രിയപ്പെട്ട

വത്സ2 നാ. 1. വാത്സല്യപാത്രമായ പെൺകുട്ടി; 2. പ്രസവിക്കാത്ത പശു

വത്സതരം		നാ.	മുലകുടി മാറിയ പശുക്കിടാവ്

വത്സൻ		നാ.	1. ആൺപൈതൽ; 2. ഒരുവയസ്സുചെന്നവൻ; 3. ഒരു പലഹാരം; 4. കാളക്കന്ന്

വത്സപാലൻ		നാ.	1. ശ്രീകൃഷ്ണൻ; 2. ബലരാമൻ

വത്സം		നാ.	1. നെഞ്ചിടം, മാറിടം; 2. കിടാവ്; 3. ഉത്തരേന്ത്യയിലെ ഒരു ദേശം

വത്സരം		നാ.	1. വർഷം, മുന്നൂറ്റി അറുപത്തിയഞ്ചു ദിവസം അഥവാ പന്ത്രണ്ടുമാസം കൂടിയ കാലയളവ്

വത്സല		വി.	സ്നേഹമുള്ള

വത്സലം		നാ.	1. വാത്സല്യം; 2. എരിയുന്ന തീയ്

വത്സശാല		നാ.	പശുത്തൊഴുത്ത്

വത്സിക		നാ.	പശുക്കിടാവ്

വത്സീയൻ		നാ.	ഇടയൻ, വത്സങ്ങളെ പാലിക്കുന്നവൻ

വദനം		നാ.	1. മുഖം; 2. വായ്; 3. മുൻഭാഗം; 4. ഭാവം

വദാന്യ		വി.	1. വാഗ്മിതയുള്ള, ഉദാരതയുള്ള. നാ. വദാന്യത

വദിക്കുക		ക്രി.	1. പറയുക; 2. ചൊല്ലുക

വദ്യ		വി.	1. വദിക്കത്തക്ക, പറയത്തക്ക; 2. കുറ്റമറ്റ

വദ്യം		നാ.	1. സംഭാഷണം; 2. കറുത്തപക്ഷം

വധകൻ നാ. 1. വധശിക്ഷ നടത്തുന്നവൻ; 2. കൊലപാതകി; 3. ആരാച്ചാർ

വധജീവി നാ. 1. നായാടി; 2. കശാപ്പുകാരൻ

വധത്രം നാ. 1. യുദ്ധത്തിനുള്ള ആയുധം; 2. തീക്ഷ്ണമായ ആയുധം

വധഫലകം നാ. തൂക്കുമരം

വധം നാ. 1. കൊല; 2. നശിപ്പിക്കൽ; 3. തേജോവധം; 4. താഡനം; 5. പക്ഷവാതം; 6. ഗുണനം

വധസ്ഥലി നാ. കൊലനിലം

വധാങ്ഗം നാ. വിഷം

വധാർഹ വി. കൊല്ലേണ്ട

വധിത്രൻ നാ. കാമദേവൻ

വധിത്രം നാ. കാമം

വധു നാ. 1. വിവാഹിതയാകുന്ന സ്ത്രീ; 2. കല്യാണപ്പെണ്ണ്; 3. ഭാര്യ

വധുക നാ. 1. വധു; 2. യുവതി

വധൂജനം നാ. 1. സ്ത്രീ; 2. സ്ത്രീകൾ

വധൂടി നാ. യുവതി

വധൂവരന്മാർ നാ. 1. വധുവും വരനും; 2. ദമ്പതിമാർ

വധോദ്യമം നാ. കൊല്ലാനുള്ള ശ്രമം

വധ്യ വി. 1. വധിക്കത്തക്ക; 2. വധശിക്ഷയ്ക്കു വിധിക്കപ്പെട്ട

വൻ1 വി. (പദാദിയിൽ) വലിയ, ബലമേറിയ

വൻ2 നാ. 1. വരുണൻ; 2. വായു; 3. രാഹു; 4. കടുവാ

വൻകിട നാ. വലിയ തരത്തിൽപ്പെട്ട

വൻകുറിഞ്ഞി നാ. 1. വാടാക്കുറിഞ്ഞി; 2. അമലാതകം

വൻപത്തം നാ. 1. വമ്പ്; 2. വലുപ്പം

വൻപൻ നാ. 1. വമ്പൻ, വലിയവൻ; 2. ബലവാൻ; 3. ധനവാൻ; 4. ധീരൻ; 5. പൊങ്ങച്ചക്കാരൻ

വൻപ് നാ. 1. വലിപ്പം; 2. വീരവാദം; 3. ഊറ്റം; 4. പ്രയാസം

വൻപുറ്റ നാ. 1. വലിപ്പമുള്ള; 2. പ്രയാസമുള്ള

വൻമ നാ. 1. വൻപ്; 2. വലിപ്പം; 3. മഹത്വം

വൻമദം നാ. 1. വലിയമദം, അഹങ്കാരം; 2. വലിയ മാനസിക വിഭ്രാന്തി

വനഗവം നാ. കാട്ടുപോത്ത്

വനഗുപ്തൻ നാ. ചാരൻ

വനഗോചരൻ നാ. 1. വനവാസി; 2. നായാട്ടുകാരൻ

വനചന്ദനം നാ. അകിൽ, ദേവതാരം

വനചരൻ നാ. കാട്ടാളൻ

വനചരം		നാ.	1. വന്യമൃഗം; 2. കാട്ടാന; 3. കുരങ്ങ്

വനചാരി		നാ.	1. വനത്തിൽ പാർക്കുന്നവൻ; 2. കാട്ടിൽ സഞ്ചരിക്കുന്നവൻ

വനച്ഛാഗം		നാ.	1. പന്നി; 2. കാട്ടാട്

വനച്ഛിത്ത്		നാ.	1. ആന; 2. വിറകുവെട്ടുകാരൻ

വനജ1		വി.	കാട്ടിലുണ്ടാകുന്ന; 2. ജലത്തിലുണ്ടാകുന്ന

വനജ2		നാ.	1. കാട്ടിഞ്ചി; 2. ചന്ദനവൃക്ഷം; 3. മഹാലക്ഷ്മി; 4. കാട്ടുവശള

വനജം		നാ.	1. കാട്ടിലുണ്ടായത്; 2. നീലത്താമര; 3. മുത്തങ്ങ; 4. ആന; 5. കാട്ടുമാതള നാരകം

വനജീവി		നാ.	1. കാട്ടാളൻ; 2. വേടൻ

വനജ്യോത്സ്ന		നാ.	വനചന്ദ്രിക

വനദം		നാ.	മേഘം

വനദീപം		നാ.	1. ഒരു പുഷ്പം; 2. രാജചമ്പകം; 3. കാട്ടിലെ വിളക്ക്

വനദേവത		നാ.	1. കാടിൻെറ അധിദേവത; 2. നായാട്ടുദേവത

വനദ്വീപം		നാ.	കാട്ടാന

വനന്തപം		നാ.	നായ്

വനം നാ. 1. കാട്; 2. ധാരാളിത്തം, സമൃദ്ധി; 3. അന്യദേശം, വിദൂരസ്ഥലം; 4. തടി; 5. മേഘം; 6. മരപ്പാത്രം; 7. ജലം; 8. ഉറവ; 9. വാസസ്ഥലം; 10. വൃക്ഷം; 11. കൂട്ടം; 12. ഉദ്യാനം

വനമാല നാ. വനപുഷ്പങ്ങൾകൊണ്ടുള്ള മാല

വനമാലി നാ. വനമാല ധരിച്ചവൻ, കൃഷ്ണൻ

വനമൂലം നാ. കാട്ടുകിഴങ്ങ്

വനമോച നാ. 1. കാട്ടുവാഴ; 2. മലവാഴ

വനരാജൻ നാ. സിംഹം

വനരാജി നാ. 1. വൃക്ഷസമൂഹം; 2. വനമാർഗം

വനരൂഹം നാ. താമര

വനരോദനം നാ. വ്യർഥമായ കരച്ചിൽ

വനലക്ഷ്മി നാ. 1. വാഴ; 2. വനശോഭ

വനവാസം നാ. 1. കാട്ടിലെ വാസം; 2. വാനപ്രസ്ഥാശ്രമം



വനവാസി1 വി. കാട്ടിൽ പാർക്കുന്ന

വനവാസി2 നാ. 1. കാട്ടാളൻ; 2. മഹർഷി; 3. കാവതിക്കാക്ക; 4. എരുമക്കിഴങ്ങ്

വനവ്രീഹി നാ. കാട്ടുനെല്ല്, ഞവര

വനശൃങ്ഗാടം നാ. ഞെരിഞ്ഞിൽ

വനശ്വാവ് നാ. 1. കുറുക്കൻ; 2. പുലി; 3. കടുവാ; 4. വെരുക്

വനസ്ഥൻ നാ. വാനപ്രസ്ഥൻ

വനസ്ഥലി നാ. കാട്ടുപ്രദേശം

വനസ്പതി നാ. 1. പാക്കാതെ കായ്ക്കുന്ന മരം; 2. ഒരു കാട്ടുവൃക്ഷം; 3. യാഗക്കുറ്റി; 4. സ്തംഭം; 5. താപസൻ; 6. സോമലത

വൻഹുതാശനൻ നാ. കാട്ടുതീ

വനപ്രദിനി നാ. കാട്ടാറ്

വനാഖു നാ. മുയൽ

വനാന്തം നാ. 1. വനത്തിൻെറ അതിര്; 2. വനപ്രദേശം

വനാന്തരം നാ. 1. മറ്റൊരുകാട്; 2. വനമധ്യം

വനാപഗ നാ. കാട്ടാറ്

വനി1 വി. വനത്തിൽ വസിക്കുന്ന

വനി2 നാ. 1. ആഗ്രഹം; 2. അഗ്നി

വനി3 നാ. 1. ഒരു വൃക്ഷം; 2. വാനപ്രസ്ഥനായ ബ്രാഹ്മണൻ; 3. മേഘം

വനിക നാ. 1. വനം; 2. ചെറിയ കാട്

വനിത1 വി. 1. അപേക്ഷിക്കപ്പെട്ട; 2. ആഗ്രഹിക്കപ്പെട്ട; 3. സേവിക്കപ്പെട്ട

വനിത2 നാ. 1. സ്ത്രീ; 2. ഭാര്യ; 3. എപ്പാട്ടി; 4. ഗാഢമായ അനുരാഗത്തോടുകൂടിയവൾ

വനു നാ. 1. ഹിംസകൻ; 2. ശത്രു

വനുസ്സ്1 വി. 1. ആകാംക്ഷയുള്ള; 2. മമതയുള്ള

വനുസ്സ്2 നാ. ശത്രു

വനോദ്ഭവ നാ. 1. കാട്ടുപരുത്തി; 2. കാട്ടുപഞ്ഞി; 3. കറ്റുവാഴ; 4. കാട്ടുമാതളനാരകം; 5. കാട്ടുപയറ്

വനൗകസ്സ് നാ. 1. കുരങ്ങ്; 2. കാട്ടുമൃഗം; 3. മുനി

വന്തേൻ നാ. കാട്ടുതേൻ

വന്ദക വി. 1. വന്ദിക്കുന്ന; 2. സ്തുതിക്കുന്ന

വന്ദനം നാ. 1. നമസ്കാരം; 2. വണക്കം; 3. പൂജിക്കൽ; 4. തൊഴിൽ

വന്ദനീയ1 വി. 1. വന്ദിക്കത്തക്ക; 2. വന്ദിക്കപ്പെടേണ്ട

വന്ദനീയ2 നാ. 1. വന്ദിക്കത്തക്കവൾ; 2. ഗോരോചന

വന്ദാരു വി. 1. സ്തുതിക്കുന്ന; 2. ഭക്തിയുള്ള

വന്ദി1 നാ. സ്തുതിപാഠകൻ

വന്ദി2 [ഹി.ബന്ദീ] നാ. 1. തടവുകാരൻ; 2. അടിമയാക്കപ്പെട്ട ആൾ, മൃഗം

വന്ദിക്കുക ക്രി. 1. നമസ്കരിക്കുക; 2. പൂജിക്കുക; 3. സ്തുതിക്കുക; 4. നന്ദിപറയുക

വന്ദിത വി. വന്ദിക്കപ്പെട്ട

വന്ദീപാലൻ നാ. തടവറ സൂക്ഷിപ്പുകാരൻ

വന്ദ്യ1 വി. 1. വന്ദിക്കപ്പെടേണ്ട; 2. സ്തുതിക്കത്തക്ക

വന്ദ്യ2 നാ. 1. ഇത്തിൾക്കണ്ണി; 2. ഗോരോചന

വന്ദ്രൻ നാ. ആരാധകൻ

വന്ദ്രം നാ. 1. ശ്രേയസ്സ്; 2. ഐശ്വര്യം

വന്ധുരം നാ. ബന്ധുരം

വന്ധ്യ1 വി. 1. കായ്ക്കാത്ത, ഫലമില്ലാത്ത; 2. സന്താനോത്പാദനശേഷിയില്ലാത്ത, പ്രയോജനമില്ലാത്ത; 3. സാധ്യതയില്ലാത്ത

വന്ധ്യ2 നാ. 1. മച്ചി; 2. കാട്ടുപാവൽ

വന്ധ്യം നാ. ഒരിക്കലും കായ്ക്കാത്ത മരം

വന്ധ്യംകരണം നാ. ഗർഭധാരണശേഷി നശിപ്പിക്കൽ

വന്ധ്യാത്വം നാ. വന്ധ്യയായിരിക്കുന്ന അവസ്ഥ

വന്നരി നാ. കേസരി

വന്നല നാ. പാറ്റിക്കളഞ്ഞ ധാന്യം

വന്നായം നാ. വരാനുള്ള കാര്യം, ഭാവി

വന്നി നാ. 1. ഒരു മുൾമരം; 2. തീ; 3. ബ്രഹ്മചാരി; 4. പൊങ്ങച്ചം പറയുന്നവൻ

വന്യ1 വി. 1. വനത്തെ സംബന്ധിച്ച; 2. തടികൊണ്ടുള്ള; 3. ഇണങ്ങാത്ത

വന്യ2 നാ. 1. വലിയകാട്; 2. ജലപ്രവാഹം; 3. മുത്തങ്ങ; 4. നറുമഞ്ഞൾ; 5. ചുവന്ന കുറിഞ്ഞി

വന്യചീരം നാ. വല്കലം

വന്യഭോജനം നാ. വന്യമായ ഭോജനം (കായ്കനികൾ)

വന്യം നാ. 1. കാട്ടിലുണ്ടായ വസ്തു, കാട്ടുമൃഗം; 2. വലിയ വേഴൽ; 3. കിരാതചന്ദനം; 4. വെളുത്തചേന; 5. കുഴിമുത്തങ്ങ, പന്നിക്കിഴങ്ങ്

വന്യമാല വി. വനമാല

വന്യാജം നാ. കാട്ടാട്

വന്യാശനം നാ. കായ്കനികൾ ഭക്ഷിക്കൽ

വപ1 വി. വിതയ്ക്കുന്ന

വപ2 നാ. 1. ശരീരത്തിനുള്ളിലെ കൊഴുപ്പ്, ഉദരത്തിലെ കൊഴുപ്പുനിറഞ്ഞ ഭാഗം; 2. പുല്ലും മറ്റും മുളച്ചുവരുന്ന സ്ഥലം, പോത്; 3. ചിതൽപ്പുറ്റ്

വപൻ നാ. വിതയ്ക്കുന്നവൻ

വപനം നാ. 1. വിത; 2. ക്ഷൗരകർമം; 3. ബീജം

വപനി നാ. 1. ക്ഷുരകൻെറ കട; 2. ക്ഷൗരക്കത്തി; 3. ഒരു നെയ്ത്തുകരു; 4. നെയ്ത്തുശാല

വപം നാ. 1. ക്ഷൗരകർമം; 2. നെയ്ത്ത്

വപിലൻ നാ. 1. അച്ഛൻ; 2. പൂർവികൻ

വപു നാ. 1. വപുസ്സ്, ശരീരം; 2. അവയവം

വപുനൻ നാ. ദേവത

വപുർഗുണം നാ. 1. അങ്ഗലാവണ്യം; 2. ശരീരപ്രകൃതി

വപുർനാശം നാ. ശരീരനാശം, മരണം

വപുഷ വി. അഴകുള്ള, അദ്ഭുതകരമായ

വപുഷാ അവ്യ. ശരീരംകൊണ്ട്

വപുഷി അവ്യ. വപുസി, വപുസ്സിൽ, ശരീരത്തിൽ

വപുഷ്മാൻ നാ. 1. വിശ്വദേവന്മാരിൽ ഒരുവൻ; 2. വപുസ്സുള്ള

വപുസി അവ്യ. വപുഷി

വപുസ്സ് വി. അഴകുള്ള. നാ. 1. ശരീരം; 2. സൗന്ദര്യം; 3. വടിവ്, ആകൃതി; 4. സ്വഭാവം; 5. സാരം

വപ്താവ് നാ. 1. കർഷകൻ, വിതയ്ക്കുന്നവൻ, നടുന്നവൻ; 2. ക്ഷുരകൻ; 3. പിതാവ്; 4. കവി

വപ്പം നാ. ദാർഢ്യം, ശക്തി

വപ്പ് നാ. 1. താഴത്തെ ചുണ്ട്; 2. ഉലക്കയുടെ ഇരുമ്പു പൂണ്; 3. ഇറച്ചി കുത്തിയെടുക്കുന്ന മുള്ള്; 4. കവചം. വപ്പുകാടിക്കുക = കോപംകാട്ടുക

വപ്രകം നാ. വണ്ടിച്ചക്രത്തിൻെറ ചുറ്റ്

വപ്രൻ നാ. 1. അച്ഛൻ; 2. പ്രജാപതി

വപ്രം നാ. 1. പാടം, കൃഷിസ്ഥലം; 2. മൺകോട്ട; 3. ഗോപുരവാതിൽ; 4. ചാരുമതിൽ; 5. കുഴിച്ചെടുത്ത മണ്ണുകൊണ്ടുള്ള തിട്ട; 6. മൺകൂന; 7. അടിസ്ഥാനം; 8. നദീതീരം; 9. കുന്നിൻ ചരിവ്; 10. കൊടുമുടി (പ്ര) വപ്രക്രീഡ = മൃഗങ്ങളുടെ തിണ്ടുകുത്തിക്കളിക്കൽ

വപ്രി നാ. 1. കടൽ; 2. വയൽ; 3. ദുർഗതി; 4. മൺകുന്ന്

വംശകം നാ. 1. അകിൽ; 2. മുളയുടെ മുട്ട്; 3. ഒരുതരം കരിമ്പ്

വംശകരൻ നാ. വംശകർത്താവ്, വംശം നിലനിർത്തുന്നവൻ

വംശക്രമം നാ. വംശപാരമ്പര്യം

വംശജ വി. 1. വംശത്തിൽ ജനിച്ച; 2. ഉത്തമകുലത്തിൽ ജനിച്ച; 3. മുളകൊണ്ട് ഉണ്ടാക്കിയ

വംശപരമ്പര നാ. വംശത്തിലെ തലമുറകളുടെ തുടർച്ച

വംശഭൃത്ത്　　　　　　　നാ.　വംശം പുലർത്തുന്നവൻ

വംശം　　　　　　　നാ.　1. കുടുംബം, ജനനംകൊണ്ട് പരസ്പരം ബന്ധപ്പെട്ടവരുടെ സമൂഹം, അപ്രകാരമുള്ളവരുടെ പരമ്പര; 2. ഗോത്രം, തലമുറകളായി ഒന്നിച്ചുജീവിക്കുന്ന ഒരേവർഗത്തിൽപ്പെട്ട ആളുകളുടെ സമൂഹം; 3. ജാതി; 4. സന്തതിപരമ്പര; 5. മുള, ഇല്ലി; 6. കൂട്ടം; 7. കരിമ്പ്; 8. നട്ടെല്ല്; 9. ഓടക്കുഴൽ

വംശരോചന　　　　　　　നാ.　മുളയുടെ അകത്തുണ്ടാകുന്നതും ഗോരോചനയ്ക്കു തുല്യവുമായ ഒരു ഔഷധം

വംശവാൻ　　　　　　　നാ.　ഉത്തമവംശത്തിൽപ്പെട്ടവൻ

വംശശലാക　　　　　　　നാ.　രാമച്ചം

വംശസ്ഥം　　　　　　　നാ.　ഒരു സംസ്കൃതവൃത്തം

വംശസ്ഥിതി　　　　　　　നാ.　വംശത്തിൻെറ നിലനിൽപ്പ്

വംശാങ്കുരം　　　　　　　നാ.　1. ഇല്ലിക്കൂമ്പ്, മുളങ്കൂമ്പ്; 2. കുലത്തിൻെറ പുതിയ പൊടിപ്പായിട്ടുള്ളവൻ

വംശാനുക്രമം　　　　　　　നാ.　വംശപാരമ്പര്യം

വംശാനുചരിതം　　　　　　　നാ.　വംശത്തിൻെറ തുടർച്ചയായ ചരിത്രം

വംശാവലി　　　　　　　നാ.　വംശത്തിലെ അങ്ഗങ്ങളുടെ ക്രമത്തിലുള്ള പട്ടിക

വംശി　　　　　　　നാ.　1. ഓടക്കുഴൽ; 2. കുഴൽ; 3. രക്തധമനി; 4. തൂക്കം

വംശിക1　　　　　　　വി.　വംശത്തെ സംബന്ധിച്ച, വംശക്രമം അനുസരിച്ചുള്ള

വംശിക2 നാ. 1. ഒരുതരം വീണ; 2. അകിൽ

വംശികൻ നാ. കുഴലൂത്തുകാരൻ

വംശീധരൻ നാ. ഓടക്കുഴൽ ധരിച്ചവൻ, കൃഷ്ണൻ

വംശീയൻ നാ. വംശത്തിൽപ്പെട്ടവൻ, വംശ്യൻ

വംശേശൻ നാ. കുലദേവത

വംശോദ്ഭവ നാ. വംശത്തിലുണ്ടായ

വംശ്യ വി. 1. വംശത്തിൽ പിറന്ന; 2. ഉത്തമകുലത്തിൽ ജനിച്ച; 3. നട്ടെല്ലിനെ സംബന്ധിച്ച

വംശ്യൻ നാ. 1. വമ്മ്ശത്തിൽപ്പെട്ടവൻ; 2. പൂർവികൻ; 3. കുടുംബാങ്ഗം; 4. പിൻഗാമി; 5. ശിഷ്യൻ

വംഹിഷ്ഠ വി. അത്യധികമുള്ള, ബംഹിഷ്ഠ

വമഥം,വമം നാ. 1. ഛർദി; 2. ആനയുടെ തുമ്പിക്കൈയ്യിൽനിന്നും ബഹിർഗമിക്കുന്ന ജലം

വമനം നാ. 1. ഛർദി, പഞ്ചകർമങ്ങളിൽ ഒന്ന്; 2. ഛർദിക്കുള്ള ഔഷധം; 3. ചണം; 4. വേദന

വമനി നാ. 1. കുളയട്ട; 2. പരുത്തിച്ചെടി

വമനീയ നാ. വമനം ചെയ്യേണ്ട

വമം നാ. വമഥം

വമി നാ. 1. ഛർദി; 2. ഛർദിക്കുള്ള ഔഷധം; 3. രോഗം; 4. അഗ്നി; 5. ചതിയൻ

വമിക്കുക ക്രി. 1. ഛർദിക്കുക; 2. പുറന്തള്ളുക; 3. പുറത്തേക്കു വിടുക; 4. വർഷിക്കുക

വമിത വി. 1. വമിക്കപ്പെട്ട, ഛർദിച്ച; 2. പുറംതള്ളപ്പെട്ട

വമ്പിക്കുക ക്രി. 1. വലുതാവുക; 2. അഹങ്കരിക്കുക

വമ്പ്1 നാ. വൻപ്

വമ്പ്2 നാ. 1. മുള; 2. പല്ലക്കിൻെറ തണ്ട്; 3. മുളങ്കുറ്റി; 4. ഒരു അളവ്

വമ്പ്3 നാ. 1. പുതുമ; 2. വാസന; 3. ശണ്ഠ

വമ്യ വി. വമിക്കത്തക്ക

വമ്രം, വമ്ര നാ. എറുമ്പ്

വയ്ക്കുക ക്രി. 1. ഒരു സ്ഥാനത്താക്കുക; 2. മെല്ലെ ഇടുക; 3. നിർത്തുക; 4. സ്ഥാപിക്കുക; 5. പാകംചെയ്യുക

വയ്ക്കോൽ നാ. നെൽച്ചെടിയിൽനിന്നും നെന്മണികൾ എടുത്തതിനുശേഷമുള്ള ഭാഗം

വയ്പ്പെണ്ണ നാ. മരുന്നുകളിട്ടു കാച്ചിയ എണ്ണ

വയക്കുക ക്രി. 1. വയങ്ങുമാറാക്കുക; 2. മിനുക്കുക; 3. നടത്തുക; 4. വെട്ടി നിരപ്പാക്കുക

വയങ്ങുക ക്രി. 1. മിനുങ്ങുക; 2. തിളങ്ങുക; 3. നടക്കുക

വയണം [അറ] നാ. 1. വിവരണം; 2. സ്ഥിതി; 3. വക

വയന നാ. സുഗന്ധമുള്ള ഒരുതരം മരം, എടന (വഴന)

വയനം നാ. നെയ്ത്ത്

വയപ്പുലി നാ. വയപ്പോത്ത്, സിംഹം

വയം1 സ.നാ. ഞങ്ങൾ

വയം2 നാ. 1. ഇച്ഛ; 2. ഭൂമി; 3. ജലം; 4. ശക്തി

വയമ നാ. 1. സിംഹം; 2. പുലി; 3. ആന

വയമ്പ് നാ. ഒരു അങ്ങാടിമരുന്ന്

വയൽ നാ. 1. പാടം, കൃഷിചെയ്യുന്ന സ്ഥലം; 2. വെളിംപ്രദേശം

വയലിൻ [ഇം.] നാ. ഒരു തന്ത്രിവാദ്യം, ഒരുതരം വില്ലുപയോഗിച്ചു വായിക്കുന്നത്

വയവൻ നാ. വീരൻ

വയവ് നാ. കാമം

വയസ്കൻ നാ. (സമാസാന്തത്തിൽ) വയസ്സുള്ളവൻ

വയസ്ഥ വി. യൗവനമുള്ള, പ്രായപൂർത്തിവന്ന, സ്നേഹമുള്ള, സഹജീവിയായ

വയസ്യ1 വി. വയസ്സു സംബന്ധിച്ച, വയസ്സ് അധികമുള്ള, സമവയസ്സുള്ള

വയസ്യ2 നാ. സഖി, ഒപ്പം കളിച്ചുവളർന്നവൾ

വയസ്യൻ നാ. സഹപാഠി, സമവയസ്കൻ

വയസ്വി,വയസ്സൻ നാ. വൃദ്ധൻ, വയസ്സുചെന്നവൻ

വയസ്സ് നാ. 1. ജീവിച്ചിരിക്കുന്ന കാലം; 2. ജീവിതദശ; 3. പ്രായം; 4. യൗവനം, ശക്തി; 5. പക്ഷി, കാക്ക (വായസം)

വയഃക്രമം നാ. വയസ്സിൻെറ ക്രമം, വയസ്സ് അനുസരിച്ചുള്ള ക്രമം

വയറ നാ. 1. കന്നുകാലിത്തീറ്റ; 2. വശള

വയൻ നാ. വയറുള്ളവൻ, അധികം ഭക്ഷിക്കുന്നവൻ

വയറി നാ. 1. ഒരു രോഗം, പൊങ്ങൻപനി; 2. വലിയ വയറുള്ളവൾ

വയറ് നാ. 1. പള്ള; 2. തടി അറുക്കുമ്പോൾ ഉള്ളിൽ കാണുന്ന കേട്. (പ്ര) വയറ്റിലുള്ളവൾ = ഗർഭിണി. വയറിളക്കം = അതിസാരം. വയറുവീർക്കുക = 1. ഭക്ഷണം മതിയാവുക; 2. ഗർഭമുണ്ടാകുക. വയറുകടി = ഒരു രോഗം

വയറ്റാട്ടി നാ. പ്രസവിക്കുന്ന സമയത്ത് അടുത്തിരുന്നു ശുശ്രൂഷിക്കുന്നവൾ, പതിച്ചി

വയറ്റിച്ചുലി നാ. വയറ്റിലുള്ളവൾ, ഗർഭിണി

വയറ്റുപ്പാട് നാ. വയറ്റുപിഴപ്പ്, ഉപജീവനം

വയാകം നാ. 1. ലത; 2. ചെറിയകൊമ്പ്

വയിതാവ് നാ. നെയ്ത്തുകാരൻ

വയുനം നാ. 1. ബുദ്ധി; 2. ജ്ഞാനം; 3. ചട്ടം; 4. ക്ഷേത്രം; 5. മാർഗം; 6. തെളിച്ചം

വയോഗത നാ. വയസ്സുചെന്ന; 2. മൂപ്പുള്ള

വയോധിക വി. അധികം വയസ്സുചെന്ന

വയോബലം നാ. വയസ്സുകൊണ്ടുള്ള ബലം

വയോരങ്ങ്ഗം നാ. കറുത്തീയം

വയോവൃദ്ധ വി. വയസ്സധികമുള്ള

വയ്യകം നാ. 1. ഭൂമി; 2. തേര്; 3. വാഹനം

വയ്യം നാ. ലോകം

വയ്യാ ക്രി. (നിഷേധരൂപം) കഴിയുകയില്ല

വയ്യാവേലി നാ. 1. ഒഴിവാക്കാമായിരുന്ന ഉത്തരവാദിത്വം, ശല്യം; 2. വെറുതെയുള്ള വഴക്ക്

വയ്യോൻ നാ. സൂര്യൻ

വർക്കത്ത് [അറ] നാ. 1. ശ്രീത്വം; 2. നന്മ; 3. വെടിപ്പ്; 4. ലക്ഷണം

വർക്കരം നാ. 1. ഇളംപ്രായത്തിലുള്ള നാൽക്കാലി മൃഗം; 2. ആട്ടിൻകുട്ടി; 3. പെരുഞ്ചവരിമാൻ; 4. വിനോദം; 5. ക്രീഡ

വർക്കരാടം നാ. 1. കടാക്ഷം; 2. ഉയരുന്ന സൂര്യൻെറ കതിര്

വർക്കസ്സ് [പോർ] നാ. കടൽബോട്ട്, ചെറിയകപ്പൽ

വർക്കളമാൻ നാ. പെരുഞ്ചവരിമാൻ

വർക്കുടം നാ. ആണി, സൂചി, കുറ്റി

വർഗക്കാരൻ നാ. വർഗത്തിൽപ്പെട്ടവൻ

വർഗചതുഷ്ടയം നാ. പുരുഷാർഥചതുഷ്ടയം

വർഗണം നാ. (ഗണിത) ഒരു സങ്ഖ്യയെ അതേ സങ്ഖ്യകൊണ്ടു പെരുക്കൽ

വർഗം നാ. 1. വസ്തുക്കളുടെയോ മനുഷ്യരുടെയോ പ്രത്യേക സമൂഹം; 2. ഒരേതരം വസ്തുക്കളുടെ കൂട്ടം; 3. സമുദായവിഭാഗം; 4. അധ്യായം; 5. വകുപ്പ്; 6. ഒരു സങ്ഖ്യയെ അതേ സങ്ഖ്യകൊണ്ടു ഗുണിച്ചാൽകിട്ടുന്ന ഫലം, തൻപെരുക്കം

വർഗശഃ അവ്യ. കൂട്ടംകൂട്ടമായി, വകുപ്പുവകുപ്പായി

വർഗാന്തരം നാ. 1. വർഗങ്ങൾക്കു തമ്മിലുള്ള അന്തരം; 2. മറ്റൊരു വർഗം

വർഗിക്കുക നാ. ഒരു സങ്ഖ്യയെ അതേ സങ്ഖ്യകൊണ്ടു ഗുണിക്കുക

വർഗ്യ വി. 1. ഒരു വർഗത്തിലുള്ള; 2. കൂട്ടുകാരനായ

വർഗ്യം നാ. വർഗമൂലം

വർച്ചഘം നാ. കുയിൽ

വർച്ചസ്കം നാ. 1. ശക്തി; 2. ശോഭ

വർച്ചസ്വി വി. വർച്ചസ്സോടുകൂടിയ

വർച്ചസ്സ് നാ. 1. ആകൃതി; 2. തേജസ്സ്; 3. ഓജസ്സ്; 4. നിറം

വർജന നാ. 1. ഉപേക്ഷിക്കൽ; 2. വധം; 3. ഉപദ്രവിക്കൽ

വർജനി നാ. മരമഞ്ഞൾ

വർജനീയ വി. വർജിക്കത്തക്ക

വർജിക്കുക ക്രി. 1. ഉപേക്ഷിക്കുക, കളയുക; 2. കേടുവരുത്തുക

വർജിത വി. വർജിക്കപ്പെട്ട

വർജ്യ വി. വർജിക്കത്തക്ക, ഉപേക്ഷിക്കത്തക്ക

വർജ്യകാലം നാ. അശുഭവേള

വർണക വി. 1. വർണിക്കുന്ന; 2. സ്തുതിക്കുന്ന

വർണകം നാ. 1. ചന്ദനം; 2. കുറിക്കൂട്ട്; 3. അരിതാരം; 4. അക്ഷരം; 5. വിഭാഗം; 6. വർണം നൽകുന്ന വസ്തു

വർണകൃത്രിമം നാ. പീതചന്ദനം

വർണചതുഷ്ടയം നാ. ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്നീ നാലു വർണങ്ങൾ

വർണജ്യേഷ്ഠൻ നാ. ബ്രാഹ്മണൻ

വർണതൂലി നാ. ചായമിടുന്ന തൂവൽ

വർണദാത്രി നാ. മഞ്ഞൾ

വർണന നാ. 1. വർണിക്കൽ, വിസ്തരിച്ചു പറയൽ; 2. സ്തുതിക്കൽ; 3. വർണം (ചായം) പിടിപ്പിക്കൽ (വർണനം)

വർണനീയ വി. വർണിക്കത്തക്ക

വർണപ്പകിട്ട് നാ. വർണഭങ്ഗി

വർണപ്രകർഷം നാ. നിറത്തിൻെറ മേന്മ

വർണം നാ. 1. ചായം; 2. (ശരീരത്തിൻെറ) നിറം; 3. അഴക്; 4. ജാതി, വർഗം; 5. (വ്യാക) അക്ഷരം, ഭാഷയുടെ ഏറ്റവും ചെറിയ ശാബ്ദികഘടകം, സ്വനം. ഉദാ: ശ = ശ്, അ എന്നീ രണ്ടു വർണങ്ങളടങ്ങിയത്; 6. കീർത്തി; 7. സ്തുതി; 8. നന്മ; 9. വസ്ത്രം; 10. അലങ്കാരം; 11. ഭാവം; 12. ലേപനദ്രവ്യം; 13. കുങ്കുമം; 14. (നാട്യ) ഭരതനാട്യത്തിലെ സവിശേഷമായ ഒരു നൃത്തശില്പം, അഭിനയത്തിനും ശുദ്ധനൃത്തത്തിനും ഒരുപോലെ സ്ഥാനമുള്ളത്

വർണമാതാ നാ. 1. പേന; 2. ഭൂമി

വർണമാതൃക നാ. സരസ്വതി

വർണമാല നാ. അക്ഷരമാല

വർണവാദി	നാ.	സ്തുതിപാഠകൻ

വർണവിഗ്രഹ	നാ.	സരസ്വതീദേവി

വർണവിപര്യയം	നാ.	വർണത്തിനുവരുന്ന മാറ്റം

വർണവിവർത്തനം	നാ.	ഭാഷയിലെ വാക്കുകൾ മറ്റൊരു ഭാഷയിലേക്ക് മാറ്റിയെഴുതൽ

വർണവൃത്തം	നാ.	ഒരു പാദത്തിൽ ഇത്രവർണമേ ആകാവൂ എന്ന് നിയമമുള്ള വൃത്തവിഭാഗം

വർണശബള	വി.	നിറപ്പകിട്ടാർന്ന

വർണശിക്ഷ	നാ.	അക്ഷരാഭ്യാസം

വർണസങ്കരൻ	നാ.	വ്യത്യസ്തജാതിയിൽപ്പെട്ട അച്ഛനമ്മമാർക്കു ജനിച്ചവൻ

വർണസങ്കരം	നാ.	പലവർണമോ പലജാതിയോ കൂടിച്ചേർന്ന

വർണസങ്കോചം	നാ.	(വ്യാക) ഉച്ചാരണസൗകര്യത്തിനുവേണ്ടി വർണങ്ങളെ യഥേഷ്ടം ലോപിപ്പിക്കൽ

വർണസങ്ഘാതം	നാ.	അക്ഷരമാല

വർണസ്ഥാനം	നാ.	ഉച്ചാരണസ്ഥാനം (കണ്ഠം താലു മൂർധാവ് ഊന് ദന്തം ഓഷ്ഠം നാസിക ജിഹ്വാ ജിഹ്വാമൂലം എന്നിവ)

വർണഹീനൻ	നാ.	ജാതിഭ്രഷ്ടൻ

വർണാചാരം	നാ.	ജാത്യാചാരം

വർണാടൻ നാ. 1. ചായമിടുന്നവൻ; 2. പ്രിയൻ; 3. ഗായകൻ

വർണാത്മകം നാ. വർണം നിറഞ്ഞത്, വാക്ക്

വർണാശ്രമം നാ. 1. ബ്രാഹ്മണൻ ക്ഷത്രിയൻ വൈശ്യൻ എന്നീ മൂന്നു വർണങ്ങൾ; 2. ബ്രഹ്മചര്യാദിസ്ഥിതി

വർണി1 വി. 1. നിറമുള്ള; 2. ജാതിയിൽ ചേർന്ന

വർണി2 നാ. 1. ബ്രഹ്മചാരി; 2. ചായപ്പണിക്കാരൻ; 3. സവർണൻ; 4. വർണികൻ; 5. കിളി

വർണിക നാ. 1. ചായം, മഷി; 2. നടന്റെ വേഷം; 3. ചാക്ക്; 4. തൂലിക

വർനികൻ നാ. എഴുത്തുകാരൻ

വർണിക്കുക ക്രി. 1. ചമത്കാരത്തോടെ വിസ്തരിച്ചു പറയുക; 2. പറയുക; 3. സ്തുതിക്കുക; 4. ചായമിടുക

വർണിത വി. 1. വർണിക്കപ്പെട്ട; 2. വരയ്ക്കപ്പെട്ട; 3. ചായമിട്ട

വർണിനി നാ. 1. ചതുർവർണങ്ങളിൽ ഒന്നിൽപ്പെട്ടവൾ; 2. സവർണജാതി സ്ത്രീ; 3. സ്ത്രീ; 4. മഞ്ഞൾ

വർണു നാ. സൂര്യൻ

വർണ്യം നാ. 1. വർണിക്കേണ്ടത്; 2. ഉപമേയം; 3. കുങ്കുമം; 4. പ്രശംസനീയം

വർത്തക വി. 1. വർത്തിക്കുന്ന, പാർക്കുന്ന; 2. തത്പരമായ; 3. വാണിജ്യസംബന്ധമായ

വർത്തകൻ നാ. 1. ധനവാൻ; 2. വ്യാപാരി

വർത്തകം നാ. 1. കാടപ്പക്ഷി; 2. കുതിരക്കുളമ്പ്; 3. വെള്ളോട്, പഞ്ചലോഹം; 4. തൊഴിൽ; 5. കച്ചവടം

വർത്തകി നാ. ഒരുതരം കാടപ്പക്ഷി

വർത്തനൻ നാ. 1. വർത്തിക്കുക ശീലമായിട്ടുള്ളവൻ; 2. ഉയരം കുറഞ്ഞവൻ

വർത്തനം നാ. 1. ജീവനോപായം, ജീവനം; 2. ജീവിതക്രമം; 3. പ്രവൃത്തി, തൊഴിൽ; 4. ഇരിപ്പ്; 5. പാർപ്പ്; 6. വഴി; 7. നൂൽനൂൽക്കാനുള്ള പഞ്ഞി; 8. ചുറ്റൽ, പ്രദക്ഷിണം

വർത്തനി നാ. 1. വഴി; 2. വണ്ടിച്ചക്രം; 3. സ്ത്രോത്രം; 4. നൂൽനൂൽക്കുന്നതിനുള്ള ഉപകരണം; 5. മാർഗശുല്കം; 6. കൺപോള; 7. വട്ടി

വർത്തനീയ വി. വർത്തിക്കത്തക്ക

വർത്തം നാ. 1. വർത്തനം; 2. ഉപജീവനം

വർത്തമാന വി. 1. വർത്തിക്കുന്ന; 2. ഇപ്പോൾനടന്നുകൊണ്ടിരിക്കുന്ന; 3. വർത്തമാനകാലത്തെ സംബന്ധിച്ച; 4. സമകാലികമായ

വർത്തമാനം നാ. 1. സംഭാഷണം, സംസാരം; 2. അന്നന്നുണ്ടാകുന്ന വിശേഷം; 3. സാന്നിധ്യം

വർത്തരൂകം നാ. നീർച്ചുഴി

വർത്തി1 വി. പാർക്കുന്ന, സ്ഥിതിചെയ്യുന്ന, വർത്തിക്കുന്ന

വർത്തി നാ. 1. ചുരുൾ; 2. തിരി; 3. മെഴുകുതിരി; 4. തീപ്പെട്ടിക്കോൽ; 5. ഒരുതരം അഞ്ജനം; 6. വര; 7. ചന്ദനക്കൂട്ട്; 8. സുഗന്ധദ്രവ്യം; 9. മായാദീപം; 10. വസ്ത്രത്തിൽ നെയ്യപ്പെടാത്ത അരിക്; 11. ശസ്ത്രക്രീയയ്ക്കുള്ള ഒരു ഉപകരണം; 12. തൊണ്ടമുഴ

വർത്തിക നാ. 1. കാടപ്പക്ഷി; 2. ചായമിടാനുള്ള കോൽ, തൂലിക; 3. വിളക്കിൻെറ തിരി; 4. നിറം, ചായം

വർത്തിക്കുക ക്രി. 1. പാർക്കുക; 2. ഇരിക്കുക, സ്ഥിതിചെയ്യുക

വർത്തിഷ്ണ വി. 1. വർത്തിക്കുക ശീലമുള്ള; 2. ചുറ്റിക്കൊണ്ടിരിക്കുന്ന

വർത്തുള1 വി. വട്ടത്തിലുള്ള, ഉരുണ്ട, വളഞ്ഞ

വർത്തുള2 നാ. 1. നൂലുനൂൽക്കുന്നതിനും മറ്റും വട്ടത്തിൽ തിരിയാനായി വയ്ക്കുന്ന ഉരുള

വർത്തുളം നാ. 1, വട്ടത്തിലുള്ളത്; 2. ഒരുതരം ഉരുള; 3. പൊൻകാരം; 4. പന്ത്; 5. വൃത്തം; 6. ചക്രം; 7. ചണമുള്ളങ്കി; 8. പയർ

വർത്മനി അവ്യ. വഴിയിൽ

വർത്മാവ് നാ. 1. കൺപോള; 2. വഴി; 3. ആചാരം, നടപ്പ്; 4. അഗ്രം

വർധക വി. 1. വർധിച്ചുവരുന്ന; 2. വർധിപ്പിക്കുന്ന; 3. മുറിക്കുന്ന

വർധകൻ നാ. ആശാരി, മരപ്പണിക്കാരൻ

വർധകം നാ. 1. വർധിപ്പിക്കുന്നത്; 2. ചെറുതേക്ക്

വർധകി നാ. ആശാരി

വർധന നാ. 1. വർധിക്കൽ, വൃദ്ധി, വളർച്ച; 2. ആധിക്യം; 3. ധനം

വർധനം നാ. 1. വളർച്ച, അഭിവൃദ്ധി; 2. ഛേദനം, വിഭജനം; 3. വർധിപ്പിക്കൽ

വർധനവ് നാ. വർധന എന്ന അർഥത്തിൽ തെറ്റായ പ്രയോഗം

വർധനി നാ. 1. വർധിപ്പിക്കുന്നവൾ; 2. പ്രേതമഞ്ചം; 3. ചൂരൽ; 4. ഒരുതരം പാത്രം

വർധനിക നാ. ശുദ്ധജലം നിറയ്ക്കാനുള്ള ഒരുതരം ചെറിയ പാത്രം

വർധനീയ വി. വർധിപ്പിക്കത്തക്ക

വർധം നാ. 1. ചെറുതേക്ക്; 2. കറുത്തീയം; 3. സിന്ദൂരം; 4. ഛേദനം; 5. വർധനം

വർധമാന വി. വർധിച്ചുകൊണ്ടിരിക്കുന്ന

വർധമാനകം നാ. 1. ചരാകം, ശരാവം; 2. (നാട്യ) ഒരു ഹസ്തമുദ്ര

വർധമാനൻ നാ. 1. വിഷ്ണു; 2. ജിനന്മാരിൽ പ്രധാനി (വർധമാനമഹാവീരൻ)

വർധമാനം നാ. 1. (ശില്പ) തെക്കുവശത്ത് വാതിലില്ലാത്ത കെട്ടിടം; 2. ആവണക്ക്; 3. മുടി; 4. ഒരു ഹസ്തമുദ്ര; 5. മധുരമാതളം; 6. ഒരുതരം കളം വരപ്പ്

വർധാപനം നാ. 1. ഛേദനം; 2. പൊക്കിൾക്കൊടി മുറിക്കൽ; 3. പിറന്നാളാഘോഷം

വർധിക്കുക ക്രി. 1. വളരുക, പെരുകുക; 2. ഐശ്വര്യം പ്രാപിക്കുക; 3. മുറിക്കുക

വർധിത വി. 1. വർധിപ്പിക്കപ്പെട്ട; 2. വളർന്ന; 3. നിറഞ്ഞ

വർധിഷ്ണു വി. വർധിച്ചുവരുന്ന

വർധ്രം നാ. 1. കാരീയം; 2. തോൽവാറ്

വർധ്രി നാ. തോൽവാറ്

വർപ്പം നാ. 1. ദൃഢത, ഉറപ്പ്; 2. ധൈര്യം

വർമ നാ. 1. ക്ഷത്രിയൻ; 2. വർമം

വർമണം നാ. ഒരുതരം നാരകം, ഓറഞ്ച്

വർമം1 നാ. 1. ഒരുതരം ചട്ട, പടച്ചട്ട; 2. അഭയം; 3. തോൽ

വർമം2 നാ. മർമം

വർമി നാ. പടച്ചട്ട ധരിച്ചവൻ

വർമിക്കുക ക്രി. 1. അപകടത്തിലാവുക; 2. മത്സരത്തിൽ പങ്കെടുക്കുക; 3. ഗൗരവം കാണിക്കുക

വർവണ നാ. 1. ചെറിയ തേനീച്ച; 2. ഈച്ച

വർവര നാ. 1. ചെറുതുളസി; 2. ഒരുതരം ഈച്ച

വർവരൻ നാ. 1. മ്ലേച്ഛൻ, അപരിഷ്കൃതൻ; 2. ദുർബുദ്ധി; 3. ജാതിഭ്രഷ്ടൻ; 4. ബർബരദേശക്കാരൻ

വർവരം നാ. 1. കറുത്ത ചെറുതുളസി; 2. നറുമ്പശ; 3. ഒരു രാജ്യം (ബർബരം); 4. ചായില്യം; 5. പീതചന്ദനം; 6. ചെറുതേക്ക്; 7. ചുരുണ്ട തലമുടി; 8. ആയുധം കൂട്ടിമുട്ടിയുണ്ടാകുന്ന ശബ്ദം; 9. ഒരുതരം നൃത്തം

1271

വർവരി നാ. 1. ഒരുതരം ചീര; 2. തേനീച്ച; 3. കുറ്റിക്കാട്

വർഷ നാ. 1. വർഷകാലം, മഴക്കാലം; 2. കരിഞ്ചീരകം

വർഷക വി. വർഷിക്കുന്ന

വർഷകരം നാ. മേഘം

വർഷകരി നാ. ചീവീട്

വർഷകാലം നാ. മഴക്കാലം, ഋതുഭേദങ്ങളിൽ ഒന്ന്

വർഷണം നാ. 1. മഴ; 2. വർഷിക്കൽ

വർഷണി നാ. 1. മഴച്ചാറ്റൽ; 2. പ്രവൃത്തി

വർഷധരൻ നാ. വർഷവരൻ

വർഷപാകി നാ. അമ്പഴം

വർഷപ്രിയ നാ. വേഴാമ്പൽ

വർഷം നാ. 1. മഴ, മഴക്കാലം; 2. സംവത്സരം; 3. ഭൂവിഭാഗം; 4. രാജ്യം; 5. കരിഞ്ചീരകം; 6. ആധിക്യം; 7. പൊഴിഞ്ഞുവീഴൽ; 8. മേഘം; 9. ഇന്ദ്രിയസ്ഖലനം

വർഷമാപിനി നാ. മഴ അളക്കുന്ന ഉപകരണം

വർഷർത്തു നാ. വർഷകാലം

വർഷവരൻ നാ. അന്തഃപുരസ്ത്രീകളെ പരിചരിക്കുന്ന നപുംസകൻ

വർഷവൃദ്ധി നാ. ജന്മദിനം, പിറന്നാൾ

വർഷാകരം നാ. മേഘം

വർഷാഗമം നാ. വർഷാരംഭം, മഴക്കാലത്തിൻെറ തുടക്കം

വർഷാഘോഷം നാ. മഞ്ഞനിറമുള്ള പെരുന്തവള, തവള

വർഷാങ്ഗം നാ. മാസം

വർഷാഭു നാ. 1. തവള; 2. തവിഴാമ; 3. ഇന്ദ്രഗോപം

വർഷാഭ്വി നാ. 1. പെൺതവള; 2. തവളക്കുഞ്ഞ്; 3. തവിഴാമ; 4. ഞാഞ്ഞൂൽ

വർഷാംബു നാ. മഴവെള്ളം

വർഷാംശം നാ. മാംസം

വർഷാമദം നാ. മയിൽ

വർഷാശനം നാ. അടുത്തൂൺ, പെൻഷൻ

വർഷി വി. വർഷിക്കുന്ന

വർഷിക്കുക ക്രി. 1. ചൊരിയുക; 2. മഴപോലെ പൊഴിയുക; 3. മഴപെയ്യുക

വർഷിതം നാ. 1. വർഷിക്കപ്പെട്ടത്; 2. മഴ

വർഷിഷ്ഠ വി. 1. ഏറ്റവും പ്രായം കൂടിയ; 2. ഏറ്റവും വലിയ

വർഷീയസ്സ് വി. 1. അധികം വയസ്സുചെന്ന; 2. കൂടുതൽ ബലമുള്ള

വർഷുക വി. വർഷിക്കുന്ന

വർഷോപലം നാ. ആലിപ്പഴം

വർഷ്മം നാ. ശരീരം

വർഷ്മാവ് നാ. 1. ശരീരം; 2. അളവ്, വലിപ്പം; 3. ഉയരം; 4. തലം; 5. സൗന്ദര്യം, സുന്ദരരൂപം; 6. പർവതത്തിൻെറ ഉപരിതലം; 7. നട്ടെല്ല്

വർഷ്യ വി. വർഷിക്കത്തക്ക

വർഹം നാ. ബർഹം. 1. പച്ചില; 2. മയിൽപ്പീലി

വർഹി,ബർഹി നാ. മയിൽ

വര1 നാ. 1. നീണ്ടു കനം കുറഞ്ഞ അടയാളം; 2. ഉള്ളങ്കൈയിൽ കാണുന്ന നീണ്ട അടയാളം; 3. ചുളിവ്; 4. വരച്ചത്; 5. കരാർ; 6. അളവ്; 7. ഊഴം

വര2 വി. 1. ശ്രേഷ്ഠമായ; 2. വലിയ; 3. ഉത്തമമായ

വര3 [വരയ്ക്കുക] ധാതുരൂപം

വര4 നാ. മല. (പ്ര) വരയാട് = മലമ്പ്രദേശങ്ങളിൽ കണ്ടുവന്നിരുന്ന ഒരിനം ആട്

വരകൻ നാ. വിവാഹം കഴിക്കാൻവേണ്ടി കന്യകയെ ചോദിക്കുന്നവൻ

വരകം നാ. 1. ആഗ്രഹം; 2. വരം; 3. പുതപ്പ്; 4. കൈലേസ്

വരകരി നാ. നല്ല ആന

വരകോൽ നാ. 1. വരയിടാനുള്ള കോൽ; 2. റൂൾത്തടി; 3. സ്കെയിൽ

വരക്രതു നാ. ഇന്ദ്രൻ

വരഗതി നാ. 1. മോക്ഷം; 2. മേൽഗതി

വരഗാത്രി നാ. സുന്ദരി

വരച്ചൽ നാ. 1. വരയ്ക്കൽ; 2. വിള്ളൽ; 3. ചുളിവ്; 4. പട്ടിണി

വരട നാ. അരയന്നപ്പിട

വരടം നാ. 1. ഒരുതരം അരയന്നം; 2. ഒരു ധാന്യം

വരട് നാ. ഉണക്കത്തേങ്ങ

വരട്ടുക ക്രി. 1. ജലാംശം ഇല്ലാതാക്കുക; 2. കുറുക്കി വറ്റിക്കുക; 3. ഉണക്കുക; 4. വറുക്കുക

വരട്ടുകാലം നാ. 1. കടുത്ത വേനൽക്കാലം; 2. പഞ്ഞം

വരട്ടുകുര നാ. കഫമില്ലാത്ത ചുമ

വരട്ടുമഞ്ഞൾ നാ. പുഴുങ്ങി ഉണക്കിയ മഞ്ഞൾ

വരട്ടെ വ്യാക്ഷേ 1. സമയമായില്ല, കാത്തിരിക്കുക എന്നീ അർഥങ്ങളിൽ പ്രയോഗം; 2. മതിയാക്കുക

വരണം നാ. 1. വരിക്കൽ, സ്വീകരിക്കൽ; 2. വൃക്ഷം; 3. ഒട്ടകം; 4. പാലം

വരണമാല നാ. വരൻ വധുവിൻെറ കഴുത്തിലിടുന്ന മാല

വരണമാല്യം നാ. വരണമാല

വരണീയ വി. വരിക്കത്തക്ക

വരണ്ട വി. നല്ലവണ്ണം ഉണങ്ങിയ

വരണ്ടുക ക്രി. 1. പുല്ല് കരിയില മുതലായവ കൈകൊണ്ടോമറ്റോ തള്ളിമാറ്റുക; 2. കട്ടപൊടിച്ചു നിരത്തുക

വരണ്ഡ നാ. 1. വിളക്കിലെ തിരി; 2. കത്തി, കഠാര; 3. വരണ്ടപ്പക്ഷി

വരണ്ഡക വി. 1. വലിയ; 2. വിസ്താരമുള്ള; 3. ഭയപ്പെടുന്ന; 4. ദയനീയമായ

വരണ്ഡകം നാ. 1. അമ്പാരി; 2. ഭിത്തി; 3. മുഖക്കുരു

വരണ്ഡം നാ. 1. പുൽക്കൂട്ടം; 2. സമൂഹം; 3. വരാന്ത

വരതനു നാ. 1. ഭങ്ഗിയുള്ള ശരീരം; 2. സുന്ദരി

വരത്തടിപ്പലക നാ. ചതുരങ്ഗപ്പലക

വരത്തൻ നാ. 1. നാട്ടുകാരനല്ലാത്തവൻ; 2. അന്യൻ; 3. തെണ്ടി

വരദ വി. വരം കൊടുക്കുന്ന. നാ. 1. കന്യക; 2. വരം നൽകുന്നവൾ, ദേവി

വരദക്ഷിണ നാ. വിവാഹസമയം വധുവിൻെറ പിതാവ് വരനു നൽകുന്ന സമ്മാനം

വരദാനം നാ. വരംകൊടുക്കൽ

വരദാരു നാ. തേക്ക്

വരൻ നാ. 1. ഭർത്താവ്; 2. വിവാഹം ചെയ്യാൻപോകുന്നവൾ; 3. മകളുടെ ഭർത്താവ്

വരപ്രസാദം നാ. 1. സമ്മാനം; 2. അനുഗ്രഹം

വരഫലം നാ. തെങ്ങ്

വരം1 നാ. 1. ആഗ്രഹം നിറവേറ്റൽ; 2. ആഗ്രഹം നിറവേറുമെന്ന അനുഗ്രഹം; 3. അഭീഷ്ടസിദ്ധി

വരം2 നാ. 1. വരമ്പ്; 2. അതിർത്തി

വരമാത് നാ. ശ്രീപാർവതി

വരമൊഴി നാ. 1. ഗ്രന്ഥഭാഷ; 2. എഴുതാനുപയോഗിക്കുന്ന ഭാഷ

വരയ്ക്കുക ക്രി. 1. വരയുണ്ടാക്കുക; 2. രൂപമുണ്ടാക്കുക; 3. ചിത്രം രചിക്കുക; 4. എഴുതുക

| | | |
|---|---|---|
| വരയൻ | നാ. | 1. വരയുള്ളത്; 2. ഒരുതരം ആട്, വരയാട് |
| വരയുവതി | നാ. | ശ്രേഷ്ഠയായ യുവതി, സുന്ദരി |
| വരരുചി | നാ. | വിക്രമാദിത്യസദസ്സിലെ നവരത്നങ്ങളിൽ ഒരാൾ |
| വരവർണം | നാ. | സ്വർണം |
| വരവർണിനി | നാ. | 1. ഉത്തമസ്ത്രീ; 2. സരസ്വതി |
| വരവരെ | അവ്യ. | 1. ക്രമേണ; 2. പടിപ്പടിയായി |
| വരവ് | നാ. | 1. വന്നെത്തൽ; 2. ലാഭം; 3. വരുമാനം |
| വരവൃദ്ധൻ | നാ. | 1. ശിവൻ; 2. ശ്രേഷ്ഠനായ വൃദ്ധൻ |
| വരവേണി | നാ. | സ്ത്രീ |
| വരൾ | [വരളുക] | ധാതുരൂപം |
| വരളി | നാ. | പരത്തി ഉണക്കിയ ചാണകം |
| വരളുക | ക്രി. | 1. ഉണങ്ങുക; 2. ഉണങ്ങി വെള്ളം വലിയുക |
| വരാക | വി. | 1. ദരിദ്രമായ; 2. ഭാഗ്യം ഇല്ലാത്ത |
| വരാകൻ | നാ. | ഭാഗ്യം ഇല്ലാത്തവൻ |
| വരാകം | നാ. | യുദ്ധം |
| വരാങ്ഗൻ | നാ. | 1. വിഷ്ണു; 2. കാമദേവൻ; 3. ആന |
| വരാങ്ഗന | നാ. | ഉത്തമസ്ത്രീ |

വരാങ്ഗം നാ. 1. തല; 2. അഴകുള്ള ശരീരം

വരാങ്ഗി നാ. 1. സുന്ദരി; 2. മഞ്ഞൾ

വരാടകം നാ. 1. താമരപ്പൂവിൻെറ ഉള്ളിലെ കർണിക; 2. കയറ്; 3. വലച്ചരട്

വരാടം നാ. 1. കവടി; 2. വരാടകം

വരാണൻ നാ. ഇന്ദ്രൻ

വരാനന നാ. സുന്ദരി

വരാന്ത [ഇം.] നാ. കെട്ടിടത്തിൻെറ തിണ്ണ

വരായ്ക നാ. 1. വന്നുചേരാതിരിക്കുക; 2. ലഭിക്കായ്ക

വരായ നാ. നല്ല ആദായം

വരാരകം നാ. വജ്രം

വരാരോഹ നാ. ഉത്തമസ്ത്രീ, സുന്ദരി

വരാരോഹൻ നാ. 1. ആനക്കാരൻ; 2. നല്ല സവാരിക്കാരൻ

വരാലം നാ. കരയാമ്പു

വരാശി,വരാസി നാ. പരുക്കൻ തുണി

വരാസനൻ നാ. 1. കാവൽക്കാരൻ; 2. പ്രിയൻ; 3. മാന്യൻ

വരാസനം നാ. 1. ശ്രേഷ്ഠമായ ഇരിപ്പിടം; 2. മാന്യസ്ഥാനം; 3. ചെമ്പരുത്തിപ്പൂവ്

വരാഹകല്പം		നാ.	വരാഹാവതാരകാലം

വരാഹതരു		നാ.	തെങ്ങ്

വരാഹൻ		നാ.	1. ഒരു പുരാതന സ്വർണ്ണനാണയം; 2. വിഷ്ണു; 3. വരാഹമിഹിരൻ

വരാഹപുരാണം		നാ.	അഷ്ടാദശപുരാണങ്ങളിൽ ഒന്ന്

വരാഹം		നാ.	1. പന്നി; 2. ദശാവതാരങ്ങളിൽ മൂന്നാമത്തേത്; 3. ഒരു പർവതം; 4. ഒരുതരം അളവ്; 5. ചീങ്കണ്ണി; 6. കാള; 7. മുത്തങ്ങ; 8. പന്നിക്കിഴങ്ങ്; 9. ഒരു ദ്വീപ്; 10. മേഘം; 11. മുട്ടാട്; 12. വരാഹപുരാണം; 13. ഒരു സൈന്യവ്യൂഹം; 14. ശ്രേഷ്ഠ ദിവസം

വരാഹമിഹിരൻ		നാ.	വിക്രമാദിത്യസദസ്സിലെ നവരത്നങ്ങളിൽ ഒരാൾ, ബൃഹത്സംഹിതാകാരൻ

വരാഹമൂർത്തി		നാ.	വിഷ്ണു

വരാഹാവതാരം		നാ.	വിഷ്ണുവിൻെറ മൂന്നമത്തെ അവതാരം (പന്നിയുടെ രൂപത്തിൽ)

വരാളം		നാ.	പാമ്പ്

വരാളി		നാ.	1. ഒരു രാഗം, മുപ്പത്തിയൊൻപതാം മേളകർത്താവായ സാലാവരാളിയുടെ ജന്യം; 2. ചന്ദ്രൻ

വരാളിക		നാ.	ദുർഗ

വരി1 [വരിയുക]		ധാതുരൂപം

വരി2 നാ. 1. (പുസ്തകത്തിലെയും മറ്റും അക്ഷരങ്ങളുടെ) നിര; 2. ക്രമം; 3. കരം, നികുതി; 4. ഏതെങ്കിലുമൊരാവശ്യത്തിനു പലരിൽനിന്നു പണം പിരിച്ചെടുക്കുന്നതിൻെറ മുറ; 5. രേഖ, പ്രമാണം; 6. കടൽ

വരിക്ക നാ. ഒരുതരം ചക്ക (പഴുക്കുമ്പോൾ ചുള അളിഞ്ഞുപോകാത്തത്). താരത കൂഴച്ചക്ക

വരിക്കണക്ക് നാ. 1. സ്വത്തുപട്ടിക, വസ്തു വിവരപ്പട്ടിക; 2. വരിസങ്ഖ്യയുടെ കണക്ക്

വരിക്കാർ നാ. ഏതെങ്കിലും കാര്യത്തിന് വരിയടയ്ക്കുന്നവൻ

വരിച്ചൽ നാ. 1. വരിയൽ; 2. വരിയാൻ ഉപയോഗിക്കുന്ന വസ്തു; 3. ചുറ്റിക്കെട്ട്

വരിച്ചാർത്ത് നാ. എണ്ണം കാണിക്കുന്ന കുറിപ്പ്

വരിനെല്ല് നാ. വിതയ്ക്കാതെ താനേ കിളിർത്ത് ഉണ്ടാകുന്ന ഒരു ധാന്യം, തൃണാന്നം

വരിപ്പണം നാ. 1. വീതം വച്ച് പലരായി നൽകുന്ന പണം, അതിൽ ഒരു വീതം, വരിസങ്ഖ്യ; 2. കരം

വരിപ്പ്1 നാ. വസ്തുക്കളുടെ ഉയർന്ന വക്ക്, തടം, തട്ട്

വരിപ്പ്2 ക്രി. വരണം, തിരഞ്ഞെടുക്കൽ

വരിപ്പുലി നാ. വരിയൻ പുലി

വരിപ്പുള്ളി നാ. കണക്കപ്പിള്ള

വരിമം	നാ.	1. വ്യാപ്തി; 2. വീതി; 3. ചുറ്റളവ്

വരിമിഴി	നാ.	നീണ്ടകണ്ണ്

വരിയൻ	വി.	വരിയുള്ള, വരകളുള്ള. നാ. വരിപ്പുലി

വരിയുക	ക്രി.	1. ചുറ്റിക്കെട്ടുക; 2. വാരിവച്ചുകെട്ടുക; 3. മുറുക്കിച്ചുറ്റുക; 4. കസേരയ്ക്കും മറ്റും ചൂരൽ വരിയുക

വരിയോല	നാ.	1. കുറിപ്പടി; 2. വിലവിവരപ്പട്ടിക; 3. ഉടമ്പടിപ്പത്രം

വരിവസിത	വി.	ആദരിക്കപ്പെട്ട, വന്ദിക്കപ്പെട്ട, സേവിക്കപ്പെട്ട

വരിവസിതം	നാ.	1. ശുശ്രൂഷ; 2. സേവ; 3. പൂജ

വരിവെള്ളം	നാ.	മഴപെയ്തൊഴുകുന്ന വെള്ളം

വരിശ	നാ.	1. ഭങ്ഗി; 2. മുറ; 3. നിര; 4. ആദരം

വരിശി	നാ.	ചൂണ്ടൽ, ചൂണ്ടൽച്ചരട്

വരിഷം	നാ.	വർഷം, ആണ്ട്

വരിഷ്ഠ	വി.	ശ്രേഷ്ഠമായ, ഏറ്റവും നല്ലതായ

വരിഷ്ഠം	നാ.	1. ചെമ്പ്; 2. കുരുമുളക്; 3. കാട

വരിസങ്ഖ്യ	നാ.	വരിപ്പണം

വരീയസ്സ്	വി.	1. കൂടുതൽ നല്ലതായ; 2. വലിയ

വരീയാൻ	നാ.	അധികം നല്ലവൻ

വരീവർദം	നാ.	ബലീവർദം, കാള

വരീഷ്ഠൻ നാ. കാമദേവൻ

വരു1 നാ. വരമ്പ്, അതിർത്തി

1273

വരു2 [വരുക] ധാതുരൂപം

വരുക,വരിക ക്രി. 1. സമീപിക്കുക, എത്തിച്ചേരുക; 2. ഉണ്ടാകുക; 3. ചേരുക; 4. കിട്ടുക

വരുങ്കാലം നാ. ഭാവികാലം

വരുടുക ക്രി. തടവുക

വരുട്ടുക ക്രി. വിരട്ടുക

വരുഡൻ നാ. ചൂരൽ വേലക്കാരൻ

വരുണൻ നാ. 1. അഷ്ടദിക്ക്പാലകന്മാരിൻ ഒന്ന്, സമുദ്രത്തിൻെറ അധിപതി, ജലത്തിൻെറ ദേവത; 2. സൂര്യൻ

വരുണപത്തി നാ. വാരുണി, ജ്യേഷ്ഠ

വരുണം നാ. 1. സമുദ്രം; 2. ജലം; 3. നീർമാതളം; 4. ആകാശം

വരുണാത്മജ നാ. മദ്യം

വരുണാനി നാ. മദ്യത്തിൻെറ ദേവി

വരുണാലയം നാ. സമുദ്രം

വരുണാശ നാ. പടിഞ്ഞാറെ ദിക്ക്

വരുതി നാ. 1. കല്പന, ഉത്തരവ്; 2. സമ്മതം, അനുജ്ഞ; 3. റിപ്പോർട്ട്

വരുത്തം നാ. 1. വരിപ്പ്; 2. പ്രയാസം; 3. ഉപദ്രവം; 4. സുഖമില്ലായ്മ

വരുത്തുക1 ക്രി. 1. വ്യസനിക്കുക; 2. ക്ലേശിക്കുക, ബുദ്ധിമുട്ടുക

വരുത്തുക2 ക്രി. വരുവാൻ ഇടയാക്കുക

വരുത്രം നാ. ഒരുതരം വസ്ത്രം, മേലങ്കി

വരുമാനം നാ. വരവ്, ആദായം

വരുവിക്കുക ക്രി. വരുത്തുക

വരുഥം നാ. 1. തേരിനെ സമ്രക്ഷിക്കാൻ ഉറപ്പിച്ച തടി; 2. ചട്ട, കവചം; 3. ഭവനം; 4. കുടുംബം; 5. രക്ഷ; 6. കൂട്ടം; 7. കുയിൽ; 8. കാലം

വരുഥി1 വി. 1. വരുഥം ധരിച്ച; 2. വരുഥത്തോടുകൂടിയ; 3. രക്ഷനൽകുന്ന രഥത്തിലിരിക്കുന്ന

വരുഥി2 നാ. 1. രഥം; 2. രക്ഷകൻ

വരുഥിനി നാ. സൈന്യം

വരെ ഗതി (പദാന്ത്യ) ഓളം, അവിടം വരെ

വരേണ്യ വി. 1. വരിക്കത്തക്ക; 2. ശ്രേഷ്ഠതയുള്ള

വരേന്ദ്രൻ നാ. 1. ദേവേന്ദ്രൻ; 2. പരമാധികാരി; 3. നല്ലവരിൽ ശ്രേഷ്ഠൻ

വരേരി നാ. 1. ഉപവാസം; 2. പഥ്യം

വരേശ്വരൻ നാ. ശിവൻ

വരോടം നാ. മരുവകം, മരുവകത്തിൻെറ പൂവ്

വരോരു നാ. സുന്ദരി

വരോളം നാ. ഒരുതരം കടന്നൽ

വര്യ1 വി. 1. വരിക്കത്തക്ക; 2. ശ്രേഷ്ഠതരമായ

വര്യ2 നാ. സ്വേച്ഛയാ ഭർത്താവിനെ വരിക്കുന്നവൾ

വര്യൻ നാ. 1. കാമദേവൻ; 2. ശ്രേഷ്ഠൻ

വര്യം നാ. 1. വരിക്കത്തക്കത്; 2. ശ്രേഷ്ഠം; 3. കവടി

വര്യോല നാ. വരിയോല

വല1 വി. ബലമുള്ള

വല2 നാ. നൂലോ കമ്പിയോ അല്പം അകറ്റി നീളെയും കുറുകെയും ഘടിപ്പിച്ച് ഉണ്ടാക്കുന്ന ഒരു ഉപകരണം; 2. പക്ഷി മൃഗം മത്സ്യം മുതലായവയെ പിടിക്കുന്നതിന് നൂൽച്ചരടുകൊണ്ടും മറ്റും കെട്ടിയുണ്ടാക്കുന്ന ഉപകരണം; 3. മാറാല

വലക്കണ്ണ് നാ. വലറ്റിലെ വിടവ്

വലക്ഷം നാ. വെളുപ്പുനിറം

വലഗ്നം നാ. അവലഗ്നം

വലങ്കൈ നാ. 1. വലതുകൈ; 2. (പ്ര) പ്രധാന സഹായി; 3. പിന്നോക്കസമുദായത്തിൽ ഒരു വർഗം

വലച്ചൽ1 നാ. വലയുക എന്ന അനുഭവം

വലച്ചൽ2 നാ. 1. ആലസ്യം; 2. ക്ഷീണം; 3. കഷ്ടത; 4. ദാരിദ്ര്യം; 5. നഷ്ടം; 6. പണയം വയ്ക്കൽ; 7. മങ്ങിക്കാണൽ; 8. വസ്ത്രങ്ങളുടെ നൂൽ അങ്ങുമിങ്ങും അകന്നുപോകൽ

വലജ നാ. 1. സുന്ദരി; 2. അറബിമുല്ല; 3. ഭൂമി

വലജം നാ. 1. സസ്യങ്ങൾ വളരുന്ന കണ്ടം; 2. ക്ഷേത്രം; 3. ഭവനത്തിൻെറ വാതിൽ, ഗോപുരദ്വാരം; 4. രാജധാനി; 5. മജ്ജ; 6. യുദ്ധം; 7. ധാന്യ സമൂഹം; 8. സുന്ദരരൂപം

വലഞ്ഞ വി. വലയുക

വലത്തിടുക ക്രി. വലത്തോട്ടായി ചുറ്റിവരുക, വലം വയ്ക്കുക

വലത്ത് അവ്യ. 1. വലങ്കൈയുടെ ഭാഗത്ത്; 2. തെക്കുവശത്ത്

വലത്തൂട്ട് അവ്യ. വലതുവശത്തുകൂടെ

വലത്തേത് നാ. 1. വലത്തുവശത്തേത്; 2. വാൾ

വലനം നാ. 1. ഗമനം; 2. ഭ്രമണം; 3. സംഭ്രമം

വലപ്പാട് നാ. 1. വലനിവർത്തിയിട്ടാലുള്ള സ്ഥലം; 2. മുക്കുവക്കുടി; 3. വലത്തുപാട്

വലഭി നാ. വളഭി, മുഖപ്പലക, വളമരം

വലം നാ. 1. പ്രദക്ഷിണം; 2. വലതുഭാഗം; 3. ബലമുള്ളഭാഗം; 4. ഘോഷയാത്ര

വലംബം നാ. അവലംബം

വലമഥനൻ നാ. ഇന്ദ്രൻ

വലമ്പാട്ട് നാ. വിജയഗീതം

വലമ്പിരി നാ. വലത്തോട്ടു പിരിയുള്ള ശങ്ഖ്, വലംപിരിശങ്ഖ്

വലയ്ക്കുക ക്രി. 1. ഉപദ്രവിക്കുക; 2. ഞെരുക്കുക; 3. വസ്ത്രം വലപോലെ ആക്കുക; 4. പണയം വയ്ക്കുക

വലയം നാ. 1. വളയം, ചുറ്റ്, വൃത്തം; 2. വള, കൈവള, കാൽവള, തള; 3. അരഞ്ഞാൺ; 4. (വ്യാക) ഒരു വാക്യത്തെയോ വാചകത്തെയോ പദത്തെയോ മറ്റൊന്നിൻെറ മധ്യേ അതിനോടു വ്യാകരണ ബന്ധം കൂടാതെ ചേർക്കുന്നതിന് ഉപയോഗിക്കുന്ന ഒരു ചി ം; 5. വേലി; 6. തൊണ്ടവേദന; 7. വള്ളിക്കുടിൽ; 8. വലയപുരി

വലയിത വി. ചുറ്റപ്പെട്ട

വലയുക ക്രി. 1. കുഴങ്ങുക; 2. അങ്ങുമിങ്ങുമലയുക; 3. ചുറ്റിത്തിരിയുക; 4. ദുഖിക്കുക; 5. ക്ഷീണിക്കുക

വലരി നാ. ചെറിയ പുഴ

വലരിപു നാ. ദേവേന്ദ്രൻ

വലശാസനൻ നാ. വലമഥനൻ, ഇന്ദ്രൻ

വലസ്സ് നാ. സാമർത്ഥ്യം, ബലം

വലാകം നാ. വെള്ളിൽപ്പക്ഷി, ബലാകം

വലാടം നാ. ചെറുപയറ്

വലാരാതി നാ. ദേവേന്ദ്രൻ

വലാഹ നാ. ഒരുതരം പക്ഷി, വലാക

വലാഹകം നാ. 1. മേഘം; 2. പർവതം; 3. മുത്തങ്ങ; 4. വിഷ്ണുവിൻെറ തേർക്കുതിര; 5. വലാക

വലി1 നാ. 1. വലിവ്; 2. പ്രയത്നം; 3. വലിക്കൽ; 4. ബലപ്രയോഗം; 5. തീവണ്ടി; 6. പുകവലി; 7. ശ്വാസംവലി; 8. ഞരമ്പുവലി

വലി2 നാ. 1. ചുളിവ്; 2. നേത്രഗോളം; 3. മടക്ക്; 4. ഇറമ്പ്; 5. കുറിക്കൂട്ടുകൊണ്ടു ശരീരത്തിൽ ഉണ്ടാക്കുന്ന രേഖ; 6. ഗന്ധകം

വലിക്കുക ക്രി. 1. ഉൾക്കൊള്ളുക; 2. ഇഴയ്ക്കുക; 3. ഏങ്ങുക; 4. ബലമ്പ്രയോഗിച്ച് അടുത്തേക്കു നീക്കുക

വലിച്ചൽ നാ. 1. വലിയുക എന്ന ക്രിയ; 2. അയവില്ലായ്മ; 3. മുറുക്കം

വലിത വി. 1. വലനം ചെയ്യപ്പെട്ട; 2. ചലിക്കുന്ന; 3. തൊലിഞൊറിഞ്ഞു ചുളുക്കുള്ള; 4. ചുറ്റപ്പെട്ട; 5. എറിയപ്പെട്ട

വലിതം നാ. 1. ചുറ്റപ്പെട്ടത്; 2. മുളക്

വലിത്രയം നാ. വയററത്ത് വിലങ്ങനെയുള്ള മൂന്നു രേഖകൾ

വലിപ്പം,വലുപ്പം നാ. 1. വലുതായിരിക്കൽ; 2. പുഷ്ടി; 3. വണ്ണം; 4. പ്രഭാവം; 5. ഡംഭം

വലിപ്പ് നാ. 1. വലിച്ചിൽ; 2. കോച്ചൽ; 3. ചാമത്തല; 4. മേശയുടെയും മറ്റും അറ

വലിമ നാ. 1. വലിപ്പം; 2. മഹത്ത്വം; 3. വലിവ്; 4. ശക്തി

വലിമത്ത് നാ. വലികളുള്ള, ചുളുക്കുള്ള

വലിമുഖം നാ. കുരങ്ങ്

വലിമ്പ് നാ. 1. സഞ്ചി; 2. കീശ; 3. ഇറമ്പ്

വലിയ വി. 1. വലുതായ, ചെറുതല്ലാത്ത; 2. ശക്തിയുള്ള; 3. പുഷ്ടിയുള്ള; 4. സമ്പത്തും കീർത്തിയുമുള്ള

വലിയച്ഛൻ നാ. 1. പേരപ്പൻ; 2. അമ്മയുടെ അച്ഛൻ; 3. അമ്മാവൻ

വലിയപ്പൻ നാ. 1. അച്ഛൻെറ ജ്യേഷ്ഠൻ; 2. മൂത്തഅമ്മാവൻ; 3. അച്ഛൻെറ അച്ഛൻ

വലിയമ്മ നാ. 1. പേരമ്മ; 2. അമ്മയുടെ ജ്യേഷ്ഠത്തി; 3. വയസ്സധികമുള്ളവൾ

വലിയുക ക്രി. 1. നീളുക; 2. ഇഴയുക; 3. അയവില്ലാതാകുക; 4. വററുക; 5. കാണാതാവുക; 6. ഏങ്ങുക; 7. വേദനയുണ്ടാവുക

വലിയെ അവ്യ. 1. ഞെരുങ്ങി; 2. കാരണംകൂടാതെ; 3. ക്ഷണിക്കാതെ; 4. നിർബന്ധത്തോടെ; 5. പെട്ടെന്ന്

വലിര വി. കോങ്കണ്ണുള്ള

വലിവ് നാ. 1. വലിയുക എന്ന അനുഭവം; 2. ശ്വാസം മുട്ട്; 3. ഒഴുക്ക്; 4. ആഗീരണം

വലിശം നാ. ചൂണ്ടൽ, ബളിശം

വലീകം നാ. (വാസ്തു) വാവടയുടെ താഴെ തറയ്ക്കുന്ന തൂവാനപ്പലക, ഇറമ്പ്

വലീമുഖം നാ. കുരങ്ങ്

വലീവർദം നാ. കുരങ്ങ്

വലു1 നാ. 1. കൊതുക്; 2. ഒഴുക്ക്

വലു2 വി. വലിയ, ബലത്ത

വലുത് നാ. വലിയത്, വലിപ്പമുള്ളത്

വല്കതരു നാ. 1. കവുങ്ങ്; 2. ചെമന്ന പാച്ചോറ്റി

വല്കപഞ്ചകം നാ. അത്തി ഇത്തി കല്ലാൽ പേരാൽ അരയാൽ ഈ അഞ്ചു വൃക്ഷങ്ങൾ

വല്കഫലം നാ. താളിമാതളം

വല്കം	നാ.	1. വൃക്ഷത്തിൻെറ തൊലി, മരവുരി; 2. മത്സ്യത്തിൻെറ ചെതുമ്പൽ; 3. ചെമന്ന പാച്ചോറ്റി; 4. ഖണ്ഡം; 5. ഇനാമൽ

വല്കലം	നാ.	1. മരത്തിൻെറ തൊലി, മരവുരി, ചീരവസ്ത്രം; 2. ഇലവർങ്ങം

വല്കുടം	നാ.	1. തൊണ്ട്; 2. മരവുരി

വല്ഗ	നാ.	കടിഞ്ഞാൺ

വല്ഗത്ത്	വി.	1. പതിഞ്ഞുനടക്കുന്ന; 2. കുതിക്കുന്ന

വല്ഗന	നാ.	ചലനം

വല്ഗനം	നാ.	1. കുതിരയെച്ചാടിക്കൽ; 2. ചലനം; 3. ചാട്ടം

വല്ഗിക്കുക	ക്രി.	കുതിച്ചുചാടുക

വല്ഗിത	വി.	1. വല്ഗനംചെയ്യപ്പെട്ട; 2. തുള്ളിച്ചാടുന്ന

വല്ഗിതം	നാ.	1. കുതിരയുടെ ഗതിവിശേഷം; 2. അഹംഭാവത്തോടുകൂടിയുള്ള നടപ്പ്; 3. ശരപ്രയോഗത്തിനുള്ള ചുവടുവയ്പ്പ്; 4. ചാട്ടം

വല്ഗു1	വി.	1. മനോഹരമായ; 2. വിലയേറിയ

വല്ഗു2	നാ.	മുട്ടാട്, ആട്

വല്ഗുക	വി.	മനോഹരമായ

വല്ഗുകം	നാ.	1. ചന്ദനം; 2. വില; 3. വനം

വല്ഗുദർശന	വി.	കാഴ്ചയ്ക്കു ഭങ്ഗിയുള്ള

വല്ഗുലിക നാ. 1. പാറ്റ; 2. പെട്ടി

വല്ഗുഹാസം നാ. മനോഹരമായ ചിരി

വല്ചി നാ. 1. ഊണ്; 2. ചോറ്

വല്മം നാ. ചിതൽ

വല്മി നാ. ഉറുമ്പ്

വല്മീകൻ നാ. വാല്മീകി

വല്മീകം നാ. 1. പുറ്റ്, ചിതൽപ്പുറ്റ്; 2. മന്ത്

വല്യ1 വി. വലിയ

വല്യ2 നാ. നെല്ലി

വല്ല വി. ഏതെങ്കിലും

വല്ലകി നാ. 1. വീണ; 2. ഈന്തിൽ

വല്ലച്ചാതിയും അവ്യ. 1. വല്ലജാതിയും; 2. ഏതെങ്കിലുമൊരുതരത്തിൽ

വല്ലച്ചെകിറി നാ. ഒരുതരം വവ്വാൽ

വല്ലതും വി. ഏതെങ്കിലും, എന്തെങ്കിലും

വല്ലന്തി നാ. 1. ആപത്ത്; 2. ദോഷം; 3. വല്ലായ്മ

വല്ലപ്പാട് നാ. കണ്ടത്തിൽ വെള്ളം കയറ്റിവിടാനുള്ള ചാൽ

വല്ലപ്പോൾ വി. എപ്പോഴെങ്കിലും, കഴിവുള്ളപ്പോൾ

വല്ലഭ1 വി. 1. ഏറ്റവും പ്രിയപ്പെട്ട; 2. ശക്തിയുള്ള, അധികാരമുള്ള; 3. ശേഷിയുള്ള, പാടവമുള്ള

വല്ലഭ2 നാ. 1. ഭാര്യ; 2. യജമാനത്തി; 3. ഗണപതിയുടെ പത്നി; 4. ഞാഴൽ

വല്ലഭൻ നാ. 1. ഭർത്താവ്; 2. പ്രിയപ്പെട്ടവൻ; 3. സമർഥൻ; 4. ശക്തൻ; 5. ഇടയൻ; 6. പ്രമാണി

വല്ലഭപ്രാണ നാ. ഭർത്താവുജീവിച്ചിരിക്കെ മരിക്കുന്ന ഭാര്യ

വല്ലഭം നാ. 1. സാമർഥ്യം; 2. ശക്തി; 3. ഭാരം; 4. ഒരുതരം കുതിര

വല്ലഭാചാര്യൻ നാ. ഒരു തത്ത്വചിന്തകൻ, വൈഷ്ണവമത സ്ഥാപകൻ

വല്ലഭായിതം നാ. പുരുഷായിതം, ഒരു രതിക്രീഡ

വല്ലം1 നാ. 1. ഒരുതരം വലിയ കൊട്ട, ഓലമെടഞ്ഞുണ്ടാക്കുന്നത്; 2. ചെറിയ അമര; 3. വാഴ; 4. വയറ്; 5. പാടം, ജലസേചനം ചെയ്യാനുള്ള സ്ഥലം

വല്ലം2 നാ. 1. മുടി; 2. ഒരു തൂക്കം; 3. പതിരുകളയൽ

വല്ലയം നാ. 1. ദ്വാരം; 2. തുരങ്കം; 3. വയറ്; 4. ചാട്ടുകുന്തം

വല്ലരം നാ. 1. വള്ളിക്കുടിൽ; 2. കാട്; 3. അകിൽ; 4. തളിർക്കുല

വല്ലരി നാ. 1. വള്ളി; 2. തളിർക്കുല, പൂക്കുല; 3. ഉലുവ

വല്ലരിപ്പറ നാ. 1. കൈമണി; 2. ഝല്ലരി

വല്ലവണം അവ്യ. എങ്ങനെയെങ്കിലും

വല്ലവൻ നാ. 1. വല്ലയാളും; 2. കൊള്ളരുതാത്തവൻ

വല്ലവി നാ. ഇടയസ്ത്രീ, ഗോപസ്ത്രീ

വല്ലവിധവും അവ്യ. വല്ലപ്രകാരവും, ഏതുപ്രകാരവും

വല്ലാ വി. കഴിയാത്ത, പൊല്ലാത്ത

വല്ലാതെ വി. 1. ദുശ്ശീലമുള്ള, ദോഷമുള്ള; 2. അവശതയുള്ള; 3. ക്രമക്കേടായ; 4. കഴിയാത്ത

വല്ലാനപ്പോത്ത് നാ. 1. കാട്ടി; 2. കരടി

വല്ലായ്മ നാ. 1. അസുഖം; 2. പരിഭവം; 3. നാണക്കേട്; 4. ക്രമക്കേട്, ദോഷം; 5. ദുഷ്ടത; 6. അഭങ്ഗി



വല്ലാര നാ. 1. മുത്തിൾ; 2. കുടങ്ങൽ; 3. (ജ്യോ) കേട്ടനക്ഷത്രം

വല്ലി1 നാ. 1. വള്ളി; 2. യുവതി; 3. അയമോദകം; 4. ഭൂമി

വല്ലി2 നാ. 1. വേലക്കൂലി, വൈകുന്നേരം കൂലിയായികൊടുക്കുന്ന നെല്ല്; 2. അളവ്; 3. ഇടച്ചേരി; 4. കാൽവിലങ്ങ്

വല്ലിക നാ. 1. വള്ളി; 2. ഭൂമി

വല്ലിക്കുക ക്രി. ജയിക്കുക

വലിച്ച വി. വല്ലവിധത്തിലുമുള്ള

വല്ലിജം നാ. കുരുമുളക്, കൊടിമുളക്

വല്ലിപ്പറ നാ. വല്ലിയളക്കുന്ന പറ, വല്ലരിപ്പറ

വല്ലിയാൾ നാ. 1. കൂലിക്കാരൻ; 2. പുലയൻ

വല്ലിനാഥൻ നാ. സുബ്രഹ്മണ്യൻ

വല്ലില ക്രി. (നിഷേധരൂപം) കഴിഞ്ഞില്ല

വലീശൻ നാ. വല്ലീനാഥൻ

വല്ല നാ. 1. ബലം, ശക്തി; 2. നന്മ, ശരിയായത്; 3. വേലക്കൂലി

വല്ലുക1 ക്രി. 1. കഴിയുക; 2. ശക്തിയുണ്ടാവുക

വല്ലുക2 ക്രി. 1. ചുറ്റുക, ചുഴലുക; 2. പിന്നുക; 3. പറയുക; 4. പഠിക്കുക, വശമാക്കുക

വല്ലൂരം നാ. 1. ഉണക്കമാംസം; 2. കാട്ടുപന്നിയുടെ മാംസം; 3. തരിശുനിലം, ഉവർനിലം; 4. മരുഭൂമി; 5. പടർപ്പുകാട്

വവ്വൽ നാ. 1. അപഹരണം, ചൂഷണം; 2. വാരൽ, കൈക്കലാക്കൽ

വവ്വായി നാ. കുറുനരി

വവ്വാൽ നാ. വാവൽ

വവ്വുക ക്രി. 1. പിടിച്ചുപറിക്കുക, മോഷ്ടിക്കുക; 2. വാരുക

വശ1 വി. 1. അധീനമായ, കീഴ്പ്പെട്ട; 2. വിധേയമായ, അനുസരണഭാവമുള്ള; 3. വശീകരിക്കപ്പെട്ട

വശ2 നാ. 1. അധീനയായവൾ; 2. വിധേയയായവൾ; 3. ഭാര്യ; 4. ഭർത്തൃസഹോദരി; 5. പുത്രി; 6. സ്ത്രീ; 7. പിടിയാന; 8. പശു, മച്ചിപ്പശു; 9. വന്ധ്യ; 10. വയമ്പ്

വശക നാ. അനുസരണയുള്ള ഭാര്യ

വശക്കേട് നാ. 1. അസ്വാധീനത; 2. ദൗർബല്യം; 3. ക്ഷീണം

വശക്രിയ നാ. സ്വാധീനപ്പെടുത്തൽ; 2. വശീകരണകർമം, വശ്യപ്രയോഗം

വശഗ1 വി. വശപ്പെട്ട, സ്വാധീനമായ; 2. വിധേയമായ, വരുതിയിലായ

വശഗ2 നാ. 1. അനുസരണയുള്ള ഭാര്യ; 2. വശപ്പെട്ട സ്ത്രീ

വശത നാ. 1. സ്വാധീനത; 2. വശപ്പെട്ട അവസ്ഥ

വശൻ നാ. 1. അധീനൻ, കീഴ്പ്പെട്ടവൻ; 2. വിധേയൻ, നിയന്ത്രണത്തിലായവൻ

വശപ്പെടുക ക്രി. 1. സ്വാധീനത്തിലാവുക; 2. വഴങ്ങുക

വശം1 അവ്യ. വഴിയായി, പക്കൽ, മുഖേന

വശം2 നാ. പാർശ്വം, ഒരു ദിക്കിലേക്കു തിരിഞ്ഞിരിക്കുന്ന ഭാഗം. ഉദാഃ മുൻവശം

വശം3 നാ. 1. ഇച്ഛ, ആഗ്രഹം; 2. തൻേറടം; 3. അധികാരം, നിയന്ത്രണം; 4. സ്വാധീനത; 5. ശേഷി; 6. ഉദ്ഭവം, ജനനം; 7. ശീലം, പരിചയം

വശംവദ വി. 1. അധീനതയിലായ, കീഴ്പ്പെട്ട; 2. അനുസരിക്കുന്ന

വശവർത്തി വി. ഇഷ്ടമനുസരിച്ചു വർത്തിക്കുന്ന

വശള നാ. ഒരുതരം ചീര, വശളച്ചീര

വശാത്,വശാൽ അവ്യ. 1. കാരണത്താൽ; 2. നിമിത്തം

വശനുഗൻ നാ. വശൻ, വശഗൻ

വശി1 വി. 1. വശീകരിക്കുന്ന; 2. കീഴടക്കുന്ന; 3. ഇന്ദ്രിയങ്ങളെ കീഴടക്കിയ, ഇന്ദ്രിയനിഗ്രഹം ചെയ്ത; 4. ഇച്ഛാശക്തിയുള്ള; 5. അധികാരമുള്ള

വശി2 നാ. 1. ഇന്ദ്രിയങ്ങളെ കീഴ്പ്പെടുത്തിയവൻ, ആത്മസംയമനം ചെയ്തവൻ; 2. സന്ന്യാസി; 3. ഭരണാധികാരി

വശിക വി. 1. ശൂന്യമായ; 2. പൊള്ളയായ

വശികം നാ. 1. ചെന്നിനായകം; 2. അകിൽ

വശിത നാ. വശിയുടെ അവസ്ഥ, ജിതേന്ദ്രിയത്വം

വശീകരണം നാ. 1. വശപ്പെടുത്തൽ, സ്വാധീനപ്പെടുത്തൽ; 2. കീഴ്പ്പെടുത്തൽ; 3. വശ്യപ്രയോഗം, വശീകരണകർമം, വശ്യക്രിയ

വശീകരം നാ. 1. വശീകരണം, സ്വാധീനപ്പെടുത്തൽ; 2. വശ്യപ്രയോഗം

വശീകരിക്കുക ക്രി. 1. സ്വാധീനപ്പെടുത്തുക; 2. വശപ്പെടുത്തുക, വിധേയമാക്കുക; 3. ഇണക്കുക; 4. ശക്തമായി ആകർഷിക്കുക; 5. വശ്യപ്രയോഗംചെയ്യുക

വശീകൃത വി. വശീകരിക്കപ്പെട്ട

വശീഭവിക്കുക ക്രി. വശപ്പെടുക

വശ്യ1 വി. 1. വശപ്പെടുത്താവുന്ന; 2. ഇണക്കാവുന്ന; 3. കീഴടക്കാവുന്ന; 4. അനുസരണശീലമുള്ള; 5. വിനയമുള്ള, താഴ്മയുള്ള

വശ്യ2 നാ. 1. അനുസരണശീലമുള്ള ഭാര്യ; 2. അടക്കവും ഒതുക്കവുമുള്ള ഭാര്യ

വശ്യക്രിയ നാ. വശീകരിക്കാനായി നടത്തുന്ന കർമം, ക്ഷുദ്രപ്രയോഗം

വശ്യൻ നാ. 1. അനുസരണശീലമുള്ളവൻ; 2. വിധേയൻ; 3. ആശ്രിതൻ; 4. ഭൃത്യൻ; 5. അടിമ

വശ്യപ്രയോഗം നാ. വശ്യക്രിയ

വശ്യം നാ. 1. വശീകരണകർമം; 2. ക്ഷുദ്രം; 3. കരയാമ്പു

വഷൾ1 വി. ചീത്തയായവൾ

വഷൾ2 നാ. ദേവന്മാർക്കു ഹവിസ്സ് അർപ്പിക്കുമ്പോൾ ഉച്ചരിക്കുന്ന പദം

വഷൾക്കാരം നാ. 1. വഷൾ എന്ന ശബ്ദം ഉച്ചരിക്കൽ; 2. ഹോമം

വഷളത്തം നാ. 1. വഷളൻെറ ഭാവം; 2. ദുഷിച്ച ശീലം; 3. കൊള്ളരുതായ്മ

വഷളൻ നാ. 1. ദുഷിച്ചവൻ; 2. അഹങ്കാരി, തോന്ന്യാസക്കാരൻ; 3. കൊള്ളരുതാത്തവൻ

വസ നാ. 1. കൊഴുപ്പ് (മാംസത്തിൽനിന്നെടുക്കുന്നത്); 2. മാംസരോഹിണി; 3. മരുമാഞ്ചി, മാഞ്ചി; 4. തലച്ചോറ്; 5. മജ്ജ

വസതി നാ. 1. വീട്, വാസസ്ഥലം; 2. ഇരിപ്പിടം, ആസ്ഥാനം; 3. ശിബിരം; 4. രാത്രി; 5. മഞ്ഞൾ

വസഥം നാ. 1. വാസസ്ഥാനം; 2. കൂട്; 3. ആസ്ഥാനം

വസനം നാ. 1. വസ്ത്രം; 2. മറയ്ക്കാനുള്ള ഉപകരണം; 3. പച്ചില; 4. വീട്; 5. വാസം; 6. അരഞ്ഞാൺ

വസന്ത1 നാ. ഒരു ജന്തുരോഗം, കോഴിയെ ബാധിക്കുന്ന പകർച്ചവ്യാധി

വസന്ത2 വി. വസന്തകാലത്തെ സംബന്ധിച്ച

വസന്തഘോഷി നാ. കുയിൽ

വസന്തജ നാ. 1. വസന്തോത്സവം; 2. ഒരിനം പിച്ചകം

വസന്തതിലകം നാ. ഒരു വൃത്തം

വസന്തദൂതം നാ. 1. കുയിൽ; 2. മാവ്; 3. ചൈത്രമാസം; 4. പാതിരപ്പൂവ്

വസന്തദൂതി നാ. 1. പെൺകുയിൽ; 2. ഒരിനം പൂവ്

വസന്തദ്രു നാ. മാവ്

വസന്തൻ നാ. 1. വസന്തദേവത; 2. വിദൂഷകൻ; 3. തെന്നൽ

വസന്തപഞ്ചമി നാ. മാഘമാസത്തിലെ ശുക്ലപക്ഷപഞ്ചമി

വസന്തബന്ധു	നാ.	കാമദേവൻ

വസന്തം	നാ.	1. ആറു ഋതുക്കളിൽ ഒന്ന്, വസന്തകാലം; 2. പുഷ്പകാലം; 3. മദനോത്സവം ആഘോഷിക്കപ്പെടുന്ന കാലം

വസന്തമണ്ഡനം	നാ.	സിന്ദൂരം

വസന്തമാലിക	നാ.	ഒരു വൃത്തം

വസന്തർത്തു	നാ.	വസന്തകാലം

വസന്തസഖൻ	നാ.	കാമദേവൻ

വസന്തോത്സവം	നാ.	1. വസന്തകാലത്തു നടത്തുന്ന ആഘോഷം; 2. കാമദേവനെ പ്രീതിപ്പെടുത്താനുള്ള ഉത്സവം; 3. പുഷ്പോത്സവം

വസാഢ്യം	നാ.	ചീങ്കണ്ണി

വസാന	വി.	അണിയുന്ന, ധരിക്കുന്ന

വസി1	നാ.	1. വസ്ത്രം; 2. പാർപ്പിടം

വസി2	നാ.	1. പാത്രം; 2. താലം

വസിക്കുക	ക്രി.	1. പാർക്കുക; 2. തങ്ങുക, സ്ഥിതിചെയ്യുക; 3. ധരിക്കുക

വസിത	വി.	1. വസിക്കപ്പെട്ട; 2. ധരിക്കപ്പെട്ട; 2. ശേഖരിക്കപ്പെട്ട

വസിതം	നാ.	പാർപ്പിടം, വാസസ്ഥലം

വസിരം	നാ.	1. കടലുപ്പ്; 2. അത്തിത്തിപ്പലി

വസിഷ്ഠൻ നാ. സപ്തമഹർഷിമാരിൽ ഒരാൾ, ഒരു പ്രജാപതി

വസീർ [അറ] നാ. മന്ത്രി

വസു1 വി. 1. മാധുര്യമുള്ള; 2. ഇണക്കിയ; 3. സമ്പത്തുള്ള

വസു2 നാ. 1. സമ്പത്ത്, ധനം; 2. ദ്രവ്യം; 3. സ്വർണം; 4. രത്നം; 5. അഗ്നി; 6. രശ്മി; 7. സൂര്യൻ; 8. ജലം; 9. വൃദ്ധി; 10. ചീര; 11. കൊടുവേലി; 12. താർതാവൽ; 13. പൊടിയുപ്പ്; 14. കൊക്കുമന്താരം; 15. പച്ചിലമരം; 16. മഹാമേദ; 17. നുകബന്ധം; 18. അവിട്ടം നക്ഷത്രം; 19. കുബേരൻ; 20. ശിവൻ; 21. ഉപരിചരൻ

വസുഗിരി നാ. മേരുപർവതം

വസുദേവൻ നാ. ശ്രീകൃഷ്ണൻെറ പിതാവ്, കുന്തിയുടെ സഹോദരൻ

വസുധ നാ. 1. ഭൂമി; 2. ലക്ഷ്മി

വസുധാധരം നാ. പർവതം

വസുധാധിപൻ നാ. രാജാവ്

വസുധാര നാ. 1. അളകാപുരി; 2. ജൈനമതക്കാരുടെ ഒരു ശക്തിദേവത

വസുന്ധര നാ. 1. ഭൂമി; 2. ഒരു പർവതം; 3. (ജ്യോ) വസുന്ധരായോഗം

വസുപ്രാണൻ നാ. അഗ്നി

വസുഭദ്രൻ നാ. ശ്രീകൃഷ്ണൻ

വസുഭം നാ. അവിട്ടം നക്ഷത്രം

വസുമതി നാ. 1. ഭൂമിയുടെ ഉപരിതലം; 2. ഐശ്വര്യവതി

വസുമത്ത് വി. ഐശ്വര്യമുള്ള

വസുമാൻ നാ. 1. വൈവസ്വതമനുവിന്റെ പുത്രൻ; 2. ധനവാൻ; 3. (ജ്യോ) ഒരു ധനയോഗം

വസുരത്നം നാ. മാണിക്യം

വസുശ്രേഷ്ഠം നാ. 1. സ്വർണം; 2. വെള്ളി

വസുഷേണൻ നാ. 1. വിഷ്ണു; 2. കർണൻ

വസുസ്ഥലി നാ. കുബേരന്റെ രാജധാനി

വസൂരി നാ. മസൂരി, പെട്ടെന്നു പടർന്നുപിടിക്കുന്ന ഒരു രോഗം, ശരീരമാകെ കുരുക്കൾ ഉണ്ടാകുന്നത്

വസൂരിക്കല നാ. വസൂരിബാധിച്ചതിന്റെ അടയാളം, തഴമ്പ്

വസൂരിമാല നാ. ഒരുദേവത

വസൂൽ [അറ] നാ. നികുതിയും മറ്റും ഈടാക്കൽ

വസ്കം നാ. 1. ഗമനം; 2. പ്രയത്നം; 3. അപേക്ഷ

വസ്കരാടിക നാ. തേൾ

വസ്തം നാ. 1.ആട്; 2. വക്ക്, വിളുമ്പ്; 3. ഭവനം

വസ്തവ്യ വി. 1. വസിക്കാൻയോഗ്യമായ; 2. അപേക്ഷിക്കത്തക്ക; 3. പീഡിപ്പിക്കത്തക്ക

വസ്തി നാ. 1. വസ്ത്രത്തിന്റെ കര; 2. വസതി

വസ്തു നാ. 1. സാധനം; 2. സങ്ഗതി; 3. പ്രകൃത്യാ ഉള്ള ശീലം; 4. കാമ്പ്, കാതൽ; 5. സ്വത്ത്

വസ്തുഗന്ധ നാ. ആട്ടുനാറിവേള

വസ്തുത നാ. 1. വാസ്തവം, പരമാർഥം; 2. സങ്ഗതി; 3. ഉള്ളടക്കം

വസ്തുതഃ അവ്യ. വാസ്തവത്തിൽ, വസ്തുനിഷ്ഠമായി

വസ്തുതത്ത്വം നാ. പദാർഥത്തിൻെറ യഥാർഥ സ്വരൂപം

വസ്തുനിർദേശം നാ. (കാവ്യ) വിഷയ സൂചന

വസ്തുനിഷ്ഠ വി. 1. വസ്തുതയെ ആസ്പദമാക്കിയുള്ള, സൂക്ഷ്മമായിട്ടുള്ള; 2. കാര്യകാരണസഹിതമായ

വസ്തുവൃത്തം നാ. വാസ്തവആയ സങ്ഗതി

വസ്ത്യം നാ. ഭവനം, പാർപ്പിടം

വസ്ത്രകുട്ടിമം നാ. 1. കൂട; 2. കൂടാരം

വസ്ത്രഗൃഹം നാ. കൂടാരം

വസ്ത്രദംശനം നാ. എലി

വസ്ത്രനിർണേജകൻ നാ. അലക്കുകാരൻ

വസ്ത്രപുത്രിക നാ. പാവ

വസ്ത്രഭേദകൻ നാ. തുന്നൽക്കാരൻ

വസ്ത്രം നാ. 1. ഉടയാട; 2. പരുത്തിനൂലോ മൃഗങ്ങളുടെ രോമമോ കൃത്രിമനാരുകളോ ഉപയോഗിച്ചു നെയ്തുണ്ടാക്കിയ തുണി

വസ്ത്രയോനി നാ. 1. മരത്തൊലി; 2. പട്ടുനൂൽപ്പുഴു; 3. പരുത്തിക്കായ്; 4. മൃഗരോമം

വസ്നകം നാ. ഒരുതരം ഉപ്പ്

വസ്നം നാ. 1. വസ്ത്രം; 2. കൂലി; 3. വില; 4. സമ്പത്ത്; 5. മരണം; 6. പാർപ്പിടം; 7. തൊലി

വസ്നസ നാ. ശരീരത്തിലെ ഒരു ഞരമ്പ്

വസ്നിക വി. കൂലിക്കുവേണ്ടി ജോലിചെയ്യുന്ന

വസ്സി[പോർ] നാ. പാത്രം, തളിക

വഹ വി. വഹിക്കുന്ന. നാ. നദി

വഹതൻ നാ. 1. പാന്ഥൻ; 2. കാള

വഹതം നാ. കാള

വഹതി നാ. 1. കാള; 2. വഴിപോക്കൻ; 3. വിവാഹം

വഹത്ത് വി. വഹിക്കുന്ന, ചുമക്കുന്ന

വഹനം നാ. 1. അഹിക്കൽ; 2. വാഹനം; 3. ഒഴുക്ക്



വഹനീയ വി. വഹിക്കത്തക്ക; 2. കൊണ്ടുപോകാൻ സൗകര്യമുള്ള

വഹന്തം നാ. 1. കാറ്റ്; 2. പൈതൽ

വഹം നാ. 1. ചുമക്കൽ, വഹിക്കൽ; 2. വാഹനം; 3. കാളയുടെ ഉപ്പുചുമൽ; 4. കാറ്റ്; 5. പെരുവഴി; 6. ആണാട്; 7. കുതിര; 8. കൈ

വഹലം നാ. ബോട്ട്, വള്ളം, ചങ്ങാടം

വഹലഗന്ധം നാ. കിരാതചന്ദനം

വഹിക്കുക ക്രി. 1. ചുമക്കുക, കൊണ്ടുപോകുക; 2. നിർവഹിക്കുക; 3. ഒഴുക്കുക; 4. ഓടിക്കുക; 5. വിവാഹംചെയ്യുക; 6. (പ്ര) കളിപ്പിക്കുക

വഹിത വി. 1. വഹിക്കപ്പെട്ട; 2. ലബിച്ച; 3. വിഖ്യാതമായ

വഹിത്രം നാ. തോണി, ചങ്ങാടം, പൊങ്ങുതടി

വഹിയാ നിഷേധക്രിയ കഴിയുകയില്ല, വയ്യ

വ ി നാ. 1. അഗ്നി; 2. അഗ്നിദേവൻ; 3. ജഠരാഗ്നി; 4. കുതിര; 5. സോമലത; 6. ചേരുമരം; 7. ആചാര്യൻ

വ ിഗർഭൻ നാ. സുബ്രഹ്മണ്യൻ

വ ിഗർഭം നാ. 1. മുള; 2. അരണിവൃക്ഷം; 3. ശമി

വ ിച്ചമത നാ. വ ിമരം മുറിച്ചെടുത്ത ഖണ്ഡം

വ ിബീജം നാ. സ്വർണം

വ ിഭൂവ് നാ. സുബ്രഹ്മണ്യൻ

വ ിഭോഗ്യം നാ. നെയ്യ്

വ ിമിത്രൻ നാ. വായു, കാറ്റ്

വ ിരേതസ്സ് നാ. 1. സ്വർണം; 2. ശിവൻ

വ ിലോഹം നാ. 1. വെള്ളോട്; 2. ചെമ്പ്

വ ിവർണം നാ. ചെമന്ന ആമ്പൽ

വ ിശിഖ നാ. 1. തീജ്വാല; 2. അത്തിത്തിപ്പലി; 3. ഞാഴൽ; 4. മേത്തോന്നി; 5. താതിരി

വ ിസഖൻ നാ. വ ിസഹായൻ, വായു

വഹ്യം നാ. വാഹനം, വണ്ടി

വള1 വി. 1. വളഞ്ഞ, വക്രമായ; 2. ചുഴുന്ന, ചുറ്റുന്ന, വലയംചെയ്യുന്ന

വള2 നാ. 1. കൈത്തണ്ടിലും തോളിലും മറ്റും ധരിക്കുന്ന ആഭരണം; 2. പാമ്പിൻെറ ചട്ട; 3. വളയം; 4. ശങ്ഖ്; 5. (ശിൽപ) പുരയുടെ കഴുക്കോലുകളെ ഒരേനിരപ്പിൽ ഉറപ്പിച്ചുനിർത്താൻ അവയിൽ തുളച്ചു ചെലുത്തുന്ന വലിപ്പംകുറഞ്ഞ ചതുരത്തടി; 6. ചെറിയ ഉത്തരം; 7. ഉരുട്ടിയെടുത്ത ചാണകം

വളച്ചൽ നാ. 1. വളവ്, കൗടില്യം; 2. ചുറ്റൽ; 3. വളപ്പ്; 4. വളച്ചുവാതിൽ

വളച്ചുവാതിൽ നാ. കമാനം

വളഞ്ചിയം നാ. പഴയ നികുതി

വളഞ്ചിയർ നാ. പഴയകാലത്തെ കപ്പൽക്കച്ചവടക്കാർ

വളഞ്ഞ വി. 1. വളവുള്ള; 2. ചുറ്റിയ; 3. ഉപയോഗിച്ച

വളപ്പം നാ. 1. വളർച്ച; 2. കൊഴുപ്പ്; 3. പെരുമ

വളപ്പാട് നാ. വളക്കൂറ്

വളപ്പിരട്ടി നാ. 1. വളം; 2. വരളി

വളപ്പ് നാ. 1. പറമ്പ്; 2. വളച്ചുവാതിൽ

വളപ്പുഴു നാ. ചാണകത്തിലും മറ്റും ഉണ്ടാകുന്ന ചെറിയ പുഴു, കണ്ടളപ്പുഴു

വളഭി നാ. 1. മട്ടുപ്പാവ്; 2. മുഖപ്പലക, ചുവരിൽ പുലിമുഖവും മറ്റും വയ്ക്കുന്നതിനുള്ള വളമരം

വളം നാ. 1. സസ്യാദികളെ പോഷിപ്പിക്കുന്നതിനുവേണ്ടി അവയുടെ ചുവട്ടിലിടുന്ന ചവറ്, ചാണകം, ചാരം, രാസവസ്തുക്കൾ മുതലായവ; 2. തഴപ്പ്; 3. മണ്ണിര; 4. അഴക്; 5. ബലം; 6. കാക്ക; 7. ഐശ്വര്യം

വളയ്ക്കുക ക്രി. 1. കുനിക്കുക; 2. നേരെയല്ലാതാക്കുക; 3. അകപ്പെടുത്തുക; 4. മോഷ്ടിക്കുക; 5. ചുറ്റിക്കുക; 6. തടുക്കുക; 7. ചുറ്റും മറയ്ക്കുക

വളയം നാ. 1. വള; 2. ഇരിമ്പ് ഓട് മുതലായ ലോഹങ്ങളെക്കൊണ്ടു വട്ടത്തിൽ പണിചെയ്തവസ്തു

വളയൽ നാ. 1. വലയം ചെയ്യൽ; 2. കൂടയുടെ അകത്തുള്ള വലയങ്ങൾ; 3. നെഞ്ചോളം പൊക്കത്തിൽ പിടിച്ച വളയം; 4. വള

വളയുക ക്രി. 1. കുനിയുക, കൂനുക; 2. ചുറ്റുക; 3. ചരിയുക, ചായുക; 4. ഉപരോധിക്കുക

വളർ വി. വളർന്ന, വലിയ

വളർക്കുക ക്രി. വളർത്തുക

വളർച്ച നാ. 1. വലുതാകൽ; 2. വർധിക്കൽ

വളർത്ത വി. വളർത്തിയ

വളർത്തുക ക്രി. 1. രക്ഷിക്കുക; 2. വർധിപ്പിക്കുക; 3. ഉളവാക്കുക; 4. കിടത്തുക

വളർമ വി. വളർച്ച

വളര1 നാ. 1. വളർന്ന; 2. വലിയ; 3. ബലമുള്ള; 4. വെളുത്ത

വളര2 നാ. 1. ആനവളർ; 2. വലിയവടി; 3. ഒരുതരം കൽപ്പണി; 4. മേൽപ്പുരയിലെ ഒരുതരം മരപ്പണി; 5. മലയണ്ണാൻ; 6. വലിയ വള്ളം; 7. കാട്

വളരുക ക്രി. 1. വലുതാകുക; 2. പുഷ്ടിവരുക; 3. ആയിത്തീരുക

വളരെ നാ. 1. അനവധി; 2. കൂടുതൽ

വളവൻ നാ. 1. കൃഷിക്കാരൻ; 2. ഒരു ചോളരാജാവ്

വളവിയ വി. 1. കുലച്ച; 2. വളർത്തിയ

വളവ് നാ. 1. വളഞ്ഞ അവസ്ഥ; 2. കൂന്; 3. കമാനം; 4. രോഡിലെയും മറ്റും തിരിവ്

വളവ്2 നാ. 1. വളപ്പ്; 2. അടച്ചുകെട്ടിയ പുരയിടം; 3. കെട്ടിടത്തിനു ചുറ്റുമുള്ള സ്ഥലം

വളവുക ക്രി. 1. വളർത്തുക; 2. കെട്ടിയടയ്ക്കുക

വളാകം നാ. 1. വളപ്പ്, പുരയിടം, കെട്ടിയടച്ച പുരയിടം; 2. വീടിനുചുറ്റുമുള്ള സ്ഥലം; 3. ഇടം; 4. രാജ്യം

വളിക്കുക ക്രി. 1. ഭക്ഷണസാധനങ്ങൾ തണുക്കുമ്പോൾ പുളിച്ചുചീത്തയാവുക, ദുസ്സ്വാദും ദുർഗന്ധവും ഉണ്ടാകുക; 2. ദുഷിക്കുക. (പ്ര) നാണിക്കുക

വളിപ്പ് നാ. 1. വളിച്ചുപോയ അവസ്ഥ; 2. വിളിക്കൽ

വളുതം,-സം നാ. 1. കള്ളം; 2. കളവ്; 3. പ്രീതിക്കായി പറയുന്ന നുണവാക്ക്

വള്ള1 വി. 1. വളർന്ന; 2. വലിയ

വള്ള2 നാ. 1. വള്ള്; 2. ചെവി; 3. ഞെരുക്കം; 4. വാളുറ; 5. വളം; 6. വാൾ; 7. കൂർമ

വള്ളക്കാരൻ നാ. വള്ളം ഊന്നുന്നവൻ, വള്ളത്തിൻെറ ഉടമസ്ഥൻ

വള്ളപ്പാട്ട് നാ. വള്ളംകളിക്ക് പാടുന്ന പാട്ട്; 2. വഞ്ചിപ്പാട്ട്

വള്ളൽ നാ. 1. വള്ളിച്ചീര; 2. വലിയ ഔദാര്യം; 3. ഒപ്പമില്ലായ്മ; 4. വഴുതിപ്പോകൽ

വള്ളി നാ. 1. ഒരിനം ചെടി; 2. പടരുന്ന സസ്യത്തിൻെറ കനം കുറഞ്ഞു നീണ്ട തണ്ട്; 3. കെട്ടുനാര്; 4. ചെവിയുടെ വക്ക്; 5. അച്ചാരം

വള്ളിക്കടുക്കൻ നാ. ഒരു കർണാഭരണം

വള്ളിക്കാഞ്ഞിരം നാ. ഒരുതരം കാഞ്ഞിരം

വള്ളിക്കാണം നാ. 1. കന്നുകാലിയെയും മറ്റും വിലയ്ക്കുവാങ്ങുമ്പോൾ അതിൻെറ കഴുത്തിൽ കയറുകെട്ടിക്കൊടുക്കുന്നതിനായി വിലയ്ക്കുപുറമെ ഉടമസ്ഥനെ ഏൽപ്പിക്കുന്ന ചെറിയ തുക; 2. മുൻകൂറ്

വള്ളിക്കാത് നാ. ചെവിയുടെ പുറംഭാഗത്തിൻെറ വക്ക്

വള്ളിക്കിഴങ്ങ് നാ. 1. മധുരക്കിഴങ്ങ്; 2. കപ്പക്കിഴങ്ങ്

വള്ളിക്കുടിൽ നാ. ലതാഗൃഹം, വള്ളികൾ ചുറ്റിപ്പടർന്നു കുടിൽപോലെ ആയ സ്ഥലം, വള്ളിക്കെട്ട്

വള്ളിനാരകം നാ. ഒരുതരം നാരകം

വള്ളിപ്പുലി നാ. ഒരിനം പുലി

വള്ളിമുല്ല നാ. ഒരുതരം മുല്ല

വള്ളിയം നാ. 1. മുളക്; 2. വെള്ളം; 3. ഊത്തുകുഴൽ; 4. മെഴുക്

വള്ള് നാ. 1. തോൽവാറ്; 2. തോക്കിൻ കുഴലിൽനിന്നു മരുന്നു നീക്കുന്ന കമ്പി ഉറപ്പിക്കാനുള്ള ദ്വാരം; 3. വളുതം; 4. കുടതയ്ക്കാനുള്ള പനയോലത്തണ്ട്

വള്ളുക ക്രി. 1. വളയുക; 2. വല്ലുക; 3. വലിയുക; 4. വഴുതുക; 5. കൂർക്കുക

വള്ളുവൻ നാ. 1. പുലയൻ; 2. നദിയിൽ മീൻ പിടിക്കുന്നവൻ; 3. വേട്ടുവരിൽ കൂടിയ ഒരു ജാതി; 4. തിരുവള്ളുവൻ

വള്ളൂരം നാ. 1. മാംസം (ഉണക്കിയത്); 2. ഉണക്കമീൻ

വള്ളോടി നാ. 1. സാമന്തൻ; 2. ഒരുജാതി; 3. വെള്ളോടി

വള്ളോൻ നാ. വള്ളുവൻ

വഴ നാ. 1. ഒരുമരം; 2. ഒറ്റത്തടിപ്പാലം; 3. ചുരപ്പുന്ന

വഴക്കം നാ. 1. വിനയം; 2. കീഴടക്കം; 3. വണക്കം; 4. ഒതുക്കം; 5. കൂറ്; 6. വളയത്തക്കവണ്ണമുള്ള മൃദുത്വം; 7. പഴക്കം; 8. പൂർവാചാരം; 9. സാമാന്യവ്യവഹാരം

വഴക്കാളി നാ. വഴക്കുകൂടുന്നതിൽ തത്പരൻ; 2. വാദി

വഴക്ക് നാ. 1. ശണ്ഠ; 2. തർക്കിക്കൽ; 3. അഭിപ്രായവ്യത്യാസം; 4. വ്യവഹാരം; 5. വഴക്കം

വഴക്കുക ക്രി. 1. വളയ്ക്കുക; 2. ഇണക്കുക; 3. കീഴടക്കുക; 4. ചായ്ക്കുക

വഴങ്ങൽ നാ. 1. വളയൽ; 2. വണക്കം; 3. വഴക്കം

വഴങ്ങില നാ. 1. ഉണങ്ങിയ ഇല; 2. വാടിയ വാഴയില

വഴങ്ങുക ക്രി. 1. വളയുക; 2. കീഴ്പ്പെടുക; 3. കുനിയുക; 4. വണങ്ങുക; 5. അനുവദിക്കുക; 6. ചൊല്ലുക; 7. അയയുക; 8. യാത്രചോദിക്കുക; 9. കീഴ്നടപ്പ് അനുസരിക്കുക

വഴന നാ. ഒരിനം വൃക്ഷം

വഴല നാ. 1. ഒരുതരം പാമ്പ്; 2. കോഴ; 3. വഷൾ; 4. ചവർക്കാരം

വഴലൻ നാ. വഷളൻ

വഴി നാ. 1. നടന്നുപോകാൻ വേർതിരിച്ചിട്ടിരിക്കുന്ന ഭാഗം, പാത; 2. ഉപായം; 3. നിർവാഹം; 4. മുറ; 5. പിന്തുടർച്ച; 6. മതം; 7. സന്മാർഗം; 8. കാരണം; 9. വംശപാരമ്പര്യം

വഴികാട്ടി നാ. 1. വഴികാണിക്കുന്നവൻ, മാർഗദർശി; 2. റോഡുകളിൽ വഴിയറിയാനായി നാട്ടിയിട്ടുള്ള സൂചകം

വഴിക്കുക ക്രി. 1. വടിച്ചിറക്കുക; 2. നിറഞ്ഞുകവിയുമാറാക്കുക; 3. തുളുമ്പിക്കുക

വഴിച്ചൽ [വഴിയുക] നാമരൂപം

വഴിച്ചെലവ് നാ. യാത്രച്ചെലവ്, യാത്രയ്ക്കുവേണ്ടിവരുന്ന ചെലവ്

വഴിച്ചേരി നാ. 1. ചെറിയ ചുങ്കസ്ഥലം; 2. ഇടവഴി; 3. വ്യാജച്ചരക്കുകൊണ്ടുപോകുന്നവരുടെ പ്രത്യേക വഴി

വഴിച്ചോറ് നാ. വഴിയിൽവച്ചു ഭക്ഷിക്കുന്നതിന് ദൂരയാത്രക്കാർ കൊണ്ടുപോകുന്ന പൊതിച്ചോറ്, പാഥേയം

വഴിത്തല നാ. 1. കവല; 2. റോഡിൻെറ പാർശ്വഭാഗം

വഴിത്താര നാ. നടന്നുനടന്നുണ്ടായ പാത

വഴിത്തിരി നാ. 1. പടക്കങ്ങളിൽ തീ കൊടുക്കുന്നതിന് വയ്ക്കുന്ന തിരി; 2. പുരയിടത്തിൻെറയും മറ്റും പാർശ്വഭാഗത്തെ അതിർത്തിരേഖ

വഴിത്തിരിച്ചൽ വി. 1. വഴിത്തിരിവ്, വഴിയുടെ തിരിവ്; 2. ഗതിമാറ്റം

വഴിത്തുണ നാ. 1. വഴിക്കുള്ള സഹായം; 2. അനുഗമിക്കുന്ന ആൾ

വഴിനട നാ. യാത്ര

വഴിപാട് നാ. 1. നേർച്ച; 2. (പ്ര) ശ്രദ്ധയില്ലാതെചെയ്യുന്ന കാര്യം; 3. വംശപരമ്പര; 4. അനുസരണം; 5. അഭിവാദനം

വഴിപോക്കൻ നാ. യാത്രക്കാരൻ

വഴിപ്പെടുക ക്രി. 1. അനുസരിക്കുക, വഴങ്ങിക്കൊടുക്കുക; 2. കീഴടങ്ങുക; 3. നല്ലരീതിയിലാവുക; 4. സമ്മതിക്കുക

വഴിയമ്പലം നാ. 1. വഴിപോക്കർക്കു വിശ്രമിക്കാനുള്ള മണ്ഡപം; 2. തണ്ണീർപ്പന്തൽ; 3. സത്രം

വഴിയായം നാ. ചുങ്കം

വഴിയുക ക്രി. 1. നിറഞ്ഞുകവിയുക; 2. വടിയുക; 3. ഒഴുകുക; 4. ഉഴിയുക

വഴിയൂട്ട് നാ. വഴിയാത്രക്കാർക്കു കൊടുക്കുന്ന ഭക്ഷണം

വഴിയെ അവ്യ. 1. മുറയ്ക്ക്; 2. വഴിയിൽക്കൂടെ; 3. മര്യാദപ്രകാരം; 4. പിന്നാലെ; 5. വഴിയായി

വഴിവാട് നാ. വഴിപാട്

വഴിവാണിഭം നാ. 1. വഴിക്കച്ചവടം; 2. വഴിയിലിരുന്നുള്ള കച്ചവടം; 3. വഴിയേകൊണ്ടു നടന്നുള്ള കച്ചവടം

വഴു വി. വഴുക്കൽ

വഴുക നാ. തെങ്ങിന്മടലിൻെറ അകത്തുനിന്നും കീറിയെടുക്കുന്ന നാര്

വഴുകുക ക്രി. 1. തെന്നിമാറുക; 2. തെറ്റുക; 3. അയയുക

വഴുക്ക നാ. 1. കുഴമ്പ്; 2. ഇളനീരിൻെറ ഉള്ളിലെ മൃദുലമായ മാംസളഭാഗം; 3. മുഴുവൻ

വഴുക്കനെ അവ്യ. തെന്നുമാറ്

വഴുക്കൽ നാ. തെറ്റൽ

വഴുക്ക് നാ. 1. മെഴുക്ക്; 2. എണ്ണ; 3. നിണം; 4. മറവി

വഴുക്കുക ക്രി. 1. ചറുക്കുക; 2. കാലുതെറ്റി വീഴാൻതുടങ്ങുക; 3. തെറ്റുക; 4. ഇഴുക്കുക; 5. അടിക്കുക; 6. മറക്കുക

വഴുതൽ നാ. 1. തെറ്റൽ; 2. മറവി; 3. ഉപേക്ഷ

വഴുതിന നാ. വഴുതിനങ്ങ കായ്ക്കുന്ന കുറ്റിച്ചെടി

വഴുത് നാ. 1. കള്ളം; 2. വയ്ക്കോൽ

വഴുതുക ക്രി. 1. ചറുക്കുക; 2. തെറ്റുക; 3. രക്ഷപ്പെടുക; 4. ഉണ്ടാകുക; 5. കരുതുക; 6. ഓർമിക്കുക

വഴുപ്പ് നാ. 1. തെന്നൽ; 2. ചളിയോ പശയോ കൊണ്ടുണ്ടാകുന്ന തെറ്റൽ

വഴുമ്പൽ നാ. വഴുക്ക

വഴുമ്പ് നാ. അഴുക്ക്; 2. നിണം; 3. വഴുവഴുപ്പ്

വഴുവ നാ. ആന

വഴുവൽ നാ. 1. ചായ്വ്; 2. തപ്പൽ

വഴുവഴുപ്പ് നാ. 1. അധികം തെന്നാൻ ഇടയാക്കുന്ന അവസ്ഥ; 2. കൊഴുകൊഴുപ്പ്

വഴുവഴെ അവ്യ. 1. കുഴമ്പുപാകത്തിൽ; 2. തെന്നാൻ ഇടയാക്കുന്നമട്ടിൽ

വഴുവ് നാ. 1. തെന്നുന്ന സ്ഥിതി; 2. തെറ്റ്

വറ1 വി. (പദാരംഭത്തിൽ) വറക്കുന്ന, വറുക്കാനുള്ള

വറ2 നാ. 1. പൊരി; 2. പശ; . വറുത്തുപൊടിച്ച വസ്തു

വറകലം നാ. 1. ചീനച്ചട്ടി; 2. വറുക്കാനുള്ള പാത്രം

വറകുഴമ്പ് നാ. തലയിൽ തേയ്ക്കുന്നതിന് മരുന്നുകൾ ചേർത്ത് കാച്ചിയെടുത്ത കുഴമ്പ്

വറക്കുക ക്രി. വറുക്കുക

വറചട്ടി നാ. വറുക്കാനുള്ള പാത്രം

വറടി നാ. മച്ചി, മലടി

വറട് നാ. 1. ഉണങ്ങിയത്; 2. മലടി; 3. വരട്

വറട്ടുക ക്രി. 1. വറക്കുക; 2. പൊരിക്കുക; 3. നല്ലവണ്ണം ഉണക്കുക; 4. വറ്റിക്കുക

വറണ്ട വി. വരണ്ട

1279

വറൽ നാ. 1. പൊരിച്ചകറി; 2. ഉണക്കമീൻ; 3. കടുകുവറുക്കൽ

വറവ് നാ. 1. പൊരിക്കൽ; 2. ക്ഷാമം; 3. ഉണക്കുകാലം

വറൾച്ച നാ. 1. ഉണക്ക്; 2. ശരീരത്തിനുള്ളിലെ ചൂട്; 2. വരണ്ട അവസ്ഥ

വറളുക ക്രി. വരളുക

വറിയോൻ നാ. 1. കള്ളൻ; 2. പാവപ്പെട്ടവൻ

വറു വി. 1. ശൂന്യമായ; 2. വരണ്ട; 3. ശുഷ്കമായ; 4. പാവമായ

വറുക്കുക ക്രി. 1. പൊരിക്കുക; 2. വരട്ടുക; 3. വെള്ളംകൂടാതെ വേവിക്കുക; 4. നല്ലവണ്ണം ചൂടാക്കുക

വറുതി നാ. 1. ക്ഷാമം; 2. ചൂട്; 3. ഉണക്ക്; 4. അനാവൃഷ്ടി; 5. ദാരിദ്ര്യം

വറുത്തൽ നാ. 1. വറവ്; 2. വറക്കൽ

വറുത്തുപ്പേരി നാ. വറുത്തെടുത്ത ഉപ്പേരി

വറുമ നാ. 1. വറുതി; 2. ക്ഷാമം; 3. ചൂട്; 4. ദാരിദ്ര്യം

വറ്റൽ നാ. 1. ആവിയായിപ്പോകൽ; 2. കൊണ്ടാട്ടം; 3. തേകുന്നതിനാലുണ്ടാകുന്ന വെള്ളക്കുറവ്; 4. നീരുവലിയൽ; 5. ഉണക്കിയെടുത്ത കറിസാധനം

വറ്റ് നാ. 1. ചോറ്; 2. ചോറുതൊട്ടാലുള്ള അശുദ്ധി

വറ്റുക ക്രി. 1. വെള്ളം ഇല്ലാതാകുക (ദ്രവം) കുറുകി കട്ടിയാവുക; 2. വാടുക; 3. വെയിലുകൊണ്ടോ തീകൊണ്ടോ തേകൽകൊണ്ടോ വെള്ളം വലിയുക; 4. നശിക്കുക

വറ്റെ അവ്യ. വറ്റുന്നതുവരെ

വാ1 ക്രി. (വ്യാക)(നിയോജകപ്രകാരം) 1. വരുക; 2. വന്നാലും

വാ2 അവ്യ. വികല്പം സംശയം എന്നിവയെ കുറിക്കുന്നത്

വാ3 നാ. വായ്. (പ്ര) വാതുറക്കുക = സംസാരിക്കുക

വാക നാ. 1. ഒരു വൃക്ഷം; 2. ഒരു കിഴങ്ങ്; 3. ഭങ്ഗി; 4. ജയം; 5. തപസ്സ്

വാകൻ നാ. സുന്ദരൻ

വാകം നാ. 1. ഭാഷണം; 2. ശബ്ദം പുറപ്പെടുവിക്കൽ; 3. പാരായണം, ഗ്രന്ഥപാഠംവാക്കത്തി നാ. ഒരുതരം വെട്ടുകത്തി

വാക്കൻ നാ. നടൻ

വാക്കലഹം നാ. വഴക്കുകൂടൽ

വാക്ക്1 നാ. 1. വചിക്കപ്പെടുന്നത്, പറയപ്പെടുന്നത്; 2. അർഥമുള്ളതായി ഉച്ചരിക്കപ്പെടുന്ന ശബ്ദം; 3. പ്രയോഗസജ്ജവും സാർഥകവുമായ ഭാഷാഘടകം, പദം; 4. ഭാഷ; 5. പൂർണത; 6. സരസ്വതി; 7. ചൊല്ല്; 8. വാഗ്ദാനം; 9. ഭങ്ഗി; 10. നല്ല വടിവ് (പ്ര) വാക്കുകൊടുക്കുക = ഉറപ്പുകൊടുക്കുക

വാക്ക്2 നാ. 1. വശം; 2. സൗകര്യം

വാക്കേറ്റം നാ. 1. വാക്കുകൊണ്ടുള്ള ആക്രമണം, വാക്കുകൾകൊണ്ടുള്ള ഏറ്റുമുട്ടൽ; 2. ശകാരം

വാക്ചാതുര്യം നാ. വാക്സാമർഥ്യം, ഭാഷാപ്രയോഗത്തിലുള്ള പാടവം

വാക്ഛലം നാ. 1. വാക്കിലുള്ള കാപട്യം; 2. കബളിപ്പിക്കുന്ന രീതിയിലുള്ള വാക്പ്രയോഗം

വാക്പതി വി. വാഗ്വൈഭവമുള്ള. നാ. 1. വാചസ്പതി; 2. വാക്പ്രയോഗത്തിൽ അസാമാന്യമായ പ്രാവീണ്യമുള്ളവൻ; 3. വലിയ വാഗ്മി; 4. ബൃഹസ്പതി

വാക്പാരുഷ്യം നാ. 1. വാക്കിൻെറ കാഠിന്യം; 2. പരുഷമായ വാക്പ്രയോഗം

വാക്പ്രദ നാ. സരസ്വതി

വാക്യഘടന	നാ.	(വ്യാക) ഒരു വാക്യത്തിലെ പൂർണക്രിയകളുടെ എണ്ണമനുസരിച്ചുള്ള മൂന്നുതരം ഘടനാഭേദങ്ങൾ. (ചൂർണിക സങ്കീർണവാക്യം മഹാവാക്യം എന്നിവ)

വാക്യദോഷം	നാ.	1. കാവ്യദോഷങ്ങളിൽ ഒന്ന്; 2. വാക്യഘടനയിലുള്ള ദോഷം

വാക്യൻ	നാ.	വാക്കോടുകൂടിയവൻ

വാക്യം	നാ.	(വ്യാക) 1. ഒരു ആശയം പൂർണമായി പ്രകാശിപ്പിക്കുന്ന ഭാഷാഘടകം, പരസ്പരാശ്രിതങ്ങളായ പദങ്ങളുടെ സമൂഹം; 2. പ്രസ്താവം; 3. വാക്ക്, വാചകം; 4. തർക്കം; 5. സൂത്രം; 6. ചട്ടം

വാക്യരചന	നാ.	1. വാക്യപ്രയോഗം; 2. വാക്യത്തിൻെറ ഘടന

വാക്യാർഥം	നാ.	1. വാക്യത്തിൻെറ പൊരുൾ; 2. വ്യാഖ്യാനം

വാഗ	നാ.	കടിഞ്ഞാൺ

വാഗതീത	വി.	1. വാക്കുകൾകൊണ്ടു വെളിപ്പെടുത്താനാവാത്ത; 2. വിവരണാതീതമായ

വാഗധീശൻ	നാ.	വാഗീശൻ, വ്യാഴൻ

വാഗധീശ്വരി	നാ.	1. സരസ്വതി; 2. ഒരു രാഗം

വാഗർഥം	നാ.	1. വാക്കിൻെറ അർഥം; 2. വാക്കും അർഥവും

വാഗരൻ	നാ.	1. പണ്ഡിതൻ; 2. ഋഷി; 3. ധീരൻ; 4. വിശുദ്ധൻ

വാഗസി നാ. 1. വാക്കാകുന്ന വാൾ; 2. കുത്തുവാക്ക്

വാഗാരു വി. 1. വാഗ്ദാനം ലങ്ഘിക്കുന്ന; 2. നന്ദികെട്ട

വാഗിന്ദ്രിയം നാ. കണ്ഠം

വാഗീശ വി. വാഗ്സാമർഥ്യമുള്ള

വാഗീശൻ നാ. 1. ബൃഹസ്പതി; 2. ബ്രഹ്മാവ്; 3. വിദ്വാൻ, വാഗ്മി

വാഗീശ്വരി നാ. സരസ്വതി

വാഗുര നാ. 1. കുരുക്ക്; 2. വല

വാഗുരാവൃത്തി നാ. വലവച്ചു മൃഗാദികളെപിടിക്കുന്ന തൊഴിൽ

വാഗുരികൻ നാ. വലവച്ചു മൃഗാദികളെ പിടിക്കുന്നവൻ

വാഗ്ഗുലി നാ. വാഗ്ഗുളി, വാഗ്ഗുലികൻ, രാജാവിനു വെറ്റിലതെറുത്തുകൊടുക്കുന്നവൻ

വാഗ്ഗോചര വി. വാക്കുകൾക്കു വിഷയമായ

വാഗ്ജാലം നാ. 1. ശ്രോതാക്കളെ ഭ്രമിപ്പിക്കത്തക്കവണ്ണമുള്ള വാചാലത, നിരർഥഭാഷണം; 2. ശബ്ദാഡംഭരത്തോടുകൂടിയ ഭാഷണം

വാഗ്ദണ്ഡം നാ. 1. വാക്കുകളെ നിയന്ത്രിക്കൽ; 2. വാക്കുകൊണ്ടുള്ള പീഡനം

വാഗ്ദത്ത വി. വാഗ്ദാനംചെയ്ത, വാക്കുകൊടുത്ത. നാ. ഏതൊരു കന്യകയെ വിവാഹം കഴിച്ചുകൊടുക്കാമെന്നു ഏറ്റുവോ അവൾ

വാഗ്ദലം നാ. ചുണ്ട്

വാഗ്ദാനം നാ. 1. മുൻകൂട്ടിയുള്ള സമ്മതം; 2. പ്രതിജ്ഞ

വാഗ്ദേവത നാ. 1. സരസ്വതി; 2. ബൃഹസ്പതി

വാഗ്ദോഷം നാ. 1. ചീത്തവാക്ക്; 2. അനുചിതമായ വാക്പ്രയോഗം; 3. അപശബ്ദം; 4. വിവേകശൂന്യമായഭാഷണം

വാഗ്ധാടി നാ. 1. വാക്സാമർഥ്യം; 2. ഭാഷാഗാംഭീര്യം

വാഗ്ധോരണി നാ. 1. വാക്കുകളുടെ ധാരാളത; 2. ഇടതടവില്ലാത്ത വാക്പ്രയോഗം

വാഗ്ഭടൻ നാ. അഷ്ടാങ്ഗഹൃദയം എന്ന വൈദ്യശാസ്ത്രഗ്രന്ഥത്തിൻെറ കർത്താവ്

വാഗ്മി വി. 1. വാക്സാമർഥ്യമുള്ള; 2. സാർഥകമായും ഫലപ്രദമായും വാക്കുകൾ പ്രയോഗിക്കുന്ന; 3. മിതവും സാരവത്തുമായ ഭാഷ പ്രയോഗിക്കുന്ന. നാ. 1. വ്യാഴം; 2. തത്ത; 3. വാചാലൻ; 4. വിഷ്ണു

വാഗ്മിത നാ. വാഗ്മിത്വം, വാഗ്മിയുടെ ഭാവം

വാഗ്യ1 വി. 1. കുറച്ചുമാത്രം സംസാരിക്കുന്ന; 2. കരുതലോടെ സംസാരിക്കുന്ന; 3. സത്യം പറയുന്ന

വാഗ്യ2 നാ. 1. വിനയം; 2. ആത്മനിയന്ത്രണം; 3. മര്യാദ

വാഗ്യമം നാ. 1. വാക്കുകളെ നിയന്ത്രിക്കൽ; 2. മൗനംഭജിക്കൽ

വാഗ്രൂപം		നാ.	വാക്കിൻെറ രൂപം, ഭാഷാരൂപം

വാഗ്വജ്രം		കഠിനമായ വാക്ക്

വാഗ്വാദം		നാ.	1. വഴക്ക്, വാക്കേറ്റം; 2. വാകുതർക്കം

വാഗ്വാഹിനി		നാ.	ഒരു സിര

വാഗ്വിഭവം		നാ.	വാഗ്വൈഭവം, ഭാഷാപ്രാവീണ്യം

വാഗ്വിലാസം		നാ.	1. ആകർഷകമായ ഭാഷണം, വാക്ചാതുര്യം; 2.

വാചാലത

വാഗ്വൈഭം		നാ.	1. വാക്സാമർഥ്യം; 2. ഭാഷണചാതുരി

വാങ്ക്[പേർ]	നാ.	(മുസ്ലിം) പ്രാർഥനാസമയമാകുമ്പോൾ പുറപ്പെടുവിക്കുന്ന

ഉച്ചത്തിലുള്ള ആഹ്വാനശബ്ദം

വാങ്ങൽ		[വാങ്ങുക]	നാ.	വാങ്ങുകേന്ന പ്രവൃത്തി

വാങ്ങിക്കുക		ക്രി.	1. വിലകൊടുത്തു കരസ്ഥമാക്കുക; 2. കൈക്കൊള്ളുക;

3. പിന്മാറുക; 4. വാങ്ങുമാറാക്കുക

വാങ്ങിയം		നാ.	(ശില്പ) വിസ്താരംകൂട്ടുന്നതിനായി ഉപയോഗിക്കുന്ന

വാരിയുത്തരം

വാങ്ങ്		[ഹി]	നാ.	1. കഠാരി; 2. ചൊട്ട

വാങ്ങുക ക്രി. 1. വിലകൊടുത്തു കരസ്ഥമാക്കുക; 2. പിറകോട്ടുമാറുക; 3. നിന്നുപോവുക; 4. കൈക്കൊള്ളുക; 5. അടുപ്പത്തുനിന്നു പാത്രം ഇറക്കുക; 6. കുറയ്ക്കുക; 7. വളയ്ക്കുക; 6. പൂവും മറ്റും ഉഴിഞ്ഞു ദേവതയെ ഒഴിക്കുക

വാങ്ങ്യം നാ. വാങ്ങിയം

വാങ്മനഃകായങ്ങൾ നാ. വാക്ക് മനസ്സ് ദേഹം എന്നിവ

വാങ്മയ വി. 1. വാക്കുകൊണ്ടുള; 2. വാഗ്രൂപമായ

വാങ്മയം നാ. 1. വാക്സ്വരൂപം; 2. വാഗ്മിത; 3. പദപ്രവാഹം

വാങ്മയി നാ. സരസ്വതി

വാങ്മാധുരി നാ. വാക്കിൻെറ ഭങ്ഗി

വാങ്മൂലം നാ. 1. വാക്കിൻെറ കാരണം; 2. എഴുതിക്കൊടുത്തമൊഴി; 3. വാക്കാൽനൽകുന്ന സാക്ഷിമൊഴി. അവ്യ. 1. വാക്കുനിമിത്തം; 2. വാക്കാൽ

വാചകൻ നാ. 1. വായിക്കുന്നവൻ; 2. വാഗ്മി; 3. ദൂതൻ

വാചകം നാ. 1. (വ്യാക) അർഥബോധം ജനിപ്പിക്കുന്ന വാക്കുകളുടെ കൂട്ടം; 2. വാച്യമായ അർഥമുള്ള ശബ്ദം, സ്വയം അർഥബോധം ജനിപ്പിക്കുന്നത്; 3. ശാസ്ത്രത്തിലെ ശബ്ദം; 4. ഉള്ളടക്കം; 5. ഗദ്യം; 6. വർത്തമാനം

വാചകലുപ്ത വി. (ഉപമാ)വാചകം ലോപിച്ച ഉപമ

വാചനകം നാ. കടങ്കഥ

വാചനം നാ. 1. വായന; 2. പ്രതിപാദനം; 3. പറച്ചിൽ; 4. ഉച്ചാരണം

വാചംയമൻ നാ. 1. വാക്കിനെ അടക്കുന്നവൻ, മുനി; 2. മൗനവ്രതമുള്ള തപസ്വി

വാചർകണക്ക് നാ. കൊട്ടാരം കണക്കപ്പിള്ള

വാചസാമ്പതി നാ. വാചസ്പതി, വാക്പതി

വാചസ്പത്യം നാ. 1. ഒരു സംസ്കൃതനിഘണ്ടു; 2. വാക്ചാതുര്യത്തോടുകൂടിയുള്ള പ്രസംഗം

വാചാട വി. വാചാല, വളരെപറയുന്ന, വായാടിയായ

വാചാപ്രസങ്ഗം നാ. മുൻകൂട്ടി എഴുതിതയ്യാറാക്കാത്ത പ്രസങ്ഗം

വാചാമഗോചരം നാ. 1. വാക്കിനുവിഷയമല്ലാത്തത്; 2. വാക്കുകൊണ്ടറിയിക്കാൻ കഴിയാത്തത്; 3. വർണനാതീതം

വാചാല വി. അധികം സംസാരിക്കുന്ന ശീലമുള്ള; 2. വളരെപ്പറയുന്ന

വാചി വി. (പദാന്ത്യ) പറയുന്ന

വാചികം നാ. 1. സന്ദേശം; 2. മൊഴി; 3. വാക്യം; 4. (നാട്യ) ചതുർവിധാഭിനയങ്ങളിൽ ഒന്ന് (ആഹാര്യം സാത്വികം ആങ്ഗികം എന്നു മറ്റു മൂന്ന്)

വാചികപത്രം നാ. 1. സന്ദേശം; 2. ദൂതന്മാരുടെപക്കൽ കൊടുത്തയയ്ക്കുന്ന എഴുത്ത്; 3. വർത്തമാനക്കടലാസ്സ്

വാച്ച[വായ്ക്കുക] വി. (മുൻവി) 1. വർധിച്ച; 2. പുഷ്ടിയോടുകൂടിയ

വാച്ചത്  നാ. 1. കണ്ണിൽപ്പെട്ടത് (എന്തും); 2. എങ്ങനെയെങ്കിലുമുള്ളത്

വാച്ചി  നാ. 1. വള്ളവും മറ്റും ചെത്തുന്ന ഒരുതരം ഉളി; 2. വളഞ്ഞ ഉളി; 3. ചവറുവാരാനുള്ള ഉപകരണം

വാച്ചിൽ  നാ. 1. മുറ്റത്തിനുചുറ്റുമുള്ള സ്ഥലം; 2. പരിയമ്പുറം; 3. തൂത്തുകൂട്ടുന്ന സ്ഥലം

വാച്ച്[ഇം.]  നാ. ചെറിയ ഘടികാരം

വാച്ചുക  ക്രി. 1. വെട്ടുക; 2. ചരിച്ചുചെത്തുക; 3. തൂത്തുകൂട്ടുക

വാച്ചൊൽ  നാ, 1. രണ്ടുപേർകൂടി ഒരു കാര്യത്തെപ്പറ്റി സംസാരിക്കുമ്പോൾ അവിചാരിതമായി അന്യൻ അതിനുചേർന്ന വാക്കുപറയൽ; 2. അടുത്തെവിടെനിന്നെങ്കിലും പെട്ടെന്നുകേൾക്കുന്നത്

വാച്യ  വി. 1. വചിക്കപ്പെടത്തക്ക; 2. പറയത്തക്ക; 3. വെളിപ്പെട്ട

വാച്യം  നാ. 1. കുറ്റം; 2. അഭിധാവ്യാപാരംകൊണ്ടു ലഭിക്കുന്ന അർഥം, സ്പഷ്ടാർഥം; 3. വാചകപ്പൊരുൾ

വാച്യലിങ്ഗം  നാ. മുന്നുലിങ്ഗത്തിലും പറയപ്പെടാവുന്ന പദം

വാച്യാർഥം  നാ. വാചകത്തിൻെറ സ്പഷ്ടമായ അർഥം, രൂഢാർഥം

വാജപേയ  നാ. ഒരു യാഗം

വാജപേയൻ  നാ. വായപേയമനുഷ്ഠിക്കുന്നവൻ

വാജം നാ. 1. അമ്പിനുവേഗതകൂട്ടാനായി അതിൻെറ കടയ്ക്കൽ ചേർത്തുകെട്ടുന്ന തൂവൽ; 2. വേഗം; 3. ചിറക്; 4. ശബ്ദം; 5. യാഗം; 6. ബലം; 7. ജലം; 8. ആഹാരം; 9. നെയ്യ്; 10. പന്തയം; 11. യുദ്ധം; 12. ധനം

വാജസനൻ നാ. 1. വിഷ്ണു; 2. ശിവൻ

വാജസനേയം നാ. യജുർവേദത്തിൻെറ ഒരു ശാഖ

1281

വാജശ്രവസ്സ് നാ. 1. അഗ്നി; 2. (പുരാണ) നചികേതസ്സിൻെറ അച്ഛൻ

വാജി1 നാ. 1. വേഗമുള്ള; 2. ബലമുള്ള. നാ. 1. കുതിര; 2. പക്ഷി; 3. അമ്പ്

വാജി2 നാ. 1. വാശി; 2. പന്തയം

വാജിനം നാ. 1. ബലം; 2. മത്സരം; 3. പാൽപ്പാട; 4. വീര്യം

വാജിനി നാ. 1. ഉഷസ്സ്; 2. പെൺകുതിര; 3. അന്നം

വാജീകരണം നാ. 1. ഔഷധങ്ങൾകൊണ്ട് തേജസ്സിനെ വർധിപ്പിക്കൽ; 2. ധാതുപുഷ്ടി വരുത്തൽ

വാഞ്ഛ നാ. ആഗ്രഹം

വാഞ്ഛനി നാ. ആഗ്രഹിക്കുന്നവൾ

വാഞ്ഛനീയ വി വാഞ്ഛിക്കത്തക്ക

വാഞ്ഛി നാ. ആഗ്രഹിക്കുന്നവൾ

വാഞ്ഛരിക്കുക ക്രി. 1. കാങ്ക്ഷിക്കുക; 2. ആഗ്രഹിക്കുക

വാഞ്ഛരിതം നാ. 1. വാഞ്ഛരിക്കപ്പെട്ടത്; 2. ആഗ്രഹം

വാഞ്ഛരിനി നാ. 1. ചപല; 2. കുലട

വാട1 നാ. 1. ദുർഗന്ധം; 2. മണം; 3. വടക്കൻ കാറ്റ്, തണുപ്പുള്ള കാറ്റ്

വാട2 നാ. 1. കോട്ട; 2. തെരുവ്; 3. വഴി; 4. വാരി; 5. ഇടച്ചേരി; 6. കിടങ്ങ്

വാട3 വി. 1. വാടിയ; 2. വാടിയ ചുവയുള്ള

വാട4 വി. വടവൃക്ഷത്തെ സംബന്ധിച്ച; 2. അതുകൊണ്ടുണ്ടാക്കിയ

വാടക നാ. 1. വീട് ഉപയോഗിക്കാൻ ഉടമയ്ക്കു നൽകുന്ന തുക; 2. ഒരു ക്ലിപ്ത സമയത്തേക്കു വല്ല വസ്തുവും അനുഭവത്തിനുകൊടുത്തിട്ട് ഉടമ പറ്റുന്ന പ്രതിഫലം

വാടക്കിടങ്ങ് നാ. വാടക്കുഴി, മൺകോട്ടയുടെ ചുറ്റുമുള്ള കിടങ്ങ്

വാടപ്പുറം നാ. തെക്കുപടിഞ്ഞാറ്

വാടം1 നാ. 1. ഉദ്യാനം; 2. വളപ്പ്; 3. പുരയിടം; 4. വേലി; 5. വേലിക്കകം; 6. തെരുവ്; 7. വഴി; 8. ഇടുപ്പ്; 9. മൺകോട്ട

വാടം2 നാ. തവണ

വാടൽ [വാടുക] നാ. വാട്ടം

വാടാ വി. (നിഷേധക്രിയ) വാടാത്ത

വാടാവിളക്ക് നാ. 1. കെടാത്ത വിളക്ക്, കെടാവിളക്ക്; 2. രാവും പകലും ഇടവിടാതെ കത്തിക്കൊണ്ടിരിക്കുന്ന വിളക്ക്; 3. നിരന്തരം പ്രകാശിക്കുന്ന വസ്തു

വാടി നാ. 1. വാടം, പൂന്തോട്ടം, ഉദ്യാനം; 2. വീട്; 3. വീടിരിക്കുന്ന സ്ഥലം; 4. വേലിക്കകം; 5. പ്രതിരോധനില; 6. വഴി; 7. ഒരു ധ്യാനം

വാടിക നാ. 1. പൂന്തോട്ടം; 2. കുറുന്തോട്ടി; 3. കറിക്കായം; 4. നോട്ടം; 5. വീടിരിക്കുന്ന സ്ഥലം

വാടീവനം നാ. ഉദ്യാനം

വാടുക ക്രി. 1. തളരുക; 2. ശോഭകുറയുക; 3. തീയോ വെയിലോതട്ടി ദുർബലമാകുക; 4. വഴങ്ങുക; 5. ദുഃഖിക്കുക

വാട്ടം നാ. 1. വാടിയസ്ഥിതി; 2. തളർച്ച; 3. നിറം മങ്ങൽ, വിളർച്ച; 4. മ്ലാനത, വ്യസനം (പ്ര) വാട്ടം തട്ടുക = തളർച്ച ഉണ്ടാവുക

വാട്ടുക ക്രി. 1. അൽപമായി ഉണക്കുതട്ടിക്കുക; 2. ചെറുതായി ചൂടാക്കി പാകം വരുത്തുക; 3. ക്ലേശിപ്പിക്കുക; 4. ക്ഷീണിപ്പിക്കുക

വാഡവൻ നാ. ബ്രാഹ്മണൻ

വാഡവാഗ്നി നാ. ബഡവാഗ്നി

വാഡവേയം നാ. കാള

വാഢ വി. അധികമായ

വാണം നാ. 1. അഗ്നി; 2. റോക്കറ്റ്; 3. ബാണം, അമ്പ്; 4. ഒരുതരം വെടിമരുന്നു പ്രയോഗം; 5. അമ്പൊട്ടൽ

വാണാൾ നാ. 1. ജീവിതകാലം; 2. ആയുസ്സ്

വാണി നാ. 1. സരസ്വതി; 2. വാക്ക്; 3. ഭാഷണം; 4. ഭാഷ; 5. നെയ്ത്ത്; 6. നെയ്ത്തുതറി

വാണിജൻ നാ. 1. ചെട്ടി; 2. കച്ചവടക്കാരൻ

വാണിജം നാ. വാണിജ്യം, കച്ചവടം

വാണിജികൻ നാ. 1. കച്ചവടക്കാരൻ; 2. ചതിയൻ

വാണിനി നാ. 1. ദൂതി; 2. നർത്തകി; 3. കൗശലക്കാരി; 4. ഒരു വൃത്തം

വാണിഭൻ നാ. കച്ചവടക്കാരൻ

വാണിഭം നാ. കച്ചവടച്ചരക്ക്

വാണിമാത് നാ. സരസ്വതി

വാണിയൻ നാ. 1. എണ്ണവ്യാപാരി; 2. വാണിയം ചെയ്യുന്നവൻ; 3. എണ്ണയാട്ടൽ തൊഴിലായുള്ള ഒരു ജാതി, അതിലെ അങ്ഗം

വാണിയം നാ. കച്ചവടം

വാണീജാനി നാ. ‘സരസ്വതി ഭാര്യയായുള്ളവൻ’ ബ്രഹ്മാവ്

വാണീവിലാസം നാ. വാഗ്വൈഭവം

വാണ്ടെടുക്കുക ക്രി. വിലങ്ങനെ കഷണങ്ങളായി മുറിയ്ക്കുക

വാത1 വി. 1. വീശിയ; 2. അപേക്ഷിക്കപ്പെട്ട; 3. കാങ്ക്ഷിക്കപ്പെട്ട

വാത2 നാ. ബാധ എന്നതിൻെറ തദ്ഭവം. ഉദാഃ പക്കിവാത

വാതകം നാ. 1. ദ്രവ്യത്തിൻെറ മൂന്നു രൂപങ്ങളിൽ ഒന്ന്. നിയതമായ രൂപമോ വ്യാപ്തമോ ഇല്ലാത്തതും എളുപ്പത്തിൽ എല്ലായിടത്തും വ്യാപിക്കുന്നതുമായ പദാർഥം; 2. ആവി; 3. തുവരപ്പയറ്; 4. ചെമ്പ്; 5. നീരാരൽ

വാതകൻ നാ. ജാരൻ

വാതകി1 നാ. വാതരോഗമുള്ളവൾ

വാതകി2 നാ. തുവരപ്പയറ്

വാതക്കൂറ് നാ. വാതരോഗം ഉണ്ടാകാൻ ഇടയാക്കുന്ന ശരീരപ്രകൃതി

വാതഗാമി നാ. പക്ഷി

വാതഘ്നം നാ. 1. മണലി; 2. വാതംകൊല്ലി

വാതഘ്നി നാ. വാതരോഗം ശമിപ്പിക്കുന്ന ഔഷധസസ്യം, വാതംകൊല്ലി

വാതധ്വജം നാ. 1. മേഘം; 2. പൊടി

വാതൻ നാ. വായു

വാതനാഡി നാ. വാതം വ്യാപിപ്പിക്കുന്ന ഞരമ്പ്

വാതപുത്രൻ നാ. 1. ഭീമൻ; 2. ഹനുമാൻ; 3. ചതിയൻ

വാതപോതം നാ. 1. ഇളംകാറ്റ്; 2. മന്ദവായു

വാതപ്പനി നാ. വാതംകൊണ്ടുണ്ടാകുന്ന പനി

വാതഫുല്ലാന്ത്രം നാ. ഒരു വാതരോഗം, വയറുപെരുപ്പ്

വാതം നാ. 1. കാറ്റ്; 2. ശരീരത്തിലെ ത്രിദോഷങ്ങളിൽ ഒന്ന്; 2. വാതകം; 4. ഒരു രോഗം

വാതമണ്ഡലി നാ. ചുഴലിക്കാറ്റ്

വാതമൃഗം നാ. 1. പെരുമാൻ; 2. കീരി

വാതർദ്ധി നാ. 1. വാതത്തിൻെറ പെരുപ്പം; 2. ഗദ

വാതര വി. 1. വലിയ കാറ്റുള്ള; 2. വേഗമുള്ള

വാതരക്തം നാ. ഒരു രോഗം

വാതരായണം നാ. 1. ശരം, അമ്പ്; 2. ഒരു ശരപ്പാട്ട്; 3. കൊടുമുടി; 4. ക്രകചം; 5. ചരളം

വാതരായണൻ നാ. 1. മദ്യ ലഹരി പിടിച്ചവൻ; 2. മടിയൻ; 3. ഭ്രാന്തൻ

വാതരുഷം നാ. 1. മഴവില്ല്; 2. കൊടുങ്കാറ്റ്; 3. കൈക്കൂലി

വാതവത്ത് വി. 1. കാറ്റുള്ള; 2. വാതരോഗമുള്ള

വാതവൈരി നാ. ആവണക്ക്

വാതസാരഥി നാ. 'കാറ്റു തേരാളിയായിട്ടുള്ളവൻ', അഗ്നി

വാതസ്കന്ധം നാ. വായുമണ്ഡലം

വാതളം നാ. 1. കടല; 2. കാറ്റ്; 3. ചണപ്പയറ്

വാതാടം നാ. 1. സൂര്യൻെറ ഒരു കുതിര; 2. പെരുമാൻ

വാതാടുക ക്രി. വാദിക്കുക

വാതാത്മജൻ നാ. 1. ഭീമൻ; 2. ഹനുമാൻ; 3. ചതിയൻ

വാതാനുകൂലനം നാ. വായുവിൻെറ ശീതോഷ്ണസ്ഥിതി നിയന്ത്രിക്കുക

വാതാപി നാ. ദണ്ഡകാരണ്യത്തിലെ ഒരു രാക്ഷസൻ

വാതാപിദ്വിട്ട് നാ. അഗസ്ത്യൻ

വാതാമയം നാ. 1. വാതരോഗം; 2. കാറ്റേറ്റ് ഉണ്ടാകുന്ന ശാരീരിക പീഡ; 3. വായുകോപം മൂലം ഉണ്ടാകുന്ന സുഖക്കേട്

വാതാമോദ നാ. കസ്തൂരി

വാതായനം നാ. 1. കിളിവാതിൽ; 2. മുഖപ്പ്, പൂമുഖം; 3. കൂടാരം; 4. കുതിര

വാതായു നാ. 1. മാൻ; 2. പെരുമാൻ

വാതാരി1 നാ. 1. ചേന; 2. കരിങ്കച്ചോലം; 3. നൊച്ചി; 4. ശതാവരി; 5. വിഴാൽ; 6. വെളുത്താവണക്ക്; 7. ചേരുമരം; 8. ചതുരക്കള്ളി; 9. കരിമരം; 10. പുത്രദായി; 11. ചെറുതേക്ക്; 12. കുറാശാണി

വാതാരി2 [പേർ] നാ. അങ്ങാടി, കമ്പോളം

വാതാശനൻ നാ. വാതാശനം, സർപ്പം

വാതാശ്വം നാ. വേഗത്തിലോടുന്ന കുതിര

വാതാളി നാ. ചുഴലിക്കാറ്റ്

വാതി നാ. 1.സൂര്യൻ; 2. ചന്ദ്രൻ; 3. കാറ്റ്

വാതിക	വി.	1. വാതസംബന്ധമായ; 2. വാതമുള്ള; 3. മദിച്ച

വാതികം	നാ.	വാതജ്വരം

വാതിൽ1	നാ.	1. പ്രവേശനദ്വാരം, കതക്; 2. അകത്തേയ്ക്കും പുറത്തേയ്ക്കുമുള്ള വഴി

വാതിൽ2	നാ.	കടവാതിൽ

വാതിൽതിറപ്പാട്ട്	നാ.	വാതിൽ തുറപ്പാട്ട്, ഒരിനം നാടൻ പാട്ട്

വാതിൽമാടം	നാ.	1. ക്ഷേത്രദ്വാരത്തിനു മുകളിൽ ഉള്ള എടുപ്പ്; 2. മുകൾത്തട്ടുള്ള ഗൃഹം

വാതീയ	വി.	1. കാറ്റുള്ള; 2. വാതമുള്ള

വാത്	നാ.	1. പന്തയം; 2. ചൂതുകളിക്കുമ്പോഴും മറ്റും ജയിക്കുന്നവനു തോൽക്കുന്നവൻ കൊടുക്കാമെന്നു ഏൽക്കുന്ന വസ്തു; 3. പണയം വയ്പ്പ്; 4. മുസ്ലിം പള്ളിയിൽ നടത്തുന്ന ഒരുതരം മതപ്രസങ്ഗം; 5. വീരവാദം

വാതുല	വി.	1. വാതരോഗം പിടിപെട്ട; 2. ഭ്രാന്തുള്ള

വാതുലം	നാ.	1. കൊടുങ്കാറ്റ്; 2. ചുഴലിക്കാറ്റ്; 3. ഉന്മത്തമായത്

വാതുലി	നാ.	കടവാതിൽ

വാതോന്മാദം	നാ.	ഒരുതരം ഉന്മാദരോഗം

വാതോർമി	നാ.	ഒരു വൃത്തം

വാത്ത	നാ.	പാത്ത

വാത്തി1 നാ. 1. വാധ്യാൻ; 2. ഈഴവരുടെ ക്ഷുരകൻ

വാത്തി2 നാ. ഭദ്രകാളിക്ഷേത്രത്തിൽ സ്തുതി പാടുന്നവൻ

വാത്ത് നാ. താറാവ്

വാത്യ നാ. 1. ഉഗ്രമായ കാറ്റ്; 2. ചുഴലിക്കാറ്റ്

വാത്സകം നാ. പശുക്കിടാവിൻ കൂട്ടം

വാത്സല്യം നാ. 1. കുട്ടികളോടും മറ്റും തോന്നുന്ന സ്നേഹം; 2. വത്സലഭാവം; 3. അനുഭാവം

വാത്സല്ലിക്കുക ക്രി. 1. വാത്സല്യം കാണിക്കുക; 2. ലാളിക്കുക

വാത്സ്യായനൻ നാ. 1. (പുരാണ) ഒരു മഹർഷി; 2. കാമസൂത്രത്തിൻെറ കർത്താവ്; 3. ന്യായസൂത്രങ്ങളുടെ പ്രസിദ്ധ ഭാഷ്യകാരൻ

വാദം നാ. 1. അഭിപ്രായപ്രകടനം; 2. ചർച്ച; 3. തർക്കം; 4. മറുപടി; 5. വ്യവഹാരത്തിൽ ഉന്നയിക്കുന്ന ന്യായം; 6. അനുകൂലമോ പ്രതികൂലമോ ആയ വസ്തുക്കളുടെ അവതരണം; 8. കേൾവി; 9. വ്യാഖ്യാനം; 10. സിദ്ധാന്തം

വാദകൻ നാ. 1. സംസാരിക്കുന്നവൻ; 2. തർക്കത്തിൽ ഏർപ്പെടുന്നവൻ; വാദ്യം വായിക്കുന്നവൻ; 4. ശസ്ത്രാർഥം പറയുന്നവൻ

വാദഗ്രസ്ത വി. തർക്കവിഷയമായ

വാദചഞ്ചു നാ. സംഭാഷണത്തിൽ സമർഥൻ

വാദനം നാ. 1. ശബ്ദിപ്പിക്കൽ; 2. വാദ്യം മുഴക്കൽ

വാദപ്രതിവാദം നാ. 1. പരസ്പരം ഖണ്ഡിച്ചുകൊണ്ടുള്ള വാദം; 2. വാഗ്വാദം

വാദര വി. 1. പഞ്ഞികൊണ്ടുണ്ടാക്കിയ; 2. ബദരസംബന്ധിയായ.

നാ. കുരുപ്പരുത്തി

വാദരം നാ. തുണി

വാദലം നാ. ഇരട്ടിമധുരം

വാദാനുവാദം നാ. 1. വാദപ്രതിവാദം; 2. അന്യായവും പത്രികയും

വാദി വി. 1. വാദിക്കുന്ന, പറയുന്ന; 2. പണ്ഡിതനായ. നാ. 1. വാദിക്കുന്നവൻ; 2. വിദ്വാൻ; 3. വക്താവ്; 4. വാദ്യക്കാരൻ; 5. ആവലാതിക്കാരൻ

വാദിക്കുക ക്രി. 1. അഭിപ്രായം പ്രകടിപ്പിക്കുക; 2. തർക്കിക്കുക; 3. ന്യായവാദം നടത്തുക; 4. വ്യവഹരിക്കുക; 5. പറയുക; 6. വായിക്കുക; 7. മുഴക്കുക

വാദിത വാ. 1. വാദിക്കപ്പെട്ട; 2. വായിക്കപ്പെട്ട

വാദിത്രം നാ. 1. വാദ്യം; 2. സങ്ഗീതം

വാദിശൻ നാ. 1. വിദ്വാൻ; 2. പണ്ഡിതൻ; 3. ഋഷി

വാധ്യായൻ നാ. വാധ്യാൻ. 1. ഉപാധ്യായൻ; 2. കുടുംബപുരോഹിതൻ

വാദ്യ വി. വാദിക്കത്തക്ക

വാദ്യഘോഷം നാ. വാദ്യങ്ങളുടെ നാദം

വാദ്യചതുഷ്ടയം നാ. ഘനവാദ്യം തതവാദ്യം സുഷിരവാദ്യം ആനദ്ധവാദ്യം എന്നീ വാദ്യങ്ങൾ നാലും

വാദ്യധ്വനി നാ. വാദ്യഘോഷം

വാദ്യഭാണ്ഡം നാ. വാദ്യങ്ങളുടെ കൂട്ടം

വാദ്യം നാ. 1. സങ്ഗീതോപകരണം; 2. വാദ്യധ്വനി; 3. വാദനംചെയ്യൽ

വാദ്യമേളം നാ. ഒന്നിലധികം വാദ്യങ്ങളുടെ സംയുക്തമായ പ്രയോഗം

1283

വാധ നാ. ബാധ

വാധുക്യം നാ. വിവാഹം

വാധ്യാൻ നാ. 1. ഉപാധ്യായൻ; 2. കുടുംബപുരോഹിതൻ

വാൻ നാ. 1. ആകാശം; 2. ചോദ്യം അർഥമായുള്ള വാക്യാലങ്കാരം

വാന വി. 1. വനത്തെ സംബന്ധിച്ച; 2. ഉണങ്ങിയ; 3. പോകുന്ന; 4. ജീവിക്കുന്ന

വാനകം നാ. 1. സ്വർഗം; 2. ആകാശം

വാനപ്രസ്ഥൻ നാ. 1. മൂന്നാമത്തെ ആശ്രമത്തിൽ കഴിയുന്നവൻ; 2. ലോകാസക്തിവെടിഞ്ഞ് ഭാര്യയോടുകൂടി കാട്ടിൽചെന്നു തപസ്സുചെയ്യുന്നവൻ

വാനപ്രസ്ഥം നാ. 1. വാനപ്രസ്ഥൻെറ ആശ്രമം; 2. പ്ലാശ്; 3. ഇരിപ്പൂവൃക്ഷം; 4. മല്ലിക

വാനം1 നാ. 1. ഉണങ്ങിയ കായ്, ഉണക്കപ്പൂവ്; 2. വെള്ളത്തിൻെറ ഇരമ്പൽ; 3. ഓളം തള്ളൽ; 4. കുറ്റിക്കാടുകളുടെ കൂട്ടം; 5. ജീവിതം; 6. സുഗന്ധം; 7. ചുവരിലെ വിടവ്; 8. പുൽപ്പായ്

വാനം2 നാ. 1. ആകാശം; 2. മഴ

വാനം3 നാ. കെട്ടിടത്തിൻെറയും മറ്റും അടിസ്ഥാനം (പ്ര) വാനം തോണ്ടുക = അസ്ഥിവാരം കുഴിക്കുക

വാനമീൻ നാ. വാനത്തെ മീൻ, നക്ഷത്രം

വാനമ്പാടി നാ. മധുരമായി പാടുന്ന ഒരു പക്ഷി കൃകരാടം

വാനരത്വം നാ. 1. വാനരൻെറ അവസ്ഥ; 2. ചപലത

വാനരൻ നാ. കുരങ്ങ്

വാനരം നാ. 1. കുരങ്ങ്; 2. കല്ലാൽ

വാനരാക്ഷം നാ. കാട്ടാട്

വാനരി നാ. പെൺകുരങ്ങ്

വാനരീതപം നാ. വൃക്ഷത്തിൽ കുരങ്ങിനെപ്പോലെ തപസ്സുചെയ്യൽ

വാനരേന്ദ്രൻ നാ. 1. വാനരശ്രേഷ്ഠൻ; 2. ബാലി; 3. സുഗ്രീവൻ; 4. ഹനുമാൻ

വാനലം നാ. കറുത്ത തുളസി

വാനവൻ നാ. വാനത്തുള്ളവൻ, ദേവൻ

വാനവില്ല്		നാ.	1. വാനത്തെ വില്ല്; 2. മഴവില്ല്

വാനശാസ്ത്രം		നാ.	ഖഗോളശാസ്ത്രം

വാനസ്പത്യം		നാ.	പൂവിൽനിന്ന് കായുണ്ടാകുന്ന വൃക്ഷം, ആദ്യം പൂവുണ്ടായി പിന്നീട് അതിൽനിന്നു വിത്തുണ്ടാകുന്ന മാവ് തുടങ്ങിയ വൃക്ഷങ്ങൾ

വാനിടം		നാ.	വാനുലകം, സ്വർഗലോകം

വാനീർ		നാ.	തുപ്പൽ

വാനീരം		നാ.	1. ആറ്റുവഞ്ചിമരം; 2. ചൂരൽ; 3. കൊട്ടം

വാനോർ		നാ.	വാനവർ, ദേവകൾ

വാന്ത		വി.	1. ഛർദിക്കപ്പെട്ട; 2. പുറത്തുതള്ളിയ

വാന്താദം		നാ.	'ഛർദി തിന്നുന്നത്', പട്ടി

വാന്തി		നാ.	ഛർദി

വാപദണ്ഡം		നാ.	നെയ്ത്തുകാരൻ ഉപയോഗിക്കുന്ന ഒരുതടി, നെയ്ത്തുകോൽ

വാപദുകൻ		നാ.	വിടുവായൻ

വാപനം		നാ.	ക്ഷൗരം ചെയ്യൽ

വാപം		നാ.	1. വിത; 2. നെയ്ത്ത്; 3. ക്ഷൗരം

വാപി		നാ.	1. വലിയകുളം; 2. നെടുങ്കേണി; 3. പൊയ്ക

വാപിക		നാ.	കുളം

വാപിത വി. 1. വിതയ്ക്കപ്പെട്ട; 2. ക്ഷൗരംചെയ്യപ്പെട്ട

വാപ്പ [അറ] നാ. (മുസ്ലിം) അച്ചരൻ, ബാപ്പ

വാപ്പിരട്ടി നാ. 1. നന്ദിവാക്ക്; 2. ശകാരം

വാപ്യ വി. 1. വിതയ്ക്കേണ്ട; 2. വിതയ്ക്കത്തക്ക

വാപ്യം നാ. ഒരങ്ങാടിമരുന്ന്, കൊട്ടം

വാംശി നാ. 1. മുളനൂറ്; 2. മുളവെണ്ണ

വാംശികൻ നാ. ഓടക്കുഴൽ വിളിക്കുന്നവൻ

വാമ1 വി. 1. ഭങ്ഗിയുള്ള; 2. സൗന്ദര്യമുള്ള; 3. ഇടഞ്ഞ; 4. മനോഹരമായ; 5. ദുഷ്ടതയുള്ള; 6. വിപരീതഭാവമുള്ള; 7. ദുഷ്ടന്മാരുടെ മദത്തെ കളയുന്ന; 8. നീളം കുറഞ്ഞ; 9. വളഞ്ഞ

വാമ2 നാ. 1. സുന്ദരി; 2. സ്ത്രീ; 3. സ്നേഹിക്കുന്നവൾ; 4. ഗൗരി; 5. ലക്ഷ്മി; 6. സരസ്വതി; 7. അനുസരിക്കാത്തവൾ, വിപരീതശീല

വാമക വി. 1. ഇടത്തെ; 2. വിപരീതമായ

വാമദേവൻ നാ. 1. ശിവൻ; 2. വക്രതയുള്ളവൻ; 3. ഇടതുവശത്തു ധരിക്കപ്പെട്ട ദേവിയോടുകൂടിയവൻ; 4. ദുഷ്ടന്മാരുടെ മദത്തെ കളയുന്നവൻ; 5. സുന്ദരൻ; 6. ശ്രേഷ്ഠനായ ദേവൻ; 7. ഒരു മഹർഷി; 8. വിസ്മയകരമായ വേഗതയുള്ള രണ്ടു വാമ്യാശ്വങ്ങളുടെ ഉടമസ്ഥൻ

വാമൻ നാ. 1. ശിവൻ; 2. കാമദേവൻ

വാമന വി. 1. നീളംകുറഞ്ഞ; 2. നീചത്വമുള്ള

വാമനൻ നാ. 1. ഹ്രസ്വശരീരൻ, മുണ്ടൻ; 2. (പുരാണ) വിഷ്ണുവിൻെറ അഞ്ചാമത്തെ അവതാരം; 3. ലോകത്തിൻെറ തെക്കേകോണിലെ ആന; 4. പാണിനീയ സൂത്രങ്ങളുടെ വ്യാഖ്യാനമായ കാശികാവൃത്തിയുടെ കർത്താവ്; 5. വിഢിത്തം പറയുന്നവൻ

വാമനം നാ. 1. അഷ്ടാദശപുരാണങ്ങളിൽ ഒന്ന്; 2. അഴിഞ്ഞിൽ

വാമനി നാ. 1. പൊക്കംകുറഞ്ഞവൾ; 2. പെൺകുതിര; 3. ഒരു രോഗം

വാമനിക നാ. മുണ്ടി, കുറിയവൾ

വാമഭാഗം നാ. ഇടതുവശം

വാമം നാ. 1. അകിട്; 2. പ്രതികൂലം; 3. മനോഹരം; 4. ദുഷ്ടത; 5. കാമം; 6. പാമ്പ്; 7. ധനം; 8. ഇടത്തുവശം; 9. ചീര

വാമി നാ. 1. പെൺകുതിര; 2. പെൺകഴുത; 3. പിടിയാനക്കുട്ടി; 4. പെൺനരി

വാമിക നാ. ദുർഗ

വാമില വി. 1. സൗന്ദര്യമുള്ള; 2. കൗശലമുള്ള; 3. ചതിവുള്ള

വാമുള്ള് നാ. ശിശുക്കളുടെ വായിൽ ഉണ്ടാകുന്ന ഒരുതരം രോഗം

വാമൊഴി നാ. സംഭാഷണ ഭാഷ

വായ്,വാ,വായ നാ. 1. മനുഷ്യരുടെയും ജന്തുക്കളുടെയും മുഖത്തെ അവയവങ്ങളിൽ ഒന്ന്, ആഹാരം കഴിക്കാനും ശബ്ദം പുറപ്പെടുവിക്കുവാനും ഉപയോഗിക്കുന്നത്; 2. പാത്രം കിണർ ഗുഹ കുഴൽ തുടങ്ങിയവയുടെ തുറന്ന ഭാഗം; 3. മുറിവിൻെറ ഉപരിതലത്തിലെ വിടവ്, മുറിവായ്; 4. ആയുധങ്ങളുടെ മൂർച്ചയുള്ള അരിക്, വായ്ത്തല; 5. ഗ്രസിക്കുന്ന എന്തെങ്കിലുമൊന്ന്; 6. വിശപ്പ്; 7. അപകടസാധ്യത; 8. ഭാഷണശേഷി; 9. മുഖം

വായ്ക്കത്തി നാ. വലിയ കത്തി

വായ്ക്കര നാ. സമുദ്രം നദി മുതലായവയുടെ തടപ്രദേശം

വായ്ക്കരി നാ. മരിച്ചവരെ അടക്കുന്നതിനു തൊട്ടുമുമ്പ് ശവത്തിൻെറ വായിലിടുന്ന അരി. (പ്ര) വായ്ക്കരിയിടാൻ = നശിക്കാൻ

വായ്ക്കല്ല് നാ. കിണറ്റിൻെറ വക്കിൽ പണിയുന്ന കല്ല്

വായ്ക്കാൽ നാ. ഇടുങ്ങിയ ചെറിയ തോട്

വായ്ക്കുക ക്രി. 1. വർധിക്കുക; 2. വളരുക; 3. ഉണ്ടാവുക

വായ്ക്കുഴൽ നാ. 1. മുരളി; 2. ഊതുന്ന കുഴൽ

വായ്ത്തല നാ. ആയുധങ്ങളുടെ മൂർച്ചയുള്ള ഭാഗം

വായ്ത്താരി നാ. 1. ആർപ്പ്; 2. താളത്തിലെ അക്ഷരങ്ങൾ, അവ ഉച്ചരിക്കൽ

വായ്ത്താളം നാ. 1. വാകൊണ്ടു ചൊല്ലുന്ന താളം; 2. വെറുതെ പറയുന്ന വാക്ക്

വായ്നീര്		നാ.	തുപ്പല്‍

വായ്പ്പ		നാ.	കടം

വായ്പ്പുട		നാ.	ഊറ്റം പറച്ചില്‍

വായ്പ്പ്		നാ.	1. (ധാന്യങ്ങളുടെയും മറ്റും) വളര്‍ച്ച; 2. വര്‍ധന

വായ്മൊഴി		നാ.	1. വാമൊഴി, സംസാരഭാഷ; 2. മൊഴി

വായ	നാ.	വായ്

വായങ്കം		നാ.	1. വാക്കുകള്‍കൊണ്ടുള്ള കലഹം; 2. ശണ്‍ത; 3. തര്‍ക്കം

വായദണ്ഡം		നാ.	നെയ്ത്തുകോല്‍

വായന		നാ.	1. വരമൊഴിനോക്കി മനസ്സില്‍ ചൊല്ലുകയോ പുറമേ കേള്‍ക്കത്തക്കവണ്ണം ഉച്ചരിക്കുകയോ ചെയ്യല്‍; 2. വീണമുതലായ വാദ്യങ്ങള്‍ ശബ്ദിപ്പിക്കല്‍

വായനക്കോല്‍		നാ.	വാദ്യം വായിക്കാനുള്ള കോല്‍, മീട്ടുകോല്‍

വായനന്‍		നാ.	1. വായാടി; 2. വായാളന്‍

വായനം		നാ.	1. പലഹാരം; 2. വായന

വായവ		വി.	വായുവിനെ സംബന്ധിച്ച

വായസം		നാ.	1. കാക്ക; 2. തിരുവട്ടപ്പശ; 3. കാരകില്‍

വായസാരാതി		നാ.	1. മൂങ്ങ; 2. ഊമന്‍

വായസി നാ. 1. പെൺകാക്ക; 2. മണിത്തക്കാളി; 3. വലിയവാലുഴവം; 4. കരിന്തക്കാളി; 5. കാട്ടത്തി

വായാടി നാ. വളരെ സംസാരിക്കുന്നവൻ

വായിക്കുക ക്രി. 1. വരമൊഴിനോക്കി മനസ്സിലോ പുറമെയോ ചൊല്ലുക; 2. വീണ മുതലായ വാദ്യങ്ങൾ ശബ്ദിപ്പിക്കുക

വായു നാ. 1. കാറ്റ്; 2. വായുദേവൻ; 3. അന്തരീക്ഷ വാതകം

വായുകോണം നാ. വടക്കുപടിഞ്ഞാറെ മൂല

വായുക്ഷോഭം നാ. 1. ഒരു രോഗം; 2. കാറ്റിൻെറ ഇളക്കം

വായുഗുളിക നാ. കസ്തൂരി മുതലായ മരുന്നുകൾ അരച്ചുകൂട്ടി ഉണ്ടാക്കിയ ഗുളിക

വായുപുത്രൻ നാ. 1. ഹനുമാൻ; 2. ഭീമസേനൻ

വായുപുരാണം നാ. പതിനെട്ടു പുരാണങ്ങളിൽ ഒന്ന്

വായുപ്പിഴ നാ. ഉളുക്ക്

വായുഭക്ഷം,-ക്ഷ്യം നാ. പാമ്പ്

വായുമണ്ഡലം നാ. 1. ആകാശത്തിൽ വായു വ്യാപിച്ചിരിക്കുന്ന സ്ഥലം; 2. ആകാശം; 3. അന്തരീക്ഷം

വായുവാഹം നാ. പുക

വായുസഖൻ നാ. അഗ്നി

വായുസ്തംഭനം നാ. കാറ്റിൻെറ ഇളക്കമില്ലായ്മ

വായോല നാ. നിലമോ പറമ്പോ ഒഴിഞ്ഞതിനുള്ള രേഖ

വാർ1 നാ. 1. വെള്ളം; 2. പട്ട്; 3. സംഭാഷണം; 4. ഭങ്ഗി; 5. കുതിരയുടെ കഴുത്തിലെ ചുരുണ്ടരോമം; 6. ശങ്ഖം

വാർ2 വി. 1. നല്ല; 2. മനോഹരമായ; 3. ദീർഘമായ; 4. ശുദ്ധമായ; 5. സൂക്ഷ്മമായ

വാർകടൽ നാ. മനോഹരമായ സമുദ്രം

വാർകുഴൽ നാ. മനോഹരമായ തലമുടി

വാർക്കാർ നാ. 1. കുതിരപ്പട്ടാളം; 2. ശിപായിമാർ

വാർക്കുക ക്രി. 1. ഒഴിക്കുക, തൂകുക; 2. ചോറിൽനിന്നു വെള്ളം ഊറ്റുക; 3. ലോഹം ഉരുക്കി ഒഴിച്ച് പാത്രവും മറ്റും ഉണ്ടാക്കുക; 4. ചെലുത്തുക

വാർക്ഷ വി. 1. വൃക്ഷത്തെ സംബന്ധിച്ച; 2. തടികൊണ്ടുണ്ടാക്കിയ

വാർക്ഷം നാ. 1. മരക്കൂട്ടം; 2. കാട്

വാർച്ച [<വാരുക] നാ. 1. വാഇച്ച; 2. ഒഴുക്ക്; 3. ചോർച്ച; 4. പ്രമേഹം

വാർജം നാ. വാരിജം, താമര

വാർഡ് [ഇം.] നാ. 1. കോടതി നിയമിച്ച ആളുടെ രക്ഷയിലിരിക്കുന്ന; 2. ഭരണസംബന്ധമായ വിഭാഗം; 3. (ആശുപത്രി ജയിൽ തുടങ്ങിയ ഇടങ്ങളിലെ) പ്രത്യേക മുറി

വാർണികൻ നാ. 1. എഴുത്തുകാരൻ; 2. ലിപികാരൻ

വാർണിഷ് [ഇം.] നാ, ഒരുതരം മിനുക്കെണ്ണ

വാർതിങ്കൾ നാ. മനോഹരമായ ചന്ദ്രബിംബം

വാർത്ത1 [വാർക്കുക] വി. (മുൻവി) വാർത്തു നിർമിച്ച

വാർത്ത2 നാ. 1. വൃത്താന്തം, വർത്തമാനം. ഉദാഃ പത്രവാർത്ത; 2. സംഭവങ്ങളുടെയും മറ്റും വിവരം; 3. കേൾവിപ്പെടുന്ന കാര്യം; 4. ആളുകൾ അറിയാൻ താത്പര്യപ്പെടുന്ന കാര്യം; 5. കേൾവി; 6. ദിവസവൃത്തി; 7. കച്ചവടം, കൃഷി; 8. പാർപ്പ്, താമസം; 9. തക്കാരി, വഴുതിന; 10. വിഷയം; 11. ദുർഗ

വാർത്ത3 വി. 1. രോഗം മാറി സുഖപ്പെട്ട; 2. വേലചെയ്റ്റ്ഹുകൊണ്ടിരിക്കുന്ന; 3. തൊഴിലിൽ പ്രവേശിച്ച

വാർത്തപ്പാട് നാ. (ക്രിസ്റ്റു) വിവാഹനിശ്ചയം

വാർത്താമാത്രം നാ. 1. വെറുംകേൾവി; 2. തുച്ഛമായ അറിവ്; 3. ഉപരിപ്ലവമായ പരിചയം

വാർത്തായനൻ നാ. 1. ഒറ്റുകാരൻ; 2. ചാരൻ; 3. സന്ദേശവാഹകൻ; 4. ഏജൻറ്; 5. സ്ഥാനപതി

വാർത്താർ നാ. താമര

വാർത്താവഹൻ നാ. 1. ദൂതൻ; 2. മെഴുകുതിരി ഉണ്ടാക്കുന്നവൻ; 3. ആക്കിറിവ്യാപാരി

വാർത്താവൃത്തി നാ. കർഷകൻ

വാർത്താഹരൻ നാ. വാർത്താവഹൻ

വാർത്തിക വി. 1. വാർത്തസംബന്ധിച്ച; 2. തൊഴിൽ സംബന്ധിച്ച; 3. അർഥം വ്യക്തമാക്കുന്ന

വാർത്തികൻ നാ. 1. വർത്തമാനം അറിയിക്കുന്നവൻ; 2. ദൂതൻ; 3. ചാരൻ; 4. വൈശ്യൻ

വാർത്തികം നാ. 1. കാത്യായനൻ പാണിനീയ സൂത്രങ്ങൾക്കു വൃത്തരൂപത്തിൽ തയ്യാറാക്കിയിട്ടുള്ള ഗ്രന്ഥം; 2. സൂത്രത്തോട് അനുബന്ധിച്ചുള്ള നിയമം, വ്യാഖ്യാനം; 3. ജീവിതം; 4. കച്ചവടം

വാർദം നാ. 1. മേഘം; 2. മുത്തങ്ങ

വാർദളം നാ. 1. ദുർദിനം; 2. മൂടലുള്ള ദിവസം

വാർധക്യം നാ. വൃദ്ധൻെറ അവസ്ഥ; 2. പ്രായമേറിയ അവസ്ഥ; 3. വൃദ്ധസമൂഹം

വാർധി നാ. കടൽ

വാർധൂഷ്യം നാ. 1. അമിതമായ പലിശ; 2. അമിതപ്പലിശയ്ക്കുള്ള കടം കൊടുപ്പ്

1285

വാർധ്രം നാ. തോൽവാറ്

വാർധ്രീണസം നാ. വാൾമാൻ

വാർന്ന വി. 1. ഒലിച്ചുപോയ; 2. മുറിച്ചെടുത്ത

വാർപ്പ് നാ. 1. വാർക്കുക എന്ന പ്രവൃത്തി; 2. വാർത്തുണ്ടാക്കിയ വലിയ പാത്രം, വലിയ ഉരുളിയുടെ ആകൃതിയിലുള്ളത്; 3. ഒരു രോഗം

വാർപ്പുല നാ. പാത്രം വാർത്തുണ്ടാക്കാനുള്ള ഉല

വാർഭടം നാ. മുതല

വാർമുക്ക് നാ. 1. മേഘം; 2. മുത്തങ്ങ

വാർമുടി നാ. 1. നല്ലമുടി; 2. ചീകിയൊതുക്കിയ തലമുടി

വാർമൊഴി നാ. 1. മധുരമായ വാക്ക്; 2. സുന്ദരി

വാർവടം നാ. 1. വഞ്ചി; 2. ബോട്ട്

വാർവാഹം നാ. 1. മേഘം; 2. മുത്തങ്ങ

വാർശില നാ. ആലിപ്പഴം

വാർഷ വി. വർഷകാലം സംബന്ധിച്ച

വാർഷിക വി. 1. വർഷംതോറുമുള്ള; 2. വർഷകാലത്തു മുളയ്ക്കുകയും വളരുകയും ചെയ്യുന്ന; 3. ഒരു വർഷം നിലനിൽക്കുന്ന

വാർഷികം നാ. 1. ഒരു പച്ചമരുന്ന്; 2. ബ്രഹ്മി; 3. ആട്ടബലി; 4. ആണ്ടുതോറും നടത്തുന്ന ആഘോഷം; 5. ആണ്ടുതികയുന്ന ദിനം

വാർഷികി നാ. മഴമുല്ല

വാർഷില നാ. ആലിപ്പഴം

വാർഷുക വി. 1. വർഷിക്കുന്ന; 2. ചൊരിയുന്ന; 3. തളിക്കുന്ന

വാർഷ്ണേയൻ നാ. 1. (പുരാണ) വൃഷ്ണിവംശത്തിൽ ജനിച്ചവൻ, ശ്രീകൃഷ്ണൻ; 2. നളൻെറ സാരഥി

വാര [പോർ] നാ. ഗജം, മൂന്നടിനീളം

വാരടം നാ. വയൽ

വാരണം നാ. 1. തടസ്സം; 2. ഒഴിവാക്കൽ; 3. ആന; 4. പടച്ചട്ട. വാരണംചെയ്യുക = 1. തടുക്കുക; 2. ഒഴിവാക്കുക

വാരണാവതം നാ. ഒരു നഗരം, ഇന്ദ്രപ്രസ്ഥം

വാരൻ നാ. ശിവൻ

വാരം നാ. 1. ആഴ്ച; 2. ദിവസം; 3. സമീപസ്ഥലം; 4. അവസരം, സമയം; 5. പടിവാതിൽ; 6. ക്ഷേത്രങ്ങളിൽ വച്ചുനടത്തുന്ന ഒരു അടിയന്തരം; 7. ഒരു ബ്രാഹ്മണഭോജനം; 8. ഭവനങ്ങളിൽ ചേർത്തു ചായ്ച്ചുപണിയുന്ന ഒരു മുറി; 9. മദ്യം വയ്ക്കുന്ന ഒരു പാത്രം; 10. കുടിയാന്മാർ മുതലാളിമാർക്കും മറ്റും വിളവിൽനിന്നു കൊടുക്കുന്ന ഒരു ഭാഗം; 11. ചേമ്പും മറ്റും നടുന്നതിനു കിളച്ചുണ്ടാക്കുന്ന സ്ഥലം

വാരം2 അവ്യ. പ്രാവശ്യം

വാരംവാരം അവ്യ. 1. പിന്നെയും പിന്നെയും; 2. പലപ്പോഴും

വാരമുഖ്യ നാ. എട്ടുവിധം നായികമാരുള്ളതിൽ ഒന്ന്

വാരയിതാവ് നാ. 1. വാരണംചെയ്യുന്നവൻ; 2. തടുക്കുന്നവൻ

വാരൽ　　നാ.　1. വാരിയെടുക്കൽ; 2. (പ്ര) പരിഹസിക്കൽ

വാരല　　നാ.　1. അന്നപ്പേട; 2. കടന്നൽ; 3. പാത്ത

വാരവധു　　നാ.　വാരസ്ത്രീ, വേശ്യ

വാരവാണം　　നാ.　1. ചട്ട; 2. കവചം

വാരവാണി　　നാ.　1. നാഗസ്വരക്കാരൻ, കുഴലൂതുന്നവൻ; 2. സംവത്സരം

വാരവേള　　നാ.　ഓരോ ദിവസവും കർമങ്ങൾക്കു വർജ്യമായ സമയം

വാരശൂലം　　നാ.　(ജ്യോ) ചില പ്രത്യേക ദിക്കുകളിലേക്കു യാത്രപുറപ്പെടാൻ കൊള്ളരുതാത്ത ആഴ്ച

വാരസുന്ദരി　　നാ.　വാരവധു, വേശ്യ

വാരള　　നാ.　1. അന്നപ്പേട; 2. കടന്നൽ; 3. പാത്ത

വാരാ　　വി.　ഒന്നും വിളയാത്ത (നിഷാധക്രിയ) വരികയില്ല

വാരാകരം　　നാ.　സമുദ്രം

വാരാണസി　　നാ.　കാശി (വാരണ അസി എന്നീ രണ്ടു നദികളുടെ നടുവിലുള്ള പ്രദേശം)

വാരാന്നിധി　　നാ.　വാരിധി, സമുദ്രം

വാരായുക　　ക്രി.　വാരായ്ക, വരാതിരിക്കുക

വാരാർന്ന　　വി.　1. ശക്തിയുള്ള; 2. ഭങ്ഗിയുള്ള

വാരാസനം　　നാ.　1. തൊട്ടി; 2. ജലം സൂക്ഷിക്കുന്ന സ്ഥലം

വാരാഹ വി. വരാഹത്തെ സംബന്ധിച്ച

വാരാഹം നാ. 1. അഷ്ടാദശപുരാണങ്ങളിൽ ഒന്ന്; 2. പന്നി; 3. ഒരു വൃക്ഷം

വാരാഹി നാ. 1. സപ്തമാതാക്കളിൽ ഒന്ന്; 2. വരാഹരൂപം പൂണ്ട വൈഷ്ണവശക്തി; 3. പന്നിക്കിഴങ്ങ്; 4. നിലപ്പന; 5. ഒരു അളവ്; 6. ഭൂമി; 7. പെൺപന്നി

വാരാഴും വി. 1. ശക്തിയുള്ള; 2. ഭങ്ഗിയുള്ള

വാരി1 നാ. 1. അലക്; 2. മേൽപ്പുരയുടെ ചരിവുകഴുക്കോൽ; 3. പട്ടിയൽ; 4. ഇരുമ്പ്; 5. വാരിയെല്ല്

വാരി2 നാ. 1. വെള്ളം; 2. കടൽ; 3. ഇരുമ്പുവേലി; 4. ആനയെകെട്ടുന്ന സ്ഥലം അഥവാ കയറ്; 5. ആനക്കുഴി; 6. ചതിക്കുഴി; 7. വാക്ക്; 8. സരസ്വതി; 9. അടിമ; 10. ബന്ധനസ്ഥൻ; 11. ജലകുംഭം; 12. ഒരു സുഷിരവാദ്യം

വാരി3 നാ. 1. വരമ്പ്; 2. വിളവ്; 3. ധാന്യം; 4. ഐശ്വര്യം

വാരി4 നാ. 1. വാതിൽ; 2. വഴി

വാരിക നാ. 1. ആഴ്ചപ്പതിപ്പ്; 2. വാരംതോറുമുള്ളത്

വാരികണം നാ. വെള്ളത്തുള്ളി

വാരിക്കുക നാ. വാരുക എന്ന കൃത്യം ചെയ്യിക്കുക

വാരിക്കുഴി നാ. ആനയെ പിടിക്കാനായി കുഴിച്ചു മേൽപ്പുറം മൂടിയ കുഴി

വാരിചരം　　നാ.　ജലജന്തു

വാരിചാമരം　　നാ.　കരിമ്പായൽ

വാരിജ　　വി.　വെള്ളത്തിലുണ്ടായ

വാരിജനേത്രൻ　　നാ.　'താമരയിതൾപോലെ നീണ്ടു മനോഹരമായ കണ്ണുകളുള്ളവൻ', ശ്രീകൃഷ്ണൻ

വാരിജപുത്രി　　നാ.　1. ലക്ഷ്മി; 2. സരസ്വതി

വാരിജം　　നാ.　1. താമര; 2. ഒരുതരം ശങ്ഖ്; 3. ഉപ്പ്; 4. ഗൗരസുവർണം; 5. കക്ക; 6. ഇലവർങ്ങപ്പൂവ്

വാരിജമിഴിയാൾ　　നാ.　സുന്ദരി

വാരിജലോചനൻ　　നാ.　ശ്രീകൃഷ്ണൻ

വാരിജശരൻ　　നാ.　കാമദേവൻ

വാരിജസംഭവ　　നാ.　1. ലക്ഷ്മി; 2. സരസ്വതി

വാരിജസംഭവൻ　　നാ.　ബ്രഹ്മാവ്

വാരിജാതം　　നാ.　താമര

വാരിജാലയൻ　　നാ.　ബ്രഹ്മാവ്

വാരിജേക്ഷണൻ　　നാ.　വിഷ്ണു

വാരിജോദ്ഭവൻ　　നാ.　ബ്രഹ്മാവ്

വാരിത　　നാ.　1. വാരണംചെയ്യപ്പെട്ട; 2. തടുക്കപ്പെട്ട; 3. വിലക്കപ്പെട്ട

വാരിതസ്കരൻ നാ. സൂര്യൻ

വാരിതസ്കരം നാ. 1. മുത്തങ്ങ; 2. മേഘം

വാരിത്ര നാ. കുട, ഓലക്കുട

വാരിദം നാ. 1. മേഘം; 2. മുത്തങ്ങ

വാരിധരം നാ. 1. മേഘം; 2. മുത്തങ്ങ

വാരിധാര നാ. 1. മുത്തങ്ങ; 2. വാരികൊണ്ടുള്ള ധാര, ജലധാര; 3. മഴച്ചാറ്റൽ

വാരിധി നാ. 1. സമുദ്രം; 2. കുടം

വാരിധിമേഖല നാ. ഭൂമി

വാരിധിസംഭവ നാ. മഹാലക്ഷ്മി

വാരിധ്രം നാ. 1. മേഘം; 2. മുത്തങ്ങ

വാരിനാഥൻ നാ. 1. സമുദ്രം; 2. വരുണൻ; 3. വിഷ്ണു

വാരിനാഥം നാ. 1. മേഘം; 2. സർപ്പങ്ങളുടെ വാസസ്ഥലം; 3. മുത്തങ്ങ

വാരിനികരം നാ. ജലസമൂഹം

വാരിപൂരം നാ. 1. പ്രളയം; 2. വെള്ളപ്പൊക്കം

വാരിപ്പുറം നാ. 1. വിലാപ്പുറം; 2. പുരയിലവച്ചുകെട്ടിയ വാരിയുടെ പുറം; 3. കൂരയുടെ മേൽഭാഗം

വാരിയൻ1 നാ. 1. അമ്പലവാസികളിൽപ്പെട്ട ഒരു ജാതി; 2. ക്ഷേത്രസംബന്ധമായ ജോലികൾ ചെയ്യുന്നവൻ

വാരിയൻ2 നാ. കളത്തിലെ നെല്ലുസൂക്ഷിപ്പുകാരൻ

വാരിയം നാ. 1. വാരിയരുടെ വീട്; 2. ദേവസ്വം ഭരണസമിതി

വാരിയസ്യാർ നാ. വാര്യസ്യാർ, വാരിയസ്ത്രീ

വാരിയെല്ല് നാ. 1. പാർശ്വകാസ്ഥി; 2. ആറാംവാരി

വാരിരഥം നാ. 1. വള്ളം; 2. ചങ്ങാടം

വാരിവാസൻ നാ. മദ്യവ്യാപാരി

വാരിവാഹം നാ. 1. മേഘം; 2. മുത്തങ്ങ

വാരിശർക്കര നാ. ആലിപ്പഴം

വാരിസംഭവം നാ. 1. രാമച്ചം; 2. കടലുപ്പ്; 3. ഇലവർങ്ങപ്പൂവ്; 4. സൗവീരാഞ്ജനം

വാരിളം വി. ശോഭയും ഇളപ്പവുമുള്ള

വാരീന്ദ്രൻ നാ. വാരീശൻ; 1. സമുദ്രം; 2. വിഷ്ണു; 3. വരുണൻ

വാര് നാ. വാരി

വാരു നാ. 1. പിടിയാന; 2. വിജയകുഞ്ജരം

വാരുക1 ക്രി. കൈപ്പടത്തിൽ കോരിയെടുക്കുക

വാരുക2 ക്രി. 1. കത്തികൊണ്ടു നീളത്തിൽ കീറുക; 2. മുറിക്കുക; 3. മൂർച്ചയുള്ള സാധനംകൊണ്ട് വരയിടുക; 4. കുത്തിവലിക്കുക; 5. ചീകുക

വാരുക3 നാ. 1. വാലുക; 2. ഒലിക്കുക

വാരൂഠം നാ. ശവമഞ്ചം

വാരുണ വി. വരുണനെസംബന്ധിച്ച

വാരുണം നാ. 1. ഒരു പുരാണം; 2. ജലം; 3. കടൽ; 4. പടിഞ്ഞാറെദിക്ക്; 5. നവമേഘങ്ങളിൽ ഒന്ന്; 6. ഒരുതരം കുഷ്ഠം

വാരുണി നാ. 1. മദ്യം; 2. ചതയനക്ഷത്രം; 3. ചെറിയ കാട്ടുവെള്ളരി; 4. കരിങ്കറുക; 5. ഉപനിഷദ്വിദ്യ; 6. അഗസ്ത്യൻ; 7. ഭൃഗു

വാരുണീവല്ലഭൻ നാ. വരുണൻ

വാരുണീസേവ നാ. 1. മദ്യപാനം; 2. പടിഞ്ഞാറെദിക്കിനെ സേവിക്കൽ, അവിടെചെന്നെത്തൽ

വാരുണ്ഡ നാ. വരാന്ത

വാരുണ്ഡൻ നാ. സർപ്പനായകൻ

വാരുണ്ഡം നാ. 1. ചെവിക്കായം, കൺപീള; 3. വള്ളത്തിൽനിന്നു വെള്ളം കോരിക്കളയുന്നതിനുള്ള പാത്രം

വാരുണ്ഡി നാ. വാതിൽപ്പടി

വാരുറ്റ വി. 1. ഉറപ്പുള്ള; 2. ഭങ്ഗിയുള്ള; 3. മഹത്വമുള്ള; 4. നീണ്ട

വാര്യ വി. വാരണം ചെയ്യത്തക്ക

വാര്യൻ നാ. വാരിയൻ

വാര്യം1 നാ. വാരിയം, വാരിയൻെറ ഗൃഹം

വാര്യം2 വി. 1. വാരണംചെയ്യത്തക്കത്; 2. വാരം; 3. അനുഗ്രഹം

വാര്യുദ്ഭവം നാ. താമര

വാൽ1 നാ. 1. നാൽക്കാലികളുടെയും മറ്റും പിറകിൽ നീണ്ടുകിടക്കുന്ന രോമശമായ അവയവം; 2. പുച്ഛം; 3. പിൻഭാഗം; 4. കഥകളിക്കാരുടെ ഒരുതരം ഉടുപ്പ്; 5. (പ്ര) സദാ പിറകെ നടക്കുന്നവൻ; 6. കൈപിടി; 7. കിണ്ടിയിൽനിന്നു വെള്ളം ചോർത്താനുള്ള ഭാഗം

വാൽ2 നാ. 1. ശുദ്ധി, വെണ്മ; 2. ഇളമ; 3. മികവ്

വാൽ3 നാ. തുപ്പൽ

വാൽക്കടം നാ. വാലിൻെറ അറ്റത്തുള്ള തൊങ്ങൽ

വാൽക്കണ്ണാടി നാ. നീണ്ടപിടിയോടുകൂടിയ മുഖക്കണ്ണാടി

വാൽക്കണ്ണ് നാ. 1. കടക്കണ്ണ്; 2. അപാങ്ഗം; 3. വാലിട്ടെഴുതിയ കണ്ണ്

വാൽക്കൊഞ്ച് നാ. കുതിരവാലിൻെറ അറ്റം

വാൽക്കോതമ്പ് നാ. ഒരുതരം യവം

വാൽനക്ഷത്രം നാ. ധൂമകേതു

വാൽമീൻ നാ. വാൽനക്ഷത്രം

വാൽമുളക് നാ. ചീനമുളക്

വാലധി നാ. ബാലധി

വാലൻ നാ. 1. വാലോടുകൂടിയത്, വാലുള്ളവൻ; 2. ഒരു ജാതിക്കാരൻ; 3. വള്ളം ഊന്നുക തൊഴിലായിട്ടുള്ളവൻ; 4. ബാലൻ

വാലം നാ. 1. ബാലം, തലമുടി; 2. വാൽ; 3. മിച്ചം

വാലാക്കഴ നാ. അകമ്പടിയായിട്ട് രാജാക്കന്മാരുടെ മുമ്പിൽ അലങ്കരിച്ചു കൊണ്ടുനടക്കുന്ന നീണ്ട ദണ്ഡ്

വാലാട്ടിപ്പക്ഷി നാ. ഒരിനം പക്ഷി, ഖഞ്ജനം

വാലാട്ടുക നാ. അതിവിനയംകാട്ടുക

വാലി1 നാ. ബാലി

വാലി2 നാ. 1. ഓകുള്ള നെല്ല്; 2. ആറ്റുവക്കത്തുള്ള താണഭൂമി

വാലി3 നാ. ഉടുമ്പ്

വാലിക നാ. 1. കാതിലിടുന്ന ഒരു ആഭരണം; 2. മണൽ

വാലിട്ടുടുക്കുക ക്രി. മുണ്ട് പാളിവച്ച പുച്ഛരമിട്ടുടുക്കുക, നീണ്ടമടിയിട്ടുടുക്കുക

വാലിയക്കാരൻ നാ. ഭൃത്യൻ, ബാല്യക്കാരൻ

വാലിയം നാ. ബാല്യം

വാലിശവേല നാ. 1. സേവനം; 2. ബാലിശകർമം

വാലുക1 ക്രി. 1. അല്പമായിട്ടൊലിക്കുക; 2. ചോരുക; 3. ഊറുക; 4. വേരൂന്നുക

വാലുക2 നാ. 1. മണൽ; 2. ചരൽ; 3. വയൽത്തിട്ട; 4. കർപ്പൂരം; 5. പൊടി

വാലുകം നാ. 1. ഒരു അങ്ങാടിമരുന്ന്; 2. വെള്ളമണൽ

വാലുകായന്ത്രം നാ. മരുന്നുകുപ്പി ചൂടാക്കുന്നതിന് ചൂടുമണൽ നിറച്ച പാത്രം

വാലുകാസ്വേദം നാ. മണൽക്കിഴിയിട്ടു വിയർപ്പിക്കൽ

വാലുഴവം നാ. ഒരു ഔഷധം, ജ്യോതിഷ്മതി

വാല്ക വി. മരത്തൊലികൊണ്ടുള്ള

1287

വാല്കം നാ. 1. നാലുതരം വസ്ത്രങ്ങളിൽ ഒന്ന്; 2. ചണം മുതലായവയുടെ തൊലിയിൽനിന്നെടുക്കുന്ന നൂലുകൊണ്ടു നെയ്തത്

വാല്കലം നാ. 1. മരവുരി; 2. വസ്ത്രം

വാല്കലി നാ. 1. ഒരുതരം മദ്യം; 2. പട്ടച്ചാരായം

വാല്മീകി നാ. ഒരു മഹർഷി (രാമായണകർത്താവ്). തപസ്സിനിടെ ചിതൽപ്പുറ്റ് (വാല്മീകം) മൂടിയതിനാൽ ഇപ്പേർ

വാല്യക്കാരൻ നാ. ബാല്യക്കാരൻ, ഭൃത്യൻ

വാല്യം1 നാ. ബാല്യം

വാല്യം2 [ഇം.] നാ. ഗ്രന്ഥഭാഗം

വാല്ലുഭ്യം നാ. ഏറ്റവും പ്രിയപ്പെട്ട അവസ്ഥ

വാലഹീകം നാ. ബാല്ഹീകം

വാവട നാ. 1. വാമട; 2. പുരയുടെ കഴുക്കോലുകളുടെ കീഴറ്റത്തും മേലറ്റത്തും വച്ചുതറയ്ക്കുന്ന കനം കുറഞ്ഞ തടി; 3. ഒരു മധുരപലഹാരം; 4. പിതൃക്കൾക്കുള്ള നിവേദ്യം

വാവടയോട് നാ. 1. വാവടയുടെ പുറത്തു മേയുന്നതിനുള്ള മാടോട്; 2. അരികിലെ ഓട്

വാവദുക വി. 1. വാക്ചാതുര്യമുള്ള; 2. അധികം സംസാരിക്കുന്ന

വാവൽ1 നാ. 1. കടത്തൽ; 2. താണ്ടൽ

വാവൽ2 നാ. 1. കടന്നൽ; 2. കടവാതിൽ

വാവാ [സുറി]നാ. ബാവ, പിതാവ്

വാവിടുക ക്രി. 1. കോട്ടുവായിടുക; 2. ശബ്ദിക്കുക

വാവിട്ടാണം നാ. 1. ശകാരം; 2. ചീത്തപറച്ചിൽ

വാവ് നാ. പതിനഞ്ചാമത്തെ പക്കം, വെളുത്തവാവ്, കറുത്തവാവ്

വാവുക നാ. 1. താണ്ടുക; 2. കടത്തുക

വാവുബലി നാ. കറുത്തവാവിനുചെയ്യുന്ന പിതൃശ്രാദ്ധം

വാവൂട്ടൽ നാ. വാവൂട്ട്, കറുത്തവാവിൻ നാൾ നടത്തുന്ന സദ്യ

വാവൃത്ത വി. 1. തിരഞ്ഞെടുക്കപ്പെട്ട; 2. സ്വയംവരാദികളിൽ വരിക്കപ്പെട്ട; 3. ഉത്തമമായ

വാശ വി. 1. ശബ്ദിക്കുന്ന; 2. അലറുന്ന

വാശനം നാ. 1. അലർച്ച; 2. വണ്ടിന്റെ മുരൾച്ച

വാശി1 നാ. 1. അളവിൽ വരുന്ന കൂടുതൽ ,കുറവ്; 2. വട്ടം; 3. തോത്; 4. വ്യത്യാസം; 5. രോഗശമനം; 6. പന്തയം; 7. ശാഠ്യം

വാശി2 നാ. 1. അഗ്നി; 2. കൊടുവേലി; 3. ചേര്

വാസി3 നാ. 1. വാശനം, അലർച്ച; 2. ആയുധം; 3. വാക്ക്; 4. ഭൂഷണം; 5. വെല്ലുവിളി

വാശിത1 വി. വാശനം ചെയ്യപ്പെട്ട; 2. വിളിക്കപ്പെട്ട

വാശിത2 വി. വാസിത, സുഗന്ധം പൂശിയ

വാശിത3 നാ. 1. ഭാര്യ; 2. സ്ത്രീ; 3. പശു; 4. പിടിയാന

വാശിതം നാ. 1. പക്ഷിമൃഗാദികളുടെ കരച്ചിൽ; 2. ഒച്ചവയ്പ്പ്; 3. വിളി; 4. വാസിതം

വാശുര നാ. രാത്രി

വാശ്രം നാ. 1. പാർപ്പിടം; 2. നാൽക്കവല; 3. ചാണകം; 4. ദിവസം; 5. പശു

വാശ്ശത് വി. വല്ലതും

വാഷർ [ഇം.] നാ. ആണിയും മറ്റും മുറുക്കുമ്പോൾ ഇടയ്ക്കുവയ്ക്കുന്ന വളയം

വാഷ്കല വി. 1. വലിയ; 2. മഹത്തായ

വാഷ്പം നാ. ബാഷ്പം

വാസക വി. 1. വാസനയുണ്ടാക്കുന്ന; 2. വസിക്കുമാറാകുന്ന; 3. കുടിയേറുന്ന

വാസകം നാ. വാശകം; 1. വസ്ത്രം; 2. ഊഴം; 3. ആടലോടകം; 4. ചീര

വാസകപാലിക നാ. ഊഴം അറിയുന്നവൾ

വാസകർണി നാ. 1. നൃത്തശാല; 2. പ്രദർശന മന്ദിരം

വാസകസജ്ജ നാ. 1. സർവാഭരണവിഭൂഷിതയായി പ്രിയൻെറ വരവുകാത്തുനിൽക്കുന്ന നായിക

വാസഗൃഹം നാ. 1. വസിക്കുന്ന ഗൃഹം; 2. വീട്ടിനകത്തെ മുറി

വാസതാംബൂലം നാ. സുഗന്ധദ്രവ്യം ചേർന്ന മുറുക്കാൻ

വാസതേയി നാ. 1. ഭവനം; 2. മഞ്ഞൾ; 3. രാത്രി

വാസന വി. 1. സംസ്കാരവിശേഷത്താലുണ്ടാകുന്ന സ്വഭാവവും അഭിരുചിയും; 2. ജന്മനായുള്ള പ്രവണത; 3. സുഗന്ധം

വാസനപ്പൊടി നാ. സൗരഭ്യംകിട്ടാനായി പൊടിച്ചുവിതറുന്ന സുഗന്ധദ്രവ്യം

വാസനം നാ. 1. സുഗന്ധംവരുത്തൽ; 2. വസ്ത്രം; 3. പാർപ്പ്, വാസസ്ഥലം; 4. അറിവ്; 5. പാത്രം; 6. പെട്ടി; 7. മൂടി, ആവരണം; 8. ഒരു യോഗാസനം

വാസനാബലം നാ. വാസനയുടെ ശക്തി

വാസനിക്കുക വി. വാസനയുണ്ടാകുക

വാസനീയകം നാ. കുങ്കുമം

വാസന്ത1 വി. വസന്തകാലത്തെ സംബന്ധിച്ച; 2. വസന്തകാലത്തുള്ള; 3. യൗവനയുക്തമായ; 4. ശ്രദ്ധയുള്ള

വാസന്ത2 നാ. 1. ഒട്ടകം; 2. മയിൽ; 3. മാൻകുട്ടി; 4. തെക്കൻകാറ്റ്

വാസന്തൻ നാ. വിടൻ

വാസന്തം നാ. 1. ചെറുപയറ്; 2. കുയിൽ; 3. ഒട്ടകം; 4. മലങ്കാര; 5. മയിലെള്ള്; 6. ചെറിയ ആന; 7. മൃഗശാബം; 8. മലയപർവതത്തിലെ കാറ്റ്; 9. തെന്നൽ; 10. വാസന്ത മല്ലിക; 11. വസന്തോത്സവം; 12. താന്നി

വാസന്തി നാ. 1. കുരുക്കുത്തിമുല്ല; 2. തിപ്പലി; 3. മദനോത്സവം; 4. വെളുത്തവലിയപിച്ചകം; 5. പാതിരിപ്പൂവ്; 6. കുറുമുഴി; 7. തൂശിമുല്ല; 8. കുയിൽപ്പേട; 9. ദുർഗ; 10. ഗണികാരി

വാസന്തിക നാ. വസന്തകാലത്തുണ്ടാകുന്ന

വാസന്തികൻ നാ. 1. വിദൂഷകൻ; 2. നടൻ

വാസം നാ. 1. താമസം, പാർപ്പ്; 2. ഭവനം; 3. സ്ഥിതി, ഇരിപ്പ്; 4. വസ്ത്രം; 5. വാസന, വാസനദ്രവ്യം; 6. കഴുത

വാസമാല നാ. പന്തലിലും മറ്റും കെട്ടുന്ന അലങ്കാരത്തൊങ്ങൽ

വാസയോഗം നാ. 1. വസ്ത്രം മുതലായവയ്ക്ക് സുഗന്ധമുണ്ടാക്കാനായി ഉപയോഗിക്കുന്ന പൊടി തൈലം മുതലായവ; 2. സുഗന്ധദ്രവ്യം

വാസയോഗ്യ വി. വസിക്കാൻകൊള്ളാവുന്ന

വാസരം നാ. 1. ദിവസം, പകൽ; 2. പ്രഭാതം; 3. ഒരു നാഗം

വാസരസങ്ഗം നാ. പ്രഭാതം

വാസരാധീശൻ നാ. സൂര്യൻ

വാസരാന്തം നാ. വാസരത്തിൻെറ അവസാനം, സന്ധ്യ

വാസവൻ നാ. ദേവേന്ദ്രൻ

വാസവം നാ. 1. അവിട്ടം; 2. ഗുഗ്ഗുലു; 3. (ജ്യോ) ഒരു മുഹൂർത്തം

വാസവി1 നാ. 1. അർജുനൻ; 2. ജയന്തൻ; 3. ബാലി

വാസവി2 നാ. വ്യാസൻെറ മാതാവ്

വാസസ്ഥലം നാ. പാർപ്പിടം

വാസസ്സ് നാ. 1. വസ്ത്രം; 2. തിരശ്ശീല

വാസഃകുടി നാ. 1. വസ്ത്രംകൊണ്ടുള്ള കുടിൽ; 2. കൂടാരം

വാസാഗാരം നാ. 1. വാസഗൃഹം; 2. അന്തഃപുരം

വാസി നാ. 1. വസിക്കുന്നവൻ; 2. വസ്ത്രംധരിച്ചവൻ; 3. പാർപ്പിടം; 4. ഒരു യോഗം

വാസിത1 വി. 1. സുഗന്ധംപൂശിയ; 2. ഉടുപ്പിക്കപ്പെട്ട; 3. വസ്ത്രംകൊണ്ടു മറയ്ക്കപ്പെട്ട; 4. പാർപ്പിക്കപ്പെട്ട

വാസിത2 നാ. 1. ഭാര്യ; 2. സ്ത്രീ; 3. പിടിയാന

വാസിതം നാ. 1. ശബ്ദം; 2. അറിവ്; 3. സുഗന്ധംവരുത്തിയത്; 4. ഉടുത്തത്; 5. പാർപ്പിക്കപ്പെട്ടത്

വാസിനി നാ. 1. വസിക്കുന്നവൾ; 2. വസ്ത്രം ധരിച്ചവൾ; 3. പാർപ്പിടം; 4. ഒരു യോഗം

വാസിഷ്ഠ വി. വസിഷ്ഠനെ സംബന്ധിച്ച

വാസിഷ്ഠം നാ. 1. ഒരു ഗ്രന്ഥം, യോഗവാസിഷ്ഠം; 2. ഒരു രസായനം, വാസിഷ്ഠരസായനം

വാസിഷ്ഠി നാ. ഗോമതീനദി

വാസു നാ. 1. വാസുദേവൻ; 2. വിഷ്ണു; 3. ആത്മാവ്; 4. പുനർവസു; 5. കന്യക, രാജപുത്രി

വാസുകി നാ. അഷ്ടനാഗങ്ങളിൽ ഒന്ന്

വാസുദേവൻ നാ. 1. വസുദേവൻെറപുത്രൻ, ശ്രീകൃഷ്ണൻ; 2. വിഷ്ണു; 3. ഭ്രമരസന്ദേശത്തിൻെറ കർത്താവ്

വാസുദേവം നാ. കുതിര

വാസുഭദ്രൻ നാ. വാസുദേവൻ

വാസുര നാ. 1. ഭൂമി; 2. രാത്രി; 3. സ്ത്രീ; 4. പിടിയാന

വാസോചിത വി. വാസത്തിനുകൊള്ളാവുന്ന

വാസ്തകം നാ. ചീര

വാസ്തവ വി. 1. വസ്തുസംബന്ധമായ; 2. യഥാർഥമായ, ശരിയായ; 3. നിശ്ചയിച്ച; 4. സ്ഥാപിച്ച. നാ. പ്രഭാതം

വാസ്തവം നാ. പരമാർഥം; 2. നിശ്ചയം; 3. അലങ്കാരത്തിൻെറ ബീജം; 4. വർത്തമാനം

വാസ്തവിക വി. 1. പാരമാർഥികമായ; 2. നടന്നതുപോലെയുള്ള

വാസ്തവോക്തി നാ. ഒരു അലങ്കാരം

വാസ്തവ്യ വി. 1. വസിക്കുന്നതിനുതക്ക; 2. പാർക്കുന്നതിനു യോജിച്ച; 3. സൂക്ഷിക്കത്തക്ക; 4. രക്ഷിക്കത്തക്ക

വാസ്തവ്യൻ നാ. പാർപ്പുകാരൻ

വാസ്തവ്യം നാ. പാർപ്പിടം

വാസ്തു നാ. 1. ഭവനത്തിൻെറ ഇരിപ്പ്; 2. ഗൃഹം നിൽക്കുന്ന സ്ഥലം; 3. ഭവനം; 4. വാസ്തുദേവൻ

വാസ്തുകം നാ. ഒരുജാതി ചീര, പരിപ്പു ചീര, ചക്രവർത്തിച്ചീര

വാസ്തുകാരൻ നാ. ശില്പി

വാസ്തുദേവത നാ. 1. ഭവനത്തിൻെറ അധിഷ്ഠാനദേവത; 2. ആശാരിമാരുടെ ദേവൻ

വാസ്തുനിവേശനം നാ. വാസ്തുദേവതയുടെ ഇരിപ്പിടം

വാസ്തുപൂജ നാ. 1. വാസ്തുദേവതയ്ക്കായി ചെയ്യുന്ന കർമം; 2. കുറ്റിയൂട്ടുപൂജ

വാസ്തുബലി നാ. വാസ്തോലി, ഗൃഹനിർമാണംകഴിഞ്ഞ് കയറിതാമസിക്കുന്നതിനുമുമ്പ് വാസ്തുദേവനെ ഉദ്ദേശിച്ചുനടത്തുന്ന പൂജ, പാലുകാച്ച്

വാസ്തുഭൂമി നാ. കെട്ടിടം പണിയാനുള്ള ഭൂമി

വാസ്തുവിദ്യ നാ. ഭവനനിർമാണവിദ്യ

വാസ്തുശിൽപം നാ. വാസ്തുവിദ്യ

വാസ്തേയ വി. 1. വസിപ്പാൻ തക്ക; 2. വസ്തി സംബന്ധിച്ച

വാസ്തോഷ്പതി നാ. 1. ദേവേന്ദ്രൻ; 2. പ്രധാനവാസ്തുദേവത

വാസ്ത്രം നാ. വസ്ത്രംകൊണ്ടു മറച്ചത്

വാഹ നാ. (പദാന്ത്യ) വഹിക്കുന്ന

വാഹകൻ നാ. 1. വഹിക്കുന്നവൻ; 2. കുതിരക്കാരൻ; 3. വണ്ടിക്കാരൻ

വാഹടൻ നാ. വഹിക്കുന്നവൻ

വാഹനം നാ. 1. വഹിച്ചുകൊണ്ടുപോകുന്ന ഉപകരണം; 2. ആന കുതിര എന്നീ പുറത്തുകയറി യാത്രചെയ്യാവുന്ന ജന്തുക്കൾ; 3. കുതിരസ്സവാരി; 4. കൊടിമരത്തിൻെറ മുകളിൽ വയ്ക്കുന്ന രൂപം

വാഹം നാ. 1. ഒരുദിക്കിൽനിന്നു മറ്റൊരുദിക്കിലേക്കു വഹിച്ചുകൊണ്ടുപോകുന്നത്; 2. കുതിര; 3. കാള; 4. വായു; 5. സേന; 6. പോത്ത്; 7. വാഹം, വണ്ടി; 8. അറുപത്തിനാലിടങ്ങഴി അളവ്

വാഹശ്രേഷ്ഠം നാ. കുതിര

വാഹസം നാ. 1. പ്രെരുമ്പാമ്പ്; 2. നീരാൽ; 3. നദീതീരം; 4. മട

വാഹസ്ത്ര നാ. 1. അഗ്നി; 2. മന്ത്രം

വാഹി നാ. 1. വഹിക്കുന്നവൻ; 2. രഥം

വാഹികൻ നാ. ചുമട്ടുകാരൻ

വാഹികം നാ. 1. കാളവണ്ടി; 2. പെരുമ്പറ

വാഹിത വി. 1. വഹിക്കപ്പെട്ട; 2. നടത്തപ്പെട്ട; 3. ഒഴുക്കപ്പെട്ട

വാഹിതം നാ. വലിയ ചുമട്

വാഹിത്ഥം നാ. ആനയുടെ മസ്തകത്തിൻെറ കീഴ്‌വശം

വാഹിനി നാ. 1. സൈന്യം; 2. നദി; 3. ഒരു വലിയ സങ്ഖ്യ

വാഹിനീപതി നാ. 1. സേനാപതി; 2. സമുദ്രം

വാഹ്യം നാ. വാഹനം

വാഹ്ലികം നാ. 1. കുങ്കുമം; 2. പെരുങ്കായം; 3. ഒരുതരം കുതിര

വാൾ നാ. 1. ഒരു ആയുധം; 2. ഈർച്ചവാൾ; 3. കീർത്തി; 4. പ്രകാശം

വാൾനാൾ നാ. വാഴ്നാൾ (വാണാൾ) ജീവിതകാലം

വാൾപ്പുലി നാ. കാണ്ടാമൃഗം

വാൾമാൻ നാ. 1. ഒരു മൃഗം; 2. തൈതിലം

വാളം1 നാ. 1. വാൽ; 2. വാൽരോമം; 3. ഇരുവേലി

വാളകം നാ. വാലകം, ബാലകം

വാളണ്ടിയർ [ഇം.] നാ. 1. അർധഭടൻ; 2. സന്നദ്ധഭടൻ



വാളൻ വി. വാലുപോലുള്ള. നാ. 1. മരം അറുക്കുന്നവൻ; 2. ഒരു അളവ്

വാളലക് നാ. വാളിൻെറ അലക്

വാളി1 നാ. 1. ചിലജാതികൾ മേൽക്കാതിലണിയുന്ന ഒരു ആഭരണം; 2. ഒരുതരം മൂക്കുത്തി; 3. വട്ടത്തിലോട്ടം; 4. അമ്പ്

വാളി2 നാ. വെള്ളംകോരിയെടുക്കാനുള്ള തൊട്ടി

വാളിക നാ. സ്ത്രീകൾ മേൽക്കാതിൽ അണിയുന്ന ഒരു ആഭരണം

വാളുക1 ക്രി. 1. വിതയ്ക്കുക; 2. കൃഷിചെയ്യുക; 3. വിരിക്കുക

വാളുക2 ക്രി. 1. തിളങ്ങുക; 2. ചിരിക്കുക; 3. കീറുക; 4. മുറിക്കുക

വാളുഴവർ നാ. (പൂ.ബ.വ.) യുദ്ധവീരൻ

വാളുറ നാ. വാൾ സൂക്ഷിക്കുന്ന ഉറ

വാഴ് നാ. ജീവിതം

വാഴ നാ. ഒരിനം വലിയ ചെടി, ഏത്തൻ കദളി പൂവൻ ഇത്യാദി

വാഴനാര് നാ. 1. വാഴപ്പോളയിലെ നാര്; 2. (പ്ര) നിസ്സാരവസ്തു

വാഴപ്പിണ്ടി നാ. വാഴത്തട, വാഴയുടെ പോളയ്ക്കകത്തുള്ള ഭാഗം

വാഴപ്പോള നാ. വാഴത്തടയെ പൊതിഞ്ഞിരിക്കുന്ന പോള

വാഴമാണം നാ. വാഴയുടെ കിഴങ്ങ്

വാഴയ്ക്ക നാ. 1. വാഴയുടെ കായ്; 2. (പ്ര) നിസ്സാരവസ്തു

വാഴാ വി. (നിഷേധക്രിയാരൂപം) 1. വാഴാത്ത; 2. നിലനിൽക്കാത്ത; 3. ഗുണംപിടിക്കാത്ത

വാഴി1 നാ. (പദാന്ത്യ) വാഴുന്നവൻ, ഭരിക്കുന്നവൻ. ഉദാഃ നാടുവാഴി

വാഴിക്കുക ക്രി. 1. ഭരിപ്പിക്കുക, ഭരണകർത്താവാക്കുക; 2. രാജാവായി അഭിഷേകം ചെയ്യിക്കുക; 3. പ്രതിഷ്ഠിക്കുക; 4. കുടുംബം ഉണ്ടാക്കിക്കൊടുക്കുക

വാഴിക്കോട്ട് നാ. 1. പരന്ന തൂമ്പ; 2. പടന്ന

വാഴുക ക്രി. 1. പാർക്കുക; 2. ജീവിക്കുക; 3. ഭരിക്കുക; 4. കൃഷിചെയ്യുക

വാഴുന്നവർ നാ. 1. നിവാസികൾ; 2. കൃഷിക്കാർ; 3. ഭരണകർത്താവ്

വാഴ്ക നാ. 1. വാണാലും; 2. ജയിക്കട്ടെ

വാഴ്ച നാ. 1. വാസം; 2. ഭരണം; 3. ജീവിതം; 4. കൃഷി

വാഴ്വ് നാ. 1. ജീവിതം; 2. ഭരണം, ഭരണകാലം; 3. അനുഗ്രഹം; 4. ആശീർവാദം; 5. സൗഖ്യം; 6. ഐശ്വര്യം; 7. വർധന; 8. പാർപ്പ്; 9. ദീർഘായുസ്സ്; 10. പ്രകാശം

വാറ നാ. 1. വാര; 2. മൂന്നടിനീളം

വാറക്കോൽ നാ. 1. വാരക്കോൽ; 2. അളവുകോൽ

വാറ്1 അവ്യ. (പദാന്ത്യ) 1. അപ്പോൾ; 2. ആ മട്ടിൽ; 3. ആവിധം

വാറ്2 നാ. 1. തോൽവാറ്; 2. വാർന്നെടുത്ത തോൽ; 3. ചീന്ത്; 4. കടൽവെള്ളം; 5. ദൈർഘ്യം; 6. ആധിക്യം; 7. ഭങ്ഗി

വാറുക ക്രി. 1. വാരുക; 2. വാർന്നെടുക്കുക

വാറേ അവ്യ. സമയത്ത്

വാറോല നാ. 1. വാർന്നെടുത്ത ഓല; 2. കുറ്റാരോപണം പരസ്യമാക്കുന്നതിനുവേണ്ടി പൊതുസ്ഥലത്ത് പ്രദർശിപ്പിക്കുന്ന ഓല അഥവാ കടലാസ്; 3. ക്ഷുദ്രലേഖനം

വാറ്റൽ നാ. വാറ്റുക എന്ന പ്രവൃത്തി

വാറ്റ് നാ. 1. മദ്യം വാറ്റുന്ന പ്രക്രിയ; 2. സ്വേദനം

വാറ്റുക ക്രി. 1. അരിച്ചെടുക്കുക; 2. ആവിയാക്കി തണുപ്പിച്ചെടുക്കുക; 3. ഊറ്റുക; 4. സ്വാദനംചെയ്തു സത്തെടുക്കുക

വി1 വിപരീതം, വിയോഗം, നിശ്ചയം, നിഷേധം, വിഭാഗം, വിശേഷം, മുറ, വ്യത്യാസം തുടങ്ങിയവയെ കുറിക്കുന്ന ഒരു ഉപസർഗം

വി2 നാ. ഒരു നാമപ്രത്യയം. ഉദാഃ കേൾവി, മറവി

വി3 നാ. 1. പക്ഷി; 2. കുതിര

വികക്ഷം നാ. നെഞ്ച്, ഉരസ്സ്

വികങ്ഗു നാ. ചവ്വരി

വികച വി. 1. വിടർന്ന; 2. തലമുടിയില്ലാത്ത; 3. വിശദമായ; 4. വ്യാപിച്ച; 5. ചിതറിയ

വികചൻ നാ. 1. ബുദ്ധസന്യാസി; 2. കേതുഗ്രഹം

വികചം നാ. 1. പൂത്തുനിൽക്കുന്ന മരം; 2. വിരിഞ്ഞത്; 3. കൊടിക്കൂറ

വികചീകരിക്കുക ക്രി. 1. വികചമാക്കുക; 2. വിടർത്തുക

വികചീകൃത വി. വികചീകരിക്കപ്പെട്ട

വികട വി. 1. വിരൂപമായ, വിലക്ഷണമായ, കോമാളിയായ; 2. തെളിവില്ലാത്ത; 3. ഭയങ്കരമായ; 4. കോപശീലമുള്ള; 5. ഉദ്ധതമായ; 6. അഹങ്കാരമുള്ള

വികടത നാ. 1. വികടൻെറ അവസ്ഥ; 2. വികടഭാവം, വികടസ്വഭാവം

വികടൻ നാ. 1. വിപരീതമായി പറയുകയോ പ്രവർത്തിക്കുകയോ ചെയ്യുന്നവൻ; 2. കോമാളി; 3. ഭയങ്കരൻ

വികടസരസ്വതി നാ. 1. വികടഭാഷണം; 2. വികടമായി സംസാരിക്കുന്നവൻ

വികത്ഥന വി. 1. തന്നത്താൻ സ്തുതിക്കുന്ന; 2. പൊങ്ങച്ചം പറയുന്ന

വികത്ഥനം നാ. 1. നിന്ദാസ്തുതി; 2. ആത്മപ്രശംസ

വികമ്പ വി. 1. പ്രകമ്പനം ചെയ്യുന്ന; 2. അസ്ഥിരമായ

വികമ്പിത വി. 1. വലുതായി കമ്പനം ചെയ്യുന്ന; 2. ഉയരുകയും താഴുകയും ചെയ്യുന്ന; 3. അസ്ഥിരമായ

വികർണ്ണൻ നാ. 1. ധൃതരാഷ്ട്രരുടെ ഒരു പുത്രൻ; 2. കർണ്ണൻെറ ഒരു പുത്രൻ; 3. ശിവപാർഷദന്മാരിൽ ഒരാൾ

വികർണം നാ. ഒരു അസ്ത്രം

വികർത്തനൻ നാ. 1. സൂര്യൻ; 2. പിതാവിൻെറ രാജ്യത്തെ അപഹരിക്കുന്നവൻ

വികർമ വി. 1. തെറ്റായിചെയ്യുന്ന; 2. ജോലിയിൽനിന്നു വിരമിക്കുന്ന; 3. വിവിധകർമങ്ങളിൽ വ്യാപൃതമായ

വികർമക്രിയ നാ. 1. അധർമപ്രവൃത്തി; 2. വീരകൃത്യം

വികർമികൻ നാ. അനുചിതകർമംചെയ്യുന്നവൻ

വികർഷം നാ. 1. ശരം; 2. വലിച്ചകറ്റൽ

വികർഷണം	നാ.	1. വലിക്കൽ, വലിച്ചകറ്റൽ; 2. കാമദേവൻെറ ശരങ്ങളിൽ ഒന്ന്; 3. വിലങ്ങനെയുള്ള ഏറ്

വികരം	നാ.	രോഗം

വികരാള	വി.	ഭീകരമായ

വികല1	വി.	1. വൈകല്യമുള്ള; 2. അങ്ഗഭങ്ഗമുള്ള; 3. ഇളക്കമുള്ള; 4. കേടുപറ്റിയ; 5. വ്യാകുലമായ; 6. അപൂർണമായ; 7. ക്ഷീണിച്ച; 8. പ്രയോജനമില്ലാത്ത

വികല2	നാ.	1. കലയുടെ അറുപതിൽ ഒരു ഭാഗം; 2. വിനാഴിക; 3. വൃദ്ധ

വികലനം	നാ.	ഒരു ഘടകവസ്തു അതിൻെറ മൂലവസ്തുവിൽനിന്നു വേർപെടൽ

വികലം	നാ.	1. വികലമായത്; 2. ഒരു കലയുടെ അറുപതിൽ ഒരു പങ്ക്; 3. കുറവ്

വികലാങ്ഗ	വി.	അങ്ഗവൈകല്യമുള്ള

വികലീകരിക്കുക	ക്രി.	വികലമാക്കുക

വികലേന്ദ്രിയ	വി.	1. വികലമായ ഇന്ദ്രിയത്തോടുകൂടിയ; 2. ഇന്ദ്രിയശക്തി നശിച്ച

വികല്പത	നാ.	1. സംശയാവസ്ഥ; 2. ഭ്രമം

വികല്പനം	നാ.	സംശയിക്കൽ

വികല്പനിപാതം നാ. വികല്പാർഥം കുറിക്കുന്ന നിപാതം

വികല്പം നാ. 1. സംശയം; 2. ആശങ്ക; 3. അനിശ്ചിതത്വം; 4. ഒരു അർഥാലങ്കാരം; 5. ഇഷ്ടമ്പോലെ രണ്ടിലൊന്നു സ്വീകരിക്കൽ

വികല്പിക്കുക ക്രി. സംശയിക്കുക

വികല്പിത വി. 1. സംശയിക്കപ്പെട്ട; 2. മറ്റൊരുതരത്തിൽ നിശ്ചയിക്കപ്പെട്ട

വികല്പ്യ വി. വികല്പിക്കത്തക്ക

വികല്മഷ വി. 1. കറയറ്റ; 2. പാപമറ്റ

വികസത്ത് വി. വികസിച്ചിരിക്കുന്ന

വികസൻ നാ. ചന്ദ്രൻ

വികസനം നാ. 1. വികസിക്കൽ; 2. വലുതാക്കൽ; 3. പരിഷ്കരിക്കൽ. വികസനപ്രവർത്തനങ്ങൾ = രാജ്യത്തിൻെറ വിവിധതുറകളിലെ പുരോഗതിക്കായി സ്വീകരിക്കുന്ന പ്രവർത്തനപരിപാടികൾ

വികസിക്കുക ക്രി. 1. വിടരുക; 2. പുഷ്ടിപ്പെടുക, വളരുക; 3. വർധിക്കുക

വികസിത വി. 1. വികസിച്ച; 2. വിടർന്ന

വികസ്വര വി. 1. വികസിച്ചുകൊണ്ടിരിക്കുന്ന; 2. വിടരുന്ന; 3. വിടർന്നുകൊണ്ടിരിക്കുന്ന; 4. വിശദമായി കേൾക്കാവുന്ന

വികളത്ര വി. ഭാര്യയില്ലാത്ത

വികാരം നാ. 1. മാനസികഭാവം; 2. മനസ്സിനുണ്ടാകുന്ന ഭാവഭേദം; 3. മാറ്റം, രൂപമാറ്റം; 4. പദാർഥങ്ങളുടെ രൂപത്തിലോ ഘടനയിലോ വരുന്ന മാറ്റം; 5. ക്ഷോഭം; 6. രോഗം

വികാരി1 വി. 1. വികാരമുള്ള; 2. മാറിക്കൊണ്ടിരിക്കുന്ന; 3. ദുഷിപ്പിക്കുന്ന

വികാരി2 [പോർ] നാ. (ക്രിസ്തു) 1. ക്രിസ്തീയപുരോഹിതൻ; 2. പള്ളി ഇടവകയിലെ ഭരണാധികാരി

വികാരിത വി. 1. മാറ്റംവരുത്തിയ; 2. ദുഷിപ്പിക്കപ്പെട്ട

വികാലം നാ. സായംസന്ധ്യ

വികാലിക നാ. നാഴികവട്ടക

വികാശം നാ. 1. ഏകാന്തത; 2. വിടരൽ; 3. സുഖാനുഭവം; 4. സന്തോഷം; 5. ഉല്ലാസം; 6. പ്രകാശം; 7. പ്രത്യക്ഷത; 8. സ്വർഗം; 9. അത്യാഗ്രഹം; 10. വക്രമായമാർഗം; 11. ജയിച്ചടക്കിയപ്രദേശം; 12. ആകാശം

വികാശക വി. 1. പ്രകാശിപ്പിക്കുന്ന; 2. വിടർത്തുന്ന

വികാശനം നാ. 1. വിടർച്ച; 2. അഭിവൃദ്ധി; 3. പുഷ്ടി; 4. ക്രമേണവ്യാപിക്കൽ

വികാസനം നാ. വികസിപ്പിക്കൽ

വികാസി വി. 1. വികസിക്കുന്ന; 2. വിടരുന്ന; 3. പ്രകാശമുള്ള

വികാസിത വി. വികസിപ്പിച്ച

വികിരം		നാ.	1. ചിതറിയ അംശം; 2. തുണ്ട്; 3. പക്ഷി; 4. മണൽ; 5.

കിണറ്

വികിരണം		നാ.	1. ചിതറൽ, പ്രസരണം; 2. രേഡിയേഷൻ; 3. വധം; 4.

എരിക്ക്

വികീർണ		വി.	വികരണംചെയ്യപ്പെട്ട

വികീർണം		നാ.	1. ചിതറപ്പെട്ടത്; 2. എരിക്കില; 3. കരിഞ്ചണ്ണ; 4.

പ്രസിദ്ധമായത്

വികീര്യമാണ		വി.	വികിരണംചെയ്യപ്പെടുന്ന

വികുണ്ഠ		വി.	കുണ്ഠതയില്ലാത്ത

വികുണ്ഠത		നാ.	കുണ്ഠതയില്ലായ്മ

വികുണ്ഠൻ		നാ.	വിഷ്ണു

വികുണ്ഠം		നാ.	വിഷ്ണുസ്വർഗം, വൈകുണ്ഠം

വികുണ്ഠിത		വി.	1. തളർന്ന; 2. മൂർച്ചയില്ലാതായ

വികുർവാണ		വി.	1. സന്തോഷമുള്ള; 2. മാറ്റം വരുത്തുന്ന

വികൂജനം		നാ.	1. മുരൾച്ച, മൂളൽ; 2. കൂകൽ

വികൂണനം		നാ.	1. കടാക്ഷം; 2. നിന്ദയോടുകൂടിയ നോട്ടം

വികൂണിക		നാ.	മൂക്ക്

വികൂണിതം നാ. 1. സങ്കോചം; 2. മുദ്രണം; 3. മുദ്രണം ചെയ്യപ്പെട്ടത്, അച്ചടിക്കപ്പെട്ടത്

വികൃത വി. 1. വികാരമുള്ള, മാറ്റത്തിനു വിധേയമായ; 2. രൂപഭേദംവന്ന; 3. ബീഭത്സമായ; 4. വിരൂപമാക്കപ്പെട്ട; 5. രോഗപീഡിതമായ; 6. അങ്ഗഭങ്ഗംനേരിട്ട

വികൃതം നാ. 1. വിരൂപമായത്; 2. മാറ്റംസംഭവിച്ചത്; 3. ബീഭത്സത; 4. രോഗം; 5. ഒരു നരകം

വികൃതി1 നാ. 1. ഒരു ഛന്ദസ്സ്; 2. രൂപത്തിൻെറയോ സ്വഭാവത്തിൻെറയോ മാറ്റം; 3. അസ്വാഭാവികത; 4. വിലക്ഷണത; 5. പേടി; 6. രോഗം; 7. ദുർബുദ്ധി; 8. മരണലക്ഷണം; 9. പ്രഭവാദിവർഷങ്ങളിൽ ഇരുപത്തിനാലാമത്തേത്; 10. മദ്യം; 11. യദൃച്ഛാസംഭവം; 12. അശുഭം

വികൃതി2 നാ. കുസൃതി, കുട്ടികളുടെയും മറ്റും അനാശാസ്യമായ പ്രവൃത്തി

വികൃതിത്തരം നാ. ബാലിശകൗതുകംകൊണ്ടോ കുസൃതികൊണ്ടോ മുതിർന്നവർക്കു ഇഷ്ടമില്ലാത്ത പ്രവൃത്തികൾ ചെയ്യുന്ന ശീലം

വികൃഷ്ട വി. 1. വലിച്ചകറ്റപ്പെട്ട, അകലേക്കു തള്ളപ്പെട്ട; 2. അങ്ങോട്ടുമിങ്ങോട്ടും വലിക്കപ്പെട്ട; 2. വലിച്ചുനീട്ടിയ; 4. ആകർഷിക്കപ്പെട്ട; 5. ശബ്ദമുണ്ടാക്കുന്ന

വികേശ വി. 1. മുടിയില്ലാത്ത; 2. കഷണ്ടിബാധിച്ച; 3. തലമുടി അഴിച്ചിട്ടിരിക്കുന്ന

വികേശി നാ. 1. ശിവശക്തി; 2. മുടിയില്ലാത്തവൾ; 3. തലമുടി അഴിച്ചിട്ടിരിക്കുന്നവൾ; 4. തിരുപ്പൻ

വികോശ വി. 1. മൂടിയില്ലാത്ത, മൂടപ്പെടാത്ത; 2. ഉപമയില്ലാത്ത; 3. ഊരിയ; 4. ഊറ്റിൽനിന്ന് ഉറവെടുത്ത

വിക്കൻ നാ. വിക്കുള്ളവൻ

വിക്കം1 നാ. വിക്ക്, വിക്കൻ

വിക്കം2 നാ. ആനക്കുട്ടി

വിക്ക് നാ. ഉച്ചാരണത്തിൽ ഉണ്ടാകുന്ന തടസ്സം, വിക്കം

വിക്കുക ക്രി. 1. സ്വാഭാവികമായ ഉച്ചാരണതടസത്തോടെ സംസാരിക്കുക; 2. വെള്ളം കുടിക്കുമ്പോഴും മറ്റും തൊണ്ടവിങ്ങി മേൽപ്പോട്ടു തെറിക്കുക

വിക്ത വി. വേർതിരിക്കപ്പെട്ട

വിക്രമണം നാ. 1. കാൽനീട്ടിവച്ചുള്ള നടപ്പ്; 2. വിഷ്ണുവിൻെറ ചുവട്

വിക്രമൻ നാ. 1. വിക്രമമുള്ളവൻ; 2. വിക്രമാദിത്യൻ; 3. വിഷ്ണു

വിക്രമം നാ. 1. അസാധാരണ കൃത്യം, പരാക്രമം; 2. ശക്തൻെറ ഭാവം, ശക്തിപ്രകടനം; 3. യുദ്ധസാമർഥ്യം; 4. കാലടി ചുവട്; 5. നടപ്പ്; 6. ആക്രമണം, കീഴടക്കൽ; 7. (ജ്യോ) തൃതീയരാശി

വിക്രമാബ്ദം നാ. വിക്രമാദിത്യൻെറ കാലം മുതൽ കണക്കാക്കപ്പെടുന്ന വത്സരം

വിക്രമാർക്കൻ നാ. വിക്രമാദിത്യൻ

വിക്രമി നാ. 1. വിക്രമമുള്ളവൻ, പരാക്രമി; 2. ശക്തൻ; 3. സിംഹം; 4. വിഷ്ണുവിൻെറ ഒരു ആന; 5. വിഷ്ണു

വിക്രമിക്കുക ക്രി. 1. വിക്രമം പ്രദർശിപ്പിക്കുക; 2. ആക്രമിക്കുക; 3. ജയിക്കുക; 4. കാൽവയ്ക്കുക

വിക്രമോർവശീയം നാ. കാളിദാസൻ രചിച്ച ഒരു നാടകം

വിക്രയം നാ. 1. കച്ചവടം; 2. വിൽപ്പന

വിക്രയപത്രം നാ. തീറാധാരം

വിക്രയാനുശയം നാ. വിൽപ്പന റദ്ദാക്കൽ

വിക്രയി നാ. വിക്രയം നടത്തുന്നവൻ

വിക്രാന്ത വി. 1. വിക്രമമുള്ള; 2. വിജയശാലിയായ; 3. ചവിട്ടപ്പെട്ട; 4. നടന്ന് അപ്പുറം കടന്ന

വിക്രാന്തം നാ. 1. പരാക്രമം; 2. സിംഹം; 3. ചുവട്; 4. പാദവിക്ഷേപം; 5. ഒരു രത്നം

വിക്രമിക്കുക ക്രി. 1. വിക്രമം പ്രദർശിപ്പിക്കുക; 2. ആക്രമിക്കുക; 3. ജയിക്കുക; 4. കാൽവയ്ക്കുക

വിക്രമോർവശീയം നാ. കാളിദാസൻ രചിച്ച ഒരു നാടകം

വിക്രയം നാ. 1. കച്ചവടം; 2. വിൽപ്പന

വിക്രയപത്രം നാ. തീറാധാരം

വിക്രയാനുശയം നാ. വിൽപ്പനറദ്ദാക്കൽ

വിക്രയി നാ. വിക്രയം നടത്തുന്നവൻ

വിക്രാന്ത വി. 1. വിക്രമമുള്ള; 2. വിജയശാലിയായ; 3. ചവിട്ടപ്പെട്ട; 4. നടന്ന് അപ്പുറം കടന്ന

വിക്രാന്തം നാ. 1. പരാക്രമം; 2. സിംഹം; 3. ചുവട്; 4. പാദവിക്ഷേപം; 5. ഒരു രത്നം

വിക്രാന്തൻ നാ. 1. പരാക്രമി; 2. വീരൻ; 3. കരുത്തനായ യോദ്ധാവ്; 4. സാഹസികൻ; 5. സിംഹം

വിക്രാന്തി നാ. 1. വിക്രമം; 2. കുതിരയുടെ നടപ്പ്, ചുവട്

വിക്രായകൻ നാ. 1. വിൽപനനടത്തുന്നവൻ; 2. കച്ചവടക്കാരൻ

വിക്രിയ നാ. 1. വികൃതി; 2. വികാരം; 3. അസാധാരണമായ കൃത്യം; 4. കോലം; 5. പെട്ടെന്നുള്ള ചലനം; 6. ലങ്ഘനം; 7. രോഗം; 8. ദോഷം

വിക്രീണനം നാ. വിക്രയം

വിക്രീത	വി.	വിക്രയംചെയ്യപ്പെട്ട

വിക്രുഷ്ടം	വി.	1. വിളിച്ചുപറയപ്പെട്ട; 2. പരുഷമായ; 3. കഠിനമായ

വിക്രുഷ്ടം	നാ.	1. സഹായത്തിനായുള്ള കരച്ചിൽ, നിലവിളി; 2. ശകാരം

വിക്രേതാവ്	നാ.	വിൽപ്പനക്കാരൻ

വിക്രേയ	വി.	1. വിൽക്കത്തക്ക; 2. വിൽക്കേണ്ടുന്ന

വിക്രേയം	നാ.	വിൽക്കേണ്ടസാധനം

വിക്ലബ	വി.	1. പാരവശ്യമുള്ള; 2. വിഷാദമുള്ള; 3. നിരുത്സാഹമായ; 4. കുഴങ്ങിയ; 5. ഭയംകൊണ്ടു മനസ്സുതളർന്ന

വിക്ലിന്ന	വി.	1. ജീർണിച്ച; 2. വാർധക്യം ബാധിച്ച; 3. വാടിയ; 4. ഉണങ്ങിയ; 5. നനഞ്ഞുകുതിർന്ന

വിക്ലിഷ്ട	വി.	1. ക്ലേശിച്ച; 2. നശിപ്പിക്കപ്പെട്ട; 3. അത്യന്തം ഭയപ്പെട്ട; 4. പീഡിതമായ

വിക്ലിഷ്ടം	നാ.	ഉച്ചാരണത്തിലുള്ള വൈകല്യം

വിക്ലേദം	നാ.	1. നാശം; 2. നനഞ്ഞുകുതിരൽ

വിക്ഷത	വി.	1. ക്ഷതമേറ്റ; 2. മുറിവേറ്റ, വ്രണിതമായ; 3. അടിയേറ്റ; 4. ചതഞ്ഞ

വിക്ഷതം	നാ.	1. മുറിവ്; 2. ചതവ്; 3. കേട്

വിക്ഷപിത	വി.	1. എറിയപ്പെട്ട; 2. ദൂരെ തള്ളപ്പെട്ട; 3. അകറ്റപ്പെട്ട

വിക്ഷവം നാ. 1. ചുമ; 2. തുമ്മൽ; 3. ശബ്ദം

വിക്ഷിപ്ത വി. 1. എറിയപ്പെട്ട; 2. തള്ളപ്പെട്ട; 3. ചിന്നിച്ചിതറിയ; 4. ഛിന്നഭിന്നമായ; 5. കുലഞ്ഞ

വിക്ഷിപ്തം നാ. മനസ്സിൻെറ അഞ്ചുനിലകളിൽ ഒന്ന്

വിക്ഷിപ്തി നാ. ഭ്രാന്ത്

വിക്ഷീണകൻ നാ. 1. വിനാശകാരി; 2. ശിവപാർഷദൻ

വിക്ഷുബ്ധ വി. വിക്ഷോഭിച്ച

വിക്ഷേപം നാ. വിക്ഷേപണം, വ്യാപനം; 2. ഏറ്, ചിതറൽ; 3. വിട്ടയയ്ക്കൽ; 4. ആട്ടം; 5. നായികാശ്രിതങ്ങളായ ഇരുപത്തെട്ട് അലങ്കാരങ്ങളിൽ ഒന്ന്; 6. വാദഖണ്ഡനം; 7. സംഭ്രമത്തോടുകൂടിയുള്ള നോട്ടം

വിക്ഷേപക വി. വിക്ഷേപിക്കുന്ന

വിക്ഷേപണം നാ. 1. വിക്ഷേപിക്കൽ, ഏറ്; 2. ചിതറൽ; 3. ആട്ടൽ; 4. സംഭ്രമം

വിക്ഷേപിണി നാ. 1. ലേഖനചി ങ്ങളിൽ ഒന്ന്; 2. വിക്ഷേപണയന്ത്രം

വിക്ഷേപ്താവ് നാ. വിക്ഷേപിക്കുന്നവൻ

വിക്ഷോഭം നാ. 1. പ്രക്ഷോഭം; 2. ശണ്ഠ, കലഹം; 3. ഇളക്കം

വിഖണ്ഡിത വി. 1. ഖണ്ഡനംചെയ്ത; 2. അങ്ഗഭങ്ഗം വരുത്തിയ; 3. വിഭജിക്കപ്പെട്ട, മുറിക്കപ്പെട്ട

വിഖനസ്സ് നാ. ബ്രഹ്മാവ്

വിഖാനസൻ നാ. വൈഖാനസൻ, താപസൻ

വിഖ്യാത വി. 1. പ്രസിദ്ധിയുള്ള, പേരുകേട്ട; 2. പേരുള്ള; 3. അങ്ഗീകരിക്കപ്പെട്ട

വിഖ്യാതം നാ. 1. പ്രസിദ്ധമായത്, പേരുകേട്ടത്; 2. പേരുള്ളത്; 3. അങ്ഗീകരിക്കപ്പെട്ടത്

വിഖ്യാതി നാ. പ്രസിദ്ധി, കീർത്തി

വിഖ്യാപനം നാ. 1. പ്രഖ്യാപനം; 2. പരസ്യം; 3. പ്രസിദ്ധപ്പെടുത്തൽ; 4. വിശദീകരണം; 5. സമ്മതിക്കൽ

വിഗണന നാ. വിഗണിക്കൽ

വിഗണിക്കുക ക്രി. 1. അവഗണിക്കുക; 2. അനാദരിക്കുക; 3. കണക്കുകൂട്ടുക; 4. ധ്യാനിക്കുക; 5. കടം വീട്ടുക

വിഗണിത വി. വിഗണിക്കപ്പെട്ട

വിഗത വി. 1. നഷ്ടപ്പെട്ട; 2. പോയ; 3. ഒഴിവായ; 4. വേർപെട്ട; 5. ഇല്ലാത്ത; 6. ഇരുണ്ട; 7. മരിച്ച

വിഗതം1 നാ. 1. വേർപെട്ടത്; 2. പൊയ്പ്പോയത്; 3. മരണം

വിഗതം2 നാ. പറക്കൽ

വിഗതഭാര്യൻ നാ. ഭാര്യയില്ലാതായവൻ

വിഗതി നാ. 1. വിപരീതഗതി; 2. പിന്നോക്കംപോകൽ

വിഗന്ധ വി. ഗന്ധമില്ലാത്ത

വിഗമം നാ. 1. മരണം; 2. വേർപാട്; 3. നഷ്ടം; 4. നാശം; 5. യാത്ര; 6. അവസാനം, വിരാമം

വിഗർഹിക്കുക ക്രി. 1. നിന്ദിക്കുക; 2. കുറ്റപ്പെടുത്തുക

വിഗർഹിത വി. 1. വിഗർഹിക്കപ്പെട്ട; 2. വിലക്കപ്പെട്ട

വിഗരൻ നാ. 1. നഗ്നൻ; 2. നഗ്നസന്യാസി

വിഗരം നാ. പർവതം

വിഗളത്ത് വി. ഒഴുകുന്ന, പൊഴിയുന്ന

വിഗളനം നാ. വിഗളിക്കൽ

വിഗളിക്കുക ക്രി. 1. പൊഴിയുക; 2. ഒഴുകുക; 3. ഉരുകുക; 4. തുള്ളിതുള്ളിയായി വീഴുക; 5. അപ്രത്യക്ഷമാവുക; 6. പൊന്തിവരിക

വിഗാഢ വി. 1. മുഴുകിയ; 2. അത്യധികമായ; 3. അഗാധമായ

വിഗാനം നാ. 1. നിന്ദ; 2. അപവാദം; 3. പൂർവാപരവിരുദ്ധമായ വാക്ക്

വിഗാഹം നാ. 1. കുളി; 2. മുങ്ങൽ; 3. മുഴുകൽ

വിഗീത വി. 1. ശകാരിക്കപ്പെട്ട; 2. കുറ്റപ്പെടുത്തപ്പെട്ട; 3. പൂർവാപരവിരുദ്ധമായ

വിഗീതി നാ. 1. ശകാരം; 2. നിന്ദനം

വിഗുണ വി. 1. ഗുണമില്ലാത്ത; 2. ചീത്തയായ; 3. ചരടില്ലാത്ത

വിഗുണത നാ. ഗുണമില്ലായ്മ, വൈഗുണ്യം

വിഗൂഢ വി. 1. മറയ്ക്കപ്പെട്ട; 2. നിന്ദിതമായ

വിഗൃഹീത വി. 1. വേർപെടുത്തപ്പെട്ട; 2. മാറ്റപ്പെട്ട

വിഗ്രഹണം നാ. 1. വിഗ്രഹിക്കൽ; 2. വിതരണം; 3. രൂപംകൊള്ളൽ

വിഗ്രഹം നാ. 1. ശരീരം; 2. ബിംബം, പ്രതിമ; 3. (വ്യാക) സമസ്തപദത്തെ ഘടകങ്ങളായി തിരിക്കൽ; 4. യുദ്ധം, കലഹം; 5. ആകൃതി; 6. വിസ്താരം, വ്യാപ്തി; 7. ഷഡ്ഗുണങ്ങളിൽ ഒന്ന്

വിഗ്രഹാരാധന നാ. വിഗ്രഹത്തെ ആരാധിക്കൽ

വിഗ്രഹിക്കുക ക്രി. 1. (വ്യാക) സമസ്തപദത്തെ ഘടകങ്ങളായി വേർതിരിക്കുക; 2. വിഭജിക്കുക

വിഗ്രീവ വി. തലവെട്ടിക്കളഞ്ഞ

വിഘടനം നാ. 1. വിഘടിക്കൽ; 2. ഛിദ്രം; 3. നാശം

വിഘടിക നാ. വിനാഴിക

വിഘടിക്കുക ക്രി. 1. വേർപെടുക; 2. യോജിപ്പില്ലാതാവുക

വിഘടിത വി. വിഘടിക്കപ്പെട്ട

വിഘട്ടന നാ. 1. കൂട്ടിമുട്ടൽ; 2. ഉരസൽ; 3. വേർതിരിക്കൽ; 4. അഴിക്കൽ

| | | |
|---|---|---|
| വിഘട്ടിത | വി. | വിഘട്ടനംചെയ്യപ്പെട്ട |
| വിഘനൻ | നാ. | നശിപ്പിക്കുന്നവൻ |
| വിഘനം | നാ. | ചുറ്റിക |
| വിഘർഷണം | നാ. | നല്ലപോലെ ഉരയ്ക്കൽ |
| വിഘസം | നാ. | 1. ഭക്ഷണം; 2. ഉച്ഛിഷ്ടം; 3. മെഴുക് |
| വിഘാതകൻ | നാ. | തടസ്സക്കാരൻ |
| വിഘാതം | നാ. | 1. തടസ്സം; 2. തടവ്; 3. അടി; 4. നാശം; 5. വധം |
| വിഘുഷ്ട | വി. | ഘോഷിക്കപ്പെട്ട |
| വിഘൂർണിത | വി. | 1. ചുഴറ്റപ്പെട്ട; 2. ഇളക്കപ്പെട്ട; 3. ഉരുട്ടപ്പെട്ട |
| വിഘൃഷ്ട | വി. | 1. വിഘർഷണം ചെയ്യപ്പെട്ട; 2. നല്ലപോലെ ഉരയ്ക്കപ്പെട്ട |
| വിഘ്നം | നാ. | 1. മുടക്കം, തടസ്സം; 2. ബുദ്ധിമുട്ട്; 3. പെരുങ്ക്ളാവ് |
| വിഘ്നകാരി | വി. | തടസ്സമുണ്ടാക്കുന്ന |
| വിഘ്നൻ | നാ. | വിഘ്നേശ്വരൻ, ഗണപതി |
| വിഘ്നനായകൻ | നാ. | ഗണപതി |
| വിഘ്നനഹാരി | നാ. | വിഘ്നനാശകൻ, ഗണപതി |
| വിഘ്നേശൻ | നാ. | വിഘ്നേശ്വരൻ, ഗണപതി |
| വിഘ്നേശവാഹനം | നാ. | എലി |

വിങ്ഘലം		നാ.	കുതിരയുടെ കുളമ്പ്

വിങ്ങളം		നാ.	1. തിരിവ്; 2. ചതി; 3. വേർപാട്

വിങ്ങളിക്കുക		ക്രി.	വേർപെടുക, വിങ്ങുക

വിങ്ങാടം		നാ.	തറിയുടെ ഒരു ഭാഗം

വിങ്ങുക		ക്രി.	1. നിയന്ത്രിക്കാനാകാത്ത ദുഃഖംകൊണ്ട് വിതുമ്പലോടെ

ശ്വാസംവിടുക, വിമ്മുക; 2. വലുതാകുക; 3. തിങ്ങുക; 4. മുറുകുക

വിച		നാ.	1. പാപം; 2. ദുരിതം; 3. ഇന്ദ്രിയം

വിചകിലം		നാ.	1. വള്ളിമുല്ല; 2. മക്കിപ്പൂവ്

വിചക്ര		വി.	ചക്രമില്ലാത്ത

വിചക്ഷണ		വി.	1. സാമർഥ്യമുള്ള; 2. അറിവുള്ള; 3. തിളക്കമുള്ള; 4.

സൂക്ഷ്മദൃഷ്ടിയുള്ള

വിചക്ഷണത		നാ.	സാമർഥ്യം, വൈചക്ഷണ്യം

വിചക്ഷുസ്സ്		വി.	1. കണ്ണില്ലാത്ത; 2. കുഴങ്ങിയ

വിചയം		നാ.	1. അന്വേഷണം; 2. പരിശോധന

വിചരണം		നാ.	1. ചലനം; 2. പര്യടനം

വിചരിതം		നാ.	1. വിചരണം ചെയ്യപ്പെട്ടത്; 2. അലഞ്ഞുതിരിയൽ

വിചർച്ചിക		നാ.	1. ചൊറി; 2. ചിരങ്ങ്

വിചർച്ചിത		വി.	ലേപനം ചെയ്യപ്പെട്ട, പൂശിയ

വിചല വി. 1. ഇളകിയ; 2. പരിഭ്രമമുള്ള; 3. വ്യതിചലിക്കുന്ന

വിചലനം നാ. 1. വ്യതിചലനം; 2. അഹങ്കാരം

വിചലിത വി. 1. ഇളക്കമുള്ള; 2. പരിഭ്രമമുള്ള; 3. വ്യതിചലിച്ച

വിചാരകൻ നാ. 1. ന്യായാധിപതി; 2. പരിശോധകൻ

വിചാരജ്ഞൻ നാ. ന്യായാധിപതി

വിചാരണ നാ. 1. സത്യം കണ്ടെത്തുന്നതിനുവേണ്ടിയുള്ള വിശദമായ അന്വേഷണം; 2. ചോദ്യങ്ങൾ ചോദിച്ച് സത്യം ഗ്രഹിക്കാനുള്ള പരിശ്രമം; 3. നിയമകോടതിയിൽ തർക്കവിഷയത്തെ കുറിച്ചുള്ള സത്യം കണ്ടെത്താൻ നടത്തുന്ന സാക്ഷിവിസ്താര വാദം; 4. ഗാഢമായ പര്യാലോചന

വിചാരണം നാ. 1. വിചാരണ; 2. ഗാഢമായ പര്യാലോചന; 3. പരിശോധന; 4. വാദപ്രതിവാദം

വിചാരണീയ വി. വിചാരണ ചെയ്യത്തക്ക

വിചാരഭൂ നാ. 1. യമന്റെ സിംഹാസനം; 2. ന്യായാസനം

വിചാരം നാ. 1. ആലോചന, ചിന്ത; 2. ഓർമ, ശ്രദ്ധ; 3. വിഷാദം; 4. സംശയം; 5. വിചാരണ

വിചാരിപ്പ് നാ. 1. ഭരണം നടത്തൽ; 2. കാര്യങ്ങൾ നോക്കിനടത്തൽ

വിചാര്യ വി. 1. വിചാരിക്കപ്പെടാനുള്ള; 2. ആലോചിക്കപ്പെടാനുള്ള

വിചികിത്സ നാ. 1. സംശയിക്കപ്പെട്ട കാര്യം; 2. സംശയം; 3. തെറ്റ്; 4. മീമാംസാസമ്പ്രദായം

1293

വിചികീർഷ നാ. ചെയ്യാനുള്ള ആഗ്രഹം

വിചികീർഷിതം നാ. ചെയ്യാനാഗ്രഹിക്കപ്പെട്ടത്

വിചിത നാ. അന്വേഷിക്കപ്പെട്ട

വിചിതി നാ. 1. അന്വേഷണം; 2. തേടൽ

വിചിത്ത വി. 1. ബോധംകെട്ട; 2. വ്യഗ്രതയില്ലാത്ത; 3. അലസമായ

വിചിത്ര1 വി. 1. അദ്ഭുതകരമായ; 2. പലനിറമുള്ള; 3. പുള്ളിയുള്ള; 4. ഭങ്ഗിയുള്ള

വിചിത്ര2 നാ. പുള്ളിമാൻ

വിചിത്രകം നാ. 1. അദ്ഭുതം; 2. ഭൂർജമരം

വിചിത്രം നാ. 1. അദ്ഭുതം, ആശ്ചര്യം; 2. മനോഹരം; 3. നാനാ വർണം; 4. മയിലെള്ള്; 5. ഒരലങ്കാരം; 6. വെള്ളരി; 7. അശോകം

വിചിത്രവീര്യൻ നാ. 1. അദ്ഭുതകരമായ വീര്യത്തോടുകൂടിയവൻ; 2. ശന്തനുരാജാവിൻെറയും സത്യവതിയുടെയും പുത്രൻ, അംബികയുടെയും അംബാലികയുടെയും ഭർത്താവ്

വിചിത്രാങ്ഗൻ നാ. 1. പുലി; 2. പുള്ളിമാൻ; 3. മയിൽ

വിചിത്രിത		വി.	വിചിത്രമാക്കപ്പെട്ട

വിചിന്തനം		നാ.	1. പര്യാലോചന; 2. ചർച്ച

വിചിന്വകൻ		നാ.	വീരൻ

വിചിന്വാനൻ		നാ.	അന്വേഷിക്കുന്നവൻ

വിചീർണ		വി.	1. പ്രവേശിപ്പിക്കപ്പെട്ട; 2. സഞ്ചരിച്ച

വിചുള്ളി		നാ.	മദ്യം

വിചൂഡ		വി.	ചൂഡയില്ലാത്ത

വിചേതന		വി.	1. ചേതനയറ്റ; 2. ബോധമില്ലാത്ത; 3.

ഇന്ദ്രിയങ്ങളില്ലാത്ത

വിചേതസ്സ്		നാ.	1. മൂഢൻ; 2. ദുർബുദ്ധി

വിചേയ		വി.	1. അന്വേഷിക്കത്തക്ക; 2. ചെറുതായ

വിചേഷ്ട		നാ.	1. പ്രവൃത്തി; 2. നടപടി; 3. പ്രയത്നം; 4. ചലനം

വിചേഷ്ടിക്കുക		ക്രി.	1. പ്രവർത്തിക്കുക; 2. ചലിക്കുക

വിചേഷ്ടിതം		നാ	1. പ്രവൃത്തി; 2. പരിശ്രമം; 3. വികൃതി; 4. ആങ്ഗ്യം; 5.

ദുരാലോചന

വിച്ച, പിച്ച		നാ.	1. മിടുക്ക്, അറിവ്; 2. ആശ്ചര്യം; 3. പിച്ച; 4. വിധവ

വിച്ചക്കളി		നാ.	1. നേരമ്പോക്ക്; 2. പിച്ചകളി

വിച്ചുക		ക്രി.	1. ചുക്കിച്ചുളുങ്ങുക; 2. തകരുക; 3. പിച്ചുക

വിച്ഛർദിത വി. 1. ഉപേക്ഷിക്കപ്പെട്ട; 2. വെളിയിലാക്കപ്പെട്ട

വിച്ഛായ വി. 1. കാഴ്ചക്കുറവുള്ള; 2. മങ്ങിയ

വിച്ഛായം നാ. 1. രത്നം; 2. പക്ഷികളുടെ നിഴൽ

വിച്ഛിത്തി നാ. 1. വേർപെടുത്തൽ, വേർപെടൽ; 2. മുറിക്കൽ, പൊട്ടിപ്പിളരൽ, പിളർപ്പ്; 3. തടസ്സപ്പെടൽ, തടസ്സം, ഭങ്ഗം; 4. ശരീരത്തിൽ കുറിക്കൂട്ടുകൊണ്ടുണ്ടാക്കുന്ന അടയാളം; 5. പദ്യത്തിലെ വിരാമം; 6. നായികാശ്രിതങ്ങളായ അലങ്കാരങ്ങളിൽ ഒന്ന്

വിച്ഛിന്ന വി. 1. വിട്ടുനിൽക്കുന്ന; 2. വേർപെട്ടുപോയ; 3. മുറിക്കപ്പെട്ട; 4. വിഘടിതമായ, അവസാനിപ്പിക്കപ്പെട്ട; 6. തടസ്സപ്പെട്ട; 7. വളഞ്ഞ

വിച്ഛുരിത വി. 1. പതിക്കപ്പെട്ട; 2. മൂടപ്പെട്ട; 3. പൂശപ്പെട്ട

വിച്ഛേദനം നാ. 1. വേർപെടുത്തൽ; 2. മുറിച്ചുമാറ്റൽ; 3. ഛേദിക്കൽ, മുറിക്കൽ; 4. തടസ്സപ്പെടുത്തൽ; 5. നശിപ്പിക്കൽ

വിച്ഛേദം നാ. 1. മുറിവ്, പിളർപ്പ്; 2. തടസ്സം, ഭങ്ഗം; 3. വേർപാട്; 4. പദ്യത്തിലെ യതി; 5. അന്ത്യം, നാശം; 6. ഖണ്ഡം; 7. ഗ്രന്ഥഭാഗം

വിച്യുത വി. 1. പൊട്ടിവീണ; 2. വേർപെട്ടുപോയ; 3. നശിച്ച; 4. നഷ്ടപ്പെട്ട

വിച്യുതി നാ. 1. അടർന്നുവീഴൽ; 2. വേർപെടൽ; 3. (ഗർഭം) അലസൽ

വിജന വി. 1. ജനമില്ലാത്ത; 2. ഏകാന്തമായ

വിജനനം നാ. 1. ജനനം; 2. പ്രസവം; 3. പ്രജനനം

വിജനം നാ. ആളില്ലാത്ത സ്ഥലം

വിജപിലം നാ. 1. ചെളി; 2. ചേറ്

വിജയം നാ. 1. ജയിക്കൽ; 2. പ്രയത്നസാഫല്യം; 3. ഉത്കർഷപ്രാപ്തി; 4. ദേവന്മാരുടെ രഥം; 5. പതിനെട്ടടവുകളിൽ ഒന്ന്

വിജയകുഞ്ജരം നാ. സൈന്യത്തിലെ ആന

വിജയച്ഛന്ദം നാ. അഞ്ഞൂറുചുറ്റുള്ള മുത്തുമാല

വിജയദശമി നാ. 1. ദുർഗാപൂജയുടെ സമാപനദിനം; 2. ദസ്സറാ

വിജയൻ നാ. 1. അർജുനൻ; 2. വിഷ്ണു; 3. യമൻ; 4. വിഷ്ണുവിൻെറ ഗോപുരപാലകന്മാരിൽ ഒരാൾ

വിജയന്തൻ നാ. ഇന്ദ്രൻ

വിജയലക്ഷ്മി നാ. വിജയത്തിൻെറ അധിഷ്ഠാനദേവത

വിജയസാരഥി നാ. വിജയൻെറ തേരാളി, ശ്രീകൃഷ്ണൻ

വിജയി നാ. വിജയിച്ചവൻ

വിജയിക്കുക ക്രി. 1. ജയംനേടുക; 2. പ്രയത്നം സഫലമാക്കുക; 3. തോൽപ്പിക്കുക; 4. ഉത്കർഷം പ്രാപിക്കുക

വിജയോത്സവം നാ. 1. വിജയാഘോഷം; 2. നവരാത്രി സംബന്ധിച്ച ഉത്സവം

വിജര വി. 1. പുതിയ; 2. ചെറിയ; 3. ഇളപ്പമുള്ള

വിജാഗരി [പോർ] നാ. വാതിലിൻെറയും മറ്റും കതകിനെ ചട്ടത്തോടു ഘടിപ്പിക്കാനുള്ള ഉപകരണം

വിജാത വി. 1. നികൃഷ്ടകുലത്തിൽ ജനിച്ച; 2. മിശ്രജാതിയിൽപ്പെട്ട; 3. രൂപാന്തരപ്പെട്ട

വിജാതി നാ. 1. അന്യജാതി; 2. വ്യത്യസ്തജാതി

വിജാതീയ വി. 1. അന്യജാതിയിൽപ്പെട്ട; 2. സങ്കരജാതിയിൽപ്പെട്ട; 3. വ്യത്യാസപ്പെട്ട

വിജാനത്ത് വി. അറിഞ്ഞിട്ടുള്ള

വിജാരണം നാ. സങ്കോചം

വിജിഗീഷ നാ. ജയിക്കണമെന്നുള്ള ആഗ്രഹം

വിജിഗീഷു വി. 1. ജയിക്കാൻ ആഗ്രഹിക്കുന്ന; 2. കീഴടക്കാൻ കൊതിക്കുന്ന. നാ. 1. യോദ്ധാവ്; 2. ആക്രമണകാരി; 3. എതിരാളി

വിജിഘൃക്ഷു വി. 1. മത്സരബുദ്ധിയുള്ള; 2. യുദ്ധംചെയ്യാൻ ആഗ്രഹമുള്ള

വിജിത വി. 1. ജയിക്കപ്പെട്ട; 2. കീഴടക്കപ്പെട്ട; 3. നേടിയ

വിജിതാത്മാവ് നാ. മനസ്സിനെ അടക്കിയവൻ

വിജിതി നാ. വിജയം

വിജീവ വി. ജീവനില്ലാത്ത

വിജൃഭക വി. വിജൃംഭിക്കുന്ന

വിജൃംഭണം നാ. 1. കോട്ടുവായിടൽ; 2. മൂരിനിവരൽ; 3. വികാസം, വ്യാപനം; 4. വർധന; 5. മൊട്ടിടൽ; 6. തുറക്കൽ; 7. വളയൽ; 8. (പുരികം) ചുളിയൽ

വിജൃംഭിക്കുക ക്രി. 1. വർധിക്കുക; 2. കോട്ടുവായിടുക; 3. വിടരുക; 4. പ്രത്യക്ഷപ്പെടുക; 5. വ്യാപിക്കുക

വിജൃംഭിതം നാ. 1. കോട്ടുവായിടൽ; 2. പുറത്തുവരൽ; 3. പ്രകടനം; 4. പരാക്രമം; 5. തള്ളിച്ച

വിജേതവ്യ വി. വിജയിക്കത്തക്ക

വിജേതാവ് നാ. വിജയി

വിജേയ വി. ജയിക്കത്തക്ക

വിജ്ഞ1 വി. 1. അറിയുന്ന, അറിവുള്ള; 2. ബുദ്ധിയുള്ള; 3. വൈദഗ്ധ്യമുള്ള

വിജ്ഞ2 നാ. 1. ബുദ്ധി; 2. വൈദഗ്ധ്യം

വിജ്ഞപ്ത വി. വിജ്ഞാപനംചെയ്യപ്പെട്ട

വിജ്ഞപ്തി വി. 1. ബോധിപ്പിക്കൽ; 2. ആദരപൂർവമായ അറിയിപ്പ്; 3. അഭ്യർഥന; 4. ഹർജി

വിജ്ഞാത വി. 1. നല്ലവണ്ണം അറിയപ്പെട്ട; 2. സുപ്രസിദ്ധമായ

വിജ്ഞാനകോശം നാ. എല്ലാവിജ്ഞാനശാഖകളിലും പെട്ടതോ ചില പ്രത്യേക മേഖലകളിൽ പെട്ടതോ ആയ വസ്തുക്കൾ വസ്തുതകൾ തുടങ്ങിയവയെക്കുറിച്ചുള്ള

വിവരങ്ങൾ സൂക്ഷ്മമായും സങ്ക്ഷിപ്തമായും ക്രമീകൃതമായും ഉൾക്കൊള്ളുന്ന ആകരഗ്രന്ഥം

വിജ്ഞാനപാദൻ നാ. വേദവ്യാസൻ

വിജ്ഞാനം നാ. 1. വിവേചിച്ചറിയൽ; 2. സൂക്ഷ്മമായി മനസ്സിലാക്കൽ; 3. സൂക്ഷ്മമായ അറിവ്; 4. പ്രാവീണ്യം; 5. ലൗകികമായ അറിവ്; 6. ശാസ്ത്രം; 7. വിവേചനാശക്തി

വിജ്ഞാനമയ വി. ബോധരൂപമായ

വിജ്ഞാനമയകോശം നാ. 1. ജ്ഞാനേന്ദ്രിയങ്ങളോടുകൂടിയ ബുദ്ധി; 2. സൂക്ഷ്മദേഹം, പഞ്ചകോശങ്ങളിൽ ഒന്ന്

വിജ്ഞാനിക വി. 1. വിജ്ഞാനമുള്ള; 2. മിടുക്കുള്ള; 3. വിദ്വാനായ

വിജ്ഞാപക വി. അറിവുനൽകുന്ന

വിജ്ഞാപകൻ നാ. 1. അറിയിക്കുന്നവൻ; 2. അധ്യാപകൻ

വിജ്ഞാപനം നാ. 1. വിജ്ഞപ്തി; 2. പരസ്യം; 3. അഭ്യർഥന; 4. അപേക്ഷ; 5. അറിവ്; 6. അധ്യാപനം

വിജ്ഞാപ്യം നാ. 1. അപേക്ഷ; 2. വിജ്ഞാപനം ചെയ്യേണ്ടത്

വിജ്വര വി. 1. ജ്വരം വിട്ട; 2. പനിയോ വേദനയോ ഇല്ലാത്ത; 3. ദുഃഖമില്ലാത്തതായ

വിഝർഝര വി. 1. കടുപ്പമുള്ള; 2. പരുഷമായ

വിഞ്ജാമരം നാ. കണ്ണിലെ വെളുപ്പ്

വിഞ്ജാലി നാ. 1. പങ്ക്തി; 2. വരി

വിട1 നാ. 1. യാത്രാനുവാദം, പോകാനായി വാങ്ങുന്ന അനുവാദം; 2. യാത്രപറയൽ

വിട2 നാ. വിടവ്

വിടക്ക് നാ. 1. മൃഗങ്ങളുടെ ശവം, ചമ്പ്; 2. അളിഞ്ഞവസ്തു; 3. ഊന് (പ്ര) വിടക്കാക്കുക = ചീത്തയാക്കുക, നിരുപയോഗമാക്കുക. വിടക്കാക്കി തനിക്കാക്കുക = താൻ സ്വന്തമാക്കാനിച്ഛിക്കുന്ന വസ്തുവിനെ മറ്റാളുകൾ തൊടാതിരിക്കാൻവേണ്ടി എച്ചിലാക്കി താൻതന്നെ എടുക്കുക

വിടങ്കം നാ. 1. ഏറ്റവും ഉയർന്ന സ്ഥാനം, അഗ്രം; 2. പ്രാപ്പലക

വിടങ്കിത വി. 1. അടയാളപ്പെടുത്തിയ; 2. അലങ്കൃതമായ

വിടങ്ങ് നാ. 1. സൗന്ദര്യം; 2. പൗരുഷം; 3. നീണ്ട ഉത്തരം; 4. കൊടുങ്കൈ

വിടൻ നാ. 1. വിഷയലമ്പടൻ; 2. (നാട്യ) രാജാവിൻെറയും മറ്റും ആശ്രിതനായി നടക്കുന്നവനും കലാ സാഹിത്യ സങ്ഗീതാദികളിൽ നിപുണനുമായവൻ; 3. എലി; 4. മധുരനാരകം

വിടപം നാ. 1. വൃക്ഷത്തിൻെറ ഇളംശാഖ; 2. ശാഖ; 3. മരക്കൂട്ടം; 4. കുറ്റിക്കാട്; 5. വ്യാപ്തിയേറിയത്, പരന്നത്

വിടപി നാ. 1. വൃക്ഷം; 2. പേരാൽ

വിടപ്രിയ നാ. മഞ്ഞൾ

വിടം1 നാ. 1. വിളയുപ്പ്; 2. കരിങ്ങാലി; 3. മധുരനാരകം; 4. മരത്തിൻെറ ശാഖ; 5. എലി

വിടം2 നാ. വിഷം

വിടയ്ക്കുക ക്രി. കോപിക്കുക

വിടയം നാ. ഒരു ഔഷധം, അതിവിടയം

വിടയുക ക്രി. കോപിക്കുക

വിടയോട്ടം നാ. 1. സന്ദേശം എത്തിക്കാനുള്ള ഓട്ടം; 2. സന്ദേശം അറിയിക്കൽ

വിടയോൻ നാ. രുദ്രൻ

വിടർ1 നാ. 1. വിടവ്; 2. കീറ്റ്; 3. പൊളി; 4. കാട്

വിടർ2 നാ. വിടന്മാർ

വിടർ3 [വിടരുക] ധാതുരൂപം

വിടർക്കുക ക്രി. 1. പൊട്ടിച്ചുവേർപെടുത്തുക; 2. നിവർക്കുക; 3. തുറക്കുക; 4. മടക്ക് അകറ്റുക

വിടർച്ച നാ. വിടർപ്പ്

വിടർത്തുക ക്രി. വിടർക്കുക

വിടരുക ക്രി. 1. വികസിക്കുക; 2. വേർപെടുക; 3. മലരുക; 4. പരക്കുക

വിടൽ നാ. 1. വിടുക എന്ന പ്രവൃത്തി; 2. ഉപേക്ഷിക്കൽ; 3. വിടവ്; 4. കുറ്റം

വിടല1, വെടല നാ. 1. മൂക്കാത്ത തേങ്ങ; 2. ബലഹീനൻ

വിടല2 നാ. ആൺകുട്ടി

വിടവിക്കുക ക്രി. വിടവുണ്ടാകുക, വിള്ളുക

വിടവ് നാ. 1. പൊട്ടിയുണ്ടാകുന്ന അകൽച്ച; 2. പിളർപ്പ്; 3. വേർപാട്; 4. ദ്വാരം; 5. വെടിക്കൽ, വിള്ളൽ

വിടാതെ അവ്യ. 1. ഇടമുറിയാതെ; 2. മുറുകെ; 3. ഉപേക്ഷിക്കാതെ

വിടാപ്പിടി നാ. മുറുകെയുള്ള പിടി

വിടി വി. 1. തിരശ്ശീല; 2. ഒറ്റയായത്; 3. ഒറ്റതിരിഞ്ഞത്

വിടിയുക ക്രി. 1. ഉദിക്കുക; 2. നീങ്ങുക

വിടു വി. 1. വീൺ; 2. വ്യർഥമായ; 3. ഹീനമായ; 4. ചീത്തയായ. വിടുവായൻ = വീൺവാക്കു പറയുന്നവൻ, വായാടി

വിടുക ക്രി. 1. വേർപെടുക; 2. പൊട്ടുക; 3. ഒഴിഞ്ഞുപോവുക; 4. പിടിയിൽനിന്നോ ബന്ധനത്തിൽനിന്നോ മോചിപ്പിക്കുക; 5. അയയ്ക്കുക; 6. മറക്കുക; 7. മോചിപ്പിക്കുക; 8. പ്രയോഗിക്കുക

വിടുകഥ നാ. 1. കെട്ടുകഥ; 2. കള്ളക്കഥ

1295

വിടുക്കുക ക്രി. 1. വേർപെടുത്തുക; 2. വിടർക്കുക; 3. വികസിപ്പിക്കുക

വിടുതൽ നാ. 1. അനുവാദം; 2. സ്വതന്ത്രമാകൽ; 3. മോചനം; 4. ഒഴിവുദിവസം; 5. അയപ്പ്

വിടുതല [ത.വിടുതലൈ] നാ. 1. വിടുതൽ, മോചനം; 2. നീങ്ങൽ

വിടുതി നാ. 1. തത്കാലത്തേക്ക് ആഹാരം കഴിച്ചു തങ്ങൽ; 2. അപ്രകാരം താമസിക്കുന്ന സ്ഥലം; 3. ഇട, അകലം; 4. ഇളവ്, മാപ്പ്; 5. മോചനം; 6. ഉത്തരവ്

വിടുതിക്കാരൻ നാ. വിടുതിയിൽ പാർക്കുന്നവൻ

വിടുതിവീട് നാ. അന്യർക്കു ഭക്ഷണം നൽകി താമസിപ്പിക്കുന്ന സ്ഥലം

വിടുത്തുക ക്രി. 1. വിടർത്തുക; 2. അകറ്റുക; 3. വിടുക; 4. അയയ്ക്കുക; 5. വിടുക്കുക

വിടുനിലം നാ. തരിശുനിലം

വിടുനീർ നാ. 1. വിഷജലം; 2. കലങ്ങിയ ജലം; 3. നദീജലം

വിടുപണി നാ. ദാസ്യവൃത്തി

വിടുപേറ് നാ. 1. ദാനം; 2. ദാനശാസനം; 3. ഉയർന്ന ജാതിക്കാർക്കു കൊടുക്കാറുള്ള ഒരു സ്ഥാനമാനം

വിടുഭോഷൻ നാ. വലിയ വിഡ്ഢി

വിടുവരി നാ. സേവനത്തിനുപകരമായി കുടിയാൻ ജന്മിക്കുകൊടുക്കുന്ന പാട്ടം

വിടുവാക്ക് നാ. 1. അന്തസ്സാരമില്ലാത്ത വാക്ക്; 2. വ്യർഥമായ സംസാരം

വിടുവായൻ നാ. 1. നിയന്ത്രണം കൂടാതെ സംസാരിക്കുന്നവൻ; 2. ജല്പകൻ, വായാടി

വിടുവിക്കുക ക്രി. വിടാൻ പ്രേരിപ്പിക്കുക

വിടുവേർ നാ. 1. പേരാലിലും മറ്റും കീഴ്പ്പോട്ടു തൂങ്ങിക്കിടക്കുന്ന വേര്; 2. യോഗിയുടെ ജട

വിട്ചരം നാ. 1. പോർക്ക്; 2. പീപ്പന്നി

വിട്ട നാ. അമേധ്യം

വിട്ടം നാ. 1. (ശില്പ) വളബന്ധം; 2. (ശില്പ) കുറുകെയുള്ള ഉത്തരം; 3. വ്യാസം

വിഡങ്ഗ വി. സാമർഥ്യമുള്ള

വിഡങ്ഗം നാ. 1. വിഴാൽ വൃക്ഷം; 2. വിഴാലരി

വിഡം നാ. വിളയുപ്പ്

വിഡംബനം നാ. 1. അനുകരണം; 2. മറ്റൊരു രൂപം കൈക്കൊള്ളൽ; 3. പരിഹാസം; 4. ഗോഷ്ടികാട്ടൽ; 5. ഉപദ്രവിക്കൽ; 6. നിരാശപ്പെടുത്തൽ; 7. ചതി

വിഡംബം നാ. 1. നാട്യം, അനുകരണം; 2. പീഡനം; 3. പരിഹാസം; 4. ചതി

വിഡംബിതം വി. 1. വിഡംബിക്കപ്പെട്ടത്; 2. പരിഹാസവിഷയം

വിഡംബ്യ വി. വിഡംബിക്കത്തക്ക

വിഡാരകം നാ. 1. പൂച്ച; 2. നേത്ര പിണ്ഡം; 3. വിഡാലകം

വിഡീനം നാ. പക്ഷികളുടെ പറക്കൽ

വിഡൂരജം നാ. വൈഡൂര്യം

വിഡൂരഭൂമി നാ. വൈഡൂര്യം വിളയുന്ന സ്ഥലം

വിഡ്ഢി നാ. 1. ഭോഷൻ, മഠയൻ; 2. കൊട്ടാരം വിദൂഷകൻ; 3. നാടകത്തിലും മറ്റുമുള്ള വിദൂഷകവേഷക്കാരൻ

വിഡ്ഢിത്തം നാ. ഭോഷത്തം

വിഡ്വരാഹം നാ. പീപ്പന്നി, നാട്ടുപന്നി

വിൺ നാ. 1. വിണ്ണ്, സ്വർഗം; 2. ആകാശം

വിൺപുരി നാ. അമരാവതി

വിൺമങ്ക നാ. ദേവസ്ത്രീ

വിൺമീൻ നാ. നക്ഷത്രം

വിൺമൊഴി നാ. ദേവഭാഷ, സംസ്കൃതം

വിണ്ടലപ്പുഴ നാ. ആകാശഗങ്ഗ

വിണ്ടലം നാ. സ്വർഗം

വിണ്ടലർ നാ. ദേവന്മാർ

വിണ്ടാർ നാ. 1. ശത്രുക്കൾ; 2. അസുരന്മാർ

വിണ്ടി നാ. ഭാരമുള്ള സാധനങ്ങൾ ഉയർത്തുന്നതിനുള്ള ഉപകരണം

വിണ്ണ നാ. അത്യാവശ്യം, ആർത്തി. കൊതിയല്ലച്ചാ! വിണ്ണയാണേ, കൊട്ടയിട്ടുതടുത്താൽ നിൽക്കേല (പഴ)

വിണ്ണപ്പം നാ. 1. അപേക്ഷ; 2. വിജ്ഞാപനം

വിണ്ണവൻ നാ. 1. ദേവൻ; 2. വിഷ്ണു

വിണ്ണാടർ നാ. 1. സ്വർഗവാസികൾ; 2. ദേവതകൾ

വിണ്ണാണം നാ. വിജ്ഞാനം

വിണ്ണാറ് നാ. 1. ആകാശഗങ്ഗ; 2. സ്വർഗഗങ്ഗ

വിണ്ണ് നാ. 1. സ്വർഗം; 2. ആകാശം; 3. മേഘം

വിണ്ണുളാർ നാ. ദേവന്മാർ

വിണ്ണേറ് നാ. ഇടിവെട്ട്

വിണ്ണോർ നാ. ദേവന്മാർ

വിത1 [വിതയ്ക്കുക] ധാതുരൂപം

വിത2 നാ. 1. വിത്തു വിതയ്ക്കൽ; 2. വിതയ്ക്കാനുള്ള കാലം; 3. വിതച്ച വിത്ത്

വിതക്ഷണം നാ. ചെത്തിയെടുക്കൽ

വിതച്ചടി നാ. 1. വിത്തുവിതച്ചിട്ട് കിളയ്ക്കൽ; 2. തടികൊണ്ടു കട്ട ഉടച്ചു നിരപ്പാക്കൽ

വിതണ്ഡ നാ. 1. (ന്യായ) സ്വപക്ഷം സ്ഥാപിക്കാതെ തന്നെ പരപക്ഷം ഖണ്ഡിക്കൽ; 2. വ്യർഥമായ വാഗ്വാദം; 3. മനയോല; 4. സാമ്പ്രാണി; 5. അരളി

വിതണ്ഡം നാ. 1. ആന; 2. മൂന്നു പൂട്ടുള്ള താഴ്

വിതണ്ഡാവാദം നാ. 1. അടിസ്ഥാനമോ യുക്തിയോ ഇല്ലാത്ത വാദം; 2. വാദത്തിനുവേണ്ടിയുള്ള വാദം

വിതത വി. 1. വിസ്തൃതമായ; 2. വ്യാപിച്ച; 3. മൂടപ്പെട്ട; 4. വിതറപ്പെട്ട; 5. വലിച്ച

വിതതം നാ. 1. വിസ്തൃതി; 2. ചർമവാദ്യങ്ങളിൽ ഒരു വിഭാഗം

വിതതി നാ. 1. വിസ്തൃതി; 2. പരപ്പ്; 3. കൂട്ടം; 4. നിര

വിതഥ വി. 1. വ്യർഥമായ; 2. വ്യാജമുള്ള

വിതഥൻ നാ. സത്യസന്ധതയില്ലാത്തവൻ

വിതഥം നാ. അസത്യഭാഷണം

വിതഥ്യ വി. 1. വ്യർഥമായ; 2. വ്യാജമായ

വിതനു വി. 1. കൃശമായ; 2. അഴകുള്ള

വിതന്തു നാ. 1. നല്ലയിനം കുതിര; 2. വിധവ

വിതന്ത്രി വി. തന്ത്രിയില്ലാത്ത. നാ. തന്ത്രിപൊട്ടിയ വീണ

വിതന്വത്ത് വി. 1. വിസ്തൃതമാക്കുന്ന; 2. ജനിപ്പിക്കുന്ന

വിതന്വാവ് നാ. 1. വിസ്താരകൻ; 2. ഉത്പാദകൻ

വിതംസം നാ. 1. പക്ഷിക്കൂട്; 2. കയറ്; 3. ചങ്ങല, വിലങ്ങ്

വിതമസ്സ് വി. 1. അജ്ഞാനമില്ലാതായ; 2. വെളിച്ചമുള്ള

വിതയ്ക്കുക ക്രി. വിത്തിടുക

വിതർക്കണം നാ. 1. വാദിക്കൽ; 2. യുക്തിവാദം; 3. സംശയം, ഊഹം

വിതർക്കം നാ. 1. തർക്കം; 2. ഊഹം; 3. വിവാദം; 4. തർക്കത്തിൻെറ ഇടയ്ക്കുണ്ടാകുന്ന മറ്റൊരു തർക്കം; 5. അനുമാനം; 6. സംശയം

വിതർദി നാ. വിതർദിക 1. വരാന്ത, തിണ്ണ; 2. മുറ്റത്തു കെട്ടിയുണ്ടാക്കുന്ന തറ. ഉദാഃ തുളസിത്തറ; 3. മുഖമണ്ഡപം

വിതർപ്പ് നാ. 1. ഭയം; 2. യുദ്ധം; 3. വിജയം

വിതരണം നാ. 1. വീതിച്ചുകൊടുക്കൽ; 2. ദാനം; 3. വിട്ടൊഴിയൽ

വിതരം അവ്യ. ദൂരെ

വിതരുക ക്രി. 1. വിറയ്ക്കുക; 2. വിതറുക

വിതരി വി. വിതറുന്ന. നാ. വിത്ത്

വിതലം നാ. 1. സപ്തലോകങ്ങളിൽ ഒന്ന്; 2. അധോലോകങ്ങളിൽ രണ്ടാമത്തേത്

വിതഷ്ട വി. 1. വിതക്ഷണം ചെയ്യപ്പെട്ട; 2. വിതയ്ക്കപ്പെട്ട; 3. ചിതറപ്പെട്ട

വിതസ്തി നാ. 1. പന്ത്രണ്ട് അങ്ഗുലം നീളം, ഒരു കോലിൻെറ പാതി; 2. ചെറുവിരലും പെരുവിരലും കൂടിയ ചാൺ

വിതറൽ നാ. വിതറുക എന്ന പ്രവൃത്തി

വിതറുക ക്രി. 1. വിതയ്ക്കുക; 2. തൂകുക; 3. വിറയ്ക്കുക

വിതാന വി. 1. ഒഴിഞ്ഞ, ശൂന്യമായ; 2. ബുദ്ധിയില്ലാത്ത; 3. നിസ്സാരമായ

വിതാനകം നാ. 1. ചൂണ്ടപ്പന; 2. കൂട്ടം; 3. പരപ്പ്; 4. മേൽക്കട്ടി

വിതാനം നാ. 1. അലങ്കാരം, അലങ്കരണം; 2. മേൽത്തട്ട്; 3. വിസ്താരം; 4. യോഗം; 5. തക്ക അവസരം; 6. ബലി, ബലിപീഠം; 7. കൂട്ടം

വിതാനിക്കുക ക്രി. 1. മേൽക്കട്ടിയും മറ്റുംകോണ്ട് അലങ്കരിക്കുക; 2. വിരിക്കുക

വിതീർണ വി. 1. തരണം ചെയ്യപ്പെട്ട; 2. ദാനം ചെയ്യപ്പെട്ട; 3. കടക്കപ്പെട്ട; 4. ഇറങ്ങിയ; 5. കീഴടക്കപ്പെട്ട; 6. വഹിക്കപ്പെട്ട

വിതുന്നകം നാ. 1. താലീസപത്രം; 2. കൊത്തമ്പാലരി; 3. തുത്ഥാഞ്ജനം; 4. കിഴുകാനെല്ലി

വിതുന്നം നാ. 1. നീരാരൽ; 2. താതിരി; 3. കുഴിമുത്തങ്ങ; 4. കരിമ്പായൽ

വിതുമ്പൽ നാ. 1. വിതുമ്പുക എന്ന പ്രവൃത്തി; 2. തിളയ്ക്കൽ; 3. കൊതി

വിതുമ്പുക ക്രി. 1. വിങ്ങിക്കരയുക; 2. തിളപ്പിക്കുക; 3. കൊതിക്കുക; 4. ചിറികൂർപ്പിക്കുക; 5. കുഴയുക

വിതുല വി. തുല്യതയില്ലാത്ത

വിതുവ് നാ. നെയ്ത്തുതറിയുടെ ചവിട്ടു പലക, ചലിക്കുമ്പോൾ ഇളകുന്ന പലക

വിതുഷ്ട വി. തൃപ്തിയില്ലാത്ത

വിതൃഷ്ണ വി. ആശയറ്റ. നാ. നിരാശ

വിത്ത1 വി. 1. വിത്തത്തെ സംബന്ധിച്ച; 2. സമ്പാദിക്കപ്പെട്ട; 3. കീർത്തിയുള്ള; 4. അറിയപ്പെട്ട; 5. കണ്ടുപിടിക്കപ്പെട്ട

വിത്ത2 നാ. പഠിത്തം, ജ്ഞാനം

വിത്തകൻ നാ. 1. ഭൈരവൻ; 2. ജ്ഞാനി

വിത്തകം നാ. ജ്ഞാനം

വിത്തൻ നാ. 1. വിത്തമുള്ളവൻ, ധനവാൻ; 2. പ്രസിദ്ധൻ

വിത്തനാഥൻ നാ. 1. കുബേരൻ; 2. ധനികൻ

വിത്തപതി നാ. 1. വിത്തനാഥൻ; 2. കുബേരൻ

വിത്തം നാ. 1. സമ്പത്ത്, ധനം; 2. ഐശ്വര്യം; 3. ജ്ഞാനം; 4. അറിയപ്പെട്ടത്

വിത്തവാൻ നാ. ധനവാൻ

വിത്തറ നാ. 1. പൂവിൻെറ അണ്ഡകോശം; 2. വിത്തു സൂക്ഷിക്കുന്ന മുറി

വിത്താധീശൻ നാ. കുബേരൻ

വിത്താർഥി നാ. ധനം ആഗ്രഹിക്കുന്നവൻ

വിത്താവമാനി നാ. ധനം നിസ്സാരമായി കരുതുന്നവൻ

വിത്തി നാ. 1. വിവേകം, അറിവ്; 2. സമ്പാദ്യം; 3. ലാഭം; 4. കാലക്ഷേപം; 5. വിധിന്യായം; 6. സങ്കല്പിച്ചിരിക്കുന്ന കാര്യം; 7. ഓർമ, സ്മരണ

വിത്ത്1 നാ. 1. ബീജം; 2. വിതയ്ക്കാനുള്ള ധാന്യം; 3. മുളപ്പിക്കാനുള്ള കുരു; 4. നട്ടുവളർത്താനുള്ള തൈ; 5. കിഴങ്ങിൽ പൊട്ടിയുണ്ടാകുന്ന ചെറിയ കിഴങ്ങ്; 6. മൂലകാരണം

വിത്ത്2 നാ. വിദ്വാൻ, അറിയുന്നവൻ, ജ്ഞാനി

വിത്തുപാട് നാ. വിതയ്ക്കാൻ വേണ്ടിവരുന്ന നിലം

വിത്തുപാട്ടം നാ. വിതയ്ക്കുന്ന വിത്തോളമുള്ള പാട്ടം

വിത്തുപാതി നാ. പാതിവാരകൃഷി

വിത്തുവല്ലി നാ. കൃഷിച്ചെലവ്

വിത്തേറ്റി നാ. മരംകൊണ്ടുള്ള ഒരു ഉപകരണം

വിത്തോപാർജനം നാ. വിത്തം സമ്പാദിക്കൽ

വിത്രസിക്കുക ക്രി. ഭയപ്പെടുക

വിത്രസ്ത വി. ഭയപ്പെട്ട

വിത്രാസം നാ. 1. ഭയം; 2. പേടി

വിഥുര നാ. 1. വിധവ; 2. കള്ളി; 3. രാക്ഷസി

വിഥുരൻ നാ. 1. രാക്ഷസൻ; 2. കള്ളൻ

വിദ വി. അറിയുന്ന. നാ. ജ്ഞാനം

വിദഗ്ധ വി. 1. സാമർഥ്യമുള്ള; 2. കൗശലമുള്ള; 3. നല്ലപോലെ ദഹിച്ച; 4. പാകംചെയ്യപ്പെട്ട; 5. സ്വാതന്ത്ര്യശീലമുള്ള; 6. എരിഞ്ഞുപോയ, നശിച്ച

വിദഗ്ധി നാ. 1. പാകംചെയ്യൽ; 2. ദഹനം

വിദഥൻ നാ. 1. വിദ്വാൻ; 2. സന്യാസി

വിദഥം നാ. 1. ജ്ഞാനം; 2. യുദ്ധം; 3. യാഗം

വിദംശം നാ. എരിവുള്ള ഭക്ഷണം

വിദയ വി. ദയ ഇല്ലാത്ത

വിദർഭജ നാ. 1. ദമയന്തി; 2. അഗസ്ത്യൻെറ പത്നി

വിദർഭൻ നാ. 1. വിദർഭദേശത്തുള്ളവൻ; 2. വിദർഭരാജാവ്

വിദർഭം നാ. 1. ഒരു രാജ്യം, ബിഹാർ; 2. മരുഭൂമി

വിദർഭസുത നാ. ദമയന്തി

വിദര വി. പിളർക്കുന്ന

വിദരം നാ. 1. പിളർപ്പ്; 2. വിള്ളൽ; 3. ഇലക്കള്ളി

വിദല വി. 1. വിടർന്ന; 2. കീറിയ; 3. പിളർക്കപ്പെട്ട

വിദലനം നാ. 1. പിളർക്കൽ; 2. വിഭജനം

വിദലം നാ. 1. പിളർപ്പ്, ചുള്ളി; 2. മുളകെട്ടിയ കയറ്; 3. മുളകൊണ്ടുണ്ടാക്കിയ കുട്ട; 4. ധാന്യപത്രം; 5. മാതള നാരകത്തിൻെറ തൊലി

വിദായം നാ. 1. ഓഹരി; 2. പങ്ക്

വിദാരകൻ നാ. 1. പിളർക്കുന്നവൻ; 2. കീറുന്നവൻ; 3. വിഭജിക്കുന്നവൻ

വിദാരകം നാ. 1. വറ്റിക്കിടക്കുന്ന പുഴയിൽ ഉണ്ടാകുന്ന കുഴി; 2. നദീമധ്യേയുള്ള കല്ല് അഥവാ മരം; 3. മണലിൽ കുഴിച്ച കുഴി; 4. കിണറ്; 5. ക്ഷാരമയമായ മണ്ണ്

1297

വിദാരണ നാ. യുദ്ധം

വിദാരണം നാ. 1. പിളർക്കൽ; 2. ചീന്തൽ; 3. മുറിപ്പെടുത്തൽ; 4. വധം; 5. യുദ്ധം; 6. ചെറുകൊന്ന; 7. നദീമധ്യത്തുള്ള കല്ല്

വിദാരം നാ. 1. പിളർപ്പ്; 2. യുദ്ധം; 3. വെള്ളപ്പൊക്കം

വിദാരി(ക)　　നാ.　1. പാൽമുതക്കിൻെറ കിഴങ്ങ്; 2. മൂവില; 3. ഒരു രോഗം, കഴലനീര്

വിദാരിണി　　നാ.　കുമിഴ്

വിദാരിത　　വി.　വിദാരണം ചെയ്യപ്പെട്ട

വിദാരു　　നാ.　പല്ലി

വിദാര്യ　　വി.　1. പിളർക്കാവുന്ന; 2. കടന്നുചെല്ലാവുന്ന

വിദാഹം　　നാ.　1. കത്തൽ; 2. വലിയ ഉഷ്ണം; 3. എരിവ്; 4. മൂർച്ച; 5. നീർക്കെട്ടൽ

വിദാഹി　　വി.　ഉഷ്ണമുണ്ടാക്കുന്ന

വിദിക്ക്　　നാ.　1. രണ്ടു പ്രധാന നദികളുടെ ഇടയ്ക്കുള്ള ദിക്ക്; 2. ഇടദിക്ക്; 3. മൂല

വിദിത　　വി.　1. അറിയിക്കപ്പെട്ട; 2. പ്രതിജ്ഞ ചെയ്യപ്പെട്ട

വിദിത്വാ　　അവ്യ. അറിഞ്ഞിട്ട്

വിദിശ　　നാ.　1. ഒരു നഗരം, ദശാർണദേശത്തിൻെറ രാജധാനി; 2. വിദിക്ക്

വിദീർണ　　വി.　വിദാരണംചെയ്യപ്പെട്ട

വിദു　　നാ.　1. ആനയുടെ മസ്തകത്തിൻെറ മധ്യം; 2. നീർക്കുതിര

വിദുര　　വി.　1. വിദ്വാനായ; 2. അറിവുള്ള

വിദൂരൻ നാ. 1. വേദവ്യാസന്റ്റെ പുത്രനായ ഒരു ശൂദ്രൻ; 2. വിദ്വാൻ, ജ്ഞാനി; 3. തന്ത്രശാലി

വിദൂരവാക്യം നാ. മഹാഭാരതത്തിലെ ഒരു ഭാഗം, അനേകം സദുപദേശങ്ങൾ അടങ്ങിയത്

വിദൂഷി നാ. 1. അറിവും ബുദ്ധിയുമുള്ളവൾ; 2. പാണ്ഡിത്യമുള്ളവൾ

വിദൂന വി. 1. ദുഃഖിതമായ; 2. പീഡിതമായ

വിദൂര വി. വളരെ ദൂരെയുള്ള

വിദൂരകം നാ. വിദൂരം, ഒരു പർവതം (ഇതിലുണ്ടാകുന്ന രത്നം വൈദൂര്യം)

വിദൂരഗ വി. ദൂരവ്യാപിയായ

വിദൂരജം നാ. വൈഡൂര്യം

വിദൂരിത വി. ദൂരത്താക്കപ്പെട്ട

വിദൂഷക നാ. 1. വളരെ ദുഷിപ്പിക്കുന്നവൻ; 2. കോമാളി; 3. നാടകാദികളിലെ ഹാസ്യ കഥാപാത്രം

വിദൂഷണം നാ. ദുഷിപ്പിക്കൽ, ശകാരം, അത്യധികമായ നിന്ദ

വിദേശം നാ. അന്യദേശം, പിറന്ന നാടല്ലാത്തത്

വിദേശി നാ. അന്യദേശക്കാരൻ

വിദേഹ വി. ഉടലില്ലാത്ത

വിദേഹൻ നാ. 1. മിഥിലയിലെ രാജാവ്, ജനകൻ; 2. ഉടലില്ലാത്തവൻ

വിദേഹം നാ. 1. ജനകൻ ഭരിച്ചിരുന്ന രാജ്യം, മിഥില; 2. ശരീരമില്ലായ്മ

വിദ്ധ വി. 1. തുളയ്ക്കപ്പെട്ട; 2. മുറിവേൽപ്പിക്കപ്പെട്ട; 3. അയയ്ക്കപ്പെട്ട; 4. വിരോധിക്കപ്പെട്ട; 5. അടിക്കപ്പെട്ട; 6. സമമായ

വിദ്ധകർണ നാ. ചെവിതുളച്ച, കാതുകുത്തിയ

വിദ്ധം നാ. 1. മുറിവ്; 2. ഒരു രോഗം

വിദ്യ നാ. 1. ശാസ്ത്രപഠനംകൊണ്ടുള്ള അറിവ്; 2. പഠിത്തം (അങ്ഗങ്ങളോടും ഉപാങ്ഗങ്ങളോടും കൂടിയുള്ള വേദം മുതലായവയാണ് വിദ്യകൾ); 3. ദുർഗ; 4. ആത്മജ്ഞാനം; 5. മന്ത്രവാദം

വിദ്യമാന വി. വർത്തിക്കുന്ന, ഉള്ള, ഇരിക്കുന്ന

വിദ്യാകരൻ നാ. വിദ്വാൻ, പണ്ഡിതൻ

വിദ്യാഗ്രഹണചതുഷ്ടയം നാ. നാലുതരത്തിലുള്ള വിദ്യാഗ്രഹണം (ഗുരുമുഖേന കാൽഭാഗം, തന്നത്താനേ കാൽഭാഗം, സംസർഗംകൊണ്ടു കാൽഭാഗം, കാലപ്പഴക്കത്താൽ കാൽഭാഗം ഈ നാലും)

വിദ്യാദലം നാ. ഭൂർജമരം

വിദ്യാദാതാവ് നാ. അധ്യാപകൻ, ഗുരു

വിദ്യാദാനം നാ. പ്രതിഫലംകൂടാതെ വിദ്യ പഠിപ്പിക്കൽ

വിദ്യാദേവി നാ. സരസ്വതി

വിദ്യാധനം നാ. 1. വിദ്യയാകുന്ന ധനം; 2. വിദ്യകൊണ്ടുണ്ടാകുന്ന ധനം

വിദ്യാധരൻ നാ. 1. ഉപദേവന്മാരിൽ ഒരു വിഭാഗക്കാർ; 2. വിദ്വാൻ (സ്ത്രീ) വിദ്യാധരി; 3. മാന്ത്രികൻ

വിദ്യാപാരഗൻ നാ. വിദ്യയുടെ മറുകര കണ്ടവൻ

വിദ്യാഭ്യാസം നാ. വിദ്യപരിശീലിക്കൽ, പഠനം

വിദ്യാർഥി നാ. 'വിദ്യ അർഥിക്കുന്നവൻ', ശിഷ്യൻ, വിദ്യ അഭ്യസിക്കുന്നവൻ (സ്ത്രീ) വിദ്യാർഥിനി

വിദ്യാരംഭം നാ. പഠിപ്പുതുടങ്ങൽ, എഴുത്തിനിരുത്തൽ (സാധാരണയായി വിജയദശമിയും മേടപ്പത്തുമാണ് ഇതിനു വിഹിതം. വിദ്യാരംഭത്തിന് ഊൺനാൾ തിരുവാതിരയും കൊള്ളാം. ഇത് മൂന്നാം വയസ്സിലോ അഞ്ചാം വയസ്സിലോ ആകാം)

വിദ്യാലയം നാ. പള്ളിക്കൂടം, സ്കൂൾ

വിദ്യാവിഹീനൻ നാ. പഠിത്തമില്ലാത്തവൻ

വിദ്യാവൃദ്ധൻ നാ. വളരെ പഠിപ്പുള്ളവൻ, ജ്ഞാനവിഷയകമായി മാത്രം വൃദ്ധനായവൻ

വിദ്യുച്ഛക്തി നാ. ഇലക്ട്രിസിറ്റി, വൈദ്യുതി, ശക്തിയുടെ അടിസ്ഥാനമൂലകമെന്നു കരുതപ്പെടുന്ന ഒരു വസ്തു

വിദ്യുജ്ജ്വാല നാ. 1. മിന്നൽപ്പിണർ; 2. മേത്തോന്നി

വിദ്യുത്ത് നാ. മിന്നൽപ്പിണർ, ഇടിവാൾ (വിശേഷേണ ശോഭിക്കുന്നത് എന്നർഥം)

വിദ്യുത്പാതം നാ. ഇടിവീഴ്ച

വിദ്യുത്പ്രിയം നാ. വെള്ളോട്

വിദ്യുത്വാൻ നാ. മേഘം (വിദ്യുത്തോടുകൂടിയത്)

വിദ്യുദ്ദാമം നാ. മിന്നൽപ്പിണർ

വിദ്യുന്മാല നാ. 1. മിന്നൽപ്പിണരുകളുടെ കൂട്ടം; 2. (വൃത്ത) ഒരു വൃത്തം

വിദ്യുന്മാലി നാ. ത്രിപുരന്മാരിൽ ഒരുവൻ, താരകാസുരൻെറ പുത്രൻ

വിദ്യുല്ലതാ നാ. മിന്നൽപ്പിണർ

വിദ്യോതക വി. പ്രത്യേകിച്ച് എടുത്തുകാണിക്കുന്ന

വിദ്യോതനം നാ. വിദ്യോതിപ്പിക്കൽ, വിശദീകരണം

വിദ്യോതം നാ. പ്രകാശം, ദീപ്തി

വിദ്യോതമാന വി. വിദ്യോതിച്ചിരിക്കുന്ന, ശോഭിച്ചുകൊണ്ടിരിക്കുന്ന

വിദ്യോതിക്കുക ക്രി. ശോഭിക്കുക, തിളങ്ങുക

വിദ്യോതിത വി. വിദ്യോതിക്കപ്പെട്ട (പ്രകാശിപ്പിക്കപ്പെട്ട)

വിദ്യോപേത വി. വിദ്യയോടുകൂടിയ

വിദ്രധി നാ. ഒരു രോഗം, പരു, വ്രണം (കലശലായ വേദനയുള്ളത് എന്നർഥം)

വിദ്രവം നാ. ഓടിപ്പോക്ക്, പിൻവാങ്ങൽ, ഭയം, നിന്ദ, ധാരണാശക്തി, അലിവ് (ദ്രവീകരണം)

വിദ്രാണ വി. (നിദ്രയിൽനിന്ന്) ഉണർത്തപ്പെട്ട. (താരത) നിദ്രാണ = ഉറങ്ങുന്ന)

വിദ്രാവണം വി. ഓടിക്കൽ, തോൽപ്പിക്കൽ, ചിതറൽ, ഉരുക്കൽ, ദ്രവിപ്പിക്കൽ

വിദ്രാവം നാ. വിദ്രവം

വിദ്രാവിത വി. വിദ്രാവണം ചെയ്യപ്പെട്ട

വിദ്രുത് വി. 1. ഉരുകിയ; 2. ഓടിയ

വിദ്രുതം അവ്യ. പെട്ടെന്ന്

വിദ്രുമം നാ. 1. പവിഴം (വിശിഷ്ടമായ ദ്രുവിങ്കൽ ഭവിച്ചത്) (വിദ്രുമാധരിംസുന്ദരി); 2. രത്നങ്ങൾ കായ്ക്കുന്ന വൃക്ഷം, പവിഴമരം; 3. മുള, കൂമ്പ്

വിദ്രുമലത നാ. പവിഴക്കൊടി, വിദ്രുമലതിക, വിദ്രുമവല്ലി

വിദ്രോഹം നാ. പ്രതികൂലഭാവം, വലിയ ഉപദ്രവം, അനിഷ്ടാചാരം

വിദ്രോഹി നാ. വിദ്രോഹംചെയ്യുന്നവൻ. (സ്ത്രീ) വിദ്രോഹിണി

വിദ്രോഹിക്കുക ക്രി. വിദ്രോഹംചെയ്യുക

വിദ്വച്ഛിരോമണി നാ. പണ്ഡിതശ്രേഷ്ഠൻ

വിദ്വജ്ജനം നാ. പണ്ഡിതൻ, പണ്ഡിതന്മാർ

വിദ്വത്ത നാ. വൈദൂഷ്യം

വിദ്വത്ത് വി. വിദ്യയുള്ള(വൻ)

വിദ്വസ് നാ. വിദ്യയുള്ള, പാണ്ഡിത്യമുള്ള (സമാസത്തിൽ പൂർവപദമാകുമ്പോൾ വിദ്വത്(ദ്) എന്നാകും)

വിദ്വാൻ നാ. 1. (നാനാവിദ്യകളിൽ) വൈദൂഷ്യമുള്ളവൻ (അറിവുള്ളവൻ എന്നർഥം). (സ്ത്രീ) വിദുഷി; 2. ആത്മാവിൻെറ ലക്ഷണം ശരിയായി മനസ്സിലാക്കിയവൻ (ജനരഞ്ജന, ഗംഭീരാശയത്വം, സദ്വാക്യഗുണം, ഊഹാപോഹശക്തി, നയം, ജ്ഞാനം, ഔചിത്യം, പറയുന്നതുപോലെ പ്രവർത്തിക്കുന്ന ശീലം, വിനയം, നിശ്ചയബുദ്ധി ഇവയാണ് വിദ്വാൻെറ ലക്ഷണങ്ങൾ); 3. ഒരു ബിരുദം

വിദ്വിട്ട് നാ. വിദ്വിഷൻ, ശത്രു

വിദ്വിഷ്ട വി. വിദ്വേഷമുള്ള, വെറുക്കപ്പെട്ട, നിന്ദ്യമായ

വിദ്വേഷണൻ നാ. വെറുക്കുന്നവൻ. (സ്ത്രീ) വിദ്വേഷണി

വിദ്വേഷം നാ. വൈരം, വെറുപ്പ്

വിദ്വേഷി വി. വൈരമുള്ള, വെറുപ്പുള്ള. നാ. ശത്രു

വിദ്വേഷിക്കുക നാ. കഠിനമായി വെറുക്കുക

വിദ്വേഷ്ടാവ് നാ. വിദ്വേഷമുള്ളവൻ. (സ്ത്രീ) വിദ്വേഷ്ടി

വിധന നാ. ധനമില്ലാത്ത

വിധനത, -ത്വം നാ. ധനമില്ലായ്മ

വിധം നാ. 1. പ്രകാരം, മാതിരി. (പ്ര) വിധം മാറുക = ഭാവം പകരുക; 2. വേതനം, ശമ്പളം (വിധിക്കപ്പെട്ടത് എന്നർഥം)

വിധർമം നാ. 1. ന്യായക്കേട്, മതവിരുദ്ധത, വിരുദ്ധകർമം, മറ്റൊന്നിൻെറ ധർമം; 2. അവ്യവസ്ഥിതി

വിധർമി നാ. വിധർമം പ്രവർത്തിക്കുന്ന(വൻ)

വിധവ നാ. ഏതൊരുവളുടെ ഭർത്താവു മരിച്ചുവോ അവൾ, (വിഗതനായ ധവനോടുകൂടിയവൾ എന്നർഥം)

വിധവാപുത്രൻ നാ. വിധവയുടെ പുത്രൻ, ജാരനു ജനിച്ചവൻ

വിധാതവ്യ നാ. വിധാനം ചെയ്യത്തക്ക

വിധാതാ(വ്) നാ. 1. ബ്രഹ്മാവ് (എല്ലാം ചെയ്യുന്നവൻ എന്നർഥം), വിധി; 2. നൽകുന്നവൻ, സ്രഷ്ടാവ്. (സ്ത്രീ) വിധാത്രി; 3. കാമദേവൻ; 4. മദ്യം; 5. വിശ്വകർമാവ്

വിധാതൃ വി. വിധാവിനെ സംബന്ധിച്ച. വിധാതൃനിയോഗം = വിധി

വിധാനകം നാ. പീഡനം, വേദന, കഷ്ടത

വിധാനം നാ. 1. പ്രവൃത്തി; 2. ഒരുക്കം; 3. നിർവഹണം, രചന; 4. വിധിപ്രകാരമുള്ള അനുഷ്ഠാനം; 5. വന്ദിക്കൽ; 6. ഏർപ്പെടുത്തൽ; 7. പറഞ്ഞയയ്ക്കൽ; 8. ചട്ടം; 9. രീതി; 10. ഉപായം; 11. സമ്പത്ത്; 12. ലഹരിയുണ്ടാകുവാനായി ആനയ്ക്കുകൊടുക്കുന്ന ഭക്ഷണം; 13. പീഡനം, വേദന

വിധായക വി. വിധായി, ക്രമപ്പെടുത്തുന്ന, സൃഷ്ടിക്കുന്ന, ഒരുക്കുന്ന, നിർവഹിക്കുന്ന

വിധായകം നാ. 1. (വ്യാക) പ്രകാരം നാലുവിധമുള്ളതിൽ ഒന്ന്, വിധി എന്നുപറയുന്ന ശാസനയുടെ മട്ടിലുള്ളത്; 2. വിധി, തീർച്ച

വിധി നാ. 1. ദൈവകല്പിതം; 2. തലയിലെഴുത്ത്, സുകൃതദുഷ്കൃതങ്ങളുടെ കാണപ്പെടാത്ത ഫലമായി വരുന്ന സുഖദുഃഖാനുഭവങ്ങൾ; 3. പൂർവകർമഫലം; 4. അനുഷ്ഠാനം; 5. കാര്യം നടത്താനുള്ള ക്രമം; 6. നിയമം, ചട്ടം; 7. ഒരുക്കം, സൗകര്യം; 8. ബ്രഹ്മാവ്; 9. വിഷ്ണു; 10. വൈദ്യൻ; 11. കാലം; 12. കല്പന, ആജ്ഞ; 13. ന്യായാധിപൻെറ തീരുമാനം; 14. സൃഷ്ടി; 15. (വ്യാക) വാക്യങ്ങൾ രണ്ടുവിധമുള്ളതിൽ ഒന്ന് (മറ്റത് നിഷേധം)

വിധികർത്താവ് നാ. വിധിക്കുന്നവൻ, ന്യായാധിപൻ

വിധിക്കുക ക്രി. നടക്കേണ്ടുന്നതിനെ മുൻകൂട്ടി തീർപ്പെഴുതുക, (ദൈവം) കല്പിക്കുക

വിധിഗതം നാ. വിധിമൂലം സംഭവിച്ചത്

വിധിത്സ നാ. (ദോഷം) ചെയ്യാനുള്ള ആഗ്രഹം

വിധിദർശകൻ നാ. വിധിദർശി, വിധികളെ കണ്ടറിയുന്നവൻ, യാഗസമയം കർമങ്ങൾ തെറ്റാതെ നോക്കിക്കൊണ്ടിരിക്കുന്നവൻ, സഭയിൽ പ്രധാനി

വിധിപുരം നാ. ബ്രഹ്മലോകം

വിധിപൂർവകം അവ്യ. വിധിയനുസരിച്ച്

വിധിപ്പകർപ്പ് നാ. വിധിപേർപ്പ്, കോടതികളിലെ തീർപ്പിൻെറ പകർപ്പ്, ഡിക്രിപ്പകർപ്പ്

വിധിയന്ത്രത്തിരിപ്പ് നാ. യന്ത്രംപോലെ തിരിഞ്ഞുവരുന്നതായ വിധിയുടെ വിലാസം, കാലചക്രത്തിൻെറ കറക്കം അപരിഹരണീയ വിധിയന്ത്രത്തിരിപ്പു മൂന്നീ (നള.ആ)

1299

വിധിലിഖിതം നാ. വിധിലേഖനം, തലയിലെഴുത്ത്, ബ്രഹ്മകല്പിതം

വിധിവത്,-വൽ അവ്യ. വിധിപ്രകാരം, വഴിയാംവണ്ണം

വിധിവധു നാ. സരസ്വതി

വിധിവശ വി. വിധിക്കധീനമായ, ദൈവത്തിനു കീഴടങ്ങിയ

വിധിവിഹിത വി. ബ്രഹ്മാവിനാൽ വിധിക്കപ്പെട്ട, ശാസ്ത്രവിധിപ്രകാരമുള്ള

വിധു നാ. 1. വിഷ്ണു; 2. ചന്ദ്രൻ (വിരഹികളെ വേദനിപ്പിക്കുന്നവൻ); 3. ശിവൻ; 4. ബ്രഹ്മാവ്; 5. കർപ്പൂരം; 6. രാക്ഷസൻ; 7. കുബേരൻ; 8. വായു; 9. പ്രായശ്ചിത്തകർമം

വിധുകരം നാ. ചന്ദ്രിക

വിധുക്ഷയം നാ. കൃഷ്ണപക്ഷം

വിധുത വി. 1. ഉപേക്ഷിക്കപ്പെട്ട, വിടപ്പെട്ട, പരിത്യക്തമായ; 2. ഇളക്കപ്പെട്ട. വിധുതമുഖം = ഒരുതരം അഭിനയം (വേണ്ട എന്നു തലയിളക്കികാണിക്കുന്നത്)

വിധുതി നാ. വിറയൽ, കമ്പനം

വിധുദാരം നാ. രോഹിണി

വിധുനന്ദനൻ നാ. ബുധൻ

വിധുന്തുദൻ നാ. രാഹു (വിധുവിനെ = ചന്ദ്രനെ ദുഃഖിപ്പിക്കുന്നവൻ)

വിധുപ്രിയ നാ. നക്ഷത്രം

വിധുബന്ധു നാ. ആമ്പൽപ്പൂവ്

വിധുമുഖി നാ. ചന്ദ്രമുഖി, സുന്ദരി

വിധുമൗലി നാ. ചന്ദ്രശേഖരൻ, ശിവൻ

വിധുര1 വി. പരിഭ്രമിച്ച, ആശക്തമായ, ഒഴിഞ്ഞ, ദുഃഖിച്ച, പ്രേമവിവശമായ, വിരഹപീഡിതമായ, പ്രതികൂലമായ

വിധുര2 നാ. 1. വിധുരയായവൾ; 2. പഞ്ചസാരയും മറ്റും ചേർത്തു പാകപ്പെടുത്തിയ തൈര്; 3. ഒരു കറി (രസാളം)

വിധുരത, -ത്വം നാ. വേർപാട്, പാരവശ്യം. 'വിധുരതവന്നു, കൃത്യചതുരതപോയി' (നള. ആ)

വിധുരൻ നാ. 1. പരവശൻ, ദുഃഖിതൻ; 2. ഉപേക്ഷിക്കപ്പെട്ടവൻ; 3. നഷ്ടഭാര്യൻ, ഭാര്യ മരിച്ചവൻ

വിധുരീകൃതം വി. വിധുരമാക്കിച്ചെയ്യപ്പെട്ടത്

വിധുരീഭാവം നാ. വിധുരത, ഉഴലിച്ച, ദുഃഖം

വിധുവനം നാ. വിറയൽ, ഇളക്കം

വിധുവാരം നാ. തിങ്കളാഴ്ച

വിധുസുതൻ നാ. ബുധൻ

വിധുത വി. ഇളക്കപ്പെട്ട, ഉപേക്ഷിക്കപ്പെട്ട, പരിത്യക്തമായ, അടിച്ചുപറത്തപ്പെട്ട, അസ്ഥിരമായ

വിധൂതി നാ. വിധൂനനം, വിറയൽ, ഇളക്കൽ

വിധൃത വി. 1. ധരിക്കപ്പെട്ട; 2. പിടിക്കപ്പെട്ട; 3. തടയപ്പെട്ട; 4. അകറ്റപ്പെട്ട; 5. പോഷിക്കപ്പെട്ട. വിധൃതപരികരൻ = കച്ചകെട്ടിയവൻ

വിധൃതി നാ. ഒരുക്കൽ, ക്രമപ്പെടുത്തൽ

വിധേന അവ്യ. വിധത്താൽ, വിധത്തിൽ

വിധേയ വി. 1. ഭരിക്കപ്പെടുവാൻ തക്ക; 2. ചെയ്യപ്പെടുവാൻ തക്ക; 3. ആശ്രയിച്ചിരിക്കുന്ന; 4. അനുസരിക്കുന്ന, വിനീതനായ

വിധേയകർത്താവ് നാ. (വ്യാക) ഘടകശബ്ദംകൊണ്ടു യോജിപ്പിച്ച രണ്ടു നാമങ്ങൾ കർതൃസ്ഥാനത്തുവരുമ്പോൾ ഘടകശബ്ദത്തിന്റെ പിമ്പിൽ നിൽക്കുന്ന ഭാഗം

വിധേയൻ നാ. അധീനൻ, ചൊൽപ്പടിക്കു നിൽക്കുന്നവൻ

വിധേയം നാ. കർത്തവ്യം, അധീനം

വിധൗ അവ്യ. സമയത്ത്

വിധ്യമാന വി. വേധിക്കപ്പെടുന്ന

വിധ്വംസനം നാ. വിധ്വംസിക്കൽ

വിധ്വംസം നാ. 1. നാശം; 2. വിരോധം; 3. അപരാധം; 4. നിന്ദനം

വിധ്വംസി നാ. നശിപ്പിക്കുന്നവൻ, പീഡിപ്പിക്കുന്നവൻ. (സ്ത്രീ) വിധ്വംസിനി

വിധ്വംസിക്കുക ക്രി. നശിപ്പിക്കുക

വിധ്വംസിത വി. വിധ്വംസിക്കപ്പെട്ട

വിധ്വസ്ത വി. 1. വിധ്വംസനംചെയ്യപ്പെട്ട, നശിപ്പിക്കപ്പെട്ട; 2. ചിതറിയ; 3. മറയ്ക്കപ്പെട്ട, മങ്ങിയ, ഇരുണ്ട

വിന നാ. 1. പാപം; 2. ദുഃഖം, കെടുതി, കഷ്ടപ്പാട്; 3. കർമം, വേല (മിന); 4. ഉദ്യമം; 5. യുദ്ധം; 6. ക്രിയാപദം. ചനയാകാത്ത പശു വിനയാകും (പഴ)

വിനത1 നാ. 1. ദക്ഷൻെറ പുത്രി, കശ്യപപ്രജാപതിയുടെ ഒരു ഭാര്യ, ഗരുഡൻെറയും അരുണൻെറയും അമ്മ; 2. ഒരുതരം കുട്ട

വിനത2 വി. കുനിഞ്ഞ, വിനയമുള്ള

വിനതാനന വി. തലതാഴ്ത്തിയ

വിനതാനന്ദനൻ നാ. വിനതാസൂനു, 1. ഗരുഡൻ; 2. അരുണൻ

വിനതി നാ. 1. വിനയം; 2. വളവ്; 3. അപേക്ഷ

വിനത്തൊഴിൽ നാ. കഷ്ടപ്പാടുള്ള പ്രവൃത്തി

വിനപ്പാട് നാ. കഷ്ടപ്പാട്

വിനമനം നാ. നമിക്കൽ, വളയ്ക്കൽ

വിനമ്ര വി. വണക്കമുള്ള, താണ

വിനമ്ര(ക)ം നാ. 1. തകര, ഒരു അങ്ങാടിമരുന്ന്; 2. വിശേഷണ നമ്രമായത്

വിനയ വി. 1. താഴെ എറിയപ്പെട്ട; 2. ഗൂഢമായ; 3. ദുരാചാരിയായ

വിനയഗ്രാഹി വി. വണക്കമുള്ള, പറഞ്ഞതു കേട്ടുനടക്കുന്ന

വിനയനം നാ. 1. അച്ചടക്കം; 2. വിദ്യാഭ്യാസം; 3. എടുത്തുമാറ്റൽ

വിനയൻ നാ. 1. ഇന്ദ്രിയങ്ങളെ അടക്കിയവൻ; 2. വ്യാപാരി

വിനയം നാ. 1. അച്ചടക്കം; 2. താഴ്മ, നമ്രത; 3. ഔചിത്യബോധം; 4. ആചാരം, നല്ലനടത്ത, മര്യാദ

വിനയവാൻ നാ. വിനയത്തോടുകൂടിയവൻ. (സ്ത്രീ) വിനയവതി

വിനയാനത വി. വിനയംകൊണ്ടു കുനിഞ്ഞ

വിനയി വി. വിനയമുള്ള

വിനയിക്കുക ക്രി. ശിക്ഷിക്കുക, ശാസിക്കുകയും രക്ഷിക്കുകയും ചെയ്ക

വിനയെച്ചം നാ. (വ്യാക) ക്രിയാങ്ഗം (ഒരു പ്രധാനക്രിയയിൽ അന്വയിക്കുന്ന അപ്രധാനക്രിയ, വിനയുടെ എച്ചം എന്നർഥം) ഉദാഃ കണ്ടറിഞ്ഞു എന്നതിൽ അറിഞ്ഞു മുറ്റുവിന, കണ്ട് വിനയെച്ചം. (വിനയെച്ചങ്ങളഞ്ചതേ മുൻ, പിൻ, തൻ, നടു, പാക്ഷികം‘ കേ.പാ.സൂ.147)

വിനവുക ക്രി. പറയുക, ചോദിക്കുക, ചെന്ന് അന്വേഷിക്കുക

വിനശനം നാ. 1. നശിപ്പിക്കൽ, നാശം, തിരോഭാവം; 2. കുരുക്ഷേത്രം

വിനസ വി. മൂക്കില്ലാത്ത

വിനാ അവ്യ. കൂടാതെ, ഒഴിച്ച്. ഉദാഃ താമസംവിനാ

വിനാകരണം നാ. ഇല്ലാതാക്കൽ

വിനാകൃത വി. ഇല്ലാതാക്കപ്പെട്ട

വിനാദരി [പോർ] നാ. വിനാഗിരി, ചുറുക്ക, പുളിച്ചവീഞ്ഞിൽ നിന്നും മറ്റും എടുക്കുന്ന ഒരു ദ്രാവകം

വിനാഡി(ക) നാ. വിനാഴിക (24 സെക്കൻറ്)

വിനാമം നാ. (വ്യാക) 'സ' 'ഷ' യും 'ന' 'ണ' യുമായി മാറൽ

വിനായകചതുർഥി നാ. ചിങ്ങമാസത്തിലെ ശുക്ലപക്ഷചതുർഥി, അത്തച്ചതുർഥി

വിനായകൻ നാ. 1. ഗണപതി (നായകനില്ലാത്തവൻ, സ്വതന്ത്രൻ, ദുഷ്ടന്മാരെ ശിക്ഷിക്കുന്നവൻ, വിനയിക്കുന്നവൻ, പ്രതിബന്ധങ്ങളെ നീക്കുന്നവൻ); 2. ബുദ്ധദേവൻ; 3. ഗരുഡൻ (വി = പക്ഷി); 4. ഗുരു

വിനായകം നാ. വിഘ്നം

വിനാശകം നാ. നശിപ്പിക്കുന്ന

വിനാശനം നാ. നശിപ്പിക്കൽ, വധം

വിനാശം നാ. കാണാതാക്കൽ, നശിപ്പിക്കൽ, മാറ്റിക്കളയൽ

വിനാശി വി. നാശകരമായ, നശിപ്പിക്കുന്ന. നാ. നശിപ്പിക്കുന്നവൻ. (സ്ത്രീ) വിനാശിനി

വിനാശോന്മുഖ വി. 1. പഴുത്ത, പാകംവന്ന; 2. നശിക്കാറായ, നശിക്കാനൊരുങ്ങിയ

വിനാസ നാ. വിനാസിരി, മൂക്കില്ലാത്ത

വിനാഹം നാ. വിനാഹം (കിണറിൻെറ) മുഖബന്ധനം

വിനാഴിക നാ. നാഴികയുടെ അറുപതിലൊരു പങ്ക്, 24 സെക്കൻറ് (വിഘടിക)

വിനിഗഡ വി. തടവില്ലാത്ത, സ്വതന്ത്രമായ

വിനിഗമക വി. വ്യവച്ഛേദകമായ

വിനിഗമനം നാ. നിശ്ചയോപായം, വ്യവച്ഛേദിക്കൽ

വിനിദ്ര വി. ഉറക്കമില്ലാത്ത, വിടർന്ന

വിനിപതിക്കുക ക്രി. 1. ഇറങ്ങുക, വീഴുക; 2. എതിർക്കുക; 3. നേർക്കുപറക്കുക

വിനിപാതം നാ. 1. വീഴ്ച; 2. നഷ്ടം, നാശം; 3. ആപത്ത്, മരണം; 4. നരകം; 5. അപമാനം; 6. വേദന, ബുദ്ധിമുട്ട്; 7. സംഭവം

വിനിമയം നാ. പരസ്പരമാറ്റം, കൈമാറ്റം. ഒരു വസ്തു മേടിച്ചിട്ടു പകരം മറ്റൊന്നു കൊടുക്കൽ, പണയം

വിനിയത വി. നിയന്ത്രിക്കപ്പെട്ട

വിനിയമനം നാ. നിയന്ത്രണം, അടക്കിനിറുത്തൽ

വിനിയുക്ത വി. നിയോഗിക്കപ്പെട്ട, വിനിയോഗം ചെയ്യപ്പെട്ട

വിനിയോഗം നാ. 1. ഉപയോഗിക്കൽ; 2. പ്രയോഗം; 3. പെരുമാറ്റം; 4. ഉപേക്ഷിക്കൽ, വേർപാട്, വേർപെടുത്തൽ; 5. ചുമതലപ്പെടുത്തൽ

വിനിയോഗിക്കുക ക്രി. 1. ചുമതലപ്പെടുത്തുക; 2. ഉപയോഗിക്കുക; 3. പെരുമാറുക; 4. വേർപെടുത്തുക

വിനിർഗത വി. പുറപ്പെട്ട. നാ. വിനിർഗതി

വിനിർഗമം നാ. വിനിർഗമനം, തിരോഭാവം, പുറപ്പാട്

വിനിർഗമിക്കുക ക്രി. 1. പുറപ്പെടുക; 2. കാണാതാവുക; 3. രക്ഷപ്പെടുക

വിനിർജയം നാ. പരിപൂർണ വിജയം

വിനിർജിത വി. പരിപൂർണമായി ജയിക്കപ്പെട്ട

വിനിർണയം നാ. പൂർണമായ തീർച്ച, നിശ്ചയം, നിശ്ചിതമായ ചട്ടം

വിനിർണിത വി. പൂർണമായി നിർണയിച്ച

വിനിർമിത നാ. നന്നായി നിർമിക്കപ്പെട്ട, അനുഷ്ഠിക്കപ്പെട്ട, ഘോഷിക്കപ്പെട്ട, വിധിക്കപ്പെട്ട

വിനിർമുക്ത വി. പൂർണസ്വാതന്ത്ര്യം ലഭിച്ച

വിനിവർത്തിക്കുക ക്രി. തിരിച്ചുപോകുക

വിനിവിഷ്ട വി. നിവേശിക്കപ്പെട്ട

വിനിവൃത്ത വി. നിവർത്തിച്ച, തിരിച്ചുവന്ന, അവസാനിപ്പിച്ച

വിനിവൃത്തി നാ. 1. പിൻവാങ്ങൽ; 2. അവസാനം; 3. തിരിച്ചുവരവ്

വിനിവേശം നാ. കുടിപാർപ്പ്, പ്രവേശം

വിനിവേശ്യ വി. കുടിപാർക്കാൻ യോഗ്യമായ

വിനിശ്ചയം നാ. തീർച്ച, തീർച്ചപ്പെടുത്തൽ

വിനിശ്ചിത വി. വിധിക്കപ്പെട്ട, തീർച്ചപ്പെടുത്തിയ

വിനിഷ്പേഷ(ണ)ം നാ. അരയ്ക്കൽ, പൊടിക്കൽ, മർദിക്കൽ, ചതയ്ക്കൽ

വിനിഹത വി. 1. അടിച്ചുവീഴ്ത്തിയ; 2. മുറിവേൽപ്പിക്കപ്പെട്ട; 3. വധിക്കപ്പെട്ട; 4. പൂർണമായി കീഴടക്കപ്പെട്ട

വിനിഹതം നാ. 1. ദുർലക്ഷണം; 2. വിധിവശാൽ വരുന്ന വലിയ ആപത്ത്

വിനിഹതി നാ. അടി, കൊല, നിഗ്രഹം

വിനീത വി. 1. വിനയമുള്ള; 2. ശിക്ഷണം സിദ്ധിച്ച, അടക്കവും ഒതുക്കവുമുള്ള; 3. ഇണങ്ങിയ; 4. എടുത്തുമാറ്റപ്പെട്ട, പിരിച്ചുവിടപ്പെട്ട; 5. മനോഹരമായ

വിനീതകൻ നാ. 1. വണ്ടിക്കാരൻ; 2. പോണ്ടൻ

വിനീതകം നാ. 1. രഥം; 2. വണ്ടി; 3. പല്ലക്ക്

വിനീതൻ നാ. 1. വിനയമുള്ളവൻ; 2. സുശിക്ഷിതൻ; 3. കച്ചവടക്കാരൻ; 4. നല്ലപോലെ നടക്കുന്ന കുതിര

വിനീതം നാ. 1. ഇണങ്ങിയ മൃഗം (പഴകിയ കുതിര); 2. മക്കിപ്പൂവ്

വിനീതി നാ. വിനയം

വിനുത വി. സ്തുതിക്കപ്പെട്ട

വിനേതാ(വ്) നാ. 1. ഗുരുനാഥൻ; 2. നായകൻ; 3. രാജാവ്; 4. ശിക്ഷകൻ (വിനയിപ്പിക്കുന്നവൻ) (സ്ത്രീ) വിനേത്രി

വിനേയ വി. വിനയിപ്പിക്കേണ്ട

വിനോദനം നാ. 1. വിനോദിപ്പിക്കൽ; 2. ഓടിക്കൽ; 3. പരിഹരിക്കൽ

1301

വിനോദം നാ. 1. കളി, (നേരം)പോക്ക്; 2. പരിഹാരം; 3. ആനന്ദം; 4. ഒരു രതിബന്ധം; 5. ഓടിക്കൽ, ഉപേക്ഷിക്കൽ; 6. തീവ്രമായ ആഗ്രഹം; 7. ചെപ്പടിവിദ്യ; 8. ഒരുതരം ഭവനം

വിനോദി നാ. കളിക്കാരൻ, വിനോദിപ്പിക്കുന്നവൻ, ചെപ്പടിവിദ്യക്കാരൻ. (സ്ത്രീ) വിനോദിനി

വിനോദിക്കുക ക്രി. കളിക്കുക, രസിക്കുക

വിനോദിത വി. വിനോദിപ്പിക്കപ്പെട്ട

വിന്ത[ത.വിന്തൈ] നാ. 1. പഠിപ്പ്: 2. ആശ്ചര്യം; 3. കൗശലപ്പണി; 4. ചെമ്പുപാത്രം; 5. നിധിക്കുടം

വിന്തർ നാ. ഇടയർ. താരത. ഗോവിന്ദൻ

വിന്ദുജാലം നാ. ആനയുടെ പതസരി

വിന്ദുത നാ. ജ്ഞാതൃത്വം, അറിവ്

വിന്ദുപാത്രം നാ. വൃഷണം

വിന്ദുഫലം നാ. മുത്ത്, മുക്താഫലം

വിന്ധ്യകൂടൻ നാ. അഗസ്ത്യൻ

വിന്ധ്യൻ നാ. 1. കുലപർവതങ്ങളിൽ ഒന്ന്; 2. വേടൻ

വിന്ധ്യം നാ. വിന്ധ്യപർവതം

വിന്ധ്യവാസിനി നാ. ദുർഗാഭഗവതി

വിന്ന വി. 1. വിചാരിച്ച; 2. നിശ്ചയിക്കപ്പെട്ട; 3. സ്ഥാപിക്കപ്പെട്ട; 4. അറിയിക്കപ്പെട്ട; 5. വിവാഹം കഴിച്ച; 6. ലഭിച്ച

വിന്നകൻ നാ. അഗസ്ത്യൻ

വിന്നം നാ. ലഭിച്ചത്, വിത്തം

വിന്നീളം നാ. വില്ലിന്റെ നീളം

വിന്യസനം നാ. വിന്യാസം, അടുക്കൽ, ക്രമീകരിക്കൽ

വിന്യസിക്കുക ക്രി. 1. (താഴെ) വയ്ക്കുക, സ്ഥാപിക്കുക; 2. വേണ്ടുംപ്രകാരം നിറുത്തുക

വിന്യസ്ത വി. വിന്യസിക്കപ്പെട്ട

വിന്യാസം നാ. 1. വിന്യസിക്കൽ; 2. ക്രമപ്പെടുത്തൽ; 3. രചന; 4. പണയം; 5. സമൂഹം

വിപക്ത്രിമ വി. നല്ലതുപോലെ വിളഞ്ഞ, പൂർണവളർച്ചയെത്തിയ (വിപക്വ)

വിപക്ഷ വി. എതിർപക്ഷത്തുള്ള, വിപരീതമായ

വിപക്ഷത, -ത്വം നാ. ശത്രുത

വിപക്ഷകൻ നാ. 1. ശത്രു, പ്രതിവാദി; 2. പക്ഷരഹിതൻ

വിപക്ഷം നാ. 1. എതിർപക്ഷം; 2. (വ്യാക) അപവാദം

വിപക്ഷാസികൻ നാ. ശാസ്ത്രകലകളിൽ വാദപ്രതിവാദംചെയ്തു ജയിക്കാനാഗ്രഹിക്കുന്നവൻ

വിപക്ഷീയൻ നാ. വിപക്ഷകൻ

വിപഞ്ചനം നാ. വിസ്തരിക്കൽ, വിശദീകരണം

വിപഞ്ചി(ക) നാ. 1. വീണ; 2. വിനോദം, കേളി

വിപണനം നാ. കച്ചവടംചെയ്യൽ, ചില്ലറക്കച്ചവടം

വിപണം നാ. 1. കച്ചവടം; 2. വില

വിപണി നാ. 1. പീടിക, ഷാപ്പ്; 2. ചന്തസ്ഥലം; 3. തെരുവീഥി, പീടികത്തെരുവ്; 4. കച്ചവടത്തിനുള്ള വസ്തു, കച്ചവടം; 5. കച്ചവടക്കാരൻ

വിപത്തി നാ. 1. ആപത്ത്; 2. തോൽവി; 3. മരണം; 4. കഠിനദുഃഖം; 5. നല്ല കാലാൾപ്പടയാളി

വിപത്ത് നാ. 1. വിപത്തി; 2. മരണം. വിപത്തുകൾ രണ്ടുവിധം 1. ദൈവികം (മലവെള്ളം, വ്യാധി മുതലായവ) 2. മാനുഷികം (ശത്രുക്കൾ, കള്ളന്മാർ മുതലായവർ)

വിപത്നീക നാ. ഭാര്യയില്ലാത്ത, ഭാര്യമരിച്ച

വിപഥഗാമി നാ. ദുർമാർഗി. (സ്ത്രീ) വിപഥഗാമിനി

വിപഥം നാ. 1. ചീത്തവഴി, ദുർമാർഗം; 2. ജനസഞ്ചാരം കുറഞ്ഞ വഴി

വിപദിധൈര്യം നാ. ആപത്തിങ്കലുള്ള ധൈര്യം

വിപദ് നാ. വിപത്ത്

വിപദ്ഗ്രസ്ത നാ. വിപത്തിൽപ്പെട്ട

വിപദ്വിദൂര വി. ആപത്തിൽനിന്ന് അകന്ന, രക്ഷപ്പെട്ട

വിപന്ന വി. ആപത്തിലകപ്പെട്ട, മരിച്ച, നശിച്ച, ഭാഗ്യദോഷിയായ, വൈഷമ്യമുള്ള

വപന്നം നാ. പാമ്പ്, വിപത്തിൽപ്പെട്ടത്

വിപന്നാപത്യ നാ. ഏതൊരുവൾ പ്രസവിക്കുന്ന കുട്ടികളെല്ലാം മരിച്ചുപോകുന്നുവോ അപ്രകാരമുള്ളവൾ

വിപന്മുക്ത വി. വിപത്തൊഴിഞ്ഞ

വിപരിണത വി. രൂപാന്തരപ്പെട്ട

വിപരിണാമം		നാ.	രൂപാന്തരപ്രാപ്തി

വിപരീത1		വി.	പ്രതികൂലമായ, മറയ്ക്കപ്പെട്ട, തെറ്റായ, മറിച്ചുപ്രവർത്തിക്കുന്ന, അശുഭമായ

വിപരീത2		നാ.	അനുകൂലയല്ലാത്ത നായിക

വിപരീതകം		നാ.	ഉപരീതകം (ഒരു രതിബന്ധം, സുരതഭേദം)

വിപരീതത്വം		നാ.	വൈപരീത്യം

വിപരീതം		നാ.	1. വിരോധം; 2. ഒരു രതിബന്ധം. വിപരീതരതം = പുരുഷായിതം

വിപരീതലക്ഷണ		നാ.	വ്യാജസ്തുതി, വാച്യാർഥത്തിനു നേരേ വിരുദ്ധമായ അർഥം ധ്വനിപ്പിക്കൽ

വിപര്യയം		നാ.	1. വൈപരീത്യം; 2. വ്യത്യാസം; 3. ഭാവപ്പകർച്ച; 4. ശത്രുത; 5. അതിക്രമം; 6. കുഴപ്പം; 7. നാശം; 8. തെറ്റിദ്ധാരണ; 9. വിപത്ത്; 10. അഭാവം

വിപര്യസ്ത		വി.	പര്യയം ഭാവിച്ച

വിപര്യാസം		നാ.	1. വിപര്യയം, മാറ്റം; 2. തെറ്റ്; 3. വിപരീത ജ്ഞാനം

വിപലം		നാ.	നിമിഷം (ഒരു പലത്തിൻെറ അറുപതിലൊന്നു സമയം)

വിപലായനം		നാ.	നാലുദിക്കിലേക്കുമുള്ള ഓട്ടം

വിപശ്ചിത്ത്		നാ.	വിദ്വാൻ (അപത്യക്ഷമായ വസ്തുവുംകൂടി അറിയുന്നവൻ, പരിഹാരപരമായ പ്രവൃത്തിയും അതിൻെറ ഫലവും അറിയുന്നവൻ)

വിപാകം　　　　　　　　നാ.　1. ഫലം; 2. പരിപക്വാവസ്ഥ; 3. ദഹനം, പഴുപ്പ്; 4. മിതത്വം പാലിക്കൽ; 5. വിപത്ത്; 6. വൈഷമ്യം, കർമഫലം; 7. സ്വാദ്

വിപാട(ന)ം　　　　　　നാ.　കീറൽ, പിളർപ്പ്

വിപാടിത　　　　　　　നാ.　വിപാടനം ചെയ്യപ്പെട്ട

വിപാദിക　　　　　　　നാ.　1. കാൽവിള്ളൽ (നടക്കാൻ വയ്യാതാക്കിതീർക്കുന്നത് എന്നർഥം); 2. കടങ്കഥ

വിപാവനം　　　　　　　നാ.　അശുദ്ധി, അഴുക്ക്

വിപാശം　　　　　　　　നാ.　ബന്ധമോചനം

വിപിനചരൻ　　　　　　നാ.　കാട്ടാളൻ, വേടൻ, വാനരൻ (വിപിനത്തിൽ ചരിക്കുന്നവൻ)

വിപിനപതി　　　　　　നാ.　സിംഹം

വിപിനം　　　　　　　　നാ.　1. വലിയ കാട്; 2. ഉപവനം

വിപുടീകരണം　　　　　നാ.　തുറക്കൽ, നിവിർക്കൽ

വിപുല1　　　　　　　　വി.　വലിയ, വിസ്താരമുള്ള, തടിച്ച, സമൃദ്ധമായ, ആഴമുള്ള, രോമാഞ്ചംപൂണ്ട

വിപുല2　　　　　　　　നാ.　ഭൂമി (വിസ്താരമുള്ളതിനാൽ)

വിപുലജഘന　　　　　　നാ.　സുന്ദരി (വിസ്താരമേറിയ ജഘനത്തോടുകൂടിയവൾ)

വിപുലത, -ത്വം　　　　　നാ.　വിസ്താരം, വലുപ്പം

വിപുലീകരിക്കുക ക്രി. വലുതാക്കുക

വിപുഷ്ട വി. നല്ല പോഷണമില്ലാത്ത

വിപ്രകർഷ(ക) വി. അപ്രിയം ചെയ്ത് അകറ്റുന്ന

വിപ്രകർഷിക്കുക ക്രി. ദൂരത്താക്കുക

വിപ്രകീർണ വി. 1. നാലുപാടും ചിതറിയ; 2. ഉപദ്രവിക്കപ്പെട്ട, കോപത്തിനു പാത്രമായ

വിപ്രകൃതി നാ. എതിർപ്പ്

വിപ്രകൃഷ്ട വി. 1. ദൂരത്തുള്ള, ദൂരത്താക്കപ്പെട്ട; 2. വലിച്ചുനീട്ടിയ

വിപ്രണാമം നാ. പ്രത്യേകിച്ചുള്ള നമസ്കാരം

വിപ്രത, -ത്വം നാ. ബ്രാഹ്മണനായിരിക്കുന്ന അവസ്ഥ

വിപ്രതിപത്തി നാ. 1. പരസ്പരവിരോധം, അഭിപ്രായവ്യത്യാസം; 2. സമ്മതമില്ലായ്മ, താത്പര്യമില്ലായ്മ; 3. പരസ്പരബന്ധം; 4. തർക്കം; 5. കുഴപ്പം

വിപ്രതിപന്ന വി. പ്രതിപത്തിയോടുകൂടിയ

വിപ്രതിഷേധം നാ. 1. തുല്യബലവിരോധം, സമബലങ്ങളായ രണ്ടു കർമപദ്ധതികൾ തമ്മിലുള്ള വിരോധം; 2. നിരോധം

വിപ്രൻ നാ. 1. ബ്രാഹ്മണൻ; 2. വിദ്വാൻ, കവി; 3. ബുദ്ധിമാൻ; 4. പുരോഹിതൻ

വിപ്രമാണം അവ്യ. പ്രമാണമില്ലാതെ

വിപ്രമാഥം		നാ.	വലിയ ഉപദ്രവം

വിപ്രമുക്ത1		വി.	തീരെ ഒഴിഞ്ഞ, പൂർണമായി മോചിപ്പിക്കപ്പെട്ട, എയ്യപ്പെട്ട

വിപ്രമുക്ത2		വി.	ബ്രാഹ്മണനാൽ മോചിക്കപ്പെട്ട

വിപ്രയുക്ത		വി.	വേർപെടുത്തപ്പെട്ട, മോചിപ്പിക്കപ്പെട്ട

വിപ്രയോഗം		നാ.	1. (പരസ്പരം അനുരാഗികളായിരിക്കുന്ന സ്ത്രീപുരുഷന്മാരുടെ) വേർപാട്, വിരഹം; 2. ശണ്ഠ

വിപ്രർഷി		നാ.	ബ്രഹ്മർഷി

വിപ്രരാമൻ		നാ.	പരശുരാമൻ

വിപ്രലബ്ധ1		വി.	വഞ്ചിക്കപ്പെട്ട, നിരാശപൂണ്ട, പീഡിതനായ

വിപ്രലബ്ധ2		നാ.	(സങ്കേതം കുറിച്ചിട്ട് അവിടെ സമയത്തു ചെല്ലാതിരിക്കുന്ന) നായകനാൽ വഞ്ചിതയായ നായിക

വിപ്രലംഭം		നാ.	1. (പരസ്പരം അനുരാഗികളായിരിക്കുന്ന സ്ത്രീപുരുഷന്മാരുടെ) വേർപാട്; 2. വഞ്ചന (ആഗ്രഹിച്ചതു ലഭിക്കാതിരിക്കൽ); 3. വഴക്ക്; 4. നിരാശ

വിപ്രലംഭശൃങ്ഗാരം		നാ.	പരസ്പരം അനുരക്തരായവർ വേർപെട്ടിരിക്കുമ്പോഴത്തെ രതിഭാവത്തിൻെറ അനുഭൂതി

വിപ്രലാപം		നാ.	1. കരച്ചിൽ; 2. വാക്കുതർക്കം, വഴക്ക്; 3. വാഗ്ദാനലങ്ഘനം; 4. വ്യർഥമായ സംസാരം

വിപ്രലുപ്ത വി. 1. അപഹരിക്കപ്പെട്ട; 2. തടയപ്പെട്ട

വിപ്രവരൻ നാ. 1. വികളിൽ (പക്ഷികളിൽ) ശ്രേഷ്ഠൻ, ഗരുഡൻ; 2. ബ്രാഹ്മണശ്രേഷ്ഠൻ

വിപ്രവാസനം നാ. നാടുകടത്തൽ

വിപ്രിയം നാ. 1. അനിഷ്ടം; 2. അവജ്ഞ

വിപ്രുട്ട് നാ. 1. നീർത്തുള്ളി; 2. അടയാളം

വിപ്രേശ്വരൻ നാ. ബ്രാഹ്മണശ്രേഷ്ഠൻ

വിപ്രോഷകൻ നാ. (പണവും മറ്റും) അയയ്ക്കുന്നവൻ

വിപ്രോഷിത വി. വീടുവിട്ടു ദൂരെ താമസിക്കുന്ന, നാടുകടത്തപ്പെട്ട

വിപ്ലവകാരി നാ. വിപ്ലവമുണ്ടാക്കുന്നവൻ

വിപ്ലവം നാ. 1. ഉപദ്രവം, കലഹം; 2. പാവം; 3. ആപത്ത്; 4. അതിക്രമം, കൊള്ള; 5. ക്രമമില്ലാത്ത യുദ്ധം; 6. നാശം, എതിർപ്പ്; 7. പൊന്തിക്കിടപ്പ്; 8. രാഷ്ട്രീയപരിവർത്തനം

വിപ്ളാവനം നാ. വിപ്ലാവം, നാശം

വിപ്ലാവം നാ. 1. വെള്ളപ്പൊക്കം; 2. ലഹള; 3. അശ്വഗതിവിശേഷം

വിപ്ലുത നാ. 1. വിപ്ലവനംചെയ്യപ്പെട്ട; 2. മുക്കപ്പെട്ട; 3. കുഴങ്ങിയ; 4. ദുഷ്ടതയുള്ള; 5. വിരോധമുള്ള; 6. നശിപ്പിച്ച; 7. വിടനായ

വിഫല വി. 1. കായില്ലാത്ത; 2. പ്രയോജനമില്ലാത്ത, അർഥമില്ലാത്ത

>< സഫല

വിഫലചതുഷ്ടയം നാ. പ്രയോജനമില്ലാത്ത നാലുകാര്യങ്ങൾ (ഗുണരഹിതനു സൗന്ദര്യം, സിദ്ധിയില്ലാത്തവനു വിദ്യ, ദുശ്ശീലനു വംശം, അനുഭവിക്കാത്തവനു ധനം ഇവ)

വിഫലം നാ. ഫലമില്ലാത്തത്

വിഫലീകരണം വി. വിഫലമാക്കൽ

വിബദ്ധ വി. ബന്ധിക്കപ്പെട്ട, തടയപ്പെട്ട

വിബന്ധം നാ. (മലമൂത്ര) നിരോധം, മേൽവയർ വീർപ്പ്

വിബാധ നാ. പീഡ, ക്ലേശം

വിബുദ്ധ വി. 1. ഉണർവുള്ളതായിത്തീർന്ന; 2. വിടർന്ന; 3. സാമർഥ്യമുള്ള; 4. ബോധമില്ലാതായ

വിബുദ്ധി നാ. വിശേഷബുദ്ധി

വിബുധൻ നാ. 1. ദേവൻ (വിശേഷജ്ഞാനി എന്നർഥം); 2. വിദ്വാൻ; 3. ചന്ദ്രൻ

വിബുധനദി നാ. ഗങ്ഗ, വിണ്ണാർ

വിബുധപതി നാ. ദേവേന്ദ്രൻ

വിബുധം നാ. കർപ്പൂരം

വിബുധാധിപൻ നാ. ഇന്ദ്രൻ

വിബുധാനൻ നാ. 1. വിദ്വാൻ; 2. ഗുരു

വിബുധേന്ദ്രൻ നാ. ദേവേന്ദ്രൻ

വിബോധം നാ. 1. ഉണർവ്; 2. ജ്ഞാനം; 3. കണ്ടുപിടുത്തം; 4. ശ്രദ്ധക്കുറവ്; 5. മനസാന്നിധ്യമില്ലായ്മ

വിഭ നാ. 1. ശോഭ; 2. രശ്മി; 3. സൗന്ദര്യം

വിഭക്ത വി. വിഭജിക്കപ്പെട്ട, പകുത്ത, വേർപെടുത്തപ്പെട്ട, ഏകാന്തമായ, അനുക്രമമായ, അളക്കപ്പെട്ട, അലങ്കൃതമായ

വിഭക്തൻ നാ. 1. കുടുംബത്തിൽനിന്നു പിരിഞ്ഞവൻ; 2. സുബ്രഹ്മണ്യൻ

വിഭക്തം നാ. 1. ഓഹരി, പങ്കുവയ്ക്കപ്പെട്ട വസ്തു; 2. വേർപാട്; 3. ഏകാന്തത

വിഭക്തി നാ. 1. പങ്ക് (വിഭാഗം); 2. വേർപാട്; 3. (വ്യാക) മറ്റു പദങ്ങളുമായുള്ള സംബന്ധത്തെ കുറിക്കാനായി നാമങ്ങളിൽ ചേർക്കുന്ന പ്രത്യയം (ഭാഷയിൽ നിർദേശിക, പ്രതിഗ്രാഹിക, സമ്യോജിക, ഉദ്ദേശിക, പ്രയോജിക, സംബന്ധിക, ആധാരിക എന്ന മുറയ്ക്ക് പ്രഥമമുതൽ വിഭക്തികൾ ഏഴ്); 4. വ്യുത്പത്തി, 'ഭക്തിയും വിഭക്തിയും' (ഈശ്വരവിചാരവും പാണ്ഡിത്യവും)

വിഭക്ത്യാഭാസം നാ. (വ്യാക) എല്ലാ നാമങ്ങളിലും ചേരാതെയും അർഥത്തിൽ വിഭക്തിക്കു തുല്യമായുമിരിക്കുന്ന പ്രത്യയം. ഉദാഃ 'അത്ത്' കാറ്റത്ത്. ഇത് ആധാരികാവിഭക്ത്യാഭാസം

വിഭഗ്ന വി. മുറിക്കപ്പെട്ട

വിഭങ്ഗം നാ. 1. മുടക്കം; 2. വിഭാഗം; 3. ചുളിവ്, മടക്ക്; 4. കോണിപ്പടി

വിഭജനം നാ. വിഭജിക്കൽ

വിഭജനീയ വി. വിഭജിക്കത്തക്ക

വിഭജിക്കുക ക്രി. സാമ്യാസാമ്യങ്ങൾ അനുസരിച്ചു വേർതിരിക്കുക, പങ്കുവയ്ക്കുക

വിഭജ്യ വി. വിഭജിക്കേണ്ടതായ. അവ്യ. വിഭജിച്ചിട്ട്

വിഭഞ്ജകൻ നാ. വിഭഞ്ജനൻ, വിഭഞ്ജിക്കുന്നവൻ, മുടക്കുന്നവൻ

വിഭവം നാ. 1. സാധനസാമഗ്രി, സമ്പത്ത് (കാര്യസിദ്ധിയിൽ സമർഥമായി ഭവിക്കുന്നത്); 2. അഗ്നി; 3. ചന്ദ്രൻ

വിഭാകരൻ നാ. 1. സൂര്യൻ; 2. ചന്ദ്രൻ; 3. അഗ്നി

വിഭാഗതഃ അവ്യ. പങ്കുപങ്കായിട്ട്, വീതപ്രകാരം

വിഭാഗം നാ. 1. പങ്ക്, പങ്കുവയ്പ്പ്; 2. വകുപ്പ്, പ്രകരണം; 3. പ്രദേശം; 4. ഭിന്ന സങ്ഖ്യയുടെ അംശം

വിഭാഗി നാ. ഓഹരിക്കാരൻ (സ്ത്രീ) വിഭാഗിനി

വിഭാജകൻ നാ. വിഭജിക്കുന്നവൻ (സ്ത്രീ) വിഭാജിക

വിഭാജനം നാ. വിഭജിക്കൽ, ഹരണക്രിയ

വിഭാജികാ നാ. 1. വിഭജിക്കുന്നവൾ; 2. വൃത്തനിർമാണോപകരണം

വിഭാജ്യ വി. വിഭജിക്കത്തക്ക, പിരിക്കാവുന്ന >< അവിഭാജ്യ

വിഭാണ്ഡകൻ നാ. കശ്യപൻെറ പുത്രനും ഋശ്യശൃങ്ഗൻെറ പിതാവുമായ മുനി

വിഭാണ്ഡി നാ. ചടച്ചി

വിഭാതം നാ. പ്രഭാതം

വിഭാനം നാ. ശോഭ, പ്രകാശം

വിഭാര്യൻ നാ. ഭാര്യ മരിച്ചവൻ, ഭാര്യ വിട്ടുപോയവൻ

വിഭാവക വി. 1. തെളിവായി കാണിക്കുന്ന; 2. വ്യവഹരിക്കുന്ന; 3. പ്രകാശിപ്പിക്കുന്ന; 4. വിചാരണ ചെയ്യുന്ന

വിഭാവകം നാ. (വ്യാക,) ഭേദകവിശേഷണങ്ങളിൽ ഒന്ന്, സ്വഭാവത്തെ വർണിക്കുന്നത്. ഉദാഃ വളഞ്ഞ (വടി)

വിഭാവൻ നാ. സ്നേഹിതൻ, പരിചയക്കാരൻ

വിഭാവന നാ. 1. ശോധനചെയ്തു നിശ്ചയിക്കൽ; 2. തിരിച്ചറിവ്; 3. സങ്കൽപം, ഒരു അലങ്കാരം

വിഭാവനം നാ. 1. തിരിച്ചറിവ് (ശോധനചെയ്തു തിരിച്ചറിയൽ); 2. പരിശോധന; 3. സങ്കല്പം; 4. വ്യവഹാരം

വിഭാവനീയ വി. വിഭാവനം ചെയ്യത്തക്ക

വിഭാവം നാ. (നാട്യ) രത്യാദിഭാവങ്ങളെ ജനിപ്പിക്കുകയോ ഉദ്ദീപിപ്പിക്കുകയോ ചെയ്യുന്ന അവസ്ഥാവിശേഷം. (വിശേഷേണ ഭവിക്കുന്നത്, മുഖ്യമായി പ്രകാശിപ്പിക്കുന്നത്, ശരീരത്തിനോ മനസ്സിനോ പ്രത്യേക വികാരം വരുത്തുന്ന സ്ഥിതി)

വിഭാവരി നാ. 1. രാത്രി; 2. മഞ്ഞൾ; 3. മേദ; 4. സോമൻെറ രാജധാനി; 5. കുലട, വായാടിപ്പെണ്ണ്

വിഭാവസു നാ. 1. സൂര്യൻ; 2. അഗ്നി; 3. ചന്ദ്രൻ; 4. കൊടുവേലി; 5. എരിക്ക്; 6. കർപ്പൂരം; 7. വസുക്കളുടെ പുത്രൻ

വിഭാവിത വി. വിഭാവനംചെയ്യപ്പെട്ട

വിഭാവ്യ വി. വിഭാവനീയ

വിഭാഷ നാ. വിഭാഷിതം, (വ്യാക) വികല്പം, വികല്പവിധി

വിഭാഷണം നാ. ദുർഭാഷണം, ശകാരം

വിഭാഷിക്കുക ക്രി. നിന്ദിച്ചുപറയുക

വിഭാസ നാ. ശോഭ, വെളിച്ചം

വിഭാസിത വി. പ്രകാശിപ്പിക്കപ്പെട്ട

വിഭിന്ന		വി.	1. പിളർക്കപ്പെട്ട, ചിതറപ്പെട്ട; 2. തുളയ്ക്കപ്പെട്ട; 3. ഉടയ്ക്കപ്പെട്ട; 4. കലർത്തപ്പെട്ട, പലപ്രകാരമുള്ള; 5. വ്യത്യാസപ്പെട്ട

വിഭിന്നത		നാ.	വേർപാട്, വ്യത്യസ്തത

വിഭീത		വി.	വളരെ ഭയപ്പെട്ട

വിഭീതി		നാ.	ഭയം, ശങ്ക

വിഭീഷക		വി.	വിഭീഷണ, (വളരെ) ഭയങ്കരമായ

വിഭീഷണൻ		നാ.	1. സപ്തചിരഞ്ജീവികളിൽ ഒരാൾ, രാവണൻെറ അനുജൻ, വിശ്രവസ്സിൻെറ പുത്രൻ; 2. ശത്രുക്കൾക്കു ഭയങ്കരനായുള്ളവൻ

വിഭു		വി.	സർവവ്യാപിയായ, നിത്യമായ. നാ. 1. സർവശക്തൻ, തത്ത്വാവധാരണസമർഥൻ, ഇന്നപ്രകാരമെന്നു നിർണയിക്കാൻ സാമർഥ്യമുള്ളവൻ, എല്ലാം അറിയുന്നവൻ; 2. പ്രഭു, നാഥൻ; 3. ശിവൻ; 4. വിഷ്ണു; 5. ബ്രഹ്മാവ്; 6. ആത്മാവ്; 7. കാലം; 8. ആകാശം; 9. ദിക്ക്; 10. ഭൃത്യൻ

വിഭുത, -ത്വം		നാ.	വിഭുവിൻെറ അവസ്ഥ (മാഹാത്മ്യം)

വിഭൂത		വി.	1. ഭവിച്ച, ഉണ്ടായ, കാണപ്പെട്ട; 2. മഹത്തായ

വിഭൂതി		നാ.	1. ഐശ്വര്യം; 2. ശക്തി; 3. വലുപ്പം; 4. ധനം; 5. സൃഷ്ടി; 6. ഭസ്മം (ശൈവന്മാർ ധരിക്കുന്നത്)

വിഭൂഷ(ണം)		നാ.	ആഭരണം, അലങ്കാരം

വിഭൂഷിത		വി.	വിഭൂഷണം ചെയ്യപ്പെട്ട, അലങ്കരിക്കപ്പെട്ട

വിഭൃത വി. ഭരിക്കപ്പെട്ട, രക്ഷിക്കപ്പെട്ട

വിഭേദകം നാ. വൃത്തനിർമാണോപകരണം, ഡിവയിഡർ

വിഭേദനം നാ. 1. പിളർക്കൽ; 2. മിശ്രണം; 3. ഭിന്നത

വിഭ്രംശം നാ. 1. വിട്ടുപോകൽ; 2. വീഴ്ച, അധോഗതി, നാശം; 3. കിഴുക്കാംതൂക്ക്

വിഭ്രംശിക്കുക ക്രി. 1. കൊഴിഞ്ഞു വീഴുക, വിട്ടുപോകുക; 2. ചതിക്കുക

വിഭ്രംശിത വി. വിഭ്രംശം ഭവിച്ച, നശിച്ച

വിഭ്രമം നാ. 1. (സ്ത്രീകളുടെ) ശൃങ്ഗാരചേഷ്ടട, ശൃങ്ഗാരഭാവത്തിൽനിന്നുണ്ടാകുന്ന ലീലാവിശേഷം, ലീലാവിലാസം; 2. തെറ്റ് (തിടുക്കംകൊണ്ട് സ്ഥാനംതെറ്റിച്ച് ആഭരണമണിയുക ഇത്യാദി); 3. തിടുക്കം (സംഭ്രമം); 4. സൗന്ദര്യം; 5. സംശയം; 6. ചുഴൽച്ച; 7. ചാപല്യം

വിഭ്രമിക്കുക ക്രി. 1. പരിഭ്രമിക്കുക; 2. കറങ്ങുക, ചുറ്റിത്തിരിയുക

വിഭ്രഷ്ട വി. വിഭ്രംശിച്ച

വിഭ്രാജമാന വി. ശോഭിക്കുന്ന

വിഭ്രാട് വി. ശോഭയുള്ള

വിഭ്രാണ വി. 1. ധരിക്കുന്ന; 2. അനുഭവിക്കുന്ന

വിഭ്രാന്ത വി. 1. പരിഭ്രമിച്ച, കുഴങ്ങിയ; 2. തെറ്റായ

വിഭ്രാന്തശീലൻ നാ. 1. കുരങ്ങ്; 2. സൂര്യബിംബം; 3. ചന്ദ്രബിംബം

| | | |
|---|---|---|
| വിഭ്രാന്തി | നാ. | 1. വിഭ്രമം, അന്ധാളിപ്പ്, കുഴപ്പം; 2. തെറ്റ്, ചുഴൽച്ച |
| വിംശം1 | നാ. | ഇരുപതാമത്തേത് |
| വിംശം2 | നാ. | ഇരുപതിലൊന്ന് |
| വിംശി | നാ. | 1. ഇരുപത്; 2. ഇരുപതുഗ്രാമങ്ങളുടെ അധിപൻ |
| വിമ | നാ. | അളവ്, പരിമാണം |
| വിമണ്ഡനം | നാ. | അലങ്കരിക്കൽ |
| വിമത | വി. | 1. അനിഷ്ടമായ, വെറുളപ്പെട്ട; 2. യോജിപ്പില്ലാത്ത |
| വിമതൻ | നാ. | ശത്രു |
| വിമതം | വി. | വിരുദ്ധമതം |
| വിമതസ്ഥൻ | നാ. | ഭിന്നമതവിശ്വാസി |
| വിമതി | നാ. | 1. വെറുപ്പ്, യോജിപ്പില്ലായ്മ; 2. ബുദ്ധിശൂന്യത |
| വിമത്സര | വി. | മാത്സര്യമില്ലാത്ത |
| വിമഥൻ | നാ. | നശിപ്പിക്കുന്നവൻ |
| വിമഥ(ന)ം | നാ. | പൂർണ്ണനാശം |
| വിമദ | നാ. | 1. മദമൊഴിഞ്ഞ; 2. സന്തോഷമില്ലാത്ത |
| വിമദീകരിക്കുക | ക്രി. | മദമില്ലാതാക്കുക |
| വിമനസ്ക | വി. | വിമനസ്സ്, 1. ദുഃഖമുള്ള; 2. അന്ധാളിച്ച |

വിമനീകൃത വി. 1. ദുഃഖിതനാക്കപ്പെട്ട; 2. മനസ്സുമാറ്റിയ

വിമനീഭവിക്കുക ക്രി. 1. മനസ്സുമാറുക; 2. അന്ധാളിക്കുക, ആകുലമാവുക

വിമന്യു വി. 1. കോപമില്ലാത്ത, അരിശംതീർന്ന; 2. ദുഃഖമില്ലാത്ത

വിമയം നാ. കൈമാറ്റം, വിനിമയം

വിമർദകൻ നാ. വിമർദിക്കുന്നവൻ

വിമർദ(ന)ം നാ. 1. മർദിക്കൽ, തിരുമ്മൽ; 2. നശിപ്പിക്കൽ; 3. ആലിങ്ഗനം; 4. യുദ്ധം; 5. ഗ്രഹണം (വിമർദസഹം = മർദിക്കുംതോറും പരിമളമുണ്ടാകുന്നത്)

വിമർദിക്കുക നാ. 1. പൊടിക്കുക, ചതയ്ക്കുക; 2. പൂശുക; 3. തിരുമ്മുക; 4. പുണരുക

വിമർദിത നാ. വിമർദിക്കപ്പെട്ട

വിമർശകൻ നാ. വിമർശിക്കുന്നവൻ

വിമർശ(ന)ം നാ. 1. വിലയിരുത്തൽ, വിചാരണ, വിചിന്തനം, പര്യാലോചന; 2. യുക്തിപൂർവകമായ പ്രതിപാദനം

വിമർശസന്ധി നാ. (നാട്യ) പഞ്ചസന്ധികളിൽ ഒന്ന്, ഫലംകിട്ടുമെന്ന് ആശിക്കാറായ കഥയുടെ ഗതിക്ക് പൊടുന്നനവെ വിഘ്നം നേരിടൽ, അവമർശസന്ധി

വിമർശിക്കുക ക്രി. പര്യാലോചിക്കുക, ചിന്തിക്കുക, നിരൂപണം ചെയ്യുക

വിമർശിത വി. വിമർശിക്കപ്പെട്ട

വിമർഷം നാ. 1. വിചാരം, ആലോചന; 2. തൃപ്തികേട്; 3. ക്ഷമയില്ലായ്മ; 4. വിമർശസന്ധി

വിമല1 വി. കളങ്കമില്ലാത്ത, പരിശുദ്ധമായ, വെളുത്ത, തെളിവുള്ള

വിമല2 നാ. 1. പരിശുദ്ധ; 2. മഹാലക്ഷ്മി; 3. ശ്രീപാർവതി; 4. സരസ്വതി

വിമലദാനം നാ. ദാനങ്ങളിൽ ഒന്ന്, ഈശ്വരപ്രീതിക്കായി ഉത്തമന്മാർക്കു ചെയ്യുന്ന ദാനം

വിമലൻ നാ. 1. പരിശുദ്ധൻ; 2. ഒരു ജിനൻ (വിമലനാഥൻ); 3. ഒരു സംസ്കൃതകവി (ജൈനൻ)

വിമലം നാ. 1. നിർമലം; 2. വെള്ളിപൂശിയത്; 3. അഭ്രകം, മാക്കീരക്കല്ല്. വിമലമണി = സ്ഫടികം

വിമലാത്മകം നാ. സ്വഭാവേന നിർമലമായത്, സ്വഭാവശുദ്ധിയുള്ളത്

വിമലീകരിക്കുക ക്രി. ശുദ്ധിയാക്കുക

വിമലീകൃത വി. അഴുക്കുകളഞ്ഞ

വിമാതാ(വ്) നാ. ചിറ്റമ്മ, അച്ഛന്റെ അന്യപത്നി (വിരുദ്ധയായ മാതാവ്)

വിമാനഗൻ നാ. വിമാനചാരി, ദേവൻ, വിമാനസഞ്ചാരി

വിമാനനം നാ. അവമാനിക്കൽ, നിന്ദനം

വിമാനം നാ. 'പക്ഷിക്കു തുല്യമായത്, പറക്കുന്നത്' 1. ആകാശത്തുകൂടി ചരിക്കുന്ന വാഹനം; 2. രഥം; 3. അപമാനം; 4. രാജധാനി; 5. കുതിര; 6. ഏഴുനില മാളിക; 7. ശ്രീകോവിലിനു മുകളിലുള്ള സ്തൂപിക

വിമാനസങ്കേതം നാ. വിമാനം പുറപ്പെടുകയും തിരിച്ചെത്തുകയും ചെയ്യാനുള്ള സ്ഥലം

വിമാംസം നാ. 1. നായയുടെയും മറ്റും മാംസം; 2. അശുദ്ധിയുള്ള മാംസം

വിമാർഗഗ നാ. വേശ്യ, കുലട

വിമാർഗഗാമി വി. ദുർനടപ്പുള്ള

വിമാർഗണം നാ. അന്വേഷണം

വിമാർഗം നാ. 1. ദുർമാർഗം, ചീത്തവഴി; 2. തെറ്റായവഴി; 3. ചൂൽ

വിമുക്ത വി. 1. വിമോചിക്കപ്പെട്ട, സ്വതന്ത്രമായ, ഐഹികബന്ധത്തിൽനിന്നു വേർപെട്ട; 2. ഉപേക്ഷിക്കപ്പെട്ട, എറിയപ്പെട്ട

വിമുക്തി നാ. വിമോചനം, മോക്ഷം, വേർപാട്

വിമുഖ വി. 1. മുഖം തിരിച്ചുകളഞ്ഞ; 2. താത്പര്യമില്ലാത്ത, വെറുപ്പുള്ള; 3. വിലക്ഷണമായ മുഖമുള്ള; 4. രഹിതമായ. നാ. വിമുഖത

വിമുഗ്ധ വി. മനംകലങ്ങിയ, കുഴങ്ങിയ, തത്ത്വമറിയാത്ത

വിമുദ്ര നാ. 1. വികസിച്ച; 2. മുദ്രവയ്ക്കാത്ത

വിമൂഢ വി. 1. അറിവില്ലാത്ത, കുഴങ്ങിയ; 2. അറിവുള്ള

1305

വിമൂഢഗർഭം നാ. വിഷമഗർഭം, ചാപിള്ളയെ പ്രസവിക്കൽ

വിമൂർച്ച്ഛിത വി. ബോധംകെട്ട

വിമൃശ്യകാരി നാ. ആലോചിച്ചു പ്രവർത്തിക്കുന്നവൻ. (സ്ത്രീ)

വിമൃശ്യകാരിണി

വിമൃഷ്ട വി. വിമർശിക്കപ്പെട്ട

വിമോചകൻ നാ. മോചിപ്പിക്കുന്നവൻ. (സ്ത്രീ) വിമോചിക

വിമോചനം നാ. 1. മോചിപ്പിക്കൽ; 2. പാപമോചനം; 3. മാപ്പ്

വിമോചിക്കുക ക്രി. 1. ഉപേക്ഷിക്കുക, വിടുക, ഇളവുചെയ്യുക; 2. എറിയുക;

3. സ്വതന്ത്രമാകുക

വിമോചിത വി. വിമോചിക്കപ്പെട്ട

വിമോഹന വി. മനസ്സിനെ ഇളക്കുന്ന, വശീകരിക്കുന്ന

വിമോഹനം നാ. മോഹിപ്പിക്കൽ, ഒരു നരകം

വിമോഹം നാ. 1. മോഹാലസ്യം, ഓർമകേട്; 2. അത്യാഗ്രഹം; 3.

അജ്ഞാനം

വിമ്മൽ [വിമ്മുക] നാ. വീർപ്പുമുട്ട്, ദുഃഖം

വിമ്മി ക്രി. 1. (ഭൂതരൂപം) വിമ്മുന്ന പ്രവൃത്തിചെയ്തു; 2. (മുൻവിന) ഉദാഃ വിമ്മിക്കരഞ്ഞു

വിമ്മിട്ടം നാ. 1. (ശ്വാസോച്ഛ്വാസംചെയ്യാനുള്ള) പ്രയാസം, കഷ്ടത; 2. എക്കിൾ. ക്രി. വിമ്മുക

വിമ്മിതം നാ. അദ്ഭുതം

വിമ്മിഷ്ടം നാ. വിമ്മിട്ടം

വിമ്മുക ക്രി. 1. ഏങ്ങുക, തേങ്ങിക്കരയുക; 2. വിമ്മിട്ടപ്പെടുക. നാ. വിമ്മൽ

വിയക്കം നാ. 1. പെരുമ, മാഹാത്മ്യം; 2. വിയർപ്പ്

വിയക്കുക [ത. വിയക്കുതല്] ക്രി. 1. അതിശയിക്കുക, അധികമാവുക; 2. സ്തുതിക്കുക

വിയച്ചാരി നാ. 'ആകാശത്തിൽ ചരിക്കുന്നത്' 1. പരുന്ത്; 2. പട്ടം

വിയത്ത് നാ. 1. ആകാശം; 2. വലുപ്പം

വിയൻ നാ. 1. മാഹാത്മ്യം, പെരുമ; 2. അദ്ഭുതം, ആധിക്യം

വിയന്മണി നാ. സൂര്യൻ

വിയന്മണ്ഡലം നാ. ആകാശമണ്ഡലം, വായുമണ്ഡലം

വിയപ്പ് നാ. വിയക്കം

വിയം നാ. 1. വിശാലത; 2. അകലം; 3. പെരുമ; 4. ആത്മപ്രശംസ; 5. അഭിമാനം; 6. ഉടൽ; 7. പാവ; 8. ആജ്ഞ; 9. സ്തുതി. വിയംകൊള്ളുക = ആജ്ഞയനുസരിക്കുക, തേർനടത്തുക

വിയമം നാ. 1. പരപീഡാദിപാപങ്ങളൊന്നും ചെയ്യാതെ സ്വസ്ഥമായിരിക്കൽ; 2. ദുഃഖം; 3. സുഖക്കേട്

വിയയ്ക്കുക ക്രി. പരിഭ്രമിക്കുക

വിയർ [വിയർക്കുക] ധാതുരൂപം

വിയർ2, വേർ വി. മധുരമുള്ള (വേരി = തേൻ)

വിയർക്കുക ക്രി. ഉഷ്ണത്താലും മറ്റും ശരീരത്തിലെ രോമകൂപങ്ങളിൽനിന്ന് ജലം പൊടിയുക, ചൂടുതോന്നുക. നാ. വിയർപ്പ്

വിയർപ്പിക്കുക ക്രി. 1. വിയർക്കാനിടയാക്കുക; 2. (പ്ര) നാണിപ്പിക്കുക, വിഷമിപ്പിക്കുക

വിയർപ്പ് നാ. രോമകൂപങ്ങളിൽനിന്നു പുറപ്പെടുന്ന ജലാംശം, സ്വേദം (ഉപധാതുക്കളിൽ ഒന്ന്)

വിയർപ്പുകുരു നാ. വിയർപ്പുകൊണ്ടുണ്ടാകുന്ന ചെറിയ കുരു

വിയൽ നാ. 1. ദൂരം; 2. പെരുമ; 3. കാട്; 4. സ്വർണം

വിയലിടം നാ. 1. ഭൂമി; 2. അകലം

വിയാത വി. ധൈര്യമുള്ള; 2. നാണമില്ലാത്ത; 3. ഹീനമായ, അധമമായ

വിയാൻ നാ. കുയിൽ

വിയുക്ത വി. വേർപെട്ട, വിട്ട

വിയുക്തി നാ. വിയോഗം

വിയുത വി. 1. കൂടാത്ത, കലരാത്ത; 2. വിട്ടുപോയ

വിയോഗം നാ. 1. വേർപാട്, സ്നേഹമുള്ളവർ തമ്മിൽ കാണാതെ അകന്നിരിക്കൽ, വിരഹം >< സമ്യോഗം; 2. വ്യവകലനം, കുറയ്ക്കൽ

വിയോഗി വി. വേർപെട്ട, അകന്ന. നാ. ചക്രവാകപ്പക്ഷി, പ്രിയയെ വേർപിരിഞ്ഞവൻ (സ്ത്രീ) വിയോഗിനി

വിയോഗിനി നാ. 1. വിരഹമുള്ളവൾ; 2. (വൃത്ത) ഒരു വൃത്തം; 3. വിശിഷ്ടയോഗിനി

വിയോജക വി. വേർപെടുത്തുന്ന

വിയോജനം നാ. വിയോജിക്കൽ

വിയോജിക്കുക ക്രി. 1. വേറെയാക്കുക, വേർപെടുക; 2. അഭിപ്രായ വ്യത്യാസമുണ്ടാകുക, തമ്മിൽപിണങ്ങുക. (പ്രയോ) വിയോജിപ്പിക്കുക

വിയോജ്യ വി. വിയോജിക്കത്തക്ക

വിയോനി നാ. 1. വിലക്ഷണമായ യോനി, രോഗാദിദൂഷിതമായ യോനി; 2. ദുഷ്ടമായ ജനനം, വിവിധമായ ജന്മം; 3. മൃഗങ്ങളുടെ ഗർഭപാത്രം (അഭോജ്യഭോജി, ഭ്രുണഹന്താവ്, ഗുരുതല്പഗൻ, അസത്യവാദി ഈ പാപികൾ വിയോനികളിൽ ജനിക്കുമെന്നു വിശ്വാസം)

വിര1 [വിരയുക] ധാതുരൂപം

വിര2 നാ. 1. വയറ്റിലുണ്ടാകുന്ന ഒരുതരം പുഴു; 2. (മണ്ണിലുള്ള) എര

വിര3 നാ. വിത്ത്, വൃഷണം

വിരകൽ [വിരകുക] നാ. കൂട്ടിക്കുഴയ്ക്കൽ

വിരകുക ക്രി. കൂട്ടിപ്പിരടുക, കൂട്ടിപ്പിശകുക, വിരലുകൾകൊണ്ടു കുഴയ്ക്കുക

വിരക് നാ. അറിവ്, സാമർഥ്യം, ഉപായം

വിരകോപം നാ. വയറ്റിൽ വിരകൾ ശക്തിപ്പെട്ടു ശല്യമുണ്ടാക്കൽ, ഇരമാന്തം

വിരക്ത വി. 1. ഒന്നിലും ആഗ്രഹമില്ലാത്ത, ഐഹികസുഖങ്ങളിൽ വെറുപ്പുള്ള; 2. അധികം ചെമപ്പുനിറമുള്ള; 3. മുഷിഞ്ഞ, നിറംവിട്ട

വിരക്തി നാ. രാഗശൂന്യത, വെറുപ്പ്, ലോകവ്യവഹാരത്തിൽ താത്പര്യമില്ലായ്മ

വിരച(ന)ം നാ. നിർമിതി, ഒരുക്കൽ

വിരചിക്കുകക്രി.1. സൃഷ്ടിക്കുക, ഉണ്ടാക്കുക; 2. ഒരുക്കുക; 3. എഴുതുക; 4. സാധിക്കുക; 5. ധരിക്കുക; 6. (രത്നം) പതിക്കുക

വിരചിത വി. ഉണ്ടാക്കപ്പെട്ട,വിരചിക്കപ്പെട്ട

വിരജ വി. രാഗമില്ലാത്ത, രജസ്സില്ലാത്ത, പൊടിയില്ലാത്ത

വിരജൻ നാ. വിഷ്ണു

വിരജസ്ക1 നാ. പൊടിയില്ലാത്ത; 2. ഭാഗശൂന്യമായ; 3. രജോഗുണരഹിതമായ; 4. മാസമുറയില്ലാത്ത

വിരജസ്ക2 നാ. തീണ്ടാരി മാറിയവൾ

വിരജസ്തമസ്സ് നാ. രജോഗുണവും തമോഗുണവും നിശ്ശേഷം നശിച്ചവൻ, ശുദ്ധസത്വഗുണമുള്ളവൻ

വിരജീകരണം നാ. രജസ്സില്ലാതാക്കൽ. ശുദ്ധീകരണം

വിരജീകരിക്കുക ക്രി. രജസ്സില്ലാതാക്കുക

വിരഞ്ഞ് [വിരയുക] അവ്യ. (മുൻവിന) വേഗത്തിൽ

വിരട്ടൽ [വിരട്ടുക] നാമരൂപം

വിരട്ട്[വിരട്ടുക] നാമരൂപം

വിരൺ [പ.മ.] നാ. കൊതി

വിരണ്ട് [വിരൾ] അവ്യ. (മുൻവി) പേടിച്ച്, പരിഭ്രമിച്ച്

വിരത വി. 1. അവസാനി(പ്പി)ച്ച; 2. അനുരക്തമല്ലാത്ത, വിരക്തമായ

വിരതി നാ. അവസാനം, നിറുത്ത്, വിരക്തി

വിരതേതരം അവ്യ. ഇടവിടാതെ

വിരന്ത് [പ.മ.] അവ്യ. വേഗത്തിൽ, വിരഞ്ഞ്

വിരമ(ണ)ം നാ. 1. അവസാനം; 2. സൂര്യാസ്തമയം

വിരമിക്കുക ക്രി. 1. അടങ്ങുക; 2. നിറുത്തുക, പിന്തിരിയുക; 3. അവസാനിക്കുക

വിരയ [പ.മ.] അവ്യ. 1. വിരയെ, വളരെ വേഗത്തിൽ; 2. വിരയുക

വിരയുക ക്രി. 1. ആഗ്രഹിക്കുക, കാമിക്കുക; 2. തിടുക്കം കൂട്ടുക; 3. ഉയരുക

വിരയെ [<വിരയുക] അവ്യ. വളരെവേഗത്തിൽ

വിരൽ നാ. 1. കൈകാലുകളുടെ അറ്റത്തുള്ള ശാഖ, അങ്ഗുലി; 2. ഒരു അളവ് (12 വിരൽ = ഒരു വിതസ്തി)

വിരൽക്കിട [വിരൽക്ക്-ഇട] നാ. വിരലിട

വിരൽച്ചുറ്റ് നാ. ഒരു രോഗം, വിരൽക്കുരു, നഖച്ചുറ്റ്

വിരൽപ്പാട് നാ. ഒരു അളവ്

വിരലം അവ്യ. വിരളം

വിരലണി നാ. വിരൽമൊതിരം

വിരലായം നാ. വിരലിൻെറ നീളം

വിരലാഴി നാ. മോതിരം

വിരലിട നാ. രണ്ട് വിരലുകളുടെ ഇട (അകലം), ഒരു വിരൽ വീതി, വിരൽക്കിട

വിരലുക ക്രി. പരക്കുക, മിരലുക

വിരവിൽ അവ്യ. വിരവിനോട്, വിരവൊട്, ആഗ്രഹത്തോടുകൂടി, വേഗത്തിൽ

വിരവ് <വിരയുക] നാ. വേഗം

വിരവുക ക്രി. വിരകുക

വിരവോടെ അവ്യ. വിരവിൽ, വേഗത്തിൽ

വിരശി നാ. ഒരു കണക്ക്, രാജാക്കന്മാർക്കുള്ള ക്ളിപ്ത തുക

വിരസ വി. രസമില്ലാത്ത, അസുഖമുള്ള, ക്രൂരമായ >< സരസ

വിരസത നാ. വൈരസ്യം

വിരസം വി. രസമില്ലാത്ത

വിരഹം നാ. 1. പ്രിയജനങ്ങൾ തമ്മിലുള്ള വേർപാട്, വിയോഗം; 2. അസാന്നിധ്യം; 3. പരിത്യാഗം; 4. ഏകാന്തത

വിരഹാനലൻ നാ. വിരഹമാകുന്ന തീ

വിരഹി വി. വിരഹമുള്ള, വേർപെട്ട, ഏകാന്തമായ. നാ. ഭാര്യയെ (കാമുകിയെ) പിരിഞ്ഞിരിക്കുന്ന. (സ്ത്രീ) വിരഹിണി

വിരഹിത നാ. 1. വേർപിരിഞ്ഞ, അകറ്റപ്പെട്ട; 2. ശൂന്യമായ

വിരഹോത്കണ്ഠിത നാ. നായകനിൽനിന്നു വേർപെട്ട നായിക, ഭർത്താവുവരുമെന്ന് ഉറപ്പുണ്ടായിട്ടും ദൈവഗത്യാ വരായ്കയാൽ സങ്കടപ്പെടുന്നവൾ

വിരൾ1 [വിരളുക] ധാതുരൂപം

വിരൾ2 നാ. വിരൽ (ഒരു അളവ്)

വിരൾച്ച നാ. ഭയം, പരിഭ്രമം

വിരളം അവ്യ. അപൂർവമായി. നാ. തൈര്

വിരളി നാ. 1. വിരളുന്ന സ്വഭാവം; 2. വിരളുന്ന പ്രകൃതക്കാരൻ; 3. വിരട്ടിയോടിക്കാനുള്ള കോലം

വിരളിത വി. വിരളമാക്കപ്പെട്ട

വിരളുക ക്രി. ഭയപ്പെടുക, പരിഭ്രമിക്കുക, മിരളുക

വിരാഗം നാ. 1. ഇഷ്ടക്കേട്, അനുരാഗഭാവം; 2. നിറം മാറ്റം; 3. വിരക്തി, വികാരരാഹിത്യം

വിരാഗി വി. വിരക്തിയുള്ള

വിരാജത്ത് വി. ശോഭിക്കുന്ന

വിരാജമാന വി. ശോഭിക്കുന്ന

വിരാജിക്കുക ക്രി. ശോഭിക്കുക

വിരാജിത വി. ശോഭിക്കപ്പെട്ട, ഉജ്ജ്വലിതമായ

വിരാടൻ നാ. വിരാടദേശത്തെ രാജാവ്

വിരാടം നാ. 1. പാണ്ഡവന്മാർ അജ്ഞാതവാസകാലത്ത് താമസിച്ചിരുന്ന രാജ്യം (ബീഹാർ); 2. മഹാഭാരതത്തിലെ നാലാമത്തെ പർവം; 3. ഒരുതരം ചായം

വിരാട്ട്1 നാ. 1. എങ്ങും നിറഞ്ഞ് ഏകകാരണമായിരിക്കുന്ന വസ്തു, പ്രപഞ്ചരൂപിയായ പരബ്രഹ്മം, വിരാട്പുരുഷൻ; 2. ക്ഷത്രിയൻ (വിശേഷേണ ശോഭിക്കുന്നവൻ); 3. സൗന്ദര്യം, ശോഭ; 4. പക്ഷിരാജൻ (വി = പക്ഷി); 5. ശരീരം; 6. ബുദ്ധി

വിരാട്ട്2 നാ. 1. ബ്രഹ്മാവ് പ്രപഞ്ചസൃഷ്ടിക്കായി തന്നിൽ നിന്നു തന്നെ സൃഷ്ടിച്ച പുരുഷചൈതന്യം; 2. കേവലചൈതന്യമായ ബ്രഹ്മത്തിൽനിന്ന് ഉണ്ടായതും സർവവ്യാപിയും ഭൗതികപ്രപഞ്ചത്തിൻെറ സൃഷ്ടിക്കു നിദാനമായി വർത്തിക്കുന്നതുമായ ശക്തി

വിരാട്പുരുഷൻ നാ. വിരാട്ട്

വിരാദ്ധ വി. 1. ഉപദ്രവിക്കപ്പെട്ട; 2. നിന്ദിക്കപ്പെട്ട; 3. തടുക്കപ്പെട്ട

വിരാദ്ധാവ് നാ. 1. നിന്ദകൻ; 2. അപകാരി

വിരാധൻ നാ. 1. രാക്ഷസൻ; 2. ഉപദ്രവിക്കുന്നവൻ

വിരാധനൻ നാ. കൊലയാളി

വിരാധം നാ. 1. എതിർപ്പ്; 2. തടസ്സം; 3. അസഹ്യത

വിരാമക വി. വിരമിക്കുന്ന

വിരാമൻ നാ. വിഷ്ണു

വിരാമം നാ. 1. അവസാനം; 2. വിശ്രമം

വിരാമസ്വനം നാ. ഒരു ഉച്ചാരണസ്ഥാനത്തുവച്ച് ശ്വാസവായുവിനെ പൂർണമായി തടഞ്ഞുകൊണ്ട് ഉച്ചരിക്കുന്ന സ്വനം. ഉദാഃ അനുനാസികങ്ങളൊഴികെയുള്ള വർഗാക്ഷരങ്ങൾ

വിരാവം നാ. ശബ്ദം, ആർപ്പ്

വിരാവി വി. 1. ശബ്ദിക്കുന്ന; 2. നിലവിളിക്കുന്ന

വിരാവിണി നാ. 1. നിലവിളി; 2. ചൂൽ

വിരാൾപുരുഷൻ നാ. വിരാട്പുരുഷൻ

വിരി1 [വിരിക്കുക] ധാതുരൂപം

വിരി2 നാ. 1. ജീനി; 2. മൂടി; 3. മറ; 4. കർട്ടൻ, വെളിയടത്തുണി

വിരിക്കുക ക്രി. 1. പരത്തുക; 2. വിടർത്തുക; 3. നിരത്തുക

വിരിക്ത വി. വിരേചനം ചെയ്യപ്പെട്ട

വിരിഞ്ചൻ നാ. 1. ബ്രഹ്മാവ്; 2. ശിവൻ; 3. വിഷ്ണു



വിരിഞ്ചാത്മജൻ നാ. 1. വിരിഞ്ചൻെറ പുത്രൻ; 2. നാരദൻ

വിരിഞ്ചി നാ. വിരിഞ്ചനെ സംബന്ധിച്ച

വിരിഞ്ഞ [വിരിയുക] വി. (ഭൂ.പേരെച്ചം) വികസിച്ച

വിരിൺ നാ. വിഭ്രമം

വിരിപന്തൽ നാ. പരന്ന മേൽക്കൂരയുള്ള പന്തൽ, തട്ടുപന്തൽ

വിരിപ്പ് [വിരിക്കുക] നാ. 1. മെത്തയിലും മറ്റും വിരിക്കുന്ന കട്ടിയുള്ള തുണി; 2. കന്നിക്കൃഷി

വിരിയം നാ. 1. പന്നി; 2. നെൽക്കിളി

വിരിയുക ക്രി. 1. വിടരുക; 2. വികസിക്കുക

വിരിയെ അവ്യ. വിരയെ

വിരിയോല നാ. പനയോല

വിരിവ് നാ. 1. വിരിയൽ; 2. വിടർച്ച

വിരിശ് നാ. ഒന്നിനും കൊള്ളാത്തവൻ

വിരുഗ്ണ വി. 1. നശിപ്പിക്കപ്പെട്ട; 2. വളയ്ക്കപ്പെട്ട

വിരുതൻ നാ. 1. വിരുതുള്ളവൻ; 2. സൂത്രശാലി

വിരുതം നാ. 1. കരച്ചിൽ; 2. അലർച്ച

വിരുത് നാ. 1. കൗശലം; 2. കഴിവ്

വിരുത്തം നാ. 1. വൃത്തം; 2. മൂപ്പ് (പ്ര) വിരുത്തം പാടുക = ശ്ലോകം സങ്ഗീതാത്മകമായി ആലപിക്കുക

വിരുത്തി1 നാ. 1. സേവനത്തിനു പ്രതിഫലമായി സർക്കാരിൽനിന്നു പതിച്ചുകൊടുത്തിരുന്ന ഭൂമി; 2. വ്യാപാരം

വിരുത്തി2 നാ. ഐശ്വര്യം

| | | |
|---|---|---|
| വിരുത്തുക | ക്രി. | 1. വിരിക്കുക; 2. നിവർക്കുക |
| വിരുദം1 | നാ. | 1. വിളംബരം; 2. കീർത്തനം |
| വിരുദം2 | നാ. | ബിരുദം |
| വിരുദിതം | വി. | ഉറക്കെയുള്ള കരച്ചിൽ |
| വിരുദ്ധ | വി. | 1. വിപരീതമായ; 2. നിഷിദ്ധമായ |
| വിരുദ്ധബന്ധം | നാ. | (കാവ്യ) ഒരു വാക്യദോഷം |
| വിരുദ്ധമതികൃത്ത് | നാ. | 1. ഒരു കാവ്യദോഷം; 2. വിപരീതാർഥപ്രതീതി |
| വിരുന്തർ | നാ. | 1. വിരുന്നുകാർ; 2. പുതിയവർ |
| വിരുന്നൻ | നാ. | 1. അതിഥി; 2. നവാഗതൻ |
| വിരുന്ന് | [പ.മ.] നാ. | വിരുന്ത്, 1. അതിഥിസത്കാരം; 2. അതിഥി |
| വിരുന്നൂട്ട് | നാ. | വിരുന്നുകാർക്ക് ഭക്ഷണം നൽക്കൽ, സത്കാരം |
| വിരുന്നൂണി | നാ. | വിരുന്നുണ്ട് നടക്കുന്നവൻ |
| വിരുപ്പം | നാ. | 1. പ്രിയം; 2. ആശ; 3. ആഗ്രഹിക്കൽ |
| വിരുപ്പ് | നാ. | 1. വിതപ്പ്; 2. വിരിപ്പ് |
| വിരുമ്പുക | ക്രി. | ആഗ്രഹിക്കുക |
| വിരൂക്ഷണം | നാ. | 1. നിന്ദ; 2. ശാപം |
| വിരൂഢ | വി. | 1. മുളച്ചുണ്ടായ; 2. ജനിച്ച; 3. പുഷ്പിച്ച |

| | | |
|---|---|---|
| വിരൂപ | വി. | 1. രൂപഭങ്ഗിയില്ലാത്ത; 2. വിരൂപമായ |
| വിരൂപചക്ഷുസ്സ് | നാ. | വിരൂപാക്ഷൻ, ശിവൻ |
| വിരൂപണം | നാ. | വിരൂപമാക്കൽ |
| വിരൂപാക്ഷൻ | നാ. | 1. ശിവൻ; 2. രാവണൻെറ ഒരു അനുചരൻ |
| വിരൂപി | വി. | സൗന്ദര്യമില്ലാത്ത |
| വിരേചകം | നാ. | മലശോധനയ്ക്കുള്ള ഔഷധം |
| വിരേചനം | നാ. | വയറിളക്കൽ |
| വിരേചനി | നാ. | 1. കടുക്ക; 2. ശോധനയ്ക്കുള്ള മരുന്ന് |
| വിരേചിക്കുക | ക്രി. | വയറിളക്കുക |
| വിരേചിത | വി. | വിരേചനം ചെയ്യപ്പെട്ട |
| വിരേഫം | നാ. | 1. രേഫം ഇല്ലായ്മ; 2. നദി |
| വിരോകം | നാ. | 1. ദ്വാരം; 2. കുഴി |
| വിരോചനൻ | നാ. | 1. സൂര്യൻ; 2. ചന്ദ്രൻ; 3. അഗ്നി; 4. (പുരാണ) |

മഹാബലിയുടെ പിതാവായ അസുരൻ

| | | |
|---|---|---|
| വിരോചനസുതൻ | നാ. | മഹാബലി |
| വിരോദ്ധാവ് | നാ. | വിരോധിക്കുന്നവൻ |
| വിരോധക | വി. | വിരോധിക്കുന്ന |
| വിരോധനം | നാ. | വിരോധിക്കൽ |

വിരോധം നാ. 1. ദ്വേഷം; 2. പിണക്കം; 3. വൈപരീത്യം; 4. യുദ്ധം

വിരോധാഭാസം നാ. 'വിരോധംപോലെപ്രത്യക്ഷത്തിൽ തോന്നുന്നത്', ഒരു അലങ്കാരം

വിരോധാർഥം നാ. വിപരീതമായ അർഥം

വിരോധി വി. 1. വിരോധമുള്ള; 2. അനുകൂലമല്ലാത്ത

വിരോധിക്കുക ക്രി. 1. വിലക്കുക; 2. തടുക്കുക; 3. മുടക്കുക

വിരോധോക്തി നാ. 1. എതിർത്തു പറയൽ; 2. എതിർവാക്ക്

വിരോധ്യ വി. വിരോധിക്കത്തക്ക

വിരോപണം നാ. ഉണക്കൽ

വിൽ1 നാ. വില്ല്

വിൽ2 [ഇം.] നാ. മരണപത്രം

വിൽക്കഴുന്ന് നാ. വില്ലിൻെറ അറ്റം

വിൽക്കാശ് നാ. 1. പൊൻനാണയം; 2. ആമാട

വിൽക്കുക ക്രി. 1. വിലവാങ്ങിക്കൊണ്ട് സാധനങ്ങൾ കൊടുക്കുക; 2. വിക്രയം ചെയ്യുക

വിൽപ്പന നാ. 1. വിൾക്കൽ; 2. പണംപറ്റി സാധനം കൊടുക്കൽ

വിൽപ്പാട് നാ. 1. ഒരു വില്ലിൻെറ അകലം 2. ഒരു ശരം എയ്താൽ ചെല്ലുന്ന ദൂരം

വില നാ. 1. വിൽക്കപ്പെടുന്ന വസ്തുവിനു പകരം വാങ്ങുന്ന പണമോ മറ്റേതെങ്കിലും ദ്രവ്യമോ; 2. മൂല്യം

വിലകാരി നാ. എലി

വിലകുക ക്രി. 1. നീങ്ങുക; 2. അകലുക; 3. മാറുക

വിലക്കം നാ. 1. വിലക്ക്; 2. ശ്വാസത്തിൻെറ തടസ്സം; 3. തൊട്ടുകൂടായ്ക

വിലക്കാണം നാ. 1. രാജഭോഗം; 2. വസ്തു വിൽക്കുമ്പോൾ സർക്കാരിലേക്ക് അടയ്ക്കേണ്ട നികുതി

വിലക്ക് നാ. 1. വിലക്കൽ; 2. വിരോധം; 3. നിരോധനം

വിലക്കുക ക്രി. 1. വിരോധിക്കുക; 2. മുടക്കുക

വിലക്ഷണ വി. 1. കുഴങ്ങിയ; 2. പരിഭ്രമിച്ച

വിലക്ഷണ വി. 1. ലക്ഷണംകെട്ട; 2. വ്യതാസപ്പെട്ട; 3. അസാധാരണമായ

വിലക്ഷണം നാ. വിലക്ഷണമായുള്ളത്; 2. അസാധാരണത്വം; 3. വ്യാകരണവിധിയോ ഭാഷയോ ശൈലിയോ അനുവദിക്കാത്ത പദപ്രയോഗം

വിലക്ഷിതം നാ. 1. ലക്ഷണമില്ലായ്മ; 2. അഭങ്ഗി

വിലഗ്നം നാ. 1. അരക്കെട്ട്; 2. പറ്റിച്ചേർന്നത്

വിലങ്കൽ നാ. 1. നീങ്ങൽ; 2. മല; 3. കലങ്ങിയ വെള്ളം

വിലങ്ഘനം നാ. 1. ലങ്ഘിക്കൽ; 2. കടന്നു പോകൽ

വിലങ്ങൻ നാ. ബന്ധനസ്ഥൻ

വിലങ്ങൽ നാ. വിലങ്കൽ

വിലങ്ങ് നാ. ആമം, കുറ്റവാളികളുടെയും മറ്റും കൈകാലുകൾ ബന്ധിക്കാൻ വേണ്ടിയുള്ള പൂട്ടോടുകൂടിയ ചങ്ങല. വിലങ്ങിടം = തടവറ

വിലങ്ങുക ക്രി. 1. കുറുകെയാകുക; 2. ദൂരെപ്പോവുക

വിലങ്ങെ അവ്യ. വിലങ്ങനെ

വിലച്ചരക്ക് നാ. 1. വിലയ്ക്കുകൊടുക്കുവാനുള്ള വസ്തു; 2. വിലയേറിയ വസ്തു

വിലജ്ജ വി. നാണമുള്ള

വിലൻ നാ. ഇന്ദ്രൻെറ കുതിര, ഉച്ചൈശ്രവസ്സ്

വിലപനം നാ. 1. വിലപിക്കൽ; 2. എണ്ണയിലെ കിട്ടം

വിലപിക്കുക ക്രി. 1. പുലമ്പിക്കരയുക; 2. ഉറക്കെക്കരയുക

വിലപിതം നാ. വിലാപം

വിലപേറ് നാ. വിലപിടിപ്പ്

വിലം നാ. ഗുഹ; 2. ദ്വാരം; 3. പൊത്ത്

വിലംബനം നാ. 1. വിളംബനം; 2. കാലതാമസം

വിലംബി വി. തൂങ്ങിക്കിടക്കുന്ന

| | | | |
|---|---|---|---|
| വിലംബിക | | നാ. | ഒരുതരം അജീർണം |
| വിലംബിതം | | നാ. | 1. തൂങ്ങിക്കിടക്കുന്നത്; 2. ആശ്രയിക്കുന്നത് |
| വിലംഭം | | നാ. | 1. അമിതമായ ദാനം; 2. ഔദാര്യം |
| വിലമകൾ | | നാ. | വേശ്യ |
| വിലമതിപ്പ് | | നാ. | 1. വില നിശ്ചയിക്കൽ; 2. വിലപിടിപ്പ് |
| വിലയനം | | നാ. | 1. ലയിക്കൽ; 2. അലിഞ്ഞുചേരൽ |
| വിലയം | | നാ. | 1. ലയനം; 2. നാശം; 3. പ്രളയം |
| വിലയോന്മുഖ | | വി. | അവസാനിക്കാറായ |
| വിലയോലക്കരണം | | നാ. | 1. വിലയാധാരം; 2. തീറാധാരം |
| വിലവാശി | | നാ. | വിലയുടെ വ്യത്യാസം |
| വിലവാസി | | നാ. | 1. പാമ്പ്; 2. പൊത്തിലിരിക്കുന്ന പാമ്പ് |
| വിലസത്ത് | | വി. | 1. ശോഭിക്കുന്ന; 2. വിലാസത്തോടുകൂടിയ |
| വിലസനം | | നാ. | 1. ശോഭിക്കൽ; 2. മിന്നിത്തിളങ്ങൽ |
| വിലസിതം | | നാ. | 1. വിനോദം; 2. തിളക്കം; 3. ഭാവം |
| വിലസുക | | ക്രി. | 1. ശോഭിക്കുക; 2. ഉല്ലസിക്കുക |
| വിലാത്തി | [അറ] | നാ. | 1. യൂറോപ്പ്; 2. ഇങ്ഗ്ലണ്ട് (വിലായത്ത്) |
| വിലാപനം | | നാ. | 1. വിലപനം; 2. അലിയിക്കൽ |

വിലാലം     നാ.   1. ബിഡാലം, പൂച്ച; 2. യന്ത്രം

വിലാവ്     നാ.   1. ശരീരത്തിന്‍െറ ഇടത്തും വലത്തും ഉള്ള ഭാഗം; 2. വശം

വിലാവെല്ല്     നാ.   വാരിയെല്ല്

വിലാസക     നാ.   കുയില്‍

വിലാസന്‍     നാ.   1. പാമ്പ്; 2. പൊത്തിലുള്ള ജന്തു

വിലാസനം     നാ.   1. വിലാസം; 2. ശൃങ്ഗാരലീല

വിലാസം1     നാ.   1. ഭങ്ഗി; 2. തിളക്കം; 3. നേരമ്പോക്ക്

വിലാസം2     നാ.   പാമ്പ്

വിലാസം3     നാ.   ഒരാളിനെ കണ്ടുപിടിക്കാനുപകരിക്കുന്ന വിവരങ്ങളടങ്ങിയ കുറിപ്പ്, മേല്‍വിലാസം

വിലാസമന്ദിരം     നാ.   ക്രീഡാഗൃഹം, കേളിമന്ദിരം

വിലാസവത്ത്     വി.   വിലാസത്തോടുകൂടിയ

വിലാസി     വി.   1. വിലാസത്തോടുകൂടിയ; 2. സുന്ദരമായ

വിലാസിക     നാ.   1. ഉപരൂപങ്ങളില്‍ ഒന്ന്; 2. സ്ത്രീ

വിലാസിനി     നാ.   1. സ്ത്രീ; 2. വ്യഭിചാരിണി

വിലാളം     നാ.   1. ബിഡാലം; 2. യന്ത്രം

വിലാഴി     നാ.   കുതിരയുടെ വായിലെ നുര

വിലിഖിത വി. ലേഖനംചെയ്യപ്പെട്ട

വിലിപ്ത വി. 1. പൂശപ്പെട്ട; 2. മലിനമാക്കപ്പെട്ട; 3. തീണ്ടപ്പെട്ട

വിലീന വി. 1. ലയിച്ച; 2. ഉരുകിയ

വിലുഞ്ചനം നാ. 1. കീറൽ; 2. ഉരിക്കൽ

വിലുണ്ഠനം നാ. 1. മൊഷണം; 2. കൊള്ള

വിലുപ്ത വി. 1. അപഹരിക്കപ്പെട്ട; 2. പറിച്ചെടുത്ത

വിലുമ്പകൻ നാ. 1. കള്ളൻ; 2. അപഹർത്താവ്

വിലുളിത വി. 1. ഇളക്കപ്പെട്ട; 2. ചഞ്ചലമായ

വിലുന വി. 1. ഛേദിക്കപ്പെട്ട; 2. നുറുക്കിയ

വിലേഖനം നാ. 1. തോണ്ടൽ; 2. കീറൽ; 3. വരയ്ക്കൽ

വിലേപനം നാ. 1. പൂശൽ; 2. കുറിക്കൂട്ട്

വിലേപം നാ. 1. പരിമളം; 2. കുറിക്കൂട്ട്

വിലേപി നാ. കഞ്ഞി

വിലേപിനി നാ. 1. കുറിക്കൂട്ട് അണിഞ്ഞവൾ; 2. കഞ്ഞി

വിലേയ വി. വിലയനം ചെയ്യത്തക്ക

വിലേശയ നാ. 'പൊത്തിൽ കഴിയുന്ന', 1. എലി; 2. പാമ്പ്; 3.

മുള്ളൻപന്നി

വിലോകനം നാ. 1. അവലോകനം; 2. കാഴ്ച; 3. നോട്ടം

| | | |
|---|---|---|
| വിലോകനീയ | വി. | 1. കാണാൻ ഭങ്ഗിയുള്ള; 2. ഭങ്ഗിയുള്ള |
| വിലോകിക്കുക | നാ. | 1. കാണുക; 2. നോക്കുക |
| വിലോകിതം | നാ. | 1. വിലോകനം ചെയ്യപ്പെട്ടത്; 2. നോട്ടം |
| വിലോക്യ | അവ്യ. | വിലോകനം ചെയ്തിട്ട് |
| വിലോചനം | നാ. | കണ്ണ് |
| വിലോഡനം | നാ. | 1. ഇളക്കൽ; 2. ഇളക്കം; 3. തറയിൽകിടന്നുരുളൽ |
| വിലോഡിത | വി. | 1. വിലോഡനം ചെയ്യപ്പെട്ടത്; 2. ഇളക്കപ്പെട്ട |
| വിലോഡിതം | നാ. | 1. മഥിക്കപ്പെട്ടത്; 2. മോര് |
| വിലോപനം | നാ. | 1. അപഹരണം; 2. ഛേദനം |
| വിലോപം | നാ. | 1. സംഹാരം; 2. നാശം; 3. നഷ്ടം |
| വിലോഭനം | നാ. | 1. പ്രലോഭിപ്പിക്കൽ; 2. സ്തുതി; 3. മുഖസ്തുതി |
| വിലോഭം | നാ. | 1. വശീകരിക്കൽ; 2. മോഹം |
| വിലോമ | വി. | 1. മറിച്ചുള്ള; 2. ക്രമത്തിനു വിപരീതമായ |
| വിലോമജിഹ്വം | നാ. | ആന |

1309

| | | |
|---|---|---|
| വിലോമൻ | നാ. | വരുണൻ |
| വിലോല | നാ. | 1. ആടുന്ന; 2. ഇളകുന്ന |

വിലോലനം നാ. ഇളക്കം

വിലോഹിതൻ നാ. 1. ശിവൻ; 2. ചെമന്ന നിറമുള്ളവൻ

വിലോളിതം നാ. 1. ചാഞ്ചാട്ടം; 2. ഇളക്കപ്പെട്ടത്

വില്ല നാ. 1. ആലവാലം; 2. ഓടൽ

വില്ലങ്കം നാ. 1. വില്ലുകൊണ്ടുള്ള അങ്കം; 2. മത്സരം

വില്ലങ്കക്കാരൻ നാ. 1. പ്രയാസപ്പെടുന്നവൻ; 2. വഴക്കാളി; 3. വ്യവഹാരപ്രിയൻ

വില്ലടിച്ചാൻപാട്ട് നാ. മണികെട്ടിയ വില്ലിൽ താളംപിടിച്ചു നടത്തുന്ന സങ്ഗീതപ്രധാനമായ ഒരു കലാപരിപാടി

വില്ലൻ1 നാ. 1. വില്ലാളി; 2. വേടൻ

വില്ലൻ2 [ഇം.] നാ. ദുഷ്ടൻ, ദുഷ്ടകഥാപാത്രം

വില്ലൻചുമ നാ. 1. കൊക്കിക്കുര; 2. വില്ലിച്ചുമ (ചുമയ്ക്കുമ്പോൾ വില്ലുപോലെ വളയുന്നതിനാൽ); 3. മുപ്പിറച്ചുമ

വില്ലാളൻ നാ. 1. വില്ലാളി; 2. എറികാരൻ

വില്ലി നാ. 1. വില്ലാളി; 2. വേടൻ; 3. വീരഭദ്രൻ; 4. കാമദേവൻ

വില്ലിക്കുക ക്രി. 1. വില്ലുപോലെ വളയുക; 2. ലഹരിപിടിക്കുക

വില്ലിച്ചുമ നാ. 1. മുപ്പിറച്ചുമ; 2. കൊക്കിക്കുര

വില്ലിട നാ. 1. വിൽപ്പാട്; 2. ഒരു സ്വർണനാണ്യം

വില്ലിസ്   [പോർ]   നാ.   സൂര്യപടം

വില്ല്   നാ.   1. ഒരു ദണ്ഡത്തിൻെറ രണ്ടറ്റവും ഒരു ചരടുകൊണ്ട് വലിച്ചുകെട്ടിയിട്ടുള്ള ഒരുതരം ആയുധം; 2. മഴവില്ല്

വില്ലുത്   നാ.   വില്ലീസ്

വില്ലേർ   നാ.   ശരപ്രയോഗം

വില്ലൊലി   നാ.   ഞാൺ വലിക്കുമ്പോഴുള്ള ശബ്ദം

വില്വം   നാ.   കൂവളം

വില്വമങ്ഗലത്തുസ്വാമിയാർ   നാ.   ഒരു ഭക്തകവി, ലിലാശുകൻ

വില്വാദ്രി   നാ.   ഒരു മല, തിരുവില്വാമല

വില്വി   നാ.   കറിക്കായം

വിവക്ഷ   നാ.   1. പറയാനുള്ള ആഗ്രഹം; 2. ആഗ്രഹം

വിവക്ഷിക്കുക   ക്രി.   1. പറയാൻ ഇച്ഛരിക്കുക; 2. ഉദ്ദേശിക്കുക

വിവക്ഷിത   വി.   വിവക്ഷിക്കപ്പെട്ട

വിവക്ഷിതം   നാ.   1. പറയാൻ ഉദ്ദേശിച്ചത്; 2. ആഗ്രഹിച്ചകാര്യം

വിവക്ഷു   വി.   1. വിവക്ഷയോടുകൂടിയ; 2. പറയാനിച്ഛരിക്കുന്ന

വിവഞ്ചിഷു   വി.   വഞ്ചിക്കാനിച്ഛരിക്കുന്ന

വിവത്സ   വി.   1. സന്താനമില്ലാത്ത; 2. കുട്ടി നഷ്ടപ്പെട്ട; 3. ദുഃഖമുള്ള

വിവദനം   നാ.   വിവദിക്കൽ

വിവദിക്കുക ക്രി. 1. തർക്കിക്കുക; 2. എതിർത്തു പറയുക

വിവധം നാ. 1. കാവ്; 2. പെരുവഴി; 3. ധാന്യം ശേഖരിക്കൽ

വിവധികൻ നാ. 1. സാധനങ്ങൾ കൊണ്ടുനടന്നു വിൽക്കുന്നവൻ; 2. ചുമട്ടുകാരൻ

വിവന്ദിഷു നാ. വന്ദിക്കാൻ ഇച്ഛരിക്കുന്നവൻ

വിവമിഷ നാ. ഛർദിക്കനുള്ള ഇച്ഛര

വിവർജിക്കുക ക്രി. 1. ഉപേക്ഷിക്കുക; 2. ഒഴിച്ചുവിടുക

വിവർണ വി. 1. നിറഭേദം വന്ന; 2. നിറം പോരാത്ത

വിവർണത നാ. വിവർണമായ അവസ്ഥ

വിവർത്തനകീലം നാ. തിരുകുറ്റി

വിവർത്തനം നാ. 1. പ്രദക്ഷിണം; 2. കറക്കം. വിവർത്തനംചെയ്യുക = തർജുമചെയ്യുക

വിവർത്തം നാ. 1. രൂപഭേദം; 2. ഭ്രമണം

വിവർത്തവാദം നാ. പരിണാമവാദം

വിവർത്തിത വി. വിവർത്തനംചെയ്യപ്പെട്ട

വിവർധിത വി. നല്ലപോലെ വർധിച്ച; 2. ഛേദിച്ച

വിവരണം നാ. 1. വിസ്തരിച്ചുപറയൽ; 2. വ്യാഖ്യാനം

വിവരപ്പെടുത്തുക ക്രി. 1. വിസ്തരിച്ചു പറയുക; 2. വ്യാഖ്യാനിക്കുക

വിവരം നാ. 1. ദ്വാരം; 2. വാർത്ത; 3. വിസ്താരം; 4. അറിവ്

വിവരിക്കുക ക്രി. 1. വിസ്തരിച്ചുപറയുക; 2. വെളിപ്പെടുത്തുക

വിവലിത വി. തിരിക്കപ്പെട്ട

വിവശ വി. 1. പരവശതയുള്ള; 2. സുഖക്കേടുള്ള; 3.

സ്വാധീനമില്ലാത്ത

വിവശത നാ. 1. പരവശത; 2. സുഖക്കേട്

വിവശീഭാവം നാ. വിവശത

വിവസന വി. നഗ്നമായ

വിവസിക്കുക ക്രി. അന്യദിക്കിൽ പാർക്കുക

വിവസ്ത്ര വി. 1. വസ്ത്രരഹിതമായ; 2. നഗ്നമായ

വിവസ്വതി നാ. 1. സ്വർഗം; 2. സൂര്യപുരി

വിവസ്വാൻ നാ. 1. സൂര്യൻ; 2. ദേവൻ

വിവഹൻ നാ. 1. അഗ്നിയുടെ സപ്തജിഹ്വകളിൽ ഒന്ന്; 2.

സപ്തമരുത്തുക്കളിൽ ഒന്ന്

വിവാകൻ നാ. ന്യായാധിപതി

വിവാചകൻ നാ. ന്യായാധിപതി, മധ്യസ്ഥൻ

വിവാദം നാ. വിവാദിക്കൽ, തർക്കം, വാദപ്രതിവാദം

വിവാദി നാ. 1. തർക്കക്കാരൻ; 2. വ്യവഹാരത്തിലെ കക്ഷി

| | | |
|---|---|---|
| വിവാദിക്കുക | ക്രി. | 1. വ്യവഹരിക്കുക; 2. തർക്കിക്കുക |
| വിവാരം | നാ. | 1. വിരിവ്; 2. വിടവ് |
| വിവാസനം | നാ. | 1. നാടുകടത്തൽ; 2. നാടുകടത്തേണ്ട |
| വിവാസം | നാ. | 1. നാടുവിട്ടുപോകൽ; 2. നാടുകടത്തൽ |
| വിവാസിത | വി. | നാടുകടത്തപ്പെട്ട |
| വിവാസ്യ | വി. | 1. നാടുകടത്തത്തക്ക; 2. നാടുകടത്തേണ്ട |
| വിവാഹദീക്ഷ | നാ. | വിവാഹകർമം |
| വിവാഹബന്ധം | നാ. | വിവാഹംകൊണ്ട് ഉണ്ടാകുന്ന ബന്ധം |
| വിവാഹം | നാ. | സ്ത്രീയും പുരുഷനും ദമ്പതികളായിത്തീരുന്ന കർമം |
| വിവാഹിത | വി. | വിവാഹം കഴിച്ച |
| വിവാഹ്യം | വി. | വിവാഹം കഴിപ്പിക്കേണ്ട |
| വിവിക്ത | വി. | 1. വേർപിരിക്കത്തക്ക; 2. അകറ്റിനിർത്തപ്പെട്ട |
| വിവിക്തം | നാ. | 1. ഒഴിഞ്ഞസ്ഥലം; 2. ഏകാന്തം |
| വിവിഗ്ന | നാ. | 1. ക്ഷോഭിച്ച; 2. പരിഭ്രാന്തമായ |
| വിവിത്സ | നാ. | അറിയാനുള്ള ഇച്ഛ |
| വിവിധ | വി. | 1. പലതരത്തിലുള്ള; 2. വിഭിന്നങ്ങളായ |
| വിവധത | നാ. | വൈവിധ്യം |

| | | |
|---|---|---|
| വിവീതം | നാ. | അടച്ചുകെട്ടിയ മേച്ചിൽ സ്ഥലം |
| വിവൃത | വി. | 1. ആവരണമില്ലാത്ത; 2. മറയ്ക്കപ്പെടാത്ത |
| വിവൃതം | നാ. | 1. തുറന്നത്; 2. വിടർത്തപ്പെട്ടത് |
| വിവൃതി | നാ. | 1. പ്രകടമാക്കൽ; 2. വിശദീകരണം |
| വിവൃതോകാരം | നാ. | തുറന്ന് ഉച്ചരിക്കപ്പെടുന്ന ഉകാരം, നിറയുകാരം |
| വിവൃതോച്ചാരണം | നാ. | വായുപ്രവാഹമാർഗം പരമാവധി തുറന്നുള്ള ഉച്ചാരണം |
| വിവൃത്ത | വി. | 1. ചുഴറ്റപ്പെട്ട; 2. കറങ്ങുന്ന; 3. ചുറ്റപ്പെട്ട |
| വിവൃത്തി | നാ. | 1. ഭ്രമണം; 2. തുറക്കൽ; 3. വികാസം |
| വിവൃദ്ധ | വി. | 1. വളർച്ചപ്രാപിച്ച; 2. പൂർണവികാസം പ്രാപിച്ച |
| വിവേകം | നാ. | 1. തിരിച്ചറിവ്; 2. വിവേചിച്ചറിയൽ |
| വിവേകാനന്ദൻ | നാ. | ലോകപ്രശസ്തനായ ഒരു ഭാരതീയ സന്യാസി, ശ്രീരാമകൃഷ്ണപരമഹംസൻെറ ശിഷ്യൻ |
| വിവേകി | നാ. | വിവേകം ഉള്ളവൻ |
| വിവേകിത | നാ. | വിവേകിയുടെ ഭാവം |
| വിവേചക | വി. | 1. വേർതിരിച്ചറിയുന്ന; 2. തിരിച്ചറിയുന്ന |
| വിവേചകസർവനാമം | നാ. | (വ്യാക) വേർതിരിച്ചുകാട്ടുന്ന സർവനാമം |
| വിവേചനം | നാ. | 1. വേർതിരിക്കൽ; 2. വേർതിരിച്ചറിയൽ |
| വിവേചനീയ | വി. | 1. വേർതിരിച്ചറിയത്തക്ക; 2. വേർതിരിച്ചറിയേണ്ട |

വിവേചിക്കുക ക്രി. 1. തിരിച്ചറിയുക; 2. തരം തിരിക്കുക; 3. വ്യത്യാസത്തോടുകൂടി തരം തിരിക്കുക

വിവോഢാവ് നാ. വരൻ, മണവാളൻ

വിവ്വോകം നാ. നായികയുടെ ശൃങ്ഗാരജന്യമായ ചേഷ്ടാവിശേഷം = (ബിബ്ബോകം)

വിശ1 നാ. 1. വർഗം; 2. ജനത

വിശ2 നാ. 1. എലിക്കെണി; 2. മുളന്തടി

വിശകണ്ഠ നാ. വെള്ളിൽപ്പക്ഷി

വിശകലനം നാ. 1. പലഖണ്ഡങ്ങളായോ അംശങ്ങളായോ വേർതിരിക്കൽ; 2. നുറുക്കൽ

വിശക്കുക ക്രി. 1. ഭക്ഷണം കഴിക്കണമെന്നു തോന്നുക; 2. ആഹാരം ഉള്ളിൽ ഇല്ലാത്തതുകൊണ്ട് ആമാശയത്തിൽ അസ്വസ്ഥത അനുഭവപ്പെടുക

വിശങ്ക വി. ശങ്കയില്ലാത്ത

വിശങ്കട വി. വളരെ വലിയ; 2. ശക്തിയുള്ള

വിശങ്കം അവ്യ. സംശയംകൂടാതെ

വിശങ്കിത വി. ശങ്കിക്കപ്പെട്ട

വിശദ വി. 1. വ്യക്തമായ; 2. നിർമലമായ

വിശദീകരണം നാ. 1. വിശദമാക്കൽ; 2. വെളിവാക്കൽ

വിശപ്പ്	നാ.	1. ഭക്ഷണം കഴിക്കാന്തോന്നൽ; 2. ആഹാരം ഉള്ളിൽ ഇല്ലാത്തതുകൊണ്ട് ആമാശയത്തിലുണ്ടാകുന്ന അസ്വസ്ഥത

വിശം	നാ.	1. താമരവളയം; 2. വിഷം

വിശയം	നാ.	1. സംശയം; 2. ശരണം

വിശർക്കുക	ക്രി.	വിയർക്കുക

വിശരണ	വി.	ആശ്രയമില്ലാത്ത

വിശരണം	നാ.	1. പിളർക്കൽ; 2. നാശം; 3. വധം

വിശല്യ	വി.	1. ശല്യമില്ലാത്ത; 2. മുള്ളില്ലാത്ത; 3. പ്രയാസമില്ലാത്ത

വിശല്യകരണി	നാ.	മുറിവിൽനിന്നു അമ്പിൻമുനയോ മുള്ളോ വലിച്ചെടുക്കാൻ ഉപകരിക്കുന്ന ഔഷധം

വിശസനം	നാ.	1. കൊല; 2. കഠിന ദുഃഖം

വിശസ്ത്ര	വി.	ആയുധമില്ലാത്ത; 2. അരക്ഷിതമായ

വിശറി	നാ.	വീശാനുള്ള ഉപകരണം

വിശറുക	ക്രി.	1. വീശുക; 2. ചുഴറ്റുക; 3. ചിറകടിക്കുക; 4. വെളിവാക്കുക

വിശാഖ	വി.	കൊമ്പില്ലാത്ത

വിശാഖദത്തൻ	നാ.	മുദ്രാരാക്ഷസം എന്ന സംസ്കൃതനാടകത്തിന്റെ കർത്താവ്

വിശാഖൻ നാ. 1. സുബ്രഹ്മണ്യൻ; 2. അപേക്ഷകൻ

വിശാഖം നാ. 1. പതിനാറാമത്തെ നക്ഷത്രം; 2. റാട്ടുസൂചി

വിശായം നാ. തവണവച്ച് ഉറങ്ങൽ

വിശാരണം നാ. 1. പിളർക്കൽ; 2. വധം

വിശാരദ വി. 1. മിടുക്കുള്ള; 2. വിദ്യയുള്ള; 3. ധൈര്യമുള്ള

വിശാരദം നാ. 1. വിശിഷ്ടമായ ശരത്കാലത്തു സംഭവിക്കുന്നത്, ഇലഞ്ഞി; 2. സമർഥം

വിശാല നാ. 1. വിസ്താരമുള്ള; 2. വലിയ; 3. സമൃദ്ധമായ; 4. പ്രസിദ്ധമായ

വിശാലത നാ. 1. വിസ്താരം; 2. വീതി; 3. വലുപ്പം

വിശാലം നാ. വിസ്തൃതമായത്

വിശാലാക്ഷൻ നാ. 1. ശിവൻ; 2. ഗരുഡൻ; 3. സുന്ദരൻ

വിശാലാക്ഷി നാ. ശ്രീപാർവതി; 2. സുന്ദരി

വിശിഖ വി. 1. മുടിയില്ലാത്ത; 2. മുനയില്ലാത്ത

വിശിഖൻ നാ. അമ്പോടുകൂടിയവൻ

വിശിഖം നാ. 1. അമ്പ്; 2. ഇരിമ്പുപാര; 3. അമ്പൊട്ടൽ

വിശിഞ്ജാന വി. നാദം ഉണ്ടാക്കുന്ന

വിശിത വി. മൂർച്ചയുള്ള

വിശിനി നാ. ബിസിനി

വിശിപം നാ. 1. അമ്പലം; 2. ഗൃഹം; 3. കൊട്ടാരം

വിശിഷ്ട വി. 1. വിശേഷപ്പെട്ട; 2. മേന്മയുള്ള; 3. വിഭിന്നമായ

വിശിഷ്ടത നാ. മേന്മ, മികവ്

വിശിഷ്ടൻ നാ. 1. മികച്ചവൻ; 2. വിഷ്ണു

വിശിഷ്ടാദ്വൈതം നാ. രാമാനുജാചാര്യർ ആവിഷ്കരിച്ച ഒരു ദർശനം

വിശിഷ്യ അവ്യ. വിശേഷിച്ച്

വിശീർണ വി. 1. ചിതറപ്പെട്ട; 2. പൊടിക്കപ്പെട്ട

വിശീർണമൂർത്തി നാ. കാമദേവൻ

1311

വിശീര്യമാണ വി. ഉണങ്ങിവരുന്ന

വിശീല വി. ദുശ്ശീലമുള്ള

വിശുദ്ധ വി. 1. ശുദ്ധമായ; 2. വെടിപ്പുള്ള

വിശുദ്ധഗ്രന്ഥം നാ. വേദഗ്രന്ഥം

വിശുദ്ധഭൂമി നാ. 1. വിശുദ്ധമായ; 2. പാലസ്തീൻ, ക്രിസ്തുവിന്റെ ജന്മഭൂമി

വിശുദ്ധം നാ. 1. ശുദ്ധിയുള്ളത്; 2. പാവനമായത്

വിശുദ്ധവാരം നാ. (ക്രിസ്തു) ക്രിസ്തുവിന്റെ പീഡാനുഭവത്തിന്റെ ഓർമ കൊണ്ടാടുന്ന ആഴ്ച, ഹാശാ ആഴ്ച

വിശുദ്ധി നാ. 1. പൂർണശുദ്ധി; 2. കളങ്കമില്ലായ്മ; 3. ബന്ധമോചനം

വിശൃങ്ഖല വി. 1. ചങ്ങലയില്ലാത്ത; 2. വിലയ്ക്കുവാങ്ങാത്ത; 3. തടവുകൂടാത്ത

വിശേഷ വി. 1. പ്രത്യേകമായ; 2. സമൃദ്ധമായ

വിശേഷകം നാ. 1. ലക്ഷണം; 2. തൊടുകുറി; 3. ഒരുമിച്ച് അന്വയിക്കേണ്ട മൂന്നു ശ്ലോകങ്ങൾ

വിശേഷജ്ഞ വി. 1. വ്യത്യാസങ്ങളെ അറിയുന്ന; 2. ഗുണദോഷജ്ഞനായ

വിശേഷണ വി. 1. വിശേഷിപ്പിക്കുന്ന; 2. വിശേഷം അറിയിക്കുന്ന

വിശേഷണം നാ. 1. വിശേഷിപ്പിക്കുന്ന പദം; 2. ഭേദകം

വിശേഷണീയ വി. വിശേഷിപ്പിക്കത്തക്ക

വിശേഷതഃ അവ്യ. 1. വിശേഷാത്; 2. അധികമായി

വിശേഷപരിവൃത്തം നാ. ഒരു കാവ്യദോഷം

വിശേഷം നാ. 1. വ്യവച്ഛേദകധർമം; 2. വ്യത്യാസം; 3. അവയവം

വിശേഷവിത്ത് നാ. വിശേഷജ്ഞൻ

വിശേഷവിധി നാ. പ്രത്യേകമായുള്ളത്

വിശേഷാത്ത് അവ്യ. 1. വിശേഷിച്ച്; 2. മുഖ്യമായി; 3. കൂടുതലായി

വിശേഷിക്കുക ക്രി. 1. നന്മവരിക; 2. വ്യത്യാസപ്പെടുക; 3. അതിശയിക്കുക

വിശേഷിത വി. 1. വിശേഷിപ്പിക്കപ്പെട്ട; 2. വിശിഷ്ടത

വിശേഷിപ്പിക്കുക ക്രി. 1. അർഥഭേദം വരുത്തുക; 2. വേർതിരിക്കുക

വിശേഷോക്തി നാ. ഒരു അലങ്കാരം

വിശേഷ്യ വി. വിശേഷിപ്പിക്കത്തക്ക

വിശേഷ്യം നാ. (വ്യാക) വിശേഷിപ്പിക്കപ്പെടുന്ന പദം

വിശോകം1 അവ്യ. ദുഃഖമില്ലാതെ

വിശോകം2 നാ. 1. അശോകമരം; 2. കോഴി

വിശോധന നാ. 1. ശുദ്ധീകരണം; 2. ഇല്ലാതാക്കൽ; 3. പാപവിമോചനം

വിശോധിത വി. 1. ശുദ്ധീകരിക്കപ്പെട്ട; 2. തെറ്റുതിരുത്തിയ

വിശോധ്യ വി. 1. ശോധനചെയ്യത്തക്ക; 2. കുറയ്ക്കേണ്ട; 3. കൊടുത്തു

തീർക്കേണ്ടതായ

വിശോഷണം നാ. 1. വരട്ടൽ; 2. ഉണക്കൽ

വിശ്നം നാ. 1. പ്രകാശം; 2. ദീപ്തി; 3. ഗതി

വിശ്ര നാ. 1. മാംസം; 2. ശോഭ; 3. പ്രകാശം

വിശ്രംഭം നാ. 1. വിശ്വാസം; 2. സ്നേഹം; 3. കുശലപ്രശ്നം; 4.

ആശ്ലേഷം

വിശ്രമം നാ. 1. ക്ഷീണംതീർക്കൽ; 2. ആശ്വാസം; 3. വിരാമം

| | | |
|---|---|---|
| വിശ്രമിക്കുക | ക്രി. | 1. ആശ്വസിക്കുക; 2. ക്ഷീണം മാറ്റുക |
| വിശ്രയം | നാ. | 1. അഭയം; 2. ശരണം |
| വിശ്രവണം | നാ. | കേൾവി |
| വിശ്രവസ്സ് | നാ. | 1. രാവണൻെറ പിതാവ്; 2. ചെവിയില്ലാത്തവൻ |
| വിശ്രാണനം | നാ. | ദാനം |
| വിശ്രാണിക്കുക | ക്രി. | നൽകുക, കൊടുക്കുക |
| വിശ്രാന്ത | വി. | 1. വിശ്രമിച്ച; 2. വിരമിച്ച; 3. ക്ഷീണം മാറ്റിയ |
| വിശ്രാമം | നാ. | 1. വിശ്രമം; 2. വിരാമം |
| വിശ്രാവം | നാ. | 1. ഒഴുക്ക്; 2. വിരാമം; 3. ആശ്വാസം |
| വിശ്രീ | വി. | ശ്രീയില്ലാത്ത |
| വിശ്രുത | വി. | 1. കേൾവിപ്പെട്ട; 2. ഒഴുകുന്ന |
| വിശ്രുതം | നാ. | 1. പ്രസിദ്ധം; 2. കേൾവികേട്ടത് |
| വിശ്രുതി | നാ. | 1. പ്രസിദ്ധി; 2. കേൾവി; 3. കീർത്തി |
| വിശ്ലഥ | വി. | 1. അയഞ്ഞ; 2. ക്ഷീണിച്ച |
| വിശ്ലിഷ്ട | വി. | 1. വിശ്ലേഷം ഭവിച്ച; 2. വേർപെട്ട |
| വിശ്ലേഷണം | വി. | വേർപെടുത്തൽ |
| വിശ്ലേഷം | നാ. | 1. വേർപാട്; 2. യോജിപ്പില്ലായ്മ; 3. വിടവ് |

വിശ്ലേഷിത വി. വേർപെടുത്തപ്പെട്ട

വിശ്വ വി. 1. മുഴുവനായ; 2. ഒട്ടൊഴിയാതെയുള്ള

വിശ്വകദ്രു വി. 1. നീചനായ; 2. ദുഷ്ടതയുള്ള

വിശ്വകം നാ. ജന്തുസമൂഹം

വിശ്വകർത്താവ് നാ. ബ്രഹ്മാവ്

വിശ്വകർത്രി നാ. പ്രപഞ്ചമാതാവ്

വിശ്വകർമജ നാ. 'വിശ്വകർമാവിൻെറ മകൾ', സംജ്ഞ, സൂര്യപത്നി

വിശ്വകർമർ നാ. ആശാരിമാർ

വിശ്വകർമാവ് നാ. 1. ദേവന്മാരുടെ ശില്പി; 2. സൂര്യൻ

വിശ്വക്സേനൻ നാ. വിഷ്വക്സേനൻ

വിശ്വഗന്ധ നാ. ഭൂമി

വിശ്വഗോപ്താവ് നാ. 1. വിഷ്ണു; 2. ഇന്ദ്രൻ

വിശ്വഗ്രാസം നാ. സർവവും ഗ്രസിക്കൽ

വിശ്വങ്കരം നാ. കണ്ണ്

വിശ്വജനീന വി. 1. എല്ലാപേർക്കും ഒരുപോലെയുള്ള; 2. സകലരെയും സംബന്ധിച്ച

വിശ്വജിത്ത് വി. ലോകം ജയിക്കുന്ന. നാ. 1. വിഷ്ണു; 2. ലോകം മുഴുവൻ ജയിച്ചവൻ

വിശ്വതഃ	അവ്യ. 1. സർവത്ര; 2. നാലുപാടും

വിശ്വതോമുഖ	വി.	എല്ലാവശവും മുഖമുള്ള

വിശ്വദേവകൾ	നാ.	(ബ.വ.) 1. ദേവന്മാരിൽ ഒരു വർഗം; 2. ദശഗണദേവതമാർ

വിശ്വധാരിണി	നാ.	ഭൂമി

വിശ്വൻ	നാ.	1. മൂന്നുവിധമുള്ള ആത്മാക്കളിൽ ഒന്ന്; 2. വിഷ്ണു; 3. പൗരൻ

വിശ്വനാഥൻ	നാ.	1. ശിവൻ; 2. സാഹിത്യദർപ്പണം എന്ന ഗ്രന്ഥത്തിന്റെ കർത്താവ്

വിശ്വനായകൻ	നാ.	1. വിഷ്ണു; 2. ശിവൻ

വിശ്വന്മാർ	നാ.	(ബ.വ.) വിശ്വദേവന്മാർ

വിശ്വപതി	നാ.	വിശ്വനാഥൻ

വിശ്വപാലകൻ	നാ.	1. ഈശ്വരൻ; 2. സൂര്യൻ

വിശ്വഭാവനൻ	നാ.	വിഷ്ണു

വിശ്വഭുജൻ	നാ.	1. ഇന്ദ്രൻ; 2. സകലതും അനുഭവിക്കുന്നവൻ

വിശ്വഭേഷജം	നാ.	1. ചുക്ക്; 2. സർവരോഗസംഹാരി

വിശ്വം	നാ.	1. ലോകം; 2. അശേഷം; 3. ചുക്ക്

വിശ്വമൂർത്തി	നാ.	ശിവൻ

വിശ്വമോഹനം നാ. 1. സർവത്തെയും മോഹിപ്പിക്കുന്നത്; 2. പതിനെട്ടടവുകളിൽ ഒന്ന്

വിശ്വംഭര വി. പ്രപഞ്ചത്തെ ഭരിക്കുന്ന

വിശ്വംഭരൻ നാ. 1. വിഷ്ണു; 2. ശിവൻ; 3. ഇന്ദ്രൻ

വിശ്വയു നാ. വായു

വിശ്വയോനി നാ. 1. ബ്രഹ്മാവ്; 2. വിഷ്ണു

വിശ്വർക്ഷം നാ. ഉത്രാടം നക്ഷത്രം

വിശ്വരാട്ട് നാ. ലോകസാമ്രാട്ട്

വിശ്വരൂപകം നാ. കാരകിൽ

വിശ്വരൂപൻ നാ. 1. ശിവൻ; 2. വിഷ്ണു

വിശ്വരേതസ്സ് നാ. ബ്രഹ്മാവ്

വിശ്വവിജ്ഞാനകോശം നാ. സമസ്തവിജ്ഞാന ശാഖകളേയും കുറിച്ചുള്ള സങ്ക്ഷിപ്തവിവരങ്ങൾ അടങ്ങുന്ന നിഘണ്ടു

വിശ്വവിദ്യാലയം നാ. സർവകലാശാല

വിശ്വവിധാത്രി നാ. പ്രകൃതി

വിശ്വവേദസ്സ് നാ. സർവജ്ഞൻ, ഋഷി

വിശ്വവ്യാപി നാ. ഈശ്വരൻ

വിശ്വസനം നാ. വിശ്വാസം, വിശ്വസിക്കൽ

വിശ്വസനീയ വി. വിശ്വസിക്കത്തക്ക

വിശ്വസഹ നാ. 1. ഭൂമി; 2. അഗ്നിയുടെ സപ്തജ്വാലകളിൽ ഒന്ന്

വിശ്വസാക്ഷി നാ. ഈശ്വരൻ

വിശ്വസിക്കുക ക്രി. 1. ഉറപ്പാകുക, സംശയംകൂടാതെ കരുതുക; 2. അന്യരിൽ വിശ്വാസം അർപ്പിക്കുക; 3. ബോധ്യമാവുക

വിശ്വസൃക്ക് നാ. ബ്രഹ്മാവ്

വിശ്വസ്ത വി. വിശ്വസിക്കപ്പെട്ട, വിശ്വാസമുള്ള

വിശ്വസ്ഥ നാ. വിശ്വത്തിൽ സ്ഥിതിചെയ്യുന്ന

വിശ്വാടനം നാ. ലോകസഞ്ചാരം

വിശ്വാതിശായി വി. 1. സർവത്തെയും അതിശയിക്കുന്ന; 2. സർവോത്തമമായ

വിശ്വാതീതൻ നാ. ഈശ്വരൻ

വിശ്വാത്മാവ് നാ. 1. ഈശ്വരൻ; 2. ബ്രഹ്മാവ്

വിശ്വാനരൻ നാ. സവിതാവ്, സൂര്യൻ

വിശ്വാമിത്രൻ നാ. ഒരു മഹർഷി, കൗശികൻ

വിശ്വാമിത്രസൃഷ്ടി നാ. 1. ബ്രഹ്മാവിൻെറ സൃഷ്ടിക്കെതിരായി വിശ്വാമിത്രൻ ചെയ്ത സൃഷ്ടി, ത്രിശങ്കുസ്വർഗം

വിശ്വാസകാരി വി. വിശ്വാസം ജനിപ്പിക്കുന്ന

വിശ്വാസഘാതകൻ	നാ.	വിശ്വസിച്ചവനെ ചതിക്കുന്നവൻ

വിശ്വാസനം	നാ.	വിശ്വസിപ്പിക്കൽ

വിശ്വാസപാതകം	നാ.	വിശ്വാസവഞ്ചന

വിശ്വാസപാത്രം	നാ.	വിശ്വാസത്തിന് ഇരിപ്പിടം

വിശ്വാസഭങ്ഗം	വി.	1. വിശ്വാസമില്ലാതാക്കൽ; 2. വിശ്വാസം നശിക്കൽ

വിശ്വാസഭാജനം	നാ.	1. വിശ്വാസത്തിനു പാത്രമായ ആളോ വസ്തുവോ; 2. ഭൂമി

വിശ്വാസം	നാ.	1. രക്ഷിക്കുകയും മറ്റും ചെയ്യുമെന്നുള്ള നിശ്ചയം; 2. കൂറ്

വിശ്വാസയോഗ്യം	വി.	വിശ്വസിക്കത്തക്കത്

വിശ്വാസവഞ്ചനം	നാ.	വിശ്വസിച്ചിരിക്കുന്ന ആളെ വഞ്ചിക്കൽ

വിശ്വാസി	നാ.	1. വിശ്വാസമുള്ളവൻ; 2. നായ്

വിശ്വാസ്യ	വി.	വിശ്വാസയോഗ്യമായ

വിശ്വേശൻ	നാ.	1. ശിവൻ; 2 സർവേശ്വരൻ

വിശ്വൈകനാഥൻ	നാ.	വിശ്വത്തിനു ഏകനാഥനായുള്ളവൻ

വിശ്വൗഷധം	നാ.	ചുക്ക്

വിഷ	നാ.	1. പുരീഷം; 2. ധാരണാശക്തി

വിഷകണ്ഠൻ	നാ.	ശിവൻ

വിഷകന്യ നാ. 1. ഭർത്തൃനാശം ഭവിക്കണമെന്നു യോഗമുള്ളവൾ; 2. സ്വന്തം ശരീരത്തിൽ പ്രയോഗിക്കുന്ന വിഷം മൂലം ബന്ധപ്പെടുന്ന പുരുഷനെ കൊല്ലുന്നവൾ

വിഷകൃമി നാ. വിഷത്തിലുണ്ടാകുന്ന കൃമി

വിഷക്കല്ല് നാ. 1. വിഷം തിരിച്ചറിയാനുള്ള ഒരു കല്ല്; 2. വിഷത്തെ വലിച്ചെടുക്കുന്ന കല്ല്

വിഷക്ത വി. വളരെയടുത്തു സ്ത്തിതിചെയ്യുന്ന; 2. ദൃഢമായി പറ്റിയിരിക്കുന്ന

വിഷഘ്ന നാ. 'വിഷത്തെ നശിപ്പിക്കുന്നത്', ചിറ്റമൃത്

വിഷഘ്നടിക നാ. വിഷനാഴിക

വിഷഘ്ന വി. വിഷത്തെ നശിപ്പിക്കുന്ന

വിഷഘ്നം നാ. 1. വിഷഹരമായ വസ്തു; 2. നീലക്കടമ്പ്; 3. വെൺകൊടിത്തൂവ; 4. താന്നി

വിഷഘ്നി നാ. 1. മഞ്ഞൾ; 2. കാട്ടുവെള്ളരി

വിഷജ്വരം നാ. 1. ഒരുതരം പനി; 2. പോത്ത്

വിഷണ്ഡം നാ. താമരവളയം

വിഷണ്ണ വി. 1. വിഷാദിച്ച; 2. വ്യസനിച്ച

വിഷദ വി. 1. വിഷം കൊടുക്കുന്ന; 2. വെള്ളം കൊടുക്കുന്ന

വിഷദം നാ. 1. മേഘം; 2. തുരിശ്

വിഷദംഷ്ട്രം നാ. പാമ്പിൻെറ വിഷപ്പല്ല്

വിഷദർശനമൃത്യു നാ. 'വിഷം കാണുമ്പോൾത്തന്നെ ചാകുന്നത്', ചകോരം

വിഷദ്രുമം നാ. 1. വിഷവൃക്ഷം; 2. കാഞ്ഞിരം

വിഷധർമ നാ. ചെങ്കൊടിത്തൂവ

വിഷധര വി. വിഷമുള്ള

വിഷധരൻ നാ. 1. ശിവൻ; 2. പാമ്പ്

വിഷധരം നാ. സർപ്പം

വിഷധ്വംസി നാ. പെരുമുത്തങ്ങ

വിഷനാഭി നാ. വത്സനാഭി

വിഷനാഴിക നാ. ഓരോനക്ഷത്രത്തിലും അശുഭവേളയായിട്ടുള്ള നന്നാലുനാഴിക

വിഷനീർ നാ. 1. വിഷം കലർന്ന ജലം; 2. വർഷകാലം കഴിഞ്ഞാൽ ഉടനെയുള്ള കടൽ വെള്ളം

1313

വിഷപ്പല്ല് നാ. കടിക്കുന്നവരിൽ വിഷമേൽപ്പിക്കുവാൻ പാമ്പ് ഉപയോഗിക്കുന്ന പല്ല്

വിഷഭയം നാ. 1. വിഷത്തോടുള്ള ഭയം; 2. വിഷംകൊണ്ടുണ്ടാകുന്ന ഭയം; 3. പാമ്പുകടി

വിഷഭീരുകം നാ. ചകോരം

വിഷം നാ. 1. മനുഷ്യൻെറയോ മറ്റു ജീവികളുടെയോ മരണത്തിനു ഹേതുവാകുന്ന പദാർഥം; 2. കടുത്ത പക

വിഷമ വി. 1. സമമല്ലാത്ത; 2. പരുപരുത്ത; 3. വളഞ്ഞ

വിഷമം നാ. 1. നിരപ്പില്ലായ്മ; 2. അസാധാരണത്വം; 3. ദുർഘടസ്ഥിതി

വിഷമകർണം നാ. 1. സമകോണത്രികോണത്തിൻെറ കർണം; 2. വിഷമചതുഷ്കോണം

വിഷമചതുരശ്രം നാ. സമാന്തരമല്ലാത്ത ഭുജങ്ങളുള്ള ചതുർഭുജം

വിഷമച്ഛദം നാ. ഏഴിലമ്പാല

വിഷമജ്വരം നാ. ഇടവിട്ടുവരുന്ന ഒരുതരം പനി

വിഷമത്രികോണം നാ. വെവ്വേറെ അളവുകളുള്ള മൂലകളോടുകൂടിയ മുക്കോണം

വിഷമനയനൻ നാ. വിഷമലോചനൻ, ശിവൻ

വിഷമൻ നാ. വിഷ്ണു

വിഷമന്ത്രം നാ. വിഷം ഇറക്കുന്നതിനുള്ള മന്ത്രം

വിഷമബാണൻ നാ. അസമശരൻ, കാമദേവൻ

വിഷമഭിന്നം നാ. ഛേദത്തെക്കാൾ വലിയ അംശത്തോടുകൂടിയ ഭിന്ന സങ്ഖ്യ

വിഷമലോചനൻ നാ. ശിവൻ

വിഷമവൃത്തം നാ. 1. നാലുപാദങ്ങൾക്കും വെവ്വേറെ ലക്ഷണമുള്ള വൃത്തം; 2. ദുർഘടസ്ഥിതി

വിഷമശരൻ നാ. വിഷമബാണൻ, കാമദേവൻ

വിഷമാക്ഷൻ നാ. വിഷമലോചനൻ, ശിവൻ

വിഷമായുധൻ നാ. വിഷമശരൻ, കാമദേവൻ

വിഷമാശനം നാ. വേണ്ടതിലധികം ഭക്ഷിക്കുകയോ വേണ്ടിടത്തോളം ഭക്ഷിക്കാതിരിക്കുകയോ വേണ്ടസമയത്തല്ലാതെ ഭക്ഷിക്കുകയോ ചെയ്യൽ

വിഷമിക്കുക ക്രി. 1. പ്രയാസപ്പെടുക; 2. ബുദ്ധിമുട്ടുക

വിഷമിത വി. 1. വിഷമിച്ച; 2. സമമല്ലാതാക്കപ്പെട്ട

വിഷമേഷു നാ. വിഷമായുധൻ, കാമദേവൻ

വിഷയക വി. 1. വിഷയമായുള്ള; 2. സംബന്ധിച്ച

വിഷയഗ്രാമം നാ. ഇന്ദ്രിയസമൂഹം

വിഷയജ്ഞാനം നാ. ലൗകികജ്ഞാനം

വിഷയനിരത വി. വിഷയാസക്തിയുള്ള

വിഷയൻ നാ. ഭർത്താവ്

വിഷയപഞ്ചകം നാ. പഞ്ചേന്ദ്രിയം

വിഷയം നാ. ഇന്ദ്രിയങ്ങൾക്കു ഗോചരമാകുന്നത്; 2. ഗോളം; 3. ഭവനം

വിഷയവ്യസനം നാ. വിഷയാസക്തി

വിഷയസുഖം നാ. ഇന്ദ്രിയസുഖം

വിഷയസൂചി നാ. ഗ്രന്ഥത്തിൽ അടങ്ങിയിട്ടുള്ള മുഖ്യകാര്യങ്ങളുടെ പട്ടിക

വിഷയാത്മാവ് നാ. 1. വിഷയാസക്തൻ; 2. വിടൻ

വിഷയാവബോധം നാ. ഇന്ദ്രിയങ്ങൾക്കു ഗോചരീഭവിക്കുന്ന വസ്തുക്കളെപ്പറ്റിയുള്ള അറിവ്

വിഷയാസക്ത നാ. വിഷയസുഖത്തിൽ താത്പര്യമുള്ള

വിഷയി വി. 1. വിഷയമുള്ള; 2. ഇഹലോകകാര്യത്തിൽ ശ്രദ്ധയുള്ള; 3. (അലം) വർണ്യവസ്തു

വിഷയീഭവിക്കുക ക്രി. വിഷയമായിത്തീരുക

വിഷയേച്ഛാ നാ. വിഷയാസക്തി

വിഷയേന്ദ്രിയം നാ. പഞ്ചേന്ദ്രിയം

വിഷയൈഷി വി. ലൗകികസുഖം ഇച്ഛിക്കുന്ന

വിഷയോഗം നാ. (ജ്യോ) അമൃതഘടികയും സിദ്ധിയോഗവും ഒരേദിവസം വരുക എന്നത്

| | | |
|---|---|---|
| വിഷവത്ത് | വി. | 1. വിഷത്തോടുകൂടിയ; 2. വിഷതുല്യമായ |
| വിഷവിദ്യ | നാ. | വിഷചികിത്സ, വിഷവൈദ്യം |
| വിഷവൃക്ഷം | നാ. | 1. വിഷമുള്ള വൃക്ഷം; 2. കാഞ്ഞിരം |
| വിഷവൈദ്യം | നാ. | വിഷചികിത്സ |
| വിഷശുകം | നാ. | കടന്തൽ |
| വിഷസ്ഥാനം | നാ. | വിഷം ഇരിക്കുന്നിടം |
| വിഷഹര | വി. | വിഷത്തെ കളയുന്ന |
| വിഷഹരൻ | നാ. | വിഷഹാരി, വിഷവൈദ്യൻ |
| വിഷഹാരി | നാ. | വിഷവൈദ്യൻ |
| വിഷഹ്യ | വി. | 1. സഹിക്കത്തക്ക; 2. തടുക്കത്തക്ക; 3. ഉറപ്പാക്കാവുന്ന |
| വിഷാക്ത | വി. | വിഷം തേച്ച |
| വിഷാഗ്നി | നാ. | വിഷമാകുന്ന അഗ്നി |
| വിഷാങ്കുരം | നാ. | 1. വിഷം തേച്ച അമ്പ്; 2. കുന്തം |
| വിഷാങ്ഗന | നാ. | വിഷകന്യക |
| വിഷാണം | നാ. | 1. കൊമ്പ്; 2. പന്നിയുടെ തേറ്റ |
| വിഷാണി | നാ. | 1. പോത്ത്; 2. വിഷാണം ഉള്ളത് |
| വിഷാണിക | നാ. | 1. ആടുതൊടാപ്പാല; 2. ഇടവകം |

വിഷാദൻ നാ. വിഷം ഭക്ഷിച്ചവൻ

വിഷാദാത്മകത നാ. എപ്പോഴും വിഷാദിച്ചിരിക്കുന്ന സ്വഭാവം, എന്തും ദുഃഖത്തിലേ കലാശിക്കുകയുള്ളുവെന്ന ചിന്താഗതി

വിഷാദി നാ. 1. വിഷാദിക്കുന്നവൻ; 2. വിഷം ഭക്ഷിക്കുന്നവൻ

വിഷാദിക്കുക ക്രി. വിഷാദം അനുഭവപ്പെടുക

വിഷാനനം നാ. പാമ്പ്

വിഷാന്തകൻ നാ. 1. വിഷഹാരി; 2. ശിവൻ

വിഷാപഹ വി. വിഷമില്ലാതാക്കുന്ന

വിഷാംബു നാ. വിഷജലം

വിഷായുധം നാ. പാമ്പ്

വിഷാരൻ നാ. പിടാരൻ

വിഷാരി നാ. വിഷഹാരി

വിഷാലു വി. വിഷമുള്ള

വിഷാസ്യം നാ. പാമ്പ്

വിഷു നാ. 1. ഒരു വിശേഷദിവസം; 2. പ്രഭവാദിസംവത്സരങ്ങളിൽ പതിനഞ്ചാമത്തേത്

വിഷുക്കണി നാ. വിഷുദിവസം കണികാണാൻ വേണ്ടി തയാറാക്കുന്ന കാഴ്ചവസ്തു

വിഷുക്കൈനീട്ടം നാ. വിഷുദിവസം രാവിലെ വാങ്ങുന്ന സമ്മാനം

വിഷുഫലം നാ. (ജ്യോ) വിഷുദിവസത്തെ ഗ്രഹസ്ഥിതിമൂലം ഓരോരുത്തർക്കും ആ വർഷത്തേക്ക് ഉണ്ടാകുമെന്ന് കണക്കാക്കുന്ന ഫലം

വിഷുവത്ത് നാ. വിഷു, മേടം അല്ലെങ്കിൽ തുലാം ഒന്നാം തീയതി

വിഷുരേഖ നാ. വിഷുവബിന്ദുക്കളെ തമ്മിൽ യോജിപ്പിക്കുന്ന രേഖ

വിഷുസംക്രാന്തി നാ. 1. സൂര്യൻ മീനം രാശിയിൽ നിന്നു മേടം രാശിയിലേക്ക് കടക്കുന്ന ദിവസം; 2. വിഷുവബിന്ദുവിനെ കടക്കൽ

വിഷൂചിക നാ. 1. കോളറ; 2. നടപ്പുദീനം

വിഷ്കന്ദം നാ. 1. ചിതറൽ; 2. പൊയ്ക്കളയൽ

വിഷ്കംഭം നാ. 1. (നാട്യ) നാടകത്തിൻെറ അർഥോപക്ഷേപകങ്ങളിൽ ഒന്ന്, നാടകാരംഭത്തിലും അങ്കസന്ധികളിലും അപ്രധാനകഥാഭാഗം അപ്രധാന കഥാപാത്രങ്ങളെക്കൊണ്ടു നിവേദിക്കൽ; 2. തടവ്; 3. പരപ്പ്

വിഷ്കംഭി വി. വിസ്താരമുള്ള

വിഷ്കംഭിത വി. തടയപ്പെട്ട

വിഷ്കലം നാ. കാട്ടുപന്നി

വിഷ്കിരം നാ. 1. പക്ഷി; 2. കോഴി

വിഷ്ട1 വി. പ്രവേശിക്കപ്പെട്ട

വിഷ്ട2 നാ. മലം

വിഷ്ടപം നാ. 1. ലോകം; 2. പാത്രം

വിഷ്ടപേശൻ നാ. 1. രാജാവ്; 2. ഈശ്വരൻ

വിഷ്ടബ്ധ വി. 1. ഉറപ്പിക്കപ്പെട്ട; 2. താങ്ങിനിർത്തിയ

വിഷ്ടം നാ. 1. ഉത്തരം; 2. കുറുകെ വയ്ക്കപ്പെട്ട വസ്തു

വിഷ്ടംഭം നാ. 1. നിറുത്തൽ; 2. ഉറപ്പിക്കൽ

വിഷ്ടംഭി വി. 1. സ്തംഭിപ്പിക്കുന്നവൻ; 2. നിറുത്തുന്നവൻ

വിഷ്ടരൻ നാ. പുരോഹിതൻ

വിഷ്ടരം നാ. 1. പീഠം; 2. ആസനം

വിഷ്ടരശ്രവസ്സ് നാ. വിഷ്ണു

വിഷ്ടി നാ. 1. നരകവാസം; 2. കൂലിയില്ലാവേല; 3. പ്രവൃത്തി

വിഷ്ടികൃത്ത് നാ. ഭാരവാഹി

വിഷ്ഠ നാ. 1. മലം; 2. വയറ്

വിഷ്ഠൻ നാ. 1. വിടൻ; 2. ഭ്രഷ്ടൻ

വിഷ്ഠലം നാ. അകലെയുള്ള സ്ഥലം

വിഷ്ണു നാ. 1. ത്രിമൂർത്തികളിൽ ഒരാൾ; 2. അഷ്ടവസുക്കളിൽ ഒരാൾ

വിഷ്ണുക്രമം നാ. വിഷ്ണുവിൻെറ ഒരു ചുവട്

വിഷ്ണുക്രാന്ത നാ. ദശപുഷ്പങ്ങളിൽ ഒന്ന്, കൃഷ്ണക്രാന്തം

| | | |
|---|---|---|
| വിഷ്ണുഗുപ്തൻ | നാ. | ചാണക്യൻ |
| വിഷ്ണുജൻ | നാ. | ബ്രാഹ്മാവ് |
| വിഷ്ണുതല്പം | നാ. | ആദിശേഷൻ |
| വിഷ്ണുദയിത | നാ. | 1. ലക്ഷ്മി; 2. വിഷ്ണുക്രാന്തി |
| വിഷ്ണുപഞ്ചകം | നാ. | ഭിഷ്മപഞ്ചകം |
| വിഷ്ണുപദം | നാ. | 1. ആകാശം; 2. പാൽക്കടൽ |
| വിഷ്ണുപദി | നാ. | ഗങ്ഗാനദി |
| വിഷ്ണുപുരാണം | നാ. | അഷ്ടാദശപുരാണങ്ങളിൽ ഒന്ന് |
| വിഷ്ണുപ്രിയ | നാ. | 1. തുളസി; 2. മഹാലക്ഷ്മി |
| വിഷ്ണുമായ | നാ. | ദുർഗാഭഗവതി |
| വിഷ്ണുരഥൻ | നാ. | ഗരുഡൻ |
| വിഷ്ണുരാതൻ | നാ. | പരീക്ഷിത്ത് |
| വിഷ്ണുലോകം | നാ. | വൈകുണ്ഠം |
| വിഷ്ണുവല്ലഭ | നാ. | 1. ലക്ഷ്മി; 2. തുളസി; 3. മേത്തോന്നി |
| വിഷ്പന്ദം | നാ. | തുടിപ്പ് |
| വിഷ്ഫാരം | നാ. | ഞാണൊലി |
| വിഷ്ഫാരിത | വി. | 1. വിഷ്ഫാരത്തോടുകൂടിയ; 2. ഞാണൊലിയിട്ട; 3. വികസിച്ച |

വിഷ്ഫുലിങ്ഗം    നാ.    തീപ്പൊരി

വിഷ്യന്ദം    നാ.    1. ഒഴുക്ക്; 2. ഒലിപ്പ്

വിഷ്വ    വി.    1. ദോഷകരമായ; 2. കേടുവരുത്തുന്ന

വിഷ്വക്ക്    അവ്യ. എല്ലാടവും

വിഷ്വക്സേന    നാ.    ഞാഴൽ

വിഷ്വക്സേനൻ    നാ.    വിശ്വക്സേനൻ, വിഷ്ണു

വിഷ്വാണം    നാ.    ഭക്ഷണം

വിസ [ഇം.]    നാ.    പ്രവേശനാനുമതി, പാസ്പോർട്ടിന്മേൽ അധികൃതമായി സാക്ഷ്യപ്പെടുത്തുന്ന രേഖ

വിസങ്ഗത    വി.    1. യോജിപ്പില്ലാത്ത; 2. ഇണങ്ങാത്ത

വിസദൃശ    വി.    വിപരീതമായ

വിസനാഭി    നാ.    താമരപ്പൊയ്ക

വിസന്ധി    നാ.    1. വാക്യദോഷങ്ങളിൽ ഒന്ന്; 2. വിരൂപമായസന്ധി

വിസം    നാ.    താമരവളയം

വിസംജ്ഞ    വി.    ബോധംകെട്ട

വിസംയുക്ത    വി.    വേർപെടുത്തപ്പെട്ട

വിസംയോഗം    നാ.    1. വേർപാട്; 2. യോജിപ്പില്ലായ്മ

വിസംവാദം നാ. 1. എതിർവാക്ക്; 2. യോജിപ്പില്ലായ്മ; 3. വാഗ്ദാനലങ്ഘനം

വിസർഗം നാ. 1. മോചനം; 2. വെളിയിലോട്ട് തള്ളൽ; 3. സംസ്കൃതത്തിലെ ഒരു കണ്ഠ്യസ്വനിമം ‘ഃ’; 4. സൃഷ്ടി; 5. ദക്ഷിണായനം; 6. ദീപ്തി; 7. മോക്ഷം

വിസർജനം നാ. 1. വിസർജിക്കൽ; 2. ഉപേക്ഷിക്കൽ; 3. മൂത്രം ഒഴിക്കൽ

വിസർജനീയ വി. വിസർജിക്കത്തക്ക

വിസർജിക്കുക ക്രി. 1. ഉപേക്ഷിക്കുക; 2. വെളിയിലേക്ക് തള്ളുക

വിസർജ്യ വി. വിസർജിക്കത്തക്ക

വിസർജ്യം നാ. വിസർജിക്കേണ്ടത്, മലം

വിസർപ്പണം നാ. 1. പരത്തൽ; 2. വഴുതിപ്പോകൽ

വിസർപ്പം നാ. വരട്ടുചൊറി

വിസർപ്പിക നാ. വരട്ടുചൊറി

വിസർപ്പിക്കുക ക്രി. 1. വ്യാപിക്കുക; 2. പരക്കുക

വിസരണം നാ. 1. നിവർത്തൽ; 2. വിരിക്കൽ; 3. വ്യാപിപ്പിക്കൽ

വിസരത്ത് വി. പുറപ്പെടുന്ന

വിസരം നാ. 1. വ്യാപനം; 2. നിർഗമനം

| | | |
|---|---|---|
| വിസലം | നാ. | ബിസലം |
| വിസവർത്മാ | നാ. | ഒരു നേത്രരോഗം |
| വിസാങ്ഗി | നാ. | സുന്ദരി |
| വിസാരകം | നാ. | 1. പാമ്പ്; 2. ഇഴജന്തു |
| വിസാരം | നാ. | 1. മത്സ്യം; 2. ഇഴഞ്ഞുനടപ്പ് |
| വിസാരി | വി. | 1. ഒഴുകുന്ന; 2. പരക്കുന്ന |
| വിസാരിത | വി. | 1. പരത്തപ്പെട്ട; 2. വ്യാപിപ്പിക്കപ്പെട്ട |
| വിസിനി | നാ. | ബിസിനി |
| വിസൂരണം | നാ. | 1. ദുഃഖം; 2. പീഡ |
| വിസൂരിത | നാ. | 1. ജ്വരം; 2. പനി |
| വിസൃജ്യ | വി. | വിസർജിക്കത്തക്ക |
| വിസൃത | വി. | 1. വ്യാപിച്ച; 2. പരത്തപ്പെട്ട |
| വിസൃമര | വി. | 1. വിസരിക്കുന്ന; 2. പരക്കുന്ന |
| വിസൃഷ്ട | വി. | 1. വിസർജിക്കപ്പെട്ട; 2. വിട്ടയച്ച |
| വിസ്തരണം | നാ. | 1. വിസ്തരിക്കൽ; 2. പരത്തൽ |
| വിസ്തരം | നാ. | 1. വിസ്താരം; 2. പരപ്പ്; 3. അകലം |
| വിസ്താരണം | നാ. | 1. വിസ്താരം വരുത്തൽ; 2. വിസ്തരിക്കൽ |

| | | |
|---|---|---|
| വിസ്താരം | നാ. | 1. വിസ്തരിക്കൽ; 2. വിചാരണം |
| വിസ്താരിത | വി. | വിസ്താരണം ചെയ്യപ്പെട്ട |
| വിസ്തീർണ | വി. | 1. വിസ്താരമുള്ള; 2. വിരിക്കപ്പെട്ട; 3. വിസ്മരിക്കപ്പെട്ട |
| വിസ്തീർണം | നാ. | ഉപരിതലത്തിൻെറ അളവ്, വിസ്തൃതി, വിസ്താരം |
| വിസ്തൃത | വി. | 1. വിസ്താരമുള്ള; 2. വീതിയുള്ള |
| വിസ്തൃതി | നാ. | 1. വിസ്താരം; 2. വീതി; 3. വ്യാസം |
| വിസ്പഷ്ട | വി. | വളരെ വിശദമായ |
| വിസ്ഫാരം | നാ. | വിഷ്ഫാരം |
| വിസ്ഫുരണം | നാ. | 1. പ്രകാശം; 2. സ്പന്ദനം |
| വിസ്ഫുലിങ്ഗം | നാ. | 1. തീപ്പൊരി; 2. ഒരു വിഷം |
| വിസ്ഫുർജഥു | നാ. | 1. അലർച്ച; 2. മുഴക്കം |
| വിസ്ഫുർജിതം | നാ. | 1. അലർച്ച; 2. അലയടി |
| വിസ്ഫോടം | നാ. | 1. പൊട്ടിത്തെറി; 2. പൊള്ളൽ |
| വിസ്മയനീയൻ | നാ. | വിസ്മയം ജനിപ്പിക്കുന്നവൻ |
| വിസ്മയം | നാ. | 1. അദ്ഭുതം; 2. ആശ്ചര്യം |
| വിസ്മയിക്കുക | ക്രി. | അദ്ഭുതപ്പെടുക |
| വിസ്മർത്തവ്യ | വി. | വിസ്മരണീയ |

| | | |
|---|---|---|
| വിസ്മരണം | നാ. | മറവി |
| വിസ്മരണീയ | വി. | വിസ്മരിക്കത്തക്ക |
| വിസ്മാപക | വി. | വിസ്മയിപ്പിക്കുന്ന |
| വിസ്മാപനൻ | നാ. | കാമദേവൻ |
| വിസ്മാപനം | നാ. | 1. അദ്ഭുതപ്പെടുത്തൽ; 2. അദ്ഭുതകരമായ വസ്തു |
| വിസ്മാരിത | വി. | വിസ്മരിക്കപ്പെട്ട |
| വിസ്മിത | വി. | 1. വിസ്മയിച്ച; 2. കുഴങ്ങിയ; 2. വിസ്മയത്തോടുകൂടിയ |
| വിസ്രഗന്ധം | നാ. | ദുർഗന്ധം |
| വിസ്രം | നാ. | പച്ചമാംസത്തിൻെറ ഗന്ധം |
| വിസ്രംഭണം | നാ. | അനുനയിക്കൽ |
| വിസ്രംഭം | നാ. | 1. വിശ്രംഭം; 2. വിശ്വാസം; 3. പ്രണയം |
| വിസ്രവണം | നാ. | പ്രവാഹം, ഒഴുക്ക് |
| വിസ്രസ | നാ. | 1. വാർധക്യം; 2. ജര |
| വിസ്രസം | നാ. | 1. വീഴ്ച; 2. ഒഴുക്ക് |
| വിസ്രസ്ത | വി. | 1. അയഞ്ഞ; 2. ക്ഷീണിച്ച |
| വിസ്രാവം | നാ. | ഒഴുക്ക് |
| വിസ്രുത | വി. | 1. ഒഴുകുന്ന; 2. ഊറിവരുന്ന |

| | | |
|---|---|---|
| വിസ്രുതി | നാ. | ഒഴുക്ക് |
| വിസ്വര | വി. | അപസ്വരമുള്ള |
| വിഹ | നാ. | 1. സ്വർഗം; 2. ആകാശം |
| വിഹഗം | നാ. | 'ആകാശത്തിൽ സഞ്ചരിക്കുന്ന', 1. പക്ഷി; 2. അമ്പ് |
| വിഹങ്ഗമൻ | നാ. | 1. സൂര്യൻ; 2. ആൺപക്ഷി |
| വിഹങ്ഗമം | നാ. | വിഹഗം |
| വിഹത | വി. | 1. ഹനിക്കപ്പെട്ട; 2. നിരോധിക്കപ്പെട്ട |
| വിഹതി | നാ. | 1. താഡനം; 2. ഹിംസ |
| വിഹനനം | നാ. | 1. താഡനം; 2. വധം |
| വിഹനിക്കുക | ക്രി. | 1. കൊല്ലുക; 2. അടിക്കുക |
| വിഹന്തവ്യ | വി. | വിഹനനം ചെയ്യത്തക്ക |
| വിഹർത്താവ് | നാ. | 1. അപഹരിക്കുന്നവൻ; 2. ഉഴലുന്നവൻ |
| വിഹർഷം | നാ. | വലിയ സന്തോഷം |
| വിഹരണം | നാ. | 1. കളി; 2. ലീല |
| വിഹരിക്കുക | ക്രി. | 1. കളിക്കുക; 2. ക്രീഡിക്കുക |
| വിഹസനം | നാ. | പുഞ്ചിരി |
| വിഹസ്ത | വി. | 1. കൈയില്ലാത്ത; 2. കുഴങ്ങിയ; 3. പണ്ഡിതനായ |

| | | |
|---|---|---|
| വിഹാപിത | വി. | 1. പരിത്യജിപ്പിച്ച; 2. നൽകപ്പെട്ട |
| വിഹാപിതം | നാ. | 1. പാരിതോഷികം; 2. സംഭാവന |
| വിഹായ | അവ്യ. | പിന്നിട്ടുകൊണ്ട് |
| വിഹായസ്സ് | നാ. | 1. ആകാശം; 2. അന്തരീക്ഷം |
| വിഹായിത | നാ. | വിഹാപിതം |
| വിഹാരം | നാ. | 1. സ്വൈരസഞ്ചാരം; 2. വിനോദം |
| വിഹാരി | വി. | സ്വൈരസഞ്ചാരം നടത്തുന്ന |
| വിഹാരിക | നാ. | സന്ന്യാസിമഠം |
| വിഹാസം | നാ. | വിഹസനം |
| വിഹിത | വി. | 1. ക്രമീകരിക്കപ്പെട്ട; 2. നിശ്ചയിക്കപ്പെട്ട |
| വിഹിതം | നാ. | 1. ആജ്ഞ; 2. നിർദേശം |
| വിഹിതി | നാ. | 1. അനുഷ്ഠാനം; 2. ഏർപ്പാട് |
| വിഹീന | വി. | 1. കൂടിച്ചേരാത്ത, വേർപെട്ട; 2. ഉപേക്ഷിക്കപ്പെട്ട |
| വിഹൃത | വി. | 1. വിഹരിക്കപ്പെട്ട; 2. വികസിച്ച |
| വിഹൃതം | നാ. | 1. ലജ്ജകൊണ്ട് മിണ്ടാതിരിക്കൽ; 2. വിലാസം |
| വിഹൃതി | നാ. | 1. വിവരണം; 2. വിടർച്ച |
| വിഹേഠകൻ | നാ. | 1. പീഡകൻ; 2. അപവാദകൻ |

വിഹേഠനം		നാ.	1. കേടുവരുത്തൽ; 2. ഉരസൽ

വിഹേഠം		നാ.	1. ദുഃഖം; 2. പീഡ

വിഹ്വല		വി.	1. പരിഭ്രമിച്ച; 2. വ്യാകുലമായ; 3. വിറപൂണ്ട

വിൾ	നാ.	1. മലം; 2. ഗുഹ

വിൾചരം		നാ.	നാട്ടുപന്നി, പീപ്പന്നി

വിള	നാ.	1. വിളപ്പ്; 2. പുരയിടം

വിളം	നാ.	1. വിഡം; 2. വിളയുപ്പ്

വിളക്കത്തച്ചൻ		നാ.	ക്ഷുരകൻ

വിളക്കം		നാ.	1. ശോഭ; 2. തെളിവ്

വിളക്ക്		നാ.	1. വെളിച്ചം; 2. പ്രകാശം

വിളക്കുക		ക്രി.	1. ലോഹങ്ങൾ ഉരുക്കിച്ചേർത്തു പിടിപ്പിക്കുക; 2.

പ്രകാശിക്കുക

വിളക്കുമരം		നാ.	ദീപസ്തംഭം

വിളക്കുമഷി		നാ.	ദീപത്തിൻെറ കിട്ടം

വിളക്കുമാടം		നാ.	ചുറ്റും വിളക്കു വയ്ക്കാനുള്ള മാടം

വിളങ്ങൽ	[വിളങ്ങുക]		നാമരൂപം

വിളങ്ങിപ്പേർ		നാ.	പേരുവഴി എഴുതിയ കണക്ക്

വിളങ്ങുക		ക്രി.	1. പ്രകാശിക്കുക; 2. തെളിയുക

വിളച്ചൽ നാ. 1. വിളവ്; 2. ധിക്കാരം

വിളഞ്ഞ വി. വിളവുള്ള

വിളനിലം നാ. കൃഷിചെയ്യുന്ന സ്ഥലം

വിളമ്പുക ക്രി. 1. ഭക്ഷിക്കാനിരിക്കുന്നവർക്ക് ആഹാരം പകർന്നുകൊടുക്കുക; 2. വിചാരിക്കുക; 3. പരസ്യമായി പറയുക

വിളംബക വി. വിളംബിക്കുന്ന

വിളംബനം നാ. 1. കാലതാമസം; 2. തൂങ്ങിക്കിടപ്പ്

വിളംബം നാ. 1. കാലതാമസം; 2. തൂങ്ങൽ

വിളംബരം നാ. പരസ്യം

വിളംബി വി. തൂങ്ങിക്കിടക്കുന്ന

വിളംബ്യ വി. വിളംബിക്കത്തക്ക

വിളയാട്ടം നാ. 1. കളി; 2. ശ്രമം കൂടാതെചെയ്യുന്ന പ്രവൃത്തി

വിളയുക ക്രി. 1. മുക്കുക; 2. ഉണ്ടാകുക

വിളയുപ്പ് നാ. വെള്ളത്തിൽ കലക്കിയ ഉപ്പ് വെള്ളം വറ്റിച്ച് എടുത്തത്, വിളയിച്ച ഉപ്പ്

വിളർക്കുക ക്രി. 1. നിറം മങ്ങുക; 2. പഴുക്കാറാവുക

വിളർച്ച [വിളറുക] നാ. 1. ശരീരത്തിൽ രോഗംകൊണ്ടുണ്ടാകുന്ന നിറഭേദം; 2. രക്തപ്രസാദമില്ലായ്മ

വിളരക്ഷ നാ. 1. വിളവ് സൂക്ഷിപ്പ്; 2. പാടത്തിൽ കെട്ടിനിർത്തുന്ന കോലം

വിളരി നാ. 1. ഇളമ; 2. വെണ്മ; 3. കൊഴുപ്പ്

വിളവിടുക ക്രി. 1. വിതയ്ക്കുക; 2. നടുക

വിളവ് നാ. 1. നിലത്തിൽ ധാന്യം ഉണ്ടാകൽ; 2. മൂപ്പ്

വിളവുകല്ല് നാ. താനേ വിളയുന്ന രത്നം

വിളവെടുപ്പ് നാ. 1. കൊയ്ത്ത്; 2. കായ്കറികളും മറ്റും പറിച്ചെടുക്കൽ

വിളറുക ക്രി. 1. ചോരമയമില്ലാതാകുക; 2. വിവർണമാവുക

വിളാകം നാ. 1. തോട്ടം; 2. രണാങ്കണം

വിളാമ്പശ നാ. വിളാർമരത്തിൻെറ പശ

വിളാവുക ക്രി. കലർത്തുക

വിളി നാ. 1. ക്ഷണം; 2. കൊമ്പ്; 3. നിലവിളി; 4. സംബോധന

വിളിക്കുക ക്രി. 1. പേർചൊല്ലി ആരോടെങ്കിലും വരാൻ പറയുക; 2. സംബോധനചെയ്യുക

വിളിപ്പാട് നാ. വിളിച്ചാൽ കേൾക്കുന്ന ദൂരം

വിളിമ്പ് നാ. 1. അരിക്; 2. വാക്ക്; 3. കര

വിളിയുക ക്രി. 1. കെടുക; 2. അണയുക; 3. ചാവുക

വിളിരുക ക്രി. വിടരുക

| | | |
|---|---|---|
| വിളുക്കുക | ക്രി. | വിടർക്കുക |
| വിളുമ്പ് | നാ. | വിളിമ്പ് |
| വിള്ളൽ | നാ. | 1. പൊട്ടി വിടവുണ്ടാകൽ; 2. അപ്രകാരമുണ്ടാകുന്ന വിടവ് |
| വിള്ള് | നാ. | 1. വിള്ളൽ; 2. വിണ്ടിട്ടുള്ള അടയാളം |
| വിള്ളുക | ക്രി. | വെയിലുകൊണ്ടും മറ്റും അല്പാല്പമായി പൊളിയുക |
| വിഴം | നാ. | വിഷം |
| വിഴൽ | നാ. | 1. വീഴ്ച; 2. കോരപ്പുല്ല് |
| വിഴി | നാ. | മിഴി |
| വിഴുകുക | ക്രി. | വിഴുങ്ങുക |
| വിഴുക്ക് | നാ. | 1. എണ്ണമയം, മെഴുക്ക്; 2. അഴുക്ക് |
| വിഴുക്കുക1 | ക്രി. | 1. അഴുക്കാക്കുക; 2. മുഷിക്കുക |
| വിഴുക്കുക2 | ക്രി. | വഴുക്കുക |
| വിഴുങ്ങുക | ക്രി. | 1. ചവയ്ക്കാതെ ഉള്ളിലിറക്കുക; 2. ഗ്രസിക്കുക |
| വിഴുത് | നാ. | വേട് |
| വിഴുപ്പ് | നാ. | 1. മുഷിഞ്ഞ തുണി; 2. അഴുക്കുപറ്റിയ വസ്ത്രം |
| വിഴുവടി | നാ. | വ്യത്യാസപ്പെട്ട പങ്ക് |
| വിറ | നാ. | 1. ശരീരത്തിനു തുടർച്ചയായുണ്ടാകുന്ന ഇളക്കം; 2. വിറയൽ |

വിറക് നാ. തീ കത്തിക്കാൻ ഉപയോഗിക്കുന്ന തടിക്കഷണം

വിറക്കം നാ. ചേർച്ചയില്ലായ്മ

വിറക്കുക ക്രി. 1. ഞെരുങ്ങുക; 2. ഭയപ്പെടുക; 3. പെരുക്കുക

വിറങ്ങലിക്കുക ക്രി. തണുത്തു മരവിക്കുക

വിറയ്ക്കുക ക്രി. കുളിരുകൊണ്ടോ വികാരം കൊണ്ടോ മറ്റോ ശരീരം ഇളകുക, കിടുങ്ങുക

വിറയൽ നാ. 1. രോഗംകൊണ്ടോ തണുപ്പുകൊണ്ടോ ശരീരം അനിയന്ത്രിതമായി ഇളകിക്കൊണ്ടിരിക്കൽ; 2. കമ്പനം

വിറൽ നാ. 1. വലി; 2. ജയം; 3. വീര്യം

വിറലി നാ. 1. പതിനാറു വയസ്സായ പെൺകുട്ടി; 2. ആട്ടക്കാരി

വിറളി നാ. 1. സംഭ്രമം; 2. വെകിളി

വിറുമ1 [പോർ] നാ. 1. മരം തുളയ്ക്കാനുള്ള ഒരു ഉപകരണം; 2. തമര്

വിറുമ2 നാ. വെറുമ, കോപം

വിറ്റുമുതൽ നാ. വിൽപ്പനവരവ്

വീ നാ. 1. കെടുതി; 2. നാശം; 3. മരണം

വീകം1 നാ. 1. കാറ്റ്; 2. പക്ഷി; 3. മനസ്സ്

വീകം2 നാ. 1. മോതിരം; 2. ശീമപ്പൂട്ട്

വീകമുദ്ര നാ. പൂട്ടിൻെറ താക്കോൽ

വീകിക്കുക ക്രി. 1. തുടരെത്തുടരെ ഉണ്ടാകുക; 2. വർധിക്കുക; 3. മത്സരിക്കുക

വീക്കം നാ. 1. വീങ്ങൽ; 2. നീർവീക്കം; 3. സ്ഫോടം

വീക്ക് [വീക്കുക] നാ. 1. അടി; 2. ഇടി; 3. കുത്ത്; 4. ആണി

വീക്കാണി നാ. ഒരുതരം വലിയ ആണി

വീക്കുക ക്രി. 1. അടിക്കുക; 2. പ്രഹരമേൽപ്പിക്കുക; 3. താങ്ങുക; 4. അടിച്ചു താഴ്ത്തുക; 5. വിങ്ങുമാറാക്കുക; 6. കിട്ടുന്നിടത്തോളം തിന്നുക

വീക്ഷ നാ. 1. വീക്ഷിക്കൽ; 2. നോട്ടം; 3. കാഴ്ച; 4. ദർശനം

വീക്ഷകൻ നാ. 1. വീക്ഷിക്കുന്നവൻ; 2. ദർശകൻ

വീക്ഷണം നാ. 1. നോട്ടം; 2. കാണൽ; 3. കാഴ്ച; 4. കണ്ണ്

വീക്ഷണീയ വി. 1. വീക്ഷിക്കത്തക്ക; 2. കാണത്തക്ക; 3. ദർശനാർഹമായ



വീക്ഷം നാ. 1. കാഴ്ച; 2. അത്ഭുതം; 3. ദൃശ്യമായ വസ്തു

വീക്ഷിക്കുക ക്രി. 1. കാണുക; 2. ശ്രദ്ധിച്ചുനോക്കുക

വീക്ഷിതം നാ. 1. വീക്ഷിക്കപ്പെട്ടത്; 2. നോട്ടം

വീക്ഷ്യ വി. 1. വീക്ഷിക്കത്തക്ക; 2. കണ്ടിട്ട്; 3. നോക്കിയിട്ട്

വീക്ഷ്യൻ നാ. 1. വീക്ഷിക്കപ്പെടേണ്ടവൻ; 2. നർത്തകൻ; 3. നടൻ

വീക്ഷ്യം നാ. 1. കാണത്തക്കത്; 2 കാഴ്ച; 3. ദൃശ്യം; 4. കുതിര; 5. മയിൽ

വീക്ഷ്യമാണ വി. 1. വീക്ഷിക്കപ്പെടുന്ന; 2. കാണപ്പെടുന്ന

വീങ്കൻ നാ. 1. തടിയൻ; 2. ദുർമേദസ്സുള്ളവൻ

വീങ്ഖ നാ. 1. ഗതി; 2. കുതിരയുടെ ഗതി; 3. നൃത്തം; 4. അഭിവൃദ്ധി; 5. സന്ധി; 6. നായ്ക്കൊരുണ

വീങ്ങടി നാ. ഉയർത്താനുള്ള ഉപകരണം

വീങ്ങൽ [<വീങ്ങുക] നാമരൂപം

വീങ്ങുക ക്രി. 1. വീർക്കുക; 2. തടിക്കുക; 3. നീരുണ്ടാകുക; 4. കുമിളിക്കുക; 5. വർധിക്കുക

വീചം നാ. 1. ഒരു നെല്ലിട തൂക്കം; 2. 20 പലം തൂക്കം

വീചി നാ. 1. തിര; 2. ഓളം; 3. കിരണം; 4. അപഭ്രംശം; 5. അല്പം; 7. സുഖം; 8. അവകാശം

വീചിമാലി നാ. സമുദ്രം

വീചുക ക്രി. 1. വീശുക; 2. ചുഴറ്റുക; 3. വിസ്തൃതമാകുക; 4. എറിയുക; 5. ഓങ്ങുക; 6. അടിക്കുക; 7. ചിതറുക

വീച്ചം നാ. ദുർഗന്ധം

വീച്ചൽ നാ. 1. വീശൽ; 2. ചുറ്റൽ

വീച്ച് നാ. 1. വീശൽ; 2. വല എറിയൽ; 3. ഏറ്; 4. വിസ്താരം

വീജകോശം നാ. 1. ബീജകോശം; 2. താമരക്കായ്

വീജനം നാ. 1. വീശൽ; 2. വിശറി; 3. ചക്രവാകപ്പക്ഷി

വീജോദകം നാ. ആലിപ്പഴം

വീഞ്ഞ,പീ–,–ങ്ങ [പോർ] നാ. കട്ടികുറഞ്ഞ തടിയുള്ള ഒരുതരം മരം, പൈൻ

വീഞ്ഞപ്പലക നാ. വീഞ്ഞത്തടിയുടെ പലക

വീഞ്ഞപ്പെട്ടി നാ. വീഞ്ഞത്തടികൊണ്ടുണ്ടാക്കിയ പെട്ടി

വീഞ്ഞ് [പോർ] നാ. മുന്തിരിച്ചാറ്

വീട1 നാ. 1. കുട്ടിയും കോലും കളി; 2. ആ കളിയിൽ ഉപയോഗിക്കുന്ന കുറിയ കമ്പ്

വീട2 നാ. അടയ്ക്ക ചുണ്ണാമ്പ് സുഗന്ധവസ്തുക്കൾ എന്നിവ ഉള്ളിൽവച്ചു ചുരുട്ടിയ വെറ്റില, ബീഡ, വീടിക

വീടൻ നാ. 1. വീടുള്ളവൻ; 2. വീട്ടുകാരൻ; 3. വീട്ടുകാരണവൻ; 4. ഭർത്താവ്; 5. കുടുംബക്കാരൻ

വീടാരം നാ. 1. വീട്; 2. താമസിക്കൽ; 3. ഭാര്യ; 4. അനാർഭാടമായ ഒരുതരം വിവാഹം

വീടി നാ. 1. ബീഡി; 2. പുകവലിക്കാനുള്ള ഇലച്ചുരുൾ; 3 വെറ്റില തെറുത്തത്

വീടിക നാ. വെറ്റിലച്ചുരുൾ

വീട് നാ. 1. ഭവനം; 2. കുടുംബം

വീടുകെട്ട് നാ. 1. ഭവനനിർമാണം; 2. പുരമേയൽ; 3. ഈഴവരുടെ താലികെട്ട്

വീടിറങ്ങുക ക്രി. വീടുവിട്ട് പോകുക

വീടുക ക്രി. 1. കടം തീരുക; 2. പകരം വീട്ടുക; 3. പകതീർക്കുക; 4. നോമ്പ് അവസാനിപ്പിക്കുക

വീട്ടമ്മ നാ. ഗൃഹനായിക

വീട്ടൽ നാ. വീടുക

വീട്ടാർ നാ./ (ബ.വ.) 1. വീട്ടുകാർ; 2. വീട്ടിലുള്ളവർ; 3. ഭാര്യ

വീട്ടി നാ. ഈട്ടിമരം

വീട്ടുക ക്രി. 1. തിരികെക്കൊടുക്കുക; 2. ബാധ്യത തീർക്കുക; 3. കൊടുത്തു തീർക്കുക; 4. പക തീർക്കുക

വീട്ടുകാരൻ നാ. 1. വീടിൻെറഉടമ; 2. ഗൃഹനാഥൻ; 3. ഭർത്താവ്

വീട്ടുപക്ഷി നാ. അടയ്ക്കലാൻ കുരുവി

വീട്ടുപേർ നാ. 1. വീടിൻെറ പേര്; 2. കുടുംബപ്പേര്

വീട്ടുമിടുക്ക് നാ. വീട്ടിലിരിക്കുമ്പോൾ മാത്രം പ്രകടിപ്പിക്കുന്ന സാമർഥ്യം

വീട്ടുമുറി നാ. 1. കടം വീട്ടിയ രസീത്; 2. വീട്ടിലെ മുറി

വീട്ടുവരി	നാ.	വീടിനു നിശ്ചയിച്ചിട്ടുള്ള കരം

വീൺ	വി.	1. വ്യർഥമായ; 2. കൊള്ളരുതാത്ത

വീൺവാക്ക്	നാ.	1. വ്യർഥമായ ഭാഷണം; 2. പാഴ്വാക്ക്

വീൺവായൻ	നാ.	നിരർഥകമായി പുലമ്പിക്കൊണ്ടിരിക്കുന്നവൻ

വീണ1	വി.	1. താഴോട്ടു പതിച്ച; 2.അധഃപതിച്ച

വീണ2	നാ.	1. തന്ത്രിവാദ്യം; 2. വീണയോട് ആകൃതിസാമ്യമുള്ള പല സങ്ഗീതോപകരണങ്ങൾക്കും പൊതുവെയുള്ള പേര്

വീണൻ	നാ.	1. വഷളൻ; 2. മുട്ടാളൻ; 3. ധിക്കാരി

വീണത്തനം	നാ.	വഷളത്തം

വീണവായന	നാ.	1. വീണയുടെ തന്ത്രികൾ മീട്ടൽ; 2. വിനോദം

വീണാധരൻ	നാ.	1. വീണധരിച്ചവൻ; 2. നാരദൻ

വീണാപാണി	നാ.	1. നാരദൻ; 2. സരസ്വതി

വീണാവാണി	നാ.	വീണാനാദത്തിനുതുല്യം മധുരമായ ശബ്ദമുള്ളവൾ

വീണി	നാ.	നാരദൻ

വീണ്ട്	അവ്യ.	1. തിരിച്ചെടുത്ത്; 2. തിരിയെ; 3. ആവർത്തിച്ച്

വീണ്ടും	അവ്യ.	1. പിന്നെയും; 2. ആവർത്തിച്ച്

വീണ്ടുവിചാരം	നാ.	പുനർവിചാരം

വീത വി. 1. പൊയ്പ്പോയ; 2. കാണാതായ; 3. കൈവിട്ട; 4. ചെലവാക്കിയ; 5. അഴിച്ചുവിടപ്പെട്ട; 6. ഇഷ്ടപ്പെട്ട; 7. ചുറ്റപ്പെട്ട; 8. ധരിക്കപ്പെട്ട

വീതം1 നാ. 1. പങ്ക്; 2. അളവുമാനം. അവ്യ. തോതിൽ

വീതം2 നാ. 1. ഒഴിഞ്ഞത്; 2. വിടപ്പെട്ടത്

വീതംസം നാ. 1. പക്ഷികളെയും മറ്റും പിടിക്കാനുള്ള കുരുക്ക്; 2. പക്ഷിമൃഗാദികളെ വളർത്തുന്ന സ്ഥലം

വീതദംഭ വി. ഗർവമില്ലാത്ത

വീതനപ്പുറം നാ. അടുപ്പിൻെറ തിണ്ണ

വീതഭയൻ നാ. ഭയമില്ലാത്തവൻ

വീതഭയം അവ്യ. ഭയംകൂടാതെ

വീതരാഗ വി. 1. രാഗമില്ലാത്ത; 2. നിറമില്ലാത്ത; 3. നിസ്സങ്ഗമായ

വീതരാഗൻ നാ. 1. ഇന്ദ്രിയനിയന്ത്രണം ചെയ്തവൻ; 2. സന്യാസി

വീതശങ്കം അവ്യ. സംശയം കൂടാതെ

വീതശോകം അവ്യ. 1. ശോകം കൂടാതെ; 2. ദുഃഖിക്കാതെ

വീതസൂത്രം നാ. യജ്ഞോപവീതം, പൂണൂൽ

വീതാശ വി. ആശവിട്ട, ആശ നശിച്ച

വീതി1 നാ. കുറുകെയുള്ള അകലം, വിസ്താരം

വീതി2 നാ. 1. നീക്കം; 2. ഗതി; 3. മാറ്റം; 4. ഉത്പാദനം; 5. ശുദ്ധീകരിക്കൽ; 6. കുതിര; 7. പ്രകാശരശ്മി; 8. ഉപഭോഗം

വീതിക്കുക ക്രി. വീതം വയ്ക്കുക

വീതിഹോത്രൻ നാ. അഗ്നിദേവൻ

വീതിഹോത്രം നാ. 1. കൊടുവേലി; 2. എരുക്ക്

വീത് നാ. 1. വീതി; 2. വീച്ച്; 3. വിസ്താരം; 4. നെയ്ത്തുകാരന്റെ അച്ചുതട്ടം

വീതുക ക്രി. 1. വീതിയുള്ളതാകുക; 2. വിസ്താരമുള്ളതാക്കുക

വീതുളി നാ. വീതികൂടിയ ഉളി

വീഥി നാ. 1. വഴി; 2. തെരുവ്; 3. പാത; 4. നിര; 5. പന്തി; 6. ദശരൂപകങ്ങളിൽ ഒന്ന്

വീഥിക നാ. 1. വഴി; 2. തെരുവ്; 3. ചിത്രശാല; 4. പന്തി

വീധ്ര നാ. 1. പരിശുദ്ധമായ; 2. നിർമലമായ; 3. വെടിപ്പുള്ള

വീധ്രം നാ. 1. ആകാശം; 2. വായു; 3. കാറ്റ്; 4. അഗ്നി

വീനസ് [ല] നാ. 1. റോമാക്കാരുടെ പ്രണയദേവത; 2. ശുക്രനക്ഷത്രം

വീപ്പ [പോർ] നാ. വീതികുറഞ്ഞ പലകക്കഷണങ്ങൾ ചുറ്റും വച്ചു തറച്ചുപിടിപ്പിച്ചുണ്ടാക്കുന്ന ഒരുവിധം പാത്രം

വീപ്പക്കുറ്റി നാ. 1. വീപ്പ; 2. (പ്ര) വലിപ്പംകൂടിയ ശരീരം

വീപ്പച്ചുറ്റ് നാ. വീപ്പയുടെ ചുറ്റും ഉറപ്പിനായി വച്ചുതറയ്ക്കുന്ന ബെൽറ്റുപോലുള്ള ഇരുമ്പുതകിട്

വീമ്പ് നാ. 1. വീരവാദം; 2. പൊള്ളയായ വലിപ്പം പറച്ചിൽ; 3. അന്തസാരമില്ലാത്ത ആത്മപ്രശംസ; 4. ഗർവ്

വീമ്പിളക്കുക ക്രി. 1. വീരവാദം നടത്തുക; 2. ഭോഷ്ക്കുപറയുക

വീമൽ നാ. 1. വിമ്മൽ; 2. മുഖം വീർക്കൽ

വീയുക ക്രി. 1. വീശുക; 2. വിസ്താരമുണ്ടാകുക

വീർക്കുക ക്രി. 1. പൊന്തിവരുക; 2. പൊള്ളിവരുക; 3. വലുതാകുക; 4. വണ്ണിക്കുക; 5. ജീവിക്കുക

വീർപ്പിക്കുക ക്രി. വായുകയറ്റിയും മറ്റും വലുതാക്കുക

വീർപ്പ് നാ. 1. തടിപ്പ്; 2. അമിതമായ വണ്ണം; 3. നെടുവീർപ്പ്; 4. ശ്വാസം മുട്ടൽ

വീര1 വി. 1. വീര്യമുള്ള; 2. ധൈര്യമുള്ള; 3. സാഹസികതയുള്ള; 5. മഹത്ത്വമുള്ള

വീര2 നാ. 1. വീര്യവതി; 2. മദ്യം; 3. കറ്റാർവാഴ; 4. പാൽമുളക്

വീരകങ്കണം നാ. 1. വീരന്മാരണിയുന്ന കൈവള; 2. വീരത്ത്വത്തിൻെറ അങ്ഗീകാരമായി നൽകപ്പെടുന്ന കങ്കണം

വീരകൻ നാ. വീരൻ

വീരകർമം		നാ.	1. ധീരകൃത്യം; 2. ശ്രേഷ്ഠകർമം

വീരകാഹളം		നാ.	ജയഭേരി

വീരജയന്തിക		നാ.	1. യുദ്ധം; 2. യുദ്ധനൃത്തം; 3. രാമച്ചം

വീരത, -ത്വം		നാ.	1. വീരൻെറ ഭാവം; 2. ശൗര്യം

വീരതന്വാവ്		നാ.	കാമദേവൻ

വീരതരു		നാ.	കൂവളം; 2. നീർമരുത്; 3. വയൽച്ചുള്ളി; 4. ചേരുമരം; 5. അമ്പൊട്ടൽ

വീരതൃണം		നാ.	രാമച്ചം

വീരൻ		നാ.	1. ധൈര്യശാലി; 2. ആയോധനവിദഗ്ധൻ; 3. നടൻ; 4. അഗ്നി; 5. വിഷ്ണു; 6. വീരഭദ്രൻ; 7. ഭർത്താവ്; 8. ജൈനൻ

വീരന്ധരം		നാ.	1. വീരന്മാർ മാറിൽ ധരിക്കുന്ന കവചം; 2. മയിൽ

വീരപഞ്ചമി		നാ.	വീരനായ പുത്രൻ ഉണ്ടാകാനായി അനുഷ്ഠിക്കുന്ന ഒരു വ്രതം

വീരപടം		നാ.	വീര്യത്തിൻെറ അടയാളമായി നെറ്റിയിൽ അണിയുന്ന, സ്വർണത്തകിട്

വീരപത്നി		നാ.	1. വീരൻെറ പത്നി; 2. പതിവ്രതയായ സ്ത്രീ

വീരപത്ര		നാ.	1. ആറ്റുഞാവൽ; 2. കഞ്ചാവ്

വീരപുണ്ഡരീകം		നാ.	വരൾത്താമര

വീരപ്പല്ല് നാ. വളഞ്ഞു നീണ്ടുള്ള പല്ല്

വീരപ്രസു നാ. വീരനായ പുത്രനെ പ്രസവിച്ചവൾ

വീരഭദ്രൻ നാ. ഉഗ്രമൂർത്തി

വീരഭദ്രം നാ. 1. രാമച്ചം; 2. അശ്വമേധയാഗത്തിലെ കുതിര

വീരം നാ. 1. വീരരസം; 2. നായ്ങ്കണ; 3. ഇഞ്ചി; 4. കുരുമുളക്; 5. നീർമരുത്; 7. തകര; 8. ചെറുചീര; 9. യാഗാഗ്നി

വീരമദ്ദളം നാ. 1. പെരുമ്പറ; 2. പടഹം

വീരമാതാവ് നാ. വീരൻെറ അമ്മ

വീരമാനി നാ. വീരനെന്നു ഭാവിച്ചു നടക്കുന്നവൻ

വീരമുദ്രിക നാ. കാലിൻെറ നടുവിരലിൽ അണിയുന്ന മോതിരം

വീരരജസ്സ് നാ. സിന്ദൂരം

വീരരസം നാ. നവരസങ്ങളിൽ ഒന്ന്

വീരരായൻപണം നാ. ഒരു പുരാതന സ്വർണ നാണയം

വീരരേണു നാ. ഭീമസേനൻ

വീരവതി നാ. ഭർത്താവും പുത്രന്മാരും ജീവിച്ചിരിപ്പുള്ള സ്ത്രീ

വീരവാദം നാ. 1. സ്വന്തം പരാക്രമങ്ങളെപ്പറ്റി അതിശയോക്തി പറഞ്ഞു മറ്റുള്ളവരുടെ മുമ്പിൽ ഞെളിയൽ; 2. വീമ്പിളക്കൽ; 3. വെല്ലുവിളി

വീരവാദ്യം നാ. 1. രണഭേരി; 2. പെരുമ്പറ

വീരവാളി നാ. വിശിഷ്ടമായ ഒരുതരം പട്ട്, വീരാളിപ്പട്ട്

വീരശയനം നാ. 1. യുദ്ധക്കളത്തിൽ വച്ചുള്ള വീരചരമം; 2. വിഷ്ണുവിൻെറ ശയനം

വീരശാകം നാ. ചീര

വീരശൂരൻ നാ. അസാമാന്യവീരൻ

വീരശൃങ്ഖല നാ. വീരന്മാർ പണ്ഡിതന്മാർ തുടങ്ങിയവർക്ക് മേന്മയെ ആദരിച്ചു രാജാക്കന്മാരും മറ്റും നൽകിപ്പോന്നിരുന്ന ബഹുമതി ചി മായ ചങ്ങല (ചെയിൻ)

വീരസു നാ. വീരപ്രസു

വീരസ്കന്ദം നാ. പോത്ത്

വീരസ്യം നാ. 1. വീരവാദം; 2. പൊങ്ങച്ചം

വീരസ്വർഗം നാ. വീരചരമം അടയുന്നവർക്കു ലഭ്യമാകുമെന്നു വിശ്വസിക്കപ്പെടുന്ന മോക്ഷം

വീരാഖ്യം നാ. കഴഞ്ചി

വീരാധിവീരൻ നാ. വീരന്മാരിൽ വീരൻ

വീരായിതം നാ. വിപരീതരതം

വീരാശംസനം നാ. 1. ഏറ്റവും അപകടകരമായ സമരമുഖമോ പ്രതിസന്ധിയോ; 2. കാവൽ; 3. വിനാശകരമായ ആഗ്രഹം

വീരാസനം നാ. 1. ഒരു യോഗാസനം; 2. മുട്ടുകുത്തിയിരുപ്പ്; 3. പടക്കളം; 4. കാവൽപ്പുര

വീരാളിപ്പട്ട് നാ. വിശിഷ്ടമായ ഒരിനം പട്ട്

വീര് നാ. 1. ആനയുടെ അലർച്ച; 2. പന്നിയുടെ മുക്രയിടൽ

വീരൂഹം നാ. ആരോഹിച്ചെടി

വീരേശൻ നാ. 1. വീരഭദ്രൻ; 2. ശിവൻ; 3. വലിയ വീരൻ

വീര്യജൻ നാ. സ്വന്തം വീര്യത്തിൽ അഥവാ ബീജത്തിൽ നിന്നു ജനിച്ചവൻ, പുത്രൻ

വീര്യപ്രപാതം നാ. ഇന്ദ്രിയസ്ഖലനം

വീര്യം നാ. 1. വീരൻെറ ഭാവം; 2. ഔഷധത്തിൻെറ ശക്തി; 3. ധാതുപുഷ്ടി; 4. ഓജസ്സ്; 5. ശുക്ലം, 6. ബീജം; 7. വിത്ത്

വീര്യവത്ത് വി. വീര്യമുള്ള

വീര്യസ്തംഭനം നാ. ഇന്ദ്രിയസ്രാവം തടയൽ

വീര്യഹീന വി. 1. വീര്യമില്ലാത്ത; 2. നിർവീര്യമാക്കപ്പെട്ട

വീൽ [ഇം.] നാ. ചക്രം

വീവധം നാ. 1. ചുമട്; 2. ഭാരം; 3. കാവടി; 4. കാവ്; 5. റോഡ്; 6. വീഥി

വീവധികൻ നാ. 1. കാവുതണ്ടിൽ വിൽപ്പനച്ചരക്കുകൾ തൂക്കിയിട്ടുകൊണ്ടുനടക്കുന്ന വ്യാപാരി; 2. ചില്ലറക്കച്ചവടക്കാരൻ; 3. കാവടിക്കാരൻ

വീശക്കണക്ക് നാ. കീഴ്ക്കണക്ക്

വീശത്തൂക്കം നാ. വിളഞ്ഞുണങ്ങിയ ഒരു നന്മണിക്കു തുല്യമായ തൂക്കം

വീശം നാ. 1. അല്പം; 2. ഒരു നെല്ലിടയുടെ പതിനാറിലൊരംശം

വീശൽ നാ. വീശുക, വീച്ച്

വീശുക ക്രി. 1. വിശറിയും മറ്റും ആട്ടി കാറ്റുവരുത്തുക; 2. അലയിടുക; 3. കൈ ഓങ്ങുക

വീശുകോൽ നാ. വില്ലടിച്ചാൻ പാട്ടിൽ വില്ലിന്മേൽ അടിക്കുന്നതിനുള്ള ലോഹവളയങ്ങളിട്ട കോൽ

വീഹാരം നാ. 1. ബുദ്ധമതക്കാരുടെ സന്യാസാശ്രമം; 2. പള്ളി; 3. മഠം

വീളാപ്പോര് നാ. പകവീട്ടാൻ സാധിക്കാതെ അവശേഷിക്കുന്ന ശത്രുത

വീളി നാ. കൊള്ളരുതാത്തവൻ, വഷളൻ

വീളിത്തം നാ. വഷളത്വം, കൊള്ളരുതായ്ക

വീളുക ക്രി. 1. രക്ഷിക്കുക; 2. വീണ്ടെടുക്കുക; 3. പകപോക്കുക

വീഴ് വി. 1. വീണുപോയ; 2. പാഴായ; 3. അധഃപതിച്ച; 4. നശിച്ച

വീഴ്ക്കാട് നാ. 1. നഷ്ടം; 2. കുറവ്

വീഴ്ക്കുക ക്രി. 1. അഴിച്ചുകളയുക; 2. അഴുക്കാക്കുക, വിഴുപ്പാക്കുക

വീഴ്ച നാ. 1. വീഴുക; 2. വീണ അവസ്ഥ; 3. അധഃപതനം; 4. മുടക്കം; 5. കുറ്റം; 6. നാശം; 7. മരണം

വീഴ്ചവരുക ക്രി. 1. തെറ്റുവരുക; 2. വേണ്ടതു നടക്കാതിരിക്കുക; 3. മുടങ്ങുക; 4. പരാജയപ്പെടുക

വീഴ്ത്തൽ നാ. 1. വീഴ്ത്തുക; 2. വീഴിക്കൽ

വീഴ്ത്തുക ക്രി. വീഴിക്കുക

വീഴ്പ്പ് നാ. 1. വീഴ്ക്കുക; 2. അഴുക്കുവസ്ത്രം; 3. വിഴുപ്പ്

വീഴക്ഷരം നാ. തെറ്റായ അക്ഷരം

വീഴിക്കുക ക്രി. വീഴ്ത്തുക

വീഴില്ലം നാ. 1. അധിക്ഷേപം; 2. ദൂഷണം

വീഴുക ക്രി. 1. മുകളിൽനിന്നു താഴോട്ടു നീങ്ങുക; 2. അധഃപതിക്കുക; 3. നശിക്കുക; 4. മുടങ്ങുക

വീറ് നാ. 1. ചുണ; 2. വൈരാഗ്യം; 3. വാശി; 4. വ്യഗ്രത; 5. വൈരം; 6. ധൈര്യം; 7. മരുന്നിന്റെ വേഗം; 8. എരിവ്

വീറുക ക്രി. 1. വീർക്കുക; 2. പെരുമയുണ്ടാവുക; 3. വിളങ്ങുക; 4. വെറുക്കുക; 5. കോപിക്കുക; 6. വേർപെടുക

വീറ്റം നാ. 1. വേർപാട്; 2. കീറ്; 3. വിഭാഗം; 4. തുണ്ട്; 5. വളവ്

വീറ്റോ [ഇം.] നാ. നിഷേധാധികാരം

വുർണ വി. വരിച്ച

വുവുർഷ നാ. വരിക്കാനുള്ള ആഗ്രഹം

വുവുർഷു വി. വരിക്കാൻ ഇച്ഛരിക്കുന്ന

വുസം നാ. പതിര്

വൃകദംശം നാ. നായ

വൃകധൂപം നാ. 1. തിരുവട്ടപ്പശ; 2. സുഗന്ധക്കൂട്ട്

വൃകധൂർത്തൻ നാ. കുറുക്കൻ, ഊളൻ

വൃകൻ നാ. 1. കവർച്ചക്കാരൻ; 2. പിശാച്; 3. ചന്ദ്രൻ; 4. ക്ഷത്രിയൻ; 5. വൃകാസുരൻ

വൃകം നാ. 1. ചെന്നായ്; 2. നായ്; 3. കഴുതപ്പുലി; 4. കുറുക്കൻ; 5. എലി; 6. മൂങ്ങ; 7. കാക്ക; 8. ജഠരാഗ്നി; 9. കലപ്പ

വൃകാരാതി നാ. നായ്

വൃകാസുരൻ നാ. ഒരസുരൻ

വൃകോദരൻ നാ. 1. ഭീമസേനൻ; 2. ബ്രഹ്മാവ്

വൃക്ക നാ. 1. മൂത്രാശയം; 2. ഹൃദയം

വൃക്ണ വി. 1. വളയ്ക്കപ്പെട്ട; 2. ചുരുണ്ട

വൃക്ഷകം നാ. 1. തൈമരം; 2. കുടകപ്പാല

വൃക്ഷകുക്കുടം നാ. കാട്ടുകോഴി

| | | |
|---|---|---|
| വൃക്ഷഖണ്ഡം | നാ. | മരത്തോപ്പ് |
| വൃക്ഷചരം | നാ. | കുരങ്ങ് |
| വൃക്ഷഛായ | നാ. | 1. മരങ്ങളുടെ നിഴൽ; 2. മരത്തണൽ |
| വൃക്ഷധൂപം | നാ. | തിരുവട്ടപ്പശ |
| വൃക്ഷനിര്യാസം | നാ. | 1. പശ; 2. കുന്തുരുക്കം |
| വൃക്ഷം | നാ. | മരം |
| വൃക്ഷമർക്കടിക | നാ. | 1. മരപ്പട്ടി; 2. അണ്ണാൻ |
| വൃക്ഷമാർജാരൻ | നാ. | കറ്റുപുലി |
| വൃക്ഷമൂലം | നാ. | 1. വൃക്ഷത്തിൻെറ ചുവട്; 2. മുരട് |
| വൃക്ഷമൃഗം | നാ. | കുരങ്ങ് |
| വൃക്ഷരുഹ | നാ. | 1. ഇത്തിൾക്കണ്ണി; 2. കരിങ്കച്ചോലം; 3. അമൃതവള്ളി; 4. മഹാമേദ |
| വൃക്ഷവാടി | നാ. | മരത്തോപ്പ് |
| വൃക്ഷാങ്ഘ്രി | നാ. | മരച്ചുവട് |
| വൃക്ഷാദനം | നാ. | 1. കോടാലി; 2. ഉളി; 3. പേരാൽ; 4. അരയാൽ |
| വൃക്ഷാദനി | നാ. | 1. ഇത്തിൾക്കണ്ണി; 2. മുരിക്ക്; 3. കരിവേപ്പ് |
| വൃക്ഷാമയ | നാ. | 1. അരക്ക്; 2. മരക്കറ |
| വൃക്ഷാമ്ലം | നാ. | 1. അമ്പഴം; 2. മരപ്പുളി; 3. പുളിങ്ങ |

വൃക്ഷാലയം	നാ.	പക്ഷി

വൃക്ഷാവലി	നാ.	മരക്കൂട്ടം

വൃക്ഷാശ്രയി	നാ.	1. പക്ഷി; 2. ചെറിയ ഇനം മൂങ്ങ

വൃക്ഷോത്പലം	നാ.	കർണികാരവൃക്ഷം

വൃജന	നാ.	1. നശിക്കുന്ന; 2. വളഞ്ഞ; 3. ക്ഷണികമായ; 4. ബലമേറിയ

വൃജനം	നാ.	1. രോമം; 2. ചുരുണ്ട തലമുടി; 3. യുദ്ധം; 4. വിപത്ത്; 5. ദുഷ്ടത; 6. ആകാശം; 7. വയൽ

വൃജിന	വി.	1. വിപത്കരമായ; 2. ദുഷ്ടതയുള്ള; 3. വളഞ്ഞ

വൃജിനം	നാ.	1. ചുരുണ്ട തലമുടി; 2. ചെമന്ന തോൽ; 3. ദുഷ്ടത; 4. ചതി; 5. ദോഷം; 6. ദുഃഖം

വൃത	വി.	1. ആവരണം ചെയ്യപ്പെട്ട; 2. വരിക്കപ്പെട്ട; 3. തിരഞ്ഞെടുക്കപ്പെട്ട; 4. സമ്മതിക്കപ്പെട്ട; 5. മറയ്ക്കപ്പെട്ട; 6. ഒളിക്കപ്പെട്ട; 7. ചുറ്റപ്പെട്ട; 8. ദൂഷിതമായ; 9. പരിസേവിതമായ; 10. ഉരുണ്ട

വൃതി	നാ.	1. വരണം; 2. തിരഞ്ഞെടുപ്പ്; 3. മറവ്; 4. ആവരണം; 5. വേലി; 6. വളച്ചുകെട്ട്

വൃതിവ്യാപനം	നാ.	സാന്ദ്രതയ്ക്കു വ്യത്യാസമുള്ള രണ്ടു ദ്രാവകങ്ങൾ ഒരുതരം സ്തരംകൊണ്ട് വേർതിരിച്ചിരുന്നാലും അവ പരസ്പരം വ്യാപനം ചെയ്യുന്ന പ്രവർത്തനം

വൃതിവ്യാപനമർദം നാ. വൃതിവ്യാപനം മുഖാന്തരം മൂലലോമങ്ങളിൽ ജലം പ്രവേശിക്കുന്നതിൻെറ ഫലമായി അവിടെ ഉണ്ടാകുന്ന മർദം

വൃത്ത വി. 1. വർത്തിഉന്ന; 2. സംഭവിച്ച; 3. കഴിഞ്ഞ; 4. മരിച്ച; 5. നിവർത്തിക്കപ്പെട്ട; 6. ലഭിക്കപ്പെട്ട; 7. വട്ടത്തിലുള്ള; 8. ഉറപ്പുള്ള; 9. തടസ്സമില്ലാത്ത; 10. കീർത്തിയുള്ള; 11. പ്രസിദ്ധമായ

വൃത്തകം നാ. ഒരുതരം ഗദ്യപ്രബന്ധം

വൃത്തകർക്കടി നാ. തണ്ണിമത്തങ്ങ

വൃത്തഖണ്ഡം നാ. വൃത്തത്തിൻെറ ഛേദം

വൃത്തഗന്ധി വി. വൃത്തത്തിൻെറ ഛായയുള്ള

വൃത്തചാപം നാ. വൃത്തത്തിൻെറ പരിധിയിലെ ഒരു ഖണ്ഡം

വൃത്തനേമി നാ. വൃത്തത്തിൻെറ ചുറ്റളവ്

വൃത്തഫലം നാ. 1. കുരുമുളക്; 2. ലന്തമരം; 3. തണ്ണിമത്ത

വൃത്തം നാ. 1. വട്ടം; 2. വളയം; 3. വർത്തമാനം; 4. ചരിത്രം; 5. പപ്പടം; 6. നടത്ത; 7. ആമ; 8. പദ്യത്തിൻെറ രൂപഘടന; 9. അനുഷ്ഠാനം; 10. മട്ട്; 11. നടപടി; 12. തൊഴിൽ; 13. നിയമം

വൃത്തമല്ലിക നാ. കുടമുല്ല

വൃത്തരത്നാകരം നാ. പദ്യങ്ങളുടെ വൃത്തങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന ഒരാധാരിക ഗ്രന്ഥം

വൃത്തവത്ത് വി. 1. വൃത്തമുള്ള; 2. സദാചാരം പാലിക്കുന്ന

വൃത്തശാസ്ത്രം നാ. വൃത്തതത്ത്വങ്ങൾ പ്രതിപാദിക്കുന്ന ശാസ്ത്രം

വൃത്താകാര വി. 1. വൃത്തരൂപത്തിലുള്ള; 2. വർത്തുളമായ

വൃത്താക്ഷം നാ. കോഴി

വൃത്താനുസാര നാ. ചട്ടങ്ങളെയും വിധികളെയും അനുസരിക്കുന്ന

വൃത്താന്തം നാ. 1. വർത്തമാനം; 2. ചരിത്രം; 3. വിഷയം; 4. ഗുണം; 5. സമയം; 6. അവസരം; 7. ഏകാന്തത; 8. നടപടി; 9. കണക്ക്; 10. ബുദ്ധി

വൃത്തി നാ. 1. വർത്തനം; 2. ഉപജീവനം; 3. പ്രവൃത്തി; 4. ജീവിതം; 5. ചുറ്റൽ; 6. പെരുമാറ്റം; 7. കറക്കം; 8. ശുചിത്വം; 9. വെടിപ്പ്; 10. വ്യാഖ്യാനം; 11. പ്രവർത്തനപദ്ധതി; 12. (കാവ്യ) രചനാരീതി

വൃത്തിക വി. വൃത്തിയെ സംബന്ധിച്ച

വൃത്തികേട് നാ. 1. വൃത്തിയില്ലായ്മ; 2. വെടിപ്പുകേട്; 3. ദുഷിച്ച പെരുമാറ്റം; 4. ശുചിത്വമില്ലായ്മ

വൃത്തിചതുഷ്ടയം നാ. (കാവ്യ) നാലുവൃത്തികൾ (കൈശികി, ആരഭടി, ഭാരതി, സാത്വതി എന്നിവ)

വൃത്തിച്ഛേദം നാ. കാലക്ഷേപം, മുട്ടിക്കൽ

വൃത്തിത്രയം നാ. 1. മൂന്നു ശബ്ദവൃത്തികൾ (അഭിധ, ലക്ഷണ, വ്യഞ്ജന); 2. ഉപജീവനത്തിനുള്ള മൂന്നു വൃത്തികൾ (കൃഷി, കച്ചവടം, പശുപാലനം എന്നീ മൂന്നും)

വൃത്തിപരവിദ്യാഭ്യാസം നാ. തൊഴിൽപരമായ വിദ്യാഭ്യാസം

വൃത്തിഭങ്ഗം നാ. കാലക്ഷേപമർഗത്തിനു തകരാറു സംഭവിക്കൽ

വൃത്തിസാധനം നാ. 1 ഉപജീവനമാർഗം; 2. ജീവനോപായം; 3. ജീവനോപകരണം

വൃത്തിസ്ഥ വി. 1. തൊഴിലുള്ള; 2. നല്ല നടത്തയുള്ള

വൃത്തിസ്ഥൻ നാ. 1. തൊഴിലുള്ളവൻ; 2. മര്യാദയുള്ളവൻ

വൃത്തിസ്ഥം നാ. 1. ഓന്ത്; 2. പല്ലി

വൃത്തിഹീന വി. വൃത്തിയില്ലാത്ത

വൃത്യനുപ്രാസം നാ. അനുപ്രാസത്തിൻെറ ഒരു ഉൾപ്പിരിവ്

വൃത്യർഥം വി. 1. വൃത്തിക്കായിട്ട്; 2. തൊഴിലിനായിട്ട്; 3. കാലക്ഷേപത്തിനുവേണ്ടി

വൃത്യർഥി നാ. ജോലികിട്ടുവാൻ ഇച്ഛരിക്കുന്നവൻ

വൃത്രൻ നാ./ 1. ദേവേന്ദ്രൻ; 2. ശത്രു

വൃത്രം നാ. 1. മേഘം; 2. ഇരുട്ട്; 3. പർവതം; 4. ശബ്ദം; 5. ചക്രം

വൃഥാ അവ്യ. 1. വെറുതെ; 2. ഉദ്ദേശ്യമില്ലാതെ; 3. പാഴിൽ; 4. അനാവശ്യമായി; 5. ബുദ്ധിഹീനമായി

വൃഥാകാരം നാ. 1. മിഥ്യാരൂപം; 2. വെറും ഭാവം

വൃഥാടനം നാ. വെറുതെ നടപ്പ്

വൃഥാപവാദം നാ. അടിസ്ഥാനമില്ലാത്ത അപവാദം

വൃഥാമതി നാ. 1. മൂഢബുദ്ധി; 2. ദുർബുദ്ധി

വൃഥാലോപം നാ. പാഴ്വാക്ക്

വൃഥാവത്ത് അവ്യ. വെറുതെ

വൃഥാവാദം നാ. 1. പാഴ്വാക്ക്; 2. കഴമ്പില്ലാത്ത തർക്കം; 3. യുക്തിശൂന്യമായ വാദം

വൃദ്ധ1 വി. 1. വർധിച്ച; 2. വളർന്ന; 3. വയസ്സുചെന്ന; 4. കൂട്ടിവയ്ക്കപ്പെട്ട; 5. പഠിപ്പുള്ള; 6. ബുദ്ധിയുള്ള; 7. ആദരം അർഹിക്കുന്ന

വൃദ്ധ2 നാ. വാർധക്യം പ്രാപിച്ചവൾ

വൃദ്ധകാകം നാ. 1. കാവതിക്കാക്ക; 2. ബലിക്കാക്ക

വൃദ്ധചതുഷ്ടയം നാ. വിദ്യാവൃദ്ധൻ ജ്ഞാനവൃദ്ധൻ ധർമവൃദ്ധൻ വയോവൃദ്ധൻ എന്നീ നാലുതരം വൃദ്ധന്മാർ

വൃദ്ധത, -ത്വം നാ. വാർധക്യം

വൃദ്ധൻ നാ. 1. വാർധക്യം പ്രാപിച്ചവൻ; 2. അഭിവന്ദ്യൻ; 3. പണ്ഡിതൻ; 4. ഒരു മഹർഷി

വൃദ്ധനാഭി വി. 1. കുടവയറുള്ള; 2. തടിച്ച

വൃദ്ധം നാ. 1. സാമ്പ്രാണി; 2. ചേലേയം; 3. മറിക്കുന്നി

വൃദ്ധമതം നാ. പുരാതനാചാര്യന്മാരുടെ മതം

വൃദ്ധവാഹനം നാ. മാവ്

വൃദ്ധശ്രവസ്സ് നാ. ദേവേന്ദ്രൻ

വൃദ്ധസൂത്രകം നാ. പഞ്ഞിക്കൂട്ടം

വൃദ്ധാങ്ഗുലി നാ. 1. പെരുവിരൽ; 2. തള്ള വിരൽ

വൃദ്ധി നാ. 1. വർധന; 2. പലിശ; 3. പുരോഗമനം; 4. കയറ്റം; 5. സമ്പത്ത്; 6. വേലിയേറ്റം; 7. അണ്ഡവൃദ്ധി; 8. ചന്ദ്രൻെറ വൃദ്ധി; 9. ഛേദനം

വൃദ്ധിജീവനം നാ. 1. വലിയ പലിശയ്ക്കു പണം കടംകൊടുക്കുന്ന തൊഴിൽ; 2. ഉണ്ടിയൽ വ്യാപാരം

വൃദ്ധിദ വി. 1. ഐശ്വര്യം വർദ്ധിപ്പിക്കുന്ന; 2. സമ്പത്തു നൽകുന്ന

വൃദ്ധിദം നാ. ജീവകം

വൃദ്ധിമത്ത് വി. 1. വർധിക്കുന്ന; 2. വർധനയുള്ള; 3. ഐശ്വര്യമുള്ള; 4. അഭിവൃദ്ധിയുള്ള

വൃന്തം നാ. 1. ഞെട്ട്; 2. ഞെടുപ്പ്; 3. പുഷ്പദല മണ്ഡലം; 3. മുലക്കണ്ണ്; 4. തിരിക

വൃന്തിക നാ. ചെറിയ ഞെട്ട്

വൃന്ദ വി. 1. കൂട്ടമായ; 2. വളരെയുള്ള

വൃന്ദം നാ. 1. കൂട്ടം; 2. സമൂഹം; 3. ഗണം; 4. നൂറുകോടി

വൃന്ദാര വി. 1. വലുതായ; 2. അധികമായ; 3. പ്രമുഖമായ; 4. സുന്ദരമായ; 5. ആകർഷമായ

വൃന്ദാരകൻ നാ. 1. ദേവൻ; 2. പ്രമാണി

വൃന്ദാരം നാ. 1. അസക്; 2. ലാവണ്യം; 3. ഉത്കർഷം

വൃന്ദാവനം നാ. 1. കാളിന്ദീനദിയുടെ തീരത്തുള ഒരു വനം; 2. തുളസിത്തടം

വൃന്ദാവിനി നാ. തുളസി

വൃശ നാ. മരുന്ന്

വൃശം നാ. 1. എലി; 2. ആടലോടകം

വൃശ്ചിക നാ. 1. തേൾ; 2. ഞണ്ട്; 3. ചാണകവണ്ട്; 4. രോമങ്ങളോടുകൂടിയ പുഴു; 5. മലങ്കാര

വൃശ്ചികം നാ. 1. തുലാം കഴിഞ്ഞുള്ള മലയാള മാസം; 2. (ജ്യോ) ഏഴാമത്തെ രാശി

വൃഷകം നാ. എലി

വൃഷകേതു നാ. ‘കാള കൊടിഅടയാളമായിട്ടുള്ളവൻ’, 1. ശിവൻ; 2. ബലമുള്ളവൻ

വൃഷണം നാ. അണ്ഡകോശം

വൃഷണ്വസു നാ. ദേവേന്ദ്രന്റെ ഭണ്ഡാരം

വൃഷധ്വജൻ നാ. 1. ശിവൻ; 2. ഗണപതി; 3. ഭക്തൻ; 4. സുകൃതശാലി

വൃഷൻ നാ. 1. ശ്രീകൃഷ്ണൻ; 2. കാമദേവൻ; 3. ദേവേന്ദ്രൻ; 4. ശക്തൻ; 5. അതികാമി; 6. കായികാഭ്യാസി

വൃഷനാശനൻ നാ. ശ്രീകൃഷ്ണൻ

വൃഷപതി നാ. 1. ശിവൻ; 2. അഴിച്ചുവിട്ടിരിക്കുന്ന കാള

വൃഷപർവാവ് നാ. ശിവൻ

വൃഷപാലകൻ നാ. ധർമപാലകൻ

വൃഷപുരനാഥൻ നാ. വടക്കുന്നാഥൻ

വൃഷഭഗതി നാ. ശിവൻ

വൃഷഭാസ നാ. 1. ദേവേന്ദ്രപുരി; 2. അമരാവതി; 3. ദേവലോകം

വൃഷഭൻ നാ. 1. കാള; 2. കുതിര; 3. മയിൽപ്പീലി; 4. നീതി; 5. ധർമം; 6. സുകൃതം; 7. ആടലോടകം; 8. ശ്രേഷ്ഠൻ; 9. വീര്യം; 10. ശുക്ലം; 11. ജൈനന്മാരുടെ ആദിമതീർഥങ്കരൻ, ഋഷഭനാഥൻ

വൃഷഭം നാ. 1. കാള; 2. ഇടവകം; 3. ശ്രേഷ്ഠമായ; 4. ചെവിയുടെ ദ്വാരം

വൃഷം നാ. 1. കാള; 2. കുതിര; 3. മയിൽപ്പീലി; 4. നീതി; 5. ശ്രേഷ്ഠം; 6. സുകൃതം; 7. വീര്യം; 8. ആടലോടകം; 9. ഇടവം രാശി; 10. ധർമം; 11. ഇടവമാസം; 12. ഉത്തമവസ്തു

വൃഷലകൻ നാ. നിന്ദ്യനായ ശൂദ്രൻ

വൃഷലൻ നാ. 1. ദുഷ്ടൻ; 2. പാപി; 3. ഭ്രഷ്ടൻ; 4. ശൂദ്രൻ; 5. ചന്ദ്രഗുപ്തൻ

വൃഷലം നാ. 1. കുതിര; 2. ചെമന്നുള്ളി

വൃഷലി നാ. 1. ശൂദ്രസ്ത്രീ; 2. വിവാഹപ്രായമായിട്ടും വിവാഹിതയാകാതെ പിതാവിൻെറ ഭവനത്തിൽ വസിക്കുന്നവൾ; 3. പുംശ്ചലി

വൃഷലീസേവനം നാ. ശൂദ്രസ്ത്രീയുമായുള്ള വേഴ്ച

വൃഷലോചനം നാ. എലി

വൃഷവാഹനൻ നാ. ശിവൻ

വൃഷസ്കന്ധ വി. കാളച്ചുമൽ പോലെ കരുത്തുള്ള തോളോടുകൂടിയ

വൃഷസ്യന്തി നാ. 1. അതിയായ കാമമുള്ളവൾ; 2. മൈഥുനേച്ഛ ഏറിയവൾ

വൃഷളൻ നാ. വൃഷലൻ

വൃഷായണൻ നാ. ശിവൻ

വൃഷാവ് നാ. 1. ദേവേന്ദ്രൻ; 2. കർണ്ണൻ; 3. കാള; 4. കുതിര; 5. ഇടവമാസം; 6. ദുരിതം; 7. ഗണനേതാവ്; 8. ഉത്തമൻ; 9. ആടലോടകം

വൃഷാഹാരം നാ. പൂച്ച

വൃഷി നാ. 1. കുശകൊണ്ടുള്ള ഇരിപ്പിടം; 2. മയിൽ

വൃഷോത്സർഗം നാ. ശവസംസ്കാരത്തിലോ മറ്റു സംസ്കാരത്തിലോ കാളയെ അഴിച്ചുവിടൽ

വൃഷ്ട വി. 1. വർഷിക്കപ്പെട്ട; 2. ചൊരിയപ്പെട്ട; 3. മഴപെയ്യുന്ന

വൃഷ്ടി നാ. 1. മഴ; 2. വർഷം; 3. മഴ പൊഴിയൽ

വൃഷ്ടികാലം നാ. മഴക്കാലം

വൃഷ്ടിജീവന വി. മഴയാൽ ഫലപുഷ്ടമാക്കപ്പെടുന്ന

വൃഷ്ടിജീവനം നാ. 1. വേഴാമ്പൽ; 2. മഴയുള്ള ഭൂമി

വൃഷ്ടിമത്ത് വി. മഴയുള്ള

വൃഷ്ടിമാനം നാ. മഴ അളക്കുന്നതിനുള്ള ഉപകരണം

വൃഷ്ണി1 വി. 1. മതവിശ്വാസമില്ലാത്ത; 2. കോപിഷ്ഠനായ; 3. മഴചൊരിയുന്ന

വൃഷ്ണി2 നാ. 1. മേഘം; 2. അഗ്നി; 3. വായു; 4. മുട്ടാട്; 5. രശ്മി; 6. ശ്രീകൃഷ്ണൻ; 7. ദേവേന്ദ്രൻ; 8. മതവിശ്വാസമില്ലാത്തവൻ; 9. പാഷണ്ഡൻ

വൃഷ്ണിഗർഭൻ നാ. ശ്രികൃഷ്ണൻ

വൃഷ്ണിവംശം നാ. 1. യദുകുലം; 2. യാദവവംശം

വൃഷ്യ വി. 1. വർഷിക്കത്തക്ക; 2. ചൊരിയത്തക്ക; 3. ശുക്ലം വർധിപ്പിക്കുന്ന; 4. ശരീരം പോഷിപ്പിക്കുന്ന

വൃഷ്ഠം നാ. 1. വാജീകരണം; 2. കരിമ്പ്; 3. ഉഴുന്ന്

വൃഹത്ത് വി. ബൃഹത്ത് (വലിയ)

വൃഹദങ്ഗം നാ. ബൃഹദങ്ഗം (ആന)

വൃഹസ്പതി നാ. ബൃഹസ്പതി

വെ വി. 1. ചൂടുള്ള; 2. ശക്തിയേറിയ; 3. നല്ല

വെകിട നാ. 1. ചൂട്; 2. നീറ്റൽ

വെകിളി നാ. 1. ഇളക്കം; 2. തിടുക്കം; 3. സാഹസികത; 4. ഭ്രാന്ത്

വെക്ക നാ. 1. ചൂട്; 2. ചൂടുള്ള അവസ്ഥ

വെക്കം1 അവ്യ. വേഗത്തിൽ

വെക്കം2 നാ. ലജ്ജ

വെക്കൽ1 നാ. 1. ചൂട്; 2. നീറ്റൽ; 3. വേവ്

വെക്കൽ2 നാ. വയ്ക്കൽ, വെക്കുക

വെക്കാനം നാ. 1. അല്പസമയത്തേക്കുള്ള വെയിൽ; 2. വേണ്ടായ്മ

വെക്കാളി നാ. 1. വരണ്ട കാലാവസ്ഥ; 2. നീറ്റൽ തോന്നിക്കുന്ന കാലാവസ്ഥ

വെക്കാളിക്കുക ക്രി. ആകാശം തെളിയുക

വെക്കുക ക്രി. വയ്ക്കുക

വെക്കേഷൻ [ഇം.] നാ. 1. വിദ്യാലയങ്ങൾക്ക് ഒഴിവ്; 2. ഒഴിച്ചുകൊടുക്കൽ; 3. വിശ്രമം; 4. വിരാമം; 5. ഇടവേള

വെങ്കലം നാ. ഒരു മിശ്രലോഹം

വെങ്കല്ല് നാ. 1. വെള്ളക്കല്ല്; 2. ഒരു രത്നം

വെങ്കായം നാ. ചുമന്നുള്ളി

വെങ്ങൽ [വെങ്ങുക] നാമരൂപം

വെങ്ങുക ക്രി. 1. പോകുക; 2. അടുക്കുക

വെച്ചമുക്ക് നാ. വില്ല്

വെച്ചിങ്ങ നാ. വെള്ളയ്ക്ക

വെഞ്ചനം നാ. വ്യഞ്ജനം

വെഞ്ചാമരം നാ. 1. വെളുത്ത ചമരിമാനിൻെറ വാലുകൊണ്ട് ഉണ്ടാക്കിയ അലങ്കാര വിശറി; 2. വെൺചമരിമാനിൻെറ വാൽ

വെഞ്ചരിപ്പ് [പോർ] നാ. അനുഗ്രഹിക്കൽ. (പ്ര) വീടുവെഞ്ചരിപ്പ് = (പുതുതായി നിർമിച്ച വീടിൻെറ) പവിത്രീകരണകർമം

വെടല വി. പൂർണമായി വിളയാത്ത. നാ. പകുതിമാത്രം വിളഞ്ഞ തേങ്ങ

വെടി1 [വെടിക്കുക] ധാതുരൂപം

വെടി2 നാ. 1. കരിമരുന്നു പ്രയോഗം; 2. ഭയം; 3. ഇടി; 4. കണ്ണ്; 5. ധൂപം; 6. പൊളിവചനം; 7. വെടിവയ്പ്പ്

വെടിക്കുക ക്രി. 1. വിള്ളൽ ഉണ്ടാകുക; 2. വിണ്ടുകീറുക; 3. പൊട്ടുക

വെടിക്കെട്ട് നാ. 1. കരിമരുന്ന് പ്രയോഗം; 2. വെറും നുണപറയൽ

വെടിപ്പഴുത് നാ. 1. പീരങ്കി നിരത്തി വെടിവയ്ക്കാനായി കോട്ടയുടെ മുകൾഭാഗത്തു നിർമിക്കുന്ന ദ്വാരം; 2. വെടികൊണ്ടുണ്ടായ ദ്വാരം

വെടിപ്പാട് നാ. 1. വെടിവച്ചാൽ ഉണ്ട ചെന്നു വീഴുന്ന അകലം; 2. വെടിയേറ്റുണ്ടായ വ്രണത്തിൻെറ പാട്

വെടിപ്പ് നാ. 1. വിള്ളൽ; 2. വിണ്ടുകീറൽ; 3. വൃത്തി, ഭങ്ഗി

വെടിമരുന്ന് നാ. 1. കരിമരുന്ന്; 2. തോക്കുനിറയ്ക്കാനുള്ള സ്ഫോടകവസ്തു

വെടിയുക ക്രി. 1. ഉപേക്ഷിക്കുക; 2. കൈവിടുക; 3. പരിത്യജിക്കുക

വെടിയുണ്ട നാ. തോക്കിലും മറ്റും ഇട്ടു വെടിവയ്ക്കാനുപയോഗിക്കുന്ന ഈയംകൊണ്ടുണ്ടാക്കിയ ഗോളം

വെടിയുപ്പ് നാ. വെടിമരുന്നുണ്ടാക്കാൻ ഉപയോഗിക്കുന്ന മിശ്രിതലവണവസ്തു

വെടുപ്പ് നാ. 1. വെടിപ്പ്; 2. സ്വച്ഛത; 3. മേന്മ; 4. കുറ്റമില്ലായ്മ; 5. ചിട്ട

വെട്ട നാ. 1. ഉഷ്ണം; 2. ചൂട്

വെട്ടടയ്ക്ക നാ. 1. വെട്ടിയ അടയ്ക്ക; 2. പാക്കിൻ നുറുക്ക്; 3. കളിയടയ്ക്ക

വെട്ടം നാ. 1. വെളിച്ചം; 2. അറിവ്. വെട്ടംവീഴുക = പ്രഭാതമാകുക

വെട്ടൽ നാ. 1. വെട്ടുക; 2. മിന്നൽ; 3. കൊളുത്തിപ്പിടിത്തം

വെട്ടാവെളിച്ചം നാ. നല്ല സൂര്യപ്രകാശം

വെട്ടി നാ. 1. വെട്ടുക; 2. വെട്ടിത്തെളിച്ചത്; 3. വ്യർഥമായത്; 4. വെട്ടാനുള്ള ഉപകരണം

വെട്ടിക്കരി നാ. 1. കൊള്ളരുതാത്തവൻ; 2. ദുർവൃത്തൻ; 3. വഷളത്തം

വെട്ടിക്കുതിര നാ. കോവർകഴുത

വെട്ടിത്താളി നാ. 1. വെട്ടിമരത്തിൻെറ ഇല; 2. വെട്ടിയില ചതച്ചുപിഴിഞ്ഞെടുത്ത നീര്

വെട്ടിപ്പണി നാ. പാഴ്വേല, കൂലിയില്ലാത്ത വേല

വെട്ടിപ്പിടിക്കുക ക്രി. 1. ബലം പ്രയോഗിച്ചു പിടിച്ചെടുക്കുക; 2. പടപൊരുതുക; 3. അധ്വാനിച്ചു കൈവശപ്പെടുത്തുക

വെട്ടിയാട്ട് നാ. ബലികർമാദികൾകൊണ്ട് ദുർദേവതകളെ ഉച്ചാടനം ചെയ്യുന്ന ക്രിയ

വെട്ടിൽ നാ. 1. വിട്ടിൽ; 2. വെട്ടുക്കിളി

വെട്ട് നാ. 1. വെട്ടുക; 2. വ്രണം; 3. ഇടി; 4. താഡനം; 5. യുദ്ധംചെയ്യൽ; 6. കൊത്തിവയ്ക്കൽ; 7. ആർത്തിയോടെ ആഹാരം കഴിക്കൽ

വെട്ടുക വി. 1. ആയുധം; 2. ആയുധംകൊണ്ട് പ്രഹരിക്കുക; 3. മുറിക്കുക; 4. കുത്തുക; 5. കുഴിക്കുക; 6. യുദ്ധംചെയ്യുക; 7. പ്രകാശിക്കുക; 8. ആർത്തിയോടെ വാരിക്കോരിത്തിന്നുക

വെട്ടുകത്തി	നാ.	വെട്ടാനുപയോഗിക്കുന്ന വലിയ കത്തി

വെട്ടുകല്ല്	നാ.	വെട്ടിയെടുക്കുന്ന ചെങ്കല്ല്

വെട്ടുകാണം	നാ.	ഭീമി വെട്ടിത്തെളിച്ചെടുക്കാനായി കുടിയാനവനു നൽകുന്ന പ്രതിഫലം

വെട്ടുക്കിളി	നാ.	1. പച്ചക്കിളി; 2. തുള്ളൻ

വെട്ടുകുഴി	നാ.	വെട്ടിയുണ്ടാക്കിയ കുഴി

വെട്ടുവഴി	നാ.	നാട്ടുവഴി, ഇടവഴി

വെട്ടുവിളാൻ	നാ.	വേട്ടാളൻ

വെട്ടുവേല	നാ.	ആശാരിപ്പണി

വെൺ	വി.	1. വെളുത്ത; 2. വെണ്മയുള്ള; 3. പ്രകാശമുള്ള; 4. ഭങ്ഗിയുള്ള; 5. ശുദ്ധമായ; 6. ഒഴുക്കനായ; 7. കറയറ്റ; 8. വലിയ

വെൺകടൽ	നാ.	പാൽക്കടൽ

വെൺചണായി	നാ.	വെളുത്ത അമര

വെൺചാമരം	നാ.	1. വെൺചമരിമാനിൻെറ വാൽ; 2. ഒരു രാജചി ം

വെൺതല	നാ.	തലയോട്ടി

വെൺതാമര	നാ.	വെളുത്തതാമര

വെൺതിങ്കൾ	നാ.	പൂർണചന്ദ്രൻ

വെൺപലനാട്	നാ.	വടക്കുങ്കൂർ രാജ്യം

വെൺപറമ്പ് നാ. 1. കൃഷിചെയ്യാതെയിട്ടിരിക്കുന്ന പുരയിടം; 2. വെളിമ്പറമ്പ്; 3. വാഴത്തോപ്പ്

വെൺപറവ നാ. വെള്ളിൽപ്പക്ഷി

വെൺപാവൽ നാ. കാട്ടുപാവൽ

വെണ്ടയ്ക്കാ നാ. വെണ്ടയുടെ കായ്. (പ്ര) വർത്തമാനപ്പത്രങ്ങളിൽ അച്ചടിക്കുന്ന വളരെ വലിയ അക്ഷരം

വെണ്ടർ [ഇം.] നാ. മുദ്രപ്പത്രം വിൽക്കുന്ന ആൾ

വെണ്ണ നാ. തൈർ കടഞ്ഞെടുക്കുന്ന വെളുത്ത നെയ്യ്

വെണ്ണക്കല്ല് നാ. മാർബിൾ

വെണ്ണിലം നാ. മണൽപ്രദേശം

വെണ്ണിലാവ് നാ. വെളുത്ത നിലാവ്

വെണ്ണീറ് നാ. 1. ചാരം; 2. ചുടലച്ചാമ്പൽ

വെണ്മ നാ. 1. വെളുപ്പ്; 2. ധവളത; 3. ശോഭ; 4. വെടിപ്പ്; 5. നിഷ്കളങ്കത; 6. കീർത്തി

വെണ്മകരി നാ. 1. മകരിപോലെ സുന്ദര രേഖയോടുകൂടിയവൾ; 2. പാലാഴി



വെണ്മട്ടം നാ. ഒഴുക്കൻ പണി

വെണ്മണി നാ. മുത്ത്

വെണ്മതി നാ. ചന്ദ്രൻ

വെണ്മല നാ. 1. വെള്ളിമല; 2. കൈലാസം

വെണ്മഴു നാ. 1. ആയുധം; 2. പ്രകാശമുള്ള മഴു

വെണ്മാടം നാ. 1. വെള്ളപൂശിയ സൗധം; 2. മനോഹരവും പല നിലകളുള്ളതുമായ മന്ദിരം

വെണ്മീൻ നാ. 1. ശുക്രൻ; 2. ഉദയനക്ഷത്രം

വെണ്മുകിൽ നാ. 1. വെളുത്ത മേഘം; 2. ജലം ഉൾക്കൊള്ളുന്ന മേഘം

വെണ്മുറുവൽ നാ. 1. പുഞ്ചിരി; 2. ധവള മന്ദഹാസം

വെതിർ നാ. 1. ചെകിട്; 2. മുള; 3. കലക്കം; 4. കോപം; 5. ക്ഷോഭം

വെതുപ്പം നാ. 1. ചെറിയ ചൂട്; 2. ആശ

വെതുമ്പുക ക്രി. 1. ചൂടുപിടിക്കുക; 2. ആശിക്കുക

വെന്ത [വേവുക] വി. (ഭൂ.പേരെച്ചം) വേവിച്ച

വെന്തയം നാ. ഉലുവ

വെന്തിങ്ങ [പോർ] നാ. 1. റോമൻ കത്തോലിക്കർ കഴുത്തിലണിയുന്ന ഒരു വിശുദ്ധ വസ്തു; 2. ഉത്തരീയം; 3. അടയാളം

വെന്തുമ്പ നാ. വെളുത്തതുമ്പ

വെന്ന [വെല്ലുക] നാ. (ഭൂ.പേരെച്ചം) ജയിച്ച

വെന്നലം	നാ.	ഒന്നും വിളയാത്ത ഭൂമി

വെന്നവൻ	നാ.	ജയിച്ചവൻ

വെന്നി	നാ.	1. ജയം; 2. മോരുചേർത്തുണ്ടാക്കുന്ന ഒരുതരം കറി; 3. അസ്ത്രം

വെന്നിക്കൊടി	നാ.	വിജയപതാക

വെന്നിലാവ്	നാ.	വെണ്ണിലാവ്

വെന്നീർ	നാ.	1. തെളിഞ്ഞ വെള്ളം; 2. ചൂടുവെള്ളം (വെന്തനീർ)

വെപ്പൻ	നാ.	1. അരിവയ്പ്പുകാരൻ; 2. വെപ്പുകാരൻ, പാചകക്കാരൻ

വെപ്പം	നാ.	1. വെമ്പൽ; 2. ആഗ്രഹം; 3. പരിഭ്രമം; 4. ഭയം

വെപ്പിക്കുക	ക്രി.	1. വെറുക്കുമാറാക്കുക; 2. പണിയിക്കുക

വെപ്പിൻമകൾ	നാ.	'പർവതപുത്രി', ശ്രീപാർവതി

വെപ്പ്	നാ.	1. വയ്ക്കൽ, നിക്ഷേപിക്കൽ; 2. നിർമാണം; 3. മല; 4. ഒറ്റി; 5. നടീൽ; 6. അടുക്കളവേല; 7. ചട്ടം; 8. കാൽവയ്പ്പ്

വെപ്പുവള്ളം	നാ.	വലിയ കെട്ടുവള്ളം

വെപ്പുവെള്ളം	നാ.	കഷായവെള്ളം

വെപ്രാളം	നാ.	1. തിടുക്കം; 2. സംഭ്രമം; 3. പരിഭ്രമം; 4. വ്യാകുലത

വെം	വി.	1. ശക്തിയുള്ള; 2. ചൂടുള്ള

വെമ്പടാവ്	നാ.	വെണ്മയേറിയ നിലാവ്

വെമ്പരി നാ. ശക്തിയുള്ള കുതിര

വെമ്പല്‍ നാ. 1. വെമ്പുക; 2. ഭയം; 3. സംഭ്രമം

വെമ്പാടം നാ. വയല്‍

വെമ്പ് നാ. വെമ്പല്‍

വെമ്പുക ക്രി. 1. പരിഭ്രമിക്കുക; 2. ഭയപ്പെടുക; 3. തിടുക്കപ്പെടുക; 4. ചൂടുപിടിക്കുക

വെമ്പുനീര്‍ നാ. വിയര്‍പ്പുജലം

വെമ്മ നാ. 1. ചൂട്; 2. കടുപ്പം; 3. കോപം; 4. ആഗ്രഹം; 5. പരാക്രമം

വെയില്‍ നാ. 1. സൂര്യരശ്മി; 2. സൂര്യന്‍

വെയിറ്റര്‍ [ഇം.] നാ. 1. കാത്തുനില്‍ക്കുന്നവന്‍; 2. പരിചാരകന്‍; 3. വിളമ്പുകാരന്‍; 4. ശുശ്രൂഷകന്‍

വെയ്യം നാ. ലോകം

വെയ്യവന്‍ നാ. 1. സൂര്യന്‍; 2. ജ്യോതിസ്വരൂപന്‍

വെയ്യുക ക്രി. 1. ചൂടാകുക; 2. പ്രകാശിക്കുക; 3. ഇച്ഛരിക്കുക

വെയ്യോന്‍ നാ. വെയ്യവന്‍, സൂര്യന്‍

വെര്‍മിസെല്ലി [ഇത്താ] നാ. സേമിയാ

വെരട്ടുക ക്രി. 1. വിരട്ടുക; 2. പരിഭ്രമമുണ്ടാക്കുക; 3. ഭീഷണിപ്പെടുത്തുക

വെരു നാ. 1. ഭയം; 2. സംഭ്രമം; 3. ഗന്ധമാർജാരം

വെൽവൂതാക നാ. വിജയിക്കട്ടെ

വെലക്കുക ക്രി. വിലക്കുക

വെലി നാ. 1. ബലി; 2. ശ്രാദ്ധം

വെല്ലം നാ. ശർക്കര

വെല്ലൽ നാ. 1. ജയിക്കൽ; 2. തോൽപ്പിക്കൽ; 3. അതിശയിക്കൽ

വെല്ലുക ക്രി. 1. ജയിക്കുക; 2. അതിശയിക്കുക; 3. കടത്തിവെട്ടുക

വെല്ലുവിളി നാ. 1. ഭീഷണിയുടെ സ്വരത്തിലുള്ള വിളി; 2. പോർവിളി

വെവ്വേറെ അവ്യ. 1. വേറെവേറെ; 2. വേർതിരിവ്

വെശ നാ. 1. ബലം; 2. താങ്ങ്; 3. കെണി; 4. മുളത്തട്ടി; 5. വേഗം

വെസ്പര [ല.] നാ. 1. സന്ധ്യ; 2. പള്ളിയിലെയും മറ്റും സായാ പ്രാർഥന

വെളാർ നാ. 1. വിളയൽ; 2. ഒരുപിടി കതിര്

വെളി നാ. 1. വെളിമ്പ്രദേശം; 2. തുറസ്സായ പ്രദേശം; 3. തരിശു ഭൂമി; 4. ആകാശം; 5. കാട്ടു ചേന

വെളിക്കിറങ്ങുക ക്രി. 1. മലവിസർജനം നടത്തുക; 2. പുറത്തു പോകുക

വെളിച്ചത്താക്കുക ക്രി. പരസ്യമാക്കുക

വെളിച്ചപ്പാട് നാ. 1. ഏതെങ്കിലും ദേവത ആവേശിച്ചിട്ടെന്നപോലെ തുള്ളി അരുളപ്പാടു പറയുന്ന ആൾ; 2. കോമരം

വെളിച്ചപ്പെടുക ക്രി. 1. വെളിപാട് ഉണ്ടാകുക; 2. പ്രത്യക്ഷമാകുക

വെളിച്ചം നാ. 1. പ്രകാശം; 2. തെളിവ്; 3. ജ്ഞാനോദയം

വെളിച്ചമാകുക ക്രി. 1. പ്രഭാതമാകുക; 2. സൂര്യോദയമാകുക

വെളിച്ചെണ്ണ നാ. തേങ്ങ ആട്ടി എടുക്കുന്ന എണ്ണ

വെളിപാട് നാ. 1. മനുഷ്യ സ്വരത്തിൽ പ്രകടമാകുന്ന ദിവ്യ വചനം; 2. എവിടെനിന്നെന്നില്ലാതെ പ്രത്യക്ഷപ്പെടൽ

വെളിപാടു പുസ്തകം നാ. വേദപുസ്തകത്തിൻെറ പുതിയ നിയമത്തിൽ വിശുദ്ധ യോഹന്നാൻ ശ്ലീഹായ്ക്കു ലഭിച്ച ദിവ്യവെളിപാട് അടങ്ങിയ ഒടുവിലത്തെ ഗ്രന്ഥം

വെളിപ്പെടുക ക്രി. 1. പ്രത്യക്ഷമാകുക; 2. വെളിയിൽ വരുക; 3. പ്രസിദ്ധമാകുക

വെളിപ്പറമ്പ് നാ. 1. തുറസ്സായ സ്ഥലം; 2. കൃഷിചെയ്യാതെ കിടക്കുന്ന പറമ്പ്

വെളിയം നാ. 1. വെളിമ്പ്രദേശം; 2. വെളിമ്പറമ്പ്

വെളിയാട നാ. അലങ്കാരത്തിനുള്ള വിചിത്രപ്പണി ചെയ്ത നാടയോ ശീലയോ

വെളിർ നാ. 1. കിളിവാതിൽ; 2. ജാലകം

വെളിവായൻ നാ. വിടുവായൻ

വെളിവായി അവ്യ. 1. സ്പഷ്ടമായി; 2. വ്യക്തമായി; 3. വിശദമായി

വെളിവ് നാ. 1. പ്രകാശം; 2. വെണ്മ; 3. സുബോധം

വെളിവുകേട് നാ. 1. ലഹരിപിടിച്ചു ബോധമില്ലാതാവുക; 2. ലക്കുകെട്ടുപോവുക

വെളിറ് നാ. 1. വെണ്മ; 2. ബോധം

വെളിറുക ക്രി. 1. വെളുക്കുക; 2. വെളിവു വീഴുക

വെളുക്കുക ക്രി. 1. വെളുപ്പുനിറമാകുക; 2. വെളിച്ചമാകുക

വെളുക്കെ അവ്യ. 1. വെളുക്കുമാറ്. 'വെളുക്കാൻ തേച്ചത് പാണ്ടായി' (ശൈലി); 2. പ്രകാശിക്കുമാറ്; 3. രാവിലെ

വെളുതി നാ. 1. വിളുമ്പ്; 2. വക്ക്, അരിക്

വെളുത്ത വി. 1. വെളനിറമുള്ള; 2. വിളർച്ചവന്ന; 3. നിശ്ശേഷം നശിച്ച

വെളുത്തപക്ഷം നാ. അമാവാസികഴിഞ്ഞു വെളുത്തവാവുവരെയുള്ള 15 ദിവസം ചേർന്ന കാലം

വെളുത്തവാവ് നാ. 1. പൂർണചന്ദ്രൻ ഉദിക്കുന്ന ദിവസം; 2. പൂർണിമ

വെളുത്തീയം നാ. 1. വെളുപ്പുനിറമുള്ള ഈയം; 2. ടിൻ

വെളുത്തുള്ളി നാ. 1. വെളുത്ത ഉള്ളി; 2. വെള്ളുള്ളി

വെളുത്തേടൻ നാ. അലക്കുകാരൻ

വെളുപ്പിക്കുക ക്രി. 1. വെളുപ്പുനിറമാകുക; 2. വെളിച്ചമാക്കുക; 3. (പ്ര) നശിപ്പിക്കുക

വെളുപ്പിന് അവ്യ. 1. വെളുപ്പാൻ കാലത്ത്; 2. സൂര്യോദയത്തിനു മുമ്പ്

വെളുപ്പ് നാ. 1. വെളുത്ത നിറം; 2. വെണ്മ; 3. പ്രഭാതം

വെളുമ്പൻ നാ. വെളുത്ത നിറമുള്ളവൻ

വെളുവെളുപ്പ് നാ. തൂവെള്ള നിറം

വെളുവെളെ അവ്യ. അധികം വെള്ളയായി

വെള്ള വി. വെളുപ്പു നിറമുള്ള. നാ. 1. മദ്യം; 2. വെണ്മ; 3. അലക്കിയ വസ്ത്രം; 3. കുമ്മായം; 4. മുട്ടയുടെയും മറ്റും വെള്ളക്കരു; 5. വെറും കടലാസ്സ്; 6. കൈകാൽ മുതലായവയുടെ മൃദുലമായ ഉൾഭാഗം; 7. ധവളവർണം; 8. ചക്രം; 9. ശുക്ലം. (പ്ര) വെള്ളയടിക്കുക = 1. വെള്ള നിറം പൂശുക; 2. ഹീനമായതു മറച്ചുവയ്ക്കുക

വെള്ളക്കരു നാ. മുട്ടയുടെ അകത്തു വെളുത്ത നിറത്തിൽ മഞ്ഞക്കരുവിനെ ആവരണം ചെയ്തു കാണുന്ന അർധദ്രവ വസ്തു

വെള്ളക്കല്ല് നാ. 1. വെളുത്ത കല്ല്; 2. വെണ്ണക്കല്ല്; 3. ഒരു രത്നം

വെള്ളക്കാട് നാ. ജലം ധാരാളമുള്ള പ്രദേശം

വെള്ളക്കാരൻ1 നാ. 1. വെളുത്ത മനുഷ്യൻ; 2. യൂറോപ്യൻ; 3. പാശ്ചാത്യൻ

വെള്ളക്കാരൻ2 നാ. വെള്ളം ചുമക്കുന്നവൻ

വെള്ളക്കാൽ നാ. ഉറവക്കണ്ണ്

വെള്ളക്കാറ്റ് നാ. 1. മഴക്കാറ്റ്; 2. കാർമേഘം വഹിച്ചുകൊണ്ട് വീശുന്ന കാറ്റ്

വെള്ളക്കുതിര നാ. 1. വെളുത്ത കുതിര; 2. ഉച്ചൈശ്രവസ്സ്

വെള്ളക്കേട് നാ. 1. വെള്ളത്തിൻെറ ന്യൂനത; 2. വെള്ളപ്പൊക്കം മൂലമുണ്ടാകുന്ന കെടുതി

വെള്ളങ്കുടി നാ. 1. ജലപാനം; 2. ലഘുഭക്ഷണം; 3. പാനസദ്യ; 4. മദ്യപാനം; 5. ശബരിമല വ്രതക്കാരും മറ്റും അനുഷ്ടിക്കുന്ന ഒരു ചടങ്ങ്

വെള്ളച്ചായ നാ. തേയിലപ്പൊടി ചേർക്കാതെ വെറും വെള്ളവും പാലും ചേർത്തുണ്ടാക്കിയ പാനീയം

വെള്ളച്ചോറ് നാ. 1. തലേ രാത്രി വെള്ളത്തിലിട്ടിരുന്ന പഴഞ്ചോറ്; 2. വെളുത്ത ചോറ്, പച്ചരിച്ചോറ്

വെള്ളത്തോട്ടം നാ. വയൽ

വെള്ളൻ നാ. 1. സത്യസന്ധൻ; 2. നേരുകാരൻ >< കള്ളൻ

വെള്ളപോക്ക് നാ. സ്ത്രീകൾക്കുണ്ടാകുന്ന ഒരു രോഗം

വെള്ളം നാ. 1. ഓക്സിജൻ, ഹൈഡ്രജൻ എന്നീവാതകങ്ങളുടെ രാസസമ്യോഗത്തിൽ നിന്നുണ്ടാകുന്ന ദ്രാവകവസ്തു; 2. രൂപഗന്ധങ്ങളൊന്നുമില്ലാത്ത ദ്രാവകപദാർഥം; 3. പാനീയം; 4. ഒരു വലിയ സങ്ഖ്യ; 5. ശുക്ലം

വെള്ളമ്പട നാ. വളരെ വലിയ ഒരു സങ്ഖ്യ

വെള്ളയപ്പം നാ. 1. ധാന്യമാവുകൊണ്ട് ഉണ്ടാക്കുന്ന ഒരുതരം പലഹാരം; 2. ചട്ടിയപ്പം

വെള്ളയ്ക്കാ നാ. കൊച്ചങ്ങ

വെള്ളരി നാ. 1. ഭക്ഷ്യയോഗ്യമായ കായ്കൾ നൽകുന്ന ഒരു വള്ളിച്ചെടി; 2. ഉണക്കലരി; 3. വെളുത്തഅരി

വെള്ളാട് നാ. ഒരിനം ആട്

വെള്ളാട്ടി നാ. 1. ദാസി; 2. വെപ്പാട്ടി; 3. പതിച്ചി

വെള്ളാട്ട് നാ. കൊടുങ്ങല്ലൂർക്ഷേത്രത്തിൽ നടത്തുന്ന ഒരു ചടങ്ങ്

വെള്ളാന നാ. വെളുത്ത ആന. (പ്ര) പ്രയോജനമില്ലാതെ വലിയ ചെലവുണ്ടാക്കുന്നത്

വെള്ളായ്മ നാ. 1. കൃഷി; 2. ധർമം; 3. വാഴുന്ന അവസ്ഥ; 4. ആധിപത്യം

വെള്ളായ്മക്കാർ നാ. 1. കൃഷിക്കാർ; 2. കർഷകജനത

വെള്ളാരങ്കല്ല് നാ. വെളുത്ത പാറക്കല്ല്

വെള്ളാവി നാ. 1. നീരാവി; 2. വസ്ത്രം വെളുപ്പിക്കുന്നതിനുള്ള ആവി

വെള്ളാളൻ നാ. 1. വൈശ്യന്മാരെടെ പല വിഭാഗക്കാർക്കും പൊതുവെയുള്ള പേര്; 2. കൃഷിക്കാരൻ

വെള്ളി നാ. 1. ഒരു വെളുത്ത ലോഹം; 2. ശുക്രൻ; 3. ശുക്ലം; 4. ഡോളർ

വെള്ളിക്കണ്ടൻ നാ. കടുത്ത വിഷമുള്ള ഒരിനം പാമ്പ്

വെള്ളിക്കല്ല് നാ. അതിർത്തിക്കല്ല്

വെള്ളിക്കാരം നാ. പൊൻകാരം

വെള്ളിക്കാശ് നാ. പുരാതന നാണയം

വെള്ളിക്കോൽ നാ. ഒരു തുലാം വരെ തൂക്കമളക്കാൻ ഉപയോഗിക്കപ്പെടുന്ന ഉപകരണം

വെള്ളിടി നാ. മഴയില്ലാതിരിക്കുമ്പോൾ വെട്ടുന്ന ഇടി

വെള്ളിത്തടി നാ. 1. രാജഭൃത്യന്മാർ ഔദ്യോഗിക ചി മായി വഹിക്കുന്ന വെള്ളികെട്ടിയ വടി; 2. വെള്ളിവടിയെടുത്ത് രാജസേവനം നടത്തുന്ന ഉദ്യോഗം

വെള്ളിത്തിര നാ. 1. ചലച്ചിത്രം പ്രദർശിപ്പിക്കാൻ ഉപയോഗിക്കുന്ന വെളുത്ത തട്ടി; 2. സിനിമ

വെള്ളിപ്പക്ഷി നാ. 1. പറ്റം പറ്റമായി പറക്കുന്ന ഒരിനം ഭങ്ഗിയുള്ള വെളുത്ത പക്ഷി; 2. ജലാശ്രയ; 3. വലാക

വെള്ളിപ്പത്താക്ക് നാ. ഒരു പുരാതന വെള്ളി നാണയം

വെള്ളിമാമല നാ. 1. ഹിമവാൻ; 2. കൈലാസം; 3. രജതപ്രസ്ഥം

വെള്ളിമീൻ നാ. ശുകനക്ഷത്രം

വെള്ളിയാഴ്ച നാ. വെള്ളിക്ക് (ശുകന്) വാരാധിപത്യമുള്ള ദിവസം, ആഴ്ചയിലെ ആറാമത്തെ ദിവസം

വെള്ളില നാ. 1. വെളുത്ത ഇലകൾ ഉണ്ടാകുന്ന ഒരുതരം താളിച്ചെടി; 2. ഉണങ്ങിയ ഇല

വെള്ളിവിഴാ നാ. ഇരുപത്തഞ്ചാമത്തെ വാർഷികം പ്രമാണിച്ചു നടത്തുന്ന ആഘോഷം, രജതജൂബിലി

വെള്ളീയം നാ. വെളുത്തീയം

വെള്ളുള്ളി നാ. വെളുത്ത ഉള്ളി

വെള്ളെരിക്ക് നാ. വെളുത്ത എരിക്കുചെടി

വെള്ളെലി നാ. വെള്ള നിറത്തിലുള്ള എലി

വെള്ളെലുമ്പ് നാ. അസ്ഥിഖണ്ഡം

വെള്ളെഴുത്ത് നാ. 1. കാഴ്ച മങ്ങൽ; 2. ദൂരക്കാഴ്ച

വെള്ളെഴുത്തുകാൽ നാ. ഉത്തരത്തിൻെറ മുകളിൽ നിരയായി നാട്ടുന്ന മരക്കാൽ

വെള്ളോട് നാ. 1. ചെമ്പും വെളുത്തീയവും ഉരുക്കി ഉണ്ടാക്കുന്ന മിശ്രലോഹം; 2. പാലോട്

വെള്ളോടുവട നാ. നെല്ലിപ്പലകമേൽ നിൾക്കുന്ന ഒടുവിലത്തെ കിണറ്റുപടി

വെള്ളോല നാ. 1. ഒന്നും എഴുതാത്ത ഓല; 2. മുദ്ര പതിക്കാത്ത കടലാസ്സ്

വെറി നാ. 1. മദ്യം; 2. മത്ത്; 3. ഹാലിളക്കം; 4. കോപം; 5. ഉന്മാദം; 6. ഇളക്കം; 7. ചൂട്; 8. വെയിൽ; 9. ദുർഭിക്ഷത; 9. പഞ്ഞം

വെറിക്കുക ക്രി. 1. കുടിച്ചു മദിക്കുക; 2. കോപിക്കുക; 3. കലഹിക്കുക; 4. ക്ഷോഭിക്കുക; 5. വിരസ അനുഭവപ്പെടുക; 6. വെയിൽ മൂക്കുക; 7. വിണ്ടു കീറുക

വെറിപിടിപ്പിക്കുക ക്രി. 1. വെകിളിപിടിപ്പിക്കുക; 2. ക്ഷോഭിക്കുക

വെറിയൻ നാ. 1. വെറിയുള്ളവൻ; 2. കോപി; 3. മദ്യപിച്ചു മത്തനാകുന്നവൻ

വെറിയാകുക വി. 1. വഷളാകുക; 2. അലങ്കോലപ്പെടുക; 3. മദ്യലഹരികൊണ്ടു മത്തനാകുക

വെറുക്കുക ക്രി. 1. അനിഷ്ടമായി കരുതുക; 2. നിന്ദിക്കുക; 3. വിദ്വേഷം വച്ചുപുലർത്തുക; 4. നികൃഷ്ടമായി കരുതുക

വെറുങ്ങനെ അവ്യ. വെറുതെ

വെറുങ്ങലിക്കുക വി. വിറങ്ങലിക്കുക

വെറുതെ അവ്യ. 1. വൃഥാ; 2. പ്രയോജനമില്ലാതെ; 3. വ്യർഥമായി; 4. പ്രതിഫലമില്ലാതെ

വെറുപ്പ് നാ. 1. വെറുക്കൽ; 2. വിദ്വേഷം; 3. നിന്ദനം; 4. ജുഗുപ്സ; 5. അറപ്പ്

വെറും അവ്യ. 1. വ്യർഥമായ; 2. പൊള്ളയായ; 3. ശൂന്യമായ, ഒഴിഞ്ഞ; 4. കലർപ്പിലാത്ത

വെറുമ നാ. 1. ഒന്നുമില്ലായ്മ; 2. ശൂന്യത; 3. കോപം

വെറുമേനി നാ. നഗ്നശരീരം

വെറുമ്പാട്ടം നാ. മുൻകൂർ പ്രതിഫലംകൊടുക്കാതെ എഴുതിവാങ്ങിച്ച വസ്തുക്കൾക്കായി ഭൂവുടമയ്ക്കുകൊടുക്കുന്ന കരം

വെറുമ്പോക്കി നാ. 1. എമ്പോക്കി; 2. എരപ്പാളി; 3. ദരിദ്രൻ

വെറ്റ നാ. വെറ്റില

വെറ്റത്തമ്പലം നാ. മുറുക്കിച്ചവച്ചുതുപ്പിയ ചണ്ടി

വെറ്റത്തരം നാ. 1. എച്ചിൽത്തരം; 2. ഇരപ്പാളിത്തം; 3. ദാരിദ്ര്യം

വെറ്റൻ നാ. 1. എച്ചിൽ; 2. എരപ്പാളി; 3. കൊളരുതാത്തവൻ

വെറ്റൻകുട്ടി നാ. മാതാവും പിതാവും ഇല്ലാത്ത കുട്ടി

വെറ്റം, വെറ്റി നാ. ജയം

വെറ്റില നാ. താംബൂലത്തിന് ഉപയോഗിക്കുന്ന ഒരുതരം ഇല; 2. വെറ്റിലയുണ്ടാകുന്ന വള്ളി

വെറ്റിലച്ചെല്ലം നാ. മുറുക്കാൻ സൂക്ഷിക്കുന്ന പെട്ടി

വെറ്റിലപ്പാട്ടി നാ. വെറ്റില മുറുക്കാനുള്ള സാമഗ്രികൾ സൂക്ഷിക്കുന്ന സഞ്ചി

വെറ്റിലപ്പാമ്പ് നാ. വെറ്റിലയിൽ കാണാറുള്ള ഒരുതരം വിഷകീടം

വേ1 [വേകുക] ധാതുരൂപം

വേ2 നാ. 1. വേയ്, വേഴൽ, മുള; 2. ചൂട്

വേകടൻ നാ. 1. യുവാവ്; 2. ആട്ടക്കാരൻ; 3. രത്നവ്യാപാരി; 4. വിദൂഷകൻ; 5. വിചിത്രവേലക്കാരൻ

വേകടം നാ. 1. ചിത്രവേല; 2. രത്നസംസ്കരണം; 3. യൗവനം

വേകൽ [വേവുക] നാ. ചൂട്, താപം

വേകുക ക്രി. 1. തീകൊണ്ടു പാകം വരുക; 2. ദാഹിക്കുക; 3. ഉഷ്ണിക്കുക; 4. നീറുക

വേ(യ്)ക്കുക ക്രി. 1. കാലിൻെറ ശക്തിക്കുറവുകൊണ്ടു വീഴാൻ തുടങ്ങുക; 2. അവയ്ക്കുക

വേഗം അവ്യ. കാലതാമസം കൂടാതെ. നാ. 1. തിടുക്കം; 2. ജലപ്രവാഹത്തിൻെറ ശക്തി; 3. മലമൂത്രാദി

വേഗവതി നാ. നദി

വേഗവത്ത് വി. വേഗമുള്ള

വേഗവാൻ നാ. 1. പുലി; 2. കൃഷ്ണൻെറ ഒരു പുത്രൻ, 3. സാല്വരുടെ ഭാഗം നിന്ന് കൃഷ്ണനോടു യുദ്ധം ചെയ്ത ഒരു അസുരൻ; 4. വേഗമുള്ളവൻ; ദൂതൻ. (സ്ത്രീ) വേഗവതി

വേഗാദ്,വേഗാൽ അവ്യ. വേഗേന

വേഗി വി. വേഗമുള്ള. നാ. പരുന്ത്, ദൂതൻ (വേഗവാൻ). (സ്ത്രീ) വേഗിനി

വേഗിത വി. വേഗമാക്കപ്പെട്ട, തിടുക്കപ്പെടുത്തിയ

വേഗിനി നാ. 1. നദി; 2. വേഗമുള്ളവൾ

വേഗേന അവ്യ. വേഗത്തിൽ

വേങ്കുഴൽ നാ. മുളങ്കുഴൽ, ഓടക്കുഴൽ

വേച നാ. ശമ്പളം, കൂലി

വേചകൻ നാ. വേർതിരിക്കുന്നവൻ

വേച്ച്[വേയ്ക്കുക] വി. (മുൻവിന) വേച്ചശേഷം

വേട നാ. ആഗ്രഹം, കാമം

വേടത്തി നാ. വേടൻെറ സ്ത്രീ

വേടൻ നാ. മൃഗങ്ങളെ നായാടി കൊന്നു തിന്നു ജീവിക്കുന്നവൻ, വേട്ടുവൻ, കാട്ടാളൻ

വേടം നാ. 1. വേഷം; 2. ആഗ്രഹം

വേട്1 നാ. 1. പേരാലിൻെറയും മറ്റും കൊമ്പുകളിൽനിന്നു പൊട്ടിപ്പുറപ്പെട്ടു തടിയിൽ തൂങ്ങിക്കിടക്കുന്ന വേര് (വിഴുത്); 2. പാത്രങ്ങളുടെ വായ് മൂടുന്ന ശീല, അരിപ്പുശീല

വേട്2 നാ. വേട്ട

വേടുക ക്രി. 1. കിഴുക്കുക, മുഷ്ടിയോ മുട്ടിയോകൊണ്ട് അടിക്കുക; 2. വേട്ടയാടുക

വേട്ട1 നാ. നായാട്ട്, കൊല. വേട്ടയാടുക = നായാടിപ്പിടിച്ച മൃഗത്തെ നഗരത്തിൽകൊണ്ടുചെന്ന് പ്രദർശിപ്പിക്കുക. വേട്ടകോലുക, –ആടുക = നായാടുക. വേട്ടനായ് = നായാട്ടുനായ്

വേട്ട2 [വേൾക്കുക] വി. (ഭൂ.പേരെച്ചം) വേൾക്കപ്പെട്ട. വേട്ടവൻ = ഭർത്താവ്

വേട്ടക്കാരൻ നാ. 1. നായാട്ടുകാരൻ; 2. വേട്ടക്കൊരുമകൻ, ശിവന്റെ ഒരു പുത്രൻ

വേട്ടയ്ക്കരുമകൻ നാ. വേട്ടയ്ക്കൊരുമകൻ, 1. ഒരു മൂർത്തി (നായാട്ടുദേവത); 2. ശിവന്റെ ഒരു പുത്രൻ

വേട്ടാവളിയൻ നാ. വേട്ടാവെളിയൻ, പറക്കുന്ന ഒരുതരം പ്രാണി

വേട്ടാളൻ നാ. 1. വേട്ടാവളിയൻ; 2. വിവാഹം കഴിച്ചവൻ

വേട്ടി നാ. സോമൻ (മുണ്ട്)

വേട്ടുവൻ നാ. വേടൻ, ഒരു (വേട)ജാതി

വേട്ടേക്കരൻ നാ. ‘വേട്ടയ്ക്കുപോകുന്ന ഹരൻ’, കിരാത മൂർത്തി

വേഡ നാ. നൗക, ബോട്ട്

വേഡം നാ. ഒരുതരം ചന്ദനം

വേൺ1 [വേണുക] ധാതുരൂപം

വേൺ2 നാ. ആഗ്രഹം, ആവശ്യം

വേണം അവ്യ. 1. ആവശ്യമുണ്ട്. വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും (പഴ); 2. അനുപ്രയോഗമായും വരും. ഉദാഃ പോകവേണം > പോകണം

വേണാടർ നാ. വേണാട്ടിലുള്ളവർ, തിരുവിതാങ്കൂറുകാർ. വേണാടർകോൻ = തിരുവിതാങ്കൂർ രാജാവ്

വേണാട് നാ. വഞ്ചിനാട്, കേരളത്തിൻെറ ഒരു ഭാഗം

വേണാട്ടടികൾ നാ. തിരുവിതാങ്കൂർ രാജാവ്

വേണാട്ടുകര നാ. വേണാട്

വേണി നാ. 1. (കെട്ടിയ) തലമുടി, മുടിക്കെട്ട്; 2. ഇരുപ്പിരിയൻ മുടി, പിന്നി പുറകോട്ടിട്ടിരിക്കുന്ന മുടി; 3. ദേവതാളി; 4. വെള്ളക്കൂട്ടം; 5. ഒഴുക്ക്; 6. (കൃഷ്ണാ)നദി; 7. (വൃത്ത) ഒരു വൃത്തം; 8. നദീസങ്ഗമം, ഗങ്ഗായമുനാസരസ്വതീസങ്ഗമം. ഉദാഃ ത്രിവേണി

വേണിക നാ. പിന്നിക്കെട്ടിയ മുടി

വേണീബന്ധം നാ. മുടിക്കെട്ട്

വേണീസംഹാരം നാ. ഭട്ടനാരായണൻ രചിച്ച ഒരു സംസ്കൃതനാടകം

വേണു നാ. 1. ഓടക്കുഴൽ; 2. മുള, വേഴൽ

| | | |
|---|---|---|
| വേണുക | ക്രി. | ആവശ്യപ്പെടുക, യോജിക്കുക |
| വേണുകം | നാ. | ആനവളർ |
| വേണുഗാനം | നാ. | ഓടക്കുഴലൂത്ത് |
| വേണുഗോപാലൻ | നാ. | ശ്രീകൃഷ്ണൻ (ഓടക്കുഴൽ ഊതുന്നവൻ) |
| വേണുജ | നാ. | മുളയരി |
| വേണുധ്മൻ | നാ. | 1. ഓടക്കുഴലൂതുന്നവൻ; 2. തട്ടാൻ |
| വേണുന്ന | [പ.മ.] വി. | (ഭൂ.പേരെച്ചം) ആവശ്യമുള്ള (വേണ്ടുന്ന) |
| വേണുന്നവർ | നാ. | വേണുന്നോർ, വേണ്ടപ്പെട്ടവർ, ബന്ധുക്കൾ |

വേണ്ട1, വേണ്ടാ [നിഷേധ] ക്രി. ആവശ്യമില്ല, വേണമെന്നില്ല. ഉദാഃ ചെയ്യേണ്ട (ചെയ്യ വേണ്ട)

വേണ്ട2 [<വേണുക] വി. (ഭൂ.പേരെച്ചം), വേണ്ടുന്ന, ആവശ്യമുള്ള. ഉദാഃ വേണ്ടപ്പെട്ടവൻ

| | | |
|---|---|---|
| വേണ്ടതില്ല | നാ. | 1. തരക്കേടില്ല; 2. വേണ്ടുന്നത് ഇല്ല |
| വേണ്ടത്തക്കവൻ | നാ. | വേണ്ടുന്നവൻ, കൊള്ളാവുന്നവൻ |
| വേണ്ടർ | നാ. | വേണ്ടാത്തവർ, ശത്രുക്കൾ |
| വേണ്ടലൻ | നാ. | വേണ്ടാത്തവൻ, ശത്രു |
| വേണ്ടാതനം | നാ. | വേണ്ടാത്തപ്രവൃത്തി, തെറ്റ്, കുസൃതി, വഷളത്തം |
| വേണ്ടായ്മ | നാ. | 1. ആവശ്യമില്ലായ്മ; 2. പക |

| | | | |
|---|---|---|---|
| വേണ്ടി | | അവ്യ. | ആവശ്യമായിട്ട്, വേണ്ടീട്ട്. ഉദാഃ പോകാൻവേണ്ടി |
| വേണ്ടിക | | നാ. | 1. ഉപകാരം, ചേർച്ച; 2. പൊരുത്തം |
| വേണ്ടിക്കുക | | ക്രി. | ആവശ്യപ്പെടുക, മേടിക്കുക |
| വേണ്ടിക്കൊൾക | | ക്രി. | പ്രാർഥിക്കുക |
| വേണ്ടിയ | | അവ്യ. | വേണ്ടുന്ന |
| വേണ്ടീല | [പ.മ.] | ക്രി. | (നിഷേധക്രിയ) ആവശ്യമില്ല |
| വേണ്ടുക1 | | ക്രി. | ആവശ്യമുണ്ടാകുക, ഇഷ്ടംതോന്നുക. (പ.മ.) |

വേണ്ടുകകൊണ്ട് = ആവശ്യമുള്ളതുകൊണ്ട്

| | | | |
|---|---|---|---|
| വേണ്ടുക2 | | ക്രി. | വാഴുക, ഭരിക്കുക |
| വേണ്ടുകക്കാരൻ | | നാ. | ചങ്ങാതി, മിത്രം |
| വേണ്ടുകിൽ | | അവ്യ. | വേണമെങ്കിൽ |
| വേണ്ടുന്ന,വേണ്ടും | | വി. | വേണ്ട, ആവശ്യമുള്ള, തക്ക |
| വേണ്ടും | | ക്രി. | വേണം |
| വേണ്ടുംപ്രകാരം | | അവ്യ. | വേണ്ടുംവണ്ണം, വേണ്ടതുപോലെ |
| വേണ്ടുവതില്ല | | നി.ക്രിയ | വേണ്ടതില്ല, തരക്കേടില്ല |
| വേണ്ടുവോളം | | അവ്യ. | മതിയാകുന്നതുവരെ |
| വേണ്ടൂ | | ക്രി. | വേണം |
| വേതകം | | നാ. | കർപ്പൂരം |

വേതണ്ഡം നാ. ആന

വേതനജീവി നാ. ശമ്പളക്കാരൻ

വേതനം നാ. 1. ശമ്പളം, കൂലി; 2. വെള്ളി; 3. വൃത്തി, തൊഴിൽ

വേതനി നാ. ശമ്പളക്കാരൻ (വേതനം പറ്റുന്നവൻ). (സ്ത്രീ) വേതനിനി

വേതസം നാ. 1. ആറ്റുവഞ്ചി; 2. ചൂരൽ

വേതസ്വത്ത് വി. ധാരാളം വേതസങ്ങൾ ഉള്ള

വേതാട്ടം നാ. വേതിനുള്ള ഇലകളിട്ടു തിളപ്പിച്ച ജലംകൊണ്ടു കുളിപ്പിക്കൽ

വേതാട്ടുവഴി നാ. വേതാടിക്കുളിക്കുന്ന വെള്ളം ചെന്നുവീഴുന്ന കുഴി

വേതാളൻ നാ. ഒരു പിശാച്, ശിവൻെറ ഒരു പാർഷദൻ. വേതാളത്താൻ = ചെകുത്താൻ. വേതാളപഞ്ചവിംശതി = ജംഭലദത്തൻ രചിച്ച ഒരു കഥ

വേതാളം നാ. (ശ്മശാനത്തിലെ) പിശാച്, ഭൂതാവിഷ്ടമായ ശവശരീരം

വേതിയർ [പ.മ.] നാ. വൈദികർ

വേത് നാ. 1. പ്രസവിച്ച സ്ത്രീകളെയും രോഗികളെയും മറ്റും കുളിപ്പിക്കാനുള്ള ജലത്തിലിടുന്ന ഇലകൾ, അപ്രകാരം ഇലകളിട്ടു വേവിച്ച വെള്ളം. ക്രി. വേതിടുക

വേത്താ(വ്) നാ. 'അറിയുന്നവൻ', 1. സന്യാസി; 2. ഭർത്താവ്; 3. ജ്ഞാനി. (സ്ത്രീ) വേത്രി

വേത്ത് നാ. വഞ്ചിയുടെ ആകൃതിയിലുള്ള ഒരു പാത്രംകൊണ്ടു വയലുകൾ നനയ്ക്കൽ. (പ്ര) വേത്തുതേക്ക്

വേത്തൃ വി. അറിയുന്ന

വേത്രകീയ നാ. വേത്രം സംബന്ധിച്ച, ധാരാളം ചൂരലുള്ള

വേത്രധരൻ നാ. പേത്രധാരകൻ, വേത്രപാണി, 1. കാവൽക്കാരൻ; 2. വെള്ളിത്തടിക്കാരൻ; 3. നന്ദദേവൻ

വേത്രം നാ. 1. ചൂരൽ, പിരമ്പ്; 2. (ദ്വാരപാലകൻെറ) ദണ്ഡ് (അധികാരമുദ്ര)

വേത്രയഷ്ടി നാ. വേത്രലതിക, ചൂരൽ വടി

വേത്രവതി നാ. വാതിൽകാവൽക്കാരി

വേത്രാസനം നാ. ചൂരൽകൊണ്ടു മിടഞ്ഞുണ്ടാക്കിയ പീഠം

വേത്രി നാ. കാവൽക്കാരൻ, വെള്ളിത്തടിക്കാരൻ (അധികാരമുദ്ര – വേത്രം – ധരിച്ചവൻ)

വേദക്കാതൽ നാ. ശ്രീകൃഷ്ണൻ

വേദക്കാരൻ നാ. വേദം അനുസരിച്ചു നടക്കുന്നവൻ, ക്രിസ്ത്യാനി, മുഹമ്മദീയൻ

വേദഗർഭൻ നാ. 1. ബ്രഹ്മാവ്; 2. വിഷ്ണു; 3. വേദജ്ഞനായ ബ്രാഹ്മണൻ

വേദഘോഷം നാ. വേദമോതുന്ന ശബ്ദം

വേദചതുഷ്ടയം നാ. 'നാലുവേദങ്ങൾ', ഋക്ക് യജുസ്സ് സാമം അഥർവം എന്നിവ

വേദജ്ഞൻ നാ. വേദം അറിയുന്നവൻ, ബ്രഹ്മജ്ഞാനി

വേദത്രയം നാ. 'മൂന്നുവേദങ്ങൾ', ഋക്ക് യജുസ്സ് സാമം എന്നിവ

വേദന(ം) നാ. 1. ഇന്ദ്രിയജ്ഞാനം, അറിവ്; 2. ധാരണ; 3. നോവ്, നൊമ്പരം, ദുഃഖം; 4. താത്പര്യം; 5. നേട്ടം; 6. ധനം; 7. ദാനം; 8. വിവാഹം

വേദനപ്പെടുക ക്രി. വേദനയുണ്ടാകുക, നൊമ്പരപ്പെടുക

വേദനായകൻ നാ. ബ്രഹ്മാവ്

വേദനിക്കുക ക്രി. വേദനപ്പെടുക

വേദനിന്ദകൻ നാ. 1. മ്ലേച്ഛൻ; 2. ബൗദ്ധൻ; 3. വേദത്തെ നിന്ദിക്കുന്നവൻ, നിരീശ്വരൻ

1327

വേദനീയ വി. 1. വേദനിക്കത്തക്ക; 2. അറിയിക്കത്തക്ക

വേദൻ നാ. വിഷ്ണു

വേദപാഠകൻ നാ. വേദം പഠിക്കുന്നവൻ, വേദം ചൊല്ലുന്നവൻ

വേദപാരഗൻ നാ. വേദം മുഴുവനും പഠിച്ചവൻ, വേദജ്ഞനായ ബ്രാഹ്മണൻ

വേദപുസ്തകം നാ. ചില മാർഗക്കാരുടെ മതഗ്രന്ഥം, ന്യായപ്രമാണവും മറ്റും, ബൈബിൾ, ഖുറാൻ

വേദപ്രമാണങ്ങൾ നാ. (ബ.വ.) (ക്രിസ്തു) മോശയിലൂടെ മനുഷ്യർക്കു ദൈവം നൽകിയ പത്തു കല്പനകൾ

വേദബീജം നാ. ഓങ്കാരം, പ്രണവം

വേദം നാ. 1. ദൈവവചനം, അപൗരുഷേയമായ അറിവ്, പലവിധമായ അറിവിനെ നൽകുന്നതും ഉച്ചാരണത്തിൽപ്പോലും മഹിമയേറിയതും പരിശുദ്ധവുമായ ആദ്യത്തെ ഹൈന്ദവസാഹിത്യം (ധാർമികഗ്രന്ഥം); 2. വ്യാഖ്യാനം; 3. മതം (മൂന്നാംവേദം = ക്രിസ്തുമതം, നാലാംവേദം = ഇസ്ലാം); 4. ക്രിസ്ത്യാനികളുടെയും മറ്റും മതഗ്രന്ഥം; 5. വിത്തം, ധനം; 6. യജ്ഞാങ്ഗം; 7. ദർഭയുടെ കൂട്ടം

വേദമന്ത്രം നാ. വേദത്തിലുള്ള മന്ത്രം, ഓങ്കാരം

വേദമാതാവ് നാ. 1. ഒരു മന്ത്രം, ഗായത്രി; 2. സരസ്വതി; 3. ദുർഗ

വേദമുനി നാ. വേദവ്യാസൻ

വേദവദനം നാ. വ്യാകരണം

വേദവാക്യം നാ. 1. വേദവാക്ക്, സത്യം; 2. (പ്ര) ഖണ്ഡിക്കാൻ പാടില്ലാത്ത വാക്ക്, ഗാഢമായി വിശ്വസിക്കുന്ന വാക്യം, പരമപ്രമാണം

വേദവാദം നാ. വേദസംബന്ധമായ ചർച്ച

വേദവാസൻ നാ. 'വേദങ്ങളിൽ വസിക്കുന്നവൻ', 1. വേദജ്ഞൻ; 2. വിഷ്ണു

വേദവിധി നാ. വേദത്തിലുള്ള ശാസനം, വേദവിഹിതം

വേദവിരുത്തി നാ. വേദപാരായണത്തിനുവേണ്ടി കരമൊഴിവായികൊടുക്കപ്പെട്ട നിലം

വേദവിഹിത നാ. വേദത്തിൽ വിധിക്കപ്പെട്ട

വേദവേദ്യൻ നാ. ഈശ്വരൻ, വേദത്താൽമാത്രം അറിയപ്പെടുന്നവൻ

വേദവ്യാസൻ നാ. ഒരു മുനി (വേദങ്ങളെ വിഭജിച്ചവൻ, നാലാക്കിപ്പകുത്തവൻ എന്നർഥം)

വേദശാസ്ത്രം നാ. വേദവും ശാസ്ത്രവും, വേദാന്തം, വേദസാരം

വേദശിരസ്സ് നാ. ഉപനിഷത്ത്

വേദസാരം നാ. വേദാന്തം

വേദാഗ്നി നാ. അഗ്നിത്രയം (വേദമന്ത്രത്താൽ പോഷിക്കപ്പെടുന്നത്)

വേദാഗ്രണി നാ. സരസ്വതി

വേദാങ്ഗം നാ. വേദത്തിൻെറ അങ്ഗം, വേദാർഥം ഗ്രഹിച്ച് വേദോക്തമായ കർമം വഴിപോലെ അനുഷ്ഠിച്ച് മേന്മനേടുവാൻ സഹായിക്കുന്ന സാഹിത്യം (ശിക്ഷ, വ്യാകരണം, ഛന്ദസ്സ്, നിരുക്തം, ജ്യോതിഷം, കല്പം എന്ന് വേദാങ്ഗങ്ങൾ ആറ്)

വേദാത്മക വി. വേദം ആത്മാവായുള്ള, വേദസ്വരൂപമായ

വേദാത്മിക നാ. സരസ്വതി (വേദമാകുന്ന ആത്മാവോടുകൂടിയവൾ, അക്ഷരസ്വരൂപിണി)

വേദാദി നാ. വേദത്തിൻെറ ആരംഭം, ഓങ്കാരം

വേദാദിവർണൻ നാ. 1. വേദാന്തം പഠിച്ചവൻ; 2. ഈശ്വരൻ

വേദാദിവർണം നാ. പ്രണവമന്ത്രം

വേദാധ്യായി നാ. വേദം ഓതുന്നവൻ

വേദാന്തം നാ. ഷഡ്ദർശനങ്ങളിൽ ഒടുവിലത്തേത്, ഉപനിഷത്ത് (വേദസാരം, വേദത്തിൻെറ അവസാനഭാഗം)

വേദാന്തവേദ്യൻ നാ. വേദാന്തംകൊണ്ട് അറിയാനാകുന്നവൻ', ഈശ്വരൻ

വേദാന്തി നാ. വേദസാരം പഠിച്ചവൻ, ബ്രഹ്മവാദി, വിരക്തൻ

വേദാരം നാ. ഓന്ത്, കൃകലാസം

വേദി1 വി. അറിയുന്ന , നാ. പണ്ഡിതനായ ബ്രാഹ്മണൻ, ഗുരു, ബ്രഹ്മാവ്

വേദി2 നാ. 1. സരസ്വതി; 2. മുദ്രമോതിരം; 3. ബലികഴിക്കാനുള്ള തറ; 4. (ഹോമകുണ്ഡത്തിനുചുറ്റും ഒതുക്കൊതുക്കായി ഉണ്ടാക്കുന്ന) ചെറുതിണ്ണ (ഹോമത്തിനായി കെട്ടിപ്പൊക്കിയിട്ടുള്ള) സ്ഥലം; 5. (അമ്പലത്തിൻെറയും മറ്റും നടുമുറ്റത്തിനുചുറ്റും സമചതുരമായുണ്ടാക്കി) അലങ്കരിച്ചിട്ടുള്ള തറ

വേദിക നാ. 1. പരിശുദ്ധമായ ചുറ്റുപാടോടുകൂടിയ തറ, തിണ്ണ; 2. ക്ഷേത്രത്തിൻെറ ചുറ്റും ഭിത്തിയോടുചേർത്തു വിളക്കു തറയ്ക്കാനായി ഉണ്ടാക്കിയിട്ടുള്ള മരക്കൂട്ട്; 3. കാലുള്ള പീഠം; 4. ബലിക്കല്ല്; 5. വള്ളിക്കുടിൽ; 6. ഒരു സുഗന്ധവസ്തു

വേദിക്കുക ക്രി. 1. അറിയുക; 2. വിവാഹം കഴിക്കുക

വേദിജ നാ. ദ്രൗപദി (വേദിയിൽനിന്നു ജനിച്ചവൾ)

വേദിത വി. അറിയപ്പെട്ട

വേദിതാ(വ്) നാ. ജ്ഞാനി. (സ്ത്രീ) വേദിത്രി

വേദിയൻ നാ. ഓത്തുള്ള ബ്രാഹ്മണൻ, ബ്രഹ്മാവ്

വേദോക്ത വി. വേദത്തിൽ പറഞ്ഞിരിക്കുന്ന

വേദോദയൻ നാ. സൂര്യൻ

വേദോപാങ്ഗങ്ങൾ നാ. പുരാണം ന്യായം മീമാംസ ധർമശാസ്ത്രം ഇവ നാലും

വേദ്യ വി. 1. അറിയത്തക്ക; 2. പഠിപ്പിക്കപ്പെടേണ്ട; 3. വിവാഹം കഴിക്കപ്പെടേണ്ട

വേധകൻ നാ. തുളയ്ക്കുന്നവൻ

വേധകം നാ. 1. ഉണങ്ങിയ കൊത്തമ്പാലരി; 2. കച്ചോലം; 3. ഞെരിഞ്ഞാമ്പുളി; 4. ധാന്യം; 5. കർപ്പൂരം; 6. ചെവിപ്പീ; 7. ഒരുതരം നാരകം; 8. ഒരുതരം കർണാഭരണം

വേധനം		നാ.	1. തുളയ്ക്കൽ, വ്രണപ്പെടുത്തൽ; 2. എതിർപ്പ്; 3. കുഴിക്കൽ, കുഴിയുടെ ആഴം

വേധനി		നാ.	1. രത്നം തുളയ്ക്കുന്ന സൂചി; 2. ആനയുടെ ചെവി തുളയ്ക്കാനുള്ള ആയുധം

വേധനിക		നാ.	1. രത്നം തുളയ്ക്കുന്ന സൂചി; 2. കസ്തൂരി; 3. ഉലുവ

വേധം		നാ.	1. തുളയ്ക്കൽ. ഉദാഃ കർണവേധം; 2. എതിർപ്പ്; 3. വ്രണം; 4. യന്ത്രോപകരണങ്ങളാൽ നക്ഷത്രങ്ങളെയും മറ്റും നോക്കിക്കാണൽ

വേധവ്യ		വി.	വേധനം ചെയ്യത്തക്ക

വേധശാല		നാ.	നക്ഷത്രബങ്ഗ്ലാവ്

വേധസം		നാ.	കൈയുടെ പെരുവിരലിൻെറ ചുവടിനു കീഴിലുള്ള ഭാഗം

വേധസ്സ്		നാ.	വേധാ(വ്), 1. ബ്രഹ്മാവ് (സൃഷ്ടിക്കുന്നവൻ, വിധാനം ചെയ്യുന്നവൻ); 2. വിഷ്ണു; 3. പണ്ഡിതൻ; 4. സൂര്യൻ; 5. ശിവൻ; 6. ബൃഹസ്പതി; 7. എരിക്ക്

വേധി		വി.	തുളയ്ക്കുന്ന

വേധിക്കുക		ക്രി.	തുളയ്ക്കുക, മുറിവേൽപ്പിക്കുക, എതിർക്കുക, വെറുക്കുക

വേധിത		നാ.	വേധിക്കപ്പെട്ട

വേധിനി		നാ.	1. അട്ട; 2. ഉലുവ

വേധ്യ വി. തുളയ്ക്കത്തക്ക

വേധ്യം അവ്യ. വേധനം ചെയ്യത്തക്കത്, ലാക്ക്

വേനൽ നാ. മഴകുറയുന്ന കാലം, ഉഷ്ണം, ഉഷ്ണം കൂടുതലുള്ള കാലം (വൃശ്ചികം മുതൽ ആറുമാസം)

വേനിലാൻ [പ.മ.] നാ. കാമദേവൻ

വേന്തൻ നാ. 1. രാജാവ്; 2. സൂര്യൻ, ചന്ദ്രൻ; 3. വ്യാഴൻ; 4. ഇന്ദ്രൻ

വേന്തിരൻ നാ. വേന്ദ്രൻ, 1. നാലുതരം പാമ്പിൽ ഒന്ന്, മൂർഖജാതിയിൽപ്പെട്ട ആൺപാമ്പിൻെറ സന്തതിയായുണ്ടായത്; 2. സമർഥൻ

വേപഥു നാ. വിറയൽ, കമ്പനം, ഇളക്കം

വേപ(ന)ം നാ. (രാഗദ്വേഷാദികൊണ്ടുള്ള) വിറയൽ, കമ്പനം

വേപമാനൻ നാ. വേപിച്ചുകൊണ്ടിരിക്കുന്നവൻ

വേപിക്കുക ക്രി. വിറയ്ക്കുക

വേപ്പിലക്കട്ടി നാ. ഒരു ഉപദംശം, കരിവേപ്പിലയും നാരകത്തിൻെറ ഇലയും മുളകും ഉപ്പും കൂടി ഇടിച്ചുണ്ടാക്കിയ പൊടി

വേപ്പ് നാ. ഒരിനം മരം, ആര്യവേപ്പ്, നിംബം, വേമ്പ്, ഒരു ഔഷധവൃക്ഷം

വേമ(ം) നാ. വേമാവ്, നെയ്ത്തുകോൽ

വേമ്പൻ നാ. പാണ്ഡ്യൻ (വേമ്പിൻെറ –വേപ്പിൻെറ പൂചൂടുന്നവൻ)

വേമ്പ് നാ. വേപ്പ്

വേമ്പൊളി നാ. വേയുടെ (മുളയുടെ) പൊളി

വേയ് നാ. വേ, വേഴൽ

വേയുക ക്രി. 1. അലങ്കരിക്കുക; 2. ചൂടുക; 3. മൂടുക; 4. തുളയിടുക; 5. ചാടുക

വേയ്ക്കുക ക്രി. ആടിയാടി നടക്കുക

വേർ1 നാ. 1. വൃക്ഷങ്ങളുടെയും മറ്റും ചുവട്ടിൽ മണ്ണിൽ താഴ്ന്നിരിക്കുന്ന ഭാഗം, വൃക്ഷത്തിന്റെ മൂട്ടിൽനിന്നും കീഴോട്ടു ഭൂമിയിലേക്കു പോകുന്ന ഭാഗം, വൃക്ഷമൂലം; 2. മൂലം; 3. ചുവട്; 4. കാരണം; 5. തിപ്പലി. (പ്ര) വേരൂന്നുക = അടിസ്ഥാനമിടുക. മുളയ്ക്കുക. വേരുതോണ്ടുക = സമൂലം നശിപ്പിക്കാനായി ഒരുങ്ങുക

വേർ2 [വിയർക്കുക] ധാതുരൂപം

വേർക്കുക1 ക്രി. വേർപെടുത്തുക

വേർക്കുക2 ക്രി. വിയർക്കുക. നാ. വേർപ്പ്

വേർക്കൊമ്പ് നാ. ഇഞ്ചി, ചുക്ക്

വേർതിരിയുക ക്രി. ഒന്നിച്ചിരിക്കുന്ന സാധനം പലതായിത്തീരുക, അടുത്തിരിക്കുന്നവരിൽ ആരെങ്കിലും അകലെപ്പോകുക, വേർപെടുക

വേർപാട് നാ. വിയോഗം

വേർപിരിയുക ക്രി. വേർപെടുക

വേർപെടുക ക്രി. വേറാകുക, വിട്ടുപോവുക. നാ. വേർപാട്

വേർപെടുത്തുക ക്രി. വേർപിരിക്കുക

വേർപ്പ് നാ. വിയർപ്പ്

വേർവിടുക ക്രി. വേർപെടുക, വേറാവുക

വേരടൻ നാ. താണജാതിക്കാരൻ

വേരടം നാ. ലന്തക്കായ്

വേരം1 നാ. ശരീരം

വേരം2 നാ. 1. തക്കാരിവഴുതിന; 2. കുങ്കുമം; 3. ചേമ്പ്; 4. മഞ്ഞൾ

വേരം3 നാ. കോപം

വേരറെ അവ്യ. വേരറ്റുപോകുമാറ്, സമൂലം, നിശ്ശേഷം

വേരി നാ. 1. തേൻ, മധു, മദ്യം; 2. ഗന്ധം; 3. വെട്ടിവേര്. (പ്ര) വേരിച്ചാറ് = തേൻകുഴമ്പ്. വേരിച്ചൊല്ലോൾ = തേന്മൊഴി, സുന്ദരി

വേൽ നാ. 1. (സുബ്രഹ്മണ്യന്റെ) ഒരു ആയുധം, ശക്തി; 2. ഒരുതരം മരം, മുള

വേൽക്കാരൻ നാ. 1. വേൽ ധരിച്ചവൻ; 2. അങ്ഗരക്ഷകൻ

വേൽമിഴി നാ. സുന്ദരി, വേലുപോലെ നീണ്ടകണ്ണുള്ളവൾ, വേൽ എറിയുമ്പോലെയുള്ള കടാക്ഷമുള്ളവൾ

വേല1 നാ. 1. ജോലി, അധ്വാനം; 2. പണി, പ്രയാസം

വേല2 നാ. 1. കാലം, സമയം (വേള); 2. സമുദ്രം; 3. ഏറ്റം; 4. ഒഴുക്ക്; 5. ആറ്റുമട്ട; 6. (സമുദ്ര)തീരം; 7. അരിക്, അതിര്; 8. വാക്ക്; 9. രാജഭോജനം; 10. സുഖമരണം; 11. മോണ; 12. രോഗം; 13. വികാരം; 14. ക്ഷേത്രങ്ങളിലും മറ്റും പ്രത്യേകമായുള്ള ഉത്സവം

വേലക്കാരൻ നാ. 1. ദാസൻ, ഭൃത്യൻ; 2. അധ്വാനിക്കുന്നവൻ; 3. പണിക്കാരൻ. (സ്ത്രീ) വേലക്കാരി

വേലക്കുട നാ. തത്തികക്കുട (ഉത്സവത്തിനും മറ്റും ഉപയോഗിക്കുന്നത്)

വേലഞ്ചും വി. വേലിനെ തോൽപ്പിക്കുന്ന

വേലത്തരം നാ. 1. വേലമിടുക്ക്; 2. സൂത്രപ്പണി, കൗശലം

വേലത്തി നാ. വേലൻെറ സ്ത്രീ

വേലൻ നാ. 1. വേലായുധൻ, സുബ്രഹ്മണ്യൻ; 2. ഹിന്ദുക്കളിൽപ്പെട്ട ഒരു ജാതി, പറ തട്ടി ഓതുന്നവൻ

വേലപ്പെടുക ക്രി. ഉഴലുക, പണിപ്പെടുക

വേലപ്പെണ്ണ് നാ. 1. ദാസി, വേലയ്ക്കു നിറുത്തിയിരിക്കുന്നവൾ; 2. കടൽക്കന്യ, മഹാലക്ഷ്മി

വേലം നാ. തോട്ടം, തോപ്പ്

വേലയിറക്കം നാ. 1. വേലകളി, വേലതുള്ളൽ ആരംഭിക്കൽ; 2. വേലയിറക്കം

വേലാതടം നാ. വേലാമൂലം, സമുദ്രതീരം

വേലായുധൻ നാ. 1. സുബ്രഹ്മണ്യൻ; 2. വേൽധരിച്ച ഭടൻ

വേലാവിലങ്ഘി വി. 1. അതിർത്തിയെ ലങ്ഘിക്കുന്ന; 2. ധാരാളമായ

വേലി നാ. 1. പറമ്പിലും മറ്റും കാലികൾ കടക്കാതിരിക്കാനായി മുളയോ മുള്ളോ മറ്റോകൊണ്ട് ചുറ്റും വളച്ചുകെട്ടിയത്. (പ്ര) വേലിതന്നെ വിളവുതിന്നുക = സൂക്ഷിപ്പുകാർതന്നെ നശിപ്പിക്കുക; 2. പുരയിടത്തിൻെറ അതിര്; 3. കാവൽ; 4. സമുദ്രജലത്തിൻെറ ഏറ്റവും ഇറക്കവും; 5. ഭൂമിസംബന്ധിച്ച ഒരു അളവ്, 3.74 ഏക്കർ

വേലിപ്പുഴ നാ. വേലിപൊളിഞ്ഞ സ്ഥലം

വേലിയാട് നാ. ഒരുതരം ആട്

വേലിയിറക്കം നാ. കടലിറക്കം, വലിച്ചിൽ >< വേലിയേറ്റം

വേലിയേറ്റം നാ. സമുദ്രജലവർധന, സമുദ്രജലം പൊങ്ങൽ

വേലു നാ. വേലായുധൻ

വേല്ലനം നാ. 1. വിറയൽ; 2. (നിലത്തു കിടന്ന്) ഉരുൾച്ച

വേല്ലം നാ. 1. ഗതി; 2. വിറയൽ; 3. വിഴാൽവൃക്ഷം

1329

വേല്ലഹലൻ നാ. വിടൻ, ധൂർത്തൻ

വേല്ലിത വി. വേല്ലനംചെയ്യപ്പെട്ട, ഇളക്കപ്പെട്ട

വേല്ലിതം നാ. കമ്പനം, ഗതി

വേവലാതി നാ. 1. പരിഭ്രമം, വ്യഗ്രത, സംഭ്രമം, ശങ്ക; 2. ചൂട്, വരൾച്ച

വേവൽ [വേവുക] നാമരൂപം

വേവ്1 നാ. അഗ്നികൊണ്ടുണ്ടാകുന്ന പാകം, ദഹനം, ചൂട്. (പ്ര) വേവെടുക്കുക = ഉഷ്ണിക്കുക, ചുടുക

വേവ്2 നാ. ചാരവൃത്തി, ഒറ്റ്

വേവുക ക്രി. തീയിലോ എണ്ണയിലോ ചൂടുവെള്ളത്തിലോ നീരാവിയിലോ മറ്റോ പാകംവരുക

വേവുര(ം) നാ. അത്യധികമായ കോപം

വേശകം നാ. ഭവനം

വേശദാനം നാ. സൂര്യകാന്തി

വേശനം നാ. പ്രവേശനം, ഭവനം, വാതിൽ

വേശനാരി നാ. വേശ്യ, വ്യഭിചാരിണി

വേശന്തം നാ. 1. അല്പസരസ്സ്, ചിറക്കുഴി (പന്നികൾ ഇതിലിൽ പ്രവേശിക്കുകകൊണ്ട്); 2. അഗ്നി

വേശം നാ. 1. പ്രവേശം, പ്രവേശനദ്വാരം; 2. ഭവനം, വേശ്യാഭവനം; 3. അലങ്കാരം; 4. കൂലി, ശമ്പളം; 5. വേഷം; 6. വേശ്യാജനോചിതമായ വൃത്തം; 7. തേവിടിശ്ശിത്തെരുവ്

വേശവൃത്തി നാ. വേശ്യവൃത്തി

വേശാങ്ഗന നാ. വേശ്യ

വേശി1 നാ. വേശ്യ

വേശി2 നാ. (ജ്യോ) വേസി (ഒരു ഗ്രഹയോഗം)

വേശിക നാ. പ്രവേശനദ്വാരം

വേശിക്കുക ക്രി. ഉൾപ്പൂകുക, പ്രവേശിക്കുക

വേശ്മം നാ. ഭവനം. വേശ്മനി = ഭവനത്തിൽ

വേശ്യ നാ. 1. തേവിടിച്ചി, കുലട; 2. അതിവിടയം; 3. വേശ്മ, വേശ്യാലയം

വേശ്യാജനം നാ. തേവിടിച്ചി. വേശ്യാജനസമാശ്രയം = തേവിടിച്ചിത്തെരുവ്

വേശ്യാപതി നാ. വിടൻ

വേശ്യാപരൻ നാ. വേശ്യാപരതൻ, വ്യഭിചരിച്ചുനടക്കുന്നവൻ, വിടൻ

വേശ്യാപ്രിയ നാ. മഞ്ഞൾ

വേശ്യാവൃത്തി നാ. വേശ്യകളുടെ ആചാരം, വ്യഭിചാരം

വേശ്യാസങ്ഗം നാ. വ്യഭിചാരം

വേഷക്കാരൻ നാ. 1. പകിട്ടോടെ അണിഞ്ഞൊരുങ്ങിയവൻ; 2. നടൻ; 3. പൊയ്മുഖം ധരിച്ചവൻ

വേഷച്ചരന്നൻ നാ. വേഷം മാറിയവൻ, രൂപം മറച്ചവൻ

വേഷധാരി നാ. വേഷധൃക്ക്, മറുവേഷം ചമഞ്ഞുനടക്കുന്നവൻ, കപടനാട്യക്കാരൻ, വിഡംബകൻ

വേഷം നാ. 1. അലങ്കാരം (വസ്ത്രാദികൾകൊണ്ടുണ്ടാക്കപ്പെട്ട ശോഭ); 2. ആഭരണം; 3. ആകപ്പാടെ പുറമെയുള്ള ആകൃതി

വേഷ്ടക വി. വേഷ്ടണംചെയ്യുന്ന (ചുറ്റുന്ന)

വേഷ്ടകം നാ. 1. തലപ്പാവ്; 2. വേലി; 3. വളപ്പ്; 4. ഇലവിൻപശ; 5. തിരുവട്ടപ്പശ; 6. മുത്തങ്ങ; 7. പുതപ്പ്

വേഷ്ടനകം നാ. ഒരു രതിബന്ധം (രതിക്കായുള്ള ഒരുതരം കിടപ്പ്)

വേഷ്ടനം നാ. 1. ചുറ്റൽ; 2. വേലി; 3. വളപ്പ്; 4. ഭിത്തി; 5. തലപ്പാവ്; 6. അരഞ്ഞാൺ; 7. നറ്റിപ്പട്ടം

വേഷ്ടം നാ. വേഷ്ടകം

വേഷ്ടി നാ. അങ്ഗവസ്ത്രം, ഉത്തരീയം (വേട്ടി)

വേഷ്ടിക്കുക ക്രി. ചുറ്റുക, പൊതിയുക

വേഷ്ടിത വി. 1. വേഷ്ടനം ചെയ്യപ്പെട്ട, ചുറ്റപ്പെട്ട; 2. മൂടപ്പെട്ട; 3. ധരിക്കപ്പെട്ട; 4. തടയപ്പെട്ട

വേഷ്ടിതവ്യ വി. വേഷ്ട്യ, വേഷ്ടനം ചെയ്യത്തക്ക

വേസി, വേശി നാ. (ജ്യോ) ഒരു യോഗം, സൂര്യൻെറ രണ്ടിൽ മറ്റേതെങ്കിലും ഗ്രഹം നിൽക്കുന്നത്

വേൾ1 [വേൾക്കുക] ധാതുരൂപം

വേൾ2 നാ. 1. തറ; 2. ഭൂമി; 3. കാമം; 4. യാഗം; 5. വീരൻ; 6. പുത്രൻ; 7. കാമദേവൻ

വേൾക്കുക ക്രി. 1. (അഗ്നിസാക്ഷിയായി) വിവാഹം കഴിക്കുക; 2. ആഗ്രഹിക്കുക; 3. യാഗംചെയ്യുക

വേൾച്ച നാ. (വിവാഹ) ബന്ധം, വേഴ്ച

വേൾവി,വേഴ്വി നാ. പൂജ, കൃഷി, (ത) യാഗം, വേളി

വേള നാ. 1. അവസരം (ഒരുവേള, ഒരുപക്ഷേ); 2. അതിര്

വേളം [പ.മ.] നാ. വേശ്യാത്തെരുവ്

വേളാത്ത നി.ക്രിയ വേൾക്കാത്ത

വേളാൻ നാ. കുശവൻ

വേളാപിക്കുക ക്രി. ആക്രമിക്കുക

വേളാളർ നാ. വെള്ളാളർ (കൃഷിക്കാർ)

വേളി നാ. 1. (ബ്രാഹ്മണരുടെ) വിവാഹം; 2. വിവാഹം ചെയ്യപ്പെട്ട ഭാര്യ. വേളികൂടുക = (ജന്തുക്കൾ തമ്മിൽ) ഇണചേരുക

വേഴ്ച നാ. 1. സ്നേഹം, ബന്ധുത്വം, വിവാഹബന്ധം; 2. നിർബാധമായ സൗഖ്യം

വേഴ്വി, വേൾവി നാ. യാഗം. വേഴ്വിനായകൻ = ഇന്ദ്രൻ

വേഴം, –ഴൽ നാ. 1. ഒരുതരം വലിയ പുല്ല്, ഒട്ടൽ; 2. ആന

വേഴാമ്പൽ		നാ.	ഒരു പക്ഷി (വെള്ളത്തിന് എപ്പോഴും ആഗ്രഹിക്കുന്നത്)

വേറ്,വെറു		അവ്യ. വേറെയുള്ള, വിഭിന്നമായ. നാ. വേർപാട്, ഭേദം. 'വേറും കൂറും' = ചിറ്റമ്മനയം. വേറാകുക = വേർപെടുക = വേറൊന്നാകുക

വേറുകൂറ്		നാ.	1. മറ്റൊരുപങ്ക്; 2. മറുപക്ഷം; 3. പക്ഷപാതം (വേർതിരിവ്); 4. വേർപാട്

വേറെ		അവ്യ. മറ്റേ, അന്യമായി, പ്രത്യേകമായി

വേറൊരുത്തൻ		നാ.	മറ്റൊരുത്തൻ, അന്യൻ

വേറ്റലം		നാ.	കാറ്റ്

വേറ്റവൻ		നാ.	1. ശത്രു; 2. അന്യൻ

വേറ്റുര		നാ.	വെറുപ്പോടുകൂടിയ വാക്ക്, വേലൻെറ ഓത്ത്

വൈ1		നിപാ. അതെ, ശരി, അങ്ങനെയാണല്ലോ എന്നീ അർഥങ്ങളിൽ പ്രയോഗിക്കപ്പെടുന്ന ഒരു നിപാതം

വൈ2		നാ.	1. വയ്ക്കോൽ; 2. പുല്ല്; 3. കൂർമ

വൈകക്ഷം		നാ.	1. വൈകക്ഷ്യകം; 2. ഉത്തരീയം

വൈകക്ഷ്യകം		നാ.	മാറിടത്തിൽ പൂണുനൂൽപോലെ കുറുകെ ധരിച്ച മാല

വൈകടികൻ		നാ.	രത്നവ്യാപാരി

വൈകർത്തനൻ		നാ.	വികർത്തനൻെറ പുത്രൻ, യമൻ

വൈകർത്തനാലയം		നാ.	യമൻെറ രാജധാനി

വൈകൽ [<വൈകുക] നാമരൂപം

വൈകല്പ നാ. 1. തീർച്ചയില്ലായ്മ; 2. അനിശ്ചിതാവസ്ഥ

വൈകല്പിക വി. 1. വികല്പേനയുള്ള; 2. സന്ദിഗ്ധമായ; 3. ഐച്ഛികമായ

വൈകല്യം നാ. 1. വികലത; 2. അഭാവം; 3. അങ്ഗഹീനത; 4. അപ്രാപ്തി; 5. ക്ഷീണം; 6. പരിശ്രമം

വൈകാരിക വി. വികാരപരമായ

വൈകാര്യം നാ. 1. വികാരമുള്ള അവസ്ഥ; 2. മാറ്റം

വൈകാലം നാ. വൈകുന്നേരം, സായംകാലം

വൈകാശി നാ. വൈശാഖമാസം, ഇടവം

വൈകിക്കുക ക്രി. 1. താമസിക്കുക; 2. കാലവിളംബം വരുത്തുക

വൈകിട്ട് അവ്യ. വൈകുന്നേരത്ത്

വൈകുക ക്രി. 1. താമസിക്കുക; 2. നേരമാകുക; 3. ഉച്ചതിരിയുക; 4. സന്ധ്യയോടടുക്കുക

വൈകുന്നേരം അവ്യ. വൈകിയനേരം; 2. അസ്തമയസന്ധ്യ

വൈകുണ്ഠചതുർദശി നാ. കാർത്തികമാസത്തിലെ ശുക്ലപക്ഷചതുർദശി

വൈകുണ്ഠൻ നാ. 1. മഹാവിഷ്ണു; 2. ദേവേന്ദ്രൻ

വൈകുണ്ഠം 	നാ. 	1. വിഷ്ണുലോകം; 2. വെളുത്തചെറുതുളസി; 3. അഭ്രകം

വൈകുണ്ഠലോകം 	നാ. 	1. വൈകുണ്ഠം; 2. വിഷ്ണുലോകം; 3. സ്വര്‍ഗം

വൈകൃത 	വി. 	1. മാറ്റംവന്ന; 2. മാറ്റം വരുത്തപ്പെട്ട

വൈകൃതം 	നാ. 	1. വികൃതമായിരിക്കുന്ന അവസ്ഥ; 2. വെറുപ്പ്; 3. ദുര്‍ഘടാവസ്ഥ; 4. മാറ്റം; 5. വൈലക്ഷണ്യം; 6. ദുര്‍നിമിത്തം

വൈകൃതിക 	വി. 	1. മാറ്റംവരുത്തപ്പെട്ട; 2. വിലക്ഷണമാക്കപ്പെട്ട

വൈകൃത്യം 	നാ. 	1. മാറ്റം; 2. നീരസം; 3. വെറുപ്പ്; 4. വൈലക്ഷണ്യം

വൈക്കോല്‍ 	നാ. 	വയ്ക്കോല്‍, ഉണങ്ങിയ പുല്ല്

വൈക്രാന്തം 	നാ. 	ഒരു രത്നം

വൈക്ലബ്യം 	നാ. 	1. വിക്ലബന്‍റെ ഭാവം; 2. പാരവശ്യം; 3. വിഷണ്ണത; 4. മനസ്സുമടുപ്പ്; 6. നിരാശ; 7. സംഭ്രമം; 8. ദുഃഖം; 9. തുമുലം

വൈഖരി 	നാ. 	1. ഒരു പ്രത്യേകതരം ശബ്ദം; 2. ഉച്ചാരണശബ്ദം; 3. സാര്‍ഥകവും പൂര്‍ണവുമായ ശബ്ദം, വാക്ക്, ഭാഷണം

വൈഖാനസ 	വി. 	1. വാനപ്രസ്ഥനെ സംബന്ധിച്ച; 2. സന്യാസിയെയോ സന്യാസത്തെയോ സംബന്ധിച്ച

വൈഖാനസം 	നാ. 	1. സന്യാസം; 2. തപസ്സ്; 3. വാനപ്രസ്ഥം

വൈഖാനസന്‍ 	നാ. 	വാനപ്രസ്ഥന്‍

വൈഖാനസി നാ. സന്യാസിനി

വൈഖാനസിക1 വി. വൈഖാനസനെയോ വൈഖാനസവൃത്തിയെയോ സംബന്ധിച്ച

വൈഖാനസിക2 നാ. വാനപ്രസ്ഥാശ്രമം സ്വീകരിച്ചു വനത്തിൽപ്പോയി തപസ്സുചെയ്യുന്നവൾ

വൈഗുണ്യം നാ. 1. ഗുണമില്ലായ്മ; 2. സദ്ഗുണങ്ങൾ ഇല്ലാതിരിക്കൽ; 3. ഹീനാവസ്ഥ; 4. കഴിവില്ലായ്മ

വൈചക്ഷണ്യം നാ. 1. വിചക്ഷണത; 2. വൈദഗ്ധ്യം, നൈപുണ്യം

വൈചിത്യം നാ. 1. മനഃക്ലേശം; 2. ദുഃഖം; 3. നൈരാശ്യം

വൈചിത്ര്യം നാ. വിചിത്രമായിരിക്കുന്ന അവസ്ഥ

വൈജനനം നാ. 1. ഗർഭത്തിൻെറ പത്താം മാസം; 2. പ്രസവമാസം

വൈജയന്തൻ നാ. ദേവേന്ദ്രൻ

വൈജയന്തം നാ. 1. ദേവേന്ദ്രൻെറ കൊടി; 2. ദേവേന്ദ്രൻെറ കൊട്ടാരം; 3. ഗൃഹം

വൈജയന്തി നാ. 1. വിജയക്കൊടി; 2. വിഷ്ണു ധരിക്കുന്ന മാല; 3. മുത്തുമാല; 4. പുഴമൂഞ്ഞ

വൈജയന്തിക നാ. 1. കൊടി; 2. മാല

വൈജയന്തികൻ നാ. 1. കൊടിവഹിക്കുന്നവൻ; 2. പതാകാവാഹകൻ

വൈജാത്യം നാ. 1. ജാതിവ്യത്യാസം; 2. വിഭിന്നത; 3. ധൂർത്തത; 4. അസാധാരണത്വം

വൈജ്ഞാനിക വി. 1. വിജ്ഞാനത്തെ സംബന്ധിച്ച; 2. പാണ്ഡിത്യമുള്ള

വൈജ്ഞാനികൻ നാ. 1. പാണ്ഡിത്യമുള്ളവൻ; 2. ജ്ഞാനി; 3. ശാസ്ത്രജ്ഞൻ

വൈഡാലവ്രതികൻ നാ. പൂച്ചസന്യാസി

വൈഡൂര്യം നാ. നവരത്നങ്ങളിൽ ഒന്ന്

വൈണവ വി. 1. വേണുവിൽനിന്നുണ്ടായ; 2. മുളയിൽനിന്നുണ്ടായ

വൈണവം നാ. 1. മുളങ്കമ്പ്; 2. ഇല്ലിക്കമ്പ്; 3. മുളനെല്ല്; 4. പരമ്പുണ്ടാക്കുന്ന ജോലി

വൈണവി നാ. ശിവൻ

വൈണവികൻ നാ. 1. പുല്ലാങ്കുഴൽ വായിക്കുന്നവൻ; 2. വേണുവാദ്യക്കാരൻ

വൈണികൻ നാ. വീണവായിക്കുന്നവൻ

വൈണുകം നാ. ആനവളർ

വൈതഥ്യം നാ. 1. വിതഥത്വം; 2. കള്ളം

വൈതനിക വി. 1. വേതനംകൊണ്ട് ജീവിക്കുന്ന; 2. കൂലിവേലചെയ്തു ജീവിക്കുന്ന

വൈതനികൻ നാ. 1. അടുത്തൂൺകാരൻ; 2. കൂലിവേലക്കാരൻ; 3. ജീവനക്കാരൻ

വൈതനികം നാ. ദിവസക്കൂലി

വൈതംസികൻ നാ. 1. കെണിവച്ചു പക്ഷികളെ പിടിക്കുന്നവൻ; 2. മാംസക്കച്ചവടക്കാരൻ; 3. മാംസഭുക്ക്

വൈതരണി നാ. 1. നരകത്തിലെ ഒരു നദി; 2. പാതാള നദി; 3. രാക്ഷസന്മാരുടെ മാതാവ്; 4. ദുർഘടം; 5. ഏറ്റവും പ്രയാസമുള്ള അവസ്ഥ

വൈതസ വി. 1. ചൂരലിനെസംബന്ധിച്ച; 2. വഴങ്ങുന്ന; 3. ശക്തിയേറിയ സൈന്യത്തിനു കീഴടങ്ങുന്ന

വൈതസീവൃത്തി നാ. 1. സമയോചിതമായ കൃത്യം; 2. ആറ്റുവഞ്ചിയെ അനുകരിച്ചുള്ള പ്രവൃത്തി

വൈതാന വി. 1. യാഗത്തെ സംബന്ധിച്ച; 2. പരിശുദ്ധമായ

വൈതാനം നാ. 1. യാഗകർമം; 2. ഹോമം; 3. വേലി

വൈതാളികൻ നാ. 1. രാജാക്കന്മാരെ പാടി ഉണർത്തുന്നവൻ; 2. സ്തുതിപാഠകൻ; 3. വേതാളത്തിൻെറ ദാസൻ

1331

വൈതുവിളി നാ. ശകാരം

വൈത്രക വി. വേത്രം അഥവാ പരമ്പുകൊണ്ടു നിർമിച്ച

വൈദഗ്ധ്യം നാ. 1. വിദഗ്ധത; 2. കൗശലം; 3. സൗന്ദര്യം

വൈദൻ നാ. 1. വിദ്വാൻ; 2. ജ്ഞാനി; 3. ധൗമ്യൻെറ ഒരു ശിഷ്യൻ

വൈദർഭം നാ. 1. ചതിവാക്ക്; 2. മോണയിലുണ്ടാകുന്ന ഒരു രോഗം

വൈദർഭൻ നാ. 1. വിദർഭരാജാവ്; 2. രുഗ്മിണിയുടെ പിതാവ്

വൈദർഭി നാ. 1. ദമയന്തി; 2. രുഗ്മിണി; 3. അഗസ്ത്യൻെറ പത്നി

വൈദല വി. പരമ്പുകൊണ്ടുണ്ടാക്കപ്പെട്ട

വൈദലം നാ. 1. ചൂരൽപ്പാത്രം; 2. സന്യാസിയുടെ ഭിക്ഷാപാത്രം

വൈദാന്തിക വി. വേദാന്തത്തെ സംബന്ധിച്ച

വൈദി വി, വിദ്വാൻെറ പത്നി

വൈദിക വി. 1. വേദസംബന്ധിയായ; 2. ലൗകികമല്ലാത്ത; 3. പവിത്രമായ

വൈദികത്വം നാ. വൈദികനായിരിക്കുന്ന അവസ്ഥ

വൈദികൻ നാ. 1. വൈദികമായ അനുഷ്ഠാനവിധികൾ അഭ്യസിച്ചവൻ; 2. വേദജ്ഞൻ; 3. വൈദികവൃത്തി അങ്ഗീകരിച്ചിട്ടുള്ള വേദജ്ഞൻ

വൈദികപാശൻ നാ. ശരിയായ വേദജ്ഞാനമില്ലാത്ത ബ്രാഹ്മണൻ

വൈദൂഷി നാ. 1. പാണ്ഡിത്യം; 2. വിദ്വത്വം

വൈദൂര്യ വി. വിദൂരഗിരിയിൽ ഉണ്ടായ

വൈദൂര്യം നാ. നവരത്നങ്ങളിൽ ഒന്ന്, വൈഡൂര്യം

വൈദേശികൻ നാ. അന്യദേശക്കാരൻ

വൈദേശ്യം നാ. വിദേശിയുടെ അവസ്ഥ

വൈദേഹ വി. വിദേഹദേശത്തെ സംബന്ധിച്ച

വൈദേഹൻ നാ. 1. വിദേഹരാജ്യത്തുള്ളവൻ; 2. വൈശ്യൻ, വ്യാപാരി; 3. ഗോരോചന; 4. മഞ്ഞൾ; 5. പശു; 6. തിപ്പലി

വൈദേഹികൻ നാ. വൈശ്യൻ

വൈദ്യ വി. 1. ഔഷധസംബന്ധമായ; 2. ആധ്യാത്മികമായ; 3. ആയുർവേദസംബന്ധമായ

വൈദ്യക വി. വൈദ്യസംബന്ധമായ

വൈദ്യകൻ നാ. വൈദ്യൻ

വൈദ്യകം നാ. 1. ചികിത്സ; 2. വൈദ്യം

വൈദ്യൻ നാ. 1. ചികിത്സകൻ; 2. വേദം അനുസരിച്ചു നടക്കുന്നവൻ; 3. ആയുർവേദജ്ഞൻ; 4. പണ്ഡിതൻ; 5. ബ്രാഹ്മണന് വൈശ്യസ്ത്രീയിൽ ഉണ്ടായവൻ

വൈദ്യനാഥൻ നാ. 1. വൈദ്യശ്രേഷ്ഠൻ; 2. ധന്വന്തരി; 3. ശിവൻ

വൈദ്യപരീക്ഷാത്രയം നാ. രോഗനിർണയത്തിനുള്ള മൂന്ന് ഉപാധികൾ (ദർശനം, സ്പർശനം, പ്രശ്നം)

വൈദ്യം നാ. 1. വൈദ്യശാസ്ത്രം; 2. രോഗചികിത്സ

വൈദ്യമാതാവ് നാ. ആടലോടകം

വൈദ്യലക്ഷണചതുഷ്ടയം നാ. നല്ല വൈദ്യൻെറ നാലു ലക്ഷണങ്ങൾ (ശാസ്ത്രജ്ഞാനം, നിസ്സന്ദേഹത്വം, പാപവൈമുഖ്യം, കർമകൗശലം ഇവ നാലും)

വൈദ്യശാല നാ. ചികിത്സാലയം

വൈദ്യശാസ്ത്രം നാ. ചികിത്സാശാസ്ത്രം

വൈദ്യശാസ്ത്രശീതക്രിയ നാ. ധാര പിഴിച്ചില്‍ തേച്ചുകുളി കിഴി ഈ നാലു ചികിത്സാപദ്ധതികള്‍

വൈദ്യുത വി. 1. വിദ്യുച്ഛക്തിയെ സംബന്ധിച്ച; 2. വിദ്യുന്മയ; 3. വിദ്യുച്ഛക്തികൊണ്ടു നിര്‍മിക്കപ്പെടുന്ന; 4. മിന്നലിനെ സംബന്ധിച്ച

വൈദ്യുതകണം നാ. വൈദ്യുതി ചാര്‍ജുചെയ്യപ്പെട്ടിട്ടുള്ള ഒരു സൂക്ഷ്മകണം

വൈദ്യുതകസേര നാ. വധശിക്ഷയ്ക്കു വിധിക്കപ്പെട്ടവരെ ഇരുത്തി വൈദ്യുതി പ്രയോഗിച്ചു വധിക്കുനതിനുള്ള കസേര

വൈദ്യുതകാന്തം നാ. വൈദ്യുതിപ്രവഹിപ്പിച്ച് കാന്തശക്തിയുള്ളതാക്കിത്തീര്‍ത്ത മൃദുവായ ഇരുമ്പ്

വൈദ്യുതകാന്തികം നാ. വൈദ്യുതിയും കാന്തശക്തിയും തമ്മിലുള്ള ബന്ധത്തെപ്പറ്റി പ്രതിപാദിക്കുന്ന ശാസ്ത്രവിഭാഗം

വൈദ്യുതദീപം നാ. വൈദ്യുതിപ്രവാഹംകൊണ്ട് പ്രകാശിക്കുന്ന ദീപം

വൈദ്യുതശ്മശാനം നാ. 1. വൈദ്യുതിപ്രയോഗിച്ച് ശവദാഹം നടത്തുന്നതിനുള്ള സജ്ജീകരണങ്ങള്‍ ഏര്‍പ്പെടുത്തിയിട്ടുള്ള ശ്മശാനം

വൈദ്യുതവിശ്ലേഷണം നാ. വൈദ്യുതി പ്രയോഗിച്ചുള്ള രാസവിശ്ലേഷണം

വൈദ്യുതി നാ. 1. വിദ്യുച്ഛക്തി, ഇലക്ട്രിസിറ്റി; 2. മിന്നല്‍

വൈധർമ്യം നാ. 1. വ്യത്യാസം, ഭിന്നധർമങ്ങളോടുകൂടിയ അവസ്ഥ; 2. അധർമം; 3. നാസ്തികത്വം >< സാധർമ്യം

വൈധവേയൻ നാ. വിധവയുടെ പുത്രൻ, ജാരപുത്രൻ

വൈധസി നാ. വേധസ്സിനെ സംബന്ധിച്ച

വൈധാത്രൻ നാ. 1. വിധാതാവിൻെറ പുത്രൻ; 2. സനൽക്കുമാരൻ

വൈധിക വി. 1. വിധിയെ സംബന്ധിച്ച; 2. നിയമാനുസൃതമായ

വൈധുര്യം വി. 1. വിയോഗം; 2. ക്ഷോഭം; 3. ദീനത

വൈധൃതം നാ. 1. സൂര്യചന്ദ്രന്മാർ ഒരേ അയന ദിശയിൽ ആയിരിക്കുന്ന സ്ഥിതി; 2. ഒരു അശുഭയോഗം

വൈധേയ വി. വിധിപ്രകാരമുള്ള

വൈനതകം നാ. യജ്ഞത്തിനു നെയ്യ് കോരുന്നതിനുള്ള പാത്രം

വൈനതേയൻ നാ. 1. വിനതയുടെ പുത്രൻ; 2. കഴുകൻ

വൈനയിക വി. 1. വിനയത്തെ സംബന്ധിച്ച; 2. വിനയമുള്ള

വൈനയികം നാ. യുദ്ധത്തിനുള്ള രഥം

വൈനായക വി. ഗണപതിയെ സംബന്ധിച്ച

വൈനായികം നാ. ഒരു ബൗദ്ധസിദ്ധാന്തം

വൈനാശിക വി. വിനാശകരമായ

വൈനാശികം നാ. 1. ബുദ്ധമതസിദ്ധാന്തം; 2. ചിലന്തി

വൈനിമേയം നാ. 1. വിനിമയം; 2. പരസ്പരം കൈമാറ്റം

വൈപഞ്ചികൻ നാ. 1. വീണവായിക്കുന്നവൻ; 2. വീണധരിച്ചവൻ; 3. നാരദൻ

വൈപരീത്യം നാ. 1. വിപരീതഭാവം; 2. വിശുദ്ധമായിരിക്കുന്ന അവസ്ഥ; 3. പ്രതികൂലഭാവം; 4. പരസ്പരം യോജിപ്പില്ലായ്മ

വൈചിത്രൻ നാ. ഒരേ മാതാവിന് മറ്റൊരു ഭർത്താവിൽ ജനിച്ചവൻ

വൈപുല്യം നാ. 1. വലിപ്പം; 2. വിസ്തൃതി; 3. സമൃദ്ധി

വൈഫല്യം നാ. വിഫലത, പ്രയോജനരാഹിത്യം

വൈബോധികൻ നാ. 1. ഉറക്കം; 2. കാവൽക്കാരൻ; 3. വൈതാളികൻ; 4. വന്ദി

വൈഭണ്ഡകൻ നാ. വിഭണ്ഡകൻെറ പുത്രൻ

വൈഭവം നാ. 1. ശ്രേഷ്ഠത; 2. മഹത്വം; 3. ശക്തി; 4. സമ്പത്ത്

വൈഭാഷിക നാ. 1. ഐച്ഛികമായ; 2. വൈകല്പികമായ

വൈമത്യം നാ. 1. പ്രതികൂലഭാവം; 2. വിസമ്മതം; 3. വെറുപ്പ്

വൈമനസ്യം നാ. 1. വിസമ്മതം; 2. ദുഃഖം; 3. രോഗം

വൈമല്യം നാ. വിമലത, നിർമലത

വൈമാനിക വി. 1. വിമാനത്തിൽ സഞ്ചരിക്കുന്ന; 2. വിമാനം ഓടിക്കുന്ന; 3. വിമാനത്തിൽ വഹിക്കപ്പെടുന്ന

വൈമാനികൻ	നാ.	1. വിമാനം ഓടിക്കുന്നവൻ; 2. വിമാനത്തിൽ സഞ്ചരിക്കുന്നവൻ

വൈമുക്തം	നാ.	1. വിമുക്തമായ അവസ്ഥ; 2. മുക്തി

വൈമുഖ്യം	നാ.	1. എതിർപ്പ്; 2. അതൃപ്തി; 3. വിരസഭാവം; 4. പിൻവാങ്ങൽ

വൈയകം	നാ.	ഭൂമി

വൈയക്തിക	വി.	വ്യക്തിപരമായ

വൈയഗ്ര്യം	നാ.	1. വ്യഗ്രത; 2. ഏകാഗ്രത

വൈയധികരണ്യം	നാ.	വ്യത്യസ്തമായ വിഭക്തിസംബന്ധങ്ങളുള്ള അവസ്ഥ

വൈയം	നാ.	1. രഥം; 2. രോഹിണീനക്ഷത്രം

വൈയവസായിക	വി.	വ്യവസായത്തെ സംബന്ധിച്ച

വൈയാകരണ	വി.	വ്യാകരണത്തെ സംബന്ധിച്ച

വൈയാകരണൻ	നാ.	വ്യാകരണത്തിൽ പാണ്ഡിത്യമുള്ളവൻ

വൈയാഘ്രപാദൻ	നാ.	വ്യാഘ്രപാദൻെറ വംശത്തിൽ ജനിച്ചവൻ

വൈയാത്യം	നാ.	1. നിർലജ്ജത; 2. അവിനയം; 3. ധാർഷ്ട്യം; 4. മര്യാദകേട്

വൈയാസിക	വി.	വ്യാസനെ സംബന്ധിച്ച

വൈയോൻ	നാ.	വൈയവൻ, സൂര്യൻ

| | | |
|---|---|---|
| വൈരക്ത്യം | നാ. | 1. വിരക്തഭാവം; 2. വെറുപ്പ് |
| വൈരനിര്യാതനം | നാ. | പകവീട്ടൽ |
| വൈരം1 | നാ. | 1. ശത്രുത; 2. വിരോധം; 3. പ്രതികാരചിന്ത; 4. വീരത |
| വൈരം2 | നാ. | 1. വജ്രം; 2. കടുപ്പമേറിയത് |
| വൈരവൻ | നാ. | ഭൈരവൻ |
| വൈരസേനി | നാ. | വീരസേനൻെറ പുത്രൻ, നളൻ |
| വൈരസ്യം | നാ. | 1. വിരസത; 2. നീരസഭാവം; 3. വെറുപ്പ് |
| വൈരള്യം | നാ. | വിരളത, ദൗർലഭ്യം |
| വൈരാകരൻ | നാ. | ശത്രു |
| വൈരാഗം | നാ. | വൈരാഗ്യം |
| വൈരാഗി | നാ. | 1. രാഗം ഇല്ലാത്തവൻ; 2. നിസ്സങ്ഗൻ |
| വൈരാഗ്യം | നാ. | 1. വൈരാഗിയുടെ അവസ്ഥ; 2. വെറുപ്പ് |
| വൈരാജ്യം | നാ. | ജനാധിപത്യം |
| വൈരാടം | നാ. | 1. ഇന്ദ്രഗോപം; 2. ഭൂനാഗം |
| വൈരാനൃണ്യം | നാ. | വൈരനിര്യാതനം |
| വൈരി | നാ. | 1. വിരോധി; 2. വീരൻ |
| വൈരിഞ്ച | വി. | വിരിഞ്ചനെ സംബന്ധിച്ച |

| | | | |
|---|---|---|---|
| വൈരിത | | നാ. | വൈരിയുടെ അവസ്ഥ |
| വൈരുധ്യം | | നാ. | വിരുദ്ധഭാവം |
| വൈരൂപ്യം | | നാ. | 1. വിരൂപത; 2. അഭങ്ഗി; 3. ഭിന്ന രൂപം |
| വൈരോചനൻ | | നാ. | വിരോചനൻെറ പുത്രൻ |
| വൈലക്ഷണ്യം | | നാ. | 1. അവലക്ഷണം; 2. വൈപരീത്യം |
| വൈലക്ഷ്യം | | നാ. | 1. അസ്വാഭാവികമായ അവസ്ഥ; 2. കുഴപ്പം; 3. ലജ്ജ |
| വൈലോമ്യം | | നാ. | 1. വിലോമക്രമം; 2. കമവിരുദ്ധത |
| വൈവധികൻ | | നാ. | 1. പലതും ചുമക്കുന്നവൻ; 2. ഭാരം ചുമക്കുന്നവൻ |
| വൈവർണ്യം | | നാ. | 1. വിവർണത, നിറപ്പകർച്ച; 2. ജാതിഭ്രംശം |
| വൈവർത്തം | | നാ. | 1. വിവർത്തനം; 2. പരിവർത്തനം |
| വൈവശ്യം | | നാ. | 1. വിവശത; 2. ക്ഷീണം; 3. തളർച്ച |
| വൈവസ്വതൻ | | നാ. | ചതുർദശമനുക്കളിൽ ഒരാൾ |
| വൈവസ്വതം | | നാ. | ഏഴാമത്തെ മന്വന്തരം |
| വൈവസ്വതി | | നാ. | തെക്കേദിക്ക്; 2. യമുനാ നദി |
| വൈവാവോസി | [ല] | നാ. | വാചാപരീക്ഷ |
| വൈവാഹികം | | വി. | 1. വിവാഹസമയത്തുള്ള; 2. വിവാഹം സംബന്ധിച്ച |
| വൈവിധ്യം | | നാ. | വിവിധമായിരിക്കുന്ന അവസ്ഥ |

വൈശദ്യം നാ. 1. വിശദത; 2. തെളിവ്; 3. പ്രകാശം; 4. വെണ്മ; 5. പ്രസന്നത

വൈശസ്ത്രം നാ. 1. അരക്ഷിതാവസ്ഥ; 2. രാജ്യഭരണം

വൈശാഖദണ്ഡം നാ. കടകോൽ

വൈശാഖം നാ. 1. വിശാഖത്തെ സംബന്ധിച്ചത്; 2. വൈകാശി

വൈശാഖമാസം നാ. വൈകാശിമാസം

വൈശാഖി നാ. വിശാഖനക്ഷത്രത്തിൽ പൗർണമിവരുന്ന മാസം, വൈകാശി



വൈശിക വി. വേശ്യയെയോ വേശ്യാവൃത്തിയെയോ സംബന്ധിച്ച

വൈശികതന്ത്രം നാ. പുരാതനമായ ഒരു മണിപ്രവാളകാവ്യം

വൈശികൻ നാ. വേശ്യകളോടു സഹവസിക്കുന്നവൻ

വൈശികം നാ. 1. വേശ്യാവൃത്തി; 2. വശീകരണതന്ത്രം

വൈശിഷ്ട്യം നാ. 1. വിശേഷഗുണം; 2. ശ്രേഷ്ഠത

വൈശിഷ്യം നാ. വൈശിഷ്ട്യം

വൈശേഷിക വി. 1. വിശേഷിപ്പിക്കുന്ന; 2. വൈശേഷികദർശനം സംബന്ധിച്ച

വൈശേഷികൻ നാ. വൈശേഷികമതക്കാരൻ

വൈശേഷികം നാ. 1. ഷഡ്ദർശനങ്ങളിൽ ഒന്ന്; 2. കണാദസിദ്ധാന്തം

വൈശേഷ്യം നാ. 1. വിശേഷത; 2. ശ്രേഷ്ഠത; 3. മേന്മ

വൈശ്യ1 വി. വൈശ്യനെ സംബന്ധിച്ച

വൈശ്യ2 നാ. വൈശ്യസ്ത്രീ

വൈശ്യകർമം നാ. വൈശ്യൻെറ കുലത്തൊഴിൽ, കൃഷിയും കച്ചവടവും

വൈശ്യൻ നാ. ചാതുർവർണത്തിൽ മൂന്നാമത്തെ വിഭാഗത്തിൽപ്പെട്ടവൻ

വൈശ്യവൃത്തി നാ. വൈശ്യൻെറ തൊഴിൽ (കൃഷിയും വാണിജ്യവും പാശുപാല്യവും)

വൈശ്രവണൻ നാ. 1. കുബേരൻ; 2. രാവണൻ

വൈശ്വജനീന വി. സമസ്തലോകങ്ങളെയും സംബന്ധിച്ച

വൈശ്വദേവം നാ. വിശ്വദേവന്മാർക്കായുള്ള അർച്ചന

വൈശ്വദേവി നാ. മാഘമാസത്തിലെ ശുക്ലാഷ്ടമി

വൈശ്വാനര വി. 1. സാർവജനീനമായ; 2. സകല മനുഷ്യർക്കും യോജിച്ച

വൈശ്വാനരം നാ. 1. വിജനപ്രദേശം; 2. ജഠരാഗ്നി; 3. പരബ്രഹ്മം; 4. ചൈതന്യം; 5. ക്ഷാമബാധിതപ്രദേശം; 6. കൊടുവേലി

വൈശ്വാസികൻ നാ. വിശ്വസിക്കത്തക്കവൻ, വിശ്വാസയോഗ്യൻ

വൈഷമ്യം നാ. 1. വിഷമമായ അവസ്ഥ; 2. ദുർഘടാവസ്ഥ; 3. കാഠിന്യം

വൈഷയിക വി. 1. വിഷയത്തെ സംബന്ധിച്ച; 2. ഇന്ദ്രിയവിഷയമായ; 3. ലൗകികകാര്യങ്ങളിൽ താത്പര്യമുള്ള

വൈഷയികൻ നാ. 1. വിഷയസുഖേച്ഛ ഉള്ളവൻ; 2. വിഷയാസക്തൻ

വൈഷുവത്ത് വി. വിഷുവത്തെ (വിഷുവിനെ) സംബന്ധിച്ച

വൈഷ്ട്രം നാ. 1. ആകാശം; 2. സ്വർഗം; 3. ലോകം; 4. വായു

വൈഷ്ണവ നാ. വിഷ്ണുവിനെ സംബന്ധിച്ച

വൈഷ്ണവൻ നാ. 1. വിഷ്ണുമതക്കാരൻ; 2. വിഷ്ണുവല്ലാതെ മറ്റൊരീശ്വരൻ ഇല്ലെന്നു വിശ്വസിക്കുന്ന ഹിന്ദുമതാനുയായി

വൈഷ്ണവപുരാണം നാ. പതിനെട്ടു പുരാണങ്ങളിൽ ഒന്ന്, വിഷ്ണുപുരാണം

വൈഷ്ണവം നാ. 1. ഹിന്ദുമതത്തിലെ ഒരു പ്രധാന വിഭാഗം; 2. വൈകുണ്ഠം; 3. തിരുവോണനക്ഷത്രം

വൈഷ്ണവി നാ. 1. സപ്തമാതാക്കളിൽ ഒന്ന്; 2. വിഷ്ണുശക്തി; 3. ശതാവരി

വൈസൂചനം നാ. നാടകത്തിൽ പുരുഷൻ സ്ത്രീവേഷം കെട്ടൽ

വൈസ്ചാൻസലർ [ഇം.] നാ. സർവകലാശാലയുടെ ഭരണാധികാരി, ഉപചാൻസലർ

വൈസ്പ്രസിഡൻറ് [ഇം.] നാ. ഉപാധ്യക്ഷൻ

വൈസ്രോയ് [ല] നാ. രാജപ്രതിപുരുഷൻ

വൈസ്വര്യം നാ. വാക്കിനുണ്ടാകുന്ന ഇടർച്ച

വൈഹാര്യ വി. 1. വിഹരിക്കത്തക്ക; 2. കളിയാക്കത്തക്ക

വൈഹാസികൻ നാ. 1. നേരമ്പോക്കുകാരൻ; 2. വിദൂഷകൻ; 3. നടൻ

വൈറസ് [ഇം.] നാ. രോഗവിഷാണു

വോട്ട് [ഇം.] നാ. 1. സമ്മതി; 2. സമ്മതിദാനം; 3. സമ്മതിപത്രം

വോട്ടർ [ഇം.] നാ. സമ്മതിദായകൻ

വോട്ടുചെയ്യുക ക്രി. 1. സമ്മതിദാനം നൽകുക; 2. സമ്മതിദാനം നടത്തി തിരഞ്ഞെടുക്കുക

വോഢാവ് നാ. 1. വഹിക്കുന്നവൻ; 2. ചുമട്ടുകാരൻ; 3. സാരഥി; 4. ചുമട്ടുകാള

വോദ വി. നനഞ്ഞ, ഈർപ്പമുള്ള

വോരകൻ നാ. 1. പകർത്തെഴുത്തുകാരൻ; 2. എഴുത്തുകാരൻ

വോരകം നാ. 1. പകർത്തെഴുത്ത്; 2. എഴുത്ത്

വോലം നാ. നറുമ്പശ

വോൾട്ട് [ഇം.] നാ. ചാലകവൈദ്യുതിയുടെ പ്രവാഹതീവ്രത അളക്കാനുള്ള ഏകകം

വൗച്ചർ [ഇം.] നാ. 1. സാക്ഷിപത്രം; 2. രസീത്; 3. പറ്റുചീട്ട്; 4. സാക്ഷ്യപ്പെടുത്തൽ

വൗസ്സ് [അറ] നാ. മിടുക്ക്, പ്രസരിപ്പ്

വ്യക്ത വി. 1. തെളിഞ്ഞ; 2. പ്രത്യക്ഷപ്പെട്ട; 3. ഏകമായ; 4. ആവിഷ്കരിക്കപ്പെട്ട; 5. നിർദിഷ്ടമായ; 6. പ്രത്യേകആയ; 7. മൂർത്തമായ

വ്യക്തഗണിതം നാ. അങ്കഗണിതം

വ്യക്തത നാ. വ്യക്തമായിരിക്കുന്ന അവസ്ഥ

വ്യക്തദൃഷ്ടാർഥൻ നാ. ദൃക്സാക്ഷി

വ്യക്തൻ നാ. വിഷ്ണു

വ്യക്തരൂപൻ നാ. വിഷ്ണു

വ്യക്തവിക്രമ വി. ധൈര്യം പ്രകടിപ്പിക്കുന്ന

വ്യക്തി നാ. 1. ഒരാൾ; 2. സ്ഫുടത; 3. വിശദത; 4. രൂപസിദ്ധി; 5. വിശദമായ ദർശനം; 6. വിഭജനം; 7. മൂർത്തി

വ്യക്തിഗത വി. 1. ഓരോവ്യക്തിയിലുമുള്ള; 2. വ്യക്തിയെ സംബന്ധിച്ച

വ്യക്തിത്വം നാ. 1. വ്യക്തിയുടെ സവിശേഷഭാവം; 2. അന്യരിൽനിന്നു വ്യത്യസ്തമായി ഒരു വ്യക്തിക്കുള്ള സവിശേഷതയോ പ്രത്യേകസിദ്ധിയോ

വ്യക്തിപര വി. 1. വ്യക്തിയെ സംബന്ധിച്ച; 2. സ്വകാര്യമായ

വ്യക്തീകരണം നാ. വ്യക്തമാക്കൽ

വ്യക്തീകരിക്കുക വി. വ്യക്തമാക്കുക

വ്യക്തീഭവിക്കുക ക്രി. വ്യക്തമാക്കുക

വ്യക്തീഭാവം നാ. വ്യക്തമായ അവസ്ഥ

വ്യക്തീഭൂത വി. 1. വ്യക്തമായിത്തീർന്ന; 2. വ്യക്തമാക്കപ്പെട്ട

വ്യഗ്ര വി. 1. അതിരറ്റ താത്പര്യമുള്ള; 2. കുഴങ്ങിയ; 3. ഒന്നിലും മനസ്സുറയ്ക്കാത്ത

വ്യഗ്രത നാ. 1. വ്യാകുലത; 2. ഏകാഗ്രത

വ്യഗ്രൻ നാ. 1. ഒന്നിൽത്തന്നെ സവിശേഷമായ ആസക്തിയുള്ളവൻ; 2. പലകാര്യങ്ങളിലും മനസ്സിരുത്തി ഒന്നിലും ശ്രദ്ധിക്കാനാകാതെ വട്ടം തിരിയുന്നവൻ

വ്യഗ്രപ്പെടുക ക്രി. ആകുലപ്പെടുക

വ്യഗ്രം നാ. 1. വ്യഗ്രത; 2. താത്പര്യം

വ്യങ്ഗ വി. 1. ശരീരമില്ലാത്ത; 2. അങ്ഗഭങ്ഗമുള്ള; 3. മുടന്തുള്ള; 4. വിരൂപമായ

വ്യങ്ഗൻ നാ. 1. അങ്ഗഭങ്ഗമുള്ളവൻ; 2. മുടന്തൻ

വ്യങ്ഗം നാ. 1. മറുക്; 2. തവള; 3. ഉരുക്ക്; 4. ജന്മസിദ്ധമായ സ്വഭാവം

വ്യങ്ഗുലം നാ. ഒരു അളവ്, അങ്ഗുലത്തിൻെറ 1/60

വ്യങ്ഗ്യ വി. 1. വ്യഞ്ജിപ്പിക്കപ്പെടുന്ന; 2. പരോക്ഷമായ

വ്യങ്ഗ്യം നാ. 1. വാച്യാർഥത്തിനുപുറമെ വ്യഞ്ജിപ്പിക്കപ്പെടുന്ന അർഥം; 2. പരോക്ഷാർഥം; 3. ഗൂഢാർഥം

വ്യങ്ഗ്യോക്തി നാ. 1. വ്യങ്ഗ്യാർഥമുള്ള വാക്ക്; 2. ദുരർഥമുള്ള വാക്ക്; 3. കുത്തുവാക്ക്

വ്യജനം നാ. വിശറി

വ്യഞ്ജക വി. 1. വ്യഞ്ജിപ്പിക്കുന്ന; 2. ദ്യോതിപ്പിക്കുന്ന; 3. പ്രകാശിപ്പിക്കുന്ന

വ്യഞ്ജകം നാ. 1. വ്യഞ്ജിപ്പിക്കുന്ന; 2. പരോക്ഷസൂചന; 3. അഭിനയം

വ്യഞ്ജന നാ. ശബ്ദത്തിൻെറ അർഥജനകമായ മൂന്നു വ്യാപാരങ്ങളിൽ ഒന്ന്, വ്യഞ്ജനാവൃത്തി (അഭിധ ലക്ഷണ എന്നു മറ്റുരണ്ട്)

വ്യഞ്ജനം നാ. 1. (വ്യാക) ഒരു വർണവിഭാഗം; 2. വ്യഞ്ജിപ്പിക്കൽ; 3. അടയാളം; 4. ബുരുദമുദ്ര; 5. കറിക്കൂട്ട്; 6. പരോക്ഷമായി വെളിപ്പെടുത്തൽ

വ്യഞ്ജനാവ്യാപാരം നാ. വ്യഞ്ജനാവൃത്തി, ശബ്ദത്തിൻെറ ത്രിവിധവ്യാപാരങ്ങളിൽ മൂന്നാമത്തേത്

വ്യഞ്ജിപ്പിക്കുക ക്രി. പ്രകാശിക്കുക; 2. ധ്വനിക്കുക

വ്യഞ്ജിത വി. 1. വ്യഞ്ജിപ്പിക്കപ്പെട്ട; 2. പരോക്ഷമായി വ്യക്തമാക്കപ്പെട്ട; 4. വെളിപ്പെടുത്തപ്പെട്ട

വ്യതികരം നാ. 1. കൂട്ടിക്കലർത്തൽ; 2. വിനിമയം; 3. സംഭവം; 4. നിർഭാഗ്യം; 5. ഒഴിക്കപ്പെടൽ; 6. അവസരം; 7. സ്പർശം; 8. ആലിങ്ഗനം; 9. വിപത്ത്

വ്യതികരിക്കുക ക്രി. 1. കലർത്തുക; 2. നിറയ്ക്കുക; 3. ആലിങ്ഗനംചെയ്യുക; 4. ചിതറുക

വ്യതികീർണ വി. 1. കൂടിക്കലർന്ന; 2. കുഴങ്ങിയ

വ്യതികീർണം നാ. 1. കൂട്ടിക്കലർത്തപ്പെട്ടത്; 2. ചേർക്കപ്പെട്ടത്; 3. കുഴഞ്ഞുമറിഞ്ഞത്

വ്യതികൃത വി. 1. വ്യതികരിക്കപ്പെട്ട; 2. നിറയ്ക്കപ്പെട്ട; 3. സ്പർശിക്കപ്പെട്ട

വ്യതിക്രമം നാ. 1. പ്രതിലോമം; 2. വാമം; 3. മറുപാട്; 4. മാറ്റം; 5. അനാദരം; 6. ഉപേക്ഷ

വ്യതിക്രമിക്കുക ക്രി. 1. ലങ്ഘിക്കുക; 2. അതിലങ്ഘിക്കുക; 3. അപ്പുറം കടക്കുക; 4. മറിക്കപ്പെട്ട; 5. സമയം കളയുക

വ്യതിക്രാന്തി വി. 1. വ്യതിക്രമിക്കപ്പെട്ട; 2. മറിക്കപ്പെട്ട; 3. സമയം കഴിച്ച

വ്യതിചലനം നാ. വ്യതിചലിക്കൽ

വ്യതിചലിക്കുക ക്രി. 1. മാറിപ്പോകുക; 2. നിർദിഷ്ടപഥത്തിൽനിന്നു വേർപെട്ടുപോകുക

വ്യതിയാനം നാ. 1. മാറ്റം; 2. വ്യത്യാസം

വ്യതിയുത വി. 1. കൂട്ടിച്ചേർക്കപ്പെട്ട; 2. കലർത്തപ്പെട്ട

വ്യതിരിക്ത വി. 1. വേർതിരിക്കപ്പെട്ട; 2. വ്യത്യസ്തമാക്കപ്പെട്ട; 3. വേർപെട്ട; 4. അതിശയിച്ച; 5. പിൻവലിക്കപ്പെട്ട; 6. അതിക്രമിക്കുന്ന

വ്യതിരേകം നാ. 1. വ്യത്യാസം; 2. വേർപാട്; 3. അതിശയിക്കൽ; 4. ഒരു അലങ്കാരം

വ്യതിരേകി വി. 1. വ്യതിരേകമുള്ള; 2. വ്യത്യാസപ്പെട്ട; 3. അതിശയിക്കുന്ന; 4. ഒഴിച്ചുള്ള

വ്യതിഷക്ത വി. 1. അന്യോന്യം ചേർക്കപ്പെട്ട; 2. പരസ്പരം ബന്ധിക്കപ്പെട്ട; 3. കൂട്ടിക്കലർത്തപ്പെട്ട

വ്യതിഷങ്ഗം നാ. 1. കൂട്ടിക്കലർപ്പ്; 2. മിശ്രണം; 3. ചേർച്ച; 4. മിശ്രവിവാഹം

വ്യതിഹാരം നാ. 1. പരസ്പരബന്ധം; 2. പരസ്പരശകാരം; 3. വിനിമയം; 4. തമ്മിൽത്തല്ല്

വ്യതീത വി. 1. പോയ; 2. മരിച്ച; 3. വിട്ടുകളഞ്ഞ; 4. ഒഴിക്കപ്പെട്ട

വ്യതീപാതം നാ. 1. പൂർണമായ വ്യതിയാനം; 2. ധിക്കാരം; 3. അഹങ്കാരം; 4. സൂര്യചന്ദ്രന്മാരുടെ അശുഭദൃഷ്ടി

വ്യത്യയം നാ. 1. വൈരുധ്യം; 2. ലങ്ഘനം; 3. തടസ്സം; 4. പരസ്പരം മാറ്റം

വ്യത്യസ്തത നാ. 1. ഭിന്നമായ അവസ്ഥ; 2. വ്യത്യാസം; 3. വ്യത്യസ്തമായ വസ്തുത

വ്യത്യാസം നാ. 1. വിപരീതക്രമം; 2. എതിർപ്പ്; 3. ക്രമരാഹിത്യം; 4. അന്തരം

വ്യഥ നാ. 1. വേദന; 2. ദുരിതം; 3. ഭയം; 4. പീഡ; 5. രോഗം

വ്യഥക നാ. 1. വ്യഥിപ്പിക്കുന്ന; 2. ദുഃഖിപ്പിക്കുന്ന; 3.

ദുഃഖഹേതുവായ

വ്യഥനം നാ. വ്യഥിപ്പിക്കൽ, ദുഃഖിപ്പിക്കൽ

വ്യഥാകര വി. 1. ദുഃഖമുണ്ടാക്കുന്ന; 2. വേദനിപ്പിക്കുന്ന; 3.

രോഗമുണ്ടാക്കുന്ന

വ്യഥിക്കുക ക്രി. 1. വ്യസനിക്കുക; 2. വേദന അനുഭവിക്കുക

വ്യഥിത വി. 1. വേദനപ്പെട്ട; 2. ദുഃഖിച്ച; 3. മനോവേദന

അനുഭവിക്കുന്ന

വ്യഥിപ്പിക്കുക ക്രി. വേദനപ്പെടുത്തുക

വ്യധ നാ. രക്തംചൊരിച്ചിൽ

വ്യധനം നാ. 1. തുളയ്ക്കൽ; 2. പിളർക്കൽ; 3. പ്രഹരം; 4. വ്രണം

വ്യധികരണ വി. ഭിന്നമായ അധികരണത്തിൽ സ്ഥിതിചെയ്യുന്ന

വ്യധ്യ വി. 1. വേധിക്കത്തക്ക; 2. തുളയ്ക്കത്തക്ക

വ്യധ്വം നാ. പിഴച്ച വഴി

വ്യപകർഷണം നാ. വലിച്ചു കളയൽ

വ്യപകർഷിക്കുക ക്രി. 1. വലിച്ചുകളയുക; 2. മാറ്റുക; 3. വഴിതെറ്റിക്കുക; 4. ചാരിത്രദൂഷണം ചെയ്യുക

വ്യപകൃഷ്ടം വി. 1. വലിച്ചെടുക്കപ്പെട്ട; 2. വഴിതെറ്റിക്കപ്പെട്ട; 3. എടുത്തുമാറ്റപ്പെട്ട

വ്യപഗത വി. 1. ദൂരെപ്പോയ; 2. കാണാതായ; 3. മാറ്റപ്പെട്ട

വ്യപഗമം നാ. 1. പൊയ്ക്കളയൽ; 2. തിരോധാനം; 3. പിന്മാറൽ

വ്യപത്രപ വി. 1. നിർലജ്ജമായ; 2. നാണം വെടിഞ്ഞ

വ്യപദിഷ്ട വി. 1. ഉദ്ദേശിക്കപ്പെട്ട; 2. കാണിക്കപ്പെട്ട; 3. ഒഴികഴിവുപറയപ്പെട്ട

വ്യപദേശം നാ. 1. ഒളിച്ചുവയ്പ്പ്; 2. കൗശലം; 3. വഞ്ചന; 4. ഉപായം; 5. കൃത്രിമം; 6. വ്യാജം; 7. നാട്യം; 8. കുടുംബം; 9. കുലം; 10. വർഗം

വ്യപദേഷ്ടാവ് നാ. 1. വഞ്ചകൻ; 2. ചതിയൻ; 3. കാപട്യശാലി

വ്യപനയനം നാ. 1. ഉപേക്ഷിക്കൽ; 2. പരിത്യാഗം; 3. പ്രത്യാഖ്യാനം

വ്യപനയിക്കുക ക്രി. 1. പരിത്യജിക്കുക; 2. പ്രത്യഖ്യാനം ചെയ്യുക

വ്യപനീത വി. വ്യപനയിക്കപ്പെട്ട

വ്യപരോപണം നാ. 1. ഉന്മൂലനാശം വരുത്തൽ; 2. ഛേദനം; 3. എടുത്തുമാറ്റൽ; 4. ഒടിക്കൽ; 5. ചീന്തൽ

വ്യപരോപിത വി. വ്യപരോപണം ചെയ്യപ്പെട്ട

വ്യപവർജനം നാ. 1. ഉപേക്ഷിക്കൽ; 2. നിഷേധം; 3. ദാനം

വ്യപവർജിക്കുക നാ. 1. ഉപേക്ഷിക്കുക; 2. നിഷേധം; 3. ദാനംകൊടുക്കുക

വ്യപവർജിത വി. ഉപേക്ഷിക്കപ്പെട്ട

വ്യപവർത്തനം നാ. പ്രത്യാഗമനം, തിരിച്ചുവരവ്

വ്യപവർത്തിക്കുക ക്രി. 1. തിരിച്ചുവരുക; 2. പിൻവാങ്ങുക

വ്യപാകരണം നാ. 1. ഓടിക്കൽ; 2. ഉച്ചാടനം; 3. ആശ്രയിക്കൽ; 4. പ്രതീക്ഷ

വ്യപാകരിക്കുക ക്രി. 1. ഓടിക്കുക; 2. നിഷേധിക്കുക; 3. ഒഴിവാക്കുക

വ്യപായം നാ. 1. അവസാനം; 2. തിരോധാനം; 3. നാശം; 4. മറവ്

വ്യപാശ്രയം നാ. 1. അഭയം പ്രാപിക്കൽ; 2. ആശ്രയിക്കുക; 3. പിൻതുടരുക

വ്യപേക്ഷ നാ. 1. പ്രതീക്ഷ; 2. പരസ്പരാപേക്ഷ; 3. പരസ്പരബഹുമാനം

വ്യപേക്ഷണം നാ. പ്രതീക്ഷിക്കൽ

വ്യപേക്ഷിത വി. 1. പ്രതീക്ഷിക്കപ്പെട്ട; 2. ആദരിക്കപ്പെട്ട; 3. ഏർപ്പെട്ട

വ്യപേത വി. 1. വേർപെടുത്തപ്പെട്ട; 2. വിപരീതമായ; 3. മറഞ്ഞ

വ്യപോഢ വി. 1. ബഹിഷ്കരിക്കപ്പെട്ട; 2. ഓടിക്കപ്പെട്ട; 3. പ്രദർശിപ്പിക്കപ്പെട്ട

വ്യപോഹം നാ. 1. ഓടിക്കൽ; 2. ബഹിഷ്കരണം; 3. ഉച്ചാടനം

വ്യഭിചാരം നാ. 1. സ്ത്രീക്കു പരപുരുഷനോടോ പുരുഷനു പരസ്ത്രീയോടോ ഉള്ള അനുചിതബന്ധം; 2. ദുർമാർഗസഞ്ചാരം; 3. വിശ്വാസഭങ്ഗം

വ്യഭിചരിക്കുക ക്രി. 1. വ്യഭിചാരം ചെയ്യുക; 2. വഴിപിഴയ്ക്കുക; 3. തെറ്റുക

വ്യഭിചാരി വി. 1. ക്രമരഹിതമായ; 2. അസ്ഥിരമായ. നാ. മാർഗഭ്രഷ്ടൻ

വ്യഭിചാരിണി നാ. 1. വേശ്യ; 2. കുലട

വ്യഭാചാരിഭാവം നാ. സ്ഥിരമല്ലാത്ത ഭാവം

വ്യം നാ. 1. ആവരണം; 2. മൂടി

വ്യംശക വി. 1. നഗ്നമായ; 2. വസ്ത്രം ധരിക്കാത്ത; 3. അംശിക്കുന്ന

വ്യംശകൻ നാ. 1. അംശിക്കുന്നവൻ; 2. പങ്കിടുന്നവൻ; 3. വഞ്ചകൻ

വ്യംശകം നാ. പർവതം

വ്യംശിക്കുക ക്രി. 1. ചതിക്കുക; 2. വിഭജിക്കുക

വ്യംശുക വി. 1. അംശുകം ഇല്ലാത്ത; 2. നഗ്നമായ

വ്യയ വി. 1. മാറിക്കൊണ്ടിരിക്കുന്ന; 2. ചെലവുസംബന്ധിച്ച; 3. ക്ഷയിക്കുന്ന; 4. നശ്വരമായ

വ്യയനം നാ. 1. വ്യയംചെയ്യൽ; 2. നശിപ്പിക്കൽ; 3. ചെലവാക്കൽ

വ്യയപര വി. 1. അതിവ്യയം ചെയ്യുന്ന; 2. വലിയ ചെലവ് ആവശ്യമായ

വ്യയം നാ. 1. ചെലവ്; 2. നഷ്ടം; 3. കുറവ്; 4. ക്ഷയം; 5. തടസ്സം; 6. നശിക്കൽ

വ്യയശീല വി. 1. ചെലവുചെയ്യുന്ന ശീലമുള്ള; 2. ധാരാളിയായ

വ്യയശുദ്ധി നാ. 1. ചെലവാക്കൽ; 2. നശിപ്പിക്കൽ; 3. ക്ഷയിപ്പിക്കൽ

വ്യയിത വി. 1. വ്യയംചെയ്യപ്പെട്ട; 2. നശിപ്പിക്കപ്പെട്ട; 3. ക്ഷയിച്ച

വ്യർഥ വി. 1. അർഥമില്ലാത്ത; 2. പ്രയോജനശൂന്യമായ; 3. പാഴായ

വ്യർഥത നാ. 1. അർഥമില്ലായ്മ; 2. നിഷ്പ്രയോജനത്വം

വ്യവകലനചി ം നാ. വ്യവകലനത്തെ സൂചിപ്പിക്കുന്ന ചി ം, ന്യൂനചി ം

വ്യവകലനം നാ. 1. വേർപെടുത്തൽ; 2. കുറയ്ക്കൽ

വ്യവക്രോശനം നാ. 1. ശകാരിക്കൽ; 2. പരസ്പരശകാരം

വ്യവച്ഛിന്ന വി. വ്യവച്ഛേദിക്കപ്പെട്ട

വ്യവച്ഛേദക വി. 1. വേർതിരിച്ചുകാട്ടുന്ന; 2. വേർതിരിക്കുന്ന; 3. ഒഴിവാക്കുന്ന; 4. നിർണയിക്കുന്ന

വ്യവച്ഛേദനം നാ. 1. വേർതിരിച്ചുകാട്ടൽ; 2. വേർതിരിപ്പ്

വ്യവച്ഛേദം നാ. 1. വേർതിരിക്കൽ; 2. വിഭജിക്കൽ; 3. ഒഴിവാക്കൽ; 4. അധ്യായം; 5. വിഭാഗം

വ്യവച്ഛേദിക്കുക ക്രി. 1. വേർതിരിക്കുക; 2. വിശേഷിപ്പിക്കുക; 3. ഖണ്ഡിതമായി ഗ്രഹിക്കുക

വ്യവധ നാ. 1. മറ; 2. മൂടി; 3. തടസ്സം

വ്യവധാനം നാ. 1. വ്യവധ; 2. മറയ്ക്കൽ; 3. ഇട

വ്യവധായക വി. 1. മറയ്ക്കുന്ന; 2. മധ്യസ്ഥിതമായ

വ്യവസായ വി. 1. വ്യവസായത്തെ സംബന്ധിച്ച; 2. വ്യവസായത്തിൽ ഏർപ്പെട്ട

വ്യവസായൻ നാ. 1. വിഷ്ണു; 2. ശിവൻ

വ്യവസായം നാ. 1. പ്രകൃതിയിൽനിന്നു ലഭിക്കുന്ന പദാർഥങ്ങളെ മനുഷ്യപ്രയത്നംകൊണ്ടോ യന്ത്രങ്ങളുപയോഗിച്ചോ സംസ്കരിക്കുക; 2. അധ്വാനം; 3. ഉദ്യമം; 4. നിശ്ചയം; 5. ഉപായം

വ്യവസായമേഖല നാ. 1. വ്യവസായങ്ങൾ; 2. വ്യവസായ സ്ഥാപനങ്ങളുടെ കേന്ദ്രമായ പ്രദേശം

വ്യവസായവിപ്ലവം നാ. യൂറോപ്പിൽ പതിനെട്ടാം നൂറ്റാണ്ടിൻെറ ആരംഭത്തിൽ യന്ത്രവത്കരണം മൂലം സംഭവിച്ച അതിവേഗത്തിലുള്ള വ്യവസായ പുരോഗതി

വ്യവസായസമാധാനം നാ. തൊഴിൽതർക്കങ്ങളും തൊഴിൽ കുഴപ്പങ്ങളും പണിമുടക്കുകളും മറ്റും ഇല്ലാതിരിക്കുന്ന അവസ്ഥ

വ്യവസായി നാ. 1. വ്യവസായം നടത്തുന്നവൻ; 2. ഉത്സാഹശാലി; 3. കൃഷി കൈത്തൊഴിൽ മുതലായ നിർമാണജോലികളിൽ ഏർപ്പെട്ടു പ്രവർത്തിക്കുന്നവൻ

വ്യവസിത വി. 1. പ്രയത്നശാലിയായ; 2. നിശ്ചയിക്കപ്പെട്ട; 3. വഞ്ചിക്കപ്പെട്ട; 4. കൈയേൽക്കപ്പെട്ട

വ്യവസിതം നാ. തീർച്ച

വ്യവസിതി നാ. 1. വ്യവസായം; 2. അധ്വാനമനോഭാവം; 3. ഉത്സാഹം

വ്യവസ്ഥ നാ. 1. ഏർപ്പാട്; 2. ക്രമീകരണം; 3. അവസ്ഥ; 4. ഉറപ്പ്; 5. ഉപാധി; 6. വിധി; 7. നിയമത്തിലെ അനുശാസനം

വ്യവസ്ഥാനം നാ. വ്യവസ്ഥിതി

വ്യവസ്ഥാപകൻ നാ. 1. വ്യവസ്ഥപ്പെടുത്തുന്നവൻ; 2. നിർവാഹകൻ

വ്യവസ്ഥാപിക്കുക ക്രി. 1. വ്യവസ്ഥ ചെയ്യുക; 2. ക്രമീകരിക്കുക; 3. ക്ലിപ്തപ്പെടുത്തുക

വ്യവസ്ഥാപിത വി. 1. വ്യവസ്ഥാപിക്കപ്പെട്ട; 2. വേർപെടുത്തപ്പെട്ട

വ്യവസ്ഥിത വി. 1. വ്യവസ്ഥപ്പെടുത്തപ്പെട്ട; 2. നിശ്ചയിക്കപ്പെട്ട

വ്യവസ്ഥിതി നാ. 1. വ്യവസ്ഥ; 2. അവസ്ഥ; 3. വിധി; 4. സ്ഥിരത

വ്യവഹർത്താവ് നാ. 1. വ്യാഹരിക്കുന്നവൻ; 2. ന്യായാധിപൻ; 3. വ്യവഹാരത്തിലെ വാദി

വ്യവഹരിക്കുക ക്രി. 1. പ്രവർത്തിക്കുക; 2. കോടതിയിൽ നിയമപരമായി വാദിക്കുക; 3. സംസാരിക്കുക; 4. കൈകാര്യംചെയ്യുക

വ്യവഹാരകൻ നാ. 1. വ്യവഹരിക്കുന്നവൻ; 2. വ്യാപാരി

വ്യവഹാരജ്ഞൻ നാ. 1. വ്യവഹാരരീതികൾ അറിയുന്നവൻ; 2. നിയമജ്ഞൻ; 3. ലോകപരിചയമുള്ളവൻ

വ്യവഹാരം നാ. 1. വ്യവഹരിക്കൽ; 2. ഇടപാട്; 3. പെരുമാറ്റം; 4. നാട്ടുനടപ്പ്; 5. നടപടി; 6. എതിർവാദം; 7. തൊഴിൽ; 8. കാര്യം

വ്യവഹാരി വി. 1. വ്യവഹാരത്തിൽ ഏർപ്പെട്ട; 2. വ്യവഹാരതത്പരനായ. നാ. വ്യവഹരിക്കുന്നവൻ

വ്യവഹാരിക1 വി. വ്യവഹാരസംബന്ധമായ; 2. മര്യാദയുള്ള; 3. വ്യവഹാരത്തിൽ താത്പര്യമുള്ള; 4. കേസിൽ കക്ഷിയായ

വ്യവഹാരിക2 നാ. 1. വ്യവഹരിക്കുന്നവൾ; 2. ആചാരം; 3. നാട്ടുനടപ്പ്; 4. ഓടൽച്ചെടി; 5. ചൂൽ

വ്യവഹാര്യ വി. 1. വ്യവഹാരപ്പെടത്തക്ക; 2. സാധാരണമായ

വ്യവഹിത വി. 1. വിട്ടുകളഞ്ഞ; 2. അതിശയിക്കപ്പെട്ട; 3. മറയ്ക്കപ്പെട; 4. അനുഷ്ഠിക്കപ്പെട്ട; 5. ചെയ്യപ്പെട്ട; 6. നിർവഹിക്കപ്പെട്ട

വ്യവഹൃത വി. വ്യവഹരിക്കപ്പെട്ട

വ്യവഹൃതി നാ. 1. വ്യവഹാരം; 2. ആചാരം

വ്യവായം നാ. 1. വേർപാട്; 2. മറവ്; 3. ശുദ്ധി; 4. തടസ്സം; 5. മൈഥുനം; 6. പ്രകാശം

വ്യവായി1 വി. 1. പല ഘടകങ്ങളായി വേർതിരിയുന്ന; 2. വിഷയാസക്തമായ; 3. മറക്കുന്ന

വ്യവായി2 നാ. 1. വിഷയാസക്തൻ; 2. സ്ത്രീലമ്പടൻ; 3. ധൂർത്തൻ; 4. വാജീകരണൗഷധം

വ്യവേത വി. 1. വേർപെടുത്തപ്പെട്ട; 2. ഭിന്നമായ; 3. വ്യത്യാസപ്പെട്ട

വ്യഷ്ട വി. 1. വേറെയായ; 2. പൃഥക്കായ; 3. ഒറ്റയായ

വ്യഷ്ടി നാ. 1. വ്യക്തി; 2. പ്രത്യേകത; 3. സമഷ്ടിയുടെ അങ്ഗം

വ്യസനം നാ. 1. ദുഃഖം; 2. ഖേദം; 3. ദുരിതം; 4. ദുർനടത്ത, ആസക്തി; 5. നഷ്ടം; 6. ഫലശൂന്യമായ പ്രയത്നം; 7. ലങ്ഘനം; 8. കുറ്റം; 9. വായു; 10. കാറ്റ്

വ്യസനി വി. 1. വ്യസനമുള്ള; 2. ഭാഗ്യദോഷിയായ; 3. ദുർമാർഗിയായ; 4. അതിതാത്പര്യമുള്ള

വ്യസനിക്കുക ക്രി. 1. ദുഃഖിക്കുക; 2. വേദനിക്കുക; 3. പശ്ചാത്തപിക്കുക; 4. ക്ലേശിക്കുക

വ്യവഹാരം നാ. 1. വ്യവഹരിക്കൽ; 2. ഇടപാട്; 3. പെരുമാറ്റം; 4. നാട്ടുനടപ്പ്; 5. നടപടി; 6. എതിർവാദം; 7. തൊഴിൽ; 8. കാര്യം

വ്യസു വി. 1. ജീവനില്ലാത്ത; 2. ജഡമായ

വ്യസ്ത വി. 1. വേർതിരിക്കപ്പെട്ട; 2. ചിതറപ്പെട്ട; 3. കുഴങ്ങിയ; 4. എറിയപ്പെട്ട; 5. പ്രതിലോമമായ

വ്യസ്തകേശ വി. തലമുടി അഴിച്ചിട്ടിരിക്കുന്ന

വ്യസ്തപദം നാ. 1. ഒറ്റയായ പദം; 2. വേണ്ടത്ര തെളിവില്ലാത്ത വ്യവഹാരം

വ്യളീക വി. 1. അനിഷ്ടമായ; 2. അഹിതമായ; 3. അയോഗ്യമായ

വ്യളീകം നാ. 1. അനിഷ്ടവസ്തു; 2. അപ്രിയം; 3. കളവ്; 4. വഞ്ചന; 5. വ്യാജം; 6. വ്യസനം; 7. കുറ്റം

വ്യളീകൻ നാ. വിടൻ

വ്യാകരണം നാ. 1. ഭാഷയുടെ രൂപത്തിൻെറയും ഘടനയുടെയും വിശദീകരണം; 2. അപഗ്രഥനം; 3. പ്രകാശനം; 4. വികസനം; 5. വ്യാകരണ സാധുത്വം; 6. വിൽ ഞാണിൻെറ ഒച്ച

വ്യാകരിക്കുക ക്രി. 1. സ്പഷ്ടമാക്കുക; 2. അപഗ്രഥിക്കുക; 3. വിവരിക്കുക; 4. ഘടകപദങ്ങളെ വേർതിരിച്ച് ശബ്ദനിർണയം ചെയ്യുക

വ്യാകാരം നാ. 1. രൂപഭേദം; 2. വൈരൂപ്യം

വ്യാകീർണ വി. 1. ചിതറപ്പെട്ട; 2. കുഴയ്ക്കപ്പെട്ട

വ്യാകുല വി. 1. ആകുലമായ; 2. കുഴങ്ങിയ; 3. ആർത്തമായ; 4. നിറഞ്ഞ

1337

വ്യാകുലചിത്ത വി. 1. സംഭ്രാന്തമായ മനസ്സുള്ള; 2. കുഴങ്ങിയ മനസ്സോടുകൂടിയ

വ്യാകുലത നാ. 1. ആകുലത; 2. മനോവേദന; 3. ഭീതി

വ്യാകുലിത വി. 1. കുഴങ്ങിയ; 2. സംഭ്രമിച്ച

വ്യാകുലീകരിക്കുക ക്രി. 1. സംഭ്രമിപ്പിക്കുക; 2. ദുഃഖിപ്പിക്കുക

വ്യാകുലീകൃത	വി.	വ്യാകുലീകരിക്കപ്പെട്ട

വ്യാകുലീഭവിക്കുക	ക്രി.	1. വ്യാകുലമാകുക; 2. സംഭ്രമിക്കുക

വ്യാകൃത	വി.	1. വ്യാകരിക്കപ്പെട്ട; 2. വിഭജിക്കപ്പെട്ട

വ്യാകൃതി	നാ.	1. അപഗ്രഥനം; 2. വിവരണം; 3. ആകൃതിമാറ്റം

വ്യാകോചം	നാ.	1. വിടരൽ; 2. വികസിക്കൽ

വ്യാക്ക്	നാ.	ഗർഭിണികൾക്ക് പ്രത്യേകവസ്തുക്കളിൽ തോന്നുന്ന ആഗ്രഹം, വ്യാക്കൂൺ

വ്യാക്രോശം	നാ.	1. ആക്രോശം; 2. ഭർത്സനം; 3. ശകാരം; 4. നിലവിളി

വ്യാക്രോശി	നാ.	1. ആക്രോശിക്കുന്നവൻ; 2. ഭർത്സിക്കുന്നവൻ

വ്യാക്രോശിക്കുക	ക്രി.	1. ആക്രോശിക്കുക; 2. കടുത്തവാക്കുപറയുക

വ്യാക്ഷിപ്ത	വി.	1. വിക്ഷേപിക്കപ്പെട്ട; 2. എറിയപ്പെട്ട; 3. കുഴക്കപ്പെട്ട

വ്യാക്ഷേപകം	നാ.	സംഭ്രമം അദ്ഭുതം ഇവയെ കുറിക്കുന്ന ഒരു നിപാതം

വ്യാക്ഷേപം	നാ.	1. അങ്ങോട്ടുമിങ്ങോട്ടുമുള്ള തട്ടൽ; 2. ഏറ്; 3. തടസ്സം; 4. കുഴപ്പം

വ്യാക്ഷോഭം	വി.	1. മനഃക്ഷോഭം; 2. കുഴപ്പം; 3. കലക്കം

വ്യാഖ്യ	നാ.	1. വ്യാഖ്യാനം; 2. വിശദീകരണം; 3. സംക്ഷിപ്തവിവരണം

വ്യാഖ്യാത	വി.	1. വ്യാഖ്യാനിക്കപ്പെട്ട; 2. പറയപ്പെട്ട; 3. വിവരിക്കപ്പെട്ട

വ്യാഖ്യാതാവ്	നാ.	വ്യാഖ്യാനിക്കുന്നവൻ

വ്യാഖ്യാനം നാ. 1. വിശദമായ അർഥവിവരണം; 2. വിശദീകരണം

വ്യാഖ്യാനിക്കുക ക്രി. 1. വിശദമായ അർഥവിവരണം നടത്തുക; 2. പദം വിവരിച്ചു വിശദമായി അർഥം നൽകുക

വ്യാഖ്യേയ വി. വ്യാഖ്യാനിക്കത്തക്ക

വ്യാഗീത വി. പാടിപ്പുകഴ്ത്തപ്പെട്ട

വ്യാഘട്ടനം നാ. 1. ഏറ്റുമുട്ടൽ; 2. സങ്ഘട്ടനം; 3. ഉരസൽ; 4. മഥനം

വ്യാഘാതക വി. 1. തടസ്സമുണ്ടാക്കുന്ന; 2. ആഘാതമുളവാക്കുന്ന

വ്യാഘാതം നാ. 1. ആഘാതം; 2. അടി; 3. മുറിവേൽക്കൽ; 4. തടസ്സം; 5. നിഷേധം

വ്യാഘ്രൻ നാ. (പദാന്ത്യ) ശ്രേഷ്ഠൻ, പ്രധാനി. ഉദാഃ നരവ്യാഘ്രൻ = ശ്രേഷ്ഠനായ നരൻ

വ്യാഘ്രം നാ. 1. കടുവ; 2. പുലി; 3. ചെമന്ന ആവണക്ക്; 4. ഉങ്ങ്; 5. ശ്രേഷ്ഠം

വ്യാഘ്രാടം നാ. 1. വാനമ്പാടി; 2. ചെമ്പോത്ത്

വ്യാഘ്രാലയേശൻ നാ. വൈക്കത്തപ്പൻ

വ്യാഘ്രാസ്യം നാ. പൂച്ച

വ്യാഘ്രി നാ. 1. പെൺപുലി; 2. കണ്ടകാരിച്ചുണ്ട

വ്യാജ		വി.	1. കള്ളമായ; 2. കപടമായ; 3. കബളിപ്പിക്കാൻ വേണ്ടിയുള്ള

വ്യാജച്ചരക്ക്		നാ.	കള്ളച്ചരക്ക്

വ്യാജനിന്ദ		നാ.	സ്തുതിക്കുന്ന ഭാവത്തിൽ നിന്ദിക്കൽ

വ്യാജം		നാ.	1. അസത്യം; 2. കാപട്യം; 3. വഞ്ചന; 4. നാട്യം; 5. സൂത്രം; 6. കൃത്രിമമായത്; 7. അനുകരണം

വ്യാജസ്തുതി		നാ.	1. ആത്മാർഥതയില്ലാതെ നടത്തുന്ന സ്തുതി; 2. നിന്ദയായി കലാശിക്കുന്ന സ്തുതി

വ്യാജസുപ്ത		വി.	1. ഉറക്കംഭാവിച്ചു കിടക്കുന്ന; 2. കള്ളയുറക്കം നടത്തുന്ന

വ്യാജോക്തി		നാ.	1. കപടമായ ഭാഷണം; 2. കള്ളം

വ്യാജ്യം		നാ.	കോടതിവ്യവഹാരം

വ്യാഡൻ		നാ.	1. കള്ളൻ; 2. ദേവേന്ദ്രൻ

വ്യാഡം,വ്യാളം		നാ.	1. പാമ്പ്; 2. വന്യമൃഗം; 3. മാംസഭുക്കായ മൃഗം

വ്യാഡായുധം		നാ.	വ്യാളമെന്ന ആയുധം

വ്യാതോദം		നാ.	പ്രഹരം

വ്യാത്ത		വി.	തുറക്കപ്പെട്ട

വ്യാത്തം		നാ.	തുറന്ന വായ്

വ്യാദാനം നാ. വികാസം

വ്യാദിത വി. 1. തുറക്കപ്പെട്ട; 2. വികസിച്ച

വ്യാദിഷ്ട വി. 1. ആജ്ഞാപിക്കപ്പെട്ട; 2. പ്രവചിക്കപ്പെട്ട; 3.
സൂചിപ്പിക്കപ്പെട്ട

വ്യാദേശം നാ. 1. ആജ്ഞാപിക്കൽ; 2. നിർദേശം

വ്യാദേശിക്കുക ക്രി. 1. നിയോഗിക്കുക; 2. നിയമിക്കുക; 3. പ്രവചിക്കുക

വ്യാദീർണ വി. പിളർന്ന

വ്യാധൻ നാ. 1. വേടൻ; 2. ദുഷ്ടൻ; 3. കിരാതൻ

വ്യാധഭീതം നാ. മാൻ

വ്യാധാമം നാ. വജ്രായുധം

വ്യാധി വി. തുളയ്ക്കുന്ന. നാ. 1. രോഗം; 2. കുഷ്ഠം

വ്യാധികര വി. രോഗഹേതുവായ

വ്യാധിഗ്രസ്ത വി. രോഗം പിടിപെട്ട

വ്യാധിഘാതം നാ. 1. ആറ്റുവഞ്ചി; 2. വൻകൊന്ന

വ്യാധിത വി. രോഗം പിടിപെട്ട

വ്യാധൂത വി. 1. ഇളക്കപ്പെട്ട; 2. വിറപൂണ്ട

വ്യാധൂനനം നാ. ഇളക്കൽ

വ്യാനതം നാ. ഒരു രതിബന്ധം

വ്യാനൻ നാ. 1. പഞ്ചവായുക്കളിൽ ഒന്ന്; 2. പ്രാണവായു

വ്യാപക വി. 1. വ്യാപിക്കുന്ന; 2. പരക്കുന്ന; 3. പരന്ന

വ്യാപത്തി നാ. 1. ആപത്ത്; 2. നാശം; 3. മരണം

വ്യാപദം നാ. കള്ളം പറച്ചിൽ

വ്യാപന നാ. 1. വ്യാപിക്കുന്ന; 2. പരക്കുന്ന

വ്യാപനം നാ. 1. വ്യാപിക്കൽ; 2. ആവരണം

വ്യാപന്ന വി. 1. മരിച്ച; 2. വിപത്തിൽപ്പെട്ട; 3. ദുഷിക്കപ്പെട്ട

വ്യാപരിക്കുക ക്രി. 1. പ്രവർത്തിക്കുക; 2. വ്യാപാരം ചെയ്യുക

വ്യാപാദക വി. 1. നശിപ്പിക്കുന്ന; 2. കൊല്ലുന്ന

വ്യാപാദം നാ. 1. ഹിംസിക്കാനുള്ള മനോഭാവം; 2. വധം; 3. നശിപ്പിക്കൽ

വ്യാപാദിത വി. 1. ദ്രോഹിക്കപ്പെട്ട; 2. ഹിംസിക്കപ്പെട്ട; 3. നശിപ്പിക്കപ്പെട്ട

വ്യാപാരച്ചരക്ക് നാ. വിൽക്കാനുള്ള സാധനം

വ്യാപാരം നാ. 1. കച്ചവടം; 2. വ്യാപരിക്കൽ; 3. പ്രവൃത്തി; 4. തൊഴിൽ; 5. പ്രയത്നം; 6. ചേഷ്ടട

വ്യാപാരി നാ. കച്ചവടക്കാരൻ

വ്യാപാരിത വി. 1. വ്യാപരിക്കുന്ന; 2. വ്യാപിച്ചിട്ടുള്ള

വ്യാപ്ത വി. 1. വ്യാപിക്കപ്പെട്ട; 2. വ്യാപിച്ചിട്ടുള്ള

വ്യാപ്തം നാ. 1. ഒരു സാധനത്തിനു പരമാവധി നിറയ്ക്കാൻ കഴിയുന്ന സ്ഥലം; 2. ഒരു വസ്തു വ്യാപിച്ചിരിക്കുന്ന സ്ഥലത്തിൻെറ അളവ്

വ്യാപ്തി നാ. 1. വ്യാപിക്കൽ; 2. പരക്കൽ; 3. പരപ്പ്; 4. സാർവത്രികനിയമം; 6. ആഖ്യാനങ്ങൾക്കുതമ്മിലുള്ള നിത്യസംബന്ധം

വ്യാപ്തിഗ്രഹം നാ. വ്യാപ്തിയെപ്പറ്റിയുള്ള അറിവ്

വ്യാപ്യ വി. വ്യാപിക്കത്തക്ക

വ്യാപ്യം നാ. 1. വ്യാപിക്കത്തക്കത്; 2. ഹേതു; 3. കൊട്ടം

വ്യാപ്രിയമാണ വി. 1. വ്യാപരിക്കുന്ന; 2. നിയുക്തമായ

വ്യാമം നാ. ഒരു മാറ് അളവ്

വ്യാമർദം നാ. 1. ഏറ്റുമുട്ടൽ; 2. സമ്മർദം; 3. സങ്ഘർഷം

വ്യാമർഷം നാ. 1. നിർമാർജനം; 2. അക്ഷമ

വ്യാമിശ്ര വി. 1. കൂടിക്കലർന്ന; 2. സങ്കീർണമായ

വ്യാമൂഢ വി. 1. വ്യാമോഹിക്കപ്പെട്ട; 2. വ്യാവമോഹത്തിൽപ്പെട്ട

വ്യാമോഹം നാ. 1. മിഥ്യാബോധം; 2. വിഭ്രാന്തി

വ്യാമോഹിക്കുക ക്രി. 1. മിഥ്യാഭ്രമത്തിന് വിധേയനാകുക; 2. വിഭ്രാന്തിയിൽപ്പെടുക

വ്യായത വി. 1. തുറന്ന; 2. നീണ്ട; 3. പരന്ന; 4. ഉറപ്പുള്ള; 5. ശക്തിയുള്ള; 6. അഭ്യസിച്ച; 7. അഗാധമായ; 8. വലിച്ചകറ്റിയ

വ്യായതത്വം നാ. മാംസപേശികളുടെ ഉറപ്പ്

വ്യായതി നാ. 1. നീളം; 2. പരപ്പ്; 3. ദൃഢത; 4. ശക്തി

വ്യായാമം നാ. 1. ശരീരബലം വർധിപ്പിക്കാനും മെയ്വഴക്കത്തിനും വേണ്ടി ചെയ്യുന്ന അധ്വാനം; 2. നീളൽ

വ്യായാമി വി. 1. വ്യായാമമുള്ള; 2. വ്യായാമം ചെയ്യുന്ന

വ്യായോഗം നാ. (നാട്യ) ദശരൂപകങ്ങളിൽ ഒന്ന്

വ്യാല വി. 1. ദുർവൃത്തനായ; 2. ക്രൂരമായ; 3. വഷളായ

വ്യാലൻ നാ. 1. രാജാവ്; 2. വിഷ്ണു; 3. ചതിയൻ; 4. ദുർവൃത്തൻ

വ്യാലം, വ്യാളം നാ. 1. പാമ്പ്; 2. സിംഹം; 3. കടുവ; 4. പുലി; 5. മുള്ളൻ പന്നി; 6. മദിച്ച ആന

വ്യാലീഢ വി. ഗ്രസിക്കപ്പെട്ട, ഭക്ഷിക്കപ്പെട്ട

വ്യാലീന വി. സാന്ദ്രമായ, നിബിഡമായ

വ്യാലോല വി. 1. വിറക്കുന്ന; 2. ചാഞ്ചാടുന്ന

വ്യാവക്രോശി വി. പരസ്പരം ദുഷിച്ചു പറയുന്ന, ശകാരിക്കുന്ന

വ്യാവർത്തക വി. 1. വേർതിരിക്കുന്ന; 2. ദുരീകരിക്കുന്ന; 3. വ്യവച്ഛേദമായ; 4. കറങ്ങുന്ന; 5. വലയംചെയ്യുന്ന; 6. ഒഴിഞ്ഞുമാറുന്ന

വ്യാവർത്തനം നാ. 1. ഒഴിവാക്കൽ; 2. ഭ്രമണം ചെയ്യൽ; 3. വളവ്

വ്യാവർത്തിക്കുക ക്രി. 1. ഭ്രമണംചെയ്യുക; 2. വേർതിരിക്കുക; 3. അകറ്റുക

വ്യാവസായിക നാ. വൈയവസായികമായ, വ്യവഹാരത്തെ സംബന്ധിച്ച

വ്യാവഹാരിക വി. വ്യവഹാരസംബന്ധമായ

വ്യാവഹാരികൻ നാ. 1. വ്യവഹരിക്കുന്നവൻ; 2. നടത്തിപ്പുകാരൻ

വ്യാവൃതി നാ. 1. ആവരണം; 2. മൂടി

വ്യാസങ്ഗം നാ. 1. ബന്ധം; 2. പറ്റിച്ചേർന്നു നിൽക്കൽ; 3. വേർപാട്; 4. നിസ്സങ്ഗത

വ്യാസൻ നാ. 1. പകുക്കുന്നവൻ; 2. വ്യാസമുനി; 3. പുരാണം പാരായണം ചെയ്യുന്ന ബ്രാഹ്മണൻ

വ്യാസം നാ. 1. ഒരു വൃത്തത്തിൻെറ കേന്ദ്രബിന്ദുവിലൂടെ കടന്നുപോകുന്നതും രണ്ടറ്റവും വൃത്തപരിധിയിൽ തൊടുന്നതുമായ ഋജുരേഖ; 2. വ്യാസരേഖയുടെ അളവ്; 3. വിസ്താരം

വ്യാസിദ്ധ വി. നിഷിദ്ധമായ

വ്യാസേധം നാ. 1. തടസ്സം; 2. നിരോധനം

വ്യാഹത വി. 1. തടയപ്പെട്ട; 2. ആഘാതമേറ്റ; 3. വിരുദ്ധമായ; 4. ഭയപ്പെട്ട

വ്യാഹതം നാ. ഒരു കാവ്യദോഷം

വ്യാഹതി നാ. തടസ്സം, പ്രതിബന്ധം

വ്യാഹരണം നാ. 1. ഉച്ചാരണം; 2. ഭാഷണം; 3. പ്രഭാഷണം; 4. ഭാഷ

വ്യാഹരിക്കുക ക്രി. 1. ഉച്ചരിക്കുക; 2. സംഭാഷണംചെയ്യുക; 3.
നിർദേശിക്കുക

വ്യാഹാരം നാ. 1. ഉച്ചാരണം; 2. വാക്ക്; 3. ശബ്ദം; 4. നർമഭാഷണം

വ്യാഹൃതി നാ. വ്യാഹരണം

വ്യാളകം നാ. 1. പിണങ്ങിയ ആന; 2. മദയാന

വ്യാളമൃഗം നാ. 1. കാട്ടുജന്തു; 2. പുള്ളിപ്പുലി

1339

വ്യാളരൂപൻ നാ. ശിവൻ

വ്യാളവ്യൂഹം നാ. പാമ്പിൻെറ ആകൃതിയിലുള്ള സൈന്യ നിര

വ്യാളി നാ. 1. ഐതിഹ്യപ്രസിദ്ധമായ ഒരു ഭീകര ജന്തു; 2. ശരഭം;
3. സിംഹം

വ്യാളേന്ദ്രൻ നാ. സർപ്പശ്രേഷ്ഠൻ

വ്യാഴദശ നാ. 1. വ്യാഴത്തിൻെറ ദശ; 2. നല്ലകാലം

വ്യാഴൻ നാ. വ്യാമദേവൻ, ബൃഹസ്പതി

വ്യാഴം നാ. 1. നവഗ്രഹങ്ങളിൽ ഒന്ന്; 2. വ്യാഴാഴ്ച

വ്യാഴവട്ടം നാ. പന്ത്രണ്ടു വർഷം

വ്യാഴാഴ്ച നാ. ആഴ്ചയിലെ അഞ്ചാമത്തെ ദിവസം

വ്യുച്ചാരണം നാ. 1. ലങ്ഘനം; 2. നേർവഴിവിട്ടുള്ള ഗമനം

വ്യുച്ചരിക്കുക ക്രി. 1. ലങ്ഘിക്കുക; 2. വിശ്വാസവഞ്ചന ചെയ്യുക

വ്യുച്ഛിത്തി നാ. 1. നശിപ്പിക്കൽ; 2. ഉന്മൂലനാശം

വ്യുത്കട വി. ഏറ്റവും ഉത്കടമായ

വ്യുത്ക്രമം നാ. 1. ലങ്ഘനം; 2. കുഴപ്പം

വ്യുത്ത വി. നനയ്ക്കപ്പെട്ട

വ്യുത്ഥാനം ആ. 1. എഴുന്നേൽപ്പ്; 2. അതിപ്രയത്നം; 3. നിരോധനം; 4. തടസ്സം; 5. സ്വതന്ത്രമായ പ്രവൃത്തി; 6. ആനയെ എഴുന്നേൽപ്പിക്കൽ

വ്യുത്പത്തി നാ. 1. പാണ്ഡിത്യം; 2. വിദ്യ; 3. ജ്ഞാനം

വ്യുത്പന്ന വി. 1. പാണ്ഡിത്യമുള്ള; 2. പഠിപ്പുള്ള; 3. ഉണ്ടായ

വ്യുത്പന്നപദം നാ. ഒരു വാക്കിൽനിന്നുണ്ടായ മറ്റൊരു വാക്ക്

വ്യുത്പാദനം നാ. വ്യുത്പത്തി

വ്യുത്സർഗം നാ. സർവസങ്ഗപരിത്യാഗം

വ്യുദസ്ത വി. 1. എറിഞ്ഞു കളഞ്ഞ; 2. പരിത്യജിച്ച

വ്യുദിത വി. തർക്കിക്കപ്പെട്ട

വ്യുപദേശം നാ. 1. ഭാവം; 2. നാട്യം

വ്യുപരമം നാ. 1. നിർത്ത്; 2. വിരാമം

വ്യുഷിത വി. 1. ദഹിച്ച; 2. എരിച്ച; 3. പ്രകാശിച്ച; 4. വസിച്ച; 5. കഴിഞ്ഞ

വ്യൂഢ വി. 1. വികസിച്ച; 2. വലിയ; 3. പരന്ന; 4. വിവാഹം കഴിക്കപ്പെട്ട; 5. അണിനിരത്തപ്പെട്ട

വ്യൂഢോരസ്ക വി. വിസ്തൃതമായ ഉരസ്സോടുകൂടിയ

വ്യൂഢകങ്കടൻ നാ. കവചധാരി

വ്യൂത വി. 1. നെയ്യപ്പെട്ട; 2. തുന്നപ്പെട്ട

വ്യൂതി നാ. 1. തുന്നൽ; 2. തുന്നൽക്കൂലി

വ്യൂതികാരൻ നാ. 1. തുന്നൽക്കാരൻ; 2. നെയ്ത്തുകാരൻ

വ്യൂഹനം നാ. 1. അണിനിരത്തൽ; 2. സന്ധാനം

വ്യൂഹപാർഷ്ണി നാ. 1. സൈന്യത്തിൻെറ പിന്നണി; 2. പിൻപട

വ്യൂഹഭങ്ഗം നാ. ശത്രുവിൻെറ അണി ഭേദിക്കൽ

വ്യൂഹം1 നാ. 1. യുദ്ധത്തിനായി സൈന്യത്തെ യഥാസ്ഥാനങ്ങളിൽ അണിനിരത്തുന്നതിൻെറ ക്രമം; 2. ബലവിന്യാസം

വ്യൂഹം2 നാ. 1. കൂട്ടം; 2. ഘടന; 3. യുക്തി; 4. വേർപാട്

വ്യൂഹം3 നാ. ഒരേ ശാരീരകപ്രവൃത്തി നിർവഹിക്കുന്ന അവയവങ്ങൾക്കു പൊതുവേയുള്ള പേര്

വ്യൂഹി വി. വ്യൂഹത്തോടുകൂടിയ

വ്യൂഹിത വി. അണിനിരത്തപ്പെട്ട

വ്യൂഹിനി നാ. ഉദ്ധാരപേശി

വ്യോമ വി. ആകാശത്തെയോ അന്തരീക്ഷത്തെയോ സംബന്ധിച്ച

വ്യോമകേശൻ നാ. ശിവൻ

വ്യോമഗങ്ഗ നാ. ആകാശഗങ്ഗ, ക്ഷീരപഥം

വ്യോമചാരി വി. ആകാശത്തു സഞ്ചരിക്കുന്ന. നാ. 1. ഗ്രഹം; 2. നക്ഷത്രം; 3. ഋഷി; 4. ബ്രാഹ്മണൻ; 5. ശൂന്യാകാശസഞ്ചാരി; 6. ഗന്ധർവൻ

വ്യോമദേവൻ നാ. ശിവൻ

വ്യോമധൂമം നാ. മേഘം

വ്യോമം നാ. 1. ആകാശം; 2. അന്തരീക്ഷം; 3. സൂര്യക്ഷേത്രം; 4. ജലം

വ്യോമമണ്ഡലം നാ. 1. ആകാശമണ്ഡലം; 2. അന്തരീക്ഷം

വ്യോമമുദ്ഗരം നാ. 1. കാറ്റാടി; 2. കാറ്റ്

വ്യോമയാനം നാ. ആകാശത്തിലൂടെയുള്ള സഞ്ചാരം, വിമാനയാത്ര

വ്യോമരത്നം നാ. സൂര്യൻ

വ്യോമസേന നാ. സൈന്യവിഭാഗത്രയത്തിൽ ഒന്ന്

വ്യോമസ്പൃക്ക് വി. 1. ആകാശസ്പർശിയായ; 2. വളരെ ഉയരത്തിലുള്ള

വ്യോമോദകം നാ. മഴവെള്ളം

വ്യോഷം നാ. 1. ചുക്ക്; 2. മുളക്; 3. ത്രികടു

വ്രജം നാ. 1. ആമ്പാടി; 2. പശുത്തൊഴുത്ത്; 3. അഴിക്കൂട്; 4. കൂട്ടം

വ്രജകൻ നാ. ഭിക്ഷയ്ക്കു നടക്കുന്ന സന്യാസി

വ്രജകിശോരൻ നാ. ശ്രീകൃഷ്ണൻ

വ്രജനം നാ. 1. സഞ്ചാരം; 2. നടപ്പ്

വ്രജനാരി നാ. ഗോപസ്ത്രീ

വ്രജമോഹനൻ നാ. ശ്രീകൃഷ്ണൻ

വ്രജവരൻ നാ. ശ്രീകൃഷ്ണൻ

വ്രജവാസി നാ. ഗോപൻ

വ്രജസ്ത്രീ നാ. ഇടയസ്ത്രീ

വ്രജിക്കുക ക്രി. 1. പ്രാപിക്കുക; 2. പോകുക

വ്രജിത വി. വ്രജനം ചെയ്ത, സഞ്ചാരം ചെയ്ത, നടന്ന

വ്രജിനം നാ. 1. ദുഃഖം; 2. പാപം; 3. വൃജിനം; 4. പാമ്പ്

വ്രജ്യ നാ. 1. തീർഥയാത്ര; 2. യുദ്ധയാത്ര; 3. ആക്രമണം; 4. കൂട്ടം; 5. നാടകശാല

വ്രണകൃത്ത് വി. വ്രണമുണ്ടാക്കുന്ന. നാ. ചേരുമരം

വ്രണഘ്നം നാ. വ്രണം ഇല്ലാതാക്കുന്നത്

വ്രണം നാ. 1. ശരീരത്തിലെ തൊലി പൊട്ടിയളിഞ്ഞുണ്ടാകുന്ന പുണ്ണ്; 2. മുറിവ്; 3. പരു; 4. കേട്; 5. ചതവ്

വ്രണി നാ. വ്രണത്തോടുകൂടിയവൻ

വ്രണിത വി. 1. വ്രണപ്പെട്ട; 2. കേടുപറ്റിയ

വ്രതചര്യൻ നാ. ബ്രഹ്മചാരി

വ്രതതി നാ. 1. വള്ളി; 2. പരപ്പ്

വ്രതഭങ്ഗം നാ. വ്രതം നോൽക്കുന്നതിനിടയിലുണ്ടാകുന്ന മുടക്കം

വ്രതം നാ. 1. ഏതെങ്കിലും ഒരു ചിന്തയിലോ പ്രവൃത്തിയിലോ മുഴുകിയിരിക്കുക; 2. അനുഷ്ഠാനം; 3. നോമ്പ്; 4. കർത്തവ്യം

വ്രതയാത്ര നാ. തീർഥയാത്ര

വ്രതരത നാ. വ്രതത്തിൽ താത്പര്യമുള്ള

വ്രതസ്ഥൻ നാ. വ്രതമിരിക്കുന്നവൻ

വ്രതാനുഷ്ഠാനം നാ. വ്രതം അനുഷ്ഠിക്കൽ

വ്രതി വി. 1. വ്രതമുള്ള; 2. വ്രതം അനുഷ്ഠിക്കുന്ന. നാ. 1. വ്രതികൻ; 2. ബ്രഹ്മചാരി; 3. യതി; 4. യജമാനൻ

വ്രത്യം നാ. വ്രതം

വ്രാജം നാ. 1. നാട്ടുകോഴി; 2. ഗമനം

വ്രാജനം നാ. 1. കന്നുകാലികളെ തെളിക്കുന്നതിനുള്ള വടി; 2. മുടിക്കോൽ; 3. ചാട്ട

വ്രാജി നാ. കാറ്റ്

വ്രാതം നാ. 1. വിവാഹസദ്യയ്ക്കുള്ള കൂട്ടം; 2. പകലത്തെ വേല; 3. കൈവേല; 4. സമൂഹം

വ്രാതീനൻ നാ. കൂലിവേലക്കാരൻ

വ്രാത്യൻ നാ. 1. യഥാകാലം ഉപനയിക്കാത്തവൻ; 2. ഭ്രഷ്ടനായ ദ്വിജൻ; 3. നിന്ദ്യൻ

വ്രാന്ത നാ. വരാന്ത

വ്രാൽ നാ. വരാൽ

വ്രീഡ നാ. 1. ലജ്ജ; 2. വിനയം; 3. ദുരാചാരംമൂലമുണ്ടാകുന്ന പ്രൗഢിക്കുറവ്

വ്രീഡം നാ. 1. ലജ്ജ; 2. വിനയം

വ്രീഡാവാൻ നാ. ലജ്ജാലു

വ്രീഡാനമ്ര വി. ലജ്ജകൊണ്ട് കുനിഞ്ഞ

വ്രീഡിത വി. 1. വ്രീഡയോടുകൂടിയ; 2. നാണിപ്പിച്ച

വ്രീഹി നാ. 1. നെല്ല്, നെന്മണി; 2. ഉപധാന്യം

വ്രൈഹേയ വി. വ്രീഹിയെ സംബന്ധിച്ച

വ്രൈഹേയം നാ. നെൽപ്പാടം

വ്ലാത്തിപ്പഴം നാ. ആത്തച്ചക്ക



ശ

ശ [ശ്-അ] വ്യഞ്ജനങ്ങളിൽ മുപ്പതാമത്തേത്. താലവ്യമായ ഊഷ്മാവ് (തദ്ഭവങ്ങളിൽ 'ശ' പ്രായേണ 'ച' ആകും. ഉദാഃ ശകടം - ചകടു, ചാട്)

ശകടം നാ. 1. വണ്ടി (ചകട്, ചാട്); 2. തൊടുകാര; 3. (ജ്യോ) രോഹിണീനക്ഷത്രം; 4. (ജ്യോ) ഒരു ദുര്യോഗം, വ്യാഴത്തിന്റെ 3, 8, 12 ഈ രാശികളിൽ ചന്ദ്രൻ നിൽക്കുന്നത്; 5. ആപ്പിന്റെ ആകൃതിയിലുള്ള സൈന്യവ്യൂഹം

ശകടവ്യൂഹം നാ. ശകടാകൃതിയിലുള്ള സൈന്യവ്യൂഹം

ശകടാക്ഷം നാ. വണ്ടിയുടെ അച്ചുതണ്ട്

ശകടാന്നം നാ. ചീത്തയായ ഭക്ഷണം

ശകടി നാ. ചെറിയ ചാട്

ശകടിക നാ. കൈവണ്ടി

ശകന്മാർ നാ. (ബ.വ.) 1. സിഥിയന്മാർ; 2. ഒരു പ്രാചീന ജാതി

ശകലം നാ. 1. അംശം, നുറുക്ക്; 2. മരവുരി; 3. ശകം; 4. ശല്കം

ശകലി നാ. മത്സ്യം (ശല്കങ്ങൾ ഉള്ളത്)

ശകലിക്കുക ക്രി. ശകലമാക്കുക, മുറിക്കുക, ഉടയ്ക്കുക

ശകലിത വി. ശകലമാക്കപ്പെട്ട

ശകലീകരിക്കുക ക്രി. തുണ്ടുതുണ്ടാക്കുക

ശകവർഷം നാ. ശകാബ്ദം

ശകാബ്ദം നാ. ശാലിവാഹനന്റെ കാലം മുതൽ ഗണിച്ചുവരുന്ന സംവത്സരം (ഇത് ഏ.ഡി. 78-ൽ ആരംഭിച്ചു)

ശകാരൻ നാ. 1. മൃച്ഛകടികം നാടകത്തിലെ സംസ്ഥാനകൻ; 2. രാജാവിന്റെ വെപ്പാട്ടിയുടെ സഹോദരൻ (ഇയാൾ സകാരത്തിന്റെ സ്ഥാനത്തു ശകാരം ഉച്ചരിക്കുന്നതിനാൽ ശകാരൻ എന്നു പേര്)

ശകാരം നാ. 1. ശ എന്ന അക്ഷരം; 2. അധിക്ഷേപവാക്ക്. (ശകാരൻ എന്ന കഥാപാത്രം ധാരാളം അധിക്ഷേപങ്ങൾ പറഞ്ഞിരുന്നതിനാൽ)

ശകാരിക്കുക ക്രി. അധിക്ഷേപവാക്കു പറയുക, ചീത്തപറയുക

ശകുനപ്പിഴ നാ. ഏതെങ്കിലും കാര്യത്തിനു പുറപ്പെടുമ്പോൾ കാണുന്ന ലക്ഷണപ്പിഴ, ദുശ്ശകുനം

ശകുനം നാ. 1. പക്ഷി; 2. പ്രശ്നം; 3. ലക്ഷണം, നിമിത്തം; 4. കഴുകൻ; 5. അടിയന്തിരങ്ങൾക്കു പാടുന്ന ഒരുതരം പാട്ട്

ശകുനി നാ. 1. പക്ഷി; 2. സുബലൻ എന്ന ഗാന്ധാരരാജാവിന്റെ പുത്രൻ, ദുര്യോധനന്റെ മാതുലൻ (സൗബലൻ); 3. കഴുകൻ; 4. ശ്രീകൃഷ്ണനാൽ വധിക്കപ്പെട്ട ഒരു അസുരൻ; 5. ഹിരണ്യാക്ഷന്റെ പുത്രനായ ഒരു അസുരൻ; 6. (പ്ര) വഞ്ചകൻ (ശകുനി കള്ളച്ചൂതു കളിച്ചവൻ ആകയാൽ)

ശകുന്ത(ക)ം നാ. പക്ഷി

ശകുന്തള നാ. വിശ്വാമിത്രനു മേനകയിൽ പിറന്നവൾ, ഭരതന്റെ മാതാവ് (മാതാവ് ഉപേക്ഷിച്ചുപോയപ്പോൾ ശകുന്തങ്ങൾ എടുത്തു രക്ഷിക്കുകയാൽ 'ശകുന്തള'യായി)

ശകുന്തളോപാഖ്യാനം നാ. മഹാഭാരതത്തിലെ ഒരു ഉപാഖ്യാനം

ശകുന്തിക നാ. 1. പക്ഷി; 2. ചീവീട്

ശകുലം നാ. 1. മത്സ്യം; 2. പരൽ

ശകുലി നാ. മത്സ്യം (ശല്കങ്ങൾ ഉള്ളത് എന്നർഥം)

ശകൃതം നാ. പരിഹാസം, നർമം

ശകൃത്ത് നാ. (ജന്തുക്കളുടെ) വിഷ്ഠ, മലം
ശക്കരി നാ. 1. പശു; 2. നദി; 3. വിരൽ; 4. അരഞ്ഞാൺ
ശക്ത വി. 1. ബലമുള്ള, ത്രാണിയുള്ള; 2. സമർഥനായ; 3. ധനികനായ; 4. ബുദ്ധിമാനായ
ശക്തി നാ. 1. ബലം; 2. ശ്രീപാർവതി; 3. മഹാലക്ഷ്മി; 4. ഗണപതി; 5. കവിതാസാമർഥ്യവിശേഷം, ശാസ്ത്രജ്ഞാനവാഗ്വിലാസാദിവൈഭവം; 6. വേൽ; 7. വസിഷ്ഠപുത്രനായ ഒരു മുനി; 8. പ്രകൃതി, മായ; 9. ചൂതുകരു; 10. ഉപസ്ഥം; 11. വാൾ; 12. ശൂലം; 13. ദേവി
ശക്തിഗ്രഹൻ നാ. 1. (വേലായുധൻ) സുബ്രഹ്മണ്യൻ; 2. ശിവൻ; 3. വേൽക്കാരൻ
1341
ശക്തിഗ്രഹം നാ. ശരിയായ പദാർഥബോധം
ശക്തിതന്ത്രം നാ. ഊർജതന്ത്രം, ഫിസിക്സ്
ശക്തിതഃ അവ്യ. ശക്തിക്കനുസരിച്ച്
ശക്തിത്രയം നാ. 'മൂന്നു ശക്തികൾ', 1. ജ്ഞാനശക്തി ഇച്ഛാശക്തി ക്രിയാശക്തി ഈ മൂന്നും (ഈശ്വരനുള്ളവ); 2. പ്രഭുശക്തി ഉത്സാഹശക്തി മന്ത്രശക്തി ഈ മൂന്നും (രാജാക്കന്മാർക്കുള്ളവ); 3. നിയന്ത്രണശക്തി സഞ്ചാരശക്തി ജ്ഞാനശക്തി ഈ മുന്നും (ജീവികൾക്കുള്ളവ)
ശക്തിധരൻ നാ. ശക്തിപാണി, 1. വേൽക്കാരൻ; 2. സ്കന്ദൻ; 3. ബലവാൻ
ശക്തിപൂജ നാ. ഒരുതരം ദേവീപൂജ, ശാക്തേയവിധിപ്രകാരമുള്ള പൂജ (ഇതിലേക്ക് ബ്രാഹ്മണർ പാലും ക്ഷത്രിയർ നെയ്യും വൈശ്യർ തേനും ശൂദ്രർ മദ്യവും ഉപയോഗിക്കുന്നു)
ശക്തിപൂജകൻ നാ. ശക്തിശാക്തൻ, ദേവീപൂജകൻ, താന്ത്രികൻ
ശക്തിമത്ത് വി. ബലമുള്ള, ത്രാണിയുള്ള
ശക്ത്യുപചയം നാ. ശക്തിവർധന
ശക്നു വി. ദയാപൂർവം സംസാരിക്കുന്ന
ശക്യ വി. സാധിക്കപ്പെടാവുന്ന, കഴിവുള്ള
ശക്യത നാ. 1. കഴിവ്; 2. സാധ്യത
ശക്രജം നാ. ശക്രജാതം, കാക്ക
ശക്രധനുസ്സ് നാ. മഴവില്ല്
ശക്രൻ നാ. 1. ഇന്ദ്രൻ; 2. ശിവൻ; 3. മൂങ്ങ
ശക്രപത്നി നാ. 1. ശചി; 2. വെളുത്ത തുളസി
ശക്രപ്രസ്ഥം നാ. ഇന്ദ്രപ്രസ്ഥം
ശക്രഭവനം നാ. സ്വർഗം
ശക്രം നാ. 1. മൂങ്ങ; 2. കടലപ്പാല; 3. നീർമരുത്; 4. തൃക്കേട്ട; 5. പതിന്നാല് എന്ന സങ്ഖ്യ
ശക്രാണി നാ. ശചീദേവി, ഇന്ദ്രാണി
ശക്രാത്മജൻ നാ. 1. ജയന്തൻ; 2. അർജുനൻ; 3. ബാലി
ശക്രി നാ. 1. ശക്രൻെറ പുത്രൻ (ബാലി, അർജുനൻ, ജയന്തൻ); 2. ആന; 3. മേഘം; 4. മല

ശകവം നാ. ആന
ശകവരം നാ. 1. പശു; 2. നദി; 3. വിരൽ; 4. അരഞ്ഞാൺ
ശകവരി നാ. ഒരു ഛന്ദസ്സ്
ശങ്ക നാ. 1. സംശയം, അവിശ്വാസം; 2. ലജ്ജ; 3. മാനം, വണക്കം
ശങ്കനീയ വി. ശങ്കിക്കത്തക്ക. നാ. ശങ്കനീയത
ശങ്കര വി. ശുഭത്തെ ചെയ്യുന്ന, സുഖം (ക്ഷേമം) നൽകുന്ന
ശങ്കരൻ നാ. 1. ശിവൻ (സുഖത്തെ, ദുഃഖശമനത്തെ
ചെയ്യുന്നവൻ); 2. വേദാന്തം പഠിപ്പിക്കുന്നവൻ. (സ്ത്രീ) ശങ്കര, ശങ്കരി
ശങ്കരവിജയം നാ. ആനന്ദഗിരി സംസ്കൃതത്തിൽ രചിച്ച
ശങ്കരാചാര്യരുടെ ജീവചരിത്രം
ശങ്കരശൈലം നാ. കൈലാസം
ശങ്കരാചാര്യർ നാ. കേരളത്തിൽ കാലടി എന്ന ദേശത്ത് ജനിച്ച്
(ജീവിതകാലം എ.ഡി. 788-820) സർവജ്ഞപീഠം കയറുകയും അദ്വൈതമതം
സ്ഥാപിക്കുകയും ചെയ്ത ആചാര്യൻ
ശങ്കരാഭരണം നാ. (സങ്ഗീ) ഒരു രാഗം
ശങ്കരി നാ. 1. ശ്രീപാർവതി (സുഖപ്രദായിനി;
മങ്ഗളകാരിണി); 2. മഞ്ചെട്ടി; 3. വന്നി
ശങ്കാകുല വി. സംശയം (ഭയം) കൊണ്ട് ആകുലമായ
ശങ്കാവിഷം നാ. വിഷബാധയുണ്ടെന്ന സംശയം, അതുമൂലം
ഉണ്ടാകുന്ന വിഷലക്ഷണങ്ങൾ
ശങ്കാ(വി)ഹീനം അവ്യ. സംശയം കൂടാതെ
ശങ്കി നാ. ശങ്കിക്കുന്നവൻ. (സ്ത്രീ) ശങ്കിനി
ശങ്കിക്കുക ക്രി. 1. സംശയിക്കുക, അവിശ്വസിക്കുക; 2.
ഭയപ്പെടുക; 3. മാനിക്കുക; 4. ലജ്ജിക്കുക
ശങ്കിടി,ശി- നാ. കഥകളിയിൽ പ്രധാനപാട്ടുകാരൻെറ
(പൊന്നാനിയുടെ) കൂടെപ്പാടുന്നവൻ. (പ്ര) ശങ്കിടിക്കാരൻ. ശങ്കിടിപാടുക = മറ്റൊരാളിൻെറ
അഭിപ്രായത്തെ ശരിയും തെറ്റും നോക്കാതെ പിന്താങ്ങിപ്പറയുക
ശങ്കിത വി. ശങ്കിക്കപ്പെട്ട
ശങ്കിതവ്യ വി. ശങ്കിക്കത്തക്ക
ശങ്ക് നാ. ശങ്ഖം, ചങ്ക്
ശങ്കു1 നാ. 1. മരക്കുറ്റി, കുറ്റിത്തടി, തൂണ്; 2. ശല്യം; 3.
ആണി; 4. നീർപ്പന്നി; 5. കുന്തം; 6. ഒരു വലിയ തുക (ശങ്ഖം); 7. പുരുഷൻെറ ലിങ്ഗം;
8. 12 വിരൽ അളവ്, അളവുകോൽ
ശങ്കു2 നാ. 1. ശങ്കരൻ; 2. വിക്രമാദിത്യസദസ്സിലെ
നവരത്നങ്ങളിൽ ഒന്ന്
ശങ്കുകർണം നാ. 1. കഴുത; 2. ഒട്ടകം
ശങ്കുമുഖം നാ. മുതല
ശങ്കുല നാ. 1. പാക്കുവെട്ടി; 2. കത്രിക
ശങ്ക്യ വി. ശങ്കിക്കത്തക്ക
ശങ്ഖകം നാ. 1. ഒരു ശിരാരോഗം; 2. ശങ്ഖ്
ശങ്ഖകാരൻ നാ. ശങ്ഖം സംസ്കരിച്ചെടുക്കുന്നവൻ

ശങ്ഖചക്രം നാ. (വിഷ്ണുവിൻെറ) ശങ്ഖവും ചക്രവും
ശങ്ഖജം നാ. വലിയ മുത്ത്
ശങ്ഖദേശം നാ. നെറ്റിയിലെ ഒരു മർമം
ശങ്ഖധ്വനി നാ. ശങ്ഖുവിളി (ശുഭസൂചകം)
ശങ്ഖധരൻ നാ. വിഷ്ണു
ശങ്ഖധവള നാ. ശങ്ഖുപോലെ വെളുത്ത
ശങ്ഖധ്മാനം നാ. ശങ്ഖം ഊതൽ. ശങ്ഖധ്മാവ് – ശങ്ഖുവിളിക്കുന്നവൻ
ശങ്ഖൻ നാ. 1. ശങ്ഖാസുരൻ; 2. വിരാടൻെറ പുത്രൻ (ദ്രാണരാൽ വധിക്കപ്പെട്ടു); 3. അഷ്ടനാഗങ്ങളിൽ ഒന്ന്, ശങ്ഖപാലൻ; 4. അഷ്ടാദശസ്മൃതിമാരിൽ ഒരാൾ; 5. ഒരു ജാതി (തൊഴിൽ – മത്സ്യബന്ധനം)
ശങ്ഖനാദം നാ. ശങ്ഖത്തിൻെറ ശബ്ദം, ശങ്ഖുവിളി
ശങ്ഖപാണി നാ. വിഷ്ണു
ശങ്ഖപാലൻ നാ. 1. സൂര്യൻ; 2. ഒരു സർപ്പം
ശങ്ഖപുഷ്പം നാ. ഒരുതരം പൂവ് (ശങ്ഖസദൃശമായ ആകൃതിയോടുകൂടിയത്)
ശങ്ഖഭൃത്ത് നാ. വിഷ്ണു
ശങ്ഖം നാ. 1. ഒരു ജലജന്തു, ശങ്ഖ്; 2. നവനിധികളിൽ ഒന്ന്; 3. നാഗുണം; 4. നെറ്റിയിലുള്ള ഒരു മർമം, ശങ്ഖദേശം; 5. ഒരു വലിയ സങ്ഖ്യ
ശങ്ഖമുഖം നാ. മുതല
ശങ്ഖമുദ്ര നാ. 1. ഒരു കരമുദ്ര; 2. കൈയൊപ്പിനു പകരം ചില ഉന്നതസ്ഥാനികൾ വയ്ക്കുന്ന മുദ്ര; ശങ്ഖുകൊണ്ടുള്ള മുദ്ര
ശങ്ഖരേഖ നാ. ഭാഗ്യസൂചകമായ ഒരു ഹസ്തരേഖ
ശങ്ഖസ്വനം നാ. ശങ്ഖിൻെറ ശബ്ദം (ശങ്ഖുവിളി)
ശങ്ഖാസുരൻ നാ. ശങ്ഖൻ എന്ന് അസുരൻ. ബ്രഹ്മാവിൽനിന്നു വേദം അപഹരിച്ചുകൊണ്ടു സമുദ്രത്തിൽ മറഞ്ഞവൻ
ശങ്ഖാഹ്വ നാ. ശങ്ഖുപുഷ്പം
ശങ്ഖിനി നാ. 1. (കാമ) നായികാജാതി ചതുഷ്ടത്തിലൊന്ന്, നാലുതരം സ്ത്രീകളിൽ മൂന്നാമത്തേത്; 2. ചണ്ണക്കൂവ; 3. കീരിവള്ളി; 4. ഒരു നാഡി
ശങ്ഖ് നാ. 1. ശങ്ഖം; 2. ഒരു ജലജീവിയുടെ പുറന്തോട്
ശങ്ഖുതിരി നാ. ശങ്ഖുപിരി, 1. ശങ്ഖിലുള്ള പിരി; 2. ഒരുതരം പിരിയാണി
ശങ്ഖുമുദ്ര നാ. ശങ്ഖുരൂപം പതിക്കാനുള്ള മുദ്ര, തിരുവിതാങ്കൂർ സർക്കാർമുദ്ര
ശങ്ഖുവരിയൻ നാ. ഒരുതരം പാമ്പ്
ശങ്ഖുവിളി നാ. ശങ്ഖൂത്ത്, ശങ്ഖം ഊതി ശബ്ദിപ്പിക്കൽ
ശചി നാ. 1. ഇന്ദ്രാണി; 2. കരണം; 3. വിഷ്ടി; 4. ശതാവരി; 5. ബലം, ഊർജസ്വലത; 6. ചൊടിപ്പ്; 7. വാഗ്മിത്വം; 8. ഭക്തി
ശചീജാനി നാ. ശചീപതി, ശചീഭർത്താവ്, ഇന്ദ്രൻ
ശട്ടകം നാ. (അരിമാവും നെയ്യും ചേർന്ന) ഒരു പലഹാരം

ശാകോപൻ നാ. 1. ദ്രാവിഡവേദത്തിൻെറ ഉപജ്ഞാതാവായ ഒരു മുനി, ആയിരം ശാഖകളുള്ളതും ബ്രഹ്മതുല്യവുമായ ദ്രാവിഡവേദം ദർശിച്ച മഹാൻ; 2. ശഠന്മാരുടെ മതത്തെ ഖണ്ഡിക്കുന്നവൻ
ശഠത നാ. ശഠൻെറ ഭാവം, ശാഠ്യം
ശഠൻ നാ. 1. ശാഠ്യമുള്ളവൻ, ചതിയൻ, ധൂർത്തൻ; 2. നായകഭേദം (വിശ്വാസവഞ്ചന ചെയ്യുന്നവൻ); 3. മണ്ടൻ; 4. മടിയൻ; 5. മധ്യസ്ഥൻ (സ്ത്രീ) ശഠ. ശഠനോടു ശാഠ്യം (പഴ)
ശഠം നാ. 1. കുങ്കുമം; 2. ഉരുക്ക്; 3. തകരം; 4. ഉമ്മത്ത്
ശഠിക്കുക ക്രി. 1. ശാഠ്യംപിടിക്കുക, മർക്കടമുഷ്ടിപിടിക്കുക; 2. തർക്കിക്കുക, എതിർക്കുക
ശഠിത വി. ശഠിക്കപ്പെട്ട
ശഠോക്തി നാ. ശഠൻെറ വാക്ക്, കുത്തുവാക്ക്
ശണപാത്രം നാ. മീൻകൂട്, ഏറ്റുവല
ശണസൂത്രം നാ. 1. ചണത്തിൻെറ നൂലുകൊണ്ട് ഉണ്ടാക്കിയ വല; 2. ചണച്ചരട്, കയറ്, വടം
ശണ്ഠ നാ. ചണ്ട (വഴക്ക്) (സംസ്കൃതീകൃതരൂപം)
ശണ്ഡം1 നാ. ഷണ്ഡം, സമൂഹം
ശണ്ഡം2 നാ. 1. കട്ടിത്തൈര്; 2. അഴിച്ചുവിട്ട കാള
ശതകം നാ. 1. നൂറുവർഷം; 2. നൂറു ശ്ലോകം അടങ്ങിയ കാവ്യമോ സ്തോത്രമോ
ശതകുപ്പ നാ. ചതകുപ്പ
ശതകോടി നാ. 1. വജ്രായുധം; 2. നൂറുകോടി
ശതക്രതു നാ. 1. നൂറുയാഗം ചെയ്തവൻ; 2. ഇന്ദ്രൻ
ശതഖണ്ഡം നാ. സ്വർണം
ശതഗുണം നാ. നൂറിരട്ടി
ശതഘ്നി നാ. 1. ഒരു മാരകായുധം; 2. പെൺതേൾ
ശതജിഹ്വൻ നാ. ശിവൻ
ശതതന്ത്രി വി. നൂറു തന്ത്രിയുള്ള
ശതതമ വി. 1. നൂറാമത്തെ; 2. നൂറിൽ ഒരെണ്ണമായ
ശതതാരക നാ. ചതയം നക്ഷത്രം
ശതത്രയം നാ. മുന്നൂറ്
ശതത്രയി നാ. മുന്നൂറ്, ശതത്രയം
ശതദല നാ. ചേമന്തിപ്പൂവ്
ശതദലം നാ. താമര
ശതദ്രു നാ. 1. സത്‌ലജ്നദി; 2. ഗങ്ഗ
ശതദ്വയം നാ. ഇരുനൂറ്
ശതധനു നാ. നൂറുവില്ലുള്ളവൻ
ശതധന്വാവ് നാ. ശതധേനു
ശതധാ അവ്യ. നൂറുപ്രകാരത്തിൽ
ശതധാമാവ് നാ. വിഷ്ണു
ശതധാരം നാ. ഇടിവാൾ

ശതധൃതി നാ. 1. ബ്രഹ്മാവ്; 2. ഇന്ദ്രൻ; 3. സ്വർഗം

ശതപത്രകം നാ. 1. മരങ്കൊത്തി; 2. ഒരു വിഷജന്തു

ശതപത്രം നാ. 1. മരങ്കൊത്തി; 2. മയിൽ; 3. കൊക്ക്

ശതപത്രി നാ. താമര

ശതപത്രിക നാ. 1. ശതകുപ്പ; 2. ചേമന്തി

ശതപത്രോദ്ഭവൻ നാ. താമരയിൽ ജനിച്ചവൻ

ശതപഥബ്രാഹ്മണം നാ. പ്രധാനപ്പെട്ട ഒരു ബ്രാഹ്മണം, ശുക്ലയജുർവേദത്തിൻെറ ഭാഗമായുള്ളത്

ശതപദി നാ. 1. പഴുതാര; 2. ചേരട്ട

ശതപദ്മം നാ. വെള്ളത്താമരപ്പൂവ്

ശതപർവ നാ. 1. താമരവളയം; 2. മുള; 3. വയമ്പ്

ശതപർവാവ് നാ. ഇന്ദ്രൻ

ശതപർവിക നാ. 1. യവം; 2. വയമ്പ്

ശതപർവേശൻ നാ. ശുക്രൻ

ശതപാത്ത് നാ. പഴുതാര

ശതപുഷ്പ നാ. ശതകുപ്പ

ശതപുഷ്പിക നാ. ശതകുപ്പ

ശതപ്രസൂന നാ. ശതകുപ്പ

ശതഭിക്ഷ നാ. ശതഭിക്ഷക്ക്

ശതം നാ. നൂറ്

ശതമഖൻ നാ. 1. നൂറുയാഗം ചെയ്തവൻ; 2. ഇന്ദ്രൻ; 3. ഊമൻ

ശതമന്യു നാ. ശതമഖൻ, ഇന്ദ്രൻ

ശതമാനം നാ. 1. നൂറിന് എത്രയെന്നുള്ള ഗണന; 2. നാലിടങ്ങഴി

ശതമുഖ നാ. 1. നൂറുമാർഗങ്ങളുള്ള; 2. നൂറുവാതിലുള്ള

ശതമുഖി നാ. ചൂല്

ശതയഷ്ടിക നാ. നൂറുചുറ്റുള്ള മാല

ശതവർഷം നാ. നൂറ്റാണ്ട്

ശതവീര്യ നാ. 1. വെൺകറുക; 2. ശതാവരി

ശതശഃ അവ്യ. 1. നൂറുവിധം; 2. നൂറുതവണ

ശതഹ്രദ നാ. 1. മിന്നൽ; 2. ഇടിവാൾ

ശതാക്ഷി നാ. 1. ശതകുപ്പ; 2. രാത്രി

ശതാഗ്നി നാ. ധതൾ

1343

ശതാങ്ഗം നാ. 1. രഥം; 2. തൊടുകാര

ശതാനന്ദൻ നാ. 1. ബ്രഹ്മാവ്; 2. വിഷ്ണു

ശതാനീകൻ നാ. വൃദ്ധൻ

ശതാബ്ദം നാ. നൂറ്റാണ്ട്

ശതാബ്ദി നാ. 1. നൂറുവർഷം പൂർത്തിയാകൽ; 2. നൂറുവർഷം തികയുന്ന അവസരം

| | | |
|---|---|---|
| ശതാഭിഷേകം | | നാ. ആയിരം പൂർണചന്ദ്രനെ കണ്ടവരെ ആദരിക്കാൻ നടത്തുന്ന ചടങ്ങ് |
| ശതായുസ്സ് | | നാ. നൂറുവർഷം ജീവിച്ചിരിക്കുന്നവൻ |
| ശതാരം | | നാ. വജ്രായുധം |
| ശതാവധാനി | | നാ. അനേകം കാര്യങ്ങളിൽ ഒരേ സമയത്തു ശ്രദ്ധിക്കാൻ കഴിവുള്ളവൻ |
| ശതാഹ്വ | | നാ. 1. അയമോദകം; 2. ശതകുപ്പ; 3. ശതാവരി |
| ശതി | വി. | നൂറുമടങ്ങായ, നൂറുകണക്കിനുള്ള |
| ശത്രു | നാ. | 1. എതിരാളി, വിരോധി; 2. ആന |
| ശത്രുഘ്നൻ | | നാ. 'ശത്രുക്കളെ കൊല്ലുന്നവൻ', ദശരഥൻെറ പുത്രന്മാരിൽ ഒരുവൻ |
| ശത്രുഞ്ജയൻ | | നാ. ശത്രുവിനെ ജയിക്കുന്നവൻ |
| ശത്രുത | | നാ. ശത്രുവിൻെറ ഭാവം |
| ശത്രുസംഹാരം | | നാ. ശത്രുവിനെ നശിപ്പിക്കൽ |
| ശത്വരി | | നാ. രാത്രി |
| ശത്വരീശൻ | | നാ. ചന്ദ്രൻ |
| ശദ്രു | വി. | 1. വീഴുന്ന; 2. നശിക്കുന്ന |
| ശന | വി. | 1. നിശ്ശബ്ദമായ; 2. ശാന്തമായ |
| ശനകൈഃ | | അവ്യ. 1. നിശ്ശബ്ദമായി; 2. ശന്തമായി; 3. മൃദുലമായി |
| ശനി | നാ. | 1. ശനിഗ്രഹം; 2. ശിവൻ; 3. ശനിയാഴ്ച |
| ശനിജൻ | | നാ. (ജ്യോ) മാന്ദി |
| ശനിദശ | | നാ. 1.ശനിഗ്രഹത്തിൻെറ ദശ; 2. ദുഷ്കാലം |
| ശനിപ്പിഴ | | നാ. 1. ശനി അനിഷ്ടസ്ഥാനത്തു നിൽക്കൽ; 2. ഗ്രഹപ്പിഴ |
| ശനിബാധ | | നാ. ശനിയുടെ ബാധ, ശനിപ്പിഴ |
| ശനിയൻ | | നാ. 1. ഉപദ്രവകാരി; 2. ദുഷ്ടൻ |
| ശനിയാഴ്ച | | നാ. ആഴ്ചയിൽ ഏഴാമത്തെ ദിവസം |
| ശനിവാരം | | നാ. ശനിയാഴ്ച |
| ശനൈഃ | | അവ്യ. 1. പതുക്കെ; 2. ശാന്തമായി; 3. മൃദുലമായി; 4. പടിപടിയായി |
| ശനൈശ്ചരൻ | | നാ. 1. മന്ദം മന്ദം ചലിക്കുന്നവൻ; 2. ശനി |
| ശന്തതി | | വി. 1. നന്മചെയ്യുന്ന; 2. ശുഭകരമായ |
| ശപഥപത്രം | | നാ. 1. പ്രതിജ്ഞാപത്രം; 2. സത്യവാങ്മൂലം |
| ശപഥം | | നാ. 1. സത്യം ചെയ്യൽ; 2. ശപിക്കൽ; 3. ശകാരം |
| ശപം | നാ. | 1. ശപഥം; 2. ശാപം; 3. ശവം |
| ശപിക്കുക | | ക്രി. 1. ശാപം ഉച്ചരിക്കുക; 2. പിരാകുക |
| ശപ്ത | വി. | ശപിക്കപ്പെട്ട |
| ശപ്താവ് | | നാ. ശപിക്കുന്നവൻ |
| ശപ്ത്വാ | | അവ്യ. ശപിച്ചിട്ട് |
| ശപ്പൻ | | നാ. 1. ഒന്നിനും കൊള്ളാത്തവൻ; 2. നിസ്സാരൻ |

ശഫലാത്ത് [അറ] നാ. 1. ഇടപെടൽ; 2. ഇടനിലക്കാരനായി വർത്തിക്കൽ
ശബരകൻ നാ. 1. കാട്ടാളൻ; 2. ശിവൻ
ശബരം നാ. 1. ജലം; 2. കൈ
ശബരി നാ. 1. കാട്ടാളത്തി; 2. ശബരിമല
ശബരിക നാ. 1. കാട്ടാളത്തി; 2. ഒരു വാദ്യം
ശബരിഗിരി നാ. ശബരിമല
ശബരിഗിരീശൻ നാ. ശബരിമലയിലെ ദേവൻ, ശാസ്താവ്
ശബരിമല നാ. മധ്യകേരളത്തിൻെറ കിഴക്കുവശത്തുള്ള ഒരു മല, പ്രസിദ്ധമായ അയ്യപ്പക്ഷേത്രം സ്ഥിതിചെയ്യുന്ന സ്ഥലം
ശബള വി. 1. പലതും കലർന്ന; 2. പുള്ളികളുള്ള
ശബളക വി. 1. പുള്ളികളുള്ള; 2. വരകളുള്ള
ശബളചേതന നാ. അസ്വസ്ഥമായ മനസ്സ്
ശബളം നാ. പല നിറങ്ങൾ ഇടകലർന്ന വർണം
ശബളഹൃദയ വി. അസ്വസ്ഥമായ ഹൃദയത്തോടുകൂടിയ
ശബളാഭ വി. പലനിറങ്ങളാൽ ശോഭിക്കുന്ന
ശബളി നാ. 1. പുള്ളിപ്പശു; 2. കാമധേനു
ശബളിത വി. 1. ശബളമാക്കപ്പെട്ട; 2. പലനിറങ്ങളുള്ള
ശബ്ദകം നാ. ശബ്ദം
ശബ്ദകോലാഹലം നാ. പലതരം ശബ്ദങ്ങൾ കൂടിക്കലർന്ന ബഹളം
ശബ്ദകോശം നാ. നിഘണ്ടു
ശബ്ദഗുണം നാ. ശബ്ദമുണ്ടാകുന്ന ഗുണത്തോടുകൂടിയത്; ആകാശം
ശബ്ദഗ്രഹം നാ. ശബ്ദത്തെ ഗ്രഹിക്കുന്നത്, ചെവി
ശബ്ദഗ്രാമം നാ. ശബ്ദസഞ്ചയം
ശബ്ദഘോഷം നാ. ശബ്ദങ്ങളുടെ മുഴക്കം
ശബ്ദചാതുര്യം നാ. വാക്കുകളുടെ പ്രയോഗത്തിലുള്ള സാമർഥ്യം
ശബ്ദതരങ്ഗം നാ. ശബ്ദമായി അനുഭവപ്പെടുന്ന വായുതരങ്ഗം
ശബ്ദന വി. 1. ശബ്ദിക്കുന്ന; 2. ശബ്ദമുള്ള
ശബ്ദനം നാ. 1. ശബ്ദം പുറപ്പെടുവിക്കൽ; 2. ശബ്ദം
ശബ്ദപ്രമാണം നാ. 1. വാക്കാലുള്ള പ്രമാണം; 2. മൊഴി
ശബ്ദബോധം നാ. 1. ശബ്ദത്തെക്കുറിച്ചുള്ള ബോധം; 2. ശബ്ദത്തിൽനിന്ന് ആർജിച്ച ബോധം
ശബ്ദബ്രഹ്മം നാ. 1. ശബ്ദരൂപമായ ബ്രഹ്മം; 2. വേദം
ശബ്ദഭേദി നാ. 'ലക്ഷ്യം കാണാതെതന്നെ ലക്ഷ്യത്തിൽനിന്നു പുറപ്പെടുന്ന ശബ്ദം കേട്ടു ലക്ഷ്യഭേദം ചെയ്യാൻ കഴിയുന്ന വില്ലാളി', അർജുനൻ
ശബ്ദം നാ. 1. നാദം, ഒച്ച, കേൾവിക്കുവിഷയമാകുന്ന ഒരു ചൈതന്യ വിശേഷം; 2. ഭാഷാശബ്ദം; 3. അർഥം ദ്യോദിപ്പിക്കാൻ കഴിവുള്ള വർണമോ വർണസമൂഹമോ
ശബ്ദയോനി നാ. 1. ശബ്ദത്തിൻെറ സ്രോതസ്സ്; 2. ധാതു
ശബ്ദവിദ്യ നാ. 1. വ്യാകരണം; 2. ഭാഷാവിജ്ഞാനം

ശബ്ദവേധി നാ. ലക്ഷ്യഭേദി
ശബ്ദശാസ്ത്രം നാ. 1. ശബ്ദങ്ങളെ സംബന്ധിച്ച ശാസ്ത്രം; 2. വ്യാകരണം; 3. ഭാഷാസ്വനങ്ങളെ സംബന്ധിച്ച ശാസ്ത്രം
ശബ്ദശുദ്ധി നാ. 1. ഭാഷാശബ്ദങ്ങളുടെ പ്രയോഗത്തിലുള്ള ശുദ്ധി; 2. പദപ്രയോഗത്തിലുള്ള ശുദ്ധി
ശബ്ദാഡംബരം നാ. 1. ശബ്ദപ്രയോഗത്തിലുള്ള പ്രകടമായ ചമത്കാരമോ ആടോപമോ; 2. ആടോപത്തോടുകൂടിയ പദങ്ങളുടെ പ്രയോഗം
ശബ്ദാതീത വി. വാക്കുകൾകൊണ്ട് വിവരിക്കാനാവാത്ത
ശബ്ദാനുശാസനം നാ. ശബ്ദശാസ്ത്രം
ശബദാർഥം നാ. 1. വാക്കിൻെറ അർഥം; 2. വാച്യാർഥം
ശബ്ദാലങ്കാരം നാ. കാവ്യാലങ്കാരങ്ങളിൽ ഒരു വിഭാഗം
ശബ്ദിക്കുക ക്രി. 1. ശബ്ദം പുറപ്പെടുവിക്കുക; 2. ശബ്ദരൂപത്തിൽ വെളിപ്പെടുത്തുക
ശബ്ദിത വി. ശബ്ദിക്കപ്പെട്ട; 2. ഉച്ചരിക്കപ്പെട്ട
ശബ്ദിതം നാ. 1. ശബ്ദം; 2. വചനം
ശംബം നാ. 1. വജ്രായുധം; 2. മിന്നൽ; 3. ഉലക്കപ്പൂണ്ണ്
ശംബര വി. 1. ശ്രേഷ്ഠമായ; 2. ഉത്തമമായ
ശംബരൻ നാ. ഇന്ദ്രജാലക്കാരൻ
ശംബരം നാ. 1. ജലം; 2. മേഘം; 3. യുദ്ധം; 4. പർവതം
ശംബലം നാ. 1. കര, തീരം; 2. കുലം, കുടുംബം; 3. യാത്രയ്ക്കുള്ള വിഭവങ്ങൾ
ശംബലി നാ. ദാസി
ശംബു നാ. 1. കക്ക; 2. ചെറിയ ശങ്ഖ്
ശംബുക നാ. 1. ഒച്ച്; 2. ഞമഞ്ഞി
ശംബുകം നാ. ശംബു, ദാസി
ശംഭലി നാ. 1. ദാസി; 2. വേശ്യ
ശംഭു നാ. 1. ശിവൻ; 2. ബ്രഹ്മാവ്; 3. വിഷ്ണു
ശംഭുപ്രിയ നാ. 1. പാർവതി; 2. ദുർഗ; 3. നെല്ലി
ശംഭുരേതസ്സ് നാ. രസം
ശംഭുവല്ലഭ നാ. വെള്ളത്താമര
ശംഭുശുക്രം നാ. രസം
ശമ നാ. 1. ആന്തരമായ ഇന്ദ്രിയവ്യാപാരങ്ങളെ നിയന്ത്രിക്കൽ; 2. മനോവ്യാപാരങ്ങളെ അടക്കൽ
ശമക വി. ശമിപ്പിക്കുന്ന
ശമഥൻ നാ. 1. മന്ത്രി; 2. ഉപദേശകൻ
ശമഥം നാ. ശമനം
ശമധന വി. 1. ശമം ധനമായിട്ടുള്ള; 2. ശമത്തെ സമ്പത്തായിട്ടുള്ള; 3. ശമം മാത്രം സമ്പത്തായിട്ടുള്ള
ശമധനൻ നാ. 1. ശമം ധാമായിട്ടുള്ളവൻ; 2. ആത്മനിയന്ത്രണത്തെ മാത്രം ധനമായി കരുതുന്നവൻ; 3. ക്ഷമാശീലൻ
ശമന വി. 1. നിയന്ത്രിക്കുന്ന; 2. ശാന്തമാക്കുന്ന; 3. കീഴടക്കുന്ന

ശമനഭഗിനി നാ. യമൻെറ സഹോദരി, യമുന
ശമനൻ നാ. അറുതിവരുത്തൽ, കാലൻ
ശമനം നാ. 1. അടക്കൽ; 2. ഇല്ലാതാക്കൽ; 3. ശാന്തമാക്കൽ; 4. കീഴടക്കൽ; 5. വിഴുങ്ങൽ; 6. യാഗത്തിലെ ജന്തുബലി
ശമനി നാ. രാത്രി
ശമനീയ വി. 1. ശമിക്കത്തക്ക; 2. ശമിപ്പിക്കത്തക്ക
ശമനൗഷധം നാ. ശമിപ്പിക്കാനുള്ള ഔഷധം
ശമയിതാവ് നാ. ശമിപ്പിക്കുന്നവൻ
ശമലം നാ. 1. മലം; 2. ചലം; 3. കുറ്റം; 4. പാപം; 5. വിപത്ത്
ശമലാപഹൻ നാ. 1. പാപം ഇല്ലാതാക്കുന്നവൻ; 2. ഈശ്വരൻ
ശമാന്തകൻ നാ. 1. ശമത്തെ നശിപ്പിക്കുന്നവൻ; 2. കാമദേവൻ
ശമി1 വി. ശമമുള്ള
ശമി2 നാ. 1. ചമത; 2. വന്നിമരം; 3. കാർകോകിൽ
ശമിക്കുക ക്രി. 1. അടങ്ങുക; 2. കാഠിന്യം കുറയുക
ശമിത വി. ശമിപ്പിക്കപ്പെട്ട, ശമിച്ച
ശമിതവ്യ വി. 1. ശമിപ്പിക്കാവുന്ന; 2. ശമിപ്പിക്കേണ്ടതായ
ശമിരം നാ. ശമീരം, ചെറുവന്നി വൃക്ഷം
ശമീഗർഭം നാ. അഗ്നി
ശമീഗർഭൻ നാ. ബ്രാഹ്മണൻ
ശമീധാന്യം നാ. 1. പയറ്; 2. ധാന്യം
ശമീപത്ര നാ. മുക്കുറ്റി
ശമീരം നാ. ചെറുവന്നിവൃക്ഷം
ശമീലത നാ. ചമതയുടെ ശാഖ
ശമൗഷധം നാ. ശമനൗഷധം, ശമിപ്പിക്കുന്ന മരുന്ന്
ശമ്പ നാ. മിന്നൽ
ശമ്പളം നാ. വേലക്കുകൂലി, ജോലിചെയ്തതിനുള്ള പ്രതിഫലം
ശമ്പാകം നാ. 1. ശമ്യാകം; 2. കോലരക്ക്; 3. പാചനം
ശമ്യ വി. 1. ശമിപ്പിക്കേണ്ടതായ; 2. ശമിപ്പിക്കാവുന്ന
ശമ്യു വി. 1. ഔദാര്യമുള്ള; 2. സന്തോഷമുള്ള
ശയ വി. 1. കിടക്കുന്ന; 2. ഉറങ്ങുന്ന; 3. വിശ്രമിക്കുന്ന
ശയണ്ഡ വി. 1. നിദ്രാശീലമുള്ള; 2. ഉറക്കം തൂങ്ങുന്ന; 3. ഉറങ്ങുന്ന
ശയഥം നാ. 1. മീൻ; 2. കാട്ടുപന്നി; 3. മരണം
ശയനഗൃഹം നാ. ഉറക്കറ, കിടപ്പറ
ശയനപ്രദക്ഷിണം നാ. കിടന്നുരുണ്ടുചെയ്യുന്ന പ്രദക്ഷിണം
ശയനം നാ. 1. കിടപ്പ്; 2. ഉറക്കം; 3. വിശ്രമം
ശയനാഗാരം നാ. ഉറക്കറ, കിടപ്പുമുറി
ശയനീയം നാ. 1. കിടക്ക; 2. കട്ടിൽ
ശയനീകം നാ. ശയനീയം
ശയം നാ. 1. ഉറക്കം; 2. കിടക്ക
ശയാന വി. 1. ഉറങ്ങുന്ന; 2. കിടക്കുന്ന; 3.വിശ്രമിക്കുന്ന

ശയാനകം നാ. 1. പെരുമ്പാമ്പ്; 2. ഓന്ത്
ശയാലു1 വി. 1. ഉറക്കം തൂങ്ങുന്ന; 2. ഉറങ്ങാൻ
ആഗ്രഹിക്കുന്ന; 3. ഉറക്കം തൂങ്ങിയ
ശയാലു2 നാ. 1. പട്ടി; 2. കുറുനരി
ശയിക്കുക ക്രി. 1. കിടക്കുക; 2. ഉറങ്ങുക; 3. വിശ്രമിക്കുക
ശയിത വി. ശയിക്കുന്ന
ശയിതവ്യ വി. ശയിക്കത്തക്ക
ശയിത്താൻ നാ. ചൈത്താൻ, ചെകുത്താൻ
ശയു നാ. ദപരുമ്പാമ്പ്
1345
ശയ്യ നാ. 1. കിടക്ക; 2. കട്ടിൽ; 3. കിടപ്പ്
ശയ്യാഗുണം നാ. കാവ്യത്തിൻെറ ഒരു ഗുണം
ശർക്കര നാ. 1. കട്ടിശർക്കര; 2. കരിമ്പിൻ നീരുകുറുക്കി
ഉണ്ടാക്കിയത്; 3. പഞ്ചസാര, കരിമ്പിൻ നീരിൽനിന്നും മറ്റും തയ്യാറാക്കപ്പെടുന്ന
തരിപ്പഞ്ചസാര; 4. കല്ലിൻ കഷണം
ശർക്കരപ്പാവ് നാ. ശർക്കര വെള്ളത്തിൽ അലിയിച്ച്
കുറുക്കിയെടുത്തത്
ശർക്കരാവത്ത് വി. കല്ലും ചരലും നിറഞ്ഞ
ശർക്കരാസപ്തമി നാ. വൈശാഖമാസത്തിലെ ശുക്ലസപ്തമി
ശർക്കരി നാ. 1. അരപ്പട്ട; 2. ഒരു വൃത്തം
ശർധ വി. ധിക്കാരമുള്ള
ശർധത്ത് വി. 1. ധിക്കരിക്കുന്ന; 2. അപഹസിക്കുന്ന
ശർധനം നാ. വായുകോപം
ശർധം നാ. 1. വയറ്റിലെ വായുകോപം; 2. പറ്റം
ശർധ്യ വി. 1. ശക്തിയേറിയ; 2. ധീരമായ
ശർമ നാ. ജാതിമഹിമ സൂചിപ്പിക്കാൻ ബ്രാഹ്മണരുടെ
പേരുകളോടു ചേർക്കാറുള്ള പദം
ശർമകാരി വി. 1. ശർമം കൈവരുത്തുന്ന; 2. അനുഗ്രഹിക്കുന്ന
ശർമണ്യ വി. അഭയം നൽകുന്ന
ശർമദൻ നാ. 1. ശർമം പ്രദാനം ചെയ്യുന്നവൻ; 2.
അനുഗ്രഹിക്കുന്നവൻ
ശർമദാതാ നാ. ശർമദൻ
ശർമം നാ. 1. സന്തോഷം; 2. ക്ഷേമം; 3. സംരക്ഷണം
ശർമി വി. 1. സന്തുഷ്ടിയുള്ള; 2. ഭാഗ്യമുള്ള
ശർവ നാ. ഉമ
ശർവൻ നാ. 1. ശിവൻ; 2. വിഷ്ണു
ശർവര വി. 1. പല നിറങ്ങളുള്ള; 2. പുള്ളികളുള്ള
ശർവരൻ നാ. കാമദേവൻ
ശർവരം നാ. ഇരുട്ട്
ശർവരി നാ. 1. രാത്രി; 2. സായംസന്ധ്യ
ശർവരിക വി. 1. പീഡിപ്പിക്കുന്ന; 2. ശല്യക്കാരിയായ

| | | |
|---|---|---|
| ശർവരീകൻ | നാ. | 1. പീഡകൻ; 2. ശല്യക്കാരൻ |
| ശർവരീശൻ | നാ. | ചന്ദ്രൻ |
| ശർവാണി | നാ. | ശിവൻെറ പത്നി |
| ശരകാണ്ഡം | നാ. | 1. അമ്പിൻതണ്ട്; 2. അമപ്പുല്ലിൻെറ തണ്ട് |
| ശരകൂടം | നാ. | അമ്പുകൊണ്ട് ഉണ്ടാക്കിയ കൂടാരം |
| ശരച്ചന്ദ്രൻ | നാ. | ശരത് കാലത്തെ ചന്ദ്രൻ |
| ശരച്ഛദം | നാ. | അമ്പിടാനുള്ള ഉറ |
| ശരജന്മാവ് | നാ. | 'ശരപ്പുല്ലിനിടയിൽ പിറന്നവൻ', കാർത്തികേയൻ |
| ശരടം | നാ. | 1. കുടുമ്പപ്പൂവ്; 2. ഓന്ത് |
| ശരണത്രയം | നാ. | ബുദ്ധൻ ധർമം സങ്ഘം എന്നീ മൂന്ന് ആശ്രയങ്ങൾ |
| ശരണദ | വി. | ശരണം നൽകുന്ന |
| ശരണം | നാ. | 1. ആശ്രയം; 2. അഭയം |
| ശരണാഗത | വി. | ശരണം പ്രാപിച്ച |
| ശരണാർഥി | വി. | ശരണം അർഥിക്കുന്ന |
| ശരണി | നാ. | 1. വഴി; 2. പാത; 3. നിര |
| ശരണ്ഡം | നാ. | 1. പക്ഷി; 2. ഓന്ത് |
| ശരണ്ഡൻ | നാ. | 1. നീചൻ; 2. വിടൻ; 3. ചതിയൻ |
| ശരണ്യൻ | വി. | 1. ആശ്രയിക്കത്തക്കവൻ; 2. അഭയം നൽകത്തക്ക ആൾ |
| ശരണ്യം | നാ. | 1. ഭവനം; 2. അഭയസ്ഥാനം; 3. രക്ഷ |
| ശരതുണി | നാ. | ആവനാഴി |
| ശരത്കാമി | നാ. | നായ് |
| ശരത്കാലം | നാ. | 1. ശരത് എന്ന ഋതു; 2. പ്രസന്നമായ കാലം |
| ശരത്പദ്മം | നാ. | വെള്ളത്താമര |
| ശരധി | നാ. | അമ്പിടാനുള്ള ഉറ, ആവനാഴി |
| ശരൻ | നാ. | ശരം ഉള്ളവൻ |
| ശരന്മേഘം | നാ. | ശരത്കാലത്തുള്ള മേഘം, വെളുത്ത മേഘം |
| ശരപത്രം | നാ. | 1. കരിമ്പ്; 2. ദർഭ |
| ശരപുങ്ഖ | നാ. | 1. കൊഴിഞ്ഞിൽ; 2. അമ്പിൽ തൂവൽ വച്ചുകെട്ടിയിട്ടുള്ള അറ്റം (മുനയില്ലാത്ത അറ്റം) |
| ശരപുഷ്പം | നാ. | ഉച്ചമലരി |
| ശരപ്പാട് | നാ. | തൊടുത്തുവിട്ട ഒരു ശരം പായുന്ന ദൂരം |
| ശരപ്പുല്ല് | നാ. | അമപ്പുല്ല് |
| ശരഭം | നാ. | 1. എട്ടടിമാൻ; 2. വരയാട്; 3. ഒട്ടകം |
| ശരഭൻ, -ഭു | നാ. | സുബ്രഹ്മണ്യൻ |
| ശരം | നാ. | 1. അസ്ത്രം; 2. അമപ്പുല്ല് |
| ശരമല്ലൻ | നാ. | വില്ലാളി |
| ശരലകം | നാ. | ജലം |
| ശരലോമം | നാ. | മുള്ളൻപന്നി |
| ശരവർഷം | നാ. | തുടരെത്തുടരെ അനേകം ശരങ്ങൾ പൊഴിക്കൽ |

ശരവണഭവൻ നാ. ഞാങ്കണക്കാട്ടിൽ ജനിച്ചവൻ, സുബ്രഹ്മണ്യൻ
ശരവാണി നാ. 1. അമ്പിൻെറ അറ്റം; 2. അമ്പ് ഉണ്ടാക്കുന്നവൻ
ശരവ്യം നാ. 1. ലക്ഷ്യം; 2. പാത്രം
ശരശയനം നാ. 1. ശരങ്ങളുടെ മുകളിലുള്ള കിടപ്പ്; 2. എഴുന്നുനിൽക്കുന്ന അനേകം ശരങ്ങൾകൊണ്ട് ഒരുക്കിയ ശയ്യ
ശരശയ്യ നാ. ശരശയനം
ശരസന്ധാനം നാ. ശരം തൊടുക്കൽ
ശരസ്തംബം നാ. ഈറക്കൂട്ടം, ഈറപ്പടർപ്പ്
ശരറാന്തൽ നാ. ചുറ്റും ഞാന്നുകിടക്കുന്ന സ്ഫടികപ്പണിത്തരങ്ങളോടുകൂടിയ തൂക്കുവിളക്ക്
ശരാഘാതം നാ. ശരമേൽക്കൽ
ശരാബ് [അറ] നാ. മദ്യം
ശരായി നാ. കാലുറ
ശരാരത്ത് [അറ] നാ. 1. ദ്രോഹം; 2. ദുഷ്ടത; 3. ആക്രമണം
ശരാരു വി. 1. വ്രണപ്പെടുത്തുന്ന; 2. ദോഷകരമായ
ശരാരോപം നാ. 1. വില്ല്; 2. വില്ലിൽ ശരം തൊടുക്കൽ
ശരാവകം നാ. പാത്രത്തിൻെറ മൂടി
ശരാവം നാ. 1. താലം; 2. ആഴം കുറഞ്ഞ കിണ്ണം
ശരാവാപം നാ. വില്ല്
ശരാവിക നാ. 1. പ്രമേഹക്കുരു; 2. രാജക്കുരു
ശരാശരി [പേർ] നാ. മൊത്തത്തിൽ നോക്കുമ്പോൾ ഓരോന്നിനുമുള്ളതായി കണക്കാക്കാവുന്ന തുല്യമായ അളവ്
ശരാശ്രയം നാ. 1. അമ്പിൻെറ ഉറ; 2. ആവനാഴി
ശരാസം നാ. വില്ല്
ശരി1 നാ. വേണ്ടപോലുള്ളത്. വി. 1. വേണ്ടപോലെയുള്ളത്; 2. കുറ്റമറ്റ
ശരി2 വി. ശരമുള്ള
ശരിപ്പെടുത്തുക ക്രി. 1. തെറ്റുനീക്കുക; 2. വേണ്ടവിധത്തിലാക്കുക
ശരിമ നാ. 1. ഗർഭധാരണം; 2. പ്രസവം
ശരീരകർശനം നാ. ശരീരം ശോഷിക്കൽ
ശരീരക്കൂറ് നാ. 1. ശരീരത്തിൻെറ പ്രകൃതി; 2. ശരീരത്തിൻെറ ആന്തര്യപ്രകൃതി
ശരീരഗ വി. 1. ശരീരത്തിൽനിന്നുണ്ടായ; 2. ശരീരത്തിലുള്ള
ശരീരജൻ നാ. 1. കാമദേവൻ; 2. പുത്രൻ
ശരീരത്യാഗം നാ. 1. ശരീരം വെടിയൽ; 2. ജീവൻ വെടിയൽ
ശരീരത്രയം നാ. മൂന്നു ശരീരങ്ങൾ (കാരണ ശരീരം, സ്ഥൂല ശരീരം, സൂക്ഷ്മശരീരം)
ശരീരദണ്ഡം നാ. 1. വധശിക്ഷ; 2. ശാരീരികമായ ശിക്ഷ
ശരീരധാതു നാ. ശരീരത്തിൻെറ മുഖ്യഘടകം
ശരീരനിപാതം നാ. മരണം
ശരീരപാകം നാ. ശരീരം ക്ഷയിക്കൽ

ശരീരപീഡ നാ. 1. ശരീരത്തിലെ വേദന; 2. ശാരീരികമായ
കഷ്ടപ്പാട്
ശരീരബദ്ധ വി. ശരീരത്തോടുകൂടിയ
ശരീരബന്ധം നാ. 1. ശരീരത്തിൻെറതായ ബന്ധം; 2. ശരീരം
കൈക്കൊള്ളൽ
ശരീരഭാക്ക് വി. ശരീരമുള്ള
ശരീരഭേദം നാ. ശരീരത്തിൻെറ തകർച്ച
ശരീരം നാ. 1. ദേഹം; 2. ഏതെങ്കിലും സരൂപമായ ഖരവസ്തു;
3. സ്വന്തം മൂർത്തരൂപം; 4. ശാരീരികബലം
ശരീരയഷ്ടി നാ. മെലിഞ്ഞ ശരീരം
ശരീരരക്ഷ നാ. ശരീരത്തിൻെറ സംരക്ഷണം
ശരീരവത്ത് വി. ശരീരത്തോടുകൂടിയ
ശരീരവൃത്തി നാ. 1. ഉപജീവനം; 2. ജീവൻ നിലനിർത്തൽ
ശരീരവൈകല്യം നാ. 1. ശരീരത്തിനുള്ള ന്യൂനത; 2. രോഗം
ശരീരസംസ്കാരം നാ. 1. ശരീരം ശുദ്ധീകരിക്കൽ; 2. ശരീരാലങ്കരണം
ശരീരാന്തരം നാ. 1. മറ്റൊരു ശരീരം; 2. ശരീരത്തിൻെറ ഉൾഭാഗം
ശരീരി വി. 1. ശരീരമുള്ള; 2. മൂർത്തമായ
ശരു നാ. 1. അമ്പ്; 2. വാണം; 3. ഇന്ദ്രൻെറ വജ്രം
ശര്യ നാ. 1. രാത്രി; 2. വിരൽ; 3. അമ്പ്
ശര്യൻ നാ. യോദ്ധാവ്
ശര്യം നാ. 1. അമ്പ്; 2. വാണം
ശലകം നാ. എട്ടുകാലി
ശലങ്ഗൻ നാ. രാജാവ്
ശലൻ നാ. 1. ബ്രഹ്മാവ്; 2. ഒരു ശിവപാർഷദൻ
ശലഭകം നാ. ഈയാമ്പാറ്റ
ശലഭൻ നാ. ദേവഗന്ധർവൻ
ശലഭം നാ. 1. ഈയാമ്പാറ്റ; 2. ചിത്രശലഭം
ശലം നാ. 1. ഒട്ടകം; 2. കുന്തം; 3. വടി
ശലലം നാ. ശലാക
ശലലി നാ. 1. മുള്ളൻപന്നിയുടെ മുള്ള്; 2. ചെറിയ
മുള്ളൻപന്നി
ശലാക നാ. 1. കുറുവടി; 2. ലോഹക്കഷണം; 3. പക്ഷികളെ
പിടിക്കാനായി ചുണ്ണാമ്പുതാച്ച കമ്പ്
ശലാടം നാ. ഒരുവണ്ടി ഭാരം
ശലാടു നാ. 1. പച്ചക്കായ്; 2. മൂക്കാത്ത കായ്; 3. കൂവളം
ശലാഭോലി നാ. ഒട്ടകം
ശലാലു നാ. ഒരു സുഗന്ധവസ്തു
ശല്കം നാ. 1. ചീള്; 2. ചീകിയെടുത്ത പാളി; 3. ധാന്യമാവ്
ശല്കലം നാ. ശല്കം
ശല്കലി നാ. ശല്കമുള്ളത്, മത്സ്യം
ശല്യകണ്ഠം നാ. മുള്ളൻപന്നി

ശല്യകം നാ. 1. മുള്ളൻപന്നി; 2. മലങ്കാര; 3. ഉടക്കുളി
ശല്യക്രിയ നാ. ശസ്ത്രചികിത്സ
ശല്യം നാ. 1. കുന്തം; 2. അമ്പ്; 3. ചാട്ടുളി; 4. ഇരുമ്പുമുനയുള്ള പാര; 5. മുള്ളൻപന്നി; 6. വേലി; 7. കൂവളം; 8. മലങ്കാര; 9. ഉപദ്രവം. (പ്ര) ശല്യം ചെയ്യുക = ഉപദ്രവിക്കുക
ശല്ലകം നാ. 1. പട്ട; 2. മുള്ളൻപന്നി
ശല്ലകി നാ. 1. മുള്ളൻ; 2. ഈന്തിൽ
ശല്ലകീദ്രവം നാ. കുന്തുരുക്കം
ശല്ലം നാ. 1. തവള; 2. മരപ്പട്ടി
ശല്ലാവ് നാ. 1. സാലു; 2. നേരിയ വസ്ത്രം
ശവകാമ്യം നാ. നായ്
ശവക്കല്ലറ നാ. 1. ശവം അടക്കംചെയ്ത സ്ഥാനം; 2. അതിന്മേൽ പണികഴിപ്പിച്ച സ്മാരകം
ശവക്കോട്ട നാ. ശവങ്ങൾ അടക്കംചെയ്യാൻ വേണ്ടി കെട്ടിയടച്ച സ്ഥലം
ശവദാഹം നാ. ശവം ദഹിപ്പിക്കൽ
ശവപ്പറമ്പ് നാ. 1. ശവങ്ങൾ അടക്കംചെയ്യാൻ നീക്കിവച്ചിട്ടുള്ള പറമ്പ്; 2. ശ്മശാനം
ശവപ്പെട്ടി നാ. ശവം അടക്കംചെയ്യാനുള്ള പെട്ടി
ശവം നാ. 1. മൃതദേഹം; 2. ജഡം
ശവശരീരം നാ. ജഡം
ശവസംസ്കാരം നാ. 1. ശവമടക്കൽ; 2. ശവം ദഹിപ്പിക്കലും അതിനോടനുബന്ധിച്ചുള്ള ക്രിയകളും
ശവസാനൻ നാ. വഴിപോക്കൻ
ശവസാനം നാ. പാത
ശശകം നാ. മുയൽ
ശശധരൻ നാ. ചന്ദ്രൻ
ശശധരം നാ. കർപ്പൂരം
ശശൻ നാ. പുരുഷന്മാരെ നാലുതരമായി തിരിച്ചിട്ടുള്ളതിൽ ഒരു വിഭാഗം
ശശപ്ലുതകം നാ. നഖക്ഷതം
ശശം നാ. 1. മുയൽ; 2. ചന്ദ്രനിലെ കറുത്ത പാട്; 3. പാച്ചോറ്റി
ശശമദം നാ. 1. കസ്തൂരി; 2. മൃഗമദം
ശശലക്ഷ്മൻ നാ. ചന്ദ്രൻ
ശശവിഷാണം നാ. 1. മുയൽക്കൊമ്പ്; 2. ഇല്ലാത്തവസ്തു
ശശാങ്കൻ നാ. ചന്ദ്രൻ
ശശാങ്കം നാ. കർപ്പൂരം
ശശാദൻ നാ. മുയലിനെ ഭക്ഷിക്കുന്നവൻ
ശശി നാ. 1. ചന്ദ്രൻ; 2. പച്ചക്കർപ്പൂരം
ശശികല നാ. 1. ചന്ദ്രക്കല; 2. ഒരു വൃത്തം
ശശികാന്തം നാ. 1. വെളുത്ത ആമ്പൽ; 2. ചന്ദ്രകാന്തം

ശശിജൻ നാ. ബുധൻ
1347
ശസിധരൻ നാ. ശിവൻ
ശശിനി നാ. ചന്ദ്രൻെറ 16 കലകളിൽ ഒന്ന്
ശശിപ്രഭം നാ. 1. മത്ത്; 2. ആമ്പൽ
ശശിപ്രിയ നാ. ആമ്പൽപ്പൊയ്ക
ശശിഭൂഷണൻ നാ. ശിവൻ
ശശിമുഖി നാ. ചന്ദ്രമുഖി
ശശിലേഖ നാ. 1. ചന്ദ്രക്കല; 2. കാർകോകിൽ
ശശിശകലം നാ. ചന്ദ്രക്കല
ശശോർണം നാ. മുയലിൻെറ രോമം
ശശ്വത് അവ്യ. എല്ലായ്പ്പോഴും; വീണ്ടും വീണ്ടും, വഴിപോലെ, ഒന്നിച്ച്
ശഷ്കുലി നാ. 1. ചക്കുലിമീൻ; 2. ചെവിയുടെ അകത്തെ തട്ട്; 3. കഞ്ഞി; 4. ഒരുതരം സർപ്പം; 5. ഒരു കർണരോഗം
ശഷ്പം നാ. 1. (ചപ്പ്)ഇളമ്പുല്ല്, ഉണക്കപ്പുല്ല്, കരിങ്കറുക; 2. ഗുഹ്യരോമം
ശസനം നാ. 1. യാഗത്തിനുള്ള ജന്തു ഹിംസ; 2. കൊല; 3. മുറിവേൽപ്പിക്കൽ
ശസ്ത1 വി. 1. പ്രശംസിക്കപ്പെട്ട; 2. ഉച്ചരിക്കപ്പെട്ട; 3. സുഖമുള്ള; 4. ശ്രേഷ്ഠതയുള്ള; 5. മങ്ഗളമായ
ശസ്ത2 വി. മുറിവേൽപ്പിച്ച, കൊല്ലപ്പെട്ട
ശസ്തി നാ. സ്തുതി, പ്രശംസ
ശസ്ത്രകം നാ. 1. ഇരുമ്പ്; 2. ഉരുക്ക്; 3. ശസ്ത്രം
ശസ്ത്രകാരൻ നാ. ആയുധം ഉണ്ടാക്കുന്നവൻ
ശസ്ത്രക്രിയ നാ. ആയുധപ്രയോഗംകൊണ്ടുള്ള ചികിത്സ
ശസ്ത്രഗ്രഹണം നാ. യുദ്ധം
ശസ്ത്രജീവി നാ. ആയോധനം തൊഴിലായി സ്വീകരിച്ചിരിക്കുന്നവൻ, ഭടൻ
ശസ്ത്രദൻ നാ. ആയുധം കൊടുക്കുന്നവൻ
ശസ്ത്രം1 നാ. 1. ആയുധം (ശസു ഹിംസയാം – ഇതുകൊണ്ടു ഹിംസിക്കുന്നതിനാൽ); 2. ലോഹം (ഇരുമ്പ്); 3. അമ്പ് (മന്ത്രോച്ചാരണപൂർവം പ്രയോഗിക്കുന്നത് അസ്ത്രം അല്ലാത്തത് ശസ്ത്രം); 4. (ശസ്ത്രക്രിയയ്ക്കുള്ള) ഉപകരണം, കരു; 5. ആവർത്തനം
ശസ്ത്രം2 നാ. 1. സ്തുതി, സ്തോത്രം; 2. ഉച്ചാരണം
ശസ്ത്രമാർജൻ നാ. കടച്ചിക്കൊല്ലൻ
ശസ്ത്രവാൻ നാ. ആയുധധാരി, യോദ്ധാവ്
ശസ്ത്രാജീവൻ നാ. ശസ്ത്രജീവി
ശസ്ത്രായസം നാ. 1. ഉരുക്ക്; 2. ഇരുമ്പ്
ശസ്ത്രാസ്ത്രവിദ്യ നാ. യുദ്ധവിദ്യ, വാൾപ്പയറ്റും ധനുർവിദ്യയും
ശസ്ത്രി വി. ശസ്ത്രമുള്ള, ആയുധം ധരിച്ച. നാ. കത്തി

ശസ്യ വി. പ്രശംസിക്കത്തക്ക, സ്തുതിക്കത്തക്ക, ഉത്തമമായ
ശഹീദ് [അറ] നാ. (രക്ത) സാക്ഷി
ശാക വി. ശകന്മാരെ സംബന്ധിച്ച, ശകന്മാരോടു ബന്ധപ്പെട്ട
ശാകട വി. 1. വണ്ടിയെ സംബന്ധിച്ച; 2. വണ്ടിയിൽ പോകുന്ന; 3. വണ്ടിവലിക്കുന്ന
ശാകടം നാ. 1. വണ്ടിവലിക്കുന്ന മൃഗം; 2. ഞമ; 3. നറുവരി; 4. പച്ചക്കറിത്തോട്ടം; 5. ഒരുവണ്ടി ഭാരം
ശാകടായനൻ നാ. ഒരു പുരാതന വൈയാകരണൻ
ശാകടിക വി. 1. വണ്ടിയോടു ബന്ധപ്പെട്ട; 2. വണ്ടിയിൽ പോകുന്ന
ശാകടികൻ നാ. 1. വണ്ടിക്കാരൻ; 2. വണ്ടിയിൽ യാത്രചെയ്യുന്നവൻ
ശാകടീന വി. വണ്ടിയെ സംബന്ധിച്ച
ശാകടീനം നാ. ഒരുവണ്ടി ഭാരം, 20 തുലാം
ശാകദീക്ഷ നാ. സസ്യഭോജനവ്രതം
ശാകപത്രം നാ. 1. ചീരയില; 2. മുരിങ്ങ
ശാകം1 നാ. ശകവർഷം
ശാകം2 നാ. 1. ശക്തി; 2. വമ്പ്; 3. പച്ചക്കറി; 4. ചീര; 5. ശാകദ്വീപം; 6. സഹായം
ശാകംബരി നാ. ദുർഗ
ശാകംഭരി നാ. ദുർഗ, പാർവതി
ശാകയോഗ്യം നാ. കൊത്തമല്ലി
ശാകല വി. ശകലത്തെ സംബന്ധിച്ച
ശാകല്യൻ നാ. ഒരു പുരാതന വൈയാകരണൻ
ശാകവാടം നാ. പച്ചക്കറിത്തോട്ടം
ശാകവാടിക നാ. പച്ചക്കറിത്തോട്ടം
ശാകാരി നാ. സംസ്കൃതനാടകത്തിലെ ശകാരൻ സംസാരിക്കുന്ന ഭാഷ
ശാകാശനം നാ. സസ്യഭക്ഷണം
ശാകാഹാരം നാ. സസ്യാഹാരം
ശാകുണം വി. പശ്ചാത്തപിക്കുന്ന
ശാകുന വി. 1. ശാകുണ; 2. ശകുനത്തെ സംബന്ധിച്ച; പക്ഷിയെ സംബന്ധിച്ച; 4. പക്ഷിയുടെ സ്വഭാവമുള്ള
ശാകുനൻ നാ. പക്ഷിപിടിത്തക്കാരൻ
ശാകുനിക വി. 1. ശകുനത്തെ സംബന്ധിച്ച; 2. പക്ഷിയെ സംബന്ധിച്ച
ശാകുനികൻ നാ. 1. പക്ഷിപിടിത്തക്കാരൻ; 2. പ്രാപ്പിടിയൻ; 3. മുക്കുവൻ
ശാകുന്തളം നാ. ശകുന്തളയുടെ കഥ
ശാകുന്തളേയൻ നാ. ശകുന്തളയുടെ പുത്രൻ
ശാകുന്തികൻ നാ. പക്ഷിപിടിത്തക്കാരൻ

ശാകുലികൻ നാ. മുക്കുവൻ
ശാകോദന,ം നാ. 1. ചീരക്കറി; 2. ചീരക്കറിയും ചോറും
ശാക്കരം നാ. കാള
ശാക്ത വി. ശക്തിയെ സംബന്ധിച്ച
ശാക്തൻ നാ. ശക്തിപൂജകൻ
ശാക്തികൻ നാ. 1. ശക്തിപൂജകൻ; 2. കുന്തക്കാരൻ; 3. വേൽക്കാരൻ
ശാക്തേയൻ നാ. 1. ശാക്തൻ; 2. പിരാടൻ; 3. കൗളകൻ; 4. പരാശരൻ
ശാക്ത്യൻ നാ. ശാക്തേയൻ
ശാക്യൻ നാ. ശാക്യവംശത്തിൽ ജനിച്ചവൻ
ശാക്യമുനി നാ. ശ്രീബുദ്ധൻ
ശാക്യസിംഹൻ നാ. ശ്രീബുദ്ധൻ
ശാക്രി നാ. 1. ശചി; 2. ദുർഗ
ശാക്വരം നാ. ശക്വരം, കാള (ശാക്കരം)
ശാഖ നാ. 1. വൃക്ഷത്തിൻെറയോ ചെടിയുടെയോ കൊമ്പ്; 2. പിരിവ്; 3. തായ്വഴി; 4. കയ്യ്
ശാഖക്കാരൻ നാ. തായ്വഴിയിൽപ്പെട്ടവൻ
ശാഖൻ നാ. സുബ്രഹ്മണ്യൻ
ശാഖാചംക്രമണം നാ. 1. മരക്കൊമ്പുകൾതോറുമുള്ള ചാട്ടം; 2. സംസാരിക്കുന്നതിനിടയ്ക്ക് മുഖ്യവിഷയത്തിൽ നിന്നു വ്യതിചലിച്ച് അപ്രസക്തമായ കാര്യങ്ങൾ അടിക്കടി പറയുന്ന രീതി
ശാഖാമൃഗം നാ. 1. കുരങ്ങ്; 2. അണ്ണാൻ
ശാഖാരഥ്യ നാ. പിരിഞ്ഞുപോകുന്ന വഴി
ശാഖാശനം നാ. ഒട്ടകം
ശാഖി വി. 1. കൊമ്പുകളുള്ള; 2. ശാഖകളുള്ള. നാ. 1. വൃക്ഷം; 2. വേദം
ശാഖോടം നാ. പരുവമരം
ശാഖോപശാഖ വി. ശാഖകളും ഉപശാഖകളും ഉള്ള, പല പിരിവുകളും ഉൾപ്പിരിവുകളുമുള്ള. നാ. ശാഖകളും ഉപശാഖകളും
ശാങ്കര നാ. ശങ്കരനെ സംബന്ധിച്ച, ശങ്കരാചാര്യരുടെതായ
ശാങ്കരം നാ. ശിവൻെറ വാഹനം, കാള
ശാങ്കരി നാ. 1. ശങ്കരൻെറ പുത്രൻ; 2. അഗ്നി; 3. സ്കന്ദൻ; 4. ഗണപതി
ശാങ്ഖികൻ നാ. 1. ശങ്ഖുകൊണ്ടു പണിചെയ്യുന്നവൻ; 2. ശങ്ഖുവിളിക്കുന്നവൻ
ശാചി വി. 1. ബലമുള്ള; 2. കീർത്തിയുള്ള
ശാടം നാ. 1. വസ്ത്രം; 2. സാരി. താരത ആട
ശാടി നാ. 1. വസ്ത്രം; 2. കഞ്ചുകം; 3. സാരി; 4. കപ്പൽപ്പായ്
ശാട്യായനം നാ. പ്രായശ്ചിത്തകർമം
ശാഡ്വലം നാ. പുല്ലു തിങ്ങിവളരുന്ന സ്ഥലം

ശാണ1 നാ. 1. ചാണ; 2. പാറ
ശാണ2 വി. ചണംകൊണ്ടുള്ള
ശാണം നാ. 1. ഉരകല്ല്; 2. ഒരു അളവ്; 3. 60 ബിന്ദു; 4. 3/4 കഴഞ്ചു തൂക്കം; 5. അറപ്പുവാൾ; 6. ചണവസ്ത്രം
ശാണാജീവൻ നാ. ആയുധം ചാണയ്ക്കുവയ്ക്കുന്നവൻ
ശാണി1 നാ. 1. ചാണ; 2. ചണം; 3. ഇങ്ഗിതം; 4. കീറിയ വസ്ത്രം
ശാണി2 നാ. കുറാശാണി
ശാണിത വി. ചാണയ്ക്കുവയ്ക്കപ്പെട്ട; 2. മൂർച്ചകൂട്ടിയ
ശാണ്ഡില്യൻ നാ. ഒരു മുനി
ശാണ്ഡില്യം നാ. കൂവളവൃക്ഷം
ശാത1 വി. 1. മൂർച്ചയുള്ള; 2. കൃശമായ; 3. ശോഭയുള്ള; 4. ദുർബലമായ
ശാത2 വി. 1. സന്തോഷമുള്ള; 2. അഴകുള്ള; 3. ശോഭയുള്ള
ശാതകുംഭം നാ. 1. സ്വർണം; 2. ഉമ്മത്ത്
ശാതനം നാ. 1. മൂർച്ചവരുത്തൽ; 2. ഛേദനം; 3. നശിപ്പിക്കൽ
ശാതനൻ നാ. നശിപ്പിക്കുന്നവൻ
ശാതൻ നാ. 1. ദുർബലൻ; 2. കൃശശരീരൻ
ശാതം1 നാ. ഉമ്മത്ത്
ശാതം2 നാ. 1. സന്തോഷം; 2. സുഖം
ശാതം3 നാ. ചോറ്
ശാതമാന വി. ശാതമാനത്തെ സംബന്ധിച്ച
ശാതശിഖ വി. കൂർത്ത മുനയുള്ള
ശാതോദരി നാ. കൃശോദരി, സുന്ദരി
ശാത്രവ വി. 1. ശത്രുവിനെ സംബന്ധിച്ച; 2. ശത്രുവായ
ശാത്രവം നാ. 1. ശത്രുത; 2. ശത്രുസമൂഹം
ശാത്രവീയ വി. 1. ശത്രുവിനെ സംബന്ധിച്ച; 2. ശത്രുതയുള്ള
ശാദം നാ. ഇളംപുല്ല്
ശാദ്വല വി. പുല്ല് ധാരാളമുള്ള
ശാദ്വലം നാ. പുൽപ്പരപ്പ്
ശാനപാദം നാ. 1. ചാണ; 2. പാരിയാത്ര പർവതം
ശാനം നാ. 1. ഉരകല്ല്; 2. ചാണ
ശാന്ത1 വി. 1. ശമിപ്പിക്കപ്പെട്ട; 2. അടക്കമുള്ള; 3. സംതൃപ്തമായ; 4. വിനയമുള്ള; 5. കെടുത്തിയ; 6. ഇണക്കമുള്ള; 7. അരേണുകം; 8. കരിങ്കറുക; 9. നശിപ്പിക്കപ്പെട്ട; 10. ക്ഷോഭമില്ലാത്ത; 11. മരിച്ച
ശാന്ത2 നാ. ഒരു സ്ത്രീനാമം
ശാന്തത നാ. ശാന്തഭാവം, സമാധാനം
ശാന്തൻ നാ. 1. അടക്കമുള്ളവൻ; 2. സന്യാസി
ശാന്തനവൻ നാ. ശന്തനുവിൻെറ പുത്രൻ, ഭീഷ്മർ
ശാന്തം നാ. 1. ശാന്തി; 2. സംതൃപ്തി

ശാന്തരസം നാ. ശമഭാവത്തിൽനിന്നു ജനിക്കുന്ന ആനന്ദാനുഭൂതി, നവരസങ്ങളിൽ ഒന്ന്
ശാന്തി നാ. 1. ശാന്തത; 2. സമാധാനം; 3. ക്ഷോഭമില്ലാത്ത അവസ്ഥ; 4. ആശ്വാസം; 5. ശാന്തിക്കാരൻ; 6. ശുഭം; 7. ദുർഗ; 8. പരിഹാരം; 9. പ്രായശ്ചിത്തകർമം; 10. പൂജാകർമം
ശാന്തിക്കാരൻ നാ. ക്ഷേത്രത്തിൽ പൂജ നടത്തിവരുന്നവൻ
ശാന്തിവൃത്തി നാ. ക്ഷേത്രത്തിലെ ശാന്തിവൃത്തികൊണ്ടുള്ള ഉപജീവനം
ശാന്തിഹോമം നാ. ആപത്തു ശമിക്കുന്നതിനുവേണ്ടിയുള്ള ഹോമം
ശാപഗ്രസ്തൻ നാ. ശാപത്തിന് ഇരയായവൻ
ശാപനിവൃത്തി നാ. ശാപത്തിൽ നിന്നുള്ള മോചനം
ശാപം നാ. 1. ശപിക്കൽ; 2. ദോഷംവരട്ടെയെന്നുള്ള പ്രസ്താവം; 3. പിരാക്ക്; 4. ദുർവിധി; 5. ശപഥം
ശാപിത വി. 1. ശപിക്കപ്പെട്ട; 2. ശപഥം ചെയ്യപ്പെട്ട
ശാപ്പാട് നാ. 1. ഊണ്; 2. ഭക്ഷണം
ശാപ്പാട്ടുരാമൻ നാ. ഭക്ഷണപ്രിയൻ
ശാഫരികൻ നാ. മുക്കുവൻ
ശാഫി [അറ] നാ. മുസ്ലിം, സുന്നിവിഭാഗത്തിൽപ്പെട്ടയാൾ
ശാബം നാ. മൃഗക്കുട്ടി
ശാബര വി. 1. കാട്ടാളനെ സംബന്ധിച്ച; 2. കിരാതനായ; 3. പരിഷ്കാരമില്ലാത്ത; 4. നീചനായ
ശാബരം നാ. 1. പാച്ചോറ്റി; 2. അപരാധം; 3. വ്രണം; 4. ഇരുട്ട്; 5. ചെമ്പ്
ശാബരി നാ. ശബരന്മാർ സംസാരിച്ചിരുന്ന പ്രാകൃത ഭാഷ
ശാബ്ദ വി. 1. ശബ്ദത്തെ സംബന്ധിച്ച; 2. വാഗ്രൂപമായ; 3. മുഴക്കമുള്ള
ശാബ്ദൻ നാ. ശാബ്ദികൻ
ശാബ്ദികൻ നാ. 1. വൈയാകരണൻ; 2. നിഘണ്ടുകാരൻ
ശാംബരി നാ. 1. ഇന്ദ്രജാലം; 2. മായ; 3. ആഭിചാരിണി; 4. മന്ത്രവാദിനി
ശാംബവികൻ നാ. ശങ്ഖുവിൽപ്പനക്കാരൻ
ശാംബുകം നാ. കക്ക
ശാംഭവൻ നാ. 1. ശൈവൻ; 2. ശിവൻെറ പുത്രൻ
ശാംഭവം നാ. 1. ശംഭുവിനെ സംബന്ധിച്ചത്, വിഷം; 2. കൊക്കുമന്താരം; 3. കർപ്പൂരം; 4. ദേവതാരം
ശാംഭവി നാ. 1. ശ്രീപാർവതി; 2. ബ്രഹ്മരന്ധ്രം
1349
ശാമനൻ നാ. ശമനൻ, യമൻ
ശാമനം നാ. 1. വധം; 2. മനശ്ശാന്തി; 3. അവസാനം; 4. സമാധാനം
ശാമനി നാ. തെക്കുദിക്ക്

ശാമിത്രം നാ. 1. യജ്ഞത്തിലെ മൃഗബലി; 2. ബലി മൃഗത്തിന്റെ മാംസം പാകം ചെയ്യാനുള്ള അഗ്നി
ശാമിയാന [പേര്‍] നാ. 1. തുറസ്സായ സ്ഥലത്ത് വെയില്‍ ഏല്‍ക്കാതിരിക്കാന്‍ സ്ഥാപിക്കുന്ന കുടപോലുള്ള ഉപകരണം; 2. താത്കാലികമായ തുണിപ്പന്തല്‍
ശാമിലി നാ. യാഗത്തിനുപയോഗിക്കുന്ന തവി
ശാമീനം നാ. 1. ചാമ്പല്‍; 2. യാഗത്തവി
ശാമീലം നാ. ചാമ്പല്‍
ശാമീലി നാ. 1. മാല; 2. നെറ്റിപ്പട്ടം
ശാമ്പ്രാണി നാ. സാമ്പ്രാണി
ശാമ്പ്രാണിമരം നാ. കാറ്റാടി
ശാമ്യ വി. ശമിപ്പിക്കത്തക്ക
ശായം നാ. 1. ശയനം; 2. സായകം; 3. ശയനം
ശായിത വി. ശയിക്കപ്പെട്ട
ശാര്‍ക്കം നാ. 1. പഞ്ചസാര; 2. കല്‍ക്കണ്ട്; 3. പാലാട
ശാര്‍ക്കര വി. 1. ചരല്‍ നിറഞ്ഞ; 2. കല്ലു നിറഞ്ഞ; 3. പഞ്ചസാരമയമായത്
ശാര്‍ക്കരക വി. 1. ചരല്‍ നിറഞ്ഞ; 2. കല്ലു നിറഞ്ഞ
ശാര്‍ക്കരം നാ. 1. കല്ലുനിറഞ്ഞ സ്ഥലം; 2. ചരല്‍ നിലം; 3. ചരല്‍പ്പാത
ശാര്‍ങ്ഗ വി. 1. കൊമ്പുകൊണ്ടു നിര്‍മിച്ച; 2. വില്ലു ധരിച്ച
ശാര്‍ങ്ഗകം നാ. ശാര്‍ങ്ഗപ്പക്ഷി
ശാര്‍ങ്ഗദേവന്‍ നാ. സങ്ഗീതരത്നാകരം എന്ന സങ്ഗീതശാസ്ത്രഗ്രന്ഥത്തിന്റെ കര്‍ത്താവ്
ശാര്‍ങ്ഗധനുസ്സ് നാ. ശാര്‍ങ്ഗപാണി
ശാര്‍ങ്ഗന്‍ നാ. വില്ലു ധരിച്ചവന്‍
ശാര്‍ങ്ഗപാണി നാ. 1. വിഷ്ണു; 2. കൃഷ്ണന്‍
ശാര്‍ങ്ഗം നാ. 1. ശാര്‍ങ്ഗപ്പക്ഷി; 2. വിഷ്ണു ധരിച്ചിരിക്കുന്ന വില്ല്; 3. ഇഞ്ചി
ശാര്‍ങ്ഗി നാ. ശാര്‍ങ്ഗപാണി
ശാര്‍ദൂലന്‍ നാ. 1. ശ്രേഷ്ഠപുരുഷന്‍; 2. രാക്ഷസന്‍
ശാര്‍ദൂലം നാ. 1. പുലി; 2. ശരഭം; 3. ശ്രേഷ്ഠം; 4. കടുവ
ശാര്‍ദൂലവിക്രീഡിതം നാ. ഒരു വൃത്തം
ശാര്‍ധം നാ. യുദ്ധയാത്രയ്ക്കു കരുതുന്ന ഭക്ഷണസാമഗ്രി
ശാര്‍വര വി. 1. ക്രൂരതയുള്ള; 2. രാത്രിയിലുള്ള
ശാര്‍വരം നാ. ഇരുട്ട്
ശാര വി. പല നിറമുള്ള; 2. മഞ്ഞനിറമായ; 3. പുള്ളികളുള്ള
ശാരങ്ഗം നാ. 1. ആന; 2. മാന്‍; 3. വേഴാമ്പല്‍; 4.മയില്‍; 5 തേനീച്ച
ശാരദ1 വി. 1. ശരത്കാലത്തെ സംബന്ധിച്ച; 2. പുതുമയുള്ള; 3. തെളിഞ്ഞ; 4. ശാലീനതയുള്ള; 5. ലജ്ജയുള്ള

ശാരദ2 നാ. 1. സരസ്വതി; 2. ദുർഗ; 3. ഓരിലത്താമര
ശാരദം നാ. 1. ആണ്ട്; 2. ഏഴിലംപാല; 3. ചെറുപയറ്; 4. ഇലഞ്ഞി
ശാരദി നാ. 1. കാർത്തികമാസത്തിലെ പൗർണമി; 2. ബ്രഹ്മി; 3. നറുനീണ്ടി
ശാരദികം നാ. 1. ശരത്കാലത്തുണ്ടാകുന്ന രോഗം; 2. ആട്ടബലി
ശാരദീയ വി. ശരത്കാലം സംബന്ധിച്ച
ശാരദേന്ദു നാ. ശരത്കാലത്തെ ചന്ദ്രൻ
ശാരം നാ. 1. ശബളവർണം; 2. വായു; 3. കാറ്റ്; 4. ചതുരങ്ഗക്കളി
ശാരി നാ. 1. ചതുരങ്ഗക്കുരു; 2. ചെറിയ പന്ത്; 3. ചൂത്; 4. ചതി; 5. ദർഭ; 6. ആനക്കൊട്ടിൽ
ശാരിക നാ. 1. പഞ്ചവർണക്കിളി; 2. മൈന; 3. ഫിഡിൽ വായിക്കാനുള്ള വില്ല്
ശാരിപ്പട്ട നാ. 1. ചതുരങ്ഗപ്പലക; 2. ചൂതുപടം
ശാരിഫലകം നാ. ശാരിപ്പട്ട
ശാരിബ നാ. നറുനീണ്ടി
ശാരീര വി. 1. ശരീരത്തെ സംബന്ധിച്ച; 2. ശരീരത്തിലുള്ള
ശാരീരകം നാ. 1. ജീവാത്മാവ്; 2. വേദാന്തസൂത്രം
ശാരീരം നാ. 1. ശരീരഘടന; 2. ശരീരസ്ഥമായ ആത്മാവ്; 3. ഗായകൻെറ നാദം; 4. മലം
ശാരീരിക വി. ശാരീര
ശാരുക വി. 1. അഹിതകരമായ; 2. ഉപദ്രവകരമായ
ശാല നാ. 1. കെട്ടിയടച്ച സ്ഥലം; 2. ഭിത്തി; 3. കൊത്തളം; 4. തൊഴിൽ ശാല; 5. നാടക ശാല; 6. രങ്ഗശാല
ശാലകൻ നാ. വിദൂഷകൻ
ശാലഗ്രാമം നാ. സാളഗ്രാമം
ശാലൻ നാ. ശാലിവാഹനൻ
ശാലഭഞ്ജിക നാ. 1. ഒരു വിഗ്രഹം; 2. വേശ്യ; 3. പ്രതിമ
ശാലാകൻ നാ. ശാലാതുരത്തിൽ ജനിച്ചവൻ, പാണിനി
ശാലാകി നാ. 1. കുന്തക്കാരൻ; 2. ശസ്ത്രക്രിയ ചെയ്യുന്നവൻ; 3. ക്ഷുരകൻ
ശാലാമൃഗം നാ. കുറുക്കൻ
ശാലാരം നാ. 1. പക്ഷിക്കൂട്; 2. കോവണി; 3. ആനയുടെ നഖം
ശാലാവൃകം നാ. 1. നായ്; 2. ചെന്നായ്; 3. പൂച്ച; 4. കുറുനരി; 5. കുരങ്ങ്
ശാലി1 നാ. വെരുക്
ശാലി2 വി. പ്രകാശമുള്ള; 2. ഗൃഹസംബന്ധിയായ
ശാലികൻ നാ. ചാലിയൻ (ശാലിയൻ)
ശാലികം നാ. 1. കരം; 2. ചാലിയത്തെരുവ്

ശാലിനി നാ. 1. ഗൃഹനായിക; 2. അരുന്ധതി
ശാലിപിഷ്ടം നാ. 1. സ്ഫടികം; 2. അരിമാവുകുഴച്ചത്
ശാലിവാഹൻ നാ. ശകാബ്ദസ്ഥാപകനായ രാജാവ്
ശാലിഹോത്രം നാ. 1. കുതിര; 2. അശ്വവിദ്യ
ശാലിഹോത്രി നാ. കുതിര
ശാലീന വി. 1. ലജ്ജയുള്ള; 2. അനാഡംബരമായ; 3. സദൃശ്യമായ
ശാലീനത നാ. 1. വിനീതഭാവം; 2. ലജ്ജാശീലം
ശാലീനൻ നാ. ഗൃഹനായകൻ
ശാലീനം നാ. 1. താമരക്കിഴങ്ങ്; 2. കാട്ടുശതകുപ്പ
ശാലു നാ. 1. ആമ്പൽക്കിഴങ്ങ്; 2. തവള
ശാലുകം നാ. ശാലൂകം; 1. തവള; 2. ജാതിക്ക
ശാലുരം നാ. ശാലൂരം, തവള
ശാലേയം നാ. 1. കണ്ടിവെണ്ണ; 2. വിളഭൂമി
ശാല്മലം നാ. 1. ഇലവ്; 2. പാതാളത്തിലെ ഒരു നദി; 3. ഒരു നരകം
ശാല്മലിപ്രിയം നാ. തത്ത
ശാല്മലിവേഷ്ടം നാ. ഇലവിൻപശ
ശാല്യം നാ. ശാലി വിളയുന്ന സ്ഥലം
ശാല്വ നാ. ഒരുതരം പുതപ്പ്, സാൽവ
ശാല്വൻ നാ. സാല്വൻ, രാജാവ്
ശാവ വി. 1. കുരാൽ നിറമുള്ള; 2. ശവത്തെ സംബന്ധിച്ച
ശാവകം നാ. 1. ശാബകം; 2. മൃഗക്കുട്ടി
ശാവം1 നാ. പുല
ശാവം2 നാ. 1. ശാബം; 2. കുരാൽ നിറം
ശാശ്വത വി. നിത്യമായ. നാ. ഭൂമി
ശാശ്വതം അവ്യ. നിത്യമായിട്ട്. നാ. ആകാശം, മോക്ഷം
ശാശ്വതി1 നാ. 1. നിത്യൻ; 2. വ്യാസൻ; 3. ശിവൻ; 4. സൂര്യൻ
ശാശ്വതി2 നാ. ഭൂമി
ശാശ്വതിക നാ. നിത്യമായ
ശാഷ്കുല നാ. മാംസഭുക്കായ
ശാഷ്കുലികം നാ. ഒരുതരം അപ്പം
ശാസകൻ നാ. 1. ഭരണകർത്താവ്; 2. ശാസിക്കുന്നവൻ
ശാസന നാ. 1. പഠിപ്പിക്കൽ; 2. ശാസിക്കൽ; 3. ഭരണം; 4. വിധി; 5. ദാനപത്രം; 6. തെറ്റുതിരുത്തൽ
ശാസനം നാ. ശാസന
ശാസനീയ വി. ശാസിക്കത്തക്ക
ശാസം നാ. 1. സ്തുതി; 2. ആജ്ഞ
ശാസിക്കുക ക്രി. 1. ശിക്ഷിക്കുക; 2. ഭരിക്കുക; 3. അടക്കി നിറുത്തുക; 4. രക്ഷിക്കുക; 5. കല്പിക്കുക; 6. ഉപദേശിക്കുക; 7. താക്കീതുചെയ്യുക
ശാസിത വി. ശാസിക്കപ്പെട്ട

ശാസിതവ്യ വി. ശാസിക്കപ്പെടേണ്ട
ശാസ്യ വി. ശാസിക്കത്തക്ക
ശാസ്താംപാട്ട് നാ. അയ്യപ്പഭക്തന്മാരുടെ ഒരു അനുഷ്ഠാനം
ശാസ്താവ് നാ. 1. അയ്യപ്പൻ; 2. ബുദ്ധദേവൻ; 3. രാജാവ്; 4. ശാസകൻ
ശാസ്തി നാ. 1. ശാസന; 2. ഭരണം; 3. അധികാരം; 4. ശിക്ഷണം
ശാസ്ത്രകാരൻ നാ. 1. ശാസ്ത്രതത്ത്വങ്ങളുടെ ഉപജ്ഞാതാവ്; 2. ഋഷി
ശാസ്ത്രക്കളി നാ. ചാത്തിരക്കളി, യാത്രക്കളി
ശാസ്ത്രചക്ഷുസ്സ് നാ. വ്യാകരണം
ശാസ്ത്രജ്ഞ വി. ശാസ്ത്രം അറിയുന്ന
ശാസ്ത്രജ്ഞൻ നാ. 1. ശാസ്ത്രം ഗ്രഹിച്ചിട്ടുള്ളവൻ; 2. ശാസ്ത്രകാരൻ
ശാസ്ത്രം നാ. 1. വ്യവസ്ഥാപിതമായ പഠനം; 2. ഏതെങ്കിലും പ്രത്യേകവിഷയത്തെ സംബന്ധിച്ചുള്ള തത്ത്വസംഹിത; 3. ഭാരതത്തിലെ പരമ്പരാഗതവും വൈദികചിന്തയുടെ ഭാഗമായി വളർന്നു വന്നതുമായ വിശദീകരണാത്മകവിജ്ഞാനം; 4. വസ്തുനിഷ്ഠവും പ്രയോഗക്ഷമവുമായ വിജ്ഞാനം
ശാസ്ത്രവിത്ത് നാ. ശാസ്ത്രജ്ഞൻ
ശാസ്ത്രസിദ്ധ വി. ശാസ്ത്രങ്ങളാൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള
ശാസ്ത്രാങ്ഗം നാ. ജ്യോതിഷം
ശാസ്ത്രി1 നാ. 1. ശാസ്ത്രജ്ഞൻ; 2. നിയമ പണ്ഡിതൻ; 3. ഗുരു; 4. ഒരു ബിരുദം; 5. വിദ്വാൻ
ശാസ്ത്രി2 വി. 1. ശാസ്ത്രസംബന്ധമായ; 2. ശാസ്ത്രത്തിനു യോജിച്ച; 3. ശാസ്ത്രത്തിലുള്ള
ശാസ്ത്രോക്ത വി. ശാസ്ത്രത്തിൽ പ്രതിപാദിച്ചിട്ടുള്ള
ശാസ്യ വി. 1. ശാസിക്കത്തക്ക; 2. ഉപദേശം അർഹിക്കുന്ന; 3. ശിക്ഷ അർഹിക്കുന്ന
ശാഹ [പേർ] നാ. രാജാവ്
ശി1 വ്യാക്ഷേ അറപ്പ് വെറുപ്പ് പുച്ഛം ലജ്ജ തുടങ്ങിയവ പ്രകടിപ്പിക്കുന്ന ശബ്ദം
ശി2 നാ. 1. ശിവൻ; 2. ശുഭം; 3. ഭാഗ്യം; 4. ശാന്തത
ശിംശപ നാ. ഇരുവുൾമരം
ശിംശുമാരം നാ. 1. കടലാന; 2. മുതല; 3. നീർക്കുരങ്ങ്
ശിക്കാർ [പേർ] നാ. നായാട്ട്
ശിക്കാറി [പേർ] നാ. നായാട്ടുകാരൻ
ശിക്കുഥം നാ. മെഴുക്
ശിക്യം നാ. 1. ഉറി; 2. തുലാസിൻെറ ചരട്
ശിക്യിത വി. ഉറിയിൽ തൂക്കപ്പെട്ട
ശിക്ഷ നാ. 1. അധ്യാപനം; 2. അഭ്യാസം; 3. ഔചിത്യം; 4. ദാനം; 6. പൂർണത; 7. വിനയം. ശിക്ഷയാകുക = 1. ഒരുങ്ങുക; 2. വെടിപ്പാകുക
ശിക്ഷക നാ. 1. ശിക്ഷനൽകുന്നവൾ; 2. അഭ്യസിക്കുന്നവൾ

ശിക്ഷകൻ നാ. 1. ശിക്ഷനൽകുന്നവൻ; 2. പഠിപ്പിക്കുന്നവൻ, ഗുരു
ശിക്ഷണം നാ. 1. പഠിപ്പിക്കൽ; 2. ശാസനം; 3. പഠിത്തം; 4. ശിക്ഷിക്കൽ
ശിക്ഷണീയ വി. ശിക്ഷിക്കത്തക്ക
ശിക്ഷമാണൻ നാ. 1. ശിഷ്യൻ; 2. വിദ്യാർഥി
ശിക്ഷയിതാവ് നാ. 1. ശിക്ഷിക്കുന്നവൻ; 2. അഭ്യസിക്കുന്നവൻ
ശിക്ഷാകരൻ നാ. 1. അധ്യാപകൻ; 2. വ്യാസൻ
ശിക്ഷിക്കുക ക്രി. 1. ശിക്ഷ വിധിക്കുക; 2. ശിക്ഷ നൽകുക; 3. ശാസിക്കുക
ശിക്ഷിത വി. 1. ശിക്ഷിക്കപ്പെട്ട; 2. പഠിപ്പിക്കപ്പെട്ട
ശിക്ഷിതവ്യ വി. 1. ശിക്ഷിക്കത്തക്ക; 2. ഗുരു
ശിക്ഷ്യൻ നാ. 1. ശിക്ഷിക്കപ്പെടേണ്ടവൻ; 2. ശിഷ്യൻ; 3. ഭൃത്യൻ
ശിഖണ്ഡം നാ. 1. ഉച്ചിയിൽ വെട്ടിക്കളയാതെ നിർത്തുന്ന ഏതാനും രോമങ്ങൾ; 2. മയിലിൻെറ ഉച്ചിപ്പൂവ്; 3. മയിൽപ്പീലി; 4. കുടുമ
ശിഖണ്ഡി1 വി. കുടുമയുള്ള
ശിഖണ്ഡി2 നാ. 1. മയിൽ; 2. പൂവൻകോഴി; 3. വിഷ്ണു; 4. മഹാഭാരതകഥാപാത്രം; 5. അമ്പ്; 6. ചെമന്ന കുന്നി
ശിഖണ്ഡിക നാ. ഉച്ചിക്കുടുമ
ശിഖണ്ഡികം നാ. പൂവൻകോഴി
ശിഖൻ നാ. സിക്കുകാരൻ
ശിഖം നാ. 1. കൊടുമുടി; 2. കൂർത്ത അറ്റം; 3. കുടുമ; 4. കക്ഷം; 5. മാണിക്യം; 6. മുല്ലമൊട്ട്; 7. രോമാഞ്ചം
ശിഖരവാസിനി നാ. ദുർഗ
ശിഖരി വി. 1. ശിഖരമുള്ള; 2. കൂർത്ത; 3. പർവതം; 4. പാച്ചോറ്റി; 5. കുന്തുരുക്കം; 6. വൃക്ഷം
1351
ശിഖരിണി നാ. 1. ഒരു വൃത്തം; 2. ഉത്തമസ്ത്രീ; 3. വള്ളിമുല്ല; 4. രോമാവലി
ശിഖാമണി നാ. 1. ചൂഡാരത്നം; 2. ശ്രേഷ്ഠൻ
ശിഖാലംബി വി. ശിഖയിൽ തൂങ്ങിക്കിടക്കുന്ന
ശിഖാവത്ത് വി. 1. ശിഖയോടുകൂടിയ. നാ. 1. വിളക്ക്; 2. അഗ്നി; 3. കേതു
ശിഖാവലം നാ. ശിഖാവളം, മയിൽ
ശിഖാവാൻ നാ. 1. ശിഖയുള്ളവൻ; 2. അഗ്നി
ശിഖി1 വി. 1. ശിഖയുള്ള; 2. കൂർത്ത; 3. അഹങ്കാരിയായ
ശിഖി2 നാ. 1. മയിൽ; 2. വിളക്ക്; 3. കേതു; 4. പൂവൻകോഴി; 5. അമ്പ്; 6. ഉലുവ; 7. നീരാരൽ; 8. കാള; 9. കുതിര; 10. വൃക്ഷം
ശിഖിധ്വജൻ നാ. സുബ്രഹ്മണ്യൻ
ശിഖിപിഞ്ഛം നാ. മയിൽപ്പീലി

ശിഖിപുച്ഛം നാ. മയിൽപ്പീലി
ശിഖിയൂപം നാ. 1. മ്ലാവ്; 2. മാൻ
ശിഖിവാഹനൻ നാ. സുബ്രഹ്മണ്യൻ
ശിഗ്രു നാ. 1. മുരിങ്ങ; 2. ചീര; 3. ചട്ടിച്ചെടി
ശിഗ്രുബീജം നാ. വെളുത്ത മുളക്
ശിങ്കത്താൻ നാ. 1. ശിങ്കി; 2. ചിങ്കത്താൻ; 3. കാക്കാലൻ
ശിങ്കളം നാ. സിംഹളം
ശിങ്കാരം [പ.മ.] നാ. 1. ശൃങ്ഗാരം; 2. അലങ്കാരം; 3. അഴക്
ശിങ്കി നാ. 1. ശിങ്കു; 2. കാക്കാലൻ
ശിങ്കിടി നാ. ശങ്കിടി
ശിങ്കു നാ. കാക്കാലൻ
ശിങ്ഘാണം നാ. 1. നുര; 2. പത; 3. കഫം; 4. കണ്ണാടിപ്പാത്രം
ശിങ്ഘാത വി. മണപ്പിക്കപ്പെട്ട
ശിഞ്ജ നാ. 1. ആഭരണങ്ങളുടെ കിലുകിലു നാദം; 2. മുഴക്കം; 3. ഞാൺ
ശിഞ്ജന വി. കിലുങ്ങുന്ന
ശിഞ്ജി വി. ചിലമ്പുന്ന
ശിഞ്ജിത വി. കിലുകിലു ശബ്ദമുള്ള
ശിഞ്ജിതം നാ. 1. ആഭരണങ്ങളും മറ്റും കിലുങ്ങുമ്പോഴുണ്ടാകുന്ന നാദം; 2. ഞാണൊലി
ശിഞ്ജിനി നാ. 1. ഞാൺ; 2. കാലൊഴി; 3. തള
ശിത വി. 1. മൂർച്ചയേറിയ; 2. കൂർത്ത; 3. കൃശമായ; 4. ക്ഷീണിച്ച
ശിതധാര വി. മൂർച്ചയുള്ള
ശിതശൂകം നാ. 1. യവം; 2. ഗോതമ്പ്
ശിതാഗ്രം നാ. 1. മുള്ള്; 2. കൂർത്ത മുന
ശിതി വി. 1. കറുത്ത; 2. വെളുത്ത
ശിതികണ്ഠൻ നാ. ശിവൻ
ശിതിച്ഛദം നാ. അരയന്നം
ശിതിവാസസ്സ് നാ. 1. ബ്രഹ്മാവ്; 2. ബലരാമൻ
ശിഥില വി. 1. അയഞ്ഞ; 2. കുലഞ്ഞ; 3. കെട്ടഴിഞ്ഞ; 4. തളർന്ന; 5. ഉരുകിയ
ശിഥിലം നാ. 1. ശിഥിലമായ വർണം; 2. അയഞ്ഞ
ശിഥിലത വി. ശിഥിലമാക്കപ്പെട്ട
ശിഥിലീകരിക്കുക ക്രി. ശിഥിലമാക്കുക
ശിപായി [പേർ] നാ. 1. പ്യൂൺ; 2. ഭടൻ. ശിപായിലഹള = 1857 ൽ ബ്രിട്ടീഷു മേധാവികൾക്കെതിരായി ഇന്ത്യയിൽ നടന്ന സൈനിക കലാപം
ശിപാർശ [പേർ] നാ. 1. അനുകൂലമായ അഭിപ്രായപ്രകടനം; 2. ആനുകൂല്യത്തിനുവേണ്ടി നടത്തുന്ന നിവേദനം
ശിപി നാ. 1. ചർമം; 2. പശു; 3. ജലം; 4. രശ്മി
ശിപിവിഷ്ട വി. 1. കഷണ്ടിയായ; 2. രശ്മികളാൽ വ്യാപിക്കപ്പെട്ട; 3. കുഷ്ഠം പിടിച്ച

ശിപിവിഷ്ടൻ നാ. 1. കഷണ്ടിത്തലയൻ; 2. ശിവൻ; 3. വിഷ്ണു; 4. കുഷ്ഠരോഗി
ശിപ്പി നാ. മുത്തുച്ചിപ്പി
ശിപ്ര നാ. 1. കവിൾ; 2. നാസിക, ഉത്തരേന്ത്യയിലെ ഒരു നദി
ശിഫ നാ. 1. നദി; 2. മാതാവ്; 3. മാഞ്ചി; 4. ശതകുപ്പ; 5. നാരുള്ള കിഴങ്ങ്; 6. മഞ്ഞൾ; 7. വേട്; 8. ചാട്ടകൊണ്ടുള്ള അടി
ശിബി നാ. 1. ദാനശീലത്തിനു പ്രസിദ്ധനായ രാജാവ്; 2. പൂതണക്ക്; 3. ഇരതേടുന്ന മൃഗം
ശിബിക നാ. 1. പല്ലക്ക്; 2. പ്രേതമഞ്ചം
ശിബിരം നാ. 1. പട്ടാളക്കാരുടെ കൂടാരം; 2. കാവൽ
ശിബിരഥം നാ. പല്ലക്ക്
ശിമി നാ. 1. യത്നം; 2. അധ്വാനം; 3. ജോലി; 4. വ്യവസായം
ശിര നാ. സിര, ഞരമ്പ്
ശിരം നാ. 1. ശിരസ്സ്; 2. കിടക്ക; 3. വലിയ പാമ്പ്; 4. കുരുമുളകു ചെടിയുടെ വേര്
ശിരശ്ശൂലം നാ. തലവേദന
ശിരസാ അവ്യ. 1. ശിരസ്സുകൊണ്ട്; 2. പൂർണസമ്മതത്തോടെ
ശിരസി വി. 1. ശിരസ്സിൽ; 2. മുന്നണിയിൽ
ശിരസിജം നാ. തലമുടി
ശിരസിലിഖിതം നാ. തലയിലെഴുത്ത്
ശിരസ്ക നാ. പല്ലക്ക്
ശിരസ്കം നാ. 1. തലപ്പാവ്; 2. തലയിലെ കവചം
ശിരസ്തദാർ [പേർ] നാ. ഒരു ഉദ്യോഗസ്ഥൻ
ശിരസ്ത്രം നാ. 1. തൊപ്പി; 2. ലോഹത്തൊപ്പി
ശിരസ്യ വി. തലയെ സംബന്ധിച്ച
ശിരസ്യം നാ. വെടിപ്പാക്കിയ തലമുടി
ശിരസ്സ് വി. 1. തല; 2. അഗ്രം; 3. വൃക്ഷത്തിൻെറ തലപ്പ്; 4. മുൻഭാഗം; 5. സൈന്യത്തിൻെറ മുന്നണി
ശിരഃകമ്പം നാ. 1. തലകുലുക്കൽ; 2. വണങ്ങൽ
ശിരഃഫലം നാ. തെങ്ങ്
ശിരാള വി. ശരീരബലമുള്ള
ശിരി നാ. 1. വാൾ; 2. അമ്പ്; 3. വെട്ടുക്കിളി
ശിരോഗൃഹം നാ. മാളികമുറി
ശിരോഗ്രഹം നാ. തലവേദന
ശിരോജം നാ. തലമുടി
ശിരോധരം നാ. കഴുത്ത്
ശിരോമണി നാ. 1. തലയിൽ അണിയാനുള്ള രത്നം; 2. ശ്രേഷ്ഠമായ വസ്തു
ശിരോമാലി നാ. ശിവൻ
ശിരോമുണ്ഡനം നാ. തലമൊട്ടയടിക്കൽ
ശിരോരുക്ക് നാ. 1. ശിരോരുജം; 2. തലവേദന; 3. ഏഴിലംപാല

ശിരോരുജ നാ. തലവേദന
ശിരോരുഹം നാ. തലമുടി
ശിരോലങ്കാരം നാ. 1. ശിരസ്സിന് അണിയാനുള്ള അലങ്കാരവസ്തു; 2. ശ്രേഷ്ഠമായ വസ്തു
ശിരോലിഖിതം നാ. തലയിലെഴുത്ത്
ശിരോവർത്തി നാ. പ്രമാണി
ശിരോവേഷ്ടം നാ. തലപ്പാവ്
ശിരോസ്ഥി നാ. 1. ശിരസ്സിലെ അസ്ഥി; 2. തലയോട്
ശിരോഹാരി നാ. ശിവൻ
ശില നാ. 1. കല്ല്; 2. കല്ലിൽ കൊത്തിയ പ്രതിമ; 3. കർപ്പൂരം; 4. കന്മദം; 5. സിര
ശിലം നാ. കതിരു പെറുക്കൽ
ശിലാകുട്ടകം നാ. കല്ലുളി
ശിലാചയം നാ. കല്ലുകളുടെ കൂട്ടം
ശിലാജം നാ. 1. ഇരുമ്പ്; 2. ചേലേയം; 3. പെട്രോളിയം
ശിലാജന്തു നാ. 1. ഉപധാതുക്കളിൽ ഒന്ന്; 2. കന്മദം; 3. പൊൻകാരം
ശിലാജിത്ത് നാ. കന്മദം
ശിലാടകം നാ. 1. മാളികമുറി; 2. ദ്വാരം; 3. വേലി
ശിലാത്മജം നാ. ഇരുമ്പ്
ശിലാത്മക നാ. 1. തീച്ചൂള; 2. മൂശ
ശിലാധാതു നാ. പൊൻകാവി
ശിലാപട്ടം നാ. 1. വെണ്ണക്കൽപ്പലക; 2. കൽപ്പലക; 3. അരകല്ല്
ശിലാപുഷ്പം നാ. 1. കുന്തുരുക്കം; 2. ചേലേയം
ശിലാഭിത്ത് നാ. 'കല്ലിനെ ഭേദിക്കുന്നത്', കല്ലൂർവഞ്ചി
ശിലായു നാ. ഒരു കണ്ഠരോഗം
ശിലാരംഭ നാ. 1. മരവാഴ; 2. കല്ലുവാഴ
ശിലാരസം നാ. കുന്തുരുക്കം
ശിലാരാജൻ നാ. വജ്രം
ശിലാലേഖനം നാ. കല്ലിൽ കൊത്തിവച്ച രേഖ
ശിലാവർഷം നാ. 1. കന്മഴ; 2. ആലിപ്പഴം പൊഴിയൽ
ശിലാവൃഷ്ടി നാ. ശിലാവർഷം
ശിലാശാസനം നാ. കല്ലിൽ കൊത്തിവച്ച അനുശാസനം അഥവാ വിജ്ഞാപനം
ശിലാസാരം നാ. ഇരുമ്പ്
ശിലാസ്ഥിര വി. 1. ശിലപോലെ ഉറച്ച; 2. അചഞ്ചലമായ
ശിലി നാ. 1. കട്ടിളയുടെ താഴത്തെ പടി; 2. അമ്പ്; 3. ചാട്ടുകുന്തം; 4. പെൺതവള; 5. ഒരുതരം മണ്ണിര
ശിലിവ [<സുറി] നാ. ശ്ലീബാ
ശിലീന്ധ്രം നാ. 1. കൂൺ; 2. ആലിപ്പഴം
ശിലീഭവിക്കുക ക്രി. 1. ശിലയാവുക; 2. ശിലപോലെയാകുക

ശിലീമുഖൻ	നാ.	ഭോഷൻ
ശിലീമുഖം	ആ.	1. വണ്ട്; 2. തേനീച്ച; 3. അമ്പ്; 4. യുദ്ധം
ശിലോദ്ഭവം	നാ.	1. സ്വർണം; 2. ചന്ദനം; 3. കുന്തുരുക്കം
ശിലൗകസ്സ്	നാ.	ഗരുഡൻ
ശില്പകം	നാ.	ഒരു ഉപരൂപകം
ശില്പകർമം	നാ.	1. ശില്പവേല; 2. കരകൗശലപ്പണി
ശില്പകശാസ്ത്രം	നാ.	ശില്പവിദ്യ
ശില്പകാരൻ	നാ.	ശില്പി
ശില്പം	നാ.	1. കലാസൃഷ്ടി; 2. കരകൗശലപ്പണി; 3. വാസ്തുശില്പം; 4. പ്രതിമ
ശില്പവിദ്യ	നാ.	കൊത്തുപണിയുടെയും വാസ്തുശില്പത്തിൻെറയും സാങ്കേതിക വിദ്യ
ശില്പവേല	നാ.	ശില്പിയുടെ പണി
ശില്പശാല	നാ.	1. ശില്പിയുടെ പണിപ്പുര; 2. സാഹിത്യരചനയും മറ്റും പഠിക്കുവാൻ താത്കാലികമായി സങ്ഘടിപ്പിച്ചിരിക്കുന്ന കേന്ദ്രം. ഉദാഃ ചെറുകഥാശിബിരം
ശില്പശാസ്ത്രം	നാ.	1. ശില്പവിദ്യ; 2. വാസ്തുവിദ്യ
ശില്പി	നാ.	1. ശില്പകലാവിദഗ്ധൻ; 2. ശില്പങ്ങൾ ഉണ്ടാക്കുന്നവൻ; 3. കരകൗശലപ്പണിക്കാരൻ
ശില്പിനി	നാ.	1. ശില്പകാരിണി; 2. ശില്പം ഉണ്ടാക്കുന്നവൾ
ശില്പിശാല	നാ.	1. ശില്പിയുടെ പണിപ്പുര; 2. ആശാരിയുടെയോ കൊല്ലൻെറയോ മൂശാരിയുടെയോ ആല
ശിവ1	വി.	1. ശുഭമായ; 2. സൗഖ്യമുള്ള; 3. ഐശ്വര്യമുള്ള
ശിവ2	നാ.	1. പാർവതി; 2. ദുർഗ; 3. ഭാഗ്യവതി; 4. മഞ്ഞൾ; 5. പെൺകുറുക്കൻ; 6. പശുവിനെ കെട്ടുന്ന കുറ്റി
ശിവകം	നാ.	1. ആണി; 2. കീലകം
ശിവകര	വി.	മങ്ഗളകരമായ
ശിവകാരം	നാ.	ശിവനാമജപം
ശിവഗതി	നാ.	1. സുഖം; 2. ഐശ്വര്യപ്രാപ്തി; 3. മുക്തി
ശിവങ്കര	വി.	ശുഭകരമായ
ശിവചതുർദശി	നാ.	ശിവരാത്രി
ശിവദ്രുമം	നാ.	കൂവളം
ശിവധാതു	നാ.	1. രസം; 2. പാൽക്കല്ല്
ശിവൻ	നാ.	പരമേശ്വരൻ
ശിവപുരം	നാ.	1. കൈലാസം; 2. ശിവക്ഷേത്രം; 3. കാശി
ശിവപുരാണം	നാ.	പതിനെട്ടു ഭാരതീയ പുരാണങ്ങളിൽ ഒന്ന്
ശിവപ്രിയം	നാ.	1. സ്ഫടികം; 2. ഉമ്മത്ത്; 3. രുദ്രാക്ഷം
ശിവബീജം	നാ.	രസം
ശിവം	നാ.	1. ശുഭം; 2. സന്തോഷം; 3. വെങ്കാരം; 4. നെല്ലിക്ക; 5. രസം; 6. ഉമ്മത്ത്; 7. ജലം; 8. മുക്തി; 9. കടലുപ്പ്

ശിവമയ വി. 1. ആനന്ദമയമായ; 2. ശിവൻെറ ചൈതന്യം നിറഞ്ഞ
ശിവരാത്രി നാ. 1. ഹിന്ദുക്കളുടെ ഒരു പുണ്യ ദിവസം; 2. ഉറക്കമില്ലാത്ത രാത്രി
ശിവലിങ്ഗം നാ. ലിങ്ഗരൂപത്തിൽ ആരാധിക്കപ്പെടുന്ന ശിവൻ
ശിവശിവ വ്യാക്ഷേ കഷ്ടം കഷ്ടം

1353
ശിവാക്ഷം നാ. രുദ്രാക്ഷം
ശിവാനി നാ. പാർവതി
ശിവാലയം നാ. 1. ശിവക്ഷേത്രം; 2. ശ്മശാനം; 3. ചെമന്ന തുളസി
ശിവാലു നാ. കുറുനരി
ശിവിക നാ. ശിബിക
ശിവിരം നാ. ശിബിരം
ശിശയിഷ നാ. ശയിക്കാനുള്ള ആഗ്രഹം
ശിശിര വി. തണുപ്പുള്ള
ശിശിരകരൻ നാ. ചന്ദ്രൻ
ശിശിരകിരണൻ നാ. ചന്ദ്രൻ
ശിശിരദ്രവം നാ. ചന്ദനം
ശിശിരം നാ. 1. തണുപ്പ്; 2. മഞ്ഞ്; 3. ചന്ദനം; 4. രാമച്ചം
ശിശിരർത്തു വി. തണുപ്പുകാലം
ശിശിരാംശു നാ. ശിശിരകിരണൻ
ശിശിരാന്തം നാ. വസന്തകാലം
ശിശിരീകൃത വി. തണുപ്പിച്ച
ശിശു നാ. 1. മനുഷ്യരുടെ കുഞ്ഞ്; 2. വിദ്യാർഥി; 3. മൃഗക്കുട്ടി
ശിശുകം നാ. 1. കുട്ടി; 2. ചീങ്കണ്ണി
ശിശുപ്രിയം നാ. ശർക്കര
ശിശുമാരൻ നാ. വിഷ്ണു
ശിശുമാരം നാ. 1. നക്ഷത്രമണ്ഡലം; 2. കൊഴുമീൻ
ശിശുവാഹകം നാ. നീണ്ടകൊമ്പുള്ള ആട്
ശിശ്നം,-നി നാ. പുരുഷൻെറ ജനനേന്ദ്രിയം
ശിശ്നോദരൻ നാ. മൃഗത്തിനു തുല്യൻ
ശിശ്വിദ്വാൻ വി. 1. സുകൃതമുള്ള; 2. ഭക്തിയുള്ള; 3. ബുദ്ധിയുള്ള; 3. കുറ്റമറ്റ; 4. പാപമുള്ള
ശിഷ്ട വി. 1. ശേഷിച്ച; 2. ശാസിക്കപ്പെട്ട; 3. നല്ലരീതിയിൽ വളർത്തപ്പെട്ട; 4. പാണ്ഡിത്യമുള്ള; 5. സംസ്കാരമുള്ള
ശിഷ്ടം നാ. 1. ശേഷിപ്പ്; 2. ബാക്കി; 3. നല്ലത്
ശീ വ്യാക്ഷേ കഷ്ടം. നാ. ശീത്കാരം
ശീകരം നാ. 1. ചെറിയ വെള്ളത്തുള്ളി; 2. കാറ്റ്; 3. ചരളമരം
ശീകരാഗ്നി നാ. തീപ്പൊരി

ശീഘ്ര വി. വേഗതയുള്ള
ശീഘ്രകാരി വി. വേഗത്തിൽ ചെയ്യുന്ന, ചുറുചുറുക്കുള്ള
ശീഘ്രഗ വി. വേഗത്തിൽ പോകുന്ന
ശീഘ്രചേതനം നാ. 1. നായ്; 2. എരിക്ക്
ശീഘ്രപാദ വി. വേഗത്തിൽ നടക്കുന്ന
ശീഘ്രം അവ്യ. വേഗത്തിൽ
ശീട്ട് നാ. ചീട്ട്
ശീത വി. 1. തണുത്ത; 2. മടിയുള്ള; 3. (ജ്യോ) ശുഭാവഹമായ
ശീതകം നാ. 1. തണുപ്പുകാലം; 2. തണുത്ത വസ്തു
ശീതകരൻ നാ. ചന്ദ്രൻ
ശീതഗന്ധം നാ. ചന്ദനം
ശീതഗു നാ. ചന്ദ്രൻ
ശീതജ്വരം നാ. തുള്ളപ്പനി, വിറപ്പനി
ശീതൻ നാ. ചന്ദ്രൻ
ശീതപുഷ്പ നാ. നെന്മേനിവാക
ശീതബാധ നാ. തണുപ്പുകൊണ്ടുള്ള ഉപദ്രവം
ശീതഭാനു നാ. ചന്ദ്രൻ
ശീതഭീത നാ. വള്ളിമുല്ല
ശീതം നാ. 1. തണുപ്പ്; 2. മഞ്ഞുകാലം; 3. ഇലവർങം; 4. നറുവരി; 5. ചന്ദനം; 6. വേപ്പ്; 7. പർപ്പടകപ്പുല്ല്; 8. വഞ്ചി; 9. കർപ്പൂരം; 10. അരിതാരം; 11. ജലം; 12. ജലദോഷം; 13. ചളി
ശീതരശ്മി നാ. 1. കർപ്പൂരം; 2. ചന്ദ്രൻ; 3. (ജ്യോ) ഒരു അനിഷ്ടയോഗം
ശീതള വി. 1. തണുപ്പുള്ള; 2. ഉന്മേഷകരമായ
ശീതളം നാ. 1. തണുത്തത്; 2. ചമ്പകം; 3. കർപ്പൂരം; 4. തിരുവട്ടപ്പശ; 5. തണുപ്പ്; 6. ഉന്മേഷം; 7. ചന്ദനം; 8. മുത്ത്; 9. രാമച്ചം; 10. താമര; 11. ചേലേയം; 12. നറുവരി
ശീതാങ്ഗം നാ. ഒരുതരം സന്നി
ശീതളാശ്വം നാ. കഴുത
ശീതാലു വി. 1. തണുപ്പുള്ള; 2. മടിയുള്ള
ശീതാംശു നാ. 1. ചന്ദ്രൻ; 2. കർപ്പൂരം
ശീതാശ്മ നാ. ചന്ദ്രകാന്തക്കല്ല്
ശീതോത്തമം നാ. വെള്ളം
ശീതോപചാരം നാ. തണുത്തപദാർഥങ്ങളെക്കൊണ്ടു ശുശ്രൂഷിക്കൽ, ചന്ദനലേപനാദി
ശീതോഷ്ണം നാ. ശീതവും ഉഷ്ണവും, കാലാവസ്ഥ
ശീതോഷ്ണാവസ്ഥ നാ. അന്തരീക്ഷത്തിലെ ഊഷ്മാവിൻെറ സ്ഥിതി
ശീഥി നാ. ക്ഷുരകൻ
ശീഥു നാ. കരിമ്പുനീരുകൊണ്ടുണ്ടാക്കുന്ന മദ്യം
ശീഥുഗന്ധം നാ. ഇലഞ്ഞി
ശീഥുരസം നാ. മാവുമരം

ശീന വി. കൊഴുത്ത
ശീനൻ നാ. മന്ദബുദ്ധി
ശീനനം നാ. കട്ടപിടിക്കൽ
ശീഭ്യൻ നാ. ശിവൻ
ശീഭ്യം നാ. കാള
ശീമ നാ. 1. സീമ; 2. ദ്വീപ്; 3. യൂറോപ്പ്; 4. തെമ്മാടി; 5. വിശേഷപ്പെട്ടത് (ഉദാഃ ശീമക്കൊന്ന, ശീമച്ചക്ക
ശീമാട്ടി നാ. ശ്രീമത്ത്വമുള്ളവൾ
ശീർ നാ. അഴക്, ഭങ്ഗി (ചീര്)
ശീർണ വി. 1. ലോലമായ; 2. ശുഷ്കിച്ച; 3. പൊടിഞ്ഞ; 4. തകർന്ന; 5. കീറിപ്പറിഞ്ഞ
ശീർണപർണം നാ. 1. വാടിയ ഇല; 2. വേപ്പ്
ശീർണപാദൻ നാ. 1. ശനി; 2. യമൻ
ശീർവി വി. 1. നശിപ്പിക്കുന്ന; 2. ക്രൂരമായ; 3. ഹാനികരമായ
ശീർഷകൻ നാ. രാഹു
ശീർഷകം നാ. 1. തല; 2. തലക്കോരിക; 3. തലവാചകം, തലക്കെട്ട്; 4. അകിൽ
ശീർഷണ്യം നാ. തൊപ്പി
ശീർഷം നാ. 1. തല; 2. കാരകിൽ; 3. (പ്ര) പ്രധാനപ്പെട്ടത്
ശീൽ നാ. ഗാനപങ്ക്തി, പാട്ടിൻെറ ഒരു വരി, ചീർ
ശീല നാ. 1. വസ്ത്രം, തുണി; 2. കൈക്കോണകം; 3. മടിശ്ശീല. ശീലപ്പേൻ = കൂറപ്പേൻ
ശീലക്കാശ് നാ. പാട്ടം പൊളിച്ചെഴുതുമ്പോൾ പാട്ടക്കാരൻ ജന്മിക്കു കൊടുക്കുന്ന പണം
ശീലക്കേട് നാ. 1. ദുഃസ്വഭാവം; 2. ഭാവപ്പകർച്ച; 3. കോപം; 4. പരിചയമില്ലായ്ക ; 5. അശ്ലീലം
ശീലഗുണം നാ. സത്സ്വഭാവം, നല്ലനടത്ത
ശീലത്വം നാ. നല്ല ശീലം
ശീലധാരി നാ. ശിവൻ
ശീലനം നാ. 1. ശീലിക്കൽ; 2. പരിചയം; 3. പൂജനം, ധാരണം
ശീലപ്പൊടി നാ. നേർത്ത തുണിയിൽ അരിച്ചെടുത്ത പൊടി
ശീലം നാ. 1. സ്വഭാവം; 2. നല്ല നടപടി; 3. പതിവ്; 4. പരിചയം; 5. കാര്യബോധം; 6. അഴക്
ശീലവതി നാ. ശീലാവതി, 1. സ്വഭാവഗുണമുള്ളവൾ; 2. ഉഗ്രതപസ്സിൻെറ ഭാര്യ; 3. ഒരു പതിവ്രത
ശീലവാൻ നാ. 1. സുശീലൻ; 2. ഇണക്കമുള്ളവൻ. (സ്ത്രീ) ശീലവതി
ശീലായ്മ നാ. സുഖക്കേട്
ശീവലം നാ. 1. കരിമ്പായൽ; 2. ചേലേയം
ശീവാ നാ. പെരുമ്പാമ്പ്
ശീവേലി നാ. ശ്രീബലി

ശീവോതി നാ. ലക്ഷ്മീദേവി
ശീലിക്കുക ക്രി. 1. അഭ്യസിക്കുക; 2. പഠിക്കുക; 3. പരിചയിക്കുക
ശുകതരു നാ. നെന്മേനിവാക
ശുകതരുണി നാ. പെൺകിളി
ശുകതുണ്ഡം നാ. ഒരു കഥകളി മുദ്ര
ശുകൻ നാ. 1. മഹർഷി; 2. രാവണൻെറ ഒരു പരിചാരകൻ
ശുകം നാ. 1. കിളി; 2. കരിഞ്ചണ്ണ; 3. തലപ്പാവ്; 4. പാച്ചോറ്റി; 5. വസ്ത്രത്തിൻെറ കര
ശുകവാഹനൻ നാ. കാമദേവൻ
ശുകാഭം നാ. 1. ശുകത്തിൻെറ നിറമുള്ളത്; 2. പച്ച
ശുകി നാ. 1. പെൺകിളി; 2. അനലയുടെ പുത്രി
ശുക്ക് നാ. ശോകം
ശുക്ത വി. 1. ശോഭയുള്ള; 2. പുളിപ്പുള്ള; 3. പരുപരുത്ത; 4. കട്ടിയായ; 5. ഏകാന്തമായ
ശുക്തകം നാ. പുളിച്ചുതികട്ടൽ
ശുക്തൻ നാ. കാട്ടാളൻ
ശുക്തം നാ. 1. കാടി; 2. പുളിപ്പ്; 3. ചവർപ്പ്; 4. മാംസം; 5. അപ്രിയം
ശുക്തി നാ. 1. മുത്തുച്ചിപ്പി; 2. ചെറിയ കക്ക; 3. ശങ്ഖ്; 4. ഒരു അളവ്
ശുക്തിക നാ. 1. മുത്തുച്ചിപ്പി; 2. കോൽപ്പുളി; 3. ഔൺസ്
ശുക്തിജം നാ. മുത്ത്
ശുക്തിമാൻ നാ. സപ്തപർവതങ്ങളിൽ ഒന്ന്
ശുക്തിവധു നാ. മുത്തുച്ചിപ്പി
ശുക്രക്കണ്ണൻ നാ. കോങ്കണ്ണൻ
ശുക്രദശ നാ. 1. ശുക്രന് ആധിപത്യമുള്ള ദശ; 2. ഭാഗ്യ ദശ
ശുക്രൻ നാ. 1. ശുക്രാചാര്യൻ; 2. ശുക്രനക്ഷത്രം; 3. ശുക്രവാരം
ശുക്രം നാ. 1. ബീജം; 2. അഗ്നി; 3. ജലം; 4. മദ്യം; 5. സ്വർണം
ശുക്രവാരം നാ. വെള്ളിയാഴ്ച
ശുക്രവാസരം നാ. വെള്ളിയാഴ്ച
ശുക്ല1 വി. 1. വെളുത്ത; 2. ശുദ്ധമായ; 3. പ്രകാശമുള്ള
ശുക്ല2 നാ. 1. സരസ്വതി; 2. ഉണ്ടശർക്കര; 3. വെൾവയമ്പ്; 4. പഞ്ചസാര‘ 5. പാൽമുതക്ക്; 6. കാകോളി
ശുക്ലകം നാ. 1. വെളുപ്പ്; 2. വെളുത്തപക്ഷം
ശുക്ലഗു നാ. 'വെളുത്ത പ്രകാശമുള്ളത്‘, 1. ചന്ദ്രൻ; 2. വെള്ളി; 3. കർപ്പൂരം
ശുക്ലൻ നാ. 1. ശിവൻ; 2. വെളുത്തവൻ
ശുക്ലപക്ഷം നാ. 1. വെളുത്തപക്ഷം; 2. കൊക്ക്
ശുക്ലപുഷ്പം നാ. 1. വെളുത്ത വാടാമല്ലി; 2. കുരുക്കുത്തിമുല്ല

ശുക്ലം നാ. 1. വെളുപ്പ്; 2. വെളുത്തപക്ഷം; 3. പുളിച്ച കാടി; 4. ബീജം; 5. വെള്ളി

ശുക്ലമണി നാ. മുത്ത്

ശുക്ലമണ്ഡലം നാ. കണ്ണിലെ വെളുത്ത ഭാഗം

ശുക്ലവായസം നാ. 'വെളുത്ത കാക്ക', കൊക്ക്

ശുക്ലവൃത്തി നാ. പരിശുദ്ധജീവിതം

ശുക്ലസ്രാവം നാ. ഉറക്കത്തിൽ അനിയന്ത്രിതമായി ശുക്ലം പോകുന്ന രോഗം

ശുക്ലാങ്ഗം നാ. മയിൽ

ശുക്ലാങ്ഗി നാ. 1. പെണ്മയിൽ; 2. വെള്ളിൽപ്പക്ഷി

ശുക്ലാംബരം നാ. വെള്ള വസ്ത്രം

ശുക്ലാംശു നാ. പൂർണചന്ദ്രൻ

ശുക്ഷണി നാ. അഗ്നി

ശുക്ഷി നാ. 1. കാറ്റ്; 2. അഗ്നി; 3. പ്രകാശം

ശുങ്ഗം നാ. 1. പൂമൊട്ടിൻെറ ആവരണം; 2. ഓക്; 3. ആൽ

ശുചം നാ. ശോകം, സങ്കടം

ശുചാ അവ്യ. 1. ദുഃഖത്താൽ; 2. ദുഃഖത്തോടുകൂടി

ശുചി വി. 1. തിളങ്ങുന്ന; 2. ശോഭിക്കുന്ന; 3. വെടിപ്പായ; 4. തെളിഞ്ഞ; 5. നന്മ; 6. ശുദ്ധി; 7. സൂര്യൻ; 8. സദാചാരം; 9. വെളുപ്പ്; 10. എരിക്ക്; 11. ശിവൻ; 12. പരിശുദ്ധൻ; 13. കുറ്റവിമുക്തി; 14. ശുക്രൻ; 15. അഗ്നി; 16. മിഥുനമാസം; 17. സത്യസന്ധമായ; 18. കളങ്കമില്ലാത്ത

ശുചികര വി. ശുദ്ധിയാക്കുന്ന, വെടിപ്പാക്കുന്ന

ശുചിത്വം നാ. 1. ശുദ്ധി; 2. വെടിപ്പ്

ശുചിമണി നാ. 1. സ്ഫടികം; 2. ശിരോരത്നം

ശുചിഷ്മത്ത് വി. തിളക്കമുള്ള, വെടിപ്പുള്ള

ശുചിഷ്മാൻ നാ. അഗ്നി

ശുചിസ്മിത നാ. മനോഹരമായി പുഞ്ചിരിക്കുന്നവൾ

ശുചിസ്സ് നാ. 1. പ്രകാശം; 2. ശോഭ

ശുചീകരണം നാ. ശുചിയാക്കൽ, വെടിപ്പാക്കൽ

ശുചീകരിക്കുക ക്രി. ശുചിയാക്കുക

ശുചീഭവിക്കുക ക്രി. ശുചിയായി തീരുക

ശുടീരൻ നാ. വീരൻ

ശുടീര്യം നാ. വീര്യം

ശുണ്ഠി നാ. 1. ഇഞ്ചി; 2. കോപം. വി. കോപിഷ്ഠനായ. ശുണ്ഠിക്കാരൻ = 1. മുൻകാപം ഉള്ളവൻ; 2. നിസ്സാരകാര്യങ്ങളിൽ പോലും വഴക്കുണ്ടാക്കുന്നവൻ. ശുണ്ഠിയെടുക്കുക = ക്ഷോഭിക്കുക

ശുണ്ഠ്യം നാ. ചുക്ക്

ശുണ്ഡ നാ. 1. മദ്യം; 2. വേശ്യ; 3. തുമ്പിക്കൈ

ശുണ്ഡം നാ. 1. തുമ്പിക്കൈ; 2. ആനയുടെ മദജലം



ശുണ്ഡാകാരൻ നാ. ചെത്തുകാരൻ

ശുണ്ഡാപാനം നാ. മദ്യപാനം
ശുണ്ഡാരൻ നാ. വാറ്റുകാരൻ
ശുണ്ഡാലം നാ. ആന
ശുണ്ഡിക നാ. 1. ശുണ്ഡ; 2. രോഗം
ശുണ്ഡിമൂഷിക നാ. നച്ചെലി
ശുദ്ധ1 വി. 1. ശുദ്ധിയുള്ള; 2. കളങ്കമില്ലാത്ത; 3. കലർപ്പില്ലാത്ത; 4. അധികൃതമായ
ശുദ്ധ2 നാ. 1. ശുദ്ധിയുള്ളവൾ; 2. നാന്ദിയുടെ ഒരു വകഭേദം
ശുദ്ധഗതിക്കാരൻ നാ. 1. പരിശുദ്ധഹൃദയൻ; 2. എന്തും വിശ്വസിക്കുന്നവൻ
ശുദ്ധജങ്ഘം നാ. കഴുത
ശുദ്ധത നാ. 1. ശുദ്ധൻെറ ഭാവം; 2. ശുദ്ധി; 3. ആത്മാർഥത
ശുദ്ധധീ നാ. ശുദ്ധാത്മാവ്
ശുദ്ധൻ നാ. 1. ശുദ്ധഗതിക്കാരൻ; 2. മൂഢൻ; 3. ഭോഷൻ; 4. ശിവൻ
ശുദ്ധം നാ. 1. ശുദ്ധി; 2. കുരുമുളക്; 3. ഇന്തുപ്പ്; 4. വിശുദ്ധവസ്തു. ശുദ്ധം മാറുക = സ്പർശിക്കാൻ പാടില്ലാത്തതിനെ സ്പർശിക്കുക
ശുദ്ധവൃത്തം നാ. കളങ്കമില്ലാത്ത പെരുമാറ്റം
ശുദ്ധശൂന്യം നാ. യാതൊന്നും ഇല്ലാത്ത അവസ്ഥ
ശുദ്ധാന്ത നാ. 1. രാജാവിൻെറ പത്നി; 2. രാജ്ഞി
ശുദ്ധാന്തം നാ. 1. അന്തഃപുരം; 2. രാജഭാര്യ
ശുദ്ധി നാ. 1. ശുദ്ധമായിരിക്കുന്ന അവസ്ഥ; 2. കളങ്കമോ പാപമോ ഇല്ലാത്ത സ്ഥിതി; 3. വൃത്തി; 4. സത്യം; 5. പ്രകാശം; 6. ദുർഗ; 7. തെളിച്ചം
ശുദ്ധികർമം നാ. പാപമോ ദോഷമോ നീക്കി ശുദ്ധിവരുത്താനായി അനുഷ്ഠിക്കുന്ന ക്രിയ
ശുദ്ധീകര വി. ശുദ്ധിവരുത്തുന്ന
ശുദ്ധിപത്രം നാ. 1. അച്ചടിയിൽ വന്നുപോയ അശുദ്ധരൂപങ്ങളുടെ ശരിരൂപങ്ങൾ കാണിക്കുന്ന പട്ടിക; 2. ശുദ്ധിവരുത്തിയതിനുള്ള സാക്ഷിപത്രം
ശുദ്ധീകരണം നാ. 1. ശുദ്ധിചെയ്യൽ; 2. പാപമോ ദോഷമോ നീക്കൽ
ശുദ്ധീകരിക്കുക ക്രി. ശുദ്ധിവരുത്തുക
ശുനകൻ നാ. 1. ഒരു മുനി; 2. നായ്
ശുനകം നാ. 1. നായ്; 2. ചെറിയ നായ്
ശുനൻ നാ. നായ്
ശുനാരൻ നാ. കുടുമച്ചാത്തൻ
ശുനാശീരൻ നാ. ശുനാസീരൻ, ഇന്ദ്രൻ
ശുനാസീരം നാ. മൂങ്ങ
ശുനി നാ. പെൺപട്ടി
ശുനീരം നാ. ശുനികളുടെ കൂട്ടം
ശുഭ വി. 1. മങ്ഗളകരമായ; 2. ഭാഗ്യമുള്ള; 3. മഹത്ത്വമുള്ള; 4. ഉത്തമമായ

ശുഭം നാ. 1. മങ്ഗലം; 2. സൗഖ്യം; 3. ക്ഷേമം; 4. ജലം; 5. നന്മ; 6. പതുമുകം; 7. മുത്ത്

ശുഭമ്യു നാ. 1. ശുഭമുള്ളവൻ; 2. ശിവൻ

ശുഭകർമം നാ. 1. മങ്ഗളകർമം; 2. മാന്യമായ തൊഴിൽ

ശുഭകൃത്ത് നാ. 1. ശുഭകാരി; 2. മങ്ഗളം കൈവരുത്തുന്നത്

ശുഭഗ വി. 1. ശുഭകരമായ; 2. ഭങ്ഗിയുള്ള

ശുഭഗ്രഹം നാ. 1. വ്യാഴം; 2. ശുക്രൻ; 3. പാപഗ്രഹത്തോടു ചേരാത്ത ബുധൻ

ശുഭദ വി. 1. നന്മ കൈവരുത്തുന്ന; 2. മങ്ഗളകരമായ

ശുഭദതി നാ. 'വെണ്മയുള്ള പല്ലുകളുള്ളവൾ', സുന്ദരി

ശുഭദന്തി നാ. ശുഭദതി, സുന്ദരി

ശുഭദിനം നാ. നല്ല ദിവസം, മങ്ഗളകരമായ ദിവസം

ശുഭൻ നാ. സത്പുരുഷൻ, ഉത്തമൻ

ശുഭലഗ്നം നാ. (ജ്യോ) ശുഭകരമായ മുഹൂർത്തം

ശുഭവിഭവ വി. വിശുദ്ധമായ സമ്പത്തോടുകൂടിയ

ശുഭസ്കരൻ നാ. 1. ഈശ്വരൻ; 2. ശിവൻ

ശുഭാക്ഷൻ നാ. ശിവൻ

ശുഭാങ്ഗി നാ. 1. സുന്ദരി; 2. രതി; 3. ഒരു യക്ഷി

ശുഭാത്മക വി. 1. ശുഭമായ; 2. ശുഭം ഉൾക്കൊള്ളുന്ന

ശുഭാനന നാ. സുന്ദരി

ശുഭാപ്തിവിശ്വാസം നാ. ശുഭം വന്നുചേരുമെന്ന വിശ്വാസം

ശുഭാവന വി. 1. ശുഭത്തെ ചെയ്യുന്ന; 2. ക്ഷേമകരമായ

ശുഭാശുഭം നാ. 1. ശുഭവും അശുഭവും; 2. നന്മയും തിന്മയും

ശുഭേച്ഛു നാ. ശുഭം വരണമെന്നു ആഗ്രഹിക്കുന്ന

ശുഭേതര വി. അശുഭമായ

ശുഭോദർക്ക വി. 1. ശുഭമായി കലാശിക്കുന്ന; 2. ശുഭസൂചകമായ

ശുഭ്ര1 വി. വെളുത്ത; 2. ശുദ്ധിയുള്ള; 3. അഴുക്കില്ലാത്ത; 4. തിളക്കമുള്ള

ശുഭ്ര2 നാ. 1. ഗങ്ഗ; 2. പടികക്കാരം; 3. സ്ഫടികം; 4. പഞ്ചസാര; 5. കൂവനൂറ്

ശുഭ്രകരൻ നാ. ചന്ദ്രൻ

ശുഭ്രദന്തി നാ. വടക്കുപടിഞ്ഞാറെ കോണിലെ ആന

ശുഭ്രൻ നാ. 1. ബ്രഹ്മാവ്; 2. വിഷ്ണുവിൻെറ പിതാവ്

ശുഭ്രം നാ. 1. വെളുപ്പ്; 2. ശുദ്ധി; 3. അഭ്രം; 4. മേരുപ്പ്; 5. ചന്ദനം; 6. വെള്ളി

ശുഭ്രരശ്മി നാ. 1. ചന്ദ്രൻ; 2. കർപ്പൂരം

ശുഭ്രാംശു നാ. ചന്ദ്രൻ

ശുംഭഘാതിനി നാ. ദുർഗ

ശുംഭത്ത് വി. ശോഭിക്കുന്ന

ശുംഭൻ നാ. 1. പ്രകാശിക്കുന്നവൻ; 2. ഒരു അസുരൻ; 3. ഭോഷൻ; 4. മൂഢൻ

ശുംഭമർദനി നാ. ശുംഭാസുരനെ കൊന്നവൾ; ദുർഗ
ശുല്കഗ്രാഹി നാ. ചുങ്കം പിരിക്കുന്നവൻ
ശുല്കം നാ. 1. ചുങ്കം; 2. കരം; 3. കന്യകയെ കൊടുത്തു വാങ്ങുന്ന ദ്രവ്യം; 4. സ്ത്രീധനം; 5. വിവാഹദാനം; 6. പണയം
ശുല്ബഭസ്മം നാ. ചെമ്പു ഭസ്മം
ശുല്ബം നാ. 1. ചെമ്പ്; 2. കയറ്; 3. വലച്ചരട്; 4. ബലികർമം; 5. വെള്ളത്തിനടുത്ത സ്ഥലം; 6. തീരപ്രദേശം; 7. ചട്ടം, നിയമം
ശുല്ബ, ശുല്ബി നാ. 1. കയറ്; 2. ചരട്
ശുല്ബാരി നാ. ഗന്ധകം
ശുശ്രു നാ. മാതാവ്
ശുശ്രൂഷ നാ. 1. പരിചര്യ; 2. ഭക്തി; 3. ക്രിസ്തീയ ദേവാലയത്തിൽ നടത്തുന്ന ആരാധന തുടങ്ങിയവ
ശുശ്രൂഷക വി. ശുശ്രൂഷിക്കുന്ന
ശുശ്രൂഷകൻ നാ. ഭൃത്യൻ
ശുശ്രൂഷി നാ. ശുശ്രൂഷിക്കുന്നവൻ
ശുശ്രൂഷിക്കുക ക്രി. 1. ശ്രദ്ധിച്ചു കേൾക്കുക; 2. പരിചരിക്കുക; 3. രക്ഷിക്കാൻ വേണ്ടതു ചെയ്യുക
ശുശ്രൂഷിതവ്യ വി. ശുശ്രൂഷിക്കപ്പെടേണ്ട
ശുശ്രൂഷു നാ. 1. കേൾക്കാനാഗ്രഹിക്കുന്നവൻ; 2. ശുശ്രൂഷിക്കുന്നവൻ, സേവകൻ
ശുഷം നാ. 1. ചുഴിപ്പ്; 2. ദ്വാരം; 3. പാമ്പിൻെറ വിഷ സഞ്ചിക്കകത്തുള്ള ചാൽ
ശുഷിര നാ. 1. പവിഴക്കൊടി; 2. നദി
ശുഷിരം നാ. 1. സുഷിരം; 2. എലി; 3. കൊടുവേലി; 4. അന്തരീക്ഷം; 5. ഊതുന്നതിനുള്ള വാദ്യം
ശുഷിലൻ നാ. വായു
ശുഷ്ക വി. നീരുവറ്റിയ, രസമില്ലാത്ത, ചുരുങ്ങിയ
ശുഷ്കം നാ. 1. ഉണങ്ങിയത്; 2. ചുരുങ്ങിയത്; 3. കുറവുള്ളത്; 4. പിശുക്ക്
ശുഷ്കലം നാ. 1. ഉണക്കിയ മീൻ; 2. ഉണങ്ങിയ മാംസം
ശുഷ്കശൃങ്ഗിവേരം നാ. ചുക്ക്
ശുഷ്കാങ്ഗി നാ. പല്ലി
ശുഷ്കാന്തി നാ. 1. അതിയായ താത്പര്യം; 2. ശ്രദ്ധ
ശുഷ്കിക്കുക ക്രി. ചുങ്ങുക, ചുരുങ്ങുക
ശുഷ്ണൻ നാ. 1. സൂര്യൻ; 2. അഗ്നി
ശുഷ്ണം നാ. 1. എരിക്ക്; 2. കൊടുവേലി; 3. തീയ്
ശുഷ്മം നാ. 1. എരിക്ക്; 2. ശക്തി; 3. പക്ഷി; 4. ശോഭ
ശുഷ്മാവ് നാ. 1. സൂര്യൻ; 2. വായു; 3. അഗ്നി
ശൂക നാ. നായ്ക്കൊരുണ
ശൂകകം നാ. 1. ഓകുള്ള ധാന്യം; 2. ദയ, അലിവ്
ശൂകകീടം നാ. 1. ഉറുത്തും പുഴു; 2. തേൾ

ശൂകധാന്യം നാ. ഓകുള്ള ധാന്യം
ശൂകപുച്ഛം നാ. ഗന്ധകം
ശൂകം നാ. 1. നെല്ലിൻെറ ഓക്; 2. മുള്ള്; 3.മുന; 4. പുഴുവിൻെറ കൂർത്ത രോമം; 5. അഗ്രം; 6. അലിവ്; 7. കാരുണ്യം; 8. ഒരിനം പുഴു; 9. കാഞ്ഞൂപ്പോത്ത്
ശൂകരം നാ. സൂകരം
ശൂകലം നാ. മുറട്ടൻ കുതിര
ശൂതി നാ. 1. വർധിക്കുന്നത്; 2. വളർച്ച; 3. വീക്കം
ശൂൽക്കാരം നാ. 1. ശൂ എന്ന ശബ്ദം; 2. ചീറ്റൽ; 3. സീൽക്കാരശബ്ദം
ശൂദ്ര നാ. ശൂദ്രസ്ത്രീ
ശൂദ്രകൻ നാ. 1. ഒരു രാജാവ്; 2. മൃച്ഛകടികം എന്ന സംസ്കൃതനാടകത്തിൻെറ കർത്താവ്; 3. ശംബുകൻ
ശൂദ്രൻ നാ. ചാതുർവർണ്യത്തിൽ നാലാമത്തെ ജാതി
ശൂദ്രപ്രിയം നാ. ചെമന്നുള്ളി
ശൂദ്രാണി നാ. ശൂദ്രൻെറ ഭാര്യ
ശൂന1 വി. 1. നീരുവന്നു വീർത്ത; 2. വർധിച്ച
ശൂന2 നാ. 1. കശാപ്പുസ്ഥലം; 2. പഞ്ചശൂന്യങ്ങളിൽ ഏതെങ്കിലും ഒന്ന്; 3. അണ്ണാക്ക്
ശൂനം നാ. 1. വീങ്ങിയത്; 2. വീക്കം, നീര്
ശൂന്യ1 വി. 1. പൊള്ളയായ, ഒഴിഞ്ഞ; 2. നശിച്ച; 3. ഇല്ലാത്ത; 4. ഏകാന്തമായ; 5. വിഷണ്ണമായ; 6. നഗ്നമായ
ശൂന്യ2 നാ. 1. മച്ചി; 2. കൈതച്ചക്ക; 3. പൊള്ളയായ വേഴൽക്കോൽ; 4. പവിഴക്കൊടി
ശൂന്യത, -ത്വം നാ. 1. നാശം; 2. ഇല്ലായ്മ; 3. പ്രകൃതിബന്ധമില്ലാത്ത അവസ്ഥ
ശൂന്യം നാ. 1. ഇല്ലായ്മ; 2. ഒഴിഞ്ഞ ഇടം; 3. ആകാശം; 4. ക്ഷുദ്രപ്രയോഗം; 5. പൂജ്യം (0)
ശൂന്യവാദി നാ. 1. നാസ്തികൻ; 2. ബൗദ്ധൻ
ശൂർപ്പകൻ നാ. 1. ഒരു അസുരൻ; 2. കാമദേവൻെറ ശത്രു; 3. വിഷ്ണു മോഹനീവേഷത്തിൽ വന്നു വധിച്ച ഒരു അസുരൻ
ശൂർപ്പകർണം നാ. 'മുറംപോലെയുള്ള ചെവിയോടുകൂടിയത്', ആന
ശൂർപ്പണഖ നാ. രാവണൻെറ സഹോദരി
ശൂർപ്പം നാ. 1. മുറം; 2. വരുണൻെറ യജ്ഞായുധം; 3. ഒരു അളവ് (ദ്രോണം); 4. വിശാഖം
ശൂർപ്പാകാരം നാ. 1. മുറംപോലെയുള്ളത്; 2. ഗോകർണത്തിനടുത്തുള്ള ഒരു ക്ഷേത്രം
ശൂർപ്പി നാ. 1. ശൂർപ്പണഖ; 2. ചെറുമുറം
ശൂർമം, ശൂർമി നാ. ശൂർമികാ, 1. ഇരുമ്പുകൊണ്ടുള്ള വിഗ്രഹം; 2. അടകല്ല്
ശൂര1 വി. 1. ധൈര്യമുള്ള; 2. പരാക്രമിയായ

ശൂര2 നാ. ധൈര്യശാലിനി
ശൂരണം നാ. 1. ചേന; 2. പലകപ്പയ്യാനി
ശൂരത നാ. ശൂരൻെറ ഗുണം, ശൗര്യം
ശൂരൻ നാ. 1. ശൗര്യമുള്ളവൻ; 2. മല്ലൻ; 3. സിംഹം; 4. ആൺപന്നി; 5. (പുരാണ) വസുദേവരുടെയും കുന്തിയുടെയും പിതാവായ ഒരു യാദവ രാജാവ്
ശൂരം നാ. 1. കോഴി; 2. പുലി; 3. നായ്; 4. സിംഹം; 5. പന്നി; 6. മരുത്ത്; 7. അയിനി; 8. കൊടുവേലി; 9. എരിക്ക്
ശൂരമാനം നാ. വീരഭാവം, പൊങ്ങച്ചം
ശൂരമാനി നാ. ശൂരനെന്ന് അഭിമാനിക്കുന്നവൻ
ശൂരസേനൻ നാ. ഒരു യാദവരാജാവ്, ശ്രീകൃഷ്ണൻെറ പിതാമഹൻ
ശൂരസേനം നാ. ഉത്തരമധുരയ്ക്കടുത്തുള്ള ഒരു രാജ്യം
ശൂല നാ. 1. ഒരു രോഗം; 2. വ്യഭിചാരിണി (താരത. ക. സൂളെ)
ശൂലകം നാ. മുറട്ടൻ കുതിര
ശൂലവിട്ട് നാ. പെരുങ്കായം
ശൂലധന്വാവ് നാ. ശൂലധരൻ, ശൂലധാരി, ശൂലപാണി, ശൂലഭൃത്ത്, 1. ശൂലം ധരിച്ചവൻ; 2. ശിവൻ
ശൂലം നാ. 1. ശിവൻെറയും ശക്തിയുടെയും ആയുധം; 2. മുനയുള്ളതും കുന്തംപോലെയുള്ളതുമായ ഒരു ആയുധം, ത്രിശൂലം; 3. കൊടികെട്ടുന്ന കമ്പ്; 4. കഴുമരം; 5. (ജ്യോ) രേവതി; 6. ഒരു യോഗം
ശൂലാരോപണം നാ. ശൂലത്തിൽ തറയ്ക്കൽ
ശൂലി നാ. 1. ശിവൻ; 2. ശൂലം ധരിച്ചവൻ; 3. കാമദേവൻ; 4. മുയൽ; 5. ശൂലരോഗി
1357
ശൂലികം നാ. 1. മുയൽ; 2. പൊരിച്ചാണകം
ശൂലിനി നാ. ശൂലമുള്ളവൾ, ദുർഗ
ശൂല്യ നാ. ശൂലത്തിൽ തറയ്ക്കേണ്ടതായ
ശൂള [ക.] നാ. വേശ്യ
ശൂളം നാ. ചൂളം
ശൃഗാലൻ നാ. സൃഗാലൻ, കുറുക്കൻ
ശൃഗാലിക നാ. പെൺകുറുക്കൻ
ശൃങ്ഖലകം നാ. 1. ഒട്ടകം; 2. കൂച്ചുവിലങ്ങിട്ട ജന്തു
ശൃങ്ഖല(ം) നാ. 1. ചങ്ങല; 2. പുരുഷൻെറ അരഞ്ഞാൺ; 3. വിലങ്ങ്; 4. (ഗണിത) ചി ങ്ങളിൽ ഒന്ന്; 5. പരമ്പര
ശൃങ്ഖലിത വി. ബന്ധിക്കപ്പെട്ട
ശൃങ്ഗകം നാ. 1. കൊമ്പ്; 2. കൂർത്തവസ്തു
ശൃങ്ഗജം നാ. അകിൽ
ശൃങ്ഗപ്രിയൻ നാ. ശിവൻ

ശൃങ്ഗം നാ. 1. കൊമ്പ്; 2. കുഴൽ; 3. അടയാളം; 4. താമര; 5. അകിൽ; 6. മുകളറ്റം; 7. കൊടുമുടി; 8. ഉയരം; 9. ഉറവ; 10. പീച്ചാങ്കുഴൽ; 11. വസ്തി; 12. പ്രഭുത്വം; 13. മഹിമ; 14. ചന്ദ്രക്കലയുടെ കൂർത്ത അറ്റം; 15. കാമാധിക്യം; 16. ജീവകം

ശൃങ്ഗരിക്കുക ക്രി. ശൃങ്ഗാരഭാവം കാട്ടുക

ശൃങ്ഗവാൻ നാ. കൊമ്പുള്ളത്, കൊടുമുടികളുള്ളത്, പർവതം

ശൃങ്ഗാടകം നാ. ശൃങ്ഗാടിക, 1. നാൽക്കവല; 2. വൻകൊട്ട; 3. വാതിൽ; 4. ഒരു പലഹാരം

ശൃങ്ഗാടം നാ. 1. നാൽക്കവല; 2. ഒരു പർവതം

ശൃങ്ഗാരകം നാ. 1. കാമം; 2. രതി; 3. സിന്ധൂരം

ശൃങ്ഗാരത്തോപ്പ് നാ. കേളീവനം

ശൃങ്ഗാരദ്വയം നാ. ശൃങ്ഗാരത്തിൻെറ രണ്ടവസ്ഥകൾ, സംഭോഗവും വിപ്രലംഭവും

ശൃങ്ഗാരം നാ. 1. നവരസങ്ങളിൽ ഒന്ന്; 2. ആദിരസം; 3. ചിങ്കാരം, രതിയുടെ ഉത്കർഷം, കാമം; 4. മൈഥുനം; 5. അലങ്കാരം; 6. സൗന്ദര്യം; 7. ചേർച്ച; 8. കാരകിൽ; 9. ഇഞ്ചി; 10. ഇലവർങ്ങപ്പൂവ്; 11. ആനയുടെ തലയിലും തുമ്പിക്കൈയിലും ഇടുന്ന സിന്ദൂരക്കുറി; 12. ഗ്രാമ്പു; 13. സുഗന്ധപ്പൊടി; 14. സിന്ധൂരം

ശൃങ്ഗാരയോനി നാ. കാമദേവൻ

ശൃങ്ഗാരവാൻ നാ. ശൃങ്ഗാരമുള്ളവൻ, കാമുകൻ

ശൃങ്ഗാരി നാ. ശൃങ്ഗാരത്തോടുകൂടിയവൻ. (സ്ത്രീ) ശൃങ്ഗാരിണി

ശൃങ്ഗാരിത വി. 1. അലങ്കരിക്കപ്പെട്ട; 2. അരുണവർണമാക്കിയ

ശൃങ്ഗി വി. ശൃങ്ഗത്തോടുകൂടിയ. നാ. 1. കൊമ്പുള്ളവൻ; 2. (പുരാണ) സന്യാസി; 3. വൃക്ഷം; 4. വർഷാഗിരികളിൽ ഒന്ന്; 5. പർവതം; 6. ആന; 7. കൊമ്പൻ ശ്രാവ്; 8. ഇടവകം; 9. ജീവകം; 10. മഹാപഞ്ചവിഷങ്ങളിൽ ഒന്ന്; 11. കല്ലാൽ; 12. അതിവിടയ; 13. കുറിയാട്; 14. പോത്ത്; 15. ശിവൻ; 16. ഒരു ശിവപാർഷദൻ

ശൃങ്ഗിണം നാ. കുറിയാട്

ശൃങ്ഗിണി നാ. നല്ലജാതി പശു

ശൃങ്ഗിവേരം നാ. 1. ഇഞ്ചി; 2. ഗങ്ഗാതീരത്തുള്ള ഒരു നഗരം

ശൃങ്ഗീകനകം നാ. ആഭരണത്തിനുള്ള സ്വർണം

ശൃങ്ഗേരി നാ. 1. ഒരു പർവതപ്രദേശം; 2. ശങ്കരാചാര്യരാൽ സ്ഥാപിതമായ ഒരു മഠം സ്ഥിതിചെയ്യുന്ന ഇടം (തുങ്ഗഭദ്രയുടെ തീരത്ത്)

ശൃണു ക്രി. ശ്രവിച്ചാലും, കേട്ടാലും

ശൃണ്വത്ത് വി. കേൾക്കുന്ന

ശൃണ്വാവ് വി. കേൾക്കുന്ന

ശൃത വി. കാച്ചിക്കുറുക്കിയ, വെന്ത

ശൃദ്ധ വി. 1. ഉടലിൽനിന്നു വേർപെട്ട; 2. നനയ്ക്കപ്പെട്ട

ശൃധു നാ. 1. ബുദ്ധി; 2. ഗുദം

ശെമ്മാശ്ശൻ [സുറി] നാ. (ക്രിസ്തു) വൈദികനാകുന്നതിനു മുമ്പുള്ള ഒരു സ്ഥാനം

ശേക്ക്, ശേഖ് [അറ] നാ. 1. വന്ദ്യവൃദ്ധൻ; 2. നബിയുടെ വംശത്തിൽ ജനിച്ചവൻ

ശേഖരകം നാ. ഒരു ശിരോലങ്കാരം
ശേഖരം നാ. 1. ശിരോലങ്കാരം; 2. നെറ്റിപ്പട്ടം; 3. കിരീടം; 4. കൂട്ടത്തിൽ ഉത്തമമായത്; 5. കുടുമ; 6. ശിഖരം; 7. ഇലവർങ്ങപ്പൂവ്; 8. കൂട്ടം, കൂമ്പാരം
ശേഖരിക്കുക ക്രി. 1. കൂട്ടിവയ്ക്കുക; 2. രാശീകരിക്കുക; 3. വട്ടം കൂട്ടുക
ശേഖരിത വി. 1. കൂട്ടിവയ്ക്കപ്പെട്ട; 2. ശിഖരമുള്ള
ശേഖരിപ്പ് നാ. ശേഖരിക്കൽ
ശേണം നാ. 1. ഭൂമി; 2. പ്രദേശം
ശേപാലം നാ. കരിമ്പായൽ
ശേഫ നാ. 1. പുരുഷൻെറ ലിങ്ഗം; 2. വൃഷണം; 3. വാൽ
ശേഫാലിക നാ. 1. ചേമന്തി; 2. നൊച്ചി
ശേമുഷി നാ. 1. ബുദ്ധി; 2. പ്രജ്ഞ
ശേർ [പേർ] നാ. സേർ
ശേലു നാ. 1. നറുവരി; 2. ഉലുവ
ശേലുകം നാ. ഒരു വാദ്യം, കുഴൽ
ശേവധി നാ. 1. നവനിധികളിൽ ഒന്ന്; 2. ധനം
ശേവൻ നാ. അഗ്നി
ശേവം1 നാ. 1. പാമ്പ്; 2. ഉയരം; 3. മേന്മ; 4. ശേഫം; 5. സുഖം; 6. നിധി; 7. ധനം; 8. സോമലത
ശേവം2 നാ. 1. സേവനം; 2. ശേവുകം
ശേവലം,ശേവാലം നാ. ശൈവലം, കരിമ്പായൽ
ശേവലിനി നാ. നദി
ശേവുകക്കാരൻ നാ. സേവനം ചെയ്യുന്നവൻ
ശേവുകം നാ. 1. സേവനം; 2. ഭൃത്യവൃത്തി
ശേഷ1 വി. ബാക്കിയുള്ള
ശേഷ2 നാ. അർപ്പിച്ചുകഴിഞ്ഞ പൂവ്
ശേഷക്കാരൻ നാ. 1. അനന്തിരവൻ; 2. അവകാശി
ശേഷക്രിയ നാ. മരണാനന്തരക്രിയകൾ, ശവസംസ്കാരവും മറ്റും
ശേഷദശ നാ. വാർധക്യം
ശേഷൻ നാ. 1. ബലരാമൻ; 2. അനന്തൻ; 3. ലക്ഷ്മണൻ
ശേഷഭുക്ക് നാ. ഉച്ഛിഷ്ടം ഭുജിക്കുന്നവൻ
ശേഷം അവ്യ. 1. ഇനി; 2. പിന്നീട്. നാ. 1. ശേഷിക്കുന്നത്; 2. ഉച്ഛിഷ്ടം
ശേഷലോകം നാ. പാതാളം
ശേഷശയനൻ നാ. ശേഷശായി, വിഷ്ണു
ശേഷി നാ. കഴിവ്, പ്രാപ്തി
ശേഷിക്കുക ക്രി. ശിഷ്ടം വരിക
ശേഷ്യ വി. ശേഷിക്കത്തക്ക
ശൈക്യ വി. 1. ഉറിയിൽ വച്ചിരിക്കുന്ന; 2. കൂർത്ത
ശൈക്ഷൻ നാ. ശിക്ഷാകാണ്ഡം പഠിച്ചുതുടങ്ങിയ ബ്രാഹ്മണൻ
ശൈക്ഷികൻ നാ. ശിക്ഷാശാസ്ത്രത്തിൽ നിപുണൻ

| | | | |
|---|---|---|---|
| ശൈക്ഷ്യം | | നാ. | പാണ്ഡിത്യം |
| ശൈഖരികം | | നാ. | വലിയ കടലാടി |
| ശൈഖ്യ | | വി. | 1. ശിഖയെ സംബന്ധിച്ച; 2. കൂർത്ത |
| ശൈഘ്ര്യം | | നാ. | ശീഘ്രത |
| ശൈത്താൻ | [അറ] | നാ. | ചെകുത്താൻ |
| ശൈത്യം | | നാ. | തണുപ്പ് |
| ശൈഥില്യം | | നാ. | 1. അയവ്; 2. ക്ഷീണം; 3. അശ്രദ്ധ |
| ശൈനേയൻ | | നാ. | ശിനിയുടെ പുത്രൻ, സാത്യകി |
| ശൈബ്യ | | നാ. | 1. രുഗ്മിണി; 2. ഹരിശ്ചന്ദ്രൻെറ പത്നി; 3. ശതധനുവിൻെറ പത്നി; 4. ജ്യാമഘൻെറ പത്നി |
| ശൈരീയം | | നാ. | മുൾക്കുറിഞ്ഞി |
| ശൈല | | വി. | 1. ശിലയെ സംബന്ധിച്ച; 2. പാറയായ |
| ശൈലകന്യ | | നാ. | ശൈലജ, 1. പാർവതി; 2. ഗങ്ഗ |
| ശൈലകം | | നാ. | 1. മലയിരുവേലി; 2. സാമ്പ്രാണി |
| ശൈലധന്വാവ് | | നാ. | ശിവൻ |
| ശൈലധരൻ | | നാ. | ശ്രീകൃഷ്ണൻ |
| ശൈലപൻ | | നാ. | ശൈലപതി, ശൈലരാജൻ, ഹിമവാൻ |
| ശൈലപത്രം | | നാ. | കൂവളം |
| ശൈലപ്രസവം | | നാ. | ഊറ്റുകുഴി |
| ശൈലം | | നാ. | 1. പർവതം; 2. മല; 3. വലിയ പാറ; 4. അണ; 5. സാമ്പ്രാണി; 6. വെള്ള മണ്ണ്; 7. കന്മദം; 8. മാക്കീരക്കല്ല്; 9. ചേലേയം |
| ശൈലശിബിരം | | നാ. | മഹാസമുദ്രം |
| ശൈലാടം | | നാ. | 1. സിംഹം; 2. കാട്ടാളൻ |
| ശൈലാദി | | നാ. | 1. ശിലാദൻെറ പുത്രൻ; 2. നന്ദികേശ്വരൻ |
| ശൈലാധിപൻ | | നാ. | 1. ഹിമവാൻ; 2. മേരു |
| ശൈലാലി | | നാ. | 1. ചാക്യാർ; 2. നടൻ |
| ശൈലി | | നാ. | 1. പ്രയോഗവിശേഷം; 2. രീതി; 3. സമ്പ്രദായം; 4. കന്മദം |
| ശൈലിക്യൻ | | നാ. | വഞ്ചകൻ |
| ശൈലീഭവിക്കുക | | ക്രി. | 1. കല്ലായിത്തീരുക; 2. ശൈലിയായിത്തീരുക |
| ശൈലീഭൂത | | വി. | ശൈലീഭവിച്ച |
| ശൈലൂഷൻ | | നാ. | 1. നടൻ; 2. ചാക്യാർ; 3. താളമ്പിടിക്കുന്നവൻ; 4. ഭാഗവതർ; 5. വഞ്ചകൻ |
| ശൈലൂഷം | | നാ. | 1. നാട്യം; 2. കൂവളം |
| ശൈലൂഷികൻ | | നാ. | ശൈലൂഷൻ |
| ശൈലേന്ദ്രൻ | | നാ. | ഹിമവാൻ |
| ശൈലേയ | | വി. | 1. ശിലയെ സംബന്ധിച്ച; 2. ശിലപോലെയായ |
| ശൈലേയകം | | നാ. | 1. സാമ്പ്രാണി; 2. മുരാമാഞ്ചി; 3. ഇന്തുപ്പ്; 4. സിംഹം; 5. വണ്ട്; 6. തേനീച്ച |
| ശൈലോദ | | നാ. | നദി |
| ശൈല്യം | | നാ. | 1. ശിലപോലായത്; 2. കടുപ്പം; 3. ശല്യം |

ശൈവ വി. ശിവനെ സംബന്ധിച്ച
ശൈവൻ നാ. ശിവമതക്കാരൻ
ശൈവം നാ. 1. അഷ്ടാദശപുരാണങ്ങളിൽ ഒരുവിഭാഗം; 2. പശുപതാസ്ത്രം; 3. ശിവമതം; 4. കരിമ്പായൽ
ശൈവലം നാ. ശൈവാലം, 1. കരിമ്പായൽ; 2. പതുമുകം
ശൈവ്യം നാ. (ശ്രീകൃഷ്ണൻെറ) കുതിര
ശൈശവം നാ. 1. ശിശുത്വം; 2. അഞ്ചുവയസ്സുവരെയുള്ള കാലം
ശൈശിര വി. ശിശിരത്തെ സംബന്ധിച്ച
ശൈശിരം നാ. കാട്ടുകുരുകിൽ
ശോകനാശനം നാ. അശോകവൃക്ഷം
ശോകം നാ. 1. ദുഃഖം; 2. കഠിനമായ മനോവേദന
ശോകവാൻ നാ. ശോകമുള്ളവൻ
ശോകസ്ഥാനം നാ. ദുഃഖകാരണം
ശോകി വി. ദുഃഖമുള്ള
ശോചക വി. ശോചിക്കുന്ന
ശോചനം നാ. 1. ദുഃഖം; 2. വിലാപം; 3. കരച്ചിൽ
ശോചനീയ വി. ശോചിക്കത്തക്ക
ശോചിക്കുക ക്രി. ദുഃഖിക്കുക
ശോചിതവ്യ വി. ശോചനീയ
ശോചിഷേകശൻ നാ. അഗ്നി
ശോചിസ്സ് നാ. 1. ശോഭ; 2. രശ്മി; 3. ജ്വാല
ശോച്യ വി. 1. ശോചനീയ; 2. ശുദ്ധതയുള്ള
ശോണ വി. 1. ചെമന്ന; 2. തവിട്ടുനിറമുള്ള. നാ. നവതീർഥങ്ങളിൽ ഒന്ന്
ശോണൻ നാ. 1. അഗ്നി; 2. കുജൻ
ശോണം നാ. 1. ചെമപ്പ്; 2. രക്തം; 3. കുങ്കുമം; 4. സിന്ദൂരം; 5. ഗങ്ഗയിൽ വീഴുന്ന ഒരു ആറ്; 6. ചെമന്ന കുതിര
ശോണരത്നം നാ. മാണിക്യം
ശോണാധരി നാ. 1. സുന്ദരി; 2. ചെമന്ന ചുണ്ടുള്ളവൾ
ശോണിത വി. 1. ശോണവർണമാക്കപ്പെട്ട; 2. ചെമന്ന
ശോണിതം നാ. 1. ചോര; 2. ചെമപ്പ്; 3. രക്തചന്ദനം
ശോണിമാവ് നാ. ചെമപ്പുനിറം
ശോണോപലം നാ. മാണിക്യം
ശോഥം നാ. 1. വീക്കം; 2. നീര്; 3. പരു
ശോദ്ധവ്യ വി. ശോധിക്കത്തക്ക
ശോധം നാ. 1. ശുദ്ധി; 2. ശോധനം
ശോധക വി. 1. ശുദ്ധിവരുത്തുന്ന; 2. മലശോധനയുണ്ടാക്കുന്ന; 3. തിരുത്തുന്ന
ശോധകം നാ. 1. ഒരുതരം മണ്ണ്; 2. കുറയ്ക്കപ്പെടുന്ന സങ്ഖ്യ

ശോധന നാ. 1. അന്വേഷണം; 2. പരീക്ഷണം; 3. നിർണയം; 4. കടംവീട്ടൽ; 5. വ്യവകലനം; 6. ശുദ്ധി; 7. നന്നാക്കൽ; 8. ലോഹങ്ങൾ ശുദ്ധിവരുത്തൽ; 9. വയറൊഴിച്ചിൽ; 10. മധുരനാരകം; 11. മലം

ശോധനി നാ. 1. ചൂല്; 2. അമരി

ശോധനീയ വി. ശോധനചെയ്യപ്പെടേണ്ട

ശോധയിതവ്യ വി. ശോധനചെയ്യപ്പെടേണ്ട

ശോധയിതാവ് വി. ശോധനചെയ്യുന്നവൻ

ശോധിക്കുക ക്രി. ശോധനചെയ്യുക

ശോധ്യ വി. ശോധനചെയ്യാനുള്ള

ശോധ്യൻ നാ. കുറ്റം ചുമത്തപ്പെട്ടവൻ

ശോധ്യം നാ. വെള്ളി

ശോഫം നാ. 1. നീർവീക്കം; 2. ദേഹത്തുണ്ടായ നീര്

1359

ശോഭ നാ. 1. പ്രകാശം; 2. രശ്മി; 3. ഭങ്ഗി; 4. ജ്വാല; 5. ആഭരണം; 6. സൗന്ദര്യം; 7. മഞ്ഞൾ

ശോഭന വി. 1. പ്രകാശിക്കുന്ന; 2. ശുഭമായ; 3. സുന്ദരമായ; 4. സന്മാർഗനിഷ്ഠയുള്ള. നാ. മഞ്ഞൾ, സുന്ദരി

ശോഭനൻ നാ. 1. ശുഭൻ; 2. ശിവൻ; 3. സുന്ദരൻ; 4. ശുഭഗ്രഹം

ശോഭനം നാ. 1. പ്രകാശം; 2. ഭങ്ഗി; 3. ശുഭം; 4. മങ്ഗളം; 5. വിശേഷം; 6. താമര

ശോഭവാൻ നാ. ശോഭയോടുകൂടിയവൻ

ശോഭാകര വി. ശോഭജനിപ്പിക്കുന്ന

ശോഭാഞ്ജനം നാ. മുരിങ്ങ

ശോഭായമാന വി. ശോഭിക്കുന്ന

ശോഭി വി. ശോഭിക്കുന്ന

ശോഭിത വി. 1. ശോഭിക്കുന്ന; 2. അലങ്കൃതമായ; 3. തെളിഞ്ഞ

ശോഷം നാ. 1. മെലിച്ചിൽ; 2. ഉണക്ക്; 3. വരൾച്ച; 4. വാട്ടം; 5. രാജയക്ഷ്മാവ്

ശോഷക വി. ശോഷിപ്പിക്കുന്ന

ശോഷണ വി. ഉണക്കുന്ന

ശോഷണം നാ. 1. ശോഷിപ്പിക്കൽ; 2. മെലിച്ചിൽ; 3. ക്ഷീണിപ്പിക്കൽ; 4. ചപ്പൽ; 5. ഉണക്ക്; 6. ചുക്ക്; 7. കാമദേവന്റെ അസ്ത്രങ്ങളിൽ ഒന്ന്

ശോഷണീയ വി. ശോഷിപ്പിക്കത്തക്ക

ശോഷി വി. ശോഷിപ്പിക്കുന്ന

ശോഷിക്കുക ക്രി. 1. മെലിയുക; 2. ഉണങ്ങുക

ശോഷ്യ വി. ശോഷിപ്പിക്കേണ്ട

ശൗകം നാ. കിളികളുടെ കൂട്ടം

ശൗക്തം നാ. 1. ശുക്തത്തെ സംബന്ധിച്ചത്; 2. പുളിക്കപ്പെട്ടത്; 3. പുളിപ്പ്; 4. അമ്ലം

ശൗക്തികം നാ. മുത്ത്

ശൗക്ര വി. ശുക്രനെ സംബന്ധിച്ച

ശൗക്ല്യം നാ. 1. വെളുപ്പ്; 2. വെണ്മ
ശൗചം നാ. 1. ശുദ്ധിവരുത്തൽ; 2. ശുദ്ധി; 3. സദാചാരം; 4. ബഹുമതി, യോഗ്യത
ശൗചികൻ നാ. 1. ശൗചം ചെയ്യുന്നവൻ; 2. ശുദ്ധീകരിക്കുന്നവൻ
ശൗചേയൻ നാ. വെളുത്തേടൻ
ശൗടീര നാ. 1. അഹങ്കാരിയായ; 2. വീരനായ; 3. താഴ്മയിൽനിന്നുയർന്ന
ശൗടീര്യം നാ. 1. അഹങ്കാരം; 2. പരാക്രമം
ശൗണ്ഡ വി. 1. സാമർഥ്യമുള്ള; 2. മദിച്ച; 3. ലഹരിപിടിച്ച; 4. മദ്യപാനിയായ
ശൗണ്ഡി നാ. 1. ചാരായം വാറ്റുന്നവൻ; 2. തിപ്പലി; 3. മദ്യപാനിയായ
ശൗണ്ഡികൻ നാ. 1. ചാരായം വാറ്റുന്നവൻ; 2. ചെത്തുകാരൻ
ശൗണ്ഡികേയൻ നാ. അസുരൻ
ശൗണ്ഡീര വി. 1. അഹങ്കരിച്ച; 2. ഉയർത്തപ്പെട്ട
ശൗണ്ഡീരം നാ. ഉത്കർഷം
ശൗദ്ര വി. ശൂദ്രനെ സംബന്ധിച്ച
ശൗനം നാ. വിൽപ്പനയ്ക്കുവച്ചിട്ടുള്ള മാംസം
ശൗനികൻ നാ. 1. മൃഗങ്ങളെകൊന്നു മാംസം വിൽക്കുന്നവൻ; 2. നായാട്ടുകാരൻ
ശൗനികം നാ. നായാട്ട്
ശൗഭൻ നാ. ദേവൻ
ശൗഭികൻ നാ. 1. ഇന്ദ്രജാലക്കാരൻ; 2. വേടൻ
ശൗർപ്പ വി. 1. ശൂർപ്പം സംബന്ധിച്ച; 2. മുറംകൊണ്ട് അളക്കപ്പെട്ട
ശൗരസേനി നാ. ശൂരസേനരാജ്യത്തു പ്രചാരത്തിലിരുന്ന ഒരു പ്രാകൃതഭാഷ
ശൗരി1 നാ. 1. വിഷ്ണു; 2. വേങ്ങ; 3. വസുദേവൻ
ശൗരി2 നാ. ശനി
ശൗര്യം നാ. 1. ശൂരത; 2. ധീരത; 3. ശക്തി; 4. പ്രതാപം
ശൗര്യവത്ത് വി. ശൗര്യമുള്ള
ശൗല്കൻ നാ. ചുങ്കപ്പിരിവു നടത്തുന്നവൻ
ശൗവന വി. ശ്വാവിനെ സംബന്ധിച്ച
ശൗവനദന്തം നാ. 1. കൂർത്തപല്ല്; 2. നായ്പ്പല്ല്
ശൗവനം നാ. 1. നായുടെ സ്വഭാവം; 2. നായുടെ സന്താനം
ശൗവസ്തിക വി. 1. നാളെവരെ നിലനിൽക്കുന്ന; 2. അസ്ഥിരമായ
ശൗവാപദ വി. 1. ശ്വപദത്തെ സംബന്ധിച്ച; 2. ഹിംസിക്കുന്ന
ശ്ച്യുത വി. 1. ഒഴുകിയ; 2. ഇറ്റിറ്റുവീണ
ശ്ച്യോതനം നാ. 1. ഒലിപ്പ്; 2. വാർച്ച
ശ്മം നാ. 1. മുഖം; 2. ശരീരം; 3. മൃതശരീരം
ശ്മശാനം നാ. ചുടലക്കാട്

ശ്മശാനവാസി നാ. 1. ശിവൻ; 2. ഭൂതം
ശ്മശാനവൈരാഗ്യം നാ. 1. താത്കാലികമായുണ്ടാകുന്ന വൈരാഗ്യം; 2. ക്ഷണികമായ ജ്ഞാനം
ശ്മശ്രു നാ. മുഖരോമം
ശ്മശ്രുകരൻ നാ. ക്ഷുരകൻ
ശ്മശ്രുമുഖി നാ. താടിരോമമുള്ള സ്ത്രീ
ശ്യാന വി. 1. കട്ടപിടിച്ച; 2. നീരുവറ്റിയ; 3. വേഗം ഉണങ്ങുന്ന; 4. പോയ
ശ്യാനം നാ. 1. പുക; 2. കട്ടപിടിച്ചത്
ശ്യാന്തി നാ. ശാന്തി
ശ്യാമ1 വി. 1. കറുത്ത; 2. തണലുള്ള; 3. ഇരുണ്ട
ശ്യാമ2 നാ. 1. രാത്രി; 2. ദേവി; 3. രാധ; 4. തണൽ; 5. അമരി; 6. പശു; 7. കസ്തൂരി; 8. മൈന; 9. തുളസി; 10. ചാമ; 11. കരിങ്കറുക; 12. യമുന
ശ്യാമകണ്ഠം നാ. നീലകണ്ഠം
ശ്യാമകം നാ. ചാമ
ശ്യാമകാകം നാ. കാവതിക്കാക്ക
ശ്യാമൻ നാ. 1. ശ്രീകൃഷ്ണൻ; 2. ബുധൻ; 3. കറുമ്പൻ
ശ്യാമം നാ. 1. കറുപ്പുനിറം; 2. പച്ചനിറം; 3. ഇന്തുപ്പ്; 4. ഉമ്മത്ത്; 5. കുയിൽ; 6. മുളക്; 7. മേഘം
ശ്യാമള1 വി. 1. കൃഷ്ണവർണമായ; 2. ഇരുണ്ട
ശ്യാമള2 നാ. ശ്രീപാർവതി, കസ്തൂരി
ശ്യാമളൻ നാ. 1. ഒരു യാദവരാജാവ്; 2. ശ്രീകൃഷ്ണൻ
ശ്യാമളം നാ. 1. കറുപ്പുനിറം; 2. വണ്ട്; 3. കുരുമുളക്; 4. അരയാൽ
ശ്യാമാകം നാ. ചാമ
ശ്യാമിക നാ. 1. കറുപ്പുനിറം; 2. കറ; 3. പാപം
ശ്യാമിത വി. കറുപ്പിക്കപ്പെട്ട
ശ്യാലകൻ നാ. 1. ഭാര്യാസഹോദരൻ; 2. സ്യാലൻ
ശ്യാലകി നാ. ഭാര്യയുടെ സഹോദരി
ശ്യാലൻ നാ. സ്യാലൻ
ശ്യാവം നാ. 1. മാന്തളിർനിറം; 2. പിങ്ഗളവർണം
ശ്യേത വി. വെളുത്ത
ശ്യേനം നാ. 1. പരുന്ത്; 2. ബലപ്രയോഗം; 3. കുതിര; 4. വെളുപ്പുനിറം
ശ്യേനി നാ. 1. പെൺപരുന്ത്; 2. അരുണൻെറ ഭാര്യ; 3. വെളുത്തസ്ത്രീ
ശ്രഥനം നാ. 1. മോചനം; 2. കൊല; 3. കെട്ട്; 4. പ്രയത്നം
ശ്രദ്ദധാനൻ നാ. ശ്രദ്ധപതിപ്പിക്കുന്നവൻ
ശ്രദ്ധ നാ. 1. മനസ്സിൻെറ ഏകാഗ്രത; 2. മനസ്സ് ഏകാഗ്രമായി ഒന്നിൽ അർപ്പിക്കൽ; 3. ധർമശാസ്ത്രവിധികളിലെ വിശ്വാസം; 4. ഗുരുവചനങ്ങളിലെ

ഉപദേശങ്ങളും തത്ത്വങ്ങളും പൂർണമനസ്സോടെ സ്വീകരിക്കൽ; 5. ഇച്ഛ; 6. ബഹുമാനം; 7. ദക്ഷൻെറ ഒരു മകൾ

ശ്രദ്ധാലു വി. ശ്രദ്ധയുള്ള

ശ്രദ്ധാവതി നാ. 1. ശ്രദ്ധയുള്ളവൾ; 2. വരുണപുരി

ശ്രദ്ധിക്കുക ക്രി. 1. മനസ്സിരുത്തി കേൾക്കുക; 2. കാണുക; 3. വിശ്വസിക്കുക; 4. ആഗ്രഹിക്കുക

ശ്രദ്ധിത വി. ശ്രദ്ധിക്കപ്പെട്ട

ശ്രദ്ധേയ വി. ശ്രദ്ധിക്കപ്പെടുവാൻ അർഹതയുള്ള

ശ്രന്ഥനം നാ. 1. മോചനം; 2. പൂവുകോർക്കൽ; 3. കെട്ട്

ശ്രപണം നാ. വേവിക്കൽ

ശ്രപിത വി. ശ്രപണം ചെയ്യപ്പെട്ട. നാ. കഞ്ഞി

ശ്രമം നാ. 1. പരിശ്രമം; 2. അധ്വാനം; 3. ക്ഷീണം; 4. പ്രയാസം; 5. ദുഃഖം; 6. വേദന; 7. ആയുധാഭ്യാസം; 8. തപസ്സ്; 9. വ്യായാമം; 10. വിയർപ്പ്

ശ്രമക്കാരൻ നാ. 1. ശ്രമം ചെയ്യുന്നവൻ; 2. സദ്യവിളമ്പുകയും മറ്റും ചെയ്യുന്നവൻ; 3. അധ്വാനിക്കുന്നവൻ

ശ്രമണ1 വി. 1. വേലചെയ്യുന്ന; 2. അധ്വാനിക്കുന്ന; 3. നിന്ദ്യമായ; 4. നഗ്നമായ

ശ്രമണ2 നാ. 1. ഭിക്ഷുണി; 2. മാഞ്ചി

ശ്രമണൻ നാ. 1. താണജാതിക്കാരൻ; 2. (ബുദ്ധ-ജൈന മതങ്ങളിൽപ്പെട്ട) ഭിക്ഷു

ശ്രമണി നാ. ഭിക്ഷുകി

ശ്രമബിന്ദു നാ. 1. വിയർപ്പ്; 2. വിയർപ്പുതുള്ളി

ശ്രമഭീതി നാ. 1. വളരെ ശ്രമിക്കേണ്ടിയിരിക്കുന്നു എന്നുള്ള ഭയം; 2. ക്ലേശത്തെ കുറിച്ചുള്ള പേടി

ശ്രമസാധ്യ വി. പ്രയാസപ്പെട്ടു സാധിക്കേണ്ട

ശ്രമാംബു നാ. ശ്രമജലം, വിയർപ്പ്

ശ്രമി വി. ശ്രമിക്കുന്ന

ശ്രമിക്കുക വി. 1. പരിശ്രമിക്കുക; 2. അധ്വാനിക്കുക; 3. അഭ്യസിക്കുക; 4. ക്ഷീണിക്കുക

ശ്രയണം നാ. 1. ആശ്രയിക്കൽ; 2. അഭയസ്ഥാനം; 3. രക്ഷാസ്ഥാനം

ശ്രവണഗോചരം നാ. 1. കേൾക്കാവുന്നത്; 2. ചെവിക്കു വിഷയമായത്

ശ്രവണപാശം നാ. ഭങ്ഗിയുള്ള ചെവി

ശ്രവണം നാ. 1. ചെവി; 2. കേൾക്കൽ; 3. കീർത്തി; 4. പഠിത്തം; 5. ധനം; 6. വേദം; 7. ശ്രവണനക്ഷത്രം, തിരുവോണം

ശ്രവണാരുന്തുദ നാ. ചെവിക്കു വേദന ഉണ്ടാക്കുന്ന

ശ്രാവണീയ വി. ശ്രവണം ചെയ്യത്തക്ക

ശ്രവണേന്ദ്രിയം നാ. 1. ചെവി; 2. കേൾക്കാനുള്ള ശക്തി

ശ്രവം നാ. 1. ചെവി; 2. കേൾക്കൽ; 3. ത്രികോണത്തിൻെറ കർണം; 4. കീർത്തി

ശ്രവസ്യം നാ. കീർത്തി

ശ്രവസ്സ് നാ. 1. ചെവി; 2. ധനം; 3. യശസ്സ്; 4. മന്ത്രം
ശ്രവിക്കുക ക്രി. കേൾക്കുക
ശ്രവിഷ്ഠ നാ. 1. അവിട്ടം നക്ഷത്രം; 2. ഓണം
ശ്രവ്യം നാ. ശ്രവണം ചെയ്യത്തക്കത്
ശ്രാണം നാ. 1. തിളപ്പിച്ചത്; 2. വേവിച്ചത്; 3. കഞ്ഞി
ശ്രാദ്ധ വി. വിശ്വാസമുള്ള
ശ്രാദ്ധദേവത നാ. 1. യമൻ; 2. വിശ്വദേവൻ
ശ്രാദ്ധൻ നാ. ശ്രദ്ധയോടുകൂടിയവൻ
ശ്രാദ്ധം നാ. 'ശ്രദ്ധയോടെ കൊടുക്കുന്നത്', പിതൃക്കൾക്കായി അർപ്പിക്കുന്ന ബലി
ശ്രാദ്ധീയ വി. ശ്രാദ്ധം സംബന്ധിച്ച
ശ്രാന്ത വി. 1. തളർന്ന; 2. ശാന്തമായ
ശ്രാന്തൻ നാ. 1. സന്യാസി; 2. ജിതേന്ദ്രിയൻ
ശ്രാന്തി നാ. 1. തളർച്ച; 2. ഗ്ലാനി; 3. മാന്ദ്യം
ശ്രാമം നാ. 1. സമയം; 2. മാംസം; 3. മണ്ഡപം
ശ്രായം നാ. ആശ്രയം
ശ്രാവകൻ നാ. 1. ശ്രവിക്കുന്നവൻ; 2. ശിഷ്യൻ; 3. പാഷണ്ഡൻ; 4. ബൗദ്ധഭിക്ഷു
ശ്രാവണം നാ. 1. ചിങ്ങമാസത്തിലെ വെളുത്തവാവ്; 2. ചിങ്ങമാസം; 3. ആണ്ടുതോറും പൂണൂൽ പുതുക്കുമ്പോൾ നടത്തുന്ന ഒരു കർമം
ശ്രാവണിക വി. ശ്രാവണമാസത്തിലുള്ള, ചിങ്ങമാസത്തിലുള്ള
ശ്രാവി വി. ശ്രവിക്കുന്ന
ശ്രാവിത വി. പറഞ്ഞു കേൾപ്പിക്കപ്പെട്ട
ശ്രാവ്യം നാ. ശ്രവിക്കേണ്ടത്, കേൾക്കേണ്ടത്
ശ്രിത വി. 1. ആശ്രയിക്കപ്പെട്ട; 2. സമീപിക്കപ്പെട്ട; 3. പ്രാപിക്കപ്പെട്ട; 4. പറ്റിപ്പിടിച്ചിരിക്കുന്ന; 5. രക്ഷിക്കപ്പെട്ട; 6. വ്യാപിച്ചിരിക്കുന്ന
ശ്രിതി നാ. 1. ആശ്രയം; 2. സമീപിക്കൽ
ശ്രീ നാ. 1. ലക്ഷ്മി; 2. ശ്രേയസ്സ്; 3. ഐശ്വര്യം; 4. താമര; 5. ശോഭ; 6. നിധി; 7. ബുദ്ധി; 8. പ്രയത്നം; 9. പരിഷ്കാരം; 10. വിജയം; 11. ചിരി; 12. കീർത്തി; 13. ത്രിവർഗം; 14. സരസ്വതി; 15. ഗ്രാമ്പൂ; 16. പാർവതി; 17. ഒരു വൃത്തം
ശ്രീക വി. ശ്രീയുള്ള
ശ്രീകണ്ഠൻ നാ. 1. ശിവൻ; 2. ഭവഭൂതി
ശ്രീകര വി. 1. ശ്രീയെ ഉണ്ടാക്കുന്ന; 2. ഐശ്വര്യവർധകമായ
ശ്രീകരണം നാ. പേന
ശ്രീകരം നാ. 1. ചെന്താമര; 2. ഐശ്വര്യം
ശ്രീകാന്തൻ നാ. വിഷ്ണു, ലക്ഷ്മീകാന്തൻ
ശ്രീകാരം നാ. ശ്രീ എന്നുള്ള സംബോധന
ശ്രീകാരി നാ. മ്ലാവ്. വി. ഐശ്വര്യം ഉളവാക്കുന്ന
ശ്രീകാര്യം നാ. ക്ഷേത്രത്തിലെ മേലധികാരം; 2. ഐശ്വര്യവർധകമായ പ്രവൃത്തി; 3. വഴിപാട്

ശ്രീകൃഷ്ണൻ നാ. 1. വിഷ്ണുവിൻെറ അവതാരം, വിഷ്ണു; 2. വേദവ്യാസൻ
ശ്രീകൃഷ്ണവിലാസം നാ. ഒരു സംസ്കൃതകാവ്യം
1361
ശ്രീകോയിൽ നാ. ക്ഷേത്രത്തിലെ ഗർഭഗൃഹം
ശ്രീഖണ്ഡം നാ. 1. ചന്ദനം; 2. ചന്ദനത്തടി
ശ്രീഗദിതം നാ. ഒരുതരം നൃത്യകൃതി, ഉപരൂപകങ്ങളിൽ ഒന്ന്
ശ്രീഗർഭൻ നാ. വിഷ്ണു
ശ്രീഗർഭം നാ. വാൾ
ശ്രീഗേഹം നാ. 1. താമര; 2. ലക്ഷ്മീനികേതം
ശ്രീഘനൻ നാ. 1. ബുദ്ധൻ; 2. ശാസ്താവ്
ശ്രീഘനം നാ. തൈര്
ശ്രീചക്രം നാ. 1. ഇന്ദ്രൻെറ രഥചക്രം; 2. ഭൂമണ്ഡലം; 3. സുദർശനചക്രം; 4. തർക്കശാസ്ത്രത്തിൻെറ ഒരു ഭാഗം
ശ്രീജൻ നാ. കാമദേവൻ
ശ്രീത്വം നാ. 1.ഐശ്വര്യം; 2. സമ്പത്ത്; 3. ഭാഗ്യം; 4. ശോഭ; 5. ശുചിത്വം
ശ്രീദൻ നാ. കുബേരൻ
ശ്രീദയിതൻ നാ. 'ലക്ഷ്മീദേവിയുടെ ഭർത്താവ്', വിഷ്ണു
ശ്രീദളം നാ. താമര
ശ്രീദേവി നാ. 1. ലക്ഷ്മി; 2. സ്വാഹാദേവി
ശ്രീധരൻ നാ. 1. വിഷ്ണു; 2. ഒരു ആചാര്യൻ
ശ്രീനന്ദനൻ നാ. കാമദേവൻ
ശ്രീനാരായണൻ നാ. മഹാവിഷ്ണു
ശ്രീനികേതനൻ നാ. ശ്രീനിവാസൻ, വിഷ്ണു
ശ്രീനികേതനം നാ. 1. ഐശ്വര്യത്തിൻെറ ഇരിപ്പിടം; 2. വൈകുണ്ഠം; 3. സ്വർണം; 4. ചെന്താമര
ശ്രീനിവാസൻ നാ. വിഷ്ണു
ശ്രീനിവാസം നാ. വൈകുണ്ഠം
ശ്രീപതി നാ. 1. വിഷ്ണു; 2. ചക്രവർത്തി; 3. കുബേരൻ; 4. ഒരു ജ്യോതിശാസ്ത്രജ്ഞൻ
ശ്രീപഥം നാ. 1. ഐശ്വര്യമുള്ള മാർഗം; 2. പെരുവഴി
ശ്രീപദ്മനാഭദാസൻ നാ. 1. വിഷ്ണുവിൻെറ ദാസൻ; 2. തിരുവിതാങ്കൂർ രാജാവിൻെറ സ്ഥാനപ്പേര്
ശ്രീപദ്മനാഭൻ നാ. മഹാവിഷ്ണു
ശ്രീപർണം നാ. 1. താമര; 2. മൂഞ്ഞ
ശ്രീപാദം നാ. 1. ഐശ്വര്യകരമായ കാൽച്ചുവട്, തിരുവടി; 2. ആറ്റിങ്ങൽ മൂത്തതമ്പുരാട്ടിമാരുടെ ഭരണത്തിലുള്ള വസ്തുക്കൾ
ശ്രീപീഠം നാ. 1. ബിംബം സ്ഥിതിചെയ്യുന്ന പീഠം; 2. അൾത്താര
ശ്രീപുത്രൻ നാ. 1. കാമദേവൻ; 2. ചന്ദ്രൻ; 3. കുതിര

ശ്രീപുരം നാ. ശോഭാധിക്യം
ശ്രീബലി നാ. ശീവേലി
ശ്രീഭഗവതി നാ. ലക്ഷ്മീദേവി
ശ്രീഭണ്ഡാരം നാ. ക്ഷേത്രംവക ധനം
ശ്രീഭൂതബലി നാ. ക്ഷേത്രത്തിൽ ദേവതകൾക്കും ഭൂതങ്ങൾക്കുമായി ഭക്തിയോടെ അർപ്പിക്കുന്ന ഭക്ഷ്യനിവേദ്യം
ശ്രീഭ്രാതാവ് നാ. 1. കുതിര; 2. ചന്ദ്രൻ
ശ്രീമതി നാ. 1. ഐശ്വര്യമുള്ളവൾ; 2. മഴമുല്ല; 3. വിവാഹിതരായ സ്ത്രീകളെ അഭിസംബോധനം ചെയ്യുന്ന വാക്ക്
ശ്രീമത്ത് വി. 1. ശോഭയുള്ള; 2. ഐശ്വര്യമുള്ള; 3. കീർത്തിയുള്ള. നാ. 1. സിന്ദൂരം; 2. ഭാഗ്യം; 3. മഞ്ഞക്കടമ്പ്
ശ്രീമത്ത്വം നാ. 1. ഐശ്വര്യമുള്ള അവസ്ഥ; 2. വിഷം നിറഞ്ഞ അവസ്ഥ
ശ്രീമദം നാ. ഐശ്വര്യംകൊണ്ടുള്ള ഗർവം
ശ്രീമാത് നാ. 1. ലക്ഷ്മി; 2. സമ്പത്ത്
ശ്രീമാൻ നാ. 1. ഐശ്വര്യമുള്ളവൻ; 2. അനുഗ്രഹീതൻ; 3. കുബേരൻ; 4. ശിവൻ; 5. വിഷ്ണു; 6. അരയാൽ
ശ്രീമുദ്ര നാ. വൈഷ്ണവർ നെറ്റിയിലിടുന്ന കുറി
ശ്രീമൂർത്തി നാ. 1. വിഷ്ണുവിഗ്രഹം; 2. ലക്ഷ്മീരൂപം
ശ്രീയുക്ത വി. 1. ശ്രീയോടുചേർന്ന; 2. ശ്രീയുള്ള; 3. സമ്പത്തുള്ള; 4. കീർത്തികേട്ട
ശ്രീരങ്ഗൻ നാ. വിഷ്ണു
ശ്രീരാമൻ നാ. ദശരഥപുത്രൻ
ശ്രീരാമോദന്തം നാ. 1. ശ്രീരാമൻെറ കഥ; 2. ഒരു കാവ്യം
ശ്രീല വി. ശ്രീയുള്ള
ശ്രീവത്സം നാ. 1. മഹാവിഷ്ണുവിറ്റെ മാറത്തെ അടയാളം; 2.തുരങ്കം
ശ്രീവത്സകി നാ. 1. നല്ലതരം കുതിര; 2. മാറിൽ മറുകുള്ളത്
ശ്രീവത്സൻ നാ. വിഷ്ണു
ശ്രീവത്സലാഞ്ഛനൻ നാ. വിഷ്ണു
ശ്രീവരൻ നാ. 1. വിഷ്ണു; 2. ഭാഗ്യവാൻ
ശ്രീവേല നാ. ദിനംപ്രതി സായംകാലത്തു ചെയ്യുന്നപൂജ
ശ്രീശൻ നാ. വിഷ്ണു
ശ്രീസഖൻ നാ. കുബേരൻ
ശ്രുത വി. 1. കേൾക്കപ്പെട്ട; 2. കേട്ടറിഞ്ഞ; 3. കേട്ടു നിർണയിക്കപ്പെട്ട
ശ്രുതം നാ. 1. വേദം; 2. ശാസ്ത്രം; 3. പഠിത്തം; 4. കീർത്തി
ശ്രുതി നാ. 1. വേദം; 2. ചെവി; 3. കേൾവി; 4. നാദത്തിൻെറ ഗുണങ്ങളിൽ ഒന്ന്. ശ്രുതിമീട്ടുക = വായ്പ്പാട്ടിന് ഉചിതമായ ശ്രുതി പാലിക്കുന്നതിനു സഹായകമായി വാദ്യോപകരണത്തിൽ അടിസ്ഥാനശ്രുതിയിലുള്ള നാദം പുറപ്പെടുവിക്കുക
ശ്രുതികടം നാ. 1. പാമ്പ്; 2. പ്രായശ്ചിത്തം

ശ്രുതികടു വി. 1. പരുഷമായ; 2. പരുഷാക്ഷരമായ
ശ്രുതിജീവിക നാ. നിയമഗ്രന്ഥം
ശ്രുതിജ്ഞൻ നാ. വേദജ്ഞൻ
ശ്രുതിധര വി. കേൾക്കുന്ന
ശ്രുതിപഥം നാ. 1. ശ്രവണേന്ദ്രിയം; 2. സന്മാർഗം
ശ്രുതിപ്പെടുക ക്രി. 1. പ്രസിദ്ധപ്പെടുത്തുക; 2. കീർത്തിയുണ്ടാകുക
ശ്രുതിമൂലം നാ. 1. ചെവിയുടെ ചുവട്; 2. വേദപാഠം
ശ്രുയമാണ വി. ശ്രവിക്കപ്പെടുന്ന
ശ്രുവം നാ. 1. യാഗം; 2. സ്രുവം
ശ്രേണി നാ. 1. കൂട്ടം; 2. വരി; 3. തെരുവ്; 4. പേരീത്ത; 5. വണിക് സങ്ഘം; 6. വകുപ്പ്, ക്ലാസ്സ്; 7. തൊട്ടി; 8. ഏണി
ശ്രേണിക നാ. കൂടാരം
ശ്രേണീകർമങ്ങൾ നാ. (ബ.വ.) അതതു ജാതി തൊഴിലുകൾ
ശ്രേണീഭവിക്കുക ക്രി. ശ്രേണിയായിത്തീരുക
ശ്രേയസ്കര വി. 1. ശ്രേയസ്സുണ്ടാക്കുന്ന; 2. ശുഭകരമായ
ശ്രേയസ്സ് നാ. 1. യശസ്സ്; 2. മോക്ഷം; 3. സുകൃതം; 4. ശുഭം; 5. നന്മ; 6. മുഹൂർത്തം
ശ്രേയാൻ നാ. ശ്രേയസ്സുള്ളവൻ
ശ്രേഷ്ഠൻ നാ. 1. മുഖ്യൻ; 2. ഉത്തമൻ; 3. കുബേരൻ; 4. രാജാവ്; 5. ബ്രാഹ്മണൻ
ശ്രേഷ്ഠം നാ. 1. ഉത്തമം; 2. ശ്രേഷ്ഠത
ശ്രേഷ്ഠലവണം നാ. ഇന്തുപ്പ്
ശ്രേഷ്ഠാശ്രമം നാ. ഗൃഹസ്ഥാശ്രമം
ശ്രേഷ്ഠി വി. 1. ശ്രേഷ്ഠമായ. നാ. 1. കേൾവികേട്ടവൻ; 2. സൂത്രപ്പണിക്കാരൻ; 3. വണിക് സങ്ഘനായകൻ
ശ്രോണ വി. 1. മുടന്തുള്ള; 2. പാകം ചെയ്യപ്പെട്ട
ശ്രോണം നാ. 1. രോഗം; 2. നദി; 3. ഓണം
ശ്രോണി നാ. 1. നിതംബം; 2. കുറുക്ക്
ശ്രോണിഫലകം നാ. 1. അരക്കൂട്ടിലെ അസ്ഥി; 2. വിസ്തൃതമായ നിതംബം
ശ്രോണീബിംബം നാ. 1. ഉരുണ്ട ശ്രോണി; 2. അരപ്പട്ട
ശ്രോണീസൂത്രം നാ. 1. അരപ്പട്ട; 2. അരഞ്ഞാൺ
ശ്രോതവ്യ വി. ശ്രവിപ്പാൻ യോഗ്യമായ
ശ്രോതസ്സ് നാ. 1. ചെവി; 2. ജ്ഞാനേന്ദ്രിയം; 3. തുമ്പിക്കൈ; 4. ഒഴുക്ക്
ശ്രോതാവ് നാ. 1. കേൾക്കുന്നവൻ; 2. വിദ്യാർഥി
ശ്രോതോരന്ധ്രം നാ. തുമ്പിക്കൈയിലെ നാസാരന്ധ്രം
ശ്രോത്രം നാ. 1. ചെവി; 2. വേദം; 3. വേദവിജ്ഞാനം
ശ്രോത്രിയ വി. 1. നല്ലശീലമുള്ള; 2. വേദത്തിൽ വിജ്ഞനായ; 3. ഛാന്ദസനായ
ശ്രോത്രേന്ദ്രിയം നാ. ചെവി

ശ്രൗത വി. ശ്രുതത്തെ (ശ്രുതിയെ) സംബന്ധിച്ച
ശ്രൗതം നാ. 1. കല്പങ്ങളുടെ ത്രിഭാഗത്തിലൊന്ന്; 2. വൈദികകർമം
ശ്രൗത്രം നാ. 1. ശ്രോത്രം; 2. വേദജ്ഞാനം
ശ്ലക്ഷ്ണ വി. 1. നേർത്ത; 2. മൃദുവായ; 3. ഭങ്ഗിയുള്ള; 4. രസകരമായ; 5. പരമാർഥമായ; 6. തുറന്നുപറയുന്ന; 7. ശാന്തമായ; 8. അൽപമായ; 9. മിനുസമുള്ള; 9. യോഗ്യമായ
ശ്ലക്ഷ്ണകം നാ. 1. അടയ്ക്ക; 2. പാക്ക്
ശ്ലക്ഷ്ണശില നാ. 1. മിനുസമുള്ള കല്ല്; 2. വെള്ളക്കല്ല്
ശ്ലഥ വി. 1. അഴിക്കപ്പെട്ട; 2. അയഞ്ഞ; 3. മുറുക്കമില്ലാത്ത; 4. ചിതറിക്കിടക്കുന്ന
ശ്ലഥനം നാ. 1. അയവുണ്ടാക്കൽ; 2. അഴിക്കൽ
ശ്ലഥബന്ധം നാ. 1. അയഞ്ഞകെട്ട്; 2. ഗാഢമല്ലാത്ത രചന
ശ്ലാഘ നാ. 1. പ്രശംസ; 2. ആത്മസ്തുതി; 3. സേവനം; 4. അഭിലാഷം
ശ്ലാഘനികൻ നാ. തൻെറ ഗുണങ്ങളെക്കുറിച്ച് വീമ്പുപറയുന്നവൻ
ശ്ലാഘനീയ വി. ശ്ലാഘിക്കപ്പെടേണ്ട
ശ്ലാഘാവാൻ നാ. കീർത്തിക്കു പാത്രമായവൻ
ശ്ലാഘി വി. ശ്ലാഘിക്കുന്ന
ശ്ലാഘിക്കുക ക്രി. 1. സ്തുതിക്കുക; 2. പ്രശംസിക്കുക; 3. വമ്പു പറയുക
ശ്ലാഘിതം നാ. 1. സ്തുതിക്കപ്പെട്ടത്; 2. മാനം
ശ്ലാഘ്യ വി. ശ്ലാഘിക്കത്തക്ക
ശ്ലാഘ്യൻ നാ. പുരോഹിതൻ, ചാക്യാർ
ശ്ലിക നാ. 1. വിടൻ; 2. ദാസൻ; 3. ജ്യോതിഷം
ശ്ലിഷ നാ. 1. ആലിങ്ഗനം; 2. പറ്റിപ്പിടിച്ചിരിക്കൽ
ശ്ലിഷ്ട വി. 1. ശ്ലേഷാർഥമുള്ള; 2. ചേർന്നു നിൽക്കുന്ന
ശ്ലിഷ്ടി നാ. ശ്ലിഷ, ആലിങ്ഗനം
ശ്ലീപദം നാ. മന്ത്, പെരുക്കാൽ
ശ്ലീപദാപഹം നാ. പൂത്തിലഞ്ഞി
ശ്ലീല വി. 1. ശ്രീല; 2. സഭ്യമായ
ശ്ലീവാ [സുറി] നാ. കുരിശ്
ശ്ലീഹാ [സുറി] നാ. അപ്പോസ്തലൻ
ശ്ലേഷം നാ. 1. ആലിങ്ഗനം; 2. സഹവാസം; 3. ഒരു അലങ്കാരം
ശ്ലേഷ്മജ്വരം നാ. കഫകോപം മൂലമുണ്ടാകുന്ന പനി
ശ്ലേഷ്മണം നാ. 1. കഫവർധകം; 2. നറുവരി
ശ്ലേഷ്മം നാ. 1. കഫം; 2. കഫധാതു
ശ്ലേഷ്മാതം നാ. നറുവരി
ശ്ലോകം നാ. 1. ഒരു പദ്യരൂപം; 2. യശസ്സ്; 3. സ്തുതി; 4. പഴമൊഴി

ശ്വ വി. നായയെ സംബന്ധിച്ച
ശ്വഗണികൻ നാ. 1. ശ്വഗണസംരക്ഷകൻ; 2. വേടൽ
ശ്വധൂർത്തൻ നാ. കുറുക്കൻ
ശ്വൻ നാ. പട്ടി. (സ്ത്രീ) ശുനി
ശ്വഭീരു നാ. കുറുക്കൻ
ശ്വഭ്രം നാ. 1. സുഷിരം; 2. ഗുഹ; 3. നരകം
ശ്വമാംസം നാ. നായുടെ മാംസം
ശ്വയഥു നാ. 1. വീക്കം; 2. നീര്; 3. വർധന
ശ്വവൃത്തി നാ. 1. ഉപജീവനാർഥം അന്യനെ സേവിക്കൽ; 2. ദാസ്യം
ശ്വവ്യാഘ്രം നാ. 1. ചെറുപുലി; 2. ഹിംസ്രമൃഗം
ശ്വശുരൻ നാ. 1. ഭാര്യയുടെ പിതാവ്; 2. ഭർത്താവിൻെറ പിതാവ്; 3. മാന്യൻ
ശ്വശുര്യൻ നാ. 1. ശ്വശുരൻെറ പുത്രൻ; 2. അളിയൻ
ശ്വശ്രു നാ. ഭർത്താവിൻെറയോ ഭാര്യയുടെയോ അമ്മ
ശ്വാസനൻ നാ. വായു
ശ്വസനം നാ. 1. ശ്വസിക്കൽ; 2. ശ്വാസം; 3. വായു; 4. മലങ്കാര
ശ്വസിക്കുക ക്രി. 1. വായുവിനെ ഉള്ളിലേക്ക് വലിക്കുകയും ഉച്ഛ്വസിക്കുകയും ചെയ്യുക; 2. ജീവിച്ചിരിക്കുക
ശ്വസിത വി. ശ്വസിക്കപ്പെട്ട
ശ്വസിതം നാ. 1. ശ്വാസോച്ഛ്വാസം; 2. നെടുവീർപ്പ്
ശ്വസ്തന വി. 1. ഭാവിയെ സംബന്ധിച്ച; 2. നാളേക്കുള്ള
ശ്വസ്തനം നാ. ഭാവി
ശ്വാ നാ. നായ്
ശ്വാദൻ നാ. ചണ്ഡാലൻ
ശ്വാനൻ നാ. നായ്
1363
ശ്വാപദം നാ. 1. മുള്ളൻപന്നി; 2. കടുവാ; 3. പുലി; 4. പാമ്പ്; 5. ഇരതേടുന്ന മൃഗം
ശ്വാഫല്കി നാ. 1. അക്രൂരൻ; 2. ശ്വഫല്കൻെറ പുത്രൻ
ശ്വാവ് നാ. നായ്
ശ്വാസം നാ. 1. ശ്വസിക്കൽ; 2. വീർപ്പ്; 3. പ്രാണൻ; 4. മരണശ്വാസം; 6. കാസശ്വാസം. ശ്വാസം മുട്ടിക്കുക = 1. വീർപ്പുമുട്ടിക്കുക; 2. ബുദ്ധിമുട്ടിക്കുക
ശ്വാസിത വി. ശ്വസിപ്പിച്ച
ശ്വാസോച്ഛ്വാസം നാ. വായുവിനെ ഉള്ളിലോട്ടു വലിക്കുകയും പുറത്തോട്ട് വിടുകയും ചെയ്യൽ
ശ്വിത്ര(ക)ം നാ. വെളുത്ത പാണ്ട്, വെൺകുഷ്ഠം
ശ്വിത്രി വി. 1. കുഷ്ഠരോഗം ബാധിച്ച. നാ. പാണ്ടുപിടിച്ച
ശ്വേത വി. വെളുത്ത. നാ. 1. വെള്ളിൽപ്പക്ഷി; 2. കൂവനൂറ്; 3. ജീരകം; 4. പഞ്ചസാര; 5. സ്ഫടികം

ശ്വേതകം നാ. 1. വെള്ളി; 2. കവടി
ശ്വേതകുഞ്ജരം നാ. ഐരാവതം
ശ്വേതകുഷ്ഠം നാ. പാണ്ട് (തൊലിയിൽ വെളുപ്പു പരന്നുണ്ടാകുന്നത്)
ശ്വേതകേതു നാ. ഉദ്ദാലകൻെറ പുത്രൻ
ശ്വേതഗരുത്ത് നാ. 1. വാത്ത; 2. അന്നം
ശ്വേതധാമാവ് നാ. 1. ചന്ദ്രൻ; 2. കടൽ നുര; 3. കർപ്പൂരം
ശ്വേതൻ നാ. 1. വെളുത്തവൻ; 2. ശുക്രൻ; 3. വെള്ളക്കാരൻ
ശ്വേതപത്രം നാ. അരയന്നം
ശ്വേതപിങ്ഗള നാ. സിംഹം
ശ്വേതം നാ. 1. വെളുപ്പ്; 2. വെള്ളെരിക്ക്; 3. വെണ്മേഘം; 4. വെൺചന്ദനം; 5. ജീവകം; 6. ശങ്ഖ്
ശ്വേതമരിചം നാ. 1. മുരിങ്ങാക്കായുടെ ഉള്ളിലെ കുരു; 2. വെളുത്ത കുരുമുളക്
ശ്വേതമാലം നാ. 1. പുക; 2. മേഘം
ശ്വേതരക്തം നാ. പാടലവർണം
ശ്വേതരഞ്ജനം നാ. കാരീയം
ശ്വേതരഥൻ നാ. ശുക്രൻ
ശ്വേതരൂപ്യം നാ. 1. വെള്ളി; 2. വെള്ളീയം
ശ്വേതവാജി നാ. 'വെള്ളക്കുതിരയുള്ളവൻ', 1. അർജുനൻ; 2. ഇന്ദ്രൻ
ശ്വേതവാഹനൻ നാ. 1. അർജുനൻ; 2. ഇന്ദ്രൻ
ശ്വേതസുര നാ. വാരുണീ മദ്യം
ശ്വേതസൂരസ നാ. വെളുത്ത ചേമന്തി
ശ്വേതാതപത്രം നാ. വെൺകൊറ്റക്കുട
ശ്വേതിമ നാ. വെളുപ്പ്
ശ്വേതോദരൻ നാ. കുബേരൻ
ശൈ്വത്യം നാ. 1. വെളുപ്പ്; 2. ശ്വിത്രം
ശൈ്വത്രം നാ. വെളുത്ത കുഷ്ഠം
ശ്വോ വി. നാളയെ സംബന്ധിച്ച
ശ്വോവസീയ വി. 1. ശുഭമായ; 2. ഭാഗ്യമുള്ള

## ഷ

ഷ [ഷ്-അ] മുപ്പത്തൊന്നാമത്തെ വ്യഞ്ജനം. മൂർധന്യമായ ഊഷ്മാവ്
ഷട് നാ. ആറ്
ഷട്കം നാ. ആറെണ്ണം
ഷട്കോണം നാ. ആറുകോണുള്ളത്, വജ്രം
ഷട്ചക്രം നാ. ഷഡാധാരചക്രങ്ങൾ

ഷഡക്ഷരമന്ത്രം നാ. ആറ് അക്ഷരങ്ങൾ അടങ്ങിയ മന്ത്രം, 'ശ്രീരാമായ നമഃ', 'ഓം നമശ്ശിവായ' ഇത്യാദി
ഷഡങ്ഗജ്ഞൻ നാ. ആറുവേദങ്ങളും പഠിച്ചവൻ
ഷഡങ്ഗം നാ. 'ആറ് അങ്ഗങ്ങൾ', 1. ശരീരത്തിൻെറ ആറ് അവയവങ്ങൾ; 2. ആറു വേദാങ്ഗങ്ങൾ; 3. പനിക്കുള്ള ഒരു കഷായയോഗം (മുത്തങ്ങ, ചന്ദനം, ചുക്ക്, ഇരുവേലി, പർപ്പടകപ്പുല്ല്, രാമച്ചം ഈ ആറും); 4. പശുവിൽനിന്നു കിട്ടുന്ന ആറുസാധനങ്ങൾ (പാഞ്ചഗവ്യവും ഗോരോചനയും); 5. ഞെരിഞ്ഞിൽ; 6. ചടങ്ങ്
ഷഡങ്ഗുലം നാ. ആറുവിരൽ നീളം
ഷഡങ്ഘ്രി നാ. 'ആറുപാദങ്ങളുള്ള', 1. വണ്ട്; 2. തേനീച്ച
ഷഡഭിജ്ഞൻ നാ. 1. ബുദ്ധമുനി; 2. ദിവ്യദൃഷ്ടി പൂർവനിവാസാനുസ്മൃതി പരഹൃദയജ്ഞാനം ആകാശഗമനം കായവ്യൂഹം ആത്മജ്ഞാനം ഈ ആറും ഉള്ളവൻ (സാകല്യേന അറിഞ്ഞവൻ)
ഷഡശീതി നാ. എൺപത്താറ്
ഷഡാതതായികൾ നാ. (ബ.വ.) ആറുതരം ക്രൂരകൃത്യങ്ങൾ ചെയ്യുന്നവൻ (പുരയ്ക്കു തീവയ്ക്കുന്നവൻ, ഭക്ഷണത്തിൽ വിഷം കലർത്തുന്നവൻ, ആയുധംകൊണ്ടു കൊല്ലാൻ ഒരുമ്പെടുന്നവൻ, ധനം അപഹരിക്കുന്നവൻ, ക്ഷേത്രത്തെ [ഭൂമിയെ, ഭാര്യയെ] അപഹരിച്ചവൻ ഇവർ)
ഷഡാധാരങ്ങൾ നാ. മനുഷ്യശരീരത്തിലുള്ള ആറ് ആധാരചക്രങ്ങൾ (മൂലാധാരം, സ്വാധിഷ്ഠാനം, മണിപൂരകം, ആനാഹതം, വിശുദ്ധി, ആജ്ഞ ഈ ആറും)
ഷഡാനനൻ നാ. ആറുമുഖൻ, സുബ്രഹ്മണ്യൻ
ഷഡിന്ദ്രിയന്നൾ നാ. (ബ.വ.) ആറ് ഇന്ദ്രിയങ്ങൾ (പഞ്ചേന്ദ്രിയവം മനസ്സും)
ഷഡീതികൾ നാ. (ബ.വ.) ആറുതരം ഈതിബാധകൾ (അതിവൃഷ്ടി, അനാവൃഷ്ടി, ശലഭങ്ങൾ, എലികൾ, കിളികൾ, ശത്രുസൈന്യം എന്നിവ)
ഷഡീശോപചാരങ്ങൾ നാ. (ബ.വ.) ആഭരണം കുട വെൺചാമരം ആലവട്ടം പൂണൂൽ ദാസ്യം ഈ ആറും
ഷഡൃതുക്കൾ നാ. (ബ.വ.) ആറ് ഋതുക്കൾ (വസന്തം, ഗ്രീഷ്മം, വർഷം, ശരത്ത്, ഹേമന്തം, ശിശിരം)
ഷഡ്ഗവ്യം നാ. പശുവിൽനിന്നുകിട്ടുന്ന ആറു സാധനങ്ങൾ
ഷഡ്ഗുണം നാ. 'ആറുഗുണങ്ങൾ', 1. ഐശ്വര്യം വീര്യം വൈരാഗ്യം വിജ്ഞാനം ശ്രീ യശസ്സ് ഈ ആറും ഭഗവാൻെറ ഗുണങ്ങൾ; 2. സന്ധി വിഗ്രഹം യാനം ആസനം ദ്വൈധം ആശ്രയം ഈ ആറും രാജാവിൻെറ ഗുണങ്ങൾ
ഷഡ്ജം നാ. (സങ്ഗീ) സപ്തസ്വരങ്ങളിൽ ആദ്യത്തേത്
ഷഡ്ബിന്ദു നാ. വിഷ്ണു
ഷഡ്ഭാഗം നാ. (വിളവിൽ) ആറിലൊന്ന്, രാജഭോഗം
ഷഡ്ഭാവങ്ങൾ നാ. (ബ.വ.) ജനനം ബാല്യം കൗമാരം യൗവനം വാർധക്യം മരണം ഈ ആറും
ഷഡ്ഭുജം വി. ആറുകൈകളുള്ള, ആറുവശങ്ങളുള്ള. നാ. ആറുകോണുകളുള്ള പരിലേഖം
ഷഡ്രഥന്മാർ നാ. (ബ.വ.) കൃപർ ഭീഷ്മർ ദ്രോണർ കർണൻ ശല്ല്യൻ അശ്വത്ഥാമാവ് ഇവർ ആറും

ഷഡ്രസങ്ങൾ നാ. (ബ.വ.) മധുരം പുളി ഉപ്പ് കൈപ്പ് എരിവ് ചവർപ്പ് എന്നിങ്ങനെ ആറ്
ഷഡ്രസഭോജനം നാ. 1. ആറു രസങ്ങൾ ചേർന്ന ഭക്ഷണം; 2. നെയ്‌വിളക്ക് മാല താംബൂലം നൃത്തം വാദ്യം വീണാഗാനം ഈ ആറുംകൊണ്ടു സന്തോഷിപ്പിക്കൽ
ഷഡ്വക്ത്രൻ നാ. ഷഡ്വദനൻ, ഷഡ്വാനനൻ, ആറുമുഖൻ, അറുമുഖൻ
ഷഡ്വികാരം നാ. ജനിക്കുക ഇരിക്കുക മറ്റൊന്നായിമാറുക വളരുക കുറയുക നശിക്കുക ഈ ആറും
ഷഡ്വിധം നാ. ആറുവിധം
ഷണ്ഡ(ക)ൻ നാ. 1. നപുംസകൻ; 2. വരിയുടച്ച കാള; 3. സ്വതന്ത്രനായ കാള
ഷണ്ഡത,-ത്വം നാ. നപുംസകമായിരിക്കുന്ന അവസ്ഥ
ഷണ്ഡം നാ. 1. (താമരയുടെയും മറ്റും) കൂട്ടം, സമൂഹം; 2. നപുംസകം; 3. നിഷ്ഫലം
ഷണ്ഡാലി,-ളി നാ. 1. തടാകം; 2. വേശ്യ
ഷണ്ണയം നാ. സന്ധി വിഗ്രഹം യാനം ആസനം ദ്വൈധീഭാവം ആശ്രയം എന്നിവ
ഷണ്ണവതി നാ. 1. തൊണ്ണൂറ്റാറ്; 2. പൂണൂലിനുള്ള നൂൽ
ഷണ്മലം നാ. ശരീരത്തിലെ ആറു മലങ്ങൾ
ഷണ്മാസം നാ. ആറുമാസം. ഷണ്മാസിക = അർധവാർഷികം
ഷണ്മുഖൻ നാ. സുബ്രഹ്മണ്യൻ (അറുമുഖൻ)
ഷഷ്ടി നാ. അറുപത്
ഷഷ്ടിക(ം) നാ. നവരനെല്ല്
ഷഷ്ടിക്യം നാ. നവരനിലം
ഷഷ്ടിപൂർത്തി നാ. അറുപതുവയസ്സു തികയൽ
ഷഷ്ടിഹായനം നാ. 1. (അറുപതു വയസ്സായ) ആന; 2. നവരനെല്ല്
ഷഷ്ഠാംശം നാ. (വിളവിൻെറ) ആറിലൊന്ന് (രാജാവിനു ചെല്ലേണ്ടത്). ഷഷ്ഠാംശവൃത്തി = രാജാവ്
ഷഷ്ഠി നാ. 1. ആറാമത്തെ തിഥി (പക്കം); 2. ആറാമത്തെ വിഭക്തി; 3. ദുർഗ
ഷാ [പേർ] നാ. രാജാവ്
ഷാഡവം നാ. 1. ഭാവം; 2. രസം; 3. സങ്ഗീതം; 4. ആരോഹണത്തിൽ സ്വരം കുറവുള്ള രാഗം
ഷാണ്മാതുരൻ നാ. സുബ്രഹ്മണ്യൻ (മൂന്നു കൃത്തികകൾ, ഗങ്ഗ, പൃഥ്വി, ദുർഗ ഇങ്ങനെ ആറു മാതാക്കൾ ഉള്ളവൻ)
ഷാണ്മാസിക വി. ആറുമാസം ചെന്ന, ആറുമാസത്തിലൊരിക്കലുള്ള
ഷാപ്പ് [ഇം.] നാ. കട, പീടിക
ഷിക്കാർ നാ. ശിക്കാർ
ഷിഡ്ഗൻ നാ. കാമുകൻ, വിടൻ
ഷെഡ് [ഇം.] നാ. പന്തൽ, അടിച്ചുകൂട്ടിയ പുര

ഷെയർ [ഇം.] നാ. പങ്ക്, ഓഹരി
ഷോക്ക് [ഹി.] നാ. മോടി, പകിട്ട്, ഭങ്ഗി
ഷോഡതി [പോർ] നാ. കുറിച്ചിട്ടി
ഷോഡശ നാ. പതിനാറ്
ഷോഡശകലകൾ നാ. (ബ.വ.) ചന്ദ്രൻെറ പതിനാറു കലകൾ (അമൃത, മനേഷ, പൂഷ, തുഷ്ടി, പുഷ്ടി, രതി, ധൃതി, ശശനി, ചന്ദ്രിക, കാന്തി, ജ്യോത്സ്ന, ശ്രീ, പ്രീതി, അങ്ഗദ, പൂർണ, മൃത)
ഷോഡശഭുജ നാ. ദുർഗ
ഷോഡശമാതൃകകൾ നാ. ഷോഡശമാതൃക്കൾ, (ബ.വ.) പതിനാറു മാതാക്കൾ (ഗൗരി, പദ്മ, ശചി, മേധ, സ്വാഹ, സാവിത്രി, വിജയ, ജയ, ദേവസേന, സ്വധ, മാതാ, ലോകമാതാ, ശന്തി, പുഷ്ടി, ധൃതി, തുഷ്ടി)
ഷോഡശസംസ്കാരങ്ങൾ നാ. (ബ.വ.) ദ്വിജന്മാർ ആചരിക്കേണ്ട 16 ചടങ്ങുകൾ (ഗർഭാധാനം, പുംസവനം, സീമന്തം, ജാതകർമം, നാമക്രിയ, (ഉപ)നിഷ്ക്രമണം, അന്നപ്രാശനം, ചൂഡാകരണം, കർണവേധം, ഉപനയനം, വേദാധ്യയനം, കേശാന്തം, സ്നാനം, വിവാഹം, വൈവാഹികാഗ്നിചയനം, ആനാഗ്നിചയനം)
ഷോഡശാങ്ഘ്രി നാ. 'പതിനാറുകാലുകളുള്ളത്', ഞണ്ട്
ഷോഡശോപചാരങ്ങൾ നാ. (ബ.വ.) പതിനാറ് ഉപചാരങ്ങൾ (ആസനം, സ്വാഗതം, പാദ്യം, അർഘ്യം, ആചമനീയം, മധുപർക്കം, പുനരാചമനീയം, സ്നാനം, വസ്ത്രം, ആഭരണം, ഗന്ധം, ധൂപം, ദീപം, നിവേദ്യം, നമസ്കാരം)
ഷ്ഠീവധാനം നാ. കോളാമ്പി
ഷ്ഠീവനം നാ. തുപ്പൽ
ഷ്ഠ്യൂമം നാ. ജലം

സ

സ1 [സ്-അ] മുപ്പത്തിരണ്ടാമത്തെ വ്യഞ്ജനം. സകാരം. ദന്ത്യമായ ഊഷ്മസ്വനം
സ2 [സം] നാ. (സങ്ഗീ) സപ്തസ്വരങ്ങളിൽ ആദ്യത്തേതിനെ കുറിക്കുന്ന ചി ം, ഷഡ്ജസ്വരം
സ3 [സം] നാ. ഒരു പൂർവസർഗം, ചേർച്ച, സമുച്ചയം, ഉടമ തുടങ്ങിയ അർഥങ്ങളെ കുറിക്കുന്നത്. ഉദാഃ സസന്തോഷം
സകട വി. നിന്ദ്യമായ, നീചമായ
1365
സകടുക [സം. - കടുക] വി. 1. കയ്പ്പുള്ള; 2. പരുഷമായ.
സകണ്ടക [സ. -കണ്ടക] വി. 1. മുള്ളുകളുള്ള; 2. കുത്തുന്ന. 3; ഉപദ്രവകരമായ; 4. ആപൽക്കരമായ; 5. കോൾമയിർക്കൊണ്ട.
സകണ്ഡുക [സം. -കണ്ഡുക] വി. ചൊറിച്ചിലോടുകൂടിയ.
സകമ്പ [സം. കമ്പ] വി. 1. വിറയലോടു കൂടിയ; 2. കമ്പനത്തോടുകൂടിയ.
സകർമ, സകർമക [സം. -കർമ(ക)] വി. (വ്യാക.) കർമമുള്ള.
സകർമകക്രിയ [സം.] നാ. (വ്യാക.) കർമമുള്ള ക്രിയ.

സകരുണ [സം. -കരുണ] വി. 1. ദയയോടുകൂടിയ; 2. ദയനീയമായ, ദാരുണമായ; 3. കാരുണ്യമുള്ള; 4. മാർദവമുള്ള.
സകല [സം. സ-കല] വി. 1. മുഴുവനായ; 2. എല്ലാം ഉൾപ്പെട്ട; 3. പല ഭാഗങ്ങൾ ചേർന്ന; 4. കളനാദത്തോടുകൂടിയ; 5. കലകളോടുകൂടിയ.
സകലൻ [സം. കല] നാ. 1. ഈശ്വരൻ; 2. കലകളുള്ളവൻ.
സകലവും അവ്യ എല്ലാം.
സകലേശൻ [സം. സ്കല-ഈശ] നാ. അഖിലേശൻ, സകലതിനും ഈശൻ.
സകളത്ര [സം. -കളത്ര] വി. പത്നിയോടുകൂടിയ.
സകാമ [സം. -കാമ] വി. 1. കാമത്തോടുകൂടിയ; 2. കാമിയായ; 3. ആഗ്രഹം സാധിച്ച.
സകാമം [സം. -കാമം] അവ്യ. 1. അഭിലാഷത്തോടുകൂടി; 2. താത്പര്യപൂർവം.
സകാശ [സം. -കാശ] വി. 1. ദൃശ്യമായ; 2. സദൃശമായ; 3. രൂപമുള്ള; 3. അടുത്തുള്ള.
സകു[പോർ.] നാ. ചവ്വരി.
സകുക്ഷി [സം. -കുക്ഷി] വി. ഒരേ വയറ്റിൽ പിറന്ന.
സകുല [സം. -കുല] വി. 1. കുലത്തോടുകൂടിയ; 2. ഒരേ കുടുംബത്തിൽപ്പെട്ട, കുലീനതയുള്ള.
സകുലൻ [സം. -കുല] നാ. ബന്ധു.
സകുലം [സം. -കുല] അവ്യ. 1. കുടുംബത്തോടൊപ്പം; 2. പറ്റമായി.
സകുല്യൻ [സം. -കുല്യ] നാ. ഒരേ കുടുംബത്തിലുള്ളവൻ, ചാർച്ചക്കാരൻ.
സകൃത്ത് [സം. -കൃത്] അവ്യ. 1. ഒരിക്കൽ; 2. എല്ലാപോഴും; 3. ഒരുമിച്ച്, കൂടെ.
സകൃത്പ്രജ [സം. സകൃത്-പ്രജാ] നാ. 1. കാക്ക, ആണ്ടിലൊരിക്കൽ മാത്രം മുട്ട ഇടുന്നത്; 2. സിംഹം.
സകൃത്ഫല [സം. -ഫലാ] നാ. വാഴ (ഒരിക്കൽ മാത്രം കായ്ക്കുന്നത്).
സകേശ [സം. -കേശ] വി. തലമുടിയുള്ള, രോമമുള്ള.
സകൈതവൻ [സം. -കൈതവ] നാ. ചതിയൻ, വഞ്ചകൻ.
സകോപം [സം. -കോപ] അവ്യ. കോപത്തോടുകൂടി.
സക്കാത്ത് [അറ.] നാ. (ഇസ്ലാം.) ദാനം, പാവപ്പെട്ടവർക്ക് സൗജന്യമായി നൽകുന്ന സമ്പത്ത്.
സക്ത [സം.] വി. 1. ചേർന്നിരിക്കുന്ന; 2. താത്പര്യമുള്ള; 3. ആസക്തിയുള്ള; 4. ആശ്രയിച്ചിരിക്കുന്ന; 5. ബന്ധപ്പെട്ട.
സക്തൻ [സം.] നാ. 1. ആസക്തിയുള്ളവൻ; 2. പ്രതിപത്തിയുള്ളവൻ.
സക്തി[സം.] നാ. 1. ചേർച്ച; 2. താത്പര്യം; 3. രാഗം.
സക്ഥി [സ. സക്ഥി] നാ. 1. തുട; 2. തുടയെല്ല്; 3. വണ്ടിക്കാൽ.
സക്രിയ [സം. -ക്രിയാ] വി. 1. പ്രവർത്തനനിരതമായ; 2. ഉന്മേഷമുള്ള; 3. ക്രിയാത്മകമായ.
സക്ഷത [സം. -ക്ഷത] വി. 1. മുറിവേറ്റ; 2. മുറിവുള്ള.
സഖൻ [സം. <സഖി] നാ. മിത്രം, ബന്ധു, സുഹൃത്ത്.
സഖാവ് [<സം. സഖി] നാ. 1. സുഹൃത്ത്; 2.സഹപ്രവർത്തകൻ; 3. കമ്യൂണിസ്റ്റ് കക്ഷിയിൽപ്പെട്ടവൻ.
സഖി [സം. സഖീ] നാ. 1. കൂട്ടുകാരി; 2. തോഴി.

സഖ്യം [സം.] നാ. 1. സുഹൃദ്ഭാവം, സൗഹൃദം; 2. കൂട്ടുകെട്ട്, പരസ്പരമുള്ള ചങ്ങാത്തം; 3. (രാഷ്ട്രങ്ങൾ തമ്മിലുള്ള) സൗഹാർദ ഉടമ്പടി; 4. രാഷ്ട്രങ്ങളുടെ കൂട്ടുകെട്ട്, പല രാഷ്ട്രങ്ങൾ ചേർന്ന് ഉണ്ടാകുന്ന സമ്യുക്തമായ പ്രവർത്തനസംവിധാനം.

സഗണൻ [സം. -ഗണ] നാ. (വൃത്ത.) അവസാനത്തെ അക്ഷരം ഗുരുവായ ത്ര്യക്ഷരഗണം.

സഗന്ധ [സം. -ഗന്ധ] വി. 1. ഒരേ ഗന്ധമുള്ള; 2. മണമുള്ള; 3. ബന്ധപ്പെട്ട; 4. ഒരേ ഗോത്രത്തിലോ വംശത്തിലോ ഉൾപ്പെട്ട.

സഗർഭൻ നാ. സഹോദരൻ.

സഗുണ [സം. -ഗുണ] വി. 1. ഗുണമുള്ള; 2. സത്വരജസ്തമോഗുണങ്ങളുള്ള, അവയിൽ ഏതെങ്കിലും ഒന്നുള്ള; 3. പ്രത്യേകഗുണമുള്ള, നിർവചിക്കാവുന്ന സവിശേഷതയുള്ള.(പ്ര.) സഗുണബ്രഹ്മം = പ്രത്യേകഗുണങ്ങളോടും രൂപത്തോടും കൂടി സങ്കൽപ്പിക്കപ്പെടുന്ന പരമാത്മാവ്.

സഗോത്ര [സം. -ഗോത്ര] വി. 1. ഒരേ ഗോത്രത്തിപ്പെട്ട; 2. പരസ്പരം രക്തബന്ധമുള്ള; 3. ഒരേ ജാതിയിൽ ഉള്ള.

സഗ്ധി [സം.] നാ. 1. സദ്യ; 2. സഹഭോജനം.

സങ്കട [സം.] വി. 1. വിഷമമുള്ള, ദുർഘടമായ; 2. അടഞ്ഞ; 3. സങ്കുചിതമായ, വിസ്താരം കുറഞ്ഞ; 4. തിങ്ങി ഞെരുങ്ങിയ; 5. കടന്നു ചെല്ലാൻ പ്രയാസമുള്ള; 6. തരണം ചെയ്യാൻ വിഷമമുള്ള; 7. ആപത്കരമായ; 8. പ്രതികൂലമായ; 9. നിറഞ്ഞ.

സങ്കടക്കാരൻ [സം. സങ്കട - മ. കാരൻ] നാ. പരാതികാരൻ, ആവലാതിക്കാരൻ.

സങ്കടം [സം.] നാ. 1. ഇടുങ്ങിയ വഴി, ദുർഘടമായ മാർഗം; 2. പ്രയാസമേറിയ അവസ്ഥ, ക്ലേശങ്ങൾ നിറഞ്ഞ സ്ഥിതി, പ്രതിസന്ധി; 3. ദു:ഖം; 4. വ്യസനം, ഖേദം.

സങ്കർഷണൻ [സം. -കർഷണ] നാ. 1. ബലഭദ്രൻ; 2. അനന്തൻ; 3. തമോഗുണപ്രധാനമൂർത്തി.

സങ്കർഷണം [സം. -കർഷണ] നാ. ആകർഷണം, ഉഴവ്.

സങ്കര [സം. സം-കര] വി. 1. സമ്മിശ്രമായ, കൂടിക്കലർന്ന; 2. കൂടിക്കലരലിൽനിന്ന് ഉണ്ടായ.

സങ്കരജാതി [സം. -ജാതി] നാ. മിശ്രജാതി, വ്യത്യസ്തജനവർഗങ്ങളുടെയോ ജന്തുക്കളുടെയോ സങ്കരത്തിൻെറ ഫലമായി ഉണ്ടാകുന്ന സമ്മിശ്രജാതി.

സങ്കരം [സം.] നാ. 1. കൂടിക്കലരൽ, കലർപ്പ്; 2. വ്യത്യസ്ത വർഗങ്ങളിലോ വംശങ്ങളിലോ ജാതികളിലോപെട്ട സ്ത്രീപുരുഷന്മാർ തമ്മിലുള്ള വേഴ്ചയിൽ നിന്നുണ്ടാകുന്ന വർഗപരമായ കലർപ്പ്; 3. (കാവ്യ.) ഒന്നിലധികം അലങ്കാരങ്ങളുടെ അംശങ്ങൾ ചേർന്ന് ഉണ്ടാകുന്ന അലങ്കാരപ്രയോഗം.

സങ്കലനം [സം. സം-കലന] നാ. 1. കൂടിച്ചേർക്കൽ, ചേർക്കൽ; 2. ഒന്നിച്ചാക്കൽ; 3. (ഗണിത.) കൂട്ടുക എന്ന ഗണിതക്രിയ, രണ്ടോ അതിലധികമോ സങ്ഖ്യകളെ കൂട്ടി ആകെത്തുക കാണൽ.

സങ്കലിത [സം. -കലിത] വി. 1. ഒന്നിച്ചുകൂടിയ, കൂട്ടിച്ചേർത്ത, കൂടിച്ചേർന്ന; 2. കൂട്ടിക്കലർത്തിയ, സംയോജിപ്പിച്ച; 3. (ഗണിത.) കൂട്ടിയ, സങ്കലനം ചെയ്ത.

സങ്കലിതം [സം.] നാ. (ഗണിത.) 1. കൂട്ടൽ, സങ്കലനക്രിയ;2. സങ്ഖ്യകലുടെ ആകെത്തുക കൂട്ടിക്കിട്ടിയത്.
സങ്കൽപം [സം. -കൽപ] നാ. 1. മനസ്സിൽ ജനിക്കുന്ന ആശയം; 2. മനസിൽ ആശയമോ വസ്തുതയോ രൂപം കൊള്ളൽ; 3. കൽപന, ഭാവന; 4. ഇച്ഛ, അഭിലാഷം, ആഗ്രഹം; 5. നിയതമായ ഉദ്ദേശ്യം, നിശ്ചയം; 6. ഭാവം, വിശ്വാസം, ആന്തരപ്രേരണ; 7. ശപഥം, ഉറപ്പ്; 8. വിചാരം.
സങ്കൽപക [സം. -കൽപ-ക] വി. സങ്കൽപിക്കുന്ന.
സങ്കൽപജൻ [സം. -കൽപ-ജ] നാ. കാമദേവൻ (സങ്കൽപത്തിൽനിന്നു ജനിച്ചവൻ).
സങ്കൽപനം [സം. -കൽപന] നാ. 1. സങ്കൽപിക്കൽ; 2. സങ്കൽപം; 3. ഒരു പ്രത്യേകാശയം.
സങ്കൽപ്പിക്കുക [<സം. സം-കൽപ്] ക്രി. 1. മനസ്സിൽ സങ്കൽപത്തിനു രൂപം നൽകുക; 2. വിചാരിക്കുക; 3. ഇച്ഛിക്കുക, ഉദ്ദേശിക്കുക; 4. (മനസ്സിൽ) ശപഥം ചെയ്യുക.
സങ്കൽപിത [സം. -കൽപിത] വി. സങ്കൽപ്പിക്കപ്പെട്ട.
സകാശ [സം. -കാശ] വി. 1. (ഒന്നിൻെറ) പ്രതീതിയുള്ള (ഒന്നിനു) സമാനമായ; 2. സമീപത്തുള്ള, അരികിലുള്ള; 3. സാന്നിധ്യമുള്ള.
സങ്കീർണ [സം. സങ് കീർണ] വി. 1. കൂടിക്കുഴഞ്ഞ, കുഴങ്ങിമറിഞ്ഞ, ക്രമരഹിതമായ; 2. കൂടിച്ചേർന്ന, സമ്മിശ്രമായ; 3. കൂടിക്കലർന്ന; 4. നിറഞ്ഞ, തിങ്ങി നിറഞ്ഞ; 5. കലർപ്പുള്ള, സമ്മിശ്രമായ, അശുദ്ധമായ; 6. സങ്കരമായ; 7. പലയിനം ചേർന്ന, പല തരത്തിലുള്ള, വൈവിധ്യമുള്ള; 8. ചിതറിക്കിടക്കുന്ന, കുത്തഴിഞ്ഞ, ശിഥിലമായ.
സങ്കീർണൻ [സം. സങ്കീർണ] നാ. സങ്കരജാതിയിൽ ജനിച്ചവൻ.
സങ്കീർണജൻ [സം. -ജ] നാ. സങ്കീർണൻ.
സങ്കീർണവാക്യം [സം. സം-കീർണ-വക്യ] നാ. (വ്യാക.) മൂന്നുതരം വാക്യങ്ങളിൽ ഒന്ന്, അങ്ഗിവാക്യവും ഒന്നോ അധികമോ അങ്ഗവാക്യങ്ങളും ചേർന്ന വാക്യം.
സങ്കീർത്തനം [സം. -കീർതന] നാ. 1. സ്തുതി, സ്തോത്രം; 2, സ്തുതിച്ചു പറയൽ, സ്തുതിച്ചു പാടൽ.
സങ്കുചിത [സം. -കുചിത] വി. 1. ചുരുങ്ങിയ; 2. ഇടുങ്ങിയ; 3. അടഞ്ഞ.
സങ്കുഞ്ചിത [സം. -കുഞ്ചിത] വി. 1. വളയ്ക്കപ്പെട്ട, വളഞ്ഞ; 2. വക്രമായ.
സങ്കുല [സം. -കുല] വി. 1. ഇടതിങ്ങിയ, തിങ്ങി നിറഞ്ഞ; 2. കൂടിക്കലർന്ന, സമ്മിശ്രമായ; 3. ബാധിക്കപ്പെട്ട; 4. സമൃദ്ധമായുള്ള; 5. കലങ്ങിയ, ഇളകിമറിഞ്ഞ; 6. കുഴങ്ങിയ, പരിഭ്രമിച്ച.
സങ്കുലം [സം.] നാ. 1. കൂട്ടം, ആൾക്കൂട്ടം; 2. കുഴപ്പം, കലക്കം; 3. പൂർവാപരവിരുദ്ധമായ ഭാഷണം.
സങ്കേതകം [സം. സങ്കേത-ക] നാ. 1. കരാർ; 2. മുൻ നിശ്ചയം; 3. കൂടിക്കാഴ്ച.
സങ്കേതനം [സം.] നാ. 1. മുൻ നിശ്ചയം; 2. പരസ്പരസമ്മതം; 3. വ്യവസ്ഥ ചെയ്യൽ.
സങ്കേതം [സം.] നാ. 1. നിർദിഷ്ടമായ കാര്യം; 2. നിർദിഷ്ടസ്ഥലം, പരസ്പരം ആലോചിച്ചു തീർച്ചപ്പെറ്റുത്തിയ സ്ഥലം; 3. അഭയസ്ഥാനം; 4. താവളം, തങ്ങാനുള്ള സ്ഥലം, വിശ്രമസ്ഥലം; 5. കാരാറ്; 6. വ്യവസ്ഥ; 7. അടയാളം, ചി ം; 8. വ്യവസ്ഥാപിതചി ം; 9. ശാസ്ത്രീയമായ പ്രവർത്തനോപാധി, പ്രവർത്തനതത്ത്വം; 10.

മാമൂൽ; 11. പതിവായുള്ള ആവിഷകരണോപാധി; 12. പരമ്പരാഗതമായ ആശയം അധവാ സങ്കല്പം; 13. പരോക്ഷമായ പരാമർശം, (ആങ്ഗ്യം കൊണ്ടുള്ള) സൂചന.

സങ്കോചക [സം. –കോചക] വി. 1. സങ്കോചിപ്പിക്കുന്ന; 2. നാണിപ്പിക്കുന്ന.

സങ്കോചനം [സം. –കോചന] നാ. 1. സങ്കോചിക്കൽ; 2. സങ്കോചിപ്പിക്കൽ.

സങ്കോചം [സം. സം–കോച < കുച്] നാ. 1. ചുരുങ്ങൽ, ഒതുങ്ങിക്കൂടൽ; 2. അടയൽ, കൂമ്പൽ; 3. ചുരുക്കൽ, ചുരുക്കം, പരിമിതി; 4. വരൾച്ച; 5. ബന്ധിക്കൽ, കെട്ടൽ; 6. ലജ്ജ, നാണം; 7. ആശങ്ക, അധൈര്യം, തൻേറടമില്ലായ്മ, മടി; 8. വിനയം.

സങ്ക്രന്ദനൻ [സം. –ക്രന്ദന] നാ. 1. ശ്രീകൃഷ്ണൻ; ദേവേന്ദ്രൻ.

സങ്ക്രമ(ണം) [സം. –ക്രമണ < ക്രമ്] നാ. 1. ഒന്നിച്ചുപോകൽ, ഒത്തുചേരൽ; 2. പ്രവേശിക്കൽ; 3. (ഒന്നിൽനിന്നു മറ്റൊന്നിലേക്ക്) മാറൽ, കടന്നുചെല്ലൽ; 4. ദശാപരിണാമം; 5. ഒരുമിച്ചു സംഭവിക്കൽ; 6. പ്രത്യക്ഷപ്പെടൽ, ആരംഭിക്കൽ; 7. ഭൂമധ്യരേഖയിൽനിന്നു സൂര്യൻ വടക്കോട്ടു നീങ്ങുന്ന ദിവസം; 8. സൂര്യൻ ഒരു രാസിയിൽനിന്നു മറ്റൊരു രാസിയിൽ പ്രവേശിക്കൽ; 9. പരലോകഗതി, മരണം.

സങ്ക്രമിക്കുക [<സം. സം–ക്രമ്] ക്രി. 1. (ഒന്നിൽനിന്നു മറ്റൊന്നിലേക്ക്) കടക്കുക, പകരുക; 2. ഒന്നിച്ചു സംഭവിക്കുക.

സങ്ക്രമിപ്പിക്കുക [സംക്രമിക്കുക > പ്രയോ.] ക്രി. സങ്ക്രമിക്കാൻ പ്രേരിപ്പിക്കുക. സങ്ക്രമണത്തിന് ഇടയാക്കുക.

സങ്ക്രമിത [സം. –ക്രമിത] വി. 1. സങ്ക്രമിച്ച; 2. സങ്ക്രമിപ്പിക്കപ്പെട്ട.

സങ്ക്രാന്തി [സം. –ക്രാന്തി] നാ. 1. സങ്ക്രമം, ഒന്നിൽ നിന്നു മറ്റൊന്നിലേക്കു നീങ്ങൽ, പ്രവേശിക്കൽ; 2. പകരൽ, പകർത്തൽ; 3. സൂര്യനോ ഒരു ഗ്രഹമോ ഒരു രാശിയിൽനിന്നു മറ്റൊന്നിലേക്കു കടന്നു ചെല്ലൽ; 4. ഭൂമധ്യരേഖയിൽനിന്നു വടക്കോട്ടുള്ള സൂര്യൻെറ നീക്കത്തിൻെറ തുടക്കം, അതു തുടങ്ങുന്ന ദിവസം; 5. (ഗുരുവിൽനിന്നു ശിഷ്യനിലേക്കുള്ള) വിദ്യയുടെ കൈമാറ്റം; 6. ഒരു ചിത്രത്തിൻെറയോ പ്രതിമയുടെയോ പകർത്തൽ. കാട്ടുകോവിൽക്കുണ്ടോ മകരസങ്ക്രാന്തി. (പഴ.)

സങ്ക്രീഡ [സം. –ക്രീഡാ] നാ. 1. കളി, കായികവിനോദം; 2. സങ്ഘം ചേർന്നുള്ള കളി.

സങ്ക്ഷയം, [സം.–] [സം. –ക്ഷയ] നാ. 1, സമ്പൂർണനാശം, ലോകനാസം; 2. ക്ഷയിക്കൽ; 3. ചെറുതാകൽ; 4. ചീയൽ, ദ്രവിക്കൽ; 5. അപ്രത്യക്ഷമാകൽ, തിരോഭവിക്കൽ.

സങ്ക്ഷിപ്ത [സം.–] [സം. –ക്ഷിപ്ത < ക്ഷിപ്] വി. 1. ചുരുക്കിയ, ചെറുതാക്കിയ, ചുരുക്കത്തിലുള്ള; 2. ഇടുങ്ങിയ, കുറുകിയ, വലിപ്പം കുറഞ്ഞ; 3. തട്ടിയെടുത്ത, തട്ടിക്കൊണ്ടുപോയ; 4. ഒന്നിച്ചു കൂട്ടിയിട്ട; 5. വലിച്ചെറിഞ്ഞ.

സങ്ക്ഷിപ്തി [സം. സം–ക്ഷിപ്തി] നാ. 1. ചുരുക്കൽ, ചെറിതാക്കൽ; 2. ചുരുക്കം, സാരം, സാരാംശം; 3. നശിപ്പിക്കൽ; 4. ഒന്നിച്ചുള്ള ഏറ്; 5. തട്ടിയെടുക്കൽ; 6. ഞെരുക്കം; 7. ആകെത്തുക.

സങ്ക്ഷേപണം [സം. –ക്ഷേപണ] നാ. 1. സങ്ക്ഷേപം; 2. സങ്ക്ഷേപിക്കൽ; 3. ചുരുക്കത്തിൽ വിവരിക്കൽ.

സങ്ക്ഷോഭം [സം. –ക്ഷോഭ] നാ. 1. തീക്ഷ്ണമായ കുലുക്കം, ശക്തമായ ഇളക്കം; 2. തല കീഴായി മറിയൽ; 3. ബഹളം, കുഴപ്പം; 4. പ്രക്ഷോഭണം, വികാരാവേശം.

സങ്ഖ്യ [സം. സങ്ഖ്യാ] നാ. 1. അക്കം; 2. എണ്ണം; 3. തുക; 4. കണക്ക്; 5. കണക്കുകൂട്ടൽ; 6. കണക്കെടുക്കൽ; 7. കണക്കാക്കൽ, തിട്ടപ്പെടുത്തൽ; 8. പര്യാലോചന, യുക്തിവിചാരം

സങ്ഖ്യാത [സം. സം-ഖ്യാത] വി. 1. കണക്കെടുത്ത, എണ്ണിത്തിട്ടപ്പെടുത്തിയ; 2. എണ്ണിയ, അക്കമിട്ട, അളന്നുകുറിച്ച; 3. കണക്കാക്കിയ; 4. കണക്കിലെടുത്ത.
സങ്ഖ്യാതീത [സം. സങ്ഖ്യാ-അതീത] വി. എണ്ണമറ്റ, കണക്കാക്കാൻ കഴിയാത്ത.
സങ്ഖ്യാനം [സം. സങ്ഖ്യാന] നാ. 1. കണക്കെടുക്കൽ, തിട്ടപ്പെടുത്തൽ; 2. കണക്കുകൂട്ടൽ, ഗണനം; 3. അനേകം; 4. അളവെടുപ്പ്; 5. പ്രത്യക്ഷപ്പെടൽ.
സങ്ഖ്യാവത്ത് [സം. സങ്ഖ്യാ-വത്]വി. 1. എണ്ണമുള്ള, എണ്ണിക്കണക്കാക്കിയ; 2. എണ്ണപ്പെട്ട; 3. വിവേചനാശക്തിയുള്ള, ധിഷണാശാലിയായ.
സങ്ഖ്യാവാൻ [സം. -വാൻ <വത്] നാ. ധിഷണാശാലി, ബുദ്ധിമാൻ, വിവേചന ശക്തിയുള്ളവൻ.
സങ്ഖ്യേയ [സം. സങ്ഖ്യേയ] വി. 1. എണ്ണത്തക്ക, എണ്ണി തിട്ടപ്പെടുത്താവുന്ന, കണക്കിലെടുക്കാവുന്ന; 2. കണക്കെടുക്കേണ്ട, തിട്ടപ്പെടുത്തേണ്ട; 3. നിശ്ചിത എണ്ണമുള്ള; 4. കണക്കുകൂട്ടത്തക്ക; 5. അസങ്ഖ്യമല്ലാത്ത; 6. പരിഗണനീയമായ.
സങ്ഗണിക [സം. സം -ഗണികാ] നാ. 1. സമൂഹം; 2. ലോകം.
സങ്ഗത [സം. -ഗത] വി. ഒത്തുചേർന്ന, സമ്യോജിച്ച, ഐക്യം പ്രാപിച്ച; 2. കൂടിച്ചേർന്ന, പരസ്പരപൂരകമായ; 3. ഉചിതമായ, യോജിച്ച, പൊരുത്തമുള്ള; 4. ചേർന്നു നിൽക്കുന്ന.
സങ്ഗതം [സം.] നാ. 1. പൊരുത്തം; 2. സാധാരണമായുള്ള ഒത്തുചേരൽ; 3. കൂട്ടുകെട്ട്, സൗഹൃദം, അടുപ്പം.
സങ്ഗതി1 [സം. സം-ഗതി] നാ. 1. ഒത്തുചേരൽ; 2. കൂട്ടുകെട്ട്, സങ്ഘം, പരസ്പരബന്ധം; 3. ലൈങ്ഗികബന്ധം; 4. യാദൃച്ഛികമായ കൂട്ടിമുട്ടൽ, യാദൃച്ഛികസംഭവം; 5. പൊരുത്തപ്പെടൽ, അനുരൂപത, പ്രായോഗികത; 6. പരിചയപ്പെടൽ, അറിവ്.
സങ്ഗതി2 [സം.] നാ. 1. കാര്യം; 2. വസ്തുത; 3. വസ്തു; 4. സാരമായ വസ്തു; 5. യാഥാർഥ്യം; 6. വിഷയം; 7. സംഭവം.
സങ്ഗം [സം. സങ്ഗ] നാ. 1. ഒത്തുചേരൽ, സ്ത്രീപുരുഷസം യോഗം; 2. സങ്ഘട്ടനം, യുദ്ധം.
സങ്ഗമം [സം. സം. -ഗമ] നാ. 1. ഒത്തുചേരൽ, സമ്മേളനം; 2. ഐക്യം, വേഴ്ച; 3. പരസ്പരബന്ധം, സമ്പർക്കം; 4. യുദ്ധം; 5. ലൈങ്ഗികവേഴ്ച; 6. (നദികളുടെ) കൂടിച്ചേരൽ; 7. ഗ്രഹയോഗം; 8. പൊരുത്തപ്പെടൽ; 9. പരസ്പരം ഛേദിക്കുന്ന സ്ഥാനം, ബിന്ദു; 10. അവിച്ഛിന്നമായ പരമ്പര; 11. ആർജനം.
സങ്ഗമത [സം. സങ്ഗമ-ത] വി. (ഒന്നിലേക്ക്) നയിക്കുന്ന, മാർഗദർശകമായ.
സങ്ഗമനൻ [സം. -ഗമന] നാ. യമൻ.
സങ്ഗമനീയ [സം. -ഗമനീയ] വി. ഐക്യത്തിലേക്കു നയിക്കുന്ന.
സങ്ഗമനം [സം. -ഗമന] നാ. 1. ഒത്തുചേരൽ; 2. കണ്ടുമുട്ടൽ; 3. സമ്പർക്കം പുലർത്തൽ.
സങ്ഗരം [സം.] നാ. 1. യുദ്ധം, സങ്ഘട്ടനം; 2. ഒത്തുചേരൽ; 3. വിലപേശൽ; 4. വിലയ്ക്കു കൊടുക്കൽ; 5. കരാറ്; 6. അറിവ്; 7. വിഷം.
സങ്ഗവം [സം.] നാ. ദിവസത്തിൻെറ അഞ്ചു വിഭാഗങ്ങളിൽ രണ്ടാമത്തേത്.

സങ്ഗി [സം. സങ്ഗിൻ] വി. 1. ഒന്നിച്ചുകൂടുന്ന; 2. ലക്ഷ്യമാക്കിപ്പോകുന്ന; 3. ഐക്യം പ്രാപിക്കുന്ന; 4. കണ്ടുമുട്ടുന്ന.
സങ്ഗീതം [സം. -ഗീത] നാ. 1. പാട്ട്, പാടൽ, ഈണത്തിലുള്ള പാടലോ നിരർഥമായ ശബ്ദങ്ങൾ നീട്ടി ചൊല്ലലോ; 2. സപ്തസ്വരങ്ങളുടെ സവിശേഷവിന്യാസത്തോടും താളഘടനയോടും കൂടിയുള്ള സ്വരാലാപമോ ഗീതത്തിൻെറ ആലാപമോ; 3. ശാസ്ത്രീയമായി ചിട്ടപ്പെടുത്തിയ ഗാനാലാപസമ്പ്രദായം, ഉദാ. കർണാടക സങ്ഗീതം; 4. ഗീതവാദ്യനൃത്തങ്ങളുടെ സമ്യുക്തമായ പ്രയോഗം.
സങ്ഗീതി [സം. -ഗീതി] നാ. 1. ഒത്തുചേർന്നു പാടൽ, സങ്ഘഗീതം; 2. പാട്ടുകച്ചേരി; 3. മേളം; 4. വായ്പ്പാട്ടും താളവും നൃത്തവും ചേർന്നത്, തൗര്യത്രികം; 5. സല്ലാപം; 6. (വൃത്ത.) ആര്യാവൃത്തത്തിൻെറ ഒരു വകഭേദം.
സങ്ഗീർണ [സം. -ഗീർണ] വി. 1. സമ്മതിച്ച; 2. വാഗ്ദാനം ചെയ്യപ്പെട്ട; 3. അങ്ഗീകരിക്കപ്പെട്ട.
സങ്ഗ്രഹം [സം. -ഗ്രഹ] നാ. 1. സങ്ക്ഷിപ്തവിവരണം, ചുരുക്കം; 2. ചേർത്തുപിടിക്കൽ; 3. പിടിച്ചെടുക്കൽ, കരസ്ഥമാക്കൽ; 4. സ്വീകരിക്കൽ; 5. ഉൾക്കൊള്ളൽ (ആഹാരവും മറ്റും); 6. ഒന്നിച്ചുകൂട്ടൽ, സഞ്ചയിക്കൽ, കൂട്ടിവയ്ക്കൽ; 7. സമ്യോഗം; 8. കലവറ; 9. പാത്രം; 10. മൊത്തം കണക്കാക്കൽ; 11. തുക, ആകെത്തുക; 12. ചുരുക്കൽ; 13. വരിഞ്ഞുമുറുക്കി ചെറുതാക്കൽ; 14. ഉൾക്കൊള്ളിക്കൽ; 15. നിയന്ത്രണം; 16. സൂക്ഷിച്ചു വയ്ക്കൽ, സമ്രക്ഷണം; 17. ആകർഷിക്കൽ, ആർജിക്കൽ; 18. പ്രീതിപ്പെടുത്തൽ, രസിപ്പിക്കൽ; 19. വിവാഹം, പാണിഗ്രഹണം; 20. ഗ്രഹിക്കൽ, ധാരണ; 21. പരാമർശം; 23. ഉത്കർഷം, ഔന്നത്യം.
സങ്ഗ്രഹണം [സം. -ഗ്രഹണ] നാ. സംഗ്രഹിക്കൽ.
സങ്ഗ്രഹണീയ [സം. സം-ഗ്രഹണീയ] വി. സങ്ഗ്രഹിക്കത്തക്ക.
സങ്ഗ്രഹിക്കുക [<സം. സം-ഗ്രഹ്] ക്രി. സങ്ക്സേപിക്കുക, ചുരുക്കിപ്പറയുക; 2. സ്വീകരിക്കുക, കൈക്കൊള്ളുക; 3. കൂട്ടിവയ്ക്കുക.
സങ്ഗ്രഹീത [സം. സം-ഗ്രഹീത] വി. 1. കരസ്ഥമാക്കിയ, സ്വീകരിച്ച; 2. സങ്ക്ഷേപിച്ച.
സങ്ഗ്രാമം [സം.] നാ. 1. യുദ്ധം, സങ്ഘട്ടനം; 2. ആൾക്കൂട്ടം; 3. സൈന്യം.
സങ്ഘക്കളി നാ. യാത്രക്കളി.
സങ്ഘടന [സം. സം-ഘടനാ] നാ. 1. സങ്ഘടിക്കൽ, ഒത്തുചേരൽ; 2. ഉചിതമായ രീതിയിലുള്ള കൂട്ടിച്ചേർക്കൽ; 3. ചേർപ്പ്; 4. ഏകലക്ഷ്യത്തോടുകൂടി ഒത്തുകൂടുന്ന ആളുകളുടെ സങ്ഘം; 5. വ്യക്തമായ ചട്ടങ്ങളോടും വ്യവസ്ഥകളോടുംകൂടി കുറെ ആളുകൾ ചേർന്നു രൂപവത്കരിക്കുന്ന ഒരു സമ്യുക്തസ്ഥാപനം; 6. വ്യവസ്ഥാപിതമായ ഘടന.
സങ്ഘടിക്കുക [<സം. സം-ഘട്] ക്രി. 1. ഒത്തുചേരുക, ഐക്യം സ്ഥാപിക്കുക; 2. ഒരു ലക്ഷ്യത്തിനുവേണ്ടി ഒന്നിച്ചു കൂടുക, ഒന്നിച്ചു നിലകൊള്ളുക; 3. ഒത്തുചേർന്ന് വ്യവസ്ഥാപിതമായ രീതിയിൽ സങ്ഘം രൂപവത്കരിക്കുക; 4. ഐകമത്യത്തോടുകൂടി പ്രവർത്തിക്കുക.
സങ്ഘടിത [സം. -ഘടിത] വി. കൂട്ടുചേർന്ന; 2. കൂട്ടിച്ചേർത്ത, ഉചിതമായ രീതിയിൽ ഘടിപ്പിക്കപ്പെട്ട; 3. വ്യവസ്ഥാപിതമായ സങ്ഘത്തിൻെറ രൂപം നൽകപ്പെട്ട; 4. സം യുക്തമായ; 5. ഐകമത്യമുള്ള.

സങ്ഘടിപ്പിക്കുക [സങ്ഘടിക്കുക>പ്രയോ.] ക്രി. 1. കൂട്ടിച്ചെർക്കുക, പലതിനെ ചേർത്ത് ഒന്നാക്കുക; 2. ഉചിതമായ രീതിയിൽ ഘടിപ്പിക്കുക; 3. സങ്ഘമാക്കിത്തീർക്കുക;4. വ്യവസ്ഥാപിതരൂപം നൽകുക; 5. ഒരു ലക്ഷ്യത്തിനുവേണ്ടി ആളുകളെ ഒരുമിച്ചു കൂട്ടുക.

സങ്ഘട്ടനം [സം. -ഖട്ട്ന] നാ. 1. ഏറ്റുമുട്ടൽ, ശത്രുതയോടുകൂടി നേരിടൽ; 2. കൂട്ടിമുട്ടൽ, പരസ്പരം ശക്തിയായി മുട്ടൽ; 3. സങ്ഘം ചേർന്നുള്ള ബലപ്രയോഗം, കലാപം; 4. സങ്ഘർഷം, അന്യോന്യം ഉരസൽ; 5. പരസ്പരമുള്ള ആഘാതം; 6. യുദ്ധം; 7. ആലിങ്ഗനം.

സങ്ഘം [സം. സങ്ഘ] നാ. 1. ഒരാവശ്യത്തിനുവേണ്ടി ഒത്തുചേർന്ന കുറേ ആളുകളുടെ കൂട്ടം; 2. ഒരാവശ്യത്തിനുവേണ്ടി കുറേ ആളുകൾ ചേർന്നു രൂപവൽക്കരിച്ച സങ്ഘടന; 3. സഹകരണസങ്ഘം; 4. ഒരേ ഉദ്ദേശ്യത്തോടുകൂടി ഒരുമിച്ചു വസിക്കുന്ന ആളുകൾ, സമുദായം; 5. മൃഗങ്ങളുടെയോ മറ്റു ജന്തുക്കളുടെയോ പറ്റം; 6. ബുദ്ധഭിക്ഷുക്കളുടെ സമൂഹം.

സങ്ഘർഷം [സം. -ഘർഷ] നാ. 1. ശക്തമായ ഉരസൽ, രണ്ടെണ്ണം തമ്മിലോ പലതു തമ്മിൽത്തമ്മിലോ ഉള്ള ഉരസൽ; 2. പരസ്പരശത്രുത; 3. പരസ്പരം കൂട്ടിമുട്ടൽ, ഏറ്റുമുട്ടൽ; 4. എതിരാളികൾ തമ്മിലുള്ള മത്സരം; 5. അസ്വാസ്ഥ്യ, പ്രക്ഷുബ്ധാവസ്ഥ; 7. തുടർച്ചയായുള്ള സങ്ഘട്ടനം.

സങ്ഘാടക1 [സം. -ഘാടക] വി. സങ്ഘടിപ്പിക്കുന്ന.

സങ്ഘാടക2 [സം. -ഘാടകാ] നാ. സങ്ഘടിപ്പിക്കുന്നവൾ.

സങ്ഘാടകൻ [സം. -ഘാടക] നാ. സങ്ഘടിപ്പിക്കുന്നവൻ.

സങ്ഘാടനം [സം. -ഘാടന] നാ. സങ്ഘടിപ്പിക്കൽ.

സങ്ഘാടം [സം. -സങ്ഘാട] നാ. 1. ചേർപ്പ്, തടികൾ കൂട്ടിച്ചേർക്കൽ; 2. ചങ്ങാടം.

സങ്ഘാടിക [സം. -ഘാടികാ] നാ. 1. ജോഡി, ദന്ദ്വം; 2. സ്ത്രീയുടെ ഉടയാട; 3. നാസിക; 4. സങ്ഘടിപ്പിക്കുന്നവൾ, സഞ്ചയിക്കുന്നവൾ, കൂട്ടിച്ചേർക്കുന്നവൾ.

സങ്ഘാതം [സം. -ഘാത < ഹന്] നാ. 1. ഏറ്റുമുട്ടൽ, കൂട്ടിമുട്ടൽ; 2. ഞെരിച്ചമർത്തൽ; 3. വധം; 4. അടച്ചുപൂട്ടൽ; 5. കാഠിന്യം, തീക്ഷ്ണത; 6. ഗാഢമായ ചേർച്ച, സമ്യോഗം; 7. സഞ്ചയം, കൂട്ടം, കൂന; 8. യാത്രക്കാരുടെ സങ്ഘം; 9. സമ്യുക്തപദാർഥം, പലത് ഗാഢമായി കൂടിച്ചേർന്നുണ്ടായ വസ്തു; 10. എല്ല്; 11. (നാട്യ.) ഒരു പ്രത്യേകതരം നട; 12. കഫക്കെട്ട്.

സചന [സം.] വി. 1. സഹായസന്നദ്ധതയുള്ള; 2. കൂട്ടുകൂടാൻ ഇഷ്ടപ്പെടുന്ന; 3. സൗമനസ്യമുള്ള.

സചാഭൂ(വ്) [സം. സചാ-ഭൂ] നാ. 1. ചങ്ങാതി, സ്നേഹിതൻ; 2. സഹചരൻ, സഹപ്രവർത്തകൻ, സഹായി.

സചിത്ര [സം. -ചിത്ര] വി. 1. ചിത്രങ്ങളോടുകൂടിയ; 2. നിറം പിടിപ്പിച്ച, ചായം തേച്ച; 3. പല നിറമുള്ള.

സചിവൻ [സ്.] നാ. 1. മന്ത്രി, രാജാവിൻെറ ഉപദേഷ്ടാവ്; 2. രാജസുഹൃത്ത്.

സചേതന [സം. -ചേതന] വി. 1. ചൈതന്യമുള്ള, ബോധമുള്ള; 2. ജീബനുള്ള.

സചേതസ്സ് [സം. -ചേതസ്] വി. 1. വിശേഷബുദ്ധിയുള്ള; 2. സഹൃദയത്വമുള്ള; 3. ഹൃദയമുള്ള, ഹൃദയാലുവായ.

സചേഷ്ട [സം. -ചേഷ്ട] വി. 1. ചേഷ്ടയോടുകൂടിയ; 2. പ്രവർത്തനനിരതമായ.

സച്ചരിതൻ [സം. സത്-ചരിത] നാ. 1. സദാചാരനിഷ്ഠയുള്ളവൻ; 2. സത്പ്രവൃത്തികൾ അനുഷ്ഠിച്ചിട്ടുള്ളവൻ; 3. സത്കീർത്തി ഉള്ളവൻ.

സച്ചിത്ത് [സം. -ചിത്] നാ. 1. സത്തും ചിത്തും; 2. നന്മയും ജ്ഞാനവും; 3. സത്യമായ ചൈതന്യം.

സച്ചിത്സ്വരൂപൻ [സം. -ചിത്-സ്വരൂപ] നാ. സച്ചിന്മയൻ.

സച്ചിദാനന്ദൻ [സം. -ചിത്-ആനന്ദ]നാ. പരമാത്മാവ് (സത്, ചിത്, ആനന്ദം എന്നീ രൂപങ്ങളോടു കൂടിയവൻ, സത്തും ചിത്തും ആനന്ദവും ആയിട്ടുള്ളവൻ).

സച്ചിന്മയൻ [സം. -ചിത്-മയ] നാ. പരമാത്മാവ് (സത്, ചിത് എന്നീ രൂപങ്ങളോടു കൂടിയവൻ. പരമസത്യവും ജ്ഞാനവും ആയിട്ടുള്ളവൻ).

സച്ഛായ [സം. -ഛായ]വി. 1. ഛായയോടുകൂടിയ, തണലുള്ള; 2. നിഴൽ പരത്തുന്ന; 3. മനോഹരവർണങ്ങളുള്ള, തിളങ്ങുന്ന; 4. ഒരേ നിറമുള്ള.

സജനൻ [സം. -ജന] നാ. ചാർച്ചക്കാരൻ.

സജംബാളം [സം. -ജംബാല] നാ. ചെളിപ്രദേശം, ചതുപ്പുനിലം.

സജല [സം. -ജല] വി. 1. ജലമുള്ള; 2. നനഞ്ഞ, ഈർപ്പമുള്ള. (പ്ര.) സജലനയനം = ഈറനണിഞ്ഞ കണ്ണ്.

സജാത [സം. -ജാത] വി. 1. ഒരുമിച്ചു പിറന്ന; 2. ഉടപ്പിറപ്പായ, സഹോദരനോ സഹോദരിയോ.

സജാതൻ [സം. -ജാത] നാ. സഹോദരൻ.

സജാതീയ [സം. -ജാതീയ] വി. 1. ഒരേ ജാതിയിൽപ്പെട്ട, ഒരേ ഇനത്തിൽപ്പെട്ട; 2. സാദൃശ്യമുള്ള.

സജീവ [സം. -ജീവ] വി. 1. ജീവനുള്ള; 2. ഓജസ്സുള്ള; 3. പ്രവർത്തനനിരതമായ.

സജ്ജ1 [സം.] വി. 1. ഒരുങ്ങി തയാറായ; 2. കവചം ധരിച്ച; 3. മൂടപ്പെട്ട; 4. ബലപ്പെടുത്തിയ.

സജ്ജ2 [സം. സജ്ജാ] നാ. 1. വേഷഭൂഷാദികൾ, ചമയം; 2. ഒരുക്കം; 3. കവചം; 4. സേനാസന്നാഹം.

സജ്ജന [സം.സജ്ജനാ] നാ. 1. തയാറാകൽ, തയാറാക്കൽ; 2. ചമയം; 3. ആയുധം ധരിക്കൽ.

സജ്ജനം [സം. -ജന] നാ. 1. നല്ല ആൾ, നല്ല കുടുംബത്തിൽ ജനിച്ചവൻ; 2. നല്ലാ ആളുകൾ.

സജ്ജിത [സം. സജ്ജിത] വി. 1. ഒരുക്കിയ; 2. അലങ്കരിച്ച.

സജ്ജീകൃത [സം. സജ്ജീ-കൃത] വി. സജ്ജിത] സജ്ജീകരിക്കുക [<സം. സജ്ജീ-കൃ] ക്രി. 1. തയാറാക്കുക; 2. അലങ്കരിക്കുക.

സജ്യ[സം.] വി. 1. ഞാൺ വലിച്ചു കെട്ടിയ; 2. വില്ലുകുലച്ച.

സജ്യം [സം.] നാ. കുലച്ചവില്ല്.

സഞ്ചയനം [സം. -ചയന] നാ. 1. ഒരുമിച്ചു കൂട്ടൽ; 2. ശവദാഹാനന്തരം അസ്ഥിയെടുത്തു കലശത്തിലാക്കുന്ന കർമം.

സഞ്ചയനം [സം. സം-ചയ] നാ. 1. കൂട്ടം, സമൂഹം, കൂമ്പാരം; 2. കൂട്ടിവയ്ക്കൽ.
സഞ്ചയിക [സം. സഞ്ചയികാ] നാ. 1. ഒരുമിച്ചുകൂട്ടിയത്; 2. അൽപാൽപമായി പണം നിക്ഷേപിച്ച് ഒരു വലിയ തുക മിച്ചം വയ്ക്കാനുള്ള പദ്ധതി, ബാങ്കുകളും മറ്റും ആസൂത്രണം ചെയ്തിട്ടുള്ളത്.
സഞ്ചയിതാവ് [സം. സം-ചയിതൃ] നാ. സഞ്ചയിക്കുന്നവൻ.
സഞ്ചരണം [സം. -ചരണ] നാ. സഞ്ചരിക്കൽ, സഞ്ചാരം.
സഞ്ചരിക്കുക [<സം. സം-ചര്] ക്രി. ചുറ്റിനടക്കുക, യാത്രചെയ്യുക.
സഞ്ചല [സം. -ചല] വി. ഇളകുന്ന, വിറയ്ക്കുന്ന.
സഞ്ചലനം [സം. -ചലന]നാ. ഇളക്കം, വിറയൽ.
സഞ്ചാരകൻ [സം. -ചാരക] നാ. 1. വഴി കാട്ടുന്നവൻ; 2. ഉത്സാഹിപ്പിക്കുന്നവൻ.
സഞ്ചാരം [സം. -ചാര < ചര്] നാ. 1. സഞ്ചരിക്കൽ, പല സ്ഥലങ്ങളിൽ പോകൽ; 2. പ്രയാസം; 3. സക്രമണം.
സഞ്ചാരി1 [സം. -ചാരിൻ] വി. 1. സ്ഥിരമല്ലാത്ത, അസ്ഥിരമായ; 2. വന്നുമറയുന്ന; 3. സഞ്ചരിക്കുന്ന. ഉദാ. സഞ്ചാരിഭാവം.
സഞ്ചാരി2 [സം. സഞ്ചാരിൻ] നാ. സഞ്ചരിക്കുന്നവൻ, യാത്രക്കാരൻ, വഴിപോക്കൻ.
സഞ്ചാരിക [സം. -ചാരികാ] നാ. 1. ദൂതി; 2. ജോടി; 3. മണം.
1369
സഞ്ചാരിണി [സം. -ചാരിണീ] നാ. 1. സഞ്ചരുക്കുന്നവൾ; 2. സഞ്ചാരശീല.
സഞ്ചാരിഭാവം [സം. സഞ്ചാരി-ഭാവ] നാ. (നാട്യ.) ചില സന്ദർഭങ്ങളിൽ മാത്രം പ്രത്യക്ഷപ്പെടുന്ന ഭാവം, സ്ഥായി ഭാവത്തെ പോഷിപ്പിക്കാൻ ഇടയ്ക്ക് ആവിഷ്കരിക്കുന്ന അപ്രധാനഭാവം, വ്യഭിചാരിഭാവം.
സഞ്ചാലക [സം. സം-ചാലക] വി. ചലിപ്പിക്കുന്ന, (പ്രവർത്തനങ്ങൾ) നടത്തുന്ന.
സഞ്ചാലകൻ [സം. -ചാലക] നാ. ചലിപ്പിക്കുന്നവൻ, നടത്തിപ്പുകാരൻ.
സഞ്ചി നാ. 1. സാധനങ്ങൾ നിറച്ചുകെട്ടി വയ്ക്കാനോ തൂക്കിക്കൊണ്ടു പോകാനോ ഉപയോഗിക്കാവുന്ന ഒരുപകരണം (തുണി, ചണച്ചാക്ക്, പ്ലാസ്റ്റിക് തുടങ്ങിയവ തച്ചുണ്ടാക്കുന്നത്); 2. മടിശ്ശീല.
സഞ്ചിക [സം. സഞ്ചികാ] നാ. 1. ചെറിയ സഞ്ചി; 2. പ്രബന്ധങ്ങൾ തുടങ്ങിയവയുടെ സമാഹാരം, അവ സമാഹരിച്ച് പ്രകാശനം ചെയ്യുന്ന ഗ്രന്ഥം.
സഞ്ചിത [സം. സം-ചിത < ചി] വി. 1. സഞ്ചയിച്ച, സംഭരിച്ച; 2. സാന്ദ്രതയുള്ള, ഇടതിങ്ങിയ; 3. ഘടിപ്പിച്ച, നിറച്ച.
സഞ്ചിതി [സം. -ചിതി] നാ. 1. സഞ്ചയം, സമൂഹം; 2. ഒത്തുചേരൽ.
സഞ്ചിന്തനം [സം. -ചിന്തന] നാ. 1. പര്യാലോചന; 2. ധ്യാനം.
സഞ്ഛരണ [സം. -ഛരണ] വി. 1. മറയ്ക്കപ്പെട്ട; 2. ആവരണം ചെയ്യപ്പെട്ട.
സഞ്ജ [സം. സഞ്ജാ] നാ. പെണ്ണാട്.
സഞ്ജൻ [സം.] നാ. 1. ബ്രഹ്മാവ്; 2. ശിവൻ.
സഞ്ജയൻ [സം. സം-ജയ] നാ. 1. (പുരാണ.) ധൃതരാഷ്ട്രരുടെ സാരഥിയും ഉപദേഷ്ടാവുമായ മഹാഭാരതകഥാപാത്രം; 2. ധൃതരാഷ്ട്രരുടെ പുത്രന്മാരിലൊരാൾ; 3.

ഉജ്ജയിനിയിലെ ഒരു രാജാവ്; 4. മലയാളത്തിലെ ഒരു പ്രമുഖ സാഹിത്യകാരൻ (തൂലികാനാമം; യഥാർഥനാമധേയം എം. ആർ. നായർ).

സഞ്ജവനം [സം. -ജവന] നാ. 1. നാലുകെട്ട്; 2. അങ്കണം; നടുമുറ്റം.

സഞ്ജാത [സം. -ജാത] വി. 1. ജനിച്ച, ഉണ്ടായ; 2. സംഭവിച്ച; 3. കഴിഞ്ഞ.

സഞ്ജീവനം [സം. -ജീവന] നാ. 1. ജീവനുള്ളതാക്കൽ; 2. പുനർജീവിപ്പിക്കൽ; 3. സഹജീവനം; 4. നാലുകെട്ടുപുര; 5. നടുമുറ്റം; 6. നരകങ്ങളിലൊന്ന്; 7. രത്നം.

സഞ്ജീവനി [സം. -ജീവനീ] നാ. 1. ജീവിപ്പിക്കുന്നത്, ജീവൻ നൽകുന്നത്; 2. പുനരുജ്ജീവിപ്പിക്കുന്നത്, ജീവനൗഷധം; 3. ആഹാരം.

സട [സം. സടാ] നാ. (നാട്യ.) ഒരു ഉപരൂപകം. ഇതിലെ കഥാപാത്രങ്ങൾ പ്രാകൃതം മാത്രമേ സംസാരിക്കുന്നുള്ളു. (ആകെ അഞ്ചോ ആറോ സട്ടകങ്ങളേ ഉണ്ടായിട്ടുള്ളു. അതിൽ ഒന്നു കേരളത്തിലാണു താനും.

സഠം [സം.] നാ. വെളുത്തീയം.

സണ്ഡിശം [സം.] നാ. കൊടിൽ.

സണ്ഡീനം [സം. സം.-ഡീന] നാ. പക്ഷികളുടെ ചേർന്നുള്ള പറക്കൽ.

സതത [സം. സ-തത < തന്] വി. ശാശ്വതമായ, നിരന്തരമായ.

സതതം [സം. -തതം] അവ്യ. നിത്യവും, എല്ലാപ്പോഴും.

സതി1 [സം. സതി] നാ. 1. സമ്മാനം, ദാനം; 2. അവസാനം, നാശം; 3. സതി എന്ന ആചാരം, ഉടന്തടിചാടൽ, അനുമരണം.

സതി2 [സം. സതീ] നാ. 1. പതിവ്രത, സാധ്വി; 2. ദാക്ഷായണി, ദുർഗ; 3. സന്ന്യാസിനി; 4. സുഗന്ധമുള്ള ഒരുതരം മണ്ണ്; 5. (വിധവയായിത്തീർന്ന സ്ത്രീ) ഉടന്തടി ചാടൽ.

സതീത്വം [സം. -ത്വ] നാ. 1. സതിയുടെ ഭാവം; 2. ചാരിത്രശുദ്ധി.

സതീർഥൻ [സം. -തീർഥ] നാ. സഹപാഠി.

സതീർഥ്യൻ [സം. -തീർഥ്യ] നാ. = സതീർഥൻ.

സതുഷ [സം. -തുഷ] വി. ഉമി കളയാത്ത, തോടോടുകൂടിയ.

സതൃഷ്ണം [സം. -തൃഷ്ണം] അവ്യ. തൃഷ്ണയോടുകൂടി.

സത്കരണം [സം. -കരണ] നാ. സത്കാരം, സത്കരിക്കൽ.

സത്കരിക്കുക [<സം. സത്-കൃ] ക്രി. 1. വിരുന്നു നൽകുക; 2. മാനിക്കുക; 3. സമ്മാനിക്കുക; 4. പ്രീതിപ്പെടുത്തുക; 5. (അതിഥിയെ) സാദരം സ്വീകരിക്കുക.

സത്കർത്താ(വ്) [സം. -കർതൃ] നാ. സത്കരിക്കുന്നവൻ.

സത്കാരം [സം. -കാര] നാ. 1. സത്കരിക്കൽ; 2. ബഹുമാനിക്കൽ; 3. ഭക്തി; 4. വിരുന്ന്; 5. ശവസംസ്കാരം.

സത്കൃതം [സം. -കൃത] നാ. 1. നല്ല പ്രവൃത്തി; 2. സത്കരിക്കപ്പെട്ടത്.

സത്കൃതി [സം. -കൃതി] നാ. 1. സത്കാരം; 2. സുകൃതം; 3. നല്ല ഗ്രന്ഥം.

സത്ക്രിയ [സം. -ക്രിയാ] നാ. 1. സത്കാരം; 2. സത്പ്രവൃത്തി; 3. ശുദ്ധികർമം.

സത്ഗതി [സം. -ഗതി] നാ. സദ്ഗതി.

സത്ത [സം. സത്താ] നാ. 1. കഴമ്പ്; 2. ഉണ്മ; 3. നിലനിൽപ്പ്.

സത്തമ [സം. സത്-തമ] വി. 1. ഉത്തമഗുണമുള്ള; 2. ശ്രേഷ്ഠതയുള്ള; 3. സുകൃതമുള്ള.

സത്താമാത്രം [സം. -മാത്ര] നാ. കേവലമായ സത്ത (ഉണ്ടെന്നുമാത്രം അറിയേണ്ടത്).
സത്ത് [സം. സത്] നാ. 1. അസ്തിത്വമുള്ളത്, ഉണ്മ, നിലനില്പ്പുള്ളത്; 2. പരമമായ ഉണ്മ, പരമസത്യം, യഥാർഥമായ അസ്തിത്വമുള്ള ഒന്ന്; 3. നന്മ, ഉത്തമമായ അവസ്ഥ; 4. നന്മയുള്ളത്, ഉത്തമവ്യക്തി, സജ്ജനം; 5. സാരം; 6. ചോറ്; 7. പരമാർഥം; 8. ജലം.
സത്ത്വം [സം. സത്-ത്വ] നാ. 1. സത്വഗുണം; 2. ഉണ്ടായിരിക്കുന്ന അവസ്ഥ, ഉണ്മ; 3. വസ്തു; 4. ജീവൻ, ചൈതന്യം; 5. ഗർഭസ്ഥശിശു; 6. ബലം; 7. ധൈര്യം; 8. സമ്പത്ത്; 9. (സഹജ) സ്വഭാവം; 10. സാരാംശം; 11. പ്രാണി; 12. ബുദ്ധി; 13. നിശ്ചയം; 14. ഭയങ്കരജീവി.
സത്ത്വമേജയ [സം. സത്ത്വം-ഏജയ] വി. പ്രാണികളെ ഭയപ്പെടുത്തുന്ന.
സത്ത്വവാൻ [സം. -വത്] നാ. സത്ത്വമുള്ളവൻ.
സത്ത്വസമ്പന്ന [സം. -സമ്പന്ന] വി. 1. വീര്യമുള്ള; 2. സമചിത്തതയുള്ള; 2. വലിയ സമ്പത്തുള്ള; 4. സത്ഗുണ സമ്പത്തുള്ള.
സത്പഥം [സം. -പഥ] നാ. 1. ശ്രേഷ്ഠമായ വഴി, നല്ല വഴി; 2. ആകാശം; 3. സ്വർഗം.
സത്പാത്രം [സം. -പാത്ര] നാ. 1. നല്ല പാത്രം; 2. (സ്വീകരിക്കാൻ) അർഹതയുള്ളവൻ; 3. യോഗ്യൻ, ശിഷ്ടൻ.
സത്ഫലം [സം. -ഫല] നാ. 1. നല്ല കായ്; 2. പ്രയോഗനം; 3. നല്ല ഫലത്തോടുകൂടിയത്; 4. മാതളനാരങ്ങ.
സത്യ1 [സം.] വി. 1. ഉണ്മയുള്ള, സത്യമുള്ള; 2. വാസ്തവമായ; 3. സാധിതമായ; 4. ശരിയായ.
സത്യ2 [സം. സത്യാ] നാ. 1. സീത; 2. സത്യവതി; 3. ദുർഗ; 4. സത്യഭാമ; 5. ദ്രൗപദി.
സത്യകർമം [സം. -കർമൻ] നാ. നിർവ്യാജമായ പ്രവൃത്തി, സത്യസന്ധമായ പ്രവൃത്തി.
സത്യകാമൻ [സം. -കാമ] നാ. സത്യത്തെ സ്നേഹിക്കുന്നവൻ.
സത്യക്കുറി [സം. സത്യ- മ. കുറി] നാ. 1. പ്രതിജ്ഞാപത്രം; 2. കരാർപത്രം.
സത്യഗ്രഹം [സം. -ഗ്രഹ] നാ. സത്യത്തെ മുറുകെപ്പിടിക്കൽ, സത്യാഗ്രഹം, സത്യത്തിൽ ഉറച്ചുനിൽക്കൽ.
സത്യജ്ഞൻ [സം. -ജ്ഞ] നാ. സത്യത്തെ അറിഞ്ഞവൻ, സത്യത്തെപറ്റി അറിവുള്ളവൻ.
സത്യത [സം. -താ] നാ. സത്യം കണ്ടെത്തുന്ന, സത്യം തിരിച്ചറിയാൻ കഴിവുള്ള.
സത്യധന [സം. -ധന] വി. 1. സത്യത്തെ ധനമായിക്കാണുന്ന; 2. സത്യനിഷ്ഠയുള്ള, സത്യസന്ധതയുള്ള.
സത്യധൃതി [സം. -ധൃതി] വി. 1. സത്യനിഷ്ഠയുള്ള; 2. ഉദ്ദേശ്യശുദ്ധിയുള്ള; 3. സത്യത്തിൽ ഉറച്ചുനിൽക്കുന്ന.
സത്യനിഷ്ഠ1 [സം. -നിഷ്ഠ] വി. 1. സത്യത്തിൽ അധിഷ്ഠിതമായ; 2. സത്യത്തെ മുറുകെപ്പിടിക്കുന്ന.

സത്യനിഷ്ഠ2 [സം. -നിഷ്ഠാ] നാ. സത്യത്തിലുള്ള നിഷ്ഠ, സത്യത്തിൽ ഉറച്ചുനിൽക്കൽ.

സത്യപുരം [സം. -പുര] നാ. വൈകുണ്ഠം.

സത്യപ്രതിജ്ഞ [സം. -പ്രതിജ്ഞാ] നാ. 1. ദൃഢപ്രതിജ്ഞ; 2. ഒരിക്കലും ലങ്ഘിക്കപ്പെടാവുന്നതല്ലാത്ത പ്രതിജ്ഞ; 3. വലിയ ഉത്തരവാദിത്വമുള്ള പദവി ഏറ്റെടുക്കുമ്പോഴോ കോടതിയിൽ മൊഴി നൽകുന്നതിനു മുമ്പോ ചെയ്യേണ്ട പ്രതിജ്ഞ.

സത്യഭാരതൻ [സം. -ഭാരത]നാ. വേദവ്യാസൻ.

സത്യം [സം.] നാ. 1. ഉണ്മ, വാസ്തവം, യാഥാർത്ഥ്യം; 2. അസ്തിത്വമുള്ളത്, നിലനിൽപ്പുള്ളത്; 3. വാസ്തവമായുള്ളത്, നിർവ്യാജമായത്; 4. സത്യാവസ്ഥ, വാസ്തവസ്ഥിതി; 5. സത്യലാകം, സപ്തലോകങ്ങളിൽ വച്ച് എറ്റവും ശ്രേഷ്ഠമായ ലോകം; 4. ശപഥം; 7. സദ്ഭാവം, നന്മ.

സത്യയുഗം [സം. -യുഗ] നാ. കൃതയുഗം.

സത്യലോകം [സം. -ലോക] നാ. ബ്രഹ്മലോകം, സപ്തലോകങ്ങളിൽ ഏറ്റവും മുകളിലുള്ളത്.

സത്യലോപം [സം. -ലോപ] നാ. സത്ഭങ്ഗം, സത്യത്തിൽനിന്നുള്ള വ്യതിയാനം.

സത്യവചസ്സ് [സം. -വചസ്] നാ. 1. ആർജവത്തോടുകൂടിയുള്ള ഭാഷണം; 2. സത്യമായുള്ള വചസ്സ്; 3. സത്യപ്രതിജ്ഞ.

സത്യവതി [സം. -വതി] നാ. 1. ശന്തനുവിൻെറ പത്നിയായിത്തീർന്ന മുക്കുവകന്യക, വ്യാസൻെറ മാതാവ്; 2. നാരദൻെറ പത്നി; 3. ഋചീകൻെറ പത്നി, ജമദഗ്നിയുടെ മാതാവ്; 4. സത്യനിഷ്ഠയുള്ളവൾ.

സത്യവാക് [സം. -വാച്] നാ. 1. സത്യവചസ്സ്; 2. ഒരു ഋഷി; 3. കാക്ക.

സത്യവാങ്മൂലം [സം. -വാക്-മൂല] നാ. സത്യം മാത്രം പറഞ്ഞുകൊള്ളാമെന്നുള്ള പ്രതിജ്ഞ.

സത്യവതി [സം. -വതി] നാ. 1. ശന്തനുവിൻെറ പത്നിയായിത്തീർന്ന മുക്കുവകന്യക, വ്യാസൻെറ മാതാവ്; 2. നാരദൻെറ പത്നി; 3. ഋസ്ചീകൻെറ പത്നി, ജമദഗ്നിയുടെ മാതാവ്; 4. സത്യനിഷ്ഠയുള്ളവൾ.

സത്യവാക്ക് [സം. -വാച്] നാ. 1. സത്യവചസ്സ്; 2. ഒരു ഋഷി; 3. കാക്ക.

സത്യവാങ്മൂലം [സം. -വാക്-മൂല] നാ. സത്യം മാത്രം പറഞ്ഞുകൊള്ളാമെന്നുള്ള പ്രതിജ്ഞ.

സത്യവാദി [സം. -വാദിൻ] നാ. 1. സത്യം പറയുന്നവൻ; 2. സത്യത്തിനുവേണ്ടി നിലകൊള്ളുന്നവൻ; 3. (പുരാണ) കൗശികൻ.

സത്യവാൻ [സം. -വത്] നാ. 1. സത്യസന്ധൻ; 2. (പുരാണ.) സാവിത്രിയുടെ ഭർത്താവ്.

സത്യവേദം [സം. -വേദ] നാ. 1. വിശുദ്ധവേദപുസ്തകം. ബൈബിൾ; 2. ക്രിസ്തുമതം.

സത്യവ്രതൻ [സം. -വ്രത] നാ. 1. സത്യനിഷ്ഠയുള്ളവൻ, സത്യം പാലിക്കുന്നവൻ; 2. വൈവസ്വതമനു; 3. ത്രിശങ്കു, 4. ധൃതരാഷ്ട്രരുടെ ഒരു പുത്രൻ.

സത്യസങ്ഗരൻ [സം. -സങ്ഗര] നാ. 1. സത്യം പാലിക്കുന്നവൻ; 2. കുബേരൻ.

സത്യസന്ധ [സം. -സന്ധ]വി. സത്യത്തിനു നിരക്കുന്ന; 2. സത്യം പാലിക്കുന്ന, സത്യനിഷ്ഠയുള്ള; 3. പ്രതിജ്ഞ പാലിക്കുന്ന. നാ. 1. സത്യനിഷ്ഠയുള്ളവൻ; 2. പ്രതിജ്ഞ പാലിക്കുന്നവൻ.

സത്യസന്ധത [സം. –സന്ധ–താ] നാ. 1. സത്യം പാലിക്കുന്ന ശീലം; 2. സത്യസന്ധമായിരിക്കുന്ന അവസ്ഥ.
സത്യസന്ധൻ [സം. –സന്ധ] നാ. 1. സത്യം പാലിക്കുന്നതിൽ നിഷ്ഠയുള്ളവൻ; 2. പ്രതിജ്ഞ പാലിക്കുന്നവൻ; 3. (പുരാണ.) ഭരതൻ; 4. ശ്രീരാമൻ; 5. ജനമേജയൻ.
സത്യസ്വരൂപൻ [സം. –സ്വരൂപ] നാ. 1. ഈശ്വരൻ; 2. സത്യം മൂർത്തീകരിച്ചവൻ.
സത്യാഗ്നി [സം. –അഗ്നി] നാ. അഗസ്ത്യൻ.
സത്യാഗ്രഹം [സം. –ആഗ്രഹ = മുറുകെപ്പിടിക്കൽ] നാ. സത്യം സാക്ഷാത്കരിക്കാനോ പ്രതിജ്ഞ നിറവേറ്റാനോ വേണ്ടി അനുഷ്ഠിക്കുന്ന വ്രതം.
സത്യാനൃതം [സം. –അനൃത] നാ. 1. സത്യവും അസത്യവും; 2. സത്യവും അസത്യവും ഉൾപ്പെട്ടത്; 3. സത്യമെന്നു തോന്നിക്കുന്നതും വാസ്തവത്തിൽ അസത്യമായതും; 4. സത്യവും അസത്യവും അവലംബിച്ചുകൊണ്ടുള്ള പ്രവർത്തനം, കച്ചവടം, വാങ്ങിക്കുക.
സത്യാപനം [സം. –ആപന] നാ. 1. സത്യം പറയൽ; 2. സത്യം പാലിക്കൽ; 3. സത്യാവസ്ഥ പരിശോധിക്കൽ.
സത്രപ [സം. –ത്രപാ] നാ. ലജ്ജയുള്ളവൾ.
സത്രപം [സം. –ത്രപം] അവ്യ. ലജ്ജയോടുകൂടി.
സത്രം [സം.] നാ. 1. ഒരു വലിയ സോമയാഗം; 2. വിപുലമോ സ്മരണീയമോ ആയ ഏതെങ്കിലും യജ്ഞം, അഥവാ മഹത്തായ പ്രവർത്തനം; 3. യാത്രക്കാർക്കു താത്കാലികമായി തങ്ങാനുള്ള കെട്ടിടം, വഴിയമ്പലം; 4. അഭയകേന്ദ്രം, ആശുപത്രി; 5. ഭവനം; 6. കാട്; 7. സമ്പത്ത്; 8. കുളം, പൊയ്ക; 9. വസ്ത്രം; 10. ഊട്ടുപുര; 11. ഔദാര്യം; 12. നേർച്ച, വഴിപാട്; 13. മറവ്.
സത്രശാല [സം. സത്ര–ശാലാ] നാ. 1. യാഗശാല; 2. ഊട്ടുപുര; 3. വഴിയമ്പലം.
സത്രഹാവ് [സം. –ഹാ < ഹൻ] നാ. സത്രഹന്താവ്.
സത്രാശനൻ [സം. –അശന] നാ. ദേവൻ.
സത്രാഹന്താവ് [സം. –ആഹന്തൃ] നാ. ദേവേന്ദ്രൻ.
സത്രി [സം. സത്രിൻ] നാ. 1. സത്രം (യാഗം) നടത്തുന്നവൻ; 2. എല്ലാപ്പോഴും ഭക്ഷണം തുടങ്ങിയവ ദാനം ചെയ്യുന്ന ഗൃഹസ്ഥൻ, ധർമിഷ്ഠൻ; 3. യാഗകർമം ചെയ്യുന്ന പുരോഹിതൻ; 4. ആന; 5. മേഘം.
സത്വരം [സം. –ത്വരം] അവ്യ. വേഗത്തിൽ.
സത്സങ്ഗം [സം. സത്–സങ്ഗ] നാ. നല്ല ആളുകളുമായുള്ള ഇടപഴകൽ.
സത്സേവിതൻ [സം. –സേവിത] നാ. സത്തുക്കളാൽ സേവിക്കപ്പെടുന്നവൻ.
സദം [സം.] നാ. കായ്.
സദംശ(ക)ം [സം. സ–ദംശ(ക)] നാ. ഞണ്ട്.
സദംശവദനം [സം. –ദംശ–വദന] നാ. 1. കൊക്ക്; 2. കങ്കപ്പക്ഷി.
സദക്കം [അറ.] നാ. സക്കാത്ത്
സദനം [സം.] നാ. 1. ഭവനം; 2. ഇരിപ്പിടം; 3. സദസ്സ്;

4. ആസ്ഥാനം; 5. യാഗശാല; 6. നാശം; 7. അധഃപതനം; 8. യമപുരം; 9. ക്ഷീണം; 10. ജലം.
സദയ [സം. –ദയ] വി. ദയയോടുകൂടിയ.
സദയം [സം. –ദയം] അവ്യ. 1. ദയയോടുകൂടി; 2. സൗമനസ്യത്തോടുകൂടി.
സദർ[അറ.] വി. 1. മുഖ്യമായ; 2. ശ്രേഷ്ഠമായ.

സദസ്യൻ [സം. സദസ്യ] നാ. സദസ്സിലെ അങ്ഗം.
സദസ്സ് [സം. സദസ്] നാ. 1. സഭാസമ്മേളനം; 2. രാജാവിൻെറയോ ഭരണാധികാരിയുടെയോ കാര്യവിചാരണയ്ക്കായുള്ള യോഗം; 3. പണ്ഡിതന്മാരുടെയോ കലാകാരന്മാരുടെയോ സമ്മേളനം; 4. ശ്രോതാക്കളുടെയോ പ്രേക്ഷകരുടെയോ സമൂഹം.
സദാ [സം. സദാ] അവ്യ. എല്ലാപ്പോഴും.
സദാഗതി [സം. -ഗതി] നാ. 1. വായു; 2. പരബ്രഹ്മം; 3. സൂര്യൻ; 4. മോക്ഷം.
സദാചാരം [സം. സദ്-ആചാര] നാ. 1. ധാർമികജീവിതത്തിന് അത്യന്താപേക്ഷിതമായ ആചാരം, ധാർമികജീവിതം നയിക്കുന്നവർ പാലിക്കേണ്ടതായ ആചാരം; 2. നീതിശാസ്ത്രം അനുശാസിക്കുന്ന ആചാരം; 3. ചാരിത്രപാലനം.
സദാതനൻ [സം. സദാ-തന] നാ. 1. ശാശ്വതൻ, ഈശ്വരൻ; 2. വിഷ്ണു.
സദാത്മാവ് [സം. സദ്-ആത്മൻ] നാ. 1. വിശുദ്ധമായ ആത്മാവ്; 2. ശാശ്വതമായ ആത്മാവ്, പരമാത്മാവ്.
സദാനന്ദൻ [സം. -ആനന്ദ] നാ. 1. ബ്രഹ്മാവ്; 2. ശിവൻ.
സദാനർത്തം [സം. സദാ-നർത] നാ. വാലാട്ടിപ്പക്ഷി.
സദാരൻ [സം. സ-ദാര] നാ. 1. ഭാര്യയുള്ളവൻ, വിവാഹിതൻ; 2. ഭാര്യയോടൊപ്പം വസിക്കുന്നവൻ; 3. ഭാര്യയോടൊപ്പം സ്ഥിതിചെയ്യുന്നവൻ.
സദാശിവൻ [സം.] നാ. 1. ശ്രീപരമേശ്വരൻ; 2. പരബ്രഹ്മം.
സദാശിവം [സം. സദാ-ശിവ] നാ. ശാശ്വതമങ്ഗളം.
സദിര് നാ. പാട്ടുകച്ചേരി.
സദിശ [സം. സ-ദിശാ] വി. ദിശയോടുകൂടിയ.
സദിശം [സം. -ദിശ] നാ. ദിശയോടുകൂടിയത്, പരിമാണത്തിനുപുറമെ പ്രത്യേകദിശയും കൂടിയുള്ളത്.
സദുപദേശം [സം. സദ്-ഉപദേശ] നാ. 1. നല്ല കാര്യങ്ങൾ ഉപദേശിക്കൽ; 2. നന്മ വരുത്തുന്നതിനുവേണ്ടിയുള്ള ഉപദേശം, സദുദ്ദേശ്യത്തോടുകൂടിയ ഉപദേശം.
സദൃശ [സം. സ-ദൃശ] വി. 1. തുല്യമായി കാണപ്പെടുന്ന, രൂപസാമ്യമുള്ള; 2. സാമ്യമുള്ള (സാമാന്യമായ അർഥത്തിൽ).
സദൃശീകരിക്കുക [<സം. സദൃശി-കൃ] ക്രി. 1. സാമ്യമുള്ളതാക്കുക; 2. തുല്യമായ ആകൃതി നൽകുക.
സദ്ഗതി [സം. -ഗതി] നാ. 1. നല്ല ഗതി, അഭിവൃദ്ധി, നന്മ; 2. മോക്ഷം.
സദ്ഗുണ [സം. -ഗുണ] നാ. നല്ല ഗുണം.
സദ്ബുദ്ധി [സം. -ബുദ്ധി] നാ. 1. നല്ല ബുദ്ധി, നല്ല മനസ്സ്; 2. നേരായ ബുദ്ധി; 3. സുബോധം; 4. നല്ല ചിന്ത; 5. നല്ല മനസ്സുള്ളവൻ.
സദ്ഭാവം [സം. -ഭാവ] നാ. 1. നല്ല സ്വഭാവം; 2. ഉണ്ടെന്നുള്ള അവസ്ഥ; 3. എന്നും നിലനിൽക്കുന്ന സ്ഥിതി; 4. നന്മ; 5. അഹംഭാവം.
സദ്മം [സം. സദ്മൻ] നാ. 1. വീട്; 2. ക്ഷേത്രം; 3. ഇരിപ്പിടം; 4. ജലം; 5. യുദ്ധം; 6. സ്ഥലം; 7. തൊഴുത്ത്.
സദ്യ1 നാ. 1. വിഭവസമൃദ്ധമായ ഭക്ഷണം (പലയാളുകൾ ഒന്നിച്ചിരുന്ന് കഴിക്കുന്നത്); 2. വിരുന്ന്.
സദ്യ2 [സം. സദ്യസ്] അവ്യ. 1. ഇപ്പോൾ; 2. ഇന്ന്; 3. ഉടനെ.
സദ്യ:കാലം [സം. -കാല] നാ. വർത്തമാനകാലം, തത്കാലം.

സദ്യോജാത [സം. -ജാത] വി. ഇപ്പോൾ മാത്രം ജനിച്ച, ജനിച്ച് അധികസമയം ആയിട്ടില്ലാത്ത.
സദ്യോജാതൻ [സം. -ജാത] നാ. 1. ശിവൻ; 2. ഭഗവാൻ.
സദ്യോമൃതി [സം. -മൃതി] നാ. പെട്ടെന്നുള്ള മരണം.
സദ്രസം [സം. സദ്-രസ] അവ്യ. 1. സന്തോഷത്തോടുകൂടി; 2. രസിച്ചുകൊണ്ട്.
സദ്രു [സം. സദ്രു] നാ. 1. പോകുന്ന; 2. പാർക്കുന്ന.
സദ്വസ്ഥം [സം. സദ്-വസ്ഥ] നാ. ഗ്രാമം.
സദ്വൃത്തം [സം. -വൃത്ത] നാ. 1. നല്ല പെരുമാറ്റം, നല്ല ശീലം; 2. സച്ചരിതം.
സധർമ [സം. -ധർമൻ] വി. 1. സമാനധർമമുള്ള, തുല്യസ്വഭാവമുള്ള; 2. ഒരേ ധർമം പിന്തുടരുന്ന, ഒരേ മതത്തിൽപ്പെട്ട.
സധർമിണി [സം. -ധർമിണി] നാ. സഹധർമിണി, ധർമപത്നി.
സന [സം.] വി. 1. പ്രാചീനമയ; 2. നിത്യമായ.
സനകൻ [സം.] നാ. ഒരു മഹർഷി, ബ്രഹ്മാവിൻെറ മാനസപുത്രന്മാരിൽ ഒരുവൻ; സനകാദികൾ = സനകൻ സനന്ദൻ സനാതനൻ സനൽകുമാരൻ.
സനത്, സനൽ [സം. സനത്] അവ്യ. 1. എല്ലാപ്പോഴും; 2. പഴമയിൽനിന്ന്.
സനം [സം.] നാ. 1. ആനയുടെ ചെവിയാട്ടൽ; 2. ചണം.
സനൽകുമാരൻ നാ. ഒരു മഹർഷി, സനകൻ (= നിത്യയൗവനൻ).
സനാതന [സം.] വി. 1. പരമ്പരാഗതമായ; 2. പ്രാചീനമായ; 3. നിത്യമായ, ശാശ്വതമായ.
സനാതനധർമം [സം. സനാതന-ധർമ] നാ. 1. ശാശ്വതമായ ധർമം; 2. പരമ്പരാഗതമായ ധർമം; 3. ഭാരതീയ പാരമ്പര്യത്തിൽ അധിഷ്ഠിതമായ ധർമം.
സനാതനൻ [സം. -തന] നാ. 1. ബ്രഹ്മാവ്; 2. വിഷ്ണു; 3. ശിവൻ; 4. ബ്രഹ്മാവിൻെറ മാനസപുത്രൻ, സനകൻ.
സനാതനി [സം. -തനീ] നാ. 1. മഹാലക്ഷ്മി; 2. പാർവതി; 3. ദുർഗ; 4. സരസ്വതി; 5. നിത്യയായിട്ടുള്ളവൾ.
സനാഥ [സം. -നാഥാ] നാ. നാഥനുള്ളവൾ.
സനീഡ [സം. -നീഡ] വി. 1. ഒരേ നീഡത്തിൽ (കൂട്ടിൽ) വസിക്കുന്ന; 2. അടുപ്പമുള്ള.
സന്തക്ഷണം [സം. സം-തക്ഷണ] നാ. മുള്ളുവാക്ക്.
സന്തത [സം. -തത] വി. 1. തുടർച്ചയായുള്ള; 2. ഇടവിടാതെയുള്ള, അവിച്ഛിന്നമായ; 3. ശാശ്വതമായ.
സന്തതം [സം. -തതം] അവ്യ. 1. തുടർച്ചയായി; 2. ഇടവിടാതെ; 3. ശാശ്വതമായി.
സന്തതായൻ [സം. സന്തത-ആയ] നാ. എപ്പോഴും പണം കിട്ടിക്കൊണ്ടിരിക്കുന്നവൻ.
സന്തതി [സം. -തതി] നാ. 1. പിന്തുടർച്ച, വംശപാരമ്പര്യം, വംശം; 2. സന്താനം, പുത്രീപുത്രന്മാർ, പിന്തലമുറ; 3. കൂട്ടം, കൂന, സമൂഹം; 4. പരമ്പര, ഒഴുക്ക്; 5. തുടർച്ച, വിരാമമില്ലായ്മ; 6. വ്യാപ്തി, വ്യാപനം.
സന്തപനം [സം. -തപന] നാ. 1. ചൂടാക്കൽ; 2. ചൂടു പിടിപ്പിക്കൽ; 3. പ്രകോപിപ്പിക്കൽ; 4. പീഡിപ്പിക്കൽ.

സന്തപിക്കുക [<സം. സം-തപ്] ക്രി. തീവ്രമായി ദു:ഖിക്കുക.

സന്തപ്ത [സം.] വി. 1. ചുട്ടുപഴുത്ത; 2. തീവ്രമായി ദു:ഖിക്കുന്ന.

സന്തമസ [സം. സം-തമസ] വി. 1. ഇരുട്ടിലാഴ്ത്തിയ; 2. മേഘാവൃതമായ.

സന്തമസ്സ് [സം. -തമസ്] നാ. കൂരിരുട്ട്, സർവവ്യാപകമായ ഇരുട്ട്.

സന്തർജനം [സം. സം-തർജന] നാ. 1. ഭീഷണിപ്പെടുത്തൽ; 2. ശകാരിക്കൽ, ദുർവാക്കു പറയൽ; 3. അധിക്ഷേപം.

സന്തർപ്പണം [സം. -തർപണ] നാ. 1. തൃപ്തിപ്പെടുത്തൽ; 2. ഉന്മേഷപ്പെടുത്തൽ, ഉന്മേഷപ്രദമായ ലഘുഭക്ഷണം; 3. ഒരു പലഹാരം.

സന്തരണം [സം. -ത്രന] നാ. തരണം ചെയ്യൽ, മറുകര കടക്കൽ.

സന്താനകം [സം. സന്താന-ക] നാ. 1. കല്പവൃക്ഷം; 2. ചിലന്തിവല; 3. നുര, പത; 4. കത്തിയുടെ വായ്ത്തല; 5. പാൽക്കട്ടി.

സന്താനം [സം. സം-താന < തന്] നാ. 1. മക്കൾ, മകനോ മകളോ; 2. സന്തതി; വംശപരമ്പര; 3. പിന്തുടർച്ച, തുടർച്ച, വ്യാപനം; 4. വംശം; 5. ഒരു കൽപവൃക്ഷം.

സന്താപം [സം. സം-താപ] നാ. 1. ചുട്ടുപൊള്ളൽ; 2. കഠിനമായ ചൂട്; 3. ദു:ഖം, സങ്കടം, വ്യസനം, വിഷാദം; 4. ക്ലേശം, ദുരിതം; 5. ആത്മപീഡനം; 6. പശ്ചാത്താപം; 7. തപസ്സ്.

സന്താപക [സം. -താപക] വി. തപിപ്പിക്കുന്ന.

സന്താപന [സം. -താപന] വി. 1. സന്തപിക്കുന്ന; 2. ചൂടു പിടിപ്പിക്കുന്ന.

സന്താപനം [സം. -താപന] നാ. 1. ദഹിപ്പിക്കൽ; 2. വേദനിപ്പിക്കൽ; 3. പീഡിപ്പിക്കൽ; 4. കാമവികാരോദ്ദീപനം; 5. (പുരാണ.) ഒരു ആയുധം.

സന്താരണം [സം. -താരണ] നാ. സന്തരണം.

സന്തി [സം.] നാ. 1. അന്ത്യം; 2. നാശം; 3. ദാനം.

സന്തുഷ്ട [സം. -തുഷ്ട] വി. 1. സന്തോഷിച്ച, സന്തോഷമുള്ള; 2. തൃപ്തിപ്പെട്ട; 3. പ്രസാദിച്ച.

സന്തുഷ്ടി [സം. -തുഷ്ടി] നാ. 1. സന്തോഷം; 2. തൃപ്തി.

സന്തൃപ്തി [സം. -തൃപ്തി] നാ. പൂർണമായി തൃപ്തി.

സന്തോഷണം [സം. -തോഷണ] നാ. 1. സന്തോഷിപ്പിക്കൽ; 2. തൃപ്തിപ്പെടുത്തൽ.

സന്തോഷം [സം. -തോഷ] നാ. 1. സംതൃപ്തി, കൃതാർഥത; 2. തുഷ്ടി, പ്രീതി; 3. ആഹ്ലാദം, പ്രസന്നമായ, മാനസികാവസ്ഥ.

സന്തോഷിക്കുക [<സം. സം-തുഷ്] ക്രി. 1. ആഹ്ലാദിക്കുക, പ്രീതിയടയുക, മനസ്സ് പ്രസന്നമാകുക; 2. തൃപ്തിപ്പെടുക.

സന്തുലനം [സം. -തുലന] നാ. 1. ഭാരത്തിൽ ഒന്നിനോടു തുല്യമാക്കൽ; 2. സമമായ പ്രാധാന്യമോ മൂല്യമോ ഉള്ള അവസ്ഥ.

സന്തുലിത [സം. -തുലിത] വി. തുല്യഭാരമുള്ള, തുല്യപരിമാണമുള്ള, തുല്യമായ മൂല്യമുള്ള.

സന്ത്യക്ത [സം. -ത്യക്ത < ത്യജ്] വി. പൂർണമായി ഉപേക്ഷിക്കപ്പെട്ട, പരിത്യജിക്കപ്പെട്ട, കൈവെടിഞ്ഞ.

സന്ത്യജനം [സം. -ത്യജന] നാ. ത്യജിക്കൽ, ഉപേക്ഷിക്കൽ, പരിത്യാഗം.

സന്ത്യജിക്കുക [സം. സം-ത്യജ്] ക്രി. പൂർണമായി ഉപേക്ഷിക്കുക, കൈവെടിയുക.

സന്ത്യജ്യ [സം. -ത്യജ്യ] അവ്യ. സന്ത്യജിച്ചിട്ട്, പൂർണമായി ഉപേക്ഷിച്ചിട്ട്.

സന്ത്രാസം [സം. -റ്റ്ൻഫ്രാസ] നാ. 1. പേടിച്ചുവിറയ്ക്കൽ, നടുങ്ങിപ്പോക്കൽ; 2. വലുതായ ഭയം; 3. ഭയംകൊണ്ടുണ്ടാകുന്ന വിറയൽ.
സന്ദംശകം [സം. -ദംശക] നാ. ചവണ, കൊടിൽ.
സന്ദംശം [സം. -ദംശ] നാ. 1. കടി; 2. കൊത്തൽ; 3. ചവണ; 4. ഒരു നരകം.
സന്ദർഭം [സം.] നാ. 1. അവസരം; 2. അനുകൂലമായ സമയം; 3. ഒരു സംഭവം നടക്കുകയോ ഒരു വസ്തുത പ്രത്യക്ഷപ്പെടുകയോ ചെയ്യുന്ന അവസരം; 4. ഒരു സാഹിത്യകൃതിയുടെയോ സങ്ഗീതകൃതിയുടെയോ രചന; 5. ശേഖരിക്കൽ, ക്രമീകരിക്കൽ.
സന്ദർഭോചിത [സം. സന്ദർഭ-ഉചിത] വി. അവസരത്തിനു യോജിച്ച, സമയത്തിനു തക്കതായ.
സന്ദർശനം [സം. -ദർശന] നാ. 1. ശ്രദ്ധിച്ചു നോക്കൽ, തറപ്പിച്ചു നോക്കൽ, നിരീക്ഷണം; 2. കാണൽ, കാഴ്ച, ദർശനം; 3. നോട്ടം, അവലോകനം; 4. ദൃശ്യം; 5. കൂടിക്കഴ്ച, നേരിട്ടു കാണൽ; 6. ചെന്നു കാണൽ, കാണാനായി ചെന്നെത്തൽ.
സന്ദർശം [സം. -ദർശ] നാ. 1. കാഴ്ച; 2. ദൃശ്യം, പ്രതീതി.
സന്ദർശിക്കുക [<സം. സം-ദൃശ്] ക്രി. നേരിട്ടു കാണുക, 2. ചെന്നു കാണുക; 3. കൂടിക്കാഴ്ച നടത്തുക.
സന്ദർശിത [സം. -ദർശിത] വി. സന്ദർശിക്കപ്പെട്ട.
സന്ദാനം [സം. -ദാന] നാ. 1. വേണ്ടതുപോലെയുള്ള ദാനം; 2. അർഹതയുള്ളവർക്കുള്ള ദാനം; 3. ആനയുടെ മസ്തകം; 4. പശുവിൻെറ കയറ്; 5. വിലങ്ങ്.
സന്ദാനിനി [സം. -ദാനിനീ] നാ. തൊഴുത്ത്.
സന്ദി[സം. സന്ദീ] നാ. ചെറിയ കട്ടിൽ, സോഫാ.
സന്ദിഗ്ധ [സം. സം-ദിഗ്ധ] വി. 1. സംശയിക്കത്തക്ക, ചോദ്യം ചെയ്യത്തക്ക; 2. അനിശ്ചിതമായ; 3. സാധ്യത കുറഞ്ഞ; 4. അപകടസാധ്യതയുള്ള, സുരക്ഷിതമല്ലാത്ത; 5. അറച്ചു നിൽക്കുന്ന; 6. അവ്യക്തമായ; 7. നിശ്ചയദാർഢ്യമില്ലാത്ത.
സന്ദിഗ്ധമതി [സം. സന്ദിഗ്ധ-മതി]നാ. 1. സംശയാലു; 2. ഉറച്ച അഭിപ്രായമില്ലാത്ത ആൾ; 3. ദൃഢമായ തീരുമാനമെടുക്കാത്ത ആൾ; 4. മനശ്ചാഞ്ചല്യമുള്ളയാൾ.
സന്ദിഗ്ധാർഥ [സം. -അർഥ] വി. 1. വ്യക്തമായ അർഥം ഇല്ലാത്ത; 2. അർഥത്തെ സംബന്ധിച്ച് സംശയത്തിനു വക നൽകുന്ന; 3. നിയതമായ മൂല്യമില്ലാത്ത; 4. തുകയെ സംബന്ധിച്ചു തർക്കത്തിനു വക നൽകുന്ന.
സന്ദിത [സം. സന്ദിത] വി. 1. ബന്ധിക്കപ്പെട്ട; 2. വിലങ്ങിട്ട.
സന്ദിഷ്ട [സം. -ദിഷ്ട < ദിശ്] നാ. 1. ചൂണ്ടിക്കാണിച്ച; 2. വാഗ്ദാനം ചെയ്ത; 3. നിർദിഷ്ടമായ.
സന്ദിഷ്ടം [സം. സം- ദിശ്] നാ. 1. വാർത്ത; 2. വൃത്താന്തം, വിവരം.
സന്ദീപനം [സം. -ദീപന] നാ. 1. ഉദ്ദീപിപ്പിക്കൽ, ജ്വലിപ്പിക്കൽ; 2. (തീ) കൊളുത്തൽ, കത്തിക്കൽ; 3. കാമദേവൻെറ ഒരു ശരം.
സന്ദൃഷ്ട [സം. -ദൃഷ്ട]വി. സന്ദർശിക്കപ്പെട്ട.
സന്ദേശം [സം. -ദേശ < ദിശ്] നാ. 1. വൃത്താന്തം അറിയിക്കാനുള്ള കാര്യം; 2. അറിയിപ്പ്; 3. ദൗത്യം; 4. വർത്തമാനം അറിയിക്കുന്നതിനുവേണ്ടിയുള്ള കത്തോ കമ്പിയോ; 5.ഏതെങ്കിലും രൂപത്തിൽ അറിയിക്കപ്പെടുന്ന ആശയമോ അഭ്യർഥനയോ ആശംസയോ; 6. സന്ദേശകാവ്യം.
സന്ദേശഹരൻ [സം. -ഹര] നാ. സന്ദേശം കൊണ്ടു പോകുന്നയാൾ, ദൂതൻ.

സന്ദേഹം [സം. –ദേഹ < ദിഹ്] നാ. 1. സംശയം; 2. അനിശ്ചിതത്വം; 3. ആപത്തിനെക്കുറിച്ചുള്ള ശങ്ക, ആശങ്ക.

സന്ദേഹ്യ [സം. –ദേഹ്യ] വി. സംശയിക്കത്തക്ക.

സന്ദോഹം [സം. –ദോഹ] നാ. 1. കൂട്ടം; 2. പാലു കറക്കൽ.

സന്ധ [സം. സന്ധാ] നാ. 1. ഗാഢമായ ഐക്യം; 2. പൊരുത്തം, യോജിപ്പ്; 3. വാഗ്ദാനം; 4. ശപഥം; 5. ഉദ്ദേശ്യം; 6. മിശ്രണം, മിശ്രിതം; 7. അതിര്, പരിധി; 8. ദൃഢത, ഉറച്ച അവസ്ഥ.

സന്ധാതവ്യ [സം. സം.–ധാതവ്യ] വി. 1. കൂട്ടിച്ചേർക്കാവുന്ന; 2. ഘടിപ്പിക്കാവുന്ന, ബന്ധിപ്പിക്കാവുന്ന.

സന്ധാനം [സം. –ധാന] നാ. 1. ഘടിപ്പിക്കൽ, കൂട്ടിച്ചേർക്കൽ; 2. ശമിപ്പിക്കൽ; 3. ചേർപ്പ്; 4. കേടുപോക്കൽ; 5. ആൾക്കൂട്ടം, സമ്മേളനം; 6. അതിര്; 7. ഒരുമിച്ചു വളരൽ;

1373

8.ഗ്രഹിക്കൽ; 9. ഉടമ്പടി, കൂട്ടുകെട്ട്; 10. സൗഹാർദം; 11. പുളിച്ച കഞ്ഞി; 17. വെള്ളോട്.

സന്ധാനി [സം. –ധാനിൻ] നാ. 1. മദ്യം വാറ്റുന്ന സ്ഥലം; 2. ലോഹം വാർക്കുന്ന തൊഴിൽശാല.

സന്ധാനിത [സം. –ധാനിത] വി. സന്ധാനം ചെയ്യപ്പെട്ട, കൂട്ടിച്ചേർക്കപ്പെട്ട.

സന്ധാരണം [സം. –ധാരണ] നാ. 1. ഒത്തുചേർത്തു നിർത്തൽ; 2. താങ്ങ്; 3. നിലനിർത്തൽ; 4. നിയന്ത്രിച്ചു നിർത്തൽ; 5. നിരാകരണം; 6. (ഗർഭത്തിൽ) ധരിക്കൽ.

സന്ധാര്യ [സം. –ധാര്യ < ധൃ] വി. 1. വഹിച്ചുകൊണ്ടുപോകാവുന്ന; 2. വഹിക്കാവുന്ന, താങ്ങാവുന്ന; 3. നിലനിർത്താവുന്ന; 4. നിരീക്ഷിക്കാവുന്ന; 5. നിയന്ത്രിച്ചു നിർത്താവുന്ന.

സന്ധി [സം. –ധി] നാ. 1. ചേർപ്പ്, ചേർച്ച, ചേരുന്ന സ്ഥാനം; 2. ഒത്തുചേരൽ, കൂടിച്ചേരൽ; 3. പരസ്പരബന്ധം, കൂട്ടുകെട്ട്; 4. സമ്യോഗം, വേഴ്ച; 5. ഉടമ്പടി, കരാർ, പരസ്പരധാരണ; 6. സമാധാനത്തിനോ യുദ്ധവിരാമത്തിനോ വേണ്ടിയുള്ള ഒത്തുതീർപ്പ്; 7. (രാഷ്ട്രങ്ങൾ തമ്മിലുള്ള) സഖ്യം, മൈത്രി; 8. (ശരീരാവയങ്ങളെ) ഘടിപ്പിക്കുന്ന അങ്ഗം; 9. (ജ്യോ.) ദശാസന്ധി; 10. (വ്യാക.) പദങ്ങൾ തമ്മിലോ പദവും പ്രത്യയവും തമ്മിലോ ഉള്ള ചേർച്ച, ആചേർച്ചയിൽ ഉണ്ടാകുന്ന വർണപരിണാമം; 11. ഉച്ചാരണത്തിലെ വിരാമം; 12. (നാട്യ.) നാടകേതിവൃത്തിലെ ഒരു ഘട്ടം, പഞ്ചസന്ധികളിൽ ഒന്ന്; 13. യുഗപരിവർത്തനഘട്ടം; 14. (സസ്യ.) സസ്യത്തിൻെറ തണ്ടിൽനിന്ന് ഇലകൾ പൊട്ടിവരുന്ന സ്ഥാനം, മുട്ട്; 15. സംഭവഗതിയിലെ നിർണായകഘട്ടം; 16. (തുണിയിലെ) മറ്റക്ക്; 17. പാതകൾ ഒത്തുചേരുന്ന സ്ഥാനം; 18. പുരയിടങ്ങൾ തമ്മിലുള്ള അതിര്; 19. സന്ധ്യ.

സന്ധിക [സം. –ധികാ] നാ. 1. സന്ധി, ചേർപ്പ്; 2. ഒരുതരം ജ്വരം.

സന്ധിക്കുക [<സം. സം–ധാ] ക്രി. ചേരുക, സമ്യോജിക്കുക, ഒത്തുചേരുക.

സന്ധിത [സം.] വി. 1. ഘടിപ്പിക്കപ്പെട്ട, കൂട്ടിച്ചേർക്കപ്പെട്ട, പരസ്പരം ചേർത്തു കെട്ടപ്പെട്ട; 2. ഉടമ്പടിയിലൂടെ ബന്ധപ്പെട്ട.

സന്ധിപ്പ് [<സം. സന്ധി] നാ. 1. സന്ധി, ചേർപ്പ്; 2. സന്ധിക്കൽ; 3. യോജിപ്പ്.

സന്ധിബന്ധം [സം. –ബന്ധ] നാ. ശരീരസന്ധികളിൽ അസ്ഥികളെ അന്യോന്യം ബന്ധിപ്പിക്കുന്ന ഘടകം.

സന്ധിഭങ്ഗം [സം. –ഭങ്ഗ] നാ. 1. ശരീരസന്ധിയിൽ എല്ലുകളുടെ സ്ഥാനം തെറ്റൽ, എല്ലുകൽ തമ്മിലുള്ള ബന്ധം വിട്ടുപോകൽ; 2. എല്ല് ഒടിയൽ.
സന്ധില [സം. സന്ധി–ലാ] നാ. 1. ഗർത്തം; 2. കുഴി; 3. ഖനി; 4. ഭിത്തിയിലെ വിള്ളലോ ദ്വാരമോ.
സന്ധിവേള [സം. –വേലാ] നാ. സന്ധ്യാസമയം.
സന്ധുക്ഷണം [സം. സം–ധുക്ഷണ] നാ. 1. ജ്വലിപ്പിക്കൽ; 2. പ്രേരിപ്പിക്കൽ, ഉദ്ദീപിപ്പിക്കൽ.
സന്ധുക്ഷിത [സം. –ധുക്ഷിത] വി. 1. ജ്വലിപ്പിച്ച; 2. ഉദ്ദീപിപ്പിച്ച.
സന്ധേയ [സം. –ധേയ] വി. 1/ ഘടിപ്പിക്കാവുന്ന, കൂട്ടിച്ചേർക്കാവുന്ന; 2. സന്ധിയിലൂടെ സമാധാനപരമായ ബന്ധമോ സഖ്യമോ സ്ഥാപിക്കാവുന്ന; 3. പരിഹരിക്കാവുന്ന.
സന്ധ്യ [സം. –ധ്യാ] നാ. 1. ദിവസത്തിൻെറ തുടർച്ചയായ രണ്ടുഘട്ടങ്ങൾ കൂടിച്ചേരുന്ന സമയം; പ്രാത:സന്ധ്യ, മധ്യാ സന്ധ്യ, സായംസന്ധ്യ എന്നിവയിൽ ഒന്ന്; 2. യുഗസന്ധ്യ, ഒരു യുഗം അവസാനിച്ച് അടുത്തതു തുടങ്ങുന്ന ദശ; 3. സന്ധി, ചേർപ്പ്; 4. അവസാനഘട്ടം, ഉദാ. ജീവിതസന്ധ്യ; 5. അതിര്; 6. ഉടമ്പടി; 7. അന്തിമലരി; 8. സന്ധ്യാദേവി.
സന്ധ്യക്ഷരം [സം. സന്ധി–അക്ഷര] നാ. രണ്ടു സ്വരങ്ങളുടെ ഉച്ചാരണങ്ങൾ ചേർന്ന് ഉണ്ടാകുന്ന സ്വരം. ഉദാ. എ = അ+ഇ.
സന്ധ്യാത്രയം [സം. –ത്രയ] നാ. പ്രാത:സന്ധ്യ, മധ്യാ സന്ധ്യ, സായംസന്ധ്യ എന്നിവ മൂന്നും.
സന്ധ്യാദേവി [സം. –ദേവീ] നാ.സന്ധ്യയുടെ അധിദേവത, ബ്രഹ്മാവിൻെറ മകൾ.
സന്ധ്യാപുഷ്പി [സം. –പുഷ്പീ] 'വൈകുന്നേരം പൂക്കുന്നത്.' നാ. 1. പിച്ചകം; 2. ജാതിമരം.
സന്ധ്യാംശു [സം. സന്ധ്യാ–അംശു] നാ. 1. സന്ധ്യാസമയത്തെ ചെമന്ന പ്രകാശരശ്മി; 2. അരണ്ട വെളിച്ചം.
സന്ധ്യാരാഗം [സം. –രാഗ] നാ. സന്ധ്യാസമയത്തെ ചെമന്ന കാന്തി.
സന്ന[സം. < സദ്] വി. 1. ഇരിക്കുന്ന; 2. കിടക്കുന്ന; 3. സമീപസ്ഥിതമായ; 4. നിശ്ചലമായ; 5. ക്ഷീണിച്ച; 6. വിഷണ്ണനായ; 7. താണ; 8. നഷ്ടപ്പെട്ട, നശിച്ച; 9. ആത്മാവില്ലാത്ത; 10. ചുളുങ്ങിയ.
സന്നകണ്ഠ [സം. സന്ന–കണ്ഠ] വി. അടഞ്ഞ കണ്ഠത്തോടുകൂടിയ.
സന്നത [സം. സം–നത] വി. 1. വളഞ്ഞ; 2. കുനിഞ്ഞ; 3. (മുമ്പിൽ) നമിച്ച; 4. ആഴമേറിയ; 5. താഴ്ന്ന; 6. ദുഃഖംകൊണ്ടു കുനിഞ്ഞ; 7. നിരാശത ബാധിച്ച.
സന്നതാങ്ഗ [സം. സന്നത–അങ്ഗ] വി. ശരീരം കുനിച്ച, നമിച്ച.
സന്നതാങ്ഗി [സം. –അങ്ഗീ] നാ. 1. (സ്തനഭാരം കൊണ്ടു) കുനിഞ്ഞവൾ; 2. സുന്ദരി.
സന്നതി [സം. –നതി] നാ. 1. കുനിയൽ; 2. താഴ്ച; 3. താഴ്മ; 4. ചരിവ്; 5. ചായ്വ്; 6. അനുകൂലഭാവം, ദാക്ഷിണ്യം; 7. വിനയം; 8. കീഴ്വഴങ്ങൽ; 9. കുറവ്.
സന്നത് [അറ.] നാ. 1. അഭിഭാഷകവൃത്തിയിൽ ഏർപ്പെടാൻ അനുവാദം നൽകുന്ന അധികാരപത്രം; 2. അവകാശപത്രം, വസ്തു വാങ്ങുന്നയാൾക്ക് സർക്കാരിൽനിന്നു നൽകുന്നത്.

സന്നദ്ധ [സം. സം-നദ്ധ < നഹ്] വി. 1. തയാറായ, തയറാക്കിയ, ഒരുക്കിയ; 2. ആയുധം ധരിച്ച; 3. ബന്ധിച്ച, ചേർത്തു കെട്ടിയ; 4. വിടരാൻ തുടങ്ങുന്ന, വിടരാറായ; 5. ആസന്നമായ.

സന്നം [സം.] നാ. 1. കാരുണ്യം; 2. ദാക്ഷിണ്യം.

സന്നമനം [സം. -നമന] നാ. 1. നമിക്കൽ; 2. കുനിയൽ; 3. കീഴ്വഴങ്ങൽ.

സന്നമിക്കുക [<സം. സം-നമ്] നാ. 1. കുനിയുക; 2. നമിക്കുക; 3. വളയുക; 4. കീഴ്വഴങ്ങുക.

സന്നയം [സം. -നയ] നാ. 1. സമൂഹം, സങ്ഘം; 2. സങ്ഖ്യ, തുക.

സന്നഹനം [സം. -നഹന] നാ. 1. സന്നാഹം; 2. വ്യവസായം.

സന്നഹർഷ [സം. സന്ന-ഹർഷ] വി. സന്തോഷമില്ലാത്ത.

സന്നാഭ [സം. -ആഭ] വി. പ്രകാസം കുറഞ്ഞ, പ്രകാശം മറഞ്ഞ.

സന്നാമം [സം. സം-നാമ] നാ. 1. നമിക്കൽ; 2. കുനിയൽ.

സന്നി [<സം. സം-നിപാത] നാ. ഒരു രോഗം, സന്നിപാതം.

സന്നികർഷണം [സം. -നികർഷണ] നാ. 1. സമീപത്തു കൊണ്ടുവരൽ; 2. സംബന്ധം; 3. അടുപ്പം; 4. ചേർച്ച.

സന്നികർഷം [സം. -നികർഷ] നാ. 1. അടുത്തേക്ക് ആനയിക്കൽ; 2. ഗാഢസമ്പർക്കം, സാമീപ്യം; 3. ആസന്നത; 4. ബന്ധപ്പെടൽ; 5. ഇന്ദ്രിയങ്ങൾക്ക് അതതിൻെറ വിഷയവുമായുള്ള ബന്ധം

സന്നികൃഷ്ട [സം. -നികൃഷ്ട] വി. സമീപത്തുള്ള.

സന്നിധാതാവ് [സം. -നിധാതൃ] നാ. 1. സന്നിധിയിലാക്കുന്നവൻ, പ്രതിയെ ഹാജരാക്കുന്നവൻ; 2. ചാർജ് ഏൽക്കുന്നവൻ; 3. നിക്ഷേപകൻ.

സന്നിധാനം [സം. -നിധാന] 'നാ. 1. സാമീപ്യം; 2. സാന്നിധ്യം; 3. തിരുമുമ്പ് (സമക്ഷം); 4. അണച്ചുവയ്ക്കൽ; 5. സ്വീകരണം; 6. പന്തയംവയ്ക്കൽ; 7. അർപ്പിക്കൽ; 8. ഇന്ദ്രിയവിഷയം.

സന്നിധാപനം [സം. -നിധാപന] നാ. സന്നിധിയിലാക്കൽ.

സന്നിധി [സം. -നിധി] നാ. സന്നിധാനം, മുമ്പ്.

സന്നിനായകം നാ. =ചെന്നിനായകം.

സന്നിപാതജ്വരം [സം. -നിപാത-ജ്വര] നാ. (ആയുർ.) വാതപിത്തകഫങ്ങൾ മൂന്നും കോപിച്ചുണ്ടാകുന്ന ജ്വരം.

സന്നിപാതം [സം. -നിപാത] നാ. 1/ ഒരു രോഗം; 2. കൂട്ടം; 3. കൂടിക്കലർച്ച; 4. ഇറക്കം, ഒരുമിച്ചുള്ള പതനം.

സന്നിബദ്ധ [സം. -നിബദ്ധ] വി. മുറുക്കിക്കെട്ടിയ.

സന്നിബന്ധനം [സം. -നിബന്ധ] നാ. മുറുക്കിക്കെട്ടൽ.

സന്നിഭ [സം. -നിഭ] വി. തുല്യമായ.

സന്നിവിഷ്ട [സം. -നിവിഷ്ട] വി. 1. പ്രവേശിക്കപ്പെട്ട; 2. ഒന്നിച്ചുകൂടിയ; 3. തൊട്ടിരിക്കുന്ന; 4. പാർക്കുന്ന; 5. വിവാഹം കഴിക്കപ്പെട്ട.

സന്നിവൃത്ത [സം. -നിവൃത്ത] വി. പിന്വാങ്ങിയ, നിർത്തിയ.

സന്നിവേശം [സം. -നി-വേശ < വിശ്] നാ. 1. വെളിമ്പ്രദേശം; 2. കൂട്ടം; 3. ഏർപ്പാട്; 4. ചേർച്ച; 5. അഭിനിവേശം; 6. പ്രവേശം; 7. പാർപ്പ്.

സന്നിശ്ചയം [സം. -നിശ്ചയ] നാ. വിധി, തീർപ്പ്.

സന്നിഹിത [സം. -നിഹിത] വി. അടുത്തണഞ്ഞ; 2. നിഷേധിക്കപ്പെട്ട; 3. വയ്ക്കപ്പെട്ട.
സന്ന്യസനം [സം. -ന്യസന] നാ. സന്ന്യാസം, സന്ന്യസിക്കൽ.
സന്ന്യസിക്കുക [സം. സം.ന്യസ്] ക്രി. 1. സന്ന്യാസിയാവുക; 2. ബ്രഹ്മധ്യാനനിരതനായിരിക്കുക; 3. ലൗകികമായ സർവതും പരിത്യജിക്കുക; 4. വയ്ക്കുക, നിക്ഷേപിക്കുക.
സന്ന്യസ്ത [സം. -ന്യസ്ത] വി. 1. സന്ന്യസിക്കപ്പെട്ട; 2. വയ്ക്കപ്പെട്ട.
സന്ന്യാസം [സം. -ന്യാസ] നാ. 1. സന്ന്യസിക്കൽ; 2. ചതുരാശ്രമങ്ങളിൽ നാലാമത്തേത്; 3. സകലസമ്പത്തും ഭൗതികസുഖങ്ങളും ലൗകികബന്ധങ്ങളും പരിത്യജിക്കൽ; 4. ഒരു ഔഷധം; 5. ഒരു രോഗം.
സന്ന്യാസി [സം. -ന്യാസിൻ] നാ. 1. സന്ന്യാസം അനുഷ്ഠിക്കുന്നവൻ, സർവബന്ധങ്ങളും വിട്ടവൻ.
സന്മതം [സം. സത്-മത] നാ. നല്ല അഭിപ്രായം.
സന്മയൻ [സം. -മയ] നാ. സത്സ്വരൂപൻ, ഈശ്വരൻ.
സന്മാർഗം [സം. -മാർഗ] നാ. 1. നല്ല വഴി; 2. സദാചാരം; 3. മര്യാദയോടുകൂടിയുള്ള പെരുമാറ്റം.
സന്മാർഗി [സം. -മാർഗൻ] നാ. സന്മാർഗനിഷ്ഠയുള്ളവൻ, മര്യാദക്കാരൻ.
സപക്ഷ [സം. -പക്ഷ] വി. 1. ചിറകുള്ള; 2. ഒരേ ക്സ്ക്ഷിയിൽപ്പെട്ട, ഒരേ ഭാഗത്തുള്ള; 3. ചങ്ങാത്തമുള്ള.
സപത്നൻ [സം. സ-പത്ന] നാ. ശത്രു.
സപത്നി [സം. -പത്നീ] നാ. (തൻെറ) ഭർത്താവിൻെറ മറ്റൊരു പത്നി.
സപദി [സം.] നാ. ഉടനെ, തത്ക്ഷണം.
സപര്യ [സം. സപര്യാ] നാ. 1. ആരാധന, പൂജ; 2. ആരാധനാപൂർവമായ സേവനം.
സപാദ [സം. സ-പാദ] വി. 1. പാദങ്ങളുള്ള; 2. നാലിലൊന്നു കൂടിയ.
സപിണ്ഡൻ [സം. -പിണ്ഡ] നാ. 1. പിണ്ഡത്തിന് അധികാരമുള്ളവൻ; 2. ശേഷക്രിയ ചെയ്യാനർഹൻ.
സപീതി [സം. -പീതി < പാ] നാ. ഒരുമിച്ചു ചേർന്നുള്ള പാനം.
സപുത്ര [സം. -പുത്ര] വി. പുത്രനോടു കൂടിയ.
സപ്ത [സം. സപ്തൻ] നാ. ഏഴ്, ഏഴുചേർന്ന, ഏഴാമത്തേതായ.
സപ്തകം [സം. സപ്ത-ക] നാ. ഏഴുകൂടിയത്, സപ്തസ്വരം.
സപ്തകർമങ്ങൾ [സം. -കർമ] ന. (ബ.വ.) (ആയുർ.) മാംസധാര രക്തധാരിണി മേദോധരശ്ലേഷ്മധാരിണി മലധാരിണി പിത്തധാര രേതോധാര ഇവ ഏഴും.
സപ്തകി [സം. സപ്തകീ] നാ. സ്ത്രീകളുടെ അരഞ്ഞാൺ.
സപ്തകൊങ്കണങ്ങൾ [സം. -കൊങ്കണ] നാ. (ബ.വ.) കിരാതം (കാരാടം) വിരാടം (വീരാടം) മഹാരാഷ്ട്റം (മാരാടം) കൊങ്കണം ഹവ്യഗം (ഹൊയിഗ) തൗളവം (തുളു) കേരളം ഇവ ഏഴും.
സപ്തകോണം [സം. സപ്ത-കോണ] നാ. ഏഴുകോണുള്ള ജ്യാമിതീയരൂപം.
സപ്തച്ഛദം [സം. -ഛദ] നാ. ഏഴിലമ്പാല.
സപ്തജിഹ്വൻ [സം. -ജിഹ്വ] നാ. അഗ്നി.
സപ്തതന്തു [സം. -തന്തു] നാ. യാഗം (ഏഴു ഛന്ദസ്സുകളാൽ വിസ്തരിക്കപ്പെട്ടത്).

സപ്തതന്ത്രി [സം. –തന്ത്രീ] നാ. വീണ (ഏഴു സ്വരങ്ങൾ പുറപ്പെടുവിക്കുന്ന ഏഴു കമ്പികളോടു കൂടുയത്).
സപ്തതി [സം. സപ്ത–തി] നാ. എഴുപത്, എഴുപതാം പിറന്നാൾ.
സപ്തദളം [സം. –ദല] നാ. ഏഴിലമ്പാല.
സപ്തദീധിതി [സം. –ദീധിതി] നാ. അഗ്നി.
സപ്തദ്വീപ [സം. –ദ്വീപാ]നാ. ഭൂമി.
സപ്തദ്വീപങ്ങൾ [സം. –ദ്വീപാഃ] നാ. (ബ.വ) ജംബുദ്വീപം (ഏഷ്യ), പ്ലക്ഷദ്വീപം (തെക്കേ അമേരിക്ക), പുഷ്കരദ്വീപം (വടക്കേ അമേരിക്ക), ക്രൗഞ്ചദ്വീപം (ആഫ്രിക്ക), ശാകദ്വീപം (യൂറോപ്പ്), ശാൽമലദ്വീപം (ഓസ്ട്രേലിയ), കുശദ്വീപം (ഓഷ്യാനിയ) ഈ ഏഴും.
സപ്തധാ [സം. –ധാ] അവ്യ. ഏഴുവിധത്തിൽ.
സപ്തധാതുക്കൾ [സം. –ധാതവഃ] നാ. (ബ.വ.) രസം രക്തം മാംസം മേദസ്സ് അസ്ഥി മജ്ജ ശുക്ലം എന്നീ ഏഴു ശരീരധാതുക്കൽ.
സപ്തനാഡികൾ [സം. –നാഡയഃ] നാ. (ബ.വ.) ദ്രവ്യം, ഗുണം, കർമം, സാമാന്യം, വിശേഷം, സമവായം അഭാവം എന്നിവ.
സപ്തപദി [സം. –പദീ] നാ. വിവാഹസമയത്തെ ഒരു ചടങ്ങ്, വധൂവരന്മാർ ഒരുമിച്ച് വൈവാഹികാഗ്നിക്കു ചുറ്റും ഏഴടി നടക്കുക എന്നത്.
സപ്തപർണം [സം. –പർണ] നാ. ഏഴിലമ്പാല.
സപ്തപർവതങ്ങൾ [<സം. –പർവത] നാ. (ബ.വ.) = കുലപർവതങ്ങൾ.
സപ്തമ [സം. സപ്ത–മ]വി. ഏഴാമത്തെ.
സപ്തമം [സം. –മാ] നാ. 1. ഏഴാമത്തേത്; 2. ഭാര്യ, (ജ്യോ.) ഏഴാം ഭാവം
1375
സപ്തമരുത്തുകൾ [സം. സപ്ത–മരുദഃ] നാ. (ബ.വ.) ആവഹൻ സംവഹൻ പ്രവഹൻ ഉദ്വഹൻ വിവഹൻ പരിവഹൻ പരാവഹൻ എന്നീ കാറ്റുകൾ.
സപ്തമാതാക്കൾ [സം. –മാതാരഃ] നാ. (ബ.വ.) ബ്രാഹ്മി മാഹേശ്വരി കൗമാരി വൈഷ്ണവി വാരാഹി ഇന്ദ്രാണി ചമുണ്ഡി എന്നിവർ.
സപ്തമി [സം. സപ്ത–മീ] നാ. 1. ഏഴാമത്തെ തിഥി; 2. ഏഴാം വിഭക്തിയായ ആധാരിക.
സപ്തമേഘങ്ങൾ [<സം. –മേഘാഃ] നാ. (ബ.വ.) സംവർത്തം ആവർത്തം പുഷ്കലാവർത്തം സംഹൃതം ദ്രോണം കാളമുഖി നീലവരുണം എന്നീ മേഘങ്ങൾ.
സപ്തർഷികൾ [<സം. –ഋഷയഃ] നാ. (ബ.വ.) 1. മരീചി, അത്രി, അങ്ഗിരസ്സ്, പുലഹൻ, പുലസ്ത്യൻ ക്രതു, വസിഷ്ഠൻ എന്നീ ഋഷിമാർ; 2. ഉത്തരധ്രുവത്തിനടുത്ത് സൂര്യമണ്ഡലത്തെക്കാൾ ഉയർന്ന് കാണപ്പെടുന്ന നക്ഷത്രങ്ങൾ (ഊർസ മജൊർ).
സപ്തരാത്ര [<സം. –രാത്രയഃ] നാ. (ബ.വ.) ഏഴ് അടിസ്ഥാനനിറങ്ങൾ, ചെമപ്പ്, രക്തപീതം മഞ്ഞ പച്ച നീലം ഇന്ദ്രനീലം ഊത എന്നിവ (വെളുത്ത സൂര്യപ്രകാശത്തിൽ അടങ്ങിയിരിക്കുന്ന വർണരാജി).
സപ്തവ്യസനങ്ങൾ [<സം. –വ്യസനാനി] നാ. (ബ. വ.) രാജാക്കന്മാർക്ക് വർജ്യങ്ങളായ ഏഴു കാര്യങ്ങൾ (നായാട്ട്, ചൂത്, സ്ത്രീസേവ, മദ്യപാനം, വാക്പാരുഷ്യം, ദണ്ഡപാരുഷ്യം, അർഥദൂഷണം എന്നിവ.
സപ്തശതി [സം. –ശതീ] നാ. എഴുനൂറു ശ്ലോകങ്ങൾ അടങ്ങിയ കൃതി.
സപ്തസപ്തി [സം. –സപ്തി] നാ. സൂര്യൻ.

സപ്തസമുദ്രങ്ങൾ [<സം. -സമുദ്രാഃ] നാ. (ബ.വ.) സപ്തദ്വീപങ്ങളെ വേർതിരിക്കുന്നതായി കരുതപ്പെടുന്ന ഏഴു സമുദ്രങ്ങൾ (ലവണ, സുര, സർപ്പി, ദധി, ശുദ്ധോദക, ക്ഷീര എന്നീ സമുദ്രങ്ങൾ).
സപ്തസിന്ധുക്കൾ [<സം. -സിന്ധവഃ] നാ. (ബ.വ.) സപ്തസമുദ്രങ്ങൾ.
സപ്തസ്രോതസ്സ് [സം. -സ്രോതസ്] നാ. ഒരു തീർഥം, ഗങ്ഗ ഏഴു പ്രവാഹങ്ങളായി പിരിഞ്ഞ സ്ഥലം.
സപ്തസ്വരം [സം. -സ്വരാഃ] നാ. (സങ്ഗീ.) സങ്ഗീതാലാപത്തിന്റെ ഘടകങ്ങളായ ഏഴു സ്വരങ്ങൾ (ഷഡ്ജവും അതിൽനിന്ന് പടിപടിയായി ഉയർന്നു പോകുന്ന ശ്രുതികളോടുകൂടിയ മറ്റു ആറുസ്വരങ്ങളും ചേർന്നത്).
സപ്താചലങ്ങൾ [സം. -അചലാഃ] നാ. (ബ.വ.) = കുലപർവതങ്ങൾ.
സപ്താദ്ഭുതങ്ങൾ [സപ്ത-അത്ഭുതാനി] നാ. (ബ.വ.) ലോകത്തെ ഏഴ് അത്ഭുതവസ്തുക്കൾ.
സപ്താംശു [സം. -അംശു] നാ. അഗ്നി, സപ്താർച്ചിസ്സ്.
സപ്താർച്ചിസ്സ് [സം. -അർചിസ്] നാ. 1. അഗ്നി (ഏഴു ജ്വാലകൾ ഉള്ളത്); 2. ശനി; 3. കൊടുവേലി.
സപ്തശീതി [സം. -അശീതി] നാ. എൺപത്തിയേഴ്.
സപ്താശ്വൻ [സം. -അശ്വ] നാ. 1. സൂര്യൻ; 2. സപ്തം എന്നു പേരുള്ള കുതിരയുള്ളവൻ.
സപ്താശ്രം [സം. -അശ്ര] നാ. (ജ്യാ.) ഏഴുകോണുള്ള ജ്യാമിതീയരൂപം.
സപ്താശ്രങ്ങൾ [സം. -അസ്ത്രാണി] നാ. (ബ.വ.) ബ്രഹ്മാസ്ത്രം ബ്രഹ്മദണ്ഡം ബ്രഹ്മശിരസ്സ് പാശുപതം വ്യായവ്യം ആഗ്നേയം നാരസിംഹം എന്നീ ദിവ്യാസ്ത്രങ്ങൾ.
സപ്താഹം [സം. -അഹ] നാ. 1. ഏഴു ദിവസം നീണ്ടുനിൽക്കുന്ന പുരാനപാരായണം; 2. ഏഴുദിവസം; 3. ഏഴു ദിവസമുള്ളത്; 4. ആഴ്ച.
സപ്തി [സം.] നാ. 1. കുതിര; 2. ചങ്ങാതി; 3. നുകം.
സപ്പോട്ട [ഇം.] നാ. കറയുള്ളതും മാംസളവും ഭക്ഷ്യയോഗ്യവുമായ മധുരഫലങ്ങളുണ്ടാകുന്ന ഒരിനം വൃക്ഷം, അതിന്റെ കായ്.
സപ്രത്യയ [സം. സ-പ്രത്യയ] വി. വിശ്വാസമുള്ള.
സപ്രശ്രയം [സം. സ-പ്രശ്രയം] അവ്യ. വിനയപൂർവം.
സഫല [സം. -ഫല] വി. ഫലമുള്ള, കായ്ക്കുന്ന.
സബർ [അറ.] നാ. 1. ക്ഷമ; 2. പൊറുക്കൽ; 3. സഹനം; 4. മാപ്പ്.
സബർജിൽ നാ. ശീമപ്പേരയ്ക്കാ.
സബലൻ [സം. -ബല] നാ. ബലമുള്ളവൻ.
സബാഷ് [പേർ.] വ്യാക്ഷേ. 1. നന്ന്; 2. കൊള്ളാം.
സബ്രഹ്മചാരി [സം. -ബ്രഹ്മ-ചാരിൻ] നാ. 1. സഹപാഠി; 2. തുല്യൻ.
സഭ [സം. സഭാ] നാ. 1. പ്രത്യേകാവശ്യങ്ങൾക്കായി ഒത്തു കൂടിയിരിക്കുന്ന ആളുകളുടെ കൂട്ടം, സമ്മേളനം; 2. ഭരണകാര്യങ്ങൾ, നിയമനിർമാണം തുടങ്ങിയ ആവശ്യങ്ങൾക്കായി പല ആളുകളെ അങ്ഗങ്ങളാക്കിക്കൊണ്ട് രൂപീകരിക്കപ്പെട്ടിട്ടുള്ള സ്ഥാപനം, ഉദാ. നിയമസഭ, ലോകസഭ; 3. പ്രത്യേക ആവശ്യത്തിനായി ആളുകൾ ഒത്തുചേരുന്ന സ്ഥലം; 4. സമൂഹം; 5. ഏതെങ്കിലുമൊരു പ്രവർത്തനം നടക്കുന്ന സ്ഥലം, രാഗം; 6. ഒരു മതത്തിൽപ്പെട്ടവരുടെ സമൂഹം, പള്ളി; 7. ഭവനം; 8. ന്യായാസനം; 9. സഭാപർവം (മഹാഭാരതത്തിലെ പർവം).

സഭയം [സം. –ഭയം] അവ്യ. ഭയത്തോടു കൂടി.

സഭർത്ത്യകാ [സം. –ഭർതൃകാ] നാ. ഭർത്താവുള്ളവൾ.

സഭാകമ്പം [സം. സഭാ–കമ്പ] നാ. സദസ്സു കാണുമ്പോൾ ചിലർക്ക് സംസാരിക്കാൻ ഉണ്ടാകുന്ന ലജ്ജയോ സംഭ്രമമോ.

സഭാക്രമം [സം. –ക്രമ] നാ. 1. സഭയിലെ ക്രമം; 2. പള്ളിയിലെ ചട്ടങ്ങൾ.

സഭാചാരം [സം. സദ്–ആചാര] നാ. 1. സമുദായാചാരം; 2. സഭയിൽ പാലിക്കേണ്ട മര്യാദകൾ.

സഭാര്യൻ [സം. –ഭാര്യ] നാ. 1. ഭാര്യ ഉള്ളവൻ; 2. ഭാര്യയോടൊപ്പം ജീവിക്കുന്നവൻ; 3. ഭാര്യയോടൊപ്പം സ്ഥിതിചെയ്യുന്നവൻ.

സഭാവനൻ [സം. –ഭാവന] നാ. ശിവൻ.

സഭാസത്ത് [സം. സഭാ–സദ്] നാ. സാമാജികൻ, സഭാവാസി.

സഭ്യ [സം.] വി. 1. സഭയ്ക്കു ചേരുന്ന, സഭയിലുള്ള; 2. കൂട്ടത്തിലുള്ള; 3. മധ്യസ്ഥനായ; 4. മര്യാദയുള്ള; 5. പരിഷ്കൃതനായ; 6. വിശ്വസിക്കാവുന്ന.

സഭ്യൻ [സം.] നാ. 1. സംസ്കാരമുള്ളവൻ; 2. സദാചാരശീലൻ; 3. സഭയിലെ അങ്ഗം, സദസ്യൻ; 4. ഇരട്ട; 5. സഭായോഗ്യൻ; 6. കുലീനൻ; 7. മധ്യസ്ഥൻ.

സഭ്യം [സം. <സഭാ] നാ. 1. സഭയ്ക്കു ചേർന്നത്; 2. സംസ്കാരത്തിനു യോജിച്ചത്.

സം. [സം.] (പദാദിയിൽ വരുമ്പോൾ) ഒരു പൂർവസർഗം. 1. കൂടെ, ഒരുമിച്ച്, സമ്യക്കായി; 2. യഥാവിധി, ഉചിതമാം വിധം; 3. സുദൃഢമായി; 4. തുല്യമായി.

സമ്യത [സം. സം–യത] വി. 1. കൂട്ടിപ്പിടിപ്പിച്ച; 2. ഉള്ളിലൊതുക്കിയ; 3. മുറുകെപ്പിടിച്ച; 4. തന്നിലടങ്ങിയ; 5. സ്വയം നിയന്ത്രിച്ച; 6. കൂട്ടിക്കെട്ടിയ; 7. വിലങ്ങുവച്ച; 8. ബന്ധനത്തിലാക്കിയ, ബന്ധനസ്ഥമായ; 9. അടച്ച, അടച്ചിട്ട; 10. അമർത്തിവച്ച; 11. കീഴടക്കപ്പെട്ട; 12. തയാറാക്കപ്പെട്ട; 13. ക്രമപ്പെടുത്തിയ; 14. മനോനിയന്ത്രണമുള്ള; 15. ശ്വാസം അടക്കിയ; 16. ഇന്ദ്രിയങ്ങളെ നിയന്ത്രിച്ച; 17. ആത്മനിയന്ത്രണമുള്ള; 18. സംഭാഷണത്തിൽ നിയന്ത്രണമുള്ള.

സമ്യതൻ [സം. –യത < യമ്] നാ. 1. സമ്യമനം ശീലിച്ചവൻ, സന്ന്യാസി; 2. ശിവൻ.

സമ്യതപ്രാണ [സം. –യത–പ്രാണ] വി. ശ്വാസം നിയന്ത്രിച്ച, ശ്വാസം അടക്കിയ.

സമ്യത്ത്1 [സം. –യത്] നാ. യുദ്ധം.

സമ്യത്ത്2 [സം.] വി. 1. പരസ്പരം ബന്ധപ്പെട്ട; 2. തുടർച്ചയായുള്ള; 3. ഇടതടവില്ലാത്ത, നിർവിഘ്നമായ.

സമ്യദ്വരൻ [സം. സമ്യദ്–വര] നാ. 1. രാജാവ്; 2. പടയാളി; 3. യോധൻ.

സമ്യന്താവ് [സം. സം–യന്ത്ര്യ] നാ. നിയന്ത്രിക്കുന്നവൻ.

സമ്യം [സം.] നാ. അസ്ഥിപഞ്ജരം.

സമ്യമൻ [സം. –യമ] നാ. 1. നിയന്ത്രിക്കുന്നവൻ; 2. ഭരണകർത്താവ്.

സമ്യമനം [സം. –യമന] നാ. 1. നിയന്ത്രിക്കൽ; 2. അടക്കൽ; 3. കീഴടക്കൽ; 4. ബന്ധനം; 5. വ്രതനിയമങ്ങൾ പാലിക്കൽ; 6. നാലുകെട്ട്.

സമ്യമി1 [സം.] വി. 1. നിയന്ത്രിക്കുന്ന; 2. ആത്മനിയന്ത്രണമുള്ള; 3. മനസ്സിനെയും ഇന്ദ്രിയങ്ങളെയും നിയന്ത്രിച്ചിട്ടുള്ള.

സമ്യമി2 [സം. സം–യമിൻ] നാ. 1. സന്ന്യാസി; 2. യോഗി; 3. മനസ്സിനെയും ഇന്ദ്രിയങ്ങളെയും കീഴടക്കിയവൻ.

സമ്യാത [സം. –യാത] വി. 1. ഒന്നിച്ചുകൂടുന്ന; 2. സമീപിക്കപ്പെട്ട; 3. എത്തിച്ചേർന്ന.
സമ്യാത്ര [സം. –യാത്രാ] നാ. സമുദ്രസഞ്ചാരം.
സം യാനം [സം. –യാന] നാ. 1. നേരായ മാർഗത്തിലൂടെയുള്ള സഞ്ചാരം; 2. ഗമനം, പോക്ക്; 3. സഹഗമനം; 4. മൃതശരീരം വഹിക്കൽ; 5. തീവണ്ടി; 6. ഉത്തരീയം.
സം യാമം [സം. –യാമ] നാ. സം യമം, ഇന്ദ്രിയനിഗ്രഹം.
സം യുക്ക് [സം. –യുജ്] വി. നല്ല ലക്ഷണങ്ങളുള്ള.
സം യുക്ത [സം. –യുക്ത] വി. 1. സമ്യോജിപ്പിച്ച, കൂടിയ, കൂടിച്ചേർന്ന; 2. ഉൾക്കൊണ്ട, സഹിതമായ.
സം യുക്തം [സം.] നാ. 1. ഒന്നിലധികം വസ്തുക്കൾ കൂടിച്ചേർന്നത്; 2. (രസ.) ഒന്നിലധികം മൂലകങ്ങൾ കൂടിച്ചേർന്നുണ്ടായ പദാർഥം.
സം യുഗം [സം–യുഗ] നാ. 1. യുദ്ധം; 2. സം യോഗം.
സമ്യുക്ത [സ. –യുത] വി. 1. കൂടിച്ചേർന്ന, കൂടിച്ചേർക്കപ്പെട്ട; 2. അധികമായി ചേർന്ന, കൂടുതലായി ചേർത്ത; 3. ഉൾക്കൊണ്ട, ഉൾച്ചേർന്ന; 4. സഞ്ചയിക്കപ്പെട്ട.
സം യുക്തഹസ്തം [സം. സമ്യുത–ഹസ്ത] നാ. (നാട്യ.) രണ്ടു കൈകളും കൊണ്ടുപിടിക്കുന്ന മുദ്ര.
സം യോഗം [സം. സം–യോഗ < യുജ്] നാ. 1. ചേർച്ച, കൂടിച്ചേരൽ; 2. ഗാഢമായ ചേർച്ച, ഏകീഭാവം, ഐക്യം; 3. (രസ.) രാസപ്രക്രിയയിലൂടെയുള്ള പദാർഥസം യോജനം; 4. ഒത്തുചേരൽ, കൂട്ടം, സങ്ഘം ചേരൽ; 5. രതിക്രീഡ; 6. (അലം.) ഒരു കാവ്യഗുണം; 7. (ജ്യോ.) ഗ്രഹങ്ങളുടെ യോഗം; 8. വൈശേഷികദർശനപ്രകാരമുള്ള ഗുണങ്ങളിൽ ഒന്ന്.
സം യോജകം [സം. –യോജക] നാ. 1. കൂട്ടിച്ചേർക്കുന്നത്; 2. (വ്യാക.) രണ്ടു ശബ്ദങ്ങളെയോ വാക്യങ്ങളെയോ കൂട്ടിച്ചേർക്കുന്ന ശബ്ദം, ഘടകശബ്ദം.
സം യോജനം [സം. –യോജന] നാ. 1. യോജിപ്പിക്കൽ, കൂട്ടിച്ചേർക്കൽ; 2. ലയനം; 3. സം യോഗം.
സം യോജിക [സം. –യോജികാ] നാ. (വ്യാക.) മൂന്നാമത്തെ വിഭക്തി (ഒട്, ഓട് എന്നീ പ്രത്യയങ്ങളുള്ളത്).
സമ്യോ ജിക്കുക [സം. സം–യുജ്] ക്രി. 1. ഒരുമിച്ചുചേരുക, കൂടിച്ചേരുക; 2. പരസ്പരം ലയിക്കുക.
സമ്യോ ജിത [സം. –യോജിത] വി. സം യോജിക്കപ്പെട്ട.
സം യോജിപ്പിക്കുക [സമ്യോജിക്കുക > പ്രയോ.] ക്രി. കൂട്ടിച്ചേർക്കുക, ഏകീകരിക്കുക.
സമ്യോജ്യ [സം. –യോജ്യ] വി. 1. യോജിപ്പിക്കാവുന്ന, കൂട്ടിച്ചേർക്കാവുന്ന; 2. കൂട്ടിച്ചേർക്കേണ്ടുന്ന.
സം രക്ത [സം. –രക്ത] വി. 1. രാഗമുള്ള, അനുരാഗമുള്ള, മോഹമുള്ള; 2. ചെമന്ന; 3. കോപിച്ച; 4. നാനാവർണമായ; 5. അഴകുള്ള; 6. ചോരത്തുടിപ്പുകൊണ്ടു പ്രഭാഭിക്കുന്ന.
സം രക്ഷകൻ [സം. –രക്ഷക] നാ. രക്ഷിക്കുന്നവൻ, പോറ്റിവളർത്തുന്നവൻ, രക്ഷാകർത്താവ്.
സമ്രക്ഷണം [സം. –രക്ഷണ] നാ. 1. രക്ഷിക്കൽ; 2. സൂക്ഷിപ്പ്.
സമ്രബ്ധ [സം. –രബ്ധ < രഭ്] വി. 1. പ്രക്ഷുബ്ധമായ; 2. കലങ്ങിയ; 3. ക്ഷോഭിച്ചിരിക്കുന്ന, കോപിച്ചിരിക്കുന്ന; 4. യോജിച്ചിരിക്കുന്ന.

സം രംഭകൻ [സം. സം–രംഭ–ക] നാ. ഒരു പ്രവർത്തനം പുതുതായി ഏറ്റെടുക്കുന്നവൻ, ഒരു പ്രവർത്തനപദ്ധതി ആവിഷ്കരിക്കുന്നവൻ.
സം രംഭം1 [സം. –രംഭ < രഭ്] നാ. 1. ആരംഭം, തുടക്കം; 2. കോപം; 3. മനഃക്ഷോഭം, അതുമൂലം മതിമറക്കൽ; 4. അഹംഭാവം; 5. തിടുക്കം; 6. ഉദ്യമം.
സം രംഭം2 [സം.] നാ. 1. പുതുതായി ഏറ്റെടുത്ത പ്രവർത്തനം, ഉദാ. വ്യവസായ സം രംഭം; 2. ഒരു പ്രവർത്തനം പുതുതായി ഏറ്റെടുക്കൽ, ഉദ്യമം.
സം രാവം [സം. –രാവ] നാ. ശബ്ദകോലാഹലം.
സം രുദ്ധ [സം. –രുദ്ധ < രുധ്] വി. 1. നിരോധിക്കപ്പെട്ട; 2. മൂടപ്പെട്ട; 3. നിഷേധിക്കപ്പെട്ട; 4. തടയപ്പെട്ട, വലയം ചെയ്യപ്പെട്ട.
സം രൂഢ [സം. –രൂഢ < രുഹ്] വി. 1. വേരുറച്ച; 2. ദൃഢമായി പ്രതിഷ്ഠനേടിയ; 3. ഒന്നിച്ചുവളർന്ന; 4. ഉണങ്ങി പൊറ്റപിടിച്ച.
സം രോധ(ന)ം [സം. –രോധന <രുധ്] നാ. 1. പൂർണമായ നിരോധനം; 2. പ്രതിരോധം; 3. ഉപരോധം; 4. വിലങ്ങ്.
സം രോധിക്കുക [<സം. സം–രുധ്] ക്രി. സമ്രോധനം ചെയ്യുക.
സം രോധ്യ [സം. –രോധ്യ] വി. നിരോധിക്കപ്പെടേണ്ട.
സംലക്ഷണം [സം. –ലക്ഷന] നാ. 1. അടയാളപ്പെടുത്തൽ; 2. കണ്ടെത്തൽ; 3. വ്യവച്ഛേദിച്ചു കാണിക്കൽ.
സംലക്ഷിത [സം. –ലക്ഷിത] വി. 1. വ്യക്തമായി അടയാളപ്പെടുത്തേണ്ട; 2. വേർതിരിച്ചറിയാവുന്ന; 3. നിരീക്ഷിച്ചറിയാവുന്ന, ഗോചരമായ, ദൃശ്യമായ.
സംലഗ്ന [സം. –ലഗ്ന] വി. പറ്റിപ്പിടിച്ചിരിക്കുന്ന, ഗാഢമായി ചേർന്നിരിക്കുന്ന.
സംലയനം [സം. –ലയന]നാ. സംലയം.
സംലയം [സം. –ലയ] നാ. 1. ലയിക്കൽ, ഐക്യം പ്രാപിക്കൽ; 2. നാശം; 3. പ്രളയം.
സംലാപം [സം. –ലാപ] നാ. 1. പരസ്പരസംഭാഷണം; 2. സംബോധന ചെയ്തുകൊണ്ടുള്ള സംഭാഷണം; 3. സല്ലാപം.
സംലീന [സം. –ലീന] വി. 1. പറ്റിപ്പിടിച്ചിരിക്കുന്ന, പരസ്പരം ലയിച്ചിരിക്കുന്ന; 2. മറഞ്ഞ; 3. ചുരുങ്ങിയ.
സംവത്ത് [സം. –വത്] നാ. 1. സംവത്സരം; 2. വിക്രമാദിത്യ അബ്ദം.
സംവത്സരൻ [സം. –വത്സര] നാ. ശിവൻ.
സംവത്സരം [സം. –വത്സര] നാ. വർഷം, ആണ്ട് (സൗരം, ചാന്ദ്രം, ജൈവം എന്നു മൂന്നുവിധം).
1377
സംവത്സരീണ [സം. –വത്സരീണ] വി. വാർഷികമായ, ആണ്ടുതോറുമുള്ള, ഓരോ വർഷവും സംഭവിക്കുന്ന.
സംവത്സരീയ [സം. –വത്സരീയ] വി. സംവത്സരീണ.
സംവദനം [സം. –വദന] നാ. സംവാദം.
സംവദിക്കുക [<സം. സം–വദ്] ക്രി. 1. പറയുക; 2. പരസ്പരം ആശയവിനിമയം നടത്തുക; 3. ചർച്ചചെയ്യുക; 4. വാദപ്രതിവാദത്തിൽ ഏർപ്പെടുക; 5. സംവേദനം ചെയ്യുക; 6. സമ്മതിക്കുക.
സംവനനം [സം. –വനന]നാ. വശീകരണം (മന്ത്രാദികൾ കൊണ്ടുള്ളത്).

സംവയനം [സം. -വയന]നാ. 1. അണിയൽ, ധരിക്കൽ; 2. വസ്ത്രധാരണം; 3. ചമയം.
സംവർഗം [സം. -വർഗ] നാ. 1. കവർച്ച, കൊള്ള; 2. ഗുണനം.
സംവർത്തകം [സം. -വർത്ത] നാ. 1. ഏറ്റുമുട്ടൽ; 2. സംഹാരം; 3. ലോകാവസാനം; 4. ഒരു കൽപം; 5. ഉരുള; 6. ചുരുട്ടിയ ഇല; 7. ഇടതിങ്ങിയ കൂട്ടം; 8. വർഷകാലമേഘം; 9. ആണ്ട്; 10. (ജ്യോ.) ഒരുതരം ഗ്രഹയോഗം.
സംവർത്തകം [സം. -വർത്തക] നാ. 1. പ്രളയാഗ്നി; 2. ബഡവാഗ്നി; 3. കൽപാന്തകാലമേഘം; 4. പ്രപഞ്ചാവസാനം; 5. ഒരു പുരാതനയുഗം; 6. ബലരാമൻെറ കലപ്പ.
സംവർത്തകി [സം. സം-വർത്തകിൻ] നാ. ബലഭദ്രൻ.
സംവർത്തിക [സം. -വർത്തികാ] നാ. 1. പൂവിൻെറ ഉള്ളിലെ പുതിയ ഇതൾ; 2. തളിരില, നാമ്പ്; 3. ദീപശിഖ.
സംവർത്തിക്കുക [<സം. സം-വൃത്] ക്രി. ചുഴലുക.
സംവർധക [സം. -വർധക <വൃധ്] വി. 1. വർധിപ്പിക്കുന്ന, സത്കരിക്കുന്ന.
സംവർധനം [സം. -വർധന] നാ. വൃദ്ധി, തഴച്ചുവളരൽ.
സംവരണം [സം. -വരണ <വൃ] നാ. 1. പ്രത്യേകം നീക്കി വയ്ക്കൽ; 2. രഹസ്യമാക്കിവയ്ക്കൽ, മറച്ചു വയ്ക്കൽ, മറവ്; 3. മൂടി, മൂടിവയ്ക്കൽ; 4. വർണമാലയിട്ടു ഭാര്യയായോ ഭർത്താവായോ സ്വീകരിക്കൽ.
സംവരം [സം. -വര] നാ. 1. വെള്ളം; 2. മറിമാൻ; 3. മൂടി, മറവ്; 4. അണ; 5. പാലം; 6. ധനം.
സംവരിക്കുക [<സം. സം-വൃ] ക്രി. 1. മൂടിവയ്ക്കുക; 2. മറച്ചു വയ്ക്കുക; 3. കൈക്കൊള്ളുക.
സംവരിത [സം. -വരിത]വി. 1. മറയ്ക്കപ്പെട്ട; 2. വരിച്ച.
സംവലനം [സം. -വലന]നാ. 1. ചേർച്ച; 2. സം യോഗം; 3. കലപ്പ.
സംവലിത [സം. -വലിത] വി. സംവലനം ചെയ്യപ്പെട്ട.
സംവസനം [സം. -വസന] നാ. വാസസ്ഥലം, വീട്.
സംവസിക്കുക [<സം. സം-വസ്] ക്രി. 1. പാർക്കുക; 2. ഒരുമിച്ചു പാർക്കുക.
സംവഹനം [സം. -വഹന] നാ. 1. വഹിക്കൽ, വഹിച്ചു കൊണ്ടു പോകൽ; 3. മാർഗദർശനം, വഴികാട്ടൽ, നയിക്കൽ; 4. കാട്ടിക്കൊടുക്കൽ, പ്രദർശനം.
സംവഹിക്കുക [<സം. സം-വഹ്] ക്രി. 1. ചുമക്കുക, വഹിച്ചുകൊണ്ടുപോവുക; 2. സങ്ക്രമിപ്പിക്കുക (ഊർജത്തെ വഹിച്ചുകൊണ്ടു പോവുക).
സംവാദക [സം. -വാദക] വി. 1. സമ്മതിക്കുന്ന; 2. പൊരുത്തമുള്ള.
സംവാദകൻ [സം. -വാദക] നാ. സംവദിക്കുന്നവൻ.
സംവാദം [സം. -വാദ] നാ. 1. ഒത്തുചേർന്നുള്ള ഭാഷണം, സംഭാഷണം, ചർച്ച; 2. നിർദേശിക്കൽ, വ്യവസ്ഥ ചെയ്യൽ; 3. കോടതിവ്യവഹാരം; 4. സമ്മതം, യോജിപ്പ്, പൊരുത്തപ്പെടൽ; 5. സാധർമ്യം; 6. വൃത്താന്തം, വാർത്ത.
സംവാദി [സം. സം-വാദിൻ] വി. 1. സംഭാഷണം ചെയ്യുന്ന; 2. പൊരുത്തപെടുന്ന, യോജിപ്പുള്ള; 3. സമാനധർമമുള്ള.
സംവാദിത [സം. സം-വാദിത] വി. സംവദിക്കപ്പെട്ട.
സംവാരം [സം. -വാര] നാ. 1. മറ, ആവരണം; 2. സമ്രക്ഷണം; 3. സങ്കോചം.

സംവാസം [സം. –വാസ] നാ. 1. ഒരുമിച്ചുള്ള വാസം; 2. പരസ്പരസമ്പർക്കം, ഒരുമിച്ചു ജീവിക്കൽ; 3. സഹവസിക്കൽ, ഇണചേരൽ; 4. പൊതുവാസസ്ഥലം; 5. സമ്മേളനത്തിനും വിനോദത്തിനുമുള്ള പൊതുസ്ഥലം; 6. സമാജം.

സംവാഹകൻ [സം. –വാഹക] നാ. തിരുമ്മൽകാരൻ.

സംവാഹനം [സം. –വാഹന] നാ. 1. വഹിക്കൽ, ചുമക്കൽ, നയിക്കൽ, തെളിക്കൽ; 2. കടന്നുപോകൽ; 3. തിരുമ്മൽ.

സംവാഹം [സം. –വാഹ] നാ. 1. തിരുമ്മൽ; 2. വഹിക്കൽ, ചുമന്നുകൊണ്ടുപോകൽ; 3. കൂട്ടിയമർത്തൽ; 4. വിനോദത്തിനുള്ള തുറന്ന സ്ഥലം; 5. കമ്പോളം; 6. അടിച്ചമർത്തൽ.

സംവിക്ത [സം. –വിക്ത <വിച്] വി. ഒറ്റതിരിക്കപ്പെട്ട.

സംവിഗ്ന [സം. –വിഗ്ന < വിജ്] വി. 1. ഇളക്കപ്പെട്ട; 2. ഉത്കണ്ഠയുള്ള; 3. ഭയപ്പെട്ട.

സംവിത്തി [സം. –വിത്തി] നാ. 1. അറിവ്; 2. ബുദ്ധി; 3. ധാരണ; 4. ഗ്രഹണം; 5. തോന്നൽ, അനുഭവം; 6. അവബോധം; 7. പരസ്പരധാരണ, പൊരുത്തം; 8. തിരിച്ചറിയൽ; 9. അനുസ്മരണം.

സംവിത്ത് [സം. –വിദ്] നാ. 1. ബുദ്ധി; 2. അറിവ്; 3. സമ്മതം; 4. അടയാളം, സങ്കേതം; 5. കൊടി; 6. യുദ്ധം, പോർവിളി; 7. ഉടമ്പടി, കരാർ; 8. ആചാരം; 9. ക്രിയാനാമം; 10. പേര്.

സംവിദിത [സം. –വിദിത] വി. 1. അറിയപ്പെട്ട; 2. തിരിച്ചറിയപ്പെട്ട; 3. മനസ്സിലാക്കപ്പെട്ട; 4. അന്വേഷിക്കപ്പെട്ട; 5. സമ്മതികപ്പെട്ട; 6. അങ്ഗീകരിക്കപ്പെട്ട; 7. ശാസിക്കപ്പെട്ട; 8. ഉപദേശിക്കപ്പെട്ട.

സംവിധാനം [സം. –വിധാന] നാ. 1. ക്രമീകരണം; 2. വിന്യാസം; 3. കൈകാര്യം ചെയ്യൽ; 4. രൂപവിന്യാസം, രൂപരചന; 5. ആസൂത്രിതമായ രൂപപ്പെടുത്തൽ; 6. രീതി, ഏർപ്പാട്; 7. ഉചിതമായ പ്രവർത്തനം.

സംവിധായകൻ [സം. –വിധായക] നാ. 1. രൂപരചയിതാവ്; 2. ആസൂത്രകൻ; 3. വിന്യാസകൻ (പ്ര.) നാടകസംവിധായകൻ.

സംവിഭാഗം [സം. –വിഭാഗ] നാ. 1. പങ്ക്, ഓഹരി; 2. പങ്കിടൽ.

സംവിഷ്ട [സം. –വിഷ്ട] വി. വസ്ത്രധാരണം ചെയ്ത, വേഷം ധരിച്ച.

സംവീക്ഷണം [സം. –വീക്ഷ] നാ. 1. നിരീക്ഷണം; 2. കാണൽ; 3. അവലോകനം.

സംവീത [സം. –വീത] വി. 1. മറയ്ക്കപ്പെട്ട; 2. അലങ്കരിക്കപ്പെട്ട.

സംവൃത [സം. –വൃത] വി. 1. മൂടപ്പെട്ട, ആവരണം ചെയ്യപ്പെട്ട, ചുറ്റപ്പെട്ട; 2. സഹിതമായ, അടങ്ങിയ, നിറഞ്ഞ; 3. മറയ്ക്കപ്പെട്ട, നിഗൂഢമായ; 4. നിയന്ത്രിക്കപ്പെട്ട, അമർത്തപ്പെട്ട; 5. ചുരുങ്ങിയ, പിന്വാങ്ങിയ.

സംവൃതം [സം. –വൃത] നാ. 1. നിഗൂഢസ്ഥലം; 2. അടഞ്ഞ അവസ്ഥ; 3. അടഞ്ഞ ഉച്ചാരണം, അമർത്തിയ ഉച്ചാരണം.

സംവൃതി [സം. –വൃതി] നാ. 1. സംവരണം ചെയ്യൽ; 2. നിഗൂഢമാക്കിവയ്ക്കൽ; 3. കാപട്യം; 4. തടസ്സം.

സംവൃതോകാരം [സം. സംവൃത–ഉകാര] നാ. സംവൃതമായ (അടഞ്ഞ) ഉച്ചാരണത്തോടുകൂടിയ ഉകാരം.

സംവൃത്ത [സം. –വൃത്ത] വി. 1. മറയ്ക്കപ്പെട്ട; 2. വലയം ചെയ്യപ്പെട്ട; 3. ആയിത്തീർന്ന, കഴിഞ്ഞ; 4. ശേഖരിക്കപ്പെട്ട.
സംവൃത്തൻ [സം. –വൃത്ത] നാ. വരുണൻ.
സംവൃത്തി [സം. –വൃത്തി] നാ. 1. നിർവഹണം; 2. ആയിത്തീരൽ; 3. സംഭവം; 4. അനുഭവം.
സംവേഗം [സം. –വേഗ] നാ. 1. തീക്ഷ്ണമായ സ്തോഭം; 2. വികാരവിക്ഷോഭം, ആവേഗം; 3. പരിഭ്രമം; 4. തീക്ഷ്ണത; 5. തിടുക്കം.
സംവേദനം [സം. –വേദന] നാ. 1. ഗ്രഹിക്കൽ; 2. അനുഭവപ്പെടൽ; 3. ധാരണ; 4. ഇന്ദ്രിയാവബോധം; 5. ആശയവിനിമയം; 6. പ്രസ്താവം; 7. വാർത്തയറിയിക്കൽ.
സംവേദം നാ. 1. മനസ്സിലാക്കൽ; 2. പ്രബുദ്ധത
സംവേദിത വി. 1. അറിയിക്കപ്പെട്ട; 2. വിവരം ധരിപ്പിക്കപ്പെട്ട, വൃത്താന്തം അറിയിക്കപ്പെട്ട; 3. നിർദേശം നൽകപ്പെട്ട
സംവേദ്യ വി. 1. അറിയേണ്ട, മനസ്സിലാക്കേണ്ട, ഗ്രഹിക്കേണ്ടതായ; 2. ഗ്രഹിക്കത്തക്ക, അറിയത്തക്ക; 3. സംവേദനം ചെയ്യേണ്ട, അറിയിക്കേണ്ട; 4. സംവേദനം ചെയ്യത്തക്ക, ധരിപ്പിക്കാവുന്ന
സംവേദ്യത നാ. ഗ്രാഹ്യത, ഗ്രഹിക്കാവുന്ന അവസ്ഥ
സംവേശനം നാ. 1. കിടപ്പ്, ഉറക്കം; 2. പ്രവേശനം; 3. സംഭോഗം; 4. ഇരിപ്പിടം
സംവേശം നാ. 1. സമീപിക്കൽ; 2. പ്രവേശനം; 3. ശയിക്കൽ, ഉറക്കം; 4. സ്വപ്നംകാണൽ, സ്വപ്നം; 5. ഒരുതരം സംഭോഗം; 6. ഉറക്കറ; 7. പീഠം, ഇരിപ്പിടം
സംവേശിക്കുക ക്രി. 1. പ്രവേശിക്കുക; 2. വിശ്രമിക്കുക
സംവ്യാനം നാ. 1. ഉത്തരീയം, രണ്ടാംമുണ്ട്; 2. മൂടി
സംശബ്ദം നാ. 1. സംബോധന; 2. പ്രസ്താവം; 3. പരാമർശം
സംശയം നാ. 1. അനിശ്ചിതത്വം, സന്ദേഹം; 2. വികൽപം, എന്താണെന്നോ എന്തുവേണമെന്നോ നിശ്ചയമില്ലാത്ത അവസ്ഥ; 3. അനിശ്ചിതമായ സങ്ഗതി; 4. വൈഷമ്യം; 5. ശങ്ക; 6. ഭയം; 7. അപകടസാധ്യത, ആശങ്ക
സംശയാത്മാവ് നാ. ഏതുകാര്യത്തിലും സംശയമുള്ളവൻ
സംശയാലു നാ. 1. സംശയമുള്ളവൻ; 2. വിശ്വാസമില്ലാത്തവൻ
സംശയിക്കുക ക്രി. 1. സന്ദേഹിക്കുക; 2. ശങ്കിക്കുക; 3. മടിച്ചുനിൽക്കുക; 4. അവിശ്വസിക്കുക
സംശയിതവ്യ വി. 1. അനിശ്ചിതമായ; 2. സന്ദേഹമുള്ള; 3. സംശയിക്കത്തക്ക
സംശയിതാ(വ്) നാ. സംശയമുള്ളവൻ
സംശിത വി. 1. നല്ലതുപോലെ മൂർച്ചയുള്ള; 2. സജ്ജമായ, തയ്യാറാക്കപ്പെട്ട; 3. തീരുമാനിക്കപ്പെട്ട; 4. നിഷ്ഠയോടെ പാലിക്കപ്പെട്ട; 5. ദൃഢമായ; 6. പൂർത്തിയാക്കുന്ന, നിർവഹിക്കുന്ന, നിറവേറ്റുന്ന
സംശുദ്ധ വി. 1. പരിശുദ്ധമായ, ശുചിയായ; 2. സമ്പൂർണമായി ശുദ്ധീകരിച്ച, വെടിപ്പാക്കിയ, കളങ്കം നീക്കിയ; 3. പ്രായശ്ചിത്തംചെയ്ത; 4. ദുരീകരിച്ച, നിർമാർജനം ചെയ്ത; 5. (കടം) വീട്ടിയ; 6. പരിശോധിക്കപ്പെട്ട, പരീക്ഷിക്കപ്പെട്ട; 7. കുറ്റവിമുക്തമായ

സംശുദ്ധി നാ. 1. പരിശുദ്ധി; 2. സമ്പൂർണശുദ്ധീകരണം; 3. അനുഷ്ഠാനപരമായ ശുദ്ധീകരണം; 4. ശുദ്ധീകരണ പ്രക്രിയ; 5. കുറ്റവിമുക്തി; 6. പരിഹാരം, പ്രായശ്ചിത്തം

സംശോധകൻ നാ. (സംശോധനം നിർവഹിക്കുന്നവൻ), 1. ശുദ്ധീകരിക്കുന്നവൻ; 2. പരിശോധനയും പരിഷ്കരണവും നടത്തുന്നവൻ

സംശോധനം നാ. 1. സമ്പൂർണമായ ശുദ്ധീകരണം; 2. ശുദ്ധീകരണോപായം, ശുദ്ധീകരണംചെയ്യൽ; 3. സംസ്കരണം; 4. വെടിപ്പാക്കൽ; 5. കടം വീട്ടൽ; 6. (കുറവു) പരിഹരിക്കൽ; 7. (ഗ്രന്ഥങ്ങളും മറ്റും) ആകമാനം പരിശോധിച്ചു പരിഷ്കരിക്കൽ

സംശോധിക്കുക ക്രി. ശുദ്ധീകരിക്കുക

സംശോധിത വി. 1. സംശോധനം ചെയ്യപ്പെട്ട, ശുദ്ധീകരിക്കപ്പെട്ട; 2. (ഗ്രന്ഥത്തെയും മറ്റും സംബന്ധിച്ച്) സമഗ്രമായി പരിശോധിച്ചു പരിഷ്ക്കരിക്കപ്പെട്ട

സംശോഷണം നാ. 1. ഉണക്കൽ; 2. ഉണങ്ങൽ

സംശ്യാന വി. 1. ചുരുങ്ങിയ, ചുങ്ങിയ; 2. ചുക്കിച്ചുളിഞ്ഞ; 3. ഒട്ടിയ

സംശ്രയം നാ. 1. ഒരുമിച്ചുകൂടൽ, ബന്ധപ്പെടൽ; 2. ആശ്രയിക്കൽ, അഭയം പ്രാപിക്കൽ; 3. സമീപിക്കൽ; 4. കൂട്ടുചേരൽ; 5. അഭയസ്ഥാനം, വീട്

സംശ്രവണം നാ. 1. കേൾക്കൽ, ചെവിക്കൊള്ളൽ; 2. കേട്ടറിയൽ; 3. ശ്രവണപഥം, ശ്രവണവ്യാപ്തി

സംശ്രവണം നാ. 1. കേൾക്കൽ, ചെവിക്കൊള്ളൽ; 2. സമ്മതം, വാഗ്ദാനം; 3. യോജിപ്പ്

സംശ്രാവകൻ നാ. 1. കേൾവിക്കാരൻ; 2. ശിഷ്യൻ

സംശ്രിത വി. 1. (ഒന്നിനോടു)കൂടിച്ചേർന്ന, ഐക്യം പ്രാപിച്ച; 2. ചാരിനിൽക്കുന്ന, പറ്റിപ്പിടിച്ച; 3. ആലിങ്ഗനം ചെയ്ത

സംശ്രിതൻ നാ. 1. അഭയംതേടിച്ചെന്നവൻ; 2. സേവനത്തിന് എത്തിയവൻ; 3. (ഒരു സ്ഥലത്തെ) പ്രാപിച്ചവൻ; 4. (ഒരിടത്തു) ജീവിക്കുകയോ തങ്ങുകയോ ചെയ്യുന്നവൻ; 5. അവലംബിച്ചവൻ; 6. സ്വീകരിച്ചവൻ; 7. കെട്ടിപ്പുണർന്നവൻ; 8. സേവകൻ, ആശ്രിതൻ, അനുചരൻ

സംശ്രുത വി. 1. വേണ്ടവിധം ശ്രവിച്ച, കേട്ടറിഞ്ഞ; 2. വായിച്ചറിഞ്ഞ; 3. സമ്മതിച്ച, വാഗ്ദാനം ചെയ്ത

സംശ്ലിഷ്ട വി. 1. പുണർന്ന; 2. പറ്റിച്ചേർന്ന; 3. അടുത്തടുത്തുള്ള, ഗാഢമായി ബന്ധപ്പെട്ട; 4. കൂടിച്ചേർന്ന, സംയോജിച്ച; 5. കുഴങ്ങിയ, സന്ദിഗ്ധമായ; 6. സഹിതമായ

സംശ്ലേഷം നാ. 1. കൂടിച്ചേരൽ, ചേർച്ച, ബന്ധം; 2. ഗാഢസമ്പർക്കം; 3. ആലിങ്ഗനം; 4. ചേർപ്പ്

സംശ്ലേഷിക്കുക ക്രി. 1. ആലിങ്ഗനംചെയ്യുക; 2. കൂടിച്ചേരുക; 3. ഗാഢബന്ധം പുലർത്തുക

സംസക്ത വി. 1. പറ്റിച്ചേർന്ന, ഒട്ടിച്ചേർന്ന; 2. ഗാഢമായി ബന്ധപ്പെട്ട, ഐക്യംപ്രാപിച്ച; 3. ഒന്നിൽ ഉറച്ച, ഒന്നിന് അഭിമുഖമായ; 4. മുഴുകിയ, അർപ്പിതമായ, കേന്ദ്രീകൃതമായ; 5. സഹിതമായ; 6. തുടർച്ചയായുള്ള; 7. ആശ്രയിക്കുന്ന,

വിഷയാസക്തിയുള്ള; 8. വശീകരിക്കപ്പെട്ട; 9. തൊട്ടടുത്തുള്ള; 10. പരസ്പരം വിശ്വസ്തത പുലർത്തുന്ന, ഗാഢമായി ബന്ധപ്പെട്ടിരിക്കുന്ന

സംസക്തി നാ. 1. ഗാഢബന്ധം; 2. ഗാഢസമ്പർക്കം; 3. അടുപ്പം; 4. സങ്ഗം; 5. ഭക്തി

സംസത്ത് നാ. 1. യോഗം, സമ്മേളനം, സഭ; 2. കൂട്ടം

സംശ്രവം നാ. 1. കേൾക്കൽ, ചെവിക്കൊള്ളൽ; 2. സമ്മതം, വാഗ്ദാനം; 3. യോജിപ്പ്

1379

സംസർഗം നാ. 1. കൂടിക്കലരൽ, അന്യോന്യസമ്പർക്കം; 2. കൂടിച്ചേരൽ, ബന്ധപ്പെടൽ; 3. സംയുക്ത പ്രവർത്തനം; 4. ലൈങ്ഗിക വേഴ്ച

സംസർജനം നാ. 1. കൂട്ടിക്കലർത്തൽ; 2. സമ്മേളിക്കൽ; 3. കൂടിച്ചേരൽ

സംസർപ്പണം നാ. 1. ഇഴച്ചിൽ, മന്ദഗതി; 2. അപ്രതീക്ഷിതമായ എതിർപ്പ്

സംസർപ്പം നാ. ഒരു സൗരമാസത്തിൽ അമാവാസി രണ്ടുപ്രാവശ്യം ഉണ്ടാകൽ

സംസരണം നാ. 1. ചുറ്റിനടക്കൽ, അലഞ്ഞുതിരിയൽ; 2. പല അവസ്ഥകളിലും ജന്മങ്ങളിലും കൂടി കടന്നുപോകൽ; 3. സൈന്യത്തിൻെറ തടസ്സംകൂടാതെയുള്ള മുന്നേറ്റം; 4. യുദ്ധരങ്ഗം, യുദ്ധം

സംസാരഗുരു നാ. കാമദേവൻ

സംസാരം നാ. 1. ലൗകിക ജീവിത ചക്രം, വിവിധാവസ്ഥകളുടെയും ജന്മങ്ങളുടെയും പരമ്പരയിലൂടെയുള്ള ജീവിതഗതി; 2. ലോകം; 3. ഭൗതിക ജീവിതം; 4. മായ; 5. അലഞ്ഞുതിരിയൽ

സംസാരാർണവം നാ. സംസാരമാകുന്ന സമുദ്രം

സംസാരി വി. 1. ലൗകിക ജീവിത സംബന്ധിയായ; 2. ലൗകികമായ; 3. ഭൗതികമായ അസ്തിത്വത്തോടു ദൃഢമായി ബന്ധപ്പെട്ട. നാ. 1. സമൂഹത്തോടു അടുത്ത ബന്ധം പുലർത്തുന്നവൻ; 2. ജന്തു മനുഷ്യൻ തുടങ്ങിയ ജീവികളിൽ ഒന്ന്; 3. ഭൗതികാവസ്ഥകളിലൂടെ കടന്നുപോകുന്ന ആത്മാവ്

സംസാരിക്കുക ക്രി. 1. പറയുക, ഭാഷ ഉപയോഗിച്ചു മനസ്സിലുള്ളതു വെളിപ്പെടുത്തുക; 2. സംഭാഷണം ചെയ്യുക; 3. പ്രഭാഷണം നടത്തുക, പ്രസങ്ഗിക്കുക

സംസിക്ത വി. 1. തളിക്കപ്പെട്ട; 2. നനയ്ക്കപ്പെട്ട

സംസിദ്ധ വി. 1. പൂർണമായി നിർവഹിച്ച, നിറവേറ്റിയ; 2. പ്രാപിച്ച, നേടിയ; 3. തയ്യാറാക്കിയ; 4. നിർമിച്ച, ഉണ്ടാക്കിയ; 5. സംതൃപ്തമായ; 6. സാമർഥ്യമുള്ള, വൈദഗ്ധ്യമുള്ള

സംസിദ്ധി നാ. 1. പൂർണമായ നിർവഹണം, നിറവേറ്റൽ; 2. പൂർണതാപ്രാപ്തി, വിജയം; 3. അവികലാവസ്ഥ, ആത്യന്തികമായ ഉത്കർഷം

സംസൃതി നാ. 1. ഗതി, പ്രയാണം, ഭ്രമണം; 2. അസ്ത്രത്തിൻെറ വിവിധാവസ്ഥകളിൽ കൂടിയുള്ള പ്രയാണം; 3. ഭൗതിക ജീവിതത്തിൻെറ ഗതി; 4. ലോകം

സംസൃഷ്ട വി. 1. ഒരുമിച്ചു പിറന്ന; 2. ശേഖരിച്ച; 3. പരസ്പരം ബന്ധപ്പെട്ട; 4. ഐക്യം പ്രാപിച്ച, സംയോജിച്ച; 5. നിർവഹിക്കപ്പെട്ട, നിറവേറ്റപ്പെട്ട; 6. സൃഷ്ടിക്കപ്പെട്ട

സംസൃഷ്ടി നാ. 1. ഐക്യം, സംയോഗം, സഹവർത്തനം, വേഴ്ച; 2. ഒരേ കുടുംബത്തിൽ ഒരുമിച്ചു ജീവിക്കൽ; 3. ഒത്തുചേരൽ, ശേഖരിക്കൽ, സമ്മേളനം

സംസ്കർത്തവ്യ വി. സംസ്കരിക്കപ്പെടേണ്ട

സംസ്കർത്താവ് നാ. സംസ്കരിക്കുന്നവൻ

സംസ്കരിക്കുക ക്രി. 1. ശുദ്ധീകരിക്കുക; 2. പാകം ചെയ്യുക; 3. പൂർണമാക്കുക; 4. അലങ്കരിക്കുക; 5. പ്രതിഷ്ഠിക്കുക; 6. പരിഷ്കരിക്കുക; 7. മെച്ചപ്പെട്ട നിലയിലാക്കുക; 8. (ശവം) മറവുചെയ്യുക; 9. നിവർത്തിക്കുക; 10. വിവാഹം കഴിക്കുക

സംസ്കാരം നാ. സംസ്കരിക്കൽ

സംസ്കൃത വി. സംസ്കരിക്കപ്പെട്ട

സംസ്കൃതൻ നാ. 1. പരിഷ്കൃതമാനസൻ; 2. പണ്ഡിതൻ; 3. വേണ്ടവിധത്തിൽ കേർമങ്ങളെല്ലാം അനുഷ്ഠിച്ചവൻ

സംസ്കൃതം നാ. 1. സംസ്കരിക്കപ്പെട്ടത്; 2. സംസ്കൃതഭാഷ, ഇന്ത്യയിലെ ആര്യന്മാരുടെ വികസിതമായ ഭാഷ, ഇന്തോയൂറോപ്യൻ ഭാഷാഗോത്രത്തിൽപ്പെട്ട ആദ്യകാലത്തെ വികസിത ഭാഷകളിലൊന്ന്; 3. പാവനമായ ആചാരം

സംസ്കൃതി നാ. 1. സംസ്കാരം; 2. വിദ്യ; 3. സഭ്യത, നാഗരീകത

സംസ്ക്രിയ നാ. 1. ശവസംസ്കാരകർമം; 2. ശുദ്ധികർമം

സംസ്തബ്ധ വി. 1. ഉറപ്പിക്കപ്പെട, സ്ഥിരീകരിക്കപ്പെട്ട; 2. താങ്ങിനിർത്തപ്പെട്ട, പിൻതാങ്ങപ്പെട്ട; 3. ഉറച്ച, ദൃഢമായ

സംസ്തരം നാ. 1. ശയനോപകരണം, വിരിപ്പ്, കട്ടിൽ, മെത്ത; 2. യാഗം

സംസ്താവം നാ. 1. ഒത്തുചേർന്നുള്ള സ്തുതി, സ്തുതിഗീതം; 2. യാഗവേദിയിൽ സ്തോത്രമാലപിക്കുന്നവർ ഇരിക്കുന്ന സ്ഥാനം

സംസ്തുത വി. 1. ഒത്തുചേർന്നു സ്തുതിക്കപ്പെട്ട; 2. പ്രശംസിക്കപ്പെട്ട, വാഴ്ത്തപ്പെട്ട; 3. ഒന്നിച്ചു പരിഗണിക്കപ്പെട്ട; 4. തുല്യതയുള്ള; 5. അടുപ്പമുള്ള, പരിചയമുള്ള

സംസ്ഥൻ നാ. 1. ഒറ്റുകാരൻ; 2. അയൽക്കാരൻ, നാട്ടുകാരൻ; 3. ദേശവാസി

സംസ്ഥാനം നാ. 1. ജനവാസസ്ഥലം, ജനസ്ഥാനം; 2. ഒരു പ്രത്യേക ഭരണത്തിൻ കീഴിലുള്ള പ്രദേശം, രാജ്യം; 3. വിശാലമായ ഒരു രാജ്യത്തിൻെറ ഭരണപരമായ ഘടകങ്ങളിലൊന്ന്; 4. കേന്ദ്രഭരണകൂടത്തിൻെറ നിയന്ത്രണത്തിൻകീഴിൽ ഒരു പരിധിവരെ സ്വയം ഭരണാധികാരമുള്ള പ്രദേശം; 5. ഇന്ത്യൻ യൂണിയൻെറ ഘടകങ്ങളെന്ന നിലയിൽ പ്രത്യേക ഭരണകൂടങ്ങളുള്ള പ്രദേശങ്ങളിലൊന്ന്. ഉദാഃ കേരള സംസ്ഥാനം; 6. ഭരണകൂടം; 7. രാജധാനി; 8. നാൽക്കവല; 9. സാമീപ്യം; 10. ആകൃതി; 11. മരണം; 12. രചന; 13. അവസ്ഥ

സംസ്ഥാപക വി. 1. സ്ഥാപിക്കുന്ന, പ്രതിഷ്ഠിക്കുന്ന; 2. ഉറപ്പിക്കുന്ന, ദൃഢമാക്കുന്ന

സംസ്ഥാപിക്കുക ക്രി. 1. ഉറപ്പായി സ്ഥാപിക്കുക; 2. ഒരുമിച്ചു വയ്ക്കുക; 3. ശേഖരിക്കുക; 4. വ്യവസ്ഥപ്പെടുത്തുക; 5. നിയന്ത്രിക്കുക

സംസ്ഥാപിത വി. 1. സ്ഥാപിക്കപ്പെട്ട; 2. ഉറപ്പിക്കപ്പെട്ട; 3. നിഷേധിക്കപ്പെട്ട; 4. തടയപ്പെട്ട; 5. നിയന്ത്രിക്കപ്പെട്ട; 6. ഒരുമിച്ചുനിർത്തപ്പെട്ട, കൂട്ടിവയ്ക്കപ്പെട്ട

സംസ്ഥിത വി. 1. സ്ഥിതിചെയ്യുന്ന, വിശ്രമിക്കുന്ന, ഇരിക്കുന്ന, കിടക്കുന്ന; 2. ഉള്ളിലോ മുകളിലോ സ്ഥിതിചെയ്യുന്ന; 3. നിലനിൽക്കുന്ന, അവശേഷിക്കുന്ന, നിലകൊള്ളുന്ന; 4. ആസന്നമായ, വരാൻപോകുന്ന; 5. രൂപപ്പെടുത്തിയ, ഒരു പ്രത്യേക രൂപത്തിൽ കാണപ്പെടുന്ന, ഒന്നിനെ അനുസ്മരിപ്പിക്കുന്ന

സംസ്ഥിതി നാ. 1. ഒരുമിച്ചു വസിക്കൽ; 2. അധിവസിക്കൽ; 3. ഒപ്പം ജീവിക്കൽ; 4. ഐക്യം പ്രാപിക്കൽ; 5. ഒരേ അവസ്ഥയിലോ നിലയിലോ തുടർച്ചയായി സ്ഥിതിചെയ്യൽ; 6. സ്ഥിരത, സ്ഥിരോത്സാഹം; 7. നിഷ്ഠ; 8. രൂപം, ആകൃതി; 9. അങ്ഗീകൃത വ്യവസ്ഥ; 10. സ്വഭാവം, അവസ്ഥ; 11. പൂർത്തിയാക്കൽ, സമാപനം

സംസ്പർശം നാ. 1. ഗാഢസമ്പർക്കം; 2. പരസ്പര സമ്പർക്കം; 3. സംയോഗം, മിശ്രണം; 4. നിരീക്ഷിച്ചറിയൽ, അനുഭവിച്ചറിയൽ

സംസ്പൃഷ്ട വി. 1. സ്പർശിക്കപ്പെട്ട; 2. സമ്പർക്കത്തിലാക്കപ്പെട്ട; 3. ഗാഢമായി സംയോജിപ്പിക്കപ്പെട്ട; 4. പരസ്പരം കൂട്ടിച്ചേർക്കപ്പെട്ട; 5. മിശ്രണം ചെയ്യപ്പെട്ട, സംയുക്തമായ; 6. തുടർച്ചയായുള്ള, അടുത്തടുത്തുള്ള; 7. പ്രാപിച്ച; 8. ബാധിക്കപ്പെട്ട

സംസ്പൃഹ നാ. വലുതായ ആഗ്രഹം

സംസ്ഫലം നാ. 1. മേഘം; 2. മുട്ടാട്

സംസ്ഫോടനം നാ. 1. യുദ്ധം; 2. സ്ഫോടനം

സംസ്മരണം നാ. ശരിയായി സ്മരിക്കൽ, പൂർണമായ സ്മരണം

സംസ്മരിക്കുക ക്രി. നല്ലപോലെ ഓർക്കുക

സംസ്മൃത വി. സംസ്മരിച്ച

സംസ്മൃതി നാ. നല്ല ഓർമ

സംസ്രാവം നാ. 1. ഒഴുക്ക്, ഊറൽ; 2. വീഴൽ; 3. നദി

സംഹത വി. 1. മുറിവേൽപ്പിക്കപ്പെട്ട; 2. വധിക്കപ്പെട്ട; 3. ദൃഢമായി ചേർന്നിരിക്കുന്ന; 4. ഒന്നിച്ചുകൂടിയ; 5. ശക്തിയുള്ള; 6. ഉറപ്പുള്ള; 7. അടയ്ക്കപ്പെട്ട

സംഹതി നാ. 1. സമൂഹം; 2. കൂടിച്ചേരൽ, നല്ല യോജിപ്പ്; 3. ശക്തി; 4. ശരീരം; 5. ദൃഢത

സംഹനനം നാ. 1. ശരീരം; 2. ഉറപ്പ്, ബലം; 3. കൊല, നശിപ്പിക്കൽ; 4. തിരുമ്മൽ

സംഹനിക്കുക ക്രി. 1. കൊല്ലുക; 2. തിരുമ്മുക

സംഹർത്താവ് നാ. സംഹരിക്കുന്നവൻ

സംഹർഷം നാ. 1. ആനന്ദം; 2. രോമാഞ്ചം

സംഹരണം നാ. 1. സംഹരിക്കൽ; 2. സമാഹരണം; 3. അപഹരണം

സംഹരിക്കുക ക്രി. 1. കൊല്ലുക; 2. അവസാനിപ്പിക്കുക

സംഹാരകൻ നാ. സംഹരിക്കുന്നവൻ

സംഹാരം നാ. 1. സംഹരിക്കൽ; 2. സമാപ്തി; 3. ചുരുക്കൽ; 4. പ്രളയം; 5. നരകം; 6. കൂട്ടം
സംഹാരമൂർത്തി നാ. ശിവൻ
സംഹാരരുദ്രൻ നാ. ശിവൻ
സംഹാരി നാ. സംഹരിക്കുന്നവൻ
സംഹാര്യ വി. സംഹരിക്കത്തക്ക
സംഹിത1 വി. 1. ചേർത്തുവയ്ക്കപ്പെട്ട; 2. ഉറപ്പിക്കപ്പെട്ട; 3. രചിക്കപ്പെട്ട; 4. സംബന്ധിച്ച; 5. യോജിച്ച
സംഹിത2 നാ. 1. കൂട്ടിച്ചേർത്തുണ്ടാക്കിയ ഗ്രന്ഥം (ഉദാഃ നിയമസംഹിത); 2. പദസന്ധി; 3. പരമാത്മാവ്; 4. സ്മൃതി; 5. ഋതുക്കളുടെ സമാഹാരം
സംഹൂതി നാ. ആർപ്പുവിളി, ആരവം
സംഹൃത വി. സംഹരിക്കപ്പെട്ട
സമ വി. 1. തുല്യതയുള്ള; 2. എല്ലായിടവും ഒരേതരത്തിലിരിക്കുന്ന; 3. ഏകരൂപമായ; 4. ഇരട്ടയായ; 5. ആസകലമായ; 6. നീതിയുള്ള; 7. യോഗ്യമായ; 8. മധ്യമമായ; 9. ഇളകാത്ത
സമകാലിക വി. തുല്യകാലത്തുള്ള, ഒരേ കാലത്തുള്ള
സമകോണം നാ. (ജ്യോ) തുല്യകോണങ്ങളുള്ള ജ്യാമിതീയരൂപം
സമകോലം നാ. പാമ്പ്
സമക്ഷം അവ്യ. (കൺ) മുമ്പിൽ, മുമ്പാകെ, പ്രത്യക്ഷമാകും വണ്ണം
സമഗന്ധി നാ. രാമച്ചം
സമഗ്ര വി. പൂർണമായ, തികഞ്ഞ
സമചതുരം നാ. നീളവും വീതിയും തുല്യമായുള്ള ചതുരശ്രം
സമചിത്ത വി. 1. സമഭാവനയോടുകൂടിയ; 2. സുഖദുഃഖാദികളിൽ സമബുദ്ധിയുള്ള; 3. മനസ്സിനു ചാഞ്ചല്യമില്ലാത്ത
സമച്ഛേദീകരണം നാ. (ഗണിത) അംശസവർണനം
സമജം നാ. 1. മൃഗങ്ങളുടെ പറ്റം; 2. മൂഢന്മാരുടെ കൂട്ടം; 3. കൊടുങ്കാട്
സമജ്ഞ നാ. 1. കീർത്തി; 2. പേര്; 3. കാന്തി
സമജ്യ നാ. 1. സഭ; 2. കൂട്ടം; 3. കീർത്തി
സമഞ്ജനം നാ. സമഞ്ജസം
സമഞ്ജനക്ഷമത നാ. വസ്തുക്കളെ വ്യക്തമായി കാണാൻ കണ്ണുകൾ നടത്തുന്ന ക്രമീകരണം
സമഞ്ജസം നാ. 1. ഔചിത്യം, ഉചിതമായതിൽനിന്നു മാറാതിരിക്കൽ; 2. യോഗ്യത; 3. സൂക്ഷ്മമായ തെളിവ്; 4. നീതിന്യായം; 5. നിഷ്കർഷ
സമതലം നാ. നിരപ്പുള്ള തലം
സമതിക്രമം നാ. 1. അതിശയിക്കൽ; 2. പൂർണമായി അപ്പുറം കടക്കൽ
സമതീത വി. പൂർണമായും കഴിഞ്ഞുപോയ
സമത്രിഭുജം നാ. സമപാർശ്വങ്ങളോടുകൂടിയ ത്രികോണം

സമദർശി നാ. 1. സകല ജീവികളോടും ഒന്നുപോലെ പെരുമാറുന്നവൻ; 2. എല്ലാറ്റിനെയും സമഭാവനയോടെ കാണുന്നവൻ
സമധിക വി. 1. വളരെ അധികമായ; 2. അതിസമൃദ്ധമായ
സമധിഗമനം നാ. 1. അതിശയിക്കൽ; 2. സമീപനം; 3. ലബ്ധി; 4. പഠനം
സമധ്വ വി. ഒരുമിച്ചു സഞ്ചരിക്കുന്ന
സമൻ നാ. 1. തുല്യൻ; 2. നിരപ്പുള്ള വഴി
സമൻസ് [ഇം.] നാ. കോടതിയിൽ ഹാജരാകാനുള്ള കല്പന
സമനില നാ. 1. തുല്യനില; 2. ഒരുമ, ഒരുമിച്ചു നിൽക്കൽ
സമനിലം നാ. നിരപ്പുള്ള നിലം
സമനുജ്ഞാത വി. പൂർണമായി സമ്മതിക്കപ്പെട്ട
സമന്ത വി. 1. ചുറ്റുമുള്ള; 2. മുഴുവനായ; 3. സാർവത്രികമായ
സമന്തതഃ അവ്യ. ചുറ്റും, എല്ലായിടവും, ആസകലം
സമന്തപഞ്ചകം നാ. 1. കുരുക്ഷേത്രവും പരിസരവും ചേർന്നുള്ള ഭൂവിഭാഗം; 2. പരശുരാമൻ ക്ഷത്രിയരുടെ ചോര നിറച്ച അഞ്ചു തടാകങ്ങൾ
സമന്തഭദ്രൻ നാ. 1. ബുദ്ധൻ; 2. പരിപൂർണ മങ്ഗളൻ; 3. പൂർണജ്ഞാനം നേടിയവൻ; 4. ദക്ഷിണേന്ത്യയിൽ ക്രിസ്തുവർഷം ആറാം ശതകത്തിൽ ജീവിച്ചിരുന്ന ഒരു പ്രസിദ്ധ ജൈനപണ്ഡിതൻ

1381

സമന്തഭുക്ക് നാ. അഗ്നി
സമന്താത് അവ്യ. നാലുപുറവും, ചുറ്റും
സമന്യു നാ. മന്യുവോടുകൂടിയവൻ, ശിവൻ
സമന്വയം നാ. 1. സംയോജിപ്പിക്കൽ, ക്രോഡീകരിക്കൽ; 2. പരസ്പര ബന്ധം; 3. ക്രമം, ക്രമീകരണം
സമന്വയിക്കുക ക്രി. ഒരുമിച്ചു ചേർക്കുക, കൂട്ടിയിണക്കുക, സംയോജിപ്പിക്കുക
സമന്വിത വി. 1. കൂടിച്ചേർന്ന; 2. സമന്വയിച്ച
സമബുദ്ധി നാ. 1. തുല്യമനസ്സ്; 2. സമത്വഭാവന
സമഭാവം നാ. 1. തുല്യത, തുല്യമായ ഭാവം, തുല്യമായ അവസ്ഥ; 2. (ഏവരും) തുല്യരാണെന്ന ബോധം
സമം1 അവ്യ. കൂടെ, ഒന്നിച്ച്, തുല്യമായി
സമം2 നാ. 1. തുല്യത, നിരപ്പ്, ഇരട്ടയായത്; 2. ഒരു അലങ്കാരം; 3. ബ്രാഹ്മണർ കൂടുന്നിടം
സമയം നാ. 1. കാലം; 2. ഉചിതകാലം, മുഹൂർത്തം; 3. ആണ, ശപഥം; 4. ആചാരം, നാട്ടുനടപ്പ്; 5. ഉടമ്പടി; 6. കല്പന, ആജ്ഞ; 7. സിദ്ധാന്തം; 8. അതിർത്തി; 9. വിജയം; 10. അവസാനം; 11. സൂചന; 12. വർഗം, വിഭാഗം; 13. സമ്മതം; 14. സംഭാഷണം
സമയാ അവ്യ. 1. സമീപത്തിൽ; 2. മധ്യത്തിൽ; 3. യഥാകാലം
സമയോചിത വി. സമയത്തിനൊത്ത
സമർച്ചനം നാ. സമർപ്പിക്കൽ; പൂജ, ആരാധന

സമർഥ വി. 1. സാമർഥ്യമുള്ള; 2. ബുദ്ധിയുള്ള, മിടുക്കുള്ള; 3. യോഗ്യതയുള്ള; 4. ഒരുക്കപ്പെട്ട; 5. അർഥവത്തായ; 6. അർഥത്തോടു ബന്ധപ്പെട്ട
സമർഥകം നാ. 1. സമർഥിക്കുന്നത്; 2. അകിൽവൃക്ഷം
സമർഥനം നാ. സമർഥിക്കൽ, സാധൂകരിക്കൽ
സമർഥം നാ. 1. സാമർഥ്യം, കഴിവ്, മിടുക്ക്; 2. വാക്കുകളെ കൂട്ടിച്ചേർക്കൽ
സമർഥിക്കുക ക്രി. 1. സാധൂകരിക്കുക; 2. യുക്തി ഉപയോഗിച്ചു പറയുക; 3. ആലോചിച്ചു തീർച്ചചെയ്യുക; 4. പിന്താങ്ങുക
സമർഥിത വി. സമർഥിക്കപ്പെട്ട
സമർഥ്യ വി. സമർഥിക്കത്തക്ക
സമർപ്പകൻ നാ. സമർപ്പിക്കുന്നവൻ
സമർപ്പണം നാ. 1. സമർപ്പിക്കൽ; 2. ദാനം; 3. കാഴ്ചവയ്ക്കൽ
സമർപ്പിക്കുക ക്രി. 1. പൂർണമായി അർപ്പിക്കുക; 2. ആദരപൂർവം വയ്ക്കുക; 3. ശരിയായി വയ്ക്കുക; 4. വിട്ടുകൊടുക്കുക; 5. ചുമതലപ്പെടുത്തുക; 6. തീർക്കുക
സമരഭൂമി നാ. യുദ്ധഭൂമി, പോർക്കളം
സമരം നാ. 1. യുദ്ധം; 2. ഏറ്റുമുട്ടൽ, സങ്ഘട്ടനം; 3. പ്രക്ഷോഭണം; 4. പ്രതിബന്ധങ്ങളോടുള്ള ഏറ്റുമുട്ടൽ. (പ്ര) ജീവിതസമരം
സമരസത നാ. സാമഞ്ജസ്യം, പൊരുത്തം
സമരാശികൾ നാ. (ബ.വ.)(ജ്യോ) ഇടവം കർക്കടകം കന്നി വൃശ്ചികം മകരം മീനം എന്നീ രാശികൾ
സമരേഖ നാ. ഋജുരേഖ
സമര്യാദ വി. 1. മര്യാദയോടുകൂടിയ; 2. ക്ലിപ്തപ്പെടുത്തിയ; 3. അടുത്തുള്ള
സമല വി. അഴുക്കുള്ള, കളങ്കമുള്ള
സമവകാരം നാ. (നാട്യ) ദശരൂപകങ്ങളിൽ ഒന്ന്
സമവർത്തി നാ. 1. തുല്യമായി വർത്തിക്കുന്ന; 2. അടുത്തുള്ള
സമവസ്ഥ നാ. സ്ഥിരമായ അവസ്ഥ
സമവാപ്തി നാ. 1. സമ്പാദനം; 2. നേട്ടം
സമവായം നാ. 1. കൂട്ടം; 2. കലർപ്പ്; 3. സംയോഗം
സമവായി വി. 1. ഉറ്റ, അടുപ്പമുള്ള; 2. നിത്യസംബന്ധമുള്ള
സമവൃത്തം നാ. (വൃത്ത) നാലുപാദവും ഒരേ ഗണനിയമത്തോടുകൂടിയ വൃത്തം
സമവേത വി. 1. അണിനിരന്ന; 2. ഒന്നിച്ചുചേർന്ന; 3. പൊരുത്തമുള്ള; 4. കൂടിയിട്ടുള്ള
സമഷ്ടി നാ. 1. സമൂഹം; 2. ആകപ്പാടെയുള്ളത്
സമസനം നാ. 1. ചുരുക്കൽ; 2. സങ്ക്ഷേപിക്കൽ; 3. കൂട്ടിച്ചേർപ്പ്; 4. സമാപിക്കൽ; 5. സംയോജിക്കൽ
സമസുപ്തി നാ. കല്പാവസാനത്തിലുള്ള നിദ്ര
സമസൃഷ്ടം നാ. 1. ഒപ്പം സൃഷ്ടിക്കപ്പെട്ടത്; 2. സഹജീവിവർഗം
സമസൃഷ്ടി നാ. ഒരുപോലെ സൃഷ്ടിക്കപ്പെട്ടത്

സമഭിജ്ഞ നാ. സ്മരണ, ഓർമ
സമഭിഹാരം നാ. 1. ഒരുമിച്ചെടുക്കൽ; 2. ആവർത്തനം; 3. മിച്ചം
സമഭുജത്രികോണം നാ. മൂന്നുവശവും തുല്യങ്ങളായുള്ള ത്രികോണം
സമഭൂമി നാ. 1. മൈതാനം, സമനിലം; 2. നിരപ്പായ ഭൂമി
സമഭ്യാഹാരം നാ. സാഹചര്യം
സമസ്ത വി. 1. എല്ലാം ഉൾപ്പെട്ട; 2. പൂർണമായ; 3. സമാസിക്കപ്പെട്ട
സമസ്താധാര വി. എല്ലാറ്റിനും ആധാരമായിട്ടുള്ള, സർവതിനും അടിസ്ഥാനമായ
സമസ്ഥ വി. 1. സമമായ; 2. ശരിയായ; 3. നിരപ്പായ
സമസ്ഥലി നാ. 1. മൈതാനം; 2. സമതലം; 3. ഗങ്ഗയ്ക്കും യമുനയ്ക്കും മധ്യേയുള്ള നിരപ്പായ പ്രദേശം
സമസ്യ1 വി. 1. സമാസിക്കത്തക്ക; 2. ചുരുക്കത്തക്ക
സമസ്യ2 നാ. 1. കുഴക്കുന്ന പ്രശ്നം; 2. ഉത്തരം കണ്ടെത്താൻ പ്രയാസമുള്ള ചോദ്യം; 3. പൂരിപ്പിക്കാനായി കൊടുക്കുന്ന കവിതാഭാഗം; 4. ചുരുക്കം; 5. ദുഷ്കരമായ അവസരം
സമാ നാ. സംവത്സരം
സമാകർണ്യ അവ്യ. സമാകർണനം ചെയ്തിട്ട്, കേട്ടിട്ട്
സമാകർഷണം നാ. ശക്തമായ ആകർഷണം
സമാകർഷി വി. 1. ശക്തമായി ആകർഷിക്കുന്ന; 2. ദൂരവ്യാപിയായ; 3. സുഗന്ധമുള്ള
സമാകുല വി. 1. ആകുലമായ; 2. കുഴഞ്ഞ; 3. നിറഞ്ഞ
സമാകൃഷ്ട വി. അത്യന്തം ആകർഷിക്കപ്പെട്ട
സമാക്രാന്ത വി. 1. ആകർഷിക്കപ്പെട്ട; 2. ചവിട്ടപ്പെട്ട
സമാഖ്യ വി. 1. കീർത്തികേട്ട; 2. പേരുകേട്ട
സമാഖ്യാന വി. 1. ഗണിക്കപ്പെട; 2. പ്രസിദ്ധമായ; 3. ഉദ്ഘോഷിക്കപ്പെട്ട
സമാഗത വി. 1. വന്നുചേർന്ന; 2. ഒന്നിച്ചുകൂടിയ; 3. അടുത്ത
സമാഗതി നാ. ഒന്നിക്കൽ, ഒരുമിച്ചുകൂടൽ
സമാഗമനം നാ. സമാഗമം, ഒന്നിക്കൽ
സമാഗമം നാ. 1. ഒത്തുചേരൽ, കൂടിക്കാഴ്ച; 2. മൈഥുനം; 3. വരവ്; 4. പ്രാപ്തി; 5. (ജ്യോ)(ചന്ദ്രനുമായുള്ള)താരാഗ്രഹയോഗം
സമാഘാതം നാ. 1. യുദ്ധം; 2. വധം; 3. കൂട്ടിമുട്ടൽ
സമാചമനം നാ. വേണ്ടവിധമുള്ള ആചമനം
സമാചയനം നാ. ശേഖരിക്കൽ
സമാചരിക്കുക ക്രി. വേണ്ടവണ്ണം ആചരിക്കുക
സമാചാരം നാ. 1. ശരിയായ ആചാരം; 2. നല്ല പതിവ്; 3. വർത്തമാനം, വാർത്ത
സമാജം നാ. 1. കൂട്ടം, സങ്ഘം; 2. ആന
സമാദരം അവ്യ. ആദരവോടുകൂടി
സമാദരിക്കുക ക്രി. ശരിയായവിധത്തിൽ ആദരിക്കുക

സമാദാനം നാ. ശരിയായി ആദാനംചെയ്യൽ, ശരിയാംവണ്ണമുള്ള സ്വീകരിക്കൽ
സമാദൃത വി. നന്നായി ആദരിക്കപ്പെട്ട
സമാദേശം നാ. 1. ആജ്ഞ; 2. ഉപദേശം
സമാദേശിക്കുക ക്രി. 1. അറിയിക്കുക; 2. പ്രവചിക്കുക; 3. ഏല്പിക്കുക; 5. ആജ്ഞാപിക്കുക; 6. നിർണയിക്കുക
സമാധാനപ്പെടുക ക്രി. സമാധാനമുണ്ടാവുക
സമാധാനം നാ. 1. ശന്തമായ അവസ്ഥ; 2. മനസ്സിൻെറ അടക്കം, ധ്യാനം; 3. ക്ഷോഭമില്ലാത്ത അവസ്ഥ; 4. (പൂർവപക്ഷത്തിനുള്ള) മറുപടി; 5. സന്ദേഹനിവാരണം; 6. തൃപ്തിയാകൽ
സമാധാരം നാ. ഉചിതമായ ആധാരം
സമാധി നാ. 1. സർവവും ഏകാഗ്രമാക്കിക്കൊണ്ടുള്ള ധ്യാനം, ഏകാഗ്രത; 2. അഷ്ടാങ്ഗയോഗങ്ങളിൽ ഒന്ന്; 3. തപസ്സ്, മൗനവ്രതം; 4. ദോഷപരിഹാരം; 5. ശവകുടീരം; 6. യോജിപ്പിക്കൽ; 7. പ്രതിജ്ഞ; 8. സ്ഥിരനിശ്ചയം; 9. ദുഃഖം; 10. കാവ്യഗുണങ്ങളിൽ ഒന്ന്; 11. ഒരു അലങ്കാരം; 12. ശക്തിപൂജ
സമാധിനിഷ്ഠൻ നാ. സമാധിയിൽ ലയിച്ചവൻ, ഋഷി
സമാധിമാൻ നാ. സമാധിയോടുകൂടിയവൻ, ഭക്തൻ
സമാധിവിരതൻ നാ. സമാധിയിൽനിന്ന് ഉണർന്നവൻ
സമാധിസ്ഥൻ നാ. സമാധിയിൽ മുഴുകിയവൻ
സമാധേയ വി. സമാധാനം പറയാവുന്ന
സമാധ്മാത വി. ഊതിവീർപ്പിച്ച
സമാൻ [അറ] നാ. 1. കാലം; 2. ലോകം
സമാന വി. 1. തുല്യമായ; 2. നീതിയുള്ള; 3. സദ്ഗുണമുള്ള; 4. സാധാരണമായ; 5. ആദരിക്കപ്പെട്ട
സമാനൻ നാ. 1. തുല്യൻ; 2. സ്നേഹിതൻ; 3. പഞ്ചവായുക്കളിൽ ഒന്ന്
സമാനയനം നാ. അടുപ്പിക്കൽ, കൂട്ടിച്ചേർക്കൽ
സമാനാർഥം നാ. പര്യായം
സമാനോദകൻ നാ. അകന്ന ബന്ധു
സമാനോദര്യൻ നാ. സഹോദരൻ
സമാന്തര വി. തുല്യമായ അകൽച്ചയോടുകൂടിയ
സമാന്തരശ്രേണി നാ. (ഗണിത) സമമായ അന്തരത്തോടുകൂടിയ ശ്രേണി, ഒരു ഗണിതശ്രേണിയിലെ ഒരു പദത്തിൽനിന്നു തൊട്ടു മുമ്പിലത്തെ പദം കുറച്ചു കിട്ടുന്നത് ഒരു സ്ഥിര സങ്ഖ്യയായാൽ അതു സമാന്തര ശ്രേണിയായിരിക്കും. ഉദാഃ 2, 4, 6, 8
സമാപക വി. 1. അവസാനിപ്പിക്കുന്ന; 2. കറതീർക്കുന്ന
സമാപത്തി നാ. കണ്ടുമുട്ടൽ, യാദൃച്ഛിക സംഭവം
സമാപനം നാ. 1. അവസാനിപ്പിക്കൽ, അവസാനം; 2. നേട്ടം; 3. വധം; 4. അധ്യായം; 5. ദൃഢമായ ധ്യാനം
സമാപനീയ വി. അവസാനിപ്പിക്കത്തക്ക

സമാപന്ന വി. 1. തീർച്ചവരുത്തിയ; 2. ലഭ്യമായ; 3. സംഭവിച്ച; 4. നിർവഹിക്കപ്പെട്ട, അവസാനിപ്പിച്ച; 5. ആപത്തിൽപ്പെട്ട; 6. പീഡിതമായ; 7. വധിക്കപ്പെട്ട
സമാപിക്കുക ക്രി. അവസാനിപ്പിക്കുക
സമാപ്തപുനരാത്തം നാ. സമാപ്തമായ വാക്യത്തിൽ വീണ്ടും കൂട്ടിച്ചേർക്കുകയെന്ന കാവ്യദോഷം
സമാപ്തം വി. സമാപിച്ച, പൂർത്തിയാക്കിയ, ത്രാണിയുള്ള
സമാപ്തവിദ്യൻ നാ. പഠിപ്പു മുഴുമിച്ചവൻ
സമാപ്തി നാ. 1. പര്യവസാനം; 2. പൂർണത, പൂർത്തി; 3. നിർവഹണം; 4. കരതീർപ്പ്; 5. രഞ്ജിപ്പിക്കൽ
സമാപ്തികൻ നാ. പൂർത്തിയാക്കുന്നവൻ
സമാപ്യ വി. സമാപനം ചെയ്യത്തക്ക. അവ്യ. സമാപിച്ചിട്ട്
സമാഭാഷണം നാ. സംഭാഷണം
സമാംശം നാ. തുല്യമായ പങ്ക്
സമാംശി വി. 1. ഒരുപോലെ പങ്കുള്ള; 2. സമാവകാശമുള്ള
സമാമ്നാനം നാ. ആവർത്തനം
സമാമ്നായം നാ. 1. കൂട്ടം, യോഗം; 2. അഭ്യാസം
സമായത വി. ഏറെ നീളമുള്ള
സമായം നാ. 1. വരവ്; 2. എത്തിച്ചേരൽ; 3. സന്ദർശനം; 4. കാഴ്ച
സമായാത വി. സമാഗതമായ, വന്നുചേർന്ന
സമായുക്ത വി. 1. സംയുക്ത; 2. നിയമിക്കപ്പെട; 3. ഒരുക്കപ്പെട്ട
സമായുത വി. 1. ബദ്ധമായ; 2. അലങ്കരിക്കപ്പെട്ട; 3. ശേഖരിക്കപ്പെട്ട
സമാർഥക വി. തുല്യാർഥമുള്ള
1383
സമാരബ്ധ വി. സമാരംഭിക്കപ്പെട്ട
സമാരംഭം നാ. സമ്യക്കായ ആരംഭം
സമാരാധനം നാ. 1. വേണ്ടതുപോലെയുള്ള പൂജ; 2. സേവനം; 3. തൃപ്തിപ്പെടുത്താനുള്ള ഉപായം
സമാരാധ്യൻ നാ. സമാരാധനം ചെയ്യപ്പെടേണ്ടവൻ
സമാരോപണം നാ. ആരോപിക്കൽ, ചുമത്തൽ, ചേർത്തുവയ്ക്കൽ
സമാരോപിക്കുക ക്രി. 1. ചേർത്തുവയ്ക്കുക; 2. വില്ലിൽ ഞാണേറ്റുക; 3. ചുമത്തുക; 4. പ്രദർശിപ്പിക്കുക
സമാലങ്കാരം നാ. (അലം) 'നമം' എന്ന അലങ്കാരം
സമാലംബ(ന)ം നാ. പറ്റിപ്പിടിച്ചിരിക്കൽ, ആശ്രയിക്കൽ
സമാലംഭ(ന)ം നാ. 1. ഗ്രഹിക്കൽ; 2. കളഭം പൂശൽ
സമാലോചന നാ. നന്നായി ചിന്തിക്കൽ
സമാലോചിക്കുക ക്രി. 1. കൂടിയാലോചിക്കുക; 2. ഗുണദോഷങ്ങൾ നല്ലതുപോലെ വിചിന്തനം ചെയ്യുക
സമാലോചിത വി. 1. സമാലോചിക്കപ്പെട്ട; 2. വേണ്ടവണ്ണം ചിന്തിക്കപ്പെട്ട

സമാവകാശം നാ. 1. തുല്യമായ അവകാശം; 2. കൂട്ടവകാശം
സമാവർത്തനം നാ. ബ്രാഹ്മണരുടെ ഒരു കർമം. (പതിനാറാമത്തെ വയസ്സിൽ പഠിത്തം കഴിഞ്ഞ് ഗുരുകുലത്തിൽനിന്നുള്ള തിരിച്ചുവരവ്)
സമാവർത്തി നാ. തിരിച്ചുവരുന്നവൻ
സമാവസിക്കുക വി. 1. പാർക്കുക; 2. പാളയമടിക്കുക
സമാവായം നാ. 1. സമവായം; 2. നിത്യസാഹചര്യം; 3. സമൂഹം
സമാവിഷ്ഠ വി. സമാവേശിക്കപ്പെട്ട
സമാവൃത വി. 1. ചുറ്റപ്പെട്ട; 2. മറയ്ക്കപ്പെട്ട; 3. തടയപ്പെട്ട; 4. രക്ഷിക്കപ്പെട്ട
സമാവൃത്തി നാ. സമാവർത്തനം, പൂർത്തീകരണം
സമാവേശ(ന)ം നാ. 1. ഒരുമിച്ചു പ്രവേശിക്കൽ; 2. കൂട്ടിമുട്ടൽ; 3. അതിമാനുഷശക്തി ബാധിക്കൽ; 4. കൂടിപ്പാർപ്പ്; 5. ഉൾക്കൊള്ളൽ
സമാശ്രയം നാ. 1. അഭയം, അഭയസ്ഥാനം; 2. പാർപ്പിടം; 3. രാജാവിൻെറ ആറുനയങ്ങളിൽ ഒന്ന്
സമാശ്രയിക്കുക ക്രി. 1. പൂർണമായി ആശ്രയിക്കുക; 2. അഭയം പ്രാപിക്കുക
സമാശ്രിത വി. സമാശ്രയിക്കപ്പെട്ട
സമാശ്വാസം നാ. 1. പൂർണമായ ആശ്വാസം; 2. നിശ്വാസം; 3. വിശ്വാസം
സമാശ്ലേഷം നാ. ഗാഢമായ ആശ്ലേഷം
സമാസക്തി നാ. 1. സംബന്ധം; 2. ഉൾപ്പെടുത്തൽ
സമാസനം നാ. 1. കാളവണ്ടി; 2. കുതിരവണ്ടി; 3. ഒട്ടകം; 4. വള്ളം; 5. പടി; 6. മാളിക; 7. ശിലാതലം
സമാസം നാ. 1. കൂട്ടിച്ചേർപ്പ്; 2. (വ്യാക) പദങ്ങളുടെ സംയോഗം; 3. രഞ്ജിപ്പ്, രാജി
സമാസാദനം നാ. 1. പ്രാപിക്കൽ; 2. ലബ്ധി; 3. സമ്പാദ്യം
സമാസിക്കുക ക്രി. 1. കൂട്ടിച്ചേർക്കുക; 2. (വ്യാക)(വാക്കുകളെ)വിഭക്തിപ്രത്യയങ്ങൾ കൂടാതെ കൂട്ടിച്ചേർക്കുക
സമാസിത വി. സമാസിക്കപ്പെട്ട
സമാസോക്തി നാ. (അലം) ഒരു അലങ്കാരം
സമാഹത വി. കൊല്ലപ്പെട്ട
സമാഹർത്താവ് നാ. സമാഹരിക്കുന്നവൻ
സമാഹരണം നാ. 1. ഒരുമിച്ചുചേർക്കൽ; 2. സമാഹരിക്കപ്പെട്ടത്; 3. പദങ്ങൾ കൂട്ടിച്ചേർക്കൽ
സമാഹരിക്കുക ക്രി. 1. ഒന്നിച്ചുകൂട്ടുക; 2. കൂട്ടിച്ചേർക്കുക; 3. വിളിച്ചുകൂട്ടുക; 4. ചുരുക്കുക; 5. നശിപ്പിക്കുക; 6. നിരോധിക്കുക
സമാഹാരം നാ. 1. കൂട്ടിച്ചേർപ്പ്; 2. സങ്ഗ്രഹം; 3. ചുരുക്കം; 4. കൂട്ടം
സമാഹാര്യ വി. സമാഹരിക്കത്തക്ക
സമാഹിത വി. 1. അങ്ഗീകരിക്കപ്പെട്ട; 2. മനസ്സിരുത്തിയ; 3. സ്ഥാപിച്ച; 4. വയ്ക്കപ്പെട്ട; 5. വാഗ്ദാനംചെയ്ത; 6. ഒരുമിച്ചു കൂടിയ

സമാഹൃത വി. സമാഹരിക്കപ്പെട്ട, കൂട്ടിച്ചേർക്കപ്പെട്ട
സമാഹൃതി നാ. 1. സങ്ഗ്രഹണം; 2. സമാഹരിക്കൽ
സമാഹ്വ നാ. പേര്, നാമധേയം
സമാഹ്വം നാ. പോരിനുവിളി
സമാഹ്വയം നാ. 1. പോരിനുവിളി, പോര്; 2. യുദ്ധം; 3. മത്സരക്കളി
സമാഹ്വാനം നാ. വിളിച്ചുകൂട്ടൽ, പോരിനുവിളിക്കൽ
സമികം നാ. 1. കുന്തം; 2. ചാട്ടുളി
സമിത വി. 1. കൂട്ടിച്ചേർക്കപ്പെട; 2. ഒന്നിച്ചുകൂടിയ; 3. അടുത്തുള്ള; 4. വാഗ്ദാനം ചെയ്യപ്പെട്ട; 5. പൂർത്തിയാക്കപ്പെട്ട
സമിതി നാ. 1. ഒരുപ്രത്യേകാവശ്യത്തിനായി രൂപീകരിച്ച സങ്ഘം; 2. യോഗം, സമാജം; 3. യുദ്ധം; 4. തുല്യത
സമിതിഞ്ജയ വി. യുദ്ധത്തിൽ ജയം ശീലമാക്കിയ
സമിത്ത് നാ. ചമത, വിറക്
സമിഥം നാ. 1. യുദ്ധം; 2. അഗ്നി; 3. സോമം
സമിദ്ധ വി. 1. ജ്വലിപ്പിക്കപ്പെട്ട; 2. വർധിച്ച
സമിധം നാ. 1. ചമത, വിറക്; 2. തീ
സമിന്ധനം നാ. 1. വിറക്; 2. നല്ലപോലെ കത്തിക്കൽ, തീപിടിപ്പിക്കൽ
സമീകം നാ. 1. യുദ്ധം; 2. കുന്തം
സമീകരണം നാ. 1. സമീകരിക്കൽ, തുല്യമാക്കൽ; 2. (ഗണിത) രണ്ടു രാശികൾക്കോ രാശിസഞ്ചയത്തിനോ ഉള്ള മൂല്യം തുല്യങ്ങളാണെന്നു കാണിക്കുന്ന വാക്യം; 3. (രസ) ഒരു രാസപ്രവർത്തനത്തെയും അതിൽ പങ്കെടുക്കുന്ന പദാർഥങ്ങൾ തമ്മിലുള്ള അനുപാതത്തെയും കാണിക്കുന്ന സൂത്രവാക്യം
സമീകൃത വി. 1. സമീകരിക്കപ്പെട്ട, ഒരുപോലെയാക്കിയ; 2. തുലാസ്സിൽ തൂക്കിയ; 3. വ്യവസ്ഥ ചെയ്യപ്പെട്ട
സമീക്ഷ നാ. 1. പൂർണമായ അന്വേഷണം; 2. ഗ്രഹണം; 3. ധാരണ; 4. സാങ്ഖ്യത്തിൽ ഒരു ഭാഗം; 5. മീമാംസാശാസ്ത്രം
സമീക്ഷണം നാ. 1. പൂർണമായ അന്വേഷണം; 2. ഗാഢമായ പരിശോധന; 3. ശരിയായ ആലോചന
സമീക്ഷിക്കുക ക്രി. 1. നല്ലപോലെ കാണുക; 2. പര്യാലോചിക്കുക; 3. പരിഗണിക്കുക; 4. പരിശോധിക്കുക
സമീചം നാ. സമുദ്രം
സമീചി നാ. മാൻപേട; 2. സ്മൃതി
സമീചിന വി. 1. നല്ല; 2. വാസ്തവമായ, ശരിയായ; 3. ഉചിതമായ
സമീന വി. 1. ആണ്ടുതോറുമുള്ള; 2. ഒരു കൊല്ലത്തേക്കുള്ള
സമീപ വി. അടുത്തുള്ള, തൊട്ടിരിക്കുന്ന
സമീപനം നാ. സമീപത്തേക്കു വരൽ
സമീപിക്കുക ക്രി. അടുക്കുക, അടുത്തു ചെല്ലുക
സമീരണൻ നാ. 1. വായു, വായുദേവൻ; 2. പാന്ഥൻ

സമീരണനന്ദനൻ നാ. 1. സമീരണൻെറ (കാറ്റിൻെറ) പുത്രൻ; 2. ഭീമൻ; 3. ഹനുമാൻ
സമീരൻ നാ. വായു
സമീരണം നാ. 1. കാറ്റ്; 2. ശ്വാസം; 3. കർപ്പൂരത്തുളസി; 4. ഏറ്; 5. ചോതിനക്ഷത്രം
സമീരം നാ. 1. വായു; 2. പ്രേരണ; 3. വന്നി; 4. നിയോഗം
സമീരിത വി. 1. സമീരണം ചെയ്യപ്പെട്ട; 2. പ്രേരിപ്പിക്കപ്പെട്ട
സമീഹ നാ. ആഗ്രഹം, ഇച്ഛ
സമീഹിതം നാ. ആഗ്രഹിക്കപ്പെട്ടത്, ഇച്ഛ
സമുചിത വി. യോഗ്യമായ, തക്ക
സമുച്ചയം നാ. 1. കൂട്ടം; 2. പദങ്ങളെയോ വാക്യങ്ങളെയോ കൂട്ടിച്ചേർക്കുന്ന ശബ്ദം (ഉം); 3. (അലം) ഒരു അലങ്കാരം
സമുച്ചയിക്കുക ക്രി. 1. പലതും ഒരിടത്തു ചേർത്തുവെക്കുക; 2. ശേഖരിക്കുക; 3. ക്രമപ്പെടുത്തുക; 4. കൂട്ടിവയ്ക്കുക
സമ്യുച്ഛ്രയം നാ. 1. ഉന്നതി, ഉയരം; 2. വിരോധം, ശത്രുത, എതിർപ്പ്, വൈപരീത്യം
സമുജ്ഝിതം നാ. ഉച്ഛിഷ്ടം, ത്യജിക്കപ്പെട്ടത്
സമുത്ക്രമം നാ. ഉയർച്ച, ലങ്ഘനം
സമുത്ക്രോശം നാ. ഉച്ചത്തിലുള്ള നിലവിളി, ബഹളം
സമുത്ഥ വി. 1. ഉയർന്ന; 2. ഉത്ഭവിച്ച; 3. സംഭവിച്ച
സമുത്ഥാനം നാ. 1. എഴുന്നേൽപ്പ്; 2. ഉയർച്ച, വളർച്ച; 3. പൂർണശമനം; 4. രോഗനിദാനം
സമുത്ഥിത വി. സമുഥാനം ചെയ്ത, ഉയർന്ന
സമുത്പതിക്കുക ക്രി. 1. കുതിക്കുക, ഉയരുക, കയറുക, പറക്കുക; 2. പ്രയത്നിക്കുക; 3. എതിർക്കുക
സമുത്പിഞ്ജ(ല)ം വി. 1. നാനാവിധമായ; 2. വളരെ കുഴഞ്ഞ; 3. അത്യന്തം ആകുലമായ; 4. വലിയ കുഴപ്പം
സമുത്സാരണം നാ. 1. ഓടിക്കൽ; 2. പിൻതുടരൽ; 3. വേട്ടയാടൽ
സമുത്സുക വി. 1. (അധികം) ആഗ്രഹത്തോടുകൂടിയ, വളരെ താത്പര്യമുള്ള; 2. ദുഃഖമുള്ള
സമുത്സേധം നാ. 1. പൊക്കം; 2. കനം; 3. കൊഴുപ്പ്
സമുദക്ത വി. ഉയർത്തപ്പെട്ട
സമുദയം നാ. 1. ഉത്കർഷം; 2. കൂട്ടം; 3. ക്ഷേത്രഭരണസമിതി; 4. സാകല്യം; 5. യുദ്ധം; 6. ഉത്സാഹം; 7. പ്രയത്നം; 8. പകൽ; 9. റവന്യൂ; 10. സൈന്യത്തിൻെറ പിന്നണി; 11. ശുഭലഗ്നം
സമുദാഗമം നാ. പൂർണജ്ഞാനം
സമുദാചാരം നാ. 1. ശരിയായ വിധത്തിലുള്ള ആചാരം; 2. നല്ല പെരുമാറ്റം
സർ1 [പേർ] നാ. ശിരസ്സ്

സർ2 [ഇം.] നാ. ബഹുമാനസൂചകമായി ഒരു പുരുഷനെ അഭിസംബോധന ചെയ്യാൻ ഉപയോഗിക്കുന്ന പദം, ബഹുമാനസൂചകമായി ചില വ്യക്തികൾക്ക് ഇങ്ഗ്ലണ്ടിലെ രാജ്ഞി (രാജാവ്) നൽകുന്ന ബിരുദം
സർക്കാർ [പേർ] നാ. 1. ഗവണ്മെൻറ്; 2. പണ്ടാരവക കോയ്മ; 3. രാജസംബന്ധമായ എല്ലാറ്റിനേയും കൂട്ടിച്ചേർത്തു പറയുന്ന വാക്ക്; 4. രാജാവ്
സർഗം നാ. 1. പ്രപഞ്ച (സൃഷ്ടി), നിർമാണം; 2. സംയോജനം; 3. അധ്യായം, കാണ്ഡം (കാവ്യവിഭാഗം); 4. ത്യാഗം, ഉപേക്ഷിക്കൽ, വിടൽ; 5. നിശ്ചയം; 6. ആക്രമണം; 7. മല ശോധന; 8. പ്രയത്നം; 9. സമ്മതം; 10. ഉടമ്പടി; 11. പ്രകൃതി; 12. മോഹാലസ്യം
സർജകം നാ. 1. വേങ്ങമരം; 2. മരുത്
സർജഗന്ധ നാ. അരത്ത
സർജനം നാ. 1. വിടൽ; 2. സൃഷ്ടിക്കൽ; 3. മലശോധന
സർജം നാ. 1. ചെഞ്ചല്യം; 2. മരുത്; 3. വേങ്ങമരം
സർജമണി നാ. ചെഞ്ചല്യം
സർജരസം നാ. 1. ചെഞ്ചല്യം; 2. മരുത്; 3. പയിനിൻെറ പശ
സർജിക നാ. ഒരിനം കാരം
സർജു നാ. 1. കച്ചവടക്കാരൻ; 2. മിന്നൽ; 3. പിൻതുടർച്ച
സർദാർ [പേർ] നാ. ഒരു സ്ഥാനപ്പേര്, തലവൻ
സർപ്പകഞ്ചുകം നാ. പാമ്പിൻെറ പടം
സർപ്പക്കല്ല് നാ. കല്ലിൽ ഉണ്ടാക്കിയ പാമ്പിൻെറ വിഗ്രഹം
സർപ്പക്കാവ് നാ. സർപ്പവിഗ്രഹങ്ങൾവച്ച് ആരാധിക്കുന്ന കാവ്; 2. സർപ്പങ്ങൾ വസിക്കുന്ന സ്ഥലത്തുള്ള മരക്കൂട്ടം
സർപ്പഗന്ധ നാ. ചിററത്ത
സർപ്പണം നാ. ഇഴച്ചിൽ, വളരെ പതുക്കെയുള്ള ചലനം
സർപ്പദംശം നാ. പാമ്പിൻെറ കടി
സർപ്പപ്പാട്ട് നാ. സർപ്പക്കാവുകളിൽ സർപ്പാരാധനയ്ക്കുവേണ്ടി നടത്തുന്ന അനുഷ്ഠാനപരമായ പാട്ട്
സർപ്പഫണിജം നാ. മാണിക്കക്കല്ല്, സർപ്പത്തിൻെറ തലയിൽ ഉള്ളതായി കരുതപ്പെടുന്ന രത്നം
സർപ്പബലി നാ. സർപ്പത്തിനെ പൂജിക്കുന്നതിനായി നടത്തുന്ന ബലി
സർപ്പഭുക്ക് നാ. മയിൽ
സർപ്പഭൂഷണൻ നാ. ശിവൻ
സർപ്പം നാ. 1. പാമ്പ്; 2. നാഗപ്പൂവ്; 3. നാഗകേസരമെന്ന വൃക്ഷം
1385
സർപ്പംതുള്ളൽ നാ. സർപ്പാരാധനയുമായി ബന്ധപ്പെട്ട ഒരു അനുഷ്ഠാനം
സർപ്പമണി നാ. മാണിക്കക്കല്ല്
സർപ്പരാജൻ നാ. വാസുകി
സർപ്പലത നാ. വെറ്റിലക്കൊടി

സർപ്പശായി നാ. വിഷ്ണു
സർപ്പസത്രം നാ. തക്ഷകനുൾപ്പെടെയുള്ള നാഗസമൂഹത്തെ കൊല്ലുന്നതിനുവേണ്ടി ജനമേജയൻ നടത്തിയ യാഗം
സർപ്പസത്രി നാ. ജയമേജയൻ
സർപ്പാരാതി നാ. 1. ഗരുഡൻ; 2. മയിൽ
സർപ്പാവാസം നാ. ചന്ദനം
സർപ്പാശനം നാ. മയിൽ
സർപ്പിണി നാ. 1. (വൃത്ത) ഒരു ദ്രാവിഡവൃത്തം; 2. സർപ്പസ്ത്രീ, നാഗകന്യക
സർപ്പിഷ്ടം നാ. ചന്ദനം
സർപ്പിസ് നാ. 1. നെയ്യ്; 2. വെള്ളം
സർപ്പേന്ദ്രൻ നാ. 1. അനന്തൻ; 2. വാസുകി
സർമം നാ. 1. ഗമനം, അനക്കം; 2. ആകാശം; 3. സ്വർഗം
സർവ വി. പൂർണമായ, എല്ലാം ഉൾപ്പെട്ട
സർവകലാശാല നാ. എല്ലാ വിദ്യകളും അഭ്യസിപ്പിക്കുന്ന ഉന്നതവിദ്യാസ്ഥാപനം, യൂണിവേർസിറ്റി
സർവകാരണൻ നാ. എല്ലാറ്റിനും കാരണമായവൻ, ഈശ്വരൻ
സർവകേ അവ്യ. എല്ലായിടങ്ങളിലും
സർവകേശി നാ. നടൻ
സർവങ്കഷ വി. എല്ലാം നശിപ്പിക്കുന്ന
സർവഗ വി. എല്ലായിടത്തും വ്യാപിക്കുന്ന
സർവഗൻ നാ. 1. വിഷ്ണു; 2. ശിവൻ; 3. ആത്മാവ്; 4. എല്ലാറ്റിനെയും പ്രാപിച്ചവൻ
സർവഗം നാ. ജലം
സർവചാരി നാ. ശിവൻ
സർവജനീനം വി. എല്ലാ ജനത്തേയും സംബന്ധിച്ച, പൊതുവായുള്ള, ലോകപ്രസിദ്ധമായ
സർവജിത്ത് നാ. 1. എല്ലാറ്റിനെയും ജയിച്ചവൻ; 2. പ്രഭവാദിവർഷങ്ങളിൽ 21-മത്തെത്
സർവജ്ഞ വി. എല്ലാം അറിയുന്ന
സർവജ്ഞൻ നാ. 1. ദൈവം; 2. ശിവൻ; 3. സർവത്തേയും അറിയുന്നവൻ; 4. ബുദ്ധൻ
സർവജ്ഞാനി നാ. എല്ലാം അറിയുന്നവൻ
സർവതഃ അവ്യ. ചുറ്റും, മുഴുവനും
സർവതാപനൻ നാ. കാമദേവൻ
സർവതോഭദ്ര1 നാ. 1. പെരുകുമിൾ; 2. ആട്ടക്കാരത്തി
സർവതോഭദ്ര2 വി. എല്ലായിടത്തും മങ്ഗളമുള്ള; 2. എല്ലാം ഭദ്രമായ
സർവതോഭദ്രം നാ. 1. (വാസ്തു) ഒരുതരം ദേവാലയം; 2. വേപ്പുമരം; 3. വിഷ്ണുവിൻെറ രഥം; 4. ഒരുതരം വ്യൂഹം; 5. ഗൂഢാർഥമുള്ള വാക്ക്; 6. മുള, ഇല്ലി
സർവതോമുഖ വി. 1. എല്ലാത്തരത്തിലുമുള്ള; 2. പൂർണമായ

സർവതോമുഖം നാ. 1. വെള്ളം; 2. ആകാശം; 3. ഇന്ദ്രസ്വർഗം; 4. അഗ്നി
സർവത്ര അവ്യ. എല്ലായിടത്തും
സർവഥാ അവ്യ. 1. എല്ലാപ്രകാരത്തിലും; 2. എല്ലാപ്പോഴും; 3. ഏറ്റവും; 4. പൂർണമായിട്ട്
സർവദമൻ നാ. ദുഷ്യന്തൻെറ പുത്രൻ, ഭരതൻ
സർവദർശി നാ. 1. പരബ്രഹ്മം; 2. ബുദ്ധൻ
സർവദാ അവ്യ. എല്ലാപ്പോഴും
സർവദൃക്ക് വി. എല്ലാം കാണുന്ന
സർവധാരി നാ. ശിവൻ
സർവധുരാവഹൻ നാ. എല്ലാ ഭാരത്തേയും വഹിക്കുന്നവൻ
സർവൻ നാ. 1. ശിവൻ; 2. വിഷ്ണു
സേവഭക്ഷ1 വി. എല്ലാറ്റിനെയും ഭക്ഷിക്കുന്ന
സർവഭക്ഷ2 നാ. പെണ്ണാട്
സർവംസഹ നാ. 'എല്ലാം സഹിക്കുന്നവൾ', ഭൂമി
സർവമങ്ഗല നാ. പാർവതി
സർവമയ വി. 1. എല്ലായിടവും നിറഞ്ഞ; 2. എല്ലാറ്റിലും വ്യാപിച്ചിരിക്കുന്ന
സർവമാന്യം നാ. കരമൊഴിവായ വസ്തു
സർവമൂഷകം നാ. സമയം
സർവരസൻ നാ. സമർഥൻ, വിദ്വാൻ
സർവരസം നാ. 1. ഉപ്പ്; 2. ഉപ്പുരസം; 3. ചെഞ്ചല്യം
സർവല നാ. ഇരുമ്പുപാത്രം
സർവലിങ്ഗി നാ. വൈദികമതാചാരങ്ങളോട് എതിർപ്പുള്ളവൻ
സർവവല്ലഭ നാ. വേശ്യാസ്ത്രീ, വ്യഭിചാരിണി
സർവവല്ലഭൻ നാ. 1. എല്ലാപ്രകാരത്തിലും സമർഥനായുള്ളവൻ; 2. ഈശ്വരൻ
സർവവേദൻ നാ. എല്ലാവേദങ്ങളും പഠിച്ചവൻ
സർവവ്യാപി വി. എല്ലായിടത്തും വ്യാപിച്ചിരിക്കുന്ന. നാ. ഈശ്വരൻ
സർവശഃ അവ്യ. എല്ലാവിധത്തിലും പൂർണമായി
സർവസന്നാഹം നാ. എല്ലാവിധത്തിലുമുള്ള സന്നാഹം, പൂർണതോതിലുള്ള തയ്യാറെടുപ്പ്
സർവസസ്യാഢ്യ വി. എല്ലാ സസ്യങ്ങളും നിറഞ്ഞ
സർവസാക്ഷി വി. സകലതിനും സാക്ഷിയായ, എല്ലാം കണ്ടുകൊണ്ടിരിക്കുന്ന. നാ. 1. ഈശ്വരൻ; 2. ശിവൻ; 3. വായു; 4. അഗ്നി
സർവസ്വം നാ. 1. മുഴുവനും, പൂർണമായും; 2. സാരം
സർവസ്വഹരം നാ. മരണം
സർവാങ്ഗം നാ. 1. ദേഹം മുഴുവനും; 2. എല്ലാ അങ്ഗങ്ങളും
സർവാങ്ഗസുന്ദര വി. 1. (എല്ലാ അങ്ഗങ്ങൾക്കും) സൗന്ദര്യമുള്ള. എല്ലാത്തരത്തിലും സുന്ദരമായ

സർവാണി നാ. 1. പിറന്നാൾ പ്രമാണിച്ചും മറ്റും ദ്രവ്യം സംഭാവന ചെയ്യൽ; 2. പാർവതി, ശർവാണി; 3. ഭിക്ഷക്കാർക്കുകൊടുക്കുന്ന സദ്യ. (പ്ര) സദ്യയും സർവാണിയും
സർവാത്മനാ വി. പൂർണമനസ്സോടെ
സർവാധികാരം നാ. സമ്പൂർണമായ ആധിപത്യം, പരമാധികാരം
സർവാധികാരി നാ. സകല അധികാരങ്ങളുമുള്ളവൻ
സർവാധികാര്യക്കാർ നാ. പഴയ തിരുവിതാങ്കൂർ-കൊച്ചി രാജ്യങ്ങളിലെ മേൽവിചാരിപ്പ് ഉദ്യോഗസ്ഥൻ
സർവാധികാര്യം നാ. സർവാധികാര്യക്കാരുടെ പദവി
സർവാന്തര്യാമി നാ. സർവവ്യാപി, സർവത്തിൻെറയും ഉള്ളിൽ സ്ഥിതിചെയ്യുന്നത്
സർവാർഥസിദ്ധൻ നാ. ബുദ്ധൻ, എല്ലാക്കാര്യങ്ങളിലും സിദ്ധി നേടിയവൻ
സർവാവസരം നാ. 1. അർധരാത്രി; 2. എല്ലാ അവസരവും
സർവേശ്വരൻ നാ. ഏകദൈവം
സർവേശ്വരി നാ. പാർവതി
സർവോപരി അവ്യ. എല്ലാറ്റിനും മീതെ, എല്ലാറ്റിനേക്കാളും പ്രധാനമായി
സർവോന്മുഖ വി. സർവതോന്മുഖമായ
സർഷപം നാ. 1. കടുക്; 2. ഒരുതരം വിഷം
സര വി. ചലിക്കുന്ന, ഇളകുന്ന. നാ. 1. ഗതി, ചലനം; 2. ചരട്, കയറ്; 3. ഉപ്പ്; 4. വെള്ളച്ചാട്ടം; 5. വായു, കാറ്റ്. നാ. സരിത്ത്, കൈത്തോട്
സരക വി. 1. ഗമിക്കുന്ന, ചലിക്കുന്ന; 2. യാത്ര തുടരുന്ന
സരകം നാ. 1. പാനപാത്രം; 2. ലഹരി പാനീയം; 3. സാർഥവാഹകസങ്ഘം; 4. മുത്തുമാല; 5. മുത്ത്; 6. രത്നം; 7. കുളം, കായൽ; 8. സ്വർഗം
സരഘ നാ. 1. തേനീച്ച; 2. വണ്ട്
സരങ്ഗം നാ. 1. നാൽക്കാലി; 2. പക്ഷി
സരജസ വി. 1. പൊടിപുരണ്ട; 2. അഴുക്കുപുരണ്ട
സരജസ്ക നാ. തീണ്ടാരിയായിരിക്കുന്ന സ്ത്രീ
സരജസ്സ് വി. 1. പൊടിപുരണ്ട; 2. പൂമ്പൊടിയുള്ള. നാ. രജസ്വലയായ സ്ത്രീ
സരടം നാ. 1. പല്ലി; 2. ഓന്ത്; 3. കാറ്റ്
സരടി നാ. 1. കാറ്റ്; 2. മേഘം
സരടു നാ. 1. പല്ലി; 2. ഓന്ത്
സരഢം നാ. പാമ്പിൻെറ ഇഴച്ചിൽ
സരണ വി. 1. ഗമിക്കുന്ന, ചലിക്കുന്ന, ഓടുന്ന; 2. ഒഴുകുന്ന
സരണം നാ. 1. ഗമനം, ഒരു സ്ഥലത്തുനിന്നു മറ്റൊരു സ്ഥലത്തേക്കുള്ള പോക്ക്; 2. ഒഴുക്ക്
സരണി നാ. 1. പാത, നിരത്ത്, വഴി; 2. ഋജുരേഖ; 3. തുറർച്ചയായ രേഖ; 4. തൊണ്ടയെ ബാധിക്കുന്ന ഒരു രോഗം; 5. പ്രസാരണി; 6. പുഴമൂഞ്ഞ; 7. ത്രികോൽപ്പക്കൊന്ന

സരണ്യ നാ. 1. കാറ്റ്; 2. മേഘം; 3. ജലം; 4. ഉറവ; 5. അഗ്നി; 6. യമൻ
സരപ്പൊളി [ക] നാ. ഒരുതരം മാല, ശരപ്പൊളിമാല
സരഭസം അവ്യ. വേഗത്തിൽ
സരമ നാ. 1. (ഇന്ദ്രൻെറ) പെൺപട്ടി; 2. ദക്ഷൻെറ പുത്രിമാരിൽ ഒരുവൾ; 3. കശ്യപൻെറ പത്നി; 4. വിഭീഷണൻെറ പത്നി
സരസ1 വി. 1. (ഉള്ളിൽ) നീരുള്ള, ചാറുള്ള, സത്തുള്ള; 2. നനവുള്ള; 3. പുതുതായ; 4. രുചിയുള്ള; 5. അഴകുള്ള, വടിവുള്ള, ആകർഷകമായ; 6. രസം ആവിഷ്കരിക്കുന്ന; 7. ഭാവതീക്ഷ്ണമായ; 8. അഭിലാഷമുള്ള; 9. ശക്തിമത്തായ
സരസ2 നാ. തടാകം, പൊയ്ക, കുളം
സരസത നാ. 1. രസമുള്ള അവസ്ഥ; 2. പുതുമ
സരസം അവ്യ. രസത്തോടുകൂടി, രസകരമായി
സരസി നാ. 1. പൊയ്ക; 2. തടാകം
സരസിജം നാ. താമര
സരസീരുഹം നാ. 1. താമര; 2. വണ്ടാരങ്കോഴി
സരസ്വതി നാ. 1. സരസ്വതീദേവി, വിദ്യാദേവത, ബ്രഹ്മാവിൻെറ പത്നി; 2. സരസ്വതീനദി, ഗങ്ഗയോടും യമുനയോടുമൊപ്പം പ്രയാഗയിൽവച്ചു കൂടിച്ചേരുന്നതായി കരുതപ്പെടുന്ന ഐതിഹ്യപ്രസിദ്ധമായ നദി; 3. ഭാഷ, വാക്ക്; 4. വിദ്യ; 5. പശു
സരസ്വത്ത് വി. 1. ജലമുള്ള; 2. ചാറുള്ള; 3. രസാത്മകമായ; 4. രുചികരമായ
സരസ്വാൻ നാ. 1. സമുദ്രം; 2. ഒരാറ്; 3. പോത്ത്
സരസ്സ് നാ. 1. തടാകം; 2. പൊയ്ക; 3. കൃത്രിമമായ തടാകമോ പൊയ്കയോ; 4. വെള്ളം നിറഞ്ഞ തൊട്ടി; 5. ജലം; 6. വാക്ക്
സരള വി. 1. ലളിതമായ; 2. ശരിയായ; 3. നിർവ്യാജമായ, സത്യസന്ധമായ; 4. അകൃത്രിമമായ; 5. ഋജുവായ; 6. യഥാർഥമായ
സരളത, -ത്വം നാ. 1. ലാളിത്യം; 2. ആർജവം; 3. സത്യസന്ധത
സരളദ്രവം നാ. 1. ചരളത്തിൻെറ പശ; 2. തിരുവട്ടപ്പയിൻ
സരളം നാ. 1. ഒരുതരം പൈൻവൃക്ഷം, ചരളം; 2. നാന്മുകപ്പുല്ല്
സരിത വി. 1. ഒഴുക്കുള്ള; 2. അനായാസമായ
സരിത്ത് നാ. 1. നദി; 2. ചെറിയ പുഴ; 3. നൂല്, ചരട്; 4. ദുർഗ
സരിത്പതി നാ. സമുദ്രം
സരിദ്വാൻ നാ. സമുദ്രം
സരിലം നാ. ജലം
സരീസൃപം നാ. 1. പാമ്പ്; 2. ഇഴജന്തു
സരു വി. 1. മെലിഞ്ഞ; 2. ചെറിയ; 3. ഭങ്ഗിയുള്ള. നാ. വാൾപ്പിടി
സരൂപത നാ. (രൂപത്തിൽ) തുല്യമായിരിക്കുന്ന അവസ്ഥ
സരോജം നാ. 1. താമര; 2. വണ്ടാരങ്കോഴി

സരോജാത നാ. താമര

സരോജിനി നാ. താമരപ്പൊയ്ക

സരോവരം നാ. 1. പൊയ്ക; 2. തടാകം

സല [അറ] നാ. ആകെത്തുക

സലക്ഷണ വി. ലക്ഷണത്തോടുകൂടിയ, ലക്ഷണപൂർവകമായ

സലവണം നാ. വെളുത്തീയം

സലാം [അറ] നാ. 1. വന്ദനം, അഭിവാദനം; 2. സമാധാനം, ശന്തി

സലിലകുന്തളം നാ. കരിമ്പായൽ

സലിലം നാ. വെള്ളം

സലിലരാശി നാ. കടൽ

സലീലം അവ്യ. കളിയായിട്ട്, നിഷ്പ്രയാസം

സലോകത നാ. സാലോക്യം, മുക്തി

സല്ലകി നാ. ഈന്തപ്പന

സല്ലാപം നാ. 1. സല്ലപിക്കൽ; 2. സരസ സംഭാഷണം

സല്ലീന വി. പൂർണമായി ലയിച്ച

1387

സവൻ നാ. 1. സൂര്യൻ; 2. ചന്ദ്രൻ

സവനം നാ. 1. യാഗം; 2. പുളികുടി; 3. പ്രസവം; 4. കുളി, യജ്ഞാന്തസ്നാനം; 5. കർപ്പൂരം; 6. സോമവള്ളി ഇടിച്ചു പിഴിയുന്ന ക്രിയ

സവം നാ. 1. യാഗം; 2. സന്തതി; 3. വെള്ളം; 4. പൂന്തേൻ

സവയസ്സ്1 വി. തുല്യവയസ്സുള്ള

സവയസ്സ്2 നാ. 1. സമാനമായ വയസ്സോടുകൂടിയവൻ; 2. ചങ്ങാതി

സവർണ1 നാ. സമുദ്രത്തിൻെറ പുത്രി, പ്രചേതസ്സുകളുടെ മാതാവ്

സവർണ2 വി. ഒരേ നിറത്തിലോ ജാതിയിലോ ഉള്ള

സവർണനം നാ. 1. അനുരൂപണം; 2. (വ്യാക) ഒരു വർണത്തെ തൊട്ടടുത്തുള്ള മറ്റൊരു വർണത്തിനു സമാനമാക്കൽ

സവരൻ നാ. ശിവൻ

സവരം നാ. ജലം

സവാരി [പേർ] നാ. കുതിരപ്പുറത്തു കയറിയുള്ള സഞ്ചാരം, സുഖത്തിനോ ഉല്ലാസത്തിനോ വേണ്ടിയുള്ള ചെറിയ യാത്ര

സവിതാവ് നാ. 1. ആദിത്യൻ; 2. ശിവൻ; 3. ഇന്ദ്രൻ; 4. പ്രപഞ്ചസൃഷ്ടികർത്താവ്

സവിത്രി നാ. 1. അമ്മ; 2. പശു

സവിധം നാ. സമീപം

സവിനയ വി. വിനയത്തോടുകൂടിയ

സവിസ്തരം അവ്യ. വിസ്തരിച്ച്, വിശദമായി

സവിസ്മയ വി. വിസ്മയത്തോടുകൂടിയ, അദ്ഭുതത്തോടുകൂടിയ

സവേശ വി. 1. അടുത്തുള്ള; 2. അലങ്കരിച്ച

സവേശം നാ. സമീപം

സവ്യ വി. 1. ഇടത്തെ, ഇടത്തുള്ള; 2. തെക്കുള്ള; 3. വിപരീതമായുള്ള; 4. പിന്നോക്കമുള്ള
സവ്യൻ നാ. വിഷ്ണു
സവ്യം നാ. 1. ഇടത്തുകൈ, ഇടത്തേത്; 2. വലത്തേത്
സവ്യസാചി നാ. അർജുനൻ (ഇടത്തേയും വലത്തേയും കൈകൾകൊണ്ട് ശരം പ്രയോഗിക്കുന്നവൻ)
സശ്രദ്ധ വി. ശ്രദ്ധയോടുകൂടിയ, ശ്രദ്ധയുള്ള
സശ്രീക വി. ഐശ്വര്യമുള്ള, ഐശ്വര്യത്തോടുകൂടിയ
സസനം നാ. യാഗത്തിനായി ചെയ്യുന്ന ഗോവധം
സസന്ദേഹം നാ. 1. സന്ദേഹത്തോടുകൂടിയത്; 2. ഒരലങ്കാരം, സന്ദേഹം പ്രകടിപ്പിക്കുന്നത്
സസ്യകം നാ. വാൾ, ആയുധം
സസ്യം നാ. 1. ചെടി; 2. ധാന്യം; 3. വിളവ്; 4. വൃക്ഷലതാദികളുടെ കായ്; 5. പച്ചക്കറി
സസ്യമഞ്ജരി നാ. നെൽക്കതിർ
സസ്യമാരി നാ. 1. എലി; 2. ധാന്യനാശം
സസ്യശൂകം നാ. നെല്ലിൻെറ ഓക്
സഹ1 വി. 1. (സമാസാന്തത്തിൽ) സഹിക്കുന്ന, ക്ഷമയുള്ള. ഉദാഃ സർവംസഹ = എല്ലാം ക്ഷമിക്കുന്നവൾ, ഭൂമി; 2. മഞ്ഞക്കുറുന്തോട്ടി; 3. ചിറ്ററത്ത; 4. കുറിഞ്ഞി; 5. ദേവതാരം
സഹ2 അവ്യ. കൂടെ
സഹകാരം നാ. തേന്മാവ്
സഹകാരി നാ. 1. സഹകരിക്കുന്നവൻ; 2. സഹകരണരങ്ഗത്തു പ്രവർത്തിക്കുന്നവൻ
സഹഗമനം നാ. കൂടെ പോകൽ
സഹചര വി. കൂടെ സഞ്ചരിക്കുന്ന, എപ്പോഴും ഒരുമിച്ചുള്ള
സഹചരൻ നാ. ഒപ്പം സഞ്ചരിക്കുന്നവൻ, കൂട്ടുകാരൻ
സഹചരി നാ. 1. ഭാര്യ; 2. തോഴി; 3. ചെറുകുറിഞ്ഞി
സഹചാരി വി. ഒപ്പം ചരിക്കുന്ന, കൂടെ നടക്കുന്ന
സഹജ1 വി. 1. കൂടെ ജനിച്ച; 2. ജന്മനായുള്ള
സഹജ2 നാ. 1. കൂടെ ജനിച്ചവൾ; 2. സഹോദരി
സഹജൻ നാ. 1. കൂടെജനിച്ചവൻ; 2. സഹോദരൻ
സഹജാരി നാ. സ്വതേ ശത്രുവായിട്ടുള്ളവൻ, ജന്മനാ ഉള്ള ശത്രു
സഹതാ നാ. ഒരുമിപ്പ്
സഹദേവൻ നാ. പാണ്ഡവന്മാരിൽ അഞ്ചാമൻ
സഹദേവി നാ. ഒരു പച്ചമരുന്ന്, പൂവാംകുറുന്തൽ
സഹധർമം നാ. 1. ഒരേ ധർമം; 2. വിവാഹം
സഹധർമി വി. ഒരേ ധർമത്തോടുകൂടിയ, സാധർമ്യമുള്ള
സഹധർമിണി നാ. തനിക്കുള്ള അതേ ധർമം ആചരിക്കുന്നവൾ, ഭാര്യ
സഹന വി. ക്ഷമയുള, സഹനശക്തിയുള്ള

സഹനത വി. സഹനശക്തി, ക്ഷമ
സഹനം നാ. സഹനശേഷി, ക്ഷമ
സഹപാഠി നാ. കൂടെ പഠിക്കുന്ന ആൾ
സഹപാനം നാ. ഒരുമിച്ചുള്ള പാനം
സഹഭോജനം നാ. ഒരുമിച്ചുള്ള ഭക്ഷണം, കൂടെ ഭക്ഷിക്കൽ
സഹം നാ. 1. പൗഷമാസം; 2. തൻമാസം; 3. ബലം
സഹയാനം നാ. കൂടെ യാത്ര ചെയ്യൽ, ഒരുമിച്ചു യാത്ര ചെയ്യൽ
സഹവാസം നാ. 1. കൂടെ പാർക്കൽ; 2. സംസർഗം
സഹസാ അവ്യ. 1. പെട്ടെന്ന്, വേഗത്തിൽ; 2. അപ്രതീക്ഷിതമായി; 3. പുഞ്ചിരിയോടുകൂടി
സഹസാനം നാ. 1. മയിൽ; 2. ഒരു യാഗം
സഹസ്യം നാ. ധനുമാസം, പൗഷമാസം
സഹസ്രം നാ. 1. ആയിരം; 2. ഒരു വലിയ തുക
സഹസ്രകവചൻ നാ. 1. ആയിരം കവചങ്ങളുള്ളവൻ; 2. ഒരു രാക്ഷസൻ
സഹസ്രകിരണൻ നാ. ആദിത്യൻ, സൂര്യൻ
സഹസ്രധാര നാ. വിഷ്ണുവിൻെറ ചക്രം
സഹസ്രനയനൻ നാ. 1. ഇന്ദ്രൻ; 2. ഊമൻ
സഹസ്രനാമം നാ. 1. ആയിരം പേരുകൾ; 2. വിഷ്ണുവിൻെറയോ ശിവൻെറയോ ലളിതാദേവിയുടെയോ ആയിരം നാമം
സഹസ്രനേത്രൻ നാ. 1. ഇന്ദ്രൻ; 2. ഊമൻ; 3. വിഷ്ണു
സഹസ്രപത്രം നാ. 1. താമര; 2. വണ്ടാരംകോഴി
സഹസ്രബാഹു നാ. 1. കാർത്തവീര്യൻ; 2. ബാണാസുരൻ; 3. ശിവൻ; 4. വിഷ്ണു
സഹസ്രഭോജനം നാ. ആയിരംപേർക്കു കൊടുക്കുന്ന ഭക്ഷണം
സഹസ്രമൗലി നാ. വിഷ്ണു
സഹസ്രരശ്മി നാ. സൂര്യൻ
സഹസ്രലോചനൻ നാ. ഇന്ദ്രൻ
സഹസ്രവേധി നാ. 1. സഹസ്രവേധിക്കല്ല്; 2. പെരുങ്കായം; 3. പുളിയാരൽ; 4. കസ്തൂരി
സഹസ്രശിഖരം നാ. വിന്ധ്യപർവതം
സഹസ്രശ്രവണൻ നാ. വിഷ്ണു
സഹസ്രാക്ഷൻ നാ. 1. ഇന്ദ്രൻ; 2. ഊമൻ; 3. ശിവൻ; 4. വിഷ്ണു
സഹസ്രാനനൻ നാ. വിഷ്ണു
സഹസ്രാംശു നാ. ആദിത്യൻ, സൂര്യൻ
സഹസ്രാരം നാ. ചക്രായുധം
സഹസ്രി വി. ആയിരമുള്ള
സഹസ്രേക്ഷണൻ നാ. 1. ഇന്ദ്രൻ; 2. ഊമൻ
സഹസ്വത്ത് വി. ബലമുള്ള
സഹസ്സ് നാ. 1. പൗഷമാസം, ധനുമാസം; 2. ബലം, പരാക്രമം; 3. പ്രകാശം

സഹായത വി. 1. സഹായഭാവം, സഹകരണം; 2. തുണ
സഹായൻ നാ. 1. കൂട്ടുകാരൻ, സഹായി, കൂടെ പോകുന്നവൻ; 2. ശിവൻ
സഹായം നാ. 1. തുണ; 2. ഉപകാരം; 3. ദയ; 4. രക്ഷണം; 5. വിലക്കുറവ്; 6. ചക്രവാകപ്പക്ഷി
സഹായി നാ. കൂട്ടുകാരൻ, തുണക്കാരൻ
സഹായിക്കുക ക്രി. തുണയ്ക്കുക
സഹാരി നാ. 1. സൂര്യൻ; 2. ഭൂമി
സഹിക്കുക ക്രി. ക്ഷമിക്കുക; 2. ക്ഷമയോടെ അനുഭവിക്കുക
സഹിത വി. കൂടിയ, കൂടെയുള്ള
സഹിത്രം നാ. ക്ഷമ
സഹിയായ്മ നാ. സഹിച്ചുകൂടായ്ക
സഹിഷ്ണു വി. സഹന ശക്തിയുള്ള, ക്ഷമാശീലമുള്ള
സഹിഷ്ണുത നാ. 1. ക്ഷമ; 2. സഹനശീലം; 3. സഹനശേഷി; 4. സ്വന്തം അഭിരുചിക്ക് ഇണങ്ങാത്തതിനെയായാലും ക്ഷമയോടെ നോക്കിക്കാണാനും അങ്ഗീകരിക്കാനുമുള്ള സന്നദ്ധത, അതിനുള്ള കഴിവ്. ഉദാഃ മതസഹിഷ്ണുത = വ്യത്യസ്ത മതങ്ങളുടെ സഹവർത്തിത്വത്തെ അങ്ഗീകരിക്കാനുള്ള സന്നദ്ധത
സഹൃദയ വി. 1. ഹൃദയമുള്ള, അനുഭാവമുള്ള, അലിവുള്ള; 2. സന്മനസ്സുള്ള; 3. വൈകാരികപ്രതികരണശേഷിയുള്ള; 4. ആത്മാർഥതയുള്ള; 5. മനസ്സിൽ ഉൾക്കൊള്ളാനും അനുഭവിച്ചറിയാനും ആസ്വദിക്കാനും കഴിവുള്ള, രസാസ്വാദനശേഷിയുള്ള; 6. കല, സാഹിത്യം എന്നിവ ആസ്വദിക്കുന്ന, സൗന്ദര്യബോധമുള്ള
സഹൃദയൻ നാ. 1. ഹൃദയപൂർവം പ്രതികരിക്കുകയും പെരുമാറുകയും ചെയ്യുന്നവൻ; 2. ആത്മാർഥതയുള്ളവൻ; 3. വൈകാരികപ്രതികരണശേഷിയുള്ളവൻ; 4. കലയും സാഹിത്യവും ആസ്വദിക്കുവാൻ കഴിവുള്ളവൻ
സഹോക്തി നാ. ഒരലങ്കാരം, രണ്ട് സങ്ഗതികളെ ഒരു ക്രിയാ പദംകൊണ്ട് കൂട്ടിയിണക്കി വർണിക്കൽ
സഹോഢജൻ നാ. വിവാഹകാലത്തുതന്നെ സ്ത്രീയുടെ ഗർഭത്തിലുണ്ടായിരുന്ന പുത്രൻ
സഹോഢൻ നാ. തൊണ്ടിയോടുകൂടി പിടിക്കപ്പെട്ട കള്ളൻ
സഹോദരൻ നാ. 1. കൂടെ ജനിച്ചവൻ; 2. ഉടപ്പിറപ്പ്
സഹോദരി നാ. 1. ഉടപ്പിറന്നവൾ; 2. ഒരേ ഗർഭത്തിൽനിന്നു ജനിച്ചവൾ
സഹ്യ വി. സഹിക്കത്തക്കതായ
സഹ്യം നാ. 1. ഒരു പർവതം; 2. സഹിക്കത്തക്കത്
സാ നാ. (തദ്ശബ്ദം സ്ത്രീലിങ്ഗം പ്ര.പു.ഏ.വ.), 1. അവൾ; 2. ലക്ഷ്മി; 3. പാർവതി
സാകം അവ്യ. കൂടെ, ഒപ്പം
സാകാങ്ക്ഷം നാ. ഒരു കാവ്യദോഷം. അവ്യ. ആകാങ്ക്ഷയോടുകൂടി

സാകൂലം അവ്യ. ആകൂലഭാവത്തോടുകൂടി
സാകൂത വി. 1. അർഥവത്തായ; 2. അർഥസൂചകമായ; 3. ഉദ്ദേശ്യപൂർവകമായ
സാകൂതം അവ്യ. 1. ഉദ്ദേശ്യപൂർവകമായി; 2. അർഥവത്തായി; 3. വിലാസത്തോടുകൂടി
സാകേതം നാ. അയോധ്യ
സാക്ഷ നാ. തഴുത്
സാക്ഷര വി. അക്ഷരാഭ്യാസം ചെയ്തിട്ടുള്ള, വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള
സാക്ഷരത,-ത്വം നാ. അക്ഷരജ്ഞാനം
സാക്ഷാത്ത്1 അവ്യ. 1. സത്യമായി; 2. പ്രത്യക്ഷമായി; 3. തുല്യമായി
സാക്ഷാത്ത്2 വി. 1. എങ്ങും കാണാവുന്ന; 2. സുപ്രസിദ്ധമായ
സാക്ഷാത്കാരം നാ. 1. സാക്ഷാത്കരിക്കൽ; 2. നേരിട്ടുകാണൽ; 3. പരമാർഥജ്ഞാനം; 4. നിറവേറ്റൽ
സാക്ഷാത്കരിക്കുക ക്രി 1. നിറവേറ്റുക; 2. അനുഭവിക്കുക; 3. പ്രത്യക്ഷപ്പെടുത്തുക
സാക്ഷി നാ. നേരിട്ട് കാണുകയോ കേൾക്കുകയോ ചെയ്ത ആൾ. സാക്ഷിവിസ്താരം = കോടതികളിൽ സാക്ഷികളോടു ചോദ്യം ചോദിച്ചു തെളിവെടുക്കൽ
സാക്ഷീഭവിക്ക ക്രി. സാക്ഷിയായിത്തീരുക
സാക്ഷ്യം നാ. 1. സാക്ഷിയായിരിക്കുന്ന അവസ്ഥ; 2. തെളിവ്
സാഗരഗാമിനി നാ. 1. നദി; 2. ചിറ്റേലം
സാഗരം നാ. 1. സമുദ്രം; 2. ഒരിനം മാൻ
സാങ്കര്യം നാ. സമ്മിശ്രിത, കുഴപ്പം
സാങ്കേതിക വി. 1. സങ്കേതരൂപമായ, സങ്കേതങ്ങളെ ആസ്പദമാക്കിയുള്ള, ശാസ്ത്രീയവിദ്യകളെ ആധാരമാക്കിയ; 2. തൊഴിൽ സംബന്ധമായ
സാങ്ക്രമിക വി. പകരുന്ന, പടർന്നു പിടിക്കുന്ന. സാങ്ക്രമികരോഗം = പകരുന്നരോഗം
സാങ്ഖ്യ വി. 1. എണ്ണത്തക്ക; 2. സങ്ഖ്യയെ സംബന്ധിച്ച
സാങ്ഖ്യം നാ. 1. ഒരു ദർശനം, കപിലാചാര്യരുടെ ദർശനങ്ങളിൽ ഒന്ന്; 2. സാങ്ഖ്യമതം, ഒരു യോഗശാസ്ത്രം
1389
സാങ്ഖ്യികം നാ. ഒരു ശാസ്ത്രവിഭാഗം, സ്റ്റാറ്റിസ്റ്റിക്സ് (സ്ഥിതിഗണിതം)
സാങ്ഗ വി. അങ്ഗത്തോടുകൂടിയ
സാങ്ഗത്യം നാ. 1. സാധ്യത; 2. സന്ദർഭോചിതമായ അവസ്ഥ, യോജിപ്പ്
സാങ്ഗോപാങ്ഗ വി. അങ്ഗങ്ങളും ഉപാങ്ഗങ്ങളുമുള്ള, എല്ലാഅങ്ഗങ്ങളെയും സംബന്ധിച്ച
സാങ്ഗോപാങ്ഗൻ നാ. വേദസ്വരൂപൻ, വിഷ്ണു
സാങ്ഗ്രാമിക നാ. യുദ്ധത്തെ സംബന്ധിച്ച

സാങ്ഗ്രാമികൻ നാ. സേനാപതി
സാചി അവ്യ. വളഞ്ഞ്, വിലങ്ങനെ
സാചിവ്യം നാ. 1. സഖ്യം; 2. ശുശ്രൂഷ
സാചീകൃതം നാ. 1. മനസ്സിൻെറ വിപരീതാവസ്ഥ; 2. പക്ഷഭേദം; 3. തിരിക്കപ്പെട്ടത്
സാടോപം അവ്യ. അഹങ്കാരത്തോടുകൂടി, ഗൗരവഭാവത്തിൽ
സാട്ട [മറാ] നാ. മൊത്തക്കച്ചവടം
സാത വി. 1. കൊടുക്കപ്പെട്ട; 2. നശിച്ച
സാതത്യം വി. നിരന്തരമായ, മുടങ്ങാതിരിക്കൽ, നിത്യസാഹചര്യം
സാതം നാ. 1. സന്തോഷം; 2. സുഖം
സാതി നാ. 1. അവസാനം; 2. ദാനം; 3. തീവ്രവേദന; 4. നാശം
സാതിസാര വി. അതിസാര രോഗമുള്ള
സാത്വിക വി. 1. സത്വഗുണത്തെ സംബന്ധിച്ച; 2. സാരരൂപമായ, പരമാർഥമായ; 3. സദ്ഗുണമുള്ള; 4. ഭാവദ്യോതകമായ
സാത്വികൻ നാ. 1. സത്വഗുണമുള്ളവൻ; 2. ശാന്തശീലൻ; 3. ബ്രഹ്മാവ്
സാത്വികാഭിനയം നാ. (നാട്യ)സ്തംഭം സ്വേദം രോമാഞ്ചം തുടങ്ങിയ സാത്വികഭാവങ്ങളുടെ പ്രകടനത്തോടെയുള്ള അഭിനയം, ഭാവാഭിനയം, ഉപാങ്ഗചലനങ്ങൾകൊണ്ടുള്ള ഭാവപ്രകാശനം
സാദം നാ. 1. തളർച്ച; 2. ആലസ്യം; 3. നാശം; 4. ശുദ്ധി
സാദരം അവ്യ. ആദരവോടുകൂടി
സാദി നാ. 1. കുതിരപ്പുറത്തു കയറിയവൻ; 2. തേരാളി; 3. ആനക്കാരൻ; 4. കുതിരപ്പടയാളി
സാദിസങ്ഘം നാ. കുതിരപ്പടയാളികളുടെ സങ്ഘം
സാദൃശ്യ വി. 1. തുല്യമായ; 2. സാമ്യമുള്ള
സാദൃശ്യം നാ. സദൃശഭാവം, തുല്യത
സാധക വി. 1. സാധിക്കുന്ന, നിർവഹിക്കുന്ന; 2. നിവർത്തിക്കുന്ന; 3. നിപുണമായ; 4. ലഭ്യമാക്കുന്ന; 5. സഹായകമായ
സാധകം നാ. അനുശീലനം, ആവർത്തിച്ചുള്ള അഭ്യാസം വഴി എന്തെങ്കിലുമൊന്ന് ഉറപ്പിക്കൽ
സാധന വി. സാധിക്കുന്ന, നിർവഹിക്കുന്ന
സാധനം നാ. 1. നിർവഹണം; 2. ഉപായം; 3. കാരണം; 4. വസ്തു, ദ്രവ്യം; 5. ലിങ്ഗം; 6. ആയുധം; 7. സേന; 8. വധം; 9. ശേഷക്രിയ; 10. ഒരു മരുന്ന്; 11. മരണം; 12. സ്നേഹം

സാധാരണ വി. സാമാന്യതയുള്ള, പൊതുവെയുള്ള
സാധാരണധർമം നാ. 1. പൊതുവായുള്ള ഗുണം; 2. നടപ്പിലുള്ള ആചാരം
സാധാരണി നാ. 1. താക്കോൽ; 2. ഒരുതരം ഓടാമ്പൽ

സാധാരണീകരിക്കുക ക്രി. (ലോക)സാധാരണമാക്കുക, പൊതുധർമമാക്കുക, നിർവ്യക്തികമാക്കുക
സാധാരണ്യം നാ. 1. സാധാരണസ്ഥിതി; 2. ഏവർക്കുമുള്ള അവകാശം; 3. പൊതുക്കാര്യം
സാധിക്കുക ക്രി. നിർവഹിക്കുക, നിറവേറ്റുക, ചെയ്യുക
സാധിത വി. സാധിക്കപ്പെട്ട; 2. നിർവഹിക്കപ്പെട്ട; 3. കിട്ടിയ
സാധിഷ്ഠ വി. 1. ലക്ഷ്യം നിറവേറ്റിയ; 2. ഏറ്റവും നല്ല; 3. ഉറപ്പുള്ള, ബലമുള്ള
സാധീയസ്സ് വി. കൂടുതൽ നല്ല, ദൃഢതരമായ
സാധു നാ. 1. സജ്ജനംൻ; 2. സന്യാസി; 3. നല്ലവസ്തു; 4. ശ്രേഷ്ഠതയുള്ളത്; 5. സുകൃതമുള്ളത്; 6. പാവം (മലയാളത്തിൽ മാത്രം)
സാധുത്വം നാ. 1. സാധുവായ അവസ്ഥ; 2. സാധുവിൻെറ ഭാവം
സാധുപ്രകൃതി നാ. ശാന്തശീലം
സാധുവൃക്ഷം നാ. കടമ്പ്
സാധുവൃത്തത നാ. 1. സദാചാരം; 2. മനോഹരമായ വൃത്താകാരം
സാധുവൃത്തി നാ. 1. ഉത്തമമായ ആചാരം; 2. ഉദാത്തമൂല്യങ്ങൾഅനുസരിച്ചുള്ള ജീവിതം
സാധൂകരിക്കുക ക്രി. സാധുവാണെന്നു സ്ഥാപിക്കുക
സാധ്യം നാ. 1. സാധിക്കേണ്ടത്; 2. നിവർത്തി; 3. (ജ്യോ) നിത്യയോഗങ്ങളിൽ ഒന്ന്; 4. വെള്ളി
സാധ്യസിദ്ധി നാ. ലക്ഷ്യനിർവഹണം
സാധ്വസം നാ. ഭയം
സാധ്വി നാ. 1. പതിവ്രത; 2. സാധുശീല; 3. നന്ദിയുള്ളവൾ; 4. മേദ
സാനന്ദ വി. ആനന്ദമുള്ള
സാനന്ദം അവ്യ. ആനന്ദത്തോടെ
സാനു നാ. 1. താഴ്വര, മലയുടെ അടിവാരം; 2. പർവത ശിഖരം; 3. പർവതത്തിൻെറ മുകളിലെ പരന്ന പ്രദേശം; 4. കൊടുങ്കാറ്റ്; 5. വിദ്വാൻ; 6. സൂര്യൻ; 7. മുള, പൊടിപ്പ്; 8. കാട്; 9. നിരത്ത്
സാനുജ വി. അനുജനോടോ അനുജത്തിയോടോ കൂടിയ
സാനുമാൻ നാ. പർവതം
സാന്തപനം നാ. പാപം കളയുന്നതിനുള്ള ഒരു വ്രതം
സാന്ത്വം നാ. 1. ആശ്വസിപ്പിക്കുന്ന വാക്ക്; 2. ആശ്വസിപ്പിക്കൽ; 3. അനുനയിപ്പിക്കൽ
സാന്ത്വനം നാ. സാന്ത്വം, ആശ്വസിപ്പിക്കൽ, സാമം
സാന്ദീപനി നാ. (പുരാണ) ഒരു മുനി, ശ്രീകൃഷ്ണൻെറയും ബലരാമൻെറയും ഗുരു
സാന്ദൃഷ്ടികം നാ. 1. തത്കാലത്തെ നേട്ടം; 2. ഉടൻ ലഭ്യമാകുന്നത്
സാന്ദ്ര വി. 1. കട്ടിയുള്ള; 2. ഇടതിങ്ങിയ, ഇടതൂർന്ന, ഞെരുങ്ങിയ; 3. സമൃദ്ധമായ; 4. മാർദവമുള്ള; 5. കൊഴുത്ത

സാന്ദ്രം1 അവ്യ. നിബിഡമായി, ഇടതൂർന്നതായി
സാന്ദ്രം2 നാ. നിബിഡത
സാന്ധ്യം നാ. സന്ധ്യാകർമം
സാന്നിധ്യം നാ. സാമീപ്യം, സന്നിഹിതമായിരിക്കുന്ന അവസ്ഥ
സാന്നിപാതിക വി. 1. ത്രിദോഷങ്ങൾ ക്ഷോഭിച്ചിരിക്കുന്ന; 2. പലത് ഒന്നിച്ചുകൂടിയുണ്ടായ
സാപത്ന്യൻ നാ. ശത്രു
സാപത്ന്യം നാ. 1. തൻെറ ഭർത്താവിന് അന്യഭാര്യയുള്ള അവസ്ഥ; 2. സപത്നിയായിരിക്കുന്ന അവസ്ഥ
സാപ്തപദീനം നാ. 1. (ഒരുമിച്ച് ഏഴുചുവടു നടക്കുന്നതുകൊണ്ടുണ്ടാകുന്ന) ചങ്ങാത്തം; 2. സ്നേഹം
സാപ്പാട് നാ. ചാപ്പാട് (ശാപ്പാട്) ഭക്ഷണം
സാഫല്യം നാ. ഫലപ്രാപ്തി
സാഫ് [അറ] നാ. വൃത്തിയുള്ള, ശുചിയായ
സാംദൃഷ്ടികം നാ. തത്കാലഫലം
സാംബൻ നാ. ശിവൻ
സാംബശിവൻ നാ. അർധനാരീശ്വരൻ, ശിവൻ
സാംയാത്രികൻ നാ. കടൽക്കച്ചവടക്കാരൻ
സാംയുഗീനൻ നാ. യുദ്ധകുശലൻ
സാംവത്സരൻ നാ. ജ്യോത്സ്യൻ
സാംശയികം നാ. സംശയത്തിനു വിഷയമായത്
സാമഗ്രി നാ. 1. സാധനം, ഏതെങ്കിലുമൊരാവശ്യത്തിനുള്ള സാധനങ്ങൾ; 2. ഉപകരണങ്ങൾ
സാമഗ്ര്യം നാ. 1. തികവ്, പൂർണത; 2. പരിവാരം
സാമജ വി. സാമവേദത്തിൽ നിന്നു ജനിച്ച
സാമജഗാമിനി നാ. ആനനടയുള്ളവൾ, സുന്ദരി
സാമജം നാ. ആന
സാമഞ്ജസ്യം നാ. പൊരുത്തമുള്ള അവസ്ഥ, ഉചിതസ്ഥിതി, യുക്തിയുക്തത
സാമന്ത വി. അതിരിലുള്ള, അയലത്തുള്ള
സാമന്തൻ നാ. 1. മറ്റൊരു രാജാവിന് കപ്പംകൊടുക്കുന്ന രാജാവ്; 2. അയൽക്കാരൻ; 3. ഇടപ്രഭു
സാമം നാ. 1. അനുനയം; 2. നാലുനയങ്ങളിൽ ഒന്ന്, സൗഹാർദപൂർവമായ സമീപനം, പ്രീതിപ്പെടുത്തൽ
സാമയിക വി. സമയത്തിനു ചേർന്ന
സാമയോനി നാ. 1. ആന; 2. ബ്രഹ്മാവ്
സാമർഥ്യം നാ. 1. മിടുക്ക്, വൈദഗ്ധ്യം, കാര്യക്ഷമത; 2. ഒരു കാവ്യ ഗുണം
സാമവായികൻ നാ. മന്ത്രിമുഖ്യൻ
സാമവേദജ്ഞ വി. സാമവേദം പഠിച്ച

സാമവേദം നാ. നാലു ഹൈന്ദവവേദങ്ങളിൽ മൂന്നാമത്തേത്. ഈണത്തിൽ ചൊല്ലാനുള്ള സ്തുതിഗീതങ്ങളുടെ സമാഹാരം
സാമവേദവിത്ത് വി. സാമവേദം പഠിച്ച
സാമവേദി വി. സാമവേദത്തെ അനുവർത്തിക്കുന്നവൻ
സാമശേഷം നാ. സാമം ഒഴിച്ചുള്ള ഉപായങ്ങൾ
സാമാജികൻ നാ. 1. സഭയിൽ ഹാജരായിട്ടുള്ളവൻ; 2. സഭാങ്ഗം; 3. സഭയിലേക്കു തിരഞ്ഞെടുക്കപ്പെട്ട ആൾ
സാമാനം [പേർ] നാ. സാധനം, വസ്തു
സാമാന്യ1 വി. സാധാരണമായുള്ള, പൊതുവായുള്ള, നടപ്പിലുള്ള
സാമാന്യ2 നാ. വ്യഭിചാരിണി
സാമാന്യം നാ. 1. പൊതുവായുള്ളത്; 2. ജാതി, വർഗം; 3. സാമാന്യതത്ത്വം; 4. പൊതുവെ അങ്ങ്ഗീകരിക്കപ്പെട്ടത്; 5. ഒരലങ്കാരം
സാമാന്യശാസനം നാ. പൊതുവിലുള്ള കല്പന
സാമാന്യേന അവ്യ. പൊതുവായി
സാമീപ്യൻ നാ. അയൽക്കാരൻ
സാമീപ്യം നാ. അടുപ്പം, സമീപത
സാമുഖ്യം നാ. സാന്നിധ്യം
സാമുദ്ര വി. 1. സമുദ്രത്തിൽ നിന്നുണ്ടായ; 2. സമുദ്രവുമായി ബന്ധപ്പെട്ട
സാമുദ്രകൻ നാ. കപ്പലോട്ടുന്നവൻ, കപ്പൽ യാത്രക്കാരൻ
സാമുദ്രകം നാ. കടലുപ്പ്
സാമുദ്രം നാ. 1. മറുക്, ലക്ഷണം; 2. കടലുപ്പ്; 3. കടൽ നാക്ക്
സാമുദ്രിക1 വി. 1. കടലിനെ സംബന്ധിച്ച; 2. മറുകിനെ സംബന്ധിച്ച, ലക്ഷണസംബന്ധിയായ
സാമുദ്രിക2 നാ. കടൽത്തോണി
സാമുദ്രികൻ നാ. ലക്ഷണം പറയുന്നവൻ
സാമുദ്രികം നാ. ദേഹലക്ഷണത്തെ ആസ്പദമാക്കിയുള്ള പ്രവചനം
സാമുദ്രികാലക്ഷണം നാ. ശരീരലക്ഷണത്തെ സ,ംബന്ധിച്ച ഒരു ശാസ്ത്രഗ്രന്ഥം
സാമോദ വി. സന്തോഷമുള്ള
സാമോദം അവ്യ. സന്തോഷത്തോടുകൂടി
സാമോപായം നാ. നാല് ഉപായങ്ങളിൽ ഒന്ന്, സാമം
സാമ്പരായ വി. 1. യുദ്ധസംബന്ധമായ; 2. ഭാവിയെ സംബന്ധിച്ച
സാമ്പരായം നാ. 1. ആപത്ത്; 2. യുദ്ധം; 3. ഭവിഷ്യത്കാലം; 4. നിശ്ചയമില്ലായ്മ
സാമ്പരായിക വി. 1. പാരത്രികമായ; 2. ആപത്തായ; 3. യുദ്ധസംബന്ധമായ
സാമ്പരായികം നാ. 1. യുദ്ധം; 2. യുദ്ധരഥം
സാമ്പ്രതം നാ. 1. ഇപ്പോൾ, ഇക്കാലത്ത്; 2. ഉടനെ

സാമ്പ്രദായിക വി. 1. കീഴ്വഴക്കം അനുസരിച്ചുള്ള; 2. പാരമ്പര്യാധിഷ്ഠിതമായ
സാമ്പ്രാണി നാ. 1. ഒരു സുഗന്ധദ്രവ്യം; 2. കുന്തുരുക്കം
സാമാനാധികരണ്യം നാ. ഒരേ അധികരണത്തിൽ (ഒരേ അവസ്ഥയിൽ) ഇരിക്കുന്ന അവസ്ഥ
സാമ്യം നാ. 1. സമത്വം, സാദൃശ്യം; 2. ഒരു വിഭാഗത്തിൽപ്പെട്ട അലങ്കാരങ്ങളുടെ അടിസ്ഥാനം
സാമ്യോക്തി നാ. സാദൃശ്യത്തിൽ അധിഷ്ഠിതമായ അലങ്കാരം
സാമ്രാജ്യം നാ. 1. ചക്രവർത്തിഭരണം; 2. സാമ്രാട്ടിൻെറ – ചക്രവർത്തിയുടെ– മേൽക്കോയ്മയ്ക്കു വിധേയമായ പ്രദേശം
സായ്പ്പ് [അറ] നാ. 1. പാശ്ചാത്യൻ, വെള്ളക്കാരൻ; 2. പ്രഭു; 3. പട്ടാണികളുടെ ഒരു സ്ഥാനപ്പേര്
സായകം നാ. 1. അമ്പ്; 2. വാൾ
സായങ്കാലം നാ. 1. അസ്തമനസന്ധ്യ; 2. വൈകുന്നേരം
1391
സായണൻ നാ. മഹാപണ്ഡിതനായ ഒരു ബ്രാഹ്മണൻ (ഋഗ്വേദത്തിനു ഭാഷ്യം എഴുതി)
സായന്തന വി. സായംസന്ധ്യയെ സംബന്ധിച്ച
സായം അവ്യ. വൈകുന്നേരത്ത്. നാ. 1. വൈകുന്നേരം; 2. അസ്തമയകാലം; 3. സന്ധ്യ
സായംദേവതാ നാ. സരസ്വതി
സായാ ം നാ. സായങ്കാലം
സായൂജ്യം1 നാ. 1. മോക്ഷം, ബ്രഹ്മത്തിൽ വിലയം പ്രാപിക്കൽ; 2. സംതൃപ്തി; 3. ഐക്യം, താദാത്മ്യം
സാർഥ വി. അർഥത്തോടുകൂടിയ
സാർഥം നാ. 1. ജന്തുക്കളുടെ കൂട്ടം; 2. കച്ചവടസങ്ഘം
സാർഥനാമം നാ. അർഥവത്തായ പേര്
സാർഥനാമാ(വ്) നാ. അന്വർഥമായ പേരോടുകൂടിയവൻ
സാർഥവാഹൻ നാ. കച്ചവടക്കാരൻ
സാർധത്രിവലയം നാ. ശങ്ഖ്
സാർവകാലിക വി. 1. എല്ലാകാലത്തേക്കുമുള്ള; 2. എല്ലാപ്പോഴുമുള്ള
സാർവജനീന വി. 1. സർവജനങ്ങളേയും സംബന്ധിക്കുന്ന; 2. പരസ്യമായ
സാർവത്രിക വി. 1. എല്ലായിടത്തുമുള്ള; 2. എല്ലായിടത്തും വ്യാപിച്ചിരിക്കുന്ന
സാർവഭൗതിക വി. 1. എല്ലാജീവജാലങ്ങളെയും സംബന്ധിച്ച; 2. എല്ലാ ഭൗതികവസ്തുക്കളെയും സംബന്ധിച്ച
സാർവഭൗമ വി. ഭൂമിയെ മുഴുവൻ സംബന്ധിച്ച
സാർവഭൗമൻ നാ. 1. ലോകം മുഴുവൻ അടക്കി വാഴുന്നവൻ; 2. ചക്രവർത്തി; 3. ഈശ്വരൻ; 4. ചന്ദ്രവംശത്തിലെ അഹമ്പതിക്കു ഭാനുമതിയിൽ ജനിച്ച പുത്രൻ; 5. വൈശ്രവണൻെറ ആന

സാർവലൗകിക വി. 1. എല്ലാലോകങ്ങളെയും സംബന്ധിച്ച; 2. ലോകത്തെ മുഴുവൻ സംബന്ധിച്ച
സാർവവേദൻ നാ. വേദങ്ങളിൽ പാണ്ഡിത്യം നേടിയവൻ
സാര വി. 1. പ്രധാനമായ; 2. സത്തായ; 3. കാതലായ, മർമപ്രധാനമായ; 4. പരമാർഥമായ; 5. പരിഗണനാർഹമായ
സാരഗന്ധം നാ. ചന്ദനം
സാരഗ്രീവൻ നാ. ശിവൻ
സാരഘം നാ. തേൻ
സാരങ്ഗ വി. പലനിറമുള്ള
സാരങ്ഗം നാ. 1. പുള്ളിമാൻ; 2. പലനിറം; 3. വസ്ത്രം; 4. പക്ഷി; 5. ആന; 6. കുതിര; 7. ശങ്ഖ്; 8. സിംഹം; 9. കുട; 10. പലനിറമുള്ള വസ്തു; 11. കൂവളം; 12. മേഘം; 13. മയിൽ; 14. ചന്ദനം; 15. താമര; 16. ഒരിനം അന്നം; 17. വേഴാമ്പൽ; 18. രത്നം; 19. സ്വർണം; 20. കർപ്പൂരം; 21. ഒരു പൂവ്; 22. കുയിൽ
സാരങ്ഗാക്ഷി നാ. മാൻകണ്ണി, സുന്ദരി
സാരങ്ഗി നാ. ഒരു സങ്ഗീതോപകരണം
സാരജം നാ. വെണ്ണ
സാരജ്ഞ വി. സാരത്തെ ഗ്രഹിച്ച
സാരണം നാ. അതിസാരം
സാരണി നാ. 1. ചെറിയ പുഴ; 2. ഒരു ഔഷധസസ്യം
സാരഥി നാ. 1. തേരാളി; 2. (ആല)നായകൻ
സാരഥ്യം നാ. 1. തേരോടിക്കൽ; 2. (ആല) നേതൃത്വം
സാരഭാണ്ഡം നാ. കച്ചവടച്ചരക്ക്
സാരം നാ. 1. മുഖ്യമായ അംശം; 2. സങ്ക്ഷിപ്തമായ അർഥം, ചുരുക്കം; 3. മുഖ്യമായ ഉള്ളടക്കം; 4. കുങ്കുമം; 5. മജ്ജ; 6. മരത്തിൻെറ കറ; 7. സത്ത്, ചാറ്; 8. കഴമ്പ്; 9. പ്രധാനപ്പെട്ട അംശം, കാതൽ; 10. ഉറപ്പ്; ബലം; 11. മഹത്വം; 12. തൈരിൻെറ പാട; 13. പർവതം; 14. വെള്ളം; 15. സമ്പത്ത്; 16. വലിപ്പം; 17. ഇരിമ്പ്; 18. ചന്ദനം; 19. പനച്ചി; 20. വെണ്ണ; 21. (കാവ്യ) ഒരു അലങ്കാരം
സാരമേയം നാ. സരമയിൽനിന്നും ജനിച്ചത്, പട്ടി
സാരരഹിത വി. നിസ്സാരമായ
സാരലോഹം നാ. ഉരുക്ക്
സാരവാൻ നാ. 1. ബുദ്ധിമാൻ; 2. സമർഥൻ
സാരസം നാ. 1. താമര; 2. ആമ്പൽ; 3. വണ്ടാരക്കോഴി; 4. ഉടഞ്ഞാൺ
സാരസർവസ്വം നാ. പൂർണമായ സാരം, അന്തസ്സത്ത
സാരസാസനൻ നാ. താമരപ്പൂവിലിരിക്കുന്നവൻ, ബ്രഹ്മാവ്
സാരസി നാ. 1. ഒരുതരം വസ്ത്രം; 2. സാരസ്യം
സാരസ്യം നാ. സരസത, സരസമായ അവസ്ഥ
സാരസ്വത വി. 1. സരസ്വതിയെ സംബന്ധിച്ച; 2. സരസ്വതദേശത്തെ സംബന്ധിച്ച; 3. വാക്സാമർഥ്യമുള്ള
സാരള്യം നാ. 1. സരളത; 2. നൈസർഗികത; 3. ഭങ്ഗി; 4. ലാഘവം; 5. അകൃത്രിമത്വം; 6. ആർജവം

സാരാംശം നാ. 1. സാരമായ ഭാഗം, മുഖ്യാംശം; 2. സത്ത്; 3. ചുരുക്കം
സാരി നാ. 1. ചതുരങ്ഗക്കളിയിലെ കാലാൾ; 2. പഞ്ചവർണക്കിളി; 3. സ്ത്രീകൾ ചുറ്റിയുടുക്കുന്ന ഒരുതരം വസ്ത്രം
സാരിക നാ. 1. ശാരിക, കിളി; 2. പഞ്ചവർണക്കിളി
സാരൂപ്യം നാ. 1. രൂപസാദൃശ്യം; 2. തുല്യത
സാരോപദേശം നാ. 1. തത്ത്വോപദേശം; 2. സാരവത്തായ ഉപദേശം; 3. വിലപ്പെട്ട ഉപദേശം
സാല നാ. 1. മതിൽ; 2. ഭവനം
സാലഗ്രാമം നാ. സാളഗ്രാമം, ഗണ്ഡകീനദിയിൽനിന്നുകിട്ടുന്ന (വിഷ്ണുപ്രതീകമായ)ഉരുളൻ കല്ല്
സാലഭഞ്ജിക നാ. ഒരുതരം ശില്പം (കൊത്തിയുണ്ടാക്കിയ സ്ത്രീരൂപം)
സാലം നാ. 1. മരുത്; 2. മുളപ്പുമരുത്; 3. പൈൻമരം; 4. വൃക്ഷം; 5. മതിൽ; 6. കോട്ട; 7. ഒരിനം മീൻ; 8. തേന്മാവ്
സാലമൃഗം നാ. മരപ്പട്ടി
സാലവാഹനൻ നാ. ശാലിവാഹനരാജാവ്
സാലശൃങ്ഗം നാ. മതിലിൻെറ മുകൾഭാഗം
സാലാരം നാ. 1. താങ്ങുപലക; 2. ചുവരിൽനിന്നു തള്ളി നിൽക്കുന്ന കുറ്റി
സാലാവൃകം നാ. 1. പട്ടി; 2. കുറുക്കൻ; 3. ചെന്നായ്; 4. മാൻ; 5. കുരങ്ങ്; 6. പൂച്ച
സാലുവ നാ. രോമംകൊണ്ടുണ്ടാക്കുന്ന ഒരുതരം വസ്ത്രം, സാല്വ
സാലൂരം നാ. തവള
സാലോക്യം നാ. 1. മോക്ഷത്തിൻെറ വിവിധദശകളിൽ ഒന്ന്, സായൂജ്യത്തിനു മുമ്പുള്ള അവസ്ഥ, മുന്നിൽക്കാണൽ; 2. ദർശനം
സാല്വ വി. സാല്വരാജ്യത്തുള്ള
സാല്വൻ നാ. 1. കർണാടകദേശത്തു ജീവിച്ചിരുന്ന ഒരു രാജാവ്; 2. ഒരു രാക്ഷസൻ (വിഷ്ണുവിനാൽ വധിക്കപ്പെട്ടു)
സാല്വം നാ. ഒരു രാജ്യം, അവിടുത്തെ ജനത
സാല്വഹാവ് നാ. വിഷ്ണു
സാല്വികം നാ. സാരികപ്പക്ഷി
സാവക വി. 1. ജനിപ്പിക്കുന്ന; 2. മുളപ്പിക്കുന്ന; 3. പ്രസവവേദനയുള്ള
സാവകാശം അവ്യ. 1. സമയമെടുത്ത്; 2. മെല്ലെ; 3. സൗകര്യമനുസരിച്ച്
സാവജ്ഞം അവ്യ. നിന്ദയോടുകൂടി
സാവദ്യം നാ. ദോഷത്തോടുകൂടിയത്
സാവധാന വി. 1. അവധാനത്തോടുകൂടിയുള്ള, വേണ്ടവിധം ആലോചിച്ചുള്ള; 2. തിടുക്കമില്ലാത്ത

സാവധാനം		അവ്യ. 1. കരുതലോടെ; 2. തിടുക്കം കൂടാതെ; 3. മെല്ലെ
സാവധാനശീലൻ		നാ. 1. ഒന്നിനും തിടുക്കമില്ലാത്തവൻ; 2. ക്ഷമയോടെ ആലോചിച്ചു പ്രവർത്തിക്കുന്നവൻ
സാവധി		വി. അതിരുള്ള
സാവന		വി. 1. സൂര്യോദയത്തെ സംബന്ധിച്ച; 2. യാഗസംബന്ധമായ
സാവനം		നാ. 1. ഹോമാവസാനം (ഉള്ള കുളി); 2. പൂർണമായ ഒരു പകൽ; 3. മുപ്പതു ദിവസമുള്ള മാസം
സാവയവ		വി. 1. അവയവത്തോടുകൂടിയ; 2. പലഘടകങ്ങൾ ചേർന്ന
സാവർണൻ		നാ. (പുരാണ) എട്ടാമത്തെ മനു
സാവരണ്യം		നാ. 1. ഒരേ നിറമുള്ള അവസ്ഥ; 2. ഒരേ വർഗത്തിൽപ്പെട്ടതായിരിക്കൽ, സാദൃശ്യം
സാവരണ		വി. ആവരണത്തോടുകൂടിയ, മൂടപ്പെട്ട
സാവരം		നാ. 1. കുറ്റം; 2. പാപം; 3. ലോധ്രവൃക്ഷം
സാവിക		നാ. വയറ്റാട്ടി
സാവിത്രൻ		നാ. 1. ബ്രാഹ്മണൻ; 2. സൂര്യൻ; 3. ശിവൻ; 4. വാസുദേവൻ
സാവിത്രം		നാ. 1. പൂണൂൽ; 2. ഗർഭപിണ്ഡം
സാവിത്രി		നാ. 1. പാർവതി; 2. ആദിത്യപുത്രി; 3. ബ്രഹ്മാവിൻെറ പുത്രിയും ഭാര്യയുമായ ശതരൂപ; 4. വേദത്തിലെ ഒരു വാക്യം; 5. അശ്വപതി രാജാവിൻെറ പുത്രിയും സത്യവാൻെറ പതിയുമായ ഒരു പതിവ്രത
സാവേശം		അവ്യ. തീക്ഷ്ണവികാരത്തോടുകൂടി
സാശ്വാസം		അവ്യ. ആശ്വാസത്തോടുകൂടി
സാശ്രു		അവ്യ. കണ്ണുനീരോടുകൂടി. നാ. കണ്ണുനീർ ചൊരിയുന്ന
സാഷ്ടാങ്ഗനമസ്കാരം		നാ. ശരീരത്തിലെ എല്ലാ അങ്ഗങ്ങളും നിലത്തു തൊടത്തക്കവണ്ണമുള്ള നമസ്കാരം
സാഷ്ടാങ്ഗം		അവ്യ. എട്ട് അവയവങ്ങളോടുകൂടി
സാസ്ന		നാ. കാളയുടെ താട
സാഹചര്യം		നാ. 1. അവസരം; 2. ഒരുമിച്ചുള്ള സഞ്ചാരം; 3. ഒരുമിച്ചു സ്ഥിതിചെയ്യൽ; 4. ചുറ്റുമുള്ളതിൻെറ അവസ്ഥ; 5. ചുറ്റുപാടുകൾ; 6. ഒരു കാവ്യഗുണം
സാഹജിക		വി. സഹജമായുള്ളതിനെ സംബന്ധിച്ച
സാഹത്ത്1		നാ. 1. ബഹുമാനം; 2. യോഗ്യത
സാഹത്ത്2	[അറ]	നാ. മണിക്കൂർ
സാഹസ		വി. 1. എടുത്തുചാട്ടത്തോടുകൂടിയുള്ള; 2. തിടുക്കമുള്ള; 3. തിടുക്കത്തിലുള്ള; 4. അതിധീരമായ; 5. ക്രൂരതയുള്ള
സാഹസം		നാ. 1. അസാധാരണമായ ധീരത; 2. ആലോചനകൂടാതെ തിടുക്കത്തിലുള്ള പ്രവൃത്തി, എടുത്തുചാട്ടം; 3. അമിതമായി ക്ലേശിക്കൽ; 4. ബലാത്കാരം; 5. ക്രൂരത

സാഹസി വി. 1. എന്തുംചെയ്യാൻ ധൈര്യമുള്ള; 2. വീണ്ടുവിചാരമില്ലാത്ത
സാഹസിക വി. 1. അതിധീരമായ; 2. ഒന്നിനും കൂസാത്ത; 3. വീണ്ടുവിചാരമില്ലാത്ത, എടുത്തുചാട്ടമുള്ള; 4. ആപത്കരമായ
സാഹസികൻ നാ. 1. ഏതു ധീരകൃത്യവും ചെയ്യുന്നവൻ; 2. ആലോചനകൂടാതെ തിടുക്കത്തിൽ പ്രവർത്തിക്കുന്നവൻ; 3. ഭവിഷ്യത്തു നോക്കാതെ പ്രവർത്തിക്കുന്നവൻ; 4. ബലാത്കാരം ചെയ്യുന്നവൻ
സാഹസിക്യം നാ. സാഹസികഭാവം
സാഹസ്ര വി. 1. ആയിരത്തോടു ബന്ധപ്പെട്ട; 2. ആയിരത്തെ സംബന്ധിച്ച
സാഹസ്രൻ നാ. 1. ആയിരം ആളുകളെ നയിക്കുന്നവൻ; 2. ആയിരംപേരുടെ പിൻബലത്തോടുകൂടിയവൻ
സാഹായ്യം നാ. 1. സഹായഭാവം; 2. സഹായം
സാഹിതി നാ. സാഹിത്യം
സാഹിത്യകാരൻ നാ. സാഹിത്യരചന നടത്തുന്നയാൾ
സാഹിത്യദർപ്പണം നാ. കാവ്യാലങ്കാരങ്ങളെപ്പറ്റിയുള്ള ഒരു സുപ്രസിദ്ധ (സംസ്കൃത) ഗ്രന്ഥം, വിശ്വനാഥകവിരാജൻ രചിച്ചത്
സാഹിത്യനിരൂപണം നാ. 1. സാഹിത്യത്തെകുറിച്ചുള്ള ഗാഢമായ പര്യാലോചന; 2. സാഹിത്യത്തിൻെറ വിലയിരുത്തൽ
സാഹിത്യം നാ. 1. ഭാഷാമാധ്യമത്തിലുള്ള പ്രതിപാദനം, ചമത്കാരമുള്ള ഗദ്യപദ്യരചന; 2. രസാത്മകവും ചമത്കാരപൂർണവും ആസ്വാദ്യവുമായ ഭാഷാനിബന്ധം; 3. സഹിതമായ അവസ്ഥ, സംയോഗം, ഒത്തുചേരൽ; 4. (സങ്ഗീ) സങ്ഗീതകൃതികളിലെ കാവ്യഭാഗം
സാഹിത്യമീമാംസ നാ. സാഹിത്യത്തിൻെറ ഘടകങ്ങൾ രചനാതത്ത്വങ്ങൾ സാഹിത്യധർമം തുടങ്ങിയവയെ സംബന്ധിച്ച ചർച്ച, സാഹിത്യതത്ത്വസംഹിത, അലങ്കാരശാസ്ത്രം
സാഹിത്യവിമർശനം നാ. 1. സാഹിത്യമീമാംസ; 2. സാഹിത്യത്തെ കുറിച്ചുള്ള പര്യാലോചന; 3. സാഹിത്യത്തിൻെറ വിലയിരുത്തൽ
സാഹ്യം നാ. 1. സഹഭാവം; 2. സംസർഗം
സികത നാ. 1. മണൽപ്രദേശം; 2. മണൽ; 3. മൂത്രനാളത്തിലെ കല്ല്, ഒരു രോഗം
സികതാമയ വി. മണൽകൊണ്ടുള്ള
1393
സികതാമയം നാ. മണൽത്തിട്ട
സികതാവാൻ നാ. മണൽപ്രദേശം, സൈകതം
സിക്ക് നാ. 1. സിക്കുമതം; 2. സിക്കുമതവിശ്വാസി
സിക്ത വി. 1. സേചനം ചെയ്യപ്പെട്ട; 2. നനയ്ക്കപ്പെട്ട
സിക്തിലം നാ. മണൽപ്പുറം
സിക്ഥ(ക)ം നാ. 1. ചോറ്; 2. ഉരുളച്ചോറ്; 3. മെഴുക്; 4. നീലം
സിചയം നാ. വസ്ത്രം

സിഞ്ജിതം നാ. ആഭരണങ്ങളുടെ കിലുക്കം, വസ്ത്രങ്ങളിൽനിന്നും ഇലകളിൽനിന്നും ഉണ്ടാകുന്നശബ്ദം

സിത1 നാ. 1. പഞ്ചസാര; 2. വള്ളിമുല്ല; 3. നിലാവ്; 4. ചെറിയ അമര; 5. ഒരുതരം പുല്ല്; 6. സുന്ദരി; 7. കൂവനൂറ്; 8. ഒരിനം മദ്യം; 9. വെങ്കറുക; 10. മലയമുക്കി; 11. ചന്ദനം; 12. വെള്ളി; 13. മുള്ളങ്കി; 14. വെളുത്ത കണ്ടകാരിച്ചുണ്ട; 15. കാർകോകിൽ; 16. മുതക്ക്

സിത2 വി. 1. വെളുത്ത; 2. ബന്ധിക്കപ്പെട്ട; 3. നശിച്ച; 4. അറിയപ്പെട്ട; 5. ചുടപ്പെട്ട; 6. തികവായ; 7. മുഴുവനായ

സിതകരം നാ. കർപ്പൂരം

സിതഛത്രം നാ. വെൺകൊറ്റക്കുട

സിതഛദം നാ. അരയന്നം

സിതൻ നാ. ശുക്രൻ

സിതപക്ഷം നാ. 1. അരയന്നം; 2. ശുക്ലപക്ഷം

സിതപുഷ്പ നാ. വള്ളിമുല്ല

സിതപ്രഭം നാ. വെള്ളി

സിതം നാ. 1. അസ്ത്രം; 2. വെളുപ്പ്; 3. ചന്ദനം; 4. വെള്ളി

സിതശുകം നാ. യവം

സിതസിവം നാ. ഇന്തുപ്പ്

സിതാഖണ്ഡം നാ. കൽക്കണ്ട്

സിതാനനൻ നാ. ഗരുഡൻ

സിതാപാങ്ഗം നാ. മയിൽ

സിതാഭം നാ. കർപ്പൂരം

സിതാഭ്രം നാ. കർപ്പൂരം

സിതാംഭോജം നാ. വെളുത്ത താമര

സിതാശ്വൻ നാ. അർജുനൻ

സിതാസിതൻ നാ. ബലരാമൻ

സിതാഹ്വയ നാ. പഞ്ചസാര

സിതേതരം നാ. 1. കറുത്തത്; 2. മുതിര

സിതോദരൻ നാ. കുബേരൻ

സിതോപല നാ. പഞ്ചസാര

സിതോപലം നാ. 1. സ്ഫടികം; 2. വെണ്ണക്കല്ല്

സിതോദ്ഭവം നാ. വെൺചന്ദനം

സിദ്ധ1 വി. 1. സാധിച്ച; 2. തീർന്ന; 3. നിവർത്തിക്കപ്പെട്ട; 4. ലഭിച്ച; 5. സ്ഥാപിതമായ; 6. തീർച്ചപ്പെടുത്തിയ; 7. പ്രസിദ്ധമായ; 8. (കടം)വീട്ടിയ; 9. പാകം വന്ന; 10. ചമയ്ക്കപ്പെട്ട; 11. പരാജിതമായ; 12. നിപുണമായ; 13. അമാനുഷശക്തിയുള്ള

സിദ്ധ2 നാ. 1. ദേവസ്ത്രീ; 2. പാർവതി

സിദ്ധദീപിക നാ. ഒരു വേദാന്തഗ്രന്ഥം

സിദ്ധദേവൻ നാ. ശിവൻ

സിദ്ധധർമചതുഷ്ടയം നാ. യോഗശക്തി സ്വാധ്യായം ബ്രഹ്മജ്ഞാനം വിഷ്ണുശിവഭക്തി ഇവ നാലും

സിദ്ധധാതു നാ. രസം
സിദ്ധൻ നാ. അണിമ തുടങ്ങിയ അഷ്ടൈശ്വര്യങ്ങളുടെ സിദ്ധിയുള്ളവൻ
സിദ്ധനാഗാർജുനൻ നാ. കൗതുകചിന്താമണിയുടെ കർത്താവ്
സിദ്ധം നാ. 1. ഒരു വൈദ്യസമ്പ്രദായം; 2. വ്യവഹാരം; 3. കടലുപ്പ്; 4. കറുത്ത ഉമ്മത്ത്; 5. ഒരുതരം പഞ്ചസാര
സിദ്ധയോഗി നാ. 1. ശിവൻ; 2. അഷ്ടസിദ്ധികൾ നേടിയ ആൾ
സിദ്ധരൂപം നാ. 1. സംസ്കൃതഭാഷയിലുള്ള പദങ്ങളുടെ രൂപങ്ങൾ പ്രദർശിപ്പിക്കുന്ന ഗ്രന്ഥം; 2. നാമപ്രകൃതിയോടോ ധാതുവിനോടോ വിഭക്ത്യാദി പ്രത്യയം ചേർക്കുമ്പോൾ സിദ്ധിക്കുന്ന രൂപം
സിദ്ധസാധകൻ നാ. ശിവൻ
സിദ്ധസിന്ധു നാ. ആകാശഗങ്ഗ
സിദ്ധസേനൻ നാ. സുബ്രഹ്മണ്യൻ
സിദ്ധഹസ്തൻ നാ. 1. കൈമിടുക്കുള്ളവൻ; 2. സമർഥൻ
സിദ്ധാഞ്ജനം നാ. ഭൂമിക്കുള്ളിലുള്ള വസ്തുക്കളെപ്പോലും കാണാൻ സഹായിക്കുന്നതെന്നു കരുതപ്പെടുന്ന മഷി
സിദ്ധാന്തകൗമുദി നാ. പാണിനീയവ്യാഖ്യാനമായി ഭട്ടോജിദീക്ഷിതർ എഴുതിയ സംസ്കൃത വ്യാകരണഗ്രന്ഥം
സിദ്ധാന്തം നാ. 'സിദ്ധിച്ച അവസാനം', 1. ഒരു കാര്യത്തെക്കുറിച്ചു നന്നായി ആലോചിച്ചെടുത്ത നിശ്ചയം; 2. സൂക്ഷ്മമായ പ്രമാണം; 3. സാരാർഥം; 4. പൂർവപക്ഷത്തെ ഖണ്ഡിച്ചുകൊണ്ടെടുത്ത സിദ്ധാന്തപക്ഷം
സിദ്ധാന്തശിരോമണി നാ. ഒരു ജ്യോതിശാസ്ത്ര ഗ്രന്ഥം
സിദ്ധാന്തി നാ. 1. മീമാംസകൻ; 2. യുക്തിപൂർവം ചിന്തിക്കുന്നവൻ; 3. ശാസ്ത്രജ്ഞൻ; 4. വാശിക്കാരൻ (മലയാളത്തിൽ)
സിദ്ധാന്തിക്കുക ക്രി. 1. ശാഠ്യംപിടിക്കുക; 2. സ്ഥാപിക്കുക
സിദ്ധാന്നം നാ. ഭിക്ഷയെടുത്തുകിട്ടിയ ചോറ്
സിദ്ധാപഗ നാ. ഗങ്ഗാനദി
സിദ്ധാർഥ വി. അർഥം സിദ്ധിച്ച
സിദ്ധാർഥകം നാ. വെൺകടുക്
സിദ്ധാർഥൻ നാ. ശ്രീബുദ്ധൻ
സിദ്ധാർഥം നാ. 1. സിദ്ധമായ അർഥത്തോടുകൂടിയത്; 2. വെൺകടുക്; 3. ആറ്റുപേരാൽ
സിദ്ധാശ്രമം നാ. 1. വാമനാവതാരത്തിൽ വിഷ്ണു തപസ്സുചെയ്ത സ്ഥലം; 2. സിദ്ധമഹർഷിമാർ താമസിക്കുന്ന സ്ഥലം
സിദ്ധി നാ. 1. നിവൃത്തി, കാര്യലാഭം; 2. ക്ഷേമം; 3. അമാനുഷശക്തി (അഷ്ടൈശ്വര്യങ്ങളുടെ ലബ്ധി); 4. വിഭൂതി; 5. ശുഭം; 6. മോക്ഷം; 7. പൂർണജ്ഞാനം; 8. ശിവൻ; 9. ദുർഗ; 10. ഒരുയോഗം; 11. കാട്ടുഴുന്ന്; 12. പ്രജാപതിയുടെ പുത്രൻ. (പ്ര) സിദ്ധികൂടുക = മരിക്കുക
സിദ്ധിക്കുക ക്രി. 1. സാധിക്കുക; 2. ലഭിക്കുക; 3. ഉണ്ടാകുക
സിദ്ധിത്രയം നാ. 1. ഐശ്വര്യസിദ്ധി ജ്ഞാനസിദ്ധി വൈരാഗ്യസിദ്ധി ഇവ മൂന്നും; 2. കർമസിദ്ധി യോഗസിദ്ധി ജ്ഞാനസിദ്ധി ഇവ മൂന്നും; 3.

മണി മന്ത്രം ഔഷധം ഇവ മൂന്നും; 4. സ്വായത്തസിദ്ധി സചിവായത്തസിദ്ധി ഉഭയായത്തസിദ്ധി ഇവ മൂന്നും

സിദ്ധിദൻ നാ. ശിവൻ

സിദ്ധേശ്വരൻ നാ. 1. വലിയ സിദ്ധൻ; 2. സിദ്ധന്മാരുടെ ഈശ്വരൻ, ശിവൻ

സിദ്ധൗഷധം നാ. നല്ല ഫലസിദ്ധിയുള്ള മരുന്ന്

സിധ്മം നാ. 1. ചുണങ്ങ്; 2. കുഷ്ഠം; 3. ചൊറി

സിധ്യം നാ. 1. (ജ്യോ) പൂയം നക്ഷത്രം; 2. കാര്യം സാധിപ്പിക്കുന്നത്

സിധ്ര വി. 1. പൂർണമായ; 2. നല്ല; 3. രക്ഷിക്കുന്ന

സിധ്രൻ നാ. 1. ഭക്തൻ; 2. നല്ലവൻ

സിധ്രം നാ. 1. കൂവളം; 2. രക്ഷിക്കുന്നത്

സിന നാ. 1. വെളുത്ത; 2. ഒറ്റക്കണ്ണുള്ള

സിനം നാ. 1. ദേഹം; 2. അന്നം; 3. ഉരുള

സിനിമ [ഇം.] നാ. ചലച്ചിത്രം

സിന്ദുകം നാ. കരിനൊച്ചി

സിന്ദൂരം നാ. 1. ഒരു വൃക്ഷം; 2. പൊട്ടുതൊടാനുപയോഗിക്കുന്ന ഒരുതരം ചുവന്ന പൊടി; 3. ചില ലോഹങ്ങൾ പുടംവച്ചെടുക്കുന്ന പൊടി

സിന്ദൂരിക നാ. സിന്ദൂരപ്പൊടി

സിന്ധു നാ. ഭാരതത്തിലെ ഒരു വലിയ നദി

സിന്ധുകഫം നാ. 1. കടൽനുര; 2. കടൽനാക്ക്

സിന്ധുകം നാ. 1. കരിനൊച്ചി; 2. സിന്ദുവാരം

സിന്ധുജ1 വി. 1. സമുദ്രത്തിൽ ജനിച്ച; 2. സിന്ധുദേശത്തുണ്ടായ

സിന്ധുജ2 നാ. മഹാലക്ഷ്മി

സിന്ധുജൻ നാ. ചന്ദ്രൻ

സിന്ധുപുഷ്പം നാ. ശങ്ഖ്

സിന്ധുരം നാ. 1. ആന; 2. എട്ട് എന്ന സങ്ഖ്യ; 3. അക്കം

സിന്ധുലതാഗ്രം നാ. പവിഴം

സിന്ധുവാരം നാ. 1. നല്ലജാതി കുതിര; 2. കരിനൊച്ചി

സിന്ധുസങ്ഗമം നാ. സമുദ്രവും നദിയും കൂടിച്ചേരൽ

സിപ്ര നാ. 1. സ്ത്രീകളുടെ അരഞ്ഞാൺ; 2. ശിപ്രാനദി

സിംഹകേസരം നാ. സിംഹത്തിൻെറ കുഞ്ചിരോമം

സിംഹതലം നാ. ഇടത്തെകൈയും വലത്തെ കൈയും കൂട്ടിച്ചേർത്തു പരത്തിപ്പിടിച്ചതിൻെറ പേര്

സിംഹദ്വാരം നാ. പ്രധാനവാതിൽ

സിംഹനാദം നാ. സിംഹത്തിൻെറ അലർച്ച; 2. സിംഹനാദത്തിനു തുല്യമായ ശബ്ദം

സിംഹം നാ. 1. കാട്ടിലെ ഒരു മൃഗം; 2. ചിങ്ങമാസം; 3. ചിങ്ങമ്രാശി; 4. ചെമ്മുരിങ്ങ; 5. ഇലഞ്ഞി; 6. ശ്രേഷ്ഠാർഥവാചകം

സിംഹമാസം നാ. ചിങ്ങമാസം
സിംഹമുഖം നാ. കോലത്തിരിയുടെ കോട്ടപ്പടി
സിംഹയാന നാ. സിംഹരഥ, സിംഹവാഹന, പാർവതി
സിംഹലകം നാ. പിച്ചള
സിംഹവിക്രമൻ നാ. സിംഹവിക്രാന്തൻ, 1. വലിയ പരാക്രമി; 2. കുതിര
സിംഹള നാ. ശ്രീലങ്ക
സിംഹളം നാ. 1. ശ്രീലങ്ക എന്ന രാജ്യം; 2. വെളുത്തീയം; 3. പിച്ചള; 4. ഇലവർങ്ങത്തൊലി
സിംഹാനന വി. 1. സിംഹത്തെപ്പോലെ ശക്തിയുള്ള; 2. ഗാംഭീര്യമുള്ള; 3. നല്ല ദേഹവും നിറവുമുള്ള
സിംഹാവലോകനം നാ. 1. സാമാന്യാവലോകനം; 2. സിംഹത്തിൻെറ പുറംതിരിഞ്ഞുള്ള നോട്ടം; 3. പിന്തിരിഞ്ഞു നോട്ടം
സിംഹാസനം നാ. 1. രാജാവിൻെറ ഇരിപ്പിടം; 2. രാജപദവി; 3. ഒരു രതിബന്ധം
സിംഹി നാ. 1. പെൺസിംഹം; 2. (പുരാണ) രാഹുവിൻെറ അമ്മ; 3. ചെറുവഴുതിന; 4. ആടലോടകം
സിംഹിനി നാ. ദുർഗ
സിംഹോദരി നാ. സിംഹത്തിൻെറ ഉദരംപോലെ ഇടുങ്ങിയ അരക്കെട്ടോടുകൂടിയവൾ, സുന്ദരി
സിമൻറ് [ഇം.] നാ. കെട്ടിടനിർമാണത്തിനും മറ്റും ആവശ്യമായ ചാന്തുകൂട്ടുന്നതിനുള്ള പൊടി
സിമ അവ്യ. മുഴുവൻ
സിർക്ക[പേർ] നാ. ചൊറുക്ക
സിര നാ. ഞരമ്പ്
സിരാവ്യൂഹം നാ. സിരാപടലം, ശരീരത്തിലെ എല്ലാ സിരകളും കൂടിയത്
സിരോത്പാതം നാ. ഒരു നേത്ര രോഗം
സിൽബന്തി [പേർ] നാ. വേലക്കാരൻ, പരികർമി
സിലബസ്സ് [ല] നാ. പാഠവിവരപ്പട്ടിക, പാഠ്യപദ്ധതി
സിലം നാ. കതിരുകളിൽനിന്നുതിരുന്ന നെന്മണി
സിലുവ [സുറി] നാ. കുരിശ്, ശ്ലീബാ
സിവരം നാ. ആന
സിവിൾ [ഇം.] നാ. 1. പൗരസംബന്ധിയായ; 2. ക്രിമിനലല്ലാത്ത (നിയമത്തെ ക്രിമിനൽ എന്നും ചിവിൽ എന്നും രണ്ടായി തിരിച്ചിരിക്കുന്നു); 3. സൈനികമല്ലാത്ത
സിസൃക്ഷ നാ. സൃഷ്ടിക്കാനുള്ള ആഗ്രഹം
സിഹ്ലകം നാ. കുന്തുരുക്കം
സീത നാ. 1. ശ്രീരാമൻെറ പത്നി; 2. ഉഴവുചാൽ; 3. മദ്യം; 4. ഗങ്ഗയുടെ ഒരു കൈവഴി; 5. ഇന്ദ്രപത്നി; 6. മഹാലക്ഷ്മി; 7. ശ്രീപാർവതി; 8. തിപ്പലി; 9. നൂറ്റെട്ട് ഉപനിഷത്തുകളിൽ ഒന്ന്; 10. കൃഷി

സീതപ്പഴം നാ. ആത്തച്ചക്ക

സീതാചക്രം നാ. ഒരു മാന്ത്രികചക്രം

സീത്കാരം നാ. സീൽകാരം, ‘സീ’ എന്ന ശബ്ദം

സീത്യ വി. ഉഴുത, കൃഷിക്കായി ഒരുക്കിയ

സീത്യം നാ. 1. ധാന്യം; 2. ഉഴുതനിലം; 3. നെല്ല്

സീദ്യം നാ. മടി, അലസത

സീധു നാ. ശീധു

സീധ്രം നാ. 1. ഗുദം; 2. അപമാനം

സീബ്ര [ഇം.] നാ. വരയൻ കുതിര

സീമ നാ. 1. (ഗ്രാമത്തിൻെറ) അതിർത്തി; 2. എലുക; 3. വരമ്പ്; 4. മര്യാദ; 5. തലയോട്ടിയുടെ ഭാഗങ്ങൾ തമ്മിൽ ചേർന്നിരിക്കുന്നിടം; 6. ശീമ

സീമന്തകൻ നാ. നരകനിവാസികളിൽ ഒരു വർഗം

സീമന്തകം നാ. സിന്ദൂരം

സീമന്ദകുമാരൻ നാ. സീമന്തം കഴിഞ്ഞ ഉടനെ ഉണ്ടാകുന്ന പുത്രൻ, ആഗ്രഹിച്ചുണ്ടാകുന്ന പുത്രൻ, മൂത്തപുത്രൻ

സീമന്തം നാ. 1. സ്ത്രീകളുടെ തലമുടി നടുവെ വകുത്തിടുമ്പോൾ ഉച്ചിയിൽ കാണുന്ന രേഖ; 2. ഷോഡശസംസ്കാരങ്ങളിൽ ഒന്ന്, സ്ത്രീകളുടെ ആദ്യഗർഭത്തോടനുബന്ധിച്ചു (നാലാം മാസത്തിൽ) നടത്തുന്ന ഒരു സംസ്കാരം; 3. അതിര്; 4. ശിരോഭൂഷണം

1395

സീമന്തിത വി. 1. തലമുടി വകുക്കപ്പെട്ട; 2. അതിരിടപ്പെട്ട

സീമന്തിനി നാ. 1. സീമന്തം ഉള്ളവൾ, സ്ത്രീ; 2. ചന്ദ്രാങ്ഗതൻെറ പത്നി

സീമാതീത വി. അതിരുകടന്ന, അധികമായ

സീമാന്തം നാ. അതിരിൻെറ അടുത്തയിടം, അതിർത്തിപ്രദേശം

സീമികം നാ. 1. ചിതൽ; 2. ഒരു വൃക്ഷം

സീമിത വി. അതിരിട്ട

സീമോല്ലങ്ഘനം നാ. അതിർകടക്കൽ

സീര(ക)ൻ നാ. സൂര്യൻ

സീരകം നാ. ചീങ്കണ്ണി; 2. കലപ്പ

സീരി നാ. കലപ്പ കൈയിലെടുത്തവൻ, ബലരാമൻ

സീൽ [ഇം.] നാ. മുദ്ര

സീവനം നാ. തുന്നൽ, നെയ്ത്ത്

സീവനി നാ. സീവനത്തിനുള്ള ഉപകരണം

സീസജം നാ. സിന്ദൂരം

സീറത്ത്, സീറാ [അറ] നാ. ചരിത്രം

സു വി. (പദാദിയിൽ) 1. നല്ല; 2. ഭങ്ഗിയുള്ള; 3. പൂർണമായ; 4. എളുപ്പമായ; 5. അഭിവന്ദ്യമായ. ഉദാഃ സുദിനം = നല്ല ദിനം

സുകന്ദ(ക)ം നാ. 1. ചെമന്ന ഉള്ളി; 2. ഒരുതരം പുല്ല്

സുകന്ദി നാ. ചേന

സുകന്യ നാ. (പുരാണ) ശര്യാതൻെറ പുത്രി

സുകർണിക	നാ.	എലിച്ചെവിയൻ
സുകർമ	വി.	1. സത്പ്രവൃത്തിയോടുകൂടിയ; 2. പ്രവൃത്തിയിൽ ശ്രദ്ധയുള്ള; 3. ചൊടിയുള്ള
സുകർമാവ്	നാ.	1. വിശ്വകർമാവ്; 2. സമർഥൻ; 3. സുകൃതി
സുകര	വി.	എളുപ്പത്തിൽ ചെയ്യാവുന്ന, പ്രായോഗികമായ
സുകരം	നാ.	1. എളുപ്പം ചെയ്യാവുന്നത്; 2. നന്മ; 3. ഔദാര്യം
സുകാണ്ഡം	നാ.	കുരുവിക്കരിമ്പ്
സുകാണ്ഡി1	വി.	1. നല്ല കാണ്ഡങ്ങളുള്ള; 2. ഭങ്ഗിയുള്ള തണ്ടുകളോടുകൂടിയ
സുകാണ്ഡി2	നാ.	തേനീച്ച
സുമാമുകം	നാ.	ചക്രവാകപ്പക്ഷി
സുകാഷ്ഠം	നാ.	വിറക്, ഇന്ധനം
സുകുമാര1	വി.	മൃദുത്വമുള്ള; 2. സൗന്ദര്യമുള്ള; 3. ചെറുപ്പമായ; 4. പക്വമല്ലാത്ത
സുകുമാര2	നാ.	1. പിച്ചകം; 2. തൂശിമുല്ല; 3. വാഴ; 4. ഒരു നദി; 5. ജോനകപ്പുല്ല്
സുകുമാരകൻ	നാ.	സുന്ദരനായ യുവാവ്
സുകുമാരകല	നാ.	സുന്ദരകല (സങ്ഗീതം, സാഹിത്യം, ചിത്രമെഴുത്ത്, നാട്യം)
സുകുമാരത	നാ.	സൗകുമാര്യം, കാവ്യഗുണങ്ങളിൽ ഒന്ന്, പരുഷവർണങ്ങൾ ഇല്ലാത്ത ഭാഷാപ്രയോഗം
സുകുമാരി	നാ.	1. സുന്ദരിയായ യുവതി; 2. നവമല്ലിക
സുകൃതി	വി.	1. പുണ്യമുള്ള; 2. ഭാഗ്യമുള്ള; 3. അറിവുള്ള. നാ. 1. പുണ്യവാൻ; 2. വിദ്വാൻ; 3. ഭാഗ്യവാൻ; 4. സത്പ്രവൃത്തി; 5. മങ്ഗളം; 6. നല്ല ഗ്രന്ഥം
സുകൃത്ത്	വി.	1. സത്കർമം ചെയ്യുന്ന; 2. പാണ്ഡിത്യമുള്ള; 3. ഭാഗ്യമുള്ള. നാ. 1. നല്ല ജോലിക്കാരൻ; 2. ഭാഗ്യവാൻ; 3. ത്വഷ്ടാവ്
സുക്രതു	നാ.	1. ഇന്ദ്രൻ; 2. അഗ്നി; 3. സൂര്യൻ; 4. സോമൻ; 5. ശിവൻ; 6. വരുണൻ
സുഖകര	നാ.	1. സുഖം പ്രദാനം ചെയ്യുന്ന; 2. സുഖമുള്ള
സുഖക്കേട്	നാ.	1. രോഗം; 2. ശാരീരികമോ മാനസികമോ ആയ ആസ്വാസ്ഥ്യം
സുഖദ	വി.	സുഖകരമായ, സുഖം നൽകുന്ന
സുഖം	നാ.	1. സന്തോഷകരമായ അവസ്ഥ; 2. ശരീരവും മനസ്സും തൃപ്തമായിരിക്കുന്ന സ്ഥിതി; 3. ദുഃഖമില്ലായ്മ; 4. ക്ഷേമം; 5. ആരോഗ്യം; 6. സ്വർഗം; 7. ജലം
സുഖവർച്ചരകം	നാ.	1. തുവർച്ചിലക്കാരം; 2. വേങ്ങചുട്ട വെണ്ണീറ്
സുഖവാസസ്ഥലം	നാ.	സസുഖം വസിക്കാൻ പറ്റിയ സ്ഥലം, സുഖകരമായ ശീതോഷ്ണാവസ്ഥയും മറ്റു ജീവിതസൗകര്യങ്ങളും ഉള്ള സ്ഥലം
സുഖവൃത്തി	നാ.	സസുഖം കഴിഞ്ഞുകൂടൽ

സുഖസന്ദോഹ്യ നാ. 1. ഇണക്കമുള്ള പശു; 2. എളുപ്പം കറക്കാവുന്ന പശു
സുഖസാധ്യ നാ. സുസാധ്യമായ, എളുപ്പം സാധിക്കാവുന്ന
സുഖാധാരം നാ. സ്വര്‍ഗം
സുഖാന്ത വി. 1. സുഖമയമായ അവസാനത്തോടുകൂടിയ; 2. സുഖത്തെ നശിപ്പിക്കുന്ന
സുഖാപഹ വി. സുഖം ഇല്ലാതാക്കുന്ന
സുഖാപ്ലവ വി. കുളിക്കാന്‍ കൊള്ളാവുന്ന
സുഖാവഹ വി. സുഖപ്രദമായ
സുഖാശന്‍ നാ. വരുണന്‍
സുഖാശനം നാ. തൃപ്തികരമായ ഭക്ഷണം
സുഖാസക്തന്‍ നാ. 1. സുഖം അനുഭവിക്കുന്നതില്‍ അതീവ താത്പര്യം ഉള്ളവന്‍; 2. ശിവന്‍
സുഖാസനം നാ. 1. സുഖമായ ഇരിപ്പ്; 2. കുരുട്ടുവെള്ളരി
സുഖി വി. സുഖമുള്ള, സുഖിക്കുന്ന
സുഖിക്കുക ക്രി. 1. സുഖം അനുഭവിക്കുക; 2. ദുഃഖമില്ലാതെ കഴിയുക; 3. ആനന്ദിക്കുക
സുഖിത വി. സുഖിച്ച, സുഖിക്കുന്ന, സുഖമുള്ള
സുഖിയന്‍ നാ. 1. സുഖിക്കുന്നവന്‍; 2. ഒരു പലഹാരം, മോദകം
സുഖേന അവ്യ. 1. സുഖമായിട്ട്; 2. സുഖത്തോടുകൂടി
സുഖോദകം നാ. സുഖകരമായ വെള്ളം, ചൂടുവെള്ളം
സുഗ നാ. 1. ഭങ്ഗിയായി ഗമിക്കുന്ന; 2. സുഗമമായ
സുഗത വി. 1. പൊയ്പ്പോയ; 2. കടന്നുപോയ. നാ. 1. സുഗതന്‍, ബുദ്ധന്‍; 2. നല്ല വഴിക്കു നടക്കുന്നവന്‍. (പ്ര) സുഗതവാക്യം = പഴമൊഴി, ബുദ്ധോപദേശം
സുഗതി നാ. 1. സദ്ഗതി; 2. ഐശ്വര്യം
സുഗന്ധ വി. നല്ല മണമുള്ള
സുഗന്ധകന്‍ നാ. കച്ചവടക്കാരന്‍
സുഗന്ധകം നാ. 1. നാരകം; 2. ചെമന്ന തുളസി
സുഗന്ധനം നാ. 1. ഗന്ധകം; 2. നാരകം; 3. തുളസി
സുഗന്ധം നാ. 1. മണം, സുഖകരമായ ഗന്ധം; 2. കിരാതചന്ദനം; 3. ഗന്ധകം; 4. പാതണക്കപ്പുല്ല്; 5. കറുത്ത ആമ്പല്‍; 6. കരിഞ്ചണ്ണ; 7. തുവര്‍ച്ചിലയുപ്പ്; 8. ചെറുകടുക്; 9. പച്ചപ്പുഴു; 10. പച്ചില; 11. കരിഞ്ചീരകം; 12. കടല; 13. തുമ്പൂണി; 14. ഗന്ധതൃണം; 15. കുന്തുരുക്കം; 16. ചെമ്മുരിങ്ങ
സുഗന്ധഷട്ക നാ. 1. ജാതിക്ക; 2. ഇലവര്‍ങം; 3. കര്‍പ്പൂരം; 4. തക്കോലം; 5. ഇരുവേലി; 6. പാക്ക്
സുഗന്ധാഢ്യ നാ. കുടമുല്ല
സുഗന്ധി വി. 1. നല്ല മണമുള്ള; 2. സുകൃതമുള്ള; 3. ഗുണമുള്ള

സുഗന്ധികം നാ. 1. രാമച്ചം; 2. അറബിക്കുന്തുരുക്കം; 3. നറുഞ്ചെന്നെല്ല്; 4. പുഷ്കരമൂലം; 5. കരിഞ്ചീരകം; 6. ഏലാവാലുകം; 7. ഗന്ധകം; 8. സിംഹം
സുഗന്ധിത്രിഫല നാ. 1. ജാതിക്ക; 2. പാക്ക്; 3. ഗ്രാമ്പു
സുഗന്ധിപ്പിക്കുക ക്രി. സുഗന്ധമുണ്ടാക്കുക
സുഗന്ധിമൂലം നാ. രാമച്ചം
സുഗന്ധിമൂഷിക നാ. നച്ചെലി
സുഗമ വി. 1. അനായാസമായി നടക്കാവുന്ന; 2. അടുത്തു ചെല്ലാവുന്ന; 3. എളുപ്പമുള്ള; 4. എളുപ്പം അർഥം ഗ്രഹിക്കാവുന്ന
സുഗഹന വി. 1. അത്യന്തം ഗഹനമായ; 2. പ്രവേശിക്കാൻ പ്രയാസമുണ്ടാകത്തക്ക; 3. മനസ്സിലാക്കാൻ വിഷമം അനുഭവപ്പെടത്തക്കവണ്ണം സങ്കീർണമോ ഗംഭീരമോ ആയ
സുഗൃഹം നാ. 1. നല്ല വീട്; 2. കുളക്കോഴി
സുഗൃഹീത നാ. വേണ്ടപോലെ ഗ്രഹിക്കപ്പെട്ട, എല്ലാവരും അറിയുന്ന
സുഗ്രീവൻ നാ. 1. വാനരന്മാരുടെ രാജാവ്, സൂര്യപുത്രൻ, ബാലിയുടെ അനുജൻ; 2. ഇന്ദ്രൻ; 3. ശിവൻ; 4. യുദ്ധവീരൻ; 5. വിഷ്ണുവിൻെറ നാലു കുതിരകളിൽ ഒന്ന്; 6. നല്ല കഴുത്തുള്ളവൻ
സുഗ്രീവം നാ. 1. നല്ല കഴുത്ത്; 2. അരയന്നം; 3. ഒരു ആയുധം; 4. വിഷ്ണുവിൻെറ കുതിര; 5. ശങ്ഖ്
സുഗ്രീവാജ്ഞ നാ. 1. സുഗ്രീവൻെറ ആജ്ഞ; 2. അവഗണിക്കാനോ ചോദ്യംചെയ്യാനോ ആവാത്ത കല്പന
സുഘോഷം നാ. നകുലൻെറ ശങ്ഖം
സുചക്ഷുസ്സ് നാ. 1. പണ്ഡിതൻ; 2. ജ്ഞാനി; 3. വിവേകമുള്ളവൻ
സുചരിത1 വി. സുചരിത്ര, 1. നല്ല നടത്തയുള്ള; 2. സത്കർമങ്ങൾ ചെയ്തിട്ടുള്ള
സുചരിത2 നാ. പതിവ്രത
സുചാരു വി. 1. വളരെ അഴകുള്ള; 2. സുന്ദരമായ. നാ. ശ്രീകൃഷ്ണനു രുഗ്മിണിയിൽ ജനിച്ച പുത്രൻ
സുചിത്രകം നാ. 1. നീർക്കാക്ക; 2. പൊന്മാൻ
സുചിരം അവ്യ. വളരെക്കാലം
സുചേലകം നാ. 1. പട്ടുചേല; 2. നേരിയത്
സുജന വി. 1. പുണ്യമുള്ള; 2. നന്മയുള്ള; 3. ദയയുള്ള
സുജനത നാ. 1. സജ്ജനഭാവം; 2. നന്മ; 3. ജനക്കൂട്ടം
സുജനൻ നാ. 1. ഇന്ദ്രസാരഥി; 2. നല്ലവൻ
സുജല്പം നാ. നല്ല ഭാഷണം
സുജാത വി. 1. നല്ല വംശത്തിൽ ജനിച്ച; 2. നല്ല അച്ഛനമ്മമാരുടെ സന്താനമായി ജനിച്ച; 3. അഴകുള്ള
സുജ്ജി [ഹി.] നാ. ഒരു മധുരപലഹാരം
സുത1 വി. 1. ജനിപ്പിക്കപ്പെട്ട; 2. ഒഴിവാക്കപ്പെട്ട; 3. ചാറെടുത്ത; 4. വറ്റിയ

സുത2 നാ. മകൾ
സുതങ്ഗമൻ നാ. പുത്രനുള്ളവൻ
സുഗന്ധകം നാ. 1. നാരകം; 2. ചെമന്ന തുളസി
സുതൻ നാ. 1. പുത്രൻ; 2. കുഞ്ഞ്; 3. രാജാവ്
സുതനു നാ. 1. നല്ല ശരീരം; 2. സുന്ദരി
സുതപസ്സ് നാ. 1. തീവ്രമായ തപസ്സ്; 2. വലിയ ചൂട്; 3. സൂര്യൻ; 4. തപസ്വി; 5. (പുരാണ) ഒരു രാജാവ്; 6. വസുദേവൻ
സുതം നാ. 1. സോമരസം; 2. (ജ്യോ) അഞ്ചാമിടം
സുതർദനം നാ. കുയിൽ
സുതരാം അവ്യ. വളരെ നന്നായി
സുതലം നാ. 1. ചതുർദശലോകങ്ങളിൽ ഒന്ന്; 2. മഹാബലിയുടെ ഇരിപ്പിടം; 3. അടിവാരം; 4. പാതാളം
സുതവാൻ നാ. സുതനോടുകൂടിയവൻ, പുത്രനുള്ളവൻ
സുതസോമൻ നാ. ഭീമസേനൻെറ ഒരു പുത്രൻ
സുതാത്മജൻ നാ. പുത്രൻെറയോ പുത്രിയുടെയോ പുത്രൻ, പൗത്രൻ
സുതാർഥി വി. പുത്രൻ ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്ന
സുതി1 നാ. അച്ഛൻ (സുതനോടു കൂടിയവൻ)
സുതി2 നാ. സോമരസം എടുക്കൽ
സുതിഥി നാ. 1. നല്ല ദിവസം; 2. ശോഭനമായ തിഥി
സുതീക്ഷ്ണ വി. 1. വളരെ മൂർച്ചയുള്ള; 2. എരിവുള്ള; 3. തീവ്രതയുള്ള
സുതീർഥൻ നാ. 1. ശിവൻ; 2. ഗുരുശ്രേഷ്ഠൻ
സുതുങ്ഗം നാ. 1. വലിയ ഉയരമുള്ളത്; 2. തെങ്ങ്
സുത്യ നാ. 1. യജ്ഞാന്തസ്നാനം; 2. സോമവള്ളി ഇടിച്ചു പിഴിയുന്ന ക്രിയ; 3. പ്രസവിക്കൽ
സുത്രാമാവ് നാ. 1. ഇന്ദ്രൻ; 2. ഭൂമി
സുത്വാവ് നാ. 1. യജ്ഞാവസാനത്തിൽ അവഭൃതസ്നാനം ചെയ്ത യജമാനൻ; 2. ബ്രഹ്മചാരി
സുദക്ഷിണ വി. 1. ഉദാരമായി ദക്ഷിണ നല്കുന്ന; 2. സൗജന്യമുള്ള
സുദണ്ഡം നാ. 1. നല്ല വടി; 2. ചൂരൽ
സുദതി നാ. 1. മനോഹരമായ ദന്തങ്ങളോടുകൂടിയവൾ, സുന്ദരി; 2. ഒരു വൃത്തം
സുദത്ത് വി. നല്ല പല്ലുകളുള്ള, മനോഹരമായ ദന്തങ്ങളോടുകൂടിയ
സുദന്തൻ നാ. 1. നടൻ; 2. നർത്തകൻ
സുദന്തം നാ. നല്ല പല്ല്
സുദന്തി നാ. വടക്കുപടിഞ്ഞാറെ ദിക്കിലെ പിടിയാന

സുദർശന1 വി. 1. കാണാൻ കൊള്ളാവുന്ന; 2. നോക്കാവുന്ന; 3. ഭങ്ഗിയുള്ള
സുദർശന2 നാ. 1. സുന്ദരി; 2. സ്ത്രീ; 3. ഒരു അങ്ങാടിമരുന്ന്; 4. കല്പന; 5. ഒരു തൈ
സുദർശനൻ നാ. 1. സുന്ദരൻ; 2. ശിവൻ; 3. കഴുകൻ; 4. ജിനന്മാരിൽ ഒരു പ്രമാണി; 5. ഒരു അസുരൻ
സുദർശനം നാ. 1. വിഷ്ണുചക്രം, സുദർശന ചക്രം; 2. മേരുപർവതം; 3. കഴുകൻ; 4. അമരാവതി; 5. സ്വർണം
സുദാമാവ് നാ. 1. മേഘം; 2. ദാനശീലൻ; 3. പർവതം; 4. ഐരാവതം; 5. സമുദ്രം; 6. കുചേലൻ; 7. ഒരു ഗോപൻ, കംസൻെറ മാലാകാരൻ; 8. ദശാർണദേശം വാണിരുന്ന ഒരു രാജാവ്
സുദായം നാ. 1. സ്ത്രീധനം; 2. ശുഭകരമായ ദാനം
സുദാസൻ നാ. ഒരു രാജാവ്, ദിവോദാസൻെറ പുത്രൻ
സുദിനം നാ. 1. ശുഭദിനം; 2. തെളിഞ്ഞ ദിവസം
സുദീർഘ വി. വളരെ നീണ്ട, അധികം നീളമുള്ള
സുദുർല്ലഭ വി. വളരെ ദുർല്ലഭമായ
സുദുശ്ചര വി. 1. യാത്രചെയ്യാൻ പ്രയാസമുള്ള; 2. സഞ്ചാരക്ലേശമുള്ള
സുദുഷ്കര വി. ചെയ്യാൻ വളരെ പ്രയാസമുള്ള
സുദൂര വി. വളരെ ദൂരമുള്ള
സുദൃക്ക് നാ. സുന്ദരി, നല്ല കണ്ണുകളോടുകൂടിയവൾ
സുദൃഢ1 വി. വളരെ ഉറപ്പുള്ള
സുദൃഢ2 നാ. 1. ഭൂമി രണ്ടുവിധമുള്ളതിൽ ഒന്ന്; 2. വിളയുന്നതും കരമുള്ളതുമായ ഭൂമി
സുദൃഷ്ടി നാ. 1. നല്ല അണ്ണ്; 2. കഴുകൻ; 3. നല്ല നോട്ടക്കാരൻ
സുധ നാ. 1. അമൃത്; 2. പൂന്തേൻ; 3. മദ്യം; 4. ജലം; 5. നെയ്യ്; 6. ഗങ്ഗ; 7. ഇലക്കള്ളി; 8. ചതുരക്കള്ളി; 9. പെരുങ്കുരുമ്പ; 10. മൂവില; 11. വെങ്കളി; 12. കുമ്മായം; 13. ചുണ്ണാമ്പ്; 14. നെല്ലി; 15. മിന്നൽ
സുധന്വാവ് നാ. 1. അങ്ഗിരസ്സിൻെറ പുത്രൻ; 2. വില്ലാളി വീരൻ; 3. ആദിശേഷൻ; 4. വിശ്വകർമാവ്; 5. വിഷ്ണു
സുധർമ,-മി നാ. ദേവസഭ, ഇന്ദ്രസദനത്തിലെ ആലോചനാമണ്ഡലം
സുധർമാവ് നാ. 1. രാജാവ്; 2. വേണ്ടവിധം കുടുംബം രക്ഷിക്കുന്നവൻ
സുധാകണ്ഠം നാ. കുയിൽ
സുധാകരൻ നാ. ചന്ദ്രൻ
സുധാകരം നാ. 1. സമുദ്രം; 2. കർപ്പൂരം
സുധാങ്ഗം നാ. കർപ്പൂരം
സുധാജീവി നാ. 1. കല്ലാശാരി; 2. കൊത്തൻ
സുധാധര1 വി. ചുണ്ടിൽ അമൃതുള്ള
സുധാധര2 വി. അമൃതം വഹിക്കുന്ന

സുധാധവളിത		നാ.	വെങ്കളിപൂശിയ
സുധാധാമം		നാ.	ചന്ദ്രൻ
സുധാധാരം		നാ.	കർപ്പൂരം
സുധാനിധി		നാ.	1. ചന്ദ്രൻ; 2. കർപ്പൂരം; 3. സമുദ്രം
സുധാപാണി		നാ.	ധന്വന്തരി
സുധാഭിത്തി		നാ.	1. വെങ്കളിപൂശിയ മതിൽ, ഇഷ്ടികകൊണ്ടുള്ള മതിൽ; 2. അഞ്ചാമത്തെ മുഹൂർത്തം
സുധാഭൃതി		നാ.	1. ചന്ദ്രൻ; 2. കർപ്പൂരം; 3. യാഗം
സുധാംശു		നാ.	1. സുധാകരൻ, ചന്ദ്രൻ; 2. കർപ്പൂരം
സുധാമയം		നാ.	1. കൊട്ടാരം; 2. വെള്ള പൂശിയ കെട്ടിടം
സുധാവാസൻ		നാ.	ചന്ദ്രൻ
സുധാസിതം		നാ.	1. വെണ്ണ; 2. വെൺകളിപോലെ വെളുത്തത്
സുധാസുതി		നാ.	1. ചന്ദ്രൻ; 2. കർപ്പൂരം; 3. യാഗം; 4. താമര
സുധാഹരൻ		നാ.	1. ഗരുഡൻ; 2. അമൃതം ഹരിച്ചവൻ
സുധി		വി.	നല്ല ഭ്ധിയുള്ള, വിദ്വാനായ. നാ. 1. പണ്ഡിതൻ; 2. ധാർമികൻ; 3. നല്ല ഗ്രഹണശക്തി
സുധിതി		നാ.	കോടാലി
സുധീരം		അവ്യ.	ധൈര്യത്തോടുകൂടി
സുധ്യുപാസ്യ		നാ.	1. ഉമ; 2. ഉമയുടെ സഖി
സുനന്ദ		നാ.	1. ഗോരോചന; 2. (പുരാണ) ഒരു ചേദിരാജ്ഞി, വീരബാഹുവിൻെറ പുത്രി
സുനയ		നാ.	നല്ല നയമുള്ള
സുനയന1		വി.	നല്ല കണ്ണുള്ള
സുനയന2		നാ.	1. സുന്ദരി; 2. സ്ത്രീ
സുനാദകം		നാ.	ശങ്ഖ്
സുനാഭം		നാ.	പർവതം, മൈനാകം
സുനാമം		നാ.	1. യശസ്സ്; 2. കീർത്തി
സുനാരം		നാ.	1. പാമ്പിൻ മുട്ട; 2. നായുടെ അകിട്; 3. കുരുവി
സുനീത		വി.	1. വളരെ മര്യാദയുള്ള; 2. സുചരിതനായ
സുനീതി		നാ.	1. നല്ല നീതി; 2. ധ്രുവൻെറ മാതാവ്
സുനീഥ		വി.	1. നല്ല നടത്തയുള്ള; 2. ഗുണവാനായ
സുനീഥൻ		നാ.	1. ബ്രാഹ്മണൻ, ഗുണവാൻ; 2. ശിശുപാലൻ
സുനീല1		വി.	നീലനിറമുള്ള
സുനീല2		നാ.	ചണച്ചെടി
സുനീലം		നാ.	1. നീലരത്നം; 2. മാതളം
സുന്ദൻ		നാ.	1. ഒരു അസുരൻ, ഉപസുന്ദൻെറ സഹോദരൻ; 2. ഒരു യക്ഷൻ, താടകയുടെ ഭർത്താവ്
സുന്ദര		വി.	അഴകുള്ള
സുന്ദരദർശനം		നാ.	1. തത്ത; 2. ശുകം
സുന്ദരൻ		നാ.	1. അഴകുള്ളവൻ; 2. കാമദേവൻ

സുന്ദരം നാ. 1. മനോഹരം; 2. സൗന്ദര്യമൂർത്തി; 3. മയിലെള്ള്; 4. ഗോമേദകം

സുന്ദരവിഡ്ഢി നാ. 1. അസ്ഥാനത്തും സുന്ദരനായിഭാവിച്ചു നടക്കുന്നവൻ; 2. തൻെറ സൗന്ദര്യത്തെപ്പറ്റി വൃഥാ അഭിമാനിക്കുന്നവൻ

സുന്ദരാങ്ഗൻ നാ. സുന്ദരമായ ശരീരത്തോടുകൂടിയവൻ

സുന്ദരി നാ. 1. അഴകുള്ളവൾ, സൗന്ദര്യമുള്ളവൾ; 2. മഞ്ഞൾ; 3. മണിത്തക്കാളി; 4. ഇന്ദ്രാണി; 5. ദുർഗ; 6. (വൃത്ത) ഒരു വൃത്തം, ദ്രുതവിളംബിതം

സുന്നത്ത് [അറ] നാ. 1. പരിച്ഛേദനം, ചേലാകർമം; 2. സുന്നത്ത് എന്ന ആചാരം

സുന്നം നാ. പൂജ്യം, ശൂന്യം

സുന്നാമക്കി [ഹി.സോനാമഖീ] നാ. സ്വർണമാക്ഷികം

സുന്നി [അറ] നാ. മുഹമ്മദീയരിൽപ്പെട്ട ഒരു വിഭാഗം

സുന്ദരം നാ. 1. മനോഹരം; 2. സൗന്ദര്യമൂർത്തി; 3. മയിലെള്ള്; 4. ഗോമേദകം

സുപക്വം നാ. 1. നല്ലപോലെ പഴുത്തത്; 2. ഒരുതരം മാങ്ങ

സുപതി നാ. നല്ല ഭർത്താവുള്ളവൾ

സുപഥം നാ. 1. നല്ല വഴി; 2. സദാചാരം

സുപദം നാ. നല്ല വാക്ക്

സുപദ്മ നാ. 1. വയമ്പ്; 2. താമരപ്പൊയ്ക

സുപർണ1 വി. ഭങ്ഗിയുള്ള ഇലകളോടുകൂടിയ

സുപർണ2 നാ. 1. ഒരു വൃക്ഷം; 2. കോഴി; 3. താമരപ്പൊയ്ക; 4. ഗരുഡൻെറ മാതാവ്

സുപർണകേതു നാ. വിഷ്ണു

സുപർണ(ക)ൻ നാ. 1. ഗരുഡൻ; 2. പൂവൻകോഴി

സുപർണം നാ. 1. കോഴി; 2. സൂര്യരശ്മി; 3. കുതിര; 4. പക്ഷി; 5. കഴുകൻ; 6. ഗരുഡൻ; 7. കൊന്ന

സുപർണി നാ. 1. താമരപ്പൊയ്ക; 2. ഗരുഡമാതാവ്

സുപർവാവ് നാ. 1. ദേവൻ; 2. വാവ്, അഷ്ടമി; 3. അമ്പ്; 4. മുള; 5. വെങ്കറുക; 6. പുക

സുപാത്രം നാ. 1. നല്ല പാത്രം; 2. സദ്ഗുണങ്ങളും പ്രാപ്തിയുമുള്ളവൻ; 3. യോഗ്യൻ

സുപാന നാ. നല്ലപോലെ പാനംചെയ്യുന്ന

സുപാർശ്വം നാ. 1. കലാൽ; 2. മഹാമേരു

സുപാരി [ഹി.] നാ. നുറുക്കി ഉണക്കിയ പാക്ക്. (പ്ര) പാൻസുപാരി

സുപാവനി നാ. 1. പശു; 2. ഗങ്ഗ; 3. ശുദ്ധമാക്കുന്നവൾ

സുപീഡനം നാ. കാലുതിരുമ്മൽ

സുപീതം നാ. 1. മുള്ളങ്കി; 2. അഞ്ചാമത്തെ മുഹൂർത്തം

സുപുഷ്പ നാ. തുമ്പ

സുപുഷ്പം നാ. 1. നല്ല പൂവ്; 2. നെന്മേനിവാക; 3. ഗ്രാമ്പു; 4. ഇലവർങം; 5. മുരുക്ക്; 6. ആർത്തവരക്തം

സുപുഷ്പി നാ. 1. വാഴ; 2. തുമ്പ

സുപ്ത വി. 1. ഉറങ്ങിയ; 2. ബുദ്ധിമാന്ദ്യമുള്ള; 3. സ്തംഭിച്ച; 4. മരവിച്ച
സുപ്തജനം നാ. 1. ഉറങ്ങുന്നവൻ; 2. അർധരാത്രി
സുപ്തജ്ഞാനം നാ. സ്വപ്നം
സുപ്തപ്രഹാരം നാ. 1. ഉറങ്ങിക്കിടക്കുന്നവനെ അടിക്കൽ; 2. നിസ്സഹായകനെ ദ്രോഹിക്കൽ
സുപ്തം നാ. ഉറക്കം, സുഷുപ്തി
സുപ്തി നാ. 1. സുഷുപ്തി; 2. ഉറക്കം; 3. മയക്കം; 4. സ്തംഭം; 5. മരവിപ്പ്; 6. സ്വപ്നം; 7. ബോധക്ഷയം; 8. വിശ്വാസം
സുപ്രകാശ വി 1. വിശദമായ; 2. പരസ്യമായ
സുപ്രജ വി. നല്ല സന്താനമുള്ള
സുപ്രതിജ്ഞൻ നാ. 1. സത്യസന്ധൻ; 2. പ്രതിജ്ഞ പാലിക്കുന്നവൻ
സുപ്രതിഭ നാ. 1. നല്ല പ്രതിഭ; 2. മദ്യം
സുപ്രതിഷ്ഠ1 വി. 1. നല്ല നിലയിൽ സ്ഥിതിചെയ്യുന്ന; 2. വളരെ കീർത്തികേട്ട; 3. അടിയുറപ്പുള്ള
സുപ്രതിഷ്ഠ2 നാ. 1. നല്ല നില; 2. സുപ്രസിദ്ധി; 3. പാദത്തിൽ അഞ്ച് അക്ഷരം വീതമുള്ള ഒരു ഛന്ദസ്സ്
സുപ്രതിഷ്ഠിതൻ നാ. 1. നല്ല നിലയിലുള്ളവൻ; 2. പേരുകേട്ടവൻ
സുപ്രതീകൻ നാ. 1. കാമദേവൻ; 2. അഴകുള്ള ശരീരത്തോടുകൂടിയവൻ; 3. വടക്കുകിഴക്കേ ദിക്കിലെ ആന; 4. ശിവൻ
സുപ്രദീപം നാ. 1. നല്ല പ്രഭ; 2. ശോഭനമായ വിളക്ക്; 3. നിശിതബുദ്ധി
സുപ്രപാണം നാ. നല്ല കുളം
സുപ്രഭ നാ. 1. സരസതീദേവി; 2. അഗ്നിയുടെ ഏഴു നാവുകളിൽ ഒന്ന്
സുപ്രഭാതം നാ. 1. നല്ല ഉഷസ്സ്; 2. ശോഭനമായ പ്രഭാതം; 3. ഉപചാരവാക്ക്
സുപ്രയുക്ത വി. നല്ലപോലെ പ്രയോഗിക്കപ്പെട്ട
സുപ്രയോഗം നാ. 1. നല്ല പ്രയോഗം; 2. സാമർഥ്യം; 3. ചോർച്ച
സുപ്രലാപം നാ. സുവചനം, നല്ല വാക്ക്
സുപ്രസന്നൻ നാ. 1. വളരെ പ്രസാദിച്ചവൻ; 2. കുബേരൻ
സുപ്രിയ1 വി. വളരെ പ്രിയമായ
സുപ്രിയ2 നാ. 1. വളരെ പ്രിയപ്പെട്ടവൾ; 2. സുന്ദരി
സുപ്രീംകോടതി [ഇം.] നാ. ഏറ്റവും ഉന്നതമായ നീതിപീഠം
സുഫല വി. നല്ല ഫലമുള്ള
സുഫലം നാ. 1. മാവ്; 2. മാതളം; 3. ഇലന്ത; 4. നല്ല ഫലമുള്ളത്; 5. ശോഭനമായ പരിണാമം
സുബ [പേർ] നാ. 1. സംസ്ഥാനം; 2. ദേശവിഭാഗം
സുബന്ധം നാ. 1. നല്ല ബന്ധം; 2. കെട്ടുറപ്പ്; 3. എള്ള്
സുബന്ധു നാ. 1. വാസവദത്ത തുടങ്ങിയ സംസ്കൃതകൃതികളുടെ കർത്താവ്; 2. നല്ല ബന്ധു

സുബല വി. നല്ല ബലമുള്ള
സുബലൻ നാ. 1. അതിശക്തൻ; 2. നല്ല
സൈന്യത്തോടുകൂടിയവൻ; 3. ഗാന്ധാരിയുടെയും ശകുനിയുടെയും പിതാവായ
ഗാന്ധാരരാജാവ്; 4. ശിവൻ
സുബാണൻ നാ. കാമദേവൻ
സുബുദ്ധി നാ. 1. നല്ല ബുദ്ധി; 2. അറിവുള്ളവൻ; 3.
ബോധമുള്ളവൻ
സുബേദാർ [പേർ] നാ. പട്ടാളത്തിലെ ഒരു ഉദ്യോഗസ്ഥൻ
സുബ്ഹെ,സുബഹി [അറ] നാ. 1. പുലർച്ച; 2. പ്രഭാതം
സുബോധം നാ. 1. നല്ല ഉണർവ്; 2. ശരിയായ അറിവ്; 3.
സദുപദേശം
ദുബ്ബൻ നാ. സുബ്രഹ്മണ്യൻ
സുബ്രഹ്മണ്യൻ നാ. ശിവൻെറയും പാർവതിയുടെയും പുത്രൻ
സുഭഗ1 വി. 1. സൗന്ദര്യമുള്ള; 2. ഐശ്വര്യമുള്ള; 3.
ഭാഗ്യമുള്ള; 4. പ്രിയപ്പെട്ട
സുഭഗ2 നാ. 1. സുന്ദരി; 2. ഭർത്താവിന് പ്രിയപ്പെട്ടവൾ; 3.
നല്ല ഭർത്താവുള്ളവൾ; 4. ഭാഗ്യവതി; 5. മഴമുല്ല; 6. കാട്ടുമുല്ല; 7. മഞ്ഞൾ; 8. തുളസി; 9.
മൂവില; 10. കരിങ്കറുക; 11. കസ്തൂരി; 12. ചാഴൽ; 13. സ്വർണ വാഴ; 14. (വൃത്ത) ഒരു
വൃത്തം
1399
സുഭഗങ്കരണം നാ. 1. സുഭഗമാക്കാനുള്ള വസ്തു; 2. രൂപം; 3. ഗുണം;
4. വയസ്സ്; 5. ത്യാഗം
സുഭഗത,-ത്വം നാ. സൗന്ദര്യം
സുഭഗം നാ. 1. പൊൻകാരം; 2. അശോകം; 3. ചമ്പകം; 4.
ചേലേയം; 5. ചെങ്കുറിഞ്ഞി; 6. ഭാഗ്യം; 7. മനോഹരമായത്
സുഭഗമാനി നാ. സുഭഗനാണു താനെന്നു അഭിമാനിക്കുന്നവൻ,
സുഭഗമ്മന്യൻ
സുഭഗാസുതൻ നാ. ഇഷ്ടപതിയുടെ പുത്രൻ
സുഭദ്ര1 വി. 1. നന്മയുള്ള; 2. വളരെ ഭാഗ്യമുള്ള; 3.
സുരക്ഷിതമായ
സുഭദ്ര2 നാ. 1. ശ്രീകൃഷ്ണൻെറ സഹോദരി,
അഭിമന്യുവിൻെറ മാതാവ്; 2. ദുർഗ; 3. കറുത്ത പശു
സുഭദ്രകം നാ. 1. കൂവളം; 2. ദേവൻെറ വിഗ്രഹം വയ്ക്കുന്ന
രഥം
സുഭദ്രൻ നാ. 1. ശ്രീകൃഷ്ണൻ, വിഷ്ണു; 2. ഭാഗ്യവാൻ; 3.
സജ്ജനം; 4. സനൽക്കുമാരൻ
സുഭദ്രാധനഞ്ജയം നാ. ഒരു സംസ്കൃതനാടകം, കുലശേഖരവർമ
രചിച്ചത്
സുഭാഷിതം നാ. 1. നല്ല അചനം; 2. സദാചാര വാക്യം; 3.
നല്ലവണ്ണം പറയപ്പെട്ടത്
സുഭിക്ഷം നാ. സമൃദ്ധി, ധാരാളത

സുഭ്രു നാ. സുന്ദരി, സ്ത്രീ (മനോഹരമായ പുരികത്തോടുകൂടിയവൾ)
സുംഭൻ നാ. (പുരാണ) 1. ഒരു അസുരൻ; 2. ശുംഭൻ
സുമം നാ. 1. പൂവ്; 2. കർപ്പൂരം; 3. ആകാശം
സുമങ്ഗല1 വി. വളരെ ശുഭമായ
സുമങ്ഗല2 നാ. 1. ഒരു സസ്യം; 2. ഒരു വൃത്തം, പഞ്ചചാമരം
സുമങ്ഗലി നാ. 1. ഭർത്താവുള്ളവൾ; 2. ദീർഘമാങ്ഗല്യത്തോടുകൂടിയവൾ
സുമത വി. സ്നേഹിക്കപ്പെട്ട
സുമതി നാ. 1. സദ്ബുദ്ധി, സത്സ്വഭാവം; 2. സ്നേഹം, ദയ; 3. സ്തോത്രം; 4. അനുഗ്രഹം; 5. ഇച്ഛ; 6. സഗരൻെറ ഒരു പത്നി
സുമധ്യ നാ. സുന്ദരി, ഭങ്ഗിയുള്ള അരക്കെട്ടോടുകൂടിയവൾ
സുമൻ നാ. ചന്ദ്രൻ
സുമന1 വി. അതിഭങ്ഗിയുള്ള
സുമന2 നാ. 1. ചേമന്തി; 2. പിച്ചി; 3. മുല്ല; 4. ദമൻെറ പത്നി
സുമനം നാ. 1. കോതമ്പ്; 2. ഉമ്മത്ത്; 3. മാവ്; 4. ഭങ്ഗിയുള്ളത്
സുമനസ്സ് നാ. 1. ദേവൻ; 2. പണ്ഡിതൻ, സഹൃദയൻ; 3. പുഷ്പം, പിച്ചി; 4. കോതമ്പ്; 5. വേപ്പ്
സുമന്ത്ര നാ. മഹാഭൗമനെന്ന രാജാവിൻെറ പത്നി
സുമന്ത്രൻ നാ. 1. നല്ല ഉപദേശം കൊടുക്കുന്നവൻ; 2. (പുരാണ) ദശരഥൻെറ സാരഥി; 3. (പുരാണ) അഷ്ടമന്ത്രിമാരിൽ ഒരുവൻ
സുമവിശിഖൻ നാ. പുഷ്പബാണൻ, കാമദേവൻ
സുമാർ [പേർ] അവ്യ. ഏകദേശം
സുമിതി നാ. ശരിയായ ധാരണ
സുമുഖ വി. 1. നല്ല മുഖമുള്ള; 2. സൗന്ദര്യമുള്ള
സുമുഖൻ നാ. 1. സുന്ദരൻ; 2. പണ്ഡിതൻ; 3. ഗണപതി; 4. ഗരുഡൻ; 5. ഗരുഡൻെറ പുത്രൻ; 6. ശിവൻ; 7. പാതാളത്തിൽ വസിക്കുന്ന ഒരു സർപ്പം
സുമുഖം നാ. 1. നല്ല മുഖം; 2. നഖക്ഷതം
സുമുഖി നാ. 1. സുന്ദരി, നല്ല മുഖമുള്ളവൾ; 2. (സങ്ഗീ) ഒരു രാഗം; 3. മുഖക്കണ്ണാടി
സുമേധസ്സ് നാ. ബുദ്ധിമാൻ
സുമേരു നാ. 1. മഹാമേരുപർവതം; 2. ശിവൻ
സുംനം നാ. 1. മന്ത്രം; 2. സ്തോത്രം; 3. സന്തോഷം; 4. യാഗം; 5. രക്ഷണം
സുയവസം നാ. 1. പുല്ലുള്ളസ്ഥലം; 2. മേച്ചിൽ സ്ഥലം
സുയോധനൻ നാ. 1. ദുര്യോധനൻ; 2. നല്ലവണ്ണം യുദ്ധംചെയ്യുന്നവൻ
സുർക്കി,-ഖി [പേർ] നാ. ഇഷ്ടികപ്പൊടി
സുർമ [പേർ] നാ. കണ്മഷി, നേത്രാഞ്ജനം

സുര നാ. 1. ധാന്യപ്പൊടികൊണ്ടുണ്ടാക്കിയ മദ്യം; 2. മദ്യത്തിൻെറ അധിഷ്ഠാനദേവത, വരുണപത്നി; 3. ജലം; 4. പാനപാത്രം; 5. പാമ്പ്
സുരകാരു നാ. വിശ്വകർമാവ്
സുരകാർമുകം നാ. മഴവില്ല്
സുരക്ത വി. 1. നല്ലപോലെ ചായമിട്ട; 2. കടും ചെമപ്പുള്ള; 3. ഗാഢമായി ചേർന്ന; 4. അധികം ആസക്തിയുള്ള
സുരക്തകം നാ. 1. കാവിമണ്ണ്; 2. ഒരുതരം മാവ്, ചൂതവൃക്ഷം
സുരക്ഷിത വി. 1. സംരക്ഷിക്കപ്പെട്ട; 2. ഭദ്രമായ
സുരഗണൻ നാ. ശിവൻ
സുരഗിരി നാ. സുമേരു
സുരഗീർ നാ. ദേവഭാഷ, സംസ്കൃതം
സുരഗുരു നാ. ബ്രുഹസ്പതി, വ്യാഴം
സുരഗ്രാമണി നാ. ഇന്ദ്രൻ
സുരങ്ഗ നാ. 1. തുരങ്കം; 2. നിലവറ
സുരങ്ഗം നാ. 1. മാതള നാരങ്ങ; 2. ചായില്യം; 3. ചെമന്ന ചായം; 4. ചെമ്മരം; 5. നല്ല നിറം; 6. തുരങ്കം
സുരജ്യേഷ്ഠൻ നാ. ബ്രഹ്മാവ്, ഇന്ദ്രാദികൾക്കുമുമ്പ് ഉണ്ടായവൻ
സുരഞ്ജനം നാ. കമുക്
സുരത വി. അത്യന്തം താത്പര്യമുള്ള
സുരതഗൃഹം നാ. കേളീഗൃഹം
സുരതപ്രസങ്ഗം നാ. രതിക്രീഡയിലുള്ള ആസക്തി
സുരതം നാ. 1. രതിക്രീഡ, സംഭോഗം; 2. വലിയ ആനന്ദം
സുരതരു നാ. കല്പവൃക്ഷം
സുരതി നാ. 1. വലിയ സന്തോഷം; 2. സംതൃപ്തി; 3. തീക്ഷ്ണമായ രതിഭാവം
സുരതോന്മാദം നാ. 1. അത്യധികമായ സംഭോഗാസക്തി; 2. ഉത്കടമായ കാമവികാരം
സുരതോഷകം നാ. കൗസ്തുഭരത്നം
സുരത്നകം നാ. മാണിക്യം
സുരത്രാതാ(വ്) നാ. 1. ഇന്ദ്രൻ; 2. വിഷ്ണു
സുരദാരു നാ. ദേവദാരം, ദേവവൃക്ഷം
സുരദീർഘിക നാ. ആകാശഗങ്ഗ
സുരദുന്ദുഭി നാ. തുളസി
സുരദ്രുമം നാ. 1. കല്പവൃക്ഷം; 2. ദേവതാരം; 3. വലിയ വേഴൽ
സുരദ്വിട്ട് നാ. 1. അസുരൻ; 2. രാഹു
സുരദ്വീപം നാ. ഐരാവതം
സുരധൂപം നാ. 1. ദേവദാരുതൈലം; 2. കുന്തുരുക്കം
സുരൻ നാ. 1. ദേവൻ; 2. സൂര്യൻ; 3. സന്യാസി; 4. വിദ്വാൻ
സുരനദി നാ. ഗങ്ഗ
സുരനിലയം നാ. സുമേരുപർവതം

സുരപതി നാ. 1. ഇന്ദ്രൻ; 2. വിഷ്ണു
സുരപഥം നാ. 1. ആകാശം; 2. സ്വർഗം
സുരപദം നാ. ദേവലോകം
സുരപൻ നാ. 1. ഇന്ദ്രൻ; 2. ദേവനാഥൻ
സുരപർവതം നാ. മഹാമേരു
സുരപുന്നാഗം നാ. ദേവപുന്ന
സുരപുരി നാ. 1. സ്വർഗം; 2. അമരാവതി
സുരപ്രിയ നാ. പിച്ചകം
സുരപ്രിയൻ നാ. 1. ഇന്ദ്രൻ; 2. ദേവഗുരു, ബൃഹസ്പതി; 3. വിഷ്ണു
സുരഭി1 വി. 1. നല്ല ഗന്ധമുള്ള; 2. സ്നേഹമുള്ള; 3. സൗന്ദര്യമുള്ള; 4. പ്രകാശമുള്ള; 5. കേൾവിപ്പെട്ട; 6. സുകൃതമുള്ള; 7. വിശിഷ്ടമായ
സുരഭി2 നാ. 1. കാമധേനു; 2. മാതൃക്കളിൽ ഒന്ന്; 3. സുഗന്ധം; 4. വസന്തം; 5. ചാമ്പയ്ക്ക; 6. ജാതിക്ക; 7. മദ്യം; 8. ഭൂമി; 9. തുളസി; 10. പൊന്ന്; 11. ഗന്ധകം; 12. കണഗുഗ്ഗുലു; 13. വന്നി; 14. ചെഞ്ചല്യം; 15. സാലവൃക്ഷത്തിൻെറ കറ; 16. കിഴക്കുദിക്ക്; 17. വെള്ളപ്പശു; 18. ഗന്ധതൃണം; 19. മൂരാമാഞ്ചി; 20. തൃച്ചട; 21. ഈന്തിൽ; 22. പച്ച; 23. കടമ്പ്; 24. മുല്ല; 25. ചന്ദനം
സുരഭിക നാ. ഒരുതരം വാഴ
സുരഭിത വി. സൗരഭ്യമുണ്ടാക്കപ്പെട്ട, വാസനവരുത്തിയ
സുരഭിബാണൻ നാ. കാമദേവൻ
സുരഭിമാം നാ. അഗ്നി
സുരഭിമാസം നാ. വസന്തം
സുരഭില വി. സൗരഭ്യമുള്ള
സുരമന്ദിരം നാ. ദേവാലയം, ക്ഷേത്രം
സുരമ്യ നാ. അതിമനോഹരമായ
സുരയുവതി നാ. ദേവസ്ത്രീ
സുരർഷി നാ. 1. ദേവർഷി; 2. നാരദൻ
സുരല നാ. ഗങ്ഗാനദി
സുരലതിക നാ. കല്പവല്ലി
സുരലാസിക നാ. പുല്ലാങ്കുഴൽ
സുരലോകം നാ. ദേവലോകം, സ്വർഗം
സുരവരൻ നാ. ഇന്ദ്രൻ
സുരവർത്മാവ് നാ. 1. ആകാശം; 2. ഗങ്ഗ
സുരവാഹിനി നാ. 1. ഗങ്ഗ, ദേവനദി; 2. ദേവസൈന്യം
സുരവിദ്വിട്ട് നാ. അസുരൻ
സുരവിലാസിനി നാ. ദേവസ്ത്രീ
സുരശാഖി നാ. കല്പവൃക്ഷം
സുരശ്രേഷ്ഠൻ നാ. 1. ഇന്ദ്രൻ; 2. വിഷ്ണു
സുരസ1 വി. 1. രസമുള്ള; 2. മധുരമായ; 3. രുചിയുള്ള
സുരസ2 നാ. 1. നാഗമാതാവ്; 2. ദുർഗ; 3. തൃത്താവ്; 4. അരത്ത; 5. വലിയ ശതാവരി; 6. കരിനൊച്ചി; 7. ബ്രഹ്മി; 8. കാട്ടുശതകുപ്പ

സുരസദനം നാ. സ്വർഗം
സുരസം നാ. 1. നല്ല രസം; 2. മാധുര്യം; 3. തുളസി; 4. മുര്; 5. ഇലവർങ്ങത്തൊലി; 6. ഇലവിൻപശ; 7. നൊച്ചി; 8. കണഗുഗ്ഗുലു; 9. ഗന്ധതൃണം; 10. നറുമ്പശ
സുരസരിത്ത് നാ. ഗങ്ഗ
സുരസ്ഥാനം നാ. ദേവാലയം, ക്ഷേത്രം
സുരാകരം നാ. 1. തെങ്ങ്; 2. വാറ്റുസ്ഥലം
സുരാങ്ഗന നാ. ദേവസ്ത്രീ
സുരാധ്യക്ഷൻ നാ. 1. സുരാധിപൻ, ഇന്ദ്രൻ; 2. ജ്ഞാനി
സുരാപഗ നാ. ദേവനദി, ഗങ്ഗ
സുരാപൻ നാ. 1. മദ്യപാനി; 2. ജ്ഞാനി
സുരാപാണം നാ. സുരാപാനം, കള്ളുകുടി
സുരാപായി നാ. മദ്യപാനി
സുരാബീജം നാ. 1. ഏതുദ്രവ്യംകൊണ്ടു മദ്യം ഉണ്ടാക്കുന്നുവോ അത്; 2. കിണ്വം
സുരാമണ്ഡം നാ. മദ്യത്തിൻെറ തെളി
സുരാർഹം നാ. 1. ഹരിചന്ദനം; 2. പൊന്ന്; 3. കുങ്കുമം
സുരാരി നാ. 1. അസുരൻ; 2. ചീവീടിൻെറ ശബ്ദം
സുരാലയം നാ. 1. മദ്യവിൽപ്പനസ്ഥലം; 2. സ്വർഗം; 3. മെരു പർവതം
സുരാസന്ധാനം നാ. മദ്യം വാറ്റൽ
സുരാഷ്ട്രജം നാ. 1. സൗരഭ്യമുള്ള മണ്ണ്; 2. തുവരപ്പയർ; 3. ഒരു വിഷം
സുരാസു നാ. 1. മദ്യപാനി; 2. നാസ്തികൻ
സുരി നാ. ദേവസ്ത്രീ
സുരുങ്ഗഗ്രാഹി നാ. ഭിത്തിയിലും മറ്റും തുരങ്കമുണ്ടാക്കി മോഷ്ടിക്കുന്നവൻ
സുരുങ്ഗം നാ. 1. സുരങ്ഗ, തുരങ്കം; 2. മുരിങ്ങ
സുരുചി നാ. 1. നല്ല രുചി; 2. (പുരാണ) ഉത്താനപാദൻെറ ഇളയ പത്നി
സുരൂപ1 വി. 1. നല്ല രൂപമുള്ള; 2. സൗന്ദര്യമുള്ള
സുരൂപ2 നാ. 1. സുന്ദരി; 2. മഴമുല്ല
സുരൂപി നാ. സുന്ദരൻ
സുരേജ്യ നാ. 1. തുളസി; 2. ബ്രഹ്മി
സുരേജ്യൻ നാ. സുരഗുരു
സുരേന്ദ്രജിത്ത് നാ. ഗരുഡൻ
സുരേന്ദ്രൻ നാ. ദേവേന്ദ്രൻ
സുരേഭം നാ. 1. സ്വർഗത്തിലെ ആന; 2. വെളുത്തീയം; 3. തകരം
സുരേശൻ നാ. സുരേശ്വരൻ, 1. ഇന്ദ്രൻ; 2. വിഷ്ണു; 3. ശിവൻ
സുരോത്തമൻ നാ. 1. ഇന്ദ്രൻ; 2. സൂര്യൻ

സുരോത്തരം നാ. ചന്ദനം
സുരോദം നാ. സപ്തസമുദ്രങ്ങളിൽ ഒന്ന്, മദ്യസമുദ്രം
സുൽത്താൻ [അറ] നാ. മുസ്ലിം ചക്രവർത്തി
സുലക്ഷണ വി. ലക്ഷണമൊത്ത, ഭാഗ്യമുള്ള
സുലഭ വി. 1. ലഭിക്കാൻ പ്രയാസമില്ലാത്ത; 2. എളുപ്പത്തിൽ കിട്ടുന്ന; 3. ധാരാളമുള്ള
സുലളിത നാ. 1. വളരെ ലളിതമായ; 2. ഭങ്ഗിയുള്ള
1401
സുലോചന നാ. 'ഭങ്ഗിയുള്ള കണ്ണുകളുള്ളവൾ', 1. സുന്ദരി; 2. ഒരു അപ്സരസ്ത്രീ; 3. ഒരു പതിവ്രത, ഇന്ദ്രജിത്തിന്റെ പത്നി
സുലോചനം നാ. 1. മാൻ; 2. ചകോരം; 3. സുന്ദരമായ നേത്രം; 4. കണ്ണട
സുലോഹകം നാ. പിച്ചള
സുവക്ത്രൻ നാ. ശിവൻ
സുവചനം നാ. നല്ല വാക്ക്
സുവചസ്സ് വി. ഭങ്ഗിയായി സംസാരിക്കുന്ന
സുവദന നാ. 1. സുമുഖി; 2. ഒരു വൃത്തം
സുവനൻ നാ. 1. അഗ്നി; 2. സൂര്യൻ; 3. ചന്ദ്രൻ
സുവംശം നാ. 1. വെൺകരിമ്പ്; 2. നല്ല കുടുംബം
സുവർച്ച(ക)ം നാ. തുവർച്ചിലക്കാരം
സുവർണ1 വി. 1. നല്ല നിറമുള്ള; 2. നല്ല ജാതിയിലുള്ള; 3. ശോഭയുള്ള; 4. പ്രസിദ്ധമായ
സുവർണ2 നാ. 1. പൊന്ന്; 2. നല്ല നിറം; 3. നല്ല ജാതി; 4. സമ്പത്ത്; 5. ചെമന്ന കൽച്ചുണ്ണാമ്പ്; 6. ഹരിചന്ദനം; 7. കൊന്ന; 8. നീർമരുത്; 9. ഉമ്മത്ത്; 10. കണഗുഗ്ഗുലു; 11. കാരകിൽ; 12. പൊൻകാവി; 13. നാകപ്പൂവ്
സുവർണകം നാ. 1. കൊന്നമരം; 2. സുപർണകം; 3. സ്വർണം; 4. പിച്ചള; 5. വെളുത്തീയം
സുവർണകാരൻ നാ. തട്ടാൻ
സുവർണകേതകി നാ. പൊൻകൈത
സുവർണഗൈരികം നാ. പൊൻകാവി
സുവർണജൂബിലി നാ. അൻപതുവർഷം പൂർത്തിയാക്കിയ സ്ഥാപനത്തിന്റെയും മറ്റും വാർഷികാഘോഷം
സുവർണഭൂമി നാ. 1. സ്വർഗം; 2. ബർമാ
സുവർണാക്ഷൻ നാ. ശിവൻ
സുവർണാവസരം നാ. ഏറ്റവും നല്ല സന്ദർഭം
സുവസന്തം നാ. 1. നല്ല വസന്തകാലം; 2. ചിത്രാ പൗർണമി
സുവഹ1 വി. 1. നല്ല പോലെ ഭാരം ചുമക്കുന്ന; 2. എളുപ്പത്തിൽ വഹിക്കാവുന്ന; 3. ക്ഷമയുള്ള
സുവഹ2 നാ. 1. തൃച്ചട; 2. ത്രിക്കോൽപ്പക്കൊന്ന; 3. നിലപ്പന; 4. അരത്ത; 5. ചെറുപുള്ളടി; 6. ഈന്തൽ; 7. ചിറ്റരത്ത; 8. പേരരത്ത; 9. കരിനൊച്ചി; 10. വീണ

സുവാചകം നാ. 1. തത്ത; 2. നല്ല വാക്കുകൾ പറയുന്നത്; 3. നല്ല വാചകം
സുവാസം നാ. 1. സുഗന്ധം; 2. നല്ല പാർപ്പിടം; 3. ഇരിപ്പിടം
സുവാസിനി നാ. 1. യൗവനം ആരംഭിച്ചിട്ടും പിതൃഗൃഹത്തിൽ പാർക്കുന്നവൾ; 2. ഭർത്തൃമതി
സുവിത്ത് നാ. 1. പണ്ഡിതൻ; 2. വിജ്ഞൻ
സുവിദൻ നാ. 1. അന്തഃപുരപരിചാരകൻ; 2. രാജാവ്
സുവിദല്ലം നാ. അന്തഃപുരം
സുവിദിത നാ. പരക്കെ അറിയപ്പെട്ട
സുവിദിത്രം നാ. 1. കുടുംബം; 2. സമ്പത്ത്
സുവിനീത1 വി. 1. നല്ല വിനയമുള്ള; 2. ശിക്ഷണം സിദ്ധിച്ച; 3. അടക്കമുള്ള
സുവിനീത2 നാ. 1. വളരെ വിനയമുള്ളവൾ; 2. ഇണക്കമുള്ള പശു
സുവിശേഷകൻ നാ. മതപ്രബോധകൻ
സുവിശേഷം നാ. 1. നല്ല വാർത്ത; 2. യേശുവിൻെറ ജീവചരിത്രവും പ്രഭാഷണങ്ങളും അടങ്ങിയ ഗ്രന്ഥം
സുവിഹിത നാ. സുസജ്ജമായ
സുവൃത്ത വി. 1. നല്ലപോലെ ഉരുണ്ട; 2. നല്ല നടത്തയോടുകൂടിയ; 3. ശോഭനമായ ചരിത്രമുള്ള
സുവേഷ്ടകം നാ. 1. ഉറ; 2. മൂടി; 3. നല്ല ആവരണം
സുവ്രത1 വി. 1. സുകൃതമുള്ള; 2. വേദം പഠിക്കുന്ന; 3. കണിശമുള്ള; 4. ദൃഢതയോടെ വ്രതം പാലിക്കുന്ന
സുവ്രത2 നാ. 1. പതിവ്രത; 2. ഇണക്കമുള്ള പശു
സുശക്യ വി. എളുപ്പത്തിൽ ചെയ്യാവുന്ന
സുശാകം നാ. ഇഞ്ചി
സുശാരദൻ നാ. ശിവൻ
സുശിക്ഷിത വി. നല്ല ശിക്ഷണം ലഭിച്ചിട്ടുള്ള
സുശിഖ നാ. 1. കോഴിപ്പൂവ്; 2. മയിലിൻെറ ശിഖ
സുശിഖം നാ. അഗ്നി
സുശീതം നാ. 1. നല്ല തണുപ്പ്; 2. പീതചന്ദനം
സുശീതലം നാ. 1. സൗരഭ്യമുള്ള ഒരുതരം പുല്ല്; 2. അധികം തണുപ്പുള്ളത്
സുശീല1 വി. 1. നല്ല ശീലമുള്ള; 2. സത്സ്വഭാവമുള്ള
സുശീല2 നാ. 1. ഗുണവതി; 2. യമൻെറ ഒരു പത്നി; 3. ശ്രീകൃഷ്ണൻെറ ഒരു പത്നി; 4. ചാരനിറമുള്ള പശു
സുശ്രീ നാ. അധികം ശ്രീയുള്ള
സുശ്രീക നാ. സാമ്പ്രാണിമരം
സുശ്രുത വി. 1. വളരെ പ്രസിദ്ധമായ, അധികം പേരുകേട്ട; 2. വേദം നല്ലതുപോലെ പഠിച്ചിട്ടുള്ള
സുശ്രുതം നാ. 1. സുവിദിതമായത്; 2. നല്ലപോലെ പേരുകേട്ടത്; 3. ഒരു വൈദ്യഗ്രന്ഥം

സുഷമ1 വി. 1. നല്ല ശോഭയുള്ള, ഭങ്ഗിയുള്ള; 2. തികച്ചും സമമായ
സുഷമ2 നാ. 1. അതിശോഭ; 2. സൗന്ദര്യം; 3. ഒരു വൃത്തം
സുഷവം നാ. മദ്യസാരം
സുഷി നാ. സുഷിരം
സുഷിര1 വി. ദ്വാരമുള്ള
സുഷിര2 നാ. പവിഴക്കൊടി
സുഷിരം നാ. 1. ദ്വാരം; 2. ഓടക്കുഴൽ കൊമ്പു തുടങ്ങിയ ഏതെങ്കിലും സുഷിരവാദ്യം; 3. മട; 4. അഗ്നി
സുഷിമം നാ. 1. സ്വർണം; 2. പാമ്പ്; 3. ചന്ദ്രകാന്തക്കല്ല്; 4. തണുപ്പ്
സുഷുപ്ത വി. 1. നല്ലപോലെ ഉറങ്ങുന്ന; 2. മരവിച്ച; 3. ആത്മജ്ഞാനമില്ലാത്ത
സുഷുപ്തി നാ. 1. ഗാഢനിദ്ര; 2. അജ്ഞാനം
സുഷുപ്സ നാ. ഉറങ്ങാനുള്ള ഇച്ഛ
സുഷുമ്ന നാ. 1. സപ്തനാഡികളിൽ ഒന്ന്, ഇഡ പിങ്ഗല എന്നിവയുടെ മധ്യേയുള്ള നാഡീവിശേഷം
സുഷുമ്നം നാ. സൂര്യൻെറ പ്രധാന രശ്മികളിൽ ഒന്ന്
സുഷേണൻ നാ. 1. വിഷ്ണു; 2. ഒരു വാനരൻ, താരയുടെ പിതാവ്; 3. ശ്രീരാമസൈന്യത്തിലെ ഒരു ഭിഷഗ്വരൻ, വരുണൻെറ പുത്രൻ; 5. രേണുകയുടെ പുത്രൻ, ജമദഗ്നി; 6. ഒരു സർപ്പം
സുഷേണം നാ. 1. പെരുംക്ലാവ്; 2. ചൂരൽ
സുഷ്ഠു വി. 1. ഭങ്ഗിയായ; 2. ശരിയായ
സുഷ്മം നാ. 1. കയറ്; 2. ചരട്
സുസംസ്കൃതം വി. 1. വേണ്ടപോലെ പാകം ചെയ്തത്; 2. നല്ലവണ്ണം പരിഷ്കരിച്ചത്
സുസഹ വി. സഹ്യമായ, സഹിക്കാവുന്ന
സുസാധം നാ. എളുപ്പം സാധിക്കത്തക്കത്
സുസിതം നാ. 1. പാൽ; 2. നല്ലവണ്ണം വെളുത്തത്
സുസിദ്ധി നാ. ഒരു അലങ്കാരം
സുസ്ഥ വി. 1. സുഖമോടിരിക്കുന്ന; 2. ആരോഗ്യമുള്ള
സുസ്ഥിതി നാ. 1. നല്ല സ്ഥിതി; 2. ആരോഗ്യം
സുസ്ഥിര നാ. വളരെ ഉറപ്പുള്ള
സുസ്നാത വി. 1. നല്ലവണ്ണം കുളിച്ച; 2. യാഗം നടത്തിയ
സുസ്നിഗ്ധ വി. 1. വളരെ സ്നേഹമുള്ള; 2. വളരെ സ്നിഗ്ധമായ
സുഹിത1 വി. 1. അത്യധികം ഹിതമായ; 2. ദയയുള്ള
സുഹിത2 നാ. അഗ്നിയുടെ സപ്തജിഹ്വകളിൽ ഒന്ന്
സുഹൃത്ത് നാ. 1. സ്നേഹിതൻ, ബന്ധു, ഗുണകാങ്ക്ഷി; 2. രാജ്യാങ്ഗങ്ങളിൽ ഒന്ന്
സുഹൃദയ വി. 1. നല്ല ഹൃദയമുള്ള; 2. ദയയുള്ള; 3. സ്നേഹമുള്ള

സുഹൃദ്ഭേദം നാ. മിത്രങ്ങളെ തമ്മിൽ പിണക്കൽ
സുഹൃദ്രാഷ്ട്രം നാ. മിത്രരാഷ്ട്രം
സുഹൃദ്വാക്യം നാ. സ്നേഹിതൻെറ വാക്ക്
സുഹൃല്ലാഭം നാ. 1. പഞ്ചതന്ത്രങ്ങളിൽ ഒന്ന്; 2. സ്നേഹിതന്മാരെ ലഭിക്കൽ
സൂ നാ. (പദാന്ത്യത്തിൽ) 1. മാതാവ്; 2. പ്രസവം
സൂകം നാ. 1. താമര; 2. അമ്പ്; 3. വായു
സൂകരൻ നാ. 1. കുശവൻ; 2. ആൺപന്നി
സൂകരപ്രസവം നാ. 1. പന്നിപ്പേറ്; 2. പ്രയോജനമില്ലാത്തവ ഉത്പാദിപ്പിക്കൽ
സൂകരം നാ. 1. പന്നി; 2. പന്നിക്കുട്ടൻ നെല്ല്; 3. ഒരുതരം മാൻ
സൂകരമുഖം നാ. 1. പന്നിയുടെ മുഖം; 2. ഒരു നരകം
സൂക്ത1 വി. ഉചിതമായി പറയപ്പെട്ട
സൂക്ത2 നാ. പഞ്ചവർണക്കിളി
സൂക്തദർശി നാ. ഋഷീശ്വരൻ
സൂക്തം നാ. 1. വേദവാക്യം; 2. സ്തുതി; 3. ഉത്തമവചനം
സൂക്തവാക്ക് നാ. 1. സ്തോത്രം; 2. സ്തുതിവാക്യം
സൂക്തി നാ. 1. യുക്തിയുക്തമായ വാക്ക്; 2. സൂക്തം
സൂക്ഷം നാ. 1. മേൽനോട്ടം; 2. കണിശം; 3. സൂക്ഷിക്കൽ
സൂക്ഷിക്കുക ക്രി. 1. കാത്തുരക്ഷിക്കുക; 2. പോറ്റുക; 3. ശ്രദ്ധിക്കുക; 4. കരുതിയിരിക്കുക
സൂക്ഷ്മ വി. 1. ചെറുതായ; 2. ചെറിയ കണമായ; 3. അണുപ്രായമായ; 4. നേരിയ; 5. ശരിയായ; 6. കണിശമായ; 7. കൂർത്ത; 8. കേവലമായ; 9. കൗശലമുള്ള
സൂക്ഷ്മദർശനം നാ. സൂക്ഷ്മമായ അറിവ്
സൂക്ഷ്മദർശിനി വി. സൂക്ഷ്മത്തെ പെട്ടെന്നു കാണുന്നവൻ. നാ. ചെറിയ വസ്തുക്കൾപോലും വലുതാക്കി കാണിക്കുന്ന ഉപകരണം
സൂക്ഷ്മദേഹം നാ. സൂക്ഷ്മശരീരം
സൂക്ഷ്മൻ നാ. ശിവൻ
സൂക്ഷ്മപത്രം നാ. 1. കാട്ടുജീരകം; 2. ഒരുതരം കടുക്; 3. അറബിക്കുന്തുരുക്കം; 4. കൊത്തമല്ലി
സൂക്ഷ്മബുദ്ധി നാ. 1. ബുദ്ധി കൂർമതയുള്ളവൻ; 2. എളുപ്പത്തിൽ കാര്യം ഗ്രഹിക്കുന്നവൻ
സൂക്ഷ്മം നാ. 1. ലേശം; 2. നോട്ടം; 3. ശ്രദ്ധ; 4. തരി; 5. തേറ്റമരം; 6. താമരയല്ലി; 7. കേവലസത്യം; 8. കൗശലം; 9. ബുദ്ധിശക്തി; 10. നേർത്തനൂല്; 11. ഒരു അലങ്കാരം
സൂക്ഷ്മശർക്കര നാ. തരിമണൽ
സൂക്ഷ്മശരീരം നാ. ജീവാത്മാവും പഞ്ചപ്രാണങ്ങളും മനസ്സും ജ്ഞാനേന്ദ്രിയങ്ങളും ചേർന്ന ശരീരം
സൂക്ഷ്മേക്ഷിക നാ. ചുഴിഞ്ഞുനോട്ടം

സൂചക വി. 1. സൂചിപ്പിക്കുന്ന; 2. കുറിക്കുന്ന; 3. അറിയിക്കുന്ന; 4. രഹസ്യം വെളിപ്പെടുത്തുന്ന
സൂചകൻ നാ. 1. ഏഷണിക്കാരൻ; 2. ഒറ്റുകാരൻ; 3. ഗുരു; 4. ആങ്ഗ്യംകൊണ്ടറിയുന്നവൻ; 5. ദുഷ്ടൻ; 6. തന്ത്രശാലി; 7. പിശാച്
സൂചകം നാ. 1. ആങ്ഗ്യംകൊണ്ടറിയിക്കൽ; 2. ഗൂഢമായി തിരക്കിയറിയൽ; 3. ഒറ്റ്; 4. ചൂചി; 5. തുപ്പൽ; 6. ആരംഭം; 7. ജീരകച്ചമ്പാവ്; 6. കാക്ക; 9. പൂച്ച; 10. നായ്
സൂചനം നാ. 1. തുളയ്ക്കൽ; 2. അടയാളംകൊണ്ടറിയിക്കൽ; 3. പഠിപ്പിക്കൽ; 4. ഉപദേശം; 5. വിജ്ഞാപനം; 6. ദുഷ്ടത; 7. ചതി; 8. ഒറ്റ്; 9. പീഡനം
സൂചം നാ. ദർഭപ്പുല്ലിൻെറ മുന
സൂചി വി. 1. തുളയ്ക്കുന്ന; 2. അറിവുകൊടുക്കുന്ന. നാ. 1. തയ്യൽ സൂചി; 2. മുന; 3. പുസ്തകത്തിലെ ഉള്ളടക്കം ഗ്രഹിക്കാനായി അവസാനം ചേർക്കുന്ന പട്ടിക, വിഷയസൂചി; 4. സൈന്യവ്യൂഹം; 5. ആങ്ഗ്യം, നടനം; 6. പട്ടിക; 7. പിരമിഡ്
സൂചിക നാ. 1. സൂചി; 2. സൂചന; 3. ആരംഭം; 4. തുമ്പിക്കൈ
സൂചികൻ നാ. തയ്യൽക്കാരൻ
സൂചികാധരൻ നാ. ആന
സൂചികാമുഖം നാ. 1. ശങ്ഖ്; 2. കൂർത്തമുഖം
സൂചികാവ്യൂഹം നാ. സൂചിമുനപോലെ അണിനിരക്കുന്ന സൈന്യസമൂഹം
സൂചിക്കാണം നാ. ആധാരമെഴുത്തു സംബന്ധിച്ച ഒരു അവകാശം
സൂചിക്കുഴ നാ. സൂചിയിൽ നൂലുകോർക്കുന്നതിനുള്ള ദ്വാരം
സൂചിക്കൈ നാ. (നാട്യ) ഒരു ഹസ്തമുദ്ര, സുചി, സുചീമുഖം
സൂചിത വി. സൂചിപ്പിക്കപ്പെട്ട, അറിയിക്കപ്പെട്ട
സൂചിപത്രകം നാ. 1. വിഷയസൂചി; 2. ഒരു ചെടി
സൂചിപ്പണി നാ. 1. തയ്യൽപ്പണി; 2. തുന്നൽ
1403
സൂചിപ്പിക്കുക ക്രി. 1. ചൂണ്ടിക്കാണിക്കുക; 2. പരോക്ഷമായി വെളിപ്പെടുത്തുക
സൂചിവത്ത് നാ. സൂചിപോലെ കൂർത്ത
സൂചിവാൻ നാ. ഗരുഡൻ
സൂചിമുഖം നാ. 1. ശങ്ഖ്; 2. സൂചിയുടെ മുന; 3. വജ്രം; 4. പക്ഷി; 5. വെളുത്ത ദർഭ; 6. തൂശിപോലെ കൂർത്ത മുഖമുള്ളത്; 7. (നാട്യ) ഒരു ഹസ്തമുദ്ര; 8. ഒരു നരകം
സൂചിരോമാ(വ്) നാ. പന്നി
സൂചീവക്ത്രം നാ. സൂചീമുഖം
സൂചീവാപനകർമം നാ. സൂചികൊണ്ടു വസ്ത്രം മുതലായവ തുന്നുന്ന പണി
സൂച്യ വി. സൂചിപ്പിക്കത്തക്കത്
സൂച്യഗ്രം നാ. സൂചിയുടെ അഗ്രം, സൂചിമുന
സൂച്യാസ്യം നാ. എലി, കൂർത്തമുഖത്തോടുകൂടിയത്

സൂത1 വി. 1. ജനിച്ച; 2. ജനിപ്പിക്കപ്പെട്ട; 3. വിട്ട; 4. തള്ളപ്പെട്ട
സൂത2 നാ. പ്രസവിച്ചുകിടക്കുന്നവൾ
സൂതക നാ. 1. ജനനം; 2. വാലായ്മ; 3. രസം
സൂതതനയൻ നാ. 1. സൂതൻെറ പുത്രൻ; 2. കർണൻ
സൂതൻ നാ. 1. തേരാളി; 2. ബ്രാഹ്മണസ്ത്രീയിൽ ക്ഷത്രിയനു ജനിച്ചവൻ; 3. ആശാരി; 4. സൂര്യൻ; 5. വ്യസൻെറ ഒരു ശിഷ്യൻ; 6. ക്ഷത്രിയസ്ത്രീയിൽ വൈശ്യനുജനിച്ചവൻ; 7. കർണൻ
സൂതം നാ. 1. പാരദം; 2. എരിക്ക്; 3. ജനനം
സൂതരാട്ട് നാ. രസം (പാരദം)
സൂതി നാ. 1. പ്രസവം; 2. ഉത്പത്തി; 3. സന്തതി; 4. സൂതിക; 5. ഉത്പത്തിസ്ഥാനം
സൂതിക നാ. പ്രസവിച്ചിട്ട് ഏറെനാൾ ചെല്ലാത്തവൾ
സൂതികർമിണി നാ. വയറ്റാട്ടി
സൂതികാഗാരം നാ. ഈറ്റില്ലം
സൂതിമാസം നാ. പ്രസവമാസം
സൂത്തര നാ. 1. വളരെ ശ്രേഷ്ഠമായ; 2. വടക്കോട്ടുതിരിഞ്ഞ
സുത്ഥാന നാ. 1. മിടുക്കുള്ള; 2. മടിയില്ലാത്ത; 3. നല്ലപോലെ പ്രയത്നിക്കുന്ന
സൂത്യ നാ. 1. കുളി; 2. തേച്ചുകഴുകൽ
സൂത്രകണ്ഠൻ നാ. ബ്രാഹ്മണൻ, പൂണൂൽധരിച്ചവൻ
സൂത്രകണ്ഠം നാ. 1. പ്രാവ്; 2. കരിങ്കുരികിൽ
സൂത്രകർമം നാ. 1. ആശാരിപ്പണി; 2. നൂൽനൂൽപ്പ്
സൂത്രകാരൻ നാ. സൂത്രകൃത്ത്, സൂത്രം രചിക്കുന്നവൻ
സൂത്രക്കാരൻ നാ. 1. യന്ത്രപ്പണിക്കാരൻ, തച്ചൻ; 2. ഉപായക്കാരൻ, കൗശലക്കാരൻ
സൂത്രക്കെട്ട് നാ. അഴിക്കാൻ പ്രയാസമുള്ള കെട്ട്
സൂത്രഗ്രാഹി നാ. ആശാരിമാരിൽ ഒരു വർഗം
സൂത്രണം നാ. 1. നൂലുകോർക്കൽ; 2. ക്രമപ്പെടുത്തൽ; 3. സൂത്രരൂപത്തിലാക്കൽ
സൂത്രതന്തു നാ. 1. നൂൽ; 2. ചരട്
സൂത്രധാരൻ നാ. 1. സൂത്രം ധരിക്കുന്നവൻ; 2. ചരടുപിടിക്കുന്നവൻ; 3. (നാട്യ) നാടകാവതരണത്തിന് നേതൃത്വം വഹിക്കുന്നവൻ, സംസ്കൃതനാടകത്തിൽ ആദ്യം പ്രത്യക്ഷപ്പെട്ടു നാടകത്തെപ്പറ്റി സൂചനകൾ നൽകുന്നവൻ
സൂത്രപാത്രം നാ. 1. നൂലിടൽ; 2. ആരംഭിക്കൽ
സൂത്രപ്പണി നാ. 1. കൗശലപ്പണി; 2. യന്ത്രപ്പണി
സൂത്രപ്പാവ നാ. ചരടുവലികൊണ്ടു ചലിപ്പിക്കുന്ന പാവ
സൂത്രഭിത്ത് നാ. തയ്യൽക്കാരൻ
സൂത്രഭൃത്ത് നാ. സൂത്രധാരൻ

സൂത്രം നാ. 1. ചരട്; 2. പാവച്ചരട്; 3. മാങ്ഗല്യച്ചരട്; 4. പൂണൂൽ; 5. അല്പാക്ഷരവും അസന്ദിഗ്ധവും സാരവത്തുമായ വാക്യം, പ്രമാണം; 6. കമ്പി; 7. ചട്ടം; 8. യന്ത്രപ്പണി; 9. കൗശലം, ഉപായം; 10. ലഘുവായ വിദ്യ
സൂത്രയന്ത്രം നാ. തറി, നെയ്ത്തുയന്ത്രം
സൂത്രല, –ള നാ. തറി
സൂത്രവാക്യം നാ. 1. സങ്ക്ഷിപ്തവാക്യം; 2. തത്തകളും മറ്റും ഓർത്തുവയ്ക്കാൻ ഉപകരിക്കുന്ന ചെറിയ വാചകം, സൂത്രം
സൂത്രവേഷ്ടനം നാ. നെയ്യുമ്പോൾ നൂലുചുറ്റുന്നതിനുള്ള ഒരു ഉപകരണം
സൂത്രാത്മാവ് നാ. ജീവാത്മാവ്
സൂത്രാലി നാ. ചരടിൽ കോർത്ത മാല
സൂത്രി വി. സൂത്രങ്ങളുള്ള. നാ. കാക്ക
സൂത്രിത വി. 1. സൂത്രരൂപത്തിലാക്കിയ; 2. ക്രമപ്പെടുത്തിയ; 3. കൂട്ടിക്കെട്ടിയ; 4. കോർത്ത
സൂദൻ നാ. വെപ്പുകാരൻ, പാചകക്കാരൻ
സൂദനം വി. 1. വധിക്കുന്ന; 2. പ്രിയപ്പെട്ട
സൂദം നാ. 1. പാച്ചോറ്റി; 2. ചാറുള്ള കറി, സൂപ്പ്; 3. വധം; 4. ഊറ്റ്, കിണറ്; 5. ചെളി; 6. പാപം, കുറ്റം; 7. വാറ്റ്
സൂദശാല നാ. അടുക്കള
സൂന1 വി. വിടർന്ന; 2. ഒഴിവുള്ള; 3. ജനിച്ച
സൂന2 നാ. 1. ചെറുനാവ്; 2. വധസ്ഥാനം; 3. മാംസവിൽപന; 4. കൊല; 5. ഉപദ്രവം; 6. നദി; 7. പുത്രി; 8. തുമ്പിക്കൈ; 9. അരഞ്ഞാണം; 10. കച്ച; 11. ഉണ്ണാക്ക്; 12. മുണ്ടിനീര്; 13. രശ്മി
സൂനം നാ. 1. പുഷ്പം; 2. മൊട്ട്; 3. പ്രസവം; 4. ഫലം
സൂനഹദോസ് [ഗ്രീ] നാ. (ക്രിസ്തു) വൈദികസഭ
സൂനി നാ. 1. കശാപ്പുകാരൻ; 2. വേടൻ
സൂനു നാ. 1. സന്താനം; 2. അനുജൻ; 3. സൂര്യൻ; 4. എരിക്ക്
സൂനൃതം നാ. 1. മധുരവും സത്യവുമായ വാക്ക്, മര്യാദയോടുകൂടിയ സംസാരം; 2. ശുഭം
സൂപകാരൻ നാ. പാചകക്കാരൻ
സൂപധൂപകം നാ. സൂപധൂപനം, കായം
സൂപം നാ. 1. പരിപ്പ്; 2. കറി; 3. പാത്രം; 4. അമ്പ്
സൂപ്പർനോവ [ഇം.] നാ. (ജ്യോ) നക്ഷത്രപരിണാമത്തിലെ ഒരു ഘട്ടം
സൂപ്പർവൈസർ [ഇം.] നാ. മേൽനോട്ടക്കാരൻ
സൂപ്പ്[ഇം.] നാ. മാംസമോ കായ്കറികളോ വേവിച്ച് ഉണ്ടാക്കുന്ന രസം, ചാറ്, കുഴമ്പ്
സൂപ്രണ്ട് [ഇം.] നാ. 1. പര്യവേക്ഷകൻ, മേൽനോട്ടം വഹിക്കുന്നവൻ; 2. ഒരു ഉദ്യോഗപ്പേര്, സൂപ്രഡേൻറ് (സൂപ്രണ്ട്)
സൂമം നാ. 1. ആകാശം; 2. സ്വർഗം; 3. ജലം; 4. പാൽ
സൂർക്ഷണം നാ. നിന്ദ

സൂർണ വി. 1. ഹിംസിക്കപ്പെട്ട; 2. കേടുവരുത്തിയ
സൂർമി നാ. 1. വാർത്തുണ്ടാക്കിയ ലോഹപ്രതിമ, ഇരുമ്പുകൊണ്ടുള്ള ബിംബം; 2. ഒരു നരകം; 3. തൂൺ; 4. ശോഭ, ജ്വാല
സൂരത1 വി. 1. ദയയുള്ള; 2. ശാന്തമായ
സുരത2 നാ. ഇണങ്ങിയ പശു
സൂരൻ നാ. 1. സൂര്യൻ; 2. വിദ്വാൻ; 3. യുദ്ധവീരൻ; 4. രാജാവ്; 5. ചന്ദ്രൻ; 6. അഗ്നി
സൂരസുത നാ. സൂര്യപുത്രി, യമുന
സൂരസുതൻ നാ. അരുണൻ
സൂരി1 നാ. 1. സൂര്യൻ; 2. ശ്രീകൃഷ്ണൻ; 3. പുരോഹിതൻ; 4. ആരാധകൻ
സൂരി2 വി. 1. ബുദ്ധിയുള്ള; 2. വിദ്യയുള്ള. നാ. പണ്ഡിതൻ
സൂരി3 നാ. 1. സൂര്യൻെറ പത്നി; 2. കുന്തി; 3. കരിങ്കടുക്
സൂര്യ നാ. 1. സൂര്യപത്നി; 2. നവോഢ
സൂര്യകമലം നാ. സൂര്യകാന്തിപ്പൂവ്
സൂര്യകാന്തം നാ. 1. ഒരു രത്നം, സൂര്യരശ്മി തട്ടിയാൽ ജ്വലിക്കുന്ന കല്ല്; 2. ഒരു പുഷ്പം, സൂര്യകാന്തി; 3. സ്ഫടികം
സൂര്യകാന്തി നാ. 1. ഒരു പൂച്ചെടി; 2. വെയിൽ
സൂര്യകാലം നാ. പകൽ
സൂര്യകിരണം നാ. 1. സൂര്യരശ്മി; 2. വെയിൽ
സൂര്യഗ്രഹണം നാ. സൂര്യബിംബത്തിന് ഉണ്ടാകുന്ന മറവ്, ചന്ദ്രൻ (ഒരേ നേർവരയിൽ) സൂര്യനും ഭൂമിക്കും മധ്യേ സ്ഥിതിചെയ്യുന്ന സമയത്ത് സംഭവിക്കുന്നത്, ഗ്രഹണം
സൂര്യഗ്രഹം നാ. 1. സൂര്യൻ; 2. സൂര്യഗ്രഹണം; 3. രാഹു, കേതു
സൂര്യച്ഛായ നാ. വെയിൽ ഉണ്ടാക്കുന്ന നിഴൽ
സൂര്യജ നാ. യമുന
സൂര്യദിശ നാ. സൂര്യദിക്ക്, കിഴക്ക്
സൂര്യൻ നാ. 1. ആകാശത്തുകാണുന്ന തേജോഗോളങ്ങളിൽ ഒന്ന്; 2. പന്ത്രണ്ട് എന്ന സങ്ഖ്യ; 3. ജ്യോതിസ്സ്; 4. ചൂട്; 5. ബാലിയുടെ പുത്രൻ; 6. ഒരു ദാനവൻെറ പുത്രൻ; 7. ശിവൻ
സൂര്യപടം നാ. 1. ഒരുതരം വിശിഷ്ടമായ തുണി; 2. വില്ലൂസ്
സൂര്യപുടം നാ. വെയിലത്തുവച്ച് ഉണക്കിയെടുക്കൽ
സൂര്യപുത്രി നാ. 1. യമുന; 2. മിന്നൽ
സൂര്യപ്രഭ വി. സൂര്യകുലത്തിൽ ജനിച്ച
സൂര്യപ്രിയം നാ. ചെമ്പ്
സൂര്യഭക്തം നാ. ഉച്ചമലരി
സൂര്യമണി നാ. സൂര്യകാന്തം
സൂര്യമുഖി നാ. സൂര്യകാന്തി
സൂര്യലോകം നാ. യുദ്ധത്തിൽ മരിക്കുന്നവർ പ്രാപിക്കുന്ന ലോകം, സുരുസ്വർഗം

സൂര്യവംശം		നാ.	സൂര്യനിൽനിന്നുണ്ടായ രാജകുലം,
ഇക്ഷ്വാകുസ്ഥാപിച്ചത്
സൂര്യവല്ലഭ		നാ.	താമരപ്പൊയ്ക
സൂര്യവാരം		നാ.	ഞായറാഴ്ച
സൂര്യവാസരം		നാ.	ഞായറാഴ്ച
സൃകണ്ഡു		നാ.	ചൊറി
സൃകം		നാ.	1. താമര; 2. അമ്പ്; 3. വായു; 4. ഇടിവാൾ; 5.
കവണ
സൃക്കണി		നാ.	സൃക്വിണി, 1. കടവായ്, ചുണ്ടറ്റം
സൃക്ക്		നാ.	സ്രഷ്ടാവ്
സൃക്വം		നാ.	കടവായ്
സൃക്വിണി		നാ.	കടവായ്
സൃഗം		നാ.	കല്ലെറിയാനുള്ള ഒരു ഉപകരണം, കവണ
സൃഗാലൻ		നാ.	കുറുക്കൻ
സൃജ്യ		വി.	സൃഷ്ടിക്കത്തക്ക
സൃഞ്ജയന്മാർ		നാ.	(ബ.വ.) പാണ്ഡവന്മാർ
സൃണി		നാ.	1. ആനത്തോട്ടി; 2. ശത്രു; 3. ചന്ദ്രൻ
സൃണിക		നാ.	ഈത്ത, തുപ്പൽ
സൃത		വി.	1. പോയ; 2. വഴുതിവീണ
സൃതി		നാ.	1. സരണി, പോക്ക്; 2. ഉപദ്രവം
സൃത്വര		വി.	പോകുന്ന ശീലമുള്ള
സൃത്വരി		നാ.	1. നദി; 2. അമ്മ
സൃദരം		നാ.	പാമ്പ്, സർപ്പം
സൃദാകു		നാ.	1. വജ്രായുധം; 2. ഇടിവാൾ; 3. സൂര്യബിംബം; 4.
നദി; 5. മാൻ; 6. വായു; 7. അഗ്നി
സൃപാടം		നാ.	ഒരു അളവ്
സൃപാടി		നാ.	ഒരു അളവ്
സൃപാടിക		നാ.	പക്ഷിയുടെ ചുണ്ട്
സൃപ്രൻ		നാ.	ചന്ദ്രൻ
സൃമര		വി.	വേഗത്തിൽ പോകുന്ന
സൃമരം		നാ.	പെരുഞ്ചവരിമാൻ
സൃഷ്ട		വി.	1. സൃഷ്ടിക്കപ്പെട്ട; 2. വിസർജിക്കപ്പെട്ട; 3.
മോചിപ്പിക്കപ്പെട്ട; 4. നിശ്ചയിക്കപ്പെട്ട; 5. യോജിപ്പിക്കപ്പെട്ട; 6. അലങ്കരിക്കപ്പെട്ട; 7.
സമൃദ്ധമായ
സൃഷ്ടി		നാ.	1. നിർമാണം; 2. നിർമിത വസ്തു; 3. പ്രകൃതി; 4.
ജീവനുള്ള വസ്തു; 5. കലാവസ്തു; 6. സ്വഭാവം; 7. സൃഷ്ടികർത്താവ്

സൃഷ്ടികർത്താവ്		നാ.	1. സ്രഷ്ടാവ്, ഈശ്വരൻ; 2. ബ്രഹ്മാവ്
സൃഷ്ടിക്കുക		ക്രി.	1. നിർമിക്കുക; 2. ഉണ്ടാക്കുക; 3. വിസർജിക്കുക
സെപ്തംബർ	[ഇം.]	നാ.	ഇങ്ക്ലീഷ് വർഷത്തിലെ ഒമ്പതാമത്തെ മാസം
സെമിത്തേരി	[ഗ്രീ]	നാ.	ശവം അടക്കം ചെയ്യുന്ന സ്ഥലം

സെമിനാരി [ഇം.] നാ. (ക്രിസ്തു) വൈദികവിദ്യാലയം
സെമിന്ദാർ [ഹി] നാ. ജന്മി
സെമിറ്റിക് [ഇം.] വി. അറബി-എബ്രായ വംശങ്ങളെയോ ഭാഷകളെയോ സംബന്ധിച്ച
സെറ്റിൽമെൻറ് [ഇം.] നാ. 1. കണ്ടെഴുത്ത്; 2. സ്ഥാപിക്കൽ; 3. തീരുമാനം
സേകപാത്രം നാ. 1. വെള്ളം തേകിക്കളയാനുള്ള പാത്രം; 2. കൊട്ടക്കോരിക
സേകം നാ. 1. നനയ്ക്കൽ; 2. തളിപ്പ്; 3. തുള്ളി; 4. ഇന്ദ്രിയസ്ഖലനം
സേക്താവ് നാ. 1. വെള്ളം ചുമക്കുന്നവൻ; 2. നനയ്ക്കുന്നവൻ; 3. ഭർത്താവ്; 4. സേചനംചെയ്യുന്നവൻ
സേചക വി. നനയ്ക്കുന്ന
1405
സേചകം നാ. മേഘം
സേചനം നാ. 1. നനയ്ക്കൽ, തളിപ്പ്; 2. സ്ഖലനം
സേചനി നാ. സേകപാത്രം
സേടു നാ. 1. തണ്ണിമത്തങ്ങ; 2. ഒരുതരം വെള്ളരിക്ക
സേട്ട് നാ. 1. വലിയ വ്യാപാരി; 2. ഒരു സ്ഥാനം
സേതിക നാ. അയോധ്യ
സേതു നാ. 1. ജലാശയം കടക്കാനായി ഒരു കരയിൽ നിന്ന് മറുകരയിലേക്ക് നിർമിക്കുന്ന ചിറ; 2. അണക്കെട്ട്; 3. പാലം; 4. രാമസേതു; 5. മലയിടുക്ക്, മലമ്പാത; 6. അതിര്; 7. നീർമാതളം; 8. സ്ഥലമറിയാനുള്ള ചി ം; 9. ചട്ടം; 10. തടസ്സം; 11. ഓങ്കാരം
സേതുബന്ധം നാ. 1. പാലംകെട്ടൽ; 2. പാലം; 3. രാമസേതു
സേതുസ്നാനം നാ. രാമേശ്വരത്തെ സേതുതീർഥത്തിലുള്ള കുളി
സേത്രം നാ. വിലങ്ങ്, ആമം
സേധം നാ. 1. പ്രാപ്തി; 2. പോക്ക്; 3. വാൽ
സേന1 വി. 1. യജമാനനുള്ള; 2. നാഥനുള്ള; 3. ആശ്രിതനായ
സേന2 നാ. 1. സൈന്യം, പട, യുദ്ധംചെയ്യാൻ അഭ്യസിച്ചവരും ആയുധം ധരിച്ചവരുമായ ആൾക്കരുടെ സമൂഹം; 2. സുബ്രഹ്മണ്യൻെറ പത്നി, സൈന്യദേവത; 3. കലിയുഗത്തിലെ മൂന്നാമത്തെ ജിനാചാര്യൻെറ മാതാവ്
സേനാകല്പൻ നാ. ശിവൻ
സേനാഗ്രം നാ. സൈന്യത്തിൻെറ മുന്നണി
സേനാങ്ഗം നാ. 1. സേനയുടെ ഘടകം; 2. ആന കുതിര തേര് കാലാൾ എന്നിവയിലൊന്ന്
സേനാചരൻ നാ. സൈന്യത്തോടൊപ്പം പോകുന്നവൻ, ഭടൻ
സേനാധിപൻ നാ. സേനാപതി
സേനാനായകൻ നാ. സേനാപതി
സേനാനി നാ. 1. സൈന്യത്തിൻെറ നായകൻ; 2. സുബ്രഹ്മണ്യൻ; 3. പടയാളി

സേനാപതി നാ. 1. സേനാനി; 2. സ്കന്ദൻ; 3. ശിവൻ
സേനാപൃഷ്ഠം നാ. സേനയുടെ പിന്നണി
സേനാമുഖം നാ. 1. സൈന്യത്തിൻെറ മുൻഭാഗം; 2. ഒരു സൈന്യവിഭാഗം, മൂന്നു പത്തി കൂടിയത്; 3. നഗരവാതിലിൻെറ മുൻവശം
സേനാവാസം നാ. സൈന്യവാസം
സേന്ദ്രിയ വി. ഇന്ദ്രിയങ്ങളോടുകൂടിയ
സേഫം നാ. ശേഫം, പുരുഷലിങ്ഗം
സേർ[പേർ] നാ. ഒരു അളവ്
സേർഷ്യ വി. ഈർഷ്യയോടുകൂടിയ
സേരാഹം നാ. വെള്ളക്കുതിര
സേരു വി. ബന്ധിക്കുന്ന, കെട്ടുന്ന
സേവ1 നാ. 1. ആശ്രയിക്കൽ; ശുശ്രൂഷ; 2. ഭജനം; 3. താത്പര്യം; 4. ഉപയോഗിക്കൽ; 5. മുഖസ്തുതി, പ്രീതിപ്പെടുത്താനുള്ള ശ്രമം. (പ്ര) സേവകൂടുക, സേവപിടിക്കുക
സേവ2 നാ. ഒരു പലഹാരം, സേമിയാ
സേവക വി. 1. സേവിക്കുന്ന; 2. തുന്നിക്കെട്ടുന്ന
സേവകൻ നാ. 1. ഭൃത്യൻ; 2. ആശ്രിതൻ; 3. ആരാധകൻ, ഭക്തൻ; 4. തയ്യൽക്കാരൻ
സേവകം നാ. ചാക്ക്, സഞ്ചി
സേവനം നാ. 1. സേവിക്കൽ; 2. ശുശ്രൂഷ; 3. അനുഭവിക്കൽ; 4. തുന്നൽ; 5. ചാക്ക്
സേവനാഴി നാ. സേവ എന്ന പലഹാരം ഉണ്ടാക്കാനുള്ള ഒരു ഉപകരണം
സേവനി നാ. 1. സൂചി, സീവനത്തിനുള്ളത്; 2. കൂട്ടിച്ചേർപ്പ്
സേവാമൂർത്തി നാ. നിരന്തരം ഉപവാസിക്കപ്പെടുന്ന ദേവത
സേവായുക്തി നാ. നിയമനം
സേവാവൃത്തി നാ. 1. സേവകൊണ്ടുള്ള ഉപജീവനം; 2. ദാസ്യം
സേവി1 വി. 1. സേവിക്കുന്ന; 2. ആരാധിക്കുന്ന; 3. പിന്തുടരുന്ന; 4. അധിവസിക്കുന്ന
സേവി2 നാ. ആശ്രിതൻ, ഭൃത്യൻ
സേവിക്കുക ക്രി. 1. ആശ്രയിക്കുക; 2. പരിചരിക്കുക; 3. ആരാധിക്കുക, ഭജിക്കുക; 4. സ്തുതിച്ചു വശപ്പെടുത്തുക; 5. പരിചയപ്പെടുക; 6. മരുന്നു കഴിക്കുക; 7. ഉപയോഗിക്കുക
സേവിത വി. സേവിക്കപ്പെട്ട
സേവിതം നാ. 1. സേവിക്കപ്പെട്ടത്; 2. ആപ്പിൾപ്പഴം
സേവിതാ(വ്) നാ. സേവിക്കുന്നവൻ, ഭൃത്യൻ
സേവ്യ വി. 1. സേവിക്കത്തക്ക; 2. സേവിക്കേണ്ട; 3. ഉൾക്കൊള്ളേണ്ടതായ
സേവ്യം നാ. 1. രാമച്ചവേര്; 2. നീർക്കടമ്പ്; 3. നീർമരുത്; 4. അരയാൽ
സേവ്യമാന വി. സേവിക്കപ്പെടുന്ന

സേവ്യസേവകന്മാർ നാ. (ബ.വ.) സേവ്യനും സേവകനും
സൈ[അറ] നാ. ശരി
സൈകത വി. സികതം കൊണ്ടുള്ള, മണലുള്ള
സൈകതം നാ. 1. മണൽത്തിട്ട, മണൽപ്രദേശം; 2. ചായില്യം
സൈകതികം നാ. 1. സൈകതം സംബന്ധിച്ചത്; 2. ഭാഗ്യം വരാനായി കൈയിലും മറ്റും കെട്ടുന്ന ചരട്
സൈകതേഷ്ടം നാ. ഇഞ്ചി
സൈക്കിൾ [ഇം.] നാ. രണ്ടു ചക്രങ്ങളുള്ള ഒരു വാഹനം, ഒരാൾ ചവിട്ടിക്കറക്കി ഓടിക്കുന്നത്, ചവിട്ടുവണ്ടി
സൈത്ത് [സുറി] നാ. 1. ഒലീവ് മരം; 2. ഒലീവെണ്ണ
സൈദ്ധാന്തിക വി. 1. സിദ്ധാന്തം സംബന്ധിച്ച; 2. സിദ്ധാന്തപരമായ; 3. സിദ്ധാന്തരൂപമായ
സൈദ്ധാന്തികൻ നാ. 1. സിദ്ധാന്തം ആവിഷ്കരിക്കുന്നവൻ; 2. സിദ്ധാന്തങ്ങളെ ആസ്പദമാക്കി വാദിക്കുന്നവൻ
സൈനാപത്യം നാ. സേനാപതിയുടെ പദവി
സൈനിക നാ. സൈന്യം, സേനാസമൂഹം
സൈനികൻ നാ. 1. സേനയിൽ അങ്ഗമായിട്ടുള്ളവൻ; 2. പട്ടാളക്കരൻ, ഭടൻ; 3. കാവൽക്കാരൻ; 4. സേനയെ സംരക്ഷിക്കുന്നവൻ
സൈനികി നാ. സൈന്യം, സേനാസമൂഹം
സൈന്ധവ വി. 1. സിന്ധുദേശത്തുള്ള; 2. സിന്ധുവിനെ സംബന്ധിച്ച; 3. കടലിൽ ഉണ്ടായ
സൈന്ധവം നാ. 'സിന്ധുദേശത്തുള്ള', 1. ഇന്തുപ്പ്; 2. നല്ലജാതി കുതിര
സൈന്യാദളം നാ. സേനാവിഭാഗം
സൈന്യപൃഷ്ഠം നാ. സൈന്യത്തിൻെറ പിന്നണി
സൈന്യം നാ. സേന, പട
സൈന്യവിന്യാസം നാ. സേനയെ പ്രത്യേകരീതിയിൽ അണിനിരത്തൽ
സൈന്യസേവനം നാ. സൈനികനെന്ന നിലയിൽ അനുഷ്ഠിക്കുന്ന സേവനം
സൈന്യാധിപൻ നാ. സേനാനായകൻ
സൈന്യാവാസം നാ. സേനയുടെ പാളയം
സൈംഹള വി. സിംഹളത്തെ (ശ്രീലങ്കയെ) സംബന്ധിച്ച
സൈംഹികൻ നാ. സിംഹീപുത്രൻ, രാഹു
സൈമന്തികം നാ. സിന്ദൂരം
സൈരന്ധ്രൻ നാ. 1. ഭൃത്യൻ; 2. ഒരു സങ്കരജാതിക്കാരൻ
സൈരന്ധ്രി നാ. 1. രാജഗൃഹങ്ങളിലും മറ്റും സ്ത്രീകൾക്കു തുണയായി പാർക്കുന്നവൾ, അന്തഃപുരസ്ത്രീകളുടെ പരിചാരിക; 2. പാഞ്ചാലി
സൈരിക വി. സീരം സംബന്ധിച്ച
സൈരികം നാ. ഉഴവുകാള
സൈരിഭം നാ. 1. കാട്ടുപോത്ത്; 2. സ്വർഗം; 3. ഇന്ദ്രനഗരം
സൈരിഭി നാ. എരുമ

സൈസക | | വി. | ഈയംകൊണ്ടുള്ള
സൈറൻ [ഇം.] നാ. 1. ഉച്ചത്തിൽ ശബ്ദം മുഴക്കാനുള്ള ഒരു യാന്ത്രികോപകരണം; 2. അങ്ങനെ പുറപ്പെടുവിക്കുന്ന ശബ്ദം. (പ്ര) സൈറൻവിളി

സൈറ്റ് [ഇം.] നാ. സ്ഥാനം, ഇടം

സൊന്ന [പ്രാ] നാ. പൂജ്യം

സൊമ്മ് നാ. സമ്പത്ത്, സ്വത്ത്

സൊല്ല നാ. 1. തൊല്ല; 2. ഉപദ്രവം; 3. നാശം

സൊള്ളുക നാ. (കാമിനിയോടു) സല്ലപിക്കുക, വെടിപറയുക

സോക്രട്ടീസ് നാ. ഗ്രീസിലെ പ്രസിദ്ധനായ തത്ത്വജ്ഞാനി, പ്ലേറ്റോയുടെ ഗുരുനാഥൻ

സോച്ഛ്വാസം അവ്യ. 1. ഉച്ഛ്വാസപൂർവം; 2. ആശ്വാസത്തോടെ

സോഡ [ഇം.] നാ. 1. ജലത്തിൽ വാതകം കലർത്തി തയാറാക്കിയ പാനീയം; 2. ഒരു ക്ഷാരം

സോഢ വി. 1. സഹിച്ച; 2. ക്ഷമയുള്ള

സോത്പ്രാശം നാ. 1. പരിഹാസവചനം, നിന്ദാസ്തുതി; 2. പൊട്ടിച്ചിരി (സോത്പ്രാസം)

സോത്സവ വി. ഉത്സാഹത്തോടു കൂടിയ

സോത്സാഹം അവ്യ. ഉത്സാഹപൂർവം

സോത്സുക വി. ഔത്സുക്യത്തോടു കൂടിയ

സോത്സേധ നാ. ഉയർത്തപ്പെട്ട, ഉയർന്ന

സോദകന്മാർ നാ. (ബ.വ.) സപിണ്ഡന്മാരൊഴികെ മേൽപ്പോട്ടും കീഴ്പ്പോട്ടും മുമ്മൂന്നു തലമുറയിൽപ്പെട്ടവർ

സോദയ വി. 1. ഉദയത്തോടു കൂടിയ; 2. അഭിവൃദ്ധിയുള്ള

സോദര വി. 1. ഒരേ വയറ്റിൽ ജനിച്ച; 2. സഹോദരമായ; 3. സഹോദരതുല്യമായ

സോദരൻ നാ. സഹോദരൻ

സോദര്യൻ നാ. സഹോദരൻ

സോദാഹരണം അവ്യ. ഉദാഹരണത്തോടു കൂടി

സോദ്വേഗം അവ്യ. ഉദ്വേഗത്തോടു കൂടി

സോന്മാദ വി. 1. ഉന്മാദമുള്ള; 2. ഭ്രാന്തുള്ള

സോപകരണ വി. ഉപകരണത്തോടു കൂടിയ

സോപകാര വി. ഉപകാരത്തോടു കൂടിയ

സോപധ വി. 1. ഉപധയുള്ള; 2. ചതിയുള്ള

സോപപ്ലവൻ നാ. ഗ്രഹണം സംഭവിച്ച സൂര്യനോ ചന്ദ്രനോ

സോപസർഗ വി. 1. ഉപസർഗത്തോടു കൂടിയ; 2. ആപത്തിലകപ്പെട്ട; 3. ആപത്തിനെ സൂചിപ്പിക്കുന്ന

സോപഹാസ വി. ഉപഹാസത്തോടു കൂടിയുള്ള

സോപാധികം അവ്യ. ഉപാധിയോടു കൂടി, വ്യവസ്ഥയോടു കൂടി

സോപാനം നാ. 1. പടിക്കെട്ട്; 2. കൽപ്പടവ്; 3. കോണിപ്പടി; 4. ക്ഷേത്രത്തിലെ കോവിൽനടയിലെ പടിക്കെട്ട്; 5. കേരളീയ ക്ഷേത്രങ്ങളിൽ ശ്രീകോവിൽ

നടയിൽ നിന്നു സ്റ്റോത്രമാലപിക്കുന്ന സമ്പ്രദായം, കൊട്ടിപ്പാടിസ്സേവ; 6. കേരളത്തിനു തനതായുള്ള സങ്ഗീതാലാപന സമ്പ്രദായം
സോപ്പ് [ഇം.] നാ. തുണി അലക്കാനോ ദേഹം കഴുകി വൃത്തിയാക്കാനോ ഉപയോഗിക്കുന്ന ഒരു പദാർഥം, എണ്ണയും കാരവും ആവശ്യാനുസൃതം മറ്റുചില പദാർഥങ്ങളും ചേർത്ത് നിർമിക്കുന്നത്
സോഫാ [ഇം.] നാ. ചാരി ഇരിക്കാനും ചാരിക്കിടക്കാനും കിടന്നുറങ്ങാനും പാകത്തിൽ നിർമിച്ച ഗൃഹോപകരണം
സോമഗർഭൻ നാ. വിഷ്ണു
സോമജ നാ. ഒരു നദി, നർമദ
സോമജൻ നാ. ബുധൻ
സോമദേവഭട്ടൻ നാ. 'കലാസരിത്സാഗരം' എന്ന സംസ്കൃതഗ്രന്ഥത്തിൻെറ കർത്താവ്
സോമദൈവതം നാ. ബുധഗ്രഹം
സോമധാര നാ. 1. സ്വർഗം; 2. അന്തരീക്ഷം
സോമനാഥം നാ. ഗുജറാത്തിലെ ചരിത്ര പ്രസിദ്ധമായ ശിവക്ഷേത്രം
സോമൻ1 നാ. 1. ചന്ദ്രൻ; 2. കുബേരൻ; 3. സുഗ്രീവൻ; 4. വായു; 5. ശിവൻ; 6. യമൻ; 7. ഒരു ലത
സോമൻ2 നാ. 1. വേഷ്ടി; 2. ചെമന്ന കരയുള്ള ഉടുമുണ്ട്
സോമൻ3 നാ. ഉമയോടുകൂടിയവൻ
സോമപതി നാ. ഇന്ദ്രൻ
സോമപൻ നാ. 1. സോമയാഗം ചെയ്തവൻ; 2. സോമപാനം ചെയ്തവൻ; 3. പിതൃക്കളിൽ ഒരു വർഗം
സോമപാനം നാ. സോമരസം പാനം ചെയ്യൽ
സോമപുത്രൻ നാ. ബുധഗ്രഹം
സോമബന്ധു നാ. 1. വെളുത്ത ആമ്പൽ; 2. ബുധൻ (ഗ്രഹം); 3. സൂര്യൻ
സോമഭൂ(വ്) നാ. സോമപുത്രൻ
സോമം നാ. 1. സോമലത; 2. സോമരസം; 3. കർപ്പൂരം; 4. രശ്മി; 5. അമൃത്; 6. കുരങ്ങ്; 7. വെള്ളം; 8. കഞ്ഞി; 9. സ്വർഗം; 10. ആകാശം; 11. കാർകോകിൽ; 12. വായു
സോമയജ്ഞം നാ. ഒരുതരം യാഗം
സോമയാഗം നാ. സോമയജ്ഞം
സോമയാജി നാ. സോമയാഗം ചെയ്തവൻ, ബ്രാഹ്മണൻ
സോമയോനി നാ. നല്ല വാസനയുള്ള ഒരുതരം ചന്ദനം

സോമരാഗം നാ. സ്ത്രീകൾക്ക് ഉണ്ടാകാറുള്ള ഒരു രോഗം
സോമരാജം നാ. ഒരു ചെടി, കറിവേപ്പ്
സോമല വി. മൃദുവായ, ശന്തമായ
സോമലത നാ. 1. സോമവള്ളി; 2. ഗോദാവരി
സോമവംശം നാ. (പുരാണ) ഒരു രാജവംശം, ചന്ദ്രവംശം

സോമവല്ലി നാ. 1. സോമവള്ളി; 2. ചിറ്റമൃത്; 3. മീനങ്ങാണി; 4. ബ്രഹ്മി; 5. കാർകോകിൽ
സോമവാരം നാ. തിങ്കളാഴ്ച
സോമശേഖരൻ നാ. ചന്ദ്രശേഖരൻ, ശിവൻ
സോമസിദ്ധാന്തം നാ. ശൈവസിദ്ധാന്തം
സോമസിന്ധു നാ. വിഷ്ണു
സോമസുത നാ. നർമദ
സോമള വി. 1. മൃദുവായ; 2. ശാന്തമായ
സോമാർധം നാ. ചന്ദ്രക്കല
സോമാവതി നാ. ചന്ദ്രൻെറ മാതാവ്
സോമാവ് നാ. 1. ചന്ദ്രൻ; 2. സോമയാജി
സോമോദ്ഭവ നാ. സോമസുത, നർമദ
സോമോപമ വി. സോമനു തുല്യമായ
സോമോപരാഗം നാ. ചന്ദ്രഗ്രഹണം
സോമ്യ വി. 1. സോമനു തുല്യമായ; 2. സോമയാഗം ചെയ്യുന്ന; 3. ശാന്തമായ; 4. മൃദുവായ
സോല്ലുണ്ഠ(ന)ം നാ. 1. പരിഹാസവചനം; 2. നിന്ദ; 3. നിന്ദാസ്തുതി
സോഷ്മ വി. അല്പം ചൂടുള്ള
സോഹം നാ. അതു ഞാനാകുന്നു
സൗകര വി. സുകരത്തെ സംബന്ധിച്ച
സൗകര്യം നാ. 1. സുകരത, ചെയ്യാൻ എളുപ്പമായ അവസ്ഥ; 2. അനുകൂലസ്ഥിതി
സൗകുമാരകം നാ. പിച്ചള
സൗകുമാര്യം നാ. 1. സുകുമാരഭാവം; 2. അഴക്; 3. മാർദവം; 4. യുവത്വം; 5. ഒരു കാവ്യഗുണം
സൗക്കാർ [ഹി.സാഹുകാർ] നാ. കച്ചവടക്കാരൻ
സൗക്ഷ്മ്യം നാ. 1. സൂക്ഷ്മമായ അവസ്ഥ; 2. നേർമ; 3. കേവലഭാവം
സൗഖിക വി. സുഖത്തെ സംബന്ധിച്ച
സൗഖ്യം നാ. 1. സുഖം, സുഖമുള്ള അവസ്ഥ, ക്ഷേമം; 2. സന്തോഷം; 3. ആരോഗ്യം; 4. തൃപ്തി
സൗഗതൻ നാ. 1. വേദത്തെ നിന്ദിക്കുന്നവൻ; 2. ബുദ്ധൻ, ബുദ്ധമതത്തിൽപ്പെട്ടവൻ
സൗഗതികം നാ. 1. വിശ്വാസമില്ലായ്മ; 2. നിരീശ്വരത്വം
സൗഗന്ധികൻ നാ. സുഗന്ധദ്രവ്യം വിൽക്കുന്നവൻ
സൗഗന്ധികം നാ. 1. വെളുത്ത ചെങ്ങഴിനീർപ്പൂവ്; 2. മാണിക്യം; 3. കാവട്ടപ്പുല്ല്; 4. കരിങ്കൂവളം; 5. ഗന്ധകം
സൗഗന്ധ്യം നാ. 1. സുഗന്ധമുള്ള അവസ്ഥ; 2. സൗരഭ്യം
സൗഗമ്യം നാ. 1. സുഗന്ധമായ അവസ്ഥ; 2. ലാഘവം, എളുപ്പം
സൗചി നാ. സൗചികൻ, തയ്യൽക്കാരൻ
സൗചിത്ര്യം നാ. 1. സുചിത്രമായ അവസ്ഥ; 2. മനോഹാരിത

സൗജന്യം നാ. 1. സുജനഭാവം, നന്മ; 2. ഔദാര്യം; 3. സ്നേഹം; 4. പരോപകാരതത്പരത; 5. ഇനാം
സൗതി നാ. 1. സൂതൻെറ പുത്രൻ, കർണൻ; 2. (പുരാണ) നൈമിശാരണ്യത്തിൽ വച്ച് ഋഷികൾക്കു മഹാഭാരതം ഉപദേശിച്ച ഒരു മഹർഷി
സൗത്യം നാ. സൂതൻെറ ഭാവം, സാരഥ്യം
സൗത്ര വി. 1. സൂത്രത്തെ സംബന്ധിച്ച; 2. ചരടുള്ള; 3. സൂത്രരൂപത്തിലുള്ള
സൗദര്യം നാ. സോദരഭാവം, സാഹോദര്യം
സൗദാമിനി നാ. 1. മിന്നൽപിണർ; 2. ഐരാവതത്തിൻെറ പത്നി
സൗദായിക വി. സ്ത്രീധനമായി കൊടുക്കപ്പെട്ട
സൗദായികം നാ. വിവാഹസമയത്ത് വധുവിനു ബന്ധുക്കൾ നൽകുന്ന പാരിതോഷികം
സൗധം നാ. 1. വെള്ളപൂശിയ മാളിക; 2. വെള്ളി; 3. ഒരുതരം രത്നം
സൗന വി. കശാപ്പിനെ സംബന്ധിച്ച
സൗനധർമം നാ. കടുത്ത ശത്രുത
സൗനന്ദം നാ. ബലരാമൻെറ ഗദ
സൗനന്ദി നാ. സൗനന്ദം ധരിച്ചവൻ, ബലരാമൻ
സൗനം നാ. വിൽപ്പനയ്ക്കുള്ള മാംസം
സൗനികൻ നാ. കശാപ്പുകാരൻ
സൗന്ദര്യപ്പിണക്കം നാ. നിസ്സാരമായ പിണക്കം
സൗന്ദര്യം നാ. 1. സുന്ദരമായിരിക്കുന്ന അവസ്ഥ, അഴക്; 2. രൂപഭംഗി, അവയവപ്പൊരുത്തം തുടങ്ങിയവകൊണ്ടുണ്ടാകുന്ന ഗുണം; 3. ആകർഷകമായ ഭാവം; 4. ആകർഷകത്വം, വശ്യത; 5. ആഹ്ലാദജനകത്വം; 6. സാഹിത്യാദി കലകളുടെ രചനാസവിശേഷതകൊണ്ട് ഉണ്ടാകുന്ന ഗുണം
സൗന്ദര്യശാസ്ത്രം നാ. സാഹിത്യാദി കലകളുടെ രചനാതത്ത്വങ്ങൾ ആസ്വാദകരിൽ അവ ചെലുത്തുന്ന പ്രഭാവം തുടങ്ങിയവയെ പഠനവിഷയമാക്കുന്ന ശാസ്ത്രം (അലങ്കാരശാസ്ത്രം, നാട്യശാസ്ത്രം തുടങ്ങിയവ ഉൾപ്പെട്ടത്)
സൗപർണം നാ. മരതകം
സൗപ്തിക വി. ഉറക്കത്തെ സംബന്ധിച്ച
സൗപ്തികം നാ. 1. രാത്രിയിലെ ആക്രമണം; 2. മഹാഭാരതത്തിലെ ഒരു പർവം, ഉറങ്ങിക്കിടക്കുന്നവരെ ആക്രമിക്കുന്ന സംഭവം ചിത്രീകരിക്കുന്നത്
സൗഭഗം നാ. സുഭഗത, സൗന്ദര്യം
സൗഭദ്രൻ നാ. അഭിമന്യു
സൗഭാഗ്യം നാ. 1. സുഭഗൻെറ അവസ്ഥ; 2. സൗന്ദര്യം; 3. ഐശ്വര്യം; 4. ചായില്യം; 5. സിന്ദൂരം
സൗഭികൻ നാ. ചെപ്പടിവിദ്യക്കാരൻ
സൗഭ്രാത്രം നാ. സഹോദരത്വം, സാഹോദര്യം, സഹോദരസ്നേഹം
സൗമനസ്യം നാ. 1. സുമനസ്സായിരിക്കുന്ന അവസ്ഥ; 2. ഔദാര്യം; 3. കാരുണ്യം; 4. സൗജന്യം

സൗമിത്രി	നാ.	സുമിത്രയുടെ പുത്രൻ, ലക്ഷ്മണൻ
സൗമില്ലൻ	നാ.	ഒരു പ്രാചീന സംസ്കൃതനാടകകൃത്ത്
സൗമുഖ്യം	നാ.	സുമുഖത, സൗന്ദര്യം
സൗമേധികൻ	നാ.	വിശേഷബുദ്ധിയുള്ളവൻ
സൗമേരവം	നാ.	സ്വർണം
സൗമ്യ1	വി.	1. ശാന്തതയുള്ള; 2. അഴകുള്ള; 3. സോമനെ സംബന്ധിച്ച
സൗമ്യ2	നാ.	1. മൂവില; 2. പ്രഭവാദിസംവത്സരങ്ങളിൽ നാൽപ്പത്തിമൂന്നാം സംവത്സരം; 3. വലിയ കാട്ടുവെള്ളരി; 4. ബ്രഹ്മി; 5. ഇരട്ടിമധുരം; 6. അടപതിയൻ; 7. വലിയ വാലുഴവം; 8. എരുമവള്ളി; 9. ദുർഗ
സൗമ്യത	നാ.	ശാന്തത, ശാലീനത
സൗമ്യൻ	നാ.	1. ബുധൻ; 2. സുമുഖൻ; 3. ശാന്തൻ
സൗമ്യം	നാ.	1. ശാന്തത; 2. പാൽ; 3. സൗഗന്ധികം; 4. മുത്ത്; 5. വെള്ളി; 6. സൂക്തം; 7. സുന്ദരമായത്; 8. അത്തിയാൽ; 9. സോമയാഗത്തിലെ ഹവിസ്സ്
സൗര	വി.	സൂര്യനെ സംബന്ധിച്ച
സൗരഥൻ	നാ.	യോദ്ധാവ്
സൗരൻ	നാ.	ശനി
സൗരനാഡി	നാ.	1. സൂര്യരശ്മി; 2. ശരീരത്തിലെ ഒരു ഞരമ്പ്
സൗരഭം	നാ.	1. കുങ്കുമം; 2. സൗരഭ്യമുള്ളത്
സൗരഭേയൻ	നാ.	കാള
സൗരഭ്യം	നാ.	1. സുഗന്ധം; 2. അഴക്; 3. സത്കീർത്തി
സൗരം	നാ.	1. സൂര്യനെ സംബന്ധിച്ചത്; 2. സൗരോർജം; 3. മുപ്പതു ദിവസമുള്ള മാസം
സൗരാജ്യം	നാ.	1. രാജ്യത്തിൻെറ സുസ്ഥിതി; 2. നല്ല രാജ്യഭാരം
സൗരാഷ്ട്രകം	നാ.	1. ഒരു വിഷം; 2. പഞ്ചലോഹം
സൗരാഷ്ട്രം	നാ.	1. ഇന്ത്യയുടെ പടിഞ്ഞാറൻ ഭാഗത്തുള്ള ഒരു പ്രദേശം; 2. (സങ്ഗീ) ഒരു ജന്യരാഗം, 17-ം മേളകർത്താവായ സൂര്യകാന്തത്തിൻെറ ജന്യം; 3. കുന്തുരുക്കം; 4. വെള്ളോട്
സൗരി	നാ.	1. സൂര്യൻെറ പുത്രൻ; 2. ശനി; 3. ഗങ്ഗാനദി; 4. യമൻ; 5. സുഗ്രീവൻ; 6. കർണൻ
സൗരിരത്നം	നാ.	ഇന്ദ്രനീലക്കല്ല്
സൗലഭ്യം	നാ.	സുലഭമായ അവസ്ഥ
സൗവർഗം	നാ.	സ്വർഗത്തിലുള്ളത്
സൗവർച്ചലം	നാ.	തുവർച്ചിലക്കാരം
സൗവർണ	വി.	1. സ്വർണംകൊണ്ടു നിർമിച്ച; 2. സ്വർണത്തെ സംബന്ധിച്ച
സൗവാസ്തവ	വി.	നല്ല സ്ഥാനത്തുള്ള
സൗവിദൻ	നാ.	1. രാജഗൃഹത്തിലെ കാവൽക്കാരൻ; 2. അന്തഃപുരം കാക്കുന്നവൻ
സൗവീരകം	നാ.	1. കോതമ്പ്; 2. ഇലന്തമരം
സൗവീരം	നാ.	സുവീരം എന്ന രാജ്യത്തെ സംബന്ധിച്ച

സൗവീരാഞ്ജനം നാ. ഒരുതരം അഞ്ജനം
സൗശിഷ്ട്യം നാ. നന്മ
സൗശീല്യം നാ. നല്ല ശീലമുള്ള അവസ്ഥ, സുശീലത
സൗഷ്ഠവം നാ. 1. മേന്മ, ശ്രേഷ്ഠത; 2. നന്മ; 3. സൗന്ദര്യം; 4.
മികവ്
സൗഹാർദം നാ. 1. സുഹൃദ്ഭാവം; 2. ഇണക്കം; 3.
സഹവർത്തിത്വം; 4. സ്നേഹം
സൗഹിത്യം നാ. 1. സംതൃപ്തി; 2. ഇണകം; 3. ആകർഷകത്വം; 4.
തികവ്
സൗഹൃദം നാ. 1. സുഹൃദ്ഭാവം, സൗഹാർദം; 2. സ്നേഹം
സ്കന്ദൻ നാ. 1. സുബ്രഹ്മണ്യൻ; 2. ഒരു മുനി
സ്കന്ദനം നാ. 1. മലശോധന; 2. ഗമനം; 3. മാറ്റം
സ്കന്ദം നാ. രസം
സ്കന്ദിക്കുക ക്രി. സ്ഖലിക്കുക
സ്കന്ധ നാ. 1. കഴുത്ത്, ചുമൽ; 2. ശരീരം; 3. സമൂഹം,
സങ്ഘം; 4. വൃക്ഷത്തിൻെറ മുഖ്യ ശാഖ; 5. ചെടിയുടെ തണ്ട്; 6. യുദ്ധം; 7. അധ്യായം; 8.
പഞ്ചസ്കന്ധം
സ്കന്ധകം നാ. 1. ശാഖ; 2. പിരിവ്
സ്കന്ധജ വി. തായ്ത്തടിയിൽനിന്നും മുളച്ച
സ്കന്ധതരു നാ. തെങ്ങ്
സ്കന്ധദേശം നാ. ചുമൽ, തോൾ
സ്കന്ധഫലം നാ. തെങ്ങ്
സ്കന്ധം നാ. 1. കഴുത്ത്; 2. ശരീരം; 3. സമൂഹം; 4.
വൃക്ഷത്തിൻെറ മുഖ്യ ശാഖ; 5. ചെടിയുടെ തണ്ട്; 6. യുദ്ധം; 7. അധ്യായം; 8.
പഞ്ചസ്കന്ധം
സ്കന്ധവാഹം നാ. ഭാരം ചുമക്കുന്ന മൃഗം, ചുമട്ടു കാള
സ്കന്ധശാഖ നാ. (വൃക്ഷത്തിൻെറ) പ്രധാനപ്പെട്ട കൊമ്പ്
സ്കന്ധശൃങ്ഗം നാ. പോത്ത്
സ്കന്ധസ്സ് നാ. 1. ചുമൽ; 2. കുറ്റിത്തടി; 3. കവരം
സ്കന്ധാഗ്നി നാ. തടി കടഞ്ഞെടുക്കുന്ന തീ
സ്കന്ധാവാരം നാ. 1. പാളയം; 2. സൈന്യം
സ്കന്ധി നാ. വൃക്ഷം
സ്കന്ന വി. 1. പതിച്ച; 2. വീണ; 3. സ്ഖലിച്ച
സ്കാന്ദം നാ. പതിനെട്ടു പുരാണങ്ങളിൽ ഒന്ന്, സ്കന്ദപുരാണം
(സുബ്രഹ്മണ്യനെപ്പറ്റിയുള്ളത്)
സ്ഖലനം നാ. 1. ഇടർച്ച; 2. മുട്ടുകുത്തി നടക്കൽ; 3.
തെറ്റുപറ്റൽ; 4. കൂട്ടിമുട്ടൽ; 5. ധർമത്തിൽ നിന്നുള്ള വ്യതിചലനം; 6. ഇന്ദ്രിയസ്രാവം
സ്ഖലിത വി. 1. ഇടറുന്ന; 2. ഉറപ്പില്ലാത്ത; 3. വീണുപോയ; 4.
ശരിയായ മാർഗത്തിൽനിന്നു വ്യതിചലിച്ച; 5. മത്തുപിടിച്ച; 6. സ്രവിക്കുന്ന
സ്ഖലിതം നാ. 1. ഇടർച്ച; 2. തെറ്റ്; 3. ധർമച്യുതി; 4.
ബീജസ്രാവം

സ്തനനം നാ. 1. ശബ്ദം; 2. മുഴക്കം; 3. ദീർഘമായി ശ്വസിക്കുമ്പോഴുണ്ടാകുന്ന ശബ്ദം; 4. ഇടിമുഴക്കം
സ്തനന്ധയൻ നാ. മുലകുടിക്കുന്ന കുട്ടി
സ്തനപ വി. മുലകുടിക്കുന്ന
സ്തനപായി നാ. മുലകുടിക്കുന്ന കുട്ടി
സ്തനം നാ. മുല
സ്തനമുഖം നാ. മുലക്കണ്ണ്
സ്തനയിത്നു നാ. 1. മേഘം; 2. മരണം; 3. രോഗം; 4. ഇടിമുഴക്കം
സ്തനാന്തരം നാ. 1. നെഞ്ച്; 2. മുലകളുടെ മധ്യഭാഗം; 3. ഹൃദയം; 4. വൈധവ്യത്തെ സൂചിപ്പിക്കുന്നതെന്നു വിശ്വസിക്കപ്പെടുന്നതും മാറത്തു കാണപ്പെടുന്നതുമായ ഒരു മറുക്
സ്തനാംശുകം നാ. മാറു മറയ്ക്കുന്ന വസ്ത്രം
സ്തനിതം നാ. 1. ഇടിമുഴക്കം; 2. കൈകൊട്ടുന്ന ശബ്ദം
സ്തന്യം നാ. മുലപ്പാൽ
സതബകം നാ. പൂങ്കുല
സ്തബകരി നാ. 1. അരി; 2. ധാന്യം
സ്തബരകം നാ. 1. വേലി; 2. തൂണ്
1409
സ്തബ്ധ വി. 1. സ്തംഭിച്ച; 2. അനക്കമില്ലാത്ത; 3. ഇളക്കമില്ലാത്ത; 4. പ്രജ്ഞ നശിച്ച
സ്തബ്ധരോമാവ് നാ. പന്നി
സ്തഭം നാ. ആട്
സ്തംബഘ്ന വി. 1. പുൽക്കട്ട പൊട്ടിക്കുന്നതിനുള്ള ഉപകരണം; 2. കള പറിക്കുന്നതിനുള്ള ഉപകരണം
സ്തംബം നാ. 1. പുൽക്കൂട്ടം, പുൽക്കാട്; 2. പുൽക്കറ്റ; 3. കതിര്; 4. കതിർക്കറ്റ; 5. പൂങ്കുല
സ്തംബഹനനം നാ. 1. അരിവാൾ; 2. കളപറിക്കുന്നതിനും മറ്റുമുള്ള ഉപകരണം
സ്തംബേരമം നാ. ആന
സ്തംഭകി നാ. തോൽ പൊതിഞ്ഞ ഒരുതരം വാദ്യം
സ്തംഭനം നാ. 1. സ്തംഭിച്ച അവസ്ഥ; 2. കാമന്റെ അഞ്ചു ബാണങ്ങളിൽ ഒന്ന്; 3. മന്ത്രവാദികളുടെ ഒരു കർമം
സ്തംഭം നാ. 1. തൂൺ; 2. തണ്ട്; 3. മരവിപ്പ്; 4. ജഡത്വം; 5. ചെരുപ്പ്; 6. നിശ്ചലത
സ്തംഭിക്കുക ക്രി. 1. മരവിക്കുക; 2. നിശ്ചലമാവുക; 3. മനസ്സു മരവിക്കുക
സ്തംഭിത വി. സ്തംഭിച്ച
സ്തംഭിനി നാ. ഭൂമി
സ്തര വി. നിരന്നു കിടക്കുന്ന
സ്തരം നാ. 1. പാളി; 2. പരന്നുകിടക്കുന്നത്; 3. കട്ടിൽ; 4. മെത്ത
സ്തരി നാ. 1. പുക; 2. ആവി; 3. മച്ചിയായ പശു

സ്തരിമാ നാ. 1. മെത്ത; 2. കട്ടിൽ
സ്തവകം നാ. 1. സ്തുതി; 2. പൂങ്കുല; 3. കൂട്ടം
സ്തവം നാ. സ്തോത്രം
സ്തിമിത വി. 1. ഇളക്കമില്ലാത്ത; 2. നനഞ്ഞ
സ്തീർണ വി. 1. നിരന്ന; 2. ചിതറിയ; 3. വിരിക്കപ്പെട്ട
സ്തീർവി നാ. 1. ജലം; 2. ആകാശം; 3. ഇന്ദ്രൻ; 4. രക്തം; 5. പുല്ല്
സ്തുത വി. സ്തുതിക്കപ്പെട്ട
സ്തുതൻ നാ. 1. സ്തുതിക്കപ്പെട്ടവൻ; 2. ശിവൻ
സ്തുതം നാ. സ്തോത്രം
സ്തുതി നാ. സ്തോത്രം
സ്തുതിക്കുക ക്രി. 1. പുകഴ്ത്തുക; 2. വാഴ്ത്തുക
സ്തുതിപാഠകൻ നാ. 1. സ്തുതിക്കുന്നവൻ; 2. രാജാക്കന്മാരെയും മറ്റും പതിവായി സ്തുതിക്കാൻ നിയോഗിക്കപ്പെട്ടവൻ, വൈതാളികൻ
സ്തുത്യ1 നാ. പവിഴക്കൊടി
സ്തുത്യ2 വി. സ്തുതിക്കത്തക്ക
സ്തുത്യർഹ വി. സ്തുതി അർഹിക്കുന്ന
സ്തൂനകം നാ. ആട്
സ്തൂഭം നാ. ആട്ടുകൊറ്റൻ
സ്തൂപം നാ. 1. താഴികക്കുടം; 2. കൂമ്പാരം; 3. ശക്തി
സ്തൂപിക നാ. 1. താഴികക്കുടം; 2. സ്മാരകസ്തംഭം; 3. കോണാകൃതിയിലുള്ള സ്തംഭം
സ്തൂയമാന വി. വാഴ്ത്തപ്പെടുന്ന
സ്തേനൻ നാ. കള്ളൻ, തസ്കരൻ
സ്തേനം നാ. മോഷണം
സ്തേമം നാ. നനവ്, ഈർപ്പം
സ്തേയം നാ. 1. മോഷണം; 2. കളവ്; 3. രഹസ്യമായുള്ളത്
സ്തേയി നാ. 1. കള്ളൻ; 2. എലി; 3. തട്ടാൻ
സ്തൈന്യൻ നാ. കള്ളൻ
സ്തൈന്യം നാ. മോഷണം
സ്തൈമിത്യം നാ. 1. കടുപ്പം; 2. കാഠിന്യം; 3. ഉറപ്പ്; 4. സ്തംഭനം; 5. മരവിപ്പ്; 6. സ്തിമിതാവസ്ഥ
സ്തോക വി. അല്പമായ
സ്തോകകം നാ. 1. വേഴാമ്പൽ; 2. വത്സനാഭം
സ്തോകനമ്ര വി. കീഴോട്ട് അല്പം വളഞ്ഞ
സ്തോകം നാ. 1. വേഴാമ്പൽ; 2. തുള്ളി (ജലം); 3. ശകലം
സ്തോതവ്യ വി. സ്തുതിക്കത്തക്ക
സ്തോതാവ് നാ. സ്തുതിക്കുന്നവൻ
സ്തോത്രം നാ. 1. സ്തുതി; 2. കീർത്തനമന്ത്രം
സ്തോത്രീയം നാ. ഒരുതരം പദ്യം

സ്തോഭം നാ. 1. സ്തോത്രാലാപം; 2. സ്തംഭിച്ച അവസ്ഥ; 3. അനാദരം; 4. സാമവേദത്തിന്റെ ഒരു പിരിവ്
സ്തോമം നാ. 1. കൂട്ടം, കൂന, കൂമ്പാരം; 2. ധാന്യം; 3. ധനം; 4. സ്തോത്രം; 5. യാഗം; 6. ശിരസ്സ്; 7. ഇരുമ്പു മുനയുള്ള വടി
സ്തോമ്യ വി. സ്തുതിക്കത്തക്ക
സ്തൗത്യം നാ. സ്തുതി
സ്ത്യാന വി. 1. കട്ടിയായ; 2. കൂട്ടപ്പെട്ട; 3. വലുപ്പമുള്ള; 4. മൃദുവായ; 5. മുഴങ്ങുന്ന
സ്ത്യാനം നാ. 1. കട്ടി; 2. വലുപ്പം; 3. മാറ്റൊലി; 4. ശബ്ദം; 5. മെഴുക്ക്; 6. അമൃതം; 7. മടി
സ്ത്യായനം നാ. 1. കൂട്ടൽ; 2. കൂട്ടം; 3. ശേഖരിക്കൽ
സ്ത്യേനൻ നാ. സ്തേനൻ
സ്ത്രീ നാ. 1. വനിത, പെണ്ണ്; 2. ഭാര്യ; 3. (വൃത്ത) ഒരു വൃത്തം; 4. മഹാഭാരതത്തിലെ 11-മത്തെ പർവം
സ്ത്രീകുമാരം നാ. സ്ത്രീയും കുട്ടിയും
സ്ത്രീകുസുമം നാ. 1. തീണ്ടാരി; 2. ആർത്തവം
സ്ത്രീഗവി നാ. കറവപ്പശു
സ്ത്രീഗൃഹം നാ. അന്തഃപുരം
സ്ത്രീഘോഷം നാ. പ്രഭാതം
സ്ത്രീഘ്നൻ വി. 1. സ്ത്രീഘാതകൻ; 2. സ്ത്രീയെ ദുഷിപ്പിക്കുന്നവൻ
സ്ത്രീചി ം നാ. 1. സ്തനം; 2. ഉപസ്ഥം
സ്ത്രീജനനി നാ. പെൺകുട്ടികളെ മാത്രം പ്രസവിക്കുന്നവൾ
സ്ത്രീജിതൻ നാ. 1. സ്ത്രീക്ക് വശഗതനായവൻ; 2. ഭാര്യയുടെ ചൊൽപ്പടിക്കു നടക്കുന്നവൻ
സ്ത്രീണ വി. സ്ത്രീവിഷയത്തിൽ ആസക്തിയുള്ള
സ്ത്രീത നാ. സ്ത്രീയുടെ ഭാവം
സ്ത്രീദീർഘം നാ. (ജ്യോ) വിവാഹപ്പൊരുത്തങ്ങളിൽ ഒന്ന്
സ്ത്രീദൂഷകൻ നാ. വിടൻ
സ്ത്രീധനം നാ. 1. വിവാഹസമയം വധുവിനുലഭിക്കുന്ന ധനം; 2. വധുവിന്റെ ഉപയോഗത്തിനായി വരന് ശ്വശുരൻ നൽകുന്ന ധനം
സ്ത്രീധർമം നാ. 1. സ്ത്രീയുടെ ധർമം, പതീധർമം; 2. സ്ത്രീകളെ സംബന്ധിച്ച ഏർപ്പാട്; 3. ആർത്തവം
സ്ത്രീധർമിണി നാ. തീണ്ടാരിയായിരിക്കുന്ന സ്ത്രീ
സ്ത്രീധവൻ നാ. പുരുഷൻ
സ്ത്രീനായകത്വം നാ. 1. സ്ത്രീയുടെ ആധിപത്യം; 2. സ്ത്രീയുടെ ഭരണത്തിലിരിക്കുന്ന അവസ്ഥ
സ്ത്രീപണോപജീവി നാ. 1. സ്ത്രീയെക്കൊണ്ട് ഉപജീവിക്കുന്നവൻ; 2. വേശ്യാലയം നടത്തുന്നവൻ
സ്ത്രീപരൻ നാ. 1. വിടൻ; 2. കാമാസക്തൻ
സ്ത്രീപിശാചി നാ. പിശാചികയെപ്പോലുള്ള സ്ത്രീ
സ്ത്രീപ്രജ നാ. പെൺകുട്ടി

സ്ത്രീപ്രസങ്ഗം നാ. സ്ത്രീസംഭോഗം
സ്ത്രീപ്രസു നാ. പെൺകുട്ടികളെമാത്രം പ്രസവിക്കുന്നവൾ, സ്ത്രീജനനി
സ്ത്രീപ്രിയം നാ. മാവുവൃക്ഷം
സ്ത്രീമുഖപം നാ. അശോകവൃക്ഷം
സ്ത്രീരഞ്ജ്ജനം നാ. വെറ്റില
സ്ത്രീരത്നം നാ. 1. മഹാലക്ഷ്മി; 2. ഉത്തമസ്ത്രീ
സ്ത്രീലിങ്ഗം നാ. 1. (വ്യാക) സ്ത്രീയെകുറിക്കുന്ന ശബ്ദം; 2. സ്ത്രീകൾക്കുള്ള അടയാളം; 3. ഭാഗം
സ്ത്രീവിധേയ വി. 1. സ്ത്രീക്കുവശപ്പെട്ട; 2. സ്ത്രൈണനായ
സ്ത്രീസഭ നാ. സ്ത്രീകളുടെ സഭ
സ്ത്രീസങ്ഗം നാ. 1. രതിക്രീഡ; 2. മൈഥുനം
സ്ത്രീസങ്ഗ്രഹണം നാ. 1. ന്യായവിരുദ്ധമായി സ്ത്രീയെ ആലിങ്ഗനം ചെയ്യൽ; 2. വ്യഭിചാരം; 3. സ്ത്രീദൂഷണം
സ്ത്രീസേവ നാ. 1. സപ്തവ്യസനങ്ങളിൽ ഒന്ന്; 2. സ്ത്രീയെ ഭജിക്കുക
സ്ത്രീസ്വഭാവൻ നാ. 1. സ്ത്രീയുടെ സ്വഭാവമുള്ളവൻ; 2. നപുംസകൻ
സ്ത്രീഹത്യ വി. സ്ത്രീവധം
സ്ത്രീഹാരി നാ. 1. സ്ത്രീകളെ അപഹരിക്കുന്നവൻ; 2. സ്ത്രീകളെ ദുഷിപ്പിക്കുന്നവൻ
സ്ത്രൈണ വി. 1. സ്ത്രീകൾക്കുചേർന്ന; 2. സ്ത്രീയെ സംബന്ധിച്ച; 3. സ്ത്രീകൾക്കിടയിൽ വർത്തിക്കുന്ന
സ്ത്രൈണകേസരം നാ. പെണ്ണെലി
സ്ത്രൈണൻ നാ. സ്ത്രീജിതൻ
സ്ത്ര്യധ്യക്ഷൻ നാ. 1. ശയനാധികാരി, പള്ളിയറപ്രവൃത്തിക്കാരൻ; 2. അന്തഃപുരം വിചാരിപ്പുകാരൻ
സ്ത്ര്യഭിഗമനം നാ. സംഭോഗം
സ്ത്ര്യാഗാരം നാ. അന്തഃപുരം
സ്ത്ര്യാജീവൻ നാ. സ്ത്രീപണ്യോപജീവി
സ്ഥ വി. (പദാന്ത്യ) 1. സ്ഥിതിചെയ്യുന്ന; 2. വർത്തിക്കുന്ന; 3. ഉള്ള. ഉദാഃ ഹൃദിസ്ഥം = ഹൃദയത്തിൽ സ്ഥിതിചെയ്യുന്ന
സ്ഥകരം നാ. പാക്ക്, പുഗം
സ്ഥഗ വി. 1. വഞ്ചനയുള്ള; 2. ലജ്ജയില്ലാത്ത; 3. നിന്ദയുള്ള
സ്ഥഗതം നാ. 1. ഒളിപ്പ്; 2. മറയ്ക്കൽ
സ്ഥഗി നാ. 1. വഞ്ചിക്കുന്നവൾ; 2. വെറ്റിലപ്പെട്ടി
സ്ഥഗിക്കുക ക്രി. 1. മറയ്ക്കുക; 2. തടയുക
സ്ഥഗിത വി. സ്ഥഗതം ചെയ്യപ്പെട്ട
സ്ഥഗു നാ. 1. കൂമ്പാരം; 2. മുഴ

സ്ഥണ്ഡിലം നാ 1. യജ്ഞവേദി; 2. ചതുരഭൂമി; 3. മെഴുകി ഇട്ടിരിക്കുന്ന സ്ഥലം; 4. അഗ്നിഹോത്രത്തിനു തയാറാക്കിയ സ്ഥലം; 5. തരിശുനിലം; 6. മൺകട്ടകളുടെ കൂട്ടം; 7. അതിര്, സ്ഥലമറിയാനുള്ള ചി ം

സ്ഥണ്ഡിലശായി നാ. 1. സന്യാസി; 2. യജ്ഞവേദിയിൽ ശയിച്ചു വ്രതം അനുഷ്ഠിക്കുന്നവൻ, നിലത്തുകിടക്കുന്നവൻ

സ്ഥണ്ഡിലസിതകം നാ. ബലിപീഠം

സ്ഥപതി നാ. 1. രാജാവ്; 2. കുബേരൻ; 3. ബാർഹസ്പത്യയാഗം ചെയ്യവൻ; 4. അന്തഃപുരത്തിലെ സേവകൻ; 5. ആശാരി, മൂത്താശാരി; 6. എഞ്ചിനീയർ, ശില്പി

സ്ഥപുട വി. 1. കഷ്ടാവസ്ഥയുള്ള; 2. പൊങ്ങിയും താണും സ്ഥിതിചെയ്യുന്ന; 3. വളരെ ഞെരുങ്ങിയിരിക്കുന്ന

സ്ഥപുടം നാ. ആത്മാവ്

സ്ഥല നാ. 1. ഭൂമി; 2. പ്രദേശം

സ്ഥലകമലം നാ. 1. റോസ; 2. കരയിലുണ്ടായ താമര

സ്ഥലചര വി. കരയിൽ സഞ്ചരിക്കുന്ന

സ്ഥലജലഭ്രമം നാ. സ്ഥലമാണോ ജലമാണോ എന്നു തിരിച്ചറിയാൻ കഴിയാത്ത ഭ്രമാവസ്ഥ

സ്ഥലപത്മം നാ. 1. കരത്താമര; 2. റോസപ്പൂവ്

സ്ഥലപുരാണം നാ. സ്ഥലത്തിൻെറ ചരിത്രം

സ്ഥലം നാ. 1. പ്രത്യേകപ്രദേശം; 2. ഉറച്ചനിലം; 3. കരമാത്രമുള്ള ഭൂഭാഗം; 4. സ്ഥിതിചെയ്യുന്ന ദിക്ക്; 5. മൈതാനം; 6. ചർച്ചാവിഷയം

സ്ഥലാരവിന്ദം നാ. റോസ

സ്ഥലി നാ. 1. അകൃത്രിമമായ പ്രദേശം; 2. വെടിപ്പാക്കാത്ത പ്രദേശം; 3. സ്ഥലദേവത; 4. എലുക

സ്ഥലേശയ വി. തറയിൽ കിടന്നുറങ്ങുന്ന

സ്ഥവി നാ. 1. നെയ്ത്തുകാരൻ; 2. സ്വർഗം

സ്ഥവിര നാ. 1. ബ്രഹ്മാവ്; 2. ബൗദ്ധഭിക്ഷു; 3. വൃദ്ധൻ; 4. യാചകൻ

സ്ഥവിരമതം നാ. ബുദ്ധമതം

സ്ഥവിഷ്ഠ വി. 1. ഏറ്റവും ശക്തിയുള്ള; 2. ഏറ്റവും സ്ഥൂലമായ

സ്ഥാണു വി. 1. ഉറപ്പുള്ള; 2. സ്ഥിരതയുള്ള. നാ. 1. താണു, ശിവൻ; 2. കുന്തം; 3. ശാഖകൾ ഇല്ലാത്തമരം; 4. ജീവകം; 5. തൂൺ; 6. ചിതൽപ്പുറ്റ്

സ്ഥാണുനാഥൻ നാ. ശിവൻ

സ്ഥാണ്ഡിലൻ നാ. 1. സന്യാസി; 2. സ്ഥണ്ഡിലത്തിൽ കിടക്കുന്നവൻ

സ്ഥാതവ്യ വി. സ്ഥാപിക്കത്തക്ക

സ്ഥാതാവ് വി. 1. സ്ഥിതിചെയ്യുന്ന; 2. സ്ഥിരമായ

സ്ഥാനകം നാ. 1. സ്ഥാനം; 2. അവസ്ഥ; 3. (നാട്യ) നില; 4. നഗരം; 5. നുര; 6. തൊട്ടി; 7. ഉച്ചാരണരീതി

സ്ഥാനക്കാരൻ നാ. 1. സ്ഥാനമുള്ളവൻ; 2. സ്ഥാനീ

സ്ഥാനച്യുത വി. 1. സ്ഥാനത്തുനിന്നു പതിച്ച; 2. സ്ഥാനഭ്രഷ്ടു പറ്റിയ
സ്ഥാനജ്ഞൻ നാ. 1. സ്ഥാനം അറിയുന്നവൻ; 2. സ്ഥാനത്തെക്കുറിച്ചറിയുന്നവൻ
1411
സ്ഥാനദോഷം നാ. 1. സ്ഥാനത്തിനുള്ള ദോഷം; 2. സ്ഥാനവിഷം
സ്ഥാനപതി നാ. നയതന്ത്രപ്രതിപുരുഷൻ, അംബാസിഡർ
സ്ഥാനപാലൻ നാ. 1. കാവൽക്കാരൻ; 2. പോലീസുകാരൻ
സ്ഥാനപ്പേര് നാ. ബിരുദം, സ്ഥാനപ്പേര്
സ്ഥാനഭ്രംശം നാ. സ്ഥാനത്തുനിന്നുള്ള മാറൽ, മാറ്റം
സ്ഥാനഭ്രഷ്ട വി. സ്ഥാനത്തുനിന്ന് ഒഴിവാക്കിയ
സ്ഥാനം നാ. 1. സ്ഥലം; 2. സ്ഥിതി; 3. നില; 4. താമസം; 5. ഭവനം; 6. നഗരം; 7. ദേശം; 8. ഇട; 9. ഉദ്യോഗം; 10. വിഭാഗം; 11. പദവി; 12. തുല്യത; 13. അധ്യായം; 14. വിശേഷം; 15. സംബന്ധം; 16. ഏറ്റക്കുറച്ചിൽ ഇല്ലാതാകൽ; 17. പാത്രം; 18. ത്രിവർഗത്തിലൊന്ന്; 19. രാജ്യത്തിൻെറ നിലനിൽപിനുള്ള ഹേതു; 20. വില്ലാളികളുടെ ഉറച്ചനില; 21. മുറ്റം; 22. അവസരം
സ്ഥാനമര്യാദ നാ. സ്ഥാനത്തിനു യോജിച്ച പെരുമാറ്റം
സ്ഥാനമാനം നാ. 1. സ്ഥാനം; 2. മാന്യത; 3. സ്ഥാനവലിപ്പം നിമിത്തമുള്ള മാനം; 4. അവസ്ഥ
സ്ഥാനമാഹാത്മ്യം നാ. സ്ഥാനത്തിനുള്ള മഹിമ
സ്ഥാനയോഗം നാ. അതാതു സ്ഥാനത്തു ക്രമപ്പെടുത്തിവയ്ക്കൽ
സ്ഥാനവെടി നാ. ആചാരവെടി
സ്ഥാനാധ്യക്ഷൻ നാ. 1. സ്ഥാനത്തിൻെറ മേലാവ്; 2. സ്ഥാനികൻ; 3. പോലീസ് ഉദ്യോഗസ്ഥൻ
സ്ഥാനാപന്നൻ നാ. 1. പകരക്കാരൻ; 2. സ്ഥാനത്തു വന്നവൻ
സ്ഥാനാർഥി നാ. ഏതെങ്കിലും സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നവൻ
സ്ഥാനി വി. 1. സ്ഥാനമുള്ള; 2. സ്ഥാനത്തിരിക്കുന്ന. നാ. സ്ഥാനമുള്ളവൻ. ഉദാഃ സ്ഥാനിനായർ
സ്ഥാനിക വി. 1. ഏതിൻെറയെങ്കിലും സ്ഥാനത്തു വരുന്ന; 2. അതതു സ്ഥാനം സംബന്ധിച്ച; 3. സ്ഥാനമുള്ള
സ്ഥാനികൻ നാ. 1. അധിപൻ; 2. സ്ഥലത്തെ ഭരണാധികാരി; 3. സ്ഥാനം ഉള്ളവൻ
സ്ഥാനികം നാ. 1. ക്ഷേത്രത്തിലെ അധികാരം; 2. സമുദായസ്ഥാനം
സ്ഥാനികോർജം നാ. ഒരുവസ്തുവിന് അതിൻെറ പ്രത്യേകസ്ഥാനംകൊണ്ടോ സ്ഥിതികൊണ്ടോ ഉണ്ടാകുന്ന ഊർജം
സ്ഥാനീയ വി. സ്ഥാനം സംബന്ധിച്ച
സ്ഥാനേ അവ്യ. 1. ശരിയായി; 2. സത്യമായി
സ്ഥാപക വി. സ്ഥാപിക്കുന്ന

സ്ഥാപകൻ നാ. 1. സ്ഥാപിച്ചവൻ; 2. (നാട്യ) രങ്ഗസ്ഥലത്തെ പ്രമാണി; 3. സൂത്രധാരൻ
സ്ഥാപത്യൻ നാ. അന്തഃപുര പരിചാരകൻ
സ്ഥാപത്യം നാ. 1. സ്ഥപതിയെ സംബന്ധിച്ചത്; 2. ഒരു ഉപദേവത; 3. ശില്പശാസ്ത്രം; 4. തച്ചുശാസ്ത്രം
സ്ഥാപന നാ. 1. സ്ഥാപിക്കൽ; 2. നാടകത്തിലെ ആമുഖം; 3. ഗർഭാരംഭത്തിൽ നടത്തുന്ന ഒരു കർമം; 4. ധ്യാനം
സ്ഥാപനം നാ. 1. സ്ഥാപിച്ചത്; 2. ഒരു സങ്ഘടനയോ പ്രസ്ഥാനമോ പ്രവർത്തിക്കുന്ന കെട്ടിടം
സ്ഥാപിക്കുക ക്രി. 1. വയ്ക്കുക; 2. സ്ഥിതിചെയ്യിക്കുക; 3. നാട്ടുക; 4. ക്രമപ്പെടുത്തുക; 5. തീർച്ചചെയ്യുക; 6. തെളിയിക്കുക
സ്ഥാപിത വി. സ്ഥാപിക്കപ്പെട്ട
സ്ഥാപ്യം നാ. 1. സ്ഥാപിക്കത്തക്കത്; 2. നിക്ഷേപം; 3. പണയം
സ്ഥാമാ(വ്) നാ. 1. ബലം; 2. പരാക്രമം
സ്ഥായി വി. 1. സ്ഥിരമായുള്ള; 2. സ്ഥിതിചെയ്യുന്ന; 3. ഉറപ്പുള്ള; 4. നിവസിക്കുന്ന; 5. നിലനിൽക്കുന്ന
സ്ഥായിഭാവം നാ. (നാട്യ) ആദ്യന്തം ഉള്ള ഭാവം
സ്ഥായിരസം നാ. 1. സൗഹാർദം; 2. (നാട്യ) അങ്ഗിയായ രസം
സ്ഥായുക വി. 1. ഉറച്ചുനിൽക്കുന്ന ശീലമുള്ള; 2. നിലനിൽക്കുന്ന
സ്ഥാലം നാ. 1. കലം, പാന; 2. താമ്പാളം
സ്ഥാലി നാ. 1. കലം; 2. ഉരുളി; 3. സോമാസവം ഉണ്ടാക്കുന്ന പാത്രം; 4. പാതിരിപ്പൂവ്
സ്ഥാലീപാകം നാ. ഗൃഹസ്ഥാശ്രമികൾ നടത്താറുള്ള ഒരു കർമം
സ്ഥാലീപുലാകം നാ. കലത്തിലുള്ള ചോറ്
സ്ഥാലീബിലം നാ. ഉരുളിയുടെ ഉൾഭാഗം
സ്ഥാവര വി. 1. സ്ഥിതിചെയ്യുന്ന; 2. ഇളകാത്ത; 3. സ്ഥിരമായ; 4. അലസമായ
സ്ഥാവരം നാ. 1. സ്ഥാവരവസ്തു; 2. പർവതം; 3. ഞാൺ; 4. വൃക്ഷം; 5. ഒരിടത്തു സ്ഥിരമായി സ്ഥിതിചെയ്യുന്നത്
സ്ഥാവരശാസ്ത്രം നാ. സസ്യശാസ്ത്രം
സ്ഥാവിര1 വി. 1. ഉറപ്പുള്ള; 2. കട്ടിയായ
സ്ഥാവിര2 നാ. 1. പടുവൃദ്ധ; 2. വയസ്സുചെന്നവൾ
സ്ഥാവിരം നാ. 1. വാർധക്യം; 2. 70 വയസ്സ്യു കഴിഞ്ഞുള്ള പ്രായം
സ്ഥാസകം നാ. 1. സുഗന്ധലേപനം; 2. സുഗന്ധവസ്തു പുകയ്ക്കൽ; 3. നീർക്കുമിള
സ്ഥാസ്നു വി. 1. അത്യന്തം സ്ഥിരമായിട്ടുള്ള; 2. നിലനിൽക്കുന്ന. നാ. വൃക്ഷം

സ്ഥിത വി. 1. സ്ഥിതിചെയ്യുന്ന, വർത്തിക്കുക്ക; 2. സംഭവിച്ച; 3. ഒരുക്കപ്പെട്ട; 4. സ്ഥിരമായ; 5. വിധിക്കപ്പെട്ട; 6. നിയോഗിക്കപ്പെട്ട; 7. സദ്ഗുണവാനായ; 8. അനുസരിക്കുന്ന; 9. നിശ്ചയിച്ചുറച്ച; 10. ആചരിക്കുന്ന; 11. നില്ക്കുന്ന

സ്ഥിതപ്രജ്ഞ വി. 1. ബുദ്ധിസ്ഥിരതയുള്ള; 2. അന്യചിന്തവെടിഞ്ഞ് ആത്മാവിൽ രമിക്കുന്ന

സ്ഥിതം നാ. 1. സ്ഥിതിചെയ്യുന്നത്; 2. തനിച്ചു നിൽക്കുന്നത്

സ്ഥിതി നാ. 1. നിലവിലുള്ള അവസ്ഥ; 2. ഉണ്ടായിരിക്കുന്ന അവസ്ഥ; 3. പദവി; 4. നിലം; 5. അവസ്ഥ; 6. മാംസം; 7. രക്ഷണം; 8. ക്ഷേമം; 9. ഭവനം; 10. സ്ഥിരത; 11. സദാചാരനിഷ്ഠ; 12. നിശ്ചയം; 13. ഗ്രഹണകാലം; 14. ആദരം; 15. അതിർത്തി; 16. വിരാമം

സ്ഥിതിഗത നാ. വലിച്ചാൽ നീളുകയും വിട്ടാൽ പൂർവസ്ഥിതി പ്രാപിക്കുകയും ചെയ്യാനുള്ള കഴിവ്

സ്ഥിതിപദം നാ. 1. ശരിയായ മാർഗം; 2. ഒഴുകിപ്പോകാനുള്ള ചാൽ

സ്ഥിതിമാൻ നാ. 1. ഗുണവാൻ; 2. നല്ല സ്ഥിതിയുള്ളവൻ; 3. നിലവെടിയാത്തവൻ

സ്ഥിര1 വി. 1. മാറ്റമില്ലാതിരിക്കുന്ന; 2. ഉറപ്പുള്ള; 3. ഇളകാത്ത; 4. നിശ്ചിതമായ; 5. കട്ടിയായ; 6. ശന്തമായ; 7. കഠിനഹൃദയനായ

സ്ഥിര2 നാ. 1. ഭൂമി; 2. സ്ഥിരചിത്ത; 3. ഇലവു വൃക്ഷം; 4. മൂവില

സ്ഥിരഗന്ധം നാ. ചെമ്പകം

സ്ഥിരച്ഛദം നാ. ഭൂർജവൃക്ഷം

സ്ഥിരച്ഛായം നാ. മരം

സ്ഥിരജിഹ്വം നാ. ഒരു മത്സ്യം

സ്ഥിരജീവി നാ. സ്ഥിരായുസ്സ്

സ്ഥിരതര വി. 1. കൂടുതൽ ഉറപ്പുള്ള; 2. അധികം സ്ഥിരമായിട്ടുള്ള

സ്ഥിരദംഷ്ട്രൻ നാ. വരാഹമൂർത്തി

സ്ഥിരദംഷ്ട്രം നാ. പാമ്പ്

സ്ഥിരൻ നാ. 1. ദേവൻ; 2. സുബ്രഹ്മണ്യൻ; 3. ശനി; 4. ശിവൻ; 5. സ്ഥിരചിത്തൻ

സ്ഥിരപുഷ്പം നാ. 1. ചെമ്പകം; 2. ബകുളം

സ്ഥിരപ്പെടുക ക്രി. 1. ഉറപ്പാകുക; 2. സ്ഥിരമാകുക; 3. മാറ്റമില്ലാതാവുക

സ്ഥിരപ്രതിജ്ഞ നാ. 1. സ്ഥിരമായുള്ള പ്രതിജ്ഞ; 2. സ്ഥിരമായി പാലിക്കപ്പെടുന്ന പ്രതിജ്ഞ

സ്ഥിരം നാ. 1. ഉറപ്പ്; 2. കാള; 3. പർവതം; 4. വൃക്ഷം; 5. മോക്ഷം

സ്ഥിരമദം നാ. മയിൽ

സ്ഥിരരാശി നാ. (ജ്യോ) ചരമല്ലാത്ത രാശി

സ്ഥിരവാരം നാ. ശനിയാഴ്ച

സ്ഥിരസങ്ഗര വി. 1. വാക്കുപാലിക്കുന്ന; 2. സത്യനിഷ്ഠയുള്ള
സ്ഥിരസൗഹൃദ വി. സ്ഥിരമായ സ്നേഹത്തോടുകൂടിയ
സ്ഥിരായുസ്സ് വി. വളരെക്കാലം ജീവിച്ചിരിക്കുന്ന, സ്ഥിരമായി നിലനിൽക്കുന്ന
സ്ഥിരാശയൻ നാ. ദൃഢചിത്തൻ
സ്ഥിരീകരണം നാ. സ്ഥിരപ്പെടുത്തൽ, ഉറപ്പിക്കൽ
സ്ഥിരീഭവിക്കുക ക്രി. 1. സ്ഥിരമാവുക; 2. ഉറപ്പുവരിക; 3. ഉറയ്ക്കുക
സ്ഥൂണ നാ. 1. തൂണ്; 2. അടകല്ല്; 3. ഇരുമ്പുപ്രതിമ; 4. ഒരു രോഗം
സ്ഥൂമൻ നാ. ചന്ദ്രൻ
സ്ഥൂരൻ,സ്ഥൂരം നാ. 1. പൊതിക്കാള; 2. ഭാരം ചുമക്കുന്ന കുതിര; 3. പുരുഷൻ
സ്ഥൂല1 നാ. തടിച്ചവൾ
സ്ഥൂല2 വി. 1. തടിച്ച; 2. വലിയ; 3. ശക്തിയേറിയ; 4. പരുപരുത്ത; 5. മൂർത്തമായ; 6. ഏകദേശമായ; 7. സൂക്ഷ്മമല്ലാത്ത
സ്ഥൂലകായൻ നാ. തടിയൻ
സ്ഥൂലചാപം നാ. പഞ്ഞികടയാനുള്ള ഉപകരണം
സ്ഥൂലത നാ. സ്ഥൂലമായിരിക്കുന്ന അവസ്ഥ, വലിപ്പം
സ്ഥൂലതമ വി. ഏറ്റവും സ്ഥൂലമായ
സ്ഥൂലധി നാ. മന്ദബുദ്ധി
സ്ഥൂലനാസം നാ. സ്ഥൂലനാസികം, കാട്ടുപന്നി
സ്ഥൂലനാളം നാ. ഒരുതരം വലിയ മുള
സ്ഥൂലപടം നാ. പരുപരുത്ത തുണി
സ്ഥൂലപാദൻ നാ. മന്തുള്ളവൻ
സ്ഥൂലപാദം നാ. ആന
സ്ഥൂലഫലം നാ. ഇലവ്
സ്ഥൂലം നാ. 1. തടിച്ചത്; 2. പ്ലാവ്; 3. വൻകൊന്ന; 4. പർവതശിഖരം; 5. കൂടാരം; 6. കൂമ്പാരം
സ്ഥൂലമാനം നാ. ഏകദേശക്കണക്ക്, ഏകദേശമായ അളവ്
സ്ഥൂലലക്ഷൻ നാ. 1. ദാനശീലൻ, ഉദാരൻ; 2. അല്പകാര്യങ്ങളെക്കൊണ്ട് തൃപ്തിപ്പെടാത്തവൻ; 3. വിദ്വാൻ; 4. ലക്ഷ്യത്തിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നവൻ
സ്ഥൂലവിരാട്ട് നാ. ദൈവികശക്തിയുടെ വിശ്വരൂപം
സ്ഥൂലശരീരം നാ. ഭൗതികശരീരം × സൂക്ഷ്മശരീരം
സ്ഥൂലശാടകം നാ. 1. പരുക്കൻ വസ്ത്രം; 2. പരുത്തി നൂലുകൊണ്ടുള്ള വസ്ത്രം
സ്ഥൂലസ്കന്ധം നാ. അയനിമരം
സ്ഥൂലഹസ്തൻ നാ. ആന
സ്ഥൂലാന്ത്രം നാ. പെരുംകുടൽ
സ്ഥൂലാസ്യം നാ. പാമ്പ്
സ്ഥൂലി നാ. 1. സ്ഥൂലിച്ചത്; 2. ഒട്ടകം

സ്ഥൂലിക്കുക ക്രി. 1. തടിക്കുക; 2. വലുതാവുക

സ്ഥൂലോച്ചയം നാ. 1. മലയിൽ നിന്നു പൊട്ടിവീണ പാറ; 2. ആനയുടെ നട; 3. മുഖക്കുരു; 4. അപൂർണത, ന്യൂനത; 5. ആനക്കൊമ്പിൻെറ ചുവട്ടിലുള്ള പൊള്ള

സ്ഥേമാ(വ്) നാ. 1. ബലം; 2. സ്ഥിരത

സ്ഥേയ വി. 1. ഉറപ്പിക്കപ്പെടേണ്ട; 2. തീരുമാനിക്കാനുള്ള

സ്ഥേയൻ നാ. 1. ന്യായാധിപതി; 2. മധ്യസ്ഥൻ; 3. ഗൃഹപുരോഹിതൻ

സ്ഥേയസ്സ് വി. കൂടുതൽ സ്ഥിരതയുള്ള

സ്ഥേഷ്ഠ വി. ഏറ്റവും സ്ഥിരമായ

സ്ഥൈതിക വി. സ്ഥിതിയെ സംബന്ധിച്ച

സ്ഥൈര്യം നാ. 1. സ്ഥിരത, ഉറപ്പ്; 2. നിലനിൽപ്പ്; 3. സ്ഥിരനിശ്ചയം; 4. ക്ഷമ

സ്ഥൈര്യലേപനം നാ. (ക്രിസ്തു) മുമ്പിലത്തെ ഒപ്രുശുമ, ക്രീസ്മ

സ്ഥൗരം നാ. 1. ഉറപ്പ്; 2. ഒരു കുതിരയ്ക്കു വഹിക്കാവുന്ന ഭാരം; 3. ശക്തി; 4. ഉറപ്പ്

സ്ഥൗരി നാ. 1. ചുമട്ടുകുതിര; 2. ബലമുള കുതിര

സ്ഥൗല്യം നാ. 1. സ്ഥൂലത; 2. വലുപ്പം

സ്നപനം നാ. 1. കുളിപ്പിക്കൽ; 2. തളിക്കൽ; 3. കഴുകൽ; 4. മന്ത്രപൂർവകമായി ചെയ്യപ്പെടുന്ന അഭിഷേകം

സ്നപിക്കുക ക്രി. സ്നാനം ചെയ്യുക

സ്നപിത വി. സ്നപനം ചെയ്യപ്പെട്ട, കുളിച്ച

സ്നവം നാ. 1. ഒലിപ്പ്; 2. ഊറൽ; 3. ഇറ്റിറ്റു വീഴൽ

സ്നസ നാ. 1. ഏപ്പ്; 2. പെരുഞ്ഞരമ്പ്; 3. അങ്ഗപ്രത്യങ്ഗങ്ങളെ കൂട്ടിയിണക്കുന്ന ഞരമ്പ്

സ്നാത വി. 1. സ്നാനം ചെയ്ത; 2. ശുദ്ധിവരുത്തിയ; 3. ഗൃഹസ്ഥാശ്രമത്തിൽ പ്രവേശിച്ച; 4. വേദാഭ്യാസം കഴിഞ്ഞ

സ്നാതകൻ നാ. 1. വേദാധ്യയനത്തിനുശേഷം വ്രതം അനുഷ്ഠിക്കുന്നവൻ, സമാവർത്തനം കഴിഞ്ഞെങ്കിലും ഗൃഹസ്ഥാശ്രമത്തിൽ പ്രവേശിച്ചിട്ടില്ലാത്തവൻ; 2. ഭിക്ഷുവായ ബ്രാഹ്മണൻ

1413

സ്നാനഘട്ടം നാ. കുളിക്കാനുള്ള കടവ്

സ്നാനതൃണം നാ. ദർഭപ്പുല്ല്

സ്നാനം നാ. കുളി

സ്നാനാഗാരം നാ. കുളിമുറി

സ്നാനീയം നാ. കുളിക്കാനുള്ള വെള്ളവും മറ്റും

സ്നാപകൻ നാ. 1. കുളിപ്പിക്കുന്നവൻ; 2. (ക്രിസ്തു) ജ്ഞാനസ്നാനം ചെയ്യിക്കുന്നവൻ, ക്രിസ്തുവിനെ മാമ്മോദീസാ മുക്കിയ വി. യോഹന്നാൻ

സ്നാപനം നാ. 1. കുളിപ്പിക്കൽ; 2. സ്നാനം ചെയ്യിക്കൽ

സ്നാപിത വി. 1. കുളിപ്പിച്ച; 2. സ്നാപനം ചെയ്യപ്പെട്ട

സ്നായു നാ. മാംസപേശിയെ അസ്ഥിയുമായി ബന്ധിക്കുന്ന വസ്തു
സ്നായ്വർമം [സ്നായു-അർമൻ] നാ. ഒരു നേത്ര രോഗം
സ്നാവം നാ. മാംസപേശിയെ അസ്ഥിയുമായി ബന്ധിക്കുന്ന വസ്തു
സ്നിഗ്ധ വി. 1. സ്നേഹമുള്ള; 2. എണ്ണമയമുള്ള; 3. ശുദ്ധീകരിക്കപ്പെട്ട; 4. ഹൃദ്യമായ; 5. തണുപ്പുള്ള; 6. ഇഴുകിയ; 7. പറ്റിപ്പിടിക്കുന്ന; 8. മിനുങ്ങിയ; 9. മെഴുമെഴുപ്പുള്ള; 10. ഇടതിങ്ങിയ
സ്നിഗ്ധദാരു നാ. ദേവതാരം
സ്നിഗ്ധദൃഷ്ടി നാ. 1. സ്നേഹപൂർവകമായ നോട്ടം; 2. തുറിച്ചുനോട്ടം
സ്നിഗ്ധൻ നാ. സ്നേഹിതൻ
സ്നിഗ്ധപത്രം നാ. ഇലന്ത
സ്നിഗ്ധം നാ. 1. മെഴുക്; 2. പ്രകാശം; 3. നെയ്യും മറ്റും ചേർത്ത ചോറ്; 4. പച്ചപ്പുഴു; 5. ഉഴുന്ന്; 6. ചെമന്ന ആവണക്ക്; 7. അഴിഞ്ഞിൽ; 8. ചരളം
സ്നുത വി. 1. ചുരത്തിയ; 2. ഊറിയ; 3. ഇറ്റിറ്റുവീണ
സ്നുഷ നാ. 1. പുത്രന്റെ ഭാര്യ; 2. ഗൃഹാവശ്യത്തിനുള്ള വെള്ളം കോരുന്നവൾ
സ്നേഹകായം നാ. കൊഴുത്തശരീരം
സ്നേഹഗ്രന്ഥി നാ. സ്തനികളുടെ ത്വക്കിലെ എണ്ണ ഉത്പാദിപ്പിക്കുന്ന ഗ്രന്ഥി
സ്നേഹനം നാ. 1. എണ്ണയിടൽ; 2. എണ്ണതേപ്പ്
സ്നേഹപാത്രം നാ. 1. സ്നേഹത്തിന് അർഹനായവൻ; 2. സ്നേഹത്തിന്റെ ഇരിപ്പിടം; 3. എണ്ണപ്പാത്രം
സ്നേഹപാനം നാ. എണ്ണ നെയ്യ് മുതലായവ സേവിക്കൽ, ആയുർവേദ ചികിത്സകളിൽ ഒന്ന്
സ്നേഹപൂർവം അവ്യ. സ്നേഹത്തോടുകൂടി
സ്നേഹപ്രിയം നാ. 1. വിളക്ക്; 2. ദീപം
സ്നേഹഫലം നാ. 1. എള്ള്; 2. നിലം
സ്നേഹഭൂമി നാ. 1. സ്നേഹവിഷയം; 2. എണ്ണയെടുക്കുന്ന വസ്തു
സ്നേഹം നാ. 1. ഇഷ്ടം; 2. മമത; 3. എണ്ണ; 4. കൊഴുപ്പ്; 5. നനവ്; 6. ഇന്ദ്രിയം
സ്നേഹരങ്ഗം നാ. 1. എള്ള്; 2. നിലം
സ്നേഹവസ്തി നാ. എണ്ണയോ നെയ്യോ കൊണ്ടുള്ള വസ്തി
സ്നേഹി വി. 1. സ്നേഹമുള്ള; 2. സ്നേഹിക്കുന്ന
സ്നേഹിക്കുക ക്രി. ഇഷ്ടപ്പെടുക
സ്നേഹു നാ. 1. ചന്ദ്രൻ; 2. ഒരു രോഗം
സ്പന്ദനം നാ. 1. മൃദുചലനം; 2. സ്പന്ദിക്കൽ, മിടിപ്പ്
സ്പന്ദം നാ. 1. തുടിപ്പ്, മിടിപ്പ്; 2. ആവർത്തിച്ചുള്ള ചലനം
സ്പന്ദിക്കുക ക്രി. 1. വീണ്ടും വീണ്ടും ചെറുതായി ചലിക്കുക; 2. തുടിക്കുക

സ്പന്ദിത വി. സ്പന്ദിക്കപ്പെട്ട
സ്പർധ നാ. 1. മത്സരം; 2. അസൂയ
സ്പർധാലു വി. സ്പർധയോടുകൂടിയ
സ്പർധി വി. സ്പർധയുള്ള
സ്പർധിക്കുക ക്രി. 1. മത്സരിക്കുക; 2. അസൂയപ്പെടുക
സ്പർശ നാ. 1. വേശ്യ; 2. കുലട
സ്പർശനകം നാ. 1. ത്വക്ക്; 2. ത്വക്കിന്ദ്രിയം
സ്പർശനൻ നാ. വായു
സ്പർശനം നാ. 1. സ്പർശിക്കൽ; 2. ത്വക്ക്
സ്പർശം നാ. 1. സമ്പർക്കം; 2. തൊടുക എന്ന ക്രിയ; 3. സസുഖം; 4. രോഗം; 5. ആകാശം; 6. സമ്മാനം; 7. ദാനം; 8. വായു; 9. സ്പർശമണി; 10. സംയോഗം; 11. യുദ്ധം; 12. (വ്യാക) സ്പർശംകൊണ്ട് ഉച്ചരിക്കുന്ന വ്യഞ്ജനങ്ങൾ
സ്പർശമണി നാ. വിശേഷപ്പെട്ട ഒരുതരം കല്ല്
സ്പർശലജ്ജ നാ. തൊട്ടാവാടി
സ്പർശിക്കുക ക്രി. 1. തൊടുക; 2. സമ്പർക്കത്തിലേർപ്പടുക
സ്പർശേന്ദ്രിയം നാ. 1. തൊലി; 2. ത്വക്കിന്ദ്രിയം
സ്പർശോപലം നാ. സ്പർശമണി
സ്പർഷ്ട നാ. 1. അത്യധികമായ ചൂട്; 2. രോഗം
സ്പശൻ നാ. ചാരൻ
സ്പശം നാ. യുദ്ധം
സ്പഷ്ട വി. 1. യഥാർഥമായ; 2. തെളിവായ; 3. വിടർന്ന
സ്പഷ്ടകഥനം നാ. ഒരാൾ പറഞ്ഞതു മുഴുവനും അതേ രീതിയിൽ പറഞ്ഞുകേൾപ്പിക്കൽ
സ്പഷ്ടഭാഷി നാ. തുറന്നു പറയുന്നവൻ
സ്പഷ്ടീകരിക്കുക ക്രി. സ്പഷ്ടമാക്കുക, വ്യക്തമാക്കുക
സ്പൂൺ [ഇം.] നാ. കരണ്ടി
സ്പൃക്ക് വി. (പദാന്ത്യ) 1. സ്പർശിക്കുന്ന; 2. ബാധിക്കുന്ന; 3. തുളയ്ക്കുന്ന
സ്പൃശ്യ വി. 1. സ്പർശിക്കത്തക്ക; 2. തീണ്ടലില്ലാത്ത; 3. തൊട്ടറിയാവുന്ന
സ്പൃഷ്ട വി. സ്പർശിക്കപ്പെട്ട; 2. തൊട്ടിരിക്കുന്ന; 3. തീണ്ടപ്പെട്ട
സ്പൃഷ്ടം നാ. സ്പർശം, സ്പർശവർണം
സ്പൃഷ്ടി നാ. സ്വർഗം
സ്പൃഹ നാ. 1. ഇച്ഛ; 2. കൊതി; 3. അസൂയ; 4. സ്നേഹം; 5. ആഗ്രഹം
സ്പൃഹണം നാ. 1. ഇച്ഛിക്കൽ; 2. ആഗ്രഹിക്കൽ
സ്പൃഹണീയ വി. 1. ആഗ്രഹിക്കത്തക്ക; 2. അസൂയപ്പെടത്തക്ക
സ്പൃഹാലു വി. 1. ആഗ്രഹമുള്ള; 2. അസൂയപ്പെടുന്ന
സ്പൃഹ്യം നാ. 1. കാട്ടുമാതളം; 2. ആഗ്രഹിക്കത്തക്കത്
സ്പ്രഷ്ട വി. സ്പർഷ്ടാ

സ്ഫട	നാ.	1. പത്തി; 2. പടിക്കാരം
സ്ഫടം	നാ.	പടം (പാമ്പിൻെറ പത്തി)
സ്ഫടി	നാ.	പടിക്കാരം
സ്ഫടികപാത്രം	നാ.	കണ്ണാടിപ്പാത്രം
സ്ഫടികം	നാ.	1. പളുങ്ക്; 2. മണൽ ഉരുക്കിയുണ്ടാക്കുന്ന ഒരു വസ്തു; 3. കണ്ണാടി
സ്ഫടികമണി	നാ.	1. പളുങ്ക്; 2. സ്ഫടികക്കല്ല്
സ്ഫടികാചലം	നാ.	1. കൈലാസം; 2. മേരുപർവതം
സ്ഫടികാഭ്രം	നാ.	കർപ്പൂരം
സ്ഫടികാവദാത	വി.	സ്ഫടികംപോലെ വെളുത്ത
സ്ഫടികാശ്മം	നാ.	സ്ഫടികമണി
സ്ഫരണം	നാ.	1. വിങ്ങൽ; 2. വിറയൽ; 3. ഉള്ളടക്കം
സ്ഫാടകം	നാ.	1. സ്ഫടികം; 2. വെളുത്തുള്ളി
സ്ഫാടിക	വി.	1. സ്ഫടികമയമായ; 2. സ്ഫടികതുല്യമായ
സ്ഫാത	വി.	1. വർധിച്ച; 2. വീർത്ത; 3. വീങ്ങിയ
സ്ഫാതി	നാ.	1. വൃദ്ധി; 2. അഭിവൃദ്ധി; 3. വീക്കം
സ്ഫായത്ത്	വി.	വർധിക്കുന്ന
സ്ഫാര	വി.	1. വർധിച്ച; 2. വലിയ; 3. ഉച്ചത്തിലുള്ള; 4. സമൃദ്ധമായ
സ്ഫാരണം	നാ.	1. വിറയൽ; 2. തുടിപ്പ്
സ്ഫാരം	നാ.	1. വലുതാകൽ; 2. വിങ്ങൽ; 3. വർധന; 4. സമൃദ്ധി; 5. മുഴ; 6. വിതൃതം; 7. വിറയൽ; 8. ഞാണൊലി; 9. കുമിള
സ്ഫാലം	നാ.	1. ഉരസൽ; 2. വിറയൽ; 3. തഴുകൽ; 4. തലോടൽ; 5. അനക്കം
സ്ഫാലനം	നാ.	1. വിറയൽ; 2. തഴുകൽ
സ്ഫികതടം	നാ.	പൃഷ്ഠദേശം
സ്ഫിക്ക്	നാ.	1. ആസനം; 2. പൃഷ്ഠം
സ്ഫിര	വി.	1. ബഹുലമായ; 2. സമൃദ്ധമായ; 3. വലിയ
സ്ഫീത	വി.	1. വർധിച്ച; 2. സമൃദ്ധമായ; 3. ശുദ്ധമായ; 4. പാരമ്പര്യരോഗം ബാധിച്ച; 5. തടിച്ച; 6. വീങ്ങിയ; 7. ശുഭമായ; 8. സന്തോഷമുള്ള; 9. വലിയ
സ്ഫീതി	നാ.	1. ഐശ്വര്യം; 2. വർധന; 3. സമൃദ്ധി
സ്ഫുട	വി.	1. തെളിഞ്ഞ; 2. വിടർന്ന; 3. നിർമലമായ; 4. പ്രസിദ്ധമായ; 5. വ്യാപിച്ച; 6. വലുതായ; 7. പൊട്ടിയ; 8. തിരുത്തപ്പെട്ട
സ്ഫുടനം	നാ.	1. പിളർപ്പ്; 2. വികാസം
സ്ഫുടം	അവ്യ.	1. സ്പഷ്ടമായി; 2. വിശദമായി. നാ. 1. (ജ്യോ)ഗ്രഹത്തിൻെറ സൂക്ഷ്മമായ നില (എത്ര ഡിഗ്രി സഞ്ചരിച്ചുവെന്ന്, രാശി-ഭാഗ-കലകളായി പറയുന്നു); 2. വിടർന്ന പൂക്കളോടെ നിൽക്കുന്ന മരം
സ്ഫുടി	നാ.	പുറംതൊലി പൊട്ടൽ
സ്ഫുടിക	നാ.	1. തുണ്ട്; 2. ഖണ്ഡം
സ്ഫുടിക്കുക	ക്രി.	1. വിടരുക; 2. പൊട്ടിത്തെറിക്കുക; 3. തെളിയുക

സ്ഫുടിത വി. 1. പിളർന്ന; 2. വിടർന്ന
സ്ഫുടീകരിക്കുക ക്രി. സ്പഷ്ടീകരിക്കുക
സ്ഫുത്കരം നാ. അഗ്നി
സ്ഫുത്കാരം നാ. 1. പൊട്ടൽ; 2. ശബ്ദം
സ്ഫുരണം നാ. 1. പ്രകാശനം; 2. തിളങ്ങൽ; 3. വിറയൽ; 4. മന്ദം മന്ദമായ ചലനം; 5. പെട്ടെന്നുള്ള തോന്നൽ
സ്ഫുരത്ത് വി. സ്ഫുരിക്കുന്ന
സ്ഫുരിക്കുക ക്രി. 1. തുടിക്കുക; 2. അനങ്ങുക; 3. മനസ്സിൽ തോന്നുക; 4. തിളങ്ങുക
സ്ഫുരിതം നാ. 1. സ്ഫുരിച്ചത്; 2. തുടിപ്പ്; 3. മനഃക്ഷോഭം; 4. (സങ്ഗീ) ഒരു ഗമകം
സ്ഫൂലനം നാ. സ്ഫുരണം
സ്ഫൂലം നാ. 1. പാളയം; 2. കൂടാരം
സ്ഫുലിങ്ഗം നാ. തീപ്പൊരി
സ്ഫുർജഥം നാ. ഇടിവെട്ട്
സ്ഫുർജം നാ. 1. ഇടിവാൾ; 2. വജ്രായുധം; 3. ഇടിവെട്ടുന്ന ശബ്ദം; 4. പെട്ടെന്നുള്ള ആവിർഭാവം; 5. സമാഗമം
സ്ഫൂർത്തി നാ. 1. വിടർച്ച; 2. മന്ദമായ ചലനം; 3. തുടിപ്പ്; 4. പെട്ടെന്നുള്ള തോന്നൽ
സ്ഫൂർത്തിമാൻ നാ. 1. ശൈവമതക്കാരൻ; 2. സ്ഫൂർത്തിയോടുകൂടിയവൻ
സ്ഫേയസ്സ് വി. 1. അതിസമൃദ്ധമായ; 2. കൂടുതൽ വലുതായ
സ്ഫേഷ്ഠ വി. 1. ഏറ്റവും സമൃദ്ധമായ; 2. ഏറ്റവും അധികമായ
സ്ഫോട നാ. പാമ്പിൻെറ പത്തി
സ്ഫോടകം നാ. 1. പൊട്ടിത്തെറിക്കുന്നത്; 2. പരു; 3. കുരു
സ്ഫോടനം നാ. 1. പൊട്ടൽ; 2. വിടർച്ച; 3. പൊട്ടിത്തെറി
സ്ഫോടനി നാ. തുരപ്പണം
സ്ഫോടം നാ. 1. പരു; 2. മുഴ; 3. പൊട്ടൽ; 4. വികാസം; 5. ശബ്ദോച്ചാരണമാത്രയിൽ മനസ്സിലുദിക്കുന്ന അർഥം
സ്മയം നാ. 1. ഗർവം; 2. അദ്ഭുതം
സ്മർത്തവ്യ വി. സ്മരണീയ
സ്മരഗുരു നാ. വിഷ്ണു
സ്മരച്ഛത്രം നാ. 1. കാമദേവൻെറ കുട; 2. കൃസരി
സ്മരണ നാ. 1. ഓർമ; 2. ചിന്ത; 3. ധ്യാനം; 4. ഒരലങ്കാരം
സ്മരണം നാ. 1. സ്മരിക്കൽ; 2. ചിന്തിക്കൽ; 3. ഭക്തിപൂർവം മനസ്സിൽ ധ്യാനിക്കൽ; 4. ഒരലങ്കാരം
സ്മരണീയ വി. 1. സ്മരിക്കത്തക്ക; 2. ഓർത്തിരിക്കേണ്ടതായ
സ്മരദശ നാ. കാമാവസ്ഥ
സ്മരധ്വജം നാ. 1. പുരുഷൻെറ ലിങ്ഗം; 2. ഒരു വാദ്യം; 3. യോനി; 4. ഉപസ്ഥം; 5. ഒരു മത്സ്യം
സ്മരൻ നാ. കാമദേവൻ

സ്മരപ്രിയ നാ. രതീദേവി

സ്മരം നാ. സ്മരണ

സ്മരലേഖനി നാ. പഞ്ചവർണക്കിളി

സ്മരവല്ലഭം നാ. വസന്തം

സ്മരവീഥിക നാ. വ്യഭിചാരിണി

സ്മരശാസനൻ നാ. കാമനാശനൻ

സ്മരസഖൻ നാ. ചന്ദ്രൻ

സ്മരസ്തംഭം നാ. പുരുഷൻെറ ലിങ്ഗം

സ്മരസ്മര്യം നാ. കഴുത

സ്മരഹരൻ നാ. ശിവൻ

സ്മരാങ്കുശൻ നാ. 1. കാമുകൻ; 2. വിടൻ

സ്മരാങ്കുശം നാ. കൈനഖം

സ്മരാന്ധ നാ. കാമപാരവശ്യമുള്ള

സ്മരാരി നാ. സ്മരഹരൻ

സ്മരാസവം നാ. ഉമിനീര്

സ്മരിക്കുക ക്രി. 1. ചിന്തിക്കുക; 2. ഓർക്കുക; 3. ധ്യാനിക്കുക

സ്മര്യ വി. ഓർക്കേണ്ടത്

സ്മാർത്ത വി. 1. സ്മൃതിയെ സംബന്ധിച്ച; 2. സ്മാരകരൂപമായ; 3. സ്മൃതിയിൽ വിധിച്ചിട്ടുള്ള, ധാർമികനിയമം അനുസരിച്ചുള്ള

1415

സ്മാർത്തൻ നാ. 1. സ്മൃതികൾ ഗ്രഹിച്ച ബ്രാഹ്മണൻ; 2. ധാർമിക നിയമപ്രകാരം പ്രവർത്തിക്കുന്നവൻ

സ്മാർത്തം നാ. സ്മൃതിപ്രകാരമുള്ള കർമം

സ്മാർത്തവിചാരം നാ. വ്യഭിചാരശങ്കയുള്ള അന്തർജനത്തെ സംബന്ധിച്ച് സ്മാർത്തൻ നടത്തുന്ന വിചാരണ

സ്മാര വി. സ്മരനെ (കാമദേവനെ) സംബന്ധിച്ച

സ്മാരക വി. സ്മരിപ്പിക്കുന്ന

സ്മാരകം നാ. 1. ഓർമിപ്പിക്കുന്ന വസ്തു; 2. ഏതെങ്കിലും ഒന്നിൻെറ ഓർമ നിലനിറുത്തുവാനായി ചെയ്യുന്ന കൃത്യമോ സ്ഥാപിക്കുന്ന വസ്തുവോ; 3. ഓർമക്കുറിപ്പ്

സ്മാരണം നാ. സ്മരിപ്പിക്കൽ

സ്മാരം നാ. 1. ഓർമ; 2. സ്മരണ

സ്മാരിക നാ. പഞ്ചവർണക്കിളി

സ്മിത വി. 1. പുഞ്ചിരിതൂകുന്ന; 2. വിടർന്ന

സ്മിതം നാ. പുഞ്ചിരി

സ്മൃത വി. 1. സ്മരിക്കപ്പെട്ട; 2. ചിന്താവിഷയമായ; 3. പ്രസ്താവിക്കപ്പെട്ട

സ്മൃതി നാ. 1. ഓർമ, ഓർമിക്കൽ; 2. ധാരണ; 3. ചിന്ത; 4. ധ്യാനം; 5. ധർമശാസ്ത്രം; 6. ആചാരപദ്ധതി; 7. ന്യായശാസ്ത്രം; 8. ആഗ്രഹം; 9. സദാചാരനിയമം

സ്മൃതികാരൻ നാ. ധർമശാസ്ത്രത്തിൻെറ കർത്താവ്

സ്മൃതിപഥം നാ. 1. ഓർമ; 2. ചിന്ത
സ്മൃതിമത്ത് വി. ഓർമയുള്ള
സ്മൃതിമാൻ നാ. 1. ഒരു അലങ്കാരം; 2. സ്മൃതി അഭ്യസിച്ചവൻ; 3. ഓർമയുള്ളവൻ
സ്മൃതിരോധം നാ. ഓർമകേട്
സ്മൃതിവിഭ്രമം നാ. 1. ഓർമയിലെ കുഴപ്പം; 2. മനസ്സിലെ വിഭ്രമം
സ്മൃതിശേഷ വി. സ്മരണയിൽമാത്രം അവശേഷിക്കുന്ന, മരിച്ചുപോയ
സ്മേര വി. 1. പുഞ്ചിരിക്കുന്ന; 2. വിടർന്ന; 3. തെളിഞ്ഞ
സ്യദം നാ. 1. പാച്ചിൽ; 2. വേഗത്തിലുള്ള ഗമനം
സ്യന്ദന വി. 1. ഒഴുകുന്ന; 2. വേഗത്തിൽ പോകുന്ന
സ്യന്ദനൻ നാ. വായു
സ്യന്ദനം നാ. 1. തേര്; 2. വെള്ളം; 3. ഒഴുക്ക്; 4. പാച്ചിൽ; 5. വായു; 6. ഉമിനീര്; 7. തൊടുകാര
സ്യന്ദനിക നാ. ഉമിനീർത്തുള്ളി
സ്യന്ദം നാ. 1. രഥം; 2. ഉറവെടുക്കൽ; 3. ഒഴുക്ക്; 4. ദ്രുതഗമ
സ്യന്ദി നാ. സ്യന്ദിക്കുന്ന
സ്യന്ദിക്കുക ക്രി. 1. ഒലിക്കുക; 2. ഒഴുകുക; 3. പായുക; 4. വേഗത്തിൽ പോകുക
സ്യന്ദിത വി. 1. ഒഴുകിയ; 2. ഊറിയ; 3. ഒലിച്ച
സ്യന്ദിനി നാ. 1. ഉമിനീര്; 2. ഇരട്ടപെറ്റ പശു
സ്യന്ന വി. 1. ഒഴുകിയ; 2. ചുരത്തിയ; 3. ഊറിയ; 4. ഒലിച്ച
സ്യമന്തകം നാ. (പുരാണ) സൂര്യൻ സത്രാജിത്തിനു സമ്മാനിച്ച വിശിഷ്ടമായ രത്നം
സ്യമികം നാ. 1. കാലം; 2. മേഘം; 3. ഒരു വൃക്ഷം; 4. ചിതൽപ്പുറ്റ്
സ്യാനന്ദുരം നാ. തിരുവനന്തപുരം (സംസ്കൃതീകൃതരൂപം)
സ്വാലൻ നാ. അളിയൻ
സ്യൂത വി. 1. തുന്നിയ; 2. തുന്നിക്കെട്ടിയ; 3. കൂട്ടിച്ചേർത്ത
സ്യൂതം നാ. 1. വലിയ സഞ്ചി; 2. ചാക്ക്
സ്യൂതി നാ. 1. തുന്നൽ; 2. സന്തതി
സ്യൂനൻ നാ. സൂര്യൻ
സ്യൂനം നാ. സഞ്ചി, ചാക്ക്
സ്യൂമം നാ. 1. രശ്മി; 2. ജലം; 3. സുഖം
സ്യോതം നാ. ചാക്ക്, സഞ്ചി
സ്യോന വി. 1. ഭങ്ഗിയുള്ള; 2. സന്തോഷമുള്ള; 3. ശുഭമായ
സ്യോനം നാ. 1. സുഖം; 2. രശ്മി; 3. സഞ്ചി
സ്രക്ക് നാ. 1. പൂമാല; 2. തലയിൽ അണിയുന്ന മാല
സ്രഗ്ധര1 വി. ഹാരം ധരിച്ച, മാല ചൂടിയ
സ്രഗ്ധര2 നാ. ഒരു വൃത്തം
സ്രഗ്വി വി. മാലചൂടിയ

സ്രഗ്വിണി നാ. 1. മാലധരിച്ചവൾ; 2. ഒരു ദ്രാവിഡവൃത്തം
സ്രജിഷ്ഠ വി. അനേകം മാലകൾ ചൂടിയ
സ്രജ്വ നാ. 1. കയറ്; 2. ചരട്
സ്രദ്ധ നാ. 1. ശ്രദ്ധ; 2. ദക്ഷപുത്രി
സ്രദ്ധു നാ. 1. അപാനവായു; 2. കീഴ്ശ്വാസം
സ്രംസം നാ. 1. വീഴ്ച; 2. വീഴ്ത്തൽ
സ്രംസി വി. 1. അയഞ്ഞുകൊണ്ടിരിക്കുന്ന; 2. താഴോട്ടു വീഴുന്ന; 3. വഴുതി വീഴുന്ന, ഒലിക്കുന്ന; 4. തൂങ്ങിക്കിടക്കുന്ന
സ്രംസിക്കുക ക്രി. 1. വീഴുക; 2. വിട്ടുപോവുക; 3. അയയുക; 4. തൂങ്ങിക്കിടക്കുക
സ്രംസിത വി. അയവുവരുത്തപ്പെട്ട
സ്രവണം നാ. 1. സ്രവം, വാർച്ച; 2. വിയർപ്പ്; 3. ഒഴുക്ക്; 4. മൂത്രം
സ്രവദ്ഗർഭ നാ. ഗർഭം അലസിയവൾ
സ്രവത്ത് വി. സ്രവിക്കുന്ന
സ്രവദ്രങ്ഗം നാ. 1. ചന്ത; 2. വിപണി
സ്രവന്തി നാ. 1. നദി; 2. പ്ലീഹാപ്രദേശം; 3. അഴുകണ്ണി
സ്രവം നാ. 1. ഒഴുക്ക്; 2. ഉറവ്; 3. വാർച്ച; 4. സ്രവിക്കുന്നത്; 5. മൂത്രം
സ്രവിക്കുക ക്രി. 1. ഒലിക്കുക; 2. വാർന്നു പോകുക; 3. (ഗർഭം) അലസുക
സ്രഷ്ടാവ് നാ. 1. സൃഷ്ടിക്കുന്നവൻ; 2. ബ്രഹ്മാവ്; 3. ശിവൻ
സ്രസ്ത വി. 1. സ്രംസിച്ച; 2. ഊരിപ്പോയ; 3. തൂങ്ങിക്കിടക്കുന്ന
സ്രസ്തരം നാ. ചാരുകട്ടിൽ
സ്രസ്തി നാ. 1. സ്രംസനം; 2. വീഴ്ച; 3. അയവ്
സ്രാങ്ക് നാ. ശ്രാങ്ക്, ബോട്ട് നിയന്ത്രിക്കുന്നവൻ
സ്രാദ്ധദേവൻ നാ. യമൻ
സ്രാപ്പ് [അറ. സരാഫ്] നാ. 1. ഉണ്ടിയൽ വ്യാപാരി; 2. നാണയം മാറ്റിക്കൊടുക്കുന്നവൻ
സ്രാമ്പി നാ. 1. ഒരുതരം മാളിക; 2. പ്രാർഥനാമന്ദിരം
സ്രാവക വി. സ്രവിപ്പിക്കുക
സ്രാവം നാ. 1. ശ്രാവണം; 2. വാർച്ച; 3. ഒഴുക്ക്
സ്രുക്ക് നാ. ഹോമപാത്രം
സ്രുഘ്നി നാ. തുവർച്ചിലക്കാരം
സ്രുത്ത് വി. (പദാന്ത്യത്തിൽ) സ്രവിക്കുന്ന
സ്രുതി നാ. 1. ഒഴുക്ക്; 2. നദി; 3. വാർച്ച
സ്രുവ നാ. 1. പെരുങ്കുരുമ്പ; 2. സ്രവം
സ്രുവം നാ. ഹോമത്തിനുള്ള ഒരുതരം തവി
സ്രോതം നാ. 1. നദി; 2. പ്രവാഹം
സ്രോതസ്യൻ നാ. 1. ശിവൻ; 2. കള്ളൻ

സ്രോതസ്വതി നാ. നദി
സ്രോതസ്സ് നാ. 1. ഉറവ, ഊറ്റ്; 2. ഒഴുക്ക്; 3. നദി; 4. ജലം; 5. തിര; 6. കർണവള്ളി; 7. ഞരമ്പ്; 8. ഇന്ദ്രിയം; 9. തുമ്പിക്കൈ; 10. (ആല) ഉദ്ഭവസ്ഥാനം
സ്രോതഃപതി നാ. കടൽ, സമുദ്രം
സ്രോതോഞ്ജനം നാ. ഒരുതരം അഞ്ജനം, നീലാഞ്ജനം
സ്രോതോരന്ധ്രം നാ. 1. നാസാരന്ധ്രം; 2. തുമ്പിക്കൈയിലെ രന്ധ്രം; 3. സ്രോതസ്സിലുള്ള ദ്വാരം
സ്രോതോവഹ നാ. നദി
സ്ലാവം നാ. സ്രാവം
സ്ലിപ്പർ [ഇം.] നാ. ചെരിപ്പ്
സ്ലീപ്പർ [ഇം.] നാ. 1. റയിൽവേപ്പാളം ഉറപ്പിക്കുന്നതിനുള്ള തടിക്കഷണമോ കോൺക്രീറ്റ് ദണ്ഡമോ; 2. ഉറങ്ങുന്നതിനു സൗകര്യമുള്ള റയിൽവേ കോച്ച്
സ്ലേറ്റ്[ഇം.] നാ. 1. ഒരുതരം ശില; 2. എഴുത്തുപലക
സ്വ വി. 1. തന്നെ സംബന്ധിച്ച; 2. തനിക്കുള്ള; 3. സ്വന്തമായ. ഉദാഃ സ്വഭവനം
സ്വക വി. 1. തൻേറതായ; 2. തനിക്കുള്ള
സ്വകമ്പനൻ നാ. വായു
സ്വകാര്യം നാ. 1. തൻേറതുമാത്രമായ കാര്യം; 2. രഹസ്യം
സ്വകീയ1 വി. 1. സ്വന്തമായ; 2. തനിക്കുള്ള; 3. സ്വകുടുംബത്തിൽപ്പെട്ട
സ്വകീയ2 നാ. 1. സ്വപത്നി; 2. സ്വന്തം ഭർത്താവിനെയല്ലാതെ മറ്റാരെയും സ്നേഹിക്കാത്തവൾ
സ്വക്ഷ വി. 1. നല്ല കണ്ണുള്ള; 2. സൂക്ഷ്മബുദ്ധിയുള്ള
സ്വക്ഷേത്രം നാ. 1. സ്വന്തം ഭവനം, തൻെറ ആസ്ഥാനം; 2. (ജ്യോ) ഒരു ഗ്രഹത്തിനു സ്വന്തമായുള്ള രാശി. ഉദാഃ ശുക്രന് ഇടവം തുലാം ഈ രാശികൾ
സ്വഗതം നാ. തന്നോടായി പറയുന്നത്, ആത്മഗതം
സ്വങ്ഗം നാ. 1. ആലിങ്ഗനം; 2. അങ്ഗസൗന്ദര്യം; 3. നല്ല അങ്ഗം
സ്വച്ഛ വി. 1. വെളുത്ത; 2. വെടിപ്പുള്ള; 3. സ്വൈരമായ; 5. നിർമലമായ; 6. തെളിഞ്ഞ
സ്വച്ഛന്ദ വി. 1. തന്നിഷ്ടപ്രകാരമുള്ള; 2. അനിയന്ത്രിതമായ
സ്വച്ഛം നാ. 1. മുത്ത്; 2. സ്ഫടികം; 3. അഭ്രം
സ്വജ വി. തനിക്കു ജനിച്ച
സ്വജൻ നാ. പുത്രൻ
സ്വജനം നാ. 1. ബന്ധു; 2. തൻെറ ജനം
സ്വജം നാ. 1. വിയർപ്പ്; 2. രക്തം
സ്വജാതി നാ. തൻെറ ജാതി
സ്വഞ്ജനം നാ. ആലിങ്ഗനം
സ്വത നാ. സ്വത്വം

സ്വതന്ത്ര വി. 1. തൻകാര്യം താൻ തന്നെ നോക്കുന്ന, പരാശ്രയമില്ലാത്ത; 2. തൻെറ ഇഷ്ടം അനുസരിച്ചു പ്രവർത്തിക്കുന്ന, മറ്റൊരാളുടെ നിയന്ത്രണത്തിലല്ലാത്ത
സ്വതന്ത്രൻ നാ. 1. തൻെറ ഇഷ്ടമനുസരിച്ചു പ്രവർത്തിക്കുന്നവൻ; 2. മറ്റാരുടെയും നിയന്ത്രണത്തിലല്ലാത്തവൻ
സ്വതവെ അവ്യ. സ്വതേ
സ്വതസിദ്ധ വി. 1. സഹജമായ; 2. സ്വയം പ്രത്യക്ഷമായ; 3. താനേതന്നെ കിട്ടിയ
സ്വതഃ അവ്യ. തനിയെ, തൻെറതായി
സ്വതേ അവ്യ. താനേ തന്നെ
സ്വത്ത് നാ. 1. ധനം; 2. തനതായ സമ്പത്ത്
സ്വത്വം നാ. 1. തനതുസത്ത; 2. മമത; 3. തൻേറതെന്ന ഭാവം; 4. ഉടമസ്ഥാവകാശം; 5. വ്യക്തിത്വം
സ്വദനം നാ. സ്വദിക്കൽ, രുചിനോക്കൽ
സ്വദിക്കുക ക്രി. രുചി നോക്കുക
സ്വദേശം നാ. സ്വന്തം നാട്
സ്വദേശി വി. സ്വന്തം നാട്ടിലുള്ള
സ്വധ നാ. 1. പിതൃക്കൾക്കുള്ള ദാനം; 2. ചാത്തം (ഹോമിക്കുമ്പോൾ ഉച്ചരിക്കുന്ന മന്ത്രം); 3. (പുരാണ) ദക്ഷൻെറയും പ്രസൂതിയുടെയും പുത്രി; 4. സ്വന്തം പങ്ക്; 5. തന്നിഷ്ടം; 6. സ്വന്തം നിശ്ചയം; 7. സ്വന്തമായ പ്രകൃതി; 8. മായ; 9. ഷോഡശമാതൃക്കളിൽ ഒന്ന്
സ്വധർമം നാ. 1. തൻെറ ധർമം; 2. തനതു സ്വഭാവം; 3. തൻെറ സമുദായധർമം; 4. തൻെറ മതം
സ്വധാപ്രിയൻ നാ. 1. അഗ്നി; 2. ദേവൻ
സ്വധാഭുക്ക് നാ. ദേവൻ
സ്വനഗ്രാഹി നാ. ശബ്ദം ലേഖനം ചെയ്യാനും വീണ്ടും കേൾപ്പിക്കാനുമുള്ള ഉപകരണം, ഗ്രാമഫോൺ
സ്വനം നാ. 1. ശബ്ദം; 2. ഭാഷയുടെ ഏറ്റവും ചെറിയ ഘടകമായ ഉച്ചാരണശബ്ദം
സ്വനിക വി. 1. ശബ്ദിക്കുന്ന; 2. സ്വനത്തെ സംബന്ധിച്ച
സ്വനിത വി. 1. ശബ്ദിക്കപ്പെട്ട; 2. മുഴക്കപ്പെട്ട
സ്വനിതം നാ. 1. മുഴക്കം; 2. ശബ്ദം
സ്വനിമം നാ. (ഭാ. ശാ.) ഒരു ഭാഷയിലെ മൂലഘടകമായി അങ്ഗീകരിക്കപ്പെട്ടിട്ടുള്ള സ്വനം, വർണം
സ്വന്തം നാ. 1. തനിക്കുള്ളത്; 2. നല്ലതായി കലാശിക്കുന്നത്
സ്വപക്ഷ വി. തൻെറ പക്ഷത്തുള്ള
സ്വപനം നാ. 1. ഉറക്കം; 2. സ്വപ്നംകാണൽ
സ്വപിക്കുക ക്രി. ഉറങ്ങുക
സ്വപ്നക വി. നിദ്രാശീലമുള്ള
സ്വപ്നപ്രായ വി. സ്വപ്നത്തിൽ കാണുന്നതുപോലെയുള്ള

സ്വപ്നം നാ. 1. ഉറക്കത്തിൽ കണ്ടതായി തോന്നുന്ന കാഴ്ച, കിനാവ്; 2. മയക്കത്തിൽ ഉണ്ടാകുന്ന അവ്യക്തവും അയഥാർഥവുമായ അനുഭവം; 3. ദിവാസ്വപ്നം (ആഗ്രഹിക്കുന്നത് നടന്നതായുള്ള സങ്കല്പം); 4. സാങ്കല്പിക വസ്തു; 5. അഭിലാഷം, ആദർശം

സ്വഭാവതഃ അവ്യ. 1. സ്വതേതന്നെ; 2. സ്വഭാവം വർണിക്കുന്നത്

സ്വഭാവം നാ. 1. ശീലം; 2. പ്രകൃതി; 3. സ്വത്വഭാവം; 4. സ്വരൂപം; 5. തന്റെ ഭാവം

സ്വഭാവോക്തി നാ. ഒരലങ്കാരം, സൂക്ഷ്മസ്വഭാവം വർണിക്കൽ

സ്വഭൂ നാ. 1. വിഷ്ണു; 2. മഹേശ്വരൻ; 3. ബ്രഹ്മാവ് (സ്വയമേ ഭവിക്കുന്നവൻ)

സ്വഭ്രം നാ. വെള്ളി

സ്വം1 നാ. 1. ഐശ്വര്യം; 2. ധനം; 3. വസ്തുവക; 4. തന്നെ സംബന്ധിച്ചത്; 5. പ്രസിദ്ധമായത്

സ്വം2 നാ. 1. മുതൽ; 2. ധനം; 3. സമ്പത്ത്

സ്വമേകം നാ. വത്സരം

സ്വമേധയാ അവ്യ. 1. തനിക്കൊത്തപോലെ; 2. തനിക്കു തോന്നുന്നതുപോലെ; 3. പരപ്രേരണകൂടാതെ

1417

സ്വയം അവ്യ. 1. തന്നത്താൻ; 2. തനിച്ച്

സ്വയംകൃത വി. സ്വയം വരുത്തിവച്ച

സ്വയംഭൂ നാ. 1. ബ്രഹ്മാവ്; 2. വിഷ്ണു; 3. ശിവൻ; 4. സമയം; 5. സ്നേഹം; 6. കാമൻ; 7. പരമാത്മാവ്

സ്വയംവരം നാ. കന്യക സ്വയം ഭർത്താവിനെ തെരഞ്ഞെടുത്തു വിവാഹം കഴിക്കുന്ന സമ്പ്രദായം

സ്വയംസിദ്ധം നാ. തെളിവുകളില്ലാതെതന്നെ അങ്ഗീകരിക്കപ്പെടുന്ന തത്ത്വം

സ്വർ നാ. 1. സ്വർഗം; 2. ആകാശം; 3. അദിത്യന്റെയും ധ്രുവന്റെയും ഇടയ്ക്കുള്ള സ്ഥലം; 4. സൗന്ദര്യം; 5. ശോഭ

സ്വർഗഗിരി നാ. മെരുപർവതം

സ്വർഗം നാ. 1. ദേവലോകം; 2. ഇന്ദ്രന്റെ വാസസ്ഥലം; 3. ദേവന്മാരുടെ അധിവാസസ്ഥാനം; 4. പരമാനന്ദത്തിന്റെ ലോകം, ആദർശലോകം

സ്വർഗവധു നാ. ദേവസ്ത്രീ

സ്വർഗസ്ഥ വി. സ്വർഗത്തിലിരിക്കുന്ന

സ്വർഗാനുഭവം നാ. സ്വർഗത്തിലുള്ള അനുഭവം

സ്വർഗാപഗ നാ. സ്വർഗഗങ്ഗ

സ്വർഗാരോഹണം നാ. സ്വർഗം പ്രാപിക്കൽ, പുണ്യവാന്മാരുടെ മരണം

സ്വർഗ്യ വി. സ്വർഗത്തെ സംബന്ധിച്ച

സ്വർണക വി. പൊന്നുകൊണ്ടുള്ള

സ്വർണകായൻ നാ. 1. സ്വർണമയമായ ശരീരത്തോടുകൂടിയവൻ; 2. ഗരുഡൻ

സ്വർണകാരൻ നാ. തട്ടാൻ

സ്വർണകൃത്ത് നാ. തട്ടാൻ
സ്വർണക്ഷീരി നാ. മലയെരുമ
സ്വർണചൂഡം നാ. കാട്ടുകാക്ക
സ്വർണജം നാ. വെളുത്തീയം
സ്വർണപക്ഷൻ നാ. ഗരുഡൻ
സ്വർണപുഷ്പം നാ. ചെമ്പകപുഷ്പം
സ്വർണബിന്ദു നാ. വിഷ്ണു
സ്വർണഭസ്മം നാ. സ്വർണം നീറ്റി ഉണ്ടാക്കിയ ഭസ്മം
സ്വർണം നാ. പൊന്ന്
സ്വർണമയ വി. പൊന്നുകൊണ്ടുള്ള
സ്വർണയൂഥി നാ. മഞ്ഞനിറമുള്ള മുല്ല
സ്വർണരേഖ നാ. പൊന്നുകൊണ്ടുള്ള വര
സ്വർണരേണു നാ. പൊൻപൊടി
സ്വർണവർണ നാ. 1. മഞ്ഞൾ; 2. മരമഞ്ഞൾ
സ്വർധുനി നാ. ഗങ്ഗാനദി
സ്വർന്നദി നാ. ആകാശഗങ്ഗ
സ്വർഭാനു നാ. രാഹു
സ്വർവധു നാ. അപ്സരസ്ത്രീ
സ്വർവാപി നാ. ഗങ്ഗാനദി
സ്വർവേശ്യ നാ. അപ്സരസ്ത്രീ
സ്വർവൈദ്യൻ നാ. 1. അശ്വനീപുത്രൻ; 2. സ്വർഗത്തിലെ വൈദ്യൻ
സ്വരഘ്നം നാ. ഒരു രോഗം
സ്വരത്രയം നാ. മൂന്നുവിഭാഗങ്ങളുള്ള സ്വരം (ഉദാത്തം അനുദാത്തം സ്വരിതം എന്നോ ഹ്രസ്വം ദീർഘം പ്ലുതം എന്നോ ആകാം)
സ്വരനാദി നാ. ഒരു വാദ്യം
സ്വരപത്തനം നാ. സാമവേദം
സ്വരം നാ. 1. ശബ്ദം; 2. (വ്യാക) ഒരു വർണവിഭാഗം, സ്വയം അക്ഷരമായിത്തീരുന്ന വർണം (തുടർച്ചയായി ഉച്ചരിക്കാവുന്നതും ഉച്ചാരണസ്ഥാനത്ത് തടസ്സം കൂടാതെ ഉച്ചരിക്കപ്പെടുന്നതുമായ വർണം, അ, ഇ തുടങ്ങിയവ); 3. (സങ്ഗീ) സപ്തസ്വരങ്ങളിൽ ഒന്ന്, ഒരു ശ്രുതിയെ പ്രതിനിധാനം ചെയ്യുന്ന ശബ്ദം
സ്വരമണ്ഡലി നാ. ഒരുതരം വീണ
സ്വരലാസിക നാ. വേണു
സ്വരവാസന നാ. 1. പാട്ടിൻെറ മാധുര്യം; 2. പാട്ടിലുള്ള അഭിരുചി
സ്വരസാദം നാ. 1. ഒച്ചയടപ്പ്; 2. ഒരു ദീനം
സ്വരാപഗ നാ. ഗങ്ഗാനദി
സ്വരാലു നാ. വയമ്പ്
സ്വരിത വി. ഉച്ചരിക്കപ്പെട്ട
സ്വരിതം നാ. ഉദാത്താദി മൂന്നു സ്വരങ്ങളിൽ ഒന്ന്. ഉദാത്തത്തിൻെറയും അനുദാത്തത്തിൻെറയും സമാഹാരം
സ്വരു നാ. 1. ഇടിവാൾ; 2. വജ്രായുധം; 3. അമ്പ്; 4. യാഗം

സ്വരുസ്സ് നാ. ഇടിവാൾ
സ്വരൂപ നാ. 1. സ്വഭാവം; 2. പ്രകൃതി; 3. ആകൃതി; 4. രാജ്യം
സ്വരൂപിക്കുക ക്രി. 1. കൂട്ടുക; 2. സമ്പാദിക്കുക
സ്വല്പ വി. 1. ഏറ്റവും കുറഞ്ഞ; 2. അല്പമായ
സ്വല്പിഷ്ഠ വി. ഏറ്റവും ചെറിയ
സ്വസാദികൾ നാ. (ബ.വ.) തങ്ങളെ നയിക്കുന്നവർ
സ്വസാവ് നാ. സഹോദരി
സ്വസ്തി നാ. 1. ആശിസ്സ്; 2. ആശീർവാദം സൂചിപ്പിക്കുന്ന മങ്ഗളവാക്ക്
സ്വസ്തികം നാ. 1. ധനികന്മാരുടെ ഗൃഹം; 2. കോഴി; 3. മുൻവശത്തു മണ്ഡപമുള്ള ഒരുതരം ക്ഷേത്രം; 3. മങ്ഗളസൂചകമായ ഒരു ചി ം
സ്വസ്തിമതി നാ. ക്ഷേമൈശ്വര്യമുള്ളവൾ
സ്വസ്തിമത്ത് വി. 1. സന്തോഷമുള്ള; 2. സുഖമുള്ള
സ്വസ്തിമാൻ നാ. 1. പുണ്യവാൻ; 2. സന്തോഷമുള്ളവൻ
സ്വസ്ഥ വി. 1. സസുഖം സ്ഥിതിചെയ്യുന്ന, ക്ലേശമില്ലാത്ത, അല്ലലില്ലാത്ത; 2. ഇളക്കമില്ലാത്ത, ക്ഷോഭമില്ലാത്ത; 3. അടക്കമുള്ള; 4. തന്നിൽത്തന്നെയിരിക്കുന്ന
സ്വസ്ഥത നാ. സ്വസ്ഥമായിരിക്കുന്ന അവസ്ഥസ്വസ്ഥൻ
നാ. 1. സ്വസ്ഥമായി സ്ഥിതി ചെയ്യുന്നവൻ; 2. തളർച്ചയോ ഇളക്കമോ ഇല്ലാത്തവൻ
സ്വസ്ഥബുദ്ധി വി. ശാന്തമായി വർത്തിക്കുന്ന ബുദ്ധിയോടുകൂടിയ
സ്വസ്ഥം അവ്യ. 1. സ്വസ്ഥമായി; 2. സുഖമായി
സ്വസ്ഥമാകുക ക്രി. 1. സുഖമായി വർത്തിക്കുക; 2. ആശ്വാസം ഉണ്ടാകുക
സ്വസ്ഥവൃത്തി നാ. 1. ആശ്വാസം; 2. സുഖം
സ്വസ്രീയ നാ. സഹോദരിയുടെ പുത്രി
സ്വസ്രീയൻ നാ. സ്വസ്രേയൻ, സഹോദരിയുടെ മകൻ
സ്വഹസ്തം നാ. 1. സ്വന്തം കയ്യൊപ്പ്; 2. സ്വന്തം കൈപ്പടയിലുള്ള എഴുത്ത്
സ്വാക്ഷരം നാ. സ്വന്തം കൈപ്പട
സ്വാഗതം നാ. 1. അതിഥികളെ സ്വീകരിക്കാൻ പറയപ്പെടുന്ന മങ്ഗളവാക്ക്; 2. സുഖമായി വന്നുചേരുക
സ്വാച്ഛന്ദ്യം നാ. 1. തന്നിഷ്ടപ്രകാരം വർത്തിക്കൽ; 2. സ്വച്ഛന്ദത
സ്വാതന്ത്ര്യം നാ. 1. അന്യൻെറ നിയന്ത്രണത്തിനു വിധേയമലാത്ത സ്ഥിതി; 2. സ്വതന്ത്രത
സ്വാതി നാ. 1. വാൾ; 2. ചോതിനക്ഷത്രം; 3. സൂര്യൻെറ ഭാര്യ
സ്വാത്മവരപ്രദൻ നാ. തൻെറ ആത്മാവിനെപ്പോലും വരമായി നൽകുന്നവൻ
സ്വാത്മാവ് നാ. 1. തൻെറ ആത്മാവ്; 2. വിശുദ്ധമായ ആത്മാവ്
സ്വാദം നാ. 1. രുചി; 2. അനുഭവം; 3. രുചിനോക്കൽ

സ്വാദിഷ്ഠ വി. ഏറ്റവും സ്വാദുള്ള
സ്വാദീയസ്സ് വി. വളരെ സ്വാദുള്ള
സ്വാദ് നാ. 1. രുചി; 2. മധുരം; 3. മുന്തിരിങ്ങ; 4. ജീവകം
സ്വാദുകര വി. രുചിയുള്ള
സ്വാദുധന്വാവ് നാ. കാമദേവൻ
സ്വാദുരസ നാ. 1. മുന്തിരിപ്പഴം; 2. ഈത്തപ്പഴം; 3. മദ്യം; 4. കാകോളി
സ്വാദ്വമ്ലം നാ. മാതളം
സ്വാദ്വീ നാ. 1. മുന്തിരി; 2. മുന്തിരിപ്പഴം
സ്വാധിഷ്ഠാനം നാ. ആറാധാരങ്ങളിൽ ഒന്ന്
സ്വാധീന വി. 1. തൻെറ ഇഷ്ടംപോലെ കൈകാര്യം ചെയ്യാവുന്ന; 2. തനിക്ക് അധീനമായ
സ്വാധീനം നാ. 1. തനിക്ക് അധീനമായത്; 2. തൻെറ ശക്തി
സ്വാധീനപതികാ നാ. തൻെറ ഭർത്താവ് തനിക്ക് അധീനയായിട്ടുള്ളവൾ
സ്വാധീനപ്പെടുക ക്രി. കീഴടങ്ങുന്ന, കീഴ്പ്പെടുക, കൈവശമാക്കുക
സ്വാധ്യനുഭവം നാ. ആത്മബോധം
സ്വാധ്യായം നാ. 1. വേദാഭ്യാസം; 2. വേദം; 3. മനഃപാഠമാക്കൽ; 4. ഉരുവിടൽ
സ്വാധ്യയവാൻ നാ. വേദം ഉരുവിട്ടു പഠിക്കുന്നവൻ
സ്വാധ്യായീ നാ. വേദാഭ്യാസം ചെയ്യുന്ന ശിഷ്യൻ
സ്വാനം നാ. ശബ്ദം
സ്വാന്ത വി. ശബ്ദിക്കുന്ന
സ്വാന്തം നാ. 1. മനസ്സ്; 2. ഗുഹ
സ്വാപതേയം നാ. 1. ദ്രവ്യം; 2. വസ്തു
സ്വാപം നാ. 1. ഉറക്കം; 2. സ്വപ്നം; 3. പ്രജ്ഞകേട്; 4. മടി, അലസത; 5. അറിവില്ലായ്ക; 6. ഒരു രോഗം
സ്വാഭാവിക വി. 1. സ്വഭാവത്തെ സംബന്ധിച്ചുള്ള; 2. സാധാരണരീതിയിലുള്ള; 3. നൈസർഗികമായ
സ്വാഭാവ്യം നാ. 1. പ്രകൃത്യാ ഉള്ളത്; 2. സഹജമായ ശീലം
സ്വാമി1 വി. 1. രക്ഷിക്കുന്ന; 2. ഉടമയായ; 3. അധികാരമുള്ള
സ്വാമി2 നാ. 1. ശിവൻ; 2. വിഷ്ണു; 3. യജമാനൻ; 4. വാത്സ്യായമുനി; 5. കാർത്തികേയൻ; 6. രാജാവ്; 7. വിദ്വാൻ; 8. ഗുരു; 9. ഭർത്താവ്; 10. നാഥൻ; 11. ഉടമസ്ഥൻ; 12. ബ്രാഹ്മണൻ
സ്വാമിത നാ. 1. ഉടമസ്ഥത; 2. യജമാനത്വം
സ്വാമിദ്രോഹം ക്രി. യജമാനനെ ദ്രോഹിക്കൽ
സ്വാമിനി നാ. 1. യജമാനത്തി, ഉടമസ്ഥ; 2. പ്രഭ്വി
സ്വാമിഭക്തി നാ. 1. യജമാനനോടുള്ള ഭക്തി; 2. രാജഭക്തി
സ്വാമിഭോഗം നാ. 1. ഉടമസ്ഥൻെറ പങ്ക്; 2. ജന്മിക്കുള്ള ഭാഗം
സ്വാമ്യം നാ. 1. യജമാനത്വം; 2. സർവാധികാരം; 3. ഉടമസ്ഥത

സ്വായത്ത വി. 1. തൻെറതായി കിട്ടിയ; 2. തൻെറ
പ്രയത്നത്താൽ കിട്ടിയ
സ്വായംഭൂവൻ നാ. ഒന്നാമത്തെ മനു
സ്വാരസ്യം നാ. 1. രസവത്തായ സ്ഥിതി; 2. സരസത; 3. ഭങ്ഗി
സ്വാരാജ്യം നാ. ഇന്ദ്രസ്വർഗം
സ്വാരാട്ട് നാ. ഇന്ദ്രൻ
സ്വാരോചിഷൻ നാ. രണ്ടാമത്തെ മനു
സ്വാരഥ വി. 1. സ്വന്തം അർഥത്തെ സംബന്ധിച്ച; 2.
തൻകാര്യം നോക്കുന്ന; 3. തൻകാര്യത്തിൽ മാത്രം ശ്രദ്ധയുള്ള
സ്വാർഥതത്പരത നാ. തൻകാര്യത്തിലുള്ള താത്പര്യം
സ്വാർഥം നാ. 1. സ്വന്തമായ അർഥം; 2. സമ്പത്ത്
സ്വാശ്രയം നാ. തന്നെത്തന്നെ ആശ്രയിക്കൽ
സ്വാർഥ്യം നാ. 1. സുഖം; 2. സ്വസ്ഥത
സ്വാഹ നാ. 1.അഗ്നിയുടെ ഭാര്യ; 2. ദക്ഷൻെറയും
പ്രസൂതിയുടെയും പുത്രി
സ്വാഹാപതി നാ. അഗ്നി
സ്വാഹാഭുക്ക് നാ. ഒരു ദേവത
സ്വിന്ന വി. 1. തളർന്ന; 2. വിയർത്ത; 3. വേവിച്ച
സ്വീകരണം നാ. 1. സ്വീകരിക്കൽ; 2. സമ്മതിക്കൽ; 3.
സത്കരിക്കൽ
സ്വീകരിക്കുക ക്രി. 1. കൈക്കൊള്ളുക; 2. സമ്മതിക്കുക; 3.
വിവാഹം ചെയ്യുക
സ്വീകാരം നാ. 1. സമ്മതം; 2. കൈക്കൊള്ളുക; 3. വിവാഹം
സ്വീകാര്യ വി. കൈക്കൊള്ളത്തക്ക
സ്വീകൃത വി. സ്വീകരിക്കപ്പെട്ട
സ്വീകൃതവിക്രിയൻ നാ. ഉദ്ദീപ്തമായ കാമത്തോടു കൂടിയവൻ
സ്വീകൃതി നാ. 1. സ്വീകാരം; 2. വിവാഹം
സ്വീയ വി. 1. തൻെറതായ; 2. തന്നെ സംബന്ധിച്ച
സ്വേച്ഛാ നാ. തന്നിഷ്ടം
സ്വേച്ഛാവൃത്തി നാ. തൻെറ ഇഷ്ടംപോലെ പ്രവർത്തിക്കൽ
സ്വേദജ വി. വിയർപ്പിൽ നിന്നുണ്ടായ
സ്വേദജങ്ങൾ നാ. (ബ.വ.) കാട്ടീച്ചകൾ, കൃമികൾ, കൊതുക് മൂട്ട
മുതലായവ
സ്വേദനി നാ. 1. ദോശച്ചട്ടി; 2. മദ്യം വാറ്റുന്ന പാത്രം
സ്വേദിനിക നാ. അടുക്കള
സ്വേദം നാ. 1. വിയർപ്പ്; 2. ചൂട്; 3. ആവി
സ്വേദിക്കുക ക്രി. 1. വിയർക്കുക; 2. ഉഷ്ണിക്കുക
സ്വൈര വി. 1. തന്നിഷ്ടപ്രകാരമുള്ള; 2. തടസ്സമില്ലാത്ത; 3.
സാവധാനമുള്ള
സ്വൈരഗാമി നാ. സ്വേച്ഛപോലെ നടക്കുന്നവൻ

സൈ്വരത നാ. 1. സ്വാസ്ഥ്യം; 2. സുഖം; 3. തടസ്സമില്ലായ്ക
സൈ്വരൻ നാ. സ്വതന്ത്രനായി നടക്കുന്നവൻ
സൈ്വരസല്ലാപം നാ. ഉള്ളുതുറന്ന ഭാഷണം
സൈ്വരി വി. തന്നിഷ്ടം പോലെ നടക്കുന്ന
സൈ്വരിണി നാ. 1. വ്യഭിചാരിണി; 2. വേശ്യ; 3. മലംപുള്ള്; 4. തോന്ന്യവാസമായി നടക്കുന്നവൾ
സൈ്വരിത നാ. 1. തന്നിഷ്ടം; 2. സ്വാതന്ത്ര്യം; 3. സ്വേച്ഛാചാരിത്വം
സ്വോദരപൂരക വി. തന്റെ വയറുമാത്രം നിറയ്ക്കുന്ന, തൻകാര്യം മാത്രം നോക്കുന്ന

ഹ

ഹ [ഹ്-അ] വ്യഞ്ജനങ്ങളിൽ മുപ്പത്തിമൂന്നാമത്തെ അക്ഷരം
ഹകാരം നാ. 'ഹ' എന്ന അക്ഷരം
ഹക്കം നാ. ആനയുടെ വിളി
ഹക്കല് [അറ] നാ. അക്കല്, ബുദ്ധി
ഹക്കീം [അറ] നാ. അക്കീം, വൈദ്യൻ, തത്ത്വജ്ഞാനി
ഹജാം നാ. ക്ഷുരകൻ
ഹജൂർ,അജൂർ [അറ] നാ. 1. രവന്യൂ സംബന്ധമായ പ്രധാനപ്പെട്ട കച്ചേരി, ദിവാന്റെ കച്ചേരി; 2. സന്നിധി (താരത. ഹാജർ); 3. സ്വാമി
ഹജ്ജ് [അറ] നാ. മക്കത്തേക്കുള്ള തീർഥയാത്ര
ഹജ്ജാജി [അറ] നാ. ഹജ്ജ് നടത്താൻ പോകുന്ന ആൾ
ഹഞ്ജാ നാ. ഹഞ്ജേ, (നാട്യ) പരിചാരികയെയോ ചേടിയേയോ സംബോധനചെയ്യുവാൻ ഉപയോഗിക്കുന്ന പദം
ഹട്ടചോരകൻ നാ. ചന്തയിലെ കള്ളൻ, കടയിൽ കടന്നു മോഷ്ടിക്കുന്നവൻ
ഹട്ടം നാ. അങ്ങാടിത്തെരുവ്, ചന്ത
ഹട്ടവിലാസിനി നാ. 1. വേശ്യ; 2. നാണുകം; 3. പവിഴക്കൊടി; 4. മഞ്ഞൾ
ഹട്ടി നാ. ചെറിയ ചന്ത
ഹഠകാരം നാ. ബലാത്കാരം
ഹഠധർമം നാ. ദുരാഗ്രഹം
ഹഠം നാ. 1. ബലാത്കാരം; 2. പീഡനം; 3. പായൽ; 4. കറുക; 5. ദൃഢപ്രതിജ്ഞ
ഹഠയോഗം നാ. രാജയോഗത്തേക്കാൾ കൃച്ഛ്രസാധ്യമായ ഒരു യോഗാഭ്യാസക്രമം
ഹഠാർഥക വി. ഹഠ എന്ന ശബ്ദത്തിന്റെ അർഥത്തോടുകൂടിയ, ബലാത്കാരേണയുള്ള
ഹഠാദ്,ഹഠേന അവ്യ. ബലാത്കാരമായി
ഹഡികൻ നാ. താണ ജാതിക്കാരൻ

ഹഡ്ഡജം		നാ.	മജ്ജ
ഹഡ്ഡം		നാ.	എല്ല്
ഹണ്ഡാ,-ണ്ഡേ		നാ.	1. നീചസ്ത്രീ (സംബോധന); 2. വലിയ മൺപാത്രം
ഹണ്ഡി(ക)		നാ.	മൺകുടം
ഹത	വി.	ഹനിക്കപ്പെട്ട. നശി(പ്പി)ക്കപ്പെട്ട, വഞ്ചിക്കപ്പെട്ട, വിട്ടുപോയ, ഗുണിക്കപ്പെട്ട
ഹതക		വി.	ദുഷ്ടതയുള്ള, നിന്ദ്യമായ, ശൂന്യമ്പിടിച്ച, കളങ്കം വരുത്തിയ. ഉദാഃ കുലഹതകൻ = കുലം നശിപ്പിച്ചവൻ
ഹതകണ്ടക		വി.	ശത്രുബാധയൊഴിഞ്ഞ
ഹതദൈവ		വി.	ഹതഭാഗ്യ
ഹതബന്ധം		നാ.	വാക്യദോഷങ്ങളിൽ ഒന്ന്
ഹതബുദ്ധി		വി.	ബുദ്ധിയില്ലാത്ത
ഹതബോധ		വി.	ബോധമറ്റ
ഹതഭാഗ,-ഗ്യ		വി.	ഭാഗ്യംകെട്ട
ഹതം		വി.	ഹനിക്കപ്പെട്ട. നാ. 1. കൊല; 2. താഡനം; 3. നഷ്ടം; 4. പെരുക്കൽ
ഹതലക്ഷണ		വി.	ശുഭലക്ഷണമില്ലാത്ത
ഹതവൃത്തം		നാ.	ഒരു ദോഷം (വൃത്തവിഷയത്തിൽ ദോഷപ്പെട്ടത് ഹതവൃത്തം)
ഹതശേഷ		വി.	കൊലപ്പെട്ടതിനുശേഷമുള്ള
ഹതശ്രീ		വി.	ഹതസമ്പത്ത്, ദരിദ്രനായിത്തീർന്ന
ഹതാശ1		വി.	1. ആശയറ്റ; 2. കൃപയില്ലാത്ത; 3. തളർന, നിഷ്ഫലമായ
ഹതാശ2		നാ.	1. ആശയറ്റവൾ; 2. മച്ചി, മലടി, വന്ധ്യ
ഹതോത്സാഹൻ		നാ.	ഉത്സാഹം നശിച്ചവൻ
ഹത്നു		നാ.	1. ആയുധം; 2. ദീനം
ഹത്യ		നാ.	കൊല. (പ്ര) ആത്മഹത്യ, ഹത്യാശീലൻ
ഹഥൻ		നാ.	മനസ്സിടിഞ്ഞവൻ, പീഡിതൻ
ഹഥം		നാ.	1. അടി, ഇടി; 2. കൊല, മരണം
ഹദനം		നാ.	മലമൂത്രവിസർജനം
ഹദീസ്	[അറ]	നാ.	നബിവചനം
ഹനനൻ		നാ.	ഹനിക്കുന്നവൻ
ഹന(ന)ം		നാ.	1. കൊല, അടി, ഉപദ്രവം; 2. ഗുണനം
ഹനാൻവെള്ളം	[ഹീ]	നാ.	തീർഥജലം
ഹനിക്കുക		ക്രി.	1. കൊല്ലുക, തല്ലുക, നശിപ്പിക്കുക; 2. ദ്രോഹിക്കുക; 3. പെരുക്കുക (ഗുണിക്കുക)
ഹനു,-നൂ		നാ.	1. താടി(യെല്ല്); 2. മരണം; 3. ആയുധം; 4. ജീവാപായം ഉണ്ടാക്കുന്ന വസ്തു; 5. വേശ്യ; 6. പവിഴക്കൊടി; 7. രോഗം; 8. മഞ്ഞൾ
ഹനുമാൻ		നാ.	ഹനൂമാൻ, ശ്രീരാമഭക്തനായ ഒരു വാനര ശ്രേഷ്ഠൻ

ഹനൂഷൻ നാ. 1. രാക്ഷസൻ; 2. അസുരൻ

ഹൻ നാ. 1. ശിവൻ; 2. വിഷ്ണു; 3. ചന്ദ്രൻ

ഹന്ത വ്യാക്ഷേ കഷ്ടം

ഹന്തകാരം നാ. 1. ഹന്ത എന്ന് ഉച്ചരിക്കൽ, ദയ; 2. അഥിതിയാൽ നൽകപ്പെടുന്ന വസ്തു

ഹന്തവ്യ വി. ഹനിക്കത്തക്ക

ഹന്താ(വ്) നാ. 1. ഹനിക്കുന്നവൻ; 2. ചോരൻ; 3. ശത്രു. (സ്ത്രീ) ഹന്തി

ഹന്തു നാ. 1. കാള; 2. പോത്ത്; 3. കൊല, മരണം

ഹന്തുകാമ വി. ഹനിക്കാൻ (കൊല്ലാൻ) ആഗ്രഹിക്കുന്ന

ഹന്തോക്തി നാ. ഹന്ത എന്നു പറയൽ, കഷ്ടം പറച്ചിൽ, ദയ

ഹം വ്യാക്ഷേ കോപമുള്ളപ്പോൾ ഉച്ചരിക്കുന്നത്

ഹംഭ നാ. പശുവിൻെറ കരച്ചിൽ

ഹംസകം നാ. 1. ഹംസം (അരയന്നം); 2. തള; 3. കാൽച്ചിലമ്പ്; 4. വാത്ത

ഹംസകാന്ത നാ. അന്നപ്പേട

ഹംസകീലകം നാ. ഒരു രതിബന്ധം

ഹംസകൂടം നാ. (കാളയുടെ) പൂഞ്ഞുകുറ്റി; 2. ഹിമാലയത്തിൻെറ ഒരു ശിഖരം

ഹംസഗതി നാ. അന്നനട

ഹംസഗദ്ഗദ നാ. മധുമൊഴി

ഹംസഗാമിനി നാ. 1. അന്ന നടയാൾ; ബ്രഹ്മാണി

ഹംസതൂലം നാ. ഹംസത്തിൻെറ തൂവൽ

ഹംസതൂലശയ്യ നാ. അരയന്നത്തിൻെറ മൃദുലമായ തൂവലിട്ടു നിറച്ച മെത്ത

ഹംസധ്വനി നാ. 1. (സങ്ഗീ) ഒരു രാഗം; 2. അരയന്നത്തിൻെറ ശബ്ദം

ഹംസനാദിനി നാ. ഹംസത്തിൻെറ ശബ്ദമുള്ളവൾ, ഉത്തമസ്ത്രീ

ഹംസൻ നാ. 1. സൂര്യൻ (ഇരുട്ടിനെ ഹനിക്കുന്നവൻ എന്നർഥം); 2. ബ്രഹ്മാവ്; 3. വിഷ്ണു; 4. ശിവൻ; 5. കാമദേവൻ; 6. സ്വതന്ത്രനായ രാജാവ്; 7. സന്യാസി; 8. ജ്ഞാനി; 9. ശ്രേഷ്ഠൻ

ഹംസപാദം നാ. 1. അരയന്നത്തിൻെറ കാൽ; 2. ചി ങ്ങളിൽ ഒന്ന്

ഹംസപ്ലൂതം നാ. ഒരു ഭാഷാവൃത്തം

ഹംസം നാ. 1. അരയന്നം; 2. വെള്ളി; 3. കുതിര; 4. അസൂയ; 5. പ്രാണവായുക്കളിൽ ഒന്ന്; 6. പർവതം; 7. എരിക്ക്; 8. പോത്ത്

ഹംസമാല നാ. അരയന്നങ്ങളുടെ കൂട്ടം; 2. ഒരു വൃത്തം

ഹംസമുഖി നാ. ഒരു വൃത്തം

ഹംസലോഹകം നാ. പിച്ചള

ഹംസരഥൻ നാ. ഹംസവാഹനൻ, 1. ബ്രഹ്മാവ്; 2. ഹംസത്തെ വാഹനമാക്കിയവൻ

ഹംസവൃത്തി നാ. ഗുണദോഷസമ്മിശ്രമായ വസ്തുക്കളിൽ ഗുണമുള്ളതുമാത്രം സ്വീകരിക്കൽ
ഹംസാ(ധി)രൂഢ നാ. 1. സരസ്വതി; 2. ഹംസത്തെ വാഹനമാക്കിയവൾ
ഹംസാഭിഖ്യം നാ. വെള്ളി
ഹംസാരൂഢൻ നാ. ഹംസവാഹനൻ (ബ്രഹ്മാവ്)
ഹംസി നാ. ഹംസിക, അരയന്നപ്പിട
ഹംഹോ വ്യാക്ഷേ ഒരു സംബോധന, വിളി (നിന്ദാർഥകം)
ഹമ്മാല് [അറ] നാ. അമാലൻ, ചുമട്ടുകാരൻ
ഹയകോവിദൻ നാ. അശ്വശാസ്ത്രം പഠിച്ചവൻ, നല്ല കുതിരക്കാരൻ
ഹറ്റഗ്രീവ നാ. ദുർഗാഭഗവതി
ഹയഗ്രീവൻ നാ. 1. ബ്രഹ്മാവിൽനിന്നു വേദങ്ങളെ മോഷ്ടിച്ച അസുരൻ; 2. വിഷ്ണു
ഹയങ്കഷൻ നാ. 1. മാതലി; 2. ഹയത്തെ (കുതിരയെ) ഓടിക്കുന്നവൻ തേരോട്ടി
ഹയജ്ഞൻ നാ. അശ്വശാസ്ത്രജ്ഞൻ
ഹയദ്വിഷത്ത് നാ. പോത്ത്
ഹയൻ നാ. ഇന്ദ്രൻ
ഹയപ്രിയം നാ. യവം
ഹയം നാ. 1. കുതിര; 2. ഏഴ് എന്ന അക്കം; 3. ധനുരാശി
ഹയമാരം നാ. ഹയമാരകം, കണവീരം
ഹയമേധം നാ. ഒരു യാഗം, അശ്വമേധം
ഹയവാഹനൻ നാ. 1. കുബേരൻ; 2. സൂര്യൻ
ഹയശാല നാ. കുതിരലായം
ഹയശാസ്ത്രം നാ. അശ്വപരിശീലനം സംബന്ധിച്ച ശാസ്ത്രം
ഹയാങ്ഗം നാ. ധനുരാശി
ഹയാത്ത് [അറ] നാ. ജീവിതം
ഹയാത്താകുക [അറ] ക്രി. ജീവിക്കുക
ഹയാസ്ഥാനം [അറ] നാ. നാണിടം, ഉപസ്ഥം
ഹയാരൂഢൻ നാ. ഹയാരോഹൻ, കുതിരക്കാരൻ, കുതിരപ്പുറത്തു കയറിയവൻ
ഹയി നാ പെൺകുതിര
ഹർജി [അറ] നാ. ഹരജി, അപേക്ഷ, സങ്കടനിവേദനം
ഹർത്താൽ [ഹി] നാ. ദുഃഖസൂചകമായ ആചരണം, പ്രതിഷേധാചരണം
ഹർത്താവ് നാ. 1. ഹരിക്കുന്നവൻ; 2. കള്ളൻ; 3. സൂര്യൻ
ഹർത്തുകാമ വി. 1. ഹരിപ്പാൻ (ഇല്ലാതാക്കാൻ) കൊതിക്കുന്ന; 2. ബലാദ് എടുക്കാൻ കൊതിക്കുന്ന
ഹർമാ(വ്) നാ. കോട്ടുവാ
ഹർമിത വി. 1. കോട്ടുവായിട്ട; 2. എറിയപ്പെട്ട
ഹർമ്യം നാ. 1. ധനികന്മാരുടെ മാളിക; 2. കൊട്ടാരം; 3. വലിയ കെട്ടിടം; 4. പൊന്ന്; 5. അടപ്പ്
ഹർമ്യാങ്ഗണം നാ. കൊട്ടാരത്തിൻെറ മുറ്റം

ഹർഷക	വി.	ആനന്ദിപ്പിക്കുന്ന
ഹർഷചരിതം	നാ.	1. ബാണഭട്ടൻെറ ഒരു ഗദ്യകാവ്യം; 2. ഹർഷൻെറ ചരിത്രം
ഹർഷണ	വി.	1. ഹർഷിപ്പിക്കുന്ന; 2. ഹൃദ്യമായ; 3. സന്തോഷിപ്പിക്കൽ
ഹർഷണം	നാ.	1. സന്തോഷിപ്പിക്കൽ; 2. കാമദേവൻെറ ഒരു അസ്ത്രം; 3. നിത്യയോഗങ്ങളിൽ ഒന്ന്; 4. ഒരു നേത്രരോഗം
ഹർഷദ	വി.	ഹർഷം നൽകുന്ന
ഹർഷൻ	നാ.	1. ഭാരതത്തിലെ ഒരു ചക്രവർത്തി; 2. ശ്രീഹർഷൻ. 'നൈഷധീയ ചരിതം' കാവ്യത്തിൻെറ കർത്താവ്
ഹർഷം	നാ.	1. (പ്രിയപ്പെട്ടവർ അടുത്തുവരുന്നതു കൊണ്ടുള്ള) സന്തോഷം; 2. വികാസം; 3. മലങ്കാര
ഹർഷമാണൻ	നാ.	സന്തോഷിപ്പിക്കുന്നവൻ
ഹർഷയിത്നു	നാ.	1. സന്തോഷിപ്പിക്കുന്നത്; 2. യത്നം; 3. സ്വർണം
ഹർഷവർധനൻ	നാ.	ശ്രീഹർഷൻ, ഒരു ചക്രവർത്തി
ഹർഷാശ്രു	നാ.	ആനന്ദാശ്രു
ഹർഷിക്കുക	വി.	സന്തോഷിക്കുക
ഹർഷിത	വി.	ഹർഷിക്കപ്പെട്ട
ഹർഷിണി	നാ.	ചടയൻ കഞ്ചാവ്
ഹർഷുളൻ	നാ.	കാമുകൻ
1421
ഹർഷുളം	നാ.	മാൻ
ഹര	വി.	ഹരിക്കുന്ന
ഹരകൻ	നാ.	1. കള്ളൻ; 2. പിടിച്ചുപറിക്കുന്നവൻ; 3. ശിവൻ
ഹരകം	നാ.	ഹാരകം
ഹരകിരി	[ജാപ]	നാ.	വയറുകുത്തിക്കീറി ആത്മഹത്യ ചെയ്യുന്ന അനുഷ്ഠാനം
ഹരചൂഡാമണി	നാ.	ചന്ദ്രൻ
ഹരണം	നാ.	1. ഹരിക്കൽ, വിഭജിക്കൽ; 2. മോഷണം; 3. കൈ; 4. ബീജം, ശുക്ലം; 5. സ്ത്രീധനം; 6. കവടി; 7. സ്വർണം; 8. വിദ്യാർഥിക്കു നൽകുന്ന സമ്മാനം
ഹരതേജസ്സ്	നാ.	ശിവശുക്ലം, രസം
ഹരനേത്രം	നാ.	1. ശിവൻെറ കണ്ണ്; 2. രുദ്രാക്ഷം; 3. മൂന്ന് എന്ന അക്കം
ഹരപുരം	നാ.	കൈലാസം
ഹരബീജം	നാ.	1. രസം; 2. രുദ്രാക്ഷം
ഹരം	നാ.	1. കഴുത; 2. ഹാരകം
ഹരവാഹനം	നാ.	കാള
ഹരശേഖര	നാ.	ഗങ്ഗ
ഹരസൂനു	നാ.	1. ഗണപതി; 2. സുബ്രഹ്മണ്യൻ
ഹരഹരചൊല്ലിക്കുക	ക്രി.	കഷ്ടപ്പെടുത്തുക

ഹരാക്ഷം നാ. രുദ്രാക്ഷം
ഹരാചലം നാ. കൈലാസം
ഹരി നാ. 1. പച്ചനിറം; 2. പിങ്ഗലവർണം; 3. മഞ്ഞനിറം; 4. ഇന്ദ്രൻ; 5. വിഷ്ണു; 6. സൂര്യൻ; 7. വായു; 8. സിംഹം; 9. കുതിര; 10. കുരങ്ങ്; 11. തവള; 12. രശ്മി; 13. ഭീരു; 14. ചന്ദ്രൻ; 15. യമൻ; 16. ശുക്രൻ; 17. സർപ്പം; 18. സ്വർണവർണം; 19. കിളി; 20. ശിവൻ; 21. അഗ്നി; 22. ബ്രഹ്മാവ്; 23. കുയിൽ; 24. മയിൽ; 25. അരയന്നം; 26. മനുഷ്യൻ; 27. താന്നി; 28. എരിക്ക്
ഹരികഥ നാ. 1. വിഷ്ണുവിൻെറ അവതാരകഥ; 2. കഥാപ്രസങ്ഗം, ഹരികഥാകാലക്ഷേപം
ഹരികൻ നാ. 1. ചൂതാളി; 2. കള്ളൻ
ഹരികം നാ. തവിട്ടുനിറമുള്ള കുതിര
ഹരികേശൻ നാ. ശിവൻ
ഹരിതുരങ്ഗമൻ നാ. ഇന്ദ്രൻ
ഹരിത്ത് നാ. 1. ദിക്ക്; 2. പച്ചിലനിറം; 3. ചെറുപയറ്; 4. സിംഹം; 5. മഞ്ഞൾ; 6. സുര്യൻെറകുതിര; 7. വേഗമുള്ള കുതിര; 8. സൂര്യൻ; 9. വിഷ്ണു
ഹരിത്പതി നാ. ഹരിത്പ്രഭു, ദിക്പാലകൻ
ഹരിദന്തം നാ. ദിഗന്തം
ഹരിദശ്വൻ നാ. സൂര്യൻ
ഹരിദാസൻ നാ. വിഷ്ണുഭക്തൻ
ഹരിദ്ര നാ. മഞ്ഞൾപ്പൊടി
ഹരിദ്രവം നാ. 1. മരമഞ്ഞൾ; 2. കാലേയകം
ഹരിദ്രാഭ വി. മഞ്ഞനിറമുള്ള
ഹരിദ്രാഭം നാ. 1. മഞ്ഞനിറം; 2. കച്ചോലം
ഹരിദ്രാരാഗ നാ. മഞ്ഞളിൻെറ നിറമുള്ള
ഹരിദ്വർണ നാ. പച്ചനിറമുള്ള
ഹരിദ്വാരം നാ. ഗങ്ഗയുടെ ഉദ്ഭവസ്ഥാനത്തുള്ള ഒരു പുണ്യ തീർഥം
ഹരിധാമം നാ. വൈകുണ്ഠം
ഹരിനാഥൻ നാ. ഹനുമാൻ
ഹരിനാമാ നാ. ചെറുപയറ്
ഹരിനേത്രം നാ. 1. വിഷ്ണുവിൻെറ കണ്ണ്; 2. വെൺതാമര; 3. മൂങ്ങ
ഹരിന്മണി നാ. മരതകം
ഹരിപദം നാ. 1. ആകാശം; 2. വൈകുണ്ഠം; 3. വിഷ്ണുക്ഷേത്രം; 4. മീനം മേടം രാശികളുടെ സന്ധി
ഹരിപുരം നാ. വൈകുണ്ഠം
ഹരിപ്രിയ നാ. 'ഹരിക്ക് (വിഷ്ണുവിന്) ഇഷ്ടമുള്ളവൾ', 1. മഹാലക്ഷ്മി; 2. ഭൂമി
ഹരിപ്രിയൻ നാ. 1. ശിവൻ; 2. ഭോഷൻ
ഹരിമാ(വ്) നാ. 1. മഞ്ഞനിറം; 2. മങ്ങൽ; 3. കാലം
ഹരിമന്ഥ(ക)ം നാ. 1. കടല; 2. ചണം

ഹരിമന്ദിരം നാ. വൈകുണ്ഠം
ഹരിലോചനം നാ. 'മഞ്ഞനിറമുള്ള കണ്ണുകളോടുകൂടിയത്', 1. ഞണ്ട്; 2. മൂങ്ങ
ഹരിവംശം നാ. ശ്രീകൃഷ്ണൻെറ വംശം
ഹരിവല്ലഭ നാ. 1. മഹാലക്ഷ്മി; 2. ചെമ്പരുത്തി; 3. തുളസി
ഹരിവാൻ നാ. ഇന്ദ്രൻ
ഹരിവാസം നാ. അരയാൽ
ഹരിവാസരം നാ. 1. ഏകാദശി; 2. ഞായറാഴ്ച
ഹരിവാഹനൻ നാ. 1. ഗരുഡൻ (വിഷ്ണുവിൻെറ വാഹനമായിട്ടുള്ളവൻ); 2. ഇന്ദ്രൻ (കുതിര വാഹനമായിട്ടുള്ളവൻ)
ഹരിവിക്രമ, നാ. ഒരു രതിബന്ധം
ഹരിശ്ചന്ദ്രൻ നാ. 1. ഒരു സൂര്യവംശരാജാവ്; 2. സത്യവാൻ. (പ്ര) ഹരിശ്ചന്ദ്രനാകുക = സത്യസന്ധനെന്നു ഭാവിക്കുക
ഹരിസൂതൻ നാ. ഹരിസൂനു, അർജുനൻ
ഹരിസേനൻ നാ. കാളിദാസനേയും ദണ്ഡിയെയും മറ്റും അനുകരിച്ചിരുന്ന ഒരു പ്രസിദ്ധകവി
ഹരിഹയൻ നാ. 1. ഇന്ദ്രൻ; 2. സൂര്യൻ; 3. സുബ്രഹ്മണ്യൻ; 4. ഗണപതി
ഹരിഹരതനയൻ നാ. ശസ്താവ്
ഹരിഹരൻ നാ. വിഷ്ണുവും ശിവനും ചേർന്ന മൂർത്തി, ഇരട്ടപ്പൻ
ഹരിഹരാത്മകൻ നാ. ഗരുഡൻ
ഹരിഹരാത്മജൻ നാ. ഹരിഹരപുത്ര, ശസ്താവ്
ഹരിഹരിണപുരം നാ. കിളിമാനൂർ (സംസ്കൃതീകൃതരൂപം)
ഹരിഹേതി നാ. 'വിഷ്ണുവിൻെറ ആയുധം', സുദർശന ചക്രം
ഹരീതകി നാ. കടുക്ക
ഹരേണു നാ. 1. ഹരേണുകം; 2. വട്ടച്ചാണായി; 3. ഉത്തമസ്ത്രീ; 4. ലങ്ക; 5. കടല
ഹരേണുകം നാ. അരേണുകം, കടല
ഹര്യശ്വൻ നാ. 1. ഇന്ദ്രൻ; 2. ശിവൻ
ഹലകൃഷ്ട വി. ഉഴുത
ഹലധരൻ നാ. 1. ബലഭദ്രൻ; 2. ഉഴവുകാരൻ
ഹലന്ത വി. ഹല്ലിൽ (വ്യഞ്ജനത്തിൽ) അവസാനിക്കുന്ന
ഹലഭൂതി നാ. ഹലഭൃതി, കൃഷി, ഉഴവ്
ഹലഭൃത്ത് നാ. ഹലധരൻ
ഹലം നാ. 1. കലപ്പ; 2. വൈരൂപ്യം
ഹലഹലം നാ. (ശബ്ദാനു) ആർപ്പ്
ഹലാ നാ. 1. (നാട്യ) തോഴിയെ സംബോധനചെയ്യാനുപയോഗിക്കുന്ന പദം; 2. ഭൂമി; 3. ജലം; 4. മദ്യം
ഹലാക്ക് [അറ] നാ. നാശം, കുഴപ്പം. ഹലാക്കിലാവുക = കുഴപ്പത്തിലാവുക
ഹലായുധൻ നാ. ഹലി, ബലരാമൻ

ഹലാല്	[അറ]	വി.	നിഷിദ്ധമല്ലാത്ത
ഹലാഹലം		നാ.	1. (ഒരു ഭയങ്കര) വിഷം; 2. ഒരു സർപ്പം
ഹലി	നാ.	1. ബലഭദ്രൻ; 2. കൃഷിക്കാരൻ; 3. ഉഴവുചാൽ
ഹലിനി		നാ.	കലപ്പക്കൂട്ടം
ഹലിപ്രിയ		നാ.	'ബലരാമന് ഇഷ്ടമായത്', മദ്യം
ഹലിപ്രിയം		നാ.	കടമ്പവൃക്ഷം
ഹലീനം		നാ.	തേക്ക്
ഹലീഷ		നാ.	കലപ്പപ്പിടി
ഹല്യ		വി.	1. കൃഷിക്കുതക്ക; 2. ഉഴാവുന്ന; 3.
വൈരൂപ്യമുള്ള
ഹല്ലകം		നാ.	1. ചെന്താമര; 2. കല്ഹാരം
ഹല്ലനം		നാ.	(ഉറക്കത്തിൽ) കിടന്നുരുളൽ
ഹല്ലാഹലം		നാ.	ആഹ്ലാദപൂർവകമായ ശബ്ദഘോഷം
ഹല്ലീശം,-ഷം		നാ	ഹല്ലീസകം, 1. സ്ത്രീകൾ വട്ടത്തിൽ
നിന്നുകൊണ്ടു ചെയ്യുന്ന ഒരുതരം ലാസ്യം; 2. തിരുവാതിരക്കളി; 3. (നാട്യ) ഒരു ഉപരൂപകം
ഹല്ല്	നാ.	സ്വരം ചേരാത്ത ശുദ്ധവ്യഞ്ജനം
ഹല്ലേലൂയ	[ഹീ]	നാ.	'യാഹിനെ സ്തുതിക്കുക', ഭക്തിപൂർവം ഉരുവിടുന്ന
ഒരു മന്ത്രം
ഹല്ലോഹലം		നാ.	ആർപ്പ്
ഹല്വാ,അലുവാ	[അറ]	നാ.	ഒരു മധുര പലഹാരം
ഹവനം		നാ.	1. ഹോമം, യാഗം; 2. വിളി; 3. ആഹ്വാനം; 4.
പ്രാർഥന
ഹവനായുസ്സ്		നാ.	അഗ്നി
ഹവനി		നാ.	ഹവിത്രി
ഹവനീയം		നാ.	ഹവനം ചെയ്യത്തക്കത്. നെയ്
ഹവം		നാ.	1. യാഗം; 2. വിളി, പോർക്കുവിളി; 3. ആജ്ഞ;
4. കല്പന; 5. പ്രാർഥന
ഹവാല്	[അറ]	നാ.	വിനിമയപത്രം
ഹവാൽദാർ	[പേർ]	നാ.	അവിൽദാർ, പട്ടാളത്തിലെ ഒരു ഉദ്യോഗസ്ഥൻ
ഹവാലത്തി	[അറ]	നാ.	1. സൂക്ഷിപ്പ്; 2. ബന്ധനം
ഹവിത്രി		നാ.	യാഗാഗ്നി ജ്വലിപ്പിക്കുന്ന കുഴി
ഹവിർഭാഗം		നാ.	ഹോമിക്കപ്പെടുന്ന ദ്രവ്യത്തിൻെറ അംശം
ഹവിർഭുക്ക്		നാ.	അഗ്നി
ഹവിർഭൃത്ത്		നാ.	അഗ്നി
ഹവിഷ്മതി		നാ.	കാമധേനു
ഹവിഷ്മത്ത്		നാ.	ഹവിസ്സോടുകൂടിയ
ഹവിഷ്യം		നാ.	1. നെയ്യ്; 2. വരിനെല്ല്; 3.
ഹവിസ്സിനുകൊള്ളവുന്ന വസ്തു
ഹവിഷ്യാന്നം		നാ.	1. വരിനെല്ലിൻെറ ചോറ്; 2. വ്രതത്തിനു
ഉപയോഗിക്കപ്പെടുന്ന അന്നം

ഹവിസ്സ് നാ. 1. ഹോമദ്രവ്യം; 2. ഉരുക്കുനെയ്; 3. ജലം; 4. ഹോമം; 5. ശിവൻ
ഹവ്യ വി. 1. ഹവനം ചെയ്യത്തക്ക; 2. ഹോമിക്കത്തക്ക
ഹവ്യപാകം നാ. ദേവന്മാർക്കു നിവേദിക്കാനുണ്ടാക്കിയ വസ്തു, നിവേദ്യാന്നം
ഹവ്യഭുക്ക് നാ. അഗ്നി
ഹവ്യം നാ. 1. ദേവന്മാർക്കുള്ള നൈവേദ്യം; 2. ഉരുക്കുനെയ്; 3. ചെറുപയറ്; 4. ഹോമം
ഹവ്യവാഹ(ന)ൻ നാ. അഗ്നി
ഹവ്വ നാ. ആദാമിൻെറ ഭാര്യ, ദൈവം ആദ്യം സൃഷ്ടിച്ച സ്ത്രീ. 'ആദം' നോക്കുക
ഹസനം നാ. ഹസിക്കൽ, ചിരി
ഹസനി നാ. നെരുപ്പോട്, തീച്ചട്ടി
ഹസനീമണി നാ. അഗ്നി
ഹസന്തി നാ. 1. നെരുപ്പോട്, തീച്ചട്ടി; 2. ഹസിക്കുന്നവൾ, ചിരിക്കുന്നവൾ
ഹസം, ഹസിക നാ. 1. ചിരി; 2. പരിഹാസം
ഹസിക്കുക നാ. 1. ചിരിക്കുക; 2. പരിഹസിക്കുക; 3. വിടരുക
ഹസിത വി. ഹസിക്കപ്പെട്ട
ഹസിതം നാ. 1. ചിരി, വിനോദം; 2. കാമദേവൻെറ വില്ല്
ഹസ്തകടകം നാ. കൈവള
ഹസ്തകം നാ. 1. കൈ; 2. കൈയുടെ നില; 3. കൈപ്പിടി
ഹസ്തകമലം നാ. 1. താമരപോലുള്ള കൈ; 2. കൈത്താർ; 3. കൈയിലുള്ള താമര
ഹസ്തകൗശലം നാ. കൈച്ചുറുക്ക്
ഹസ്തക്രിയ നാ. 1. കൈത്തൊഴിൽ; 2. ഹസ്തപ്രയോഗം
ഹസ്തക്ഷേപം നാ. കൈകടത്തൽ
ഹസ്തഗത,-ഗാമി വി. കൈയിൽ കിട്ടിയ
ഹസ്തഘോഷം നാ. കൈകൊട്ട്, കൈയടി
ഹസ്തതലം നാ. 1. ഉള്ളംകൈ; 2. തുമ്പിക്കൈയുടെ അറ്റം
ഹസ്തതാഡനം നാ. കൈയടി
ഹസ്തദാനം നാ. 1. സൗഹൃദസൂചകമായി കൈപിടിച്ചു കുലുക്കൽ, കൈകൊടുപ്പ്; 2. സഹായം നൽകൽ
ഹസ്തദോഷം നാ. കൈപ്പിഴ
ഹസ്തപാദം നാ. കൈകാലുകൾ
ഹസ്തപൃഷ്ഠം നാ. പുറം കൈ
ഹസ്തപ്രയോഗം നാ. 1. കൈവേല; 2. മുഷ്ടിമൈഥുനം
ഹസ്തപ്രാപ്ത വി. കൈയിലായ, കരസ്ഥമായ
ഹസ്തപ്രാപ്യ വി. പിടിച്ചെടുക്കാവുന്ന

ഹസ്തം നാ. 1. കൈ, തുമ്പിക്കൈ; 2. അത്തം നക്ഷത്രം; 3. തുരുത്തി; 4. തലമുടിയോടുകൂടിയ തല; 5. മുഴം; 6. കൈപ്പടം; 7. കൈയൊപ്പ്; 8. തെളിവ്; 9. സഹായം; 10. കൂട്ടം

ഹസ്തമൈഥുനം നാ. മുഷ്ടിമൈഥുനം

ഹസ്തരേഖ നാ. കൈയിലെ വര

ഹസ്തരേഖാശാസ്ത്രം നാ. കൈരേഖകൾ നോക്കി ശുഭാശുഭങ്ങൾ പറയുന്നതിനുള്ള ശസ്ത്രം

ഹസ്തലാഘവം നാ. 1. കൈച്ചുറുക്ക്; 2. ചെപ്പടിവിദ്യ

ഹസ്തലേഖം നാ. 1. കൈയെഴുത്ത്; 2. എഴുതിത്തെളിയാനുള്ള അഭ്യാസം, കോപ്പിയെഴുത്ത്

ഹസ്തവാൻ നാ. കൈച്ചുറുക്കുള്ളവൻ, വിദഗ്ധൻ. (സ്ത്രീ) ഹസ്തവതി

ഹസ്തവാരണം നാ. അടിയും മറ്റും കൈകൊണ്ടു തടുക്കൽ

ഹസ്തശില്പം നാ. കൈവേല

1423

ഹസ്തസംജ്ഞ നാ. കൈക്രിയ

ഹസ്തസംവാഹനം നാ. കൈകൊണ്ട് തിരുമ്മൽ

ഹസ്തസിദ്ധി നാ. 1. കൂലി; 2. കൈവേല; 3. കൈച്ചുറുക്ക്

ഹസ്തസൂചി നാ. ആലിങ്ഗനഭേദം

ഹസ്തസൂത്രം നാ. 1. കൈവള, കാപ്പ്; 2. കൈയിൽകെട്ടുന്ന ചരട്

ഹസ്തസ്ഥ നാ. ഹസ്തസ്ഥിത, ഹസ്തത്തിലിരിക്കുന്ന , കൈയിലായ, ലഭിച്ച

ഹസ്താക്ഷരം നാ. 1. കൈപ്പട; 2. ഒപ്പ്

ഹസ്താങ്ഗുലി നാ. കൈവിരൽ

ഹസ്താന്തരം നാ. 1. മറ്റൊരാളുടെ കൈ; 2. മറ്റേ കൈ

ഹസ്താമലകം നാ. കരതലാമലകം

ഹസ്താവലംബം നാ. തുണ, സഹായം

ഹസ്താഹസ്തി അവ്യ കൈയോടുകൈ

ഹസ്തി നാ. 1. ആന; 2. അയമോദകം; 3. (പുരാണ) ഒരു രാജാവ്, ഭരതൻെറ പൗത്രൻ, ഹസ്തിനാപുരം നിർമിച്ചവൻ

ഹസ്തിചാരി നാ, പാപ്പാൻ

ഹസ്തിദന്തം നാ. 1. ആനക്കൊമ്പ്; 2. വസ്ത്രം തൂക്കാനും മറ്റും ചുമരിൽ തറയ്ക്കുന്ന വസ്തു

ഹസ്തിനഖം നാ. 1. ആനക്കൽപ്പട; 2. ആനയുടെ നഖം

ഹസ്തിനാപുരം നാ. കൗരവരാജധാനി

ഹസ്തിനി നാ. 1. (കാമ) കാമശാസ്ത്രപ്രകാരം സ്ത്രീകളെ നാലായി വിഭജിച്ചിരിക്കുന്നതിൽ ഒന്ന്; 2. പിടിയാന; 3. സൗരഭ്യമുള്ള ഒരു അങ്ങാടിമരുന്ന്

ഹസ്തിപൻ നാ. ഹസ്തിപകൻ, പാപ്പാൻ

ഹസ്തിമദം നാ. 1. മദജലം; 2. കണ്ടിവെണ്ണ

ഹസ്തിമല്ലൻ നാ. 1. ഐരാവതം; 2. ഗണപതി; 3. അഷ്ടനാഗങ്ങളിൽ ഒന്ന്; 4. ഒരു ജൈനകവി

ഹസ്തിവാഹൻ നാ. പാപ്പാൻ
ഹസ്തിഹസ്തം നാ. ആനയുടെ കൈ, തുമ്പിക്കൈ
ഹസ്തേകരിക്കുക നാ. 1. ഹസ്തത്തിലാക്കുക; 2. വിവാഹം ചെയ്യുക; 3. വസൂലാക്കുക. നാ. ഹസ്തേകരണം
ഹസ്ത്യ വി. 1. ഹസ്തം സംബന്ധിച്ച; 2. കൈകൊണ്ടു ചെയ്യപ്പെടുന്ന; 3. കൈകൊണ്ടു കൊടുക്കപ്പെട്ട
ഹസ്ത്യധ്യക്ഷൻ നാ. ആനകളുടെ മേൽനോട്ടക്കാരൻ
ഹസ്ത്യായുർവേദം നാ. ആനയെ സംബന്ധിച്ച ചികിത്സാശാസ്ത്രം
ഹസ്ത്യാരോഹൻ നാ. പാപ്പാൻ
ഹസ്ര വി. ഹസിക്കുന്ന, പുഞ്ചിരി തൂകുന്ന
ഹഹലം നാ. ആപത്കരമായ ഒരു വിഷം
ഹഹാ നാ. ഒരു ഗന്ധർവൻ
ഹറാം [അറ] വി. ധർമവിരുദ്ധമായ 'ഹറാംപിറന്നവൻ'
ഹറാമി [അറ] നാ. ദുഷ്ടൻ
ഹാ വ്യാക്ഷേ ക്ഷീണം ദുഃഖം നിന്ദ ഇത്യാദി കാണിക്കുന്നത്
ഹാജി [അറ] നാ. മക്കത്തേക്കു തീർഥയാത്ര പോയവൻ
ഹാടക വി. 1. സ്വർണംകൊണ്ടുണ്ടാക്കിയ; 2. ഒരു നദി
ഹാടകഗിരി നാ. 1. മേരുപർവതം; 2. സ്വർണമയമായ ഒരു പർവതം
ഹാടകം നാ. 1. പൊന്ന്; 2. ഉമ്മത്ത്
ഹാറ്റകേശ്വരൻ നാ. ശിവൻ
ഹാത്രൻ നാ. അസുരൻ
ഹാത്രം നാ. 1. വധം; 2. മരണം; 3. കൂലി
ഹാനം നാ. 1. മോചനം; 2. ഉപേക്ഷിക്കൽ; 3. നഷ്ടം; 4. തോൽവി; 5. ശൗര്യം
ഹാനി നാ. 1. നാശം; 2. നഷ്ടം; 3. കുറവ്; 4. ആപത്ത്; 5. തോൽവി; 6. അസാന്നിധ്യം; 7. ഉപേക്ഷ
ഹാനികരം നാ. ദോഷം ചെയ്യുന്നത്
ഹാന്ത്രം നാ. മരണം
ഹാപനം നാ. ഓടിക്കൽ
ഹാഫിക നാ. കോട്ടുവാ, ജൃംഭ
ഹായ് നാ. ഒരു വ്യാക്ഷേപകം (അദ്ഭുതം മുതലായവയെ കുറിക്കുന്നു)
ഹായനം നാ. 1. സംവത്സരം; 2. രശ്മി; 3. ഒരിനം നെല്ല്; 4. ജ്വാല
ഹാർദ വി. ഹൃദയങ്ഗമമായ. നാ. ഹാർദം
ഹാർദി വി. അധികം ഇഷ്ടമുള്ള
ഹാർമോണിയം [ഇം.] നാ. ഒരു വാദ്യം
ഹാരകൻ നാ. 1. ഹരിക്കുന്നവൻ, കള്ളൻ; 2. ചൂതുകളിക്കാരൻ
ഹാരകം നാ. 1. ഹാര്യത്തിനെ ഏതുസങ്ഖ്യകൊണ്ടു ഹരിക്കുന്നുവോ അത്, ഛേദകം; 2. മുത്തുമാല

ഹാരൻ നാ. ചുമട്ടുകാരൻ, വാഹകൻ
ഹാരം നാ. 1. മുത്തുമാല; 2. യുദ്ധം; 3. അപഹരിക്കൽ
ഹാരഹൂരം നാ. 1. മദ്യം; 2. വീഞ്ഞ്
ഹാരാവലി നാ. മുത്തുമാല
ഹാരി വി. 1. ഭങ്ഗിയുള്ള; 2. ഹരിക്കുന്ന; 3. എടുക്കുന്ന; 4. ആകർഷിക്കുന്ന. നാ. 1. മുത്ത്; 2. ഹാരങ്ങളോടുകൂടിയത്; 3. തോൽവി; 4. കുയിൽ; 5. പാന്ഥസങ്ഘം; 6. നഷ്ടം
ഹാരികണ്ഠം നാ. കുയിൽ
ഹാരിണ വി. ഹരിണസംബന്ധമായ
ഹാരിണം നാ. മാനിൻെറ ഇറച്ചി
ഹാരിണി നാ. ഹരിക്കുന്നവൾ
ഹാരിണികൻ നാ. വേടൻ (മാൻപിടിത്തക്കാരൻ)
ഹാരിത1 വി. 1. അപഹരിക്കപ്പെട്ട; 2. ആകർഷിക്കപ്പെട്ട.
ഹാരിത2,-ത്വം നാ. ആകർഷകത
ഹാരിതം നാ. 1. ചൂൾസപ്രാവ്; 2. പച്ചനിറം
ഹാരിദ്രം നാ. 1. മഞ്ഞനിറം; 2. മഞ്ഞക്കമ്പ്; 3. മഞ്ഞൾ സംബന്ധിച്ചത്
ഹാരിത(ക)ം നാ. ചൂളപ്രാവ്
ഹാരിതൻ നാ. 1. ഒരു മഹർഷി, സമൃതികാരൻ; 2. വഞ്ചകൻ
ഹാര്യ വി. 1. ഹരിക്കത്തക്ക; 2. വഹിക്കപ്പെടേണ്ട; 3. വശ്യപ്പെടുത്തേണ്ട
ഹാര്യം നാ. 1. ഹരിക്കപ്പെടുന്ന തുക; 2. പാമ്പ്; 3. താന്നിമരം
ഹാല നാ. മദ്യം, കള്ള്
ഹാലകൻ, -കം നാ. മഞ്ഞത്തവിട്ടുനിറമുള്ള കുതിര
ഹാലത്ത് [അറ] നാ. അവസ്ഥ
ഹാലം നാ. കലപ്പ, ഹലം
ഹാലഹലം നാ. ഹാലാഹലം
ഹാലഹലം നാ. ഹാലാഹലം
ഹാലാസ്യനാഥൻ നാ. ഹാലാസ്യേശൻ, ശിവൻ
ഹാലാസ്യം നാ. മധുര സുന്ദരേശ്വരക്ഷേത്രം (മീനാക്ഷിക്ഷേത്രം)
ഹാലാസ്യമാഹാത്മ്യം നാ. ഒരു പൗരാണിക തമിഴ്കാവ്യം
ഹാലാഹലം നാ. 1. (പുരാണ) പാലാഴികടഞ്ഞപ്പോൾ ലഭിച്ച ശക്തമായ ഒരു വിഷം, കാളകൂടം; 2. ഒരുതരം പുഴു; 3. ഒരുതരം പല്ലി
ഹാലാഹലാശൻ നാ. ഹാലാഹലം ഭക്ഷിച്ചവൻ, ശിവൻ
ഹാലി നാ. ഭാര്യയുടെ അനുജത്തി
ഹാലിക വി. ഹലത്തെ സംബന്ധിച്ച
ഹാലികൻ നാ. 1. ഉഴവുകാരൻ, കൃഷിക്കാരൻ; 2. ബലഭദ്രൻ
ഹാലു നാ. പല്ല്, ദന്തം
ഹാവകൻ നാ. ആഹ്വാനം ചെയ്യുന്നവൻ

ഹാവം നാ. 1. വിലാസാദി ചേഷ്ടാവിശേഷം; 2.
സംഭോഗസമയത്തു പുരുഷനെ ആകർഷിക്കാൻ സ്ത്രീ കാണിക്കുന്ന സ്വാഭാവികചേഷ്ട; 3.
വിളി
ഹാവിളൻ [അറ] നാ. ഖുറാൻ മുഴുവൻ ഹൃദിസ്ഥമാക്കിയവൻ
ഹാസകൻ നാ. വിദൂഷകൻ, കഥകളിയിലെ ഭീരു
ഹാസം നാ. 1. ആകസ്മികമായ ചിരി; 2. പുഞ്ചിരി; 3.
വിലാസങ്ങളിൽ ഒന്ന് (പരിഹാസപൂർവകമായ) ചിരി; 4. ഹാസ്യരസത്തിൻെറ
സ്ഥായിഭാവം; 5. വികാസം, വിടർച്ച
ഹാസിക നാ. 1. ചിരിപ്പിക്കുന്നവൾ; 2. ചിരി; 3. നേരമ്പോക്ക്
ഹാസ്തികൻ നാ. ആനക്കാരൻ
ഹാസ്തികം നാ. ഹസ്തികളുടെ സമൂഹം
ഹാസ്തിനം നാ. ഹസ്തിനപുരം
ഹാസ്പത്രി നാ. ചികിത്സാലയം, 'ആസ്പത്രി'
ഹാസ്യ നാ. ഹസിപ്പിക്കുവാൻ തക്ക, ചിരിപ്പിക്കുന്ന
ഹാസ്യം നാ. 1. (നാട്യ) നവരസങ്ങളിൽ ഒന്ന്, ഹാസ്യരസം; 2.
ചിരി, ഫലിതം; 3. വിനോദം; 4. പരിഹാസം
ഹാസ്യാർണവം നാ. ഒരു ഹാസ്യ നാടകം (കർത്താവ് –
ജഗദീശപണ്ഡിതൻ)
ഹാഹന്ത വ്യാക്ഷേ അതികഷ്ടം
ഹാഹാ വ്യാക്ഷേ ദുഃഖത്തെ കാണിക്കുന്ന ഒരു
വ്യാക്ഷേപകം. നാ. ഒരു ഗന്ധർവൻ
ഹാഹാകാരം നാ. 1. നിലവിളി, ആർത്തനാദം; 2. യുദ്ധകോലാഹലം
ഹാഹാരവം നാ. ഹാഹാ എന്ന ആരവം
ഹാഹാവ് നാ. ഒരു ഗന്ധർവൻ
ഹാൾ,ഹോൾ [ഇം.] നാ. വലിയ മുറി, ശാല
ഹി അവ്യ. 1. തന്നെ; 2. തനിച്ച്
ഹിക്ക നാ. ഒരു രോഗം, എക്കിൾ
ഹിങ്കാരം നാ. 1. കടുവ; 2. പുലി; 3. അലർച്ച
ഹിങ്ഗു നാ. പെരുങ്കായം
ഹിങ്ഗുനിര്യാസം നാ. 1.വേപ്പ്; 2. കായമരത്തിൻെറ കറ
ഹിങ്ഗുപത്രം നാ. ഓടൽമരം
ഹിങ്ഗുല(ം),-ലു നാ. ചായില്യം
ഹിജിറ,ഹിജ്ര നാ. മുഹമ്മദീയവർഷം, ഹിജ്രത്ത്
ഹിജ്ജ,ഹിജ്ജലം നാ. നീർക്കടമ്പ്
ഹിഞ്ജീരം നാ. ആനയുടെ കാൽ ചേർത്തുകെട്ടുവാനുള്ള കയർ
ഹിഡിംബ നാ. ദിഡിംബൻെറ സഹോദരി, ഭീമസേനൻെറ പത്നി,
ഘടകോത്കചൻെറ മാതാവ്
ഹിഡിംബൻ നാ. ഒരു രാക്ഷസൻ
ഹിഡിംബി നാ. ഹിഡിംബ
ഹിണ്ഡകൻ നാ. ഹിണ്ഡനം ചെയ്യുന്നവൻ, സഞ്ചാരി

ഹിണ്ഡനം നാ. 1. ചുറ്റിനടപ്പ്, സഞ്ചാരം; 2. മൈഥുനം; 3. എഴുത്ത്
ഹിണ്ഡി നാ. ദുർഗ
ഹിണ്ഡികൻ നാ. ജ്യോത്സ്യൻ
ഹിണ്ഡിരൻ നാ. മനുഷ്യൻ
ഹിണ്ഡിരം നാ. 1. കടൽ നുര; 2. കടൽനാക്ക്; 3. മാതളം; 4. വഴുതിന
ഹിത നാ. 1. ഇഷ്ടംപോലെയുള്ള; 2. കൊള്ളാവുന്ന, ഉചിതമായ; 3. ശുഭമായ; 4. പോയ, പുറപ്പെട്ട; 5. മേലിൽ ഗുണമായി വരുന്നതിനു കാരണമായ; 6. പഥ്യമായ; 7. പിടിക്കപ്പെട്ട; 8. വയ്ക്കപ്പെട്ട; 9. ഉപകാരമുള്ള; 10. നടന്നുപോകാനുള്ള വഴി; 11. ചിറ
ഹിതകം നാ. കുഞ്ഞ്, മൃഗശാബം
ഹിതകര, -കാരക വി. ഗുണംചെയ്യുന്ന, അനുകൂലമായ, ഹിതമായി പ്രവർത്തിക്കുന്ന
ഹിതകാരി നാ. ഹിതം ചെയ്യുന്ന (നന്മ ചെയ്യുന്ന) സ്നേഹിതൻ
ഹിതൻ നാ. 1. ബന്ധു; 2. ഇഷ്ടൻ
ഹിതപ്രണൻ നാ. ചാരൻ, ഒറ്റുകാരൻ
ഹിതം നാ. 1. ഗുണകരമായത്; 2. ലാഭം; 3. ക്ഷേമം; 4. ഇഷ്ടം
ഹിതവാദി നാ. ഇഷ്ടമ്പറയുന്ന, ഹിതമായുള്ളത് ഉപദേശിക്കുന്നവൻ
ഹിതാർഥി നാ. (അന്യൻെറ) ഹിതത്തെ കാങ്ക്ഷിക്കുന്ന
ഹിതാശംസ നാ. ഇഷ്ടമുള്ളതു ലഭിക്കട്ടെയെന്ന് ആശംസിക്കൽ
ഹിതാഹിതം നാ. ഹിതവും അഹിതവും
ഹിതേച്ഛു നാ. ഹിതത്തെ കാങ്ക്ഷിക്കുന്നവൻ, അന്യനു നന്മ ചെയ്യാൻ ഇച്ഛിക്കുന്നവൻ
ഹിതൈഷി നാ. ഹിതം ചെയ്യാൻ ഇച്ഛിക്കുന്ന
ഹിതോക്തി നാ. ഇഷ്ടമായ വാക്ക്
ഹിതോപദേശം നാ. 1. ഹിതമായ ഉപദേശം; 2. വിഷ്ണുശർമയുണ്ടാക്കിയ പഞ്ചതന്ത്രത്തിലെ ഒരു ഭാഗം
ഹിദായത്ത് [അറ] നാ. ഉപദേശം, ശിക്ഷ
ഹിന്താലം നാ. ഈന്തപ്പന
ഹിന്ദി നാ. ഹിന്ദുസ്ഥാനി, 1. ഇത്യയെ സംബന്ധിച്ചത്; 2. ഹിന്ദുസ്ഥാനത്തുള്ളവൻ; 3. ഭാരതത്തിൻെറ രാഷ്ട്രഭാഷയായി അങ്ഗീകരിക്കപ്പെട്ടിരിക്കുന്ന ഇന്തോ-ആര്യൻ ഭാഷ
ഹിന്ദു [പേർ] നാ. 1. ഹിന്ദുധർമം അനുഷ്ഠിക്കുന്നവൻ; 2. ഭാരതത്തിലെ പൗരാണികമതം, ഹിന്ദുമതം
ഹിന്ദുസ്ഥാനം നാ. ഇന്ത്യ, ഭാരതം
ഹിന്ദോള(ം) നാ. ഹിന്ദോളകം, 1. ആന്ദോളം; 2. തൊട്ടിൽ; 3. (സങ്ഗീ) ഒരു രാഗം
ഹിബുകം നാ. (ജ്യോ) പത്താമിടം

ഹിംസ നാ. 1. പീഡനം, ഉപദ്രവം, ബലാത്കാരം (കായികമോ വാചികമോ മാനസികമോ ആയത്); 2. വധം; 3. മോഷണം, കവർച്ച
ഹിംസകൻ നാ. 1. ശത്രു (ഹിംസിക്കുന്നവൻ); 2. ക്രൂരൻ; 3. അഥർവവേദജ്ഞനായ ബ്രാഹ്മണൻ
ഹിംസകം നാ. ഹിംസമൃഗം
ഹിംസനം നാ. ഹിംസിക്കൽ, ഹിംസ
ഹിംസാത്മക വി. ഹിംസിക്കുന്ന
1425
ഹിംസാലു വി. ഹിംസിക്കുന്ന ശീലമുള്ള, ഉപദ്രവിക്കുന്ന. നാ. (കടിക്കുന്ന) പട്ടി (ഹിംസാലുകൻ)
ഹിംസിക്കുക ക്രി. 1. കൊല്ലുക; 2. ഉപദ്രവിക്കുക, അടിക്കുക; 3. പിടിച്ചുപറിക്കുക
ഹിംസിത വി. ഹിംസിക്കപ്പെട്ട
ഹിംസീരൻ നാ. 1. കടുവാ; 2. ദുഷ്ടൻ; 3. ഉപദ്രവി
ഹിംസീരം നാ. 1. കടുവാ; 2. പുലി; 3. പക്ഷി
ഹിംസ്യ വി. ഹിംസിക്കത്തക്ക
ഹിംസ്ര വി. ഹിംസിക്കുന്ന, ഭയങ്കരമായ. നാ. മാഞ്ചി, ഞരമ്പ്, നാഡി
ഹിംസ്രകം നാ. ഇരതേടുന്ന (കാട്ടു)മൃഗം
ഹിംസ്രൻ നാ. 1. ഹിംസിക്കുന്നവൻ; 2. ശിവൻ; 3. ഭീമൻ; 4. കാലൻ
ഹിംസ്രം നാ. ഹിംസ്രമൃഗം, 1. ദുഷ്ടമൃഗം; 2. കാട്ടുമൃഗം; 3. കൊന്നുതിന്നുന്നമൃഗം; 4. ഇരതേടുന്ന മൃഗം
ഹിംസ്രയന്ത്രം നാ. 1. ആഭിചാരപ്രയോഗത്തിനുള്ള യന്ത്രം; 2. കെണി; 3. വല
ഹിമ വി. മഞ്ഞായ, തണുത്ത
ഹിമകരൻ നാ. ഹിമകരണൻ, ചന്ദ്രൻ
ഹിമകരം നാ. കർപ്പൂരം
ഹിമകൂടം നാ. 1. ഹിമവാൻ; 2. മഞ്ഞുകാലം
ഹിമഗിരി നാ. ഹിമവാൻ. ഹിമഗിരിതനയ = ശ്രീപാർവതി
ഹിമഗു നാ. 'ശീതരശ്മികളുള്ളത്', 1. ചന്ദ്രൻ; 2. കർപ്പൂരം
ഹിമജ നാ. 1. ശ്രീപാർവതി; 2. കച്ചോലം
ഹിമത്രയം നാ. 'തണുപ്പുള്ള മൂന്നെണ്ണം', ചന്ദനം രക്തചന്ദനം പീതചന്ദനം
ഹിമദീധിതി നാ. ഹിമദ്യുതി, 1. ചന്ദ്രൻ; 2. കർപ്പൂരം
ഹിമധ്വസ്ത നാ. മഞ്ഞുവീണു വരണ്ട
ഹിമൻ നാ. 1. ചന്ദ്രൻ; 2. ഹിമവാൻ
ഹിമപ്രസ്ഥൻ നാ. ഹിമവാൻ
ഹിമം നാ. 1. മഞ്ഞ്; 2. തണുപ്പ്; 3. (രക്ത)ചന്ദനം; 4. കർപ്പൂരം; 5. വെളുത്തീയം; 6. മുത്ത്; 7. ഹിമാലയപർവതം; 8. താമര; 9. രാത്രി; 10. പുതുവെണ്ണ

ഹിമരശ്മി നാ. 1. ഹിമകരൻ (ചന്ദ്രൻ); 2. കർപ്പൂരം
ഹിമരേഖ നാ. വേനൽക്കാലത്തുപോലും ഉരുകാതെ ഹിമം കിടക്കത്തക്ക ഉയരംഹിമവത്ത് വി. 1. ഹിമവാനെ സംബന്ധിച്ച; 2. ഹിമംപോലെയുള്ള. (പ്ര) ഹിമവത്സുതൻ = മൈനാകം. ഹിമവത്സുത = ശ്രീപാർവതി, ഗങ്ഗ
ഹിമവാൻ നാ ഭാരതഖണ്ഡത്തിൻെറ വടക്കേ അറ്റത്തുള്ള വലിയ പർവതം, ഹിമാലയം
ഹിമവാലുക(ം) നാ. കർപ്പൂരം
ഹിമശ്രഥൻ നാ. ചന്ദ്രൻ
ഹിമശ്രഥം നാ. കർപ്പൂരം
ഹിമഹതി നാ. ഹിമത്തിൻ കൂട്ടം, കലശലായ മഞ്ഞ്
ഹിമാചലം നാ. ഹിമാദ്രി, ഹിമവാൻ
ഹിമാദ്രിജ നാ. 1. ശ്രീപാർവതി; 2. ഗങ്ഗ
ഹിമാനി നാ. 1. ഹിമത്തിൻ കട്ട, വലിയ മഞ്ഞ്, ഹിമസംഹതി; 2. ഒരുതരം പഞ്ചസാര
ഹിമാംബു നാ. ഹിമാംഭസ്, ഹിമജലം (തണുത്തവെള്ളം, മഞ്ഞുവെള്ളം)
ഹിമാംശു നാ. 1. ചന്ദ്രൻ; 2. കർപ്പൂരം
ഹിമാംശുഭൂ(വ്) നാ. കടൽ
ഹിമാംശ്വഭിഖ്യം നാ. വെള്ളി
ഹിമാരാതി നാ. 1. അഗ്നി; 2. സൂര്യൻ; 3. എരിക്ക്; 4. ചേരുമരം
ഹിമാലയം നാ. 'മഞ്ഞിന് ഇരിപ്പിടം', 1. ഹിമവത് പർവതം; 2. കരിങ്ങാലി
ഹിമാഹ്വ(യ)ം നാ. 1. താമര; 2. കർപ്പൂരം
ഹിമിക നാ. മഞ്ഞ്
ഹിമീകരണം നാ. ഹിമമാക്കൽ (ഗ്ലാസിയേഷൻ)
ഹിമേലു നാ. ഹിമം തട്ടി മരവിച്ചുപോയ, ഉറഞ്ഞ
ഹിമ്നൻ നാ. ബുധൻ (ഗ്രഹം)
ഹിമ്മണി [പേർ] നാ. അരയിൽ കെട്ടുന്ന സഞ്ചി
ഹിമ്മത്ത് [അറ] നാ. ധൈര്യം
ഹിമ്യ വി. ഹിമംപോലുള്ള, ഹിമമയമായ
ഹിരങ്ഗു നാ. രാഹു
ഹിരണം നാ. 1. സ്വർണം; 2. ശുക്ലം; 3. കവടി
ഹിരണ്മയ വി. പൊന്നുകൊണ്ട് ഉണ്ടാക്കപ്പെട്ട
ഹിരണ്മയൻ നാ. ബ്രഹ്മാവ്
ഹിരണ്മയം നാ. 1. പ്രഭാവാദിവർഷങ്ങളിൽ ഒന്ന്; 2. സ്വർണനിർമിതം
ഹിരണ്യ നാ. അഗ്നിയുടെ സപ്തജിഹ്വകളിലൊന്ന്
ഹിരണ്യകശിപു നാ. ഒരു അസുരൻ, പ്രഹ്ലാദൻെറ പിതാവ്

ഹിരണ്യഗർഭൻ നാ. 1. ബ്രഹ്മാവ് (സ്വർണമയമായിരിക്കുന്ന ബ്രഹ്മാണ്ഡത്തിന് ഗർഭസ്ഥാനമായിട്ടുള്ളവൻ, ഉള്ളിൽ ദ്രവ്യം നിറഞ്ഞവൻ); 2. സൂക്ഷ്മശരീരസ്ഥനായ ആത്മാവ്; 3. വിഷ്ണു

ഹിരണ്യഗർഭം നാ. കേരളീയരാജാക്കന്മാർ കഴിച്ചിരുന്ന ഒരു കർമം, സ്വർണനിർമിതമായ പശുവിൻെറ ഉള്ളിൽക്കൂടി പ്രവേശിച്ചു പുറത്തു വരിക എന്ന ചടങ്ങ്

ഹിരണ്യ വി. ഹിരണ്യദ, സ്വർണം നൽകുന്നത്, ഭൂമി

ഹിരണ്യൻ നാ. ഹിരണ്യകശിപു. ഹിരണ്യൻെറ നാട്ടിൽ ചെന്നാൽ ഹിരണ്യായ നമഃ (പഴ)

ഹിരണ്യബിന്ദു നാ. അഗ്നി

ഹിരണ്യം നാ. 1. പൊന്ന്; 2. ഉമ്മത്ത്; 3. വെള്ളി; 4. വിലയേറിയ വസ്തു, നശിച്ചുപോകാത്ത വസ്തു; 5. കവടി; 6. ശുക്ലം

ഹിരണ്യരേതസ്സ് നാ. 1. അഗ്നി; 2. സൂര്യൻ; 3. ശിവൻ; 4. കൊടുവേലി; 5. എരിക്ക്; 6. ചേര്

ഹിരണ്യവർണ നാ. നദി

ഹിരണ്യവാഹൻ നാ. ശിവൻ

ഹിരണ്യശ്രാദ്ധം നാ. ശ്രാദ്ധം മൂന്നുവിധമുള്ളതിലൊന്ന്, സങ്കൽപപൂർവം ആചാര്യനു ദാനം ചെയ്യൽ

ഹിരണ്യാക്ഷൻ നാ. ഹിരണ്യകശിപുവിൻെറ സഹോദരൻ

ഹിലമോചി(ക) നാ. 1. ചീര; 2. കാനവാഴ

ഹില്ലം നാ. താറാവ്

ഹില്ലോലം നാ. 1. തിര; 2. ചാപല്യം; 3. ഒരു രതിബന്ധം; 4. (സങ്ഗീ) ഒരു രാഗം

ഹിസാബ് [അറ] നാ. കണക്ക്

ഹിസ്റ്റീരിയ [ഇം.] നാ. ഒരു രോഗം, സ്നായുവികാരം, അപസ്മാരം; 2. അനിയന്ത്രിതമായ ആത്മവിക്ഷോഭം

ഹീ വ്യാക്ഷേ അത്ഭുതം ദുഃഖം ക്ഷീണം മുതലായവയെ കാണിക്കുന്നത്

ഹീന വി. 1. കുറവുള്ള, കുറ്റമുള്ള, ചീത്തയായ; 2. ഉപേക്ഷിക്കപ്പെട്ട, താണ. നാ. ഹീനത, ഹീനത്വം

ഹീനകർമാവ് നാ. മതപരമായ പതിവുകൃത്യങ്ങൾ അനുഷ്ഠിക്കാത്തവൻ

ഹീനജ വി. താണകുലത്തിൽ ജനിച്ച

ഹീനജാതി നാ. താണജാതി, ജാതിഭ്രഷ്ടൻ

ഹീനൻ നാ. 1. നീചൻ; 2. (നീതിന്യാ) ന്യൂനതയുള്ള വാദി അഥവാ സാക്ഷി

ഹീനം നാ. കുറവ്, കുറ്റം, നിന്ദ

ഹീനയാനം നാ. (ബു.മ.) പഴയ പന്ഥാവ് (താരത. മഹായാനം)

ഹീനയോനി നാ. ഹീനജൻ

ഹീനവാദി നാ. 1. മൂകൻ; 2. വ്യവഹാരത്തിൽ തോറ്റവൻ, തൻെറ വാദത്തിനു ന്യൂനത പറ്റിയവൻ

ഹീനവൃത്ത വി. ദുർനടപടികളുള്ള

ഹീനാങ്ഗ വി. അങ്ഗവൈകല്യമുള്ള, മുടന്തുള്ള
ഹീനാങ്ഗി നാ. 1. ചെറിയ എറുമ്പ്; 2. അങ്ഗവൈകല്യമുള്ളവൾ
ഹീര നാ. 1. മഹാലക്ഷ്മി; 2. എറുമ്പ്
ഹീരകം നാ. വജ്രം. ഹീരകഹാരം = വൈരക്കല്ലുമാല
ഹീരൻ നാ. 1. ശിവൻ; 2. ശ്രീഹർഷൻെറ പിതാവ്
ഹീരം നാ. 1. വൈരക്കല്ല്; 2. ഇന്ദ്രൻെറ വജ്രായുധം, ഇടിവാൾ; 3. പാമ്പ്; 4. സിംഹം; 5. കുങ്കുമം; 6. രത്നമാല; 7. ശ്രേഷ്ഠമായ വസ്തു
ഹീരാങ്ഗം നാ. വജ്രായുധം
ഹീലം നാ. ശുക്ലം
ഹീലുകം നാ. ഒരുതരം മദ്യം
ഹീഹീ വ്യാക്ഷേ അത്ഭുതം, ഉത്സാഹം
ഹുക്ക [അറ] നാ. 1. ഉക്ക, പുകക്കുഴൽ, ചിലുമ്പി; 2. പുകവലിക്കൽ
ഹുക്കും [അറ] നാ. കല്പന, ആജ്ഞ
ഹുങ്ക് നാ. അഹങ്കാരം, ശക്തി
ഹുംകൃതം നാ. ഹുംകൃതി, 1. ഹുങ്കാരം; 2. കാട്ടുപന്നിയുടെ മുരൾച്ച
ഹുജ്ജത്ത് [അറ] നാ. വിവാദം, തർക്കം
ഹുഡം നാ. 1. ഇരിമ്പുഗദ; 2. മേഘം; 3. മുട്ടാട്; 4. ഒരുതരം വേലി
ഹുഡു നാ. മുട്ടാട്
ഹുഡുക്കം നാ. 1. ഒരു വാദ്യം, ഉടുക്ക്; 2. മൂങ്ങ, നത്ത്
ഹുഡുത്ത് നാ. മുക്രയിടൽ, അലർച്ച
ഹുണ്ടി(ക),ഹുണ്ഡി [മറാ] നാ. ഉണ്ടിക, കച്ചവടക്കാരുടെ സൗകര്യത്തിനുവേണ്ടി വച്ചുമാറ്റസമ്പ്രദായത്തിൽ പണം കൊടുക്കുകയും വാങ്ങുകയും ചെയ്യൽ. ഉണ്ടിയൽപ്പെട്ടി = മിച്ചംവരുന്ന ചില്ലറനാണയം ഇട്ടുവയ്ക്കുന്നതിനുള്ള പെട്ടി
ഹുണ്ഡൻ നാ. 1. അസുരൻ; ഭോഷൻ
ഹുണ്ഡം നാ. 1. കടുവ; 2. പുലി; 3. നാട്ടുപന്നി; 4. മുട്ടാട്
ഹുത വി. ഹോമിക്കപ്പെട്ട, വിളിക്കപ്പെട്ട. ഹുതൻ = ശിവൻ
ഹുതഭുക്ക് നാ. 1. അഗ്നി; 2. കൊടുവേലി
ഹുതഭുക്പ്രിയ നാ. അഗ്നിയുടെ ഭാര്യ, സ്വാഹ
ഹുതം നാ. ഹോമിക്കപ്പെട്ടത്, ഹോമം
ഹുതവഹൻ നാ. ഹുതത്തെ ദേവന്മാർക്ക് എത്തിച്ചുകൊടുക്കുന്നവൻ, അഗ്നി
ഹുതാഗ്നി നാ. 1. ഹോമാഗ്നി; 2. ഹോമിച്ചവൻ
ഹുതാത്മാ(വ്) നാ. 'തന്നെത്തന്നെ ഹോമിച്ചവൻ' രക്തസാക്ഷി
ഹുതാശ(ന)ൻ നാ. 1. അഗ്നി; 2. ശിവൻ. ഹുതാശനസഹായൻ = ശിവൻ, വായു
ഹുതാശനം നാ. 1. അഗ്നി; 2. ചേര്; 3. കാർത്തിക നക്ഷത്രം
ഹുതാശനി നാ. ഫല്ഗുനമാസത്തിലെ പൗർണമി
ഹുതി നാ. ഹോമം

ഹും വ്യാക്ഷേ ഊഹം ചോദ്യം അനുസരണം
ഹുലഹുലി നാ. കുരവ
ഹൂ വ്യാക്ഷേ വിളി ദുഃഖം നിന്ദ
ഹൂണൻ നാ. 1. ധ്വര, സായിപ്പ്; 2. പരദേശി; 3. മ്ലേച്ഛൻ
ഹൂണഭാഷ നാ. ഹൂണൻെറ ഭാഷ, ഇങ്ഗ്ലീഷ്, 'ഹൗണി'
ഹൂണം നാ. പഴയകാലത്തെ ഒരു സ്വർണ നാണയം
ഹൂത നാ. ആഹ്വാനംചെയ്യപ്പെട്ട
ഹൂതി നാ. 1. ആഹ്വാനം, (പോർക്കു)വിളി; 2. പേർ. ഹൂനൻ
= ഹൂണൻ
ഹൂം വ്യാക്ഷേ സന്ദേഹം, ചോദ്യം, ഓർമ
ഹൂർച്ഛനം നാ. കാപട്യം, കൗശലം
ഹൂരൻ,ഹൂരവം നാ. കുറുക്കൻ
ഹൂഹു നാ. ഒരു ഗന്ധർവൻ, ദേവലൻെറ ശാപംമൂലം ഒരു
മുതലയായി
ഹൃച്ഛയൻ നാ. 'ഹൃദയത്തിൽ ശയിക്കുന്നവൻ', കാമദേവൻ
ഹൃച്ഛിക നാ. തുമ്മൽ
ഹൃച്ഛൂലം നാ. 1. നെഞ്ചുവേദന; 2. കഠിനമായ മനോവേദന
ഹൃത വി. ഹരിക്കപ്പെട്ട, സ്വീകരിക്കപ്പെട്ട, വശീകൃത
ഹൃതം നാ. ഓഹരി
ഹൃതശേഷം നാ. 1. ഹരിച്ചതിൽ ബാക്കിയുള്ള തുക; 2.
എടുത്തതിൽ പിന്നെയുള്ള ശിഷ്ടം
ഹൃതി നാ. 1. ഹരണം, അപഹരണം, കവർച്ച; 2. നാശം
ഹൃത്കമ്പം നാ. വലിയ ഭയം
ഹൃത്ത് നാ. 1. ഹൃദയം, മനസ്സ് (വിചാരത്തിൻെറ ഇരിപ്പിടം),
വിഷയങ്ങളാൽ ഹരിക്കപ്പെടുന്നത് എന്നർഥം); 2. നെഞ്ച്; 3. ഹൃദയത്തിൻെറ
ഉള്ളിലിരിക്കുന്ന പത്മാകാരമായ മാംസവിശേഷം, ഹൃത്പിണ്ഡം; 4. ഉള്ള്, ഉൾഭാഗം; സാരം
ഹൃദന്തം നാ. ഹൃദയത്തിൻെറ അകം, ഉള്ളം
ഹൃദയഗ്രന്ഥി നാ. മനസ്സിനു നേരിട്ടിരിക്കുന്ന വിഷമത
ഹൃദയഗ്രാഹി നാ. ഹൃദയത്തെ ആകർഷിക്കുന്ന
ഹൃദയങ്ഗമ വി. ഹൃദയത്തെ സ്പർശിക്കുന്ന, മനസ്സിന്
ഇണങ്ങിയ, യുക്തമായ, ഹൃദ്യമായ, പ്രിയപ്പെട്ട
ഹൃദയചൗരൻ നാ. കാമുകൻ (ഹൃദയചോരൻ)
ഹൃദയം നാ. 1. രക്താശയം (ഒരു ആന്തരാവയവം); 2. മനസ്സ്;
3. നെഞ്ച്; 4. രഹസ്യവിദ്യ. ഉദാഃ അക്ഷഹൃദയം; 5. പ്രണയം; 6. അന്തസ്സാരം
1427
ഹൃദയസ്ഥ വി. ഹൃദയത്തിലിരിക്കുന്ന
ഹൃദയസ്പൃക്ക് വി. ഹൃദയത്തെ സ്പർശിക്കുന്ന
ഹൃദയാലു വി. 1. ഹൃദയമുള്ള; 2. സ്നേഹമുള്ള; 3.
നിഷ്കളങ്കമായ മനസ്സോടുകൂടിയ
ഹൃദയേശൻ നാ. ഹൃദയേശ്വരൻ, പ്രാണേശ്വരൻ

ഹൃദി (ഹൃത് എന്ന ശബ്ദത്തിൻെറ ആധാരികാ വിഭക്തിരൂപം) ഹൃദയത്തിൽ. ഹൃദിസ്ഥ = ഹൃദയത്തിലിരിക്കുന്ന
ഹൃദിസ്ഥമാക്കുക ക്രി. കാണാപ്പാഠമാക്കുക
ഹൃദിസ്പൃക്ക് വി. ഹൃദയത്തിൽ സ്പർശിക്കുന്ന, ഇഷ്ടമുള്ള, വികാരങ്ങളെ ഉണ്ടാക്കുന്ന
ഹൃദ്ഗത വി. ഹൃദയത്തിലായ, ഉള്ളിൽ തോന്നിയ
ഹൃദ്ഗതം നാ. ഉദ്ദേശ്യം, മനസ്സിലിരിപ്പ്
ഹൃദ്യ വി. 1. ഹൃദയം സംബന്ധിച്ച; 2. സന്തോഷമുണ്ടാക്കുന്ന; 3. പ്രിയമുള്ള; 4. ഭങ്ഗിയുള്ള. നാ. (സം.ഹൃദ്യാ) വൃദ്ധി എന്ന മരുന്ന്
ഹൃദ്യഗന്ധ നാ. 'ഹൃദ്യമായ മണമുള്ളത്', പിച്ചകം
ഹൃദ്യം നാ. 1. മനോഹരമായത് (ഹൃദയത്തിനു പ്രിയമായത്); 2. ഹൃദയത്തെ അടക്കാനുള്ള മന്ത്രം
ഹൃദ്രോഗം നാ. 1. നഞ്ചുസംബന്ധിച്ച ഒരു രോഗം; 2. ദുഃഖം
ഹൃല്ലാസം നാ. 1. നെഞ്ചെരിച്ചിൽ (രോഗം); 2. എക്കിൾ; 3. ദുഃഖം
ഹൃല്ലേഖം നാ. 1. ഹൃദയവേദന; 2. യുക്തിവാദം
ഹൃഷിത വി. ഹർഷംഭവിച്ച, കോള്മയിർക്കൊണ്ടു സന്തോഷിച്ച, അത്ഭുതപ്പെട്ട, നിരാശപ്പെട്ട, വളഞ്ഞ
ഹൃഷീകം നാ. ഇന്ദ്രിയം (ജ്ഞാനേന്ദ്രിയം)
ഹൃഷികേശൻ1 നാ. വിഷ്ണു (ഹൃഷീകങ്ങളുടെ നിയന്താവ്)
ഹൃഷികേശൻ2 നാ. സൂര്യചന്ദ്രരൂപനായിരിക്കുന്ന യാതൊരുവൻെറ കേശങ്ങൾ, രശ്മികൾ ജഗത്തിനു ഹർഷമുണ്ടാക്കുന്നുവോ അവൻ
ഹൃഷ്ട വി. ഹൃഷിത, സന്തുഷ്ടനായ
ഹൃഷ്ടി നാ. 1. ഹർഷം; 2. സുഖം; 3. ജ്ഞാനം; 4. ഗർവം
ഹെഡ് [ഇം.] വി. തലവനായ, പ്രമാണിയായ, 'ഹെഡ്മാസ്റ്റർ', 'ഹെഡ്ഗുമസ്തൻ', ഹെഡ്കോൺസ്റ്റബിൾ'
ഹെലിക്കോപ്റ്റർ [ഇം.] നാ. താഴ്ന്നു പറക്കാൻ കഴിയുന്ന ഒരുതരം വിമാനം
ഹേ വ്യാക സംബോധന. ഉദാഃ ഹേ രാമാ
ഹേഠം നാ. 1. കേട്; 2. മുഷിച്ചൽ; 3. തടസ്സം
ഹേഡജം നാ. കോപം
ഹേഡം നാ. നിന്ദ, അനാദരം
ഹേതി നാ. ആയുധം (ഏതുകൊണ്ടു ഹനിക്കുന്നുവോ അത്)
ഹേതു നാ. 1. കാരണം; 2. ഉത്പത്തി; 3. ഉദ്ദേശ്യം; 4. യുക്തിവാദം; 5. ഒരു അലങ്കാരം
ഹേതുകൻ നാ. താർക്കികൻ
ഹേതുകം നാ. കാരണം, ഉപായം, ഉപകരണം
ഹേതുത,-ത്വം നാ. ഹേതുവിൻെറ ഭാവം, കാരണമായി ഭവിക്കുന്നത്
ഹേതുമത്ത് വി. ഹേതുവോടുകൂടിയ. നാ. കാര്യം
ഹേതുഹേതുമദ്ഭാവം നാ. കാര്യകാരണസംബന്ധം
ഹേതുവാദം നാ. യുക്തിവാദം, തർക്കം

ഹേത്വതിശയോക്തി നാ. ഒരു അലങ്കാരം
ഹേത്വന്തരേണ അവ്യ. മറ്റൊരു കാരണത്താൽ
ഹേത്വപ ുതി നാ. അപ ുതി എന്ന അലങ്കാരത്തിൻെറ ഒരു വകഭേദം
ഹത്വാഭാസം നാ. യഥാർഥത്തിൽ ഹേതു അല്ലെങ്കിലും അതാണെന്നു തോന്നിക്കൽ
ഹേമ നാ. 1. ഒരു അപ്സരസ്ത്രീ, മണ്ഡോദരിയുടെ മാതാവ്; 2. സുന്ദരി
ഹേമകന്ദളം നാ. പവിഴം
ഹേമകം നാ. സ്വർണം
ഹേമകാരകൻ നാ. ഹേമകരൻ, ഹേമകർത്താവ്, തട്ടാൻ
ഹേമകിഞ്ജല്കം നാ. നാഗകേസരം
ഹേമകൂടം നാ. മേരുവിനും ഹിമവാനും മധ്യേ ഉള്ള ഒരു പർവതം (കിംപുരുഷവർഷത്തിലുള്ളത്)
ഹേമകേതകി നാ. പൊൻകൈത
ഹേമകേശൻ നാ. ശിവൻ
ഹേമകേളി നാ. 1. അഗ്നി; 2. ചേരുമരം
ഹേമഗിരി നാ. സുമേരുപർവതം
ഹേമചന്ദ്രൻ നാ. ഒരു സംസ്കൃതകോശഗ്രന്ഥത്തിൻെറ കർത്താവ്
ഹേമജ്വാലൻ നാ. ഹേമജ്വാലം, അഗ്നി
ഹേമന്തം,-ന്തി നാ. ആറ്ഋതുക്കളിലൊന്ന്, തുലാമ്മ് ശുക്ലപ്രതിപദം മുതൽ ധനു അമാവാസി വരെയുള്ള കാലം (ബലത്തെ വർധിപ്പിക്കുന്നത്)
ഹേമപുഷ്പ(ക)ം നാ. 1. ചെമ്പകം; 2. മഞ്ഞക്കുറുമുഴി (മുല്ല); 3. മഞ്ഞക്കുറിഞ്ഞി (ഒരു പച്ചമരുന്ന്)
ഹേമം1 [ത.ഏമം] നാ. നിർബന്ധം, ബലപ്രയോഗം
ഹേമം2 നാ. 1. പൊന്ന്; 2. പൊന്നു സംബന്ധിച്ച ഒരുതരം അളവ്; 3. നാഗപ്പൂവ്; 4. ഉമ്മത്ത്; 5. തവിട്ടു നിറമുള്ള കുതിര
ഹേമമാല നാ. യമൻെറ പത്നി
ഹേമമാലി നാ. സൂര്യൻ
ഹേമമാലിനി നാ. ഒരു അലങ്കാരം
ഹേമലൻ നാ. തട്ടാൻ
ഹേമശങ്ഖൻ നാ. വിഷ്ണു
ഹേമളം നാ. 1. ഉരകല്ല്; 2. ഓന്ത്
ഹേമാങ്ഗൻ നാ. 1. ഗരുഡൻ; 2. ബ്രഹ്മാവ്
ഹേമാങ്ഗം നാ. 1. സിംഹം; 2. ചെമ്പകം; 3. സുമേരു
ഹേമാംഭോജം നാ. സ്വർണത്താമര
ഹേമാ(വ്) നാ. 1. പൊന്ന്; 2. (ജ്യോ) ബുധൻ; 3. ജലം; 4. ഹേമന്തകാലം, മഞ്ഞ്; 5. ഉമ്മത്ത്
ഹേമാഹ്വം നാ. 1. ചമ്പകം; 2. ഉമ്മത്ത്
ഹേമിക്കുക ക്രി. ബലം പ്രയോഗിക്കുക, നിർബന്ധിക്കുക
ഹേമ്യ നാ. ഹേമമായ, സ്വർണനിർമിതമായ

ഹേയ വി. ഉപേക്ഷിക്കത്തക്ക
ഹേരം നാ. 1. മഞ്ഞൾ; 2. ഒരുതരം കിരീടം; 3. അന്തഃപുരം; 4. (അസുരന്മാരുടെ) മായ
ഹേരംബജനനി നാ. പാർവതി
ഹേരംബൻ നാ. 1. ഗണപതി; 2. അഹങ്കാരമുള്ള പടയാളി (പൊങ്ങച്ചം പറയുന്നവൻ); 3. പോത്ത്
ഹേരംബം നാ. പോത്ത്
ഹേരികൻ നാ. 1. ചാരൻ; 2. ദൂതൻ
ഹേരുകൻ നാ. ഒരു ശിവപാർഷദൻ
ഹേല നാ. 1. ഹാവവിശേഷം, ശൃങ്ഗാരചേഷ്ട; 2. വിനോദം, ആനന്ദം; 3. വികാരസ്ഫുടത, അതികാമം; 4. നിലാവ്; 5. നിന്ദ, വെറുപ്പ്; 6. കളിപോലെ എളുപ്പം ചെയ്യാവുന്നത്
ഹേലന(ം) നാ. നിന്ദ, കളി
ഹേലി നാ. സൂര്യൻ
ഹേവാകി വി. ആഗ്രഹമുള്ള
ഹേഷ(ം) നാ. കുതിരയുടെ കരച്ചിൽ
ഹേഷി നാ. കുതിര (ഹേഷത്തോടുകൂടിയത്)
ഹേഷിതം നാ. കുതിരയുടെ കരച്ചിൽ
ഹൈ വ്യാക്ഷേ സംബോധന
ഹൈക്കോടതി [ഇം.] നാ. പരമാധികാരമുള്ള കോടതി (നീതിന്യായസ്ഥലം)
ഹൈഡ്രജൻ [ഇം.] നാ. അബ്ജനകം
ഹൈതുക വി. ഹേതുവായുള്ള, വാദരൂപമായ
ഹൈതുകൻ നാ. 1. യുക്തിവാദി; 2. മീമാംസകൻ; 3. പാഷണ്ഡൻ (സ്ത്രീ) ഹൈതുകി
ഹൈദർ [അറ] നാ. 1. സിംഹം; 2. ഹൈദരാലിഖാൻ (ടിപ്പുവിൻെറ പിതാവ്)
ഹൈമ1 വി. 1. ഹിമസംബന്ധമായ, വളരെ തണുപ്പുള്ള; 2. ഹേമസംബന്ധമായ, സ്വർണമയമായ
ഹൈമ2 വി. മഞ്ഞക്കുറുമുഴി
ഹൈമൻ നാ. ശിവൻ
ഹൈമന വി. ഹിമത്തെ സംബന്ധിച്ച, തണുപ്പുള്ള, മഞ്ഞുകാലത്തോടു ചേർന്ന, (രാത്രിപോലെ) ദൈർഘ്യമുള്ള
ഹൈമനം നാ. 1. മഞ്ഞുകാലം, മാർകഴി; 2. മലനെല്ല്
ഹൈമന്തിക വി. ഹേമന്തകാലത്തുള്ള. ഹൈമന്തികം = ഒരുതരം നെല്ല്
ഹൈമം നാ. 1. ഉറച്ചമഞ്ഞ്; 2. മഞ്ഞുവെള്ളം; 3. നിലവേപ്പ്
ഹൈമവത വി. 1. ഹിമം സംബന്ധിച്ച, മഞ്ഞായ; 2. ഹിമവാനെ സംബന്ധിച്ച, ഹിമവത്പ്രദേശത്തുണ്ടാകുന്ന
ഹൈമവതം നാ. 1. ഭാരതഖണ്ഡം; 2. ഒരു വിഷം

ഹൈമവതി നാ. 1. ശ്രീപാർവതി (ഹിമവാൻെറ പുത്രി); 2. (വെളുത്ത)വയമ്പ്; 3. കടുക്ക; 4. മലയെരുമ; 5. ഗങ്ഗ; 6. വലിയ എരുമ; 7. അരേണുകം; 8. ചെമന്ന മുന്തിരിങ്ങ

ഹൈമി നാ. സ്വർണനിറമുള്ള മുല്ല

ഹൈയങ്ഗവീനം നാ. തലേദിവസം കറന്ന പാൽ കാച്ചി ഉറവീഴ്ത്തി കടഞ്ഞെടുത്ത വെണ്ണ, നെയ് (താരത. നവനീതം)

ഹൈരാർക്കി [ഗ്രീ] നാ. വൈദിക ഭരണക്രമം, വിശ്വാസികളെയും പട്ടക്കാരെയും മെത്രാന്മാരെയും ഒരു അതിമെത്രാൻെറയോ പാത്രിയാർക്കീസിൻെറയോ കീഴിൽ ഉൾപ്പെടുത്തുന്ന ഭരണരീതി, മേലധികാരികൾ

ഹൈരികൻ നാ. കള്ളൻ, അപഹരിക്കുന്നവൻ

ഹൈഹയൻ നാ. 1. സൂര്യവംശ രാജാവ്, വീതഹവ്യൻ; 2. യദുവിൻെറ പ്രപൗത്രൻ; 3. കാർത്തവീര്യാർജുനൻ

ഹോ വ്യാക്ഷേ ചോദ്യം, വിളി, അദ്ഭുതം

ഹോക്കി [ഇം.] നാ. ഒരുതരം പന്തുകളി

ഹോട്ടൽ [ഇം.] നാ. ഭക്ഷണപദാർഥങ്ങൾ തയാറാക്കി നൽകുന്ന സ്ഥലം

ഹോഡം നാ. ചങ്ങാടം

ഹോഢം നാ. തൊണ്ടി, മോഷണവസ്തു

ഹോതാവ് നാ. 1. ഹോമിക്കുന്നവൻ, യാഗം ചെയ്യുന്നവൻ; 2. അഗ്നി

ഹോതൃകൻ നാ. ഹോത്രിയുടെ കൈയാൾ

ഹോത്ര നാ. 1. യാഗം; 2. സ്തുതി

ഹോത്രം നാ. 1. ഹോമബലിക്കായി നിശ്ചയിച്ച വസ്തു, ഹോമിക്കത്തക്കത്; 2. ഉരുക്കി അരിച്ച നെയ്; 3. ഹോമം

ഹോത്രി നാ. യാഗപുരോഹിതൻ

ഹോത്രീയ വി. ഹോമം സംബന്ധിച്ച

ഹോത്രീയൻ നാ. ഹോമിക്കുന്ന ആൾ

ഹോത്രീയം നാ. യാഗശാല

ഹോമകൻ നാ. ഹോതാവ്

ഹോമകുണ്ഡം നാ. ഹോമാഗ്നി സൂക്ഷിക്കാനുള്ള കുണ്ഡം

ഹോമധാനം നാ. യോഗശാല

ഹോമധാന്യം നാ. 1. എള്ള്; 2. യവം

ഹോമധേനു നാ. ഹോമത്തിനാവശ്യമുള്ള നെയ് മുതലായവ നൽകുന്ന പശു

ഹോമം നാ. അഗ്നിയിൽ ചെയ്യപ്പെടുന്ന ഒരു കർമം, പഞ്ചയജ്ഞങ്ങളിൽ ഒന്ന് (ദേവയജ്ഞം)

ഹോമാഗ്നി നാ. ഹോമത്തിനു ജ്വലിപ്പിച്ച അഗ്നി

ഹോമിക്കുക ക്രി. ഹോമത്തിൻെറ രീതിയിൽ തീയിലിട്ടു ദഹിപ്പിക്കുക

ഹോമിയോപ്പതി [ഇം.] നാ. ഒരു ചികിത്സാരീതി (ഉപജ്ഞാതാവ് ഹനിമാൻ എന്ന ജർമൻ ഭിഷഗ്വരൻ)

ഹോമീയം,ഹോമ്യം വി. ഹോമിപ്പാൻ കൊള്ളാവുന്നത്, നെയ്
ഹോര [ഗ്രീ] നാ. 1. ജ്യോതിശാസ്ത്രത്തിലെ മുഖ്യഭാഗം; 2. ലഗ്നം; 3. രാശ്യർധം; 4. മണിക്കൂർ (ഒരു ദിവസത്തിൻെറ 24-ൽ ഒരു പങ്ക്) 'അഹോരാത്രം' എന്നതിൻെറ ആദ്യത്തെ അക്ഷരവും ഒടുവിലത്തെ അക്ഷരവും ലോപിച്ചാൽ 'ഹോര'; 5. രേഖ
ഹോരാഫലം നാ. ജാതകഫലം
ഹോലാക നാ. ഹോലി (ഹോളി)
ഹോലി(ക) നാ. ഫാല്ഗുനമാസത്തിലെ പൂർണിമ, അക്കാലത്തു നടത്തപ്പെടുന്ന വസന്തോത്സവം
ഹോശന്ന [ഹീ] നാ. ഹോശാന, ഓസാന, ഈശ്വരനു സ്തോത്രം
ഹോളി നാ. ഹോലി
ഹൗണി നാ. ഹൂണഭാഷ, ഇങ്ഗ്ലീഷ്
ഹൗതൃക വി. ഹോതാവിനെ സംബന്ധിച്ച
ഹൗത്രം നാ ഹോതാവിൻെറ കർമം
ഹൗവാ [ഹീ] നാ. ആദാമിൻെറ പത്നി, ഹവ്വ
വ(ന)ം നാ. ഗുപ്തി, ഒളിപ്പ്
ുതി നാ. ഒളിപ്പ്, നിഷേധം
ഹ്യസ് അവ്യ. ഇന്നലെ
ഹ്യസ്തന. വി. ഹ്യസ്ത്യ, ഇന്നലത്തെ
ഹ്യോഭവ നാ. ഇന്നലെ ഭവിച്ച
ഹ്രദഗ്രഹം നാ. ചീങ്കണ്ണി
ഹ്രദം നാ. 1. കയം; 2. ആഴമുള്ള കുഴി; 3. രശ്മി
1429
ഹ്രദിനി നാ. 1. നദി; 2. മിന്നൽ
ഹ്രസിക്കുക ക്രി. ചുരുങ്ങുക, ചെറുതാവുക
ഹ്രസിത വി. ഹ്രസിക്കപ്പെട്ട, ശബ്ദിക്കപ്പെട്ട
ഹ്രസിമാ(വ്) നാ. നീളക്കുറവ്, കുറവ്
ഹ്രസീയസ്സ് വി. ഹ്രസ്വമായ
ഹ്രസ്വ വി. നീളമില്ലാത്ത, പൊക്കമില്ലാത്ത, ചെറിയ, കുറിയ (ഹ്രസ്വ, ഹ്രസ്വതര, ഹ്രസ്വതമ - ഹ്രസ്വ, ഹ്രസീയസ്സ്, ഹ്രസിഷ്ഠ)
ഹ്രസ്വക വി. ഹ്രസ്വമായ
ഹ്രസ്വഗാത്രൻ നാ. മുണ്ടൻ
ഹ്രസ്വം നാ. 1. കുറിയത്; 2. (വ്യാക) സ്വരങ്ങളിൽ ഒരു ഭാഗം; 3. (വൃത്ത) ലഘു
ഹ്രസ്വമൂലപഞ്ചകം നാ. ഓരില മൂവില ചെറുവഴുതിന ഞെരിഞ്ഞിൽ വെളുത്തചുണ്ട ഈ അഞ്ചും
ഹ്രസ്വാങ്ഗൻ നാ. ഹ്രസ്വഗാത്രൻ (മുണ്ടൻ)
ഹ്രസ്വാങ്ഗം നാ. 1. നീളം കുറഞ്ഞ അവയവം; 2. ഒരു മരുന്ന്, ജീവകം
ഹ്രാദം നാ. ശബ്ദംഹ്രാദി നാ. ശബ്ദിക്കുന്ന

ഹ്രാദിനി നാ. 1. മിന്നൽ; 2. ഇടിവാൾ, വജ്രായുധം; 3. നദി; 4. ഈന്തമരം

ഹ്രാസം നാ. 1. ചുരുങ്ങൽ, കുറവ്, ക്ഷയം (>< വികാസം); 2. ചെറിയ തുക; 3. ശബ്ദം

ഹ്രീ നാ. 1. ലജ്ജ, നാണം; 2. ദക്ഷൻെറ ഒരു പുത്രി

ഹ്രീക നാ. 1. ലജ്ജ; 2. അടക്കം; 3. ഭയം

ഹ്രീകു വി. ഹ്രീയുള്ള, ഭീരുവായ. നാ. അരക്ക, വെളുത്തീയം, ലജ്ജ (ഹ്രീ) ഭയം, പൂച്ച

ഹ്രീണ,ഹ്രീത വി. ലജ്ജിച്ച, നാണിച്ച

ഹ്രീത്യാഗം നാ. കാമാവസ്ഥകളിൽ ഒന്ന്, ലജ്ജാനാശം

ഹ്രീബേരം നാ. ഹ്രീവേരം, ഹ്രീവേലം, ഇരുവേരി (ഇരുവേലി)

ഹ്രീമാൻ നാ. ലജ്ജയുള്ളവൻ

ഹ്ലാദ(ക)ം നാ. സന്തോഷം

ഹ്ലാദനം വി. സന്തോഷിപ്പിക്കൽ

ഹ്ലാദി വി. സന്തോഷിപ്പിക്കുന

ഹ്ലാദിക നാ. സന്തോഷം

ഹ്ലാദിനി നാ. 1. സന്തോഷിപ്പിക്കുന്നവൾ; 2. ഈന്തവൃക്ഷം; 3. ഹ്രാദിനി

ഹ്വാനം നാ. വിളിശബ്ദം (ആഹ്വാനം)

ള

ള [ള്-അ] മുപ്പത്തിനാലാമത്തെ വ്യഞ്ജനം, ഒരു മൂർധന്യ പാർശ്വികവർണം

ളകാരം നാ. ള എന്ന അക്ഷരം

ളൻ നാ. ഇന്ദ്രൻ

ളത്വം നാ. 1. ദിവ്യത്വം; 2. ജ്യോതിസ്സ്വരൂപം

ളുഹർ [അറ] നാ. ഉച്ച

ളോഹ [പോർ] നാ. (ക്രിസ്തു) പുരോഹിതന്മാർ ധരിക്കുന്ന ഔദ്യോഗികവേഷം

ഴ

ഴ [ഴ് -അ] വ്യഞ്ജനങ്ങളിൽ മുപ്പത്തഞ്ചാമത്തേത്. ദ്രാവിഡ ഭാഷകളിൽ പ്രത്യേകിച്ചുള്ള വർണം. പദാദിയിൽ വരികയില്ല

ഴകാരം നാ. ഴ എന്ന വർണം

റ

റ [റ് -അ] മലയാള അക്ഷരമാലയിലെ മുപ്പത്താറാമത്തെ വ്യഞ്ജനം

റകാരം നാ. റ എന്ന അക്ഷരം
റക്കാബ് [അറ] നാ. അങ്കപടി
റജിസ്റ്റർ [ഇം.] നാ. രജിസ്റ്റർ, 1. പ്രമാണം പതിക്കൽ; 2. പതിക്കുന്നതിനുള്ള പുസ്തകം
റഡാർ [ഇം.] നാ. റയ്ഡാർ, വിമാനം റോക്കറ്റ് തുടങ്ങിയവയുടെ വരവും പോക്കും നിരീക്ഷിക്കാനുള്ള യാന്ത്രികോപകരണം
റദ്ദാക്കുക [<അറ.രദ്ദ്] നാ. 1. അസാധുവാക്കുക; 2. പിൻവലിക്കുക
റബ്ബർ [ഇം.] നാ. 1. റബ്ബർമരക്കറയിൽനിന്നുണ്ടാകുന്ന ഒരു കൃത്രിമപദാർഥം; 2. റബ്ബർക്കറ ഉത്പാദിപ്പിക്കുന്ന മരം; 3. എഴുത്തുമായ്ക്കാൻ റബ്ബർകൊണ്ട് ഉണ്ടാക്കുന്ന ഉപകരണം
റബ്ബ് [അറ] നാ. 1. യജമാനൻ; 2. ഈശ്വരൻ
റംസാൻ [അറ] നാ. 1. ഇസ്ലാമികവർഷത്തിലെ ഒമ്പതാമത്തെ മാസം; 2. നൊയ്മ്പു മാസം
റമ്പാട്ടി [<സുറി.റമ്പാൻ] നാ. സന്യാസിനി
റമ്പാൻ [സുറി] നാ. സന്യാസി
റമ്പാൻപാട്ട് നാ. തോമാശ്ലീഹായുടെ കഥ പ്രതിപാദിക്കുന്ന ഒരു പഴയ പാട്ട്
റവ [ഹി.] നാ. ചെറിയ തരികളായി പൊടിച്ച ഗോതമ്പോ മറ്റേതെങ്കിലും ധാന്യമോ
റവുക്ക നാ. സ്ത്രീകൾ മാറിൽ ധരിക്കുന്ന കുപ്പായം
റവെക്ക [പോർ] നാ. ഒരു വാദ്യം, ഫിഡിൽ
റസൂൽ [അറ] നാ. ദൂതൻ, സന്ദേശഹരൻ
റസ്ക് [ഇം.] നാ. പൊരിച്ച മധുരറൊട്ടി
റാക്ക്[അറ] നാ. ഒരുതരം ചാരായം
റാഗി [ഹി] നാ. മുത്താറി
റാങ്ക് [ഇം.] നാ. സ്ഥാനം, പദവി
റാഞ്ചൽ നാ. റാഞ്ചുകയെന്ന പ്രവൃത്തി
റാഞ്ചുക ക്രി. പെട്ടെന്ന് തട്ടിയെടുക്കുക
റാട്ട് നാ. 1. ചക്രം; 2. ചർക്ക
റാണ[പ്രാ] നാ. ഒരു രജപുത്രരാജാവ്
റാണി [പ്രാ] നാ. 1. രാജ്യം ഭരിക്കുന്ന സ്ത്രീ; 2. തേനീച്ചക്കൂടിൻെറ ആധിപത്യം വഹിക്കുന്ന പെൺതേനീച്ച
റാത്തൽ [അറ] നാ. 1. തൂക്കത്തിൻെറ ഒരു അളവ്; 2. ത്രാസ്
റാൻ [പ്രാ] നാ. എറാൻ, കല്പനപോലെ എന്ന അർഥത്തിൽ പ്രഭുക്കന്മാരോടും മറ്റും പറയുന്ന പദം
റാന്തൽ [ഇം.] നാ. കണ്ണാടിച്ചില്ലിട്ട ഒരുതരം മണ്ണെണ്ണ വിളക്ക്
റായി[പ്രാ] നാ. രാജാവ്
റാലി[ഇം.] നാ. ഒരു കാര്യത്തിനു പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് ഒരുമിച്ചു കൂടുക, സമ്മേളിക്കുക
റാവുത്തർ നാ. മഹമ്മദീയൻ
റാസ[സുറി] നാ. ഒരു സുറിയാനി കുർബാന

റിക്കാർട്ട് [ഇം.] നാ. 1. രേഖ; 2. രേഖപ്പെടുത്തൽ; 3. രേഖപ്പെടുത്തിയ വിവരം
റിക്ഷ[ജാപ്പനീസ്] നാ. രണ്ടോ മൂന്നോ ചക്രത്തിന്മേൽ ചലിക്കുന്ന ചെറിയ വാഹനം
റിപ്പയർ [ഇം.] നാ. കേടുപോക്കൽ
റിപ്പോർട്ട് [ഇം.] നാ. വിവരണം, വിജ്ഞപ്തി
റിബൺ [ഇം.] നാ. കട്ടികുറഞ്ഞു പരന്ന നാട
റിമാൻഡ് [ഇം.] നാ. താത്കാലികമായ തടവ്
റിവിഷൻ [ഇം.] നാ. പുനഃപരിശോധന, മാറ്റം
റിസീവർ [ഇം.] നാ. കോടതിയുടെ ഉത്തരവനുസരിച്ച് തർക്കവിഷയമായ വസ്തുക്കൾക്ക് മേൽനോട്ടം വഹിക്കുന്ന ആൾ
റിഹേഴ്സൽ [ഇം.] നാ. 1. നാടകത്തിനും മറ്റുമുള്ള പരിശീലനം; 2. പരീക്ഷണാർഥം നടത്തുന്ന മുൻകൂട്ടിയുള്ള അവതരണം
റീജൻറ് [ഇം.] നാ. കിരീടാവകാശിക്കു പകരം തത്കാലം ഭരണം നടത്തുന്ന വ്യക്തി
റീഡർ [ഇം.] നാ. 1. പാഠപുസ്തകം; 2. സർവകലാശാലാ അധ്യാപകൻ (പ്രൊഫസ്സറുടെയും ലക്ചററുടെയും മധ്യേ വരുന്ന ഒരു തസ്തിക)
റീത്ത് [ഇം.] നാ. പുഷ്പചക്രം
റീഫണ്ട് [ഇം.] നാ. പണം തിരിച്ചടയ്ക്കൽ, മടക്കിക്കോടുക്കൽ
റീം [ഇം.] നാ. ഒരു പ്രത്യേക അളവിലുള്ള കടലാസ്സുകെട്ട്
റീൽ [ഇം.] നാ. 1. നൂൽച്ചുരുൾ; 2. ചലച്ചിത്രഫിലിമിൻെറ ചുരുൾ
റുപ്പിക നാ. ഉറുപ്പിക, രൂപ
റൂം [ഇം.] നാ. അറ, മുറി
റൂശുമ [സുറി] നാ. ആശീർവാദം
റൂൾ [ഇം.] നാ. 1. ചട്ടം; 2. വ്യവസ്ഥ; 3. ഭരണം
റൂൾത്തടി നാ. 1. വരയിടാനുള്ള തടി; 2. ഉരുൾത്തടി
റെഡി [ഇം.] വി. തയാർ
റെഡ്ക്രോസ്സ്സൊസൈറ്റി [ഇം.] നാ. ആതുര സേവനത്തിനുള്ള അന്തർദേശീയ സങ്ഘടന
റെമിറ്റുചെയ്യുക [ഇം.] ക്രി. പണം ഒടുക്കുക
റെയിൽവേ [ഇം.] നാ. 1. തീവണ്ടി ഗതാഗതം; 2. തീവണ്ടിപ്പാത
റേദിയം [ഇം.] നാ. ഒരു മൂലകം
റേഡിയോ [ഇം.] നാ. 1. ശബ്ദപ്രക്ഷേപണി; 2. പ്രക്ഷേപണംചെയ്ത ശബ്ദം സ്വീകർച്ച് കേൾപ്പിക്കുന്ന യന്ത്രോപകരണം
റേന്ത[പോർ] നാ. 1. അലങ്കാരത്തുന്നൽ ചെയ്തതും വസ്ത്രങ്ങളിൽ തുന്നിപ്പിടിപ്പിക്കുന്നതുമായ ഒരുതരം നേർത്ത തുണി; 2. അലങ്കാരത്തുന്നൽ
റേസ്[ഇം.] നാ. ഓട്ടപ്പന്തയം
റൊക്കം നാ. രൊക്കം
റൊട്ടി [ഹി] നാ. മൊരിച്ചെടുത്ത ഒരുതരം അപ്പം
റോക്കറ്റ് [ഇം.] നാ. 1. ഒരു ആയുധം; 2. ഭാരമേറിയ വസ്തുക്കളെ ആകാശത്തേയ്ക്ക് ഉയർത്തുന്ന വലിയ വാണം; 3. വാണം

റോജ നാ. റോസാപ്പൂവ്
റോഡ് [ഇം.] നാ. 1. വീതിയുള്ള പാത; 2. നിരത്ത്
റോന്ത് [പോർ] നാ. ചുറ്റിനോട്ടം
റോമൻകത്തോലിക്കർ [ഇം.] നാ. ക്രിസ്ത്യാനികളിൽ ഒരു വിഭാഗം
റോയൽറ്റി [ഇം.] നാ. ഉടമസ്ഥനുള്ള വിഹിതം
റോസ [ഇം.] നാ. പനിനീർച്ചെടി, പനിനീർപ്പൂവ്
റോളർ [ഇം.] നാ. 1. ഉരുൾ; 2. നിരത്തുന്ന യന്ത്രം
റൗക്ക നാ. സ്ത്രീകളുടെ പണ്ടത്തെ ഒരുതരം കുപ്പായം
റൗഡി [ഇം.] നാ. ആഭാസൻ, തെമ്മാടി

ഺ

ഺ മുപ്പത്തേഴാമത്തെ വ്യഞ്ജനം. ശുദ്ധമലയാളപദങ്ങളിൽ പദാദിയിൽ വരികയില്ല. അന്യഭാഷാപദങ്ങളിൽ ആദിയിലെ 'ഺ' യ്ക്കുപകരം 'ട'കാരം എഴുതുക പതിവ്. ഺീച്ചർ – ടീച്ചർ, ഺൊമാറ്റോ – ടൊമാറ്റോ ഇത്യാദി നോക്കുക
ഺകാരം 'ഺ' എന്ന അക്ഷരം
ഺാഺാ യാത്രപറയലിൽ ഉപയോഗിക്കുന്ന പദം
ഺീ [ഇം.] നാ. 1. തേയിലച്ചെടി; 2. ചായച്ചെടി; 3. ചായ
ഺീച്ചർ [ഇം.] നാ. 1. അധ്യാപനവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന ആൾ; 2. അധ്യാപിക
ഺൊമാറ്റോ [ഇം.] നാ. 1. തക്കാളി; 2. തക്കാളിപ്പഴം

1431

അനുബന്ധം 1

സാങ്കേതികപദാവലി

അപാക്ഷം
ഉദരം
വിപഥനം
അജീവജീവോത്പത്തി
അജൈവം
അപക്ഷരണം
അപസാമാന്യം
ഗർഭസ്രാവം
അപഘർഷണം
വിലഗനം
കേവലം
കേവലപൂജ്യം
അമൂർത്തം
അസങ്ഗതി
നിതലം

വിതലം
കണ്ടകരൂപം, മുള്ളുരൂപം
അഫലം
അകാണ്ഡം
ത്വരണം
തരകം
സ്വരാഘാതം
സ്വീകാര്യത
സ്വീകാരി
സങ്ഗമം
കണക്കെഴുത്ത്
സഞ്ചയം
കൃത്യത, കണിശം
കർത്തൃകാരകം
അനുശീലനം
സൂച്യാകാരം
അവർണകത
അവർണകം
സൂച്യാകാരം
അമ്ലം
അമ്ലത
ധ്വനികം, ധ്വനിവിജ്ഞാനം
ആർജിതം
1431ബ്ല്
കണികാരൂപം
അഗ്രഫലീയം
ശിഖരപുടം
അഗ്രവർധി
അഗ്രവീക്കം
അഗ്രാഭിസാരി
ഉത്തേജനം
സക്രിയം
ആക്ടിവത, ക്രിയത
സൂചീവേധം, അക്യുപങ്ചർ
ന്യൂനകോൺ
അചക്രീയം
അനുകൂലനം
സങ്കലനം
ഗ്രന്ഥിരൂപം
ആസഞ്ജനം
ആസഞ്ജനം

പ്രവേശ്യത
അധിവൃക്കം
അധിശോഷണം
അഭിവഹനം
വായുജീവി
വായുഗതികം
വായുപ്ലവം
വായുവിജ്ഞാനം
വിമാനവിജ്ഞാനം
വായുസ്പന്ദം
പുഷ്പദളവിന്യാസം
അലൈങ്ഗികപ്രജനനം
കുമിൾവിജ്ഞാനം
കാരകം
പുഞ്ജനം
ബീജഗണിതം
അൽഗൊരിഥം
അന്നപഥം
പചനവ്യൂഹം
ക്ഷാരം
ക്ഷാരത
പരപരാഗണം
1432
അപരരൂപം
അപരരൂപത
കൂട്ടുലോഹം
വ്യത്യയം
വൈകല്പികം, ഏകാന്തരം
പ്രത്യാവൃത്തിധാര
പ്രത്യാവർത്തനം
തുങ്ഗതാമാപി
തുങ്ഗത
ഉഭയധ്വനികത
അസമരൂപം
ആംപിയർ
ഉഭയവാസിവർഗം
ഉഭയവാസി
ഉഭയഫലം
ബാഹ്യസ്തരം
ഉഭയധർമി
പ്രവർധകം

ആയാമം, കോണാങ്കം
ആരോഹി
സുപ്തജീവിതം
ഉപചയം
വിളർച്ച
വേദനാഹരം
വിശ്ലേഷണം

വിശ്ലേഷകജ്യാമിതി
അനബിന്ദുകത
ശരീരശസ്ത്രം
അനക്ഷീയം
പുരുഷാങ്ഗം
പുംജനനം
വായുപ്രകീർണനം
വായുവേഗമാപി
വാതാനുചലനം
വാതാനുവർത്തനം
നിർദ്രവം
ആവൃതബീജികൾ
കോണ്, കോൺ
ആനയോൺ, ആനയെൻ
അസമയുഗ്മനം
ഏകവാർഷികങ്ങൾ
നിർമദചക്രം
അസങ്ഗതം
സ്പർശി
പരാഗകോശം, പരാഗി
ദളധരം
പുഷ്പവിന്യാസം
1432.2
പ്രത്യുത്പ്രേരകം
പ്രതിഗാമി
പ്രതിദ്രവ്യം
പ്രസ്പന്ദം
പ്രതികരണം
പ്രതിവിഷം
ദ്വാരം
അഗ്രം
സൂര്യോച്ചാ
അപഭൂ

അധ്രുവം
പ്രത്യക്ഷം
അനുപ്രയോഗം
പ്രയുക്തം
ഏകദേശനം
ജലഭരം
സ്വേച്ഛാപരം
ചാപം
പുരാതത്ത്വവിജ്ഞാനം
ചാപാകാരം
ക്ഷേത്രഫലം, വിസ്തീർണം
അങ്കഗണിതം
വിന്യസനം
വ്യൂഹം
ധമനീയം
ധമനി
ആരോഹി
പക്ഷപരം
അബീജത
ശ്വാസരോധി
സാഹചര്യം
അവ്യൂഹനം
ക്ഷുദ്രഗ്രഹം
അബിന്ദുകം
ഖഗോളഭൂവിജ്ഞാനീയം
നക്ഷത്രചിത്രണം
ഖഗോളമിതി
അന്തരീക്ഷയാത്രാവിജ്ഞാനം
ജ്യോതിശ്ശാസ്ത്രം, ഖഗോളവിജ്ഞാനം

അനന്തസ്പർശി
അപൂർണരൂപി
അന്തരീക്ഷം
അണു, ആറ്റം
ഗുണം
ശ്രവ്യത
സ്വയുഗ്മനം
സ്വചാലനം
1433.1

സ്വപോഷികൾ

ഇലക്കക്ഷം
അക്ഷം
അയുഗ്മം
പൂർവസങ്കരണം
പ്രതിതാപനം
ബാക്ടീരിയാവിജ്ഞനം
ബക്ടീരിയാഭോജി
കുചാലകം
താപനം
റൊട്ടിക്കാരം
പ്രാക്ഷേപികം, ബാലിസ്റ്റിക്സ്
ബാങ്, ഊക്കൻ ആഘാതം
കേന്ദ്രകം
അഗ്രാധാരം
ആധാരം
അധോമുഖി
അവവർണമൂലകം
ആഴമിതി
കിരണപുഞ്ജം

വിസ്പന്ദം
നിതലജീവജാലം
ആചരണം, പെരുമാറ്റം
ബ്രഷ്രൂപം
ദ്വികോണീയം
ദ്വിഅക്ഷീയം
അഭിനതി
ദ്വിശൃങ്ഗി
ദ്വിമാനം
ഉഭയദിശീയം
ദ്വിവർഷി
ദ്വിശാഖനം
പിത്തപഥം
പിത്തം, പിത്തരസം
ദ്വിചരം
ദ്വിപദം
ഉപാഭിലംബം
ജീവരസതന്ത്രം
ജൈവരൂപം
ജൈവഭൂരസതന്ത്രം
ജൈവഭൂമിശാസ്ത്രം

ജീവജാശ്മം
ജീവശാസ്ത്രം
ജൈവഭൗതികം
ജീവദ്രവ്യം
ദ്വിപാദി
ദ്വിധ്രുവീയം
1433.2
ചതുർഘാതം
ദ്വിഭാജനം
ദ്വിലിങ്ഗി
ദ്വിചരം
തമോഗർത്തം
വിരാജനം
തിളയ്ക്കൽ, ക്വഥനം
തിളനില, ക്വഥനാങ്കം
ആദത്തമൂലകം
ആദാനം
സസ്യശാസ്ത്രം
ചുഷകചക്രം
ബദ്ധം
ശ്വസനി
ഉത്പ്ലാവകത
ഉപപതനം
അന്നനാളം
പരികലനം
കലനം
അംശാങ്കനം
താപദീപ്തി, അവരക്തദീപ്തി
കലോറി
ബാഹ്യദളീയം
അഗ്രാവരണം
കർപ്പൂരം
സ്വജാതിഭക്ഷി
കനോനികരൂപം
ധാരിത
കാപ്പിലാരത, സൂക്ഷ്മനാളീക്രിയ
ഫലവിജ്ഞാനം
കാർത്തിസീയനിർദേശാങ്കങ്ങൾ

ഉപാസ്ഥി
അപനതം

ബാഹ്യദളം
ഉത്പ്രേരകം
ഖഗോളീയം
കോശം
കാനേഷുമാരി
ശതാംശപദ്ധതി
കേന്ദ്രാഭിസാരി
അപകേന്ദ്രം
കേന്ദ്രം
അഭികേന്ദ്രം
ശീർഷസ്ഥം
ശീർഷപാദം
പ്രായികത
അഭിലക്ഷണം, പൂർണാംശം
1434.1
രസതന്ത്രം
ദ്രുതശീതനം
ഹരിതകണം
ഹരിതഹീനം
ജ്യാവ്
കാലാനുക്രമം
വൃത്തം
പരിപഥം
പരിസഞ്ചരണം
പരികേന്ദ്രം
പരിവൃത്തം
വിദളനം
കാലാവസ്ഥാഗ്രാഫ്
കാലാവസ്ഥാവിജ്ഞാനം
ആരോഹിലത
പ്രദക്ഷിണം
ഗുണാങ്കം
ഉദ്ബോധകം
സങ്ഘനനം
നിബന്ധന
ചാലനം
വിശ്വാസ്യത
വിന്യാസം

നൈസർഗികം
കോണികം

കോണികഗണിതം
അവിരോധി
അചരം
നക്ഷത്രമണ്ഡലം
സങ്കീർണനം
ആസങ്ഗം
പ്രവാഹി
അഭിസരണം
ഉത്തലം, ഉന്മധ്യം
നിർദേശാങ്കങ്ങൾ
പ്രപഞ്ചവിജ്ഞാനം
അന്തരീക്ഷയാത്രികൻ
അന്തരീക്ഷയാത്രാവിജ്ഞാനം
ബീജപത്രം
കൂളും
ഗണനീയം
കപാലവിജ്ഞാനം
ഇഴവള്ളികൽ
സങ്കരം
ജീൻവിനിമയം
നിമ്നതാപവിജ്ഞാനം
ഗൂഢലേഖം
ക്രിസ്റ്റൽവിജ്ഞാനം
1434.2
ഘനം
ഘനമൂലം
ധാര
ചക്രം, ചരീയം
ചക്രാഭം
കോശവിജ്ഞാനം
കോശദ്രവ്യം
അവമന്ദനം
ആർദ്രത
ദശകോണം, ദശഭുജം
ക്ഷയം
ധനശാസ്ത്രം, ധനതത്ത്വശാസ്ത്രം
ഉത്ക്ഷേപകം
ഇലാസ്തികത
വൈദ്യുതം
വൈദ്യുത അപഘടനം
വൈദ്യുതകാന്തം

ഇലക്ട്രോണികം
വിദ്യുത്ലേപനം
സ്ഥിരവൈദ്യുതം
സ്ഥിരവൈദ്യുതവിജ്ഞാനം
അങ്ഗം
പ്രാഥമികം
ഉത്ഥാപകം
ദീർഘവൃത്തം
ദീർഘീകരണം
വിപുംസനം
അന്തസ്ഥാപനം
ഉത്സർജകത
അനുഭാവാത്മകം, ആനുഭവികം
പരിബന്ധം
ആവൃതി
അന്തശ്ചർമം
എൻജിനിയറിങ്
ഗണനം
പാരിസ്ഥിതികം
പരിസ്ഥിതി
എൻസൈം വിജ്ഞാനം
അധികേന്ദ്രം
അധിചർമം
അധിചക്രം
പകർച്ചവ്യാധിവിജ്ഞാനം
സങ്കേതപദം
വിഷുവം
തുല്യത
തുല്യാങ്കം
ദ്രവിക്കൽ, അലരദനം
ആകലനം
1435.1
ആകലം
സുജനനവിജ്ഞാനം
നിർവാതനം
അർഥവിസ്താരം

പരീക്ഷണം
ഘാതാങ്കം
ചരഘാതാങ്കി
വ്യഞ്ജകം

വ്യാപനം
നിഷ്കർഷണം
പരമമൂല്യം
ഉത്സാരണം, ബഹിർവർധനം
ഘടകം
ഉപാദാനവിശ്ലേഷണം
ക്രമഗുണിതം
ജനനക്ഷമത
പുനർനിവേശം
സ്പർശകം
വിശ്വാസതാസീമ
ക്ഷേത്രം
അക്കം
പ്രഥമശുശ്രൂഷ
വിഖണ്ഡനം
ആസഞ്ജനം
നമ്യം
ഉച്ചാവചനം, ഏറ്റക്കുറച്ചിൽ
തരളം, ദ്രവം
പ്രദീപ്തി
അഭിവാഹം
പ്രവചനം, പൂർവാനുമാനം
ശിലാസമൂഹം
സൂത്രം
ജീവാശ്മം
ജീവാശ്മവിജ്ഞാനം
ഭിന്നം
ഉറയൽ
ആവൃത്തി
ഘർഷണം
ശീതഭീരു
ആലംബം, ആധാരം
ഫലനം
അണുസമ്യോജനം
ഭാവിശാസ്ത്രം
നേട്ടം
പിത്താശയം
ജാരനാളം
ഭൂവിജ്ഞാനം
1435.2
ജനിതകം

വാർധക്യരോഗവിജ്ഞാനം
കപടപ്രതിരൂപം
ഗ്രന്ഥി
ഗോളം
ശ്വാസദ്വാരീയം
സൂചാലകം
ചരിവ്, ചരുവുമാനം
ശ്രേണീകരണം
തൃണവിജ്ഞാനം
ആലേഖം
തീക്ഷ്ണഗന്ധി
ഗുരുത്വവിജ്ഞാനം
ഗുരുത്വമാപി
ഗുരുത്വമിതി
ഗുരുത്വാകർഷണം
ഗുരുത്വം
വൃദ്ധി
കണ്ഠ്യം
അനാവൃതകോരകം
അനാവൃതഫലത
അനാവൃതബീജി
സ്ത്രീരോഗവിജ്ഞാനം
പ്രസൂതിതന്ത്രം
പരിഭ്രമണം
പരിഭ്രമണഗതികം
ആവാസം
ആവാസയോഗ്യത
അർധായുസ്സ്
പരിവേഷം
ആകസ്മികം
ഹാർമോണികം
ഗുണാവൃത്തി
സുസ്വരത
കുണ്ഡലിനി
ഉഭയലിങ്ഗി
അർധഗോളം
ഭിന്നാത്മകം
ഷഡ്ഭുജം
ഷട്പദം
ശിശിരസുഷുപ്തി
ദൃഢലോമി

ആയതചിത്രം
ഉദ്യാനകൃഷി
ഏകാത്മകം
ക്ഷിതിജം
കുതിരശക്തി
ഉദ്യാനക്കൃഷി
1436.1
സങ്കരണം
ജലയോജനം
ജലബലതന്ത്രം
ദ്രവസ്ഥിതികം
ഹൈഡ്രോളികം
ജലവിജ്ഞാനം
ജലവിശ്ലേഷണം
ജലബലതന്ത്രം
ദ്രവസ്ഥിതികം
ജലതാപീയം
ആർദ്രതാലേഖി
ആർദ്രതാവിജ്ഞാനം
പരികല്പന
ഊഹാധിഷ്ഠിതം
പ്രദീപ്തി
നിയോജകരൂപം
ആവേഗം
ആപതനം
ഇൻസിനറേറ്റർ
ആനതി, ചരിവ്
അന്തർവൃത്തം
അനിയതാവാചി ഉപപദം
അനിർധാര്യത
സൂചകാങ്കം
പ്രേരിതം
അസമത
അനന്തം, അപരിമിതം
അനന്തസൂക്ഷ്മം
നടുവിനയെച്ചം
പുഷ്പക്രമം
അന്തർവാഹി
അകാർബണികം
നിവേശനം
പൂർണസങ്ഖ്യ

അന്തഃഖണ്ഡം
ഇടവേള, അന്തരാളം
സ്വരാന്തരിതം
ആന്ത്രം
അചരം
വ്യുത്ക്രമണം
അനൈച്ഛികം
പ്രതികേന്ദ്രജം
അന്തർവലനം
അയോൺ, അയെൻ
അയനീകരണം
പുനരാവൃത്തി
ജൂൾ
ആജ്ഞാർഥകം
1436.2
ബഹുരൂപദർശി
വൃക്ക
കകുദത
ഓഷ്ഠ്യം
ദന്തോഷ്ഠ്യം
പിത്താശയം
പടലം
ഭാഷാസമ്പർക്കം
ലീനം
ലീനതാപം
പാർശ്വികം
ചെങ്കല്ല്
അക്ഷാംശം
ജാലിക
നിക്ഷാളനം
ന്യൂനതമം
തുങ്ഗകകുദി
ഉത്തോലകം
ഉത്ഥാപകം
ഏകഘാതം
ദ്രവം, ദ്രാവകം
ശിലാജനനം
അശ്മവിജ്ഞാനം
ആദത്തം
ആഗതാർഥപരിവൃത്തി
ആഗതതർജുമ

ബിന്ദുപഥം
അനുദർഘ്യം
അഷ്ടഫലനം
ജ്യോതി
ദ്രവസമ്മർദനം
സ്ഥൂലവിശ്ലേഷണം
കാന്തം
കാന്തത
ആവർധനം
പരിമാണം
അപൂർണാംശം
ചിത്രണം
സീമാന്തം
പിണ്ഡം, ദ്രവ്യമാനം
ഗണിതം
ദ്രവ്യം
അധികതമം, ഉച്ചതമം
ബലതന്ത്രം
ഉരുകൽ
വിസ്താരകലനം
കായാന്തരണം
ഉല്ക
1437.1
കാലാവസ്ഥാശാസ്ത്രം
വിധിതന്ത്രം
സൂക്ഷ്മവിശ്ലേഷണം
സൂക്ഷ്മാണു
സൂക്ഷ്മജീവിവിജ്ഞാനം
സൂക്ഷ്മദർശിനി
പ്രവാസം
ഖനിജം
ന്യൂനതമം, അല്പതമം
ഖനനം
പ്രാക്ഷേപികം, മിസൈൽ
ബഹുലകം
തന്മാത്ര
ഏകപദി
ചലനം, ഗതി
ശ്ലേഷ്മം
ബഹുപദീയം
ഗുണനം

ബഹുചരം
പേശി
ഉത്പരിവർത്തനം
നികടദൃഷ്ടി
അധോബിന്ദു
ധനപൂർണസങ്ഖ്യ
ജലഗതാഗതം
നീഹാരിക
ഭ്രൂണം
വൃക്കശോഥം
നാഡീവ്യൂഹം
ഉദാസീനം
നിസ്പന്ദം
പ്രസാമാന്യവിതരണം
നാഭികം,കോശകേന്ദ്രം
അണുകേന്ദ്രം
സങ്ഖ്യ
പോഷണം
ബിംബം
അഭിദൃശ്യകം
തിര്യക്ക്
നിരീക്ഷണകേന്ദ്രം
അധികോൺ
അഷ്ടഫലകം
ഏകൈകസാങ്ഗത്യം
വിഷമയുഗ്മത
അണ്ഡജനനം
അണ്ഡവാഹിനി
വിവൃതം
പ്രകാശികം
1437.2
കക്ഷ്യ
ഘാതം, ക്രമം
ക്രമസൂചകസങ്ഖ്യ
പക്ഷിശാസ്ത്രം
അസ്ഥിവിജ്ഞാനം
ദോലനം
അണ്ഡാശയം
അധിസ്വരകം
അണ്ഡാണു
ഓക്സീകരണം

കുമാരഭൃത്യം,ശിശുരോഗചികിത്സ
പുരാഭൂമിശാസ്ത്രം
താലവ്യാ
താലു
താലവ്യാദേശം
വിരോധാഭാസം
പരജീവനം
പരാദവിജ്ഞാനം
കണം
പുഷ്പവൃന്തം
ശ്രോണി
പരിരേഖ
പ്രകടരൂപം
സ്വനിമം
ഭൗതികം
വൃത്താരേഖം
ചെറുപത്രകം
പ്ലവകം
ബഹുലകത
ബഹുപദം
ഘാതം
അവക്ഷേപണം
സൂക്ഷ്മത
ഗതി
പരിരക്ഷകം
പ്രാഥമികഭാഷ
പ്രശ്നം
പ്രക്രിയ
പ്രക്ഷേപം
ഉപപത്തി
ഗുണധർമം
ആദ്യസ്വരാഗമം
ചതുഷ്കോണം
ചതുർഥാംശം
ദ്വിഘാതസമീകരണം
ചതുർഭുജം
പരിമാണം
വികിരണം
1438.1
വികിരണചികിത്സ
പരാസം

പ്രതിപ്രവർത്തനം, പ്രതിക്രിയ
പുനർവിന്യാസം
ദീർഘചതുരം
ദിഷ്ടകാരി
പ്രതിഫലനം
നിജവാചി
നിയതം
പ്രതികർഷണം
അനുനാദം
ഉത്ക്രമം
പറ്റുവള്ളി
ഉമിനീർഗ്രന്ഥി
പ്രതിദർശനം
പൂരണം
തോത്
പ്രകീർണനം

ശാസ്ത്രം
പ്രസ്ഫുരണം
പൃഥക്കരണം
അർധിമം
ശ്രേണി
ഹ്രസ്വദൃഷ്ടി
ഏകകാലികം
ജ്യാവക്രം
ഏങ്കോണിപ്പ്
ചരിവ്
സൗരം
ഘനവസ്തു
നിർധാരണം
സ്വരമാപി
ധ്വനി
അർഥസങ്കോചം

ജീവജാതി
ഗോളീയ ത്രികോണമിതി

ചക്രണം
ഘർഷണം
കാദാചിത്കപരിവർത്തനം
സ്ഥരണം

പ്രതിബലം
ഉപബോധമനസ്സ്
അധസ്തരം
അധസ്തലഭാഷ

1438.2
വ്യവകലനം
പര്യാപ്തത
അതിചാലകത
പ്രദാനം
പട്ടിക, സാരണി
സ്പർശകം
ദൂരദർശി
താപനില
പ്രവണത
പരീക്ഷകം
ചതുഷ്ഫലകം
പ്രമേയം
സിദ്ധാന്തം
താപീയം
താപരസതന്ത്രം
താപഗതികം
താപായണികം
താപമിതി
ധ്വനിഗുണം
കാലശ്രേണി
താനം
താനഭാഷ
സ്ഥലാകൃതി
ബലാഘൂർണം
കർഷണം
അർഥസങ്ക്രമണം

പ്രേഷണം
പാരഗമ്യത
പ്രതിരോപണം
പരിവഹണം
അനുപ്രസ്ഥം
ത്രികോണം
ത്രികോണമിതി
ത്രിഗുണികം

വിക്ഷുബ്ധം
പാരസ്വനികം
പ്രച്ഛായ
അനഭിനതം
അസമം
ഉത്കൃഷ്ടഭാഷ
ഏകസമാനം
നിർവാതസ്ഥലം
സമ്യോജകത
ബാഷ്പം
ചരം
വ്യതിയാനം
പരിവർത്തകം
1439.1
സദിശം
പ്രവേഗം
ഉദരതലം
ശീർഷം
കശേരുകി
കമ്പനം
ശ്യാനത
ദൃശ്യം
വോൾട്ടത
1439.2
വ്യാപ്തം
വാട്ട്
തരങ്ഗം
വിളക്കൽ
വാട്ടം
ഖരവ്യൂഹം
ശിരോബിന്ദു
ശൂന്യം
ജന്തുശാസ്ത്രം
സിക്താണ്ഡം

1440
അനുബന്ധം 2
പഴഞ്ചൊല്ലുകൾ
1. അകപ്പെട്ടാൽ പന്നി ചുരക്കാ തിന്നും : നിവൃത്തിയില്ലാത്ത സാഹചര്യത്തിൽപ്പെട്ടാൽ ഇഷ്ടമില്ലത്തതും സ്വാഗതം ചെയ്യേണ്ടിവരും.

2. അക്കരെ ചെല്ലണം തോണിയും മുങ്ങണം: കാര്യം നിറവേറിക്കഴിയുമ്പോൾ അതിനു സഹായിച്ചവൻ നശിക്കണമെന്ന് ആഗ്രഹിക്കൽ

3. അക്കരെ നിന്നാൽ ഇക്കരെ പച്ച, ഇക്കരെ നിന്നാൽ അക്കരെ പച്ച : അകലത്തുള്ളതിനു കൂടുതൽ ആകർഷകത്വം തോന്നും. ഇക്കരെനിന്ന് അക്കരയ്ക്കുപോയാൽ പിന്നെ ഇക്കരെയുള്ളത് കൂടുതൽ ആകർഷകമായി തോന്നും

4. അങ്ങാടിയിൽ തോറ്റതിന് അമ്മയോട് : വേണ്ടസ്ഥാനത്തു പൗരുഷം കാണിക്കാതെ അസ്ഥാനത്തും അനവസരത്തിലും കാണിക്കുക.

5. അങ്ങാടിപ്പയ്യ് ആലയിൽ നിൽക്കില്ല : അലഞ്ഞുതിരിഞ്ഞു നടക്കുന്നവർക്കു കൂടുതൽ സൗകര്യമുള്ളിടത്തായാലും സ്ഥിരമായി നിൽക്കാനിഷ്ടമില്ല.

6. അങ്ങാടിപ്പിള്ളേരും കന്നാലിപ്പിള്ളേരും കൂടി ഒരുമിച്ചു കളിച്ചാൽ പറ്റില്ല : ഉത്തരവാദിത്വങ്ങളും ചുമതലകളും ഉള്ളവർക്ക് അവയില്ലാത്തവരുമായി വിനോദിച്ചു സമയം കളയാൻ പറ്റുകയില്ല.

7. അച്ചിക്ക് കൊഞ്ചു പക്ഷം നായർക്ക് ഇഞ്ചി പക്ഷം : ഭാര്യാഭർത്താക്കന്മാർക്കു പരസ്പരം പൊരുത്തമില്ലാത്ത സ്വഭാവം.

8. അങ്കവും കാണാം താളിയുമൊടിക്കാം : ഒരു പ്രവൃത്തികൊണ്ടു രണ്ടുകാര്യങ്ങൾ സാധിക്കൽ.

9. അച്ചാണിയില്ലാത്ത തേര് മുച്ചാൺ പോകയില്ല : ആവശ്യമായ ഭദ്രതയില്ലെങ്കിൽ പുരോഗതിയുണ്ടാകയില്ല.

10. അച്ഛനിച്ഛിച്ചതും പാല് വൈദ്യർ കല്പിച്ചതും പാല് : ഭയപ്പെടുന്നത് ഒഴിഞ്ഞുപോയിട്ട് ആഗ്രഹിച്ചതുതന്നെ ലഭിക്കൽ

11. അഞ്ജനമെന്നതു ഞാനറിയും, മഞ്ഞളുപോലെ വെളുത്തിരിക്കും : ഒന്നുമറിയാത്തവൻ സർവജ്ഞനായി നടിക്കുക.

12. അടയ്ക്കാ മടിയിൽ വയ്ക്കാം അടയ്ക്കാമരം മടിയിൽ വയ്ക്കാനൊക്കുമോ? : മക്കളെ ബാല്യത്തിൽ നിയന്ത്രിച്ചു നിറുത്താം, പ്രായമായാൽ അതുപോലെ പറ്റില്ല.

13. അടിതെറ്റിയാൽ ആനയും വീഴും : എത്ര ഉന്നതനായാലും സൂക്ഷിച്ചു നിന്നില്ലെങ്കിൽ വീഴ്ച പറ്റും.

14. അടിയിരിക്കുന്നിടത്തു ചെകിടു കാണിക്കുക : ആപത്തിൽ തനിയെ ചെന്നു ചാടുക.

15. അടുക്കു പറയുന്നവന് അഞ്ഞാഴി, മുട്ടം വെട്ടുന്നവന് മുന്നാഴി : കഠിനാധ്വാനം ചെയ്യുന്നവന് അല്പമാത്രമായ പ്രതിഫലം, ഒന്നും ചെയ്യാതെ തന്ത്രപൂർവം നിൽക്കുന്നവന് കൂടുതൽ നേട്ടം. (അല്ലെങ്കിൽ) ബുദ്ധിപറഞ്ഞുകൊടുക്കുന്നവന് കൂടുതലും അത് പ്രാവർത്തികമാക്കുന്നവന് കുറച്ചും പ്രതിഫലം.

16. അടുത്താൽ നക്കിക്കൊല്ലും അകന്നാൽ ഞെക്കിക്കൊല്ലും : ഇണങ്ങിയാലും പിണങ്ങിയാലും നശിപ്പിക്കുന്ന സ്വഭാവം.

17. അടികൊള്ളാൻ ചെണ്ടയും പണം വാങ്ങാൻ മാരാരും : അധ്വാനിക്കുന്നത് ഒരാളും പ്രതിഫലം പറ്റുന്നത് മറ്റൊരാളും.

18. അടിമേലടിച്ചാൽ അമ്മിയും പൊടിയും : തുടർച്ചയായുള്ള പരിശ്രമംകൊണ്ട് ഏതു ദുഷ്കാര്യവും സാധിക്കാം.

19. അണ്ടിയോടടുത്താലേ മാങ്ങയുടെ പുളിയറിയു : അടുത്തു പെരുമാറുമ്പോഴേ ഒരാളിൻെറ തനിസ്വഭാവം മനസ്സിലാകുകയുള്ളു.

20. അടുത്തവനെ കെട്ടരുത് : സഹായിക്കുന്നവനെ നശിപ്പിക്കരുത്.

21. അട്ടയെ പിടിച്ചു മെത്തയിൽ കിടത്തിയാലും കിടക്കുമോ? : ദുർജനങ്ങൾക്ക് എപ്പൊഴും ചീത്തമാർഗത്തിലായിരിക്കും താത്പര്യം.
22. അണ്ടിയോ മൂത്തത് മാവോ മൂത്തത് : നിഷ്പ്രയോജനമായ വാദപ്രതിവാദം.
23. അണ്ണാൻ കുഞ്ഞും തന്നാലായത് : ഏതുനിസ്സാരനും എളിയ എന്തെങ്കിലും സേവനം ചെയ്യാൻ കഴിയും.
24. അണ്ണാൻ മൂത്താലും മരംകേറ്റം മറക്കില്ല : ജന്മനാ ഉള്ള സ്വഭാവം എത്ര പ്രായമായാലും മറക്കില്ല.
25. അതിമോഹം ചക്രം ചവിട്ടും : അത്യാഗ്രഹം ആപത്തു വരുത്തും.
26. അത്താഴം കഴിഞ്ഞാൽ അരക്കാതം നടക്കണം : അത്താഴം കഴിച്ച് ഉറങ്ങുന്നതിനു മുമ്പ് അല്പം നടക്കണം.
27. അത്താഴം മുടക്കാൻ നീർക്കോലി മതി : ഏതു നിസ്സാരനും ചെറിയ ഉപദ്രവമെങ്കിലും വരുത്തിവയ്ക്കാൻ കഴിയും.
28. അത്തം കറുത്താൽ ഓണം വെളുക്കും : അത്തം നാളിൽ മഴക്കാറുണ്ടെങ്കിൽ ഓണത്തിനു തെളിഞ്ഞ കാലാവസ്ഥയായിരിക്കും.
29. അധികമായാൽ അമൃതും വിഷം : ഏതുവസ്തുവും അധികമായാൽ ഉപദ്രവകരമാകും.
30. അനച്ചവെള്ളത്തിൽ ചാടിയ പൂച്ച പച്ചവെള്ളം കാണുമ്പോൾ അറയ്ക്കും : ഒരു ആപത്തിൽ പെട്ടവനു പിന്നെ ആപത്തില്ലാത്തിടത്തും ആശങ്കയായിരിക്കും.
31. അന്നവിചാരം മുന്നവിചാരം, പിന്നെ വിചാരം കാര്യവിചാരം : ആഹാരകാര്യം കഴിഞ്ഞിട്ടേയുള്ളു ഏതുകാര്യവും.
32. അപ്പനു കേറാൻ മേല, മകനു ചെത്താൻ മേല : എങ്ങനെയായാലും കാര്യം നടക്കുകയില്ല.
33. അപ്പം തിന്നാൽ മതി കുഴിയെണ്ണണ്ട : കാര്യം സാധിച്ചാൽ മതി, അതു നടന്നുകിട്ടിയതിൻെറ പിന്നിലുള്ള എല്ലാക്കാര്യങ്ങളും അറിയാൻ ശ്രമിക്കേണ്ട.
34. അമ്പലത്തിലെ പൂച്ച തേവരെ പേടിക്കുമോ? : കാര്യങ്ങളുടെ ഉള്ളുകള്ളികൾ അറിഞ്ഞവന് ഭയവും ആധിയുമില്ല.
35. അമ്പു കുമ്പളത്ത്, വില്ലു ചേപ്പാട്ട്, എയ്യുന്ന നായർ ഹരിപ്പാട്ട് : കാര്യം നടത്താനുള്ള സാധനങ്ങളൊക്കെ അവിടെയും ഇവിടെയും കിടക്കുന്ന അവസ്ഥ.
1441
36. അമ്പുകൊള്ളാത്തവരില്ല കുരുക്കളിൽ : ഒരു സമൂഹത്തിൽപ്പെട്ട എല്ലാവരും പീഡിതരാകുന്ന അവസ്ഥ.
37. അമ്മ നാഴിയുടെ മേൽ കയറിയാൽ മകൾ മോന്തായത്തിൽ കയറും : അമ്മ അല്പം അടക്കമില്ലായ്മ കാണിച്ചാൽ മകൾ പതിന്മടങ്ങുകാണിക്കും.
38. അമ്മയ്ക്കു പ്രാണവേദന, മകൾക്കു വീണവായന : ഒരാൾക്കു കഠിന ദുഃഖം അനുഭവപ്പെടുമ്പോൾ അയാളെ ആശ്വസിപ്പിക്കാൻ കടപ്പെട്ട മറ്റൊരാൾ അതൊന്നും ശ്രദ്ധിക്കാതെ രസകരമായ മറ്റുകാര്യങ്ങളിൽ മുഴുകിയിരിക്കൽ.
39. അമ്മയെത്തല്ലിയാലും രണ്ടുപക്ഷം : ഏതുകാര്യത്തിലും രണ്ടഭിപ്രായം.
40. അമ്മായി ഉടച്ചതു മൺചട്ടി മരുമകളുടച്ചതു പൊൻചട്ടി : ഒരേ തെറ്റു രണ്ടാളുകൾ ചെയ്താൽ ചെയ്തയാളിൻെറ നിലയും വിലയും അനുസരിച്ച് ലാഘവമോ ഗൗരവമോ കൊടുക്കൽ.
41. അരമന രഹസ്യം അങ്ങാടിപ്പരസ്യം : കൊട്ടാരക്കെട്ടിൽ (പലതരത്തിലുള്ള അനേകരുള്ളതിനാൽ) രഹസ്യമായി ഒന്നും സൂക്ഷിക്കാനാവില്ല.

42. അരയ്ക്കു കത്തിയും പുരയ്ക്കു മുത്തിയും : അരയിൽ ധരിച്ചിരിക്കുന്ന കത്തി ശരീരരക്ഷചെയ്യുന്നു, പുരയിലെ വലിയമ്മ വീടിന്റെ നന്മയ്ക്കുതകുന്നു.
43. അരി നാഴിയേ ഉള്ളെങ്കിലും അടുപ്പുകല്ലു മൂന്നുവേണം : ചില കാര്യങ്ങൾ (ചെറിയതോതിലായാലും) നടക്കുന്നതിന് എല്ലാ ഒരുക്കങ്ങളും വേണം.
44. അരിയും തിന്നു, ആശാരിച്ചിയെയും കടിച്ചു, എന്നിട്ടും നായ്ക്കാണു മുറുമുറുപ്പ് : പലദ്രോഹങ്ങളും ചെയ്തിട്ടും പക തീരുന്നില്ല.
45. അരിയെത്രാ മാപ്ലേ? പയറഞ്ഞാഴി : ചോദ്യം മനസ്സിലാക്കാതെ ഉത്തരം പറയുക.
46. അരിയെറിഞ്ഞാൽ ആയിരം കാക്ക : കൈയിൽ ധനമുണ്ടെങ്കിൽ അടുത്തുക്കൂടാൻ അനവധിപേർ കാണും.
47. അല്പന് ഐശ്വര്യം അന്നാൽ അർധരാത്രി കുടപിടിക്കും : പുത്തൻ പണക്കാരന്റെ പ്രൗഢി.
48. അല്ലലുള്ള പുലിയേ ചുള്ളിയുള്ള കാടറിയു : ജീവിതക്ലേശങ്ങൾ അനുഭവിച്ചു വളരുന്നവൻ ബുദ്ധിമുട്ടിയും അതിനു പരിഹാരം കാണും.
49. അളമുട്ടിയാൽ ചേരയും കടിക്കും : ഉപദ്രവംകൊണ്ടു പൊറുതിമുട്ടിയാൽ ഏതു നിരുപദ്രവിയും തിരിച്ചുപദ്രവിക്കും.
50. അഴകുള്ള ചക്കയിൽ ചുളയില്ല : ആകാര ഭങ്ഗിയുണ്ടെന്നുവച്ചു സദ്ഗുണങ്ങളുണ്ടാകണമെന്നില്ല.
51. ആടറിയുമോ അങ്ങാടി വാണിഭം? : അങ്ങാടിയിൽ കഴിയുന്നതാണെങ്കിലും ആടിന് കച്ചവടത്തെക്കുറിച്ച് ഒന്നും അറിയാത്തതുപോലെ നിസ്സാരന്മാർക്കു വലിയകാര്യങ്ങളെക്കുറിച്ചു ഒന്നും അറിയാൻ കഴിയുകയില്ല.
52. ആടുകിടന്നിടത്ത് ഒരു പൂടയെങ്കിലും കാണും : ഒരു സംഭവം നടന്നിടത്ത് അതിന്റെ ലക്ഷ്യമെന്തെങ്കിലും കാണാതിരിക്കില്ല.
53. ആനപ്പുറത്തിരിക്കുന്നവൻ പട്ടിയെ പേടിക്കുമോ? : ഒരു വിഭാഗം ആളുകളെ ഭയപ്പെടുത്തി ഒരാൾ കഴിയുന്നു എന്നുവച്ച് ഉയർന്ന നിലയിലുള്ള ഒരുവൻ അവനെ ഭയപ്പെടുകയില്ല.
54. ആനയെ കാണാനും വെള്ളെഴുത്തോ? : വ്യക്തമായി അറിയാവുന്ന കാര്യങ്ങളും അറിയില്ലെന്നു ഭാവിക്കുക.
55. ആനയെ പേടിക്കാം ആനപ്പിണ്ടത്തെ പേടിക്കണോ? : ഉന്നതസ്ഥാനീയരെക്കുറിച്ചു ഭയ ബഹുമാനങ്ങൾ ഉണ്ടായിരിക്കും എന്നാൽ അവരുടെ ആശ്രിതർ അധികാരം നടത്താൻ വന്നാൽ ആരും വകവയ്ക്കുകയില്ല.
56. ആന വായ് പൊളിക്കുന്നതുപോലെ അണ്ണാനു വായ് പൊളിക്കാനാകുമോ? : വമ്പന്മാർ ചെയ്യുന്നതുപോലെ നിസ്സാരന്മാർ പ്രവർത്തിക്കാൻ ഒരുമ്പെട്ടാൽ അപകടമായിരിക്കും ഫലം.
57. ആർക്കാനും ഇരുമ്പിടിക്കും, അവനവന് തവിടിടിക്കുകയില്ല : അന്യർക്കുവേണ്ടി എന്തും ചെയ്യും തനിക്കുവേണ്ടി ഒന്നും ചെയ്യില്ല.
58. ആർക്കാനും വേണ്ടി ഓക്കാനിക്കുക : ആത്മാർഥതയില്ലാതെ പ്രവർത്തിക്കുക.
59. ആറിയ കഞ്ഞി പഴങ്കഞ്ഞി : കാലപ്പഴക്കത്താൽ ഏതുകാര്യത്തിലും ഊർജിതവും ഉത്സാഹവും കുറയും.
60. ആറ്റിൽ കളഞ്ഞാലും അളന്നുകളയണം : എല്ലാറ്റിനും കൃത്യമായ കണക്കുവയ്ക്കണം
61. ഇട്ടിയമ്മ ചാടിയാൽ കൊട്ടിയമ്പലം വരെ : തന്റേടമില്ലാത്തവരുടെ എടുത്തുചാട്ടത്തിനു പരിധിയുണ്ട്.

62. ഇണങ്ങിയാൽ നക്കിക്കൊല്ലും പിണങ്ങിയാൽ ഞെക്കിക്കൊല്ലും : അടുത്താലും അകന്നാലും നശിപ്പിക്കും.
63. ഇണങ്ങിയാൽ പൊട്ട്, പിണങ്ങിയാൽ വെട്ട് : സ്നേഹിച്ചാൽ എന്തും ചെയ്തുകൊടുക്കും, പിണങ്ങിയാൽ നശിപ്പിക്കും.
64. ഇരിക്കുംമുമ്പേ കാല് നീട്ടരുത് : ഏതുകാര്യവും വേണ്ടത്ര ശ്രദ്ധയോടും ഒരുക്കത്തോടും ചെയ്യണം.
65. ഇരുന്നാൽ പൂച്ച, പാഞ്ഞാൽ പുലി : വെറുതെയിരിക്കുമ്പോൾ ശാന്തനായി കാണപ്പെടുമെങ്കിലും കാര്യം വരുമ്പോൾ ശൂരൻ.
66. ഇരുന്നുണ്ടാൽ കുന്നും കുഴിയും : അധ്വാനിക്കാതെ പൂർവികസ്വത്തു ധാരാളിച്ചാൽ എത്ര വലുതായാലും ഒരിക്കൽ തീരും.
67. ഇഷ്ടമില്ലാത്ത അച്ചി തൊട്ടതെല്ലാം കുറ്റം : അപ്രീതിയുള്ള ആൾ ചെയ്യുന്നതൊക്കെ തെറ്റെന്നു വിചാരിക്കൽ.
68. ഈറ്റെടുക്കാൻപോയവൾ ഇരട്ടപെറ്റു : സഹായിക്കാൻ പോയ ആളിനു സഹായം വേണ്ടിവരുന്ന അവസ്ഥ.
69. ഉണ്ടചോറ്റിൽ കല്ലിടരുത് : ഉപകാരം ലഭിച്ചിടത്ത് നന്ദികേടു കാണിക്കരുത്.
70. ഉണ്ണിയെക്കണ്ടാലറിയാം ഊരിലെ പഞ്ഞം : ഒരാളെ കണ്ടാൽ അയാളുടെ ചുറ്റുപാടും സ്വഭാവവും ഏകദേശം മനസ്സിലാകും.
71. ഉത്തരത്തിലിരിക്കുന്നത് എടുക്കുകയും വേണം കക്ഷത്തിലിരിക്കുന്നത് പോകുകയും അരുത് : ഒന്നും ചെലവാകാതെ ലാഭമുണ്ടാക്കണമെന്ന ആശ.
72. ഉത്തരം മുട്ടുമ്പോൾ കൊഞ്ഞനം കുത്തുക : വാദപ്രതിവാദത്തിൽ തോൽക്കുമ്പോൾ തർക്കുത്തരം പറയുക.
73. ഉപ്പുതിന്നുന്നവൻ വെള്ളം കുടിക്കും : പ്രവൃത്തിചെയ്യുന്നവൻ അതിൻെറ ഫലം അനുഭവിക്കും.
74. ഉർവശീശാപം ഉപകാരമായി : ചില ദോഷങ്ങൾ ചില പ്രത്യേക സാഹചര്യങ്ങളിൽ ഗുണമാകാം.
75. ഊന്നു കുലയ്ക്കില്ല, വാഴയേ കുലയ്ക്കൂ : പ്രധാനിയിൽ നിന്നു കിട്ടുന്നതൊന്നും അദ്ദേഹത്തിൻെറ സഹായിയിൽനിന്നു പ്രതീക്ഷിക്കരുത്.
76. എന്നെക്കണ്ടാൽ കിണ്ണം കട്ടെന്നു തോന്നുമോ? : ചയ്ത തെറ്റ് ആരെങ്കിലും കണ്ടുപിടിക്കുമോ എന്ന ഭീതിയുള്ളവൻെറ അവസ്ഥ.
77. എലിയെ തോൽപ്പിച്ച് ഇല്ലം ചുടുക : തന്നെ എതിർക്കുന്നവരെ നശിപ്പിക്കാനുള്ള ശ്രമത്തിൽ തനിക്കും കൂടി നാശം വരുത്തുക.
78. എല്ലുമുറിയെ പണിചെയ്താൽ പല്ലുമുറിയെ തിന്നാം : കഠിനമായി അധ്വാനിച്ചാൽ സുഖമായി കഴിയാം.
79. എള്ളിട തെറ്റിയാൽ വില്ലിട തെറ്റും : ചെറിയ പിഴ വലിയ ദോഷമുണ്ടാക്കും.
80. ഏച്ചുകെട്ടിയാൽ മുഴച്ചിരിക്കും : യോജിക്കാൻ കഴിയാത്തവരെ നിർബന്ധിച്ചു യോജിപ്പിച്ചാൽ അവരുടെ പൊരുത്തക്കേറ്റു പ്രകടമായിരിക്കും.
81. ഏട്ടിലപ്പടി പയറ്റിലിപ്പടി : പഠിച്ചതൊന്ന്, പ്രയോഗിക്കുന്നത് മറ്റൊന്ന്.
82. ഒത്തുപിടിച്ചാൽ മലയും പോരും : ഐകമത്യംകോണ്ട് ഏതു മഹാ കാര്യവും നേടാം.
83. ഒരുമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാം : ഏതു ദുഷ്കര കൃത്യവും ഐക്യതയുണ്ടെങ്കിൽ ചെയ്യൻ കഴിയും.

84. കടയ്ക്കൽ നനച്ചാലേ തലയ്ക്കൽ പൊടിക്കൂ : വേണ്ടസ്ഥലത്ത് വേണ്ടതുപോലെ പ്രവർത്തിച്ചാൽ ഫലം കിട്ടും.

85. കട്ടവനെ കണ്ടില്ലെങ്കിൽ കണ്ടവനെ പിടിക്കുക : കുറ്റവാളിയെ പിടികിട്ടിയില്ലെങ്കിൽ പിടിക്കാൻ കഴിയുന്നവനെ കുറ്റവാളിയായി പ്രഖ്യാപിക്കുക.

86. കാക്കക്കൂട്ടിൽ കല്ലെറിയരുത് : കാക്കയെപ്പോലെ ഐകമത്യമുള്ളവരിൽ ആരെയെങ്കിലും ഉപദ്രവിക്കാൻ ശ്രമിച്ചാൽ എല്ലാവരും കൂടി ചേർന്ന് എതിർക്കും.

87. കയ്ച്ചിട്ടിറക്കാനും വയ്യ മധുരിച്ചിട്ട് തുപ്പാനും വയ്യ : ധർമസങ്കടത്തിൽ പെടുക.

88. കയ്യിലിരിക്കുന്ന പണം കൊടുത്തു കടിക്കുന്ന പട്ടിയെ വാങ്ങുക : ആപത്തു വിലയ്ക്കു മേടിക്കുക.

89. കാക്കയ്ക്കും തൻപിള്ള പൊൻപിള്ള : മമതാബന്ധം.

90. കുളിക്കാതെ ഈറൻ ചുമക്കുക : ചെയ്യാത്ത കുറ്റത്തിന് പഴിയേൽക്കുക

91. കൈ നനയാതെ മീൻപിടിക്കുക : ബുദ്ധിമുട്ടാതെ കാര്യം നേടാൻ ശ്രമിക്കുക.

92. കൊലയാനയുള്ളപ്പോൾ കുഴിയാന മദിക്കുക : ബലവാൻ വിനയത്തോറ്റെയിരിക്കെ ദുർബലൻ വീമ്പിളക്കുക.

93. ചക്കിനുവച്ചതു കൊക്കിനുകൊണ്ടു : ചെയ്തത് ഉദ്ദേശിക്കാത്ത ലക്ഷ്യത്തിൽ ഫലിക്കുക.

94. തനിക്കുതാനും പുരയ്ക്കു തൂണും : പുരയ്ക്കു താങ്ങു തൂണായിരിക്കുന്നതുപോലെ തനിക്കു താൻമാത്രമേ സഹായമുള്ളു എന്നുകരുതി പ്രവർത്തിക്കണം.

95. തന്നോളമായാൽ താനെന്നു വിളിക്കണം : മക്കൾ വളർന്നു വലുതായാൽ അതങ്ഗീകരിച്ചുകൊണ്ട് 'നീ', 'എടാ' ഇത്യാദി അനാദരം കാണിക്കുന്ന സംബോധനകൾ വിട്ട് 'താൻ' എന്ന് അല്പംകൂടി ബഹുമാനത്തോടെ വിളിക്കണം, പ്രായമായി പക്വതവന്ന മകനെ തനിക്കു തുല്യം ആദരിക്കണം.

96. താൻപിടിച്ച മുയലിനു മൂന്നു കൊമ്പ് : താൻ പറയുന്നതുകൊണ്ടുമാത്രം ഒരു കാര്യം ശരിയാണെന്നു വാദിക്കുന്ന സമീപനം.

97. പടപേടിച്ചു പന്തളത്തു ചെന്നപ്പോൾ പന്തം കൊളുത്തിപ്പട : ആപത്തു ഭയന്നു മറ്റൊരു സ്ഥലത്തേക്കു രക്ഷപ്പെട്ടപ്പോൾ അവിടെ അതിലും വലിയ ആപത്ത്.

98. പയ്യെത്തിന്നാൽ പനയും തിന്നാം : സാവധാനം എന്നാൽ സ്ഥിരബുദ്ധിയോടുകൂടി പരിശ്രമിച്ചാൽ ഏതു വലിയ കാര്യവും വിജയകരമായി ചെയ്തു തീർക്കാം.

99. പഴഞ്ചൊല്ലിൽ പതിരില്ല : പഴഞ്ചൊല്ലുകളെല്ലാം അർഥഗർഭങ്ങളാണ്

100. വേലിചാടുന്ന പശുവിനു കോലുകൊണ്ടു മരണം : ദുഷ്പ്രവൃത്തി ചെയ്തുകൊണ്ടിരിക്കുന്ന ആളിന് അതിൽ നിന്നുതന്നെ നാശം വരും.

1443

അനുബന്ധം 3

ശൈലികൾ

1. അകത്തു കത്തിയും പുറത്തു പത്തിയും – ഉള്ളിൽ വിരോധവും പുറമേ സ്നേഹവും

2. അലകും പിടിയും മാറുക – ആകെമാനം മാറ്റം വരുത്തുക (പിശ്ശാങ്കത്തിക്ക് അലക് (കത്തി), പിടി എന്നു രണ്ടു ഭാഗങ്ങളാണുള്ളത്. അതു രണ്ടും മാറ്റുക എന്നാൽ മുഴുവൻ മാറ്റുക എന്നർഥം)

3. അക്കരെപ്പച്ച – അകലെയുള്ളതിനോടു തോന്നുന്ന ആകർഷണം.

4. അഗ്നിപരീക്ഷ – അതികഠിനമായ പരീക്ഷണം (ചാരിത്രശുദ്ധി തെളിയിക്കാനും മറ്റും അഗ്നിയിൽ കടന്നു പൊള്ളലേൽക്കാതെ തിരിച്ചിറങ്ങി വരണമെന്ന പരീക്ഷണത്തിൽ നിന്ന്)

5. അങ്ങാടിപ്പാട്ട് – ആങ്ങാടിയിൽപ്പോലും പരസ്യമായത്
6. അജഗജാന്തരം – ആടും ആനയും തമ്മിലുള്ളതുപോലെ വലിയ വ്യത്യാസം
7. അഞ്ചാം പത്തി – ചതുരങ്ഗസേനയ്ക്കു പുറമെ രഹസ്യം ചോർത്താനുള്ള ചാരസേന.
8. അടിതെറ്റുക – നിലതെറ്റുക, നിൽപ്പുറക്കാതാവുക
9. അനുജത്തിയെ കാട്ടി ചേട്ടത്തിയെ കെട്ടിക്കുക – ഗുണം കൂടിയതു കാണിച്ചശേഷം ഗുണം കുറഞ്ഞതു കൊടുത്തു കബളിപ്പിക്കുക
10. അമരക്കാരൻ – നിയന്ത്രിക്കുന്നവൻ
11. അരയും തലയും മുറുക്കുക – നല്ലവണ്ണം തയ്യാറെടുക്കുക (അരയിൽക്കെട്ടും തലയിൽക്കെട്ടും കൊണ്ട് യുദ്ധത്തിനെന്നപോലെ)
12. അഷ്ടമത്തിൽ ശനി – (ശനി എട്ടാം ഭാവത്തിൽ നിന്നാലെന്നതുപോലെയുള്ള) വലിയ കഷ്ടകാലം
13. അഴകിയ രാവണൻ – പച്ചശൃങ്ഗാരക്കാരൻ
14. ആദ്യവസാനക്കാരൻ – കഥകളിയിൽ ആദ്യവസാനം വരുന്ന വേഷത്തെപ്പോലെ പ്രാധാന്യമുള്ളവൻ
15. ആനച്ചന്തം – ആകപ്പാടെയുള്ള ഭങ്ഗി
16. ഇഞ്ചികടിക്കുക – ദേഷ്യപ്പെടുക
17. ഇടിവെട്ടിയവനെ പാമ്പു കടിക്കുക – ആപത്തിനുമേൽ ആപത്തു വരിക
18. ഇരയിട്ടു മീൻ പിടിക്കുക – അല്പം ചെലവുചെയ്ത് അധിക ലാഭമുണ്ടാക്കുക
19. ഇരുട്ടടി – ഇരുട്ടത്തു മറഞ്ഞുനിന്ന് അടികൊടുക്കുമ്പോലെ ഗൂഢമായി ചെയ്യുന്ന ഉപദ്രവം
20. ഇലയിട്ടു ചവിട്ടുക – ബഹുമാനം കാണിച്ച് ആക്ഷേപിക്കുക
21. ഉച്ചിവച്ച കൈകൊണ്ട് ഉദയക്രിയ ചെയ്യുക – സംരക്ഷിച്ച ആൾതന്നെ നാശത്തിനും കാരണമായി തീരുക
22. ഉണ്ടചോറിന് ഉചിതം കാണിക്കുക – കൃതജ്ഞനായിരിക്കുക
23. ഉണ്ടചോറ്റിൽ കല്ലിടുക – നന്ദികേടു കാണിക്കുക
24. ഉപ്പുതൊട്ടു കർപ്പൂരം വരെ – ഇങ്ങേയറ്റം മുതൽ അങ്ങേയറ്റം വരെയുള്ള എല്ലാ വസ്തുക്കളും
25. ഉരുളയ്ക്കുപ്പേരി – ഇങ്ങോട്ടു പറഞ്ഞ കുത്തുവാക്കിന് പറ്റിയ മറുപടി
26. ഉർവശീശാപം ഉപകാരമാകുക – ദോഷം പ്രത്യേക സാഹചര്യത്തിൽ ഗുണമായിത്തീരുക
27. എൻപിള്ളനയം – തനിക്കും തൻെറ ആൾക്കാർക്കും മാത്രം നന്മയുണ്ടാകണമെന്ന ആഗ്രഹം, സ്വാർഥത
28. എരിതീയിൽ എണ്ണയൊഴിക്കുക – മോശമായിരിക്കുന്ന കാര്യം കുറേക്കൂടി മാശമാക്കുക
29. ഏടുകെട്ടുക – പഠിത്തം അവസാനിപ്പിക്കുക
30. ഏഴരശ്ശനി, ഏഴരാണ്ടൻ ശനി – ഒരു രാശിയിൽ രണ്ടരക്കൊള്ളം നിൽക്കുന്ന ശനി, പന്ത്രണ്ടിലും ലഗ്നത്തിലും സഞ്ചരിക്കുന്ന കാലം (ഏഴരക്കൊല്ലം) അത്യന്തം ദുരിതഭൂയിഷ്ഠം എന്നു ജ്യോതിഷം. അക്കാലംപോലെ ദുരിതപൂർണമായത് എന്നർഥം.
31. ഒമ്പതാമുത്സവം – വലിയ ബഹളം
32. ഒരു വെടിക്കു രണ്ടു പക്ഷി – ഒരു പ്രവൃത്തികൊണ്ടു രണ്ടു കാര്യം നേടൽ

33. ഒളിയമ്പ് – പ്രകടമായി പുറത്തുവരാതെ രഹസ്യമായി ചെയ്യുന്ന ഉപദ്രവം (ബാലിയെ രാമൻ വധിച്ചതു പോലെ)

34. കച്ചകെട്ടുക – തയാറാകുക (അരയിൽ കച്ചകെട്ടുന്നത് യുദ്ധത്തിനുള്ള ഒരുക്കം)

35. കടന്നൽക്കൂട്ടിൽ കല്ലേറിയുക – അപകടങ്ങളെ ക്ഷണിച്ചു വരുത്തുക.

36. കടുവാക്കൂട്ടിൽ തലയിടുക – അപകടത്തിൽ സ്വയം ചെന്നുപെടുക.

37. കടുവായെ കിടുവാ പിടിക്കുക – ബലവാനെ ദുർബലൻ തോൽപ്പിക്കുക

38. കണ്ടകശനി – ഏഴരാണ്ടൻ ശനിയിൽ നടുവിലെ രണ്ടരക്കൊല്ലം (ശനി ലഗ്നത്തിൽ നിൽക്കുന്ന കാലം). വലിയ ദുരിതം.

39. കണ്ണടയ്ക്കുക – 1. മരിക്കുക; 2. കണ്ടില്ലെന്നു നടിക്കുക

40. കണ്ണാടിക്കൂട്ടിലിരുന്ന് അന്യരെ കല്ലേറിയുക – തനിക്കു വളരെ അപകടമായ സ്ഥാനത്തിരുന്നു മറ്റുള്ളവരെ ഉപദ്രവിക്കുക

41. കണ്ണിൽ ചോരയില്ലായ്മ – നിർദയത്വം

47. കണ്ണിൽ പൊടിയിടുക – കബളിപ്പിക്കുക

43. കണ്ണിലുണ്ണി – കണ്ണിൻെറ കൃഷ്ണമണിപോലെ പ്രിയപ്പെട്ടത്, വാത്സല്യഭാജനം

44. കണ്ണിലെ കരട് – സർവദാ ഉപദ്രവകാരി

45. കണ്ണീരും കൈയും – അതിരറ്റ ദുഃഖം

46. കതിരിന്മേൽ വളം വയ്ക്കുക – കാലം തെറ്റി പ്രവർത്തിക്കുക

47. കഥകഴിക്കുക – കൊല്ലുക

48. കഥയറിയാതെ ആട്ടം കാണുക – കാര്യം മനസ്സിലാക്കാതെ, എന്നാൽ മനസ്സിലായെന്നു ഭാവിച്ച് ഇടപെടുക

49. കപ്പലിലെ കളൻ – സ്വന്തം കൂട്ടത്തിൽത്തന്നെയുള്ള കുഴപ്പക്കാരൻ

50. കല്ലും നെല്ലും തിരിയുക – നല്ലതും ചീത്തയും വേർതിരിയുക

51. കാക്കക്കൂട്ടിൽ കല്ലിടുക – വലിയ ശബ്ദകോലാഹലത്തിന് ഇടയാക്കുക

52. കാടുകയറുക – വിഷയത്തിൽ നിന്നു വ്യതിചലിക്കുക

53. കാപ്പുകെട്ടുക – ഒരുങ്ങുക

54. കായംകുളം വാൾ – തരം പോലെ ഇരുവശത്തും ചേരുന്നവൻ

55. കാലുപിടിക്കുക

56. കാലുമാറുക – കക്ഷിമാറുക

57. കാലുവാരുക – ചതിക്കുക

58. കാറ്റിൽപറത്തുക – നിസ്സാരമായി തള്ളുക, അവഗണിക്കുക

59. കിണറ്റിലെ തവള – ലോകസ്ഥിതികളെപ്പറ്റി കേവലം അജ്ഞനായിരിക്കുന്നവൻ

60. കുടത്തിലെ വിളക്ക് – വെളിപ്പെടാത്ത വലിയ യോഗ്യതകളുള്ള ആൾ

61. കുട്ടിച്ചോറാക്കുക – നശിപ്പിക്കുക

62. കുതികാൽവെട്ട് – കൂടെനിന്നു ചതിക്കൽ

63. കുത്തഴിയുക – 1. പുസ്തകത്തിൻെറ കുത്തിക്കെട്ടുവിട്ടാൽ അതിൻെറ പേജുകളെന്നപോലെ ക്രമരഹിതമാകുക; 2. വ്യഭിചരിക്കുക

64. കുംഭകർണസേവ – വലിയ ഉറക്കം

65. കുംഭകോണം – അഴിമതി

66. കുരുന്നിലേ നുള്ളുക – ഉപദ്രവകാരിയായതിനെ ആരംഭത്തിൽത്തന്നെ നശിപ്പിക്കുക

67. കുറുപ്പില്ലാക്കളരി – ആശാനില്ലാത്ത കളരിപോലെ നാഥനില്ലാത്ത അവസ്ഥയിലുള്ളത്.

68. കൂനിന്മേൽ കുരു – കൂനിൻെറ അവശതയുള്ളപ്പോൾ അതിന്മേൽ ഒരു പരു വന്നാലെന്നവണ്ണം അവശതയ്ക്കുമേൽ അവശത
69. കൊല്ലക്കുടിലിൽ സൂചിവിൽക്കുക – ഒരു വസ്തു നിർമിക്കാൻ അറിയുന്നവന് അതു കൊടുക്കാൻ ശ്രമിക്കുക. പണ്ഡിതനായ ഒരാൾക്ക് നിസ്സാരമായ അറിവെന്നപോലെ
70. കൈമണിയടിക്കുക – (കാര്യസാധ്യം ലക്ഷ്യമാക്കി) മുഖപ്രശംസ പറയുക
71. കൈകഴുകുക – പങ്കില്ലെന്നു ഭാവിക്കുക. (പീലാത്തോസ് ക്രിസ്തുവിൻെറ രക്തത്തിൽ തനിക്കു പങ്കില്ലെന്നു പറഞ്ഞു കൈകഴുകിയതിൽനിന്ന്)
72. ഗണപതിക്കു കുറിക്കുക – ആരംഭിക്കുക
73. ചത്തകുഞ്ഞിൻെറ ജാതകം ആയിക്കുക – നഷ്ടപ്പെട്ടുകഴിഞ്ഞതിൻെറ ഗുണദോഷം നോക്കുക
74. ശവത്തിൽ കുത്തുക – അവശനായവനെ ഉപദ്രവിക്കുക
75. ചിറ്റമ്മനയം – ചിറ്റമ്മയ്ക്കു (രണ്ടാനമ്മയ്ക്ക്) തൻെറ മക്കളോടു സ്നേഹവും ഭർത്താവിൻെറ ആദ്യഭാര്യയിലെ മക്കളോട് താത്പര്യക്കുറവും ഉണ്ടാകുന്നതുപോലെ പക്ഷപാതപരമായ പെരുമാറ്റം.
76. ചുവരെഴുത്ത് വായിക്കുക – നേരിട്ടല്ലാതെ കിട്ടുന്ന മുന്നറിയിപ്പുകൾ മനസ്സിലാക്കുക
77. ചെണ്ടകൊട്ടിക്കുക – പരിഹസിക്കുക
78. പൂച്ചുതെളിയുക, ചെമ്പുതെളിയുക – ചെമ്പിലുണ്ടാക്കിയ ആഭരണത്തിൽ സ്വർണം പൂശിയിട്ട് ആഭരണം തനിസ്വർണമാണെന്നു ഭാവിച്ചെ പെരുമാറിക്കൊണ്ടിരിക്കെ കാലാന്തരത്തിൽ പൂശിയസ്വർണം തേഞ്ഞുപോയിട്ട് അടിയിലുള്ള ചെമ്പു തെളിയുമ്പോലെ ഗുണമേന്മയുള്ളതെന്ന് ആദ്യം തോന്നിച്ചിട്ട് പിന്നീട് യഥാർഥസ്വഭാവം വെളിപ്പെടുക
79. തലമറന്നെണ്ണതേക്കുക – നിലവിട്ടു പെരുമാറുക
80. തലയിലെഴുത്ത് – വിധി
81. താങ്ങും തണലും – ആശ്രയം
82. താൻചത്തു മീൻപിടിക്കുക – ആത്മനാശം വരുത്തിക്കൊണ്ട് ആദായമുണ്ടാക്കുക
83. തിരയെണ്ണുക – നിഷ്ഫലമായ ജോലി ചെയ്യുക
84. തെക്കോട്ടുപോകുക – മരിക്കുക. തെക്കേ ദിക്കിൻെറ അധിപതി മരണദേവതയായ യമൻ (പിതൃപതി) ആകുന്നു.
85. തൊഴുത്തിൽക്കുത്ത് – ഒരേ സങ്ഘത്തിൽപ്പെട്ടവർ തങ്ങളിൽ ഉള്ള മത്സരം
86. ധൃതരാഷ്ട്രാലിങ്ഗനം – ആലിങ്ഗനം സ്നേഹപ്രകടനമാണെങ്കിലും ധൃതരാഷ്ട്രർ ആലിങ്ഗനംചെയ്യുമ്പോൾ അതിൽപ്പെടുന്ന ആളിനെ ഞെരിച്ചുകളയുന്നു. അതുപോലെ സ്നേഹം ഭാവിച്ച് അടുത്തുകൂടി നശിപ്പിക്കൽ
87. നക്ഷത്രമെണ്ണിക്കുക – വിഷമിപ്പിക്കുക, കഷ്ടപ്പെടുത്തുക
88. നെല്ലിപ്പലക കാണുക – അവസാനം കാണുക
89. പന്ത്രണ്ടാം വ്യാഴം – തറവാട്ടു സ്വത്തു നശിപ്പിക്കുന്നവൻ (വ്യാഴം പന്ത്രണ്ടിൽ നിന്നാൽ ചെലവ് ഏറും എന്നു വിശ്വാസം)
90. പമ്പകടക്കുക – വളരെ അകലത്തേക്ക് ഓടിപ്പോകുക
91. പുലിവാൽ പിടിക്കുക – പൊന്തയിൽ മറഞ്ഞിരുന്നതു പുലിയാണെന്നറിയാതെ പുറത്തുകണ്ട പുലിവാലിൽ കയറിപ്പിടിച്ചു. വിട്ടാൽ പുലികടിക്കും വിട്ടില്ലെങ്കിൽ അവിടെനിന്നു മാചനമില്ല. ഇങ്ങനെ അവസാനിക്കാത്ത പ്രശ്നത്തിൽ തനിയെ ചെന്നു പെടുക.

92. പൊടിപ്പും തൊങ്ങലും വയ്ക്കുക – അതിശയോക്തിപരമായ പലതും കൂട്ടിച്ചേർത്തു പറയുക

93. പൊളിച്ചെഴുതുക – പണ്ടുകാലത്തു കൃഷിക്കാരൻ ജന്മിക്ക് എഴുതിക്കൊടുത്തിരുന്ന പാട്ടപ്രമാണം ഒരു പ്രത്യേക കാലയളവിൽ പുതുക്കിയെഴുതുന്നതിനു പൊളിച്ചെഴുതുക എന്നു പറഞ്ഞിരുന്നു. അതുപോലെ നന്നായി പരിഷ്കരിക്കുകയെന്നർഥം.

94. മർക്കടമുഷ്ടി – കുരങ്ങൻ കൈയിൽകിട്ടിയത് ജീവൻപോയാലും വിടാത്തതുപോലെ പറഞ്ഞതിൽ പിടിച്ചുതൂങ്ങൽ, ദുശ്ശാഠ്യം.

95. വട്ടക്കൊട്ടയിൽ വെള്ളം കോരിക്കുക – കഷ്ടപ്പെടുത്തുക.

96. വേലിതന്നെ വിളവുതിന്നുക – രക്ഷിക്കേണ്ടവർ തന്നെ നശിപ്പിക്കുക.

97. ശ്ലോകത്തിൽ കഴിക്കുക – കഥകളിയിൽ പദവും ശ്ലോകവുമുണ്ട്. പദത്തിൻെറ ആട്ടം വിശദവും ശ്ലോകത്തിൻെറത് വളരെ ഹ്രസ്വമായും ഇരിക്കും. ശ്ലോകത്തിൽ കഴിക്കുകയെന്നാൽ ചുരുക്കുക എന്നർഥം

98. സുഗ്രീവാജ്ഞ – കർശനമായ കല്പന

99. സോപ്പിടുക – മുഖം വടിക്കുന്നതിനുമുമ്പ് സോപ്പിട്ടാൽ രോമം മുറിക്കാൻ എളുപ്പം. അതുപോലെ ഒരാളിനെക്കൊണ്ട് അദ്ദേഹത്തിന് അത്ര ഇഷ്ടമില്ലാത്ത കാര്യമായാലും ചെയ്യിക്കുന്നതിനുവേണ്ടി ആദ്യമേ അല്പം മുഖസ്തുതി തുടങ്ങിയതു പറയൽ.

100. ഹരിശ്രീകുറിക്കുക – പ്രാരംഭം കുറിക്കുക. സമാരംഭിക്കുക.